വ്യാസമഹാഭാരതം

വിദ്വാൻ കെ. പ്രകാശം

(സമ്പൂർണ്ണ ഗദ്യവിവർത്തനം)

1

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

വ്യാസമഹാഭാരതം

(ഒന്നാം വാല്യം)

digitized by www.sreyas.in

വിദ്യാർത്ഥിമിത്രം

വ്യാസമഹാഭാരതം

(ഒന്നാം വാല്യം)

വിവർത്തനം

വിദ്വാൻ കെ. പ്രകാശം

വിദ്യാർത്ഥിമിത്രം ബുക്കു ഡിപ്പോ

H.O. ബേക്കർ റോഡ് :: കോട്ടയം

ബ്രാഞ്ചുകൾ

തിരുവനന്തപുരം, കൊല്ലം, തിരുവല്ല, കോട്ടയം, എറണാകുളം,
തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ.

digitized by www.sreyas.in

VIDYARTHI MITHRAM

(Malayalam)

VYASA MAHABHARATHAM

[Translated from Original Sanskrit Text]

Volume - 1

By

VIDWAN K. PRAKASAM

Edited by

K.P. VIJAYAN M.A., LL.M.

Cover Design : Aji

First Published : September 1968
Reprinted August 1971 & January 1986
First VM Edition : November 2002

Vol. I - Price Rs. 600.00

3 Vol. Set Price Rs. 1800.00

Type setting by:
VIEM Computer Centre, Kottayam
Printed at:
Vidyarthi Mithram Press, Kottayam
Published by:
The Vidyarthi Mithram Press & Book Depot,
Baker Road, Kottayam.
Phone : 563281, 563282
E-mail : Viem@satyam.net.in.
Distributors:
The Vidyarthi Mithram Book Depot,
H. O. Baker Road, Kottayam - 1.

Show Rooms:
Bakery Junction, Thiruvananthapuram
Chinnakkada, Kollam
M.C. Road, Thiruvalla
Baker Road, Kottayam
Convent Junction, Ernakulam
M.G. Road, Thrissur
Robinson Road, Palakkad
Hospital Road, Kozhikkode
Fort Road, Kannur

* J. N.4701 O.N.V.M. 5277 */2002

digitized by www.sreyas.in

പ്രസാധകക്കുറിപ്പ്

വേദവ്യാസന്റെ മൊഴികൾക്കൊപ്പം ഗണപതിയുടെ എഴുത്താണി ചലിച്ചതോടെ 'മഹാഭാരതം' രൂപം കൊണ്ടു എന്നാണ് ഐതിഹ്യം. ആദിപർവ്വം മുതൽ സ്വർഗ്ഗാരോഹണപർവ്വം വരെ പതിനെട്ടു പർവ്വങ്ങളിലായി ഒരുലക്ഷത്തി ഇരുപത്തയ്യായിരം ശ്ലോകങ്ങളാണിതിൽ. കൂടാതെ ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതകഥ മുഴുവൻ പ്രതിപാദിക്കുന്ന ഹരിവംശപർവ്വം, വിഷ്ണുപർവ്വം, ഭവിഷ്യൽപർവ്വം എന്നിവ അനുബന്ധങ്ങളായും ഉൾക്കൊള്ളിച്ചിരിക്കുന്നു. വിശ്വമഹാകാവ്യങ്ങളൊന്നും മഹാഭാരതത്തോളം വലുതല്ല. സൂക്ഷ്മമായി അപഗ്രഥിച്ചാൽ, മഹാഭാരതത്തിൽ പ്രതിപാദിക്കാത്ത വിഷയങ്ങൾ ഒന്നുംതന്നെ ഇല്ല എന്നു കാണാം.

ഭാരതത്തിന്റെ ആദ്യചക്രവർത്തിയായി ഉൽഘോഷിക്കപ്പെടുന്ന ഭരതന്റെ പിൻതലമുറക്കാരായ രണ്ടു കൈവഴിയിലുള്ള രാജകുമാരന്മാർ തമ്മിൽ നടന്ന ഭയങ്കരയുദ്ധവും അതിൽനിന്നുരുത്തിരിയുന്ന ധർമ്മസംഹിതയുമാണ് മഹാഭാരതത്തിൽ ഉന്മീലനംചെയ്യുന്നത്. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പദാനുപദവിവർത്തനമാണ് ഈ രംഗത്തെ പ്രഥമ കാൽവെപ്പ്. എന്നാൽ വ്യാസമഹാഭാരതം സാധാരണക്കാർക്കുകൂടി സുഗ്രാഹ്യമായവിധത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു സമ്പൂർണ്ണഗദ്യവിവർത്തനം ഉണ്ടാകുന്നത് പരേതാത്മാവായ വിദ്വാൻ കെ. പ്രകാശം സമർപ്പിതമനോവൃത്തിയോടുകൂടി ഉദ്യമിച്ചപ്പോഴാണ്. നാല്പതു വാള്യങ്ങളായി വ്യാസമഹാഭാരതം മുഴുവൻ സമ്പൂർണ്ണഗദ്യത്തിൽ അദ്ദേഹം തയ്യാറാക്കി. സമുന്നതവിമർശകനും പണ്ഡിതാഗ്രണിയുമായ കുട്ടികൃഷ്ണമാരാരുടെ അവതാരികയോടെ 1968-ൽ പ്രഥമപതിപ്പ് ഗ്രന്ഥകാരൻ സ്വന്തംനിലയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സമാദരണീയമായ ഒരു മഹത് സംരംഭം എന്ന നിലയിലാണ് പണ്ഡിതന്മാർ ഇതിനെ വീക്ഷിച്ചത്. 1986-ൽ എസ്.പി.സി.എസ്. ഡമ്മി 1/8 സൈസിൽ 10 വാല്യങ്ങളായി ഇതു പുനഃപ്രകാശനം ചെയ്തു.

1986 - നുശേഷം വ്യാസമഹാഭാരതത്തിന്റെ കോപ്പികൾ ലഭ്യമല്ല. നാനാഭാഗത്തുനിന്നും അന്വേഷണങ്ങൾ. ഈ സാഹചര്യത്തിലാണ് ഉത്തമമായ ഈ ഗ്രന്ഥം കാലോചിതമായി പരിഷ്കരിച്ച് കുറ്റമറ്റ ഒരു പുതിയ പതിപ്പ് പ്രസിദ്ധപ്പെടുത്താൻ വിദ്യാർത്ഥിമിത്രം നിശ്ചയിച്ചത്. ഇത്തരം ഒരു ഗ്രന്ഥത്തിന്റെ അനിവാര്യത കണക്കിലെടുത്തുകൊണ്ടാണ് ഞങ്ങൾ ഇപ്പോൾ ഈ പുതിയ പതിപ്പു പ്രകാശനംചെയ്യുന്നത്. ഇക്കാര്യത്തിൽ പ്രകാശത്തിന്റെ പുത്രനും പ്രശസ്ത അഭിഭാഷകനും സഹൃദയനുമായ ശ്രീ കെ.പി. വിജയൻ കലവറയില്ലാത്ത സഹകരണം ഞങ്ങൾക്കു നല്കിപ്പോന്നിട്ടുണ്ട്. നന്ദി എന്ന രണ്ടക്ഷരത്തിൽ ഒതുക്കാനാവാത്ത കടപ്പാട് ഞങ്ങൾക്ക് അദ്ദേഹത്തോടുണ്ട്. ഈ ഋണഭാരം ഹൃദയത്തിൽതന്നെ സൂക്ഷിക്കട്ടെ.

പണ്ഡിതനും വിമർശകനുമായിരുന്ന കൊടുപ്പുന്ന ഗോവിന്ദഗണകൻ സംശോധിച്ച് പിഴതീർത്ത പതിപ്പാണ് ഞങ്ങൾ അച്ചടിക്കായി സ്വീകരിച്ചിരിക്കുന്നത്. പ്രൗഢവും ഉജ്ജ്വലവുമായ ഒരവതാരികകൊണ്ട് ഇതിനെ ധന്യമാക്കിയിരിക്കുന്നത് പ്രശസ്ത സാഹിത്യകാരനും പത്രപ്രവർത്തകനായ ശ്രീ. സുകുമാരൻ പൊറ്റെക്കാടുമാണ്. ഇവരിരുവരോടും ഞങ്ങൾ കടപ്പെട്ടവരാണ്.

മൂന്നു വാല്യങ്ങളായാണ് വിദ്യാർത്ഥിമിത്രം ഈ ബൃഹദ്ഗ്രന്ഥം കമ്പ്യൂട്ടറൈസ്ഡ് ടൈപ്പ് സെറ്റിങ്ങിൽ മനോഹരമായ ബയന്റിംഗോടുകൂടി പ്രസിദ്ധീകരിക്കുന്നത്. കുറഞ്ഞവിലയ്ക്ക് എല്ലാവരുടേയും കൈകളിൽ ഈ മഹത്ഗ്രന്ഥം എത്തിക്കുക, അതിലൂടെ അഭികാമ്യമായ ഒരു സാംസ്കാരികദൗത്യം നിർവ്വഹിക്കുക എന്നതായിരുന്നു ഇക്കാര്യത്തിൽ ഞങ്ങൾ അവലംബിച്ചത്.

സമർപ്പിതചേതസ്സായ ഒരു വലിയ മനസ്സിന്റെ വർഷങ്ങളോളമുള്ള അശ്രാന്തപരിശ്രമം ഈ ഗ്രന്ഥനിർമ്മിതിക്കു പിന്നിലുണ്ട്. ആ അഭിമാനവും, കാലം ആവശ്യപ്പെടുന്ന അനിവാര്യതയും കണക്കിലെടുത്തുകൊണ്ട് തികഞ്ഞ ചാരിതാർത്ഥ്യത്തോടെ പ്രബുദ്ധരായ അനുവാചകരുടെ മുമ്പിൽ ആദരപൂർവ്വം വ്യാസമഹാഭാരതത്തിന് വിദ്വാൻ കെ. പ്രകാശം തയ്യാറാക്കിയ സമ്പൂർണ്ണഗദ്യവിവർത്തനത്തിന്റെ പ്രഥമവാല്യം ഞങ്ങൾ സാദരം സമർപ്പിക്കുന്നു.

കോശി. പി. ജോൺ,
വിദ്യാർത്ഥിമിത്രം
പ്രസാധകൻ

നവംബർ 1, 2002.

digitized by www.sreyas.in

വിദ്വാൻ കെ. പ്രകാശം

[1909 - 1976]

കൊല്ലവർഷം 1084 മിഥുനം 9-ന് തൃശൂർ താലൂക്കിലെ കാരമുക്കു വില്ലേജ്, പാലാഴിദേശത്ത് കൂനത്ത് കുട്ടാപ്പുവിന്റെയും കുഞ്ഞിപ്പാറുവിന്റെയും പ്രഥമപുത്രനായി പ്രകാശം ഭൂജാതനായി. മണലൂർ ലോവർ സെക്കണ്ടറി സ്കൂളിലും കണ്ടശ്ശാംകടവ് ഗവണ്മെന്റ് ഹൈസ്കൂളിലും പഠിച്ചു. തൃശൂർ ആർട്ട്സ് സ്കൂളിൽ ചിത്രരചന അഭ്യസിച്ച്, മദ്രാസ് ഗവണ്മെന്റിന്റെ അതു സംബന്ധിച്ച പരീക്ഷകൾ പാസ്സായി. 1935-ൽ മദ്രാസ് സർവ്വകലാശാലയുടെ മലയാളം വിദ്വാൻ പരീക്ഷയിൽ പ്രശസ്തമായ വിജയം കരസ്ഥമാക്കി.

1935-ൽതന്നെ നെന്മാറ ഹൈസ്ക്കൂളിലെ മലയാളപണ്ഡിതനായി സർക്കാർസർവ്വീസിൽ നിയമിതനായി. ഞാറയ്ക്കൽ, കുന്ദംകുളം, എറണാകുളം, പെരിങ്ങോട്ടുകര, കണ്ടശ്ശാംകടവ്, മണലൂർ എന്നീ ഹൈസ്ക്കൂളുകളിലും; രാമവർമ്മപുരം ട്രെയിനിങ് സ്കൂളിലും സേവനമനുഷ്ഠിച്ചു. 1965-ൽ സർവ്വീസിൽനിന്നു വിരമിച്ചു.

ഒരു കവി എന്ന നിലയിലാണ് പ്രകാശം പ്രസിദ്ധനായത്. അദ്ദേഹത്തിന്റെ 'തക്ലിഗാഥ', 'ചക്രഗാഥ', 'ബാഷ്പവർഷം', 'പ്രകൃതി', 'യുദ്ധക്കളം', 'നേതാജി' എന്നീ കവിതകൾ വിഖ്യാതങ്ങളാണ്. 'പ്രകൃതി', 'ഗ്രാമീണകുസുമങ്ങൾ', 'മിന്നൽപ്പിണരുകൾ', 'പ്രണയപ്രകർഷം', 'പ്രേമാഞ്ജലി' എന്നീ കവിതാസമാഹാരങ്ങളും, പുസ്തകരൂപത്തിൽ വരാത്ത നിരവധി കവിതകളും പ്രകാശം രചിച്ചിട്ടുണ്ട്. ഗദ്യപുസ്തകങ്ങൾ 'ലോകാവലോകം', 'വിജയകുമാരി', 'ജീൻവാൽജീൻ' (പാവങ്ങളുടെ സംഗ്രഹം), 'ഡേവിഡ് കോപ്പർഫീൽഡ് '(സംഗ്രഹിച്ചു പരിഭാഷപ്പെടുത്തിയത്), 'റിപ്‌വാൻവിങ്കിൾ' എന്നിവയാണ്. കുട്ടികൾക്കായി ഷേക്സ്പിയർകഥകൾ എന്ന പേരിൽ ഷേക്സ്പിയറുടെ പ്രധാനപ്പെട്ട മുപ്പതു നാടകങ്ങളുടെ കഥ സംഗ്രഹിച്ചു തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇനിയും അതു പ്രസിദ്ധീകരിച്ചിട്ടില്ല.

1964-ൽ തന്റെ പുത്രി സത്യഭാമയുടെ അപകടമരണത്തെ തുടർന്ന് ഭാരതപാരായണത്തിൽ കൂടുതൽ തല്പരനായി. മനസ്സിൽ ഉറഞ്ഞുകൂടിയ ഏകാന്തദുഃഖം, വ്യാസമഹാഭാരതം ലളിതമലയാളഗദ്യത്തിൽ തർജ്ജമചെയ്യാനുള്ള പ്രേരണ നല്കി. വ്യാസമഹാഭാരതം ഒന്നാംപതിപ്പ് ക്രൗൺ 1/8 സൈസിൽ 40 വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചത്. ഒന്നാം വാല്യം 1968-ലും, നാല്പതാം വാല്യം 1972-ലും പ്രസിദ്ധീകരിച്ചു. 1986-ൽ എസ്.പി.സി.എസ്. ഇത് ഡമ്മി 1/8 സൈസിൽ പത്തു വാല്യമായി പുനഃപ്രകാശനം ചെയ്തു.

ആയുർവ്വേദത്തിൽ അഗാധ പാണ്ഡിത്യമുള്ള ആളായിരുന്നു പ്രകാശം. ഏറ്റവും പ്രിയപ്പെട്ട ഹോബി സാഹിത്യരചന കഴിഞ്ഞാൽ, ജ്യോതിഷമായിരുന്നു. ജ്യോതിഷത്തിൽ അസാമാന്യപാണ്ഡിത്യം സ്വപ്രയത്നംകൊണ്ടു നേടി. മലയാളത്തിൽ ബൃഹത്തായൊരു ജ്യോതിഷഗ്രന്ഥം എഴുതണമെന്നാണ് മഹാഭാരതപരിഭാഷയ്ക്കുശേഷം ആഗ്രഹിച്ചിരുന്നത്. രണ്ടായിരത്തിൽപ്പരം പേജുകൾ വരുന്ന ജ്യോതിഷസംബന്ധിയായ ഒരു ആധികാരികഗ്രന്ഥം രചിക്കുവാൻ ഉദ്ദേശിച്ചു തുടങ്ങിയ ആ സംരംഭം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. നൂറോളം പേജുകൾ എഴുതിത്തീർന്നപ്പോഴേക്കും രോഗബാധിതനായി. 1976 ആഗസ്റ്റ് 30-ാം തീയതി അദ്ദേഹം ദിവംഗതനായി.

ഗുരുവായൂരിനടുത്തുള്ള പേരകത്ത് അയിനിപ്പുള്ളി രാവുണ്ണിയുടെ മകൾ ദേവകിയായിരുന്നു പ്രകാശത്തിന്റെ സഹധർമ്മിണി. അവർ 1982-ൽ അന്തരിച്ചു. ഈ ദമ്പതിമാരുടെ മക്കളായി ഒമ്പതുപേർ - നാല് ആൺമക്കളും, അഞ്ച് പെൺമക്കളും ഉണ്ട്.

digitized by www.sreyas.in

1140 ചിങ്ങമാസത്തിൽ പൂരാടംനാളിൽ, എന്റെ പ്രിയപുത്രി സത്യഭാമ ഐഹികജീവിതം വെടിഞ്ഞു. ഞങ്ങളുടെ ജീവിതത്തിലെ വെളിച്ചം അതോടെ അന്ധകാരത്തിലാണ്ടുപോയി.

തിരിച്ചെടുക്കപ്പെട്ട ആ സുകുമാരചേതനയുടെ സ്മാരകമായി, ക്ഷണികമായ മനുഷ്യജീവിതത്തിന്റെ പ്രതിബിംബത്തിലൂടെ അനശ്വരതയെ കാണിച്ചുതരുന്ന വിശ്വോത്തരകൃതി അശക്തനായ ഈ അച്ഛൻ അശക്തമായ തൂലികയാൽ, ജീവിത വേദനയ്ക്കു ഒരു സമാശ്വാസം ലഭിക്കുന്നതിന്നുവേണ്ടി, വിവർത്തനം ചെയ്യുകയാണ്.

മകളേ, ദുർബ്ബലനായ ഈ അച്ഛന് നിനക്കുവേണ്ടി ഇതിനേക്കാൾ മേന്മയേറിയ ഒരു സ്മാരകം നിർമ്മിക്കുവാനുള്ള കെല്പില്ല.

15.01.1969

കെ. പ്രകാശം

digitized by www.sreyas.in

അവതാരിക*

പ്രാചീന ഗ്രന്ഥങ്ങളെസ്സംബന്ധിച്ച ഇന്നത്തെ ഗവേഷണത്തിൽ മുഖ്യമായ പര്യാലോചനാവിഷയം, അതാരെഴുതി, എന്തെഴുതി, എന്തിനെഴുതി, എങ്ങനെയെഴുതി- അതായത് അതൊരു പൂർവ്വകല്പനാഫലമോ, മറ്റു വല്ലതിനേയും അനുകരിച്ചതോ എന്നും, ഗവേഷണവിഷയമായ ഗ്രന്ഥത്തിൽനിന്ന് ഊഹിക്കാവുന്ന അന്നത്തെ ലോകസ്ഥിതിയും സാമുദായികാവസ്ഥകളും എങ്ങനെയിരുന്നുവെന്നും, അതിൽനിന്ന് ഇന്നത്തെ സാമുദായികാവസ്ഥകളിലേക്ക് നാം എങ്ങനെ പരിണമിച്ചെത്തിയെന്നും, പ്രസ്തുത ഗ്രന്ഥമെഴുതിയകാലത്തെ ഭാഷയുടെ നിലവാരമെന്തായിരുന്നു എന്നീവക പലതുമാണ്. നാനാമുഖമായി ചിന്നിത്തെറിക്കുന്ന ഈ പര്യാലോചനകൾക്കിടയിൽ, ആ ഗ്രന്ഥത്തിൽനിന്നു നേടിവെയ്ക്കാവുന്ന വിജ്ഞാനസമ്പത്തെന്ത് എന്ന പര്യാലോചന കൈമോശംവന്നുപോകുന്നു; പോയില്ലെങ്കിൽത്തന്നെ, അത് കൂട്ടത്തിലൊന്നുമാത്രമായി അവഗണിക്കപ്പെടുന്നു. നേരേമറിച്ചായിരുന്നു നമ്മുടെ പഴയ സത്യാന്വേഷണമാർഗ്ഗം. ഗ്രന്ഥത്തിൽനിന്ന് നേടിവെയ്ക്കാവുന്ന വിജ്ഞാനസമ്പത്ത് നല്ലതെങ്കിൽ കൈക്കൊള്ളുകയും, അത് ഒരുക്കിവെച്ചത് ആരായാലും, എന്നായാലും, എന്തിനായാലും അത് നമ്മുടെ പൈതൃകംതന്നെ എന്ന നിലയിൽ യഥേച്ഛം എടുത്തുപയോഗിക്കുകയും, ഇന്നത്തെ ഈ പുത്തൻ ഗവേഷണക്രമം ഇംഗ്ലീഷുകാർ നമ്മുടെമേൽ ജപിച്ച് എയ്തേല്പിച്ചതാണ്. അവ്വണ്ണമേറ്റതിനെ പ്രതിസംഹരിപ്പാൻ ഏല്പിച്ചവൻതന്നെ വരേണ്ടിയിരിക്കും. ചിലപ്പോൾ അവന്നും അതു സാധിച്ചില്ലെന്നുവരാം. ഇന്ന് നമ്മുടെമേൽ ഏറ്റുകിടക്കുന്ന ഇംഗ്ലീഷ് ഭാഷാസക്തിയെ പ്രതിസംഹരിപ്പാൻ ആരുണ്ട്?

അപൗരുഷേയഗ്രന്ഥങ്ങളെസ്സംബന്ധിച്ചിടത്തോളം ഈ ഗവേഷണക്രമം മുഴുക്കെ തെറ്റാണ്. ഈശ്വരീയം എന്ന അർത്ഥത്തിൽ വേദോപനിഷത്തുകളെ മാത്രമേ അപൗരുഷേയം എന്നു പറയാറുള്ളുവെങ്കിലും ആ പദത്തിന്റെ അർത്ഥമാലോചിച്ചാൽ ഏറെക്കുറെ ഇതിഹാസപുരാണങ്ങളും ആ പേരർഹിക്കുന്നുവെന്നു കാണാം. ഈശ്വരന് അനാദിപുരുഷൻ എന്നും ഉത്തമപുരുഷൻ എന്നും (ഗീത 14–19, 15–17) പേരുള്ള സ്ഥിതിക്ക് വേദോപനിഷത്തുകളും, പുരുഷകൃതങ്ങൾതന്നെ. എന്നിരിക്കെ, പ്രകൃതിസംസർഗ്ഗവശാൽ ഞാനെന്നും എന്റേതെന്നുമുള്ള ഭാവങ്ങളാൽ ദൂഷിതരായ നമ്മെപ്പോലുള്ള ആളുകൾ വ്യക്തിത്വാവിഷ്കരണത്തിന്നുവേണ്ടി ഉണ്ടാക്കിയതല്ല എന്നാവണം അപൗരുഷേയത്തിനർത്ഥം. മറിച്ച്, പരമാത്മാനുഭൂതിയിൽ പരമപുരുഷത്വം പ്രാപിച്ച ഋഷിമാർ ധ്യാനാവസ്ഥയാൽ അനുഭവിച്ചറിഞ്ഞ പരമസത്യങ്ങളെ പ്രതിപാദിക്കുന്ന ഐശ്വരകൃതികൾതന്നെ ഇതിഹാസപുരാണാദികളും. ഇതുകൊണ്ടാവണം 'ഇതിഹാസപുരാണാഭ്യാം വേദം സമുപബൃംഹയേൽ' എന്ന ചൊല്ലുണ്ടായത്. മഹാഭാരതം, വാല്മീകിരാമായണം, ഭാഗവതം മുതലായവയിൽ ആ പരമസത്യംതന്നെയാണല്ലോ നീളെ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. ആ മഹാത്മാക്കൾ തങ്ങളിൽ നിറഞ്ഞുവഴിയുന്ന സത്യബോധത്തെ വിദൂരശിഷ്യരിൽ പകർന്നുകൊടുപ്പാനാണ് ഗ്രന്ഥരചന ചെയ്തത്. അല്ലാതെ നമ്മെപ്പോലെ, യശസ്സിനോ, അർത്ഥത്തിനോ, വ്യവഹാരവേതനത്തിനോ, ശിവേതരക്ഷതിക്കോ, സദ്യഃപരനിർവൃതിക്കോവേണ്ടിയല്ല; നേരേമറിച്ച് തങ്ങൾ നേടിക്കഴിഞ്ഞ സദ്യഃപരനിർവൃതിയെ പരിത്യജിച്ചും ശിഷ്യാനുഗ്രഹത്തിന്നുവേണ്ടി രചിച്ചവയാണവ.

അവരുടെ ആ രചനകളെ മേല്പറഞ്ഞ പടിഞ്ഞാറൻരീതിയിൽ സമീപിക്കുന്നവർ തെളിയിക്കുന്നത്, തങ്ങൾ ആ വിജ്ഞാനസമ്പത്തിന്ന് അപാത്രങ്ങളാണെന്നു മാത്രമാണ്. ഈ അപാത്രത തെളിയിക്കാതെകഴിപ്പാൻവേണ്ടി, ആധുനിക ഗവേഷകന്മാരുടെ പൂർവ്വാപരബന്ധമില്ലാത്ത അന്ധനിഗമനങ്ങളിലേക്കു തിരിഞ്ഞുനോക്കാതെ, ഞാൻ മഹാഭാരതത്തിലെ സത്യാവബോധത്തിലേക്കു നേരെ കടന്നുകേറട്ടെ.

മഹാഭാരതത്തിലെ വിജ്ഞാനസമ്പത്തിന്റെ നിക്ഷേപസ്ഥാനം ശാന്തിപർവ്വമാണ്. ലക്ഷത്തിൽപ്പരം ശ്ലോകങ്ങളടങ്ങിയ ഈ വിശ്വമഹാഗ്രന്ഥത്തിൽ 10, 725 ശ്ലോകവും ശാന്തിപർവ്വത്തിലാണ്. മറ്റേതു പർവ്വത്തിലുമില്ല ഇത്രയേറെ ശ്ലോകം. കഥകൾ നിറഞ്ഞ ആരണ്യപർവ്വത്തിൽ 10,664 ശ്ലോകമേ ഉള്ളു. ശ്ലോകസംഖ്യകൊണ്ടല്ല, ശാന്തിപർവ്വം മഹാഭാരതത്തിന്റെ ഫലൗഘമാണെന്ന് അതിൽ പറഞ്ഞിട്ടുമുണ്ട്. എന്തുകൊണ്ടെന്നാൽ, രാജധർമ്മത്തിലൂടെ നടന്ന് ആസന്നമൃത്യുവായ ഭീഷ്മപിതാമഹൻ, രാജധർമ്മത്തിലൂടെ ചരിക്കാൻ ഉത്സുകനായ യുധിഷ്ഠിരന്ന്, ഗീതയിൽ ഭഗവാൻ അർജ്ജുനന്ന് സംക്ഷേപിച്ചുപറഞ്ഞു കൊടുത്തതിനെത്തന്നെ, ബഹുവിസ്തരേണ വിവരിച്ചുകൊടുക്കുന്നതാണ് ശാന്തിപർവ്വം. എന്താണീ ശാന്തി? ഇന്ന് പലരും വാക്കുകൾകൊണ്ടു വാഴ്ത്തിപ്പുലർത്തിക്കൊണ്ടിരിക്കുന്ന ലോകസമാധാനമില്ലേ, അതുതന്നെയാണ്. പ്രപഞ്ചജീവിതത്തെ തനിക്കും മറ്റാർക്കും അശാന്തികരമാകാതവണ്ണം കൊണ്ടുനടക്കുക. ഇതൊന്നുമാത്രം നാനാമുഖേന വിവരിക്കാൻവേണ്ടിയാണ് ആ പർവ്വത്തിൽ അശാന്തങ്ങളായ ഇതിഹാസങ്ങൾ, പഴങ്കഥകൾ ഉൾച്ചേർത്തിരിക്കുന്നത്.

കൂടാതെ, മഹാഭാരതത്തിലെ അശാന്തിമയമായ മുഖ്യേതിവൃത്തവും പരഭാഗശോഭയാൽ ശാന്തിപർവ്വത്തെ തിളക്കുന്നു. ഒരേ കുടുംബത്തിലുണ്ടായ അശാന്തികളെക്കൊണ്ട് നിറഞ്ഞതാണല്ലോ അത് നീളെ. അതിലെ നായകരായ പാണ്ഡവർ ദേവസന്തതികളാകയാൽ ദേവഭാവങ്ങളുടെ പ്രതിനിധികളാണ്; പ്രതിനായകരായ കൗരവർ ആസുരഭാവങ്ങളുടെ

---

* നാല്പതു വാല്യങ്ങളായി 1968–ൽ സ്വന്തംനിലയിൽ പ്രകാശം പ്രസിദ്ധീകരിച്ചപ്പോൾ, പ്രഥമപതിപ്പിന്റെ ഒന്നാംവാല്യത്തിന് പ്രശസ്ത വിമർശകനായ കുട്ടികൃഷ്ണമാരാർ എഴുതിയ അവതാരിക.

digitized by www.sreyas.in

അവതാരങ്ങളുമാണ്. ഈ ദേവാസുരഭാവങ്ങളെ ഗീത പതിനാറാമദ്ധ്യായത്തിൽ ദൈവസമ്പത്തെന്നും, ആസുരസമ്പത്തെന്നും പേരുകളിൽ വിഭജിച്ചിരിക്കുന്നു. എന്നുവെച്ചാൽ, ആരും ദേവനോ, അസുരനോ ആയി ജനിക്കുകയല്ല, ആ രണ്ടു തരം സമ്പത്തുകളിൽ ഏതെങ്കിലുമൊന്ന് നേടിക്കൂട്ടുവാനുള്ള വാസനകളുമായി ജനിക്കുകയാണെന്ന് ഭാവം. ആസുരവാസന വളരെ കുഞ്ഞുന്നാളിലേ പ്രവർത്തിച്ചുതുടങ്ങുമെന്ന് നമുക്ക് ചൂഴെയെന്നപോലെ, മഹാഭാരതത്തിലും കാണുന്നു. കൊച്ചുകുഞ്ഞുങ്ങൾ ആസുരപദങ്ങളാണ് വേഗത്തിൽ കേട്ടു പഠിക്കുക; ആസുരകർമ്മങ്ങളാണ് വേഗത്തിൽ കണ്ടു പഠിക്കുക. അതുതന്നെയാണ് ഭാരതേതിവൃത്തത്തിന്റെ തുടക്കത്തിലും. ഭീമൻ ബാലചാപല്യവശാൽ ചെയ്തിരുന്ന വികൃതിത്തങ്ങളാണ് കൗരവരെക്കൊണ്ട് ആസുരസമ്പത്തെടുപ്പിച്ചത്. ഇത് പാണ്ഡവകൗരവരുടെ ബാല്യകൗമാരകഥകളിൽ നീളെ കാണാം.

ആ രാജകുമാരന്മാർ മുതിർന്നപ്പോൾ രാജാധികാരം ആർക്കു വേണമെന്ന തർക്കത്തിലെത്തി. ജ്യേഷ്ഠപുത്രനായിരുന്ന ധൃതരാഷ്ട്രർ ജന്മാന്ധനായി രാജ്യാനർഹനാകയാൽ, അനുജൻ പാണ്ഡുവാണ് രാജ്യം ഭരിച്ചത്. പാണ്ഡുവിന്റെ ധാർമ്മികപുത്രരാണ് പാണ്ഡവർ; ധൃതരാഷ്ട്രരുടെ ഔരസപുത്രന്മാർ കൗരവരും. കൗരവരിൽ മൂത്തവനായ സുയോധനൻ, പാണ്ഡവരിൽ മൂത്തവനായ യുധിഷ്ഠിരനേക്കാൾ ഇളയവനുമാണ്. പ്രഥമരാജ്യാർഹനായ ധൃതരാഷ്ട്രരുടെ മൂത്തപുത്രനോ, പകരം രാജ്യം ഭരിച്ച പാണ്ഡുവിന്റെ അതിലും മൂത്തപുത്രനോ തുടർന്ന് രാജ്യം ഭരിക്കേണ്ടത് എന്നു നിർണ്ണയിപ്പാൻ ഒരു പ്രമാണവുമില്ല. ആസുരതാസമ്പന്നരല്ല, ദേവതാസമ്പന്നരാണ് രാജ്യം ഭരിക്കേണ്ടതെന്ന പ്രമാണം ഭൂമിയിൽ നടക്കുന്നതല്ല. ഇവിടെ കൈയൂക്കുള്ളവരാണ് കാര്യക്കാരാവുക. അതുതന്നെയാണ് അന്നും, ഇന്നും, എന്നും നടക്കുന്നതും. ഇന്നത് കൂടുതൽ ജനാനുകൂല്യം (വോട്ട്) നേടുവാനുള്ള വിരുതായിട്ടുണ്ടെന്നുമാത്രം. കൈയൂക്കായാലും വിരുതായാലും അതു മുക്കാലും ആസുരസമ്പത്താണുതാനും. അതുവഴി ഭാരതകഥയിൽ വിഷംകൊടുക്കൽ, വിഷമേല്പിക്കൽ, നാടുപകുക്കൽ, കള്ളച്ചൂത്, പെണ്ണുങ്ങളെ അപമാനിക്കൽ, ഒടുക്കം സർവ്വവിനാശമായ യുദ്ധം എന്നിങ്ങനെ ആസുരകർമ്മങ്ങൾ പുരോഗമിച്ചു.

ഈ രണ്ടുതരം സമ്പത്തും കേവലം വ്യക്തിനിഷ്ഠമല്ല, ചാരിയാൽ ചാരിയതിലേക്കു പകരുന്നതുകൂടിയാണെന്ന് ആ ഇരുപക്ഷത്തിന്റെ സംഖ്യാധിക്യം സൂചിപ്പിക്കുന്നു. പാണ്ഡവർ ഐവരും ദേവതാസമ്പന്നരാണ്; കൗരവർ നൂറ്റവരും ആസുരതാസമ്പന്നരും. ആസുരസമ്പത്തിന് കുഞ്ഞുന്നാളിലെന്നപോലെ മുതിർന്നാലും പകരുന്ന സ്വഭാവം ഏറെയുണ്ടെന്നാശയം. അതിലും വാസനാഭേദവശാൽ ദൈവസമ്പത്തിലേക്കു തിരിയുന്നവരുണ്ടാവാം എന്നുദാഹരിക്കുന്നവനാണ് വികർണ്ണൻ – ചേട്ടന്മാർക്കു ചെവികൊടുക്കാത്തവൻ എന്നാവാം കവിവിവക്ഷ. പ്രസ്തുതമായ ദൈവസമ്പത്തുകൾ ഏവയെന്നുകൂടി സന്ദർഭവശാൽ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഗീതയിൽ എണ്ണിപ്പറഞ്ഞ ദൈവസമ്പത്തുകൾ 'അഭയം' തുടങ്ങി ഇരുപത്താറെണ്ണമുണ്ട്. സർവ്വോന്നതമായ ആ 'അഭയ'മൊഴികെ മറ്റെല്ലാ ദൈവസമ്പത്തും പാണ്ഡവരിൽ പൂർണ്ണമായിരുന്നു. താനും തന്റെ സഹോദരന്മാരും എത്ര ബലശാലികളായിരുന്നിട്ടും യുധിഷ്ഠിരന് ഭീഷ്മദ്രോണകർണ്ണാദികളോടുള്ള ഭയംകാരണം ഒരിക്കലും സ്വൈരമായുറങ്ങാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹംതന്നെ ഒന്നുരണ്ടു തവണ തുറന്നുപറഞ്ഞിട്ടുണ്ട്. യുധിഷ്ഠിരനെ നന്നായറിയാവുന്ന വ്യാസഭഗവാൻ ഒരിക്കൽ അരുൾചെയ്ത രണ്ടു ശ്ലോകംമാത്രം ഉദ്ധരിക്കാം:

"ഭീഷ്മാദ് ദ്രോണാൽ കൃപാൽ കർണ്ണാദ്
ദ്രോണപുത്രാച്ച ഭാരത!
ദുര്യോധനാന്നൃപസുതാൽ
തഥാ ദുശ്ശാസനാദപി
യത്തേ ഭയമമിത്രഘ്ന
ഹൃദി സമ്പദി വർത്തതേ
തൽ തേഹം നാശയിഷ്യാമി
വിധിദൃഷ്ടേന കർമ്മണാ."

(ആരണ്യപർവ്വം 36, 25, 26)

ഭീഷ്മാദികളെച്ചൊല്ലിയുള്ള ഭയം തീർക്കുവാൻ ഒരു വിദ്യ പറഞ്ഞു തരാം എന്നു ചുരുക്കം. അനുജരായ ഭീമാർജ്ജുനാദികളാകട്ടെ, ജ്യേഷ്ഠന്റെ ഹിതത്തിന്നെതിരായി അനങ്ങിപ്പോകാതവണ്ണം ദൈവസമ്പത്സമ്പന്നരുമാണ്. ജ്യേഷ്ഠന്റെ അത്ര കവിഞ്ഞ ഭയം കാരണം, അവർക്കും അവരുടെ പത്നി ദ്രൗപദിക്കും എണ്ണമറ്റ ക്ലേശാപമാനങ്ങൾ എല്ലാം പൊറുത്തുകൊള്ളേണ്ടിവന്നു. ആസുരസമ്പത്താകട്ടേ, "ദംഭോ ദർപ്പോഭിമാനശ്ച ക്രോധഃ പാരുഷ്യ മേവ ച അജ്ഞാനം ച" എന്ന് ആറെണ്ണമേ ഉള്ളൂ. കാര്യകാരണക്രമത്തിലാണ് ഇവയെ അടുക്കിയിട്ടുള്ളത്. മൂലകാരണമായ അജ്ഞാനത്തിൽനിന്ന് യഥാക്രമം ഉണ്ടായിവരുന്നവയാണ് മറ്റവയെല്ലാം. അതിനി വേറെ വിവരിക്കേണ്ടതില്ലെന്നു കരുതുന്നു.

ഒടുക്കത്തെ യുദ്ധത്തിൽ ആ ദൈവസമ്പത്തുകാർക്കും അനേകം ആസുരസമ്പത്തുകൾ എടുത്തുകൂട്ടേണ്ടിവന്നു. അതിനെസ്സംബന്ധിച്ച്, ധർമ്മസംസ്ഥാപനത്തിനായവതരിച്ച വാസുദേവഭഗവാൻ അരുളിച്ചെയ്ത വാക്കുകൾ അതേപടി

digitized by www.sreyas.in

ഇവിടെ എടുത്തുദാഹരിക്കുക അത്യന്താപേക്ഷിതമാണ്. ദുര്യോധനൻ വീണതിനുശേഷം ശല്യപർവ്വം അറുപത്തൊന്നാം അദ്ധ്യായത്തിലെ ഏതാനും ശ്ലോകങ്ങളാണവ:

"നൈഷ ശക്യോതിശീഘ്രാസ്ത്ര-
സ്തേ ച സർവേ മഹാരഥാഃ
ഋജുയുദ്ധേന വിക്രാന്താ
ഹന്തും യുഷ്മാഭിരാഹവേ."

അർത്ഥം : അതിവേഗത്തിൽ ആയുധം പ്രയോഗിക്കാൻപോന്ന ദുര്യോധനനാകട്ടേ, പരാക്രമശാലികളായ ഭീഷ്മാദി മഹാരഥരാകട്ടേ, നിങ്ങൾക്കു നേർക്കുനേരെ നിന്നു യുദ്ധംചെയ്തു കൊല്ലപ്പെടാവുന്നവരല്ല.

ഇതുതന്നെ ഏതാണ്ട് ആവർത്തിച്ചുപറയുന്ന ഒരു ശ്ലോകം വിട്ടിട്ട്:

"മയാനേകൈരുപായൈസ്തു
മായായോഗേന ചാസകൃൽ
ഹതാസ്തേ സർവ ഏവാജൗ
ഭവതാം ഹിതമിച്ഛതാ."

അർത്ഥം : ഞാൻ ഒന്നിലധികം തവണ പലേ ഉപായങ്ങൾകൊണ്ടും കള്ളപ്പണികൾകൊണ്ടും, നിങ്ങൾക്കു ഹിതംവരുവാൻ വേണ്ടി അവരെ യുദ്ധത്തിൽ കൊല്ലിക്കയാണുണ്ടായത്.

"യദി നൈവംവിധം ജാതു
കുര്യാം ജിഹ്മമഹം രണേ
കുതോ വോ വിജയോ ഭൂയഃ
കുതോ രാജ്യം കുതോ ധനം?"

അർത്ഥം : യുദ്ധത്തിൽ ഞാൻ ഇമ്മട്ടിൽ ഒരിക്കലും കാപട്യം പ്രയോഗിക്കാഞ്ഞെങ്കിൽ, നിങ്ങൾക്കു വിജയമെവിടെ, രാജ്യമെവിടെ, സമ്പത്തെവിടെ?

ഏതാണ്ട് പുനരാവർത്തനംപോലുള്ള രണ്ടു ശ്ലോകം വിട്ടിട്ട്:

"ന ച വോ ഹൃദി കർത്തവ്യം
യദയം ഘാതിതോ രിപുഃ
മിഥ്യാവധ്യാസ്തഥോപായൈ-
ർബ്ബഹവഃ ശത്രവോധികാഃ"

അർത്ഥം : ഈ ശത്രുവിനെ കൊല്ലിച്ചുവല്ലോ എന്ന് ഇനി നിങ്ങൾ ഉള്ളിൽ വെച്ചിരിക്കേണ്ട. ബലത്തിലോ, അളവിലോ കവിഞ്ഞുനില്ക്കുന്ന ശത്രുക്കളിൽ ഉപായങ്ങൾകൊണ്ട് കള്ളക്കൊല നടത്തിയേ തീരൂ.

"പൂർവൈരനുഗതോ മാർഗ്ഗോ
ദേവൈരസുരഘാതിഭിഃ
സദ്ഭിശ്ചാനുഗതഃ പന്ഥാഃ
സ സർവൈരനുഗമ്യതേ."

അർത്ഥം : അസുരരെ കൊല്ലാനൊരുമ്പെട്ട ദേവന്മാർ പണ്ടു നടന്ന വഴിയാണിത്. നല്ലവർ ആ വഴിക്കു നടക്കുന്നു. എല്ലാവരും അതേവഴിക്കു നടക്കുന്നു.

ദേവന്മാർ അസുരന്മാർ എന്ന ജാതിവിഭജനം, മുട്ടിയ കൈയ്ക്ക് ആസുരസമ്പത്ത് എടുത്തുകൂട്ടുന്ന സജ്ജനങ്ങൾക്കും ചേരുമെന്ന് ഈ ഒടുക്കത്തെ ശ്ലോകം സുവ്യക്തമാക്കുന്നു. ഇവിടെ ഒരു ചോദ്യം : വഞ്ചനാത്മകമായ ഈ ആസുരസമ്പത്തിൽ ഭൂതദയാഹിംസാദിയായ ദൈവസമ്പത്തുക്കൾക്കു പ്രസക്തിയൊന്നുമില്ലേ? തീർച്ചയായും ഉണ്ട്. ആ പ്രസക്തിവിഷയങ്ങളുടെ പേരിലാണല്ലോ, അർജ്ജുനൻ കൈകുഴഞ്ഞിരുന്നുപോയതും, ഭഗവാൻ അനാസക്തിയോഗം ഉപദേശിച്ച് ആ സുഹൃത്തിനെ വീണ്ടും ധനുർദ്ധരനാക്കി നിവർത്തിനിർത്തിയതും. യോഗമെന്നാൽ ചേരേണ്ടതിനോടു ചേർന്ന് അതുതന്നെയാവുകയാണ്. ജ്ഞാനയോഗം ജ്ഞാനത്തിൽ അലിഞ്ഞുചേർന്ന് ജ്ഞാനംതന്നെയാവുകയാണ്; ഭക്തിയോഗം ഭജിക്കപ്പെടുന്നതിനോടുചേർന്ന് അതുതന്നെയാവുകയും. ഗീതയ്ക്കു നിമിത്തമായ അർജ്ജുനനെസ്സംബന്ധിച്ചിടത്തോളം ഗീത കർമ്മയോഗശാസ്ത്രമാണ്. അർജ്ജുനൻ സ്വധർമ്മപ്രാപ്തമായ യുദ്ധകർമ്മത്തിൽ, പുഴ ഒഴുകിച്ചെന്നു കടലിൽ ചേരുംപോലെ, കർമ്മത്തിൽ ചേരുകയാണ് വേണ്ടിയിരുന്നത്. ചേർന്നൊന്നായാൽപ്പിന്നെ 'ഞാൻ ചെയ്തു, ഞാൻ നേടി'

* ഇങ്ങനെയൊരു മന്ത്രം സാമവേദത്തിലില്ലെന്നും, വല്ല ബ്രാഹ്മണങ്ങളിലോ മറ്റോ ഉള്ളതാവാം എന്നും ഒരു പണ്ഡിതനിൽ നിന്നറിയുന്നു. ഭവാൻസ് ജേർണ്ണലിന്റെ '68 ജൂലായ് ലക്കത്തിലാണ് ഞാനിത് കണ്ടത്.

digitized by www.sreyas.in

എന്ന സങ്കല്പം അലിഞ്ഞില്ലാതാവും. ഒന്നായേടത്തുണ്ടോ പിന്നെ ചെയ്‌വനയും നേട്ടവും! അതായത്, അനാസക്തമായ സ്വധർമ്മാനുഷ്ഠാനത്തിൽ ഹിംസാഹിംസാദിപര്യാലോചനകൾക്കു പ്രസക്തിയില്ല എന്നു ചുരുക്കം.

അഹിംസാ പരമധർമ്മത്തിനു പ്രമാണമായ "അക്രോധേന ജേയൽ ക്രോധം" ഇത്യാദി മഹാഭാരതശ്ലോകത്തിന്റേയും, അതിന്നുള്ള ബുദ്ധഭഗവാന്റെ പാലിവിവർത്തനത്തിന്റേയും മുരട് അപൗരുഷേയമായ സാമവേദത്തിലെ ഈ വാക്യമാണെന്നു തോന്നുന്നു:

"സേതുംസ്തരദുസ്തരാൻ, അക്രോധേന ക്രോധം,
ദാനേനാദാനം, ശ്രദ്ധയാശ്രദ്ധാം,
സത്യേനാനൃതം, ഏഷാ ഗതിഃ ഏതദമൃതം." *

അർത്ഥം : കടന്നുകേറുവാൻ പണിയുള്ള പാലങ്ങളെ കടക്കാനുള്ള വഴി.

ക്രോധത്തെ ക്രോധമില്ലായ്മകൊണ്ടും, എടുക്കലിനെ കൊടുക്കൽകൊണ്ടും, അശ്രദ്ധയെ ശ്രദ്ധകൊണ്ടും, കള്ളത്തരത്തെ നേരുകൊണ്ടും (കടക്കാം). ഇതേ ഗതിയുള്ളു, ഇത് അമൃത് (മരണമില്ലായ്മ) തന്നെ. വ്യക്തികളെസ്സംബന്ധിച്ചിടത്തോളം ഇവയെല്ലാം ശരിയാണ്, അവരെ നന്നാക്കിയെടുക്കാൻ സാധിച്ചില്ലെങ്കിലും, സ്വയം ചീത്തയാകാതെ കഴിക്കാമല്ലോ. എന്നാൽ ക്രോധത്തിന്റേയും പിടിച്ചുപറ്റലിന്റേയും അശ്രദ്ധയുടേയും കള്ളത്തരത്തിന്റേയും കീഴിൽ സംഘടിച്ചു നില്ക്കുന്ന ശത്രുസൈന്യത്തോടു ഫലിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, അവർ ക്രോധാദികളെ ശ്രേയസ്കരമായ സ്വധർമ്മമായെടുത്തിരിക്കയാണ്, പരധർമ്മമേതും അവർക്കു ഭയാവഹമത്രേ. (ഗീത. 3.35) അവരോട് അവരുടെ ധർമ്മം തന്നെ പ്രയോഗിക്കയേ മറുമരുന്നുള്ളൂ എന്നാണ് മഹാഭാരതസമരം ഉദാഹരിക്കുന്നതും, അതിന്റെ ഉപസംഹാരത്തിൽ ഭഗവാൻ ഉപദേശിക്കുന്നതും. വാല്മീകിയുടെ രാമൻ തന്റെ പ്രിയതമയെ അപഹരിച്ചവനെ ഹിംസിക്കാൻ ഈ ആസുരസമ്പത്തൊന്നും എടുത്തുകൂട്ടുകയുണ്ടായില്ലെങ്കിൽ, അതിന്നു കാരണം ആദ്ധ്യാത്മികസാധകന്റേയും, ആദ്ധ്യാത്മിക സിദ്ധന്റേയും വഴി രണ്ടായതുകൊണ്ടാവണം. രാമനെ ആദർശപുരുഷനായെടുത്ത ഗാന്ധിജിയും അതാണല്ലോ ചെയ്തത്. പക്ഷേ, അദ്ധ്യാത്മസാധനയിലേക്കു നോട്ടമേ ഇല്ലാത്ത അധികാരാസക്തരിൽ അത് വിപരീതഫലമാണുളവാക്കുക എന്ന് നാമിന്നു നാളിൽ നാളിൽ കണ്ടുകൊണ്ടിരിക്കുന്നു. തികഞ്ഞ ദൗർബ്ബല്യത്തിന്നധീനരായി ആകാവുന്നതിലേറെ പരപ്രീണനം നടത്തുകയല്ലാതെ മറ്റൊരുപായവും ഗാന്ധിജിയുടെ അനുയായികൾക്ക് അറിഞ്ഞുകൂടാതായിരിക്കുന്നു.

ഈ വിവരിച്ചതിൻവണ്ണം ഗീതയും, മഹാഭാരതവും, ശാന്തിപർവ്വവും തമ്മിൽ ഇഴുകിയ ബന്ധമുള്ളതിനെപ്പറ്റി വല്ലതുമൊന്നാലോചിച്ചിട്ടാണോ നമ്മുടെ ചില സാഹിത്യഗവേഷകന്മാർ, വ്യാസവിരചിതമായ ഇതിഹാസത്തിൽ പിന്നീടാരോ എഴുതിപ്പിടിപ്പിച്ചതാണ് ഭഗവൽഗീത എന്നു കണ്ടുപിടിച്ചിട്ടുള്ളത്, അതോ ദൈവാസുരസമ്പദ്വിഭാഗത്തെപ്പറ്റി ബോധലേശമേ സ്പർശിച്ചിട്ടില്ലാത്ത പാശ്ചാത്യാചാര്യന്മാരുടെ വിശ്വാസ്യശിഷ്യരാണ് തങ്ങളെന്നു തെളിയിച്ചതോ? അല്പമെങ്കിലും ആത്മബോധമുള്ളവർ ഇതാണു കണ്ടെത്തുക. യുദ്ധാരംഭത്തിരക്കിൽ അർജ്ജുനനെപ്പോലുള്ള വിശേഷജ്ഞന്മാർക്കു മാത്രം മനസ്സിലാകത്തക്കവണ്ണം സംക്ഷേപിച്ച ദൈവസമ്പത്തുകൾ തന്നെയാണ്. അജ്ഞന്മാർക്കുപോലും ഗ്രഹിക്കത്തക്കവണ്ണം ശാന്തിപർവ്വത്തിലെ 10, 725 ശ്ലോകത്തിൽ പ്രസ്തരിച്ചതെന്ന്. ഇത് ഉള്ളിൽവെച്ചുകൊണ്ടാണ് 'ആധുനികഗവേഷകന്മാരുടെ പൂർവ്വാപരബന്ധം നോക്കാത്ത അന്ധനിഗമനങ്ങൾ' എന്നു ഞാൻ മുമ്പു പറഞ്ഞത്. ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാരെ ബ്രഹ്മാവിനുപോലും രഞ്ജിപ്പിക്കാൻ കഴിയില്ലെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഇതിവിടെ പറഞ്ഞുവയ്ക്കുന്നതും.

അങ്ങനെ മഹാഭാരതമാകെ സംക്ഷിപ്തവിസ്തൃതോദാഹരണങ്ങൾകൊണ്ടു സമ്പൂർണ്ണമായ വേദാന്തകാവ്യമത്രേ. വേദാന്തമെന്നാൽ തത്ത്വശാസ്ത്രം, ഐഹികവും പാരത്രികവുമായ ജീവിതങ്ങളുടെ മുഴുതത്ത്വശാസ്ത്രം, കാലഭേദമോ ദേശഭേദമോ ഇല്ലാതെ എന്നുമെങ്ങും നടന്നുവരുന്ന ജീവിതപ്രചോദനങ്ങളുടെ സമ്പൂർണ്ണവിവരണം. ഉദാഹരണത്തിന് മഹാഭാരതജന്മഭൂമിയുടെ അത്യാധുനികമായ കഥതന്നെ എടുക്കാം. മറ്റെന്തൊക്കെ പഠിച്ചുവെച്ചാലും, ഒരേ രാജ്യത്ത് ഒരുമിച്ചു കഴിഞ്ഞുകൂടേണ്ടവരാണ് തങ്ങൾ എന്ന 'ശാസ്ത്രീയബുദ്ധി' മാത്രം നേടാൻ കൂട്ടാക്കാതെ, പരസ്പരകലഹികളായിക്കഴിഞ്ഞ ഹിന്ദു-മുസ്ലീം വർഗ്ഗങ്ങളെ മൈത്രിയിലിരുത്താൻ വഴികാണാതെ, 1947-ൽ, പണ്ട് കുരുജാംഗലത്തിൽനിന്ന് ഖാണ്ഡവപ്രസ്ഥത്തെ എന്നപോലെ ഹിന്ദുസ്ഥാനിൽനിന്ന് പാക്കിസ്ഥാനെ പകുത്തു കൊടുക്കേണ്ടിവന്നു. ആ പകുക്കൽതന്നെ മുഴുത്ത മൈത്രീവിച്ഛേദമായി, ഇരുവശത്തും ആസുരസമ്പത്സമൃദ്ധിയായ അതിർത്തിയുദ്ധങ്ങളോ യുദ്ധസന്നാഹങ്ങളോ നടക്കാത്ത കാലമില്ലെന്നായി! ഇവരിനി നല്ല അയൽപക്കക്കാരായി കഴിഞ്ഞുകൂടുമെന്ന് നയതന്ത്രവിദഗ്ദ്ധന്മാർ ഉൽഘോഷിക്കുന്നതു കേട്ട് ശത്രുക്കൾക്കല്ലാതെ മിത്രങ്ങൾക്കു സന്തോഷിക്കരുതാതായിരിക്കുന്നു. എന്നല്ല, ഭാവിയിലേക്കു നോക്കുമ്പോൾ അരുതാത്തതെങ്കിലും അല്പമൊരു ഭയവും തോന്നുന്നു; മഹാഭാരതസാഹോദര്യത്തിന്റെ പരിണതിയിലേക്കുതന്നെയല്ലേ, ഭാരതപാക്കിസ്ഥാൻ സന്ധികളും പാഞ്ഞുകേറുന്നതെന്ന് – അങ്ങനെ വരാതിരിപ്പാൻ ഭഗവാൻ അനുഗ്രഹിക്കട്ടെ! പക്ഷേ, ഭഗവദനുഗ്രഹത്തേയും, പ്രതീക്ഷിക്കരുതാത്ത നിലയിലാണല്ലോ നാം പെട്ടുപോയിരി

digitized by www.sreyas.in

ക്കുന്നത്. ഭഗവാന്റെ മായോപായസാഹായ്യം സ്വീകരിക്കരുതാത്തവണ്ണം അഹിംസാവ്രതത്തിൽനിന്നു ജനിച്ച ദുർബ്ബലമായ പരപ്രീണനത്തിലും കാപട്യത്തിലും സുപ്രതിഷ്ഠാപിതരാണല്ലോ നാം.

ഭാഗ്യവശാൽ, ശത്രുക്കളുടെ മുമ്പിൽ മാത്രമേ ഈ അഹിംസാദൗർബ്ബല്യപ്രീണനകാപട്യങ്ങളുള്ളൂ. സ്വജനങ്ങളോട് ഏതു ജിഹ്മവൃത്തിയും അനുഷ്ഠിപ്പാൻ നിത്യസന്നദ്ധരായി നാം മുന്നേറുകതന്നെയാണ്. ആഹാരവസ്തുക്കളിൽ മാത്രമല്ല, ഔഷധദ്രവ്യങ്ങളിൽപ്പോലും മായോപായം കലർത്തി ആരെയും രോഗികളാക്കാനും കൊലചെയ്‌വാനും നമുക്ക് കൈയറപ്പു തീർന്നിരിക്കുന്നു. ഭ്രൂണഹത്യാദി മഹാപാതകങ്ങളിൽ വൈദഗ്ദ്ധ്യം നേടിവരികയുമാണ്. ഇത്രയെല്ലാം രാഷ്ട്രീയകാര്യങ്ങളിലേക്കു കടത്തിപ്പറയേണ്ടിവന്നത്, സാർവ്വകാലികവും സാർവ്വദൈശികവുമായ ജീവിതത്തിന്റെ തത്ത്വശാസ്ത്രമാണ് വേദാന്തം എന്നു സമർത്ഥിക്കേണ്ടിയിരിക്കുന്നതുകൊണ്ടാണ്.

ദ്വാപരയുഗത്തിന്റെ അന്ത്യം മുതൽ കലിയുഗം ഇത്രയാകുവോളവും സാധൂകരിക്കപ്പെട്ടതുകൊണ്ട് ഇനിയങ്ങോട്ട് ലോകാവസാനത്തോളം സാധൂകരിക്കപ്പെടുമെന്നുറപ്പിക്കാവുന്ന വേദാന്തമാണ് ഭാരതഭൂമിയുടെ ഹൃദയം; ഗീതയിൽ പറയുംപോലെ ഈശ്വരൻ വാണരുളുന്ന ഹൃദ്ദേശം. (18–61) ആ വേദാന്തശാസ്ത്രത്തെപ്പറ്റിയാണ്, പുത്തൻസയൻസിനെപ്പറ്റിയല്ല, ഗീതയിൽ ഭഗവാൻ അരുൾചെയ്യുന്നത്:

"തസ്മാച്ഛാസ്ത്രം പ്രമാണം തേ
കാര്യാകാര്യവ്യവസ്ഥിതൗ
ജ്ഞാത്വാ ശാസ്ത്രവിധാനോക്തം
കർമ്മ കർത്തുമിഹാർഹസി." (16–24)

അർത്ഥം : ചെയ്യേണ്ടതും ചെയ്യരുതാത്തതും വേർതിരിച്ചറിവാൻ നിനക്കു ശാസ്ത്രമായിരിക്കട്ടെ പ്രമാണം. ശാസ്ത്രത്തിൽ വിധിച്ചതിനൊത്ത കർമ്മമേ ചെയ്യാവൂ.

പക്ഷേ, നൂറ്റാണ്ടിലേറെക്കാലം പടിഞ്ഞാററുടെ മുഴുവടിമകളായിക്കിടന്നതുമൂലം, ഏറെക്കാലം ജയിൽച്ചങ്ങലയിൽ കിടന്നവൻ ചങ്ങല പോയാലും അതുള്ളവനെപ്പോലെ ഇഴഞ്ഞുനടക്കുന്ന നിലയിലെത്തിയിരിക്കുന്നു നാമാകെ.

ഇതുകാരണമാണ്, ഭഗവദ്വിവേകാനന്ദനെപ്പോലുള്ളവർ ആദ്ധ്യാത്മികതയാണ് ഇന്ത്യയുടെ ഹൃദയമെന്ന് നാടുനീളെ നടന്നുപദേശിച്ചിട്ടും, ഏതാണ്ട് ആ വഴിക്കുതന്നെ സ്വാതന്ത്ര്യം നേടിയിട്ടും അതൊന്നുമല്ല നമുക്കിനി വേണ്ടത്, പാശ്ചാത്യരുടെ തികവെത്താത്ത ഭൗതികവിദ്യ മാത്രമാണ് എന്നു നിശ്ചയിച്ച് ഭാരതഭൂമിയെപ്പിടിച്ച് സെക്യുലർ സ്റ്റേറ്റാക്കി മതം മാറ്റിയത്. ഭൗതികത എന്നും ദൈവാസുരസമ്പത്തുകളുടെ കുരുക്ഷേത്രമാണ്, ദൈവസമ്പത്തുകളാകുന്ന അമൃതം ഭുജിച്ച് തദപേക്ഷയാ ജീവിതഭോഗങ്ങളെ കഴിയുന്നത്ര കുറയ്ക്കുന്നവരും, ആസുരസമ്പത്തുകൾകൊണ്ടെങ്കിൽ അവകൊണ്ടുതന്നെ ജീവിത ഭോഗങ്ങളെ പിടിച്ചുപറ്റി പെരുപ്പിക്കുന്നവരും തമ്മിൽ നടക്കുന്ന യുദ്ധത്തിന്റെ രംഗം. അതാണല്ലോ ഇന്നു കേൾക്കുന്ന 'ജീവിതനിലവാരം ഉയർത്തുക' എന്ന മുദ്രാവാക്യത്തിന്റെ പൊരുൾ. അതിപ്പോൾ വളഞ്ഞുവെച്ച് (ഘെരാവോചെയ്തു) പരദ്രോഹംചെയ്യുക വരെ എത്തിയിരിക്കുന്നു.

എന്നും ഈ ലോകം അങ്ങനെയേ ഇരിക്കൂ. പ്രപഞ്ചമെന്നതുതന്നെ ദേവാസുരയുദ്ധമാണെന്നു പറയാം. ചിലപ്പോൾ ആസുരസമ്പത്തുകൾ ജയിച്ചു മുതിരും. പക്ഷേ, ഭാരതേതിവൃത്തത്തിൽ കാണുംപോലെ ഭഗവാന്റെ പിന്തുണ എപ്പോഴും ദൈവസമ്പത്തുകൾക്കാകയാൽ ജിഹ്മകർമ്മങ്ങൾ ചെയ്തിട്ടും ചെയ്യിച്ചിട്ടും അവിടുന്ന് അവയെ ജയിപ്പിച്ചുവിടും. ഇന്ന് പറഞ്ഞാൽ കേൾക്കുന്നവർ ചുരുങ്ങിയതുകൊണ്ടാവാം, ഭഗവാൻ താൻതന്നെ ജിഹ്മകർമ്മങ്ങൾ ചെയ്തുവരികയാണ്. പ്രകൃതിയെ ജയിക്കുന്നതിന്നു പകരം അതിനെ നോക്കിപ്പഠിക്കുന്നവർക്ക് അതു കണ്ണിൽക്കാണാം. പത്രഭാഷയിൽ 'മഴച്ചതി' എന്നു പറയുന്ന അതിവൃഷ്ടിയാലും 'സൂര്യവഞ്ചന' എന്നു പറയാവുന്ന അനാവൃഷ്ടിയാലും ഭൂകമ്പം, തീപ്പിടുത്തം, കൊടുങ്കാറ്റ് മുതലായ മഹാഭൂതപ്രകോപങ്ങളാലും സയൻസ് ഉണ്ടാക്കിവെച്ച തീവണ്ടി മോട്ടോർ വിമാനാദികളുടെ വിപത്തികളാലും ഭഗവാൻ ആസുരതാസമ്പന്നന്മാരെ തങ്കൽ പ്രലയിപ്പിച്ചുവരുന്നു. ഭഗവാനിങ്ങനെ ചെയ്യുന്നത്, അവരുടെ ഉറ്റവരെ കഷ്ടത്തിലാക്കി പത്രങ്ങൾക്ക് 'ന്യൂസ് വാല്യൂ' (വൃത്താന്തമൂല്യം) നേടിക്കൊടുക്കാനല്ലെങ്കിൽ, സ്വന്തം മക്കളെ, 'ആത്മാ വൈ പുത്രനാമാസി' എന്ന പ്രമാണപ്രകാരം താൻതന്നെയായവരെ, കൊല്ലുവാനുള്ള മടികൊണ്ടു പതുക്കെപ്പതുക്കെ ഒടുക്കിക്കൊണ്ടിരിക്കയാവാം. വിപന്നന്മാരുടെ ഉറ്റവർക്കു വിവേകമുണ്ടാക്കുവാനും കരുതുന്നുണ്ടാവാം. നമ്മുടെ ചില സർവ്വേശ്വരന്മാരുടേതുപോലെ ഭഗവാന്റേയും ശുദ്ധീകരണം ഈ വിധത്തിലാണെന്ന്, ഗീതാപ്രവക്താവു തന്നെ ആസുരതാസമ്പന്നരായ സ്വപുത്രരെ നാമാവശേഷരാക്കി ഇവിടം വിട്ടതിൽനിന്നു തെളിയുന്നു. മറുവശത്ത്, വിവേകികൾ ഏറിയേറിവരുന്നതായി കാണുന്നതിൽനിന്നും ഭഗവാന്റെ ഈ ജിഹ്മകർമ്മങ്ങളുടെ ലക്ഷ്യം അതാണെന്നൂഹിക്കുകയും ചെയ്യാം. എന്തായാലും ഇങ്ങനെയെല്ലാം സങ്കല്പിക്കുന്നത്, സർവ്വേശ്വരന്മാരുടേയും സർവ്വേശ്വരനായ ഭഗവാനോടു കാട്ടുന്ന അപരാധമാവില്ലെന്ന് എനിക്കുറപ്പുണ്ട്.

digitized by www.sreyas.in

ഇത്രയെല്ലാം വിസ്തരിക്കാൻതക്കവണ്ണം ലോകം അത്രയേറെ മാർഗ്ഗഭ്രഷ്ടമായിക്കഴിഞ്ഞുവെങ്കിൽ, അതിനെപ്പറ്റി ഇനി പറഞ്ഞിട്ടെന്തു കാര്യം? മറുപടി, 'കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന' എന്ന വാക്കുകൾ മാത്രം. കൂടാതെ, കൗരവസദസ്സിലേക്കു ദൂതിനുചെന്ന വാസുദേവനോട്, 'അങ്ങെന്തിനീ പാഴ്‌വേലയ്ക്കു വന്നു?' എന്നു ചോദിച്ച വിദുരനോട് ഭഗവാൻ പറഞ്ഞ മറുപടിയും, വേണമെങ്കിൽ ഉദ്ധരിക്കാം:

"ആകേശഗ്രഹണാന്മിത്ര-
മകാര്യാൽ സന്നിവർത്തയേൽ
അവാച്യഃ കസ്യചിദ് ഭാതി
കൃതയത്നോ യഥാ ബലം."

(ഉദ്യോഗപർവ്വം, 93. 11)

അർത്ഥം : തലമുടി പിടിച്ചു വലിച്ചുപോലും മിത്രത്തെ അകൃത്യത്തിൽനിന്നു പിന്തിരിപ്പിക്കണം. തന്റെ കഴിവിനൊത്തു പ്രയത്നിച്ച അവനെപ്പറ്റി പിന്നെ ആരും കുറ്റംപറയില്ലല്ലോ.

ഇത്രയ്ക്ക് മഹാർഹമായ ഈ വേദാന്തകാവ്യത്തെ, ജീവിതശാസ്ത്രത്തെ, വളരെക്കാലം പാടുപെട്ട് നമ്മുടെ ഭാഷയിലേക്കു പദാനുപദം വിവർത്തനം ചെയ്കയും, അതിലധികം പാടുപെട്ടു പ്രകാശിപ്പിക്കുകയുംചെയ്ത ശ്രീ കെ. പ്രകാശത്തെ, പണ്ടിത് വൃത്താനുവൃത്തം വിവർത്തനംചെയ്ത കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനെ എന്നതിലധികം ഞാൻ ആദരിക്കുന്നു. അധികത്തിനു കാരണം സ്വാനുഭവത്തെ മുൻനിർത്തി വിവരിക്കാം: പദ്യകൃതികളുടെ വലിയൊരു ഗുണം വലിയൊരു ദോഷവുമാണ്. അതിന്റെ താളാനുസൃതമായ ഗതിയാലും അർത്ഥകല്പനാചമൽക്കാരത്താലും ആകൃഷ്ടരാകുന്ന വായനക്കാർ പ്രതിപാദ്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെ ഒഴുകിപ്പോയേക്കാം. യാദൃച്ഛികമായി വല്ലതും സ്വാനുഭവത്തെ തൊട്ടിളക്കിയാലേ അതിനെപ്പറ്റി ആലോചിച്ചുനോക്കിയുള്ളു എന്നുവരാം. ഒരിക്കൽ 'അലോകസാമാന്യമചിന്ത്യഹേതുകം ദ്വിഷന്തി മന്ദാശ്ചരിതം മഹാത്മനാം' * എന്നുള്ള കാളിദാസന്റെ ശ്ലോകാർദ്ധമാണ്, ആദ്ധ്യാത്മികമഹാപുരുഷന്മാരുടെ പരോക്ഷനിരൂപകനായിരുന്ന എന്നെ ആ അവിനയത്തിൽനിന്നു പിന്തിരിപ്പിച്ചത്. ഗദ്യമാകട്ടെ പ്രകൃത്യാതന്നെ, ഉദാസീനരായ ലഘുവായനക്കാരെപ്പോലും യുക്തിവിചാരത്തിലേക്കു തെളിച്ചുകൊണ്ടിരിക്കും. പൊതുവേ പദ്യത്തേക്കാൾ ഗദ്യത്തിനുള്ള താഴ്ച്ചയെ നികത്തിവയ്ക്കുന്ന മേന്മയാണിത്.

ഒടുക്കം എനിക്കു ഗദ്യവിവർത്തനത്തോട് ഒരു മമതാബന്ധമുള്ളതുകൂടി ചൂണ്ടിക്കാട്ടി ഉപസംഹരിക്കാം. എന്റെ 'ഭാരതപര്യടനം' എന്ന കൊച്ചുപുസ്തകം വായിച്ചിട്ടാണ്, തനിക്ക് ഈ മഹാപ്രയത്നത്തിൽ ഏർപ്പെടുവാൻ തോന്നിയതെന്ന് ശ്രീ പ്രകാശം ഒരിക്കൽ എനിക്കെഴുതുകയുണ്ടായി. ഇതുപോലൊന്നു ചെയ്താൽക്കൊള്ളാമെന്ന് ഒരിക്കൽ എനിക്കുമുണ്ടായിരുന്നു. പരിതഃസ്ഥിതി അനുകൂലമല്ലാഞ്ഞതുകൊണ്ട് ആ കൊച്ചുപുസ്തകംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. തൽപ്രേരിതമായ ഈ ഗദ്യവിവർത്തനം എന്റേതുതന്നെ എന്ന് എന്തുകൊണ്ട് എനിക്കഭിമാനിച്ചുകൂടാ? 'ഏകം സദ്വിപ്രാ ബഹുധാ വദന്തി.' (ഋഗ്വേദം)

ഋഷിപ്രസാദം
കോഴിക്കോട് - 3
12-8-1968

കുട്ടികൃഷ്ണമാരാർ

---

* ലോകസാധാരണമല്ലാതേയും കാരണമറിയരുതാതേയുമുള്ള മഹാത്മാക്കളുടെ നടപടിയെ മൂഢാത്മാക്കൾ ദ്വേഷിക്കുന്നു. (കുമാരസംഭവത്തിൽ പാർവ്വതി പരമേശ്വരനെ നിന്ദിക്കുന്ന ബ്രഹ്മചാരിയോട്.)

digitized by www.sreyas.in

അവതാരിക*

നമോസ്തു തേ വ്യാസ, വിശാലബുദ്ധേ!

വാക്കുകൾ കൂട്ടിവായിക്കാൻ ശീലിച്ച കാലംമുതൽ മനസ്സിൽ കടന്നുകൂടിയതാണ് മഹാഭാരതകഥ, അല്ലെങ്കിൽ ഭാരതകഥയുടെ നുറുങ്ങുകൾ. അതിലെ ഭിന്നവിചിത്രമായ രംഗങ്ങളും തനിമയോടെ വേറിട്ടുനില്ക്കുന്ന എണ്ണമറ്റ കഥാപാത്രങ്ങളും എന്റെ കുരുന്നുഭാവനയെ എന്തെന്നില്ലാതെ വശീകരിച്ചു. ഇത് എനിക്കുമാത്രം അവകാശപ്പെടാവുന്ന ഒരു ബാല്യാനുഭൂതിയാവില്ല. ഇന്ത്യയുടെ മണ്ണിൽ പിറന്നവർക്കെല്ലാം – ഒരുപക്ഷേ, ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ജനാവലിക്കുകൂടി – ഇതേ തോതിലും ഈണത്തിലും മഹാഭാരതകഥയോട് വൈകാരികമായ വേഴ്ച അനുഭവപ്പെടുന്നുണ്ടായിരിക്കും. ഉദ്വേഗങ്ങൾ ഉണർത്തുന്നതും കൗതുകചിന്തകൾക്കു ഹരംപിടിപ്പിക്കുന്നതുമായ ഒരു കഥാതന്തു. സമൂഹത്തിന്റെ ഹൃദയവേദിയിൽ ഈ ആഖ്യാനതല്ലജം പ്രതിഷ്ഠ സമ്പാദിച്ചതിലോ സാമൂഹികമായ ചലനങ്ങൾക്കു മാർഗ്ഗദർശകമായതിലോ അത്ഭുതപ്പെടാനില്ല.

എങ്കിലും ഭാരതേതിഹാസത്തെപ്പറ്റി പില്ക്കാലത്തു ചെകിട്ടിൽ വന്നലച്ച സ്തുതിവചനഘോഷങ്ങൾ എന്നെ അന്ധാളിപ്പിച്ചു. അതിശയോക്തി സാഹിത്യനിരൂപണത്തിന്റെ അവിഭാജ്യാംശംപോലെ പ്രത്യക്ഷപ്പെടുന്ന ഒന്നാണെങ്കിലും എന്തിനും വേണ്ടേ ഒരതിരും കടിഞ്ഞാണും? നിലംതൊടാത്ത പ്രശംസകൾ ആർക്കും ഒരു മേന്മയും കൈവരുത്തുകയില്ലെന്നുതന്നെയല്ല, അനുവാചകലോകത്തെ വഴിപിഴപ്പിച്ചു കാടുകയറ്റുകയും ചെയ്യും. ആ നിലയ്ക്കു തള്ളിക്കളയാവുന്നതാണോ മഹാഭാരതപ്രശംസകൾ? ശങ്ക മനസ്സിനെ വിടാതെ പിടികൂടി. ഇതിന്റെ മാഹാത്മ്യം പ്രകീർത്തിച്ചവർ വിവരദോഷികളായ ഭക്തശിരോമണികൾ മാത്രമല്ല. അതാണ് ശങ്കയ്ക്ക് ആക്കംകൂട്ടിയ വസ്തുത. സാഹിതീസാഗരം മഥനം ചെയ്ത് അരിച്ചെടുത്ത അമൃതകണങ്ങൾ മലയാണ്മയുടെ ചഷകത്തിൽ നമുക്കു പകർന്നുതന്ന പണ്ഡിതപ്രകാണ്ഡങ്ങൾവരെ ഭാരതസ്തുതിപാഠകവൃന്ദത്തിൽപ്പെടുന്നു. അതിന്റെ മഹത്ത്വം എത്രയേറെ വാഴ്ത്തിയാലും മതിവരാത്തവരായിരുന്നു മഹാകവി ഉള്ളൂരും വടക്കുംകൂർ രാജരാജവർമ്മ രാജായും. പോരെങ്കിൽ, തല്ക്കർത്താവായ, 'മറസൂത്രിച്ച മാമുനി' തന്നെ മഹാഭാരതത്തിന്റെ മാഹാത്മ്യത്തിലേക്കു വിരൽചൂണ്ടി തുംഗാഭിമാനത്തോടെ രേഖപ്പെടുത്തിയ വാക്കുകൾ നമ്മുടെ മുമ്പിലുണ്ട്.

യദിഹാസ്തി തദന്യത്ര
യന്നേഹാസ്തി ന തത് ക്വചിത്

(ഇതിലുള്ളത് മറ്റു പലതിലും കണ്ടേക്കാം. ഇതിലില്ലാത്തത് മറ്റൊരിടത്തും കാണുകയില്ല)

ആത്മപ്രശംസ എന്ന മാനുഷികമായ ദൗർബ്ബല്യത്തിന് അതീതരല്ല മഹർഷിമാർപോലും എന്നു വരുമോ? ഇത്തരം സന്ദേഹങ്ങൾ അസ്ഥാനത്താണെന്നോ ജ്ഞാനലവദുർവിദഗ്ദ്ധന്മാരുടെ പരിമിതബുദ്ധിയിൽനിന്നു തേട്ടിവന്നതാണെന്നോ ഞാൻ കരുതിയില്ല. ആർഷവചനങ്ങൾ എന്തായാലും അണ്ണാക്കു തൊടാതെ വിഴുങ്ങണമെന്നുണ്ടോ? ദൈവങ്ങളോ ദൈവതുല്യരോ പൂർവ്വികരോ പുരാതനരോ അനുശാസിച്ചതാണെന്നുവെച്ച് ഏതാശയവും ചോദ്യംകൂടാതെ അംഗീകരിക്കാമോ? എന്നും സ്വന്തം ധിഷണയുടേയും സ്വാനുഭവങ്ങളുടേയും ചാണക്കല്ലിൽ ഉരസിനോക്കി പരിശോധിച്ചറിയണമെന്നു നിഷ്കർഷിച്ചവരാണ് പ്രാചീനഗ്രീസുകാർ. ആ ഗ്രീക്ക് സംസ്കാരപാരമ്പര്യത്തിന്റെ ആരാധകനാണു ഞാൻ. ഈ മനോഭാവം 'സന്തഃപരീക്ഷാന്യതരത് ഭജന്തേ, മൂഢഃപരപ്രത്യയനേയബുദ്ധി' എന്ന കാളിദാസോക്തിയുടെ മണ്ഡലത്തിന് അന്യവുമല്ല. അതുകൊണ്ട് ഭാരതമഹത്ത്വകീർത്തനങ്ങളെ മുഖവിലയ്ക്കെടുക്കാനും കേട്ടപടി ഉൾക്കൊള്ളാനും വിമനസ്കനായിത്തന്നെ ഞാൻ കാലം കഴിച്ചു – പെരിങ്ങോട്ടുകര ഗവണ്മെന്റ് ഹൈസ്കൂളിൽ പ്രിയംകരനായ എന്റെ ഭാഷാദ്ധ്യാപകനും പിന്നീട് കണ്ടശ്ശാംകടവ് ഗവണ്മെന്റ് ഹൈസ്കൂളിൽ എന്റെ സഹാദ്ധ്യാപകനുമായിരുന്ന വിദ്വാൻ കെ. പ്രകാശത്തിന്റെ ഭഗീരഥപ്രയത്നം ഈ വ്യാസഭാരതഗദ്യവിവർത്തനം പ്രകാശിതമാക്കുന്നതുവരെ വിൺഗംഗയെ മൺതലത്തിലേക്ക് ആനയിച്ച പുരാണപുരുഷനായ ഭഗീരഥന്റെ നേട്ടത്തോട് പ്രകാശത്തിന്റെ സംരംഭത്തിന് സംശയാതീതമായ സാദൃശ്യമില്ലേ?

ഇതോ മഹാഭാരതം?

വ്യാസമഹാഭാരതം ഗദ്യവിവർത്തനത്തിന്റെ ഓരോ വാല്യവും വിസ്മയാദരംകൊണ്ട് എന്റെ കണ്ണുകൾ വിടർത്തി. ഇതാണോ മഹാഭാരതം? ഞാൻ ഹൃദിസ്ഥമാക്കിയതും സുപരിചിതമെന്നു കരുതിപ്പോന്നതുമായ മഹാഭാരതം മഹാഭാരതമല്ലേ? 1968 സെപ്തംബറിൽ ഗദ്യവിവർത്തനത്തിന്റെ ഒന്നാം വാല്യം കൈയിൽ കിട്ടിയതോടെ നാമ്പെടുത്ത സന്ദേഹത്തിന് 1972 ഒക്ടോബറിൽ നാല്പതാം വാല്യം വായിച്ചുതീർന്നതോടെ പൂർണ്ണമായ നിവൃത്തി ലഭിച്ചു. മഹാഭാരതമെന്ന പേരിൽ അതുവരെ എന്റെ കണ്ണിൽ പതിയുകയും കാതിൽ അലയടിക്കുകയും കരളിൽ കടന്നുകൂടുകയും ചെയ്ത മഹാഭാരതങ്ങൾ അസ്സൽ മഹാഭാരതമല്ല, യഥാർത്ഥ മഹാഭാരതത്തിന്റെ കരടുകളെന്നോ അനുകരണങ്ങളെന്നോപോലും അവയെ വിശേഷിപ്പിക്കാൻ പ്രയാസമാണ്.

ശ്രീകൃഷ്ണനും ഭീഷ്മരും ധർമ്മപുത്രരും ധൃതരാഷ്ട്രപാണ്ഡുമാരും പാണ്ഡവകൗരവാദികളും ഭീമാർജ്ജുനസുയോധനന്മാരും എല്ലാ മഹാഭാരതാഖ്യാനങ്ങളിലുമുണ്ട്. ഐകരൂപ്യം അത്രകൊണ്ട് അവസാനിക്കുന്നു. വ്യാസകൃതിയുടെ ആഴവും പരപ്പും മുഴുപ്പും തുടിപ്പും സർഗ്ഗശോഭയും അവ ഒന്നിനേയും ധന്യമാക്കിയിട്ടില്ല. ഗദ്യത്തിലും പദ്യത്തിലും പല പല രൂപങ്ങളിൽ എത്രയോപേർ വ്യാസകഥാഭാഗങ്ങൾ ചിത്രണംചെയ്തിട്ടുണ്ട്. ആചാര്യവര്യനായ തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ മുതൽ ആധുനികനായ എം. ടി. വാസുദേവൻനായർവരെ നീണ്ടുകിടക്കുന്നതാണ് മഹാഭാരതത്തെ ഉപജീവിച്ച് മൗലികസൃഷ്ടികൾ കൊരുത്തെടുത്ത മലയാളസാഹിത്യകാരന്മാരുടെ പരമ്പര. ഇവർ കാഴ്ചവെച്ച രചനകൾ മലയാളസാഹിതിക്കു മികച്ച മുതൽക്കൂട്ടുകൾതന്നെ, സംശയമില്ല. പക്ഷേ, വ്യാസേതിഹാസത്തിന്റെ ചില സ്ഫുലിംഗ

* - 1986–ൽ എസ്.പി.സി.എസ് ഡമ്മി 1/8 സൈസിൽ പത്തുവാല്യങ്ങളായി വ്യാസമഹാഭാരതം പുനഃപ്രകാശനം ചെയ്തപ്പോൾ എഴുതിയ അവതാരിക.

digitized by www.sreyas.in

ങ്ങൾ പൂത്തിരിപോലെ കത്തിച്ചുകാട്ടി മലയാളികളുടെ കണ്ണഞ്ചിപ്പിക്കുകയാണ് ഇവർ ചെയ്തതെന്നുകൂടി സൂക്ഷ്മദൃഷ്ടികൾ മനസ്സിലാക്കുന്നു.

ഭാരതകഥയെ അവലംബിച്ചു മെനഞ്ഞെടുത്ത കൃതികൾ സേവനത്തോടൊപ്പം ദുസ്സേവനവും ചെയ്തിട്ടുണ്ട്. വ്യാസകൃതിയുടെ സാരസർവ്വസ്വം ഇവയിൽ ഒതുങ്ങുമെന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്നതാണ് ദുസ്സേവനം. മൂലകൃതി വായിച്ചില്ലെങ്കിലും സാരമായ യാതൊരു നഷ്ടവുമില്ലെന്ന അവ്യക്തമായ ഒരവബോധം ഇവ ഉളവാക്കുന്നു. ആനയും കുഴിയാനയും തമ്മിൽ നാമത്തിലേ സാമ്യമുള്ളു. കടലും കടലാടിയുംപോലെ പാടേ വ്യത്യസ്തമെങ്കിലും ഒരേ കഥാപാത്രങ്ങളുടെ സാന്നിദ്ധ്യം എല്ലാം മഹാഭാരതമാണെന്ന വിഭ്രാന്തി ജനിപ്പിക്കും. മലയാളഭാഷയും സാഹിത്യവും പിറന്ന നാൾമുതൽ നിലവിൽവന്നതും തുടർന്നുപോന്നതുമായ ഈ മിഥ്യയുടെ ധൂമപടലം പ്രകാശത്തിന്റെ തൂലികാവിലാസം തട്ടിനീക്കി. ഉള്ളറതൻ മറനീക്കി വ്യാസഭഗവാൻ വെളിയിൽ എഴുന്നള്ളുന്ന കാഴ്ച മലയാളിജനതയുടെ നയനങ്ങൾക്കു ഗോചരമായത് ഈ ഗദ്യപരിഭാഷ വെളിച്ചം കണ്ടതോടുകൂടിയാണ്.

'ഇനി ഞാൻ ഉറങ്ങട്ടെ'യും 'രണ്ടാമൂഴ'വും

ആ പുണ്യദർശനം ഭാഷാസാഹിത്യത്തിന് എത്രത്തോളം കൈവല്യദായകമായെന്നും വളർച്ചയ്ക്കു ചാലുകൾ കീറിയെന്നും വകയിരുത്താൻ കാലമായിട്ടില്ല. ഈ ഗദ്യവിവർത്തനം പുറത്തായതിനുശേഷം അടുത്ത വർഷംതന്നെ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന പി. കെ. ബാലകൃഷ്ണന്റെ ഗ്രന്ഥം അരങ്ങേറുന്നു. മഹാഭാരതത്തിലെ കർണ്ണകഥയെ പുനരാഖ്യാനം ചെയ്യുന്നതാണ് വയലാർ അവാർഡ് നേടിയ ആ കൃതി. ഒരു ദശാബ്ദം കൂടി പിന്നിട്ടതിന്നുശേഷം എം.ടി. യുടെ 'രണ്ടാമൂഴം' വരുന്നു. കലാകൗമുദി വാരികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയ കാലത്തുതന്നെ കോളിളക്കം സൃഷ്ടിക്കുകയും 1984–ലെ വയലാർ അവാർഡ് സമ്പാദിക്കുകയുംചെയ്ത കൃതി. ഇതിന്റെ അവലംബവും മഹാഭാരതരത്നഖനിതന്നെ. കർണ്ണനെയല്ല, ഭീമസേനനെയാണ് എം. ടി. യുടെ തൂലിക ചമൽക്കരിച്ച് അവതരിപ്പിക്കുന്നതെന്ന വ്യത്യാസമേ ഉള്ളൂ. മഹാഭാരതപര്യടനത്തിൽ നിന്നു പതയുന്ന പ്രചോദനം ഇത്തരം നിരവധി സർഗ്ഗശില്പങ്ങളുടെ നിർമ്മിതിക്ക് ഇനിയും ഉത്തേജനമാവുമെന്നുവേണം പ്രതീക്ഷിക്കുക.

ചാപ്മാൻ ഗ്രീക്കിൽനിന്ന് ഓഡിസി വിവർത്തനംചെയ്തതിനെ ഒരു ചരിത്രസംഭവമായി ഇംഗ്ലീഷുകാർ കൃതജ്ഞതാപൂർവം സ്മരിക്കാറുണ്ട്. ആംഗലസാഹിതിയുടെ കൺമുമ്പിൽ ഹോമറുടെ മഹാകാവ്യം ഒരു നൂതനപ്രപഞ്ചംതന്നെ തുറന്നുവെച്ചു. ചാപ്മാൻ പാരായണത്തിൽനിന്നു കൈവരിച്ച ആനന്ദാനുഭൂതി കീറ്റ്സ് കവിതയിലേക്കുകൂടി പകർത്തി. പല സുവർണ്ണ സാമ്രാജ്യങ്ങളിലും തന്റെ ഭാവന സഞ്ചരിച്ചിട്ടുണ്ടെങ്കിലും അതുപോലെ ഒരു മനോജ്ഞദൃശ്യം അങ്ങെങ്ങും കീറ്റ്സിനു കണ്ടെത്തുവാൻ കഴിഞ്ഞില്ലപോലും. ഓഡിസി ആംഗലവാണിയിലേക്ക് വിവർത്തിതമാവാതെപോയെന്നപക്ഷം ഇംഗ്ലീഷ് ഭാഷയ്ക്കു നേരിടുമായിരുന്ന അപാരമായ നഷ്ടത്തെപ്പറ്റി താൻ തികച്ചും ബോധവാനാണെന്നു പ്രഖ്യാപിക്കുന്നതാണ് കീറ്റ്സിന്റെ കവിത.

അതേ സമീപനത്തോടെ, വികാരവായ്പോടെ, ധന്യവാദം ചെയ്യപ്പെടേണ്ട ഒന്നല്ലേ പ്രകാശത്തിന്റെ മഹാഭാരതവിവർത്തനം? ഭാഷാപ്രണയികളുടെ തലമുറകൾ തന്മൂലം പ്രകാശത്തോട് കുറെയേറെ കടപ്പെട്ടിട്ടുണ്ട്. എങ്കിലും തങ്ങളുടെ കൃതജ്ഞത പ്രകടിപ്പിക്കാൻ നമ്മുടെ സാഹിത്യകൃത്തുക്കൾ വൈമനസ്യം പ്രകടിപ്പിച്ചു എന്നതല്ലേ വാസ്തവം? 'ഇനി ഞാൻ ഉറങ്ങട്ടെ' യുടേയും 'രണ്ടാമൂഴ' ത്തിന്റേയും കർത്താക്കൾ ഈ മലയാളഗദ്യപരിഭാഷ കണ്ടതായി നടിക്കുന്നില്ല. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതപദ്യവിവർത്തനമാണ് തങ്ങൾക്കു വഴികാട്ടിയതെന്ന് – വ്യാസന്റെ മൂലകൃതിയെന്നു ശഠിച്ചാലും ആർക്കും എതിരുപറയാനൊക്കുമോ? – ഇരുപേരും ഏകസ്വരത്തിൽ അരുളുന്നു. ഭാഷാപരമായ വ്യുൽപത്തിയും ഒന്നേകാൽ ലക്ഷം ശ്ലോകങ്ങൾ ഉരുക്കഴിച്ചു ഗ്രഹിക്കാനുള്ള ക്ഷമയും പ്രമുഖരായ ഈ സാഹിത്യകാരന്മാർക്കു സംസിദ്ധമായിട്ടില്ലേ? ഉണ്ടെന്നു തലകുലുക്കി സമ്മതിക്കാൻ തയ്യാറായിരിക്കും ഞാനും നിങ്ങളും മലയാളസാഹിത്യലോകം ഒട്ടാകെയും. എങ്കിലും ഒരു ചോദ്യം ഈ സന്ദർഭത്തിൽ സ്വാഭാവികമായി പ്രസക്തിയോടെ ഉയർന്നുവരുന്നു. തമ്പുരാന്റെ വിവർത്തനത്തിലൂടെ സമാർജ്ജിതമായ മഹാഭാരതസംസ്കാരം പാകപ്പെടുത്തി പുതുരൂപങ്ങളിൽ ആവിഷ്കരിക്കുവാൻ പ്രകാശത്തിന്റെ ഗദ്യപരിഭാഷ വരുംവരെ എന്തുകൊണ്ട് കാത്തിരുന്നു? പി. കെ. ബാലകൃഷ്ണനും എം. ടി. വാസുദേവൻനായരും ജനിക്കുന്നതിനു മുൻപ് പ്രസിദ്ധപ്പെടുത്തിയതാണ് തമ്പുരാന്റെ പദ്യവിവർത്തനം. പുരുഷായുസ്സിന്റെ പൂർവ്വാർദ്ധം പിന്നിടുകയോ ആ വയോഘട്ടത്തെ സമീപിക്കുകയോ ചെയ്തുകഴിഞ്ഞവരാണ് 'ഇനി ഞാൻ ഉറങ്ങട്ടെ' യുടെയും 'രണ്ടാമൂഴ' ത്തിന്റെയും കർത്താക്കൾ. ഇവർ രചനാരംഗത്ത് നവാഗതരുമല്ല; ദശാബ്ദങ്ങളുടെ സാഹിതീസേവനപാരമ്പര്യം ഇവരുടെ പിന്നിലുണ്ട്. എന്നിട്ടും മഹാഭാരതകഥയെ ഉപജീവിച്ച് മറ്റൊരു സർഗ്ഗസൃഷ്ടി വാർത്തെടുക്കണമെന്ന വിചാരം പ്രകാശത്തിന്റെ ഗദ്യവിവർത്തനം തൊടുത്തുവിട്ട ചലനങ്ങളുടെ കാലാവസ്ഥയിലേ പൂവണിയുകയുണ്ടായുള്ളു. അനിഷേദ്ധ്യമായ ഈ വസ്തുതയെ വേണമെങ്കിൽ യാദൃച്ഛികമെന്നു ചൊല്ലി അവഗണിക്കാം. അല്ലെങ്കിൽ അനാസ്പദമായ അനുമാനമെന്നു കരിതേക്കുകയും ചെയ്യാം. എന്തായാലും ഗദ്യപരിഭാഷ വന്നതിനുശേഷമാണ് അവരുടെ പ്രതിഭകൾ മഹാഭാരതോന്മുഖമായി പ്രയാണമാരംഭിച്ചതെന്ന വസ്തുതയെ അന്യഥാകരിക്കാനോ മാറ്റിമറിക്കാനോ സാധിക്കില്ല. സാഹചര്യാധിഷ്ഠിതമായ തെളിവുകൾ ആഭ്യന്തരവും മറ്റുമായ തെളിവുകളെ അധഃകരിക്കുകയും ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നു ചില കേസുകളുണ്ട്.

തമ്പുരാന്റെ പദ്യവിവർത്തനം

വ്യാസേതിഹാസം ആദ്യമായി കൈരളിക്കു സമ്മാനിച്ച മഹാപുരുഷന്റെ സേവനത്തെ അംഗീകരിക്കാതെയോ വകവെക്കാതെയോ ഗദ്യപരിഭാഷയുടെ അപദാനങ്ങൾ കീർത്തിക്കാമോ? ആ പാതകത്തിന് ഈയുള്ളവൻ ആളല്ല; അത്തരമൊരു വികലചിന്ത സ്വപ്നേപി എന്നെ അലട്ടുന്നുമില്ല. മഹാഭാരതം വൃത്താനുവൃത്തം വിവർത്തനംചെയ്ത തമ്പുരാൻ സാധിച്ചത് ദുഷ്കരമെന്നു കരുതിപ്പോന്ന ഒരദ്ഭുതകൃത്യംതന്നെ. അതു നിർവ്വഹിച്ചതാകട്ടെ, മറ്റൊരു ഭാരതീയഭാഷയിലും. മഹാഭാരതത്തിന്റെ വൃത്താനുവൃത്തവിവർത്തനം അവതരിപ്പിച്ചിട്ടില്ലാതിരുന്ന ഘട്ടത്തിലും എത്ര പ്രഗല്ഭനായാലും ഒരൊറ്റ വ്യക്തിക്ക് സ്വയം കൈകാര്യംചെയ്യാവുന്ന സംരംഭമാണിതെന്നുവരെ അക്കാലത്ത് ആർക്കും ധാരണയില്ലായിരു

digitized by www.sreyas.in

ന്നു. 'തനിച്ചു മൂവാണ്ടിടകൊണ്ട് സാക്ഷാൽ മഹാഭാരതം തർജ്ജമചെയ്ത ധീമാൻ' എന്ന് തമ്പുരാനെ മഹാകവി വള്ളത്തോൾ ശ്ലാഘിച്ചതിന്റെ പൊരുളും മറ്റൊന്നല്ല.

എങ്കിലും ദൂരെ മാറിനിന്നുകൊണ്ട് 'അഹോ ഉജ്ജ്വലം, ഉദാത്തം, ഗംഭീര' മെന്ന് ആ ഉത്തുംഗശില്പത്തെ വിശേഷിപ്പിച്ച് പിൻമാറിയവരല്ലേ, ജനതയിലെ ബഹുഭൂരിഭാഗവും? വ്യാസപ്രതിഭയുടെ വെട്ടിത്തിളങ്ങുന്ന വിശാലവിസ്മൃതിയിലേക്ക് അഭ്യസ്തവിദ്യരായ അനുവാചകസമൂഹത്തെപ്പോലും കൂട്ടിക്കൊണ്ടുപോകാൻ തമ്പുരാന്റെ പദ്യവിവർത്തനത്തിനു കഴിഞ്ഞില്ല. കത്തുകൾ, വാർത്താവിവരണക്കുറിപ്പുകൾ മുതലായവപോലും പദ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടുപോന്ന ഒരു കാലഘട്ടത്തിന്റെ അന്ത്യത്തിലായിരുന്നു തമ്പുരാന്റെ വൃത്താനുവൃത്തവിവർത്തനത്തിന്റെ ആവിർഭാവം. കാലം പെട്ടെന്ന് മാറിയതോടെ പദ്യവാങ്മയം കൂടുതൽപേർക്ക് അനഭിഗമ്യമായിത്തീർന്നു. ശ്ലോകങ്ങളുടെ പുറംതോടു ഭേദിച്ച് കഥയുടെ ഉൾക്കാമ്പ് ആസ്വദിക്കുവാൻ സന്നദ്ധതയും സൗകര്യവും സമയവുമുള്ളവർ പരിമിതമായിത്തീർന്നു. കാലഗതിവരുത്തിയ ഭാഗ്യദോഷം തമ്പുരാന്റെ പദ്യവിവർത്തനത്തിന്റെ പ്രചാരവ്യാപ്തിയെ കണക്കിലേറെ ബാധിച്ചു. ഗദ്യവിവർത്തകനായ പ്രകാശം ആ പോരായ്കയെപ്പറ്റി തികച്ചും ബോധവാനായിരുന്നു. അതിനു നിദർശനമാണ് ചുവടെ ചേർക്കുന്ന അദ്ദേഹത്തിന്റെ വരികൾ. "പദ്യം എഴുതുമ്പോൾ ഗഹനമായ പദ്യങ്ങളുടെ ആശയം വിശദമാക്കുവാൻ കവിക്കു കഴിയുകയില്ല. മൂലവും തർജ്ജമയും ഒരുപോലെ ഉടയ്ക്കാത്ത തേങ്ങപോലെ കിടക്കുന്നു. അത് ഉടച്ച് ചിരകി പാകമാക്കിക്കൊടുക്കുന്ന മട്ടിലാകണം ഗദ്യപരിഭാഷ. എന്നാൽ മാത്രമേ സാമാന്യജനങ്ങൾക്ക് അത് ആസ്വദിക്കുവാൻ സാധിക്കൂ, രുചിക്കുകയുള്ളു. അങ്ങനെ പൊതുജനങ്ങളുടെ അഭിരുചി മനസ്സിലാക്കി പണ്ഡിതപാമരഭേദമെന്യേ ബഹുസഹസ്രം ജനങ്ങൾക്ക് വായിച്ചു ഗ്രഹിക്കത്തക്കവിധം, ലളിതമായ ഗദ്യത്തിൽ മഹാഭാരതം വിവർത്തനംചെയ്യുവാനാണ് ഞാൻ പരിശ്രമിച്ചത്." (നാല്പതാം വാല്യത്തിന്റെ ആമുഖം.)

ശ്ലോകപരിഭാഷയുടെ പരിമിതി

തമ്പുരാന്റെ പദ്യപരിഭാഷയെ മലയാളഭാഷയുടെ അനശ്വരവും വമ്പത്തം തികഞ്ഞതുമായ സാഹിത്യസമ്പത്തെന്നു വിശേഷിപ്പിച്ച വടക്കുംകൂർ രാജരാജവർമ്മപോലും അതിനു പ്രകടമായ ഒരു പരിമിതിയുണ്ടെന്നു സമ്മതിക്കുന്നു. ജനങ്ങളെ വശീകരിക്കുന്നതിനുള്ള കഴിവുകേടുതന്നെയാണ് ആ പരിമിതി. തുഞ്ചവിരചിതമായ ഭാരതം കിളിപ്പാട്ടിനു താരതമ്യേന വശ്യത കൂടുതലുണ്ടെന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം. തമ്പുരാന്റെ വിവർത്തനം കുടിയാൽ പത്തുപേർ വായിക്കുമെങ്കിൽ, കിളിപ്പാട്ട് നൂറിനു നൂറ്റൊന്നുപേർ പാരായണംചെയ്തിരിക്കുമെന്നു വടക്കുംകൂർ ചൂണ്ടിക്കാട്ടുന്നു. എന്തായാലും ഒന്നു തീർച്ച: തമ്പുരാന്റെ പരിഭാഷയിലൂടെ വ്യാസഭാരതകഥകളുടെ വിശ്വരൂപവും, ബന്ധുരമായ ഭാസുരച്ഛായകളും ദർശിച്ചു രമിച്ചവർ അധികമില്ല.

ഭാരതകഥ പ്രതിപാദിക്കുന്ന അനവധി കൃതികൾ മറ്റു ഭാഷകളിലെന്നപോലെ മലയാളത്തിലുമുണ്ട്. ഭാഗികമായ ചിത്രങ്ങളേ അവ ഓരോന്നും അനാവരണം ചെയ്യുന്നുള്ളൂ. ആനയെ കണ്ട അന്ധന്മാരുടെ മാനസികാവസ്ഥയിലേക്കു വായനക്കാരെ ചേരിതിരിച്ചു കൊണ്ടുപോകുന്ന രചനകൾ. കഥയുടെ അസ്ഥികൂടം മാത്രമേ മിക്കതിലും ഉൾക്കൊള്ളുന്നുണ്ടാവൂ. പാഠപുസ്തകക്കമ്മിറ്റിക്കാരുടേയും ബാലസാഹിത്യപ്രസാധകരുടേയും ആവശ്യത്തിനനുസരിച്ച് അളന്നുമുറിക്കുകയും ചിന്തേരിട്ടു മിനുക്കുകയും ചെയ്ത ഭാരതകഥാപുസ്തകങ്ങൾ അസംഖ്യമാണ്. ഇവയിൽനിന്നെല്ലാംകൂടി ഉരുത്തിരിഞ്ഞതല്ലേ നമ്മുടെയിടയിലെ മഹാഭാരതവിജ്ഞാനം? അജ്ഞാനത്തിന്റെ മറ്റൊരു പതിപ്പ് മാത്രമായ വിജ്ഞാനം അല്ലേ?

തുഞ്ചത്താചാര്യന്റെ മഹാഭാരതം കിളിപ്പാട്ടുപോലും വ്യാസേതിഹാസത്തിലെ മർമ്മപ്രധാനമായ പല ഭാഗങ്ങളേയും സ്പർശിച്ചിട്ടില്ല. വ്യാസമഹാഭാരതത്തെ പൂർണ്ണരൂപത്തിൽ പരിചയപ്പെടുന്നതോടെ നമ്മുടെ ഭാരതവിജ്ഞാനത്തിന്റെ അല്പത്വവും ലഘുത്വവും ബോദ്ധ്യപ്പെടും.

മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോന്റെ സാക്ഷ്യപത്രം നോക്കുക: "രാമായണഭാരതാദിപുരാണകഥകൾ ഞാൻ വായിച്ചറിഞ്ഞത് അധികവും കെ. വി. എമ്മിന്റെ കൃതികളിലൂടെയായിരുന്നു. അക്കാലത്തുതന്നെ പരേതനായ ശ്രീ കുന്നത്തു ജനാർദ്ദനൻ (കണ്ണൻ ജനാർദ്ദനൻ) എഴുതിയ മഹാഭാരതഗദ്യവിവർത്തനവും നോക്കാൻ സംഗതിയായിട്ടുണ്ട്. അപ്പോഴാണ് കെ. വി. എമ്മിന്റെ പ്രതിപാദനരീതിയുടെ വശ്യത അനുഭവപ്പെട്ടത്. രണ്ടും ഒരേ കഥകളാണ് പ്രതിപാദിച്ചിരുന്നതെങ്കിലും ഒന്ന് ഒട്ടാക്കെ വിരസമായിരുന്നു." (വായനയുടെ ഉതിർമണികൾ, പ്രഭാത് ബുക്ക്സ്, പേജ് 9) കെ. വി. എം. തന്റെ ഗ്രന്ഥങ്ങൾ അധികവും എഴുതിയത് സാഹിതിക്ക് എന്തെങ്കിലും സംഭാവനയർപ്പിക്കണമെന്ന ഉദ്ദേശത്തോടെയല്ലെന്നും തന്റെ കുടുംബത്തെ പട്ടിണിപ്പാടിൽനിന്നു രക്ഷിക്കാനാണെന്നും ഇതോടൊപ്പം അച്ചുതമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു യജ്ഞപ്രക്രിയ

പ്രകാശമാകട്ടെ, ഭൗതികമായ എന്തെങ്കിലും ലാഭം പ്രതീക്ഷിച്ചോ ആരുടെയെങ്കിലും പ്രീതിക്കുവേണ്ടിയോ വഴിപാടുപോലെ ഏറ്റെടുത്തതല്ല ഗദ്യപരിഭാഷാകർമ്മം. മാനസികമായ സംതൃപ്തിക്കും ആത്മീയമായ ചാരിതാർത്ഥ്യത്തിനും വേണ്ടി സ്വയം പ്രേരിതനായി മാത്രം നിർവ്വഹിച്ച ഒരു യജ്ഞപ്രക്രിയ. ഈ വിവർത്തനസാഹസത്തിനു മുതിർന്നതിന്റെ പശ്ചാത്തലവും തന്റെ തൂലികയ്ക്ക് പ്രചോദനമേകിയ ചേതോവികാരവും അദ്ദേഹം ഇപ്രകാരം കാവ്യഭാഷയിലേക്ക് – ഉത്തിഷ്ഠമാനനായ ഒരു കവിയെന്ന നിലയ്ക്കായിരുന്നു മുപ്പതുകളിലും നാല്പതുകളിലും പ്രകാശത്തിനു പ്രസിദ്ധി – പകർത്തിയിട്ടുണ്ട്.

സത്യഭാമാഖ്യയെൻ പുത്രിയപകട–
മൃത്യുകൂപത്തിൽ തിരോഹിതയാകവേ,

ആശിച്ച പുത്രമിത്രാദിസുഖങ്ങളെൻ
ക്ലേശച്ചുഴിയിൽ കിടന്നു കറങ്ങവേ,

digitized by www.sreyas.in

വ്യാസന്റെ ഭാരതം ഗദ്യത്തിലാക്കുന്ന
സാഹസത്തിന്നു മുതിർന്നേൻ മഹാമതേ!

ക്ലേശം നിറഞ്ഞൊരു ജീവിതയാത്രയ്ക്കു
ലേശം സമാശ്വാസമാശിച്ചുകൊണ്ടു ഞാൻ.

എന്തും വരട്ടെയിടയ്ക്കു നിർത്തീടാതെ-
യന്ത്യംവരേയ്ക്കും ചലിക്കുമെൻ തൂലിക.

ആവേശമാർന്നൊരിക്കർമ്മത്തിലില്ലെനി-
ക്കാശ മറ്റൊന്നിലും സംതൃപ്തിയെന്നിയെ.

1140 ധനു ഒന്നാംതീയതി തന്റെ ദുഃഖത്തിന് വിമുക്തി ലഭിക്കുന്നതിനുവേണ്ടി ആരംഭിച്ച ഈ മഹോദ്യമം പൂർത്തിയാക്കുവാൻ മൂന്നുവർഷം നീണ്ടുനിന്ന നിസ്തന്ദ്രവും നിരന്തരവുമായ യത്നം വേണ്ടിവന്നു. എഴുതിത്തീർന്നപ്പോൾ ഇരുപതിനായിരത്തിൽപരം ഫുൾസ്കേപ്പുപേജ്! ദിവസത്തിൽ 10 മണിക്കൂറും, ചില ദിവസം 12 മണിക്കൂറും ഇരുന്ന് എഴുതിയിട്ടുണ്ടെന്നു വിവർത്തകൻ പറയുന്നു. മഹോദ്യമമെന്ന അദ്ദേഹത്തിന്റെ വിശേഷണം വിനയാന്വിതമായ ഒരു ലഘുവിവരണം മാത്രമേ ആകുന്നുള്ളൂ.

മറ്റെന്തിതിൻനേർക്കു നമസ്കരിക്ക
സാഷ്ടാംഗമായ് നീ മലയാളഭാഷേ!

വിവർത്തനതപസ്യയുടെ വിവരങ്ങൾ മുഴുവൻ അറിയുന്നതോടെ വള്ളത്തോളിന്റെ പ്രസ്തുത വരികൾ സഹൃദയകേരളത്തിന്റെ നാവിൻതുമ്പത്ത് തത്തിക്കളിക്കാതിരിക്കില്ല.

വ്യാസഭാരതത്തിന്റെയും വിവർത്തനത്തിന്റെയും മഹത്വത്തിന്റെ അടിസ്ഥാനം അതിന്റെ വലിപ്പംതന്നെ എന്നാണോ എന്റെ വിവക്ഷ? ഇത്രയേറെ തടിച്ച ഒരു ഗ്രന്ഥം ലോകസാഹിത്യമാകെ തിരഞ്ഞവർക്കു കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ബൈബിളിന്റെ ഇരട്ടിയും ഓഡിസിയും ഇലിയഡും കൂടിയതിന്റെ എട്ടുമടങ്ങും ഇതിനു ദൈർഘ്യമുണ്ട്. പക്ഷേ, ഹിമാലയസന്നിഭമായ ആകാരഗാംഭീര്യമാണ്, ലോകസാഹിത്യത്തിൽ മഹാഭാരതത്തിന്റെ മഹിമയ്ക്കും തലയെടുപ്പിനും ഹേതുവായ വസ്തുതയെന്ന് ആരും പറഞ്ഞിട്ടില്ല. പറയുകയുമില്ല. പ്രകാശത്തിന്റെ മഹോദ്യമത്തെ മാനിക്കുന്നതിലും പ്രയത്നമഹിമയെ മാത്രം മാനദണ്ഡമാക്കുന്നത് മര്യാദകേടും അനുചിതവുമാണെന്നും ഞാൻ കരുതുന്നു, അത് പ്രകടവും ഗണനീയവുമായ ഒരു വശംതന്നെയാണെങ്കിലും.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വൃത്താനുവൃത്തപദ്യവിവർത്തനം വന്നതോടെ ഗദ്യപരിഭാഷകൻ ഏറ്റവും വലിയ വൈതരണി കടന്നുകഴിഞ്ഞുവെന്നും തുറന്നുകിട്ടിയ രാജവീഥിയിലൂടെ സ്വച്ഛന്ദം നിഷ്പ്രയാസം സഞ്ചരിക്കാമെന്നുമാണ് പൊതുധാരണ. സൂക്ഷ്മപരിശോധനയിൽ അതൊരു തെറ്റിദ്ധാരണയാണെന്നു ബോദ്ധ്യപ്പെടും.

കൂടുതൽ വലിയ ഉത്തരവാദിത്വം

പദ്യങ്ങളുടെ ആശയം വിശദമാക്കുവാൻ വൃത്താനുവൃത്ത വിവർത്തകനു ബാദ്ധ്യതയില്ല. വേണമെങ്കിൽ ആശയം സൂക്ഷ്മമായി ഗ്രഹിക്കാതെയും വിവർത്തനകൃത്യം നിർവ്വഹിക്കാം. വ്യാസൻ ചൊല്ലിക്കൊടുത്ത ശ്ലോകങ്ങൾ ഗണപതി കുറിച്ചെടുത്തുവെന്നും അങ്ങനെയാണ് മഹാഭാരതം രൂപംപൂണ്ടതെന്നും പറയപ്പെടുന്നു. പക്ഷേ, എഴുത്തു തുടങ്ങുന്നതിനുമുൻപ് ഗണപതി ഒരു ഉപാധി നിർദ്ദേശിച്ചു: തന്റെ എഴുത്താണി വിശ്രമിക്കാൻ ഇടവരരുതെന്നും നിർത്താതെ, ഇടതടവില്ലാതെ ശ്ലോകങ്ങൾ പറഞ്ഞുകൊടുക്കണമെന്നും. വ്യാസൻ അതംഗീകരിച്ചതോടൊപ്പം ഒരു പ്രത്യുപാധി ഉന്നയിച്ചു: ശ്ലോകങ്ങൾ ഓരോന്നിന്റെയും അർത്ഥം ഹൃദിസ്ഥമാക്കിയതിനുശേഷമേ ഗണപതി എഴുതിത്തുടങ്ങാവൂ. പദ്യവിവർത്തകനായ തമ്പുരാന് പ്രസ്തുത ഉപാധികളൊന്നും ബാധകമല്ലായിരുന്നു. ഗദ്യപരിഭാഷകനായ പ്രകാശത്തിന്നാകട്ടെ, വ്യാസൻ നിശ്ചയിച്ച ഉപാധിയെ മറികടക്കുവാൻ നിവൃത്തിയില്ല. അർത്ഥതലം വേണ്ടവിധം ഉൾക്കൊണ്ട് വിശദീകരിക്കാതെ ഗദ്യപരിഭാഷ ഗദ്യപരിഭാഷയാവില്ല. പദാനുപദപരിഭാഷയിലൂടെ തമ്പുരാന് വേണമെങ്കിൽ അവഗണിക്കാമായിരുന്ന ആ ഉത്തരവാദിത്വത്തെപ്പറ്റി തികച്ചും ബോധവാനായിരുന്നു ഗദ്യവിവർത്തകനായ പ്രകാശം. പ്രതാപചന്ദ്രറോയിയുടെ ഇംഗ്ലീഷ് പരിഭാഷയാണ് വിഷമസന്ധികളിൽ കൈത്തിരികാട്ടി തനിക്കു വഴിതെളിച്ചുതന്നതെന്ന് അദ്ദേഹം പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്. തമ്പുരാന്റെ പദ്യവിവർത്തനവും പ്രതാപചന്ദ്രറോയിയുടെ ഇംഗ്ലീഷ്പരിഭാഷയും മാത്രമല്ല, ചതുർവ്വേദി ദ്വാരകാപ്രസാദ് ശർമ്മയുടെ ഹിന്ദി വിവർത്തനവും കണ്ണംപുഴ കൃഷ്ണവാരിയരുടെ ആദിപർവ്വവ്യാഖ്യാനവും ഭഗവദ്ഗീതയുടെ പല മലയാളപരിഭാഷകളും വ്യാസപ്രതിഭയുടെ അഗാധഹ്രദങ്ങളിലേക്ക് എത്തിനോക്കുവാൻ പ്രകാശത്തെ സഹായിച്ചു.

തമ്പുരാന്റെ മലയാളവിവർത്തനംകൊണ്ട് തൃപ്തിവരാതെ ഭിന്നഭാഷകളിലെ ഭാരതവ്യാഖ്യാനങ്ങൾ തേടി ആശയങ്ങളുടെ മിഴിവു വർദ്ധിപ്പിക്കാൻ ശ്രമിച്ച പ്രകാശത്തിന്റെ സേവനം ഒട്ടും ലഘുവല്ല. ഗവേഷകന്റെ വിജ്ഞാനതത്വംകൂടി ഈ പരിഭാഷയുടെ മാറ്റുകൂട്ടാൻ അദ്ദേഹം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

''മഹാർഹമായ ഈ വേദാന്തകാവ്യത്തെ, ജീവിതശാസ്ത്രത്തെ, വളരെക്കാലം പാടുപെട്ട് നമ്മുടെ ഭാഷയിലേക്കു പദാനുപദം വിവർത്തനംചെയ്യുകയും അതിലധികം, പാടുപെട്ടു പ്രകാശിപ്പിക്കുകയും ചെയ്ത ശ്രീ കെ. പ്രകാശത്തെ, പണ്ട് ഇത് വൃത്താനുവൃത്തം വിവർത്തനംചെയ്ത കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനെയെന്നതിലധികം ഞാൻ ആദരിക്കുന്നു'' എന്ന് കുട്ടിക്കൃഷ്ണമാരാർ മുക്തകണ്ഠം പ്രശംസിച്ചതിന്റെ കാരണം ഇതൊക്കെത്തന്നെയല്ലേ? ''പദ്യകൃതികളുടെ വലിയൊരു ഗുണം വലിയൊരു ദോഷവുമാണ്. അതിന്റെ താളാനുസൃതമായ ഗതിയാലും അർത്ഥകല്പനാചമല്ക്കാരത്താലും ആകൃഷ്ടരാകുന്ന വായനക്കാർ പ്രതിപാദ്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെ ഒഴുകിപ്പോയേക്കാം; യാദൃച്ഛികമായി വല്ലതും സ്വാനുഭവത്തെ തട്ടിയിളക്കിയാലേ അതിനെപ്പറ്റി ആലോചിച്ചുനോക്കിയുള്ളൂ എന്നു വരാം. ഗദ്യമാകട്ടെ, പ്രകൃത്യാതന്നെ ഉദാസീനരായ ലഘുവായനക്കാരെപ്പോലും യുക്തിവിചാരത്തിലേക്കു തെളിച്ചുകൊണ്ടിരിക്കും.''

digitized by www.sreyas.in

ജനകീയ പ്രതിച്ഛായ നൽകി

ഒരുനിലയ്ക്ക് മഹാഭാരതം വൃത്താനുവൃത്തം വിവർത്തനം ചെയ്ത തമ്പുരാന്റെ മഹനീയസേവനത്തെ അതിശയിക്കുന്നതുതന്നെയാണ് പ്രകാശം സാധിച്ച കൃത്യം. വ്യാസസാഹിതിക്ക് ഈ കൈരളീദാസൻ ജനകീയമായ ഒരു പ്രതിച്ഛായ സമ്മാനിച്ചു. അതിനുമുൻപ് വ്രതനിഷ്ഠരായ പണ്ഡിതന്മാർക്കു മാത്രമേ ഈ രത്നഖനിയുടെ പ്രഭാകന്ദളങ്ങൾ ദർശിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. നേരേമറിച്ച് മലയാളത്തിൽ സാമാന്യവിദ്യാഭ്യാസം നേടിയവർക്കുകൂടി ഉൾക്കൊള്ളാവുന്ന ലളിതസുന്ദരമായ ശൈലിയിലാണ് ഗദ്യപരിഭാഷ.

കുഞ്ഞിക്കുട്ടൻതമ്പുരാനും പ്രകാശവുമായി തലമുറകളുടെ വിടവുണ്ട്. ഇരുപേരുടേയും ജീവിതപരിതഃസ്ഥിതികൾ തമ്മിലാണ് അതിലേറെ അകൽച്ച. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ വ്യുൽപന്നവും ഐശ്വര്യപൂർണ്ണവുമായ അന്തരീക്ഷം തമ്പുരാനെ പരിലാളിച്ചു. ഗ്രാമീണവും പരിമിതവിഭവവുമായ സാഹചര്യത്തിലായിരുന്നു പ്രകാശത്തിന്റെ വിവർത്തനസപര്യ. തമ്പുരാന് മൂലം വായിച്ചുകൊടുക്കുവാനും വിവർത്തിതപദ്യങ്ങൾ പകർത്തിയെഴുതുവാനും ഒരുസംഘം പണ്ഡിതന്മാരുടെ സഹായം ലഭിച്ചു. സഹായരഹിതൻ, ഏകഹസ്തൻ – എന്നിട്ടും സമർപ്പിതചേതസ്സായി, അടിപതറാതെ, ഉലയാത്ത ഉത്സാഹത്തോടെ അഹോരാത്രം പ്രകാശം അദ്ധ്വാനിച്ച്, നിശ്ചിത കാലപരിധിക്കകം ഉദ്ദിഷ്ടപരിപാടി പൂർത്തിയാക്കുകയും ചെയ്തു.

ഭാഷാസാഹിത്യമേഖലയിൽ മറ്റാരെങ്കിലും ഇത്രത്തോളം ബൃഹത്തും സാഹസികവുമായ ഒരു സംരംഭത്തിന് ഒരുമ്പെട്ടിട്ടുണ്ടോ? വിവർത്തനലോകത്തിലെ എവറസ്റ്റാരോഹണമെന്ന് സുകുമാർ അഴീക്കോട് ഇതിനെ വിശേഷിപ്പിച്ചത് അതിശയോക്തിയല്ല. "പല പൂർവ്വസൂരികളും വിവിധ ഭാഷാമാർഗ്ഗങ്ങളിലൂടെ ആ പരമാചലത്തിന്റെ ആരോഹണത്തിനു മുതിർന്നത്, പല തോതിൽ ജയിക്കുകയോ, തോല്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും, നിസ്സഹായനായ ഒരു ഷെർപ്പയുടെ നെഞ്ചൂക്കോടെ പ്രകാശം ഈ മഹായത്നത്തിനു തുനിഞ്ഞതോർക്കുമ്പോൾ തല താനേ താണുപോകുന്നു" എന്നുവരെ അദ്ദേഹം അഭിപ്രായപ്പെട്ടുകാണുന്നു.

1968 ആഗസ്റ്റിൽ മേൽപ്രകാരം ആശംസാസന്ദേശത്തിലൂടെ പ്രകാശത്തിന്റെ ഉദ്യമത്തെ ആവേശപൂർവ്വം അഭിവാദനം ചെയ്ത അഴീക്കോട് 1980 സെപ്തംബറിൽ 'വ്യാസപ്രഭാവ' ത്തിന് (ടി. എം. ത്രിവിക്രമൻ നമ്പൂതിരിപ്പാടിന്റെ ഉപന്യാസ സമാഹാരം, വിതരണം എൻ. ബി. എസ്) അവതാരിക എഴുതിയപ്പോൾ എവറസ്റ്റാരോഹണത്തിന്റെയും പാവം ടെൻസിങ്ങിന്റെയും കഥ പാടേ വിസ്മരിച്ചു. മഹാഭാരത ഗദ്യപരിഭാഷയെപ്പറ്റി അതിൽ നാമമാത്രമായ പരാമർശംപോലും ഇല്ല. അതേസമയം കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പദ്യവിവർത്തനത്തേയും കുട്ടിക്കൃഷ്ണമാരാരുടെ ഭാരതപര്യടനത്തേയും അവതാരികയിൽ സവിസ്തരം ഉപപാദിച്ചിട്ടുണ്ട്. ഇതേ വിസ്മൃതിയും അതിന്നിടയാക്കിയ ചേതോവികാരവുംതന്നെയാവില്ലേ ഭാരതകഥാവ്യാനങ്ങൾ ചമച്ച് അവാർഡ് നേടിയ സാഹിത്യകാരന്മാരെ കീഴ്പ്പെടുത്തിയതും?

ഒന്നും കൈമുതലില്ലാതെ അരങ്ങേറിയതല്ല

എന്തായാലും അഴീക്കോടു സൂചിപ്പിച്ച ഷെർപ്പയുടെ ചങ്കൂറ്റം അസാധാരണമായ തോതിൽ അനുഗ്രഹിച്ച ഒരു വ്യക്തിക്കല്ലാതെ ഈ മഹാസംരംഭത്തിന്റെ ഗോദായിലേക്കു ചാടിയിറങ്ങാൻ മനക്കരുത്തുണ്ടാവില്ല. പണ്ഡിതവരേണ്യന്മാർ കാൽകുത്താൻ അധീരത കാട്ടിയ രംഗത്താണ് നിശ്ചയദാർഢ്യത്തോടെ പ്രകാശം തനിയെ പ്രവേശിച്ചതും വിജയക്കൊടി നാട്ടിയതും. പക്ഷേ, ഒന്നും കൈമുതലായി ഇല്ലാതെ അവിവേകപ്രേരിതമായ ആവേശാതിരേകംകൊണ്ട് ചങ്കൂറ്റം കാട്ടിയതാണെന്നു തെറ്റിദ്ധരിക്കേണ്ടാ. മുപ്പത്തഞ്ചു കൊല്ലത്തോളം ഭാഷാദ്ധ്യാപകനായി പല സർക്കാർ ഹൈസ്കൂളുകളിലും സേവനമനുഷ്ഠിച്ച് പെൻഷനായതിനുശേഷമേ കളരി മാറി കച്ചകെട്ടാൻ ഉദ്യുക്തനായുള്ളൂ. ചെറുപ്പംമുതൽ സാഹിത്യരംഗത്ത് ഒട്ടൊക്കെ സജീവമായിത്തന്നെ നിലയുറപ്പിച്ചിരുന്നു. ഇതിന്നിടയ്ക്ക് ശാലീനസുന്ദരമായ കുറെ കവിതകൾ രചിച്ചിട്ടുണ്ട്. ജീൻവാൽജീൻ (പാവങ്ങളുടെ സംഗ്രഹം) മുതലായ ഗദ്യഗ്രന്ഥങ്ങളും ബാഷ്പവർഷം എന്ന വിലാപകാവ്യവും അദ്ദേഹത്തിനു പ്രശസ്തിയുടെ പരിവേഷം ചാർത്തി. ഗ്രാമീണകുസുമങ്ങൾ (കവിതകൾ, 1930), ലോകാവലോകം (കഥകൾ, 1932), പ്രേമാഞ്ജലി (കവിതകൾ, 1935), പ്രകൃതി (കവിതകൾ, 1936), മിന്നൽപ്പിണരുകൾ (കവിതകൾ 1946), റിപ്പ്വാൻവിങ്കിൾ (കഥാസംഗ്രഹം, 1955), ഡേവിഡ് കോപ്പർഫീൽഡ് (നോവൽസംഗ്രഹം, 1968) എന്നിവയാണ് പ്രകാശത്തിന്റെ മറ്റു കൃതികൾ. ആയുർവ്വേദം, ജ്യോതിഷം മുതലായ ഭാരതീയ ശാസ്ത്രങ്ങളിലും കൃതഹസ്തനായിരുന്നു ഈ കൈരളീദാസൻ. ജ്യോതിഷത്തെ ആധുനികമായ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്ന ഒരു ഗ്രന്ഥം എഴുതിക്കൊണ്ടിരുന്ന ഘട്ടത്തിലാണ് രോഗബാധിതനായതും, ഏതാനും മാസങ്ങൾ കിടപ്പിലായതിനുശേഷം നിര്യാതനായതും.

സാഹിതീസേവനപാരമ്പര്യമോ അദ്ധ്യാപനപരിചയമോ വ്യാസമഹാഭാരതഗദ്യപരിഭാഷ എന്ന പടുകൂറ്റൻ പണിപ്പാട് ഏകഹസ്തനായി ഏൽക്കാൻ കരളുറപ്പുണ്ടാക്കിയില്ല. പുത്രിയുടെ അപകടമരണം വരുത്തിവച്ച തീവ്രദുഃഖവും അതിൽനിന്നു മുക്തിനേടുവാൻ ഭാരതവിവർത്തനം ഉതകുമെന്ന വിശ്വാസവും തന്നെയാണ് ആ മനോധൈര്യത്തിന്റെ അടിത്തറ. സാധാരണഗതിയിൽ പണ്ഡിതന്മാരുടെ സംഘമോ, സർവ്വകലാശാല മുതലായ ഉന്നത വിദ്യാപീഠങ്ങളോ കൈകാര്യംചെയ്യേണ്ടതാണ് ഇത്തരം പദ്ധതികൾ. അവയ്ക്കുപോലും അനായാസകരമായ ഒന്നല്ല ഈ കൃതിയെന്നുകൂടി ഓർക്കുക. ഏകദേശം എൺപതു സംവത്സരങ്ങൾക്കുമുമ്പ് ലണ്ടനിലെ ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മഹാഭാരതത്തിന്റെ ഒരു സംശോധിതപ്പതിപ്പ് പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചു. അതിനുവേണ്ട ഫണ്ട് ശേഖരിച്ചിട്ടും തീരുമാനം നടപ്പാക്കാനാകാതെ ആ പരിപാടി ഇംഗ്ലീഷുകാർക്ക് ഉപേക്ഷിക്കേണ്ടിവന്നു. തങ്ങൾ ശേഖരിച്ച കൈയെഴുത്തുപ്രതികളും, സംഭരിച്ച പണവും ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് പൂനെയിലെ ഭണ്ഡാർക്കർ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏല്പിച്ചു. തുടർന്ന് അനേകം സംസ്കൃതപണ്ഡിതന്മാർ നിതാന്തജാഗ്രതയോടെ 47 കൊല്ലം അവിടെ ഗവേഷണതപസ്യയിൽ വ്യാപൃതരായതിന്റെ ഫലമാണ് 19 വാല്യങ്ങളായി 13,000 ഡെമ്മി ക്വാർട്ടോ പേജുകളിൽ ഭണ്ഡാർക്കർ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിരിക്കുന്ന മഹാഭാരതം.

digitized by www.sreyas.in

പ്രകാശനം ഉയർത്തിയ വെല്ലുവിളി

ധൈഷണികമായ പ്രവർത്തനം പ്രകാശം ആരംഭിച്ച മഹോദ്യമത്തിന്റെ ആദ്യഘട്ടമോ ഒരു മുഖമോ മാത്രമേ ആകുന്നുള്ളു. ഗ്രന്ഥപ്രകാശനം പ്രകാശത്തിന്റെ മുമ്പിൽ കൂടുതൽ ഉഗ്രമായ വെല്ലുവിളി ഉയർത്തി. ഗ്രന്ഥാലയതുല്യമായ ഒരു മഹാഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ കച്ചവടക്കണ്ണിലൂടെ സാഹിത്യമൂല്യം കണക്കാക്കുന്ന പ്രസാധകന്മാർ തയ്യാറാവുമോ? തങ്ങളുടെ കൊക്കിലൊതുങ്ങാത്ത ഉഗ്രൻപദ്ധതിയാണിതെന്ന് എല്ലാവരും കൈമലർത്തി. പക്ഷേ, പരിഭാഷകനായ പ്രകാശം ഹതാശനായില്ല. സാമ്പത്തികസഹായത്തിന്റെ വാതിലുകൾ തേടിപ്പിടിച്ച് അദ്ദേഹം മുട്ടിവിളിച്ചു. ദൈനംദിനജീവിതക്ലേശങ്ങളോടു മല്ലിട്ട് ഭാരിച്ച ഒരു കുടുംബത്തെ സ്വപ്രയത്നംകൊണ്ടു പുലർത്തിപ്പോന്ന അദ്ദേഹത്തിന് ഇതിലേക്കു നീക്കിവെക്കുവാൻ തനതായ സമ്പാദ്യമില്ലായിരുന്നു. ഉദാരമതികളായ അഭ്യുദയകാംക്ഷികളെ സമീപിച്ച് ഒരു പ്രസിദ്ധീകരണസമിതി സംഘടിപ്പിച്ചു. അവരിൽനിന്നു ലഭിച്ച സംഭാവനയെ ആധാരമാക്കിയായിരുന്നു പ്രസിദ്ധീകരണമഹായത്നത്തിന്റെ തുടക്കം.

ഒന്നാം വാല്യം പെരിങ്ങോട്ടുകരയിലെ ഒരു പ്രസ്സിൽ അച്ചടിപ്പിച്ചു. തന്റെ വീട്ടിൽനിന്ന് അഞ്ചുനാഴികമാറി സ്ഥിതിചെയ്യുന്ന പ്രസ്സിൽ ദിവസവും പോയിവരാൻ ബുദ്ധിമുട്ടും അസൗകര്യവും. അതുകൊണ്ട് അച്ചടിക്ക് മറ്റൊരു സംവിധാനം കണ്ടെത്തുവാൻ ശ്രമിച്ചു. നാല്പതു വാല്യങ്ങൾ അച്ചടിപ്പിക്കുവാൻ ഒരു ലക്ഷത്തി ഇരുപതിനായിരത്തോളം ഉറുപ്പിക വേണ്ടി വരും. അത്ര സംഖ്യ മുടക്കേണ്ടിവരുന്ന സ്ഥിതിക്ക് സ്വന്തമായി ഒരു പ്രസ്സ് വാങ്ങി അച്ചടി നടത്തുന്നതല്ലേ ബുദ്ധി? പ്രകാശം സംശയിച്ചുനിന്നില്ല. പല ചാലുകളിലൂടെ സാമ്പത്തികസഹായം ഒഴുകിവന്ന സന്ദർഭം. അക്കാലത്ത് കേന്ദ്രമന്ത്രിപദം വഹിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ ഒത്താശമുഖേന ഇന്ത്യാഗവണ്മെന്റിൽനിന്ന് അരലക്ഷത്തോളം ഉറുപ്പിക കിട്ടി. കേരളാഗവൺമെന്റും കേരള സാഹിത്യ അക്കാദമിയും ഗുരുവായൂർ ദേവസ്വവും സഹായിച്ച സ്ഥാപനങ്ങളുടെ ഗണനയിൽപ്പെടുന്നു. പന്തീരായിരം രൂപയ്ക്കു വാങ്ങിയ ഒരു പ്രസ്സ് പാലാഴിയിലെ സ്വന്തം വീട്ടുവളപ്പിൽ സ്ഥാപിച്ചു. മൂന്നാം വാല്യം മുതൽക്കുള്ള അച്ചടി വ്യാസപ്രസ്സ് എന്ന അച്ചുകൂടത്തിലായിരുന്നു. നാല്പതാം വാല്യം പുറത്തായ ശേഷം ഒട്ടും താമസിയാതെ പ്രസ്സ് വില്ക്കുകയും അതിലെ ജോലിക്കാരെ പിരിച്ചയയ്ക്കുകയും ചെയ്തു.

സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പ്രകാശത്തിനു ലഭിച്ച സഹായം, പത്രപ്പരസ്യങ്ങളിലൂടെ അറിഞ്ഞു വശായോ മറ്റോ ഗ്രന്ഥകാരനെ തേടിവന്നതല്ല. ഓരോന്നും ലഭ്യമാക്കുവാൻ അതാതിന്റെ അധികൃതരേയും വ്യക്തികളേയും നിരന്തരം തന്ത്രപൂർവ്വം സമീപിക്കേണ്ടിവന്നിട്ടുണ്ട്. കത്തിടപാടു നടത്തിയതിന് കണക്കില്ല. ഇതിനെ സംബന്ധിച്ച കാര്യങ്ങൾക്കുവേണ്ടി ശിഷ്യനായ എന്നെപ്പോലും പലതവണ അദ്ദേഹം എറണാകുളത്തു വന്നു കണ്ടിട്ടുണ്ട്. പ്രൂഫ് വായനയ്ക്കുകൂടി പരസഹായം തേടുകയുണ്ടായില്ല. വിവർത്തനവൈകല്യങ്ങളും വാചകപ്പിശകുകളും തീർക്കുവാൻ പ്രൂഫ് വായിക്കുന്ന ഘട്ടത്തിലേ സൗകര്യപ്പെട്ടിരുന്നുള്ളു. എല്ലാം ഒരേ വ്യക്തി ഒറ്റയ്ക്കാണു ചെയ്തതെന്ന വസ്തുത അവിശ്വസനീയമായ ഒരു യാഥാർത്ഥ്യമായി അവശേഷിക്കുന്നു. ചുരുക്കത്തിൽ മഹാഭാരതംപോലെതന്നെ സംഭവബഹുലവും രോമാഞ്ചജനകവുമായ ഒരു കഥയാണ് അതിന്റെ ഗദ്യപരിഭാഷയുടെ പ്രസിദ്ധീകരണ ചരിത്രം. എന്റെ അറിവിൽ വി.ഡി. സവർക്കറുടെ സ്വാതന്ത്ര്യസമരചരിത്രത്തിനുമാത്രമേ അച്ചടിച്ചു ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ ഇത്രയേറെ ഏടാകൂടങ്ങൾ തരണംചെയ്യേണ്ടിവന്നിട്ടുള്ളു. നാടകീയതയും നിഗൂഢതയും മുറ്റിനില്ക്കുന്നതാണ് സവർക്കറുടെ ഗ്രന്ഥത്തിന്റെ കഥ. ആ സവിശേഷതകൾ ഇതിനു ബാധകമല്ലെങ്കിലും പ്രസിദ്ധീകരണത്തെ വലയംചെയ്ത ക്ലേശസങ്കുലതയെ സംബന്ധിച്ചിടത്തോളം രണ്ടും തമ്മിൽ സാദൃശ്യമുണ്ട്.

സപ്തസംവത്സരസാധനയുടെ സന്താനം

മൂന്നുകൊല്ലം വിവർത്തനത്തിനും നാലുകൊല്ലം പ്രസിദ്ധീകരണത്തിനും ഒരു സപ്തസംവത്സരസാധനയുടെ സന്താനമാണ് മഹാഭാരതഗദ്യപരിഭാഷയുടെ ഒന്നാം പതിപ്പ്. പൊതുജനശ്രദ്ധയെ ആകർഷിക്കുവാൻ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച പ്രകാശനച്ചടങ്ങുകൾകൂടി ഇതോടൊപ്പം സ്മരിക്കേണ്ടതാകുന്നു. ഒന്നാം വാല്യത്തിന്റെ പ്രകാശനം 1968 സെപ്തംബർ 23–ാം തീയതി കോഴിക്കോട് ടൗൺഹാളിൽവെച്ചായിരുന്നു. സമ്മേളനാദ്ധ്യക്ഷനായ ശ്രീ കെ.പി.കേശവമേനോന് പുസ്തകത്തിന്റെ ഒരു പ്രതി നല്കി കേന്ദ്രമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ ആ കർമ്മം നിർവ്വഹിച്ചു. പ്രകാശത്തിന്റെ ശിഷ്യന്മാരായ അന്നത്തെ കോഴിക്കോട് മേയർ പി.വി. ശങ്കരനാരായണനും, കെ.ആർ. ചുമ്മാറും (മലയാളമനോരമ) ആയിരുന്നു ആ ചടങ്ങിന്റെ സൂത്രധാരന്മാർ. സാഹിത്യഅക്കാദമിയെപ്പോലെയുള്ള സംഘടനകളാണ് ഇത്തരം ഗ്രന്ഥങ്ങളുടെ പ്രസാധനത്തിനു മുന്നിട്ടിറങ്ങേണ്ടതെന്നും, പക്ഷേ, കേരളത്തിലെ സാഹിത്യഅക്കാദമി അതിന്റെ ശ്രദ്ധ മുഴുവൻ അംഗങ്ങളുടെ ഷഷ്ടിപൂർത്തി ആഘോഷിക്കുന്നതിലാണ് കേന്ദ്രീകരിച്ചുകാണുന്നതെന്നും അന്നത്തെ സമ്മേളനത്തിൽ പനമ്പിള്ളി തുറന്നടിച്ചു. കുറിക്കുകൊണ്ട ആ വിമർശനശരം കേരളസാഹിത്യ അക്കാദമിയെ വഴിമാറി സഞ്ചരിക്കുവാൻ നിർബ്ബന്ധിക്കുകയുണ്ടായെന്നു തോന്നുന്നു. അക്കാദമി അതിനുശേഷം ആരുടെയും ഷഷ്ടിപൂർത്തി കൊണ്ടാടാൻ ഫണ്ട് ധൂർത്തടിച്ചിട്ടില്ല.

രണ്ടുമുതൽ ആറുവരെ വാല്യങ്ങളുടെ ഔപചാരികമായ പ്രകാശനം തിരുവനന്തപുരത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് ഗവർണ്ണർ വി. വിശ്വനാഥനും 21–ാം വാല്യം 1971 മേയിൽ ബോംബെ കേരള ഭവനിൽവെച്ച് ശ്രീമതി ബാലാമണിയമ്മയും 35 വരെ വാല്യങ്ങൾ എറണാകുളത്ത് ഭാരതീയവിദ്യാഭവനിൽവെച്ച് 1972 ജൂലൈയിൽ അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലും നിർവ്വഹിച്ചു. ആ പ്രകാശനസമ്മേളനത്തിൽ കർദ്ദിനാൾ പാറേക്കാട്ടിൽ പ്രകടിപ്പിച്ച അഭിപ്രായം ഉദ്ധരണീയമായ ഒന്നാണ്. തിരുമേനി പറഞ്ഞു: "മഹാഭാരതം ഒരു ജാതിയുടെയോ, മതത്തിന്റെയോ സ്വകാര്യ സ്വത്തല്ല. അത് ഇന്ത്യയുടെ പൊതുസ്വത്താണ്. ഇന്ത്യയിൽ അധിവസിക്കുന്ന ഹിന്ദുക്കളുടെ എന്നപോലെതന്നെ ക്രിസ്ത്യാനിക്കും മുസൽമാനും ഇന്ത്യയിൽ ജനിച്ചുവളർന്ന എല്ലാവർക്കും പൊതുവായി അവകാശപ്പെട്ട അമൂല്യമായ ഒരു സമ്പത്ത്; നമ്മുടെ പ്രാചീനസംസ്കാരത്തിന്റെ അക്ഷയമായ നിധി."

1973 ഏപ്രിലിൽ ദൽഹിയിൽവെച്ചായിരുന്നു അവസാനവാല്യങ്ങളുടെ പ്രകാശനം. മലയാളഭാഷയുടെ മുന്നേറ്റത്തിനു ദൃഷ്ടാന്തമാണിതെന്ന അഭിനന്ദനവചസ്സോടെ ഉപരാഷ്ട്രപതി ജി.എസ്. പഥക് ആ കൃത്യം നിറവേറ്റി. തലസ്ഥാനനഗരിയിലെ പ്രകാശനച്ചടങ്ങ് സംഘടിപ്പിക്കാൻ മുൻകൈയെടുത്തത് ഇന്ത്യൻ ലോ കമ്മീഷൻ മെമ്പറായി അക്കാലത്തു ദൽഹി

digitized by www.sreyas.in

യിൽ താമസിച്ചുപോന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരാണ്. 40 വാല്യങ്ങളുടേയും ഓരോ പ്രതി അടുത്ത ദിവസങ്ങളിൽ രാഷ്ട്രപതിഭവനിൽച്ചെന്ന് പ്രസിഡന്റ് വി.വി.ഗിരിക്കും സഫ്ദർജങ്ങ് റോഡിലെ പ്രധാനമന്ത്രിയുടെ വസതിയിലെത്തി ശ്രീമതി ഇന്ദിരാഗാന്ധിക്കും സമർപ്പിച്ചു. രണ്ടു സമർപ്പണവേളകളിലും സഹധർമ്മിണി ദേവകി പ്രകാശത്തിനും മകൻ വിജയനും പുറമേ, മാതൃഭൂമിയുടെ ദൽഹി പ്രതിനിധി വി.കെ. മാധവൻകുട്ടിയും ഞാനും ഗ്രന്ഥകാരനെ അനുഗമിക്കുകയുണ്ടായി.

ഇത്രയുമായതോടെ ജന്മസാഫല്യത്തിനു തുല്യമായ ഒരു സംതൃപ്തി ഗ്രന്ഥകാരന് അനുഭവവേദ്യമായെന്നുവേണം പറയുക. പ്രകാശത്തിന്റെ മുഖം പ്രദീപ്തമാക്കിയ ആ രംഗങ്ങൾ ഭാഷാസാഹിതിയുടെ ചരിത്രത്തിലെ അനർഘവും അനശ്വരവുമായ ചില നിമിഷങ്ങളാണെന്നു ഞാൻ കരുതുന്നു.

ജീവിതം ധന്യമാക്കിയ നേട്ടം

മഹത്തായ ഒരു പ്രയത്നത്തിനു സംലബ്ധമാകാവുന്ന ഏറ്റവും വലിയ പ്രതിഫലം അതു നിർവ്വഹിച്ചു എന്ന ചാരിതാർത്ഥ്യമാണ്. പ്രകാശത്തിന്റെ ജീവിതത്തെ ധന്യമാക്കിയ നേട്ടവും മറ്റൊന്നല്ല. പാരാവാരവിശാലമായ മഹാഭാരതം അതിന്റെ തനിമയ്ക്കു ഭംഗംവരുത്താതെ മാതൃഭാഷയ്ക്കു കാണിക്കവെയ്ക്കണമെന്ന അഭിലാഷം മൂന്നു ദശാബ്ദത്തിലേറെക്കാലം പ്രകാശത്തിന്റെ ഹൃദയത്തെ മഥിച്ചു. വാസ്തവത്തിൽ അതിന്റെ പരിണത ഫലമാണ് പുത്രീവിയോഗം ക്രിയാത്മകമാക്കിയ പരിഭാഷാപരിപാടി. ചിരകാലമനനവും പഠനവുംകൊണ്ടല്ലാതെ ഇത്തരമൊരു മഹാനിർമ്മിതിക്ക് അനുപേക്ഷണീയമായ പക്വത സമാർജ്ജിക്കാനാവില്ല. അത്രത്തോളം കോപ്പ് പാണ്ഡിത്യപ്രകടനത്തിന്റെ വിശാലവേദികളിൽ പ്രത്യക്ഷപ്പെടാതെ ഒതുങ്ങിക്കൂടിയ വിനീതനായ ഈ വിവർത്തകനുണ്ടോ? പുരോഭാഗികൾ സംശയിച്ചു. പ്രകാശത്തിന്റെ മഹോദ്യമത്തെ അത് അർഹിക്കുന്ന മതിപ്പോടെ വീക്ഷിക്കാൻ വിമർശകലോകം മടിച്ചുനിന്നതിന്റെ കാരണം ഇതുതന്നെയല്ലേ?

എങ്കിലും ഒരു സംഗതി ഉറപ്പാണ്: ഉദാത്തമായ ഒരു ശ്രമവും വ്യർത്ഥമാവില്ല. ഇന്നല്ലെങ്കിൽ നാളെ, അടുത്തുള്ളവരല്ലെങ്കിൽ അകലെയുള്ളവർ അതിന്റെ മൂല്യം അംഗീകരിക്കാതിരിക്കില്ല. 'കാലോഹ്യയം നിരവധിർ വിപുലാ ച പൃത്ഥ്വീ' എന്ന ഭവഭൂതിയുടെ വിശ്വാസപ്രമാണം അക്ഷരംപ്രതി അർത്ഥവത്താണെന്ന് സാഹിത്യചരിത്രം തെളിയിച്ചിട്ടുണ്ട്. അല്പജ്ഞരും മത്സരബുദ്ധികളും അസൂയാലുക്കളും ഓട്ടക്കണ്ണിട്ടു നോക്കിയാലും നല്ല നോട്ടക്കാർ രത്നത്തിന്റെ വില മനസ്സിലാക്കാതിരിക്കുമോ? സർവ്വോന്നതനിരൂപകനായ കാലത്തിന്റെ വിധിപ്രഖ്യാപനം പിഴയ്ക്കാറുമില്ല.

തുടക്കത്തിലേതന്നെ മഹാഭാരതഗദ്യപരിഭാഷയുടെ മാറ്റുരച്ചുനോക്കുവാനും മേന്മകണ്ടറിഞ്ഞു വിളംബരം ചെയ്യുവാനും കുശാഗ്രബുദ്ധിയായ കുട്ടിക്കൃഷ്ണമാരാരുടെ തൂലിക മുന്നോട്ടു വന്നു എന്നതാണ് പ്രകാശത്തിനു സിദ്ധിച്ച ഒരു ഭാഗ്യം. അവതാരികാപ്രബന്ധത്തിന്റെ അന്ത്യത്തിൽ മാരാർ കുറിച്ചുവെച്ച വാചകം നോക്കുക: "ഈ ഗദ്യവിവർത്തനം എന്റേതുതന്നെ എന്ന് എന്തുകൊണ്ട് എനിക്ക് അഭിമാനിച്ചുകൂടാ?" ഇത്രത്തോളം ഉൽക്കടമായ അഭിനന്ദനം പ്രീണനത്തിനുവേണ്ടി ഉപചാരപദങ്ങൾ ഉപയോഗിക്കാറില്ലാത്ത ക്രാന്തദർശിയായ ആ നിരൂപകൻ മറ്റേതെങ്കിലും കൃതിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു സംശയമാണ്. അഭിനന്ദനത്തിന്റെ ഉറവിടം മഹാഭാരതം മലയാളഗദ്യത്തിലേക്കു പകർത്തിയെന്ന വസ്തുത മാത്രമാണോ? വെറും വിവർത്തനമല്ല, മൂലത്തോടു പൂർണ്ണമായ നീതി പാലിച്ചുകൊണ്ട് അവക്രവും ലളിതവുമായ ശൈലിയിൽ ആശയവ്യക്തതയോടെ തയ്യാറാക്കിയ വിവർത്തനം. അല്ലെങ്കിൽ കലവറയും കലർപ്പുമില്ലാതെ അസപത്നമായ പ്രശംസ ചൊരിയുവാൻ ആ മഹാപ്രതിഭൻ തൂലിക കൂർപ്പിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?

സാഹിത്യഹിമാലയം

മഹാഭാരതം ഏതു ഭാഷയിൽ രൂപംപൂണ്ടാലും ആ ഭാഷയിലെ ഏറ്റവും വലിയതും ഏറ്റവും വിലപ്പെട്ടതുമായ ഗ്രന്ഥമായിരിക്കും. ഹിമാലയം ഇന്ത്യയിലല്ല, ഭൂമിയുടെ മറ്റേതു മൂലയിലായാലും ലോകത്തിലെ ഏറ്റവും വലിയ പർവ്വതംതന്നെ. സ്ഥലവ്യത്യാസം അതിന്റെ തലപ്പൊക്കത്തിനു ബാധകമല്ല. പക്ഷേ, നാഗാധിരാജനെ കടപുഴക്കിയെടുത്ത് മറ്റൊരിടത്തു സ്ഥാപിക്കാൻ പറ്റുമോ? അതേസമയം ഹിമാലയസാഹിതിയെ ഭിന്നഭാഷകളിൽ മാറ്റി പ്രതിഷ്ഠിക്കാൻ കഴിയും. അതല്ലേ മഹാഭാരതം വിവർത്തനം ചെയ്ത് സമ്പന്നമാക്കുവാൻ ലോകഭാഷകൾ അഹമഹമികയാ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നതിന്റെ രഹസ്യം?

മഹാഭാരതത്തിന്റെ ഒരു പ്രത്യേക റഷ്യൻ പതിപ്പ് സോവിയറ്റ് യൂണിയനിലെ ഒരു ലക്ഷം ലൈബ്രറികൾക്കു വിതരണം ചെയ്യുമെന്നു രണ്ടുകൊല്ലംമുമ്പ് മോസ്കോയിൽനിന്നു റിപ്പോർട്ടുണ്ടായിരുന്നു. നെഹ്റു അവാർഡ് ജേതാവായ നടാലിയ ഗുഡ്സേവ തയ്യാറാക്കിയതാണ് ആ റഷ്യൻ പതിപ്പ്. പണ്ഡിതന്മാരുടെ ഒരു സംഘം റഷ്യൻഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ മഹാഭാരതം പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ അവിടെ പ്രസിദ്ധീകൃതമായിട്ടുണ്ട്. വീണ്ടും വീണ്ടും ഈ ഗ്രന്ഥത്തിന്റെ പുതിയ പതിപ്പുകൾ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിക്കുവാൻ സോവിയറ്റ് യൂണിയനും മറ്റും എന്തുകൊണ്ടു താല്പര്യപ്പെടുന്നു? ജനതയെ വിജ്ഞാനപ്രബുദ്ധരും വിവേകമതികളുമാക്കാൻ മറ്റെന്തിനേക്കാളും ഇതു പ്രയോജനപ്പെടുമെന്ന അവബോധം ആ രാജ്യങ്ങൾക്കുണ്ട്. ഒരൊറ്റ ഗ്രന്ഥത്തിന്റെ പാരായണത്തിലൂടെ എല്ലാ വിഷയങ്ങളേയും കുറിച്ച് ജ്ഞാനം സമ്പാദിക്കണം എന്ന് ആഗ്രഹിക്കുന്നവർ മഹാഭാരതം വായിക്കുകയാണു വേണ്ടത് എന്നതിനെപ്പറ്റി തർക്കമില്ല. ധർമ്മശാസ്ത്രം, നീതിശാസ്ത്രം, മനശ്ശാസ്ത്രം, വേദാന്തം, ദാമ്പത്യജീവിതം, രാജ്യഭരണതന്ത്രം, എന്നുവേണ്ട മനുഷ്യജീവിതത്തോടു ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. അടുക്കളക്കാര്യം മുതൽ അടർക്കളക്കാര്യംവരെ പരാമൃഷ്ടമായ വിജ്ഞാനകോശമെന്നു വടക്കുംകൂർ മഹാഭാരതത്തെ വിശേഷിപ്പിക്കുന്നു. ഭാര്യ, ഭർത്താവ്, മകൻ, മകൾ, ഗൃഹസ്ഥൻ, ഗുരുനാഥൻ, ശിഷ്യൻ, പിതാവ്, സഹോദരൻ, സഹോദരി, സ്നേഹിതൻ, യജമാനൻ, ഭൃത്യൻ, തൊഴിലാളി, മുതലാളി, രാജാവ്, മന്ത്രി, പ്രജ, ധനികൻ, ദരിദ്രൻ, യാചകൻ, സൈന്യാധിപൻ, ഭടൻ, സാരഥി, അയൽവാസി. ജീവിതത്തിന്റെ ഏതു തട്ടിൽ എങ്ങനെ കഴിയുന്നവർക്കും മാർഗ്ഗദർശനത്തിന് സദാപി ആശ്രയിക്കാവുന്ന ഉൽകൃഷ്ടമായ ഒരു പ്രമാണരേഖ ഇതുപോലെ വേറെ എന്തുണ്ട്? ചെറുതും വലുതുമായ ആയിരത്തിലേറെ ഉപാഖ്യാനങ്ങളും സ്വഭാവസവിശേഷതകളിൽ വ്യത്യസ്തരായ രണ്ടായിരത്തോളം കഥാപാത്രങ്ങളും അടങ്ങിയ ഈ മഹേതിഹാസത്തിൽ എല്ലാത്തരം മനുഷ്യരുടേയും നാനാവിധമായ പരിതോവസ്ഥകളുടേയും സൂക്ഷ്മമായ പ്രതിബിംബങ്ങൾ പതിഞ്ഞിട്ടു

digitized by www.sreyas.in

ണ്ട്. ലോകത്തിലെ മറ്റെല്ലാ ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടാലും മഹാഭാരതം മാത്രം അവശേഷിക്കുകയാണെങ്കിൽ തനിക്കു നഷ്ടബോധമുണ്ടാവില്ലെന്ന മഹാകവി ഉള്ളൂരിന്റെ അഭിപ്രായം ഈ സന്ദർഭത്തിൽ പ്രസക്തമായി തോന്നുന്നു.

മാറുന്ന കാലങ്ങളുടെ കണ്ണാടി

മാറിമാറിവരുന്ന കാലഘട്ടങ്ങൾ ഓരോന്നിന്റേയും പ്രതിച്ഛായകൾ ഒരു കണ്ണാടിയിലെന്നപോലെ മഹാഭാരതത്തിൽ പ്രതിഫലിക്കുന്നു. അതാണ് കാലത്തിന്റെ വെല്ലുവിളിയെ അതിജീവിക്കുവാൻ ഈ ഇതിഹാസം സമർത്ഥമായതിന്റെ ഹേതുവും. ആനുകാലിക സംഭവവികാസങ്ങളും സഹസ്രാബ്ദങ്ങൾക്കുമുമ്പ് വ്യാസൻ അനാവരണംചെയ്യുന്ന ചിത്രങ്ങളുമായി അനിഷേധ്യമായ ആത്മബന്ധമുണ്ട്. വിവർത്തകനായ പ്രകാശത്തിന്റെ താഴെ ചേർക്കുന്ന ഈരടികൾ ആ വശത്തേക്കു വെളിച്ചം വീശുന്നു.

പൂതമാം ഭാരതദീപപ്രകാശത്തി-
ലേതും തെളിഞ്ഞു ഞാൻ കണ്ടു സമഗ്രമായ്.

സത്യവും സത്യവൈരുദ്ധ്യവും തങ്ങളിൽ
നിത്യവും യുദ്ധം നടക്കുമിപ്പാരിടം!

ദുര്യോധനനും ശകുനിയും കർണ്ണനും
ദുർവ്വാര ദുശ്ശാസനാദിരഥികളും

അക്ഷത്രിയ ലോഭലീലയാൽ ശത്രുവിൻ
അക്ഷയവിത്തം ഹരിക്കുന്ന പാരിടം!

കുന്തി ഗാന്ധാരി പാഞ്ചാലിമാർ മാനസം
വെന്തു വാണീടുമശാന്തമാം പാരിടം!

അംഗനമൂലവും, മന്നിനും പൊന്നിനും
സംഗരമിന്നും നടക്കുന്ന പാരിടം!

രാഷ്ട്രങ്ങളൊക്കെ പിടിച്ചടക്കാൻ ധാർത്ത-
രാഷ്ട്രാന്ധസൈന്യം കുതിക്കുന്ന പാരിടം!

ഭീമാർജ്ജുനക്രോധവഹ്നിധൂമങ്ങളാ-
ലാമഗ്നമായി ത്രസിക്കുന്ന പാരിടം!

പൂതമാം ഭാരതദീപപ്രകാശത്തി-
ലേതും തെളിഞ്ഞു ഞാൻ കണ്ടു സമഗ്രമായ്.

ആ വെളിച്ചത്തിലിരുന്നു രചിക്കയാം
ലോകോത്തരഗ്രന്ഥഗദ്യവിവർത്തനം.

പുരാവൃത്തങ്ങൾ ഉൽഗ്രഥിക്കുകയോ സമകാലികസമൂഹത്തിന്റെ ദൃഷ്ടികൾ ഉണ്മയിലേക്കു തിരിക്കുകയോ മാത്രമായിരുന്നില്ല ഭാരതേതിഹാസരചനയുടെ ലക്ഷ്യം. കാലത്തിന്റെ ത്രിമാനഭാവങ്ങളും ഭാവനാദൃഷ്ടിയിൽ തെളിമയോടെ ദർശിച്ചതിനുശേഷം, ഇതിഹാസമാസകലം പൂർണ്ണരൂപത്തിൽ ഒന്നും വിടാതെ മനസ്സിൽ സങ്കല്പിച്ചതിനുശേഷം ധ്യാനനിഷ്ഠനായ വ്യാസൻ ബ്രഹ്മാവിനോട് ഉണർത്തിച്ചത് ഇപ്രകാരമായിരുന്നുപോലും: "അതിവിപുലമായ ഒരു കാവ്യം ഞാൻ കൊരുത്തൊരുക്കിയിട്ടുണ്ട്. വേദോപനിഷത്തുക്കളുടെ നിഗൂഢരഹസ്യങ്ങളും ഭൂതവർത്തമാനഭാവിയുടെ ചരിത്രവും പുരാണങ്ങളുടെ സാരാംശവും നാലു യുഗങ്ങളുടെ വിവരണവും ശാസ്ത്രങ്ങളും നദികളുടേയും പർവ്വതങ്ങളുടേയും വനങ്ങളുടേയും, നഗരങ്ങളുടേയും തീർത്ഥാടനസങ്കേതങ്ങളുടേയും വർണ്ണനകളും വിവിധ രാഷ്ട്രങ്ങളും ഭിന്നജീവിതരീതികളും അതിൽ ഉൾക്കൊള്ളുന്നു." വിവരമറിഞ്ഞ് സംപ്രീതനായ ബ്രഹ്മാവാണ് മുനി ചൊല്ലിക്കൊടുക്കുന്ന കാവ്യം എഴുതിയെടുക്കുവാൻ ഗണപതിയെ നിയോഗിച്ചതെന്നാണ് കഥ.

അങ്ങനെ വ്യാസന്റെ മൊഴികൾക്കൊപ്പം ഗണേശന്റെ എഴുത്താണി ചലിച്ചതോടെ മഹാഭാരതം ജന്മംകൊണ്ടു. ഇതിഹാസകാവ്യത്തിന്റെ മാത്രമല്ല, ഭാരതമെന്ന മഹാരാജ്യത്തിന്റെ ഉത്ഭവവും അതോടൊപ്പം സംഭവിച്ച പ്രതിഭാസമല്ലേ? ഭരതേതിഹാസത്തിന്റെ അഭാവത്തിൽ നമ്മുടെ രാജ്യത്തിന് അസ്തിത്വമുണ്ടോ? ഈ മഹാരാജ്യത്തിന്റെ തലങ്ങും വിലങ്ങും പലപ്രാവശ്യം ചുറ്റിത്തിരിഞ്ഞാലും ഭാരതത്തിന്റെ ഹൃദയത്തിലേക്കു കടന്നുചെല്ലാൻ സാധിച്ചെന്നു വരില്ല. നേരേമറിച്ച് ഈ ഇതിഹാസത്തിന്റെ പഠനം അതിന്റെ പതിന്മടങ്ങ് രാജ്യവിജ്ഞാനം സ്വായത്തമാക്കാൻ നമ്മെ സഹായിക്കുന്നു.

വ്യാസേതിഹാസത്തിന്റെ പേരും നമ്മുടെ രാജ്യത്തിന്റെ പേരും ഒന്നായിത്തീർന്നത് കേവലം യാദൃച്ഛികമായ ഒന്നല്ല. ഭരണഘടനയുടെ ഒന്നാമത്തെ അനുച്ഛേദംതന്നെ ഇന്ത്യയും ഭാരതവും പര്യായനാമങ്ങളാണെന്നു സ്പഷ്ടമാക്കിയിട്ടുണ്ട്. രാഷ്ട്രങ്ങൾ ആദ്യം രൂപപ്പെടുക ആശയതലത്തിലാണ്. സാംസ്കാരികമായ അവബോധം മൂർത്തരൂപം പ്രാപിക്കുവാൻ കുറെക്കാലം പിടിക്കും. ഊടും പാവുമിണങ്ങി ഭാരതസംസ്കാരസങ്കല്പം പുഷ്കലമായതിനുശേഷം എത്രയോ നൂറ്റാണ്ടുകൾ പിന്നിട്ടപ്പോഴേ ഭാരതമെന്ന രാഷ്ട്രം പിറവിയെടുക്കുകയുണ്ടായുള്ളൂ.

മുൻഗണന ഭാരതവർഷസംസ്കാരത്തിനുതന്നെ. അതിന്റെ ശില്പി ആരെന്നതിനെപ്പറ്റി ഒട്ടും തർക്കത്തിനവകാശമില്ല. വ്യാസഭാവനയുടെ വിശാലവേദിയിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഒത്തൊരുമയോടെ കൈകോർത്തു പിടിച്ചുനിൽക്കുന്നു. സാംസ്കാരികഭാരതത്തെ സംബന്ധിച്ചിടത്തോളം ഗംഗയും കാവേരിയും തമ്മിൽ ചേരാതെ ഒഴുകുന്ന നദികളല്ല. ഈ ഉപഭൂഖണ്ഡത്തിലെ എല്ലാ സാംസ്കാരികപ്രവാഹങ്ങളേയും ഭാരതേതിഹാസം എന്ന ബൃഹന്നദിയിൽ ലയിപ്പിച്ച് ഒന്നാക്കുവാൻ വ്യാസനു കഴിഞ്ഞു. ആശയതലത്തിൽ പണ്ടേ നടപ്പാക്കപ്പെട്ട ഒരു ദസ്തുർപ്ലാൻ! അല്ലെങ്കിൽ ഭാരതമെന്ന സങ്കല്പത്തിനുപോലും സ്ഥാനമില്ലാതെ നമ്മുടെ രാജ്യം ഛിന്നഭിന്നമാകുമായിരുന്നു. രാഷ്ട്രീയമായ ശിഥിലീകരണശക്തികൾ എത്ര ആഞ്ഞടിച്ചാലും കടപുഴക്കി പിഴുതെറിയാൻ സാധിക്കാത്തവണ്ണം

digitized by www.sreyas.in

അത്യധികം ദൃഢരൂഢമാണ് ആ സംസ്കാരത്തിന്റെ വേരുകൾ. വ്യാസസംസ്ഥാപിതമായ ആ വേരോട്ടത്തിനു പുരണ്ട മണ്ണിന്റെ വളക്കൂറ് ബലവും വീര്യവും പകരുന്നു.

മഹത്വംകൊണ്ടും ഭാരവത്വംകൊണ്ടും

ഭരതവംശജാതരായ കൗരവരുടേയും പാണ്ഡവരുടേയും ഇതിഹാസം എന്ന നിലയ്ക്കുമാത്രമല്ല, മഹത്വംകൊണ്ടും ഭാരവത്വംകൊണ്ടുംകൂടി സിദ്ധിച്ചതാണ് മഹാഭാരതത്തിന് ആ നാമം. 'മഹത്വാത് ഭാരവത്വാത് ച മഹാഭാരതമുച്യതേ' എന്നു തൽക്കർത്താവുതന്നെ ഉൽഘോഷിക്കുന്നു. ഭാരവത്വശബ്ദം ഗ്രന്ഥത്തിൽ അടങ്ങിയ ശ്ലോകങ്ങളുടെ പെരുപ്പത്തെയല്ല, അവയുടെ ഘനഗാംഭീര്യത്തെയാണ് സൂചിപ്പിക്കുന്നതെന്നുകൂടി മറക്കാതിരിക്കുക.

മഹാഭാരതസംഗ്രഹം പുനരാഖ്യാനം ചെയ്ത സി. രാജഗോപാലാചാരിയുടെ അഭിപ്രായത്തിൽ ലോകത്തിലെ ഏറ്റവും സംഖ്യാബഹുലമായ ജനതകളിലൊന്നിന്റെ സ്വഭാവത്തേയും സംസ്കാരത്തേയും മെനഞ്ഞെടുക്കുവാൻ ഈ വ്യാസവാങ്മയത്തിനു സാധിച്ചു. മുമ്പെന്നപോലെ ഇന്നും ആ ദൗത്യം ഇതു നിറവേറ്റുന്നുണ്ട്. സങ്കീർണ്ണമായ നാനാചലനങ്ങളുടെ മദ്ധ്യത്തിലും ഒരു സുവർണ്ണതന്തുപോലെ ധർമ്മത്തിന്റെ സുവിശേഷം മഹാഭാരതഗാത്രത്തിൽ മിന്നിത്തിളങ്ങുന്നു. വിദ്വേഷം വിദ്വേഷത്തെ വളർത്തുമെന്നും ലോഭവും അക്രമവും അവസാനം വിനാശത്തിലേക്കു നയിക്കുമെന്നും സ്വന്തം അധമവികാരങ്ങളെ കീഴടക്കുന്നതാണ് യഥാർത്ഥമായ ജയമെന്നും മറ്റുമായ പാഠങ്ങളാണ് ആ ധർമ്മസുവിശേഷത്തിന്റെ കാതൽ. മനുഷ്യജീവിതവൈപുല്യത്തേയും വൈവിധ്യതയേയും ഇത്രയേറെ വിവേകത്തികവോടെ മറ്റൊരു ഗ്രന്ഥവും വിശകലനംചെയ്തിട്ടില്ല. മനുഷ്യഹൃദയജ്ഞാനത്തിലും ജീവിതാപഗ്രഥനനൈപുണ്യത്തിലും കഷ്ടിച്ച് ഷേക്സ്പിയർ മാത്രമേ വ്യാസന്റെ സമീപം ചെല്ലുന്നുള്ളൂ– കുലപതി കെ.എം. മുൻഷി പറയുന്നു.

പാണ്ഡവരും കൗരവരും കുന്തിയും ഗാന്ധാരിയും പാഞ്ചാലിയും ശ്രീകൃഷ്ണനും ഭീഷ്മരും മറ്റും ഇന്ത്യാക്കാരായ നമുക്ക് ഒരു ഗ്രന്ഥത്തിന്റെ നാലുകെട്ടിനകത്തു വിഹരിക്കുന്ന കല്പനാസൃഷ്ടികളല്ല. അവർക്കെല്ലാം ചോരയും നീരും ചൈതന്യവും വ്യക്തിത്വവുമുണ്ട്. അനുദിനജീവിതത്തിൽ നാം കണ്ടുമുട്ടുന്ന പലരേക്കാളും സുപരിചിതരല്ലേ നമുക്ക് ധർമ്മപുത്രരും ഭീമനും അർജ്ജുനനും കർണ്ണനും ദുര്യോധനനും? ജീവിക്കുന്ന വ്യക്തികളെപ്പോലെ എന്നും അവർ നമ്മുടെ സമൂഹമദ്ധ്യത്തിൽ ചുറ്റിത്തിരിയുന്നു. കവിയുടെയോ കാവ്യത്തിന്റെയോ, പേരിന്റെ അനുബന്ധംപോലെ അനുസ്മരിക്കപ്പെടുന്നവരല്ലേ മറ്റു കൃതികളിലെ കഥാപാത്രങ്ങൾ?

തന്റെ ചിന്താസന്താനങ്ങൾക്കു തന്നിൽനിന്ന് അന്യവും നൂറുശതമാനം തനതുമായ വ്യക്തിത്വഭാവം സമ്മാനിക്കുവാൻ വ്യാസനു കഴിഞ്ഞിട്ടുണ്ട്. "അയാൾ ധർമ്മപുത്രനാണ്. അഹോ, നീയൊരു ഭീമൻ! ഇത്തരം ശകുനിമാർ ഇന്നുമുണ്ടോ? അവൻ ദുശ്ശാസനൻ തന്നെ." നിത്യജീവിതസംഭാഷണങ്ങളിൽ കടന്നുകൂടുന്ന പ്രയോഗങ്ങളാണിവ. ശ്രീകൃഷ്ണനേയും അർജ്ജുനനേയും മറ്റും പരാമർശിക്കുന്നിടത്ത് വ്യാസനാമം കൂട്ടിക്കൊളുത്താറില്ല. അതിന്റെ ആവശ്യം അനുഭവപ്പെടുന്നില്ല. കർത്താവിനെ വിസ്മൃതനാക്കത്തക്കവിധം കഥാപാത്രങ്ങൾക്കു തലയെടുപ്പ് കൈവന്നിട്ടുണ്ടെങ്കിൽ അതിലേറെ അഭിമാനകരമായി തൽക്കർത്താവിനു മറ്റെന്തുണ്ട്?

ശ്രീകൃഷ്ണനെപ്പോലെ ഊർജ്ജസ്വലതയും നിറപ്പകിട്ടും ഓളംവെട്ടുന്ന ഒരു കഥാപാത്രം ലോകസാഹിത്യത്തിലെങ്ങുമില്ല എന്നതാണു വാസ്തവം. ഭാഗവതത്തിലും മഹാഭാരതത്തിലും വ്യത്യസ്തമായ സ്വഭാവസവിശേഷതകളോടെ ഈ ഇതിഹാസപുരുഷൻ പ്രത്യക്ഷപ്പെടുന്നു. രാസക്രീഡയിൽ തൽപരനും ഗോപികമാരുടെ വസ്ത്രാപഹരണത്തിൽ വിരുതുകാട്ടുന്നവനുമാകുന്നു ഭാഗവതത്തിലെ ശ്രീകൃഷ്ണൻ. മഹാഭാരതത്തിൽ രംഗപ്രവേശം ചെയ്യുന്നതാകട്ടെ, പ്രതിസന്ധിഘട്ടങ്ങളിൽ ചഞ്ചലചിത്തനാകാതെ സദാപി സ്വപ്രത്യയസ്ഥൈര്യത്തോടെ വർത്തിക്കുന്ന പരിണതപ്രജ്ഞനും. ദീർഘദർശിയും പ്രപഞ്ചരഹസ്യജ്ഞാനത്തിന്റെ പ്രതീകവുമാണ് മഹാഭാരതത്തിലെ ശ്രീകൃഷ്ണൻ. രണ്ടു കൃതികളുടെ ശൈലിയിലും സാരമായ വ്യത്യാസമുണ്ട്. ദൃഢവും ശക്തവും പൗരുഷം വഴിഞ്ഞൊഴുകുന്നതുമായ ഒരു ഉജ്ജ്വലശൈലിയാണ് മഹാഭാരതത്തിലേതെന്ന് അരവിന്ദഘോഷ് ചൂണ്ടിക്കാട്ടുന്നു.

ശ്രീകൃഷ്ണന്റെ ധൈഷണികവും ധാർമ്മികവുമായ ഔന്നത്യം അതിന്റെ അത്യുച്ചകോടിയെ പ്രാപിക്കുന്ന ബിന്ദുവാണ് ഭഗവദ് ഗീത. ലോകപ്രസിദ്ധമായ ഈ ദർശനസംഹിത 'വ്യാസേന ഗ്രഥിത'മായി മഹാഭാരതമദ്ധ്യത്തിൽ സ്ഥാനം പിടിച്ച് ഒളിവീശിക്കൊണ്ടിരിക്കുന്ന രത്നമാണെന്ന വസ്തുത അതിന്റെ സ്വയംപൂർണ്ണതനിമിത്തം പലരും ഓർക്കാറില്ല. വേദങ്ങളും ഉപനിഷത്തുകളും പിഴിഞ്ഞെടുത്ത പീയൂഷം, അവയുടെയെല്ലാം സാരസർവ്വസ്വം ഒരു കുപ്പിയിലെന്നപോലെ ഇതിൽ അടക്കിവെച്ചിരിക്കുന്നു. ആശ്രയിക്കുന്നവർക്കെല്ലാം ജീവനദായിനിയും പ്രേമമയിയും ഹിതകാരിണിയുമായ ഒരു മാതാവിന്നു തുല്യം ഗീതയെ ഗണിക്കണമെന്ന് മഹാത്മാഗാന്ധി ഉപദേശിക്കാറുണ്ടായിരുന്നു. എല്ലാത്തരം വിശ്വാസികൾക്കും മനോവീര്യം പകരുന്നതും കർമ്മനിരതമായ ജീവിതത്തിന്റെ വഴിത്താര തുറന്നുകാട്ടുന്നതുമാണ് ഗീതയിലെ തത്ത്വശാസ്ത്രം. മനോരോഗചികിത്സയെപ്പറ്റി കാലിഫോർണിയയിലെ ഒരു സംഘം ഡോക്ടർമാർ അടുത്തകാലത്ത് ആധികാരികമായ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പുറംചട്ടയിൽ കൊടുക്കുവാൻ സുദീർഘമായ ചർച്ചയ്ക്കുശേഷം അവർ തെരഞ്ഞെടുത്തത് അർജ്ജുനന് ഭഗവാൻ ഗീത ഉപദേശിക്കുന്ന ചിത്രമത്രേ! മനഃശാസ്ത്രപരമായ വിദഗ്ദ്ധചികിത്സയാണ് ഗീതാപ്രവചനത്തിലൂടെ പാർത്ഥസാരഥി നടത്തിയതെന്ന് ആ അമേരിക്കൻ ഭിഷക്കുകൾ വിശ്വസിക്കുന്നു.

ഗീത മാത്രമല്ല, ഏകദേശം സമാനമായ തോതിൽ പ്രഭ തൂകുന്ന വേറെ നാലു രത്നങ്ങൾകൂടി മഹാഭാരതഗാത്രത്തിൽ ഖചിതമായിട്ടുണ്ട്. അനുഗീത, വിദുരവാക്യം, സനൽസുജാതീയം, വിഷ്ണുസഹസ്രനാമം എന്നിവയും അമൂല്യമായ തത്ത്വോപദേശസൂക്തങ്ങൾതന്നെ. പഞ്ചമഹാരത്നങ്ങളെന്നു പൊതുവേ ഇവയെ കീർത്തിക്കാറുണ്ട്.

ഗീത ഏച്ചുകൂട്ടിയതോ?

ഭഗവദ്ഗീത ആദ്യദശയിൽ ഭാരതത്തിന്റെ ഭാഗമായിരുന്നില്ലെന്നും ബുദ്ധന്റെ കാലശേഷം ആരോ ഏച്ചുകൂട്ടിയതാണെന്നും പാശ്ചാത്യഗവേഷകന്മാർ ആരോപിക്കുന്നു. ഈ വാദത്തിന്റെ അടിസ്ഥാനം സ്പഷ്ടമല്ല. മഹാഭാരതം കമ്പോടുകമ്പ് പാരായണംചെയ്ത സഹൃദയന്മാർ ആ 'കണ്ടെത്തലി'നെ അർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കുകയേ

digitized by www.sreyas.in

യുള്ളു. ഭഗവദ് ഗീതയിലെ അരുളുകൾ പലതും പാഠഭേദത്തോടെ ഭാരതത്തിന്റെ മറ്റുചില ഭാഗങ്ങളിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ബൗദ്ധകാലഘട്ടത്തിനുശേഷമാണ് ഭഗവദ്ഗീത രൂപംപൂണ്ടതെങ്കിൽ തഥാഗതന്റെ സിദ്ധാന്തങ്ങളെ പരാമർശിക്കുകയോ ഖണ്ഡിക്കുകയോ ചെയ്യുമായിരുന്നു. അങ്ങനെ സംശയിക്കാവുന്ന യാതൊന്നും ഗീതയിലില്ല. ചിന്തനീയമായ മറ്റൊരു പ്രശ്നംകൂടി: ഭാരതത്തിലേയും ഗീതയിലേയും ശൈലികൾ തമ്മിൽ വൈസാദൃശ്യമുണ്ടോ? പാശ്ചാത്യർ ഇതിനെപ്പറ്റി മൗനം ഭജിക്കുന്നു. രണ്ടിലേയും രചനാരീതികൾ തമ്മിൽ പൂർണ്ണവും അനിഷേധ്യവുമായ ഐകരൂപ്യമുണ്ട്. ഭഗവദ്ഗീത കൃത്രിമസൃഷ്ടിയാണെന്ന പക്ഷം അതിനുമുൻപും പിൻപും ഭാരതത്തിൽ പ്രതിപാദിതമായ പലതും അർത്ഥശൂന്യമാണെന്നുകൂടി ശഠിക്കേണ്ടിവരും.

ഗീതയുടെ കഥാത്മകമായ ആഖ്യാനവും വിസ്തൃതമായ വ്യാഖ്യാനവുമാണ് വാസ്തവത്തിൽ മഹാഭാരതം. ഗീതാസന്ദേശവും അതിന്റെ സാരവും നാടകീയമായ വിശദാംശങ്ങളോടെ കളർ ടെലിവിഷനിലെന്നപോലെ കാണാനും ആസ്വദിക്കാനും മഹാഭാരതമാസകലം ഉരുക്കഴിക്കുന്നവർക്കു കഴിയും. മറ്റാർക്കും അതു സാധ്യമല്ലതാനും. യുദ്ധാരംഭത്തിൽ അർജ്ജുനനെപ്പോലുള്ള വിശേഷജ്ഞന്മാർക്കുമാത്രം മനസ്സിലാകത്തക്കവണ്ണം സംക്ഷേപിച്ച ദൈവസത്തുക്കൾത്തന്നെയാണ് അജ്ഞന്മാർക്കുപോലും ഗ്രഹിക്കത്തക്കവണ്ണം ശാന്തിപർവ്വത്തിലെ 10725 ശ്ലോകങ്ങളിൽ പ്രസ്തരിച്ചിരിക്കുന്നതെന്നു കുട്ടിക്കൃഷ്ണമാരാർ ഊന്നി പ്രസ്താവിക്കുന്നു.

ഗീതാശ്ലോകങ്ങളോടു കിടപിടിക്കുന്ന താത്ത്വികവും ധാർമ്മികവുമായ ഉൽബോധനങ്ങൾ മഹാഭാരതത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉണ്ടോ? ഇല്ല എന്ന അബദ്ധധാരണയാണ് ഭഗവദ്ഗീത പിൽക്കാലത്ത് ആരോ ഏച്ചുകുട്ടിയതാണെന്ന അപവാദത്തിന്റെ ഉറവിടമെന്നു തോന്നുന്നു. വ്യാസപ്രതിഭയുടെ വെന്നിക്കൊടികളെന്നു വാഴ്ത്തപ്പെടേണ്ട തത്ത്വസൂക്തങ്ങൾ പലതും ഭഗവദ്ഗീതയുടെ ഭാഗമല്ല. മഹാഭാരതകർത്താവിനെ സാഷ്ടാംഗം നമസ്കരിക്കുവാൻ എന്റെ മനസ്സിനെ കുതിപ്പിച്ച ശ്ലോകം ഈ പ്രകരണത്തിൽ ഉദാഹരിക്കുന്നത് അനുചിതമാവില്ലെന്നു വിശ്വസിക്കട്ടെ:

> അഹന്യഹനി ഭൂതാനി
> പ്രവിശന്തി യമാലയം,
> ശേഷാ സ്ഥിരത്വമിച്ഛന്തി
> കിമാശ്ചര്യമിതഃ പരം?

(ഈ ലോകത്തിലെ ആയിരമായിരം ജീവികൾ ദിവസേന മൃത്യുവിന്റെ വക്ത്രത്തിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ കാഴ്ച എത്രയെത്ര കണ്ടിട്ടും മരണത്തിന്റെ സാർവ്വജനീനതയെപ്പറ്റി ബോധമില്ലാതെ ബാക്കിയുള്ളവരാകട്ടെ ശാശ്വതജീവിതം കൊതിക്കുകയും ചെയ്യുന്നു. ഇതിനേക്കാൾ വലിയ ആശ്ചര്യം മറ്റെന്തുണ്ട്?)

പാണ്ഡവരുടെ വനവാസകാലത്തിന്റെ അന്ത്യഘട്ടത്തിൽ യമധർമ്മൻ യക്ഷരൂപം ധരിച്ച് അവരെ പരീക്ഷിക്കുന്നതാണ് രംഗം. ധർമ്മപുത്രരോട് യക്ഷൻ മർമ്മസ്പർശിയായ അനവധി ചോദ്യങ്ങൾ തൊടുത്തുവിടുന്നു. ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണെന്ന അവസാനത്തെ ചോദ്യമായിരുന്നു പരമപ്രധാനം. ഒരു നിമിഷംപോലും മടിച്ചു നില്ക്കാതെ ധർമ്മപുത്രർ നല്കിയ മറുപടിയാണ് പ്രസ്തുതശ്ലോകം. ഇത്രത്തോളം ഉൾക്കാഴ്ചയും ഉണ്മയും സ്ഫുരിക്കുന്ന ഒരാശയം മറ്റേതെങ്കിലും തൂലിക വിശ്വസാഹിത്യവേദിയിൽ കൊളുത്തിവെച്ചിട്ടുണ്ടോ?

ഭഗവദ്ഗീതയെപ്പോലെ ലോകശ്രദ്ധയെ ആകർഷിച്ചിട്ടില്ലെങ്കിലും വിദുരവാക്യവും അനുഗീതയും അറിവിന്റെ കെടാവിളക്കുകളായി ശോഭിക്കുന്നു. കാലഗതി വരുത്തിയ മാറ്റങ്ങൾക്ക് അവയുടെ ദീപ്തിപൂരം കുറയ്ക്കുവാനോ കെടുത്തുവാനോ കഴിഞ്ഞിട്ടില്ല. ലോകജീവിതം വിജയകരമായി തരണംചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഏതുകാലത്തും വിദുരോപദേശങ്ങളെ ആദരിക്കുകയും ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്യും. അധ്യാത്മശാസ്ത്രത്തിലേക്കു വെളിച്ചം തൂകുന്നതാണ് അനുഗീത. ഭഗവദ്ഗീതയിലെന്നപോലെ ഇതിലും പ്രധാനവക്താവും ശ്രോതാവും കൃഷ്ണാർജ്ജുനന്മാർ തന്നെ. ഭഗവദ്ഗീതയിൽ ചുരുക്കിയും ഒതുക്കിയും ഉപദേശിക്കുന്ന തത്ത്വങ്ങൾ അനുഗീതയിൽ സവിസ്തരം പ്രതിപാദിച്ചിരിക്കയാണെന്ന വ്യത്യാസമേയുള്ളു. ഭഗവദ്ഗീതയിൽ ആകെ പതിനെട്ട് അദ്ധ്യായങ്ങൾ. അതിന്റെ ഇരട്ടി അദ്ധ്യായങ്ങൾ അനുഗീതയിലുണ്ട്. പ്രൗഢിയിലും ഗാംഭീര്യത്തിലും ഭഗവദ്ഗീതയ്ക്കാണ് മികവ്. പക്ഷേ, സാരാംശത്തിൽ രണ്ടും സമശീർഷങ്ങളാകുന്നു. അനുഗീത ഭഗവദ്ഗീതയുടെ കമ്മട്ടത്തിൽ വാർത്തെടുത്ത ശില്പമാണെന്ന് സൂക്ഷ്മദൃഷ്ടികൾക്കു കാണാൻ കഴിയും. വേദാന്തവിജ്ഞാനത്തിന്റെ ഇരുളടഞ്ഞ മൂലകളിലേക്കു രണ്ടും ഒരുപോലെ പ്രകാശരശ്മികൾ ചൊരിയുന്നു. സാമാന്യബുദ്ധികൾക്കുകൂടി പ്രയാസം കൂടാതെ പിന്തുടരാൻ കഴിയുമെന്ന മെച്ചം അനുഗീതയ്ക്കുണ്ട്.

യതോ ധർമ്മസ്തതോ ജയഃ

ധർമ്മാനുഷ്ഠാനത്തിന്റെയും തൽഫലമായ വിജയത്തിന്റെയും സന്ദേശം മഹാഭാരതത്തിൽ ഉടനീളം പരമപ്രധാനമായ മുദ്രാവാക്യംപോലെ മാറ്റൊലിക്കൊള്ളുന്നു. ധർമ്മം സംരക്ഷിക്കുവാൻ ഉത്സുകരായവർ സ്വരക്ഷയേയോ സ്വന്തം താല്പര്യങ്ങളേയോപറ്റി വേവലാതിപ്പെടേണ്ടതില്ല. അവരുടെ സംരക്ഷണത്തിനു പാത്രമായ ധർമ്മംതന്നെ അവരെ രക്ഷിക്കുന്ന ചുമതല നിറവേറ്റും. ഇതാണ് മഹാഭാരതത്തിൽ മുഖ്യകഥയിലൂടെയും പരശ്ശതം ഉപാഖ്യാനങ്ങളിലൂടെയും സിമന്റിട്ടുറപ്പിക്കുന്ന മഹാതത്ത്വം. ഭാരതേതിഹാസം മുഴുക്കെ മനസ്സിരുത്തി വായിക്കുന്ന സഹൃദയന്മാർക്ക് ധർമ്മനിഷ്ഠയും ജീവിതജയവും തമ്മിലുള്ള അഭേദ്യമായ ബന്ധം ബോദ്ധ്യപ്പെടാതിരിക്കില്ല.

ജയം എന്ന മഹാഭാരതത്തിന്റെ അപരനാമം പ്രസിദ്ധമാണ്. ശ്രോതാക്കൾക്കു ജയത്തെ പ്രദാനം ചെയ്യുന്നതുകൊണ്ട് ആ പേര് നല്കിയതാണെന്ന് ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. അതെന്തായാലും ജയത്തിനും മഹാഭാരതത്തിനും തമ്മിൽ അവിഭാജ്യമായ ഏകീഭാവമുണ്ട്. പരൽപേരുപ്രകാരം പതിനെട്ടാകുന്നു ജയത്തിന്റെ സംഖ്യ. മഹാഭാരതത്തിൽ പതിനെട്ടു പർവ്വങ്ങളുണ്ട്, ഭഗവദ്ഗീതയിൽ പതിനെട്ട് അദ്ധ്യായങ്ങളും. പതിനെട്ടുദിവസം മഹാഭാരതയുദ്ധം നീണ്ടുനിന്നു. ആ യുദ്ധത്തിൽ പങ്കാളിത്തം വഹിച്ച അക്ഷൗഹിണികളുടെ എണ്ണവും പതിനെട്ടുതന്നെ. ധർമ്മജയവും ഒപ്പം അധർമ്മത്തിന്റെ പരാജയവും ദ്യോതിപ്പിക്കാനാണ് അപ്രകാരം നാമകരണം ചെയ്തതെന്നു കരുതുന്നതല്ലേ കൂടുതൽ സമീചീനം.

digitized by www.sreyas.in

ധർമ്മ ഏവ ഹതോ ഹന്തി
ധർമ്മോ രക്ഷതി രക്ഷിതഃ

ആ പാഠം സ്ഥാപിച്ചുറപ്പിക്കുകയാണ് ഈ മഹേതിഹാസത്തിന്റെ ലക്ഷ്യമെന്നു പല സന്ദർഭങ്ങളിലും അർത്ഥശങ്കയ്ക്കിടമിടാതെ വ്യാസൻ വ്യക്തമാക്കിയിട്ടുണ്ട്. മരണസമയത്ത് മനുഷ്യനോടൊപ്പം പരലോകത്തേക്ക് എന്താണ് അനുഗമിക്കുകയെന്ന് വനസരസ്സിന്റെ കരയിൽവെച്ച് യക്ഷരൂപിയായ യമധർമ്മൻ യുധിഷ്ഠിരനോടു ചോദിച്ചു. ധർമ്മം എന്ന രണ്ടക്ഷരങ്ങളായിരുന്നു അതിനു ലഭിച്ച ഖണ്ഡിതമായ മറുപടി. ധർമ്മപുത്രനെ ധർമ്മത്തിന്റെ മൂർത്തീകരണമായ മഹാവൃക്ഷമായും അർജ്ജുനനെ അതിന്റെ സ്കന്ധമായും ഭീമസേനനെ ശാഖയായും നകുലസഹദേവന്മാരെ ഫലപുഷ്പങ്ങളായും അദ്ധ്യാരോപം ചെയ്തിരിക്കയാണ് ഇതിഹാസകാരൻ; ആ വൻദ്രുമത്തിന്റെ വേര് ശ്രീകൃഷ്ണപരമാത്മാവാണെന്നും.

അർത്ഥകാമങ്ങൾ സാക്ഷാത്കരിച്ച് ലോകജീവിതം ധന്യമാക്കുവാൻപോലും ധർമ്മം ആചരിച്ചേ മതിയാവൂ എന്നതാണ് മഹാഭാരതത്തിന്റെ സന്ദേശം. എന്നിട്ടും ധാർമ്മികമനസ്സാക്ഷിയുടെ നിമന്ത്രണങ്ങൾ ശ്രദ്ധിക്കപ്പെടാതെപോവുന്നതിനെപ്പറ്റി വ്യാസൻ വിഷാദാകുലനാണെന്നുകൂടി ഒരു ശ്ലോകത്തിൽ സൂചിപ്പിക്കുന്നു. ചുവടെ ചേർക്കുന്നതാണ് വിഖ്യാതമായ ആ വരികൾ:

ഊർദ്ധ്വബാഹുർ വിരൗമ്യേഷ
ന ച കശ്ചിത് ശൃണോതി മേ
ധർമ്മാദർത്ഥശ്ച കാമശ്ച
സ ധർമ്മ കിം ന സേവ്യതേ.

കുട്ടിക്കൃഷ്ണമാരാർ ചൂണ്ടിക്കാട്ടിയതുപോലെ ആരെഴുതി, എന്തിനെഴുതി, എങ്ങനെയെഴുതി എന്നതല്ല എന്തെഴുതിയെന്നും അന്തർഹിതമായ വിജ്ഞാനസമ്പത്ത് എത്രയുണ്ടെന്നുമാണ് പ്രാചീനഗ്രന്ഥങ്ങളെ സംബന്ധിച്ചു പരിശോധിക്കേണ്ടതും അറിയേണ്ടതും. കർത്തൃത്വവും കാലവും വെളിപ്പെടുത്താൻ മഹാഭാരതകാരൻ വിട്ടുപോവുകയോ പ്രാക്തനരായ മറ്റു ചില കവികളെപ്പോലെ വൈമനസ്യം ഭാവിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ആ വശങ്ങളിലേക്കു ഒളിഞ്ഞും പതുങ്ങിയും കണ്ണോടിക്കാനും വരികൾക്കിടയിലൂടെ ചുഴിഞ്ഞിറങ്ങാനുമാണ് ആധുനികരായ ഗവേഷകരുടെ വ്യഗ്രത. വ്യർത്ഥവ്യായാമമല്ലേ ഇത്? മഹാഭാരതത്തിന്റെ കർത്താവ് അജ്ഞാതനാണെന്ന അസന്ദിഗ്ദ്ധ നിഗമനത്തിലെത്തിയിരിക്കയാണ് പാശ്ചാത്യലോകം. വിവിധകാലങ്ങളിൽ നിരവധി പ്രതിഭകൾ ഒറ്റയ്ക്കും കൂട്ടായും ഏർപ്പെട്ട സാഹതീസപര്യയുടെ സന്താനമാണ് ഈ ഇതിഹാസമെന്നു പടിഞ്ഞാറൻ ഗവേഷകരും അവരുടെ ചുവടുപിടിച്ചു ചിന്തിക്കാൻ ശീലിച്ച കിഴക്കൻ വിജ്ഞാനികളും ശഠിക്കുന്നു. പതിനെട്ടു വാല്യങ്ങളായി 'ഡൈജസ്റ്റ് ഓഫ് വേൾഡ് ലിറ്ററേച്ചർ' പ്രസിദ്ധപ്പെടുത്തിയ അമേരിക്കൻ പ്രസാധകന്മാർ കർത്തൃത്വം അജ്ഞാതമായ കൃതിയായേ മഹാഭാരതത്തെ--രണ്ടോ മൂന്നോ ഇൻഡ്യൻ ഗ്രന്ഥങ്ങളുടെ സംക്ഷേപം മാത്രം ഈ ലോകസാഹിത്യസംഗ്രഹത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്--കാണുന്നുള്ളു. വ്യാസൻ എന്നതിനെ ഒരു വ്യക്തിനാമമായി കണക്കാക്കാൻ അവർ തയ്യാറില്ല. മഹാഭാരതകർത്താവിന്റെ പൂർണ്ണമായ സംജ്ഞ കൃഷ്ണദ്വൈപായനവ്യാസൻ എന്നാണെന്നുപോലും അവർക്കു ഗ്രാഹ്യമുണ്ടോ എന്നു സംശയമാണ്. ഉണ്ടെങ്കിൽ, വ്യാസൻ എന്നുമാത്രം കാണിച്ച് അതൊരു സാമാന്യനാമമാണെന്നു സിദ്ധാന്തിക്കുവാൻ ന്യായമില്ല.

വ്യാസൻ വ്യക്തിനാമമായാലും എഡിറ്റർ എന്ന ഇംഗ്ലീഷ് പദത്തിനു തത്സമമായാലും അനേകരുടെ സൃഷ്ടിവിശേഷമാണ് മഹാഭാരതമെന്ന വാദം വിലപ്പോകുമോ? ഗദ്യപരിഭാഷകനായ പ്രകാശംമാസ്റ്ററോട് പലപ്പോഴും ഞാൻ ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്. പൂർവ്വസൂരികൾ പലരും മഹാഭാരതഗാത്രത്തിൽ കൈവെച്ചിട്ടുണ്ടെന്നോ, ഈ ഇതിഹാസത്തെ പെരുപ്പിക്കാനും കൊഴുപ്പിക്കാനും പാടുപെട്ടിട്ടുണ്ടെന്നോ പ്രക്ഷിപ്തഭാഗങ്ങൾ ധാരാളമുണ്ടെന്നോ അദ്ദേഹം വിശ്വസിച്ചില്ല. ഒരേ രചനാരീതിയും ശൈലിയും ശില്പചാതുരിയുമാണ് ഗ്രന്ഥത്തിൽ സർവ്വത്ര തനിക്ക് അനുഭവപ്പെട്ടതെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. വടക്കുംകൂർ മുതലായ പണ്ഡിതന്മാരുടെ അഭിപ്രായവും വ്യത്യസ്തമല്ല. ഭാരതം ഒരു തവണയെങ്കിലും വായിച്ച ചിന്താശീലനായ ഒരു പണ്ഡിതനും നവീനരായ ഗവേഷകർ അതിനെപ്പറ്റി ഉന്നയിച്ചുവരുന്ന സിദ്ധാന്തങ്ങളോടു യോജിക്കുകയില്ലെന്നുവരെ 'ഉത്തരഭാരത' ത്തിന്റെ അവതാരികയിൽ അദ്ദേഹം തറപ്പിച്ചു പറയുന്നു.

ഒറ്റയ്ക്കു സാധിക്കുമോ?

ഒരേയൊരു വ്യക്തിക്ക് തപോധനനായ ഋഷിവര്യനായാലും മഹാഭാരതംപോലെ സാഗരവിപുലമായ ഒരു മഹാഗ്രന്ഥം സ്വയം രചിക്കുവാൻ സാധിക്കുമോ? സാദ്ധ്യമാവില്ലെന്ന സങ്കല്പവും തൽഫലമായ ആശ്ചര്യവുമാണ് നവീനഗവേഷകരെ വഴിപിഴപ്പിച്ചതെന്നു തോന്നുന്നുണ്ട്. ത്രിവത്സരസാധനയിലൂടെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം മുഴുവൻ വൃത്താനുവൃത്തം വിവർത്തനംചെയ്തതോടെ ആ അത്ഭുതത്തിന്റെ സോപ്പുകുമിള പൊട്ടി. സങ്കുചിതബുദ്ധിയും അല്പത്വവുമാണ് ഇത്തരം നേട്ടങ്ങളെ അത്ഭുതകൃത്യങ്ങളായി നമ്മുടെ മുൻപിൽ പ്രദർശിപ്പിക്കുവാൻ പ്രേരകമാവുന്നതെന്ന് ഗദ്യപരിഭാഷകനായ പ്രകാശവും ദൃഷ്ടാന്തീകരിച്ചു കാട്ടുന്നു. തമ്പുരാന്റേയും പ്രകാശത്തിന്റേയും വിവർത്തനങ്ങൾ അവരുടെപേരിലാണ് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെങ്കിലും കൂട്ടുകൃഷിയുടെ ഉല്പന്നങ്ങളാണ് അവയെന്ന് ഏതാനും ദശാബ്ദങ്ങൾക്കുശേഷം ഗവേഷകന്മാർ കണ്ടുപിടിക്കുകയാണെങ്കിൽ അതെത്ര അടിസ്ഥാനശൂന്യവും പരിഹാസ്യവുമായിരിക്കും? ഇതുപോലെതന്നെയല്ലേ വ്യാസന്റെ സൃഷ്ടിവൈഭവത്തെപ്പറ്റി അത്ഭുതംകൂറുന്നതും അതിനെ ആസ്പദമാക്കി വിചിത്രമായ നിഗമനങ്ങളിലേക്കെടുത്തു ചാടുന്നതും? ഭാരതരചനയിൽ മറ്റേതു കവികളാണ് പങ്കുചേർന്നിട്ടുള്ളതെന്നോ പരകീയഹസ്തങ്ങൾ ഏതേതുഭാഗങ്ങളാണ് എഴുതിപ്പിടിപ്പിച്ചതെന്നോ സ്ഥാപിക്കുവാൻ ഗവേഷകന്മാർ ഒരുമ്പെട്ടുകാണുന്നുമില്ല.

മഹാഭാരതകഥയുടെ കാലം ഗ്രന്ഥത്തിലെ ജ്യോതിശ്ശാസ്ത്രപരമായ സൂചനകളിൽനിന്നു സ്പഷ്ടമാവുന്നുണ്ട്. ഓരോ പ്രധാനസംഭവവും നടന്ന ദിവസത്തെ ഗ്രഹസ്ഥിതിയും തിഥിയും കഥയോടൊപ്പം പ്രതിപാദിക്കുന്നു. മറ്റൊരു കാലഗണനയോടും അവ പൊരുത്തപ്പെടുന്നതല്ല. യുദ്ധാരംഭം, സുഭദ്രയുടെ വിവാഹം, ഭീഷ്മരുടെ സ്വർഗ്ഗപ്രാപ്തി മുതലായവ ഗ്രഹനിലയെ മുൻനിർത്തി തിട്ടപ്പെടുത്താൻ കഴിയും. ക്രിസ്ത്വബ്ദാരംഭത്തിന്റെ അഞ്ഞൂറോ ആയിരമോ കൊല്ലങ്ങൾക്കു

digitized by www.sreyas.in

മുൻപാണ് സംഭവമെങ്കിൽ ഗ്രഹസ്ഥിതികൾ ഗ്രന്ഥത്തിൽ പരാമർശിച്ചപടിയാവില്ല. ജ്യോതിശ്ശാസ്ത്രവും ജ്യോതിഷം പോലെ ഒരന്ധവിശ്വാസമാണെന്നു വാദിക്കുവാൻ അധുനാതനഗവേഷകർ മുതിരുകയില്ലെന്നു കരുതട്ടെ.

ഗ്രഹസ്ഥിതിപ്രകാരം മഹാഭാരതസംഭവങ്ങൾക്ക് അയ്യായിരത്തിലേറെ വർഷത്തെ പഴക്കമുണ്ടെങ്കിൽ തൽക്കർത്താവായ കൃഷ്ണദ്വൈപായനൻ ജീവിച്ച കാലഘട്ടത്തെപ്പറ്റി സംശയിക്കാൻ അവകാശമില്ല. കാരണം, അദ്ദേഹവും ഈ ഇതിഹാസത്തിലെ സുപ്രധാനനായ ഒരു കഥാപാത്രമാണെന്നതുതന്നെ. ഗ്രന്ഥകാരൻ കഥാഘടനയിൽ വഹിക്കുന്ന നിർണ്ണായകമായ പങ്കാണ് മഹാഭാരതപഠനത്തിൽ തന്നെ പ്രത്യേകം തല്പരനാക്കിയതെന്ന് ആർ.കെ.നാരായണൻ പറയുന്നു. ഈ ഇതിഹാസത്തെ ഉപജീവിച്ച് ലോകപ്രസിദ്ധനായ ആ ഇൻഡോ–ആംഗ്ലിയൻ സാഹിത്യകാരൻ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ്വന്തം കുടുംബകഥ

മഹാഭാരതത്തിൽ തൽകർത്താവ് പ്രതിപാദിക്കുന്നത് ഐതിഹ്യംപോലെ കേട്ടറിഞ്ഞ കഥകളോ സ്വകീയസങ്കല്പം വരച്ചുകാട്ടിയ ദൃശ്യങ്ങളോ അല്ല, സ്വന്തം കുടുംബാംഗങ്ങളുടെ—പൂർവ്വികരുടേയും അനന്തരവന്മാരുടേയും തന്റേയും–കഥയാണ്. എല്ലാം സ്വാനുഭവത്തിന്റെ ചൂടും ചുവയും സ്ഫുരിക്കുന്ന കഥകൾ. കഥാപുരുഷരായ എല്ലാവരുടേയും ഭൂതഭാവികാലങ്ങളെപ്പറ്റി തികച്ചും ബോധവാനായ ഗ്രന്ഥകാരൻ അവർ അകപ്പെടുന്ന പ്രതിസന്ധികളിലും ധർമ്മസങ്കടങ്ങളിലും പരിഹാരം തേടുവാൻ സഹായിക്കുന്നു. ചില സന്ദർഭങ്ങളിൽ ഭവിഷ്യത്സംഭവങ്ങളുടെ അനിവാര്യത അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു.

ഒരു ദൃഷ്ടാന്തം: പാണ്ഡവരെല്ലാം ഇന്ദ്രപ്രസ്ഥത്തിലേക്കു വന്ന് സുഖജീവിതം നയിച്ചുപോന്നകാലത്ത് വ്യാസൻ യുധിഷ്ഠിരനെ ഇപ്രകാരം അറിയിച്ചു: "പതിമൂന്നുകൊല്ലങ്ങൾക്കുശേഷം താങ്കൾ സ്വന്തം വംശത്തിന്റെ വിനാശകനായിത്തീരും." ശ്രവണമാത്രയിൽ ഭയചകിതനായെങ്കിലും മനസ്സാന്നിദ്ധ്യം നഷ്ടപ്പെടാതെ യുധിഷ്ഠിരൻ അതിനു നല്കിയ മറുപടി ഇതായിരുന്നു. "വിധിഹിതം നിശ്ചയിക്കുന്ന സാഹചര്യത്തെ നമുക്കു മാറ്റിമറിക്കാനാവില്ല. എങ്കിലും ആരെയും പ്രകോപിപ്പിക്കാവുന്ന യാതൊന്നും ഞാൻ ചെയ്യുകയില്ല. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പൂർണ്ണമായ അഹിംസ പാലിക്കും. ഇതു മാത്രമാണ് വിധിനിയോഗങ്ങളെ അഭിമുഖീകരിക്കാനുള്ള നേർമാർഗ്ഗം" പാണ്ഡവരുടെ വിനാശത്തിനു കളമൊരുക്കിയ ചൂതുകളിമത്സരത്തിന് മുൻപാണ് ഈ സംഭവം. ചൂതുകളിമത്സരത്തിന് ക്ഷണിക്കപ്പെട്ടപ്പോൾ യുധിഷ്ഠിരൻ അതു സ്വീകരിക്കുന്നു. ചൂതുകളി ഇഷ്ടമായതുകൊണ്ടു മാത്രമല്ല, മറ്റുള്ളവരെ മുഷിപ്പിക്കരുതെന്ന 'അജാതശത്രു'വിന്റെ നയംകൂടി ക്ഷണം നിരസിക്കാതിരിക്കാൻ ഹേതുവായിരുന്നു.

അതിനുമുൻപ് പാണ്ഡവർ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുന്ന ഘട്ടത്തിൽ ഏകചക്രത്തിലേക്കും പിന്നീട് പാഞ്ചാലത്തേക്കും പോകാൻ നിർദ്ദേശിച്ചത് ഗ്രന്ഥകാരനായ വ്യാസനാണ്. പാഞ്ചാലയാത്ര അവർക്കു സ്വയംവര പത്നിയെ സമ്പാദിക്കുവാൻ അവസരമൊരുക്കി. അങ്ങനെ കഥാഗതിയുടെ ഓരോ തലത്തിലും ഗ്രന്ഥകാരൻ തന്റെ പാത്രങ്ങളോടൊപ്പം ജീവിക്കുന്നു. അതാണ് ഈ ഇതിഹാസം മറ്റെന്തിലുമേറെ തന്നെ ആകൃഷ്ടനാക്കുകയും രമിപ്പിക്കുകയും ചെയ്ത സവിശേഷത. സ്വന്തം മഹാഭാരതാഖ്യാനത്തിന്റെ ആമുഖമായി ആർ.കെ.നാരായണൻ പ്രകാശിപ്പിച്ച മനോഗതങ്ങളാണ് ഇവ.

കഥാകാരന്റെ വ്യക്തിജീവിതത്തോട് ആത്മീഭവിച്ച കഥാബീജം മഹാഭാരതത്തിലേതുപോലെ മറ്റേതെങ്കിലും ഇതിഹാസത്തിലുണ്ടോ? അമ്മയുടെ ആഗ്രഹം സഫലീകരിച്ചു കുലനാശം ഒഴിവാക്കുവാനാണ് ഭാരതകഥാവേദിയിൽ വ്യാസന്റെ അരങ്ങേറ്റം. ഒരു രാജവംശത്തെ അന്യം നിന്നുപോകലിൽനിന്നു രക്ഷിച്ചതോടൊപ്പം ഭാരതത്തിലെ മൂന്നു മുഖ്യ കഥാപാത്രങ്ങളുടെ പിതൃത്വം ഗ്രന്ഥകാരനു സിദ്ധിക്കുന്നു. വ്യാസപുത്രന്മാരാണ് ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും. തന്റെ ദാസീസ സർഗ്ഗരഹസ്യംകൂടി, സത്യനിഷ്ഠനായ യതിവര്യൻ മറച്ചുപിടിക്കുന്നില്ല. ആത്മാർത്ഥതയാണ് കലാസൃഷ്ടിയുടെ വിജയത്തിന് ആധാരമായ മുഖ്യഘടകമെന്ന ടോൾസ്റ്റോയിയുടെ സിദ്ധാന്തം സാധുവാണെന്ന് മഹാഭാരത പ്രണേതാവിന്റെ ജീവിതം നമുക്കു കാട്ടിത്തരുന്നു. ആദർശപുരുഷന്മാരുടെ മാതൃകകൾ അവതരിപ്പിച്ചതോടൊപ്പം അവരുടെ മാനുഷികമായ ദൗർബ്ബല്യങ്ങളും അദ്ദേഹം ചിത്രീകരിക്കുന്നു. ധർമ്മപുത്രനെ ദൗർബ്ബല്യങ്ങളൊന്നും തീണ്ടാത്ത സർവ്വസൽഗുണസമ്പന്നനായോ ദുര്യോധനനെ നന്മകളൊന്നും ഏശാത്ത ദുർഗുണഗണമൂർത്തിയായോ വ്യാസൻ നമ്മെ പരിചയപ്പെടുത്തുന്നില്ല.

ലോകവും ലോകരും എന്താണെന്നും എന്തല്ലെന്നും സൂക്ഷ്മദൃഷ്ടിയോടെ നിരീക്ഷിച്ച് വിലയിരുത്തി ധാർമ്മിക ജീവിതത്തിന്റെ തൂവെളിച്ചത്തിലേക്കു സഹജീവികളെ മാടിവിളിക്കുവാൻ തുറന്നുവെച്ച വിശാലമായ ഒരു വാതായനം; അതല്ലേ മഹാഭാരതത്തെപ്പറ്റി തൽക്കർത്താവിന്റെ വിവക്ഷ? തുറന്നുവെച്ചെങ്കിലും മലയാളിജനസാമാന്യത്തിന്റെ മുൻപിൽ ആ വാതിൽ അടഞ്ഞുതന്നെ കിടന്നു. തമ്പുരാന്റെ പദ്യവിവർത്തനം വന്നിട്ടും വാതിൽ മലർക്കെ തുറന്നില്ല. അതുകൊണ്ട് ക്ഷേത്രപ്രവേശനവിളംബരത്തിനു തുല്യമായ ഒരു സേവനമായി വേണം ഈ ഗദ്യപരിഭാഷയെ സ്വാഗതം ചെയ്യുക ആഴ്വാഞ്ചേരിക്കും അയ്യങ്കാളിക്കും ഇനി ഭാരതക്ഷേത്രകവാടത്തിൽ തോളുരുമ്മിനിന്നു തൊഴാം. ആ നിലയ്ക്ക് കേരളത്തിൽ പുതുയുഗപ്പിറവിക്കു നാന്ദികുറിച്ച ശ്രീനാരായണഗുരുദേവന്റെ പാദങ്ങളിൽ ഈ ഗ്രന്ഥം സമർപ്പിച്ചത് തികച്ചും ഉചിതമായിരിക്കുന്നു.

പഞ്ചമവേദം

പ്രസക്തമായ മറ്റൊരു സംഗതികൂടി ഇവിടെ അനുസ്മരിക്കട്ടെ. സ്ത്രീകൾക്കും, ശൂദ്രന്മാർക്കും, അധഃസ്ഥിതർക്കും വേദങ്ങൾ നിഷിദ്ധമായി മാറിയ പൗരോഹിത്യമേധാവിത്വത്തിന്റെ അന്ധകാരാവൃതമായ നൂറ്റാണ്ടുകളിൽ ജനകോടികൾക്കു വിജ്ഞാനത്തിന്റെ ദീപസ്തംഭമായി ഉതകിയ ധർമ്മസംഹിത മഹാഭാരതമായിരുന്നു. അതുകൊണ്ടാണോ പഞ്ചമവേദമായി ഭാരതം വാഴ്ത്തപ്പെട്ടതും, പവിത്രതയുടെ പരിവേഷം ഗ്രന്ഥത്തെ വലയംചെയ്തതും? പഞ്ചമന്മാരുടെ വേദമെന്നോ അഞ്ചാമത്തെ വേദമെന്നോ, ഏതർത്ഥത്തിലാണ് ആ പദപ്രയോഗത്തിനു പ്രചാരം ലഭിച്ചതെന്ന് നമുക്കറിയില്ല. രാമകൃഷ്ണമിഷൻ പ്രസിദ്ധപ്പെടുത്തിയ 'കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഇന്ത്യ' എന്ന പ്രാമാണികഗ്രന്ഥത്തിൽ മഹാഭാരതത്തിനു വേദപദവി കൈവന്നതിന്റെ പശ്ചാത്തലം വിവരിച്ചിട്ടുണ്ട്.

digitized by www.sreyas.in

പഞ്ചമവേദം എന്ന അപരാഭിധാനം പാവനതയുടെ പ്രതിച്ഛായ സമ്മാനിച്ചതോടൊപ്പം മഹാഭാരതം ഹൈന്ദവരുടെ ഒരു മതഗ്രന്ഥമാണെന്ന ധാരണ ഉളവാകാനും വഴിവെച്ചിട്ടില്ലേ? അന്യമതസ്ഥരിലെ അതിപ്രബുദ്ധമായ ഒരു ലഘുന്യൂന പക്ഷം മാത്രമേ ഇന്നും മറിച്ചു ധരിക്കുന്നുള്ളൂ. ഭഗവദ്ഗീതയുടെ ആധുനികവ്യാഖ്യാനങ്ങൾ ഭാരതീയ വിജ്ഞാനസമ്പത്തുക്കളെ മതാതീതമായ കാഴ്ചപ്പാടിലൂടെ വീക്ഷിക്കുവാൻ ക്രൈസ്തവലോകത്തെ പ്രേരിപ്പിച്ചുവരുന്നുണ്ട്. മറ്റു മതങ്ങളുടെ വക്താക്കൾ ഇപ്പോഴും ആ അവബോധം ഉൾക്കൊണ്ടു തുടങ്ങിയിട്ടില്ല. ഭക്തി പ്രകർഷവും കൃഷ്ണസ്തുതികളും തിരതല്ലുന്ന തുഞ്ചത്താചാര്യന്റെ മഹാഭാരതം വ്യാസമഹാഭാരതത്തിലും അതേ ഭാവവിശേഷങ്ങൾ സങ്കല്പിക്കുവാൻ കാരണമായിട്ടുണ്ട്. രൂപത്തിലും സ്വരത്തിലും വ്യാപ്തിയിലും പാടേ ഭിന്നങ്ങളാണ് രണ്ടും എന്ന നിജസ്ഥിയുണ്ടോ സാമാന്യജനം മനസ്സിലാക്കുന്നു?

സംശയമില്ല, ആത്മജ്ഞാനത്തിന്റെയും, മതത്തിന്റെയും പ്രകടമായ ധാരകൾ മഹാഭാരതത്തിലുണ്ട്. മഹാർണ്ണവപ്പരപ്പിലേക്ക് ഒഴുകിയെത്തുന്ന ഒരു കൈവഴിമാത്രമേ അതാകുന്നുള്ളൂ. ഇതിഹാസവും, ആഖ്യാനവും പുരാണവുമായ ഈ ഗ്രന്ഥം അതേസമയംതന്നെ കാവ്യമാണ്, ധർമ്മശാസ്ത്രമാണ്, അർത്ഥശാസ്ത്രമാണ്, കാമശാസ്ത്രമാണ്, നീതിശാസ്ത്രമാണ്, മോക്ഷശാസ്ത്രവുമാണ്. ഒരു സർവ്വവിജ്ഞാനകോശം. എങ്കിലും കാവ്യാത്മകതയ്ക്കോ, അംഗോപാംഗങ്ങളുടെ സമഞ്ജസമായ ഘടനയ്ക്കോ ഗ്ലാനി സംഭവിച്ചിട്ടില്ല. 'വ്യാസോച്ഛിഷ്ടം ജഗത്സർവ്വം' എന്ന ആപ്തവാക്യത്തിന്നാധാരമായ സൃഷ്ടി മഹാഭാരതമാണെന്നു കണ്ടെത്തുവാൻ ഒരു പ്രയാസവുമില്ല.

നൈമിശാരണ്യത്തിൽവെച്ചു മഹർഷിമാർ സൂതനോട് ആവശ്യപ്പെട്ടതെന്താണെന്ന് ഈ സന്ദർഭത്തിൽ നമുക്കെത്തി നോക്കാം: "പരാശരാത്മജനായ വ്യാസൻ ഗ്രഥിച്ചതും പരീക്ഷിത്തിന്റെ പുത്രനായ ജനമേജയനോട് വൈശമ്പായനൻ പറഞ്ഞുകൊടുത്തതും നാലു വേദങ്ങളുടെ സത്ത് ഉൾക്കൊള്ളുന്നതും സുരബ്രഹ്മർഷികൾ ശ്ലാഘിക്കുന്നതും ശ്രേഷ്ഠമായ ചിത്രപർവ്വബന്ധംകൊണ്ടു മനോജ്ഞമായതും സൂക്ഷ്മാർത്ഥന്യായങ്ങൾ ചേർന്നതും പുണ്യാർത്ഥംകൊണ്ട് പൂർണ്ണമായതും സർവ്വശാസ്ത്രവൃത്തിയോടുകൂടി ശോഭിക്കുന്നതും ശുദ്ധപുണ്യസംഹിതയുള്ളതും വേദമാർഗ്ഗത്തിന്റെ പൊരുളണിഞ്ഞതുമായ മഹാഭാരതകഥ അരുളിച്ചെയ്താലും. പാപനാശനമായ ആ ഇതിഹാസം കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു." മഹർഷിമാരുടെ ഈ അർത്ഥനയിലെ ചില വിശേഷണങ്ങൾ പ്രത്യേകം അടിവരയിട്ടു ശ്രദ്ധിക്കേണ്ടതാണ്. സൂക്ഷ്മാർത്ഥന്യായങ്ങൾ ചേർന്നതും പുണ്യാർത്ഥംകൊണ്ടു പൂർണ്ണമായതും സർവ്വശാസ്ത്രവൃത്തിയോടുകൂടി ശോഭിക്കുന്നതുമായ ഒരു ഇതിഹാസം ശ്രവിക്കുവാനാണ് അവർ അഭിലഷിച്ചതും അതനുസരിച്ച് സൂതൻ പറഞ്ഞുകൊടുത്തതും. താൻ രചിച്ച കാവ്യത്തിന്റെ ഉള്ളടക്കത്തെപ്പറ്റി പിതാമഹനായ ബ്രഹ്മാവിനെ വ്യാസൻ അറിയിച്ചതെന്താണെന്നു കൂടി ഇതോടൊപ്പം ഓർക്കുക. വേദരഹസ്യങ്ങൾ, മറ്റു ശാസ്ത്രങ്ങൾ, നാനാധർമ്മങ്ങൾ കലരുന്ന ആശ്രമങ്ങളുടെ ലക്ഷണം, ചാതുർവ്വർണ്ണ്യം തിരിഞ്ഞ ആദ്യകാലത്തുണ്ടായ ക്രമം, ബ്രഹ്മചര്യം, തപസ്സ്, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ എന്നിവയുടെ മാനം, അദ്ധ്യാത്മവിധി, ന്യായശിക്ഷാചികിത്സാദികൾ, ദിവ്യമാനുഷജന്മങ്ങൾക്കുള്ള യുക്തിദർശനം, സംഗരകൗശലങ്ങൾ, വാക്കിന്റെ ജാതിഭേദങ്ങൾ മുതലായവ അതിൽ നിബന്ധിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ മതിപ്പിനോട് ബ്രഹ്മാവ് വിയോജിച്ചില്ലെന്നുമാത്രമല്ല, ഇതിനേക്കാൾ വിശേഷപ്പെട്ട ഒരു കാവ്യം നിർമ്മിക്കുവാൻ ഒരു കവീന്ദ്രനും സാദ്ധ്യമല്ലെന്നു പ്രതികരിക്കുകയും ചെയ്തു. ഗ്രന്ഥരചനാചരിതം വിവരിക്കുന്ന ഈ ഭാഗങ്ങൾ അനുക്രമണികാപർവ്വത്തിന്റെ ആരംഭത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്രയേറെ സമഗ്രവും വിപുലവുമായ ഒരു വിജ്ഞാനമേഖലയെ ഒരു ഗ്രന്ഥത്തിന്റെ പരിധിയിൽ ആവാഹിക്കാൻ കഴിയുമോ? വേദവ്യാസകർത്തൃകവും ബ്രഹ്മാവിന്റെപോലും സർട്ടിഫിക്കറ്റ് നേടിയതുമാണെങ്കിലും? സംശയം സ്വാഭാവികമാണ്. സന്ദേഹപരിച്ഛേദത്തിന് ഒരു പോംവഴിയേ ഉള്ളൂ. അതെന്താണെന്നു വടക്കുംകൂർ രാജരാജവർമ്മ ചൂണ്ടിക്കാട്ടുന്നു:

"ഭാരതമാഹാത്മ്യത്തെപ്പറ്റി ആക്ഷേപം പറയുന്നവർ ഇക്കാലത്ത് ധാരാളമുണ്ടാകും, നിശ്ചയം. ഭാരതം മുഴുവനും കഴിയുന്നതും കൂടുതൽ ആവൃത്തി പാരായണം ചെയ്യുക എന്നുമാത്രമേ എനിക്ക് അവരോട് ഉപദേശിക്കാനുള്ളൂ. അപ്രകാരം ചെയ്യുമ്പോൾ അവരുടെ അഭിപ്രായം മാറാതെയിരിക്കുകയില്ല. ഗ്രന്ഥം സശ്രദ്ധം വായിച്ചുപഠിക്കാതെ, വല്ലഭാഗവും ദഹിക്കാതെ ഗ്രഹിച്ചോ, കുയുക്തിവാദത്തെ ആശ്രയിച്ചോ പരപ്രത്യയനേയ ബുദ്ധികളായോ എന്തെങ്കിലും തോന്നുന്നതു പറയുന്നതുകൊണ്ടു ഫലമില്ല. ഭാസകാളിദാസശ്രീഹർഷമാഘക്ഷേമേന്ദ്രാദിമഹാകവികളെ സൃഷ്ടിച്ചിരിക്കുന്നതായ (അവർക്കുകൂടി ഉപജീവ്യം) ഒരു ഇതിഹാസമാണ് ഭാരതം എന്ന് അതിനെ ആക്ഷേപിക്കുന്നവർ ഓർമ്മിച്ചാൽ കൊള്ളാം. ഊരുഭംഗം, ദൂതഘടോൽക്കചം, ശാകുന്തളം, നൈഷധീയചരിതം, മാഘം, ഭാരതമഞ്ജരി എന്നിവയൊന്നും ഭാരതമില്ലെങ്കിൽ ഇല്ല. ഇതുപോലെ എത്രയെത്ര കാവ്യങ്ങൾ ഇല്ലാതെയാകും! നോക്കുക. ഭാരതത്തിന്റെ മഹിമ! അതിനെക്കുറിച്ച് 'കവിവരർക്കേവർക്കുമുപജീവനം' എന്നു പറയുന്നതിൽ എന്തു പിശകാണുള്ളത്? ഒരുവൻ കവിയോ പണ്ഡിതനോ യോഗിയോ ഭക്തനോ മുക്തനോ ജ്ഞാനിയോ കർമ്മിയോ ഗൃഹസ്ഥനോ സഹൃദയനോ ആയി ജീവിക്കണമെങ്കിൽ അവൻ ഭാരതഭജനത്തിന് ഒരുമ്പെടണം. അതിന്റെ ശക്തിയനുസരിച്ച് അവന് അവൻ പ്രവേശിക്കുന്ന മാർഗ്ഗത്തിൽ വിജയവും പ്രഭാവവും കിട്ടുന്നു. ആഹാരം കഴിക്കാത്തവർ ക്രമേണ ക്ഷീണിച്ചു മൃതന്മാരാകുന്നു. മഹാഭാരതം വായിക്കാത്തവർ അതുപോലെ അജ്ഞാനം മൂത്തുമൂത്തു ജീവന്മൃതരായി ഭവിക്കുന്നു. ഭാരതവുമായി അകൽച്ച സംഭവിക്കുകയെന്നത്, സൂക്ഷ്മത്തിൽ, അജ്ഞാനമയമായ ഒരു ആത്മഹത്യയാകുന്നു. ഈ അഭിപ്രായത്തെ ഇത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ആധുനികന്മാർ വിചാരിച്ചാൽ കൊള്ളാം."

പ്രചോദനത്തിന്റെ വറ്റാത്ത ഉറവിടം

ഭാവിയിലെ സാഹിത്യകാരന്മാർക്ക് പ്രചോദനത്തിന്റെ വറ്റാത്ത ഉറവിടമായിരിക്കും ഈ ഇതിഹാസമെന്ന് ഗ്രന്ഥാരംഭത്തിലേ പ്രവചിച്ചു കാണുന്നു. ദേഹത്തിന്റെ നിലനില്പിന് ആഹാരമെന്നതുപോലെ ഉത്തമകവികൾക്കെല്ലാം ഇത് ഉപജീവനമായിരിക്കും. പഞ്ചഭൂതത്തിൽനിന്നു സൃഷ്ടിത്രയങ്ങൾ എന്നപോലെ ഈ ഇതിഹാസത്തിൽനിന്നു സാഹിതീതല്ലജങ്ങൾ ഉത്ഭവിക്കുമെന്നാണ് വ്യാസവാക്യം. നാലുവേദങ്ങൾ ഉപനിഷത്തോടൊപ്പം ഗ്രഹിച്ചവനായാലും മഹാഭാരതാഖ്യാനം പരിചയിക്കാതെ പണ്ഡിതനാവില്ല. നാലുവേദങ്ങൾ തുലാസ്സിന്റെ ഒരു തട്ടിലും ഭാരതം മറുതട്ടിലും വെച്ച് പണ്ട് ദേവന്മാർ തൂക്കം നോക്കിയപ്പോൾ ഈ ഇതിഹാസം വെച്ച തട്ടിൽ കൂടുതൽ കനം തൂങ്ങിക്കണ്ടു. അങ്ങനെയാണ് മഹത്തായ ഭാരമുള്ളതെന്ന അർത്ഥത്തിൽ മഹാഭാരതം വിളികൊണ്ടതെന്നു ഫലശ്രുതിയിൽ കാണിച്ചിട്ടുണ്ട്.

digitized by www.sreyas.in

ധർമ്മമാർഗ്ഗത്തിലേക്കു ജനതയെ തിരിച്ചുവിടാനും ആസുരശക്തികളെ അടക്കിനിർത്തുവാനും അധർമ്മത്തിന്റെ ഇരച്ചുകയറ്റത്തെ ചെറുത്തുതോല്പിക്കുവാനും ഈ ഇതിഹാസം എത്രത്തോളം പ്രയോജനപ്പെടുകയുണ്ടായെന്ന് നിഷ്കൃഷ്ടമായി തിട്ടപ്പെടുത്തുവാൻ സാധ്യമല്ല. നൂറ്റാണ്ടുകളായി സമൂഹജീവിതത്തിന്റെ സ്പന്ദനങ്ങളെ നിയന്ത്രിക്കുവാനും ആരോഗ്യകരമായി സ്വാധീനിക്കുവാനും ഇതിനു കഴിഞ്ഞിട്ടുണ്ടെന്ന് തീർത്തും ഉറപ്പിക്കാം. എന്നാലും ഒരു വിശ്വാസമോ അനുമാനമോ മാത്രമേ ഇതാകുന്നുള്ളൂ. മഹാഭാരതം ഭാരതീയ സാഹിത്യരംഗത്തു ചെലുത്തിയ പ്രഭാവത്തിന്റെ സ്ഥിതി അതല്ല. ഭരണഘടന അംഗീകരിച്ചതും അല്ലാത്തതുമായ എല്ലാ ഇന്ത്യൻഭാഷകളിലും ഭാരതേതിഹാസത്തിന്റെ സുവർണ്ണമുദ്രകൾ പതിഞ്ഞിട്ടുണ്ട്. സർഗ്ഗപ്രതിഭകളുടെ വിഹാരവേദിയും നവംനവമായ കലാസൃഷ്ടികളുടെ വിളനിലവുമാണ് വ്യാസന്റെ ആഖ്യാനം. പണ്ടെന്നപോലെ ഇന്നും ആ അവസ്ഥ മാറ്റമില്ലാതെ തുടരുന്നു. ഭാരതത്തിലെ ഒരു ഉപാഖ്യാനത്തെ ഉപജീവിച്ച് മറാഠിയിൽ ഖണ്ഡേക്കർ ഗ്രഥിച്ച 'യയാതി' ജ്ഞാനപീഠപുരസ്കാരത്തിനുവരെ അർഹത സമ്പാദിച്ചു. മലയാളസാഹിത്യത്തിൽ വ്യാസമഹാഭാരതം സർഗ്ഗാത്മകമായ ചലനങ്ങൾ തൊടുത്തുവിട്ടുതുടങ്ങിയതേയുള്ളൂ. അതിന്റെ ആദ്യഫലങ്ങൾ മാത്രമാണ് 'രണ്ടാമൂഴ'വും, 'ഇനി ഞാൻ ഉറങ്ങട്ടെ'യും.

ഭാഷയിലെ ഭാരതസാഹിതി

പ്രാചീനമലയാളത്തിൽ ഭാരതകഥാഭാഗങ്ങൾ നീട്ടിപ്പരത്തിയും ആറ്റിക്കുറുക്കിയും രൂപപ്പെടുത്തിയ ഒട്ടേറെ കൃതികളുണ്ട്. എഴുത്തച്ഛന്റെ മഹാഭാരതവും ചെറുശ്ശേരിഭാരതവും മാവാരതം മുതലായ നാടൻപാട്ടുകളും കണ്ണശ്ശപ്പണിക്കരുടെ ഭാരതമാലയും കുഞ്ചൻനമ്പ്യാരുടെ പല തുള്ളലുകളും ഇരയിമ്മൻതമ്പി, കോട്ടയത്തു തമ്പുരാൻ, ഉണ്ണായിവാര്യർ എന്നിവരുടെ ആട്ടക്കഥകളും ആ പംക്തിയിൽ മുന്നിട്ടുനില്ക്കുന്നു. നവീനദശയിൽ വടക്കുംകൂർ രാജരാജവർമ്മയ്ക്കും മഹാകവികളായ ഉള്ളൂരിനും വള്ളത്തോളിനും പ്രചോദനത്തിന്റെ പുഷ്കലസ്രോതസ്സായിരുന്നു മഹാഭാരതം. കവിസാർവ്വഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ പാണ്ഡവോദയം എന്ന ഒരു മഹാകാവ്യവും വടക്കുംകൂർ ഉത്തരഭാരതം എന്ന മറ്റൊരു മഹാകാവ്യവും രചിച്ചിട്ടുണ്ട്. തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനവും സർദാർ കെ.എം.പണിക്കരുടെ ഭീഷ്മരും ഭാരതത്തെ ഉപജീവിക്കുന്ന സാഹിത്യപരിശ്രമങ്ങൾതന്നെ.

ഭാരതകഥാഖണ്ഡങ്ങൾ മലയാളഗദ്യത്തിൽ പുനരാഖ്യാനംചെയ്ത പ്രമുഖരായ എഴുത്തുകാരാണ് കണ്ണൻ ജനാർദ്ദനനും കെ.വി.വാസുദേവൻമൂസ്സതും. പുരാണകഥകൾ പല പുസ്തകങ്ങളായി പ്രകാശിപ്പിച്ച പി.എസ്. സുബ്ബരാമപട്ടർ മുഖ്യാവലംബമാക്കിയതും മഹാഭാരതംതന്നെ. ഈ പ്രകൃതത്തിൽ അവിസ്മരണീയമായ കലാസൃഷ്ടികളാണ് ചങ്ങമ്പുഴയുടെ ദേവയാനിയും കുട്ടിക്കൃഷ്ണമാരാരുടെ ഭാരതപര്യടനവും.

ഇന്ത്യയിലെ എല്ലാ ഭാഷകളിലും ഈ ഇതിഹാസത്തിൽ വേരോടിയ സാഹിത്യശാഖകൾ പന്തലിച്ചുനില്ക്കുന്നുണ്ട്. പതിനാറാംനൂറ്റാണ്ടിൽ കവീന്ദ്രപരമേശ്വരയുടെ പാണ്ഡവവിജയം ബംഗാളിയിൽ ഭാരതസാഹിതിയുടെ തുടക്കം കുറിച്ചു. കാശിരാമദാസ പതിനേഴാം നൂറ്റാണ്ടിൽ നിർമ്മിച്ചതാണ് ആ ഭാഷയിൽ ഏറ്റവും ജനപ്രിയകരമായിത്തീർന്ന മഹാഭാരതം. പക്ഷേ, വിരാടപർവ്വം പൂർത്തിയാക്കും മുൻപ് കാശിരാമ അന്തരിച്ചു. ഒന്നോ രണ്ടോ പർവ്വങ്ങൾ മാത്രം വിവർത്തനം ചെയ്തു പ്രാചീനരായ അനവധി ബംഗാളികവികളുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ മഹാഭാരതത്തിന്റെ രണ്ടു ഗദ്യവിവർത്തനങ്ങൾ വംഗഭാഷയ്ക്കു കൈവന്നു. ബർദ്വാൻ മഹാരാജാവിന്റെ പ്രോത്സാഹനത്തോടെയായിരുന്നു ഗദ്യപരിഭാഷയുടെ പ്രസിദ്ധീകരണം.

രാജകുടുംബാംഗമായ ശബൽസിങ്ങ് ചൗഹാൻ (ഏ.ഡി.1670) തയ്യാറാക്കിയ സംക്ഷേപമാണ് ഹിന്ദിയിലെ ഒന്നാമത്തെ ഭാരതകൃതി. സാഹിത്യമൂല്യം ഏറെയൊന്നുമില്ലെങ്കിലും ലാളിത്യഗുണംമൂലം ഇതിനു ജനപ്രീതി ലഭിച്ചു. നളദമയന്തിമാരെപ്പറ്റി സുപ്രസിദ്ധ അന്ധകവിയായ സൂർദാസ് ഒരു കാവ്യം ചമച്ചിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടുകാരനായ ഗോകുൽനാഥാണ് സമ്പൂർണ്ണമഹാഭാരതത്തിന്റെ ഹിന്ദിവിവർത്തകൻ. ആ ഭാഷയിലെ ഭാരതസാഹിതിക്ക് മകുടംചൂടുന്ന കൃതി മൈഥിലീശരൺഗുപ്തയുടെ ജയദ്രഥവധമാണ്.

ഏ.ഡി. 902–ൽത്തന്നെ കന്നടഭാഷയിൽ മഹാഭാരതം പ്രത്യക്ഷപ്പെട്ടു––പമ്പകവിയുടെ വിക്രമാർജ്ജുനവിജയം. മൂലകൃതിയുടെ വിദഗ്ദ്ധമായ ഒരു സംക്ഷേപണമത്രേ ഇത്. വളരെ ആദരിക്കപ്പെടുന്ന കൃതിയാണ് ലക്ഷ്മീസയുടെ ജൈമിനീഭാരതം. കൃഷ്ണരാജവോഡിയാർ മഹാരാജാവിന്റെ പ്രോത്സാഹനത്തോടെ പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ മഹാഭാരതത്തിന്റെ ഗദ്യവിവർത്തനം കർണ്ണാടകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പെരുംതേവനാരാണ് തമിഴിലേക്കു മഹാഭാരതം വിവർത്തനം ചെയ്ത കവി. അദ്ദേഹം സംഘകാലത്താണ് ജീവിച്ചിരുന്നതെന്നും അല്ല പത്താംനൂറ്റാണ്ടുകാരനാണെന്നും പറയപ്പെടുന്നു. ഈ നൂറ്റാണ്ടിന്റെ രണ്ടുംമൂന്നും ദശകങ്ങളിൽ മഹാഭാരതത്തിന്റെ സമ്പൂർണ്ണഗദ്യവിവർത്തനവും തമിഴിനു ലഭിച്ചു. എം.വി. രാമാനുജാചാരിയരുടെ വകയാണ് ഗദ്യപരിഭാഷ. സുബ്രഹ്മണ്യഭാരതിയാരുടെ പാഞ്ചാലീശപഥവും സി. രാജഗോപാലാചാരിയുടെ വ്യാസർവിരുന്നും തമിഴിലെ ശ്രദ്ധേയമായ ഭാരതകഥാഗ്രന്ഥങ്ങളാകുന്നു.

പതിനൊന്നാം നൂറ്റാണ്ടുകാരനായ നാന്നയയാണ് തെലുങ്കിലെ ഒന്നാമത്തെ മഹാഭാരതകൃതിയുടെ കർത്താവ്. ഇത് ആനുഗതവിവർത്തനമല്ല. ആദ്യത്തെ രണ്ടുപർവ്വങ്ങളേ നാന്നയയ്ക്കു രചിക്കാൻ കഴിഞ്ഞുള്ളൂ. പതിമൂന്നാംനൂറ്റാണ്ടുകാരനായ തിക്കാന അവശിഷ്ടപർവ്വങ്ങളുടെ പരിഭാഷ നിർവ്വഹിച്ചു. ആധുനികദശയിൽ തിരുപ്പതിശാസ്ത്രിയും വെങ്കടശാസ്ത്രിയും തെലുങ്കിൽ എഴുതിയ മഹാഭാരതനാടകങ്ങൾ ആന്ധ്രാജനതയെ എന്തെന്നില്ലാതെ രസിപ്പിച്ചിട്ടുണ്ട്.

മർമ്മം കഥാഘടനയിൽ

പാത്രസൃഷ്ടിയിലെ വൈചിത്ര്യവും വൈദഗ്ദ്ധ്യവുമാണ് വ്യാസേതിഹാസത്തെ അനുകരിച്ച് സർഗ്ഗാത്മകരചനകൾക്കു മുതിർന്ന സാഹിത്യകാരന്മാരെ പ്രചോദിപ്പിച്ചുവരുന്നു വശം. പക്ഷേ, ആ മണ്ഡലത്തിലാണോ, മഹാഭാരതത്തിന്റെ സർവ്വാതിശായിയായ മികവ്? ചിന്തനീയമാണ്. ധർമ്മോപദേശങ്ങളും വിജ്ഞാനപാഠങ്ങളും മനഃശാസ്ത്രപരമായ നിരീക്ഷണങ്ങളും മറ്റെന്തിലുമേറെ ഇതിനെ ധന്യമാക്കിയിട്ടുണ്ട്. ആ നിലയ്ക്കാണ് മഹാഭാരതത്തിനു കൂടുതൽ തലയെടുപ്പെന്നു വിലയിരുത്തുന്നതും ശരിയാവില്ല. പാർശ്വവീക്ഷണങ്ങൾതന്നെ അതിയായ പ്രശംസയ്ക്കു പാത്രമാകുന്ന വിധമാണ് ഈ ഇതിഹാസത്തിന്റെ ശില്പമെങ്കിലും കഥയും അതിന്റെ ഘടനയും തന്നെയല്ലേ മഹാഭാരതത്തിന്റെ മൂല്യനിക്ഷേപം?

digitized by www.sreyas.in

മർമ്മങ്ങളെന്നോ അടിസ്ഥാനശിലകളെന്നോ വ്യവച്ഛേദിക്കാവുന്ന ചില ബീജവസ്തുതകൾ വ്യാസപ്രതിഭ കഥാഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭീഷ്മരുടെ ബ്രഹ്മചര്യാവ്രതം, സ്വച്ഛന്ദമൃത്യുത്വം, ധൃതരാഷ്ട്രരുടെ ജാത്യന്ധത്വം, പാണ്ഡുവിന്റെ മൃഗയാലോലുപത്വം, ശാപം, കുന്തിക്കു സിദ്ധിച്ച മന്ത്രോപദേശം മുതലായവ കഥയുടെ ഗതിവിഗതികളെ മുഴുവൻ നിയന്ത്രിക്കുന്ന തിരിക്കുറ്റികളാണ്. ഇവയുടെ അഭാവത്തിൽ ആകൃതിയും പ്രകൃതിയും പാടേ മാറുമെന്നു തന്നെയല്ല, മഹാഭാരതത്തിന്റെ അസ്തിത്വം നഷ്ടപ്പെടുകയും ചെയ്യും. ഭീഷ്മർ രാജ്യാവകാശം പരിത്യജിക്കുകയോ നിത്യബ്രഹ്മചാരിത്വം കൈക്കൊള്ളുകയോ, സ്വച്ഛന്ദമൃത്യുവാകുകയോ ചെയ്തിരുന്നില്ലെന്നപക്ഷം കഥയുണ്ടോ? ദുർവ്വാസസ്സ് മഹർഷി കുന്തിക്ക് ദിവ്യമന്ത്രം ഉപദേശിച്ചു കൊടുത്തിരുന്നില്ലെങ്കിൽ കർണ്ണനുമില്ല, പാണ്ഡവന്മാരാരുമില്ല. ഋഷിശാപം മൂലം പാണ്ഡുവിന് സ്ത്രീസംസർഗ്ഗം വർജ്ജ്യമായിരുന്നില്ലെങ്കിൽ ഭർത്തൃമതിയായ കുന്തിക്ക് ദേവന്മാരെ സമാഗമിക്കാനും വിശേഷസിദ്ധികൾകൊണ്ട് അനുഗൃഹീതരായ സന്താനങ്ങൾക്കു ജന്മം നല്കാനും കഴിയുമോ? ദുര്യോധനനെ തന്റെ കുത്സിതവൃത്തികൾ നിർബാധം തുടരുവാൻ പിതാവിന്റെ ആന്ധ്യം സഹായിച്ചു. ഇതിഹാസത്തിന്റെ അംഗപുഷ്ടിയും ചാരുതയും ചടുലതയും, വ്യാസൻ അഷ്ടബന്ധമിട്ടുറപ്പിച്ച ഇത്തരം കഥാമർമ്മങ്ങളോട് അഭേദ്യമായി ബന്ധപ്പെട്ടതും സൂക്ഷ്മമായി സാത്മീഭവിച്ചതുമാണ്. അനുകർത്താക്കൾക്ക് അപ്രാപ്യമായ തലത്തിൽത്തന്നെ ഇന്നും അവ സ്ഥിതിചെയ്യുന്നു.

സിംബോളിക് വിശകലനം

ഭാരതകഥയ്ക്ക് ചരിത്രപരമായ ഒരടിസ്ഥാനവുമില്ലെന്നും ഓരോ കഥാപാത്രവും പ്രത്യേക ഗുണവിശേഷങ്ങൾക്ക് പ്രതിനിധീഭവിക്കുന്നവരാണെന്നും സംഭവസംഘർഷങ്ങൾ അന്യാപദേശരീതിയിൽ ഓരോരോ ജീവിതപാഠങ്ങളാണ് വ്യഞ്ജിപ്പിക്കുന്നതെന്നും വ്യാഖ്യാനിച്ചു സമർത്ഥിക്കാൻ ചില പണ്ഡിതന്മാർ ശ്രമിച്ചുകണ്ടിട്ടുണ്ട്. പാശ്ചാത്യരാണ് ഇതിൽക്കൂടുതൽ ഔത്സുക്യം കാട്ടുന്നതെങ്കിലും പൗരസ്ത്യരിലും സമാനചിന്താഗതി പുലർത്തുന്നവർ ഇല്ലായ്കയില്ല. ഭാരതകഥയെ അടിമുതൽ മുടിവരെ സിംബോളിക് കാഴ്ചപ്പാടിലൂടെ വീക്ഷിച്ചു വിശകലനം ചെയ്യാൻ സാധിക്കും. ശ്രീശങ്കരൻ, പ്രസ്ഥാനത്രയത്തിന്റെ ആധികാരികവ്യാഖ്യാതാവുതന്നെയാണ്, ഈ അപഗ്രഥനരീതി തുടങ്ങിവെച്ചതെന്ന്, വേണമെങ്കിൽ വാദിക്കാവുന്നതാണ്. ധർമ്മക്ഷേത്രമായ കുരുക്ഷേത്രയുദ്ധഭൂമിയിൽവെച്ച് അർജ്ജുനനെ കേവലം നിമിത്തമാക്കി സമസ്തലോകത്തെയും അനുഗ്രഹിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഭഗവാൻ ഗീതാശാസ്ത്രം ഉപദേശിച്ചു എന്നാണ് ആചാര്യപാദരുടെ വ്യാഖ്യാനം. പാർത്ഥൻ ചഞ്ചലചിത്തത്തിന്റേയും മാനുഷികമായ ദൗർബ്ബല്യത്തിന്റേയും പ്രതീകം; പാർത്ഥസാരഥി ദീർഘദൃഷ്ടിയുടേയും സ്ഥിതപ്രജ്ഞതയുടേയും.

ശ്രീകൃഷ്ണൻ പരമാത്മാവും അർജ്ജുനൻ ജീവാത്മാവും. ഈ സങ്കല്പമാണ് പ്രതീകാത്മകവിശകലനത്തിന്റെ ഭൂമിക. ഉത്തമവും അധമവുമായ മനോവൃത്തികൾ തമ്മിൽ, ധർമ്മവും അധർമ്മവും തമ്മിൽ, ഇരുട്ടും വെളിച്ചവും തമ്മിൽ നടക്കുന്ന നിത്യമായ പോരാട്ടംതന്നെയല്ലേ കുരുക്ഷേത്രയുദ്ധം? വിദുരനെ വിവേകത്തിന്റെയും ഭീഷ്മരെ പാരമ്പര്യസത്തയുടേയും പ്രതീകങ്ങളായി കല്പിക്കാൻ ആർക്കും പ്രയാസപ്പെടേണ്ടി വരില്ല. ധൃതരാഷ്ട്രരുടെ അന്ധത കേവലം ശാരീരികവും ഭൗതികവുമായ കണ്ണുകാണായ്കയാണോ? നന്മയും തിന്മയും തിരിച്ചറിയുവാനും നീതിയും സത്യവും ഏതു ഭാഗത്താണെന്നു മനസ്സിലാക്കുവാനും ആ ശുദ്ധാത്മാവായ മനുഷ്യനു കഴിയായ്കയില്ല. ധൃതരാഷ്ട്രർ പറഞ്ഞു:

> "ജാനാമി ധർമ്മം, ന ച മേ പ്രവൃത്തിഃ
> ജാനാമ്യധർമ്മം, ന ച മേ നിവൃത്തിഃ
> കേനാപി ദേവേന ഹൃദിസ്ഥിതേന
> യഥാ നിയുക്തോസ്മി, തഥാ കരോമി."

(ധർമ്മമെന്തെന്ന് എനിക്കറിയാം. പക്ഷേ, അത് അനുഷ്ഠിക്കാൻ എനിക്കു താല്പര്യമില്ല. അധർമ്മമെന്തെന്ന് എനിക്കറിയാം. പക്ഷേ, അതു ചെയ്യാതിരിക്കാനും കഴിയുന്നില്ല. ഹൃദയത്തിലിരിക്കുന്ന ഏതോ ഒരു ദേവന്റെ ആജ്ഞ എങ്ങനെയോ അങ്ങനെ ഞാൻ ചെയ്യുന്നു.)

ശരി ഏതെന്നു ദൃഢബോദ്ധ്യമുണ്ടായിട്ടും തെറ്റുചെയ്യാൻ പ്രേരിതനാകുന്നു ബലഹീനനായ മനുഷ്യൻ. അതിന്റെ മൂർത്തിമത്തായ രൂപമാണ് മഹാഭാരതത്തിലെ ധൃതരാഷ്ട്രർ. യഥാർത്ഥത്തിൽ പുത്രവാത്സല്യത്തിന്റെ ആധിക്യം വരുത്തിവെച്ച മാനസികമായ ആന്ധ്യത്തിന്റെ പ്രതിരൂപമല്ലേ ആ ചപലഹൃദയന്റെ ശാരീരികമായ ആന്ധ്യം?

യുധിഷ്ഠിരനെ ധർമ്മത്തിന്റെ മഹാദ്രുമമെന്നും ദുര്യോധനനെ വിഷവൃക്ഷമെന്നും വിശേഷിപ്പിച്ച മഹാഭാരതകർത്താവ് തന്റെ കഥാപാത്രങ്ങളുടെ ആന്തരികഭാവങ്ങൾ അനുവാചകരെ ധരിപ്പിക്കുവാൻ തൽപരനാണെന്നു സ്പഷ്ടം. എങ്കിലും സ്ഥലകാലചരിത്രങ്ങളോടു ബന്ധമില്ലാതെ തികച്ചും സ്വകപോലകല്പിതമായ ഒരു കഥയോ ആശയാഭിലാഷങ്ങളുടേയും വികാരവിചാരങ്ങളുടേയും സിംബലുകളോ അവതരിപ്പിക്കുവാനാണ് വ്യാസൻ തുനിഞ്ഞതെന്ന അനുമാനത്തിന് ഉപപത്തി പോരാ. ഷേക്സ്പിയറുടെ നാടകങ്ങളിലേയും വിശ്വോത്തരകാവ്യങ്ങളിലെയും നായികാനായകന്മാർ സിംബലുകൾ തന്നെയാണെന്ന് വേണമെങ്കിൽ സങ്കല്പിച്ചുകൂടേ? അതിന്റെ ആവശ്യവും ഔചിത്യവുമാണ് സംശയാസ്പദമായ സംഗതി.

ചരിത്രമോ കെട്ടുകഥയോ?

ഇതിഹാസവും ആഖ്യാനവും പുരാണവും കാവ്യവുമെല്ലാം മേളിച്ചതാണ് മഹാഭാരതമെങ്കിലും ഐതിഹാസികഭാവത്തിനാണ് പ്രാധാന്യവും പ്രസിദ്ധിയും. ഭൂതകാലത്തിന്റെ മങ്ങിയ വെളിച്ചത്തിലോ ഇരുളിലോ സംഭവിച്ചതാകാമെങ്കിലും യഥാർത്ഥത്തിൽ സംഭവിച്ചതോ അവയോട് ഇണങ്ങുന്നതോ ആയ സംഗതികളെ മാത്രമേ ഇതിഹാസകോടിയിൽ പെടുത്താറുള്ളൂ. ഇതി-ഹ-ആസ = ഇതിഹാസം. പദനിഷ്പത്തിപ്രകാരം 'ഇങ്ങനെ സംഭവിച്ചു' എന്നാണ് വാക്കിന്റെ അർത്ഥം. ഒരിക്കലും സംഭവിക്കാത്ത സംഗതികൾ, കല്പനാവൈഭവത്തിന്റെ സൃഷ്ടികൾ ഇതിഹാസമായി ആദരിക്കപ്പെടുമെന്നു വിശ്വസിക്കാമോ? പൊതുജനത്തിന്റെ സാമാന്യബുദ്ധിയെ അവഹേളിക്കൽകൂടിയാവും ഭാരതകഥ തീർത്തും മിഥ്യയാണെന്ന വ്യാഖ്യാനം.

ഹസ്തിനപുരമെന്നും കുരുക്ഷേത്രമെന്നും അറിയപ്പെടുന്ന സ്ഥലങ്ങൾ ഇന്നും ഉത്തരേന്ത്യയിലുണ്ട്. ഭാരതകഥാനായകന്മാരെ അനുസ്മരിക്കുന്ന ദിനങ്ങൾ എല്ലാ വർഷവും അവിടെ ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. പാണ്ഡവ

digitized by www.sreyas.in

രുടെ പ്രവാസം ഇവിടെയായിരുന്നുവെന്നും ഈ വനത്തിലാണ് അവർ താമസിച്ചിരുന്നതെന്നും പല സ്ഥലങ്ങളേയും ചൂണ്ടി തദ്ദേശവാസികൾ ഇന്നും വർണ്ണിക്കാറുണ്ട്. ഐതിഹ്യങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ, ഭാരതകഥാരംഗങ്ങളോടു നേരിട്ടു ബന്ധപ്പെടാത്ത ഒരു പ്രദേശവും ഈ മഹാരാജ്യത്തിന്റെ ഭൂപടത്തിലില്ല. സ്വർഗ്ഗത്തിലേക്കു പോകുംവഴി പാണ്ഡവർ ഒറീസ്സയിൽ കാൽകുത്തുകയുണ്ടായെന്ന് ഒറിയാഭാഷയിലെ ആദ്യത്തെ മഹാഭാരതാഖ്യാനത്തിൽ—പതിനാലാം നൂറ്റാണ്ടിൽ സരളദാസ രചിച്ച കൃതിയിൽ—കാണുന്നു. ഗുഹാമുഖങ്ങളിലും നദീതീരങ്ങളിലും വനാന്തരങ്ങളിലും ഗ്രാമങ്ങളിലുമായി ഭാരതകഥാപാത്രങ്ങളുടെ പാദസ്പർശം അവകാശപ്പെടുന്ന അനവധി സ്ഥലങ്ങൾ ഈ നാടിന്റെ നാനാഭാഗങ്ങളിലുമുണ്ട്. ഉത്തരേന്ത്യയിൽ മാത്രമല്ല, ദക്ഷിണേന്ത്യയിലും. കുന്തിയും യുധിഷ്ഠിരനും സഹോദരന്മാരും പ്രച്ഛന്നവേഷം ധരിച്ച് തെന്നിന്ത്യയിലും ചുറ്റിത്തിരിയുകയോ, കുറച്ചുകാലം പാർക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് കേൾവി. കേരളത്തിലെ ഐവർകാല, പാണ്ഡവൻപാറ, പാണ്ഡനാട്, കുന്തിപ്പുഴ മുതലായവയ്ക്ക് പാണ്ഡവരോടും അവരുടെ അമ്മയോടും ബന്ധമില്ലേ? മഹാഭാരതപ്രസിദ്ധമായ ഖാണ്ഡവവനം നമ്മുടെ സംസ്ഥാനത്തിലെ കാർത്തികപ്പള്ളി താലൂക്കിലും അമ്പലപ്പുഴതാലൂക്കിലുമായിരുന്നു എന്നാണ് ആ പ്രദേശക്കാരുടെ വിശ്വാസം. പാണ്ഡവന്മാർ കേരളത്തിൽ ചില ക്ഷേത്രപ്രതിഷ്ഠകൾ നടത്തുകയുണ്ടായെന്നും പറയപ്പെടുന്നു. പുലിയൂർ, തിരുവൻവണ്ടൂർ, തൃക്കൊടിത്താനം മുതലായ ക്ഷേത്രങ്ങളെ സംബന്ധിച്ചാണ് ഈ ഐതിഹ്യം. ചുരുക്കത്തിൽ, മഹാഭാരതകഥ തങ്ങളുടേയും പൂർവ്വചരിത്രത്തിന്റെ ഭാഗമായി ലയിച്ചുചേർന്നു കിടപ്പുണ്ടെന്ന് അഭിമാനിക്കുന്നവരാണ് ഈ മഹാരാജ്യത്തിലെ എല്ലാ പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങൾ. ഐതിഹ്യവിശ്വാസങ്ങൾ ഒന്നൊഴിയാതെ, ഏറ്റക്കുറവില്ലാത്ത അസ്സൽ യാഥാർത്ഥ്യങ്ങളാകാൻ സാദ്ധ്യതയില്ല. അവ ആസകലം ചരിത്രവസ്തുതകളോട് ഒട്ടും നിരക്കാത്തതും വേഴ്ചയില്ലാത്തതുമായ കെട്ടുകഥകളോ ധാരണകളോ ആണെന്നുവരുമോ? മഹാഭാരതം ഇതിഹാസമല്ലെന്നു സമർത്ഥിക്കപ്പെടുന്നതുവരെ അതിനെപ്പറ്റി ഈ രാജ്യത്തിന്റെ മണ്ണിലും സമൂഹത്തിന്റെ മനസ്സാക്ഷിയിലും ഇഴുകിപ്പിടിച്ച ധാരണകൾക്ക് പ്രസക്തി നഷ്ടപ്പെടില്ല.

ഭാരതം ഇതിഹാസമാണെന്നു മാത്രമല്ല, ഇതിഹാസങ്ങളിൽവച്ച് വിശിഷ്ടമാണെന്നുപോലും അനുക്രമണികാപർവ്വത്തിൽ അവകാശപ്പെടുന്നുണ്ട്. ഭേഷജങ്ങളിൽ അമൃതം എന്നപോലെ, ജലാശയങ്ങളിൽ സമുദ്രം എന്നപോലെ, നാല്ക്കാലികളിൽ പശു എന്നപോലെ, ഇതിഹാസങ്ങളിൽ ഇതിനു ശ്രേഷ്ഠത്വം കല്പിക്കണമെന്നാണ് വ്യാസവചനം. ആഖ്യാനമെന്നോ പുരാണമെന്നോ വിശേഷിപ്പിക്കാതെ ഇതിഹാസമെന്നുതന്നെ തുടക്കത്തിലേ ഊന്നിപ്രസ്താവിച്ചത് പൂർണ്ണമായ അർത്ഥബോധത്തോടുകൂടിയാകേണ്ടേ? മുഖ്യമായി ഇതിഹാസമാണെങ്കിൽ ഭാരതത്തിലെ ഉള്ളടക്കത്തിന് ഭൂതവർത്തമാനകാലങ്ങളിലെ സംഭവങ്ങളോട് വിദൂരബന്ധമെങ്കിലുമുണ്ടെന്നു വേണം ഊഹിക്കുക. ജനഹൃദയങ്ങളിൽ രൂഢമായ വിശ്വാസം അതിനെ ശരിവെക്കുകയും ചെയ്യുന്നു. ഒഥെല്ലോയോടോ, ഴാങ്‌വാൽഴാങ്ങിനോടോ ബന്ധപ്പെട്ട സ്ഥലങ്ങൾ ഇന്നിന്നവയാണെന്ന് ഇംഗ്ലീഷുകാരോ, ഫ്രഞ്ചുകാരോ, ഘോഷിച്ചുകേട്ടിട്ടുണ്ടോ? ജൂലിയസ് സീസറുമായി ബന്ധം പുലർത്തിയ സ്ഥലങ്ങൾ പാശ്ചാത്യരുടെ സ്മരണയിൽ മങ്ങാതെ ഇന്നും നിലനില്ക്കുന്നുണ്ടെങ്കിൽ അതിനു കാരണം ഷേക്സ്പിയർ ആ വീരപുരുഷനെ നായകനാക്കി നാടകമെഴുതിയതല്ല. ഇതിഹാസവും നിലംതൊടാത്ത കഥാകഥനവും തമ്മിലുള്ള അന്തരം ഇതിൽനിന്നു സ്പഷ്ടമല്ലേ?

കവിരേവ പ്രജാപതി

ചരിത്രയാഥാർത്ഥ്യങ്ങളോട് ഒട്ടും സംബന്ധമില്ലാത്ത കല്പിതകഥയാണെങ്കിൽ മഹാഭാരതത്തിന്റെ മാറ്റുകുറയുകയും മൂല്യം ഇടിയുകയും ചെയ്യുമെന്നു കരുതി ഭിന്നമായ ഒരു ധാരണയുണ്ടാക്കാൻ ഞാൻ തുനിയുകയല്ല. രാമായണനായികയെപ്പറ്റി സ്വാമി വിവേകാനന്ദൻ പ്രകടിപ്പിച്ച വീക്ഷണം മഹാഭാരതത്തിനും യോജിക്കും. സീത ജീവിച്ചിരുന്നുവോ, അവരുടെ കഥ ചരിത്രമോ എന്നതൊന്നും പ്രശ്നമേയല്ല. എന്തായാലും സീതയിലൂടെ ആവിഷ്കരിക്കപ്പെടുന്ന ആദർശവൽകൃതവനിതയുടെ ചിത്രം ഭാരതീയ സംസ്കാരത്തിന്റെ തനിപ്പകർപ്പാണെന്ന് വിവേകാനന്ദൻ ഉൽബോധിപ്പിക്കുന്നു. ഇതുതന്നെയല്ലേ വ്യാസനിൽനിന്ന് ഉരുത്തിരിഞ്ഞ കഥാപുരുഷന്മാരുടേയും അവസ്ഥ? യുധിഷ്ഠിരനും ദുര്യോധനനും ഭീമനും ദുശ്ശാസനനും അയ്യായിരമോ മൂവായിരമോ വർഷങ്ങൾ മുമ്പു ജീവിച്ചിരുന്ന മനുഷ്യരായാലും അല്ലെങ്കിലും നമുക്കു ചുറ്റും അവർ ഇപ്പോഴും രക്തമാംസചൈതന്യങ്ങളോടെ ജീവിച്ചുവരുന്നുണ്ടെന്ന അനുഭവസത്യം ആരെങ്കിലും നിഷേധിക്കുമോ?

ഈ കാഴ്ചപ്പാടനുസരിച്ച് ഭാരതമഹാശില്പം പടുത്തുയർത്തിയ ഉദാത്തപ്രതിഭയാണ് വാസ്തവത്തിൽ മാനവസമുദായത്തിന്റെ ഒന്നാമത്തെ ചിത്രകാരനും ചരിത്രകാരനും. പാത്രസൃഷ്ടിയിലൂടെ ആരാധനാവിഗ്രഹങ്ങൾ നിർമ്മിക്കാൻ വ്യാസൻ ശ്രമിക്കുകയുണ്ടായില്ല. അതിനു തുനിയാഞ്ഞതല്ലേ മഹാഭാരതത്തിന് രാമായണത്തോളം പൂജനീയത കൈവരിക്കാൻ കഴിയാതെ പോയതിനു കാരണം?

ദുർവൃത്തരും സദ്വൃത്തരും ഇടചേർന്നുകഴിയുന്ന യഥാതഥമായ ഒന്നാണ് വ്യാസന്റെ കഥാപ്രപഞ്ചം. വീരപുരുഷന്മാരുടെ വിക്രമങ്ങളോടൊപ്പം ചാപല്യങ്ങളും താളപ്പിഴകളും വ്യാസതൂലിക ചിത്രപ്പെടുത്തുന്നു. തത്ത്വചിന്തയുടെ വെണ്ണക്കൽമേടകളിലും പരുപരുത്ത യാഥാർത്ഥ്യങ്ങളുടെ ചളികെട്ടിയ പടവുകളിലും ഒരുപോലെ സ്വച്ഛന്ദം സഞ്ചരിക്കുന്ന കൂട്ടത്തിലാണ് ഭാരതകവിയുടെ ഭാവന. നാടിന്റെ നിറപ്പകർച്ചകൾ അവിടെ പ്രതിബിംബിക്കുകയും നാട്ടുകാരുടെ ഹൃദയമിടിപ്പുകൾ അനുരണനമേറ്റുകയും ചെയ്യുന്നു. ഓരോ ചലനവും അപൂർവ്വചാതുരിയോടെ അണിനിരത്തി വിശ്വോത്തരമായ ഒരു ഇതിഹാസം നിർമ്മിച്ചതോടൊപ്പം ഒരു മഹാരാജ്യത്തിന്റെ ശില്പികൂടിയാകാൻ വ്യാസനല്ലാതെ മറ്റാർക്കു കഴിഞ്ഞിട്ടുണ്ട്! ഭൂമിശാസ്ത്രം അളന്നുതിരിച്ചതും രാഷ്ട്രതന്ത്രം സംവിധാനം ചെയ്തതുമായ ഇന്ത്യയുടെ സ്രഷ്ടാക്കൾ ആരെല്ലാമായിരുന്നാലും നൂറ്റാണ്ടുകളെ അതിജീവിച്ചതും ജീവത്തായ വിശ്വാസങ്ങൾ പുലർത്തുന്നതുമായ ഈ മഹാരാജ്യത്തിന് ഒരു ശില്പിയുണ്ടെങ്കിൽ അത് മഹാഭാരതകർത്താവാണ്.

> അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി
> യഥാസ്മൈ രോചതേ വിശ്വം തദേവം പരിവർത്തതേ.

കാലമെത്ര കടന്നുപോയാലും അഗ്നിപുരാണം ഉൽഘോഷിക്കുന്ന ആ മഹാസത്യത്തിന്റെ കൂമ്പടയുമെന്നു തോന്നുന്നില്ല. മഹാഭാരതത്തേയും രാമായണത്തേയുംപോലെ അനുസ്യൂതമായും സമഗ്രമായും ബഹുജനമനോമണ്ഡലത്തെ സ്വാധീനിച്ച ഒരു ഗ്രന്ഥം മറ്റെവിടേയും എന്റെ അറിവിലില്ല.— 'ഡിസ്കവറി ഓഫ് ഇന്ത്യ'യിൽ നെഹ്റു പറയുന്നു:

digitized by www.sreyas.in

ഇൻഡ്യൻജനതയുടെ ജീവിതത്തിൽ ജീവത്തായ ശക്തിധാരപോലെ അവ ഇന്നും സ്പന്ദിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്.

എല്ലാം താർക്കികയുക്തിയോടെ

വ്യക്തിജീവിതത്തിലോ സാമൂഹ്യജീവിതത്തിലോ ഏതേതു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവന്നാലും ഈ ഇതിഹാസത്തിലേക്കു തിരിഞ്ഞുനോക്കുകയാണെങ്കിൽ നമുക്ക് പ്രതിവിധിയുടെ വെളിച്ചം കണ്ടെത്തുവാൻ കഴിയും. പോംവഴി അടഞ്ഞുപോയ സാഹചര്യമാണെങ്കിൽത്തന്നെ സമചിത്തതയോടെ അതിനെ നേരിടുവാനും പ്രശ്നത്തിന്റെ ഞെരുക്കം സഹനീയമാക്കുവാനും ഇതു സഹായകമാവും. താർക്കികയുക്തിയുടെ പിൻബലമില്ലാതെയോ നീതിവല്ക്കരണത്തിന്റെ തലം വെളിപ്പെടുത്താതെയോ ഒരു കഥാസന്ദർഭവും മഹാഭാരതകാരൻ ആവിഷ്കരിച്ചിട്ടില്ല.

കുരുവംശം കുറ്റിയറ്റുപോകാതിരിക്കാൻ ഇതിഹാസവേദിയിൽ ആദ്യമായി വ്യാസൻ പ്രത്യക്ഷപ്പെടുന്ന അവസരം തന്നെ ഇതിനെ ദൃഷ്ടാന്തവൽക്കരിക്കുന്നു. കുരുടനും പാണ്ഡനും ജന്മം നല്കുവാൻ സാത്വികനും നിസ്സംഗനുമായ മുനിശ്രേഷ്ഠൻ നിമിത്തമായതിലെ യുക്തിയും ഔചിത്യവും പിടികിട്ടാത്തവരായിരിക്കും അധികംപേരും. പശ്ചാത്തലവസ്തുതകളിലൂടെ അതിൽ അന്തർഭവിച്ച അനിവാര്യത ബോദ്ധ്യപ്പെടുത്തുവാൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. വിധവകളായ രണ്ടു രാജ്ഞിമാരുടെ സൗന്ദര്യാതിരേകം മുനിയെ കാമചാപല്യത്തിനു പ്രേരിപ്പിച്ചതല്ല. സത്യവതിയുടെ സീമന്തപുത്രനായ ഭീഷ്മർ നിത്യബ്രഹ്മചര്യനിഷ്ഠയിൽ പാറപോലെ ഉറച്ചുനിൽക്കുമെന്നു തെളിഞ്ഞസന്ദർഭത്തിൽ അമ്മയുടെ ആഗ്രഹവും ആജ്ഞയും നിറവേറ്റുവാൻ അദ്ദേഹം സന്നദ്ധനായെന്നേയുള്ളു. അംബികയും അംബാലികയും ഒരു സംവത്സരം നീണ്ടുനില്ക്കുന്ന വ്രതം അനുഷ്ഠിച്ചു വിശുദ്ധരായതിനുശേഷം താൻ അവരെ പ്രാപിക്കുന്നതാണ് ഉചിതവും ഉത്തമവുമെന്ന് മുനി പറഞ്ഞുനോക്കി. പക്ഷേ, കാലവിളംബം ആപൽക്കരമെന്നു കരുതിയ അമ്മ ആ നിർദ്ദേശത്തിനു വഴങ്ങിയില്ല. രാജ്ഞിമാർക്കാകട്ടെ, വിരൂപനായ മുനിയോടു രമിക്കുവാൻ മടിയായിരുന്നു. ഇരുകൂട്ടരും മനഃപ്രയാസത്തോടെ സത്യവതിയുടെ അനുജ്ഞയെ അനുസരിക്കുകമാത്രമാണു ചെയ്തത്. അംബികയുടെ ദാസി മുനിയെ സംഗമിച്ചതാകട്ടെ ഭക്തിപാരവശ്യത്തോടുകൂടിയും. അതിൽനിന്നു മഹാനായ ഒരു സന്താനം ജാതനാവുകയും ചെയ്തു; തത്ത്വജ്ഞനായ വിദുരൻ.

മാതാവിനുവേണ്ടി ബ്രഹ്മചര്യം ഉപേക്ഷിച്ച വ്യാസൻ, പിതാവിനുവേണ്ടി രാജ്യം ഉപേക്ഷിച്ച നിത്യബ്രഹ്മചാരിയായ ഭീഷ്മർ, രണ്ടുപേരും ത്യാഗമനോഭാവത്തിന്റെ അതുല്യമാതൃകകളല്ലേ? ബ്രഹ്മചര്യം ത്യജിച്ചതിന്റേയും സ്വീകരിച്ചതിന്റേയും ഉപപത്തി സഹൃദയലോകത്തിനു സംശയാതീതമാക്കുവാൻ മഹാപ്രതിഭനായ ഗ്രന്ഥകാരനു ക്ലേശിക്കേണ്ടി വന്നില്ല. ഇതിനു തുല്യമായ പ്രാഗല്ഭ്യം കഥാമർമ്മങ്ങളെ കൂട്ടിവിളക്കുന്നതിലും ഓരോന്നിനും തനതായ തിളക്കം കൈവരുത്തുന്നതിലും മഹാഭാരതകർത്താവ് പ്രദർശിപ്പിച്ചിട്ടുണ്ട്.

ദുരഭിമാനമോ ആഭിജാത്യബോധമോ ഒട്ടും ഇല്ലാതെ, സ്വന്തം ദോഷവശങ്ങൾ ലോകദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കാൻ ശ്രമിക്കാതെ, തന്നെ സംബന്ധിക്കുന്ന സത്യങ്ങൾ ധീരധീരം പ്രഖ്യാപിച്ച ഈ കവിവേധസ്സിന്റെ മുൻപിൽ ഏതു സഹൃദയശിരസ്സാണ് അവനമ്രമാകാതിരിക്കുക? പൊങ്ങച്ചവും പുറംപൂച്ചും മുഖമുദ്രകളാക്കിയ കപടകലാകാരന്മാർക്ക് എക്കാലവും ഒരു സാധനപാഠമായിരിക്കും വ്യാസന്റെ വ്യക്തിത്വം. കറുമ്പനും കൃശഗാത്രനും ജടപിടിച്ചവനുമാണെന്നു മാത്രമല്ല, വിരൂപനും ദുർഗ്ഗന്ധം വമിക്കുന്നവനുംകൂടിയായ ഒരു മനുഷ്യൻ. വിരൂപഃ സുഗന്ധേതരഗന്ധഃ ദുർവർണ്ണഃ-- ഇവയാണ് തന്റെ ആകാരം വർണ്ണിക്കുവാൻ അദ്ദേഹം ഉപയോഗിച്ച വാക്കുകൾ. അതിവിനയത്തിന്റെ കാപട്യമെന്ന് ഇതിനെ ആരെങ്കിലും പരിഗണിക്കുമോ? ആത്മപ്രശംസയെന്നു തോന്നത്തക്കവണ്ണം സ്വകൃതിയുടെ വൈശിഷ്ട്യം വിശദമാക്കാൻ ഔത്സുക്യം കാട്ടിയ ഒരു സർഗ്ഗചേതന തീർച്ചയായും അങ്ങനെയൊരാരോപണം അർഹിക്കുന്നില്ല.

വിജ്ഞാനത്തിന്റെ പ്രകാശധാര

കൃഷ്ണദ്വൈപായനവ്യാസൻ എന്ന പരാശരപുത്രന്റെ വിരൂപമായ ഭൗതികഗാത്രം കാലത്തിന്റെ യവനികയിൽ മറഞ്ഞുനിൽക്കുകയാണെങ്കിലും തൽസ്ഥാനത്ത് ആ മുനിവര്യന്റെ സൗന്ദര്യസമുജ്ജ്വലമായ ആത്മശരീരം തലമുറകളുടെ മനോഭിത്തിയിൽ മായാതെയും മങ്ങാതെയും മിന്നിത്തിളങ്ങുന്നു. ആ ആകാരസൗഷ്ഠവത്തെ പ്രകീർത്തിക്കുന്ന പ്രസിദ്ധമായ അഭിവാദനഗീതം ശ്രദ്ധിക്കുക:

നമോസ്തു തേ വ്യാസ, വിശാലബുദ്ധേ!
ഫുല്ലാരവിന്ദായതപത്രനേത്ര!
യേന ത്വയാ ഭാരതതൈലപൂർണ്ണഃ
പ്രജ്വാലിതോ ജ്ഞാനമയപ്രദീപഃ

(വിശാലബുദ്ധിയും വിടർന്ന താമരയുടെ നീണ്ട ദളങ്ങൾപോലെ മനോജ്ഞമായ നയനങ്ങളോടുകൂടിയവനുമായ വ്യാസമഹർഷേ! അങ്ങയ്ക്കു നമസ്കാരം! അങ്ങാണല്ലോ മഹാഭാരതമാകുന്ന എണ്ണനിറച്ച് ജ്ഞാനരൂപമായ വിളക്കു പ്രകാശിപ്പിച്ചത്.)

നൂറ്റാണ്ടുകൾക്കുമുമ്പ് വ്യാസൻ കൊളുത്തിവച്ച ആ വിജ്ഞാനസമ്പത്തിന്റെ പ്രകാശമല്ലേ ഭാരതസംസ്കാരമഹത്ത്വത്തിന്റെ അനശ്വരമായ ആധാരം? വൈജ്ഞാനികമേഖലയിൽ പ്രാചീനഭാരതം സ്വായത്തമാക്കിയ നേട്ടങ്ങൾ സമസ്തലോകത്തിന്റേയും വിസ്മയാദരപൂർവ്വമായ നമോവാകത്തിനു പാത്രമായിട്ടുണ്ട്. ആ പൂർവ്വാർജ്ജിതമൂല്യങ്ങളുടെ രത്നഖനിയിലേക്ക് വ്യാസമഹാഭാരതം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. അതിന്റെ കവാടങ്ങളിൽ അടിഞ്ഞുകൂടിയ ഇരുൾച്ചുരുളുകൾ നീക്കി മലയാളിജനതയുടെ അവധാരണമാർഗ്ഗം സുഗമവും ദീപ്തവുമാക്കുന്ന ടോർച്ച്ലൈറ്റാണ് ആഹ്ലാദവായ്പോടും അഭിമാനത്തികവോടുംകൂടി ഞാൻ അവതരിപ്പിക്കുന്ന വിദ്വാൻ കെ. പ്രകാശത്തിന്റെ ഈ ഗദ്യവിവർത്തന ശില്പം.

കലൂർ,
കൊച്ചി - 17.

സുകുമാരൻ പൊറ്റെക്കാട്ട്

digitized by www.sreyas.in

പ്രാർത്ഥന

പിഞ്ചുമണൽത്തരിയിങ്കലും ബ്രഹ്മാണ്ഡ-
സഞ്ചയം തീർക്കുന്ന തമ്പുരാനേ,
നിൻതിരുമേന്മ നിനയ്ക്കുവാൻ കെല്പെഴു
മന്തരംഗത്തെ നീ നൽകേണമേ!

കാണപ്പെടാതുള്ള ബ്രഹ്മാണ്ഡകോടിയിൽ
പൂഴിത്തരിയല്ലോയിപ്രപഞ്ചം
ആയതിലെത്രയോ തുച്ഛമാം ഭൂഗോള
സീമയിൽ മേവുന്ന കീടമീ ഞാൻ
എങ്കിലും നിൻ ദിവ്യ തേജഃസ്ഫുലിംഗമെൻ
അന്തരംഗത്തിൽ പരിസ്ഫുരിക്കെ,
കേവലമേതു പരമാണുവും സൗര-
യൂഥമായ്ത്തന്നെ പരിലസിക്കെ,
ഞാനാകുമീയണുവിങ്കലും നിൻ ദിവ്യ
ചാരുപ്രഭാവങ്ങളങ്കുരിക്കാം
അല്ലെങ്കിലങ്ങയെ ധ്യാനിപ്പതൊക്കെയും
അങ്ങയായ്ത്തന്നെ പരിണമിക്കാം.

ഏതും വിളങ്ങുന്ന തേജസ്സേ, താവക
പൂതമാം കാന്തി പരന്നുനില്ക്കെ,
ഏതിലും നിൻതിരുസാന്നിധ്യമോതുന്നോ
രാദി ചൈതന്യം ചലിച്ചു നില്ക്കെ,
ഓരോരോ മിഥ്യമാം ജീവിതസങ്കല്പ
ചാരുവിഹായസ്സിൽ സഞ്ചരിച്ച്
താവകരൂപം ഗ്രഹിക്കുവാനാകാതെ
നാളുകൾ പോക്കുന്നു ഭോഷർ ഞങ്ങൾ.

സത്യവും ധർമ്മവും സ്നേഹവും മേളിച്ചു
നിത്യതേജസ്സേ, നീ പൊങ്ങിനില്പ്പൂ!
ദേവാ, നിൻ കാരുണ്യവാരിതൻ പൂരത്തിൽ
മേവുന്ന മീനുകളായ ഞങ്ങൾ
അങ്ങയിൽനിന്നല്ലോ ജീവചൈതന്യവും
മംഗളതേജസ്സുമാവഹിപ്പൂ!
ഞങ്ങളിലങ്ങു കൊളുത്തിയ ദീപത്തിൻ
സുന്ദരകാന്തി വളർന്നു നിത്യം,
ഭാവിതൻ പാതയിൽ സന്തതം കൂടിടും
കൂരിരുൾ നീങ്ങിത്തെളിഞ്ഞുകാണ്മാൻ,
താവകാകർഷണ ശക്തിയാലെന്നെന്നു-
മേവരും തമ്മിലിണങ്ങിനില്പാൻ,
അന്യഗോളങ്ങളിൽക്കൂടിയും ഞങ്ങൾക്കു
നിന്നുടെ കാന്തിയിൽ മുങ്ങി നീന്താൻ,
സത്യവും നിത്യവുമായ നിൻ രൂപത്തെ
ബുദ്ധിയിൽ നന്നായ്ത്തെളിഞ്ഞു കാണ്മാൻ.

നിന്തിരുമേന്മ നിനയ്ക്കുവാൻ, കെല്പെഴു
മന്തരംഗത്തെ നീ നല്കേണമേ!
പിഞ്ചുമണൽത്തരിയിങ്കലും ബ്രഹ്മാണ്ഡ-
സഞ്ചയം തീർക്കുന്ന തമ്പുരാനേ!

digitized by www.sreyas.in

മാനവസമുദായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി തന്റെ ആയുസ്സും വപുസ്സും തപസ്സും ബലിയർപ്പിച്ച മഹർഷിവര്യനായ ശ്രീനാരായണഗുരുദേവന്റെ പാദാരവിന്ദങ്ങളിൽ ഈ പാവനഗ്രന്ഥം ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

വിദ്വാൻ കെ. പ്രകാശം

digitized by www.sreyas.in

പർവ്വങ്ങളും അധ്യായങ്ങളും

ആദിപർവ്വം

അനുക്രമണികാപർവ്വം 41 – 47

1. അനുക്രമണിക

പർവ്വസംഗ്രഹപർവ്വം 47 – 53

2. പർവ്വസംഗ്രഹം

പൗഷ്യപർവ്വം 53 – 58

3. പൗഷ്യചരിതം

പൗലോമപർവ്വം 58 – 61

4. കഥാപ്രവേശം 5. പുലോമാഗ്നിസംവാദം 6. അഗ്നിശാപം 7. അഗ്നിശാപമോചനം 8. പ്രമദ്വരാസർപ്പദംശം 9. പ്രമദ്വരാജീവനം 10. രുരുഡുണ്ഡുഭസംവാദം 11. ഡുണ്ഡുഭശാപമോക്ഷം 12. സർപ്പസത്രപ്രസ്താവന

ആസ്തികപർവ്വം 61 – 85

13. ജരൽക്കാരുപിതൃസംവാദം 14. വാസുകിസ്വസൃവരണം 15. മാതൃശാപപ്രസ്താവം 16. സർപ്പാദിനാമുൽപ്പത്തി 17. അമൃതമന്ഥനം 18. അമൃതമന്ഥനം 19. അമൃതമന്ഥനസമാപ്തി 20. സൗപർണ്ണം : കദ്രുശാപം 21. സൗപർണ്ണം : സമുദ്രവർണ്ണനം 22. സൗപർണ്ണം : സമുദ്രദർശനം 23. സൗപർണ്ണം : വിനതയുടെ ദാസ്യവും ഗരുഡോൽപ്പത്തിയും 24. സൗപർണ്ണം : സൂര്യന്റെ ഉഗ്രരൂപം 25. സൗപർണ്ണം : കദ്രുവിന്റെ ഇന്ദ്രസ്തുതി 26. സൗപർണ്ണം : സർപ്പപ്രഹർഷം 27. സൗപർണ്ണം : ഗരുഡപ്രശ്നം 28. സൗപർണ്ണം : ഗരുഡയാത്ര 29. സൗപർണ്ണം : ആനയുടേയും ആമയുടേയും പൂർവ്വജന്മവൃത്താന്തം30. സൗപർണ്ണം : ബാലഖില്യദർശനം 31. സൗപർണ്ണം : ഗരുഡോൽപ്പത്തി 32. സൗപർണ്ണം : ദേവഗരുഡയുദ്ധം 33. സൗപർണ്ണം : ഗരുഡൻ മഹാവിഷ്ണുവിന്റെ വാഹനമായത് 34. സൗപർണ്ണം : ഇന്ദ്രന്റെ അമൃതാപഹരണം 35. സർപ്പനാമകഥനം 36. ശേഷവൃത്തകഥനം 37. വാസുകി മുതലായവരുടെ മന്ത്രണം 38. ഏലാപുത്രവാക്യം 39. ജരൽക്കാരുവിന്റെ അന്വേഷണം 40. പരീക്ഷിദുപാഖ്യാനം 41. പരീക്ഷിച്ഛാപം 42. കാശ്യപാഗമനം 43. തക്ഷകദംശനം 44. ജനമേജയരാജ്യാഭിഷേകം 45. ജരൽക്കാരുപിതൃദർശനം 46. വാസുകിജരൽക്കാരുസമാഗമം 47. ജരൽക്കാരുനിർഗ്ഗമം 48. ആസ്തീകോൽപ്പത്തി 49. പരീക്ഷിദുപാഖ്യാനം 50. പരീക്ഷിത്തും മന്ത്രിമാരും തമ്മിലുള്ള സംവാദം 51. സർപ്പസത്രോദ്യമം 52. സർപ്പസത്രോപക്രമം 53. വാസുകിവാക്യം 54. ആസ്തീകാഗമനം 55.ആസ്തീകകൃതരാജസ്തവം 56. ആസ്തീകവരപ്രദാനം 57. സർപ്പനാമകഥനം 58. സർപ്പസത്രസമാപ്തി

അംശാവതരണപർവ്വം 85 – 91

59. കഥാനുബന്ധം 60. ഭാരതകഥാവതരണം 61. ഭാരതസൂത്രം 62. മഹാഭാരതപ്രശംസ 63. വ്യാസാദ്യുൽപത്തി 64. അംശാവതരണം

സംഭവപർവ്വം 91 – 165

65. ആദിത്യാദിവംശകഥനം 66. ദക്ഷന്റെ വംശപരമ്പര 67. അംശാവതരണസമാപ്തി 68. ശകുന്തളോപാഖ്യാനം : ആരംഭം 69. ശകുന്തളോപാഖ്യാനം : ദുഷ്യന്തന്റെ നായാട്ട് 70. ശകുന്തളോപാഖ്യാനം : കണ്വതപോവനവർണ്ണന 71. ശകുന്തളോപാഖ്യാനം : മേനകാപ്രേഷണം 72. ശകുന്തളോപാഖ്യാനം : ശകുന്തളയുടെ ജനനകഥ 73. ശകുന്തളോപാഖ്യാനം : ശകുന്തളയുടെ ഗന്ധർവ്വവിവാഹം 74. ശകുന്തളോപാഖ്യാനം : ശകുന്തളാസ്വീകാരം 75. യയാത്യുപാഖ്യാനം : ആരംഭം 76. യയാത്യുപാഖ്യാനം : കചന്റെ മൃതസഞ്ജീവനീമന്ത്രലാഭം 77. യയാത്യുപാഖ്യാനം : ദേവയാനീശാപം 78. യയാത്യുപാഖ്യാനം : ദേവയാനീശർമ്മിഷ്ഠാകലഹം 79. യയാത്യുപാഖ്യാനം : ശുക്രസാന്ത്വനം 80. യയാത്യുപാഖ്യാനം : ദേവയാനീപ്രീണനം 81. യയാത്യുപാഖ്യാനം : ദേവയാനീപരിണയം 82. യയാത്യുപാഖ്യാനം : ശർമ്മിഷ്ഠാസ്വീകാരം 83. യയാത്യുപാഖ്യാനം : ശുക്രശാപം 84. യയാത്യുപാഖ്യാനം : പൂരുവിന്റെ ജരാസ്വീകാരം 85. യയാത്യുപാഖ്യാനസമാപ്തി : പൂരുരാജ്യാഭിഷേകം 86. ഉത്തരയയാതം : യയാതിയുടെ തപസ്സ് 87. ഉത്തരയയാതം : യയാതിവാക്യം 88. ഉത്തരയയാതം : യയാതിയുടെ പതനം 89. ഉത്തരയയാതം : യയാത്യഷ്ടകസംവാദം 90. ഉത്തരയയാതം : അഷ്ടകയയാതിസംവാദം 91. ഉത്തരയയാതം : ആശ്രമധർമ്മവിഷയസംവാദം 92. ഉത്തരയയാതം : അഷ്ടകയയാതിസംവാദം 93. ഉത്തരയയാതസമാപ്തി : യയാതിയുടെ പുനർസ്വർഗ്ഗലോകഗമനം 94. പുരുവംശാനുകീർത്തനം 95. പൂരുവംശാനുകീർത്തനം (തുടർച്ച) 96. മഹാഭിഷോപാഖ്യാനം 97. ശന്തനുപാഖ്യാനം 98. ഭീഷ്മോത്പത്തി 99. ആപവോപാഖ്യാനം 100. സത്യവതീലാഭോപാഖ്യാനം 101. ചിത്രാംഗദോപാഖ്യാനം102. വിചിത്രവീര്യന്റെ നിര്യാണം 103. ഭീഷ്മസത്യവതീസംവാദം 104. ദീർഘതമോപാഖ്യാനം 105. സത്യവത്യുപദേശം 106.വിചിത്രവീര്യസുതോത്പത്തി- ധൃതരാഷ്ട്രപാണ്ഡുവിദുരോത്പത്തി 107. അണിമാണ്ഡവ്യോപാഖ്യാനം 108. അണിമാണ്ഡവ്യോപാഖ്യാനം : വിദുരപൂർവ്വജന്മം 109. പാണ്ഡുരാജ്യാഭിഷേകം 110. ധൃതരാഷ്ട്രവിവാഹം 111. കർണ്ണസംഭവം 112. കുന്തീവിവാഹം 113. പാണ്ഡുദിഗ്വിജയം 114. വിദുരപരിണയം 115. ഗാന്ധാരീപുത്രോത്പത്തി 116. ദുശ്ശളോത്പത്തി 117. ധൃതരാഷ്ട്രപുത്രനാമകഥനം 118. മൃഗശാപം 119. പാണ്ഡുചരിതം : പാണ്ഡുവിന്റെ വാനപ്രസ്ഥാശ്രമപ്രവേശം 120. പാണ്ഡുവ്യഥാസംവാദം 121. വ്യുഷിതാശ്വോപാഖ്യാനം 122. കുന്തീപുത്രോത്പത്യനുജ്ഞ 123. പാണ്ഡവോത്പത്തി : യുധിഷ്ഠിരഭീമാർജ്ജുനജനനം 124. പാണ്ഡവോത്പത്തി : നകുലസഹദേവജനനം 125. പാണ്ഡുവിന്റെ ചരമം 126. ഋഷിസംവാദം 127. പാണ്ഡുമാദ്രീസംസ്കാരം 128. ഭീമസേനരസപാനം 129. ഭീമപ്രത്യാഗമനം 130. ദ്രോണന് ഭാർഗ്ഗവനിൽനിന്നുള്ള അസ്ത്രലാഭം 131. ഭീഷ്മദ്രോണസമാഗമം 132. ദ്രോണശിഷ്യപരീക്ഷ 133. ദ്രോണഗ്രാഹമോക്ഷണം 134. അസ്ത്രദർശനം : അഭ്യാസക്കാഴ്ച 135. അസ്ത്രദർശനം : ഭീമദുര്യോധനന്മാരുടെ ആയുധവിദ്യാപ്രദർശനം 136. കർണ്ണാഭിഷേകം 137. അസ്ത്രദർശനം : ദുര്യോധനോക്തി 138. ദ്രുപദശാസനം : ദ്രുപദരാജപരാജയം 139. ധൃതരാഷ്ട്രചിന്ത 140. കണികവാക്യം : കണികന്റെ കൂടനീതിവർണ്ണനം.

ജതുഗൃഹപർവ്വം 165 – 171

141. ദുര്യോധനന്റെ ചിന്ത 142. ദുര്യോധനപരാമർശം 143. വാരണാവതയാത്ര 144. ജതുഗൃഹനിർമ്മാണം 145. വാരണാവതഗമനം : വിദുരന്റെ ഗൂഢഭാഷയിലുള്ള കർത്തവ്യോപദേശം 146. ഭീമസേനയുധിഷ്ഠിരസംവാദം 147. ജതുഗൃഹവാസം : ഖനകന്റെ മഹാബിലനിർമ്മാണം 148. ജതുഗൃഹദാഹം : അരക്കില്ലം തീ വെയ്ക്കുന്നു 149. പാണ്ഡവന്മാരുടെ ഗംഗോത്തരണം 150. പാണ്ഡവവനപ്രവേശം 151. ഭീമജലാഹരണം : ഭീമവിഷാദവും, ദുര്യോധനനോടുള്ള അവന്റെ രോഷവും.

digitized by www.sreyas.in

ഹിഡിംബവധപർവ്വം 171 – 175

152. ഭീമഹിഡിംബസംവാദം 153. ഭീമഹിഡിംബയുദ്ധം 154. ഹിഡിംബവധം 155. ഘടോൽക്കചോത്പത്തി 156. വ്യാസദർശനവും ഏകചക്രാപ്രവേശവും.

ബകവധപർവ്വം 175 – 180

157. ബ്രാഹ്മണചിന്ത 158. ബ്രാഹ്മണീവാക്യം 159. ബ്രാഹ്മണകന്യാപുത്രവാക്യം 160. കുന്തീപ്രശ്നം 161. ഭീമബകവധാംഗീകാരം 162. കുന്തീയുധിഷ്ഠിരസംവാദം 163. ബകഭീമസേനയുദ്ധം 164. ബകവധം.

ചൈത്രരഥപർവ്വം 180 – 194

165. ദ്രൗപദീസംഭവം 166. ദ്രൗപദീസംഭവം : ദ്രുപദാപമാനം 167. ദ്രൗപദീസംഭവം : ധൃഷ്ടദ്യുമ്നദ്രൗപദിമാരുടെ ഉല്പത്തി 168. പാഞ്ചാലദേശയാത്ര 169. ദ്രൗപദീജന്മാന്തരകഥനം 170. ചിത്രരഥപരാജയം 171. തപത്യുപാഖ്യാനം : സൂര്യപുത്രിയായ തപതിയുടേയും രാജാവായ സംവരണന്റേയും കഥ 172. തപത്യുപാഖ്യാനം : തപതീസംവരണസല്ലാപം 173. തപത്യുപാഖ്യാനസമാപ്തി : വസിഷ്ഠന്റെ സഹായവും, രാജാവിന്റെ തപതീ പ്രാപ്തിയും 174. പുരോഹിതകരണകഥനം : ഗന്ധർവ്വോപദേശം 175. വാസിഷ്ഠം : വിശ്വാമിത്രപരാഭവം 176. വാസിഷ്ഠം : വസിഷ്ഠശോകം 177. വാസിഷ്ഠം : സൗദാസസുതോൽപ്പത്തി 178. ഔർവ്വോപാഖ്യാനം : പരാശരജനനം 179. ഔർവ്വോപാഖ്യാനം : ഔർവ്വന്റെ ക്രോധം 180. ഔർവ്വോപാഖ്യാനം : ഔർവ്വകോപം ബഡവാഗ്നിരൂപത്തിൽ സമുദ്രത്തിൽ പരിത്യജിക്കപ്പെടുന്നു 181. ഔർവ്വോപാഖ്യാനം : പരാശരന്റെ രാക്ഷസസത്രം 182. വസിഷ്ഠോപാഖ്യാനം : കല്മാഷപാദരാജാവ് ബ്രഹ്മശാപത്തിന്നിരയായ കഥ 183. ധൗമ്യപുരോഹിതകരണം

സ്വയംവരപർവ്വം 194 – 200

184. പാണ്ഡവാഗമനം 185. ധൃഷ്ടദ്യുമ്നവാക്യം 186. രാജനാമകീർത്തനം 187. രാജാക്കന്മാരുടെ ലക്ഷ്യഭേദശ്രമവും പരാജയവും 188. ലക്ഷ്യച്ഛേദം 189. കൃഷ്ണവാക്യം 190. പാണ്ഡവപ്രത്യാഗമനം 191. രാമകൃഷ്ണാഗമനം 192. ധൃഷ്ടദ്യുമ്നപ്രത്യാഗമനം

വൈവാഹികപർവ്വം 200 – 206

193. പുരോഹിതയുധിഷ്ഠിരസംവാദം 194. യുധിഷ്ഠിരാദിപരീക്ഷണം 195. ദ്വൈപായനഗമനം 196. വ്യാസവാക്യം 197. പഞ്ചേന്ദ്രോപാഖ്യാനം 198. ദ്രൗപദീവിവാഹം 199. കൃഷ്ണന്റെ സമ്മാനദാനം.

വിദുരാഗമരാജ്യലഭ്യപർവ്വം 206 – 215

200. ദുര്യോധനവാക്യം 201. ദുശ്ശാസനവാക്യം 202. ധൃതരാഷ്ട്രമന്ത്രണം 203. ഭീഷ്മവാക്യം 204. ദ്രോണവാക്യം 205. വിദുരവാക്യം 206. വിദുരദ്രുപദസംവാദം 207. പുരനിർമ്മാണം 208. യുധിഷ്ഠിരനാരദസംവാദം 209. സുന്ദോപസുന്ദോപാഖ്യാനം 210. സുന്ദോപസുന്ദോപാഖ്യാനം (തുടർച്ച) 211. സുന്ദോപസുന്ദോപാഖ്യാനം (തുടർച്ച) 212. സുന്ദോപസുന്ദോപാഖ്യാനം (സമാപനം).

അർജ്ജുനവനവാസപർവ്വം 215 – 218

213. അർജ്ജുനതീർത്ഥയാത്ര 214. ഉലൂപീസംഗമം 215. ചിത്രാംഗദാസംഗമം 216. തീർത്ഥഗ്രാഹവിമോചനം 217. അർജ്ജുനന്റെ തീർത്ഥയാത്ര 218. അർജ്ജുനദ്വാരകാഗമനം

സുഭദ്രാഹരണപർവ്വം 218 – 220

219. യുധിഷ്ഠിരാനുജ്ഞ 220. ബലദേവക്രോധം

ഹരണാഹരണപർവ്വം 220 – 222

221. അർജ്ജുനവനവാസാവസാനം

ഖാണ്ഡവദാഹപർവ്വം 222 – 228

222. ബ്രാഹ്മണരൂപ്യനലാഗമനം 223. അഗ്നിപരാഭവം 224. അർജ്ജുനാഗ്നിസംവാദം 225. ഗാണ്ഡീവാദിദാനം 226. ഇന്ദ്രക്രോധം : പ്രാണികളുടെ ദുരവസ്ഥയും ഇന്ദ്രന്റെ അഗ്നിശമനോദ്യമവും 227. ദേവകൃഷ്ണാർജ്ജുനയുദ്ധം

മയദർശനപർവ്വം 228 – 232

228. മയദാനവത്രാണനം 229. ശാർങ്ഗകോപാഖ്യാനം 230. ശാർങ്ഗകോപാഖ്യാനം : ജരിതാവിലാപം 231. ശാർങ്ഗപോഖ്യാനം (തുടർച്ച) 232. ശാർങ്ഗകോപാഖ്യാനം (തുടർച്ച) 233. ശാർങ്ഗകോപാഖ്യാനം (തുടർച്ച) 234. ശാർങ്ഗകോപാഖ്യാനം (സമാപനം).

സഭാപർവ്വം

സഭാക്രിയാപർവ്വം 233 – 236

1. സഭാസ്ഥാനനിർണ്ണയം 2. ഭഗവാന്റെ യാത്ര 3. സഭാനിർമ്മാണം 4. സഭാപ്രവേശം

ലോകപാലസഭാഖ്യാനപർവ്വം 236 – 242

5. രാജധർമ്മാനുശാസനം 6. യുധിഷ്ഠിരസഭാജിജ്ഞാസ 7. ഇന്ദ്രസഭാവർണ്ണനം 8. യമസഭാവർണ്ണനം 9. വരുണസഭാവർണ്ണനം 10. വരുണസഭാവർണ്ണനം (തുടർച്ച) 11. ബ്രഹ്മസഭാവർണ്ണനം 12. പാണ്ഡുസന്ദേശകഥനം.

രാജസൂയാരംഭപർവ്വം 242 – 247

13. വാസുദേവാഗമനം : രാജസൂയപരാമർശം 14. കൃഷ്ണന്റെ വാക്യം 15. കൃഷ്ണവാക്യം : യുധിഷ്ഠിരഭീമസേനശ്രീകൃഷ്ണസംവാദം 16. ജരാസന്ധവധമന്ത്രണം : അർജ്ജുനവാക്യം 17. ജരാസന്ധോത്പത്തി 18. ജരാസന്ധോത്പത്തി (തുടർച്ച) 19. ജരാസന്ധപ്രശംസ

ജരാസന്ധവധപർവ്വം 247 – 252

20. കൃഷ്ണപാണ്ഡവമാഗധയാത്ര 21. കൃഷ്ണജരാസന്ധസംവാദം 22. ജരാസന്ധയുദ്ധോദ്യോഗം 23. ജരാസന്ധക്ലാന്തി 24. ജരാസന്ധവധം

ദിഗ്വിജയപർവ്വം 252 – 256

25. ദിഗ്വിജയസംക്ഷേപകഥനം 26. അർജ്ജുനദിഗ്വിജയം : ഭഗദത്തപരാജയം 27. ഫാൽഗുനദിഗ്വിജയം : നാനാദേശജയം 28. അർജ്ജുനോത്തരദിഗ്വിജയം 29. ഭീമദിഗ്വിജയം 30. ഭീമപ്രായാദിഗ്വിജയം 31. സഹദേവദക്ഷിണദിഗ്വിജയം 32. നകുലപ്രതീയാവിജയം.

രാജസൂയപർവ്വം 256 – 258

33. രാജസൂയദീക്ഷ 34. നിമന്ത്രിതരാജാഗമനം 35. യജ്ഞകരണം.

അർഘ്യാദിഹരണപർവ്വം 258 – 260

36. ശ്രീകൃഷ്ണാർഘ്യദാനം 37. ശിശുപാലക്രോധം 38. ഭീഷ്മവാക്യം 39. രാജമന്ത്രണം

ശിശുപാലവധപർവ്വം 260 – 265

40. യുധിഷ്ഠിരാശ്വാസനം 41. ശിശുപാലവാക്യം – ശിശുപാലന്റെ ഭീഷ്മനിന്ദ 42. ഭീമക്രോധം 43. ശിശുപാലവൃത്താന്തകഥനം 44. ഭീഷ്മവാക്യം 45. ശിശുപാലവധം.

digitized by www.sreyas.in

ദ്യൂതപർവ്വം 265 – 286

46. യുധിഷ്ഠിരസമയം 47. ദുര്യോധനസന്താപം 48. ദുര്യോധനസന്താപം (തുടർച്ച) 49. ദുര്യോധനസന്താപം (തുടർച്ച) 50. ദുര്യോധനസന്താപം (തുടർച്ച) 51. ദുര്യോധനസന്താപം (തുടർച്ച) 52. ദുര്യോധനസന്താപം (തുടർച്ച) 53. ദുര്യോധനസന്താപം (തുടർച്ച) 54. ദുര്യോധനസന്താപം (തുടർച്ച) 55. ദുര്യോധനസന്താപം (തുടർച്ച) 56. യുധിഷ്ഠിരാനയനം 57. യുധിഷ്ഠിരാനയനം (തുടർച്ച) 58. യുധിഷ്ഠിരസഭാഗമനം 59. യുധിഷ്ഠിരശകുനിസംവാദം 60. ദ്യൂതാരംഭം 61. ദേവനം : യുധിഷ്ഠിരപരാജയം 62. വിദുരഹിതവാക്യം 63. വിദുരവാക്യം 64. വിദുരഹിതവാക്യം 65. ദ്രൗപദീപരാജയം 66. വിദുരവാക്യം 67. ദ്രൗപദീപ്രശ്നം 68. ദ്രൗപദീഗമനം 69. ഭീഷ്മവാക്യം 70. ഭീമവാക്യം 71. ദ്രൗപദീവരലാഭം 72. ഭീമക്രോധം 73. യുധിഷ്ഠിരാഗമനം

അനുദ്യൂതപർവ്വം 286 – 292

74. യുധിഷ്ഠിരപ്രത്യാഗമനം 75. ഗാന്ധാരീവാക്യം 76. യുധിഷ്ഠിരന്റെ പുനർദ്യൂതപരാജയം 77. പാണ്ഡവപ്രതിജ്ഞ 78. യുധിഷ്ഠിരവനപ്രസ്ഥാനം 79. ദ്രൗപദീകുന്തീസംവാദം 80. വിദുരധൃതരാഷ്ട്രദ്രോണവാക്യം 81. ധൃതരാഷ്ട്രസഞ്ജയസംവാദം.

വനപർവ്വം

അരണ്യപർവ്വം 293 – 301

1. പൗരപ്രത്യാഗമനം 2. പാണ്ഡവപ്രവ്രജനം 3. കാമ്യകവനപ്രവേശം 4. വിദുരവാക്യപ്രത്യാഖ്യാനം 5. വിദുരനിർവ്വാസം 6. വിദുരപ്രത്യാഗമനം 7. വ്യാസാഗമനം 8. വ്യാസവാക്യം 9. സുരഭ്യുപാഖ്യാനം 10. മൈത്രേയശാപം

കിർമ്മീരവധപർവ്വം 301 – 303

11. വിദുരവാക്യം : ഭീമസേനൻ കിർമ്മീരനെ കൊന്ന കഥ

അർജ്ജുനാഭിഗമനപർവ്വം 303 – 326

12. ദ്രൗപദ്യാശ്വാസനം 13. വാസുദേവവാക്യം 14. സൗഭവധോപാഖ്യാനം 15. സൗഭവധോപാഖ്യാനം 16. സൗഭവധോപാഖ്യാനം 17. സൗഭവധോപാഖ്യാനം 18. സൗഭവധോപാഖ്യാനം 19. സൗഭവധോപാഖ്യാനം 20. സൗഭവധോപാഖ്യാനം 21. സൗഭവധോപാഖ്യാനം 22. സൗഭവധോപാഖ്യാനം 23. ദ്വൈതവനപ്രവേശം 24. ദ്വൈതവനപ്രവേശം 25. ദ്വൈതവനപ്രവേശം 26. ദ്വൈതവനപ്രവേശം 27. ദ്രൗപദീപരിതാപവാക്യം 28. ദ്രൗപദീവാക്യം 29.ദ്രൗപദീയുധിഷ്ഠിരസംവാദം 30. ദ്രൗപദീവാക്യം 31. യുധിഷ്ഠിരവാക്യം 32. ദ്രൗപദീവാക്യം 33. ഭീമവാക്യം 34. യുധിഷ്ഠിരവാക്യം 35. ഭീമവാക്യം 36. കാമ്യകവനഗമനം 37. ഇന്ദ്രദർശനം

കൈരാതപർവ്വം 326 – 330

38. മുനിശങ്കരസംവാദം 39. മഹാദേവസ്തവം 40. ശിവപ്രസ്ഥാനം 41. ദേവപ്രസ്ഥാനം

ഇന്ദ്രലോകാഭിഗമനപർവ്വം 330 – 336

42. അർജ്ജുനന്റെ സ്വർഗ്ഗലോകഗമനം 43. ഇന്ദ്രസഭാദർശനം 44. അർജ്ജുനന്റെ ശാസ്ത്രസംഗീതപഠനം 45. ചിത്രസേനോർവ്വശീസംവാദം 46. ഉർവ്വശീശാപം 47. ലോമശാഗമനം 48. ധൃതരാഷ്ട്രവിലാപം 49. ധൃതരാഷ്ട്രസന്താപം 50. പാർത്ഥാപഹാരകഥനം 51. ധൃതരാഷ്ട്രവിലാപം

നളോപാഖ്യാനപർവ്വം 336 – 360

52. ബൃഹദശ്വമുനിയുടെ ആഗമനം 53. നളോപാഖ്യാനം : ഹംസദമയന്തീസംവാദം 54. നളോപാഖ്യാനം : ഇന്ദ്രനാരദസംവാദം 55. നളോപാഖ്യാനം : നളന്റെ ദേവദൗത്യം 57. നളോപാഖ്യാനം : ദമയന്തീസ്വയംവരം 58. നളോപാഖ്യാനം : കലിദേവസംവാദം 59. നളോപാഖ്യാനം : നളദ്യൂതം 60. നളോപാഖ്യാനം : കുഞ്ഞുങ്ങളെ കുണ്ഡിനത്തിലേക്ക് അയയ്ക്കുന്നു 61. നളോപാഖ്യാനം : നളവനയാത്ര 62. നളോപാഖ്യാനം : ദമയന്തീപരിത്യാഗം 63. നളോപാഖ്യാനം : പെരുമ്പാമ്പുവിഴുങ്ങിയ ദമയന്തിയുടെ മോചനം 64. നളോപാഖ്യാനം : ദമയന്തീസാർത്ഥവാഹസംഗമം 65. നളോപാഖ്യാനം : ദമയന്തിയുടെ ചേദിരാജഗൃഹവാസം 66. നളോപാഖ്യാനം : നളകാർക്കോടക സംവാദം 67. നളോപാഖ്യാനം : നളവിലാപം 68. നളോപാഖ്യാനം : ദമയന്തീസുദേവസംവാദം 69. നളോപാഖ്യാനം : നളാന്വേഷണം 70. നളോപാഖ്യാനം : ദമയന്തിയുടെ രണ്ടാം സ്വയംവരകഥനം 71. നളോപാഖ്യാനം : ഋതുപർണ്ണന്റെ വിദർഭഗമനം 72. നളോപാഖ്യാനം : കലിനിർഗ്ഗമനം 73. നളോപാഖ്യാനം : ഋതുപർണ്ണന്റെ ഭീമപുരപ്രവേശം 74. നളോപാഖ്യാനം : നളകേശിനീസംവാദം 75. നളോപാഖ്യാനം : കന്യാപുത്രദർശനം 76. നളോപാഖ്യാനം : നളദമയന്തീസമാഗമം 77. നളോപാഖ്യാനം : ഋതുപർണ്ണന്റെ സ്വദേശഗമനം 78. നളോപാഖ്യാനം : നളന്റെ സ്വപുരപ്രവേശം 79. ബൃഹദശ്വഗമനം : ദ്യൂതാശ്വവിദ്യാരഹസ്യദാനവും നളോപാഖ്യാനകീർത്തന മാഹാത്മ്യവും

തീർത്ഥയാത്രാപർവ്വം 360 – 412

80. അർജ്ജുനാനുശോചനം : അർജ്ജുനനെപ്പറ്റി ദ്രൗപദിക്കും പാണ്ഡവന്മാർക്കുമുള്ള ചിന്ത 81. പാർത്ഥനാരദസംവാദം 82. പുലസ്ത്യതീർത്ഥയാത്ര : വിവിധ തീർത്ഥമാഹാത്മ്യപ്രതിപാദനം 83. പുലസ്ത്യതീർത്ഥയാത്ര : കുരുക്ഷേത്രത്തിലെ വിവിധ തീർത്ഥങ്ങളുടെ മഹത്ത്വം 84. പുലസ്ത്യതീർത്ഥയാത്ര 85. നാരദവാക്യം 86. ധൗമ്യതീർത്ഥയാത്ര 87. ധൗമ്യതീർത്ഥയാത്ര (കിഴക്ക്) 88. ധൗമ്യതീർത്ഥയാത്ര (തെക്ക്) 89. ധൗമ്യതീർത്ഥയാത്ര (പടിഞ്ഞാറ്) 90. ധൗമ്യതീർത്ഥയാത്ര (വടക്ക്) 91. ലോമശസംവാദം 92. ലോമശതീർത്ഥയാത്ര 93. ലോമശതീർത്ഥയാത്ര 94. ലോമശതീർത്ഥയാത്ര 95. ഗയയജ്ഞകഥനം 96. അഗസ്ത്യോപാഖ്യാനം : വാതാപിയുടെ കഥയും ലോപമുദ്രയുടെ ജനനവും 97. അഗസ്ത്യോപാഖ്യാനം : അഗസ്ത്യലോപമുദ്രാവിവാഹം 98. അഗസ്ത്യോപാഖ്യാനം 99. അഗസ്ത്യോപാഖ്യാനം : ജാമദഗ്ന്യതേജോഹാനികഥനം 100. അഗസ്ത്യോപാഖ്യാനം : വസ്ത്രനിർമ്മാണകഥനം 101. അഗസ്ത്യോപാഖ്യാനം : വൃത്രവധോപാഖ്യാനം 102. അഗസ്ത്യോപാഖ്യാനം : വിഷ്ണുസ്തവം 103. അഗസ്ത്യോപാഖ്യാനം : അഗസ്ത്യമാഹാത്മ്യകഥനം 104. അഗസ്ത്യോപാഖ്യാനം : അഗസ്ത്യോദധിഗമനം 105. അഗസ്ത്യോപാഖ്യാനം : അഗസ്ത്യന്റെ സമുദ്രപാനം 106. സഗരസന്തതികഥനം 107. അഗസ്ത്യോപാഖ്യാനം : അഗസ്ത്യമാഹാത്മ്യകഥനം 108. അഗസ്ത്യോപാഖ്യാനം : ഭഗീരഥപ്രയത്നം 109. അഗസ്ത്യോപാഖ്യാനം – അഗസ്ത്യമഹാത്മ്യകഥനം : ആകാശഗംഗയുടെ ഭൂപതനം 110. ഋഷ്യശൃംഗോപാഖ്യാനം 111. ഋഷ്യശൃംഗോപാഖ്യാനം 112. ഋഷ്യശൃംഗോപാഖ്യാനം 113. ഋഷ്യശൃംഗോപാഖ്യാനം 114. മഹേന്ദ്രായഗമനം 115. കാർത്തവീര്യോപാഖ്യാനം 116. കാർത്തവീര്യോപാഖ്യാനം : ജമദഗ്നിവധം 117. കാർത്തവീര്യോപാഖ്യാനം : പരശുരാമപൂജ 118. യാദവപാണ്ഡവസമാഗമം 119. ബലരാമവാക്യം 120. യാദവാഗമനം 121. സുകന്യോപാഖ്യാനം 122. സുകന്യോപാഖ്യാനം 123. സുകന്യോപാഖ്യാനം 124. സുകന്യോപാഖ്യാനം 125. സുകന്യോപാഖ്യാനം 126. മാന്ധാതോപാഖ്യാനം : മാന്ധാതാവിന്റെ ഉത്പത്തി 127. ജന്തുപാഖ്യാനം 128. ജന്തുപാഖ്യാനം 129.

digitized by www.sreyas.in

ലോമശതീർത്ഥയാത്ര : പ്ലക്ഷാവതരണഗമനം 130. ശ്യേന കപോതീയം 131. ശ്യേനകപോതീയം 132. അഷ്ടാവക്രീയം 133. അഷ്ടാവക്രീയം 134. അഷ്ടാവക്രീയം 135. യവക്രീതോപാഖ്യാനം 136. യവക്രീതോപാഖ്യാനം 137. യവക്രീതോപാഖ്യാനം 138. യവക്രീതോപാഖ്യാനം.

തീർത്ഥയാത്രാപർവ്വം 412 – 424

139. കൈലാസഗിരിപ്രവേശം 140. ഗന്ധമാദനപ്രവേശം : ഭീമസേനന്റെ ഉത്സാഹം 141. ഗന്ധമാദനപ്രവേശം : ഗന്ധമാദനത്തിൽ പോകാനുള്ള ദൃഢനിശ്ചയം 142. ഗന്ധമാദന പ്രവേശം : നരകാസുരവധവും വരാഹാവതാരവും 143. ഗന്ധമാദനപ്രവേശം 144. ഗന്ധമാദനപ്രവേശം : ഘടോൽക്കചഗമനം 145. ഗന്ധമാദനപ്രവേശം : ബദരികാശ്രമപ്രവേശം 146. കദളീവനപ്രവേശം 147. ഹനുമൽഭീമസംവാദം 148. ഹനുമൽഭീമസംവാദം : ഹനുമാന്റെ ശ്രീരാമചരിതവർണ്ണനം 149. ഹനുമൽഭീമസംവാദം : ചതുർയുഗവർണ്ണനം 150. ഹനുമൽ ഭീമസംവാദം : ചാതുർവർണ്ണ്യധർമ്മപ്രതിപാദനം 151. ഹനുമൽഭീമസംവാദം 152. സൗഗന്ധികാഹരണം : ഭീമസേനന്റെ സൗഗന്ധികവനഗമനം 153. സൗഗന്ധികാഹരണം 154. സൗഗന്ധികാഹരണം : ഭീമന്റെ രാക്ഷസവിജയം 155. സൗഗന്ധികാഹരണം 156. ഹരനാരായണാശ്രമഗമനം.

ജടാസുരവധപർവ്വം 424 – 426

157. ജടാസുരവധം

യക്ഷയുദ്ധപർവ്വം 426 – 433

158. ആർഷ്ടിഷേണാശ്രമഗമനം : ഗന്ധമാദനപ്രവേശം 159. ആർഷ്ടിഷേണ യുധിഷ്ഠിരസംവാദം 160. മണിമദ്വധം 161. കുബേരദർശനം 162. കുബേരവാക്യം : കുബേരന്റെ ഉപദേശം 163. മേരുദർശനം 164. അർജ്ജുനാഭിഗമനം

നിവാതകവചയുദ്ധപർവ്വം 433 – 440

165. അർജ്ജുനസമാഗമം 166. ഇന്ദ്രാഗമനം 167. ഗന്ധമാദനവാസം – യുധിഷ്ഠിരാർജ്ജുനസംവാദം 168. അർജ്ജുനവാക്യം : അർജ്ജുനന്റെ സ്വർഗ്ഗവാസകഥ 169. യുദ്ധാരംഭം : നിവാതകവചയുദ്ധം 170. നിവാതകവചവധം 171. മായായുദ്ധം : ദാനവന്മാരുടെ മായായുദ്ധം 172. നിവാതകവചയുദ്ധം : നിവാതകവചന്മാരുടെ സംഹാരം 173. ഹിരണ്യപുരദൈത്യവധം 174. അസ്ത്രദർശനസങ്കേതം 175. അസ്ത്രദർശനം

ആജഗരപർവ്വം 440 – 445

176. ഗന്ധമാദന പ്രസ്ഥാനം : പാണ്ഡവന്മാരുടെ ഗന്ധമാദനയാത്ര 177. പുനർ ദ്വൈതവനപ്രവേശം 178. അജഗരഗ്രഹണം : ഭീമനെ പെരുമ്പാമ്പു പിടിച്ച കഥ 179. യുധിഷ്ഠിരഭീമദർശനം : യുധിഷ്ഠിരൻ ഭീമനെ കണ്ടെത്തുന്നു 180. യുധിഷ്ഠിരസർപ്പസംവാദം 181. ഭീമമോചനം

മാർക്കണ്ഡേയസമസ്യാപർവ്വം 445 – 491

182. കാമ്യകവനപ്രവേശം 183. മാർക്കണ്ഡേയന്റെ കഥ 184. ബ്രാഹ്മണമാഹാത്മ്യകഥനം 185. ബ്രാഹ്മണമാഹാത്മ്യം 186. സരസ്വതീതാർക്ഷ്യസംവാദം 187. മത്സ്യോപാഖ്യാനം 188. മാർക്കണ്ഡേയ പ്രശ്നം 189. ഭവിഷ്യൽ കഥനം 190. ഭവിഷ്യൽ കഥനം 191. യുധിഷ്ഠിരാനുശാസനം 192. മാണ്ഡൂകോപാഖ്യാനം 193. ശക്രസംവാദം 194. ശിബിചരിതം 195. നഹുഷചരിതം : നഹുഷപുത്രനായ യയാതിയുടെ ദാനം 196. സേദുകവൃഷദർഭചരിതം 197. ശിബിചരിതം 198. ശിബിചരിതം : രാജഹ്യമഹാഭാഗ്യം 199. ഇന്ദ്രദ്യുമ്നോപാഖ്യാനം 200. ദാനമാഹാത്മ്യം 201. ധുന്ധുമാരോപാഖ്യാനം 202. ധുന്ധുമാരോപാഖ്യാനം 203. ധുന്ധുമാരോപാഖ്യാനം 204. ധുന്ധുമാരോപാഖ്യാനം 205. പതിവ്രതോപാഖ്യാനം 206. പതിവ്രതോപാഖ്യാനം 207. ബ്രാഹ്മണവ്യാധസംവാദം 208. ബ്രാഹ്മണവ്യാധസംവാദം 209. ബ്രാഹ്മണവ്യാധസംവാദം 210. ബ്രാഹ്മണവ്യാധസംവാദം 211. ബ്രാഹ്മണവ്യാധസംവാദം 212. ബ്രാഹ്മണവ്യാധസംവാദം 213. ബ്രാഹ്മണവ്യാധസംവാദം 214. ബ്രാഹ്മണവ്യാധസംവാദം 215. ബ്രാഹ്മണവ്യാധസംവാദം 216. ബ്രാഹ്മണവ്യാധസംവാദം 217. ആംഗിരസോപാഖ്യാനം 218. ആംഗിരസോപാഖ്യാനം 219. ആംഗിരസോപാഖ്യാനം 220. ആംഗിരസോപാഖ്യാനം 221. ആംഗിരസോപാഖ്യാനം 222. ആംഗിരസോപാഖ്യാനം 223. ആംഗിരസോപാഖ്യാനം : സ്കന്ദോൽപത്തി 224. ആംഗിരസോപാഖ്യാനം : സ്കന്ദോൽപത്തി 225. ആംഗിരസം : കളാരോൽപത്തി 226. ആംഗിരസം : സ്കന്ദോൽപത്തി 227. ആംഗിരസം : ഇന്ദ്രസ്കന്ദസമാഗമം 228. ആംഗിരസം : കുമാരോൽപത്തി 229. ആംഗിരസം : സ്കന്ദോപാഖ്യാനം 230. ആംഗിരസം : മനുഷ്യഗ്രഹകഥനം 231. ആംഗിരസം : മഹിഷാസുരവധം 232. ആംഗിരസം : കാർത്തികേയസ്തവം

ദ്രൗപദീസത്യഭാമാ സംവാദപർവ്വം 491 – 494

233. ദ്രൗപദീകർത്തവ്യോപദേശം 234. ദ്രൗപദീകർത്തവ്യകഥനം 235. കൃഷ്ണഗമനം

ഘോഷയാത്രാപർവ്വം 494 – 508

236. ധൃതരാഷ്ട്രന്റെ ഖേദം 237. കർണ്ണശകുനിവാക്യം 238. ഘോഷയാത്രാമന്ത്രണം 239. ദുര്യോധനപ്രസ്ഥാനം 240. ഗന്ധർവ്വദുര്യോധനസേനാസംവാദം 241. കർണ്ണപരാഭവം 242. ദുര്യോധനാദിഹരണം 243. ദുര്യോധനമോചനാനുജ്ഞ 244. പാണ്ഡവഗന്ധർവ്വയുദ്ധം 245. ഗന്ധർവ്വപരാഭവം 246. ദുര്യോധനനെ മോചിപ്പിക്കുന്നു 247. കർണ്ണദുര്യോധനസംവാദം 248. ദുര്യോധനവാക്യം 249. ദുര്യോധനപ്രാകോപവേശം 250. ദുര്യോധന പ്രാകോപവേശം 251. ദുര്യോധനപ്രാകോപവേശം 252. ദുര്യോധനപുരപ്രവേശം 253. കർണ്ണന്റെ ദിഗ്വിജയം 254. കർണ്ണന്റെ ദിഗ്വിജയം 255. ദുര്യോധനയജ്ഞസമാരംഭം 256. ദുര്യോധനയജ്ഞം 257. യുധിഷ്ഠിരന്റെ ചിന്ത.

മൃഗസ്വപ്നോത്ഭവപർവ്വം 508 – 508

258. കാമ്യകപ്രവേശം

വ്രീഹിദ്രൗണികപർവ്വം 508 – 511

259. ദാനദുഷ്കരത്വകഥനം 260. മുദ്ഗലോപാഖ്യാനം : സ്വർഗ്ഗഗുണത്തെപ്പറ്റിയുള്ള ചോദ്യം 261. മുദ്ഗലദേവദൂതസംവാദം

ദ്രൗപദീ ഹരണപർവ്വം 511 – 518

262. ദുർവ്വാസ ഉപാഖ്യാനം : ദുർവ്വാസാവുമഹർഷിയുടെ ആഗമനം 263. ദുർവ്വാസ ഉപാഖ്യാനം : ദ്രൗപദീസ്മരണയാൽ കൃഷ്ണന്റെ ആഗമനം 264. ജയദ്രഥാഗമനം 265. കോടികാസ്യപ്രശ്നം : കോടികാസ്യന്റെ അന്വേഷണം 266. ദ്രൗപദീവാക്യം : ദ്രൗപദിയുടെ മറുപടി 267. ജയദ്രഥദ്രൗപദീസംവാദം 268. ദ്രൗപദീഹരണം 269. പാർത്ഥാഗമനം 270. ദ്രൗപദീവാക്യം : പാണ്ഡവന്മാരുടെ പരാക്രമത്തെപ്പറ്റി ദ്രൗപദി ജയദ്രഥനോടു പറയുന്നു. 271. ജയദ്രഥപലായനം

ജയദ്രഥവിമോക്ഷണപർവ്വം 518 – 520

272. ജയദ്രഥൻ ശിവനിൽനിന്നു വരം നേടുന്നു.

രാമോപാഖ്യാനപർവ്വം 520 – 537

273. യുധിഷ്ഠിരപ്രശ്നം 274. രാമരാവണജന്മകഥനം 275. രാവണാദികളുടെ വരപ്രാപ്തി 276. വാനരാദ്യുൽപത്തി 277. രാമവനാഭിഗമനം 278. സീതാപഹരണം 279. കബന്ധഹനനം 280. ത്രിജട സീതയെ സാന്ത്വനം ചെയ്യുന്നു 281. സീതാരാവണസംവാദം282. ഹനുമൽപ്രത്യാഗമനം 283. സേതുബന്ധനം 284. ലങ്കാപ്രവേശം 285. രാമരാവണദ്വന്ദ്വയുദ്ധം 286. കുംഭ

digitized by www.sreyas.in

കർണ്ണനിർഗ്ഗമനം : കുംഭകർണ്ണനെ നിദ്രയിൽനിന്നു ബല മായി ഉണർത്തുന്നു 287. കുംഭകർണ്ണാദികളുടെ വധം 288. ഇന്ദ്രജിത്തിന്റെ യുദ്ധം : ഇന്ദ്രജിത്തിന്റെ മായായുദ്ധവും രാമ ലക്ഷ്മണന്മാരുടെ മൂർച്ഛയും 289. ഇന്ദ്രജിദ്വധം 290. രാവണ വധം 291. ശ്രീരാമാഭിഷേകം 292. യുധിഷ്ഠിരാശ്വാസനം : മാർക്കണ്ഡേയൻ യുധിഷ്ഠിരനെ ആശ്വസിപ്പിക്കുന്നു.

പതിവ്രതാമാഹാത്മ്യപർവ്വം 537 – 545

293. സാവിത്ര്യുപാഖ്യാനം 294. സാവിത്ര്യുപാഖ്യാനം 295. സാവിത്ര്യുപാഖ്യാനം 296. സാവിത്ര്യുപാഖ്യാനം 297. സാവിത്ര്യുപാഖ്യാനം 298. സാവിത്ര്യൂപാഖ്യാനം 299. സാവിത്ര്യുപാഖ്യാനം

കുണ്ഡലാഹരണപർവ്വം 545 – 552

300. സൂര്യനും കർണ്ണനും തമ്മിലുള്ള സംവാദം 301. സൂര്യനും കർണ്ണനും തമ്മിലുള്ള സംവാദം 302. സൂര്യനും കർണ്ണനും തമ്മിലുള്ള സാവാദം 303. പൃഥോപദേശം 304. കുന്തി ദ്വിജനെ ശുശ്രൂഷിക്കുന്നു 305. കുന്തിമന്ത്രം ഗ്രഹിക്കുന്നു 306. സൂര്യാഹ്വാനം 307. സൂര്യകുന്തീസമാഗമം 308. കർണ്ണപരിത്യാഗം 309. രാധയ്ക്ക് കർണ്ണനെ ലഭിക്കുന്നു 310. കവചകുണ്ഡലദാഹം

ആരണേയപർവ്വം 552 – 559

311. മൃഗാന്വേഷണം 312. നകുലാദികളുടെ പതനം 313. യക്ഷപ്രശ്നം 314. നകുലാദികൾക്ക് ജീവനാദികളായ വരം ലഭിക്കുന്നു 315. അജ്ഞാതവാസമന്ത്രണം

വിരാടപർവ്വം

പാണ്ഡവപ്രവേശപർവ്വം 559 – 566

1. യുധിഷ്ഠിരാദിമന്ത്രണം 2. യുധിഷ്ഠിരാദിമന്ത്രണം 3. യുധിഷ്ഠിരാദിമന്ത്രണം 4. ധൗമ്യന്റെ ഉപദേശം 5. അസ്ത്രസംസ്ഥാപനം : പാണ്ഡവന്മാർ ശ്മശാന സമീപത്തുള്ള ശമീവൃക്ഷത്തിൽ അസ്ത്രങ്ങൾ സ്ഥാപിക്കുന്നു 6. ദുർഗ്ഗാസ്തവം 7. യുധിഷ്ഠിരപ്രവേശം 8. സേനപ്രവേശം 9. ദ്രൗപദീപ്രവേശം 10. സഹദേവപ്രവേശം 11. അർജ്ജുനപ്രവേശം 12. നകുലപ്രവേശം

സമയപാലനപർവ്വം 566 – 567

13. ജീമൂതവധം

കീചകവധപർവ്വം 567 – 577

14. കൃഷ്ണയും കീചകനുമായുള്ള സംവാദം 15. ദ്രൗപദീസുരാഹരണം : ദ്രൗപദിയെ മദ്യം കൊണ്ടുവരുവാൻ സുദേഷ്ണ കീചകഗൃഹത്തിലേക്കയയ്ക്കുന്നു 16. ദ്രൗപദീപരിഭവം : കീചകൻ ദ്രൗപദിയെ അപമാനിക്കുന്നു 17. ദ്രൗപദീഭീമസംവാദം : ദ്രൗപദി ഭീമസേനന്റെ അടുത്തു ചെല്ലുന്നു 18. ദ്രൗപദീഭീമസംവാദം : ദ്രൗപദി ഭീമസേനന്റെ അടുത്ത് തന്റെ ദുഃഖം ഉണർത്തിക്കുന്നു. 19. ദ്രൗപദീഭീമസംവാദം : ദ്രൗപദി ഭീമസേനന്റെ സന്നിധിയിൽ വിലപിക്കുന്നു 20. ദ്രൗപദീഭീമസംവാദം : ദ്രൗപദി ഭീമസേനനോടു തന്നെ ബാധിച്ച ദുഃഖം വിവരിക്കുന്നു 21. ദ്രൗപദീ സാന്ത്വനം 22. കീചകവധം : കീചകഭീമസേനന്മാരുടെ മൽപ്പിടുത്തവും കീചകവധവും 23. ഉപകീചകന്മാരുടെ വധം 24. കീചകന്റെ ശവദാഹം

ഗോഹരണപർവ്വം 577 – 599

25. ചാരന്മാരുടെ പ്രത്യാഗമനം 26. കർണ്ണദുശ്ശാസനവാക്യം 27. ചാരപ്രത്യാചാരം : ദ്രോണവാക്യം 28. ചാരപ്രത്യാചാരം : ഭീഷ്മവാക്യം 29. ചാരപ്രത്യാചാരം : കൃപവാക്യം 30. സുശർമ്മാദികളുടെ മത്സ്യദേശഗമനം 31. മത്സ്യരാജാവിന്റെ രണോദ്യോഗം 32. വിരാടസുശർമ്മയുദ്ധം 33. സുശർമ്മനിഗ്രഹം 34. വിരാട ജയഘോഷം 35. ഗോപവാക്യം 36. ബൃഹന്നളാസാരഥ്യകഥനം 37. ഉത്തരന്റെ യാത്ര 38. ഉത്തരാശ്വാസനം : ബൃഹന്നള ഉത്തരനെ ആശ്വസിപ്പിക്കുന്നു 39. അർജ്ജുനപ്രശംസ : ദ്രോണൻ അർജ്ജുനനെ പ്രശംസിക്കുന്നു 40. അർജ്ജുനാസ്ത്രകഥനം : ശമീവൃക്ഷത്തിൽനിന്ന് അസ്ത്രം ഇറക്കുവാൻ ഉത്തരനോട് അർജ്ജുനൻ പറയുന്നു. 41. അസ്ത്രവാരോപണം : ഉത്തരൻ ശമീവൃക്ഷത്തിൽനിന്ന് ദിവ്യാസ്ത്രങ്ങൾ ഇറക്കുന്നു 42. ഉത്തരവാക്യം : ഉത്തരന്റെ അസ്ത്രദർശനം 43. ആയുധവർണ്ണനം 44. അർജ്ജുന പരിചയം 45. അർജ്ജുനവാക്യം : അർജ്ജുനയുദ്ധാരംഭം 46. ഉൽപാതം 47. ദുര്യോധനവാക്യം 48. കർണ്ണന്റെ മേനി ചൊല്ലൽ 49. കൃപന്റെ അഭിപ്രായം 50. ദ്രൗണിവാക്യം : അശ്വത്ഥാമാവിന്റെ മറുപടി 51. ദ്രോണവാക്യം 52. ഭീഷ്മസൈന്യവ്യൂഹം 53. ഗോക്കളെ വിടുവിക്കുന്നു. 54. കർണ്ണന്റെ ഓട്ടം 55. അർജ്ജുനകൃപസംഗ്രാമം 56. ദേവാഗമനം : ദേവന്മാർ യുദ്ധം കാണുവാൻ എത്തുന്നു 57. കൃപാചാര്യന്റെ പിന്മാറ്റം 58. ദ്രോണാചാര്യന്റെ പിന്മാറ്റം 59. അശ്വത്ഥാമാവും അർജ്ജുനനും തമ്മിലുള്ള യുദ്ധം 60. കർണ്ണന്റെ പിന്മാറ്റം

ഗോഹരണപർവ്വം 599 – 606

61. അർജ്ജുനദുശ്ശാസനാദിയുദ്ധം 62. അർജ്ജുനനുമായുള്ള സങ്കുലയുദ്ധം 63. അർജ്ജുനനുമായുള്ള സങ്കുലയുദ്ധം 64. ഭീഷ്മന്റെ പിന്മാറ്റം 65. പടക്കളത്തിൽനിന്ന് ദുര്യോധനന്റെ ഓട്ടം 66. എല്ലാ കൗരവന്മാരുടേയും തിരിഞ്ഞോട്ടം 67. ഉത്തരന്റെ ആഗമനം 68. വിരാടനും ഉത്തരനുമായുള്ള സംഭാഷണം 69. വിരാടനും ഉത്തരനും തമ്മിലുള്ള സംഭാഷണം

വൈവാഹികപർവ്വം 606 – 608

70. പാണ്ഡവന്മാർ വെളിയിൽ വരുന്നു 71. ഉത്തരാവിവാഹപ്രസ്താവം 72. ഉത്തരാവിവാഹം

ഉദ്യോഗപർവ്വം

സേനോദ്യോഗപർവ്വം 609 – 622

1. പുരോഹിതയാനം 2. ബലദേവന്റെ അഭിപ്രായം 3. സാത്യകിക്രോധവാക്യം 4. ദ്രുപദവാക്യം 5. പുരോഹിതന്റെ യാത്ര 6. പുരോഹിതൻ ഹസ്തിനാപുരത്തേക്കു പോകുന്നു 7. കൃഷ്ണസാരഥ്യസ്വീകാരം : ദുര്യോധനാർജ്ജുനന്മാർക്ക് ശ്രീകൃഷ്ണന്റെ സഹായം 8. ശല്യവാക്യം : ദുര്യോധനൻ ശല്യനെ സത്കാരത്താൽ പ്രസന്നനാക്കി വരം വാങ്ങുന്നു 9. ഇന്ദ്രവിജയം : വൃത്രവാസവയുദ്ധം 10. വൃത്രവധം 11. ഇന്ദ്രാണിയുടെ ഭയം 12. ഇന്ദ്രാണി നഹുഷനോട് കാലാവധി യാചിക്കുന്നു 13. ഉപശ്രുതിയാചനം 14. ഇന്ദ്രാണീന്ദ്രസ്തവം 15. ബൃഹസ്പതിയും അഗ്നിയുമായുള്ള സംവാദം 16. ഇന്ദ്രവരുണാദികളുമായി ബൃഹസ്പതിയുടെ സംഭാഷണം 17. നഹുഷഭ്രംശം : അഗസ്ത്യമഹർഷി ഇന്ദ്രനോട് നഹുഷപനെ വൃത്താന്തം അറിയിക്കുന്നു 18. ശല്യഗമനം 19. പുരോഹിതസൈന്യദർശനം : യുധിഷ്ഠിരദുര്യോധനന്മാരുടെ സമീപത്തു വന്നുചേർന്ന സഹായസൈന്യങ്ങളുടെ സംക്ഷിപ്ത വിവരണം.

digitized by www.sreyas.in

സഞ്ജയയാനപർവ്വം 622 – 632

20. പുരോഹിതയാനം 21. പുരോഹിതയാനം 22. ധൃതരാഷ്ട്ര സന്ദേശം 23. യുധിഷ്ഠിരപ്രശ്നം 24. സഞ്ജയവാക്യം 25. സഞ്ജയവാക്യം : യുധിഷ്ഠിരൻ സഞ്ജയനിൽ നിന്ന് ധൃതരാഷ്ട്രന്റെ സന്ദേശം കേൾക്കുന്നു 26. യുധിഷ്ഠിരവാക്യം : ഇന്ദ്രപ്രസ്ഥം നല്കിയില്ലാതെ ശാന്തിലഭിക്കയില്ലെന്ന് യുധിഷ്ഠിരൻ സഞ്ജയന് മറുപടികൊടുക്കുന്നു 27. സഞ്ജയവാക്യം 28. യുധിഷ്ഠിരന്റെ മറുപടി 29. കൃഷ്ണവാക്യം : സഞ്ജയനോട് കൃഷ്ണന്റെ മറുപടി 30. യുധിഷ്ഠിരസന്ദേശം : സഞ്ജയൻ യാത്രപറയുമ്പോൾ യുധിഷ്ഠിരൻ പറഞ്ഞയയ്ക്കുന്ന സന്ദേശം 31. യുധിഷ്ഠിരസന്ദേശം 32. ധൃതരാഷ്ട്രസഞ്ജയസംവാദം : സഞ്ജയൻ ഹസ്തിനാപുരിയിൽ ധൃതരാഷ്ട്രനെക്കണ്ട് സന്ദേശം ഉണർത്തിക്കുന്നു.

പ്രജാഗരപർവ്വം 632 – 649

33. വിദുരഹിതവാക്യം 34. വിദുരഹിതവാക്യം 35. വിദുരഹിതവാക്യം 36. വിദുരഹിതവാക്യം 37. വിദുരഹിതവാക്യം 38. വിദുരഹിതവാക്യം 39. വിദുരഹിതവാക്യം 40. വിദുരഹിതവാക്യം

സനത്സുജാതപർവ്വം 649 – 660

41. വിദുരൻ സനത്സുജാതനെ പ്രാർത്ഥിക്കുന്നു 42. സനത്സുജാതവാക്യം 43. സനത്സുജാതവാക്യം 44. സനത്സുജാതവാക്യം 45. സനത്സുജാതവാക്യം 46. സനത്സുജാതവാക്യം

യാനസന്ധിപർവ്വം 660 – 679

47. സഞ്ജയന്റെ പ്രത്യാഗമനം 48. അർജ്ജുനവാക്യനിവേദനം : സഞ്ജയൻ അർജ്ജുനന്റെ സന്ദേശം വിവരിക്കുന്നു 49. ഭീഷ്മദ്രോണവാക്യം : ഭീഷ്മർ ദുര്യോധനനോട് ശ്രീകൃഷ്ണാർജ്ജുനന്മാരുടെ മാഹാത്മ്യം പറഞ്ഞു കേൾപ്പിക്കുന്നു 50. സഞ്ജയവാക്യം : സഞ്ജയൻ ഭീമാദികളുടേയും പാണ്ഡവസഹായികളുടേയും പരാക്രമം ധൃതരാഷ്ട്രനെ ഗ്രഹിപ്പിക്കുന്നു 51. ധൃതരാഷ്ട്രവാക്യം : ഭീമപരാക്രമനായ ഭീമസേനനെ ഭയപ്പെട്ട് ധൃതരാഷ്ട്രർ വിലപിക്കുന്നു 52. ധൃതരാഷ്ട്രവാക്യം : ധൃതരാഷ്ട്രൻ അർജ്ജുനന്റെ പ്രതാപത്തെപ്പറ്റി പറയുന്നു 53. ധൃതരാഷ്ട്രവാക്യം : ധൃതരാഷ്ട്രൻ പാണ്ഡവന്മാരുമായി സന്ധി ചെയ്യണമെന്ന് കൗരവസഭയിൽ പറയുന്നു 54. സഞ്ജയവാക്യം : സഞ്ജയൻ ധൃതരാഷ്ട്രനെ ഉപദേശിക്കുന്നു 55. ദുര്യോധനവാക്യം : ഭീമാർജ്ജുനന്മാരെ ഭയപ്പെടേണ്ടതില്ലെന്ന് ദുര്യോധനൻ പറയുന്നു. 56. സഞ്ജയവാക്യം : സഞ്ജയൻ ഭീമാർജ്ജുനന്മാരുടെ ധ്വജാശ്വങ്ങളുടെ മേന്മ ദുര്യോധനനെ ഗ്രഹിപ്പിക്കുന്നു 57. സഞ്ജയവാക്യം : പാണ്ഡവന്മാരുടെ സമരോദ്യോഗം സഞ്ജയൻ വർണ്ണിക്കുന്നു 58. ധൃതരാഷ്ട്രവാക്യം : ധൃതരാഷ്ട്രൻ വീണ്ടും ദുര്യോധനനെ ഉപദേശിക്കുന്നു. 59. ശ്രീകൃഷ്ണവാക്യകഥനം : സഞ്ജയൻ ധൃതരാഷ്ട്രനോട് കൃഷ്ണൻ പറഞ്ഞയച്ച സന്ദേശം ഉണർത്തിക്കുന്നു 60. ധൃതരാഷ്ട്രവിവേചനം : ധൃതരാഷ്ട്രൻ അർജ്ജുനന്റെ അതുല്യവിക്രമത്തെ പറഞ്ഞ് ദുര്യോധനനെ ഉപദേശിക്കുന്നു 61. ദുര്യോധനവാക്യം : ദുര്യോധനൻ സ്വന്തം യോഗ്യതയെ പ്രശംസിച്ച് അയ്ക്കുന്നു. പറഞ്ഞു കൊടുക്കുന്നു 62. കർണ്ണാഭീഷ്ടവാക്യം : കർണ്ണന്റെ ആത്മപ്രശംസയും ഭീഷ്മന്റെ അധിക്ഷേപവും 63. വിദുരവാക്യം : ദുര്യോധനൻ സ്വപക്ഷത്തിന്റെ യോഗ്യതയും വിദുരൻ ക്ഷമയുടെ മഹത്വവും വർണ്ണിക്കുന്നു 64. വിദുരവാക്യം : ജ്ഞാതികൾ തമ്മിൽ പിണങ്ങുന്നതു ശരിയല്ലെന്ന് വിദുരൻ ഉദാഹരണസഹിതം വിവരിക്കുന്നു 65. ധൃതരാഷ്ട്രവാക്യം : ദുര്യോധനനോട് ധൃതരാഷ്ട്രന്റെ ഉൽബോധനം 66. സഞ്ജയവാക്യം : സഞ്ജയൻ അർജ്ജുനസന്ദേശം അറിയിക്കുന്നു. 67. വ്യാസനും ഗാന്ധാരിയും സഭയിലെത്തുന്നു 68. സഞ്ജയവാക്യം : ശ്രീകൃഷ്ണതത്വം സഞ്ജയൻ വിവരിക്കുന്നു 69. സഞ്ജയവാക്യം : സഞ്ജയൻ ശ്രീകൃഷ്ണതത്വം വിവരിക്കുന്നു 70. സഞ്ജയവാക്യം : ഭഗവാൻ കൃഷ്ണന്റെ നാനാനാമങ്ങളെക്കുറിച്ചുള്ള നിർവ്വചനം 71. ധൃതരാഷ്ട്രവാക്യം : ധൃതരാഷ്ട്രൻ കർണ്ണദർശനത്തിന്നു കൊതിക്കുന്നു.

ഭഗവദ്യാനപർവ്വം 679 – 733

72. യുധിഷ്ഠിരകൃതകൃഷ്ണ പ്രേരണം 73. കൃഷ്ണവാക്യം : കൃഷ്ണൻ യുധിഷ്ഠിരനെ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നു 74. ഭീമവാക്യം : ഭീമസേനന്റെ ശാന്തിപ്രസ്താവന 75. ഭീമോത്തേജക കൃഷ്ണവാക്യം : കൃഷ്ണൻ ഭീമനെ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നു 76. ഭീമസേനവാക്യം : ഭീമൻ തന്റെ സാമർത്ഥ്യത്തെക്കുറിച്ചു കൃഷ്ണനോട് പ്രസ്താവിക്കുന്നു 77. കൃഷ്ണവാക്യം : കൃഷ്ണൻ ഭീമസേനനെ ആശ്വസിപ്പിക്കുന്നു 78. അർജ്ജുനവാക്യം : അർജ്ജുനൻ തന്റെ അഭിപ്രായം കൃഷ്ണനോട് പറയുന്നു 79. ശ്രീകൃഷ്ണന്റെ മറുപടി 80. നകുലന്റെ അഭിപ്രായം 81. സഹദേവസാത്യകീവാക്യം 82. ദ്രൗപദീകൃഷ്ണസംവാദം 83. ശ്രീകൃഷ്ണപ്രസ്ഥാനം 84. ശ്രീകൃഷ്ണന്റെ യാത്ര 85. കൃഷ്ണന്ന് മാർഗ്ഗത്തിൽ ദുര്യോധനൻ സഭ നിർമ്മിക്കുന്നു 86. ധൃതരാഷ്ട്രവാക്യം : കൃഷ്ണനെ സ്വീകരിക്കുവാൻ വേണ്ട ഒരുക്കം ധൃതരാഷ്ട്രൻ വിദുരനെ അറിയിക്കുന്നു 87. വിദുരവാക്യം : കൃഷ്ണനെ സമ്മാനങ്ങൾകൊണ്ടു വശത്താക്കാൻ കഴിയുകയില്ലെന്ന് വിദുരൻ പറയുന്നു 88. ദുര്യോധനവാക്യം : ദുര്യോധനൻ കൃഷ്ണനെ ആക്ഷേപിച്ചു പറഞ്ഞപ്പോൾ ഭീഷ്മൻ സഭയിൽനിന്നിറങ്ങുന്നു 89. വിദുരഗൃഹപ്രവേശം 90. കൃഷ്ണകുന്തീസംവാദം 91. കൃഷ്ണനും ദുര്യോധനനും തമ്മിലുള്ള സംവാദം 92. ശ്രീകൃഷ്ണവിദുരസംവാദം 93. ശ്രീകൃഷ്ണവാക്യം : ശ്രീകൃഷ്ണൻ വിദുരനോട് തന്റെ ഉദ്യമത്തിന്റെ ഔചിത്യം വർണ്ണിക്കുന്നു 94. കൃഷ്ണൻ സഭയിൽ പ്രവേശിക്കുന്നു 95. ശ്രീകൃഷ്ണവാക്യം : ശ്രീകൃഷ്ണന്റെ പ്രഭാവയുക്തമായ ഭാഷണം 96. ദംഭോത്ഭവോപാഖ്യാനം 97. മാതലിവരാന്വേഷണം 98. മാതലിവരാന്വേഷണം : വാരുണലോകം 99. മാതലിവരാന്വേഷണം : പാതാളലോകം 100. മാതലിവരാന്വേഷണം : ഹിരണ്യപുരം 101. മാതലിവരാന്വേഷണം : ഗരുഡലോകം 102. മാതലിവരാന്വേഷണം : രസാതലം 103. മാതലിവരാന്വേഷണം : നാഗലോകം 104. മാതലിവരാന്വേഷണം 105. മാതലിവരാന്വേഷണം : ഗരുഡാഹങ്കാരശമനം 106. ഗാലവചരിതം 107. ഗാലവചരിതം 108. ഗാലവചരിതം 109. ഗാലവചരിതം 110. ഗാലവചരിതം 111. ഗാലവചരിതം 112. ഗാലവചരിതം 113. ഗാലവചരിതം 114. ഗാലവചരിതം 115. ഗാലവചരിതം 116. ഗാലവചരിതം 117. ഗാലവചരിതം 118. ഗാലവചരിതം 119. ഗാലവചരിതം 120. ഗാലവചരിതം 121. ഗാലവചരിതം 122. ഗാലവചരിതം : യയാതിസ്വർഗ്ഗാരോഹണം 123. ഗാലവചരിതം 124. ഭഗവദ്വാക്യം : ധൃതരാഷ്ട്രപ്രേരണയാൽ കൃഷ്ണൻ ദുര്യോധനനെ ഉപദേശിക്കുന്നു 125. ഭീഷ്മാദിവാക്യം : ഭീഷ്മദ്രോണവിദുരധൃതരാഷ്ട്രന്മാർ ദുര്യോധനന് ഉപദേശം നല്കുന്നു 126. ഭീഷ്മദ്രോണവാക്യം : ഭീഷ്മരും ദ്രോണരും ദുര്യോധനനെ വീണ്ടും ഉപദേശിക്കുന്നു 127. ദുര്യോധനവാക്യം : കൃഷ്ണനോട് ദുര്യോധനന്റെ മറുപടി 128. കൃഷ്ണവാക്യം : കൃഷ്ണൻ ഭർത്സിച്ചതുകേട്ട് ദുര്യോധനൻ സഭവിട്ട് ഇറങ്ങിപ്പോകുന്നു 129. ഗാന്ധാരീവാക്യം : ഗാന്ധാരി ദുര്യോധനന് ഹിതം ഉപദേശിക്കുന്നു 130. വിദുരവാക്യം : കൃഷ്ണനെ പിടിച്ചുകെട്ടാനുള്ള ദുര്യോധനന്റെ ഗൂഢാലോചന 131. വിശ്വരൂപദർശനം 132. കുന്തീവാക്യം : ധർമ്മപുത്രനോട് പറയേണ്ട സന്ദേശം കുന്തി കൃഷ്ണനോട് വിവരിക്കുന്നു 133. വിദുരാപുത്രാനുശാസനം 134. വിദുരാപുത്രാനുശാസനം 135. വിദുരാപുത്രാനുശാസനം 136. വിദുരാപുത്രാനുശാസനം 137. കുന്തീവാക്യം : പാണ്ഡവൻമാർക്കുള്ള കുന്തീസന്ദേശം 138. ഭീഷ്മദ്രോണവാക്യം :

digitized by www.sreyas.in

ഭീഷ്മനും ദ്രോണനും ദുര്യോധനനെ ഗുണദോഷിക്കുന്നു 139. ഭീഷ്മദ്രോണവാക്യം 140. ശ്രീകൃഷ്ണവാക്യം : കർണ്ണനെ കൃഷ്ണൻ പ്രബോധിപ്പിക്കുന്നു 141. കർണ്ണൻ കൃഷ്ണനോടു പറയുന്ന മറുപടി 142. ഭഗവദ്വാക്യം 143. കൃഷ്ണകർണ്ണസംവാദം 144. കുന്തീകർണ്ണസമാഗമം 145. കുന്തീകർണ്ണസമാഗമം 146. കുന്തീകർണ്ണസമാഗമം 147. ഭഗവദ്വാക്യം 148. കൃഷ്ണവാക്യം 149. ധൃതരാഷ്ട്രവാക്യകഥനം 150. കൃഷ്ണവാക്യം

സൈന്യനിര്യാണപർവ്വം 733 – 740

151. കുരുക്ഷേത്രപ്രവേശം 152. ശിബിരാദിനിർമ്മാണം 153. ദുര്യോധനസൈന്യ സജ്ജീകരണം 154. യുധിഷ്ഠിരാർജ്ജുനസംവാദം 155. ദുര്യോധനസൈന്യവിഭാഗം 156. ഭീഷ്മസേനാപതിത്വം 157. ബലരാമൻ തീർത്ഥയാത്രയ്ക്കൊരുങ്ങുന്നു 158. രുക്മി നിഷേധിക്കപ്പെടുന്നു 159. ധൃതരാഷ്ട്രസഞ്ജയസംവാദം

ഉലൂകദൂതാഗമനപർവ്വം 740 – 747

160. ദുര്യോധനവാക്യം 161. ഉലൂകവാക്യം 162. കൃഷ്ണാദിവാക്യം : ദുര്യോധനനുള്ള പ്രതിസന്ദേശം 163. ഉലൂകൻ മടങ്ങിപ്പോകുന്നു 164. സേനാപതിനിയോഗം

രഥാതിരഥസംഖ്യാനപർവ്വം 747 – 752

165. കൗരവരഥാതിരഥസംഖ്യ 166. കൗരവരഥാതിരഥസംഖ്യ 167. കൗരവരഥാതിരഥസംഖ്യ 168. ഭീഷ്മകർണ്ണസംവാദം 169. പാണ്ഡവരഥാതിരഥസംഖ്യ 170 പാണ്ഡവരഥാതിരഥസംഖ്യ 171. പാണ്ഡവരഥാതിരഥസംഖ്യ 172. പാണ്ഡവരഥാതിരഥസംഖ്യ

അംബോപാഖ്യാനപർവ്വം 752 – 768

173. കന്യാഹരണം : ഭീഷ്മൻ കന്യകമാരെ അപഹരിച്ച കഥ 174. അംബയുടെ അപേക്ഷ 175. ശൈഖാവത്യാംബാസംവാദം 176. ഹോത്രവാഹനാംബാസംവാദം 177. രാമാംബാസംവാദം 178. കുരുക്ഷേത്രാവതരണം 179. രാമഭീഷ്മയുദ്ധം 180. രാമഭീഷ്മയുദ്ധം 181. രാമഭീഷ്മയുദ്ധം 182. രാമഭീഷ്മയുദ്ധം 183. രാമഭീഷ്മയുദ്ധം 184. രാമഭീഷ്മയുദ്ധം : അന്യാന്യബ്രഹ്മാസ്ത്ര പ്രയോഗം 185. രാമഭീഷ്മയുദ്ധം 186. അംബയുടെ തപസ്സ് 187. അംബഅഗ്നിയിൽ പ്രവേശിക്കുന്നു 188. ശിഖണ്ഡിയുടെ ഉത്പത്തി189. ഹിരണ്യവർമ്മദൂതാഗമനം : ശിഖണ്ഡി പെണ്ണാണെന്ന് അറിഞ്ഞ് ശ്വശുരൻ കോപിക്കുന്നു 190. ദ്രുപദപ്രശ്നം : ദ്രുപദനു ഭാര്യയും കൂടിയാലോചിക്കുന്നു 191. സ്ഥൂണാകർണ്ണസമാഗമം 192. ശിഖണ്ഡി പുരുഷനാകുന്നു 193. ഭീഷ്മാദിശക്തികഥനം 194. അർജ്ജുനവാക്യം 195. കൗരവസൈന്യങ്ങളുടെ പുറപ്പാട് 196. പാണ്ഡവസൈന്യങ്ങളുടെ പുറപ്പാട്.

digitized by www.sreyas.in

ആദിപർവ്വം

അനുക്രമണികാപർവ്വം

1. അനുക്രമണിക – ഒരു ദിവസം ലോമഹർഷണന്റെ പുത്രനായ ഉഗ്രശ്രവസ്സ്, നൈമിഷാരണ്യത്തിൽ, കുലപതിയായ ശൗനകന്റെ പന്തീരാണ്ടുകൊണ്ടു കഴിയുന്ന സത്രത്തിൽ പങ്കുകൊള്ളുവാൻ കയറിച്ചെന്നു. വിനയത്തോടുകൂടി ആ സൂതപുത്രൻ വന്നു ചേർന്നപ്പോൾ വിചിത്രമായ സൽക്കഥകൾ കേൾക്കുവാൻ മഹർഷിമാർ ഒത്തുകൂടി. ലോമഹർഷണപുത്രൻ എല്ലാവരേയും അഭിവാദ്യം ചെയ്തു. മുനിമാർ അദ്ദേഹത്തെ സൽക്കരിച്ചിരുത്തി. കുശപ്പുല്ലുകൊണ്ട് കെട്ടിയുണ്ടാക്കിയ പീഠത്തിൽ മുനിമാരും ഇരുന്നു. വിശ്രമാനന്തരം ഒരു മുനി അദ്ദേഹത്തോട് ചോദിച്ചു: "ഹേ! കമലപത്രാക്ഷനായ സൂതപുത്ര, ഭവാൻ ഇപ്പോൾ എവിടെനിന്ന് വരുന്നു? ഇത്രനാളും അങ്ങ് എവിടെ വസിച്ചിരുന്നു? അങ്ങയെപ്പറ്റി അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു." ഇതുകേട്ട് ആ സൂതനന്ദനൻ താപസന്മാർ നിരന്നിരിക്കുന്ന സദസ്സിൽ തന്റെ ചരിത്രം വ്യക്തമാക്കുന്നവിധം പറഞ്ഞുതുടങ്ങി.

സൂതൻ പറഞ്ഞു: "പരീക്ഷിത്തിന്റെ പുത്രനും ശ്രീമാനും മഹാനുമായ ജനമേജയരാജർഷി സർപ്പസത്രം ചെയ്യുന്ന സ്ഥലത്ത്, അതിൽ പങ്കുകൊണ്ട്, കുറെനാൾ ഞാൻ താമസിച്ചു. അവിടെ ജനമേജയരാജർഷിയോട് വൈശമ്പായനൻ, കൃഷ്ണദ്വൈപായനവിരചിതമായ പുണ്യചരിത്രങ്ങൾ പറയുന്നതുകേട്ട് കഴിഞ്ഞുകൂടി. മഹാഭാരതത്തിലെ പുണ്യചരിത്രകഥകൾ കേട്ട് പഠിച്ചതിനുശേഷം തീർത്ഥങ്ങളും ക്ഷേത്രങ്ങളും സന്ദർശിച്ചു; വിദ്വജ്ജനസേവിതമായ സമന്തപഞ്ചകം എന്ന പുണ്യസ്ഥലത്തു ചെന്നു. പണ്ട് ആ സ്ഥലത്തുവെച്ചാണ് കുരുപാണ്ഡവന്മാർ, മറ്റു പല രാജാക്കന്മാരുമൊത്ത്, പരസ്പരം യുദ്ധം ചെയ്തത്. പിന്നീട് വിപ്രരേ, ഞാൻ നിങ്ങളെ കാണുവാൻ ആഗ്രഹിച്ച് ഇങ്ങോട്ടുപോന്നു. ആയുഷ്മാന്മാരായ നിങ്ങൾ തീർച്ചയായും ബ്രഹ്മമയന്മാരാണ്! ഈ യജ്ഞത്തിൽ നിങ്ങൾ അർക്കനെപ്പോലെയും അഗ്നിയെപ്പോലെയും തേജസ്വികളായി വിളങ്ങുന്നു. അവഭൃഥസ്നാനം ചെയ്ത് ജപഹോമവിധികൾ അനുഷ്ഠിച്ച് ശുദ്ധരായി ഇരുന്നരുളുന്ന നിങ്ങളുടെ പവിത്രസന്നിധിയിൽ ഞാൻ എന്താണ് പറയേണ്ടത്? ധർമ്മാർത്ഥബന്ധികളായ പുരാണങ്ങളിൽ, നരേന്ദ്രന്മാരുടേയും, മാമുനിമാരുടേയും ശ്രേഷ്ഠമായ ചരിതങ്ങളിൽ, ഏതാണു പറയേണ്ടത്?"

ഋഷികൾ പറഞ്ഞു: "പരാശരാത്മജനായ വ്യാസൻ ഗ്രന്ഥിച്ചതും പരീക്ഷിത്തിന്റെ പുത്രനായ ജനമേജയനോട് വൈശമ്പായനൻ പറഞ്ഞുകൊടുത്തതും, നാലു വേദങ്ങളുടെ സത്ത് ഉൾക്കൊള്ളുന്നതും, സുരബ്രഹ്മർഷികൾ ശ്ലാഘിക്കുന്നതും, ശ്രേഷ്ഠമായ ചിത്രപർവ്വബന്ധംകൊണ്ട് മനോജ്ഞമായതും, സൂക്ഷ്മാർത്ഥന്യായങ്ങൾ ചേർന്നതും, പുണ്യാർത്ഥംകൊണ്ട് പൂർണ്ണമായതും, സർവ്വശാസ്ത്രവൃത്തിയോടുകൂടി ശോഭിക്കുന്നതും, ശുദ്ധ പുണ്യസംഹിതയുള്ളതും, വേദമാർഗ്ഗത്തിന്റെ പൊരുള് അണിഞ്ഞതും ആയ മഹാഭാരതകഥ പറഞ്ഞാലും. പാപനാശനമായ ആ ഇതിഹാസം കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

സൂതൻ പറഞ്ഞു: "ആദിചൈതന്യനും ഹോമത്തിന്നും സ്തോത്രത്തിന്നും ഫലം നല്കുന്നവനും, വിശ്വാത്മാവും, പുരാണനും, പരനും, അവ്യയനും, പരാപരങ്ങൾ സൃഷ്ടിക്കുന്നവനും, മംഗളനും, സദസദാകാരനും, വരേണ്യനും, അനഘനും, ശുചിയും, വിശ്വാചാര്യനും, ഈശാനബ്രഹ്മവിഷ്ണുമയനുമായ ഹൃഷീകേശനെ വണങ്ങി അത്ഭുതകർമ്മാവായ വ്യാസമഹർഷിയുടെ സർവ്വാദൃതമായ ആശയം എല്ലാം ഞാൻ പറയുന്നുണ്ട്. എല്ലാവരും ആദരിക്കുന്ന ആ കഥ പലരും പറഞ്ഞിട്ടുണ്ട്, പലരും പറയുന്നുണ്ട്, പലരും പറയുകയും ചെയ്യും. ശബ്ദഭംഗിയിൽ ഇതു വൃത്തവിചിത്രംകൊണ്ടു മധുരവും, സർവ്വാദൃതവും, ശുഭാവഹവും, ദിവ്യമാനുഷസങ്കേതങ്ങൾക്ക് മംഗളപ്രദവും വിബുധന്മാർക്കു പ്രിയകരവുമായ ഇതിഹാസമാകുന്നു.

തേജഃപ്രകാശംവിട്ട് എല്ലായിടവും തമസ്സിലാണ്ടുകിടന്ന കാലത്തു യുഗത്തിന്റെ ആദിയിൽ പ്രജാബീജവും അവ്യയവുമായ അണ്ഡമുണ്ടായി, ബ്രഹ്മാണ്ഡം! ലോകകാരണമായ അതിൽ നിത്യമായ സത്യജ്യോതിർബ്രഹ്മതത്ത്വം ഒത്തു ചേർന്നിരുന്നു എന്നാണ് ശ്രുതി. അത്ഭുതവും, അചിന്ത്യരൂപവും, അവ്യക്തവും, ദിവ്യവും, സദസദാത്മകവുമായ അതിന്റെ ഹേതു ദുർജ്ഞേയമാണ്. അതിൽ ബ്രഹ്മാവിഷ്ണു ശിവാംഗനും (ത്രിമൂർത്തിരൂപനായ) പ്രഥമപിതാമഹനുമായ പ്രജാപതി ഉദിച്ചു. പിന്നെ മനു, സ്വയംഭൂവായ ദേവത, പരമേഷ്ടി, പത്ത് പ്രചേതസ്സുകൾ, ദക്ഷൻ, ഏഴ് ദക്ഷനന്ദനന്മാർ എന്നിവർ ഉണ്ടായി. പിന്നെ ഇരുപത്തൊന്നു പ്രജാപതികളും സർവ്വർഷിവിദിതനും സാക്ഷാൽ സർവ്വരൂപനും പരാൽപരനുമായ ദേവന്റെ വിഭൂതികളായി വിശ്വേദേവകളും, എട്ടു വസുക്കളും, പന്ത്രണ്ട് ആദിത്യന്മാരും, രണ്ട് അശ്വിനീദേവന്മാരും ഉണ്ടായി. യക്ഷസാദ്ധ്യപിശാചുക്കളും, ഗുഹ്യകന്മാരും, പിതൃക്കളും ഉണ്ടായി. പിന്നെ പണ്ഡിതബ്രഹ്മചാരികളായ മുനികളും, രാജൽഗുണന്മാരായ രാജർഷിമാരും, ആവിർഭവിച്ചു. പിന്നെ അപ്പ്, അർക്കൻ, ദ്യോവ്, ഭൂമി, വായു, അഭ്രം, ചന്ദ്രൻ, അഗ്നി, ദിക്കുകൾ, ഋതുക്കൾ, മാസങ്ങൾ, പക്ഷങ്ങൾ, രാവ്, പകൽ എന്നിവയും സർവ്വചരാചരങ്ങളും ഉണ്ടായി. ലോകസാക്ഷികളായി നില്ക്കുന്ന ചരാചരങ്ങളായ സർവ്വവസ്തുക്കളും ഇതിൽ ഉണ്ടായി. അവസാനം പ്രളയമുണ്ടാവുകയും ഇതിൽ എല്ലാം ലയിക്കുകയും ചെയ്യും. ഋതുഭേദങ്ങൾ ഓരോരോ ഋതുക്കളിലും ഉത്ഭവിക്കുന്ന മാതിരി ഇവയൊക്കെ ഓരോ യുഗത്തിലും പുതുതായി ബ്രഹ്മത്തിൽനിന്ന് ഉത്ഭവിക്കുകയും പ്രളയത്തിൽ എല്ലാം ബ്രഹ്മത്തിൽ ചെന്ന് ലയിക്കുകയും ചെയ്യും. ഇങ്ങനെ ഉദിച്ചും നശിച്ചും വീണ്ടും ഉദിച്ചും നശിച്ചും സംസാരചക്രം ആദ്യന്തമില്ലാതെ ചുറ്റിക്കൊണ്ടിരിക്കുന്നു. മുപ്പത്തിമൂവ്വായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്നാണല്ലോ ചുരുക്കത്തിൽ ദേവസൃഷ്ടികൾ.

വിവസ്വാന് ദ്യോവിൽനിന്നു ബൃഹത്ഭാനു, ചക്ഷു, ആത്മാവ്, വിഭാവസു, ഋചീകൻ, സവിതാവ്, അർക്കൻ, ഭാനു, ആശാവഹൻ, രവി എന്നീ പുത്രന്മാരുണ്ടായി. ഈ വർഗത്തിൽ ശ്രേഷ്ഠൻ മനുവാകുന്നു. മനുവിന്റെ പുത്രൻ ദേവഭ്രാട്ടാണ്. അവന്റെ പുത്രൻ സുഭ്രാട്ടാകുന്നു. സുഭ്രാട്ടിന്ന് മൂന്നു പുത്രന്മാരുണ്ടായി. അവർ ദശജ്യോതിസ്സ്, ശതജ്യോതിസ്സ്, സഹസ്രജ്യോതിസ്സ് എന്നിവരാണ്. ഇവരെല്ലാം സുപ്രജന്മാരും ബഹുശ്രുതന്മാരുമാണ്. ദശജ്യോതിസ്സിന്ന് പതിനായിരം പുത്രന്മാരുണ്ടായി. അതിലും പത്തിരട്ടി പുത്രന്മാർ ശതജ്യോതിസ്സിന്നുണ്ടായി. അതിനേക്കാൾ പത്തിരട്ടി സഹസ്രജ്യോതിസ്സിന്നും ഉണ്ടായി. ഈ വഴിക്കു കുരുകുലവും യാദവകുലവുമുണ്ടായി. അങ്ങനെ യയാതി, ഇക്ഷ്വാകു എന്നിവരുടെ വംശമുണ്ടായി. അനേകം വംശങ്ങളിൽ അസംഖ്യം സൃഷ്ടിപരമ്പരകളുമുണ്ടായി.

ഭൂതസ്ഥാനസ്ഥിതി, ത്രിവർഗ്ഗരഹസ്യങ്ങൾ, കർമ്മോപാസന, വിജ്ഞാനകാണ്ഡം, ത്രൈവർഗ്ഗികങ്ങൾ, ധർമ്മകാമാർത്ഥവിസ്താരങ്ങൾ, മഹാശാസ്ത്രജാലങ്ങൾ, ലോകയാത്രകൾ ഇവയെല്ലാം പൂർണ്ണമായി മുനീശ്വരൻ യോഗത്താൽ കണ്ടു. പലവിധം

---

* പുരാണകഥാകഥനംകൊണ്ട് ശ്രോതാക്കളിൽ രോമാഞ്ചം കൊള്ളിച്ചതിനാൽ 'ലോമഹർഷണൻ' എന്ന് പ്രസിദ്ധനായ സൂതൻ. ക്ഷത്രിയന്ന് ബ്രാഹ്മണസ്ത്രീയിൽ ജനിച്ച സന്താനപരമ്പരയാണ് സൂതവംശം. വ്യാസന്റെ ശിഷ്യനായിരുന്നു സൂതൻ.

* യാഗാവസാനത്തിലെ സ്നാനം

digitized by www.sreyas.in

ഇതിഹാസങ്ങളും അതിന്റെ വ്യാഖ്യാനവും ശ്രുതിപ്പൊരുളുകളും എല്ലാം ഇതിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. ഇതാണ് ഈ ഗ്രന്ഥത്തിന്റെ സ്വരൂപം. മുനീശ്വരൻ മഹാജ്ഞാനം വിസ്തരിച്ചും സംക്ഷേപിച്ചും ബുധന്മാരുടെ പ്രിയം അനുസരിച്ച് പറഞ്ഞിട്ടുണ്ട്.

മനുമുതൽക്കാണ് ഭാരതം തുടങ്ങുന്നതെന്നും, ആസ്തീകം മുതല്ക്കാണ് ഭാരതം തുടങ്ങുന്നതെന്നും, ഉപരിചരൻ എന്ന വസുവിന്റെ ചരിതം മുതൽക്കാണ് ഭാരതം തുടങ്ങുന്നതെന്നും, പലതരത്തിൽ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. വിസ്തരിച്ചു പറയുന്ന ഭാരതത്തെ അനേകസംഹിതാജ്ഞാനമെന്ന് മനീഷികൾ പറയുന്നു. ചിലർ ഇതിനെ വ്യാഖ്യാനിക്കുകയും ചിലർ വിടാതെ ദൃഢമായി ഹൃദയത്തിൽ ഗ്രഹിച്ച് ജീവിക്കുകയും ചെയ്യുന്നു.

തപോവ്രതം, ബ്രഹ്മചര്യ എന്നിവയാൽ ആത്മശക്തി നേടി സത്യവതീസുതനായ ഭഗവാൻ വ്യാസൻ പുണ്യമായ ഈ ഇതിഹാസം കല്പിച്ചു. ഇപ്രകാരം ഈ മഹാഖ്യാനമൊക്കെ കല്പിച്ച ബ്രഹ്മജ്ഞനും, സംശിതവ്രതനും, പരാശരപുത്രനും ആയ ബ്രഹ്മർഷി ഇത് എങ്ങനെ ശിഷ്യലോകർക്ക് പറഞ്ഞുകൊടുക്കും എന്ന് ഓർത്തു വിഷമിച്ച് ഇരിപ്പായി. ഈ സമയത്ത് മഹർഷിയുടെ വിഷമാവസ്ഥയറിഞ്ഞ് മുനിപ്രീതിക്കായും സർവ്വലോകഹിതത്തിന്നായും ലോകഗുരുവായ ബ്രഹ്മാവ് ആ കൃഷ്ണദ്വൈപായനന്റെ മുമ്പിൽ പ്രത്യക്ഷനായി. ബ്രഹ്മാവിനെ കണ്ട് അത്ഭുതപ്പെട്ട് ആ മഹാൻ എഴുന്നേറ്റ് പീഠം നല്കി മുനിമാരോടുകൂടി ഭക്ത്യാദരപുരസ്സരം കൈകൂപ്പി നിന്നു.

ബ്രഹ്മാവിന്റെ അനുജ്ഞപ്രകാരം വ്യാസൻ അരികെയിരുന്നു. അങ്ങനെ ആനന്ദഹാസത്തോടെ ഇരിക്കെ, വ്യാസൻ ബ്രഹ്മാവിനോട് വിനയത്തോടെ പറഞ്ഞു.

വ്യാസൻ പറഞ്ഞു: "പിതാമഹ! ഞാൻ ഒരു കാവ്യം രചിച്ചിട്ടുണ്ട്. ബൃഹത്തായ അത് ബുധന്മാർ പൂജിക്കുമെന്ന് വിശ്വസിക്കുന്നു. വേദരഹസ്യങ്ങൾ, മറ്റ് ശാസ്ത്രങ്ങൾ, അംഗങ്ങളോടും ഉപാംഗങ്ങളോടുംകൂടിയ വേദങ്ങൾ, ഉപനിഷത്തുകൾ, വേദങ്ങളുടെ വിസ്താരങ്ങൾ, ഗതിക്ക് ഉന്മേഷപോഷണങ്ങളായ ഇതിഹാസപുരാണങ്ങൾ, ഭൂതഭവ്യഭവൽഭാവപൂതമായ കാലലക്ഷണം, ജരാമരണഭീതി, വ്യാധിഭാവാഭാവനിരൂപണം, നാനാധർമ്മങ്ങൾ കലരുന്ന ആശ്രമങ്ങളുടെ ലക്ഷണം, ചാതുർവ്വർണ്ണ്യം തിരിഞ്ഞ് ആദ്യകാലത്തുണ്ടായ ക്രമം, ബ്രഹ്മചര്യം, തപസ്സ്, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, താരങ്ങൾ എന്നിവയുടെ മാനം, യുഗസ്ഥിതി, ഋക്ക്, യജുസ്സ്, സാമം, ഇവയുടെ നില, അദ്ധ്യാത്മവിധി, ചിന്തനം, ന്യായശിക്ഷാചികിത്സാദികൾ, ദാനം, പാശുപതം, ദിവ്യമാനുഷജന്മങ്ങൾക്കുള്ള യുക്തിദർശനം, തീർത്ഥങ്ങൾ, പുണ്യദേശങ്ങൾ ഇവയുടെ കീർത്തനങ്ങൾ, നദി, ശൈലം, വനം, കടൽ ഇവയെക്കുറിച്ചുള്ള വർണ്ണനം, പുരങ്ങൾ, ദിവ്യകല്പങ്ങൾ, മുറകൾ, സംഗരകൗശലങ്ങൾ, വാക്കിന്റെ ജാതിഭേദങ്ങൾ, ശ്ലാഘ്യമായ ലോകയാത്ര എന്നിവയും മറ്റു പലതും ഞാൻ ഇതിൽ മിക്കവാറും ഒപ്പിച്ചിട്ടുണ്ട്. ഇവയൊക്കെ മനസ്സിൽ സങ്കല്പിച്ചുവെച്ചിട്ടുണ്ടെന്നല്ലാതെ എഴുതുവാൻ പറ്റിയ ഒരാളെ ലോകത്തിൽ എനിക്കു കണ്ടുകിട്ടിയിട്ടില്ല."

ബ്രഹ്മാവ് പറഞ്ഞു: "തപോബലംകൊണ്ടും ശ്രേഷ്ഠജ്ഞാനപ്രതിഷ്ഠകൊണ്ടും മേന്മകൂടിയ മഹർഷിമാരിൽ ഭവാൻ ശ്രേഷ്ഠനാണെന്നാണ് എന്റെ അഭിപ്രായം. ജന്മംമുതൽ ബ്രഹ്മവിത്തായി വിളങ്ങുന്ന ഭവാന്റെ മൊഴിക്ക് സത്യതയുണ്ട്. അങ്ങ് കാവ്യമെന്നു പറഞ്ഞാൽ അത് കാവ്യമാകും, തീർച്ചയാണ്! കവീന്ദ്രന്മാർക്ക് ആർക്കും ഈ കാവ്യം കവച്ചുവെക്കുവാൻ സാദ്ധ്യമല്ല. ഭൂമിയിൽ ഇതിനേക്കാൾ വിശേഷപ്പെട്ട ഒരു കാവ്യം തീർക്കുവാൻ ഒരു കവീന്ദ്രനും സാദ്ധ്യമല്ല, അന്യ ആശ്രമികൾക്ക് ഗൃഹസ്ഥാശ്രമം എളുപ്പമല്ലാത്തതുപോലെ. ഈ കാവ്യം എഴുതുവാൻ ഭവാൻ വിഘ്നേശ്വരനെ നിനയ്ക്കുക."

സൂതൻ പറഞ്ഞു: ഇപ്രകാരം പറഞ്ഞ് ബ്രഹ്മാവ് മറഞ്ഞു. ഉടനെ വ്യാസൻ ഗണപതിയെ ധ്യാനിച്ചു. തൽക്ഷണം ഭക്തകാമദനായ ഹേരംബൻ* വ്യാസന്റെ മുമ്പിൽ പ്രത്യക്ഷനായി. വ്യാസൻ വിഘ്നേശ്വരനെ പൂജിച്ചിരുത്തി തൊഴുത് ഉണർത്തിച്ചു."

വ്യാസൻ പറഞ്ഞു: "ഹേ ഗണനായക! ഞാൻ എന്റെ മനസ്സിൽ തീർത്തുവെച്ചിട്ടുള്ള മഹാഭാരതം ചൊല്ലിത്തരാം, ഭവാൻ അത് നന്നായി ഒന്ന് എഴുതിത്തന്നാൽ കൊള്ളാമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു!"

സൂതൻ പറഞ്ഞു: "വ്യാസന്റെ അപേക്ഷകേട്ട് വിഘ്നേശ്വരൻ പറഞ്ഞു: 'ഭവാൻ ചൊല്ലുന്ന മഹാഭാരതം ഞാൻ എഴുതിത്തരാം. ഇടയ്ക്ക് എഴുത്താണി നിർത്തുവാൻ ഇടയാക്കാതിരിക്കയാണെങ്കിൽ!"

വ്യാസൻ പറഞ്ഞു: "എന്നാൽ ഒരു കാര്യമുണ്ട്. ഞാൻ ചൊല്ലുന്ന സമയത്ത് ഭവാൻ അതിന്റെ അർത്ഥം ഗ്രഹിച്ചിട്ടു വേണം എഴുതുവാൻ. അർത്ഥം ധരിക്കാതെ എഴുതരുത്." ഗണേശൻ "അങ്ങനെയാകട്ടെ" എന്ന് പറഞ്ഞു. ഇങ്ങനെ ഗണപതി ലേഖകനായി.

ഗണപതി എഴുതുവാൻ തുടങ്ങി. വ്യാസൻ കൃതിക്ക് രൂപമുണ്ടാക്കി, അതിനെ കൗതുകത്തോടെ പ്രതിജ്ഞാപൂർവ്വം ചൊല്ലുവാൻ തുടങ്ങി. ഗണേശൻ കേട്ട് അതിവേഗം എഴുതുവാനും തുടങ്ങി. എണ്ണായിരത്തി എണ്ണൂറ് ശ്ലോകങ്ങളുടെ ഗൂഢാർത്ഥം ഈ ഞാൻ കണ്ടിട്ടുണ്ട്, ശുകമഹർഷിയും കണ്ടിട്ടുണ്ട്. സഞ്ജയന് കാണാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. അർത്ഥം ഗ്രഹിക്കുവാൻ കഴിയാത്തതും, കടുപ്പമേറിയതും, കെട്ടുപിണഞ്ഞതും ഗൂഢാർത്ഥബന്ധത്തോടുകൂടിയതുമായ ശ്ലോകങ്ങൾ ഇതിൽ വേണ്ടുവോളമുണ്ട്. അവ ഉടച്ചെടുക്കുവാൻ വിഷമമുണ്ട്. മഹർഷിമാരേ! ഗണേശൻ സർവ്വജ്ഞനാണെങ്കിലും അല്പസമയം ചിലപ്പോൾ ചിന്തിച്ചിരുന്നുപോകും! അതിനിടയ്ക്ക് വ്യാസൻ അനേകം പദ്യങ്ങൾ തീർക്കും!

വർദ്ധിച്ച അജ്ഞാനതിമിരത്താൽ മിഴികെട്ട ലോകരിൽ ജ്ഞാനാഞ്ജനശലാകകൊണ്ട് താനെ ഇത് തെളിവു നല്കുന്നു.

ധർമ്മാർത്ഥകാമമോക്ഷങ്ങൾ കൂട്ടിച്ചേർത്തും, വേർതിരിച്ചും കാണിക്കുന്ന ഭാരതസൂര്യൻ നാട്ടുകാരുടെ ഇരുട്ടു നീക്കി, ഈ പുരാണമാകുന്ന പൂർണ്ണേന്ദു, വേദമാകുന്ന നിലാവുവിരിച്ച് നരന്മാരുടെ ചിത്തമാകുന്ന കുമുദനിരകളെ നീളെ വികസിപ്പിക്കുന്നു. ഇതിഹാസമാകുന്ന ഈ വിളക്ക് അജ്ഞാനമാകുന്ന വലിയ ഇരുട്ടുനീക്കി ലോകരുടെ ഹൃദയമാകുന്ന ഗൃഹം എല്ലായിടത്തും തെളിയിക്കുന്നു. സംഗ്രഹാദ്ധ്യായമാകുന്ന വിത്തും, പൌലോമാസ്തീകമാകുന്ന വേരുകളും, സംഭവസ്കന്ധവിരിവും, സഭാരണ്യവിടങ്കവും (പക്ഷിക്കൂട്), അരണീപർവ്വനിറവും, വിരാടോദ്യോഗസാരവും, ഭീഷ്മപർവ്വമാകുന്ന വലിയ കൊമ്പും, ദ്രോണപർവ്വമാകുന്ന ദളസമൂഹവും, കർണ്ണപർവ്വമാകുന്ന പുതുപുഷ്പവും, ശല്യപർവ്വമാകുന്ന സുഗന്ധവും, സ്ത്രീപർവ്വൈഷികങ്ങളായ നിഴലും, ശാന്തിപർവ്വമാകുന്ന ഫലൗഘവും, അശ്വമേധമാകുന്ന അമൃതരസവും, ആശ്രമസ്ഥാനനിഷ്ഠയും, മൌസലശ്രുത്യന്തവുമായി എല്ലായ്പോഴും ദ്വിജസേവിതമായി (പക്ഷികൾ എന്നും ബ്രാഹ്മണർ എന്നും) നില്ക്കുന്ന ഈ ഭാരതമഹാവൃക്ഷം സൽക്കവികൾക്ക്, മേഘങ്ങൾ ജീവികൾക്കെന്നവിധം, ജീവനപ്രദമായിത്തീരും. ആശ്രയമായി ഭവിക്കും. ആ മഹാവൃക്ഷത്തിന്റെ ആസ്വാദവിശുദ്ധവും, അനശ്വരവും, സുരന്മാർക്കു പോലും അച്ഛേദ്യവുമായി ശോഭിക്കുന്ന അനശ്വരമായ സത്യപുഷ്പഫലോദയത്തെ ഞാൻ പറയാം.

അമ്മ കല്പിക്കുകയാൽ, ഭീഷ്മന്റെ സമ്മതത്തോടുകൂടി പണ്ട് കൃഷ്ണദ്വൈപായനമഹർഷി വിചിത്രവീര്യന്റെ ഭാര്യമാരിൽ, മൂന്ന് അഗ്നികളെപ്പോലെ, തേജസ്വികളായ മൂന്നു പുത്രന്മാരെ ജനിപ്പിച്ചു. ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ - ഇവർ മൂന്നുപേരുമായിരുന്നു അവർ. പിന്നെ, മുനി തന്റെ ആശ്രമത്തിൽ തപസ്സിന്നായി പോവുകയും ചെയ്തു.

* ഗണപതി (ശിവന്റെ അടുക്കൽ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം.)

digitized by www.sreyas.in

പുത്രന്മാരുണ്ടായി, ജീവിച്ചു. അവർക്കും പുത്രന്മാരുണ്ടായി. എല്ലാവരും കാലഗതി പ്രാപിക്കുകയും ചെയ്തു. മഹർഷി മഹാഭാരതം നിർമ്മിച്ചു. ജനമേജയൻ സദസ്യമദ്ധ്യത്തിൽവെച്ച് വ്യാസശിഷ്യാഗ്രഗണ്യനായ വൈശമ്പായനനോട് ആവശ്യപ്പെട്ടതനുസരിച്ച് മഹാഭാരതം യജ്ഞക്രിയകൾക്കിടയിൽ വിസ്തരിച്ച് ചൊല്ലിക്കേൾപ്പിച്ചു. ജനമേജയരാജാവും വിപ്രന്മാരും കഥകേട്ട് ഇരുന്നു.

കുരുവംശത്തിന്റെ പരപ്പും, ഗാന്ധാരിയുടെ ധർമ്മനിഷ്ഠയും, വിദുരന്റെ ജ്ഞാനവും, കുന്തിയുടെ ധൈര്യവും വ്യാസൻ പറഞ്ഞു. കൃഷ്ണന്റെ മാഹാത്മ്യവും പാണ്ഡവന്മാരുടെ സത്യവും, ധാർത്തരാഷ്ട്രന്മാരുടെ ദുഷ്ടധൂർത്തും മുനീശ്വരൻ പറഞ്ഞു. പുണ്യകർമ്മികളായ ജനങ്ങളുടെ ഉപാഖ്യാനങ്ങളോടുകൂടിയ ഉത്തമമായ ആദ്യഭാരതം ഒരുലക്ഷം ശ്ലോകത്തിൽ നിർമ്മിച്ചിരിക്കുന്നു. ഭാരതസംഹിത ഉപാഖ്യാനങ്ങൾകൂടാതെയുള്ള ഭാരതമാണ്. അതു മുനി തീർത്തത് ഇരുപത്തിനാലായിരം ശ്ലോകം കൊണ്ടാണ്. പിന്നെ, മുനി നൂറ്റമ്പത് ശ്ലോകംകൊണ്ട് സംക്ഷിപ്തഭാരതം നിർമ്മിച്ചു. അനുക്രമണികാദ്ധ്യായം, കഥാപർവ്വസംഗ്രഹം ഇവ രണ്ടും ആദ്യം മുനി തന്റെ പുത്രനായ ശുകന് പറഞ്ഞുകൊടുത്തു. പിന്നീട് മറ്റു നാലു ശിഷ്യന്മാർക്കും പറഞ്ഞുകൊടുത്തു.

പിന്നെ, സംഹിത അറുപതുലക്ഷം ശ്ലോകത്തിൽ മുനി വേറേയും രചിച്ചു. മുഖ്യമായ മുപ്പതുലക്ഷം ദേവന്മാർക്കും പതിനഞ്ചുലക്ഷം പിതൃക്കൾക്കും പതിന്നാലുലക്ഷം ഗന്ധർവ്വന്മാർക്കുംവേണ്ടി തീർത്തു. നരലോകത്തിലുള്ള മഹാഭാരതം ഒരു ലക്ഷത്തിൽ നിർമ്മിച്ചതാണ്.

അനന്തരം ഈ ഇതിഹാസം നാരദൻ ദേവകൾക്കു ചൊല്ലിക്കേൾപ്പിച്ചു; പിതൃക്കൾക്ക് ദേവലൻ ചൊല്ലിക്കേൾപ്പിച്ചു; ഗന്ധർവ്വയക്ഷരക്ഷോവർഗ്ഗമദ്ധ്യത്തിൽ ശുകൻ ചൊല്ലിക്കേൾപ്പിച്ചു. മനുഷ്യലോകത്തിൽ വേദവേദാംഗപാരംഗനും ധർമ്മശീലനും വ്യാസശിഷ്യനുമായ വൈശമ്പായ മുനി ചൊല്ലിക്കേൾപ്പിച്ചു. ആ ഒരു ലക്ഷം ഞാൻ പറയാം, നിങ്ങൾ കേട്ടാലും.

ദുര്യോധനൻ ക്രോധരൂപമായ മഹാവൃക്ഷമാണ്. സ്കന്ധം കർണ്ണനാണ്. സൗബലൻ ശാഖകളാണ്. ദുശ്ശാസനൻ ഫലപുഷ്പങ്ങളാണ്. മൂലം ബുദ്ധിപിഴച്ച ധൃതരാഷ്ട്രരാജാവാണ്.

യുധിഷ്ഠിരൻ ധർമ്മമാകുന്ന മഹാവൃക്ഷമാണ്. സ്കന്ധം പാർത്ഥനാണ്. ശാഖകൾ ഭീമസേനനാണ്. മാദ്രേയന്മാർ പുഷ്പഫലങ്ങളാണ്. മൂലം കൃഷ്ണനും, വേദവും, ബ്രഹ്മജ്ഞരുമാണ്.

മാന്യനായ പാണ്ഡുമഹാരാജാവ് പലേ നാടുകൾ ബുദ്ധികൊണ്ടും വിക്രമംകൊണ്ടും കീഴടക്കി. പിന്നെ, മൃഗയാസക്തനായ രാജാവ് മാമുനിമാരുമായി കാട്ടിൽ വസിച്ചു. ഇണചേർന്ന മാനിനെ കൊന്നതുകൊണ്ട് ദുഃഖം വന്നുചേർന്നു.[1] അവിടെ കർമ്മവിധിക്രമത്താൽ പാർത്ഥർക്ക് ജന്മം വന്നുകൂടി. ധർമ്മോപനിഷത്തു[2] പ്രകാരമുള്ള വൃത്തി അമ്മമാർക്കുണ്ടായി. ധർമ്മൻ, വായു, സുരേന്ദ്രൻ, അശ്വിനീദേവകൾ എന്നിവരുടെ സംബന്ധത്താൽ ധർമ്മസിദ്ധിയെ പ്രാപിച്ചു. കുട്ടികൾ ജനനിമാരുടെ രക്ഷയിൽ മുനിമാരോടുകൂടി പുണ്യാശ്രമത്തിൽ വളർന്നു. അനന്തരം ഋഷിമാരോടുകൂടി ധൃതരാഷ്ട്രന്റേയും, ദുര്യോധനന്റേയും അടുത്ത് അവർ എത്തി. "സമർത്ഥരും സുന്ദരന്മാരുമായ കൗന്തേയർ ജടിലബ്രഹ്മചാരികളാകുന്നു. ഇവർ നിങ്ങൾക്ക് പുത്രന്മാരും സോദരന്മാരും ശിഷ്യരും ഇഷ്ടരുമാണ്. ഇവർ പാണ്ഡു പുത്രന്മാരാണ്," എന്നു പറഞ്ഞ് മുനിമാർ പോയി.

ഇപ്രകാരം മുനിമാർ തന്ന് ഏല്പിച്ചുപോയ അവരെ കണ്ട് കൗരവർ ശിഷ്ടന്മാരായ പൗരരോടുകൂടി സന്തോഷിച്ച് ആർത്തു. "ഇതു പാണ്ഡവരല്ല" എന്ന് ചിലർ പറഞ്ഞു; "പാണ്ഡുപുത്രന്മാരാണ്!" എന്ന് വേറെ ചിലർ. "അവൻ എന്നോ മരിച്ചുപോയി!" "അങ്ങനെയാവാൻ വയ്യ!" എന്ന് മറ്റുചിലരും പറഞ്ഞു. "ഭോ, പാണ്ഡുപുത്രരേ, സ്വാഗതം!" "ഭാഗ്യം! പാണ്ഡുപുത്രരെ കണ്ടു!" "പാണ്ഡുപുത്രന്മാർക്ക് സ്വാഗതം പറയൂ." ഇപ്രകാരമുള്ള സംസാരം അവിടെ മുഴങ്ങി. ഈ ബഹളം ഒന്നടങ്ങിയപ്പോൾ ദിക്കുകളൊക്കെ ഇരമ്പുന്ന വിധത്തിൽ ഒരു അശരീരിവാക്യം മുഴങ്ങി. ആകാശത്തുനിന്ന് സുരഭിലമായ പുഷ്പവർഷവും, ശംഖനാദങ്ങളും, ഭേരീനാദങ്ങളും, പാണ്ഡുപുത്രന്മാരുടെ പ്രവേശത്തിലുണ്ടായി. ഈ സംഭവം പൗരന്മാരെ വീണ്ടും അത്ഭുതപ്പെടുത്തി, ഹർഷം വർദ്ധിപ്പിച്ചു. മാനവും കീർത്തിയും വർദ്ധിപ്പിക്കുന്ന ആ ഹർഷഘോഷം മാനത്തോളം പൊങ്ങി.

വേദശാസ്ത്രാദികളായ പലതും പഠിച്ച് പാർത്ഥർ അവിടെ ആദരവോടെ പാർത്തു. പ്രജകളോട് ധർമ്മപുത്രന്റെ ഉത്തമമായ പെരുമാറ്റം രാജ്യാംഗങ്ങളെ സന്തോഷിപ്പിച്ചു. ഭീമസേനന്റെ ധീരത, അർജ്ജുനന്റെ പരാക്രമം, കുന്തിയുടെ ഗുരുശുശ്രൂഷ, നകുലസഹദേവന്മാരുടെ വിനീതത്ത്വം, എല്ലാവരുടേയും ശൗര്യഗുണം ഇവകൊണ്ട് ജനങ്ങളെല്ലാം സന്തുഷ്ടരായി.

രാജമദ്ധ്യത്തിൽവെച്ച് അർജ്ജുനൻ രാജകന്യകയായ കൃഷ്ണയെ ആശ്ചര്യകരമായ വിക്രമംകൊണ്ട് സ്വയംവരത്തിൽ നേടി. അന്നുമുതൽ വില്ലാളികളായ രാജാക്കന്മാരിൽ അവൻ മാന്യനായി, എന്നു തന്നെയല്ല, അവൻ സൂര്യനെപ്പോലെ പോരിൽ ദുർന്നിരീക്ഷ്യനുമായി.

അവൻ എല്ലാ രാജാക്കന്മാരേയും സ്വന്തം വർഗ്ഗത്തോടെ ജയിച്ച് ധർമ്മജന്നു രാജസൂയം നടത്തി. അന്നവും ദക്ഷിണകളും മാത്രമല്ല എല്ലാ ഗുണങ്ങളും തികഞ്ഞ രാജസൂയത്തെ ധർമ്മജൻ നടത്തി. ശ്രീകൃഷ്ണന്റെ നയോപായത്താൽ ഭീമാർജ്ജുനന്മാരുടെ ബലം വർദ്ധിച്ചു. ശിശുപാലൻ, ജരാസന്ധൻ എന്നീ ബലോദ്ധതന്മാരെ വധിച്ചു.

വിശിഷ്ടമായ രത്നങ്ങൾ, സ്വർണ്ണങ്ങൾ, പശു, ആന, കുതിര, മുതലായവ, വിചിത്രവസ്ത്രങ്ങൾ, കംബളങ്ങൾ, വിരിപ്പുകൾ, പുതപ്പുകൾ, കരിമ്പടങ്ങൾ, രോമമെത്തകൾ എന്നിവ കാഴ്ചദ്രവ്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ദുര്യോധനന്റെ പാട്ടിൽ വന്നുകൂടി. അവയെല്ലാം ദുര്യോധനൻ വാങ്ങിവെച്ചു.

ഇപ്രകാരം പാണ്ഡവന്മാരുടെ അത്യുച്ചമായ ശ്രീ കണ്ട് ഈർഷ്യമൂത്ത് അവനു വലിയ കോപമുണ്ടായി. മയൻ സ്വർഗ്ഗീയവിഭവങ്ങൾ ചേർത്തു നിർമ്മിച്ച അത്ഭുതമായ പാണ്ഡവസഭ കണ്ട് ദുര്യോധനൻ ഇണ്ടലിൽപ്പെട്ടു. അവൻ സഭയിൽ, കൃഷ്ണയുടെ കണ്ണിനുമുമ്പിൽവെച്ചു കാൽതെറ്റി വീണതുകണ്ട് സ്നേഹമര്യാദവിട്ടു ഭീമൻ പൊട്ടിച്ചിരിച്ചു. ഇത് അവനെ കൂടുതൽ ആകുലനാക്കി. പല രത്നങ്ങളും ഉപഭോഗങ്ങളും ഉണ്ടായിരുന്നിട്ടും ദുര്യോധനൻ മെലിഞ്ഞ്, വിളറി, കെട്ട്, ഉള്ളുരുകിവശായി. പുത്രപ്രിയനായ ധൃതരാഷ്ട്രൻ പുത്രനെ ചൂതിന്നനുവദിച്ചു. ഇതുകേട്ടിട്ട് ഗോവിന്ദന് അത്യധികമായ കോപം ജ്വലിച്ചു. എങ്കിലും അതിപ്രീതി കാണിക്കാതെ ഓരോ രതിവാദത്തിൽ രസിച്ച്, ദ്യൂതാദികളായ ഘോരദുർന്നീതികളേയും അതുകൊണ്ടുണ്ടായ ആപത്തുകളേയും പൊറുത്തു.

ഭീഷ്മദ്രോണകൃപന്മാരേയും നിരസിച്ച് ദുര്യോധനൻ നേരെ രാജാക്കന്മാരെ തമ്മിൽ കൊല്ലിക്കുന്ന ഉഗ്രമായ പോരിന്നിറങ്ങി. പാണ്ഡവന്മാർ ജയിക്കുമ്പോൾ ചണ്ഡമായ അപ്രിയങ്ങളെ ധൃതരാഷ്ട്രൻ കേട്ടു. ദുര്യോധനന്റെ മതവും, കർണ്ണസൗബലന്മാരുടെ ഹൃദയവും അറിഞ്ഞ ധൃതരാഷ്ട്രൻ നല്ലപോലെ ചിന്തിച്ച് സഞ്ജയനോടു പറഞ്ഞു.

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ സഞ്ജയ, ഞാൻ പറയുന്നതു കേൾക്കൂ! നീ എന്നെ ഇതിൽ മുഴുവൻ കുറ്റപ്പെടുത്തരുത്. പഠിപ്പും അറിവും ധീയും ഉള്ള നീ വിദ്വജ്ജനസമ്മതനാണ്. യുദ്ധ

---

1. നായാട്ടിൽ അത്യധികം ആസക്തനായ പാണ്ഡു, മൃഗവേഷം ധരിച്ച് രതിക്രീഡ ചെയ്തുകൊണ്ടിരുന്ന ഒരു മുനിയെ വധിച്ചുവെന്നും, ആ മുനി മരിക്കുന്ന സമയത്ത് പാണ്ഡുവിനെ ശപിച്ചുവെന്നുമുള്ള പുരാണകഥ സൂചിപ്പിക്കുന്നു.

2. ആപൽഘട്ടങ്ങളിൽ സ്ത്രീകൾക്ക് സന്താനലാഭത്തിന്നായി വിശിഷ്ടനായ പുരുഷനെ പ്രാപിക്കാമെന്ന് വ്യാസവസിഷ്ഠന്മാർ വിധിച്ചിട്ടുള്ള ധർമ്മത്തിന്റെ സംരക്ഷണം.

digitized by www.sreyas.in

ത്തിൽ എനിക്ക് ആശയില്ല. എന്റെ വംശം മുടിക്കുവാൻ ഞാൻ കൊതിക്കുന്നില്ല. എന്റെ പുത്രരും പാണ്ഡുപുത്രരും തമ്മിൽ ഒരു ഭേദവുമില്ല. കോപിഷ്ഠന്മാരായ മക്കളാണ് എന്നെ കുറ്റക്കാരനാക്കുന്നത്. കണ്ണില്ലാത്ത, ഈ സാധുവിന്റെ മക്കളുടെ നന്ദിക്കുവേണ്ടി ഞാൻ എല്ലാം സഹിക്കുന്നു. സാധുവായ ദുര്യോധനൻ മോഹിക്കുമ്പോൾ ഞാനും ഒപ്പം മോഹിച്ചുപോകുന്നു. രാജസൂയത്തിൽ പാണ്ഡവരാജ്യശ്രീപുഷ്ടി കണ്ട ദുര്യോധനൻ, സഭയിൽവീണു പരിഹാസത്തെ ഏറ്റ ദുര്യോധനൻ, അമർഷിയായി പോരിൽ അവരെ വീഴ്ത്തുവാൻ കഴിയാത്ത ദുര്യോധനൻ, ക്ഷത്രിയോചിതമായി ഉത്സാഹിച്ച് രാജ്യശ്രീ കയ്യടക്കുവാൻ ഉത്സാഹിച്ചാലും സാധിക്കാത്ത ദുര്യോധനൻ, കള്ളച്ചൂതിന്നു ശകുനിയോടൊത്തു മന്ത്രിച്ചു. അതിൽ ഞാൻ കണ്ടതെന്താണെന്നു സഞ്ജയ! നീ കേൾക്കുക. ഞാൻ മനസ്സിൽ കണ്ട അധികമായ സത്യസ്ഥിതി നീ കേൾക്കുകയാണെങ്കിൽ ഹേ! സൂത, നീ എന്റെ അന്തശ്ചക്ഷുസ്സിന്റെ കാഴ്ചകൾ ഇതിലൂടെ കാണും.

ചിത്രാചാപം കുലച്ചു ലക്ഷ്യം എയ്തുമുറിച്ച് സകല രാജാക്കന്മാരും കാൺകെ പാർത്ഥൻ കൃഷ്ണയെ വേട്ടു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

അർജ്ജുനൻ ദ്വാരകയിൽ ചെന്ന് സുഭദ്രയെ അപഹരിക്കുകയും പിന്നീട് രാമകൃഷ്ണന്മാർ ഇന്ദ്രപ്രസ്ഥത്തിൽ വരികയും ചെയ്തു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വലുതായ മഴ വർഷിച്ച ഇന്ദ്രനെ ശസ്ത്രശക്തികൊണ്ടു തടുത്ത് അർജ്ജുനൻ അഗ്നിക്കു ഖാണ്ഡവത്തെ നല്കി എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

അരക്കില്ലത്തിൽനിന്നു കുന്തിയോടുകൂടി അവർ എല്ലാവരും ഒന്നിച്ചു രക്ഷപെടുകയും വിദുരൻ മന്ത്രിയാവുകയും ചെയ്തു എന്ന വർത്തമാനം ഞാൻ എന്നു കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

രംഗമദ്ധ്യത്തിൽവെച്ചു ലക്ഷ്യം ഭേദിച്ച് ദ്രൗപദിയെ നേടിയതുമൂലം പാഞ്ചാലന്മാർ പാണ്ഡവർക്കു ബന്ധുക്കളായി എന്ന വർത്തമാനം ഞാൻ എന്നു കേട്ടുവോ അന്നുതീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മഗധാധിപനും മന്നോർമന്നനുമായ ജരാസന്ധനെ ഭീമൻ കൈയൂക്കുകൊണ്ടു കൊന്നു എന്നു ഞാൻ എന്നു കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദിഗ്വിജയത്തിൽ പാണ്ഡവന്മാർ നാനാമന്നവന്മാരെ അടക്കി രാജസൂയം ഭംഗിയാക്കി എന്ന വർത്തമാനം എന്ന് എന്റെ കാതിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

തീണ്ടാരിയായി ഒറ്റവസ്ത്രം ധരിച്ചിരിക്കുന്ന, കേഴുന്ന കൃഷ്ണയെ, നാഥനില്ലാത്തവളെപ്പോലെ, സഭയിൽ കൊണ്ടുവന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധൂർത്തനും മൂഢനുമായ ദുശ്ശാസനൻ ദ്രൗപദിയുടെ വസ്ത്രം എത്രതന്നെ പിടിച്ചഴിച്ചിട്ടും വസ്ത്രങ്ങളുടെ ഒരു അന്തവും കണ്ടില്ലെന്നുള്ള വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ചൂതിൽ ശകുനി രാജ്യമെല്ലാം നേടിയപ്പോൾ, തോറ്റ ധർമ്മാത്മജന്റെ പിന്നാലെ എല്ലാ ഭ്രാതാക്കളും അനുസരണയോടെ നിന്നു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ക്ലേശത്തോടുകൂടി ജ്യേഷ്ഠന്റെ ഇഷ്ടത്തിന്നു വഴങ്ങി കാട്ടിലേക്കുപോകുന്ന പാണ്ഡവന്മാർ അന്ന് ഓരോ ചേഷ്ട കാണിച്ചതായി എന്നു ഞാൻ കേട്ടുവോ, അന്നുതീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധർമ്മരാജാവ് വനത്തിൽ വാഴുമ്പോൾ ധാരാളം സ്നാതക ബ്രാഹ്മണർ ഒന്നിച്ച് ഭിക്ഷ അശിച്ചുകൊണ്ട് കൂടെയുണ്ട് എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദേവനായ കിരാതരുദ്രനെ പോരിൽ പ്രീതനാക്കി പാർത്ഥൻ നന്ദിയോടെ പാശുപതാസ്ത്രം കൈയിലാക്കി എന്ന് വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സ്വർഗ്ഗത്തിലും ബ്രഹ്മചര്യത്തിന്നു കോട്ടം തട്ടിക്കാതെ അർജ്ജുനൻ നിഷ്ഠയോടെ ഇന്ദ്രനോടു ദിവ്യാസ്ത്രങ്ങൾ ഗ്രഹിച്ചു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വരശക്തികൊണ്ടു ദേവന്മാർക്കുപോലും അവദ്ധ്യന്മാരായ കാലകേയാസുരന്മാരെന്ന ഏറ്റവും ശക്തരായ ആ പൗലോമന്മാരെ, അർജ്ജുനൻ ജയിച്ചു എന്ന വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഇന്ദ്രാത്മജനും വൈരിജിത്തുമായ കിരീടി ദൈത്യരെ കൊല്ലുവാൻ സ്വർഗ്ഗത്തിൽപ്പോയി കാര്യം നേടി സ്വർഗ്ഗത്തിൽനിന്നു മടങ്ങിവന്നു എന്ന വാർത്ത എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മർത്ത്യർ ചെല്ലാത്ത ദിക്കിൽച്ചെന്നു ഭീമൻ വിത്തേശനുമായി മറ്റു പാണ്ഡവന്മാരോടുകൂടിച്ചേർന്നു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണനോടുകൂടെ ഘോഷയാത്രയ്ക്കുപോയ എന്റെ പുത്രന്മാരെ ഗന്ധർവ്വന്മാർ ബന്ധിച്ച അന്ന് അർജ്ജുനൻ അവരെ വേർപെടുത്തിയെന്ന് എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

യക്ഷരൂപത്തിൽ വന്ന ധർമ്മൻ നന്നായി മറുപടി പറഞ്ഞു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മത്സ്യരാജാവിന്റെ നാട്ടിൽ കൃഷ്ണയും പാർത്ഥന്മാരും അജ്ഞാതവാസം ചെയ്തകാലത്ത് എന്റെ മക്കൾക്ക് അത് അന്ന് അറിയുവാൻ പറ്റിയില്ലെന്നുള്ള വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗോഗ്രഹണത്തിൽവെച്ച് ഒന്നിച്ച് ഏല്ക്കുന്നവരായ നമ്മുടെ വമ്പന്മാരെയെല്ലാം പാർത്ഥൻ ഒറ്റയ്ക്ക് ഉടച്ചുകളഞ്ഞു എന്ന വർത്തമാനം എന്റെ ചെവിയിൽ എന്ന് എത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മത്സ്യൻ ഉത്തരപ്പെൺകുട്ടിയെ അർജ്ജുനന്ന് നല്കിയപ്പോൾ അർജ്ജുനൻ അവളെ പുത്രഭാര്യയായി സ്വീകരിച്ചു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

തോറ്റ്, കാശിന്നു വകയില്ലാതെ തെണ്ടി, നാട്ടുകാർ വിട്ട്, നാടുംവിട്ടുപോയ ധർമ്മപുത്രന്നും ഏഴ് അക്ഷൗഹിണിസൈന്യം ഉണ്ടായി എന്ന വർത്തമാനം എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മാധവൻ, ഒന്നാമത്തെ കാലടിക്ക് ഭൂമി മുഴുവൻ പാട്ടിലാക്കിയ വാസുദേവൻ, പാർത്ഥന്മാരുടെ അർത്ഥം നേടുവാൻ ഉദ്യു

digitized by www.sreyas.in

ക്തനാണെന്ന് എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണാർജ്ജുനന്മാർ നരനാരായണന്മാരാണെന്ന് നാരദനിൽനിന്ന് എന്ന് ഞാൻ കേട്ടുവോ, പിന്നെ ബ്രഹ്മലോകത്തിൽ അവരെ എന്ന് ഞാൻ അപ്രകാരം കണ്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണൻ വന്ന് നാടിന്റെ ഹിതത്തിന്നുവേണ്ടി കൗരവരുമായി സന്ധികൃത്തായി സന്ധിപ്പിക്കുവാൻ ശ്രമിച്ചിട്ട് പറ്റാതെ പോയി എന്ന്, എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണനെ സംഹരിക്കുവാൻ കർണ്ണദുര്യോധനന്മാർ മനസ്സിൽ ഉന്നിയെന്നും അപ്പോൾ കൃഷ്ണൻ തന്റെ വിശ്വരൂപം കാട്ടിയെന്നും എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വാസുദേവൻ പുറപ്പെട്ട സമയത്ത് തേരിന്റെ മുമ്പിൽനിന്ന് കുന്തി കേഴുമ്പോൾ കൃഷ്ണൻ ആശ്വസിപ്പിച്ചു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മന്ത്രിയായി അവർക്ക് കൃഷ്ണനുണ്ടെന്നും ഭീഷ്മനും ദ്രോണനും ആശിസ്സുനല്കുന്നുണ്ടെന്നും എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ! '

ഭീഷ്മർ യുദ്ധത്തിനുണ്ടെന്ന് പറഞ്ഞപ്പോൾ കർണ്ണൻ സൈന്യങ്ങളൊത്ത് യുദ്ധത്തിനില്ലെന്ന് പറഞ്ഞ് പിന്മാറിയെന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വാസുദേവനും, അർജ്ജുനനും, മുഖ്യമായ ഗാണ്ഡീവചാപവും ഈ മൂന്നും ഒന്നിച്ചുചേർന്നു എന്ന വൃത്താന്തം എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കരുണയോടും സങ്കടത്തോടുംകൂടി തേരിൽ നിഷ്ക്രിയനായി ഇരുന്ന അർജ്ജുനന് കൃഷ്ണൻ തന്റെ വിശ്വരൂപം എന്ന് കാട്ടിയതായി ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഭീഷ്മൻ പതിനായിരംപേരെ നിത്യവും കൊല്ലുന്നുണ്ടെങ്കിലും പേർ പുകഴ്ന്നവരെയാരേയും കൊല്ലുന്നില്ല എന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധർമ്മശീലനായ ഗംഗാപുത്രൻ തന്റെ ഹിംസയ്ക്കുള്ള ഉപായം താൻതന്നെ എന്ന് പാണ്ഡവന്മാർക്ക് പറഞ്ഞുകൊടുത്തതായി കേട്ടുവോ, എന്ന് പാണ്ഡവന്മാർ ആ കൃത്യം എടുത്തുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശൂരനായ ഭീഷ്മനെ, ശിഖണ്ഡിയെ മുന്നിൽ നിർത്തി, പിന്നിൽനിന്ന് അർജ്ജുനൻ അമ്പെയ്ത് വീഴ്ത്തിയെന്ന വാർത്ത എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ചിന്നുന്ന അമ്പുകൊണ്ട് ശത്രുസംഘത്തെ മുടിച്ച വൃദ്ധവീരനായ ഭീഷ്മൻ ഖിന്നനായി ശരതല്പത്തിൽ വീണു എന്ന വാർത്ത എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശരമേറ്റുവീണ ഭീഷ്മൻ "വെള്ളം തരൂ!" എന്ന് ആവശ്യപ്പെട്ടപ്പോൾ അർജ്ജുനൻ തണ്ണീർ ഭൂമിയിൽനിന്ന് ഉയർത്തി എന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വായുവും, സൂര്യനും, ചന്ദ്രനും പാണ്ഡവന്മാർക്ക് പോരിൽ ജയത്തെ എന്ന് കാട്ടുന്നതായി കേട്ടുവോ, എന്നും ചെന്നായും കുറുക്കനും കഴുക്കളും നമ്മളെ പേടിപ്പെടുത്തുകയും ചെയ്യുന്നതായി ഞാൻ കേട്ടുവോ, അന്നുതീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പല ദിവ്യാസ്ത്രഭേദം കാട്ടുന്നവനും ചിത്രയോധിയുമായ ദ്രോണൻ പോരിൽ പല പരാക്രമങ്ങൾ കാട്ടിയിട്ടും പാണ്ഡവശ്രേഷ്ഠന്മാരെ ആരെയും കൊന്നില്ല എന്ന വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വീരസംശപ്തകന്മാർ എന്ന് പറയപ്പെടുന്ന പാർത്ഥധ്വംസികളെയെല്ലാം പാർത്ഥൻതന്നെ ഒറ്റയ്ക്ക് കൊന്നുകളഞ്ഞു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണാചാര്യൻ ചമച്ചതും, ഉടയ്ക്കാൻ വയ്യാത്തതുമായ സൈന്യവ്യൂഹം പാർത്ഥപുത്രനായ അഭിമന്യു ഒറ്റയ്ക്ക് കേറിത്തകർത്തുകളഞ്ഞു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥപുത്രനോട് ഏല്ക്കുവാൻ വയ്യെന്നു പറഞ്ഞ് ആ വീരന്മാരായ മഹാരഥന്മാർ ചുറ്റും വളഞ്ഞുനിന്ന് ബാലനായ അഭിമന്യുവെ കൊന്ന് സഹർഷം ആർത്തതായി എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥപുത്രനെകൊന്ന് ഒന്നിച്ച് ആർക്കുന്ന കൗരവപ്രൗഢന്മാരുടെ ഘോഷം എന്ന് കേട്ടുവോ, പിന്നെ പാർത്ഥൻ സൈന്ധവവധത്തിന്ന് പ്രതിജ്ഞ എടുത്തതായി ഞാൻ എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സൈന്ധവനെ വധിക്കുവാൻ പാർത്ഥൻ ചെയ്ത ഘോരമായ പ്രതിജ്ഞ രാജാക്കന്മാരുടെ മദ്ധ്യത്തിൽവെച്ച് നിർവ്വഹിക്കപ്പെട്ടതായി എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥന്റെ കുതിരകൾ തളർന്നപ്പോൾ കൃഷ്ണൻ കുതിരകളെ യുദ്ധമദ്ധ്യത്തിൽ അഴിച്ച് തണ്ണീർകാട്ടി ക്ഷീണം മാറ്റിയ വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കുതിരകൾ വിശ്രമിക്കുമ്പോൾ അർജ്ജുനൻതന്നെ തേർത്തട്ടിൽ നിന്ന് സർവ്വസൈന്യങ്ങളേയും തടുത്തുനിന്നു എന്ന വർത്തമാനം എപ്പോൾ എന്റെ ശ്രുതിയിലെത്തിയോ, അപ്പോൾ തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

നാഗയൂഥംപോലെ ഉഗ്രമായ ദ്രോണവ്യൂഹം സാത്യകി ഭിന്നമാക്കിയിട്ട് കൃഷ്ണാർജ്ജുനന്മാർ നില്ക്കുന്നേടത്തെത്തിയ വാർത്ത എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണനുമായി പോരടിക്കെ ഭീമനെ കൊല്ലാതെ വീണ്ടും കർണ്ണൻ വിട്ടു എന്നും അവനെ വില്ലുകൊണ്ട് കുത്തി നിന്ദിക്കുകമാത്രമേ ചെയ്തുള്ളു എന്നും ഉള്ള വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണനും, ദ്രൗണിയും, ശല്യനും, കർണ്ണനും, കൃപനും, കൃതവർമ്മാവും, എല്ലാം സൈന്ധവനെ അർജ്ജുനൻ കൊല്ലുന്നത് കണ്ടുനിന്നു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണന്ന് സാക്ഷാൽ ഇന്ദ്രൻ നല്കിയ വേൽ വാസുദേവൻ ഘടോൽക്കചനിൽ ചെലവാക്കിച്ചു എന്ന വർത്തമാനം എന്ന്

digitized by www.sreyas.in

എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണൻ പാർത്ഥനെ കൊല്ലുവാൻ സൂക്ഷിച്ചിരുന്ന വേൽ ഘടോൽക്കചന്റെ നേരെ ചാട്ടിവിട്ടു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗുരുവായ ദ്രോണൻ തേരിൽ ധ്യാനനിമഗ്നനായിരിക്കുമ്പോൾ, ധൃഷ്ടദ്യുമ്നൻ ധർമ്മം വെടിഞ്ഞ് അവനെ കൊന്നു എന്ന വൃത്താന്തം ഞാൻ എന്നു കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണപുത്രനുമായി ദ്വന്ദ്വയുദ്ധത്തിൽ മാദ്രീപുത്രൻ ശൂരനായ നകുലൻ, വീരന്മാരുടെ മദ്ധ്യത്തിൽ തുല്യമായി നിന്നു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണധ്വംസനത്താൽ ക്രുദ്ധനായ ദ്രൗണി ഉഗ്രമായ നാരായണാസ്ത്രം എയ്തിട്ടും പാണ്ഡവന്മാർ അടങ്ങിയില്ല എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സോദരനായ ദുശ്ശാസനന്റെ രക്തം ഭീമൻ മാറുകീറി കുടിക്കുമ്പോൾ വീരന്മാരാരും തടുത്തില്ല എന്ന് കേട്ടതോടുകൂടി അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശൂരനായ കർണ്ണനെ ഭ്രാതാവായ അർജ്ജുനൻ ദ്വന്ദ്വയുദ്ധത്തിൽ വധിച്ച വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണനോട് കിടമത്സരമുള്ള ശല്യനെ ധർമ്മപുത്രൻ കൊന്നു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കലഹകാരണമായ ചൂതുകളിക്ക് ഹേതുഭൂതനായ ശകുനി എന്ന ദുഷ്ടനെ, യുദ്ധത്തിൽ മാദ്രീപുത്രനായ സഹദേവൻ ചൊടിച്ച് കൊന്നുവീഴ്ത്തി എന്ന വർത്തമാനം എന്ന് എന്റെ ചെവികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വിവശനായി, തനിച്ച് കയത്തിൽ പ്രവേശിച്ച്, അംഭസ്സിനെ സ്തബ്ധനാക്കി, വിരഥനായ ദുര്യോധനൻ കേണുവാണു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാണ്ഡവന്മാർ കൃഷ്ണനോടുകൂടി ആ ഹ്രദത്തിൽ ചെന്ന്, ആർപ്പുവിളിച്ച്, എന്റെ ഉണ്ണിയെ അധിക്ഷേപിച്ച്, ധൈര്യം കെടുത്തി എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പലമട്ടിൽ വിചിത്രരീതിയിൽ ഗദായുദ്ധം ചെയ്യുന്ന എന്റെ പുത്രനെ കൃഷ്ണന്റെ ഉപദേശപ്രകാരം ഭീമൻ ചതിച്ച് അടിച്ചു വീഴ്ത്തിയെന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രൗണി മുമ്പിട്ട് ഇറങ്ങിച്ചെന്ന് പാഞ്ചാലദ്രൗപദേയാദ്യന്മാരെയെല്ലാം നിദ്രയിൽ നിശ്ശേഷം കൊന്നു എന്ന കഷ്ടമായ വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വായുപുത്രൻ ഏറ്റ് എതിർത്തപ്പോൾ അത്യുഗ്രബാണമായ ഐഷീകാസ്ത്രം വിട്ട് അശ്വത്ഥാമാവ് ഗർഭം നശിപ്പിച്ചു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രൗണിയുടെ ബ്രഹ്മശിരസ്സ് അസ്ത്രം 'സ്വസ്തി' എന്നു പറഞ്ഞ് അതേ അസ്ത്രംകൊണ്ട് അർജ്ജുനൻ നിർത്തുകയും, അവന്റെ ശിരസ്സിലണിഞ്ഞ രത്നം വാങ്ങുകയും ചെയ്തു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നുതീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗാന്ധാരിക്ക് മക്കൾ പോയി; മക്കളുടെ മക്കളും പോയി; ബന്ധുക്കളും പോയി; പിതാവും പോയി, സോദരന്മാരും പോയി! അസാദ്ധ്യകർമ്മംചെയ്ത് പാണ്ഡവന്മാർ ശത്രുക്കളറ്റവരായിത്തീർന്നു. നാട് നേടുകയും ചെയ്തു.

പത്തുപേരാണ് യുദ്ധത്തിൽ ആകെ ശേഷിച്ചത്. എന്റെ ഭാഗത്ത് മൂന്നുപേർ, പാണ്ഡവരുടെ ഭാഗത്ത് ഏഴുപേർ. ഏഴും പതിനൊന്നും അക്ഷൗഹിണിസൈന്യങ്ങൾ യുദ്ധത്തിൽ പാഴായി മുടിഞ്ഞു.

ഹാ! കൂരിരുട്ട് കൂടുന്നു! മോഹം ഉള്ളിൽക്കയറുന്നു! ബോധം മറിയുന്നു! എന്റെ ചേതസ്സ് ഉഴലുന്നു!"

സൂതൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അംബികേയനായ ധൃതരാഷ്ട്രൻ അഴൽ മൂത്ത് വിലപിച്ച് മൂർച്ഛിച്ചു. ഒട്ടുനേരം കഴിഞ്ഞ് ആശ്വസിച്ച് എഴുന്നേറ്റിരുന്ന് സഞ്ജയനോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "സഞ്ജയാ! ഞാൻ ഈ നിലയിലെത്തി! ജീവിച്ചതുമതി! ഞാൻ പ്രാണൻ കളയുകയാണ്! ജീവിച്ചിരുന്നിട്ടു ലേശവും ഫലം ഞാൻ കാണുന്നില്ല."

സൂതൻ പറഞ്ഞു: "രാജാവ് ഇപ്രകാരം പലതും പറഞ്ഞു വിലപിച്ച് സർപ്പത്തെപ്പോലെ നെടുവീർപ്പിട്ട് മോഹിക്കുമ്പോൾ ധീമാനും മഹാനുമായ സഞ്ജയൻ സാമർത്ഥ്യത്തോടെ പറഞ്ഞു."

സഞ്ജയൻ പറഞ്ഞു: "നാരദനും വ്യാസനും പറഞ്ഞതൊന്നും ഭവാൻ കേട്ടിട്ടില്ലേ? മഹാഗുണങ്ങളോടുകൂടിയ രാജധാനികളിൽ പിറന്ന്, മഹോത്സാഹികളും ബലശാലികളുമായി വളർന്ന്, മഹാദിവ്യാസ്ത്രങ്ങളും മഹേന്ദ്രപ്രൗഢിയും സമാർജ്ജിച്ച്, ധർമ്മത്തോടെ ഊഴികാത്ത്, വേണ്ടുവോളം ദാനധർമ്മാദികൾ ചെയ്ത് പ്രസിദ്ധിനേടി പരലോകം ഗമിച്ച മഹാന്മാരെപ്പറ്റി ഭവാൻ കേട്ടിട്ടില്ലേ?

മഹാരഥനായ ശൈബ്യൻ, വീരനായ സൃഞ്ജയൻ, സുഹോത്രൻ, രന്തിദേവൻ, ദ്യുതിമാനായ കാക്ഷീവാൻ, ബാൽഹീകൻ, ദമനൻ, ശര്യാതി, അജിതൻ, നളൻ, അമിത്രഘ്നൻ, വിശ്വാമിത്രൻ, മഹാബലനായ അംബരീഷൻ, മരുത്തൻ, മനു, ഇക്ഷ്വാകു, ഗയൻ, ഭരതൻ, ദാശരഥിരാമൻ, ശശബിന്ദു, ഭഗീരഥൻ, മഹാഭാഗനായ കൃതവീര്യൻ, മഹാനായ ജനമേജയൻ, സുകൃതിയായ യയാതി (ദേവയാജിതനായ അവന്റെ യാഗഭൂമി യാഗസ്തംഭത്താൽ മിന്നിപോലും!) ഈ ഇരുപത്തഞ്ച് രാജാക്കന്മാരെപ്പറ്റി, പുത്രശോകത്താൽ കേഴുന്ന ശൈബ്യനോട് പണ്ടു നാരദൻ ചൊല്ലിക്കൊടുത്ത്, സമാധാനിപ്പിച്ചു.

ഇവർക്കുപുറമെ മഹാബലന്മാരും, മഹാരഥന്മാരും, മഹായോഗ്യരുമായ രാജാക്കന്മാർ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ട്. പൂരു, കുരു, യദു, വിഷ്വഗശ്വൻ, അണുഹൻ, യുവനാശ്വൻ, കുകുൽസ്ഥൻ, വീരനായ രഘു, വിജയാംഗൻ, ശ്വേതൻ, വീതിഹോത്രൻ, ബൃഹൽഗുരു, ഉശീനരൻ, ശതരഥൻ, കങ്കൻ, ദുളിദുഹൻ, ദ്രുമൻ, ദംഭോത്ഭവൻ, വേനൻ, സഗരൻ, നിമി, സംകൃതി, ശംഭു, ദേവാവൃധൻ, പുണ്ഡ്രൻ, അജേയൻ, പരശുദേവൻ, സുപ്രമേയൻ, സുപ്രതീകൻ, ബൃഹദ്രഥൻ, മഹോത്സാഹൻ, സുക്രതു, വിനിതൻ, നൈഷധനായ നളൻ, സത്യവ്രതൻ, ശാന്തഭയൻ, സുമിത്രൻ, സുബലൻ, ജാനുജംഘൻ, അനരണ്യാർക്കൻ, ശുചിവ്രതൻ, ബലബന്ധു, നിരാമർദ്ദൻ, കേതുശൃംഗൻ, ബൃഹത്ബലൻ, ധൃഷ്ടകേതു, ബൃഹൽകേതു, ദീപ്തകേതു, നിരാമയൻ, അവിക്ഷത്ത്, ചപലൻ, ധൂർത്തൻ, കൃതബന്ധു, ദൃഢേഷുധി, മഹാപുരാണസംഭാവ്യൻ, പ്രത്യംഗൻ, പരഹാ, ശ്രുതി ഇവരും മറ്റു പലരുമായ നൂറും ആയിരവും പതിനായിരവും രാജാക്കൾ, അഭിവൃദ്ധിക്കൊത്ത

digitized by www.sreyas.in

സുഖം വെടിഞ്ഞു നിന്റെ മക്കളെപ്പോലെതന്നെ പരലോകം പ്രാപിച്ചില്ലേ? ബുദ്ധിവീര്യങ്ങളുള്ള അവരുടെ ദിവ്യകർമ്മം, വിക്രമം, ദാനശീലത്വം, മാഹാത്മ്യം, ആസ്തികൃം, സത്യം, ശുദ്ധി, ആർജ്ജവം, എന്നിവയെ സൽപ്പുരാണകവികളും പണ്ഡിതന്മാരുമൊക്കെ വാഴ്ത്തുന്നു. എല്ലാ ഗുണവും തികഞ്ഞ അവർ എല്ലാവരും പോയി.

നിന്റെ മക്കളാണെങ്കിൽ ദുർമ്മതികളും വലിയ കോപികളും, വ്യഥിതരും, ലോഭികളും, ദുർവൃത്തരും, ആയിരുന്നു. അവരെ ഓർത്ത് ദുഃഖിക്കരുത്. പഠിപ്പും അറിവും ധീയും ഉള്ള നീ വിദ്വജ്ജനസമ്മതനാണ്. ബുദ്ധിയും ശാസ്ത്രജ്ഞാനവും പഠിപ്പും ഉള്ളവരാരും ദുഃഖിക്കുകയില്ല. ഹേ ഭാരത! ഞാൻ പറഞ്ഞത് സത്യമാണ്. നീ എന്തിനു മാഴ്കുന്നു?

അങ്ങയുടെ നിഗ്രഹാനുഗ്രഹനില അങ്ങ് ഗ്രഹിക്കുന്നില്ലേ രാജാവേ! പുത്രരക്ഷയ്ക്ക് പുത്രാനുസരണം ഒരിക്കലും യോജിച്ചതല്ല. പുത്രൻ പറയുന്നതനുസരിക്കുന്ന പിതാവ് ദുഃഖത്തിന്നു പാത്രമാകും. വരാനുള്ളതുവന്നു. ഇനി അതിനെക്കുറിച്ച് ഓർത്തു ദുഃഖിക്കരുത്. ദൈവത്തെ ബുദ്ധികൊണ്ടു കടക്കുവാൻ ആർക്കു കഴിയും? വിധിയുടെ കല്പന ലംഘിക്കുവാൻ കെൽപ്പുള്ളവൻ ആരാണ്? ഉണ്മയും, ഇല്ലായ്മയും, സുഖവും, ദുഃഖവും കാലത്തെ മാത്രം ആശ്രയിച്ചുനില്ക്കുന്നു. ഭൂതങ്ങളെ സൃഷ്ടിക്കുന്നതും, പ്രജകളെ സംഹരിക്കുന്നതും, എല്ലാറ്റിനേയും സംഹരിക്കുന്ന കാലത്തെ നശിപ്പിക്കുന്നതും കാലംതന്നെയാണ്. കാലമാണ് ശുഭാശുഭഫലജാലങ്ങളെ എങ്ങും നിർമ്മിക്കുന്നത്. കാലമാണ് എല്ലാറ്റിനേയും സംഹരിക്കുന്നതും വീണ്ടും സൃഷ്ടിക്കുന്നതും. എല്ലാ ജീവജാലങ്ങളും ഉറങ്ങുമ്പോൾ കാലംമാത്രം ശ്രദ്ധയോടെ ഉണർന്നിരിക്കുന്നു. കാലത്തെ അതിക്രമിക്കുവാൻ ആർക്കും സാദ്ധ്യമല്ല; പിടിച്ചുനിർത്താനും ആർക്കും കഴിയുകയില്ല. കാലം ബ്രഹ്മമായി എല്ലാറ്റിലും വർത്തിക്കുന്നു. ഭൂതവർത്തമാനം ഭാവികളിലുള്ളതെല്ലാം കാലത്താൽ ചെയ്യപ്പെടുന്നതാണെന്നു മനസ്സിലാക്കി, മനസ്സു പതറാതെ, ഇളകാതെ ഇരിക്കുക."

സൂതൻ പറഞ്ഞു: "എന്ന് പറഞ്ഞ് പുത്രദുഃഖാർത്തനായ ധൃതരാഷ്ട്രനെ ആശ്വസിപ്പിച്ച്, സഞ്ജയൻ ആത്മനിലയ്ക്കാക്കി."

ഈ വിഷയത്തെക്കുറിച്ചു വ്യാസൻ ഉപനിഷത്തു നിർമ്മിച്ചു. ലോകത്തിൽ വിദ്വാന്മാരായ കവിശ്രേഷ്ഠന്മാർ അതു പുരാണമായി പറയുന്നു. ഭാരതം ചൊല്ലുന്നതു പുണ്യമാണ്. ഒരു പാദം പഠിച്ചാൽപ്പോലും പുണ്യമാണ്. ശ്രദ്ധയോടെ വായിക്കുന്നവന്റെ സകലപാപങ്ങളും തീർച്ചയായും ഉടനെ നീങ്ങും.

ദേവന്മാരും, ദേവർഷിമാരും, ബ്രഹ്മർഷിമുഖ്യന്മാരും, ശുദ്ധകർമ്മാക്കളായ യക്ഷഫണീന്ദ്രന്മാരും ഇതിൽ വർണ്ണിക്കപ്പെടുന്നു. സാക്ഷാൽ നിത്യനായ വാസുദേവനെ ഇതിൽ വാഴ്ത്തിയിട്ടുണ്ട്. അവൻ സത്യമായ അമൃതവും, പവിത്രവും, പുണ്യവുമാണ്. നിത്യമായ പരബ്രഹ്മമാണെന്നും കേവലം ചിത്തജ്യോതിസ്സാണെന്നും വാഴ്ത്തപ്പെടുന്നു. മനീഷികൾ അവന്റെ ദിവ്യകർമ്മങ്ങളെ നിത്യവും പുകഴ്ത്തുന്നു.

അവനിൽനിന്നു സദസൽഭാവമായ വിശ്വം ജനിക്കുന്നു. 'ബ്രഹ്മാദിസന്തതികളും, ജന്മവും, മൃത്യുവും, അദ്ധ്യാത്മമായി ശ്രുതിയെഴുന്ന പഞ്ചഭൂതങ്ങളും,' അവനാണ്. അവ്യക്തത്തിന്ന് മൂലകാരണവും അവൻ ഏകനാണ്. യതിയോഗിഗണങ്ങൾ ധ്യാനസ്ഥിതിയോഗബലത്താൽ ആത്മാവാകുന്ന കണ്ണാടിയിൽ കാണുന്ന ജ്യോതിസ്സ് അവൻതന്നെയാകുന്നു.

ഫലശ്രുതി

ശ്രദ്ധയോടെ, മനസ്സുവെച്ച്, സദ്ധർമ്മവ്രതനിഷ്ഠനായി ഈ അദ്ധ്യായം നിത്യം പാരായണം ചെയ്യുന്നവന് ഉടനെ പാപങ്ങൾ ഒഴിഞ്ഞുപോകുന്നതാണ്. അനുക്രമണികാദ്ധ്യായം ആദിമുതൽ ശ്രദ്ധയോടുകൂടെ കേൾക്കുന്നവൻ അപകടങ്ങളിലും ദുഃഖങ്ങളിലും പെട്ടുപോകുന്നതല്ല.

രണ്ടു സന്ധ്യയ്ക്കും ഇതിലെ അല്പഭാഗമെങ്കിലും ജപിക്കുന്നതായാൽ പകലും രാവും ചെയ്യുന്ന പാപങ്ങളൊക്കെ നശിക്കും. ഭാരതത്തിന്ന് അതാണ് ഏറ്റവും സാരമായ സത്യാമൃതം. തയിരിന്ന് വെണ്ണ എന്നപോലെ, മർത്ത്യരിൽ വിപ്രൻ എന്നപോലെ, മറകളിൽ ആരണ്യകം എന്നപോലെ, ഭേഷജങ്ങളിൽ അമൃതം എന്നപോലെ ജലാശയങ്ങളിൽ സമുദ്രം എന്നപോലെ, നാല്ക്കാലികളിൽ പശു എന്നപോലെ, ഇതിഹാസങ്ങളിൽ ശ്രേഷ്ഠമാണ് ഭാരതം.

ഹേ വിപ്രരേ, ശ്രാദ്ധത്തിൽ ഒരു പദമെങ്കിലും വായിച്ചു കേൾപ്പിച്ചാൽ പിതൃക്കൾക്ക് അന്നപാനങ്ങൾ ഒടുങ്ങാതെ കൊടുത്തു എന്ന് സമാശ്വസിക്കാം. ഇതിഹാസപുരാണങ്ങൾ ഗാഢമായി അറിഞ്ഞ് വേദാർത്ഥങ്ങളെ ധരിക്കണം. അല്പജ്ഞനെ വേദം ഭയപ്പെടുന്നു: " ഇവൻ എന്നെ അടിച്ചു തകർത്തുകളയും" എന്ന്. ഈ 'കൃഷ്ണവേദം' വിദ്വാന്മാർ ചൊല്ലിക്കേൾപ്പിക്കിൽ അവർക്ക് അർത്ഥം ഗ്രഹിക്കാം. ഭ്രൂണഹത്യാദി മഹാപാപങ്ങളും നശിക്കും.

ശുദ്ധിയോടെ ഈ ഒരു അദ്ധ്യായം ചൊല്ലുന്നവന് പർവ്വം തോറും ഭാരതം മുഴുവൻ ചൊല്ലുന്ന ഫലം സിദ്ധിക്കുമെന്നാണ് എന്റെ അഭിപ്രായം. ആർഷമായ ഈ പുരാണം അതിശ്രദ്ധയോടെ കേൾക്കുന്നവന്ന് ദീർഘായുസ്സും, കീർത്തിയും, സ്വർഗ്ഗപ്രാപ്തിയും ഉണ്ടാകും.

ഒരുഭാഗത്ത് നാലുവേദവും, മറുഭാഗത്ത് മഹാഭാരതവും വെച്ച് പണ്ട് പല ദേവകൾ ചേർന്നു തുലാസ്സിൽ തൂക്കിനോക്കി. അപ്പോൾ രഹസ്യമായ വേദത്തേക്കാൾ ഭാരംതൂങ്ങിയത് ഭാരതമാണ്. അന്നുമുതൽ മഹത്തായ ഭാരമുള്ള ഭാരതത്തെ 'മഹാഭാരതം' എന്നുപേര് പറഞ്ഞുവന്നു. മഹത്ത്വവും ഗൗരവവും ഇതിന്നു കൂടുകയാൽ 'മഹത്ത്വഭാരവത്ത്വാദ്ധ്യം മഹാഭാരത' മായി. ഇതിന്റെ സാരമറിയുന്നവന് എല്ലാ പാപവും അറ്റുപോകും.

തപസ്സ് അപാപമാണ്; ശ്രുതി ചൊല്ലുന്നത് അപാപമാണ്; സ്വാഭാവികവും ശ്രുത്യനുസരണവുമായ നടപ്പ് അപാപമാണ്; ദിനവൃത്തിക്കുവേണ്ടിയുള്ള അർത്ഥസമ്പാദനം അപാപമാണ്; എന്നാൽ, ഇവയിൽ ഫലേച്ഛയുടെ കലർപ്പുണ്ടായാൽ എല്ലാം പാപമായി ഭവിക്കും.

പർവ്വസംഗ്രഹപർവ്വം

2. പർവ്വസംഗ്രഹം – ഋഷിമാർ പറഞ്ഞു: "സമന്തപഞ്ചകം എന്ന് ഭവാൻ പറഞ്ഞുവല്ലോ. അതിന്റെ യഥാർത്ഥമായ തത്ത്വങ്ങൾ കേൾക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഹേ! സൂതപുത്ര, അതിനെക്കുറിച്ചു പറഞ്ഞാലും."

സൂതൻ പറഞ്ഞു: "ഹേ വിപ്രേന്ദ്രരേ, ഞാൻ പറയുന്ന സൽപുണ്യകഥകൾ നിങ്ങൾ കേൾക്കുവിൻ. സമന്തപഞ്ചകാഖ്യാനമാണ് ഞാൻ പറയുന്നത്.

ശസ്ത്രം എടുത്തവരിൽ പ്രവരനായ രാമൻ ത്രേതാദ്വാപരസന്ധിയിൽ പലവട്ടം ക്ഷത്രവംശത്തെ അച്ഛനെ കൊന്ന കാർത്തവീര്യനോടുണ്ടായ കോപംകാരണമായി മുടിച്ചു. സ്വന്തം വീര്യംകൊണ്ട് ക്ഷത്രവംശം മുടിച്ചിട്ട് അദ്ദേഹം സമന്തപഞ്ചകത്തിൽ അഞ്ച് രക്തക്കയം തീർത്തു. അതിക്രോധത്തോടെ ആ അഞ്ച് രക്തഹ്രദത്തിലും അദ്ദേഹം പിതൃക്കൾക്ക് നിണംകൊണ്ടു തർപ്പിച്ചു എന്ന് ഞാൻ കേൾക്കുന്നു. അപ്പോൾ ഋചീകൻ മുതലായ പിതൃക്കൾ രാമനോടു പറഞ്ഞു. "ഹേ! രാമ, ഞങ്ങൾ നിന്നിൽ പ്രീതരായിരിക്കുന്നു. ഹേ, മഹാഭാഗനായ ഭാർഗ്ഗവ, നിന്റെ പിതൃഭക്തിയാലും പുതുവീര്യത്താലും ഞങ്ങൾ നിന്നിൽ പ്രീതരായിരിക്കുന്നു. വരം വാങ്ങിക്കൊള്ളുക! നിനക്കു നന്മവരും!"

രാമൻ പറഞ്ഞു: "എന്നിൽ പിതൃക്കൾ സന്തോഷിച്ച് ഞാൻ അനുഗ്രാഹ്യനായെങ്കിൽ, ഞാൻ പൊറുക്കുവാൻ വയ്യാത്ത കോപത്തോടെ ക്ഷത്രിയവംശം മുടിച്ചതിൽ വന്നുചേർന്ന പാപം

digitized by www.sreyas.in

തീരേണമേ! അതാണ് എനിക്ക് ഇഷ്ടമായ വരം. ഞാൻ ഈ നിർമ്മിച്ച കയങ്ങൾ ഊഴിയിൽ തീർത്ഥങ്ങളായി നില്ക്കേണമേ."

ഈ അഭ്യർത്ഥനകേട്ട് പിതൃക്കൾ "അപ്രകാരം ഭവിക്കട്ടെ! രാമാ! നീ ക്ഷമിക്കുക" എന്നു പറഞ്ഞു. രാമൻ ഇതുകേട്ട് അടങ്ങുകയും ചെയ്തു.

ചോരക്കയങ്ങൾക്കരികിലുള്ള പുണ്യപ്രദേശമാണ് സമന്തകപഞ്ചകം. ഈ പ്രദേശത്തെ സകലജനങ്ങളും കീർത്തിക്കുന്നു. ഏതേതു ലക്ഷണത്തോടുകൂടി ഏതേതു ദേശമിരിക്കുന്നുവോ, അതാതിന്റെ പേര് അതിന്നു പറയുന്നു എന്നാണ് മനീഷികൾ പറയുന്നത്.

കലിയും ദ്വാപരവും ചേരുന്ന സന്ധിയിൽ സമന്തപഞ്ചകത്തുവെച്ച് കുരുപാണ്ഡവയുദ്ധമുണ്ടായി. അതിധർമ്മിഷ്ഠമായി പുണ്യമാർജ്ജിച്ച ആ ഭൂമിയിൽ പതിനെട്ട് അക്ഷൗഹിണി സൈന്യം യുദ്ധത്തിനെത്തി. അവിടെവെച്ച് പോരാടി ആ പടയൊക്കെ മുടിഞ്ഞുപോയി. ഇതാണ് അവിടെ ഉണ്ടായ സംഭവം. ദ്വിജമുഖ്യന്മാരെ! പുണ്യമായ ആ രമ്യസ്ഥലം വർണ്ണ്യമാണെന്ന് ഞാൻ അറിയിച്ചു. ലോകത്രയത്തിൽ ഈ സ്ഥലം വിഖ്യാതമാകുവാനുള്ള ഹേതുവും ഞാൻ പറഞ്ഞുവല്ലോ."

ഋഷിമാർ പറഞ്ഞു: "ഹേ, സൂതപുത്ര! ഭവാൻ അക്ഷൗഹിണി എന്നു പറഞ്ഞുവല്ലോ; അതിന്റെ വിവരണം കേൾക്കുവാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ആന, തേര്, ആൾ, കുതിരകൾ ഇവയൊക്കെ എത്രയുണ്ട് ഒരു അക്ഷൗഹിണിക്ക്? അതിന്റെ കണക്കുകളൊക്കെ പറഞ്ഞുകേട്ടാൽ കൊള്ളാം. ഭവാൻ വിജ്ഞനല്ലേ?"

സൂതൻ പറഞ്ഞു: "ഒരു തേര്, ഒരു ആന, അഞ്ചുകാലാൾ, മൂന്നുകുതിര ഇവ ചേരുന്നത് ഒരു പത്തി. മൂന്നു പത്തി ചേർന്നാൽ ഒരു സേനാമുഖം. മൂന്നുസേനാമുഖം ചേർന്നാൽ ഒരു ഗുൽമം. മൂന്നു ഗുൽമം ചേർന്നാൽ ഒരു ഗണം. മൂന്നു ഗണം ചേർന്നാൽ ഒരു വാഹിനി. മൂന്നു വാഹിനി ചേർന്നാൽ ഒരു പൃതന. മൂന്നു പൃതന ചേർന്നാൽ ഒരു ചമു. മൂന്നു ചമു ചേർന്നാൽ ഒരു അനീകിനി. പത്ത് അനീകിനി ചേർന്നാൽ ഒരു അക്ഷൗഹിണി. ഇതാണ് അക്ഷൗഹിണിയുടെ കണക്ക്.

ഇരുപത്തോരായിരത്തി എണ്ണൂറ്റിയെഴുപതു രഥങ്ങളും, അത്രതന്നെ ആനകളും, ഒരു ലക്ഷത്തി ഒമ്പതിനായിരത്തി മുന്നൂറ്റിയമ്പതു കാലാളുകളും, അറുപത്തയ്യായിരത്തി അറുനൂറ്റിപ്പത്ത് കുതിരകളും ചേർന്നതാണ് ഒരു അക്ഷൗഹിണി. ഇതാണ് ശരിയായ കണക്ക്. കുരുപാണ്ഡവപ്പടയിൽ ഈ കണക്കുപ്രകാരം പതിനെട്ട് അക്ഷൗഹിണി യുദ്ധഭൂമിയിൽ കൂടി. അവിടെ കൂടിയ ആ സംഖ്യ അവിടെത്തന്നെ ഒടുങ്ങിപ്പോയി. കൗരവന്മാർകാരണമായി ഇതു സംഭവിച്ചു. കാലത്തിന്റെ ശക്തികൊണ്ട് സൈന്യങ്ങൾ നശിച്ചുകൊണ്ടിരിക്കെ പരമാസ്ത്രജ്ഞനായ ഭീഷ്മൻ പത്തുദിവസം പോർ നടത്തി. കുരുസേനാനാഥനായി ഗുരുവായ ദ്രോണൻ അഞ്ചുദിവസം യുദ്ധം നടത്തി. വൈരിവിമർദ്ദനനായ കർണ്ണൻ രണ്ടുദിവസം പോർ നടത്തി. ശല്യൻ അർദ്ധദിനം പോർ നടത്തി. പിന്നെയാണ് ഘോരമായ ഗദായുദ്ധം ദുര്യോധനനും ഭീമനും തമ്മിൽ നടന്നത്. അതു പകുതി ദിവസം നടന്നു. ആ ദിവസംതന്നെ രാത്രിയിൽ കൃപനും, കൃതവർമ്മാവും, അശ്വത്ഥാമാവുംചേർന്ന് പാണ്ഡവന്മാരുടെ ശിബിരത്തിൽക്കയറി പേടിവിട്ട് ഉറങ്ങുന്ന പാണ്ഡവപ്പടയെ മുടിച്ചു. ഹേ, ശൗനക! സത്രത്തിൽ ഞാൻ ചൊല്ലുന്ന മുഖ്യമായ ഈ ഭാരതം ജനമേജയന്റെ സത്രത്തിൽ വ്യാസശിഷ്യൻ ചൊല്ലിക്കേൾപ്പിച്ചതാണ്.

പൃത്ഥ്വീശന്മാരുടെ വീര്യങ്ങൾ വിസ്തരിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ ആദ്യത്തിൽ പൗഷ്യവും പൗലോമവും ആസ്തീകവും പർവ്വങ്ങളാണ്. വിചിത്രമായ അർത്ഥത്തോടുകൂടിയ പദങ്ങളും, പലതരത്തിലുള്ള ആഖ്യാനങ്ങളും, വിശിഷ്ടമായ സദാചാരങ്ങളുമടങ്ങിയ ഈ കൃതി, മോക്ഷകാംക്ഷിക്ക് വൈരാഗ്യമെന്നപോലെ, വിദ്വജ്ജനങ്ങളാൽ ആദൃതമാണ്. അറിയേണ്ടുന്നത് ആത്മാവാണ്. പരക്കെ പ്രിയമുള്ളതാണ് ജീവൻ. അപ്രകാരം ഈ ഇതിഹാസം സർവ്വ അംഗങ്ങളിലുംവെച്ച് ഉത്തമമാണ്. ഇതിൽപ്പെടാത്ത കഥകളൊന്നും ലോകത്തിലില്ല. ആഹാരമൊന്നും കൂടാതെ ദേഹം നിലനില്ക്കുകയില്ലല്ലോ. അതുപോലെ ഈ ഭാരതം സൽക്കവികൾക്കൊക്കെ ഉപജീവനമാണ്.

അഭിവൃദ്ധിക്ക് ഒരുങ്ങുന്നവർക്ക് സൽക്കുലത്തിൽ ജനിച്ച യജമാനൻ എന്ന പോലെ ഈ നല്ല ഇതിഹാസത്തിലാണല്ലോ എല്ലാ സൽബുദ്ധിയും ഇരിക്കുന്നത്. സ്വരവ്യഞ്ജനയോഗത്തിലാണല്ലോ ലോകവേദമൊഴികൾ. അതുപോലെ വിശിഷ്ടജ്ഞാനകരമായി, വിചിത്രപദപർവ്വമായി, സൂക്ഷ്മാർത്ഥന്യായമായി, സാക്ഷാൽ വേദാർത്ഥവേദ്യമായി പ്രസിദ്ധിയാർന്ന ഭാരതത്തിലെ പർവ്വസംഗ്രഹം ഞാൻ പറയാം, നിങ്ങൾ കേൾക്കുവിൻ."

സൂതൻ തുടർന്നു. "ആദ്യം അനുക്രമണികാപർവ്വം, പിന്നെ പർവ്വസംഗ്രഹം, പൗഷ്യം, പൗലോമം, ആസ്തീകം, ആദ്യവംശാവതരണം, പിന്നെ, സംഭവപർവ്വം, സംഭവപർവ്വം അത്ഭുതോന്മേഷകാരണമാണ്. പിന്നെ, ജതുഗൃഹപർവ്വം, ഹിഡിംബവധപർവ്വം, ബകവധപർവ്വം, ചൈത്രരഥപർവ്വം, പാഞ്ചാലീസ്വയംവരം, ക്ഷാത്രധർമ്മജയത്തോടുകൂടിയ വൈവാഹികം, വിദുരാഗമനം, രാജ്യലാഭം, അർജ്ജുനവനവാസം, സുഭദ്രാഹരണം, ഹരണാഹരണം, ഖാണ്ഡവദാഹം, മയദർശനപർവ്വം ഇവ അടങ്ങിയിരിക്കുന്നു.

പിന്നെ സഭാപർവ്വമാണ്. അതിൽ സഭാക്രിയാപർവ്വം, മന്ത്രണപർവ്വം, ജരാസന്ധവധം, ദിഗ്ജയപർവ്വം, രാജസൂയികപർവ്വം, അർഘാപിഹരണം, ശിശുപാലവധം, പിന്നെ ദ്യുതപർവ്വം, അനുദ്യുതം.

പിന്നെ ആരണ്യകപർവ്വം ആകുന്നു. കിർമ്മീരവധപർവ്വം, അർജ്ജുനാഭിഗമനപർവ്വം, ഈശാർജ്ജുനരണംചേർന്ന കൈരാതപർവ്വം, ഇന്ദ്രലോകാഭിഗമനപർവ്വം, നളോപാഖ്യാനപർവ്വം. ഇത് ധർമ്മകാരുണ്യമണ്ഡിതമാണ്. അതിന്നുശേഷം തീർത്ഥയാത്രാപർവ്വം, ജടാസുരവധം, ഭീമന്റെ യക്ഷയുദ്ധം, നിവാതകവചവധം, പിന്നെ ആജഗരം, മാർക്കണ്ഡേയസമസ്യ, ദ്രൗപദീസത്യഭാമാസംവാദം, ഘോഷയാത്രാപർവ്വം, മൃഗസ്വപ്നോത്ഭവം, വ്രീഹിദ്രൗണീകം, ദ്രൗപദീഹരണം, ജയദ്രഥവിമോക്ഷണം, പതിവ്രതയായ അരക്തി പറയുന്ന അത്ഭുതകരമായ സാവിത്രീകഥ, രാമോപാഖ്യാനം, അതിന്നുശേഷം കർണ്ണന്റെ കുണ്ഡലാഹരണം, ആരണേയം, വൈരാടം, പാണ്ഡവപ്രവേശം, സമയപാലനം, കീചകവധം, ഗോഗ്രഹണം, അഭിമന്യൂത്തരാപാണിഗ്രഹണം, പിന്നെ അത്യന്തമഹിതാത്ഭുതമായ ഉദ്യോഗപർവ്വം.

പിന്നെ സഞ്ജയയാനം, പ്രജാഗരം, അദ്ധ്യാത്മപ്രദർശനമായ സനൽസുജാതപർവ്വം, യാനസന്ധി, ഭഗവത്‌യാനപർവ്വം, മാതല്യുപാഖ്യാനം, ഗാലവാഖ്യാനം, സാവിത്രം, വാമദേവം, വൈന്യോപാഖ്യാനം, ജാമദഗ്ന്യം, ഷോഡശരാജകം, കൃഷ്ണന്റെ സഭാപ്രവേശം, വിദുലാപുത്രശാസനം, കർണ്ണനോടുള്ള ഉത്തമമായ വിവാദം, കുരുപാണ്ഡവപ്പടയുടെ നിര്യാണം, രഥാതിരഥസംഖ്യാനം, ക്രോധവിവർദ്ധനമായ ഉലൂകദൂതാഗമനപർവ്വം, അത്ഭുതകരമായ അംബോപാഖ്യാനം, ഭീഷ്മാഭിഷേചനം, ജംബൂഖണ്ഡവിനിർമ്മാണം, ഭൂമി പർവ്വം, ദ്വീപവിസ്താരപർവ്വം, ഭഗവൽഗീതാപർവ്വം, ഭീഷ്മവധം, ദ്രോണാഭിഷേചനം, സംശപ്തകവധം, അഭിമന്യുവധം, പ്രതിജ്ഞാപർവ്വം, ജയദ്രഥവധം, ഘടോൽക്കചവധം, രോമഹർഷണമായ ദ്രോണവധം, നാരായണാസ്ത്രമോക്ഷം, കർണ്ണപർവ്വം, ശല്യപർവ്വം, ഹ്രദപ്രവേശനം, ഗദായുദ്ധം, സാരസ്വതപർവ്വം, തീർത്ഥവംശാനുകീർത്തനം, മഹാരൗദ്രമായ സൗപ്തികപർവ്വം, ഐഷീകം, ജലപ്രദാനികം, സ്ത്രീപർവ്വം, കുരുക്കളുടെ ഗതിക്കുള്ള ശ്രാദ്ധപർവ്വം, ബ്രാഹ്മണകൃതി, രക്ഷസ്സായ ചാർവ്വാകന്റെ വധം, ധർമ്മപുത്രന്റെ അഭിഷേചനം, ഗ്രഹവിഭാഗം, ശാന്തിപർവ്വം, രാജധർമ്മാനുശാസനം, ആപദ്ധർമ്മപർവ്വം, മോക്ഷധർമ്മം, ശുകപ്രശ്നാഭിഗമനം, ബ്രഹ്മപ്രശ്നാനുശാസനം, പ്രാദുർഭാവം, മായ ദുർവ്വാസാവുമായി ചെയ്ത ഭാഷണം, ആനുശാസനികാഖ്യാനം, ഭീഷ്മസ്വർഗ്ഗാരോഹണം, വിശ്വപാപവിമോചനമായ അശ്വമേധപർവ്വം,

digitized by www.sreyas.in

അനുഗീത, ആശ്രമവാസം, പുത്രദർശനം, നാരദാഗമനം, ദാരുണവും ഘോരവുമായ മൗസലം, മഹാപ്രസ്ഥാനികം, സ്വർഗ്ഗാരോഹണം, പിന്നെ ഹരിവംശം, വേറെ ഖിലപുരാണം, വിഷ്ണുപർവ്വം, ബാലചര്യ, വിഷ്ണുവിന്റെ കംസനിഗ്രഹം, ഭവിഷ്യൽപർവ്വം ഇപ്രകാരം ഒരു നൂറുപർവ്വം വ്യാസൻ പറഞ്ഞു.

ലോമഹർഷണജനായ സൗതി നൈമിഷാരണ്യത്തിൽ പറഞ്ഞ പർവ്വങ്ങൾ പതിനെട്ടാണ്. ഭാരതത്തിൽ ചേർത്ത അതിന്റെ സാരമാണ് ഈ പർവ്വസംഗ്രഹം.

പൗഷ്യം, പൗലോമം, ആസ്തീകം, ആദിവംശാവതാരണം, സംഭവം, ജതുഗൃഹം, ഹിഡിംബബകനിഗ്രഹം. അപ്രകാരം ചൈത്രരഥം, പാഞ്ചാലീസ്വയംവരം, ക്ഷത്രധർമ്മപ്രകാരം ജയിച്ച് വന്നുചേർന്ന വൈവാഹികം, വിദുരാഗമനം, രാജ്യലാഭം, അർജ്ജുനന്റെ തീർത്ഥയാത്ര, സുഭദ്രാഹരണം, ഹരണാഹരണം, ഖാണ്ഡവദാഹം, മയദർശനം. ഇതൊക്കെ ആദിപർവ്വത്തിലാണ്.

പൗഷ്യത്തിൽ ഉദങ്കന്റെ പുണ്യമാഹാത്മ്യവർണ്ണനം, ആസ്തീകത്തിൽ സർവ്വനാഗപതീന്ദ്രന്മാരുടേയും ഗരുഡന്റേയും ഉത്ഭവം, പാലാഴിമഥനം, ഉച്ചൈശ്രവസ്സിന്റെ കഥ, സർപ്പസത്രം ചെയ്ത ജനമേജയന്റെ കഥ എന്നിവ അടങ്ങിയിരിക്കുന്നു.

സംഭവത്തിൽ ഭാരതരായ മഹാന്മാരുടെ എല്ലാവരുടേയും മറ്റു ശൂരന്മാരുടേയും, വ്യാസമഹർഷിയുടേയും പലമട്ടായ സംഭവങ്ങൾ എല്ലാം യഥാക്രമം പറഞ്ഞിരിക്കുന്നു.

അംശാവതരണത്തിൽ ദേവതാംശാവതാരവും, ദൈത്യദാനവയക്ഷാദികളായ അത്യുഗ്രവീര്യന്മാരുടെ അംശജന്മവും, നാഗങ്ങൾ, പന്നഗങ്ങൾ, ഗന്ധർവ്വന്മാർ, പതത്രീന്ദ്രന്മാർ എന്നിവരുടെ ജന്മവും, കണ്വാശ്രമത്തിൽവെച്ച് ദുഷ്യന്തനൃപന് ശകുന്തളയിൽ മഹാനായ ഭരതൻ ജനിച്ചതും, അടങ്ങിയിരിക്കുന്നു. ഈ ഭരതൻ വഴിക്കാണ് ഭാരതകുലം ഉണ്ടായത്. വസുക്കൾ ഗംഗാദേവിയിൽ ശാന്തനു നൃപാലയത്തിൽ ജനിച്ചതും, പിന്നീട് സ്വർഗ്ഗം പ്രാപിച്ചതും, ഭീഷ്മൻ അപ്രകാരം ജനിച്ചതും, രാജ്യം ഉപേക്ഷിച്ചതും. ബ്രഹ്മചര്യത്തിൽ നിഷ്ഠയുറച്ചതും, പ്രതിജ്ഞ രക്ഷിച്ചതും. ചിത്രാംഗദരക്ഷയും, വിചിത്രവീര്യന്ന് രാജ്യം കൊടുത്തതും, അണിമാണ്ഡവ്യശാപംകൊണ്ട് ധർമ്മൻ മർത്ത്യജന്മമെടുത്തതും, വരബലത്താൽ ധൃതരാഷ്ട്രൻ പാണ്ഡു എന്നിവർ വ്യാസസുതന്മാരായി പിറന്നതും, വാരണാവതയാത്രയ്ക്ക് ദുര്യോധനന്റെ കുതന്ത്രവും ചതിയായി പാണ്ഡവന്മാരെ ധൃതരാഷ്ട്രൻ അയച്ചതും, പോകുംവഴിക്ക് വിദുരൻ ധർമ്മപുത്രന്ന് *മ്ലേച്ഛഭാഷയിൽ ഹിതം പറഞ്ഞുകൊടുത്തതും, വിദുരന്റെ വാക്കുമൂലം തുരങ്കം നിർമ്മിച്ചതും അഞ്ചുമക്കളോടുംകൂടിവന്ന നിഷാദാംഗനയേയും, പുരോചനനേയും ചുട്ട് അരക്കില്ലം എരിച്ചതും, ഹിഡുംബിയെ കൊടുങ്കാട്ടിൽ പാണ്ഡവന്മാർ കണ്ടതും, ഹിഡുംബനെ ഭീമസേനൻ അടിച്ചുകൊന്നതും, അവിടെവച്ച് ഘടോൽക്കചൻ ജനിച്ചതും, മഹാതപസ്വിയായ വേദവ്യാസനെ കണ്ടതും, അദ്ദേഹം പറഞ്ഞപ്രകാരം ഏകചക്രയിൽ ബ്രാഹ്മണാലയത്തിൽ ആരും അറിയാതെ വസിച്ചതും, ബകനെ കൊന്നതും, നാട്ടുകാർ അത്ഭുതപ്പെട്ടതും, പാഞ്ചാലിയുടേയും ധൃഷ്ടദ്യുമ്നന്റേയും ജന്മവും, പാണ്ഡവന്മാർ പാഞ്ചാലരാജ്യത്തു പോയതും, അർജ്ജുനൻ ഗംഗാതീരത്തിൽ അംഗാരവർണ്ണനെ ജയിച്ചതും, അവനുമായി സഖ്യമായതും, താപത്യം, വാസിഷ്ഠം, ഔർവ്വം എന്നീ കഥകൾ കേട്ടതും, ജ്യേഷ്ഠാനുജന്മാർ ഒന്നിച്ച് പാഞ്ചാലപുരിയിലെത്തിയതും, ഫൽഗുനൻ ലക്ഷ്യം ഭേദിച്ച് പാഞ്ചാലിയെ നേടിയതും, ഭീമാർജ്ജുനന്മാർ കോപിച്ച് ഏറ്റ നൃപന്മാരേയും, കർണ്ണൻ, ശല്യൻ മുതലായവരേയും മല്ലടിച്ച് ജയിച്ചതും, അവരുടെ അമേയമായ കയ്യൂക്കുകണ്ട് പാണ്ഡവന്മാരാണെന്നു വിചാരിച്ച് രാമകൃഷ്ണന്മാർ രസത്തോടെ കുശവാലയിൽ കൂടിക്കാഴ്ചയ്ക്ക് ചെന്നതും, അഞ്ചാൾക്കും പത്നി ഒന്നാക്കാൻ പാഞ്ചാലൻ ശങ്കിച്ചതും, പഞ്ചേന്ദ്രോപാഖ്യാനം അപ്പോൾ മുനി പറഞ്ഞതും, ദേവകല്പമായി ചിന്തിച്ച് ദ്രൗപദിയെ അവർ വേളികഴിച്ചതും, ധൃതരാഷ്ട്രൻ വിദുരനെ പാണ്ഡവന്മാരുടെ അടുത്തേക്കയച്ചതും, വിദുരൻ പറഞ്ഞതും, പിന്നെ കൃഷ്ണനെക്കണ്ടതും, ഖാണ്ഡവപ്രസ്ഥത്തിൽ പകുതി രാജ്യം കൊടുത്തതും, നാരദൻ പറഞ്ഞതനുസരിച്ച് ദ്രൗപദിയെക്കുറിച്ച് ചില ചിട്ടകൾ നിശ്ചയിച്ചുവെച്ചതും, സുന്ദോപസുന്ദോപാഖ്യാനകഥ പറഞ്ഞുകൊടുത്തതും, പിന്നെ പാഞ്ചാലിയോടുകൂടിയിരിക്കുന്ന യുധിഷ്ഠിരന്റെ അടുത്ത് അർജ്ജുനൻ ബ്രാഹ്മണൻ കാരണം വില്ലെടുക്കാൻ പോയതും, സ്വനിശ്ചയം കാത്ത് തീർത്ഥയാത്രയ്ക്കുപോയതും, ഉലൂപിയെ തീർത്ഥയാത്രക്കാലത്തു വരിച്ചതും, പുണ്യതീർത്ഥം ചുറ്റിയതും, ബഭ്രുവാഹനൻ ജനിച്ചതും, വിപ്രശാപത്താൽ മുതലകളായിക്കിടന്ന അഞ്ച് അപ്സരസ്ത്രീകളെ പഞ്ചാപ്സരസ്ഥലത്തിൽനിന്നു കേറ്റിവിട്ട് മോക്ഷം കൊടുത്തതും, ജിഷ്ണുപ്രഭാസത്തിൽവെച്ച് കൃഷ്ണനോട് ഒത്തുചേർന്നതും, ദ്വാരകയിൽ ചെന്ന് സുഭദ്രയെ കൃഷ്ണന്റെ സമ്മതത്തോടുകൂടെ വരിച്ചതും, സ്ത്രീജനങ്ങളോടുകൂടി മാധവൻ വന്നതിനുശേഷം സുഭദ്രയിൽ മഹാവീരനായ അഭിമന്യു ജനിച്ചതും, പാഞ്ചാലീനന്ദനന്മാർ അഞ്ചുപേർ ജനിച്ചതും, കൃഷ്ണാർജ്ജുനന്മാർ യമുനാതീരത്തിൽ രമിക്കുമ്പോൾ ചക്രവും ചാപവും ലഭിച്ചതും, ഖാണ്ഡവം എരിച്ചതും, മയനും, നാഗവും, ഘോരമായ അഗ്നിയിൽനിന്ന് ഒഴിഞ്ഞതും, മന്ദപാലമഹർഷിക്ക് ശാർങ്ഗീപുത്രന്മാർ ജനിച്ചതും, ഇതൊക്കെ ആദിപർവ്വത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ഈ പർവ്വത്തിൽ, ഇരുനൂറ്റി ഇരുപത്തേഴ് അദ്ധ്യായങ്ങളിലായി ഇവ പറഞ്ഞിരിക്കുന്നു. എണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാലു ശ്ലോകങ്ങളിലാണ് മഹർഷിയായ വ്യാസൻ ഇതു നിർമ്മിച്ചിരിക്കുന്നത്.

ഇനി രണ്ടാമത്തേതായ സഭാപർവ്വത്തിലെ വൃത്താന്തം പറയാം.

പാണ്ഡവന്മാർക്ക് സഭാനിർമ്മാണം, പിന്നെ കിങ്കരദർശനം, നാരദൻ പറഞ്ഞ ലോകപാലസഭാഖ്യാനം, രാജസൂയമഹാരംഭം, ജരാസന്ധനിഗ്രഹം, ഗിരിവ്രജത്തിൽ രോധിക്കപ്പെട്ട രാജാക്കളെ കൃഷ്ണൻ മോചിപ്പിക്കുന്നത്, പാണ്ഡവന്മാരുടെ ദിഗ്വിജയം, കാഴ്ചദ്രവ്യത്തോടെ രാജാക്കന്മാരുടെ ആഗമം, രാജസൂയാർഗ്ഘ്യവാദത്തിൽ ശിശുപാലന്റെ വധം, യാഗത്തിൽ ഐശ്വര്യം ദർശിച്ച് ദുര്യോധനന്റെ ആശ്ചര്യവും അമർഷവും സങ്കടവും, ദുര്യോധനൻ ഉഴന്നപ്പോൾ ഭീമന്റെ പരിഹാസം, ദ്യൂതകല്പനം, ശകുനി പറ്റിച്ച യുധിഷ്ഠിരപരാജയം, സ്നുഷയായ ദ്രൗപദിയെ ധൃതരാഷ്ട്രൻ കരകയറ്റിയപ്പോൾ മറ്റുള്ളവരും കയറിയത്, വീണ്ടും ദുര്യോധനൻ പാണ്ഡവരെ ചൂതിന്നായി വിളിച്ചത്, തോല്പിച്ച് വനവാസത്തിന്ന് അപ്പോൾത്തന്നെ അയച്ചത്, ഇതൊക്കെ സഭാപർവ്വത്തിൽ മഹാമുനി രചിച്ചു. ഹേ, ദ്വിജേന്ദ്രന്മാരേ! രണ്ടായിരത്തി അഞ്ഞൂറ്റിപ്പതിനൊന്നു ശ്ലോകത്തിലാണ് ഇതു രചിക്കപ്പെട്ടത്. എഴുപത്തെട്ട് അദ്ധ്യായമാണ് അതിലുള്ളത്.

ഇനി മൂന്നാമത്തേതായ ആരണ്യപർവ്വത്തിലെ വൃത്താന്തം പറയാം.

വനവാസത്തിന്ന് പാണ്ഡവന്മാർ പോയതും, ധീരനായ ധർമ്മപുത്രനെ പൗരന്മാർ പിന്തുടർന്നതും, പിന്നെ ബ്രാഹ്മണരക്ഷയ്ക്കായി അന്നവും ഔഷധികളും കിട്ടുവാൻ യോഗ്യനായ പാണ്ഡവൻ സാക്ഷാൽ അർക്കനെ സേവചെയ്തതും, ധൗമ്യോപദേശപ്രകാരം അർക്കപ്രസാദത്താൽ കാര്യം സാധിച്ചതും, ഹിതം പറയുന്ന വിദുരനെ ധൃതരാഷ്ട്രൻ ഉപേക്ഷിച്ചതും, വെടിഞ്ഞപ്പോൾ പാണ്ഡവന്മാരുടെ അടുത്തേക്ക് അദ്ദേഹം പോയതും, ധൃതരാഷ്ട്രന്റെ ആജ്ഞയാൽ സാധുവായ വിദുരൻ മടങ്ങിയതും, കർണ്ണന്റെ പ്രോത്സാഹനത്തിൽ ദുഷ്ടനായ ദുര്യോധനൻ പാണ്ഡവന്മാരെ കാട്ടിൽവെച്ച് കൊല്ലുവാൻ ശ്രമം ചെയ്തതും, അവന്റെ ദുർവ്വിചാരം കണ്ട് അവിടെ വ്യാസൻ ചെന്നതും, യാത്രാനിരോധവും, സുരഭ്യാഖ്യാനവും, മൈത്രേയൻ വന്നതും, രാജാനുശാസനം പറഞ്ഞതും, മന്നവനായ ദുര്യോധനനെ മാന്യനായ മുനി ശപിച്ചതും, കിർമ്മീരനെ ഭീമൻ രണത്തിൽ കൊന്ന വൃത്താന്തം കഥിച്ചതും, വൃഷ്ണി പാഞ്ചാലവീരന്മാർ പാണ്ഡ

* യവനാദികളുടെ ഭാഷ

digitized by www.sreyas.in

വരുടെ അടുത്തു ചെന്നതും, കള്ളച്ചൂതിൽ ചതിയനായ ശകുനി പാർത്ഥരെ ജയിച്ചതിൽ കൃഷ്ണൻ ചൊടിച്ചതും, ജിഷ്ണു സാന്ത്വനപ്പെടുത്തിയതും, കൃഷ്ണന്റെ മുമ്പിൽ കൃഷ്ണ വളരെ ആവലാതി പറഞ്ഞതും, ആർത്തയായ അവളെ കൃഷ്ണൻ ആശ്വസിപ്പിച്ചതും, കൃഷ്ണൻ സൗഭവധാഖ്യാനം പറഞ്ഞതും, സുഭദ്രയെ പുത്രനോടുകൂടി ദ്വാരകയിലേക്കു കൂട്ടിക്കൊണ്ടുപോയതും, പാഞ്ചാലീപുത്രന്മാരെ പാഞ്ചാല്യൻ കൊണ്ടുപോയതും, പിന്നെ പാണ്ഡുനന്ദനന്മാർ ദ്വൈതവനത്തിലേക്കു പോയതും, ധർമ്മപുത്രനും ദ്രൗപദിയും തമ്മിൽ സംവാദമുണ്ടായതും, അപ്രകാരം അദ്ദേഹവും ഭീമനും, തമ്മിൽ സംവാദമുണ്ടായതും, പാണ്ഡുപുത്രന്റെ സമീപത്തിൽ അന്ന് വ്യാസൻ ചെന്നതും, മുനിശ്രേഷ്ഠൻ മന്ത്രവിദ്യകൊടുത്തതും, ആ മുനീന്ദ്രൻ പോയതിന്നുശേഷം കാമ്യകത്തിൽ പാണ്ഡവന്മാർ ചെന്നതും, അസ്ത്രവിദ്യക്കുവേണ്ടി അർജ്ജുനൻ അവരെ വിട്ടുപോയതും, കിരാതമൂർത്തിയായ ഗൗരീവരനുമായി പോരടിച്ചതും, ലോകപാലകന്മാരെക്കണ്ടതും, അസ്ത്രങ്ങളെല്ലാം ലഭിച്ചതും, അസ്ത്രത്തിന്ന് ഇന്ദ്രലോകത്തിൽ പാർത്ഥൻ പോയതും, അതുകേട്ട് ധൃതരാഷ്ട്രന്ന് അധികം ചിന്തയുണ്ടായതും, ബൃഹദശ്വമുനിയായ മഹാനെ കണ്ടതും, യുധിഷ്ഠിരൻ വ്യസനമോർത്തധികം വിലപിച്ചതും, കരുണോദാരമായ നളോപാഖ്യാനം പറഞ്ഞതും, അതിൽ ഭൈമീനളന്മാരുടെ സ്ഥിതിയും കഥയും ആ മട്ടിൽ അക്ഷഹൃദയം ആ മുനീന്ദ്രൻ നല്കിയതും, ലോമശൻ വാനിൽനിന്ന് രാജാവിന്നടുത്തുവന്നതും, വനവാസികളായ പാണ്ഡുപുത്രന്മാരോട് സ്വർഗ്ഗത്തിൽ അർജ്ജുനൻ ചെയ്ത കാര്യങ്ങൾ പറഞ്ഞതും, പാർത്ഥസന്ദേശത്താൽ തീർത്ഥയാത്ര തുടർന്നതും, തീർത്ഥങ്ങളുടെ പുണ്യഫലം സിദ്ധിക്കുമെന്നു പറഞ്ഞതും, പുലസ്ത്യതീർത്ഥയാത്ര നാരദന്ന് ഒത്തതും, ആ പുണ്യസ്ഥലത്തിൽ പാണ്ഡുപുത്രന്മാർ തീർത്ഥയാത്ര കഴിച്ചതും, കർണ്ണൻ ഇന്ദ്രന്നുവേണ്ടി കുണ്ഡലങ്ങൾ കൊടുത്തതും, ഗയന്റെ യജ്ഞൈശ്വര്യങ്ങൾ ചൊല്ലിയതും, അഗസ്ത്യാഖ്യാനത്തിൽ വാതാപിയെ ഭക്ഷിച്ചതും, ലോപാമുദ്രയെ അപത്യത്തിന്നുവേണ്ടി പ്രാപിച്ചതും, കൗമാരബ്രഹ്മചര്യമുള്ള ഋശ്യശൃംഗന്റെ കഥ പറഞ്ഞതും, മഹത്വമേറിയ പരശുരാമന്റെ കഥയും, കാർത്തവീര്യന്റെ വധവും, പ്രഭാസത്തിൽ പാണ്ഡവരുമായി വൃഷ്ണിവംശജന്മാർ പോയതും, സുകന്യാഖ്യാനവും, മാന്ധാതാവിന്റെ ചരിതവും, ജന്തുവിന്റെ ഉപാഖ്യാനവും, സോമകൻ പുത്രനെ തീയിൽ ഹോമിച്ച് ശതപുത്രത്വം നേടിയതും, പിന്നെ ശ്യേനകപോതീയം എന്ന ആഖ്യാനവും, അഷ്ടാവക്രീയവും, ബന്ദിവാദത്തിൽ തോറ്റതും, ആഴിയിൽനിന്ന് അച്ഛനെ മുനി വീണ്ടെടുത്തതും, യവക്രീതോപാഖ്യാനവും, ദൈത്യോപാഖ്യാനവും, ഗന്ധമാദനയാനവും, ഭീമൻ ഹനുമാനെ കണ്ടുമുട്ടുന്നതും, പിന്നെ സൗഗന്ധികത്തിന്നുപോയ ഭീമൻ പൊയ്ക ഒട്ടാകെ ഉലച്ചതും, മണിമാൻ മുതലായ യക്ഷരാക്ഷസരോടു പോരടിച്ചതും, വൃഷപർവ്വരാജർഷീന്ദ്രന്റെ പാർശ്വത്തിൽ പാണ്ഡവർ ചെന്നതും, ആർഷ്ടിഷേണാശ്രമത്തിൽ ചെന്നതും, പാഞ്ചാലി ഭീമനെ പ്രോത്സാഹിപ്പിച്ചതും, പിന്നെ കൈലാസപർവ്വതം കയറിയതും, പാണ്ഡവന്മാർ വൈശ്രവണനെ കണ്ടതും, അവിടെവച്ച് ഫൽഗുനൻ ഭ്രാതൃജനത്തോടു കൂടിച്ചേർന്നതും, ദിവ്യാസ്ത്രം തന്ന് ശക്രന്നുവേണ്ടി ഹിരണ്യപുരി പ്രാപിച്ച് നിവാതകവചന്മാരുമായി യുദ്ധവും കാലകേയദൈത്യരുമായി യുദ്ധവും, അവരുടെ വധവും മറ്റും പാർത്ഥൻ ധർമ്മജനോട് അറിയിച്ചതും, ധർമ്മരാജന് ദിവ്യാസ്ത്രം കാട്ടാൻ പാർത്ഥൻ മുതിർന്നതും, നാരദൻ ഉടനെ ചെന്ന് പാർത്ഥനെ തടഞ്ഞതും, ഗന്ധമാദനപർവ്വതം വിട്ട് അവർ താഴോട്ടുപോന്നതും, ഭീമനെ പെരുമ്പാമ്പു വിഴുങ്ങിയതും, ചോദ്യങ്ങൾക്കുത്തരം പറഞ്ഞ് ധർമ്മരാജാവു വിടുവിച്ചതും, പിന്നേയും ആ മഹാത്മാക്കൾ കാമ്യകത്തിലേക്കു പോയതും, കൃഷ്ണൻ അവരെ കാണുവാൻ എത്തിയതും, മാർക്കണ്ഡേയൻ ഉപാഖ്യാനങ്ങൾ പറഞ്ഞു കൊടുത്തതും, വൈന്യൻ പൃഥുചരിതം പറഞ്ഞതും, മത്സ്യോപാഖ്യാനം പറഞ്ഞുകൊടുത്തതും, ഐന്ദ്രദ്യുമ്നോപാഖ്യാനം, ധുംധുമാരം, പതിവ്രതാഖ്യാനം, ഗിരിസഖ്യം, ദ്രൗപദീസത്യഭാമാസംവാദം, പിന്നെ ദ്വൈതവനത്തേക്കുതന്നെ പാണ്ഡവർ പോയതും, ഘോഷയാത്രയും ദുര്യോധനഗന്ധർവ്വബന്ധനവും, അവനെ കൊണ്ടുപോകുമ്പോൾ അർജ്ജുനൻ വിടുവിച്ചതും, അവിടെ ധർമ്മജൻ കണ്ട മൃഗസ്വപ്നം നിമിത്തം വീണ്ടും കാമ്യകവനത്തിൽ പാണ്ഡുനന്ദനന്മാർ പ്രവേശിച്ചതും, വ്രീഹിദ്രൗണികാഖ്യാനം വിസ്തരിച്ചതും, ദുർവ്വാസാവിന്റെ ദിവ്യോപാഖ്യാനവും, ജയദ്രഥൻ ദ്രൗപദിയെ ആശ്രമത്തിൽവന്ന് അപഹരിച്ചതും, ഭീമൻ അവനെ പിന്തുടർന്നതും, അവനെപ്പിടിച്ച് ഭീമൻ പഞ്ചശിഖനാക്കി വിട്ടതും, രാമായണോപാഖ്യാനം സാമാന്യം വിസ്തരിച്ചതും, രാവണനെ സീതാപതി വധിച്ചതും, പിന്നെ സാവിത്ര്യുപാഖ്യാനം കഥ പറഞ്ഞതും, കർണ്ണൻ ഇന്ദ്രനുവേണ്ടി കുണ്ഡലം കൈവിട്ടതും; ഇന്ദ്രൻ ഒരാളെ കൊല്ലുന്നതിന്നുവേണ്ടി വേല് കൊടുത്തതും, ധർമ്മൻ പുത്രനുമായി നന്മ പറഞ്ഞതും, വരംവാങ്ങി പാണ്ഡവന്മാർ പടിഞ്ഞാട്ടു പോയതും, ഇതാണ് ആരണ്യകത്തിലുള്ളത്. ഇരുനൂറ്റി അറുപത്തൊമ്പത് അദ്ധ്യായത്തിലായി പതിനായിരത്തി അറുനൂറ്റി അറുപത്തിനാലു ശ്ലോകത്തിലാണ് വ്യാസൻ ഇതു പറഞ്ഞിട്ടുള്ളത്.

അതിന്റെശേഷം വിരാടപർവ്വം. അതിൽ ചുടുകാട്ടിൽ ശമീവൃക്ഷകോടരത്തിൽ അർജ്ജുനൻ ആയുധങ്ങൾ വച്ചതും, നഗരത്തിൽ ഒളിവിൽ പാർത്തതും, കാമംകൊണ്ട് മനംകെട്ട ദുഷ്ടനായ കീചകനെ പാഞ്ചാലിയുടെ പ്രാർത്ഥനമൂലം ഭീമസേനൻ വധിച്ചതും, പാണ്ഡവന്മാരെ അന്വേഷിക്കുവാൻ സുയോധനൻ ചാരന്മാരെ വിട്ടതും, പാണ്ഡവരെ പിടികിട്ടാതെ അവർ മടങ്ങിയതും, ത്രിഗർത്തന്മാർ വിരാടന്റെ ഗോഗ്രഹണം ചെയ്തതും, വിരാടൻ ത്രിഗർത്തരോട് ഏറ്റതും, അവർ അവനെ ബന്ധിച്ചതും, ഭീമൻ വിടുർത്തിക്കൊണ്ടുപോന്നതും, കുരുക്കൾ ഗോധനം ഹരിച്ചതും, പാണ്ഡവർ ഗോധനം വിടുവിച്ചതും, പാർത്ഥൻ അവിടെ ഏവരേയും ജയിച്ചതും, ഗോധനം കൊണ്ടുപോന്നതും, അഭിമന്യുവിനായി ഉത്തരയെ കൊടുത്തതും, എല്ലാം നാലാമത്തേതായ വിരാടത്തിൽ പെടുന്നു. അതിൽ മുനി അറുപത്തേഴ് അദ്ധ്യായമാണ് കല്പിച്ചിട്ടുള്ളത്. രണ്ടായിരത്തിഅമ്പതു ശ്ലോകത്തിലാണ് ഇത് എഴുതിയിട്ടുള്ളത്.

ഇനി അഞ്ചാമത്തേതായ ഉദ്യോഗപർവ്വം കേട്ടാലും.

ഉപപ്ലാവ്യത്തിൽ പാണ്ഡവന്മാർ താമസിക്കുമ്പോൾ ജയാശയാൽ കൃഷ്ണപാർശ്വത്തിൽ അർജ്ജുനനും ദുര്യോധനനും ചെന്നു. യുദ്ധത്തിന്നു സഹായിക്കുവാൻ രണ്ടുപേരും അഭ്യർത്ഥിക്കുന്നു.

കൃഷ്ണൻ പറഞ്ഞു: "യുദ്ധംചെയ്യാത്ത ഒരു വെറും മന്ത്രിയാണ് ഞാൻ. ഒരു അക്ഷൗഹിണിസൈന്യവുമുണ്ട്. ഇതിൽ ഏതാണ് നിങ്ങൾക്കുവേണ്ടത്?"

സൂതൻ പറഞ്ഞു: "ദുർബുദ്ധിയായ ദുര്യോധനൻ സൈന്യത്തെ വരിച്ചു. മന്ത്രിയായ ഹരിയെ ധനഞ്ജയൻ വരിച്ചു. ഒരു അക്ഷൗഹിണിസൈന്യവുമായി ദുര്യോധനൻ മടങ്ങുന്നു. പൊരുതുവാനില്ലാത്ത കൃഷ്ണനെ അർജ്ജുനൻ വരിക്കുന്നു. പാണ്ഡവരെ തുണയ്ക്കുവാൻ പുറപ്പെട്ട മദ്രരാജാവിനെ ചതിയിൽ ദുര്യോധനൻ 'ചാക്കിട്ടുപിടിക്കുന്നു'. വരം നല്കിയ ശല്യൻ പാണ്ഡവന്മാരെ പോയിക്കാണുന്നു. പുരോഹിതനെ പാണ്ഡവന്മാർ വിടുന്നു. ദൂതനായി ധൃതരാഷ്ട്രൻ സഞ്ജയനെ അയയ്ക്കുന്നു. കൃഷ്ണൻ മുന്നിട്ടു സഹായിക്കുന്ന പാണ്ഡവന്മാരെ ചിന്തിച്ച് ധൃതരാഷ്ട്രന്ന് ഉറക്കം വരാതാകുന്നു. വിദുരൻ ധൃതരാഷ്ട്രനെ ഉപദേശിക്കുന്നു. സനൽസുജാതൻ തത്വങ്ങൾ ഉപദേശിക്കുന്നു. കൃഷ്ണൻ സന്ധിസംസാരത്തിന്ന് ഹസ്തിനപുരിയിൽ ചെല്ലുന്നു. പ്രഭാതത്തിൽ സഞ്ജയൻ രാജാവിനോട് കൃഷ്ണാർജ്ജുനന്മാരുടെ ഏകഭാവത്തെപ്പറ്റി പറയുന്നു. രണ്ടു കക്ഷിക്കും നന്മ ഉപദേശിക്കുന്ന കൃഷ്ണനെ ആശാസ്ഥനായ സുയോധനൻ പ്രത്യാഖ്യാനം ചെയ്യുന്നു. ദംഭോത്ഭവാഖ്യാനം, മാതലി മകൾക്ക് വരാന്വേഷണത്തിന്നു പോകുന്നത്, ഗാലവന്റെ മഹത്വം, വിദുളാപുത്രകഥനം, കർണ്ണദുര്യോധനാദ്യന്മാരുടെ ദുർമ്മന്ത്രണം അറിഞ്ഞ് കൃഷ്ണൻ വിശ്വരൂപം കാണിക്കുന്നു,

digitized by www.sreyas.in

കൃഷ്ണൻ തേരിൽക്കയറിയതിന്റെശേഷം കർണ്ണനുമായി മന്ത്രിക്കുന്നു. ചൊടിയോടെ അവൻ ഉപായത്തിൽ ഒഴിഞ്ഞുമാറുന്നു. ഹസ്തിനപുരം വിട്ട് ഉപപ്ലാവ്യത്തിൽ കൃഷ്ണൻ എത്തുന്നു. പാണ്ഡവരോട് ദൗത്യവൃത്താന്തം അറിയിക്കുന്നു. അതുകേട്ട് അവർ ആവശ്യമായ ഹിതമന്ത്രണം ചെയ്ത് പോരിന്ന് ഒരുക്കങ്ങൾ ചെയ്യുന്നു; പിന്നെ നാനാഅശ്വരഥവാജികളോടെ ഹസ്തിനപുരത്തിൽനിന്ന് ഇറങ്ങുന്നു. ദുര്യോധനൻ 'നാളെ യുദ്ധമുണ്ടാകു'മെന്ന് നീളെ അറിയിക്കുവാൻ ഉലൂകനെ പാണ്ഡവന്മാരുടെ അടുത്തേക്കുവിടുന്നു. രഥാതിരഥസംഖ്യാനം, അംബോപാഖ്യാനം, ഇതൊക്കെ അഞ്ചാംപർവ്വത്തിലെ കഥയാണ്. സന്ധിവിഗ്രഹവിസ്താരം ചേർന്ന ഈ ഉദ്യോഗപർവ്വം നൂറ്റി എൺപത്താറ് അദ്ധ്യായത്തിലാണ് പറഞ്ഞിട്ടുള്ളത്. ആറായിരത്തി അറുനൂറ്റി തൊണ്ണൂറ്റെട്ടു ശ്ലോകത്തിലാണ് ഇത് എഴുതിയിട്ടുള്ളത്.

അതിന്നുശേഷം ഭീഷ്മപർവ്വം. അതിചിത്രാർത്ഥമായ ആ പർവ്വത്തെപ്പറ്റി പറയാം.

ജംബൂഖണ്ഡവിനിർമ്മാണം സഞ്ജയൻ ധൃതരാഷ്ട്രനോടു പറയുന്നു. പിന്നെ പാണ്ഡവസൈന്യങ്ങൾക്ക് ഘോരനാശം ചെയ്യുന്ന യുദ്ധം പത്തുദിവസം നടക്കുന്നു. പാർത്ഥൻ വിഷാദിച്ച് മതിമയങ്ങുമ്പോൾ ഭഗവാൻ ഗീത ഉപദേശിച്ച് മോഹം നീക്കുന്നു. യുധിഷ്ഠിരഹിതത്തിന്നുവേണ്ടി യുദ്ധത്തിൽ അധോക്ഷജനായ കൃഷ്ണൻ ചമ്മട്ടിയേന്തി ഭീഷ്മവധത്തിന്നു പാഞ്ഞെത്തുന്നു. കൃഷ്ണന്റെ വാക്കുകളാകുന്ന ചമ്മട്ടികൊണ്ടുള്ള അടിയേറ്റ അർജ്ജുനൻ ദുർവ്വാരോഗ്രമായ മഹായുദ്ധത്തിൽ ശിഖണ്ഡിയെ മുൻനിർത്തി തീക്ഷ്ണമായ ബാണങ്ങൾ എയ്ത് ഭീഷ്മനെ വീഴ്ത്തുന്നു. ശരതല്പത്തിൽ ഭീഷ്മൻ വീഴുന്നു. ആറാമത്തെ മഹത്തരമായ പർവ്വമാണിത്. നൂറ്റിപ്പതിനേഴദ്ധ്യായത്തിൽ അയ്യായിരത്തി എണ്ണൂറ്റി എൺപത്തിനാലു ശ്ലോകത്തിൽ ഇത് വ്യാസമുനി പറഞ്ഞിരിക്കുന്നു.

ഇനി ദ്രോണപർവ്വം പറയാം. പ്രതാപവാനായ ദ്രോണൻ സൈന്യാധിപനാകുന്നു. ധർമ്മപുത്രനെ പിടിക്കുന്നതിന്ന് അവൻ ശപഥം ചെയ്യുന്നു; പല വീരന്മാർകൂടി അഭിമന്യുവിനെ കൊല്ലുന്നു, അഭിമന്യുവധംമൂലം ക്രുദ്ധനായ അർജ്ജുനൻ ജയദ്രഥനെ ഏഴ് അക്ഷൗഹിണിസൈന്യത്തെ കൊന്നുമുടിച്ചു വധിക്കുന്നു. ഭീമനും സാത്യകിയും പാർത്ഥനെ കാണുവാൻ യുധിഷ്ഠിരാജ്ഞയാൽ കൗരവപ്പടയിൽ കയറുന്നു. സംശപ്തകരിൽ ബാക്കിയുള്ളവരേയും കൊന്നുവീഴ്ത്തുന്നു. ഫല്ഗുനൻ പലരേയും അതോടെ സംഹരിക്കുന്നു, ധൃതരാഷ്ട്രസുതന്മാർ, പാഷാണയോധികൾ, നാരായണപ്പട, ഗോപാലപ്പട, അലംബുഷൻ, ശ്രുതായുസ്സ്, ജലസന്ധൻ, സൗമദത്തി, വിരാടൻ, ദ്രുപദൻ, ഘടോൽക്കചൻ എന്നിവർ ദ്രോണപർവ്വത്തിൽ മൃതരാകുന്നു. ദ്രോണനെ കൊന്നതിൽ കോപിച്ച് ദ്രൗണി നാരായണാസ്ത്രവും ആഗ്നേയാസ്ത്രവും പ്രയോഗിക്കുന്നു. രുദ്രമാഹാത്മ്യം, വ്യാസഗമനം, കൃഷ്ണാർജ്ജുനമാഹാത്മ്യവർണ്ണനം ഇതാണ് ഏഴാമത്തെ പർവ്വം. മുക്കാലും പൃഥിവീനാഥന്മാർ മൃതരാകുന്നത് ദ്രോണപർവ്വത്തിൽത്തന്നെ. നൂറ്റി എഴുപത് അദ്ധ്യായത്തിൽ എണ്ണായിരത്തിത്തൊള്ളായിരത്തി ഒമ്പതു ശ്ലോകങ്ങളിലായി ഇതു വർണ്ണിച്ചിരിക്കുന്നു. അതിന്നുശേഷമുള്ള അത്ഭുതം നിറഞ്ഞ കർണ്ണപർവ്വം പറയാം.

ശല്യനെ സൂതനാക്കി ഏല്പിച്ചുവിടുന്നു. ഇതിൽ പ്രസംഗവശാൽ ത്രിപുരദഹനം കഥ, കർണ്ണശല്യ പരുഷോക്തികൾ, ആക്ഷേപത്തിൽ കാകഹംസീയോപാഖ്യാനം, പോരിൽ ഗുരുപുത്രൻ പാണ്ഡ്യരാജനെ കൊല്ലുന്നതും, ദണ്ഡസേനനേയും ദണ്ഡനേയും ഹരിക്കുന്നതും, ദ്വന്ദ്വയുദ്ധത്തിൽ ധർമ്മജനെ സൂര്യപുത്രൻ വെല്ലുന്നതും, കഷ്ടനിലയിലാക്കി വീരന്മാർ കാൺകെ വിട്ടയയ്ക്കുന്നതും, ധർമ്മപുത്രനും അർജ്ജുനനും തമ്മിൽ വഴക്കുണ്ടാകുന്നതും, കൃഷ്ണൻ സമാധാനിപ്പിക്കുന്നതും, വൃകോദരൻ ദുശ്ശാസനന്റെ മാറുകീറി രക്തം കുടിക്കുന്നതും, ദ്വൈരഥത്തിൽ കർണ്ണനെ ഗാണ്ഡീവി സംഹരിക്കുന്നതും ഈ എട്ടാം പർവ്വത്തിൽ അടങ്ങിയിരിക്കുന്നു. അറുപത്തൊമ്പത് അദ്ധ്യായം കർണ്ണപർവ്വത്തിലുണ്ട്. നാലായിരത്തിത്തൊള്ളായിരത്തിഅറുപത്തിനാല് ശ്ലോകത്തിലാണ് ഇതു വർണ്ണിച്ചിട്ടുള്ളത്.

പിന്നെ വിചിത്രാർത്ഥത്തോടുകൂടിയ ശല്യപർവ്വമാണ്.

ധനുർദ്ധരന്മാർ തീർന്ന സൈന്യത്തിൽ ശല്യൻ സേനാനിയാകുന്നു. കുമാരകഥയും അഭിഷേകവും ഇതിലുണ്ട്. എല്ലാ കുരുപ്രക്ഷയവും, ശല്യപർവ്വത്തിൽ പറയുന്നുണ്ട്. ധർമ്മജൻ ശല്യനെ കൊല്ലുന്നതും, സഹദേവൻ ശകുനിയെ കൊല്ലുന്നതും, പടയെല്ലാം മുടിഞ്ഞപ്പോൾ സുയോധനൻ ഓടിപ്പോയി കയത്തിലിറങ്ങുന്നതും, വേടന്മാർ ഭീമനെക്കണ്ട് വൃത്താന്തം അറിയിക്കുന്നതും, ക്ഷണത്തിൽ ധർമ്മജൻ എത്തി ആക്ഷേപിച്ച് പോരിനു വിളിക്കുന്നതും, സഹിക്കാതെ ദുര്യോധനൻ യുദ്ധത്തിന്നു വരുന്നതും, ഭീമനോട് ദുര്യോധനൻ ഗദായുദ്ധം ചെയ്യുന്നതും, യുദ്ധയോഗത്തിൽ ബലഭദ്രൻ എത്തുന്നതും, സരസ്വതീതീർത്ഥമാഹാത്മ്യം പറയുന്നതും, പിന്നെ ഘോരമായ ഗദായുദ്ധം നടക്കുന്നതും, കയ്യൂക്കേറുന്ന ഭീമൻ ദുര്യോധനന്റെ തുട തച്ച് ഒടിക്കുന്നതും, ഒമ്പതാംപർവ്വമായ ശല്യത്തിൽ വിസ്തരിക്കുന്നു. ഇതിൽ അമ്പത്തൊമ്പത് അദ്ധ്യായമുണ്ട്. മൂവായിരത്തി ഇരുനൂറ്റി ഇരുപതു ശ്ലോകത്തിലാണ് ഇതു വിസ്തരിച്ചിട്ടുള്ളത്.

പിന്നെ സൗപ്തികപർവ്വമാണ്. തുട രണ്ടും ഉടഞ്ഞുകിടക്കുന്ന ദുര്യോധനനെ പാണ്ഡവന്മാർ പോന്നതിനുശേഷം കൃപനും കൃതവർമ്മാവും അശ്വത്ഥാമാവും രാത്രിയിൽ പോയിക്കാണുന്നു. പടക്കളത്തിൽ ചോരപാടിക്കിടക്കുന്ന അവനെക്കണ്ട് ദുര്യോധനന്റെ മുമ്പിൽ ദ്രൗണി ശപഥം ചെയ്യുന്നു. ധൃഷ്ടദ്യുമ്നാദി സകല ദുഷ്ട പാഞ്ചാലമണ്ഡലത്തെ പെട്ടെന്ന് മുടിക്കാതെ ചട്ടയൂരുന്നതല്ലെന്ന് ശപഥം ചെയ്ത് മൂന്നുപേരുംകൂടി പോന്ന് രാത്രി കാട്ടിൽ കയറുന്നു. വലിയൊരു അരയാലിന്റെ ചുവട്ടിൽ ഇരിക്കുന്നു. കാക്കക്കൂട്ടത്തെ കൂമൻ കൊത്തുന്നതുകണ്ടപ്പോൾ, അച്ഛനെ കൊന്നതോർത്ത്, ദ്രൗണി കോപത്തോടെ, ഉറങ്ങിക്കിടക്കുന്ന പാഞ്ചാലന്മാരെ കൊല്ലുവാൻ ഓർക്കുന്നു. ശിബിരത്തിൽ ചെന്നപ്പോൾ ദുർദ്ദർശനാകൃതിയായ രാക്ഷസൻ നില്ക്കുന്നതു കാണുന്നു. എന്ത് അസ്ത്രമെയ്താലും വിഴുങ്ങുന്നവനാണ് അവൻ. അപ്പോൾ ദ്രൗണി രുദ്രനെ സേവിക്കുന്നു. പിന്നെ ഉറങ്ങിക്കിടക്കുന്ന പാഞ്ചാലരെ ഭൃത്യരോടുകൂടി മുടിക്കുന്നു. കൃഷ്ണന്റെ കൗശലത്താൽ പാണ്ഡവന്മാരും സാത്യകിയും ശേഷിക്കുന്നു. മറ്റുള്ളവരൊക്കെ വധിക്കപ്പെടുന്നു. ധൃഷ്ടദ്യുമ്നന്റെ സൂതൻ വർത്തമാനം യുധിഷ്ഠിരനെ അറിയിക്കുന്നു. പിതാവിന്റേയും പുത്രന്മാരുടേയും ആങ്ങളമാരുടേയും വധത്താൽ ദ്രൗപദി ആർത്തയാകുന്നു. അവൾ വരന്മാരുടെ പാർശ്വത്തിൽ പ്രായോപവേശം ചെയ്യുന്നു. ഭീമൻ കോപത്തോടെ ഗുരുപുത്രനെ അന്വേഷിച്ച് ഓടുന്നു. ഭീമഭയത്താൽ ദ്രൗണി അപാണ്ഡവമാക്കുവാൻ അസ്ത്രം അയയ്ക്കുന്നു. അതിന്റെ ശമനത്തിന്ന് അതേ അസ്ത്രംകൊണ്ടുതന്നെ അതിനെ ശമിപ്പിക്കുന്നു. ദ്രൗണി ചൂടുന്ന രത്നവുമായി വിജയികളായി പാണ്ഡവന്മാർ മടങ്ങുന്നു. രത്നം പാഞ്ചാലിക്കു കൊടുക്കുന്നു. ഇത് പത്താമത്തെ പർവ്വമാണ്. എണ്ണൂറ്റിയെഴുപതു ശ്ലോകത്തിലാണ് ഇത് എഴുതിയിട്ടുള്ളത്.

പിന്നെ സ്ത്രീപർവ്വമാണ്. ധൃതരാഷ്ട്രൻ ആയസഭീമനെ പുണർന്ന് തകർക്കുന്നതും, വിദുരൻ സംസാരക്കാടു നീങ്ങും വിധം ധൃതരാഷ്ട്രനെ ഉപദേശിക്കുന്നതും, പിന്നെ അന്തഃപുരത്തോടുകൂടി പടക്കളത്തിലെത്തുന്നതും, വീരപത്നിമാർ ദുഃഖം മൂത്തു വിലപിക്കുന്നതും, ഗാന്ധാരീ ധൃതരാഷ്ട്രന്മാർ ശോകാകുലരാകുന്നതും, മരിച്ചുകിടക്കുന്ന വീരന്മാരെ അവരുടെ പത്നിമാർ കാണുന്നതും, ഗാന്ധാരി വിലപിക്കുന്നതും, അവൾ കോപിച്ച് കൃഷ്ണനെ ശപിക്കുന്നതും, പിന്നെ ധർമ്മജൻ വിധിപ്രകാരം ശവസംസ്കാരങ്ങൾ നടത്തുന്നതും, കുന്തി കർണ്ണന്റെ രഹസ്യം പറയുന്നതും ഇതിലുണ്ട്. ഈ പതിനൊന്നാമത്തെ പർവ്വം വളരെ ദുഃഖകരമാണ്. ഇരുപത്തേഴ് അദ്ധ്യായത്തിൽ എഴുനൂറ്റിയെഴുപത്തഞ്ചു ശ്ലോകത്തിൽ ഇതു വർണ്ണിച്ചിരിക്കുന്നു.

digitized by www.sreyas.in

പന്ത്രണ്ടാമത്തെ ശാന്തിപർവ്വം ബുദ്ധിവിവർത്തനമാണ്.

പിതൃഭ്രാതൃസ്യാലപുത്രമാതുലാദികൾ മരിച്ചതുമൂലം ധർമ്മരാജാവ് വിരക്തനായിത്തീരുന്നു. ശരതല്പത്തിൽ ഭീഷ്മൻ ധർമ്മജനെ ഉപദേശിക്കുന്നു. അതൊക്കെ രാജാക്കന്മാർക്കറിയേണ്ട കാര്യങ്ങളാണ്. ഈ പർവ്വത്തിൽ മുന്നൂറ്റിയിരുപത്തൊമ്പത് അദ്ധ്യായങ്ങളുണ്ട്. പതിനായിരത്തിയെഴുനൂറ്റിയിരുപത്തഞ്ചു ശ്ലോകത്തിലാണ് എഴുതിയിട്ടുള്ളത്.

പിന്നെ അനുശാസനപർവ്വമാണ്. ഭീഷ്മൻ പറഞ്ഞുകൊടുത്ത് കുരുരാജാവായ ധർമ്മപുത്രൻ ധർമ്മാർത്ഥവ്യവഹാരങ്ങൾ ഗ്രഹിക്കുന്നു. പലമാതിരി ദാനത്തിന്റെ ഫലയോഗവിചാരം, ദാനത്തിന്റെ അർഹതാഭേദങ്ങൾ, ദാനത്തിന്റെ വിധിഭേദങ്ങൾ, ആചാരസ്ഥിതികൾ, സത്യത്തിന്റെ പരിനിഷ്ഠ, ഗോബ്രാഹ്മണരുടെ മഹാഭാഗ്യവിചാരം, ദേശകാലങ്ങൾക്കു തക്ക ധർമ്മങ്ങളുടെ മർമ്മം, ഇതൊക്കെ വിസ്തരിച്ച് അനുശാസനത്തിൽ പറയുന്നു. ഭീഷ്മാചാര്യൻ യഥാകാലം സ്വർഗ്ഗാരോഹണം ചെയ്യുന്നതും എല്ലാം ഇതിലുണ്ട്. പതിമൂന്നാമത്തെ പർവ്വമാണ് ഇത്. ഇതിൽ നൂറ്റിനാല്പത്താറദ്ധ്യായമുണ്ട്! എണ്ണായിരം ശ്ലോകത്തിലാണ് ഇതു പറഞ്ഞിട്ടുള്ളത്.

സംവർത്തമരുത്തീയം ഉത്തമമാണ്; സ്വർണ്ണഭണ്ഡാരം ലഭിച്ചതും, പരീക്ഷിത്ത് ജനിച്ചതും, ദ്രൗണിയുടെ അസ്ത്രംമൂലം മരിച്ച അവന് കൃഷ്ണൻ ജീവൻകൊടുത്തതും, അർജ്ജുനൻ പിൻതുണയ്ക്കുമാറ് അശ്വമേധത്തിൽ അശ്വത്തെ വിട്ടതും, അങ്ങുമിങ്ങും ശൂരനൃപന്മാർ സംഗരം ചെയ്തതും, ബഭ്രുവാഹനൻ പോരിൽ അർജ്ജുനനെക്കൊന്ന് ജീവൻ കൊടുക്കുന്നതും, നകുലാഖ്യാനം ചേർന്ന അശ്വമേധികാപർവ്വമാണ് പിന്നത്തെ പർവ്വം. ഇത് അത്ഭുതകരവും ഉത്തമവുമാണ്. നൂറ്റിമൂന്നദ്ധ്യായത്തിൽ മുവ്വായിരത്തിമുന്നൂറ്റിയിരുപതു ശ്ലോകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഇതിൽ തത്ത്വജ്ഞാനം മുനി ഒപ്പിച്ചിട്ടുണ്ട്.

പതിനഞ്ചാമത്തെ പർവ്വം ആശ്രമവാസമാണ്. ധൃതരാഷ്ട്രൻ രാജ്യം ഉപേക്ഷിച്ച് വിദുരനോടും ഗാന്ധാരിയോടുംകൂടി ആശ്രമം പൂകുന്നതും അവർ പോകുമ്പോൾ കുന്തി കൂടെ ഇറങ്ങുന്നതും, മരിച്ച പുത്രപൗത്രന്മാരും മറ്റു രാജാക്കന്മാരും, പരലോകം ഗമിച്ചവർ, തിരിച്ചുവന്നതായി പരാശരപുത്രാനുഗ്രഹം കൊണ്ട് കാണുന്നതും, ദുഃഖംവിട്ട് ഭാര്യമാരോടുകൂടി പരമപദത്തെ പ്രാപിക്കുന്നതും ഇതിൽ വിവരിച്ചിരിക്കുന്നു. അപ്രകാരം വിദുരനും ഗതിപ്രാപിക്കുന്നു. അപ്രകാരം മന്ത്രിമാരും, സഞ്ജയനും, പരലോകം പ്രാപിക്കുന്നു. നാരദൻ വരുന്നതിനെ യുധിഷ്ഠിരൻ കാണുന്നു. വൃഷ്ണികൾ നശിച്ചതായി നാരദനിൽനിന്നറിയുന്നു. ആശ്രമവാസപർവ്വം ഇതാണ്. അത്ഭുതകരമാണ്. നാല്പത്തിരണ്ടദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. ആയിരത്തഞ്ഞൂറു ശ്ലോകം ഇതിലുണ്ട്.

പിന്നെ മൗസലപർവ്വമാണ്. വൃഷ്ണീവീരന്മാർ ശസ്ത്രം കൊണ്ടു മുടിയുന്നു. ബ്രഹ്മദണ്ഡത്താൽ കടൽക്കരയിൽവെച്ച് എല്ലാവരും മദ്യംകുടിച്ചു മദമത്തരായി ഏരകാകാരവജ്രംകൊണ്ട് പരസ്പരം കൊല്ലുന്നു. ഇപ്രകാരം കാലം എല്ലാറ്റിനേയും നശിപ്പിച്ചു. ദേവശ്രീമാന്മാരായ രാമകൃഷ്ണന്മാരും കാലത്തിന്റെ ശക്തിക്കു വിധേയരായി. അർജ്ജുനൻ ദ്വാരകയിൽ പോയി, വൃഷ്ണീവീരന്മാർ ഒഴിഞ്ഞതായിക്കണ്ട്, വളരെ വിഷണ്ണനായി.

അമ്മാവനായ വാസുദേവന്റെ സംസ്കാരകർമ്മം ചെയ്ത് പാനശാലയിൽചെന്നപ്പോൾ യാദവന്മാർ മരിച്ചുകിടക്കുന്ന കിടപ്പുകണ്ടു. രാമകൃഷ്ണന്മാരുടെ പൂമെയ്യുകൾ സംസ്കരിച്ചു മറ്റു വൃഷ്ണികളുടേയും സംസ്കാരം കഴിഞ്ഞിട്ട് ആ ദ്വാരകയിലുള്ള വൃദ്ധബാലജനങ്ങളേയുംകൊണ്ടു പോരുമ്പോൾ അർജ്ജുനൻ ഗാണ്ഡീവത്തിന്റെ തോൽവി കണ്ടു. സർവ്വദിവ്യാസ്ത്രങ്ങളും തെളിയാതായി. വൃഷ്ണിസ്ത്രീനാശവും പ്രഭാവാദിനാശവും നിത്യഭാവവും കണ്ട് നിർവ്വിർണ്ണമതിയായി വ്യാസൻ പറയുകയാൽ ധർമ്മരാജാവിനെക്കണ്ട് സന്യസിപ്പാനൊരുങ്ങി. പതിനാറാമത്തെ പർവ്വമായ മൗസലമാണിത്. എട്ട് അദ്ധ്യായത്തിലായി മുന്നൂറ്റിയിരുപത് ശ്ലോകം ഇതിലുണ്ട്.

പിന്നെ പതിനേഴാമത്തെ പർവ്വം മഹാപ്രസ്ഥാനികമാണ്. രാജ്യം വിട്ട് പാണ്ഡവന്മാർ ദ്രൗപദിയോടുകൂടി മഹാപ്രസ്ഥാനം ആരംഭിച്ചു. അവർ ചെങ്കടലിൽ ചെന്ന് അഗ്നിയെ കണ്ടു. വഹ്നി ചോദിക്കയാൽ പാണ്ഡവൻ പ്രാജ്യമായ ഗാണ്ഡീവംവില്ലു നല്കി. പിന്നെ ഭ്രാതാക്കളും പാഞ്ചാലിയും വീണു. എന്നാലും ധർമ്മരാജാവ് തിരിഞ്ഞുനോക്കാതെ നടന്നു. ഇത് പതിനേഴാമത്തെ പർവ്വമാണ്. ഇതിൽ മൂന്ന് അദ്ധ്യായമേയുള്ളു. തത്ത്വജ്ഞനായ മുനിയാൽ കല്പിക്കപ്പെട്ട മുന്നൂറ്റിയിരുപതു ശ്ലോകമാണ് ഇതിലുള്ളത്.

പിന്നെ സ്വർഗ്ഗാരോഹണപർവ്വമാണ്. ഇത് മുഖ്യമായതും ശ്ലാഘ്യമായതും അമാനുഷമായതുമാണ്.

സ്വർഗ്ഗത്തിൽനിന്നു വിമാനം വന്നു. എന്നാലും കൂടെയുള്ള നായയെ കയറ്റാതെ താൻ കേറുന്നത് നൃശംസ്യമാകയാൽ ധർമ്മജൻ കയറാൻ സമ്മതിച്ചില്ല. ചാഞ്ചല്യമറ്റ അവന്റെ ബുദ്ധി ധർമ്മരാജാവുകണ്ടു. നായയുടെ രൂപംവിട്ടു സ്വന്തരൂപം കാട്ടി. സ്വർഗ്ഗത്തിൽ ചെന്ന് വിവിധമായ ദുർഗ്ഗയാതനയോടുകൂടി ധർമ്മജൻ നരകം കണ്ടു. ദേവദൂതന്റെ മായയാൽ, ആ നരകത്തിൽ തമ്പിമാർ കിടന്ന് നരകവേദന അനുഭവിക്കുന്നതു കണ്ടു. തന്റെ തമ്പിമാർ നരകത്തിൽ യാതനാദേഹമെടുത്ത് സഹിക്കാത്ത വേദനയോടെ നിലവിളിക്കുന്നത് ധർമ്മജൻ കേട്ടു. ധർമ്മജനും ഇന്ദ്രനും വ്യാജരൂപത്തിൽ കർമ്മഫലം കാട്ടിയതായിരുന്നു അത്.

സ്വർഗ്ഗംഗയിൽ കുളിച്ച് സ്വർഗ്ഗിദേഹം സ്വീകരിച്ച് പാണ്ഡവൻ സ്വധർമ്മസിദ്ധമായ സ്ഥാനം സ്വർഗ്ഗത്തിൽ പ്രാപിച്ചു. ഇന്ദ്രാദിദേവകളാൽ പൂജിതനായി അവിടെ ധർമ്മജൻ വാണു. ഇപ്രകാരം വ്യാസമുനി പതിനെട്ടാമത്തെ പർവ്വവും രചിച്ചു. ഇതിൽ അഞ്ച് അദ്ധ്യായമാണ്; ഇരുനൂറ്റിയൊമ്പതു ശ്ലോകമാണ് വ്യാസമഹർഷി രചിച്ചത്, താപസന്മാരേ!

ഇപ്രകാരം പതിനെട്ട് പർവ്വമുണ്ട് മഹാഭാരതത്തിൽ. ഹരിവംശവും ഭവിഷ്യവും അനുബന്ധങ്ങളിൽ പറഞ്ഞു. പന്തീരായിരം ശ്ലോകങ്ങൾ വ്യാസൻ അനുബന്ധത്തിൽ തീർത്തു. ഇപ്രകാരമാണു ഭാരതത്തിലെ പർവ്വസംഗ്രഹം.

പതിനെട്ട് അക്ഷൗഹിണിയാണ് രണത്തിന്നു വന്നു ചേർന്നത്. ആ മഹാഘോരമായ രണം പതിനെട്ടുദിവസം നടന്നു. നാലുവേദങ്ങളും ഉപനിഷത്തോടുകൂടി അറിയുന്നവനായാലും ഈ മഹാഭാരതാഖ്യാനം അറിയാതെ പണ്ഡിതനാകയില്ല. വ്യാസനിർമ്മിതമായ ഈ കാവ്യം അർത്ഥശാസ്ത്രമാണ്, ധർമ്മശാസ്ത്രമാണ്, കാമശാസ്ത്രമാണ്. ഈ മഹാഭാരതം കേൾക്കുന്നവന് മറ്റ് ശ്രവ്യകാവ്യങ്ങളൊന്നും രുചിക്കയില്ല. കുയിൽനാദം കേൾക്കുന്നവന് ഉഗ്രമായ കാകധ്വനി രുചിക്കയില്ലല്ലോ!

ഈ ഇതിഹാസത്തിൽനിന്ന് കവിബുദ്ധികൾ പഞ്ചഭൂതത്തിൽനിന്നു സൃഷ്ടിത്രയങ്ങൾ എന്നപോലെ ഉത്ഭവിക്കും. ഈ ആഖ്യാനം വിഷയമായിട്ടാണ് പുരാണങ്ങൾ ഹേ, വിപ്രരേ! അന്തരീക്ഷം വിഷയമായി നാലുവഴിക്ക് പ്രജകൾപോലെ നില്ക്കുന്നത്. ക്രിയാഗുണങ്ങൾക്കൊക്കെ ഈ ആഖ്യാനമാണ് ആശ്രയം. സർവ്വ ഇന്ദ്രിയങ്ങൾക്കും അന്തഃകരണക്രിയ എന്നപോലെ ഈ ആഖ്യാനമാണ് ആശ്രയം. ഈ ആഖ്യാനത്തോടു ചേരാത്ത കഥയൊന്നും ഭൂമിയിലില്ല; ആഹാരമൊന്നുമില്ലാതെ ദേഹത്തിന്റെ നിലനില്പ് അസാദ്ധ്യമാണല്ലോ. അതുപോലെ ഈ ആഖ്യാനം കവിവരർക്കൊക്കെ ഉപജീവനമാണ്. അഭിവൃദ്ധിക്ക് ഇച്ഛിക്കുന്നവർക്ക് അഭിജാതനായ യജമാനൻ എന്നപോലെ ആശ്രയമാണ് ഈ കാവ്യം. ഈ കാവ്യത്തേക്കാൾ മെച്ചപ്പെട്ട മറ്റൊന്നു ചമയ്ക്കുവാൻ പോന്ന കവികളാരും ഭൂമിയിൽ ഇല്ല.

സൽഗൃഹസ്ഥനിൽ മറ്റുള്ള മൂന്ന് ആശ്രമങ്ങളും എന്നപോലെ നിങ്ങൾക്ക് ധർമ്മത്തിൽ ഉദ്യമം ഉണ്ടാവട്ടെ. ധർമ്മം ഒന്നുമാത്രമേ പരമഗതിക്ക് സഹായിക്കുകയുള്ളു. അർത്ഥം അംഗന എന്നിവ മിടുക്കോടെ വേണ്ടപോലെ കൂട്ടിയിണക്കിനിർത്തിയാലും അവ ബന്ധുസ്ഥിതിക്ക് ഉതകുകയും നിലനില്ക്കുകയും

digitized by www.sreyas.in

ചെയ്യണമെങ്കിൽ ധർമ്മം സ്വീകരിക്കുകതന്നെ വേണം. എന്നാലേ നിലനില്ക്കുകയുള്ളു.

ദ്വൈപായനന്റെ ചുണ്ടിൽനിന്നു പുറപ്പെട്ട് ഉയർന്നുപരന്നതും, പാപനാശകരവും, സുകൃതപ്രദവും, പരമവും, വിശുദ്ധവുമായ ഈ ഭാരതം കുറച്ചെങ്കിലും കേൾക്കുന്നവന്ന് പിന്നെ എന്തിനാണ് സ്വർഗ്ഗംഗാസ്നാനം?

ഇന്ദ്രിയംവഴിയായി വിപ്രൻ പകൽ ചെയ്യുന്ന പാപങ്ങളൊക്കെയും അന്തിക്ക് ഈ ഭാരതം വായിച്ചാൽ തീരുന്നതാണ്. രാത്രി ചെയ്യുന്ന പാപമൊക്കെ, മനസ്സുകൊണ്ടും, വാക്കുകൊണ്ടും ചെയ്യുന്നപാപമൊക്കെ, പുലർച്ചയ്ക്ക് ഈ ഭാരതം വായിച്ചാൽ തീർന്നുപോകും.

പൊന്നുകൊണ്ട് കൊമ്പുകൾ പൊതിഞ്ഞ നൂറു പശുക്കളെ വേദജ്ഞനും അറിവുള്ളവനും ആയ ദ്വിജന്ന് ദാനംചെയ്യുന്നവന്നും ഈ പുണ്യമായ ഭാരതമഹാകഥ കേൾക്കുന്നവന്നും സമാനമായ ഫലമാണ് സിദ്ധിക്കുക. പൊരുൾപ്പരപ്പേറിയ ആഖ്യാനം ഉൾക്കൊള്ളുന്ന അതിലഘുവായ പർവ്വസംഗ്രഹം കേൾക്കുന്നവന്ന് സമുദ്രതരണം ചെയ്യുന്നതിന്ന് പ്ലവം എന്നപോലെ സംസാരസാഗരം കടക്കുന്നതിന്ന് ഈ മഹാഗ്രന്ഥം വലിയ ഒരു അനുഗ്രഹമായി ഭവിക്കും!"

പൗഷ്യപർവ്വം

3. പൗഷ്യചരിതം – സൂതൻ പറഞ്ഞു: "പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ സോദരന്മാരായ ശ്രുതസേനൻ, ഉഗ്രസേനൻ, ഭീമസേനൻ എന്നീ മൂന്നുപേരോടുംകൂടി കുരുക്ഷേത്രത്തിൽവച്ച് ദീർഘകാലംകൊണ്ട് അവസാനിക്കുന്ന ഒരു സത്രം ആരംഭിച്ചു. സത്രം നടന്നുകൊണ്ടിരിക്കെ ഒരു നായ യാഗശാലയിൽ കടന്നുചെന്നു.

ജനമേജയന്റെ സോദരന്മാർ അവനെ പ്രഹരിച്ച് ഓടിച്ചു. അവൻ കരഞ്ഞുകൊണ്ട് അവന്റെ അമ്മയുടെ അരികെ ചെന്നു. മകൻ കരയുന്നതിന്റെ കാരണമെന്താണെന്ന് അമ്മ ചോദിച്ചു. അവൻ പറഞ്ഞു: "ജനമേജയന്റെ സോദരന്മാർ എന്നെ അടിച്ചു, അമ്മേ!"

അമ്മ പറഞ്ഞു: "അവർ വെറുതെ നിന്നെ അടിച്ചതാവില്ല. തക്കതായ വല്ല തെറ്റും നീ ചെയ്തിരിക്കും."

അവൻ പറഞ്ഞു: "ഇല്ല അമ്മേ, ഞാൻ ഒരു തെറ്റും ചെയ്തില്ല. ഹവിസ്സ് നോക്കീട്ടുമില്ല, നക്കീട്ടുമില്ല."

ഇതുകേട്ട് അവന്റെ അമ്മ സരമ പുത്രദുഃഖത്താൽ ആർത്തയായി, ജനമേജയൻ സോദരന്മാരോടുകൂടി ദീർഘസത്രം നടത്തുന്ന സ്ഥലത്തേക്കു കയറിച്ചെന്നു. അവൾ കോപത്തോടെ അവരോടു ചോദിച്ചു: "എന്റെ മകൻ ഒരു തെറ്റും ചെയ്യാതെ എന്തിന് നിങ്ങൾ അവനെ അടിച്ചു? അവൻ ഹവിസ്സ് നോക്കിയിട്ടില്ല; നക്കിയിട്ടുമില്ല. പിന്നെ എന്തിന് അവനെ അടിച്ചു?" ജനമേജയനാകട്ടെ സഹോദരന്മാരാകട്ടെ സരമയുടെ ചോദ്യത്തിന്ന് യാതൊരു മറുപടിയും പറഞ്ഞില്ല. സരമ ക്രുദ്ധയായി ജനമേജയനെ ശപിച്ചു: "കുറ്റം ചെയ്യാത്ത എന്റെ മകനെ അടിച്ചതുകൊണ്ട് അവിചാരിതമായ ഭയം നിനക്കുണ്ടാകട്ടെ!"

ദേവശുനകിയായ സരമ ഇങ്ങനെ പറഞ്ഞപ്പോൾ ജനമേജയൻ സംഭ്രമിച്ച് വിഷാദകലുഷിതനായിത്തീർന്നു. അവൻ ആ സത്രം കഴിഞ്ഞ ഉടനെ ഹസ്തിനപുരിയിലെത്തി തന്റെ പാപം ശമിപ്പിക്കുവാൻ തക്ക ഒരു പുരോഹിതനെ കിട്ടുന്നതിന്നു ശ്രമം തുടങ്ങി.

ഒരു ദിവസം ജനമേജയൻ നായാട്ടിന്നു പോയി. കാട്ടിൽ ചെന്നപ്പോൾ ഒരു ആശ്രമം കണ്ടെത്തി. ശ്രുതശ്രവസ്സ് എന്നുപേരായ ഒരു മഹർഷിയുടെ ആശ്രമമായിരുന്നു അത്. ആ മഹർഷിക്ക് സോമശ്രവസ്സ് എന്നുപേരായി തപോനിഷ്ഠയുള്ള ഒരു പുത്രനുണ്ടായിരുന്നു. ജനമേജയൻ മഹർഷിയുടെ അടുത്തു ചെന്നു വിവരം ധരിപ്പിച്ച് സോമശ്രവസ്സിനെ പൗരോഹിത്യത്തിന്നായി തന്റെ കൂടെ കൊണ്ടുപോകുവാൻ അഭ്യർത്ഥിച്ചു. മഹർഷി പറഞ്ഞു: "ഹേ രാജാവേ, എന്റെ ഈ പുത്രൻ സർപ്പസ്ത്രീയിൽ ജനിച്ചവനാണ്. എന്റെ തപോവീര്യത്താൽ ഭരിക്കപ്പെട്ടവനാണ് ഈ പുത്രൻ. അവന്റെ അമ്മ എന്റെ ശുക്ലം പാനം ചെയ്യുകയാൽ അവളുടെ വയറ്റിൽ ഉണ്ടായവനാണ് ഇവൻ. മഹാദേവകൃത്യയെ ഒഴിച്ച് അങ്ങയ്ക്കുള്ള സകല പാപകൃത്യകളേയും ശമിപ്പിക്കുവാൻ ഇവൻ സമർത്ഥനാണ്. ഇവന്ന് ഗൂഢമായി ഒരു വ്രതമുണ്ട്. ഒരു ബ്രാഹ്മണൻ ഇവനെ സമീപിച്ച് എന്തെങ്കിലും അപേക്ഷിച്ചാൽ അത് ഇവൻ സാധിപ്പിക്കും. അതിന് നിനക്കു വിരോധമില്ലെങ്കിൽ ഭവാന് ഇവനെ കൊണ്ടുപോകാം." ജനമേജയൻ "മഹർഷേ! അപ്രകാരം ചെയ്യാം!" എന്നു മറുപടി പറഞ്ഞു.

ജനമേജയൻ സോമശ്രവസ്സോടുകൂടി തിരിച്ചുപോയി. സോദരന്മാരോടു പറഞ്ഞു: "ഇദ്ദേഹത്തെ ഞാൻ ഉപാദ്ധ്യായനായി വരിച്ചിരിക്കുന്നു. ഇദ്ദേഹം ആവശ്യപ്പെടുന്നത് നിങ്ങൾ ഉടനെ സാധിപ്പിച്ചുകൊടുക്കണം."

ജനമേജയൻ പറഞ്ഞതുപോലെ സഹോദരന്മാർ പുരോഹിതന്റെ ഹിതം അനുവർത്തിച്ചു. ജനമേജയൻ പുരോഹിതനെ സോദരന്മാരുടെ അടുത്ത് ഏല്പിച്ച് തക്ഷശിലയിലേക്കുപോയി. ആ രാജ്യം കീഴടക്കുകയും ചെയ്തു.

അക്കാലത്ത് അവിടെ 'ആയോദ'ധൗമ്യൻ എന്ന ഒരു മഹർഷി താമസിച്ചിരുന്നു. അദ്ദേഹത്തിന്ന് ഉപമന്യു, ആരുണി, വേദൻ എന്ന് മൂന്നു ശിഷ്യന്മാരുണ്ടായിരുന്നു. ഇവരിൽ പാഞ്ചാല്യനായ ആരുണിയെ ഗുരു നെൽപ്പാടത്തു വരമ്പുകെട്ടി ഉറപ്പിച്ച് വെള്ളം തടഞ്ഞുനിർത്തുവാൻ നിയോഗിച്ചു.

ഗുരുവിന്റെ കല്പനപ്രകാരം അവൻ പോയി. ചിറവരമ്പു കെട്ടുവാൻ ശ്രമിച്ചിട്ടും അവന്നു കഴിഞ്ഞില്ല. ഉടനെ വളരെ പണിപ്പെട്ടു നോക്കിയിട്ടും അതിനു കഴിയാതായപ്പോൾ അവന്ന് ഒരു സൂത്രം തോന്നി, അപ്രകാരം ചെയ്തു. വരമ്പിന്റെ സ്ഥാനത്ത് അവൻ കിടന്നു. അപ്പോൾ വെള്ളം തടഞ്ഞുനിന്നു. കുറെ കഴിഞ്ഞിട്ടും ആരുണിയെ കാണാതെ ധൗമ്യൻ ശിഷ്യന്മാരോടുചോദിച്ചു: "പാഞ്ചാലദേശക്കാരനായ ആരുണി എവിടെപ്പോയി?" ശിഷ്യന്മാർ പറഞ്ഞു: "ഗുരോ! അവിടുന്നാണല്ലോ അവനെ പാടത്ത് വരമ്പുകെട്ടുവാൻ അയച്ചത്!" ഇതുകേട്ട് അദ്ദേഹം പറഞ്ഞു: "നാം അവനെ അന്വേഷിക്കുക, അവൻ പോയ വഴി അന്വേഷിച്ചു പോവുക." അവർ പാടത്ത് വരമ്പത്തു ചെന്നു. ഗുരുവിന്റെ ശബ്ദംകേട്ട് അവൻ അവിടെനിന്ന് എഴുന്നേറ്റ് ചെന്ന് ഗുരുവിനെ നമസ്കരിച്ചുനിന്ന് പറഞ്ഞു: "ഗുരോ വെള്ളത്തിന്റെ ഗതി തടഞ്ഞുനിർത്തുവാൻ കഴിയാത്തതുകൊണ്ട് ഞാൻ അവിടെ വെള്ളം തടയുവാൻ കിടന്നു, ഭഗവാന്റെ ശബ്ദം കേട്ടപ്പോൾ വരമ്പുപിളർന്ന് ഞാൻ ഇതാ വന്നു! ഞാൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു! ഞാൻ എന്തുചെയ്യണമെന്നു കല്പിച്ചാലും!" ഇതുകേട്ട് ഉപാദ്ധ്യായൻ പറഞ്ഞു: "നീ വരമ്പു പിളർന്ന് എഴുന്നേറ്റതുകൊണ്ട് നിനക്ക് 'ഉദ്ദാലകൻ' എന്ന പേര് പ്രസിദ്ധമാകട്ടെ! ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. ഞാൻ പറഞ്ഞതു നീ ചെയ്തതുകൊണ്ട് നിനക്കു ശ്രേയസ്സുണ്ടാകട്ടെ! എല്ലാ വേദങ്ങളും സർവ്വധർമ്മശാസ്ത്രങ്ങളും നിന്നിൽ പ്രകാശിക്കുകയും ചെയ്യട്ടെ!" ഉപാദ്ധ്യായൻ ഇപ്രകാരം അനുഗ്രഹിച്ച് യഥേഷ്ടം പോവുകയും ചെയ്തു.

പിന്നെ ധൗമ്യൻ ഉപമന്യുവിനെ വിളിച്ച് പശുക്കളെ മേയ്ക്കുവാൻ അയച്ചു. അവൻ പകലൊക്കെ പശുക്കളെ മേച്ച് സന്ധ്യയ്ക്ക് ഗൃഹത്തിലെത്തി. ഉപാദ്ധ്യായന്റെ അടുത്തുചെന്നു നമസ്കരിച്ചു. അങ്ങനെ കഴിയവേ ഒരു ദിവസം ഗുരു അവനോടു ചോദിച്ചു: "ഉണ്ണീ, ഉപമന്യൂ! നീ നല്ലവണ്ണം തടിച്ചിരിക്കുന്നുവല്ലോ, എന്തു തിന്നാണ് നീ ജീവിക്കുന്നത്?"

ഉപമന്യു പറഞ്ഞു: "ഞാൻ ഭിക്ഷ വാങ്ങി ഉപജീവിക്കുകയാണ്."

ഉപാദ്ധ്യായൻ പറഞ്ഞു: "ഭിക്ഷ കിട്ടിയത് എനിക്കു കൊണ്ടുവന്നു തരാതെ നീ ഭക്ഷിക്കരുത്."

digitized by www.sreyas.in

ഇതുകേട്ടതിന്നുശേഷം അവൻ ഭിക്ഷകിട്ടുന്നത് ഉപാദ്ധ്യായന്നു കൊണ്ടുപോയി കൊടുത്തുകൊണ്ടിരുന്നു. അവന്റെ കൈയിൽനിന്നു ഭിക്ഷകിട്ടിയതൊക്കെ ഗുരു വാങ്ങിവെച്ചു. അവന്റെ ഭക്ഷണത്തെപ്പറ്റി ഗുരു ഒന്നും പറഞ്ഞുമില്ല, കൊടുത്തുമില്ല. പകലൊക്കെ ഉപമന്യു പശുക്കളെ മേച്ച് സന്ധ്യയ്ക്കു ഗുരുകുലത്തിലെത്തി ഉപാദ്ധ്യായന്റെ അടുത്തുചെന്ന് നമസ്കരിച്ചു. അവൻ മുമ്പത്തെപ്പോലെ തടിച്ചിരിക്കുന്നതുകണ്ട്, ഉപാദ്ധ്യായൻ ചോദിച്ചു: "ഉണ്ണീ, നിനക്കു കിട്ടിയ ഭിക്ഷ മുഴുവൻ ഞാൻ വാങ്ങുന്നുണ്ട്. പിന്നെ നീ എങ്ങനെ ഉപജീവിക്കുന്നു?"

ഉപമന്യു പറഞ്ഞു: "മുമ്പുകിട്ടിയ ഭിക്ഷയൊക്കെ അങ്ങയ്ക്കുകൊണ്ടുവന്നുതന്നിട്ട് പിന്നെ ഞാൻ വീണ്ടും ഭിക്ഷവാങ്ങി കഴിയുകയാണ്."

ഇതുകേട്ട് ഗുരു അവനോടു പറഞ്ഞു: "ഇത് ഉചിതമായ ഗുരുവൃത്തിയല്ല. നീ മറ്റ് ഭിക്ഷോപജീവികളുടെ ജീവിതവൃത്തിക്കു തടസ്സമുണ്ടാക്കുന്നു. ഇങ്ങനെ കഴിയുന്ന നീ ലുബ്ധനാണ്!" ഗുരുവിന്റെ വാക്കുകേട്ട് അവൻ പോയി. പശുക്കളെ മേച്ച് സന്ധ്യയ്ക്കു മടങ്ങിയെത്തി ഗുരുഗൃഹത്തിൽ വസിച്ചു.

പിന്നെ ഗുരു ഒരിക്കൽ ചോദിച്ചു: "ഉണ്ണീ, ഉപമന്യൂ! നിന്റെ ഭിക്ഷ മുഴുവൻ ഞാൻ വാങ്ങുന്നുണ്ട്. നീ വീണ്ടും ഭിക്ഷയ്ക്കു പോകുന്നുമില്ല. നല്ലവണ്ണം നിന്റെ ദേഹം തടിച്ചിരിക്കുന്നുമുണ്ട്. എന്തു തിന്നാണ് നീ ജീവിക്കുന്നത്?"

ഉപമന്യു പറഞ്ഞു: "ഗുരോ, ഞാൻ ഈ പശുക്കളുടെ പാൽ മാത്രം കുടിച്ചാണ് ഉപജീവിക്കുന്നത്."

ഉപാദ്ധ്യായൻ പറഞ്ഞു: "അത് നീ ഉപയോഗിക്കുന്നതു ന്യായമല്ല. ഞാൻ അനുവദിച്ചിട്ടില്ല."

അവൻ പതിവുപോലെ പശുക്കളെ മേച്ചു മടങ്ങിയെത്തി. ഗുരുവിനെ വന്ദിച്ച് ആശ്രമത്തിൽ താമസിച്ചു. അവൻ അപ്പോഴും തടിച്ചിരിക്കുന്നതുകണ്ട് ഗുരു ചോദിച്ചു. "ഉണ്ണീ, ഉപമന്യൂ! നീ ഭിക്ഷ ഭക്ഷിക്കുന്നില്ല. രണ്ടാമതും ഭിക്ഷ വാങ്ങുന്നില്ല. പാൽ കുടിക്കുന്നില്ല. എന്നിട്ടും തടിക്കു യാതൊരു കുറവുമില്ല! ഇപ്പോൾ നീ എന്തു തിന്നാണ് ജീവിക്കുന്നത്?"

ഇതുകേട്ട് അവൻ ഉപാദ്ധ്യായനോടു പറഞ്ഞു: "ഗുരോ! പശുക്കുട്ടികൾ തള്ളയുടെ മുല കുടിക്കുമ്പോൾ വായിൽനിന്നു പുറത്തേക്ക് ഒഴുകുന്ന നുരയാണ് ഞാൻ കഴിക്കുന്നത്."

ഉപാദ്ധ്യായൻ പറഞ്ഞു: "ഗുണമുള്ള ഈ പശുക്കുട്ടികൾ നിന്നോടു കൃപകാണിച്ചു നരകിക്കുന്നുണ്ടാകും. നീ ഇപ്രകാരം ചെയ്ത് പശുക്കുട്ടികളുടെ ജീവിതത്തിന്നു വിഘാതമുണ്ടാക്കുകയാണ്. നുരയും നീ ഭക്ഷിക്കരുത്."

ഉപമന്യു പറഞ്ഞു: "അപ്രകാരമാകാം."

ഇങ്ങനെ ഗുരുവിന്റെ നിരോധനംമൂലം ഉപമന്യു ഭിക്ഷ ഭക്ഷിക്കാറില്ല; രണ്ടാമത് ഭിക്ഷ ഏല്ക്കാറില്ല; പാൽ കുടിക്കാറില്ല; നുരയും കഴിക്കാറില്ല! അങ്ങനെ വിശപ്പു സഹിക്കവയ്യാതെ നടക്കുമ്പോൾ അവൻ കാട്ടിൽവെച്ച് എരിക്കില പറിച്ചുതിന്നു. 'ക്ഷാരതിക്തകടുകങ്ങളും തീക്ഷ്ണവിപാകങ്ങളു'മായ എരിക്കിലകൾ തിന്നതുമൂലം നേത്രരോഗം പിടിപെട്ട് അവന്റെ കണ്ണുരണ്ടും പൊട്ടി. അന്ധനായി സഞ്ചരിക്കെ അവൻ ഒരു പൊട്ടക്കിണറ്റിൽ ചെന്നുവീണു.

സൂര്യൻ അസ്തമിച്ചിട്ടും അവൻ മടങ്ങിവരാഞ്ഞതുകണ്ടപ്പോൾ ഉപാദ്ധ്യായൻ "ഉപമന്യു വന്നില്ലല്ലോ!" എന്ന് ശിഷ്യരോടു പറഞ്ഞു. "അവൻ കാട്ടിൽ പശുക്കളെ മേയ്ക്കുവാൻ പോയിരിക്കയാണ്" എന്ന് ശിഷ്യർ പറഞ്ഞു.

ഉപാദ്ധ്യായൻ പറഞ്ഞു: "ഞാൻ എല്ലാ കാര്യത്തിലും ഉപമന്യുവിനെ തടഞ്ഞിരുന്നതുകൊണ്ട് അവൻ ഇടഞ്ഞിട്ട് കോപം മൂലം വരാത്തതാകും. എന്നാൽ അന്വേഷിക്കുകതന്നെ!"

ഉപാദ്ധ്യായനും ശിഷ്യന്മാരുംകൂടി കാട്ടിൽച്ചെന്ന്, ചുറ്റിത്തിരിഞ്ഞ് അന്വേഷിച്ചു. ഉപാദ്ധ്യായൻ ഉറക്കെ വിളിച്ചു: "ഉണ്ണീ, ഉപമന്യൂ! നീ എവിടെയാണ്? വരൂ!"

ഗുരുവിന്റെ ഒച്ചകേട്ട് ഉപമന്യു വിളിച്ചു പറഞ്ഞു: "ഇതാ ഞാൻ കിണറ്റിൽ വീണുകിടക്കുകയാണ്."

ഉപാദ്ധ്യായൻ പറഞ്ഞു: "നീ എങ്ങനെ കിണറ്റിൽ വീണു?"

ഉപമന്യു പറഞ്ഞു: "എരിക്കില തിന്ന് കണ്ണുപൊട്ടുകയാൽ ഞാൻ കിണറ്റിൽ വീണുപോയി!"

ഉപാദ്ധ്യായൻ പറഞ്ഞു: "ദേവവൈദ്യന്മാരായ അശ്വിനീദേവകളെ സ്തുതിക്കുക! അവർ നിനക്കു കണ്ണുണ്ടാക്കിത്തരും!"

ഗുരു പറഞ്ഞതു കേട്ടിട്ട് ഉപമന്യു ഋക്കുകളെക്കൊണ്ട് അശ്വിനീദേവകളെ സ്തുതിച്ചു:

"അല്ലയോ അശ്വിനീദേവന്മാരേ, നിങ്ങൾ ഇരുവരും മറ്റ് എല്ലാ ദേവന്മാരേക്കാൾ, ആദ്യം ജനിച്ചു. ഹിരണ്യഗർഭത്തിൽനിന്നും നിങ്ങൾ ജനിച്ചു. ദേശം, കാലം, അവസ്ഥ ഇവ നിങ്ങളിൽ മാറ്റമുണ്ടാക്കുന്നില്ല. ഞാൻ തപസ്സാലും വാക്കാലും ആത്മസ്വരൂപരാക്കാൻ ഇച്ഛിക്കുന്നു. നിങ്ങൾ മായയാലും മായരൂഢമായ ചൈതന്യത്താലും പ്രകാശിച്ച് ശരീരരൂപിയായ വൃക്ഷത്തിന്മേൽ പക്ഷിയായിരിക്കുന്നു. നിങ്ങൾ സർവ്വസ്രഷ്ടാക്കളാണ്. സത്വരജസ്തമോഗുണാതീതരാണ്. നിങ്ങൾ 'ജ്യോതിർമയ'രാണ്. നിങ്ങൾ പരബ്രഹ്മസ്വരൂപരാണ്; ജയത്തിന്റെ ലയവും അധിഷ്ഠാനവുമാണ്. നിങ്ങൾ അക്ഷയരാണ്. അഗ്നിയെപ്പോലെ തേജസ്സുള്ളവരും, യഥേഷ്ടം രൂപം മാറുവാനുള്ള തപശ്ശക്തിയുള്ളവരുമാണല്ലോ! സൂര്യപുത്രന്മാരാകയാൽ തേജസ്വികളും, ഗരുഡനെപ്പോലെ വേഗമുള്ളവരും, രജോഗുണം അകന്നവരും, പൊന്മയപ്പക്ഷിതുല്യമായ വിമാനങ്ങളെ സകലഭുവനങ്ങളിലും ഓടിക്കുന്നവരുമാണല്ലോ. ഭക്തന്മാരെ ആപത്തിൽനിന്നു രക്ഷിക്കുവാൻ അന്വേഷിച്ചെത്തുന്നവരാണല്ലൊ നിങ്ങൾ! നിങ്ങൾ കാലത്തെ ജയിച്ചവരാണ്. സൂര്യസ്രഷ്ടാക്കളായി നിങ്ങൾ രാത്രിയും പകലും എന്ന കറുത്തതും വെളുത്തതുമായ നൂലുകളാൽ സംവത്സരരൂപമുള്ള വസ്ത്രം ഉണ്ടാക്കുന്നു. കർമ്മഫലം നേടാനുള്ള മാർഗ്ഗം നിങ്ങൾ പ്രാണികൾക്കു കാണിച്ചുകൊടുക്കുന്നു. ജീവരൂപിയായ പക്ഷിയെ പരമാത്മാവായ കാലം ഗ്രസിച്ചതാണ്. അതിനാൽ മോഹരൂപിയായ സൗഭാഗ്യത്തിനായി നിങ്ങൾ അശ്വിനീരൂപമെടുത്തിരിക്കുന്നു. രാഗാദികളിൽ മുഴുകിയ മൂഢൻ ഇന്ദ്രിയങ്ങളാൽ ബന്ധനസ്ഥനാണ്. അവർ നിങ്ങളെ ദേഹധാരികളായി കണക്കാക്കുന്നു. അങ്ങനെ കണക്കാക്കുന്ന കാലത്തോളം അവർക്ക് മോക്ഷപ്രാപ്തിയുണ്ടാകയില്ല. ദിനരാത്രരൂപികളായ മുന്നൂറ്ററുപതു പശുക്കൾ, എല്ലാറ്റിനും, സൃഷ്ടിക്കും സംഹാരത്തിനും, കാരണമായ ഒരു മൂരിക്കുട്ടിയെ സൃഷ്ടിക്കുന്നു. തത്വജ്ഞർ ഈ പശുക്കുട്ടിയാൽ ജ്ഞാനം കറന്നെടുക്കുന്നു. അശ്വിനികളേ, നിങ്ങളാണ് ആ പശുക്കുട്ടിയുടെ സ്രഷ്ടാക്കൾ. കാലചക്രത്തിന് സംവത്സരരൂപിയായ നേമിയുണ്ട്.

ആ ചക്രത്തിൽ എഴുനൂറ്റിയിരുപത് അരങ്ങൾ ചേർക്കപ്പെട്ടിരിക്കുന്നു. ചക്രനേമി ചലിക്കുകയോ ജീർണ്ണിക്കുകയോ ചെയ്യുന്നില്ല. ചക്രത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്ന കുറ്റിപോലെ അതു കറങ്ങുകമാത്രമേ ചെയ്യുന്നുള്ളു. രണ്ടാമത്തെ ചക്രം എപ്പോഴും സഞ്ചരിക്കുന്നു. ഉറപ്പുകൂടിയ ഒരു അക്ഷത്തിൽ അതു ഘടിപ്പിച്ചിരിക്കുകയാണ്. അതിന്നു പന്ത്രണ്ട് അരങ്ങളും ആറു ചക്രങ്ങളുമുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ രക്ഷണോപകരണമാണ് ആ ചക്രം. സർവ്വോൽകൃഷ്ടമായ ആ മഹാചക്രത്തിൽ എല്ലാ ജീവജാലങ്ങളും സസുഖം വർത്തിക്കുന്നു. അല്ലയോ അശ്വിനീദേവന്മാരേ, ആ രഥം* നയിക്കുന്നവരായ ഭവാന്മാർ അഴലിൽപ്പെട്ടു കുഴങ്ങുന്ന എന്നെ ഉപേക്ഷിക്കരുതേ!

* മുന്നൂറ്ററുപതു രാവും അത്രതന്നെ പകലും ചേർന്നതാണ് എഴുനൂറ്റിയിരുപത് അരങ്ങൾ. അവ സംഘടിക്കപ്പെട്ട ദിവസചക്രം എപ്പോഴും കറങ്ങുന്നു. പന്ത്രണ്ടുമാസങ്ങളാകുന്ന അരങ്ങളും ആറു ഋതുക്കളാകുന്ന ചക്രകൂടങ്ങളും ഉള്ള ഒരു അബ്ദചക്രമാകുന്ന അച്ചുതണ്ടിൽ ചേർക്കപ്പെട്ട കാലമാകുന്ന ചക്രം എപ്പോഴും സഞ്ചരിക്കുന്നു. അതിന്റെ നേതാക്കൾ അശ്വിനീദേവന്മാരാകയാൽ അവർ കാലകർത്താക്കന്മാരാകുന്നു.

digitized by www.sreyas.in

അല്ലയോ അശ്വിനീദേവന്മാരേ, പലതരത്തിലുള്ള കർമ്മവിശേഷങ്ങളോടുകൂടിയ നിങ്ങൾ സോമം എന്ന അമൃതം ജലത്തിൽ ഉണ്ടാക്കുന്നു. നിങ്ങൾ സുമേരുപർവതം വിട്ട് ഭൂമിയെ പ്രാപിക്കുമ്പോൾ ജീവികൾക്കു ശക്തി പ്രദാനംചെയ്യുന്ന മഴയുണ്ടാകുന്നു. (ദേവന്മാർ ഭൂമിയിൽ ഇറങ്ങിവന്ന്, ജീവജാലങ്ങൾക്ക് ആഹാരപദാർത്ഥങ്ങളെ സുഭിക്ഷമാക്കുന്ന സസ്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ മഴപെയ്യിക്കുന്നു എന്നു വേദത്തിൽ പറയുന്നു.)

അല്ലയോ അശ്വിനീദേവന്മാരേ, നിങ്ങൾ പത്തു ദിക്കുകളുടേയും നാഥന്മാരായ ഇന്ദ്രാദികൾക്കും മുൻപിലായി സോമയാഗത്തിൽ ചെന്നെത്തി അനുഭവിക്കുന്നു. പിന്നീടാണ് മറ്റു ദേവന്മാർ അവിടെ പ്രത്യക്ഷമാകുന്നത്. പിന്നെ, ഋഷിമാരും അതിൽ സംബന്ധിക്കുന്നു. അതുകൊണ്ട് എല്ലാ ദേവന്മാരും എല്ലാ 'ഐശ്വര്യ'ത്തിന്നും കാരണഭൂതരായ ഭവാന്മാരെ പ്രകടമായി സ്തുതിക്കുന്നു.

അല്ലയോ അശ്വിനീദേവകളേ, നിങ്ങൾ പല വർണ്ണത്തിലും പല രൂപത്തിലും ഉള്ള രശ്മികളെ വിരചിച്ച് ആ രശ്മികൾകൊണ്ട് സകല ഭവനങ്ങളേയും ആവരണം ചെയ്യുന്നു. ആ രശ്മികൾ അനുസ്യൂതമായി ചരിക്കുന്നു. ആ കാരണത്താൽത്തന്നെ ദേവന്മാരും മനുഷ്യരും ഐശ്വര്യകാരണമായ നിങ്ങളെ സ്തുതിക്കുന്നു.

താമരപ്പൂമാല ധരിക്കുന്ന നാസത്യരായ നിങ്ങളെ ഞാൻ പൂജിക്കുന്നു. പ്രസിദ്ധരും മരണമില്ലാത്തവരും സത്യം, യാഗം, ജലം എന്നിവയെ വർദ്ധിപ്പിക്കുന്നവരുമായ നിങ്ങളെക്കൂടാതെ ദേവന്മാർ വിശിഷ്ടമായ സോമയാഗാദികളിൽ ഹവിസ്സ് അനുഭവിക്കുന്നില്ല. അത്രമേൽ പ്രഹൃഷ്ടരായ ഭവാന്മാരെ ഞാൻ മനസാ പൂജിക്കുന്നു.

മർത്ത്യജീവികൾ ഗർഭസ്ഥരായി, പിറന്ന്, പിന്നെ അമ്മയുടെ മുലപ്പാൽ കുടിച്ച്, ബാല്യം, കൗമാരം, യൗവനം എന്നീ അവസ്ഥകളെ പ്രാപിക്കുന്നു. അശ്വിനീദേവന്മാരായ നിങ്ങളാകട്ടെ അങ്ങനെയല്ലല്ലോ. മുഖസംയോഗംകൊണ്ട് ജാതരാവുകയും നിത്യയൗവനയുക്തരായി കാണപ്പെടുകയും ചെയ്യുന്നു. സ്തന്യപാനാദികളാകട്ടെ മരണധർമ്മമാകട്ടെ നിങ്ങൾക്കില്ല. അങ്ങനെയുള്ള അശ്വിനീദേവകളേ, ജീവിതം ആപത്തിൽപ്പെട്ട എന്നിൽ നിങ്ങൾ കൃപാകടാക്ഷം ചൊരിയണമേ!

"ഏവം മഹത്ത്വം തിളങ്ങീടുമശ്വിനീ-
ദേവകളേ, ഞാൻ നമിച്ചിടുന്നേൻ.
വാക്കിനാൽ നിങ്ങളെ വാഴ്ത്തി സ്തുതിക്കുവാ-
നൊക്കുകയില്ല, ഞാൻ ശക്തനല്ല.
അന്ധനായ്, അന്ധമാം ദുർഘടമാർഗ്ഗത്തിൽ
ഹന്ത! കൂപത്തിൽപ്പതിച്ചുപോയ് ഞാൻ.
ആപത്തിൽപ്പെട്ടൊരീപ്പാവത്തിനാശ്രയം
ആരുള്ളു നിങ്ങളല്ലാതെ മന്നിൽ!"

അവന്റെ കരുണമായ സ്തുതികേട്ട് അശ്വിനീദേവകൾ അവന്ന് ഒരു അപ്പം കൊടുത്തു. "ഇതു തിന്നുക!" എന്നു പറഞ്ഞു. അതു കേട്ട് അവൻ പറഞ്ഞു. "ഭവാന്മാർ പറഞ്ഞതു സത്യമാകയില്ല. ഞാൻ ഗുരുവിന്നു നല്കാതെ കഴിക്കുന്നതല്ല."

അശ്വിനീദേവകൾ പറഞ്ഞു: "മുമ്പ് നിന്റെ ഉപാദ്ധ്യായൻ ഇപ്രകാരം സ്തുതിച്ചപ്പോൾ ഞങ്ങൾ അപ്പം കൊടുത്തു. അതു ഗുരുവിന്നു കൊടുക്കാതെ അദ്ദേഹം തിന്നുകയും ചെയ്തു. ഉപാദ്ധ്യായൻ ചെയ്തതുപോലെ ഭവാനും ചെയ്യുക."

ഉപമന്യു പറഞ്ഞു: "അശ്വിനീദേവകളേ, നിങ്ങൾ എന്നിൽ പ്രസാദിച്ചാലും! എന്നോടു ക്ഷമിച്ചാലും! ഗുരുവിന്നു കൊടുക്കാതെ ഞാൻ ഇതു കഴിക്കുവാൻ വിചാരിക്കുന്നില്ല."

അശ്വിനീദേവകൾ പറഞ്ഞു: "നിന്റെ ഗുരുഭക്തി കണ്ട് ഞങ്ങൾ സന്തോഷിക്കുന്നു. നിന്റെ ഉപാദ്ധ്യായന്റെ പല്ല് കാരിരുമ്പായിത്തീർന്നു. നിന്റെ പല്ലുകൾ സ്വർണ്ണമയമായിത്തീരും. കണ്ണുകൾക്കു കാഴ്ചയുണ്ടാകും. ശ്രേയസ്സുണ്ടാകും." അശ്വിനീദേവകൾ ഇപ്രകാരം പറഞ്ഞപ്പോൾ അവന്റെ കണ്ണുകൾക്കു കാഴ്ചയുണ്ടായി. കിണറ്റിൽനിന്നു കയറി അവൻ ഗുരുവിനെ ചെന്നുകണ്ടു വന്ദിച്ച്, വിവരം അറിയിച്ചു. ഗുരു അവന്റെ നേരെ സന്തോഷിക്കുകയും "അശ്വിനീദേവകൾ പറഞ്ഞതുപോലെ നിനക്കു ശ്രേയസ്സു വരും. സർവ്വവേദങ്ങളും സർവ്വ ധർമ്മശാസ്ത്രങ്ങളും നിന്നിൽ പ്രകാശിക്കും" എന്നു പറയുകയും ചെയ്തു. ഇതാണ് ഉപമന്യുവിന്റെ പരീക്ഷ."

പിന്നെ, ആയോദധൗമ്യന്ന് വേദനെന്ന മറ്റൊരു ശിഷ്യനുണ്ടല്ലോ. അവനെ വിളിച്ച് ഗുരു പറഞ്ഞു: "ഉണ്ണീ, വേദ, നീ എന്റെ കൂടെത്തന്നെ എന്റെ ഗൃഹത്തിൽ കുറച്ചുനാൾ താമസിക്കുക. എന്നെ ശുശ്രൂഷിച്ചു പാർത്താൽ നിനക്കു ശ്രേയസ്സുണ്ടാകും."

അവൻ അതിന്നു വഴങ്ങി വളരെക്കാലം ഗുരുശുശ്രൂഷ ചെയ്തു പാർത്തു ഗുരു ചുമത്തുന്ന ഭാരമെല്ലാം കാളയെപ്പോലെ ചുമന്നു ശീതം, ഉഷ്ണം, വിശപ്പ്, ദാഹം എന്നീ ദുഃഖമൊക്കെ സഹിച്ച് ഒന്നിനും പ്രതികൂലഭാവം കാണിക്കാതെ വളരെക്കാലം കൊണ്ട് ഗുരുവിന്റെ സന്തോഷം സമ്പാദിച്ചു. അദ്ദേഹത്തിന്റെ പ്രസാദംകൊണ്ട് ശ്രേയസ്സും, സർവ്വജ്ഞതയും സമ്പാദിച്ചു. ഇതാണ് വേദന്റെ പരീക്ഷ.

വേദൻ ഉപാദ്ധ്യായന്റെ സമ്മതത്തോടെ ഗുരുകുലംവിട്ട് സമാവർത്തനംചെയ്ത്, ഗൃഹസ്ഥാശ്രമം സ്വീകരിച്ച്, സ്വന്തം ഗൃഹത്തിൽ താമസിക്കുന്ന കാലത്ത് അദ്ദേഹത്തിനും മൂന്നു ശിഷ്യന്മാരുണ്ടായി. അദ്ദേഹം ശിഷ്യരോടു പണിയെടുക്കാനോ ഗുരുശുശ്രൂഷ ചെയ്യാനോ ഒന്നും പറഞ്ഞിരുന്നില്ല. ഗുരുകുലവാസദുഃഖം അറിഞ്ഞിട്ടുള്ള അദ്ദേഹം ശിഷ്യരെ ക്ലേശിപ്പിക്കുവാൻ വിചാരിച്ചില്ല.

കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ വേദൻ എന്ന ബ്രാഹ്മണനെ ജനമേജയനെന്നും പൗഷ്യനെന്നും പേരുള്ള രണ്ടു ക്ഷത്രിയന്മാർ ചെന്ന് ഉപാദ്ധ്യായനായി വരിച്ചു. അദ്ദേഹം ഒരിക്കൽ ശിഷ്യകാര്യത്തിന്നു പുറപ്പെട്ടുപോകുന്ന സമയത്ത് ഉത്തങ്കൻ എന്ന ശിഷ്യനോടു പറഞ്ഞു: "എന്റെ ഗൃഹത്തിൽ എന്തെങ്കിലും ന്യൂനതവന്നാൽ അതു നീ പരിഹരിച്ചുകൊള്ളണം." അങ്ങനെ ഉത്തങ്കനെ ഏല്പിച്ച് വേദൻ ദേശാന്തരം പോയി.

ശുശ്രൂഷാനിരതനായ ഉത്തങ്കൻ ഗുരുവിന്റെ കല്പന നിർവഹിച്ചുകൊണ്ട് ഗുരുകുലത്തിൽ പാർത്തു. ഒരു ദിവസം ഗുരുപത്നികൾ എല്ലാവരുംകൂടി ഉത്തങ്കനെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

"നിന്റെ ഈ ഗുരുപത്നിക്ക് ഋതുകാലമായി. ഉപാദ്ധ്യായൻ അകലെ പോയിരിക്കയാണല്ലോ. അവളുടെ ഋതു നിഷ്ഫലമാകാത്തവിധം നീ പ്രവർത്തിക്കണം. അവൾ വിഷാദിച്ചിരിക്കുകയാണ്."

ഉത്തങ്കൻ പറഞ്ഞു: "സ്ത്രീകൾ പറഞ്ഞാൽ ഈ കൃത്യം ഞാൻ ചെയ്യുകയില്ല. അകൃത്യമാണെങ്കിലും ഇതു ചെയ്യണമെന്ന് ഗുരു എന്നോടു കല്പിച്ചിട്ടുമില്ല."

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഉപാദ്ധ്യായൻ ഗൃഹത്തിൽ തിരിച്ചെത്തി. അദ്ദേഹം അവന്റെ വർത്തമാനം മുഴുവൻ അറിഞ്ഞ് സന്തോഷിച്ചു.

ഗുരു പറഞ്ഞു: "ഉത്തങ്ക! ഉണ്ണീ! നിനക്ക് ഞാൻ എന്തിഷ്ടമാണ് ചെയ്യേണ്ടത്? ധർമ്മാനുസരണം നീ എന്നെ ശുശ്രൂഷിച്ചു. തന്മൂലം നാം തമ്മിൽ പ്രീതി വർദ്ധിച്ചു. ഞാൻ അനുവദിക്കുന്ന ഇഷ്ടമൊക്കെ നിനക്കു കൈവരും. പൊയ്ക്കൊള്ളുക!"

ഉത്തങ്കൻ പറഞ്ഞു: "അങ്ങയ്ക്ക് ഞാൻ എന്തിഷ്ടമാണ് ചെയ്യേണ്ടത്? ഞാൻ തരുന്ന ഗുരുദക്ഷിണ വാങ്ങാത്തപക്ഷം അങ്ങ് അധർമ്മിയാകും. ഞാൻ ഗുരുദക്ഷിണ തന്നില്ലെങ്കിൽ അധർമ്മം എന്നേയും ബാധിക്കും. 'എന്റെ ഇഷ്ടം അങ്ങു സാധിപ്പിച്ചുതന്നില്ല' എന്ന് എനിക്കും 'ഇവൻ ഒന്നും എനിക്കു ദക്ഷിണ തന്നില്ല' എന്ന് അങ്ങയ്ക്കും തോന്നാനും തന്മൂലം വൈര

digitized by www.sreyas.in

ത്തിന്നും സംഗതി വന്നുകൂടും. അതുകൊണ്ട് ഞാൻ ഭവാന്റെ അനുവാദപ്രകാരം ഗുരുദക്ഷിണ ചെയ്യണമെന്നാഗ്രഹിക്കുന്നു."

ഗുരു പറഞ്ഞു: "ഉണ്ണീ, ഉത്തങ്ക! താമസിക്കൂ! വരട്ടെ!"

ഉത്തങ്കൻ പറഞ്ഞു: "അങ്ങയ്ക്ക് ഇഷ്ടമായ ഗുരുദക്ഷിണ എന്തെന്ന് എന്നോടു പറഞ്ഞാലും."

ഉപാദ്ധ്യായൻ പറഞ്ഞു: "ഗുരുദക്ഷിണ ചെയ്യട്ടെ എന്ന് പല പ്രാവശ്യമായി എന്നോടു നീ ചോദിക്കുന്നു. എന്നാൽ അകത്തു ചെന്ന് ഗുരുപത്നിയോട് എന്താണ് ചെയ്യേണ്ടതെന്നു ചോദിക്കുക. അവൾ എന്തു പറയുന്നുവോ, അതു ചെയ്താൽ മതി."

ഉപാദ്ധ്യായൻ പറഞ്ഞപ്രകാരം അവൻ അകത്തുചെന്ന് ഉപാദ്ധ്യായനിയോടു ചോദിച്ചു: "ദേവീ, എനിക്ക് ഗൃഹത്തിലേക്കു പോകുവാൻ ഗുരു അനുവാദം തന്നു. അവിടത്തെ ഇഷ്ടം എന്തെന്നു പറഞ്ഞാലും. ഗുരുദക്ഷിണ ചെയ്തു കടംവീട്ടി പോയാൽക്കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് എന്താണ് ഗുരുദക്ഷിണ വേണ്ടതെന്ന് ഭവതി കല്പിച്ചാലും!" ഇതുകേട്ട് ഗുരുപത്നി ഉത്തങ്കനോടു മറുപടി പറഞ്ഞു: "ഹേ ഉത്തങ്ക! നീ പൗഷ്യരാജാവിന്റെ അടുത്തുചെന്ന് അദ്ദേഹത്തിന്റെ ഭാര്യയായ ക്ഷത്രിയസ്ത്രീ ധരിച്ചിരിക്കുന്ന കുണ്ഡലങ്ങൾ യാചിച്ചു വാങ്ങുക. അതു വാങ്ങിക്കൊണ്ടുവരൂ! ആ കുണ്ഡലങ്ങൾ ധരിച്ച് ബ്രാഹ്മണർക്കു വിളമ്പിക്കൊടുത്താൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ ആഗ്രഹം നീ സാധിപ്പിക്കണം. അങ്ങനെ ചെയ്താൽ നിനക്കു ശ്രേയസ്സുണ്ടാകും. ഇല്ലെങ്കിൽ ശ്രേയസ്സ് എങ്ങനെ ഉണ്ടാകും?"

അവൾ ഇപ്രകാരം പറയുകയാൽ ഉത്തങ്കൻ ഉടനെ പുറപ്പെട്ടു. പോകുന്ന വഴിക്ക് അവൻ വലിയ ഒരു കാളയേയും അതിന്റെ പുറത്ത് തേജസ്വിയായ ഒരു പുരുഷനേയും കണ്ടു. ആ പുരുഷൻ ഉത്തങ്കനെ വിളിച്ചുപറഞ്ഞു: "ഹേ ഉത്തങ്ക, നീ ഈ കാളയുടെ ചാണകം തിന്നുകൊള്ളുക!"

ഉത്തങ്കൻ അതിനു തയ്യാറായില്ല. ഉടനെ ആ പുരുഷൻ വീണ്ടും പറഞ്ഞു: "ഹേ ഉത്തങ്ക! ഭക്ഷിക്കൂ, ഒട്ടും സംശയിക്കേണ്ട. നിന്റെ ഉപാദ്ധ്യായൻ അതു ഭക്ഷിച്ചിട്ടുണ്ട്." ഇതു കേട്ടപ്പോൾ അവൻ "അങ്ങനെയാകാം" എന്നുപറഞ്ഞ് അതിന്റെ മൂത്രവും ചാണകവും ഭക്ഷിച്ചു. പരിഭ്രമത്തോടുകൂടി അവൻ നിന്നുകൊണ്ടുതന്നെ ആചമനംചെയ്ത് നടന്നു. അവൻ ബഹുദൂരം നടന്ന് പൗഷ്യരാജാവിന്റെ അടുത്തുചെന്നു. അദ്ദേഹത്തെ ആശീർവ്വാദംകൊണ്ട് അഭിനന്ദിച്ച് ഉത്തങ്കൻ പറഞ്ഞു: "അർത്ഥിയായിട്ടാണ് ഞാൻ അങ്ങയുടെയടുത്തു വന്നിരിക്കുന്നത്." രാജാവ് ഉത്തങ്കനെ അഭിവാദ്യം ചെയ്തു പറഞ്ഞു: " മഹാനുഭാവ, ഞാൻ പൗഷ്യനാണ്. ഭവാന് എന്താണു വേണ്ടതെന്നു പറഞ്ഞാലും!"

ഉത്തങ്കൻ പറഞ്ഞു: "ഗുരുദക്ഷിണയ്ക്കുവേണ്ടി കുണ്ഡലങ്ങൾ യാചിപ്പാനാണ് ഞാൻ വന്നത്. അങ്ങയുടെ ഭാര്യയായ ക്ഷത്രിയസ്ത്രീ ധരിക്കുന്ന ആ കുണ്ഡലങ്ങൾ എനിക്കു തന്നാൽ കൊള്ളാം."

രാജാവു പറഞ്ഞു: "ഭവാൻ അന്തഃപുരത്തിൽ പോയി അവളോടു യാചിച്ചാലും!"

ഇതുകേട്ട് അവൻ അന്തഃപുരത്തിൽ പോയി. എന്നാൽ അവളെ അവിടെ കണ്ടില്ല. കാണാതെ മടങ്ങി ഉത്തങ്കൻ പൗഷ്യന്റെ അരികെ ചെന്നു പറഞ്ഞു: "ഹേ രാജാവേ, അങ്ങ് അസത്യംകൊണ്ട് ഉപചരിക്കുന്നതു ശരിയല്ല. അങ്ങയുടെ അന്തഃപുരത്തിൽ ക്ഷത്രിയസ്ത്രീയെ ഞാൻ കണ്ടില്ല."

ഇതുകേട്ട് രാജാവ് അല്പസമയം ചിന്തിച്ചിരുന്നു പറഞ്ഞു: "നിശ്ചയമായും അങ്ങ് ഉച്ഛിഷ്ടാശുചിയായിരിക്കുന്നു. ഓർത്തു നോക്കൂ! ഉച്ഛിഷ്ടഭോജനത്തിൽ അശുചിയായവന്ന് അവളെ കാണുവാൻ കഴികയില്ല. പാതിവ്രത്യംകൊണ്ട് അവൾ അശുദ്ധമുള്ളവന്റെ കണ്ണിന്നുനേരെ വരികയില്ല."

ഇതുകേട്ട് ഉത്തങ്കൻ ഓർത്തുനിന്നു പറഞ്ഞു: "ശരിയാണ്. ഞാൻ ഇങ്ങോട്ടുപോരുമ്പോൾ നിന്നുകൊണ്ടാണ് ആചമിച്ചത്."

പൗഷ്യൻ പറഞ്ഞു: "ഈ ചെയ്തതു തെറ്റാണ്. വേഗത്തിൽ പോരുമ്പോൾ നിന്നുകൊണ്ട് ആചമിച്ചത് ആചമനമായില്ല."

പിന്നെ ഉത്തങ്കൻ രാജാവിനോട്, "ഭവാൻ പറഞ്ഞതു ശരിയാണ്" എന്നു സമ്മതിച്ചു. ഉത്തങ്കൻ കിഴക്കോട്ടു തിരിഞ്ഞിരുന്ന് കൈയും കാലും നല്ലപോലെ കഴുകി നുരയും ചൂടുമില്ലാത്ത വെള്ളം നിശ്ശബ്ദമായി ഹൃദയത്തിലെത്തുന്നവിധം മൂന്നുപ്രാവശ്യം കുടിച്ചു. രണ്ടുരു തൊട്ടുതുടച്ച് ഇന്ദ്രിയസ്ഥാനങ്ങളിൽ സ്പർശിച്ച് ആചമനം കഴിച്ചിട്ട് അന്തഃപുരത്തിലേക്കു കടന്നുചെന്നു. അപ്പോൾ ക്ഷത്രിയസ്ത്രീയെ കാണുകയും ചെയ്തു.

അവൾ ഉത്തങ്കനെ കണ്ടപ്പോൾ എതിരേറ്റ് അഭിവാദ്യം ചെയ്തു പറഞ്ഞു: "ഭഗവാനേ, അങ്ങയ്ക്കു സ്വാഗതം! ഞാൻ എന്താണ് ഭവാനുവേണ്ടി ചെയ്യേണ്ടതെന്നു കല്പിച്ചാലും!"

ഉത്തങ്കൻ പറഞ്ഞു: "ഭവതിയുടെ കുണ്ഡലങ്ങൾ ഗുരുദക്ഷിണയ്ക്കുവേണ്ടി ഞാൻ യാചിക്കുന്നു."

അവൾ അവന്റെ സൽസ്വഭാവം കണ്ടു സന്തോഷിക്കുകയും, ഈ സൽപ്പാത്രത്തെ വെറുതെ വിടുവാൻ പാടില്ലെന്ന് ഉറയ്ക്കുകയും ചെയ്തു. അവനോടു പറഞ്ഞു: "എന്റെ കുണ്ഡലങ്ങൾ ഇതാ അങ്ങയ്ക്കു ദാനം ചെയ്യുന്നു. ഈ കുണ്ഡലങ്ങൾ കിട്ടുവാൻ നാഗരാജാവായ തക്ഷകൻ വളരെ ആഗ്രഹിക്കുന്നുണ്ട്. സൂക്ഷിച്ചു കൊണ്ടുപോകണം."

ഉത്തങ്കൻ അവളുടെ കൈയിൽനിന്നു കുണ്ഡലങ്ങൾ വാങ്ങി ഇപ്രകാരം പറഞ്ഞു: "ദേവീ, തൃപ്തിപ്പെടുക! നാഗരാജാവായ തക്ഷകൻ എന്നെ ഭയപ്പെടുത്തുവാൻ മതിയാവുന്നവനല്ല."

അവൻ അവളോടു യാത്രപറഞ്ഞ് പൗഷ്യന്റെ സമീപത്തെത്തി, "ഹേ പൗഷ്യ! കുണ്ഡലം കിട്ടിയതിൽ ഞാൻ തൃപ്തനായിരിക്കുന്നു" എന്നു പറഞ്ഞു.

പൗഷ്യൻ പറഞ്ഞു: "മഹാനുഭാവ, വളരെക്കാലംകൊണ്ടേ സൽപ്പാത്രങ്ങളെ ലഭിക്കൂ! ഭവാൻ ഗുണവാനായ ഒരു അതിഥിയാണ്. അതുകൊണ്ട് ഞാൻ ഭവാനെ ശ്രാദ്ധത്തിന്നു ക്ഷണിക്കുന്നു."

ഉത്തങ്കൻ പറഞ്ഞു: "അങ്ങയുടെ ക്ഷണം ഞാൻ സ്വീകരിക്കുന്നു. ഉള്ളതുകൊണ്ട് വേഗം തയ്യാർ ചെയ്താലും."

പൗഷ്യൻ അവന്നു ഭക്ഷണം നല്കി. ഉത്തങ്കനു ഭക്ഷണം പിടിച്ചില്ല. തലനാര് ചോറിൽ കണ്ടു. അന്നം തണുത്തിരുന്നു. ഉത്തങ്കൻ പൗഷ്യനെ ശപിച്ചു: "അശുദ്ധമായ അന്നം തന്നതുകൊണ്ട് നീ അന്ധനായി ഭവിക്കട്ടെ!"

ഈ ശാപംകേട്ട് പൗഷ്യൻ പറഞ്ഞു: "ഹേ! ഉത്തങ്ക! അദുഷ്ടമായ അന്നത്തെ ദുഷിച്ചു പറഞ്ഞതുകൊണ്ട് നീ സന്തതിയില്ലാത്തവനായി ഭവിക്കട്ടെ!"

ഉത്തങ്കൻ പറഞ്ഞു: "ഹേ, പൗഷ്യ! നീ ഈ ചോറു നോക്കൂ. അശുദ്ധമായ അന്നം തന്നിട്ട് നീ പ്രതിശാപം തരുന്നതു ശരിയല്ല."

പൗഷ്യൻ കാര്യം ഗ്രഹിച്ചു. മുടിയഴിച്ചിട്ട് ഒരു സ്ത്രീ വെച്ചുണ്ടാക്കിയതിനാൽ തലമുടിയിഴ വീണതായിരുന്നു. ഭക്ഷണം തണുത്തതുമായിരുന്നു. അവൻ ഉത്തങ്കനെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചു.

പൗഷ്യൻ പറഞ്ഞു: "മഹാശയ! അറിയാതെയാണ് മുടിയിഴ വീണതും തണുത്തതുമായ ചോറ് ഞാൻ ഭവാനു വിളമ്പിത്തന്നത്. എന്റെ അപരാധം അങ്ങു ക്ഷമിക്കണം. ഞാൻ അന്ധനാകാതിരിക്കുവാൻ അങ്ങ് അനുഗ്രഹിക്കണം."

ഉത്തങ്കൻ പറഞ്ഞു: "ഞാൻ പറഞ്ഞത് അസത്യമായി വരികയില്ല. ഭവാൻ അന്ധനായാൽ ഉടനെ കണ്ണിന്നു കാഴ്ചയുണ്ടാകും. ഇനി അങ്ങുതന്ന ശാപം എനിക്കും പറ്റരുത്."

പൗഷ്യൻ പറഞ്ഞു: "എനിക്കു ശാപം പിൻവലിക്കുവാൻ ശക്തിയില്ല. എന്റെ കോപം ഇപ്പോഴും ശമിച്ചിട്ടില്ല. എന്നുതന്നെയല്ല, ഇത് അങ്ങയ്ക്ക് അറിയാമല്ലോ. 'വിപ്രന്റെ മനസ്സ് വെണ്ണ

digitized by www.sreyas.in

യും, വാക്ക് കത്തിപോലെ മൂർച്ചയുള്ളതുമാണ്! എന്നാൽ രാജാവിന്റെ കാര്യം നേരെ മറിച്ചാണ്. വാക്ക് വെണ്ണപോലെയും, മനസ്സ് കൂർത്ത ശസ്ത്രംപോലെയുമാണ്!' ഇങ്ങനെയിരിക്കുമ്പോൾ തീക്ഷ്ണഹൃദയത്വം മൂലം വാക്കു പിൻവലിക്കുവാൻ എനിക്കു കഴിയുകയില്ല. ഭവാൻ പൊയ്ക്കൊള്ളുക."

ഉത്തങ്കൻ പറഞ്ഞു: "അന്നത്തിന്റെ അശുദ്ധി കണ്ടിട്ട് ഭവാൻ എന്നെ അനുനയിച്ചുവല്ലോ. അതിന്നുമുമ്പാണ് അദുഷ്ടമായ അന്നത്തെ ദുഷിച്ച ഞാൻ അനപത്യനാകുമെന്ന് എന്നെ ശപിച്ചത്. അന്നം ദുഷ്ടമാണെന്നിരിക്കെ ഈ ശാപം ഫലിക്കുവാൻ പോകുന്നില്ല. ഞാൻ പോകുന്നു!" എന്നു പറഞ്ഞ് കുണ്ഡലവുമെടുത്തു പുറപ്പെട്ടു. ഉത്തങ്കൻ പോകുന്നവഴിക്ക് ഒരു നഗ്നക്ഷപണകനെ ഇടയ്ക്കു കാണുകയും, പിന്നെ കാണാതിരിക്കുകയും എന്ന നിലയ്ക്കു കണ്ടു. ഉത്തങ്കൻ അവനെപ്പറ്റി സംശയിച്ചു.

ഉത്തങ്കൻ കുണ്ഡലങ്ങളെ താഴെവെച്ച് ജലസ്പർശത്തിന്നാരംഭിച്ചു. ഈ തക്കത്തിൽ ക്ഷപണകൻ ഓടിവന്നു കുണ്ഡലങ്ങളും കൈയിലാക്കി ഓടിക്കളഞ്ഞു. അവൻ തക്ഷകനായിരുന്നു.

ഉത്തങ്കൻ ജലസ്പർശം ചെയ്തു ശുചിയായതിന്നുശേഷം ദേവകളേയും ഗുരുക്കളേയും നമസ്കരിച്ച് അതിവേഗത്തിൽ അവന്റെ പിന്നാലെ ചെന്നു.അവൻ 'തക്ഷക'ന്റെ വളരെ അടുത്തായി. അവൻ തക്ഷകനെ പിടികൂടി. പിടിച്ചമാത്രയിൽ അവൻ മനുഷ്യരൂപം ഉപേക്ഷിച്ച് ഭൂമിയിൽ കണ്ടതായ ഒരു വലിയ ഗുഹയിലേക്കു പോയി. ആ വഴിക്ക് അവൻ നാഗലോകത്തിൽ, സ്വഗൃഹത്തിലെത്തി.

ഉത്തങ്കൻ ആ ബിലം കൊള്ളികൊണ്ടു കുഴിച്ചുനോക്കി; സാധിക്കാതെ വിഷണ്ണനായി നില്ക്കുന്നതുകണ്ട് ഇന്ദ്രൻ ആ ബ്രാഹ്മണനെ സഹായിക്കുവാനായി ആജ്ഞാപിച്ച്, തന്റെ വജ്രത്തെ വിട്ടയച്ചു. "ചെല്ല്, ഈ വിപ്രനെ സഹായിക്കൂ!" ഉടനെ വജ്രം ആ വിറകുകൊള്ളിയിൽ പ്രവേശിച്ച് ആ ബിലം തുറന്നുകൊടുത്തു. ഉത്തങ്കൻ ബിലത്തിലിറങ്ങി. ആ ബിലത്തിൽക്കൂടെ ചെന്ന് അവസാനമില്ലാത്തതും അനേകം മേട, മാളിക, കോട്ട, കൊത്തളം എന്നിവയോടുകൂടിയതും, ക്രീഡാസ്ഥാനങ്ങൾ ചേർന്നതുമായ നാഗലോകത്തെത്തി. അവിടെവെച്ച് ഉത്തങ്കൻ നാഗങ്ങളെ സ്തുതിച്ചു. തക്ഷകനേയും മറ്റുനാഗങ്ങളേയും ഇപ്രകാരം സ്തുതിച്ചു:

"ഐരാവതം നാഥനായി വിളങ്ങുന്നോർ
പോരിൽ വിളങ്ങും ഫണീശ്വരന്മാർ,
ചണ്ഡമരുത്തിങ്കൽ മിന്നലണിഞ്ഞുള്ള
കൊണ്ടലിൻകാന്തി കലർന്നു നില്പോർ,
സൗമ്യമായ് നാനാസ്വരൂപത്തിൽ മിന്നുന്നോർ
കൽമാഷശ്രീമണികുണ്ഡലന്മാർ
വാനിൽ ദിനകരശോഭകലർന്നീടും
ഐരാവതകുലജാതരായോർ
ഗംഗതന്നുത്തരതീരേ വസിക്കുന്ന
മംഗളശ്രീയെഴും പന്നഗരേ,
നിങ്ങളെയൊക്കെയും വാഴ്ത്തിസ്തുതിക്കുന്നേൻ
ഭംഗമൊഴിഞ്ഞ ശുഭം ഭവിക്കാൻ.
സൂര്യാംശുസേനയിൽ ഐരാവതമെന്യേ-
യാരുണ്ടു സഞ്ചരിപ്പാൻ സമർത്ഥൻ!
നാഗരാജാവാം ധൃതരാഷ്ട്രൻതന്നുടെ
പ്രഗ്രഹമേറെ സഹസ്രമല്ലോ.
എല്ലാരും മന്നനാമായവനെത്തന്നെ-
യല്ലയോ പിന്തുടർന്നു ദൂരം!
ആയവൻതന്നുടെ ജ്യേഷ്ഠരായ് മേവുന്നോ-
രായതരൂപരെക്കൂപ്പിടുന്നേൻ.
മുന്നം കുരുക്ഷേത്രത്തിങ്കൽ വസിച്ചോരു
മന്നനാം തക്ഷകനാഗമേ, ഞാൻ
ഖാണ്ഡവത്തിങ്കൽ വസിച്ചോരു നിന്നെ ഞാൻ
കുണ്ഡലലബ്ധിക്കായ് കൂപ്പിടുന്നേൻ!
നിത്യവും നീയശ്വസേനനുമായ്ത്തെളി-
ഞ്ഞെത്തുന്നതോർത്തു ഞാൻ കൂപ്പിടുന്നേൻ!
പണ്ടു കുരുക്ഷേത്രത്തിങ്കൽ നീ വാഴ്കവേ-
യുണ്ടായതു ശ്രുതസേനനല്ലോ.
ശോഭവഹിക്കുന്ന നാഗേന്ദ്രമാഹാത്മ്യം
ആദിയിൽ കാത്തുസൂക്ഷിച്ചിടുന്നോൻ,
അമ്മഹാത്മാവാകും നാഗാധിരാജനെ
ചെമ്മേ തൊഴുന്നേൻ ഞാൻ നൂറുവട്ടം!"

ഇങ്ങനെ സ്തുതിച്ചിട്ടും നാഗത്തിൽനിന്നു കുണ്ഡലം കിട്ടാതെ നില്ക്കുമ്പോൾ നൂല് നെയ്ത്തുകോലിൽ കേറ്റി വസ്ത്രം നെയ്തുകൊണ്ടിരിക്കുന്ന രണ്ടുസ്ത്രീകളെ കണ്ടു. ആ യന്ത്രത്തിൽ കറുത്തും വെളുത്തുമുള്ള നൂലുകളും, ആറു കുമാരന്മാർ ചുറ്റിക്കുന്നതും, പന്ത്രണ്ട് അരങ്ങളുള്ളതുമായ ചക്രവും കണ്ടു. വേറെ ഒരു പുരുഷനേയും, നല്ല ഒരു കുതിരയേയും കണ്ടു. അവൻ മന്ത്രപ്രായമായ ശ്ലോകങ്ങൾകൊണ്ടു സ്തുതിച്ചു: "മുന്നൂറ്ററുപതു പല്ലുകൾ ഈ ചക്രത്തിനുണ്ട്. പന്ത്രണ്ട് അരങ്ങൾ ചക്രത്തിനുണ്ട്.ആറു കുമാരന്മാർ ചക്രം ചുറ്റിക്കുന്നു. ഈ യന്ത്രത്തെ തന്വികൾ വിശ്വരൂപമാകുന്ന ആരാനൂൽകൊണ്ടു നെയ്ത്തു നടത്തുന്നു. വെളുപ്പും കറുപ്പും മാറിമാറി ഈ ഭൂതങ്ങളേയും ഭുവനങ്ങളേയും പിണച്ചുചേർക്കുന്നു. വജ്രം ധരിക്കുന്നവനും, ഭുവനം ഭരിക്കുന്നവനും, നമുചിയുടെ കാലനും, വൃത്രന്റെ കാലനും, കൃഷ്ണാംബരം ചാർത്തുന്നവനും ആയ ഈശൻ സത്യാനൃതങ്ങളെ വേർതിരിക്കുന്നു. അംഭസ്സ് ഉൾക്കൊണ്ട ആദ്യനായ, അഗ്നിയാകുന്ന അശ്വത്തെ വാഹനമാക്കി വെക്കുന്നവനും, മൂന്നു പാരിന്റേയും ഈശനുമായ പുരന്ദരൻ കനിയുന്നതിന്ന് ഞാൻ കൈതൊഴുന്നു."

ആ പുരുഷൻ ഉത്തങ്കനോടു പറഞ്ഞു: "നിന്റെ സ്തോത്രത്താൽ ഞാൻ സന്തോഷിക്കുന്നു. നിനക്ക് എന്തിഷ്ടമാണ് ഞാൻ ചെയ്യേണ്ടത്?"

ഉത്തങ്കൻ പറഞ്ഞു: "നാഗങ്ങൾ എനിക്കു സ്വാധീനമാകണം."

പുരുഷൻ പറഞ്ഞു: "നീ ഈ കുതിരയുടെ ഗുദദ്വാരത്തിൽ ഊതുക."

ഉത്തങ്കൻ കുതിരയുടെ ഗുദദ്വാരത്തിൽ ഊതി. ഊതുമ്പോൾ കുതിരയുടെ സർവ്വദ്വാരങ്ങളിൽനിന്നും അഗ്നി പുറപ്പെട്ടു. നാഗലോകം പുകയുവാൻ തുടങ്ങി. തക്ഷകൻ സംഭ്രമിച്ചു. അഗ്നിഭയംമൂലം വിഷണ്ണനായി. കുണ്ഡലങ്ങളുമെടുത്ത് ഭവനത്തിൽനിന്നു പുറത്തുവന്ന് ഉത്തങ്കനോടു പറഞ്ഞു: "ഇതാ, കുണ്ഡലങ്ങൾ. അങ്ങു വാങ്ങിയാലും!"

ഉത്തങ്കൻ അതു വാങ്ങി. കുണ്ഡലം കൈയിൽവെച്ചു വിചാരിച്ചു: 'ഇന്നാണല്ലോ ഗുരുപത്നിയുടെ ആ പുണ്യദിനം. ഞാൻ വളരെ ദൂരത്തുമായിരിക്കുന്നു. ഞാൻ പറഞ്ഞപ്രകാരം ഇന്ന് എങ്ങനെ അവിടെ എത്തും?' എന്നു വിഷാദത്തോടെ ചിന്തിച്ചു നില്ക്കുമ്പോൾ ആ പുരുഷൻ പറഞ്ഞു: "ഉത്തങ്ക! ഈ കുതിരപ്പുറത്തു കയറിക്കൊള്ളുക. ക്ഷണത്തിൽ നിന്നെ ഗുരുകുലത്തിലെത്തിക്കാം."

അവൻ ഉടനെ കുതിരപ്പുറത്തുകയറി. ക്ഷണത്തിൽ ഗുരുകുലത്തിലെത്തി. അപ്പോൾ ഗുരുപത്നി കുളിച്ചു തലമുടി വേർപെടുത്തിക്കൊണ്ട് 'ഉത്തങ്കൻ വന്നില്ലല്ലോ?' എന്നു വിഷാദിച്ചു ശപിക്കുവാൻ വിചാരിച്ചു.

digitized by www.sreyas.in

പെട്ടെന്ന് അവൻ ഉപാദ്ധ്യായിനിയുടെ മുമ്പിൽ എത്തി അവളെ അഭിവാദ്യം ചെയ്തു. അവൾക്ക് ഉത്തങ്കൻ കുണ്ഡലങ്ങൾ കൊടുത്തു. അവൾ പുഞ്ചിരിയോടെ കുണ്ഡലം വാങ്ങി ഉത്തങ്കനോടു പറഞ്ഞു: "ഉണ്ണീ! ഉത്തങ്ക! നിനക്കു സ്വാഗതം! വേണ്ടസമയത്തു നീ എത്തേണ്ട ദിക്കിൽ എത്തി. ഉണ്ണീ, നിർദ്ദോഷിയായ നിന്നെ ഞാൻ ശപിച്ചേനെ. നിനക്കു ശ്രേയസ്സു വന്നു കൂടും!"

അവിടെനിന്ന് ഉത്തങ്കൻ ഉപാദ്ധ്യായനെ അഭിവാദ്യം ചെയ്തു. ഗുരു അവനോടു പറഞ്ഞു: "ഉണ്ണീ! ഉത്തങ്ക! നിനക്കു സ്വാഗതം! ഇത്ര താമസിച്ചത് എന്തുകൊണ്ടാണ്?"

ഉത്തങ്കൻ പറഞ്ഞു: "നാഗരാജാവായ തക്ഷകൻ എന്റെ ഈ കാര്യത്തിന്നു വിഘ്നം ചെയ്തു. അതുകൊണ്ടു ഞാൻ നാഗലോകത്തേക്കുപോയി. അവിടെവെച്ച് യന്ത്രത്തിൽ വസ്ത്രം നെയ്യുന്ന രണ്ടു സ്ത്രീകളെ കണ്ടു. അതിൽ നൂലുകളുടെ നിറം കറുപ്പും വെളുപ്പുമാണ്. അതെന്താണ്? പന്ത്രണ്ട് അരമുള്ള ചക്രവും, ആറു കുമാരന്മാർ അതു തിരിക്കുന്നതും കണ്ടു. അതെന്താണ്? ഒരു പുരുഷനെ കാണുകയുണ്ടായി. അതാരാണ്? വലിയ ഒരു കുതിരയേയും കണ്ടു. അത് ഏതാണ്? പോകുംവഴിക്ക് ഞാൻ ഒരു കാളയെ കണ്ടു. അതിന്റെ പുറത്ത് ഒരു പുരുഷനുമുണ്ട്. അവൻ എന്നോട് ആ കാളയുടെ ചാണകം തിന്നുവാൻ പറഞ്ഞു. പണ്ട് ഉപാദ്ധ്യായൻ അതു ഭക്ഷിച്ചിട്ടുണ്ടത്രെ! ഞാൻ അവന്റെ വാക്കു കേട്ടു ചാണകം തിന്നു. ആ പുരുഷനാരാണ്? ഇതൊക്കെ ഗുരു പറഞ്ഞുതന്നാൽ കൊള്ളാം."

ഉപാദ്ധ്യായൻ പറഞ്ഞു: "ആ രണ്ടു സ്ത്രീകൾ ധാതാവും വിധാതാവുമാണ്. കറുത്തും, വെളുത്തുമുള്ള നൂലുകൾ രാവും പകലുമാണ്. പന്ത്രണ്ടുകള്ളിയുള്ള ചക്രം സംവത്സരചക്രമാണ്. ആറു കുമാരന്മാർ ആറ് ഋതുക്കളാണ്. ആ പുരുഷൻ പർജ്ജന്യനാണ്; കുതിര അഗ്നിയാണ്. ആ വഴിക്കു കണ്ട കാള നാഗരാജാവായ ഐരാവതമാണ്. അതിന്റെ പുറത്തിരിക്കുന്ന പുരുഷൻ ഇന്ദ്രനാണ്. നീ ഭക്ഷിച്ച ചാണകം അമൃതാണ്. അതുകൊണ്ടാണ് നീ നാഗലോകത്തിൽ മരിക്കാഞ്ഞത്. ആ ഭഗവാനായ ഇന്ദ്രൻ എന്റെ സഖിയാകയാൽ നിന്റെ നേരേയുള്ള കൃപയാൽ അനുഗ്രഹിച്ചു. അതുകൊണ്ടാണ് നീ കുണ്ഡലങ്ങളുംകൊണ്ടു തിരിച്ചുവന്നത്. ഹേ! സൗമ്യ! നീ പൊയ്ക്കൊള്ളുക! നിനക്കു ശ്രേയസ്സുവരട്ടെ." ഭഗവാനായ ഉത്തങ്കൻ ഉപാദ്ധ്യായന്റെ സമ്മതത്തോടുകൂടി പോന്ന്, തക്ഷകന്റെ നേരെ കോപിച്ച്, പകരംവീട്ടുവാൻ കരുതി, ഹസ്തിനപുരത്തേക്കു പുറപ്പെട്ടു.

ഉത്തങ്കൻ ഹസ്തിനപുരത്തിലെത്തി. ജനമേജയരാജാവിനെ കണ്ടു. അപ്പോൾ ജനമേജയൻ തക്ഷശില കീഴടക്കി, മന്ത്രിമാരോടുകൂടി ആസ്ഥാനത്തിൽ വാഴുകയായിരുന്നു. ഉത്തങ്കൻ രാജാവിനെ അഭിവാദ്യംചെയ്ത് ഇപ്രകാരം പറഞ്ഞു: "രാജാവേ! അങ്ങ് ബാലനെപ്പോലെ ഒന്നുചെയ്യേണ്ട സമയത്തു മറ്റൊന്നു ചെയ്യുന്നത് എന്താണ്?" ഉത്തങ്കൻ പറഞ്ഞ വാക്കുകേട്ട് രാജാവ് ആ മുനിയെ പൂജിച്ചിരുത്തി ഇപ്രകാരം പറഞ്ഞു:

"ഈ രാജ്യമൊക്കെ ഭരിച്ച് നാട്ടുകാർക്കു ക്ഷത്രധർമ്മം ഞാൻ ചെയ്തുവരുന്നു. ഞാൻ എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞാലും! അങ്ങ് എന്തിനാണ് ഇങ്ങോട്ടെഴുന്നള്ളിയത് എന്ന് അറിയുവാൻ ആഗ്രഹിക്കുന്നു."

രാജാവിന്റെ വാക്കുകേട്ട് ഉത്തങ്കൻ പറഞ്ഞു: "രാജരാജനായ അങ്ങയുടെ അച്ഛനെ ആരാണു കൊന്നത്? ആ ദുഷ്ടനായ തക്ഷകനോട് അങ്ങു പകരംവീട്ടുക! വിധികല്പിച്ച ആ കർമ്മവിധിക്ക് കാലമായിരിക്കുന്നു. അതുകൊണ്ട് മാന്യതയെ നശിപ്പിച്ച അവനോടു ഭവാൻ പക വീട്ടുക! ഇടിവെട്ടേറ്റ മരംപോലെയാണ് അങ്ങയുടെ നല്ലവനായ അച്ഛൻ തക്ഷകന്റെ കടിയേറ്റുവീണത്. ആ തക്ഷകൻ ശക്തനാണെന്ന തള്ളലുള്ളവനാണ്. അക്രമം ചെയ്തു വികൃതിയായ അവൻ ഭവാന്റെ അച്ഛനെ കൊത്തി. രാജർഷിവംശം സംരക്ഷിക്കുന്ന ദേവതുല്യനായ ആ രാജാവിനെ രക്ഷിക്കുവാൻപോകുന്ന കശ്യപനെ ആ ശഠൻ പിന്തിരിപ്പിച്ചു! എരിയുന്ന തീയിൽ ആ ദുഷ്ടനെ ഹോമിക്കണം! അതിന്നായി ക്ഷണത്തിൽ ഭവാൻ സർപ്പസത്രത്തിന്നു ശ്രമിക്കുക! അങ്ങനെ ചെയ്താൽ അച്ഛനുവേണ്ടി പകരം ചെയ്തു എന്നു സമാധാനിക്കാം. അങ്ങനെ ചെയ്താൽ അത് എനിക്കും വലിയ ഇഷ്ടമുള്ള കാര്യമാകും. ഗുരുവിന്നുവേണ്ടി ഞാൻ ചെയ്യുന്ന കർമ്മത്തിലും ആ ദുഷ്ടൻ വിഘ്നമുണ്ടാക്കിയവനാണ്."

ഇതു കേട്ടപ്പോൾ ജനമേജയന്ന് തക്ഷകന്റെ നേരെ കോപം ഉജ്ജ്വലിച്ചു. ഉത്തങ്കന്റെ വാക്യമാകുന്ന ഹവ്യത്താൽ, ഹവ്യത്താൽ അഗ്നി എന്ന പോലെ അവന്റെ ചിത്തം കത്തിക്കാളി. ഉത്തങ്കൻ പറഞ്ഞ് അച്ഛന്റെ മരണവൃത്താന്തം കേട്ടപ്പോൾ രാജാവ് ശോകപ്രവാഹത്തിൽ ആമഗ്നനായി.

പൗലോമപർവ്വം

4. കഥാപ്രവേശം – ലോമഹർഷണപുത്രനായ ഉഗ്രശ്രവസ്സ് എന്ന പൗരാണികസൂതനന്ദനൻ നൈമിഷാരണ്യത്തിൽ കുലപതിയായ ശൗനകന്റെ പന്ത്രണ്ടുകൊല്ലംകൊണ്ടു കഴിയുന്ന സത്രത്തിൽ കൂടിയിരിക്കുന്ന മഹർഷിമാരുടെ സന്നിധിയിലെത്തി. പുരാണത്തിൽ അറിവു നേടിയിട്ടുള്ള അവൻ തൊഴുതുകൊണ്ട് അവരോടു പറഞ്ഞു: "നിങ്ങൾക്ക് എന്താണു കേൾക്കേണ്ടത്? ഞാൻ എന്താണു പറയേണ്ടത്?" ഋഷിമാർ അവനോടു പറഞ്ഞു: "ലോമഹർഷണപുത്ര! ഞങ്ങൾ കഥകേൾക്കുവാൻ ആഗ്രഹിക്കുന്നവരാണ്. ഞങ്ങളോട് ഭവാൻ പുണ്യകഥകൾ പറയണം. ഭഗവാനായ കുലപതി ശൗനകൻ അഗ്നിശാലയിലാണ്. മുനിമാരുടേയും, ദേവാസുരന്മാരുടേയും, നരന്മാരുടേയും, സർപ്പങ്ങളുടേയും, ഗന്ധർവ്വന്മാരുടേയും വാർത്തകൾ പലതും കേട്ടറിഞ്ഞ കുലവൃദ്ധനാണ് അദ്ദേഹം. ദക്ഷനും, ധീമാനും, വ്രതനിഷ്ഠനും, ആരണ്യവാസിയും, ഗുരുവും, സത്യവാദിയും, ശാന്തനും, തപസ്വിയും, ഞങ്ങൾക്കൊക്കെ മാന്യനുമാണ് ശൗനകൻ. അദ്ദേഹം എത്തിയിട്ട്, പരമാസനത്തിൽ ഇരുന്നതിന്നുശേഷം കഥ ആരംഭിക്കാം. ആ മുനി ചോദിക്കുന്നതൊക്കെ ഭവാൻ പറയണം."

സൂതൻ പറഞ്ഞു: "അപ്രകാരമാകട്ടെ! മുനി ഇരുന്നതിന്നു ശേഷം അദ്ദേഹം ചോദിക്കുന്ന പുണ്യകഥകൾ എല്ലാം ഞാൻ പറയാം."

ആ മുനി, കർമ്മങ്ങളൊക്കെ യഥാവിധി ചെയ്ത്, വാക്കുകൊണ്ടും, ജലംകൊണ്ടും, ദേവന്മാരേയും, പിതൃക്കളേയും തർപ്പിച്ച്, വന്നുചേർന്നു. സുവ്രതധാരികളായ സിദ്ധബ്രഹ്മർഷികൾ സൂതപുത്രന്റെ നേരിട്ട് പ്രീതരായി ഇരുന്നു. ഋത്വിക് സദസ്യപ്രമുഖന്മാർ ഒത്തുചേർന്ന് അങ്ങനെ ഇരുന്നതിന്നുശേഷം താനും ഇരുന്നു. കുലപതിയായ ശൗനകൻ പറഞ്ഞു.

5. പുലോമാഗ്നിസംവാദം – ശൗനകൻ പറഞ്ഞു: "പണ്ട് അങ്ങയുടെ അച്ഛൻ പുരാണങ്ങളൊക്കെ പഠിച്ചു. ലോമഹർഷണപുത്ര, അതൊക്കെ അങ്ങയ്ക്കും അറിയുമോ? പുരാണത്തിലെ ദിവ്യമായ കഥകൾ, ആദിവംശക്രമങ്ങൾ എന്നിവയൊക്കെ അങ്ങയുടെ അച്ഛനായ ലോമഹർഷണൻ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഹേ, ഉഗ്രശ്രവസ്സേ, ആദിഭാർഗ്ഗവവംശത്തെക്കുറിച്ചു പറഞ്ഞു കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശ്രുതികൾ കേൾക്കുവാൻ ആസക്തരായ ഞങ്ങളോട് ആ ചരിത്രം ഭവാൻ പറഞ്ഞാലും."

സൂതൻ പറഞ്ഞു: "പണ്ട് വൈശമ്പായനാദികളായ പണ്ഡിതദ്വിജസത്തമന്മാർ പഠിച്ചതും, പിന്നെ പരക്കെ പറഞ്ഞുകൊടുത്തതും, അവിടെനിന്ന് അച്ഛൻ പഠിച്ചതും, അച്ഛനിൽനിന്ന് ഞാൻ ഗ്രഹിച്ചതും ആയ കഥകൾ ഞാൻ പറയാം. നിങ്ങൾ സശ്രദ്ധം കേട്ടുകൊള്ളുക!

ഇന്ദ്രൻ മുതലായ ദേവന്മാരും, മുനിമാരും, ശ്ലാഘിക്കുന്ന ഒരു കുലമാണ് ഭാർഗ്ഗവകുലം. ഹേ, ഭൃഗുനന്ദന! ഞാൻ ഈ ഭൃഗുവംശത്തെപ്പറ്റി ആദ്യമായി പറയാം. ഇത് പുരാണാശ്രയമായിട്ടുള്ളതാണ്. ബ്രഹ്മാവിൽനിന്ന്, വരുണന്റെ ബ്രഹ്മയജ്ഞത്തിൽവെച്ച്,

digitized by www.sreyas.in

വഹ്നിയിൽ ഭൃഗു ജനിച്ചു എന്ന് ഞാൻ കേട്ടിരിക്കുന്നു. ഭൃഗുവിന്റെ ഇഷ്ടപുത്രനായ ഭാർഗ്ഗവൻ, മഹാനായ ച്യവനൻ ആകുന്നു. ച്യവനന്റെ മകൻ ധാർമ്മികനായ പ്രമതി. പ്രമതിക്ക് ഘൃതാചിയിൽ രുരു എന്ന പുത്രൻ ഉണ്ടായി. രുരുവിന്ന് പ്രമദ്വരയിൽ അതിധാർമ്മികനായ ശുനകൻ ഉണ്ടായി. ശുനകന്റെ പുത്രനാണ് വേദപാരഗനായ നിന്റെ പിതാമഹൻ. അദ്ദേഹം തപസ്സ്, കീർത്തി, അറിവ്, തത്ത്വജ്ഞാനം എന്നിവയുള്ളവനും, സത്യവാദിയും, ധർമ്മനിയതനും, നിയതാശയനുമാണ്."

ശൗനകൻ പറഞ്ഞു: "ഹേ! സൂതപുത്ര, മഹാത്മാവായ ഭാർഗ്ഗവന്ന്, ച്യവനന്ന്, എങ്ങനെയാണ് ച്യവനൻ എന്നു പേരുണ്ടായത്?"

സൂതൻ പറഞ്ഞു: "പുലോമ എന്നായിരുന്നു ഭൃഗുമഹർഷിയുടെ ഭാര്യയുടെ പേര്. അവൾ പ്രസിദ്ധമായ ഗുണങ്ങൾ തികഞ്ഞവളായിരുന്നു. ഭൃഗുവീര്യത്താൽ അവൾ ഗർഭിണിയായിരിക്കെ, മഹർഷി സ്നാനത്തിന്ന് ഒരു ദിവസം പോയ സമയത്ത്, പുലോമൻ എന്നുപേരായ ഒരു രാക്ഷസൻ ആശ്രമത്തിൽ വന്നുകയറി. പുലോമൻ ആശ്രമത്തിൽ പുലോമയെക്കണ്ട് കാമാർത്തനായി. കാമശരങ്ങളേറ്റു വലഞ്ഞ് അവൻ അവളെ കൊണ്ടുപോകുവാൻ വിചാരിച്ചു. കാര്യംശരിയായി എന്ന് അവൻ മനസ്സിൽ മന്ത്രിച്ചു. ഈ പുലോമയെ മുമ്പേ കണ്ട് ഇവൻ ഭ്രമിച്ച് മനസാവരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അച്ഛൻ യഥാവിധി ഭൃഗുവിന്നാണ് അവളെ ദാനം ചെയ്തത്. ആ 'കറ' അവന്റെ ഉള്ളിലുണ്ടായിരുന്നു. ഈ സന്ദർഭത്തിൽ കാര്യം നേടി എന്ന് അവൻ വിചാരിച്ചു. ഹരണംതന്നെ യുക്തമെന്നു വിചാരിച്ച് അവൻ ചുറ്റും നോക്കി. ആരേയും കണ്ടില്ല. എന്നാൽ യാഗശാലയിൽ അഗ്നി കത്തുന്നുണ്ടായിരുന്നു: അവളെ കൊണ്ടുപോകുന്നത് അഗ്നി കാണും! അറിയും!

ആ രാക്ഷസൻ അഗ്നിയോടു ചോദിച്ചു: "ഹേ, അഗ്നി, ഇവൾ ആരുടെ ഭാര്യയാണ്? നേരു പറയുക! നീ ദേവന്മാരുടെ മുഖമാണല്ലോ. നീ സത്യം പറയണം. മുമ്പ് ഞാൻ ഇവളെ ഭാര്യയാക്കുവാൻ വരിച്ചതാണ്. അന്യായമായി പിന്നീടു ഭൃഗുവിന്ന് ഇവളുടെ അച്ഛൻ നല്കി. രഹസ്സിൽ നില്ക്കുന്ന ഇവൾ ഭൃഗുവിന്റെ ഭാര്യയാണെങ്കിൽ ഭവാൻ സത്യം പറയണം. ഇവളെ ഞാൻ ബലമായി കൊണ്ടുപോകും. എന്റെ ഉള്ളിൽ ഇന്നും ദുഃഖം നീറിക്കൊണ്ടു നില്ക്കുന്നു. എന്റെ പൂർവ്വഭാര്യയെ ഭൃഗു നേടിയതുകൊണ്ട് ഹൃദയം ചുട്ടുനീറുന്നു."

സൂതൻ പറഞ്ഞു: "ഒന്നും പറയാതെ മടിച്ചുനില്ക്കുന്ന അഗ്നിയോട് അവൻ വീണ്ടും വീണ്ടും ചോദിച്ചു: "ഹേ അഗ്നി, നീ സർവ്വലോകാന്തര്യാമിയല്ലേ! പുണ്യപാപങ്ങൾക്കു സാക്ഷിയല്ലേ! സത്യം പറയണം! എന്റെ പൂർവ്വഭാര്യയായ ഇവളെ ഭൃഗു അന്യായമായി നേടിയതാണ്. ഇതാണു പരമാർത്ഥമെങ്കിൽ നീ സത്യം പറയണം. അങ്ങു പറഞ്ഞാൽ ഞാൻ ഇവളെ കൊണ്ടുപോകാം. ഹേ അഗ്നി, നീ കാണ്കെത്തന്നെ കൊണ്ടുപോകാം. നീ സത്യം കഥിക്കൂ!"

സൂതൻ പറഞ്ഞു: "ഇപ്രകാരം അവൻ അഗ്നിയോടു പറഞ്ഞപ്പോൾ അഗ്നി ധർമ്മസങ്കടത്തിലായി. അസത്യം പറഞ്ഞാൽ ഭൃഗു ശപിക്കുമെന്നുള്ള ഭയത്തോടെ അഗ്നി പറഞ്ഞു: "ഹേ! ദാനവേന്ദ്ര, ഈ പുലോമ അങ്ങു വരിച്ചവൾതന്നെയാണ്. എന്നാൽ മന്ത്രത്തോടെ വിധിപോലെ വേട്ടവളല്ല ഇവൾ. വിധിപ്രകാരം ഭൃഗുവിന്നാണ് ഇവളെ അച്ഛൻ നല്കിയത്. കീർത്തിമാനായ അവളുടെ അച്ഛൻ ഭവാനു നല്കിയിട്ടില്ല. വേദോക്തകർമ്മങ്ങൾകൊണ്ട് എന്നെ സാക്ഷീകരിച്ച് വിധിപോലെ ഇവളെ ഭൃഗു വരിച്ചു. ആ നിലയ്ക്ക് ഞാൻ പൊളിപറയുവാൻ വിചാരിക്കുന്നില്ല. അനൃതം ഒരിക്കലും പൂജ്യമല്ല, തീർച്ചയാണ് ദാനവസത്തമ!"

6. അഗ്നിശാപം – സൂതൻ പറഞ്ഞു: "ഹേ ദ്വിജോത്തമന്മാരെ, അഗ്നിയുടെ വാക്കുകേട്ടപ്പോൾ രാക്ഷസൻ വരാഹരൂപമെടുത്ത് അവളെ പിടിച്ച് വായുവേഗത്തിൽ കൊണ്ട് ഓടിക്കളഞ്ഞു. ഉടനെ അവളുടെ വയറ്റിലെ ഗർഭം ഇളകി* ച്യവനംചെയ്തു. അലസി പുറത്തുചാടി. അങ്ങനെ ച്യവനം ചെയ്തതുമൂലം അവന്ന് ച്യവനൻ എന്ന പേരു പ്രസിദ്ധമായി. ജനനിയുടെ ജഠരത്തിൽനിന്നു പുറത്തുവന്ന് ഘനസൂര്യപ്രകാശനായി ശോഭിക്കുന്ന കുട്ടിയെക്കണ്ട് ഉടനെ രക്ഷസ്സ് ആ തേജസ്സിൽ ഭസ്മമായിപ്പോയി.

ഭൃഗുനന്ദനനായ ആ ച്യവനച്ചെറുപൈതലിനെ എടുത്ത് ദുഃഖത്തോടെ അവൾ ആശ്രമത്തിലേക്കു മടങ്ങി. ദുഃഖിച്ച് കണ്ണുനീരൊലിപ്പിച്ചു കരയുന്ന തന്റെ പുത്രഭാര്യയായ ഭൃഗുപത്നിയെക്കണ്ട് ബ്രഹ്മാവ് സാന്ത്വനം ചെയ്തു. അവളുടെ ധാരധാരയായി ഒഴുകുന്ന കണ്ണുനീരാൽ, പോയവഴിക്ക്, ഒരുപുഴയായി ഒഴുകി. ആ തന്വിയുടെ കണ്ണുനീരുകൊണ്ടുണ്ടായ പുഴ കണ്ട്, തന്റെ വധുവിന്റെ കണ്ണുനീർപ്പുഴയ്ക്ക് 'വധൂസര' എന്ന് ലോകപിതാമഹനായ ബ്രഹ്മാവ് പേരുകൊടുത്തു. ഇന്നും ച്യവനാശ്രമഭാഗത്തേക്ക് അത് ഒഴുകുന്നു.

ഇപ്രകാരമാണ് ഭൃഗുപുത്രനായ ഭഗവാൻ ച്യവനൻ ജനിച്ചത്. ച്യവനനേയും തന്റെ തരുണിയായ ഭാര്യയേയും ഭൃഗു കണ്ടു. അവൻ കോപിച്ച് പുലോമയോടു ചോദിച്ചു.

ഭൃഗു പറഞ്ഞു: "നിന്നെ ഹരിക്കുവാൻ വന്ന ആ രക്ഷസ്സോട് ആരാണ് നിന്നെ പറഞ്ഞുകൊടുത്തത്? സുമുഖിയായ നീ എന്റെ ഭാര്യയാണെന്നുള്ള വൃത്താന്തം മറ്റാരുംപറയാതെ അവൻ അറിയുകയില്ല. വേഗം പറയൂ! ഞാൻ അവനെ ഇപ്പോൾ ശപിക്കും. ഈ എന്റെ ശാപത്തെ ഭയപ്പെടാത്ത ഏതൊരുത്തനാണ് ഈ വികൃതി ചെയ്തത്?"

പുലോമ പറഞ്ഞു: "എന്നെ ആ രക്ഷസ്സിന്നു കാട്ടിക്കൊടുത്തത് അഗ്നിയാണ്. പിന്നെ കുരരിപ്പക്ഷിപോലെ വിലപിക്കുന്ന എന്നെ ബലമായി ആ രാക്ഷസൻ പിടിച്ചുകൊണ്ട് ഓടി. ഈ സൽപ്പുത്രന്റെ മഹസ്സാൽ ഞാൻ രക്ഷപ്പെട്ടു. എന്നെ കൈവിട്ട് അവൻ വെണ്ണീറായിവീണു. ആ ദുഷ്ടരാക്ഷസൻ അവസാനിച്ചു."

ഇപ്രകാരം അവൾ പറഞ്ഞപ്പോൾ ഭൃഗുവിന്ന് അഗ്നിയുടെ നേരെ കോപമുണ്ടായി. അഗ്നിയെ നോക്കി ശപിച്ചു: "ഹേ അഗ്നീ, നീ സർവ്വഭക്ഷകനാകട്ടെ!"

7. അഗ്നിശാപമോചനം – സൂതൻ പറഞ്ഞു: "ഭൃഗുവിന്റെ ശാപമേറ്റ അഗ്നി കോപത്തോടെ പറഞ്ഞു: "ഹേ, ബ്രാഹ്മണ! ഞാൻ എന്ത് അധർമ്മമാണു ചെയ്തത്? എന്നിൽ എന്തൊരു സാഹസമാണ് ഭവാൻ കാണിച്ചത്! ധർമ്മത്തിൽ യത്നംചെയ്യുന്നവന്നും സത്യം പറയുന്നവന്നും ഫലം ഒപ്പമാണ്. ചോദിച്ചവനോടു സത്യം പറയുന്നത് എങ്ങനെ അക്രമമാകും? ചോദിക്കുന്നവനോട് യാഥാർത്ഥ്യം മറച്ച് അസത്യം പറഞ്ഞാൽ അവന്റെ കുലത്തിൽ മേലും കീഴുമായി ഏഴു തലമുറ കെട്ടുപോകും! കാര്യത്തിന്റെ വാസ്തവം അറിഞ്ഞിട്ട് ഒന്നും മിണ്ടാതിരിക്കുന്നവൻ തീർച്ചയായും അതിന്റെ പാപം അനുഭവിക്കും. അങ്ങയെ ശപിക്കുവാനുള്ള കെല്പ് എനിക്കുമുണ്ട്. എന്നാൽ ബ്രാഹ്മണർ പൂജ്യരാണെന്നു വിചാരിച്ച് ഞാൻ അതു ചെയ്യുന്നില്ല. അറിവുള്ളവനായ അങ്ങയോടു ചിലത് ഞാൻ അറിയിക്കാം. ഈ ഞാൻ യോഗത്താൽ മൂർത്തിഭേദംപൂണ്ടാണു നില്ക്കുന്നത്. അഗ്നിഹോത്രം, മഖം, സത്രം, മറ്റു ക്രിയകൾ ഇവറ്റിലൊക്കെ ഞാൻ നില്ക്കുന്നു. വേദോക്തമായ വിധി അനുസരിച്ച്, എന്നിൽ ഹോമിക്കുന്ന ഹവിസ്സാൽ ദേവന്മാരും പിതൃക്കളും കേവലം തൃപ്തരാകുന്നു. സോമരസം, നെയ്യ്, പാല്, ജലം എന്നിവയാണല്ലോ പിതൃദേവഗണങ്ങളാകുന്ന ദേവകൾക്കും പിതൃക്കൾക്കും 'കറുത്ത വാവും' 'വെളുത്ത വാവും'. പിതൃവർഗ്ഗം ദേവകളാണ്, ദേവവർഗ്ഗം പിതൃക്കളാണ്. പർവ്വങ്ങൾ തോറും ഇവർ ഒന്നിച്ചും ഭിന്നിച്ചും കാണാം. എന്നിൽ ഹോമിക്കുന്നത് ഉണ്ണുന്നവരാണ് ദേവകളും പിതൃക്കളും. ദേവകൾക്കും പിതൃക്കൾക്കും ഞാൻ കേവലം മുഖമാണ്. അമാവാസി പിതൃക്കൾക്കും പൗർണ്ണമാസി ദേവകൾക്കും കാലമാകുന്നു. ഇങ്ങനെ ദേവപിതൃക്കൾക്കു മുഖമാകുന്ന ഞാൻ എങ്ങനെ സർവ്വഭക്ഷകനാകുന്നു?"

* പുറത്തേക്കു വന്നു.

digitized by www.sreyas.in

പിന്നെ അഗ്നി തന്നെത്താൻ വിചാരിച്ച് അടങ്ങി, അന്തർദ്ധാനംചെയ്തു. ദ്വിജന്മാരുടെ അഗ്നിഹോത്രം, യജ്ഞം, സത്രക്രിയ ഈ വക കാര്യങ്ങളിൽ 'ഓങ്കാരവഷൾക്കാരസ്വധാസ്വാഹക'ളില്ലാതെ പോയി. പ്രജകളെല്ലാം അഗ്നിയില്ലാതെ ധർമ്മസങ്കടത്തിലായി. ഉടനെ മാമുനിമാർ ചെന്ന് ദേവന്മാരെ ഉണർത്തി: "അഗ്നിനാശംമൂലം ക്രിയാധ്വംസം വന്നു. ഇവ രണ്ടിന്റേയും നാശത്താൽ മൂന്നുലോകവും കുഴങ്ങിപ്പോയി. ഇനി വേണ്ടതുചെയ്യണം ദേവന്മാരെ, വൈകരുത്." പിന്നെ മഹർഷിമാർ ബ്രഹ്മാവിനെ പോയിക്കണ്ടു. അഗ്നിനാശവും, ക്രിയാനാശവും, സംഹാരവും ഒക്കെ ഉണർത്തിച്ചു. ദേവർഷികൾ പറഞ്ഞു: "ഭൃഗു എന്തോ കാരണത്താൽ ശപിച്ചതുമൂലം ഇപ്പോൾ ദേവകൾക്ക് മുഖവും യജ്ഞഭാഗങ്ങൾക്ക് അഗ്രഭുക്കും ആയ ഹുതാശനൻ, കഷ്ടം! സർവ്വഭക്ഷകനായിത്തീർന്നിരിക്കുന്നു."

സൂതൻ പറഞ്ഞു: "ഇതുകേട്ടു ബ്രഹ്മാവ് അഗ്നിയെ അരികെ വിളിച്ചു സൗമ്യമായി പറഞ്ഞു: "എടോ, അഗ്നി, സർവ്വലോകത്തേയും സൃഷ്ടിക്കുന്നതും, സംഹരിക്കുന്നതും, വിശ്വം ഭരിക്കുന്നതും, ക്രിയകൾ ചെയ്യിക്കുന്നതും നീയാണല്ലോ! ലോകേശനായ ഭവാൻ ക്രിയാനാശം വരാതിരിക്കുവാൻ ഉദ്യമിക്കുക! വിശ്വേശനായ ഭവാൻ എന്തിന്നു വിഷാദിക്കുന്നു? സർവ്വശുദ്ധിസ്വരൂപനാണല്ലോ ഭവാൻ! സർവ്വഭൂതഗനുമാണല്ലോ! എല്ലാ ഭാവരൂപങ്ങളാലും ഭവാൻ ഒരിക്കലും സർവ്വഭക്ഷകനായിത്തീരുന്നതല്ല - ശിഖിയായ ഭവാൻ അശുദ്ധസ്ഥലങ്ങളിലെ ജ്വാലയാൽ സർവ്വഭക്തനാകുന്നു. മാംസം ഭക്ഷിക്കുന്ന നിന്റെ തനുവും, സർവ്വവും ഭക്ഷിച്ചുകൊള്ളും. ദിവ്യമായ സൂര്യകിരണം തട്ടുമ്പോൾ സർവ്വവും ശുദ്ധമാകുന്നതുപോലെ നിന്റെ ജ്വാലയിൽ ചുട്ടതൊക്കെ ശുദ്ധമായിവരട്ടെ! ഹേ അഗ്നീ, സ്വയമേവ ഉൽഗതനായ നീ പരമമായ ജ്യോതിസ്സാണെന്നുള്ളത് സർവ്വസമ്മതമാണല്ലോ! മുനിയുടെ ശാപം നീ സത്യമാക്കുക. മുഖത്തിൽ ഹോമിക്കുന്ന ദേവഭാഗവും നീ വാങ്ങുക. നീ തൊട്ടതൊക്കെ ശുദ്ധമാകും! നിന്നെ അശുദ്ധമാക്കുവാൻ ആർക്കും സാധിക്കുകയില്ല."

സൂതൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞപ്പോൾ അഗ്നി അങ്ങനെയാകാമെന്നു സമ്മതിച്ചു. വിധിയായ വിരിഞ്ചന്റെ വിധി അനുഷ്ഠിക്കുവാൻ ഗമിച്ചു. ദേവർഷികൾ വന്ന വഴിക്കു തന്നെ പോയി. മുമ്പത്തെപ്പോലെ മുനിമാർ ക്രിയ നടത്തി. ദ്യോവിൽ ദേവകൾ മോദിച്ചു! ഭൂമിയിൽ ലോകരും മോദിച്ചു! അഗ്നി കല്മഷം തീർന്നു തെളിഞ്ഞു! ഇപ്രകാരം ഭൃഗുമഹർഷിയിൽനിന്ന് പാവകൻ ശാപമേറ്റു. അഗ്നിശാപഭാവം ഉള്ള ഇതിഹാസവും പുലോമനാശവും, സാക്ഷാൽ ച്യവനന്റെ ജനനവും ഇപ്രകാരമാണ്."

8. പ്രമദ്വരാസർപ്പദംശം - സൂതൻ പറഞ്ഞു: "ച്യവനൻ വളർന്നുവന്നു. അവൻ സുകന്യയെ വിവാഹം ചെയ്തു. അവളിൽ പ്രമതി എന്നു പേരായി ദീപ്തശക്തിമാനായി ഒരു പുത്രനുണ്ടായി. പ്രമതി യോഗ്യനായി വളർന്നു. ഘൃതാചി എന്ന ഭാര്യയിൽ അവന്ന് രുരു എന്നു പേരായി ഒരു പുത്രൻ ജനിച്ചു. രുരു വളർന്നുവന്നു. അവന് പ്രമദ്വര എന്നവളിൽ ശുനകൻ എന്ന പുത്രൻ ജനിച്ചു. ശുനകൻ മഹാതത്ത്വനും, കീർത്തിമാനുമായി വളർന്നു. തപോനിധിയും, തേജസ്വിയുമായ രുരുവിന്റെ കഥ ബ്രാഹ്മണരേ, ഞാൻ വിസ്തരിച്ചു പറയാം. ശ്രദ്ധയോടുകൂടി കേൾക്കുക!"

പണ്ട് തപോവിദ്യാവിശാരദനായി, സർവ്വഭൂതഹിതകാരിയായി, സ്ഥൂലകേശൻ എന്നുപേരായി ഒരു മുനി ഉണ്ടായിരുന്നു. അക്കാലത്ത് വിശ്വാവസു എന്ന ഒരു ഗന്ധർവ്വനായകൻ അപ്സരസ്സായ മേനകയെ കാമിച്ച് അവൾക്കു ഗർഭം ഉല്പാദിപ്പിച്ചു. അവൾ സ്ഥൂലകേശന്റെ ആശ്രമത്തിന്റെ സമീപത്തിൽ പ്രസവിച്ചു. പ്രസവിച്ച ഉടനെ ശിശുവിനെ ഉപേക്ഷിച്ച് അവൾ പോയി. മേനക ഉപേക്ഷിച്ച് ഇട്ടുപോയ പെൺകുട്ടിയെ സ്ഥൂലകേശൻ കണ്ടു. ആ കുട്ടിയെ എടുത്ത് മുനി കരുണയോടെ വളർത്തി. ജാതകർമ്മാദികളൊക്കെ ചെയ്ത് അവളെ പാലിച്ചു. സത്വരൂപഗുണം കൊണ്ട് ആ പ്രമദ വരയായി വളർന്നതുകൊണ്ട് 'പ്രമദ്വര' എന്ന് അവൾക്ക് മുനി പേരുകൊടുത്തു. ഈ പ്രമദ്വരയെക്കണ്ട് രുരു കാമമോഹിതനായി. ഒരു മിത്രം വഴിക്ക് അവൻ ആ പുണ്യാശ്രമത്തിൽ വിവരം അച്ഛനായ സ്ഥൂലകേശനെ അറിയിച്ചു. പ്രമദ്വരയെ തനിക്ക് വിവാഹം ചെയ്തുകൊടുക്കുവാനുള്ള രുരുവിന്റെ അഭ്യർത്ഥന സ്ഥൂലകേശൻ സ്വീകരിച്ചു. അവളെ അവന്നു നല്കുവാൻ തീർച്ചപ്പെടുത്തി. വേളി ഉത്രം നക്ഷത്രത്തിൽ നിശ്ചയിച്ചു. വിവാഹം അടുത്ത ദിവസം ആ കന്യക സഖിമാരോടുകൂടി കളിച്ചുനടക്കുമ്പോൾ വിലങ്ങനെ കിടന്നുറങ്ങുന്ന ഒരു പാമ്പിനെ അറിയാതെ ചവിട്ടി. കാലചോദിതനായ ആ പാമ്പ് അവന്റെ വിഷോഗ്രമായ പല്ലുകൊണ്ട്, പരിഭ്രാന്തയായ ബാലികയുടെ ദേഹത്തിൽ കടിച്ചു. ഉടനെ അവൾ ഭൂമിയിൽ വീണു. കരുവാളിച്ച് ശോഭകെട്ട് ആഭരണം ചിന്നി ആർത്തയായി മോഹാലസ്യപ്പെട്ടു. ബന്ധുക്കൾക്ക് ദുഃഖം വളർത്തുന്നവിധം മുടി ചിന്നിക്കിടന്നു. ജീവൻ അറ്റുകിടക്കുന്ന അവളെ നോക്കുവാൻ വിഷമമുണ്ടെങ്കിലും അവൾ മനോഹാരിണിയായിത്തന്നെ വിളങ്ങി. ഉറങ്ങിക്കിടക്കുന്ന ഒരു മനോമോഹിനിപോലെ അവൾ ഉരഗക്ഷതയാണെങ്കിലും ശോഭിച്ചു. ആ മനോജ്ഞാംഗി താഴെ വീണുകിടക്കുന്നത് മഹർഷിമാരും പിതാവും കണ്ടു സങ്കടപ്പെട്ടു. ഉടനെ എല്ലാ ദ്വിജന്മാരും കനിവോടെ എത്തി. സ്വസ്ത്യാത്രേയൻ, കുശികൻ, ശംഖമേഖലൻ, ഉദ്ദാലകൻ, കഠൻ, ശ്വേതൻ, ഭരദ്വാജൻ, കൗണകുത്സ്യൻ, ആർഷ്ടിഷേണൻ, പുത്രനോടുകൂടിയ ഗൗതമൻ, പ്രമതി, മറ്റു മുനിമുഖ്യന്മാർ ഇവരൊക്കെ ഭുജംഗവിഷമേറ്റു മരിച്ചു കിടക്കുന്ന അവളെക്കണ്ട് കനിവോടെ കേണു. രുരുമാത്രം പുറത്തുപോയി. മറ്റു വിപ്രന്മാരൊക്കെ അവിടെ ഇരുന്നു.

9. പ്രമദ്വരാജീവനം - സൂതൻ പറഞ്ഞു: "ആ വിപ്രരൊക്കെ അവിടെ ഇരിക്കുമ്പോൾ രുരു വൻകാട്ടിൽപ്പോയി സങ്കടപ്പെട്ടു കരഞ്ഞു. ശോകാധിക്യംമൂലം അവൻ കാട്ടിൽ ഇപ്രകാരം മുറയിട്ടു കരഞ്ഞു."

രുരു പറഞ്ഞു: "എനിക്കും ബന്ധുജനങ്ങൾക്കും സങ്കടം വളർത്തി നീ വെറും മണ്ണിലല്ലേ മരിച്ചുകിടക്കുന്നത്! ഇതിൽപ്പരം സങ്കടം എന്താണ്! ഞാൻ തപസ്സും ദാനവും ഗുരുസേവയും ചെയ്തിട്ടുണ്ടെങ്കിൽ എന്റെ വല്ലഭ ജീവനോടെ എഴുന്നേൽക്കട്ടെ! മനസ്സുവെച്ച് ഞാൻ വ്രതം ഏറ്റിട്ടുണ്ടെങ്കിൽ പ്രമദ്വര എഴുന്നേല്ക്കട്ടെ!"

സൂതൻ പറഞ്ഞു: "അവൻ വിലപിക്കുവാൻ തുടങ്ങിയപ്പോൾ ഒരു ദേവദൂതൻ കാട്ടിൽവന്ന് രുരുവിനോടു പറഞ്ഞു."

ദേവദൂതൻ പറഞ്ഞു: "ഹേ, രുരു! നീ സങ്കടപ്പെട്ട് ഈ പറഞ്ഞതു വ്യഥാവിലാണ്. ഹേ! മഹാത്മാവേ, മൃതിപ്പെട്ടവരുണ്ടോ ജീവിക്കുന്നു? ഈ ഗന്ധർവ്വാപ്സരകന്യകയ്ക്ക് ആയുസ്സ് അവസാനിച്ചു. ശ്രേഷ്ഠ, നീ മാഴ്കരുത്! പണ്ട് ദേവകൾ ഒരുപായം കല്പിച്ചിട്ടുണ്ട്. അതു ചെയ്താൽ നിന്റെ പ്രമദ്വരയെ നിനക്കു ലഭിക്കും!"

രുരു പറഞ്ഞു: "ദേവദൃഷ്ടമായ ഉപായം എന്താണ്? ഹേ, ഖേചര, ഞാൻ അതു ചെയ്യാം. എന്നെ രക്ഷിക്കണേ!"

ദേവദൂതൻ പറഞ്ഞു: "ഹേ, രുരു! നിന്റെ ആയുസ്സിൽ പകുതി അവൾക്കു ദാനംചെയ്യുക! എന്നാൽ അവൾ എഴുന്നേല്ക്കും! നിന്റെ ഭാര്യ ജീവിക്കും!"

രുരു പറഞ്ഞു: "ഹേ, ഖേചരോത്തമ, ഞാൻ എന്റെ ആയുസ്സിൽ പകുതി കന്യകയ്ക്കു നല്കാം. അഴകു തികഞ്ഞ എന്റെ പ്രിയ എഴുന്നേല്ക്കട്ടെ!"

സൂതൻ പറഞ്ഞു: "പിന്നെ ഗന്ധർവ്വരാജാവും ധന്യനായ ദേവദൂതനും ധർമ്മരാജാവിനെ പോയിക്കണ്ട് വിനയത്തോടെ പറഞ്ഞു: "ഭാര്യയായ പ്രമദ്വര മൃതയാണെങ്കിലും രുരുവിന്റെ അർദ്ധായുസ്സുകൊണ്ട്, ധർമ്മരാജാവേ, ജീവിക്കുവാൻ സമ്മതിച്ചാലും!"

ധർമ്മരാജാവു പറഞ്ഞു: "പ്രമദ്വര രുരുവിന്റെ ഭാര്യയാണെങ്കിൽ രുരുവിന്റെ അർദ്ധായുസ്സുകൊണ്ടു ജീവിക്കും!"

digitized by www.sreyas.in

സൂതൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ ഉടനെ പ്രമദ്വര ഉറങ്ങി ഉണരുന്ന വിധത്തിൽ എഴുന്നേറ്റു. രുരുവിന്റെ ജാതകത്തിൽനിന്ന് ദീർഘായുസ്സിൽ പകുതി ഭാഗം കുറഞ്ഞു. പിന്നെ ഇഷ്ടദിനത്തിൽ പിതാക്കന്മാർ അവരുടെ വിവാഹക്രിയ കഴിച്ചു. അവർ മേളിച്ചു സുഖിച്ചു. അല്ലിത്താരുപോലെ മൃദുമേനിയായ ഭാര്യയെ ലഭിച്ചതിന്നുശേഷം അവൻ സർപ്പഹിംസയ്ക്കുള്ള കടുത്ത വ്രതം സ്വീകരിച്ചു. അവൻ കൈയിൽ വലിയ ഒരു വടിയുമായി ചുറ്റി, കണ്ട പാമ്പിനെയൊക്കെ അടിച്ചു കൊല്ലുവാൻ തുടങ്ങി. ഒരു ദിവസം വടിയുമായി കാട്ടിൽ പ്രവേശിച്ചപ്പോൾ മൂത്തുമൂത്ത ഒരു ചേരപ്പാമ്പിനെക്കണ്ടു. കണ്ട ഉടനെ അതിനെ അടിക്കുവാൻ വടി ഓങ്ങി. ഉടനെ ആ മൂത്ത ഡുണ്ഡുഭം പറഞ്ഞു: "ഹേ, മുനിസത്തമ! ഞാൻ അങ്ങയ്ക്ക് ഒരു പിഴവും ചെയ്തിട്ടില്ലല്ലോ. യാതൊരു ഉപദ്രവവും ചെയ്യാത്ത എന്നെ അങ്ങ് ഹിംസിക്കുന്നതെന്താണ്?"

10. രുരു ഡുണ്ഡുഭസംവാദം – രുരു പറഞ്ഞു: "എന്റെ പ്രാണപ്രിയയെ മുമ്പ് പാമ്പുകടിച്ചു. അഹിവർഗ്ഗത്തോട് അന്നു മുതൽ എനിക്കു കോപമുണ്ട്. ഞാൻ ഘോരമായ ഒരു നിശ്ചയമെടുത്തു. കണ്ട പാമ്പിനെയൊക്കെ ഞാൻ കൊന്നുകളയും. അതാണ് എന്റെ കഠിനവ്രതം. അതുകൊണ്ട് ഞാൻ നിന്നെ കൊല്ലും. നിനക്കു മരണം വന്നുകഴിഞ്ഞു."

ഡുണ്ഡുഭം പറഞ്ഞു: "ഹേ, വിപ്ര! മനുഷ്യരെ കൊത്തുന്ന സർപ്പജാതികൾ വേറെയാണ്. ഡുണ്ഡുഭത്തെ സർപ്പസാമ്യം കണ്ട് ഹിംസിക്കാതിരിക്കുക. ലാഭത്തിലും സുഖാനുഭവത്തിലും ഞങ്ങളും സർപ്പങ്ങളും ഒരുപോലെയാണുതാനും. ഇപ്രകാരമാണ് ഡുണ്ഡുഭകുലം. ഹേ, ധർമ്മജ്ഞ, അതുകൊണ്ട് നീ ഹിംസിക്കാതിരിക്കുക."

ഇപ്രകാരം ആ ഭുജംഗം പറഞ്ഞപ്പോൾ രുരു അവനെ മുനിയാണെന്നു വിചാരിച്ചു ഹിംസിച്ചില്ല. അവനോട് ഭഗവാനായ മുനി സൗമ്യമായി ചോദിച്ചു: "ഹേ, മഹാനുഭാവ, ഭുജംഗഭാവത്തിൽ കാണപ്പെടുന്ന ഭവാൻ ആരാണ്?"

ഡുണ്ഡുഭം പറഞ്ഞു: "ഹേ, രുരു! ഞാൻ സഹസ്രപാദൻ എന്നു പേരായ മുനിയായിരുന്നു. ഒരു വിപ്രന്റെ ശാപംമൂലം ഞാൻ ഇപ്രകാരം അഹിയായി ഭവിച്ചു."

ഇതുകേട്ട് രുരു ചോദിച്ചു: "കോപത്താൽ ഭവാനെ പണ്ട് വിപ്രൻ ശപിക്കുവാൻ എന്താണു കാരണം? ഹേ, ഭുജംഗമ, ഭവാൻ എത്രനാൾ ഇങ്ങനെ കഴിയണം?"

11. ഡുണ്ഡുഭശാപമോക്ഷം – ഡുണ്ഡുഭം പറഞ്ഞു: "പണ്ട് ഖഗമൻ എന്നു പേരായി ഒരു ദ്വിജൻ എന്റെ സഖിയായി ഉണ്ടായിരുന്നു. അവൻ ഏറ്റവും നിശിതവാക്കായ ഒരു തീവ്രതപോവ്രതനായിരുന്നു.

ചെറുപ്പത്തിൽ ഞാൻ കളിയായിട്ട് പുല്ലുകൊണ്ട് ഒരു പാമ്പിനെ ഉണ്ടാക്കി. അഗ്നിഹോത്രത്തിൽ അതിനെ ഞാൻ അവന്റെ അരികെവെച്ചു. ആ കൃത്രിമപ്പാമ്പിനെ പെട്ടെന്നു കൈയിലെടുത്ത അവൻ ഭയപ്പെട്ടു മോഹിച്ചുവീണു. ബോധം വീണപ്പോൾ ആ തപോധനൻ എന്റെനേരെ കോപിച്ചു നോക്കി പറഞ്ഞു: 'വീര്യമില്ലാത്ത അഹിയെ നീ എന്നെ പേടിപ്പിക്കുവാൻ ഉണ്ടാക്കിവിട്ടതുകൊണ്ട് എന്റെ ശാപത്താൽ നീ നിർവ്വീര്യനായ വിഷശക്തിയില്ലാത്ത, ഒരു പാമ്പായിത്തീരട്ടെ!' ഞാൻ അവന്റെ തപോവീര്യം അറിഞ്ഞു. ഭയപ്പെട്ടു വിറച്ച്, പരുങ്ങി, അരികിൽച്ചെന്നു തൊഴുതു പറഞ്ഞു: "ഭവാൻ എന്റെ സഖിയാണെന്നു വിചാരിച്ച് കളിയിൽ ചെയ്തുപോയതാണ്. അതുകൊണ്ട് എന്നിൽ പൊറുത്ത് എനിക്കു ശാപമോക്ഷം തരണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു." എന്റെ വിഷമം കണ്ട് അവൻ ചുടുനെടുവീർപ്പു വിട്ടിട്ട് സംഭ്രമത്തോടെ പറഞ്ഞു: "എടോ സഹസ്രപാദ, എന്റെ വാക്ക് വെറുതെയാവുകയില്ല. ഞാൻ പറയുന്ന വാക്ക്, ഹേ, തപോധന, കേൾക്കുക. നിർദ്ദോഷനായ ഭവാൻ അതുകേട്ടു ധരിക്കുക. പ്രമതിക്ക് രുരു എന്നുപേരായി ശുദ്ധാത്മാവായ ഒരു പുത്രനുണ്ടാകും. ആ ശുദ്ധാത്മാവിനെ കണ്ടാൽ ഉടനെ നിനക്ക് ശാപമോക്ഷമുണ്ടാകും. ഭവാൻ പ്രമതിയുടെ പുത്രനായ രുരു അല്ലയോ? ഇനി ഞാൻ എന്റെ ശരിയായ രൂപമെടുത്ത് എല്ലാ കാര്യങ്ങളും നന്നായിപ്പറയാം."

ഉടനെ ഡുണ്ഡുഭാകാരംവിട്ട് ആ വിപ്രപുംഗവൻ ഭാസ്വരമായ സ്വന്തം രൂപം സ്വീകരിച്ചു. വീണ്ടും രുരുവിനോടു പറഞ്ഞു: "അഹിംസയാണല്ലോ പ്രാണികൾക്കൊക്കെ പരമമായ ധർമ്മം. വിപ്രന്മാർ ഒരിക്കലും ഒരു ജീവിയേയും ഹിംസിക്കരുത്. വേദവേദാംഗവിത്തും ഭൂതജാലങ്ങൾക്ക് അഭയപ്രദനുമായ ബ്രാഹ്മണൻ ലോകത്തിൽ സൗമ്യനാണെന്നാണല്ലോ ശ്രുതി! അഹിംസ, സത്യവചനം, ക്ഷമ, വേദസന്ധാരണം എന്നിവ ബ്രാഹ്മണന്റെ ധർമ്മമാണ്. ക്ഷത്രിയന്റെ ധർമ്മം നിനക്കു ചേരുന്നതല്ല. ദണ്ഡുധരിക്കുക, ഉഗ്രതകാണിക്കുക, പ്രജകളെ പാലിക്കുക ഇതൊക്കെ ക്ഷത്രിയന്നു ചേർന്ന ധർമ്മമാണ്. ജനമേജയന്റെ യജ്ഞത്തിൽ സർപ്പങ്ങളെ ഹിംസിച്ചതും, അന്നു ഭയപ്പെട്ട സർപ്പജാതികളെയൊക്കെ തപോവീര്യബലമുള്ളവനും, വേദവേദാംഗപാരഗനും ആയ ആസ്തീകബ്രാഹ്മണൻ സർപ്പസത്രത്തിൽച്ചെന്ന് രക്ഷപ്പെടുത്തിയതുമായ സംഭവങ്ങൾ ഭവാൻ ഓർക്കുക."

12. സർപ്പസത്രപ്രസ്താവന – രുരു പറഞ്ഞു: "ഹേ, സഹസ്രപാദ! സർപ്പങ്ങളെ ജനമേജയൻ എങ്ങനെ കൊന്നു? എന്തിനാണു കൊന്നത്? പിന്നെ ആസ്തീകൻ എന്തിന്ന് പന്നഗങ്ങളെ രക്ഷപ്പെടുത്തി? എങ്ങനെ രക്ഷപ്പെടുത്തി? ഈ കഥയൊക്കെയും കേൾക്കാൻ ഹേ വിപ്ര! ഞാൻ ആഗ്രഹിക്കുന്നു."

ഋഷി പറഞ്ഞു: "ബ്രഹ്മർഷിമാർ പറയുമ്പോൾ ഭവാൻ എല്ലാം കേൾക്കും. ഹേ രുരു! അതിന്നു ശക്തനല്ല ഞാൻ! ഞാൻ ഇതാ പോകുന്നു," എന്നു പറഞ്ഞ് മഹർഷി മറഞ്ഞു.

സൂതൻ പറഞ്ഞു: "രുരു കാട്ടിലെല്ലാം നടന്ന് ആ മഹർഷിയെ അന്വേഷിച്ചു. കണ്ടുകിട്ടിയില്ല. മുനിയെ കാണാതെ നിരാശനായി ക്ഷീണിച്ച് അവൻ കാട്ടിൽ ഒരിടത്തുവീണു. അവൻ മോഹാലസ്യപ്പെട്ടു. തന്റേടം വിട്ട മട്ടായി. ആ മുനീന്ദ്രൻ പറഞ്ഞ വാക്കുകൾ വീണ്ടും നിനച്ച്, ബോധമുണർന്നപ്പോൾ അവൻ വീട്ടിലേക്കു മടങ്ങി. അച്ഛനോട് ആസ്തീകമുനിയുടെ കാര്യം ചോദിച്ചു. പുത്രൻ അങ്ങനെ ചോദിച്ചപ്പോൾ അവന്റെ അച്ഛൻ ആ കഥയെല്ലാം പറഞ്ഞുകൊടുത്തു.

ആസ്തീകപർവ്വം

13. ജരൽക്കാരുപിതൃസംവാദം – ശൗനകൻ പറഞ്ഞു: "ജനമേജയരാജാവ് എന്തിനാണ് സർപ്പസത്രം കഴിച്ച്, സർപ്പങ്ങളെ സംഘത്തോടെ നശിപ്പിച്ചത്? ഹേ, സൂതജ! ഭവാൻ ഈ തത്ത്വം വിസ്തരിച്ചു പറഞ്ഞാലും! ആസ്തീകൻ എന്ന ദ്വിജശ്രേഷ്ഠൻ കത്തുന്ന അഗ്നിയിൽനിന്ന് സർപ്പങ്ങളെ രക്ഷിക്കുവാൻ എന്താണു കാരണം? സർപ്പസത്രംചെയ്ത ആ വീരനായ രാജാവ് ആരുടെ പുത്രനാണ്? ആ ആസ്തീകൻ ആരുടെ പുത്രനാണ്? എല്ലാം പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

സൂതൻ പറഞ്ഞു: "മുനേ! ആസ്തീകാഖ്യാനം എത്രയോ മഹത്തായിട്ടുള്ളതാണ്. അതെല്ലാം ഞാൻ വിസ്തരിച്ചു പറയാം. ഹേ വാക്യജ്ഞ, ഭവാൻ കേട്ടാലും!"

ശൗനകൻ പറഞ്ഞു: "ആസ്തീകനായ പുരാണർഷിമുഖ്യന്റെ രസകരമായ കഥ വിസ്തരിച്ചു പറഞ്ഞുകേൾക്കുവാൻ എനിക്കു വളരെ ആഗ്രഹമുണ്ട്."

സൂതൻ പറഞ്ഞു: "ഈ ഇതിഹാസം പുണ്യമായ പുരാണമാണ്. വ്യാസപ്രണീതമായ ഈ പുരാണത്തെ പണ്ട് നൈമിഷാരണ്യത്തിൽവെച്ച് എന്റെ അച്ഛനായ ലോമഹർഷണൻ, വ്യാസന്റെ ശിഷ്യൻ, വിപ്രമദ്ധ്യത്തിൽവെച്ചു പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മുഖത്തുനിന്നു കേട്ടപ്രകാരംതന്നെ ഞാൻ നിങ്ങളോട് എല്ലാം ഉള്ളതുപോലെ വിസ്തരിച്ചു പറയാം. സർവ്വപാപവും ഈ ആസ്തീകചരിതം കേട്ടാൽ തീരും."

digitized by www.sreyas.in

ആസ്തീകമുനിയുടെ അച്ഛൻ 'ജരൽക്കാരുമുനി' യായിരുന്നു. അദ്ദേഹം പ്രജാപതിക്കു തുല്യനും, പ്രഭുവും, ബ്രഹ്മചാരിയും, അനാഹാരനും, അത്യുഗ്രതപസ്വിയും, ഊർദ്ധ്വരേതസ്സുമായിരുന്നു. അദ്ദേഹം തീർത്ഥസഞ്ചാരം ചെയ്ത്, ഊണും ഉറക്കവും ഉപേക്ഷിച്ച്, അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരുന്നു. ഓരോ രാത്രി ഓരോ ഇടത്തു താമസിച്ച്, വായുഭക്ഷണം മാത്രമായി, ദേഹം ശോഷിച്ച്, ദീപ്താഗ്നിപോലെ സഞ്ചരിക്കുമ്പോൾ ഒരു മലയിടുക്കിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന പിതൃക്കളെ കണ്ടു. ജരൽക്കാരു അവരോടു ചോദിച്ചു.

ജരൽക്കാരു പറഞ്ഞു: "ഈ കുണ്ടിൽ തലകീഴായിക്കിടക്കുന്ന നിങ്ങൾ ആരാണ്? എലികൾ മടയുണ്ടാക്കിക്കുഴിച്ച് കടിച്ചുതിന്ന് കടപുഴങ്ങി അടിവിട്ടവിധമുള്ള പുല്ക്കൊടി പറ്റിപ്പിടിച്ചിരിക്കയാണല്ലൊ നിങ്ങൾ."

പിതൃക്കൾ പറഞ്ഞു: "യയാവരന്മാരെന്നു പറയപ്പെടുന്ന ഞങ്ങൾ ദൃഢവ്രതന്മാരായ താപസന്മാരാണ്. സന്താനനാശത്താൽ ഇങ്ങനെയുള്ള ഒരു അധഃപതനം ഏല്ക്കുകയാണ്. ഭാഗ്യഹീനരായ ഞങ്ങൾക്ക് ജരൽക്കാരു എന്ന ഒരു സന്താനമേയുള്ളൂ. അവൻ തപസ്സിലുമാണ്. വിഡ്ഢിയായ അവൻ പുത്രനുണ്ടാകുവാൻവേണ്ടി വിവാഹം കഴിക്കുന്നില്ല. അതുകൊണ്ട് വംശത്തിൽ സന്താനമില്ലാതായിരിക്കുന്നു. അക്കാരണത്താലാണ് ഞങ്ങൾ ഈ കുണ്ടിൽ തൂങ്ങിക്കിടക്കുന്നത്. നാഥനുണ്ടെങ്കിലും പാപികളായി, അനാഥരായി ഞങ്ങൾ കഷ്ടപ്പെടുന്നു. ശോച്യരായ ഞങ്ങളെക്കണ്ട് ഹേ ബ്രാഹ്മണ! ഭവാൻ അനുശോചിക്കുന്നത് എന്തുകൊണ്ടാണ്?"

ജരൽക്കാരു പറഞ്ഞു: "നിങ്ങൾ എല്ലാവരും എന്റെ പിതൃപിതാമഹന്മാരാണ്. ജരൽക്കാരു എന്നു പറയുന്നവൻ ഞാൻ തന്നെയാണ്. നിങ്ങൾക്കുവേണ്ടി എന്താണു ഞാൻ ചെയ്യേണ്ടത്? നിങ്ങൾ പറയുവിൻ!"

പിതൃക്കൾ പറഞ്ഞു: "നമുക്ക് കുലസിദ്ധിയുണ്ടാകുവാൻ നീ ഉദ്യമിക്കുക. കുട്ടീ, ധർമ്മഫലംകൊണ്ടും തപസ്സമ്പത്തുകൊണ്ടും, മക്കളുള്ളവർക്കു കിട്ടുന്ന മുഖ്യമായ ഗതി കിട്ടുന്നതല്ല. അതുകൊണ്ട് മക്കൾ ഉണ്ടാകുവാൻവേണ്ടി നീ വേളി കഴിക്കുക. അതാണ് നമുക്ക് ഏറ്റവും ഹിതമായിട്ടുള്ളത്."

ജരൽക്കാരു പറഞ്ഞു: "അങ്ങനെയാണെങ്കിൽ ഞാൻ ശ്രമിക്കാം. എന്റെ നാമമുള്ള ഒരു കന്യകയെ ബന്ധുക്കൾ ഇഷ്ടദാനമായി നല്കിയാൽ ഭൈക്ഷ്യമെന്ന മട്ടിൽ ഞാൻ സ്വീകരിക്കാം. പറഞ്ഞ മട്ടിലല്ലെങ്കിൽ സ്വീകരിക്കുകയില്ല. ദരിദ്രനായ എനിക്ക് പെണ്ണുതരുവാൻ ആരുണ്ട്? ഒരുത്തൻ ഭിക്ഷയായി പെണ്ണിനെ തന്നാൽ വാങ്ങാം. ഗുരുക്കളേ, നിങ്ങൾക്കുവേണ്ടി ഞാൻ വേൾക്കാം. അതിൽ ഉണ്ടാകുന്ന പുത്രൻ നിങ്ങളെ നരകത്തിൽനിന്നു കയറ്റും! നിങ്ങൾ ശാശ്വതമായ സ്ഥാനത്തെ പ്രാപിച്ച് സുഖിക്കുമാറാകട്ടെ!"

14. വാസുകിസ്വസൃവരണം – സൂതൻ പറഞ്ഞു: "പിന്നെ ഗൃഹസ്ഥവൃത്തിക്കുവേണ്ടി അവൻ ഭാര്യാർത്ഥിയായി നടന്നു. ഭൂമിയിൽ പലയിടത്തും കുറെയൊക്കെ ചുറ്റി. കാര്യം സാധിച്ചില്ല. ഒരിക്കൽ കാട്ടിൽ ചെന്ന് പിതൃവാക്യം ഓർത്ത് മുറപ്രകാരം മൂന്നുവട്ടം കന്യകാഭിക്ഷയ്ക്ക് ഇരന്നു. വാസുകി തന്റെ ഭഗിനിയെ കൊടുക്കാമെന്നു പറഞ്ഞു. എന്നാൽ പേര് ഒത്തില്ലെന്നു വിചാരിച്ച് മുനി അവളെ സ്വീകരിച്ചില്ല. ജരൽക്കാരു ചോദിച്ചു: "ഹേ, ഭുജംഗമ! നിന്റെ ഭഗിനിയുടെ പേരെന്താണ്? സത്യം പറയൂ! എന്റെ പേരുതന്നെയായ ഒരു സ്ത്രീയെ മാത്രമേ ഞാൻ വരിക്കുകയുള്ളൂ എന്ന് എനിക്ക് ഒരു വ്രതമുണ്ട്."

വാസുകി പറഞ്ഞു: "എന്റെ ഈ സോദരിയുടെ പേര് ജരൽക്കാരു എന്നാണ്. ഭവാന്റെ പേരെന്താണ്?"

ജരൽക്കാരു പറഞ്ഞു: "എന്റെ പേര് ജരൽക്കാരു എന്നാണ്."

വാസുകി പറഞ്ഞു: "ശരി, ഹേ ജരൽക്കാരൂ! ഞാൻ അങ്ങയ്ക്കു വേണ്ടിയാണ് എന്റെ സോദരിയായ ജരൽക്കാരുക്കുട്ടിയെ വളർത്തിക്കൊണ്ടുവന്നത്. ഞാൻ നല്കുന്ന ഇവളെ ഭവാൻ ഭാര്യയായി പ്രതിഗ്രഹിച്ചാലും!"

സൂതൻ പറഞ്ഞു: "ജരൽക്കാരുവിന്നു സന്തോഷമായി. അവൻ അവളെ വിധിപ്രകാരം വിവാഹം ചെയ്തു."

15. മാതൃശാപപ്രസ്താവം – സൂതൻ പറഞ്ഞു: "ഹേ, ബ്രഹ്മജ്ഞേന്ദ്ര! പണ്ട് പന്നഗങ്ങളെ അവരുടെ അമ്മ ശപിച്ചു. "നിങ്ങൾ ജനമേജയന്റെ യജ്ഞാഗ്നിയിൽ വീണു ചാകട്ടെ!" എന്ന്. ആ ശാപത്തിന്റെ ശമനത്തിന്നായിട്ടാണ് വാസുകി തന്റെ സഹോദരിയെ ജരൽക്കാരുവിന്നു നല്കിയത്. ജരൽക്കാരു ജരൽക്കാരുവിനെ വേട്ടു. ആശ്രമത്തിൽ താമസിക്കവേ അവൾ ഗർഭിണിയായി. ഒരു തേജസ്വിയായ പുത്രനെ പ്രസവിച്ചു. ആസ്തീകൻ എന്ന് അവന്നു പേര് നല്കി. അവൻ വളർന്നുവന്നു. തപോനിധിയും, മഹാത്മാവും, വേദവേദാംഗപാരഗനും, പിതൃമാതൃകുലോദ്ധാരകനും സർവ്വത്ര സമചിത്തനും ആയി അവൻ പ്രശോഭിച്ചു.

പിന്നെ കാലാന്തരത്തിൽ പാണ്ഡവേയനായ ജനമേജയൻ മഹായജ്ഞമായ സർപ്പസത്രം നടത്തിയെന്നു കേൾക്കുന്നു. ആ രാജാവ് സർപ്പവംശത്തെ മുടിക്കുവാൻ സർപ്പസത്രം നടത്തിയപ്പോൾ തപോധനനായ ആസ്തീകൻ സർപ്പങ്ങളെയൊക്കെ മോചിപ്പിച്ചു. ഭ്രാതാക്കളേയും, മാതുലന്മാരേയും, മറ്റു സർപ്പങ്ങളേയും അവൻ രക്ഷിച്ചു. സന്തതിമൂലം പിതൃക്കളേയും രക്ഷിച്ചു. സ്വാദ്ധ്യായം, വ്രതചര്യകൾ എന്നിവകൊണ്ട് ഋണങ്ങൾ വീട്ടി. യജ്ഞങ്ങളാൽ ദേവകളേയും, ബ്രഹ്മചര്യത്താൽ മുനികളേയും, സന്തതിയാൽ പിതൃക്കളേയും അവൻ സംതൃപ്തരാക്കി. പിതൃക്കളോട് ഏറ്റ ഭാരം നിർവ്വിഘ്നം നിർവ്വഹിച്ചു. ദൃഢവ്രതനായ ജരൽക്കാരു പിതാമഹസമന്വിതനായി സ്വർഗ്ഗം പ്രാപിച്ചു. സകലധർമ്മങ്ങളേയും അനുഷ്ഠിച്ചതുകൊണ്ടും ആസ്തീകനായ പുത്രനെ ജനിപ്പിച്ചതുകൊണ്ടും ജരൽക്കാരു യഥാസുഖം ചിരകാലം സ്വർഗ്ഗം വാണു. ഹേ, ഭൃഗുമുഖ്യ, ഇനി എന്താണ് ഞാൻ പറയേണ്ടതെന്ന് അരുളിയാലും!"

16. സർപ്പാദീനാമുൽപ്പത്തി – ശൗനകൻ പറഞ്ഞു: "ഹേ സൂതപുത്ര! ഭവാൻ ഈ കഥാഭാഗം പ്രീതനായി വിസ്തരിച്ചു പറയുക. ആസ്തീകന്റെ സച്ചരിത്രം കേൾക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഭവാൻ ഭംഗിയായി മനോഹരപദങ്ങൾകൊണ്ട് കഥ പറയുന്നതു കേൾക്കുവാൻ കൗതുകമുണ്ട്. ഭവാന്റെ അച്ഛൻ രസത്തോടുകൂടി പറയുന്നമാതിരിതന്നെ ഭവാന്റെ കഥാകഥനവും ഹൃദയാവർജ്ജകമാണ്. ഞങ്ങളെ ശുശ്രൂഷിച്ചു സന്തോഷിപ്പിക്കുന്നതിൽ ഭവാന്റെ അച്ഛൻ അത്യന്തം തല്പരനായിരുന്നു. അച്ഛൻ പറയുന്നമാതിരിതന്നെ ഭവാനും ആദരവോടെ കഥ തുടർന്നാലും."

സൂതൻ പറഞ്ഞു: "ഇപ്പോൾ ഞാൻ ആസ്ഥയോടെ ആസ്തീകാഖ്യാനം പറയാം. ഹേ, സൗമ്യ! അച്ഛൻ പറഞ്ഞു കേട്ട വിധംതന്നെ വിസ്തരിച്ചു പറയാം.

പണ്ട് കൃതയുഗത്തിൽ ദക്ഷന്റെ മക്കളായി രണ്ടു സഹോദരിമാർ അതിസുന്ദരിമാരായി പിറന്നു. കശ്യപമഹർഷി കദ്രു എന്നും വിനത എന്നും പേരായ ആ രണ്ടു വനിതാരത്നങ്ങളെ വേട്ടു. പ്രീതിയോടെ പ്രജാപതിസമാനനായ ആ വരൻ ആ രണ്ടു ഭാര്യമാർക്കും വരം നല്കി. കദ്രു ആയിരം നാഗങ്ങൾ പുത്രന്മാരായി തനിക്ക് ഉണ്ടാകേണമെന്നു വരം വാങ്ങി. കദ്രുവിന്റെ മക്കളേക്കാൾ ഭദ്രവും, വീര്യവും, പരാക്രമവും, ഓജസ്സുമുള്ള രണ്ടു പുത്രന്മാർ മാത്രം ഉണ്ടായാൽ മതി എന്ന വരം വിനതയും വാങ്ങി. ദിവ്യന്മാരായ രണ്ടുപുത്രന്മാർ മതിയെന്നുള്ള വിനതയുടെ ആഗ്രഹവും, കദ്രുവിന്റെ പുത്രസഹസ്രപ്രാർത്ഥനയും ഭർത്താവു സ്വീകരിച്ച് അനുഗ്രഹിച്ചു. ഭാര്യമാർ രണ്ടുപേരും തൃപ്തരായി. യത്നത്താൽ ഗർഭത്തെ സംരക്ഷിച്ചുകൊള്ളുവാൻ സന്തോഷം പൂണ്ട ഭാര്യമാരോട് ആജ്ഞാപിച്ച് മുനി തപോവനത്തിലേക്കു പോവുകയും ചെയ്തു.

കുറെ നാൾ കഴിഞ്ഞപ്പോൾ കദ്രു ആയിരം മുട്ടകൾ പ്രസവിച്ചു. അപ്രകാരം തന്നെ വിനത രണ്ടു മുട്ടകളും പ്രസവിച്ചു. പരി

digitized by www.sreyas.in

ചാരികമാർ മുട്ടകളെ ഭദ്രമായി വെച്ചു പരിപാലിച്ചു സൂക്ഷിച്ചു. ചൂടുള്ള കുടങ്ങളിലാക്കിയാണ് അവ സൂക്ഷിച്ചുവെച്ചത്. അഞ്ഞൂറു സംവത്സരം കഴിഞ്ഞപ്പോൾ കദ്രുവിന്റെ മുട്ടകൾ വിരിഞ്ഞു. വിനതയുടെ മുട്ടകൾ അപ്പോഴും വിരിഞ്ഞില്ല. പാവമായ ആ ദേവി സന്താനത്തെ കാണുവാൻ കൊതിച്ച് അണ്ഡത്തിൽ ഒന്നു പൊട്ടിച്ചുനോക്കിയപ്പോൾ അതിൽ ഒരു കുമാരനെ കണ്ടു. അർദ്ധകായനായും അവ്യക്തമായും ആ കുമാരൻ കാണപ്പെട്ടു. ആ പുത്രൻ അമ്മ ചെയ്ത സാഹസത്തിൽ കുണ്ഠിതപ്പെട്ട് അമ്മയെ ശപിച്ചു എന്നാണു കേൾവി. "അമ്മ അത്യാർത്തിമൂലം ഈ എന്നെ അർദ്ധാംഗസ്ഥിതിയിലാക്കുകയാൽ മത്സരബുദ്ധിയോടുകൂടിയ സപത്നിക്ക് അമ്മേ, നീ ദാസിയായിത്തീരും! അഞ്ഞൂറു വത്സരം ദാസിയായി കഴിയട്ടെ!" എന്നു ശപിച്ചു. പിന്നെ ഇനി മറ്റേ മുട്ട പൊട്ടി പുറത്തുവരുന്ന പുത്രൻ അമ്മയെ ദാസ്യത്തിൽനിന്നു വേർപെടുത്തും. "എന്നെപ്പോലെ ഇവനേയും അണ്ഡം പൊട്ടിച്ച് അംഗഭംഗം വരുത്താതിരിക്കണം. അവന്റെ ജന്മകാലം വരെ ക്ഷമയോടെ കാത്തിരിക്കണം. അവന്റെ ബലം പൂർത്തിയാകണമെങ്കിൽ ഇനിയും അഞ്ഞൂറു സംവത്സരം കാത്തിരിക്കണം." ഇപ്രകാരം ശപിച്ച് വിനതാപുത്രൻ ആകാശത്തേക്കുയർന്നു. ഹേ ബ്രഹ്മൻ! പ്രഭാതകാലത്ത് കാണപ്പെടുന്ന അരുണനാണ് അവൻ. സൂര്യന്റെ തേരിന്റെ സാരഥ്യം വഹിക്കുന്നവനാണ് അരുണൻ.

പറഞ്ഞകാലം വന്നപ്പോൾ പന്നഗാശയനായ ഗരുഡൻ അണ്ഡം പൊട്ടി പുറത്തുവന്നു. പുറത്തുവന്ന ഉടനെ അവൻ അമ്മയെ വിട്ട് ആകാശത്തേക്കു പറന്നു. ക്ഷുത്തുകൊണ്ട് ആർത്തനായ ആ ഖഗാധീശൻ ബ്രഹ്മാവിന്റെ അടുത്തുചെന്ന് തനിക്കു കല്പിച്ചിട്ടുള്ള അന്നം ആവശ്യപ്പെട്ടു.

17. അമൃതമന്ഥനം – സൂതൻ പറഞ്ഞു: "ഇക്കാലത്ത് ആ **സഹോദരിമാരായ കദ്രുവും വിനതയും ഉച്ചൈശ്രവസ്സിനെ നല്ലപോലെ കണ്ടു. പാലാഴി അമൃതിന്നുവേണ്ടി കടഞ്ഞപ്പോൾ കിട്ടിയതാണ് ഉത്തമമായ ആ കുതിരയെ. മഹാബലനും, അശ്വങ്ങളിൽ മികച്ചവനും, അജരാമരനും, ദിവ്യലക്ഷണയുക്തനും, അമോഘബലവാനുമായ അവനെ ഇന്ദ്രൻ സസന്തോഷം സ്വീകരിച്ചു മാനിച്ചു. അത്ഭുതത്തോടെ ആ കുതിരയെ ആ സഹോദരിമാർ ഒന്നിച്ച് അടുത്തുചെന്നു നോക്കിക്കണ്ടു."**

ശൗനകൻ പറഞ്ഞു: "സൂതപുത്രാ, എങ്ങനെയാണ് അമരന്മാർ അമൃതമഥനം ചെയ്തത്? അതിൽനിന്നാണല്ലോ ഹയശ്രേഷ്ഠനുണ്ടായത്. സാഗരവിക്രമനും സുന്ദരനുമായ അവൻ എങ്ങനെ ഉണ്ടായി?"

സൂതൻ പറഞ്ഞു: "മഹാപ്രസിദ്ധമായ മഹാമേരു എന്ന പർവ്വതമുണ്ട്. സൂര്യപ്രഭകൂടി കെടുത്തുന്ന വിധത്തിലുള്ള സുവർണ്ണശൃംഗങ്ങൾ അതിന്നുണ്ട്. കേവലം പൊന്മയമായ അതിൽ ദേവഗന്ധർവ്വന്മാർ അധിവസിക്കുന്നു. അപ്രമേയവും, പാപികൾക്ക് അപ്രധൃഷ്യവും, ശുഭകരവും, വ്യാളങ്ങളും ദിവ്യൗഷധികളും വളരുന്നതും, പൊക്കത്താൽ സ്വർഗ്ഗത്തെ പുറംകൊണ്ട് താങ്ങുന്നതുമായ ഒരു മഹാഗിരിയാണ് മഹാമേരു. വൃക്ഷനദീസമൂഹാവൃതവും, നാനാമനോജ്ഞവിഹഗസ്വനപൂർണ്ണവും ആയ ആ ഗിരിയുടെ ശിഖരത്തിൽ ദേവകോടികൾ അധിവസിക്കുന്നു. അവിടെ പാർക്കുന്നവർ അമൃതലബ്ധിക്കു കൗശലം ചിന്തിച്ചു. ദേവകൾ ചിന്തിച്ചു മന്ത്രിച്ചിരിക്കെ ബ്രഹ്മാവിനോട് മധുസൂദനൻ പറഞ്ഞു: "അല്ലയോ ദേവന്മാരേ, നിങ്ങൾ സമുദ്രം കടയുവിൻ! നിങ്ങൾക്ക് സമുദ്രത്തിൽനിന്ന് എല്ലാവിധത്തിലുമുള്ള ഔഷധികളും, എല്ലാവിധത്തിലുമുള്ള രത്നങ്ങളും, ഒടുവിൽ അമൃതും ലഭിക്കും!"

18. അമൃതമന്ഥനം – സൂതൻ പറഞ്ഞു: "പാൽക്കടൽ കടയുവാൻ ഒരു കടകോൽ വേണമല്ലോ. അതിന്ന് മന്ദരപർവ്വതത്തെ പറിച്ചെടുക്കുവാൻ തീരുമാനിച്ചു. മന്ദരപർവ്വതം അത്ര ചെറിയ ഒരു വസ്തുവല്ല. അതിന്ന് അബ്ഭ്രങ്ങൾ നിറഞ്ഞ അത്യുന്നതങ്ങളായ കൊടുമുടികളുണ്ട്. മേഘമാർഗ്ഗത്തോളം ഉയർന്നുനില്ക്കുന്നു. നാനാലതാവൃതമായി, നാനാഖഗരവം മുഴങ്ങുന്നതായി, നാനാദംഷ്ട്രികുലാകുലമായി, കിന്നരേന്ദ്രന്മാരാലും അപ്സരോവൃന്ദങ്ങളാലും, വൃന്ദാരകന്മാരാലും നിഷേവിതമായി പതിനായിരം യോജന ഉയരത്തിലാണ് അതു നില്ക്കുന്നത്. അത്ര യോജന കീഴ്പോട്ടുമെത്തിയാണ് അത് ഭൂമിയിൽ നില്ക്കുന്നത്. അത് ഇളക്കിപ്പറിച്ചെടുക്കുവാൻ ദേവന്മാർ അശക്തരായി. അവർ വിഷ്ണുവും ബ്രഹ്മാവും ഉള്ളേടത്തു ചെന്ന് ഇപ്രകാരം ഉണർത്തിച്ചു. ദേവന്മാർ പറഞ്ഞു: "മന്ദരപർവ്വതം പൊക്കിയെടുക്കുവാൻ ഞങ്ങൾ ശക്തരല്ല. നന്മയ്ക്കുവേണ്ടി നല്ലമാർഗ്ഗത്തിൽ ഭവാന്മാർ തുണച്ചാലും."

സൂതൻ പറഞ്ഞു: 'അങ്ങനെയാകാം' എന്നു പറഞ്ഞ് വിഷ്ണു സർവ്വസ്രഷ്ടാവായ ബ്രഹ്മാവിനോടുകൂടെ ചെന്ന് സർപ്പരാജാവായ അനന്തനോട് പർവ്വതം പറിച്ചെടുക്കുവാൻ ആജ്ഞാപിച്ചു. വിഷ്ണുവിരിഞ്ചന്മാരുടെ കല്പനകേട്ട് അഹീശ്വരനായ അനന്തൻ തനിച്ച് അതു നിർവ്വഹിക്കാമെന്ന് ഏറ്റു. അനന്തൻ ചെന്ന് ദ്രുമവനങ്ങളോടുകൂടിയ ആ പർവ്വതം തനിയെ പറിച്ചെടുത്തു പൊക്കി. അവനോടുകൂടെ ദേവന്മാരും സമുദ്രത്തിലെത്തി. സമുദ്രത്തോട് അവർ പറഞ്ഞു: "ഞങ്ങൾ അമൃതിന്നു വേണ്ടി സമുദ്രജലം മഥിക്കുവാൻ പോകുന്നു!" സമുദ്രം അതു കേട്ടു പറഞ്ഞു: "അതിൽ ഒരംശം എനിക്കും തരണം.എന്നാൽ ഞാൻ മന്ദരഭ്രമണംകൊണ്ടുള്ള സമ്മർദ്ദം സഹിച്ചുകൊള്ളാം." പിന്നെ സുരാസുരന്മാർ കൂർമ്മരാജാവിനോടു പറഞ്ഞു: "ഹേ കൂർമ്മരാജാവേ! ഈ മലയ്ക്ക് അധിഷ്ഠാനമായി ഭവാൻ വരേണമേ." ആദികൂർമ്മം അപേക്ഷ കൈക്കൊണ്ടു പുറത്ത് മലപേറിനിന്നു. ആമ താങ്ങുന്ന മലയെ ഇന്ദ്രൻ യന്ത്രംകൊണ്ടു കറക്കി. കടകോൽ മന്ദരപർവ്വതം! പർവ്വതമാകുന്ന കടകോൽ ചുറ്റിത്തിരിക്കുവാനുള്ള കയർ വാസുകി! അങ്ങനെ ദേവാസുരന്മാർ ചേർന്ന് അഗാധമായ ആ സമുദ്രത്തെ കടഞ്ഞു. ഉത്സാഹിച്ചു കടഞ്ഞു. അമൃതു കിട്ടുവാനുള്ള ആഗ്രഹത്താൽ കിണഞ്ഞു പണിയെടുത്തു. അസുരസമൂഹം വാസുകിയുടെ തലയുടെ ഭാഗവും, ദേവസമൂഹം വാലിന്റെ ഭാഗവും പിടിച്ച്, വലിച്ചു കടഞ്ഞു. അനന്തനോടു ചേർന്ന് വിഷ്ണുചെന്ന് വാസുകിയുടെ ശീർഷം ഉലപ്പിച്ചുകൊണ്ടിരുന്നു. ദേവന്മാർ വാസുകിയുടെ ശീർഷം വലിച്ചുലച്ചിട്ട് അടിച്ചുകൊണ്ടിരിക്കെ പുകഞ്ഞ തീക്കാറ്റ് അവന്റെ മുഖത്തുനിന്നു പുറപ്പെട്ടു. ആ പുകക്കൂട്ടം ഒന്നായിച്ചേർന്ന് മിന്നൽ ചേർന്ന മേഘപടലങ്ങളായി. തളരുന്ന ദേവസമൂഹത്തിന്റെ ഉപരിഭാഗത്തു കൂടിയ ആ മേഘങ്ങൾ വർഷം പൊഴിച്ചു. ആ മഹാപർവ്വതത്തിൽനിന്നു കുസുമവൃഷ്ടിയുണ്ടായി. ഇവയെല്ലാം സുരാസുരസമൂഹങ്ങളുടെമേൽ ചൊരിഞ്ഞു.

മന്ദരംകൊണ്ടു ദേവാസുരപ്പരിഷകൾ അബ്ധി കടയുവാൻ തുടങ്ങിയപ്പോൾ ഇടിമുഴക്കംപോലുള്ള ശബ്ദം പുറപ്പെട്ടു. പലതരത്തിലുള്ള അസംഖ്യം ജലചരസംഘങ്ങൾ മലയേറ്റ് അരഞ്ഞ് ലവണാംഭസ്സിൽ ലയിച്ചു. പല വാരുണഭൂതൗഘങ്ങൾ, പാതാളത്തിൽ ഇരിക്കുന്നതുംകൂടി, ആ മാമലയുടെ ഉരസൽമൂലം ജലത്തിൽ ലയിച്ചു. മല മുട്ടിത്തിരിയുന്ന തിരിച്ചലിൽ തമ്മിൽ മുട്ടി പക്ഷികൾ പറക്കുന്ന പർവ്വതത്തിലെ വൻമരങ്ങൾ മുറിഞ്ഞുപോയി. മരങ്ങൾ കൂട്ടിമുട്ടി തീയുണ്ടായി. കാറ്റിൽ മേഘപടലങ്ങളിൽ മിന്നൽപോലെ അഗ്നി ആളിക്കത്തി. ആന, സിംഹം മുതലായ മൃഗങ്ങളെ ചുട്ടുകരിച്ചു. എല്ലായിടവും പടർന്നുകത്തുന്ന അഗ്നിയെ മഴപെയ്യിപ്പിച്ചു ദേവേന്ദ്രൻ കെടുത്തി. പലേവിധത്തിൽ ചലിക്കുന്ന വൃക്ഷങ്ങളുടേയും ഔഷധികളുടേയും രസം ഇടചേർന്നൊഴുകി കടലിൽ ചെന്നുചേർന്നു. പീയൂഷവീര്യമുള്ള ഈ രസത്തിന്റെ വാർച്ചയും നീരും പൊൻദ്രാവകവും ചേർന്ന് അമൃതായിത്തീർന്നു. പയോനിധിയിലെ ജലം പിന്നെ പാലായി. ആ പാലിൽ പലതും ചേർന്ന് ഉല്പാദിപ്പിക്കുന്നത് വെണ്ണയാണ്. പിന്നെ ബ്രഹ്മാവിനെ കണ്ടു ദേവകൾ ആദരവോടെ പറഞ്ഞു.

ദേവന്മാർ പറഞ്ഞു: "ഹേ പിതാമഹ! അമൃത് ഇതേവരെ തിരിഞ്ഞുകിട്ടിയില്ല. ഞങ്ങൾ തളർന്നുപോയിരിക്കുന്നു. ആദിനാ

digitized by www.sreyas.in

രായണനൊഴികെ ദേവാസുരന്മാരെല്ലാം ഏറെനാളായല്ലോ വാരിധി കടയുവാൻ തുടങ്ങിയിട്ട്."

സൂതൻ പറഞ്ഞു: "ബ്രഹ്മാവ് വിഷ്ണുവിനോടു പറഞ്ഞു, വേഗത്തിൽ ഇവർക്ക് ഭവാൻ ശക്തി ദാനംചെയ്താലും. അങ്ങയല്ലാതെ ഇവർക്കു വേറെ ഗതിയില്ല."

വിഷ്ണു പറഞ്ഞു: "ഈ വേലയ്ക്കു തക്ക ശക്തി ഞാൻ ഇവർക്കു നല്കുന്നുണ്ട്. കലശമാകുന്ന കടൽ ഇവർ കലക്കട്ടെ! മന്ദരം നല്ലപോലെ ചലിക്കട്ടെ!"

സൂതൻ പറഞ്ഞു: "നാരായണൻ ഇപ്രകാരം പറഞ്ഞപ്പോൾ ജലത്തിൽ ആണ്ടുപോയവർ പൂർവ്വാധികം ശക്തിയോടെ ആ പയസ്സു കടയുവാൻ തുടങ്ങി. അവർ നൂറായിരം രശ്മി ചിന്നുന്ന വിധത്തിൽ തെളിഞ്ഞു. മഥിക്കുന്ന കടലിൽനിന്നു നിശാകരൻ ഉദിച്ചു. ഘൃതത്തിൽനിന്നു സിതാംബരയായ ലക്ഷ്മി ഉയർന്നു. സുരാദേവിയും ശുഭ്രമായ അശ്വരത്നവും അതിൽനിന്നുണ്ടായി. കൗസ്തുഭം എന്ന ദിവ്യരത്നം ജലമദ്ധ്യത്തിൽനിന്നുയർന്നു. ഹരിയുടെ വക്ഷസ്സിൽ അതു മരീചിവീചി ചിതറിച്ചെന്നുപറ്റി. പാരിജാതവും കാമധേനുവും അതിൽനിന്നുണ്ടായി. വിപ്രകാമങ്ങളെ നല്കുന്ന അവ രണ്ടും ദേവഭാഗത്തായി. ലക്ഷ്മീദേവി, സുരാദേവി, ചന്ദ്രൻ, ഉച്ചൈശ്രവസ്സ് ഇവയെല്ലാം ദേവപക്ഷത്തിലായി. പിന്നെ, മൂർത്തിമാനായി ധന്വന്തരിദേവൻ ഉയർന്നു. അവന്റെ കൈയിൽ അമൃതുനിറഞ്ഞ വെള്ളിക്കിണ്ടി കുടെയുണ്ടായിരുന്നു. ഈ അത്ഭുതം കണ്ടപ്പോൾ 'ഇത് എനിക്ക്' 'ഇത് എനിക്ക്' എന്നുള്ള ബഹളം അസുരപംക്തിയിൽനിന്നു പുറപ്പെട്ടു. വെളുത്തതും നാലുകൊമ്പുള്ളതുമായ ഐരാവതം എന്ന നാൽക്കൊമ്പനാന ഉണ്ടായി. അതിനെ ഇന്ദ്രൻ ചെന്ന് ഇണക്കിപ്പിടിച്ചു. പിന്നെ, ലോകമൊക്കെ ചുടുന്നവിധം കാളകൂടവിഷം പൊങ്ങി. പുകയും തീയുംപോലെ അത് ഉയർന്നപ്പോൾ ഭയങ്കരമായ ദുർഗ്ഗന്ധം പരന്നു. അതിന്റെ ഗന്ധമേറ്റ് ജഗത്രയം മയങ്ങിപ്പോയി. ഉടനെ എല്ലാവരും പരിഭ്രമിച്ചു. ബ്രഹ്മാവു പറഞ്ഞതനുസരിച്ച് ശിവൻ ആ വിഷം പാനംചെയ്തു. അല്ലെങ്കിൽ ലോകം മുടിഞ്ഞുപോകുമായിരുന്നു. ഇങ്ങനെ ശങ്കരൻ ലോകത്തെ രക്ഷിച്ചു. അതിനെ മന്ത്രമൂർത്തിയായ മഹേശ്വരൻ തന്റെ കണ്ഠത്തിൽ നിർത്തി. അന്നു തൊട്ടാണത്രേ ശങ്കരൻ നീലകണ്ഠനായത്! ഈ അത്യത്ഭുതം കണ്ടുനിന്ന ദൈത്യവീരന്മാർ നിരാശരായിപ്പോയി. അമൃതത്തിനും ശ്രീക്കുംവേണ്ടി സ്പർദ്ധ അവരിൽ വർദ്ധിച്ചു.

പിന്നെ, മോഹിനീരൂപം ധരിച്ച നാരായണൻ ദൈത്യപക്ഷത്തിലെത്തി. മായാരൂപമായ അവളെ കണ്ടു മോഹിച്ച ദൈത്യന്മാർ, തങ്ങളുടെ കൈയിൽ കിട്ടിയ ആ അമൃത്, ആ സുന്ദരിയുടെ കൈയിൽ കൊടുത്തു.".

19. അമൃതമന്ഥനസമാപ്തി – സൂതൻ പറഞ്ഞു: "അമൃത് മോഹിനി കൊണ്ടുപോയതറിഞ്ഞ് ദൈത്യദാനവന്മാർ ഒന്നിച്ചു ചട്ടകളിട്ടു പലതരം അസ്ത്രങ്ങളും എടുത്തു ദേവന്മാരോട് യുദ്ധത്തിന്നു പുറപ്പെട്ടു. ദൈത്യരെ പരാജയപ്പെടുത്തി അമൃതു കൈയിലാക്കി. നരനോടുകൂടിയ നാരായണൻ ഇപ്രകാരമുള്ള തിരക്കിൽ അമൃതം കൈയിലാക്കി ദേവന്മാർക്കു നല്കി. വിഷ്ണു നല്കിയ അമൃതം ദേവന്മാർ യഥാക്രമം കുടിച്ചു. ഇഷ്ടംപോലെ ദേവന്മാർ അമൃതു കുടിക്കവേ ദേവരൂപമെടുത്തുവന്ന രാഹു എന്ന ദാനവൻ അമൃതു മോന്തുമ്പോൾ കണ്ഠത്തിൽ എത്തിയ ഉടനെ ചന്ദ്രാർക്കന്മാർ ദേവഹിതത്തിന്നായി വിളിച്ചു പറഞ്ഞു. ഉടനെ വിഷ്ണു ചക്രംകൊണ്ട് അസുരന്റെ കണ്ഠം ഖണ്ഡിച്ചു. കുന്നിന്റെ കൊടുമുടിപോലെയുള്ള ആ ദാനവന്റെ ശിരസ്സറ്റു പൊങ്ങി ആകാശത്തിലെത്തി ഉച്ചത്തിൽ അലറി. ഉടൽ ഭൂമിയിൽ വീണപ്പോൾ കാടും മേടും ദ്വീപും കൂടിയ ഭൂമി കുലുങ്ങി. അന്നുമുതൽ സൂര്യചന്ദ്രന്മാരോട് രാഹുവക്ത്രത്തിന്നു വൈരമുണ്ടായി. ഇന്നും ഗ്രഹണസമയത്ത് രാഹു അവരെ വിഴുങ്ങുന്നുണ്ട്. അഴകേറുന്ന വധുവിന്റെ വേഷം അഴിച്ചുവെച്ച് ഭഗവാൻ നാരായണൻ നാനാതരം ആയുധങ്ങളെടുത്തു നിന്നപ്പോൾ ദാനവന്മാർ നടുങ്ങിപ്പോയി.

പിന്നെ, കടൽക്കരയിൽവെച്ച് ദേവാസുരന്മാർ തമ്മിൽ ഭയങ്കരമായ പോരാട്ടം നടന്നു. മൂർച്ചകൂടുന്ന മഹാപ്രാസങ്ങൾ, തോമരങ്ങൾ, മറ്റു പല ശസ്ത്രാസ്ത്രജാലങ്ങൾ എന്നിവ എല്ലായിടത്തും വീണു. ചക്രമേറ്റു ചോരകക്കി ദൈത്യന്മാർ വാൾ, വേൽ, ഗദ എന്നിവകൊണ്ടു മുറിഞ്ഞു ഭൂതലത്തിൽ വീണു. പട്ടസം കൊണ്ട് അവരുടെ ശിരസ്സുകൾ അരിഞ്ഞുവീഴ്ത്തി. ഉഗ്രമായ രണം നടന്നുകൊണ്ടിരിക്കെ ഭൂമി മൃതദേഹം കൊണ്ടു നിറഞ്ഞു. ചോരചാടി പോരിൽ ചത്തുകിടക്കുന്ന ദാനവന്മാർ മലയുടെ കൊടുമുടികൾ അടർന്നുവീണപോലെ നീളെ കിടന്നു. പലേവിധത്തിലുള്ള ഹാ! ഹാ! ശബ്ദം മുഴങ്ങി. സൂര്യൻ അരുണവർണ്ണമാകുവാൻ പോകുന്ന സമയത്ത് അന്യോന്യം ശസ്ത്രം ഏൽക്കുകയാൽ കടുത്ത ഇരുമ്പുലക്കകൊണ്ടും, മുഷ്ടികൊണ്ടും പ്രഹരിക്കുമ്പോൾ ആകാശം ആരവംകൊണ്ടു മുഴങ്ങി. പട്ടസം കൊണ്ടു പൊന്നണിഞ്ഞ ശിരസ്സുകൾ അരിഞ്ഞുവീഴ്ത്തി. പെട്ടെന്ന് ഉഗ്രമായ രണഭൂമി അറ്റുവീണ ശിരസ്സുകൾകൊണ്ടു നിറഞ്ഞു. 'വെട്ടുവിൻ, പിളർക്കുവിൻ, പാഞ്ഞെത്തുവിൻ, നേരിട്ട് ഏല്ക്കുവിൻ!' എന്നീ ആരവം ദിക്കിലെങ്ങും മാറ്റൊലിക്കൊണ്ടു.

ഇങ്ങനെ ഭയങ്കരമായ പോരാട്ടം നടന്നുകൊണ്ടിരിക്കെ, നരനാരായണന്മാരായ സുരപുംഗവന്മാർ എത്തി. നരന്റെ കൈയിൽ ദിവ്യമായ ചാപം വിളങ്ങിയപ്പോൾ നാരായണൻ സുദർശനത്തെ ചിന്തിച്ചു. നാരായണൻ ചിന്തിച്ച ഉടനെ ആകാശത്തുനിന്നു സൂര്യചക്രംപോലുള്ള സുദർശനചക്രം വന്നെത്തി. ആ സുദർശനചക്രംകൊണ്ട് അസുരന്മാരെ അരിഞ്ഞുവീഴ്ത്തി. ഭൂമിയിലും ആകാശത്തും സുദർശനം തിരിഞ്ഞു. ചൊരിയുന്ന രക്തം പാനംചെയ്ത്, മഹാഘനച്ഛവി തടവുന്ന ദൈത്യന്മാരും മഹാരണക്ഷതിയിൽ മടുക്കാതെ മഹാബലങ്ങളും ഉൽക്കടങ്ങളുമായ അചലങ്ങൾകൊണ്ട് മഹാരവത്തോടെ സുരസമൂഹങ്ങളും എറിഞ്ഞു. ഉടനെ ഭയങ്കരമായി ആകാശത്തിൽ വലിയ വൃക്ഷസമൂഹം ഇടിഞ്ഞുവീണ പർവ്വതംപോലെ സർവ്വത്ര ചിന്നി. കാടുംമേടും നിറഞ്ഞ ഭൂമി വൃക്ഷങ്ങൾ ഇടിഞ്ഞുവീണു തകർന്നു.

വെട്ടും തടയുമായി പോരായി നില്ക്കെ അസുരന്മാർ ഭയപ്പെട്ട് ഓടിക്കളഞ്ഞു. ഭയങ്കരമായ സുരാസുരസമരത്തിൽ ഉദ്ധതനായി 'നരൻ' മൂർച്ചയുള്ള വിശിഖങ്ങളെ അയച്ച് അസുരന്മാരുടെ നേരെ ആർത്തടുത്തു. ദാനവന്മാർ പറിച്ചെറിയുന്ന വലിയ പർവ്വതങ്ങളെ തകർത്തുവിട്ടു. സുദർശനത്തെ തടുക്കുവാൻ വയ്യാതെ ശേഷിച്ച അസുരന്മാർ ഭയപ്പെട്ട് ഓടി. വിജയോന്മത്തരായ ദേവന്മാർ മന്ദരപർവ്വതത്തെ യഥാസ്ഥാനത്തുതന്നെ കൊണ്ടുപോയി സ്ഥാപിച്ചു. അതോടുകൂടി ആകാശത്തിൽ ഇരുണ്ടുനിന്നിരുന്ന ഘനപടലവും മാഞ്ഞു. വിജയത്തോടെ തിരിച്ചുപോന്ന ദേവന്മാർ അമൃതു മറച്ചുവെച്ചു. പിന്നെ, അമൃതു സൂക്ഷിക്കേണ്ട ചുമതല ഇന്ദ്രൻ നരന്നു നല്കി.

20. സൗപർണ്ണം – കദ്രുശാപം – സൂതൻ പറഞ്ഞു: "അമൃതമഥനകഥ ഞാൻ പറഞ്ഞുവല്ലോ. ഉച്ചൈശ്രവസ്സ് എന്ന ശ്രീയുള്ള കുതിരയുടെ ഉത്ഭവം ഇതിൽനിന്നാണല്ലോ. അതിനെപ്പറ്റി കേട്ട് കദ്രു വിനതയോടു പറഞ്ഞു: "ഉച്ചൈശ്രവസ്സിന്റെ നിറം എന്താണ്? ഭദ്രേ, നിനക്കു പെട്ടെന്നു പറയുവാൻ കഴിയുമോ? കഴിയുമെങ്കിൽ ക്ഷണത്തിൽ പറയൂ!"

വിനത പറഞ്ഞു: "ആ അശ്വരാജന്റെ നിറം വെളുപ്പുതന്നെ! നീയും പറയൂ എന്താണെന്ന്. വേണമെങ്കിൽ പന്തയം വെയ്ക്കാനും ഞാൻ തയ്യാറാണ്."

കദ്രു പറഞ്ഞു: "എന്റെ പക്ഷം ഉച്ചൈശ്രവസ്സിന്റെ വാൽ കറുത്തിട്ടാണെന്നാണ്. അല്ലയോ ശുചിസ്മിതേ! ദാസ്യം പന്തയമായി ഞാൻ വാദിക്കുവാൻ തയ്യാറാണ്. ധൈര്യമുണ്ടെങ്കിൽ മുന്നോട്ടുവരൂ!"

സൂതൻ പറഞ്ഞു: "ഇപ്രകാരം പരസ്പരം ദാസ്യം പന്തയമായി അവർ രണ്ടുപേരും ഒത്തു തീരുമാനിച്ചു. എന്നാൽ അടുത്ത ദിവസം പുലർച്ചെ ചെന്നു നോക്കാമെന്നുംവെച്ച്, അവർ തങ്ങളുടെ ഗൃഹങ്ങളിലേക്കുപോയി. വിനതയെ ചതിക്കണമെന്നു

digitized by www.sreyas.in

വിചാരിച്ച് കദ്രു തന്റെ ആയിരം മക്കളോടു പറഞ്ഞു, 'നിങ്ങൾ പോയി ഉച്ചൈശ്രവസ്സിന്റെ വാലിൽ നീലാഞ്ജനശ്രീയെഴുന്ന രോമങ്ങളായി ആവേശിക്കുവിൻ! അല്ലാത്തപക്ഷം ഞാൻ വിനതയുടെ ദാസിയായിത്തീരും. നിങ്ങൾ എന്നെ ഇപ്പോൾ തുണയ്ക്കണം.' സർപ്പങ്ങൾ അമ്മയുടെ വാക്കു കൈക്കൊണ്ടില്ല. അവർ സമ്മതിക്കാതായപ്പോൾ കോപത്തോടെ കദ്രു മക്കളെ ശപിച്ചു."

കദ്രു പറഞ്ഞു: "മഹാത്മാവായ ജനമേജയൻ സർപ്പസത്രം ചെയ്യുമ്പോൾ നിങ്ങളെല്ലാം ആ അഗ്നിയിൽ വീണു പൊരിഞ്ഞു ദഹിച്ചുപോകട്ടെ!"

സൂതൻ പറഞ്ഞു: "അതിക്രൂരതരമായും ദൈവഗതിക്ക് ഒത്തതായും ഇരിക്കുന്ന കദ്രുവിന്റെ ഈ ശാപംകേട്ട് പിതാമഹൻ സമ്മതം കൈക്കൊണ്ടു. അതിന്നു കാരണമുണ്ടായിരുന്നു. വിഷമുള്ള സർപ്പങ്ങൾ വർദ്ധിക്കുന്നത് ലോകത്തിന്ന് ആപത്താണല്ലോ. അന്യജീവകളിൽ പീഡയേല്പിക്കുന്ന, അന്യായം ചെയ്യുന്ന ജീവികൾക്ക് പ്രാണഹാനി സംഭവിക്കുകതന്നെ വേണമെന്നു ചിന്തിച്ച് പ്രജാക്ഷേമരതനായ ബ്രഹ്മാവ് സർപ്പമാതാവായ കദ്രുവിനെ അഭിനന്ദിക്കുകയാണുണ്ടായത്. കശ്യപനെ വിളിച്ച് ബ്രഹ്മാവു പറഞ്ഞു."

ബ്രഹ്മാവു പറഞ്ഞു: "നിന്റെ പുത്രന്മാർക്ക് ഈ ആപത്തു വന്നതിൽ നീ ഒരിക്കലും വിഷാദിക്കരുത്. ഉഗ്രവിഷമുള്ളവ നശിക്കുന്നത് ലോകക്ഷേമത്തിന്നാവശ്യമാണ്. ഞാൻ മുമ്പേതന്നെ കണ്ടിട്ടുള്ളതാണ് ഉണ്ണീ, ഈ സംഭവമെല്ലാം. സർപ്പസത്രത്തിൽ സർപ്പകുലം മുടിയും."

സൂതൻ പറഞ്ഞു: "എന്നു പറഞ്ഞ് വിരിഞ്ചൻ കശ്യപപ്രജാപതിയെ സമാശ്വസിപ്പിച്ച് വിഷസംഹാരവിദ്യ ഉപദേശിച്ചുകൊടുക്കുകയും ചെയ്തു."

21. സൗപർണ്ണം - സമുദ്രവർണ്ണനം - സൂതൻ പറഞ്ഞു: "രാത്രി കഴിഞ്ഞു. പിന്നെ പ്രഭാതമായി. സോദരിമാരായ കദ്രുവും വിനതയും തമ്മിൽ ഒത്തുചേർന്ന് ചൊടിയോടെ വാദപ്രതിവാദങ്ങൾ ചെയ്ത്, ഉച്ചൈശ്രവസ്സിനെ ചെന്നുകാണുവാൻ പുറപ്പെട്ടു. അവർ രണ്ടുപേരും കടൽക്കരയിലെത്തി. കടലിന്റെ പരപ്പും ഗാംഭീര്യവും മഹത്വവും കണ്ട് അവർ അത്ഭുതത്തോടെ നോക്കിനിന്നു. അഗാധമായി പരന്നുകിടക്കുന്നതും, കടയുമ്പോഴുള്ള ഇരമ്പവും ഘോഷവും ചേർന്നതും തിമിംഗലങ്ങളും അനേകവിധം മത്സ്യങ്ങളും നിറഞ്ഞതും, നാനാരൂപത്തിലുള്ള പല ജന്തുക്കൾ ചേർന്നതും, ഭയങ്കരമായ മറ്റു ജലജന്തുക്കളോടുകൂടിയതും, ഉഗ്രങ്ങളായ നക്രങ്ങളും, കൂർമ്മങ്ങളും ഇട ചേർന്നതും, വളരെ രത്നങ്ങൾ വിളഞ്ഞുകിടക്കുന്നതും, വരുണൻ ഭരിച്ചുവരുന്നതും, നാഗങ്ങൾ കുടികൊള്ളുന്നതും, പുഴകൾ ഒഴുകി വന്നുചേർന്നതും, പാതാളവഹ്നി ഉൾക്കൊള്ളുന്നതുമായ കടൽ ദൈതേയന്മാർക്കു പ്രിയം വളർത്തി. സത്വഭീഷണമായ പാഥസ്സത്വവൃത്തിചേർന്നു ശുഭമായും, അമരന്മാർക്ക് അമൃതു വഹിച്ചും അപ്രമേയമായ പുണ്യജലം അത്ഭുതമായവിധം നിറഞ്ഞുനിന്ന് ഘോരമായ ജലചരങ്ങളുടെ ആരവത്താൽ ഭൈരവധ്വനി പൂണ്ടും, വലുതായ ചുഴിയോടുകൂടിയും, കാണുന്നവർക്കു ഭയം വളർത്തിയും, കോളിളക്കത്തിന്റെ കയറ്റത്തിൽ ഓളംതല്ലി ഉയർന്നും, ചീർത്ത വീചികളാകുന്ന ബാഹുക്കളിളക്കി നൃത്തമാടി തുടർന്നും, ചന്ദ്രോദയത്തിലും അസ്തമയത്തിലും ഏറ്റംകൊണ്ട് ഓളംതല്ലിത്തകർത്ത് ആർത്തും, പാഞ്ചജന്യം ജനിപ്പിച്ചും, ചഞ്ചത്‌രത്നങ്ങൾ തീർത്തും ഗോവിനെ (ഭൂമിയെ) വിന്ദനം ചെയ്ത (രക്ഷിച്ച) മഹാശക്തിമാനായ ഗോവിന്ദൻ, വരാഹമൂർത്തി ഭേദിച്ചതായ ശ്രേഷ്ഠജലം കലർന്നും, ബ്രഹ്മർഷിയും വൻതപോമൂർത്തിയുമായ അത്രിമഹർഷിപോലും അടികാണാത്ത പാതാളമായ അടിയോടുകൂടിയതും, അദ്ധ്യാത്മയോഗനിദ്രാനുബദ്ധനായ പത്മനാഭൻപോലും യുഗാദികാലത്തു സേവിക്കുന്ന യോഗത്വം ചേർന്നതും, വജ്രപാതഭയംമൂലം മൈനാകപർവ്വതത്തിന്ന് അഭയം നല്കിയും, പേടിച്ച് ആർക്കുന്ന രണത്തിൽ ദൈത്യസമൂഹത്തിന്ന് ആശ്രയം നല്കിയും, ബഡവാമുഖവഹ്നിക്ക് ജലഹവ്യം കൊടുത്തും, അഗാധവും അപാരവുമായി മാനമകന്ന വിരിവോടുകൂടിയും, സ്പർശിക്കുന്നവിധം 'ഞാൻ മുമ്പ്, ഞാൻ മുമ്പ്' എന്ന മട്ടിൽ പുഴകൾ നിത്യവും പാഞ്ഞെത്തുന്നതും, എല്ലാം അഭിസരിക്കുന്നതും, തുല്യവൃത്തിക്കുചേർന്നതും, ഉള്ളം പൂരിച്ചു തിരയാൽ തുള്ളുന്നതുമായ കടൽ അവർ ദർശിച്ചു.

ഗംഭീരമായ തിമിംഗലങ്ങൾകൊണ്ടും മകരമത്സ്യങ്ങൾകൊണ്ടും പലതരം ഘോരജലജന്തുക്കൾകൊണ്ടും ഘോരമായ ശബ്ദങ്ങൾ ചേർന്ന് ആർത്തിരമ്പി ആകാശംപോലെ വിസ്തൃതമായി അനന്തമായി വിലസുന്ന സമുദ്രത്തെ അവർ അത്ഭുതത്തോടെ നോക്കിക്കണ്ടു."

22. സൗപർണ്ണം - സമുദ്രദർശനം - സൂതൻ പറഞ്ഞു: "അതിന്നിടയ്ക്ക് നാഗങ്ങൾ അമ്മയുടെ ശാപംമൂലം ഭയപ്പെട്ടു. അവർ കൂടിയാലോചിച്ചു. 'അമ്മ പ്രസാദിച്ചാൽ ശാപം നീങ്ങും, അല്ലാത്തപക്ഷം എല്ലാവരും ഭസ്മമാകും. കുതിരയുടെ വാലു കറുപ്പിക്കണം. അശ്വപുച്ഛത്തിൽ തൂങ്ങിക്കിടക്കുകതന്നെ!' എന്നുറച്ച് അവർ കുതിരവാലിൽ കറുത്ത രോമങ്ങളായി തൂങ്ങിക്കിടന്നു.

അതിന്നിടയ്ക്ക് പന്തയംവെച്ച ആ സപത്നിമാർ തങ്ങളുടെ വാദം തീർക്കുന്നതിന്നായി പ്രീതിയോടുകൂടി ഘോരവും അധൃഷ്യവും ഗംഭീരവും അതിഭൈരവവും രത്നം വിളഞ്ഞുകിടക്കുന്നതും വരുണൻ അധിവസിക്കുന്നതും പാതാളവഹ്നി ഉൾക്കൊള്ളുന്നതും ഭീമസത്വങ്ങൾ ഉള്ളതും ദേവന്മാർക്കുവേണ്ടി അമൃതം ഉൾക്കൊള്ളുന്നതും അപ്രമേയവും അചിന്ത്യവും അക്ഷോഭ്യവുമായ കടലിനെ അവർ ആകാശത്തുനിന്നു കണ്ടു.

കാറ്റുതട്ടി വല്ലാതെ ഏറ്റ് ആർത്തിരമ്പി ഘോരവും അധൃഷ്യവും ഗംഭീരവും അതിഭൈരവത്വവും ചേർന്നു ശോഭിക്കുന്നതും രത്നം വിളയുന്നതും, വരുണൻ വാഴുന്നതും, നാഗങ്ങൾ കുടികൊള്ളുന്നതും, പുഴകൾ വന്നുചേരുന്നതും, പാതാളവഹ്നി ഉൾക്കൊള്ളുന്നതും, ദൈവതങ്ങൾ അധിവസിക്കുന്നതും, ഭീമസത്വങ്ങളും, പാഥസ്തോമം പൂണ്ടു ശുഭമായി അമരന്മാർക്ക് അമൃത് ഉൾക്കൊള്ളുന്നതും, അപ്രമേയവും അചിന്ത്യവുമായി നിലകൊള്ളുന്നതും, നല്ല പുണ്യജലം നിറഞ്ഞതും, അങ്ങുമിങ്ങും പല പുഴകളും ഭംഗിയിൽ വന്നുചേരുന്നതും, ജലം നിറഞ്ഞ് തിരകളാൽ തുള്ളിക്കൊണ്ടിരിക്കുന്നതുമായ സമുദ്രം അവർ കണ്ടു.

ഇപ്രകാരം തിരകൾ ഉലഞ്ഞലഞ്ഞും ഗംഭീരമായി വിരിവുള്ള ആകാശംപോലെ ശോഭിക്കുന്നതും, പാതാളജ്വലനശിഖകൊണ്ടു പ്രകാശിക്കുന്നതും സർവ്വദാ ഗർജ്ജിച്ചുകൊണ്ടിരിക്കുന്നതുമായ കടൽ അവർ അടുത്തുചെന്ന് കണ്ടു!"

23. സൗപർണ്ണം - വിനതയുടെ ദാസ്യവും ഗരുഡോൽപ്പത്തിയും - സൂതൻ പറഞ്ഞു: "ആ കടലിന്റെ അക്കരെ കദ്രുവും വിനതയും കൂടി ആ അശ്വം നില്ക്കുന്നിടത്തേക്ക് ക്ഷണത്തിൽ ചെന്നു. പിന്നെ അവർ അശ്വശ്രേഷ്ഠനെ ചെന്നുകണ്ടു. അശ്വം ചന്ദ്രശ്രീപോലെ ശുഭ്രവർണ്ണമായി ശോഭിക്കുന്നു. വാലു കറുത്തുകാണുന്നു. വാലിൽ ഒട്ടേറെ രോമങ്ങൾ നീലനിറമായി കണ്ടപ്പോൾ, കദ്രു പറഞ്ഞപോലെ ഉച്ചൈശ്രവസ്സിന്റെ വാൽ കറുത്തുകണ്ടതോടുകൂടി, വിനത ദുഃഖത്തിലാണ്ടുപോയി. സന്തപ്തയായ വിനതയെ കദ്രു ദാസ്യത്തിലാക്കി. പന്തയത്തിൽ പറഞ്ഞപ്രകാരം അവൾ ദാസ്യം സ്വീകരിച്ചു. തന്റെ തോൽവി സമ്മതിച്ചു. അങ്ങനെ വിനത കദ്രുവിന്റെ ദാസിയായി ചിരകാലം കഴിഞ്ഞു.

നിശ്ചയിച്ച കാലംകഴിയുന്ന കാലത്താണ് അണ്ഡം പൊട്ടി ഗരുഡൻ ജനിച്ചത്. അമ്മയുടെ സഹായംകൂടാതെതന്നെ അവൻ പുറത്തുവന്നു. കാമരൂപനും, കാമഗതിയും, കാമവീര്യനുമായ ആ ഖഗോത്തമൻ അഗ്നിപ്രഭയോടെ അതിതീക്ഷ്ണമായി പ്രശോഭിച്ചു. കണ്ണുകൾ ചലിക്കുന്ന ഇടിവാൾപോലെ മിന്നി. പ്രളയാഗ്നി തുല്യമായ പ്രഭയോടെ അവൻ വളർന്ന്, ആകാശം പിളർന്നുയർ

digitized by www.sreyas.in

ന്നു പറന്നു. ഉന്നിദ്രമായ ഉഗ്രാരവത്തോടെ, ഔർവ്വാഗ്നിപോലെ ഉയരുന്ന അവനെക്കണ്ട് ദേവന്മാർ അഗ്നിദേവനെ ശരണംപ്രാപിച്ചു പ്രാർത്ഥിച്ചു."

ദേവന്മാർ പറഞ്ഞു: "ഹേ, വഹ്നിദേവ! ഭവാൻ വർദ്ധിക്കല്ലേ, അടങ്ങിയാലും! ലോകമെല്ലാം വെന്തുപോകുന്നുവല്ലോ. ഇതാ, അഗ്നി പടർന്നു പതറുന്നു! ശമിച്ചാലും."

അഗ്നി പറഞ്ഞു: "ഹേ, ദേവന്മാരേ, ഇത് നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. എന്നോടു തുല്യമായ തേജസ്സാളുന്ന ഇവൻ ഗരുഡനാണ്. ഇന്നു പിറന്ന വിനതാനന്ദനനാണ് ഇവൻ. ഈ തേജോരാശി കണ്ട് നിങ്ങൾ ഭ്രമിക്കുകയാണ്. കശ്യപപുത്രനായ ഇവൻ സർപ്പക്ഷയകരനും ബലവാനുമാണ്. ദേവകൾക്കു ഹിതം ചെയ്യുന്നവനും, അസുരന്മാർക്കും, രക്ഷോഗണങ്ങൾക്കും അഹിതം ചെയ്യുന്നവനുമാണ് ഇവൻ. പേടിക്കേണ്ട; എന്റെകൂടെ പോരൂ. വന്ന് കണ്ടുകൊള്ളുക."

സൂതൻ പറഞ്ഞു: "അഗ്നി ഇപ്രകാരം പറഞ്ഞതുകേട്ട് ദേവകൾ ഒന്നിച്ചുചെന്ന് ഖഗേന്ദ്രനെ വാഴ്ത്തി ദൂരെനിന്ന് അവർ മുനിമാരോടുകൂടി അവനെ വാഴ്ത്തി."

ദേവന്മാർ പറഞ്ഞു: "നീ ഋഷിയാണ്! മഹാഭാഗനാണ്! നീ ദേവനാണ് ഖഗേശ്വര! പ്രഭുവാണു നീ. തപനനാണ്, സൂര്യനാണ്, പരമേഷ്ഠിയാണ്, പ്രജാപതിയാണ്, ഇന്ദ്രനാണ്, ഹയഗ്രീവനാണ്, ഹരാസ്ത്രമാണ്, ജഗൽപതിയാണ്. നീ മുഖമാണ്, പത്മജനാണ്, വിപ്രനാണ്, അഗ്നിയാണ്, നീ ധാതാവും വിധാതാവുമാണ്. നീ വിഷ്ണുവാണ്, നീ മഹത്വമായ അഹങ്കാരമാണ്, നിത്യാഗ്ര്യയശസ്സാണ്. നീ പ്രഭയാണ്, നീ ബുദ്ധിവൃത്തിയാണ്, ഭവാൻ ബലാബ്ധിയാണ്. സാധുവും, അദീനസത്വനും, സമൃദ്ധിമാനും, ദുസ്സഹോഗ്രവീര്യനും ആണ് ഭവാൻ. കീർത്തിമാനേ, ഭൂതവും, ഭവിഷ്യത്തും, ഭവാനിൽ ചേർന്നതാണല്ലോ! ഉത്തമനായ ഭവാൻ സർവ്വചരാചരങ്ങളും സൂര്യൻ എന്നപോലെ അംശുവിരിച്ച് കാട്ടിത്തരുന്നു. രവിയുടെ പ്രഭപോലും സ്വയം സംഹരിക്കുന്നവനാണ് ഭവാൻ. നീ അന്തകനും, സർവ്വമയനും, ധ്രുവങ്ങളിൽവച്ചു ധ്രുവനുമാണ്. കുപിതനായ ദിവാകരൻ ചുട്ടെരിക്കുന്ന മാതിരി ഭവാൻ ജഗത്തിനെ അഗ്നിപോലെ എരിക്കുന്നു. പ്രളയാഗ്നിപോലെ ഭയങ്കരനും യുഗപരിവൃത്തിനാശകനുമാണ്. മഹോജ്വലജ്വലനസമാനശക്തിമാനായ ഭവാനെ ഞങ്ങൾ ശരണംപ്രാപിക്കുന്നു. മിന്നൽപ്പിണർപ്രഭയാൽ ഇരുട്ടുനീക്കി ആകാശം മുഴുവൻ അടയുമാറ് ചിറകുവിരിച്ച പക്ഷിരാജാവിനെ ഞങ്ങൾ നമസ്കരിക്കുന്നു!

പരാപരനും, അജയ്യവീരനും, വരദനും ആയ ഭവാൻ വിതറിവിടുന്ന മഹസ്സാൽ ജഗത്തെല്ലാം തപിച്ചുപോയിരിക്കുന്നു. രക്ഷിച്ചാലും! ജഗൽപ്രഭോ, കനകരുചേ, സുരേന്ദ്ര, നഭസ്സിൽ ഭയത്തോടെ വിമാനചാരികളായ ദേവന്മാർ മയങ്ങിപ്പോയിരിക്കുന്നു. ഭവാന്റെ പ്രഭയാൽ അവർ ഒഴിഞ്ഞുപോകുന്നു.

ദയാലുവും, മുനിവരനുമായ കശ്യപന്റെ കീർത്തിമാനായ പുത്രനാണല്ലോ ഭവാൻ! അങ്ങു കോപിക്കരുതേ, സകല ഗുണങ്ങളേയും ഗുണംപോലെ കൈക്കൊണ്ട് ഞങ്ങളിൽ കനിയേണമേ! ഇടിവെട്ടുന്നപോലെ ഭയങ്കരമായ ധ്വനിയാൽ ആകാശം, ദിക്കുകൾ, ദേവലോകം എന്നിവയോടുകൂടി ഭൂമി നടുങ്ങുന്നു! ഞങ്ങൾ വീണ്ടും വീണ്ടും കിടിലം കൊള്ളുന്നു. അനലനെപ്പോലെ ഉഗ്രമായ ഭവാന്റെ വിഗ്രഹം അങ്ങു ചുരുക്കിയാലും. ക്രുദ്ധനായ അന്തകനെപ്പോലെ ഭയങ്കരമായ ഈ മഹാദ്യുതിയിൽ മനസ്സു വിറയ്ക്കുന്നു അല്ലയോ ഖഗമേ, വന്നിരിക്കുന്ന ഈ ജനങ്ങളിൽ ഭവാൻ സുഖം അരുളേണമേ!"

സൂതൻ പറഞ്ഞു: "ഇപ്രകാരം ദേവർഷിഗണങ്ങൾ സ്തുതിച്ചപ്പോൾ സുപർണ്ണൻ തന്റെ മഹസ്സിനെ ഉപസംഹരിച്ചു."

24. സൗപർണ്ണം - സൂര്യന്റെ ഉഗ്രരൂപം - സൂതൻ പറഞ്ഞു: "ഈ സ്തുതി കേട്ട് തന്റെ ദേഹത്തെ നോക്കി ഖഗരാജാവ് ശരീരതേജസ്സിനെ ഉപസംഹരിക്കുവാൻ ഒരുങ്ങി."

സുപർണ്ണൻ പറഞ്ഞു: "എന്റെ ദേഹം കണ്ട് നിങ്ങൾ ഭയപ്പെടേണ്ട. ഭീമരൂപം കണ്ട് ലോകം ഭയപ്പെടുന്നുണ്ടെങ്കിൽ ഞാൻ എന്റെ തേജസ്സ് ഇതാ ഒതുക്കുന്നു."

സൂതൻ പറഞ്ഞു: "പിന്നെ കാമഗനും കാമവീര്യനുമായ ആ ഖഗോത്തമൻ സൂര്യമന്ദിരത്തിൽച്ചെന്ന് പുറത്ത് അരുണനേയും കയറ്റിയിരുത്തി അമ്മയുടെ അരികത്തു വന്നു. ലോകം വേവുമാറ് അപ്പോൾ സൂര്യൻ ഉഗ്രമായി തപിച്ചുകൊണ്ടിരുന്നു. അരുണനെ പൂർവ്വദിക്കിൽ വീണ്ടും വൈനതേയൻ സ്ഥാപിച്ചു." ഇത്രത്തോളം കേട്ടപ്പോൾ രുരു ചോദിച്ചു:

രുരു പറഞ്ഞു: "എന്തിനാണ് ഭഗവാൻ സൂര്യൻ ഉജ്ജ്വലിച്ച് വിശ്വമൊക്കെ ചുട്ടുകൊണ്ടിരുന്നത്? സൂര്യന്ന് മന്യുവുണ്ടാകുന്ന വിധം ദേവന്മാർ എന്തു പിഴച്ചു?"

പ്രമതി പറഞ്ഞു: "രാഹു സുധ പാനംചെയ്യുവാൻ തുടങ്ങിയപ്പോൾ സൂര്യചന്ദ്രന്മാരാണ് അതു ചൂണ്ടിക്കാണിച്ചുകൊടുത്തത്. അതുകൊണ്ട് അവന്ന് സൂര്യചന്ദ്രന്മാരിൽ പകയുണ്ടായി. അവന്റെ ഗ്രഹണംമൂലം സൂര്യന്ന് മന്യുവുണ്ടായി. 'ദേവന്മാർക്ക് ഗുണത്തിന്നു വേണ്ടി ഞാൻ ചെയ്ത പ്രവൃത്തിമൂലമാണല്ലോ രാഹു എന്നോടു കോപിച്ച് ഉപദ്രവിക്കുന്നത്. മറ്റാരേയും അവൻ പീഡിപ്പിക്കുന്നില്ല. കാര്യത്തിന്നു സഹായിച്ച എനിക്ക് ആപത്തു വന്നപ്പോൾ ആരും എന്നെ സഹായിക്കുന്നുമില്ല. ദേവകൾ കണ്ടുനില്ക്കുകമാത്രം ചെയ്യുന്നു. അതുകൊണ്ട് ഈ ലോകം മുടിച്ചേ ഞാൻ അടങ്ങൂ' എന്നു സൂര്യൻ മനസ്സിൽ കരുതി അസ്തപർവ്വതത്തിലണഞ്ഞു. അവിടെനിന്ന് സൂര്യൻ ലോകത്തെ മുഴുവൻ ദഹിപ്പിക്കുവാൻ തുടങ്ങി."

ഇതു കണ്ടപ്പോൾ ദേവർഷിമാരൊക്കെക്കൂടി ദേവകളെക്കണ്ടു പറഞ്ഞു: "ഇന്ന് അർദ്ധരാത്രിസമയത്ത് ലോകമെല്ലാം ഭയങ്കരമായ നാശത്തിൽപ്പെടും! എല്ലാം കത്തി വെണ്ണീറാകും!" അങ്ങനെ അവരെല്ലാവരുംകൂടി ബ്രഹ്മാവിനെ ചെന്നുകണ്ട് ആപല്ക്കരമായ സംഭവം ഉണർത്തിച്ചു. "ഇത് എന്തൊരഗ്നിയാണ്! ലോകം മുടിയുന്നു! സൂര്യനെ കാണുന്നില്ല! ലോകമൊക്കെ തീപ്പിടിച്ചിരിക്കുന്നു! സൂര്യോദയം വന്നാൽ ഇനി എന്തെല്ലാം സംഭവിക്കും?"

പിതാമഹൻ പറഞ്ഞു: "വിശ്വം ചുട്ടുപൊട്ടിക്കുവാൻതന്നെ സൂര്യൻ വിചാരിക്കുന്നു. ലോകം ഭസ്മമാകുവാൻപോകുന്നു. അതിന്നും ഒരു മറുകൈയുണ്ട്! കശ്യപപുത്രനും, ധീമാനും, കാന്തിമാനും, വിശ്രുതനും, മഹാകായനും, ശക്തനുമായ അരുണൻ സൂര്യന്റെ മുമ്പിൽ ചെന്നുനില്ക്കട്ടെ. അവൻ സൂര്യരഥത്തിന്റെ സാരഥ്യം വഹിക്കട്ടെ. തേജോഭാരം സംഹരിക്കട്ടെ. ലോകത്തിന്ന് അപ്പോൾ സ്വസ്തി ഭവിക്കും!"

പ്രമതി പറഞ്ഞു: "ബ്രഹ്മാവിന്റെ കല്പന അനുസരിച്ച് വിധിപ്രകാരം അരുണൻ ചെന്നു. അരുണന്റെ ആവരണത്തോടുകൂടി സൂര്യൻ ഉദിച്ചു. ഇങ്ങനെ സൂര്യൻ ക്രോധം പൂണ്ടതും, അരുണൻ സൂര്യസാരഥിയായതും, ഞാൻ പറഞ്ഞു. അതിന്നുണ്ടായ കാരണവും ഞാൻ പറഞ്ഞുവല്ലോ. മുമ്പേ ചോദിച്ചതനുസരിച്ച് കഥ തുടരാം."

25. സൗപർണ്ണം - കദ്രുവിന്റെ ഇന്ദ്രസ്തുതി - സൂതൻ പറഞ്ഞു: "ഇനി വിനതയുടെ ദാസ്യകഥ തുടരാം. പിന്നെ ഉന്നിദ്രബലവീര്യവാനായ പക്ഷി അമ്മ വാഴുന്ന കടൽക്കരയിലെത്തി."

പന്തയത്തിൽ തോറ്റ് കദ്രുവിന്റെ ദാസിയായിത്തീർന്ന വിനത അവിടെയാണു പാർക്കുന്നത്. ഒരു ദിവസം കൈകൂപ്പി നില്ക്കുന്ന വിനതയോട് കദ്രു ഗരുഡന്റെ സമീപത്തിൽവെച്ചു പറഞ്ഞു.

കദ്രു പറഞ്ഞു: "ഭദ്രേ! നാഗാലയം എത്രയോ മനോഹരമാണ്! കടലിന്റെ ഉള്ളിലുള്ള അതൊന്നു കാണുവാൻ നീ എന്നെ അങ്ങോട്ടു കൊണ്ടുപോവുക."

സൂതൻ പറഞ്ഞു: "കദ്രുവിന്റെ കല്പനകേട്ട ഗരുഡമാതാവ് നാഗമാതാവായ അവളെ എടുത്തു. അമ്മ പറയുകയാൽ ഗരുഡൻ

digitized by www.sreyas.in

സർപ്പങ്ങളെയൊക്കെ എടുത്തു. അവൻ സൂര്യന്റെ നേരെ പൊങ്ങി. സൂര്യപ്രകാശം തട്ടി സർപ്പങ്ങൾ മോഹിച്ചു. സർപ്പങ്ങൾ ഒക്കെ വീര്യംകെട്ടു വാടിത്തളർന്നു. പുത്രന്മാരുടെ ഈ ദുഃഖാവസ്ഥ കണ്ട് കദ്രു ഇന്ദ്രനെ വാഴ്ത്തി സ്തുതിച്ചു.

കദ്രു പറഞ്ഞു: "നമസ്കാരം സുരേന്ദ്ര! നമസ്കാരം വലാന്തക! നമസ്കാരം സഹസ്രാക്ഷ! ശചീപതേ! സൂര്യതപ്തരായ ഈ അഹികളെ വാരിയിൽ പ്ലവം എന്നപോലെ രക്ഷിച്ചാലും! നീയാണല്ലോ ഈയുള്ളവർക്ക് പരമമായ രക്ഷ! ജലം വളരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനാണല്ലോ' പുരന്ദര, ഭവാൻ! നീ മേഘമാണ്! നീ വായുവാണ്! നീ അഗ്നിയാണ്! നീ ആകാശത്തിലെ മിന്നലാണ്! നീ അഭ്രഗണത്തെ വിക്ഷേപം ചെയ്യുന്നവനാണല്ലോ. നീ മഹാഘനമാണ്! നീ അതുല്യമായ ഘോരവജ്രമാണ്! നീ ഇരമ്പുന്ന വലാഹകമാണ്! നീ വിശ്വം സൃഷ്ടിക്കുന്നവനും സംഹരിക്കുന്നവനുമാണ്. സർവ്വഭൂതജ്യോതിസ്സും ആത്മാവും ആയത് നീയാണ്! നീ ആദിത്യനാണ്! വിഭാവസുവാണ്! നീ രാജനാണ്! സുരോത്തമനാണ്! നീ വിഷ്ണുവാണ്! നീ സഹസ്രാക്ഷനാണ്! നീ പരമാർച്ചിതനായ സോമനാണ്! നീ മുഹൂർത്തമാണ്! തിഥിയാണ്! നീ ലവമാണ്! ക്ഷണമാണ്! നീ സർവ്വമായ അമൃതമാണ്. സംവത്സരവും ഋതുവും, രാവും, പകലും എല്ലാം നീയാണ്. നീ ശുക്ലമാണ്. നീ ബഹുളമാണ്, കലയും കാഷ്ടയും ത്രുടിയും നീയാണ്. വനങ്ങളും, മലകളും ഒത്ത ഭൂമിയാണ് നീ. ഇനൻ തെളിഞ്ഞ് ഇരുട്ടൊഴിഞ്ഞ നഭസ്സാണ് നീ. അലപ്പരപ്പോടുകൂടിയതും, തിമിയും തിമിംഗലങ്ങളും നിറഞ്ഞ ത്സഷമകരോഗ്രമായ അബ്ധിയാണ് നീ!

മഹായശസ്വിയും, അതിമുദിതനുമായ ഭവാനെ മനീഷിമാരും മഹർഷിമാരും പുകഴ്ത്തുന്നു! ഭവാൻ സ്തുതനാണ്. യാഗത്തിൽ ഭവാൻ സോമം, വഷൾകൃതഹവിസ്സ് എന്നിവ അശിക്കുന്ന ഐശ്വര്യപ്രദനാണ്. വേദപ്പരിഷ യജിക്കുന്നതും, ഫലത്തിന്നു വേണ്ടി വേദാംഗാവലി പുകഴ്ത്തുന്നതും ഭവാനെയാണല്ലോ. വേദാംഗവും, മഖം ചെയ്യുന്ന വിപ്രരും ഒക്കെ യത്നം ചെയ്ത് ഓതുന്നതൊക്കെ ഭവാന്റെ പ്രീയത്തിന്നായിട്ടാണല്ലോ."

26. സൗപർണ്ണം - സർപ്പപ്രഹർഷം - സൂതൻ പറഞ്ഞു: "ഇപ്രകാരം കദ്രു പുകഴ്ത്തുവാൻ തുടങ്ങിയപ്പോൾ ഹരിവാഹനനായ ദേവേന്ദ്രൻ കരിങ്കാർനിരകൊണ്ട് നഭസ്തലം വിരിച്ചു. 'ഉത്തമമായ ജലം വർഷിക്കുവിൻ' എന്ന് ഇന്ദ്രൻ അഭ്രങ്ങളോട് കല്പിച്ചു. ഇടിയും മിന്നലുമായി മേഘം വർഷം ചൊരിഞ്ഞു. മേഘങ്ങൾ ആകാശത്തു പരസ്പരം ഗർജ്ജിക്കുന്നതുപോലെ ഇടിമുഴങ്ങി. പ്രളയം വന്നടുത്തതുപോലെ ഹർഷംകൊള്ളുന്ന മേഘപാളികൾ ആരവത്തോടുകൂടി ജലംവർഷിച്ചു തകർക്കുമ്പോൾ, തിരതള്ളിത്തുള്ളുന്ന സമുദ്രംപോലെ ആകാശം പ്രശോഭിച്ചു. മിന്നൽവീശി ഇളകുന്നവിധം ഇടിവെട്ടി. തടിച്ച മേഘങ്ങൾ മഴക്കാറ്റടിച്ചു വിതറുന്നവിധം വർഷിച്ചു. ചന്ദ്രനും, അർക്കനുമൊക്കെ കെട്ടുപോയമട്ടിൽ ആകാശം ഇരുണ്ടു. ഇങ്ങനെ മഴ ചൊരിയുവാൻ തുടങ്ങിയപ്പോൾ നാഗങ്ങൾ സന്തോഷിച്ചു.

ഭൂമിയിൽ തണുത്ത ജലം നിറഞ്ഞു പൂർണ്ണമായി. ശീതളമായ ജലം രസാതലത്തിലും രസമായി ചെന്നു ചേർന്നു. പലവിധം തിരമാലകൾകൊണ്ട് പാരിടമാകെ മൂടി. അമ്മയോടുകൂടി സർപ്പങ്ങൾ രാമണീയകദ്വീപിൽ എത്തി."

27. സൗപർണ്ണം - ഗരുഡപ്രശ്നം - സൂതൻ പറഞ്ഞു: "വൃഷ്ടിധാരകളേറ്റ് സർപ്പപുംഗവന്മാർ വളരെ സന്തോഷിച്ചു; ഗരുഡൻ അവരെ നന്നായി വഹിച്ച് സന്തുഷ്ടരായി ദ്വീപിൽ എത്തി.

വിശ്വകർമ്മാവു തീർത്ത മകരാലയമായ ആ മനോഹരദ്വീപിൽ ലവണാസുരനെ കണ്ടു. ഗരുഡൻ വഹിച്ചുകൊണ്ടുപോകുന്ന നാഗങ്ങൾ അവിടെയുള്ള കാനനങ്ങൾ കണ്ടു. ആ ദ്വീപ് സാഗരാംബുവാൽ ചുറ്റപ്പെട്ടതായി മുകളിൽനിന്ന് കണ്ടു. കൂകുന്ന പക്ഷികളാലും, വിചിത്രഫലപുഷ്പാഢ്യമായ കാനനങ്ങളാലും, രമ്യമായ ആലയഗണങ്ങളാലും, പൊയ്കകളാലും, സുഗന്ധവാഹിയായ മാരുതനാലും, അംബരചുംബികളായ ചന്ദനമരങ്ങളാലും, കാറ്റിൽ പൂവുകൾ വർഷിക്കുന്ന പൂമരങ്ങളാലും, ഗന്ധർവ്വാപ്സരസ്സുകൾക്കു പ്രിയം നല്കുന്ന പുഷ്പാമൃതത്താലും, മുരളുന്ന വണ്ടുകൾ പാറിക്കളിക്കുന്ന മനോഹരമായ താമരപ്പൊയ്കകളാലും, എല്ലാംകൊണ്ടും മനോജ്ഞമായ ആ പുണ്യപ്രദേശം വിചിത്രമായ പക്ഷികളുടെ കൂജിതംകൊണ്ട് കദ്രുവിന്റെ പുത്രന്മാർക്ക് ഹർഷം ഉളവാക്കി. അതിൽ കയറിക്കളിച്ചതിന്നു ശേഷം ആ കാനനംകണ്ട് സർപ്പങ്ങൾ ഗരുഡനോടു പറഞ്ഞു."

സർപ്പങ്ങൾ പറഞ്ഞു: "ഹേ ഗരുഡ, നീ ഇനി മനോഹരമായ മറ്റു ദ്വീപുകളിലേക്കും ഞങ്ങളെ കൊണ്ടുപോവുക. ഹേ ഖഗോത്തമ! നീ പലതും കണ്ടവനാണല്ലോ."

സൂതൻ പറഞ്ഞു: "സർപ്പങ്ങളുടെ വാക്കുകേട്ട് ഗരുഡൻ ചിന്തിച്ച് അമ്മയോടു ചോദിച്ചു: 'എന്താണ് ഈ സർപ്പങ്ങൾ നമ്മോട് ഇങ്ങനെ ഓരോന്നു കല്പിക്കുന്നത്?' ഇതിന്ന് എന്താണ് നമുക്ക് ചുമതല?"

വിനത പറഞ്ഞു: "ഹേ പുത്ര, എന്റെ ദുര്യോഗം കൊണ്ട് സപത്നിയായ കദ്രുവിന്ന് ഞാൻ ദാസിയായി. പന്തയത്തിൽ ഈ സർപ്പജന്തുക്കൾ ചതിച്ചതുമൂലം ഞാൻ പരാജിതയായി."

സൂതൻ പറഞ്ഞു: "ഉണ്ടായ കഥകൾ എല്ലാം വിസ്തരിച്ച് അവൾ പുത്രനെ ധരിപ്പിച്ചു. കാരണം അമ്മ പറഞ്ഞുറിയിച്ചപ്പോൾ മഹാനായ ഗരുഡൻ സർപ്പങ്ങളോട് ആവശ്യമില്ലാത്ത ദുഃഖത്താൽ ദുഃഖിതനായി ചോദിച്ചു."

ഗരുഡൻ പറഞ്ഞു: "ഞാൻ എന്തുകൊണ്ടുവന്നു തന്നാലാണ്, എന്ത് അറിഞ്ഞുതന്നാലാണ്, എന്തു പരിശ്രമം ചെയ്താലാണ്, ഈ ദാസ്യം നിങ്ങൾ ഒഴിവാക്കുക? എന്തു പൗരുഷമാണ് ഞാൻ കാട്ടേണ്ടത്? അഹീന്ദ്രന്മാരേ, സത്യം പറഞ്ഞാലും."

സൂതൻ പറഞ്ഞു: "ഇപ്രകാരം ഗരുഡൻ ചോദിച്ചപ്പോൾ സർപ്പങ്ങൾ ചിന്തിച്ച്, 'നീ നിന്റെ ഓജസ്സുകൊണ്ട് അമൃതം കൊണ്ടുവന്നു തരിക. എന്നാൽ നിന്നെ ദാസ്യത്തിൽനിന്നു ഞങ്ങൾ ഒഴിവാക്കിത്തരാം!' എന്നു പറഞ്ഞു."

28. സൗപർണ്ണം - ഗരുഡയാത്ര - സൂതൻ പറഞ്ഞു: "സർപ്പങ്ങളുടെ വാക്കുകേട്ട് ഗരുഡൻ അപ്പോൾ മാതാവിനോടു പറഞ്ഞു: 'അമ്മേ, ഞാൻ അമൃത് ബലമായി കൊണ്ടുവരുവാൻ പോവുകയാണ്. എനിക്കു ഭക്ഷണം തരണം."

വിനത പറഞ്ഞു: "സമുദ്രത്തിന്റെ നടുവിലായി ഒരു നിഷാദാലയമുണ്ട്. അവിടെച്ചെന്ന് അനേകായിരം നിഷാദന്മാരെ പിടിച്ചുതിന്നു വിശപ്പടക്കി അമൃതിന്ന് നീ ഗമിച്ചാലും! എന്നാൽ ബ്രാഹ്മണരെ നീ കൊല്ലരുത്. അഗ്നിതുല്യനായ ബ്രാഹ്മണൻ ഒരിക്കലും വദ്ധ്യനല്ല. അഗ്നി, അർക്കൻ, വിഷം ഇവപോലെയാണ് കോപിച്ച ദ്വിജൻ. എല്ലാവർക്കും ഗുരുവാണു വിപ്രൻ എന്നാണല്ലോ പ്രമാണം. ഉത്തമനായ ബ്രാഹ്മണൻ കോപിച്ചാലും നീ അവനെ വധിക്കരുത്. ബ്രാഹ്മണദ്രോഹമായ കർമ്മം നീ ഒരിക്കലും ചെയ്യരുത്. ക്രുദ്ധനായ ബ്രാഹ്മണനെപ്പോലെ അഗ്നിയും, അർക്കനും തീക്ഷ്ണമല്ല. എപ്രകാരം വ്രതിയായ ക്രുദ്ധബ്രാഹ്മണൻ ചെയ്യുമോ ആ ചിഹ്നം ഉള്ളവനെക്കണ്ട് അവൻ ബ്രാഹ്മണനാണെന്നു നീ ധരിക്കണം. അവന്റെ യോഗ്യത നിനക്കറിയാം. ദ്വിജൻ ഭൂതജ്യേഷ്ഠനും, ജാതിശ്രേഷ്ഠനും, പിതാവും, ഗുരുവുമാണ്."

ഗരുഡൻ പറഞ്ഞു: "അമ്മേ, ബ്രാഹ്മണന്റെ രൂപം എന്താണ്? ശീലമെന്താണ്? പരാക്രമമെങ്ങനെ? തീപോലെ എരിഞ്ഞാണോ ശോഭിക്കുന്നത്? അതോ, സൗമ്യപ്രകാശനാണോ ബ്രാഹ്മണൻ? ബ്രാഹ്മണനെ ലക്ഷണംകൊണ്ട് അറിയുന്നവിധം അമ്മ പറഞ്ഞുതരൂ!"

വിനത പറഞ്ഞു: "ചൂണ്ടൽ വിഴുങ്ങുന്ന മാതിരി, കണ്ഠത്തിലെത്തിയാൽ പൊള്ളുന്നവനാണ് ബ്രാഹ്മണൻ. കോപിച്ചാലും അവനെ കൊല്ലരുത്. തിന്നാൽ കുക്ഷിയിൽ ദഹിക്കാതെ കിടക്കും. അത് ബ്രാഹ്മണനാണെന്ന് നീ അറിയണം." വീര്യം

digitized by www.sreyas.in

അറിഞ്ഞ് ആശീർവ്വാദാദരങ്ങളോടെ പുത്രവാത്സല്യത്താൽ വിനത വീണ്ടും നാഗങ്ങൾ ചെയ്ത ചതി ഓർത്ത് പുത്രനെ അനുഗ്രഹിച്ചു. "നിന്റെ പക്ഷങ്ങൾ വായു കാക്കട്ടെ! നിന്റെ പൃഷ്ഠം സൂര്യചന്ദ്രന്മാർ കാക്കട്ടെ! ശിരസ്സ് അഗ്നി കാക്കട്ടെ! വസുക്കൾ ഉടൽ കാക്കട്ടെ! ഞാൻ നിന്റെ ശാന്തി കാത്തുകൊണ്ട് ഇവിടെത്തന്നെ വാഴാം. നിനക്കു നന്മ വരും. ക്ലേശംകൂടാതെ നീ പോയി കാര്യം സാധിച്ചു വരിക."

സൂതൻ പറഞ്ഞു: "അമ്മ പറഞ്ഞതുകേട്ട് അവൻ ചിറകു വിരിച്ച് ആകാശത്തിലുയർന്നു. വിശപ്പുസഹിച്ച്, അന്തകൻ എത്തുന്നവിധം നിഷാദന്മാർ വാഴുന്ന ദ്വീപിൽ പറന്നെത്തി. നിഷാദന്മാരെ പിടിക്കുവാൻ അണഞ്ഞ അവൻ എങ്ങും പൊടിപടലംകൊണ്ടുമൂടി. കടലിലെ ജലം ഒട്ടേറെ വറ്റിച്ചു. സമീപത്തിൽ നില്ക്കുന്ന വൃക്ഷങ്ങൾ പിടിച്ചുകുലുക്കി. മുഖം ഒന്നുകൂടി വലുതാക്കി, നിഷാദന്മാരുടെ മാർഗ്ഗം അടച്ചു. വിടുർത്തിപ്പിടിച്ച വായിൽ കൂട്ടമായി നിഷാദസംഘം ഭയപ്പെട്ട് ഓടിക്കയറി. പൊടി പറക്കുന്നവിധം മലയിലെ കാട്ടിൽ എന്നപോലെ, കാറ്റുയർന്ന് പക്ഷിക്കൂട്ടത്തെ ആകുലമാക്കുമാറ്, ശത്രുഘ്നാതിയായ ഗരുഡൻ വായ് അടച്ചു. മഹാചാപല്യത്തോടെ നിഷാദന്മാരെ പാഞ്ഞുപിടിച്ചു വിശപ്പടക്കി, മത്സ്യജീവിസഞ്ചയത്തെ ഭുജിക്കുവാൻ ഒരുങ്ങി. പിന്നെ വീണ്ടും വായ് പിളർന്നു. ഒട്ടനവധി നിഷാദികൾ കയറിക്കഴിഞ്ഞപ്പോൾ അവൻ വായ് കൂട്ടി."

29. സൗപർണ്ണം – ആനയുടേയും ആമയുടേയും പൂർവ്വജന്മവൃത്താന്തം – സൂതൻ പറഞ്ഞു: "തൊണ്ടയിൽ ഒരു ബ്രാഹ്മണൻ ഭാര്യയോടൊപ്പം പ്രവേശിച്ചത് ഗരുഡൻ അറിഞ്ഞില്ല. ഗരുഡന്റെ കണ്ഠം ചുട്ടപ്പോൾ അവൻ ബ്രാഹ്മണനോടു പറഞ്ഞു: "ഹേ, ബ്രാഹ്മണ, നീ എന്റെ കണ്ഠത്തിൽനിന്നു പുറത്തേക്കു പോന്നുകൊള്ളുക! ഞാൻ വായ് തുറന്നുതരാം. പാപിയായാലും ബ്രാഹ്മണനെ ഞാൻ കൊല്ലുന്നതല്ല."

സൂതൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന ഗരുഡനോട് ബ്രാഹ്മണൻ പറഞ്ഞു: എന്റെ ഭാര്യ ഒരു നിഷാദിയാണ്. ഇവളും എന്റെ കൂടെ പോരാൻ അനുവദിക്കണം."

ഗരുഡൻ പറഞ്ഞു: "നീ നിന്റെ നിഷാദിയായ ഭാര്യയേയുംകൊണ്ടു വേഗം പുറത്തുചാടുക. എന്റെ തേജസ്സുകൊണ്ടു നശിക്കാത്ത നീ സ്വയം കാത്തുകൊള്ളുക."

സൂതൻ പറഞ്ഞു: "പറഞ്ഞപോലെ ബ്രാഹ്മണൻ നിഷാദിയോടുകൂടി പുറത്തുചാടി, ഗരുഡന്ന് ആശിസ്സുനല്കി അവിടെ നിന്നു പോയി. സഭാര്യനായ ആ ദ്വിജൻ പോയതിന്നുശേഷം പക്ഷികുലേശ്വരനായ ഗരുഡൻ പക്ഷംവിരിച്ചു മനോവേഗം പോലെ മേല്പോട്ടുയർന്നു. വഴിക്ക് അച്ഛനെക്കണ്ടു കുശലപ്രശ്നം ചെയ്തു. ന്യായംപോലെ മഹർഷി മകനോടു കുശലം ചോദിച്ചു."

കശ്യപൻ പറഞ്ഞു: "നിങ്ങൾക്കു സുഖം തന്നെയല്ലേ? മനുഷ്യലോകത്തിൽ ആവശ്യംപോലെ ഭക്ഷണം ലഭിക്കുന്നുണ്ടോ? നിനക്കു വേണ്ടുവോളം ഭക്ഷണം കിട്ടുന്നുണ്ടോ?"

ഗരുഡൻ പറഞ്ഞു: "അമ്മയ്ക്കു കുശലംതന്നെയാണ്! സഹോദരനും എനിക്കും സുഖംതന്നെ! ധാരാളം തീറ്റി കിട്ടാത്തതുകൊണ്ട് എനിക്കു സുഖമില്ല, അച്ഛാ! നാഗങ്ങൾ എന്നെ അമൃതിന്നായി അയച്ചിരിക്കയാണ്! മാതാവിന്റെ ദാസ്യം വേർപെടുത്തുന്നതിന്ന് ഞാൻ അമൃതു കൊണ്ടുവരും. നിഷാദപടലത്തെ, അമ്മ കല്പിച്ചുതന്നത് ഞാൻ അനുഭവിച്ചു. അവരെ വളരെയേറെ പിടിച്ചുതിന്നിട്ടും ഞാൻ തൃപ്തനാകുന്നില്ല. അതുകൊണ്ട് എനിക്ക് ആവശ്യംപോലെ തിന്നുവാൻവേണ്ട ഭക്ഷണം തന്നാലും. അമൃതു ഹരിക്കുവാനുള്ള ശക്തി നേടേണമല്ലോ. എനിക്ക് ഇപ്പോഴും വിശപ്പും ദാഹവുമുണ്ട്. അതു തീരുമാറ് അച്ഛൻ എനിക്കു ഭക്ഷണം അരുളിയാലും."

കശ്യപൻ പറഞ്ഞു: "ഈ സരസ്സ് മഹാപുണ്യമായതും, സ്വർഗ്ഗത്തിൽപ്പോലും പ്രസിദ്ധമായതുമാണ്. ഒരു ആമയും ആനയും തമ്മിൽ അവിടെ എന്നും യുദ്ധം നടക്കുന്നുണ്ട്. അവർക്കു തമ്മിൽ മുജ്ജന്മവൈരമുള്ളതു പറയാം. നീ അവരുടെ കഥ ശ്രദ്ധിച്ചു കേൾക്കുക. അവരുടെ ദേഹത്തിന്റെ വലിപ്പവും ഞാൻ പറഞ്ഞുതരാം.

പണ്ടു മഹാ ശുണ്ഠിക്കാരനായി വിഭാവസു എന്നു പേരായ ഒരു മുനി ഉണ്ടായിരുന്നു. അവന്നു സുപ്രതീകൻ എന്നുപേരായി മഹാതപസ്വിയായ ഒരനുജനും ഉണ്ടായിരുന്നു. അവരുടെ രണ്ടു പേരുടേയും സ്വത്ത് ഒന്നിച്ച് ഒരാളുടെ കൈയിലിരിക്കുന്നതിൽ സുപ്രതീകനു സമ്മതമുണ്ടായിരുന്നില്ല. ഇടയ്ക്കിടയ്ക്കു സുപ്രതീകൻ മുതൽഭാഗത്തെപ്പറ്റി പറയും. ഒരു ദിവസം ജ്യേഷ്ഠനായ വിഭാവസു പറഞ്ഞു: 'ഭാഗം കഴിക്കുവാൻ പലരും ഇച്ഛിക്കുന്നുണ്ട്. അതു നന്നല്ല. ഭാഗിച്ചാൽ അർത്ഥമോഹംമൂലം അന്യോന്യം ഇടയുന്നതിനിടയാകും. സ്വന്തം മുതൽ ഭാഗിച്ചുകിട്ടിയാൽ അതിന്നിടയിൽ ഛിദ്രക്കാർ കടന്നുകൂടും. പിന്നെ വൈരികൾ കലഹത്തിന്നു മാർഗ്ഗമുണ്ടാക്കും. വൈരികൾ രണ്ടുഭാഗത്തുംകൂടി രണ്ടു പേരുടേയും മുതൽ നശിപ്പിക്കും. അതുകൊണ്ടു മുതൽ ഭാഗിക്കുന്നതു സജ്ജനങ്ങൾ ഇഷ്ടപ്പെടുകയില്ല.' അനുജൻ ജ്യേഷ്ഠന്നു വഴങ്ങിയില്ല. വാക്കേറ്റം മൂത്തപ്പോൾ ജ്യേഷ്ഠൻ അനുജനെ ശപിച്ചു: 'ഗുരുമര്യാദവിട്ടു ശങ്കിക്കുന്നവരെ അടക്കുവാൻ കഴിയാത്തവനാണു നീ. ആത്മാവിനെ നിയന്ത്രിക്കുവാൻ കഴിയാത്ത നീ ഭാഗദ്രവ്യം കൊതിക്കുകമൂലം ദുഷ്ടനായ ആനയായിത്തീരട്ടെ!' ഇപ്രകാരം ശപിക്കപ്പെട്ട സുപ്രതീകൻ, ജ്യേഷ്ഠനായ വിഭാവസുവിനേയും ശപിച്ചു: 'നീ വെള്ളത്തിനുള്ളിൽ ജീവിക്കുന്ന ആമയാകട്ടെ!'

ഇങ്ങനെ തമ്മിൽ ശപിച്ച് , സുപ്രതീകനും വിഭാവസുവും എന്ന രണ്ടു തപോധനന്മാർ ഗജവും കച്ഛപവുമായി, ധനത്തിൽ ആർത്തിമൂലം, വിമൂഢരായി കിടക്കുന്നു. ആ മഹാകായന്മാരായ രണ്ടുപേരും അവിടെയുണ്ട്. ആനയുടെ ശബ്ദം കേട്ടാൽ കൂർമ്മം സരസ്സിളക്കി പുറപ്പെടുകയായി. കൂർമ്മത്തെക്കണ്ടാൽ ആന തുമ്പി ചുരുട്ടി ചാടുകയും, കൊമ്പും തുമ്പിയും വാലും വീശി സരസ്സിനെ ഇട്ട് മഥിക്കുകയും ചെയ്യും. ഉടനെ ആമയും തല പൊക്കി അവന്റെ നേരെ ബലമായി യുദ്ധത്തിന്നു പുറപ്പെടുകയായി.

ആറു യോജന പൊക്കം, പന്ത്രണ്ടു യോജന നീളം ഇതാണ് ആനയുടെ വിസ്താരം. പത്തുയോജന ചുറ്റളവ്, മൂന്നു യോജന പൊക്കം ഇതാണ് ആമയുടെ വിസ്താരം. അവർ പരസ്പരം യുദ്ധംചെയ്ത് ചാവാനൊരുങ്ങി നില്ക്കുകയാണ്. അവരെ തിന്ന് നീ കാര്യം നേടുക. കന്നൽക്കാറുപോലുള്ള ആമയും, മലപോലുള്ള ആ ഗജത്തേയും തിന്ന് നീ സംതൃപ്തനായി പോയി അമൃതു ഹരിക്കുക!"

സൂതൻ പറഞ്ഞു: "എന്ന് മുനി ഗരുഡനോടു പറഞ്ഞ് മംഗളമാശംസിച്ചു. പിന്നെ മുനി തുടർന്നു: 'അമരന്മാരുമായി നേരിടുന്ന നിനക്ക് ജയം ഉണ്ടാകും. പൂർണ്ണകുംഭം, വിപ്രർ, ഗോക്കൾ മാത്രമല്ല മറ്റു വസ്തുക്കളും ശുഭമായി, സ്വസ്ത്യയനമായി നിനക്കു ഭവിക്കട്ടെ! ഋഗ്യജുസ്സാമവേദങ്ങളും, മുഖ്യമായ ഹവ്യഗണങ്ങളും, എല്ലാ രഹസ്യാഗമങ്ങളും നിനക്ക് ബലം നല്കട്ടെ!' എന്ന് അച്ഛൻ പറഞ്ഞപ്പോൾ ഗരുഡൻ അവിടെനിന്നു പറന്ന് പരിശുദ്ധമായ ജലമുള്ളതും, പക്ഷികളുടെ കളകൂജിതങ്ങൾ പൊങ്ങുന്നതുമായ ഹ്രദത്തിന്റെ സമീപത്തെത്തി, അച്ഛൻ പറഞ്ഞപ്രകാരം ഒരു നഖംകൊണ്ട് ആനയേയും മറ്റേ നഖംകൊണ്ട് ആമയേയും റാഞ്ചിപ്പിടിച്ച് ആകാശത്തേക്കുയർന്നു. സ്വർഗ്ഗത്തിലെ ദ്രുമത്തിന്മേൽ ചെന്നിരിക്കുവാൻ ഭാവിച്ചു. അവന്റെ കാറ്റേറ്റ് ഉലഞ്ഞ് ഭയചകിതമായി, 'ഞങ്ങളെ തകർക്കല്ലേ' എന്ന് ആ പൊന്മയമായ ദേവശാഖികൾ പറഞ്ഞു. മനോരഥഫലവൃക്ഷങ്ങൾ ഭയപ്പെട്ടു വിറച്ചപ്പോൾ ഇവയെ എവിടെ വെച്ച് തിന്നണം എന്നറിയാതെ ആകാശത്തു ചുറ്റിനോക്കി. ഓരോരോ വന്മരങ്ങളുടേയും സമീപത്തെത്തി. പൊന്നും വെള്ളിയുമായ കായ്കളുള്ള വൈഡൂര്യവൃക്ഷങ്ങൾ, കടൽത്തിര ചുഴലുന്ന പടുവൃക്ഷങ്ങൾ എന്നിവ നോക്കി ചുറ്റുമ്പോൾ അവിടെ നില്ക്കുന്ന ഉന്നത

digitized by www.sreyas.in

മായ ഒരു വടവൃക്ഷം പെട്ടെന്ന് പറന്നടുത്ത ഗരുഡനോടു പറഞ്ഞു: 'നൂറുയോജന വിസ്താരമുള്ള എന്റെ കൊമ്പിൽ നീ ഇഷ്ടംപോലെ വെച്ച് ആനയേയും ആമയേയും ഭുജിച്ചാലും.' അനവധി പക്ഷികൾ പൊറുക്കുന്ന ആ മരത്തിന്മേൽ ഒരു മഹാ പർവ്വതം വന്നിരുന്നപോലെ, ഗരുഡൻ ചെന്നിരുന്നു. നിമിഷത്തിൽ ആ വടവൃക്ഷത്തിന്റെ ഇല നിറഞ്ഞ കൊമ്പൊടിഞ്ഞു."

30. സൗപർണ്ണം - ബാലഖില്യദർശനം - സൂതൻ തുടർന്നു: "ബലവാനായ ഗരുഡൻ കാൽവെച്ച സമയത്ത് വൃക്ഷത്തിന്റെ കൊമ്പൊടിഞ്ഞു. ഒടിഞ്ഞുവീഴുവാൻ ഭാവിക്കുന്ന കൊമ്പ് അവൻ താങ്ങിപ്പിടിച്ചു.

അവൻ സ്മിതത്തോടെ ഒടിയുന്ന കൊമ്പു നോക്കിയപ്പോൾ അതിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന 'ബാലഖില്യ'രെ കണ്ടു. മഹർഷിമാരായ അവർ ഹനിക്കപ്പെടുമെന്നുകണ്ട് അവൻ ഒടിഞ്ഞ ആ ശാഖ കൊക്കിൽ എടുത്ത് ആനയേയും, കൂർമ്മത്തേയും ദൃഢമായി നഖങ്ങൾകൊണ്ടു പിടിച്ചു. അങ്ങനെ വൃക്ഷശാഖയും, ആനയും, ആമയും താങ്ങി പറക്കുന്ന അതിദൈവതമായ അവന്റെ കർമ്മം കണ്ട് വിസ്മയത്താൽ കരൾ തുള്ളുന്ന മഹർഷിമാർ പറഞ്ഞു: "ഗുരുവായ ഭാരം ഏന്തി ഡയനംചെയ്കയാൽ ഗരുഡൻതന്നെ ഇവൻ!" അന്നുമുതൽ പക്ഷിപ്രവരനായ ഭുജംഗഭോജനൻ 'ഗരുഡൻ' എന്ന പേരിൽ പ്രസിദ്ധനായി. പിന്നെ വൃക്ഷം കുലുങ്ങുമാറ് അവൻ പറന്നു. ആ കൂർമ്മത്തേയും, ഗജത്തേയും, വൃക്ഷശാഖയേയും, ബാലഖില്യരേയുംകൊണ്ടു പറന്നു. ബാലഖില്യർക്കു രക്ഷ നല്കുവാൻ പറ്റിയ സ്ഥലം കാണാതെ എല്ലാവരേയുംകൊണ്ട് ആകാശത്തിൽ ചുറ്റിപ്പറന്നു. ഒടുവിൽ ഗന്ധമാദനപർവ്വതത്തിൽചെന്ന് ഇരുന്നു. അപ്പോൾ അവിടെ തപസ്സുചെയ്യുന്ന അച്ഛനെ ഗരുഡൻ കണ്ടു. കശ്യപൻ, പക്ഷിരാജാവായ തന്റെ പുത്രനെക്കണ്ട് അത്ഭുതപ്പെട്ടു. തേജോവീര്യബലത്തോടും, മനോവായുജവത്തോടും, ശൈലശൃംഗാകൃതിയോടും, ബ്രഹ്മദണ്ഡോഗ്രമായ മഹസ്സോടും, ചിന്തിക്കുവാനോ, ഊഹിക്കുവാനോ നിവൃത്തിയില്ലാത്തവിധം വിശ്വഭീഷണമായ ഭാവത്തോടും, ഘോരരൗദ്രാഗ്നിപോലെ അധൃഷ്യമായ ബലത്തോടും, ദേവന്മാർക്കും, ദാനവന്മാർക്കും, രക്ഷസ്സുകൾക്കും ദുർജ്ജയമായ അദ്രിയെ തകർക്കുന്നവനും, സമുദ്രത്തെ വറ്റിക്കുന്നവനും, ലോകം കുലുക്കുന്നവനും, അന്തകനെപ്പോലെ ഘോരാകാരനുമായി വരുന്ന പുത്രനെക്കണ്ട് അത്ഭുതത്തോടെ കശ്യപമഹർഷി അവന്റെ ആഗ്രഹം അറിഞ്ഞു പറഞ്ഞു."

കശ്യപൻ പറഞ്ഞു: "ഹേ പുത്ര, സാഹസം മതി! നീ മാലിൽപെടരുത്. ബാലനായ നിന്നെ തപോബലരായ ബാലഖില്യമഹർഷികൾ ദഹിപ്പിക്കാതിരിക്കട്ടെ!"

സൂതൻ പറഞ്ഞു: "കശ്യപൻ കത്തിക്കാളുന്ന തപശ്ശക്തിയുള്ള ബാലഖില്യമുനിമാരെ പ്രസാദിപ്പിക്കുമാറു പറഞ്ഞു."

കശ്യപൻ പറഞ്ഞു: "മുനീന്ദ്രരേ, പുത്രന്റെ സാഹസം പൊറുത്താലും! പ്രജാക്ഷേമത്തിന്നുവേണ്ടിയാണ് ഗരുഡൻ ഇപ്രകാരം ചെയ്യുന്നത്. അവനെ ഈ മഹാകർമ്മത്തിന് നിങ്ങൾ അനുവദിച്ചാലും!"

സൂതൻ പറഞ്ഞു: "ഇപ്രകാരം കശ്യപൻ പറഞ്ഞതുകേട്ട് ബാലഖില്യമഹർഷിമാർ കൊമ്പുവിട്ട് ഹിമാലയത്തിൽ തപസ്സിന്നായി പോയി. മുനിമാർ പോയതിന്നുശേഷം വൈനതേയൻ കൊക്കിൽ കൊമ്പുമായി താതനോടു പറഞ്ഞു."

ഗരുഡൻ പറഞ്ഞു: "ഭഗവൻ, ഞാൻ ഈ മാമരക്കൊമ്പ് എവിടെ കൊണ്ടുപോയി ഇടേണ്ടൂ? മനുഷ്യരില്ലാത്ത ഒരു സ്ഥലം പറഞ്ഞുതന്നാലും!"

സൂതൻ പറഞ്ഞു: "അച്ഛൻ കാണിച്ചുകൊടുത്തതും, മനസ്സു കൊണ്ടുപോലും എത്താത്തതും, മഞ്ഞുമൂടിക്കിടക്കുന്നതും, മനുഷ്യവാസമില്ലാത്തതുമായ മഹാഗിരിശൃംഗത്തിലേക്ക് ആമയും, ആനയും, ആലിൻകൊമ്പുമായി പക്ഷിരാജാവു പറന്നു. സ്വൈരമായി ഗരുഡൻ കൊക്കുകൊണ്ടു താങ്ങിയെടുത്ത ആ വൃക്ഷക്കൊമ്പിന്, നൂറു ചർമ്മമുള്ള തോൽവാറുകൊണ്ടുപോലും ചുറ്റളവ് കാണാൻ വിഷമമാണ്. പത്തുനൂറായിരം യോജന പറന്നതിന്നുശേഷം അവൻ ക്ഷണനേരംകൊണ്ട് അച്ഛൻ കാണിച്ച ദിക്കിലെത്തി. മനോവേഗത്തിൽ പറന്ന് ഗരുഡൻ വൃക്ഷക്കൊമ്പ് ഭയങ്കരമായ ശബ്ദത്തോടെ ഇട്ടു. ചിറകിന്റെ കാറ്റേറ്റ് പർവ്വതേന്ദ്രനും ഉലഞ്ഞു. ഉൽപ്പതിക്കുന്ന ദ്രുമങ്ങൾ പുഷ്പം വർഷിച്ചു. ഉടനെ മലയുടെ കൊടുമുടിക്കൂട്ടം ഇടിഞ്ഞു. അവൻ ഇരുന്നതോടുകൂടി അസംഖ്യം വൃക്ഷങ്ങൾ തകർന്നു. മണികാഞ്ചനസന്നാഹങ്ങൾ അണിഞ്ഞുകൊണ്ട് അവൻ ഇരിക്കെ ആ കുന്നിന്റെ പല വൃക്ഷങ്ങൾ, ആ കൂറ്റൻ കുന്നിടിഞ്ഞ്, പൊൻപൂക്കൾ ചിന്നി, മിന്നൽക്കാർപോലെ ശോഭിച്ചു. പൊന്ന് ഉതിർന്നും, ശൈലധാതു ചേർന്നും, ആ വൃക്ഷനികരം ചിന്നുന്ന സൂര്യരശ്മി തട്ടി പ്രശോഭിച്ചു. ആ ഗിരിശൃംഗത്തിലിരുന്ന് ആ മഹാഖഗം ആനയേയും ആമയേയും ബലമായി കൊത്തിത്തിന്നു. ഭക്ഷണം കഴിഞ്ഞ ഉടനെ അവൻ അവിടെനിന്നു പറന്നുയർന്നു. അപ്പോൾ ദേവകൾക്ക് ദുശ്ശകുനമുണ്ടായി. ഇന്ദ്രന്റെ വജ്രം ഭയത്തോടെനിന്നു ജ്വലിച്ചു! പുകഞ്ഞെരിഞ്ഞ് പകൽസമയത്തും കൊള്ളിമീനുകൾ ചാടി. വസുക്കൾ, രുദ്രന്മാർ, ആദിത്യന്മാർ എന്നിവർക്കും മരുത്തുക്കൾ, സാദ്ധ്യർ, മറ്റു വിബുധന്മാർ ഇവർക്കും ഉള്ള ആയുധങ്ങൾ അന്യോന്യം ഒത്തുചേർന്ന് എതിർത്തുതുടങ്ങി. ദേവാസുരയുദ്ധത്തിൽപ്പോലും ഇത്രത്തോളം ഭയാനകത്വം ഉളവായിട്ടില്ല. ഭയങ്കരമായ കൊടുംകാറ്റും ഉൽക്കാപാതങ്ങളുമുണ്ടായി. കാറില്ലാതേയും ആകാശത്ത് ഇടിമുഴങ്ങി. ദേവകളുടെ ദേവൻ രക്തവർഷം പൊഴിച്ചു. മാല്യങ്ങൾ വാടി ദേവന്മാരുടെ കാന്തി കുറഞ്ഞു. ഉൽപ്പാതഘോരമേഘങ്ങൾ രക്തം വർഷിച്ചു. പൊടിപൊങ്ങി അവരുടെ മുടിച്ചാർത്തുകൾ മൂടി. പേടിച്ച് ദേവകൾ ഇന്ദ്രന്റെ സമീപത്തെത്തി. ഇന്ദ്രൻ മഹോൽപ്പാതങ്ങൾ കണ്ടു ഭയപ്പെട്ട് ദേവകളോടുകൂടി ബൃഹസ്പതിയോടു പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഭഗവാനേ, എന്താണ് ക്രൗര്യം കൂടുന്ന ഉൽപ്പാതമുണ്ടാകുവാൻ കാരണം? നമ്മെ തോല്പിക്കുന്ന ശത്രുക്കളെയൊന്നും ഞാൻ ഒരിടത്തും ഇപ്പോൾ കാണുന്നില്ലല്ലോ!"

ബൃഹസ്പതി പറഞ്ഞു: "ഹേ, ശതക്രതോ! നിന്റെ തെറ്റുകൊണ്ടും, വീഴ്ചകൊണ്ടും, ബാലഖില്യരുടെ തപോബലംകൊണ്ടും, കശ്യപന്ന് വിനതയിൽ ഈ പക്ഷി ജനിച്ചു. കാമരൂപനായ അവൻ സോമം നേടുവാൻ വരികയാണ്. സോമം ഹരിക്കുന്നതിന്ന് അവൻ സമർത്ഥനാണ്. ഏത് അസാദ്ധ്യകർമ്മവും ചെയ്യുവാൻ ആ ഖഗോത്തമൻ ശക്തനാണ്. എല്ലാറ്റിന്നും പോരുന്നവനുമാണ്!"

സൂതൻ പറഞ്ഞു: "ബൃഹസ്പതി പറഞ്ഞതുകേട്ട് ഇന്ദ്രൻ കാവൽക്കാരോടു പറഞ്ഞു: ബലവാനായ പക്ഷിരാജാവ് അമൃതു ഹരിക്കുവാൻ വരുന്നുണ്ട്. നിങ്ങൾ കരുതിയിരിക്കുക! അവൻ അതു കൊണ്ടുപോകരുത്. അവൻ ഭയങ്കര ശക്തനാണെന്ന് ബൃഹസ്പതി പറയുന്നു!"

ഇന്ദ്രൻ പറഞ്ഞതുകേട്ട് സുരന്മാരൊക്കെ ജാഗരൂകരായി, അമൃതിന്റെ ചുറ്റും സന്നദ്ധരായി നിന്നു. വജ്രമേന്തി ഇന്ദ്രനും, ദേഹത്തിൽ വൈഡൂര്യമണിഞ്ഞ സുവർണ്ണകവചങ്ങളും, ചർമ്മങ്ങളും ധരിച്ച് ബലമായി ആയുധങ്ങളുമേന്തി എല്ലാ ദേവന്മാരും നിന്നു. ചക്രം, പരിഘം, ശൂലം, വെണ്മഴു, ഉഗ്രമായ വേൽ, മൂർച്ചയുള്ളതും മിന്നൽ പോലെ പാളുന്നതുമായ വാൾ, ദേഹത്തിന്നു യോജിച്ചമാതിരിയുള്ള ഗദ എന്നീ ആയുധങ്ങൾ, സൂര്യരശ്മിസമൂഹങ്ങൾ എന്നപോലെ ധരിച്ച് ദേവകൾ കാത്തുനിന്നു.

അനുപമമായ ബലവീര്യത്തോടുകൂടിയ ദേവന്മാർ കരുതലോടുകൂടി അമൃതു സംരക്ഷിക്കുവാൻ ഒരുങ്ങിനിന്നു. അസുരന്മാരെ പുരത്തോടുകൂടി നശിപ്പിക്കുവാൻ കെൽപ്പുള്ളവരും തീരെ സഹിക്കുവാൻ വയ്യാത്ത അഗ്നിയെപ്പോലെ ശോഭിക്കുന്നവരുമായ ദേവന്മാർ, അനേകായിരം ഇരുമ്പുലക്കകളുമായി പ്രശോഭിക്കുമ്പോൾ, സൂര്യകിരണങ്ങളാൽ വ്യാപ്തമായ ആകാശം പോലെ കണ്ടവർക്കൊക്കെ തോന്നിപ്പോയി.

digitized by www.sreyas.in

31 സൗപർണ്ണം - ഗരുഡോൽപ്പത്തി - ശൗനകൻ പറഞ്ഞു: "ഹേ, സൂതജ! എന്തു തെറ്റാണ് ഇന്ദ്രൻ ബാലഖില്യരോടു ചെയ്തത്? ബാലഖില്യരുടെ തപസ്സാൽ ഗരുഡോത്ഭവം എങ്ങനെ സംഭവിച്ചു? കശ്യപദ്വിജന്ന് ഈ പക്ഷി എങ്ങനെ പുത്രനായി? അവൻ അവദ്ധ്യനും അധൃഷ്യനുമായത് എങ്ങനെ? കാമഗനും കാമവീര്യനുമായത് എങ്ങനെ? പുരാണത്തിൽ പറഞ്ഞതാണെങ്കിൽ അതു കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

സൂതൻ പറഞ്ഞു: "എന്നോടു ഭവാൻ ചോദിച്ച ചോദ്യം പുരാണവിഷയം തന്നെയാണ്. എല്ലാം ഞാൻ ചുരുക്കിപ്പറയാം. കേട്ടുകൊള്ളുക!

പുത്രാർത്ഥമായി യജ്ഞംചെയ്യുന്ന കശ്യപന്ന് അക്കാലത്ത് ഋഷിമാരും, ഗന്ധർവ്വന്മാരും, വിബുധന്മാരുമെല്ലാം വേണ്ട സഹായം ചെയ്തു. കശ്യപൻ ഹോമത്തിനുള്ള വിറകു കൊണ്ടുവരുവാൻ ഇന്ദ്രനേയും ദേവകളേയും, ബാലഖില്യരേയും വിട്ടു. ശക്രൻ തന്റെ ശക്തിക്കൊക്കുന്ന വിധം മലപോലെ ഹോമത്തിനുള്ള വിറകു കൊണ്ടുവന്നു. അതു കൊണ്ടുപോരുമ്പോൾ പെരുവിരലിനോളം ദേഹമുള്ള ബാലഖില്യഋഷീന്ദ്രർ ഓരോ ചെത്തുപൂളും തലയിലേന്തി പോകുന്നത് ഇന്ദ്രൻ കണ്ടു. ആ ബാലഖില്യമഹർഷിമാർ നിരാഹാരരായി, ഭാരവും ചുമന്നുപോകുമ്പോൾ വഴിക്ക് ഒരു പശുക്കുളമ്പു പതിഞ്ഞതിൽ വെള്ളം കെട്ടിനിന്നിരുന്നു. വിരലോളം പൊക്കമുള്ള അവർക്ക് അതൊരു മഹാസരസ്സായിരുന്നു.അതിൽ വീണുഴലുന്ന ആ അംഗുഷ്ടമാത്രരായ മനുഷ്യരെക്കണ്ട് വീര്യോന്മത്തനായ ഇന്ദ്രൻ പരിഹസിച്ചു ചിരിച്ച്, അവരെ പിടിച്ചുകയറ്റാതെ, അതിക്രമിച്ച്, കടന്നുപോന്നു. ഇതു കണ്ടപ്പോൾ ഋഷിമാർക്ക് കോപവും ഖേദവുമുണ്ടായി. അവർ പിന്നെ ഇന്ദ്രനെ ഭയപ്പെടുത്തുവാനായി മഹാകർമ്മം ആരംഭിച്ചു. അവർ യഥാവിധി അഗ്നിയിൽ ഹോമം ചെയ്തു. ഉച്ചാവചമായ മന്ത്രം ചൊല്ലി. എന്താണ് അവർ ഇച്ഛിച്ചതെന്നു കേൾക്കുക. കാമവീര്യനും, കാമഗമനും, അമരേന്ദ്രനു ഭയമുണ്ടാക്കുന്നവനുമായ മറ്റൊരു ഇന്ദ്രൻ സുരന്മാർക്കുണ്ടാകണമെന്നാണ് അവരുടെ മനസ്സങ്കല്പം. 'ഇന്ദ്രനേക്കാൾ നൂറിരട്ടി ശക്തിയുള്ളവനും, വീരനും, മനോജവനുമായ മറ്റൊരു ഇന്ദ്രൻ ഞങ്ങളുടെ തപസ്സുകൊണ്ടുണ്ടാകട്ടെ!' എന്ന് അവർ പ്രാർത്ഥിച്ചു. ഇത് ഇന്ദ്രനറിഞ്ഞു. ഇനി എന്തു ചെയ്യും? കശ്യപനെ ശരണംപ്രാപിക്കുകതന്നെ. ഇന്ദ്രന്റെ അപേക്ഷപ്രകാരം കശ്യപൻ ബാലഖില്യരുടെ സമീപം ചെന്ന് അവരുടെ കർമ്മസിദ്ധിയെപ്പറ്റി ചോദിച്ചറിഞ്ഞു. കശ്യപൻ അവരെ സാന്ത്വനപ്പെടുത്തി. 'ബ്രഹ്മാവ് ശക്രനെ മൂന്നു ലോകത്തിനും ഇന്ദ്രനായി നിശ്ചയിച്ചിരിക്കെ മറ്റൊരു ഇന്ദ്രനുവേണ്ടി നിങ്ങൾ ഇച്ഛിക്കുന്നതു ശരിയാണോ? ബ്രഹ്മകല്പനയെ മിഥ്യയാക്കുവാൻ ശ്രമിക്കാമോ? നിങ്ങൾ സങ്കല്പിച്ചുചെയ്യുന്ന കർമ്മം ഒരിക്കലും മിഥ്യയായി വരുന്നതുമല്ല. അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കുന്നവൻ പക്ഷികൾക്കൊക്കെ ഇന്ദ്രനായി വരട്ടെ! ദേവരാജാവ് നിങ്ങളോട് ഇപ്രകാരം ഇരക്കുന്നു. അവനെ ഉപദ്രവിക്കരുത്. അവനിൽ ക്ഷമിക്കണം!'

സൂതൻ പറഞ്ഞു: ഇപ്രകാരം പറയുന്ന കശ്യപനോട് ബാലഖില്യർ സൽക്കാരപൂർവ്വം ഉത്തരം പറഞ്ഞു."

ബാലഖില്യന്മാർ പറഞ്ഞു: "ഞങ്ങൾ എല്ലാവരുംകൂടി ഇവിടെ മറ്റൊരു ഇന്ദ്രനുവേണ്ടി ശ്രമിക്കുന്നവരാണ്. ഭവാൻ പുത്രലാഭത്തിന്ന് കർമ്മംചെയ്യുകയാണല്ലോ. ഈ കർമ്മം സഫലമാകുമാറ് അങ്ങ് ഏറ്റുവാങ്ങിയാലും. അങ്ങനെ ചെയ്യുകയാണെങ്കിൽ ശ്രേയസ്സു ഭവിക്കുകതന്നെ ചെയ്യും!"

സൂതൻ പറഞ്ഞു: "ഇക്കാലത്ത് ദക്ഷനന്ദിനി, ശുഭാംഗിയായ വിനത പുത്രനെ കാമിച്ച് ശുചിയായി തപസ്സുചെയ്ത് വ്രതസ്നാനവിശുദ്ധയായി, പുംസവനത്തിങ്കൽ ഭർത്താവിന്റെ പാർശ്വത്തെ പ്രാപിച്ചു. അപ്പോൾ കശ്യപൻ ഇപ്രകാരം പറഞ്ഞു: 'ദേവീ, നിന്റെ ഇംഗിതം ഏറ്റവും സഫലമായിത്തീരും. നീ വീരന്മാരായ രണ്ടു പുത്രന്മാരെ പ്രസവിക്കും. അവർ ഭുവനേശ്വരന്മാരായിത്തീരും. ബാലഖില്യരുടെ തപസ്സുകൊണ്ടും, എന്റെ സങ്കല്പംകൊണ്ടും ഈ പറഞ്ഞത് നിശ്ചയമായും സംഭവിക്കും. നിനക്കു ജനിക്കുന്ന പുത്രൻ യോഗ്യനായും വിശ്വപൂജിതനായും തീരും. മഹോദയമായ ഈ ഗർഭം തെറ്റുപറ്റാതെ നീ ധരിക്കുക. ദ്വിജോത്തമന്മാരായ ഇവർ പക്ഷിപ്പരിഷയ്ക്ക് ഇന്ദ്രപട്ടം കൊടുക്കുകയും വിശ്വമാനിതരായി ഭവിക്കുകയും ചെയ്യും.' പിന്നെ പ്രജാപതി ഇന്ദ്രനോടു പറഞ്ഞു: 'വീരന്മാരായ ഇവർ നിന്റെ സോദരന്മാരാണ്. അവർ നിനക്കു തുണയായി ഭവിക്കും. അവർ മൂലം ഹേ, വാസവ! നിനക്ക് ദോഷമൊന്നും സംഭവിക്കുന്നതല്ല. നിന്റെ മനസ്താപം കളയുക! തീർച്ചയായും അങ്ങുതന്നെയാണ് ദേവേന്ദ്രൻ! ഇനി ഭവാൻ സജ്ജനങ്ങളെ പരിഹസിക്കരുത്. വജ്രം പോലെ വാക്കുള്ളവരും, കോപനന്മാരുമായ യോഗ്യന്മാരെ പരിഹസിക്കരുത്!' എന്നു ബ്രഹ്മാവു പറഞ്ഞപ്പോൾ ഇന്ദ്രൻ ശങ്കവിട്ട് സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി. സിദ്ധാർത്ഥയായ വിനത ആനന്ദം പൂണ്ടു. പിന്നെ അവൾക്ക് അരുണൻ, ഗരുഡൻ എന്നീ രണ്ടു പുത്രന്മാരുണ്ടായി. അരുണൻ വികലനായി, സൂര്യസാരഥിയായി. ഗരുഡൻ പക്ഷികൾക്ക് ഇന്ദ്രനായി, അഭിഷിക്തനായി. അവന്റെ ഈ മഹാകർമ്മങ്ങൾ ഹേ, ഭൃഗുനന്ദന, കേട്ടാലും."

32. സൗപർണ്ണം - ദേവഗരുഡയുദ്ധം - സൂതൻ പറഞ്ഞു: "ദേവകൾ ആയുധങ്ങളുമേന്തി ചട്ടയണിഞ്ഞ് അമൃതിനെ ജാഗ്രതയോടെ കാത്തുകൊണ്ടിരിക്കെ ദേവന്മാർക്കെതിരായി ഗരുഡന്റെ വരവു കണ്ടു. അവനെ അകലെനിന്നു കണ്ടപ്പോൾത്തന്നെ ദേവലോകം വിറച്ചുപോയി. ആയുധങ്ങൾ കൂട്ടിമുട്ടി ത്സണത്സണൽക്കാരമുണ്ടായി.

മിന്നലിന്നും അഗ്നിക്കും തുല്യമായ ആകാരത്തോടെ അത്ഭുതാമേയവിക്രമനായ വിശ്വകർമ്മാവ് അമൃതു കാക്കുവാൻ നില്ക്കുന്നുണ്ട്. അവൻ പക്ഷിയുമായി പടവെട്ടി. പക്ഷംകൊണ്ടടിച്ചും കൊക്കുകൊണ്ടു കൊത്തിയും, മുഹൂർത്തസമയം പോരാടിയപ്പോൾ വിശ്വകർമ്മാവ് ക്ഷതമേറ്റു ക്ഷീണിച്ചു വീണു. വിസ്തൃതമായ ചിറകു വിടുർത്തി അടിച്ച് കൊടുങ്കാറ്റുണ്ടാക്കി, പൊടി പറപ്പിച്ച് ലോകമൊക്കെ ഇരുട്ടാക്കി, ദേവസേനയിൽ പൊടി അവൻ വർഷിച്ചു. ധൂളിപാളിയിൽപ്പെട്ട് ദേവസേന മൂർച്ഛിച്ചു. സുധ കാക്കുന്നവർക്ക് കണ്ണു കാണുവാൻ വയ്യാതായി. പക്ഷി എവിടെയാണെന്നുപോലും അറിയാതായി. ഇപ്രകാരം ഖഗേശ്വരൻ ദേവലോകത്തെ ഇരുട്ടിലിട്ട് ഇളക്കിമറിച്ചു. പക്ഷതുണ്ഡപ്രഹരംകൊണ്ട് ദേവന്മാരുടെ ദേഹമൊക്കെ കീറി. അപ്പോൾ സഹസ്രാക്ഷനായ ഇന്ദ്രൻ വായുവിനോടു പറഞ്ഞു: 'ഹേ! മാരുത, ധൂളിവർഷം മാറ്റുക! അതു നിന്റെ കർത്തവ്യമാണ്.' വായുദേവൻ ധൂളി പാടേ അടിച്ചു മാറ്റി. ആകാശം തെളിഞ്ഞു. മൂടൽ നീങ്ങിയപ്പോൾ ദേവന്മാർ ആ പക്ഷിയെ നല്ലപോലെ മർദ്ദിച്ചു. ദേവന്മാരുടെ ഭയങ്കരമായ മർദ്ദനമേറ്റപ്പോൾ പക്ഷി കാളമേഘംപോലെ ഭയങ്കരമായി അലറി! ലോകം കിടിലംകൊണ്ടു! ശത്രുഭീഷണനായ പക്ഷി മേല്പോട്ടു പൊങ്ങി. വാനവർക്കുപരിഭാഗത്തായി ആ വിരുതനായ ഖഗേന്ദ്രൻ വിലസുമ്പോൾ ചട്ടയിട്ട ദേവകൾ ഇന്ദ്രനുമൊത്ത് ശരങ്ങൾ ചൊരിഞ്ഞു. പട്ടസം, പരിഘം, ശൂലം, ഗദ, ക്ഷുരം, ചക്രം എന്നിങ്ങനെയുള്ള പലവിധം ശസ്ത്രങ്ങൾ അവർ ഗരുഡന്റെ നേരെ പ്രയോഗിച്ചു. ഘോരമായി പോരാടുന്ന ആ പക്ഷിവീരന്ന് യാതൊരു കൂസലുമുണ്ടായില്ല. അവൻ ആകാശത്തിൽ അഗ്നി എരിയുന്ന മാതിരി ശോഭിച്ചു. പക്ഷംകൊണ്ടും, വക്ഷസ്സുകൊണ്ടും പ്രഹരിച്ച് ഓരോരുത്തനെ പിടിച്ച് എറിഞ്ഞ്, ഗരുഡൻ മർദ്ദിച്ചു. നഖംകൊണ്ടും, കൊക്കുകൊണ്ടും ക്ഷതമേറ്റു ദേവന്മാർ ചോരയൊലിച്ച് ഓടി. 'സാദ്ധ്യഗന്ധർവ്വന്മാർ' കിഴക്കോട്ടും, 'വസുക്കൾ' തെക്കോട്ടും, 'ആദിത്യന്മാർ' പടിഞ്ഞാറോട്ടും, 'അശ്വിനീദേവകൾ' വടക്കോട്ടും ഓടിക്കളഞ്ഞു. അവർ വീണ്ടും വീണ്ടും തിരിഞ്ഞുനോക്കി ഭയപ്പെട്ട് ഓടി. ഗരുഡന്റെ അടിയേറ്റു ദേവന്മാർ രുദ്രന്മാരോടുകൂടി ഓടി. വീരനായ ഗരുഡൻ യുദ്ധം നിർത്തിയില്ല. അവൻ വീരനായ 'അശ്വക്രന്ദ'നോടും, 'രേണുക'നോടും, 'ക്രഥ'നോടും, 'തപന'നോടും, 'ശ്വസന'നോടും, 'ഉലൂക'നോടും, 'നിമേഷ'നോടും, 'പ്രരുജ'നോടും, 'പുളിന'നോടും ഘോരമായി യുദ്ധം ചെയ്ത് നഖതുണ്ഡങ്ങളാൽ അവരുടെ

digitized by www.sreyas.in

ദേഹം കീറി. പ്രളയത്തിൽ ഘോരനായ കാലരുദ്രനെപ്പോലെ ഖഗേശ്വരൻ പോരാടി. ആ ഉത്സാഹശാലികളായ വീരന്മാർ ഗരുഡന്റെ നഖക്ഷതമേറ്റു മുറിഞ്ഞ് പൂത്ത മുരിക്കിൻകാടുകൾപോലെ ചോരയിൽ മുഴുകി ശോഭിച്ചു.

ആ ദേവസമൂഹത്തെയെല്ലാം ഹതപ്രാണരാക്കി ആ ഖഗോത്തമൻ വിട്ടു. അമൃതിന്റെ അടുത്തേക്കു ചെന്നപ്പോൾ ചുറ്റും കടുത്ത അഗ്നിയെ ദർശിച്ചു. ജ്വാലാമാലയോടുകൂടി ശിഖി ആകാശത്തിൽ ആളിക്കൊണ്ടിരിക്കുന്നു. ചണ്ഡാംശുപോലെ ഉഗ്രമായി ചണ്ഡമായ കാറ്റേറ്റ് അഗ്നി ജ്വലിച്ചു. ഉടനെ ഗരുഡന്ന് ആയിരത്തെണ്ണൂറുമുഖങ്ങൾ കാണപ്പെട്ടു. ആ മുഖങ്ങളിൽ നദീജലമെടുത്ത് ജ്വലിക്കുന്ന അഗ്നിയിൽ ഒഴിച്ചു തീ കെടുത്തി. ജ്വലിക്കുന്ന ആ തീ ശമിച്ചപ്പോൾ പക്ഷിരാജാവായ ഗരുഡൻ തന്റെ ദേഹമൊന്നു ചെറുതാക്കി അമൃതിന്റെ അടുത്തേക്കു കുതിച്ചു."

33. സൗപർണ്ണം - ഗരുഡൻ വിഷ്ണുവിന്റെ വാഹനമായത് - സൂതൻ പറഞ്ഞു: "ഉടനെ ശോഭാവിക്ഷേപം ചെയ്യുന്ന സ്വർണ്ണമയദേഹനായി, മത്സ്യം കടലിൽ എന്നവിധം ഗരുഡൻ കുതിച്ചു. അമൃതം കാക്കുവാൻ ചുറ്റും ക്ഷുരങ്ങളോടുകൂടിയ തീക്ഷ്ണമായ കാരിരുമ്പുയന്ത്രം തിരിഞ്ഞുകൊണ്ടിരിക്കുന്നത് അവൻ കണ്ടു. അമൃതിന്ന് അടുക്കുന്നവരെ അറുത്തുവിടുന്ന ആ യന്ത്രം ദേവനിർമ്മിതമാണ്. ആ ചക്രം അനവരതം തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ, ആ ചക്രത്തിന്റെ അരത്തിന്റെ പഴുതുനോക്കിനിന്ന് ദേഹം ചെറുതാക്കി അവൻ ആ പഴുതിലൂടെ ഉള്ളിലേക്ക് ക്ഷണാർദ്ധംകൊണ്ടു ചാടിക്കടന്നു. അവിടെ എത്തിയപ്പോൾ ചക്രത്തിന്റെ താഴെയായി അമൃതുകാക്കുവാൻ നിയോഗിക്കപ്പെട്ട രണ്ടു സർപ്പങ്ങളെ കണ്ടു. അഗ്നിപോലെ ഉഗ്രരൂപമായി മിന്നൽപോലുള്ള നാവുകളും, ദീപ്തമായ വക്ത്രവും, അഗ്നിമയമായ നേത്രങ്ങളും ചേർന്ന അവർ നോട്ടംകൊണ്ടുതന്നെ വിഷമേല്പിക്കുന്നവരാണ്. ക്രോധത്തോടെ ജാഗരൂകരായി, കലങ്ങിയ കണ്ണുകളോടുകൂടി എപ്പോഴും നിർന്നിമേഷരായി നില്ക്കുന്നു. അവരുടെ കണ്ണേൽക്കുന്നവൻ ഭസ്മമായിപ്പോകും. ഉടനെ ഗരുഡൻ അവരുടെ ദൃഷ്ടി പൊടിപറപ്പിച്ചുമൂടിക്കളഞ്ഞു. അവരെ അന്ധരാക്കി, അവൻ അവരെ അടിച്ച് അവശരാക്കി. അവരുടെ ദേഹത്തിൽ കയറിയിരുന്ന്, അവരുടെ നടുകൊത്തി മുറിച്ചിട്ട്, അമൃതിന്റെ അരികിലേക്കടുത്തു. അമൃതു കൈയിലാക്കി, ആ വീരൻ യന്ത്രം അടിച്ചുതകർത്ത്, ആകാശത്തേക്ക് ഉയർന്നു. അമൃതം സ്വാദുനോക്കാതെ അതെടുത്തു പെട്ടെന്നു പുറത്തുകടന്ന ആ പരാക്രമി അർക്കപ്രഭ മറച്ചുകൊണ്ട് ആകാശത്തിലുയർന്നു. ആകാശത്തിൽ ആദ്യം വിഷ്ണുവുമായി മഹാനായ വിനതാപുത്രൻ ചേർന്നു. അവന്റെ വിക്രമം കണ്ട് വിഷ്ണു സന്തോഷിച്ചു. ആ കർമ്മം തൃഷ്ണവിട്ടതായതിനാൽ ഹരി ഏറ്റവും പ്രസാദിച്ചു. 'ഹേ ഗരുഡ! നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു! നീ എന്നിൽനിന്നു വരം വരിച്ചാലും!"

ഗരുഡൻ പറഞ്ഞു: "ഞാൻ അങ്ങയിൽ ഇരിക്കുമാറാകണം." പിന്നേയും ഗരുഡൻ സാക്ഷാൽ നാരായണനോടു പറഞ്ഞു: "അമൃതപാനം കൂടാതെതന്നെ ഞാൻ ജരാമരണമില്ലാത്തവനാകണം."

നാരായണൻ പറഞ്ഞു: "എന്നാൽ അപ്രകാരംതന്നെ ഭവിക്കട്ടെ." ഇങ്ങനെ രണ്ടു വരങ്ങൾ വരിച്ചതിന്നുശേഷം ഗരുഡൻ ഹരിയോടു പറഞ്ഞു: "വിഭോ, അങ്ങയ്ക്കു ഞാനും വരം തരാം. എന്തു വരമാണ് ഭവാനു വേണ്ടതെന്നു പറഞ്ഞാലും!"

വിഷ്ണു പറഞ്ഞു: "നീ എന്റെ വാഹനമാകണം. നിനക്കു വസിക്കുവാൻ ഞാൻ ധ്വജം തീർക്കുന്നുണ്ട്. എന്റെ ഉപരിഭാഗത്ത് നീ വസിക്കുക!" അപ്രകാരമാകാമെന്നു പറഞ്ഞ് ആ ഖഗം വായുവേഗത്തിൽ പോന്നു.

ഇന്ദ്രൻ വജ്രംകൊണ്ട് ആ പക്ഷീന്ദ്രനെ പ്രഹരിച്ചു. വജ്രമേറ്റിട്ടും കൂസൽകൂടാതെ അമൃതുംകൊണ്ടു പോരുമ്പോൾ, പറക്കുന്ന ആ ബദ്ധപ്പാടിൽ പക്ഷിരാജാവ് ചിരിച്ചുകൊണ്ട് ഭംഗിയായി ഇന്ദ്രനോടു പറഞ്ഞു.

ഗരുഡൻ പറഞ്ഞു: "സ്വന്തം അസ്ഥികൊണ്ട് വജ്രം തീർത്ത മഹർഷിയെ ഞാൻ മാനിക്കുന്നു. ഞാൻ വജ്രത്തേയും മാനിക്കുന്നു. വജ്രായുധനായ ഭവാനേയും മാനിക്കുന്നു. അതുകൊണ്ട് ഈ ഒരു തൂവൽ ഞാൻ വെടിയുന്നു. ചിറകിന് ഒരു അറ്റകുറ്റവും അതുകൊണ്ടു വരുന്നതല്ല. നിന്റെ വജ്രമേറ്റിട്ടും എനിക്കു ലേശവും വേദന പറ്റുന്നില്ല."

സൂതൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ആ ഖഗേന്ദ്രൻ ഒരു തൂവൽ വായുവിൽ വിട്ടു. പെട്ടെന്ന് അവൻ അവന്റെ ആ പർണ്ണം വിട്ടപ്പോൾ ആ പർണ്ണം കണ്ട് സർവ്വഭൂതങ്ങളും അത്ഭുതപ്പെട്ട് സന്തോഷിച്ചു. സുരൂപമായ 'പർണ്ണമുള്ളവൻ' എന്ന അർത്ഥത്തിൽ 'സുപർണ്ണൻ' എന്ന് ഗരുഡന് നാമകരണംചെയ്തു. സഹസ്രാക്ഷനായ പുരന്ദരൻ ഈ മഹാശ്ചര്യംകണ്ട്, പതഗേന്ദ്രൻ സാധാരണക്കാരനല്ലെന്നും, മഹാഭൂതമാണെന്നും, അറിഞ്ഞു പറഞ്ഞു.

ശക്രൻ പറഞ്ഞു: "നിന്റെ ഉത്തമബലത്തിന്റെ തത്ത്വം എനിക്കു പറഞ്ഞുതന്നാലും! ഹേ! ഖഗോത്തമ, എനിക്ക് എന്നും ഭവാന്റെ സഖ്യം വേണമെന്ന് ഞാൻ അപേക്ഷിക്കുന്നു!"

34. സൗപർണ്ണം - ഇന്ദ്രന്റെ അമൃതാപഹരണം - ഗരുഡൻ പറഞ്ഞു: "ഹേ, പുരന്ദര! ഭവാൻ ആശിക്കുന്നപ്രകാരം ഞാൻ ഭവാനുമായി സഖ്യമാകാം. എന്റെ ബലം വലിയതാണ്. അത് അസഹ്യവുമാണ്. സ്വന്തം ബലത്തെ താൻതന്നെ വാഴ്ത്തിപ്പറയുന്നത് സജ്ജനങ്ങൾക്കു ചേർന്നതല്ല. ആത്മപ്രശംസ പാപമാണ്. അതു സജ്ജനങ്ങൾ ചെയ്യാറില്ല. പ്രശംസാർഹമല്ല. ഹേ! കീർത്തിമാനായ ശതക്രതോ, ഭവാൻ സഖാവായിത്തീരുകയാൽ ഞാൻ പറയാം. അങ്ങ് ചോദിച്ചതുകൊണ്ട് സത്യം പറയുന്നത് ആവശ്യമാണല്ലോ. സ്വഗുണങ്ങളെ പുകഴ്ത്തിപ്പറയുന്നതു യോഗ്യമല്ല. പറയാൻ പാടില്ലാത്തതാണ്. മലയും കാടും, അലയും കടലുംചേർന്ന ഭൂമിയേയും ഭാരമേറിയ ഭവാനേയും ഞാൻ എന്റെ ഒറ്റച്ചിറകിൽ ഏറ്റാം. ചരാചരങ്ങളെല്ലാം ചേർന്ന ജഗത്ത് ഒന്നിച്ചുചേർത്തു ഞാൻ ഉല്ലാസത്തോടെ ഏറ്റാം. ഇതാണ് എന്റെ ബലമെന്ന് ഞാൻ അങ്ങയെ വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നു."

സൂതൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന വീരനായ ഗരുഡനോട് ശ്രീമാനും കിരീടിയുമായ ഇന്ദ്രൻ, എല്ലാവർക്കും ഗുണം ആശംസിക്കുന്ന ഈശ്വരൻ പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഭവാൻ പറഞ്ഞതെല്ലാം ഭവാനു ചേർന്നതാണ്. ഭവാൻ അതിന്നു ശക്തനുമാണ്! എന്റെ സഖ്യം ഭവാൻ കൈക്കൊള്ളുക. അങ്ങേയ്ക്ക് അമൃതുവേണ്ടെങ്കിൽ അത് ഇങ്ങുതന്നേക്കുക. അങ്ങ് ഈ അമൃതു കൊണ്ടുപോയി കൊടുത്താൽ, അത് അനുഭവിക്കുന്നവർ ദേവന്മാരെ ദ്രോഹിക്കുന്നവരാകും."

ഗരുഡൻ പറഞ്ഞു: "ഞാൻ ഒരു കാര്യം സാധിക്കുന്നതിനു വേണ്ടിയാണ് ഈ അമൃതം ഹരിച്ചത്. ഈ അമൃതം പാനം ചെയ്യുവാൻ ഞാൻ ആർക്കും കൊടുക്കുന്നതല്ല. ഇതു ഞാൻ എവിടെ കൊണ്ടുപോയി വെക്കുന്നുവോ അവിടെനിന്നു ഭവാൻ സാഹസത്തോടെ കൊണ്ടുപോന്നുകൊള്ളുക!"

ഇന്ദ്രൻ പറഞ്ഞു: "ഭവാൻ പറഞ്ഞ വാക്കിനാൽ ഞാൻ തൃപ്തനായിരിക്കുന്നു. ഞാൻ നന്ദി പറയുന്നു! എന്നിൽനിന്നു ഭവാൻ ആവശ്യമുള്ള വരം വാങ്ങിക്കൊള്ളുക."

സൂതൻ പറഞ്ഞു: "ഇന്ദ്രൻ ഇപ്രകാരം പറഞ്ഞതുകേട്ടു കദ്രുപുത്രന്മാരെ ഓർത്ത്, ചതിയാൽ അവർ അമ്മയ്ക്ക് ദാസ്യമുണ്ടാക്കിത്തീർത്തതിനെ ഓർത്ത് ഗരുഡൻ പറഞ്ഞു."

ഗരുഡൻ പറഞ്ഞു: "ഞാൻ സർവ്വേശനാണെങ്കിലും അങ്ങയോട് ഇരക്കുകയാണ്. ശക്തരായ സർപ്പങ്ങൾ എന്നും എനിക്കു ഭക്ഷണമായി ഭവിക്കണം."

സൂതൻ പറഞ്ഞു: "ഗരുഡൻ ആഗ്രഹിച്ചത് അപ്രകാരം തന്നെ ഭവിക്കട്ടെ," എന്ന് ദാനവാന്തകനായ ഇന്ദ്രനും അനുഗ്രഹിച്ചു. മഹാവിഷ്ണുവും ഗരുഡന് തന്റെ നേരെയുള്ള ആദരവു കണ്ട് അതിന്നു സമ്മതം നല്കി. പിന്നെ, ഗരുഡനെ വിളിച്ചു സുര

digitized by www.sreyas.in

നാഥൻ പറഞ്ഞു: 'ഭവാൻ കൊണ്ടുവെയ്ക്കുന്ന സ്ഥലത്തുനിന്ന് ഞാൻ അമൃതു ഹരിക്കുന്നതാണ്.' പിന്നെ അമ്മയുടെ അരികെ സുപർണ്ണൻ എത്തി. സർപ്പങ്ങളെയൊക്കെ വിളിച്ചു സസന്തോഷം ഇപ്രകാരം ഉണർത്തിച്ചു.

ഗരുഡൻ പറഞ്ഞു: "ഹേ, സർപ്പങ്ങളേ! ഇതാ, ഞാൻ ദർഭ വിരിച്ച് അമൃതു വെയ്ക്കുന്നു. കുളിച്ചു മംഗളംപൂണ്ട് നിങ്ങൾ ഇരുന്ന് അമൃതു കുടിച്ചുകൊള്ളുവിൻ! നിങ്ങൾ പറഞ്ഞ മൊഴി ഇതാ, ഞാൻ സാധിപ്പിച്ചിരിക്കുന്നു. ഇന്നുമുതൽ എന്റെ അമ്മ ദാസിയല്ല. മുമ്പേ നിങ്ങൾ പറഞ്ഞപ്രകാരം എല്ലാം ഞാൻ ചെയ്തിരിക്കുന്നു."

സൂതൻ പറഞ്ഞു: "ഗരുഡൻ പറഞ്ഞപ്രകാരം സർപ്പങ്ങൾ സമ്മതിച്ചു. 'വിനതയുടെ ദാസ്യം നീങ്ങി' എന്നു സസന്തോഷം പറഞ്ഞ് സർപ്പങ്ങൾ കുളിക്കുവാൻ പോയി. ഈ തക്കംനോക്കി ഇന്ദ്രൻ അമൃതെടുത്തു സ്വർഗ്ഗത്തിലേക്ക് ഉയർന്നു. കുളിയും ജപവുമൊക്കെ വേഗം കഴിച്ചു മംഗളഭാവത്തോടെ സർപ്പങ്ങൾ വേഗത്തിൽ അമൃതപാനത്തിന്നു വന്നുചേർന്നു. എന്നാൽ, വിരിച്ച ദർഭപ്പുല്ലിൽ അമൃതകലശം കണ്ടില്ല. ഇതു ചതിക്കു പകരം ചെയ്ത ചതിയാണെന്ന് അവർ ക്ഷണത്തിൽ ധരിച്ചു. പിന്നെ, സുധയിരുന്ന സ്ഥാനത്തെത്തി അവർ ദർഭപ്പുല്ലിൽ നക്കി. സർപ്പങ്ങളുടെ നാവ് ദർഭയുടെ മൂർച്ചയുള്ള ഭാഗംകൊണ്ട് രണ്ടായി കീറി. അന്നുമുതൽ അമൃതസ്പർശംമൂലം ദർഭപ്പുല്ല് ശുദ്ധമായി. ഇപ്രകാരമാണ് അമൃതം കൊണ്ടുവരികയും, കൊണ്ടുപോവുകയും ചെയ്തത്. ഗരുഡൻ സർപ്പങ്ങളെ 'ദ്വിജിഹ്വ'രാക്കിയതും ഇപ്രകാരമാണ്.

പിന്നെ, സുപർണ്ണൻ ദാസ്യം നീങ്ങിയ അമ്മയോടുകൂടി പ്രഹൃഷ്ടനായി കാട്ടിൽ സസുഖം പാർത്തു. വിശക്കുമ്പോഴൊക്കെ യഥേഷ്ടം സർപ്പേന്ദ്രന്മാരെ പിടിച്ചുതിന്ന് വിനതയ്ക്കു കീർത്തിയും, സന്തോഷവും വർദ്ധിപ്പിച്ചു.

ഈ കഥ സസന്തോഷം കേൾക്കുന്നതായാലും, ദ്വിജന്മാരുടെ മുമ്പിൽ പറയുന്നതായാലും, അവൻ മഹാസുകൃതിയായിത്തീരുകയും, സുരാലയം പ്രാപിക്കുകയും ചെയ്യും എന്നതിന്നു യാതൊരു സംശയവുമില്ല. അത്രമാത്രം പുണ്യമായ കഥയാണ് മഹാപതഗപതിയുടെ ഈ പ്രകീർത്തനം."

35. സർപ്പനാമകഥനം – ശൗനകൻ പറഞ്ഞു: "ഹേ, സൂത! അമ്മയും വിനതാപുത്രനും മഹാസർപ്പങ്ങളെ ശപിക്കുവാൻ കാരണമെന്താണ്? കദ്രുവിനതമാർക്ക് ഭർത്താവു വരംകൊടുത്ത കഥയും, വൈനതേയന്മാരായ പക്ഷീന്ദ്രന്മാരുടെ പേരുകളും, സർപ്പങ്ങളിൽ പ്രധാനികളുടെയൊക്കെ പേരുകളും പറഞ്ഞുകേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

സൂതൻ പറഞ്ഞു: "ഉരഗങ്ങളുടെ നാമം അനവധിയാണ്. അതുകൊണ്ട് എല്ലാം ഞാൻ പറയുന്നില്ല. പ്രധാനപ്പെട്ട പേരുകൾ പറയാം. ആദ്യം ശേഷൻ ഉണ്ടായി. പിന്നെ വാസുകി, ഐരാവതൻ, തക്ഷകൻ, കാർക്കോടകൻ, ധനഞ്ജയൻ, കാളിയൻ, മണിനാഗൻ, പൂരണനാഗം, പിഞ്ജരകൻ, ഏലാപുത്രൻ, സവാമനൻ, നീലൻ, അനിലൻ, കല്മാഷശബളന്മാർ, ആര്യകോഗ്രകർ, കലശപോതകൻ, സുമനസ്സ്, ദധിമുഖൻ, വിമലപിണ്ഡകർ, ആപ്തൻ, കാർക്കോടകൻ, ശംഖൻ, വാലിശിഖൻ, നിഷ്ഠാണകൻ, ഹേമഗുകൻ, നഹുഷൻ, പിംഗളൻ, ബാഹ്യകർണ്ണൻ, ഹസ്തിപദൻ, മുൽഗരപിണ്ഡകൻ, കംബളാശ്വതരന്മാർ, കാളിയൻ, വൃത്തസംവൃത്തകന്മാർ, പത്മന്മാർ, ശംഖമഖൻ, കൂശ്മാണ്ഡകൻ, ക്ഷേമകൻ, പിണ്ഡാരകഫണീന്ദ്രൻ, കരവീരൻ, പുഷ്പദംഷ്ട്രൻ, വില്വകൻ, ബില്വൻ, പാണ്ഡുരൻ, മൂഷകാദൻ, ശംഖശിരം, പൂർണ്ണഭദ്രകൻ, ഹരിദ്രകൻ, അപരാജിതൻ, ജ്യോതികൻ, പന്നഗൻ, ശ്രീവഹൻ, കൗരവ്യൻ, ധൃതരാഷ്ട്രൻ, ശംഖപിണ്ഡൻ, സുബാഹു,വിരജസ്സ്, വീര്യവാൻ, ശാലിപിണ്ഡൻ, ഹസ്തിപിണ്ഡൻ, പിഠരകൻ, സുമുഖൻ, കൗണപാശനൻ, കുഠരൻ, കുഞ്ജരകൻ, പ്രഭാകരൻ, കുമുദാക്ഷൻ, തിത്തിരി, ഹലികൻ, കർദ്ദമൻ, മഹാനാഗം, ബഹുമൂലകൻ, കർക്കരാകർക്കരന്മാർ, കുണ്ഡോദരൻ, മഹോദരൻ ഇവരൊക്കെയാണ് ഹേ! ദ്വിജോത്തമ, പ്രധാനപ്പെട്ട നാഗങ്ങൾ. ഇനിയുള്ളവ നാമങ്ങളുടെ ബഹുത്വം മൂലം പറയുന്നില്ല. ഇവരുടെ മക്കളും മക്കളുടെ മക്കളും അസംഖ്യമാണല്ലോ. ഹേ, ഭൂസുര! അതുകൊണ്ട് എല്ലാം പറയുന്നില്ല. ആയിരവും പതിനായിരവും ലക്ഷവും സഹസ്രലക്ഷവുമായ നാഗങ്ങളെ കണക്കാക്കുവാൻ പ്രയാസമുണ്ട്."

36. ശേഷവൃത്തകഥനം – ശൗനകൻ പറഞ്ഞു: "ദുരാധുർഷവീര്യമുള്ള നാഗങ്ങളെപ്പറ്റി ഭവാൻ പറഞ്ഞല്ലോ. ഇവർ ശാപം കേട്ടറിഞ്ഞ് അതിന്ന് എന്തു പ്രതിവിധി ചെയ്തു?"

സൂതൻ പറഞ്ഞു: "ഇവരിൽ ഭഗവാനായ ശേഷൻ, കദ്രുവിനെ വിട്ടുപോന്ന് ഉഗ്രമായ തപസ്സുചെയ്തു. ഗന്ധമാദനഭാഗത്തും, ബദര്യാശ്രമത്തിലും, ഗോകർണ്ണപുഷ്കരാരണ്യഹിമാദ്രികളിലും, ഓരോ പുണ്യക്ഷേത്രസ്ഥലത്തും ഏകാന്തത്തിൽ നിയമവ്രതത്തോടെ ജിതേന്ദ്രിയനായി വായുമാത്രം ഭക്ഷിച്ച് തപസ്സു ചെയ്തു. അവന്റെ തപസ്സിന്റെ കാഠിന്യം കണ്ട് ബ്രഹ്മാവ് പ്രത്യക്ഷനായി. ശുഷ്കിച്ച മാംസവും, തൊലിയും, ഞരമ്പും ആയി ജടയും, മരവുരിയും ധരിച്ച് മുനിവേഷത്തിൽ കഠിനമായ തപസ്സുചെയ്യുന്ന അനന്തനോട് ബ്രഹ്മാവു പറഞ്ഞു: "ഹേ! ശേഷ, എന്താണ് നീ ചെയ്യുന്നത്? നീ പ്രജകൾക്ക് ക്ഷേമം വളർത്തുക! നിന്റെ തപസ്സുകൊണ്ട് പ്രജകൾ തപിക്കുന്നു. നിന്റെ ഉള്ളിലെ ഇച്ഛയെന്താണെന്ന് എന്നോടു പറയുക!"

ശേഷൻ പറഞ്ഞു: "എന്റെ സഹോദരന്മാരെല്ലാം മന്ദബുദ്ധികളാണ്. അവരോടുകൂടി ജീവിക്കുക പ്രയാസമാണ്. അവർ തമ്മിൽ ഒന്നായി ശത്രുക്കളെപ്പോലെ അസൂയപ്പെടുന്നു. അതു കാണാതിരിക്കുവാനാണ് ഞാൻ തപസ്സുചെയ്യുന്നത്. മക്കളോടുകൂടിയ വിനതയിൽ ഇവർ മുഷ്കു കാട്ടുന്നു. വിനതാസുതൻ ഞങ്ങൾക്ക് അപരനായ ഭ്രാതാവാണ്. അവനേയും അവർ വെറുക്കുന്നു. അവനാണെങ്കിൽ മഹാശക്തനുമാണ്. അച്ഛനായ കശ്യപന്റെ വരദാനംകൊണ്ട് അവൻ യോഗ്യനായിത്തീർന്നതാണ്. ഈ പരിതഃസ്ഥിതിയിൽ എനിക്കു ജീവിക്കുവാൻ ആശയില്ലാതായിരിക്കുന്നു. ഞാൻ തപസ്സുചെയ്ത് ദേഹത്യാഗം ചെയ്യുവാൻ വിചാരിക്കുന്നു. ഇവരുമായി ജന്മാന്തരത്തിൽപ്പോലും ചേരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല" ഇപ്രകാരം പറയുന്ന ശേഷനോട് പിതാമഹൻ പറഞ്ഞു.

പിതാമഹൻ പറഞ്ഞു: "ഹേ ശേഷ, നിന്റെ ഭ്രാതാക്കന്മാരുടെ നില എല്ലാം എനിക്കറിയാം. മാതാവിന്റെ തെറ്റുകൊണ്ടാണ് ഭ്രാതാക്കൾക്ക് ആപത്തു സംഭവിച്ചത്. അതിന്ന് പ്രതിവിധി മുമ്പേ കണ്ടിരിക്കുന്നു. നിന്റെ ഭ്രാതാക്കളെപ്പറ്റി ചിന്തിച്ച് നീ അധികം വ്യസനിക്കേണ്ടതില്ല. നിനക്ക് ആവശ്യമുള്ള വരം വരിച്ചാലും! നിന്റെ നേരെ എനിക്ക് അതിരറ്റ പ്രീതിയുണ്ട്. അതിന്റെ പേരിൽ ഞാൻ നിനക്കു വരം നല്കാം. നിന്റെ ബുദ്ധി ധർമ്മത്തിൽത്തന്നെ ഭാഗ്യംകൊണ്ട് എത്തിച്ചേർന്നു. നിന്റെ ബുദ്ധി നിത്യവും ധർമ്മത്തിൽത്തന്നെ ഉറച്ചുനിൽക്കട്ടെ!"

ശേഷൻ പറഞ്ഞു: "ഹേ പിതാമഹ, എന്റെ മനസ്സ് ധർമ്മത്തിലും, ശമത്തിലും, തപസ്സിലും രമിക്കുമാറാകണം. അതാണ് എനിക്ക് ഇഷ്ടം."

ബ്രഹ്മാവു പറഞ്ഞു: "ശമദമങ്ങൾമൂലം ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നീ എന്റെ ചൊല്പടിക്ക് ലോകത്തിന്നു ഹിതം ചെയ്യുക. ഗ്രാമം, വിഹാരം, പുരം, ആഴി, മേട്, കാട് ഇപ്രകാരം നാനാഭാഗമൊത്ത ഭൂമണ്ഡലം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ ചലനം നീ വഹിക്കുക. ഇളകാതെ നിർത്തുക. ഭൂകമ്പത്തെ നീ തടയുക!"

ശേഷൻ പറഞ്ഞു: "വരദനും, പ്രജേശ്വരനുമായ ജഗൽപതി എന്തു പറയുന്നുവോ, അതു നിർവ്വഹിക്കുവാൻ ഞാൻ ഒരുക്കമാണ്. ഭൂമിയെ ഞാൻ ഇളക്കംകൂടാതെ താങ്ങിക്കൊള്ളാം. ഹേ, പ്രജാപതേ! ഭവാൻ എന്റെ ശിരസ്സിൽ ഭൂമി വെച്ചാലും!"

ബ്രഹ്മാവു പറഞ്ഞു: "ഹേ, ഭുജംഗ! നീ ഭൂമിക്കടിയിലേക്കു പോകുക! നിനക്ക് മാർഗ്ഗം ഭൂമി നല്കും. നീ ധരിത്രിയെ വേണ്ട

digitized by www.sreyas.in

വിധം താങ്ങുന്നതായാൽ എനിക്ക് നീ വലുതായ ഇഷ്ടം ചെയ്തതായി ഞാൻ കരുതും.”

സൂതൻ പറഞ്ഞു: “ബ്രഹ്മാവ് പറഞ്ഞപ്രകാരം പഴുതുണ്ടാക്കി ഭൂമിയുടെ അടിയിൽ സർപ്പങ്ങളുടെ അഗ്രജനായ ശേഷൻ പോയി. സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂമണ്ഡലം മുഴുവനും അനന്തൻ ഇന്നും താങ്ങി നില്ക്കുന്നു.”

ബ്രഹ്മാവു പറഞ്ഞു: “ഹേ, ശേഷ! ഭവാൻ നാഗോത്തമനായ ധർമ്മദേവനായിത്തീർന്നു. ഫണങ്ങളാൽ ഭൂമണ്ഡലം ഒറ്റയ്ക്ക് താങ്ങുകമൂലം ഭവാൻ എന്നോടു തുല്യനും, ഇന്ദ്രനോടു തുല്യനുമായിത്തീർന്നിരിക്കുന്നു.”

സൂതൻ പറഞ്ഞു: “വീര്യവാനായ അനന്തൻ ഭൂമിയുടെ അടിയിൽ ബ്രഹ്മകല്പനപ്രകാരം ഭൂമി താങ്ങിനില്ക്കുകയാണ്. അന്നുതൊട്ട് അനന്തന് സഹായത്തിന്നായി പിതാമഹൻ സുപർണ്ണനേയും നിശ്ചയിച്ചു.”

37. വാസുകി മുതലായവരുടെ മന്ത്രണം – സൂതൻ പറഞ്ഞു: “അമ്മ കല്പിച്ച ശാപം ഒഴിയുവാൻ എന്താണു വേണ്ടതെന്ന് വാസുകി ആലോചിച്ചു. ധർമ്മിഷ്ഠരായ ഐരാവതം തുടങ്ങിയ ഭ്രാതാക്കളുമായി മന്ത്രാലോചന നടത്തി.”

വാസുകി പറഞ്ഞു: “ഈ ശാപത്തിന്റെ ഉദ്ദേശം നിങ്ങളൊക്കെ അറിയുന്നുണ്ടല്ലോ. ഈ ശാപം ഒഴിഞ്ഞുപോകുവാൻ നാം ഉദ്യമിക്കുകതന്നെ വേണം. ഏതു ശാപത്തിനുമുണ്ടാകും ഒരു പ്രതിവിധി. മാതൃശാപത്തിന്നുമാത്രം ഒരു പ്രതിവിധിയുമില്ലെന്നാണു കേൾവി. ബ്രഹ്മസന്നിധിയിൽവെച്ചാണു നമ്മെ ശപിച്ചതെന്നു കേട്ട് ഞാൻ വിറച്ചുപോകുന്നു. തന്മൂലം നമ്മൾക്ക് സർവ്വനാശവും വന്നുകൂടി. ശപിക്കുന്ന അമ്മയെ ബ്രഹ്മാവ് തടഞ്ഞില്ലല്ലോ! ഇനി കാലം വൈകരുത്. സർവ്വ അഹികൾക്കും ആപത്തു വന്നുഭവിക്കാതിരിക്കണമെങ്കിൽ കാലേതന്നെ ശ്രമിക്കണം. എല്ലാ നാഗങ്ങളും ചിന്തിക്കുകയാണെങ്കിൽ ഒരു മാർഗ്ഗം ആരെങ്കിലും കണ്ടെത്തും. പണ്ട് അഗ്നി ഒളിച്ചപ്പോൾ ദേവന്മാർ തിരഞ്ഞു കണ്ടുപിടിച്ചമാതിരി നമ്മൾക്ക് ഒരു പ്രതിവിധി കണ്ടെത്തുവാൻ കഴിയും. ജനമേജയൻ സർപ്പജനനാശത്തിന്നു സത്രം ചെയ്യരുത്; നമുക്ക് അതിൽ പരാജയവും ജീവഹാനിയും ഭവിക്കരുത്.”

സൂതൻ പറഞ്ഞു: “ഇങ്ങനെ കദ്രുവിന്റെ മക്കൾ ഒത്തുചേർന്ന്, മന്ത്രക്രമം എല്ലാം മനസ്സിലാക്കി നിശ്ചയം ചെയ്തു. ഒരു തരം സർപ്പങ്ങൾ പറഞ്ഞു: ‘നാം വിപ്രരുടെ രൂപത്തിൽചെന്ന് ജനമേജയനോട് യജ്ഞം ചെയ്യാതിരിക്കുവാൻ ഉപദേശിക്കണം.’ ചില നാഗങ്ങൾ പാണ്ഡിത്യം നടിച്ചു പറഞ്ഞു: ‘നമ്മളൊക്കെ ആ രാജാവിന്റെ മന്ത്രികളാവണം. എന്നാൽ രാജാവ് നമ്മോട് എങ്ങനെയൊക്കെയാണു വേണ്ടതെന്നു ചോദിക്കും. അതിൽ വെച്ച് സർപ്പനാശം ഒഴിവാക്കുവാൻ വേണ്ടവിധം ഉപദേശം നല്കാം. ബുദ്ധിമാനായ ആ രാജാവ് നമ്മളിൽ ബഹുമാനത്തോടെ ചോദിക്കുമ്പോൾ, ഐഹികവും, പാരത്രികവുമായ ദോഷങ്ങൾ യുക്തിന്യായപൂർവ്വം ചൂണ്ടിക്കാണിച്ച് സർപ്പസത്രം വേണ്ടെന്നുവെപ്പിക്കാം. അല്ലെങ്കിൽ രാജാവിന്റെ ഹിതം ഉപദേശിക്കുന്ന ദ്വിജനെ ഒരു സർപ്പം ചെന്നു കടിച്ചു കൊല്ലുക. ആ യജ്ഞകാരൻ മരിച്ചാൽ അതോടെ ആ യജ്ഞവും അവസാനിക്കും. അവന്ന് സർപ്പസത്രജ്ഞരും ഋത്വിക്കുകളും ആരൊക്കെയോ, അവരേയും നാം കടിച്ചുകൊല്ലുക. പിന്നെ യജ്ഞം നടക്കുന്നത് നമുക്കു കാണാമല്ലോ.’

വേറെ ധർമ്മിഷ്ഠരായ ചില നാഗങ്ങൾ പറഞ്ഞു: ‘ഈ പറഞ്ഞത് പിഴച്ച വഴിയാണ്. ബ്രഹ്മഹത്യ എന്ന പാപമാണത്. അതൊരിക്കലും ശോഭനമായി വരികയില്ല. ആപത്തിൽ ധർമ്മചിന്തയാണുവേണ്ടത്. അധർമ്മം കൂടിയാൽ അത് ലോകം മുടിക്കുകതന്നെ ചെയ്യും.’ മറ്റു നാഗങ്ങളിൽ ചിലർ പറഞ്ഞു, ‘ഇടിയും മിന്നലും മഴയുമായി നാം അഗ്നിയെ കെടുത്തുക. സ്രുക്സ്രുവാദികളൊക്കെ സർപ്പങ്ങൾ രഹസ്യമായി ചെന്ന് അപഹരിക്കുക. അപ്പോൾ വിഘ്നമായല്ലോ. അല്ലെങ്കിൽ ആയിരവും പതിനായിരവുമായി യജ്ഞശാലയിൽ പ്രവേശിച്ച് ജനങ്ങളെയൊക്കെ കടിച്ചു കൊല്ലുക. എന്നാൽ പിന്നെ ഭയപ്പെടേണ്ടല്ലോ. അല്ലെങ്കിൽ ശുദ്ധമായ ഭോജ്യങ്ങളിലൊക്കെ വിഷം കലർത്തുക. നല്ല ഭോജ്യങ്ങളിൽ സർപ്പമൂത്രമലാദികൾകൊണ്ട് അശുദ്ധപ്പെടുത്താം.’ വേറെ ചില നാഗങ്ങൾ പറഞ്ഞു: ‘നാം യാഗശാലയിൽചെന്ന് ഋത്വിക്കുകളുടെ രൂപത്തിൽ “ദക്ഷിണ തരൂ!” എന്നു തിരക്കുകൂട്ടി സത്രത്തിന്നു വിഘ്നം വരുത്തിക്കൂട്ടാം. അപ്പോൾ അവൻ പാട്ടിലാകും. വിചാരിച്ചപോലെ കാര്യം നടത്താം.’

വേറെ ചിലർ പറഞ്ഞു: ‘ജലക്രീഡയിൽ രാജാവിനെ ഗൃഹത്തിൽ കൊണ്ടുപോയി ബന്ധിക്കാം. എന്നാൽ യജ്ഞം മുടങ്ങും.’

പണ്ഡിതന്മാരായ ചില നാഗങ്ങൾ ധാടികാട്ടി പറഞ്ഞു: ‘അവനെ ചെന്നു ദംശിക്കണം. അതോടെ അവിടെവെച്ചു കാര്യങ്ങൾ അവസാനിക്കും. അയാൾ മരിച്ചാൽ അനർത്ഥത്തിന്റെ മൂലമൊക്കെ തീർന്നല്ലോ. ഞങ്ങൾക്ക് അറ്റകൈയായി ഇതേ ചെയ്യാനൊക്കൂ! സർപ്പരാജാവായ ഭവാൻ ചിന്തിക്കുന്നതെന്തോ അതു വിധിച്ചാലും!’

ഇപ്രകാരം ഓരോ അഭിപ്രായം പ്രകടിപ്പിച്ച് അവർ വാസുകിയെ നോക്കി നിന്നു. വാസുകി ചിന്തിച്ചു നാഗങ്ങളോടു പറഞ്ഞു: ‘നിങ്ങൾ അറ്റകൈ കണ്ടകാര്യങ്ങളൊന്നും ചെയ്യുവാൻ പറ്റുന്നതല്ല. നിങ്ങൾ പറഞ്ഞതൊന്നും എനിക്കു പിടിച്ചിട്ടില്ല. എന്താണു ചെയ്യേണ്ടത്? എങ്ങനെയാണു നന്മ വരേണ്ടത്? ശ്രേയസ്സിന്ന് കശ്യപനെ ആശ്രയിക്കുകയാണു നല്ലതെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. ഹേ ഭുജംഗമങ്ങളേ, ജ്ഞാതിസ്നേഹംമൂലം എന്റെ ഹൃദയം ഉരുകുന്നു. ഭവാന്മാരുടെ ഹിതംനോക്കി ചെയ്യേണ്ടത് എന്റെ മുറയാണ്. ശ്രേയസ്സിന്നായി കശ്യപനെ ആശ്രയിക്കുന്നതാണ് ഉത്തമം. നിങ്ങൾ പറഞ്ഞപ്രകാരം പ്രവർത്തിച്ചുകൂടാ. ഭവാന്മാരുടെ ഹിതം അറിഞ്ഞു ചെയ്യേണ്ടത് എന്റെ മുറയാണ്. ഗുണദോഷങ്ങൾ എന്നിലാണു സ്ഥിതിചെയ്യുന്നത്.”

38. ഏലാപുത്രവാക്യം – സൂതൻ പറഞ്ഞു: “ഇങ്ങനെ നാഗങ്ങൾ പലരും പറഞ്ഞ അഭിപ്രായങ്ങളും വാസുകിയുടെ മറുപടിയും കേട്ടുകൊണ്ടിരുന്ന ‘ഏലാപുത്രൻ’ ഇപ്രകാരം പറഞ്ഞു.”

ഏലാപുത്രൻ പറഞ്ഞു: “ഹേ സുഹൃത്തുക്കളേ, ജനമേജയൻ അത്ര മോശക്കാരനല്ല. അദ്ദേഹം നിശ്ചയിക്കുന്ന യജ്ഞം നടത്തുകതന്നെ ചെയ്യും. അദ്ദേഹത്തെ നാം ഭയപ്പെടേണ്ടവരാണ്. ആർക്കു ദൈവദോഷമുണ്ടോ അവർ ദൈവത്തെത്തന്നെ ആശ്രയിക്കണം. എന്നാൽ മാത്രമേ ഗതി കിട്ടുകയുള്ളു. നമുക്ക് ഇതു ഘോരമായ ആപത്തു വരുത്തിക്കൂട്ടും. നാം ദൈവത്തെ ആശ്രയിക്കുക. നിങ്ങൾ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുവിൻ! ഉഗ്രമായ ശാപംകേട്ട് ഞാൻ ഭയപ്പെട്ട് അമ്മയുടെ മടിയിൽ ചുരുണ്ടുകിടക്കുമ്പോൾ, ദേവകൾ പറഞ്ഞു, ‘സ്ത്രീകൾ തീക്ഷ്ണകൾതന്നെ!’ പിന്നെ അവർ ബ്രഹ്മാവിന്റെ സമീപത്തുചെന്ന് ഇങ്ങനെ ദുഃഖത്തോടെ പറയുന്ന വാക്ക് ഞാൻ കേട്ടു.”

ദേവകൾ പറഞ്ഞു: “ഇഷ്ടപുത്രരെ കിട്ടിയിട്ട് അവരെ ശപിച്ചതു കഷ്ടമായിപ്പോയി. ക്രൂരയായ കദ്രുവൊഴികെ മറ്റാരെങ്കിലും ഭവാന്റെ മുമ്പിൽവെച്ച് ഇപ്രകാരം ശപിക്കുമോ? അതിന് ഭവാനും സമ്മതിച്ചില്ലേ. പിതാമഹ! അങ്ങ് തടയാഞ്ഞതിനുള്ള കാരണം എന്താണ്?”

ബ്രഹ്മാവ് മറുപടി പറഞ്ഞു: “വിഷവും ക്രൗര്യവുംകൊണ്ട് ദുഷ്ടുള്ള പാമ്പുകൾ അസംഖ്യമുണ്ട്. പ്രജാക്ഷേമത്തിനുവേണ്ടി ഞാൻ ആ ശാപത്തെ തടഞ്ഞില്ല. ക്ഷുദ്രരും ക്രൂരരുമായ സർപ്പങ്ങളൊക്കെ നശിക്കും. ധർമ്മിഷ്ഠരായ നാഗങ്ങളൊന്നും നശിക്കുന്നതല്ല. ആ മഹാഭയത്തിൽനിന്ന് ആ മഹാനാഗോത്തമന്മാർക്കു മോക്ഷം കിട്ടുന്നതിന്നുള്ള മാർഗ്ഗവും നിങ്ങൾ കേട്ടുകൊള്ളുക. യായാവരന്റെ വംശത്തിൽ ജരൽക്കാരു എന്ന മുനിവര്യൻ ജനിക്കും. അവൻ യോഗിയും ജിതേന്ദ്രിയനുമായിത്തീരും. ആ ജരൽക്കാരുവിന്റെ പുത്രനായി ആസ്തികൻ ജനിക്കും. അവൻ തപോധനനായിത്തീരും. അവൻ ജനമേജയന്റെ സർപ്പസത്രം

digitized by www.sreyas.in

നിർത്തും. ആ സത്രത്തിൽ പാപികളൊക്കെ ഒടുങ്ങുകയും, ധർമ്മിഷ്ഠന്മാർ അതിജീവിക്കുകയും ചെയ്യും."

ദേവകൾ പറഞ്ഞു: "ബ്രഹ്മാവേ, ജരൽക്കാരു ഏതു സ്ത്രീയിലാണ് കുമാരനെ ജനിപ്പിക്കുക?"

ബ്രഹ്മാവു പറഞ്ഞു: "വീര്യവാനായ ജരൽക്കാരുവിന്നു ജരൽക്കാരു എന്ന ഭാര്യയിൽ വീര്യവാനായ പുത്രൻ ജനിക്കും. ഒരേ പേരായിരിക്കും ഭാര്യയ്ക്കും ഭർത്താവിന്നും. മുനീന്ദ്രന്മാരേ, നാഗരാജാവായ വാസുകിക്ക് ജരൽക്കാരു എന്ന സഹോദരിയുണ്ടല്ലോ. അവൾക്കുണ്ടാകുന്ന പുത്രൻ നാഗേന്ദ്രന്മാരെ മോചിപ്പിക്കും."

ഏലാപുത്രൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞപ്പോൾ 'അപ്രകാരമാകട്ടെ' എന്നു പറഞ്ഞ് ദേവകൾ പോയി. ബ്രഹ്മാവും മറഞ്ഞു. ഹേ! വാസുകീ, നിന്റെ സ്വസാവിൽ ആസ്തീകൻ ജനിക്കും, അതുകൊണ്ടു നീ ജരൽക്കാരുമുനിക്ക് ജരൽക്കാരുപ്പെങ്ങളെ നല്കണം. നാഗഭീതി ശമിക്കുവാൻ മഹർഷിക്കു ഭിക്ഷയായി അവളെ നല്കണം. എന്നാൽ ശാപമോക്ഷമായി! ഭയപ്പെടേണ്ടതില്ല."

39. ജരൽക്കാരുവിന്റെ അന്വേഷണം – സൂതൻ പറഞ്ഞു: "ഇപ്രകാരം ഏലാപുത്രന്റെ വാക്യം കേട്ട് ഒന്നിച്ച് എല്ലാ ഫണികളും 'നന്ന്! നന്ന്! കൊള്ളാം!' എന്ന് അഭിപ്രായപ്പെട്ടു. സ്വൈരമായി സഹോദരിയായ ജരൽക്കാരുകന്യകയെ പ്രീതിയോടെ വാസുകി പാലിച്ചുവന്നു. പിന്നെ വളരെക്കാലം കഴിയുന്നതിന്നുമുമ്പു സുരാസുരന്മാർ ഒന്നിച്ചു സമുദ്രം കടഞ്ഞു. കടയുന്നതിന്നു കയറായി വാസുകി സേവനം ചെയ്തു. ആ പണിയൊക്കെ കഴിഞ്ഞപ്പോൾ വാസുകി ദേവന്മാരോടുകൂടി പിതാമഹനെ പോയിക്കണ്ടു. ദേവന്മാർ പിതാമഹനോടു പറഞ്ഞു."

ദേവകൾ പറഞ്ഞു: "ഭഗവാനേ, ശാപഭീതിമൂലം വാസുകിക്കു വലിയ മനഃശല്യമുണ്ട്. ജനനിയുടെ ശാപത്തിൽനിന്നു മോചനം സ്വജനങ്ങൾക്കു കിട്ടണമെന്ന് ആഗ്രഹിക്കുന്നവനാണിവൻ. ഇവൻ സ്വയം ഞങ്ങൾക്ക് ഇഷ്ടംചെയ്യുന്ന ഉരഗേശ്വരനാണ്. ദേവേശ! ഇവനെ പ്രസാദിപ്പിച്ചാലും! സങ്കടം പ്രശമിപ്പിച്ചാലും!"

ബ്രഹ്മാവു പറഞ്ഞു: "ഹേ, ദേവകളേ, ഞാൻ പണ്ടു കല്പിച്ച വൃത്താന്തം ഏലാപുത്രൻ ഇവനോടു പറഞ്ഞിട്ടുണ്ട്. അപ്രകാരം ചെയ്യട്ടെ. ദുഷ്ടനാഗങ്ങൾ നശിക്കും. നല്ലവർ അവശേഷിക്കും. ജരൽക്കാരു എന്ന ഉഗ്രതപോവ്രതൻ പിറന്നിരിക്കുന്നു. അവന്നു വാസുകി സഹോദരിയായ ജരൽക്കാരുവിനെ ഭിക്ഷയായി നല്കട്ടെ! നാഗങ്ങൾക്ക് മറ്റൊന്നുകൊണ്ടും ശാന്തി ലഭിക്കയില്ല!"

സൂതൻ പറഞ്ഞു: "ബ്രഹ്മാവിന്റെ വാക്കുകേട്ട് നാഗേന്ദ്രനായ വാസുകി ശാപദുഃഖിതരായ സർവ്വനാഗങ്ങളോടും ജരൽക്കാരുമുനിയുടെ ഹൃദയമറിഞ്ഞ് വിവരമറിയിക്കുവാൻ പറഞ്ഞു. 'ജരൽക്കാരുമുനി എന്ന് വേൾക്കുവാൻ ആശിക്കുന്നുവോ, അന്നു നിങ്ങൾ എന്നെ വിവരമറിയിക്കണം. എന്നാലേ നമുക്കു ഗുണം വരികയുള്ളു' എന്ന് സർപ്പങ്ങളെ ശട്ടംകെട്ടി."

40. പരീക്ഷിദുപാഖ്യാനം – ശൗനകൻ പറഞ്ഞു: "ജരൽക്കാരു എന്നാണല്ലോ ആ മുനിയുടെ പേർ. അതിനെപ്പറ്റി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്താണ് അവന്നു 'ജരൽക്കാരു' എന്നു പേരുണ്ടാകുവാൻ കാരണം? ജരൽക്കാരു എന്ന പദത്തിന്റെ അർത്ഥമെന്താണെന്നും ഹേ സൂത! നീ പറയുക."

സൂതൻ പറഞ്ഞു: "ജര എന്നാൽ ക്ഷയം എന്നാണർത്ഥം. കാരു എന്ന പദത്തിന്നു ദാരുണം എന്നാണർത്ഥം. ശരീരം കാരുവായിത്തീരുകയും (പൊട്ടിപ്പെളിയുകയും), തപസ്സുകൊണ്ട് ജരിപ്പിക്കുകയും (ക്ഷയിപ്പിക്കുകയും) ചെയ്തതുകൊണ്ട് ജരൽക്കാരു*വായിത്തീർന്നു. അപ്രകാരംതന്നെ വാസുകിയുടെ സഹോദരിയും 'ജരൽക്കാരു' എന്നു പേരുള്ളവളായി. ഇതു കേട്ടപ്പോൾ ശൗനകമുനി ഒന്നു ചിരിച്ചു. ഉഗ്രശ്രവസ്സിനെ നോക്കി 'കാര്യം പറ്റും!' എന്ന് ഉടനെ പറഞ്ഞു."

ശൗനകൻ പറഞ്ഞു: "ആദ്യം പറഞ്ഞതൊക്കെ ആദ്യം ശ്രദ്ധിച്ചു കേട്ടു. ആസ്തീകനുണ്ടായ കഥയൊന്നു വിസ്തരിച്ചു കേൾക്കണം."

എന്നു ശൗനകൻ പറഞ്ഞപ്പോൾ സൂതൻ ശാസ്ത്രപ്രകാരം കഥ തുടർന്നു.

സൂതൻ പറഞ്ഞു: "വാസുകി ഉരഗങ്ങളോടൊക്കെ കാര്യം പറഞ്ഞതിന്നുശേഷം സഹോദരിയെ ജരൽക്കാരുവിന്നുവേണ്ടി കാത്തുപോന്നു. പിന്നെ കുറേനാൾ കഴിഞ്ഞപ്പോൾ ധന്യനായ മുനി തപസ്സിൽത്തന്നെ ഏർപ്പെട്ടു. ഭാര്യാധർമ്മങ്ങളെപ്പറ്റി ചിന്തിച്ചില്ല. മഹാതപസ്വിയായി, നിർഭയനായി, ആത്മനിഷ്ഠനായി ആ മഹാൻ ഊർദ്ധ്വരേതസ്സായി ചുറ്റിനടന്നു. ഭാര്യയെപ്പറ്റി ഓർത്തില്ല. അങ്ങനെ കാലം കഴിയവെ കുരുവംശത്തിൽ പരീക്ഷിത്ത് എന്നു പേരായി ഒരു രാജാവുണ്ടായി. പ്രപിതാമഹനായ പാണ്ഡുവിനെപ്പോലെ തന്നെ അവനും മൃഗയാശീലനായിത്തീർന്നു. മാൻ, പന്നി, പുലി, പോത്ത് മുതലായ വന്യമൃഗങ്ങളെ എയ്തു വില്ലാളിയായ രാജാവ് കാട്ടിൽ ചുറ്റിനടന്നു.

ഒരിക്കൽ രാജാവ് ഒരു മാനിനെ എയ്തു. മാൻ ഓടിയപ്പോൾ അതിനെ അദ്ദേഹം ഗഹനമായ കാനനത്തിൽ പിന്തുടർന്നു. പണ്ട് യജ്ഞമൃഗത്തെ പിന്തുടർന്ന രുദ്രനെപ്പോലെ, കൈയിൽ വില്ലുമായി അവൻ പാഞ്ഞു, അങ്ങുമിങ്ങും തിരഞ്ഞു. അവൻ എയ്ത മൃഗമൊന്നും കാട്ടിൽ ജീവനോടെ നടക്കാറില്ല. മൃഗം ഇപ്രകാരം ഓടിപ്പോയതു സ്വർഗ്ഗഗതിയുടെ പൂർവ്വരൂപംകൊണ്ടുതന്നെ! പരീക്ഷിത്ത് എയ്ത മാൻ പോയി. ആ ഹരിണം രാജാവിനെ ദൂരേക്ക് ഓടിക്കുകയും ചെയ്തു. ഒടുവിൽ ഒരു മുനിയുടെ സമീപത്തിൽ രാജാവു ക്ഷീണിച്ചു ദാഹിച്ച് അവശനായി എത്തി. വില്ലുമേന്തി നില്ക്കുന്ന രാജാവ് ആ മുനിയോടു ചോദിച്ചു: 'ഹേ, ബ്രഹ്മൻ! ഞാൻ അഭിമന്യുപുത്രനായ പരീക്ഷിത്തുരാജാവാണ്. ഞാൻ എയ്ത മാനിനെ കണ്ടില്ല. അതിനെ ഭവാൻ കണ്ടുവോ?' ആ മുനി അവനോട് ഒന്നും മിണ്ടിയില്ല. മുനി മൗനവ്രതത്തിലായിരുന്നു. ആ മഹർഷിയാകട്ടെ, പശുക്കൾ പോകുന്ന വഴിയിലിരുന്ന് പശുക്കിടാങ്ങളുടെ വായിൽനിന്ന് ഒഴുകുന്ന പാൽനുര മാത്രം നക്കിക്കുടിച്ചു ജീവിക്കുന്ന ഒരു മഹാവ്രതനിഷ്ഠനായിരുന്നു.

മുനി ഒന്നും മിണ്ടാതിരിക്കുന്നതു കണ്ട് രാജാവിനു കോപമുണ്ടായി. രാജാവ് വിശന്നും ദാഹിച്ചും അവശനായിരുന്നു. രാജാവിനു കോപംവന്നു. ഒരു ചത്ത പാമ്പിനെ വിൽത്തുമ്പുകൊണ്ടു തോണ്ടിയെടുത്ത് ആ മുനിയുടെ കഴുത്തിൽ ഇട്ടു. മുനി അത് ഗണിക്കാതെ ഇരുന്നു. അപ്പോഴും അവനോട് നല്ലതോ, ചീത്തയോ ഒന്നും മുനി പറഞ്ഞില്ല.

മുനിയുടെ ഈ അവസ്ഥ കണ്ട് രാജാവിന്റെ കോപം മാറി, വ്യഥയായി. രാജാവു പോയി, രാജധാനിയിലെത്തി. മുനി അങ്ങനെതന്നെ ഇരുന്നു. ആ രാജകേസരിയെ മനസ്സിലാക്കിയ മുനി അധിക്ഷേപിച്ചില്ല. രാജാവാണെങ്കിൽ ധാർമ്മികനാണ്. മുനിയെ മനസ്സിലാക്കാതെ ധർഷണംചെയ്തുപോയി!

യുവാവായ മഹർഷിപുത്രൻ ശൃംഗി, തപോബലനും ഉഗ്രകോപനും ദുഷ്പ്രസാദനും മഹാവ്രതനും തീക്ഷ്ണവും പ്രവൃദ്ധവുമായ തേജസ്സുള്ളവനുമാണ്. അദ്ദേഹം സർവഭൂതസിദ്ധിക്കുവേണ്ടി ബ്രഹ്മാവിനെ ഇടയ്ക്കിടയ്ക്ക് കാണാറുണ്ട്. ഒരു ദിവസം ബ്രഹ്മാവിനോടു യാത്ര പറഞ്ഞ് സ്വഗൃഹത്തിൽ തിരിച്ചെത്തുന്ന സമയത്ത് വഴിക്കുവെച്ചു കൃശൻ എന്നു പേരായ ഒരു സഖാവ് അവനെക്കണ്ട്, ചിരിച്ചു പറഞ്ഞു.

കൃശൻ പറഞ്ഞു: 'ഉഗ്രതേജസ്സും തപശ്ശക്തിയുമുള്ള നിന്റെ അച്ഛന്ന് ഇപ്പോൾ ശവം ചുമക്കലാണു ജോലി. നീ ഗർവ്വിച്ചതു മതി. നമ്മെപ്പോലെ ബ്രഹ്മബോധകർമ്മസിദ്ധരായ തപസ്വികളും,

* കാമക്രോധലോഭമോഹാദികളായ ഷഡ്വികാരങ്ങൾക്കു നിദാനമായ ശരീരം നശ്വരവും ഭയജനക(ദാരുണം)വുമാണെന്നു മനസ്സിലാക്കി മഹർഷി അത്യുഗ്രതപസ്സുകൊണ്ടു ശരീരത്തെ ജരിപ്പിക്കുകയാൽ ജരൽക്കാരു എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നു.

digitized by www.sreyas.in

മുനിപുത്രന്മാരും, പറയുമ്പോൾ നീ ഒന്നും മിണ്ടാതിരിക്കുകയാണ് ഇനി ഉത്തമം. നിന്റെ ആണത്തമൊക്കെ എവിടെപ്പോയി? ഇനി നീ വമ്പുകളൊന്നും ഇളക്കരുത്. നിന്റെ അന്തസ്സെല്ലാം നഷ്ടപ്പെട്ടു! വേഗം ചെന്ന് ശവം ചുമക്കുന്ന അച്ഛനെ കാണൂ! എനിക്ക് നിന്റെ അച്ഛന്റെ നില്പു കണ്ട് വ്യസനം തോന്നി. നിന്റെ അച്ഛന്ന് ചേരാത്തതാണ് ഈ കർമ്മം!' ഉഗ്രമായ വിഷംപോലെയുള്ള വാക്ക്, തന്റെ അച്ഛനെപ്പറ്റിയുള്ള കടുത്ത വാക്ക്, മുനിപുത്രൻ കേട്ട് കോപംകൊണ്ടു വിറച്ചു."

41. പരീക്ഷിച്ഛാപം – സൂതൻ പറഞ്ഞു: "തന്റെ സഖാവായ കൃശൻ അച്ഛന്റെ ദയനീയാവസ്ഥയെപ്പറ്റി പറയുന്നതുകേട്ട് ശൃംഗി കോപിക്കുകയും ദുഃഖിക്കുകയും ചെയ്തു. ശൃംഗി കൃശനോടു ചോദിച്ചു: 'എന്താണ് എന്റെ അച്ഛൻ ശവമേന്തുവാൻ കാരണം? സത്യം പറയൂ.'

കൃശൻ പറഞ്ഞു: "രാജാവായ പരീക്ഷിത്ത് നായാട്ടിന്നിടയ്ക്ക് പാഞ്ഞു വന്ന് നിന്റെ അച്ഛന്റെ കഴുത്തിൽ ഒരു ചത്തപാമ്പിനെ ഇട്ടു."

ശൃംഗി പറഞ്ഞു: "ആ ദുഷ്ടനായ രാജാവിനോട് എന്തു കുറ്റമാണ് അച്ഛൻ ചെയ്തത്? ഹേ, കൃശ! ഉണ്ടായ കാര്യം ശരിയായി പ്പറയുക! പിന്നെ എന്റെ തപോബലം നീ കണ്ടുകൊള്ളുക!"

കൃശൻ പറഞ്ഞു: "അഭിമന്യുപുത്രനായ പരീക്ഷിത്തുരാജാവ്, അമ്പെയ്ത ഒരു മൃഗത്തിന്റെ പിന്നാലെ പാഞ്ഞു. രാജാവ് കാട്ടിൽ ഓടിനടന്ന് അന്വേഷിച്ചിട്ടും മാനിനെ കണ്ടില്ല. അപ്പോൾ നിന്റെ അച്ഛനെക്കണ്ടു. അദ്ദേഹത്തോട്, മാനിനെ കണ്ടുവോ എന്നു രാജാവ് ചോദിച്ചു. മൗനിയായ അദ്ദേഹം ഒന്നും മിണ്ടിയില്ല. ക്ഷുൽപിപാസാർത്തനായ രാജാവ് ക്ഷുഭിതനായി വീണ്ടും ചോദിച്ചു. മുനി ഒന്നും മിണ്ടാതെ കുറ്റിപോലെ നില്ക്കുന്നതു കണ്ടപ്പോൾ രാജാവ് വില്ലിന്റെ അഗ്രംകൊണ്ട് ഒരു ചത്ത പാമ്പിനെ തോണ്ടിയെടുത്ത് നിന്റെ അച്ഛന്റെ കഴുത്തിലിട്ടു. അപ്പോഴും നിന്റെ അച്ഛൻ നിശ്ചലനായി നിന്നു. അതിന്നുശേഷം രാജാവ് ഹസ്തിനപുരിയിലേക്കു പോവുകയുംചെയ്തു."

സൂതൻ പറഞ്ഞു: "ഇപ്രകാരം അച്ഛന്റെ കഴുത്തിൽ ശവം അണിഞ്ഞ വർത്തമാനം കേട്ട്, മുനിയുടെ പുത്രൻ ശൃംഗി കോപംകൊണ്ടു കണ്ണു ചുവന്ന് കത്തുന്ന തീപോലെ ജ്വലിച്ചു. കുപിതനായ അവൻ ആവേശത്തോടെ രാജാവിനെ ശപിച്ചു. അദ്ദേഹം ജലസ്പർശം ചെയ്തു, ചീറി, കോപം സഹിക്കാതെ നിന്ന്, ഇപ്രകാരം പറഞ്ഞു."

ശൃംഗി പറഞ്ഞു: "വൃദ്ധനായി, കൃച്ഛ്റമായ നിഷ്ഠം അനുഷ്ഠിക്കുന്ന അച്ഛന്റെ ഗളത്തിൽ ചത്ത പാമ്പിനെ, ധൂർത്തനും ദ്രോഹിയുമായ രാജാവ് ഇട്ടതുകൊണ്ട് ഞാൻ, കൗരവർക്ക് അവമാനമുണ്ടാക്കുന്ന ആ വിപ്രാവമാനിയെ ശപിക്കുന്നു. ആശീവിഷനും, ഉദ്ധതനും, പന്നഗശ്രേഷ്ഠനുമായ തക്ഷകൻ ക്രോധത്തോടെ ദംശിച്ച് ഏഴു ദിവസത്തിനകം അവൻ യമാലയം പ്രാപിക്കും!"

സൂതൻ പറഞ്ഞു: "ഇപ്രകാരം ശപിച്ചതിന്നുശേഷം ശൃംഗി പശുക്കൾ മേയുന്ന വനഭൂമിയിൽ ചത്ത പാമ്പിനെ അണിഞ്ഞു നില്ക്കുന്ന അച്ഛനെ ചെന്നുകണ്ടു. അച്ഛനെ കണ്ടതോടുകൂടി അവന്റെ കോപം ഇരട്ടിച്ചു. അവൻ ദുഃഖത്തോടെ കണ്ണുനീർ വാർത്ത് അച്ഛനോടു പറഞ്ഞു."

ശൃംഗി പറഞ്ഞു: "അച്ഛാ, അങ്ങയെ ധർഷണംചെയ്തതായിക്കേട്ട ഞാൻ ദുഷ്ടനായ പരീക്ഷിത്തിനെ ശപിച്ചു. കുരുവംശാധിപന്ന് തക്ക നിഷ്ഠൂരമായ ഒരു ശാപമാണു കൊടുത്തത്. ഇന്നേക്ക് ഏഴാംദിവസം ആ വികൃതിയായ രാജാവിനെ പന്നഗോത്തമനായ തക്ഷകൻ കടിച്ച് കാലപുരിയിലേക്കയയ്ക്കും," എന്നു പറഞ്ഞ് അവൻ കോപത്താൽ വിറച്ചു. അപ്പോൾ അച്ഛൻ അവനോടു പറഞ്ഞു.

ശമീകൻ പറഞ്ഞു: "ഉണ്ണീ, നീ ചെയ്തത് അക്രമമായി! നീ ഈ ചെയ്തത് അധർമ്മമാണ്! മുനിമാർക്കു ചേർന്നതല്ല. നാം ആ രാജാവിന്റെ രാജ്യത്തിൽ പാർക്കുന്നവരാണ്. നമ്മെയൊക്കെ രക്ഷിക്കുന്ന രാജാവിൽ കുറ്റം ചെയ്യാവുന്നതാണോ? രാജാവ് എന്തു ചെയ്താലും കോപിക്കരുത്. നാം രാജാവിന്റെ കൂട്ടുകാരാണ്. നാം ക്ഷമിക്കണം. ധർമ്മനാശം ചെയ്താൽ നാശം തീർച്ചയായും സംഭവിക്കും. നമ്മെ രാജാവ് കാക്കാതിരുന്നാൽ പീഡകളൊക്കെ നമ്മൾക്കാണ്. ധർമ്മങ്ങൾ തെറ്റുകൂടാതെ നടത്തുവാൻ ഹേ! പുത്ര, ആർക്കും സാധിക്കയില്ല. ധർമ്മദൃഷ്ടികളായ രാജാക്കന്മാർ നമ്മെ കാക്കുന്ന സമയത്തു ധാരാളം ധർമ്മങ്ങൾ അനുഷ്ഠിക്കാം. അതിൽ ഒരു അംശം രാജാവിന്നുമുണ്ട്. ക്ഷമേശൻ എന്തു ചെയ്താലും ക്ഷമിക്കേണ്ടതാണ്. പരീക്ഷിത്ത് വിശേഷിച്ചും അദ്ദേഹത്തിന്റെ പിതാമഹനെപ്പോലെതന്നെ നമ്മളെ കാക്കുന്നവനാണ്. പ്രജകളെ രാജാവു കാക്കണം. അദ്ദേഹം ക്ഷീണവും, ക്ഷുത്തും ചേർന്നപ്പോൾ സാധുവായ എന്റെ വ്രതം അറിയാതെ ഇപ്രകാരം ചെയ്തതാണ്. രാജാവില്ലാത്ത രാജ്യത്ത് ആപത്ത് എപ്പോഴുമുണ്ടാകും. തെറ്റു ചെയ്യുന്നവരെ രാജാവ് ശിക്ഷിച്ചമർത്തും. ശിക്ഷയിൽ ഭയമുണ്ടാകും, അപ്പോൾ നാട്ടിൽ ശാന്തിയുമുണ്ടാകും. ഉദിഗ്നനായവൻ ധർമ്മം ചെയ്യുകയില്ല. ഭയപ്പെട്ടവൻ ക്രിയചെയ്യുകയില്ല. നൃപൻ ധർമ്മം നടത്തുന്നു. സ്വർഗ്ഗം ധർമ്മത്തിലാണു നില്ക്കുന്നത്. രാജാവിൽ യജ്ഞങ്ങൾ നില്ക്കുന്നു. യജ്ഞത്തിൽ ദേവകൾ നില്ക്കുന്നു. ദേവന് അധീനമാണ് വൃഷ്ടി. വൃഷ്ടിക്കധീനമാണ് എല്ലാ ഔഷധികളും. ഔഷധികൾക്കധീനമായാണല്ലോ എല്ലാ മനുഷ്യരുടേയും ഹിതം നില്ക്കുന്നത്. രാജ്യകരനായ നൃപൻ മനുഷ്യർക്ക് ഇപ്രകാരം ധാതാവാകുന്നു. രാജാവ് വേദാദ്ധ്യായികളായ പത്തു ബ്രാഹ്മണർക്കു തുല്യനാണ്. രാജാവ് ക്ഷീണംകൊണ്ടും, ക്ഷുത്തുകൊണ്ടും അറിയാതെ ചെയ്ത അപരാധമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. നീ എന്താണ് ഇപ്രകാരം സാഹസമായ ദുഷ്കൃതം ചെയ്തത്? നീ ബാലചാപല്യത്താൽ സാഹസംചെയ്തുവല്ലോ! പുത്ര! നമ്മുടെ ശാപത്തിന്നു രാജാവ് ഒരിക്കലും പാത്രമല്ല!"

42. കാശ്യപാഗമനം – ശൃംഗി പറഞ്ഞു: "താത! ഞാൻ സാഹസമോ, ദുഷ്കരകർമ്മമോ, അങ്ങയ്ക്കു പ്രിയമോ, അപ്രിയമോ ചെയ്തു. ഞാൻ ഈ ശപിച്ചത് തെറ്റായാലും ശരിയായാലും അത് സംഭവിക്കുകതന്നെ ചെയ്യും! എന്റെ വാക്കു വെറുതെയാവില്ല! എന്തുതന്നെയായാലും അതു തെറ്റിപ്പോകുവാൻ വയ്യ! പിതാവേ, ഞാൻ പറയുന്നു, കളിയായി ഞാൻ പറയുകയില്ല. ശാപത്തിൽ എങ്ങനെ പൊളി നില്ക്കും?"

ശമീകൻ പറഞ്ഞു: "നീ സത്യവാദിയും, ഉഗ്രവീര്യനുമാണെന്നു ഞാൻ അറിയുന്നുണ്ട്. നീ പൊളിപറയുകയില്ല. അതുകൊണ്ട് നിന്റെ വാക്ക് മിഥ്യയാകയില്ലെന്നും ഞാൻ അറിയുന്നുണ്ട്. നീ തപസ്സു ചെയ്യുന്ന കുട്ടിയുമാണ്. പ്രഭാവമുള്ള യോഗ്യന്മാർക്കും കോപം വരാം. എന്നിരിക്കിലും ധാർമ്മികനായ നിന്നോട് പറയേണ്ടിവന്നിരിക്കുന്നു. പുത്രൻ എത്ര പ്രായമുള്ളവനായാലും, അവനെ ശാസിക്കുവാൻ അച്ഛന്ന് അവകാശമുണ്ട്. പുത്രത്വം, സാഹസം, ബാല്യം, ഇതൊക്കെ വിചാരിച്ച് ഞാൻ പറയുകയാണ്: നീ ശമം ശീലിച്ച്, എന്നും വന്യാശനനായി, കോപം ഉപേക്ഷിച്ചു നടക്കുക. ഇപ്രകാരം ധർമ്മം കെടുത്തരുത്. ക്രോധം യതികളുടെ ക്ലേശാർജ്ജിതമായ ധർമ്മം കെടുത്തിക്കളയും. ധർമ്മം ക്ഷയിച്ചവർക്ക് ഇഷ്ടപ്പെടുന്ന സന്മാർഗ്ഗഗതി കിട്ടുന്നതല്ല. ക്ഷമയുള്ള യതീന്ദ്രന്മാർക്ക് സിദ്ധിസാധനം ക്ഷമയാണ്. ക്ഷമിക്കുന്നവർക്ക് ഇഹലോകവും പരലോകവും സിദ്ധിക്കും. അതുകൊണ്ട് ക്ഷമ ശീലിച്ച് ഇന്ദ്രിയത്തെ ജയിച്ചു നീ ജീവിക്കുക. ക്ഷമകൊണ്ട് ബ്രഹ്മസാമ്രാജ്യം നിനക്കു സിദ്ധിക്കും. പതുക്കെ ഞാൻ ശമത്തോടുകൂടി ചെയ്യാവുന്നത് ചെയ്യുന്നതാണ്. കാലെതന്നെ ഞാൻ രാജാവിന്റെ അടുത്തേക്ക് ആളെ വിടുന്നുണ്ട്."

സൂതൻ പറഞ്ഞു: "അപ്പോൾത്തന്നെ രാജാവിന്റെ സമീപത്തേക്ക് ആളെ വിട്ടു. 'എന്റെ പുത്രൻ, കൃശധീയായ ബാലൻ, എന്നിൽ ഭവാൻ ധർഷണംചെയ്തതു കണ്ട് കോപം സഹിക്കാതെ, ഭവാനെ ശപിച്ചു."

digitized by www.sreyas.in

സൂതൻ പറഞ്ഞു: "എന്നു പറഞ്ഞ് സുവ്രതനും, മാന്യനും, ദയാകുലനുമായ മുനി തന്റെ ഒരു ശിഷ്യനെ വിളിച്ച് ഈ സന്ദേശവും കൊടുത്ത് ഹസ്തിനപുരത്തേക്കു പരീക്ഷിത്തിന്റെ അരികിലേക്ക്, വിട്ടു. കുശലപ്രശ്നം, കാര്യം, വർത്തമാനം എന്നിവയെല്ലാം പറയുവാൻ ഏല്പിച്ച് സുശീലനായ ഗൗരമുഖനെന്ന ശിഷ്യനെ മുനി വിട്ടു.

അവൻ വേഗത്തിൽ ഹസ്തിനപുരിയിലെത്തി. കാവൽക്കാർ രാജാവിനെ വിവരം അറിയിച്ചു. അങ്ങനെ അവൻ രാജസന്നിധിയിലെത്തി. ഗൗരമുഖൻ അകത്തുകടന്നു. രാജസൽക്കാരങ്ങൾ സ്വീകരിച്ചതിന്നുശേഷം വിശ്രമിച്ചു രാജാവിനെ യഥാക്രമം വിവരം അറിയിച്ചു. മന്ത്രിമാരുടെ മദ്ധ്യത്തിൽവെച്ച് ഘോരമായ ശമീകവചനം ഇപ്രകാരം പ്രസ്താവിച്ചു:

ഗൗരമുഖൻ പറഞ്ഞു: "ഹേ! രാജാവേ, ശമീകൻ എന്നു പേരായ ഒരു മുനി അങ്ങയുടെ ഭൂമിയിൽ വസിക്കുന്നുണ്ട്. ശാന്തനും, ദാന്തനുമായി അവൻ തപസ്സുചെയ്യുന്നു. ആ മൗനവ്രതിയുടെ ദേഹത്തിലാണ് ഭവാൻ ചത്ത പാമ്പിനെ ക്രോധത്തോടെ വില്ലുകൊണ്ടു തോണ്ടിയെടുത്ത് ഇട്ടത്. ആ യോഗി ഭവാനോടു ക്ഷമിച്ചു. എന്നാൽ അവന്റെ പുത്രൻ ഭവാനോടു ക്ഷമിച്ചില്ല. അവൻ, അച്ഛൻ ധരിക്കാതെ, അങ്ങയെ ശപിച്ചു. ഏഴു ദിവസത്തിനുള്ളിൽ ഭവാനെ തക്ഷകൻ കടിക്കും. അതിന്ന് രക്ഷ ഭവാൻ ചെയ്യണം എന്ന് മുനി പറഞ്ഞയച്ചിരിക്കുന്നു. അത് മറ്റൊരുത്തന്ന് മാറ്റുവാൻ കഴിവില്ല. ക്രോധിച്ച പുത്രനെ അടക്കുവാനും പ്രയാസമാണ്. അതുകൊണ്ട് ഋഷി എന്നെ ഭവാനിൽ ഹിതം ആശിച്ചുകൊണ്ട് ഇങ്ങോട്ടു വിട്ടു."

സൂതൻ പറഞ്ഞു: "ഈ ഘോരമായ വാക്യം കേട്ട് കുരുദ്വഹനായ രാജാവ് പാപം ചിന്തിച്ച് പരിതാപംപൂണ്ടു! മുനി മൗനവ്രതക്കാരനാണെന്ന് അറിഞ്ഞ് രാജാവ് വീണ്ടും ശോകവും, സന്താപവും പൂണ്ട ആ ശമീകന്റെ കാരുണ്യവാത്സല്യസ്ഥിതി കേൾക്കുകയാൽ മന്നവൻ വീണ്ടും പരിതപിച്ചു. ഇത്രയും നല്ലവനായ ഋഷിയോട് കുറ്റം കാണിച്ചതോർത്ത് അത്യന്തം പരിതപിച്ചു. ഉടനെ മരണം സംഭവിക്കുമെന്നു കേട്ടിട്ടും അദ്ദേഹം ഇത്രമാത്രം നടുങ്ങിയില്ല. പിന്നെ ഗൗരമുഖനോടു രാജാവ് ശമീകനോടു പറയുവാൻ, ഇപ്രകാരം പറഞ്ഞു: 'ഭഗവാനേ! പ്രത്യേകം എന്നിൽ പ്രസാദിക്കണം.' എന്നു പറഞ്ഞ് ഗൗരമുഖനെ അയച്ചതിന്നുശേഷം മന്ത്രിമാരോടുകൂടി ആ മന്ത്രജ്ഞൻ വിഷണ്ണനായി കാര്യാലോചന നടത്തി.

ഒറ്റത്തൂണായി രക്ഷയോടെ ഒരു മാളിക തീർപ്പിച്ചു. വൈദ്യന്മാരും, മരുന്നുകളുമായി രക്ഷകൾ ഏർപ്പെടുത്തി. മന്ത്രസിദ്ധരായ ബ്രാഹ്മണരെ ചുറ്റും ഇരുത്തി. അതിൽ പാർത്തു രാജ്യകാര്യം നോക്കി മന്ത്രിമാരോടുകൂടി കാവൽവെച്ചു. അങ്ങനെ ആ മാളികയിൽ കയറിയ രാജാവിനെ കാണുവാൻ ആരേയും അനുവദിച്ചില്ല. കാറ്റിനും കൂടെ അവിടെ കടക്കുവാൻ അനുവാദമില്ലായിരുന്നു.

രാജാവിനെ ചികിത്സിക്കുവാൻ ഏഴാംദിവസം ദ്വിജസത്തമനായ കാശ്യപൻ പുറപ്പെട്ടു. ആ ദ്വിജസത്തമൻ വിവരം അറിഞ്ഞു. തക്ഷകൻ പരീക്ഷിത്തിനെ കൊല്ലുമെന്നും തക്ഷകൻ കടിച്ചാൽ ആ വിഷം ഇറക്കാമെന്നും, അതുമൂലം അർത്ഥവും, ധർമ്മവും തനിക്കു നേടാമെന്നും കരുതിയാണ് ആ മുനി ഇറങ്ങിയത്. ഇപ്രകാരം ചിന്തിച്ച് ഏകാഗ്രചിത്തനായിപ്പോകുന്ന മുനിയെ മാർഗ്ഗത്തിൽവെച്ച് വൃദ്ധബ്രാഹ്മണരൂപം സ്വീകരിച്ച തക്ഷകൻ ചെന്നുകണ്ടു. കാശ്യപനോട് തക്ഷകൻ പറഞ്ഞു: "ഹേ മുനേ! ഭവാൻ എങ്ങോട്ടാണ് ബദ്ധപ്പെട്ടു പോകുന്നത്? എന്തു ചെയ്യുവാനാണ് ഭവാന്റെ പുറപ്പാട്?"

കാശ്യപൻ പറഞ്ഞു: "കുരുവംശത്തിൽ ശ്രേഷ്ഠനായ പരീക്ഷിത്തുരാജാവിനെ, മഹാതേജോരുക്ഷനായ തക്ഷകൻ ചുട്ടുകരിക്കും. പാണ്ഡവാന്വയകൃത്തായ ആ രാജവീരനെ തക്ഷകൻ കൊത്തിവിഷം ജ്വലിക്കുമ്പോൾ ആ വിഷപീഡ നീക്കംചെയ്യുവാൻ ഞാൻ വേഗത്തിൽ പോവുകയാണ്."

തക്ഷകൻ പറഞ്ഞു: "ആ തക്ഷകൻ ഞാൻതന്നെയാണ്. ഞാൻ രാജാവിനെ ദംശിക്കുവാൻ പോവുകയാണ്. ഞാൻ കടിച്ചാൽ ചികിത്സിക്കുവാൻ നീ ശക്തനല്ല. അതുകൊണ്ട് മടങ്ങിപ്പോവുകയാണ് നല്ലത്."

കാശ്യപൻ പറഞ്ഞു: "നീ കടിച്ച രാജാവിന്റെ പീഡയെ നീക്കുവാൻ എനിക്കു കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. എനിക്ക് അതിനുള്ള ബുദ്ധിയും വിദ്യാബലവും കൈവശമുണ്ട്."

43. തക്ഷകദംശനം – തക്ഷകൻ പറഞ്ഞു: "ഞാൻ കടിച്ചാൽ ചികിത്സിക്കുവാൻ ഭവാൻ ശക്തനാണെങ്കിൽ ഞാൻ കടിക്കുന്ന മരത്തിന്നു ഭവാൻ ജീവൻ കൊടുക്കുമോ? ഭവാന്റെ മന്ത്രശക്തിയൊന്നു കാണട്ടെ! ഭവാന്റെ മുമ്പിൽ നില്ക്കുന്ന ഈ ആല് ഞാൻ കൊത്തി ചുട്ടെരിക്കാം."

കാശ്യപൻ പറഞ്ഞു: "ഹേ, നാഗേന്ദ്ര! നീ ഈ വന്മരത്തിന്മേൽ കൊത്തുക. നീ വൃക്ഷത്തിൽ കൊത്തിയാൽ ഞാൻ വിഷമിറക്കി അതിനെ ജീവിപ്പിക്കും."

സൂതൻ പറഞ്ഞു: "കാശ്യപൻ ഇപ്രകാരം പറഞ്ഞപ്പോൾ തക്ഷകൻ ഔദ്ധത്യത്തോടെ ആൽമരത്തിൽ ചെന്നു കൊത്തി. ആ മരം തൽക്ഷണം ആ മഹാസർപ്പദംശനമേറ്റ് ചാമ്പലായി. തക്ഷകൻ കാശ്യപനോടു പറഞ്ഞു: "ആവുന്ന യത്നംചെയ്ത്, നീ വൃക്ഷത്തെ ജീവിപ്പിക്കുക, ഞാൻ ഒന്നു കാണട്ടെ!"

സർപ്പത്തിന്റെ വിഷവീര്യംകൊണ്ട് ആ മരം ചാമ്പലായിത്തീർന്നു. ചാമ്പലൊക്കെ കൂട്ടിവെച്ച് ആ മഹാനായ കാശ്യപൻ പറഞ്ഞു.

കാശ്യപൻ പറഞ്ഞു: "ഹേ, ഫണീന്ദ്ര! നീ എന്റെ വിദ്യാബലം കണ്ടുകൊള്ളുക, ഞാൻ ഇതാ ഈ വൃക്ഷത്തെ ജീവിപ്പിക്കുവാൻ പോകുന്നു! നീ നോക്കിക്കൊണ്ടുനില്ക്കുമ്പോൾ ത്തന്നെ ഞാൻ ജീവിപ്പിക്കാം."

സൂതൻ പറഞ്ഞു: "എന്നു പറഞ്ഞു ഭഗവാൻ കാശ്യപൻ, ഭസ്മമായ വൃക്ഷത്തെ വീണ്ടും ജീവിപ്പിച്ചു. ആദ്യമായി ആ വൃക്ഷം മുളച്ചുയർന്ന് രണ്ട് ഇല വിരിഞ്ഞു. പിന്നെ തുള്ളുന്ന ഇലകളും, പിന്നെ കൊമ്പുകളും ചില്ലകളുമായി വൃക്ഷം വളർന്നുവന്നു! ഇപ്രകാരം കാശ്യപൻ ആ വൃക്ഷത്തെ ജീവിപ്പിച്ചതു കണ്ട് തക്ഷകൻ പറഞ്ഞു.

തക്ഷകൻ പറഞ്ഞു: "വിപ്ര! നിന്നെ സംബന്ധിച്ചിടത്തോളം ഇത് അത്ഭുതമല്ല. എന്റെയോ, എന്നെപ്പോലെയുള്ളവന്റെയോ വിഷം ഭവാൻ ഹരിക്കും. അങ്ങ് എന്തുകാര്യം മോഹിച്ചിട്ടാണ് ഇപ്പോൾ പോകുന്നത്? അങ്ങ് എന്താണു രാജാവിൽനിന്ന് ആഗ്രഹിക്കുന്നത്? പറയൂ, അതെല്ലാം ഞാൻ തരാം, എത്ര ദുർല്ലഭമായ വസ്തുവായാലും തരാം. വിപ്രൻ ശപിക്കുകയും, ആയുസ്സ് അവസാനിക്കുയും ചെയ്ത ഒരു മനുഷ്യനിൽ ഭവാന്റെ പ്രയത്നം ഫലിച്ചില്ലെന്നും വരാം. സംശയാസ്പദമായ കാര്യത്തിന്നു പോയി സാധിക്കാതെ, ഉള്ള കീർത്തി ഭവാൻ നശിപ്പിക്കരുത്. മൂന്നു ലോകത്തിലും ഭവാൻ രശ്മികുറഞ്ഞ അർക്കനെപ്പോലെ നിഷ്പ്രഭനാകും! ഭവാന്റെ പ്രഭ മാഞ്ഞുപോകും!"

കാശ്യപൻ പറഞ്ഞു: "ഞാൻ ധനം മോഹിച്ച് അങ്ങോട്ടു പോകുകയാണ്. നീ അതു തരികയാണെങ്കിൽ പോകുന്നില്ല. ദ്രവ്യവും വാങ്ങി വന്നവഴിക്കുതന്നെ തിരിച്ചു പൊയ്ക്കൊള്ളാം."

തക്ഷകൻ പറഞ്ഞു: "ആ രാജാവു തരുന്നതിൽ കൂടുതൽ ഞാൻ തരാം. ഹേ ബ്രാഹ്മണ, വന്ന വഴിക്കുതന്നെ തിരിച്ചുപൊയ്ക്കൊള്ളുക."

സൂതൻ പറഞ്ഞു: "ഇപ്രകാരം തക്ഷകൻ പറഞ്ഞപ്പോൾ കാശ്യപൻ രാജാവിനെക്കുറിച്ച് നല്ലപോലെ ബുദ്ധിപൂർവ്വം ചിന്തിച്ചു. ആ മഹർഷി ദിവ്യജ്ഞാനംകൊണ്ട് പരീക്ഷിത്ത് ക്ഷീണായുസ്സാണെന്ന് മനസ്സിലാക്കി. വൃഥായത്നത്തിനൊരുങ്ങുന്നതു ബുദ്ധിപൂർവ്വകമല്ലെന്നും മനസ്സിലായി. തക്ഷകൻ വേണ്ടുവോളം ധനം കാശ്യപന്നു നല്കി. അതു വാങ്ങി കാശ്യപൻ വേഗത്തിൽ മടങ്ങി. തക്ഷകൻ ഹസ്തിനപുരിയിലേക്കും പോയി. പോകുന്ന

digitized by www.sreyas.in

വഴിക്കുവെച്ചുതന്നെ രാജാവിനെ മന്ത്രങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും രക്ഷിക്കുവാൻ വേണ്ടുവോളം ദ്വിജന്മാർ കൂടിയിരിക്കുന്നതായി തക്ഷകൻ അറിഞ്ഞു."

സൂതൻ പറഞ്ഞു: "പിന്നീട് തക്ഷകൻ ചിന്തിച്ചു. രാജാവിനെ ഈ നിലയ്ക്ക് ഓടിച്ചെന്നു കൊത്തുക എളുപ്പമല്ല. മായകൊണ്ട് അദ്ദേഹത്തെ വഞ്ചിക്കണം. എന്താണ് പ്രയോഗിക്കേണ്ടത് എന്നു ചിന്തിച്ച്, നാഗങ്ങളെ വിളിച്ച്, പെട്ടെന്നു മുനിവേഷത്തിൽ ഫലങ്ങളും, ദർഭകളും ജലവും കൊണ്ടുവരുവാൻ വിട്ടു."

തക്ഷകൻ പറഞ്ഞു: "ഹേ! നാഗങ്ങളെ, നിങ്ങൾ കാര്യസിദ്ധിക്കുവേണ്ടി മുനിവേഷം സ്വീകരിച്ച് ഫലം, മൂലം, ജലം എന്നിവ നല്കുന്നവരുടെ മട്ടിൽ രാജാവിന്റെ സമീപത്തെത്തുവിൻ!"

സൂതൻ തുടർന്നു: "നാഗങ്ങൾ തക്ഷകന്റെ ആജ്ഞയെല്ലാം അനുസരിച്ച്. രാജാവിന്നു ദർഭാംബുഫലാദികളായ ഉപഹാരങ്ങൾ നല്കി. രാജാവ് അവയെല്ലാം സ്വീകരിച്ച് അവർക്ക് ആവശ്യമുള്ളതൊക്കെ കൊടുത്തു സൽക്കരിച്ച് മടക്കിവിട്ടു.

ഋഷിമാരുടെ രൂപത്തിലെത്തിയ ആ വിഷധാരികളായ നാഗങ്ങൾ പോയപ്പോൾ അമാത്യന്മാരോടും സ്നേഹിതന്മാരോടും ചേർന്നിരുന്ന് രാജാവ് പറഞ്ഞു.

പരീക്ഷിത്തു പറഞ്ഞു: "ഹേ, സ്നേഹിതന്മാരേ! സൂര്യൻ അസ്തമിക്കാറായി, മുനി പറഞ്ഞ സമയം കഴിയുകയായി. ഇനി വിഷബാധയെപ്പറ്റി ചിന്തിക്കേണ്ടതില്ല. അത് എന്നെ ബാധിക്കയില്ല. ഇനി നിങ്ങൾ എല്ലാവരും എന്നോടുകൂടി ഇരുന്ന്, സാധു താപസന്മാർ തന്ന, സ്വാദു കൂടുന്ന ഫലങ്ങൾ അനുഭവിക്കുക."

സൂതൻ പറഞ്ഞു: "എന്നു പറഞ്ഞ് രാജാവ് സചിവന്മാരോടുകൂടി ഫലങ്ങൾ തിന്നുവാൻ ഒരുങ്ങി. വിധിയോഗം എന്നു പറയട്ടെ, ഉഗ്രമായ പന്നഗം ഏതു ഫലത്തിലാണ് ഇരിക്കുന്നത് ആ ഫലം രാജാവു തിന്നുവാൻ തുടങ്ങി. രാജാവ് ഫലം തിന്നുകൊണ്ടിരിക്കെ അണുപ്രായമായ ഒരു കൃമിയെക്കണ്ടു. ശൗനക! കറുത്ത കണ്ണും, നീളം കുറഞ്ഞ ഉടലുമുള്ള ഒരു കൃമി! അതിനെ രാജാവ് കൈയിലെടുത്ത് സചിവന്മാരോടു പറഞ്ഞു.

പരീക്ഷിത്ത് പറഞ്ഞു: "ഋഷിയുടെ വാക്ക് സത്യമാകട്ടെ! സൂര്യൻ അസ്തമിക്കുന്നു. വിഷഭീതി ഇനിയില്ല. അതുകൊണ്ട് ഈ കൃമിക്ക് നാം 'തക്ഷകൻ' എന്നു പേരു കൊടുക്കുക. അതു നമ്മെ കൊത്തട്ടെ! എന്നാൽ നമ്മെ ഏഴു ദിവസത്തിനുള്ളിൽ തക്ഷകൻ കടിക്കും എന്ന ശാപം സത്യമാകുമല്ലോ." കാലചോദനകൊണ്ടു മന്ത്രിമാരും ഈ അഭിപ്രായം സമ്മതിച്ചു. ഇപ്രകാരം കല്പിച്ച്, ആ കൃമിയെ ചാകാനടുത്ത രാജാവ് കഴുത്തിൽ ചേർത്തുവെച്ച്, പൊട്ടിച്ചിരിച്ചു. അത്ഭുതം! രാജാവ് ചിരിക്കുവാൻ തുടങ്ങിയപ്പോൾ കൃമി വലുതായി രാജാവിനെ ചുറ്റി. ആ ഫലത്തിൽനിന്ന് പുറപ്പെട്ട പുഴു ഇപ്രകാരം വലുതായി, തക്ഷകനായി. രാജാവിനെ പെട്ടെന്നു ചുറ്റിവരിഞ്ഞ്, തക്ഷകൻ ഭയങ്കരമായി ചീറ്റി ദംശിച്ചു."

44. ജനമേജയരാജ്യാഭിഷേകം – സൂതൻ പറഞ്ഞു: "ഇപ്രകാരം സർപ്പം ചുറ്റി രാജാവിനെ ദംശിക്കുന്നതു് കണ്ട് മന്ത്രിമാർ ഭയപ്പെടുകയും, ഉച്ചത്തിൽ നിലവിളികൂട്ടുകയും ചെയ്തു. സർപ്പത്തിന്റെ ഭയങ്കരമായ ചീറ്റൽ കേട്ട് മന്ത്രിവീരന്മാർ ഭയപ്പെട്ട് ഓടി. ഉടനെ പഞ്ചവർണ്ണമായ ഒരു ആകാരം കണ്ടു. സീമന്തരേഖയിടുന്ന മാതിരി, ആകാശത്തു് നാഗരാജാവായ തക്ഷകൻ പോകുന്നതുകണ്ട്, മന്ത്രിമാർ ആകുലപ്പെട്ടു.

പാമ്പിന്റെ ഉഗ്രമായ വിഷത്താൽ ആ ഗൃഹം തീപ്പിടിച്ചതുപോലെ ആളിക്കത്തി. ഉടനെ അവിടെനിന്ന് ചാടി മന്ത്രിമാർ ഓടി. രാജാവ് ഇടിവെട്ടേറ്റു കരിഞ്ഞ വൃക്ഷംപോലെ വെന്തു. മന്നവൻ തക്ഷകനാൽ ദഗ്ദ്ധനായപ്പോൾ എല്ലാവരും വ്യസനിച്ചു. അദ്ദേഹത്തിന്റെ മരണാനന്തരകർമ്മങ്ങൾ വിധിപ്രകാരം പുരോഹിതന്മാർ മന്ത്രിമാരോടുകൂടി നിർവ്വഹിച്ചു.

ഉടനെ ഹസ്തിനപുരത്തിലുള്ള ജനങ്ങൾ, ബാല്യസ്ഥിതി വിട്ടിട്ടില്ലെങ്കിലും, പരീക്ഷിത്തിന്റെ പുത്രനായ ജനമേജയനെ മുറയ്ക്ക് രാജാവായി അഭിഷേകംചെയ്തു.

കേവലം ബാലനായിരുന്നു ആ രാജാവ് എങ്കിലും, പുരോഹിതനോടും, അമാത്യന്മാരോടുംകൂടി മുറയ്ക്ക് കുരുവംശരാജാക്കന്മാരായ പ്രപിതാമഹന്മാരെപ്പോലെതന്നെ വീരനായി അവൻ രാജ്യം ഭരിച്ചു.

ശത്രുക്കളെ ദുഃഖിപ്പിക്കുന്നവിധത്തിൽ ജനമേജയൻ യോഗ്യനായി വളർന്നു. മന്ത്രിസത്തമന്മാർ കാശിരാജാവായ സുവർണ്ണവർമ്മന്റെ പുത്രിയായ 'വപുഷ്ടമ' എന്ന കന്യകയെ രാജാവിന്നു വേണ്ടി വരിച്ചു. കാശിരാജാവ് വപുഷ്ടമ എന്ന തന്റെ പുത്രിയെ തരത്തിനൊത്ത കുരുരാജാവിന്ന് നല്കി. ആ കന്യകയെ വിവാഹംകഴിച്ച് രാജാവ്, അന്യനാരികളിലൊന്നും മനസ്സുവെയ്ക്കാതെ, വപുഷ്ടമയിൽത്തന്നെ ആസക്തനായി അവളോടു ചേർന്നു സുഖമായി ജീവിച്ചു.

ആ സുന്ദരിയോടുകൂടി മന്നവൻ പുതുപൂവനങ്ങളിൽ ഉല്ലസിച്ചു. തെളിഞ്ഞ പൊയ്കകളിൽ കുളിച്ചു. പണ്ട് പുരൂരവസ്സ് ഉർവ്വശിയോടുകൂടി രമിച്ച് വാണവിധം ജനമേജയൻ വപുഷ്ടമയോടുകൂടി രസിച്ചു വാണു. ആ സുന്ദരിയായ വപുഷ്ടമാദേവിയും, സുന്ദരനായ കാന്തനെ സന്തോഷിപ്പിച്ചു. ബഹുമാന്യകളായ പുരന്ധ്രിവർഗ്ഗത്തിൽ മികച്ച സുന്ദരിയായ വപുഷ്ടമ വിഹാരക്രീഡകളാൽ ഭർത്താവിനെ ആനന്ദിപ്പിച്ചു."

45. ജരൽക്കാരുപിതൃദർശനം – സൂതൻ പറഞ്ഞു: "ഇക്കാലത്ത് ജരൽക്കാരു എന്ന തപോധനൻ മന്നിലൊക്കെ ചുറ്റിനടന്ന് ചെന്നേടം ഗൃഹമാക്കി അങ്ങനെ ദിനങ്ങൾ കഴിച്ചു. ആത്മനിഗ്രഹം ഇല്ലാത്തവർക്ക് കഴിയാത്ത വ്രതങ്ങൾ എടുത്ത്, തീർത്ഥസ്നാനംചെയ്ത്, പുണ്യതീർത്ഥങ്ങൾ സന്ദർശിച്ച്, വായുഭക്ഷണം മാത്രമായി, ദേഹം മെലിഞ്ഞ് നടക്കുന്ന കാലത്ത് ഒരു ഗർത്തത്തിൽ തല കീഴായി തൂങ്ങിനില്ക്കുന്ന പിതൃക്കളെ കണ്ടു. ഒരു വേരു മാത്രമായ 'വീരണപ്പുല്ല്' പിടിച്ചുനില്ക്കുന്നു! ആ വേരും എലി തിന്നുന്നതായിക്കണ്ടു. മലയിടുക്കിൽ ഭക്ഷണമില്ലാതെ ചടച്ച്, രക്ഷയില്ലാതെ നില്ക്കുന്ന അവരെക്കണ്ട്, ദുഃഖിച്ച് അവൻ ഉൽക്കണ്ഠയോടെ ചോദിച്ചു.

ജരൽക്കാരു പറഞ്ഞു: "ഈ ദീനാവസ്ഥയിൽ നില്ക്കുന്ന നിങ്ങൾ ആരാണ്? വീരണപ്പുൽക്കൊടിക്ക് ഒരു വേരുകൂടിയുണ്ട്. അതും ഇപ്പോൾ എലി കൂർത്ത പല്ലുകൊണ്ട് കടിച്ച് അറുക്കുമല്ലോ! അപ്പോൾ നിങ്ങൾ തലകീഴായി കുണ്ടിൽച്ചെന്ന് വീഴുകയും ചെയ്യുമല്ലോ! ഞാൻ എന്തുചെയ്താണ് ഭവാന്മാരെ രക്ഷിക്കേണ്ടത്! എന്റെ തപസ്സിന്റെ നാലിലൊന്നോ മൂന്നിലൊന്നോ, പകുതിയോ എന്താണ് വേണ്ടതെന്നു പറയുക. നിങ്ങൾ ആവശ്യപ്പെടുന്നതു ഞാൻ തരാം. നിങ്ങളെ പാപത്തിൽനിന്ന് കയറ്റുവാൻ എന്തുചെയ്യണം? അല്ലെങ്കിൽ എന്റെ തപസ്സിന്റെ ഫലം മുഴുവൻ തരാം! വേഗം പറയുവിൻ! ഞാൻ എന്തിനും തയ്യാറാണ്!"

പിതൃക്കൾ പറഞ്ഞു: "ഹേ, വൃദ്ധനും ബ്രഹ്മചാരിയുമായ വിപ്രശ്രേഷ്ഠ, അങ്ങ് ഞങ്ങളെ രക്ഷിക്കുവാൻ വിചാരിക്കയാണോ? എന്നാൽ, അങ്ങയുടെ തപസ്സുകൊണ്ട് തീർക്കുവാൻ സാധിക്കുന്നതല്ല ഈ വിപത്തെന്നുള്ളത് ഭവാനോടു ഞങ്ങൾ ഉണർത്തിക്കുന്നു. തപസ്സിന്റെ ഫലം ഞങ്ങൾക്കുമുണ്ട്. എന്നാൽ സന്താനനാശംമൂലം ഞങ്ങൾ നരകത്തിൽ വീഴുവാൻ പോവുകയാണ്. പിതാമഹൻ പറയുന്നത് സന്താനമാണ് ധർമ്മം എന്നാണ്. ഞങ്ങൾ ബോധഹീനരായി തൂങ്ങിക്കിടന്ന് വിഷമിക്കുകയാണ്. അതുകൊണ്ട് നീ ആരാണെന്നുപോലും ഞങ്ങൾ അറിയുന്നില്ല. നീ ഖ്യാതനായിരിക്കാം. ദുഃഖിതരെ തുണയ്ക്കുവാൻ എത്തിയ വൃദ്ധനായ ഭവാൻ പൂജിതനാണ്. ഞങ്ങൾ യായാവരന്മാരായ മുനികളാണ്. സന്താനക്ഷയം മൂലം പുണ്യലോകത്തുനിന്നു വീഴുകയാണ്. ഞങ്ങളുടെ തപസ്സും നഷ്ടപ്പെട്ടിരിക്കുന്നു. ഞങ്ങൾക്കു സന്തതിയുമില്ല. ഇല്ലെന്ന് തീർത്തു പറഞ്ഞുകൂടാ, ഇല്ലാത്ത ഫലമാണ്. ജരൽക്കാരു എന്ന ഒരു പുത്രനുണ്ട്. വേദ

digitized by www.sreyas.in

വേദാംഗപാരഗനാണ് അവൻ. ജിതചിത്തനാണ്! മഹാബുദ്ധിമാനാണ്! തപോബലനാണ്. അവൻ തപസ്വിയായി മാത്രം ജീവിച്ച് ദാമ്പത്യവിമുഖനായതുമൂലം ഞങ്ങൾ ഈ ആപത്തിൽ പെട്ടുപോയതാണ്. അദ്ദേഹത്തിന്ന് ഭാര്യയില്ല, സന്താനങ്ങളില്ല, ബന്ധുക്കളില്ല. അതാണ് ഞങ്ങളുടെ ഈ ദുരിതാവസ്ഥയ്ക്കു കാരണം. ഞങ്ങളിൽ അലിവുതോന്നുന്ന ഭവാൻ ചെന്ന് ജരൽക്കാരുവിനോട് ഇപ്രകാരം പറഞ്ഞാൽക്കൊള്ളാം! "കുണ്ടിൽ, കഷ്ടം! നിന്റെ പിതൃക്കൾ അധോമുഖരായി തൂങ്ങുന്നു! കളത്രത്തേ ഗ്രഹിച്ച് സന്താനങ്ങളെ ജനിപ്പിക്കുക! അയാൾ മാത്രമേ ഈ പിതൃക്കളായ ഞങ്ങൾക്ക് വംശതന്തുവായിട്ടുള്ളൂ. അത് അറ്റുപോയാൽ ഞങ്ങൾക്കു പിന്നെ ഗതിയില്ല! വീരണപ്പുല്ലിലാണല്ലോ ഞങ്ങൾ ഇപ്പോൾ തൂങ്ങിക്കിടക്കുന്നത്. കാലത്താൽ അറ്റുപോയ വേരുകൾ സന്താനതന്തുക്കളാണ്. ഇനി ഒറ്റവേരു മാത്രമേയുള്ളൂ. അതും അറ്റുപോകാൻ താമസമില്ല. എലിയെക്കണ്ടില്ലേ? ശക്തനായ 'കാല'മാണ് ആ എലി. ഏകപുത്രനായ തന്തുവാണ് അറ്റുപോകാൻ ഭാവിക്കുന്നത്. അവന്റെ തപസ്സുകൊണ്ടൊന്നും ഞങ്ങൾക്കു രക്ഷ കിട്ടുകയില്ല. കാലം നശിപ്പിച്ചു കീഴ്പ്പോട്ടു തള്ളിവിടുന്നവിധം ഞങ്ങൾ കീഴ്പ്പോട്ടു പോകുന്നത് ഭവാൻ കാണുന്നില്ലേ? ഞങ്ങൾ ബന്ധുക്കളോടുകൂടി വീണ കുഴിയിൽ അവനും കാലത്താൽ ഛേദിക്കപ്പെട്ട്, വീഴുന്നതാണ്. തപസ്സോ, മറ്റു പുണ്യങ്ങളോ എല്ലാംതന്നെ സന്താനമാകുന്ന പുണ്യത്തോട് ഒക്കുന്നതല്ല. അതുകൊണ്ട് ഞങ്ങൾ പറഞ്ഞ ഈ സത്യാവസ്ഥ നീ ജരൽക്കാരുവിനെക്കൊണ്ട് ഉണർത്തിക്കണം. ഇവിടെ കണ്ടതൊക്കെ പറയണം. അവനെക്കൊണ്ടു വിവാഹം കഴിപ്പിക്കണം. അവന്റെ ബന്ധുവശംത്തെ സ്വന്തം വംശംപോലെ കരുതുന്ന മഹാശയനായ ഭവാൻ ആരാണെന്നറിയുവാൻ ഞങ്ങൾക്കു താൽപര്യമുണ്ട്.

46. വാസുകിജരൽക്കാരുസമാഗമം – സൂതൻ പറഞ്ഞു: "ഇതുകേട്ടു ജരൽക്കാരു കഠിനദുഃഖത്തോടെ പിതൃക്കളോട് ബാഷ്പകുലനേത്രനായി തൊണ്ടയിടറി പറഞ്ഞു."

ജരൽക്കാരു പറഞ്ഞു: "ഹേ! പിതൃക്കളെ, നിങ്ങൾ എല്ലാവരും എന്റെ പൂർവ്വന്മാരാണ്. എന്റെ പിതൃപിതാമഹന്മാരാണ്. അതുകൊണ്ട് ഞാൻ എന്ത് ഇഷ്ടമാണു ഭവാന്മാർക്കു ചെയ്യേണ്ടത്? ആ ദ്രോഹിയായ ജരൽക്കാരു ഞാൻതന്നെയാണ്! നിങ്ങളുടെ നിർഭാഗ്യവാനായ പുത്രൻ ഞാൻതന്നെയാണ്! അജ്ഞനായ ഈ പാപിയെ നിങ്ങൾ ശിക്ഷിച്ചുകൊള്ളുക!"

പിതൃക്കൾ പറഞ്ഞു: "ഉണ്ണീ! ഭാഗ്യംകൊണ്ട് നീ ഞങ്ങളുടെ മുമ്പിൽ യദൃച്ഛയാ എത്തി. ഹേ! പുത്ര നീ എന്തുകൊണ്ട് ധർമ്മദാരങ്ങളെ പരിഗ്രഹിച്ചില്ലാ?"

ജരൽക്കാരു പറഞ്ഞു: "പിതൃക്കളേ, എന്റെ ഉള്ളിലിരിക്കുന്ന മോഹം ഇതാണ്. ഊർദ്ധ്വരേതസ്സായി, ദേഹം ഊർദ്ധ്വലോകത്തയയ്ക്കണം. വേളികഴിക്കുകയില്ല! ഇതാണ് എന്റെ ഹൃദയത്തിൽ ഞാൻ നിശ്ചയം ചെയ്തിരിക്കുന്നത്. എന്നാൽ നിങ്ങൾ വാവൽപ്പക്ഷികൾപോലെ തൂങ്ങിനില്ക്കുന്ന നിലയിൽക്കണ്ടതോടുകൂടി ഞാൻ ബ്രഹ്മചര്യം പിൻവലിക്കുവാൻ തീരുമാനിക്കുന്നു. നിങ്ങളുടെ ആഗ്രഹനിവൃത്തിക്കുവേണ്ടി ഞാൻ വേൾക്കുവാൻ തീർച്ചയാക്കുന്നു. എന്നാൽ ഞാൻ വേൾക്കുന്ന സ്ത്രീയുടെ പേരും എന്റെ പേരുതന്നെയാകണം. രണ്ടുപേരുടേയും നാമം ഒന്നാകണമെന്നുതന്നെയല്ല നേരിട്ട് എനിക്ക് അർപ്പിച്ചു കിട്ടുകയും വേണം. എനിക്കു ഭരിക്കേണ്ട ചുമതല ഉണ്ടാവുകയും പാടില്ല! അങ്ങനെയുള്ള ഒരു സ്ത്രീയെ എങ്ങാനും കിട്ടിയെങ്കിൽ ഞാൻ വേൾക്കും, ഇല്ലെങ്കിൽ വേളിയില്ല. ഇത് എന്റെ നിശ്ചയമാണ്. ഇതാണ് എന്റെ സത്യം! ഹേ! പിതാമഹഗുരുക്കളേ! അവളിൽ ഉണ്ടാകുന്ന എന്റെ പുത്രൻ നിങ്ങളെ കരകയറ്റും. നശിക്കാത്തവിധം നിങ്ങൾ എന്നും ദിവ്യലോകത്തിൽ നിന്നുകൊള്ളുവിൻ!"

സൂതൻ പറഞ്ഞു: "എന്നു പിതൃക്കളോടു പറഞ്ഞു ജരൽക്കാരു മഹർഷി മന്നുചുറ്റി. വൃദ്ധന്നു ഭാര്യയെ കിട്ടുകയുണ്ടായില്ല, ജീവിതത്തിൽ വെറുത്തു. പിതൃക്കളുടെ വാക്കോർത്ത് അവൻ കാട്ടിൽച്ചെന്ന് ഉറക്കെ വിലപിച്ചു. അവൻ മൂന്നുപ്രാവശ്യം കന്യകാഭിക്ഷയ്ക്ക് അർത്ഥിച്ചു നടന്നു."

ജരൽക്കാരു പറഞ്ഞു: "ചരാചരങ്ങളേ, എന്റെ മൊഴി കേൾക്കുവിൻ! എന്റെ പിതൃക്കൾ സന്തതിക്കുവേണ്ടി ഞാൻ വേൾക്കണമെന്ന് എന്നോടു കല്പിക്കുന്നു. അവർ ഉഗ്രമായി തപിച്ച് ദുഃഖിക്കുകയാണ്. ഞാൻ കന്യകാഭിക്ഷയ്ക്കുവേണ്ടി തെണ്ടിയലയുകയാണ്. ദാരിദ്ര്യദുഃഖസ്ഥനായ ഞാൻ പിതൃപ്രേരണകൊണ്ട് യാചിക്കുന്നു. നിങ്ങളിൽ ആർക്കു കന്യകയുണ്ടോ, ആ കന്യകയെ ലോകം ചുറ്റിവന്ന എനിക്ക് തന്നാലും. പേര് ഒന്നാകണം, ഭിക്ഷയായിത്തരണം, ഭരിക്കാൻ പറയരുത്. അങ്ങനെയാകണം അവളെ തരുന്നത്."

സൂതൻ പറഞ്ഞു: "ജരൽക്കാരുവിന്റെ ഇംഗിതം അറിയുവാൻ വാസുകി ശട്ടംകെട്ടിവിട്ട പന്നഗർ, ഈ വർത്തമാനം അറിഞ്ഞ് വാസുകിയോടു വിവരം അറിയിച്ചു. വാസുകി ചിലരെ മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്നു. അവർ പറഞ്ഞതുകേട്ട് അദ്ദേഹം സ്വന്തം സഹോദരിയെ അലങ്കരിച്ച്, വനത്തിൽ ആ മുനിയുടെ സമീപത്തേക്ക് കൊണ്ടുചെന്നു. അവളെ താപസേന്ദ്രന്നു ഭിക്ഷയായി നല്കി. നാഗരാജാവ് സഹോദരിയെ കൊടുക്കാമെന്നു പറഞ്ഞപ്പോൾ ആദ്യം മഹർഷിക്ക് സമ്മതമുണ്ടായില്ല. കാരണം പേര് ഒത്തുവരികയില്ലെന്നും, ഭാര്യ ഒരു ഭാരമാണെന്നും മഹർഷി വിചാരിച്ചു: 'ഹേ! നാഗരാജാവേ, എനിക്ക് ഇവൾ വേണ്ടാ! പേര് ഒന്നാകണമെന്നു നിർബ്ബന്ധമുണ്ട്. പിന്നെ ഭരിക്കാൻ ഞാൻ തയാറുമില്ല.'

മോക്ഷത്തിന്നുവേണ്ടി ശ്രമിക്കുന്നവനും, വിവാഹബന്ധത്തിൽ ഭീതനുമായ മുനി, കന്യകയെ സ്വീകരിക്കുവാൻ അങ്ങനെ ആദ്യം മടി കാണിച്ചു. പിന്നെ അവളുടെ പേര് എന്താണെന്ന് അറിയുവാൻ ചോദിച്ചു. വാസുകിയോട് അവളെ താൻ ഭരിക്കുന്നതല്ലെന്നും പറഞ്ഞു ഭൃഗുനന്ദന!"

47. ജരൽക്കാരുനിർഗ്ഗമം – സൂതൻ പറഞ്ഞു: "ജരൽക്കാരുവിനോട് ഉരഗപ്രഭുവായ വാസുകി പറഞ്ഞു: 'ഇവളുടെ പേര് ജരൽക്കാരു എന്നാണ്. അങ്ങ് ഇവളെ ഭരിക്കേണ്ടതില്ല. ഞാൻ സംരക്ഷിച്ചുകൊള്ളാം. എന്റെ സഹോദിരിയായ ഇവളെ അല്ലയോ തപോധന! ഞാൻ ഭവാനുവേണ്ടി രക്ഷിച്ചു വളർത്തുകയാണ്. തപസ്വിനിയാണിവൾ. അങ്ങയുടെ പേര് ഒത്ത ഇവളെ ഭാര്യയായി അങ്ങ് സ്വീകരിച്ചാലും."

ഋഷി പറഞ്ഞു: "ഞാൻ ഇവളെ ഭരിക്കുകയില്ലെന്നുള്ളത് എന്റെ നിശ്ചയമാണ്. എന്നിൽ ഒരിക്കലും അപ്രിയം കാണിക്കയുമരുത്. കാണിച്ചാൽ അന്ന് ഞാൻ ഇവളെ വിട്ടുപോവുകയും ചെയ്യും. അതിനു സമ്മതമുണ്ടെങ്കിൽ ഭവാന്റെ സഹോദരിയെ ഭിക്ഷയായി ഞാൻ സ്വീകരിക്കാം."

സൂതൻ പറഞ്ഞു: "വാസുകിഭഗിനിയുടെ ഭാരം കൈയേറ്റതിന്നുശേഷം, ജരൽക്കാരു വാസുകിയുടെ ഗൃഹത്തിൽ താമസമാക്കി. യതവ്രദിയും തപോവൃദ്ധനുമായ മുനി വിധിമന്ത്ര പുരസരം പാണിഗ്രഹണംചെയ്തു. ഭാര്യയോടുകൂടി മുനി ധന്യമായ മണിയറയിൽ പ്രവേശിച്ചു. മൃദുവായി വിരിച്ചിട്ട മെത്തയിൽ സഭാര്യനായി മുനി ശയിച്ചു. മെത്തയിൽക്കിടന്ന് അവൻ ഭാര്യയോട് തന്റെ നിശ്ചയത്തെ ധരിപ്പിച്ചു. 'എന്നിൽ നീ യാതൊരു അപ്രിയവും പറയരുത്. യാതൊരു അപ്രിയവും ചെയ്യരുത്. അപ്രിയം കാണിച്ചാൽ ഉടനെ നിന്നേയും, നിന്റെ ഗൃഹത്തേയും ഞാൻ ഉപേക്ഷിക്കും. എന്റെ ഈ വാക്കു ധന്യേ, നീ എപ്പോഴും ഓർമ്മിച്ചുകൊള്ളുക!' ഇതുകേട്ടു പരിഭ്രമത്തോടെ ആ നാഗേന്ദ്രസോദരി ദുഃഖത്തോടെ അതിന്നു വഴങ്ങി. ക്ലേശിപ്പിക്കുന്ന ഭർത്താവിനെ അവൾ ശുശ്രൂഷിച്ചുപോന്നു. അവൾ പട്ടിയെപ്പോലെ ജാഗ്രതയോടും, മാനിനെപ്പോലെ ഭയത്തോടും, കാക്കയെപ്പോലെ മുൻകരുതലോടുംകൂടി ശുശ്രൂഷിച്ച് മുനിയുടെ ഹൃദയം ഇണക്കി. ആ മനസ്വിനി ഒരു ദിവസം ഋതുസ്നാനം കഴിഞ്ഞ് വിധിപോലെ ഭർത്താവിനെ സമീപിച്ചു. അന്ന് അവൾക്കു ഗർഭം ഉണ്ടായി. ആ ഗർഭം

digitized by www.sreyas.in

വഹ്നിപോലെ ഉജ്ജ്വലമായിരുന്നു. ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ ഗർഭം വളർന്നു.

ഒരു ദിവസം ജരൽക്കാരു ഭാര്യയുടെ മടിയിൽ തലവെച്ചു ഖിന്നനായി ഉറങ്ങുകയായിരുന്നു. സൂര്യൻ അസ്തമിക്കുവാൻ ഭാവിക്കുന്ന ആ സമയത്ത് അവൾ ധർമ്മലോപഭയംമൂലം വിഷമിച്ചു ചിന്തിച്ചു: 'ഇപ്പോൾ ഭർത്താവിനെ വിളിച്ചുണർത്തുന്നതു പുണ്യമോ, പാപമോ? വിളിച്ചുണർത്തിയാൽ കോപിക്കുമോ? കോപിച്ചാൽ അദ്ദേഹത്തിന്നു ഞാൻ അപ്രിയം ചെയ്തതായി ഭാവിച്ച് അദ്ദേഹം പോയാലോ? വിളിക്കാതിരുന്നാൽ ധർമ്മലോപമാകുമോ ഒന്നു ധർമ്മശീലക്രോധം, മറ്റൊന്നു ധർമ്മലോപം. ഇതിൽ ഏതാണു വലിയത്?' ധർമ്മലോപം തന്നെ വലുതെന്നു ചിന്തിച്ച് അവൾ ഉണർത്തുവാനുറച്ചു. ഉണർത്തിയാൽ തീർച്ചയായും മുനി കോപിക്കും. സന്ധ്യതെറ്റിയാൽ മുനിക്കു ധർമ്മലോപം വന്നുകൂടുമല്ലോ. എന്നു വിചാരിച്ചു ജരൽക്കാരുനാഗാംഗന, ആ തപോധനനോട് ഇപ്രകാരം മധുരമായി, മൃദുവായി, പറഞ്ഞു.

പന്നഗി പറഞ്ഞു: "ആര്യ! വേഗം എണീക്കുക! സൂര്യൻ ഇതാ അസ്തമിക്കുവാൻപോകുന്നു. ഭഗവാനേ! നിഷ്ഠയോടുകൂടി സന്ധ്യാവന്ദനം ചെയ്യുക! അഗ്നിഹോത്രം ജ്വലിക്കുന്ന ഈ മുഹൂർത്തം രമ്യദാരുണമാണ്. നോക്കൂ നാഥ! പടിഞ്ഞാറെ ദിക്കിലേക്ക്. സന്ധ്യയായിരിക്കുന്നു!"

സൂതൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അവൾ മുനിയെ ഉണർത്തി. അത്യുഗ്രകോപത്തോടെ മുനി എഴുന്നേറ്റു ഭാര്യയോടു ചുണ്ടുവിറച്ചുകൊണ്ട് പറഞ്ഞു.

ജരൽക്കാരു പറഞ്ഞു: "എടീ പന്നഗി, നീ എന്നെ അവമാനിച്ചു! ഇനി നിന്റെ അരികിൽ ഞാൻ ഇരിക്കുന്നതല്ല. ഞാൻ വന്നപാടു പോവുകയാണ്! ഹേ സുന്ദരി, ഞാൻ ഉറങ്ങുമ്പോൾ സൂര്യന്ന് അസ്തമിക്കുവാൻ ധൈര്യമുണ്ടാകുമോ? അസ്തമിക്കുന്നതല്ലെന്ന് എനിക്കുറപ്പുണ്ട്. കാലം വന്നാലും സൂര്യൻ അസ്തമിക്കുവാൻ ധൈര്യപ്പെടുകയില്ല. ധിക്കാരം ഏറ്റ ഒരു ദിക്കിൽ പാർക്കുവാൻ ആർക്കും രുചിക്കുന്നതല്ല. പിന്നെ ധർമ്മശീലനായ ഞാനുണ്ടോ പൊറുക്കുന്നു?"

സൂതൻ പറഞ്ഞു: "മനസ്സ് കിടിലംകൊള്ളിക്കുന്നവിധം ഭർത്താവ് ഇപ്രകാരം പറഞ്ഞപ്പോൾ ഉരഗേന്ദ്രഭഗിനിയായ ജരൽക്കാരു പറഞ്ഞു: 'ഞാൻ ഭവാനെ ഉണർത്തിയത് അവമാനിച്ചുകൊണ്ടല്ലല്ലോ! അല്പവും ധർമ്മലോപം പറ്റരുതെന്ന് വിചാരിച്ചാണ്!' പ്രിയയുടെ വാക്കുകേട്ടു താപസികൻ പറഞ്ഞു: 'ഞാൻ ഒരിക്കലും അനൃതം പറയുന്നതല്ല. ഹേ! പന്നഗി, ഞാൻ ഇതാ പോകുന്നു. മുമ്പു ഞാൻ നിന്നോടു ചെയ്ത കരാറ് അപ്രകാരമാണല്ലോ. നീ ഭ്രാതാവിനോട് ഞാൻ പോയതായി പറയുക. വ്യസനിക്കാതെ സസുഖം വാഴുക!' ഇപ്രകാരം മുനി പറഞ്ഞപ്പോൾ പന്നഗി കരഞ്ഞ്, വിഷണ്ണയായി, ഇടറുന്ന വാക്കോടുകൂടി, വിളർത്ത മുഖത്തോടുകൂടി, തൊഴുതു കണ്ണുനീരൊലിപ്പിച്ച്, ധൈര്യത്തോടും, അതേസമയം ഹൃദയത്തുടിപ്പോടുംകൂടി പറഞ്ഞു: 'ഹേ ധർമ്മജ്ഞ! തെറ്റൊന്നും ചെയ്യാത്ത എന്നെ ഉപേക്ഷിച്ചു പോകരുതേ! പ്രിയംചെയ്തും ധർമ്മം കാക്കുന്നവളല്ലേ ഞാൻ! അങ്ങയ്ക്ക് എന്നെ തരുന്നതിന്നു മൂലകാരണമായ ഫലം നേടാത്ത എന്നെ ഉപേക്ഷിക്കരുതേ! വാസുകി എന്തു പറയും! മാതൃശാപാർത്തരായ എന്റെ ജ്ഞാതികൾക്ക് ഇഷ്ടം ചെയ്യുവാൻ ഭവാനിൽ എനിക്കു സന്താനമുണ്ടായില്ലല്ലോ. നാം തമ്മിലുള്ള സംബന്ധം ഭവാൻ നിഷ്ഫലമാക്കരുതേ! ഭഗവാനേ, പ്രസാദിച്ചാലും! ജ്ഞാതിവർഗ്ഗത്തിന്നു ക്ഷേമം ആശിക്കുന്ന എന്നെ, ഗർഭം വ്യക്തമാക്കാത്ത എന്നെ, വിട്ടുപോകരുതേ! ഞാൻ നിർദ്ദോഷിയാണേ.' ഇപ്രകാരം താണുകേണപേക്ഷിക്കുന്ന പത്നിയോടു ജരൽക്കാരു പറഞ്ഞു: 'ഹേ സുഭഗേ, അഗ്നിസമപ്രഭമായ ഗർഭം നിന്നിലുണ്ട്. ആ ഗർഭം വേദവേദാംഗവേദിയായി, ധർമ്മിഷ്ഠനായി, ഭവിക്കും.' ഇപ്രകാരം പറഞ്ഞു സത്യവാനായ ജരൽക്കാരുമുനി വീണ്ടും തപസ്സിന്നായി നിശ്ചയിച്ച് അവിടെനിന്നു പോയി."

48. ആസ്തീകോല്പത്തി – സൂതൻ കഥ തുടർന്നു: "ഭർത്താവ് പോയതിന്നുശേഷം സഹോദരന്റെ അടുത്തു ചെന്നു ജരൽക്കാരുസഹോദരി വിവരം അറിയിച്ചു. അപ്രിയമായ ഈ വർത്തമാനം കേട്ടു വാസുകി വ്യസനിക്കുന്ന സഹോദരിയോടു ദുഃഖാർത്തനായി ചോദിച്ചു.

വാസുകി പറഞ്ഞു: "ഭദ്രേ! നീ ദാനകാര്യത്തിന്റെ പ്രയോജനം അറിയുന്നുണ്ടല്ലോ. പന്നഗങ്ങളുടെ നന്മയ്ക്കുവേണ്ടി പുത്രലാഭത്തിന്നാണല്ലോ നിന്നെ മഹർഷിക്കു സമർപ്പിച്ചത്. അവൻ സർപ്പസത്രത്തിൽനിന്ന് നമ്മൾക്കു മോക്ഷം നല്കും എന്നാണല്ലോ ദേവന്മാരോടുകൂടിനിന്നു ബ്രഹ്മാവു പറഞ്ഞത്. ആ പുണ്യവാനിൽനിന്നു നിനക്ക് ഗർഭം ഉണ്ടായിട്ടുണ്ടോ? ആ പുണ്യവാന്റെ ഗാർഹസ്ഥ്യം നിഷ്ഫലമാകുവാൻ ഇടയില്ലല്ലോ. ഇത്തരം കാര്യങ്ങൾ നിന്നോടു ചോദിക്കുന്നത് ഉചിതമല്ല. കാര്യഗൗരവമോർത്ത് ഞാൻ ചോദിക്കുകയാണ്. വീരനായ നിന്റെ ഭർത്താവിന്റെ തപോവീര്യമോർത്ത് ഞാൻ പിമ്പേ അന്വേഷിച്ചു ചെല്ലുവാൻ ധൈര്യപ്പെടുന്നില്ല. അവൻ എന്നെ ശപിച്ചാലോ എന്നു ഭയപ്പെടുന്നു. ഭദ്രേ! ഉള്ള കാര്യം പറയൂ. എന്റെ ഹൃദയം ദുഃഖത്തിലാഴുന്നു. എന്റെ ഹൃദയത്തിൽ ചിരകാലമായി തറച്ചിട്ടുള്ള മുള്ള് നീ വലിച്ചുകളയുക!"

സൂതൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന വാസുകിയോട് ജരൽക്കാരു പതുക്കെ അവന്റെ ഹൃദയം സമാശ്വസിപ്പിക്കുമാറ് പറഞ്ഞു.

പന്നഗി പറഞ്ഞു: "പുത്രകാര്യത്തെക്കുറിച്ച് അദ്ദേഹം പോകുമ്പോൾ, ഞാൻ ചോദിച്ചു. 'അസ്തി' (ഉണ്ട്) എന്നു പറഞ്ഞ് അദ്ദേഹം പോയി. വിനോദത്തിൽപ്പോലും അദ്ദേഹം പൊളിപറയുന്നവനല്ല. പിന്നെ വ്യസനിക്കുന്ന എന്നോട് അദ്ദേഹം പൊളി പറയുന്നതല്ല. 'ഹേ, പന്നഗി! നീ സന്തപിക്കേണ്ടതില്ല. നിനക്ക് അഗ്നിപോലെയും, അർക്കൻപോലെയുമുള്ള ഒരു പുത്രൻ ജനിക്കും.' ഇപ്രകാരം പറഞ്ഞാണ് ജ്യേഷ്ഠ, എന്റെ ഭർത്താവ് എന്നെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞത്. അതുകൊണ്ട് വളരെക്കാലമായി ഹൃദയത്തിൽ വർദ്ധിച്ചിരുന്ന അല്ലൽ ഉപേക്ഷിക്കുക!"

സൂതൻ പറഞ്ഞു: "ഈ വാക്കുകേട്ട് ശ്രീമാനായ വാസുകി രസത്തോടെ 'ആകട്ടെ' എന്നു ഭഗിനീഭാഷിതത്തെ കൊണ്ടാടി. അവൻ ഭഗിനിയെ സാന്ത്വനംചെയ്തു. വിത്തദാനംകൊണ്ടും പൂജനംകൊണ്ടും ഇഷ്ടമുള്ള മറ്റു ദാനങ്ങൾകൊണ്ടും സഹോദരിയെ പ്രീതിപ്പെടുത്തി.

മഹാതേജഃപ്രകാശത്തോടെ ഗർഭം വളർന്നു. ശുക്ലപക്ഷത്തിലെ ചന്ദ്രനെന്നവിധം ക്രമേണ വളർന്നു. ആ നാഗനാരി യഥാകാലം പ്രസവിച്ചു, പിതൃമാതൃഭയം തീർക്കുന്ന ദേവഗർഭാഭനായ ഒരു ബാലൻ ജനിച്ചു. അവൻ നാഗരാജാവിന്റെ ഭവനത്തിൽ വളർന്നു. ച്യവനഭാർഗ്ഗവനിൽനിന്ന് അവൻ സാംഗവേദങ്ങൾ അഭ്യസിച്ചു. ബാല്യത്തിൽത്തന്നെ ബുദ്ധിഗുണംകൊണ്ട് അവൻ വ്രതങ്ങൾ സ്വീകരിച്ചു. 'ആസ്തീകൻ' എന്ന പേരിൽ അവൻ പ്രസിദ്ധനായി. പിതാവ് അമ്മയെ വിട്ടുപോകുമ്പോൾ, അവൻ ഗർഭത്തിൽ വർത്തിക്കുമ്പോൾ, 'അസ്തി ഉണ്ട്' എന്ന് അച്ഛൻ അമ്മയോടു പറഞ്ഞതുകാരണം അവന്ന് 'ആസ്തീകൻ' എന്ന പേർ പ്രസിദ്ധമായി. നാഗരാജാവിന്റെ രക്ഷയിൽ അവൻ ദീപ്തിമാനും, ദേവദേവനുമായ ശൂലിയെപ്പോലെ വളർന്നുവന്ന്, പന്നഗങ്ങൾക്കു സന്തോഷം വളർത്തി."

49. പരീക്ഷിദുപാഖ്യാനം – ശൗനകൻ പറഞ്ഞു: "ജനമേജയൻ അച്ഛന്റെ മരണത്തെക്കുറിച്ച് മന്ത്രിമാരോടു ചോദിച്ചത് എന്താണ്? ഭവാൻ അതും വിസ്തരിച്ചു പറയുക."

സൂതൻ പറഞ്ഞു: "മുനേ, മന്ത്രിമാരോട് ജനമേജയൻ ചോദിച്ചതും, പരീക്ഷിത്തിന്റെ മരണത്തെപ്പറ്റി അവർ പറഞ്ഞതും എല്ലാം ഞാൻ പറയാം."

ജനമേജയൻ പറഞ്ഞു: "അച്ഛന്റെ ചരിതം നിങ്ങൾ എല്ലാവരും അറിയും. കീർത്തികേട്ട അവിടുത്തെ മരണവും ഭവാൻ

digitized by www.sreyas.in

പറഞ്ഞു കേട്ടതിന്നുശേഷം, അദ്ദേഹത്തിന്നുവേണ്ടി മംഗളം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റൊന്നും ഞാൻ ചിന്തിക്കുന്നില്ല."

സൂതൻ പറഞ്ഞു: "ഇപ്രകാരം ജനമേജയൻ പറഞ്ഞതുകേട്ട് മന്ത്രിമാർ ജനമേജയനോടു പറഞ്ഞു."

മന്ത്രിമാർ പറഞ്ഞു: "രാജാവിന്റെ ചരിത്രവും, മാന്യനായ അദ്ദേഹം മരിച്ച കഥയും വിഭോ! ഞങ്ങൾ പറയാം. ധർമ്മപരനും പൂജ്യനുമായ രാജാവ് തന്റെ ചാതുർവർണ്ണ്യം തെറ്റാതെ സ്വധർമ്മം ചെയ്തുപോരുന്നവിധം, മൂർത്തിമത്തായ ധർമ്മം എന്നപോലെ, രാജ്യത്തെ പാലിച്ചു. ഭൂരിശ്രീമാനും അതുല്യവിക്രമനുമായി രാജാവ് ഭൂമിഭരിക്കുമ്പോൾ അദ്ദേഹത്തിന്നു അദ്ദേഹത്തിന്നു ശത്രുക്കളുണ്ടായിരുന്നില്ല. അദ്ദേഹം ആരുടെയും ശത്രുവുമായിരുന്നില്ല. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരെല്ലാം സർവ്വഭൂതസമനും പ്രജാപതിതുല്യനുമായ രാജാവിന്റെ രക്ഷയിൽ സർവ്വോൽക്കർഷത്തോടെ വർത്തിച്ചു. വിധവകൾക്കും, അനാഥർക്കും, ദരിദ്രർക്കും, വികലർക്കും അദ്ദേഹം ആശ്രയമായി വിളങ്ങി. ചന്ദ്രനെപ്പോലെ രാജാവ് എല്ലാവർക്കും പ്രിയദർശനനായി. സന്തുഷ്ടരും പരിപുഷ്ടരുമായ പ്രജകളോടുകൂടിയവനും, സത്യനിഷ്ഠനും, ശ്രീമാനും, പരാക്രമിയുമായ അദ്ദേഹം ധനുർവ്വേദത്തിൽ കൃപാചാര്യന്റെ ശിഷ്യനുമായിരുന്നു. കൃഷ്ണന്നും ഭവാന്റെ അച്ഛൻ ഇഷ്ടനായിരുന്നു. കുരുവംശം നശിച്ചകാലത്ത് ഉത്തരയിൽ പിറന്നവനായ അദ്ദേഹം എല്ലാവരുടെയും പ്രിയനായി. അഭിമന്യുവിന്റെ പുത്രനായ അദ്ദേഹം പരീക്ഷിത്ത് എന്ന വിശ്രുതനായിരുന്നു. രാജധർമ്മകുശലനും രാജധർമ്മഗുണോജ്ജ്വലനും ജിതേന്ദ്രിയനും ബുദ്ധിശാലിയും നീതിശാസ്ത്രജ്ഞനും ഉത്തമനുമായ ഭവാന്റെ പിതാവ് അറുപതുകൊല്ലം ഭംഗിയായി പ്രജകളെ പാലിച്ചു. പിന്നെ എല്ലാവർക്കും ദുഃഖമുണ്ടാക്കുന്നവിധം അവസാനിക്കുകയുംചെയ്തു. പിന്നീട് ഭവാൻ ധർമ്മാനുസരണം രാജ്യഭാരം കൈയേറ്റു. ഇനി ഭവാൻ ആയിരം വർഷം സർവ്വോർഷേണ പ്രജാപാലനംചെയ്തു വർത്തിച്ചാലും! ബാല്യത്തിൽത്തന്നെ ഭവാൻ രാജാവായല്ലോ!"

ജനമേജയൻ പറഞ്ഞു: "പിതാമഹന്മാരുടെ ചരിതം നിനയ്ക്കുമ്പോൾ നമ്മുടെ വംശത്തിൽ ആരും പ്രജകളുടെ ഹിതം നോക്കാതെ ഭരിച്ചതായി കാണുന്നില്ല. അപ്രകാരം വാണ എന്റെ അച്ഛൻ എങ്ങനെയാണ് മൃതനായതെന്നു മുറയ്ക്ക് എന്നോടു പറയുക. അതു കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്."

സൂതൻ പറഞ്ഞു: "രാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ പ്രിയഹിതം പറയുന്നവരായ മന്ത്രിമാർ പറഞ്ഞു."

മന്ത്രിമാർ പറഞ്ഞു: "സർവ്വപൃത്ഥ്വീശ്വരനും സർവ്വശാസ്ത്രവിചക്ഷണനുമായ രാജാവ് നായാട്ടിൽ വലിയ തൽപരനായിത്തീർന്നു. വില്ലാളിവീരനായ പാണ്ഡുവിനെപ്പോലെതന്നെ ഭവാന്റെ പിതാവും മൃഗയാതൽപരനായി; ഞങ്ങളിൽ രാജ്യഭാരമൊക്കെ ഏല്പിച്ച് കാട്ടിൽ നായാട്ടിന്നു പോയി. ഒരു മാനിനെ അമ്പെയ്തു. അമ്പേറ്റ് പായുന്ന മാനിന്റെ പിന്നാലെ രാജാവ് ഓടി. വില്ലും തൂണിയും വാളുമായി കാൽനടയായി രാജാവ് കുതിച്ചു. മാനിനെ കണ്ടെത്തിയില്ല. അറുപതുവയസ്സു ചെന്നവനും, ജരബാധിച്ചവനുമായ രാജാവ് ക്ഷീണിച്ച്, ദാഹിച്ച്, വിശന്ന് അവശനായി. അപ്പോൾ കാട്ടിൽ ഒരു മുനിയെ കണ്ടു. മൗനിയും, ശാന്തനും, കുറ്റിപോലെ നിശ്ചലനായി നില്ക്കുന്നവനുമായ മുനിയോട് രാജാവ് മാനിനെക്കണ്ടുവോ എന്നു ചോദിച്ചു. മുനി മറുപടി പറഞ്ഞില്ല. രാജാവിന്നു കോപമായി! മൗനവ്രതമാണ് മുനിക്കെന്നറിയാതെ രാജാവ് ആ മഹർഷിയെ നിന്ദിച്ചു. അല്പം അകലെ ചത്തുകിടന്നിരുന്ന ഒരു പാമ്പിനെ വില്ലുകൊണ്ട് തോണ്ടിയെടുത്ത് ശുദ്ധാത്മാവായ ആ മുനിയുടെ കഴുത്തിലിട്ടു. മുനി എന്നിട്ടും ഒന്നും മിണ്ടിയില്ല. നല്ലതും പറഞ്ഞില്ല, ചീത്തയും പറഞ്ഞില്ല. അവൻ ആ സർപ്പവും ഭേസി അക്ഷോഭ്യനായി അങ്ങനെ നിന്നനിലയിൽത്തന്നെ നിന്നു.

50. പരീക്ഷിത്തും മന്ത്രിമാരും തമ്മിലുള്ള സംവാദം – മന്ത്രിമാർ പറഞ്ഞു: "പിന്നെ, വിശന്നുവലഞ്ഞ ആ രാജാവ്, ഹേ, മന്നവേന്ദ്ര! മുനിയുടെ കഴുത്തിൽ പാമ്പിനെ ഇട്ടതിന്നുശേഷം വേഗത്തിൽ ഹസ്തിനപുരത്തേക്കു മടങ്ങി. ആര്യനായ ആ മുനിക്ക് ഒരു പശുവിലുണ്ടായ പുത്രനാണ് ശൃംഗി. ക്ഷിപ്രകോപനായ ആ മഹർഷി ബ്രഹ്മാവിനെക്കണ്ട് വന്ദിച്ചു മടങ്ങുന്ന വഴിക്ക്, ഭവാന്റെ അച്ഛൻ അവന്റെ അച്ഛന്റെ കഴുത്തിൽ ചത്ത പാമ്പിനെ അണിയിച്ച വൃത്താന്തം സ്നേഹിതനിൽനിന്ന് അറിഞ്ഞു. തന്റെ പിതാവിനെ രാജാവു നിന്ദിച്ചതു ശൃംഗി മനസ്സിലാക്കി. ചത്ത പാമ്പിനെ കഴുത്തിൽ ധരിച്ച്, യാതൊരു കുറ്റവും ചെയ്യാതെ, മഹാതപസ്വിയും, വിപുലമഹസ്സും, ജിതേന്ദ്രിയനും, ശുദ്ധശീലനും, കർമ്മനിഷ്ഠയിൽ നില്ക്കുന്നവനും, തപസ്സുകൊണ്ടു ദ്യോതിതാത്മാവായി സ്വാംഗസംയമത്തോടുകൂടിയവനും, ശുഭാചാരനും, ശുഭചരിതനും, ശുഭസ്ഥിതനും, അലോലുപനും, അക്ഷുദ്രനും, അനസൂയനും, വൃദ്ധനും, മൗനവ്രതസ്ഥിതനുമായ മുനിസത്തമനെ ശരണ്യനായ ഭവാന്റെ പിതാവ് ധർഷിച്ചു എന്നു കേട്ടപ്പോൾ ശൃംഗി കത്തിജ്ജ്വലിക്കുന്ന കോപത്തോടെ അങ്ങയുടെ അച്ഛനെ ശപിച്ചു. ഋഷിപുത്രൻ ബാലനാണെങ്കിലും വൃദ്ധർഷിയെപ്പോലെ ശോഭിക്കുന്നവനാണ്. ജലസ്പർശംചെയ്തു ശുദ്ധനായി, ജ്വലിക്കുന്ന കോപത്തോടെ ആ തപോധനൻ ഭവാന്റെ അച്ഛനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു."

ശൃംഗി പറഞ്ഞു: "നിർദ്ദോഷിയായ എന്റെ അച്ഛന്റെ കഴുത്തിൽ ചത്ത പാമ്പിനെ അണിയിച്ച ദുഷ്ടനെ, ആശീവിഷനും, തീക്ഷ്ണവിഷനുമായ തക്ഷകൻ എന്റെ വാക്കാൽ ദംശിച്ചു ഭസ്മമാക്കും. ഏഴുദിവസത്തിനുള്ളിൽ എന്റെ ശാപത്തിന്റെ ഫലം നിങ്ങൾക്കു കാണാം!"

മന്ത്രിമാർ തുടർന്നു: "ഇപ്രകാരം ഘോരമായ ശാപം കൊടുത്ത് അവൻ അച്ഛന്റെ അരികിലേക്കു ചെന്നു. വൃത്താന്തം അറിഞ്ഞ് ദുഃഖിച്ച അവന്റെ അച്ഛൻ ഗൗരമുഖൻ എന്ന തന്റെ ശിഷ്യനെ രാജാവിന്റെ അടുത്തേക്കു വിട്ടു. അവൻ വന്നു വിശ്രമിച്ച് രാജാവിനോടു സാവകാശം ശാപവൃത്താന്തം മുനിയുടെ വാക്കിൽ ഉണർത്തിച്ചു: 'ഹേ, മന്നവേന്ദ്ര! ഭവാനെ എന്റെ പുത്രൻ ശപിച്ചതിൽ ഞാൻ വിഷാദിക്കുന്നു! ഭവാൻ സൂക്ഷിച്ചിരിക്കുക! ഏഴുദിവസത്തിനുള്ളിൽ തക്ഷകൻ ഭവാനെ കടിച്ചുകൊല്ലും!'

ഘോരമായ ഈ വാക്കുകൾ കേട്ടു രാജാവ് സർപ്പദംശനഭയംമൂലം സൂക്ഷിച്ച് ഇരുന്നു. പിന്നെ, ഏഴാമത്തെ ദിവസം വന്നെത്തിയപ്പോൾ ബ്രഹ്മർഷിയായ കാശ്യപൻ രാജസന്നിധിയിലേക്കു പുറപ്പെട്ടു. വഴിക്കുവെച്ചു കാശ്യപനെ മൂർഖനായ തക്ഷകൻ കണ്ടെത്തി. ദ്വിജവേഷത്തിൽ തക്ഷകൻ മുന്നിൽവന്നു ചോദിച്ചു: 'ഭവാൻ എങ്ങോട്ടു പോകുന്നു? അവിടെ എന്താണ് അങ്ങേയ്ക്കു കാര്യം?'

കാശ്യപൻ പറഞ്ഞു: "ഹേ, ദ്വിജ! നരനാഥനും കുരുശ്രേഷ്ഠനുമായ പരീക്ഷിത്തുരാജാവിനെ കാണുവാൻപോവുകയാണ്. അവൻ ഇന്നു ക്രുദ്ധനായ തക്ഷകന്റെ കടിയേറ്റു ചാകുമെന്നു കേൾക്കുന്നു. ഞാൻ അവനെ രക്ഷപ്പെടുത്തുവാൻ പോകയാണ്. ഞാൻ രക്ഷിക്കുന്ന അവനെ ദ്രോഹിക്കുവാൻ തക്ഷകന്നു കഴിയുകയില്ല."

തക്ഷകൻ പറഞ്ഞു: "ഞാൻ കടിക്കുന്നവനെ നീ രക്ഷിക്കുവാൻ പോകുയാണോ? ആ തക്ഷകൻ ഞാനാണ്. നിനക്ക് എന്റെ മഹാത്ഭുതമായ വീര്യം കാണേണമോ? കാട്ടിത്തരാം." എന്നു പറഞ്ഞ് ആ ഉഗ്രസർപ്പം ഒരു ആലിന്മേൽ കൊത്തി. "ഞാൻ കൊത്തുന്ന അവനെ ജീവിപ്പിക്കുവാൻ നീ ശക്തനല്ല."

മന്ത്രിമാർ പറഞ്ഞു: "അവൻ ഇപ്രകാരം പറഞ്ഞ് ആ വൃക്ഷത്തിന്മേൽ കൊത്തി. കടിച്ച മാത്രയിൽ മരം വെന്തു വെണ്ണീറായി. ഉടനെ കാശ്യപൻ ആ വെണ്ണീറിൽനിന്നു മരത്തിനെ ജീവിപ്പിച്ചുയർത്തി. ഇതു കണ്ടപ്പോൾ തക്ഷകൻ അവന്ന് ഇഷ്ടമുള്ളതു കൊടുക്കാമെന്ന് പ്രലോഭിപ്പിച്ചു കാശ്യപൻ പറഞ്ഞു: 'ഞാൻ ധനാർത്ഥിയാണ്.' തക്ഷകൻ ഇതു കേട്ടു മധുരമായ

digitized by www.sreyas.in

വാക്കുകൾ പറഞ്ഞു: 'നീ രാജാവിൽനിന്ന് എത്ര ധനം ഇച്ഛിക്കുന്നുവോ, അത്ര ധനം ഞാൻ തരാം. അതിലുമധികവും തരാം. എന്നിൽനിന്നു വാങ്ങിക്കൊള്ളുക. എന്നിട്ട് ഭവാൻ പിന്തിരിഞ്ഞാലും!' തക്ഷകൻ പറഞ്ഞപ്രകാരം ധനംവാങ്ങി കാശ്യപൻ തിരിച്ചുപോയി. വിപ്രൻ പോയതിന്നു ശേഷം ചതിയാൽ ചെന്നു തക്ഷകൻ സൗധത്തിൽ സൂക്ഷിച്ചിരിക്കുന്ന രാജാവിനെ കടിച്ചു ദഹിപ്പിച്ചു. പിന്നെ, ഭവാൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ഇതു ഞാൻ കണ്ടതും കേട്ടതുമായ സംഭവങ്ങളാണ്. ഇപ്രകാരം രാജാവിന്റേയും, ഉത്തങ്കഋഷിയുടേയും പരാഭവം കേട്ടതിന്നു ശേഷം ഇനി വേണ്ടതു ഭവാൻ ചെയ്താലും!"

സൂതൻ പറഞ്ഞു: "ഇപ്രകാരം മന്ത്രിമാർ പറഞ്ഞപ്പോൾ അരിന്ദമനായ ജനമേജയരാജാവ് മന്ത്രിമാരോടു പറഞ്ഞു:"

ജനമേജയൻ പറഞ്ഞു: "വൃക്ഷത്തിൽ ഇപ്രകാരം ആശ്ചര്യം കാണിച്ച നിലയ്ക്ക് കാശ്യപൻ മന്ത്രംകൊണ്ടു വിഷം തീർത്താൽ അച്ഛനു നാശം സംഭവിക്കില്ലായിരുന്നു! താൻ വിഷമേല്പിക്കുന്ന രാജാവിനെ കാശ്യപൻ ജീവിപ്പിച്ചാൽ തനിക്ക് വിഷം കെട്ടുപോയെന്ന് ജനശ്രുതി പരക്കുമെന്ന് തക്ഷകൻ കരുതിയിരിക്കണം. നാട്ടുകാരുടെ പരിഹാസത്തിന്നു തക്ഷകൻ പാത്രമാകും എന്നു വിചാരിച്ച് തക്ഷകൻ കാശ്യപനെ പ്രസാദിപ്പിച്ചിരിക്കണം! ആട്ടെ, ഉപായമുണ്ട്! ആ ദുഷ്ടന്നു തീവ്രമായ വേദന ഞാനുണ്ടാക്കാം.

വിജനമായ വനത്തിൽവെച്ചു തക്ഷകനും കാശ്യപനും തമ്മിൽ നടന്ന സംഭാഷണം ആരാണ് കേട്ടത്? ആരാണ് കണ്ടത്? നിങ്ങൾ എങ്ങനെ ഈ സംഗതി അറിഞ്ഞു? ഇതൊക്കെ അറിയാൻ ഞാനാഗ്രഹിക്കുന്നു. എല്ലാം അറിഞ്ഞതിന്നുശേഷം ഞാൻ നാഗങ്ങളെ സംഹരിക്കുവാനുള്ള മാർഗ്ഗം ചിന്തിക്കാം, പ്രവർത്തിക്കാം."

മന്ത്രിമാർ പറഞ്ഞു: "രാജാവേ, ആരാണ് അക്കാലത്ത് വഴിയിൽവെച്ച് കാശ്യപതക്ഷകസംവാദം കേട്ട് ഞങ്ങളോടു പറഞ്ഞതെന്നുള്ളത് പറയാം.

വിറകിന്നായി ഒരു മർത്ത്യൻ മരത്തിൽ ഉണക്കക്കൊമ്പു നോക്കി മുകളിൽക്കയറി ഇരിക്കുകയായിരുന്നു. ആ ദ്രുമത്തിൽ ഒരു മനുഷ്യൻ ഇരിപ്പുണ്ടെന്ന് ഉരഗമാകട്ടെ, ദ്വിജനാകട്ടെ അറിഞ്ഞിരുന്നില്ല. അവൻ ആ മരത്തോടൊപ്പം ഭസ്മമായി! വിപ്രന്റെ പ്രഭാവംമൂലം വൃക്ഷത്തോടൊപ്പം വീണ്ടും ജീവിക്കുകയും ചെയ്തു. ആ തക്ഷകദ്വിജന്മാരുടെ വൃത്താന്തം ഉണ്ടായതെല്ലാം, കണ്ടതും കേട്ടതുമായ വൃത്താന്തങ്ങളെല്ലാം, ആ ചത്തുജീവിച്ച മനുഷ്യൻ പറഞ്ഞു ഞങ്ങളെ കേൾപ്പിച്ചു. രാജാവേ! എല്ലാം കേട്ടറിഞ്ഞ് വേണ്ടതെന്തെന്നു ഭവാൻ കല്പിച്ചാലും!"

സൂതൻ പറഞ്ഞു: "ഇപ്രകാരം മന്ത്രി പറഞ്ഞതു കേട്ടപ്പോൾ ജനമേജയരാജാവ് വല്ലാതെ ദുഃഖിച്ചു. കൈയും, കാലും ഞെരിച്ച്, ഇടയ്ക്കു നെടുവീർപ്പിട്ട്, ചുടുബാഷ്പം പൊഴിച്ച്, ഒഴുകുന്ന കണ്ണുനീരോടുകൂടി വല്ലാതെ കരഞ്ഞു. വർദ്ധിച്ച ദുഃഖശോകങ്ങളാൽ ആർത്തനായി, രാജാവ് അടക്കുവാൻ വയ്യാത്ത കണ്ണുനീരുവാർത്ത്, ആചമിച്ച്, മുഹൂർത്തസമയം ചിന്തിച്ച്, മനസ്സിൽ ഒന്ന് ഉറച്ച്, അമർഷത്തോടെ അമാത്യന്മാരോടു കല്പിച്ചു."

ജനമേജയൻ പറഞ്ഞു: "അച്ഛന്റെ നിര്യാണം നിങ്ങൾ പറഞ്ഞു ഞാൻ കേട്ടു. ഞാൻ ഒന്നു മനസ്സിൽ വിചാരിച്ചുറച്ചിരിക്കുന്നു. അതും നിങ്ങൾ കേൾക്കുക! ആ ദുഷ്ടനായ തക്ഷകനോടു പകരംചെയ്യുവാൻ ഞാൻ വിചാരിക്കുന്നു. ശൃംഗിയെ ഒരു കാരണമാക്കി തക്ഷകൻ എന്റെ അച്ഛനെ കടിച്ചുകൊന്നു. അതിൽ കാശ്യപനെ മടക്കി അയച്ചു എന്നതാണ് അധികമായ ദുഷ്ടത. ആ വിപ്രൻ വന്നിരുന്നെങ്കിൽ അച്ഛൻ ജീവിക്കുമായിരുന്നു. കാശ്യപന്റെ കൃപകൊണ്ടും, മന്ത്രിമാരുടെ നീതികൊണ്ടും രാജാവ് ജീവിച്ചാൽ അവന്ന് എന്തു നഷ്ടമുണ്ട്! കാശ്യപനെ മടക്കിവിട്ടതാണ് വലിയ അക്രമം! രാജാവ് ജീവിക്കാതിരിക്കുവാൻ അവന്നു ധനംപോലും കൊടുത്തുവല്ലോ! അതുകൊണ്ട് ഉത്തങ്കന്നു രസവും, എനിക്കു പ്രിയവും, നിങ്ങൾക്ക് ഇഷ്ടവുമായ വിധം ഞാൻ അവനോടു പകവീട്ടുന്നതാണ്."

51. സർപ്പസത്രോദ്യമം – സൂതൻ പറഞ്ഞു: "മന്ത്രിമാരുടെ സമ്മതത്തോടുകൂടി ജനമേജയരാജാവ് സർപ്പസത്രം കഴിക്കുവാൻ മനസ്സുകൊണ്ട് ഉറപ്പിച്ച് സത്യം ചെയ്തു. അല്ലയോ വിപ്ര! ഭാരതശാർദ്ദൂലനായ പരീക്ഷിത്തിന്റെ പുത്രനായ മന്നവൻ ഋത്വിക്കുകളോടുകൂടി പുരോഹിതന്മാരെ വരുത്തി. വാഗ്മിയായ രാജാവ് ഇപ്രകാരം കാര്യസിദ്ധിക്കു ചേർന്നവിധം പറഞ്ഞു."

ജനമേജയൻ പറഞ്ഞു: "ദുഷ്ടനായ തക്ഷകൻ എന്റെ അച്ഛനെ കൊന്നതിന്നു ഞാൻ പ്രതിക്രിയയ്ക്ക് ഒരുങ്ങുകയാണ്! അത് എങ്ങനെ വേണമെന്നു നിങ്ങൾ വിധിച്ചാലും. തക്ഷകനെ അവന്റെ സകല ബന്ധുവർഗ്ഗത്തോടുകൂടി അഗ്നിയിൽ ദഹിപ്പിച്ചുകളയണം. അതിന്നു വേണ്ടുന്ന ക്രിയാക്രമം നിങ്ങൾക്ക് അറിയുമോ? എന്റെ അച്ഛനെ അവൻ വിഷാഗ്നിയിൽ ദഹിപ്പിച്ചു. അതുപോലെ ദുഷ്ടനായ ആ പന്നഗത്തെ അഗ്നിയിൽ പൊരിക്കണം എന്നാണ് എന്റെ ആശ."

ഋത്വിക്കുകൾ പറഞ്ഞു: "ദേവകല്പിതമായ ഒരു മഹാസത്രമുണ്ട്. ഹേ, ജഗൽപ്പതേ, 'സർപ്പസത്രം' എന്നാണതിന്നു പേര്. പൗരാണികന്മാർ പറയുന്ന ആ സർപ്പസത്രം ഭവാനല്ലാതെ മറ്റാരും ചെയ്യുന്നതല്ല. പൗരാണികർ കഥിച്ച ആ യാഗം ഞങ്ങൾക്കറിയാം."

സൂതൻ പറഞ്ഞു: "ഋത്വിക്കുകൾ പറഞ്ഞപ്പോൾ രാജാവ് തക്ഷകൻ കത്തുന്ന തീയിൽ എത്തി എന്നും, അവൻ വെന്തുപോയി എന്നു വിചാരിച്ചു. എന്നിട്ടു മന്ത്രജ്ഞരായ വിപ്രന്മാരോടു രാജാവു പറഞ്ഞു: 'ആ സത്രത്തിന്നു വേണ്ടതൊക്കെ ഒരുക്കുവിൻ.'

ഋത്വിക്കുകൾ ഉടനെ ശാസ്ത്രത്തിൽ പറഞ്ഞപ്രകാരം സത്രശാലയ്ക്കുള്ള ഭൂമി ആദ്യമായി അളപ്പിച്ചു. വേദവിദ്യാവിദഗ്ദ്ധന്മാരും, ശുദ്ധന്മാരും, ബുദ്ധിമാന്മാരുമായ വിപ്രന്മാർ വന്നുചേർന്നു. ധനധാന്യങ്ങൾ സമൃദ്ധിയായി ഒരുക്കി. ഋത്വിക്കുകളും വന്നുചേർന്നു. വിധിപ്രകാരം, സത്രശാല തീർപ്പിച്ചു. പിന്നെ രാജാവിന്ന് സർപ്പസത്രത്തിൽ ദീക്ഷ നടത്തി.

സർപ്പസത്രം തുടങ്ങുന്ന മുഹൂർത്തത്തിൽ യജ്ഞത്തിന്നു വിഘ്നം സംഭവിക്കുമെന്നവിധം ഒരു നിമിത്തമുണ്ടായി. യജ്ഞശാല ഉണ്ടാക്കുന്ന യത്നത്തിൽത്തന്നെ അതു തച്ചുശാസ്ത്രജ്ഞൻ പറഞ്ഞു ബുദ്ധിമാനും, തച്ചുശാസ്ത്രമറിയുന്നവനും, പൗരാണികനും, സൂതനും, സൂത്രധാരനുമായ 'മൂത്താശാരി' വിധിച്ചു: 'ഈ ദേശകാലയോഗംകൊണ്ടു ചിന്തിക്കുമ്പോൾ ഇപ്രകാരം യാഗശാല അളക്കുകയാൽ ബ്രാഹ്മണൻമൂലം ഈ യാഗം പൂർത്തിയാകുന്നതല്ല.' ദീക്ഷയ്ക്കുമുമ്പു രാജാവ് ഇതു കേട്ട് കാവൽക്കാരോടു പറഞ്ഞുറപ്പിച്ചു: 'ഞാൻ അറിയാതെ ഇനി ആരും ഈ യാഗശാലയിൽ കയററുത്.'"

52. സർപ്പസത്രോപക്രമം – സൂതൻ പറഞ്ഞു: "അനന്തരം വിധിപോലെ സർപ്പസത്രം തുടങ്ങി. യാജകന്മാർ മുറപോലെ സർപ്പസത്രം ആരംഭിച്ചു. കറുത്ത വസ്ത്രം ധരിച്ച്, ധൂമംകൊണ്ട് അരുണാക്ഷരായി, ജ്വലിച്ച അഗ്നിയിൽ മന്ത്രജപത്തോടെ ഹോമം ആരംഭിച്ചു. സർപ്പങ്ങൾക്കൊക്കെ ഉൾക്കമ്പം ഉണ്ടാക്കുന്നവിധം വഹ്നിയിൽ സർവ്വസർപ്പാഹുതി ചെയ്യുവാൻ തുടങ്ങി. പിടഞ്ഞും, ദുഃഖത്തോടെ കൂക്കിവിളിച്ചും, പൊരിഞ്ഞും, ചീറ്റിയും, തലയും വാലും ചുറ്റിപ്പിരിഞ്ഞും, തിരിഞ്ഞും, കൂട്ടമായി കെട്ടിമറിഞ്ഞും കടുത്ത തീയിൽ പാഞ്ഞെത്തി പാമ്പുകൾ വന്നു ചാടി! വെളുത്തതും, കറുത്തതും, നീലച്ചതുമായ സർപ്പങ്ങൾ, കിഴവന്മാർ, കിടാങ്ങൾ എന്നിങ്ങനെ പലമാതിരി സർപ്പങ്ങൾ ശബ്ദമുണ്ടാക്കി തീയിൽ വന്നു വീണു. ക്രോശയോജന നീളമുള്ളവരും പശുച്ചെവി പ്രായമായവരും ജ്വലിക്കുന്ന തീയിൽ പിടഞ്ഞ് ഇടവിടാതെ ചാടുവാൻ തുടങ്ങി. ഇപ്രകാരം നൂറായിരം, പ്രയുതം, അർബ്ബുദം ഇങ്ങനെ അനവധിലക്ഷം സർപ്പങ്ങൾ അവശതയിൽപ്പെട്ട് ഭസ്മമായി! തുരഗപ്രായരും, തുമ്പിക്കരംപോലുള്ളവരും, മത്ത ഹസ്തിപ്രായരായ കൂറ്റൻ ബലിഷ്ഠരും, ചെറിയവരും, വലിയവരും, നാനാവർണ്ണത്തിലുള്ളവരും, ഉഗ്രവിഷമുള്ളവരും, ഘോരന്മാരും, ഇരിമ്പുലക്കപോലുള്ളവരും ആയ നാഗങ്ങൾ

digitized by www.sreyas.in

മാതൃശാപംമൂലം അഗ്നിയിൽച്ചെന്നുവീണ്, പൊരിഞ്ഞ് കത്തി വെണ്ണീറായി."

53. വാസുകിവാക്യം – ശൗനകൻ പറഞ്ഞു: "ജനമേജയന്റെ സർപ്പസത്രത്തിൽ ഋത്വിക്കുകളായ മഹർഷികൾ ആരൊക്കെയായിരുന്നു? സർപ്പങ്ങൾക്കു ദുഃഖം വർദ്ധിപ്പിക്കുന്ന ആ സർപ്പസത്രത്തിൽ ഘോരകർമ്മാക്കളായ സദസ്യന്മാർ ആരൊക്കെയായിരുന്നു? എല്ലാം ഹേ! സൂതനന്ദന! വിസ്തരിച്ചു പറയുക! എല്ലാവരേയും അറിയണമെന്നാഗ്രഹമുണ്ട്."

സൂതൻ പറഞ്ഞു: "ഇനി യാഗത്തിൽ ക്രിയചെയ്യുന്ന ആചാര്യന്മാരായ മുനിമാരുടെ പേരുകൾ പറയാം. അന്ന് ഹോതാവായിരുന്നത് വേദപാരഗനും ച്യവനാന്വയസംഭൂതനുമായ ചണ്ഡഭാർഗ്ഗവമുനിയാണ്. ഉൽഗാതാവ് വിദ്വാനും വൃദ്ധനുമായ കൗത്സബ്രാഹ്മണനായിരുന്നു. ബ്രഹ്മാവ് [1] ജൈമിനിമഹർഷിയായിരുന്നു. അദ്ധ്വര്യുക്കൾ [2] ശാർങ്ഗരവനും പിംഗളനുമായിരുന്നു. വ്യാസൻ പുത്രശിഷ്യവർഗ്ഗത്തോടുകൂടി സദസ്യനായി വന്നു. ഉദ്ദാലകൻ, പ്രമതകൻ, പിംഗളൻ, ശ്വേതകേതു, അസിതൻ, ദേവലൻ, നാരദൻ, പർവ്വതൻ, ആത്രേയൻ, കുണ്ഡജഠരൻ, കാലഘടൻ, വാത്സ്യശ്രുതശ്രവസ്സ് എന്ന ജപതപോരതനായ വൃദ്ധൻ, കോഹലൻ, ദേവശർമ്മാവ്, മൗൽഗല്യൻ, സമസൗരഭൻ ഇവരും മറ്റു പല വേദജ്ഞദ്വിജമുഖ്യന്മാരും ജനമേജയന്റെ സത്രത്തിലെ സദസ്യന്മാരായി വന്നുചേർന്നു.

ഋത്വിക്കുകൾ മഹാസത്രത്തിൽ ഹോമിക്കുവാൻ തുടങ്ങിയപ്പോൾ ഭയങ്കരന്മാരായ ഘോരസർപ്പങ്ങൾ വന്നു വീഴുവാൻ തുടങ്ങി. നാഗങ്ങളുടെ വസയും മേദസ്സും തോട്ടിൽ ഒലിച്ചു. എരിയുന്ന സർപ്പങ്ങളുടെ ഗന്ധം പാരിൽ പരന്നു. തീയിൽ വീഴുന്നവരും വാനിൽ വരുന്നവരും ദേഹം കത്തി ദഹിക്കുന്നവരുമായ സർപ്പങ്ങളുടെ ശബ്ദം എങ്ങും മുഴങ്ങി. ജനമേജയരാജാവ് ദീക്ഷിച്ച കഥകേട്ടു പേടിച്ച് തക്ഷകൻ പുരന്ദരപുരിയിൽ പോയി ദേവാധിരാജനെ ശരണംപ്രാപിച്ചു. പേടിച്ചുവിറച്ച് തക്ഷകൻ ഇന്ദ്രനെ ശരണംപ്രാപിച്ചപ്പോൾ ഇന്ദ്രൻ അവനോടു പറഞ്ഞു: 'ഹേ തക്ഷക, സർപ്പവര്യ! സർപ്പസത്രത്തെ നീ ഭയപ്പെടേണ്ട. ഭവാനുവേണ്ടി ഞാൻ മുമ്പെത്തന്നെ വിരിഞ്ചനെ കനിയിച്ചിട്ടുണ്ട്. ഭവാന് ഇതിൽ വൈഷമ്യമുണ്ടാകയില്ല. ഉൾഭ്രാന്തി കൈവിട്ടാലും!'

ഇന്ദ്രൻ പന്നഗപ്രഭുവായ തക്ഷകനെ ആശ്വസിപ്പിച്ചു. നന്ദിയോടെ ഇന്ദ്രഭവനത്തിൽ അവൻ പാർത്തു. സർപ്പങ്ങൾ തീയിൽ സങ്കടപ്പെട്ട് തുരുതുരെ വീഴുവാൻ തുടങ്ങിയപ്പോൾ, തന്റെ പരിവാരങ്ങൾ ഒടുങ്ങിയ വാസുകി സംഭ്രമിച്ചു. അവൻ ഉള്ളുഴന്ന് സഹോദരിയെ വിളിച്ച് ഇപ്രകാരം പറഞ്ഞു.

വാസുകി പറഞ്ഞു: 'ഭദ്രേ, എന്റെ ദേഹം തളരുന്നു. ഒരു ദിക്കും ഞാൻ കാണുന്നില്ല. എന്റെ മനസ്സ് ഉഴലുന്നു. കണ്ണു ചുറ്റുന്നു. ഹൃദയം പിളരുന്നു. ഞാനും അവശനായി ആ തീയിൽ ചെന്നു ചാടും. പാരിക്ഷിതന്റെ മഖം നമ്മെ പൊരിക്കുന്നതിന്നു നടത്തുന്നതാണ്. ഞാനും യമാലയത്തിൽ ഉടനെ പോകേണ്ടതായിവരും. നിന്നെ എന്തു വിചാരിച്ചാണോ ജരൽക്കാരുവിന്നു നല്കിയത്, ഇപ്പോൾ അതിന്റെ കാലമായി. നീ ഞങ്ങളെ കെല്പോടെ കാക്കുക. ആ സർപ്പസത്രം എത്ര വൃത്തിയായി നടക്കുന്നതായാലും ആസ്തീകൻ ചെന്ന് അതു നിർത്തുമെന്ന് പത്മജൻ എന്നോടു പറഞ്ഞിട്ടുണ്ട്. വത്സേ! വൃദ്ധഹിതനും വേദവിത്തനുമായ നിന്റെ പുത്രനെ നീ പറഞ്ഞുവിടുക. ഭൃത്യന്മാരോടുകൂടി അവൻ പോയി എന്നെ വിമുക്തനാക്കട്ടെ!"

54. ആസ്തീകാഗമനം – സൂതൻ പറഞ്ഞു: "ജരൽക്കാരു എന്ന ദിവ്യനാഗസ്ത്രീ തന്റെ പുത്രനോട് വാസുകിയുടെ അഭ്യർത്ഥന കേട്ട് ഇപ്രകാരം പറഞ്ഞു.

ജരൽക്കാരു പറഞ്ഞു: 'ഉണ്ണീ, നിന്റെ അച്ഛന്ന് നിന്റെ അമ്മാവൻ എന്നെ നല്കിയത് ഒരു കാര്യം ഉദ്ദേശിച്ചാണ്. അതിന്റെ കാലം ഇപ്പോൾ സമാഗതമായിരിക്കുന്നു. നീ അതു വേണ്ടവണ്ണം ചെയ്യുക."

ആസ്തീകൻ പറഞ്ഞു: "അച്ഛന്ന് അമ്മാവൻ അവയെ എന്തുദ്ദേശിച്ചാണു നല്കിയതെന്ന് പറഞ്ഞാലും! അതുകേട്ട് ഞാൻ അമ്മയുടെ ആഗ്രഹം സാധിപ്പിക്കുന്നതാണ്."

സൂതൻ പറഞ്ഞു: "ബന്ധുജനങ്ങൾക്കു നന്മ നിനയ്ക്കുന്നവനും ഉരഗേന്ദ്രനുമായ വാസുകിയുടെ സഹോദരി ജരൽക്കാരു, പാരവശ്യം കൂടാതെ പറഞ്ഞു."

ജരൽക്കാരു പറഞ്ഞു: "നാഗങ്ങളുടെ മാതാവ് കദ്രുവാണ്. അവൾ കോപിച്ചു മക്കളെ ശപിച്ചു. വിനതയോടുള്ള വാദത്തിൽ ഉച്ചൈശ്രവസ്സിൽ ചതി പ്രയോഗിക്കുവാൻ കദ്രു പുത്രന്മാരോടു പറഞ്ഞു. അവർ അതിനും സമ്മതിച്ചില്ല. അപ്പോൾ അമ്മ ശപിച്ചു. 'ജനമേജയന്റെ യജ്ഞത്തിൽ അഗ്നി നിങ്ങളെ ദഹിപ്പിക്കട്ടെ. അതിൽ വെന്തുമരിച്ച് നിങ്ങൾ പ്രേതലോകത്തിലെത്തുവിൻ!' ഇപ്രകാരം ശപിക്കുന്ന അവളെ ലോകപിതാമഹൻ സമ്മതിച്ച്, 'അങ്ങനെ സംഭവിക്കട്ടെ!' എന്ന് അനുവദിച്ചു. ഇതു കേട്ട് വാസുകി ദേവന്മാരെ ശരണംപ്രാപിച്ചു.

അമൃതമഥനം ചെയ്തതിന്നുശേഷം അമരന്മാർ കൃതാർത്ഥരായി എന്റെ ഭ്രാതാവിനേയുംകൊണ്ട് അവർ ബ്രഹ്മലോകത്തു ചെന്നു. അവർ എല്ലാവരുംകൂടി പിതാമഹനെ കനിയിച്ചു. ഈ ശാപം പറ്റാതിരിക്കുവാൻ അപേക്ഷിച്ചു."

ദേവകൾ പറഞ്ഞു: "പിതാമഹ! നാഗരാജാവായ വാസുകി ജ്ഞാതിനാശം ഓർത്തു ദുഃഖിക്കുന്നു. മാതൃശാപം ഫലിക്കാതിരിക്കുവാൻ എന്താണു കൗശലം?"

ബ്രഹ്മാവു പറഞ്ഞു: "ജരൽക്കാരു വേളികഴിച്ച് ജരൽക്കാരു എന്ന വരാംഗനയിൽ പിറക്കുന്ന ബ്രാഹ്മണൻ ഉരഗങ്ങളുടെ ശാപം തീർക്കും."

ജരൽക്കാരു പറഞ്ഞു: "ഇതു കേട്ട് അഹിശ്രേഷ്ഠനായ വാസുകി ഹേ സുരോപമ, എന്നെ നിന്റെ അച്ഛനായ മഹാത്മാവിന്നു നല്കി. ഈ ആപത്തിന്നു മുമ്പായിത്തന്നെ നീ ജനിച്ചു. ഇപ്പോൾ നിന്റെ കർത്തവ്യം നിർവ്വഹിക്കേണ്ട കാലവും വന്നു. നീ കെല്പോടുകൂടി ഞങ്ങളെ രക്ഷിക്കുക. നീ എന്റെ സഹോദരനേയും തീയിൽനിന്നു രക്ഷിക്കണം. എന്നാലേ എന്നെ നിന്റെ അച്ഛന്നു നല്കിയതിന്റെ ഫലം വന്നുചേരൂ. നിന്റെ യത്നം വെറുതെയാകയില്ല. അല്ലയോ പുത്ര! നീ എന്തു കരുതുന്നു?"

സൂതൻ പറഞ്ഞു: "ഇതു കേട്ട് 'അങ്ങനെയാകാം' എന്ന് ആസ്തീകൻ പറഞ്ഞു. അനന്തരം വാസുകിക്ക് ജീവൻ നല്കുമാറ് ആസ്തീകൻ പറഞ്ഞു: 'ഹേ പന്നഗോത്തമ, വാസുകി! ഭവാനെ ഞാൻ ഈ ആപത്തിൽനിന്നു രക്ഷിക്കുന്നുണ്ട്. ഞാൻ പറഞ്ഞ വാക്ക് സത്യമാണ്. ഭവാൻ സ്വസ്ഥനായി വാണാലും! വൈഷമ്യമില്ല രാജാവേ, ഭവാന്റെ ശ്രേയസ്സിന്നായി ഞാൻ യത്നിക്കുന്നുണ്ട്. എന്റെ വാക്ക് ഭോഷ്കാകുകയില്ല. നേരമ്പോക്കായിട്ടുപോലും ഞാൻ പൊളി പറയുകയില്ല. ഞാൻ പറയുന്നതു വിശ്വസിക്കുക. ഞാൻ ഉടനെ ദീക്ഷിതനായ ജനമേജയരാജാവിനെ മംഗളോക്തികൾകൊണ്ട് ഭംഗിയിൽ പ്രീതനാക്കുന്നതാണ്. മാതുല! ഞാൻ രാജാവിന്റെ യജ്ഞം നിർത്തിക്കുന്നതാണ്. എന്നിൽ എല്ലാം സാധിക്കുമാറ് സന്തോഷത്തോടെ ആശംസിച്ചാലും! അഹീശ്വരാ, ഭവാൻ എന്നിൽ മിഥ്യാബുദ്ധി കരുതരുത്. ഞാൻ വെറുതെ പറയുകയല്ല.'

വാസുകി പറഞ്ഞു: 'ആസ്തീകാ, ഞാൻ ഇതാ കറങ്ങുന്നു! എന്റെ ഹൃദയം ഇതാ പിളരുന്നു! ബ്രഹ്മദണ്ഡപ്രപീഡനംമൂലം ഞാൻ ദിക്കൊന്നും കാണുന്നില്ല.'

ആസ്തീകൻ പറഞ്ഞു: 'ഹേ നാഗപതേ! ഭവാൻ ഒട്ടും സന്തപിക്കരുത്. വലുതായ അഗ്നിഭയത്തിന്ന് ഞാൻ അന്തംവരുത്തുന്നതാണ്. കാലവഹ്നിപോലെ ക്രൂരമായ തേജസ്സുള്ള ബ്രഹ്മദ

1. യാഗക്രിയ ചെയ്യുന്ന 16 പേരിൽ ഒരാളാണ് ബ്രഹ്മാവ്.

2. അധ്വരം സ്വന്തമെന്ന നിലയിൽ നടത്തുന്നവനാണ് അദ്ധ്വര്യുക്ക്.

digitized by www.sreyas.in

ണ്ഡത്തെപ്പോലും ഞാൻ നശിപ്പിക്കുന്നതാണ്. ലേശവും ഭയപ്പെടേണ്ട.'

സൂതൻ പറഞ്ഞു: "അനന്തരം വാസുകിയുടെ ഹൃദയവ്യാകുലത തീർത്ത് അംഗത്തിൽ ചേർത്തു തഴുകി വേഗത്തിൽ പുറപ്പെട്ടു. ജനമേജയന്റെ ഗുണമേറുന്ന യാഗശാലയിലേക്ക് ദ്വിജോത്തമനായ ആസ്തീകൻ പന്നഗങ്ങളുടെ ദുഃഖം തീർക്കുവാൻ വേണ്ടി വേഗത്തിൽ നടന്നു. അഗ്നിസൂര്യസമന്മാരായ അനേകം സദസ്യർ ചേർന്ന് മനോഹരമായ ആ യജ്ഞസ്ഥലം അവൻ കണ്ടു. മനോജ്ഞമായ ആ സ്ഥലത്തേക്ക്. ആസ്തീകൻ കടക്കുമ്പോൾ ദ്വാരപാലകർ അവനെ തടഞ്ഞു. ആര്യനായ ആസ്തീകൻ വാതിൽക്കൽ നിന്ന് ആ യജ്ഞത്തെ സ്തുതിച്ചു. അകത്തു കടക്കുവാൻ ആഗ്രഹിച്ചു നില്ക്കുന്ന ആസ്തീകൻ യോഗ്യനും സുകൃതിയുമായ രാജാവിനേയും പ്രസിദ്ധരായ ഋത്വിക്സദസ്യാദികളേയും മനോഹരമംഗളപദങ്ങൾകൊണ്ട് ഹൃദയംകവരുമാറു സ്തുതിച്ചു."

55. ആസ്തീകകൃതരാജസ്തവം – ആസ്തീകൻ പറഞ്ഞു: "സോമകന്റെ യജ്ഞം, വരുണന്റെ യജ്ഞം, പ്രയാഗത്തിൽ ബ്രഹ്മദേവന്റെ യജ്ഞം, അപ്രകാരം ഹേ, മന്നവേന്ദ്ര! ഭവാന്റെ യജ്ഞവും എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

ശക്രന്റെ യജ്ഞം നൂറുപോലെ എന്ന് പ്രസിദ്ധിയുണ്ട്. അതുപോലെയുള്ള നൂറുനൂറ് യജ്ഞങ്ങൾ ചേർന്നപോലെ ഹേ, പാരിക്ഷിത, ഭവാന്റെ യജ്ഞവും എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

യമന്റെ യജ്ഞം, ഹരിമേധന്റെ യജ്ഞം, ഭൂമീശനായ രന്തിദേവന്റെ യജ്ഞം, അപ്രകാരം ഭവാന്റെ യജ്ഞവും ഹേ, പാരിക്ഷിത, എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

ഗയന്റെ യജ്ഞം, ശശബിന്ദുക്ഷിതീശന്റെ യജ്ഞം, വൈശ്രവണന്റെ യജ്ഞം അപ്രകാരം നിന്റെ യജ്ഞവും രാജാവായ പരിക്ഷിത! എന്റെ പ്രിയത്തിന്നുവേണ്ടി സ്വസ്തിയാകട്ടെ!

നരേന്ദ്രനായ ആജമീഢന്റെ യജ്ഞം നരേന്ദ്രനായ രാമചന്ദ്രന്റെ യജ്ഞം അപ്രകരം ഭവാന്റെ യജ്ഞവും ഹേ, പാരിക്ഷിത എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

സ്വർഗ്ഗത്തിലും പുകഴ്ന്ന ആജമീഢനായ യുധിഷ്ഠിരന്റെ, ധർമ്മയജ്ഞത്തിന്റെ യജ്ഞംപോലെ ഭവാന്റെ യജ്ഞവും ഹേ പാരിക്ഷിത, എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

സാക്ഷാൽ സത്യവതീസുതനായ കൃഷ്ണന്റെ സ്വയമായ കർമ്മം ചെയ്തതായ യജ്ഞം! അപ്രകാരം മന്നവേന്ദ്രനായ പാരിക്ഷിത, ഭവാന്റെ യജ്ഞവും എന്റെ പ്രിയത്തിന്നായി സ്വസ്തിയാകട്ടെ!

അങ്ങയെ, വൃത്രജിത്തിന്റെ യജ്ഞത്തിലെന്നപോലെ സൂര്യാഭന്മാരായ ഋഷിമാർ ഒത്തുചേർന്ന് അങ്ങയുടെ ചുറ്റും ഇരിക്കുന്നു! ഇവർക്ക് അറിയാത്തതായി ഒന്നുംതന്നെയില്ല. ഇവർക്ക് നല്കുന്ന ദാനം നശിക്കുന്നതല്ല!

ലോകത്തിലെങ്ങു തിരഞ്ഞാലും ദ്വൈപായനന്ന് തുല്യനായ ഋത്വിക് ഇല്ല എന്നുള്ളതു തീർച്ചയാണ്. ഇദ്ദേഹത്തിന്റെ ശിഷ്യനാണ് ഊഴിചുറ്റുന്നു ഋത്വിക്ജനം. അവർ എല്ലാവരുമാണ് കർമ്മങ്ങളിലും ദീക്ഷയിലും ഏർപ്പെട്ടവർ!

വിഭാവസു, ശ്രീഭഗവാനായ ചിത്രഭാനു, ഹിരണ്യരേതസ്സ്, കൃഷ്ണവർമ്മാവ്, ഹുതാശനൻ ഇപ്രകാരം അറിയപ്പെടുന്ന അഗ്നിഭഗവാൻ പ്രദക്ഷിണമായി ജ്വാല ചുറ്റി ജ്വലിച്ച് ഭവാന്റെ ഹവ്യത്തെ ദേവകൾക്കുവേണ്ടി നയിക്കുന്നു.

ഭവാനെപ്പോലെ പ്രജാപാലകനായിട്ട് ജീവലോകത്തിൽ വേറെ മന്നവരില്ല! ഭവാന്റെ ധീരതയാൽ ഞാൻ പ്രീതനാകുന്നു. ഭവാൻ വരുണനോ, ധർമ്മരാജാവോ ആരാണ്!

വജ്രഭൃത്തായ സാക്ഷാൽ ഇന്ദ്രൻ ജഗത്തിന്ന് എന്നവിധം പ്രജാപാലകനായ ഭവാൻ ഞങ്ങൾക്ക് ഏറ്റവും സമ്മതനാണ്! ഇപ്രകാരം ഒരു രാജാവ് ഇന്നു ജീവിച്ചിരിപ്പില്ല. പണ്ട് ഉണ്ടായിട്ടുമില്ല.

ഖട്വാംഗൻ, നാഭാഗൻ, ദിലീപൻ, യയാതി, മാന്ധാതാവ് എന്നിവർക്ക് തുല്യമായ പ്രഭാവത്തോടുകൂടിയവനേ! ആദിത്യന്റെ തേജസ്സോട് തുല്യമായ തേജസ്സുള്ള ഭീഷ്മരോടൊപ്പം സുവ്രതനാണ് ഭവാൻ!

ഭവാന് വാല്മീകിയെപ്പോലെ വീര്യമുണ്ട്! വസിഷ്ഠനെപ്പോലെ ദൃഢമായ കോപമുണ്ട്! ഇന്ദ്രനോടു തുല്യമായ പ്രഭുത്വമുണ്ട്! നാരയണന്നു തുല്യമായ ദ്യുതിയുമുണ്ട് എന്നാണ് എന്റെ മതം!

ധർമ്മനിശ്ചയത്തിൽ ഭവാൻ യമോപമനാണ്? സർവ്വഗുണത്തിലും ഭവാൻ കൃഷ്ണോപമനാണ്! അല്ലയോ വസൂപമ! ഭവാൻ ശ്രീയുടെ നിധിയാണ്! എല്ലാ ക്രതുക്കൾക്കും ഭവാൻ ആശ്രയനാണ്?

ദംഭോത്ഭവനെപ്പോലെ ഭവാൻ ബലവാനാണ്! ശാസ്ത്രാസ്ത്രങ്ങളെപ്പറ്റിയോർത്താൽ ഭവാൻ ഭൃഗുരാമതുല്യനാണ്! ഔർവ്വനോടും, ത്രിതനോടും തുല്യമായ തേജസ്സുള്ളവനാണ് ഭവാൻ! അങ്ങ് ഭഗീരഥനെപ്പോലെ അധൃഷ്യനാണ്!"

സൂതൻ പറഞ്ഞു: "ഇപ്രകാരം ആസ്തീകൻ മധുരപദങ്ങൾകോർത്ത് സംഗീതമാധുരിയോടെ സ്തുതിക്കുവാൻ തുടങ്ങിയപ്പോൾ ജനമേജയരാജാവ് സന്തോഷിച്ചു. സദസ്യരും, ഋത്വിക്കുകളും, അഗ്നിയും തെളിഞ്ഞു! അവരുടെ ഇംഗിതം അറിഞ്ഞ് ദേവനായി ജയമേജയൻ പറഞ്ഞു."

56. ആസ്തീകവരപ്രദാനം – ജനമേജയൻ പറഞ്ഞു: "വൃദ്ധനെപ്പോലെ ഈ ബാലൻ പറയുന്നതു കേൾക്കുമ്പോൾ ഇവൻ ബാലനാണെന്നു വിചാരിക്കുവാൻ പ്രയാസമുണ്ട്. ബാലനാണെങ്കിലും ഇവൻ ജ്ഞാനവൃദ്ധനാണ്. ഇവന്നു വരം നല്കുവാൻ ഞാൻ ഇച്ഛിക്കുന്നു. അതിന്ന് ഹേ! വിപ്രന്മാരേ നിങ്ങളും സമ്മതിക്കുവിൻ! ഞാൻ അത്രയ്ക്ക് ഇവനിൽ പ്രീതനായിരിക്കുന്നു."

സദസ്യന്മാർ പറഞ്ഞു: "ബാലനായാലും വിപ്രൻ രാജമാന്യനാണ്. വിദ്വാനാണെങ്കിൽ പിന്നെ ഏറ്റവും വിശേഷമായി! ഇദ്ദേഹത്തിന്ന് ഭവാൻ ഇഷ്ടമായ വരം നല്കിയാലും! ആ തക്ഷകൻ ഉടനെ എത്തുവാൻ തക്കവിധം വരം നല്കുക!"

സൂതൻ പറഞ്ഞു: "വരം വരിക്കുവാനായി രാജാവ് ആസ്തീകനോടു പറയുമ്പോഴേക്കും ഹോതാവ് അസന്തുഷ്ടിയോടെ പറഞ്ഞു: 'എന്താണ് ഈ തക്ഷകൻ എത്താത്തത്' എന്ന്."

ജനമേജയൻ പറഞ്ഞു: "തുടർന്നുകൊണ്ടിരിക്കുന്ന ഈ ക്രിയസമ്പൂർണ്ണമാകുമാറ് ഉടനെതന്നെ തക്ഷകൻ വന്നുചേരുവാൻ ദൃഢമായി ശക്തിയോടെ നിങ്ങളെല്ലാം ശ്രമിക്കുവിൻ! ശംനായ അവനാണല്ലോ നമ്മുടെ ശത്രു!"

ഋത്വിക്കുകൾ പറഞ്ഞു: "ശാസ്ത്രം ഞങ്ങളോട് പറയുന്നു, അഗ്നിയും പറയുന്നു, തക്ഷകൻ ഭീതനായി രാജാവേ, ഇന്ദ്രഗേഹത്തിൽ വാഴുകയാണെന്ന്. ഇന്ദ്രൻ അവനിൽ അലിഞ്ഞ് അവനെ രക്ഷിച്ചുകൊള്ളാമെന്നും, അഗ്നി സ്പർശിക്കുകയില്ലെന്നു വരം നല്കിയിരിക്കുന്നു."

ജനമേജയൻ: ഹേ, ഹോതാക്കളേ, നിങ്ങൾ ഉത്സാഹിക്കുവിൻ! തക്ഷകൻ ഉടനെ എത്തണം!"

ഇതു കേട്ടപ്പോൾ ഹോതാവ് മന്ത്രംകൊണ്ട് ക്രൂരമായ ആഹുതിചെയ്തു! അപ്പോൾ സ്ഫീതശ്രീമാനായ ഇന്ദ്രനുംകൂടി തക്ഷകന്റെ ഒപ്പം പുറപ്പെട്ടു. വിമാനം കയറി, വാനവരാൽ വാഴ്ത്തപ്പെടുന്നവനും, വലാഹകൗഘത്തോടു കൂടിയവനുമായ സാക്ഷാൽ വലാരി സ്ഥാനത്തുനിന്നു ചലിച്ചു. ആ നാഗേന്ദ്രനായ തക്ഷകൻ ഇന്ദ്രന്റെ ഉത്തരീയത്തിൽ ഒതുങ്ങി ഭയപ്പെട്ട്, വിഷമിച്ച്, അടുക്കുന്നതിന് മുമ്പായി രാജാവ് ക്രോധത്തോടെ തക്ഷകധ്വംസനത്തിന്ന് ഉറച്ച്, മാന്ത്രികന്മാരോടു ബലമായിപ്പറഞ്ഞു.

digitized by www.sreyas.in

ജനമേജയൻ പറഞ്ഞു: "ദുഷ്ടനായ തക്ഷകൻ ഇന്ദ്രഗേഹത്തിൽ ഒളിച്ച് അഭയം തേടിയിരിക്കയാണെങ്കിൽ, ഇന്ദ്രനോടൊപ്പം അവനെ ആവാഹിച്ച് വഹ്നിയിൽ ആഹുതിചെയ്തു വീഴ്ത്തുവിൻ."

സൂതൻ പറഞ്ഞു: "അപ്പോൾ ജനമേജയന്റെ വാക്കുകേട്ട് ഹോതാവ് അപ്രകാരംതന്നെ തക്ഷകനെ ആഹുതിചെയ്തു. ഇപ്രകാരം ആഹ്വാനംചെയ്ത ഉടനെ ഇന്ദ്രനോടുകൂടി തക്ഷകൻ പ്രാണാപായഭയത്താൽ ആതുരനായി ആകാശത്തു വരുന്നത് കാണുമാറായി. ഇന്ദ്രൻ ഹോമാഗ്നി കണ്ടതോടുകൂടി പേടിച്ചു വിറച്ച്, തക്ഷകനേയും വിട്ട് സ്വർഗ്ഗത്തിലേക്ക് ഓടിക്കളഞ്ഞു. ഇന്ദ്രൻ പോയതോടുകൂടി ആശ കൈവെടിഞ്ഞ് തക്ഷകൻ ഭീതിയോടെ മോഹിച്ചു വിറച്ച്, അഗ്നിജ്ജ്വാലയ്ക്ക് ഉപരിയായി അടുത്ത് മന്ത്രശക്തിയാൽ ആനയിക്കപ്പെട്ടു."

ഋത്വിക്കുകൾ പറഞ്ഞു: "ഹേ, ക്ഷിതിനായക! ഭവാന്റെ കർമ്മം വിധിപ്രകാരം ഫലിച്ചുകഴിഞ്ഞു. ആ ബ്രാഹ്മണന്ന് ഇനി ഭവാൻ വരം നല്കിയാലും!"

വരം നല്കുവാൻ ഉന്നിയ രാജാവിന്റെ മുമ്പിൽ വരം വാങ്ങുവാൻ തയ്യാറായി നില്ക്കുന്ന ബാലനായ ബ്രാഹ്മണനെ വിസ്മരിക്കാതെ, ആ സദസ്സിനെ പ്രീതനാക്കിയ ബാലന്റെ നേരെ തിരിഞ്ഞ് ഇതിനിടയ്ക്ക്, രാജാവ് പറഞ്ഞു.

ജനമേജയൻ പറഞ്ഞു: "ബാല്യത്തിൽത്തന്നെ വിദ്യാഗമസിദ്ധി സാധിച്ച ആര്യനായ അങ്ങയ്ക്ക് ഇതാ ഞാൻ വരം തരുന്നു! ഭവാന് അഭീഷ്ടമെന്താണ്? ചോദിച്ചാലും! ദാനംചെയ്യുവാൻ വയ്യാത്തതാണ് ചോദിക്കുന്നതെങ്കിൽപ്പോലും അതും ഞാൻ ഭവാന് നല്കാം."

ഇതിന്നിടയ്ക്ക് ഋത്വിക്കുകൾ പറഞ്ഞു: "രാജാവേ, ഇതാ ഭവാന്റെ പാട്ടിൽ വേഗത്തിൽ തക്ഷകൻ എത്തിക്കഴിഞ്ഞു അവൻ ചീറ്റുന്നതിന്റെ ഉഗ്രമായ ശബ്ദം ഇതാ കേൾക്കുന്നു! ഇന്ദ്രൻ കൈവിട്ടതുമൂലം അവൻ ഇതാ സ്വർഗ്ഗത്തിൽനിന്ന് കീഴോട്ടു വീണും, മന്ത്രശക്തികൊണ്ട് തളർന്നും, ആകാശത്ത് ചുറ്റത്തിരിഞ്ഞും, സംജ്ഞകെട്ടുതളർന്നും വരുന്നു. തീർച്ചയായും തീവ്രമായി അവൻ ചീറ്റുന്ന ശബ്ദമാണ് ഈ കേൾക്കുന്നത്."

സൂതൻ പറഞ്ഞു: "പന്നഗേന്ദ്രനായ തക്ഷകൻ ആ അഗ്നിയിൽ പതിക്കുന്ന സമയത്ത്, ആ കൃത്യമായ സമയത്ത്, ആസ്തീകൻ പെട്ടെന്ന് ഇങ്ങനെ പറഞ്ഞു.

ആസ്തീകൻ പറഞ്ഞു: 'എനിക്ക് വരം തരികയാണെങ്കിൽ ഹേ, ജനമേജയ, ഞാൻ ഇതാ വരിക്കുന്നു. രാജാവേ! സത്രം നില്ക്കട്ടെ! പാമ്പുകൾ ഇനി വീഴുവാൻ പാടില്ല! നില്ക്കട്ടെ അവിടെ!'

സൂതൻ പറഞ്ഞു: "അവൻ ഇപ്രകാരം പറഞ്ഞപ്പോൾ ജനമേജയൻ അതിപ്രീതനാകാതെ സന്തോഷം മങ്ങി ആസ്തീകനോടു പറഞ്ഞു."

ജനമേജയൻ പറഞ്ഞു: "സ്വർണ്ണം, വെള്ളി, പശു എന്നിവയിൽ അങ്ങയ്ക്ക് ആവശ്യമുള്ളിടത്തോളം പറയൂ. തരാൻ ഞാൻ തയ്യാറാണ്. എന്നാലും സത്രം നിവർത്തിച്ചുതരുവാൻ ഞാൻ അപേക്ഷിക്കുന്നു!"

ആസ്തീകൻ പറഞ്ഞു: "സ്വർണ്ണവും, വെള്ളിയും, പശുവും ഞാൻ ചോദിക്കുന്നില്ല. സത്രം നിർത്തിവയ്ക്കുക! എന്റെ മാതൃകുലത്തിന്ന് സ്വസ്തി ഭവിക്കട്ടെ!"

സൂതൻ പറഞ്ഞു: "ആസ്തീകൻ ഇപ്രകാരം പറഞ്ഞപ്പോൾ ജനമേജയരാജാവ് വീണ്ടും ആസ്തീകനോടു സാദരം ഇപ്രകാരം പറഞ്ഞു."

ജനമേജയൻ പറഞ്ഞു: "ഹേ, ദ്വിജോത്തമ! ഭവാനു ഭദ്രം ഭവിക്കട്ടെ! ഭവാൻ വേറെ വരം ചോദിക്കുക!"

സൂതൻ പറഞ്ഞു: "മറ്റൊന്നും ആസ്തീകൻ ആവശ്യപ്പെട്ടില്ല. അപ്പോൾ വേദജ്ഞനായ അരചനോട് എല്ലാ സദസ്യരും ഒന്നിച്ചു പറഞ്ഞു: 'ഈ ബ്രാഹ്മണൻ ആവശ്യപ്പെടുന്ന വരം നല്കിയാലും!"

57. സർപ്പനാമകഥനം – ശൗനകൻ പറഞ്ഞു: "സർപ്പസത്രാഗ്നിയിൽപ്പെട്ട് പൊരിഞ്ഞു നശിച്ച നാഗങ്ങളുടെയൊക്കെ പേരു പറഞ്ഞുകേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്."

സൂതൻ പറഞ്ഞു: "അനേകായിരം ലക്ഷം പ്രയുതം അർബ്ബുദം നാഗങ്ങൾ സർപ്പസത്രാഗ്നിയിൽപ്പെട്ട് വെണ്ണീറായിപ്പോയി. എല്ലാം എണ്ണിപ്പറയുവാൻ സാദ്ധ്യമല്ല. ഓർമ്മയിൽപ്പെട്ടതൊക്കെ ഞാൻ പറയാം, കേട്ടാലും! പ്രധാനമായി വാസുകിയുടെ വംശക്കാരെപ്പറയാം. നീലരക്തസിതന്മാരും, ഘോരവിഷോഗ്രരുമായി അസംഖ്യംപേർ തീയിൽ വീണു വെന്തുപോയി. മാതൃശാപംകൊണ്ടു തീയിൽ പതിച്ചവരാണിവർ. കോടിശൻ, മാനസൻ, പൂർണ്ണൻ, ശലൻ, പാലൻ, ഹലീമകൻ, പിച്ഛിലൻ, കൗണപൻ, ചക്രൻ. കാലവേഗൻ, പ്രകാലനൻ, ഹിരണ്യബാഹു, ശരണൻ, കക്ഷകൻ, കാലദന്തകൻ, ഇവരൊക്കെ വാസുകിയുടെ പുത്രന്മാരാണ്. ഇവർ തീയിൽ പതിച്ചു പോയി. പിന്നെ ആ വംശത്തിൽ പെറ്റുണ്ടായ മഹാബലന്മാരും, ഘോരന്മാരുമായ മറ്റു പന്നഗങ്ങൾ — ഒക്കെ തീയിൽ വീണു ദഹിച്ചുപോയി."

ഇനി തക്ഷകവംശക്കാരെപ്പറയാം. പുച്ഛാണ്ഡകൻ, മുണ്ഡലകൻ, പിണ്ഡസേക്താരൻ, ഭേണകൻ, ഉച്ഛിഖൻ, ശരഭൻ, ഭംഗൻ, ബില്വതേജസ്സ്, വിരോഹണൻ, ശിലി, ശലകരൻ, മൂകൻ, സുകുമാരൻ, പ്രവേപനൻ, മുൽഗരൻ, ശിശുരോമാവ്, സുരോമാവ്, മഹാഹനു, ഇവരൊക്കെ തക്ഷകവംശന്മാരാണ് – ഇവരും തീയിൽ വീണു പോയി.

പാരാവതൻ, പാരിജാതൻ, പാണ്ഡരൻ, ഹരിണൻ, കൃശൻ, വിഹംഗൻ, ശരഭൻ, മേദൻ, പ്രമോദൻ, സംഹതാപനൻ ഇവർ ഐരാവതകുലോത്ഭവരാണ്. ഇവരും തീയിൽപ്പതിച്ചു മരിച്ചുപോയി.

ഇനി കൗരവ്യകുലജാതന്മാരെപ്പറയാം. ഏരകൻ, കുണ്ഡലൻ, വേണി, വേണീസ്കന്ധൻ, കുമാരകൻ, ബാഹുകൻ, ശൃംഗവേരൻ, ധൂർത്തകൻ, പ്രാതരാതകൻ – ഇവരും തീയിൽപ്പതിച്ച് അവസാനിച്ചു.

ധൃതരാഷ്ട്രാന്വയന്മാരെപ്പറയാം. ഇവർ ഉഗ്രവിഷമുള്ളവരായിരുന്നു. ശങ്കുകർണ്ണൻ, പിഠരകൻ, കുഠാരമുഖൻ, സേചകൻ, പൂർണ്ണാംഗദൻ, പൂർണ്ണമുഖൻ, പ്രഹാസൻ, ശകുനി, ദരി, അമാഹഠൻ, കമഠകൻ, സുഷേണൻ, മാനസൻ, അവ്യയൻ, ഭൈരവൻ, മുണ്ഡവേദാംഗൻ, പിശംഖൻ, ഉപദ്രപാരകൻ, ഋഷഭവൻ, വേഗവാൻ, സർവ്വസാരാംഗൻ, സമൃദ്ധപടവാസകൻ, വരാഹകൻ, വീരണകൻ, സുചിത്രൻ, ചിത്രവേഗികൻ, പരാശരൻ, തരുണകൻ, മണിസ്കന്ധൻ, ആരുണി. കീർത്തിയുള്ള ഈ അഹികളിൽ പ്രധാനികളെയെല്ലാം ഞാൻ പറഞ്ഞു. ഇനിയും ഇപ്രകാരമുള്ളവർ വേറെയുണ്ട്. ബാഹുല്യംകൊണ്ടു പറഞ്ഞില്ലെന്നുമാത്രം. ഇവരുടെ മക്കളും, മക്കളുടെ മക്കളും, അവരുടെ മക്കളും തീയിൽവീണു. അവരെയെല്ലാം എണ്ണിയെണ്ണിപ്പറഞ്ഞ് ഒടുക്കുവാൻ പ്രയാസമുണ്ട്. പതിമൂന്നും, പത്തും, ഏഴും ആയി പലമാതിരി കാലാനലോഗ്രവിഷരായ അനേകായിരം നാഗങ്ങൾ തീയിൽ ഹോമിക്കപ്പെട്ടു. മഹാദേഹമുള്ളവർ, മഹാവേഗമുള്ളവർ, മഹാദ്രിപോലെ ഉയർന്നവർ, ഒന്നും രണ്ടും യോജന നീളമുള്ളവർ, കാമരൂപമുള്ളവർ, കാലബലമുള്ളവർ, ഭയങ്കരമായ വിഷമുള്ളവർ ഇങ്ങനെ അനവധി സർപ്പങ്ങൾ മാതൃശാപംമൂലം സർപ്പസത്രാഗ്നിയിൽ വീണ് കത്തി വെണ്ണീറായിപ്പോയി!"

58. സർപ്പസത്രസമാപ്തി – സൂതൻ പറഞ്ഞു: "ആസ്തീകന്റെ അത്ഭുതമാഹാത്മ്യങ്ങൾ അവിടെ കേൾക്കുമാറായി. ജനമേജയൻ വരം നല്കുന്ന നേരത്ത്, ഇന്ദ്രൻ കൈവിട്ട തക്ഷകൻ അഗ്നിയിൽ വീഴാതെ ആകാശത്തു നിരാലംബമായി നിന്നു. ഇതു കണ്ടപ്പോൾ ജനമേജയൻ ചിന്തയിൽപ്പെട്ടു. കത്തിക്കാളുന്ന തീയിൽ വിധിപ്രകാരം ഹോമിക്കുമ്പോഴും ഭീതനായി നില്ക്കുന്ന തക്ഷകൻ അഗ്നിയിൽ വീഴാതെ നിന്നുവല്ലോ, അത്ഭുതം തന്നെ!"

digitized by www.sreyas.in

ശൗനകൻ പറഞ്ഞു: "മന്ത്രജ്ഞരായ ദ്വിജന്മാർക്കു മന്ത്രം തോന്നാതെയായോ? എന്താണു തക്ഷകൻ അപ്പോൾ തീയിൽ വീഴാതിരിക്കുവാൻ കാരണം?"

സൂതൻ പറഞ്ഞു: "പെട്ടെന്ന് ഇന്ദ്രൻ വിട്ടപ്പോൾ ബോധം കെട്ട് ഉഴലുന്ന വാസുകിയോട് ആസ്തീകൻ മൂന്നുപ്രാവശ്യം 'നില്ക്കൂ, നില്ക്കൂ, നില്ക്കൂ' എന്നു വിളിച്ചുപറഞ്ഞു. ഉടനെ തക്ഷകൻ കീഴോട്ടു വീഴാതെ അന്തരീക്ഷത്തിൽ നിന്നു. സ്വർഗ്ഗത്തിന്നും, ഭൂലോകത്തിന്നും മദ്ധ്യത്തിൽ, ആകാശത്തു നില്ക്കുന്ന ഒരു മനുഷ്യനെപ്പോലെ നിന്നു. ഇതു കണ്ട്, സദസ്യർ പറഞ്ഞതു കേട്ട് രാജാവ് ആസ്തീകന്റെ അഭീഷ്ടം അർപ്പിക്കുന്നു എന്നു പറഞ്ഞു."

ജനമേജയൻ പറഞ്ഞു: "എന്നാൽ ക്രിയ അവസാനിപ്പിക്കട്ടെ! പന്നഗങ്ങൾക്ക് അനാമയമുണ്ടാകട്ടെ! ആസ്തീകൻ സന്തോഷിക്കട്ടെ! ബ്രാഹ്മണൻനിമിത്തം യാഗം മുഴിമിക്കുകയില്ലെന്നുള്ള മൂത്താശാരിയുടെ വാക്ക് സത്യമാകട്ടെ!"

സൂതൻ പറഞ്ഞു: "ഉടനെ ഹർഷസൂചനമായ ഹലഹലാ ശബ്ദമുണ്ടായി. അപ്പോൾ രാജാവ് ആസ്തീകന്നു വരം നല്കി. അങ്ങനെ ജനമേജയന്റെ യാഗം നിർത്തിവെച്ചു. രാജാവ് സന്തോഷിച്ച് ഋത്വിക്കുകൾക്കും, സദസ്യർക്കും, മറ്റുള്ളവർക്കും പത്തും, നൂറും, ആയിരവും സംഖ്യവീതം യഥായോഗ്യം നല്കി. 'ലോഹിതാക്ഷൻ' എന്ന സൂതസ്ഥപതിക്ക് (ആശാരിക്ക്) ആ മഹാപ്രഭു വളരെ ദാനങ്ങൾ നല്കി. അവനാണല്ലൊ ഒരു വിശുദ്ധ ബ്രാഹ്മണൻ കാരണം സർപ്പസത്രം മുടങ്ങുമെന്ന് ആദ്യം പറഞ്ഞത്. അതുകൊണ്ട് അവന്നു കൂടുതൽ ധനം നല്കി. അന്നവസ്ത്രാദികളോടുകൂടിയാണ് അവന്നു മഹാധനം ദാനംചെയ്തത്. അത്ഭുതവിക്രമനായ അവനിൽ രാജാവ് പ്രീതനായി!

പിന്നെ രാജാവ് അവഭൃഥസ്നാനം വിധിപ്രകാരം ചെയ്തു. പ്രീതിയോടുകൂടി കൃതാർത്ഥനായി രാജാവ് ആസ്തീകബ്രാഹ്മണനെ സല്ക്കരിച്ച്, മാനിച്ച്, ഗൃഹത്തിലേക്കയച്ചു. പോകുമ്പോൾ ജനമേജയ രാജാവ് ആസ്തീകനോടു പറഞ്ഞു: 'അടുത്തുതന്നെ എന്റെ അശ്വമേധയാഗമുണ്ടാകും. അതിൽ ഭവാൻ വരണം. അതിൽ സദസ്യനാവുകയും വേണം.' 'അപ്രകാരമാകാം' എന്ന് ആസ്തീകനും രാജാവിനോടു സസന്തോഷം ഏറ്റുപറഞ്ഞു. ആസ്തീകൻ ആനന്ദത്തോടെ സ്വന്തകാര്യം നിറവേറ്റി, രാജാവിനെ സന്തോഷിപ്പിച്ച്, മോദത്തോടെ പോന്ന് അമ്മയേയും, അമ്മാവനേയും കണ്ടു വന്ദിച്ച് വൃത്താന്തമെല്ലാം ധരിപ്പിച്ചു. ഈ വൃത്താന്തമെല്ലാം കേട്ട് ഭയമോഹാദികൾ തീർന്ന നാഗങ്ങൾ നന്ദിയോടെ ആസ്തീകനിൽ പ്രീതരായി. ഇഷ്ടമുള്ള വരം ആവശ്യപ്പെട്ടുകൊള്ളുവാൻ ആസ്തീകനോടു പറഞ്ഞു.

ആസ്തീകൻ പറഞ്ഞു: "സന്ധ്യയ്ക്കും, പുലർച്ചയ്ക്കും ആത്മശുദ്ധിയോടുകൂടി ദ്വിജന്മാരും മറ്റുള്ളവരും ഈ എന്റെ ധർമ്മാഖ്യാനം ചൊല്ലുന്നതായാൽ നിങ്ങൾമൂലമുള്ള ഭയം അവർക്കുണ്ടാകരുത്."

സൂതൻ പറഞ്ഞു: "ഇതു കേട്ട് അവർ സന്തോഷത്തോടെ ഭാഗിനേയനോടു പറഞ്ഞു: 'ഈ വരം നിനക്കു സിദ്ധമാണ്. പ്രീതിയോടുകൂടി നിന്റെ ആഗ്രഹം ഹേ, ഭാഗിനേയ, ഞങ്ങൾ നിർവ്വഹിക്കും!'

സുനീഥനേയും, അസിതനേയും, ആർത്തിമാനേയും സ്മരിക്കുന്നവന്ന് രാവും പകലും അഹിഭയം വരുന്നതല്ല. ജരൽക്കാരു, ജരൽക്കാരുവിൽ ജനിപ്പിച്ച കീർത്തിമാനായ ആസ്തീകൻ സർപ്പസത്രത്തിൽ സർപ്പങ്ങളേ രക്ഷിച്ചുവല്ലോ. അവനെ ചിന്തിക്കുന്നവനെ ഹേ, മാന്യനാഗങ്ങളെ! നിങ്ങൾ ഹിംസിക്കരുത്. 'ഹേ, മഹാവിഷസർപ്പമേ, പോയാലും. നിനക്കു ഭദ്രം ഭവിക്കട്ടെ! ജനമേജയസത്രത്തിൽ ആസ്തീകൻ പറഞ്ഞത് ഓർക്കുക.' ഇപ്രകാരമുള്ള ആസ്തീകവാക്കുകേട്ടിട്ടും സർപ്പം പിന്മാറുന്നില്ലെങ്കിൽ ശിംശവൃക്ഷത്തിന്റെ ഫലം എന്നപോലെ അവന്റെ തല നൂറായി പൊട്ടിത്തെറിക്കും.

ഇപ്രകാരം വരം നാഗേന്ദ്രമുഖ്യന്മാർ ചേർന്ന് അനുഗ്രഹിച്ചു പറഞ്ഞപ്പോൾ ആ ദ്വിജേന്ദ്രൻ വളരെ പ്രീതനായി, പോകുന്നതിന്നു തീരുമാനിച്ചു.

സർപ്പസത്രത്തിൽനിന്നു സർപ്പങ്ങൾക്കു മോക്ഷം കൊടുത്ത് ദ്വിജോത്തമനായ ആസ്തീകൻ പുത്രപൗത്രാന്വിതനായി വളരെക്കാലം ജീവിച്ചതിന്നുശേഷം, സിദ്ധിനേടി. ഇങ്ങനെ ചേർന്നപോലെ ഞാൻ ആസ്തീകാഖ്യാനം പ്രസ്താവിച്ചു. ഈ ആഖ്യാനം പറഞ്ഞാൽ സർപ്പഭയം ഒരിക്കലും പറ്റുന്നതല്ല.

സൂതൻ പറഞ്ഞു: "ഹേ ബ്രാഹ്മണ, നിന്റെ പൂർവ്വപുരുഷനായ പ്രമതിദ്വിജൻ, പുത്രനായ രുരു ചോദിച്ചപ്പോൾ വിസ്തരിച്ചു പറഞ്ഞതുപോലെ, നിങ്ങളുടെ ചോദ്യംകേട്ട് ആദ്യംമുതൽക്ക് ആസ്തീകന്റെ സൽക്കഥ ഞാൻ സസന്തോഷം പറഞ്ഞു. ഡുണ്ഡുഭത്തിന്റെ ഉക്തിക്രമം കേട്ട് ഭവാൻ വീണ്ടും ചോദിക്കുക കാരണം ധർമ്മിഷ്ഠനായ ആസ്തീകന്റെ പുണ്യമായ ചരിതവും ഞാൻ പറഞ്ഞു. ഇത കേട്ട് അല്ലയോ ബ്രഹ്മൻ, ഭവാൻ സംതൃപ്തനായി വർത്തിക്കുക."

അംശാവതരണപർവ്വം

59. കഥാനുബന്ധം – ശൗനകൻ പറഞ്ഞു: "ഹേ സൂത! ഭൃഗുവംശം മുതൽക്കാണല്ലൊ നീ പറയുവാൻ തുടങ്ങിയത്. ആഖ്യാനങ്ങളൊക്കെ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്നോടു വീണ്ടും ഒരു കാര്യം ഞാൻ പറയുന്നു. വ്യാസൻ ഇതിനോടു ചേർത്തു പറഞ്ഞ കഥകൾ ഇനി നീ പറയുക. അപാരമായ സർപ്പസത്രത്തിൽ, മഹാന്മാരായ സദസ്യരുടെ സന്നിധിയിൽവെച്ച് ഏതെല്ലാം കഥകളൊക്കെയാണ്, ഏതെല്ലാം വിഷയത്തെക്കുറിച്ചൊക്കെയാണ് പറഞ്ഞത്? അതൊക്കെ നീ തന്നെ പറഞ്ഞു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാം ഞങ്ങളോടു പറയുക!"

സൂതൻ പറഞ്ഞു: "കർമ്മങ്ങളുടെ ഇടയ്ക്ക് വേദോക്തമായ കഥകൾ ഓരോന്നു പറഞ്ഞു. വ്യാസൻ കല്പിച്ചപ്രകാരം മഹാഭാരതകഥയും പറഞ്ഞു."

ശൗനകൻ പറഞ്ഞു: "മഹാഭാരതാഖ്യാനം പാണ്ഡവന്മാർക്ക് യശസ്കരമായിട്ടുള്ളതാണ്. ജനമേജയൻ ചോദിച്ചതനുസരിച്ച് കൃഷ്ണ ദ്വൈപായനൻ കർമ്മങ്ങളുടെ ഇടയ്ക്കു വിധിയാംവണ്ണം കേൾപ്പിക്കുകയുണ്ടായല്ലൊ. പുണ്യമായ ആ കഥ എനിക്ക് ഇവിടെവെച്ചു കേൾക്കുവാൻ ആഗ്രഹമുണ്ട്. തത്ത്വവിത്തായ ആ മഹർഷിയുടെ ചിത്തമാകുന്ന അബ്ധിയിൽ ഉദിച്ച രത്നമാകുന്ന ആ കഥ ഹേ ബുധരത്നമേ, ഭവാൻ സകൗതുകം പറഞ്ഞാലും!"

സൂതൻ പറഞ്ഞു: "വളരെ ഉത്തമമായ വലിയ ഒരു കഥ, കൃഷ്ണ ദ്വൈപായനനിർമ്മിതമായ മഹാഭാരതംതന്നെ ആദ്യമായി ഞാൻ പറയുന്നു. അതു പറയുവാൻ എനിക്ക് അത്യധികമായ ഉത്സാഹമുണ്ട്. ഞാൻ വിസ്തരിച്ച് സ്പഷ്ടമായി എല്ലാം പറയാം. കേട്ടാലും!"

60. ഭാരതകഥാവതരണം – സൂതൻ പറഞ്ഞു: "സർപ്പസത്രത്തിന്ന് ജനമേജയൻ ദീക്ഷയെടുത്ത വർത്തമാനം കേട്ട് പാണ്ഡവപിതാമഹനായ കൃഷ്ണദ്വൈപായന മഹർഷി ശിഷ്യരോടൊത്ത് അദ്ദേഹത്തിന്റെ അടുത്തേക്ക് എഴുന്നള്ളി. കൃഷ്ണദ്വൈപായനൻ ആരാണെന്നറിയാമോ? അദ്ദേഹം ശക്തി പുത്രനായ പരാശരമഹർഷിക്ക് കാളിന്ദീദ്വീപിൽവെച്ച് കാളികന്യകയിൽ ഉണ്ടായവനാണ്. പാണ്ഡവരുടെ പിതാമഹനാണ്. ജനിച്ചിട്ട് തന്റെ ഇഷ്ടംപോലെ വളർന്നുവന്നവനും, വേദവേദാംഗേതിഹാസവിജ്ഞാനിയും, പ്രസിദ്ധനുമാണ്. തപസ്സ്, വേദാദ്ധ്യയനം, ഉപവാസവ്രതാദികൾ, സന്താനം, യജ്ഞം എന്നിവകൊണ്ടു കൂടി എത്താൻ കഴിയാത്ത ആ സത്ഭാവം അറിഞ്ഞവനുമാണ്. വേദവിത്തമനും, എല്ലാം ഒന്നായിക്കിടന്നിരുന്ന വേദം, നാലായി പ്പകുത്തവനും, പരാപരജ്ഞനും, ബ്രഹ്മർഷിയും കവിയും സത്യ

digitized by www.sreyas.in

വ്രതനും ശുചിയും ആണ്. ആ മഹർഷി ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ എന്നീ മൂന്നു സന്താനങ്ങളെ ജനിപ്പിച്ച് ശന്തിനുവിന്റെ കുലം വളർത്തിയ പുണ്യകീർത്തിമാനുമാണ്. അദ്ദേഹം വേദവേദാംഗവിജ്ഞരായ ശിഷ്യരോടുകൂടി ജനമേജയരാജർഷിയുടെ സദസ്സിൽ കയറിച്ചെന്നു.

അപ്പോൾ ജനമേജയൻ, വാനവരോടു ചേർന്ന ഇന്ദ്രൻ എന്നപോലെ, ബ്രഹ്മകല്പന്മാരും മഖജ്ഞന്മാരുമായ ഋത്വിക്കുകളോടും, നാനാജനപദങ്ങളുടെ അദ്ധ്യക്ഷന്മാരോടും ചേർന്ന് വിളങ്ങുന്നതായിക്കണ്ടു.

മുനി വരുന്നത് കണ്ട ഉടനെ ഭാരതോത്തമനായ ജനമേജയൻ സസന്തോഷം കൂട്ടുകാരോടുകൂടി, മഹർഷിയെ എതിരേറ്റ് അഭിവാദ്യംചെയ്തു. ആ സദസ്യരുടെ സമ്മതപ്രകാരം പൊന്മയമായ ആസനം, ഇന്ദ്രൻ ബൃഹസ്പതിക്കെന്നപോലെ, നല്കി. ദേവർഷിപൂജ്യനായ മഹർഷിയവിടെ എഴുന്നെള്ളിയിരിക്കുമ്പോൾ, ശാസ്ത്രപ്രകാരം പാർത്ഥിപ്രവരനായ ജനമേജയൻ അദ്ദേഹത്തെ പൂജിച്ചു. പാദ്യം, ആചമനീയം, ഗോവ്, അർഘ്യം ഇവയെല്ലാം പിതാമഹനും, പൂജ്യതമനുമായ കൃഷ്ണദ്വൈപായനന്ന് മന്നവൻ നല്കി. ജനമേജയൻ ചെയ്ത പൂജയേറ്റ്, ഗോവിനെ സ്വീകരിച്ച് മുനീശ്വരൻ അഭിനന്ദിച്ചു. പ്രീതിപൂർവ്വം പിതാമഹനെ സൽക്കരിച്ചതിന്നുശേഷം രാജാവ് സമീപത്തുനിന്ന് സവിനയം അനാമയം ചോദിച്ചു. ഭഗവാൻ രാജാവിനെ പാർത്ത് കുശലംചൊല്ലി, സദസ്യപൂജയും കൈക്കൊണ്ട് സദസ്യരേയും ആദരിച്ചു. പിന്നെ സദസ്യരോടുകൂടി രാജാവ് കൈകൂപ്പിനിന്ന് ദ്വിജശ്രേഷ്ഠനോടു ചോദിച്ചു.

ജനമേജയൻ പറഞ്ഞു: "കുരുപാണ്ഡവന്മാരുടെ വൃത്താന്തം പ്രത്യക്ഷമായി കണ്ടവനാണല്ലോ ഭവാൻ. അവരുടെ ചരിത്രം അങ്ങുതന്നെ പറഞ്ഞുകേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. അക്ലിഷ്ടകർമ്മാക്കളായ അവർക്ക് ഈ ഛിദ്രം എങ്ങനെ വന്നു? സർവ്വനാശനമായ ആ മഹായുദ്ധം, എങ്ങനെ സംഭവിച്ചു? പ്രപിതാമഹന്മാരായ അവരുടെയെല്ലാവരുടേയും ബുദ്ധി ദൈവം മറിക്കുകയാൽ ഉണ്ടായ കഥകളൊക്കെ ഭവാൻ പറഞ്ഞുതന്നാലും."

സൂതൻ പറഞ്ഞു: "എന്ന് രാജാവു പറഞ്ഞപ്പോൾ കൃഷ്ണദ്വൈപായനൻ തന്റെ പാർശ്വത്തിൽ നില്ക്കുന്ന ശിഷ്യനായ വൈശമ്പായനനോടു കല്പിച്ചു."

വ്യാസൻ പറഞ്ഞു: "കുരുക്കളും പാണ്ഡവരും ഛിദ്രിച്ചതായ മുമ്പത്തെ കഥ ഇദ്ദേഹത്തോടു പറയുക. അങ്ങ് എല്ലാം അറിയുന്നവനാണല്ലോ!"

സൂതൻ പറഞ്ഞു: "ഗുരു ഇപ്രകാരം കല്പിച്ചപ്പോൾ, അറിവുള്ളവനായ ആ ദ്വിജർഷഭൻ പുരാതനമായ ഈ ഇതിഹാസം വിസ്തരിച്ചു പറഞ്ഞു. രാജാവും, സദസ്യരും, മറ്റു രാജാക്കന്മാരും ഇരിക്കുന്ന ആ സദസ്സിൽ കുരുപാണ്ഡവന്മാരുടെ ഛിദ്രവും, സർവ്വനാശവുമായ ചരിത്രം വിസ്തരിച്ചു."

61. ഭാരതസൂത്രം – വൈശമ്പായനൻ പറഞ്ഞു: "ആദ്യമായി മനോബുദ്ധിസമാധിയാൽ ഗുരുവിനെക്കൂപ്പി, സർവ്വദ്വിജന്മാരേയും, മറ്റു പൂജ്യന്മാരേയും വണങ്ങി, സർവ്വപൂജിതനും, ബുദ്ധിമാനും, പുണ്യവാനും, മഹാനുമായ വ്യാസമഹർഷിയുടെ മതം എല്ലാം ഇതാ ഞാൻ പറയുന്നു. അതു കേൾക്കുവാൻ ഹേ, രാജാവേ! ഭവാൻ എല്ലാംകൊണ്ടും മതിയായ പാത്രമാണ്. ഗുരുമുഖത്തിൽനിന്നു പുറപ്പെട്ട ഭാരതം പറയുവാൻ എനിക്ക് വളരെ ഉത്സാഹമുണ്ട്. രാജാവേ, കേൾക്കുക. രാജ്യം ഹേതുവായി കുരുപാണ്ഡവന്മാർ തമ്മിൽ ചൂതുണ്ടായതും, അതുമൂലം ഛിദ്രമുണ്ടായതും, വനവാസം കഴിച്ചതും, ലോകമൊക്കെ മുടിയുന്ന വിധം പോരാടുവാൻ ഇടവന്നതും എല്ലാം കേൾക്കുവാനാഗ്രഹിക്കുന്ന ഭവാനോടു പറയാം."

അച്ഛൻ മരിച്ചിട്ട് ആ വീരന്മാർ അരണ്യത്തിൽനിന്ന് സ്വഗൃഹത്തിൽ എത്തുകയും, വേദത്തിലും, അസ്ത്രവിദ്യയിലും, വൈദഗ്ദ്ധ്യം നേടുകയും ചെയ്തു. ആ പാണ്ഡവന്മാരുടെ സത്വം, വീര്യം ഓജസ്സ്, രഞ്ജനം, ശ്രീ, കീർത്തി, ഇവയൊക്കെ കണ്ടു കുരുക്കൾക്ക് വളരെ ഈർഷ്യയുണ്ടായി. പിന്നെ ക്രൂരനായ ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നിവർകൂടി അവർ തുലഞ്ഞ് അകലുവാൻ വേണ്ട പല കൈയും നോക്കി. ഖലനായ ദുര്യോധനൻ *കലിംഗഖഗത്തെപ്പോലെ രാജ്യലോഭത്താൽ പാണ്ഡവരെ പലമട്ടിലും ദ്രോഹിച്ചു. ദുർബ്ബുദ്ധിയായ ദുര്യോധനൻ ഭീമന്നു വിഷം കൊടുത്തു. വൃകോദരന്ന് അതും അന്നത്തോടൊപ്പം ദഹിച്ചു. പ്രമാണകോടിയിൽ ഉറങ്ങിക്കിടക്കുന്ന ആ മാരുതപുത്രനെ കെട്ടി ഗംഗാജലത്തിൽ താഴ്ത്തിവിട്ടു. അവൻ പുരത്തിലെത്തി. ഉണർന്നപ്പോൾ ഭീമൻ ക്ഷണത്തിൽ കൈയൂക്കുകൊണ്ടു കെട്ടു വേർപെടുത്തി. അവിടെനിന്ന് കേടുകൂടാതെ അവൻ എഴുന്നേറ്റു. ഉറങ്ങുമ്പോൾ കൃഷ്ണസർപ്പങ്ങളാൽ അംഗങ്ങൾതോറും കടിപ്പിച്ചിട്ടും, ആ വീരൻ മരിച്ചില്ല. ഇപ്രകാരം അവർക്ക് ഓരോ ദ്രോഹങ്ങൾ ചെയ്യുമ്പോഴും, ബുദ്ധിമാനായ വിദുരൻ അവർക്കു രക്ഷയ്ക്കുവേണ്ടുന്ന മാർഗ്ഗങ്ങൾ നോക്കി. ദേവലോകത്തിരുന്ന് ശക്രൻ ജീവജാലത്തിന്ന് എന്നവിധം, വിദുരൻ പാണ്ഡവർക്കു സുഖം നല്കുവാൻ മുതിർന്നു. ഉപായങ്ങൾ പ്രത്യക്ഷമായും, പരോക്ഷമായും എടുത്തു ദൈവകല്പിതമായ ഭാവിയോടു ബന്ധപ്പെട്ടവരെ അവർക്കു കൊല്ലുവാൻ കഴിഞ്ഞില്ല. കർണ്ണദുശ്ശാസനാദ്യന്മാരോടു ചേർന്ന് കൗരവൻ മന്ത്രിച്ചു. ധൃതരാഷ്ട്രന്റെ അനുമതിയോടുകൂടി അരക്കില്ലം പണികഴിപ്പിച്ചു. പുത്രപ്രീതിക്കുവേണ്ടി ധൃതരാഷ്ട്രൻ ആ പാണ്ഡവരെ, രാജ്യലാഭം കാംക്ഷിച്ച് മാറ്റിപ്പാർപ്പിച്ചു.

അവർ ഹസ്തിനപുരം കൈവിട്ട് ഒപ്പം ഇറങ്ങി. പുറപ്പെടുമ്പോൾ വിദുരൻ രഹസ്യമായി മന്ത്രിച്ചു. അരക്കില്ലം വിട്ട് ആരണ്യത്തിലേക്കു രാത്രി പോകേണ്ട മാർഗ്ഗം ഉപദേശിച്ചു. വാരണാവതത്തിൽച്ചെന്ന് വീരന്മാരായ കൗന്തേയരെല്ലാം പാർത്തു. നന്മയോടെ അമ്മയുമൊത്ത് അവിടെ താമസിച്ചു. ധൃതരാഷ്ട്രന്റെ ആജ്ഞ അനുസരിച്ച് ആ ജതുഗേഹത്തിൽ പുരോചനന്റെ മേൽ കണ്ണുവച്ച് ഒരാണ്ടു താമസിച്ചു. വിദുരന്റെ വാക്കനുസരിച്ചു തുരങ്കം പണിയിച്ചു. അരക്കില്ലം ചുട്ടു പുരോചനനേയും ചുട്ട് വെണ്ണീറാക്കി, പേടിച്ച്, അമ്മയോടുകൂടി കാട്ടിലേക്ക് ഓടിപ്പോയി. ആ കാട്ടിലെ അരുവിയിൽ രക്ഷസ്സായ ഹിഡിംബനെക്കണ്ടു. അവനെ കൊന്നു. പാണ്ഡവന്മാർ ജീവിച്ചിരിപ്പുണ്ടെന്ന് കൗരവർ അറിയാതിരിക്കുവാൻ രാത്രിതന്നെ ഓടിപ്പോന്നു. ഹിഡിംബിയെ വേട്ടു, അവളിൽ ഭീമന്ന് ഘടോൽക്കചൻ എന്നു പേരായ ഒരു പുത്രനുണ്ടായി.

ഏകചക്രയിൽച്ചെന്ന് അവർ വ്രതസ്ഥരായി. അവർ വേദാദ്ധ്യയനംചെയ്ത്, ബ്രഹ്മചാരികളായി, ഒരു ബ്രാഹ്മണാലയത്തിൽ ജീവിച്ചു. ഏകചക്രയിൽ ആ വീരന്മാർ ഒട്ടുനാൾ ഒളിവിൽപ്പാർത്തു. വൃകോദരൻ, ക്ഷുത്തു കൂടുന്ന ബകനെന്ന രാക്ഷസനെക്കണ്ട് എതിർത്തു. അവിടെവച്ച് ബലവാനായ ഭീമൻ, അവനേയും ബാഹുബലം കൊണ്ട് കൊന്ന് നാട്ടുകാരെ രക്ഷിച്ചു സമാശ്വസിപ്പിച്ചു.

പിന്നെ പാഞ്ചാലരാജ്യത്ത് കൃഷ്ണാസ്വയംവരത്തെപ്പറ്റി കേട്ടു. ഈ വൃത്താന്തമറിഞ്ഞ് അവിടെച്ചെന്ന് അവളേയും നേടി. അരിഘ്നാതികളായ അവർ ദ്രൗപതിയെ കൈക്കൊണ്ടു വാണു. എല്ലാവരും അറിഞ്ഞപ്പോൾ വീണ്ടും ഹസ്തിനപുരിയിൽ വന്നുകൂടി. ധൃതരാഷ്ട്രനും, ഭീഷ്മനും അവരോടു പറഞ്ഞു: 'നിങ്ങൾക്കു ഭ്രാതൃസ്പർദ്ധ ഇല്ലാതാക്കാൻ ഖാണ്ഡവപ്രസ്ഥത്തിൽ നിങ്ങളെ പാർപ്പിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നു. അതുകൊണ്ട് നല്ല നാട്ടുകാരും, അതിവിസ്തീർണ്ണമുള്ള മാർഗ്ഗവുമൊക്കുന്ന ഖാണ്ഡവപ്രസ്ഥത്തിൽച്ചെന്ന് വിമത്സരരായി വാഴുവിൻ.' അവരുടെ ചൊല്ലു കേട്ട് പാണ്ഡവർ ഇഷ്ടജനങ്ങളോടുകൂടി ഖാണ്ഡവപ്രസ്ഥപുരിയിൽ ധനധാന്യരത്നങ്ങളോടുകൂടി വാണു. പാർത്ഥന്മാർ അവിടെ വളരെ വത്സരം പാർത്തു.

---

* സിംഹത്തിന്റെ ദംഷ്ട്രകൾക്കിടയിൽ തങ്ങിനില്ക്കുന്ന മാംസശകലം പെട്ടെന്നു കൊത്തിയെടുക്കത്തക്ക സാഹസികത്വം കാണിക്കുന്ന ഒരുതരം പക്ഷിയാണ് കലിംഗപ്പക്ഷി.

digitized by www.sreyas.in

ശസ്ത്രപ്രതാപത്താൽ രാജാക്കന്മാരെ പാട്ടിൽ വരുത്തുന്നവരും, സത്യധർമ്മപരന്മാരും, നിത്യം നിഷ്ഠയിൽ വാഴുന്നവരും അപ്രമാദോദ്യമം, ക്ഷാന്തി ഇവകൊണ്ട് വൈരികളെ തപിപ്പിക്കുന്നവരുമായ പാണ്ഡവന്മാർ ഖാണ്ഡവം വാണു. വൃകോദരൻ കിഴക്കുദിക്ക് മുഴുവൻ കീഴടക്കി. വടക്കുദിക്ക് പാർത്ഥൻ കീഴടക്കി. നകുലൻ പടിഞ്ഞാറെ ദിക്കു മുഴുവൻ കീഴടക്കി, സഹദേവൻ തെക്കും കീഴടക്കി. ഇപ്രകാരം ഊഴി മുഴുവൻ അവർ കീഴിലാക്കി. അഞ്ചുപേരും അർക്കാഭന്മാരായി വിളങ്ങി. കേവലം അർക്കനും വിളങ്ങി! ഇങ്ങനെ ലോകത്തിൽ ആറ് അർക്കന്മാരുള്ളവിധം, പാണ്ഡവന്മാരാൽ ലോകം വിളങ്ങി.

പിന്നെ ഒരു കാര്യത്തിൽ സവ്യസാചിയെ, തന്റെ പ്രാണനേക്കാൾ പ്രിയപ്പെട്ട അർജ്ജുനനെ, സജ്ജനങ്ങളാൽ പുകഴ്ത്തപ്പെടുന്ന സത്യപരാക്രമനായ കിരീടിയെ, ദിവ്യമായ സ്ഥിരഗുണങ്ങൾ ചേർന്ന ധനഞ്ജയനെ, ധർമ്മജൻ തീർത്ഥയാത്രയ്ക്കയച്ചു. ഒരു വർഷവും, ഒരു മാസവും പാർത്ഥൻ തീർത്ഥാടനം ചെയ്തു. ഒരിക്കൽ ദ്വാരകയിൽ ഹരിയുടെ പാർശ്വത്തിൽ എത്തിയ അർജ്ജുനൻ, കൃഷ്ണന്റെ ഭഗിനിയും മംഗളാംഗിയുമായ സുഭദ്രയെ ഭാര്യയായി നേടി. ശചി ഇന്ദ്രനോടും, ലക്ഷ്മി ഉപേന്ദ്രനോടും എന്നവിധം സുഭദ്ര അർജ്ജുനനോട് ശുഭമായ ആനന്ദത്തോടെ ഇണങ്ങി.

ഹവ്യവാഹനായ അഗ്നിഭഗവാനെ അർജ്ജുനൻ ഖാണ്ഡവംകൊണ്ടു തർപ്പിച്ചു. അർജ്ജുനൻ കൃഷ്ണനോടൊത്തു തയ്യാറെടുത്തുനിന്നു. കൃഷ്ണനോടുകൂടിയ അർജ്ജുനന്ന് അതിൽ യാതൊരു വിഷമവും ഉണ്ടായില്ല. ശത്രുനാശത്തിൽ ഉത്സാഹത്തോടുകൂടിയ വിഷ്ണുവിന്ന് എന്നവിധം, അഗ്നി അർജ്ജുനന്നു ഗാണ്ഡീവദിവ്യാചാപവും, അമ്പൊടുങ്ങാത്ത തൂണികളും, കപിധ്വജരഥവും നല്കി. ബീഭത്സു മയനെ ആ ക്ഷോഭത്തിൽനിന്നു രക്ഷിച്ചതുകൊണ്ട് ദിവ്യരത്നാന്വിതമായ സഭ ആ ദിവ്യൻ നിർമ്മിച്ചു നല്കി. അതിൽ മന്ദനായ ദുര്യോധനന്ന് വല്ലാത്ത ദുരാഗ്രഹമുണ്ടായി.

പിന്നെ ചൂതിൽ ശകുനിയുടെ തന്ത്രംകൊണ്ടു ധർമ്മപുത്രനെ ജയിച്ചു. പന്ത്രണ്ടു വത്സരം കാടുവാഴിച്ചു. നാട്ടിൽ പതിമൂന്നാമത്തെ ആണ്ട് അജ്ഞാതവാസവും ചെയ്യിച്ചു. പതിനാലാമത്തെ ആണ്ട് ധനം ചോദിച്ചപ്പോൾ അവർക്ക് അതു കിട്ടിയില്ല. പിന്നെ നിഷ്ഠൂരമായ പോരുനടന്നു. രാജാക്കന്മാരുടെ കുലമൊക്കെ മുടിച്ചിട്ടു ദുര്യോധനനേയും വധിച്ചു. മിക്കപേരും മരിച്ചു. പാണ്ഡുനന്ദനൻ രാജ്യം നേടി.

ശ്ലാഘ്യന്മാരായ അവരുടെ കഥാക്രമം, അന്തഃഛിദ്രം, രാജ്യനാശം, ജയം എന്നിവ ഇപ്രകാരമാണ്.

62. മഹാഭാരതപ്രശംസ – ജനമേജയൻ പറഞ്ഞു: "ഹേ ദ്വിജസത്തമ, ഉത്തമമായ മഹാഭാരതകഥ, കൗരവന്മാരുടെ ചരിത്രം, ഭവാൻ സംക്ഷിപ്തമായി പറഞ്ഞു. വിചിത്രമായ അർത്ഥം നിറഞ്ഞൊഴുകുന്ന ആ കഥ വിസ്തിരിച്ചു പറഞ്ഞു കേൾക്കുവാൻ എനിക്കു വളരെയേറെ കൗതുകമുണ്ട്. പൂർവ്വന്മാരുടെ കഥ കേട്ടിട്ട് എനിക്കു തൃപ്തിവരുന്നില്ല. പൂജ്യനായ ഭവാൻ സവിസ്തരം പറയണമേ! ധർമ്മിഷ്ഠന്മാരായ പാണ്ഡവന്മാരുടെ കഥയുടെ മൂലം ചെറുതല്ലെന്നു വിചാരിക്കുന്നു. അവദ്ധ്യരായ പലരേയും അവർ കൊന്നു. എന്നാൽ ലോകർ അതിനേയും വാഴ്ത്തുന്നു. കുറ്റമറ്റ കൗന്തേയർ ഏറ്റവും ശക്തരാണെങ്കിലും, ദുഷ്ടവൈരികളാൽ ചെയ്യപ്പെട്ട കഷ്ടാരിഷ്ടങ്ങൾ അവർ സഹിക്കുവാൻ എന്താണു കാരണം? പതിനായിരം ആനയ്ക്കുള്ള ശക്തിയുള്ളവനാണ് വൃകോദരൻ. അവൻ എങ്ങനെ അരികളിൽനിന്നുണ്ടായ പരിക്ലേശം പൊറുത്തു? ദുഷ്ടന്മാർ ദുഃഖിപ്പിച്ചിട്ടും സതിയായ പാർഷതി കടുത്ത നോട്ടത്തിൽ എന്തേ ധാർത്തരാഷ്ട്രന്മാരെ ചുടാഞ്ഞത്? ദ്യൂതവ്യസനിയായ ധർമ്മജനെ കുന്തീപുത്രരും, മാദ്രീകുമാരന്മാരും, ദുഷ്ടബാധ പൊറുത്ത് എങ്ങനെ പിന്തുടർന്നു? അനർഹമായ ഈ ക്ലേശം എങ്ങനെ ധർമ്മജ്ഞന്മാരിൽ പ്രവരനായ ധർമ്മപുത്രൻ സഹിച്ചു? പിന്നെ കൃഷ്ണസാരഥിയായ പാണ്ഡവൻ, ധനഞ്ജയൻ, എങ്ങനെ മഹാസൈന്യത്തെ തനിയെ ബാണമെയ്തു കൊന്നു? ഇതൊക്കെ നടന്നപ്രകാരം തന്നെ മാമുനേ, എന്നോടു പറയണം. ആ മഹാരഥന്മാർ അന്നന്ന് എന്തെല്ലാം ചെയ്തു എന്നതും പറയണം."

വൈശമ്പായനൻ പറഞ്ഞു: "മഹാരാജാവേ, കൃഷ്ണദ്വൈപായനൻ ചൊല്ലിയ പുണ്യാഖ്യാനം ഞാൻ പറയാം. മനസ്സിരുത്തിക്കേട്ടാലും! സർവ്വപൂജിതനും, മഹാത്മാവും, മുനിമുഖ്യനുമായ വ്യാസന്റെ ചിന്താഫലമെല്ലാം ഞാൻ വിടാതെ പറയുന്നതാണ്. അതിശക്തനായ സത്യവതീസുതൻ, കൃഷ്ണദ്വൈപായനൻ ഒരുലക്ഷം ശ്ലോകത്തിലാണ് അതിപുണ്യമായ ഈ കഥ പറഞ്ഞിട്ടുള്ളത്. അതു കേൾപ്പിക്കുന്നവനും, കേൾക്കുന്നവനും, ബ്രഹ്മലോകം പൂകി ദേവതുല്യരായിത്തീരും. ഇതു വേദങ്ങൾപോലെ പവിത്രവും, ഉത്തമവുമാണ്. ശ്രാവ്യകാവ്യങ്ങളിൽ ഉത്തമമായ ഇത് ഋഷിമാരാൽ സ്തുതിക്കപ്പെട്ടതാണ്. അർത്ഥവും, കാമവും നന്നായി ഇതിൽ വീണ്ടും വീണ്ടും പറയുന്നുണ്ട്. പുണ്യമായ ഈ ഇതിഹാസം മോക്ഷത്തിന്ന് ഉചിതമായ ബുദ്ധി നല്കുന്ന ഗ്രന്ഥമാണ്. അക്ഷുദ്രനേയും, ദാനശീലനേയും, സത്യവാനേയും, അനാസ്തികനേയും കൃഷ്ണനിർമ്മിതമായ ഈ വേദം കേൾപ്പിക്കുന്നതായാൽ അവന്നു വലിയ അർത്ഥാപ്തിയുണ്ടാകും. അതിക്രൂരനായ പുരുഷനും ഭ്രൂണഹത്യകൊണ്ടുണ്ടായ പാപംപോലും തീർച്ചയായും വിട്ടൊഴിയും. നല്ലതായ ഈ ഇതിഹാസം കേട്ടാൽ ക്രൂരന്മാരായ മനുഷ്യർപോലും, രാഹുവിട്ട ചന്ദ്രനെപ്പോലെ പാപം വിട്ടുതെളിയും. 'ജയ' മെന്നു പേരായ ഈ ഇതിഹാസം ജയോദ്യുതന്മാർ കേൾക്കേണ്ടതാണ്. രാജാവാണു കേൾക്കുന്നതെങ്കിൽ, അവൻ ഭൂമി പിടിച്ചടക്കും. ശത്രുരാജാക്കന്മാരെ പിൻതിരിപ്പിക്കും. ഇതു ശ്രേഷ്ഠമായ പുംസവനമാണ്. പുരുഷപ്രജയെ ലഭിക്കാൻ ആഗ്രഹിക്കുന്നവർ കേൾക്കണം. ഇതു ശ്രേഷ്ഠമായ സ്വസ്ത്യയനമാണ്. യുവരാജാക്കളുടെ മഹിഷിമാർ ഇതു പല പ്രാവശ്യവും കേൾക്കണം. വീരനായ പുത്രനേയും, രാജ്യം നേടുന്ന പുത്രിയേയും അവർ പ്രസവിക്കും. ഇതു പുണ്യമായ ധർമ്മശാസ്ത്രവും, മഹത്തായ അർത്ഥശാസ്ത്രവുമാണ്. ഇതു മോക്ഷശാസ്ത്രവുമാണെന്നാണ് വ്യാസമഹർഷി പറയുന്നത്. ഇത് ഇന്നു പലരും ചൊല്ലുന്നു; പലരും കേൾക്കുന്നു. പുത്രന്മാർക്കും, ഭൃത്യന്മാർക്കും, എല്ലാവർക്കും, ഇതു ചൊല്ലിക്കേൾക്കുവാൻ മോഹമുണ്ടെങ്കിൽ ആകാം. അവർ ശരീരംകൊണ്ടും, വാക്കുകൊണ്ടും, മനസ്സുകൊണ്ടും ചെയ്ത പാപങ്ങളെല്ലാം ഈ ഇതിഹാസം കേട്ടാൽ തീരും. ഭരതന്മാരുടെ ജനനകഥ അസൂയകൂടാതെ കേട്ടാൽ അവന്ന് വ്യാധിഭീതിയുണ്ടാകുന്നതല്ല. പിന്നെ പരലോകദുഃഖവുമില്ല. ധർമ്മ്യവും, യശസ്യവും, ആയുഷ്യവും, പുണ്യവും, സ്വർഗ്ഗ്യവും ആയി മുനിപുംഗവനായ വ്യാസൻ ഇതു നിർമ്മിച്ചു.

മഹാന്മാരായ പാണ്ഡവർക്കു മഹാകീർത്തി പരത്തുന്നവരും, സർവ്വവിദ്യാശുദ്ധിചേർന്നു ലോകത്തിൽ പേരുകേട്ടവരും, ഭൂരിദക്ഷിണവീര്യാദി ചേരുന്നവരും ആയ മറ്റു രാജാക്കൾക്കും, പുണ്യാർത്ഥമായി മർത്ത്യലോകത്തിൽ കേൾപ്പിക്കുന്നവന്നും ഇതുമൂലം മഹാപുണ്യമായ അനശ്വരധർമ്മം ഉണ്ടാകും. കീർത്തിയേറുന്ന കുരുകുലത്തെ കീർത്തിക്കുന്ന ശുചിയായ മർത്ത്യന്ന് കുലവൃദ്ധിയുണ്ടാകും; പുണ്യവാനായി വരും. വ്രതത്തോടുകൂടി വർഷത്തിൽ നാലുമാസം ഭാരതം ചൊല്ലുന്ന വിപ്രന്റെ പാപം വേരറ്റുപോകും. ഭാരതം ചൊല്ലുന്ന വേദത്തിന്റെ മറുകരയെത്തിയവൻ മോക്ഷത്തിന്നർഹനാകും.

ദേവന്മാർ, നരദേവന്മാർ, ബ്രഹ്മർഷിമുഖ്യർ, പാപം നശിച്ചവർ, ശ്രീ വാസുദേവൻ ഇവരെയൊക്കെ ഇതിൽ വർണ്ണിച്ചിരിക്കുന്നു. ദേവേശനായ ഭഗവാനും, ദേവിയും ഇതിൽ വർണ്ണ്യരാണ്. കീർത്തിയോടെ നാനാജന്മമെടുത്ത കാർത്തികേയന്റെ ജന്മവും, പശുബ്രാഹ്മണമാഹാത്മ്യങ്ങളും ഇതിൽ വിശേഷിച്ചും വാഴ്ത്തിയിരിക്കുന്നു. സർവ്വശ്രുതിപ്രായമായ ഇത് ധർമ്മപരർക്കു ശ്രാവ്യമാണ്. പർവ്വംതോറും ബ്രാഹ്മണരെ ഇതു ചൊല്ലിക്കേൾപ്പിക്കുന്ന ബുധൻ, കന്മഷം പോയി സ്വർഗ്ഗജിത്തായി ബ്രഹ്മസാമ്രാജ്യം പ്രാപിക്കും.

digitized by www.sreyas.in

ശ്രാദ്ധങ്ങളിൽ ബ്രാഹ്മണരെ ഇതൊരു പാദമെങ്കിലും കേൾപ്പിച്ചാൽ അതു പിതൃക്കൾക്ക് അക്ഷയമായ ശ്രാദ്ധമായിത്തീരും. ചിത്തേന്ദ്രിയങ്ങൾകൊണ്ടു പകൽ ചെയ്യുന്ന പാതകം അത് അറിഞ്ഞോ അറിയാതെയോ ചെയ്തതായാലും അവ ഈ ഭാരതം കേട്ടാൽ തീർച്ചയായും നശിച്ചുപോകും. 'മഹൽഭാരതജന്മം' തന്നെയാണ് മഹാഭാരതം! ഈ ആഖ്യാനം അറിഞ്ഞവന്ന് സർവ്വപാപസമൂഹവും നശിക്കും. ഇതു ഭാരതന്മാർക്കുള്ള മഹാത്ഭുതമായ ഇതിഹാസമാണ്. ഇതു കീർത്തിച്ചാൽ മർത്ത്യരുടെ മഹാപാപമെല്ലാം നശിക്കും. ഉത്സാഹിയും, ശുദ്ധിമാനും, ശക്തനുമായ വ്യാസമഹർഷി മൂന്നു സംവത്സരംകൊണ്ട് ഭാരതരചന എന്ന മഹൽകൃത്യം സാധിച്ചു. ആദ്യംമുതൽ അവസാനം വരെ അദ്ദേഹം വേണ്ടമാതിരി ഭംഗിയാക്കി തീർത്തു. വ്രതനിഷ്ഠയോടെ കൃഷ്ണദ്വൈപായനകൃതമായ ഭാരതസത്കഥ ഭൂസുരന്മാർ കേൾക്കണം.

ഇതു കേൾപ്പിക്കുന്ന വിപ്രരും, കേൾക്കുന്ന മർത്ത്യരും ഏതുമട്ടിലിരുന്നാലും ഒരിക്കലും പുണ്യപാപങ്ങളാൽ ക്ലേശിക്കുന്നവരാവുകയില്ല. ധർമ്മം കാംക്ഷിക്കുന്ന മർത്ത്യൻ നല്ലമട്ടിൽ അതു കേൾക്കുമ്പോൾ അതുകൊണ്ടു സിദ്ധനായിത്തീരും.

ഈ പുണ്യേതിഹാസം കേൾക്കുന്നവന്നുള്ള മനഃസുഖം കേവലം സ്വർഗ്ഗം നേടിയിരിക്കുന്നവനുകൂടി സിദ്ധിക്കുന്നതല്ല. ശ്രദ്ധയോടെ ഇതു കേൾക്കുന്നവനും, കേൾപ്പിക്കുന്ന പുണ്യശീലനും രാജസൂയം, അശ്വമേധം എന്നിവ ചെയ്തപോലെയുള്ള ഫലം സിദ്ധിക്കും. സമുദ്രഭഗവാനും, ഹിമവാൻ എന്ന ഗിരിരാജനും ഇങ്ങനെ രണ്ടു രത്നനിധാനങ്ങൾ ഭൂലോകത്തുണ്ട്. അതുപോലെ മറ്റൊരു രത്നനിധാനമാണ് മഹാഭാരതം.

ഇതു വേദങ്ങൾപോലെ പവിത്രവും, ഏറ്റവും ഉത്തമവുമാണ്. ശ്രുതിക്ക് സുഖദമായ ശ്രാവ്യമാണ്. സുഖദവും പാവനവും ശീലവർദ്ധനവുമാണ്. ഈ ഇഷ്ടമായ ഭാരതത്തെ കേൾക്കുവാൻ യാചിക്കുന്നവന്നു വായിച്ചുകേൾപ്പിക്കുന്നവൻ കടൽചൂഴുന്ന ഭൂമിയൊക്കെ ദാനം ചെയ്യുന്ന പുണ്യം ആർജ്ജിക്കുന്നവനായിത്തീരുന്നു.

ജനമേജയന്റെ ജയമായ, പുണ്യവർദ്ധനമായ ദിവ്യകഥ ഇതാ, ഞാൻ പറയുവാൻ പോകുന്നു. നിങ്ങൾ ഹർഷത്തോടെ കേട്ടുകൊള്ളുവിൻ!

മൂന്നുവർഷംകൊണ്ട് കൃഷ്ണദ്വൈപായനമഹർഷി ഈ മഹാഭാരതാഖ്യാനം നിർമ്മിച്ചു എന്നുള്ളത് ഒരു മഹാത്ഭുതം തന്നെ. ധർമ്മത്തെയും അർത്ഥത്തെയും, കാമത്തെയും, മോക്ഷത്തെയുംപറ്റി–നാലു പുരുഷാർത്ഥങ്ങളെപ്പറ്റി—ഭാരതത്തിൽ എന്തൊക്കെ പ്രതിപാദിച്ചിട്ടുണ്ടോ, അതു മറ്റു പ്രബന്ധങ്ങളിലും കണ്ടേക്കാം. എന്നാൽ ഭാരതത്തിൽ പറയാത്തത് ഏതു പ്രബന്ധത്തിലും കാണുകയില്ല. അത്ര സമഗ്രമായ ലോകവീക്ഷണം മഹാഭാരതത്തിലുണ്ട്.

63. വ്യാസാദ്യുൽപത്തി – വൈശമ്പായനൻ പറഞ്ഞു: "പണ്ട് നായാട്ടിൽ പ്രിയമുള്ളവനും, ഉപരിചരൻ എന്നു പ്രസിദ്ധനും, വ്രതനിഷ്ഠനും, പൗരവനന്ദനനുമായ 'വസു' എന്ന രാജാവ് ചേദിരാജ്യം ഭരിച്ചിരുന്നു. ആ രാജാവ് ഇന്ദ്രന്റെ സുഹൃത്തായിരുന്നു. അസ്ത്രങ്ങൾ ഉപേക്ഷിച്ച് ആശ്രമത്തിൽ വാണ് രാജാവ് തപസ്സിലിരുന്നു. അപ്പോൾ ഇന്ദ്രാദികളായ ദേവന്മാർ ആ രാജാവിന്റെ അരികെ എത്തി. ഈ രാജാവു തപസ്സു ചെയ്താൽ തീർച്ചയായും ഇന്ദ്രപട്ടത്തിന്ന് അർഹനാകുമെന്നു വിചാരിച്ച് അവർ സാന്ത്വനംകൊണ്ട് രാജാവിന്റെ തപസ്സു നിർത്തുവാൻ ഒരുങ്ങി.

ദേവകൾ പറഞ്ഞു: "രാജാവേ, ഭൂമിയിൽ ധർമ്മസങ്കരമാകരുത്. അങ്ങെടുക്കുന്ന ധർമ്മം ലോകരും തുടങ്ങിയാലോ?"

ഇന്ദ്രൻ പറഞ്ഞു: "ഹേ! രാജാവേ, ഭവാൻ ആകുലത്വംവിട്ട് സജ്ജനായി ലോകധർമ്മത്തെ പാലിക്കുക! ആവുന്ന ധർമ്മം ചെയ്തു ഭവാൻ ശാശ്വതമായ പുണ്യലോകം പ്രാപിക്കുക! വിണ്ണിൽ വാഴുന്ന എനിക്ക്, ഭവാൻ മന്നിൽ വാഴുന്ന സഖാവാണ്. ലോകത്തിൽ നല്ല ഒരിടംനോക്കി ഭവാൻ പരിപാലിച്ചാലും! വളരെ പുണ്യമായിട്ടുള്ളതാണ് പശുപ്രിയം. പശുക്കൾ നിറഞ്ഞതും, ധനധാന്യങ്ങളാൽ സമുജ്ജ്വലമായതും, സ്വർഗ്ഗതുല്യം വിളങ്ങുന്നതും, സൗമ്യമായതും, ഭോഗ്യഗുണങ്ങൾ ചേർന്നതുമായ വസു ഉള്ളതാണ് 'വസുധാ.' അങ്ങനെയുള്ള ആ ചേദിഭൂമിയിൽ നീ വസിക്കുക. നാട്ടുകാരൊക്കെ ധർമ്മശീലന്മാരും, ഏറ്റവും സന്തുഷ്ടരും നല്ലവരുമാണ്. വിനോദത്തിന്നും അവിടെ കുറവില്ല. താതഹിതത്തെ ആദരിക്കുന്ന അവർ പിതാക്കളോടു സ്വത്തു ഭാഗിച്ചു വാങ്ങുന്നവരല്ല. ഗോക്കളിൽ ഭാരമേറ്റുകയില്ല. അവർ, കൃശന്മാരെ പാലിക്കും. വേദിയിൽ സ്വസ്വധർമ്മസ്ഥരാണ് എല്ലാ ജാതിക്കാരും. മൂന്നു ലോകത്തിലും നീ അറിയാത്തതായി ഒന്നുമില്ലല്ലോ. ദേവോപഭോഗ്യമായും, ദിവ്യമായും, സ്ഫടികമായും, ഇരിക്കുന്ന ഒരു വിമാനം ഞാൻ ഭവാനു നല്കുന്നു, അതിൽക്കയറി ഭവാന് യഥേഷ്ടം ആകാശത്തിൽ സഞ്ചരിക്കാം. മർത്ത്യരിൽ ഭവാൻ മാത്രമേ വ്യോമമാർഗ്ഗത്തിൽ സഞ്ചരിക്കുകയുള്ളു. അങ്ങ് അമരന്മാരെപ്പോലെ ഉടലോടുകൂടി വിമാനത്തിൽ സഞ്ചരിക്കും. വൈജയന്തി എന്ന വാടാത്ത മാലയും ഞാൻ ഭവാന് തരുന്നു. ഇത് സംഗരത്തിൽ അങ്ങയെ ശസ്ത്രക്ഷതം തട്ടാതെ രക്ഷിക്കും. ഇതിന്ന് ഇന്ദ്രമാല എന്നാണു പേര്. ഹേ, മന്നവേന്ദ്ര! ഭവാൻ ധന്യവും, അപ്രതിമവും, പ്രസിദ്ധവുമായ ഈ ചിഹ്നം സ്വീകരിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ വൃത്രവൈരി അവന്ന് ചിത്രമായ വേണുദണ്ഡവും നല്കി. ഇഷ്ടപ്രദാനനിലയിൽ ശിഷ്ടരക്ഷയ്ക്ക് സാധകവുമാണ് ആ ദണ്ഡം.

ഇന്ദ്രപൂജയ്ക്ക്, പിന്നെ ഒരുവർഷം കഴിഞ്ഞിട്ട്, ആ രാജാവ് ആ വേണുയഷ്ടി മന്നിൽ നട്ടു. അന്നുതൊട്ട് ഇന്നുവരെ മന്നിൽ യഷ്ടി നടുന്ന ക്രമം, ആ രാജാവു ചെയ്തതുപോലെ, രാജാക്കന്മാർ ചെയ്തു വരുന്നുണ്ട്. പിറ്റേദിവസം അത് പുഷ്പം, ചന്ദനം, വസ്ത്രം ഇവയർപ്പിച്ച് വിധിപോലെ പൂമാല ചുറ്റിച്ചാർത്തി രാജാക്കൾ ഉയർത്തുന്നു. അത് ഉയർത്തുമ്പോൾ ഹംസരൂപിയായ ഭഗവാനെ അതിൽ പൂജിക്കുന്നു. വസുപ്രീതിക്കുവേണ്ടി വാസവൻ ആ സ്വരൂപം സ്വീകരിച്ചതാണ്. ഇപ്രകാരമുള്ള മഹാശുഭമായ പൂജ വസു ചെയ്തതു കണ്ടു സന്തോഷിച്ച് വാസവൻ പറഞ്ഞു: 'മനുഷ്യരും വിശേഷിച്ച് രാജാക്കളും, ചേദിരാജാവ് മഹാപൂജ ചെയ്തപോലെ, എനിക്കു ചെയ്യുന്നതായാൽ, അവർക്കും അവരുടെ നാട്ടിന്നും ശ്രീയും ജയോദയവും സിദ്ധിക്കും. അപ്രകാരം ആ നാടടക്കം പ്രീതമായിത്തീരും."

വൈശമ്പായനൻ തുടർന്നു: "ഇപ്രകാരം ദേവരാജാവായ ഇന്ദ്രനാൽ ചേദിരാജാവ് തുഷ്ടിയോടെ ആദരിക്കപ്പെട്ട് ഇപ്പറഞ്ഞ വിധം ശക്രപൂജ കഴിക്കുന്നതായാൽ വളരെ രത്നാദികളുടെ ദാനത്താൽ പാരിൽ അവർ സംപൂജ്യരാകും. വരദാനങ്ങൾ, യജ്ഞങ്ങൾ, ഇന്ദ്രോത്സവം എന്നിവ ചെയ്തു ദേവരാജപ്രീതി നേടി, വസുധർമ്മത്തോടെ ചേദിരാജാവ് പാരിടം പരിപാലിച്ചു. അവന്ന് അമിതവിക്രമികളായി അഞ്ചു നന്ദനന്മാർ ഉണ്ടായി. അഞ്ചു രാജ്യത്തിൽ സമ്രാട്ടുകളായി മക്കളെ വാഴിച്ചു. ബൃഹദ്രഥൻ, പ്രത്യഗ്രഹൻ, കുശാംബൻ, മണിവാഹൻ എന്നുകൂടി പേരുള്ള മാവെല്ലൻ, എന്നും തോൽവിതട്ടാത്തവനായ യദു ഇവരാണ് ആ രാജർഷിയുടെ മക്കൾ. അവരവരുടെ പേർക്ക് അവർ ഓരോ പട്ടണം തീർപ്പിച്ചു. ഇങ്ങനെ വസുവിന്റെ അഞ്ചു മക്കൾ അഞ്ചു വംശത്തിന്റെ കാരണവന്മാരായി.

ഇന്ദ്രൻ നല്കിയ സ്ഫടികനിർമ്മിതമായ ഇന്ദ്രസൗധവിമാനത്തിൽ അംബരത്തിൽ വാഴുന്ന രാജാവിനെ ഗന്ധർവ്വന്മാരും, അപ്സരസ്സുകളും വാഴ്ത്തി. 'ഉപരിചരൻ' എന്ന പേരും പ്രസിദ്ധമായി.

അക്കാലത്ത് ചേദിരാജ്യത്തിന്നരികിലൂടെ ഒരു നദി ഒഴുകിയിരുന്നു. 'ശുക്തിമതി' എന്നാണ് ആ നദിയുടെ പേര്. കോലാഹലൻ എന്നു പേരായ ഒരു പർവ്വതം ആ നദിയെ കാമിച്ചു. ഒരു ദിവസം ആ പർവ്വതം ആ നദിയെ കാമത്തോടെ ബലമായി തടുത്തു പിടിച്ചുനിർത്തി. ശീഘ്രഗാമിനിയായ ആ നദി, പർവ്വതം ബലമായി തടഞ്ഞുനിർത്തിയതുകൊണ്ട് പോകുവാൻ നിവൃത്തി

digitized by www.sreyas.in

യില്ലാതെ നിന്നു. വെള്ളം മേല്പോട്ടു പൊങ്ങി നാടൊക്കെ മുങ്ങി. ജനങ്ങൾ വെള്ളപ്പൊക്കത്തിൽപ്പെട്ടു കുഴങ്ങി. മലയുടെ ഈ അന്യായപ്രവൃത്തിയിൽ രാജാവു കോപിച്ച് ഓടിച്ചെന്നു കോലാഹലാദ്രിയുടെ ശിരസ്സിൽ ബലമായി ഒരു ചവിട്ടുകൊടുത്തു. ചവിട്ടുപഴുതിൽക്കൂടി ആ നദി കുതിച്ചുചാടി. ആ ഗിരിക്ക് ആ നദിയുമായുള്ള പ്രണയസാഹസത്തിന്റെ ഫലമായി അന്ന് രണ്ടു സന്താനങ്ങൾ, ഒരു ആണും ഒരു പെണ്ണും, പിറന്നു. തന്നെ മോചിപ്പിച്ചതിൽ സന്തോഷിച്ച്, നദി ആ രണ്ടു സന്താനങ്ങളെ ഉപരിചരരാജാവിന്നു നല്കി. അതിൽ പുരുഷനെ രാജാവ് പിന്നീടു സേനാനായകനാക്കി. സ്ത്രീയെ രാജാവ് ഭാര്യയാക്കി. 'ഗിരിക' എന്നായിരുന്നു ആ സുന്ദരിയുടെ പേര്.

മനോമോഹിനിയായ ഗിരിക കാമകാലം ഉണർത്തി. രാജ്ഞി ഋതുസ്നാനം കഴിഞ്ഞ് പുംസവനത്തിന്നായി, പുരുഷസന്താനപ്രാപ്തിക്കുവേണ്ടി ശുദ്ധിമതിയായി ഭർത്താവിനെ കാമകാലമുണർത്തിയ അന്ന് പിതൃക്കളുടെ ആജ്ഞപ്രകാരം രാജാവിന്ന് ദൈവനിശ്ചയത്താൽ സ്ഥലംവിടേണ്ടിവന്നു. പിതൃക്കൾ മൃഗമാംസംകൊണ്ട് പിതൃകർമ്മംചെയ്യുവാൻ ആവശ്യപ്പെട്ടതുമൂലം രാജാവ് നായാട്ടിന്നു പോയി. പിതൃകല്പന ലംഘിച്ചുകൂടല്ലോ. നായാട്ടു കഴിഞ്ഞ് കാട്ടിൽവെച്ച് രാജാവ് തന്റെ ഭാര്യയെ ചിന്തിച്ചു. ഋതുസ്നാനം കഴിഞ്ഞ് മുടിയഴിച്ചിട്ട് സൗന്ദര്യശ്രീയാർന്ന മുഖത്തോടെ ശ്രീദേവി പോലെ നില്ക്കുന്ന ഗിരികയെ കാമത്തോടെ ഓർത്തു. ആ കാട് മനോഹരമായി പൂത്തുനില്ക്കുന്നു! അശോകം, ചെമ്പകം, തേന്മാവ്, അഴകുള്ള തിമുക്തകം, പുന്ന, കൊന്ന, കമ്പലം, പാടലം, ചന്ദനം, തെങ്ങ്, പാച്ചോറ്റി, പനിനീര്, മരുത് എന്നു തുടങ്ങിയ പല വൃക്ഷങ്ങളും പുഷ്പഫലാഢ്യമായി പ്രശോഭിക്കുന്നു. കുയിലുകൾ മധുരമായി കൂജനം ചെയ്യുന്നു! വണ്ടുകൾ മുരളുന്നു! ചൈത്രരഥംപോലെ, ആ വസന്തകാലത്ത് വനം പ്രശോഭിച്ചു. രാജാവ് കാമവികാരം കൊണ്ടു! തന്റെ സുന്ദരിയായ ഭാര്യയെ ഓർത്തു! കാമാന്ധനായി ഗിരികയെ കാണാതെ അവൻ പരവശനായി കണ്ട കാട്ടിലൊക്കെ സഞ്ചരിച്ചു. പുഷ്പസൗരഭ്യം പരന്നു. കൊമ്പുമൂടി ഓമൽത്തളിരുകൾ ശോഭിക്കുന്ന ഒരു അശോകത്തെ നോക്കി. പൂങ്കുലകൾ സ്തനഭാരംപോലെ വിളങ്ങി. ആ പൂങ്കുലകളോടുകൂടിയ അശോകത്തിന്റെ നിഴലിൽ മധുഗന്ധം കലർന്ന പൂമണമേറ്റ് രാജാവ് ഇരുന്നു. ചെറിയ ഒരു കാറ്റ് വന്ന് പ്രണയവതിയായ ഭാര്യയുടെ മൃദുകരംകൊണ്ടെന്നപോലെ രാജാവിനെ മന്ദം മന്ദം തലോടി. രാജാവ് സുരതാനന്ദംകൊണ്ടു. അവന്ന് അപ്പോൾ രേതസ്സ് സ്ഖലിച്ചു. സ്ഖലിച്ച ശുക്ലം വൃക്ഷത്തിന്റെ ഇലയിൽ രാജാവ് എടുത്തു. നിലത്തു വീണു പാഴാകരുതല്ലോ എന്നു വിചാരിച്ചാണ് രാജാവ് എടുത്തത്. വെറുതെ കളയുവാൻ പാടില്ല. ഭാര്യയ്ക്ക് ഋതുകാലവുമാണ്. അതുകൊണ്ട് ഇത് അവളുടെ ഗർഭത്തിൽ പ്രവേശിപ്പിക്കണം. അതിന്നുള്ള മാർഗ്ഗം ചിന്തിച്ച് മന്ത്രം ജപിച്ച് ഒരു പരുന്തിനെ വിളിച്ച് അവന്റെ കൈയിൽ അത് ഏല്പിച്ചു, ഭാര്യയോടു വേണ്ടതൊക്കെ പറയുവാൻ കല്പിച്ചു കൊടുത്തയച്ചു. 'എന്റെ പ്രീതിക്കായി എന്റെ ശുക്ലം ഉടനേ നീ എന്റെ പുരത്തിൽ എത്തിക്കുക. ഇത് ഗിരികയ്ക്കു കൊടുത്ത് വിവരം അറിയിക്കുക. അവൾക്ക് ഋതുകാലമാണ്, വൈകരുത്.'

പരുന്ത് അതു വാങ്ങിച്ച് ക്ഷണത്തിൽ ആകാശത്തു പൊങ്ങി. എന്തോ മാംസം കൊത്തിപ്പറക്കുകയാണെന്നു വിചാരിച്ച് വേറെ പരുന്തുകൾ വഴിക്കുവെച്ച് എതിർത്തു. ആകാശത്തുവെച്ച് മറ്റൊരു പരുന്തുമായി ഏറ്റുമുട്ടി. ആ യുദ്ധത്തിൽ രേതസ്സ് യമുനാജലത്തിൽ വീണു. അദ്രികയെന്നു പേരായ ഒരു അപ്സരസ്സ് ബ്രഹ്മശാപംനിമിത്തം മത്സ്യമായി ആ നദിയിൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. പരുന്തിന്റെ പിടിയിൽനിന്ന് വീണ ആ ശുക്ലം മത്സ്യരൂപിണിയായ അദ്രിക എത്തിപ്പിടിച്ചു വിഴുങ്ങി.

ഒരുദിവസം ചില മുക്കുവർ കൂടി ഒരു മത്സ്യത്തെപ്പിടിച്ചു. അതിന്റെ വയർ കീറിയപ്പോൾ രണ്ടു മനുഷ്യക്കുട്ടികൾ അതിന്റെ വയറ്റിൽനിന്നു പുറത്തു വന്നു! ഈ അത്യാശ്ചര്യം അവർ രാജാവിനെ അറിയിച്ചു. 'പെൺമീനിന്റെ വയറ്റിൽ രണ്ടു മനുഷ്യർ! അത്ഭുതംതന്നെ! അതിൽ പുരുഷനെ ഉപരിചരൻ സ്വീകരിച്ചു. അവൻ 'മത്സ്യൻ' എന്ന പ്രസിദ്ധനായ രാജാവായി. ധാർമ്മികനും സത്യസംഗരനുമായി വളർന്നു. മത്സ്യസ്ത്രീയായ അപ്സരസ്സ് ശാപമോക്ഷം വന്നു പോവുകയും ചെയ്തു. ഭഗവാൻ മുമ്പെത്തന്നെ അവൾക്ക് ശാപമോക്ഷം പ്രസ്താവിച്ചിരുന്നു, 'മനുഷ്യരെ പ്രസവിച്ചാൽ തിര്യക്കായ നീ ശാപമോക്ഷം പ്രാപിക്കും' എന്ന്. അവൾ മത്സ്യരൂപം വെടിഞ്ഞു ദിവ്യരൂപം എടുത്ത് സിദ്ധചാരണന്മാരുടെ മാർഗ്ഗത്തിലൂടെ പോയി.

മത്സ്യം പെറ്റ മകളായ, മത്സ്യഗന്ധിനി എന്ന മത്സ്യയെ മുക്കുവന്നു കൊടുത്ത്, 'നീ പുത്രിയായി വളർത്തിക്കൊള്ളുക!' എന്നു പറഞ്ഞു.

സൗന്ദര്യസത്വഗുണങ്ങൾ തികഞ്ഞ അവൾ 'സത്യവതി' എന്ന പേരിൽ മുക്കുവരെ സമാശ്രയിച്ച് ഒട്ടുകാലം മത്സ്യഗന്ധിനിയായിത്തന്നെ വാണു. പിതൃപ്രിയത്തിന്നായി അവൾ കടത്തുവഞ്ചി കടത്തുന്നവളായി. അങ്ങനെ പങ്കായവുമെടുത്ത് തോണി കടത്തുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്ന അവളെ തീർത്ഥചാരിയായ പരാശരൻ കണ്ടു.

'സിദ്ധയതിയെപ്പോലും കൊതിപ്പിക്കുന്ന സൗന്ദര്യമുള്ള ഈ യുവതി ഏതാണ്?' അദ്ദേഹം അവളെക്കണ്ട് വഞ്ചിയിൽ വെച്ചു കാമിച്ചു. വസുവിന്റെ ദിവ്യപുത്രിയായ ആ ഭവ്യകന്യകയോട് പരാശരൻ, 'ഹേ കല്യാണി, നീ എന്നെ ഒന്നു പുല്കുക!' എന്ന് വഞ്ചി പുഴയുടെ നടുവിലെത്തിയ സമയത്ത് അവളോടു നേരിട്ട് ആവശ്യപ്പെട്ടു. ആ ശുചിസ്മിത ലജ്ജിച്ച് മഹർഷിയോടു പറഞ്ഞു: 'ഭഗവാനേ, നോക്കൂ! ആറ്റിൽ മഹർഷിമാർ രണ്ടു കരകളിലും നിന്നു കുളിക്കുന്നു. അവർ കാണില്ലേ? ഈ പച്ചപ്പകലോ നാം തമ്മിൽ ക്രീഡിക്കുന്നത്? ഈ ജനങ്ങളുടെ മുമ്പിൽവെച്ചോ? ഹായ്! പാടില്ല!' ലജ്ജാമധുരമായി ആ പെൺമണി പരിഭ്രമിച്ചു പറഞ്ഞപ്പോൾ മഹർഷി ചുറ്റും ഒരു മൂടൽമഞ്ഞുണ്ടാക്കി. ആ മഞ്ഞുകൊണ്ട് കൂരിരുട്ടുണ്ടായി. ഇങ്ങനെ മുനിശ്രേഷ്ഠൻ മഞ്ഞുകൊണ്ടു മറ തീർത്തപ്പോൾ ആ സാധുവായ കന്യക വിസ്മയപ്പെടുകയും ലജ്ജിക്കുകയും ചെയ്തു. അവൾ ഇപ്രകാരം പറഞ്ഞു.

സത്യവതി പറഞ്ഞു: "ഹേ മഹർഷേ, ഞാൻ താതന്റെ അധീനത്തിൽ വളരുന്ന കന്യകയല്ലേ? ഭവാന്റെ സംഗമത്താൽ എന്റെ കന്യകാത്വം ദുഷിക്കും. കന്യകാത്വം ദുഷിച്ചുപോയാൽ പിന്നെ ഞാൻ എങ്ങനെ എന്റെ ഗൃഹത്തിൽ പ്രവേശിക്കും? പിന്നെ ഞാൻ അവിടെ എങ്ങനെ പാർക്കും? അങ്ങയുടെ കല്പനയെ നിരസിക്കുവാനുള്ള കെല്പ് എനിക്കില്ല. ധീമൻ, ചിന്തിച്ച് ഭവാൻ വേണ്ടതെന്തെന്നു പറയുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന ആ സുമുഖിയോട് അതിപ്രീതിയോടെ മുനീശ്വരൻ പറഞ്ഞു: 'എന്റെ ഇഷ്ടം നീ സാധിപ്പിച്ചാൽ നീ കന്യകയായിത്തന്നെ പിന്നെയും ഇരിക്കും. ഹേ, ഭീരു! നീ വേണ്ട വരം വരിക്കുക! എന്റെ പ്രസാദം ഹേ, ശുചിസ്മിതേ, ആർക്കും മുമ്പ് പാഴിലായിട്ടില്ല.' ഇതു കേട്ട് അവൾ അഭ്യർത്ഥിച്ചു: 'മത്സ്യഗന്ധം നീക്കി എന്റെ ദേഹത്തിന്ന് ഉത്തമമായ സൗരഭ്യം നല്കണം.' ഭഗവാൻ അവൾക്ക് ഇഷ്ടമായ വരം നല്കി. വരം നേടി അവൾ സന്തോഷിച്ചു കൈമെയ് മറന്ന് ആ മുനിയോടുകൂടി കാമക്രീഡചെയ്തു. അന്നുമുതൽ അവൾ 'ഗന്ധവതി' എന്നു പ്രസിദ്ധയായി. അവളുടെ ദേഹത്തിൽനിന്നു പുറപ്പെടുന്ന സൗരഭ്യം ഒരു യോജനദൂരംവരെ വീശി. അക്കാരണത്താൽ 'യോജനഗന്ധാ' എന്നുകൂടി അവൾക്കു പേരുണ്ടായി. പിന്നെ, പരാശരൻ കടവുകടന്നു പോവുകയും ചെയ്തു. പരാശരനിൽനിന്നുണ്ടായ ഗർഭം വേഗത്തിൽ വളർന്നു. അവൾ പ്രസവിച്ചു. യമുനാദ്വീപിൽ അവൾ പ്രസവിച്ചു. ഇങ്ങനെ പരാശരപുത്രനുണ്ടായി. മാതാവിന്റെ സമ്മതത്തോടുകൂടി അവൻ തപസ്സു ചെയ്തു. 'അമ്മ എപ്പോൾ എന്നെ കാണണമെന്നു വിചാരിക്കുന്നുവോ അപ്പോൾ ഞാൻ വന്നു കണ്ടുകൊള്ളാം' എന്നു പറഞ്ഞു.

digitized by www.sreyas.in

ഇങ്ങനെ പരാശരപുത്രനായ ദ്വൈപായനൻ സത്യവതി പ്രസവിച്ചുണ്ടായവനാണ്. ദ്വീപിൽ ജനിച്ചുവളർന്നതുകൊണ്ട് 'ദ്വൈപായനൻ' എന്നു പേരുണ്ടായി.

യുഗംതോറും ധർമ്മം നാലിലൊരംശംവീതം അറ്റുപോകുമെന്നും മനുഷ്യരുടെ ആയുശ്ശക്തി ക്ഷയിക്കുമെന്നും യുഗസ്ഥിതി മാറുമെന്നും ആ ബ്രാഹ്മണൻ മനസ്സിലാക്കി. ബ്രാഹ്മണാനുഗ്രഹത്തിന്നായി വേദമെല്ലാം ശാഖാഭേദങ്ങളോടുകൂടി പകുത്തു വിസ്തരിച്ചു. അതുകൊണ്ട് 'വ്യാസൻ' എന്നു പേരുണ്ടായി.

അഞ്ചാമത്തെ വേദമായി ഭാരതവും നിർമ്മിച്ചു. സുമന്തു, ജൈമിനി, പൈലൻ, ശുകൻ എന്നിവർക്കും വരിഷ്ഠനും, വരദനും, വന്ദ്യനുമായ വൈശമ്പായനനും അതു പഠിപ്പിച്ചു. അവർ വേറെ വേറെ ഭാരതസംഹിത പുകഴ്ത്തിക്കാണിച്ചിട്ടുണ്ട്.

ശന്തനുവിന്റെ പുത്രനായി ഗംഗാദേവിയിൽ ഭീഷ്മൻ ജനിച്ചു.

പണ്ട് അണിമാണ്ഡവ്യനെന്നു പ്രസിദ്ധനായ ഒരു ഋഷി ഉണ്ടായിരുന്നു. അഷ്ടവസുക്കളുടെ വീര്യത്താൽ മഹാവീര്യനും, ശക്തിമാനും, വേദാർത്ഥവേദിയും, ഭഗവാനും, വിപ്രർഷിയുമായി അദ്ദേഹം പ്രശോഭിച്ചു. അദ്ദേഹം ചോരനായിരുന്നില്ലെങ്കിലും ചോരനാണെന്നു ശങ്കിക്കപ്പെട്ട് ശൂലത്തിൽ കേറ്റപ്പെട്ടു. മഹാനായ ആ പുരാണർഷി യമധർമ്മരാജാവിനെ വിളിച്ച് ഇപ്രകാരം വിഷാദത്തോടെ പറഞ്ഞു: 'ഞാൻ എന്റെ ബാല്യത്തിൽ അറിവില്ലാത്ത കാലത്ത് ഈഷികപ്പുല്ലുകൊണ്ട് ഒരു കൊച്ചുപക്ഷിയെ കുത്തിക്കോർത്തു. ഹേ, ധർമ്മ! ഞാൻ മറ്റൊരു പാപവും ചെയ്തതായി ഓർക്കുന്നില്ല. ആ അറിയാത്ത കാലത്തു ചെയ്ത പാപം, ആയിരം വർഷം ഞാൻ തപസ്സുചെയ്തിട്ടും നീങ്ങിയില്ലേ? നശിച്ചില്ലേ? ഇതു മഹത്തായ ദ്രോഹംതന്നെ. ഭവാൻ എന്റെ തപസ്സിനെ പരിഗണിക്കാതെ എന്നെ ഇത്തരത്തിൽ ശൂലത്തിലിടുവാനിടയാക്കിയതിൽ ഞാൻ ഭവാനെ ശപിക്കുന്നു. ബ്രഹ്മദ്രോഹം സർവ്വവധത്തേക്കാളും മീതെയാണ്. എന്നോടു ചെയ്ത ഈ തെറ്റുമൂലം നീ ശൂദ്രയോനിയിൽപ്പോയി ജനിക്കട്ടെ!'

ഇപ്രകാരം ശാപം ലഭിക്കുകകാരണം ധർമ്മൻ ശൂദ്രയോനിയിൽ, വിദുരൻ എന്ന പേരിൽ ജാതനായി. ഗാവൽഗണന്റെ പുത്രനായി, മുനിതുല്യനായി, സൂതകുലത്തിൽ സഞ്ജയൻ ഉണ്ടായി. കന്യകയായ കുന്തിയിൽ സൂര്യനിൽനിന്നു മഹാബലവാനായ കർണ്ണനുണ്ടായി; ജനനാൽ കവചവും കുണ്ഡലവും കൊണ്ട് അവൻ അലംകൃതനായിരുന്നു. ലോകാനുഗ്രഹത്തിന്നു മുകുന്ദൻ വസുദേവപുത്രനായി ദേവകിയിൽ ജനിച്ചു. അനാദിനിധനനും, ദേവനും, ഗുണാത്മകനും, അവ്യയാത്മാവും, പുരുഷനും, പ്രഭുവും, വിശ്വകർമ്മാവും, പ്രണവാത്മകനും, അനന്തനും, അചലനും, ചിത്തും, ഹംസനും, നാരായണനും, ധാതാവും, നിർഗ്ഗുണനും, സർവ്വഭൂതപിതാമഹനുമായ ദേവൻ യാദവാന്വയത്തിൽ പിറന്നു. അതിവീര്യന്മാരും, അസ്ത്രജ്ഞരുമായ കൃതവർമ്മനും സാത്യകിയും കൃഷ്ണനെ പിന്തുടർന്നു. ഹൃദികന്റെ പുത്രനാണ് കൃതവർമ്മാവ്. സത്യകന്റെ പുത്രനാണ് സാത്യകി. ഭരദ്വാജമുനിക്കു ശുക്ലം ഗിരിദ്രോണിയിൽ (പർവ്വതഗുഹ) പതിച്ച് വീര്യവാനായ ദ്രോണനുണ്ടായി. ശരസ്തംബത്തിൽനിന്നു (ശരപ്പുൽക്കാട്ടിൽ) ശാരദ്വാനായ ഗൗതമന് രണ്ടു മക്കളുണ്ടായി; കൃപനും കൃപിയും. വിശ്വവീരനായ അശ്വത്ഥാമാവ് കൃപിയുടേയും ദ്രോണന്റേയും പുത്രനായി പിറന്നു. ധൃഷ്ടാഗ്നിതുല്യനായി ധൃഷ്ടദ്യുമ്നൻ യജ്ഞകർമ്മമദ്ധ്യത്തിൽ വഹ്നിയിൽ നിന്നു ജനിച്ചു. ദ്രോണവധത്തിനായി ആ വീരൻ വില്ലെടുത്തു. ആ അഗ്നിയിൽനിന്നുതന്നെ ശോഭയോടെ വേദിയിൽ കൃഷ്ണയും ജനിച്ചു. കവിഞ്ഞ ദേവസൗന്ദര്യവും, വഴിഞ്ഞ അഴകുമുള്ളവളാണ് അവൾ. പ്രഹ്ലാദശിഷ്യനായ നഗ്നജിത്ത് സുബലനായിപ്പിറന്നു. ദൈവകോപത്താൽ ധർമ്മനാശം ചെയ്യുവാൻ വേണ്ടി സുബലന്റെ പുത്രനായി ശകുനിയുണ്ടായി; മകളായി ഗാന്ധാരിയുണ്ടായി. കാര്യങ്ങൾ അറിയുവാൻ പോന്നവളാണ് ദുര്യോധനന്റെ അമ്മ.

കൃഷ്ണദ്വൈപായനന്ന് ധൃതരാഷ്ട്രനും, പാണ്ഡുവും വിചിത്രവീര്യ ക്ഷേത്രത്തിലുണ്ടായി. വ്യാസനന്ദനനായിത്തന്നെ ധർമ്മാർത്ഥകുശലനും, ധീമാനും, മേധാവിയുമായ വിദുരൻ ശൂദ്രയോനിയിൽ ജനിച്ചു. രണ്ടു ഭാര്യയിലുമായി പാണ്ഡുവിന്ന് അഞ്ചു പുത്രന്മാരുണ്ടായി. ദേവോപമന്മാരായ ഇവരിൽ ഗുണവാനായി, ജ്യേഷ്ഠനായി, യുധിഷ്ഠിരനുണ്ടായി. യുധിഷ്ഠിരൻ ധർമ്മന്റെ പുത്രനായും ഭീമൻ മരുത്തിന്റെ പുത്രനായും ജനിച്ചു. സർവ്വശാസ്ത്രാർത്ഥവിത്തമനായ അർജ്ജുനൻ ഇന്ദ്രപുത്രനായി ജനിച്ചു - നകുലസഹദേവന്മാർ അശ്വിനീദേവന്മാരുടെ പുത്രരായും ജനിച്ചു.

അപ്രകാരം ധൃതരാഷ്ട്രന്ന് നൂറുമക്കളുണ്ടായി. ദുര്യോധനൻ, യുയുത്സു, ദുശ്ശാസനൻ, വീരനായ ദുസ്സഹൻ, ദുർമ്മഷണൻ, വികർണ്ണൻ, ചിത്രസേനൻ, വിവിംശതി, ജയൻ, സത്യവ്രതൻ, പുരുമിത്രൻ (ഇവരിൽ യുയുത്സു വൈശ്യാതനയനാണ്) ഈ പതിനൊന്നുപേർ മഹാരഥന്മാരാണ്!

അർജ്ജുനന്ന് സുഭദ്രയിൽ അഭിമന്യു ഉണ്ടായി. അവൻ കൃഷ്ണതുല്യനായ മരുമകനും, പാണ്ഡു പൗത്രരിൽ ഉത്തമനുമായിരുന്നു. പാഞ്ചാലിയിൽ പാണ്ഡവന്മാർക്കു സുന്ദരന്മാരും, സർവ്വശാസ്ത്രദക്ഷന്മാരുമായി അഞ്ചുപേരുണ്ടായി. ധർമ്മജന്ന് പ്രതിവിന്ധ്യനും, ഭീമന്ന് സുതസോമനും, പാർത്ഥന്ന് ശ്രുതകീർത്തിയും, നകുലന് ശതാനീകനും, സഹദേവന്ന് ശ്രുതസേനനുമുണ്ടായി. കാട്ടിൽവെച്ച് ഭീമന്ന് ഹിഡിംബിയിൽ ഘടോല്ക്കചനുണ്ടായി. ദ്രുപദന്ന് ശിഖണ്ഡിയുണ്ടായി. കന്യക മകനായിത്തീർന്നവനാണവൻ. സ്ഥൂണൻ എന്ന യക്ഷനാണ് അവനെ ആണാക്കിത്തീർത്തത്. കുരുക്കളുടെ യുദ്ധത്തിൽ നൂറും ആയിരവും രാജാക്കന്മാർ വന്നുചേർന്നു പടവെട്ടി. അവരുടെ പേരൊക്കെ പറയുവാൻ പ്രയാസമുണ്ട്. പതിനായിരമാണ്ടു വിസ്തരിച്ചാലും മതിയാകയില്ല അവരുടെ കഥ.

മുഖ്യന്മാരുടെ പേരാണ് പറഞ്ഞത്. ഈ ആഖ്യാനം ഇവർ മൂലമാണ്."

64. അംശാവതരണം – ജനമേജയൻ പറഞ്ഞു: "അങ്ങു ചിലരെപ്പറ്റി ഇവിടെ പ്രസ്താവിച്ചു. പറയപ്പെടാത്തവരായി വേറേയും പലരുണ്ടല്ലോ. അവരെയും മറ്റു മന്നവന്മാരേയുംപറ്റി വിസ്തരിച്ചു കേൾക്കുവാൻ ആഗ്രഹമുണ്ട്. എന്തിനാണ് ഈ ദേവകല്പന്മാർ മന്നിൽ വന്നു പിറന്നത്? അങ്ങ് ഈ യോഗ്യരെപ്പറ്റി നല്ലവണ്ണം വിസ്തരിച്ചു പറയുക!"

വൈശമ്പായനൻ പറഞ്ഞു: "അങ്ങയുടെ ജിജ്ഞാസയിൽപ്പെട്ട കാര്യം ദേവരഹസ്യമായ കാര്യമാണ്. രാജാവേ, ഇതു മനസ്സിരുത്തി കേൾക്കുക. സ്വയംഭൂവിനെ കൈകൂപ്പി ഞാൻ പറയുവാൻ തുടങ്ങുകയായി.

പണ്ട് ത്രേതായുഗത്തിൽ ഇരുപത്തൊന്നുവട്ടം ക്ഷത്രിയന്മാരെ കൊന്നൊടുക്കി ജാമദഗ്ന്യൻ മഹേന്ദ്രമഹാദ്രിയിൽപ്പോയി തപസ്സുചെയ്തു. ഭാർഗ്ഗവൻ ക്ഷത്രിയന്മാരെയൊക്കെ കൊന്നു മുടിച്ചതുമൂലം ക്ഷത്രിയസ്ത്രീകൾ സന്താനലബ്ധിക്കുവേണ്ടി ബ്രാഹ്മണരെ ആശ്രയിച്ചു. സുവ്രതരായ ബ്രാഹ്മണേന്ദ്രന്മാർ അവരുമായി സംഗംചെയ്തു. കാമംകൊണ്ടല്ല. ആർത്തവത്തിന്നടുത്ത കാലത്തല്ലാതെ അവർ സംഗം ചെയ്തുമില്ല. രാജാവേ! അന്യഭൂതങ്ങളും തിര്യക്കുകളും ഋതുവിൽത്തന്നെയാണ് ഭാര്യമാരുമായി ചേരുന്നത്. അപ്പോൾ അവരിൽനിന്ന് ആ ക്ഷത്രിയകൾക്കു ഗർഭമുണ്ടായി. അവർക്കൊക്കെ വീര്യവാന്മാരായ സന്താനങ്ങളുണ്ടായി. ഇങ്ങനെ ആണുങ്ങളും പെണ്ണുങ്ങളുമായി വർദ്ധിച്ചവർ എല്ലാം ബ്രാഹ്മണരിൽനിന്ന് ക്ഷത്രിയസ്ത്രീകൾക്കുണ്ടായ ദീർഘായുസ്സുള്ള സന്തതികളാണ്. ധർമ്മത്തോടെ വേഗത്തിൽ അവർ വർദ്ധിച്ചു. ധർമ്മാനുവൃത്തികൊണ്ട് അവർ ആധിവ്യാധികളില്ലാതെ നിർബ്ബാധം വാണുവന്നു.

വീണ്ടും ക്ഷത്രിയർ ധർമ്മം കൈക്കൊണ്ട് കടൽ ചൂഴുന്ന ഊഴിയെ, കാടും മലയും നാടും ഒത്ത ഊഴിയെ, ഭരിക്കുവാൻ തുടങ്ങിയപ്പോൾ ബ്രാഹ്മണൻ മുതലായ ജാതിക്കാരൊക്കെ

digitized by www.sreyas.in

സന്തോഷിച്ചു. കാമക്രോധാദികളായ ദോഷങ്ങൾ കൂടാതെ ഭൂനാഥന്മാർ, ദണ്ഡ്യരെ ദണ്ഡനംചെയ്തു ഈ ഭൂമി ഭരിച്ചു. മന്നവന്മാർ ധർമ്മം രക്ഷിക്കുമ്പോൾ, ഇന്ദ്രൻ യഥാകാലം മഴ പെയ്യിച്ച് ജനങ്ങളെ കാത്തു. അന്നു ബാലമരണമില്ല. നല്ല യൗവനമാകുമ്പോഴല്ലാതെ ആരും പെണ്ണിനെ അറിയുകയില്ല. ഇങ്ങനെ പ്രജകൾ ദീർഘായുസ്സുള്ളവരായി. കടൽചൂഴുന്ന പാരിടത്തിലൊക്കെ രാജാക്കൾ യജ്ഞം നടത്തി. ആറ് അംഗങ്ങളോടുകൂടിയ ഉപനിഷത്തുക്കളോടുകൂടിയ വേദങ്ങളെ ബ്രാഹ്മണർ എല്ലാം പഠിച്ചു. വേദംകൊണ്ട് കച്ചവടംചെയ്യുന്ന വിപ്രന്മാർ അന്നുണ്ടായിരുന്നില്ല. ശൂദ്രന്റെ പാർശ്വത്തിൽവെച്ച് അന്ന് അവർ ആരും വേദം പാരായണംചെയ്യാറില്ല പശുക്കളെ മേച്ചും, കൃഷിചെയ്തും വൈശ്യർ ജീവിച്ചു. പശുക്കളെ നുകംവെച്ചു ഭാരംവഹിപ്പിച്ചിരുന്നില്ല. ചടച്ച മൂരികളേയും പശുക്കളേയും എല്ലാവരും രക്ഷിച്ചിരുന്നു. പൈക്കിടാങ്ങൾക്ക് പാൽ കൊടുക്കാതിരിക്കുകയില്ല. കിടാങ്ങൾ പുല്ലു തിന്നാറാകുന്നതുവരെ പശുക്കളെ കറന്നിരുന്നില്ല. കള്ളത്താപ്പുള്ള കച്ചവടം അന്നില്ല. ധർമ്മത്തിനൊത്ത കർമ്മം അന്നുമേന്മയോടെ ചെയ്തിരുന്നു. ധർമ്മം നോക്കിയേ ധർമ്മശാലികൾ കർമ്മം ചെയ്തിരുന്നുള്ളു. അന്ന് എല്ലാവരും കർമ്മനിരതരായിരുന്നു.

ഇപ്രകാരം എല്ലായിടത്തും ധർമ്മം ചുരുങ്ങാതെ നടന്നു. പശുക്കളും, സ്ത്രീകളും കാലമെത്തുമ്പോൾ പ്രസവിച്ചിരുന്നു. മാമരങ്ങൾ ഋതുക്കളിൽ കായ്ക്കുകയും, പൂക്കുകയും ചെയ്തിരുന്നു. ഇങ്ങനെ കൃതയുഗത്തിൽ ഭൂമി സമൃദ്ധമായി.

ഇപ്രകാരം സമൃദ്ധി വർദ്ധിച്ചകാലത്ത് ക്ഷത്രക്ഷേത്രങ്ങളിൽ ദൈത്യന്മാർ ജനിച്ചു. ദേവന്മാർ പോരിൽ ജയിച്ച ദൈത്യന്മാർ അസംഖ്യം സ്വർഗ്ഗൈശ്വര്യഭ്രഷ്ടരായിട്ട് കുറെയൊക്കെ മന്നിൽ പിറന്നു. മനുഷ്യദേവരായി വാഴാമെന്നു വിചാരിച്ച് നാനായോനികളിൽ ദാനവന്മാർ ജനിച്ചു. രാജാവേ! കഴുത, പശു, കുതിര, ഒട്ടകം, ഗജം, ദുഷ്ടമൃഗങ്ങൾ ഇവറ്റിൽ ദൈത്യന്മാർ ജനിച്ചും അവർ തമ്മിൽ ചേർന്നും ധാരാളം അസുരരുണ്ടായി. ഈ ദൈത്യന്മാർ വർദ്ധിച്ചപ്പോൾ ഭാരം വർദ്ധിച്ചു ഭൂമിതന്നെ താങ്ങാൻ വയ്യാതെ കുഴങ്ങി. പിന്നെ ചിലർ വലിയ മദമുള്ള മന്നവന്മാരായിത്തീർന്നു. ദൈത്യദാനവവീരന്മാർ, അത്യനശ്വരശക്തികൾ, വീര്യവും, ശൗര്യവുമുള്ളവർ, ഓരോരൂപമുള്ളവർ, ആഴിചൂഴുന്ന ഊഴിചുറ്റും ശത്രുക്കളെ മർദ്ദിച്ച് അവർ ഉഴന്നു. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രരായ ലോകരെ അവർ ഉപദ്രവിച്ചു. മറ്റു ജീവികളേയും അവർ ശക്തിയാൽ മർദ്ദിച്ചു. ജീവിഗണങ്ങളെ പേടിപ്പിക്കുകയും നിഗ്രഹിക്കുകയും ചെയ്തു. അവർ നൂറും ആയിരവും ചേർന്ന് ഭൂമിയിൽ ചുറ്റി. ആശ്രമത്തിൽ മുനികളെ ആശ്രയിച്ച് അങ്ങുമിങ്ങും അബ്രാഹ്മണ്യന്മാർ കൈയൂക്കുകൊണ്ട് ബലോന്മത്തരായി നടന്നു. ഇപ്രകാരം വീര്യബലോത്സേകയത്നമുള്ള അസുരേന്ദ്രരിൽനിന്നുള്ള പീഡ സഹിച്ച് ഭൂമിദേവി പത്മയോനിയെ ശരണംപ്രാപിച്ചു.

ഭൂമിയെ വഹിച്ചു നില്ക്കുന്ന കൂർമ്മം, ദിഗ്ഗജങ്ങൾ, ശേഷൻ എന്നിവർക്കും, ദൈത്യന്മാരുടെ ആക്രമണത്തിൽ ഗിരികളാൽ ഘനംകൂടിയ ഭൂമിയെ താങ്ങുവാൻ പ്രയാസമായിത്തീർന്നു. അങ്ങനെ വന്നപ്പോൾ ഭൂമി വല്ലാതെ ഭാരാർത്തയായി വിഷമിച്ചു. അങ്ങനെ ഭൂമി വിശ്വസ്രഷ്ടാവായ ബ്രഹ്മാവിനെ ശരണംപ്രാപിച്ചു.

ദേവന്മാരും, ഗന്ധർവ്വന്മാരും, അപ്സരസ്ത്രീകളും, ദേവകളും ചൂഴ്ന്നു നിന്നു വന്ദിക്കുന്ന ബ്രഹ്മദേവനെക്കണ്ടു ഭൂമിദേവി വന്ദിച്ചു.

ശരണാഗതയായ ക്ഷമാദേവിയോട് സുരന്മാരായ ലോകപാലകന്മാർ കേട്ടുനില്ക്കെ, ആത്മജ്ഞനായ ബ്രഹ്മാവ് ഭൂമിദേവിയുടെ എല്ലാ കാര്യവും പരമേഷ്ടിയായ ദേവൻ കണ്ടറിഞ്ഞിട്ടുണ്ടെങ്കിലും, വിശ്വകർമ്മാവായ വിരിഞ്ചൻ അറിയാത്തതൊന്നും പ്രപഞ്ചത്തിലില്ലെങ്കിലും, ഭൂമിദേവിയോട്, ഭൂനാഥനും, പ്രഭുവും, സർവ്വഭൂതോൽഭവനും, സർവ്വനാഥനും, പ്രജാപതിയുമായ ദേവൻ കല്പിച്ചു.

ബ്രഹ്മാവ് പറഞ്ഞു: 'അല്ലയോ വസുന്ധരേ, എന്തു കാര്യത്തിന്നു ഭവതി എന്റെ സമീപത്തു വന്നതെന്ന് ഞാൻ അറിയുന്നുണ്ട്. അതിന്നുവേണ്ടി ഞാൻ എല്ലാ സുരന്മാർക്കും കല്പന കൊടുക്കുകയായി.'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ബ്രഹ്മാവ് ഭൂമിദേവിയെ അയച്ചു. അനന്തരം എല്ലാ ദേവകളോടും, സർവ്വകർത്താവായ വിരിഞ്ചൻ പറഞ്ഞു: 'നിങ്ങൾ എല്ലാവരും ഭൂമിയുടെ ഭാരം തീർക്കുന്നതിന്ന് വേറെവേറെ അംശങ്ങളോടുകൂടി ഭൂമിയിൽത്തന്നെ ജനിക്കുവിൻ.' ബ്രഹ്മകല്പന ശിരസാ വഹിച്ച് ശക്രൻതൊട്ടുള്ള ദേവന്മാർ ഭൂമിയിൽ പിറക്കുവാൻ ഉറച്ചു. അവർ എല്ലാവരും ശത്രുഹന്താവായി വൈകുണ്ഠത്തിൽ വാഴുന്ന നാരായണനെച്ചെന്നു കണ്ടു. ആ ദേവനാണല്ലോ പ്രജാപതിക്കും പതിയായ ദേവൻ. ചക്രപാണിയും, ഘനാഭനും, പിംഗളാഭനും, ശ്രീവത്സം ധരിക്കുന്നവനും, ശ്രീയുടെ ഈശനും, ഹൃഷീകേശനും, സുരേശനും, സുരാർപ്പിതനുമാണല്ലോ. പത്മനാഭനും, ദൈത്യരിപുവും, പത്മപത്രായതേക്ഷണനും, പ്രജാപതിക്കും പതിയായ ദേവനും, ദേവേശ്വരനും, സർവ്വശക്തനും അവനാണല്ലോ. ദേവേശ്വരനും, ബലിയും അവനാണല്ലോം. ഇന്ദ്രൻ ഭൂമിയുടെ ഭാരം കുറയ്ക്കുന്നതിന്നുവേണ്ടി വിഷ്ണുവിനോട് 'അങ്ങ് അംശാവതാരം എടുക്കേണമേ' എന്നു പ്രാർത്ഥിച്ചു. 'അപ്രകാരമാകാം' എന്നു ഹരി അവനോടു പറഞ്ഞു."

സംഭവപർവ്വം

65. ആദിത്യാദിവംശകഥനം - വൈശമ്പായനൻ പറഞ്ഞു: "പിന്നെ നാരായണനുമായിച്ചേർന്ന് ഇന്ദ്രൻ നിശ്ചയംചെയ്തു. മറ്റു ദേവന്മാരോടുംകൂടി അംശാവതാരം എടുക്കുവാൻ തീരുമാനിച്ചു. ഇന്ദ്രൻ എല്ലാ ദേവന്മാർക്കും ആജ്ഞകൊടുത്തതിന്നു ശേഷം ശ്രീനാരായണന്റെ ആവാസംവിട്ടു മടങ്ങി."

ദൈത്യക്ഷയത്തിന്നും, സർവ്വലോകസുഖത്തിന്നുംവേണ്ടി അവർ വാനിൽനിന്നു ഭൂമിയിൽ ബ്രഹ്മർഷിവംശത്തിലും രാജവംശത്തിലും വന്ന് അവതരിച്ചു. ദേവന്മാർ മന്നിൽ വന്നു പിറന്ന് ദൈത്യരേയും, രാക്ഷസന്മാരേയും, ഗന്ധർവ്വഭുജഗങ്ങളേയും, മർത്ത്യാശനന്മാരേയും അസംഖ്യം കൊന്നു. ഇപ്പറഞ്ഞ കൂട്ടക്കാർക്കുംതന്നെ ബാല്യത്തിൽപ്പോലും അവതാരപുരുഷന്മാരെ കൊല്ലുവാൻ കഴിഞ്ഞില്ല.

ജനമേജയൻ പറഞ്ഞു: "ദേവദാനവസംഘങ്ങൾ, ഗന്ധർവ്വാപ്സരസ്സുകൾ, മനുഷ്യർ, യക്ഷരക്ഷസ്സുകൾ ഇവരുടെയെല്ലാം സംഭവത്തെ കേൾക്കുവാൻ ആഗ്രഹമുണ്ട്. എല്ലാ ജീവജാലത്തിന്റേയും സംഭവം പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "സ്വയംഭൂവിനെ കൈകൂപ്പിക്കൊണ്ട് ഞാൻ എല്ലാം ഭവാനോട് യഥാക്രമം പറയാം. സുരാദി സർവ്വ ലോകത്തിന്റെ ഉത്ഭവവും, നാശവും ആദ്യം പറയാം."

ബ്രഹ്മാവിന്റെ മാനസപുത്രന്മാരായി ആറു മഹർഷികളുണ്ടായി. മരീചി, അംഗരിസ്സ്, അത്രി, പുലസ്ത്യൻ, പുലഹൻ, ക്രതു. ഇങ്ങനെ ആറുപേർ ഉണ്ടായി.

ഇവരിൽ മരീചിയിൽനിന്നു കശ്യപൻ ഉണ്ടായി. ആ കശ്യപർഷിയിൽനിന്ന് ഈ പ്രജകളെല്ലാമുണ്ടായി. പ്രജാപതിയായ ദക്ഷന് അതിസൗഭാഗ്യവതികളായി പതിമൂന്നുപേർ ഉണ്ടായി. അവരുടെ പേർ പറയാം. അദിതി, ദിതി, ദനു, കാല, ദനായുസ്സ്, സിംഹിക, മുനി, ക്രോധ, വിശ്വ, പ്രാധ, വിനത, കപില, കദ്രു. ഇവരുടെ വീര്യസമ്പന്നരായ പുത്രപൗത്രാദികൾ അസംഖ്യമാണ്. അദിതിക്കു പന്ത്രണ്ടു പുത്രന്മാരുണ്ടായി. അത് അഖിലേശ്വരരായ പന്ത്രണ്ട് ആദിത്യന്മാരാണ്. അവരുടെ പേരും പറയാം.

* വ്യാസനുമുമ്പുതന്നെ ചില പുരാണങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു എന്നു തോന്നുന്നു. പണ്ടു നടപ്പുള്ള പല കഥകളും പുരാണങ്ങളിൽ കൂട്ടിച്ചേർത്തിട്ടുണ്ടായിരിക്കാം.

digitized by www.sreyas.in

ധാതാവ്, മിത്രൻ, അര്യമാവ്, ശക്രൻ, വരുണൻ, അംശൻ, ഭഗൻ, വിവസ്വാൻ, പൃഷാവ്, സവിതാവ്, ത്വഷ്ടാവ്, വിഷ്ണു. ആദിത്യന്മാരിൽ ഒടുവിലത്തവനായ വിഷ്ണു, ഗുണങ്ങളാൽ ഒന്നാമനാണ്.

ദിതിക്ക് ഒരു പുത്രനുണ്ടായി. അവനാണ് ഹിരണ്യകശിപു. അവന്ന് പേരുകേട്ട മഹാത്മാക്കളായ അഞ്ചു പുത്രന്മാരുണ്ടായി. പ്രഹ്ലാദൻ അവരിൽ ജ്യേഷ്ഠനാണ്. പിന്നെ ക്രമത്തിൽ സംഹ്ലാദൻ, അനുഹ്ലാദൻ, ശിബി, വാഷ്കളൻ എന്നിവരുമാണ്. പ്രഹ്ലാദന്ന് പേരുകേട്ടവരായി മൂന്നു കുമാരന്മാരുണ്ടായി. വിരോചനൻ, കുംഭൻ, നികുംഭൻ എന്നിവരാണ്. ഇവരിൽ വിരോചനന് ഒരു പുത്രനുണ്ടായി. ബലി അദ്ദേഹം ഭൂരിപ്രതാപവാനായിരുന്നു. ബലിയുടെ വിശ്രുതനായ പുത്രനാണ് ബാണനെന്നു പേരായ മഹാസുരൻ. * രുദ്രാനുചരനായ അവന്ന് മറ്റൊരു പേരുണ്ട്, 'മഹാകാളൻ' ദനുവിനു നാല്പതു മക്കളുണ്ടായി. എല്ലാവരും പേരുകേട്ടവരായി. അവരിൽ ജ്യേഷ്ഠനാണ് വിപ്രചിത്തി. പിന്നെ ശംബരൻ, നമുചി, പുലോമാവ്, അസിലോമാവ്, കേശി, ദുർജ്ജയൻ, അയഃശിരസ്സ്, അയഃശങ്കു, ഗഗനമൂർദ്ധാവ്, വേഗവാൻ, കേതുമാൻ, സ്വഭാനു, അശ്വൻ, അശ്വപതി, വൃഷ പർവ്വാവ്, അജകൻ, അശ്വഗ്രീവൻ, സൂക്ഷ്മൻ, അതിവീര്യവാനായ തുഹുണ്ഡൻ, ഇക്ഷുപാത്ത്, ഏകചക്രൻ, വിരൂപാക്ഷൻ, ഹരൻ, അഹരൻ, നിചന്ദ്രൻ, നികുംഭൻ, കപഥൻ, കാപഥൻ, ശരഭൻ, ശലഭൻ, സൂര്യൻ, ചന്ദ്രവസ്സ്. ഇവരാണ് പേരുകേട്ട ദനുവിന്റെ മക്കളായ ദാനവന്മാർ. സൂര്യനും ചന്ദ്രനും ദാനവരിലും ദേവകളിലും പെടുന്നില്ല. വേറെയാണ്. ഈ വംശക്കാർ പുകഴ്ന്ന സത്വവാന്മാരും, മഹാബലരുമാണ്. ഹേ, രാജാവേ, ദനുവിന്റെ പുത്രന്മാർ പത്തു ദാനവവംശജന്മാരായി. ഏകാക്ഷൻ, മൃതപൻ, പ്രലംബൻ, നരകൻ, ശത്രുതാപൻ, വാതാപി, ശകടമഹാസുരൻ, ഗവിഷ്ഠൻ, ദനായുസ്സ്, ദീർഘജിഹ്വൻ ഇങ്ങനെ പത്തുപേരാണ്. ഇവരുടെ പുത്രന്മാരും പൗത്രന്മാരുമായി അസംഖ്യം പേരുണ്ട്.

സിംഹിക സൂര്യചന്ദ്രന്മാരെ മർദ്ദിക്കുന്ന രാഹുവിനെ പ്രസവിച്ചു. സുചന്ദ്രൻ, ചന്ദ്രഹന്താവ്, ചന്ദ്രപ്രമർദ്ദൻ എന്നിവരേയും അവൾ പ്രസവിച്ചു.

ക്രൂരയ്ക്കും അനവധി പുത്രപൗത്രന്മാരുണ്ടായി. അവരെല്ലാം ക്രൂരശീലരാണ്. രണത്തിൽ ക്രൂരമായി അരികളെ മർദ്ദിക്കുന്നവരാണ് അവർ. ആ സംഘത്തെ ക്രോധവംശം എന്നു പറയുന്നു. എല്ലാവരും ക്രോധശീലരാണ്.

ദനായുസ്സിന്റെ മക്കൾ നാലുപേരാണ്. അവർ അസുരപുംഗവരായ വിക്ഷരൻ, ബലൻ, വീരൻ, വൃത്രൻ എന്നിവരാകുന്നു.

കാലയുടെ പുത്രന്മാർ കാലതുല്യരും പ്രഹാരശീലരുമാണ്. ദാനവന്മാരിൽ വിശ്രുതന്മാരായ ഉഗ്രവീര്യശൗര്യന്മാരാണ്. വിനാശൻ, ക്രോധനൻ, ക്രോധഹന്താവ്, ക്രോധശത്രു. ഈ നാലുപേർ കാലകേയന്മാർ എന്നു പ്രസിദ്ധി സമ്പാദിച്ച മഹാസുരന്മാരാണ്.

ശുക്രമഹർഷി അസുരന്മാരുടെയൊക്കെ ആചാര്യനാണ്. ഉശനസ്സിന്റെ നാലു മക്കൾ ഈ അസുരന്മാരുടെ യാജകന്മാരായി. തേജസ്സുകൊണ്ടു സൂര്യന്നു തുല്യന്മാരായ ഇവർ ത്വഷ്ടാധരൻ, അത്രി, മന്ത്രൻ, കർമ്മി ഇങ്ങനെ നാലുപേരാണ്. തേജസ്സുകൊണ്ട് സൂര്യകല്പന്മാരായ ഇവർ ബ്രഹ്മലോകപരായണന്മാരുമാണ്.

ഇങ്ങനെയാണ് സുരാസുരന്മാരുടെ കുലക്രമം. *പുരാണത്തിൽ കേട്ടതുപോലെ ഞാൻ ഒരുവിധം പറഞ്ഞു. ഇവരുടെ സന്തതികളെപ്പറ്റി എല്ലാം പറയുക അത്ര എളുപ്പമല്ല.

വിനതയുടെ മക്കൾ താർക്ഷ്യൻ, അരിഷ്ടനേമി, ഗരുഡൻ, അരുണൻ, ആരുണി, വാരുണി എന്നിവരാണ്.

ശേഷൻ (സാക്ഷാൽ അനന്തൻ), വാസുകി, തക്ഷകൻ, കൂർമ്മൻ, കാളിയൻ തുടങ്ങിയ കാദ്രവേയന്മാരെ മുമ്പെ പറഞ്ഞുവല്ലൊ.

ഇനി മുനി പെറ്റ സന്താനങ്ങളാരൊക്കെയെന്നു പറയാം. ഭീമസേനൻ, ഉഗ്രസേനൻ, സുവർണ്ണൻ, വരുണൻ, ഗോപതി, ധൃതരാഷ്ട്രൻ, സൂര്യവർച്ചസ്സ്, സത്യവാക്ക്, അർക്കവർണ്ണൻ, പ്രസിദ്ധനായ പ്രയുതൻ, ഭീമൻ, സർവ്വജ്ഞനും വിജിതേന്ദ്രിയനുമായ ചിത്രരഥൻ, ശാലിശിരസ്സ്, പർജ്ജന്യൻ ഇങ്ങനെ പതിനാലു പേരും കലി, നാരദൻ എന്ന മറ്റു രണ്ടുപേരും ദേവഗന്ധർവ്വരാണ്. ഇവർ മുനിപെറ്റമക്കളാണ്.

ഇതാണ് അപ്സരസ്സുകളുടെ വംശം. ഈ വംശം പ്രഥിതവും, പുണ്യലക്ഷണപൂർണ്ണവുമാണ്. ദേവർഷികളിൽനിന്നാണ് പ്രാധ ഗർഭംധരിച്ചു പ്രസവിച്ചത്.

പ്രാധ കശ്യപനിൽനിന്നു താഴെ പറയുന്ന മക്കളെ നേടി. അലംബുഷാ, മിശ്രകേശി, വിദ്യുത്പർണ്ണ, തിലോത്തമ, അരുണാ, രക്ഷിത, രംഭ, മനോരമ, സുബാഹു, കേശിനി, സുരത, സുരജ, സുപ്രിയ, അതിബാഹു, ഹാഹാ, ഹൂഹൂ, തുംബുരു ഇവരൊക്കെയാണ് ആ അപ്സരോഗന്ധർവ്വസത്തമർ. ഇവരിൽ ഒടുവിലത്തെ നാലു പേർ ഗന്ധർവ്വന്മാരും, മറ്റുള്ളവർ അപ്സരസ്സുകളുമാണ്. അമൃതം, ബ്രാഹ്മണൻ, പശുക്കൾ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ എന്നിവരെല്ലാം കപിലയുടെ സന്താനങ്ങളാണെന്നാണ് പുരാണത്തിൽ പറയുന്നത്. സർവ്വഭൂതങ്ങളുടെയും സംഭവം ഞാൻ പറഞ്ഞുവെച്ചു. വിധിപോലെ ഗന്ധർവ്വന്മാർ അപ്സരസ്സുകൾ, ഭുജഗങ്ങൾ, സുപർണ്ണന്മാർ, രുദ്രന്മാർ, മരുത്തുകൾ, പുണ്യകർമ്മികളും ശ്രീമാന്മാരുമായ ബ്രാഹ്മണർ; ഇങ്ങനെ എല്ലാ ഭൂതങ്ങളുടേയും സംഭവത്തെപ്പറ്റി ഞാൻ പറഞ്ഞു. ആയുഷ്കരവും, പുണ്യവും, ധന്യവും, ശ്രുതിമധുരവും ആണ് ഈ സംഭവപർവ്വം. ഇതു കേൾക്കേണ്ടതും, കേൾപ്പിക്കേണ്ടതുമാണ്. ബ്രാഹ്മണദേവസന്നിധിയിൽ ഇരുന്ന് മഹത്തായ ആത്മസംഭൂതിജനകമായ ഇത് എന്നും ചൊല്ലിയാൽ അവന്ന് യശസ്സും, ധനവും, മോക്ഷവും സിദ്ധിക്കുന്നതാണ്."

66. ദക്ഷന്റെ വംശപരമ്പര – വൈശമ്പായനൻ പറഞ്ഞു: "ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ ആറു മഹർഷിമാർ പ്രസിദ്ധന്മാരാണ്. ആ ദേവന്റെ ഏഴാമത്തെ പുത്രനായ സ്ഥാണുദേവന്ന് പുകഴ്ന്നവരായി പതിനൊന്ന് പുത്രന്മാരുണ്ട്. മൃഗവ്യാധൻ, ശർപ്പൻ, നിരൃതി, അജൈകപാത്ത്, അഹർബുദ്ധ്ന്യൻ, പിനാകി, ദഹനൻ, ഈശ്വരൻ, കപാലി, സ്ഥാണു, ഭഗൻ ഇങ്ങനെ പതിനൊന്നു രുദ്രന്മാരാണ്.

മരീചി, അംഗിരസ്സ്, അത്രി, പുലസ്ത്യൻ, പുലഹൻ, ക്രതു ഇവരാണ് ബ്രഹ്മപുത്രരായ ആറ് മഹർഷിമാർ. അംഗിരസ്സിന്റെ മക്കൾ മൂന്നുപേരും കീർത്തിമാന്മാരാണ്. ബൃഹസ്പതി, ഉതത്ഥ്യൻ, സംവർത്തൻ ഇവരാണ് ആ സുവ്രതന്മാർ. അത്രിക്ക് അനേകം പുത്രന്മാർ ഉണ്ടായി. എല്ലാം വേദവിജ്ഞന്മാരാണ്. ശാന്തരും, സിദ്ധരുമായ മഹർഷികളാണവർ. പുലസ്ത്യന്ന് മക്കളായി രാക്ഷസന്മാരും, വാനരന്മാരും, കിന്നരന്മാരും, യക്ഷന്മാരും അനേകം പേരുണ്ടായി.

പുലഹന്റെ മക്കളാണ് ശലഭങ്ങൾ, സിംഹം, വ്യാഘ്രം, യക്ഷർ, കിംപുരുഷർ, ചെന്നായ എന്നിവ. ക്രതുവിന്റെ മക്കൾ വിഷ്ണുസമന്മാരും, സൂര്യനോടൊപ്പം സഞ്ചരിക്കുന്നവരും, സത്യവ്രതപരായണന്മാരുമായ ബാലഖില്യന്മാരാണ്.

ബ്രഹ്മാവിന്റെ ദക്ഷിണാംഗുഷ്ഠത്തിൽനിന്നാണ് തപശ്ശാന്തികളിൽ ദക്ഷനും, മുനിയും, ഭഗവാനും ആയ ദക്ഷൻ ജനിച്ചത്. അപ്രകാരംതന്നെ വാമാംഗുഷ്ഠത്തിൽനിന്നാണ് ദക്ഷപത്നി ജനിച്ചത്. അവർക്ക് അമ്പതു കന്യകകൾ ജനിച്ചു. എല്ലാം കമലാക്ഷികളായ കമനീയാംഗികളാണ്. ആൺമക്കളില്ലാത്ത, മഹാനായ ദക്ഷൻ തന്റെ പെൺമക്കളെ ധർമ്മാനുസാരം മഹാന്മാർക്കു ഭാര്യമാരായി നല്കി. അവരുടെ മക്കളെ ദക്ഷപ്രജാപതിയുടെ മക്കളായി കണക്കാക്കുന്നു. പത്തുപേരെ ധർമ്മന്നു നല്കി. ഇരുപത്തേഴുപേരെ ചന്ദ്രന്നു നല്കി. പതിമൂന്നുപേരെ കശ്യപന്നു നല്കി. ധർമ്മന്റെ ഭാര്യമാരായ പത്തു പേരുടേയും പേരുകൾ

* ശിവപാരിഷദൻ.

digitized by www.sreyas.in

ഞാൻ പറയാം. ഭവാൻ സസന്തോഷം കേട്ടാലും! കീർത്തിമുതലായ പത്തു ഗുണങ്ങളും ധർമ്മദാരങ്ങളാണല്ലോ!

കീർത്തി, ലക്ഷ്മി, ധൃതി, മേധ, പുഷ്ടി, ശ്രദ്ധ, ക്രിയ, ബുദ്ധി, ലജ്ജ, മതി ഇവർ പത്തുപേരാണ് ധർമ്മന്റെ പത്നിമാർ. ധർമ്മത്തിന്റെ സർവ്വശ്രേയസ്സിന്നും മാർഗ്ഗങ്ങളായിട്ടാണ് ബ്രഹ്മാവ് ഈ വിധം വിധിച്ചത്.

ചന്ദ്രന്ന് ഇരുപത്തേഴു പേരാണ് ധർമ്മപത്നികൾ. കാലം നടത്തുന്നത് ഈ ധർമ്മപത്നികളായ താരങ്ങളാണ്. അശ്വതി തുടങ്ങിയ ഇരുപത്തേഴു നക്ഷത്രങ്ങളാണ് ഇവർ.

ബ്രഹ്മാവിന്റെ സ്തനത്തിൽനിന്നു മനു ജനിച്ചു. മനുവിന്റെ പുത്രനായി പ്രജാപതിയുണ്ടായി. പ്രജാപതിയുടെ പുത്രന്മാരാണ് എട്ടു വസുക്കൾ. അവരെ വിവരിക്കാം: ധരൻ, ധ്രുവൻ, സോമൻ, അഹസ്സ്, അനിലൻ, അനലൻ, പ്രത്യൂഷൻ, പ്രഭാസൻ ഇവരാണ് എട്ടു വസുക്കൾ. ധൂമ്രയുടെ പുത്രരാണ് ധരനും, ധ്രുവനും. മനസ്വിനിയുടെ പുത്രനാണ് ചന്ദ്രൻ. ശ്വസനയുടെ പുത്രനാണ് ശ്വസനൻ. രതയുടെ പുത്രനാണ് അഹസ്സ്. ശാണ്ഡില്യയുടെ പുത്രനാണ് ഹുതാശനൻ. പ്രഭാതയുടെ പുത്രരാണ് പ്രത്യൂഷനും, പ്രഭാസനും, ധരന്റെ പുത്രന്മാരാണ് ദ്രവിണനും, ഹുതഹവ്യവഹനും. ധ്രുവന്റെ പുത്രനാണ് ലോകപ്രകാലനനായ ഭഗവാൻ കാലൻ.

സോമന്റെ പുത്രൻ വർച്ചസ്സാണ്. അവനാണ് എങ്ങും വർച്ചസ്സ് നല്കുന്നത്. വർച്ചസ്സിന് മനോഹരയിൽ പുത്രന്മാരായി ശിശിരൻ, പ്രാണൻ, രമണൻ, എന്നിവർ ഉണ്ടായി. അഹസ്സിന്റെ പുത്രരാണ് ജ്യോതിസ്സ്, ശമൻ, ശാന്തൻ, മുനി എന്നിവർ. അഗ്നി പുത്രനാണ് മുളങ്കാട്ടിൽ പിറന്ന കുമാരൻ. ശ്രീമാനായ അവനെ കാർത്തികേയനെന്നും വിളിക്കുന്നു. ശംഖനും, വിശാഖനും, നൈഗമേയനും കുമാരന്റെ അനുജന്മാരാണ്. കൃതിക ലാളിച്ചു വളർത്തിയതുകൊണ്ടാണ് കുമാരൻ കാർത്തികേയനായത്. അനിലന്റെ ഭാര്യ ശിവയാണ്. അവളുടെ പുത്രനാണ് മനോജവൻ. പിന്നെ അനിലാത്മജനായി ഒരാൾകൂടിയുണ്ട്. അയാളുടെ പേര് അവിജ്ഞാനഗതി എന്നാണ്.

പ്രത്യൂഷന്റെ പുത്രനാണ് പ്രസിദ്ധ മുനിയായ ദേവലൻ. ദേവലന്റെ രണ്ടു പുത്രന്മാർ ക്ഷമാവാനും, മനീഷിയും. ബൃഹസ്പതിയുടെ സഹോദരിയാണ് വരസ്ത്രീ. ബ്രഹ്മവാദിനിയായ അവൾ യോഗസംഗംകൊണ്ട് ലോകത്തെ മുഴുവൻ ചുറ്റി. പ്രഭാസൻ എന്നു പേരായ എട്ടാമത്തെ വസുവിന്റെ ഭാര്യയാണ് അവൾ. അവളുടെ മകനാണ് ദേവശില്പിയായ വിശ്വകർമ്മാവ്.

ശില്പിപ്രജാപതിയായ അവൻ സുരലോകത്തിലെ 'പെരുംതച്ച്' നാണ്. അവനാണു സർവ്വ ശില്പവേലകളും ഭൂഷണങ്ങളും ചമയ്ക്കുന്നത്. ദേവകൾക്കു വിമാനങ്ങളും മറ്റും ഇദ്ദേഹമാണ് നിർമ്മിക്കുന്നത്. ഭൂമിയിൽ വിശ്വകർമ്മാവിനെ പൂജിച്ച് മർത്ത്യരും ഉപജീവിക്കുന്നു.

സർവ്വലോകസുഖാവഹനായ 'ധർമ്മൻ' ബ്രഹ്മാവിന്റെ വലത്തേ മുല ഭേദിച്ച് മനുഷ്യരൂപിയായി ഉണ്ടായിവന്നു. അവന്ന് മൂന്നു സുന്ദരന്മാരായ പുത്രന്മാരുണ്ടായി: ശമൻ, കാമൻ, ഹർഷൻ എന്നിവർ. ഇവർ തേജസ്സുകൊണ്ട് വിശ്വത്തെ ധരിക്കുന്നു. കാമന്റെ ഭാര്യയാണ് രതി. ശമന്റെ ഭാര്യ പ്രാപ്തിയാണ്. ഹർഷന്റെ ഭാര്യ നന്ദയാണ്. ഈ പത്നിമാർ മൂന്നുപേരും വിശ്വപ്രതിഷ്ഠകളാണ്. മരീചിയുടെ പുത്രൻ കശ്യപൻ. കശ്യപന്റെ പുത്രന്മാരാണ് സുരന്മാരും അസുരന്മാരും. കശ്യപനാണ് ലോകത്തിന്റെ ഉല്പത്തിസ്ഥാനം.

സൂര്യന്റെ ഭാര്യ 'ത്വാഷ്ടി' ബഡവാരൂപം കൈക്കൊണ്ട് അന്തരീക്ഷത്തിൽവെച്ച് അശ്വികളെ പ്രസവിച്ചു. അദിതിക്ക് പന്ത്രണ്ടു മക്കളുണ്ടായി. അവർ ഇന്ദ്രൻ മുതലായവരാണ്. അവരിൽ ഇളയവനാണ് വിഷ്ണു. ജഗത്തിന്റെ സ്ഥിതി അവനിലാണ്. ഇങ്ങനെ ദേവന്മാർ മുപ്പത്തിമൂന്നു പേരാണ്. അവരുടെ വംശം പക്ഷം തിരിച്ചും, കുലത്തോടും, ഗണത്തോടുംകൂടി ഞാൻ പറയാം.

രുദ്രർക്കും മരുൽസാദ്ധ്യർക്കും വസുക്കൾക്കും വിശ്വേദേവർക്കും ഭാർഗ്ഗവപക്ഷമാണ്. ഗരുഡനും അരുണനും വൈനതേയപക്ഷമാണ്. ബൃഹസ്പതി ആദിത്യപക്ഷത്തിൽത്തന്നെ പെടുന്നു. ഗുഹ്യകന്മാരും, അശ്വികളും, സർവ്വ ഔഷധികളും, പശുക്കളും, ദേവഗണമാണ്. ഈ കൂട്ടരെപ്പറ്റി സ്തുതിക്കുന്ന മനുഷ്യരുടെ പാപം ഉടനെ തീരും.

ബ്രഹ്മാവിന്റെ ഹൃദയം ഭേദിച്ച് ഭഗവാൻ ഭൃഗു ഉണ്ടായിവന്നു. ഭൃഗുവിന്റെ പുത്രൻ കവി. കവിയുടെ പുത്രന്മാർ ബുധശുക്രന്മാർ എന്ന ഗ്രഹങ്ങൾ. ത്രിലോകരക്ഷയ്ക്ക് മഴപെയ്യിക്കുകയും, മഴയില്ലാതാക്കുകയും ചെയ്യുന്നവൻ ശുക്രനാണ്. ബ്രഹ്മകല്പനയാൽ വിശ്വം ചുറ്റിനടന്ന് യോഗാചാര്യനും, മഹാബുദ്ധിയും, ദൈത്യഗുരുവുമായ ശുക്രൻ അപ്രകാരംതന്നെ ദേവന്മാർക്കും ആരാദ്ധ്യനാണ്. ബ്രഹ്മാവ് ഭാർഗ്ഗവന്ന് ഈ യോഗക്ഷേമം വിധിച്ചു. പിന്നെ ഭൃഗു ച്യവനനെ ജനിപ്പിച്ചു. തപസ്വിയും, കീർത്തിമാനുമായി അവൻ ഭവിച്ചു. മാതാവിന്റെ മോക്ഷത്തിന്നു വേണ്ടി അവൻ ഗർഭത്തിൽനിന്നു ക്രോധിച്ച് ച്യുതനായതുമൂലം ച്യവനൻ എന്നു പ്രസിദ്ധിനേടി. ആ മഹർഷിയുടെ ദാരങ്ങൾ മനുവിന്റെ പുത്രിയായ ആരുഷിയായി. ഉരു ഭേദിച്ച് അവൾ ഔർവ്വൻ എന്ന് പ്രസിദ്ധനായ പുത്രനെ പ്രസവിച്ചു. ബാല്യത്തിൽത്തന്നെ തേജസ്വിയും, ഗുണവാനും വീര്യവാനുമായിരുന്നു ഇവൻ. അവന്റെ തനയൻ ഋചീകൻ, അവന്റെ മകൻ ജമദഗ്നി. മഹാനായ ജമദഗ്നിയുടെ പുത്രന്മാർ നാലുപേർ. അവരിൽ ഇളയവനായ രാമൻ ഗുണംകൊണ്ട് ശ്രേഷ്ഠനായി. സർവ്വശസ്ത്രാസ്ത്രചതുരനും, സർവ്വക്ഷത്രാന്തകനും, വാഗ്മിയുമാണ് രാമൻ. ഔർവ്വന്ന് ജമദഗ്നിമുതൽ നൂറുപേരാണ് മക്കൾ. അവർക്ക് ആയിരം മക്കൾ ഉണ്ടായി. ഇങ്ങനെയാണ് അവരുടെ വംശവിസ്താരം.

ബ്രഹ്മാവിന്ന് വേറെ രണ്ടു മക്കളുണ്ട്. ധാതാവും വിധാതാവും. മനുവിനോടുകൂടിയാണ് അവരുടെ അധിവാസം. അവരുടെ പെങ്ങൾ ലക്ഷ്മീദേവിയാണ്. പത്മത്തിലാണ് അവളുടെ അധിവാസം. അവളുടെ മാനസസുതർ അഭ്രചാരികളായ ഹയങ്ങളാണ്. വരുണന്റെ പത്നി ദേവി ശുക്രന്റെ പുത്രിയാണ്. അവളുടെ പുത്രൻ ബലനും, പുത്രി സുരന്മാർക്ക് ഇഷ്ടയായ സുരയുമാണ്. പണ്ട് പ്രജകൾ ഭക്ഷണത്തിലുള്ള ആശയോടെ തമ്മിൽതമ്മിൽ പിടിച്ചു തിന്നിരുന്ന കാലത്ത് സുരയിൽനിന്ന് അധർമ്മൻ ജന്മമെടുത്തു. ആ അധർമ്മനാണ് സർവ്വനാശകൻ. അവന്റെ ഭാര്യയാണ് നിരൃതി. അവളുടെ പുത്രരാണ് നൈരൃതന്മാർ. അവർ രാക്ഷസരാണ്. നിരൃതിക്ക് മൂന്നു മക്കൾ ഉണ്ടായി. മൂന്നുപേരും പാപകർമ്മികളാണ്. അവർ ഭയൻ, മഹാഭയൻ, മൃത്യു എന്നിവരാണ്. ഇതിൽ മൃത്യു ജനാന്തകനാണ്. അവന്ന് ഭാര്യയും മക്കളുമില്ല. അവൻ തന്നെയാണ് അന്തകൻ!

താമ്ര പെറ്റ് അഞ്ചു പെൺമക്കളുണ്ടായി. കാകി, ശ്യേനി, ഭാസി, ധൃതരാഷ്ട്രി, ശുകി. ഇവർ എല്ലാവരും കീർത്തിപ്പെട്ടവരാണ്.

കാകി കൂമന്മാരെ പെറ്റു; ശ്യേനി ശേനങ്ങളേയും പെറ്റു. ഭാസി ഭാസങ്ങളേയും ഗൃദ്ധ്രങ്ങളേയും പെറ്റു. ഹംസങ്ങൾ, കളഹംസങ്ങൾ, ചക്രവാകങ്ങൾ ഇവരെയൊക്കെ ഭദ്രയായ ധൃതരാഷ്ട്രിയും പ്രസവിച്ചു വളർത്തി.

കല്യാണഗുണസമ്പത്തിയുള്ള നല്ല ശുകങ്ങളെ സർവ്വലക്ഷണ സമ്പൂർണ്ണയായ ശുകി പെറ്റു.

ക്രോധവശ എന്നവൾക്ക് ക്രോധനിൽനിന്ന് ഒമ്പതു പുത്രിമാരുണ്ടായി. മൃഗി, മൃഗ, മന്ദ, ഹരി, ഭദ്രമനസ്സ്, മാതംഗി, ശാർദ്ദൂലി, ശ്വേത, സുരഭി, സർവ്വലക്ഷണസമ്പൂർണ്ണയായ സുരസ എന്നിവരാണ്.

അല്ലയോ ജനമേജയരാജാവേ, മൃഗിക്കു മക്കളായി മൃഗജാതികളൊക്കെയുണ്ടായി. കരടികളും, സൃമരങ്ങളും (ഒരുതരം മാൻ) മൃഗമന്ദയുടെ പുത്രരാണ്. ഭദ്രമനസ്സിന്റെ സന്താനമാണ് ഐരാവതമെന്ന ആന. ദേവഗജരാജനായ ഐരാവതം ഇന്ദ്രന്റെ വാഹനമാണ്. ഹരിയുടെ പുത്രർ ഹരികളും (സിംഹങ്ങളും) കപീ

digitized by www.sreyas.in

ന്ദ്രന്മാരുമാണ്. ഗോലാംഗുലങ്ങളും (പശുവിന്റെ വാലുപോലെ വാലുള്ള മൃഗങ്ങൾ) ഹരിയുടെ നന്ദനരാണ്. ശാർദ്ദൂലി പെറ്റ് വളരെ സിംഹവ്യാഘ്രാദി സന്തതികളുണ്ടായി. ഇപ്രകാരം ബല മേറിയ ദ്വീപികളെല്ലാം (കടുവാ, പുലി മുതലായവയെല്ലാം) ശാർദ്ദൂലിയുടെ സന്താനങ്ങളാണ്. മാതംഗിയുടെ സന്താനങ്ങ ളാണ് മാതംഗങ്ങൾ (ആനകൾ). ശ്വേത പെറ്റുണ്ടായവരാണ് ശ്വേതകൾ എന്നു പറയുന്ന ദിഗ്ഗജങ്ങൾ. സുരഭിക്ക് രണ്ടു പെൺമ ക്കളുണ്ടായി: രോഹിണിയും, ഗന്ധർവ്വിയും. വിമലയും, അമലയും അവളുടെ വേറെ രണ്ടു പെൺമക്കളാണ്. രോഹിണിയുടെ മക്കൾ ഗോക്കൾ. ഗന്ധർവ്വിയുടെ മക്കൾ അശ്വജാതികളാണ്. ഏഴു പിണ്ഡഫലദ്രുമങ്ങൾ വിമലയുടെ സന്തതികളാണ്. അനല യുടെ പുത്രിയാണ് ശുകി. സുരസാസുതനാണ് കങ്കൻ.

അരുണപ്രിയയായ ശ്യേനി രണ്ടു പുത്രന്മാരെ പ്രസവിച്ചു. അവർ വമ്പന്മാരായ സമ്പാതിയും ജടായുസ്സുമാണ്. സുരസയുടെ പുത്രരാണ് നാഗങ്ങൾ. കദ്രുവിന്റെ മക്കൾ പന്നഗങ്ങൾ. വിന തയ്ക്കു രണ്ടു മക്കൾ: അരുണനും, ഗരുഡനും.

ഇപ്രകാരം വളരെ വലിയതാണ് ഭൂതങ്ങളുടെ സംഭവവൃ ത്താന്തം.

ഞാൻ ഒരുവിധം നന്നായി ഭൂതസംഭവം പറഞ്ഞുകഴിഞ്ഞു. ഇതു കേട്ടാൽ നരന്റെ പാപമൊക്കെ തീരും. സർവ്വജ്ഞഭാവവും സിദ്ധിക്കും. ദിവ്യമായ സൽഗതിയും നേടാം."

67. അംശാവതരണസമാപ്തി – ജനമേജയൻ പറഞ്ഞു: "ദേവദാനവഗന്ധർവ്വന്മാർ, നാഗരാക്ഷസജാതിക്കാർ, സിംഹവ്യാ ഘ്രാദികൾ, പന്നഗങ്ങൾ, പക്ഷികൾ, മറ്റു സർവ്വഭൂതങ്ങൾ, മനു ഷ്യലോകത്തിൽ മഹാത്മാക്കളായവർ ഇവരുടെയെല്ലാം ജന്മവും കർമ്മഭേദങ്ങളും ഭവാൻ വിസ്തരിച്ചു ക്രമമായി പറയുന്നതു കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "മനുഷ്യരായി ജനിച്ച ദേവന്മാ രെക്കുറിച്ച് പറയാം. അതിന്നുമുമ്പ് മനുഷ്യരായി ജനിച്ച ചില ദാനവന്മാരെപ്പറ്റി പറയാം."

'വിപ്രചിത്തി' എന്നു പ്രസിദ്ധനായ ഒരു ദാനവൻ ജരാസ ന്ധൻ എന്നു പേരായ രാജാവായിപ്പിറന്നു. ദിതിയുടെ സുതനായ ഹിരണ്യകശിപു മനുഷ്യനായിപ്പിറന്നതാണ് ശിശുപാലൻ എന്ന രാജാവ്. പ്രഹ്ലാദസഹോദരനായ സംഹ്ലാദൻ വാൽഹീകപുംഗ വനായ ശല്യനായി ജനിച്ചു. മഹാവീര്യവാനായ അനുഹ്ലാദൻ രാജാവായ ധൃഷ്ടകേതുവായി ജനിച്ചു. മുമ്പെ പറഞ്ഞ ശിബി എന്ന ദൈത്യൻ 'ദ്രുമൻ' എന്ന രാജാവായി ജനിച്ചു. ബാഷ്കളൻ എന്ന അസുരൻ 'ഭഗദത്ത' നായി. പിന്നെ അയശ്ശിരസ്സ്, അശ്വശി രസ്സ്, അയശ്ശങ്കു, ഗഗനമൂർദ്ധാവ്, വേഗവാൻ ഇവർ അഞ്ചുപേർ, മഹാവീര്യന്മാരായ അഞ്ചു 'കേകയ' രാജാക്കളായി ജനിച്ചു. കേതുമാൻ എന്ന ദാനവൻ 'അമിതോജസ്സ്' എന്ന ഉഗ്രപരാക്ര മനായ രാജാവായിപ്പിറന്നു. സ്വഭാനു എന്ന മഹാസുരൻ 'ഉഗ്രസേ നൻ' എന്ന ഉഗ്രകർമ്മാവായ രാജാവായി. അശ്വൻ എന്ന അസു രൻ 'അശോകൻ' എന്ന രാജാവായിപ്പിറന്നു. അവന്റെ അനുജ നായ അശ്വപതി ഹാർദ്ദിക്യ രാജാവായി പിറന്നു. വൃഷപർവ്വാവ് എന്ന അസുരൻ ദീർഘപ്രജ്ഞൻ എന്ന പ്രസിദ്ധനായ രാജാവാ യിപ്പിറന്നു. വൃക്ഷപർവ്വാവിന്റെ അനുജൻ അജകൻ എന്ന ദാന വൻ, 'ശാല്വൻ' എന്ന രാജാവായി ജനിച്ചു. അശ്വഗ്രീവൻ എന്ന ദാനവൻ 'രോചമാനൻ' എന്ന രാജാവായി. സൂക്ഷ്മൻ എന്ന അതിധീമാനായ അസുരൻ 'ബൃഹദ്രഥൻ' എന്ന രാജാവായി ജനി ച്ചു. തുഹുണ്ഡൻ എന്ന മഹാനായ അസുരൻ സേനാബിന്ദു എന്ന രാജാവായി ജനിച്ചു. ഏകപാത്ത് എന്ന ബലവാനായ അസുരൻ 'നഗ്നജിത്ത്' എന്നു വിഖ്യാതനായ രാജാവായിപ്പിറ ന്നു. ഏകചക്രൻ എന്ന പ്രസിദ്ധനായ അസുരൻ 'പ്രതിവിന്ധ്യൻ' എന്ന രാജാവായി പ്രസിദ്ധിനേടി. വിരൂപാക്ഷനെന്നു പോരിൽ പ്രസിദ്ധനായ അസുരൻ 'ചിത്രവർമ്മാവ്' എന്ന രാജാവായി. അരി ജിത്ത് എന്നു പ്രസിദ്ധനായ ഹരൻ എന്ന ദാനവൻ 'സുബാഹു' എന്ന ശ്രീമാനായ രാജാവായി. അഹരൻ എന്ന അസുരൻ 'ബാൽഹീകൻ' എന്ന രാജാവായി. നിചന്ദ്രൻ എന്ന ചന്ദ്രമുഖ നായ അസുരൻ 'മുഞ്ജകേശൻ' എന്ന രാജാവായി. പോരിൽ പിൻതിരിയാത്ത നികുംഭൻ എന്ന അസുരൻ 'ദേവാധിപൻ' എന്ന രാജാവായി. ശരഭൻ എന്ന അസുരൻ 'പൗരവൻ' എന്ന രാജർഷി സത്തമനായ രാജാവായി. വികടമായ ആടോപത്തോടുകൂടിയ കപടൻ എന്ന മഹാസുരൻ 'സുപാർശ്വൻ' എന്ന രാജാവായി. ക്രഥനെന്ന അസുരൻ 'പാർവ്വതേയൻ' എന്ന രാജാവായി. വീണ്ടും ശലഭൻ എന്നു പേരായ അസുരൻ 'പ്രഹ്ലാദൻ' എന്ന ബാൽഹീകരാജാവായി. ചന്ദ്രനെപ്പോലെ ശോഭിക്കുന്ന ചന്ദ്രൻ എന്ന അസുരൻ 'ചന്ദ്രവർമ്മാവ്' എന്ന കാംബോജരാജാവായി. അർക്കൻ എന്നു പേരായ അർക്കതുല്യനായ മഹാസുരൻ 'ഋഷി കൻ' എന്ന രാജർഷിയായി. മൃതപൻ എന്ന മഹാസുരൻ അതി വീര്യവാനായ 'പശ്ചിമാനൂപ' രാജാവായി. ഗർവ്വിഷ്ഠൻ എന്ന കീർത്തിപ്പെട്ട മഹാസുരൻ ദ്രുമസേനൻ എന്ന രാജാവായി.

മയൂരൻ എന്ന അസുരൻ 'വിശ്വ'നെന്ന രാജാവായി. അവന്റെ അനുജനായ സുപർണ്ണൻ എന്ന ദാനവൻ 'കാല കീർത്തി' യെന്ന മഹാനായ ഭൂപാലനായി. ചന്ദ്രഹന്താവ് എന്ന വീരനായ അസുരൻ 'ശുനക' നെന്ന രാജാവായി. ചന്ദ്രവിനാ ശനൻ എന്നു മുമ്പു പറഞ്ഞ അസുരൻ മന്നിൽ 'ജാനകി' എന്ന പ്രസിദ്ധനായ രാജാവായി. ദീർഘജിഹ്വൻ എന്ന അസുരൻ 'കാ ശിരാജാവായി.' സിംഹികാപുത്രനായ രാഹു സൂര്യചന്ദ്രവിമർദ്ദ കനായ ഗ്രഹം, 'ക്രാഥ' നെന്ന രാജാവായി. ദനായുസ്സിന്റെ മക്കളിൽ അസുരന്മാരിൽ അഗ്രജനായ വിക്ഷരൻ 'വസുമിത്രൻ' എന്ന രാജാവായി. അവിക്ഷരൻ എന്ന മഹാസുരൻ പാണ്ഡ്യ രാജേന്ദ്രനായി. ബലിവീരൻ എന്ന അസുരോത്തമൻ 'പൗണ്ഡ്ര മാത്സ്യൻ' എന്നു പേരുള്ള മന്നവനായി. വൃത്രൻ എന്ന വീരനായ മഹാസുരൻ മണിമാൻ എന്ന രാജർഷിയായിപ്പിറന്നു. അവന്റെ അനുജനായ ക്രോധഹന്താവ് ദണ്ഡൻ എന്ന രാജാവായി. ക്രോധവർദ്ധനൻ എന്ന അസുരൻ ദണ്ഡധാരൻ എന്ന രാജാ വായി. കാലേയരായ അവരുടെ എട്ടു പുത്രന്മാർ ശാർദ്ദൂലവീര്യ ന്മാരായ ഭൂപശാർദ്ദൂലന്മാരായി. മാഗധനായ ജയത്സേനൻ തുട ങ്ങിയവരാണ് അവർ. അവരിൽ രണ്ടാമൻ ഇന്ദ്രതുല്യനാണ്. അവൻ 'അപരാജിതൻ' എന്ന രാജാവായി. മൂന്നാമൻ മഹാമായ നും, മഹാവീരനുമായ നിഷാദപതിയായി ഭീമനായി ജനിച്ചു. അവ രിൽ നാലാമനായ അസുരൻ 'ശ്രേണീമാൻ' എന്ന രാജാവായി. അഞ്ചാമനായ മഹാസുരൻ മഹൗജസ്സായി. അവരിൽ മഹാജ്ഞാ നിയായ, ധർമ്മാർത്ഥവേദിയായ, ആറാമൻ 'അഭീരു' എന്ന രാജാ വായി. ഏഴാമൻ സമുദ്രസേനനായി. എട്ടാമൻ 'ബൃഹത്ത്' എന്ന ധർമ്മശീലനായ രാജാവായി. കുക്ഷിയെന്നു പേരായ മഹാശക്ത നായ അസുരൻ 'പാർവ്വതീയ' രാജാവായിത്തീർന്നു. ക്രഥൻ എന്ന അതിശ്രീമാനായ അസുരൻ 'സൂര്യാക്ഷൻ' എന്ന രാജാ വായി. അസുരന്മാരിൽ സൂര്യനെന്നവൻ ദരദൻ എന്ന 'ബാൽഹീ ക' രാജേന്ദ്രനായി.

ഞാൻ മുമ്പെ ക്രോധവംശഗണത്തെപ്പറ്റി പറഞ്ഞുവല്ലൊ. അവരെല്ലാം ഭൂമിയിൽ മന്നവന്മാരായി വന്നു പിറന്നു. മദ്രകൻ, കരാവിഷ്ടൻ, സിദ്ധാർത്ഥൻ, കീടകൻ, സുവീരൻ, സുബാഹു, ബാൽഹികൻ, ക്രഥൻ, വിചിത്രൻ, സുരഥൻ, നീലൻ, ശ്രീമാൻ, ചീരവാസസ്സ്, ദന്തവക്ത്രൻ, ദുർജ്ജയൻ, രുഗ്മി, ജനമേജയൻ, ആഷാഢൻ, വായുവേഗൻ, ഭൂരിതേജസ്സ്, ഏകലവ്യൻ, സുമിത്രൻ, ഗോമുഖൻ, വാടധാനൻ, കാരുഷകനൃപർ, ക്ഷേമധൂർത്തി, ശ്രുതാ യുസ്സ്, ഉദ്വഹൻ, ബൃഹത്സേനൻ, ക്ഷേമൻ, ഉഗ്രതീർത്ഥൻ, കുഹ രൻ, കലിംഗരാജൻ, മതിമാൻ, ഈശ്വരൻ ഇവരൊക്കെ ക്രോധ വംശഗണങ്ങളായി ഭൂമിയിൽ വന്നു പിറന്നവരാണ്.

കാലനേമി എന്ന് മുമ്പെ പേരുകേട്ട മഹാസുരൻ ഉഗ്രസേ നാത്മജനായ കംസനായി ജനിച്ചു. ദേവരാജസമനായ ദേവകൻ ഗന്ധർവ്വരാജാവിന്റെ അവതാരമാണ്.

കീർത്തിമാനായ ബൃഹസ്പതിയുടെ അംശാവതാരമായി, അയോനിജനായി, ദ്രോണാചാര്യൻ ജനിച്ചു. സർവ്വവില്ലാളിമാ രിലും ശ്രേഷ്ഠനും, സർവ്വദിവ്യാസ്ത്രവിത്തമനും, മഹാകീർത്തി

digitized by www.sreyas.in

മാനും, മഹാവീര്യനും,'യോഗ്യനുമായി അവൻ. വിശ്വവൈരിഭയങ്കരനായ അശ്വത്ഥാമാവ് മഹാദേവാന്തകന്മാരും കാമക്രോധങ്ങളും ഒന്നിച്ചുചേർന്ന് ഉണ്ടായവനാണ്. നരനായകനായ ഭീഷ്മനും, സോദരന്മാരും എട്ടു വസുക്കൾ ജന്മമെടുത്തതാണ്. വസിഷ്ഠശാപംകൊണ്ടും ഇന്ദ്രന്റെ ആജ്ഞകൊണ്ടും അവരുടെ അവരജനായ ഭീഷ്മൻ കുരുക്കളുടെ രക്ഷകനായി ജനിച്ചു. അവൻ ബുദ്ധിമാനും, വൈദികനും, വാഗ്മിയും, ശത്രുപക്ഷക്ഷയകരനും, ഭാർഗ്ഗവരാമനോടുപോലും പൊരുതിയവനുമാണ്. വീര്യവാനായ കൃപൻ, രുദ്രന്മാരുടെ ഗണാംശജനാണ്. ശകുനി എന്ന മഹാരഥനായ രാജാവ് ദ്വാപരത്തിന്റെ അംശമാണ്. വൃഷ്ണിപുംഗവനായ സാത്യകി ദേവപക്ഷത്തിലെ മരുത്ഗണാംശമായിപ്പിറന്ന അരിമർദ്ദനനാണ്. ആ ഗുണാംശജനായിപ്പിറന്ന മറ്റൊരുത്തനാണ് ദ്രുപദരാജാവ്.

ഇക്കാണുന്ന മനുഷ്യലോകത്തിലെ മുഖ്യവില്ലാളിയായ കൃതവർമ്മാവ് എന്ന രാജാവും മരുത്ഗണത്തിൽനിന്ന് ഉത്ഭവിച്ചവൻതന്നെയാണ്. മരുത്ഗണോത്ഭവൻതന്നെയാണ്, ശത്രുവർഗ്ഗതാപനനായ വിരാടനും. അരിഷ്ട പെറ്റ മകനായ ഗന്ധർവ്വനായകൻ, ഹംസൻ, കുരുവംശവർദ്ധനനായ 'ധൃതരാഷ്ട്ര' നായിപ്പിറന്നു. വേദവ്യാസ പുത്രനായ ആ ദീർഘബാഹു, പ്രജ്ഞാചക്ഷുസ്സായ ആ രാജാവ് മാതൃദോഷത്താൽ മുനി ശപിക്കുകമൂലം അന്ധനായിത്തീർന്നു. അവന്ന് തമ്പിയായി, സത്വബലാധികനായി അപ്രകാരംതന്നെ, പാണ്ഡുവും പിറന്നു. അത്രിയുടെ യോഗ്യനായ പുത്രൻ 'വിദുരനാ' യിപ്പിറന്നു. ദുര്യോധനരാജാവ് 'കലിയു' ടെ അംശമായിപ്പിറന്നു. ദുർബുദ്ധിയും, ദുർമ്മതിയും, കുരുക്കളുടെ കീർത്തി നശിപ്പിച്ചവനും ആയ അവൻ ജഗൽദ്രോഹിയായ കലിപുരുഷനായി പിറന്നവനാണ്. അവൻ ഭൂമിമുഴുവൻ നശിപ്പിച്ചവനാണ്. ഭൂതാന്തകരമായ വൈരം അവനാണ് വളർത്തിയത്. പൗലസ്ത്യന്മാരായ രാക്ഷസന്മാർ അവന്റെ അനുജന്മാരായി ജനിച്ചു. അവർ ക്രൂരകർമ്മാക്കളായ ദുശ്ശാസനാദ്യന്മാരാണ്. അവർ നൂറുപേരുണ്ട്. ദുശ്ശാസനൻ, ദുസ്സഹൻ എന്നു തുടങ്ങിയവരെല്ലാം ദുര്യോധനസഹായന്മാരുമാണ്. അവർ പൗലസ്ത്യന്മാർ ഭൂമിയിൽ വന്നു പിറന്നവരാണ്. വൈശ്യാതനയനായ യുയുത്സുവും അതിൽപ്പെടുന്ന ധാർത്തരാഷ്ട്രനാണ്. അവൻ നൂറ്റൊന്നാമത്തേവനാണ്."

ജനമേജയൻ പറഞ്ഞു: "ഹേ വൈശമ്പായനാ, അവരുടെ പേരുകൾ ജ്യേഷ്ഠാനുജക്രമമായി ശരിക്കു പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ജ്യേഷ്ഠാനുജക്രമമായി ഞാൻ അവരുടെ പേരുകൾ പറയാം. കേട്ടോളൂ!"

ദുര്യോധനൻ, യുയുത്സു, ദുശ്ശാസനൻ, ദുസ്സഹൻ, ദുശ്ശലൻ, ദുർമ്മുഖൻ, വിവിംശതി, വികർണ്ണൻ, ജലസന്ധൻ, സുലോചനൻ, വിന്ദൻ, അനുവിന്ദൻ, ദുർദ്ധർഷൻ, സുബാഹു, ദുഷ്പ്രധർഷണൻ, ദുർമ്മർഷണൻ, ദുർമ്മുഖൻ, ദുഷ്കർണ്ണൻ, കർണ്ണൻ, ചിത്രൻ, ഉപചിത്രൻ, ചിത്രാക്ഷൻ, ചാരുചിത്രൻ, ചിത്രാംഗദൻ, ദുർമ്മദൻ, ദുഷ്പ്രധർഷൻ, വിവിത്സു, വികടൻ, സമൻ, ഊർണ്ണനാഭൻ, പത്മനാഭൻ, നന്ദൻ, ഉപനന്ദൻ, സേനാപതി, സുഷേണൻ, കുണ്ഡോദരൻ, മഹോദരൻ, ചിത്രബാഹു, ചിത്രവർമ്മൻ, സുവർമ്മൻ, ദുർവ്വിമോചനൻ, അയോബാഹു, മഹാബാഹു, ചിത്രചാപൻ, സുകുണ്ഡലൻ, ഭീമവേഗൻ, ഭീമബലൻ, വലാകി, ഭീമവിക്രമൻ, ഉഗ്രായുധൻ, ഭീമസരൻ, കനകായുസ്സ്, ദൃഢായുധൻ, ദൃഢവർമ്മൻ, ദൃഢക്ഷത്രൻ, സോമകീർത്തി, അനൂദരൻ, ജരാസന്ധൻ, സത്യസന്ധൻ, ദൃഢസന്ധൻ, സഹസ്രവാക്ക്, ഉഗ്രശ്രവസ്സ്, ഉഗ്രസേനൻ, ക്ഷേമധൂർത്തി, അപരാജിത്, പണ്ഡിതകൻ, വിശാലാക്ഷൻ, ദുരാധനൻ, ദൃഢഹസ്തൻ, സുഹസ്തൻ, വാതവേഗൻ, സുവർച്ചൻ, ആദിത്യകേതു, ബഹ്വാശി, നാഗദത്തൻ, അനുയായി, നിഷംഗി, ദണ്ഡി, കവചി, ദണ്ഡധാരൻ, ധനുർഗ്രഹൻ, ഉഗ്രൻ, ഭീമരഥൻ, വീരൻ, വീരബാഹു, അലോലുപൻ, അഭയൻ, രൗദ്രകർമ്മാവ്, ദൃഢരഥൻ, അനാധൃഷ്യൻ, കുണ്ഡഭേദി, വിരാവി, ദീർഘലോചനൻ, ദീർഘബാഹു, ചിത്രസേനൻ, വ്യൂഢോരു, കനകാംഗദൻ, കുണ്ഡജൻ, ചിത്രകൻ, ഈ നൂറു പേർക്കു പുറമെ ഒരു പുത്രിയുണ്ട്, ദുശ്ശള!

യുയുത്സു ധൃതരാഷ്ട്രന്ന് വൈശ്യസ്ത്രീയിൽപ്പിറന്നവനാണ്. നൂറ്റിഒന്നാമത്തേവനുമാണ്. ഇങ്ങനെ നൂറ്റൊന്നു പുത്രന്മാരുടേയും, ഒരു കന്യകയുടേയും പേർ ഞാൻ പറഞ്ഞു. ഈ പേരുകളെല്ലാം ജ്യേഷ്ഠാനുജക്രമത്തിലാണു പറഞ്ഞത്. ഇവർ തേരാളിവീരന്മാരും, യുദ്ധവിദഗ്ദ്ധരുമാണ്. എല്ലാവരും വേദവിദഗ്ദ്ധരും, ശാസ്ത്രവിചക്ഷണന്മാരുമാണ്. എല്ലാവരും യുദ്ധശാസ്ത്രജ്ഞരും, വിദ്യാഭിജനശാലികളുമാണ്. എല്ലാവരും തങ്ങൾക്ക് അനുരൂപരായ മല്ലാക്ഷീമണികളെ വിവാഹംചെയ്തു. കൗരവന്മാർ എല്ലാവരും നോക്കി കാലേ സിന്ധുരാജാവായ ജയദ്രഥന്ന് അമ്മാവനായ ശകുനിയുടെ ഇഷ്ടത്തോടുകൂടി, ദുശ്ശളയെ വിവാഹംകഴിച്ചു കൊടുത്തു.

ധർമ്മനിഷ്ഠനായ യുധിഷ്ഠിരൻ ധർമ്മാംശജാതനാണ്. ഭീമൻ വാതാംശജനാണ്. അർജ്ജുനൻ ദേവരാജാംശോത്ഭവനാണ്. അശ്വിനീദേവന്മാരുടെ അംശമാണ് നകുലനും, സഹദേവനും. രൂപസൗന്ദര്യംകൊണ്ട് സർവ്വലോകമനോഹരരാണ് അവർ. 'വർച്ചസ്സ്' എന്നു പറയപ്പെടുന്ന ചന്ദ്രസുതൻ, അഭിമന്യു എന്ന അർജ്ജുനപുത്രനായി ജനിച്ചു. അവൻ അവതരിക്കുന്നതിൽ ചന്ദ്രൻ വാനവരോടു പറഞ്ഞു.

ചന്ദ്രൻ പറഞ്ഞു: "ഞാൻ എന്റെ പുത്രനെ തരികയില്ല. അവൻ എന്റെ പ്രാണനിലും മേലെയാണ്. കരാറുചെയ്താൽ മാത്രമേ ഞാൻ എന്റെ പുത്രനെ തരികയുള്ളു. അസുരക്ഷയം എനിക്കും ഇഷ്ടമാണ്. അതിന്ന് അവനെ അയയ്ക്കാം. അധികനാൾ അവൻ ഭൂമിയിൽ പാർക്കുവാൻ പാടില്ല. നാരായണന്റെ തോഴനായി, ഇന്ദ്രപുത്രനായി അർജ്ജുനൻ ജനിക്കും. അവന്റെ പുത്രനായി ഇവൻ മഹാരഥനായി ജന്മമെടുക്കും. പതിനാറു വർഷം ഭൂമിയിൽ പാർക്കും. അവന്നു പതിനാറുതികയുമ്പോൾ ഘോരമായ യുദ്ധമുണ്ടാകും. അംശജാതരായ നിങ്ങൾ ഘോരമായി യുദ്ധംചെയ്യും. ഘോരമായ നാശം ചെയ്യും. നരനാരായണന്മാർ ഇല്ലാത്ത സന്ദർഭം നോക്കി ഇവൻ ചക്രവ്യൂഹത്തിൽപ്പെട്ട് മത്സരിച്ചിട്ട് ശത്രുക്കളെ പിന്തിരിപ്പിച്ച് ആർത്തുകയറും. ദുർഭേദ്യമായ വ്യൂഹക്കെട്ടിൽക്കയറി ആ കുട്ടി സഞ്ചരിക്കും. മഹാരഥമഹാവീരന്മാരുടെ സംഘത്തെ മുടിക്കും. ശത്രുസംഘത്തിൽ നാലിലൊരുഭാഗം അന്ന് അവൻ കൊന്നുമുടിക്കും. അരദിവസം കൊണ്ടു പിന്നീട് നാനാവീരന്മാരും വളഞ്ഞ് അവനോടെതിർക്കുമ്പോൾ അവരോടൊക്കെ ഒപ്പംനിന്ന് യുദ്ധംവെട്ടി അവൻ ഒടുക്കും. ദിവസം ക്ഷയിക്കുമ്പോൾ അവൻ എന്റെ അടുത്തു മടങ്ങിയെത്തും. അവൻ വംശവർദ്ധനനായ ഒരു പുത്രനെ ജനിപ്പിക്കും. നശിച്ച ഭാരതകുലത്തെ അവൻ ഉയർത്തും."

വൈശമ്പായനൻ പറഞ്ഞു: "എന്നു ചന്ദ്രൻ പറഞ്ഞപ്പോൾ 'അപ്രകാരമാകട്ടേ!' എന്നു ദേവകൾ സസന്തോഷം സമ്മതിച്ചു. എല്ലാവരും ചന്ദ്രനെ അഭിനന്ദിച്ചു പ്രശംസിച്ചു. ഹേ! രാജാവേ! ഇപ്രകാരമാണ് ഭവാന്റെ പിതാമഹന്റെ ജനനം."

വൈശമ്പായനൻ തുടർന്നു: "അഗ്നിയുടെ അംശമാണ് മഹാരഥനായ ധൃഷ്ടദ്യുമ്നൻ. ശിഖണ്ഡി പെണ്ണായി ജനിച്ചതിന്നു ശേഷം ആണായിമാറിയ രാക്ഷസനാണ്. പാഞ്ചാലീപുത്രരായിത്തീർന്ന അഞ്ചു പേരും വിശ്വേദേവഗണാംശമാണ്. പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതകീർത്തി, ശതാനീകൻ, ശ്രുതസേനൻ ഇവരാണ് അഞ്ചു പേർ.

യദുശ്രേഷ്ഠനായി വാസുദേവപിതാമഹൻ, ശൂരൻ, പിറന്നു. അദ്ദേഹത്തിന്ന് അതിസുന്ദരിയായി പൃഥ എന്ന കന്യകയുണ്ടായി. അച്ഛൻപെങ്ങളുടെ മകന്റെ മകനായ കുന്തിഭോജന് സന്താനമില്ലാതിരുന്ന കാലത്ത് ഒരു വാഗ്ദാനമുണ്ടായി. 'എന്റെ ആദ്യസന്താനമായി ഒരു കന്യകയുണ്ടായാൽ ബന്ധുവായ ഭവാന് അവളെ ദത്തുപുത്രിയായി നല്കാമെന്ന്. ആ ആദ്യനിശ്ചയം പോലെ ശൂരൻ അവളെ കുന്തിഭോജനു നല്കി. ബ്രാഹ്മണാതിഥികളെ പൂജിക്കുവാൻ അച്ഛൻ നിശ്ചയിച്ചപ്രകാരം അവൾ ഉഗ്ര

digitized by www.sreyas.in

തപോവ്രതനായ ഒരു വിപ്രനെ ശുശ്രൂഷിച്ചു. നിഗൂഢധർമ്മനിയമനായ ദുർവ്വാസാവുമഹർഷിയായിരുന്നു അദ്ദേഹം. ഉഗ്രനും, സംശിതാത്മാവുമായ അദ്ദേഹത്തെ അവൾ പ്രീതനാക്കി. സന്തുഷ്ടനായ മഹർഷി ആഭിചാരമന്ത്രം അവൾക്ക് ഉപദേശിച്ചു. മഹർഷി പ്രീതനായി അവളോടു പറഞ്ഞു: 'ഹേ സുഭഗേ, ഞാൻ പ്രീതനായി. ഈ മന്ത്രം ജപിച്ചു നീ ഏതേതു ദേവനെ ആഹ്വാനംചെയ്യുന്നുവോ, അതാതുദേവന്റെ പ്രീതിയാൽ നിനക്കു സുതന്മാർ ഉണ്ടാകും!'

ബാലയായ അവൾ കൗതുകത്താൽ കന്യകയായിരിക്കുമ്പോൾ ഭാസ്കരദേവനെ ആഹ്വാനംചെയ്തു. പ്രകാശകാരിയായ സൂര്യഭഗവാൻ അവൾക്കു ഗർഭമുണ്ടാക്കി. സർവ്വാസ്ത്രജ്ഞാനിയായ ഒരു പുത്രനെ ജനിപ്പിച്ചു. ദേവഗർഭോപമനും, ചട്ടയിട്ടവനും, കുണ്ഡലമണ്ഡിതനും, ദിവാകരാഭനും, ജനിക്കുമ്പോൾത്തന്നെ സർവ്വാംഗഭൂഷിതനും ആയിരുന്നു ആ പുത്രൻ. ചാർച്ചക്കാരിൽ ഭയന്ന് കുന്തി ആ കുട്ടിയുടെ ജനനവൃത്താന്തം മറയ്ക്കുവാനായി കുട്ടിയെ പെട്ടിയിലാക്കി വെള്ളത്തിൽ ഒഴുക്കി. വെള്ളത്തിൽ ഒഴുകുന്ന കീർത്തിമാനായ കുട്ടിയെ കണ്ടെത്തിയ രാധാഭർത്താവായ അതിരഥൻ രാധയ്ക്ക് അവനെ നല്കി. ആ ബാലന്ന് ആ ദമ്പതിമാർ ഇരുപേരും, സുഷേണൻ എന്നു പേർകൊടുത്തു. അവൻ ബലവാനും സർവ്വാസ്ത്രോത്തമനുമായി വളർന്നു. സർവ്വവേദാംഗങ്ങളേയും, വിജയിയായ അവൻ ജപിച്ചു. സത്യവിക്രമനും, ബുദ്ധിമാനും ആയ ആ മഹാന് ജപാനന്തരം വിപ്രന്മാർക്കു നല്കുവാൻ വയ്യാത്തതായി യാതൊന്നും ഉണ്ടായിരുന്നില്ല. ഭൂതഭാവനനായ ഇന്ദ്രൻ സ്വപുത്രനായ അർജ്ജുനന്നുവേണ്ടി വിപ്രരൂപത്തിൽച്ചെന്ന് അവന്റെ സഹജമായ ചട്ടയും കുണ്ഡലങ്ങളും യാചിച്ചു. കർണ്ണൻ കുണ്ഡലത്തോടുകൂടി ചട്ടയും മുറിച്ചെടുത്ത് ഇന്ദ്രന്നു കൊടുത്തു. ഇന്ദ്രൻ അതിന്നു പകരമായി അവന്ന് ഒരു വേൽ ദാനം ചെയ്ത് വിസ്മയത്തോടെ ഇപ്രകാരം പറഞ്ഞു: 'നീ ഈ വേൽ ദേവന്മാരിലോ, മനുഷ്യരിലോ, ഗന്ധർവ്വന്മാരിലോ, ഉരഗരാക്ഷസന്മാരിലോ, ആരിൽ പ്രയോഗിച്ചാലും ഒരുത്തൻ മരിക്കുന്നതാണ്. വേൽ ഏല്ക്കുന്നവൻ ദേവനായാലും മൃതനാകും."

വൈശമ്പായനൻ പറഞ്ഞു: "വസുഷേണൻ എന്നു പേർപുകഴ്ന്ന കർണ്ണൻ തന്റെ കർമ്മത്തിന്റെ വൈകർത്തനാഖ്യാനം* കാണിച്ചു. പൃഥയുടെ പ്രഥമാത്മജനായ കർണ്ണൻ ചട്ടയോടുകൂടി ജനിച്ച കീർത്തിമാനായി പ്രശോഭിച്ചു. എങ്കിലും അവൻ സുതകുലത്തിൽത്തന്നെ വളർന്നു. നരവരശ്രേഷ്ഠനായ കർണ്ണൻ സർവ്വശസ്ത്രാസ്ത്രവിത്തമനായിത്തീർന്നു. അവൻ ദുര്യോധനന്റെ സചിവനും ഇഷ്ടനും ശത്രുവിനാശനനുമായി വളർന്നു. സൂര്യാംശജാതനാണ് കർണ്ണൻ എന്ന് ഭവാൻ അറിഞ്ഞാലും."

നിത്യനും, ദേവദേവേശനുമായ നാരായണന്റെ സാക്ഷാൽ അംശമായി വാസുദേവൻ അവതരിച്ചു. ശേഷനാഗേശന്റെ അംശമായി മഹാബലനായ ബലഭദ്രനും അവതരിച്ചു. വീര്യവാനായ സനൽക്കുമാരന്റെ അവതാരമാണ് പ്രദ്യുമ്നൻ. ഇപ്രകാരം നാനാമനുഷ്യേന്ദ്രന്മാർ ദേവാംശങ്ങളായി വാസുദേവന്റെ കുലത്തിലും, കുലവർദ്ധനന്മാരായി ജനിച്ചു. മുമ്പെ ഞാൻ പറഞ്ഞ അപ്സരസ്സുകളുടെ ഗണവും, ദേവേന്ദ്രാജ്ഞപ്രകാരം അംശാവതാരമെടുത്തു. പതിനായിരം ദേവസുന്ദരികൾ വാസുദേവന്റെ പത്നിമാരായി പിറന്നു. ശ്രീദേവി സാക്ഷാൽ അംശമായി, സ്നേഹമൂലമായി ഭൂമിയിൽ രുഗ്മിണീ ദേവിയായി ഭീഷ്മകന്റെ കുലത്തിൽ ജനിച്ചു.

'ശചീദേവി' അംശത്തോടെ 'ദ്രൗപദീ' ദേവിയായി ദ്രുപദന്റെ കുലത്തിൽ യാഗവേദിയിൽ ജനിച്ചു. അധികം പൊക്കമില്ലാതെ, എന്നാൽ പൊക്കം കുറവില്ലാതെ, ഉല്പലസുഗന്ധിനിയായി, താമരപ്പൂമിഴിയായി, സുശ്രോണിയായി, കാർകേശിയായി എല്ലാ ലക്ഷണങ്ങളും തികഞ്ഞു അവൾ വൈഡൂര്യംപോലെ ശോഭിച്ചു. അഞ്ചു പുരുഷന്മാരേയും നെഞ്ചിണക്കി അണയ്ക്കുന്നവളാണ് അവൾ. സിദ്ധിയും, ധൃതിയുമാണ് കുന്തിയും, മാദ്രിയും. മതിയുടെ അവതാരമാണ് ഗാന്ധാരി.

ദേവാസുരന്മാർ, ഗന്ധർവ്വാപ്സരോരാക്ഷസന്മാർ എന്നിവർ ഇപ്രകാരം അംശാവതാരമെടുത്ത് ഭൂമിയിൽ അവതരിച്ചു. മന്നിൽ വന്നു പിറന്ന മന്നവന്മാർ എല്ലാം പോരിൽ മദമുള്ളവരാണ്. ധന്യമായ യദുവംശത്തിൽ വന്നുപിറന്ന അവർ ഉത്തമന്മാരാണ്.

ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരുടെ ജന്മം യശസ്യവും, ധന്യവും, പുത്രീയവും, ആയുഷ്യവും, വിജയാവഹവുമാണ്. ശ്രദ്ധയോടുകൂടി കേൾക്കേണ്ടതാണ് ഈ അംശാവതരണം. ദേവന്മാർ, ഗന്ധർവ്വന്മാർ, രാക്ഷസന്മാർ ഇവരുടെ അംശാവതാരചരിതം കേട്ടുവെങ്കിൽ അവൻ സൃഷ്ടിയുടെയും സംഹാരത്തിന്റെയും രഹസ്യങ്ങൾ അറിയുന്നവനായി ഭവിക്കും. പരമാത്മജ്ഞാനം നേടിയ അവൻ സംസാരക്ലേശങ്ങളിൽനിന്നു വിമുക്തനാകുന്നു. ആപത്തിൽ അവൻ ദുഃഖിക്കുകയില്ല.

68. ശകുന്തളോപാഖ്യാനം – ആരംഭം – ജനമേജയൻ പറഞ്ഞു: "ദേവന്മാരുടേയും, ദൈത്യന്മാരുടേയും, രാക്ഷസരുടേയും, ഗന്ധർവ്വാപ്സരോവർഗ്ഗങ്ങളുടേയും അംശാവതരണം ഭവാൻ പറഞ്ഞു ഞങ്ങൾ സസന്തോഷം കേട്ടു. ഇനി മുറയ്ക്കു കുരുവംശത്തെ, ആദ്യംമുതൽ, ഈ വിപ്രാന്തികത്തിൽവെച്ചു പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "പൗരവന്മാരുടെ വംശകരനും വീരനുമായ ദുഷ്യന്തരാജാവ് ആഴിചൂഴുന്ന ഊഴിയെല്ലാം പരിപാലിച്ചു. സമുദ്രത്താൽ ചുറ്റപ്പെട്ട ദ്വീപും ഭൂമിയും ആ വീര്യവാനായ നരേശ്വരൻ അരികളെ മർദ്ദിച്ചു ഭരണം നടത്തി. നാലുജാതി ജനങ്ങൾ അധിവസിക്കുന്ന ധരണി മ്ലേച്ഛന്മാർ ജീവിക്കുന്ന അതിർത്തിവരെ ഭരിച്ചു. അന്ന് വർണ്ണസങ്കരമുണ്ടായിരുന്നില്ല. ധാന്യശേഖരവും, ഖനിത്തൊഴിലും ആവശ്യമില്ലായിരുന്നു. പാപംചെയ്യുന്നവരുണ്ടായിരുന്നില്ല. ദുഷ്യന്തന്റെ ഭരണം അത്രയ്ക്കു സുഖസമൃദ്ധമായിരുന്നു. ജനങ്ങൾ ധർമ്മനിഷ്ഠയോടുകൂടി ധർമ്മാർത്ഥകാമങ്ങളെ നേടി. കള്ളന്മാരിൽ നിന്നുള്ള ഭയവും, വിശപ്പിനെക്കുറിച്ചുള്ള ആവലാതിയും അന്ന് ആർക്കും ഉണ്ടായില്ല. രോഗഭയവും ഉണ്ടായിരുന്നില്ല. എല്ലാവരും സ്വധർമ്മങ്ങളെ അനുഷ്ഠിച്ചു വർണ്ണാശ്രമധർമ്മങ്ങൾ പാലിച്ചു ജീവിച്ചു. ദേവതകളെ ഉദ്ദേശിച്ചു ചെയ്യാറുള്ള കാമ്യകർമ്മങ്ങൾ ആവശ്യമായിരുന്നില്ല.

യഥാകാലം മേഘം വർഷിച്ചു. ഭൂമി സസ്യശ്യാമളമായി. സസ്യങ്ങൾ രസവസ്തുക്കളായി. സർവ്വരത്നാഢ്യമായി ഭൂമി വിളങ്ങി. പശുക്കൾക്കു സമൃദ്ധിയുണ്ടായി. വിപ്രന്മാർ അവരുടെ ധർമ്മങ്ങൾ നടത്തി. അനൃതം അവരിലുണ്ടായിരുന്നില്ല.

മഹാവീര്യനും, വജ്രകായനും, യുവാവും ആയ രാജാവ് മഹാശക്തനായിരുന്നു. അരുവികളോടും, കാടുകളോടുംകൂടിയ മന്ദരപർവ്വതം പൊക്കുവാൻപോലും ശക്തിയുള്ളവനായിരുന്നു. നാലുതരം ഗദായുദ്ധത്തിലും, മറ്റ് ആയുധവിദ്യയിലും നിപുണനായിരുന്നു. ആനപ്പുറത്തിരുന്നും കുതിരപ്പുറത്തിരുന്നും യുദ്ധം ചെയ്യുന്നതിന്നു ശീലമുള്ളവനായിരുന്നു. ശക്തികൊണ്ട് വിഷ്ണുസദൃശനും, തേജസ്സുകൊണ്ട് അർക്കസന്നിഭനുമായിരുന്നു. ആഴിപോലെ കലങ്ങാത്തവനും, ഊഴിപോലെ ക്ഷമയുള്ളവനും, സജ്ജനങ്ങൾക്കു സമ്മതനും ആയ ആ രാജാവ് പ്രസന്നമായ പുരത്തോടും, രാഷ്ട്രത്തോടുംകൂടി ഭരിച്ചുകൊണ്ടിരിക്കെ ജനങ്ങൾ രാജാവിന്റെ ധർമ്മക്രിയകൾകൊണ്ടു സമൃദ്ധിയോടെ സുഖിക്കുകയും രാജാവിനെ പുകഴ്ത്തുകയും ചെയ്തു."

69. ശകുന്തളോപാഖ്യാനം – ദുഷ്യന്തന്റെ നായാട്ട്– ജനമേജയൻ പറഞ്ഞു: "യോഗ്യനായ ഭരതന്റെ ജന്മവും ചരിതങ്ങളും, ശകുന്തളയുടെ ഉത്പത്തിയും എല്ലാം കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. വീരനായ ദുഷ്യന്തന്റെ ശകുന്തളാപരിണയവും ആ രാജാവിന്റെ ചരിത്രവും മഹാപ്രാജ്ഞനായ ഭവാനിൽനിന്നു വിസ്തരിച്ചറിയുവൻ ഞാനാഗ്രഹിക്കുന്നു."

* കവചകുണ്ഡലങ്ങൾ ദേഹത്തിൽനിന്നു മുറിച്ചെടുത്ത് ദാനം ചെയ്തതുകൊണ്ട് കർണ്ണന് വൈകർത്തനൻ എന്നു പേരുണ്ടായി.

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഒരിക്കൽ ആ മഹാരാജാവ് ആന, കുതിര മുതലായ വലിയ ചതുരംഗപ്പടയോടുകൂടി കാട്ടിൽ പ്രവേശിച്ചു. ധാരാളം വീരയോദ്ധാക്കൾ രാജാവിന്റെ കൂടെ നായാട്ടിനുണ്ടായിരുന്നു. വാൾ, വേൽ, ഗദ, മുസലം, പ്രാസം, തോമരം എന്നീ ആയുധങ്ങളോടുകൂടി യോദ്ധാക്കൾ ഉത്സാഹത്തോടെ രാജാവിനെ പിൻതുടർന്നു. വീരന്മാരുടെ അട്ടഹാസങ്ങളും ശംഖനാദവും ഭേരീരവവുംകൊണ്ട് ആകാശം മുഖരിതമായി. തേരൊലികളും ഗജഗംഭീരനാദവും അശ്വഘോഷങ്ങളും ആയുധങ്ങളുടെ ത്ഡണൽക്കാരവും ആർപ്പും കൂക്കുവിളിയുംകൊണ്ടു നാടു മുഴങ്ങി. ഇപ്രകാരം കോലാഹലത്തോടെ നൃപൻ മൃഗയാവിനോദത്തിന്നു യാത്രപുറപ്പെട്ടപ്പോൾ പൊന്മാൻ മിഴികളായ സുന്ദരിമാർ ആ എഴുന്നള്ളത്തു കാണുവാൻ വെണ്മാടത്തട്ടുകളിൽ കയറിനിന്നു.

കീർത്തിമാന്മാരിൽ പ്രമുഖനായ രാജാവിനെക്കണ്ട് കാമിനിമാർ 'ഇവൻ ഇന്ദ്രൻതന്നെ' എന്നു പറഞ്ഞ് അത്ഭുതത്തോടെ നോക്കിനിന്നു. 'ഇവൻ സമരത്തിൽ വസുവിക്രമൻതന്നെ! ഇവന്റെ കൈയൂക്കിൽപ്പെട്ടാൽ വൈരികളുടെ കഥ അന്നു തീർന്നു!' എന്നു പറഞ്ഞു. അവർ രാജാവിനെ പ്രകീർത്തിച്ചു പുഷ്പവൃഷ്ടി ചെയ്തു. അതാതിടത്ത് വിപ്രേന്ദ്രന്മാരുടെ യഥാർത്ഥമായ സ്തുതി കേട്ട് രാജാവ് യാത്രതുടർന്നു.

മത്തവാരണത്തിന്റെ പുറത്തു സ്ഥിതിചെയ്യുന്ന രാജാവിനെ വിപ്രന്മാരും ക്ഷത്രിയന്മാരും ശൂദ്രന്മാരും പിൻതുടർന്ന് ആശിസ്സുകൾ നല്കി ജയഘോഷങ്ങളുണ്ടാക്കി. പൗരാവലിയും ജാനപാദന്മാരും ഏറെക്കുറെ പിന്തുടർന്നു. കുറെ ദൂരം പോയശേഷം രാജാവിന്റെ ആജ്ഞപ്രകാരം അവർ മടങ്ങിപ്പോന്നു.

പിന്നെ രാജാവ് ആനപ്പുറത്തുനിന്നിറങ്ങി, ഗരുഡനെപ്പോലെ അതിദ്രുതമായ മഹാരഥത്തിൽ കയറി പാരിലും വാനിലും കോലാഹലംകൂട്ടി പാഞ്ഞു. അങ്ങനെ രാജാവ് വനത്തിലൂടെ യാത്രതുടർന്നു ചെല്ലുമ്പോൾ നന്ദനോദ്യാനതുല്യമായ ഒരു വനം കണ്ടു.

എരുക്ക്, കൂവളം, കരിങ്ങാലി, കപിത്ഥം മുതലായവ തിങ്ങിയതാണ് ആ വനം. മലയിൽനിന്നുവീണ കരിമ്പാറക്കൂട്ടങ്ങൾ ചിതറിക്കിടക്കുന്നു. നിർജ്ജലവും ശാന്തവുമായ ഒരു മൈതാനം. ആ പ്രദേശം മനുഷ്യവാസമില്ലാത്തതായിരുന്നു. പരന്നുകിടക്കുന്ന ആ പ്രദേശത്ത് ഘോരസിംഹങ്ങളും വേറെ ഹിംസ്രജന്തുക്കളും നിറഞ്ഞിരുന്നു. പരിവാരങ്ങളോടുകൂടി രാജാവ് ആ കാട് ഒന്നിളക്കിമറിച്ചു മൃഗങ്ങളെ സംഹരിക്കുവാൻ തുടങ്ങി. വമ്പന്മാരായ വ്യാഘ്രസമൂഹങ്ങൾ അമ്പുകൾക്കിരയായി. അവ ദുഷ്യന്തന്റെ ശരങ്ങളേറ്റ് മെയ് പിളർന്നു ചത്തുവീണു. ദൂരെ നിന്നുകൊണ്ട് രാജാവ് മൃഗങ്ങളെ എയ്തു വീഴ്ത്തി. അടുത്തെത്തുന്നവയെ വാളെടുത്ത് അരിഞ്ഞുവീഴ്ത്തി. വേൽചാട്ടി മാനുകളെ കൊന്നു. ഗദാപ്രയോഗസാമർത്ഥ്യവും ആ വിക്രമി കാണിച്ചു. തോമരം, ഗദ, വാൾ, കുന്തം, ഉലക്ക ഇവ ഉപയോഗിച്ച് രാജാവ് ആ കാട്ടിൽ സഞ്ചരിച്ചു മൃഗങ്ങളേയും പക്ഷികളേയും കൊന്നൊടുക്കി. സമർത്ഥനായ രാജാവും പരിവാരങ്ങളും പൊരുതുവാൻ തുടങ്ങിയപ്പോൾ മൃഗാദിരാജന്മാർ കാടുവിട്ടോടി വലഞ്ഞു. കൂട്ടം പിരിഞ്ഞും കൂട്ടത്തലവൻ ചത്തും, മൃഗങ്ങൾ അങ്ങുമിങ്ങും അലഞ്ഞ് ഓടി ശബ്ദം പുറപ്പെടുവിച്ചു. വരണ്ട ചോലയിലേക്കു പാഞ്ഞ മൃഗങ്ങൾ ജലം കിട്ടാതെ പരവശരായി. വരണ്ടുകിടക്കുന്ന ചോലയിൽച്ചെന്ന് ആയാസംമൂലം അവ ബോധംകെട്ടു തളർന്നു നിലത്തു വീണു. വ്യാഘ്രങ്ങൾ ബുഭുക്ഷകൊണ്ട് ചില മനുഷ്യരേയും പിടിച്ചു തിന്നു. വനേചരന്മാരായ ചിലർ മൃഗങ്ങളെ എടുത്തുകൊണ്ടുപോയി തീകൂട്ടി വേണ്ടവിധം വേവിച്ചു ഭക്ഷിച്ചു. കാട്ടാനത്തലവന്മാർ ശരം ദേഹത്തിൽ ഏറ്റു ചിന്നംവിളിയോടെ തുമ്പിക്കൈയും ചുരുട്ടി ഭയത്തോടും വേദനയോടുംകൂടി വെമ്പിപ്പാഞ്ഞു. പോകുന്ന വഴിക്കു മലമൂത്രങ്ങൾ വിസർജ്ജിച്ചും രക്തം ഒഴുക്കിയും ദ്രുതഗതിയിൽ കണ്ട ദിക്കിലേക്കു പാഞ്ഞു. വെമ്പിപ്പായുന്ന കാട്ടാന നേർക്കു കുതിച്ച് പല മർത്ത്യരേയും ചവിട്ടിയരച്ചു. ശരമാകുന്ന വർഷം പെയ്തു സൈന്യമാകുന്ന കരിങ്കാർ ആ വനത്തിലേക്കു കയറി. രാജാവിന്റെ ശരമേറ്റു പായുന്ന മൃഗങ്ങളാൽ ആ വനം മനോഹരമായി."

70. ശകുന്തളോപാഖ്യാനം - കണ്വതപോവനവർണ്ണന – വൈശമ്പായനൻ പറഞ്ഞു: "അനേകായിരം മൃഗങ്ങളെ മുടിച്ച് ഭടന്മാരോടുകൂടി രാജാവു മറ്റൊരു കാട്ടിൽ പ്രവേശിച്ചു. രാജാവിന്നു തളർച്ചയും വിശപ്പും ദാഹവും വർദ്ധിച്ചു. രാജാവ് ഒറ്റയ്ക്ക് വനാന്തരത്തിൽ ഒരു ശൂന്യപ്രദേശത്തെത്തി. ആ പ്രദേശം കടന്ന് ഒരു പുണ്യാശ്രമസ്ഥലത്തെത്തിച്ചേർന്നു. ആ സ്ഥലം മനസ്സിന്നു സന്തോഷം നല്കുന്നതും കണ്ണിനെ കുളുർപ്പിക്കുന്നതുമായിരുന്നു. ഇളംതെന്നൽ രാജാവിന്റെ വിയർത്ത അംഗം കുളുർമ്മയോടെ തലോടി.

ആ വനം, പൂത്ത വൃക്ഷങ്ങൾ നിറഞ്ഞും പച്ചപ്പുല്ലു നിരന്നു പരന്നും നയനാനന്ദകരമായിരുന്നു. മനോഹരമായ പക്ഷികൾ പാറിക്കളിച്ചു. ത്ഡില്ലീത്ഡങ്കാരംകൊണ്ടും കുയിൽനാദംകൊണ്ടും വണ്ടുകളുടെ ശബ്ദംകൊണ്ടും ആ വനം കർണ്ണാനന്ദകരമായി. കണ്ണും കരളും കുളുർപ്പിക്കുന്ന ആ വനം രാജാവിനെ ആകർഷിച്ചു. നിഴൽവിരിച്ച വൃക്ഷനിരകൾ പൂത്തും കായ്ച്ചും നിന്നിരുന്നു. വല്ലികൾ പൂക്കളണിഞ്ഞു ചാഞ്ചാടി. രാജാവ് അങ്ങോട്ടു നടന്നു. സർവ്വ ഋതുവിലും പൂത്ത് കാറ്റിലുലയുന്ന വൃക്ഷങ്ങൾ രാജാവിന്റെ ശിരസ്സിൽ പൂക്കൾ വർഷിച്ചു. പക്ഷികൾ കളകൂജിതംകൊണ്ട് രാജാവിനെ സ്വാഗതംചെയ്തു. വണ്ടുകൾ പുഷ്പരസം പാനംചെയ്തു മുരണ്ടു. പടർന്നുകയറിയ പുഷ്പലതകളാർന്ന വള്ളിക്കുടിലുകൾ കണ്ടു രാജാവു പ്രീതിപൂണ്ടു. സിദ്ധചാരണ ഗന്ധർവ്വന്മാരും അപ്സരസ്സുകളും വാനവകിന്നരന്മാരും സേവിച്ചു സുഖംപൂണ്ട ആ കാനനം കൺകുളിരെ രാജാവു നോക്കിനിന്നു. മന്ദമാരുതൻ വൃക്ഷലതകളെ തലോടി സസന്തോഷം വീശി.

പുഴവക്കത്ത് ഉയർന്നു കൊടിമരംപോലെ പൊങ്ങിനില്ക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞ ആ മനോഹരവനം കണ്ട് രാജാവ് കൗതുകത്തോടെ നിന്നു. പിന്നെ രാജാവ് മന്ദം നടന്നു. അഴകുറ്റ ഒരു ആശ്രമം നോക്കിക്കണ്ടു. അനേകം വൃക്ഷങ്ങളാൽ ചുറ്റപ്പെട്ട ആ ആശ്രമത്തിൽ അഗ്നി ജ്വലിക്കുന്നതായിക്കണ്ടു. ആ പുണ്യമായ ആശ്രമം കണ്ട് രാജാവു കൈകൂപ്പി. യതീന്ദ്രന്മാരായ ബാലഖില്യരും മറ്റു മുനീന്ദ്രന്മാരും പുഷ്പാർച്ചന ചെയ്യുന്ന അഗ്നിശാലകൾ കണ്ടു. പുണ്യവും ശുദ്ധവുമായ ജലം ഒഴുകുന്ന മാലിനീനദി വളഞ്ഞുപുളഞ്ഞുപോകുന്നു. അതിന്റെ മണൽപ്പുറം മനോമോഹനമായി പ്രശോഭിക്കുന്നു. രാജാവു മതിമറന്നു നോക്കിനിന്നു. പലതരം പക്ഷികൾ പറന്നുകളിക്കുന്ന നദിയുടെ മണൽക്കരയിൽ വിശ്രമിക്കുന്ന സിംഹം, പുലി മുതലായ മൃഗങ്ങളെക്കണ്ട് രാജാവ് അത്ഭുതപ്പെട്ടു.

ആ ആശ്രമസ്ഥലം ദേവലോകാഭമായിരുന്നു. മഹാ വില്ലാളിവീരനായ രാജാവ് അങ്ങോട്ടു കയറി. ആ പുണ്യസ്ഥലം എല്ലാ ജീവജാലങ്ങൾക്കും മാതാവെന്നവിധം ശോഭിക്കുന്നു. ആശ്രമത്തെ ചുറ്റി ആ പുണ്യനദി ഒഴുകുന്നു. ചക്രവാകങ്ങൾ ചേർന്നും, നളിനത്തോടുകൂടിയും, നുരയെന്നപോലെ പുഷ്പങ്ങൾ ഒഴുകിക്കൊണ്ടും, കിന്നരാവലികൾ സേവിച്ചുകൊണ്ടും, കുരങ്ങുകളും കരടികളും വന്നു ജലപാനം ചെയ്തുകൊണ്ടും സ്വാദ്ധ്യായശബ്ദം കേട്ടുകൊണ്ടിരിക്കുന്ന കരപ്പുറത്തോടുകൂടിയതും ആനയും, പുലിയും, പാമ്പും പരിസേവിക്കുന്നതുമായ ആ നദി കണ്ട് രാജാവിന്റെ ഹൃദയം കുളുർത്തു. അതിന്റെ തീരത്തു ഭഗവാനായ കാശ്യപന്റെ ആശ്രമം കാണുന്നു. ആശ്രമത്തെ ചുഴന്നൊഴുകുന്ന നദിയും ആശ്രമവും കണ്ട് രാജാവ് അതിൽ പ്രവേശിക്കുവാൻ മുതിർന്നു. മാലിനീനദിയാൽ ചുറ്റപ്പെട്ട ഒരു തുരുത്തുപോലെ പ്രശോഭിക്കുന്ന ആ മനോഹരസ്ഥലം ഗംഗയാൽ നരനാരായണാശ്രമസ്ഥാനമെന്നപോലെ വിളങ്ങി. രാജാവ് അങ്ങോട്ടു നടന്നു. മയിലുകൾ മദിച്ചു നൃത്തംവെച്ചു. ചൈത്രരഥംപോലുള്ള ആ വനത്തിൽ രാജാവു പ്രവേശിച്ചു. മഹാത്മാവും അദൃശ്യപ്രഭാവനുമായ കാശ്യപനെ (കണ്വനെ) ചെന്നുകാണുവാൻ ഉദ്ദേശിച്ച്

digitized by www.sreyas.in

രാജാവു പരിവാരങ്ങളെ വനദ്വാരത്തിൽ നിർത്തി, ഇപ്രകാരം അവരോടു പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "നിർദ്ദോഷനും തപോധനനുമായ കാശ്യപമഹർഷിയെ ഞാൻ കാണുവാൻപോവുകയാണ്. ഞാൻ മടങ്ങിവരുംവരെ നിങ്ങൾ ഇവിടെ നില്ക്കുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "രാജാവ് ദേവകാനനംപോലെയുള്ള ആ വനത്തിൽ പ്രവേശിച്ചു. അതോടുകൂടി രാജാവിന്റെ വിശപ്പും ദാഹവും വിട്ടൊഴിഞ്ഞു. അധികമായ മോദംപൂണ്ട് രാജചിഹ്നങ്ങൾ മാറ്റിവെച്ച് മന്ത്രിമാരോടുകൂടി അദ്ദേഹം പുരോഹിതനെ മുമ്പേ നടത്തി ആശ്രമത്തിൽ അനശ്വരതപോനിധിയായ ആ മുനിയെക്കാണുവാൻ കയറിച്ചെന്നു. ഭൃംഗനാദവും, പക്ഷികൂജിതവും ചേർന്ന് ബ്രഹ്മലോകാഭമായ ആശ്രമത്തിനുചുറ്റും കണ്ണോടിച്ചു. വളരെ വേദാദ്ധ്യായികൾ ചേർന്ന് പദക്രമത്തോടെ ഋക്കുകൾ ഉച്ചരിക്കുന്നതായിക്കേട്ടു. അവിടെ യാഗങ്ങൾ നടക്കുന്നുണ്ടെന്നു രാജാവ് അറിഞ്ഞു. യജ്ഞം കഴിക്കേണ്ട രീതികളും, വേദാംഗങ്ങളും അറിയാവുന്നവരും, യജുർവ്വേദികളുമായ ഋഷിവര്യന്മാർ ഭംഗിയായി സാമഗാനങ്ങൾ ചൊല്ലുന്നതും കേട്ടു. സാമവേദത്തിലെ ചില പ്രത്യേക ഭാഗങ്ങൾ ഗാനംചെയ്യുന്നവരും, അഥർവ്വശിഖ ചൊല്ലുന്നവരുമായ ഋഷികളാൽ ആശ്രമം പ്രശോഭിച്ചു. അഥർവ്വവേദജ്ഞന്മാരും, സാമവേദത്തിലെ ചില പ്രത്യേക ഭാഗങ്ങൾ പദക്രമങ്ങളോടുകൂടി സംഹിത ചൊല്ലുന്നതായി കേട്ടു. ശബ്ദസംസ്കാരശുചിയായി ഓതുന്ന മറ്റു വിപ്രന്മാരാൽ ആശ്രമം ബ്രഹ്മലോകം എന്നപോലെ വിളങ്ങി. യജ്ഞക്രിയാവിദഗ്ദ്ധന്മാരും, ക്രമശിക്ഷയറിഞ്ഞവരും, ന്യായതത്ത്വാത്മ വിജ്ഞാനികളും, വേദവേദികളും, നാനാവാക്യസമാഹാരസമവായ വിശാരദന്മാരും, വിശേഷകാര്യജ്ഞന്മാരും, മോക്ഷധർമ്മപരായണന്മാരും, ഉപന്യാസം, പൂർവ്വപക്ഷം, സിദ്ധാന്തം എന്നിവ കണ്ടവരും, ശബ്ദച്ഛന്ദോനിരുക്തങ്ങൾ അറിഞ്ഞവരും, കാലവേദികളും, ദ്രവ്യകർമ്മഗുണജ്ഞന്മാരും, കാര്യകാരണവേദികളും, * പക്ഷികീശരുതജ്ഞന്മാരും, വ്യാസഗ്രന്ഥാവലംബികളും, നാനാശാസ്ത്രജ്ഞന്മാരും ആയ ആ ഋഷിമാരുടെ ശബ്ദം രാജാവു കേട്ടു. കേവലം ലോകതന്ത്രജ്ഞ ശ്രേഷ്ഠർ ചൊല്ലുന്ന തന്ത്രങ്ങൾ കേട്ടും, അതാതിടങ്ങളിൽ യതാത്മാക്കളും, ശിതവ്രതരും, ജപഹോമപരന്മാരുമായ വിപ്രേന്ദ്രന്മാർ അനേകം ആസനഭേദങ്ങൾ മനംതെറ്റാതെ കൈക്കൊണ്ടിരിക്കുന്നതു കണ്ടും രാജാവ് അത്ഭുതപ്പെട്ടു.

ദേവാലയങ്ങളിൽ ഭൂദേവന്മാരുടെ പൂജ കണ്ട് താൻ ബ്രഹ്മലോകത്തിലാണോ നില്ക്കുന്നതെന്ന് രാജാവിന്നു തോന്നിപ്പോയി. ഇപ്രകാരം കാശ്യപമഹർഷിയുടെ തപസ്സിനാൽ സംരക്ഷിക്കപ്പെടുന്ന പുണ്യാശ്രമം കണ്ടിട്ട് രാജാവിന്നു മതിയായില്ല.

അദ്ദേഹം അനന്തരം തപോധനസജ്ജനങ്ങൾ ചേർന്ന പുണ്യവും വിവിക്തവുമായ ആ ശോഭനാശ്രമത്തിൽ അമാത്യന്മാരോടുകൂടി കയറിച്ചെന്നു."

71. ശകുന്തളോപാഖ്യാനം - മേനകാപ്രേഷണം -

വൈശമ്പായനൻ പറഞ്ഞു: "പിന്നെ മന്ത്രിമാരെ വിട്ടു രാജാവ് ഒറ്റയ്ക്ക് ആശ്രമത്തിൽ കയറിച്ചെന്നു. അപ്പോൾ അദ്ദേഹം കാശ്യപമഹർഷിയെ ആശ്രമത്തിൽ കണ്ടില്ല. ആശ്രമം ശൂന്യമായിരുന്നു. രാജാവ് ഉറക്കെ വിളിച്ചുചോദിച്ചു: 'ഇവിടെ ആരുമില്ലേ?' രാജാവിന്റെ ഘനഗംഭീരമായ ശബ്ദം കേട്ടപ്പോൾ മഹാലക്ഷ്മിയെപ്പോലെ മനോഹരിയായ ഒരു കന്യക തപസ്വിനീവേഷത്തിൽ ആശ്രമത്തിൽനിന്ന് ഇറങ്ങിച്ചെന്നു. കരിമീൻമിഴിയായ അവൾ ദുഷ്യന്തനെക്കണ്ട് ഉപചാരപൂർവ്വം പറഞ്ഞു: 'അങ്ങയ്ക്കു സ്വാഗതം!' ഉടനെ ആസനം നല്കി അർഘ്യപാദ്യാദികൾ കൊണ്ടു പൂജിച്ചു. 'അങ്ങയ്ക്ക് അനാമയമല്ലേ? കുശലമല്ലേ?' എന്നു ചോദിച്ചു. അവൾ അതിഥിയോടു കുശലംചോദിച്ചു പൂജിച്ചശേഷം പുഞ്ചിരിയോടെ 'ഇനി അങ്ങയ്ക്ക് ഈയുള്ളവൾ എന്തു ചെയ്യേണ്ടു?' എന്നു വീണ്ടും ചോദിച്ചു. മഞ്ജുഭാഷിണിയായ ആ കന്യകയെ നോക്കി, അവളുടെ പൂജാസൽക്കാരങ്ങളേറ്റു രസംതുളുമ്പുന്ന ഹൃദയത്തോടെ രാജാവ് പറഞ്ഞു."

രാജാവ് പറഞ്ഞു: "വന്ദ്യനായ കണ്വമഹർഷിയെക്കണ്ടു വന്ദിക്കുവാൻ വന്നതാണു ഞാൻ ഭദ്രേ, ഭഗവാൻ മഹർഷി എവിടേക്കാണു പോയത്?"

ശകുന്തള പറഞ്ഞു: "അച്ഛൻ ഫലങ്ങൾ കൊണ്ടുവരുവാൻ ആശ്രമംവിട്ട് ഇറങ്ങിയിരിക്കയാണ്. മുഹൂർത്തസമയം കാക്കുക! അച്ഛൻ വേഗത്തിലെത്തും. കണ്ടിട്ടു പോകാം!"

വൈശമ്പായനൻ പറഞ്ഞു: "ഋഷിയെക്കാണാതെ, രാജാവ് അവിടെ ഇരുന്നു. ആ തേൻ പൊഴിയുന്ന മധുരമൊഴി കേട്ട്, മനസ്സഴിഞ്ഞു. പുഞ്ചിരികലർന്ന മനോജ്ഞഭാഷണംകേട്ട്, തപസ്സും ദമവും ചേർന്ന ആ മധുരാംഗിയുടെ രൂപയൗവനമനോഹാരിതയിൽ മുഴുകിയ രാജാവ്, ആ കന്യകയോടു മധുരമായി പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "ഹേ! കുമാരീ, നീ ആരുടെ പുത്രിയാണ്? ഈ അരണ്യത്തിൽ എന്തിനു വന്നു? മനോഹരമൃദുലാംഗിയായ നീ എങ്ങുനിന്നു വന്നു? ഹേ ശുഭേ! ഭവതിയെ കണ്ടമാത്രയിൽത്തന്നെ എന്റെ ഹൃദയം നീ കവർന്നിരിക്കുന്നു! ശോഭനേ, നീ ആരെന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "രാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ അവളുടെ മനോഹരമായ ചുണ്ടുകളിൽനിന്ന് മൃദുമന്ദസ്മിതത്തോടെ ഈ വാക്കുകൾ പുറപ്പെട്ടു."

ശകുന്തള പറഞ്ഞു: "ഹേ! ധന്യ! ദുഷ്യന്തരാജാവേ, ഞാൻ കണ്വമഹർഷിയുടെ കന്യകയാണെന്നു ധരിച്ചാലും."

ദുഷ്യന്തൻ പറഞ്ഞു: "ഭഗവാൻ കണ്വൻ ലോകപൂജിതനായ ഊർദ്ധ്വരേതസ്സാണെന്നാണ് എന്റെ അറിവ്. ധർമ്മരാജാവിന്നുപോലും ധർമ്മഭ്രംശം വരാം. എന്നാലും സംശിതവ്രതനായ കണ്വന്ന് ചാഞ്ചല്യം ബാധിക്കയില്ല. നീ ആ മുനീശ്വരന്റെ പുത്രിയായത് എങ്ങനെയാണ്? സുന്ദരീ, എന്റെ സംശയം നീ തീർത്തുതരുമോ?"

ശകുന്തള പറഞ്ഞു: "രാജാവേ, എനിക്കറിയാവുന്നവിധം ഞാൻ എന്റെ കഥ പറയാം. ഞാൻ കണ്വപുത്രിയായിത്തീർന്ന കഥ കേട്ടാലും. ഒരു മാമുനി ഇവിടെ വന്നപ്പോൾ എന്നെക്കണ്ട് എന്റെ ചരിത്രം അച്ഛനോടു ചോദിച്ചു. അപ്പോൾ അച്ഛൻ അദ്ദേഹത്തോടു പറയുന്നതു ഞാൻ കേട്ടു. അങ്ങനെ ഞാൻ അറിഞ്ഞ എന്റെ കഥ ഞാൻ ഭവാനോടു കേട്ടവിധം പറയാം."

കണ്വൻ ഇപ്രകാരം പറഞ്ഞു: "പണ്ട് ഉഗ്രമായ തപസ്സു ചെയ്യുന്ന ദൃഢവ്രതനായ വിശ്വാമിത്രൻ തപശ്ശക്തിമൂലം വൃത്രജിത്തായ ഇന്ദ്രന്റെ ഹൃദയത്തെ തപിപ്പിച്ചുപോലും! ഇവന്റെ തപസ്സ് ഇപ്രകാരം പുരോഗമിച്ചാൽ തന്റെ സ്ഥാനം നഷ്ടപ്പെട്ടുപോകും എന്ന് ഇന്ദ്രൻ ഉറച്ചു മേനകയെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ദിവ്യമായ അപ്സരോഗുണങ്ങൾകൊണ്ട് മേനകേ, നീ മുന്തിയവളാണ്. എനിക്കു നീ ഒരു നന്മ ചെയ്യണം. ഞാൻ പറയുന്നതു നീ കേൾക്കുക. ഇതാ, സൂര്യസമതേജസ്വിയായ വിശ്വാമിത്രൻ ഉഗ്രമായ തപസ്സുകൊണ്ട് എന്നെ കിടിലംകൊള്ളിക്കുന്നു. അധൃഷ്യനായ അവൻ ഇതാ, തപസ്സിൽ ഏർപ്പെട്ടുതന്നെ നില്ക്കുന്നു. അവൻ എന്റെ സ്ഥാനം തട്ടിയെടുക്കുന്നതിന്നുമുമ്പ് അവനെ തപസ്സിൽ നിന്നു വിരമിപ്പിക്കുക. നീ പോയി അവന്റെ മനസ്സ് ഉടനെ മയക്കണം. അവന്ന് തപോവിഘ്നമുണ്ടാക്കി എനിക്കു നീ നന്മ നല്കുക. രൂപം, യൗവനം, സൗന്ദര്യം, വിലാസം, പുഞ്ചിരി, മധുരഭാഷണം ഇവകൊണ്ട് അവനെ മയക്കി തപസ്സിൽനിന്ന് അകറ്റുക!"

മേനക പറഞ്ഞു: "മഹാതപസ്വിയായ ഭഗവാൻ വിശ്വാമിത്രൻ മഹാതേജസ്വിയാണ്. കോപനനാണ് അവനെന്ന് ഭവാന് അറിഞ്ഞുകൂടേ? ആ മഹാന്റെ തേജസ്സ്, തപസ്സ്, കോപം എന്നിവ ഭവാനുപോലും ഭയപ്രദമാണെങ്കിൽ ഈയുള്ളവളുടെ കഥ പറയണമോ? മഹാമുനിയായ വസിഷ്ഠന്റെ മക്കളെയൊക്കെ നശി

* പക്ഷികളുടേയും കുരങ്ങന്മാരുടേയും ഭാഷ അറിയുന്നവരും.

digitized by www.sreyas.in

പ്പിച്ചവനല്ലേ വിശ്വാമിത്രൻ? മുമ്പേ ക്ഷത്രിയനായിരുന്നിട്ടും പിന്നെ ബ്രാഹ്മണ്യം സമ്പാദിച്ചവനല്ലേ വിശ്വാമിത്രൻ? സ്വപരിശുദ്ധിക്കുവേണ്ടി ആഴംകൂടിയ മഹാനദിയുണ്ടാക്കിയവനല്ലേ ആ മഹർഷി? അങ്ങനെയല്ലേ പുണ്യമേറിയ ആ പുഴയ്ക്ക് 'കൗശികി' എന്ന പേര് സിദ്ധിച്ചത്? ഇതെല്ലാം അങ്ങയ്ക്കറിവില്ലേ? കഷ്ടകാലത്ത് അവന്റെ ഭാര്യയെ സഹായിച്ച ധർമ്മവിത്തമനായ രാജർഷി 'മതംഗൻ' സംഗതിവശാൽ വ്യാധനായിത്തീർന്നില്ലേ? ദുർഭിക്ഷകാലം തീർന്നപ്പോൾ ആശ്രമത്തിൽ ചെന്നു പുഴയ്ക്ക് 'പാര' എന്ന് ആ പ്രഭു നാമകരണം ചെയ്തു. അവൻ ചണ്ഡാലനായ മതംഗമന്നവന്ന് പ്രീതിയോടെ യാഗം ചെയ്യിച്ചു. അന്നു വിശ്വാമിത്രനെ പേടിച്ച് അങ്ങയും സോമപാനത്തിന്ന് അവനെ സമീപിച്ചില്ലേ? ഹേ! സുരേശ്വരാ! അദ്ദേഹം ക്രുദ്ധനായി 'തിരുവോണം' തുടങ്ങിയ മറ്റൊരു നക്ഷത്രപദത്തെ സൃഷ്ടിച്ചില്ലേ? പിതൃശാപാർത്തനായ * ത്രിശങ്കുവിന്ന് മറ്റൊരു സ്വർഗ്ഗം സൃഷ്ടിച്ചു ശരണം നല്കിയില്ലേ? ഇപ്രകാരം അതുല്യപ്രഭാവനായ ആ മുനിയുടെ മഹത്ത്വമോർത്ത് ഞാൻ പേടിക്കുന്നു. അവൻ ക്രോധിച്ച് എന്നെ ദഹിപ്പിക്കാതിരിക്കത്തക്കവിധം എന്നെ നിയോഗിച്ചാലും. ക്രോധിച്ചാൽ അവൻ ജഗത്ത് തേജസ്സുകൊണ്ടു ദഹിപ്പിക്കും. പെരുവിരൽകൊണ്ടു ഭൂമി കുലുക്കും. മേരുപർവ്വതത്തെ ചുരുക്കി കൈയിലൊതുക്കും. ദിക്കുകളെ മാറ്റിവെക്കും. അത്ര ഉഗ്രതപസ്സുള്ള ദീപ്താഗ്നി സമനാണ് അവൻ. എന്നെപ്പോലെയുള്ള ഒരു സ്ത്രീക്ക് വിജിതേന്ദ്രിയനായ അദ്ദേഹത്തെ സ്പർശിക്കുവാൻ കഴിയുമോ? അഗ്നി മുഖവും, സൂര്യചന്ദ്രന്മാർ കണ്ണുകളും, യമൻ നാവും ആയ ആ ഉഗ്രമൂർത്തിയെ എന്നെപ്പോലെയുള്ള ഒരു നാരിക്കു തൊടുവാൻ സാദ്ധ്യമാണോ ദേവനായക?

യമൻ, സോമൻ, മുനിമാർ, വിശ്വേദേവന്മാർ, ബാലഖില്യന്മാർ ഇവരൊക്കെ പേടിക്കുന്ന അവനെ എന്നെപ്പോലെയുള്ള ഒരുവൾ ഭയപ്പെടാതിരിക്കുമോ? ഭവാൻ പറഞ്ഞാൽ ഞാൻ മുനീന്ദ്രന്റെ അടുക്കലേക്കു പോകാതിരിക്കയില്ല. അങ്ങയുടെ കല്പന ഞാൻ സ്വീകരിക്കുന്നു. എന്നാൽ ഭവാൻ എന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം നോക്കണം. ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽച്ചെന്നു നൃത്തം തുടങ്ങുമ്പോൾ മന്ദാനിലൻ വന്ന് എന്റെ വസ്ത്രം പതുക്കെ അകറ്റട്ടെ! കാമദേവൻ പുഷ്പശരവുമായി എന്റെകൂടെത്തന്നെ നിൽക്കണം. ഹേ ദേവേന്ദ്ര! ഭവാന്റെ പ്രസാദത്താൽ ഞാൻ മുനിയെ മയക്കുന്ന സമയത്ത് സൗരഭ്യംവഹിച്ച് മന്ദമാരുതൻ വന്നു വീശിക്കൊള്ളട്ടെ."

കണ്വൻ പറഞ്ഞു: "അവൾ ഇപ്രകാരം പറഞ്ഞപ്പോൾ അങ്ങനെയാകാം എന്ന് ഇന്ദ്രൻ മറുപടി പറഞ്ഞു. മേനക നേരേ കൗശികാശ്രമത്തിലേക്കു നടന്നു."

72. ശകുന്തളോപാഖ്യാനം - ശകുന്തളയുടെ ജനനകഥ - കണ്വൻ പറഞ്ഞു: "അവൾ പറഞ്ഞപ്രകാരം സുഗന്ധവാഹിയായ വായുവിനെ അവളുടെകൂടെ അയച്ചു. മന്ദമാരുതനോടുകൂടെ മന്ദം മന്ദം മേനക നടന്നു. അവൾ വിശ്വാമിത്രൻ തപസ്സുചെയ്യുന്ന തപോവനത്തിൽ പ്രവേശിച്ചു. തപശ്ശക്തികൊണ്ട് പാപമെല്ലാം അകന്ന വിശ്വാമിത്രനെ വേപഥുഗാത്രിയായി ദർശിച്ചു. അവൾ മുനിയുടെ സമീപം ചെന്ന് അദ്ദേഹത്തിന്റെ നേരെ കൈകൂപ്പി നൃത്തമാരംഭിച്ചു. ആ തവ്വിൽ മാരുതൻ അവളുടെ ശുഭ്രവസ്ത്രം വീശിയകറ്റി. അരയിൽനിന്ന് ഊർന്നുവീണ വസ്ത്രം വാരിയെടുക്കുവാൻ അവൾ കിഴിഞ്ഞിറങ്ങി അസഹ്യമായ ലജ്ജയോടെ, ആ കാറ്റിന്റെ വികൃതിയുടെ ഇടയിൽ, കടക്കണ്ണിട്ട് ആ നീലലോചന മഹർഷിയെ നോക്കി. അഗ്നിതേജസാൽ ആ മുനീന്ദ്രൻ വസ്ത്രംനീങ്ങിയ ആ സുന്ദരിയുടെ നഗ്നമായ പൊന്നുടൽ, അവൾ സസംഭ്രമം വസ്ത്രം വാരിയെടുക്കുവാൻ ശ്രമിക്കുന്നതിനിടയിൽ, ആകെക്കൂടി ഒന്നു ദർശിച്ചു. മേനകയുടെ നഗ്നമായ രൂപലാവണ്യം പൂർണ്ണമായിക്കണ്ടു. കാമബാണാർത്തനായിത്തീർന്ന വിശ്വാമിത്രൻ ശൃംഗാരരസത്തോടെ പുഞ്ചിരിതൂകി അവളെ കൈകൊണ്ടു മാടിവിളിച്ചു. അവളെ സംഭോഗംചെയ്യുവാൻ കാമിച്ച് കാമകേളിക്ക് അവളോട് അഭ്യർത്ഥിച്ചു. മേനക സന്തോഷിച്ചു. വിശ്വാമിത്രന്റെ കാമിതം നിർവ്വഹിച്ചു. അവൾ കുറേനാൾ അവിടെ കാമകേളികളാടി വിശ്വാമിത്രനുമൊന്നിച്ചു സസന്തോഷം വസിച്ചു. അവിടെ നീണ്ടകാലം, ഒരു ദിവസമെന്നപോലെ, കേളിയാടി വസിക്കവേ മേനകയിൽ വിശ്വാമിത്രൻ ശകുന്തളയെ ജനിപ്പിച്ചു.

മാലിനീനദി ചൂഴുന്ന ഹിമാലയവീഥിയിൽ മാലിനീനദിയുടെ കരയിൽ ആ ഗർഭിണി പ്രസവിച്ചു. കുട്ടിയെ ഉപേക്ഷിച്ച് അവൾ ഇന്ദ്രന്റെ കല്പന നിർവ്വഹിച്ച് വേണ്ട കാര്യം സാധിച്ചു സമീപത്തെത്തി.

സിംഹവ്യാഘ്രസങ്കുലമായ വിജനപ്രദേശത്തു കിടക്കുന്ന ആ ശിശുവിനെക്കണ്ട് 'ശകുന്തങ്ങൾ' (പക്ഷികൾ) സസന്തോഷം ചെന്നു വളഞ്ഞിരുന്നു. മാംസം കൊതിക്കുന്ന ക്രൂരജന്തുക്കൾ ഹിംസിക്കരുതെന്നു വിചാരിച്ച് മേനകയുടെ ആ പെൺകുഞ്ഞിനെ ശകുന്തങ്ങൾ കാത്തുരക്ഷിച്ചു. ഞാൻ ജലസ്പർശത്തിന്നു പോകുമ്പോൾ കാട്ടുവഴിയിൽ, വിജനസ്ഥലത്ത് ശകുന്തങ്ങളാൽ പരിരക്ഷിക്കപ്പെടുന്ന ഇവളെ കണ്ടു. പിന്നെ, ഞാൻ കൊണ്ടുപോന്ന് ഇവളെ എന്റെ കന്യകയാക്കി വളർത്തി. ദേഹം ഉണ്ടാക്കിയവൻ, പ്രാണൻ കാത്തവൻ, ചോറുകൊടുത്തു വളർത്തുന്നവൻ ഇവർ മൂന്നുപേരും ക്രമത്താൽ അച്ഛന്മാരാണ് എന്നാണ് ധർമ്മശാസ്ത്രം പറയുന്നത്. വിജനമായ കാട്ടിൽ ശകുന്തങ്ങൾ കാത്തുരക്ഷിക്കുകയാൽ 'ശകുന്തള' എന്ന് അന്ന് ഇവൾക്കു ഞാൻ പേരു നല്കി. ഇപ്രകാരമാണ് ഇവൾ എന്റെ മകളായത്. ശകുന്തളയ്ക്കും വിചാരം ഞാൻതന്നെയാണ് അവളുടെ അച്ഛൻ എന്നാണ്."

ശകുന്തള പറഞ്ഞു: "ആ മുനി ചോദിച്ച സമയം അച്ഛൻ ഇപ്രകാരമാണ് ആ മുനിയോടു പറഞ്ഞത്. ഇങ്ങനെയാണ് ഞാൻ കണ്വപുത്രിയായത്. താതനെ കാണുവാൻ കഴിയാത്ത ഞാൻ കണ്വനെ താതനെന്നു വിചാരിച്ചു കഴിയുകയാണ്. ഞാൻ കേട്ട പ്രകാരം എന്റെ കഥ ഭവാനെ ഉണർത്തിച്ചു."

73. ശകുന്തളോപാഖ്യാനം - ശകുന്തളയുടെ ഗാന്ധർവ്വവിവാഹം - ദുഷ്യന്തൻ പറഞ്ഞു: "ഹേ, കല്യാണി! അപ്പോൾ നീ രാജപുത്രിയാണ് എന്നു തെളിഞ്ഞുകഴിഞ്ഞു. ഹേ! സുശ്രോണി, നീ എന്റെ ഭാര്യയാകണം! എന്നിൽ ദയയുണ്ടാകണം. എന്തുവേണമെന്നു പറഞ്ഞാലും! പൊന്മാല വേണോ, നല്ല പട്ടുവസ്ത്രങ്ങൾ വേണോ? പട്ടണങ്ങളിൽ നിർമ്മിച്ച പൊൻമണികുണ്ഡലങ്ങൾ വേണോ? കണ്മണീ, എന്തുവേണമെങ്കിലും ഞാൻ നിനക്കു തരാം. നിഷ്കാദിയായ സ്വർണ്ണനാണ്യങ്ങൾ വേണോ? മനോഹരങ്ങളായ പരവതാനികൾ വേണോ? പറയൂ, സുന്ദരീ! രാജ്യംതന്നെ വേണമെങ്കിലും ഞാൻ നിനക്കു നല്കാം! ഹേ! പൂജനീയ സൗന്ദര്യധാമമേ! നീ എന്റെ ഭാര്യയാകുക! ഹേ! ഭീരു, ഭയപ്പെടേണ്ട. ഇപ്പോൾത്തന്നെ ഗാന്ധർവ്വവിധിപ്രകാരം വിവാഹം നടക്കട്ടെ! വിവാഹങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് ഗാന്ധർവ്വമാണ്."

ശകുന്തള പറഞ്ഞു: "ഫലങ്ങൾ കൊണ്ടുവരുവാൻ അച്ഛൻ ആശ്രമംവിട്ട് ഇറങ്ങിയിരിക്കയാണ്. മുഹൂർത്തസമയം കാക്കുക! അദ്ദേഹം എന്നെ അങ്ങയ്ക്കു നല്കും, തീർച്ചയാണ്."

ദുഷ്യന്തൻ പറഞ്ഞു: "ഹേ, ശുഭാംഗി! നീ എന്നെ സ്വീകരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു നിനക്കുവേണ്ടി ഞാൻ എന്തും ചെയ്യുവാൻ സന്നദ്ധനായി ഇതാ നില്ക്കുന്നു! എന്റെ മനസ്സ് നിന്നിൽ ലയിച്ചിരിക്കുന്നു! ആത്മാവിന്റെ ബന്ധു ആത്മാവാണ്. ആത്മാവിന്ന് ആശ്രയം ആത്മാവാണ്. ആത്മാവിനാൽ ധർമ്മംകൊണ്ടു നീ ആത്മദാനം ചെയ്യുക! ധർമ്മശാസ്ത്രത്തിൽ വിവാഹങ്ങൾ എട്ടുവിധമുണ്ടെന്നു പറയുന്നു. ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം, ഗാന്ധർവ്വം, രാക്ഷസം,

* സത്യവ്രതൻ എന്ന സൂര്യവംശരാജാവ് മൂന്നു ശങ്കുക്കളുടെ (ദുരിതങ്ങളുടെ) പാത്രമായി വസിഷ്ഠശാപംകൊണ്ടു ത്രിശങ്കുവായി. കഥ പിന്നീടു വരും.

digitized by www.sreyas.in

പൈശാചം ഇങ്ങനെ എട്ടുവിധമാണ്. ഇവ ധർമ്മാനുസരണമായിട്ടുള്ളതാണെന്നാണ് സ്വായംഭുവ മനു അനുശാസിക്കുന്നത്. അതിൽ ആദ്യത്തെ നാലു വിവാഹവും വിപ്രർക്ക് മുഖ്യങ്ങളാകുന്നു. ആദ്യത്തെ ആറും, മുറയ്ക്കു ക്ഷത്രിയർക്കും ധർമ്മാനുസരണമാകുന്നു. രാജാക്കന്മാർക്ക് രാക്ഷസവുമാകാം. വൈശ്യന്മാർക്കും, ശൂദ്രന്മാർക്കും ആസുരമാകാം. അഞ്ചിൽ മൂന്ന് ധർമ്മാനുസരണമാകുന്നു. രണ്ടെണ്ണം അധർമ്മംതന്നെയാണ്. പൈശാചികവും ആസുരവും ചെയ്യുവാൻ പാടില്ലാത്തതുമാണ്. ഈ പറഞ്ഞ വിധിയനുസരിച്ചു ചെയ്യണം. അവ ധർമ്മത്തിനു നിരക്കുന്നതാണ്. ഗാന്ധർവ്വവും രാക്ഷസവും ധർമ്മ്യമാണെന്ന് ധരിക്കുക. വ്യസനിക്കേണ്ടതില്ല. ഇപ്പറഞ്ഞ വിവാഹമുറകൾ വെവ്വേറെയും കലർത്തിയും ചെയ്യാവുന്നതാണ്. ഹേ, സുന്ദരീ! സകാമനായ എനിക്ക് നീ സകാമയായ വരാംഗനയാണല്ലോ. ആ നിലയ്ക്ക് നീ ഗാന്ധർവ്വവിധിപ്രകാരം വിവാഹംചെയ്തു, എന്റെ ഭാര്യയായാലും."

ശകുന്തള പറഞ്ഞു: "ഇങ്ങനെയാണ് ധർമ്മമാർഗ്ഗമെങ്കിൽ എന്റെ ആത്മസ്വാതന്ത്ര്യത്തെയോർത്ത് ഞാൻ ഒരു നിശ്ചയംചെയ്യുന്നു. ഹേ, പൗരവേന്ദ്ര, എന്നെ ഞാൻ അങ്ങയ്ക്കു ദാനംചെയ്യാം. ഭവാൻ എന്നോട് ഒരു സത്യംചെയ്യണമെന്നു ഞാൻ പറയുന്നു. ഞാൻ പറയുന്ന ഇക്കാര്യത്തിൽ പ്രത്യേകമായി ഒരു ശപഥം ഭവാൻ ചെയ്യണം. എന്നിൽ ഉണ്ടാകുന്ന അങ്ങയുടെ പുത്രൻ അങ്ങയുടെ കാലശേഷം രാജാവാകണം. അങ്ങ് അവനെ യുവരാജാവാക്കണം. ഹേ, രാജാവേ! ഞാൻ വാസ്തവം പറയുകയാണ്. അങ്ങനെ ചെയ്യാമെന്നു ശപഥംചെയ്യുകയാണെങ്കിൽ നാം തമ്മിലുള്ള സംബന്ധം ആകാം."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരമാകാമെന്നു സംശയം കൂടാതെ രാജാവു സമ്മതിച്ചു. 'നിന്നെ എന്റെ നഗരത്തിലേക്കു ഞാൻ കൊണ്ടുപൊയ്ക്കൊള്ളാം. ഹേ, ശുചിസ്മിതേ! ഞാൻ ഇതാ, നിന്നോടു സത്യംചെയ്തു പറയുന്നു, നീ ആ സ്ഥാനത്തിന്നർഹയാണ്.' എന്ന് ആ സുചരിത്രയോടു പറഞ്ഞു. അവളുടെ കൈപിടിച്ച് അവളോടൊന്നിച്ചു ചേർന്നു. പിന്നെ, അവളെ വിശ്വസിപ്പിച്ച് രാജാവു യാത്ര പറഞ്ഞു. അവളോട് യാത്രാസമയത്ത് രാജാവ് വീണ്ടും പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "ഹേ, സുമുഖി! ഞാൻ ചതുരംഗപ്പടയെ നിന്നെ കൊണ്ടുപോകുന്നതിന്നുവേണ്ടി ഇങ്ങോട്ട് അയയ്ക്കാം. അങ്ങനെ നിന്നെ രാജധാനിയിലേക്ക് ആനയിക്കുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഹേ, ജനമേജയ! ഇപ്രകാരം അവളോടു പറഞ്ഞ് ദുഷ്യന്തൻ മനസ്സിൽ കാശ്യപനേയും വിചാരിച്ചു സ്ഥലംവിട്ടു. 'തപസ്വിയായ ആ മുനീന്ദ്രൻ വൃത്താന്തമറിഞ്ഞാൽ എന്തു വിചാരിക്കുമോ? എന്തു ചെയ്യുമോ ആവോ!' എന്നു ചിന്തിച്ചു ചിന്തിച്ച് രാജാവ് തന്റെ പുരിയിൽ ചെന്നെത്തി. രാജാവ് പോന്നുകഴിഞ്ഞ് ഒരു മുഹൂർത്തത്തിന്നിടയ്ക്ക് കണ്വൻ ആശ്രമത്തിലെത്തി. അച്ഛന്റെ മുമ്പിൽ ലജ്ജിച്ചു മകൾ ചെന്നില്ല. തപോധനനും ദിവ്യജ്ഞാനിയുമായ കണ്വൻ അവളോടു പറഞ്ഞു."

കണ്വൻ പറഞ്ഞു: "ഭദ്രേ, ഭയപ്പെടേണ്ടാ. നീ എന്നെ ആദരിക്കാതെ, ഗൂഢമായി, ആ പുമാനുമായി ചെയ്ത സംസർഗ്ഗം ഒട്ടും ധർമ്മം തൊറ്റിയതല്ല. ക്ഷത്രിയന് ഗാന്ധർവ്വവിവാഹം വളരെ മുഖ്യമായിട്ടുള്ളതാണ്. കാമിക്കുന്നവനോട് കാമമുള്ളവൾക്ക്, മന്ത്രംകൂടാതെ തന്നെ ഗൂഢമായി സംഗമമാകാം. ദുഷ്യന്തൻ ധർമ്മശാലിയും, മഹാനുമായ പുരുഷർഷഭനാണ്. ശകുന്തളേ, നന്ദിയുള്ള ആ ഭർത്താവുമായിട്ടാണല്ലോ നീ ചേർന്നത്. അതിൽ തെറ്റില്ല. ഭൂമിയിൽ അതുല്യയോഗ്യനും ശക്തനുമായ ഒരു പുത്രനെ നീ പ്രസവിക്കും. അവൻ ആഴിചൂഴുന്ന ഈ ഊഴിയെ വാഴും. വീര്യവാനായ അവൻ ചക്രവർത്തിപദം അധിരോഹണം ചെയ്ത് അഭംഗുരം വർത്തിക്കും."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ശകുന്തള കാൽകഴുകി മുനിയുടെ ചാരെ ചെന്നു. മഹർഷി ഫലഭാരം താഴെവെച്ചു വിശ്രമിച്ചിരിക്കുമ്പോൾ ശകുന്തള ചാരെ നിന്നു."

ശകുന്തള പറഞ്ഞു: "അച്ഛാ, ദുഷ്യന്തരാജാവിനെ വരനായി ഞാൻ വരിച്ചു. മന്ത്രിമാരോടുകൂടിയ അദ്ദേഹത്തെ ശപിക്കാതെ, അനുഗ്രഹിക്കേണമേ!"

കണ്വൻ പറഞ്ഞു: "ശുഭേ, നിനക്കുവേണ്ടി അവനിൽ ഞാൻ എത്രയും പ്രസന്നനായിരിക്കുന്നു! എന്നോടു നീ അഭീഷ്ടമായ വരം വാങ്ങിക്കൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "ദുഷ്യന്തന്റെ സുഖത്തിന്നായി ശകുന്തള അച്ഛനോടു വരം വാങ്ങിച്ചു. പൗരവർക്ക് ധർമ്മിഷ്ഠഭാവവും രാജ്യസ്ഥൈര്യവും ഉണ്ടാകേണമെന്ന് അവൾ അഭ്യർത്ഥിച്ചു."

74. ശകുന്തളോപാഖ്യാനം – ശകുന്തളാ സ്വീകാരം

– വൈശമ്പായനൻ പറഞ്ഞു: "ദുഷ്യന്തൻ സത്യംചെയ്തു പോയതിന്നുശേഷം അവൾ ഗർഭം തികഞ്ഞു വീരനായ ഒരു കുമാരനെ പ്രസവിച്ചു. അവൻ മൂന്നു ലോകത്തിലും പുകഴ്ന്നവനും, ദീപ്താഗ്നിതുല്യപ്രതാപനും, രൂപം, ഔദാര്യം എന്നീ ഗുണങ്ങളോടുകൂടിയവനുമായിത്തീർന്നു. ജാതകർമ്മാദികൾ വിധിപ്രകാരംചെയ്തു കണ്വമഹർഷി അവനെ വളർത്തി. വെളുത്തുകൂർത്ത പല്ലുകൾ ഉള്ളവനും, സിംഹതുല്യം ദൃഢമായ ശരീരമുള്ളവനും, കൈയിൽ ചക്രരേഖയുള്ളവനും, കട്ടിയായ ശിരസ്സുള്ളവനും, കെല്പുള്ളവനുമായി അവൻ ക്രമത്തിൽ ഇന്ദ്രപുത്രാഭനായി വളർന്നു.

കുട്ടിക്ക് ആറുവയസ്സായപ്പോൾത്തന്നെ അവൻ സിംഹം, വ്യാഘ്രം, പന്നി, പോത്ത്, ആന എന്നീ മൃഗങ്ങളെ ഒറ്റയ്ക്കു പിടിച്ച് ആശ്രമവൃക്ഷങ്ങളിൽ ബന്ധിച്ചു. അത്രയ്ക്കു ബലവും ധീരതയും അവനിൽ കണ്ടു. അവൻ അവയുടെ പുറത്തു കയറിയും, അവയെ ഇണക്കിയും, അവയോടുകൂടി കളിച്ചും ഓടിനടന്നു.

ആശ്രമനിവാസികൾ അവന്റെ പരാക്രമം കണ്ടു. ദമകൃത്തായ അവൻ ഏവരേയും നിയന്ത്രിക്കുന്നവനാകട്ടെ എന്നുള്ള ശുഭകാംക്ഷകൊണ്ട്, 'സർവ്വദമനൻ' എന്ന് അവനെ വിളിച്ചു. ഇപ്രകാരം കുമാരൻ സർവ്വദമനൻ എന്ന പേർ സ്വവിക്രമംകൊണ്ട് സമ്പാദിച്ചു.

വിക്രമം, ബലം, ഓജസ്സ് എന്നീ ഗുണങ്ങൾ തികഞ്ഞ അവനെ കണ്ടും അവന്റെ വീരപ്രവൃത്തികൾ കണ്ടും അവൻ യുവരാജാവായിത്തീരുവാനുള്ള കാലമായെന്ന് കണ്വൻ ശകുന്തളയോടു പറഞ്ഞു.

അവന്റെ ബലവീര്യങ്ങൾ കണ്ട കണ്വൻ ശിഷ്യരെ വിളിച്ചു പറഞ്ഞു.

കണ്വൻ പറഞ്ഞു: "സുകൃതത്തിന്റെ ചിഹ്നമുള്ളവളായ ശകുന്തളയെ ഇന്നുതന്നെ പുത്രനോടുകൂടെ അവളുടെ ഭർത്തൃഗൃഹത്തിലേക്കു നിങ്ങൾ കൂട്ടിക്കൊണ്ടു പോകണം. സ്ത്രീകൾക്കു ബന്ധുഗൃഹത്തിൽ പാർപ്പ് അധികകാലം പാടില്ല. കീർത്തിക്കും ചാരിത്രത്തിനും അതു വിഘ്നമാണ്. അതുകൊണ്ട് ഇനി താമസിച്ചുകൂടാ."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ശിഷ്യന്മാർ പുത്രനോടുകൂടെ ശകുന്തളയെ ഹസ്തിനപുരിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ദേവപുത്രാഭനും പത്മനേത്രനുമായ പുത്രനോടുകൂടെ ആ സുന്ദരി ആശ്രമം വിട്ടു പോയി, ദുഷ്യന്തന്റെ രാജധാനിയിൽ കടന്നുചെന്നു. ബാലസൂര്യതുല്യനായ പുത്രനോടുകൂടി ശകുന്തള എത്തിയ വൃത്താന്തം രാജാവിനെ അറിയിച്ചു. മുനിശിഷ്യന്മാർ ആശ്രമത്തിലേക്കു യാത്ര പറഞ്ഞു മടങ്ങിപ്പോവുകയും ചെയ്തു. ശകുന്തള രാജാവിനെ മുറപ്രകാരം പൂജിച്ചുകൊണ്ടു പറഞ്ഞു."

ശകുന്തള പറഞ്ഞു: "രാജാവേ, അങ്ങ് അങ്ങയുടെ പുത്രനെ യുവരാജാവായി അഭിഷേകം ചെയ്താലും ! ദേവതുല്യാഭനായ

digitized by www.sreyas.in

ഈ ബാലൻ ഭവാന് എന്നിൽ ഉണ്ടായവനാണ്. എന്നോടു മുമ്പേ ചെയ്ത കരാറുപ്രകാരം ഇവനിൽ അത് നിർവ്വഹിച്ചാലും. കണ്വാശ്രമത്തിൽ വെച്ച് അന്ന് എന്നോടുള്ള സംഗമത്തിൽ എന്നോടു ചെയ്ത കരാറ് ഭവാൻ ഓർക്കുന്നുണ്ടല്ലോ. ഹേ, മഹാശയ! അതു നിർവ്വഹിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ദുഷ്യന്തമഹാരാജാവ് അവൾ പറയുന്ന വാക്കു കേട്ട് അവളെ ഓർത്തു. എന്നാലും രാജാവ് ഇപ്രകാരം പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "നീ എന്താണു പറയുന്നത്? നിന്നെ ഞാൻ ഓർക്കുന്നില്ല. എനിക്ക് ഓർമ്മയില്ലല്ലോ. നീ ഏതോ ദുഷ്ടതാപസിയാണ്. നീയുമായി യാതൊരു ധർമ്മകാമാർത്ഥസംബന്ധവും എനിക്ക് ഓർമ്മയില്ല. പോവുകയോ എന്തുവേണമെങ്കിലും ആകാം."

വൈശമ്പായനൻ പറഞ്ഞു: "രാജാവിന്റെ ഈ വാക്കു കേട്ട് തപസ്വിനിയായ ആ പാവം ലജ്ജിച്ചുപോയി. ദുഃഖത്താൽ കേണ് മോഹിച്ച് തൂണുപോലെ അവൾ തരിച്ചുനിന്നുപോയി. പിന്നെ ചൊടിച്ചു. കണ്ണുകൾ ചുവന്നു. ചുണ്ടുകൾ വിറച്ചു. അവൾ കടക്കണ്ണുചായിച്ച് രാജാവിനെ ദഹിപ്പിക്കുമാറ് നോക്കി. ആകാരത്തെ മറച്ച് ആകുലമായ ദുഃഖഭാവത്തോടെ അവൾ തപസ്സുകൊണ്ട് നേടിയ തേജസ്സിനെ അടക്കി. മുഹൂർത്തസമയം ധ്യാനത്തോടെ നിന്നു. പിന്നെ ദുഃഖക്രോധാവേശത്തോടെ ഭർത്താവിനെ നോക്കി ഇപ്രകാരം പറഞ്ഞു."

ശകുന്തള പറഞ്ഞു: "ഹേ! രാജാവേ, ഭവാൻ അറിഞ്ഞുകൊണ്ടു തന്നെ എന്താണ് ഇങ്ങനെ പറയുന്നത്? വെറും നാടന്റെമാതിരി നടിക്കുന്നത് ഭവാനു ചേർന്നതല്ല. സത്യാസത്യങ്ങൾ ഭവാന്റെ ഹൃദയം അറിയുന്നു. ധർമ്മത്തെ സാക്ഷിയായി നിർത്തി ഭവാൻ ശുഭം പറയുക. ആത്മാവമാനനം ചെയ്യരുത്. ആത്മാവിനെ വഞ്ചിക്കുന്നവൻ കള്ളനെപ്പോലെ ആത്മഹാരിയാണ്. അവൻ എന്തു പാപമാണ് ചെയ്യുവാൻ മടിക്കുക? ഞാൻ ഏകയാണെന്നാണോ നീ കരുതുന്നത്? എന്റെ ഹൃദയത്തിൽ പുരാണനായ മുനി അധിവസിക്കുന്നുണ്ട്. ആ പരൻ നിന്റെ പാപം കാണുന്നുണ്ട്. അവൻ കാണ്കെയാണ് നീ ഈ പിഴ ചെയ്യുന്നത്. ദുരിതം ചെയ്യുന്ന നീ എന്തു വിചാരിക്കുന്നു? ഞാൻ ചെയ്യുന്നത് ആരും കാണുകയില്ല എന്നാണോ? സത്യം ദേവകൾ കാണുന്നുണ്ട്. നിന്റെ ഹൃദയത്തിലിരിക്കുന്നവനും കാണുന്നുണ്ട്. ആദിത്യനും ചന്ദ്രനും അഗ്നിയും വായുവും ആകാശവും രാവും പകലും രണ്ടു സന്ധ്യകളും ധർമ്മവും നരന്റെ വൃത്തം കാണുന്നുണ്ട്.

ഉള്ളിൽ വാഴുന്ന കർമ്മസാക്ഷി, ക്ഷേത്രജ്ഞൻ, തുഷ്ടനായാൽ വൈവസ്വതനായ യമൻ അവനുള്ള പാപം നല്കും. അന്തരാത്മാവിന്റെ തുഷ്ടി നേടാത്ത ഇഷ്ടൻ ആരോ ആ പാപിക്കുള്ള പാപത്തിന്ന് അന്തകൻ നരകം നല്കാതിരിക്കയില്ല. ആത്മാവിനെ ചതിച്ച് ആരാണ് അന്യഥാത്വം നടിക്കുന്നത്? ആത്മദ്രോഹിയായ അവന് ദേവകൾ നന്മ നല്കുകയില്ല. സ്വയം വന്നു കേറിയവളാണ് ഞാൻ എന്നു നീ എന്നെ നിന്ദിക്കരുത്. ഞാൻ പതിവ്രതയാണ്. ഞാൻ ആദരിക്കത്തക്കവളും സ്വയമേ വന്നവളുമായ ഭാര്യയാണ്. വെറും ഒരു നാടനെപ്പോലെ എന്താണ് എന്നെ സദസ്സിൽവെച്ചു നിന്ദിക്കുന്നത്? ഞാൻ ശൂന്യരോദനം ചെയ്യുകയാണോ, നീ കേൾക്കുന്നില്ലേ?

യാചിച്ചു പറയുന്ന എന്റെ വാക്കു നീ അനുസരിക്കുന്നില്ലെങ്കിൽ ദുഷ്യന്ത! നിന്റെ ശിരസ്സ് നൂറ് ഖണ്ഡമായി പൊട്ടിത്തെറിക്കും. ഭർത്താവു ഭാര്യയിൽ ചേർന്നാൽ താൻതന്നെ പുത്രനായി വീണ്ടും ഭാര്യയിൽ ജന്മമെടുക്കുന്നു. അതുകൊണ്ടാണ് ഭാര്യക്ക് 'ജായാ' എന്നു പേരു വരുവാൻ കാരണമെന്ന് വേദജ്ഞാനികൾ പറയുന്നു. പതിയുടെ ആത്മാവാണ് ഭാര്യയിൽ പുത്രരൂപേണ ജനിക്കുന്നത്. വേദജ്ഞനാകുന്ന പുരുഷന്നു ജനിക്കുന്ന സന്താനപരമ്പര, മുമ്പെ മരിച്ച പിതൃക്കളെ കയറ്റുന്നു. സുതൻ 'പും' നാമനരകത്തിൽനിന്നു പിതാവിനെ ത്രാണനം ചെയ്യുന്നു. ബ്രഹ്മാവ് അതുകൊണ്ട്, സുതനെ 'പുത്രൻ' എന്നു വിളിക്കുന്നു. പുത്രനാൽ ശാശ്വതമായ ലോകം നേടും. പുത്രനാൽ ശാശ്വതമായ ഫലം നേടും. പൗത്രന്റെ പുത്രനെക്കൊണ്ടും പ്രപിതാമഹന്മാർ മോദിക്കുന്നു. ഗൃഹത്തിൽ സമർത്ഥയായവളാണ് ഭാര്യ! സുതാന്വിയായവളാണ് ഭാര്യ! പതിപ്രാണയായവളാണ് ഭാര്യ! പതിവ്രതയായവളാണ് ഭാര്യ! പുരുഷന്നു പകുതിയും ഭാര്യയാണ്, ഭാര്യ ഉത്തമയായ സഖിയാണ്. ധർമ്മാർത്ഥകാമമോക്ഷമൂലമായതും ഭാര്യയാണ്. സൽഗതിക്കു കാമിക്കുന്നവന്നു ബന്ധുവാണ് ഭാര്യ!

ഭാര്യയുള്ളവരാണ് ക്രിയാവാന്മാർ, ഭാര്യയുള്ളവർ മാത്രമാണ് ഗൃഹസ്ഥർ. ഭാര്യയുള്ളവർക്കേ സൗഖ്യമുള്ളു. ഭാര്യയുള്ളവർക്കേ ലക്ഷ്മിയുമുള്ളു. വിജനത്തിൽ പ്രിയം ചൊല്ലുന്ന ഭാര്യമാർ സഖികളാണ്. ധർമ്മങ്ങളെ ഉപദേശിക്കുന്ന വിഷയത്തിൽ പിതാക്കളാണ്. ദുഃഖിതന്ന് അമ്മമാരാകുന്നു. യാത്രചെയ്യുന്നവന്ന് ഘോരകാന്താരത്തിൽപ്പോലും ഭാര്യ ആശ്വാസം നല്കുന്നു! ഭാര്യയുള്ളവൻ വിശ്വാസ്യനാകുന്നു. അതുകൊണ്ട് പുരുഷന്നു ഗതി ഭാര്യയാണ്. മരിച്ചു നരകത്തിൽ പതിക്കുന്ന പതിയെ സതീവ്രതമെഴുന്ന ഭാര്യ പിന്തുടർന്നു നരകത്തിൽനിന്നു കയറ്റുന്നു. മുമ്പെ മരിച്ച ഭർത്താവിന്റെ പിന്നാലെ സാധ്വി എത്തുന്നു. അതുകൊണ്ടാണ് പാണിഗ്രഹണം ഇച്ഛിക്കപ്പെടുന്നത്. ലോകദ്വയത്തിലും ഭാര്യ കൂടെ നില്ക്കുന്നതതുകൊണ്ടാണ്.

തന്നെ താൻതന്നെ ജനിപ്പിക്കുന്നതാണ് പുത്രൻ. അവനവനെ അവനവൻതന്നെ ജനിപ്പിക്കുന്നതാണ് പുത്രനെന്നു ബുധന്മാർ പറയുന്നു. അതുകൊണ്ട് പുത്രന്റെ അമ്മയെ തന്റെ മാതാവിനെപ്പോലെ തന്നെ ബുധന്മാർ കാണുന്നു. കണ്ണാടിയിൽ തന്റെ മുഖം എന്നപോലെ ഭാര്യയിൽ തന്റെ പുത്രനെ പുണ്യവാനായ അച്ഛൻ കണ്ട് സ്വർഗ്ഗസുഖം അനുഭവിക്കുന്നു. മനോദുഃഖത്തിലും വ്യാധിപീഡയിലും മനുഷ്യൻ തന്റെ ഭാര്യയിൽ സമാശ്വാസംകൊള്ളുന്നു. ദാഹിക്കുന്നവന്നു വെള്ളം ലഭിക്കുന്നതുപോലെ സമാശ്വാസംകൊള്ളുന്നു. ഭാര്യ ഏറ്റം ചൊടിച്ചാലും നരൻ ഭാര്യക്ക് അപ്രിയംചെയ്യരുത്. എന്തുകൊണ്ടെന്നാൽ സന്തോഷരതിഹർഷങ്ങൾക്ക് അവളാണല്ലോ കാരണമാകുന്നത്. ആത്മോത്ഭവത്തിന്നു സനാതനമായ പുണ്യക്ഷേത്രം സ്ത്രീകളാകുന്നു. പെണ്ണില്ലാതെ ഋഷികൾക്കുകൂടി പ്രജാസൃഷ്ടി നടക്കുകയില്ലല്ലോ. നിലത്തു കളിച്ചു പൊടി ദേഹത്തിൽപ്പറ്റി അലഞ്ഞ് ഓടിവന്നു കുമാരൻ അച്ഛനെ പുൽകുമ്പോഴുണ്ടാകുന്ന സുഖത്തേക്കാൾ ശ്രേഷ്ഠമായി അവന്നു മറ്റെന്തു സുഖമുണ്ട്? തന്നത്താനെ വന്നു താല്പര്യപ്പെടുന്ന ഈ പുത്രൻ കടക്കണ്ണിട്ടു ഭവാനെ നോക്കുമ്പോൾ ഭവാൻ അവനെ വെടിയുകയാണോ? ഉറുമ്പുകൾപോലും അവയുടെ മുട്ടകൾ ഉടയ്ക്കാതെ സൂക്ഷിക്കുന്നു. ധർമ്മജ്ഞനായ ഭവാൻ എന്തുകൊണ്ട് പുത്രനെ ഭരിക്കുന്നില്ല? സ്പർശനസുഖത്തിൽ ഏറ്റവും ശ്രേഷ്ഠമായത് പുത്രസ്പർശസുഖമാണ്. വസ്ത്രങ്ങൾ, നാരിമാർ, ജലം ഇവയുടെ സ്പർശന സുഖത്തേക്കാൾ ശിശുവായ പുത്രൻ പുണരുന്ന സ്പർശനസുഖമാണ് ശ്രേഷ്ഠതമം. അതിന്നൊക്കുന്ന സുഖമെന്തുണ്ട്? ദ്വിപദന്മാരിൽ ശ്രേഷ്ഠൻ ദ്വിജനാണ്! നാല്ക്കാലിജാതിയിൽ ശ്രേഷ്ഠത പശുവിന്നാണ്. മഹാന്മാരിൽ ശ്രേഷ്ഠത്വം ഗുരുവിന്നാണ്. സ്പർശിക്കുന്നവരിൽ ശ്രേഷ്ഠൻ പുത്രനാണ്. എല്ലാ സ്പർശസുഖത്തേക്കാൾ ശ്രേഷ്ഠം പുത്രസ്പർശസുഖമാണ്.

രാജാവേ, അങ്ങയുമായുള്ള സംഭോഗത്തിന്നുശേഷം മൂന്നു വർഷം പൂർത്തിയായപ്പോൾ ഞാൻ ഭവാന്റെ ആർത്തിതീർക്കാൻ ഈ രാജകുമാരനെ പ്രസവിച്ചു. ഇവനെ പ്രസവിച്ച സമയത്ത് ആകാശത്തുനിന്ന് അശരീരിവാക്കു കേട്ടു. ഇവൻ നൂറ് അശ്വമേധം കഴിക്കും എന്ന്. ഗ്രാമാന്തരങ്ങളിൽപ്പോയി മടങ്ങിവരുന്ന പിതാക്കൾ കുട്ടികളെ മടിയിൽക്കേറ്റി ശിരസ്സിൽ ഘ്രാണിച്ചു ലാളിക്കുന്നു. പുത്രന്റെ ജാതകർമ്മത്തിൽ വിപ്രന്മാർ ഈ വേദമന്ത്രം ചൊല്ലുന്നു. അത് ഭവാനറിവുള്ളതാണല്ലോ. 'മകനേ, നീ എന്റെ അംഗത്തിൽനിന്നും ഹൃദയത്തിൽനിന്നും ജനിച്ചവനാണ്. പുത്രനെന്ന പേരിൽ ജനിച്ച നീ എന്റെ ആത്മാവുതന്നെയാണ്. എന്റെ

digitized by www.sreyas.in

ജീവൻ നിനക്കധീനമാണ്. ദീർഘസന്താനപരമ്പരയും നിനക്കധീനമാണ്. അതുകൊണ്ട് എന്റെ പുത്രാ! നീ സുഖമായി ജീവിച്ചു നൂറ്റാണ്ടുകാലം വാഴുക!' ഹേ, രാജാവേ, നിന്റെ അംഗത്തിൽ നിന്ന് ഇവൻ ജനിച്ചു. പുരുഷന്മാരിൽ ശ്രേഷ്ഠപുരുഷനാണിവൻ. സരസ്സിങ്കൽ ഛായപോലെ ഭവാൻ ഇവനെ നോക്കിക്കാണുക. ഗാർഹപത്യത്തിൽനിന്ന് ആഹവനീയാഗ്നി ഉണ്ടായതുപോലെ നിന്നിൽനിന്ന് ഇവൻ ജനിച്ചു. നീതന്നെ രണ്ടായി നില്ക്കുന്നപോലെ ഇവനെ കാണുന്നു!

നായാട്ടിൽ മൃഗത്തിന്റെ പിന്നാലെ പാഞ്ഞ് ഭവാൻ എന്റെ അച്ഛന്റെ ആശ്രമത്തിൽ വന്നുകയറി. അന്ന് അവിടെവെച്ചു നീ എന്നെ വേട്ടു. ഹേ, രാജാവേ, കേൾക്കൂ! ഉർവ്വശി, പൂർവ്വചിത്തി, സഹജന്യ, മേനക, ഘൃതാചി, വിശ്വാചി എന്നിവരാണ് മുഖ്യമാരായ അപ്സരസ്ത്രീകൾ. ബ്രഹ്മയോനിയിൽപ്പെട്ടവളാണ് അപ്സരോമണിയായ മേനക. അവൾ വിണ്ണിൽനിന്നു വന്ന് വിശ്വാമിത്രനിൽനിന്ന് എന്നെ ജനിപ്പിച്ചു. ആ എന്നെ ഹിമവൽപ്രസ്ഥത്തിൽ പ്രസവിച്ചിട്ട് അമ്മ കൈവിട്ടുപോയി. അന്യന്റെ പുത്രിയെ ധൂർത്ത എന്നപോലെ അവൾ എന്നെ ഉപേക്ഷിച്ചു. എന്റെ പൂർവ്വജന്മത്തിൽ ഞാൻ വല്ല ദുഷ്കൃതവും ചെയ്തിരിക്കും. ബാല്യത്തിൽ ബന്ധുക്കൾ എന്നെ ഉപേക്ഷിച്ചു. അങ്ങനെ താങ്ങും തണലുമില്ലാത്ത എന്നെ, ഭവാനും ഇപ്പോൾ ഉപേക്ഷിക്കുകയാണോ? ഭവാൻ ഈവിധമാണെങ്കിൽ ഞാൻ ആശ്രമത്തിലേക്കു പൊയ്ക്കൊള്ളാം. എന്നാൽ ഭവാൻ സ്വന്തം പുത്രനെ, ഈ ബാലനെ കൈവിടരുതേ!"

ദുഷ്യന്തൻ പറഞ്ഞു: "ഹേ! ശകുന്തളേ! ഞാൻ നിന്നിൽ പുത്രോത്പത്തി ചെയ്തതായി ഓർക്കുന്നില്ല. സ്ത്രീകൾ അസത്യംപറയും. ആരാണ് അതിൽ ശ്രദ്ധിക്കുവാൻപോകുന്നത്? നിന്റെ അമ്മ വ്യഭിചാരിണിയാണ്. യാതൊരു കൃപയുമില്ലാതെ ഹിമാലയത്തിൽ കൊണ്ടുപോയി നിർമ്മാല്യംപോലെ കുട്ടിയെ വലിച്ചെറിഞ്ഞവളാണ്. നിന്റെ അച്ഛനും നിർദ്ദയനാണ്. ക്ഷത്രിയനായ അവൻ ബ്രാഹ്മണത്വം കിട്ടുവാൻ ആഗ്രഹിക്കുന്നവനും കാമമോഹിതനുമാണ്. നിന്റെ അമ്മ മേനകാദേവി! അച്ഛൻ മുനിസത്തമൻ! അവരുടെ സന്താനമായ നീ എന്താണ് ഇങ്ങനെ പുംശ്ചലിയെപ്പോലെ സംസാരിക്കുന്നത്? കർണ്ണകഠോരമായ ഈ വാക്യം പറയുവാൻ നിനക്കു നാണമില്ലേ? വിശേഷിച്ച് എന്റെ മുമ്പിൽ നിന്ന്! ഹേ, ദുഷ്ട താപസീ, നീ പോവുക! ആ മഹർഷിശ്രേഷ്ഠനെവിടെ? അപ്സരസ്സായ മേനകയെവിടെ! കൃപണയും താപസീവേഷധാരിണിയുമായ നീയെവിടെ? നീ അവരുടെ പുത്രിയാണെന്ന് ആർ വിശ്വസിക്കും? സാലസ്തംഭംപോലെ ബലവാനായി വളർന്ന ഒരു പുത്രനേയും കൊണ്ടു വന്നിരിക്കുന്നു. ഇത്ര കുറച്ചുകാലംകൊണ്ട് ഇത്രയേറെ വളരുകയോ? നുണയ്ക്കും വേണ്ടേ ഒരതിര്? നിന്റെ ഉത്ഭവംതന്നെ നികൃഷ്ടമായമട്ടിലാണ്. നിന്റെ വാക്കും പ്രവൃത്തിയും അതിന്നു ചേർന്നതുതന്നെ! എടീ, പുംശ്ചലീ! കാമത്താൽ മേനകയ്ക്ക് യദൃച്ഛയാ നീ പിറന്നിരിക്കാം. അതൊന്നും എനിക്ക് അറിവില്ല. എന്റെ അറിവിൽപ്പെടുന്നതല്ല അതൊന്നും. നിന്നെ ഞാൻ അറിയുകയില്ല! നീ ആരോ! നിനക്കു തോന്നുന്നവിധം നീ നടന്നുകൊള്ളുക!"

ശകുന്തള പറഞ്ഞു: "കടുകുപോലെ നിസ്സാരമായ അന്യന്റെ ദോഷങ്ങളെ നീ കാണുന്നു കൂവളക്കായപോലെ വലുതായ ദോഷം കൈയിലിരുന്നിട്ടും നീ കാണുന്നുമില്ല! മേനക അപ്സരസ്ത്രീയാണ്. ദേവമാർഗ്ഗത്തിൽപ്പെട്ടവളും ദേവന്മാരോടൊപ്പം ഇരിക്കുന്നവളുമാണ് എന്റെ അമ്മ. എന്റെ ജന്മം ഹേ, ദുഷ്യന്താ! നിന്റെ ജന്മത്തേക്കാൾ ശ്രേഷ്ഠമാണ്. നീ ഭൂമിയിൽ ചുറ്റിനടക്കും. ഞാൻ ആകാശത്തും സഞ്ചരിക്കും. അത്ര വ്യത്യാസമുണ്ട് നാം തമ്മിൽ. മഹാമേരുവും കടുകിൻമണിയും തമ്മിലുള്ള അന്തരമുണ്ട്. ഇന്ദ്രൻ, കുബേരൻ, വരുണൻ, യക്ഷൻ മുതലായവരുടെ ഗൃഹങ്ങളിൽ എനിക്കു സഞ്ചരിക്കാം. എന്റെ പ്രഭാവം നീ അറിയുക.

ഹേ രാജാവേ! ഞാൻ ചില മഹത്‌വാക്യങ്ങൾ പറയാം. സത്യഭാഷിതങ്ങളാണ് അവ. ഭവാനോടു വൈരംകൊണ്ട് പറയുന്നതല്ല. ദൃഷ്ടാന്തം കാണിക്കുവാൻ മാത്രമാണ്. അതിൽ വല്ല നീരസവും തോന്നുന്നുണ്ടെങ്കിൽ പൊറുക്കേണമെന്നപേക്ഷിക്കുന്നു. എത്ര വിരൂപനായാലും സ്വന്തം രൂപം കണ്ണാടിയിൽ കാണുന്നതുവരെ താൻ മറ്റുള്ളവരേക്കാൾ സുന്ദരനാണെന്നു വിചാരിക്കും. കണ്ണാടിയിൽ തന്റെ മുഖത്തിന്റെ വികൃതാകൃതി കാണുമ്പോൾ മാത്രമേ താനും അന്യനും തമ്മിലുള്ള അന്തരം തിരിച്ചറിയുകയുള്ളു. അതിസുന്ദരന്മാർ അതിൽ ആരേയും നിന്ദിക്കുകയില്ല. വലിയ വായാടി മറ്റുള്ളവരുടെ കുറവു വിളിച്ചുപറയും. മൂർഖന്മാർ അന്യൻ പറയുന്ന ശുഭാശുഭവാക്കുകളിലെ അശുഭത്തെമാത്രം സ്വീകരിക്കും. പന്നിക്ക് അമേദ്ധ്യമാണല്ലോ ഇഷ്ടം! വിദ്വാൻ അന്യൻ പറയുന്ന ശുഭാശുഭവാക്കുകളിലെ ശുഭംമാത്രം സ്വീകരിക്കും-' ഹംസം നീരിൽനിന്നു പാൽ വേർതിരിച്ചെടുക്കുന്നതുപോലെ. സജ്ജനങ്ങൾ പരാപവാദത്തിൽ വ്യസനിക്കുന്നു. എന്നാൽ ദുർജ്ജനങ്ങൾ പരാപവാദത്തിൽ സന്തോഷിക്കുന്നു. സത്തുക്കൾ വൃദ്ധരെ കൈകൂപ്പി മനസ്സന്തുഷ്ടി തേടുംപോലെ സജ്ജനനിന്ദകൊണ്ടു ദുർജ്ജനങ്ങൾ സംതൃപ്തരാകുന്നു. അദോഷജ്ഞന്മാർ സുഖമായി ജീവിക്കുന്നു. മൂർഖന്മാർ ദോഷദർശികളായും ജീവിക്കുന്നു. സജ്ജനവിരുദ്ധമായ വൃത്തിയുള്ളവരാണ് ദുർജ്ജനങ്ങൾ. സജ്ജനങ്ങളെ ദുർജ്ജനങ്ങൾ 'അതാ ഒരു ദുർജ്ജനം!' എന്നു വിളിച്ചു പറയും. ഇതിലും വിചിത്രമായി ലോകത്തിൽ മറ്റെന്തുണ്ട്? സത്യധർമ്മവിരുദ്ധനെ, നാസ്തികനും കൂടെ ക്രുദ്ധസർപ്പത്തെപ്പോലെ പേടിക്കും. ആസ്തികന്മാരുടെ കഥ പറയേണ്ടതില്ലല്ലോ. തന്നോടു തുല്യനായ പുത്രനെ ജനിപ്പിച്ചിട്ട് നിരസിക്കുകയാണെങ്കിൽ ദേവകൾ അവന്റെ ശ്രീ നശിപ്പിക്കും. അവനു പിന്നെ സൽഗതിയും ഇല്ലാതാകും. പിതൃക്കൾ കുലവംശത്തിന്റെ സ്ഥിതി പുത്രനിലാണെന്നു പറയുന്നു. അതുകൊണ്ട് ഹേ രാജാവേ, ഭവാൻ ധർമ്മവിത്താകുന്ന പുത്രനെ ഉപേക്ഷിക്കരുത്. മനു പറഞ്ഞിട്ടുള്ളത് അഞ്ചുവിധം പുത്രന്മാരുണ്ടെന്നാണ്. സ്വപത്നീജൻ, ലബ്ധൻ, ക്രീതൻ, വളർത്തവൻ, ഉപനീതൻ, പരോത്പന്നൻ ഇങ്ങനെ അഞ്ചുവിധമാണ് പുത്രന്മാർ. ഇവർ മനസ്സിന്നു സന്തോഷവും, ധർമ്മവും, കീർത്തിയും ഉണ്ടാക്കുന്നവരുമാണ്. സ്വധർമ്മപ്ലവരായ പിതൃക്കളെ പുത്രന്മാർ നരകത്തിൽനിന്നു കരേറ്റുന്നു. ഹേ, നൃപശാർദ്ദൂല! ഭവാൻ പുത്രനെ സംത്യജിക്കരുതേ!

തന്നേയും സത്യധർമ്മങ്ങളേയും ചിന്തിച്ചു രാജാവേ, ഭവാൻ ക്ഷിതീന്ദ്രസിംഹനാണെന്നു വിചാരിച്ചു ചതി തുടങ്ങരുതേ. നൂറു കിണറുണ്ടാക്കുന്നതിനേക്കാൾ മെച്ചം ഒരു കുളം കുഴിപ്പിക്കുന്നതാണ്. നൂറു കുളത്തേക്കാൾ ശ്രേഷ്ഠം ഒരു യാഗമാണ്. നൂറു യാഗത്തേക്കാൾ ശ്രേഷ്ഠം ഒരു പുത്രനാണ്. നൂറു പുത്രനേക്കാൾ മെച്ചം ഒരു സത്യമാണ്. പണ്ട് വേദജ്ഞാനികൾ ആയിരം അശ്വമേധത്തെ സത്യത്തോടൊപ്പം തൂക്കിനോക്കി. ആയിരം അശ്വമേധത്തേക്കാൾ തൂക്കം സത്യത്തിന്നാണു കണ്ടത്. എല്ലാ വേദങ്ങളും, ചൊല്ലുക, എല്ലാ തീർത്ഥങ്ങളുമാടുക, സത്യം പറയുക ഇവ മൂന്നും തുല്യമാണ്. സത്യത്തിന്നു തുല്യമായി ധർമ്മമില്ല. സത്യത്തിന്നു തുല്യമായി മറ്റൊന്നുമില്ല. അസത്യംപോലെ ഉഗ്രമായി മറ്റൊന്നും ജഗത്തിലില്ല. സത്യമാണ് പരമമായ ബ്രഹ്മം! സത്യമത്രേ വാഗ്ദാനം! അതുകൊണ്ട് ശപഥം, വാഗ്ദാനം ഭവാൻ കൈവിടരുതേ! സഖ്യം ഭവാനു സത്യമായി ഭവിക്കട്ടെ! ഭവാൻ അസത്യം പറഞ്ഞു ശ്രദ്ധ ഉപേക്ഷിച്ചിരിക്കുകയാണെങ്കിൽ ഞാൻ ഇതാ പോകുന്നു. അങ്ങനെയുള്ള ഭവാനുമായുള്ള സഹവാസം എനിക്ക് ആവശ്യമില്ല. ഹേ ദുഷ്യന്താ! നീ ഒഴിഞ്ഞാലും ഉച്ചമായ അദ്രിചൂടി, ആഴിചൂഴുന്ന ഈ ഊഴി എന്റെ മകൻ പരിപാലിക്കും എന്നു ധരിച്ചുകൊള്ളുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം രാജാവിനോടു പറഞ്ഞ് അവിടെനിന്നും ഇറങ്ങിപ്പുറപ്പെടുവാൻ ശകുന്തള ഭാവിച്ചു. അപ്പോൾ ഒരു അശരീരിവാക്യം ആകാശത്തുനിന്നുണ്ടായി. ഋത്വിക്കുകളും പുരോഹിതന്മാരും ആചാര്യന്മാരും മന്ത്രിമാരും ഇരിക്കുന്ന ആ സദസ്സ് അശരീരിവാക്യം കേട്ട് അത്ഭുതപ്പെട്ടു! 'ഒല' (തോൽവട്ടി) യിൽ നിക്ഷിപ്തമായ വിത്ത് ഒലയുടെയാ

digitized by www.sreyas.in

കയില്ല. സ്ത്രീയിൽ നിക്ഷേപിക്കപ്പെട്ട ബീജം പുരുഷന്റേതു തന്നെ! ആ പുരുഷൻതന്നെയാണത്. ഇവൻ ദുഷ്യന്തപുത്രൻതന്നെയാണ്. ഹേ, ദുഷ്യന്ത! ഭവാൻ പുത്രനെ ഭരിക്കുക! ഭാര്യയെ മാനിക്കുക! നിന്റെ ബീജോത്ഭവനായ ഇവൻ നരകത്തിൽനിന്നു നിന്നെ രക്ഷിക്കും! ഈ ഗർഭദാനകൃത്ത് നീതന്നെയാണ്. ശകുന്തള പറഞ്ഞതു സത്യമാണ്. ജായ പ്രസവിക്കുന്ന പുത്രൻ നിന്റെ രണ്ടാമത്തെ സ്വാംഗമാണ്. അതുകൊണ്ട് ദുഷ്യന്ത! നീ ശകുന്തളയുടെ പുത്രനെ ഭരിക്കുക. ജീവിക്കുന്ന പുത്രനെ വിട്ടു ജീവിക്കുക എന്നതിൽപ്പരം കഷ്ടമെന്തുണ്ട്? അതുകൊണ്ട് ശാകുന്തളനായ ദൗഷന്തിയെ നരാധിപ! ഭരിച്ചാലും. ഞങ്ങൾ പറയുകയാൽ നീ അവനെ ഭരിക്കുക കാരണം രാജാവേ, നിന്റെ പുത്രൻ 'ഭരതൻ' എന്ന പേരിൽ അറിയപ്പെടും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദേവോക്തി കേട്ട് ആ നരനായകനായ പൗരവൻ പുരോഹിതനോടും അമാത്യന്മാരോടും സസന്തോഷം പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "ഹേ ധീമാന്മാരേ! നിങ്ങൾ എല്ലാവരും ഈ ദേവദൂതന്റെ ഭാഷിതം കേട്ടുവല്ലോ. എനിക്കും അറിയാം ഇവൻ എന്റെ പുത്രനാണെന്ന്. അവൾ വന്നു പറഞ്ഞ ഉടനെ ഞാൻ ഇവനെ സ്വീകരിക്കുന്നുവെങ്കിൽ ലോകർ ശങ്കിക്കും. ഇവന്നു ശുദ്ധിയും സിദ്ധിക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ദേവദൂതന്റെ വാക്കുകൊണ്ട് ഇപ്രകാരം ശുദ്ധി വെളിപ്പെടുത്തിയതിന്നുശേഷം പ്രഹൃഷ്ടനായ രാജാവ് പുത്രനെ സ്വീകരിച്ചു. പിന്നെ രാജാവു പുത്രന് പിതൃജനോ ചിതകർമ്മങ്ങളൊക്കെ ചെയ്തു. രാജാവ് മുദിതനായി പുത്രവാത്സല്യത്തോടുകൂടിയവനായി, പുത്രനെ സ്നേഹത്തോടെ ആശ്ലേഷിച്ചു നെറുകയിൽ ഘ്രാണിച്ചു. വിപ്രന്മാരുടെ പൂജ കൈക്കൊണ്ടു, വന്ദികളുടെ സ്തുതി കേട്ട്, പുത്രസ്പർശസുഖം അനുഭവിച്ച്, രാജാവ് അവിടെ ശോഭിച്ചു. ധർമ്മമനുസരിച്ച് ഭാര്യയേയും അവൻ മാനിച്ചു. അവളോട് സാന്ത്വനപൂർവ്വം പറഞ്ഞു."

ദുഷ്യന്തൻ പറഞ്ഞു: "ഈ നാട്ടുകാരാരും അറിയാതെയാണല്ലോ ഞാൻ ഭവതിയുമായി സംബന്ധം നടത്തിയത്. അതുകൊണ്ട് ഹേ ദേവി, നിന്റെ ശുദ്ധിക്കുവേണ്ടിയാണ് ഞാൻ ഇപ്രകാരം ചെയ്തത്. അല്ലെങ്കിൽ നാട്ടുകാർ നിന്നെ ശങ്കിക്കും. ശങ്ക നീക്കി പുത്രന്നു രാജ്യം നല്കണമെന്നാണ് എന്റെ ആഗ്രഹം. അതിന്നാണ് ഈ പരീക്ഷണം. പ്രിയമൂലം നീ എന്നിൽ ചൊടിച്ച് അപ്രിയം പറഞ്ഞതെല്ലാം ഹേ, പ്രിയേ! ഞാൻ ക്ഷമിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദുഷ്യന്തരാജർഷി തന്റെ മഹിഷിയോടു പറഞ്ഞു. രാജാവ് വസ്ത്രാന്നപാനാദികളാൽ അവളെ സല്ക്കരിച്ചു. പിന്നീട് ദുഷ്യന്തരാജാവ് ശകുന്തളാപുത്രനെ 'ഭരതൻ' എന്നു നാമകരണം ചെയ്യുകയും, യുവരാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു. ആ മഹാത്മാവിന്റെ കീർത്തിപ്പെട്ട ആജ്ഞാചക്രവും ദിവ്യഭാസ്വരമായി; ലോകം മുഴക്കി വിജയിച്ചു. അവൻ രാജാക്കന്മാരെ വിജയിച്ചു കീഴിലാക്കി. സാധുധർമ്മമാചരിച്ച് യശസ്സു നേടി. പ്രതാപവാനായ ഭരതൻ ചക്രവർത്തിയായി, സാർവ്വഭൗമത്വം നേടി. ദേവേന്ദ്രന്നൊപ്പം നാനായജ്ഞങ്ങൾ ചെയ്തു. കണ്വൻ യജിപ്പിച്ചു. വേണ്ടുംവണ്ണം ദക്ഷിണകൾ നല്കി. ശ്രീമാനായ ഭരതൻ 'ഗോവിതതം' എന്നുകൂടി പേരുള്ള അശ്വമേധം നടത്തി. അതിൽവെച്ചു ഭരതൻ കണ്വന്ന് ആയിരം *പത്മം നല്കി. ഭരതൻമൂലം ഈ വംശത്തിന്ന് ഭാരതവംശം എന്ന പേർ കിട്ടി. അതുകൊണ്ട് ഭാരതവംശത്തിൽ ഭരതനു മുമ്പും ഭരതനു പിമ്പും ഉണ്ടായ രാജാക്കളെല്ലാം ഭാരതന്മാരായി. ഭരതന്റെ കുലത്തിൽ ദേവസമാനന്മാരും ബ്രഹ്മകല്പന്മാരുമായ മഹാന്മാരായ രാജാക്കന്മാർ ഉണ്ടായി. അവർക്ക് വളരെ നാമധേയങ്ങളുണ്ടെങ്കിലും അതിൽവെച്ച് യഥായോഗ്യം ഭാരതനാമധേയം പ്രശസ്തമായി പറയപ്പെടുന്നു. സത്യവും ആർജ്ജവവും തികഞ്ഞ് വാനോർക്കു തുല്യരായ രാജാക്കന്മാരെ 'ഭാരതന്മാർ' എന്നു പുകഴ്ത്തുന്നു."

75. യയാത്യുപാഖ്യാനം – ആരംഭം – വൈശമ്പായനൻ പറഞ്ഞു: "ദക്ഷപ്രജാപതി, വൈവസ്വതമനു, ഭരതൻ, പൂരു, കുരു, അജമീഢൻ, യാദവർ, കൗരവർ, ഭരതർ ഇവരുടെയൊക്കെ വംശചരിത്രം കേൾക്കുന്നത് മഹാപുണ്യവും, സ്വസ്ത്യയനവും, ധന്യവും, യശസ്യവും, ആയുഷ്യവുമാണ്. അതു ഞാൻ പറയുന്നു. 'പ്രചീനബർഹിസ്സി'ന്നു വീര്യംകൊണ്ടു മഹർഷിസമന്മാരായി പത്തു പ്രാചേതസ്സുകൾ ഉണ്ടായി. അവർ മുഖാഗ്നികൊണ്ടു പണ്ട് പുണ്യജനാടവി ദഹിപ്പിച്ചവരാണ്. പ്രാചേതസ്സിൽനിന്നു 'ദക്ഷൻ' ജനിച്ചു. ദക്ഷനിൽനിന്നാണ് പ്രജയെല്ലാം ഉത്ഭവിച്ചത്. അവൻ ലോകത്തിന്റെ പിതാമഹനാണ്.

പ്രാചേതസനായ 'ദക്ഷന്' ഋഷിവീരപുത്രിയായ 'വീരണി' എന്ന പത്നിയിൽ തനിക്കൊത്ത ആയിരം സന്താനങ്ങൾ ജനിച്ചു. അവരെ നാരദൻ മോക്ഷമാർഗ്ഗം, അത്യുത്തമമായ സാംഖ്യജ്ഞാനം പഠിപ്പിച്ചു. പിന്നെ ദക്ഷപ്രജാപതി പ്രജാസൃഷ്ടിക്കായി ആഗ്രഹിച്ചു. ഹേ, ജനമേജയ! പിന്നെ ദക്ഷപ്രജാപതി അമ്പതു കന്യകമാരെ ജനിപ്പിച്ചു. അതിൽ പത്തുപേരെ ധർമ്മന്നു നല്കി. പതിമൂന്നുപേരെ കശ്യപന്നു നല്കി. കാലം നടത്തുന്നവരായ ഇരുപത്തേഴുപേരെ ചന്ദ്രനു നല്കി. പതിമൂന്നു പത്നിമാരിൽ ആദ്യയായ അദിതിയിൽ മാരീചനായ 'കശ്യപ' മുനി ആദിത്യന്മാരെ ജനിപ്പിച്ചു. പിന്നെ ഇന്ദ്രാദിവീരന്മാരെയും 'വിവസ്വാനെ'യും ജനിപ്പിച്ചു. വിവസ്വാന്റെ പുത്രനാണ് പ്രഭുവായ 'യമൻ'. മാർത്താണ്ഡപുത്രനായി. പ്രഭുവായ 'മനു' ഉണ്ടായി. മനുവിന്റെ അനുജനായി പിന്നീട് പ്രഭുവായ 'യമനു' ണ്ടായി.

ധീമാനായ മനു ധർമ്മിഷ്ഠനായിരുന്നു. അവന്ന് വംശവർദ്ധനയുണ്ടായി. മാനവന്മാർ മനുവിന്റെ കുലത്തിൽ ജനിച്ചവരാണെന്നു പ്രസിദ്ധമാണ്. ബ്രാഹ്മണക്ഷത്രിയാദ്യന്മാർ മനുവിൽനിന്നുണ്ടായ മാനവരാണ്. പിന്നെ ബ്രാഹ്മണക്ഷത്രിയന്മാർക്ക് തമ്മിൽ ചാർച്ചയുണ്ടായി മാനവന്മാരായ ബ്രാഹ്മണർ സാംഗവേദം ധരിച്ചു. 'വേനൻ', 'ധൃഷ്ണ', 'നരിഷ്യന്തൻ', 'നാഭാഗൻ', 'ഇക്ഷ്വാകു', 'കാരൂഷൻ', 'ശര്യാതി', എട്ടാമത് 'ഇള' എന്ന മകൾ, 'പൃഷഘ്നൻ', 'അരിഷൻ' ഇങ്ങനെ മനുവിന്റെ മക്കൾ പത്തുപേരാണ്. ഇങ്ങനെ മനുവിനുണ്ടായ പത്തു മക്കൾക്കു പുറമെ വേറെ അമ്പതു മക്കൾകൂടി ജനിച്ചു. അവർ തമ്മിൽ ഛിദ്രിച്ചു മരിച്ചു എന്നാണു ഞാൻ കേട്ടിട്ടുള്ളത്.

'ഇള' എന്ന പുത്രിയിൽ വിദ്വാനായ 'പുരൂരവൻ' എന്ന ഒരു പുത്രൻ ജനിച്ചു. അവൾതന്നെയായിരുന്നു അവന്ന് അച്ഛനും അമ്മയും. രണ്ടു രൂപവും ഇളയിൽ ഉണ്ടായി (പെണ്ണ് ആണായവൻ).

സമുദ്രത്തിൽ പതിമൂന്നു ദ്വീപുകൾ 'പുരൂരവൻ' ഭരിച്ചു. അമാനുഷങ്ങളായ സത്വജാലത്തോടുകൂടി കീർത്തിമാനായി അവൻ ആ ദ്വീപു ഭരിച്ചു. വീര്യോന്മത്തനായ പുരൂരവൻ അന്നു ബ്രാഹ്മണരോടു വഴക്കടിച്ചു. ഭയപ്പെട്ടു നിലവിളിക്കുന്ന ബ്രാഹ്മണരുടെ ദ്രവ്യം അവൻ ഹരിച്ചു. ബ്രഹ്മലോകത്തുനിന്നു വന്ന 'സനൽക്കുമാരൻ' അവനെക്കണ്ടു ശ്രുതികൾക്കു യോജിച്ചവിധം ധർമ്മം ഉപദേശിച്ചു. അവൻ ഉപദേശം അനുസരിച്ചില്ല. മുനി കോപിച്ച് അവനെ ശപിച്ചു. ലോഭവും മദവുംവിട്ട് ആ രാജാവ് മുനിശാപത്താൽ ബോധഹീനനായി. ഉർവ്വശീസഖനായ ആ രാജാവ് ഗന്ധർവ്വലോകത്തുനിന്നു മൂന്ന് അഗ്നികളെ ക്രിയയ്ക്കുവേണ്ടി യഥാവിധി ആനയിച്ചു.

ഇളാപുത്രനായ അവന്ന് ആറു പുത്രന്മാരുണ്ടായി. 'ആയു', 'ധീമാൻ', 'അമാവസ്', 'ദൃഢായുസ്സ്', 'ആയുസ്സ്', 'ശതായുസ്സ്', ഇവർ ഉർവ്വശിയിൽ പുരൂരവസ്സിന്ന് ഉണ്ടായവരാണ്.

ആയുസ്സിന്ന് 'നഹുഷൻ', 'വൃദ്ധശർമ്മാവ്', 'അനേനസ്സ്', 'ഗയൻ', 'രജി', 'സ്വർഭാനു' എന്നീ പുത്രീപുത്രന്മാർ ഉണ്ടായി.

ആയുസ്സിന്റെ പുത്രന്മാരിൽ അഗ്ര്യനായ നഹുഷൻ ധീമാനും സത്യവിക്രമനുമായിരുന്നു. അദ്ദേഹം നന്നായി ധർമ്മ

---

*വൈശ്രവണന്റെ നിധി.

digitized by www.sreyas.in

ത്തോടെ മഹാരാജ്യം ഭരിച്ചു. പിതൃക്കൾ, ദേവർഷികൾ, വിപ്രന്മാർ, ഗന്ധർവ്വന്മാർ, ഉരഗങ്ങൾ, രാക്ഷസർ ഇവരടങ്ങിയ ലോകം നഹുഷൻ പരിപാലിച്ചു. ബ്രഹ്മക്ഷത്രാദികളേയും സംരക്ഷിച്ചു. ദസ്യുജിത്തായ അവൻ മുനിമാരിൽനിന്നുകൂടി കരം വാങ്ങി ഇന്ദ്രപട്ടം എടുത്ത് ദേവന്മാരെ കീഴിൽ വാഴിച്ചു. അവരെക്കൊണ്ടു തന്നെ മൃഗങ്ങളെക്കൊണ്ടെന്നപോലെ പുറത്ത് ഏറ്റിച്ചു. തേജസ്സ്, തപസ്സ്, വിക്രമം, ഓജസ്സ് ഇവയാൽ നഹുഷരാജാവ് പ്രസിദ്ധനായി.

'യതി', 'യയാതി', 'സംയാതി', 'അയാതി', 'അയതി', 'ധ്രുവൻ' എന്നിങ്ങനെ ആറു മക്കൾ നഹുഷനുണ്ടായി. അവരെല്ലാം അച്ഛന്റെ ഇഷ്ടത്തിനൊത്തവരായിരുന്നു.

മുനിയായ 'യതി' യോഗാഭ്യാസംകൊണ്ട് ബ്രഹ്മത്വം നേടി. സത്യപരാക്രമനായ 'യയാതി' ചക്രവർത്തിയായി. അവൻ ഭൂമണ്ഡലം കാത്ത് പല മഖങ്ങൾ നടത്തി. അതിഭക്തിയോടെ പിതൃക്കളേയും ദേവകളേയും അർപ്പിച്ച് നാട്ടുകാർക്ക് നന്മചെയ്ത് അപരാജിതനായി അവൻ വിളങ്ങി. രണ്ടു ഭാര്യമാർ യയാതിക്കുണ്ടായി. 'ദേവയാനി' യും, 'ശർമ്മിഷ്ഠ' യും. അവരിൽ വീരന്മാരും സർവ്വഗുണസമ്പന്നരുമായ പുത്രന്മാരുണ്ടായി. ദേവയാനിയിൽ 'യദു', 'തുർവ്വസു' എന്നീ രണ്ടുപേർ ഉണ്ടായി. ശർമ്മിഷ്ഠയിൽ 'ദ്രുഹ്യു', 'അനു', 'പൂരു' എന്നിവരുമുണ്ടായി. അവൻ വളരെ നൂറ്റാണ്ട് ധർമ്മത്താൽ ലോകരെ കാത്തു. സൗന്ദര്യം കളയുന്ന ഘോരമായ ജരയിൽ യയാതി പെട്ടു. ജരാതുരനായ യയാതി പുത്രന്മാരെ വിളിച്ചു പറഞ്ഞു.

യയാതി പറഞ്ഞു: "ഹേ, പുത്രന്മാരെ, ഞാൻ വീണ്ടും യൗവനയുക്തനായി യുവതീജനങ്ങളോടുകൂടി ക്രീഡിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്നെ സഹായിക്കണം."

വൈശമ്പായനൻ പറഞ്ഞു: "ദേവയാനീപുത്രരിൽ അഗ്രജൻ അച്ഛനോടു ചോദിച്ചു."

യദു പറഞ്ഞു: "ഞങ്ങളുടെ യൗവനംകൊണ്ട് ഞങ്ങൾ ഭവാന് എന്തു സഹായമാണു ചെയ്യേണ്ടത്?"

യയാതി പറഞ്ഞു: " എന്റെ ജര ഒരാൾ ഏറ്റുവാങ്ങണം യൗവനം ഞാൻ പകരം വാങ്ങി വിഷയങ്ങൾ അനുഭവിക്കട്ടെ. ദീർഘസത്രംചെയ്ത എനിക്ക് ശുക്രന്റെ ശാപംമൂലം കാമസൗഖ്യം കുറഞ്ഞു. ഞാൻ അതുകൊണ്ട് കഠിനമായി കേഴുകയാണ്. മക്കളേ, നിങ്ങളിൽ ഒരാൾ എന്റെ വാർദ്ധക്യം ഏറ്റുവാങ്ങുക. നിങ്ങളിൽ ഒരാൾ ഭൂമി ഭരിക്കുക. യുവദേഹം സ്വീകരിച്ചു ഞാൻ കാമസൗഖ്യം അനുഭവിക്കാം."

വൈശമ്പായനൻ പറഞ്ഞു: "അച്ഛന്റെ ജര ഏറ്റെടുക്കുവാൻ യദു തുടങ്ങിയവരാരും തയ്യാറായില്ല. എന്നാൽ ഇളയ പുത്രനായ പൂരു പറഞ്ഞു."

പൂരു പറഞ്ഞു: "രാജാവേ, പുതിയ ശരീരം പ്രാപിച്ച് യൗവനയുക്തനായി വാഴുക. ജര വാങ്ങിച്ച് രാജ്യത്തെ ഭവാന്റെ കല്പന പ്രകാരം ഞാൻ സംരക്ഷിച്ചുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "എന്നു പുത്രൻ പറഞ്ഞപ്പോൾ രാജർഷി തന്റെ തപോവീര്യശക്തികൊണ്ട് മഹാത്മാവായ പൂരുവിൽ തന്റെ ജരയെ കയറ്റി, പൂരുവിന്റെ ഇളംപ്രായം ഏറ്റെടുത്ത് രാജാവ് യൗവനയുക്തനായി. യയാതിയുടെ വാർദ്ധക്യം ഏറ്റെടുത്ത് പൂരു രാജ്യം ഭരിച്ചു.

പിന്നെ ആയിരം വർഷം പാർത്ഥിവപ്രഭുവും ശാർദ്ദൂലസമവിക്രമനുമായ യയാതി തന്റെ പത്നിമാരോടുകൂടി ക്രീഡിച്ചു സൗഖ്യമായി വാണു. 'വിശ്വാചി' യോടു കൂടിയും യയാതി 'ചൈത്രരഥം' എന്ന ദേവവനത്തിൽ ക്രീഡിച്ചു. എന്നിട്ടും ആ കീർത്തിമാനായ യയാതിക്ക് കാമസംതൃപ്തി വന്നില്ല.

പിന്നെ ആ നരേന്ദ്രൻ ചിന്തിച്ച് ഇങ്ങനെ പറഞ്ഞു: "കാമസുഖങ്ങൾ അനുഭവിച്ചു മതിയാക്കാമെന്ന് ആരും മോഹിക്കേണ്ടാ. അനുഭവിക്കുംതോറും കാമസുഖത്തിൽ ആസക്തി വർദ്ധിച്ചുവരികയേയുള്ളൂ. അഗ്നിയിൽ സ്നേഹമയമായ ഹവിസ്സ് ഹോമിച്ചാൽ അഗ്നിശമിക്കുകയല്ല വർദ്ധിക്കുകയാണല്ലോ ചെയ്യുന്നത്.

രത്നാദികളായ അനർഘവസ്തുക്കൾ നിറഞ്ഞ ഈ ഭൂമി മുഴുവൻ സ്വർണ്ണം, പശുക്കൾ, സുന്ദരിമാർ ഇങ്ങനെ ലോകത്തിലുള്ള എല്ലാ ധനവും ഒന്നിച്ചു കൂടിയാലും, ഒരേ ഒരാളുടെ തൃഷ്ണ ശമിപ്പിക്കുവാൻ മതിയാവുകയില്ല. ഈ പരമാർത്ഥം മനസ്സിലാക്കിയാലേ മനുഷ്യന്ന് ശമം ഉദിക്കുകയുള്ളു.

ഒരു ജീവിക്കും അല്പമെങ്കിലും ദോഷം ചെയ്യരുത്. മനസ്സുകൊണ്ട് ദ്രോഹം വിചാരിക്കുകയോ; വാക്കുകൊണ്ടു ദ്രോഹം പറയുകയോ പ്രവൃത്തികൊണ്ട് ദ്രോഹംചെയ്യുകയോ അരുത്. അങ്ങനെ ജീവിക്കുന്നവന്ന് ബ്രഹ്മലോകം തീർച്ചയായും ലഭിക്കും.

ഒന്നിനെയും ഭയപ്പെടാതിരിക്കുകയും, ഒന്നിനേയും ഭയപ്പെടുത്താതിരിക്കുകയും, ഒന്നിനേയും ഇച്ഛിക്കാതിരിക്കുകയും, ഒന്നിനേയും ദ്വേഷിക്കാതിരിക്കുകയും എപ്പോൾ ചെയ്യുന്നുവോ, അപ്പോൾ അവൻ ബ്രഹ്മത്തെ നേടിയവനാകുന്നു."

ഇപ്രകാരം യാഥാർത്ഥ്യംഗ്രഹിച്ച് ആ മഹാപ്രാജ്ഞൻ കാമം നിസ്സാരമെന്നു കണ്ടു ജ്ഞാനത്തിൽ മനസ്സ് ഉറപ്പിച്ചു. തന്റെ ജര പുത്രനിൽനിന്നു മടക്കിവാങ്ങി യൗവനം പൂരുവിന്നു നല്കി. രാജ്യാഭിഷേചനംചെയ്ത് യയാതിരാജാവ് അവനോടു പറഞ്ഞു.

യയാതി പറഞ്ഞു: "ഹേ പൂരു, നീയാണ് എന്റെ ദായാദൻ. നീയാണ് എന്റെ കുലവർദ്ധനൻ. പാരിൽ നീമൂലം 'പൗരവവംശം' എന്ന് നിന്റെ വംശത്തിന്നു പ്രസിദ്ധി സിദ്ധിക്കും."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ പൂരുവിന്നായി യയാതി രാജ്യം നല്കി വാർദ്ധക്യം വാങ്ങി യൗവനം മടക്കിക്കൊടുത്തു. അനന്തരം അദ്ദേഹം ഭൃഗുതുംഗം പ്രാപിച്ചു തപസ്സുചെയ്തു കാലംവളരെ ചെന്നതിന്നുശേഷം കാലധർമ്മം പ്രാപിച്ചു. ഉപവാസവ്രതം അനുഷ്ഠിച്ച് ഭാര്യമാരോടുകൂടി സ്വർഗ്ഗത്തിലെത്തി."

76. യയാത്യുപാഖ്യാനം – കചന്റെ മൃതസഞ്ജീവനീമന്ത്രലാഭം – ജനമേജയൻ പറഞ്ഞു: "പ്രജാപതിമുതൽ പത്താമനായ എന്റെ പൂർവ്വജൻ, യയാതി, അലഭ്യയായ ശുക്രപുത്രിയെ എങ്ങനെ വേട്ടു? മഹാമുനേ, അതു വിസ്തരിച്ചു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുലദീപങ്ങളായ നൃപന്മാരെ ക്രമത്തിൽ പറഞ്ഞാലും."

വൈശമ്പായനൻ പറഞ്ഞു: "യയാതി ദേവരാജാഭനായി രാജ്യം ഭരിച്ചിരുന്ന കാലത്ത് 'ശുക്രനും' 'വൃഷപർവ്വാവും' അവരുടെ പുത്രിമാരെ അദ്ദേഹത്തിനു നല്കി. ആ ചരിത്രം ഞാൻ വിസ്തരിച്ചു പറയാം. ഹേ ജനമേജയ, ഭവാൻ കേട്ടാലും. ആദ്യമായി ദേവയാനീസമാഗമം പറയാം.

പണ്ട് സുരന്മാരും അസുരന്മാരും തമ്മിൽ ഈ മൂന്നുലോകത്തിലുള്ള ഐശ്വര്യത്തിൽ മത്സരം തുടങ്ങി. രാജ്യാർത്ഥങ്ങളിൽ ജയം കിട്ടുവാൻവേണ്ടി ദേവന്മാർ ബൃഹസ്പതിയെ ആചാര്യനാക്കി. അപ്രകാരംതന്നെ ദൈത്യവീരന്മാർ ശുക്രനെയും ആചാര്യനാക്കി. ബ്രാഹ്മണരായ ആ ആചാര്യന്മാർ എപ്പോഴും പരസ്പരം മത്സരിക്കുന്നവരുമായിരുന്നു. ദേവന്മാർ പോരിൽ കൊന്നുവിട്ട ദാനവന്മാരെയൊക്കെ ശുക്രൻ മന്ത്രബലംകൊണ്ടു ജീവിപ്പിച്ചുകൊണ്ടിരുന്നു. അവർ എഴുന്നേറ്റു വീണ്ടും ദേവന്മാരോടു പൊരുതി. എന്നാൽ അസുരന്മാർ യുദ്ധത്തിൽ കൊന്നുവിടുന്ന സുരന്മാരെ ഉദാരാത്മാവായ ബൃഹസ്പതി ജീവിപ്പിച്ചില്ല. ശുക്രന്നറിവുള്ള 'സംജീവനമന്ത്രം' ബൃഹസ്പതിക്ക് അറിവില്ലാത്തതുകൊണ്ട് സുരന്മാർക്കു കുണ്ഠിതമായി. ആ ദേവന്മാർ കാവ്യൻ എന്നു പറയപ്പെടുന്ന ശുക്രനോടുള്ള ഭയത്താൽ തങ്ങളുടെ ആചാര്യന്റെ മൂത്ത മകനായ കചനോടു പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "ഹേ, കച! ഭജിക്കുന്ന ഞങ്ങളെ അനുഗ്രഹിച്ചു നീ സഹായിച്ചാലും! മഹാതപസ്വിയായ ശുക്രന്റെ കൈവശമുള്ള ആ മന്ത്രം ഭവാൻ കൈക്കലാക്കണം. ഭവാനും ഒരു ഭാഗം ഞങ്ങൾ നല്കാം. വൃഷപർവ്വാവിന്റെ സമീപത്തിൽ

digitized by www.sreyas.in

ക്കാണുന്ന ആ ദിജനെ ഭവാൻ ഭജിക്കുക. അദ്ദേഹം ദാനവരെ മാത്രമേ രക്ഷിക്കുന്നുള്ളു. അവൻ ഞങ്ങളെ രക്ഷിക്കുന്നില്ല. കവിയായ അവനെ നന്നായി സേവ ചെയ്യുവാൻ കെല്പുള്ള യുവാവാണ് ഭവാൻ. അവന്റെ ഇഷ്ടപുത്രിയായ ദേവയാനിയേയും ആരാധിക്കുവാൻ ഭവാൻ പോന്നവനാണ്. മറ്റാർക്കും അതിന്നു കഴിവില്ല. ശീലം, സൗമ്യത, ദാക്ഷിണ്യം, ആചാരം, ദമം മുതലായ ഭവാന്റെ ഗുണങ്ങളാൽ ദേവയാനി തെളിഞ്ഞാൽ ഭവാന് ആ വിദ്യ ലഭിക്കും."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരമാകാമെന്നു പറഞ്ഞ് ദേവന്മാരുടെ സൽക്കാരങ്ങൾ സ്വീകരിച്ച് ബൃഹസ്പതിപുത്രൻ 'കചൻ' പുറപ്പെട്ടു. വൃഷപർവ്വാവിന്റെ സമീപത്തെത്തി. അങ്ങനെ ദേവന്മാരാൽ പ്രേഷിതനായ കചൻ ദൈത്യാലയത്തിൽ പ്രവേശിച്ചു. സസന്തോഷം കചൻ ശുക്രനെ ചെന്നു കണ്ടു വന്ദിച്ച്, ഇപ്രകാരം ഉണർത്തിച്ചു."

കചൻ പറഞ്ഞു: "ഹേ ഗുരോ, ഞാൻ അംഗിരസ്സിന്റെ പൗത്രനും ബൃഹസ്പതിയുടെ സുതനുമായ കചനാണ്. ഭവാൻ എന്നെ ശിഷ്യനായി സ്വീകരിക്കേണമേ! ഹേ ബ്രഹ്മൻ, ഭവാന്റെ അരികിൽ ബ്രഹ്മചര്യം ആയിരം വർഷം അനുഷ്ഠിക്കുവാൻ എന്നെ അനുവദിക്കേണമേ!"

ശുക്രൻ പറഞ്ഞു: "ഹേ കച! കൊള്ളാം നിന്റെ ആഗ്രഹം! നിനക്കു സ്വാഗതം! നിന്റെ അപേക്ഷ ഞാൻ കൈക്കൊണ്ടിരിക്കുന്നു! പൂജ്യനായ നിന്നെ ആദരിക്കുന്നത് ബൃഹസ്പതിക്കും മാന്യതയാണ്."

വൈശമ്പായനൻ പറഞ്ഞു: "കചൻ അങ്ങനെ മഹാവ്രതം ആചരിച്ചു. ശുക്രൻ പറഞ്ഞപ്രകാരം അവിടെ കൂടി. വ്രതത്തിന്നുചിതമായവിധം അവൻ ഗുരുവിന്റെ കല്പനകളെല്ലാം നിർവ്വഹിച്ചു. ഗുരുവിനും ഗുരുപുത്രിയായ ദേവയാനിക്കും അർച്ചന ചെയ്യുമ്പോൾ അവരുടെ ആരാധനയ്ക്കായി ആ യുവാവ് യുവസഹജമായ ഉല്ലാസത്തോടെ പാട്ടും തുള്ളലും ഭാഷണവുമായി ദേവയാനിയെ ഇണക്കി. യൗവനത്തിന്റെ ആദിയിൽ കന്യ പാടാതിരുന്നപ്പോൾ കചൻ ഫലങ്ങളും പുഷ്പങ്ങളും കൊണ്ടുവന്നു കൊടുത്ത് അവളെ സന്തോഷിപ്പിച്ചു. നിയമവ്രതം എടുത്ത ആ വിപ്രനെ ദേവയാനിയും ആടിയും പാടിയും ഗൂഢമായും ഗാഢമായും പരിചരിച്ചു. അഞ്ഞൂറുവർഷം ഇപ്രകാരം കചൻ ആ വ്രതനിഷ്ഠയിൽ കഴിഞ്ഞു. അങ്ങനെ കഴിയവേ, ദാനവന്മാർ കചൻ ആരെന്നു മനസ്സിലാക്കി. കാട്ടിൽ ഒറ്റയ്ക്കു പശുക്കളെ മേയ്ക്കുമ്പോൾ കോപത്താൽ ദാനവന്മാർ കചനെ ഗൂഢമായി പിടികൂടി കൊന്നു. ബൃഹസ്പതിയോടുള്ള ദ്വേഷംകൊണ്ടും മന്ത്രസംരക്ഷണത്തിന്നുവേണ്ടിയുമാണ് അവർ ആ കടുംകൈ ചെയ്തത്. അവനെ കൊല്ലുക മാത്രമല്ല ചെയ്തുള്ളൂ. ദേഹം കഷണങ്ങളായി വെട്ടിനുറുക്കി ചെന്നായ്ക്കൾക്കു തിന്നുവാൻ എറിഞ്ഞു കൊടുത്തു. പശുപാലനോടുകൂടാതെ അന്നു പശുക്കൾ തൊഴുത്തിലെത്തി. കചനെ കാണാതെ ദേവയാനി സംഭ്രമിച്ചു. അച്ഛന്റെ അടുത്തു ചെന്ന് സസംഭ്രമം പറഞ്ഞു.

ദേവയാനി പറഞ്ഞു: 'അച്ഛാ, അങ്ങ് അഗ്നിയെ ഹോമിച്ചു കഴിഞ്ഞു. സൂര്യൻ പോയി അസ്തമിച്ചു. പശുപാലിനെക്കൂടാതെ പശുക്കളെല്ലാം ഇതാ മടങ്ങിയെത്തിയിരിക്കുന്നു. കചനെ കാണുന്നില്ല. അവൻ മരിച്ചുവോ? അവനെ ആരെങ്കിലും കൊന്നുകളഞ്ഞുവോ? നിശ്ചയമായും കചന് ആപത്തുപറ്റിയിരിക്കുന്നു! അവന്ന് അപത്തുപറ്റിയാൽ ഞാൻ പിന്നെ ജീവിച്ചിരിക്കയില്ല.'

ശുക്രൻ പറഞ്ഞു: 'അവൻ മരിച്ചാൽ ഞാൻ ജീവിപ്പിക്കും. എടോ കച, വരൂ എന്നു പറഞ്ഞ് ഉടനെ ഞാൻ ജീവിപ്പിക്കാം. കചനെ കാണാത്തതുകൊണ്ട് ഓമനേ, നീ സന്തപിക്കരുത്.'

വൈശമ്പായനൻ പറഞ്ഞു: "പിന്നെ സംജീവനിമന്ത്രം ചൊല്ലി മുനി അവനെ വിളിച്ചു. പല ചെന്നായ്ക്കളുടേയും ദേഹം പിളർന്ന് കചന്റെ ദേഹാംശം പുറമെ വീണ്, അവ ഒന്നായി ച്ചേർന്നു. മന്ത്രശക്തികൊണ്ട് ജീവിച്ച് സന്തോഷത്തോടെ കചൻ ഓടിവന്നു! എന്തേ ഇത്ര താമസിച്ചത് എന്നു ചോദിച്ച ഭാർഗ്ഗവിയോട് കചൻ മറുപടി പറഞ്ഞു.

കചൻ പറഞ്ഞു: 'ചമത, പുല്ല്, വിറക് എന്നിവ ചുമടാക്കി കെട്ടി ഞാൻ തലയിലേറ്റി ആശ്രമപാർശ്വത്തിൽ വടവൃക്ഷച്ചുവട്ടിൽ എത്തിനില്ക്കുകയായിരുന്നു. പശുക്കളും വന്നുകൂടി നിഴൽപ്പാട്ടിൽ നിന്നു. അവിടെവച്ച് അസുരന്മാർ എന്നോടു ചോദിച്ചു: 'നീ ആരാണ്?'

ഞാൻ പറഞ്ഞു, 'ഞാൻ കചനാണ്. ബൃഹസ്പതിയുടെ പുത്രനാണ്.' ഇതു കേട്ടയുടനെ അവർ എന്നെ പിടികൂടി വെട്ടിക്കൊന്ന് എന്റെ ദേഹം അരച്ചുകലക്കി ആ ദാനവന്മാർ ചെന്നായ്ക്കൂട്ടത്തിനു കൊടുത്ത്, താന്താങ്ങളുടെ ഗൃഹങ്ങളിലേക്കു സസുഖം തിരിച്ചുപോയി. മഹാത്മാവായ ഭാർഗ്ഗവൻ മന്ത്രം ചൊല്ലി വിളിച്ചതുമൂലം ഞാൻ ഇതാ ജീവിച്ച്, ഒരുവിധം നിന്റെ മുമ്പിൽ എത്തി! ഞാൻ നിർഭാഗ്യവാൻതന്നെ!'

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഒരു ദിവസം ദേവയാനി പറഞ്ഞതനുസരിച്ച് കചൻ കാട്ടിലേക്കു പൂവറുക്കുവാൻ പോയി. അവിടെവച്ച് ദാനവന്മാർ വീണ്ടും കചനെ കണ്ടുമുട്ടി. ഉടനെ അവർ കചനെ പിടികൂടി കൊന്ന് അരച്ച് കടലിലെ വെള്ളത്തിൽ കലക്കി. അവൻ മടങ്ങിവന്നില്ല. അവനെ കാണാതെ ദേവയാനി ദുഃഖാർത്തയായി. അച്ഛന്റെ അരികിൽച്ചെന്നു വിവരം അറിയിച്ചു. ശുക്രൻ ഉടനെ സംജീവനിമന്ത്രം ജപിച്ച്, കചനെ വിളിച്ചു. മൃതനായ ഗുരുനന്ദനൻ ഉടനെ ജീവിച്ച് ഓടിവന്നു. നടന്ന സംഭവങ്ങളെല്ലാം കചൻ അവരോടു പറഞ്ഞു.

അസുരന്മാർ കചനെ മൂന്നാമതും കൊന്നു. അവനെ ചുട്ടുപൊടിച്ച് മദ്യത്തിൽ ചേർത്ത് ശുക്രമഹർഷിക്കുതന്നെ കൊടുത്തു. ദേവയാനി കചനെക്കാണാതെ ദുഃഖിച്ച് അച്ഛനോട് ആവലാതിയായി."

ദേവയാനി പറഞ്ഞു: "അച്ഛാ! പൂവിന്നുപോയ അങ്ങയുടെ ശിഷ്യനെ കാണുന്നില്ല ഇത്തവണയും അസുരന്മാർ അവനെ കൊന്നിട്ടുണ്ടാവും. തീർച്ചയായും അവന് ആപത്തു പറ്റി. ഞാൻ അവനില്ലാതെ ജീവിക്കയില്ല. ഉള്ള കാര്യം ഞാൻ പറയാം. ഞാൻ ഇപ്പോൾ ചാകും!"

ശുക്രൻ പറഞ്ഞു: "ഹേ, പുത്രീ! ബൃഹസ്പതിസുതനായ കചൻ മരിച്ചതുതന്നെ. മന്ത്രംകൊണ്ടു ജീവൻ കൊടുത്താലും അവർ പിന്നെയും അവനെ കൊല്ലുന്നു. ഞാൻ എന്തു ചെയ്യും? ഹേ, ദേവയാനീ! നീ ദുഃഖിക്കരുത്. നിന്നെപ്പോലുള്ളവർ ഒരിക്കലും മൃതിയെപ്പറ്റി ദുഃഖിക്കയില്ല. ഇന്ദ്രാദികളായ ദേവന്മാരും, അശ്വിനീദേവകളും, വസുക്കളും, ദൈത്യന്മാരും മാത്രമല്ല, മൂന്നു ലോകവും സമീപസ്ഥിതമായ മൃതിക്കു വഴങ്ങുന്നുവല്ലോ. ഈ വിപ്രനെ ജീവിപ്പിക്കുവാൻ വിഷമമാണ്. ജീവിപ്പിച്ചാൽ പിന്നേയും കൊല്ലുന്നു!"

ദേവയാനി പറഞ്ഞു: "അച്ഛാ, അവന്റെ പിതാമഹൻ വൃദ്ധനായ അംഗിരസ്സാണ്! അച്ഛൻ മഹായോഗിയായ വ്യാഴമാണ്! അവൻ മഹർഷിപുത്രനാണ്. ഇങ്ങനെ ഋഷിമാരുടെ പുത്രനും പൗത്രനുമായ അവനെക്കുറിച്ച് ഞാൻ എങ്ങനെ വ്യസനിക്കാതിരിക്കും? ബ്രഹ്മചര്യം, തപസ്സ്, ഉത്സാഹം, ക്രിയാദാക്ഷ്യം എന്നിവ ചേർന്ന കചന്റെ പിമ്പേ ഞാനും പോവുകയാണ്. എനിക്ക് ഇനി ചോറുവേണ്ട. ജീവിതത്തിൽ ആഗ്രഹമില്ല. അച്ഛാ! എന്റെ പ്രിയരൂപനായ കചൻ എനിക്കു പ്രിയനാണ്."

വൈശമ്പായനൻ പറഞ്ഞു: "പുത്രിയുടെ ദുസ്സഹമായ ദുഃഖം മഹർഷിയെ കലുഷനാക്കി. ഋഷി ക്രോധത്തോടെ പറഞ്ഞു."

ശുക്രൻ പറഞ്ഞു: "എനിക്കു കോപം വന്നു കയറുന്നു. ദൈത്യന്മാർ എന്റെ ശിഷ്യനെ കൊല്ലുകയോ? ആ ദൈത്യർ അബ്രാഹ്മണത്വം ലോകത്തിൽ വന്നുചേരുമാറ് രൗദ്രമായവിധം, ബ്രാഹ്മണനായ എനിക്ക് അപ്രിയം ചെയ്യുന്നു! ഈ ബ്രാഹ്മണദ്രോഹത്തിന്നു തക്ക പ്രതിഫലം ഇന്ദ്രനായാലും അനുഭവിക്കാതിരിക്കയില്ല."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് മഹർഷി മന്ത്രം ജപിച്ചു. ഉടനെ കചൻ ജീവിച്ചു. എന്നാൽ, മഹർഷിയുടെ കുക്ഷിയിലായിരുന്നു അവൻ. അവിടെക്കിടന്നു ഭീതിയോടെ തന്റെ സ്ഥിതിയെപ്പറ്റി മെല്ലെ പറഞ്ഞു."

ശുക്രൻ പറഞ്ഞു: "ഹേ, കച! നീ എങ്ങനെ എന്റെ കുക്ഷിയിൽപ്പെട്ടു?"

കചൻ പറഞ്ഞു: "അങ്ങയുടെ പ്രസാദത്താൽ എന്റെ ഓർമ്മ നഷ്ടപ്പെട്ടില്ല. ഓർമ്മ തിരികെ കിട്ടി. കഴിഞ്ഞ വൃത്താന്തമെല്ലാം ഞാനോർക്കുന്നു. തപോനാശം വരാതിരിക്കുവാൻ ഞാൻ ഘോരമായ ഈ ക്ലേശമൊക്കെ സഹിക്കുകയാണ്. ഉണ്ടായ സംഭവം പറയാം. എന്നെ ദൈത്യന്മാർ പിടിച്ചുകൊന്നു ചുട്ടുപൊടിച്ച് മദ്യത്തിൽ കലക്കി ഭവാനു തന്നു. ബ്രാഹ്മവും ആസുരവുമായ മായാവിധി അറിയുന്ന ഭവാനെ ലംഘിക്കുവാൻ ആർക്കു കഴിയും?"

ശുക്രൻ ദേവയാനിയോടു പറഞ്ഞു: ഹേ, ദേവയാനി! വത്സേ! ഞാൻ ഇപ്പോൾ നിനക്ക് എന്തു പ്രിയമാണ് ചെയ്യേണ്ടത്? ഞാൻ മരിച്ചാൽ മാത്രമേ കചനെ ജീവിപ്പിക്കുവാൻ സാധിക്കുകയുള്ളു. എന്റെ വയറു കീറാതെ അതിന്നുള്ളിൽക്കിടക്കുന്ന കചൻ പുറത്തു വരികയില്ല. ഞാനെന്തു വേണം?"

ദേവയാനി പറഞ്ഞു: "അച്ഛാ, തീപോലെ എന്റെ ദുഃഖം എന്നെ ദഹിപ്പിക്കുന്നു. കചന്റെ നാശവും അച്ഛന്റെ നാശവും രണ്ടും എനിക്കു ദുസ്സഹമാണ്. കചൻ നശിച്ചാൽ എന്റെ സുഖം നശിച്ചു! ഭവാൻ മരിച്ചാൽ ഞാൻ പിന്നെ ജീവിച്ചിരിക്കുകയുമില്ല!"

ശുക്രൻ പറഞ്ഞു: "ഹേ, ബൃഹസ്പതിസുത! ഭക്തനായ നീ വിജയിച്ചു! നീ മിടുക്കൻതന്നെ! എന്റെ മകൾ ദേവയാനി നിന്നെ അത്ര തീവ്രമായി സ്നേഹിക്കുന്നു. നീ സഞ്ജീവിനിവിദ്യ വാങ്ങിക്കൊള്ളുക! കചാകൃതി എടുത്ത നീ ഇന്ദ്രനാണോ? ഇന്ദ്രനല്ലെങ്കിൽ നീ വിദ്യ പഠിച്ചുകൊള്ളുക. എന്റെ വയറ്റിൽപ്പെട്ട ഒരുവൻ തീർച്ചയായും പിന്നെ ജീവിക്കുന്നതല്ല. ഇന്ദ്രനുപോലും രക്ഷയില്ല! ഒരേ ഒരു വിപ്രനു മാത്രമേ ഈ വിദ്യ ഉപദേശിക്കൂ! വേഗത്തിൽ വിദ്യ നേടിയാലും നീ എന്റെ പുത്രനായിരിക്കുന്നു. എന്നെ അച്ഛനാണെന്നു വിചാരിച്ചുകൊള്ളുക. എന്റെ ദേഹത്തിൽനിന്നു നീ വെളിയിൽ പോരുന്നതുമൂലം നീ എന്റെ പുത്രനായിരിക്കുന്നു. നീ ധർമ്മബുദ്ധി കൊണ്ടു കാര്യം കാണണം. നീ ഗുരുവിനോടു വിദ്യാലാഭം ഏറ്റ വിദ്വാനാണല്ലോ."

വൈശമ്പായനൻ പറഞ്ഞു: "ഗുരു ഉപദേശിച്ച വിദ്യ കചൻ ഗുരുവിന്റെ ഉദരത്തിൽക്കിടന്നു പഠിച്ചു. അതിന്നുശേഷം ശുക്രൻ വയർ കീറി കചനെ പുറത്താക്കി. ബ്രഹ്മോദരത്തിൽനിന്നു പുറത്തുവന്ന സുന്ദരനായ കചൻ പൗർണ്ണമിയിൽ പൂർണ്ണചന്ദ്രനെന്നപോലെ ശോഭിച്ചു. ബ്രഹ്മജ്ഞനായ ശുക്രൻ ഉടനെ മരിച്ചുവീണു. ഇതു കണ്ട ഉടനെ കചൻ സംജീവിനിമന്ത്രം ജപിച്ച് ഗുരുവിനെ ജീവിപ്പിച്ചു. മന്ത്രം സിദ്ധിച്ചതിൽ സന്തുഷ്ടനായി ഗുരുവിനെ അഭിവാദ്യംചെയ്ത് കചൻ ഇപ്രകാരം പറഞ്ഞു."

കചൻ പറഞ്ഞു: "അവിദ്യനായ ഇവൻ അങ്ങയുടെ ചെവിയിൽ പീയുഷമൊഴിക്കുന്നു. ചിന്തിക്കുമ്പോൾ ഭവാൻ അച്ഛനാണ്, അമ്മയാണ്. കൃതജ്ഞനായ ഇവനിൽ ദ്രോഹം കരുതരുതേ! അദ്ധ്യയനം, വസ്തുജ്ഞാനം, അനുഷ്ഠാനം, ശിഷ്യപ്രതിപാദനം എന്നിങ്ങനെ നാലു കർമ്മങ്ങളെ സംബന്ധിക്കുന്ന വിദ്യാസമ്പത്തുകളുടെ ആശ്രയമായി ആരാദ്ധ്യനായിരിക്കുന്ന ഗുരുവിനെ ആദരിക്കാത്തവർ നിത്യമായ നരകത്തിൽത്തന്നെ കിടക്കും!"

വൈശമ്പായനൻ പറഞ്ഞു: "സുരാപാനംമൂലം ചതിയിൽപ്പെട്ടുപോയ ശുക്രൻ ഘോരമായ സംജ്ഞാനാശം അറിഞ്ഞു. വിദ്വാനായ കചനെക്കൂടി താൻ മദ്യത്തോടുകൂടി ഭുജിച്ചതായും ഓർത്ത് താൻ ചെയ്ത തെറ്റിനെക്കുറിച്ചു സ്വയമേവ ക്രുദ്ധനായി, വിപ്രഹിതത്തിനായി, സുരാപാനത്തിന്റെ നേരെ വെറുത്ത് ഇപ്രകാരം ശപിച്ചു."

ശുക്രൻ പറഞ്ഞു: "ഇന്നേമുതൽ ഏതൊരു ബ്രഹ്മജ്ഞനാണ് മദ്യം പാനംചെയ്യുന്നത്, മന്ദബുദ്ധിയായ അവൻ ധർമ്മം വിട്ടു ബ്രഹ്മഹത്യാപാപമേറ്റ് നിന്ദ്യനാകട്ടെ. ഞാൻ നിശ്ചയിച്ച ഈ വിപ്രധർമ്മം നാട്ടിലെല്ലാം ഗുരുശുശ്രൂഷാതത്പരന്മാരായ സദ്വിപ്രന്മാരും ദേവന്മാരും ലോകരും കേട്ടുകൊള്ളുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ്, മഹാനുഭാവനും തപോനിധിയുമായ ശുക്രൻ, ദൈവഗത്യാ ബുദ്ധിമോഹം ജനിച്ച അസുരന്മാരെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

ശുക്രൻ പറഞ്ഞു: "ഹേ, ദൈത്യരേ! നിങ്ങൾ മൂഢാത്മാക്കളാണ്. വിദ്യാഭ്യാസംകൊണ്ട് സിദ്ധനായ കചൻ എന്റെ അടുക്കൽ വാഴും. അവൻ സഞ്ജീവനിവിദ്യ ലഭിച്ച യോഗ്യനാണ്. അജ്ഞാനം നീങ്ങിയ അവൻ എന്നെപ്പോലെ ബ്രഹ്മകല്പനായ ബ്രാഹ്മണനാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പ്രസ്താവിച്ച് ഭാർഗ്ഗവൻ വിരമിച്ചു. ദാനവന്മാർ ആശ്ചര്യത്തോടുകൂടി സ്വഗൃഹങ്ങളിലേക്കു തിരിച്ചു. ആയിരംവർഷം ഗുരുവിനോടുകൂടി പാർത്തതിന്നുശേഷം കചൻ ഗുരുവിന്റെ സമ്മതംവാങ്ങി സ്വർഗ്ഗത്തിലേക്കു പോകുവാനൊരുങ്ങി."

77. യയാത്യുപാഖ്യാനം - ദേവയാനീശാപം - വൈശമ്പായനൻ പറഞ്ഞു: "ശുക്രനോട്, ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ച കചൻ, യാത്രപറഞ്ഞു. ശുക്രൻ കചനെ വിട്ടയച്ചു. പോകുവാൻ ഭാവിച്ച കചനോട് ദേവയാനി പറഞ്ഞു."

ദേവയാനി പറഞ്ഞു: " ഹേ, മഹാശയ! ഭവാൻ ഋഷിയായ അംഗിരസ്സിന്റെ പുത്രനാണ്. സദ്വൃത്തികൊണ്ടും, വിദ്യകൊണ്ടും, ആഭിജാത്യംകൊണ്ടും, തപസ്സുകൊണ്ടും, ദാന്തികൊണ്ടും ഭവാൻ ശോഭിക്കുന്നു. കീർത്തിമാനായ അംഗിരസ്സ് എന്റെ അച്ഛനു മാന്യനാണ്. ബൃഹസ്പതി അപ്രകാരംതന്നെ എനിക്കു പൂജനീയനാണ്! ഇതെല്ലാം അറിഞ്ഞുകൊണ്ട് ഞാൻ പറയുന്ന വാക്ക് ഭവാൻ കേട്ടാലും. ഹേ, തപോധന! നിയതവ്രതിയായ നിന്നെ കാത്തുകൊണ്ട് ഞാൻ നിന്നനില്പ് ഭവാനോർക്കുന്നുണ്ടോ? ഹേ, തപോധന! വിദ്യാസമ്പന്ന! ഭവാനിൽ ഭക്തയായ എന്നെ ഭവാൻ ഭജിച്ചാലും. മന്ത്രപൂർവ്വം, വിധിപ്രകാരം ഭവാൻ എന്നെ പാണിഗ്രഹണംചെയ്യുക!"

കചൻ പറഞ്ഞു: "ഹേ! ദേവയാനീ, നിന്റെ പിതാവ് എപ്രകാരം എനിക്കു പൂജ്യനും മാന്യനുമായിരിക്കുന്നുവോ, അപ്രകാരം തന്നെ എനിക്കു നീ പൂജ്യതമയാണ് അനവദ്യാംഗീ! നീ ഭാർഗ്ഗവന്നു പ്രാണനേക്കാൾ പ്രിയപ്പെട്ട പുത്രിയാണ്. എനിക്ക് എന്റെ ഗുരുവിന്റെ പുത്രിയായ നീ അപ്രകാരംതന്നെ മാന്യയും പൂജ്യയുമാണ്. നിന്റെ അച്ഛൻ എന്റെ ഗുരുവാണ്. ഗുരു ശിഷ്യന്നു എപ്രകാരം മാന്യനാണോ അപ്രകാരംതന്നെ മാന്യയാണ് ഗുരുപുത്രിയായ നീയും. അങ്ങനെയുള്ള നീ ഇപ്രകാരം പറയരുത്!"

ദേവയാനി പറഞ്ഞു: "നീ ഗുരുപുത്രന്റെ പുത്രനാണ്. എന്റെ അച്ഛനു നീ അതുമൂലം പുത്രനല്ല. അച്ഛന് ഭവാൻ മാന്യനും പൂജ്യനുമായ ബന്ധുവാണ്. അപ്രകാരംതന്നെയാണ് വിശേഷാൽ എനിക്കും. ഹേ, ദ്വിജോത്തമ! കച! നിന്നെ ദാനവന്മാർ വീണ്ടും വീണ്ടും വധിക്കെ, അന്നൊക്കെ അച്ഛൻ എന്റെ പ്രീതിക്കുവേണ്ടിയാണ് നിന്നെ ജീവിപ്പിച്ചതെന്ന കാര്യം നീ വിസ്മരിക്കുകയാണോ? സ്നേഹത്താലും അനുരാഗത്താലും നിന്നോട് എനിക്കുള്ള ഭക്തി നിനക്കറിയാം, തീർച്ചയായാണ് ഹേ, ധർമ്മജ്ഞ! നിന്നോടു യാതൊരു തെറ്റും ചെയ്യാത്ത, ഭക്തയായ എന്നെ നീ ഉപേക്ഷിക്കരുതേ!"

കചൻ പറഞ്ഞു: "ഹേ, ശുഭവ്രതേ! നീ എന്നോടു ചെയ്യരുതാത്ത ക്രിയയ്ക്കാണ് അപേക്ഷിക്കുന്നത്. ഹേ, ചന്ദ്രാനനേ, നീ എന്നിൽ പ്രസാദിച്ചാലും. ശുഭേ, നീ എനിക്ക് ഗുരുവിന്റേയും ഗുരുവാണ്. ഹേ! വിശാലാക്ഷീ, ചന്ദ്രമുഖീ, നീ വാണിരുന്ന ശുക്രമഹർഷിയുടെ ആ കുക്ഷിയിൽ ജീവിച്ചു പുറത്തുവന്നവനാണ് ഞാൻ. നീ ആദ്യം എവിടെനിന്ന് ഉത്ഭവിച്ചുവോ, അവിടെയല്ലേ ഞാനും വാണത്? ഹേ! ഭാമിനീ, ധർമ്മസോദരീ, സുന്ദരീ, നീ ഇപ്രകാരം എന്നോടു പറയരുത്. ഞാൻ യാതൊരു അലട്ടും കൂടാതെ സുഖമായി ഇവിടെ ജീവച്ചു. ഞാൻ ഇന്ന് ഭവതിയോടു

digitized by www.sreyas.in

കൃതജ്ഞതയോടെ യാത്രപറയുന്നു. ഞാൻ പോകട്ടെ! യാത്രാകുശലം നീ നേരുക! ധർമ്മം തെറ്റാത്തവിധം നീ ഇടയ്ക്കിടയ്ക്കൊക്കെ നന്മയോടെ എന്നെ ചിന്തിക്കുക! തെറ്റുകൂടാത്ത ധർമ്മചിന്തയോടെ എന്റെ ഗുരുവിന്നു ശുശ്രൂഷചെയ്തു കഴിയുക."

ദേവയാനി പറഞ്ഞു: "ഹേ, കച! ധർമ്മകാമത്തിന്ന് അർത്ഥിക്കുന്ന എന്നെ നീ കൈവിടുകയാണെങ്കിൽ പിന്നെ നിനക്ക് ഈ വിദ്യ നിശ്ചയമായും ഫലിക്കുകയില്ല."

കചൻ പറഞ്ഞു: "ഗുരുപുത്രിയാണെന്നു വിചാരിച്ചും, നിന്നെ വിവാഹംചെയ്യണമെന്ന് എന്റെ ഗുരു പറയാതിരുന്നതുകൊണ്ടുമാണ് ഞാൻ ഭവതിയെ വിട്ടത്. കുറ്റംകൊണ്ടു വിട്ടതല്ല. നീ നിന്റെ ഇഷ്ടംപോലെ ശപിച്ചുകൊള്ളുക. ഋഷിധർമ്മമാണ് ഞാൻ നിന്നോടു പറഞ്ഞത്. എന്നെ വെറുതെ ശപിക്കുകയാണ്. നിശ്ചയമായും നിന്റെ ശാപം ധർമ്മത്താലല്ല, കാമത്താലാണ്. അതുകൊണ്ട് നിന്റെ കാമംപോലെ ശാപവും ഫലിക്കുന്നതല്ല. ഋഷിപുത്രന്മാരിൽ ആരും നിന്നെ പാണിഗ്രഹണം ചെയ്യുകയില്ല! തീർച്ചയാണ്! വിദ്യ ഫലിക്കുകയില്ലെന്നു പറഞ്ഞതും ശരിയാകയില്ല! ഞാൻ പഠിപ്പിക്കുന്നവന് ഈ വിദ്യ പിന്നെ ഫലിക്കും!"

വൈശമ്പായനൻ പറഞ്ഞു: "ദേവയാനിയോട് ഇപ്രകാരം പറഞ്ഞ് ദ്വിജശ്രേഷ്ഠനായ കചൻ അവിടം വിട്ടു. ദേവരാജപുരത്ത് വേഗത്തിൽ ചെന്നെത്തി. കചൻ വരുന്നതു കണ്ട് ഇന്ദ്രാദികളായ സുരന്മാരെല്ലാം ബൃഹസ്പതിയെ മാനിച്ചു. കചനോട് ഇപ്രകാരം പറഞ്ഞു."

ദേവകൾ പറഞ്ഞു: "ഹേ, കച! ഞങ്ങൾക്കുവേണ്ടി അത്ഭുതാവഹമായ കർമ്മം ഭവാൻ ചെയ്തതുകൊണ്ട് ഭവാനു നശിക്കാത്ത യശസ്സുണ്ടാകട്ടെ! കർമ്മത്തിന്റെ ഭാഗഭാക്കായും ഭവിക്കട്ടെ!"

78. യയാത്യുപാഖ്യാനം - ദേവയാനീശർമ്മിഷ്ഠാകലഹം - വൈശമ്പായനൻ പറഞ്ഞു: "വിദ്യനേടി കചൻ സ്വർഗ്ഗത്തിലെത്തിയശേഷം ദേവകൾ കചനെ വന്ദിച്ചു. കചനിൽനിന്ന് ആ വിദ്യ പഠിച്ച് അവർ കൃതാർത്ഥരായി. എല്ലാവരും വന്നുകൂടി ദേവരാജനോടു പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "വിക്രമത്തിന്റെ കാലം സമാഗതമായിരിക്കുന്നു. ഹേ, ശക്ര! അരിവീരന്മാരെ ഭവാൻ സംഹരിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ദേവന്മാരുടെ വാക്കു കേട്ട് ദേവേന്ദ്രൻ അതിനു സമ്മതിച്ചു. അങ്ങനെ ഒരു ദിവസം ഇന്ദ്രൻ സഞ്ചരിക്കുമ്പോൾ കാട്ടിൽ സുന്ദരിമാരായ കുറെ യുവതികളെ കണ്ടു. കന്യകമാർ ചൈത്രരഥമൊക്കുന്ന പൂവനത്തിൽ കളിക്കുകയായിരുന്നു. ഇന്ദ്രൻ വിനോദത്തിനുവേണ്ടി ആ കന്യകമാരുടെ വസ്ത്രങ്ങളെല്ലാം കാറ്റിന്റെ രൂപത്തിൽ വന്ന് അടിച്ചു കൂട്ടിക്കലർത്തി. വെള്ളത്തിൽ നഗ്നകളായി നീന്തിക്കളിച്ചിരുന്ന കന്യകമാർ പെട്ടെന്നു വെള്ളത്തിൽനിന്നു കയറി ഓടിച്ചെന്ന് അടുത്തു കണ്ട ഓരോ വസ്ത്രം പിടികൂടി പരിഭ്രമത്തിൽ ഉടുത്തു. ചിന്നിച്ചിതറിയ വസ്ത്രങ്ങളിൽ ഓടിച്ചെന്നു പിടികിട്ടിയത് ഉടുത്തു. ശർമ്മിഷ്ഠ ദേവയാനിയുടെ വസ്ത്രമെടുത്ത് ഉടുത്തു. മാറിപ്പോയത് വൃഷപർവ്വാത്മജയായ ശർമ്മിഷ്ഠ അറിഞ്ഞില്ല. അതുകൊണ്ട് അവർ തമ്മിൽ വഴക്കുണ്ടായി."

ദേവയാനി പറഞ്ഞു: "ഹേ, ശർമ്മിഷ്ഠേ! എന്താ നീ എന്റെ വസ്ത്രം എടുക്കാൻ? നീ ശിഷ്യയല്ലേ? ഗുരുപുത്രിയുടെ വസ്ത്രം എടുക്കാമോ? അല്ലെങ്കിൽ നീ അസുരയല്ലേ? നിനക്ക് അങ്ങനെ തോന്നും! മര്യാദകെട്ട നിനക്ക് ഇത് നല്ലതിനല്ല."

ശർമ്മിഷ്ഠ പറഞ്ഞു: "ഇരിക്കുമ്പോഴും കിടക്കുമ്പോഴും നിന്റെ അച്ഛൻ എന്റെ അച്ഛനെ വന്ദിക്കുന്നു! സ്തുതിക്കുന്നു! വണങ്ങി കീഴെ നില്ക്കുന്നു! യാചിക്കുന്നവനും, സ്തുതിക്കുന്നവനും, വാങ്ങുന്നവനും ആയ ഒരാളുടെ പുത്രിയാണ് നീ. സ്തുതിക്കപ്പെടുന്നവനും, കൊടുക്കുന്നവനും, വാങ്ങാത്തവനുമായ ഒരാളുടെ പുത്രിയാണ് ഞാൻ. നീ മാറത്തടിച്ചു ഉരുണ്ടു തെറിപറയെടീ! ഫൂ! തെണ്ടിപ്പെറുക്കി! എരപ്പാളിച്ചി! കൈയിലൊന്നുമില്ലാത്തവൾ കൈയിൽ വിഭവമുള്ളവരോട് എതിർക്കുകയോ? നീ നിന്റെ കിടക്കാരുമായി എതിർക്കൂ! ഞാൻ നിന്നെ കൂട്ടാക്കുകയില്ലെടീ, തെണ്ടിപ്പെണ്ണേ!"

വൈശമ്പായനൻ പറഞ്ഞു: "ദേവയാനിക്ക് ഈ വാക്കുകൾ സഹിച്ചില്ല! 'എടീ, എന്റെ വസ്ത്രം തരാനാണു പറഞ്ഞത്. ഞാൻ തരില്ല, വിടില്ല' എന്നു പറഞ്ഞ് അവൾ ആ വസ്ത്രത്തിൽ കടന്നു പിടിച്ചു. അവർ പിടിയും വലിയുമായി. ശക്തയായ ശർമ്മിഷ്ഠ അവളെ അടുത്തുള്ള ഒരു പൊട്ടക്കിണറ്റിൽ തള്ളിയിട്ട് സ്വന്തം പുരത്തിലേക്കു നടന്നു. ക്രൂരനിശ്ചയയായ ശർമ്മിഷ്ഠ വിചാരിച്ചു ദേവയാനി കിണറ്റിൽക്കിടന്നു ചത്തുപോയെന്ന്. അവൾ കോപിച്ചുവിറച്ച് തിരിഞ്ഞുനോക്കാതെ ഗൃഹത്തിലെത്തി.

ആ വഴിയിലൂടെ നഹുഷപുത്രനായ 'യയാതി' രാജാവ് സഞ്ചരിക്കുമ്പോൾ, നായാട്ടുചെയ്തു ക്ഷീണിച്ച കുതിരയ്ക്കു വെള്ളം കൊടുക്കുവാൻ ജലാശയം അന്വേഷിച്ച് ഈ പൊട്ടക്കിണറ്റിന്നരികിലെത്തി. രാജാവ് കിണറ്റിലേക്കു നോക്കിയപ്പോൾ അതിൽ അഗ്നി പോലെ ജ്വലിക്കുന്ന തേജസ്സേറിയ ഒരു കന്യകയെ കണ്ടു. ഒരു ദേവകന്യകയോടു തുല്യയായ ആ സുന്ദരിയോട് അദ്ദേഹം മൃദുവായ വാക്കിൽ സാന്ത്വനപൂർവ്വം ചോദിച്ചു:

യയാതി പറഞ്ഞു: 'ഹേ പങ്കജാക്ഷീ, നീ ആരാണ്? മണികുണ്ഡലാലംകൃതയായ നീ എന്താണ് ദീർഘധ്യാനംചെയ്തു കേണുകൊണ്ടു നിൽക്കുന്നത്? വള്ളിപ്പടർപ്പുള്ള ഈ പൊട്ടക്കിണറ്റിൽ എങ്ങനെ പെട്ടു? നീ ആരുടെ മകളാണ്? ആരാണു നിന്റെ രക്ഷാകർത്താവ്?'

ദേവയാനി പറഞ്ഞു: 'ദേവന്മാർ കൊല്ലുന്ന അസുരന്മാരെയൊക്കെ വിദ്യകൊണ്ടു ജീവിപ്പിക്കുന്ന സാക്ഷാൽ ശുക്രമഹർഷിയുടെ മകളാണു ഞാൻ. എന്റെ അച്ഛൻ എന്റെ ഈ ദുഃസ്ഥിതി അറിയുന്നില്ല. ചുവന്ന നഖമുള്ള എന്റെ വലംകൈ ഇതാ ഞാൻ നീട്ടുന്നു. ഭവാൻ എന്നെ പിടിച്ചുകയറ്റുക. കുലീനനാണു ഭവാൻ. ഞാൻ സമ്മതിക്കുന്നു! ഭവാൻ ശാന്തനും, വീര്യവാനും, കീർത്തിമാനുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഈ ആപൽഗർത്തത്തിൽപ്പെട്ട എന്നെ ഭവാൻ കേറ്റണേ!'

വൈശമ്പായനൻ പറഞ്ഞു: "അവൾ ബ്രാഹ്മണിയാണെന്നറിഞ്ഞ് യയാതി വലംകൈപിടിച്ച് അവളെ കുണ്ടിൽനിന്നു കയറ്റി. അവളെ കിണറ്റിൽനിന്നു കയറ്റിയശേഷം നഹുഷാത്മജനായ രാജാവ് അവളോടു യാത്രപറഞ്ഞു രാജധാനിയിലേക്കു പോയി. യയാതി പോയതിന്നുശേഷം മാന്യയായ ദേവയാനി, തന്നെത്തിരഞ്ഞ് ആ വഴിയേ വരുന്ന സഖിയായ 'ഘൂർണ്ണിക' യോട് തീവ്രമായ ദുഃഖത്തോടെ പറഞ്ഞു."

ദേവയാനി പറഞ്ഞു: "ഘൂർണ്ണികേ, നീ പൊയ്ക്കൊള്ളുക! എന്റെ അച്ഛനോടു പറയുക: ഞാൻ ഇനി വൃഷപർവ്വാസുരന്റെ രാജധാനിയിലേക്കില്ല."

വൈശമ്പായനൻ പറഞ്ഞു: "ക്ഷണത്തിൽ ഘൂർണ്ണിക ദൈത്യപുരത്തിൽ ചെന്നെത്തി. ശുക്രനെച്ചെന്നുകണ്ടു സംഭ്രമത്തോടെ 'വൃഷപർവ്വരാജാവിന്റെ മകളായ ശർമ്മിഷ്ഠ ദേവയാനിയെ കോപത്താൽ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. അവൾ അവശയായി ഇപ്പോൾ മരിച്ചിട്ടുണ്ടാകും' എന്നു പറഞ്ഞു. ഈ വർത്തമാനം കേട്ട ഉടനെ സംഭ്രമത്തോടെ ശുക്രൻ മകളെത്തേടി വനത്തിലേക്കോടി. കാട്ടിൽവെച്ച് ദേവയാനിയെ ശുക്രൻ കണ്ടു. അച്ഛൻ മകളെ വ്യസനപൂർവ്വം കെട്ടിപ്പുണർന്നു കരഞ്ഞുകൊണ്ടു പറഞ്ഞു."

ശുക്രൻ പറഞ്ഞു: "മകളേ, ഏതൊരാൾക്കും താന്താങ്ങളുടെ കർമ്മഫലംകൊണ്ടാണ് സുഖദുഃഖങ്ങൾ ഉണ്ടാകുന്നത്. നീ എന്തെങ്കിലും പാപം ചെയ്തിരിക്കണം. അതിന്റെ ഫലമാണ് ഇങ്ങനെ സംഭവിച്ചത്."

ദേവയാനി പറഞ്ഞു: "കർമ്മഫലംകൊണ്ടാണോ അല്ലാതെയാണോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. അതൊന്നുമല്ല

digitized by www.sreyas.in

എനിക്കു പറയുവാനുള്ളത്. അച്ഛാ! ഞാൻ പറയുന്നതു കേൾക്കൂ! വൃഷപർവ്വപുത്രി എന്നോടു പറഞ്ഞു, ഭവാൻ ദാനവന്മാരുടെ സ്തുതിപാഠകനാണെന്ന്! അവൾ സത്യമായും എന്നോട് അങ്ങനെ പറഞ്ഞു! അവൾ പിന്നെ ക്രോധംകൊണ്ട് കണ്ണു ചുവപ്പിച്ചു തുറിച്ചുനോക്കി. തീക്ഷ്ണമായ പരുഷവാക്കുകൾ പിന്നേയും എന്നോടു പറഞ്ഞു."

ശർമ്മിഷ്ഠ പറഞ്ഞു: "നീ സ്തുതിപാഠകന്റെ, ഇരക്കുന്നവന്റെ, മകളാണ്. ഞാനോ സ്തുതിക്കപ്പെടുന്നവന്റെ, ദാനംചെയ്യുന്നവന്റെ, വാങ്ങാത്തവന്റെ, പുത്രിയാണ്."

ദേവയാനി പറഞ്ഞു: "അവൾ ഇപ്രകാരം കണ്ണുചുവത്തി വീണ്ടും അന്തസ്സുകാട്ടി പറഞ്ഞപ്പോൾ ഞാനും വിട്ടില്ല. എടീ അസുരവിത്തേ, ഞാൻ സ്തുതിക്കുന്നവന്റെ, ഇരക്കുന്നവന്റെ, വാങ്ങുന്നവന്റെ, പുത്രിയാണെന്നു തെളിയിച്ചാൽ ഞാൻ നിന്റെ ദാസിയായി ഇരുന്നുകൊള്ളാം എന്നു പറഞ്ഞു."

ശുക്രൻ പറഞ്ഞു: "സ്തുതിക്കുന്നവനും, ഇരക്കുന്നവനും, വാങ്ങുന്നവനും ആയ ഒരാളുടെ മകളല്ല നീ. സ്തുതിക്കാതെ, എല്ലാവരാലും സ്തുതിക്കപ്പെടുന്നവന്റെ മകളായ ദേവയാനിയാണ് നീ. വൃഷപർവ്വാവിന്നും, ഇന്ദ്രന്നും, യയാതിക്കും അറിയാം ശുക്രന്റെ യോഗ്യത! അചിന്ത്യവും, ബ്രാഹ്മവും, എതിരറ്റതും, ഈശ്വരസംബന്ധവുമായ ബലം എനിക്കുണ്ട്. ഭൂമിയിലും ആകാശത്തുമായി ഏതെല്ലാം ഏതേതിടത്തുണ്ടോ, അതിനൊക്കെ ഈശ്വരനാണു ഞാനെന്ന് ബ്രഹ്മാവും പറഞ്ഞിട്ടുണ്ട്. പ്രജകളുടെ ഹിതത്തിനായി ജലം മോചിപ്പിക്കുന്നത് ഈ ഞാനാണ്. സർവ്വ ഔഷധികളും പോഷിപ്പിക്കുന്നതും ഈ ഞാനാണ്. ഈ പറഞ്ഞതു സത്യം മാത്രമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അച്ഛൻ ദുഃഖപരവശയായ പുത്രിയെ മധുരവും ശ്ലക്ഷ്ണവുമായ വാക്കുകൾ കൊണ്ടു സാന്ത്വനപ്പെടുത്തി."

79. യയാത്യുപാഖ്യാനം - ശുക്രസാന്ത്വനം - ശുക്രൻ പറഞ്ഞു: "അല്ലയോ മകളേ, ദേവയാനീ, മറ്റുള്ളവർ പറയുന്ന അസത്യാക്ഷേപങ്ങൾ കേട്ടിട്ടും ഒന്നും മിണ്ടാതെ ജീവിക്കുന്നവൻ പ്രപഞ്ചം മുഴുവൻ ജയിക്കുമെന്നുള്ള പരമാർത്ഥം നീ ഗ്രഹിക്കുക. ശരിയായ ഒരു യോദ്ധാവ് കുതിരയെ കടിഞ്ഞാൺ പിടിച്ചുനിർത്തും. അതിൽ തൂങ്ങിക്കിടക്കുകയില്ല. കോപത്തെ അടക്കാൻ കഴിയുന്നവൻ ആപത്തിൽ പതിക്കുകയില്ല. തള്ളിപ്പൊങ്ങുന്ന ക്രോധം ശാന്തതകൊണ്ട് അകറ്റുന്നവൻ ലോകം മുഴുവൻ ജയിക്കുന്നവനായി പ്രശോഭിക്കും. തന്നെ പൊതിയുന്ന ഉൽക്കടമായ കോപത്തെ, പാമ്പ് തന്റെ ഉറയെ എന്നപോലെ, ക്ഷമകൊണ്ടു നീക്കുന്നവനാണ് ശരിയായ പുരുഷൻ. കോപത്തെ അടക്കുക, പരാപവാദങ്ങളെ ചെവിക്കൊള്ളാതിരിക്കുക, വ്യസനിക്കാതിരിക്കുക. അങ്ങനെയുള്ളവനേ ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥം നേടുവാൻ കഴിയൂ. മാസംതോറും യാഗം ചെയ്തു ഒരു നൂറ്റാണ്ടു ജീവിക്കാൻ കഴിഞ്ഞവനേക്കാൾ യഥാസമയം ക്ഷമിക്കുവാൻ കഴിയുന്ന, കോപം നീങ്ങിയവനാണ് മഹാൻ. (യാഗംചെയ്യുന്നവന്നു മനഃശാന്തി കൂടിയേ കഴിയൂ.) ചിന്തിക്കാൻ കഴിയാത്ത ബാലന്മാരാണ് വഴക്കടിക്കുക. ബുദ്ധിയുറച്ച വിവേകികൾ വഴക്കടിക്കുമോ? ബലാബലം അറിയുന്നവർ കലഹിക്കുകയില്ല."

ദേവയാനി പറഞ്ഞു: "അച്ഛാ, അങ്ങു പറഞ്ഞതൊക്കെ എനിക്കു മനസ്സിലായി. ഞാൻ ബാലയാണെങ്കിലും ധർമ്മഭേദമൊക്കെ മനസ്സിലാക്കിയിട്ടുള്ളവളാണ്. കോപിക്കാതിരിക്കലിലും, തർക്കവാദങ്ങളിലും ഞാൻ ബലാബലം ഓർക്കുന്നുണ്ട്. ശിഷ്യന്റെ വൃത്തികെട്ട ശിഷ്യനിൽ ക്ഷമിക്കാമോ? സ്വഭാവദോഷമുള്ളവരോടുകൂടി പാർക്കുവാൻ എനിക്കു തൃപ്തിയില്ല അച്ഛാ! ചാരിത്രം, ആഭിജാത്യം മുതലായവ പറഞ്ഞ് വീണ്ടും വീണ്ടും നിന്ദിക്കുന്ന പാപികളോടുകൂടി ജീവിക്കുവാൻ എനിക്കു കഴിയുകയില്ല. ശ്രേയസ്സ് ആഗ്രഹിക്കുന്ന പണ്ഡിതന്മാർ ദുർജ്ജനങ്ങളുടെ കൂടെ പാർക്കരുത്. ചാരിത്രം, കുലീനത എന്നിവയാൽ സജ്ജനത്തെ അറിഞ്ഞവൻ യോഗ്യരായ സജ്ജനങ്ങളോടുകൂടെ പാർക്കണം. അതാണ് ഉത്തമം. അച്ഛാ, ശർമ്മിഷ്ഠ പറഞ്ഞ ക്രൂരമായ വാക്കുകൾ അഗ്നിക്കായി കടയുന്ന അരണിപോലെ എന്റെ മനസ്സിനെയിട്ടു കടയുന്നു. ശർമ്മിഷ്ഠ പറഞ്ഞതിനേക്കാൾ കഠിനമായ വാക്ക് മൂന്നു ലോകത്തിലും ഒരാളും പറയുകയില്ല. അത്ര ദുഷ്ടമായ വാക്കു പറഞ്ഞവളോടുകൂടെ ഇനി ഞാൻ പൊറുക്കുകയില്ല. അച്ഛാ, ശത്രുവിന്റെ ശ്രീകൊണ്ടു ജീവിക്കുന്നതിൽപ്പരം കഷ്ടം വേറേയെന്തുണ്ട്? ശത്രുവിന്റെ ഐശ്വര്യംകൊണ്ടു ജീവിക്കുന്ന ശ്രീകെട്ടവന്റെ ജീവിതം മരണത്തേക്കാൾ ഭയാനകമാണെന്ന് പണ്ഡിതന്മാർ പറയുന്നു."

80. യയാത്യുപാഖ്യാനം - ദേവയാനീപ്രീണനം - വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഭൃഗുശ്രേഷ്ഠനായ ശുക്രൻ കോപതാപങ്ങളോടെ ചെന്ന്, ഒന്നും നോക്കാതെ വൃഷപർവ്വാവിനോടു പറഞ്ഞു."

ശുക്രൻ പറഞ്ഞു: "ഹേ! രാജാവേ, അധർമ്മം ഉടനെ ഫലിക്കയില്ല. അതു ഭൂമിപോലെയാണ്. അധർമ്മം വിതച്ചവന്ന് അതു പെട്ടെന്നു ഫലംചെയ്കില്ലെങ്കിലും, മെല്ലെ അതു ചെയ്ത ആൾക്ക് ഉന്മൂലനാശം വരുത്തും. പെട്ടെന്നു തന്നിലോ പുത്രദാരാദികളിലോ അതു കണ്ടില്ലെന്നു വരാം. കനപ്പെട്ട ഭോജനം വയറ്റിൽ ദുരിതഫലം കാണിക്കാതിരിക്കയില്ല! അപാപശീലനും ധർമ്മനിഷ്ഠനും എന്റെ കൂടെ പാർക്കുന്ന ശിഷ്യനുമായ കചനെ, അംഗിരസ്സിന്റെ പുത്രനായ ആ ബ്രാഹ്മണകുമാരനെ, നിങ്ങൾ കൊല്ലിച്ചില്ലേ? ആ യോഗ്യനെ ഹിംസിക്കുകയാലും, എന്റെ പുത്രിയെ ഹിംസിക്കുകയാലും, ഹേ വൃഷപർവ്വാവേ, ഞാൻ നിന്നെ കൂട്ടത്തോടുകൂടെ ഉപേക്ഷിച്ചു പോവുകയാണ്. ഹേ രാജാവേ, ഞാൻ നിന്റെ രാജ്യത്ത് നിന്റെകൂടെ പാർക്കുവാൻ ഇഷ്ടപ്പെടുന്നില്ല. ഞാൻ വെറുതെ ജല്പിക്കുന്നവനാണെന്ന് എടോ അസുര! നീ വിചാരിക്കുന്നുണ്ടാകാം. നിന്റെ ദോഷം നീ എന്തുകൊണ്ട് ഉപേക്ഷിക്കുന്നില്ല?"

വൃഷപർവ്വാവു പറഞ്ഞു: "ഹേ ഭാർഗ്ഗവ! അധർമ്മവും മിഥ്യയുമായ വാദങ്ങൾ ഒന്നും ഞാൻ ഭവാനിൽ കാണുന്നില്ല. അങ്ങു ധർമ്മിഷ്ഠനും സത്യവാനും ആണ്. ഞങ്ങളിൽ പ്രസാദിച്ചാലും! അങ്ങ് ഞങ്ങളെ വിട്ടു പോവുകയാണെങ്കിൽ ഞങ്ങൾക്ക് സമുദ്രത്തിൽ ചാടിച്ചാവുകയേ ഗതിയുള്ളൂ. വേറെ ആശ്രയമൊന്നുമില്ല."

ശുക്രൻ പറഞ്ഞു: "നിങ്ങൾ കടലിൽപ്പോയാലും കൊള്ളാം എവിടേക്ക് ഓടിപ്പോയാലും കൊള്ളാം. ഞാൻ എന്റെ മകൾക്ക് അപ്രിയം ചെയ്യുകയില്ല! എനിക്ക് അവൾ പ്രിയപ്പെട്ടവളാണ്. നീ ദേവയാനിയെ പ്രസാദിപ്പിക്കുക! അവൾ എന്റെ പ്രാണനാണ്. ബൃഹസ്പതി ഇന്ദ്രന് എന്നപോലെ ഞാൻ നിന്റെ നന്മയ്ക്കു വേണ്ടി ഇവിടെ വാഴാം."

വൃഷപർവ്വാവ് പറഞ്ഞു: "അസുരേന്ദ്രന്മാർക്ക് എത്രമാത്രം ധനം ഉണ്ടോ, എത്രമാത്രം പശുക്കളും, ആനകളും, കുതിരകളുമുണ്ടോ, ആ സർവ്വധനത്തിന്നും നാഥനായി, എന്റെ പ്രഭുവായി ഭവാൻ വാണാലും."

ശുക്രൻ പറഞ്ഞു: "അസുരന്മാരുടെ ധനത്തിന്റെ അധിപൻ ഞാനാണെങ്കിൽ ഹേ, ദേവാരിയായ രാജാവേ! ഭവാൻ ദേവയാനിയെ പ്രസാദിപ്പിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "അതു കേട്ട് അങ്ങനെയാകാം എന്നു പണ്ഡിതനായ വൃഷപർവ്വാവ് പറഞ്ഞു. ഈ വർത്തമാനം കേട്ട് ശുക്രൻ ദേവയാനിയുടെ അരികിൽപ്പോയി വൃത്താന്തം അറിയിച്ചു."

ദേവയാനി പറഞ്ഞു: "ഹേ താത! ഭാർഗ്ഗവ! ഭവാൻ ഈ രാജദ്രവ്യത്തിന്റെയൊക്കെ പാത്രമാണെങ്കിൽ ഞാൻ അത് അറിയുന്നില്ലല്ലോ! രാജാവുതന്നെ അത് എന്നോട് പറയട്ടെ!"

വൃഷപർവ്വാവ് പറഞ്ഞു: "ഹേ, ശുചിസ്മിതേ! ദേവയാനീ, നീ വിചാരിക്കുന്നവിധം എന്താവശ്യപ്പെടുന്നുവോ, അതൊക്കെ ഞാൻ തരാം. ദുർല്ലഭമായാലും ഞാൻ അതു നല്കാം."

digitized by www.sreyas.in

ദേവയാനി പറഞ്ഞു: "ശർമ്മിഷ്ഠയെ എന്റെ ദാസിയാക്കണം. ആയിരം കന്യകമാരോടുകൂടി അച്ഛൻ അവളെ എന്റെകൂടെ അയയ്ക്കണം."

വൃഷപർവ്വാവ് പറഞ്ഞു: "ധാത്രീ, നീ ഉടനെ ശർമ്മിഷ്ഠയെ ഇങ്ങോട്ടയയ്ക്കൂ! അവൾ ദേവയാനിയുടെ അഭീഷ്ടം ചെയ്തുകൊള്ളട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ധാത്രി പാഞ്ഞുചെന്ന് ശർമ്മിഷ്ഠയോടു പറഞ്ഞു."

ധാത്രി പറഞ്ഞു: "ഭദ്രേ! ശർമ്മിഷ്ഠേ! പോരൂ! ജ്ഞാതിവർഗ്ഗത്തിന്ന് നീ സൗഖ്യം നല്കിയാലും! ദേവയാനിയുടെ വാക്കുകേട്ട് അസുരന്മാരായ ശിഷ്യവർഗ്ഗത്തെ അദ്ദേഹം വിട്ടുപോവുകയാണ്. അനഘേ! നീ അവൾക്ക് ആകുംപോലെ ഇഷ്ടം ചെയ്യണം. അല്ലെങ്കിൽ അസുരന്മാരായ നമ്മളെല്ലാം കഷ്ടത്തിലാകും."

ശർമ്മിഷ്ഠ പറഞ്ഞു: "അവൾ കാമിക്കുന്നതെന്തോ അതു ഞാൻ ചെയ്തുകൊള്ളാം. ദേവയാനികാരണം എന്നെ ശുക്രൻ വിളിക്കുകയാണെങ്കിൽ ഞാൻ എന്തിനും തയ്യാറാണ്. ഞാൻ കാരണം ശുക്രനും ദേവയാനിയും നമ്മളെ വിട്ടുപോകേണ്ടാ."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് അവൾ ആയിരം കന്യകമാരോടുകൂടി പല്ലക്കിൽക്കയറി, അച്ഛന്റെ കല്പന അനുസരിച്ച്, പുരംവിട്ട് ഇറങ്ങി."

ശർമ്മിഷ്ഠ പറഞ്ഞു: "ഹേ, ദേവയാനി, ആയിരം ദാസിമാരോടുകൂടി നിന്റെ ദാസിയായി ഞാൻ നിന്റെകൂടെ പോരുന്നു. പിന്നെ നിന്റെ അച്ഛൻ നിന്നെ വിവാഹം കഴിച്ചുകൊടുക്കുന്ന ദിക്കിലേക്കും ഞാൻ പോരുവാൻ തയ്യാറാണ്."

ദേവയാനി പറഞ്ഞു: "ഞാൻ സ്തുതിക്കുന്നവന്റേയും, ഇരക്കുന്നവന്റേയും, വാങ്ങുന്നവന്റേയും മകളാണെങ്കിൽ ആ സ്തുതിപാഠകന്റെ പുത്രിയുടെ ദാസിയാകുന്നതെങ്ങനെയാണ് നീ?"

ശർമ്മിഷ്ഠ പറഞ്ഞു: "എന്തുചെയ്തിട്ടും ആർത്തരായ എന്റെ ബന്ധുജനങ്ങൾക്കു സൗഖ്യമുണ്ടാക്കുകയാണ് എന്റെ കർത്തവ്യം. ഞാൻ സ്വാർത്ഥം നോക്കുന്നവളല്ല. ബന്ധുജനങ്ങളുടെ സുഖമാണ് എന്റെ സുഖം. അവർ ദുഃഖിക്കുന്നു! അതുകൊണ്ട് ഞാൻ നിന്റെകൂടെ വരാം. നിന്റെ അച്ഛൻ തരുന്ന ഇടം ഞാൻ സ്വീകരിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ വൃഷപർവ്വാവിന്റെ പുത്രിയായ ശർമ്മിഷ്ഠ ദേവയാനിയുടെ ദാസ്യം സ്വീകരിച്ചു. അപ്പോൾ ദേവയാനി അച്ഛനോടു പറഞ്ഞു."

ദേവയാനി പറഞ്ഞു: "ഇനി ഞാൻ പുരത്തിലേക്കു പോരാം. എനിക്കു സന്തോഷമായി. വ്യർത്ഥമാകാത്ത അറിവും വിദ്യാബലവും അങ്ങയ്ക്കുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മകൾ പറഞ്ഞപ്പോൾ കീർത്തിമാനായ ആ ദ്വിജശ്രേഷ്ഠൻ ദാനവപൂജിതനായി സന്തോഷത്തോടെ പുരത്തിൽ പ്രവേശിച്ചു."

81. യയാത്യുപാഖ്യാനം - ദേവയാനീപരിണയം -
വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ വളരെനാൾ കഴിഞ്ഞു. ഒരു ദിവസം ആയിരം ദാസിമാരോടും ശർമ്മിഷ്ഠയോടുംകൂടി ദേവയാനി മുമ്പെ കലഹിച്ച കാട്ടിലേക്കു ക്രീഡിക്കുവാൻ പോയി. അവൾ മുമ്പു പറയപ്പെട്ട സ്ഥലത്തുചെന്ന് അത്യന്തം രസത്തോടുകൂടി മധുപാനംചെയ്തും, മധുരഫലങ്ങൾ തിന്നും, മറ്റു പല ഭോജ്യങ്ങൾ ഭക്ഷിച്ചും തോഴിമാരോടുകൂടി കളിയാടി നടന്നു.

പിന്നേയും യയാതിരാജാവ് നായാട്ടുചെയ്തു തളർന്നു ദാഹിച്ച് ജലം അന്വേഷിച്ചു ദൈവഗത്യാ ആ സ്ഥലത്തെത്തി. അപ്പോൾ ദേവയാനി ശർമ്മിഷ്ഠയോടും ദാസിമാരോടുംകൂടി, പലതരം വിചിത്രമായ ആഭരണങ്ങളും വസ്ത്രങ്ങളും ധരിച്ചു മധുപാനംചെയ്തുല്ലസിക്കുന്നതും, ദേവയാനി അവയെല്ലാം കണ്ടു പുഞ്ചിരിതൂകി ഇരിക്കുന്നതും, അദ്ദേഹം കണ്ടു. ആ സ്ത്രീകളുടെ നടുവിലായി അത്യന്തരമണീയയായ ദേവയാനിയുടെ പാദം തലോടിക്കൊണ്ടു ശർമ്മിഷ്ഠ ഇരിക്കുന്നു. യയാതി മന്ദം മന്ദം അവരെ സമീപിച്ചു. രാജാവു സമീപിച്ചപ്പോൾ അവർ ആദരവോടെ എഴുന്നേറ്റു പൂജിച്ചു. യയാതി അടുത്തുചെന്ന് സസന്തോഷം ചോദിച്ചു."

യയാതി പറഞ്ഞു: "രണ്ടായിരം കന്യകമാരോടുകൂടി ഉല്ലസിക്കുന്ന കന്യകമാരേ, നിങ്ങളുടെ രണ്ടുപേരുടേയും ഗോത്രനാമം അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ദേവയാനി പറഞ്ഞു: "രാജാവേ, ഞാൻ പറയാം. ഞാൻ അസുരാചാര്യനായ ശുക്രന്റെ പുത്രിയാണ്. ഇവൾ എന്റെ തോഴിയും ദാസിയുമായ ശർമ്മിഷ്ഠയാണ്. ഞാൻ പോകുന്നിടത്തും, വാഴുന്നിടത്തും പോരുന്ന സഖിയാണ് ഇവൾ. ദൈത്യരാജാവായ വൃഷപർവ്വാവിന്റെ പുത്രിയാണിവൾ."

യയാതി പറഞ്ഞു: "ഇത്ര നല്ല ഒരു കന്യക, സൗന്ദര്യവതിയായ രാജപുത്രി, എങ്ങനെ നിന്റെ സഖിയും ദാസിയുമായി?"

ദേവയാനി പറഞ്ഞു: "ഹേ നരശ്രേഷ്ഠ! എല്ലാവരും വിധിയെ പിന്തുടരുകയാണ്. വിധിയോഗമാണ് അത് എന്നു വിചാരിക്കുക. അതിനെക്കുറിച്ച് ഇപ്പോൾ വിസ്തരിക്കുന്നില്ല. രാജാവിന്നു തുല്യമായ രൂപവേഷങ്ങളും ബ്രാഹ്മിയായ വാക്കും ഭവാനുണ്ട്. അങ്ങ് ഒരു രാജാവാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഏതു രാജ്യത്തുനിന്നായിരിക്കും അങ്ങു വരുന്നത്? ആരുടെ പുത്രനാണു ഭവാൻ എന്നറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

യയാതി പറഞ്ഞു: "ബ്രഹ്മചര്യത്തിൽ വേദങ്ങളൊക്കെ പഠിച്ചറിഞ്ഞ രാജാവാണു ഞാൻ. രാജപുത്രനാണ്. യയാതി എന്നാണ് എന്റെ പേര്."

ദേവയാനി പറഞ്ഞു: "ഹേ രാജാവേ! ഭവാൻ എന്തു കാര്യം നിർവ്വഹിപ്പാനാണാവോ ഇത്രത്തോളം എഴുന്നള്ളിയത്? താമരപ്പൂ പറിക്കാനാകുമോ? അതോ മൃഗയാവിനോദത്തിന്നോ?"

യയാതി പറഞ്ഞു: "വേട്ടയാടി ദാഹിച്ചതുമൂലം ജലം അന്വേഷിച്ചു വന്നതാണ്. ഞാൻ അല്പമൊന്നു വിശ്രമിക്കട്ടെ! അതിന്നനുവാദം തന്നാലും!"

ദേവയാനി പറഞ്ഞു: "ഈ കാണുന്ന രണ്ടായിരം ദാസിമാരായ കന്യകമാരോടുകൂടി, പ്രധാന ദാസിയായ ശർമ്മിഷ്ഠയോടുകൂടി, ഞാൻ ഭവാന്റെ അധീനത്തിലായിരിക്കുന്നു! അങ്ങ് എന്റെ സഖാവും, ഇഷ്ടനായ ഭർത്താവുമാകണമെന്നപേക്ഷിക്കുന്നു."

യയാതി പറഞ്ഞു: "ഹേ, ശുക്രപുത്രീ, ഞാൻ ഭവതിയോടു ചേരുവാൻ തക്കവനല്ലല്ലോ! രാജാക്കന്മാർ നിന്റെ അച്ഛനോടു ചാർച്ചയ്ക്ക് ഒത്തവരല്ലല്ലോ?"

ദേവയാനി പറഞ്ഞു: ബ്രാഹ്മം ക്ഷാത്രത്തോടു ചേരും. ക്ഷാത്രം ബ്രാഹ്മത്തോടും ചേരും. ഭവാൻ ഋഷിയും ഋഷിപുത്രനുമാണ്. ഹേ നഹുഷപുത്ര! നീ എന്നെ വേട്ടാലും!" *

യയാതി പറഞ്ഞു: "ഒരേ ഒരു ദേഹത്തിൽനിന്നാണ് നാലു ജാതിയും ഉണ്ടായത്. ഹേ, വരാംഗനേ! എന്നാലും ഓരോന്നിനും ധർമ്മം വേറെയാണ്. ശുദ്ധി വേറെയാണ്. ഇവരിൽ ശ്രേഷ്ഠൻ ബ്രാഹ്മണനാണ്."

ദേവയാനി പറഞ്ഞു: "എന്നെ മറ്റൊരു പുരുഷനും പാണിഗ്രഹണം ചെയ്തിട്ടില്ല. മുമ്പേ നീ എന്റെ പാണി ഗ്രഹിച്ചു. അതുകൊണ്ട് ഞാൻ ഭവാനെ വരിച്ചിരിക്കുന്നു. ഋഷിനന്ദനനോ സാക്ഷാൽ ഋഷിയോ ആയ ഭവാൻ കൈപിടിച്ചിരിക്കെ ധീരയായ എന്റെ കരം മറ്റൊരു പുരുഷൻ തൊടുന്നതാണോ?"

* ക്ഷത്രിയരുടെ പുനരുദ്ധാരണം ബ്രാഹ്മണരെക്കൊണ്ടാണ്. ലോപാമുദ്ര തുടങ്ങിയ ക്ഷത്രിയകന്യകമാരിൽ ബ്രാഹ്മണോൽപത്തിയുണ്ടായിട്ടുണ്ട്. യയാതിയുടെ പൂർവ്വന്മാരുടെ കഥ നോക്കുക.

digitized by www.sreyas.in

യയാതി പറഞ്ഞു: "ക്രോധിക്കുന്ന പാമ്പിനേക്കാളും, ചുറ്റും കത്തിജ്ജ്വലിക്കുന്ന തീയിനേക്കാളും ദുരാധർഷനാണ് ബ്രാഹ്മണനെന്ന്, വിപ്രനെന്ന് അറിവുള്ളവനാണു ഞാൻ." *

ദേവയാനി പറഞ്ഞു: "ക്രോധിച്ച പാമ്പിനേക്കാൾ, കത്തിക്കാളുന്ന തീയിനേക്കാൾ ദുരാധർഷനാണു ബ്രാഹ്മണനെന്നു ഭവാൻ പറഞ്ഞത് എന്തുകൊണ്ടാണ്?"

യയാതി പറഞ്ഞു: "പാമ്പു കടിച്ചാൽ കടിയേറ്റവൻ മാത്രം കൊല്ലപ്പെടുന്നു. അതേല്ക്കുന്നവനെമാത്രം കൊല്ലുന്നു. എന്നാൽ കോപിച്ച ബ്രാഹ്മണൻ നാടടച്ചു മുടിക്കും. അതുകൊണ്ട് വിപ്രൻ ദുരാധർഷനാണെന്നാണ് എന്റെ മതം. അച്ഛൻ സമ്മതിച്ചു നല്കാതെ ഞാൻ നിന്നെ വേൾക്കുന്നതല്ല."

ദേവയാനി പറഞ്ഞു: "അച്ഛൻ നല്കുന്ന എന്നെ ഭവാൻ വേൾക്കുക! ഞാൻ വരിച്ച വരനാണ് ഭവാൻ. തരുവാൻ തയ്യാറുള്ള കാര്യത്തിൽ ചോദിക്കുവാൻ എന്തിന്നു ഭയപ്പെടുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഉടനെതന്നെ ദേവയാനി പിതാവിന്റെ അടുത്തേക്ക് ആളെ വിട്ടു. ധാത്രി ചെന്നു വൃത്താന്തമെല്ലാം ശുക്രനെ ഉണർത്തിച്ചു. കേട്ട ഉടനെ രാജാവിന്റെ മുമ്പിൽ ശുക്രൻ പ്രത്യക്ഷനായി. ശുക്രൻ വരുന്നതു കണ്ടപ്പോൾ യയാതിരാജാവ് മഹർഷിയെ കൈകൂപ്പി."

ദേവയാനി പറഞ്ഞു: "അച്ഛാ! ഈ നില്ക്കുന്ന നഹുഷപുത്രനായ യയാതിരാജാവ് എന്നെ കിണറ്റിൽനിന്നു കൈപിടിച്ചു കയറ്റിയവനാണ്. ഞാൻ അങ്ങയെ തൊഴുന്നു. എന്നെ അദ്ദേഹത്തിന്നു നല്കിയാലും. അന്യനെ ഞാൻ വരിക്കുന്നതല്ല."

ശുക്രൻ പറഞ്ഞു: "ഹേ രാജാവേ, എന്റെ പ്രിയപുത്രി ഭർത്താവായി ഭവാനെ വരിച്ചു. ഞാൻ തരുന്ന ഇവളെ പത്നിയായി ഹേ നഹുഷപുത്ര! ഭവാൻ സ്വീകരിച്ചാലും!"

യയാതി പറഞ്ഞു: "എന്നാൽ ഈ ഒരു അധർമ്മം മഹർഷേ! എന്നിൽ വന്നുചേരും. വർണ്ണസങ്കരം വലിയ അധർമ്മമല്ലേ? വർണ്ണസങ്കരം പാപമാണ്. ആ പാപം എന്നെ ബാധിക്കരുതെന്നും ഞാൻ അപേക്ഷിക്കുന്നു."

ശുക്രൻ പറഞ്ഞു: " ആ അധർമ്മം ഞാൻ ഒഴിവാക്കാം. ഇനിയും ഭവാൻ ആവശ്യമുള്ള വരം സ്വീകരിക്കുക. ഈ വിവാഹത്തിൽ ഭവാൻ വിഷാദിക്കേണ്ടതില്ല. ഭവാന്റെ പാപം ഞാൻ കളയാം. ഭവാൻ ധർമ്മപ്രകാരം രമ്യയായ ദേവയാനിയെ വേട്ടാലും. ഇവളോടുകൂടി വലിയ സന്തോഷത്തോടെ ജീവിക്കുക. വൃഷപർവ്വരാജാവിന്റെ പുത്രിയായ ശർമ്മിഷ്ഠയെ ആദരിക്കുക. എന്നാൽ ഭവാൻ അവളെ 'കൂടെക്കിടക്കുവാൻ' വിളിക്കരുത്."

വൈശമ്പായനൻ പറഞ്ഞു: "യയാതി ശുക്രമഹർഷിയുടെ വാക്കുകേട്ട് മഹർഷിയെ വലംവെച്ച് ശാസ്ത്രോക്ത വിധിപ്രകാരം മംഗളമായി വിവാഹംചെയ്തു. ശുക്രൻ നല്കിയ ധനത്തോടുകൂടി ദേവയാനിയെ സ്വീകരിച്ചു. രണ്ടായിരം കന്യകമാരോടും ശർമ്മിഷ്ഠയോടുംകൂടി ശുക്രന്റേയും ദൈത്യരാജാവിന്റേയും സൽക്കാരം സ്വീകരിച്ച് യയാതി അനുജ്ഞ വാങ്ങി, സസന്തോഷം സ്വന്തം രാജധാനിയിൽ എത്തി."

82. യയാത്യുപാഖ്യാനം – ശർമ്മിഷ്ഠാസ്വീകാരം –

വൈശമ്പായനൻ പറഞ്ഞു: "യയാതി ഇന്ദ്രനഗരിക്കു തുല്യമായ തന്റെ പുരിയിൽ പ്രവേശിച്ചു. ദേവയാനിയെ അന്തഃപുരത്തിൽ പ്രവേശിപ്പിച്ചു. ദേവയാനിയുടെ സമ്മതത്തോടുകൂടി വൃഷപർവ്വകുമാരിയായ ശർമ്മിഷ്ഠയെ അശോകവനത്തിൽ ഒരു ആലയം നിർമ്മിച്ച് അതിൽ ഇരുത്തി. ആയിരം ദാസികളോടുകൂടിയ ശർമ്മിഷ്ഠയ്ക്ക് സുഖമായി വസ്ത്രങ്ങളും അന്നപാനാദികളും യഥായോഗ്യം നല്കി സൽക്കരിച്ചു.

ദേവയാനിയോടുകൂടി ഉർവ്വീദേവേന്ദ്രനായ യയാതി വളരെ സുഖമായി ദേവതുല്യം വിഹരിച്ചു. ഋതുകാലം വന്നതിന്നുശേഷം വരാംഗനയായ ദേവയാനി ഗർഭം ധരിച്ചു. അവൾ ഒരു കുമാരനെ പ്രസവിച്ചു. ആയിരം വർഷം ചെന്നതിന്നുശേഷം ദാനവിയായ ശർമ്മിഷ്ഠ യൗവനയുക്തയായി. അവൾ ചിന്തിച്ചു: 'ഞാൻ ഋതുമതിയായി. എന്നെ വരിച്ച ഒരു ഭർത്താവ് എനിക്കില്ല. എന്റെ ഗതിയെന്താവും? ഞാൻ എന്തു ചെയ്യും? എന്തു ചെയ്താൽ ശുഭം വരും. ദേവയാനിക്ക് പുത്രൻ പിറന്നു. എന്റെ ഈ യൗവനം കൊണ്ട് എന്തുകാര്യം? അവൾ അന്നു വരിച്ചവിധം ഞാനും അദ്ദേഹത്തെ വരിച്ചാലോ? രാജാവിൽനിന്ന് എനിക്ക് പുത്രൻ ജനിക്കണമെന്നാണ് എന്റെ ആഗ്രഹം. ആ ധർമ്മജ്ഞനെ ഗൂഢമായി എനിക്കു കണ്ടുകിട്ടുവാൻ കഴിഞ്ഞെങ്കിൽ!' ഇങ്ങനെ ഓരോന്നു വിചാരിച്ച് അവൾ ദിവസങ്ങൾ കഴിച്ചു. ഒരുദിവസം യദൃച്ഛയാ രാജാവു പുറത്തേക്കുപോയി. അദ്ദേഹം അശോകവാടിയിൽ ശർമ്മിഷ്ഠയെ കണ്ടു നോക്കി നിന്നുപോയി. ഋതുസ്നാനം കഴിഞ്ഞ് അവൾ മെയ്യാഭരണങ്ങൾ അണിഞ്ഞ്, കണ്ണെഴുതി, പൊട്ടുതൊട്ട്, ചുണ്ടു ചുവപ്പിച്ച്, നല്ല വസ്ത്രാലങ്കാരങ്ങളണിഞ്ഞ്, അംഗജന്റെ തഴപോലെ മനോഹരമായ നീണ്ട പൂമുടി അഴിച്ചു പിന്നിൽ ചിന്നി, പൂത്തുനിൽക്കുന്ന ഒരു അശോകവൃക്ഷത്തിന്റെ ശാഖ കൈ പൊക്കിപ്പിടിച്ച്, തന്റെ സ്തനത്തിന്നൊത്ത പൂങ്കുലകളുടെ നടുവിൽ, കണ്ണാടിയിൽ മുഖത്തിന്റെ മനോജ്ഞത നോക്കിനോക്കി രസിച്ച് മനസ്സിൽ എന്തോ ചിന്തിച്ചു നില്ക്കുകയായിരുന്നു. പെട്ടെന്നു ശർമ്മിഷ്ഠ ഒറ്റയ്ക്കു രാജാവിനെക്കണ്ടു. ലജ്ജയോടെ പുഞ്ചിരിതൂകി അടുത്തുചെന്ന് എതിരേറ്റു. അവൾ കൈകൂപ്പി രാജാവിനോടു പറഞ്ഞു."

ശർമ്മിഷ്ഠ പറഞ്ഞു: "ചന്ദ്രൻ, ഇന്ദ്രൻ, മാധവൻ, യമൻ, വരുണൻ എന്നിവരുടേയും ഭവാന്റേയും ഗൃഹത്തിൽ സ്ത്രീകളെ ആര് കാണും? രൂപം, ആഭിജാത്യം, ശീലം ഇവകൊണ്ടൊക്കെ ഭവാൻ എന്നെ അറിയുന്നുണ്ടല്ലോ. അങ്ങനെയുള്ള ഞാൻ ഭവാനെ പ്രസാദിപ്പിക്കുന്നു. ഭവാനോടു കനിഞ്ഞ് ഇരക്കുന്നു. ഞാൻ ഇന്ന് ഋതുസ്നാനം കഴിഞ്ഞു നില്ക്കുകയാണ്. അതിന്റെ ഫലം എനിക്ക് അങ്ങു നല്കണം."

യയാതി പറഞ്ഞു: "സുശീലയാണ് ഭവതി, ദൈത്യരാജപുത്രീ, നീ എനിക്കു നന്ദിക്കത്തക്കവളാണ്. കുലീനയാണ്, സുന്ദരിയാണ്, ശുഭ്രയാണ്. സൂചിപ്പാടിന്നുള്ള കുറ്റംപോലും ഞാൻ നിന്റെ രൂപത്തിൽ കാണുന്നില്ല. ദേവയാനിയെ വേട്ടപ്പോൾ ദേവാരി ഗുരുവായ ഭാർഗ്ഗവൻ പറഞ്ഞതു കേട്ടിട്ടില്ലേ? വൃഷപർവ്വജയെ കൂടെ കിടത്തരുതെന്ന്?"

ശർമ്മിഷ്ഠ പറഞ്ഞു: "നേരമ്പോക്കിലും, സ്ത്രീജനങ്ങളിലും, വിവാഹത്തിലും, പ്രാണനാശത്തിലും, സർവ്വസ്വവും പോകുന്ന സമയത്തിലും ഇങ്ങനെ അഞ്ചുദിക്കിൽ മിഥ്യാവാക്കു പറയുന്നതു പാപമാവുകയില്ല. ഇക്കാര്യങ്ങൾക്കായി കളവുപറയേണ്ടിവരുന്നവൻ അധഃപതിച്ചവനെന്നു പറയുന്നതു ശരിയല്ല. ഞാനും ദേവയാനിയും ഭവാനെ ഒരുപോലെ സ്നേഹിക്കുന്ന സ്ഥിതിക്ക് ദേവയാനി മാത്രമാണ് എന്റെ ഭാര്യ എന്ന് അങ്ങു പറയുകയാണെങ്കിൽ അതു മിഥ്യാവചനമായിരിക്കും. അങ്ങനെ പറയുന്ന അസത്യം അങ്ങയുടെ അധഃപതനത്തിന്നു കാരണമായിരിക്കും."

യയാതി പറഞ്ഞു: "ഭൂതപ്രമാണമായ രാജാവ് ഭോഷ്ക്കുപറയുന്നതായാൽ നശിക്കും. അർത്ഥകൃച്ഛ്റം ഭവിക്കുന്ന സമയത്തും ഞാൻ അനൃതം സ്വീകരിക്കയില്ല."

ശർമ്മിഷ്ഠ പറഞ്ഞു: "പതിയും തോഴിയുടെ പതിയും സമമാണല്ലോ രാജാവേ! വിവാഹവും അതുപോലെ സമമാണ്. ആകയാൽ ഞാൻ തോഴിയുടെ പതിയായ അങ്ങയോട് ഒരു വരം വരിക്കുന്നു."

യയാതി പറഞ്ഞു: "ചോദിച്ചതു കൊടുക്കുക എന്ന ഒരു വ്രതം എനിക്കുണ്ട്. നീ എന്നോടു ചോദിക്കുന്നു. ശരി! ഞാൻ എന്തിഷ്ടമാണ് നിനക്ക് ചെയ്യേണ്ടത്?"

ശർമ്മിഷ്ഠ പറഞ്ഞു: "ഹേ, രാജാവേ, മൂന്നുകൂട്ടർ അധനരാണ്. ഭാര്യ, ദാസൻ, സുതൻ ഇവർ മൂന്നുപേരും അധനരാണ്.

* രാജാവിന്നു ശർമ്മിഷ്ഠയിൽ താൽപര്യമുദിച്ചു. അതു വെളിപ്പെടുത്തുവാൻ ധൈര്യപ്പെട്ടില്ല. അതുകൊണ്ടാകാം രാജാവ് ഇപ്രകാരം പറഞ്ഞത്.

digitized by www.sreyas.in

ധനം സമ്പാദിക്കുവാൻ പാടില്ലാത്തവരാണ്. അവർക്കുണ്ടായ മുതലും അവരും ഉടമസ്ഥന്റെയാണ്. ആ നിലയ്ക്കു ചിന്തിക്കുക. ദേവയാനിക്കു ഞാൻ ദാസിയാണ്. ആ ഭാർഗ്ഗവി ഭവാന്റെയാണ്. അവളും ഞാനും ആ നിലയ്ക്ക് അങ്ങയ്ക്കു ഗ്രാഹ്യരാണ്. അതുകൊണ്ട് ഭവാൻ എന്നെ ഗ്രഹിച്ചാലും. അങ്ങയെയല്ലാതെ മറ്റാരേയും ഞാൻ സ്വീകരിക്കയില്ല. അന്യനെ പ്രാപിക്കുക എന്ന അധർമ്മത്തിൽനിന്ന് എന്നെ രക്ഷിച്ച് ഹേ രാജാവേ, ഭവാൻ എന്നിൽ ധർമ്മം പുലർത്തിയാലും. അങ്ങയാൽ സന്താനം നല്കപ്പെട്ട് ഞാൻ നന്നായി ധർമ്മം നടത്താം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശർമ്മിഷ്ഠ പറഞ്ഞപ്പോൾ അതു ശരിയാണ് എന്നു ചിന്തിച്ച് രാജാവു പ്രസന്നനായി. ശർമ്മിഷ്ഠയെ മാനിച്ചു ധർമ്മസംസിദ്ധി നല്കി. രാജാവ് ശർമ്മിഷ്ഠയോടു ചേർന്ന്, സ്നേഹത്തോടെ പരസ്പരം കാമസിദ്ധി കൈവരുത്തി സൽക്കരിച്ചു. അങ്ങനെ ഇരുപേരും കാമനിർവൃത്തി വരുത്തി പിരിഞ്ഞു. അപ്രകാരം നടന്ന ആ ഒന്നാമത്തെ സമാഗമത്തിൽ രാജാവിൽനിന്നു ശർമ്മിഷ്ഠ ഗർഭിണിയായിത്തീർന്നു യഥാകാലം കമലനേത്രയായ ശർമ്മിഷ്ഠ ദേവതുല്യം തേജസ്വിയായ ഒരു കുമാരനെ പ്രസവിച്ചു."

83. യയാത്യുപാഖ്യാനം - ശുക്രശാപം - വൈശമ്പായനൻ പറഞ്ഞു: "ശർമ്മിഷ്ഠ ഒരു ആൺകുട്ടിയെ പ്രസവിച്ചതായി കേട്ട് ദേവയാനി ശർമ്മിഷ്ഠയെപ്പറ്റി ചിന്തിച്ച് ആധിപൂണ്ടു. അവൾക്ക് എങ്ങനെ ഗർഭമുണ്ടായി? ആരിൽനിന്ന്? അവൾ ആകുലയായി, ശർമ്മിഷ്ഠയുടെ അടുത്തേക്കു ചെന്നു."

ദേവയാനി ചോദിച്ചു: "എടോ ശർമ്മിഷ്ഠേ! സുന്ദരീ, കാമലോഭങ്ങൾകൊണ്ട് നീ പാപകർമ്മം ചെയ്തുപോയോ? എന്താണിത്?"

ശർമ്മിഷ്ഠ പറഞ്ഞു: "സഖീ, ഇവിടെ ധർമ്മാത്മാവും ബഹുശ്രുതനുമായ ഒരു മഹർഷി എഴുന്നള്ളി. അദ്ദേഹത്തോടു ധർമ്മസിദ്ധി വരുത്തുവാൻ ഞാൻ അപേക്ഷിച്ചു. ഹേ! സുസ്മിതേ, ഞാൻ അന്യായമായി കാമസംതൃപ്തി വരുത്തിയതല്ല. ഈ പുത്രനെ ആ മഹർഷിതന്നതാണ്. ഞാൻ ഈ പറഞ്ഞതു സത്യമാണ്."

ദേവയാനി പറഞ്ഞു: "അങ്ങനെയാണെങ്കിൽ നന്നായി. നീ എന്താണ് ഭയപ്പെട്ട മട്ടിൽ നെടുവീർപ്പിടുന്നത്? എവിടെയുള്ളവനാണ് ആ വിപ്രൻ? എന്താണദ്ദേഹത്തിന്റെ ഗോത്രനാമം? എനിക്ക് അദ്ദേഹത്തെ അറിയണം!"

ശർമ്മിഷ്ഠ പറഞ്ഞു: "തപസ്തേജസ്സിനാൽ അർക്കാഭനായ ആ മുനീന്ദ്രനെ കണ്ടമാത്രയിൽ ചോദിക്കുവാൻ എനിക്കു കെൽപ്പുണ്ടായില്ല. ഞാൻ ആകെ തളർന്നുപോയി!"

ദേവയാനി പറഞ്ഞു: "ഇപ്രകാരമാണു സംഭവമെങ്കിൽ എനിക്കു വ്യസനിക്കേണ്ടതില്ല. സന്തോഷമേയുള്ളു. നല്ല ഒരു വിപ്രനിൽ നിന്നാണല്ലോ നിനക്കു പുത്രനുണ്ടായത്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം തമ്മിൽ പറഞ്ഞു കുലുങ്ങിച്ചിരിച്ചു. പറഞ്ഞതൊക്കെ സത്യമാണെന്നു വിചാരിച്ച് ഭാർഗ്ഗവി സ്വന്തം ഗൃഹത്തിൽ പ്രവേശിച്ചു. ദേവയാനിയിൽ രണ്ടു സന്താനങ്ങൾ രാജാവു ജനിപ്പിച്ചു. 'യദു' വും 'തുർവ്വസു' വും; ഇവർ ഇന്ദ്രനും വിഷ്ണുവും എന്നപോലെ ശോഭിച്ചു. വൃഷപർവ്വജയായ ശർമ്മിഷ്ഠയ്ക്ക് രാജാവിൽനിന്നു 'ദ്രുഹ്യു', 'അനു', 'പൂരു' എന്നീ മൂന്നു സന്താനങ്ങളും ജനിച്ചു.

ഇങ്ങനെ കുറച്ചുകാലം ചെന്നപ്പോൾ സുമുഖിയായ ദേവയാനി യയാതിയുമൊത്തു വിനോദിക്കുവാൻ ആ പൂങ്കാവിൽച്ചെന്നു. അവിടെ ദേവാഭന്മാരായ കുട്ടികൾ നന്ദിച്ചു നിർഭയം കളിയാടുന്നതു കണ്ട്, ദേവയാനി ചോദിച്ചു."

ദേവയാനി പറഞ്ഞു: "ദേവസുതോപമന്മാരായ ഈ കുമാരന്മാർ ആരുടെയാണ്? ഭവാനോടു തുല്യമായ രൂപവും തേജസ്സും അവരിൽ കാണുന്നതായി എനിക്കു തോന്നുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദേവയാനി രാജാവിനോടു ചോദിച്ചു ബാലകന്മാരെ സമീപിച്ചു."

ദേവയാനി പറഞ്ഞു: "മക്കളെ, നിങ്ങളുടെ അച്ഛന്റെ പേരെന്താണ്? നിങ്ങൾ ഏതു വംശത്തിൽ പിറന്നവരാണ്? അച്ഛനാരാണ്? നേരു പറയൂ! കേൾക്കുവാൻ എനിക്കു വളരെ ഇഷ്ടമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ദേവയാനിയുടെ വാക്കു കേട്ട് അവർ രാജാവിനെ ചൂണ്ടിക്കാണിച്ചു. ശർമ്മിഷ്ഠ ഞങ്ങളുടെ അമ്മയാണ് എന്നും പറഞ്ഞു.

ഇപ്രകാരം പറഞ്ഞ് അവരെല്ലാവരും രാജാവിനെ കെട്ടിപ്പുണരുവാൻ അരികിലേക്കു ചെന്നു. അരികിൽ നില്ക്കുന്ന ദേവയാനിക്ക് അതു സഹിച്ചില്ല. അവളുടെ മുഖഭാവം മാറി! ദേവയാനിയുടെ സമീപത്തുവെച്ച് മക്കളെ രാജാവ് അത്ര കൊണ്ടാടിയതുമില്ല. കുട്ടികൾ കരഞ്ഞുകൊണ്ട് ശർമ്മിഷ്ഠയുടെ അരികിൽ ച്ചെന്നു കുട്ടികളുടെ നില്പുകണ്ട് രാജാവു നാണിച്ചു. കുട്ടികൾക്ക് അച്ഛനിലുള്ള ഇഷ്ടം മനസ്സിലാക്കി ദേവയാനി യാഥാർത്ഥ്യം ഗ്രഹിച്ച് ശർമ്മിഷ്ഠയോടു പറഞ്ഞു."

ദേവയാനി പറഞ്ഞു: "എന്റെ പാട്ടിൽ നിന്നുകൊണ്ട് നീ എന്നോട് എന്താണ് അപ്രിയം കാണിക്കുവാൻ? ആ ദൈത്യധർമ്മം തന്നെ നീ കൈക്കൊണ്ടു, അല്ലേ? എന്നെ ഭയമില്ലാതായോ?"

ശർമ്മിഷ്ഠ പറഞ്ഞു: "അല്ലയോ ചാരുഹാസിനീ, ഞാൻ നിന്നോടു മുമ്പു പറഞ്ഞതു പരമാർത്ഥമാണ്. ഋഷിയാണ് കുട്ടികളുടെ അച്ഛൻ എന്നു മുമ്പു പറഞ്ഞതല്ലേ? ഞാൻ ശരിയായ ധർമ്മത്തിലാണു നില്ക്കുന്നത്. അതിൽ എനിക്ക് ഒട്ടും ഭയമില്ല. നീ വരനെ വരിച്ചപ്പോൾ ആ നിമിഷത്തിൽ ഞാനും ഒപ്പം അദ്ദേഹത്തെ വരിച്ചു. സഖിയുടെ ഭർത്താവ് തനിക്കും ഭർത്താവാണ് എന്നാണു ധർമ്മം! ഈ ചൊല്ലു പ്രസിദ്ധമാണല്ലോ! ഹേ ദ്വിജനന്ദിനി, നീ എനിക്കു പൂജ്യയും, മാന്യയുമായ ജ്യേഷ്ഠത്തിയാണ് * നിന്നേക്കാൾ പൂജ്യതമനാണ് രാജർഷിയെന്ന് നിനക്കറിഞ്ഞുകൂടെ?"

വൈശമ്പായനൻ പറഞ്ഞു: "അവൾ പറഞ്ഞതു കേട്ട് ദേവയാനിയും ഇപ്രകാരം പറഞ്ഞു."

ദേവയാനി പറഞ്ഞു: "ഇന്നുമുതൽ ഞാൻ ഇവിടെ വസിക്കുന്നതല്ല. ഹേ രാജാവേ, നീ എന്നോട് അപ്രിയം ചെയ്തിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ആ തന്വംഗീമണിയായ ദേവയാനി പിടഞ്ഞെഴുന്നേറ്റു കണ്ണുനീർ പൊഴിച്ചു. അച്ഛന്റെ അടുത്തേക്കു ബദ്ധപ്പെട്ടു നടന്നു. ഇതു കണ്ട് രാജാവു നടുങ്ങി. രാജാവു പരിഭ്രമിച്ച് സാന്ത്വനവാക്കുകൾ പറഞ്ഞ് അവളെ പിന്തുടർന്നു. ക്രോധിച്ചു കണ്ണും ചുവപ്പിച്ച് അവൾ തിരിഞ്ഞുനോക്കാതെ നടന്നു. രാജാവ് പറയുന്നതിനൊന്നും അവൾ മറുപടി പറഞ്ഞില്ല. അവൾ കണ്ണുനീരുമായി അച്ഛന്റെ അരികിൽ ചെന്നു. അച്ഛനെ കണ്ടു വന്ദിച്ച് അഗ്രഭാഗത്തു നിന്നു. ഉടനെ രാജാവും ശുക്രമുനിയുടെ മുമ്പിലെത്തി വന്ദിച്ചു നിന്നു."

ദേവയാനി പറഞ്ഞു: "അധർമ്മം ധർമ്മത്തെ ജയിച്ചു! എല്ലാം മേലുകീഴു മറിഞ്ഞു! വൃഷപർവ്വജ എന്നേക്കാൾ മേലെയായി. ഈ യയാതിരാജാവ് അവളിൽ മൂന്നു സന്താനങ്ങളെ ജനിപ്പിച്ചു. എനിക്കു രണ്ടും! അച്ഛാ! ഞാൻ പറഞ്ഞതു സത്യമാണ്. ഞാൻ ദുർഭഗയായി. ധർമ്മജ്ഞനെന്നു പേരുകേട്ടവനായ ഈ രാജാവ് മര്യാദതെറ്റി നില്ക്കുന്നു! ഹേ പിതാവേ! ഞാൻ ഉള്ളതാണു പറഞ്ഞത്."

ശുക്രൻ പറഞ്ഞു: "എന്റെ മകൾ പറഞ്ഞതു സത്യമാണെങ്കിൽ, നീ ധർമ്മജ്ഞനായിട്ടും, നീ കാമാസക്തനായി, അധർമ്മം

* ബ്രാഹ്മണിയാകയാലും, ആദ്യഭാര്യയാകയാലും പൂജ്യയാണ്. എന്നാൽ രാജപുത്രിയാകയാൽ തനിക്കാണു രാജാവിനെ സല്ക്കരിക്കുവാൻ കൂടുതൽ അർഹത എന്നു സാരം.

digitized by www.sreyas.in

ചെയ്തതുകൊണ്ട് നിനക്കു ജയിക്കാൻ വയ്യാത്ത ജര ബാധിക്കട്ടെ!"

യയാതി പറഞ്ഞു: "മഹർഷേ, ഭഗവാനേ, അങ്ങയ്ക്ക് എല്ലാം അറിയാമല്ലോ. ഋതുയാചനചെയ്ത ദൈത്യേന്ദ്രപുത്രിക്ക് ധാർമ്മികമായി പുത്രദാനം ഞാൻ നടത്തി. മറിച്ചല്ല ചെയ്തത് മഹർഷേ! ഋതുകാലത്തെ യാചന നാരിക്കു സാധിപ്പിക്കാത്ത പുരുഷൻ ഭ്രൂണഹന്താവാണെന്ന് ബ്രഹ്മജ്ഞന്മാർ പറയുന്നുണ്ടല്ലോ. ഗമ്യയായ കാമിനി കാമിച്ച്, രഹസ്സിൽ കാമപ്രാർത്ഥന ചെയ്യുമ്പോൾ ഗമിക്കാത്തവൻ ഭ്രൂണഹന്താവാണെന്നാണല്ലോ പണ്ഡിതന്മാർ പറയുന്നത്. ഇങ്ങനെ ഓരോ കാരണങ്ങൾ വേണ്ട വണ്ണം ചിന്തിച്ച് അധർമ്മഭീതിമൂലം ഞാൻ ശർമ്മിഷ്ഠയോടു ചേർന്നതാണ്."

ശുക്രൻ പറഞ്ഞു: "ഹേ രാജാവേ, ഭവാൻ എന്തുകൊണ്ട് എന്നെ ചിന്തിച്ചില്ല? നീ എനിക്ക് അധീനനല്ലേ? എന്നെ അറിയിക്കേണ്ടതല്ലേ? എന്റെ അനുവാദം വാങ്ങേണ്ടതല്ലേ? നീ ചതിയാണു ചെയ്തത്. നാഹുഷ! നീ ധർമ്മചൗര്യമാണു ചെയ്തത്."

വൈശമ്പായനൻ പറഞ്ഞു: "കോപിച്ചു ശുക്രൻ രാജാവിനെ ശപിച്ചു. ഉടനെ യയാതി തന്റെ യൗവനം വിട്ടു ജരാപീഡിതനായി."

യയാതി പറഞ്ഞു: "ഹേ മഹർഷേ! എനിക്കു ദേവയാനിയുമായി യൗവനവിഷയസുഖാനുഭവത്തിൽ തൃപ്തി കൈവന്നിട്ടില്ല. എന്നിൽ പ്രസാദിക്കണേ! ജര ബാധിക്കാത്തവിധം അനുഗ്രഹിക്കണേ!"

ശുക്രൻ പറഞ്ഞു: "ഹേ, രാജാവേ! ഞാൻ ഒരിക്കലും അനൃതം പറയുകയില്ല. ഞാൻ പറയുന്നതു വ്യർത്ഥമാവുകയില്ല; നീ ജരയിൽപ്പെടുകതന്നെ ചെയ്തിരിക്കുന്നു. എന്നാൽ, ഭവാന്റെ അപേക്ഷപ്രകാരം ഞാൻ ഈ ജര അങ്ങ് ആഗ്രഹിക്കുന്നവിധം അന്യനിലേക്കാക്കുവാൻ അനുഗ്രഹിക്കുന്നു."

യയാതി പറഞ്ഞു: "എന്റെ പുത്രന്മാരിൽ ആരാണോ എനിക്കു യൗവനത്തെ നല്കുന്നത്, അവൻ എന്റെ കാലശേഷം രാജ്യത്തിന് അവകാശിയാകണം. മഹാ സുകൃതശാലിയും അനശ്വരകീർത്തിമാനുമാകണം. അവിടുന്നു അതിനുംകൂടി അനുഗ്രഹിക്കണം."

ശുക്രൻ പറഞ്ഞു: "ഹേ, രാജാവേ! നീ എന്നെ വിചാരിച്ച് യഥേഷ്ടം ജര മാറ്റിവെച്ചുകൊള്ളുക. അതിന്നു നിനക്കു സാധിക്കും. ഞാൻ അനുഗ്രഹിക്കുന്നു. പിന്നെ, നിനക്കു പാപം വരില്ല. നിനക്കു യൗവനം തരുന്ന പുത്രൻ രാജാവാകും. അവൻ ആയുഷ്മാനും, കീർത്തിമാനും, ബഹുസന്താനകാരിയുമായി പ്രശോഭിക്കും."

84. യയാത്യുപാഖ്യാനം – പൂരുവിന്റെ ജരാസ്വീകാരം – വൈശമ്പായനൻ പറഞ്ഞു: "യയാതി ജര ബാധിച്ചു നരച്ചു കുരുച്ച് രാജധാനിയിൽ ചെന്നുചേർന്നു. അവൻ ശ്രേഷ്ഠനും മൂത്തപുത്രനുമായ യദുവിനെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

യയാതി പറഞ്ഞു: "ഹേ, യദു! കുഞ്ഞേ! അച്ഛന് ശുക്രശാപം നിമിത്തം ജരയും നരയും വന്നുകൂടി. യൗവനസുഖാനുഭവങ്ങളിൽ എനിക്കു തൃപ്തി വന്നിട്ടുമില്ല മകനേ, നീ എന്റെ പാപം ജരയോടുകൂടി ഏറ്റുവാങ്ങുക. നിന്റെ യൗവനംകൊണ്ട് അച്ഛൻ വിഷയസുഖം അനുഭവിക്കട്ടെ. ആയിരംവർഷം ഞാൻ വിഷയസുഖമനുഭവിച്ചതിന്നുശേഷം യൗവനം നിനക്കു മടക്കിത്തന്ന് ജരയും, പാപവും തിരിയെ വാങ്ങിക്കൊള്ളാം."

യദു പറഞ്ഞു: "ജരയ്ക്കു വളരെ ദോഷമുണ്ട്. പാനഭോജനരൂപമാണ് ആ ദോഷം. എനിക്ക് യഥേഷ്ടം തിന്നുവാനോ, കുടിക്കുവാനോ ജരബാധിച്ചാൽ കഴിയാതെയാകും. അതുകൊണ്ട് അച്ഛാ, അങ്ങയുടെ ജര ഞാൻ വാങ്ങുവാൻ വിചാരിക്കുന്നില്ല. താടിയും തലയും നരയ്ക്കും; ശരീരം ജരകൊണ്ട് ഉലയും; ചുളി വീഴും; സുഖമൊക്കെ പോകും: കാഴ്ചമങ്ങും; ശക്തി ക്ഷയിക്കും; ദേഹം ചടയ്ക്കും. പ്രവൃത്തിക്കു കഴിയാതാകും. സ്ത്രീകൾക്കൊക്കെ ഞാൻ പരിഹാസ്യനാകും. കൂടെയുള്ളവർക്കും ഞാൻ ഹാസ്യനാകും. അതുകൊണ്ട് ജര എനിക്കു വേണ്ട. എന്നേക്കാൾ പ്രിയപ്പെട്ടവരായി അങ്ങയ്ക്കു പല മക്കളുമുണ്ടല്ലോ. ഹേ, ധർമ്മജ്ഞ! ജര വാങ്ങിക്കുവാൻ അവരിൽ ആരോടെങ്കിലും പറയുക."

യയാതി പറഞ്ഞു: "എന്റെ ഔരസപുത്രനാണ് നീ. മൂത്ത മകനാണ്. നീ നിന്റെ യൗവനം തരാൻ തയ്യാറില്ലെങ്കിൽ നിനക്കു രാജ്യം ലഭിക്കുന്നതല്ല. നിന്റെ മക്കൾക്കും കിട്ടുകയില്ല! എടോ, തുർവ്വസു! നീ എന്റെ ജരയോടുകൂടി എന്റെ പാപം ഏറ്റുവാങ്ങുക. നിന്റെ യൗവനംകൊണ്ട് ഉണ്ണീ, അച്ഛൻ വിഷമയസുഖം അനുഭവിക്കട്ടെ! ആയിരം വർഷം കഴിഞ്ഞാൽ ഞാൻ യൗവനം തിരികെ തരാം. എന്റെ പാപത്തെ ജരയോടൊപ്പം തിരിച്ചുവാങ്ങുകയും ചെയ്യാം."

തുർവ്വസു പറഞ്ഞു: "അച്ഛാ! എനിക്കു വേണ്ടാ ജര. അതു കാമസൗഖ്യത്തെ കളയും. ബാലരൂപം കളയും. ബുദ്ധിശക്തി നശിപ്പിക്കും."

യയാതി പറഞ്ഞു: "നീ എന്റെ ഔരസപുത്രനാണ്. നീ നിന്റെ യൗവനം തരുന്നില്ലെങ്കിൽ തുർവ്വസൂ! നിന്റെ സന്താനം ഉടനെ കുറ്റിയറ്റുപോകും. ആചാരത്തിലും, ധർമ്മത്തിലും സങ്കരത്വമുള്ളവരായി, ശാസ്ത്രത്തിന്നു വിപരീതമായി നടക്കുന്നവരും, മാംസം തിന്നുന്നവരും, നീചന്മാരുമായ ജനങ്ങൾ വസിക്കുന്ന നാട് നീ ഭരിക്കട്ടെ. ഗുരുതല്പഗതരും * തിര്യക്യോനിയിൽ പുണരുന്നവരും, പശുപ്രായന്മാരുമായ ജനങ്ങളുടെ നേതാവായി, മ്ലേച്ഛന്മാരുള്ള നാടു നീ ഭരിക്കും!"

വൈശമ്പായനൻ പറഞ്ഞു: "യയാതി തുർവ്വസുവിനു ശാപം നല്കി ശർമ്മിഷ്ഠാസുതനായ ദ്രുഹ്യുവിനെ അരികിൽ വിളിച്ചു പറഞ്ഞു."

യയാതി പറഞ്ഞു: "ദ്രുഹ്യു, നീ എന്റെ വർണ്ണരൂപം നശിപ്പിച്ച ഈ ജരയെ ഏറ്റെടുക്കുക. ഒരായിരം വർഷം കഴിഞ്ഞ് അതു ഞാൻ മടക്കിവാങ്ങിക്കൊള്ളാം. അപ്പോൾ നിന്റെ യൗവനം ഞാൻ തിരികെ തരികയും ചെയ്യാം. പാപം ഏറ്റുവാങ്ങുകയും ചെയ്യാം."

ദ്രുഹ്യു പറഞ്ഞു: "ജരബാധിച്ചാൽ എനിക്ക് ആനപ്പുറത്തു കയറുവാനോ, കുതിരസ്സവാരി ചെയ്യുവാനോ കഴിയുകയില്ല. സ്ത്രീസുഖവും ലഭിക്കയില്ല. വാക്കുകൾ ഇടറാതെ സംസാരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഈ ജര എനിക്കു വേണ്ടാ അച്ഛാ!"

യയാതി പറഞ്ഞു: " എന്റെ ഔരസപുത്രനായ നീ നിന്റെ യൗവനം എനിക്കു തരുവാൻ തയ്യാറില്ലാത്തതുകൊണ്ട് ഹേ, ദ്രുഹ്യൂ! നിന്റെ ഇഷ്ടമായ കാമം സാധിക്കുന്നതല്ല. കുതിര വലിക്കുന്ന തേരും, ആനയും, കുതിരയും, പീഠകങ്ങളും, ഗർദ്ദഭങ്ങളും, ആടും, മാടും, പല്ലക്കും ഒന്നും ലഭിക്കാതെ, വെള്ളത്തിൽ പൊങ്ങുതടികൊണ്ടു മാത്രം സഞ്ചരിച്ചു ജീവിക്കുന്നവരുടെ നാട്ടിൽ ഭൂപനല്ലാത്ത 'ഭോജനാ' യി കുലത്തോടുകൂടി വാഴുമാറാകും!"

വൈശമ്പായനൻ പറഞ്ഞു: "യയാതി അനുവിനെ വിളിച്ചു പറഞ്ഞു."

യയാതി പറഞ്ഞു: "അനൂ, നീ എന്റെ പാപം ജരയോടൊത്ത് ഏറ്റുവാങ്ങുക! ആയിരം വർഷം ഞാൻ നിന്റെ യൗവനംകൊണ്ടു സുഖിക്കട്ടെ."

അനു പറഞ്ഞു: "ജരബാധിച്ചാൽ ബാലന്മാരെപ്പോലെ വൃത്തികേടായി ഭക്ഷണം കഴിക്കും. അപ്പോൾ അന്നം അശുദ്ധമാകും. യഥാകാലം അഗ്നിഹോമാദികൾ നടത്തുവാൻ കഴിയാതാകും. എനിക്കു ജര വേണ്ടാ."

യയാതി പറഞ്ഞു: "എന്റെ ഔരസപുത്രനാണ് നീ. നീ നിന്റെ യൗവനം തരാതിരിക്കുന്നതു കാരണം എടോ, അനൂ! ജരാ

* ഗുരുപത്നിയെ പ്രാപിക്കുന്ന മഹാപാപികൾ.

digitized by www.sreyas.in

ദോഷത്തെക്കുറിച്ചു പറഞ്ഞൊഴിയുന്ന നിനക്ക്, ഉണ്ടാകുന്ന സന്തതി യൗവനയുക്തനായിത്തീരുന്ന കാലത്ത് അകാലചരമം പ്രാപിക്കും. നീ വൈദികകർമ്മങ്ങൾ കൈവിട്ട് അഗ്നിപൂജകൾ മുടക്കുന്ന പാപിയായി സഞ്ചരിക്കും."

വൈശമ്പായനൻ പറഞ്ഞു: "അതിന്നുശേഷം പൂരുവിനെ അരികിൽ വിളിച്ച് യയാതി പറഞ്ഞു."

യയാതി പറഞ്ഞു: "എടോ, പൂരൂ! നീ എന്റെ ഇഷ്ടപുത്രനാണ്. നീ മഹായോഗ്യനായി വരും. എനിക്ക് ഇപ്പോൾ ജരയും ചുളിയും നരയും വന്നുകൂടിയിരിക്കുന്നു, ശുക്രന്റെ ശാപംകാരണം. യൗവനത്തിൽ തൃപ്തി വന്നതുമില്ല. നീ എന്റെ പാപത്തെ ജരയോടുകൂടി ഏറ്റുവാങ്ങുക. ഒട്ടുനാൾ നിന്റെ യൗവനം വാങ്ങി ഞാൻ വിഷയസുഖം അനുഭവിക്കട്ടെ. ആയിരം വർഷം ചെന്നാൽ ഞാൻ യൗവനം തിരികെ തരാം. എന്റെ പാപത്തോടുകൂടി ജരയെ തിരിച്ചുവാങ്ങുകയും ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യയാതി പറഞ്ഞപ്പോൾ പൂരു അച്ഛനോടു പറഞ്ഞു."

പൂരു പറഞ്ഞു: "ഹേ മഹാരാജാവേ, ഭവാൻ പറയുന്നവിധം ഞാൻ ചെയ്യുന്നുണ്ട്. ഞാൻ ഭവാന്റെ പാപത്തോടുകൂടി ജരയെ ഏറ്റെടുക്കുന്നു. എന്റെ യൗവനത്തെ ഭവാൻ വാങ്ങുക. വേണ്ടുവോളം കാമസൗഖ്യങ്ങൾ അനുഭവിക്കുക. ജരപൂണ്ട ഭവാന്റെ വൃദ്ധരൂപം സ്വീകരിച്ച്, ഭവാനു യൗവനം തന്ന്, കല്പനപ്രകാരം ഞാൻ നടന്നു കൊള്ളാം."

യയാതി പറഞ്ഞു: "പൂരു! ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. പ്രീതിയോടുകൂടി ഞാൻ അനുഗ്രഹം നല്കുന്നു. ഞാൻ എന്റെ പ്രായവും രൂപവും നിനക്കു തരുന്നു. നിന്റെ നാട്ടിൽ ലോകരൊക്കെ സർവ്വകാമസമ്പൂർണ്ണരായിത്തീരട്ടെ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് യയാതി ശുക്രനെ സ്മരിച്ചു. മഹാത്മാവായ പൂരുവിൽ തന്റെ ജരയെ കയറ്റി."

85. യയാത്യുപാഖ്യാനസമാപ്തി – പൂരുരാജ്യാഭിഷേകം – വൈശമ്പായനൻ പറഞ്ഞു: "നഹുഷപുത്രനായ യയാതി പൂരുവിന്റെ യൗവനം വാങ്ങി വിഷയസുഖം നേടി. മോഹംപോലെ, ഉത്സാഹംപോലെ, കാലംപോലെ, സുഖംപോലെ, ധർമ്മം തെറ്റാത്ത വിധം, രാജോചിതമായ വിധം, സുരരെ യജ്ഞംകൊണ്ട് തർപ്പിച്ച്, പിതൃക്കളെ ശ്രാദ്ധത്താൽ തർപ്പിച്ച്, അനുഗ്രഹത്താൽ ദീനരെ സന്തോഷിപ്പിച്ച്, ഇഷ്ടദാനത്താൽ ദ്വിജേന്ദ്രരെ മോദിപ്പിച്ച് അന്നപാനദാനത്താൽ പാന്ഥരെ കുളുർപ്പിച്ച്, അന്നത്താൽ വൈശ്യരെ പ്രീതിപ്പെടുത്തി യയാതിരാജാവ് നന്നായി രാജ്യം ഭരിച്ചു.

കരുണകൊണ്ടു പാദജരെയും, വധംകൊണ്ടു കൊള്ളക്കാരെയും, ധർമ്മംകൊണ്ടു പ്രജകളെയും യഥാവിധം രഞ്ജിപ്പിച്ചു. അങ്ങനെ യയാതി ഇന്ദ്രനെപ്പോലെ രാജ്യം പാലിച്ചു. സിംഹവിക്രമനായ ആ രാജസിംഹൻ യൗവനവൃത്തിയിൽ ധർമ്മംതെറ്റാതെ ഉത്തമമായ വിഷയസുഖം അനുഭവിച്ചു. ശുഭമായ കാമങ്ങളെ അനുഭവിച്ചു. പിന്നെ ഖിന്നനായി. ആയിരം വർഷം വേഗത്തിൽ കഴിഞ്ഞുപോയോ എന്നു വിചാരിച്ച് രാജാവ് കലാകാഷ്ഠാദിഭേദങ്ങൾ കണക്കാക്കി. യൗവനത്തോടെ ആയിരം വർഷം ഊഴിവാണ രാജാവ് നന്ദനപ്പൂവനത്തിൽ 'വിശ്വാചി' യെന്ന പ്രസിദ്ധ അപ്സരസ്ത്രീയുമായി ആനന്ദപൂർവ്വം ക്രീഡിച്ചു. അളകയിലും, മേരുപർവ്വതത്തിലും ആ ധർമ്മശീലനായ മന്നവേന്ദ്രൻ അവളുമൊത്തു ക്രീഡിച്ചു. അങ്ങനെ ആയിരം വർഷം പോയതറിഞ്ഞില്ല. കാലം പൂർണ്ണമായപ്പോൾ യയായി പൂരുവിനെ അരികിൽ വിളിച്ചു പറഞ്ഞു."

യയാതി പറഞ്ഞു: "പുത്ര, ഞാൻ ഇഷ്ടംപോലെ, ഉത്സാഹംപോലെ, കാലാനുസരണമായി, നിന്റെ യൗവനത്തിന്റെ പ്രഭാവത്താൽ സുഖം അനുഭവിച്ചു. കാമാനുഭവത്താൽ കാമത്തെ ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. കഴികയില്ലെന്നു ഞാൻ അനുഭവത്തിൽനിന്നു മനസ്സിലാക്കി. ഹവിസ്സുകൊണ്ട് അഗ്നി വർദ്ധിക്കുകയല്ലാതെ അത് അടങ്ങാത്തതുപോലെ സുഖാനുഭവംകൊണ്ട് സുഖം മതിയാകുന്നതല്ലെന്നും അറിഞ്ഞു. ലോകത്തിലുള്ള സകല സ്വർണ്ണവും, സകലസുന്ദരികളും, സകല ഗോധനവും ഒരാളുടെ സുഖാസക്തി ശമിപ്പിക്കുവാൻ പോരാ എന്നുള്ള പരമാർത്ഥം ഞാൻ ധരിച്ചു. അതുകൊണ്ട് തൃഷ്ണയെ നശിപ്പിക്കുകയാണു വേണ്ടത്. തൃഷ്ണയെ കൈവിടുവാൻ മൂഢന്മാർക്ക് കഴികയില്ല. അഗ്നിയിലിട്ടാലും ദഹിക്കാത്തതാണത്. പ്രാണൻ പോകുന്നതുവരെ വിട്ടുപിരിയാത്ത രോഗമാണ് തൃഷ്ണ. അതു വെടിഞ്ഞവനേ സുഖം ലഭിക്കുകയുള്ളു! വിഷയത്തിൽ ഭ്രമിച്ച് ആയിരം വർഷം കഴിഞ്ഞതു ഞാൻ അറിഞ്ഞില്ല. എന്നിട്ടും തൃഷ്ണ വർദ്ധിക്കുന്നേയുള്ളു; ലേശംപോലും കുറയുന്നില്ല. ഈ പരമാർത്ഥം അറിഞ്ഞ ഞാൻ തൃഷ്ണയെ വിട്ട് ബ്രഹ്മത്തിൽ കരൾ വെയ്ക്കുകയാണ്! നിർദ്വന്ദ്വവും, നിർമ്മമവും, സ്വാന്തവുമായി ഞാൻ മൃഗങ്ങളോടുകൂടി വനത്തിൽ വസിക്കുവാൻ പോകുന്നു.

എടോ, പൂരൂ! ഞാൻ നിന്റെ ത്യാഗത്തിൽ സന്തോഷിക്കുന്നു. നിനക്കു നല്ലതുവരട്ടെ! യൗവനം എന്റെ കൈയിൽനിന്നു തിരിച്ചു വാങ്ങുക. ഈ രാജ്യവും നീ എന്നിൽനിന്നു സ്വീകരിക്കുക. നീ എന്റെ പ്രിയപ്പെട്ട പുത്രനാണ്."

വൈശമ്പായനൻ പറഞ്ഞു: "യയാതി പുത്രന്റെ കൈയിൽ നിന്നു ജര ഏറ്റുവാങ്ങി കാട്ടിൽ തപസ്സിന്നായി പ്രവേശിച്ചു. പൂരു വീണ്ടും യൗവനം വാങ്ങി പ്രശോഭിച്ചു. കനിഷ്ഠസുതനായ പൂരുവിന്നു രാജ്യം നല്കി. ഈ സന്ദർഭത്തിൽ യയാതിരാജാവിനോട് നാട്ടുകാരും വിപ്രന്മാർ മുതലായവരും ചോദിച്ചു."

നാട്ടുകാർ പറഞ്ഞു: "ശുക്രപൗത്രനും, ദേവയാനീസുതനുമായ യദു ജ്യേഷ്ഠനായിരിക്കെ കനിഷ്ഠപുത്രനായ പൂരുവിന്നു രാജ്യം നല്കുവാൻ എന്താണു കാരണം? യദു, തുർവ്വസു, പിന്നെ ശർമ്മിഷ്ഠയുടെ പുത്രരായ ദ്രുഹ്യു, അനു ഇവരൊക്കെ കഴിഞ്ഞിട്ടല്ലേ പൂരു? അവൻ ഇളയവനുമല്ലേ? ജ്യേഷ്ഠരെവിട്ട് അനുജൻ എങ്ങനെ രാജാവാകുവാൻ അർഹനായി? അങ്ങു ധർമ്മം പാലിക്കുന്ന രാജാവല്ലേ? കാര്യം അറിയുവാൻ ചോദിക്കുകയാണ്."

യയാതി പറഞ്ഞു: "ഹേ മാന്യരേ, വിപ്രാദ്യന്മാരേ! നിങ്ങൾ എല്ലാവരും കേൾക്കുവിൻ. ജ്യേഷ്ഠന്മാർക്കു രാജ്യം നല്കാതിരിക്കുവാനുള്ള കാരണം ഞാൻ പറയാം. ജ്യേഷ്ഠനായ യദു എന്റെ ആജ്ഞ തീരെ കൂട്ടാക്കിയില്ല. അച്ഛനുമായി പ്രതികൂലിക്കുന്ന പുത്രൻ പുത്രനല്ല. പുത്രസ്ഥനത്തിന്നർഹനല്ല. അതു നിശ്ചയമാണ്. സത്തുക്കളുടെ മതം അതാണ്. മാതാപിതാക്കൾക്ക് എപ്പോഴും ഹിതവും പത്ഥ്യവും ചെയ്തു ജീവിക്കുന്ന പുത്രനാണ് പുത്രൻ. മാതാപിതാക്കൾക്കു താങ്ങും തണലുമായി നിലക്കുന്നവനാണ് സുതൻ! യദു ആദ്യം എന്നെ നിന്ദിച്ചു; തുർവ്വസുവും എന്നെ നിന്ദിച്ചു; ദ്രുഹ്യുവും അനുവും എന്നിൽ നിന്ദ തന്നെ കാണിച്ചു. പൂരുവാണെങ്കിലോ ഉത്തമമിത്രത്തെപ്പോലെ ആദരിക്കുകയും, ഞാൻ പറഞ്ഞവിധം ചെയ്യുകയും, എന്നെ സൽക്കരിക്കുകയുംചെയ്തു. അതുകൊണ്ട് എന്റെ പിൻതുടർച്ചയ്ക്ക് അർഹൻ അവനാണ്. ഇളയവനാണെങ്കിലും എന്നിൽ കനിഞ്ഞ് എന്റെ ജര ഏറ്റുവാങ്ങിയവൻ അവനാണല്ലോ. എന്റെ കാമം സാധിപ്പിച്ചത് അവനാണല്ലൊ. ശുക്രമുനി എനിക്ക് ഇതിൽ ഒരു വരം തന്നിട്ടുണ്ട്. 'നിന്റെ ഇഷ്ടംനോക്കുന്ന പുത്രൻ രാജ്യത്തിന്റെ നായകനാകു' മെന്ന്. അതുകൊണ്ട് നിങ്ങൾ എല്ലാവരും പൂരുവിനെ രാജാവാക്കുന്നതിൽ സമ്മതിച്ചാലും!"

നാട്ടുകാർ പറഞ്ഞു: "മാതാപിതാക്കൾക്കു ഹിതം ഏതു പുത്രൻ ചെയ്തുവോ, അവൻ ഇളയവനായാലും എല്ലാ മംഗളങ്ങൾക്കും പാത്രമാകും. ഹേ രാജാവേ, ഭവാന്റെ ഇഷ്ടംചെയ്യുന്ന ഈ പൂരുതന്നെയാണ് രാജ്യത്തിന് അർഹനായ പുത്രൻ. പിന്നെ ശുക്രന്റെ വരമുണ്ടെങ്കിൽ പറയേണ്ടതില്ലല്ലൊ."

വൈശമ്പായനൻ പറഞ്ഞു: "പൗരന്മാരും, ജാനപദന്മാരും ഇപ്രകാരം പറഞ്ഞപ്പോൾ പൂരുവിനെ രാജാവായി അഭിഷേകം

digitized by www.sreyas.in

ചെയ്തു. യയാതി രാജ്യം പൂരുവിന്നു നല്കി വാനപ്രസ്ഥം സ്വീകരിച്ചു കാട്ടിൽ പോകുവാൻ തീരുമാനിച്ചു. അനവധി വിപ്രർഷിമാരോടുകൂടി യയാതി പുരംവിട്ടു പറപ്പെട്ടു. യദുവിൽനിന്നു യാദവവംശവും, തുർവ്വസുവിൽനിന്നു, യവനന്മാരും, ദ്രുഹ്യുവിൽനിന്നു ഭോജവംശവും, അനുവിൽനിന്നു മ്ലേച്ഛന്മാരും ഉണ്ടായി.

പൂരുവിന്റെ വംശമാണ് പൗരവവംശം. ഹേ, ജനമേജയ! ഭവാൻ പൂരുവിന്റെ വംശത്തിൽ പിറന്നവനാണ്. ആയിരം വർഷം ഭൂമി ഭരിക്കുവാൻ തക്ക കെല്പുള്ള ജിതേന്ദ്രിയനാണ് ഭവാൻ."

86. ഉത്തരയയാതം - യയാതിയുടെ തപസ്സ് - വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യയാതി തന്റെ ഇഷ്ട പുത്രനായ പൂരുവിനെ രാജാവാക്കി വാഴിച്ച് വാനപ്രസ്ഥനായി മുനിയായിത്തീർന്നു. ഫലമൂലങ്ങൾ ഭക്ഷിച്ച്, പല മുനിമാരോടുകൂടി കാട്ടിൽ തപസ്സുചെയ്ത്, ആ രാജാവ് സ്വർഗ്ഗംപ്രാപിച്ചു.

സ്വർഗ്ഗലോകത്തിൽ എത്തി മുഖ്യമായ സൗഖ്യങ്ങൾ അനുഭവിച്ചു വളരെനാൾ സ്വർഗ്ഗം വാണുകൊണ്ടിരിക്കെ ഇന്ദ്രൻ യയാതിയെ സ്വർഗ്ഗത്തിൽനിന്നു കീഴ്പോട്ടു വീഴ്ത്തി. സ്വർഗ്ഗത്തിൽനിന്നു ഭ്രംശിച്ചു പതിക്കുമ്പോൾ ഭൂമിയിലെത്തുന്നതിന്നു മുമ്പു തന്നെ വീഴാതെ ആകാശത്തു സ്ഥിതിചെയ്തു എന്നാണു കേട്ടിട്ടുള്ളത്. ഉടനെ പിന്നേയും സ്വർഗ്ഗത്തിലേക്കുതന്നെ ഉയർന്നു എന്നുമാണ് കേൾവി. യയാതി പിന്നെ വസുമനസ്സ്, അഷ്ടകൻ, പ്രദർദ്ദനൻ, ശിബി എന്നിവരോടു കൂടിച്ചേർന്നു എന്നാണു കേട്ടിട്ടുള്ളത്."

ജനമേജയൻ പറഞ്ഞു: "എന്തു കർമ്മംകൊണ്ടാണ് യയാതി രാജാവ് വീണ്ടും സ്വർഗ്ഗം പ്രാപിച്ചത്? അതൊക്കെ ഒന്നു വിസ്തരിച്ചു പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിപ്രരുടേയും ഋഷിമാരുടേയും മദ്ധ്യത്തിൽ എല്ലാ കഥകളും വിസ്തരിച്ചു പറഞ്ഞാലും! ദേവേന്ദ്രനോടു തുല്യനായ യയാതിയുടെ, അഗ്നിസമപ്രഭനായ ആ കുരുവംശപ്രദീപത്തിന്റെ, ഭൗമവും ദിവ്യവുമായ ചരിത്രങ്ങളെല്ലാം പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ഞാൻ യയാതിയുടെ സൽക്കഥ പറയാം. ആ കഥ കേൾക്കുന്നവന് വിണ്ണിലും മന്നിലും പുണ്യം സിദ്ധിക്കും, പാപം നശിക്കുകയും ചെയ്യും.

നഹുഷപുത്രനായ യയാതിരാജാവ് തന്റെ ഒടുവിലത്തെ പുത്രനായ പൂരുവിന്നു രാജ്യാഭിഷേകം ചെയ്തു വനവാസം സ്വീകരിച്ചു. രാജ്യാതിർത്തികളിൽ യദു മുതലായവരെ നിയമിച്ചു. അതിനുശേഷം ഫലമൂലങ്ങൾ ഭക്ഷിച്ച് കാട്ടിൽ വളരെനാൾ ജീവിച്ചു. ജിതാത്മാവും ജിതക്രോധനും പിതൃദൈവതപൂജകനുമായി യയാതി വാനപ്രസ്ഥന്റെ നിലയിൽ വന്യഹവിസ്സുകൊണ്ട് അഗ്ന്യാഹുതി കഴിച്ച് അതിഥികളെ പൂജിച്ചു. പാറമേൽനിന്നു നെന്മണി പെറുക്കി ഭക്ഷണം ഉണ്ടാക്കി ദാനംചെയ്തു. ശേഷം ഭക്ഷിച്ചു. ഇങ്ങനെ കാട്ടിൽ ആയിരം വർഷം പിന്നേയും ജീവിച്ചു. മൗനവ്രതംപൂണ്ടു ജലം മാത്രം കഴിച്ച് മുപ്പതു വർഷം ജീവിച്ചു. പിന്നെ ഒരു വർഷം വായു മാത്രം ഭക്ഷിച്ചു ജീവിച്ചു. ആ സ്ഥിതിയിൽ പഞ്ചാഗ്നിമദ്ധ്യത്തിൽ നിന്ന് ഒരു വർഷം തപസ്സു ചെയ്തു. ഒറ്റക്കാലിൽ നിന്ന് ആറുമാസം വായുമാത്രം ഭക്ഷിച്ചു തപസ്സുചെയ്തു. അതിന്നുശേഷം പുണ്യകീർത്തിമാനായ യയാതി സ്വർഗ്ഗം പ്രാപിച്ചു."

87. ഉത്തരയയാതം - യയാതിവാക്യം - വൈശമ്പായനൻ പറഞ്ഞു: "ആ രാജാവ് സ്വർഗ്ഗത്തിൽ എത്തി സുരഗേഹത്തിൽ വാണു. ദേവസാദ്ധ്യമരുത്തുക്കളും വസുവർഗ്ഗങ്ങളും യയാതിയെ അർപ്പിച്ചു. ദേവലോകം, ബ്രഹ്മലോകം ഇവയിൽ ആ പുണ്യവാൻ പ്രവേശിച്ച് മഹാസൗഖ്യത്തോടെ ദീർഘകാലം വാണു എന്നാണ് കേൾവി. ഒരു ദിവസം പുണ്യവാനായ യയാതി പുരന്ദരന്റെ സമീപത്തിരുന്ന് ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കെ, ആ ദേവരാജാവ് ഇപ്രകാരം ചോദിച്ചു."

ഇന്ദ്രൻ പറഞ്ഞു: "ഭവാന്റെ രൂപത്തെ ഏറ്റുവാങ്ങി പണ്ട് പൂരു ജരാനരകൾ ബാധിച്ച് ഭൂമിയിൽ വാണതിന്നുശേഷം അവന്നു ഭവാൻ രാജ്യപദം കൊടുത്തിട്ട് എന്താണു പറഞ്ഞത്? സത്യമായ ആ വാക്കുകൾ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

യയാതി പറഞ്ഞു: "പൂരു! നിന്റെ നാട് ഗംഗായമുനകൾക്ക് ഇടയിൽ കിടക്കുന്നു. നീ മന്നിന്റെ നടുക്ക് മന്നവനായി വാഴുക. അതിർത്തി നിന്റെ അഗ്രജൻ കാത്തുകൊള്ളും.

പുത്രാ, കോപം നിന്നിൽ ഇല്ലാതിരിക്കണം. കോപിക്കുന്നവനേക്കാൾ ശ്രേഷ്ഠൻ കോപമില്ലാതിരിക്കുന്നവനാണ്. ക്ഷമയുള്ളവൻ ക്ഷമയില്ലാത്തവനേക്കാൾ ശ്രേഷ്ഠനാണ്. മനുഷ്യരല്ലാത്തവരേക്കാൾ ശ്രേഷ്ഠനാണ് മനുഷ്യൻ. അതുപോലെതന്നെ അറിവില്ലാത്തവനേക്കാൾ അറിവുള്ളവൻ ശ്രേഷ്ഠനാണെന്ന് നീ ധരിക്കണം.

തന്നെ ശകാരിക്കുന്നവരെ അങ്ങോട്ടു ശകാരിക്കരുത്. ക്ഷമയുള്ളവന്റെ താപം തന്നെ ശകാരിക്കുന്നവനെ ദഹിപ്പിക്കും. നിന്ദിക്കുന്നവന്റെ സുകൃതത്തെ ക്ഷമാവാൻ നേടുകയും ചെയ്യും. മർമ്മത്തിൽ കുത്തുന്നമാതിരിയുള്ള ക്രൂരമായ വാക്ക് ആരിലും പ്രയോഗിക്കരുത്. ആഭിചാരാദികളായ ദുഷ്കർമ്മങ്ങളോ, മറ്റു നീചപ്രവൃത്തികളോ ചെയ്തു അന്യരേയോ, ശത്രുക്കളേയോ വശത്താക്കുവാൻ ശ്രമിക്കരുത്. അന്യന് മനോവേദന ഉണ്ടാക്കുന്ന വാക്ക് ഹിംസയാണ്, പാപമാണ്. അത് ആരിലും പാടില്ല. അങ്ങനെ മുള്ളുവാക്കു പറയുന്നവന്റെ മുഖത്ത് അധിവസിക്കുന്നതു ശ്രീയല്ല; രാക്ഷസിയാണ്. അവൻ അശ്രീകരനാണ് എന്നു മനസ്സിലാക്കണം.

മുന്നിലും പിന്നിലും സജ്ജനങ്ങളാൽ പൂജിതനായി, സജ്ജനങ്ങളാൽ രക്ഷിക്കപ്പെട്ടു ജീവിക്കണം. അസത്തുക്കളുടെ നിന്ദാവാക്കുകൾ എല്ലായ്പോഴും ക്ഷമിക്കണം. സജ്ജനങ്ങളുടെ ആചാരത്തെ സ്വീകരിച്ച് സച്ചരിതനാവുകയും വേണം. വാക്കാകുന്ന കൂർത്ത ശരങ്ങൾ വായിൽനിന്നു പുറപ്പെട്ടാൽ അതേല്ക്കുന്നവന്റെ നില വളരെ കഷ്ടമാണ്. അത് രാവും പകലും മർമ്മം തുളച്ചുകൊണ്ടിരിക്കും. അത്തരം വാക്ശരങ്ങളെ ആരും ആരിലും പ്രയോഗിക്കരുത്.

ജീവികളിൽ കാരുണ്യവും സൗഹാർദ്ദവും ദാനവും മധുരഭാഷണവും ഈ നാലു സേവനങ്ങളേക്കാൾ മഹത്തായ ഈശ്വരപൂജ മൂന്നു ലോകത്തിലും വേറെയില്ല. അതുകൊണ്ട് നല്ലവാക്കു പറയുക, പരുഷവാക്കു പറയാതിരിക്കുക, പൂജ്യരെ ബഹുമാനിക്കുക, ശക്തിപോലെ ദാനംചെയ്യുക, ആരോടും ഒന്നും ഇരക്കാതെ ജീവിക്കുക' ഇതൊക്കെയാണ് ഞാൻ പൂരുവിന്ന് രാജ്യം നല്കിക്കൊണ്ട് ഉപദേശിച്ചത്."

88. ഉത്തരയയാതം - യയാതിയുടെ പതനം - ഇന്ദ്രൻ പറഞ്ഞു: "ഹേ രാജാവേ, ഭവാൻ കർമ്മങ്ങളൊക്കെ വിട്ട്, ഗൃഹം വെടിഞ്ഞ്, വനത്തിൽ പോയല്ലോ. ഭവാനോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ! അങ്ങു തപസ്സുകൊണ്ട് ഇപ്പോൾ ആരോടു തുല്യനായിട്ടുണ്ടെന്നു പറഞ്ഞാലും!"

യയാതി പറഞ്ഞു: "ദേവമാനുഷഗന്ധർവ്വമഹർഷിഗണങ്ങളിൽ തപസ്സുകൊണ്ട് എന്നോടു തുല്യനായി, എന്നോടു കിടനില്ക്കുന്നവനായി, ആരുംതന്നെയില്ല. ആരേയും കാണുന്നില്ല വാസവ!"

ഇന്ദ്രൻ പറഞ്ഞു: "തുല്യന്മാരേയും, മേലെയുള്ളവരേയും, താഴെയുള്ളവരേയും, അവരുടെ യോഗ്യത ചിന്തിക്കാതെ നിന്ദിക്കുകയാൽ നിന്റെ ഗതിക്ക് അന്തംവന്നിരിക്കുന്നു. മൃഗങ്ങളെപ്പോലും നിസ്സാരങ്ങളെന്നു പറഞ്ഞ് അപമാനിച്ചുകൂടാ. നിന്റെ പുണ്യം അവസാനിച്ചിരിക്കുന്നു. അതുകൊണ്ട് നീ സ്വർഗ്ഗത്തിൽനിന്നു താഴെ വീഴണം!"

യയാതി പറഞ്ഞു: "അങ്ങനെയാണെങ്കിൽ, സുരന്മാരേയും, ഗന്ധർവ്വന്മാരേയും, നരന്മാരേയും ഞാൻ അപമാനിച്ചതുകൊണ്ട് എന്റെ പുണ്യം തീർന്നുപോയെങ്കിൽ, സ്വർഗ്ഗത്തിൽനിന്നു ഭ്രംശിച്ചു താഴെ വീഴുകായാണെങ്കിൽ, ഞാൻ സജ്ജനങ്ങളുടെ

digitized by www.sreyas.in

മദ്ധ്യത്തിൽപ്പോയി വീഴണമെന്ന് എനിക്ക് ആശയുണ്ട്. അതിന്നു ഭവാൻ അനുഗ്രഹിക്കണേ!"

ഇന്ദ്രൻ പറഞ്ഞു: "ഭവാന്റെ നില അങ്ങനെയാണെങ്കിൽ സത്തുക്കളുടെ മദ്ധ്യത്തിൽ ഭവാൻ ചെന്നു വീഴും. പിന്നേയും ഭവാന് ഉന്നതമായ ഒരു നില സിദ്ധിക്കുകയും ചെയ്യും. സംഭവങ്ങളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കി നീ മേലാൽ സമന്മാരേയും, ഉത്തമന്മാരേയും നിന്ദിക്കരുത്."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ദേവേന്ദ്രൻ ഇരിക്കുന്ന പുണ്യസ്ഥലം വിട്ട് ഉടനെതന്നെ യയാതി കീഴോട്ടു വീഴുകയായിരുന്നു. വീഴുമ്പോൾ ധർമ്മരക്ഷയ്ക്കിരിക്കുന്ന രാജർഷിയായ അഷ്ടകൻ കണ്ടിട്ടു പറഞ്ഞു."

അഷ്ടകൻ പറഞ്ഞു: "ഹേ! ഭവാനാരാണ്? യൗവനയുക്തനായി തേജസ്സിനാൽ അഗ്നിപോലെ ഉജ്ജ്വലിക്കുന്നവനും, കാറടഞ്ഞ് അന്ധകാരാവൃതമായ ആകാശത്തുനിന്നു വീഴുന്ന സൂര്യദേവനെപ്പോലെ ദിവ്യനും അർക്കാഗ്നിതുല്യപ്രഭനുമായ ഭവാൻ ആരാണ്? കാന്തിമാനായ ഭവാൻ വീഴുന്നതു കാണുമ്പോൾ എന്താണ് ഇതിന്നുള്ള കാരണമെന്ന് ഞങ്ങൾ അത്ഭുതത്തോടെ ചിന്തിക്കുന്നു!

ദേവേന്ദ്രൻ, വിഷ്ണു, അർക്കൻ എന്നിവരെപ്പോലെ ശോഭിക്കുന്ന ഭവാൻ ദേവലോകംവിട്ടു കീഴോട്ടു വീഴുന്നു! ഭവാന്റെ പതനത്തിന്നുള്ള കാരണമറിവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ചോദിക്കുവാൻ ഞങ്ങൾ ശക്തരല്ല. എങ്കിലും ദിവ്യരൂപ, ഞങ്ങൾ ചോദിക്കുന്നു. ഭവാനാരാണ്? എന്താണ് വീഴുവാൻ? ഹേ, ശക്രതുല്യ! ഭവാൻ ഭയപ്പെടേണ്ടാ; വിഷാദിക്കുകയും വേണ്ടാ. സത്തുക്കളുടെ മദ്ധ്യത്തിൽ വാഴുന്ന ഭവാനെ എതിർക്കുവാൻ വലാരിക്കുപോലും കഴിയുകയില്ല. ക്ഷയിച്ചുപോകുന്ന സജ്ജനത്തിന്ന് ആശ്രയം സജ്ജനംതന്നെയാണ്. സത്തുക്കൾ എല്ലാറ്റിനും പോന്നവരാണ്. ഭവാൻ സജ്ജനാലംബനനാണ്. ദഹിപ്പിക്കുവാൻ ശക്തനാണ് അഗ്നി. ഭാരം ചുമക്കുവാൻ ശക്തയാണ് ഭൂമി. പ്രകാശിക്കുവാൻ ശക്തനാണ് രവി. അതുപോലെ സത്തുക്കളുടെ മദ്ധ്യത്തിൽ അതിഥിയായ ഏതു പാന്ഥനും ശക്തിമാനാണ്."

89. ഉത്തരയയാതം - യയാത്യഷ്ടകസംവാദം -

യയാതി പറഞ്ഞു: "ഞാൻ നഹുഷപുത്രനായ യയാതിയാണ്. പൂരുവിന്റെ പിതാവാണ്. സർവ്വഭൂതങ്ങളേയും അപമാനിച്ചു എന്ന പാപംമൂലം ദേവസുരർഷിലോകംവിട്ട് അല്പപുണ്യനായി ഇതാ, നിലതെറ്റി കീഴോട്ടു വീഴുകയാണ്. നിങ്ങളേക്കാളൊക്കെ വയസ്സ് എനിക്ക് ഏറുന്നതുകൊണ്ട് ഞാൻ നിങ്ങളെ അഭിവാദ്യംചെയ്യുന്നില്ല. വിദ്യകൊണ്ടോ, തപസ്സുകൊണ്ടോ, ജന്മംകൊണ്ടോ വൃദ്ധനായവൻ ദ്വിജന്മാർക്കുകൂടി പൂജ്യനാണെന്നു കേൾക്കുന്നു. വിദ്യാദികളെപ്പറ്റി ചിന്തിക്കുന്നില്ല. മൂപ്പിളമയെപ്പറ്റിമാത്രം ചിന്തിച്ചാണ് ഞാൻ വഴങ്ങാതിരിക്കുന്നത്. തെറ്റിദ്ധരിക്കരുതേ!"

അഷ്ടകൻ പറഞ്ഞു: "വയോവൃദ്ധനായതുകൊണ്ട് ഇളയവരെ വന്ദിക്കുന്നില്ല എന്നു ഭവാൻ പറഞ്ഞുവല്ലൊ. അത് ഒരിക്കലും ന്യായമല്ല. വിദ്യയ്ക്കും തപസ്സിനുമാണ് യോഗ്യത. കേവലം ജന്മംകൊണ്ടുള്ള ശ്രേഷ്ഠത നിസ്സാരമാണ്. വിദ്യാവൃദ്ധനേയും, തപോവൃദ്ധനേയും ബ്രാഹ്മണൻ പൂജിക്കുന്നു! വയോവൃദ്ധനല്ല പൂജ്യൻ."

യയാതി പറഞ്ഞു: "സത്കർമ്മങ്ങൾക്കൊക്കെ എതിരാണ് പാപം. നരകഫലം ദാനംചെയ്യുന്ന ആ പാപം അഹങ്കാരിയിൽ ഒഴിയാതെ നില്ക്കുന്നു. അസന്മാർഗ്ഗികമായ ആ ജീവിതമാർഗ്ഗം സജ്ജനങ്ങൾ അനുവർത്തിക്കാറില്ല. അവർ എപ്പോഴും സത്കർമ്മങ്ങളെ പോഷിപ്പിക്കുവാൻതന്നെ ഒരുങ്ങി വാഴുന്നു. ഞാൻ അല്പം അഹങ്കാരിയായിത്തീരുകയാൽ സ്വർഗ്ഗത്തിൽനിന്ന് അധഃപതിച്ചു. 'എനിക്കുവളരെ ധനം ഉണ്ടായിരുന്നു. അതൊക്കെ നശിച്ചു. അതിന്നുള്ള കാരണം എന്റെ പ്രവൃത്തിയുടെ ദോഷമാണ്. ഇനി പോയതൊന്നും എനിക്കു കിട്ടുകയുമില്ല' എന്നു മനസ്സിൽ നിശ്ചയിച്ച് സ്വന്തം നന്മയെ ദൃഢമായി ചിന്തിച്ചു ജീവിക്കുന്നവനാണ് ജീവിതതത്ത്വത്തെ സൂക്ഷ്മമായി അറിയുന്ന മഹാൻ.

വളരെ ധനം ചെലവിട്ട് ഉത്കൃഷ്ടമായ പല യാഗങ്ങൾ നടത്തുന്നവനും, എല്ലാ വിദ്യകളിലും ശരിയായ വിദ്യാഭ്യാസം സിദ്ധിച്ചവനും, വേദം അഭ്യസിച്ച് തപോവൃത്തിയിൽ വാഴുന്നവനും, മോഹാദികൾ നീങ്ങി സ്വർഗ്ഗത്തെ പ്രാപിക്കുന്നു! ഐശ്വര്യം വർദ്ധിക്കുന്നതു കണ്ട് ആരും സന്തോഷിക്കരുത്. ഐശ്വര്യമില്ലല്ലോ എന്നുവെച്ചു ദുഃഖിക്കയുമരുത്. ജീവിതരഹസ്യങ്ങൾ അറിയുവാൻ വേദങ്ങൾ പഠിക്കണം. അഹങ്കാരിയാകാതെ ജീവിക്കണം. ഈ പ്രപഞ്ചം പലതരം ജീവജാലങ്ങളാൽ നിറഞ്ഞിരിക്കുന്നു. അവയുടെയെല്ലാം സ്വഭാവങ്ങൾ ഒന്നിനോടൊന്നു പൊരുത്തപ്പെടാത്തതാണ്. ചിലർ ധർമ്മത്തിൽ ആസക്തരാകും. മറ്റു ചിലർ അതിന്നു വിപരീതമാകും. അതുകൊണ്ട് ചിന്തിക്കേണ്ടതുണ്ട്. ഉത്സാഹങ്ങളും, യോഗ്യതകളുമെല്ലാം വ്യർത്ഥമാണ്. മൂഢന്മാർ ചിലപ്പോൾ സുകൃതികളും, പണ്ഡിതന്മാർ പാപികളും ആയെന്നു വന്നേക്കാം. ഈ വക ജീവിതപ്രപഞ്ചരഹസ്യങ്ങളെല്ലാം നല്ലപോലെ അറിയുന്ന പണ്ഡിതൻ സുഖവും ദുഃഖവും അനുഭവിക്കുമ്പോൾ സന്തോഷംകൊണ്ടും സന്താപംകൊണ്ടും ആത്മഹിംസ ചെയ്യാറില്ല.

ദൈവകല്പനകൊണ്ടാണ് ഓരോ ജീവിയും സുഖവും ദുഃഖവുമനുഭവിക്കുന്നത്. ആരും അവരുടെ സാമർത്ഥ്യംകൊണ്ട് ഒന്നും നേടുന്നില്ല. ഈ തത്ത്വം നല്ലപോലെ അറിഞ്ഞ് ഏതിന്നും ദൈവമാണ് പ്രമാണമെന്നു ധരിക്കുക. ദുഃഖത്തിൽ വ്യസനിക്കുകയും, സുഖത്തിൽ സന്തോഷിക്കുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് അജ്ഞതകൊണ്ടാണ്. സുഖദുഃഖങ്ങളിൽ ഒരേ ഭാവമേ തോന്നാവൂ! എല്ലാം ദൈവശക്തിയുടെ വിലാസമാണെന്നു മനസ്സിൽ ധരിക്കുന്നവർ ഒരിക്കലും വ്യസനിക്കുകയോ സന്തോഷിക്കുകയോ ചെയ്യുകയില്ല. ലോകത്തിൽ ദൈവം എന്നെ എന്തൊക്കെ അനുഭവിക്കുവാനായിട്ടാണോ സൃഷ്ടിച്ചിരിക്കുന്നത്, അതൊക്കെ എങ്ങനെയാലും അനുഭവിക്കാതിരിക്കയില്ല. അതുകൊണ്ട് എടോ അഷ്ടക, ഭയം എന്ന വികാരത്തിൽ എന്റെ മനസ്സു മങ്ങിപ്പോവുകയില്ല. മനസ്സുകൊണ്ട് ഒരു സന്താപവും എന്നിലില്ല. ലോകത്തിലുണ്ടായിട്ടുള്ള സ്വേദജങ്ങളും, അണ്ഡജങ്ങളും, തരുലതാദികളും, ഇഴജന്തുക്കളും, കൃമികളും, മത്സ്യങ്ങളും, അപ്രകാരംതന്നെ കല്ലും, മണ്ണും, പുല്ലും, മരവും എന്നു വേണ്ട പ്രപഞ്ചത്തിലെ സകല വസ്തുവും ഭാഗ്യം ക്ഷയിക്കുമ്പോൾ താന്താങ്ങളുടെ പ്രകൃതിയെ പ്രാപിക്കുന്നു, ബ്രഹ്മത്തിൽ ലയിക്കുന്നു!

എടോ അഷ്ടക, സുഖവും ദുഃഖവും നിത്യങ്ങളല്ലെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. പിന്നെ ഞാൻ വ്യസനിക്കുന്നതുകൊണ്ട് എന്തു കാര്യം? ഞാൻ എന്തു ചെയ്യണം? എന്തു ചെയ്താൽ സന്താപം വരുന്നതല്ല? ഇതൊന്നും നിശ്ചയിക്കുവാൻ വയ്യാത്തതാകയാൽ ഞാൻ ദുഃഖത്തെ അകറ്റി ശ്രദ്ധയോടെ ഇരിക്കുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "മാതാമഹനായ യയാതി ഇപ്രകാരം പറഞ്ഞപ്പോൾ അഷ്ടകൻ പിന്നെയും ചോദ്യം തുടങ്ങി."

അഷ്ടകൻ പറഞ്ഞു: "അല്ലയോ രാജശ്രേഷ്ഠ, അങ്ങു പ്രധാനപ്പെട്ട ഏതേതു ലോകങ്ങളിൽ എത്രയെത്ര കാലം ഏതേതു വിധം സുഖങ്ങൾ എങ്ങനെയൊക്കെ അനുഭവിച്ചു? അതൊക്കെ ഒന്നു വിസ്തരിച്ചു പറഞ്ഞുകേൾക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങ് ആത്മതത്ത്വങ്ങൾ സൂക്ഷ്മമായി അറിയുന്ന നാരദാദിമഹർഷിമാരെപ്പോലെ ധർമ്മശാസ്ത്രം പറയുന്നുവല്ലോ."

യയാതി പറഞ്ഞു: "ഞാൻ സാർവ്വഭൗമനായി വളരെക്കാലം രാജ്യം ഭരിച്ചു. മഹാലോകങ്ങളെ ജയിച്ചു. ആയിരം വർഷം അവിടെ പാർത്തു. പിന്നെ ഞാൻ പരലോകത്തിലെത്തി. ആയിരം പ്രവേശനദ്വാരവും നൂറു യോജന വീതിയും ഉള്ള ഇന്ദ്രലോകത്തു ഞാൻ ചെന്നു. ഒരു ആയിരം വർഷം അവിടെ പാർത്തു. പിന്നീട് ഞാൻ ദവ്യവും, നിത്യവും, ദുർഗവും ആയ പ്രജാപതിയുടെ പുരത്തിൽ ചെന്നു ആയിരംവർഷം അവിടെ പാർത്തു. പിന്നെ ഞാൻ ദേവദേവനായ മഹേശ്വരന്റെ ലോകത്തിൽ ചെന്നു. അവിടേയും മഹാസുഖം അനുഭവിച്ച് യഥേഷ്ടം പാർത്തു. സുരന്മാരുടെ

digitized by www.sreyas.in

സൽക്കാരവും ഏറ്റു. തുലാപ്രഭാവനായ ഈശ്വരനെപ്പോലെ നന്ദനത്തിൽ കാമരൂപനായി പതിനായിരം നൂറ്റാണ്ടു പാർത്തു. അവിടെ സ്വർഗ്ഗത്തിലെ വേശ്യമാരോടുകൂടി രമിച്ചും, പുഷ്പഫലാഢ്യമായ സുഗന്ധകല്പദ്രുമരാജികൾ കണ്ടു രസിച്ചും ആ ദിക്കിൽ ദേവസുഖത്തോടുകൂടെ വാണുകൊണ്ടിരിക്കെ എന്റെ ഭാഗ്യം തീർന്നുപോയി. കാലം കഴിഞ്ഞു. ആ സമയത്ത് ഉഗ്രരൂപനായ ഒരു ദേവൻ വന്ന് ഉറക്കെ മൂന്നു പ്രാവശ്യം വിളിച്ചുപറഞ്ഞു: പൊയ്ക്കൊള്ളുക! പൊയ്ക്കൊള്ളുക! എന്ന്. ഇത്രയ്ക്കേ എനിക്കറിഞ്ഞുകൂടൂ. രാജസിംഹ! പുണ്യം ക്ഷയിച്ച ഞാൻ നന്ദനത്തിൽനിന്നു കീഴോട്ടു വീണു. വീഴുന്ന സമയത്ത് എന്റെ നേരെ കനിവോടുകൂടിയ വാക്കുകൾ ആ ദേവന്മാരുടെ സദസ്സിൽ മുഴങ്ങിക്കേട്ടു:

'അയ്യോ കഷ്ടം! പുണ്യകീർത്തിമാനായ യയാതി ഇതാ പുണ്യ മറ്റു കീഴോട്ടുവീഴുന്നു!'

വീഴുമ്പോൾ ഞാൻ സങ്കടത്തോടെ അവരോടു വിളിച്ചുപറഞ്ഞു: 'സജ്ജനങ്ങളുടെ മദ്ധ്യത്തിൽപ്പോയി വീഴുവാൻ എന്തു വേണ്ടൂ?' അപ്പോൾ ദേവന്മാർ എനിക്കു നിങ്ങളുടെ യജ്ഞസ്ഥലം ചൂണ്ടിക്കാണിച്ചുതന്നു. ഞാൻ അതു കണ്ട് ഇങ്ങോട്ടു പോന്നു! ഹവിസ്സിന്റെ ഗന്ധവും പുകയും എനിക്കു നിങ്ങളുടെ ഈ സ്ഥലം കാണിച്ചുതന്നു. അങ്ങനെ ഞാൻ ഇങ്ങോട്ടു പോന്നു!"

90. ഉത്തരയയാതം - അഷ്ടകയയാതിസംവാദം -

അഷ്ടകൻ പറഞ്ഞു: "കൃതയുഗത്തിൽ പിറന്ന മർത്ത്യരിൽ ശ്രേഷ്ഠതമനാണ് ഭവാൻ. കാമരൂപനായ ഭവാൻ പതിനായിരം നൂറ്റാണ്ടു വാണല്ലോ! പിന്നെ എന്താണ് അതൊക്കെ കൈവിട്ട് ഈ മന്നിലേക്കു വീഴുവാൻ കാരണം?"

യയാതി പറഞ്ഞു: "കൂട്ടത്തിൽ ഒരുത്തൻ നിർദ്ധനനാകുമ്പോൾ അയാളെ രക്തബന്ധികളും, ഇഷ്ടന്മാരും, ബന്ധുക്കളും ഉപേക്ഷിക്കുന്നതു നാം കാണുന്നുണ്ടല്ലോ? അതുപോലെതന്നെ പുണ്യം തീർന്നവനെ സ്വർഗ്ഗത്തിൽ ദേവാധിരാജനും ദേവന്മാരും ഒക്കെ ഉപേക്ഷിക്കും."

അഷ്ടകൻ പറഞ്ഞു: "കർമ്മങ്ങളുടെ ഫലം നിത്യമാണെന്ന് ശ്രുതികളൊക്കെപ്പറയുന്നു. അനേകം സത്കർമ്മങ്ങൾ ചെയ്തു സമ്പാദിച്ച മഹാപുണ്യത്തിന്റെ ഫലമായിട്ടാണ് ഭവാന് സ്വർഗ്ഗാദിലോകങ്ങൾ ലഭിച്ചത്. ആ നിലയ്ക്ക് പിന്നെ അങ്ങയുടെ പുണ്യം ക്ഷയിക്കുന്നത് എങ്ങനെയാണ്? അതെനിക്ക് ഒട്ടും മനസ്സിലാകുന്നില്ല. അതാണ് എനിക്കു മനസ്സിലാകാത്തത്. പ്രജാപതിയുടെ ലോകത്തിൽ ചെന്നവന് അവിടെനിന്നു പിന്നെ തിരിച്ചുപോരലില്ല എന്നും ശ്രുതി ഘോഷിക്കുന്നുണ്ട്. അങ്ങ് അവിടെ ആയിരം വർഷം വാണു എന്നു പറഞ്ഞുവല്ലോ. പിന്നെ അവിടെനിന്നു പോന്നു എന്നും പറയുന്നു. ആകെക്കൂടി എനിക്ക് ഒരു പിടിയും കിട്ടുന്നില്ല. ബ്രഹ്മലോകത്തിലും സുരലോകത്തിലും ചെന്നാൽ പിന്നെ അവിടെ സ്ഥിരമായി നില്ക്കുവാൻ എന്തു യോഗ്യതകൾ വേണമെന്ന് അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ആത്മജ്ഞാനിയും, അനുഭവസമ്പന്നനുമായ അങ്ങയിൽനിന്ന് അതു കേൾക്കുവാൻ ഞങ്ങൾക്കു മോഹമുണ്ട്."

യയാതി പറഞ്ഞു: "രാജാവേ, ഞാൻ പറയാം. കഴുകന്മാർക്കും, കുറുനരികൾക്കും ഭക്ഷണത്തിന്നുതകുന്ന വിഭവമായ ശരീരത്തെ കാത്തുസൂക്ഷിച്ചുകൊണ്ട്, പുത്രന്മാർ, പൗത്രന്മാർ എന്ന പേരിലൊക്കെ അറിയപ്പെടുന്ന ആ വസ്തക്കളെ വർദ്ധിപ്പിച്ചുകൊണ്ട്, ജീവിച്ചുവരുന്ന സകലരും ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ മൂന്നുവിധം ദുഃഖങ്ങളാൽ നരകപ്രായമായ ഈ ഭൂമിയിൽ പതിക്കുകയാണ്. ശരീരസംരക്ഷണത്തിന്നായി ചെയ്യുന്ന യത്നങ്ങളെല്ലാം നിഷ്ഫലങ്ങളാണെന്നും അതുകൊണ്ടുള്ള ഫലം ഭൂനരകക്ലേശമാണെന്നും മനസ്സിലാക്കുക! കാമ്യകർമ്മങ്ങളുടെയെല്ലാം ഫലം ദുരിതാനുഭവം മാത്രമാണെന്നു വ്യക്തമാവുകയാൽ രാജാവേ, നിന്ദ്യവും, നിഷിദ്ധവുമായ അതിനെ തീരെ വർജ്ജിക്കേണ്ടതാണ്. ഞാൻ എല്ലാം പറഞ്ഞുകഴിഞ്ഞു. ഇനിയും വല്ല സംശയവുമുണ്ടെങ്കിൽ ചോദിക്കാം."

അഷ്ടകൻ പറഞ്ഞു: "ദേഹം കഴുകനും കുറുക്കനും തിന്നുന്നുവെങ്കിൽ പിന്നെ മനുഷ്യന്നു ശരീരമില്ലാതാകുന്നു. അവന്റെ രൂപവും അതോടൊപ്പം ഇല്ലാതാകുന്നു. പിന്നെ മറ്റൊരു ദേഹത്തോടുകൂടി എങ്ങനെയാണ് വീണ്ടും ആവിർഭവിക്കുന്നത്? ഭൂമിയിലുള്ള നരകം ഏതാണ്?"

യയാതി പറഞ്ഞു: "കഴുകൻ, കുറുനരി മുതലായവ ദേഹം തിന്ന് ഒടുക്കിയാലും ആത്മാവിന്ന് നാശം സംഭവിക്കുകയില്ല. ആത്മാവിനെ തിന്നുവാനും, നശിപ്പിക്കുവാനും ആർക്കും കഴിയുകയില്ല. ഒരു ദേഹം നശിച്ചാൽ ദേഹി വീണ്ടും മറ്റൊരു ശരീരം എടുക്കുവാൻ മറ്റൊരു യോനിയെ പ്രാപിക്കുമെന്നാണ് ശ്രുതിവാക്യം. ആത്മാവ് മാതാവിന്റെ ഉദരത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദേഹത്തെ പ്രാപിച്ചു പ്രസവിക്കുന്നതുവരെ ലോകർക്കു പ്രത്യക്ഷനാകാതെ ലോകത്തിൽ അങ്ങുമിങ്ങും സഞ്ചരിക്കുന്നു. 'ഭൗമ' മെന്നു പറയുന്ന നരകം ആ സഞ്ചാരകാലമാണ്. എത്രകാലം അങ്ങനെ സഞ്ചരിക്കേണ്ടിവരുമെന്നോ, കർമ്മഭൂമിയെ പ്രാപിച്ച് നന്മയ്ക്കുവേണ്ടി എന്തു ചെയ്യണമെന്നോ ആത്മാവിന്ന് അപ്പോൾ ബോധം ഉണ്ടായിരിക്കയില്ല. അതുകൊണ്ട് അജ്ഞതാഹേതുവായ ഈ ലോകംതന്നെയാണ് നരകം എന്നു ധരിച്ചാലും. അറുപതിനായിരമോ, എൺപതിനായിരമോ വർഷം സ്വർഗ്ഗത്തിൽ വാണാലും അധഃപതനംകൂടാതെ കഴിയുകയില്ല. അങ്ങനെ ഭൂമിയിൽ പതിക്കുന്ന ആത്മാക്കളെ ഭൂമിയിലുള്ള ഭയങ്കരന്മാരായ രാക്ഷസന്മാർ കൂർത്തുമൂർത്ത ദംഷ്ട്രകൾകൊണ്ട് കടിച്ചുചീന്തിയിഴയ്ക്കുന്നു." ("അയ്യോ! രക്ഷിക്കണേ!" എന്നു കേഴുന്ന ഭാര്യാപുത്രാദികളെയാണ് കവി രാക്ഷസരായി നിർദ്ദേശിച്ചിരിക്കുന്നത്.)

അഷ്ടകൻ പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നു വീഴുന്ന അവരെ ഭൗമരാക്ഷസന്മാർ എന്തു പാപംകൊണ്ടാണു വലിച്ചിഴയ്ക്കുന്നത്? അവർ എന്തുകൊണ്ട് ചിന്നിച്ചിതറിപ്പോകുന്നില്ല? അവർക്ക് ഇന്ദ്രിയങ്ങളോടുകൂടിയ അവസ്ഥ എങ്ങനെയാണ് പിന്നെ ഉണ്ടാകുന്നത്? അവർ പിന്നെയെങ്ങനെ ഗർഭസ്ഥരാകും?"

യയാതി പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നു പതിച്ച് പുനർഭവിക്കുന്നതിന്റെ വിധം ശ്രുതികളിൽ പറഞ്ഞിട്ടുണ്ട്. അതു ഞാൻ പറയാം. അസ്ത്രം എന്നാൽ സന്താപാശ്രു എന്നാണ് അർത്ഥം. ദേഹകാരണമായ ഭൂതസൂക്ഷ്മങ്ങളിൽ എപ്പോഴും സ്ഥിതി ചെയ്യുന്നു. സ്വർഗ്ഗത്തിൽനിന്നു കീഴ്പ്പോട്ടു വീഴുന്ന ആത്മാവിന്നു ദുഃഖം നിമിത്തം ശരീരം ജലമയമാകും. അങ്ങനെ ജലമയമായ, ദേഹബീജമായ, രേതസ്സ് പുഷ്പഫലന്യായമനുസരിച്ച് ജീവനായി മാറുന്നു. ഭൂതസൂക്ഷ്മങ്ങളാൽ മൂടപ്പെട്ട ആ ജീവൻ സ്ത്രീയുടെ ഗർഭപേശിയിൽച്ചെന്നു ഗർഭമായിത്തീരുന്നു. അസ്ത്രം, ഭൂമി മുതലായ പഞ്ചഭൂതങ്ങളോടുകൂടി യഥാക്രമം സമ്മേളിച്ച് വൃക്ഷലതാദികളെ പ്രാപിച്ച് പിന്നെ പശു മുതലായ ജീവികളിലും, മനുഷ്യരിലും, പക്ഷികളിലും ചേർന്ന് ഗർഭത്തിലെത്തുന്നു."

അഷ്ടകൻ പറഞ്ഞു: "രാജാവേ, ഞാൻ സംശയംകൊണ്ടു ചോദിക്കുകയാണ്. വീണ്ടും ജന്മമെടുക്കുവാൻ മാതാവിന്റെ ഗർഭത്തെ പ്രാപിക്കുന്ന ജീവൻ കേവലം ജീവരൂപമായിട്ടാണോ അതോ മറ്റേതെങ്കിലും രൂപത്തെ പ്രാപിച്ചിട്ടാണോ എന്നറിഞ്ഞാൽ കൊള്ളാം. പിന്നേയും ചോദിക്കുന്നു ദേഹമാറ്റവും, വളർച്ചയും, കണ്ണ്, കാത്, ബുദ്ധി മുതലായവയുമൊക്കെ എങ്ങനെയുണ്ടാകുന്നു? ആത്മജ്ഞാനിയായ ഭവാനിൽനിന്ന് എല്ലാം ഗ്രഹിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു!"

യയാതി പറഞ്ഞു: "പറയാം, ശ്രദ്ധാപൂർവ്വം കേൾക്കുക. പഞ്ചപ്രാണമനോബുദ്ധ്യാദികളുടെ സൂക്ഷ്മാംശങ്ങളോടുകൂടിയ ജീവവായു, വാസനാമൂലകമായ കർമ്മസമവായത്തോടുകൂടിയ പുതിയ ഒരു ദേഹം അങ്കുരിക്കുവാൻ സമർത്ഥമായ തേജോരൂപമായ ജലം സംഗ്രഹിച്ച്, ആർത്തവകാലത്തിൽ സ്ത്രീയുടെ ഗർഭാശയത്തെ പ്രാപിക്കുന്നു. സൂക്ഷ്മ ഭൂതങ്ങളാൽ തനിക്കു

digitized by www.sreyas.in

സിദ്ധിച്ച ചുമതലയോടുകൂടി ആ വായു അവിടെയിരുന്നു ക്രമത്തിൽ ഗർഭം വളർത്തുന്നു. ഗർഭം ക്രമത്തിൽ വളർന്ന് അവയവങ്ങൾ തികഞ്ഞു ബോധം ഉദിക്കുമ്പോൾ മനുഷ്യനായിത്തീരുന്നു. പ്രസവാനന്തരം ആ ഗർഭം മനുഷ്യാഭിമാനത്തോടുകൂടിയതാകുന്നു. ആ പ്രജയ്ക്കു പഞ്ചേന്ദ്രിയങ്ങളുടേയും, ബുദ്ധിയുടേയും അനുഭവമുണ്ടാകുന്നു. അവൻ ചെവികൾകൊണ്ടു ശബ്ദം കേട്ടറിയുന്നു. കണ്ണുകൊണ്ടു കാണുന്നു. മൂക്കുകൊണ്ടു ഗന്ധം അറിയുന്നു. നാവുകൊണ്ട് രസം അറിയുന്നു. തൊലികൊണ്ട് സ്പർശംഅറിയുന്നു മനസ്സുകൊണ്ട് വസ്തുസ്ഥിതിയും അറിയുന്നു. അല്ലയോ അഷ്ടക, ഇങ്ങനെയാണ് ദേഹികളുടെ ശരീരത്തിലുള്ള സ്ഥിതിയെന്നു ഭവാൻ ഗ്രഹിച്ചാലും!"

അഷ്ടകൻ പറഞ്ഞു: "മരിച്ചുപോയ ജീവിയുടെ ശരീരം തീയിൽ വെച്ചു ചാമ്പലാക്കുന്നു. അല്ലെങ്കിൽ കുഴികുത്തി അതിൽവെച്ചു മൂടുന്നു, അല്ലെങ്കിൽ ദുഷ്ടജീവികൾ കടിച്ചുചീന്തി തിന്നുകളയുന്നു. ഇങ്ങനെ നിശ്ശേഷം നശിച്ചുപോയ ഒന്നിന് വീണ്ടും ചൈതന്യമുണ്ടാകുന്നതെങ്ങനെയാണ്? സ്ഥൂലശരീരം നശിക്കുമ്പോൾ ലിംഗത്വവും നശിക്കാത്തതെന്തുകൊണ്ടാണ്?"

യയാതി പറഞ്ഞു: "ഉറങ്ങിക്കിടക്കുന്ന മനുഷ്യൻ പ്രാണൻ ധരിച്ചു പലമാതിരി ശബ്ദങ്ങളുണ്ടാക്കുകയും സ്വപ്നത്തിൽ സഞ്ചരിക്കുകയും ചെയ്യുന്നു. അതുപോലെ മരിച്ചവൻ പുണ്യപാപങ്ങളെ അടിസ്ഥാനമാക്കി സ്ഥൂലശരീരത്തെ വിട്ട് വായുവിന്റെ പ്രേരണയ്ക്കു വിധേയനായി മറ്റൊരു യോനിയിൽ ചെന്നു പിറക്കുന്നു. അന്യദേഹപ്രാപ്തി സ്വപ്നത്തിന്നു തുല്യമാകുന്നു. ലിംഗദേഹത്തിന്നു നാശം സംഭവിക്കുകയില്ല. പുണ്യംചെയ്തവൻ പാവനമായ നിലയിൽ ജന്മമെടുക്കുന്നു. അവർ സദാചാരതത് പരരും, സുഖികളും ഉത്കൃഷ്ടരുമായിത്തീരുന്നു. പാപം ചെയ്തവർ നികൃഷ്ടജീവികളായും ഹീനജനങ്ങളായും ജനിക്കുന്നു. പല പ്രാവശ്യവും അങ്ങനെ ജന്മമെടുക്കും. ജനനം ഉത്കൃഷ്ടമായാലും അത് ക്ലേശഭൂയിഷ്ഠമാകയാൽ ജന്മത്തെപ്പറ്റി എനിക്ക് ആഗ്രഹമില്ല. ഭൂമിയിൽ ചെന്നു കർമ്മരഹിതമായ മാർഗ്ഗം അവലംബിക്കണമെന്നാണ് എന്റെ വിചാരം. പാപംചെയ്തവർ നാല്ക്കാലികളായും, ഇരുകാലികളായും, ആറു കാലികളായും എല്ലാം പാപികളായിത്തന്നെ പിറക്കുന്നു. രാജാവേ, ഇപ്പോൾ അങ്ങയുടെ ശങ്കയെല്ലാം തീർന്നിരിക്കുമല്ലോ. ഞാൻ എല്ലാം പറഞ്ഞു. ഇനിയും വല്ലതും അറിയേണ്ടതുണ്ടോ?"

അഷ്ടകൻ പറഞ്ഞു: "അല്ലയോ താത! മനുഷ്യൻ എന്തു ചെയ്താലാണ് ആവൃത്തിയുണ്ടാകാത്ത, സർവ്വോത്തമമായ ആ ലോകം ലഭിക്കുക? അതിന്നുള്ള ഉപായമെന്താണ്? തപസ്സുകൊണ്ടോ, വിദ്യകൊണ്ടോ, ഏതുകൊണ്ടാണ്? അതൊന്നു വിശദമാക്കിത്തരാമോ?"

യയാതി പറഞ്ഞു: "ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുക, പാത്രം അറിഞ്ഞ് നല്ല പാത്രങ്ങളിൽ ദാനംചെയ്യുക, അന്തരിന്ദ്രിയത്തെ അടക്കുക, ബാഹ്യേന്ദ്രിയത്തെയും അടക്കുക, അധർമ്മകാര്യങ്ങളിൽ ലജ്ജയുള്ളവനാവുക, ആർജ്ജവമുള്ളവനാകുക. എല്ലാ ജീവികളോടും ദയയുള്ളവനാവുക ഈ ഏഴു ഗുണങ്ങളാണ് വിശിഷ്ടലോകപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ. 'ഞാനെന്ന ഭാവ' ത്താൽ അന്ധനായി ജീവിക്കുന്നവൻ നിത്യവും നശിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പഠിച്ച് വലിയ പണ്ഡിതനായിരിക്കുന്നുവെന്ന് അഹങ്കാരം ഭാവിച്ച് അന്യരുടെ സത്കീർത്തിക്കു ഹാനിയുണ്ടാക്കുന്നവൻ ഏതു ദിവ്യലോകത്തിലെത്തിയാലും അവിടെനിന്നെല്ലാം ഭ്രഷ്ടനാവുന്നു. അവന്ന് ജ്ഞാനംകൊണ്ടു ലഭിക്കുന്ന ബ്രഹ്മപ്രാപ്തി സിദ്ധിക്കുകയില്ല. വേദാദ്ധ്യയനം ചെയ്യുക, അഗ്നിപൂജ നടത്തുക, യാഗംചെയ്യുക, മൗനവ്രതമെടുക്കുക ഈ നാലു കർമ്മങ്ങളും അഭയംനല്കുന്നവയാണ്. അവ തെറ്റായി അനുഷ്ഠിച്ചാൽ ആപത്കരങ്ങളുമാണ്. ദുരഭിമാനംനിമിത്തം ബഹുമതി കാംക്ഷിച്ച് ആവക കർമ്മങ്ങൾ ചെയ്താൽ അതുകൊണ്ട് അഭയമല്ല, ഭയമാണ് ലഭിക്കുക. ആശ്രമധർമ്മങ്ങളെ യഥാവിധം അനുഷ്ഠിക്കേണ്ടതാണ്.

മാനംകൊണ്ട് താൻ ശ്ലാഘ്യനായി എന്നു ബോധമുള്ളവരാരും കരുതുകയില്ല. അതിൽ സന്തോഷിക്കുകയുമില്ല. അപ്രകാരംതന്നെ അവമാനം വന്നുകൂടി എന്നുവെച്ച് അവൻ ദുഃഖിക്കുകയുമില്ല. ഈ ലോകത്തിൽ വിദ്വാന്മാർ വിദ്വാന്മാരെ പൂജിക്കുന്നു. ദുർജ്ജനങ്ങൾക്ക് ഒരിക്കലും സത്ബുദ്ധി ഉണ്ടാവുകയില്ല. അതുകൊണ്ട് മാനാവമാനങ്ങളെ സഹിക്കുവാനുള്ള സന്നദ്ധതയാണ് മനുഷ്യനുണ്ടാകേണ്ട്. ദാനം, യജ്ഞം, അദ്ധ്യയനം, വ്രതം ഇവയെല്ലാം ശരിക്കു ചെയ്യുക എന്നല്ലാതെ അവകൊണ്ടു യോഗ്യതയും, കീർത്തിയും നേടിക്കളയാമെന്നു വിചാരിച്ച് അവ ചെയ്യുന്നതു ശരിയായ മാർഗ്ഗമല്ല. അവയെ ദംഭദാനം, ദംഭയജ്ഞം, ദംഭാദ്ധ്യയനം, ദംഭവ്രതം എന്നു പറയാം. ഇവയെല്ലാം വർജ്ജിക്കേണ്ടവയാണ്.

സനാതനമായ തത്ത്വം മനസ്സിനെ അടക്കുക എന്ന സ്വഭാവം കൊണ്ട് അജ്ഞേയമായിരിക്കുന്നു. മനസ്സിനെ അടക്കി ചിന്ത ചെയ്യുന്നവർക്ക് അത്രയും വിശിഷ്ടമായ ഒരു അധിഷ്ഠാനം വേറെയില്ല. ഈ തത്ത്വം ഗ്രഹിച്ചവരാണ് ജ്ഞാനികൾ. അങ്ങനെയുള്ള ജ്ഞാനമാർഗ്ഗമാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്. ആ ബ്രഹ്മജ്ഞാനത്തിൽ ലയിച്ചിരിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും ഒന്നുപോലെ നിർവൃതി ലഭിക്കുന്നു. ബ്രഹ്മലയം ജ്ഞാനംകൊണ്ടേ സിദ്ധിക്കുകയുള്ളു."

91. ഉത്തരയയാതം – ആശ്രമധർമ്മ വിഷയസംവാദം – അഷ്ടകൻ പറഞ്ഞു: "രാജാവേ, ഞാൻ ചോദിക്കട്ടെ! ഗൃഹസ്ഥൻ, സന്യാസി, ബ്രഹ്മചാരി, വാനപ്രസ്ഥൻ ഇവരുടെ ധർമ്മങ്ങൾ എന്തൊക്കെയാണ്? ഈ വിഷയത്തിൽ വൈദികർ പല പ്രാപ്തി മാർഗ്ഗങ്ങളുമുള്ളതായി പറയുന്നുണ്ടല്ലൊ."

യയാതി പറഞ്ഞു: "ഗുരുനാഥൻ വിളിച്ചുവരുത്തി പറഞ്ഞു കൊടുക്കുന്നതു പഠിക്കുക, പ്രേരണകൂടാതെ ഗുരുവിനെ ശുശ്രൂഷിക്കുക, കാലെ ഉണർന്നെഴുന്നേല്ക്കുക, ഗുരു കിടന്നതിന്നു ശേഷം കിടക്കുക, ശാന്തനും മനസ്സിന്ന് അടക്കമുള്ളവനും, ധീരനും, ജാഗ്രതയുള്ളവനും, വേദാദ്ധ്യയനം പരിശീലിക്കുന്നവനുമാവുക – ഇങ്ങനെയാണ് വിശിഷ്ടനായ ബ്രഹ്മചാരി സ്വധർമ്മത്തെ നേടുക.

ഇനി ഗൃഹസ്ഥന്റെ ധർമ്മം എന്താണെന്നു പറയാം: "ധർമ്മത്തിന്നു വിരുദ്ധമാകാത്ത നിലയിൽ വന്നുചേരുന്ന ധനം സമ്പാദിക്കണം. ആ ധനംകൊണ്ടു യാഗാദിപുണ്യകർമ്മങ്ങൾ ചെയ്യണം. സത്പാത്രങ്ങളിൽ ദാനംചെയ്യണം. അതിഥികളെ ഭക്ഷണാദികൾകൊണ്ടു സൽക്കരിക്കണം. അന്യന്റെ ധനത്തെ ബലമായി കൈയിലാക്കരുത്. സസന്തോഷം തരുന്നതേ സ്വീകരിക്കാവൂ! ഇവയാണ് സനാതനവും ഉൽകൃഷ്ടവുമായ ഗൃഹസ്ഥധർമ്മം.

ഇനി സിദ്ധനാരാണെന്നു പറയാം: "താൻതന്നെ നേടിയ വിഭവംകൊണ്ടു ജീവിക്കുകയും, പാപകർമ്മം ചെയ്യാതെ അന്യർക്കു വേണ്ടുന്നത് യഥാശക്തി ദാനംചെയ്യുകയും, അന്യരെ ദുഃഖിപ്പിക്കാതിരിക്കുകയും, ആഹാരത്തിലും കർമ്മങ്ങളിലും നിയമം വെക്കുകയും ചെയ്യുന്ന അരണ്യവാസിയായ മുനിയാണ് സിദ്ധൻ."

ഇനി ഭിക്ഷുവിന്റെ ധർമ്മം എന്താണെന്നു പറയാം: "തൊഴിലൊന്നും ചെയ്യാൻ ശ്രമിക്കാതെ ജീവിക്കുക, തന്റേതായി ഭവനമൊന്നും ഇല്ലാതിരിക്കുക, അങ്ങനെ നിസ്പൃഹനായി ഇന്ദ്രിയങ്ങളെ ജയിക്കുക, ലൗകികമായ സകല ബന്ധങ്ങളും വിട്ടൊഴിയുക, വല്ല അമ്പലങ്ങളിലോ വഴിയമ്പലങ്ങളിലോ താമസിക്കുക, പരിഗ്രഹം ഇല്ലാതിരിക്കുക, കൂട്ടുകൂടാതെ ഒറ്റയ്ക്കു സഞ്ചരിക്കുക, ആവശ്യമനുസരിച്ച് ചില ദേശങ്ങളിൽമാത്രം സഞ്ചരിക്കുക ഇവയൊക്കെയാണ് ഭിക്ഷുവിന്റെ ധർമ്മം."

"ലോകങ്ങളെല്ലാം ജയിച്ച് കാമസുഖങ്ങൾ നേടുന്നുവേളയിൽത്തന്നെ മനസ്സിനെ നിയന്ത്രിച്ച് അരണ്യവാസിയാകുവാൻ പ്രയത്നിക്കുകയാണ് ശരിയായ പണ്ഡിതന്റെ ധർമ്മം. മരണം വരെ പണ്ഡിതധർമ്മങ്ങളിൽ കിടന്നുഴലാതെ ആശ്രമധർമ്മമനുസരിച്ചുള്ള ജീവിതമാകുന്നു ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്.

digitized by www.sreyas.in

വനത്തിൽ വാഴുന്ന യോഗി തന്റെ വംശത്തിൽപ്പെട്ട പത്തു മുൻതലമുറക്കാരേയും, പത്തു പിൻഗാമികളേയും, തന്നേയും ഇങ്ങനെ ഇരുപത്തൊന്നു പേരെ സുകൃതത്താൽ ഉയർത്തി തന്റെ ശരീരത്തെ ഉപേക്ഷിക്കുന്നു."

അഷ്ടകൻ പറഞ്ഞു: "അല്ലയോ മഹാശയ, ഇനിയും അങ്ങയിൽനിന്നു ഗ്രഹിക്കേണ്ട തത്ത്വങ്ങളുണ്ട്. മുനിയും മൗനവും എത്ര വിധമുണ്ടെന്ന് അങ്ങു പറയണം. എല്ലാം വിസ്തരിച്ചു കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

യയാതി പറഞ്ഞു: "രാജാവേ, വനത്തിൽ വസിക്കുന്നവന്ന് ഗ്രാമവും, ഗ്രാമത്തിൽ വസിക്കുന്നവന്ന് വനവും പിന്നിലാക്കുവാൻ സാധിക്കുന്നവനാണ് മുനി."

അഷ്ടകൻ പറഞ്ഞു: "വനത്തിൽ വാഴുന്നവൻ ഗ്രാമം എങ്ങനെ പിന്നിലാക്കും? അതുപോലെ ഗ്രാമത്തിലിരിക്കുന്നവൻ വനം എങ്ങനെ പിന്നിലാക്കും? ഇത് എന്നിൽ ആശ്ചര്യം ജനിപ്പിക്കുന്നു!"

യയാതി പറഞ്ഞു: "ഹേ രാജാവേ, ലൗകികങ്ങളായ എല്ലാറ്റിനേയും ഉപേക്ഷിച്ച് തീവ്രമായ വൈരാഗ്യത്തോടെ യോഗം അഭ്യസിക്കുന്നവന്ന് എല്ലാം സുലഭമാണ് എന്നാണ് ഞാൻ പറഞ്ഞതിന്റെ സാരം.

അഗ്നി, ഗൃഹം, ഗോത്രം, വിദ്യാവംശം എന്നിവയൊന്നുമില്ലാതെ നഗ്നത മറയ്ക്കുവാൻമാത്രം മരവുരി ധരിച്ച്, പ്രാണസംരക്ഷണത്തിന്നുമാത്രം ആഹാരം കഴിച്ച്, ഗ്രാമത്തിൽ വാഴുന്ന വിവേകിയായ യോഗിക്ക് അസുലഭമായി എന്തുണ്ട്! കാമകർമ്മങ്ങൾ ഉപേക്ഷിച്ച് ഇന്ദ്രിയനിഗ്രഹം ചെയ്ത് മൗനവ്രതം ആചരിക്കുന്ന മുനി എല്ലാ സിദ്ധികളേയും പ്രാപിക്കും.

'ആഹാരശുദ്ധൗ സത്ത്വശുദ്ധിഃ' എന്ന ശ്രുതിവാക്യത്തെ അറിഞ്ഞ് ശുദ്ധവും മിതവുമായ ആഹാരം കഴിച്ച് ആത്മശുദ്ധി നേടിയിരിക്കുക, ഹിംസയ്ക്കു ഉപകരണമായ നഖങ്ങൾപോലും മുറിച്ചു കളഞ്ഞിരിക്കുക, ശരീരവും മനസ്സും ശുദ്ധമായിരിക്കുക, യോഗം നിമിത്തമായ ഐശ്വര്യത്താലും, ശമാദികളായ ഗുണങ്ങളാലും അലംകൃതനായിരിക്കുക, വാസനാബന്ധങ്ങളെ മുഴുവൻ വിട്ടവനായിരിക്കുക, ഹിംസയുടെ സ്പർശമുള്ളതെന്നു തോന്നുന്ന ധർമ്മങ്ങൾപോലും ഉപേക്ഷിച്ചിരിക്കുക, ഇങ്ങനെയുള്ള മഹാനെ ആരാണ് വന്ദിക്കാതിരിക്കുക? ആരാണ് പൂജിക്കാതിരിക്കുക? നിസ്സാരനായാൽപ്പോലും കാമാദികളെ ജയിക്കാനായി വേണ്ടിവന്നാൽ തപസ്സുതന്നെ ചെയ്യണം. അവൻ ശരീരം തപോവൃത്തികൊണ്ടു ശോഷിപ്പിച്ച് ഐഹികത്തെ ജയിച്ച്, പരലോകം സ്വാധീനമാക്കുന്നു. മദ്ധ്യമവൃത്തിയിലുള്ളവരും, സുഖദുഃഖാദികളായ ദ്വന്ദ്വഭാവങ്ങളെ തീരെ വിട്ട് മനസ്സടക്കി മൗനവ്രതം അവലംബിച്ചാൽ ഇഹത്തെ ജയിച്ചു സ്വർഗ്ഗത്തെ നേടാം. കേവലം പശുക്കൾ എന്നപോലെ രസാസക്തി കൂടാതെ ആഹാരം കഴിക്കുന്ന മുനിക്ക് ഈ ലോകം മുഴുവൻ അധീനമാകുന്നു. അവന്ന് സകല സിദ്ധികളും ഉണ്ടാകുന്നു. അങ്ങനെയുള്ള ഉത്തമന്മാർക്ക് എന്തും സുലഭമാകുന്നു."

92. ഉത്തരയയാതം - അഷ്ടകയയാതിസംവാദം -

അഷ്ടകൻ പറഞ്ഞു: "രാജാവേ, ഞാൻ ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ! സൂര്യനും ചന്ദ്രനുമെന്നപോലെ, യോഗിയും ജ്ഞാനിയും ഒന്നുപോലെ ബ്രഹ്മപ്രാപ്തിക്കു ശ്രമിക്കുകയാണല്ലോ. അവരിൽ ആരാണ് ആ പദത്തിൽ ആദ്യം എത്തുക?"

യയാതി പറഞ്ഞു: "ഭവനരഹിതനായ ഭിക്ഷുവും ഗൃഹസ്ഥനായ ഭിക്ഷുവും മുക്തന്മാരാകും. എന്നാൽ ഗൃഹസ്ഥനായ ജ്ഞാനിക്കാണ് എളുപ്പത്തിൽ സിദ്ധിയുണ്ടാവുക. ശുദ്ധി, യുക്തി, അനുഭവങ്ങൾ എന്നിവയാൽ ലോകത്തിന്റെ മിഥ്യാഭാവം ജ്ഞാനിക്കു സുനിശ്ചിതമാണ്. തന്മൂലം കുറച്ചുസമയത്തെ നിർവ്വികല്പസാക്ഷാത്കാരത്താൽ ജ്ഞാനി ബ്രഹ്മത്തിൽ ലയിക്കുന്നു. യോഗിയുടെ സ്ഥിതി വ്യത്യസ്തമാണ്. യോഗിക്ക് നിർവ്വികല്പസമാധി അഭ്യസിച്ചുവേണം ദ്വൈതവിസ്മരണം സാധിക്കുവാൻ. ശ്രമംകൊണ്ടും കാലതാമസം കൊണ്ടും മാത്രമേ യോഗിക്കു മുക്തി ലഭിക്കുകയുള്ളു. ഗ്രാമത്തിൽ പാർക്കുന്ന ഭിക്ഷു തന്നെ ആദ്യം ബ്രഹ്മത്തെ പ്രാപിക്കുന്നു എന്ന് ഇപ്പോൾ മനസ്സിലായല്ലോ.

അനുഷ്ഠാനം പൂർത്തിയാക്കുവാൻ ആവശ്യമായ ആയുസ്സോ, സന്ദർഭമോ ലഭിക്കാതെ ഇടയ്ക്കുവെച്ചു നിഷ്ഠയിൽനിന്നു വിട്ട്, പിന്നീട് അതിനെക്കുറിച്ച് വ്യസനമുണ്ടാകുമെങ്കിൽ അവൻ വീണ്ടും തപസ്സിനെ അനുഷ്ഠിക്കുന്നതാണ്. യോഗത്തിൽനിന്നു ഭ്രംശിച്ച മുനി പശ്ചാത്തപിക്കുന്നുവെങ്കിൽ സ്മൃതിപ്രഭാവം കൊണ്ട് ഈ ജന്മത്തിലോ മറ്റു ജന്മത്തിലോ പിന്നേയും യോഗം അനുഷ്ഠിക്കുന്നതാണ്.

ധർമ്മം അനുഷ്ഠിക്കേണ്ടത് മോക്ഷത്തിന്നായിരിക്കണം. അല്ലാതെ സ്വർഗ്ഗപ്രാപ്തി മുതലായവയ്ക്കായിരിക്കരുത്. അവയ്ക്കാണെങ്കിൽ അവൻ നാനാദുഃഖമയമായ സംസാരത്തിൽപ്പെട്ടു നശിക്കും. ഇന്ദ്രിയനിഗ്രഹം ചെയ്യാത്തവന്റെ സമ്പത്ത് ക്രൂരവും നിന്ദ്യവുമാണ്. മോക്ഷത്തിന്നുവേണ്ടി ചെയ്യുന്ന ധർമ്മമാണ് സമുചിതമായ ഫലം അർഹിക്കുന്നത്. അതിന്നുവേണ്ടി അവലംബിക്കുന്ന സമാധിയാണ് സമാധി. അത് ഒന്നുമാത്രമാണ് യഥാർത്ഥമായ ജ്ഞാനസാധന. യോഗത്തിനും ജ്ഞാനത്തിനും മൂലമായത് നിഷ്കാമകർമ്മം മാത്രമാണ്."

അഷ്ടകൻ പറഞ്ഞു: "രാജാവേ, ആരു പറഞ്ഞയച്ച, എവിടേക്കു പറഞ്ഞയച്ച ദൂതനാണ് ഭവാൻ? യുവാവും, മാലയണിഞ്ഞവനും സുന്ദരനും, മഹാതേജസ്വിയുമായ ഭവാൻ എവിടെനിന്നു വരുന്നു? ഭൂമിയിൽ അങ്ങയുടെ രാജ്യമേതാണ്?"

യയാതി പറഞ്ഞു: "ഞാൻ ആകാശത്തിൽ വാഴുകയായിരുന്നു. സുകൃതം ക്ഷയിച്ചതിൽ എനിക്ക് അവിടെയുള്ള സ്ഥാനം നഷ്ടപ്പെട്ടു. ഞാൻ അവിടെനിന്ന് അധഃപതിച്ചു. ക്ലേശഭൂയിഷ്ഠമായ നരകമാകുന്ന ഭൂമിയിൽ ചെല്ലാനാണ് ഇപ്പോൾ ഞാൻ ഒരുങ്ങുന്നത്. നിങ്ങളോടു സംസാരിക്കുവാനായി കുറച്ചുസമയം ഇവിടെ നിന്നുപോയെന്നുമാത്രം. മഹാന്മാരായ ദേവന്മാർ എന്നെ വീഴ്ത്തുവാൻ ബദ്ധപ്പെടുത്തുന്നു. എനിക്കു വീഴ്ചയുണ്ടാകുന്നത് സജ്ജനമദ്ധ്യത്തിലാകണമെന്നു ഞാൻ അവരോടു പ്രാർത്ഥിച്ചു. അതുകൊണ്ട് ഗുണസമ്പന്നരായ ഭവാന്മാരുടെ സംഗമം എനിക്കുണ്ടായി. ഞാൻ ഭൂമിയിലേക്കു പതിക്കുവാൻ പോകുമ്പോഴാണ് ഈ അനുഗ്രഹം ഞാൻ ഇന്ദ്രനോടാവശ്യപ്പെട്ടത്."

അഷ്ടകൻ പറഞ്ഞു: "രാജാവേ, അങ്ങു വീഴരുതേ! അവിടെ നിൽക്കൂ! ഞാനൊന്നു ചോദിച്ചോട്ടെ! ആകാശത്തിലോ, സ്വർഗ്ഗത്തിലോ എനിക്ക് അർഹതപ്പെട്ട വല്ല ലോകങ്ങളുമുണ്ടോ? നക്ഷത്രമണ്ഡലങ്ങളിലോ, മഹാമേരുവിന്റെ സാനുക്കളിലോ മറ്റുവല്ലേടമോ ഉണ്ടോ? ഭവാൻ സിദ്ധസ്ഥാനങ്ങളെല്ലാം അറിയുന്നവനാകയാൽ എനിക്കു പറഞ്ഞുതന്നാലും!"

യയാതി പറഞ്ഞു: "ഭൂമിയിൽ എത്രമാത്രം പശുക്കളും കുതിരകളുമുണ്ടോ, കാടുകളിലും മലകളിലും എത്രമാത്രമുണ്ടോ അത്രയ്ക്കു ലോകങ്ങൾ ആകാശത്തിൽ അങ്ങയ്ക്കുണ്ട്. ഹേ. നരേന്ദ്രസിംഹ! ഭവാൻ ധരിക്കുക!"

അഷ്ടകൻ പറഞ്ഞു: "ആകാശത്തിലോ, സ്വർഗ്ഗത്തിലോ, എനിക്കവകാശപ്പെട്ട സകല ലോകങ്ങളേയും ഞാൻ ഭവാനായി തരുന്നു. ഭവാൻ ഒരിക്കലും അധഃപതിക്കുവാൻ പാടില്ല. അവിടെ എവിടെയെങ്കില്ും ഭവാൻ മടികൂടാതെ അധിവസിക്കുക!"

യയാതി പറഞ്ഞു: "നമ്മളെപ്പോലെയുള്ള അബ്രാഹ്മണനായ ഞാൻ, വേദജ്ഞാനമില്ലാത്തവനായ ഞാൻ, പ്രതിഗ്രഹം വാങ്ങാൻ പാടില്ലാത്തതാണ്. ഹേ! രാജാവേ, ഞാൻ അർഹരായ ബ്രാഹ്മണർക്കു വിധിപോലെ മുമ്പ് ദാനംചെയ്തിട്ടുണ്ട്. ബ്രഹ്മജ്ഞാനികളായ ബ്രാഹ്മണർക്കുമാത്രമേ പ്രതിഗ്രഹം സ്വീകരിക്കുവാൻ പാടുള്ളൂ എന്ന് ഭവാനറിഞ്ഞുകൂടേ? ബ്രാഹ്മണനല്ലാത്തവൻ യാചിക്കുവാൻ പാടില്ലാത്തതാണ്. ദിഗ്വിജയംചെയ്തു വാഴുന്ന വീരന്റെ പത്നി പ്രതിഗ്രഹം സ്വീകരിച്ചു വാഴുന്ന ബ്രാഹ്മണന്റെ ഭാര്യയുടെ നിലയിലും വാഴുവാൻ പാടില്ല. പൂർവ്വാചാരവിരുദ്ധമായി ഒന്നും ഞാൻ ചെയ്യുന്നതല്ല. വിശേഷിച്ചും ജ്ഞാന

digitized by www.sreyas.in

പദം കാംക്ഷിക്കുന്ന സജ്ജനങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ."

പ്രതർദ്ദനൻ പറഞ്ഞു: "സുന്ദരനായ മഹാശയ! ഞാൻ പ്രതർദ്ദനാണ്. ആകാശത്തോ, സ്വർഗ്ഗത്തിലോ, എനിക്ക് അർഹതയുള്ള വല്ലസ്ഥാനങ്ങളുമുണ്ടോ? പറയൂ! ഉണ്ടെങ്കിൽ അതു പറയുവാൻ ഭവാൻ ശക്തനാണെന്നു ഞാൻ വിചാരിക്കുന്നു."

യയാതി പറഞ്ഞു: "ഭവാനു വളരെ ലോകങ്ങളുണ്ട്. ഓരോ ലോകത്തിലും ഏഴു ദിവസംവീതം താമസിച്ചാലും അവ തീരുകയില്ല. സുഖപ്രദവും, പ്രകാശമാനവും, ദുഃഖരഹിതവുമായ ആ ലോകങ്ങൾ ഭവാനെ കാത്തുകൊണ്ടു നില്ക്കുന്നു!"

പ്രതർദ്ദനൻ പറഞ്ഞു: "എനിക്കുള്ള എല്ലാ ലോകങ്ങളും ഞാൻ അങ്ങയ്ക്കു ദാനംചെയ്യുന്നു. അങ്ങ് അധഃപതിക്കരുത്. ഭവാൻ മടിക്കാതെ എനിക്കുള്ള ആ പുണ്യലോകങ്ങൾ സ്വീകരിച്ചാലും!"

യയാതി പറഞ്ഞു: "ഹേ രാജാവേ, തേജസ്വിയായ ഒരു പുരുഷൻ തനിക്കൊത്തവന്റെ കൈയിൽനിന്നു സുഖകരമായ സുകൃതം കാമിക്കുകയില്ല. വിധിവശാൽ വന്നുചേർന്ന വിപത്തിന്റെ പരിഹാരത്തിന്ന് പണ്ഡിതന്മാർ ആരും നിന്ദ്യകർമ്മം ചെയ്തുകൂടാ! ധർമ്മം തെറ്റാതെ നോക്കുന്നവനും, കീർത്തിമാനും, ധർമ്മാനുസരണമായ മാർഗ്ഗം ആരായുന്നവനുമായ രാജാവ് അതിന്നനുസരിച്ചു പ്രവർത്തിക്കണം. അറിവും ധർമ്മബോധവുമുള്ള എന്നെപ്പോലെയുള്ള ഒരാൾ, ഭവാൻ എന്നോടു പറഞ്ഞ മാതിരി ചെയ്യുന്നതല്ല. മുമ്പേ മറ്റൊരു രാജാവും, ചെയ്യാത്ത ഒരു പ്രവൃത്തി അതിനെപ്പറ്റി നല്ല അറിവുള്ളവനായ ഞാൻ ഒരിക്കലും ചെയ്യുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന രാജേന്ദ്രനായ യയാതിയോട് 'വസുമാൻ' എന്ന രാജാവ് പറഞ്ഞു."

93. ഉത്തരയയാതസമാപ്തി - യയാതിയുടെ പുനർസ്വർഗ്ഗലോകഗമനം - വസുമാൻ പറഞ്ഞു: "മഹാത്മാവേ, ഞാൻ ഓഷദശ്വന്റെ മകനായ വസുമനസ്സാണ്. ആകാശത്തോ, സ്വർഗ്ഗത്തിലോ എനിക്കായി വല്ല ലോകവും ഉണ്ടോ? അങ്ങ് അത് അറിയുവാൻ ശക്തനാകയാൽ ഞാൻ ചോദിക്കുകയാണ്."

യയാതി പറഞ്ഞു: "ആദിത്യൻ തന്റെ രശ്മികൾകൊണ്ടു ശോഭിപ്പിക്കുന്ന ആകാശം, ഭൂമി, ദിക്കുകൾ എന്നിവയെല്ലാം എത്രമാത്രമുണ്ടോ അത്രയ്ക്കു ലോകങ്ങൾ വിണ്ണിൽ അങ്ങയെ പ്രതീക്ഷിക്കുന്നുണ്ട്."

വസുമാൻ പറഞ്ഞു: "രാജാവേ, എനിക്കുള്ള ആ സകല ലോകങ്ങളും ഞാൻ അങ്ങയ്ക്കായി തരുന്നു. അങ്ങു കീഴോട്ടു വീഴരുതേ! എന്റെ ലോകാനുഭവങ്ങൾ സകലതും അങ്ങയ്ക്കു തന്നെ ഇരിക്കട്ടെ! പ്രതിഗ്രഹം സ്വീകരിക്കുന്നത് നിന്ദ്യമായി ഭവാൻ വിചാരിക്കുന്നുണ്ടെങ്കിൽ നിസ്സാരമായ എന്തെങ്കിലും - വല്ല പുൽക്കൊടിയോ മറ്റോ—തന്ന് അവയെ വിലകൊടുക്കുന്ന ന്യായത്തിൽത്തന്നെ എടുത്തുകൊള്ളുക!"

യയാതി പറഞ്ഞു: "കപടകർമ്മത്തെപ്പറ്റി ഞാൻ വല്ലാതെ ഭയപ്പെടുന്നു. വെറുതെ വാങ്ങുകയും പിന്നെ അതു വിലക്കാണെന്നു ഭാവിക്കുകയും ചെയ്യുന്ന കള്ളക്കച്ചവടത്തെ ഞാൻ കൂടുതൽ ഭയപ്പെടുന്നു. അത് എനിക്കു ചിന്തിക്കുവാൻപോലും വയ്യാ! മുമ്പ് ഒരു രാജാവും ചെയ്യാത്ത കർമ്മം ഞാൻ ചെയ്യുന്നതല്ല. ആ വിഷയത്തെക്കുറിച്ച് നല്ല അറിവുള്ളവനായ ഞാൻ അതു ചെയ്യുകയില്ല."

വസുമാൻ പറഞ്ഞു: "നരേന്ദ്ര! കള്ളക്കച്ചവടം അങ്ങയ്ക്കിഷ്ടമല്ലെങ്കിൽ വേണ്ട. ഞാൻ ഭവാന് എന്റെ സകല പുണ്യലോകങ്ങളും തരുന്നു. ഭവാൻ സ്വീകരിച്ചാലും! ആ ലോകത്തിലൊന്നിലും ഞാൻ വരുന്നേയില്ല. അവയെല്ലാം അങ്ങയ്ക്കുള്ളതാകട്ടെ!"

ശിബി പറഞ്ഞു: "താത! ഉശീനരന്റെ പുത്രനായ ശിബിയാണ് ഈയുള്ളവൻ. ആകാശത്തിലോ, സ്വർഗ്ഗത്തിലോ എനിക്കും വല്ല ലോകങ്ങളുമുണ്ടോ? അറിയുവാൻ ചോദിക്കയാണ്. മഹാത്മാവായ അങ്ങയ്ക്ക് അതിന്റെയെല്ലാം ശരിയായ വിവരം അറിയാമെന്നാണ് എന്റെ വിശ്വാസം."

യയാതി പറഞ്ഞു: "അല്ലയോ, പണ്ഡിതനായ രാജാവേ! അങ്ങു മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ തന്നെ ആശ്രയിക്കുന്ന അർത്ഥികളെ നിരാശപ്പെടുത്തി വിട്ടിട്ടില്ല. അങ്ങനെയുള്ള മഹത്തായ ദാനശീലത്താൽ ഭവാനു പ്രകാശമാനമായ, പ്രസിദ്ധിയും പെരുമയുള്ള അനേകമനേകം ലോകങ്ങൾ വിണ്ണിൽ ഭവാനെ കാത്തുനില്ക്കുന്നുണ്ട്!"

ശിബി പറഞ്ഞു: "രാജാവേ, അങ്ങയ്ക്കു കൈമാറ്റക്കച്ചവടം ഇഷ്ടമല്ലെങ്കിൽ ഞാൻ തരുന്ന എന്റെ ലോകങ്ങളെ ഭവാൻ കൈക്കൊള്ളണം. ഞാൻ അതു തന്നുകഴിഞ്ഞാൽ പിന്നെ, ഞാൻ അങ്ങോട്ടു വരുന്നേയില്ല. അവിടെച്ചെന്നാൽപ്പിന്നെ ധീരന്മാർക്കു വ്യസനമൊന്നും അനുഭവിക്കേണ്ടിവരികയില്ലല്ലോ."

യയാതി പറഞ്ഞു: "ഇന്ദ്രതുല്യപ്രഭാവനായ അങ്ങയും, അങ്ങയെപ്പോലെ മഹാന്മാരായ രാജസമൂഹങ്ങളും എന്നതുപോലെതന്നെ ഞാനും മറ്റൊരാൾ ദാനംചെയ്യുന്ന ഒരു ലോകത്തിൽ വാഴുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അങ്ങയുടെ ഈ ദാനം ഞാൻ അഭിനന്ദിക്കുന്നില്ല!"

അഷ്ടകൻ പറഞ്ഞു: "രാജാവേ, ഞങ്ങൾ ഓരോരുത്തരും സസന്തോഷം നല്കുന്ന ലോകങ്ങളെ ഭവാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഞങ്ങളെല്ലാവരും ഞങ്ങളുടെ പുണ്യലോകങ്ങളെ ഭവാനു നല്കി ഞങ്ങളെല്ലാവരും നരകം അനുഭവിച്ചുകൊള്ളാം; ഭവാന് പതനമുണ്ടാകരുത്! ഞങ്ങൾ മരിച്ചു വീണ്ടും നരകപ്രായമായ, ഈ ഭൂലോകമാകുന്ന നരകത്തിലെ യാതനകൾ അനുഭവിച്ചുകൊള്ളാം!"

യയാതി പറഞ്ഞു: "മഹാശയന്മാരേ, ഞാൻ അർഹിക്കുന്നത് എന്തോ, അതു നിങ്ങളുടെ സത്യവും അഹിംസയും കാരണമായി ഞാൻ സ്വീകരിച്ചുകൊള്ളാം. എന്നാൽ, പണ്ട് ആരും, ഒരു രാജാവും, ചെയ്യാത്തതൊന്നും ഞാൻ ചെയ്യുകയില്ലെന്ന് നിങ്ങൾ ധരിക്കണം."

അഷ്ടകൻ പറഞ്ഞു: "അത്ഭുതം! അതാ, പൊന്മയമായ അഞ്ചു തേരുകൾ ആകാശത്തുനിന്നു വരുന്നു! അവ ആരുടെയാണ്? അഗ്നി പോലെ പ്രകാശിക്കുന്നുവല്ലോ!"

യയാതി പറഞ്ഞു: "മഹാശയന്മാരേ, മഹാത്മാക്കളേ, ആ വരുന്ന അഞ്ചു തേരുകളും പുണ്യവാന്മാരായ നിങ്ങളെ അഞ്ചുപേരെ കയറ്റിക്കൊണ്ടുപോകുവാൻ വന്നിരിക്കുകയാണ്. അവ അഗ്നിജ്വാലപോലെ പ്രകാശിക്കുന്നു!"

അഷ്ടകൻ പറഞ്ഞു: "രാജാവേ, മഹാത്മാവേ, അങ്ങ് തേരിലേറി വിഹായസ്സിലൂടെ പോയാലും! സമയമാകുമ്പോൾ ഞങ്ങളും അങ്ങയുടെ പിന്നാലെ എത്തിക്കൊള്ളാം."

യയാതി പറഞ്ഞു: "ഇപ്പോൾ നമ്മളെല്ലാവരും ഒന്നിച്ചു തന്നെ പോകണം. നാം സ്വർഗ്ഗത്തെ ജയിച്ചവരാണ്. ദേവലോകത്തിലേക്കുള്ള നിർമ്മലമായ മാർഗ്ഗം ഇതാ തെളിഞ്ഞുകാണുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ആ രാജശ്രേഷ്ഠന്മാരെല്ലാവരും തങ്ങളുടെ തേരിലേറി. ധർമ്മംകൊണ്ടുള്ള അവരുടെ പ്രഭാരശ്മികൾ അപ്പോൾ ആകാശത്തിലും ദിക്കുകളിലും പരന്നു. ആകാശവും ഭൂമിയും ധർമ്മരശ്മികൊണ്ട് ശോഭിപ്പിച്ചുകൊണ്ട് അവർ യാത്രചെയ്തു."

അഷ്ടകൻ പറഞ്ഞു: "ഇന്ദ്രൻ എനിക്ക് ഏറ്റവും പ്രിയപ്പെട്ട സുഹൃത്താണ്. അതുകൊണ്ട് ഞാനായിരിക്കും ആദ്യം പോവുകയെന്നായിരുന്നു എന്റെ വിചാരം. എന്നാൽ, ഇപ്പോൾ ശിബിയാണല്ലോ നമ്മളേക്കാൾ എല്ലാവരേക്കാളും മുമ്പേ വേഗത്തിൽ പോയത്. ഇതെങ്ങനെ സംഭവിച്ചു?"

യയാതി പറഞ്ഞു: "ശിബി തനിക്ക് എത്രമാത്രം ധനം ഉണ്ടായിരുന്നുവോ, അതെല്ലാം ദാനംചെയ്തവനാണ്. ശിബി നമ്മളെ

digitized by www.sreyas.in

ല്ലാവരേക്കാളും ശ്രേഷ്ഠനാണ്. അതുകൊണ്ട് ശിബിക്കു ദേവയാനം തന്നെ കിട്ടി. നമ്മൾക്കു കിട്ടിയത് പിതൃയാനമാണ്. ദാനം, തപശ്ശക്തി, സത്യം, ധർമ്മം, നിഷിദ്ധകർമ്മങ്ങളിൽ ലജ്ജ, ഐശ്വര്യം, ക്ഷമ, സഹനശക്തി ഇപ്രകാരമുള്ള പല ഗുണങ്ങളും അദ്ദേഹത്തിലുണ്ട്. ക്രൂരതയുടെ കണികപോലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ കാണുകയില്ല. അധർമ്മത്തിൽ കഠിനമായ ലജ്ജയുണ്ട്. അതുകൊണ്ടെല്ലാം അത്യുത്കൃഷ്ടനായ ശിബി നമ്മളേക്കാളൊക്കെ വേഗത്തിൽ കടന്നുപോയി."

വൈശമ്പായനൻ പറഞ്ഞു: "അഷ്ടകൻ ഇന്ദ്രതുല്യം യോഗ്യനായ മാതാമഹനോട് (അമ്മയുടെ അച്ഛനോട്) വീണ്ടും കൗതുകത്താൽ ചോദിച്ചു."

അഷ്ടകൻ പറഞ്ഞു: "രാജാവേ, ഞാനൊരു കാര്യം അങ്ങയോടു ചോദിക്കുന്നു. ഉള്ളത് ഭവാൻ എന്നോടു പറയണം. അങ്ങ് എവിടെ നിന്നു വരുന്നു? അങ്ങ് ആരാണ്? അങ്ങ് ആരുടെ പുത്രനാണ്? അങ്ങയെക്കണ്ടിട്ട് ഒരു കാര്യം എനിക്കു തോന്നുന്നുണ്ട്. ഭവാൻ ചെയ്തിട്ടുള്ള ഉത്കൃഷ്ടമായ കർമ്മം ഭവാനല്ലാതെ മറ്റൊരു ക്ഷത്രിയനോ ബ്രാഹ്മണനോ ചെയ്യുവാൻ സാദ്ധ്യമല്ല."

യയാതി പറഞ്ഞു: "നഹുഷരാജാവിന്റെ പുത്രനും പൂരുവിന്റെ അച്ഛനുമായ യയാതിയാണ് ഞാൻ. ഞാൻ ഈ മന്നിന്റെയെല്ലാം സാർവ്വഭൗമനായിരുന്നു. എന്റെ സ്വന്തം ആൾക്കാരായ നിങ്ങളോട് രഹസ്യമായ ഒരു കാര്യം പറയാം: ഞാൻ നിങ്ങളുടെ മാതാമഹനാണ്. ഇപ്പോൾ കാര്യം തെളിഞ്ഞില്ലേ? ഞാൻ ഈ ലോകമെല്ലാം ജയിച്ചു; എല്ലാം കീഴടക്കി ബ്രാഹ്മണർക്കു ദാനം ചെയ്തു. വാനപ്രസ്ഥം സ്വീകരിച്ച് നൂറു യാഗംചെയ്തു; നൂറു യാഗക്കുതിരകളെ ദേവന്മാർക്കു നല്കുന്ന സമയം അവർ സുകൃതം കൈക്കൊള്ളുന്നവരാകുന്നു. അങ്ങനെയുള്ളവരെ ദേവന്മാർ ഭജിക്കും. ഞാൻ പശുക്കൾ, സ്വർണ്ണം, ധനം, വാഹനം എന്നിവയോടുകൂടി ഭൂമി മുഴുവൻ ബ്രാഹ്മണർക്കു ദാനംചെയ്തു. അവിടെ അന്ന് അനേകായിരം പശുക്കളുണ്ടായിരുന്നു. ഞാൻ നിങ്ങളോടു പറഞ്ഞതെല്ലാം സത്യമാണ്. സജ്ജനങ്ങൾ എപ്പോഴും സത്യത്തെ പൂജിക്കുന്നു. ദേവന്മാരേയും, മഹർഷിമാരേയും, ലോകത്തേയും സത്യത്താൽ പൂജിക്കാമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ഈ സ്വർഗ്ഗവിജയചരിത്രം സംഭവിച്ചവിധം സജ്ജനമദ്ധ്യത്തിൽ പ്രസ്താവിക്കുന്ന ഏതു പുരുഷനും നമ്മളോടുകൂടി വാഴുവാൻ അർഹനാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ മഹാത്മാവും മഹാബലിഷ്ഠനുമായ യയാതിമഹാരാജാവ് തന്റെ ദൗഹിത്രരാൽ (പുത്രിയുടെ പുത്രന്മാരാൽ) ഇപ്രകാരം നരകത്തിൽനിന്നു കയറ്റപ്പെട്ടു. സച്ചരിതംകൊണ്ട് മന്നിലെങ്ങും പരന്ന സത്കീർത്തിയോടെ സ്വർഗ്ഗം പ്രാപിച്ചു."

94. പൂരുവംശാനുകീർത്തനം – ജനമേജയൻ പറഞ്ഞു: "പൂരുവിന്റെ വംശകരന്മാരായി പേരു കേട്ടവരായ നരേന്ദ്രന്മാരെ അവരുടെ സത്വവീര്യസ്വരൂപങ്ങളോടു കൂടി വർണ്ണിച്ചുകേൾക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ കുലത്തിൽ ശീലഗുണം നശിച്ച് വീര്യംകെട്ട ഒറ്റ രാജാവും, സന്താനഹീനനായി ഒരുകാലത്തും ഉണ്ടായിട്ടില്ല. പ്രസിദ്ധികേട്ടവരും വിജ്ഞാനനിധികളും ആയിട്ടേ തീർന്നിട്ടുള്ളു. എന്നു ഞാൻ അറിയുന്നു. അവരുടെ ചരിത്രം വിസ്തരിച്ചു മഹർഷേ, ഭവാൻ പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "എന്നോടു ഭവാൻ അഭ്യർത്ഥിച്ചപ്രകാരം ഞാൻ അവരുടെ വിസ്തൃതമായ ചരിത്രം പറയാം, കേട്ടാലും. പൂരുവിന്റെ വംശകരന്മാരായി ഇന്ദ്രപ്രഭാവന്മാരും, ദ്രവ്യവിദ്യാഢ്യന്മാരും, സർവ്വലക്ഷണപൂർണ്ണരുമായി 'പ്രവീരൻ', 'ഈശ്വരൻ', 'രൗദ്രാശ്വൻ' എന്നുപേരായി മൂന്നു മക്കൾ പൂരുവിന് 'പൗഷ്ടി' എന്ന പത്നിയിൽ ഉണ്ടായി. അതിൽ പ്രവീരനെക്കൊണ്ടാണ് വംശത്തുടർച്ചയുണ്ടായത്.

പ്രവീരന്ന് 'ശൂരസേനി' എന്ന ഭാര്യയിൽ 'മനസ്യു' എന്ന പുത്രനുണ്ടായി. അവൻ നാലാഴി ചൂഴുന്ന ഭൂമിക്കൊക്കെ അധിപനായി. 'മനസ്വി' ക്ക് 'സൗവീരി' എന്ന ഭാര്യയിൽ മഹാശൂരന്മാരും മഹാരഥന്മാരുമായി 'ശക്തൻ', 'സംഹനൻ', 'വാഗ്മി' എന്നീ മൂന്നു പുത്രന്മാർ ഉണ്ടായി. 'രൗദ്രാശ്വ' ന്ന് അപ്സരസ്സായ 'മിശ്രകേശി' യിൽ വീരന്മാരായി അന്വഗ്ഭാനുപ്രഭൃതികളായ പത്തു പുത്രന്മാരുണ്ടായി. അവർ എല്ലാവരും യജ്വാക്കളും, പുത്രവാന്മാരും, ബഹുശ്രുതന്മാരും, സർവ്വശാസ്ത്രാസ്ത്രദക്ഷന്മാരും, ധർമ്മശാലികളുമായിരുന്നു. ഋചേയു, കക്ഷേയു, കൃപണേയു, സ്ഥണ്ഡിലേയു, വനേയു, സ്ഥലേയു, തേജേയു, ബലവാനും ധീമാനുമായ സത്യേയു, ഹരിവിക്രമനായ ധർമ്മേയു, സുരോപമനായ സന്നതേയു; ഇവർ ആയിരുന്നു അവർ. വിദ്വാനും ഏകരാജനുമായ 'ഋചേയു' വാനവർക്ക് ഇന്ദ്രൻ എന്നപോലെ വിക്രമിയായി, അനാധൃഷ്ടി എന്നു പ്രസിദ്ധനായി.

'അനാധൃഷ്ടി' യുടെ പുത്രനാണ് രാജസൂയം, അശ്വമേധം മുതലായ യാഗങ്ങൾ കഴിച്ച കീർത്തിമാനും, ധാർമ്മികനുമായ 'മതി നാരൻ'. മതിനാരന്ന് 'തംസു', 'മഹാൻ', 'അതിരഥൻ', 'ദ്രുഹ്യു' എന്നീ നാലു മക്കൾ ഉണ്ടായി.

മതിനാരരാജാവിന്റെ ഈ നാലു പുത്രന്മാരിൽ പൗരവാന്വയവർദ്ധനനായിത്തീർന്നത് വീരനായ 'തംസു' വാണ്. ഭൂമി ജയിച്ച് അവൻ വളരെ പ്രസിദ്ധിനേടി. വീര്യവാനായ തംസുവിന്റെ പുത്രനാണ് ഈളിനൻ. ആ രാജാവും ഭൂമിയൊക്കെ ജയിച്ചു. ഈളിനന്ന് പഞ്ചഭൂതങ്ങൾപോലെ അഞ്ചു പുത്രന്മാരുണ്ടായി. രഥന്തരി എന്നായിരുന്നു രാജ്ഞിയുടെ പേര്. ദുഷ്യന്തൻ, ശൂരൻ, ഭീമൻ, പ്രവസു, വസു എന്നിവരാണ് ആ അഞ്ചു പുത്രന്മാർ.

ഇവരിൽ മൂത്തവൻ ദുഷ്യന്തനായിരുന്നു. ദുഷ്യന്തന് ശകുന്തളയിൽ ഭരതൻ ഉണ്ടായി. ആ ഭരതൻമൂലമാണ് ഭാരതവംശം പ്രസിദ്ധമായത്. ഭരതനു മൂന്നു ഭാര്യമാരുണ്ടായിരുന്നു. മൂന്നുപേരിലുംകൂടി ഒമ്പതു പുത്രന്മാരുണ്ടായി. രാജാവ് തനിക്കു ചേർന്ന പുത്രന്മാരല്ല അവർ എന്നു കണ്ട് ആ പുത്രന്മാരെ ഇഷ്ടപ്പെട്ടില്ല, ലാളിച്ചുമില്ല. അതിൽ ക്രോധിച്ച് അമ്മമാർ ആ പുത്രന്മാരെയെല്ലാം കൊന്നു കളഞ്ഞു. അതുകൊണ്ട് ആ രാജാവിന്ന് പുത്രന്മാർ ആരും ഇല്ലാതായി.

പിന്നെ ഭരതരാജാവ് മഹായാഗങ്ങൾ ചെയ്തു. ഭരദ്വാജമഹർഷിയുടെ കരുണകൊണ്ട് ഭൂമന്യു എന്ന പുത്രനെ നേടി. താൻ പുത്രവാനായി എന്നുകണ്ടു സന്തോഷിച്ച് പൗരവരാജാവ് ഭൂമന്യുവിനെ യുവരാജാവാക്കി. ഭൂമന്യുവിന് ദിവിരഥൻ എന്ന പുത്രനുണ്ടായി. പിന്നെ സുഹോത്രൻ, സുഹോതാവ്, സുഹവിസ്സ്, യജൂസ്സ്, ഋചീകൻ എന്നിവരും, പുഷ്കരിണി എന്ന പത്നിയിൽ ഭൂമന്യുവിന് ഉണ്ടായി. അവരിൽ മൂത്തവൻ സുഹോത്രനായിരുന്നു. ആ രാജാവ് കരബലംകൊണ്ടു രാജ്യം നേടി; രാജസൂയം, അശ്വമേധം മുതലായ പല യജ്ഞങ്ങളും ചെയ്തു ആഴിചൂഴുന്ന ഈ ഊഴി പാലിച്ച് ഗജങ്ങൾ, അശ്വങ്ങൾ, രഥങ്ങൾ, രത്നങ്ങൾ എന്നിവ ധാരാളം നേടി. സമ്പൽസമൃദ്ധിയുടെ ഭാരംകൊണ്ട് ഭൂമി ആഴിയിൽ താഴുന്നവിധത്തിലായിത്തീർന്നു.

ആന, തേര്, കുതിരകൾ, നാനാതരത്തിലുള്ള ആളുകൾ ഇവയോടുകൂടി, ഭൂചക്രം ധർമ്മത്തോടുകൂടി സുഹോത്രൻ പരിപാലിക്കുന്ന കാലത്ത് ചൈത്യയൂപാദികളായ ചിഹ്നങ്ങളോടുകൂടി ഭൂമി പ്രശോഭിച്ചു. സുഹോത്രന്ന് ഐക്ഷ്വാകി എന്ന ഭാര്യയിൽ മൂന്നു പുത്രന്മാരുണ്ടായി. അജമീഢൻ, സുമീഢൻ, പുരുമീഢൻ എന്നിവരായിരുന്നു അവർ. അവരിൽ മൂത്തവൻ അജമീഢനായിരിന്നു.

വംശവർദ്ധനനായ അജമീഢന്ന് മൂന്നു ഭാര്യമാരിൽ ആറു പുത്രന്മാരുണ്ടായി. ധൂമിനിയിൽ ഋക്ഷൻ ഉണ്ടായി. ദുഷ്യന്തൻ, പരമേഷ്ടി എന്നിവർ നീലിയിൽ ഉണ്ടായി. ജഹ്നുവും, വ്രജനനും, രൂപിണനും കേശിനിയിൽ ഉണ്ടായി. രാജാവേ, ഇപ്രകാരം സർവ്വപാഞ്ചാലന്മാരും, ദുഷ്യന്തന്റേയും പരമേഷ്ടിയുടേയും വംശത്തിലുണ്ടായവരാണ്. അതിതേജസ്വികളായ കൗശികന്മാർ ജഹ്നുവിന്റെ കുലജന്മാരാണ്. വ്രജനരൂപിണന്മാരുടെ അഗ്രജൻ ഋക്ഷൻ രാജാവായി. ഋക്ഷന്ന് സംവരണൻ എന്ന പുത്രനുണ്ടായി. പ്രസിദ്ധനായ വംശവർദ്ധനനാണ് സംവരണൻ. ആ രാജാവ് ഈ

digitized by www.sreyas.in

രാജ്യം ഭരിച്ച കാലത്ത് പ്രജകൾക്കു വളരെ നാശമുണ്ടായി എന്നു കേട്ടിട്ടുണ്ട്. പലതരം നാശങ്ങൾ കാരണം രാജ്യം തകർന്നുപോയി. ദാരിദ്ര്യവും, അനാവൃഷ്ടിയും, വ്യാധിയും കാരണം നാശത്തിൽപ്പെട്ടു. അപ്പോൾ ശത്രുസൈന്യം ഭാരതരോട് പടയ്ക്ക് ഒരുങ്ങി. പാഞ്ചാല്യൻ പത്ത് അക്ഷൗഹിണിസൈന്യത്തോടുകൂടി എതിർത്തു രാജാവിനെ തോല്പിച്ച് ഭൂമി കൈയിലാക്കി. ഭാര്യ, മക്കൾ, മന്ത്രിമാർ, ഇഷ്ടജനങ്ങൾ എന്നിവരോടെല്ലാവരോടും കൂടി രാജാവു ഭയപ്പെട്ട് ഓടിപ്പോയി. സിന്ധുനദിയുടെ കുഞ്ജപ്രദേശത്തെത്തി പർവ്വതത്തിന്റെ അടിപ്പാട്ടിൽ പുഴവക്കത്തു താമസമാക്കി. അവിടെ ദുർഗ്ഗപ്രദേശത്ത് ആ ഭാരത വംശരാജാക്കന്മാർ വളരെനാൾ പാർത്തു. ആയിരം വർഷമാണ് അവിടെ പാർത്തത്. അക്കാലത്ത് വസിഷ്ഠമഹർഷി ആ ഭാരതന്മാരുടെ അടുത്തു ചെന്നു. മുനിയുടെ വരവറിഞ്ഞ് എതിരേറ്റ് അഭിവാദ്യംചെയ്ത് അർഘ്യം നല്കി മഹർഷിയെ ഭാരതന്മാർ സ്വീകരിച്ചു. മുഖശ്രീയുള്ളവനായ മുനിക്ക് സൽക്കാരങ്ങൾ ചെയ്ത് പീഠത്തിൽ ഇരുത്തി ആ മഹർഷിയോട് രാജാവ് പറഞ്ഞു."

സംവരണൻ പറഞ്ഞു: "മഹർഷേ! ഭവാൻ ഞങ്ങളുടെ ഗുരുവായാലും. ഭവാൻ ഞങ്ങൾക്കു ഗുരുവായി ഭവിച്ചാൽ നഷ്ടപ്പെട്ട നാട് ഉടനെ വീണ്ടെടുക്കാം."

വൈശമ്പായനൻ പറഞ്ഞു: "വസിഷ്ഠമഹർഷി അതു സമ്മതിച്ച് അങ്ങനെയാകാം എന്നു മറുപടി പറഞ്ഞു. അങ്ങനെ വസിഷ്ഠമഹർഷി ഭാരതാചാര്യനായിത്തീർന്നു. പിന്നെ മഹർഷി സംവരണനെ സമ്രാട്ടായി അഭിഷേചനംചെയ്തു. ഗോവാകുന്ന ഭൂമിക്ക് ശൃംഗംപോലെ ശോഭിക്കുന്ന പ്രസിദ്ധമായ പുരം, മുമ്പ് ഭാരതന്മാർ വാണ പുരം വീണ്ടെടുത്തു. പിന്നെ പല രാജാക്കന്മാരേയും കീഴടക്കി കപ്പം വാങ്ങി. ഇപ്രകാരം ഭൂമി വീണ്ടെടുത്ത് വളരെ യാഗങ്ങൾ ദക്ഷിണയോട് ആ രാജാവു നടത്തി പ്രബലനും പ്രസിദ്ധനുമായി. സത്കർമ്മംകൊണ്ട് ശാശ്വതമായ പ്രതിഷ്ഠ ലഭിച്ചു.

സൂര്യപുത്രിയായ തപതിയിൽ, സംവരണന്ന് 'കുരു' എന്ന പുത്രൻ ജനിച്ചു. ബാല്യത്തിൽത്തന്നെ ധർമ്മജ്ഞനായ കുരു രാജാവാകുവാൻ നാട്ടുകാർ പ്രാർത്ഥിച്ചു. കുരുജാംഗലരാജ്യം അവന്റെ പേരുമൂലം പ്രസിദ്ധമായി. കുരുവിന്റെ പേരോടു കൂടി ആ രാജ്യം പ്രസിദ്ധി സമ്പാദിച്ചു. കുരുവിന്റെ തപസ്സുകൊണ്ട് 'കുരുക്ഷേത്രം' പുണ്യമാവുകയും ചെയ്തു. അശ്വവാൻ, അഭിഷ്യൻ, ചൈത്രരഥൻ, മുനി, ജനമേജയൻ എന്നിവരാണ് കുരുവിന്റെ അഞ്ചുപുത്രന്മാർ. സുശീലയായ വാഹിനിയാണ് ഇവരുടെ അമ്മ എന്നു ഞങ്ങൾ കേട്ടിട്ടുണ്ട്. അശ്വവാന്റെ മകൻ അവിക്ഷിത്തായിരുന്നു.

അവിക്ഷിത്തിന് പരീക്ഷിത്ത്, ശബളാശ്വൻ, ആദിരാജൻ, വിരാജൻ, ശാല്മലി, ഉച്ചൈശ്രവസ്സ്, ഭദ്രകാരൻ, ജിതാരി ഇങ്ങനെ എട്ടു പുത്രന്മാരുണ്ടായി. ഇവർ കുലത്തിൽ ഗുണങ്ങൾകൊണ്ടു കീർത്തിമാന്മാരായി ശോഭിച്ചു.

പരീക്ഷിത്തിന് ജനമേജയൻമുതൽ ഏഴു പുത്രന്മാരുണ്ടായി എല്ലാവരും ധർമ്മവേദികളാണ്. ജനമേജയൻ, കക്ഷസേനൻ, ഉഗ്രസേനൻ, വീരനായ ചിത്രസേനൻ, ഇന്ദ്രസേനൻ, സുഷേണൻ, ഭീമസേനൻ എന്നിവരാണ് പരീക്ഷിത്തിന്റെ പുത്രന്മാർ. ഇവരെല്ലാം കീർത്തിമാന്മാരായ ജയശാലികളാണ്. ജനമേജയന്ന് എട്ടു പുത്രന്മാരുണ്ടായി. ധൃതരാഷ്ട്രൻ, പാണ്ഡു, ബാൽഹീകൻ, നിഷധൻ, ജാംബൂനദൻ, കുണ്ഡോദരൻ, പദാതി, വസാതി ഇവർ എട്ടു പേരും ധർമ്മവിത്തുക്കളും, സർവ്വജനങ്ങൾക്കും ഹിതകാരികളുമായിരുന്നു. ഇവരിൽ മൂത്തവനായ ധൃതരാഷ്ട്രൻ നാടുഭരിച്ചു. ധൃതരാഷ്ട്രന്ന് കുണ്ഡികൻ, ഹസ്തി, വിതർക്കൻ, ക്രാഥൻ, കുണ്ഡിനൻ, ഹവിശ്രവസ്സ്, ഇന്ദ്രാഭൻ, സുമന്യു, പ്രതീപൻ, ധർമ്മനേത്രൻ, സുനേത്രൻ എന്നിങ്ങനെ അനേകം പുത്രന്മാരുണ്ടായി. ധൃതരാഷ്ട്രപുത്രന്മാരിൽ പേർ പുകഴ്ന്നവർ മൂന്നുപേരാണ്. പ്രതീപൻ, ധർമ്മനേത്രൻ, സുനേത്രൻ. ഇവരിൽ എതിരില്ലാതെ പുകഴ്ന്ന ശ്രേഷ്ഠൻ പ്രതീപനാണ്.

പ്രതീപന്ന് മൂന്നു പുത്രന്മാരുണ്ടായി. ദേവാപി, ശാന്തനു, ബാൽഹീകൻ, എന്നിവരാണ്. ശന്തനുവും മഹാരഥനായ ബാൽഹീകനും രാജാക്കന്മാരായി. ഭരതന്റെ കുലത്തിൽപിറന്ന വീരന്മാരായ രാജാക്കന്മാരിൽ മിക്കവരും പുകഴ്ന്നവരും ദേവർഷിതുല്യന്മാരുമാണ്. ഭൂമിയിൽ മഹാരഥന്മാരും ദേവതുല്യന്മാരുമായി, ഇങ്ങനെ മനുവിന്റ കുലത്തിൽ ഐളാന്വയത്തിൽ മഹാന്മാരായ അനവധി വംശവർദ്ധനന്മാരായ മഹാന്മാർ ഉണ്ടായിട്ടുണ്ട്."

95. പൂരുവംശാനുകീർത്തനം (തുടർച്ച) – ജനമേജയൻ പറഞ്ഞു: "അല്ലയോ മഹാശയാ, അങ്ങു പറഞ്ഞ പൂർവ്വന്മാരുടെ സംഭവചരിത്രം ഞാൻ കേട്ടു. ഈ വംശത്തിലെ രാജാക്കന്മാരെല്ലാം പ്രസിദ്ധന്മാരായ ഉദാരന്മാരാണ്. ഭവാൻ ചുരുക്കിപ്പറഞ്ഞ എന്റെ വംശചരിതകീർത്തനം കേട്ടിട്ട് എനിക്കു തൃപ്തി വരുന്നില്ല. അതൊക്കെ ഭവാൻ വിസ്തരിച്ചു പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദക്ഷൻ, മനു മുതൽക്കുള്ളവരുടെ മഹാദിവ്യമായ കഥ, അവരുടെ ജന്മവൃത്താന്തം, എന്നിവയൊക്കെ ആർക്കാണ് സന്തോഷം നല്കാതിരിക്കുക? സദ്ധർമ്മങ്ങളാലും, ഗുണമാഹാത്മ്യങ്ങളാലും പൂർണ്ണമായ ഏറ്റവും ഉത്തമമായ ചരിത്രം, ഈ മഹാന്മാരുടെ കീർത്തിനിറഞ്ഞ ചരിത്രം, ഈ ത്രിലോകങ്ങൾ നിറയെ മുറ്റിനില്ക്കുന്നു. ഗുണം, പ്രഭാവം, ഓജസ്സ്, സത്വം, വീര്യം എന്നിവയൊത്തു ചേർന്ന ഇവരുടെ കഥ പീയൂഷത്തിന്നു തുല്യമാണ്. അമൃതമയമായ ആ കഥ കേട്ടിട്ട് എനിക്കു തൃപ്തിയാകുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "അല്ലയോ രാജാവേ, വ്യാസൻ പറഞ്ഞവിധംതന്നെ ഞാൻ അങ്ങയുടെ വംശത്തിന്റെ മഹത്തായ ചരിത്രം പറയാം. അങ്ങു സസന്തോഷം കേട്ടാലും!

ദക്ഷന്റെ പുത്രിയാണ് അദിതി. അദിതിക്കു പുത്രനായി വിവസ്വാൻ ഉണ്ടായി. വിവസ്വാനു മനുവും, മനുവിന് ഇളയും ഇളയ്ക്കു പുരൂരവസ്സും, പുരൂരവസ്സിന് ആയുസ്സും, ആയുസ്സിനു നഹുഷനും, നഹുഷന് യയാതിയും സന്താനങ്ങളായി ഉണ്ടായി. യയാതിക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നു.

യയാതിയുടെ ഭാര്യമാർ, ഒന്ന് ശുക്രമഹർഷിയുടെ പുത്രിയായ ദേവയാനിയും, രണ്ടാമത്തേവൾ വൃഷപർവ്വാവിന്റെ മകൾ ശർമ്മിഷ്ഠയും ആയിരുന്നു. അവർക്ക് അഞ്ചു സന്താനങ്ങളുണ്ടായി.

ദേവയാനിയുടെ മക്കൾ യദു, തുർവ്വസു എന്നീ രണ്ടുപേരാണ്. ശർമ്മിഷ്ഠയുടെ പുത്രന്മാർ ദ്രുഹ്യു, അനു, പൂരു എന്നീ മൂന്നുപേരാണ്. ഇതിൽ യദുവിന്റെ സന്താനപരമ്പരയാണ് യാദവന്മാർ. പൂരുവിന്റെ സന്താനപരമ്പരയാണ് പൗരവന്മാർ.

പൂരുവിന്റെ ഭാര്യ കൗസല്യ എന്ന സ്ത്രീയായിരുന്നു. അവളിൽ ജനമേജയൻ എന്ന പുത്രൻ ഉണ്ടായി. അദ്ദേഹം മൂന്നു അശ്വമേധവും, വിശ്വജിത്തെന്ന യാഗവും കഴിച്ച് അതിന്നുശേഷം വാനപ്രസ്ഥം സ്വീകരിച്ചു.

ജനമേജയൻ അനന്ത എന്നു പേരുള്ള മാധവിയെ പാണിഗ്രഹണംചെയ്തു. അവളിൽ പ്രാചിന്വാൻ എന്നു പേരായ പുത്രൻ ജനിച്ചു. അവൻ സൂര്യോദയംവരെയുള്ള കിഴക്കേ ദിക്കൊക്കെ ജയിച്ചു കീഴടക്കി. അതുകൊണ്ടു പ്രാചിന്വാൻ എന്നു പേരുണ്ടായി.

പ്രാചിന്വാൻ അശ്മകിയെന്ന യാദവിയെ പാണിഗ്രഹണം ചെയ്തു. അവളിൽ സംയാതിയെന്ന പുത്രനുണ്ടായി. സംയാതി ദൃഷദ്വാന്റെ പുത്രിയായ വരാംഗിനിയെ വരിച്ചു. അവളിൽ അഹംയാതി ഉണ്ടായി. അഹംയാതി കൃതവീര്യപുത്രിയായ ഭാനുമതിയെ വിവാഹംചെയ്തു. അവളിൽ സാർവ്വഭൗമനുണ്ടായി. സാർവ്വഭൗമൻ കേകയ രാജാവിനെ യുദ്ധത്തിൽ ജയിച്ച് അദ്ദേഹത്തിന്റെ മകളായ സുനന്ദയെ കൊണ്ടുപോയി. അവളിൽ ജയത്സേനൻ എന്ന ഒരു പുത്രൻ പിറന്നു. ജയത്സേനൻ സുശ്രുവ എന്ന വൈദർഭിയെ വിവാഹം ചെയ്തു. അവളിൽ അവാചീനൻ എന്ന പുത്രൻ ജനിച്ചു. അവാചീനൻ വിദർഭത്തിലെ മറ്റൊരു

digitized by www.sreyas.in

രാജാവിന്റെ പുത്രിയായ മര്യാദയെ വിവാഹം ചെയ്തു. അവളിൽ അരിഹനെന്ന പുത്രനുണ്ടായി. അരിഹൻ ഖൽവാംഗിയെ വിവാഹംചെയ്തു. അവളിൽ മഹാഭൗമനുണ്ടായി. മഹാഭൗമൻ പ്രസേനജിത്തിന്റെ പുത്രിയായ സുയജ്ഞയെ വിവാഹം ചെയ്തു. അവൾ അയുതനായി എന്ന പുത്രനെ പ്രസവിച്ചു. അവൻ പതിനായിരം പുരുഷമേധം ചെയ്തതുമൂലമാണ് അയുതനായി എന്നു പ്രസിദ്ധനായത്. അയുതനായി പൃഥുശ്രവസ്സിന്റെ മകളായ കാമ എന്ന സ്ത്രീയെ പാണിഗ്രഹണംചെയ്തു. അവൾ അക്രോധനനെന്ന പുത്രനെ പ്രസവിച്ചു. അവൻ കലിംഗപുത്രിയായ കരംഭയെ വിവാഹംചെയ്തു. അവൾ ദേവാതിഥി എന്ന ഒരു പുത്രനെ പ്രസവിച്ചു. ദേവാതിഥി വിദേഹപുത്രിയായ മര്യാദയെ വിവാഹം ചെയ്തു, മര്യാദയിൽ അരിഹനെന്ന പുത്രനുണ്ടായി. അരിഹൻ ആംഗേയിയായ സുദേവയെ വിവാഹംചെയ്തു. അവൾ ഋക്ഷൻ എന്ന ഒരു പുത്രനെ പ്രസവിച്ചു.

ഋക്ഷൻ തക്ഷകന്റെ പുത്രിയായ ജ്വാലയെ വിവാഹം ചെയ്തു. അവൾ മതിനാരൻ എന്ന പുത്രനെ പ്രസവിച്ചു.

മതിനാരൻ സരസ്വതീതീരത്തിൽ ഗുണസമ്പൂർണ്ണമായ വിധത്തിൽ പന്തീരാണ്ടുകൊണ്ടു കഴിയുന്ന സത്രം കഴിച്ചു. സത്രം കഴിഞ്ഞപ്പോൾ സരസ്വതി മൂർത്തിമതിയായിച്ചെന്ന് അവനെ ഭർത്താവായി സ്വീകരിച്ചു. അവൾ തംസു എന്ന പുത്രനെ പ്രസവിച്ചു. തംസുവിന്നു കലിംഗരാജപുത്രിയിൽ ഈളിനൻ എന്ന പുത്രൻ ജനിച്ചു.

ഈളിനന്ന് രഥന്തരിയിൽ ദുഷ്യന്തൻ മുതലായ അഞ്ചു പുത്രന്മാരുണ്ടായി. വിശ്വാമിത്രപുത്രിയായ ശകുന്തളയെ ദുഷ്യന്തൻ പാണിഗ്രഹണം ചെയ്തു. അവളിൽ ഭരതനുണ്ടായി. ഭരതൻ കാശിരാജാവായ സർവ്വസേനന്റെ പുത്രിയായ സുനന്ദയെ വിവാഹംചെയ്തു. അവളിൽ ഭുമന്യു എന്ന പുത്രനുണ്ടായി. ഭുമന്യു ദശാർഹരാജാവിന്റെ പുത്രിയായ വിജയെ വിവാഹം ചെയ്തു. അവളിൽ സുഹോത്രനുണ്ടായി. സുഹോത്രൻ ഇക്ഷ്വാകുകന്യകയായ സുവർണ്ണയെ പാണിഗ്രഹണം ചെയ്തു. അവളിൽ ഹസ്തി എന്ന പുത്രനുണ്ടായി. അവൻ 'ഹസ്തിനപുരം' പണിയിച്ചു. ഹസ്തി നിർമ്മിച്ചതുകൊണ്ടാണ് ഹസ്തിനപുരമെന്നു പേരുണ്ടായത്.

ഹസ്തി ത്രിഗർത്തരാജപുത്രിയായ യശോധരയെ വിവാഹം ചെയ്തു. അവൾ വികുണ്ഠനൻ എന്ന പുത്രനെ പ്രസവിച്ചു. വികുണ്ഠനൻ ദാശാർഹിയായ സുദേവയെ വിവാഹം ചെയ്തു. അവളിൽ അജമീഢൻ ഉണ്ടായി.

അജമീഢന്ന് കൈകേയി, ഗാന്ധാരി, വിശാല, ഋക്ഷ എന്ന നാലു ഭാര്യമാരിൽ രണ്ടായിരത്തിനാനൂറു മക്കളുണ്ടായി. അവർ അമ്മവഴി അനുസരിച്ച് ഓരോ വംശം സ്ഥാപിച്ചു. അവരിൽ വംശവർദ്ധനൻ സംവരണനാണ്.

സംവരണൻ വിവസ്വാന്റെ പുത്രിയായ തപതിയെ വിവാഹം ചെയ്തു, അവളിൽ കുരു എന്ന പുത്രനുണ്ടായി. കുരു ദാശാർഹപുത്രിയായ ശുഭാംഗിയെ വിവാഹംചെയ്തു. അവളിൽ വിദൂരഥനുണ്ടായി. വിദൂരഥൻ മധുദേശരാജാവിന്റെ പുതിയൊരു സുയശയെ വിവാഹം ചെയ്തു. അവൾ ഭീമസേനെരു പുത്രിയായ സുപ്രിയയെ വിവാഹം ചെയ്തു. അവളിൽ അനശ്വാവ് എന്ന പുത്രൻ ഉണ്ടായി. അനശ്വാവ് മാഗധരാജപുത്രിയായ അമൃതയെ വിവാഹം ചെയ്തു. അവളിൽ പരീക്ഷിത്ത് എന്ന പുത്രൻ ഉണ്ടായി. പരീക്ഷിത്ത് ബാഹുദരാജാവിന്റെ പുത്രിയായ സുയശയെ വിവാഹം ചെയ്തു. അവൾ ഭീമസേനനെന്ന പുത്രനെ പ്രസവിച്ചു. ഭീമസേനൻ കേകയരാജാവിന്റെ പുത്രിയായ കുമാരിയെ വിവാഹംചെയ്തു. അവളിൽ അദ്ദേഹത്തിന്നു പ്രതിസ്രവസ്സ് എന്ന പുത്രനുണ്ടായി.

പ്രതിസ്രവസ്സിനു പ്രതീപനുണ്ടായി. അവൻ ശൈബ്യരാജാവിന്റെ പുത്രിയായ സുനന്ദയെ വിവാഹംചെയ്തു. അവളിൽ അദ്ദേഹത്തിനു ദേവാപി, ശാന്തനു, ബാൽഹീകൻ എന്ന മൂന്നു മക്കളുണ്ടായി. ദേവാപി ബാല്യത്തിൽത്തന്നെ വനവാസം ചെയ്തു. അതുകൊണ്ട് ശാന്തനു രാജാവായി.

ശാന്തനു കൈകൊണ്ടുതൊട്ടാൽ വൃദ്ധനുപോലും സൗഖ്യമുണ്ടാകും, അവൻ വീണ്ടും യുവാവാവും. അതുകൊണ്ടാണ് ശാന്തനു എന്ന് അവന്നു പേരുണ്ടായതത്രേ. ശാന്തനു ഭാഗീരഥിയായ ഗംഗാദേവിയെ വിവാഹം ചെയ്തു. അവളിൽ അദ്ദേഹത്തിന്നു ദേവവ്രതനെന്ന പുത്രനുണ്ടായി. അവനാണു ഭീഷ്മൻ. അവൻ അച്ഛന്റെ ഇഷ്ടം അറിഞ്ഞു സത്യവതിയെ അച്ഛനെക്കൊണ്ടു വിവാഹംചെയ്യിച്ചു. അവൾ ഗന്ധകാളി എന്നു പ്രസിദ്ധപ്പെട്ടവളാണ്. അവളുടെ കന്യാപുത്രനാണ് ദ്വൈപായനനായ വേദവ്യാസൻ. അവൻ പരാശരപുത്രനാണ്. സത്യവതിയിൽ ശാന്തനുവിന്നു വിചിത്രവീര്യനും, ചിത്രാംഗദനുമുണ്ടായി. ചിത്രാംഗദനെ യൗവനം തികയുന്നതിനുമുമ്പുതന്നെ ഒരു ഗന്ധർവ്വൻ കൊന്നു. വിചിത്രവീര്യൻ രാജാവായി. കൗസല്യയുടെ മക്കളായ അംബിക, അംബാലിക എന്നു പേരായി രണ്ടു കാശിരാജപുത്രിമാരെ വിചിത്രവീര്യൻ വിവാഹം ചെയ്തു. വിചിത്രവീര്യൻ സന്താനമുണ്ടാകാതെതന്നെ മരിച്ചു. സത്യവതി ദുഷ്യന്തവംശം നശിച്ചുപോകരുതെന്നു വിചാരിച്ച് മനസ്സുകൊണ്ട് ദ്വൈപായനമഹർഷിയെ ധ്യാനിച്ചു. അദ്ദേഹം അമ്മയുടെ അടുത്തു ചെന്നു നിന്ന് എന്താണു വേണ്ടതെന്നു ചോദിച്ചു. നിന്റെ ഭ്രാതാവായ വിചിത്രവീര്യൻ സന്തതിയുണ്ടാകാതെയാണ് സ്വർഗ്ഗം പ്രാപിച്ചത്. അവന്നു പുത്രോല്പാദനം ചെയ്തുകൊടുക്കണമെന്ന് അമ്മ അവനോടു പറഞ്ഞു. അമ്മയുടെ ആജ്ഞയനുസരിച്ച് വിചിത്രവീര്യന്റെ ഭാര്യമാരിൽ സന്താനോല്പാദനം നിർവ്വഹിച്ചു. ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ ഇവർ വ്യാസപുത്രന്മാരായി ജനിച്ചു. ധൃതരാഷ്ട്രന്ന് വ്യാസന്റെ വരംകൊണ്ട് നൂറുപുത്രന്മാരുണ്ടായി. അതിൽ പ്രധാനികൾ ദുര്യോധനൻ, ദുശ്ശാസനൻ, വികർണ്ണൻ, ചിത്രസേനൻ എന്ന നാലുപേരാണ്.

പാണ്ഡുവിന്ന് കുന്തിഭോജന്റെ പുത്രിയായ പൃഥയും, മാദ്രിയും ഇങ്ങനെ രണ്ടുപേർ ഭാര്യമാരായി. പാണ്ഡു നായാട്ടിന്നിടയിൽ ഒരു മഹർഷി മാനിന്റെ രൂപത്തിൽ മാൻപേടയുമായി മൈഥുനം ചെയ്യുന്ന സമയത്ത്, കാമസുഖം പ്രാപിക്കുന്നതിന്നു മുമ്പ്, അറിയാതെ അമ്പെയ്തു. അമ്പുകൊണ്ടു മരിക്കുന്ന മഹർഷിയുടെ ശാപമുണ്ടായി. 'ധർമ്മം അനുഷ്ഠിക്കുന്ന എന്നെ കാമസുഖം അനുഭവിക്കുന്നതിന്നു മുമ്പായി കാമരസാഭിജ്ഞനായ നീ ഹനിച്ചതുകൊണ്ട് നീയും ഈ നിലയിൽ വന്നാൽ കാമരസം അനുഭവിക്കുന്നതിന്നുമുമ്പ് ഉടനെ മരിക്കും' എന്നു ശപിച്ചു. ഇതുകേട്ട് വിളറി പാണ്ഡു ദുഃഖിച്ചു; ഭാര്യമാരോടു വിവരം പറഞ്ഞു: 'എന്റെ ചാപല്യംകൊണ്ട് എനിക്ക് ഇങ്ങനെ ഒരു ശാപം ലഭിച്ചു. സന്തതിയില്ലാത്തവന്ന് ലോകങ്ങൾ ഇല്ലെന്നു കേൾക്കുന്നു. അതുകൊണ്ട് നീ എനിക്കുവേണ്ടി പുത്രോല്പാദനം ചെയ്യേണമെന്ന് കുന്തിയോടു പറഞ്ഞു. അവൾ അത് അനുസരിച്ചു.

പുത്രോല്പാദനമുണ്ടാകാത്ത ഭാര്യമാർക്കു ദേവന്മാരിൽനിന്നു ഭർത്താവിന്റെ അനുവാദത്തോടുകൂടി സന്താനങ്ങൾ ഉണ്ടായി. കുന്തിക്ക് ധർമ്മനിൽനിന്ന് യുധിഷ്ഠിരനും, വായുവിൽനിന്ന് ഭീമനും ഇന്ദ്രനിൽനിന്ന് അർജ്ജുനനും ഉണ്ടായി. സന്തുഷ്ടനായ പാണ്ഡു 'നിന്റെ ഈ സപത്നിക്കും സന്തതിയില്ലല്ലോ അവൾക്കും സന്തതിയുണ്ടാക്കിക്കൊടുക്കുക' എന്ന് കുന്തിയോടു പറഞ്ഞു. 'അപ്രകാരംതന്നെയാകാം' എന്നു പറഞ്ഞു കുന്തി മാദ്രിക്കു മന്ത്രം ഉപദേശിച്ചു മാദ്രിക്ക് അശ്വിനീദേവന്മാരിൽനിന്ന് നകുലനും, സഹദേവനും ഉണ്ടായി.

ഒരു ദിവസം പാണ്ഡു അലംകൃതയായ മാദ്രിയെക്കണ്ട് കാമമോഹിതനായി അവളെ തൊട്ടമാത്രയിൽ മരിച്ചു. മാദ്രി ഭർത്താവിന്റെ ചിതാഗ്നിയിൽച്ചാടി. ഭർത്താവിനെ പിന്തുടരുന്ന അവൾ യാത്ര പറയുമ്പോൾ മക്കളെ കുന്തിയുടെ പക്കൽ ഏല്പിച്ചു. മഹർഷിമാർ കുന്തിയെ മക്കളോടുകൂടി കൂട്ടിക്കൊണ്ടുപോയി ഹസ്തിനപുരിയിൽ ഭീഷ്മനേയും വിദുരനേയും ഏല്പിച്ചു. മറ്റുള്ള സകല ജാതിക്കാരോടും വിവരം അറിയിച്ചു. അവർ നോക്കിനില്ക്കുമ്പോൾത്തന്നെ മഹർഷിമാർ മറഞ്ഞു. ഭഗവാന്മാരായ ആ മഹാശയന്മാരുടെ വാക്കു കേട്ടതോടുകൂടി ആകാശത്തുനിന്നും പുഷ്പവൃഷ്ടിയുണ്ടായി. ദേവദുന്ദുഭി ശബ്ദിച്ചു.

digitized by www.sreyas.in

ഏറ്റുവാങ്ങിയതിന്റെശേഷം പാണ്ഡവന്മാർ അച്ഛൻ മരിച്ച വിവരം പറയുകയും, അദ്ദേഹത്തിന്റെ ഊർദ്ധ്വഗതിക്കുള്ള കർമ്മങ്ങൾ ക്രമപ്രകാരം ചെയ്യുകയും ചെയ്തു. അവിടെ പാർത്തുവരുന്ന പാണ്ഡവന്മാരിൽ ബാല്യംമുതൽ ദുര്യോധനന്ന് അമർഷമുണ്ടായി. ദുര്യോധനൻ പാപാചാരന്റെ നിലയിൽ രാക്ഷസബുദ്ധിയാൽ അവരെ കൊല്ലുവാൻ ശ്രമിച്ചു. ഭാവിഫലത്തിന്റെ ശക്തികൊണ്ടും ദൈവേച്ഛനിമിത്തവും അവരെ നശിപ്പിക്കുവാൻ കഴിഞ്ഞില്ല.

ധൃതരാഷ്ട്രൻ വ്യാജത്താൽ വാരണാവതത്തിലേക്ക് അവരെ അയയ്ക്കുമ്പോൾ അവർ അതു സമ്മതിച്ചു അവരെ അരക്കില്ലത്തിലിട്ടു ചുടുവാൻ ശ്രമിച്ചു. വിദുരന്റെ സഹായത്താൽ അരക്കില്ലത്തിൽനിന്നു മരിക്കാതെ രക്ഷപ്പെട്ടു. വഴിക്കുവെച്ച് ഹിഡിംബനെക്കൊന്ന് ഏകചക്രയിലെത്തി. ഏകചക്രയിൽവെച്ചു ബകനെന്ന രാക്ഷസനെ കൊന്ന്, പാഞ്ചാലനഗരിയിലെത്തി, പാഞ്ചാലിയെ വിവാഹംചെയ്തു സ്വനഗരിയിലേക്കു തിരിച്ചുപോന്നു.

അവിടെ സുഖമായിരിക്കുമ്പോൾ യുധിഷ്ഠിരന്ന് പ്രതിവിന്ധ്യൻ, ഭീമന്ന് സുതസോമൻ, അർജ്ജുനന്ന് ശ്രുതകീർത്തി, നകുലന്ന് ശതാനീകൻ, സഹദേവന് ശ്രുതകർമ്മാവ് ഇങ്ങനെ അഞ്ചു പുത്രന്മാർ ദ്രൗപദിയിൽ ഉണ്ടായി. ഗോവാസൻ എന്ന ശൈബ്യന്റെ കന്യകയായ ദേവികയെ യുധിഷ്ഠിരൻ സ്വയംവരത്തിൽ സമ്പാദിച്ചു. അവളിൽ അദ്ദേഹത്തിന് യൗധേയൻ എന്ന പുത്രനുണ്ടായി. ഭീമസേനൻ വീര്യശുൽക്കയായ കാശിരാജപുത്രി ബലന്ധരയെ വിവാഹം ചെയ്തു. അവളിൽ സർവ്വഗൻ എന്ന ഒരു പുത്രൻ ജനിച്ചു.

അർജ്ജുനൻ ദ്വാരകയിൽച്ചെന്നു കൃഷ്ണന്റെ സഹോദരിയും മധുരഭാഷിണിയുമായ സുഭദ്രയെ ഹരിച്ച് സസുഖം സ്വഗൃഹത്തിലെത്തി. അവളിൽ അർജ്ജുനന്ന് അതിഗുണവാനായി വാസുദേവന്റെ വാത്സല്യഭാജനമായി അഭിമന്യു എന്ന പുത്രൻ ജനിച്ചു നകുലൻ ചേദിരാജാപുത്രിയായ കരേണുമതിയെ വേട്ടു. അവളിൽ നിരമിത്രൻ എന്ന പുത്രൻ ജനിച്ചു. സഹദേവൻ സ്വയംവരത്തിൽ മദ്രരാജാവായ ദ്യുതിമാന്റെ പുത്രിയായ വിജയയെ വിവാഹം ചെയ്തു. അവളിൽ സുഹോത്രനെന്ന പുത്രൻ ജനിച്ചു. ഭീമസേനൻ ഹിഡിംബിയിൽ രാക്ഷസനായ ഘടോൽക്കചനെന്ന പുത്രനെ ജനിപ്പിച്ചു.

ഇങ്ങനെ പാണ്ഡവന്മാർക്ക് പതിനൊന്നു മക്കളുണ്ടായി. അവരിൽ വംശകരനായ പുത്രൻ അഭിമന്യുവാണ്. അവൻ വിരാടപുത്രിയായ ഉത്തരയെ വിവാഹംചെയ്തു. അവൾക്ക് ഉണ്ടായ ഗർഭം നിർജ്ജീവമായി പ്രസവിച്ചു. 'ആറാംമാസത്തിൽ പിറന്ന ആൺകുട്ടിയെ ഞാൻ ജീവിപ്പിക്കും' എന്നു കൃഷ്ണന്റെ കല്പനപ്രകാരം കുട്ടിയെ കുന്തി മടിയിൽ എടുത്തു. കാലം തികയും മുമ്പെ പിറന്നവനും, അസ്ത്രാഗ്നികൊണ്ടു ദഹിച്ചവനുമാണെങ്കിലും ആ കുട്ടിയെ ഭഗവാൻ വാസുദേവൻ സ്വന്തം തേജസ്സുകൊണ്ട്, ബലവീര്യവിക്രമങ്ങൾ വർദ്ധിക്കുന്ന വിധം ജീവിപ്പിച്ചു. ജീവിച്ചതിന്നുശേഷം കുരുവംശം പരിക്ഷീണമായിരിക്കുന്ന സന്ദർഭത്തിൽ ജനിക്കയാൽ അവന്ന് പരീക്ഷിത്ത് എന്നുപേർ നല്കി. പരീക്ഷിത്ത് ഭവാന്റെ (ജനമേജയന്റെ) അമ്മയായ മാദ്രവതിയെ വേട്ടു. അവൾ അങ്ങയെ പ്രസവിച്ചു. ഭവാന് വപുഷ്ടമയിൽ ശതാനീകനും, ശങ്കുകർണ്ണനും ഉണ്ടായിരിക്കുന്നു. ശതാനീകനു വൈദേഹിയിൽ അശ്വമേധദത്തനെന്ന പുത്രനുണ്ടായിട്ടുമുണ്ട്.

ഇങ്ങനെ പൂരുവിന്റെ മാത്രമല്ല പാണ്ഡവന്മാരുടേയും വംശം ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ ചരിത്രം ധന്യവും, പുണ്യവും, പവിത്രവുമാണ്. നിയമത്തോടുകൂടിയ ബ്രാഹ്മണരും, സ്വധർമ്മനിരതന്മാരും, പ്രജാപാലനതത്പരന്മാരുമായ ക്ഷത്രിയരും, വൈശ്യരും, അതുപോലെതന്നെ ത്രിവർണ്ണശുശ്രൂഷക്കളായ ശൂദ്രരും ശ്രദ്ധയോടുകൂടി കേൾക്കേണ്ടതും, അറിഞ്ഞിരിക്കേണ്ടതുമാകുന്നു. നാലുവർണ്ണങ്ങളും ശ്രദ്ധാപൂർവ്വം അറിയേണ്ടതാണ്. പുണ്യമായ ഈ ഇതിഹാസം മുഴുവൻ കേൾപ്പിക്കുകയോ, കേൾക്കുകയോ ചെയ്യുന്ന വിമതാത്മാക്കളും, വിമത്സരന്മാരും, ദയാലുക്കളും, വേദപരന്മാരുമായ ജനങ്ങൾ സ്വർഗ്ഗം ജയിച്ചു പുണ്യലോകവാസികളാകുമെന്നു മാത്രമല്ല, എപ്പോഴും ദേവന്മാർക്കും, ബ്രാഹ്മണർക്കും, മാന്യന്മാരും പൂജ്യരുമായിത്തീരുന്നതുമാണ്.

അപ്രകാരം വ്യാസപ്രോക്തമായ ഭാരതം ശ്രദ്ധയോടെ വിമത്സരന്മാരായി ദയാലുക്കളും വേദസമ്പന്നന്മാരുമായ ബ്രാഹ്മണാദിജാതിക്കാർ കേൾക്കുന്നതായാൽ സ്വർഗ്ഗംനേടിയ സുകൃതികളാകും. അവർ കൃതാകൃതങ്ങളെപ്പറ്റി വ്യസനിപ്പാനൊന്നുമില്ലാത്ത നിലയിലെത്തും.

"ഇതു വേദോപമം, പാരം പവിത്രം പുണ്യമുത്തമം

ധന്യം യശസ്യമായുഷ്യം നിത്യവും കേട്ടിടേണ്ടതാം."

96. മഹാഭിഷോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "മുമ്പ് ഈ ക്ഷോണിയുടെ നാഥനായി ഇക്ഷ്വാകുവംശത്തിൽ സത്യപരാക്രമനായ മഹാഭിഷൻ എന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ആയിരം അശ്വമേധവും, നൂറു രാജസൂയവും നടത്തി, ഇന്ദ്രന്റെ സഖാവായി സ്വർഗ്ഗം പ്രാപിച്ചു.

ഒരിക്കൽ എല്ലാ ദേവന്മാരും, രാജർഷിയും, മഹാഭിഷരാജാവും കൂടി ചെന്ന് ബ്രഹ്മാവിനെ ഉപാസിച്ചു.

അങ്ങനെ നില്ക്കുമ്പോൾ ആ മനോമോഹിനിയായ ഗംഗാദേവി ബ്രഹ്മാവിന്റെ സമീപത്തിലേക്കുചെന്നു. അപ്പോൾ അവളുടെ ചന്ദ്രപ്രഭമായ വെളുത്തുനേർത്ത വസ്ത്രം കാറ്റടിച്ചു പറപ്പിച്ചുകളഞ്ഞു. അവളുടെ നഗ്നദേഹം കണ്ടു ദേവകൾ ലജ്ജിച്ചു തലതാഴ്ത്തിനിന്നു. എന്നാൽ മഹാഭിഷൻ അവിടെ നിശ്ശങ്കം അവളുടെ ആ നഗ്നമായ സുന്ദരാംഗം സസന്തോഷം നോക്കിക്കണ്ടു നിന്നു. ഇതുകണ്ട് ഉടനെ ബ്രഹ്മാവ് അവനെ ശപിച്ചു."

ബ്രഹ്മാവു പറഞ്ഞു: "നീ മർത്ത്യനായി ഒന്നുകൂടി ജനിച്ചു സുഖം അനുഭവിച്ച് ഇങ്ങോട്ടു വന്നാൽമതി. ഹേ, ദുർമ്മതേ, ആരു നിമിത്തമാണോ കാമംകൊണ്ട് നിന്റെ മനസ്സു ദുഷ്ടമായത്. അവൾ മർത്ത്യലോകത്തിൽ നീ അനിഷ്ടനായി പെരുമാറാതിരിക്കുന്നതുവരെ പത്നിയായിരിക്കും. നിനക്കു കോപമുണ്ടാകുമ്പോൾ നിന്റെ ശാപത്തിനു മോചനം ലഭിക്കും."

വൈശമ്പായനൻ തുടർന്നു: "രാജാവ് നൃപജനമുനിവർഗ്ഗത്തെയോർത്ത് അച്ഛനാക്കുവാൻ ശ്രീമാനായി പ്രതീപനെ മനസ്സിൽ ഉറച്ചു. രാജാവ് മറ്റു രാജാക്കളേയും ജനങ്ങളേയും ചിന്തിച്ച് ശ്രീമാനായ പ്രതീപനെത്തന്നെ അച്ഛനാക്കുവാൻ ഉറച്ചു.

മഹാഭിഷന്റെ മനസ്സ് ഇളകിയതുകണ്ട് ഗംഗാദേവിയാകട്ടെ ആ രാജാവിനെത്തന്നെ മനസ്സിൽ വിചാരിച്ച് അവിടെനിന്ന് പോവുകയും ചെയ്തു. അവൾ ശരീരം തളർന്ന് കുഴഞ്ഞ് വാടി പ്രേമാകുലയായി. ഈ സ്ഥിതിയിൽ പോകുമ്പോൾ അവൾ വഴിയിൽവെച്ചു ദേവന്മാരായ വസുക്കളെ കണ്ടെത്തി. എന്തോ ശാപമാലിന്യം ബാധിച്ചമട്ടുള്ള അവരെക്കണ്ട് ആ യുവതി ചോദിച്ചു."

ഗംഗ പറഞ്ഞു: "എന്താണ് നിങ്ങൾ വിഷമാവസ്ഥയിൽപ്പെട്ടതുപോലെ കാണുന്നത്? സുരന്മാർക്കു ക്ഷേമമല്ലേ?"

വസുക്കൾ അവളോടു പറഞ്ഞു: "ഹേ, ഗംഗേ!, ഞങ്ങൾ വസിഷ്ഠമുനിയാൽ ശപിക്കപ്പെട്ടിരിക്കുന്നു. അത്ര വലിയ തെറ്റൊന്നും ചെയ്തിട്ടല്ല അദ്ദേഹം ഞങ്ങളെ ശപിച്ചത്. ആ മഹർഷി സന്ധ്യാവന്ദനം ചെയ്യുകയായിരുന്നു. മൂഢരായ ഞങ്ങൾ എല്ലാവരും ഗൂഢമായി അത് അവഗണിച്ചു വഴി കടന്നു പോന്നു. അതുകണ്ട് അദ്ദേഹത്തിനു കോപമുണ്ടായി. അദ്ദേഹം ഇങ്ങനെ ശപിച്ചു. 'ഈ ചെയ്ത അക്രമത്തിന് മൂഢന്മാരായ നിങ്ങൾ യോനി നൂഴുവിൻ! മനുഷ്യജന്മ ക്ലേശമനുഭവിക്കുവിൻ!' എന്ന്. ഹേ, ശുഭേ, ബ്രഹ്മജ്ഞനായ അവൻ പറഞ്ഞതു പിഴയ്ക്കുകയില്ല. ദേവി! നീ മാനുഷയായിവന്ന് ഞങ്ങളെ പ്രസവിക്കുക! മനുഷ്യനാരീഗർഭത്തിൽ പെടാതിരിക്കണേ!" ഇപ്രകാരം വസുക്കൾ പറഞ്ഞപ്പോൾ അങ്ങനെയാകാം എന്ന് ഗംഗ സമ്മതിച്ചു.

ഗംഗ പറഞ്ഞു: "മർത്ത്യരിൽ ഏതു പുരുഷശ്രേഷ്ഠനാണ് നിങ്ങൾക്കു പിതാവാകേണ്ടത്?"

digitized by www.sreyas.in

വസുക്കൾ പറഞ്ഞു: "പ്രതീപനന്ദനനായ രാജാധിരാജൻ ശാന്തനു വിശ്രുതനാണ്. അദ്ദേഹം മനുഷ്യലോകത്തിൽ ഞങ്ങൾക്ക് പിതൃസ്ഥാനീയനാകുന്നതാണ് ഇഷ്ടം."

ഗംഗ പറഞ്ഞു: "ഹേ! ദേവന്മാരേ, നിങ്ങൾ ഈ പറഞ്ഞത് എനിക്കും നല്ല സമ്മതമാണ്. അദ്ദേഹത്തിന്റെ ഇഷ്ടം നിങ്ങൾക്ക് അഭീഷ്ടം ചെയ്യും!"

വസുക്കൾ പറഞ്ഞു: "അല്ലയോ 'ത്രിലോകഗേ' ഭവതി പെറ്റാൽ ഉടനെ കുമാരന്മാരെ വെള്ളത്തിലെറിയുക! അങ്ങനെ ഞങ്ങൾക്ക് ഒത്തവിധം ചെയ്യുക. ശാപമോചനം വേഗത്തിൽ കിട്ടുവാൻ അതാണ് ഉപായം."

ഗംഗ പറഞ്ഞു: "അങ്ങനെയാകാം. എന്നാൽ ഒരു കാര്യം ചെയ്യണം. ഒരു പുത്രൻ അവനുവേണ്ടി നില്ക്കണം. പുത്രാർത്ഥമായി അവൻ എന്നോടുകൂടി ചെയ്യുന്ന സംഗം മുഴുവൻ വ്യർത്ഥമാക്കിക്കളയരുത്."

വസുക്കൾ പറഞ്ഞു: "ശരി. എന്നാൽ ഞങ്ങൾ എല്ലാവരും എട്ടിൽ ഒരു ഭാഗം വീര്യം കൈവിടാം. അതുകൊണ്ട് നിന്റെ പുത്രനാകുന്ന അവൻ പിതാവിന്റെ ഇഷ്ടം ചെയ്യട്ടെ! മനുഷ്യലോകത്തിൽ അദ്ദേഹത്തിന് സന്തതി ജനിക്കയില്ല. ഭവതിയുടെ ആ വീര്യവാനായ പുത്രൻ, പുത്രനുണ്ടാകാത്തവനായി നില്ക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഗംഗയോടുകൂടി കാര്യം ചിന്തിച്ചു തീരുമാനിച്ച് സസന്തോഷം വസുക്കൾ പിരിഞ്ഞുപോവുകയും ചെയ്തു."

97. ശാന്തനുപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ സർവ്വസമ്മതനായ പ്രതീപൻ ഉണ്ടായി. ആ രാജാവ് ഗംഗാദ്വാരത്തിൽ ജപവും ധ്യാനവുമായി ഏറെനാൾ നിവസിച്ചു.

ഒരു ദിവസം ഗംഗ മനോമോഹനമായ ദേഹകാന്തിയോടെ ജലത്തിൽനിന്നുയർന്നുവന്നു. ആ രാജാവ് ഇരുന്നു ജപിക്കുമ്പോൾ ദിവ്യരൂപിണിയായ ഗംഗ സസന്തോഷം രാജാവിന്റെ വലത്തെ തുടയിന്മേൽ കയറിയിരുന്നു. പ്രതീപരാജാവ് ആ യശസ്വിനിയായ സുന്ദരിയോടു ചോദിച്ചു."

പ്രതീപൻ പറഞ്ഞു: "ഹേ, കല്യാണി! നിന്റെ ഇഷ്ടമെന്താണ്? ഞാൻ ഭവതിക്ക് എന്തു ചെയ്യണം?"

ഗംഗ പറഞ്ഞു: "ഹേ, രാജാവേ! ഞാൻ ഭവാനെ കാമിക്കുന്നു. കാമിക്കുന്ന എന്നെ ഭവാൻ സ്വീകരിക്കുക. കാമിക്കുന്ന സ്ത്രീയെ പരിത്യജിക്കുന്നത് സജ്ജനഗർഹിതമാണ്; അധർമ്മമാണ്."

പ്രതീപൻ പറഞ്ഞു: "കാമംമൂലം അന്യസ്ത്രീകളെ ഞാൻ സ്വീകരിക്കുകയില്ല. അന്യജാതിയിൽ പിറന്നവളോടുകൂടിയും ഞാൻ ചേരുകയില്ല. ഇത് എന്റെ ധർമ്മവ്രതമാണ് ശുഭേ!"

ഗംഗ പറഞ്ഞു: "ഹേ രാജാവേ, ഞാൻ അഗമ്യയല്ല, അശ്രേയസിയുമല്ല. ഒന്നിലും എനിക്കു കുറവുമില്ല. ഭവാനെ ഭജിക്കുന്ന ദിവ്യയായ എന്നെ ഭവാൻ ഭജിച്ചാലും."

പ്രതീപൻ പറഞ്ഞു: "സുന്ദരീ, നീ ചോദിക്കുന്ന കാര്യം നീതന്നെ നിരസിച്ചുവല്ലോ. നടപ്പുതെറ്റിച്ചു നടന്നാൽ ധർമ്മവിപ്ലവം എന്നെ മുടിച്ചുകളയും. നീ എന്റെ വലത്തെ തുടയിലല്ലേ കയറിയിരുന്നത്? ഈ ഇരിപ്പിടം മക്കൾക്കും സ്നുഷകൾക്കുമുള്ളതാണ്. ഇടത്തേത്തുടയാണ് അനുരക്തയായ ഭാര്യയ്ക്കുള്ളത്. അതു നീ ഉപേക്ഷിക്കുകയാണല്ലോ ചെയ്തത്. ആ കാരണത്താൽത്തന്നെ ഞാൻ നിന്നിൽ കാമം ആചരിക്കുന്നതല്ല. നീ എന്റെ സ്നുഷയാവുക. എന്റെ പുത്രനുവേണ്ടി ഞാൻ നിന്നെ സ്വീകരിക്കാം. ഹേ, വാമോരൂ! നീ സ്നുഷാസ്ഥാനത്തല്ലേ വന്നു കയറിയത്?"

ഗംഗ പറഞ്ഞു: "ഹേ, ധർമ്മജ്ഞ! അങ്ങനെയാണ് ധർമ്മമെങ്കിൽ അങ്ങനെയാകട്ടെ. ഞാൻ ഭവാന്റെ പുത്രനെ ഭജിക്കുന്നു. നിന്റെ ഭക്തികൊണ്ട് ഖ്യാതമാണല്ലോ ഭരതവംശം. ഭൂമിയിലുള്ള മറ്റു രാജാക്കന്മാർക്കും നിങ്ങളാണല്ലോ ഒരാശ്രയം. തീർച്ചയായും നൂറ്റാണ്ടു ചെന്നാലും ആ സത്ഗുണം ഒടുങ്ങുന്നതല്ല. ഭവാന്റെ കുലത്തിൽ വിശേഷിച്ചു ഭവാനിൽ, ഉത്തമമായ സാധുത്വം ഉണ്ട്. ഹേ, ധർമ്മജ്ഞാ! ഭവാൻ നിശ്ചയിച്ചപ്രകാരം ഞാൻ ചെയ്തുകൊള്ളാം. ഭവാന്റെ പുത്രൻ എന്നെ സംശയംകൂടാതെ സ്വീകരിക്കണം. അങ്ങനെ ചെയ്താൽ ഞാൻ ഭവാന്റെ പുത്രന് സുഖാനുഭൂതി വർദ്ധിപ്പിക്കാം. പുണ്യവാന്മാരായ പുത്രന്മാരെ നേടി ഭവാന്റെ പുത്രൻ സ്വർഗ്ഗം പ്രാപിക്കുകയും ചെയ്യും."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരമാകാം എന്ന് രാജാവു പറഞ്ഞപ്പോൾ ആ സുന്ദരി അവിടെനിന്ന് അന്തർദ്ധാനം ചെയ്തു. പുത്രജന്മം ഓർത്ത് രാജാവ് ഇരുന്നു. പിന്നെ ആ രാജാവ് പുത്രലാഭത്തിനു ഭാര്യയോടുകൂടി തപസ്സുചെയ്തു. വൃദ്ധരായ അവർക്കു പുത്രനായി മഹാഭിഷൻ ഉണ്ടായി. ആ ശാന്തനുണ്ടായ സന്താനം ശാന്തനു എന്ന പേരിൽ അന്വർത്ഥമാക്കി. സ്വകർമ്മത്താൽ അക്ഷയങ്ങളായ ലോകങ്ങൾ നേടുവാൻ ആഗ്രഹിച്ചു. ധന്യനായ ശാന്തനു പുണ്യകർമ്മങ്ങൾ ചെയ്തു. പുത്രന്നു യൗവനമായപ്പോൾ പിതാവായ പ്രതീപൻ അവനെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

പ്രതീപൻ പറഞ്ഞു: "ഹേ, ശാന്തനൂ! നിന്റെ ഐശ്വര്യത്തിനായി ഒരു ദിവ്യയുവതി മുമ്പെ എന്റെ അരികിൽ വന്നു. അവൾ പുത്രാർത്ഥമായി ഗൂഢമായി നിന്റെ അരികെ വന്നെങ്കിൽ അവളോട് നീ ഒന്നും ചോദിക്കരുത്. 'നീ ഏതാണ്? ആരുടെ മകളാണ്?' എന്നൊന്നും ചോദിക്കരുത്. അവൾ എന്തെന്തു ചെയ്താലും നീ ചോദ്യംചെയ്യരുത്. എന്റെ ആജ്ഞപ്രകാരം നിന്നെ ഭജിക്കുന്ന അവളെ നീ സ്വീകരിക്കണം."

വൈശമ്പായനൻ പറഞ്ഞു: "പ്രതീപൻ ഇപ്രകാരം തന്റെ പുത്രനായ ശാന്തനുവിനോടു പറഞ്ഞ് തന്റെ രാജ്യം പുത്രനു നല്കി വാനപ്രസ്ഥം സ്വീകരിച്ച് കാട്ടിലേക്കു പോയി. ദേവേന്ദ്രവിക്രമനായ ശാന്തനുരാജാവ് നായാട്ടിന്നുവേണ്ടി കാട്ടിൽ ചുറ്റുകപതിവായി. കാട്ടുപോത്ത്, മാൻകൂട്ടം മുതലായവയെ കൊന്ന് രാജാവ് ഒറ്റയ്ക്ക് സിദ്ധന്മാർ വസിക്കുന്ന ഗംഗാതീരത്തിലേക്കു ചെന്നു. അങ്ങനെ ഒരു ദിവസം ഗംഗാതീരത്തുവെച്ചു തണ്ടാർമാതിനെപ്പോലെ അഴകുള്ള ഒരു തന്വിയെ കണ്ടെത്തി. അവളുടെ മുഖത്ത് ദിവ്യതേജസ്സ് ഉജ്ജ്വലിച്ചു. അവളുടെ രൂപം സർവ്വാനവദ്യമായിരുന്നു. ദിവ്യാഭരണങ്ങൾ അണിഞ്ഞു വിളങ്ങി മൃദുവായ വസ്ത്രത്തോടും പൊൻതാർപോലെ മൃദുവായ ശരീരത്തോടും കൂടിയ അവളുടെ അഴകുകണ്ട് രാജാവ് കോൾമയിർക്കൊണ്ടു. കണ്ണുകൊണ്ട് അവൻ ആ സൗന്ദര്യാമൃതം ഊറ്റിക്കുടിച്ചുകൊണ്ട്, അവളെ മതിവരാതെ നോക്കിനിന്നു. ചന്തംകലർന്ന രാജാവിനെ ആ വനത്തിൽ ഒറ്റയ്ക്കു കണ്ട്, നന്ദിയോടെ സൗഹൃദം കൈക്കൊണ്ട്, തൃപ്തിവരാതെ അവളും നിന്നു. രാജാവ് സാന്ത്വനപൂർവ്വം മധുരമായി ചോദിച്ചു."

ശാന്തനു പറഞ്ഞു: "ഹേ, മോഹനാംഗി, നീ ദേവിയാണോ? ദാനവിയാണോ? ഗന്ധർവ്വിയാണോ? സുരവേശ്യയാണോ? യക്ഷിയാണോ? നാഗിയാണോ? അല്ലെങ്കിൽ നീ മാനുഷനാരിയാണോ? ആരാണ്? സുരസ്ത്രീസന്നിഭേ! നീ എന്റെ ഭാര്യയാകേണമെന്നു ഞാൻ യാചിക്കുന്നു."

98. ഭീഷ്മോത്പത്തി – വൈശമ്പായനൻ പറഞ്ഞു: "രാജാവിന്റെ വാക്കുകേട്ട് അവൾ ഭംഗിയായി പുഞ്ചിരിതൂകി, വസുക്കളുടെ നിശ്ചയം ചിന്തിച്ച് രാജാവിന്റെ അപേക്ഷ സ്വീകരിച്ചു. രാജാവിന്റെ ഉള്ള് ഇണങ്ങുന്ന വിധം അവൾ മധുരമായി, സൗമ്യമായി പറഞ്ഞു."

ഗംഗ പറഞ്ഞു: "ഹേ രാജാവേ, ഞാൻ ഭവാന്റെ വംശത്തിൽ മഹിഷിയാകാം. ഞാൻ ഒരു കാര്യം പറയുന്നു. ഭവാൻ ശ്രദ്ധാപൂർവ്വം കേൾക്കണം. ഞാൻ എന്തുചെയ്താലും, ശുഭമായാലും അശുഭമായാലും ഞാൻ ചെയ്യുന്ന പ്രവൃത്തിയിൽ ഭവാൻ എന്നെ തടയരുത്. കടുത്ത വാക്കും പറയരുത്. അങ്ങനെയാകാമെങ്കിൽ ഞാൻ ഭവാനോടുകൂടി വസിക്കാം. എന്നെ തടുക്കുകയോ, അപ്രിയം പറയുകയോ, അപ്രിയം ഭാവിക്കുകയോ ചെയ്താൽ ഞാൻ ഉടനെ ഭവാനെ ഉപേക്ഷിച്ചു പൊയ്ക്കളയും."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "രാജാവ് അപ്രകാരം ആ കരാറു സമ്മതിച്ചു. അങ്ങനെ അവൾ ആ രാജാവിനോടുകൂടി രാജധാനിയിൽ സസന്തോഷം പാർത്തു. തനിക്കു ലഭിച്ച സുന്ദരിയോടുകൂടി ശാന്തനു രമിച്ചു. ഒന്നും അപ്രിയം ചെയ്യരുതെന്നു വിലക്കിയിട്ടുള്ളതുകൊണ്ട് ഒന്നും ചോദിക്കാതെ രാജാവ് അടങ്ങിജീവിച്ചു.

രാജാവ് അവളുടെ ശീലഗുണവും, രൂപഗുണവും, ഔദാര്യവും, ഗൂഢോപചാരവുംമൂലം അതിരറ്റു സന്തോഷിച്ചു. അവൾ സാക്ഷാൽ ത്രിപഥഗയും ദിവ്യസ്വരൂപിണിയുമായ ഗംഗയായിരുന്നു. അവൾ മാനുഷീരൂപംധരിച്ച് മാനിനീമണിയായി വിലസി; പട്ടമഹിഷിയായി വസിച്ചു.

ഭാഗ്യത്താൽ കാമങ്ങൾ സാധിച്ച യോഗ്യനായ ശാന്തനുരാജേന്ദ്രന്ന് ഹിതമായവിധം സഹധർമ്മിണിയായി അവൾ വസിച്ചു. സംഭോഗം, സ്നേഹം, ചാതുര്യം, ശൃംഗാരഭാവം, ലാസ്യവിധങ്ങൾ ഇവകൊണ്ട് രാജാവു രമിക്കുന്നവിധം അവൾ പെരുമാറി. ആ രാജാവ് ഉത്തമവധുവിൽ രതിസംസക്തനായി വർഷം, ഋതു, മാസം എന്നിവ കഴിഞ്ഞതറിഞ്ഞില്ല. മാസങ്ങളും ഋതുക്കളും, ദിവസങ്ങളുമൊക്കെ ഓടി കടന്നുപോയി.

യഥാകാമം അവളോടുചേർന്നു രമിച്ച രാജാവ് അവളിൽ എട്ടു കുമാരന്മാരെ ജനിപ്പിച്ചു. പെറ്റാലുടനെ അവൾ കുട്ടിയെ ക്കൊണ്ടുപോയി 'നിന്നെ പ്രീതിപ്പെടുത്താം' എന്നു പറഞ്ഞ് ഗംഗയിൽ എറിയും. ശാന്തനുവിന് ഈ കർമ്മം ഒട്ടും സന്തോഷമായില്ല. എന്നാൽ രാജാവ്, അവൾ തന്നെ പരിത്യജിച്ചാലോ എന്നു ഭയപ്പെട്ട് അവളോട് ഒന്നും പറഞ്ഞില്ല. അങ്ങനെ അവൾ ഏഴു പുത്രന്മാരെ വെള്ളത്തിൽ മുക്കിക്കൊന്നു. പിന്നെ എട്ടാമത്തെ പുത്രനെ പ്രസവിച്ചു. അവൾ പ്രസന്നയായി ഇരിക്കുന്ന സന്ദർഭം നോക്കി രാജാവ് പുത്രനെ ആശിച്ച് ഖിന്നനായി, അടുത്തുചെന്ന് അവളോടു പറഞ്ഞു."

ശാന്തനു പറഞ്ഞു: "കൊല്ലരുത്! നീ ആർക്കു പിറന്നവളാണ്! മക്കളെ കൊല്ലുകയോ? പുത്രഘ്നീ! നിന്റെ പ്രവൃത്തി കൊണ്ട് നീ മഹാപാപം നേടി. നിന്ദ്യംതന്നെ!"

ഗംഗ പറഞ്ഞു: "ഹേ, പുത്രനെ ഇച്ഛിക്കുന്ന രാജാവേ, ഞാൻ അങ്ങയുടെ ഈ പുത്രനെ കൊല്ലുന്നില്ല! ഭവാനു വിധിച്ച പുത്രരല്ല മരിച്ചവർ. മുൻ കരാർപ്രകാരം എന്റെ ഇവിടത്തെ വാസം കഴിഞ്ഞു. മുനിസേവിതയായ ജാഹ്നവിയാണ്, ഗംഗയാണ് ഞാൻ! ദേവകാര്യം നിർവ്വഹിക്കുന്നതിന്നുവേണ്ടി ഞാൻ ഹേ, ദേവാ! ഭവാനോടുകൂടി പാർത്തതാണ്. മഹാരാജാവേ, ഈ മക്കൾ മഹാഭാഗരും, മഹാശക്തരുമായ അഷ്ടവസുക്കളാണ്. വസിഷ്ഠമഹർഷിയുടെ ശാപംമൂലം മനുഷ്യരായി ജനിച്ചതാണ്. ഭവാനൊഴിച്ച് മനുഷ്യരിൽ ആരുംതന്നെ അവർക്ക് അച്ഛനാകുവാൻ യോഗ്യരാവുകയില്ല. എന്നെ ഒഴിച്ച് മറ്റൊരമ്മയേയും അവർക്കു കിട്ടുകയില്ല. അതുകൊണ്ടാണ് അവർക്ക് അമ്മയാകുവാൻവേണ്ടി ഞാൻ മാനുഷിയായിത്തീർന്നത്. വസുക്കളെ ജനിപ്പിക്കുകയാൽ നീ ശാശ്വതമായ പദം നേടിയിരിക്കുന്നു. ദേവന്മാരായ വസുക്കളോട് അപ്രകാരം ഒരു കരാറു ഞാൻ ചെയ്തു! ജനിച്ച ഉടനെ മനുഷ്യജന്മം അവസാനിപ്പിക്കാമെന്ന് 'ആപവൻ' നല്കിയ ശാപത്തിന്ന് മോക്ഷവും ഇവർക്കു സിദ്ധിച്ചു. അങ്ങയ്ക്കു ശുഭം ഭവിക്കട്ടെ! ഞാൻ ഇതാ പോകുന്നു. യോഗ്യനായ ഈ പുത്രനെ സംരക്ഷിച്ചാലും. വസുക്കളോടു ഞാൻ പറഞ്ഞ് അവരിൽനിന്നു രക്ഷപ്പെടുത്തിയ പുത്രനാണ് ഇവൻ. എന്നിൽ ജാതനായ ഈ കുമാരൻ 'ഗംഗാദത്തൻ' എന്ന് അറിയപ്പെടും."

99. ആപവോപാഖ്യാനം – ശാന്തനു പറഞ്ഞു: "ആരാണ് ആപവൻ? വസുക്കൾ എന്തു പാപമാണ്, മനുഷ്യരായി ഭൂമിയിൽ പിറക്കുവാൻതക്കവണ്ണം ചെയ്തത്? നീ എനിക്കു നല്കിയ ഈ പുത്രൻ എന്തു പാതകമാണ് ചെയ്തത്! ഇപ്രകാരം മനുഷ്യരൂപമെടുത്തിരിക്കുവാൻ തക്കവിധം? സർവ്വലോകേശ്വരന്മാരായ വസുക്കൾ എങ്ങനെ മനുഷ്യരായി വന്നുപിറന്നു? ഹേ ജാഹ്നവീ, ഇതൊക്കെ അറിവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "എന്നു രാജാവു ചോദിച്ചപ്പോൾ ജാഹ്നവിയായ ഗംഗ ഭർത്താവായ ശാന്തനുവോടു മറുപടി പറഞ്ഞു."

ഗംഗ പറഞ്ഞു: "പണ്ട് വരുണന്റെ പുത്രനായി 'വസിഷ്ഠൻ' എന്നു പ്രസിദ്ധനായ ആപവൻ ഉണ്ടായി. നാനാമൃഗഖഗാകുലമായും, സർവ്വർത്തുരമണീയമായും, കുസുമോജ്ജ്വലമായും വിലസുന്ന മേരുശൈലത്തിന്റെ താഴ്‌വരയിൽ ഒരു പുണ്യാശ്രമം ആ മുനിക്കുണ്ട്. സർവ്വഋതുവിലും രമണീയമായ പുഷ്പങ്ങൾ വിടർന്നു വിലസുന്ന ആ മനോഹരസ്ഥലത്ത് ആ വരുണപുത്രൻ തപസ്സുചെയ്തു. ആസ്വാദ്യമായ ഫലമൂലങ്ങളും ജലവുംചേർന്ന ആ പുണ്യാശ്രമസ്ഥലത്ത് 'നന്ദിനി' എന്നു പേരായി ദക്ഷപുത്രിയായ സുരഭിയുടെ പുത്രിയായ ഒരു ദിവ്യധേനു ഉണ്ടായിരുന്നു. കശ്യപനിൽനിന്നു പശുക്കളെ പ്രസവിച്ച വിശ്വവിശ്രുതയാണ് സുരഭി. ലോകരക്ഷയ്ക്കുവേണ്ടി പിറന്ന നന്ദിനി കാമിക്കുന്നതൊക്കെ കറന്നെടുക്കുവാൻ കഴിവുറ്റവളാണ്. ആ പശുവിനെ വസിഷ്ഠൻ ഹോമധേനുവാക്കി. അവൾ മുനിസേവ്യമായ ആ തപോവനത്തിൽ നിർഭയം പുണ്യരമ്യസ്ഥലം തോറും മേഞ്ഞു നടന്നു.

രാജേന്ദ്രാ! ഒരു ദിവസം ദേവർഷിസേവ്യമായ ആ വനത്തിൽ 'പൃഥു' മുതലായ വസുശ്രേഷ്ഠന്മാർ വരികയുണ്ടായി. അവർ തങ്ങളുടെ ഭാര്യമാരോടുകൂടി രമണീയാരണ്യത്തിൽ കളിയാടി സഞ്ചരിക്കുമ്പോൾ വസുക്കളിൽ ഒരുവന്റെ ഭാര്യയായ ഒരു സുന്ദരി ആ വനത്തിൽ സഞ്ചരിക്കുന്ന ഗുണസമ്പന്നയായ പശുവിനെ കണ്ടു. 'നന്ദിനി' എന്നു പേരായ ആ കാമധേനുവിനെക്കണ്ട് കൊതിതുള്ളി. ശീലസമ്പന്നയായ അവൾ ആശ്ചര്യപ്പെട്ട് 'ദ്യോവ്' എന്ന വസുവിനെ വിളിച്ചു കാണിച്ചുകൊടുത്തു. ശീലഗുണശാലിനിയും നല്ല വാലും കുളമ്പുമുള്ളവളും നല്ല അകിടും കറവുമുള്ളവളും ലക്ഷണങ്ങൾ തികഞ്ഞവളുമായ ആ നന്ദിനിപ്പശുവിനെ ആ വസുനന്ദിനി വസുവിനു ചൂണ്ടിക്കാണിച്ചു പറഞ്ഞു: 'നോക്കൂ! എന്തൊരു ചന്തമുള്ള പശുവാണവൾ' എന്ന്. രാജാവേ, ദ്യോവ് പശുവിനെ കണ്ടമാത്രയിൽ ഭാര്യയോടു പറഞ്ഞു."

ദ്യോവു പറഞ്ഞു: "എടോ ഉഡുരാജമുഖീ, നീലലോചനയായ ആ പശു വരുണനന്ദനനായ വസിഷ്ഠന്റേതാണ്. ഈ വനവും അദ്ദേഹത്തിന്റേതാണ്. പ്രിയേ, സുന്ദരീ, ഈ പശുവിന്റെ മധുരമായ പാൽ കുടിക്കുന്ന മർത്ത്യർ യൗവനത്തോടുകൂടി പതിനായിരം വർഷം ജീവിക്കും!"

ഗംഗ പറഞ്ഞു: "ഇതുകേട്ട് ആ മധുരാപാംഗിയായ ദേവി ദിവ്യതേജസ്വിയായ ഭർത്താവിനോടു പറഞ്ഞു."

ദ്യോവിന്റെ പത്നി പറഞ്ഞു: "മർത്ത്യലോകത്ത് എനിക്കു രാജപുത്രിയായ ഒരു സഖിയുണ്ട്. 'ജിതവതി' എന്നാണ് അവളുടെ പേര്. അവൾ രൂപയൗവനശാലിനിയാണ്. സത്യവാനായ 'ഉശിനര' രാജാവിന്റെ പുത്രിയാണവൾ. മർത്ത്യസ്ത്രീയായ അവൾ ത്രിലോകസുന്ദരിയാണ്. അവൾക്കുവേണ്ടി ഭവാൻ ഈ പശുവിനെ കുട്ടിയോടുകൂടി പിടിച്ചുതരണം. വേഗം പിടിച്ചുതരൂ! ഇവളുടെ പാൽ കുടിച്ച് എന്റെ സഖി മനുഷ്യരിൽ ജരാഹീനയായി വാഴട്ടെ! ഇങ്ങനെ ഒരു ഉപകാരം ഭവാൻ എനിക്കു ചെയ്തുതരണം. ഇതിലപ്പുറം ഒരു ഇഷ്ടവും ചെയ്തുതരേണ്ടതില്ല!"

ഗംഗ പറഞ്ഞു: "അവളുടെ വാക്കുകേട്ട് പൃഥു മുതലായ സോദരന്മാരോടുകൂടി ദ്യോവ് ആ പങ്കേരുജാക്ഷിയുടെ ഇഷ്ടത്തിന്നായി പശുവിനെ അപഹരിച്ചു. ഋഷിയുടെ തപശ്ശക്തിയെപ്പറ്റി അവർ ചിന്തിച്ചതേയില്ല. അവർ പശുവിനേയുംകൊണ്ടു നടന്നു. യാതൊരു ആപച്ഛങ്കയുംകൂടാതെ അവർ കാമധേനുവിനെ കൊണ്ടുപോയി.

ഫലങ്ങളുമായി ആശ്രമത്തിലെത്തിയ മുനി ആശ്രമത്തിൽ നോക്കിയപ്പോൾ പശുവിനെയോ കുട്ടിയേയോ കണ്ടില്ല. പരിഭ്രമത്തോടെ ആ തപോധനൻ പശുവിനെ വിളിച്ചു. "നന്ദിനീ,

digitized by www.sreyas.in

നന്ദിനീ, നീ എവിടെപ്പോയി? വരൂ!" അദ്ദേഹം ആ കാനനത്തിൽ ചുറ്റി. പശുവിനെ കാണാതെ മുനി കർത്തവ്യതാമൂഢനായിത്തീർന്നു. എന്തു ചെയ്യും? വസുക്കൾ കൊണ്ടുപോയെന്നു ദിവ്യചക്ഷുസ്സുകൊണ്ട് മുനി അറിഞ്ഞു. മഹർഷി കോപിച്ച് വസുക്കളെ ശപിച്ചു."

വസിഷ്ഠൻ പറഞ്ഞു: "നല്ല പാൽ തരുന്ന എന്റെ പശുവിനെ അപഹരിക്കുകയാൽ നിങ്ങൾ ഭൂമിയിൽ മനുഷ്യരായി പിറക്കും, യാതൊരു സംശയവുമില്ല."

ഗംഗ പറഞ്ഞു: "ശാപം കൊടുത്തതിനുശേഷം മഹർഷി തപസ്സിന്നു പോയി. ഇപ്രകാരമാണ് മഹാപ്രഭാവനായ മഹർഷി ദേവന്മാരെ ശപിച്ചത്. ശാപവൃത്താന്തം കേട്ട് വസുക്കൾ മുനിയുടെ ആശ്രമത്തിലെത്തി. അവർ മുനിയെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചു. ഫലിച്ചില്ല. ധർമ്മാത്മാവായ മഹർഷിയുടെ പ്രസാദം അവർക്കു ലഭിച്ചില്ല."

മഹർഷി പറഞ്ഞു: "ധരാദികളായ നിങ്ങൾ ശപ്തരായിരിക്കുന്നു! ഒരാണ്ടുകൊണ്ട് നിങ്ങൾക്കു ശാപമോക്ഷം ലഭിക്കും. ആരു കാരണമാണ് നിങ്ങൾ എന്റെ ശാപത്തിന്നു പാത്രമായത്, ആ ദ്യോവു മാത്രം മർത്ത്യലോകത്തിൽ വളരെ വർഷം പാർക്കും. ഞാൻ കോപിച്ചു പറഞ്ഞ വാക്ക് ഒരിക്കലും നിഷ്ഫലമാവുകയില്ല. മർത്ത്യലോകത്തിൽ നിങ്ങൾക്കാർക്കും പ്രജോത്പത്തിയുണ്ടാവുകയില്ല. ആ ദ്യോവ് സർവ്വധർമ്മജ്ഞനായി ഭവിക്കും. സർവ്വശാസ്ത്രവിശാരദനാവുകയും ചെയ്യും. സ്വപിതാവിന്ന് ഹിതം ചെയ്യുവാൻവേണ്ടി അവൻ സ്ത്രീഭോഗം ഉപേക്ഷിക്കും. സ്ത്രീയുടെ പ്രേരണയ്ക്കു വിധേയനായി അധർമ്മംചെയ്യുകയാൽ സ്ത്രീസുഖവർജ്ജിതനായി ഭവിക്കട്ടെ!"

ഗംഗ പറഞ്ഞു: "ഇപ്രകാരം വസുക്കളോടു പറഞ്ഞ് വസിഷ്ഠൻ പോയി. എന്റെ അരികെ എല്ലാ വസുക്കളും വന്ന്, എന്നോടു വരം അഭ്യർത്ഥിച്ചു."

വസുക്കൾ പറഞ്ഞു: "ഗംഗേ, ഭവതി ഞങ്ങളുടെ അമ്മയാകണം. ജനിച്ചാൽ ഉടനെ ഞങ്ങളെ ഗംഗാജലത്തിൽ കൊണ്ടുപോയി ഇടുകയും വേണം."

ഗംഗ പറഞ്ഞു: "ഞാൻ ആ അഭ്യർത്ഥന സ്വീകരിച്ചു. അഭിശപ്തരായ വസുക്കൾക്കു മോക്ഷം കൊടുക്കുവാൻവേണ്ടി ഞാൻ ഇപ്രകാരം ചെയ്തതാണ്. ഈ കുട്ടിമാത്രം മുനീന്ദ്രന്റെ ശാപംമൂലം മാനുഷലോകത്തിൽ ഒട്ടേറെനാൾ വാഴും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ദേവി അവിടെത്തന്നെ മറഞ്ഞു. ആ കുട്ടിയേയുംകൊണ്ടാണ് അവൾ അന്തർദ്ധാനം ചെയ്തത്. അവൻ 'ദേവവ്രതൻ' 'ഗാംഗേയൻ' എന്നീ പേരുകളാൽ പ്രസിദ്ധനായി. ശാന്തനുവിന്റെ പുത്രനായി ജനിച്ച ദ്യോവ് ഗുണം കൊണ്ട് പിതാവിനേക്കാൾ യോഗ്യനായിത്തീർന്നു.

ഗംഗാദേവി വിട്ടുപിരിഞ്ഞപ്പോൾ ശോകാർത്തനായി ശാന്തനു രാജാവ് രാജധാനിയിൽ പ്രവേശിച്ച് ഇരിപ്പായി. ആ ശാന്തനുവിന്റെ മഹത്തായ ഗുണഗണങ്ങളേയും മഹാഭാഗ്യങ്ങളേയും വിവരിക്കാം. ഈ മഹാന്റെ സമുജ്ജ്വലമായ ചരിത്രമാണ് മഹാഭാരതകഥ എന്നുതന്നെ പറയാം."

100. സത്യവതീലാഭോപാഖ്യാനം - വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശാന്തനുരാജാവ് ധർമ്മാത്മാവും സത്യവാനുമാണെന്ന് പ്രസിദ്ധനായി. ദമം, ദാനം ബുദ്ധി, ധൃതി, ക്ഷമ, ഹ്രീ, പ്രതാപം ഇവ മഹാസത്വനായ ശാന്തനു രാജർഷിയിൽ എന്നുമുള്ള ഗുണങ്ങളായി വിളങ്ങി. ഇപ്രകാരമുള്ള ഗുണങ്ങൾ ചേർന്നവനും, ധർമ്മാർത്ഥകുശലനുമായ രാജാവ് ഭാരതവംശത്തിന്റെ രക്ഷിതാവായി; ഭൂമിയിൽ എല്ലാവർക്കും അപ്രകാരം തന്നെ രക്ഷാകർത്താവായി.

ശംഖുപോലുള്ള ഗളം, തടിച്ച ചുമൽ, ഗജരാജനെപ്പോലെയുള്ള ഘനമായ നടത്തം ഇങ്ങനെ രാജോചിതമായ ലക്ഷണങ്ങൾ അവനിൽ ചേർന്നിരുന്നു. കീർത്തിമാനായ രാജാവിന്റെ ജീവിതവൃത്തി കണ്ട് എല്ലാവരും കാമാർത്ഥങ്ങളേക്കാൾ ഉത്കൃഷ്ടമായത് ധർമ്മംതന്നെയെന്നു തീരുമാനിച്ചു. ഇങ്ങനെ സൽഗുണങ്ങളെല്ലാം നല്ലപോലെ ശാന്തനുരാജാവിൽ ഒത്തുചേർന്നു. ധർമ്മംകൊണ്ട് ഇവനൊത്ത രാജാവ് ലോകത്തിലില്ലാതെയായി. ധർമ്മത്തിൽ നില്ക്കുന്ന സർവ്വധർമ്മവിത്തായ രാജാവിനെ എല്ലാവരും ചേർന്ന് രാജാധിരാജനായി അഭിഷേകംചെയ്തു. ശോകം, ഭീതി, രുജ എന്നിവ കൂടാതെ സുഖമായി ഉറങ്ങിയ രാജാക്കൾ ഭാരതാധിപനായ ശാന്തനുവിനെ സ്വന്തം നാഥനാണെന്നു വിചാരിച്ചു. ശക്രവീര്യനും, കീർത്തിശാലിയുമായ രാജാവു ഭരിച്ചിരുന്നകാലത്ത് യജ്ഞത്തിലും ദാനത്തിലും മറ്റു സത്കർമ്മങ്ങളിലും തത്പരരായി പാർത്ഥിവന്മാർ ജീവിച്ചു. ശാന്തനു തുടങ്ങിയ മന്നവന്മാർ നാടു ഭരിക്കുന്നകാലത്ത് സർവ്വജാതിക്കാർക്കും ധർമ്മം വേണ്ടതുപോലെ നടന്നു. ക്ഷത്രിയവംശം ബ്രാഹ്മണരെ അനുസരിച്ചു. വൈശ്യർ ക്ഷത്രിയരെ അനുസരിച്ചു. ബ്രഹ്മക്ഷത്രാനുരക്തന്മാരായി ശൂദ്രജാതിക്കാർ വൈശ്യരേയും സേവിച്ചു.

കുരുപത്തനമായ ഹസ്തിനാപുരി വാണ ശാന്തനു ആഴി ചൂഴുന്ന ഊഴി മുഴുവൻ പാലിച്ചുപോന്നു. ഇന്ദ്രതുല്യനും, സത്യസന്ധനും, ധർമ്മജ്ഞനും, ഉത്തമനുമായ അദ്ദേഹം ദാനം, ധർമ്മം, തപസ്സ് എന്നിവയോടുകൂടി അതിശ്രീമാനായി വിളങ്ങി. രാഗദ്വേഷങ്ങൾ വിട്ട ആ പ്രിയദർശനൻ തേജസ്സിൽ അർക്കതുല്യനും, വേഗത്തിൽ വായുതുല്യനും, കോപത്തിൽ അന്തകതുല്യനും ക്ഷമയിൽ ക്ഷമയോടുതുല്യനുമായി പ്രശോഭിച്ചു. ഗോക്കളേയും, വരാഹാദികളേയും, മൃഗപക്ഷികളേയും ശാന്തനു രാജ്യം ഭരിക്കുമ്പോൾ അനാവശ്യമായി വധിച്ചിരുന്നില്ല. ബ്രഹ്മധർമ്മത്തോടുകൂടിയ രാജ്യത്ത് ആ മഹാനായ ശാന്തനു കാമക്രോധങ്ങളെ വിട്ട് ഭൂതജാലങ്ങളെയെല്ലാം സമഭാവനയോടെ സംരക്ഷിച്ചു. ദേവർഷികൾക്കും പിതൃക്കൾക്കുംവേണ്ടി യജ്ഞങ്ങൾ ആവുംവിധം ചെയ്തു. അധർമ്മമായി അന്ന് ലേശവും പ്രാണിഹിംസ നടന്നില്ല. നാഥനില്ലാതെ മാഴ്കുന്ന തിര്യക്കുകൾക്കെല്ലാം രാജാവ് പിതാവായിത്തീർന്നു. കുരുരാജാവായ ശാന്തനു രാജരാജനായി വാഴുന്ന കാലത്ത് വാക്ക് സത്യത്തെ ആശ്രയിച്ചു. മനസ്സ് ധർമ്മത്തേയും ആശ്രയിച്ചു. മുപ്പത്തിരണ്ടുവർഷം സ്ത്രീരതിപ്രീതി വെടിഞ്ഞ് രാജാവ് കാട്ടിൽ സഞ്ചരിച്ചു. ആ രൂപം, ആ ആചാരം, ആ നടപ്പ്, ആ പഠിപ്പ് ഇവയോടുകൂടി അദ്ദേഹത്തിന്റെ പുത്രനായ ഗാംഗേയൻ, ദേവവ്രതനായ വസു ശോഭിച്ചു. പാർത്ഥിവം, ദിവ്യം എന്നീ ശസ്ത്രാസ്ത്രങ്ങളിൽ നിഷ്ഠിതനായി, മഹാബലനും, മഹാവീര്യനും, മഹാസത്വനും, മഹാരഥനുമായി ദേവവ്രതൻ വിളങ്ങി. ഒരു ദിവസം ശാന്തനുരാജാവ് വേട്ടയാടി ഗംഗാതീരത്തെത്തിയപ്പോൾ ഗംഗയിൽ വെള്ളം വളരെ കുറവായിക്കണ്ടു. ഇതു കണ്ട് ആ രാജാവു ചിന്തിച്ചു: 'എന്താണ് ഈ നദി മുമ്പത്തെപ്പോലെ ശക്തിയായി ഒഴുകാത്തത്?' കാരണം അന്വേഷിച്ചു നടന്നപ്പോൾ രാജാവ്, ദേവതുല്യം തേജസ്വിയും പ്രിയദർശനനുമായ ഒരു കുമാരനെ കണ്ടെത്തി. അവൻ ദിവ്യാസ്ത്രം തൊടുത്തു നില്ക്കുന്നു! 'ഇവൻ ഇന്ദ്രനാണോ!' എന്നു തോന്നി. ഗംഗയെ ചിറകെട്ടി തടഞ്ഞുനിർത്തിയിരിക്കയാണ് അവൻ! തീക്ഷ്ണമായ ശസ്ത്രങ്ങൾ തൂകി ഗംഗ നിരക്കെ മൂടിനില്ക്കുന്ന അവനെക്കണ്ട് രാജാവ് വിസ്മയിച്ചു! അതുല്യവിക്രമിയായ ഈ കുമാരൻ ഏതാണെന്ന് രാജാവിന്നു മനസ്സിലായില്ല. കേവലം കൈക്കുഞ്ഞായിരുന്നപ്പോൾ കണ്ടതാണല്ലോ തന്റെ പുത്രനെ. മകൻ അച്ഛനെക്കണ്ടു. ഉടനെ മായയാൽ മോഹിപ്പിച്ചു. അവൻ അച്ഛനിൽ മോഹം ജനിപ്പിച്ച് പെട്ടെന്നു മറഞ്ഞു! അത്യത്ഭുതത്തോടെ രാജാവ് ആ കുട്ടിയെ തിരഞ്ഞു. മോഹം ജനിപ്പിച്ചു മറഞ്ഞ കുമാരനെപ്പറ്റി ചിന്തിച്ചു. ഏതാണ് ഈ കുട്ടി? തന്റെ പുത്രനാണോ ഈ അത്ഭുതവിക്രമൻ? എന്നു ശങ്കിച്ച് രാജാവ് അവിടെ നിന്ന് ഗംഗാദേവിയെ പ്രാർത്ഥിച്ചു: 'ദേവി, എന്റെ പുത്രനെ കാണിച്ചുതരേണമേ.'

ഉത്തമമായ ആകൃതിയെടുത്ത ഗംഗ തന്റെ പുത്രനെ അലങ്കരിച്ച് അവന്റെ വലതുകൈ പിടിച്ച് രാജാവിന്റെ മുമ്പിലേക്കു ചെന്നു. ദിവ്യാഭരണഭൂഷിതയായി ദിവ്യവസ്ത്രം ധരിച്ച് എത്തുന്ന

digitized by www.sreyas.in

ഗംഗയെ മുമ്പിൽക്കണ്ട ശാന്തനു തന്റെ ചിരകാലസഹധർമ്മചാരിണിയായിരുന്ന ഗംഗയെ അറിഞ്ഞില്ല!"

ഗംഗ പറഞ്ഞു: "ഹേ, രാജാവേ, എന്നിൽ ഭവാനുണ്ടായ എട്ടാമത്തെ പുത്രനാണ് ഇവൻ. ഞാൻ ഈ കാലമൊക്കെയും വളർത്തിയ ഇവൻ സകല ദിവ്യാസ്ത്രങ്ങളും പഠിച്ചിരിക്കുന്നു ഇവനോടു തുല്യനായി ഒരു ധനുർദ്ധരനുമില്ല. ഞാൻ വളർത്തിയെടുത്ത ഈ കുട്ടിയെ ഭവാൻ ഏറ്റുവാങ്ങിയാലും. വീരനായ ഇവനേയുംകൊണ്ട് വീരാത്മാവേ, ഭവാൻ രാജധാനിയിലേക്കു പോയാലും. ഇവൻ സാംഗവേദങ്ങൾ വസിഷ്ഠനിൽനിന്നു പഠിച്ചു. ഇവൻ അസ്ത്രവിദ്യയിൽ ഇന്ദ്രതുല്യനാണ്. ഇവനെ പഠിപ്പിച്ച ഗുരു സുരന്മാർക്കും അസുരന്മാർക്കും പരക്കെ സമ്മതനായ ശുക്രനാണ്. അപ്രകാരം ദേവസുരാർച്ചിതനായ അംഗിരസ്സിന്റെ പുത്രൻ പഠിച്ചതെല്ലാം ഇവനെ പഠിപ്പിച്ചിട്ടുണ്ട്. പിന്നെ അസ്ത്രവിദ്യ പഠിച്ചത് മഹാവീരനും പ്രതാപവാനുമായ ജാമദഗ്ന്യനിൽനിന്നാണ്. സാംഗോപാംഗങ്ങൾ സമസ്തവും അദ്ദേഹം പഠിപ്പിച്ചു. വില്ലാളിയായി രാജധർമ്മങ്ങളെല്ലാം അറിഞ്ഞു വീരനായി വളർന്ന നിന്റെ പുത്രനെ ഇതാ ഞാൻ തരുന്നു. കൊണ്ടു പോയാലും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഗംഗാദേവി പുത്രനെ ഏല്പിച്ചു! ശാന്തനു സൂര്യപ്രഭനായ പുത്രനേയും കൊണ്ട് ഹസ്തിനാപുരിയിലേക്കു പോയി. പുരന്ദരന്റെ പുരിയെ തോല്പിക്കുന്ന തന്റെ പുരിയിൽ ശാന്തനുരാജാവ് പുത്രനോടു കൂടി പ്രവേശിച്ചു. താൻ സർവ്വ കാമാർത്ഥസിദ്ധനായെന്ന് രാജാവ് ചിന്തിച്ചു. പൗരന്മാർക്ക് അഭയദനും വീരനുമായ ആ പുത്രനെ രാജാവു യുവരാജാവായി അഭിഷേകം ചെയ്തു. ഗുണവാനും യോഗ്യനുമാണ് തന്റെ പുത്രൻ എന്നു രാജാവ് അഭിമാനപൂർവ്വം വിചാരിച്ചു. ശാന്തനുപുത്രൻ നാട്ടുകാരേയും അച്ഛനേയും രാഷ്ട്രത്തേയും ഭരണംകൊണ്ടു രഞ്ജിപ്പിച്ചു.

ഇപ്രകാരം പുത്രനുമൊത്ത് സസന്തോഷം പാർത്തു. അങ്ങനെയിരിക്കെ, നാലുവർഷത്തിനുശേഷം, ഒരുദിവസം യമുനാസമീപത്ത് കാട്ടിൽ ശാന്തനുരാജാവ് സഞ്ചരിക്കുകയായിരുന്നു. അപ്പോൾ ഇന്നവിധത്തിലാണെന്നു പറഞ്ഞറിയിക്കാൻ വയ്യാത്ത വിധം അസാമാന്യമായ ഒരു ദിവ്യസൗരഭ്യം കാറ്റിൽ വന്നു. രാജാവ് ആ സുഗന്ധമാസ്വദിച്ചു. അത് എവിടെനിന്നു വരുന്നു എന്നറിയുവാൻ അവിടെ ചുറ്റിനടന്നു നോക്കി. അപ്പോൾ രാജാവ് ഒരു ദേവനാരിയെ കണ്ടെത്തി. അല്ല, അവൾ ഒരു ദാശകന്യകയായിരുന്നു.

ആ നീലലോചനയായ ദിവ്യകന്യകയെക്കണ്ട് രാജാവ് മന്ദം മന്ദം അടുത്തുചെന്നു മധുരമായി ചോദിച്ചു: 'ഹേ, സുന്ദരി, നീ ആരുടെ പുത്രിയാണ്?' അവൾ ഭീതയായി എഴുന്നേറ്റു. 'ഭയപ്പെടേണ്ട. എന്താണു നീ ചെയ്യുന്നത്?' അവൾ ആ അത്ഭുതപുരുഷനെ നോക്കി മന്ദം സവിനയം പറഞ്ഞു: 'ഞാൻ ഒരു മുക്കുവപ്പെണ്ണാണ്. വഞ്ചികടത്തുകയാണ്. ഈ നാട്ടിലെ മുക്കുവരുടെ തലവനാണ് എന്റെ അച്ഛൻ. അദ്ദേഹം കല്പിച്ചപ്രകാരം ഞാൻ ധർമ്മമായി ഇവിടെ തോണി കടത്തുകയാണ്.'

അനന്യസാധാരണമായ സൗരഭ്യം, ദിവ്യമായ സൗന്ദര്യം, മധുരമായ ഭാഷണം, ആകർഷകമായ വിനയം ഇവ ചേർന്നു വിളങ്ങുന്ന, ദേവാംഗനോപമയായ ആ ദാശബാലികയെക്കണ്ട് ശാന്തനു കാമമോഹത്തിൽ മുങ്ങിപ്പോയി. ശാലീനയായ അവളുടെ വീടു ചോദിച്ചറഞ്ഞ്, രാജാവ് മുക്കുവന്റെ കുടിലിൽ ചെന്നു കയറി ആ മുക്കവപ്രഭുവിനെക്കണ്ട് സാദരം ചോദിച്ചു. 'അങ്ങയുടെ മകളെ എനിക്കു നൽകുമോ?' മുക്കുവൻ രാജാവിനെ യഥോചിതം ആദരിച്ചു സ്വീകരിച്ചു പറഞ്ഞു."

മുക്കുവൻ പറഞ്ഞു: "ഹേ, രാജാവേ, ജനിച്ച അന്നുമുതൽ ഇവൾ ഒരു വരന്നു നല്കേണ്ടവളാണെന്ന് എനിക്കറിയാം. എന്റെ ഉള്ളിൽ ഒരാശയുണ്ട്. എന്റെ മകളെ ഭവാൻ ധർമ്മപത്നിയായി സ്വീകരിക്കുകയാണെങ്കിൽ, സത്യസന്ധമായി ഭവാൻ എന്നോട് ഒരു ശപഥം ചെയ്യുകയാണെങ്കിൽ, എന്റെ പെൺകിടാവിനെ ഞാൻ അങ്ങയ്ക്കു തരാം. നാടുവാഴുന്ന രാജാവിനേക്കാൾ ശ്രേഷ്ഠനായ ഒരു വരനെ എന്റെ മകൾക്കു കിട്ടുകയില്ലല്ലൊ! ഞാൻ സംതൃപ്തനാകാം."

ശാന്തനു പറഞ്ഞു: "എന്തു വരമാണ് ഭവാനു ഞാൻ നല്കേണ്ടത്? നിന്റെ ഇഷ്ടമെന്താണെന്നു കേട്ടതിന്നുശേഷം ഞാൻ തീർച്ചപ്പെടുത്താം. തരാവുന്നതാണെങ്കിൽ തരാം. വയ്യാത്തത് തരുവാൻ ഒക്കുകയില്ല!"

ദാശൻ പറഞ്ഞു: "ഇവൾക്കുണ്ടാകുന്ന പുത്രനെ, ഹേ, രാജാവേ, ഭവാൻ രാജാവായി അഭിഷേകംചെയ്യണം. രാജ്യം മറ്റാർക്കും നല്കരുത്!"

വൈശമ്പായനൻ പറഞ്ഞു: "മുക്കുവന് ഈ വരം നല്കുവാൻ രാജാവ് തയ്യാറായില്ല. കാമദേവൻ അവന്റെ മനസ്സിനെ കഠിനമായി തപിപ്പിച്ചുവെങ്കിലും ശാന്തനു വരം നല്കിയില്ല. ദാശരാജാവ് മകളെ കൊടുത്തുമില്ല. കാമദേവശരംകൊണ്ട് ആർത്തനായിരുന്നുവെങ്കിലും രാജാവ് ധീരതയോടെ മടങ്ങിപ്പോന്നു. അവളെത്തന്നെ ഓർത്ത്, ആ മുക്കവപ്പെണ്ണിന്റെ മനോഹരമായ രൂപം ചിന്തിച്ച്, രാജാവിന്റെ മനസ്സിൽ എപ്പോഴും അഗ്നിയെരിഞ്ഞു. പഞ്ചബാണപീഡിതനായ രാജാവ് ഹസ്തിനാപുരിയിൽ മ്ലാനഭാവത്തോടെ പ്രവേശിച്ചു."

ശാന്തനുമഹാരാജാവ് ചിന്തപൂണ്ട് ദുഃഖിതനായിരിക്കുന്നതു കണ്ട് പുത്രനായ ദേവവ്രതൻ മെല്ലെ അടുത്തുചെന്ന് അച്ഛനോടു ചോദിച്ചു.

ദേവവ്രതൻ പറഞ്ഞു: "എല്ലാംകൊണ്ടും അച്ഛന് ക്ഷേമമാണല്ലോ. രാജാക്കന്മാരെല്ലാം ഭവാനു കീഴിലാണ്. എങ്കിലും അച്ഛൻ വല്ലാത്ത ഒരു അല്ലലിൽപ്പെട്ടതുപോലെ എപ്പോഴും ദുഃഖചിന്തയിലാണ്ട് ഇരിക്കുന്നുവല്ലോ! എന്നോട് അല്പമായേ ഭവാൻ സംസാരിക്കുന്നുള്ളൂ. ഇതിന്റെ കാരണം ഞാൻ കാണുന്നില്ല. എന്താണു ഭവാന് ആധിക്കു കാരണം? അശ്വയാത്ര ചെയ്യുന്നില്ല! അച്ഛൻ മെലിഞ്ഞു വിളറിയിരിക്കുന്നു! അതിനുവേണ്ട പ്രതിവിധി ചെയ്യുവാൻ വ്യാധിയെന്താണെന്ന് എനിക്ക് അറിയണമല്ലോ." ഇപ്രകാരം പുത്രൻ പറഞ്ഞപ്പോൾ ശാന്തനു മറുപടി പറഞ്ഞു.

ശാന്തനു പറഞ്ഞു: "ശരിയാണു നീ പറഞ്ഞത്. ഞാൻ കുറച്ചു നാളായി ധ്യാനിക്കുകയായിരുന്നു. കാരണം ഞാൻ പറയാം. നമ്മുടെ കുലം വലിയതാണ്. കുലത്തിൽ നീ ഒരു സന്താനമേയുള്ളൂ. നീ ആയുധമെടുത്തു പ്രയോഗിക്കുന്നവനും, പൗരഷത്തോടുകൂടിയവനുമാണ്. ലോകം അസ്ഥിരമാണല്ലോ. ഉണ്ടാവുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ആർക്ക് എപ്പോൾ എവിടെ വെച്ച് എന്തു സംഭവിക്കും എന്നു പറയുവാൻ പറ്റുമോ എന്നു ചിന്തിച്ചു വ്യസനിക്കുകയാണു ഞാൻ. നീയെങ്ങാൻ വിപത്തിൽപ്പെട്ടുപോയാൽ ഈ കുലത്തിന്റെ കഥ അതോടെ അവസാനിക്കും. നൂറു മക്കളുണ്ടാകുന്നതിനേക്കാൾ ഉത്തമനായ നീ ഒരു പുത്രൻ മാത്രം മതി എന്നതു സത്യമാണ്. ഞാൻ വെറുതെ വീണ്ടും വിവാഹംകഴിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. എന്നാൽ അക്ഷയമായ സന്താനസിദ്ധിക്ക് ഞാൻ കാംക്ഷിക്കുന്നു. അതൊന്നു മാത്രമാണ് എന്റെ ചിന്ത. നിനക്കു ശുഭംവരട്ടെ. ഏകാപത്യൻ അനപത്യന്നു തുല്യനാണെന്നാണ് ധാർമ്മികർ പറയുന്നത്. അഗ്നിഹോത്രം, വേദാഭ്യസനം, സന്താനാഭിവൃദ്ധി ഇവയെപ്പറ്റി ചിന്തിക്കുമ്പോൾ സന്താനത്തിന്റെ ശ്രേഷ്ഠത മുന്തിനില്ക്കുന്നു. മറ്റുള്ളവ അതിന്റെ പതിനാറിൽ ഒന്നിന് ഒക്കുകയില്ല. ഇപ്രകാരം മനുഷ്യർക്കുള്ള യോഗ്യതകളൊക്കെ സന്താനത്തിലാണ്. നല്ല അപത്യങ്ങൾ ഇപ്രകാരമാണ്. അതിൽ എനിക്കു യാതൊരു സംശയവുമില്ല. പുരാണത്തിന്റെയും, വേദാർത്ഥത്തിന്റെയും, ദേവന്റെയും എല്ലാം സാരാംശം ഇതുതന്നെയാണ്. അല്ലയോ കുരൂദ്വഹാ! നീയാണെങ്കിൽ ശൂരനും സദാമർഷിയും ശസ്ത്രം എപ്പോഴും കൈയിലെടുത്തവനുമാണ്. നിനക്ക് പോരിലല്ലാതെ മറ്റൊന്നിലും നാശം വന്നുകൂടുകയില്ല. നിന്റെ കഥ കഴിഞ്ഞാൽ കുലത്തിന്റെ നില എന്താകുമെന്നു ചിന്തിച്ച് ഞാൻ വ്യസനിക്കുകയാണ്. ഇതാണ് എന്റെ

digitized by www.sreyas.in

ദുഃഖത്തിന്നു കാരണം. ഞാൻ എന്റെ അന്തർഗ്ഗതം ഒന്നും മറച്ചു വെക്കാതെ നിന്നോടു പറയുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അച്ഛൻ പറഞ്ഞതു കേട്ട് തത്ത്വമെല്ലാം അറിഞ്ഞ് ദേവവ്രതൻ കേവലം ബുദ്ധി കൊണ്ടു ചിന്തിച്ചു. ഉടനെ പോയി അച്ഛന് ഏറ്റവും ഇഷ്ടപ്പെട്ട വനും വൃദ്ധനുമായ മന്ത്രിമുഖ്യനെക്കണ്ട് അച്ഛന്റെ ദുഃഖത്തിന്റെ കാരണം ശരിക്കു മനസ്സിലാക്കുവാൻ ശ്രമിച്ചു. ഏറ്റവും ചുഴിഞ്ഞു ചോദിക്കുന്ന ദേവവ്രതനോട് അവൻ കാര്യം വ്യക്തമാക്കി. അച്ഛൻ ആ മുക്കുവപ്പെണ്ണിൽ അത്യധികമായ പ്രേമത്താൽ പീഡി തനായിരിക്കുകയാണ് എന്നു മന്ത്രി പ്രസ്താവിച്ചു. ഒട്ടും വൈകാ തെ ദേവവ്രതൻ വൃദ്ധരായ ക്ഷത്രിയന്മാരോടുകൂടി മുക്കുവപ്ര ഭുവിന്റെ ഗൃഹത്തിൽ ചെന്ന് അവനോട് അച്ഛനുവേണ്ടി കന്യ കയെ അർത്ഥിച്ചു. തന്റെ ഗൃഹത്തിലേക്കു എഴുന്നള്ളിയിരിക്കുന്ന രാജപുത്രനെ എതിരേറ്റു സൽക്കരിച്ചിരുത്തിയശേഷം രാജ്യമദ്ധ്യ ത്തിലിരിക്കുന്ന രാജകുമാരനോട് അദ്ദേഹം പറഞ്ഞു."

മുക്കുവൻ പറഞ്ഞു: "മതിമാനായ ശാന്തനുവിന് ഭവാൻ മതിമാനായ നന്ദനൻതന്നെയാണ്. ശസ്ത്രത്തിൽ ശ്രേഷ്ഠനാണ് ഭവാൻ. ഞാൻ ഭവാനോട് ഒരു കാര്യം പറയുവാൻ ആഗ്രഹിക്കു ന്നു. പ്രശംസാർഹവും അഭികാമ്യവുമായ ഇത്തരം വിവാഹബ ന്ധത്തെ, സംഗതി വന്നിട്ടും ആദരിക്കാതെ ഒഴിവാക്കിയാൽ അതു നിരാശയ്ക്കു വഴി നല്കും. ഏതവനും ദുഃഖിക്കേണ്ടിവരും; തീർച്ചയാണ്. സത്യവതിയുടെ ജന്മത്തിന്ന് ബീജാവാപംചെയ്ത ആൾ നിങ്ങളെപ്പോലെ ഗുണം തികഞ്ഞ ഒരു മാന്യനാണ്. അദ്ദേ ഹത്തിന്റെ അപത്യമാണ് ഇവൾ. ഭവാന്റെ അച്ഛനെപ്പറ്റി അദ്ദേഹം പല പ്രാവശ്യം എന്നോടു വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. അദ്ദേഹം എല്ലാംകൊണ്ടും ഇവൾക്കു ചേർന്ന ഒരു ഭർത്താവാകുവാൻ യോഗ്യനാണ്. ദേവർഷിയായ 'അസിതൻ' ഇവളെ വിവാഹാന്വേ ഷണത്തിന്നു വരികയുണ്ടായി. ഞാൻ ആ കാര്യം കൊള്ളാവു ന്നതാണെങ്കിലും ഉപേക്ഷിക്കുകയാണുണ്ടായത്. അദ്ദേഹം സത്യവതിയെ കിട്ടുവാൻ കുറച്ചല്ല ആഗ്രഹിച്ചത്. രാജാവേ, കന്യ കയുടെ പിതാവെന്ന നിലയിൽ ഞാൻ ഒരു കാര്യം പറഞ്ഞുകൊ ള്ളട്ടെ! ശത്രുത്വമുണ്ടാകുവാൻ അവസരം നല്കുന്നതാണ് ഈ വിവാഹം. ഭവാൻ പ്രബലനാണ്. ഭവാന് എതിരായി നില്ക്കുന്ന വൻ ഗന്ധർവ്വനോ, ദാനവനോ ആയാൽപ്പോലും അവൻ ഏറെ ക്കാലം ആയുസ്സോടുകൂടി ഇരിക്കുകയില്ല. ഭവാന്റെ ക്രോധ ത്തിന്നു പാത്രമാകുന്നവന്റെ കഥ ഉടനെ കഴിക്കും! പരന്തപനായ രാജാവേ, അങ്ങനെ ഒരു ദോഷം ഇക്കാര്യത്തിലുണ്ട്. അതല്ലാതെ വേറെ ഒരു ദോഷവും ഈ സംബന്ധത്തിൽനിന്നുണ്ടാകുവാൻ പോകുന്നില്ല. ഹേ വീരാ, ദാനാദാനങ്ങളിൽ ഇതാണു തത്ത്വം."

വൈശമ്പായനൻ പറഞ്ഞു: "ദാശപ്രഭുവിന്റെ വാക്ക് കേട്ടു ഗാംഗേയൻ ഇപ്രകാരം അതിന്ന് ഒത്ത മറുപടി പറഞ്ഞു. താതന്റെ കാര്യത്തിന്നുവേണ്ടി കൂടെ വന്നവരായ ആ ക്ഷത്രിയവൃദ്ധന്മാർ കേട്ട് ഇരുന്നു."

ദേവവ്രതൻ പറഞ്ഞു: "ഹേ, സത്യശീലാ! എനിക്കു സത്യ ത്തേക്കാൾ വലിയ വ്രതമില്ല. ഭവാൻ അതു ധരിക്കുക! ഈ ലോക ത്തിലുണ്ടായവരാരും പറയാത്തതാണിത്. ഇന്ന് ഒരു രാജാവും ഇപ്രകാരം ഒരു സത്യം ചെയ്യുമെന്നും തോന്നുന്നില്ല! ഭവാൻ പറ ഞ്ഞപ്രകാരം തന്നെ ഞാൻ ചെയ്യാമെന്നേല്ക്കുന്നു! ഈ കന്യ കയിൽ ജനിക്കുന്ന പുത്രൻ ഞങ്ങളുടെ രാജാവാകും, സത്യം!" ഈ വാക്കു കേട്ടപ്പോൾ ദാശൻ വീണ്ടും പറഞ്ഞു.

മുക്കുവൻ പറഞ്ഞു: "ശാന്തനുവിന്റെ സകല ശ്രീക്കും ഭവാൻ അന്തമറ്റ നാഥനാണ്. അങ്ങനെയുള്ള ഭവാനെക്കൊണ്ട് രാജ്യാർത്ഥമായ കൃത്യം ചെയ്യിക്കുക ദുഷ്കരമാണ്. കന്യാദാനം കഴിപ്പിക്കുവാൻ ഭവാൻ സർവ്വഥാ ശക്തനുമാണ്. ഹേ സൗമ്യ, എന്റെ ഈ വാക്കുകൂടെ ഭവാൻ കേൾക്കേണ്ടത് ആവശ്യമാണ്. പുത്രീവാത്സല്യം മൂലം ഹേ, വീരാ, ഞാൻ പറയുന്നതിൽ ഭവാൻ ക്ഷമിക്കണം. സത്യവതി നിമിത്തമായി ഭവാൻ സത്യധർമ്മപര നാണല്ലോ! ഈ രാജാക്കന്മാരുടെ മുമ്പിൽവെച്ചാണല്ലോ ഭവാൻ സത്യംചെയ്തിരിക്കുന്നത്. ആ സത്യം സത്യസന്ധനായ ഭവാ നുമാത്രം ചേർന്ന നടപടിയായിട്ടുണ്ട്. മറ്റാർക്കും കഴികയുമില്ല. അതിൽ ഞാൻ തൃപ്തനാണ്. അതു മറിച്ചുവരുമെന്ന് ഒരു സംശ യം എനിക്കില്ല. എന്നാൽ ഭവാനെക്കുറിച്ചല്ല എനിക്കു ഭയം. ഭവാ നുണ്ടാകുന്ന സന്താനത്തെക്കുറിച്ചാണ്. ഭവാന്റെ സന്താനം വരു മ്പോഴാണ് കാര്യത്തിൽ സംശയം!"

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് സത്യതത്പരനായ ദേവവ്രതൻ ചിന്തിച്ചു. അവന്റെ ഇംഗിതം മനസ്സിലാക്കി രാജാ ക്കന്മാരുടെ മദ്ധ്യത്തിൽവെച്ച് താതപ്രിയനായ പുത്രൻ ഇപ്രകാരം പ്രതിജ്ഞചെയ്തു."

ദേവവ്രതൻ പറഞ്ഞു: "ഹേ, ദാശപ്രഭോ! ഭവാൻ എന്റെ വാക്കുകൾ കേട്ടുകൊള്ളുക! എന്റെ അച്ഛന്റെ പ്രിയത്തിന്നായി രാജസദസ്സിൽവെച്ചു ഞാൻ പറയുന്നതാണിത്! രാജാക്കന്മാരേ! മുമ്പേതന്നെ ഞാൻ രാജത്വം ഉപേക്ഷിച്ചു എന്ന് ശപഥംചെയ്ത ല്ലോ. അപത്യ കാര്യത്തിലും ഞാൻ ഉറച്ചതായ ഒരു നിശ്ചയം ചെയ്യുന്നു. ഹേ, ദാശപ്രഭോ! ഇന്നുമുതൽ ഞാൻ ബ്രഹ്മചര്യം സ്വീകരിക്കുന്നു! ഞാൻ അനപത്യനായാലും ദ്യോവിൽ അക്ഷ യമായ ലോകം ഞാൻ പ്രാപിക്കും! സത്യം!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവൻ സത്യംചെ യ്തപ്പോൾ ആ ദാശൻ രോമാഞ്ചമണിഞ്ഞു. ധർമ്മശീലനായ അവൻ തന്റെ പുത്രിയെ നല്കാമെന്നു സസന്തോഷം സമ്മതി ച്ചു. അപ്പോൾ അന്തരീക്ഷത്തിൽ ദേവർഷിമണ്ഡലം ഒന്നായി പുഷ്പവർഷം ചൊരിഞ്ഞു. 'ഇവൻ ഭീഷ്മൻതന്നെ!' എന്ന് ആ കാശത്തുനിന്ന് അശരീരിവാക്കുണ്ടായി.

പിന്നെ ദാശൻ തന്റെ കന്യകയെ യാത്രയാക്കി. രാജപുത്രൻ താതനുവേണ്ടി, ആ ധന്യയായ കന്യകയുടെ സമീപത്തണഞ്ഞു പറഞ്ഞു."

ദേവവ്രതൻ പറഞ്ഞു: "അമ്മേ, തേരിൽക്കയറുക! നാം നമ്മുടെ ഗൃഹത്തിലേക്കു പോകുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ ആ ശ്രേഷ്ഠകന്യകയെ തേരിൽക്കയറ്റി ഹസ്തിനാപുരിയിലേക്കു തിരിച്ചു. ആ മനോമോഹിനിയെ അച്ഛന്റെ സമീപത്തെത്തിച്ചു. രാജാക്കന്മാർ ഭീഷ്മന്റെ ദുഷ്കരമായ കർമ്മത്തെ വാഴ്ത്തി. അവർ ഓരോരുത്തരും ഒറ്റയ്ക്കും കൂട്ടായും 'ഇവൻ ഭീഷ്മൻ തന്നെ!' എന്നു പുകഴ്ത്തി.

ഭീഷ്മന്റെ ദുഷ്കരമായ ആ കർമ്മം കേട്ട് ഹൃദയത്തിലട ങ്ങാത്ത നന്ദിയോടും, ആനന്ദത്തോടും, അത്ഭുതത്തോടും, വാത്സല്യത്തോടുംകൂടി ശാന്തനു പറഞ്ഞു.

ശാന്തനു പറഞ്ഞു: 'മകനേ, നീ സ്വച്ഛന്ദമൃത്യുവാകുക! നീ ജീവിച്ചിരിക്കുവാനാഗ്രഹിക്കുന്ന കാലത്തോളം മൃത്യു നിന്നെ ബാധിക്കുകയില്ല. നിന്റെ സമ്മതമുണ്ടെങ്കിലേ മൃത്യു നിന്നെ സ്പർശിക്കുകയുള്ളൂ! ഇതു സത്യമാണ്!' ഇപ്രകാരം ശാന്തനു രാജാവ് തന്റെ പുത്രനു വരം നല്കി അനുഗ്രഹിച്ചു."

101. ചിത്രാംഗദോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ ശാന്തനുരാജാവ് ദാശകന്യയെ വിധിപ്രകാരം വേളിക ഴിച്ചു സ്വഗൃഹത്തിലിരുത്തി. സത്യവതി യഥാകാലം 'ചിത്രാംഗ ദൻ' എന്ന പുത്രനെ പ്രസവിച്ചു. അവൻ വീരനും പുരുഷർഷഭ നുമായി വളർന്നു. പിന്നെയും സത്യവതി ഗർഭംധരിച്ചു 'വിചിത്ര വീര്യ' നെന്ന പുത്രനെ പ്രസവിച്ചു. അവന് യൗവനമാകുന്നതി ന്നുമുമ്പുതന്നെ ശാന്തനു കാലധർമ്മംപ്രാപിച്ചു. അച്ഛൻ മരിച്ച പ്പോൾ ഭീഷ്മൻ സത്യവതിയുമായി ആലോചിച്ച് ചിത്രാംഗദനെ രാജാവാക്കി. ചിത്രാംഗദൻ വീരനായിരുന്നു. അവൻ ശൗര്യം കൊണ്ട് രാജാക്കന്മാരെ തോല്പിച്ചു കീഴടക്കി. മനുഷ്യരാരും തനിക്കു കിടനില്ക്കുകയില്ലെന്ന് അവൻ വിചാരിച്ചു. മനുഷ്യദേ വഗന്ധർവ്വൗഘത്തെയെല്ലാം പരാജിതരാക്കിയിരിക്കെ ചിത്രാം ഗദൻ എന്നുതന്നെ പേരുള്ള ഒരു ഗന്ധർവ്വൻ അവനോടു പോരി ന്നുവന്നു. കുരുക്ഷേത്രത്തിൽവെച്ച് അതിഭയങ്കരമായ പോരാട്ടം

digitized by www.sreyas.in

നടന്നു. ബലംകൊണ്ടും, അഭ്യാസംകൊണ്ടും നാമംകൊണ്ടും സമാനന്മാരായ അവർ തമ്മിൽ സരസ്വതി തീരത്തുവച്ച് മൂന്നു വർഷം യുദ്ധം നടത്തി. വലിയ ശരവർഷത്തോടുകൂടിയ ആ അത്യുഗ്രമായ യുദ്ധത്തിൽ മായാവിയായ ഗന്ധർവ്വനാൽ കുരുരാജാവായ ചിത്രാംഗദൻ വധിക്കപ്പെട്ടു. ചിത്രാംഗദനെ കൊന്നു വീഴ്ത്തിയ അവൻ സസന്തോഷം ആകാശത്തിലേക്ക് ഉയർന്നു. മഹാതേജസ്വിയായ ആ പുരുഷശ്രേഷ്ഠൻ മരിക്കുന്ന കാലത്ത് വിചിത്രവീര്യൻ ബാലനായിരുന്നു. ചിത്രാംഗദന്റെ ശേഷക്രിയയ്ക്കുശേഷം ഭീഷ്മൻ വിചിത്രവീര്യനെ, യൗവനംപ്രാപിച്ചിട്ടില്ലെങ്കിലും രാജാവായി വാഴിച്ചു. വിചിത്രവീര്യൻ ഭീഷ്മന്റെ ചൊല്പടിക്കുനിന്ന് പിതൃപൈതാമഹമായ പദം പാലിച്ചു. ശർമ്മശാസ്ത്രത്തിൽ അതിനിപുണനായ ദേവവ്രതനെ ധർമ്മാനുസരണം അവൻ പൂജിച്ചു. ഭീഷ്മൻ അവനെ കാത്തുരക്ഷിക്കുകയും ചെയ്തു."

102. വിചിത്രവീര്യന്റെ നിര്യാണം – വൈശമ്പായനൻ പറഞ്ഞു: "ചിത്രാംഗദൻ മരിച്ചു; അനുജന്നു പ്രായമായിട്ടുമില്ല. ഈ സന്ദർഭത്തിൽ സത്യവതിയുടെ ഹൃദയം മനസ്സിലാക്കി അവൾ പറഞ്ഞതനുസരിച്ച് ഭീഷ്മൻ രാജ്യം ഭരിച്ചു. അനുജന് യൗവനമായപ്പോൾ ഭീഷ്മൻ വിചിത്രവീര്യന്റെ വിവാഹത്തെക്കുറിച്ചു ചിന്തിച്ചു.

ഈ അവസരത്തിൽ കാശിരാജാവിന്റെ അതിസുന്ദരിമാരായ മൂന്നു കന്യകമാരുടെ സ്വയംവരം ഒരേസമയത്ത് നടക്കുവാൻപോകുന്നതായി ഭീഷ്മൻ കേട്ടു. രഥിശ്രേഷ്ഠനായ ഭീഷ്മൻ സത്യവതിയെ വിവരം അറിയിച്ചു. അവളുടെ സമ്മതത്തോടെ ഒറ്റത്തേരിൽ പുറപ്പെട്ടു. അവിടെ സ്വയംവരത്തിന് എത്തിയ പല രാജാക്കന്മാരേയും കണ്ടു. വരിക്കുവാൻപോകുന്ന മൂന്നു കന്യകമാരേയും കണ്ടു. സ്വയംവരത്തിന് പന്തലിൽ ധാത്രി കന്യകമാരേയുംകൂട്ടിക്കൊണ്ട് രാജാക്കന്മാരുടെ കുലനാമാദികൾ പറഞ്ഞുകൊടുക്കുന്നത് കേട്ടുകൊണ്ട് ആ കന്യകമാർ മാലയും കൈയിൽവെച്ച് മന്ദം മന്ദം നീങ്ങുന്ന സമയത്ത് അവർ ഒറ്റയ്ക്ക് വേറെ ഇരിക്കുന്ന ഭീഷ്മനെക്കണ്ടു. ഇവൻ വൃദ്ധനാണെന്ന ഭാവത്തിൽ വെറുപ്പോടെ സുന്ദരാംഗിമാർ മൂന്നുപേരും പിൻവാങ്ങി. രാജാക്കന്മാർ ഇതു കണ്ട് ചിരിച്ചു പറഞ്ഞു."

രാജാക്കന്മാർ പറഞ്ഞു: "മൂത്തു നരച്ച ഈ പടുവൃദ്ധൻ പരമധർമ്മാത്മാവാണത്രേ! ഈ ഭരതർഷഭൻ എന്തിനിങ്ങോട്ട് നാണമില്ലാതെ വന്നുകയറി? ഈ മനുഷ്യൻ പ്രതിജ്ഞചെയ്തിട്ടുണ്ടെന്നു കേട്ടു! ഭാരതവംശത്തിൽ ഒരു രാജാവ് കള്ളസത്യം ചെയ്യുകയോ? മിഥ്യാ പ്രതിജ്ഞനായ ഇദ്ദേഹത്തെപ്പറ്റി വെറുതെ ജനങ്ങൾ പറയുകയാണ്, 'ബ്രഹ്മചാരി ഭീഷ്മൻ!' എന്ന്."

വൈശമ്പായനൻ പറഞ്ഞു: "ക്ഷത്രിയാധമന്മാർ തന്നെ പരിഹസിച്ചു ചിരിക്കുന്നതു കേട്ട് വീര്യവാനായ ഭീഷ്മൻ കന്യകമാരെ പിടിച്ചു തേരിൽക്കയറ്റി ക്രോധത്തോടെ രാജാക്കന്മാരെ നോക്കി മേഘഗർജ്ജനംപോലെ അവിടെയെങ്ങും മുഴങ്ങുമാറു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ഹേ, രാജാക്കന്മാരേ! ഗുണവാന്മാർക്കു കന്യാദാനം ബുധാദ്യതമായി പലവിധമുണ്ട്. ശക്തിക്കടുത്ത അലങ്കാരത്തോടും, ഒക്കുന്ന ധനത്തോടും, ഗോമിഥുനത്തോടുംകൂടി കന്യകമാരെ ചിലർ കൊടുക്കും. വിത്തംകൊടുത്തു വാങ്ങുന്നവരുണ്ട്. ബലത്താൽ കൊണ്ടുപോകുന്നവരുണ്ട്. സമ്മതത്തോടെ കൊണ്ടുപോകുന്നവരുണ്ട്. സമ്മതമില്ലെങ്കിലും കന്യകമാരെ കൊണ്ടുപോകുന്നവരുണ്ട്. യജ്ഞകർമ്മത്തിൽവെച്ചും കന്യകമാരെ വേൾക്കുന്നവരുണ്ട്. എട്ടാമത്തെവിധമാണ് സ്വയംവരം. സജ്ജനസമ്മതമായിട്ടുള്ളതാണ് അത്. അതിനെ രാജാക്കന്മാർ പ്രശംസിച്ചു സ്വീകരിക്കുന്നു. ജയിച്ചിട്ടു ഹരിക്കുകയാണെങ്കിൽ അതു ശ്രേഷ്ഠമാണെന്ന് ധാർമ്മികന്മാർ പറയുന്നു. ഞാൻ ഇവരെ അപ്രകാരം കൈയൂക്കുകൊണ്ട് കൊണ്ടുപോകാനാണ് വിചാരിക്കുന്നത്. ഭൂഹലന്മാരേ, നിങ്ങൾ കഴിവുപോലെ ശ്രമിച്ചുകൊള്ളുക. ഞാൻ ഇതാ, യുദ്ധത്തിനു തയ്യാറായി നില്ക്കുന്നു. തോല്ക്കുകയോ, ജയിക്കുകയോ ചെയ്യട്ടെ! ഞാൻ ഇതാ, ഒരുങ്ങി നില്ക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "എന്ന് കാശിരാജാവിനോടും പറഞ്ഞ് കന്യകമാരെ തേരിൽക്കയറ്റി രാജാക്കന്മാരെ വെല്ലുവിളിച്ചു.

മഹാപരാക്രമിയായ ഭീഷ്മൻ ഇപ്രകാരം പറഞ്ഞ് എല്ലാവരോടും യാത്രപറഞ്ഞ് കന്യകമാരോടുകൂടി ഇറങ്ങി. ഉടനെ രാജാക്കന്മാരൊക്കെ ചൊടിച്ചു ചീറിപ്പിടഞ്ഞ് എഴുന്നേറ്റു. അവർ കൈ തിരുമ്മി, പല്ലുകടിച്ചു; തങ്ങളുടെ ഭൂഷണങ്ങളൊക്കെ അഴിച്ചുമാറ്റി; ചട്ടയിട്ടു, ആയുധങ്ങൾ ധരിച്ചു! എല്ലാവരും രോഷാകുലരായി! ആകെ ബഹളമായി! സംഭ്രമം മുഴുത്തു. ആഭരണങ്ങൾ ഇട്ട് രാജാക്കന്മാരുടെ ദേഹങ്ങൾ ചട്ടകൊണ്ട് പ്രശോഭിച്ചു! ആഭരണങ്ങളെല്ലാം അഴിഞ്ഞു നിലത്തുവീണു. ആകാശത്തുനിന്നു പൊഴിഞ്ഞ നക്ഷത്രങ്ങളാൽ എന്നപോലെ നിലം പ്രശോഭിച്ചു!

നിഷ്ഠുരമായ ക്രോധത്തോടും, വികടമായി നോക്കുന്ന ദൃഷ്ടിയോടും, ചുളിച്ച പുരികങ്ങളോടും, സൂതൻ പൂട്ടിയൊരുക്കിയ രഥങ്ങളിൽക്കയറി, പരക്കെ ആയുധവുമേന്തി, വീരന്മാരെല്ലാവരും പുറപ്പെട്ടു. ഭീഷ്മന്റെ തേരിന്നു ചുറ്റും രാജാക്കന്മാർ കൂടി. ഭയങ്കരമായ പോരാട്ടം ഉത്ഭവിച്ചു. ഭീഷ്മൻ ഒറ്റയ്ക്കു തന്നെ ചുറ്റിവളഞ്ഞ സകല രാജാക്കന്മാരോടും പടവെട്ടി. അവർ തൂകുന്ന പത്തും ആയിരവും ബാണങ്ങളെ എത്തുന്നതിന്നുമുമ്പായി, ഭീഷ്മൻ രോമങ്ങൾപോലും അറുക്കുന്ന ശരമാരിയാൽ അറുത്തുവിട്ടു. ആ രാജാക്കന്മാർ ഭീഷ്മനെ വിട്ടില്ല. അവർ ശരവർഷം തുടർന്നു. മേഘങ്ങൾ വലിയ മലയിൽ പെയ്യുന്ന വർഷംപോലെ, ശരമാരി ഘോരമായി ചൊരിഞ്ഞു. എല്ലാ മന്നവന്മാരുടെ നേർക്കും മുമ്മൂന്നു ശരങ്ങൾ പ്രയോഗിച്ചു. അവർ ഭീഷ്മന്റെ ദേഹത്തിൽ അയ്യഞ്ച് ശരങ്ങൾ പൊഴിച്ചു. ഉടനെ ഭീഷ്മൻ എല്ലാവരിലും ഈരണ്ടു ശരങ്ങൾ പൊഴിച്ചു. ഇങ്ങനെ പോരാട്ടം അത്യുഗ്രമായി നടന്നു. അവിടെ ഒരു ദേവാസുരയുദ്ധംതന്നെ നടന്നു.

വീരന്മാർ കാൺകെ ആ രാജാക്കന്മാരെയെല്ലാം ശരശക്തിയാൽ പരാജയപ്പെടുത്തി. അവരുടെ ചട്ടയും കിരീടവും പത്തും നൂറും അറുത്തുവീഴ്ത്തി. മഹാരഥനായ ഭീഷ്മനു മറ്റു രഥികളൊക്കെ നിസ്സാരമായിരുന്നു. ശത്രുരാജാക്കന്മാർ ഭീഷ്മന്റെ യുദ്ധവൈദഗ്ദ്ധ്യംകണ്ടു പ്രശംസിച്ചു. വീരന്മാരിൽ വീരനായ ഭീഷ്മൻ വൈരിസമൂഹത്തെ ജയിച്ചു സ്വൈരമായി കന്യകമാരോടുകൂടി ഹസ്തിനാപുരിയിലേക്കു തിരിച്ചു.

പെട്ടെന്നു ഭീഷ്മനെ പിന്തുടർന്നു ദർപ്പോഗ്രനായ ശാല്വരാജാവ് എതിരിട്ടു. പിടിയാനയ്ക്കുവേണ്ടി ഗജേന്ദ്രനോടു പോരാടുന്ന മറ്റൊരു ഗജേന്ദ്രനെപ്പോലെ അവൻ പാഞ്ഞടുത്തു. "ഹേ! പെൺകൊതിയാ, നിൽക്കൂ! നിൽക്കൂ!" എന്നു മഹാബാഹുവായ ശാല്വരാജാവ് കോപത്തോടെ അലറി. അവന്റെ വാക്കുകൾ കേട്ട് ആ നരവ്യാഘ്രൻ കത്തുന്ന കോപാഗ്നിയോടെ തേരു പിൻതിരിപ്പിച്ചു. ശാല്വന്റെ തേരിന്നുനേരെ കുറ്റൻ വില്ലെടുത്തു ശരം തൊടുത്തു. നെറ്റിചുളിച്ചു ക്ഷത്രധർമ്മം പിടിച്ചു നിർഭയനായി ശാല്വന്റെ നേരെ കുതിച്ചു. ഭീഷ്മൻ തിരിഞ്ഞപ്പോൾ മറ്റു രാജാക്കന്മാർ ഭീഷ്മശാല്വസംഘട്ടനത്തിൽ കാഴ്ചക്കാരായി നിന്നു. ഒരു പശുവിന്നുവേണ്ടി രണ്ടു കൂറ്റന്മാർ മുക്രയിട്ട് പോരാടുന്നവിധം ആ ബലശാലികൾ പരസ്പരം എതിരിട്ടു. നൂറും ആയിരവും ബാണം ഭീഷ്മനിൽ ചൊരിഞ്ഞു. ശാല്വൻ ഭീഷ്മനെ പീഡിപ്പിക്കുമാറ് യുദ്ധം മുറുകിയപ്പോൾ രാജാക്കന്മാർ ഹർഷാരവം മുഴക്കി. ശാല്വന്റെ അസ്ത്രപ്രയോഗലാഘവം കണ്ട് രാജാക്കന്മാർ അഭിനന്ദനവാക്കുകൾ മുഴക്കി. ആർപ്പും കൂക്കിവിളിയും അഭിനന്ദനങ്ങളും കരഘോഷങ്ങളും മുഴങ്ങി.

ശത്രുരാജാക്കന്മാരുടെ പ്രശംസ കേട്ട് ഭീഷ്മൻ ശുണ്ഠിയെടുത്തു ശാല്വന്റെനേരെ രഥം ഓടിച്ചു. "നിൽക്കൂ! നിൽക്കൂ!" എന്നു പറഞ്ഞ് സാരഥിയെ നോക്കി. "ഞാൻ ഇപ്പോൾ ഗരുഡൻ പാമ്പിനെ കൊല്ലുന്ന മട്ടിൽ നിന്റെ ഈ വീമ്പൻ രാജാവിനെ സംഹരിക്കും." എന്നു പറഞ്ഞ് ഭീഷ്മൻ വാരുണാസ്ത്രമെടുത്തു

digitized by www.sreyas.in

ശാല്വന്റെ ശരങ്ങളെ തടുത്തു; ശാല്വന്റെ കുതിരക്കൂട്ടത്തെ കൊന്നുവീഴ്ത്തി. സാരഥിയേയും കൊന്നു. അസ്ത്രംകൊണ്ടു ശാല്വൻ എയ്യുന്ന അസ്ത്രത്തെ നശിപ്പിച്ചു. ഐന്ദ്രാസ്ത്രം കൊണ്ട് അവന്റെ മറ്റു കുതിരകളേയും കൊന്നു. കന്യാർത്ഥമായി ഇങ്ങനെ പോരാടി ശാല്വനെ പരാജിതനാക്കി, കൊല്ലാതെ വിട്ടു. ശാല്വൻ ലജ്ജിച്ചു സ്വനഗരിയിലേക്കു തിരിച്ചു. നാട്ടിൽച്ചെന്നു ശാല്വൻ ധർമ്മപ്രകാരം തന്റെ നാടു സംരക്ഷിക്കുന്നതിൽ ജാഗരൂകനായി.

സ്വയംവരം കാണുവാൻ വന്ന യോഗ്യരായ രാജാക്കന്മാരും താന്താങ്ങളുടെ കൊട്ടാരത്തിലേക്കു മടങ്ങി.

ഇങ്ങനെ മൂന്നു കന്യകമാരേയുംകൊണ്ടു ഭീഷ്മൻ ഹസ്തിനാപുരത്തേക്ക്, വിചിത്രവീര്യൻ ഭരിക്കുന്ന സ്വനഗരിയിലേക്ക്, രഥമോടിച്ചു.

അച്ഛനായ ശാന്തനുവിനെപ്പോലെ വിചിത്രവീര്യൻ രാജ്യം ഭരിക്കുകയായിരുന്നു. കാടും, പുഴകളും കടന്നു പരന്നുകിടക്കുന്ന പാടങ്ങളും, വൃക്ഷം നിറഞ്ഞ മേടുകളും കടന്ന്, വൈരികളെ ക്കൊന്ന്, കേടുകൂടാതെ ഭീഷ്മൻ രഥം ഓടിച്ചു. ഭീഷ്മന്റെ രഥം കന്യകമാരേയും കൊണ്ട് ഹസ്തിനാപുരിയിലെത്തി.

ധർമ്മജ്ഞനായ ഭീഷ്മൻ സ്വന്തം സ്നുഷമാരെപ്പോലെയോ, അനുജത്തിമാരെപ്പോലെയോ, പുത്രിമാരെപ്പോലെയോ കന്യകമാരെ കൊണ്ടുവന്ന് എത്തിച്ചു. സർവ്വസത്ഗുണസമ്പൂർണ്ണകളായ അവരെ സ്വവിക്രമംകൊണ്ട് ആനയിച്ച് ഭീഷ്മൻ അനുജന്നു ദാനംചെയ്തു. അങ്ങനെ വിചിത്രവീര്യന്റെ വിവാഹത്തിന്ന് സത്യവതിയുമായി ആലോചിച്ച് ഒരുക്കംകൂട്ടി.

ഇപ്രകാരം ഭീഷ്മൻ അവരെ മൂന്നുപേരെയും അനുജനെക്കൊണ്ടു വിവാഹംചെയ്യിക്കുവാൻ ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ, കാശിരാജപുത്രിമാരിൽ മൂത്തവളായ അംബ പറഞ്ഞു."

അംബ പറഞ്ഞു: "ഹേ, രാജാവേ!, ഞാൻ സൗഭപതിയായ ശാല്വനെ മുമ്പെതന്നെ വരിച്ചുകഴിഞ്ഞു അവൻ എന്നെയും വരിച്ചുകഴിഞ്ഞിരിക്കുന്നു. അച്ഛന്ന് അത് ഇഷ്ടവുമായി. ഭവാൻ ഞങ്ങളെ ബലാൽ കൊണ്ടുപോന്നില്ലെങ്കിൽ സ്വയംവരത്തിൽ വെച്ചു ഞാൻ ശാല്വനെ വരിച്ചേനേ! ഹേ, ധർമ്മജ്ഞാ! ഭവാൻ ഇക്കാര്യം ചിന്തിച്ച് ധർമ്മതത്ത്വം നടത്തിയാലും."

വൈശമ്പായനൻ പറഞ്ഞു: "എന്നു വിപ്രസദസ്സിൽവെച്ച് ആ കന്യക പറഞ്ഞപ്പോൾ ഭീഷ്മൻ ഇനി എന്തു ചെയ്യണം എന്നു ചിന്തിച്ചു. എന്താണ് ഇനി ഉചിതമായിട്ടുള്ളത്? ബ്രഹ്മജ്ഞന്മാരായ വിപ്രന്മാരെ വിളിച്ചുവരുത്തി. ധർമ്മശാസ്ത്രങ്ങളെല്ലാം അറിയുന്ന ഭീഷ്മൻ വേദജ്ഞാനികളുമായി കൂടിയാലോചന നടത്തി. കാശിരാജാവിന്റെ മൂത്തമകളായ അംബയെ അവളുടെ ഇഷ്ടത്തിന്നു സമ്മതിച്ചു പോകുവാൻ സമ്മതംകൊടുത്തു. അംബികയേയും, അംബാലികയേയും വിധിപ്രകാരം വിചിത്രവീര്യനെക്കൊണ്ടു വിവാഹം ചെയ്യിച്ചു.

കാമദേവനെപ്പോലെ തികഞ്ഞ സൗന്ദര്യവും, പൂർണ്ണമായ യൗവനവുംകൊണ്ടു ശോഭിക്കുന്ന ധർമ്മാത്മാവായ വിചിത്രവീര്യൻ കാമാത്മാവായിത്തീർന്നു. ചോരത്തിളപ്പുള്ള ആ രണ്ടു കാർകുഴലിമാർ, തുടുത്ത നഖവും, ഉയർന്നുതടിച്ച കൊങ്കകളും, കനത്ത നിതംബവും ചേർന്ന ആ നവോഢമാർ ഇഷ്ടകാന്തനു മൊത്ത് ഇണങ്ങി. ദേവവിക്രമനും, വീരനും, അശ്വിനീദേവന്മാരെപ്പോലെ സുന്ദരനുമായ അവൻ ആ യൗവനയുക്തകളായ ഉത്തമപീനസ്തനികളോടുകൂടി ക്രീഡിച്ചു. അവൻ ആ സുന്ദരിമാരുടെ ചിത്തമോഹനമായി ഭവിച്ചു. ഏഴു വർഷം ആ കേഴമാൻമിഴിമാരുമായി കൂത്താടി രാജാവ് രാജയക്ഷ്മാവിനാൽ, ക്ഷയരോഗത്താൽ, പീഡിതനായി. ഈ രോഗാവസ്ഥയിൽ വിചിത്രവീര്യൻ പെട്ടതറിഞ്ഞ് ബന്ധുജനങ്ങൾ വൈദ്യന്മാരെ വരുത്തി ചികിത്സിപ്പിച്ചു. ഫലമുണ്ടായില്ല. അവർ നോക്കിനില്ക്കെ, അർക്കൻ അസ്തമിക്കുന്നതുപോലെ, അവൻ അർക്കപുത്രന്റെ (യമൻ) പുരിയിലേക്കു പോവുകയും ചെയ്തു.

ധർമ്മിഷ്ഠനായ ഭീഷ്മൻ ചിന്താശോകത്തിൽപ്പെട്ടു. തന്റെ വംശം അനാഥമായിരിക്കുന്നു. വിചിത്രവീര്യന്റെ മരണത്തോടെ കുറ്റിയറ്റിരിക്കുന്നു. ഇനി എന്തു ചെയ്യണമെന്നറിയാത്ത മട്ടിലായി! അവന്റെ മരണാനന്തരകർമ്മങ്ങളൊക്കെ ചെയ്യിച്ചു. സത്യവതിയുടെ ആശയം അനുസരിച്ച് ബ്രഹ്മർഷിമാരോടുകൂടി ഭീഷ്മൻ കുരുജനങ്ങളുമായി ആലോചനാമഗ്നനായി ഇരുന്നു."

103. ഭീഷ്മസത്യവതീസംവാദം – വൈശമ്പായനൻ പറഞ്ഞു: "വിചിത്രവീര്യൻ മരിച്ചതിൽ സത്യവതിയുടെ ദുഃഖം സീമാതീതമായിരുന്നു. പുത്രാർത്ഥലോലുവായ അവൾ ദുഃഖത്തോടെ സ്നുഷമാരോടുകൂടി പുത്രന്റെ ശേഷക്രിയ കഴിച്ചു. സ്നുഷമാരെ ആശ്വസിപ്പിച്ചു. പിതൃവംശത്തേയും മാതൃവംശത്തേയും ചിന്തിച്ച് ദുഃഖപരവശയായി, ധർമ്മം ചിന്തിച്ച് ഭീഷ്മനോടു പറഞ്ഞു:

സത്യവതി പറഞ്ഞു: "ധർമ്മനിഷ്ഠനും, കീർത്തിമാനും, കൗരവേന്ദ്രനുമായ ശാന്തനുവിന്റെ പിണ്ഡവും കീർത്തിയും സന്താനവും നിന്നിലാണു സ്ഥിതിചെയ്യുന്നത്. സല്ക്കർമ്മം ചെയ്താൽ സത്യനിഷ്ഠംകൊണ്ട് ആയുസ്സ് എങ്ങനെയോ, അങ്ങനെ നിന്നിൽ ധർമ്മവും നിശ്ചയമായും പ്രതിഷ്ഠിതമായിരിക്കുന്നു. ധർമ്മം പൊതുവേയും പ്രത്യേകമായും നില്ക്കുന്ന മട്ടെല്ലാം ഭവാനറിയാമല്ലോ. വേദങ്ങളും, വേദാംഗങ്ങളും, ശാസ്ത്രങ്ങളും എല്ലാം നിനക്കറിയാമല്ലോ. ഹേ, ഭീഷ്മാ! ധർമ്മനിഷ്ഠയും കുലാചാരകർമ്മവും നിന്നിൽ ഞാൻ കാണുന്നു. ശുക്രനോടും, അംഗിരസ്സിനോടും ഒപ്പം, കുഴഞ്ഞ പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിലുള്ള കഴിവും ഞാൻ നിന്നിൽ കാണുന്നു. അതുകൊണ്ട് ധർമ്മിഷ്ഠനായ നിന്റെ സ്ഥിതി കണ്ട് ഞാൻ ആശ്വസിക്കുകയാണ്. ഞാൻ നിന്നോട് ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നു. അതുകേട്ട് നീ അതുപോലെ ചെയ്യണം. എന്റെ പുത്രൻ നിനക്ക് അനുജനാണ്. ആ ധീരൻ നിനക്കു പ്രിയപ്പെട്ടവനുമാണ്. അവൻ ചെറുപ്പത്തിൽ പുത്രനെ നേടാതെ മരിച്ചുപോയി. ഈ സ്ത്രീകൾ നിന്റെ ഭ്രാതൃദാരങ്ങളാണ്. കാശിരാജാവിന്റെ പുത്രിമാരുമാണല്ലോ. രൂപയൗവനമാർന്ന ഇവർ പുത്രന്മാരുണ്ടാകുവാൻ കാംക്ഷിക്കുന്നവരാണ്. ഇവരിൽ നീ സന്താനങ്ങളെ ജനിപ്പിക്കണം. കുലത്തിന്റെ നിലനില്പിന്ന് ഇത് ആവശ്യമാണ്. എന്റെ നിയോഗത്താൽ നീ ഒരു കാര്യം ചെയ്യണം. രാജ്യാഭിഷേകം കൈയേറ്റ് ഭാരതരെ സംരക്ഷിക്കുക! ധർമ്മാനുസരണം സന്താനലബ്ധിക്കുവേണ്ടി ദാരങ്ങളെ ഗ്രഹിക്കുക! പിതൃക്കളെ നരകത്തിൽ മുക്കരുത്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അമ്മയും, സുഹൃത്തുക്കളും, ബന്ധുജനങ്ങളും പറഞ്ഞപ്പോൾ ആ ധർമ്മജ്ഞനായ ധീരൻ ധർമ്മാനുസരണമായി മറുപടി പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "എന്റെ അമ്മേ, ഭവതി പറഞ്ഞതു ശരിയാണ്; ധർമ്മ്യമാണ്. സന്താനോൽപാദനത്തെപ്പറ്റി എന്റെ സത്യം അമ്മയ്ക്ക് അറിവുള്ളതാണല്ലോ. ഭവതിയുടെ വിവാഹകാലത്തു ചെയ്ത സ്ത്രീധനക്കരാറിൽ അതു നിശ്ചയിച്ചിട്ടുള്ളതാണല്ലോ. ആ സത്യം ഹേ, സത്യവതീ, അമ്മേ, ഞാൻ നല്ലവണ്ണം മനസ്സിൽ വെച്ചിട്ടുണ്ട്. അത് ഞാൻ വീണ്ടും പറയാം: ഞാൻ മൂന്നു ലോകവും ഉപേക്ഷിക്കാം. മഹത്തായ ദേവലോകവും ഉപേക്ഷിക്കാം. അതിലും വലുതായി വല്ലതുമുണ്ടെങ്കിൽ അതും ഞാൻ കൈവിടാം. എന്നാലും ഞാൻ സത്യം കൈവിടുന്നതല്ല. ഭൂമി അതിന്റെ ഗന്ധം വെടിഞ്ഞാലും, വെള്ളം അതിന്റെ രസം ഉപേക്ഷിച്ചാലും, രൂപം തേജസ്സിനെ വിട്ടാലും, വായു സ്പർശം ഉപേക്ഷിച്ചാലും സൂര്യൻ തന്റെ പ്രഭ കളഞ്ഞാലും, അഗ്നി ചൂടിനെ ഉപേക്ഷിച്ചാലും, ശബ്ദം ആകാശത്തെ ഉപേക്ഷിച്ചാലും, ചന്ദ്രൻ ശീതം വിട്ടാലും, ഇന്ദ്രൻ വീര്യം കൈവിട്ടാലും, യമൻ ധർമ്മം ഉപേക്ഷിച്ചാലും ഞാൻ സത്യം വിടുകയെന്നുള്ളത് ഒരിക്കലും ഉണ്ടാവില്ല. അതു തീർച്ചയാണ്!"

വൈശമ്പായനൻ പറഞ്ഞു: "അതിതേജസ്വിയായ ആ പുത്രൻ ഇപ്രകാരം പറഞ്ഞപ്പോൾ സത്യവതി ഭീഷ്മനോടു പിന്നെയും പറഞ്ഞു."

digitized by www.sreyas.in

സത്യവതി പറഞ്ഞു: "ഹേ, സത്യവിക്രമ! ഞാൻ നിന്റെ സത്യനിഷ്ഠ അറിഞ്ഞവളാണ്. നീ വിചാരിച്ചാൽ മൂന്നു ലോകവും വേറെ സൃഷ്ടിക്കുവാൻ കെല്പുള്ളവനാണ്. അന്നത്തെ ആ സന്ദർഭത്തിൽ നീ എനിക്കുവേണ്ടി ചെയ്ത സത്യം ഞാൻ ഓർക്കുന്നുണ്ട്. അന്നത്തെ കാര്യവും അന്നത്തെ കാലവും ഒക്കെ കഴിഞ്ഞില്ലേ? ഇപ്പോൾ ആപത്തിൽ ധർമ്മമെന്തെന്നു ചിന്തിച്ച് പിതാമഹന്മാരുടെ പദവി നീ സ്വീകരിക്കുക. നിന്റെ കുലത്തിൽ സന്തതിയും ധർമ്മവും മുടിയാതിരിക്കത്തക്കവിധം നീ പ്രവർത്തിക്കുക. സുഹൃത്തുക്കൾക്കും സന്തോഷം നൽകുമാറ് നീ പ്രവർത്തിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ പുത്രലബ്ധിക്കുവേണ്ടി ആർത്തിമൂത്തു കേഴുന്ന അമ്മയെ കണ്ട് ധർമ്മം തെറ്റാത്തവിധം വീണ്ടും ഭീഷ്മൻ പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "രാജ്ഞി, ഭവതി ധർമ്മത്തെ സംരക്ഷിച്ചാലും! ഹേ, പ്രാജ്ഞേ, സർവ്വം മുടിക്കരുതേ! സത്യഭംഗം ഒരിക്കലും ക്ഷത്രിയന്നു പ്രശസ്തമായ ധർമ്മമാവുകയില്ല. ശാന്തനുവിന്റെ പാരമ്പര്യം ക്ഷയം കൂടാതെ ഉയരുന്നവിധം സനാതനമായ ക്ഷാത്രധർമ്മം എന്തെന്ന് ഞാൻ ഉടനെ അറിയിക്കാം. അതു കേട്ട് അപ്രകാരം ചെയ്താലും. ആപത്തിൽ ധർമ്മം എന്താണെന്നു ചിന്തിച്ച് ശിഷ്ടാചാര്യന്മാരുമായി ചേർന്ന് നല്ലപോലെ ആലോചിച്ച് ലോകതന്ത്രത്തേയും ചിന്തിച്ചറിഞ്ഞ്, വേണ്ടതു ചെയ്യുക!"

104. ദീർഘതമോപാഖ്യാനം – ഭീഷ്മൻ തുടർന്നു: "പണ്ട് പിതൃവധംമൂലം പരശുരാമൻ കോപിച്ച് ഹേഹയരാജാവായ കാർത്തവീര്യാർജ്ജുനന്റെ ആയിരം കരങ്ങൾ അറുത്ത് അവനെ സംഹരിച്ചു. ലോകത്തിൽ ആരും ചെയ്യാത്ത മഹാകർമ്മം അവൻ ഒറ്റയ്ക്കു ചെയ്തു. എന്നിട്ടും അരിശം തീരാതെ വില്ലെടുത്ത് ഭൂമണ്ഡലം ചുറ്റി ആ മഹാരഥൻ മഹാസ്ത്രങ്ങൾ ചൊരിഞ്ഞു ക്ഷത്രിയന്മാരെ നശിപ്പിച്ചു. പലതരം അസ്ത്രങ്ങൾ നേടി ഭാർഗ്ഗവൻ ഇങ്ങനെ ഇരുപത്തൊന്നുവട്ടം ക്ഷത്രിയവംശത്തെ മുടിച്ചു. ലോകം നിക്ഷത്രമാക്കി ആ മുനി വിട്ടപ്പോൾ ക്ഷത്രിയസ്ത്രീകൾ ഒക്കെ യോജിച്ച് വിപ്രന്മാരെ വരുത്തി കുമാരന്മാരെ ഉൽപാദിപ്പിച്ചു. ആരു ജനിപ്പിച്ചതായാലും ആ പുത്രൻ വേളികഴിച്ചവന്നുള്ളതാണെന്നാണ് വേദത്തിലെ നിശ്ചയം. വേദത്തിലെ ആ നിശ്ചയം അനുസരിച്ചാണ് ആ ക്ഷത്രിയസ്ത്രീകൾ അപ്രകാരം ബ്രാഹ്മണരെ സ്വീകരിച്ചത്. അത് ക്ഷത്രിയരിൽ നടപ്പായി.

പിന്നെയും ഇപ്രകാരം ഭൂമിയിൽ രാജാക്കന്മാർ ഉണ്ടായിവന്നു. ഞാൻ പറയാം, എങ്ങനെയാണു സംഭവിച്ചതെന്നതും. പുരാതനമായ ഇതിഹാസങ്ങളിൽ പറഞ്ഞിട്ടുള്ളതാണ് ഈ കഥ.

പണ്ട് തപോധനനായി 'ഉതത്ഥ്യൻ' എന്ന ഒരു മഹർഷിയുണ്ടായിരുന്നു. ആ മഹർഷിയുടെ ഭാര്യയുടെ പേര് 'മമത' എന്നായിരുന്നു. ഉതത്ഥ്യന്ന് ഒരു അനുജൻ ഉണ്ടായിരുന്നു. 'ബൃഹസ്പതി' എന്നാണ് അദ്ദേഹത്തിന്റെ പേര്. അവൻ അമൃതു പാനംചെയ്യുന്നവനും, ദേവഗുരുവുമാണ്. ഒരു ദിവസം ബൃഹസ്പതി ജ്യേഷ്ഠനായ ഉതത്ഥ്യൻ സ്ഥലത്തില്ലാത്ത സന്ദർഭത്തിൽ ജ്യേഷ്ഠത്തിയായ മമതയുടെ അരികിലേക്കു ചെന്ന് സംഭോഗത്തിന്ന് അർത്ഥിച്ചു. ബൃഹസ്പതിയുടെ ദുരാഗ്രഹം കണ്ട് അവൾ ഭർത്തൃസഹോദരനോടു പറഞ്ഞു."

മമത പറഞ്ഞു: "ഞാൻ നിന്റെ ജ്യേഷ്ഠന്റെ ഭാര്യയാണ്. എന്നോടുകൂടി രമിക്കുവാൻ പാടുള്ളതല്ല. പിന്നെ ഒരു കാര്യം: എന്റെ ജഠരത്തിൽ ഒരു കുട്ടിയുണ്ട്. ഉതത്ഥ്യപുത്രനായി എന്റെ ഗർഭത്തിലുള്ളവൻ അംഗങ്ങൾ ആറുമുള്ള വേദം വയറ്റിൽക്കിടന്നു ചൊല്ലുന്നു. നീയാണെങ്കിൽ അമോഘരേതസ്സാണ്. നിന്റെ ശുക്ലം എന്റെ ഗർഭത്തിലായാൽ അതിൽനിന്നു ജനിക്കുന്ന സന്താനത്തേയും ഞാൻ ധരിക്കേണ്ടിവരും. എന്റെ ജഠരത്തിൽ രണ്ടു പേർ ഒതുങ്ങുകയില്ല. അതുകൊണ്ട് ഭവാൻ അന്യായമായ കർമ്മങ്ങൾക്കു പുറപ്പെടാതെ കാമവികാരം അടക്കി ജീവിക്കുന്നതാണു നല്ലത്."

ഭീഷ്മൻ പറഞ്ഞു: "മമത ഇപ്രകാരം പറഞ്ഞപ്പോൾ ബൃഹസ്പതിക്കു സമ്മതമായില്ല. അയാൾക്കു വികാരം അടക്കാൻ കഴിഞ്ഞില്ല. 'എന്നാലും എനിക്കു നിന്നെ ഒന്നു പുണരണം,' എന്നു പറഞ്ഞു ബലമായി അവളെ കടന്നുപിടിച്ചു. ആ ബലാൽസംഗത്തിൽ ബൃഹസ്പതിയുടെ രേതസ്സു സ്ഥാനത്തു വിടുമെന്നു കണ്ടപ്പോൾ ഗർഭസ്ഥനായ ശിശു വിളിച്ചുപറഞ്ഞു."

ഗർഭസ്ഥശിശു പറഞ്ഞു: "ഹേ, താതാ! കാമം അടക്കുക. രണ്ടു പേർ ഗർഭത്തിൽ ഒതുങ്ങുകയില്ല. ഇവിടെ അല്പമായ സ്ഥലമേയുള്ളു. ആദ്യം പ്രവേശിച്ചവൻ ഞാനാണ്. ഈ ജഠരത്തിലെ കൈവശാവകാശം ഇപ്പോൾ എനിക്കാണ്. ഭവാൻ കർമ്മം പിഴയ്ക്കുകയില്ല. ഭവാൻ അമോഘരേതസ്സാണ്. അതുകൊണ്ട് എന്നെ പീഡിപ്പിക്കരുത്."

ഭീഷ്മൻ പറഞ്ഞു: "ഗർഭസ്ഥൻ പറഞ്ഞ വാക്കിനെ ബൃഹസ്പതി മാനിച്ചില്ല. അവൻ മദിരാക്ഷിയായ മമതയെ ബലമായി പിടിച്ച് രേതസ്സു ഗർഭത്തിലേക്കു വിട്ടു. ശുക്ലം വരുന്ന സമയത്ത് ഗർഭസ്ഥനായ ബാലമുനി കാൽകൊണ്ട് അതു പുറത്തേക്കു തള്ളി. സ്ഥാനത്തെത്താതെ വഴിക്കു തടഞ്ഞതുമൂലം ശുക്ലം പുറത്തേക്കു വന്നു നിലത്തു വീണു. അതുകൊണ്ട് ബൃഹസ്പതി ഗർഭത്തിൽ ഇരിക്കുന്ന ഉതത്ഥ്യപുത്രനെ ശപിച്ചു."

ബൃഹസ്പതി പറഞ്ഞു: "എല്ലാ ജീവജാലങ്ങൾക്കും ഇഷ്ടമായ ശുക്ലസ്ഖലനസന്ദർഭത്തിൽ നീ ഇപ്രകാരം അപ്രിയം ചെയ്തതുകൊണ്ട് നീ ദീർഘതമസ്സായിത്തീരട്ടെ. (അന്ധനായി ഭവിക്കട്ടെ.)" അങ്ങനെ അവൻ ദീർഘതമസ്സായി ജനിച്ചു. ബൃഹസ്പതിയുടെ ശാപം മൂലം ബൃഹസ്പതിസമനായ ആ അതിബുദ്ധിമാൻ ജന്മനാ അന്ധനായിപ്പിറന്ന്, 'ദീർഘതമസ്സ്' എന്ന പേരിലറിയപ്പെട്ടു.

ജന്മനാ അന്ധനായ അവൻ ബുദ്ധികൊണ്ടു സകല വിദ്യയും പഠിച്ചു. അവൻ 'പ്രദ്വേഷി' എന്നു പേരുകേട്ട സുന്ദരിയായ ഒരു സ്ത്രീയെ ഭാര്യയായി നേടി. ഉതത്ഥ്യാത്മജനായ ദീർഘതമസ്സ് അവളിൽ ഗൗതമാദികളായ സന്താനങ്ങളെ ജനിപ്പിച്ചു. ഉതത്ഥ്യന്റെ പാരമ്പര്യം നിലനിർത്തുന്ന സന്തതികളായി അവർ വളർന്നു.

ധർമ്മാത്മാവും മഹാത്മാവുമായ ദീർഘതമൻ സുരഭിയുടെ പുത്രനിൽനിന്നു ഗോധർമ്മം * കേട്ടറിഞ്ഞ് ശ്രദ്ധയോടെ അതു ചെയ്യുവാൻ ഒരുങ്ങി. ഇങ്ങനെ ആ കുരുടനായ മുനി മര്യാദവിട്ടു പെരുമാറുന്നതു കണ്ട് മറ്റുള്ള മുനിമാർ വല്ലാതെ ചൊടിച്ചു. അവനോടു സ്ഥലം വിട്ടു പോകുവാൻ ആവശ്യപ്പെട്ടു."

മുനിമാർ പറഞ്ഞു: "ആശ്രമധർമ്മം പാലിക്കാത്ത ഈ പാപി ആശ്രമത്തിൽ വസിക്കാൻ പാടില്ല. അതുകൊണ്ട് ഈ ചപലനെ നാം ഉപേക്ഷിക്കണം."

ഭീഷ്മൻ പറഞ്ഞു: "അങ്ങനെ അവർ അവനെ ആശ്രമത്തിൽ നിന്നു പറഞ്ഞയച്ചു. മക്കളുള്ള ഭാര്യയായ പ്രദ്വേഷിയും അവനെ വെറുപ്പോടെ ഉപേക്ഷിച്ചു. അവൻ അതിന്റെ കാരണം അവളോട് ചോദിച്ചു."

പ്രദ്വേഷി പറഞ്ഞു : "ഭാര്യ എന്നും ഭർത്താവ് എന്നുമുള്ള വാക്കുകൾക്ക് അർത്ഥമുണ്ട്. ഭരിക്കപ്പെടുന്നവളും ഭരിക്കുന്നവനും എന്നാണ് അർത്ഥം. ഞാൻ ജാത്യന്ധനായ നിന്നെ മകനെപ്പോലെ സംരക്ഷിക്കുവാൻ തുടങ്ങിയിട്ടു വർഷങ്ങളേറെയായി. ഇനി എനിക്ക് അതിനു കെല്പില്ല. ക്ഷീണമായി."

ഭീഷ്മൻ പറഞ്ഞു: "ഇപ്രകാരം അവൾ പറഞ്ഞപ്പോൾ മുനിക്കു കോപമായി. അവൻ മക്കളോടുകൂടി പ്രദ്വേഷിയോടു പറഞ്ഞു."

ദീർഘതമസ്സു പറഞ്ഞു: "എന്നെക്കൊണ്ടു നിന്നെ പുലർത്തുവാൻ കഴിയുകയില്ല. നീ വല്ല ക്ഷത്രിയന്മാരേയും പിടിച്ച് ആത്മരക്ഷ ചെയ്തുകൊള്ളുക."

---

* കാളക്കൂറ്റനെപ്പോലെ പരസ്യമായ മൈഥുനം.

digitized by www.sreyas.in

പ്രദ്വേഷി പറഞ്ഞു: "നീ തരുന്ന ധനമെന്നും എനിക്കു വേണ്ട. അത് എനിക്കു ദുഃഖത്തിന്നല്ലാതെ മറ്റൊന്നിന്നും ഉപകരിക്കയില്ല. നീ എവിടെപ്പോയാലും വിരോധമില്ല. കുരുടനായ നിന്നെ നോക്കാൻ ഇനി എനിക്കു കഴിയുകയില്ല."

ദീർഘതമസ്സു പറഞ്ഞു: "ഇന്നുതൊട്ടു ഞാൻ ഒരു മര്യാദ നാട്ടിൽ വിധിക്കുകയാണ്. മരണംവരെ ഒരുത്തിക്ക് ഒരു ഭർത്താവും മാത്രം! ഇരുന്നാലും ശരി മരിച്ചാലും ശരി, ഒരു സ്ത്രീക്ക് ഒരു ഭർത്താവുമാത്രം! അന്യനെ പ്രാപിക്കാൻ പാടില്ല. അതു നിയമവിരുദ്ധമാണ്. ലോകസമ്മതവും ആവുകയില്ല. പതിയെ വിട്ട് അന്യനെ തൊട്ടാൽ സ്ത്രീകൾ പതിതകളാകും. നിശ്ചയമാണ്. ഇന്നുതൊട്ടു പതിയല്ലാത്തവരുമായുള്ള സംയോഗം സ്ത്രീകൾക്കു പാതകമാണ്. ധനമുണ്ടെങ്കിലും അന്യനെ പ്രാപിക്കുന്നത് അനർത്ഥമാകും. അവർക്കു തന്മൂലം അകീർത്തിയും സംഭവിക്കും; ദുഷ്പേരുണ്ടാകും."

ഭീഷ്മൻ പറഞ്ഞു: "മഹർഷിയുടെ ഈ വരമോ ശാപമോ കേട്ടപ്പോൾ പ്രദ്വേഷിക്കു വിദ്വേഷം വർദ്ധിച്ചു. അവൾ മക്കളെ വിളിച്ചു പറഞ്ഞു: 'മക്കളെ, ഈ കുരുടനെ ഗംഗയിൽ കൊണ്ടുപോയി ഒഴുക്കുവിൻ!' അമ്മയുടെ വാക്കു കേട്ടേ ലോഭമോഹാഭിഭൂതന്മാരായ ഗൗതമാദികൾ ഒരു പൊങ്ങുതടിയിന്മേൽ അച്ഛനെ പിടിച്ചുവെച്ച് വെള്ളത്തിലൊഴുക്കി. 'ഈ വൃദ്ധന്റെ സൊല്ല തീർന്നു. എന്തിനീ വൃദ്ധനെ നാം പോറ്റുന്നു? എന്നു പറഞ്ഞ് അവർ മടങ്ങി സ്വഗൃഹത്തിലെത്തി.

ഒഴുക്കിൽ ഉഡുപത്തോടുകൂടി അലഞ്ഞൊഴുകി അവൻ വളരെ ദൂരത്തെത്തി. ആ അന്ധൻ വളരെ നാടുകളിൽക്കൂടെയൊക്കെ ആ ഉഡുപത്തോടുകൂടി ഒഴുകി. യദൃച്ഛയാ ദീർഘതമനെ 'ബലി' യെന്ന പേരായ ഒരു രാജാവു കണ്ടെത്തി. ആ ധാർമ്മികൻ കുളിക്കുന്ന സമയത്ത് ഒഴുകിപ്പോകുന്ന മുനിയെ കണ്ടു. അദ്ദേഹം ആ മുനിയെപ്പിടിച്ചു കയറ്റി വൃത്താന്തം ചോദിച്ചറിഞ്ഞു. ദീർഘതമനെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി. രാജധാനിയിൽ സൽക്കരിച്ചിരുത്തി അദ്ദേഹം മഹർഷിയോടു പറഞ്ഞു."

ബലി പറഞ്ഞു: "ഹേ, മഹർഷേ! എനിക്കു സന്താനമൊന്നും ഇന്നേവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ഭവാൻ എന്റെ ഭാര്യയിൽ സന്താനോല്പാദനം ചെയ്താലും. ധർമ്മാർത്ഥവ്യുത്പന്നന്മാരായ സന്താനങ്ങളെ ജനിപ്പിക്കുക!"

ഭീഷ്മൻ പറഞ്ഞു: "രാജാവിന്റെ അപേക്ഷ മുനി സ്വീകരിച്ചു. രാജാവ് തന്റെ ഭാര്യയായ 'സുദേഷ്ണ' യെ മുനിയുടെ അരികിലേക്കു വിട്ടു. സുദേഷ്ണ കിഴവനായ ആ അന്ധന്റെ അരികിലേക്കു ചെല്ലാതെ സ്വന്തം വളർത്തമ്മയുടെ പുത്രിയെ വിട്ടു. മുനിവരൻ അവളിൽ, ആ ശൂദ്രയോനിയിൽ കാക്ഷീവാൻ തുടങ്ങി പതിനൊന്നുപേരെ ജനിപ്പിച്ചു. മക്കളെക്കണ്ട് രാജാവ് 'ഇവർ എന്റെ മക്കളല്ലേ?' എന്ന ചോദിച്ചു. 'അല്ല, ഇവർ എന്റെ മക്കളാണ്' എന്നു മുനി മറുപടി പറഞ്ഞു."

ദീർഘതമസ്സു പറഞ്ഞു: "അന്ധനും വൃദ്ധനുമായ എന്നെ കണ്ടു പുച്ഛിച്ച് ഭവാന്റെ ഭാര്യയായ സുദേഷ്ണ എന്ന വിഡ്ഢി അവളുടെ ധാത്രേയിയെ എന്റെ അരികിലേക്കു വിട്ടു."

ഭീഷ്മൻ പറഞ്ഞു: "ബലിരാജാവ് ഇതു കേട്ടു വീണ്ടും മുനിമുഖ്യനെ പ്രസാദിപ്പിച്ച് തന്റെ ഭാര്യയായ സുദേഷ്ണയെ മുനിയുടെ അരികിലേക്കു വിട്ടു. മുനി അവളെ സസ്നേഹം തഴുകി പുണർന്നു പറഞ്ഞു."

ദീർഘതമസ്സു പറഞ്ഞു: "ഹേ സുന്ദരീ, നിനക്കു സൂര്യാഭന്മാരായ പുത്രന്മാർ ഉണ്ടാകും. അംഗൻ, വംഗൻ, കലിംഗൻ, പുണ്ഡ്രൻ, സുഹ്മൻ എന്നിവർ നിനക്കു ജനിക്കും. അവർ വാഴുന്ന രാജ്യങ്ങൾ അവരുടെ പേരുകൊണ്ടു പ്രസിദ്ധിപ്രാപിക്കുകയും ചെയ്യും. അംഗന് അംഗരാജ്യം, വംഗനു വംഗരാജ്യം, കലിംഗനു കലിംഗരാജ്യം, പുണ്ഡ്രനു പുണ്ഡ്രരാജ്യം, സുഹ്മരാജ്യം സുഹ്മന് ഇങ്ങനെ രാജ്യങ്ങൾ പ്രസിദ്ധിയെ പ്രാപിക്കും."

ഭീഷ്മൻ പറഞ്ഞു: "ഇപ്രകാരം ബലിരാജാവിന്റെ കുലം ദ്വിജോത്തമംകൊണ്ടു കേൾവിപ്പെട്ടു. അപ്രകാരം ബ്രാഹ്മണശ്രേഷ്ഠരിൽ നിന്നു വംശം ഉദ്ധരിച്ച ക്ഷത്രിയരാജാക്കന്മാർ വേറേയും ഉണ്ടായിട്ടുണ്ട്. അവർ ധർമ്മജ്ഞന്മാരും അതിവീര്യപരാക്രമികളും ആയിട്ടുണ്ട്. ഇതു കേട്ട് ഇനി എന്റെ അമ്മേ! ഭവതി യഥേഷ്ടം ചെയ്തുകൊള്ളുക."

105. സത്യവത്യുപദേശം – ഭീഷ്മൻ തുടർന്നു: "അമ്മേ, ഇനി ഞാൻ ഭാരതകുലത്തിന്നു സന്താനം ഉണ്ടാകുവാൻ വേണ്ട മാർഗ്ഗം പറയാം. അമ്മ ഇതു നല്ലപോലെ കേട്ടു മനസ്സിലാക്കണം. അമ്മ മനസ്സിരുത്തി കേൾക്കണം. ഗുണവാനായ ഒരു ബ്രാഹ്മണനെ ധർമ്മത്തോടുകൂടി വിചിത്രവീര്യക്ഷേത്രത്തിൽ സന്താനോല്പത്തിക്കുവേണ്ടി വരിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് സത്യവതി ഇടറുന്ന വാക്കുകളോടെ, എന്നാൽ പുഞ്ചിരിതൂകി, നാണംപൂണ്ട്, മനോഹരമായ വാക്കുകൾ ഇപ്രകാരം പറഞ്ഞു."

സത്യവതി പറഞ്ഞു: "മഹാബാഹുവായ ഭാരത! നീ പറഞ്ഞതു സത്യമാണ്. കുലത്തിനു സന്താനലബ്ധിക്കുള്ള കൗശലം ഞാൻ കാണുന്നുണ്ട്; നിന്നിൽ എനിക്കുള്ള വിശ്വാസംമൂലം ഞാൻ പറയാം. പറയാതിരിക്കുവാൻ നിവൃത്തിയില്ല. അപ്രകാരമുള്ള ആപത്തിൽനിന്നു രക്ഷനേടേണ്ടത് നമ്മുടെ ധർമ്മമാണല്ലോ. ഈ കുലത്തിൽ നീ സത്യമാണ്! നീ ധർമ്മമാണ്! നീ കുലത്തിന് ആശ്രയമാണ്! അതുകൊണ്ട് സത്യമായ കാര്യം ഞാൻ പറയുന്നു. അതുകേട്ട് ഉചിതമായതു നീ ചിന്തിച്ചു ചെയ്യുക.

സ്വധർമ്മിഷ്ഠനായ എന്റെ അച്ഛന് കുലധർമ്മമായി പുഴ കടത്തുന്ന ഒരു കടത്തുവഞ്ചിയുണ്ടായിരുന്നു. ഞാൻ പുതുതായി യൗവനം ഉദിച്ച കാലത്ത് അച്ഛന്റെ ഇഷ്ടപ്രകാരം ആ കടത്തുവഞ്ചി തുഴയുവാൻ ഇരുന്നു. അന്നൊരുദിവസം ധർമ്മജ്ഞന്മാരിൽ ശ്രേഷ്ഠനായ പരാശരമുനി കാളിന്ദീനദി കടക്കുവാൻ കടവിൽ വന്നു. അങ്ങനെ അദ്ദേഹം വഞ്ചിയിൽക്കയറി. ഞാൻ പങ്കായമെടുത്തു തഴഞ്ഞു പുഴയുടെ നടിവിലായപ്പോൾ അദ്ദേഹം എന്റെ അരികിലേക്കു വന്ന് എന്നോടു സാന്ത്വനപൂർവ്വം മധുരമായ വാക്കുകൾ പറയുവാൻ തുടങ്ങി. കാമാർത്തനായ അദ്ദേഹത്തിന്റെ ആഗ്രഹം ഞാൻ ആ വഞ്ചിയിൽവെച്ചു നിവർത്തിച്ചു കൊടുക്കണമത്രേ! ഞാൻ എന്റെ വംശനാമം പറഞ്ഞു. 'അങ്ങു ബ്രാഹ്മണനാണ്. നിഗ്രഹാനുഗ്രഹശക്തിയുള്ള മഹർഷിയാണ്. ഞാനോ ഒരു മുക്കുവന്റെ മകൾ. മത്സ്യം പിടിച്ചു ജീവിക്കുന്ന നികൃഷ്ടജാതിയിൽപ്പെട്ടവൾ. മത്സ്യഗന്ധമുള്ള എന്നെ സമീപിക്കുന്നതുതന്നെ പാപമാണ്.' അദ്ദേഹം പിന്മാറുവാൻ ഭാവമുണ്ടായില്ല. ഒരു വശത്ത് അച്ഛന്റെ കോപത്തെപ്പറ്റിയുള്ള ഭയം! മറുവശത്ത് മുനിയുടെ ശാപത്തെപ്പറ്റിയുള്ള ഭയം! എന്റെ ഹൃദയം ഒരു അനിശ്ചിതാവസ്ഥയിലായി. അച്ഛന്റെ കോപമോ മുനിയുടെ ശാപമോ ഏതാണു കനപ്പെട്ടത്? ഞാൻ ഒരു നിമിഷം ചിന്തിച്ചു. വരപ്രലോഭിയായ മുനിയെത്തള്ളുവാൻ ഞാൻ ശക്തയായില്ല. ആ ദിവ്യതേജസ്വി, സ്വപ്രഭാവംകൊണ്ട് ബാലയായ എന്നെ ഏതാനും നിമിഷം കൊണ്ടു പാട്ടിലാക്കി. യാതൊരു കുഴപ്പവും നേരിടാതിരിക്കത്തക്കവണ്ണം മഹത്തായ വരങ്ങൾ ഞാൻ അദ്ദേഹത്തോടു പ്രാർത്ഥിച്ചു. ആ മുനി തന്റെ തപശ്ശക്തികൊണ്ടു മൂടൽമഞ്ഞും ഇരുട്ടും ഉണ്ടാക്കി. മുമ്പെ എന്നിൽ ഉണ്ടായിരുന്ന നികൃഷ്ടമായ ആ മത്സ്യഗന്ധം കളഞ്ഞ് ഈ സുഗന്ധം എനിക്കു നല്കി. കേവലം കന്യകയായിരുന്ന എന്നെ അദ്ദേഹം ബലമായി പിടിച്ചു. കാമസംപ്രീതനായ മുനി പിന്നെ എന്നോടു പറഞ്ഞു: 'നീ ഗർഭിണിയായിരിക്കുന്നു. ഗർഭത്തെ ഈ ദ്വീപിൽ ഒഴിവാക്കി നീ കന്യകയായിത്തന്നെ നിന്നുകൊള്ളുക!'"

സത്യവതി തുടർന്നു: "അങ്ങനെ എനിക്കു പരാശരനിൽ നിന്നു വീരനും യോഗിയുമായ ഒരു സന്താനം പിറന്നിട്ടുണ്ട്. പരാശരമഹർഷി തന്ന ആ പുത്രനാണ് വ്യാസൻ. അവൻ എന്റെ 'കാനീന' നാണ്, കന്യാപുത്രനാണ്. കൃഷ്ണദ്വൈപായനൻ എന്നു കൂടി പേരുള്ള അവൻ വേദങ്ങളെ നാലായി തിരിച്ചവനും, തപ

digitized by www.sreyas.in

സ്വിയും, ഭഗവാനുമായ ഋഷിയാണ്. ലോകത്തിൽ വേദവ്യാസൻ എന്നും, കൃഷ്ണദ്വൈപായനൻ എന്നും, അറിയപ്പെടുന്നു. വേദങ്ങളെ പകുത്തതുകൊണ്ട് വേദവ്യാസനായി. കൃഷ്ണവർണ്ണനായതുകൊണ്ട് കൃഷ്ണനായി. ദ്വീപിൽ പിറന്നതുമൂലം ദ്വൈപായനനായി. സത്യവാദിയും, തപോവീര്യവാനും, ശമവാനും, പാപരഹിതനുമായ അവൻ ജനിച്ചതിനുശേഷം അച്ഛന്റെകൂടെ പോവുകയും ചെയ്തു.

ഞാനും നീയുംകൂടി പറയുകയാണെങ്കിൽ ആ ജ്ഞാനിയായ മുനീശ്വരൻ * 'ഭ്രാതൃക്ഷേത്രങ്ങളി' ൽ സന്താനങ്ങളെ ഉണ്ടാക്കും; തീർച്ചയാണ്. അവൻ പോകുമ്പോൾ എന്നോടു പറഞ്ഞു: 'ആപൽക്കാലങ്ങളിൽ എന്നെ ചിന്തിക്കുക!' എന്ന്. ഞാൻ അവനെ, നിനക്കു സമ്മതമാണെങ്കിൽ സ്മരിക്കാം. നിന്റെ സമ്മതമുണ്ടെങ്കിൽ ആ മഹായോഗി വിചിത്രവീര്യക്ഷേത്രത്തിൽ പുത്രോല്പാദനം ചെയ്യും."

വൈശമ്പായനൻ പറഞ്ഞു: "ആ മഹർഷിയുടെ പേരു പറഞ്ഞപ്പോൾ ഭീഷ്മൻ കൈകൂപ്പിക്കൊണ്ടു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ധർമ്മം, അർത്ഥം, കാമം എന്നീ മൂന്നും കണ്ടറിഞ്ഞവൻ ആരോ, അവൻ അർത്ഥം അർത്ഥാനുബന്ധമാണെന്നും ധർമ്മം ധർമ്മാനുബന്ധമാണെന്നും, കാമം കാമാനുബന്ധമാണെന്നും ഇങ്ങനെയെല്ലാം നേരേമറിച്ചും വെവ്വേറെയും ചിന്തിച്ചറിഞ്ഞു വേണ്ടത് എപ്രകാരമാണെന്ന് ഉറയ്ക്കും. ഈ ഉദ്ദേശ്യം ഈ കുലത്തിനും ഹിതത്തിനും നല്ലതുതന്നെ. ദേവീ, ഭവതി പറഞ്ഞത് എനിക്കു ബോദ്ധ്യമായി. ഞാൻ സമ്മതിച്ചിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "എന്നു ഭീഷ്മൻ സമ്മതിച്ചു പറഞ്ഞപ്പോൾ കൃഷ്ണദ്വൈപായനനെ സത്യവതി മനസ്സുകൊണ്ട് ധ്യാനിച്ചു. വേദങ്ങളെ വേർതിരിച്ച് ഉച്ചരിച്ചുകൊണ്ടിരുന്ന മഹർഷി അമ്മ ചിന്തിക്കുന്നതറിഞ്ഞ് അവിടെ വേഗത്തിൽ പ്രത്യക്ഷനായി. വിധിപ്രകാരം പുത്രനെ അമ്മ സല്ക്കരിച്ചു.

ചിരകാലമായി വേർപെട്ടുപോയ പുത്രനെ അമ്മ വാത്സല്യസ്നേഹാദരത്തോടെ ആലിംഗനംചെയ്തു. ഉടനെ അമ്മയുടെ സ്തനങ്ങൾ ചുരന്നു. അവൾ ആ സ്തന്യംകൊണ്ട് പുത്രനെ അഭിഷേകം ചെയ്തു. ഉണ്ണിയെക്കണ്ട നന്ദിയാൽ ആ മുക്കുവത്തിയുടെ കണ്ണുകളിൽനിന്നു ബാഷ്പകണങ്ങൾ ഇറ്റിറ്റു വീണു. ആർത്തയായ അമ്മയെ ആ സീമന്തപുത്രൻ വെള്ളംകൊണ്ടു കാൽകഴികിച്ചു തൊഴുതുപറഞ്ഞു."

വ്യാസൻ പറഞ്ഞു: "അമ്മേ, ഭവതി എന്തൊന്നാണ് ഇച്ഛിക്കുന്നത്? അതു സാധിപ്പിക്കുവാനാണ് ഞാൻ എത്തിയിരിക്കുന്നത്. ധർമ്മതത്ത്വജ്ഞേ! ആജ്ഞാപിച്ചാലും! ഭവതിയുടെ പ്രിയം ഞാൻ നിറവേറ്റാം."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ പുരോഹിതൻ വ്യാസനെ പൂജിച്ചു. മന്ത്രപൂർവ്വമായ ആ പൂജ സസന്തോഷം അദ്ദേഹം കൈക്കൊണ്ടു സന്തുഷ്ടനായി പീഠത്തിൽ ഇരിക്കുന്ന വ്യാസനോട് അമ്മ കുശലം ചോദിച്ചു. സത്യവതി സ്വൈരമായ സന്ദർഭം നോക്കി ഇപ്രകാരം പറഞ്ഞു."

സത്യവതി പറഞ്ഞു: "പുത്രാ!, ഭൂതവും, ഭാവിയും വർത്തമാനവും നല്ലപോലെ മനസ്സാകുന്നീ കണ്ണുകൊണ്ടു കണ്ടറിയുവാൻ കഴിവുള്ള കവിയാണല്ലോ നീ. അതുകൊണ്ട് ഒന്നും പറഞ്ഞറിയിക്കേണ്ടതില്ലെങ്കിലും അല്പമൊന്നു പറയട്ടെ. മാതാവിനും പിതാവിനുംകൂടി ജനിക്കുന്നവരാണല്ലോ പുത്രന്മാർ. പുത്രന്മാരോടു പിതാവിനെന്നപോലെതന്നെ മാതാവിനും രക്ഷാകർത്തൃത്വമുണ്ടെന്നു നിനക്കറിയാമല്ലോ. പിതാവുവഴിക്കു ഭീഷ്മനെന്നവിധം, മാതാവുവഴിക്കു നിനക്കു വിചിത്രവീര്യൻ അനുജനാണ്. നീ വിചിത്രവീര്യന്റെ ജ്യേഷ്ഠനാണ്. മകനേ! അങ്ങനെയല്ലേ? എന്താണ് നിന്റെ അഭിപ്രായം? ഈ ശാന്തനുപുത്രനായ ഭീഷ്മൻ സത്യം പാലിക്കുവാൻ വ്രതമെടുത്തിരിക്കുന്ന സത്യവിക്രമനാണ്. അവൻ സന്താനലബ്ധിയിലും, രാജ്യഭരണത്തിലും ആശയില്ലാത്തവനാണ്. അതുകൊണ്ട് നീ അനുജനെപ്പറ്റി ചിന്തിച്ചും, ഭീഷ്മന്റെ വാക്കുകേട്ടും, എന്റെ കല്പ അനുസരിച്ച് കുലസന്താനം ലഭിക്കുവാൻ ഞാൻ പറയുന്നവിധം ചെയ്യണം! ഭൂതാനുകമ്പ, വിശ്വരക്ഷ, ദയ എന്നിവ വിചാരിച്ച് ഇന്നു ഞാൻ പറയുന്നവിധം നീ ചെയ്യണം! ദേവസ്ത്രീകളെപ്പോലെ സുന്ദരിമാരായി നിന്റെ അനുജന് രണ്ടു ഭാര്യമാരുണ്ട്. രൂപം, യൗവനം ഇവ ചേർന്ന അവർ ധർമ്മത്താൽ പുത്രലബ്ധിക്കു കാമിക്കുന്നവരുമാണ്. ഇവരിൽ നീ പുത്രന്മാരെ ഉത്പാദിപ്പിക്കണം. ഹേ, ധീമൻ! ഈ കുലത്തിന്നു സന്താനപുഷ്ടിയുണ്ടാകുന്നവിധം നീ എന്റെ കല്പന അനുസരിക്കുക. നീ അതിന്നു സമർത്ഥനുമാണ്."

വ്യാസൻ പറഞ്ഞു: "ദേവീ, ഭവതി ധർമ്മാധർമ്മതത്ത്വമറിയുന്നവളാണല്ലോ. മഹാപ്രാജ്ഞേ, ഭവതിയുടെ മനസ്സും ധർമ്മത്തിൽത്തന്നെ നില്ക്കുന്നു! അതുകൊണ്ട് ഭവതിയുടെ നിയോഗത്താൽ ധർമ്മത്തെക്കുറിച്ചു ചിന്തിച്ച് അമ്മയുടെ അഭീഷ്ടം ഞാൻ സാധിപ്പിക്കാം. ഇതു മുമ്പെതന്നെ ഞാൻ കണ്ടിട്ടുള്ളതാണ്. ഞാൻ തമ്പിക്ക് സൂര്യവരുണാഭന്മാരായ കുമാരന്മാരെ നല്കാം. അതിന് ഒരു കാര്യം ആ ദേവിമാർ ചെയ്യേണ്ടതുണ്ട്. അവർ ഒരാണ്ടുമുഴുവൻ വ്രതമെടുക്കണം. എന്നാലേ അവർ ആത്മശുദ്ധിയുള്ളവരാകയുള്ളു. വ്രതശുദ്ധകളാകാതെ ഒരു നാരിയും എന്നെ സമീപിച്ചുകൂടാ."

സത്യവതി പറഞ്ഞു: "കാലതാമസം പാടില്ല. വേഗത്തിൽ ആ ദേവിമാർ ഗർഭിണികളായിക്കാണണം. രാജാവില്ലാത്ത രാജ്യത്ത് നാട്ടുകാർ അനാഥരായി കെട്ടുപോകും. ക്രിയാനാശംവരും. മഴയില്ലാതാകും. ദേവകാര്യം മുടങ്ങും. ഇങ്ങനെ രാജ്യം അരാജകമായാൽ എങ്ങനെ ശ്രേയസ്സുണ്ടാകും? അതുകൊണ്ട് താമസിക്കാതെ അവർക്ക് ഗർഭം ഉണ്ടാകണം. അതിന്ന് നീ ഒന്നു ശ്രമിക്കുകതന്നെ വേണം. അവരെ ഭീഷ്മൻ വളർത്തിക്കൊള്ളും."

വ്യാസൻ പറഞ്ഞു: "അനുജനുവേണ്ടി കാലം കാക്കാതെ ഞാൻ പുത്രോത്പത്തി ചെയ്യണമെങ്കിൽ എന്റെ വൈരൂപ്യം അവർ പൊറുക്കേണ്ടിവരും. അതും മതിയായ ഒരു വ്രതമാണ്. എന്റെ ഗന്ധം, രൂപം, വേഷം, ദേഹം ഇവയൊക്കെ സഹിക്കുകയാണെങ്കിൽ ഇപ്പോൾത്തന്നെ കൗസല്യ * ഞാൻ നല്കുന്ന ഗർഭം കൈക്കൊള്ളട്ടെ. അതിൽ തെറ്റില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വ്യാസൻ സത്യവതിയോടു പറഞ്ഞു: "പറഞ്ഞതുപോലെയാകാം. കൗസല്യ വസ്ത്രാലങ്കാരങ്ങൾ അണിഞ്ഞ് എന്റെ അംഗസംഗം കാത്തുകൊള്ളട്ടെ" എന്നു പറഞ്ഞു മുനി മറഞ്ഞു.

"ഉടനെ സത്യവതി ചെന്ന് സ്നുഷയോടു ഗൂഢമായി ആദരവോടെ, ധർമ്മാർത്ഥയുക്തമായവിധം നന്മയോടെ, ഇപ്രകാരം പറഞ്ഞു:"

സത്യവതി പറഞ്ഞു: "കൗസല്യേ! ഞാൻ ധർമ്മതന്ത്രം പറയുന്നതു നീ കേൾക്കുക. എന്റെ ഭാഗ്യക്കേടാൽ ഭാരതവംശം അറ്റുപോയിരിക്കുന്നു. എന്റെ ദുഃഖം കണ്ടും, പിതൃവംശം ഇപ്രകാരം ആയിത്തീർന്നതോർത്തും, ഭീഷ്മൻ കുലവൃദ്ധിക്കുവേണ്ടി ഉപായം ഉപദേശിച്ചു. അതു നിന്നിൽ നില്ക്കുന്നു. എന്നെ നീ ദുഃഖത്തിൽനിന്നു കരകയറ്റണം. നഷ്ടമായ ഭാരതകുലം പെട്ടെന്നു നീ ഉദ്ധരിക്കണം. അല്ലയോ സുശ്രോണീ, നീ വൃത്രശത്രുവായ, ഇന്ദ്രനുതുല്യനായ പുത്രനെ പ്രസവിക്കണം. അവൻ ഈ നമ്മുടെ കുലത്തിന്റേയും, രാജ്യത്തിന്റേയും ഭാരം വഹിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞു (പരപുരുഷസംസർഗ്ഗം സമ്മതമില്ലാതിരുന്നെങ്കിലും) സത്യവതി ധർമ്മത്തിന്റെ വിചിത്രമായ സ്വഭാവവിശേഷങ്ങളെ പറഞ്ഞു മനസ്സിലാക്കി അനുകൂലിപ്പിക്കുകതന്നെ ചെയ്തു. അതിന്നുശേഷം ദേവി ഒരുവിധം അവളെ സമ്മതിപ്പിച്ചു. അനന്തരം ദേവർ

* സഹോദരഭാര്യമാർ

* കൗസല്യ കാശിരാജാവിന്റെ ഭാര്യയാണ്. കൗസല്യയുടെ മക്കളാണ് അംബികയും അബാലികയും. അവരെയാണ് വ്യാസൻ ഉദ്ദേശിക്കുന്നത്.

digitized by www.sreyas.in

ഷിമാർക്കും വിപ്രന്മാർക്കും അതിഥികൾക്കും അവൾ അന്നദാനം നടത്തി.

106. വിചിത്രവീര്യസുതോത്പത്തി - ധൃതരാഷ്ട്ര പാണ്ഡുവിദുരോത്പത്തി

– വൈശമ്പായനൻ പറഞ്ഞു: "ഋതുസ്നാനം കഴിഞ്ഞു ശുദ്ധയായ വധുവിനോട് സത്യവതി ഇപ്രകാരം പറഞ്ഞു."

സത്യവതി പറഞ്ഞു: "ഹേ, കൗസല്യാ! ഇന്നു നിന്റെ ഭർത്തൃസഹോദരൻ നിന്നോടു ചേരുവാൻ ഇവിടെ എത്തും. നീ മെത്ത വിരിച്ച് അദ്ദേഹത്തെക്കരുതി കാത്തിരിക്കണം. അദ്ദേഹം പാതി രാത്രിയാകുമ്പോഴാണ് വരിക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശ്വശ്രു പറഞ്ഞതു കേട്ട് സർവ്വാഭരണവസ്ത്രാലങ്കാരങ്ങളോടുകൂടി അവൾ മെത്തയിൽ കയറി കിടപ്പായി. ആരായിരിക്കും തന്റെകൂടെ ശയനത്തിനു വരിക? ഭീഷ്മനായിരിക്കുമോ? അതോ മറ്റുവല്ല കുരുപുംഗവന്മാരുമായിരിക്കുമോ? ഇപ്രകാരം ചിന്തിച്ച് ഹൃദയത്തുടിപ്പോടെ അംബിക ആ പുരുഷന്റെ വരവും കാത്ത് നിർനിദ്രയായി കിടന്നു. സത്യവതി കല്പിച്ച പ്രകാരം അംബികയുടെ മുറിയിൽ മുനി ആദ്യം കടന്നുചെന്നു. വിളക്കുകൾ തെളിഞ്ഞു കത്തുന്നു. അംബിക എന്താണു കാണുന്നത്? അംബികയുടെ സങ്കല്പത്തിൽ കണ്ടുകൊണ്ടിരുന്ന സുന്ദരനു പകരം ജടാധാരിയായ ഒരു വികൃതരൂപൻ! കൃഷ്ണദ്വൈപായനമഹർഷിയുടെ മഞ്ഞച്ച ജടയും, ദീപ്തമായ ദൃഷ്ടിയും, ചെമ്പിച്ച മീശയും കണ്ട് അവൾ കണ്ണടച്ചു. ആ വൈരൂപ്യം കണ്ട് അവൾക്കു പൊറുക്കാൻ കഴിഞ്ഞില്ല. അമ്മയുടെ കല്പന അനുസരിച്ച് അദ്ദേഹം അവളുടെ കൂടെ കിടന്നു. അദ്ദേഹം അംബികയുമായി സംഗംചെയ്തു. കാശിരാജപുത്രിയായ അംബിക പേടിച്ചു കണ്ണടച്ചുതന്നെ കിടന്നു. ആ മഹർഷിയുടെ മുഖത്ത് അദ്ദേഹത്തിന്റെ രതിക്രീഡാസമയത്തുകൂടി നോക്കുകയുണ്ടായില്ല. മഹത്തായ കാര്യം സാധിച്ചു പുറത്തുവന്ന മകനോട് അമ്മ ചോദിച്ചു."

സത്യവതി പറഞ്ഞു: "ഇവളിൽ ഗുണവാനായ രാജപുത്രൻ പിറക്കുമോ?"

അമ്മയുടെ ചോദ്യം കേട്ട് വ്യാസൻ പറഞ്ഞു: "പതിനായിരം ആനകളുടെ ശക്തിയുള്ളവനും വിദ്വാനുമായ രാജർഷിസത്തമൻ ഇവൾക്കു ജനിക്കും. അവൻ മഹാഭാഗനും, മഹാവീര്യനും, മഹാധീമാനുമായിരിക്കും. ആ മഹാത്മാവിന് നൂറു പുത്രന്മാർ ഉണ്ടാകും. എന്നാൽ അവന്റെ അമ്മ ചെയ്ത തെറ്റുകൊണ്ട് അവൻ അന്ധനായിത്തീരും."

ഈ വാക്കു കേട്ട് അമ്മ പുത്രനോടു പറഞ്ഞു: "കഷ്ടം! അന്ധനായ ഒരു രാജാവു കുരുക്കൾക്കു ചേർന്നതല്ല. ജ്ഞാതിവംശം ഭരിക്കുന്നവനും പിതൃവംശജനുമായി നീ രണ്ടാമത് ഒരു പുത്രനെ, ഇന്ദ്രതുല്യ പരാക്രമിയായ ഒരു പുത്രനെ തരണം." അങ്ങനെയാകാമെന്നു സമ്മതിച്ചു വ്യാസൻ പോയി. കാലമായപ്പോൾ കൗസല്യ അന്ധനായ കുമാരനെ പ്രസവിച്ചു.

പിന്നെയും മുനിയെ വരുത്തി. ആ പ്രാവശ്യം ദേവി അംബാലികയെ ശട്ടംകെട്ടി. അവൾ ശയനഗൃഹം അലങ്കരിച്ചു മൃദുവായ പട്ടുകിടക്കയിൽ വ്യാസമുനിയെ സ്മരിച്ചു കിടന്നു. മുൻമട്ടിൽ മുനി അവളുടെ മുറിയിൽ കടന്നുചെന്നു. അംബാലിക അണിഞ്ഞൊരുങ്ങി മെത്തയിൽ വരനെ പ്രതീക്ഷിച്ചു കിടക്കുകയാണ്. അവൾ ഋഷിയെ കണ്ടമാത്രയിൽ വിവർണ്ണയായിപ്പോയി. പാണ്ഡുരയായിപ്പോയി. വിഷണ്ണയും പാണ്ഡുരയുമായ അവളെ വ്യാസൻ പുല്കി. പാണ്ഡുരയായ അവളെ കണ്ട് സത്യവതീപുത്രനായ വ്യാസൻ പറഞ്ഞു: "അല്ലയോ, ശുഭാനനേ! വിരൂപനായ എന്നെ കണ്ട് നീ പാണ്ഡു വർണ്ണയായതുകാരണം തീർച്ചയായും നിന്റെ പുത്രൻ പാണ്ഡുവായിത്തീരും. അവന്റെ പേര് 'പാണ്ഡു' എന്നുതന്നെയാകും" എന്നു പറഞ്ഞ് മുനി മുറിവിട്ടു പുറത്തിറങ്ങി. അമ്മ മുറിയിൽനിന്നു മകന്റെ വരവും കാത്തിരിക്കുകയാണ്. മകൻ വരുന്നതു കണ്ട് അമ്മ ചോദിച്ചു: "എങ്ങനെയിരിക്കുന്നു, കാര്യം ശുഭമായില്ലേ?" വ്യാസൻ അമ്മയോടു പറഞ്ഞു: "കുട്ടി പാണ്ഡുവർണ്ണമുള്ളവനാകും. അമ്മ പേടിച്ചു വിളർത്തു പാണ്ഡുരയായി! അവൾ എന്റെ വൈരൂപ്യം സഹിക്കുവാൻ ആളായില്ല." അമ്മയ്ക്കു പിന്നേയും വിഷാദമായി. "മകനേ! നീ നന്മയേറിയ ഒരു പുത്രനെക്കൂടി ജനിപ്പിക്കൂ!" എന്നു പറഞ്ഞപ്പോൾ അപ്രകാരമാകാമെന്ന് മകൻ സമ്മതിച്ചു.

യഥാകാലം അംബാലിക കുമാരനെ പ്രസവിച്ചു. അവൻ ലക്ഷണംചേർന്നു ശോഭിക്കുന്നവനായിരുന്നെങ്കിലും പാണ്ഡുവായിരുന്നു. അവന്റെ പുത്രന്മാരാണ് പ്രസിദ്ധന്മാരായ പഞ്ചപാണ്ഡവന്മാർ.

ഋതുകാലത്തിൽ മൂത്ത സ്നുഷയെ വീണ്ടും മുനിയുടെ അരികിലേക്കു സത്യവതി പറഞ്ഞുവിട്ടു! അവൾ മുനിയുടെ ഗന്ധം, രൂപം എന്നിവയോർത്ത് ആ വാക്ക് അനുസരിച്ചില്ല. അവൾ അപ്സരതുല്യയായ ദാസിയെ സ്വന്തം ഭൂഷണങ്ങൾ അണിയിച്ച് ദ്വൈപായനമഹർഷിയുടെ അരികിലേക്കയച്ചു.

അവൾ മുനിയെ കണ്ടപ്പോൾ എതിരേറ്റു വണങ്ങി. അനുവാദത്തോടെ കൂടെക്കിടന്ന് നന്ദിയോടെ മഹർഷിയെ പുണർന്നു. ഗൂഢമായ കാമോപഭോഗത്താൽ മഹർഷിയെ ഗാഢം സന്തുഷ്ടനാക്കി. കൂടെ കിടന്ന അവളിൽ ഹർഷത്തോടെ ആ മഹാവ്രതൻ പറഞ്ഞു.

"നീ ഇനി ദാസിയല്ല. ഇപ്പോൾ നിന്റെ കുക്ഷിയിൽപ്പെട്ട ഗർഭം ശ്രേയസ്വിയായിത്തീരും. അവൻ ഏറ്റവും ധർമ്മാത്മാവായിത്തീരും! എല്ലാവർക്കും സമ്മതനായ ബുദ്ധിമാനുമാകും."

'കൃഷ്ണദ്വൈപായനസുത' നെന്നു കീർത്തിപ്പെട്ട മഹാനായ വിദുരൻ അങ്ങനെ ഉണ്ടായവനാണ്. അദ്ദേഹം ധൃതരാഷ്ട്രൻ എന്ന മൂത്തവന്റേയും പിന്നെ പാണ്ഡുവിന്റേയും ഹിതകാരിയായ സഹോദരനായിത്തീർന്നു. മാണ്ഡവ്യമുനിയുടെ ശാപത്താൽ ധർമ്മദേവൻ വിദുരനായി കാമക്രോധവിവർജ്ജിതനായി ജനിച്ചു. കൃഷ്ണദ്വൈപായനൻ സത്യവതിയെ, അംബിക തന്നെ ചതിച്ചതും ശൂദ്രയെ മാറ്റംചെയ്തു കിടത്തിയതും അറിയിച്ചു.

ഇങ്ങനെ ധർമ്മത്തിലെ കടം തീർത്ത് അമ്മയെ ചെന്നു കണ്ട് എല്ലാം പറഞ്ഞതിന്നുശേഷം അവളെ ഗർഭമേല്പിച്ച് അവിടെനിന്നു മറഞ്ഞു.

അംബികയ്ക്ക് ധൃതരാഷ്ട്രനും, അംബാലികയ്ക്ക് പാണ്ഡുവും, ദാസിക്കു വിദുരനും പിറന്നു. വിചിത്രവീര്യക്ഷേത്രമായ അംബികയ്ക്കും അംബാലികയ്ക്കും കുരുവംശം വളർത്തുന്ന കുമാരന്മാരുണ്ടായി."

107. അണിമാണ്ഡവ്യോപാഖ്യാനം

– ജനമേജയൻ പറഞ്ഞു: "ധർമ്മദേവൻ ശാപം ലഭിക്കുവാൻതക്ക പാപമെന്താണു ചെയ്തത്? ഏതു ബ്രഹ്മർഷിയുടെ ശാപംകൊണ്ടാണ് അവൻ ശൂദ്രയോനിയിൽ ജാതനായത്?"

വൈശമ്പായനൻ പറഞ്ഞു: "പണ്ട് 'മാണ്ഡവ്യൻ' എന്നു പേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. പ്രസിദ്ധനായ അദ്ദേഹം ധൃതിമാനായ ധർമ്മജ്ഞനും, സത്യവാനായ താപസനുമായിരുന്നു. ആശ്രമത്തിന്റെ മുൻഭാഗത്ത് മരത്തിന്റെ ചുവട്ടിൽ കൈ പൊക്കി മൗനവ്രതത്തോടെ ആ മഹാമുനി ഇരുന്നു. ഇങ്ങനെ വളരെനാൾ ആ ബ്രാഹ്മണൻ തപസ്സുചെയ്തുകൊണ്ടിരിക്കെ കള്ളന്മാർ കട്ട മുതലുമായി ആശ്രമത്തിൽ കയറി. പല രക്ഷികളും പിന്നാലെ പാഞ്ഞ് അലഞ്ഞുതിരിയുമ്പോൾ, ആ രാജഭടന്മാർ എത്തുന്നതിന്നുമുമ്പായി കള്ളന്മാർ കട്ട മുതലെല്ലാം ആശ്രമത്തിൽ കൊണ്ടുവെച്ച് ഓടിക്കളഞ്ഞു. തസ്കരന്മാർ ഒളിച്ചപ്പോൾ ആ രക്ഷികൾ മുനിയെ കണ്ടുമുട്ടി. കള്ളന്മാരെ തിരയുന്ന അവർ ഊർദ്ധ്വബാഹുവായി തപസ്സുചെയ്യുന്ന മുനിയോടു ചോദിച്ചു:

"ഹേ, ദ്വിജോത്തമാ! ആ കള്ളന്മാർ ഏതു വഴിക്കാണു പോയത്? ആ വഴി അറിഞ്ഞാൽ ഞങ്ങൾക്കു തിരയുവാൻ എളുപ്പമുണ്ട്."

digitized by www.sreyas.in

ഇപ്രകാരം ആ രക്ഷാപുരുഷന്മാർ എല്ലാവരുംകൂടി ചോദ്യം ചെയ്തിട്ടും മുനി ഒരു വാക്കും മിണ്ടിയില്ല. അനുകൂലമോ പ്രതികൂലമോ ഒന്നും പറഞ്ഞില്ല. ആ രാജപുരുഷന്മാർ ആശ്രമത്തിൽക്കടന്നു തിരഞ്ഞപ്പോൾ കള്ളന്മാർ ആശ്രമത്തിൽ ഒളിച്ചിരിക്കുന്നതു കണ്ടു. ഉടനെ അവരെ പിടികൂടി കട്ട മുതലും ആശ്രമത്തിൽനിന്നു പിടിച്ചെടുത്തു. രക്ഷികൾക്ക് ആ മഹർഷിയിലും ശങ്കയുണ്ടായി. മുനി കള്ളന്മാരുടെ തലവനാണെന്നു ശങ്കിച്ച് മുനിയേയും കള്ളന്മാരുടെ കൂടെ പിടിച്ചു കെട്ടി വിവരം രാജസന്നിധിയിൽ എത്തിച്ചു. രാജാവ് ആ മുനിയേയും ചോരന്മാരോടൊപ്പം കൊല്ലുവാൻ വിധിച്ചു. അറിയാതെ അവനേയും, രക്ഷികൾ ശൂലത്തിൽക്കയറ്റി. ആ മുനിയെ വേണ്ടവിധം ശൂലത്തിൽ കയറ്റിയതിന്നുശേഷം മുതലുംകൊണ്ട് രക്ഷികൾ രാജസന്നിധിയിൽ ചെന്നു. ശൂലത്തിൽ വളരെക്കാലം ജലപാനംപോലുമില്ലാതെ തറച്ചുനിന്നിട്ടും ആ മുനീശ്വരൻ മരിച്ചില്ല. മുനിയുടെ അന്തഃശക്തിയുടെ പ്രചോദനംകൊണ്ട് വേറെ മുനിമാർ അങ്ങോട്ടാകർഷിക്കപ്പെട്ടു. അല്ലയോ ജനമേജയ, ആ മഹാത്മാവിനെക്കണ്ടു മുനിമാരും ദുഃഖിച്ചു. ശൂലത്തിൽ മരിക്കാതെ കിടക്കുന്ന മുനിയുടെ ദുഃഖാവസ്ഥ കണ്ട് രാത്രി പക്ഷികളുടെ രൂപമെടുത്ത മഹർഷിമാർ നേരിട്ട് അദ്ദേഹത്തോടു ചോദിച്ചു.

മഹർഷി പറഞ്ഞു: "ഹേ! ദ്വിജാ, ഈ ശിക്ഷ അനുഭവിക്കുവാൻ തക്ക പാപം എന്താണ് ഭവാൻ ചെയ്തത്? ഈ ശൂലാരോഹണദുഃഖം സഹിക്കുവാൻ തക്ക എന്തു മഹാപാപം ചെയ്തു?"

108. അണിമാണ്ഡവ്യോപാഖ്യാനം - വിദുരപൂർവ്വജന്മം - വൈശമ്പായനൻ പറഞ്ഞു: "ആ മഹർഷിമാരുടെ ചോദ്യം കേട്ട് മഹർഷിശ്രേഷ്ഠൻ മറുപടി പറഞ്ഞു."

മാണ്ഡവ്യൻ പറഞ്ഞു: "ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. എന്നെ ആരും ദ്രോഹിച്ചിട്ടില്ല."

വൈശമ്പായനൻ പറഞ്ഞു: "ഈ നിലയിൽ അവൻ വളരെ നാൾ പിന്നേയും ശൂലത്തിൽക്കിടന്നു. ആ വഴിക്കു പോയിരുന്ന രക്ഷികൾ, മഹർഷി മരിക്കാതെ അപ്പോഴും ശൂലത്തിൽ കിടക്കുന്നതായിക്കണ്ട് അത്ഭുതപ്പെട്ട് ക്ഷണത്തിൽ രാജധാനിയിൽപ്പോയി കണ്ട വർത്തമാനം രാജാവിനെ അറിയിച്ചു. രക്ഷികൾ പറഞ്ഞ വൃത്താന്തമറിഞ്ഞ രാജാവ് മന്ത്രിമാരോടുകൂടി മഹർഷിയുടെ അരികിലെത്തി."

രാജാവു പറഞ്ഞു: "മുനീശ്വര! ഞാൻ അറിയാതെ ഭവാനെ ദ്രോഹിച്ചു, വേദനിപ്പിച്ചു! എന്റെ വിവരക്കേടുകൊണ്ടു തെറ്റു ചെയ്തു പോയി. ഞാൻ ഭവാനെ പ്രസാദിപ്പിക്കുന്നു! എന്റെ അപരാധം ക്ഷമിച്ചാലും! എന്നിൽ കോപിക്കരുതേ!"

വൈശമ്പായനൻ പറഞ്ഞു: "രാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ മഹർഷി പ്രസാദിച്ചു. പ്രസന്നനായ മുനിയെ ശൂലത്തിൽനിന്നു താഴെ ഇറക്കിച്ചശേഷം ശൂലം ഊരുവാൻ വലിച്ചിട്ടും കിട്ടിയില്ല. പലരുംകൂടി ശ്രമിച്ചിട്ടും കിട്ടാതെ ശൂലത്തിന്റെ അടിപറ്റെ അറുത്തുമുറിച്ചു. പിന്നെ മുനി ഉള്ളിൽ തറച്ചുനിൽക്കുന്ന ശൂലത്തോടു കൂടെ സഞ്ചരിച്ചു. ആ ശൂലത്തിന്മേൽനിന്നുള്ള തപസ്സുകൊണ്ട് മഹർഷി മറ്റാർക്കും കഴിയാത്ത പുണ്യലോകങ്ങൾ സമ്പാദിച്ചു. ശൂലത്തിന്റെ മുന ദേഹത്തിലേന്തി സഞ്ചരിക്കുകയാൽ 'അണിമാണ്ഡവ്യൻ' എന്ന പേര് അന്നുതൊട്ടു പ്രസിദ്ധമായി. ആ ഋഷി ദേഹത്യാഗാനന്തരം ധർമ്മദേവന്റെ പുരിയിലെത്തി. അവിടെ ധർമ്മാസനത്തിൽ ഇരിക്കുന്ന യമധർമ്മനെക്കണ്ട് ഇപ്രകാരം ശകാരിച്ചു.

അണിമാണ്ഡവ്യൻ പറഞ്ഞു: "ഞാൻ എന്തു പാപമാണു ചെയ്തത്? ഇത്ര കടുത്ത ഒരു ഫലം എനിക്കു കിട്ടുവാൻ തക്കതായി ഞാൻ എന്തു മഹാപാപം ചെയ്തു? ഭവാൻ ഉടനെ എന്നോടു പറയണം! എന്റെ തപോബലം ഞാൻ കാണിച്ചുതരാം."

ധർമ്മൻ പറഞ്ഞു: "നിസ്സാരമായ പക്ഷികളെ പിടിച്ച് അവയുടെ വാലിൽ ഈഷികപ്പുല്ലു നീ കോർത്തു. ഹേ തപോധന! അതിന്റെ ഫലമാണ് ഭവാനു ലഭിച്ചത്. അല്പമായ ദാനത്തിന്റെ പുണ്യഫലം പെരുകുന്നതുപോലെ അല്പമായ അധർമ്മത്തിന്റെ ഫലവും പെരുകുന്നതാണ്."

അണിമാണ്ഡവ്യൻ പറഞ്ഞു: "ഏതു കാലത്താണ് ഞാനീ അധർമ്മം ചെയ്തത്? യഥാർത്ഥമായി പറയുക!"

ധർമ്മരാജാവു പറഞ്ഞു: "ബാല്യകാലത്തു നീ ചെയ്തതാണ് ഈ പാപം!"

അണിമാണ്ഡവ്യൻ പറഞ്ഞു: "ജനനംമുതൽ പന്ത്രണ്ടുവയസ്സുവരെ ബാലന്മാർക്കു ധർമ്മബോധം ഉണ്ടായിരിക്കയില്ല! ബാല്യത്തിൽ അറിവില്ലാതെ ചെയ്യുന്നതൊന്നും അധർമ്മമായിത്തീരുകയില്ല! അല്പമായ കുറ്റത്തിന്ന് വലിയ ശിക്ഷയാണ് നീ വിധിച്ചത്. അതുകൊണ്ട് ഹേ ധർമ്മാ! നീ ശൂദ്രജാതിയിൽ മനുഷ്യനായിത്തീരും. ലോകത്തിൽ ധർമ്മഫലത്തിന്ന് ഇന്നുമുതൽ ഒരു മര്യാദ ഞാൻ വെക്കുന്നു. പതിന്നാലു വയസ്സുവരെ ബാലന്മാർ ചെയ്യുന്ന ഒരു പ്രവൃത്തിയും പാപത്തിന്നു കാരണമാകയില്ല. അതിനുമേൽ ചെയ്യുന്നതേ ദോഷമായിത്തീരൂ!"

വൈശമ്പായനൻ പറഞ്ഞു: "ഈ തെറ്റുകാരണം ആ മുനീന്ദ്രന്റെ ശാപമേറ്റ് യമധർമ്മൻ വിദുരനായി ശൂദ്രയോനിയിൽ ജനിച്ചു. ധർമ്മാർത്ഥനീതിനിപുണനും ലോഭക്രോധവിവർജ്ജിതനും ശാന്തനും ദീർഘദർശിയും കുരുക്കളുടെ നന്മയിൽ തത്പരനുമായി വിദുരൻ ശോഭിച്ചു."

109. പാണ്ഡുരാജ്യാഭിഷേകം - വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ എന്നീ കുമാരന്മാർ മൂന്നുപേരും ജനിച്ചതോടുകൂടി കുരുജാംഗലവും കുരുക്കളും കുരുക്ഷേത്രവും ക്ഷേമാഭിവൃദ്ധി പ്രാപിച്ചു. ഭൂമിയിൽ സസ്യങ്ങൾ സമൃദ്ധിയായി വളർന്നു; സസ്യങ്ങൾ ധാരാളം പൂത്തു കായ്ച്ചു; മേഘങ്ങൾ കാലേ വർഷിച്ചു; മരങ്ങളിൽ ധാരാളം ഫലങ്ങൾ ഉണ്ടായി. ആന, കുതിര മുതലായ വാഹനങ്ങളും മറ്റു പക്ഷി മൃഗാദികളും സന്തോഷിച്ചു. പൂക്കളിൽ മണം കൂടുകയും ഫലങ്ങളിൽ രസം വർദ്ധിക്കുകയും ചെയ്തു. നഗരങ്ങളിൽ ജനത്തിരക്കു വർദ്ധിച്ചു. കച്ചവടം വർദ്ധിച്ചു. ശില്പികളും കച്ചവടക്കാരും വളർന്നു. ജനങ്ങൾ ശൂരന്മാരായി. വിദ്യാഭ്യാസം പരന്നു. ലോകർക്ക് സുഖവും വർദ്ധിച്ചു. കള്ളന്മാർ നാട്ടിലില്ലാതായി. അധർമ്മികളുമില്ലാതായി. നാട്ടിൻപുറങ്ങളിലും അപ്രകാരം 'കൃതയുഗം' പിറന്നു. ധർമ്മം ചെയ്യുന്ന യജ്ഞശീലന്മാരും സത്യവ്രതന്മാരും പ്രജകളിൽ ഇഷ്ടം വളർത്തി. തമ്മിൽ ഇഷ്ടം വർദ്ധിച്ചു. മാനക്രോധങ്ങൾ വെടിഞ്ഞ് ജനങ്ങൾ ഉദാരമതികളായി, തമ്മിൽ അഭിനന്ദിച്ചു. അങ്ങനെ ധർമ്മം വളർന്നു. അംഭോനിധിപോലെ ആ പുരം സമ്പൂർണ്ണമായി ശോഭിച്ചു. മേഘംപോലെ നില്ക്കുന്ന കോട്ടവാതിലും കൊത്തളങ്ങളും ചേർന്ന പ്രാസാദങ്ങൾ നിരനിരയായി നില്ക്കുന്ന പുരം വാസവാലയംപോലെ ശോഭിച്ചു. ആറ്റിലും കാട്ടിലും പൊയ്കയിലും കുളങ്ങളിലും മേട്ടിലുമൊക്കെ നാട്ടുകാർ നന്ദിച്ചു കേളിയാടി. ഉത്തരകുരുക്കളുമായി തെക്കൻ കുരുക്കൾ അഭിവൃദ്ധിയിൽ മത്സരിച്ചു ദേവർഷിചാരണന്മാരോടും അപ്രകാരം അവർ മത്സരിച്ചു.

ദരിദ്രന്മാർ ആരുമില്ലാതായി. വിധവകൾ ഉണ്ടായില്ല. ഇങ്ങനെ കുരുക്കൾ വർദ്ധിച്ചുവരുന്നേടത്ത് സമാധാനസുഖങ്ങളും വർദ്ധിച്ചു കുളം, കിണറ്, സഭാസ്ഥാനം, ഉദ്യാനം, ബ്രാഹ്മണാലയം ഇവ ആ നാട്ടിൽ ഒട്ടേറെ ഉണ്ടായി. നാട്ടിലെങ്ങും നിത്യവും ഉത്സവമായി. ഭീഷ്മൻ ഭരിക്കുമ്പോൾ ചൈതന്യയൂപങ്ങൾ നിറഞ്ഞ് നാടുകൾ ശോഭിച്ചു. ഭീഷ്മൻ സംരക്ഷിക്കുന്ന നാട് ആകർഷകമായി. കുമാരന്മാർക്കു വേണ്ട കർമ്മങ്ങളെല്ലാം ക്രമത്തിൽ ചെയ്തുവരുന്നു സമയത്ത് പൗരന്മാരും ജാനപദന്മാരുമെല്ലാം ഉത്സുകരായി. കുരുമുഖ്യരുടെ ഗൃഹത്തിലും പൗരന്മാരുടെ വീടുകളിലും കൊടുക്കുക, ഭുജിക്കുക എന്നീ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു.

ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ ഇവരെ ജന്മംതൊട്ട് ഭീഷ്മൻ പുത്രരെപ്പോലെ പരിലാളിച്ചു. വേണ്ട സംസ്കാരത്തോടെ വ്രതാദ്ധ്യയനങ്ങൾ ശീലിച്ച് ശ്രമവ്യായാമദക്ഷന്മാരായി

digitized by www.sreyas.in

അവർ വളർന്ന് യൗവനംപ്രാപിച്ചു. ധനുർവ്വേദം, വേദം, ഗദ, ചർമ്മം, അഗ്നിയുദ്ധം, ഗജശിക്ഷ, നീതിവിദ്യ, ഇതിഹാസപുരാണശിക്ഷ എന്നിവ പഠിച്ച് അവർ അറിവു സമ്പാദിച്ചു. വേദവേദാംഗതത്ത്വജ്ഞരായ അവർ ഏതിലും തീർച്ച കണ്ടവരായിത്തീർന്നു. വില്ലെടുത്തുള്ള പ്രയോഗത്തിൽ പാണ്ഡു വിശേഷിച്ചും എല്ലാവരിലും പ്രമുഖനായി. ധൃതരാഷ്ട്രൻ എല്ലാവരേക്കാളും ശക്തനായി. മൂന്നുലോകത്തിലും വിദുരനോടു കിടനില്ക്കുന്ന ധർമ്മജ്ഞന്മാർ ഉണ്ടായിരുന്നില്ല. നഷ്ടമായ ശാന്തനുകുലം ഇങ്ങനെ പുഷ്ടമായിത്തീർന്നു.

വീരമാതാക്കളിൽ കാശിരാജപുത്രിമാരും, രാജ്യത്തിൽ കുരുജാംഗലവും, ധർമ്മിഷ്ഠരിൽ ഭീഷ്മനും, പുരത്തിൽ ഹസ്തിനാപുരവും കാവ്യഗാനങ്ങളിൽ പ്രകീർത്തിക്കപ്പെട്ടു.

അന്ധനായതുകൊണ്ട് ധൃതരാഷ്ട്രൻ രാജ്യഭാരം ഏറ്റില്ല. വിദുരൻ ശൂദ്രസ്ത്രീപുത്രനാകയാൽ രാജ്യാധികാരം ഇല്ലാത്തവനായി പാണ്ഡുവാണ് രാജാവായത്.

ഒരു ദിവസം ജ്ഞാനിയും നീതിമാനുമായ ഭീഷ്മൻ, ധർമ്മജ്ഞനായ വിദുരനോടു പറഞ്ഞു."

110. ധൃതരാഷ്ട്രവിവാഹം – ഭീഷ്മൻ പറഞ്ഞു: "ഹേ, വിദുരാ! നമ്മുടെ വംശം ഗുണങ്ങൾ നിറഞ്ഞതും പ്രസിദ്ധിയുള്ളതുമാണ്. രാജാക്കന്മാർക്കൊക്കെ അധിരാജത്വമുള്ളതാണ്. യോഗ്യന്മാരായ രാജാക്കന്മാർ മുമ്പു ഭരിച്ചുവന്ന ഈ കുലത്തിന്ന് മുമ്പൊരിക്കലും ക്ഷയം തട്ടിയിട്ടില്ല. ഞാനും, സത്യവതിയും, വ്യാസമഹർഷിയുംകൂടി ഇവിടെ വീണ്ടും നിങ്ങളിൽ കുലതന്തുക്കൾ ഉറപ്പിച്ചു. അതു സമുദ്രംപോലെ വളരുന്നതിന്നു ഞാനും നീയും അശ്രാന്തം ശ്രമിക്കേണ്ടതുണ്ട്.

യാദവപുത്രിയായ കുന്തിഭോജന്റെ മകൾ ഈ കുലത്തിനു യോഗ്യയാണെന്നു ഞാൻ കേൾക്കുന്നു! അപ്രകാരംതന്നെ 'സുബല' യും 'മദ്രരാജകുമാരി' യും. ഇവരെല്ലാം കുലീനകളും അഴകുള്ളവരുമായ, ക്ഷത്രിയശ്രേഷ്ഠമാരാണ്. നമ്മുടെ കുലത്തിലേക്കു ചാർച്ചയ്ക്ക് അവർ ചേരുന്നവരുമാണ്. അവരെ നമ്മുടെ വംശത്തിലേക്കു വരിക്കുന്നതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം. സന്താനാഭിവൃദ്ധിക്കു നന്നെന്നാണ് എനിക്കു തോന്നുന്നത്. എടോ വിദുരാ, നിന്റെ അഭിപ്രായമെന്താണ്?"

വിദുരൻ പറഞ്ഞു: "ഞങ്ങളുടെ അച്ഛനും അമ്മയും ഗുരുവുമായി ഭവാനല്ലാതെ മറ്റാരുമില്ല. അതുകൊണ്ട് ഈ കുലത്തിനു ഹിതമായതെന്തോ അതു ഭവാൻ ചിന്തിച്ചു ചെയ്തുകൊള്ളുക തന്നെ!"

വൈശമ്പായനൻ പറഞ്ഞു: "സുബലാത്മജയായ 'ഗാന്ധാരി' പരമശിവനെ സേവിച്ച് നൂറു പുത്രന്മാർ ഉണ്ടാകുവാൻ വരം വാങ്ങിയ വൃത്താന്തം ഭീഷ്മൻ സൂക്ഷ്മമായി അറിഞ്ഞു. ഒരു ബ്രാഹ്മണനിൽനിന്നാണ് ഈ വാർത്ത അദ്ദേഹം അറിഞ്ഞത്. ഉടനെ ഭീഷ്മൻ ഗാന്ധാരരാജാവിന്റെ അടുത്തേക്ക് ആളെ അയച്ചു. തന്റെ മകളുടെ ഭർത്താവാകുവാൻപോകുന്നത് ഒരു അന്ധനാകുന്ന കാര്യത്തിൽ അദ്ദേഹം ചിന്താകുലനായി. കുലം, ഖ്യാതി, നടപടി ഈ നിലയ്ക്കൊക്കെ ചിന്തിച്ചതിൽ ധൃതരാഷ്ട്രനുതന്നെ തന്റെ മകളെ നല്കുവാൻ അദ്ദേഹം തീരുമാനിച്ചു.

ധൃതരാഷ്ട്രന്നു കണ്ണില്ലെന്ന് ഗാന്ധാരി കേട്ടു. തന്നെ അച്ഛനമ്മമാർ ഒരു അന്ധനാണു നല്കുന്നതെന്നു കേട്ട ഉടനെ ഒരു പട്ടെടുത്തു മടക്കി അവൾ തന്റെ കണ്ണിന്റെ കാഴ്ച ഇല്ലാതാകുമാറ് കണ്ണുകെട്ടി. പാതിവ്രത്യം പരമധർമ്മമായി കരുതുന്ന ഗാന്ധാരി, ഭർത്താവിനേക്കാൾ അധികമായി തനിക്കു യാതൊരു മേന്മയും ഉണ്ടാകരുതെന്നു വിചാരിച്ചു.

പിന്നെ ഗാന്ധാരരാജാവിന്റെ പുത്രൻ 'ശകുനി' സംഭാവനകളോടുകൂടി സോദരിയേയുംകൊണ്ട് ഹസ്തിനാപുരത്തിലെത്തി. അവളെ ധൃതരാഷ്ട്രന്നു മുറപ്രകാരം വിവാഹംകഴിച്ചുകൊടുത്തു. ആ സോദരിയെ പരിച്ഛദത്തോടെ നല്കിയ ശകുനിയെ ഭീഷ്മൻ സൽക്കരിച്ചയച്ചു.

ശീലംകൊണ്ടും ആചാരംകൊണ്ടും പ്രവൃത്തികൊണ്ടും ഗാന്ധാരി ഉത്തമയായി ശോഭിച്ചു. കുരുക്കൾക്കൊക്കെ അവൾ തൃപ്തിയും തുഷ്ടിയുമുണ്ടാക്കി. ഗുരുക്കളെ സ്വവൃത്തംകൊണ്ട് ആരാധിച്ചു. സുശീലയായ ആ പതിവ്രത അന്യന്റെ പേർ വാക്കുകൊണ്ടുപോലും സ്പർശിച്ചില്ല."

111. കർണ്ണസംഭവം – വൈശമ്പായനൻ പറഞ്ഞു: "വസുദേവന്റെ പിതാവായ ശൂരൻ എന്ന യാദവന്റെ മകളായ 'പൃഥ' അതിസുന്ദരിയായിരുന്നു. അദ്ദേഹത്തിന്റെ 'അച്ഛൻപെങ്ങ' ളുടെ മകനായ 'കുന്തിഭോജൻ' അനപത്യതകൊണ്ടു ദുഃഖിക്കുമ്പോൾ ശൂരൻ പറഞ്ഞു."

ശൂരൻ പറഞ്ഞു: "ഭവാൻ ദുഃഖിക്കേണ്ട. എനിക്ക് ആദ്യമായി ഉണ്ടാകുന്ന സന്താനത്തെ ഞാൻ ഭവാനു സന്തതിയായി തന്നുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "ഈ സത്യം അനുസരിച്ച് ശൂരൻ തന്റെ പ്രഥമസന്താനമായ പൃഥയെ കുന്തിഭോജനു നല്കി. കുന്തിഭോജൻ തന്റെ മകളെ ബ്രാഹ്മണാതിഥികളെ പൂജിക്കുവാൻ നിയോഗിച്ചു. ഒരു ദിവസം ദുർവ്വാസാവുമഹർഷി കുന്തിഭോജന്റെ അതിഥിയായി രാജധാനിയിൽ വന്നു. പൃഥ ആ ഉഗ്രതപോധനനെ ശുശ്രൂഷിച്ചു. നിഗൂഢമായ ധർമ്മനിയമത്തോടുകൂടിയവനും, കോപശീലനും, ഉഗ്രനും, സംശിതാത്മാവുമായ ആ മുനിയെ അവൾ പ്രീതനാക്കി. പൃഥയിൽ പ്രീതനായ മഹർഷി ഭാവി കണ്ടറിഞ്ഞ് ആപദ്ധർമ്മമോർത്ത് അവളോടു പറഞ്ഞു."

ദുർവ്വാസാവു പറഞ്ഞു: "വത്സേ! ഞാൻ നിനക്കൊരു മന്ത്രം ഉപദേശിച്ചുതരാം! ഈ മന്ത്രം ജപിച്ച് ഏതു ദേവനെ നീ ആവാഹിക്കുന്നുവോ ആ ദേവന്റെ പ്രീതികൊണ്ട് നിനക്കു പുത്രനുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "അവൾ ആദരവോടെ ഋഷിയുടെ പക്കൽനിന്ന് ആഭിചാരമന്ത്രം ഗ്രഹിച്ചു. ബാല്യസഹജമായ കൗതുകത്താൽ ആ കന്യക മന്ത്രം ജപിച്ച് സൂര്യദേവനെ ആവാഹിച്ചു. ലോകഭാവനനായ സൂര്യദേവൻ അവളുടെ ശയനഗൃഹത്തിൽ പ്രവേശിച്ചു. ആ വരാംഗി സൂര്യദേവനെക്കണ്ടു വിസ്മയിച്ചു. ഇതെന്തൊരത്ഭുതം! ഭാസ്കരദേവൻ തന്റെ മുമ്പിൽ വന്നു നില്ക്കുന്നു."

ദേവൻ പറഞ്ഞു: "ഞാൻ ഇതാ എത്തിയിരിക്കുന്നു. സുന്ദരീ, ഞാൻ എന്തു ചെയ്യണമെന്ന് ആജ്ഞാപിച്ചാലും!"

കുന്തി പറഞ്ഞു: "ഭഗവാനേ, ശത്രുഹന്താവായ ഒരു വിപ്രൻ ഒരു മന്ത്രവും വരവും എനിക്കു തന്നു. വിഭോ, അതൊന്നു പരീക്ഷിക്കുവാൻ ഞാൻ എന്റെ വിവരക്കേടുകൊണ്ട് ആഹ്വാനംചെയ്തതാണ്. അങ്ങ് എന്നിൽ പ്രസാദിക്കണേ! ഞാൻ ചെയ്ത തെറ്റു പൊറുക്കണേ! ഞാൻ ഭവാന്റെ മുമ്പിൽ തലകുനിച്ച് അപേക്ഷിക്കുന്നു. അറിവില്ലാത്ത ഈ ബാലയുടെ അവിവേകത്തിൽ ക്ഷമിച്ചാലും! സ്ത്രീകൾ കുറ്റംചെയ്താലും രക്ഷിക്കപ്പെടേണ്ടവരല്ലേ?"

സൂര്യൻ പറഞ്ഞു: "ദുർവ്വാസാവു വരം നല്കിയതൊക്കെ ഞാൻ അറിഞ്ഞു. നീ ഭയപ്പെടേണ്ട. എന്നോടുകൂടി നീ സസന്തോഷം സംഗമിക്കുക. എന്റെ ദർശനം അമോഘമാണ്. നിഷ്ഫലമാക്കുവാൻ പാടില്ല. വിശേഷിച്ചും ഞാൻ ആഹൂതനാണ്. വൃഥാഹ്വാനത്തിൽ നിനക്കു തീർച്ചയായും ദോഷമുണ്ടാകും. ഭീരു, എന്തിനു പരിഭ്രമിക്കുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ പലവിധം സാന്ത്വോക്തികൾ പറഞ്ഞിട്ടും അവൾ 'ഞാൻ കന്യകയല്ലേ! ഭഗവാനേ എന്നെ ചതിക്കരുതേ' എന്നു പറഞ്ഞു സമ്മതിക്കാതെ നിന്നു. ബന്ധുക്കളെ ഭയപ്പെട്ടും, ലജ്ജിച്ചും നില്ക്കുന്ന അവളോട് ഭാസ്കരൻ പറഞ്ഞു."

സൂര്യൻ പറഞ്ഞു: "ഹേ, രാജ്ഞീ! എന്റെ പ്രസാദത്താൽ നിനക്കു യാതൊരു ദോഷവും സംഭവിക്കുകയില്ല."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "കുന്തിഭോജപുത്രിയോട് ഇപ്രകാരം പറഞ്ഞ് അഖിലലോകേശ്വരനും, പ്രകാശകാരിയുമായ ഭഗവാൻ അവളെ സസ്നേഹം തലോടി പുണർന്നു. സൂര്യഭഗവാൻ വാനിലേക്കു പോവുകയും ചെയ്തു.

ആ സംഗത്തിൽ സർവ്വാസ്ത്രജ്ഞാനിയായ ഒരു നന്ദനൻ ജനിച്ചു. ജനിക്കുമ്പോൾത്തന്നെ ശ്രീമാനായ ആ ബാലൻ ചട്ട യിട്ടു കുണ്ഡലങ്ങൾ ധരിച്ച് കാന്തിമാനായി വിളങ്ങി. പിന്നീട് ലോകത്തിലെങ്ങും പ്രസിദ്ധനായിത്തീർന്ന കർണ്ണനാണ് ആ ബാലൻ!

ആദിത്യൻ വീണ്ടും കുന്തിക്കു കന്യാത്വം നല്കി. ഉണ്ണി പിറന്നതു കണ്ട് ആ വാർഷ്ണേയി ദുഃഖിച്ചു. ഇനി എന്തു ചെയ്യേണ്ടു എന്നു മനസ്സിരുത്തി അവൾ രഹസ്യമായി ചിന്തിച്ചു. ബന്ധുക്കളിൽ ഭയം മൂലം, അപവാദം ഭയന്ന് അവൾ എല്ലാം മറച്ചുവെച്ചു. കുന്തി ബലവാനായ ആ കുട്ടിയെ വെള്ളത്തിൽ ഒഴുക്കിവിട്ടു. വെള്ളത്തിൽ ഒഴുകിവരുന്ന കുട്ടിയെ ഒരു സൂതൻ കണ്ടെടുത്തു. അവൻ അവന്റെ ഭാര്യയായ 'രാധ' യ്ക്കു നല്കി. അവർ ആ ബാലനെ അത്ഭുതത്തോടെ എടുത്തുവളർത്തി. കവചകുണ്ഡലാദികളായ വസുവോടൊത്തു ജനിക്കുകയാൽ 'വസുഷേണൻ' എന്ന് അവനു പേർ കൊടുത്തു.

അവൻ സർവ്വാസ്ത്രപടുവായി വളർന്നു. ബലവാനായ ആ ബാലൻ പുറം ചുടുംവരെ നിത്യവും സൂര്യോപാസന ചെയ്തു. വീരനും ബുദ്ധിമാനുമായ അവൻ ജപം കഴിഞ്ഞു നില്ക്കുന്ന സമയത്ത് വിപ്രന്മാർ വന്നു ചോദിക്കുന്നതൊക്കെ നല്കും. ഇന്ദ്രൻ വിപ്രന്റെ വേഷത്തിൽ വന്നു കർണ്ണനോട് അവന്റെ സഹജമായ ചട്ട യാചിച്ചു. സ്വപുത്രനായ അർജ്ജുനന്ന് ഇഷ്ടസിദ്ധി വരുത്തുവാനാണ് ഈ യാചനയ്ക്ക് ഇന്ദ്രൻ പുറപ്പെട്ടത്. ബ്രാഹ്മണർക്കു ദാനംചെയ്യാൻ വയ്യാത്തതായി ഒന്നുംതന്നെ അവന്ന് ഇല്ലായിരുന്നു.

ജന്മസിദ്ധവും ഉജ്ജ്വലവുമായ ആ ചട്ട കർണ്ണൻ ദേഹത്തിൽ നിന്ന് അടർത്തിയെടുത്ത് ആ വിപ്രന്നു നല്കി. ധീരമായ ആ ക്രിയ കണ്ട് ഇന്ദ്രൻ ഏറ്റവും സന്തുഷ്ടനായി കർണ്ണനിൽ പ്രസാദിച്ച് അവന്ന് ഒരു വേൽ നല്കി, നന്ദിയോടെ ഇപ്രകാരം പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ദേവന്മാർ, മനുഷ്യർ, അസുരന്മാർ, ഗന്ധർവ്വന്മാർ, നാഗങ്ങൾ, രാക്ഷസന്മാർ എന്നിവരിൽ ആരിൽ നീ ഈ വേൽ പ്രയോഗിക്കുന്നുവോ, അവൻ മൃതനാകും."

വൈശമ്പായനൻ പറഞ്ഞു: "മുമ്പേതന്നെ വസുഷേണനെന്നു പേർ പുകഴ്ന്ന ആ കർണ്ണൻ അന്നുമുതൽ * വൈകർത്തനൻ എന്ന പേര് നേടി."

112. കുന്തീവിവാഹം – വൈശമ്പായനൻ പറഞ്ഞു: "സത്വരൂപഗുണങ്ങൾ ചേർന്നവളും ധർമ്മപ്രതാപാന്വിതയുമായ കുന്തി കാന്തിമതിയായി ശോഭിച്ചു. യൗവനയുക്തയായ ആ ദീർഘാംപാംഗിയെ അനവധി രാജാക്കന്മാർ കാമിച്ചു. കുന്തി സ്ത്രീകളിൽ സകല ഗുണവും തികഞ്ഞവളാണെന്നുള്ള പ്രസിദ്ധി എങ്ങും പരന്നു.

കുന്തിഭോജൻ മകളുടെ സ്വയംവരം നിശ്ചയിച്ചു. രാജാക്കന്മാരെയൊക്കെ ക്ഷണിച്ചുവരുത്തി.

അവൾ ആ രംഗമദ്ധ്യത്തിൽ രാജാക്കന്മാർ ഇരിക്കുന്നതിൽ രാജശാർദ്ദൂലനായ പാണ്ഡുവിനെ കണ്ടു. സിംഹദർപ്പനും മഹോരസ്കനും, വൃഷഭാക്ഷനും, മഹാബലനുമായ പാണ്ഡു സൂര്യനെപ്പോലെ രാജമണ്ഡലശ്രീ ജയിച്ചു രാജമദ്ധ്യത്തിൽ ഇന്ദ്രനെപ്പോലെ ഇരിക്കുന്നതു കണ്ടു പാണ്ഡുരാജാവിൽ ചിത്തമാണ്ട് ആകുലചേതസ്സായി കുന്തി നിന്നുപോയി. അവളുടെ ഹൃദയം പിടഞ്ഞു. അവൾ അവശയായി. വരണമാല്യം കൈയിൽ പിടിച്ചു ലജ്ജിച്ച് മന്ദം മന്ദം പാണ്ഡുവിനെ സമീപിച്ച് ആ രാജവീരന്റെ ഗളത്തിൽ മാലയിട്ടു. പാണ്ഡുവെ കുന്തി മാലയിട്ടതു കണ്ടപ്പോൾ മറ്റു രാജാക്കന്മാർ താന്താങ്ങളുടെ വാഹനങ്ങളിൽക്കയറി വന്നപാടെ തിരിച്ചുപോയി.

പിന്നീട് കുന്തിഭോജൻ അവളുടെ വേളി യഥാവിധി നടത്തി. കുന്തിയോടുകൂടി പാണ്ഡു ശചിയോട് ഇന്ദ്രൻ എന്നപോലെ, യോജിച്ചു. വേളി നടത്തിയതിന്നുശേഷം കുന്തിഭോജൻ ധാരാളം ധനം വാരിക്കോരി ദാനംചെയ്തു. വധൂവരന്മാരെ രാജാവ് ഹസ്തിനാപുരിയിലേക്ക് അയച്ചു. കൊടികൾ പാറുന്ന രഥങ്ങളോടും, സേനകളോടും, ഘോഷങ്ങളോടും കൂടി ബ്രാഹ്മർഷികളുടെ ആശിസ്സുകൾ ഏറ്റ് ആ രാജദമ്പതികൾ ഹസ്തിനാപുരിയിലെത്തി. ആ കുരുനന്ദനനായ രാജാവ് യഥോചിതം മാനിച്ച് കുന്തിയെ സ്വഗൃഹത്തിൽ ഇരുത്തി."

113. പാണ്ഡുദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഭീഷ്മൻ പല കാര്യങ്ങളും ചിന്തിച്ചു. പാണ്ഡുവിന്നു വേറെ ഒരു വിവാഹംകൂടി കഴിപ്പിക്കുവാനൊരുങ്ങി. വൃദ്ധമന്ത്രിമാരും, ബ്രഹ്മർഷീന്ദ്രന്മാരും മറ്റും ചേർന്ന് ചതുരംഗപ്പടയോടുകൂടി മദ്രരാജാവിന്റെ പുരിയിൽച്ചെന്നു. ഭീഷ്മൻ വന്നെത്തിയതറിഞ്ഞ് ആ ബാൽഹീകപുംഗവൻ വേഗത്തിൽച്ചെന്ന് എതിരേറ്റ് അർപ്പിച്ച് പുരത്തിൽ പ്രവേശിപ്പിച്ചു. ശുഭ്രപീഠത്തിൽ വാഴിച്ച് പാദ്യാർഘ്യങ്ങൾ നല്കി മധുപർക്കം കൊടുത്ത് യാത്രയുടെ ഉദ്ദേശ്യമെന്തെന്നു വിനയപൂർവ്വം ചോദിച്ചു. മദ്രരാജാവിനോട് കുരുമുഖ്യനായ ഭീഷ്മൻ പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ഹേ, വീരാ! ഞാൻ കന്യാർത്ഥിയായിട്ടാണ് ഇവിടേക്കു വന്നിരിക്കുന്നത്. ഭവാന്റെ ഗൃഹത്തിൽ പ്രസിദ്ധ സാധുശീലയായ 'മാദ്രി' എന്ന ബാലികയുണ്ടെന്നു കേട്ടു. ഭവാന്റെ ആ സഹോദരിയും കീർത്തിമതിയുമായ അവളെ പാണ്ഡുവിന്നായി ഞാൻ വരിക്കുന്നു. ഞങ്ങൾക്ക് ഭവാൻ ചാർച്ചയ്ക്കൊത്തവനാണ്. ഞങ്ങൾ അങ്ങേയ്ക്കും അപ്രകാരം തന്നെയാണ്! അതു ചിന്തിച്ച് ഹേ, മദ്രേശാ, ഭവാൻ ഞങ്ങളെ കൈക്കൊണ്ടാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന ഭീഷ്മനോട് മദ്രരാജാവു പറഞ്ഞു."

മദ്രരാജാവു പറഞ്ഞു: "നിങ്ങളേക്കാൾ നല്ല വരന്മാരെ ഒരിടത്തും കിട്ടുക സാദ്ധ്യമല്ല; തീർച്ചയാണ്. ഈ വംശത്തിൽ പണ്ടേ തന്നെ കാരണവന്മാർ വെച്ച നടപ്പ് ഭവാന് അറിയാമല്ലോ. അതു നല്ലതോ ചീത്തയോ എന്നു ചിന്തിക്കേണ്ടതില്ല. കീഴ്നടപ്പു മാറ്റുവാൻ മനസ്സു വരുന്നില്ല. അതെല്ലാം ഭവാനറിയാമല്ലോ. ഇന്നതു തരണം എന്ന് ഭവാനോടു പറയുന്നത് അയുക്തമാണ്. ഇത് ഒരു പക്ഷേ, ഞങ്ങളുടെ വംശധർമ്മമാകാം. എന്നാൽ ഇത് ഇവിടത്തെ പ്രമാണമാണ്. അതുകൊണ്ട് തുറന്ന് ഭവാനോട് ഞാൻ ഒന്നും പറയുന്നുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ഈ വർത്തമാനം കേട്ട് മദ്രരാജാവിനോട് ജനാധിപനായ ഭീഷ്മൻ പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "വിധിതന്നെ വിധിച്ച മുഖ്യമായ ധർമ്മമാണിത്. ഇതിന്നു കുഴപ്പമൊന്നുമില്ല. ഇതു പണ്ടേതന്നെയുള്ള ഒരു നടപടിയുമാണ്. അല്ലയോ ശല്യാ! അങ്ങയുടെ സാധുമര്യാദ ഞാൻ മുമ്പേ അറിഞ്ഞിരിക്കുന്നവനാണ്. കുലാചാരം നിന്ദ്യമായാലും ഉപേക്ഷിച്ചുകൂടാത്തതാണ്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ഭീഷ്മൻ കട്ടി സ്വർണ്ണവും, വിചിത്ര ശില്പവേലകൾ ചെയ്ത സ്വർണ്ണവും, പല രത്നങ്ങളും വേണ്ടുവോളം എടുത്തു ശല്യർക്കു നല്കി. പിന്നെ ആന, കുതിര, രഥം എന്നീ സമ്പത്തുകളും, വസ്ത്രാഭരണജാലങ്ങളും, മണികളും, പവിഴവും ഭീഷ്മൻ ക്ഷണത്തിൽ ശല്യന്നു നല്കി. ആ ധനമെല്ലാം ശല്യൻ രസത്തോടെ ഏറ്റുവാങ്ങി. തന്റെ സഹോദരിയെ വസ്ത്രാലങ്കാരഭൂഷിതയാക്കി കൗരവന്നു നല്കി! പിന്നെ ഭീഷ്മൻ മാദ്രിയേയുംകൊണ്ട് അവിടെനിന്ന് ഇറങ്ങി ഹസ്തിനാപുരിയിൽ എത്തി. ശുഭമായ മുഹൂർത്തത്തിൽ വിധിയാംവണ്ണം പാണ്ഡു മാദ്രിയെ വിവാഹം ചെയ്തു.

* വികർത്തനംചെയ്തവൻ, ദേഹം മുറിച്ചവൻ എന്നർത്ഥം.

digitized by www.sreyas.in

വിവാഹം കഴിഞ്ഞശേഷം വീരനായ പാണ്ഡു സുഖമായി മന്ദിരത്തിൽ ആ ഭാര്യയെ പ്രവേശിപ്പിച്ചു. ജനമേജയരാജാവ്, കുന്തി, മാദ്രി എന്നീ രണ്ടു ഭാര്യമാരോടുകൂടി രാജാവ് ധർമ്മാനുസരണം കാമാനുഭൂതികൾ അനുഭവിച്ചു. അങ്ങനെ ഒരുമാസം സുഖിച്ചതിന്നുശേഷം പാണ്ഡു ദിഗ്വിജയത്തിന്നായി പുരത്തിൽനിന്നു പുറപ്പെട്ടു. ദേവപുത്രാഭനായ ആ രാജാവ് ഭീഷ്മാദികളായ വൃദ്ധരെ കുമ്പിട്ടു നമസ്കരിച്ച് ധൃതരാഷ്ട്രനോടും മറ്റു കുരുപുംഗവന്മാരോടും യാത്രപറഞ്ഞു. എല്ലാവരുടേയും സമ്മതം വാങ്ങി, മംഗളാചാരത്തോടുകൂടിയ ആശീർവ്വാദങ്ങൾ സ്വീകരിച്ച്, ദേവപുത്രാഭനായ ആ ഭൂപൻ ഭൂമിഭാഗം ജയിക്കുവാൻ ആന, തേർ, കുതിര, കാലാൾക്കൂട്ടങ്ങൾ എന്നിവയോടുകൂടി പുറപ്പെട്ടു. ഹൃഷ്ടവും പുഷ്ടവുമായ ബലത്തോടുകൂടി കൗരവർക്ക് യശസ്സുവർദ്ധിപ്പിക്കുന്ന ആ കുരുനന്ദനൻ ശത്രുക്കളോടേറ്റു.

ആദ്യമായി ദശാർണ്ണത്തിൽച്ചെന്ന് പൂർവ്വദ്രോഹികളായ ദശാർണ്ണന്മാരെ കീഴടക്കി അവിടെനിന്നു വിവിധ ധ്വജയുക്തനായി, മഹാസൈന്യങ്ങളോടുകൂടി പുറപ്പെട്ട് മഗധത്തിലെത്തി. 'ദീർഘൻ' എന്ന മഗധരാജാവ് പല ഭൂപരേയും ദ്രോഹിച്ചിരുന്ന ഒരു മദാന്ധനായിരുന്നു. ആ രാജേന്ദ്രനെ അവന്റെ പുരത്തിൽവെച്ചുതന്നെ കൊന്നുകളഞ്ഞു. അവിടെനിന്ന് അവന്റെ ഭണ്ഡാരവും ഗജതുരഗാദികളും വാഹനവൃന്ദങ്ങളും സംഭരിച്ച്, പിന്നെ മിഥിലയിലെത്തി വിദേഹനെ ജയിച്ചു. കാശി, സുഹ്മം, പുണ്ഡ്രം എന്നീ നാട്ടിലും ചെന്നു കൈയൂക്കുകൊണ്ട് അല്ലയോ കുരുവീരാ, അവരെയെല്ലാം പരാജിതരാക്കി യശസ്സുനേടി. ശരൗഘജ്വാലയും ശസ്ത്രപരമാർച്ചിസ്സും ചേർന്ന പാണ്ഡുവാകുന്ന അഗ്നി ഏൽക്കുന്ന സമയത്ത് രാജാക്കന്മാരൊക്കെ വെന്തു. പെരുമ്പടയുമായി ചെല്ലുന്ന പാണ്ഡു പെരുമ്പടയെ മുടിക്കുവാൻ തുടങ്ങിയപ്പോൾ അവർ പാണ്ഡുവിന്നു കീഴടങ്ങുകയും പാണ്ഡുവിന്റെ കീഴ്ജീവനക്കാരായി പ്രവർത്തിക്കുകയും ചെയ്തു.

രാജാക്കന്മാർ ഇന്ദ്രതുല്യപ്രതാപവാനായി പാണ്ഡുവിനെ പുകഴ്ത്തി അവനെച്ചെന്നുകണ്ട് രാജാക്കന്മാർ കൈകൂപ്പി വന്ദിച്ചു. മഹാരത്നങ്ങളും, മണികളും, ധനജാലങ്ങളും, സ്വർണ്ണം, വെള്ളി, മുത്ത്, പവിഴം മുതലായ വിശിഷ്ടവസ്തുക്കളും പാണ്ഡുവിന്നു കാഴ്ചവെച്ചു.

നല്ല പശുക്കൾ, നല്ല കുതിരകൾ, നല്ല ആനകൾ, ഒട്ടകം, പോത്ത്, കഴുത, ആട് എന്നിവയുടെ കൂട്ടങ്ങൾ, കരിമ്പടങ്ങൾ, പട്ടുകൾ, മാന്തോലുകൾ, മെത്തവിരിപ്പുകൾ മുതലായവ കാഴ്ചദ്രവ്യങ്ങളായി. അസംഖ്യം ദ്രവ്യങ്ങൾ പാണ്ഡുവിന്റെ കാൽക്കൽ വന്നുകൂടി. രാജാവ് ആവശ്യമുള്ളിടത്തോളം സ്വീകരിച്ച് ഹസ്തിനാപുരത്തേക്കു കൊണ്ടുപോയി. രാജേന്ദ്രരായ ശാന്തനു, ഭരതൻ എന്നിവരുടെ വളർന്നുനില്ക്കുന്ന കീർത്തി വീണ്ടും വർദ്ധിപ്പിച്ച് പാണ്ഡു പ്രശോഭിച്ചു. 'കുരുരാഷ്ട്രങ്ങളും കുരുവംശധനങ്ങളും ഹരിച്ച നൃപന്മാരെ തനിക്കു കപ്പം തരുന്നവരായി പാണ്ഡു മാറ്റി' എന്നു മന്നവന്മാരും മന്ത്രിമാരും ഇക്കാര്യത്തിൽ പാണ്ഡുവിനെപ്പറ്റി പ്രശംസിച്ചു. പൗരന്മാരും ജാനപദന്മാരും പാണ്ഡുവിനെ പുകഴ്ത്തി. ദിഗ്വിജയം കഴിഞ്ഞു മടങ്ങിയെത്തുന്ന പാണ്ഡുവിനെ പൗരന്മാരും ജാനപദന്മാരും അദ്ദേഹത്തിന്റെ ആഗമനത്തിൽ ഭീഷ്മാദികളോടുകൂടി എതിരേറ്റു. ഹസ്തിനാപുരം വിട്ടു ജനങ്ങൾ വളരെദൂരം ചെന്ന് രാജാവു ധനസമൂഹവുമായി എത്തുന്നതു കണ്ട് ആനന്ദത്തോടെ സ്വാഗതം ചെയ്തു.

പല വാഹനങ്ങളിൽക്കയറ്റി എത്തുന്ന രത്നസമുച്ചയം, ആന, കുതിര, രഥാദികൾ, പശുക്കൾ, ഒട്ടകം, ആടുകൾ ഇവയ്ക്കൊന്നും ഒരു അന്തവും ഭീഷ്മൻ തുടങ്ങിയ കൗരവന്മാർ കണ്ടില്ല. കൗസല്യാനന്ദവർദ്ധനനായ പാണ്ഡു താതപാദങ്ങൾ കുമ്പിട്ട് വിധിപ്രകാരം പൗരജാനപദാദിയെ മാനിച്ചു.

പുരങ്ങളും രാഷ്ട്രങ്ങളും മർദ്ദിച്ചു തിരിച്ചെത്തിയ പുത്രനെ തഴുകി ഭീഷ്മൻ ആനന്ദക്കണ്ണീർ വാർത്തുകൊണ്ടു നിന്നുപോയി!

ഉച്ചത്തിൽ പെരുമ്പറയടിച്ചും, ശംഖനാദം മുഴക്കിയും പൗരന്മാർ ഹർഷാരവമുണ്ടാക്കി, രാജാവിനെ ഹസ്തിനാപുരത്തിൽ സ്വീകരിച്ചു."

114. വിദുരപരിണയം – വൈശമ്പായനൻ പറഞ്ഞു: "കൈയൂക്കാൽ നേടിയ ധനം ധൃതരാഷ്ട്രന്റെ അഭിപ്രായത്തോടു യോജിച്ച് പാണ്ഡു ഭീഷ്മർക്കും സത്യവതിക്കും നല്കി. വേണ്ടുവോളം ധനം വിദുരന്നും നല്കി. സുഹൃത്തുക്കളേയും പാണ്ഡു വിത്തം നല്കി തൃപ്തരാക്കി. പിന്നെ ഭീഷ്മൻ, സത്യവതി, അംബാലിക എന്നിവരേയും താൻ നേടിയ വിശേഷപ്പെട്ട വിത്തങ്ങൾകൊണ്ടു പാണ്ഡു സന്തുഷ്ടരാക്കി. ജയന്തനെ ശചീദേവി എന്നപോലെ ആ വിജയിയായ പുത്രനെ തഴുകി കൗസല്യ സന്തോഷത്തിൽ മുങ്ങി.

അവന്റെ വിക്രമത്താൽ അശ്വമേധത്തിന്നു തുല്യമായ അനവധി മഹാമഖങ്ങൾ നടത്തി. ധൃതരാഷ്ട്രൻ കുന്തീമാദ്രികളോടൊത്തു ലക്ഷംപേർക്കു ദക്ഷിണകൾ നല്കി.

പിന്നീട് മാളികത്തട്ടും മൃദുമെത്തയുമൊക്കെ വിട്ട് പാണ്ഡു കുന്തീമാദ്രിമാരുമൊത്തു മൃഗയാവിനോദത്തിന്നായി കാട്ടിലേക്കു പോയി. ഹിമാലയപർവ്വതത്തിന്റെ തെക്കുവശത്തൂടെ സഞ്ചരിച്ച് ഗിരിപൃഷ്ഠങ്ങളിലും മഹാവനങ്ങളിലും അവർ പാർത്തു. രണ്ടു സുന്ദരിമാരായ പിടികളോടുകൂടി നടക്കുന്ന ഇന്ദ്രഗജംപോലെ ശോഭിച്ചു. വാളും, വില്ലും, ശരങ്ങളും, വിചിത്രമായ ചട്ടയും ധരിച്ച് ഭാര്യമാരോടുകൂടി നടക്കുന്ന പാണ്ഡുവിനെക്കണ്ട് അദ്ദേഹം ദേവനാണെന്ന് വനവാസികൾ വിചാരിച്ചു. പാണ്ഡുവിന്നു വേണ്ടുന്ന ഇഷ്ടഭക്ഷണങ്ങൾ എല്ലാം ധൃതരാഷ്ട്രൻ കാട്ടിലേക്ക് എത്തിച്ചുകൊടുത്തു.

ഇങ്ങനെ പാണ്ഡു സഞ്ചരിക്കുന്ന കാലത്ത് ഭീഷ്മൻ വിദുരന്ന് വിവാഹകാര്യം ചിന്തിക്കുകയായിരുന്നു. 'ദേവകൻ' എന്ന രാജാവിന്ന് ശൂദ്രസ്ത്രീയിൽ ജനിച്ച ഒരു കന്യകയുണ്ടെന്നു കേട്ട്, അവൾ രൂപഗുണമുള്ളവളും യൗവനയുക്തയുമാണെന്നറിഞ്ഞ് ഭീഷ്മൻ അദ്ദേഹത്തിന്റെ അടുത്തുചെന്ന് അവളെ വിദുരനുവേണ്ടി വരിച്ചു. ഹസ്തിനാപുരിയിൽ കൊണ്ടുവന്ന് വിദുരനെക്കൊണ്ടു വേളി കഴിപ്പിച്ചു. തനിക്കൊത്ത ഗുണവാന്മാരും വിനയശീലരുമായ പുത്രന്മാരെ അവൾ പ്രസവിച്ചു."

115. ഗാന്ധാരീപുത്രോത്പത്തി – വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്ന് ഗാന്ധാരിയിൽ നൂറു പുത്രന്മാരുണ്ടായി. വൈശ്യസ്ത്രീയിൽ വേറെ ഒരു പുത്രനും ഉണ്ടായി. കുന്തീമാദ്രിമാരിൽ പാണ്ഡുവിന്ന് കുലതന്തുക്കളായി വീരന്മാരായ അഞ്ചുമക്കളുണ്ടായി. അവർ ദേവന്മാരിൽനിന്നാണ് ഉണ്ടായത്."

ജനമേജയൻ പറഞ്ഞു: "ഗാന്ധാരിയിൽ നൂറുപുത്രന്മാർ എങ്ങനെയാണുണ്ടായത്? എത്രകാലംകൊണ്ട്? അവരുടെ ആയുസ്സ് ഏതുകണക്കാണ്? ധൃതരാഷ്ട്രന്ന് വൈശ്യസ്ത്രീയിൽ പുത്രൻ എങ്ങനെ ജനിച്ചു? ധർമ്മചാരിണിയായ ഗാന്ധാരി അനുകൂലയായി നില്ക്കുമ്പോൾ ധൃതരാഷ്ട്രൻ അവളെ ചതിക്കുവാൻ എന്താണു കാരണം? ശാപമേറ്റ പാണ്ഡുവിന്ന് എങ്ങനെ ദേവന്മാരിൽനിന്നു മഹാരഥന്മാരായ പുത്രന്മാരുണ്ടായി? ഇതൊക്കെ വിദ്വാനായ ഭവാൻ വിസ്തരിച്ചു പറഞ്ഞുതരണം. വംശകഥ കേൾക്കുവാൻ കൗതുകമുണ്ട്. എത്ര കേട്ടിട്ടും മതിയാകുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "ഒരു ദിവസം വിശപ്പും ദാഹവുമായി വ്യാസൻ ഗാന്ധാരിയുടെ അടുത്തുചെന്നു. അവൾ മുനിയെ സംപ്രീതനാക്കുമാറു സല്ക്കരിച്ചു. അദ്ദേഹം അവൾക്കു വരം നല്കി: 'ഭർത്താവിൽനിന്നു നിനക്ക് നൂറു മക്കൾ ഉണ്ടാകട്ടെ' എന്ന്. ധൃതരാഷ്ട്രനിൽനിന്ന് അവൾ ഗർഭംധരിച്ചു. ആ ഗർഭം രണ്ടുവർഷം അവൾ വഹിച്ചു. പിന്നെയും പ്രസവിക്കാത്തതുമൂലം അവൾക്കു വിഷാദമായി. ബാലാർക്കതുല്യനായ ഒരു പുത്രൻ കുന്തിക്കുണ്ടായതായി അവൾ അറിഞ്ഞു. ദുഃഖിതയായ ഗാന്ധാരി തന്റെ വയറ് കട്ടിയായി, നിശ്ചലമായിരിക്കുന്നതു കണ്ട് വളരെ പണിപ്പെട്ട് ധൃതരാഷ്ട്രൻ അറിയാതെ, തന്റെ വയറ് ആഘാതം ചെയ്ത് രണ്ടുവർഷമായി ധരിച്ചിരുന്ന ഗർഭം പുറത്തുവരത്തക്കവിധം പിടിച്ചു മർദ്ദിച്ചു. അവൾ ഇരുമ്പിൻകീടംപോലെ ഒരു മാംസപിണ്ഡം പ്രസവിച്ചു. ഈ വൃത്താന്തമറിഞ്ഞ വ്യാസൻ അവളുടെ അടുത്തെത്തി. മഹർഷി ആ മാംസഖണ്ഡത്തെക്കണ്ട്

digitized by www.sreyas.in

'ഹേ, ഗാന്ധാരീ! നീ എന്താണു ചെയ്തത്?' എന്നു ചോദിച്ചു. അവൾ ഉണ്ടായതെല്ലാം സത്യമായി മഹർഷിയോടു പറഞ്ഞു."

ഗാന്ധാരി പറഞ്ഞു: "അർക്കാഭനായ ഒരു പുത്രനെ കുന്തി പ്രസവിച്ചു എന്നു കേട്ടപ്പോൾ എനിക്കു വലിയ ദുഃഖമുണ്ടായി. ഞാൻ ക്ഷമവിട്ട് വയറു മർദ്ദിച്ചു. നൂറു പുത്രന്മാരുണ്ടാകുമെന്ന് ഭവാൻ പറഞ്ഞില്ലേ? നൂറു മക്കൾക്കു പകരം ഈ മാംസക്കട്ട യാണ് ഞാൻ പ്രസവിച്ചത്."

വ്യാസൻ പറഞ്ഞു: "ഞാൻ പറഞ്ഞതു സത്യമാണ്. എന്റെ വാക്ക് ഒരിക്കലും തെറ്റായി വരികയില്ല. ഉടനെ നൂറു കുടങ്ങൾ നെയ്യുനിറച്ചു തയ്യാറാക്കി വെപ്പിക്കുക. അതു ഗൂഢമായ ഒരു സ്ഥലത്ത് ഭദ്രമായി വെയ്ക്കുക. തണുത്ത വെള്ളംകൊണ്ട് മാംസ ക്കട്ട കഴുകുക."

വൈശമ്പായനൻ പറഞ്ഞു: "വെള്ളംകൊണ്ടു കഴുകിയതി ന്നുശേഷം, ജലസ്പർശംമൂലം മാംസക്കട്ട നൂറായി തകർന്നു. പെരുവിരൽത്തുമ്പിൻവലിപ്പത്തിൽ അതു നൂറ്റൊന്നു കഷണങ്ങ ളായി ചേർച്ച പോലെ വേർതിരിഞ്ഞു. ക്രമത്തിൽ ആ മാംസ ഖണ്ഡം അങ്ങനെ വേർതിരിഞ്ഞപ്പോൾ ഓരോന്നുമെടുത്ത് നെയ്യ് നിറച്ച കുടങ്ങളിലാക്കി ഗൂഢമായ സ്ഥലത്ത് ഭദ്രമായി സൂക്ഷിച്ചു. അനന്തരം മഹർഷി ഗാന്ധാരിയോട് 'കുടങ്ങൾ ഇത്ര കാലം കഴിഞ്ഞേ തുറക്കാവൂ! ഇനി അവിവേകമൊന്നും കാട്ടരു ത്' എന്നു പറഞ്ഞു നിശ്ചയിച്ച് ഭഗവാൻ തപസ്സിന്നായി ഹിമാദ്രി യുടെ സാനുവിലേക്കു പോയി.

ക്രമപ്രകാരം അതിൽനിന്നു ദുര്യോധനൻ മുതലായവർ പിറ ന്നു. സന്താനങ്ങളുടെ ക്രമം നോക്കുമ്പോൾ ജ്യേഷ്ഠനാണ് യുധി ഷ്ഠിരൻ. മക്കൾ ജനിച്ച വിവരം ഭീഷ്മനേയും വിദുരനേയും അറി യിച്ചു. ദുർദ്ധർഷനായ ദുര്യോധനൻ എന്നു പിറന്നുവോ, അന്നു തന്നെ മഹാബലനായ ഭീമനും പിറന്നു.

ദുര്യോധനൻ പിറന്ന ഉടനെ അവൻ കഴുതയുടെ ശബ്ദ ത്തിൽ കൂകിക്കരഞ്ഞു. ഈ ശബ്ദം കേട്ട് കഴുത എതിർശബ്ദ മുണ്ടാക്കി. മാത്രമല്ല, കുറുക്കനും, കഴുവും, കാക്കകളും എതിർശ ബ്ദമുണ്ടാക്കി. ഭയങ്കരമായ കൊടുങ്കാറ്റുണ്ടായി. ദിക്കുകളിലൊ ക്കെ അഗ്നി കത്തിജ്ജ്വലിച്ചു. ഈ വർത്തമാനമറിഞ്ഞ് ധൃതരാ ഷ്ട്രൻ വിപ്രന്മാരേയും ഭീഷ്മവിദുരന്മാരേയും, മിത്രങ്ങളേയും, മറ്റു പൗരപ്രധാനികളേയും വരുത്തി."

ധൃതരാഷ്ട്രൻ പറഞ്ഞു: "യുധിഷ്ഠിരൻ രാജപുത്രരിൽ മൂത്തവനാണ്. അവൻ കുലവർദ്ധനനാണ്. സൽഗുണങ്ങളാൽ അവൻ നാടുവാഴും. അതിൽ സംശയമില്ല. അവന്റെ ശേഷം ഇവൻ രാജാവാകുമോ? ഇതു ഭവാന്മാർ എന്നോടു പറയുക. സത്യമായ ഭാവിഫലം അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധൃതരാഷ്ട്രൻ പറ ഞ്ഞുനിർത്തിയ ഉടനെ അശുഭമായവിധം പെൺകുറുക്കന്മാരു ടേയും, മാംസഭോജികളായ ഹിംസ്രജന്തുക്കളുടേയും കൂട്ടം ശബ്ദമുണ്ടാക്കി.ഈ അശുഭസ്വരം കേട്ട്, ദുർന്നിമിത്തത്തിന്റെ സാരം ഗ്രഹിച്ച് വിപ്രന്മാരും വിദുരനും ഇങ്ങനെ പറഞ്ഞു."

വിപ്രന്മാരും വിദുരനും പറഞ്ഞു: "ഈ ഘോരമായ ദുർന്നി മിത്തങ്ങൾ രാജാവേ, ഭവാന്റെ മൂത്തപുത്രൻ ജനിച്ചപ്പോൾ കണ്ട ത് ഒട്ടും നന്നായില്ല. ഇവൻ ഈ കുലവും നാടും തീർച്ചയായും മുടിക്കും. അതിൽനിന്നു രക്ഷകിട്ടണമെങ്കിൽ ഇവനെ ഉടനെ കള യണം. വളർത്തിയാൽ ആപത്താണ്. രാജാവേ, ഭവാന് തൊണ്ണൂ റ്റൊമ്പതുപേർ മതി. കുലശാന്തി ഉണ്ടാകണമെന്ന് നീ ആഗ്രഹി ക്കുന്നുണ്ടെങ്കിൽ നീ ഇവനെ കളയുക.ഈ ഒരുത്തനെക്കളഞ്ഞ് കുലവും ലോകവും ഭവാൻ രക്ഷിക്കുക. ധർമ്മം നോക്കുമ്പോൾ കുലത്തിന്നുവേണ്ടി ഒരുത്തനെ ഉപേക്ഷിക്കാം. ഒരു കുലത്തെ ഒരു ഗ്രാമത്തിന്നുവേണ്ടി ഉപേക്ഷിക്കാം; ഒരു രാജ്യത്തിന്നുവേണ്ടി ഒരു ഗ്രാമം ഉപേക്ഷിക്കാം; ആത്മാവിന്നുവേണ്ടി ഭൂമിതന്നെ ഉപേ ക്ഷിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിദുരനും വിപ്ര ന്മാരും പറഞ്ഞു. എന്നാൽ രാജാവ് പുത്രസ്നേഹംമൂലം ആ ഉപ ദേശം അനുസരിച്ചില്ല.

ധൃതരാഷ്ട്രന്ന് പിന്നീട് പുത്രന്മാർ ഓരോന്നായി ജനിച്ച് നൂറു തികഞ്ഞു. ഒരു മാസംകൊണ്ട് ഒരു കന്യകയും പിറന്നു.

ഗാന്ധാരി വയർ വർദ്ധിച്ച് അഴലിലാണ്ട് ഇരിക്കുന്ന കാല ത്ത് ഒരു വൈശ്യ ധൃതരാഷ്ട്രനെ ശുശ്രൂഷിച്ചിരുന്നു. ആ കാലത്ത് ധൃതരാഷ്ട്രന്ന് ആര്യനും ശുഭകീർത്തിമാനുമായ ഒരു പുത്രൻ ജനിച്ചു. ഇപ്രകാരം ആ ക്ഷത്രിയന്ന് വൈശ്യസ്ത്രീയിൽ ഉണ്ടാ യവനാണ് ധീമാനായ 'യുയുത്സു'.* ധൃതരാഷ്ട്രന്ന് നൂറു പുത്ര ന്മാർ പിറന്നു. അവർ മഹാരഥന്മാരും വീരന്മാരുമായി. മകളായി ഒരു കന്യകയും ഉണ്ടായി. യുയുത്സു വൈശ്യതനയനായിരുന്നു വെങ്കിലും അവൻ മഹാവീരനായി വളർന്നു."

116. ദുശ്ശളോത്പത്തി – ജനമേജയൻ പറഞ്ഞു: "ഭവാൻ ധൃത രാഷ്ട്രാത്മജന്മാർ ആദ്യം നൂറാണെന്നു പറഞ്ഞുവല്ലോ. അ പ്പോൾ അതിൽ കന്യകയെപ്പറ്റി പറഞ്ഞില്ല. ഗാന്ധാരരാജപുത്രി ക്ക് നൂറു പുത്രന്മാർ. യുയുത്സു വൈശ്യതനയൻ നൂറ്റി ഒന്നാ മത്തവൻ. ഗാന്ധാരിക്ക് നൂറുമക്കൾ ഉണ്ടാകും എന്നാണല്ലോ വ്യാസമഹർഷി പറഞ്ഞത്. മകൾ ഉണ്ടാകുവാൻ തരമില്ലാതി രിക്കെ പിന്നെ എങ്ങനെ ഒരു കന്യകയുണ്ടായി? മഹർഷി മാംസ പിണ്ഡം നൂറു ഖണ്ഡമാക്കി. പിന്നെ എങ്ങനെ കന്യകയുണ്ടാ യി, ദുശ്ശള എന്ന മകൾ? അതറിയുവാൻ എനിക്കു കൗതുകമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഭവാന്റെ ചോദ്യം കൊള്ളാം. ഹേ, പാണ്ഡവേയാ! ഞാൻ പറയാം. ആ മാംസപിണ്ഡം ഭഗ വാൻ മുനി വെള്ളം തളിച്ചു കഷണംകഷണമാക്കി. ധാത്രിയെ ക്കൊണ്ട് ഓരോന്നും വേർതിരിപ്പിച്ചു കുടങ്ങളിലാക്കിച്ചു. ഇങ്ങ നെ നെയ്ക്കുംഭത്തിലിടുന്ന സമയത്ത് വ്രതനിഷ്ഠയോടിരി ക്കുന്ന ഗാന്ധാരിക്ക് ഒരു പുത്രിയുണ്ടായാൽ കൊള്ളാമെന്നു മോഹമുണ്ടായി. അവൾ വിചാരിച്ചു: 'മുനി പറഞ്ഞതു സത്യമാ കും. എനിക്ക് നൂറു പുത്രന്മാർ ജനിക്കും. അവർക്ക് ഒരു സഹോ ദരിയുണ്ടായാൽ എത്ര നന്നായിരുന്നു. ദൗഹിത്രന്മാർമൂലം എന്റെ പതി ദിവ്യലോകം പൂകും! സ്ത്രീകൾക്ക് ജാമാതാവുണ്ടാകുന്നത് വലിയ ഒരു പ്രീതിക്കു കാരണമാണ്. ഒരു പുത്രി ജനിക്കുന്നത് വലിയ ഭാഗ്യം തന്നെയാണ്. ഈ നൂറു പുത്രന്മാർക്ക് ഒരു പെങ്ങൾ ജനിച്ചാൽ എത്ര നന്നായിരുന്നു! പുത്രിയുണ്ടാകാൻ സാദ്ധ്യത കാണുന്നില്ല. ഉണ്ടായാൽ പുത്രദൗഹിത്രരോടൊത്ത് എത്രയോ കൃതകൃത്യയായിത്തീരുമായിരുന്നു. ഞാൻ ഉത്തമമായ തപവും, ഹോമവും, ദാനവും ചെയ്തിട്ടുണ്ടെങ്കിൽ, ഗുരുജനപ്രീതി വരു ത്തിയിട്ടുണ്ടെങ്കിൽ, എനിക്ക് ഒരു പുത്രിയുണ്ടാകണം.'

ഇപ്രകാരം അവൾ ചിന്തിക്കുമ്പോൾ മഹർഷി മാംസ പിണ്ഡം നൂറാക്കി ഖണ്ഡിച്ച് എണ്ണിയിട്ട് ഗാന്ധാരിയോടു പറഞ്ഞു.

വ്യാസൻ പറഞ്ഞു: "ഹേ, ഗാന്ധാരി! ഇതാ നൂറു സുതന്മാരെ എണ്ണിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ഒരിക്കലും അനൃതം പറയുന്ന തല്ല. ദൗഹിത്രന്മാർക്കുവേണ്ടി ഇതാ നൂറിനും മേലെയായി ഒരു ഖണ്ഡമുണ്ട്. ആ ഖണ്ഡം ഒരു സുന്ദരിയായിത്തീരും. നിന്റെ ആഗ്രഹം പോലെ വരും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് വേറെ ഒരു നെയ്ക്കുംഭം എടുപ്പിച്ച് താപസൻ ആ ബാക്കിഭാഗം അതിൽ നിക്ഷേപിച്ചു. ഈ ഖണ്ഡമാണ് ദുശ്ശളയായത്. ഇങ്ങനെ ദുശ്ശള യുടെ ജന്മത്തേയും ഞാൻ പറഞ്ഞു. ഇനി രാജാവേ, ഞാൻ എന്താണു വിവരിക്കേണ്ടത്?"

117. ധൃതരാഷ്ട്രപുത്രനാമകഥനം – ജനമേജയൻ പറഞ്ഞു: "ധാർത്തരാഷ്ട്രന്മാരുടെ ജ്യേഷ്ഠാനുക്രമമായി നൂറു

* ക്ഷത്രിയന് വൈശ്യസ്ത്രീയിലുണ്ടായതുകൊണ്ട് അവൻ 'കരണ' നായി.

digitized by www.sreyas.in

പേരുടേയും പേരുകൾ ചേരുന്നവിധം പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പറഞ്ഞാലും."

വൈശമ്പായനൻ പറഞ്ഞു: "എന്നാൽ പറയാം. കേട്ടുകൊള്ളുക. ക്രമപ്രകാരം പറയാം.

ദുര്യോധനൻ, യുയുത്സു, ദുശ്ശാസനൻ, ദുസ്സഹൻ, ദുശ്ശലൻ, ജലഗണ്ഡൻ, സമൻ, സഹൻ, വിന്ദൻ, അനുവിന്ദൻ, ദുർദ്ധർഷൻ, സുബാഹു, ദുഷ്പ്രധർഷണൻ, ദുർമ്മർഷണൻ, ദുർമ്മുഖൻ, ദുഷ്കർണ്ണൻ, കർണ്ണൻ, വിവിംശതി, വികർണ്ണൻ, ശലൻ, സത്വൻ, സുലോചനൻ, ചിത്രൻ, ഉപചിത്രൻ, ചിത്രാക്ഷൻ, ചാരുചിത്രൻ, ശരാസനൻ, ദുർമ്മദൻ, ദുർവ്വിഗാഹൻ, വിവിത്സു, വികടാനനൻ, ഊർണ്ണനാഭൻ, സുനാഭൻ, നന്ദൻ, ഉപനന്ദൻ, ചിത്രബാണൻ, ചിത്രവർമ്മൻ, സുവർമ്മൻ, ദുർവ്വിമോചനൻ, അയോബാഹു, മഹാബാഹു, ചിത്രാംഗൻ, ചിത്രകുണ്ഡലൻ, ഭീമവേഗൻ, ഭീമബലൻ, വലാകി, ബലവർദ്ധനൻ, ഉഗ്രായുധൻ, സുഷേണൻ, കുണ്ഡധാരൻ, മഹോദരൻ, ചിത്രായുധൻ, നിഷംഗി, പാശി, വൃന്ദാരകൻ, ദൃഢവർമ്മൻ, ദൃഢക്ഷത്രൻ, സോമകീർത്തി, അനൂദരൻ, ദൃഢസന്ധൻ, ജരാസന്ധൻ, സത്യസന്ധൻ, സദസ്സുവാക്, ഉഗ്രശ്രവസ്സ്, ഉഗ്രസേനൻ, സേനാനി, ദുഷ്പരാജയൻ, അപരാജിതൻ, കുണ്ഡശായി, വിശാലാക്ഷൻ, ദുരാധരൻ, ദൃഢഹസ്തൻ, സുഹസ്തൻ, വാതവേഗൻ, സുവർച്ചൻ, ആദിത്യകേതു, ബഹ്വാശി, നാഗദത്തൻ, ഉഗ്രയായി, കവചി, ക്രഥനൻ, കുണ്ഡി, കുണ്ഡധാരൻ, ധനുർദ്ധരൻ, ഭീമരഥൻ, വീരബാഹു, അലോലുപൻ, അഭയൻ, ദൃഢകർമ്മാവ്, ദൃഢരഥാശ്രയൻ, അനാധൃഷ്യൻ, കുണ്ഡഭേദി, വിരാവി, ചിത്രകുണ്ഡലൻ, പ്രമഥൻ, പ്രമാഥി, ദീർഘരോമൻ, വീര്യവാൻ, ദീർഘബാഹു, മഹാബാഹു, വ്യൂഢോരസ്സ്, കനകധ്വജൻ, കുണ്ഡാശി, വിരജസ്സ് ഇവർ പുത്രന്മാരും പിന്നെ ദുശ്ശള എന്ന ഒരു പുത്രിയും.

ഇങ്ങനെ നൂറു പുത്രന്മാരും നൂറിന്നും മേലെ ഒരു കന്യകയും, പേരും ക്രമത്തിൽ ഓർക്കുക. പിറവിയും ഈ ക്രമത്തിലാണ്. എല്ലാവരും നല്ല അതിരഥന്മാരാണ്. ശൂരരാണ്. പോരിൽ സമർത്ഥരുമാണ്. എല്ലാവരും ധർമ്മവിജ്ഞന്മാരാണ്; സർവ്വശസ്ത്രാസ്ത്രകോവിദരുമാണ്.

ധൃതരാഷ്ട്രൻ എല്ലാവരേയും പരീക്ഷിച്ചറിഞ്ഞു. സമയമായപ്പോൾ വിധിപ്രകാരം മല്ലാക്ഷീമണിമാരെ അവർക്കു വിവാഹം ചെയ്തുകൊടുത്തു. അല്ലയോ ഭരതർഷഭാ, യൗവനം പ്രാപിച്ചപ്പോൾ അദ്ദേഹം തന്റെ ഏകപുത്രിയായ ദുശ്ശളയെ ജയദ്രഥന്ന് മുറപ്രകാരം വിവാഹം ചെയ്തുകൊടുത്തു.

118. മൃഗശാപം – ജനമേജയൻ പറഞ്ഞു: "ബ്രഹ്മജ്ഞനായ ഭവാൻ ധാർത്തരാഷ്ട്രന്മാരുടെ അമാനുഷമായ ഉത്ഭവകഥ പറഞ്ഞു. അവരുടെ പേരും യഥാക്രമം പറഞ്ഞു. എല്ലാം ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഇനി പാണ്ഡവന്മാരുടെ കഥ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തപോധനാ, ഭവാൻ പറഞ്ഞാലും. ദേവരാജപരാക്രമരായ അവർ ഏറ്റവും യോഗ്യരാണല്ലോ. അംശാവതരണത്തിൽ ദേവഭാഗമാണെന്നു പറഞ്ഞവരാണല്ലോ അവർ. അതിമാനുഷകർമ്മാക്കളായ അവരുടെ കഥ യഥാക്രമം ജന്മം മുതൽ, ഹേ, വൈശമ്പായനാ! ഭവാൻ വിശദമായി പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "മൃഗങ്ങളും വ്യാളങ്ങളുമുള്ള ഒരു കാട്ടിൽ പാണ്ഡു വില്ലും ശരവുമേന്തി ചുറ്റുമ്പോൾ ഒരു വലിയ കലമാൻ മൈഥുനകർമ്മത്തിൽ ഏർപ്പെട്ടു നില്ക്കുന്നതായി കണ്ടു. ഉടനെ പാണ്ഡു ആ മാനിനേയും മാൻപേടയേയും കാഞ്ചനക്കെട്ടുള്ള അഞ്ചുകൂർത്ത ശരം എയ്തു പിളർന്നു. ആ മാൻ മഹാതപസ്വിയും യോഗ്യനുമായ ഒരു മുനിപുത്രനായിരുന്നു. തന്റെ ഭാര്യയോടുകൂടി മാനിന്റെ രൂപത്തിൽനിന്ന് ഇണചേരുകയായിരുന്നു. ശരംകൊണ്ട ഉടനെ മനുഷ്യവാക്കിൽ അവൻ ഇപ്രകാരം വിലപിച്ചു നിലത്തുവീണു."

മൃഗം പറഞ്ഞു: "ലോകത്തിൽ പാപകർമ്മം ചെയ്യുന്നതിൽ താല്പര്യമുള്ള ജനങ്ങൾ വളരെയുണ്ട്. കാമാദികളായ ആറു ദോഷങ്ങളും അവരെ ബാധിച്ചുകൊണ്ടിരിക്കും. അവർ കേവലം മൂഢാത്മാക്കളായെന്നും വരാം. എന്നാൽ അത്തരം നീചന്മാർപോലും ഇമ്മാതിരി കൊടുംനീചകർമ്മം ചെയ്യുകയില്ല. വിധിയെ വിഴുങ്ങുവാൻ പ്രജ്ഞക്ക് സാദ്ധ്യമാണോ? ബുദ്ധിക്ക് വിധിയെ അതിക്രമിച്ചുപോകാൻ സാദ്ധ്യമല്ല. എന്നാൽ ദൈവശക്തി ബുദ്ധിയെ അമർത്തുകതന്നെ ചെയ്യും! തന്റെ അനുഭൂതികൾക്കെല്ലാം കാരണം ദൈവഹിതമാണെന്നു പറഞ്ഞാൽ ബുദ്ധിയുള്ളവൻ അതു വിശ്വസിക്കുകയില്ല. അവൻ പറയും, 'ഞാൻ എന്റെ ബുദ്ധിസാമർത്ഥ്യംകൊണ്ടാണ് ഈ ശ്രേയസ്സെല്ലാം അനുഭവിക്കുന്നത്' എന്ന്. അതുകൊണ്ട് ഞാൻ നിന്നിൽ കുറ്റം തെല്ലും കാണുന്നില്ല. ധർമ്മാനുഷ്ഠാനത്തിൽ കേൾവികേട്ട ഒരു മഹാവംശത്തിലെ സന്താനമാണല്ലോ നീ. കാമദ്വേഷാദിവികാരങ്ങളാൽ ആക്രമിക്കപ്പെട്ട നീ ധർമ്മത്തിൽനിന്നു തെറ്റിപ്പോകുവാൻ പാടില്ലാത്തതായിരുന്നു. എനിക്ക് അതിൽ അത്ഭുതം തോന്നുന്നു!"

പാണ്ഡു പറഞ്ഞു: "എടോ മൃഗമേ, രാജാക്കന്മാർ ശത്രുക്കളേയും നായാട്ടിൽ മൃഗങ്ങളേയും ഒരേമാതിരി കണക്കാക്കുന്നു. അതു സ്മൃതി അനുശാസിക്കുന്ന ധർമ്മവുമാണ്. നീ മോഹത്താൽ എന്നെ നിന്ദിക്കുകയാണ് വിവരക്കേടുപറയരുത്. നീ പറഞ്ഞതു ശരിയല്ല. മൃഗങ്ങളെ നേരിട്ടുനിന്നോ ഒളിച്ചുനിന്നോ വധിക്കാം. അതിൽ തെറ്റില്ല. രാജധർമ്മമാണത്. നീ പണ്ഡിതമാന്യനായി രാജനീതിയെ ഗർഹിക്കയാണ്! രാജാക്കന്മാർ മാത്രമല്ല, വിപ്രരും സർവ്വദേവപ്രീതിക്കുവേണ്ടി ചെയ്യുന്ന കർമ്മങ്ങളിൽ വന്യമൃഗങ്ങളെ ഹിംസിച്ചു തർപ്പിക്കാറുണ്ട്. അഗസ്ത്യമഹർഷി പോലും അങ്ങനെ ചെയ്തിട്ടുണ്ട്. വേദാനുശാസിതമായ കർമ്മം അനുഷ്ഠിച്ചു വാഴുന്ന എന്നെ നിന്ദിക്കുവാൻ നിനക്ക് എന്തവകാശം? അഗസ്ത്യമഹർഷി ശത്രുധ്വംസകമായ അത്യുത്കൃഷ്ടകർമ്മം ചെയ്തുകൊണ്ടിരിക്കുന്നതിന്നിടയിൽ, അവിടെനിന്നെഴുന്നേറ്റു മൃഗങ്ങളെ വധിച്ച് അവയുടെ കൊഴുപ്പെടുത്തു ഹോമം നടത്തിയ വൃത്താന്തം കേട്ടിട്ടില്ലേ? ഞാനോ രാജാവാണ്! ചെയ്തതു രാജധർമ്മവും."

മൃഗം പറഞ്ഞു: "ശത്രുക്കളിൽത്തന്നെയായാലും മനുഷ്യർ തഞ്ചവും തരവും നോക്കാതെ ശരം വെറുതെ പ്രയോഗിക്കാറുണ്ടോ? വധിക്കേണ്ട സന്ദർഭത്തിൽ ചെയ്യുന്ന വധമേ ശ്രേഷ്ഠമാവുകയുള്ളു."

പാണ്ഡു പറഞ്ഞു: "മൃഗം വെകിളിപിടിച്ച് ഓടുമ്പോഴും, മെക്കിട്ടുകേറുമ്പോഴും, അല്ലെങ്കിൽ പതുക്കെപ്പോകുമ്പോഴും, ഏതു സമയത്തായാലും വീരന്മാർ കൗശലപ്രയോഗത്താൽ തെറ്റും ശരിയും നോക്കാതെ കൊല്ലാറുണ്ട്. എന്തിനാണ് നീ എന്നെ നിന്ദിച്ച് ഇങ്ങനെ പുലമ്പുന്നത്?"

മൃഗം പറഞ്ഞു: "നീ എന്നെ അമ്പെയ്തു എന്നതുകൊണ്ട് നീ മൃഗങ്ങളെ ഹനിക്കുന്നതു തെറ്റാണെന്നു സമർത്ഥിക്കുകയല്ല. ഞാൻ കാമാസക്തനായി മൈഥുനത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ആ സന്ദർഭത്തെ നീ കരുണയോടെ വീക്ഷിച്ചില്ലല്ലോ! കാമക്രീഡ എല്ലാ ജീവജാലത്തിന്നും ഹിതമാണ്. രസകാരണമാണ്. സർവ്വജീവികളും അതിനെ ആഗ്രഹിക്കുന്നു. അങ്ങനെ ആമുഷ്മികവും, ഐഹികവും, മാനസികവും, ശാരീരികവുമായ സുഖത്തിന്നു ഹേതുവായ ആ ക്രീഡയെ, ആർക്കും ലജ്ജ ജനിപ്പിക്കാത്ത കാട്ടിൽവെച്ച്, യഥേഷ്ടം നടത്തിക്കൊണ്ടിരുന്ന ഒരു ശാന്തജീവിയെ, ലോകഗതിയെക്കുറിച്ച് അറിവുള്ളവരാരെങ്കിലും വധിക്കുമോ? അല്ലയോ രാജാവേ, ഞാൻ ഈ മൃഗിയിൽ സംഭോഗം ചെയ്തിരുന്നത് പുരുഷന്മാർ ആശിക്കുന്ന പുരുഷാർത്ഥം, സന്താനലാഭം ഉദ്ദേശിച്ചായിരുന്നു. ഹർഷത്തോടെ ഞാൻ അതിൽ നിരതനായിരിക്കുമ്പോൾ നീ എന്റെ പരമമായ ആഗ്രഹത്തെ നിഷ്ഫലമാക്കി. കുരുവംശത്തിൽ പിറന്ന മഹാനായ രാജാവേ, ആർക്കും ക്ലേശമുണ്ടാക്കാതെ ജീവിച്ചുപോന്ന മഹാത്മാക്കളുടെ കുലത്തിൽ ജനിച്ച ഭവാന് ഇത് ഒരിക്കലും ചേർന്നതായില്ല. സർവ്വലോകവിഗർഹിതമായ മഹാക്രൂരമായ കർമ്മം, അസ്വർഗ്ഗ്യമായ കർമ്മം, അയശസ്യമായ കർമ്മം, അധർമ്മമായ കർമ്മം നീ ചെയ്തു! സ്ത്രീഭോഗത്തിന്റെ വിശേഷം അറിയാ

digitized by www.sreyas.in

വുന്ന ശാസ്ത്രധർമ്മാർത്ഥവേദിയാണല്ലോ ഭവാൻ! സുരസന്നിഭനായ ഭവാൻ അസ്വർഗ്ഗ്യമായ ഈ കർമ്മം ചെയ്തത് ഉചിതമായില്ല! നൃശംസക്രിയ ചെയ്യുന്നവരേയും പാപചാരികളേയും ത്രിവർഗ്ഗം നോക്കാത്തവരേയും, ശിക്ഷിക്കുന്ന രാജാവല്ലേ നീ? മാനിന്റെ രൂപമെടുത്തു നില്ക്കുന്ന എന്നെ, ഫലമൂലങ്ങൾ മാത്രം അശിച്ചു ജീവിക്കുന്ന ഒരു മഹർഷിയെ, കുറ്റംകൂടാതെ കൊന്നുകളഞ്ഞാൽ നിനക്കെന്തു കിട്ടും? അരണ്യവാസിയായി, ശാന്തിപരനായി ജീവിക്കുന്ന എന്നെ നീ വധിക്കുകകാരണം നിന്നെ ഇതാ, ഞാൻ ശപിക്കുന്നു. ഇണചേരുന്ന സമയത്ത് ഈ കഷ്ടം ചെയ്ത നീ, കാമാസക്തനായി ഇണചേരുന്ന സമയത്ത്, നിന്റെ ജീവൻ അവസാനിക്കട്ടെ. ഞാൻ 'കിന്ദമൻ' എന്നുപേരായ തപസ്സിദ്ധിയുള്ള ഒരു മുനിയാണ്. മനുഷ്യരിൽ ത്രപകാരണം മൃഗിയിൽ മൈഥുനം ചെയ്യുകയായിരുന്നു. ഞാൻ മാനായി മാൻകൂട്ടത്തോടൊത്തു സഞ്ചരിക്കുകയാണ് ഈ കാട്ടിൽ. അറിയാതെ ചെയ്ത പാപമായതുകൊണ്ട് ബ്രഹ്മഹത്യാപാപം നിനക്ക് ഏല്ക്കുകയില്ല. മൃഗരൂപം പൂണ്ടു കാമിയായി നില്ക്കുന്ന എന്നെ വധിക്കുകയാൽ ഇപ്രകാരം തന്നെ ഹേ മൂഢാ! നീയും മരിക്കും. കാമമോഹിതനായി നീ നിന്റെ ഭാര്യയോടൊത്തു മൈഥുനം ചെയ്യുന്ന സമയത്ത്, ആനന്ദാനുഭവത്തിലെത്തുന്ന സമയത്ത് നീ പ്രേതലോകത്തിലെത്തും! അന്ത്യകാലത്ത് ഏതു കാന്തയോടൊത്താണു നീ സംഭോഗം ചെയ്യുന്നത് അവളുമൊത്ത് നീ പ്രേതലോകത്തിലെത്തും! ഭക്തിയോടെ അവളും നിന്റെകൂടെ മരിക്കും. സുഖത്തിൽ വാഴുന്ന ഞാൻ ഇപ്രകാരം ദുഃഖത്തിൽപ്പെട്ടു. അതുപോലെ നീയും സുഖത്തിൽ വാഴുമ്പോൾ ഇങ്ങനെ ദുഃഖത്തിൽപ്പെട്ടുപോകും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞു ദുഃഖിക്കെ ആ മൃഗം മൃതനായി. പെട്ടെന്ന് ഈ ദുഃഖം കണ്ടു പാണ്ഡുവും വല്ലാതെ ഹൃദയം തകർന്നു വിലപിച്ചു."

119. പാണ്ഡുചരിതം - പാണ്ഡുവിന്റെ വാനപ്രസ്ഥാശ്രമപ്രവേശം - വൈശമ്പായനൻ പറഞ്ഞു: "ശരം കൊണ്ടു മരിച്ച മഹർഷിയെക്കണ്ട് പാണ്ഡു ദുഃഖത്തിലാണ്ടുപോയി. സ്വന്തം ബന്ധുവിന്റെ മരണംകൊണ്ടുണ്ടായതുപോലെയുള്ള ദുഃഖത്തോടുകൂടി മഹർഷിയെ വിട്ടുപോന്ന്, ഭാര്യമാരോടുകൂടെയിരുന്ന്, പാണ്ഡു വിഷാദിച്ചു."

പാണ്ഡു പറഞ്ഞു: "നല്ല കുലത്തിൽ പിറന്നവർകൂടി അകൃതാത്മാക്കളായി ദുഷ്കർമ്മം ചെയ്തു ദുർഗ്ഗതി പ്രാപിക്കുന്നു! ഹാ കഷ്ടം! കാമമോഹിതരുടെ സ്ഥിതി ഇതാണ്! നല്ല ധർമ്മിഷ്ഠന്റെ പുത്രനായി ജനിച്ച എന്റെ അച്ഛൻ കാമാത്മാവായി ബാല്യത്തിൽത്തന്നെ മരിച്ചുപോയെന്നു ഞാൻ കേട്ടറിയുന്നുണ്ട്. കാമാത്മാവായ ആ നൃപന്റെ ക്ഷേത്രത്തിൽ സത്യവാനായ സാക്ഷാൽ കൃഷ്ണദ്വൈപായനമുനി എന്നെ ജനിപ്പിച്ചു. ആ എനിക്ക് വ്യസനനിഷ്ഠയിൽ ചീത്തബുദ്ധി തോന്നി. ദൈവദോഷത്താൽ ഇങ്ങനെ ഒരു നായാട്ടിന്നുപോയതുകൊണ്ട് ഇതു സംഭവിച്ചു! ഞാൻ മോക്ഷത്തിനുവേണ്ട മാർഗ്ഗം നോക്കുകയാണ്. ലോകബന്ധം വേണ്ട. അതു വ്യസനഹേതുകമാണ്. പിതാവെടുത്തതായ ആ ജീവിതവൃത്തി ഞാനും എടുക്കുകയാണ്. ആത്മാവിനെ ഘോരമായ് തപസ്സോടു ഞാൻ ചേർക്കുകയാണ് ഇനി നല്ലത്. അതുകൊണ്ട് ഞാൻ ഒറ്റയ്ക്കു മുണ്ഡിതനായി ഓരോ മരച്ചുവട്ടിൽ ഇരുന്നു ഭിക്ഷാന്നം കഴിച്ച്, ആശ്രമങ്ങളിൽ ചുറ്റുവാൻ നിശ്ചയിക്കുന്നു. പൊടിയേറ്റും, ശൂന്യമായ കുടിലിൽ കിടന്നും, മരച്ചുവട്ടിൽ പാർത്തും, പ്രിയാപ്രിയവിഹീനനായി, ശോകഹർഷങ്ങൾ വിട്ട്, നിന്ദയിലും സ്തുതിയിലും സമമായ മനസ്സോടെ, ആശിസ്സും സ്തോത്രവുമൊക്കെ കൈവിട്ട് നിർദ്വന്ദ്വനും നിഷ്പരിഗ്രഹനുമായി ആരെയും നിന്ദിക്കാതെ, ആരിലും പുരികം ചുളിക്കാതെ, നിത്യവും പ്രസന്നമുഖനായി, എല്ലാവർക്കും ഹിതകാരിയായി, നാലുതരം ചരാചരങ്ങളേയും അല്പവും ഹിംസിക്കാതെ, സ്വപ്രജകളെപ്പോലെ സർവ്വജീവികളേയും കരുതി, ഓരോ നേരത്തെ അന്നത്തിന്നു പത്തു ഗൃഹങ്ങൾ തേടി ഭുജിച്ച്, ഭിക്ഷ കിട്ടിയില്ലെങ്കിൽ അന്ന് അന്നഭക്ഷണം ഉപേക്ഷിച്ച്, അല്പാല്പം ഭക്ഷിച്ച്, പിന്നെ മുമ്പത്തെപ്പോലെ ഒത്തില്ലെങ്കിൽ വീണ്ടും ഏഴു ഗൃഹം കൂടി തേടി ഭിക്ഷ വാങ്ങി ഭക്ഷിച്ച്, ലാഭാലാഭങ്ങളിൽ തുല്യഭാവനായി വ്രതമെടുത്ത്, കോലുകൊണ്ടു കൈയിൽ അടിച്ചാലും, ചന്ദനം പൂശിയാലും ആ ചെയ്യുന്ന രണ്ടുപേരോടും തിന്മനന്മകൾ കരുതാതെ ജീവിക്കുവാനും, മരിക്കുവാനും, ഒന്നും ചിന്തിക്കാതെ ജീവിതത്തിലും മൃതിയിലും-ഈ രണ്ടിലും-പ്രീതിയോ ദ്വേഷമോ ഇല്ലാതെ, കാലനിർണ്ണയമുള്ള കാലം ഉള്ളവർക്കു സാദ്ധ്യമായിട്ടുള്ള അഭ്യുദയകർമ്മത്തെയെല്ലാം ത്യജിച്ച്, അനിത്യങ്ങളായ അവറ്റിൽ ഇന്ദ്രിയക്രിയവിട്ട്, ധർമ്മാർത്ഥങ്ങളേയും വിട്ട് കല്മഷം തീർന്ന് ശുദ്ധാത്മാവായി സർവ്വപാപങ്ങളും തീർത്ത്, സർവ്വബന്ധവും അറുത്ത്, ഒന്നിനും പാട്ടിലാകാതെ, തന്നെത്താൻ വായുപോലെയായി. ഈ സ്ഥിതിക്ക് ഒത്ത ധൃതിമാനായി, ഭീതി വിട്ട മാർഗ്ഗത്തിൽ ഞാൻ ദേഹം ത്യജിക്കും. വീര്യംകെട്ടു വിഷാദപ്പെട്ട് വിവേകശൂന്യമായ മാർഗ്ഗം ഇനി ഞാൻ സ്വീകരിക്കുകയില്ല. മാനാവമാനങ്ങളേറ്റ് അന്യനോടു ദീനനായി, കാമത്താൽ വൃത്തി യാചിക്കുന്നവൻ ശ്വാവിന്നു തുല്യനാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് രാജാവ് നെടുവീർപ്പിട്ട്, കുന്തിയേയും മാദ്രിയേയും നോക്കി, വീണ്ടും ഇങ്ങനെ ഓരോന്നു പറഞ്ഞു."

പാണ്ഡു പറഞ്ഞു: "കൗസല്യ, വിദുരൻ, സത്യവതി, ഭീഷ്മൻ, രാജപുരോഹിതന്മാർ, ബ്രാഹ്മണശ്രേഷ്ഠർ, യജ്വാക്കൾ, സംശിതവ്രതർ, പൗരമുഖ്യർ, നമുക്ക് ഉറ്റവരായ മറ്റുള്ളവർ ഇവരോടെല്ലാം പാണ്ഡു കാട്ടിലേക്കു പോകുവാൻ തീരുമാനിച്ച വർത്തമാനം സസന്തോഷം അറിയിക്കുക."

വൈശമ്പായനൻ പറഞ്ഞു: "വനവാസത്തിന്നു തീർച്ചയാക്കിയ ഭർത്താവിന്റെ ഈ മൊഴികേട്ട് കുന്തിയും മാദ്രിയും വ്യഥയോടെ പറഞ്ഞു."

കുന്തിയും മാദ്രിയും പറഞ്ഞു: "ഹേ, ഭരതർഷഭാ! മുഖ്യാശ്രമങ്ങൾ വേറെയില്ലേ സ്വീകരിക്കുവാൻ? ധർമ്മപത്നികളായ ഞങ്ങളോടുകൂടിത്തന്നെ തപസ്സുചെയ്തു വസിക്കുവാനുള്ള മാർഗ്ഗമില്ലേ? സ്വർഗ്ഗ്യമായ ഫലം ചിന്തിച്ച് ദേഹത്യാഗം ചെയ്താൽ ഭവാൻ തന്നെ സ്വർഗ്ഗത്തിന്നും നാഥനായിത്തീരും. അതിന്നു സംശയമില്ല. ഇന്ദ്രിയമാകുന്ന ഗ്രാമത്തേയും ജയിച്ച്, ഭർത്തൃലോകപ്രാപ്തിയോർത്ത് കാമസൗഖ്യം കൈവെടിഞ്ഞ് ഞങ്ങളും ഭവാനോടൊപ്പം തപിച്ചുകൊള്ളാം! അങ്ങു ബുദ്ധിമാനല്ലേ? ഭവാൻ ഈ ഞങ്ങളെ ത്യജിക്കുകയാണെങ്കിൽ ഈ ക്ഷണത്തിൽത്തന്നെ ഞങ്ങൾ ജീവൻ ത്യജിക്കും! അതിൽ യാതൊരു സംശയവുമില്ല."

പാണ്ഡു പറഞ്ഞു: "ഇപ്രകാരം നിങ്ങൾ ഈ ധർമ്മകർമ്മത്തിന്ന് ഒത്തൊരുങ്ങുകയാണെങ്കിൽ തീർച്ചയായും സ്വയം ഞാൻ അച്ഛന്റെ തപോവൃത്തിതന്നെ സ്വീകരിക്കും. ഗ്രാമ്യസൗഖ്യാശനം വിട്ടു വൻതപസ്സിൽ തപിച്ച് വല്ക്കലം ചുറ്റി, ഫലമൂലങ്ങൾ ഭക്ഷിച്ച്, കാട്ടിൽ വാണുകൊള്ളാം. രണ്ടു സന്ധ്യയ്ക്കും ശരിക്ക് അഗ്നിഹോത്രം ചെയ്തു മെലിഞ്ഞ്, അല്പാശിയായി, ചീരജടാചർമ്മങ്ങൾ വഹിച്ച് മഞ്ഞും കാറ്റും വെയിലും ഏറ്റ്, ദാഹവും വിശപ്പും പൊറുത്ത്, ദുസ്സാദ്ധ്യമായ തപസ്സുകൊണ്ടു ശരീരം ശുഷ്കമാക്കി, ഏകാന്തശീലനായി, പക്വാപക്വാന്നവൃത്തിയായി പിതൃക്കൾക്കും ദേവന്മാർക്കും കാട്ടിൽവെച്ച് വാഗംബുതർപ്പണം ചെയ്ത്, കുലസ്ഥവാനപ്രസ്ഥർക്കുപോലും കാണാൻ അവസരം കൊടുക്കാതെ, അപ്രിയം ചെയ്യാതെ, ആരണ്യശാസ്ത്രംപോലെ ഉഗ്രവും അത്യുഗ്രവുമായ വിധിക്രമം അനുഷ്ഠിച്ച് ഞാൻ വസിക്കും. അങ്ങനെ ശരീരനാശം വരുന്നതുവരെ ജീവിക്കും! നാട്ടുകാർക്കാർക്കും യാതൊരു ദോഷവും ചെയ്യുകയില്ലെന്നു പറയേണ്ടതില്ലല്ലോ."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ ഭാര്യമാരോടു പറഞ്ഞ് പാണ്ഡു ചൂഡാമണി, പതക്കം, തോൾവള, മണികുണ്ഡലം, വിലയേറിയ വസ്ത്രങ്ങൾ എന്നിവയും ഭാര്യമാരുടെ അല

digitized by www.sreyas.in

ങ്കാരങ്ങളും എല്ലാം വിപ്രന്മാർക്കു ദാനം ചെയ്തു വീണ്ടും പറഞ്ഞു."

പാണ്ഡു പറഞ്ഞു: "ഹസ്തിനാപുരിയിൽച്ചെന്ന് പാണ്ഡു കാട്ടിൽപ്പോയി വാനപ്രസ്ഥം സ്വീകരിച്ചു എന്ന് വിപ്രന്മാരേ, നിങ്ങൾ പറയുവിൻ. അർത്ഥം, കാമം, സുഖം എന്നിവ ചേർന്ന രതിയെ വിട്ട് ഭാര്യമാരോടുകൂടി കാടുകയറി എന്ന് നഗരവാസികളെയൊക്കെ അറിയിക്കുവിൻ."

വൈശമ്പായനൻ പറഞ്ഞു: "രാജാവിന്നു തുണയായി ഉണ്ടായിരുന്ന ഭൃത്യഗണമൊക്കെ ആ ഭാരതരാജാവിന്റെ കരുണാപൂർണ്ണമായ വാക്കുകേട്ട് സങ്കടപ്പെട്ട് ഉച്ചത്തിൽ നിലവിളിച്ച് ആർത്തനാദം കൂട്ടി, നെടുവീർപ്പിട്ട് അവർ ഉടനെ രാജാവിനെ വിട്ടു. അദ്ദേഹത്തിന്റെ ധനമെല്ലാംകൊണ്ട് അവർ ഹസ്തിനാപുരിയിലെത്തി. രാജാലയത്തിൽച്ചെന്ന രാജാവിന്റെ ആ ധനം, വിവരങ്ങളൊക്കെപ്പറഞ്ഞ്, അവർ അർപ്പിച്ചു. രാജാവ് കാടുകേറിയ വർത്തമാനം അറിഞ്ഞ് എല്ലാവരും ദുഃഖിച്ചു. ധൃതരാഷ്ട്രരാജാവ് പാണ്ഡുവിനെപ്പറ്റി ഓർത്ത് അപാരമായ ദുഃഖത്തിലാണ്ടു. ശയ്യാസനോപഭോഗങ്ങളിൽ ലേശവും പ്രീതി നേടിയില്ല. ഭ്രാതാവിനെപ്പറ്റിത്തന്നെ ചിന്തിച്ചു വിശപ്പും ദാഹവും വെടിഞ്ഞ് ധൃതരാഷ്ട്രൻ ഇരുന്നു.

രാജപുത്രനായ പാണ്ഡുരാജാവ് ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ച്, ഭാര്യമാരോടുകൂടി നാഗശതാദ്രിയിൽ ചെന്നെത്തി. അദ്ദേഹം പിന്നെ ചൈത്രരഥത്തിലെത്തി കാളകൂടം കടന്ന്, ഹിമാലയം കയറി, ഗന്ധമാദനത്തിൽ ചെന്നെത്തി. മഹാഭൂതങ്ങളോടുകൂടി സിദ്ധമഹാമുനികളുടെ രക്ഷയിൽ അവർ അവിടെ സമനിരപ്പില്ലാത്ത ദുർഘടസ്ഥാനങ്ങളിൽപ്പാർത്തു. പിന്നെ ഇന്ദ്രദ്യുമ്നസരസ്സിലെത്തി, ഹംസകൂടം കടന്ന്, ശതശൃംഗത്തിൽ തപസ്സുചെയ്ത് അവിടെക്കൂടി."

120. പാണ്ഡുപൃഥാസംവാദം – വൈശമ്പായനൻ പറഞ്ഞു: "അവിടെ ശ്രേഷ്ഠമായ വിധം തപസ്സുചെയ്തു വാണ പാണ്ഡു സിദ്ധചാരണന്മാർക്കു പ്രിയദർശനനായി, ശുശ്രൂഷുവായി ഡംഭുകൂടാതെ യതാത്മാവായി, ജിതേന്ദ്രിയനായി, സ്വവീര്യംകൊണ്ട് സ്വർഗ്ഗം നേടുവാൻ നോക്കി; ചിലർക്ക് അവൻ സഹോദരനായി. ചിലർക്ക് അവൻ ഇഷ്ടനായി. ചിലർ അവനെ പുത്രനെപ്പോലെ സ്നേഹിച്ചു. ഏറെക്കാലംകൊണ്ട് അവൻ നിഷ്കന്മഷമായ തപസ്സുനേടി. പാണ്ഡു ബ്രഹ്മർഷിസമനായിത്തീർന്നു. ഒരു വെളുത്തവാവിൻനാൾ സംശിതവ്രതരായ ഋഷിമാർ ബ്രഹ്മാവിനെ കാണുവാൻ പുറപ്പെട്ടു. മുനീന്ദ്രന്മാർ പോകുന്നതുകണ്ട് പാണ്ഡു ചോദിച്ചു."

പാണ്ഡു പറഞ്ഞു: "മുനിമുഖ്യന്മാരേ, നിങ്ങൾ എങ്ങോട്ടു പോകുന്നു എന്നറിയുവാൻ ഞാനാഗ്രഹിക്കുന്നു. പറഞ്ഞാലും!"

ഋഷികൾ പറഞ്ഞു: "ഇന്നു ബ്രഹ്മലോകത്ത് ഒരു മഹായോഗം നടക്കുന്നുണ്ട്. അതിൽ ദേവർഷികളും പിതൃമുഖ്യന്മാരുമൊക്കെ സമ്മേളിക്കും. ഞങ്ങൾ അങ്ങോട്ടു പോവുകയാണ്. ബ്രഹ്മാവിനെ കണ്ടു പോരാമല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് പാണ്ഡു മുനിമാരോടുകൂടി പോകുവാൻ എഴുന്നേറ്റു. ശതശൃംഗത്തിൽനിന്നു വടക്കോട്ടു നോക്കി സ്വർഗ്ഗം കടക്കുവാനായിരുന്നു അവരുടെ യാത്ര. പത്നിമാരോടുകൂടി പോകുവാൻ തീർച്ചയാക്കി പുറപ്പെട്ടപ്പോൾ കുന്നിൽനിന്നു മേല്പോട്ടായി വടക്കോട്ട് ഉയർന്നുപോകുന്ന മഹർഷിമാർ പാണ്ഡുവിനോടു പറഞ്ഞു."

മഹർഷിമാർ പറഞ്ഞു: "നാനാവിമാനബഹുലവും, ഗീതനാദമനോജ്ഞവും, ദേവന്മാരും, ഗന്ധർവ്വന്മാരും, അപ്സരസ്ത്രീകളും വിഹരിക്കുന്നതുമായ കുബേരന്റെ ഉദ്യാനഭാഗങ്ങളും, സമവും വിഷമവുമായ നദീതീരങ്ങളും, ഗിരിദുർഗ്ഗങ്ങളും അവിടെയുണ്ട്. മഞ്ഞുനിറഞ്ഞു കിടക്കുന്നതും മൃഗപക്ഷികളില്ലാത്തതുമായ ദുരാസദമായ ഗുഹകളും ഉണ്ട്. അവിടെ പക്ഷികൾ പോലും കടക്കാത്ത ചില ഗുഹകളും ഉണ്ട്. മൃഗങ്ങളുടെ കഥ പറയുവാനില്ല. കാറ്റുമാത്രം അവിടെ സഞ്ചരിക്കുന്നു. സിദ്ധന്മാരായ മുനിമാർക്ക് അവിടെ സഞ്ചരിക്കുവാൻ കഴിയും. ഇങ്ങനെയുള്ള മഹാഗിരിയിൽ എങ്ങനെ രാജപുത്രികൾ സഞ്ചരിക്കും? ഇവർ വളരെ കുഴങ്ങിപ്പോകും. ഹേ, ഭരതർഷഭാ! അതുകൊണ്ട് ഭവാൻ അവരെ കുഴക്കേണ്ടാ."

പാണ്ഡു പറഞ്ഞു: "ഹേ, പൂജ്യരേ, സന്താനമില്ലാത്തവർക്ക് സ്വർഗ്ഗത്തിലെത്താൻ വഴിയില്ല. അതോർത്തു ഞാൻ ദുഃഖിച്ചു നിങ്ങളോടു പറയുന്നു, പിതൃമാകുന്ന കടം തീർക്കുവാൻ എന്താണു മാർഗ്ഗം? എന്റെ ദേഹം വീഴുന്നതോടുകൂടി പിതൃക്കൾക്കും പതനംതന്നെ! അതു തീർച്ചയാണ്. നാലുതരം കടത്തോടുകൂടിയാണ് മനുഷ്യർ ഭൂമിയിൽ പിറക്കുന്നത്. പിതൃക്കൾക്കും, ദേവകൾക്കും, ഋഷികൾക്കും, മർത്ത്യർക്കുമാണ് നാം വീട്ടേണ്ടതായ ആ കടം. ഈ ഋണത്തെപ്പറ്റിയും അവ വീട്ടേണ്ട കാലത്തെപ്പറ്റിയും അറിയാത്തവനാരോ അവന് പുണ്യലോകങ്ങൾ ലഭിക്കുന്നതല്ലെന്നാണ് ധർമ്മജ്ഞന്മാർ പറയുന്നത്. വാനവരിലുള്ള കടം യജ്ഞംകൊണ്ടും, മുനീന്ദ്രന്മാരിലുള്ള കടം സ്വാദ്ധ്യായത്താലും, പിതൃക്കളിലുള്ള കടം സുതശ്രാദ്ധാദികൾ കൊണ്ടും, മനുഷ്യരിലുള്ള കടം ദയാദാക്ഷിണ്യങ്ങൾകൊണ്ടും വീട്ടേണ്ടതാണ്. ഋഷിമാർക്കും, ദേവന്മാർക്കും, മനുഷ്യർക്കുമുള്ള കടം ഞാൻ ധർമ്മത്താൽ വീട്ടിക്കഴിഞ്ഞു. പിതൃക്കൾക്കുള്ള കടം മാത്രം വീട്ടിയിട്ടില്ല. മുനീന്ദ്രന്മാരേ! നരോത്തമന്മാർ ജനിക്കുന്നത് ഇതിനു യോഗ്യരായ പ്രജകൾക്കുവേണ്ടിയാണല്ലോ. ഞാൻ എന്റെ പിതൃക്ഷേത്രത്തിൽ മുനിയാൽ ജാതനായവിധം എങ്ങനെ എന്റെ ക്ഷേത്രത്തിൽ പ്രജ ജനിക്കും?"

ഋഷിമാർ പറഞ്ഞു: "ഹേ, ധർമ്മജ്ഞാ! ഞങ്ങൾ ദിവ്യചക്ഷുസ്സുകൊണ്ട് എല്ലാം കണ്ടിരിക്കുന്നു. ദേവതുല്യനായ സത്പുത്രൻ ഭവാനു സിദ്ധിക്കും! ദേവന്മാരുടെ ഉദ്ദേശ്യം അതാണ്. ദേവന്മാരാൽ ഉദ്ദേശിക്കപ്പെട്ട അത് ഭവാൻ കർമ്മത്താൽ സാധിച്ചാലും. ബുദ്ധിമാനായ നരൻ അക്ലിഷ്ടമായ ഫലം നേടും. ആ ഫലം ഞങ്ങൾ കണ്ടിരിക്കുന്നു. അതിന്നുവേണ്ടിയുള്ള പ്രയത്നം ഭവാൻ ചെയ്താലും. ഗുണമേറുന്ന സന്താനങ്ങളെ നേടി ഭവാൻ നന്ദിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മുനിമാർ പറഞ്ഞതുകേട്ട് പാണ്ഡു ചിന്തയിൽ മുഴുകി. തനിക്കു മുനിയുടെ ശാപം മൂലം ക്രിയാനാശം സംഭവിച്ചിരിക്കയാണല്ലോ. രാജാവ് വിജനമായ സ്ഥലത്തുവെച്ച് ധർമ്മപത്നിയായ കുന്തിയോടു പറഞ്ഞു."

പാണ്ഡു പറഞ്ഞു: "ഹേ, കുന്തീ! ഈ ആപൽസന്ധിയിൽ നീ പുത്രോത്പാദനം സാദ്ധ്യമാക്കുക. നീ ഒരു പുത്രനെ പ്രസവിക്കണം. അപത്യം എന്നത് ലോകപ്രതിഷ്ഠാധർമ്മത്തിനു മാർഗ്ഗമാണ്. അങ്ങനെയാണ് ധർമ്മവാദികളായ ധീരാത്മാക്കൾ പറയുന്നത്. യജ്ഞം, ദാനം, തപസ്സ്, നിയമം എന്നിവയൊന്നും പുത്രനില്ലാത്തവനെ ശുദ്ധിവരുത്തുവാൻ മതിയാകയില്ല. അല്ലയോ, ശുചിസ്മിതേ! ഞാൻ ഈ തത്ത്വം മനസ്സിലാക്കിയിരിക്കുന്നു. ഞാൻ വിചാരിക്കുകയാണ്, അനപത്യൻ ശുഭസ്ഥാനം പ്രാപിക്കയില്ലല്ലോ. ഈ ചിന്തയാണ് എന്നെ പീഡിപ്പിക്കുന്നത്. ദുഷ്ടനായ എനിക്ക് മൃഗശാപം മൂലം സന്തതി നഷ്ടമായിപ്പോയി. അല്ലയോ, ഭീരു! ഞാൻ നൃശംസംചെയ്തു പാപിയായി. പുത്രന്മാർ ബന്ധുദായാദരായി ആറുവിധത്തിലുണ്ട്; അബന്ധുദായാദരായി വേറെയും ആറുവിധത്തിലുണ്ട്. ഹേ, കുന്തീ! നീ അതു കേൾക്കുക. സ്വന്തം ഭാര്യയിൽ അവനവനു ജനിച്ചവൻ. സ്വന്തം ഭാര്യയിൽ യോഗ്യനായ മറ്റൊരുത്തൻ ദയയോടെ ജനിപ്പിച്ചവൻ, സ്വന്തം ഭാര്യയിൽ പ്രതിഫലം സ്വീകരിച്ച് അന്യനാൽ ജനിപ്പിക്കപ്പെട്ടവൻ; ഭർത്താവിന്റെ മരണത്തിനുശേഷം ഭാര്യയിൽ അന്യനാൽ ജനിപ്പിക്കപ്പെട്ടവൻ, കന്യാപുത്രൻ, വേശ്യാവൃത്തി സ്വീകരിച്ച സ്ത്രീയിൽ ജനിച്ചവൻ ഇവരാണ് ആറുതരം ബന്ധു-ദായാദപുത്രന്മാർ. ദത്തുകൊടുക്കപ്പെട്ടവൻ, വിലകൊടുത്തു വാങ്ങിച്ചവൻ, അപഹരിച്ച് വളർത്തിയവൻ, വിവാഹംകഴിക്കുമ്പോൾ ത്തന്നെ ഗർഭിണിയായിരുന്ന സ്ത്രീയിൽ ജനിച്ചവൻ, ബന്ധുപുത്രൻ, സ്വന്തം ഭാര്യയിൽ ഹീനജാതിയിൽപ്പെട്ട ഒരു അന്യൻ ജനിപ്പിച്ചവൻ. ഈ ആറുതരം പുത്രന്മാർ അബന്ധുദായാദരാണ്.

digitized by www.sreyas.in

'സ്വയംജാതൻ, ജനിപ്പിച്ചവൻ, വിലയ്ക്കു വാങ്ങിയവൻ, പുനർഭൂസുതൻ, കാനീനൻ, സ്വൈരിണീജാതനായ സുതൻ, ദത്തൻ, കൃത്രിമൻ, കൈയിൽ വന്നുചേർന്നവൻ, സഹോഢൻ, ജ്ഞാതിതനയൻ, ഹീനയോനിജൻ, ആത്മജൻ' ഇങ്ങനെയുള്ള പുത്രന്മാരില്ലെങ്കിൽ മറ്റുവിധത്തിൽ പുത്രനെ നേടണം. ആപൽക്കാലത്ത് ഭർത്തൃസഹോദരൻവഴി പുത്രനെ കാംക്ഷിക്കണം. ധർമ്മസിദ്ധിക്കുവേണ്ടി മുഖ്യമായ സന്താനത്തെ മാനവൻ നേടേണ്ടതാണ്. പിതൃവംശത്തിൽനിന്നും പുത്രനെ നേടണമെന്നാണ് മനു പറയുന്നത്. അതുകൊണ്ട് സ്വപ്രജാഹീനനായ ഞാൻ പുത്രനെ നേടുവാൻ നിന്നെ ഏല്പിക്കുന്നു. സമന്മാരിൽനിന്നോ ഉത്തമന്മാരിൽനിന്നോ നീ സന്താനത്തെ നേടുക! ഹേ, ഭീരു! നീ ഭയപ്പെടേണ്ട. ഹേ, കുന്തീ! നീ മടിക്കേണ്ടതില്ല. ആപത്തിൽ അങ്ങനെയാകാമെന്നാണ് മനു വിധിക്കുന്നത്. 'ശാരദണ്ഡായനിയുടെ കഥ ഹേ, കുന്തീ, നീ കേൾക്കുക. ആ വീരപത്നി ഭർത്താവിന്റെ കല്പനപ്രകാരം ഋതുസ്നാനത്തിന്നുശേഷം ഒരു രാത്രി ഒരു വഴിക്കുപോയി. ഒരു ദ്വിജേന്ദ്രനെ വരിച്ച് പുംസവനാഹുതി ചെയ്തു. ആ കർമ്മത്തെ അവസാനിപ്പിച്ചിട്ട് അവൾ അവനോടു കൂടെ പാർത്തു. അവനിൽനിന്നു 'ദുർജ്ജയൻ' മുതലായ മഹാവീരന്മാരായ മൂന്നു സന്താനങ്ങളെ നേടി. അപ്രകാരം ഹേ, സുഭഗേ! നീയും ഒരു ബ്രഹ്മർഷീന്ദ്രനിൽനിന്ന് ഉടനെതന്നെ എന്റെ കല്പനപ്രകാരം പുത്രന്നുവേണ്ടി പ്രയത്നിക്കുക."

121. വ്യുഷിതാശ്വോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാണ്ഡു പറഞ്ഞപ്പോൾ കുന്തി മന്നവവീരനും കുരുപ്രവരനുമായ തന്റെ ഭർത്താവിനോടു പറഞ്ഞു."

കുന്തി പറഞ്ഞു: "അല്ലയോ ധർമ്മജ്ഞാ! ഭവാൻ എന്നോട് ഇപ്രകാരം കല്പിക്കുന്നതു വലിയ കഷ്ടമാണ്. ഞാൻ ഭവാന്റെ ധർമ്മപത്നിയല്ലേ? ഭവാൻ വീര്യമുള്ള സന്താനങ്ങളെ എന്നിൽ ജനിപ്പിക്കുക. ഞാൻ അങ്ങയോടുകൂടി നിസ്സംശയമായും പരലോകം പൂകാം. ഭവാൻ എന്നിൽ അപത്യാർത്ഥമായി രതി ചെയ്യുക. അന്യനെ ഞാൻ മനസ്സുകൊണ്ടുകൂടി ചിന്തിക്കയില്ല. ഈ ലോകത്തിൽ ഭവാനേക്കാൾ മഹാന്മാരായ ആരുണ്ട്? മന്നവന്മാരുടെ കഥ പുരാണങ്ങളിൽ കാണുന്നുണ്ട്. അതിലൊന്നു ഞാൻ പറയാം. ഞാൻ കേട്ടതുപോലെ പറയുന്നത് ഭവാൻ കേട്ടാലും.

പണ്ട് 'വ്യുഷിതാശ്വൻ' എന്നു പേരായ ഒരു മഹാനായ രാജാവുണ്ടായിരുന്നു. പരമധർമ്മിഷ്ഠനായ ആ പൗരവരാജാവ് യജ്ഞം ചെയ്യുമ്പോൾ ഇന്ദ്രാദികളായ ദേവന്മാരും ദേവർഷിമാരും വന്നുചേർന്നു. വ്യുഷിതാശ്വന്റെ യജ്ഞത്തിൽവന്ന് സോമപാനംകൊണ്ട് അമരേന്ദ്രനും ദക്ഷിണാദ്രവിണംകൊണ്ട് വിപ്രന്മാരും അത്യധികം ആനന്ദിച്ചു. ബ്രഹ്മർഷികല്പന്മാരായ സുരന്മാരും അവിടെ സന്നിഹിതരായി. കർമ്മത്തിൽ രാജാവിനെ സഹായിച്ചു. അങ്ങനെ വ്യുഷിതാശ്വൻ മർത്ത്യരിൽവെച്ച് അധികം യോഗ്യനായിത്തീർന്നു. സർവ്വഭൂതങ്ങൾക്കും വേനലിൽ സൂര്യൻ എന്നവിധം സർവ്വ നൃപന്മാരേയും ആ രാജാവു പാട്ടിലാക്കി. നാലു ദിക്കിലുമുള്ള സകല രാജാക്കന്മാരേയും അശ്വമേധത്തിൽ ജയിച്ചു. പത്ത് ആനയുടെ ബലമുള്ള ശരീരബലത്തോടുകൂടിയവനായി രാജാവു ശോഭിച്ചു. ഈ മന്നവനെക്കുറിച്ച് ഇന്നും ജനങ്ങൾ ഗാനങ്ങൾ പാടിവരുന്നു. കീർത്തിമാനായ വ്യുഷിതാശ്വൻ കീർത്തി വർദ്ധിച്ചു ശോഭിച്ചുകൊണ്ടിരിക്കെ ആഴി ചൂഴുന്ന ഈ ഊഴി എല്ലാം ജയിച്ചു. സർവ്വവർണ്ണങ്ങളെയും അച്ഛൻ മക്കളെയെന്നവിധം സംരക്ഷിച്ചു. മഹായജ്ഞങ്ങൾ ചെയ്ത് ബ്രാഹ്മണർക്കു ധനം നല്കി. മഹാക്രതുക്കൾ ചെയ്തു. ബഹുരത്നാഢ്യനായ ആ രാജാവ് പല പുണ്യകർമ്മങ്ങളും ചെയ്തു. പലതരം കിണറുകളും കുളങ്ങളും നിർമ്മിച്ചു.

അവന്റെ ഭാര്യയായ 'ഭദ്ര' കാക്ഷീവാന്റെ പുത്രിയായിരുന്നു. മംഗളശീലയും ഇഷ്ടപത്നിയുമായ അവളോടു തുല്യയായി വേറെ സുന്ദരിമാർ ഉണ്ടായിരുന്നില്ല. മനുഷ്യലോകത്ത് അഴകിൽ അവൾ മികച്ചവളായിരുന്നു. അവർ അന്യോന്യം കാമിച്ചു. അവളിൽ അത്യധികം കാമിയായി രാജാവ് ഭോഗലോലുപതയാൽ ക്ഷയരോഗബാധിതനായി. രാജയക്ഷ്മാവു ബാധിച്ച അവൻ സൂര്യനെപ്പോലെ അസ്തമിച്ചു. അവൻ മരിച്ചപ്പോൾ ഭാര്യ ദുഃഖിച്ചവശയായി. അവൾ അപുത്രിയായിരുന്നു. തന്മൂലം മഹാദുഃഖാഢ്യയായി അവൾ ഇങ്ങനെ കിടന്നു വിലപിച്ചു."

ഭദ്ര പറഞ്ഞു: 'ധർമ്മജ്ഞമൗലേ, ഭവാനെക്കൂടാതെ ഞാൻ ജീവിക്കുകയില്ല. വരൻ പോയാൽ നാരിക്കു മരണമാണു നല്ലത്. ഞാൻ ഭവാനോടൊപ്പം പോരുകയാണ്. എന്നെയും ഭവാൻ കൊണ്ടുപോകണേ! ഭവാൻ വേർപെട്ടാൽ ക്ഷണംപോലും ജീവിക്കുവാൻ ഞാൻ ആശിക്കുന്നില്ല. നാഥാ, പ്രസാദിക്കണേ, എന്നേയും കൊണ്ടുപോകണേ! ഞാനും ഭവാന്റെ പിന്നാലെ ഏതു സമത്തിലും വിഷമത്തിലും പിന്തുടരുന്നുണ്ട്. ഭവാനെ ശുശ്രൂഷിക്കുവാൻ ഞാനല്ലാതെ ആരുണ്ട്? ഹേ, നരവ്യാഘ്രാ! ഭവാനെ നിഴൽപോലെ ഞാൻ പിന്തുടർന്ന് ഭവാന്റെ പാട്ടിൽ തന്നെ ഞാൻ നില്ക്കുന്നുണ്ട്. അങ്ങ് എന്നെ വിട്ടുപോയാൽ ഇന്നുമുതൽ എന്നെ കഷ്ടമായവിധം മഹാവ്യാധികൾ ബാധിക്കുന്നതാണ്! നിർഭാഗ്യയായ ഞാൻ സഹചാരികളെ കഴിഞ്ഞ ജന്മങ്ങളിൽ ഉപേക്ഷിച്ചിരിക്കാം. അതാകാം എനിക്ക് ഈ വിയോഗം സംഭവിക്കുവാൻ കാരണം. ഭർത്താവുമായി വേർപെട്ട് മുഹൂർത്തം ജീവിച്ചിരുന്നാൽ നരകത്തിൽപ്പെട്ടപോലെ ദുഃഖിക്കുന്നവളാണ് ഭാര്യ. കഴിഞ്ഞ ജന്മത്തിൽ ഒന്നിച്ചു ജീവിച്ചിരുന്ന വല്ലവരേയും ഞാൻ ഇത്തരത്തിൽ വേർപെടുത്തിയിരിക്കാം. പൂർവ്വദേഹം നേടിയ പാപകർമ്മമാണിത്. തീർച്ച! രാജാവേ, ഭവാന്റെ വിയോഗത്താൽ എനിക്കു ദുഃഖം വന്നുകൂടി. ഈ നിമിഷംമുതൽ ഞാൻ ദർഭപ്പുല്ലു വിരിച്ച് അതിൽ ആർത്തിയോടെ ഭവാന്റെ വരവു കാത്തുകിടക്കും. ദുഃഖത്തിലാണ്ടു കേഴുന്ന എന്റെ മുമ്പിൽ ഭവാൻ വന്നാലും.

'മുന്നിൽ നീ വന്നാലും ദുഃഖത്തിലാണ്ടീടു-
മെന്നെക്കരേറ്റുവാൻ പ്രാണനാഥാ!
ആർത്തിയോടെ ഭവാനെത്തുമെന്നാശിച്ചു
കാത്തിരുന്നീടുന്നേൻ ജീവനാഥാ!
കണ്ണിന്നമൃതു പൊഴിച്ചു നീയെന്നുടെ
മുന്നിൽ വിളങ്ങണേ മന്നവേന്ദ്രാ!
കത്തിജ്ജ്വലിക്കുമെൻ ദുഃഖത്തെയാറ്റുവാൻ
എത്തുക, ചൊല്ലുക! ചിത്തനാഥാ!'

കുന്തി പറഞ്ഞു: "അവൾ ഇപ്രകാരം കേണുകേണ് ഭർത്താവിന്റെ മൃതദേഹം കെട്ടിപ്പിടിച്ചുകിടക്കുമ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് മറവിൽനിന്ന് അവളോട് ഇപ്രകാരം വിളിച്ചു പറഞ്ഞു:

'ഭദ്രേ! എഴുന്നേൽക്കൂ! കാമിനീ, ഞാനൊരു-
ഭദ്രമാകും വരം തന്നുകൊള്ളാം!
ചത്തുപോയ്, എങ്കിലും സന്താനദാനത്തി-
നെത്തിടാം നിന്നിൽ ഞാൻ ചാരുശീലേ!
ആർത്തവമായിപ്പതിന്നാലാം നാളിലോ,
ഉത്തമേ,യെട്ടാം ദിനത്തിൽത്താനോ,
സ്വന്തം കിടക്കയിലെന്നെ നിനച്ചു നീ
സുന്ദരീ, കാത്തുകിടന്നുകൊള്ളൂ!
എത്തുന്നതുണ്ടു ഞാൻ നിന്നോടു സംഗത്തി-
ന്നുത്തമേ, കാത്തിരുന്നീടുമെങ്കിൽ!'

ഈ വാക്കു കേട്ട് അവൾ ശാന്തയായി. ഭർത്താവു മരിച്ചതിന്നുശേഷം ആർത്തവാനന്തരം, ഋതുസ്നാനം കഴിഞ്ഞ് എട്ടാം ദിവസവും പതിന്നാലാം ദിവസവും ഭർത്താവിന്റെ വരവു പ്രതീക്ഷിച്ച് സ്വന്തം കിടക്കസജ്ജീകരിച്ച്, ഭർത്താവിനെ ധ്യാനിച്ചു കിടന്നു. പറഞ്ഞപ്രകാരം ഭർത്താവെത്തി അവളുമായി സംഗം ചെയ്തു. അങ്ങനെ അവൾ ഗർഭിണിയായി. ഭർത്താവിൽനിന്ന്, മൃതിയടഞ്ഞ ഭർത്താവിൽനിന്ന്, ഭദ്രന്മാരായ ശാല്വരെ അവൾ ജനിപ്പിച്ചു. അപ്രകാരംതന്നെ എന്നിൽ ഭവാന്റെ തപോബല

digitized by www.sreyas.in

ത്താൽ, ഭവാന്റെ മനസ്സാൽ സുതന്മാരെ ജനിപ്പിച്ചാലും! ഭവാന്ന് അതിന്നുള്ള തപശ്ശക്തിയുണ്ടല്ലോ!"

122. കുന്തീപുത്രോത്പത്യനുജ്ഞ – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കുന്തി പാണ്ഡുവിനോടുപറഞ്ഞപ്പോൾ പാണ്ഡു അവളോടു വീണ്ടും ധർമ്മത്തിനൊത്ത വാക്കുകൾ പറഞ്ഞു."

പാണ്ഡു പറഞ്ഞു: "നീ പറഞ്ഞതു ശരിയാണ്. പണ്ട് 'വ്യുഷിതാശ്വൻ' അങ്ങനെയൊക്കെ നടത്തി. അദ്ദേഹം ദേവസന്നിഭനാണ്. ഞാൻ ധർമ്മതത്ത്വം നിന്നോടു വിസ്തരിച്ചു പറയാം. നീ അതു ധരിക്കുക. പണ്ടത്തെ മുനിവൃദ്ധന്മാർ കണ്ടിട്ടുള്ളതാണ് ഇതും.

പണ്ട് നാരിമാർ അനാവൃതകളായിരുന്നു. ഇന്നത്തെപ്പോലെ അന്തഃപുരത്തിൽ അടച്ചുപൂട്ടി കിടന്നിരുന്നില്ല. ഏതവനും പ്രാപിക്കുവാൻ വിരോധമില്ലാത്തവരായിരുന്നു. അവർ സ്വതന്ത്രകളായി കാമചാരിണികളായി വസിച്ചിരുന്നു. ഹേ, സുന്ദരീ! യുവത്വമുള്ളപ്പോൾ പതിയെവിട്ട് വേണ്ടുവോളം പുരുഷന്മാരുമായി സംഭോഗം ചെയ്യുന്നതിന് സ്ത്രീകൾക്കു യാതൊരു വിരോധവുമുണ്ടായിരുന്നില്ല. ഇന്ന് വ്യഭിചാരം എന്നു പറയുന്ന മര്യാദകെട്ട പ്രവൃത്തി അന്ന് ആചാരവും ധർമ്മവുമായിരുന്നു. അധർമ്മവും വ്യഭിചാരവുമായി ആ നടപടിയെ അന്ന് ആരും ആക്ഷേപിച്ചിരുന്നില്ല. ഇഷ്ടംപോലെ, ആരോഗ്യം പോലെ വ്യഭിചരിക്കാമായിരുന്നു. അന്ന് സ്ത്രീപുരുഷന്മാർക്ക് അതിന്നു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇന്ന് കാമക്രോധാദികൾ കൂടാതെ തിര്യക്കുകൾ ആ ധർമ്മം ആചരിക്കുന്നുണ്ടല്ലോ. പണ്ടത്തെ ഈ ധർമ്മാചാരം മഹർഷിമാർ ഇന്ന് ആചരിക്കുന്നുമുണ്ട്. ഇന്നും ഉത്തരകുരുരാജ്യത്ത് ആ നീതി നടപ്പുണ്ട്. അതിൽ ആക്ഷേപമില്ല. ഹേ, സുന്ദരീ, സ്ത്രീകൾക്ക് അനുഗ്രഹകരമായ ആ ധർമ്മം ആദ്യം ഈ നാട്ടിൽ നടപ്പുണ്ടായിരുന്നതാണ്. പിന്നെ ആരാണ്, എന്തിനാണ്, ഇന്നത്തെ നടപടി നിശ്ചയിച്ചതെന്നും വിസ്തരിച്ചു പറയാം. കേൾക്കുക.

പണ്ട് 'ഉദ്ദാലകൻ' എന്നുപേരായി ഒരു മുനിയുണ്ടായിരുന്നു. അവന്റെ പുത്രൻ 'ശ്വേതകേതു' ഒരു മഹാമുനിയായിത്തീർന്നു. ആ ശ്വേതകേതുമഹർഷിയാണ് ഇന്നത്തെ നടപടി ഉണ്ടാക്കിയത്. അദ്ദേഹം കോപത്താൽ ഉണ്ടാക്കിവെച്ച നടപടിയാണിത്.

അച്ഛന്റെ മുമ്പിൽവെച്ച് ശ്വേതകേതുവിന്റെ അമ്മയെ ഒരു ഭൂസുരൻ കൈക്കു പിടിച്ചു വലിച്ച് സംഭോഗത്തിന്നു ബലപ്രയോഗം ചെയ്തു. മകനായ ശ്വേതകേതുവിന്ന് അതു സഹിച്ചില്ല. ആ ബ്രാഹ്മണൻ തന്റെ അമ്മയെ ബലാൽസംഗം ചെയ്യുന്നതു കണ്ട് മകൻ ശുണ്ഠിയെടുത്തു. അതു കണ്ട് അച്ഛനായ ഉദ്ദാലകൻ മകനോടു പറഞ്ഞു."

ഉദ്ദാലകൻ പറഞ്ഞു: "ഉണ്ണീ, നീ കോപിക്കരുത്. പണ്ടുപണ്ടേ ഇതു നമ്മുടെ ധർമ്മമാണ്. ഈ മന്നിൽ സ്ത്രീകൾ അനാവൃതകളായി നാനാജാതിയിൽ ചേരുന്നതിന്നു വിരോധമില്ല. മനുഷ്യജാതിയിൽപ്പെട്ടവർ തമ്മിൽ സംയോഗത്തിന്നു വിരോധമില്ല. സ്വജാതിയിൽ പശുക്കൾ കാളകളുമായി ചേരുന്നു. അങ്ങനെ മനുഷ്യൻ മനുഷ്യനാരിയിൽച്ചേരുന്നു. ഇതാണ് നമ്മുടെ ധർമ്മം."

പാണ്ഡു പറഞ്ഞു: "അച്ഛൻ പറഞ്ഞ ധർമ്മം മകന്നു പിടിച്ചില്ല. അന്യൻ അമ്മയെ പിടിച്ചു ചെയ്യുന്ന അക്രമം കണ്ടുനില്ക്കുവാൻ ഒരു മകന്ന് എങ്ങനെ കഴിയും? ശ്വേതകേതു ഈ ധർമ്മത്തിൽ ക്ഷമിച്ചില്ല. അന്നത്തെ സംഭവം അങ്ങനെ നടന്നു. 'ഞാൻ ഈ അനീതിക്ക് ഒരു അറുതിവരുത്തിയേ അടങ്ങൂ' എന്നു പറഞ്ഞ്, ആ മഹർഷി സ്ത്രീപുരുഷന്മാർക്ക് അന്നുമുതൽ ഒരു മര്യാദ നടപ്പാക്കുവാൻ തീരുമാനിച്ചു. ഹേ, മഹാഭാഗേ, ഈ മര്യാദ അദ്ദേഹം മനുഷ്യരിൽമാത്രം നടപ്പാക്കി. മറ്റു ജാതിയിലില്ല. ഭർത്താവല്ലാതെ മറ്റു പുരുഷനുമായി സംഭോഗം ചെയ്യുന്നത് സ്ത്രീക്കു പാപമാണ്. ഭ്രൂണഹത്യയ്ക്കു തുല്യമായ ഘോരമായ പാപമാണത്. ഘോരമായ ആ പാപം ദുസ്സഹമായിത്തീരും. പതിവ്രതയായ ഭാര്യയെ വിട്ടു വ്യഭിചാരം ചെയ്താൽ പതിക്കും ആ പാപം ഉണ്ടാകും. പുത്രാർത്ഥമായി ഭാര്യയെ പ്രാപിക്കുവാൻ ഭാര്യ ഭർത്താവിനെ അനുവദിക്കാതിരുന്നാൽ അതും ഭാര്യക്കു പാതകമായിത്തീരും. ഈ ലോകമര്യാദ ഉദ്ദാലകപുത്രനായ ശ്വേതകേതു മഹർഷി ബലമായി നടപ്പാക്കിയതാണ്.

പണ്ട് 'സൗദാസൻ' പുത്രോത്പത്തിക്കുവേണ്ടി തന്റെ ഭാര്യയായ 'മദയന്തി'യെ വസിഷ്ഠന്റെ കൂടെ വിട്ടു. അവനിൽനിന്ന് അവൾക്ക് 'അശ്മകൻ' എന്ന ഒരു പുത്രൻ ഉണ്ടായി. ഭർത്താവിന്റെ പ്രിയത്തിന്നായി അവൾ അങ്ങനെ പണ്ടു ചെയ്തതായി കേട്ടിട്ടുണ്ട്. ഹേ, സുന്ദരീ! എന്റെ ജന്മംതന്നെ എങ്ങനെയാണെന്നു നീ കേട്ടിട്ടില്ലേ? വ്യാസമഹർഷിയിൽനിന്നാണല്ലോ കുരുവംശം വളർത്തുവാൻവേണ്ടി ഞങ്ങൾ ജനിപ്പിക്കപ്പെട്ടത്! അതുകൊണ്ട് കാര്യത്തിന്റെ ബീജം മുഴുവൻ ചിന്തിച്ച് ധർമ്മ്യമായ എന്റെ വാക്ക് എത്രയും നന്മയോടെ നീ ചെയ്യുക! ഋതുതോറും ഹേ, രാജപുത്രീ! പതിയെ പത്നി അതിവർത്തിക്കരുത്. അനുസരിക്കാതിരിക്കുന്നത് അധർമ്മമാണ്. ധർമ്മജ്ഞർ അങ്ങനെയാണ് പറയുന്നത്. മറ്റു കാലങ്ങളിൽ സ്ത്രീകൾക്കു തോന്നിയമാതിരിയാകാം എന്നാണ് പൂർവ്വമായ ധർമ്മം. സജ്ജനസമ്മതം അതിന്നു സിദ്ധിച്ചിട്ടുണ്ട്. ധർമ്മമല്ലാത്തത്, അധർമ്മമായതുതന്നെ, തന്റെ ഭർത്താവു പറഞ്ഞാൽ ഭാര്യ അനുസരിക്കണം എന്നാണ് ആര്യന്മാരായ വേദജ്ഞാനികൾ സമ്മതിച്ചു പറയുന്നത്. വിശേഷിച്ചും പുത്രകാമനായ ഭർത്താവ് സന്താനലബ്ധിക്കുവേണ്ട മാർഗ്ഗം ചിന്തിച്ചു പറഞ്ഞാൽ ഭാര്യ അത് അനുസരിക്കുകതന്നെ വേണം. എനിക്ക് അത്രത്തോളമുണ്ട് പുത്രദർശനകൗതുകം. രക്താംഗുലികളോടു കൂടി പത്മപത്രാഭമായ ഈ കരം നിന്റെ ശിരസ്സിൽവെച്ചു കൂപ്പി ഞാൻ അർത്ഥിക്കുന്നു. ഹേ, സുകേശീ, നീ എന്റെ വാക്കുകൾ കേൾക്കുക. ദ്വിജതാപസമുഖ്യന്മാരിൽനിന്നു കീർത്തിമാന്മാരായ പുത്രന്മാരെ നീ ഉത്പാദിപ്പിച്ചു തരേണമേ! ഹേ, സുന്ദരീ! പുത്രവാന്മാർക്കു ലഭിക്കുന്ന ഗതി നീ എനിക്കു ലഭിക്കുമാറാക്കുക!"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡുരാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ, സുന്ദരിയായ കുന്തി, ഭർത്തൃഹിതം ചെയ്യുവാൻ വേണ്ട മാർഗ്ഗം വിചാരിച്ച് ഇപ്രകാരം പറഞ്ഞു."

കുന്തി പറഞ്ഞു: "ഞാൻ പിതൃഗൃഹത്തിൽവെച്ചു ബാലയായിരുന്ന കാലത്ത്, അതിഥിപൂജയ്ക്കുനിൽക്കുന്ന കാലത്ത്, ഉഗ്രതീക്ഷ്ണവ്രതനായ ഒരു വിപ്രനെ പൂജിച്ചു നിഗൂഢധർമ്മനിയമനായ ദുർവ്വാസാവു മഹർഷിയായിരുന്നു ആ വിപ്രൻ. സംശിതാത്മാവായ അദ്ദേഹത്തെ ഞാൻ പ്രയത്നത്താൽ പ്രസാദിപ്പിച്ചു. ഭഗവാൻ ആഭിചാരപ്രയോഗത്തിന്ന് എനിക്കു വരം നല്കി ഒരു മന്ത്രവും ഉപദേശിച്ചു. അതിന്നുശേഷം ഇപ്രകാരം പറഞ്ഞു."

ദുർവ്വാസാവു പറഞ്ഞു: "ഏതു ദേവനെ നീ ഈ മന്ത്രംകൊണ്ട് ആവാഹനം ചെയ്യുന്നുവോ, ആ ദേവൻ സകാമനായാലും, നഷ്ടകാമനായാലും ശരി നിന്റെ പാട്ടിൽ വരും. അതാതു ദേവന്മാരുടെ പ്രീതിയാൽ ഹേ, രാജ്ഞീ! നിനക്കു പുത്രൻ ഉണ്ടാകും."

കുന്തി പറഞ്ഞു: "പിതൃഗൃഹത്തിൽവെച്ച് ഇപ്രകാരം അദ്ദേഹം എന്നോടു പറഞ്ഞു. ബ്രാഹ്മണർ പറഞ്ഞതു സത്യമാകും. അതിന്നുള്ള കാലം ഇതാ സമാഗതമായി. ഭവാന്റെ ആജ്ഞയാൽ ഞാൻ ദേവനെ ആഹ്വാനംചെയ്യാം. ആ മന്ത്രംകൊണ്ട് ഹേ, രാജാവേ, നമുക്കു പുത്രൻ ഉണ്ടാകും. ഞാൻ ഏതു ദേവനെയാണ് ആവാഹിക്കേണ്ടതെന്നു പറഞ്ഞാലും. ഭവാന്റെ ആജ്ഞ ഈ കർമ്മത്തിൽ ഞാൻ പ്രതീക്ഷിക്കുന്നു."

പാണ്ഡു പറഞ്ഞു: "ഹേ സുന്ദരീ, ഇന്നുതന്നെ നീ യത്നിച്ചാലും! യഥാവിധി ധർമ്മനെ ആവാഹിക്കുക. ആ ദേവൻ പുണ്യാത്മകനാണ്. അധർമ്മത്താൽ ഉണ്ടാകുന്ന ധർമ്മം അതുകൊണ്ട് നമ്മളിൽ കലരുകയില്ല. നാട്ടുകാർ ധർമ്മദേവനെ ധർമ്മം എന്നാണല്ലോ ഓർക്കുന്നതും. ആ ദേവനിൽനിന്നുണ്ടാകുന്ന പുത്രൻ തീർച്ചയായും കുരുക്കളിൽ ധാർമ്മികനായിത്തീരും. സംശയമില്ല. ധർമ്മൻ നല്കുന്ന ആ കുമാരൻ അധർമ്മത്തിൽ രമിക്കുകയില്ല. ധർമ്മത്തെ മുന്നിലാക്കി ഹേ, ശുചിസ്മിതേ, ഉപചാരാഭിചാരംകൊണ്ട് ധർമ്മനെ ആവാഹിക്കുക!"

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: 'ഇപ്രകാരം ഭർത്താവു പറഞ്ഞപ്പോൾ അങ്ങനെയാകാമെന്ന് അവൾ മറുപടി പറഞ്ഞു. ഭർത്താവിനെ കുപ്പി അവൾ സമ്മതം വാങ്ങി."

123. പാണ്ഡവോത്പത്തി – യുധിഷ്ഠിരഭീമാർജ്ജുനജനനം – വൈശമ്പായനൻ പറഞ്ഞു: "ഗാന്ധാരി ഗർഭം ധരിച്ചിട്ട് അന്നേക്ക് ഒരാണ്ടു കഴിഞ്ഞു. അക്കാലത്താണ് കുന്തി ധർമ്മദേവനെ ആഹ്വാനം ചെയ്തത്. അവൾ ആ ധർമ്മദേവനു ബലി നല്കി, ദുർവ്വാസാവ് ഉപദേശിച്ച മന്ത്രം ജപിച്ചു. മന്ത്രത്തിന്റെ ബലംകൊണ്ട് ധർമ്മദേവൻ വന്നെത്തി. സൂര്യകാന്തി വിമാനത്തിൽ കുന്തി ജപിക്കുന്നിടത്തു വന്നിറങ്ങി. കുന്തി പുഞ്ചിരിയോടെ പറഞ്ഞു."

"ദേവ! ഞാൻ എന്തു നല്കിയാണ് ഭവാനെ പ്രസാദിപ്പിക്കേണ്ടത്?"

വൈശമ്പായനൻ പറഞ്ഞു: "മന്ദാക്ഷഭാവത്തോടെ ചിരിച്ചുകൊണ്ടുതന്നെ അവൾ വീണ്ടും പറഞ്ഞു."

കുന്തി പറഞ്ഞു: "എനിക്ക് ഒരു പുത്രനെ ഭവാൻ തന്നാലും!"

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ അന്നു യോഗമൂർത്തിധരിച്ച ധർമ്മനോടുചേർന്ന്, അവൾ ഏവർക്കും ഹിതനായ പുത്രനെ നേടി. വർഷത്തിൽ എട്ടാം തൃക്കേട്ടയിൽ അഭിജിത്തുമുഹൂർത്തത്തിൽ പകൽ നട്ടുച്ചനേരത്ത് പഞ്ചമിതിഥിയിൽ പ്രസിദ്ധനായ പുത്രനെ കുന്തി പ്രസവിച്ചു. ആ പുത്രനുണ്ടായ സമയത്ത് അശരീരിവാക്കുകേട്ടു."

അശരീരി പറഞ്ഞു: "ഇവൻ ധർമ്മിഷ്ഠരിൽ ശ്രേഷ്ഠനായിത്തീരും. നരോത്തമനാകും! വിക്രാന്തിമാനും സത്യവാദിയും ഊഴിക്ക് ഈശ്വരനും ആയിത്തീരും! യുധിഷ്ഠിരൻ എന്ന പേരിൽ അറിയപ്പെടുന്ന ഇവൻ പാണ്ഡുവിന്റെ പ്രഥമപുത്രനാകും. മൂന്നു ലോകത്തിലും കീർത്തിപ്പെട്ട പൃഥ്വീശ്വരനാകും."

വൈശമ്പായനൻ പറഞ്ഞു: "കീർത്തിപ്രതാപങ്ങളോടെ സദ്വൃത്തനായി നന്നായി വിളങ്ങുന്ന ധർമ്മാത്മജനെ നേടിയ പാണ്ഡു പിന്നെയും പറഞ്ഞു."

പാണ്ഡു പറഞ്ഞു: "ഹേ കുന്തീ! ക്ഷത്രർക്കു ശരീരശക്തി നല്ലപോലെ വേണം. അതു ഭൂഷണമാണ്. നല്ല ബലവാനായ ഒരു പുത്രനെ നേടുക!"

വൈശമ്പായനൻ പറഞ്ഞു: "ഭർത്താവ് ഇപ്രകാരം പറഞ്ഞപ്പോൾ അവൾ വായുദേവനെ ആഹ്വാനംചെയ്തു. അപ്പോൾ മഹാബലനായ വായു മൃഗത്തിൽക്കയറി എത്തിച്ചേർന്നു."

വായുദേവൻ പറഞ്ഞു: "ഹേ സുന്ദരീ, ഞാൻ എന്താണു ഭവതിക്കു തരേണ്ടത്? നിന്റെ ഉള്ളിലുള്ളതു പറയൂ!"

വൈശമ്പായനൻ പറഞ്ഞു: "ലജ്ജയോടും സ്മിതഭാവത്തോടും കൂടി അവൾ പറഞ്ഞു."

കുന്തി പറഞ്ഞു: "ഹേ മാരുതാ! ശക്തനും സർവ്വരുടേയും ദർപ്പം നശിപ്പിക്കുന്നവനും, പ്രതാപവാനുമായ ഒരു പുത്രനെ തന്നാലും!"

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ വായുദേവന്ന് ഭീമപരാക്രമനായ ഭീമൻ ജനിച്ചു. ആ ശക്തനെ പ്രസവിച്ച വേളയിൽ ഒരു അശരീരിവാക്കുണ്ടായി: 'സർവ്വശക്തരിലും ശ്രേഷ്ഠനായിത്തീരും ഇവൻ!' അവൻ ജനിച്ച അന്നുതന്നെ ഒരു അത്യത്ഭുതമുണ്ടായി. ആ കുട്ടി മാതാവിന്റെ മടിയിൽനിന്ന് ഒരു പാറമേൽ വീണു. ആ പാറ തകർന്നുപോയി. ഒരു വ്യാഘ്രത്തെക്കണ്ടു കുന്തി പേടിച്ചു ക്ഷണത്തിൽ എഴുന്നേറ്റപ്പോൾ മടിയിൽക്കിടക്കുന്ന കുട്ടിയെ ഭയംമൂലം ഓർത്തില്ല. വജ്രകായനായ ബാലൻ അപ്പോൾ മലയിലെ പാറയിൽ വീണുപോയി. അവൻ വീണ പാറ നൂറുകഷണമായി പൊടിഞ്ഞതുകണ്ട് അവൾ അത്ഭുതപ്പെട്ടു.

പാണ്ഡുവും ആ പാറ പൊടിഞ്ഞതുകണ്ട് അത്ഭുതപ്പെട്ടു! എന്നു ഭീമൻ ജനിച്ചുവോ, അന്നുതന്നെ ദുര്യോധനനും ഭൂജാതനായി.

ഭീമൻ ജനിച്ചതിന്നുശേഷം പാണ്ഡു ഇങ്ങനെ ചിന്തിച്ചു: 'ലോകശ്രേഷ്ഠനായ പുത്രൻ ഉണ്ടാകുവാൻ മാർഗ്ഗമെന്താണ്? ദൈവവും പൗരുഷവും, ഈ രണ്ടുകാര്യങ്ങളിലാണ് ലോകമൊക്കെയും നില്ക്കുന്നത്. കാലംനോക്കി പ്രയത്നിച്ചാൽ ദൈവം സ്വാധീനമാകും. ഇന്ദ്രനാണല്ലോ വാനവരിൽ മുഖ്യൻ. അവൻ അപ്രമേയബലോത്സാഹനും വീര്യവാനും അമിതപ്രഭനുമാണ്. തപസ്സുകൊണ്ട് അവനെ പ്രീതനാക്കി പുത്രനെ നേടണം. അവൻ തരുന്ന പുത്രൻ തീർച്ചയായും ശ്രേഷ്ഠനാകും. മാനുഷരേയും അമാനുഷരേയും അവൻ പോരിൽ കൊല്ലും. മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ഞാൻ തപസ്സുചെയ്യാം.' പിന്നെ പാണ്ഡു മുനീന്ദ്രന്മാരോടു ചേർന്നു ചിന്തിച്ചു. കുന്തിക്ക് അവർ ഒരാണ്ടേക്ക് മംഗളമായ മഹാവ്രതം കല്പിച്ചു. മഹാബലനായ രാജാവ് ഒറ്റക്കാലിൽനിന്ന് ഉഗ്രമായ തപസ്സുചെയ്തു സമാധി കൈക്കൊണ്ടു. അങ്ങനെ ദേവാധിരാജനായ ശക്രനെ സേവചെയ്ത് പാണ്ഡു തപനനെപ്പോലെ തപസ്സാൽ ജ്വലിച്ചു. ഒട്ടുനാൾ ചെന്നതിന്നുശേഷം ഇന്ദ്രൻ പ്രത്യക്ഷനായി."

ശക്രൻ പറഞ്ഞു: "മൂന്നുലോകത്തിലും പേരു കേൾക്കുന്ന പുത്രനെ ഞാൻ ഭവാനു നല്കുന്നതാണ്. അവൻ ഗോക്കൾക്കും ബ്രാഹ്മണർക്കും വളരെ ബന്ധുക്കൾക്കും ഹിതപ്രദനായിരിക്കും. ശത്രുക്കൾക്കു ദുഃഖമുണ്ടാക്കുന്നവനും, ബന്ധുക്കൾക്ക് ആനന്ദം വർദ്ധിപ്പിക്കുന്നവനുമായിരിക്കും. സർവ്വശത്രുക്കളേയും സംഹരിക്കും. അങ്ങയുടെ ആ പുത്രൻ."

വൈശമ്പായനൻ പറഞ്ഞു: "എന്നു ശക്രൻ പറഞ്ഞപ്പോൾ ആ വാക്കു ചിന്തിച്ച് കൗരവരാജാവു കുന്തിയോടു പറഞ്ഞു."

പാണ്ഡു പറഞ്ഞു: "ഹേ കുന്തീ, നിനക്കു നന്മ വരും. സുരേശ്വരൻ സന്തോഷിച്ച് നീ ആഗ്രഹിക്കുന്ന വിധത്തിലുള്ള സന്താനം നിനക്കു സിദ്ധിക്കും. അതിമാനുഷകർമ്മാവും, കേൾവികേട്ട് അരിഘ്നാതിയും, നീതിമാനും, മഹാത്മാവും, ആതിഥേയപ്രഭാവനും, അധൃഷ്യനും, ക്രിയാവാനും, അതിദിവ്യസ്വരൂപനും, ക്ഷത്രതേജോമൂർത്തിയുമായ പുത്രനെ നീ പ്രസവിക്കുക. ഹേ, സുസ്മിതേ, നീ ദേവരാജനെ പ്രസാദിപ്പിച്ച് ആഹ്വാനം ചെയ്യുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാണ്ഡു പറഞ്ഞപ്പോൾ അവൾ ശക്രനെ ആഹ്വാനം ചെയ്തു. ശക്രൻ വന്നു കുന്തിയോടു ചേർന്ന് അർജ്ജുനനെ ജനിപ്പിച്ചു. കുമാരൻ ഉണ്ടായപ്പോൾ അശരീരിവാക്കുകേട്ടു. അംബരത്തെ മുഴക്കുമാറ് അതിഗംഭീരമായിരുന്നു ആ അശരീരിശബ്ദം. ആശ്രമം വാഴുന്ന സർവ്വജീവജാലങ്ങളും കേൾക്കുമാറ് കുന്തിയോടു പ്രസ്പഷ്ടാക്ഷരമായ വാക്കു പറയപ്പെട്ടു."

"കുന്തീ, നിന്റെ പുത്രൻ കാർത്തവീര്യോപമനാണ്. ശിവതുല്യപരാക്രമനാണ്! ഇന്ദ്രനെപ്പോലെ അജയ്യനാണ്! ഇവൻ നിന്റെ പേരു പുകഴ്ത്തും! അദിതിക്കു വിഷ്ണു എപ്രകാരമാണോ അതിമോദം വളർത്തുക അതുപോലെ വിഷ്ണുപ്രതിമനായ ഇവൻ നിനക്കു സുഖം വളർത്തും. മദ്ര-കുരു-സോമകന്മാരെയെല്ലാം ഇവൻ പാട്ടിലാക്കി, ചേദികകുരൂഷന്മാരെയൊക്കെ വെന്ന്, ഇവൻ കുരുവംശത്തിന്നു പ്രസിദ്ധിയാർജ്ജിക്കും. ഇവന്റെ ഭുജവീര്യത്താൽ ഖാണ്ഡവത്തിൽ ഹുതാശനായ അഗ്നിഭഗവാൻ സർവ്വഭൂതൗഘങ്ങളുടേയും മേദസ്സുകൊണ്ടു തൃപ്തനായി ഭവിക്കും. ഗ്രാമനാഥന്മാരായ രാജാക്കന്മാരെ ജയിച്ചിട്ട് ഈ മഹാബലൻ ഭ്രാതാക്കളോടുകൂടി മൂന്ന് അശ്വമേധം നടത്തും. ജാമദഗ്ന്യസമനായ ഇവൻ വിഷ്ണുവിനെപ്പോലെ പരാക്രമനാകും. ഹേ, കുന്തീ!, ഇവൻ വംശശ്രേഷ്ഠനായി അതികീർത്തിമാനായി ഭവിക്കും! ഇവൻ പോരിൽ ശങ്കരനായ ഈശ്വരനെ പ്രീതനാക്കും. തുഷ്ടനായ ഈശ്വരൻ ഇവന്നു പാശുപതാസ്ത്രം നല്കും. നിവാതകവചന്മാരായ ദേവദ്വേഷികളെ ഇന്ദ്രന്റെ കല്പനപ്രകാരം നിന്റെ ഈ പുത്രൻ സംഹരിക്കും. അപ്രകാരംതന്നെ എല്ലാ ദിവ്യാസ്ത്രത്തേയും നേടും. നശിച്ചുപോയ ശ്രീയെല്ലാം ഈ വീരൻ വീണ്ടെടുക്കും."

digitized by www.sreyas.in

കുന്തി അർജ്ജുനനെ പ്രസവിച്ച ഉടനെ ഈ അത്ഭുതവാക്യങ്ങൾ കേട്ടു. ഉച്ചത്തിൽ പറഞ്ഞ ഈ വാക്കുകൾ നന്നായി കേട്ടപ്പോൾ ശതശൃംഗസ്ഥരായ മുനികൾക്ക് അത്യധികമായ ഹർഷമുണ്ടായി. വ്യോമത്തിൽ ഇന്ദ്രാദിദേവന്മാരുടേയും, ഭേരീവാദ്യങ്ങളുടേയും ഘോഷം മുഴങ്ങി. തുടരെത്തുടരെ പുഷ്പവൃഷ്ടിയുണ്ടായി. ദേവന്മാർ എല്ലാവരും ഒത്തുചേർന്നു പാർത്ഥനെ പൂജിച്ചു. കാദ്രവേയരും, ഖഗേന്ദ്രന്മാരും, അപ്സരസ്ത്രീകളും, ഗന്ധർവ്വമുഖ്യന്മാരും, പ്രജാപതികൾ എല്ലാവരും, സപ്തർഷികളും, ഭരദ്വാജൻ, കശ്യപൻ, ഗൗതമൻ, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, അത്രി* എന്നിവരും എത്തി. മരീചി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, ദക്ഷൻ, പ്രജാപതി, ഗന്ധർവ്വാസുരന്മാർ, സുരവേശ്യമാർ എല്ലാം ദിവ്യമാല്യാംബരധരന്മാരും സർവ്വാഭരണഭൂഷിതന്മാരും ആയി എത്തി. അപ്സരസ്ത്രീകൾ പാർത്ഥന്റെ അടുത്തുവന്നു പാടി നൃത്തംവെച്ചു. അപ്രകാരം ഋഷിമുഖ്യന്മാർ ചുറ്റും കൂടി ജപിച്ചു. ഗന്ധർവ്വന്മാരോടുചേർന്ന് ധീമാനായ തുംബുരു പാടി. ഭീമസേനൻ, ഉഗ്രസേനൻ, ഉർണ്ണായുസ്സ്, അനർഘൻ, ധൃതരാഷ്ട്രൻ, ഗോപതി, സൂര്യവർച്ചസ്സ്, യുഗപൻ, തൃണപൻ, കാർഷ്ണി, നന്ദി, ചിത്രരഥൻ, ശാലിശിരസ്സ്, പർജ്ജന്യൻ, കലി, നാരദൻ, ഋത്വാവ്, ബൃഹത്വാവ്, ബൃഹകൻ, കരാളൻ, സുപർണ്ണൻ, വിശ്വാവസു, ഭുമന്യു, ശ്രീസുചന്ദ്രൻ, ശരു, ഗീത, രൂപമാധുര്യമുള്ളവരായ ഹാഹാ, ഹൂഹൂ, എന്നിവർ, ഇങ്ങനെയുള്ള ദേവന്മാരും ഗന്ധർവ്വന്മാരും അവിടെ എത്തി.

അപ്രകാരം കോപ്പണിഞ്ഞു ചമഞ്ഞവരായ അപ്സരസ്ത്രീകൾ, വിലോലമിഴികളായ സുരസുന്ദരിമാർ, ആടുകയും പാടുകയും ചെയ്തു.

ഗുണമുഖ്യകളായ അദ്രിക, സോമകേശി, മിശ്ര, അലംബുഷ, മരീചിക, ശുചിക, വിദ്യുൽപർണ്ണ, തിലോത്തമ, അംബികാ, ലക്ഷണ, ക്ഷേമാ, രംഭ, സുബാഹു, അസിത, സുപ്രിയ, പുണ്ഡരിക, സുഗന്ധ, സുരസാ, പ്രമാഥിനി, കാമ്യ, ശാരദ്വതി എന്നിവർ കൂട്ടമായി ചേർന്നുനിന്നു സംഘനൃത്തം തുടങ്ങി. മേനകാ, സഹജന്യാ, കർണ്ണികാ, പുഞ്ജികസ്ഥല, ഋതുസ്ഥല, ഘൃതാചി, വിശ്വാചി, പൂർവ്വചിത്തി, ഉല്ലോചയ, പ്രല്ലോച ഇവർ പത്തുപേരും പതിനൊന്നാമത്തവളായി ഉർവ്വശിയും, ഇവർ ചേർന്നു മധുരമായി പാടി.

ധാതാവ്, അര്യമാവ്, മിത്രൻ, അംശൻ, വരുണൻ, ഭഗൻ, ഇന്ദ്രൻ, വിവസ്വാൻ, പൂഷാവ്, ത്വഷ്ടാവ്, സവിതാവ്, വിഷ്ണു ഈ പന്ത്രണ്ട് ആദിത്യന്മാരും പാർത്ഥന്റെ മഹിമാവു വർദ്ധിപ്പിക്കുമാറ് നഭസ്ഥലത്തിൽ ചേർന്നുനിന്നു.

മൃഗവ്യാധൻ, സർപ്പൻ, നിതൃതി, അജൈകപാതു, അഹിർബ്ബുദ്ധ്നി, പിനാകി, ദഹനൻ, ഈശ്വരൻ, കപാലി, സ്ഥാണു, ഭർഗ്ഗൻ എന്നീ രുദ്രന്മാരും വന്നു നിരന്നു. അശ്വിനീദേവകൾ, അഷ്ടവസുക്കൾ, മരുത്തുകൾ, വിശ്വേദേവകൾ, സാദ്ധ്യന്മാർ എന്നിവരും വന്നുകൂടി. കാർക്കോടകൻ, സർപ്പവരൻ, ഭുജംഗപതിയായ വാസുകി, കച്ഛപൻ, കുണ്ഡൻ, പന്നഗോത്തമനായ തക്ഷകൻ എന്നീ തപസ്സുള്ളവരും വന്നണഞ്ഞു. അരിഷ്ടനേമി, താർക്ഷ്യൻ, ഗരുഡൻ, ഹരികേതനൻ, അരുണൻ, ആരുണി എന്നീ വൈനതേയരും എത്തി. ഈ ദേവഗണയോഗത്തെ തപസ്വികളും സിദ്ധരുമായ മഹർഷിമാർ വിമാനങ്ങളിലും അദ്രികളിലും നിന്നു കണ്ടു. മറ്റുള്ളവർക്ക് ഇതൊന്നും കാണുവാൻ കഴിഞ്ഞില്ല.

* ആദിത്യൻ ഇല്ലാതായപ്പോൾ സൂര്യചന്ദ്രന്മാരുടെ രൂപം കൈക്കൊണ്ടവനാണ് അത്രിമഹർഷി. ഒരു ദേവാസുരയുദ്ധത്തിൽ അസുരന്മാരുടെ ശരവർഷം ഏറ്റു സൂര്യചന്ദ്രന്മാർ അസ്തപ്രഭരായി. ആ അവസരത്തിൽ ദേവന്മാർ കണ്ണുകാണാതെ തപ്പിത്തടഞ്ഞു നടക്കേണ്ടിവന്നു. അപ്പോൾ ദേവന്മാരുടെ പ്രാർത്ഥന അനുസരിച്ച് അത്രി സൂര്യചന്ദ്രന്മാരുടെ രൂപം കൈക്കൊണ്ടു. അനുശാസനപർവ്വം 156-ാം അദ്ധ്യായം നോക്കുക

ഇപ്രകാരമുള്ള അത്യത്ഭുതം കണ്ട് താപസന്മാർ വിസ്മയിച്ചു. അതിൽപ്പിന്നെ പാണ്ഡവരിൽ അവർക്ക് അധികമായ പ്രീതി വളർന്നുവന്നു.

കീർത്തിമാനായ പാണ്ഡുവിന്ന് പുത്രസിദ്ധിയിലുള്ള കൊതി വീണ്ടും ഉണ്ടായി."

അപ്പോൾ കുന്തി പറഞ്ഞു: "നാലാം സന്താനം ആപത്തിൽ പോലും കല്പിക്കുന്നില്ല. ഇനി ഉണ്ടായാൽ സൈ്വരിണിയാകും. അഞ്ചാമതുണ്ടായാൽ ബന്ധകി(വേശ്യ)യുമാകും. ഈ ധർമ്മമൊക്കെ അറിയുന്ന ഭവാൻ ഇനിയും എനിക്കു സന്താനമുണ്ടാകുവാൻ ആഗ്രഹിക്കുന്നത് എന്തിന്? രാജാവേ, അപത്യമോഹത്താൽ ഭവാൻ ക്രമം വിട്ടു തെറ്റായി പറയുകയാണ്."

124. പാണ്ഡവോത്പത്തി - നകുലസഹദേവജനനം

- വൈശമ്പായനൻ പറഞ്ഞു: "കുന്തിക്കും ഗാന്ധാരിക്കും പുത്രന്മാരുണ്ടായപ്പോൾ ഒരു ദിവസം മാദ്രി പാണ്ഡുവിനോട് ഇപ്രകാരം രഹസിൽവെച്ചു പറഞ്ഞു."

മാദ്രി പറഞ്ഞു: "ഹേ രാജാവേ, ഭവാന്റെ പക്ഷപാതത്തിൽ എനിക്കു ദുഃഖമില്ല. ഞാൻ ജ്യേഷ്ഠത്തിയുടെ കീഴിൽ നിന്നുകൊള്ളാം. അത് എന്റെ ധർമ്മമാണ്. ഗാന്ധാരിക്കു നൂറു മക്കളുണ്ടായി എന്നുകേട്ടാലും എനിക്ക് അത്ര സന്താപമില്ല. തുല്യസ്ഥിതിയിലുള്ള ഒരുവൾക്ക് പുത്രരുണ്ടാകുമ്പോൾ മറ്റവൾക്ക് അല്ലലുണ്ടാവുക സാധാരണമാണ്. അത് എനിക്കു വേണ്ടുവോളമുണ്ടുതാനും. ഭാഗ്യംകൊണ്ട് എന്റെ ഭർത്താവിന് കുന്തി പെറ്റു മക്കളുണ്ടായി. കുന്തി തരികയാണെങ്കിൽ എനിക്കും സന്താനമുണ്ടാകും. അത് ഭവാനും അനുഗ്രഹമായിരിക്കും. സപത്നിയോടു യാചിക്കുവാൻ എന്റെ അഭിമാനം സമ്മതിക്കുന്നില്ല. എന്നിൽ ഭവാൻ പ്രസാദിച്ചിട്ട് അവളോടു പറയണം."

പാണ്ഡു പറഞ്ഞു: "മാദ്രീ, എന്റെ ഉള്ളിൽ അങ്ങനെ ഒരു വിചാരം ഉണ്ട്. നിന്റെ ഇഷ്ടാനിഷ്ടങ്ങളിൽ ഭയംകൊണ്ടു പറയാഞ്ഞതാണ്. നിനക്കും അതിൽ മോഹമുണ്ടെന്നറിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഇനി ഞാൻ യത്നിക്കാം. ഞാൻ പറഞ്ഞാൽ അവൾ കേൾക്കും, ഞാൻ പറയാം."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഗൂഢമായി കുന്തിയോടു പാണ്ഡു ഇപ്രകാരം പറഞ്ഞു."

പാണ്ഡു പറഞ്ഞു: "എന്റെ കുലത്തിന്നു സന്തതിയും ലോകത്തിന്നു പ്രിയവും നീ നല്കുക. എനിക്കും പൂർവ്വന്മാർക്കും പിണ്ഡവിച്ഛേദം പറ്റാതിരിക്കുവാൻ നീ ഇനിയും നന്മചെയ്യണം. യശസ്സിന്നു വേണ്ടിയും നീ സാദ്ധ്യമായ ക്രിയചെയ്യണം. രാജാധിരാജാവായിട്ടും ഇന്ദ്രൻ പിന്നേയും യജ്ഞം ചെയ്തു. അത് യശസ്സിന്നുവേണ്ടിയാണ്. മന്ത്രജ്ഞന്മാരായ വിപ്രന്മാരും ഘോരമായ തപം വീണ്ടും ചെയ്യുന്നു. ഗുരുക്കന്മാരും രാജർഷികളും പൂജ്യരായ ബ്രഹ്മർഷികളും ഉച്ചാവചങ്ങളായ കർമ്മങ്ങൾ കീർത്തിക്കുവേണ്ടി ദുഷ്കരമാണെങ്കിലും ചെയ്യുന്നു. നീ മാദ്രിയെക്കൂടി സന്താനമാകുന്ന പ്ലവത്താൽ കരകേറ്റിവിടുക. നിനക്കു കീർത്തിയുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "ഭർത്താവിന്റെ വാക്കുകേട്ട് കുന്തി മാദ്രിയെ വിളിച്ചു പറഞ്ഞു."

കുന്തി പറഞ്ഞു: "മാദ്രീ, നീ നിനക്ക് ഇഷ്ടമുള്ള ഒരു ദൈവതത്തെ ചിന്തിക്കുക. ഞാൻ മന്ത്രം ജപിക്കാം. അവനിൽനിന്നു നിനക്ക് ഒരു സന്താനം സിദ്ധിക്കും."

വൈശമ്പായനൻ പറഞ്ഞു: "മാദ്രി അശ്വിനീപുത്രരെ ഓർത്തു. അവർ മാദ്രിയുടെ അരികിൽ അണഞ്ഞു. അവരിൽ നിന്നു സുന്ദരരൂപികളായ രണ്ടു സന്താനങ്ങൾ ഇരട്ടപ്രസവിച്ച് മാദ്രിക്കുണ്ടായി. ലോകത്തിൽ സൗന്ദര്യംകൊണ്ട് അവർ ശ്രേഷ്ഠരൂപികളായി. അവർ ഉണ്ടായവേളയിലും അശരീരിവാക്കുണ്ടായി. സത്യരൂപഗുണത്താൽ നാസത്യർക്കുതുല്യരാണ് അവർ എന്ന്. തേജസ്സോടെ സൗന്ദര്യം തികഞ്ഞ് അവർ ഏറ്റവും ശോഭിച്ചു. അവർക്കെല്ലാവർക്കും ശതശൃംഗനിവാസികൾ നാമകരണംചെ

digitized by www.sreyas.in

യ്തു. ഭക്തികൊണ്ടും വൃത്തികൊണ്ടും ആശിസ്സുകൊണ്ടും അവർ എല്ലാവരുടേയും 'പേരുവിളി' നടത്തി.

ജ്യേഷ്ഠൻ യുധിഷ്ഠിരൻ, മദ്ധ്യമൻ ഭീമസേനൻ, മൂന്നാമൻ അർജ്ജുനൻ ഇങ്ങനെ മൂന്നുപേർ കുന്തിയുടെ മക്കൾ.

പിന്നെ മാദ്രീപുത്രന്മാരിൽ ആദ്യം പിറന്നവൻ നകുലൻ; കനിഷ്ഠൻ സഹദേവൻ. ഇങ്ങനെ മുനിമാർ അവർക്കു പേരുനല്കി.

വർഷംതോറും പിറന്ന ആ കുമാരന്മാർ കുരുസത്തമരായി ശോഭിച്ചു. ആ പഞ്ചപാണ്ഡവന്മാർ പഞ്ചനക്ഷത്രങ്ങൾപോലെ ശോഭിച്ചു. മഹാസത്വരും മഹാവീര്യരും മഹാബലപരാക്രമരും ആയി അവർ വളർന്നു. നരാധിപനായ പാണ്ഡു വിണ്ണവർക്കു തുല്യം പരാക്രമികളായ പുത്രന്മാരെക്കണ്ടു സന്തോഷിച്ചു. ശതശൃംഗത്തിൽ വാഴുന്ന സകല മുനികൾക്കും ഇഷ്ടരായി ഇവർ വളർന്നു. മുനിപത്നിമാർക്ക് ഇവർ ഏറ്റവും പ്രിയങ്കരന്മാരായി.

പാണ്ഡു മാദ്രിയുടെ അപേക്ഷപ്രകാരം കുന്തിയോടു വീണ്ടും പ്രേരണചെലുത്തി. അപ്പോൾ കുന്തി രഹസ്സിൽ ഭർത്താവിനോടു പറഞ്ഞു."

കുന്തി പറഞ്ഞു: "ഒരിക്കൽ ഞാൻ അനുവദിച്ചപ്പോൾ അവൾ രണ്ടുപേരെ ഒപ്പം വരുത്തി ഇരട്ടസന്താനങ്ങളെ നേടി എന്നെ വഞ്ചിച്ചു. ഞാൻ ഈ പ്രവൃത്തിയാൽ അവളെ ഭയപ്പെടുന്നു. കുത്സിതസ്ത്രീകളുടെ നടപടിയാണിത്. വിഡ്ഢിയായ ഞാൻ അറിഞ്ഞില്ല, രണ്ടുപേരെ അവൾ ഒപ്പം ആഹ്വാനംചെയ്യുമെന്ന്. എന്നോട് ഭവാൻ ഇനി ആവശ്യപ്പെടരുത്. ഇനി അതും എനിക്ക് ഒരു വരമായി ഭവാൻ നല്കണം."

വൈശമ്പായനൻ പറഞ്ഞു: "മഹാബലന്മാരായ പുത്രന്മാർ പുകഴാർന്നവരും, കുരുകുലോദ്വഹന്മാരും, ശുഭലക്ഷണമൊത്തവരും, സോമാർഭന്മാരായ പ്രിയദർശനന്മാരും, സിംഹദർപ്പന്മാരും, മഹാധനുർദ്ധരന്മാരും, സിംഹവിക്രമഗാമികളും, സിംഹഗ്രീവരും, മനുഷ്യേന്ദ്രരും, ദേവവിക്രമന്മാരുമായി വളർന്നു. പുണ്യമായ ഹിമവൽപർവ്വതത്തിൽ അവർ ഉല്ലസിച്ചു. അവിടെ വന്നുചേരുന്ന മുനീന്ദ്രന്മാർക്ക് അവർ അതിരറ്റ വിസ്മയം ഉണ്ടാക്കി. അവർ അഞ്ചുപേരും, മറ്റു നൂറുപേരും, കുരുവംശവിവർദ്ധനരായി വളർന്നു. അല്പകാലംകൊണ്ട് പൊയ്കയിൽ താമരകൾപോലെ അവർ വളർന്നുവികസിച്ചു ശോഭിച്ചു."

125. പാണ്ഡുവിന്റെ ചരമം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡു അഴകുറ്റവരായ തന്റെ അഞ്ചുപുത്രന്മാരെക്കണ്ടു സന്തോഷിച്ച് അവരോടുകൂടി വനപർവ്വതങ്ങളിൽ ക്രീഡാലാലസനായി നിവസിച്ചു.

ഒരു ദിവസം അവൻ ഭാര്യമാരോടുകൂടി വനത്തിൽ സഞ്ചരിക്കുകയായിരുന്നു. വസന്തത്തിന്റെ ആഗമനത്തിൽ കാടുകളെല്ലാം ഹൃദയസമ്മോഹനമായവിധം പൂത്തു. ആ പൂവണിഞ്ഞ കാടുകൾ കണ്ട് സഭാര്യനായ രാജാവ് ആനന്ദിച്ച് മദാലസനായി നടന്നു.

പിലാശ്, തിലകം, മാവ്, ചമ്പകം, പാരിഭദ്രകം, കർണ്ണികാരം, അശോകം, കേസരം, അതിമുക്തകം, കരവകം ഇവയിലൊക്കെ വണ്ടുകൾ മുരണ്ടു തേൻ കുടിക്കുവാൻ ചുറ്റിപ്പറന്നു നടന്നു. അല്ലിവിടർന്ന് പാരിജാതകുസുമങ്ങൾ സൗരഭ്യം വീശി. കുയിലുകൾ പാടി. വണ്ടുകൾ മുരണ്ടുചുറ്റി. വേറേയും അനവധി മരങ്ങൾ പൂത്തും കായ്ച്ചും നയനമോഹനമായി നിരന്നു. കാടുകൾ വിളങ്ങി.

വസന്താഗമത്തിൽ താമരയും ആമ്പലും വിടർന്നു തിളങ്ങുന്ന മനോഹരമായ കാടുകണ്ട് രാജാവിന്റെ ഹൃദയത്തിൽ അംഗജൻ ഇളകി. കാമദേവൻ രാജാവിന്റെ മനസ്സിനെ മഥിച്ചു. കാട്ടിൽ ദേവകല്പനായ പാണ്ഡു കാമലോലുപനായി സഞ്ചരിക്കവേ അദ്ദേഹം സഹർഷം തിരിഞ്ഞുനോക്കി. അവന്റെ പിമ്പേ ശുഭ്രവസ്ത്രം ചാർത്തി മാദ്രി താനേ നടക്കുന്നു. മൃദുവായ വസ്ത്രം ചാർത്തിയ ആ മൃദുലഗാത്രിയെ ഒറ്റയ്ക്കു വിജനമാർഗ്ഗത്തിൽ കണ്ടയുടനെ അവന്റെ മനസ്സിൽ കാമൻ തീകോരിയിട്ടതുപോലെ ആളി! രഹസ്സിൽ ഒറ്റയ്ക്ക് ആ ആലോലനീലനേത്രയെ രാജാവു കണ്ടു. അവന്റെ കാമവികാരം ഉജ്ജ്വലിച്ചു. മന്മഥവികാരം തടുക്കുവാൻ പാണ്ഡു ശ്രമിച്ചു. മനസ്സടക്കുവാൻ പാണ്ഡു അശക്തനായി. അനംഗാഗ്നി ആളിക്കത്തി. രാജാവ് ചുറ്റുംനോക്കി. വനം വിജനം! സുരഭിലമായ പാരിജാതകുസുമത്തിൽ തട്ടിവരുന്ന മോഹനമായ മാരുതൻ ആ രാജദമ്പതികളെ തഴുകി. ദേവസുന്ദരിപോലെ തന്റെ ചാരെ കാന്തി വീശി നില്ക്കുന്ന മാദ്രിയെ രാജാവു കടന്നുപിടിച്ചു. അവൾ പിടഞ്ഞു കുടഞ്ഞു. "അരുത്, വിടൂ!' എന്നു പറഞ്ഞു തടുത്തു. അവൻ വിട്ടില്ല. ബലമായി അവളെ പിടിച്ചുവീഴ്ത്തി. കാമതാപമോഹിതനായ അവൻ ശാപത്തെപ്പറ്റി ചിന്തിച്ചില്ല. അവന്റെ ജീവിതം അവസാനിപ്പിക്കുവാനാണോ? അവൻ കാമമോഹിതനായി! ശാപഭീതിലേശവുമില്ലാതെ രാജാവ് വിധിയുടെ ശക്തിയാൽ കാമാത്മാവായി. അവന്റെ ബുദ്ധി, സാക്ഷാൽ 'കാലം' മയക്കുകമൂലം കാമവശനായി ഇന്ദ്രിയോന്മഥനംചെയ്തു. മാദ്രിയുമായി അവൻ ആനന്ദഹർഷത്തോടെ സംഭോഗംചെയ്തു. ആ അന്ത്യമായ മൈഥുനത്തോടെ ആ വിളക്കണഞ്ഞു. മനസ്സിണങ്ങി സുഖമായി അവളോടുചേർന്ന് ധർമ്മാത്മാവായ പാണ്ഡു കാലധർമ്മം പ്രാപിച്ചു.

പ്രാണൻ പോയ രാജാവിനെ കെട്ടിപ്പിടിച്ച് വീണ്ടും വീണ്ടും മാദ്രി മഹാദുഃഖത്തോടെ വിലപിച്ചു: "അയ്യോ! ചതിച്ചല്ലോ!" നിലവിളികേട്ടു കുന്തിയും മക്കളെല്ലാവരും ഓടിച്ചെന്നു. മാദ്രി സഹിക്കവയ്യാത്ത ദുഃഖത്തോടെ കുന്തിയെ വിളിച്ചു പറഞ്ഞു."

മാദ്രി പറഞ്ഞു: "ജ്യേഷ്ഠത്തീ, വേഗം വരൂ! തനിച്ചു വരൂ! കുട്ടികൾ അവിടെ നില്ക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് കുന്തി മക്കളെ വിട്ട് ഓടി ക്ഷണത്തിൽ സമീപത്തെത്തി."

കുന്തി ഉറക്കെ നിലവിളിച്ചു: "അയ്യോ! ചതിച്ചല്ലോ! എന്താണ് ഞാൻ ഈ കാണുന്നത്? മാദ്രിയും രാജാവുംകൂടിയല്ലേ കിടക്കുന്നത്! ഞാൻ ഇനി എന്തിനു ജീവിക്കുന്നു? എല്ലാം തകർന്നുപോയല്ലോ!"

കുന്തി ദുഃഖത്തോടെ വീണ്ടും വിലപിച്ചു: "ഞാൻ കാത്തുപോരുമ്പോൾ വീരനായ ഈ ധീരൻ, മൃഗശാപം അറിഞ്ഞിരുന്നിട്ടും, നിന്നിൽ ഈ അതിക്രമം ചെയ്തില്ലേ? മാദ്രീ, നീ ഈ രാജാവിനെ രക്ഷിക്കേണ്ടതല്ലേ? ആ നീ ഇങ്ങനെ രാജാവിനെ വിജനസ്ഥലത്തുവെച്ചു മോഹിപ്പിച്ചില്ലേ? നീ തെറ്റുചെയ്തു! രാജാവിന്ന് ശാപവൃത്താന്തം ഓർമ്മയുള്ളപ്പോൾ നിന്നോടുകൂടി ചേരുന്നതിൽ എങ്ങനെ ഹർഷമുണ്ടായി? ഒരു പക്ഷേ, ഹേ, ബാൽഹീകീ!, നീ എന്നേക്കാൾ ഭാഗ്യവതിതന്നെ! സന്തോഷപ്രകർഷത്തോടുകൂടിയ രാജാവിന്റെ മുഖാമൃതം നുകരുവാൻ നിനക്കു സാധിച്ചുവല്ലോ!"

മാദ്രി പറഞ്ഞു: "ദേവീ, നീ എന്നെ തെറ്റിദ്ധരിച്ച് ആക്ഷേപിക്കരുത്. ഞാൻ വിലപിച്ച് ആവോളം തടഞ്ഞുനോക്കി. ഫലമുണ്ടായില്ല. എനിക്ക് രാജാവിനെ തടുത്തുനിർത്തുവാൻ കഴിഞ്ഞില്ല. ശക്തനായ നാഥൻ ഭവിതവ്യം (ദൈവഗതി) നടത്തുക തന്നെ ചെയ്തു."

കുന്തി പറഞ്ഞു: "ഹേ, മാദ്രീ! ധർമ്മപത്നിമാരിൽ ഞാൻ ജ്യേഷ്ഠത്തിയാണ്. ജ്യേഷ്ഠധർമ്മഫലം എനിക്കാണ്. വരേണ്ടുന്നതു വരും. നീ എന്നെ തടയരുത്! പ്രേതാലയത്തിൽ പോകുന്ന പതിയെ ഞാൻ അനുഗമിക്കുകയാണ്. കാന്തനെ വിട്ട് നീ എഴുന്നേൽക്കുക. മക്കളെ പാലിക്കുക."

മാദ്രി പറഞ്ഞു: "പിന്മാറാത്ത ഭർത്താവിനെ ഞാൻ അനുഗമിക്കുകയാണ്. ഞാൻ കാമത്തിൽ അതൃപ്തയാണ്. ഏട്ടത്തീ, നീ എനിക്കു സമ്മതം തരണം. ഭരതോത്തമനായ കാന്തൻ സ്മരാർത്തിയോടെ എന്നിലേറ്റു മരിച്ചു. കാലപുരിയിൽ അവന്നു കാമഭംഗം ഉണ്ടാകരുത്. ഞാൻ ജീവിച്ചാൽ എനിക്ക് നിന്റെ മക്കളെ പക്ഷപാതംകൂടാതെ വേണ്ടപോലെ നോക്കുവാനുള്ള കഴിവില്ല. അതുകൊണ്ട് ഞാൻ പാപംനേടേണ്ടതായും വന്നുകൂ

digitized by www.sreyas.in

ടും. കുന്തീ! നീ എന്റെ മക്കളെ സ്വന്തം മക്കളെപ്പോലെ സംരക്ഷിക്കുക. എന്നെ കാമിച്ചുകൊണ്ടാണ് രാജാവു മൃതനായത്. ഇദ്ദേഹത്തിന്റെ ദേഹത്തോടൊത്ത് എന്റെ ദേഹവും ചുടണം. എനിക്ക് നീ ഈ പ്രിയം ചെയ്തുതരണം. കുട്ടികളെ നല്ലവണ്ണം നീ കരുതി കാത്തുകൊള്ളുക! വേറെ ഒന്നും എനിക്കു പറഞ്ഞേല്പിക്കുവാനില്ല."

വൈശമ്പായനൻ പറഞ്ഞു: "അവൾ ഇപ്രകാരം കുട്ടികളെ കുന്തിയെ ഏല്പിച്ചു രാജാവിന്റെകൂടെ ചിതയിൽച്ചാടി. ധർമ്മപത്നിയായ മാദ്രി ഭർത്താവിനോടൊപ്പം പരലോകം പൂകി."

126. ഋഷിസംവാദം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡുവിന്റെ ചരമം ഇപ്രകാരം സംഭവിച്ചതുകണ്ട് ദേവോപമന്മാരായ ഋഷികൾ അവിടെകൂടി ആലോചിച്ചു."

താപസന്മാർ പറഞ്ഞു: "രാജ്യവും രാഷ്ട്രവും വിട്ട് പൂജ്യനായ ആ കീർത്തിശാലി ഈ സ്ഥലത്ത് ഋഷിമാരെ ആശ്രയിച്ചു തപസ്സുചെയ്തു. ചെറുപൈതങ്ങളേയും കുന്തിയേയും നമ്മുടെ കൈയിലേല്പിച്ച് രാജാവ് സ്വർഗ്ഗം പ്രാപിച്ചു. ആ യോഗ്യന്റെ മക്കളേയും ഭാര്യയേയും സ്വരാജ്യത്ത് എത്തിക്കേണ്ട ചുമതല നമ്മൾക്കുള്ളതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം തമ്മിൽ പറഞ്ഞ് എല്ലാവരുംചേർന്ന് പാണ്ഡുപുത്രന്മാരെ മുമ്പിലാക്കി വേഗത്തിൽ ഹസ്തിനാപുരത്തേക്കെത്തിക്കുവാൻ ഏർപ്പാടുചെയ്തു. പാണ്ഡുവിന്റെ മക്കളേയും കുന്തിയേയും രണ്ടു മൃതശരീരങ്ങളേയുംകൊണ്ട് ഋഷിമാർ ഭീഷ്മരുടേയും ധൃതരാഷ്ട്രന്റേയും സമീപത്തേക്ക്, അവരെക്കൊണ്ട് ഏല്പിക്കുവാൻ പുറപ്പെട്ടു.

അത്യധികമായ സൗഖ്യത്തോടെ പണ്ടു വാണവളും, പുത്രവത്സലയുമായ കുന്തി ആപത്തിൽപ്പെട്ടു മാർഗ്ഗദൈർഘ്യം സാരമാക്കാതെ, മാർഗ്ഗക്ലേശം ഒട്ടും ചിന്തിക്കാതെ നടന്നു. ഏറെ വൈകാതെ കുരുജാംഗലത്തിലെത്തി. നെടുതായ കോട്ടവാതിൽക്കൽ യശസ്വിനിയായ കുന്തി ചെന്നു. കോട്ടവാതിൽക്കൽ നില്ക്കുന്ന കാവൽക്കാരനോട് താപസന്മാർ വന്നുനില്ക്കുന്നുവെന്നും രാജാവിനെ അറിയിക്കുകയെന്നും കല്പിച്ചു. അവർ ഉടനെ ബദ്ധപ്പെട്ട് ഓടി സഭയിൽ ചെന്ന് വളരെയേറെ മുനിമാരും ചാരണന്മാരും വന്നുനില്ക്കുന്ന വർത്തമാനം അറിയിച്ചു. മുനിമാരുടെ ആഗമനമറിഞ്ഞു നാട്ടുകാർക്കും പൗരന്മാർക്കും അത്ഭുതമായി. സൂര്യോദയത്തിന്നുശേഷം ഒരു മുഹൂർത്തം ചെന്നപ്പോൾ പാണ്ഡവപുത്രന്മാരോടുകൂടിയ താപസന്മാരെ കാണുവാൻ ജനങ്ങൾ കൂട്ടംകൂട്ടമായി വന്നുനിറഞ്ഞു. സ്ത്രീകളും ക്ഷത്രിയന്മാരും വാഹനങ്ങളിൽ എത്തിച്ചേർന്നു. ബ്രാഹ്മണന്മാരും ബ്രാഹ്മണസ്ത്രീകളും അനേകം വാഹനങ്ങളിൽ എത്തിച്ചേർന്നു. വൈശ്യരും ശൂദ്രന്മാരും തിക്കിത്തിരക്കി എല്ലായിടവും നിറഞ്ഞു. ആർക്കും ഈർഷ്യകണ്ടില്ല. എല്ലാവരും ധർമ്മബുദ്ധികളായി കാണപ്പെട്ടു. ഇപ്രകാരം ഭീഷ്മൻ, ബാൽഹീകൻ, സോമദത്തൻ, പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രരാജാവ്, വിദുരൻ, സത്യവതി, കൗസല്യമാർ (അംബികയും, അംബാലികയും), ഗാന്ധാരി ഇവർ രാജദാരങ്ങളോടുകൂടി ഇറങ്ങി. ധൃതരാഷ്ട്രപുത്രന്മാരായ ദുര്യോധനാദികൾ ഭൂഷണാലംകൃതരായി നൂറുപേരും ഇറങ്ങി ആ മുനിശ്രേഷ്ഠരെക്കണ്ട് കുമ്പിട്ടുതൊഴുതു. ആചാര്യന്മാരോടുകൂടി കൗരവന്മാരെല്ലാവരും അപ്രകാരം ഋഷിമാരെ തല കുനിച്ചു നമസ്കരിച്ച് അടുത്തിരുന്നു. പൗരന്മാരും അപ്രകാരം തല കുമ്പിട്ടു നമസ്കരിച്ചു ചുറ്റും വാണു. ആ ജനങ്ങൾ ഘോഷമൊക്കെ അടക്കി, അവരെക്കണ്ടു. വിധിയാംവണ്ണം പാദ്യാർഘ്യങ്ങളാൽ അവരെ പൂജിച്ചു. നാടും നഗരവും ഭീഷ്മൻ മുനീന്ദ്രർക്കു നിവേദിച്ചിരിക്കുന്നുവെന്ന് അഭിവാദനപൂർവ്വം ഉണർത്തിച്ചു. ആ കൂട്ടത്തിൽ മഹാവൃദ്ധനും ജടാചീരധരനുമായ മുനി ഋഷിയോഗമതം ചിന്തിച്ച് ഇപ്രകാരം പറഞ്ഞു."

മുനി പറഞ്ഞു: "കൗരവരുടെ ദായാദനായ പാണ്ഡുരാജാവ് കാമഭോഗങ്ങൾ ഉപേക്ഷിച്ചാണ് ശതശൃംഗത്തിലെത്തിയത്. അവൻ ആ ബ്രഹ്മചര്യത്തിൽ നില്ക്കുമ്പോൾ ദിവ്യസംഗംകൊണ്ടു സാക്ഷാൽ ധർമ്മദേവനിൽനിന്നുണ്ടായവനാണ് ഈ യുധിഷ്ഠിരൻ. അപ്രകാരംതന്നെ മാന്യനായ ആ രാജാവിന്നായി വായുദേവൻ നൽകിയതാണ് മഹാബലനായ ഈ ഭീമസേനൻ. ഇങ്ങനെ ഇന്ദ്രനിൽനിന്ന് കുന്തിയിൽത്തന്നെ ഉണ്ടായതാണ് ധനഞ്ജയൻ. ഇവന്റെ കീർത്തി മറ്റു ധനുർദ്ധരന്മാരെ താഴ്ത്തിക്കളയും. അപ്രകാരം അശ്വിനീദേവകളിൽനിന്ന് മാദ്രി പെറ്റുണ്ടായവരാണ് ഈ കുമാരന്മാർ. ഇവരേവരും വില്ലാളിവീരന്മാരാണ്. എല്ലാവരും നോക്കുവിൻ! ധർമ്മത്തോടുകൂടി വാനപ്രസ്ഥത്തിൽ വാഴുമ്പോൾ നഷ്ടപ്പെട്ട പിതാമഹന്മാരുടെ കുലം പാണ്ഡു ഉയർത്തി. പാണ്ഡുപുത്രന്മാരുടെ ജന്മം, വൃദ്ധി, വൈദികപാഠം ഇവ കണ്ട് നിങ്ങളൊക്കെ പ്രീതരാകുവിൻ! സദ്വൃത്തിയിലിരുന്ന് ഈ പുത്രസമ്പത്തുനേടിയ പാണ്ഡു ഇന്നേക്കു പതിനേഴു ദിവസമായി സിദ്ധികൂടിയിട്ട്. പിന്നെ അവനെ ഓർത്തുകൊണ്ട്, സ്വയം ആഹുതിയെന്നവിധം, സ്വജീവിതംവിട്ട് മാദ്രി അഗ്നിയിൽച്ചാടി മരിച്ചു. അവൾ അവനോടു ചേർന്നു പിതൃലോകം പ്രാപിച്ചു.

ഇനി നിങ്ങൾ അവൾക്കും അവന്നും വേണ്ടുന്ന ശേഷക്രിയ നടത്തുവിൻ. ഇതാണ് അവരുടെ മൃതദേഹം (ചിതാവശിഷ്ടം). ഇവർ അവരുടെ ഉത്തമപുത്രന്മാരാണ്. വേണ്ടപോലെ അമ്മയോടൊപ്പം ഇവരെ നിങ്ങൾ അനുഗ്രഹിക്കുവിൻ. പ്രേതകാര്യം കഴിച്ചിട്ട് ധാർമ്മികനും, കൗരവപുംഗവനുമായ പാണ്ഡു പിതൃമേധഫലം കൈക്കൊള്ളട്ടെ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കുരുക്കളോടു പറഞ്ഞ്, കൗരവന്മാരെല്ലാവരും കാണ്കെ ആ മുനിമാരും ഗുഹ്യകസംഘവും ക്ഷണത്തിൽ മറഞ്ഞു. ഗന്ധർവ്വനഗരംപോലെ ആ മുനിസിദ്ധഗണങ്ങൾ ക്ഷണത്തിൽ മറഞ്ഞുപോയതു കണ്ട് എല്ലാവർക്കും അത്ഭുതമായി."

127. പാണ്ഡുമാദ്രീസംസ്കാരം – ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, വിദുരാ! പാണ്ഡുവിന്റെ പ്രേതകാര്യങ്ങളൊക്കെ നടത്തുക! രാജസിംഹനായ അവന്റെ സംസ്കാരം രാജാധിരാജന്നു വേണ്ടവിധംതന്നെ ചെയ്യണം. പശുക്കൾ, വസ്ത്രം, രത്നങ്ങൾ, പലപ്രകാരം ധനങ്ങൾ എന്നിവയെല്ലാം ഇഷ്ടംപോലെ പാണ്ഡുവിന്നും മാദ്രിക്കുംവേണ്ടി ദാനംനല്കുക. മാദ്രീസൽക്കാരവും കുന്തിയുടെ ഇഷ്ടംപോലെ നടത്തുക. കാറ്റുംവെയിലും ആ ചാരുഗാത്രിയെ തൊട്ടുപോകരുത്. പാണ്ഡുരാജാവ് പുണ്യവാനാണ്. ഒരിക്കലും ശോച്യനല്ല. അവന്ന് സുരപുത്രാഭന്മാരായ ഈ അഞ്ചുമക്കളും ഉണ്ടായല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരംതന്നെ എന്നുപറഞ്ഞ് വിദുരൻ ഭീഷ്മനോടുകൂടി സമശുദ്ധസ്ഥലം തെരഞ്ഞെടുത്ത് അവിടെ പാണ്ഡുവിന്റെ സംസ്കാരം നടത്തി. നെയ്യിന്റെ സൗരഭ്യം വീശുന്ന പാണ്ഡുഭൂപന്റെ ദീപജ്വാലകൾ ഹസ്തിനാപുരത്തിൽനിന്ന് ഉടനെ പുരോഹിതന്മാർ കൊണ്ടുവന്നു. കാലത്തിന്നൊത്ത മണമാർന്ന പുഷ്പങ്ങൾ അലങ്കരിച്ചുമൂടിയ പല്ലക്കും ഉടനെ കൊണ്ടുവന്നു. വസ്ത്രമാല്യഗണങ്ങളാലും വിലപിടിച്ച വസ്തുക്കളാലും അലംകൃതമായ പല്ലക്കിന്റെ കൂടെ സുഹൃത്തുക്കളും അമാത്യരും എത്തി. മാദ്രിയോടുംകൂടി മന്നന്റെ മൃതശരീരാവശിഷ്ടം (അസ്ഥികൾ) പല്ലക്കിൽക്കയറ്റി നല്ല മർത്ത്യന്മാർ ഏറ്റി വെൺകൊറ്റക്കുടയും വെൺചാമരവും വാദ്യഘോഷങ്ങളുമായി മോടികൂട്ടി വളരെ രത്നങ്ങളും മറ്റു വിശിഷ്ട വിഭവങ്ങളും വാരിക്കോരി പലതരം ജനങ്ങൾക്കായി ദാനംചെയ്തു. പാണ്ഡുവിന്റെ ശേഷക്രിയയ്ക്ക്, വാങ്ങുന്നവർക്കൊക്കെ ധനം കൊടുത്തു.

വെൺകൊറ്റക്കുടയും, നല്ല വെൺചാമരങ്ങളും, നല്ല വസ്ത്രങ്ങളും ആ കൗരവന്നുവേണ്ടി കൊണ്ടുവന്നു. ശുചിയായ വസ്ത്രംചുറ്റിയ യാജകന്മാർ ഹോമിച്ച അഗ്നികൾ കത്തിജ്വലിച്ച് അവന്റെ മുമ്പിൽ അഴകോടെ നടന്നു. ബ്രാഹ്മണരും, ക്ഷത്രിയരും, വൈശ്യരും, ശൂദ്രരും കരഞ്ഞ് ശോകത്തോടെ നരേന്ദ്രനെ പിന്തുടർന്നു. 'ഇദ്ദേഹം ഞങ്ങളെ വിട്ടു! ഞങ്ങളെ ദുഃഖത്തിൽ

digitized by www.sreyas.in

തള്ളിവിട്ടു! അനാഥസ്ഥിതിയിലാക്കി! ഹേ, രാജാവേ! ഭവാൻ എങ്ങോട്ടുപോകുന്നു?" കരയുന്ന പാണ്ഡവന്മാരും, ഭീഷ്മനും, വിദുരനും രമണീയമായ ശ്മശാനത്തിൽ ഗംഗാതീരപ്രപ്പിൽ മെല്ലെ പല്ലക്കിറക്കിവെച്ചു. മനോഹരമായ ശ്മശാനത്തിൽ ജാഹ്നവീതീരത്തിൽ സഭാര്യനായ രാജശ്രേഷ്ഠന്റെ വാഹനം നിന്നപ്പോൾ, ആ ഭൗതികാവശിഷ്ടത്തിൽ സുഗന്ധം ഉണ്ടാകുമാറ് കാരകിൽച്ചാറു തേച്ച് ചന്ദനച്ചാറുപൂശി. പൊൻകുടത്തിലെടുത്ത ജലം കൊണ്ടു തളിച്ചു. വെളുത്ത ചന്ദനം ദേഹത്തിലൊക്കെ പൂശി. കാരകിൽച്ചാറു കലരുന്ന തുംഗമായ രസവും തളിച്ചു.

അതിന്നുശേഷം ഏറ്റവും വിലപ്പെട്ട വസ്ത്രംകൊണ്ടു മൂടി. വസ്ത്രം ചാർത്തിയ രാജാവ് ജീവിച്ചിരുന്നാലെന്നവിധം പല്ലക്കിൽ പ്രകാശിച്ചു! മഹാർഹമായ മെത്തയിൽ ശയിക്കേണ്ടുന്ന മഹായോഗ്യനായ ആ നരോത്തമന് യാജകന്മാരുടെ അനുമതം പോലെ ഇപ്പോൾ പ്രേതകാര്യം നടത്തപ്പെടുകയാണ്. നെയ്യ്പകർന്ന് രാജാവിനെ മാദ്രിയോടുകൂടി ഭംഗിയിൽ തുംഗം, പതിമുകം, മണം വീശുന്ന ചന്ദനം, മറ്റു സുഗന്ധദ്രവ്യങ്ങൾ ഇവ കൊണ്ട് യഥാവിധി സംസ്കരിച്ചു. അപ്പോൾ അവരുടെ ദേഹം ചിതാഗ്നിയിൽ വെക്കുന്നതുകണ്ട് മോഹമാണ്ട് "അയ്യയ്യോ! മകനേ" എന്നു നിലവിളിച്ച് കൗസല്യ വീണു! അവൾ മോഹിച്ചു വീണതുകണ്ട് നാട്ടുകാർ നിറഞ്ഞ കണ്ണുകളോടെ, കരുണയോടെ നിലവിളിച്ചു. കുന്തിയുടെ വിലാപത്തിൽ മനുഷ്യരോടൊപ്പം തിര്യക്‌യോനികൾകൂടി കരഞ്ഞുപോയി! ഹൃദയമലിയിപ്പിക്കുന്ന അവളുടെ രോദനം കേട്ട് സർവ്വജീവജാലങ്ങളും കരഞ്ഞു. അപ്രകാരംതന്നെ ശാന്തനവനായ ഭീഷ്മനും, ബുദ്ധിമാനായ വിദുരനും, മറ്റു പൗരന്മാരും സങ്കടത്തോടെ കണ്ണുനീർ തുടച്ചു.

പിന്നെ ഭീഷ്മനും, പാണ്ഡവന്മാരും, വിദുരനും, രാജാവും, കുരുനാരികളും ചേർന്ന് അവന്ന് ഉദകക്രിയ ചെയ്തു. അവർ കരഞ്ഞുകൊണ്ട് ഉദകക്രിയചെയ്തു. ഉദകക്രിയചെയ്യുമ്പോൾ പാണ്ഡവന്മാരും, ഗംഗാപുത്രനും, വിദുരനും ജ്ഞാതിഗണങ്ങളും കരഞ്ഞുകൊണ്ടിരുന്നു.

ഉദകക്രിയ ചെയ്തശേഷം വിതുമ്മിക്കരയുന്ന പാണ്ഡുപുത്രന്മാരെ ദുഃഖാർത്തരായ നാട്ടുകാർ എടുത്ത് ആശ്വസിപ്പിച്ചു. ബന്ധുക്കളും പാണ്ഡവരും വെറും നിലത്തുകിടന്ന് പുലയാചരിച്ചു. പുല കഴിയുന്നതുവരെ അവർ കിടന്ന നാളിലെല്ലാം നാട്ടുകാരും ബ്രാഹ്മണരും അവരിലുള്ള സഹതാപത്തോടെ വെറും നിലത്തുതന്നെ കിടന്നു. ആനന്ദംപോയി സ്വാസ്ഥ്യമറ്റ് ആബാലവൃദ്ധം ഹർഷംകൂടാതെ പാണ്ഡവരോടൊപ്പം ആ നഗരം പന്ത്രണ്ടുനാൾ പുലയാചരിച്ചു."

128. ഭീമസേനരസപാനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ കുന്തിയും, രാജാവും, യുധിഷ്ഠിരനും, ബന്ധുജനങ്ങളും പാണ്ഡുവിന്ന് സ്വധാമൃതമയമായ പിണ്ഡംവെച്ചു. അന്ന് കുരുനാട്ടുകാർ വിപ്രന്മാരെയും അസംഖ്യം ജനങ്ങളേയും ഭക്ഷണം കൊണ്ടു തൃപ്തരാക്കി. രത്നങ്ങളും ഗ്രാമവും ബ്രാഹ്മണർക്കു ദാനംചെയ്തു. പുലവീടി ശുദ്ധരായ പാണ്ഡുപുത്രരേയും ഭാരതമുഖ്യരേയും കൈക്കൊണ്ട് എല്ലാവരും ഹസ്തിനാപുരിയിൽ പ്രവേശിച്ചു. വീണ്ടും ആ ഭാരതശ്രേഷ്ഠനായ പാണ്ഡുവിനെപ്പറ്റി നാട്ടുകാർ തങ്ങളുടെ ഒരു ബന്ധു മരിച്ചാലെന്നപോലെ അനുശോചിച്ചു.

പിണ്ഡം കഴിഞ്ഞ് എല്ലാവരും ഇണ്ടലിലാണ്ടിരിക്കുന്നതു കണ്ട് ദുഃഖിക്കുന്ന അമ്മയോട് വ്യാസൻ പറഞ്ഞു."

വ്യാസൻ പറഞ്ഞു: "അമ്മേ, സൗഖ്യം അസ്തമിച്ചു. കാലത്തിന്റെ മാറ്റം ദാരുണംതന്നെ! വന്നുകൊണ്ടിരിക്കുന്ന ദിനങ്ങളൊക്കെ പാപദിനങ്ങൾതന്നെ! ഭൂമിക്കോ യൗവനം കെട്ടുപോയി! ഛലജാലങ്ങൾ കലർന്നും പലപലദോഷങ്ങൾ പുലർന്നും ധർമ്മക്രിയാചാരങ്ങൾ നഷ്ടപ്പെടുന്ന കഷ്ടകാലം വരികയാണ്! കുരുക്കളുടെ ദുർന്നീതി വർദ്ധിച്ച് ഊഴി നശിക്കും! അമ്മ അതൊന്നും കാണാതിരിക്കുന്നതാണു നല്ലത്. കുലത്തിന്നു താനേ പറ്റുന്ന ആ ക്ഷയം കാണാതിരിക്കുക! തപോവനത്തിൽച്ചെന്നു യോഗം പൂണ്ടു ദേവീ, നീ വാഴുക!"

വൈശമ്പായനൻ പറഞ്ഞു: "വ്യാസൻ പറഞ്ഞതു സമ്മതിച്ച് അകത്തേക്കുവന്ന് തന്റെ സ്നുഷയോട് സത്യവതി പറഞ്ഞു."

സത്യവതി പറഞ്ഞു: "അംബികേ, നിന്റെ പുത്രന്റെ ദുർന്നയം മൂലം ഭാരതർ കൂട്ടത്തോടെ പൗരജനങ്ങളുമൊത്തു നശിക്കുമെന്ന് ഞാൻ കേൾക്കുന്നു! അതുകൊണ്ട് പുത്രശോകാർത്തയായ കൗസല്യയോടുകൂടി വനത്തിൽ പോകുന്നതാണു നല്ലത്. ഞാൻ അതിന്നു നിശ്ചയിച്ചുകഴിഞ്ഞു. നിനക്കും സമ്മതമല്ലേ?"

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരംതന്നെ എന്ന് അംബികയും സമ്മതിച്ചു. അങ്ങനെ ഭീഷ്മനോട് സമ്മതവും വാങ്ങി, സത്യവതി സ്നുഷമാരോടുകൂടി കാട്ടിലേക്കു പുറപ്പെട്ടു. ആ ദേവിമാർ ഘോരമായതപസ്സുചെയ്തു. അങ്ങനെ തപോവൃത്തിയിൽ ജീവിച്ച് ദേഹത്യാഗംചെയ്ത്, അഭീഷ്ടമായ ഗതി പൂകി.

പിന്നെ വേദോക്തമായ സംസ്കാരം പാണ്ഡവന്മാർ സ്വീകരിച്ചു. പിതൃഗൃഹത്തിൽ സസന്തോഷം വാണു. ധാർത്തരാഷ്ട്രന്മാരോടുചേർന്നു സന്തോഷിച്ചു കളിച്ചു.

ബാലക്രീഡയിലൊക്കെ ഓജസ്സുകൊണ്ട് പാണ്ഡവർ മേലെയായി. ഓട്ടം, ഓടിച്ചെന്ന് എടുക്കൽ, തീറ്റ, ധൂളിപറപ്പിക്കൽ എന്നീ കളികളിൽ ഭീമൻ ധാർത്തരാഷ്ട്രന്മാരെ മർദ്ദിച്ചു. രസമായി കളിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് അവരെ വാരിപ്പിടിച്ച് ഒളിക്കും. പിടിച്ചുവീശി തല ചുറ്റിക്കും. വീരന്മാരായ ആ നൂറു കൗരവന്മാരേയും ഒറ്റയ്ക്കുപിടിച്ചു കശക്കും. തലമുടിയിൽ പിടികൂടി ബലവാനായ അവൻ ബലമായി വലിക്കും. ചുമലും മുട്ടും നിലത്തിട്ട് ഉരസി ഇഴയുന്നവിധം വൃകോദരൻ വലിക്കും. വെള്ളത്തിൽ നീന്തിക്കളിക്കുമ്പോൾ പത്തുപേരെ ഒന്നിച്ചുപിടിച്ച് വെള്ളത്തിൽ മുക്കിത്താഴ്ത്തി വീർപ്പുമുട്ടിച്ച് ചത്തവണ്ണമാക്കിവിടും. അവർ മരത്തിൽക്കയറി കായ് പറിക്കുമ്പോൾ ഭീമൻ മരത്തിന്റെ കടയ്ക്കു ചവിട്ടി ഭയങ്കരമായി കുലുക്കും. ചവിട്ടിന്റെ ഊക്കുകൊണ്ട് അവർ പറിക്കുന്ന കായ്കളോടൊപ്പം നിലത്തുവീഴും. അവർ എത്ര പരിശ്രമിച്ചിട്ടും തമ്മിൽത്തല്ലിലും ഊക്കിലും ഇപ്രകാരം ഒന്നിലും അവർക്കു പകരം വീട്ടുവാൻ ഭീമനോടു കഴിഞ്ഞില്ല. ധാർത്തരാഷ്ട്രന്മാരോട് ഇങ്ങനെ ഭീമൻ സ്പർദ്ധയുള്ളവനായി. അങ്ങനെ അവരോട് ഭീമൻ അപ്രിയം ചെയ്തുവെങ്കിലും അത് ബാലസഹജമായ വികൃതി മാത്രമായിരുന്നു; ദ്രോഹബുദ്ധികൊണ്ടായിരുന്നില്ല.

ഭീമന്റെ വർദ്ധിച്ചബലത്തിൽ ധാർത്തരാഷ്ട്രപ്രധാനിയായ ദുര്യോധനന്ന്, ഉള്ളിൽ ദുഷ്ടുവർദ്ധിച്ചു. അതു കാണിക്കുവാനും തുടങ്ങി. ധർമ്മം തെറ്റി, പാപമായ കർമ്മം ഉള്ളിൽ നിനയ്ക്കുക കാരണം വഴിപിഴച്ച ലോഭംമൂലം, അവന്റെ ബുദ്ധി പാപപങ്കിലമായി. 'ശക്തിപെരുത്ത കുന്തീപുത്രന്മാരിൽ മദ്ധ്യമനായ വൃകോദരനെ ചതിച്ചുകൊല്ലണം. ശക്തനും, വിക്രമിയും, ശൗര്യവാനും, വീരനുമായ വൃകോദരൻ നമ്മളോടെല്ലാവരോടും സ്പർദ്ധിക്കുന്നു. ഇവൻ വമ്പൻതന്നെ! പുരോദ്യാനത്തിൽ ഉറങ്ങിക്കിടക്കുമ്പോൾ ഇവനെപിടിച്ചു വെള്ളത്തിൽ മുക്കിക്കൊല്ലണം. എന്നിട്ട് ഇവന്റെ അനുജനേയും ചേട്ടനായ ധർമ്മജനേയും പിടിച്ചുകെട്ടി തടവിലിട്ടു ഞാൻ നാടുവാഴും' ഇപ്രകാരം നിശ്ചയിച്ച് പാപാത്മാവായ സുയോധനൻ നിത്യവും ഭീമനെ പിടിക്കുവാനുള്ള പഴുതു നോക്കിക്കൊണ്ടിരുന്നു.

ഈ ചിന്തയോടുകൂടി വെള്ളത്തിൽ കുളിക്കുവാൻ പലതരം ശിലകൊണ്ടും കമ്പളജാലങ്ങൾകൊണ്ടും നെടുംകൂടാരങ്ങൾ തീർപ്പിച്ചു. ഇഷ്ടദ്രവ്യങ്ങൾ നിറച്ചതും കൊടികുത്തി ഉയർത്തുന്നതുമായ സ്ഥലത്തു വിവിധങ്ങളായ കൂടാരക്കൂട്ടങ്ങൾ നിരന്നു. 'ജലക്രീഡ' യെന്ന് അതിന്ന് ഒരു ഓമനപ്പേരുകൊടുത്തു. 'പ്രമാണകോടി' എന്നുപേരുള്ള ആ സ്ഥലത്തു തിന്നുവാൻ പറ്റിയ പഴങ്ങളും, കടല മുതലായി ചവച്ചുതിന്നുവാനുള്ള വറവുകളും, ശീതളപാനീയങ്ങളും, മിഠായികളും വലിച്ചുകുടിക്കുവാൻ പറ്റിയ മധുരവസ്തുക്കളും നക്കിത്തിന്നുവാൻ പറ്റിയ തേൻകുഴമ്പുകളും,

digitized by www.sreyas.in

പലതരം രുചിയുള്ള ആഹാരങ്ങളും ഉണ്ടാക്കിച്ചു. എല്ലാം തയാറായപ്പോൾ അതിന്നു നിയോഗിക്കപ്പെട്ട ദേഹണ്ഡക്കാർ എല്ലാം ഒരുക്കിയ വിവരം ദുര്യോധനനെ ഉണർത്തിച്ചു. പിന്നെ ശഠനായ ദുര്യോധനൻ പാണ്ഡവന്മാരോട് പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "പൂങ്കാവുകൊണ്ട് എന്തൊരു അഴകെഴുന്ന സ്ഥലമാണ് ഗംഗാതീരം! നാം അങ്ങോട്ടു പോവുക! നമുക്കെല്ലാവർക്കുംകൂടി ഒരു ജലക്രീഡ ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനൻ പറഞ്ഞപ്പോൾ ധർമ്മജൻ അങ്ങനെയാകട്ടെ! എന്നു മറുപടി പറഞ്ഞു. നഗരാഭമായ തേരുകളിലും, നല്ല ആനകളുടെ പുറത്തും കയറി കുരുപാണ്ഡവന്മാർ പുറപ്പെട്ടു. ഉദ്യാനവനത്തിലെത്തി വാഹനങ്ങളെ വിട്ട് സിംഹങ്ങൾ ഗുഹയിലേക്ക് എന്നപോലെ ഉള്ളിലേക്കു പ്രവേശിച്ചു. ഉദ്യാനം കണ്ടു ഭ്രാതാക്കളൊക്കെ അഭിനന്ദിച്ചു. വെള്ളത്തിരശ്ശീലകൊണ്ട് അലങ്കരിക്കപ്പെട്ട കൂടാരങ്ങൾ വളഭികൊണ്ട് പ്രശോഭിക്കുന്നു! ഗവാക്ഷജാലങ്ങൾ ചുറ്റും മോടിയിൽ മിന്നുന്നു! യന്ത്രജാലങ്ങൾ ഘടിപ്പിച്ചിരിക്കുന്നു. സൗധാകാരന്മാർ തുടച്ചുമിനുക്കിയ ചിത്രങ്ങൾ വിളങ്ങുന്നു. തോടും പൊയ്കയുമായി ഭംഗികൂടുന്ന വിധത്തിൽ തിളങ്ങുന്നു. ഇവയൊക്കെ പ്രതിബിംബിക്കുന്ന ജലം, വിടർന്നു കൽഹാരപുഷ്പങ്ങളേന്തി അഴകുറ്റു ശോഭിക്കുന്നു! ഋതുപുഷ്പങ്ങൾ ചിതറി ആകാരമോടിയിൽ അഴകുറ്റു പ്രശോഭിക്കുന്നു. അവിടെ പാണ്ഡവന്മാരും കൗരവന്മാരും ചേർന്നിരുന്നു വേണ്ടുന്ന മധുരാഹാരങ്ങൾ ഇഷ്ടംപോലെ അനുഭവിച്ചു. പിന്നെ ആ പൂങ്കാവനത്തിൽ ഒന്നിച്ചു കളിക്കുന്ന അവർ അന്യോന്യം ഭോജ്യങ്ങൾ ചുറ്റും ആഹ്ലാദിച്ചു. തമ്മിൽത്തമ്മിൽ ചിരിച്ചുകളിച്ചു വായിൽ ഇട്ടുകൊടുത്തു! ദുഷ്ടനും, ശഠനും, പാപിയുമായ ദുര്യോധനൻ ഈ തക്കത്തിന്നു കാളകൂടവിഷം ചേർത്ത ഭക്ഷ്യം ഭീമസേനവധത്തെ ഉദ്ദേശിച്ച് ഇഷ്ടനെപ്പോലെ, ഇഷ്ടഭ്രാതാവിന്ന് അമൃതുനല്കുന്നതുപോലെ എന്തൊരു രസമെന്നു പറഞ്ഞു ഭീമന്റെ വായിൽക്കൊടുത്തു. ആ ദോഷമറിയാതെ അതൊക്കെ ഭീമൻ വിഴുങ്ങി. ദുര്യോധനൻ ഉള്ളുകൊണ്ടു ചിരിച്ചു. താൻ കൃതകൃത്യനായി എന്ന് ആ നരാധമൻ വിചാരിച്ചു സംതൃപ്തനായി.

പിന്നെ എല്ലാവരുംകൂടി ജലക്രീഡ തുടങ്ങി. കളി കഴിഞ്ഞതിന്നുശേഷം വസ്ത്രങ്ങൾ മാറ്റി കോപ്പുകൾ അണിഞ്ഞു. ക്രീഡാപരിശ്രമത്താൽ സന്ധ്യകഴിഞ്ഞപ്പോൾ ആ കുരുപുംഗവന്മാർ ക്രീഡാഗൃഹങ്ങളിൽത്തന്നെ കൂടുവാൻ നിശ്ചയിച്ചു. ക്ഷീണിച്ചു ബലവാനായ ഭീമൻ അവശനായി. ജലക്രീഡയിൽ, ആ ബാലന്മാരെയെല്ലാം വഹിക്കയാൽ, ഭീമന്ന് ആയാസം വളരെയുണ്ടായി. ക്ഷീണംകൊണ്ട് അവൻ പ്രമാണകോടിയിൽച്ചെന്ന് കൂടാരത്തിൽ പ്രവേശിച്ച് ഒരിടത്തുകിടന്നുറങ്ങി. കുളിർകാറ്റേറ്റു മദമോഹിതനായി കിടന്നു. ഉടനെ വിഷം വ്യാപിച്ചു. ചേഷ്ടവിട്ട് ഭീമൻ മൃതപ്രായനായി. അങ്ങനെ നിശ്ചേഷ്ടനായിക്കിടക്കുന്ന ഭീമനെ സുയോധനൻ വള്ളിക്കയർകൊണ്ടു കെട്ടി വെള്ളത്തിൽ കൊണ്ടുപോയി ഉന്തിത്തള്ളിവിട്ടു. ബോധംകെട്ട അവൻ താണുതാണു വെള്ളത്തിൽ ആണ്ടുപോയി അടിമുട്ടി. അടിമുട്ടിയ ഭീമൻ നാഗലോകത്തെത്തി നാഗകുമാരന്മാരെ ആക്രമിച്ചു. ഉടനെ നാഗസമൂഹങ്ങൾ ഭീമനെ കടിച്ചു. കടുത്ത ക്രോധവും ഘോരമായ വിഷമുള്ളവയുമായിരുന്നു ആ സർപ്പങ്ങൾ. സർപ്പങ്ങൾ ദേഹത്തിലെങ്ങും ദംശിച്ചപ്പോൾ അവനിൽ ഏറ്റിരുന്ന കാളകൂടവിഷം, സ്ഥാവരമായ വിഷം, ജംഗമവിഷം ഏറ്റുനീങ്ങി. വിഷംകൊണ്ടു വിഷം ഒഴിഞ്ഞ് ആ ദംഷ്ട്രികളുടെ ദംഷ്ട്രകൾ മർമ്മത്തിൽ നല്ലപോലെ തട്ടിയെങ്കിലും അവന്റെ തൊലിപോലും മുറിയുകയുണ്ടായില്ല. പെട്ടെന്നു ഭീമൻ ഉണർന്നു.

ബോധം വീണപ്പോൾ അവൻ കെട്ടുപൊട്ടിച്ചു. ബലമായി കെട്ടുപൊട്ടിച്ചെറിഞ്ഞു. പാമ്പുകളെ കൈയിൽ കിട്ടിയേടത്തോളം സംഹരിച്ചു. ശേഷിച്ചവ ഭയപ്പെട്ട് ഓടിക്കളഞ്ഞു. ഭീമൻ കൊന്നു ശേഷിച്ച സർപ്പങ്ങൾ വാസുകിയുടെ അടുത്തേക്ക് ഓടി ഇന്ദ്രാഭനായ ആ നാഗേന്ദ്രനോടു പറഞ്ഞു."

സർപ്പങ്ങൾ പറഞ്ഞു: "വെള്ളത്തിൽ ബന്ധനസ്ഥനായി വന്നിറങ്ങിയ ഒരു മനുഷ്യൻ വിഷംതിന്നു വന്നവനാണെന്നു ഞങ്ങൾക്കൊക്കെ തോന്നുന്നു. നിശ്ചേഷ്ടനായി വന്ന അവൻ ഞങ്ങളുടെ കടിയേറ്റപ്പോൾ ഉണർന്നു. പെട്ടെന്നുണർന്നപ്പോൾ അവൻ കെട്ടുകൾ പൊട്ടിച്ചു ഞങ്ങളെ മഥിച്ചുവിട്ടു. അവനെ ഭവാൻ ഒന്നുചെന്നു കണ്ടാലും."

വൈശമ്പായനൻ പറഞ്ഞു: "വാസുകി ഉടനെ പന്നഗങ്ങളോടു കൂടിച്ചെന്നു ഭീമവിക്രമനായ ഭീമനെ കണ്ടു. 'ആര്യകൻ' എന്ന അഹീന്ദ്രനും ഭീമനെ കണ്ടു. കുന്തിയുടെ അച്ഛന്റെ പിതാമഹനായിരുന്നു അവൻ. അവൻ തന്റെ ദൗഹിത്രനായ ഭീമനെ വാത്സല്യത്തോടെ ദൃഢമായി തഴുകി. വാസുകി കീർത്തിമാനായ അവനെ ഏറ്റവും അഭിനന്ദിച്ചു. നാഗേന്ദ്രൻ 'ആര്യകനോടു' സസന്തോഷം ചോദിച്ചു."

വാസുകി ചോദിച്ചു: "നാം എന്തു പ്രിയമാണ് ഇവനു ചെയ്യേണ്ടത്? ധാരാളം ധനവും രത്നങ്ങളും കൊടുക്കുക!"

അതുകേട്ട് ഇപ്രകാരം വാസുകിയോട് ആര്യകൻ പറഞ്ഞു: "ഹേ, നാഗരാജാവേ!, നീ കൊടുക്കുന്ന ധനംകൊണ്ട് അവന്ന് എന്തു കാര്യം! നിനക്കിഷ്ടമുണ്ടെങ്കിൽ അവന്ന് രസപാനമാണു കൊടുക്കേണ്ടത്. അതു കൊടുക്കുകയാണു നല്ലത്. ആയിരം നാഗങ്ങളുടെ ബലം നല്കുന്ന രസം ഒരു കുംഭത്തിലുണ്ടല്ലോ. എത്രത്തോളം ഇവന്നു കുടിക്കുവാൻ കഴിയുമോ അത്രത്തോളം അത് ഇവൻ കുടിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ആര്യകൻ പറയുന്നതുകേട്ട് പന്നഗപ്രഭുവായ വാസുകി സന്തോഷിച്ചു. എന്നാൽ അങ്ങനെ തന്നെയാകാമെന്നു പറഞ്ഞു രസകുംഭങ്ങൾ ഭീമന്റെ മുമ്പിൽ എത്തിച്ചു.

പിന്നെ നാഗങ്ങൾ സ്വസ്ത്യയനം കഴിക്കവേ ഭീമൻ കിഴക്കോട്ടു തിരിഞ്ഞിരുന്നു. അവർ നല്കിയ രസകുംഭമെടുത്ത് ആ ബലവാൻ ഒരു ഊക്കിൽ ആ കുടം മോന്തി. അങ്ങനെ എട്ടുകുടം രസം അവൻ നിഷ്പ്രയാസം കുടിച്ചു. അതിന്നുശേഷം നാഗങ്ങളൊരുക്കിയ സുഖശയ്യയിൽ മഹാഭുജനായ ഭീമൻ സുഖമായി കിടന്നുറങ്ങി."

129. ഭീമപ്രത്യാഗമനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ കൗരവന്മാരും പാണ്ഡവകുമാരന്മാരും നൃത്തഗീതക്കളിയൊക്കെ കഴിഞ്ഞ് ഹസ്തിനാപുരത്തിൽ തിരിച്ചെത്തി. തേര്, ആന, കുതിര ഇങ്ങനെ ഓരോ വാഹനങ്ങളിലായി അവരൊക്കെ ഗൃഹത്തിൽ വന്നുചേർന്നു. 'ഭീമൻ നമ്മളേക്കാളൊക്കെ മുമ്പിട്ടു പോന്നു' എന്നു പറഞ്ഞ് അവരൊക്കെ ഗൃഹത്തിലെത്തി. ഭീമൻ മാത്രം തിരിച്ചെത്തിയില്ല. ധൂർത്തനായ ദുര്യോധനൻ ഭീമനെ കാണാഞ്ഞതിൽ വളരെ സന്തോഷിച്ചു. അവൻ ആഹ്ലാദത്തോടെ അനുജന്മാരോടുകൂടി തിരിച്ചെത്തി. എന്നാൽ ധർമ്മജന്ന് ഭയമായി. അവൻ ഭീമനെ എല്ലാ ദിക്കിലും തിരക്കിനോക്കി. ഭീമൻ ആരെയും അറിയിക്കാതെ ഗൃഹത്തിലേക്കു പോരുവാൻ കാരണമില്ല."

ദുര്യോധനൻ പറഞ്ഞു: "ഭീമൻ നമ്മളേക്കാൾ മുമ്പു പൊയ്ക്കഴിഞ്ഞു."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മജൻ ധാർമ്മികനും യാതൊരു പാപവും പെടാത്തവനുമാണ്. തന്നെപ്പോലെതന്നെയാണ് അന്യനും എന്ന ഒരു ചിന്തയാണ് എപ്പോഴും അവനുള്ളത്. അവൻ അമ്മയുടെ അടുത്തുചെന്ന് കൈകൂപ്പി. ആ ഭ്രാതൃവത്സലൻ ചോദിച്ചു."

ധർമ്മപുത്രൻ പറഞ്ഞു: "അമ്മേ! ഭീമൻ ഇവിടെ മുമ്പെ എത്തിയില്ലേ? അവൻ എങ്ങോട്ടുപോയി? ഇവിടെയെങ്ങും കാണുന്നില്ലല്ലോ! പൂങ്കാവുകളിലും വനത്തിലുമൊക്കെ ഞങ്ങൾ അന്വേഷിച്ചുനോക്കി. അവിടെയെങ്ങും ഞങ്ങൾ ഭീമനെ കണ്ടില്ല. പിന്നെ വിചാരിച്ചു അവൻ ആരോടും പറയാതെ നേരെ ഗൃഹത്തിലേക്കു പോന്നു എന്ന്. അമ്മേ! എല്ലാവരും പോന്നു. അവരൊക്കെ വല്ലാതെ ദുഃഖിച്ചാണ് അവനെ കാണാതെ മടങ്ങിയത്.

digitized by www.sreyas.in

അവൻ ഇവിടെ വന്നോ? വല്ലേടത്തും അമ്മ അയച്ചുവോ? ആ വീരൻ എവിടെപ്പോയെന്നു പറയൂ! എനിക്ക് ഒന്നും മനസ്സിലാകുന്നില്ല! അവൻ വല്ലേടവും കിടന്നുറങ്ങുന്നുണ്ടോ? ആരെങ്കിലും കൊന്നുവോ?"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ധർമ്മജൻ കരഞ്ഞു. ഈ വർത്തമാനംകേട്ട് കുന്തി പരിഭ്രമിച്ചു വിലപിച്ചു."

കുന്തി പറഞ്ഞു: "അയ്യയ്യോ! ഉണ്ണീ, ഞാൻ ഭീമനെ കണ്ടില്ല! അവൻ ഇവിടെ വന്നില്ല. ഉടനേ തിരയൂ! അന്വേഷിക്കൂ! അനുജന്മാരോടുകൂടി വേഗം അന്വേഷിക്കൂ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് കുന്തി ആവലാതിയോടെ വിദുരന്റെ അടുത്തേക്ക് ആളെ അയച്ച് വിദുരനെ വരുത്തി വൃത്താന്തം പറഞ്ഞു."

കുന്തി പറഞ്ഞു: "ക്ഷത്താവേ, ഭഗവൻ! ഭീമൻ എവിടെപ്പോയി? കാണുന്നില്ലല്ലോ! ആ സഹോദരന്മാരെല്ലാം ഉദ്യാനത്തിൽനിന്ന് ഒത്തുചേർന്ന് മടങ്ങിപ്പോന്നു.അതിൽ മഹാബാഹുവായ ഭീമൻ മാത്രം മടങ്ങിവന്നില്ല. ദുര്യോധനന്റെ കണ്ണിന്ന് ഒരിക്കലും പിടിക്കുകയില്ല! ആ ക്രൂരൻ! ദുഷ്ടൻ! നാണംകെട്ടവൻ! രാജ്യലുബ്ധൻ. അവൻ കൊന്നിരിക്കുമോ? അവന്ന് അല്ലെങ്കിലും ഭീമനോട് ദ്വേഷ്യമാണ്. അതോർത്ത് എന്റെ ഹൃദയം പിടയുന്നു! തല ചുറ്റുന്നു! ഉള്ളു പൊരിയുന്നു!"

വിദുരൻ പറഞ്ഞു: "ഹേ, ശുഭേ! നീ അപ്രകാരം പറയരുത്. ഇനി എന്താണു വേണ്ടതെന്നു ചിന്തിക്കുക. നീ അവരെ ആക്ഷേപിച്ചുപറഞ്ഞാൽ ആ ക്രൂരൻ നിന്നെ പ്രഹരിക്കും. നീ മറ്റുള്ളവരുടെ ഗുണത്തിന്നുവേണ്ടി അടങ്ങുക. നിന്റെ മക്കളൊക്കെ ദീർഘായുഷ്മാന്മാരാണ്. ആപത്തൊന്നിന്നും സംഭവിക്കയില്ല. നിന്റെ പുത്രൻ മടങ്ങിയെത്തും. നീ വിഷമിക്കേണ്ട. അവൻ നിന്നിൽ സന്തോഷം വളർത്തും."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് വിദുരൻ ഗൃഹത്തിൽ ഇരുന്നു. കുന്തി ചിന്താവിവശയായി സ്വന്തം മക്കളോടൊത്ത് ഇരിപ്പായി. ഭീമൻ എട്ടാംദിവസം നിദ്രയിൽനിന്നുണർന്നു. ആരും ഉണർത്തിയിട്ടല്ല; താനേ ഉണർന്നു. കുടിച്ച രസം നല്ലപോലെ ദഹിച്ചു. അവൻ തന്മൂലം മഹാശക്തനായിത്തീർന്നു. പാണ്ഡുപുത്രൻ ഉണർന്നതായിക്കണ്ട് പന്നഗോത്തമന്മാർ അവനെ സമാശ്വസിപ്പിക്കുമാറ് സൗമ്യമായി പറഞ്ഞു."

സർപ്പങ്ങൾ പറഞ്ഞു: "ഹേ വീരാ! നീ കുടിച്ച രസം വീര്യമേറിയതാണ്. പതിനായിരം ആനയുടെ ബലം നിനക്ക് ഇപ്പോൾ വന്നുചേർന്നിരിക്കുന്നു. ഈ ദിവ്യമായ സലിലത്തിൽ സ്നാനം ചെയ്തു നീ ഗൃഹത്തിലേക്കു പോയാലും. നിന്റെ ഭ്രാതാക്കൾ. ഇപ്പോൾ നിന്നെ കാണാതെ ദുഃഖിക്കുന്നുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ കുളിച്ച് ശുചിയായി ശുക്ലമായ മാല്യാംബരങ്ങളോടെ നാഗാലയത്തിൽ മംഗളസൂത്രം കൈയിൽക്കെട്ടി പ്രശോഭിച്ചു. വിഷഘ്നമായ ഔഷധിസേവകൊണ്ട് അവൻ വിശേഷിച്ചും വിളങ്ങി. നാഗം നല്കിയ പായസം മുഴുവൻ അവൻ ഭക്ഷിച്ചു. ഇങ്ങനെ ഭുജംഗാർപ്പിതനായി, ആശീർവ്വാദങ്ങൾ ഏറ്റു. ദിവ്യഭൂഷണനായി, ദിവ്യനാഗാനുമോദിതനായി നാഗലോകത്തുനിന്ന് ആ അരിമർദ്ദനൻ ഉയർന്നു. നാഗങ്ങൾ ജലത്തിൽനിന്ന് അവനെ പൊക്കിവിട്ടു. ആ ജലജേക്ഷണൻ നാഗലോകത്തുനിന്ന് ഉയർന്നു. ആ കൗരവപുത്രന്മാർ കളിച്ചിരുന്ന വനത്തിൽ നാഗങ്ങൾ അവനെ കൊണ്ടുപോയി വിട്ടു. കുരുനന്ദനനായ ഭീമൻ കാൺകവേതന്നെ നാഗങ്ങൾ മറഞ്ഞു. പിന്നെ കുന്തീസുതനായ ഭീമൻ അവിടെനിന്ന് എഴുന്നേറ്റ് അമ്മയുടെ അടുത്തേക്കുനടന്നു. അമ്മയുടെ ചാരെ എത്തി. അമ്മയേയും ജ്യേഷ്ഠനേയും കൈകൂപ്പി അനുജന്മാരെ മൂർദ്ധാവിൽ ഘ്രാണനംചെയ്ത് അമ്മയുടെ അരികിൽനിന്നു. അവർ കൗതുകത്തോടെ ഭീമന്നുചുറ്റുംനിന്ന് തൊട്ടുതലോടി. ഭീമൻ പൂർവ്വാധികം തേജസ്വിയായിരിക്കുന്നതു കണ്ട് അന്യോന്യം ഇഷ്ടപ്പെട്ടു: 'നന്ന്, നന്നെന്നു' പറഞ്ഞു സന്തോഷിച്ചു.

പിന്നെ ദുര്യോധനൻ ചെയ്ത ദുർന്നയമൊക്കെ ഭ്രാതാക്കന്മാരോടു പറഞ്ഞു. നാഗലോകത്തിലുണ്ടായ ഗുണദോഷക്രമങ്ങളും മറ്റും വിസ്തരിച്ചു ഭീമൻ പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ യുധിഷ്ഠിരൻ കാര്യമായി ഭീമനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നീ ഇക്കാര്യം മിണ്ടാതിരിക്കുക! ഒരാളോടും ഇക്കാര്യം പറഞ്ഞുപോകരുത്. ഇനി മേലിൽ നാമെല്ലാം പരസ്പരം സംരക്ഷിക്കുവാൻ തയ്യാറായി സൂക്ഷിച്ചിരിക്കണം."

വൈശമ്പായനൻ പറഞ്ഞു: "അനുജന്മാരോട് ഇപ്രകാരം പറഞ്ഞ് മഹാബാഹുവായ യുധിഷ്ഠിരൻ അവരോടൊന്നിച്ചു സൂക്ഷിച്ചുപാർത്തു. ധർമ്മാത്മാവായ വിദുരൻ പാർത്ഥർക്ക് ബുദ്ധി ഉപദേശിച്ചു. ഭീമൻ കേടുകൂടാതെ രക്ഷപ്പെട്ടപ്പോൾ ദുര്യോധനന്ന് ഈർഷ്യ വർദ്ധിച്ചു. ഏതുവിധേനയും ഭീമനെ കൊല്ലുവാൻതന്നെ അവൻ തീരുമാനിച്ചു.

ഒരു ദിവസം ഭീമന് അന്നത്തിൽ വിഷംചേർത്തു നല്കി. മഹാതീക്ഷ്ണമായ കാളകൂടവിഷമാണ് ദുര്യോധനൻ നല്കിയത്. പാണ്ഡവരോടു പ്രിയമുള്ളവനും വൈശ്യാപുത്രനുമായ യുയുത്സു ആ വിവരം അവന്നു പറഞ്ഞുകൊടുത്തു. എന്നാൽ ആ തീക്ഷ്ണവിഷം ഭീമൻ ഭക്ഷിച്ചു. അത് അവന്റെ ജഠരാഗ്നിയിൽ ദഹിച്ചുപോയി. ഭീമമായ ശക്തിയുള്ള ഭീമശരീരത്തിൽ ആ വിഷം യാതൊരു വികാരവും ഉണ്ടാക്കിയില്ല.

ഇപ്രകാരം ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നിവർ പാണ്ഡവന്മാരെ കൊല്ലുവാൻ പലപാടും ശ്രമിച്ചു. പാണ്ഡവന്മാർ അതൊക്കെയും കണ്ടറിഞ്ഞു. വിദുരന്റെ അഭിപ്രായം അറിഞ്ഞ് അവർ മിണ്ടാതെയിരുന്നു. കുട്ടികൾ പഠിപ്പിൽ മടിച്ച് കളിക്കുന്നതുകണ്ട് രാജാവ് ഗുരുശിക്ഷയ്ക്ക് ഗൗതമനെ വരുത്തി. ശരസ്തംബോത്ഭവനായ അവൻ വേദശാസ്ത്രാർത്ഥപാരംഗതനായ കൃപനാണ്. അദ്ദേഹം അവരെ ധനുർവ്വേദം പഠിപ്പിച്ചു."

130. ദ്രോണന്ന് ഭാർഗ്ഗവനിൽനിന്നുള്ള അസ്ത്രലാഭം

– ജനമേജയൻ പറഞ്ഞു: "മഹാമുനേ! കൃപന്റെ ജനനവൃത്താന്തങ്ങൾ എന്നോടു പറയണം. എങ്ങനെ ശരസ്തംബത്തിൽനിന്ന് അദ്ദേഹം ജനിച്ചു? അദ്ദേഹത്തിന്ന് അസ്ത്രങ്ങൾ എങ്ങനെ ലഭിച്ചു?"

വൈശമ്പായനൻ പറഞ്ഞു: "ഗൗതമമഹർഷിക്ക് 'ശാരദ്വാൻ' എന്ന നന്ദനനുണ്ടായി. ശരങ്ങളോടൊത്തുതന്നെ ശാരദ്വാൻ ജനിച്ചു. അവന്ന് വേദാദ്ധ്യയനത്തിൽ അത്ര ആഗ്രഹം ഇല്ലായിരുന്നു. ധനുർവ്വേദം പഠിക്കുന്നതിലായിരുന്നു താല്പര്യം. ബ്രഹ്മചാരികൾ വേദം തപസ്സുകൊണ്ട് നേടുന്നവിധം അവൻ ദിവ്യാസ്ത്രമൊക്കെ തപസ്സുകൊണ്ടുനേടി. ധനുർവ്വേദപ്രിയംകൊണ്ടും തപസ്സുകൊണ്ടും ശാരദ്വാൻ ദേവേന്ദ്രനെ സന്തപിപ്പിച്ചു. ഉടനെ ഇന്ദ്രൻ 'ജാനപദി' എന്നുപേരായ ദേവകന്യകയെ അവന്റെ തപസ്സിനെ വിഘ്നപ്പെടുത്തുവാൻ പറഞ്ഞയച്ചു. അവൾ ശാരദ്വാന്റെ രമ്യമായ ആശ്രമത്തിലെത്തി. ആ ബാലിക വില്ലും അമ്പുമേന്തിയ ആ മുനീന്ദ്രനെ പ്രലോഭിപ്പിച്ചു. അഴകേറുന്ന മട്ടിൽ ഒറ്റവസ്ത്രം ധരിച്ച് അവൾ മുമ്പിൽ നില്ക്കുന്നത് മുനി കണ്ടു. ആ അമാനുഷസൗന്ദര്യം കണ്ട് മുനിയുടെ കണ്ണു കുളിർത്തു. വില്ലും അമ്പും മുനിയുടെ കൈയിൽനിന്നു താഴെ വീണു. അവളെ കണ്ട് മുനിയുടെ ദേഹം കാമവികാരംകൊണ്ടു വിറച്ചു. ആ മുനി ജ്ഞാനബലത്താലും തപശ്ശക്തിയാലും മനസ്സിനെ നിലയ്ക്കുനിർത്തി. ആ മതിമാൻ ധൈര്യമവലംബിച്ചു. അവന്നുപെട്ടെന്നുണ്ടായ കാമവികാരംമൂലം ശുക്ലം സ്രവിച്ചു. അത് മുനി അറിഞ്ഞില്ല. വില്ലും അമ്പും കൃഷ്ണമൃഗത്തോലും എല്ലാം അവിടെ ഉപേക്ഷിച്ചു. ആ ആശ്രമത്തേയും ആ ദേവകന്യകയേയും അദ്ദേഹം ഉപേക്ഷിച്ചുപോകുമ്പോൾ അവന്റെ ശുക്ലം ശരപ്പുൽത്തണ്ടിൽ വീണു. ശരസ്തംബത്തിൽ വീണപ്പോൾ രേതസ്സ് രണ്ടായി പിരിഞ്ഞു. ആ രേതസ്സിൽനിന്നു രണ്ടു സന്തതികൾ ആ ശരപ്പുൽത്തണ്ടിൽനിന്നുണ്ടായി.

digitized by www.sreyas.in

നായാട്ടിന്നുപോയ ശാന്തനുരാജാവിന്റെ സൈനികരിൽ ഒരുത്തൻ കാട്ടിൽ ചുറ്റുന്ന സമയത്ത് ഈ രണ്ടുകുട്ടികളേയും കണ്ടെത്തി. അടുത്തുതന്നെ വില്ലും അമ്പും കൃഷ്ണമൃഗത്തിന്റെ തോലും കണ്ടെത്തി. ധനുർവ്വേദജ്ഞനായ വിപ്രന്റെ മക്കളാണ് ഇവർ എന്ന് അറിഞ്ഞു. രാജാവിനെ വില്ലിനേയും അമ്പിനേയും ആ രണ്ടു കുട്ടികളേയും കാണിച്ചു. കൃപാന്വിതനായ രാജാവ് ആ മിഥുനത്തെയെടുത്ത് ഇവർ എന്റെ മക്കളാണ് എന്നുപറഞ്ഞ് ഗൃഹത്തിലേക്കു കൊണ്ടുപോയി. ഗൗതമന്റെ രണ്ടു സന്താനങ്ങളെ പ്രതീപപുത്രനായ രാജാവ്, പോറ്റി വളർത്തി; കുട്ടികൾക്കു വേണ്ട സംസ്കാരങ്ങളൊക്കെ നടത്തി. കൃപയോടെ വളർത്തിപ്പോന്നതുകാരണം 'കൃപൻ' എന്നു പേരു നല്കി. 'കൃപി' എന്നു പെൺകുട്ടിക്കും പേരു നല്കി. അവിടെ സംരക്ഷിക്കപ്പെടുന്ന കുട്ടികളെ തപോധ്യാനത്താൽ ഗൗതമൻ കണ്ടു. ഉടനെ ഗൗതമൻ രാജധാനിയിലെത്തി രാജാവിനോടു കുട്ടികളുടെ അച്ഛൻ താനാണെന്നും ഗോത്രനാമം ഇന്നതാണെന്നും ഒക്കെ അറിയിച്ചു. നാലുജാതി ധനുർവ്വേദവും നാനാശാസ്ത്രങ്ങളും പിന്നീട് എല്ലാ നിഗൂഢതത്ത്വങ്ങളും അവനെ ഗൗതമൻ പഠിപ്പിച്ചു. ഏറെക്കാലം ചെല്ലുന്നതിന്നുമുമ്പ് അവനും ശ്രേഷ്ഠനായ ആചാര്യനായിത്തീർന്നു.

ആ കൃപാചാര്യനിൽനിന്ന് ധാർത്തരാഷ്ട്രന്മാരും പാണ്ഡവന്മാരും, യാദവന്മാരും, വൃഷ്ണിപുംഗവന്മാരും നാനാദിക്കിൽനിന്നു വന്ന അന്യരാജാക്കന്മാരും ധനുർവ്വേദം പഠിച്ചു.

പൗത്രന്മാർക്കു മെച്ചം വിദ്യയിൽ ഉണ്ടാക്കുവാൻ കുറേക്കൂടി യോഗ്യതയുള്ള, അസ്ത്രനിപുണരായ ആചാര്യന്മാരെ ഭീഷ്മൻ അന്വേഷിച്ചു. അല്പജ്ഞനും, അമഹാഭാഗനും, അനസ്ത്രജ്ഞനും, അകോവിദനുമായ ആചാര്യൻ പോരല്ലോ കുരുക്കൾക്ക് എന്നു വിചാരിച്ചു ഭാരതസത്തമനായ ഭീഷ്മൻ ദ്രോണനെ ഗുരുവര്യനായി നിയോഗിച്ചു. ധാർത്തരാഷ്ട്രന്മാരും പാണ്ഡവന്മാരും ഭരദ്വാജനായ ദ്രോണാചാര്യന്റെ ശിഷ്യരായി വിദ്യകൾ അഭ്യസിച്ചു.

ശാസ്ത്രപ്രകാരം, യോഗ്യനായ ഭീഷ്മൻ പൂജിക്കുക കാരണം അദ്ദേഹം പ്രസന്നചിത്തനായി. ലോകത്തിൽ ഏറ്റവും പ്രശസ്തനായിത്തീർന്ന ദ്രോണൻ അവരെയെല്ലാവരേയും ശിഷ്യരാക്കി, കീർത്തിമാനായ ദ്രോണൻ സ്വീകരിച്ച്, സകല ധനുർവ്വേദവും കുമാരന്മാരെ പഠിപ്പിച്ചു. ക്ഷണത്തിൽ ആ രാജപുത്രന്മാർ സർവ്വശാസ്ത്രാസ്ത്രത്തിലും ദക്ഷരായി. അങ്ങനെ പാണ്ഡവന്മാരും കൗരവന്മാരും ഓജസ്വികളായി ശോഭിച്ചു."

ജനമേജയൻ പറഞ്ഞു: "ദ്രോണന്റെ ജനനം എങ്ങനെയാണ്? അദ്ദേഹം അസ്ത്രം എങ്ങനെ നേടി? കുരുനാട്ടിൽ അദ്ദേഹം വരാൻ എന്താണു കാരണം? ആരുടെ പുത്രനാണ് ദ്രോണൻ? അസ്ത്രജ്ഞനായ അശ്വത്ഥാമാവ് അദ്ദേഹത്തിന്ന് എങ്ങനെ ജാതനായി? ഇക്കാര്യമൊക്കെ കേൾക്കുവാൻ എനിക്ക് ആഗ്രഹം ഉണ്ട്. അവയൊക്കെ ഒന്നു വിസ്തരിച്ചു പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ഗംഗാദ്വാരത്തിൽ സംശിതവ്രതനായി 'ഭരദ്വാജൻ' എന്നുപേരായ ഒരു മുനി നിവസിച്ചിരുന്നു. ഹോമകാര്യങ്ങൾ നിർവ്വഹിച്ചു മഹാനായ ആ മുനി, മുനിമാരോടുകൂടി വാഴുന്ന കാലത്ത് ഒരു ദിവസം പെട്ടെന്നു ഗംഗയിൽ കുളിക്കുവാൻ ചെന്നു. മുനി ചെന്ന സമയത്ത് അവിടെ അലൗകികരൂപഗുണം തികഞ്ഞ ചോരത്തിളപ്പുള്ള ഒരു ദേവസുന്ദരി നില്ക്കുന്നു. മദാലസാക്ഷിയായ 'ഘൃതാചി'യെന്ന ആ സുരസുന്ദരിയെക്കണ്ടു. ഈറനായ ഒറ്റവസ്ത്രം ധരിച്ചു നില്ക്കുന്ന അവളുടെ വസ്ത്രം നദീതീരത്തിൽ പെട്ടെന്നു കാറ്റുതട്ടി കിഴിഞ്ഞു വീണു. ഊർന്നുവീഴുന്ന വസ്ത്രം അവൾ പെട്ടെന്ന് പിടിച്ച് നഗ്നത മറയ്ക്കുവാൻ നോക്കി. വസ്ത്രം അഴിഞ്ഞുകിഴിഞ്ഞ ആ അതുല്യാംഗിയുടെ കാമ്യരൂപം നോക്കി മുനി കാമവികാരഭരിതനായി നിന്നു. അവളിൽ മനസ്സുചെന്ന ഭരദ്വാജന്ന് ശുക്ലം സ്രവിച്ചു. മുനി ആ ശുക്ലം ഒരു ദ്രോണത്തിലാക്കി (കുടത്തിലാക്കി). വിശിഷ്ടനായ ഭരദ്വാജമുനിയുടെ ബീജത്തിൽനിന്നു 'ദ്രോണൻ' കുംഭത്തിൽനിന്നു ജനിച്ചു. ദ്രോണത്തിൽനിന്നു ജനിച്ചതു കൊണ്ട് ദ്രോണൻ എന്നു പേർ സിദ്ധിച്ചു. പിന്നെ, ദ്രോണൻ 'അഗ്നിവേശ' ഋഷിയിൽനിന്നു വേദവേദാംഗപാഠങ്ങളെല്ലാം പഠിച്ചു. അദ്ദേഹം തന്റെ ഗുരുവിന്റെ പുത്രനായ ദ്രോണന്ന് ആഗ്നേയാസ്ത്രം ഉപദേശിച്ചു. അഗ്നിയിൽനിന്നു ജനിച്ചവനാണ് അഗ്നിവേശൻ.

ഭരദ്വാജന്റെ സുഹൃത്തായി 'പൃഷതൻ' എന്ന രാജാവുണ്ടായിരുന്നു. പൃഷതന്ന് 'ദ്രുപദൻ' എന്നു പേരായ ഒരു പുത്രനുണ്ടായി. നിത്യവും ദ്രോണനോടുകൂടി ആ രാജപുത്രൻ ആശ്രമത്തിൽവന്നു കുളിച്ചു ശുദ്ധനായി അദ്ധ്യയനം കഴിച്ച് ആ നൃപർഷഭനായ പൃഷതൻ ദിനങ്ങൾ കഴിച്ചു. പൃഷതൻ മരിച്ചതിന്നുശേഷം ദ്രുപദൻ ഉത്തരപാഞ്ചാലരാജ്യത്തിന്റെ രാജാവായി. ഭഗവാനായ ഭരദ്വാജമുനിയും സ്വർഗ്ഗസ്ഥനായി. അവിടെത്തന്നെ ദ്രോണനും തപസ്സുചെയ്തു. വേദവേദാംഗതത്ത്വജ്ഞനും, തപസ്സുകൊണ്ടു പാപം അറ്റവനും കീർത്തിമാനുമായ ദ്രോണൻ, അച്ഛന്റെ ഹിതത്തിന്നു വഴങ്ങി. പുത്രലാഭത്തിന്നുവേണ്ടി ശാരദ്വതിയായ കൃപിയെ വിവാഹം ചെയ്തു. കൃപി ദ്രോണന്നു ചേർന്നവൾതന്നെയായിരുന്നു. അഗ്നിഹോത്രം, ദമം, ധർമ്മം എന്നിവയിൽ ശ്രദ്ധയുള്ളവളായ കൃപി 'അശ്വത്ഥാമാവ്' എന്ന ഒരു പുത്രനെ പ്രസവിച്ചു. ജനിച്ച ഉടനെ അവൻ ഉച്ചൈശ്രവസ്സിനെപ്പോലെ കൂകി. അതുകേട്ട് ആകാശത്തിൽ അശരീരോക്തിയുണ്ടായി. 'അശ്വത്തിന്നൊത്ത ശബ്ദം ഇവൻ പുറപ്പെടുവിക്കുകയാൽ "അശ്വത്ഥാമാവ്" എന്ന് ഇവന്നു വിശ്വത്തിൽ പേർ പ്രസിദ്ധമാകും.' ദ്രോണൻ ഈ ഒരു പുത്രനാൽ പ്രീതനായി അവിടെ പാർത്തു. അവൻ ധനുർവ്വേദം ശീലിച്ചു.

ജാമദഗ്ന്യൻ സർവ്വജ്ഞനും, സർവ്വശസ്ത്രാസ്ത്രകോവിദനുമാണല്ലോ. അദ്ദേഹം ബ്രാഹ്മണർക്ക് എന്തിഷ്ടം സാധിപ്പിക്കുവാനും സന്നദ്ധനാണെന്നുള്ള വൃത്താന്തം ദ്രോണൻ കേട്ടു. രാമന്റെ ആ ധനുർവ്വേദവും ശ്രീമത്തായ ദിവ്യാസ്ത്രപാടവവും കേട്ട് അതിലേക്കു നീതിപൂർവ്വം ഒരു ആശ അദ്ദേഹത്തിലുണ്ടായി.

ഒരു ദിവസം മഹാബാഹുവായ ദ്രോണൻ വ്രതികളായ ശിഷ്യവർഗ്ഗത്തോടുകൂടി മഹേന്ദ്രപർവ്വതത്തിലേക്കായി പുറപ്പെട്ടു. ക്ഷാന്തനും ദാന്തനും, ശത്രുഹന്താവുമായ ഭൃഗുപുത്രനെ ചെന്നുകണ്ട് താൻ അംഗിരസ്സിന്റെ കുലത്തിൽ ജനിച്ചവനാണെന്ന് അറിയിച്ചു. ഭാർഗ്ഗവന്റെ പാദം കൂപ്പി. ഭാർഗ്ഗവൻ എല്ലാം കൈവിട്ടു കാടുകയറുവാൻ ഒരുങ്ങുകയായിരുന്നു. ദ്രോണൻ കൈകൂപ്പി ഇപ്രകാരം ഉണർത്തിച്ചു."

ദ്രോണൻ പറഞ്ഞു: "ഭഗവാനേ, ഞാൻ ഭരദ്വാജപുത്രനാണ്. അയോനിജനാണ്. ദ്രോണനെന്നാണ് എന്റെ പേര്. വിത്തത്തിന്നായി ഞാൻ അങ്ങയുടെ അടുത്തുവന്നിരിക്കയാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് സർവ്വക്ഷത്രിയമർദ്ദനനായ രാമൻ പറഞ്ഞു."

പരശുരാമൻ പറഞ്ഞു: "ഹേ, ദ്വിജശ്രേഷ്ഠാ! എന്താണ് ഭവാന്റെ ആഗ്രഹമെന്നു പറയൂ!"

വൈശമ്പായനൻ പറഞ്ഞു: "രാമൻ ഇപ്രകാരം പറഞ്ഞപ്പോൾ ഭരദ്വാജൻ രാമനോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "മഹാവ്രതാ! ഞാൻ അസംഖ്യമായ സ്വത്തു ഭവാനോട് യാചിക്കുന്നു!"

രാമൻ പറഞ്ഞു: "സ്വർണ്ണം മുതലായി എന്റെ ധനം മുഴുവൻ, കൈയിലുണ്ടായിരുന്നതെല്ലാം, ഞാൻ നന്മയോടെ ബ്രാഹ്മണർക്കു നല്കി. അല്ലയോ തപോധനാ! അപ്രകാരം ആഴിചൂഴുന്ന ഈ ധരാതലം ഒന്നിച്ച്, പുരങ്ങളോടുകൂടി, ഞാൻ കാശ്യപന്നു കൊടുത്തു. ഇനി ബാക്കിയുള്ളത് ഇവന്റെ ഉടൽ മാത്രമാണ്. വിലമതിക്കുവാൻ വയ്യാത്ത ശസ്ത്രാസ്ത്രങ്ങളും ഇനി ബാക്കി നില്പുണ്ട്. ഭവാൻ എന്റെ അസ്ത്രങ്ങളെയോ എന്റെ ഉടലിനേയോ വരിക്കുക! ഏതു വേണമെന്നു പറയുക. അതു ഞാൻ ഉടനെ തരാം."

digitized by www.sreyas.in

ദ്രോണൻ പറഞ്ഞു: "ഹേ, ഭാർഗ്ഗവാ! ഭവാൻ ഭവാന്റെ സമസ്ത അസ്ത്രങ്ങളേയും പ്രയോഗത്തിൽ ഗൂഢതത്ത്വത്തോടുകൂടി, സംഹാരക്രമത്തോടുകൂടി, എനിക്കു തന്നാലും!"

വൈശമ്പായനൻ പറഞ്ഞു: "ഭാർഗ്ഗവൻ ദ്രോണന്റെ അഭീഷ്ടം സാധിപ്പിച്ചു. അപ്രകാരമാകാം എന്നു പറഞ്ഞു. രാമൻ ഗൂഢതത്ത്വക്രമത്തോടെ സകല അസ്ത്രങ്ങളും ധനുർവ്വേദം സമസ്തംതന്നെ ദ്രോണനു നല്കി. അതെല്ലാം ഏറ്റുവാങ്ങിയതിന്നു ശേഷം സന്തോഷത്തോടെ കൃതാർത്ഥനായ ദ്രോണൻ, ആ ദ്വിജസത്തമൻ തന്റെ സഖിയായ ദ്രുപദന്റെ അടുത്തേക്കു നടന്നു."

131. ഭീഷ്മദ്രോണസമാഗമം – വൈശമ്പായനൻ പറഞ്ഞു: "സ്വൈരമായി ദ്രുപദനെക്കണ്ട് പ്രതാപവാനായ ദ്രോണൻ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഹേ, രാജാവേ, ഞാൻ ഭവാന്റെ തോഴനാണ്. അതു ഭവാൻ ഓർക്കുന്നില്ലേ?"

വൈശമ്പായനൻ പറഞ്ഞു: "തന്റെ ഇഷ്ടസഖി നന്ദിച്ചു പറഞ്ഞ വാക്കുകൾ ദ്രുപദൻ അത്ര കൊണ്ടാടുകയുണ്ടായില്ല. എന്നുതന്നെയല്ല, കോപിക്കുകയാണുണ്ടായത്. രാജാവ് പുച്ഛരസത്തോടെ കോപിച്ചു പുരികം ചുളിച്ച് കണ്ണുചുവത്തി, ഐശ്വര്യമദത്തോടെ ദ്രോണനോടു പറഞ്ഞു."

ദ്രുപദൻ പറഞ്ഞു: "ഇതുനന്നല്ല! നിന്റെ ബുദ്ധികൊള്ളാം! എന്നോടു നീ വലിഞ്ഞുകയറിവന്നു സഖാവാണെന്നു പറഞ്ഞതു ഭംഗിയായില്ല. ധിക്കാരംതന്നെ! ഉയർന്ന മന്നവന്മാർക്ക് ഇത്തരക്കാരോടോ സഖ്യം? ഹേ, മൂഢാത്മാവേ, നിർദ്ധനനും ധനവാനും തമ്മിൽ സഖ്യം ചേരുകയില്ലെന്ന് നിനക്കറിയില്ലേ? സൗഹാർദ്ദം പഴക്കംകൊണ്ടു കെട്ടുപോകും. മുമ്പു വല്ല കാര്യത്തിനും നിന്നോട് എനിക്കു സഖ്യമുണ്ടായിട്ടുണ്ടെങ്കിൽ അത് ഇപ്പോൾ വിലപ്പോകുന്നതല്ല. പഴകി കെട്ടുപോയ സൗഹാർദ്ദവും പറഞ്ഞിട്ടാണോ ഇപ്പോൾ വലിഞ്ഞു കയറിയിരിക്കുന്നത്? പഴക്കത്തിൽ ക്ഷയിക്കാത്ത സൗഹാർദ്ദം ആർക്കുമില്ല, ഒന്നിലുമില്ല. കാലം നശിപ്പിക്കുന്ന അതിനെ ക്രോധം തീരെ മുടിച്ചുകളയും. ഇനി പഴയ സൗഹാർദ്ദത്തിന്റെ പേരും പറഞ്ഞ് ഇവിടെ വരരുത്. ആ വിചാരം നീ കൈവിടുക. ദരിദ്രനും ധനവാനും തമ്മിലും, ജളനും പണ്ഡിതനും തമ്മിലും, ക്ലീബനും ശൂരനും തമ്മിലും ഒരിക്കലും തോഴരാവുകയില്ല! സഖ്യം എന്നു പറയുന്നതു തുല്യന്മാർ തമ്മിലേ ഒക്കൂ! തുല്യമായ സമ്പത്തും തുല്യമായ അറിവും ഉള്ളവർ തമ്മിൽ മാത്രമേ ശരിപ്പെടുകയുള്ളൂ. വേളിയും, വേഴ്ചയും, ധനവാനും, ദരിദ്രനും തമ്മിൽ ഒക്കുകയില്ല. അശ്രോത്രിയൻ ശ്രോത്രിയന്നും, അരഥജ്ഞൻ രഥിക്കും അപാർത്ഥിവൻ പാർത്ഥിവന്നും സഖിയായി ചേരുകയില്ല. മുമ്പത്തെ വേഴ്ച വേഴ്ചയുമാവില്ല!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദ്രുപദൻ പറഞ്ഞപ്പോൾ ഭരദ്വാജപുത്രനായ ദ്രോണൻ മുഹൂർത്തസമയം ചിന്തിച്ചുനിന്നു. താൻ ഒരിക്കലും ഇങ്ങനെ ഒരു സ്വീകരണം പ്രതീക്ഷിച്ചിരുന്നതല്ല. അടിയേറ്റവൻ പുളഞ്ഞു. അവമാനിതനും ദുഃഖിതനുമായ ആ ആചാര്യവര്യൻ ഒരക്ഷരം മിണ്ടാതെ ഇറങ്ങി നേരെ നടന്നു. പാഞ്ചാലരാജാവിനെപ്പറ്റിത്തന്നെ ചിന്തിച്ച് ആ ബുദ്ധിമാൻ കുരുമുഖ്യർ അധിവസിക്കുന്ന ഹസ്തിനാപുരിയിലേക്കു നടന്നു. ഹസ്തിനാപുരിയിൽച്ചെന്നു ഗൗതമന്റെ മന്ദിരത്തിൽ പ്രച്ഛന്നനായി ആരുമറിയാതെ ദ്രോണൻ പാർത്തു. കൃപന്നു തുണയായി പാർത്ഥന്മാരെ പിന്നീടു തന്റെ പുത്രനായ അശ്വത്ഥാമാവ് അസ്ത്രം പഠിപ്പിച്ചു. ജനങ്ങൾ ആരും അവനെ അറിഞ്ഞില്ല. ഇങ്ങനെ കുറച്ചുനാൾ ദ്രോണൻ അവിടെ ഗൂഢമായി പാർത്തു.

ഒരു ദിവസം രാജകുമാരന്മാർ ഗൃഹംവിട്ടു പുറത്തുപോയി കളിക്കുകയായിരുന്നു. അവർ 'കാരോട്ടുംകളി' കളിച്ച് ആനന്ദിച്ചു. അവർ തട്ടിക്കളിക്കുമ്പോൾ ഒരു കിണറ്റിൽ 'കാര' വീണു. കിണറ്റിൽ വീണ കാരയെടുക്കുവാൻ അവർ യത്നിച്ചു. അതു കിണറ്റിൽനിന്നെടുക്കുവാൻ ഒരു കൗശലവും അവർ കണ്ടില്ല. അവർ പരസ്പരം നോക്കി നാണിച്ചുനിന്നു. അത് എടുത്തുകിട്ടുവാനുള്ള അത്യാഗ്രഹമുണ്ടായി. സഹായത്തിന്നാരേയും കണ്ടില്ല. ആ രാജകുമാരന്മാർ ചുറ്റും നോക്കി: അപ്പോൾ കുറച്ചുദൂരത്തായി കറുത്തുമെലിഞ്ഞ ഒരു നരച്ച മനുഷ്യനെക്കണ്ടു. അഗ്നിഹോത്രത്തോടുകൂടി എന്തിനോ ദൂരെനില്ക്കുന്ന ആ പൂണുനൂൽകാരന്റെ അരികിലേക്ക് അവർ ഓടിച്ചെന്നു. ഉത്സാഹവും കളിയുമൊക്കെപ്പോയ കുട്ടികൾ ബ്രാഹ്മണനോടു പറഞ്ഞു."

കുട്ടികൾ പറഞ്ഞു: "ഹേ ബ്രാഹ്മണ, ഞങ്ങളുടെ കാര കിണറ്റിൽ വീണു. ഒന്നെടുത്തുതരൂ! ഞങ്ങൾക്ക് എടുക്കുവാൻ കഴിയുന്നില്ല. പരിശ്രമങ്ങളൊക്കെ പരാജയപ്പെട്ടു. ഒന്നെടുത്തുതരൂ!"

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ ഭഗ്നോത്സാഹക്രിയന്മാരായ കുമാരന്മാർ പറഞ്ഞതുകേട്ടു കാര്യമോർത്ത് ആ ബാലകന്മാരുടെ നേരെ നോക്കി മധുരമായി പുഞ്ചിരിതൂകി ആ മനുഷ്യൻ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "നിങ്ങൾ ക്ഷത്രിയരല്ലേ? മോശം! മോശം തന്നെ നിങ്ങളുടെ ക്ഷാത്രം! അസ്ത്രവിദ്യ പഠിച്ചവരല്ലെ നിങ്ങൾ! നിങ്ങളുടെ പഠിപ്പും മോശം! ഒരു കാര കിണറ്റിൽ വീണതെടുക്കുവാൻ ഈ ഭാരതന്മാർ കുഴങ്ങുകയോ? കഷ്ടം! കാരയും മോതിരവും ഒന്നിച്ച് രണ്ടുംകൂടി ഞാൻ ഇഷീകപ്പുല്ലുകൊണ്ട് എടുക്കാം. എനിക്കു ഭക്ഷണത്തിന്നുള്ള വക തരുമോ?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആ രാജകുമാരന്മാരോടു പറഞ്ഞ് അരിന്ദമനായ ദ്രോണൻ തന്റെ മോതിരം പൊട്ടക്കിണറ്റിലേക്ക് ഇട്ടു. ഇതുകണ്ട് കുന്തീപുത്രനായ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "കൃപന്റെ സമ്മതത്തോടുകൂടി ഭവാൻ എന്നും ഞങ്ങളുടെ ഗൃഹത്തിൽനിന്നു ഭിക്ഷ സ്വീകരിക്കുക!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ടു ചിരിച്ചു ദ്രോണൻ ആ ഭാരതന്മാരോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഈ ഇഷീകപ്പിടിക്കെട്ടിൽ അസ്ത്രം ഞാൻ മന്ത്രിച്ചുകയറ്റി, മറ്റൊന്നിലും കാണാത്ത ശക്തി ഞാൻ ഇതിൽ കാട്ടിത്തരാം. ഒന്നു കാരയിൽ കോർക്കാം, പിന്നെ അതിൽ മറ്റൊന്നുകോർക്കാം. പിന്നെ വേറെ ഒന്ന് അതിലും കോർക്കാം. ഇങ്ങനെ ഇഷീക പ്രയോഗിച്ചു കാര ഞാൻ എടുക്കാം!"

വൈശമ്പായനൻ പറഞ്ഞു: "ദ്രോണൻ പറഞ്ഞമാതിരി ഇഷീക എയ്ത് കാര കിണറ്റിൽനിന്നെടുത്തു. അതുകണ്ട് അത്ഭുതപ്പെട്ടു കുട്ടികൾ മിഴിച്ചുനിന്നുപോയി. ഇതെന്തൊരത്ഭുതമാണ്! അവർ ഇങ്ങനെയൊരു അത്ഭുതം മുമ്പ് കണ്ടിട്ടില്ല. കുമാരന്മാർക്കു കൗതുകം വർദ്ധിച്ചു. അവർ പറഞ്ഞു."

കുമാരന്മാർ പറഞ്ഞു: "ഹേ, വിപ്രർഷേ! ഇനി മോതിരവും ഭവാൻ എടുക്കുന്നതു ഞങ്ങൾ കാണട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ വില്ലും അമ്പും എടുത്തു ദ്രോണൻ അമ്പെയ്ത് ആ മോതിരം അമ്പോടുകൂടി മേല്പോട്ടു പൊക്കിയെടുത്തു. മഹാവീര്യവാൻതന്നെ. കിണറ്റിൽനിന്നു മോതിരമെടുത്ത് അത് അവർക്കു നല്കി. കുട്ടികൾ മോതിരം കണ്ട് അത്ഭുതപ്പെട്ടു. ബാലകന്മാർ വിസ്മയത്തോടെ പറഞ്ഞു."

കുമാരന്മാർ പറഞ്ഞു: "ഹേ ബ്രാഹ്മണാ, അങ്ങയ്ക്ക് അഭിവാദ്യം! ഭവാന്റെ വിദ്യ മറ്റാർക്കുമില്ല! അങ്ങ് ആരുടെ ആളാണ്? പറയൂ! ഞങ്ങൾ അങ്ങയ്ക്കുവേണ്ടി ഇനി എന്തു ചെയ്യണം."

വൈശമ്പായനൻ പറഞ്ഞു: ഇപ്രകാരം ആ ബാലന്മാർ പറഞ്ഞതുകേട്ടു ദ്രോണൻ മറുപടി പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "നിങ്ങൾ പോയി ഭീഷ്മനോടു പറയുക, ഒരു ബ്രാഹ്മണൻ ഇഷീകപ്പുല്ലുകൊണ്ടു ഞങ്ങളുടെ കാര കിണറ്റിൽനിന്നു പൊക്കിയെടുത്തു തന്നു എന്ന്. പിന്നെ മഹാത്മാവായ അദ്ദേഹം വേണ്ടതു ചെയ്തുകൊള്ളും."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "'അങ്ങനെയാകാം' എന്നു പറഞ്ഞു. ഉടനെ ബാലന്മാർ എല്ലാവരും ഭീഷ്മന്റെ സമീപത്തെത്തി. ആ ബ്രാഹ്മണൻ പറഞ്ഞ വാക്കും ചെയ്ത പ്രവൃത്തികളും അത്ഭുതത്തോടെ വിസ്തരിച്ചു പറഞ്ഞു. കുട്ടികൾ പറഞ്ഞ വാക്കുകൾ കേട്ട് അദ്ദേഹം ദ്രോണനാണെന്നും യോഗ്യനായ ഗുരുവാണെന്നും ഭീഷ്മൻ മനസ്സിൽ വിചാരിച്ചു. അദ്ദേഹത്തെ ആളയച്ചു വരുത്തി വേണ്ടപോലെ സൽക്കരിച്ചു. പിന്നെ ദ്രോണൻ ഭീഷ്മനോടു വളരെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഭീഷ്മൻ വളരെ അധികം കാര്യങ്ങൾ അദ്ദേഹത്തോടും ചോദിച്ചറിഞ്ഞു. ദ്രോണൻ അവിടെ വരാനുണ്ടായ കാരണവും അദ്ദേഹത്തോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഞാൻ അഗ്നിവേശമുനിയുടെ സന്നിധിയിൽ അസ്ത്രവിദ്യപഠിക്കുവാൻ മുമ്പ് പോയി. ബ്രഹ്മചാരിയും ജടാധാരിയുമായി ഏറെക്കാലം ഞാൻ ആ ആചാര്യനിൽനിന്നു ധനുർവ്വേദം പഠിച്ചു. ഗുരുശുശ്രൂഷ ചെയ്തു പാർത്തു. അക്കാലത്തുതന്നെ പാഞ്ചാലരാജാവിന്റെ പുത്രൻ യജ്ഞസേനൻ ഗുരുവിന്റെ അടുത്തുതന്നെ പഠിക്കുവാൻ വന്നു. ആ പ്രഭു അന്ന് എനിക്കു തോഴനായി. എനിക്കു പല ഉപകാരങ്ങളും ചെയ്തു. ഞാൻ അവനോടുകൂടി കുറേനാൾ പാർത്തു. ഹേ കൗരവാ, ബാല്യം മുതൽ അവൻ എന്റെ സഹപാഠിയായി. എന്റെ പ്രിയസ്നേഹിതനും, പ്രിയം പറയുന്നവനും, പ്രിയങ്കരനുമായിരുന്നു അവൻ. ഹേ ഭീഷ്മ, ഒരു ദിവസം അവൻ എന്നോട് ഒരു നന്ദിവാക്കു പറഞ്ഞു."

പാഞ്ചാലൻ പറഞ്ഞു: "ഹേ ദ്രോണാ! ഞാൻ എന്റെ മാന്യനായ അച്ഛന്റെ ഇഷ്ടപുത്രനാണ്. എന്നെ അച്ഛൻ പാഞ്ചാലരാജ്യത്തു രാജാവാക്കും. അന്ന് ആ ഭോഗ്യമെല്ലാം അങ്ങയ്ക്കാണ്! ഞാൻ സത്യം ചെയ്യുന്നു. ഹേ, സഖേ! എന്റെ ഭോഗങ്ങളും, മുതലും, സുഖങ്ങളും ഒക്കെ ഭവാന് അധീനമാണ്!"

ദ്രോണൻ തുടർന്നു: "പഠിപ്പുകഴിഞ്ഞ് അസ്ത്രങ്ങൾ നേടി പോകുമ്പോൾ ഞാൻ ആശംസിച്ചുയാത്രയാക്കി. എന്റെ പൂജയും സൽക്കാരവുമൊക്കെ ഏറ്റ് അദ്ദേഹം സ്വരാജ്യത്തേക്കുപോയി. ഞാൻ അന്നുമുതൽ എന്നും എന്റെ സുഹൃത്തിന്റെ വാക്കു ചിന്തിച്ചുകൊണ്ടു കഴിഞ്ഞു.

കുറേക്കാലം ചെന്നപ്പോൾ അച്ഛന്റെ ഇഷ്ടത്തിനു ഞാൻ ഒരു കന്യകയെ സന്താനലാഭത്തിനുവേണ്ടി വിവാഹംചെയ്തു. കീർത്തിമതിയും, തലമുടി നന്നെ കുറഞ്ഞവളും, ബുദ്ധിമതിയും, വ്രതാനുഷ്ഠാനത്തിലും അഗ്നിപൂജയിലും മനോനിയന്ത്രണത്തിലും സദാ നിരതയുമായ ഒരു നാരിയെ വേട്ടു. ആ ഗൗതമിയിൽ എനിക്ക് അശ്വത്ഥാമാവ് എന്ന പുത്രൻ ഉണ്ടായി. അവൻ ഭീമവിക്രമനും, ധീമാനും, അർക്കപ്രതാപനുമായി വളർന്നു. എന്നാൽ ഭരദ്വാജൻ എന്നതുപോലെ, ആ പുത്രനാൽ ഞാൻ സംപ്രീതനായി.

ഒരുദിവസം ധനികന്മാരുടെ മക്കൾ പാൽ കുടിക്കുന്നതു കണ്ടു ബാലനായ അശ്വത്ഥാമാവു കരഞ്ഞു. അവന്നും പാൽകുടിക്കണമെന്ന് ഒരു ആഗ്രഹം! അന്ന് എനിക്കു വലിയ ഉൾഭ്രാന്തിയുണ്ടായി. ഞാൻ എന്റെ ദാരിദ്ര്യത്തിൽ സങ്കടപ്പെട്ടു. സ്വകർമ്മനിരതനായ സ്നാതകബ്രാഹ്മണനാണ് ഞാൻ. വേദം പഠിച്ചുകഴിഞ്ഞു വീട്ടിൽ ഇരിക്കുന്നവനാണ്. അതുകൊണ്ട് ഉത്തമബ്രാഹ്മണർക്കു ലഭിക്കുന്ന പ്രതിഗ്രഹം എനിക്കും കിട്ടും, ദുഃഖിക്കേണ്ടതില്ല എന്നു വിചാരിച്ചു. ഇപ്രകാരം മനസ്സിൽ ഉറപ്പിച്ചു ധർമ്മശുദ്ധമായ പ്രതിഗ്രഹം കാംക്ഷിച്ചു പലേടവും ചുറ്റിനടന്നു. ഹേ, ഗാംഗേയാ! ഞാൻ പലേടവും അലഞ്ഞുനടന്നു. യാതൊരു ഫലവുമുണ്ടായില്ല. ആരും എനിക്കു പശുവിനെ ദാനമായി നല്കിയില്ല.

അങ്ങനെ ഒരുദിവസം അവൻ പാലിന്നു കരയുന്നതുകണ്ട് ധനികന്മാരുടെ കുട്ടികൾ അരിമാവു വെള്ളത്തിൽ കലക്കി പാലാണെന്നു പറഞ്ഞ് അശ്വത്ഥാമാവിന്നു കൊടുത്തു. ബാലനായ അവൻ അരിമാവു കലക്കിയ വെള്ളം മോന്തി പാൽ കുടിച്ചു എന്ന കൃതാർത്ഥത നേടി! അവൻ അത് മോന്തിയശേഷം സന്തോഷത്തോടെ തുള്ളിച്ചാടി! കുട്ടികൾക്കെന്തറിയാം? അവൻ തകൃതിയായി തുള്ളിച്ചാടുന്നതുകണ്ട് അല്ലയോ കൗരവ്യാ, ആ പ്രഭുകുമാരന്മാർ പരിഹസിച്ചു ചിരിച്ചു. ദരിദ്രന്മാരുടെനേരെയുള്ള പരിഹാസം! കുട്ടികളോടൊത്ത് അവൻ തുള്ളിച്ചാടുന്നതു കണ്ടും അവരുടെ പരിഹാസച്ചിരി കണ്ടും ഞാൻ ദുഃഖിതനായി."

അവർ പറഞ്ഞു: "ദ്രോണൻ മോശക്കാരൻ! നിർദ്ധനൻ! ഒറ്റക്കാശുപോലും നേടാത്ത ദരിദ്രവാസി! കണ്ടോ ദ്രോണന്റെ കുട്ടി പാൽ കൊതിച്ച് അരിമാവുവെള്ളം കുടിച്ച് നൃത്തംവെക്കുന്നു! അവന്റെ സന്തോഷം കണ്ടോ? അവന്റെ വിചാരം അവൻ പാൽ കുടിച്ചു എന്നാണ്."

ദ്രോണൻ പറഞ്ഞു: "ഈ വാക്കുകേട്ടപ്പോൾ എന്റെ ഹൃദയം വല്ലാതെ ഇടിഞ്ഞുപോയി. എനിക്കു ദുസ്സഹമായ വ്യസനമുണ്ടായി. ഞാൻ എന്നെ നിന്ദിച്ചു. ഞാൻ വിചാരിച്ചു: 'ഇനി ഈ ബ്രാഹ്മണരുടെ അധിക്ഷേപം കേട്ടു ജീവിക്കുക വിഷമമാണ്. വിപ്രഗർഹണം സഹിക്കുവാൻ സാദ്ധ്യമല്ല. ധനത്തിനുവേണ്ടി അന്യരെ ആശ്രയിച്ചു ദാസ്യവൃത്തി സ്വീകരിക്കുന്നതു പ്രയാസം തന്നെ! ആ പാപത്തിന്നും ഞാനില്ല' എന്നു വിചാരിച്ച് ഹേ ഭീഷ്മാ! ഞാൻ എന്റെ ഭാര്യയോടും മകനോടുംകൂടി പഴയ സുഹൃത്തായ ദ്രുപദന്റെ മുമ്പിലെത്തി. അന്ന് അദ്ദേഹം രാജാവായി അഭിഷിക്തനായിരുന്നു. ഞാൻ കൃതാർത്ഥതയോടെ എന്റെ പഴയ സുഹൃത്തിന്റെ ചാരത്തു ചെന്നുനിന്നു. ഇപ്പോൾ രാജ്യം വാഴുന്ന ദ്രുപദന്റെ പഴയ ശപഥം ചിന്തിച്ച് അന്നത്തെ സഖ്യമോർത്തു പറഞ്ഞു: "ഹേ, നരവ്യാഘ്രാ! പ്രഭോ, ഭവാൻ എന്നെ ഓർക്കുന്നുണ്ടോ? ഭവാന്റെ തോഴനായ ദ്രോണനാണു ഞാൻ!"

എന്നെക്കണ്ട്, എന്റെ വാക്കുകേട്ട്, ദ്രുപദൻ നിന്ദാഗർഭമായ പരിഹാസത്തോടെ പറഞ്ഞു."

ദ്രുപദൻ പറഞ്ഞു: "നിന്റെ ബുദ്ധി കൊള്ളാം! ഇതു ഭംഗിയല്ല. എന്റെ മുമ്പിൽ വന്നുനിന്ന് 'ഞാൻ നിന്റെ സഖിയാണെന്നു പറഞ്ഞതു ധിക്കാരം തന്നെ. കാലപ്പഴക്കംകൊണ്ട് സൗഹാർദ്ദം പഴകികെട്ടുപോകും. മുമ്പു കാര്യാർത്ഥമായി എനിക്കു നിന്നോടു വേഴ്ചയുണ്ടായിരുന്നു എന്നുവെച്ച് ഞാൻ ഇപ്പോഴും നിന്റെ സഖിയാണെന്നോ!

കൊള്ളാം! അശ്രോത്രിയൻ ശ്രോത്രിയന്നും, അരഥി രഥിക്കും സഖിയാവുകയില്ല! സഖ്യം എപ്പോഴും സാമ്യത്തിലേ പറ്റുകയുള്ളു. അതുല്യതയിൽ സഖ്യം ഓർക്കുകയില്ല! പഴക്കം കൊണ്ടു ക്ഷയിക്കാത്ത വേഴ്ചയില്ല! ആർക്കുമില്ല; ആരിലുമില്ല! കാലം അതിനെ കെടുക്കും! ക്രോധം അതിനെ തീരെ മുടിക്കും! ജീർണ്ണമായ ആ സഖ്യം ഇന്ന് ഉണ്ടെന്നു നീ വിചാരിക്കേവേണ്ട! നീ അത് കൈവിട്ടുകൊള്ളുക. പണ്ടു ഞാൻ തന്നോടു വേഴ്ച കാര്യാർത്ഥമായി ഉണ്ടായിരുന്നു. ദരിദ്രൻ ധനവാന്റേയും, ജളൻ പണ്ഡിതന്റേയും, ക്ലീബൻ ശൂരന്റേയും തോഴനാവുകയില്ല. ഉയർന്ന നിലയിലുള്ള രാജാക്കന്മാർ ഈ നിലയിലുള്ള ദരിദ്രന്മാരുമായി ഒരിക്കലും സഖ്യം ഉണ്ടാവുകയില്ല. ചേരുകയുമില്ല. ഹേ, ജളപ്രഭോ, കാര്യം മനസ്സിലായോ? 'അശ്രോത്രിയൻ ശ്രോത്രിയന്ന്, അരഥി രഥിക്ക്, പാർത്ഥിവനല്ലാത്തവൻ പാർത്ഥിവന്നു ചേരുന്ന സഖിയല്ല. മുൻവേഴ്ച വേഴ്ചയുമാവില്ല. ഞാൻ രാജ്യാർത്ഥമായി നീയുമായി ചെയ്ത നിശ്ചയം ഓർക്കുന്നില്ല; നടക്കുകയുമില്ല. ഒരു രാത്രിക്കു ഭക്ഷണം ഭവാനു തരാം."

ദ്രോണൻ പറഞ്ഞു: "ഇപ്രകാരം അവൻ പറഞ്ഞതുകേട്ട് പിന്നെഅവിടെ നില്ക്കാതെ ഞാൻ ഭാര്യയുമൊത്തു ക്ഷണത്തിൽ മടങ്ങി. ഏറെത്താമസിയാതെ കാര്യം സാധിക്കുന്നവിധം ഞാൻ സത്യം ചെയ്തു. ദ്രുപദന്റെ ധിക്കാരം എന്റെ ഹൃദയത്തെ വ്രണപ്പെടുത്തി. ഹേ, ഭീഷ്മാ! ഞാൻ യോഗ്യരായ ശിഷ്യന്മാരെ കിട്ടുന്നതിന്ന് ആഗ്രഹിച്ച് ഇങ്ങോട്ടുപോന്നതാണ്! ഭവാന്റെ കാമസമ്പൂർത്തിക്കുഹിതമായി പ്രവർത്തിക്കുവാൻ ഞാൻ ഇങ്ങോട്ടു പോന്നു. ഈ ഹസ്തിനാപുരിയിൽ ഞാൻ എന്തുചെയ്യണം?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ ദ്രോണനോട് ഭീഷ്മൻ പറഞ്ഞു."

digitized by www.sreyas.in

ഭീഷ്മൻ പറഞ്ഞു: "ഹേ, ദ്രോണാ! ഭവാൻ വില്ല് അഴിക്കുക. നല്ല ദിവ്യാസ്ത്രങ്ങളൊക്കെ കുരുനന്ദനന്മാരെ പഠിപ്പിക്കുക. നന്ദിയോടെ സൽകൃതനായി സസന്തോഷം കുരുമന്ദിരത്തിൽ പാർക്കുക! കുരുക്കൾക്കുള്ള മുതലും പിന്നെ രാഷ്ട്രങ്ങളും രാജ്യവും നീ വാണാലും! നീതന്നെ രാജാവ്! കൗരവർ നിന്റെ കൂട്ടാളികൾ ആണെന്നു ധരിക്കുക! അങ്ങയ്ക്ക് എന്താണ് അഭീഷ്ടമെങ്കിൽ അതു സാധിക്കുമാറാകട്ടെ! ഹേ, വിപ്രർഷേ! ഭവാൻ ഞങ്ങളുടെ ഭാഗ്യത്താൽ ഇവിടെയെത്തി. ആലോചിക്കുമ്പോൾ അത് ഞങ്ങൾക്ക് അനുഗ്രഹവുമാണ്."

132. ദ്രോണശിഷ്യപരീക്ഷ – വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മൻ പൂജിച്ചു ദ്രോണനെ സ്വീകരിച്ചു മനുഷ്യരിൽ ശ്രേഷ്ഠനായ ആ മഹാവീര്യവാൻ കുരുമന്ദിരത്തിൽ വിശ്രമിച്ചു. ഭീഷ്മൻ തന്റെ പൗത്രന്മാരെ അദ്ദേഹത്തിന്നു ശിഷ്യരായി നല്കി. എന്നു തന്നെയല്ല പലമാതിരി ധനവും അതിരറ്റ സന്തോഷത്തോടെ ധനധാന്യസമ്പത്തുകളും ഉപകരണങ്ങളും നിറഞ്ഞ ഗൃഹവും അദ്ദേഹത്തിന്നു നല്കി. ദ്രോണൻ കൗരവന്മാരായ പാണ്ഡവന്മാരേയും ധാർത്തരാഷ്ട്രന്മാരേയും ശിഷ്യരായി ആദരവോടെ സ്വീകരിച്ചു. അങ്ങനെ ദ്രോണനാൽ സ്വീകരിക്കപ്പെട്ട എല്ലാവരും ഗുരുവിന്റെ സമീപത്തു സസന്തോഷം നില്ക്കുമ്പോൾ രഹസ്യമായി അവരുടെ സമക്ഷം ദ്രോണൻ ഇപ്രകാരം ഒരു കാര്യം പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഞാൻ എന്റെ ഹൃദയത്തിൽ ഒരു കാര്യം കരുതുന്നുണ്ട്. കൃതാസ്ത്രന്മാരായിത്തീരുന്ന നിങ്ങൾ ആദ്യം അതു ചെയ്യണം."

വൈശമ്പായനൻ പറഞ്ഞു: "ഗുരുവിന്റെ വാക്കുകേട്ട് കൗരവന്മാർ ഒന്നും മിണ്ടാതെ നിന്നു. അപ്പോൾ അർജ്ജുനൻ മുന്നോട്ടുവന്നു. അർജ്ജുനൻ സത്യം ചെയ്തു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഗുരോ, ഭവാന്റെ ആഗ്രഹം എന്തോ അതു ഞാൻ നിർവ്വഹിച്ചുതരാം സത്യം! എല്ലാവരും കേൾക്കെ ഞാൻ സത്യം ചെയ്യുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഗുരു ഹർഷപുളകണിഞ്ഞു. അർജ്ജുനനെ അരികെ പിടിച്ചടുപ്പിച്ച് ആഞ്ഞുപുല്കുകയും മൂർദ്ധാവിൽ ഘ്രാണിക്കുകയും ചെയ്തു. ദ്രോണൻ ഹർഷത്തോടെ കണ്ണുനീർ തൂകി!

പിന്നെ ദ്രോണൻ പാണ്ഡവന്മാരേയും കൗരവന്മാരേയും പലേവിധത്തിലുള്ള അസ്ത്രങ്ങൾ പഠിപ്പിച്ചു. മറ്റു രാജാക്കന്മാരുടെ മക്കളേയും ദ്രോണൻ പഠിപ്പിച്ചു. അന്ധകന്മാരും, വൃഷ്ണികളും, അന്യരാജാക്കന്മാരുടെ പുത്രന്മാരും, ദ്രോണാചാര്യന്റെ അരികെ വന്നുചേർന്നു. രാധേയനായ സൂതപുത്രനും പാർത്ഥസ്പർദ്ധയോടെ ദ്രോണന്റെ സമീപത്തു വസിച്ചു വിദ്യയഭ്യസിച്ചു. ഏറ്റവും അമർഷണനായ കർണ്ണൻ ദുര്യോധനനെ ആശ്രയിച്ച് പാണ്ഡുപുത്രരെ മാനംകെടുത്തുന്നതിന്നു വേണ്ടി ധനുർവ്വേദം പഠിക്കുവാൻ ദ്രോണരുടെ കൂടെനിന്നു.

ശിക്ഷ, കൈയൂക്ക്, ഉദ്യമം എന്നിവകൊണ്ടും അസ്ത്രവിദ്യാശ്രദ്ധകൊണ്ടും ധനഞ്ജയൻ മെച്ചപ്പെട്ടവനായി. ഒപ്പം അമ്പെയ്യുന്നതിലും കൈവേഗത്തിലും പ്രയോഗഭംഗിയിലും എല്ലാ ശിഷ്യരേക്കാളും, ഫൽഗുനൻ യോഗ്യനായി. ഗുരു ചിന്തിച്ചു. പഠിപ്പിൽ അർജ്ജുനന്നു കിടപിടിക്കുന്നവരാരും ഇല്ലെന്ന്. ഇപ്രകാരം ഇഷ്വസ്ത്രങ്ങൾ ആ ബാലകന്മാർക്കെല്ലാം ഗുരു പഠിപ്പിച്ചു. ഗുരു ഓരോ കമണ്ഡലുകൾ ശിഷ്യന്മാർക്കു നല്കി, ഒരു കുടം മകന്റെ കൈയിലും കൊടുത്തു. ഉടനേ ജലം കൊണ്ടുവരുവാൻ എല്ലാവരോടും ആജ്ഞാപിച്ചു. അവർ വെള്ളം കൊണ്ടുവരുന്നതിന്നു മുമ്പു തന്റെ മകനായ അശ്വത്ഥാമാവിന്നു വേറേയും ജോലി ഗുരു ഏല്പിച്ചു. എന്നാൽ അർജ്ജുനൻ ഉടനെ വാരുണാസ്ത്രത്താൽ ജലം വരുത്തി കമണ്ഡലു ക്ഷണത്തിൽ നിറച്ചു ഗുരുപുത്രന്റെ ഒപ്പം വേലയ്ക്കു ചെന്നു. ആചാര്യപുത്രനേക്കാൾ മെച്ചമായി എല്ലാം നിർവ്വഹിക്കുന്നതു കണ്ട് അസ്ത്രജ്ഞനും ബുദ്ധിമാനുമായ പാർത്ഥൻ ആചാര്യപുത്രനേക്കാൾ ഒട്ടും താഴ്ന്നുപോവുകയില്ലെന്നു വ്യക്തമാക്കി. പിന്നെ അർജ്ജുനൻ ഗുരുശുശ്രൂഷയ്ക്കുവേണ്ടി യത്നിച്ചു. എപ്പോഴും അസ്ത്രപ്രയോഗത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അർജ്ജുനന്റെ നേരേ ഗുരുവിന്ന് വളരെ ഇഷ്ടം തോന്നി. അവന്റെ പരിശ്രമത്തിൽ അത്യധികമായ താൽപര്യവുമുണ്ടായി.

ഒരുദിവസം മഹോത്സാഹിയായി, ഇഷ്വസ്ത്രരതനായി, പരിശ്രമിച്ചുകൊണ്ടു നില്ക്കുന്ന അർജ്ജുനനെക്കണ്ട് വെപ്പുകാരനോട് ദ്രോണൻ ഗൂഢമായി പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "അർജ്ജുനന്ന് ഇരുട്ടത്തിരുന്നു ഭക്ഷണം കഴിക്കാൻ ഇടവരുത്തരുത്. ഞാൻ പറഞ്ഞത് അവനോട് പറയുകയുമരുത്!"

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ അന്ന് അർജ്ജുനൻ ഉണ്ണുന്ന സമയത്ത് പെട്ടെന്നു കാറ്റുവീശി വിളക്കു കെട്ടു. ഉണ്ണുന്ന പാർത്ഥന്ന് അതുകൊണ്ട് ഒരു വിഷമവുമുണ്ടായില്ല. കൈയും വായും ചോറും കറിയുമായി പരിശീലനംമൂലം ഇണങ്ങി. വിഷമം ഒന്നും കൂടാതെ തേജസ്വിയായ അവൻ വിഭവങ്ങളിൽ തെറ്റാതെ, പരിശീലനശക്തിമൂലം ഊണു കഴിച്ചു. പാർത്ഥനുതന്നെ അത്ഭുതമായി. 'അഭ്യാസമുണ്ടെങ്കിൽ ഒന്നിന്നും വിഷമമില്ല, ശ്രദ്ധ വേണമെന്നുമാത്രം' എന്നു പാർത്ഥൻ ചിന്തിച്ചു. അതിന്നുശേഷം രാത്രിയിൽ ഇരുട്ടത്തുനിന്ന് അവൻ അസ്ത്രം പ്രയോഗിച്ചു പഠിച്ചു. ദ്രോണൻ അവന്റെ വില്ലിന്റെ ചെറുഞാണൊലി കേട്ട് എഴുന്നേറ്റുചെന്ന് അവനെ സസ്നേഹം തഴുകി ഇപ്രകാരം പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "നിന്നോടു തുല്യനായി വേറെ ധനുർദ്ധരന്മാരാരും ഇല്ലാതെയാകുന്നവിധം അത്രനന്നായി ഞാൻ നിന്നെ പഠിപ്പിക്കുന്നതിൽ ശ്രദ്ധിക്കും. ഞാൻ ഈ പറഞ്ഞത് സത്യം മാത്രമാണ്."

വൈശമ്പായനൻ പറഞ്ഞു: "ദ്രോണൻ പിന്നെ അർജ്ജുനനെ ആന, തേർ, കുതിര മുതലായ വാഹനങ്ങളിൽ ഇരുന്നുകൊണ്ടും, നിലത്തു നിന്നുകൊണ്ടും ചെയ്യേണ്ട സംഗരമുറകൾ പഠിപ്പിച്ചു. ഗദായുദ്ധം, വാൾപ്രയോഗം, തോരണം, പ്രാസം, ശക്തി, കൂട്ടപ്പട ഈവകയൊക്കെ കുരുക്കളെ പഠിപ്പിച്ചു. ദ്രോണന്റെ യോഗ്യത കേട്ടറിഞ്ഞ് അനേകം രാജാക്കന്മാരും രാജപുത്രന്മാരും ധനുർവ്വേദം ഗ്രഹിക്കുവാൻ ദ്രോണന്റെ സമീപത്തെത്തി.

നിഷാദരാജാവായ 'ഹിരണ്യധനുസ്സിന്റെ' പുത്രൻ 'ഏകലവ്യൻ' ദ്രോണപാർശ്വത്തിലെത്തി. അവൻ നിഷാദനാകയാൽ മറ്റുള്ളവരുടെ അഭിപ്രായമറിഞ്ഞ് ദ്രോണൻ ശിഷ്യനായി അവനെ കൈക്കൊണ്ടില്ല. എന്നാൽ അവൻ കുമ്പിട്ടു ഭക്തിപൂർവ്വം ദ്രോണന്റെ പാദം ശിരസ്സിൽ എടുത്തുവെച്ചു നമസ്കരിച്ചു മടങ്ങിപ്പോയി. കാട്ടിൽ ചെന്നു ഗുരുവിന്റെ രൂപം മണ്ണുകൊണ്ട് ഉണ്ടാക്കിവെച്ച് ആചാര്യസാന്നിദ്ധ്യം സങ്കല്പിച്ചു. ആദരവോടെ ആ പ്രതിമയുടെ മുമ്പിൽവെച്ച് ഇഷ്വസ്ത്രയോഗം നിഷ്ഠയോടെ ശീലിച്ചു. പരമമായ ശ്രദ്ധയോടും പരമമായ യോഗത്തോടുംകൂടി എടുക്കുവാനും തൊടുക്കുവാനും വിടാനും അവൻ അഭ്യസിച്ച് പ്രയോഗലാഘവം നേടി.

ഒരു ദിവസം കുരുപാണ്ഡവകുമാരന്മാർ തേരിൽക്കയറി നായാട്ടിന്നു പുറപ്പെട്ടു. വേണ്ടുന്ന സാമാനങ്ങളുമായി യദൃച്ഛയാ നായയുമായി ഒരുത്തൻ ഒറ്റപ്പെട്ടു നടന്നു. അവർ ഓരോന്നു ചെയ്ത് അവിടെ സഞ്ചരിക്കുമ്പോൾ കാട്ടിൽ ചുറ്റുന്ന നായ് ഏകലവ്യൻ അസ്ത്രാഭ്യാസം ചെയ്തുകൊണ്ടിരുന്ന സ്ഥലത്തെത്തി. കറുത്തു നീണ്ടുള്ള ജടാഭാരവും, കൃഷ്ണാജിനവുമായി നില്ക്കുന്ന നിഷാദിയെക്കണ്ടു നായ് കുരച്ച് അടുത്തു. നായ് കുരച്ചടുക്കുമ്പോൾ വായിലേക്ക് ഏഴു ശരങ്ങൾ ഒപ്പം കൈവേഗത്തോടെ അവൻ എയ്തു. വായിൽ അമ്പുകൾകൊണ്ടു പാണ്ഡവരുടെ അടുത്തു നായ കരഞ്ഞെത്തി. അതുകണ്ട് പാണ്ഡവന്മാർ വല്ലാതെ അത്ഭുതപ്പെട്ടു. കൈവേഗം, ഒച്ചകേട്ട് എയ്ത്ത്, ഇവയുടെ വൈഭവം നോക്കിക്കണ്ട് അവർ ലജ്ജിച്ചുപോയി. അവന്റെ കൈവിരുതിനെ എല്ലാവരും പ്രശംസിച്ചു. വനത്തിൽ വസിക്കുന്ന അവൻ ആരാണെന്നു പിന്നീട് അന്വേഷിച്ചറിഞ്ഞു. പാണ്ഡവന്മാർ അവനെ വീണ്ടും കണ്ടു. അപ്പോൾ അവൻ അമ്പു

digitized by www.sreyas.in

കൾ എയ്തു നില്ക്കുകയായിരുന്നു: വികൃതാകാരനായ അവൻ ആരാണെന്ന് അവർ അറിഞ്ഞില്ല. അവർ അടുത്തുചെന്ന് അവനോട് 'ഭവാൻ ആരുടെ പുത്രനാണ്?' എന്നു ചോദിച്ചു."

ഏകലവ്യൻ പറഞ്ഞു: "ഞാൻ നിഷാദരാജാവായ ഹിരണ്യധനുസ്സിന്റെ പുത്രനാണ്. ദ്രോണന്റെ ശിഷ്യനാണ്. ധനുർവ്വേദം ശീലിക്കുന്നവനാണ് വീരന്മാരേ!"

വൈശമ്പായനൻ പറഞ്ഞു: "കൗരവബാലന്മാർ അവന്റെ സകല വിവരങ്ങളും അറിഞ്ഞു മടങ്ങി. പാണ്ഡവർ ദ്രോണനോട് കാട്ടിൽ കണ്ട അത്ഭുതം പറഞ്ഞുകേൾപ്പിച്ചു. അർജ്ജുനൻ വീണ്ടും ഏകലവ്യനെ ഓർത്തു. രഹസ്സിൽ ദ്രോണനോടു സസ്നേഹം പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഗുരോ, അന്നു ഭവാൻ എന്നെ തഴുകി പറഞ്ഞത് ഓർക്കുന്നുണ്ടോ? 'നിന്നേക്കാൾ മേലെയായി എനിക്ക് ഒരു ശിഷ്യനും ഇല്ല' എന്ന്. എന്നാൽ ഇപ്പോൾ എന്നേക്കാൾ മീതെ എന്നുമാത്രമല്ല ഇന്ന് ലോകത്തിൽ ഏറ്റവും ഉത്തമനായി മറ്റൊരാൾ ഭവാന്റെ ശിഷ്യനായി ഉണ്ടെന്നറിയുന്നു! നിഷാദരാജാവിന്റെ പുത്രൻ!"

വൈശമ്പായനൻ പറഞ്ഞു: "മുഹൂർത്തനേരം അവനെപ്പറ്റി ദ്രോണൻ ചിന്തിച്ചുനിന്നു. പിന്നെ ഒന്നുറച്ച് സവ്യസാചിയുമായി ദ്രോണൻ നൈഷാദിയുടെ അടുത്തുചെന്നു. ഉടനെ മലിനനായി ജടാവല്ക്കലധാരിയായി ഏകലവ്യൻ അമ്പെയ്തു ശീലിക്കുന്നത് ഗുരു കണ്ടു. ദ്രോണൻ വരുന്നതുകണ്ട് ഏകലവ്യൻ ഗുരുവിനെ എതിരേറ്റ് അഭിവാദ്യം ചെയ്തു പാദകമലത്തിൽ നമസ്കരിച്ചു. ദ്രോണനെ വിധിപോലെ അവൻ അർച്ചിച്ചു. 'ഞാൻ ഭവാന്റെ ശിഷ്യനാണ്' എന്നു പറഞ്ഞു കൈകൂപ്പി നിന്നു. പിന്നെ രാജാവേ, ദ്രോണൻ ഏകലവ്യനോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "നീ എന്റെ ശിഷ്യനാണെങ്കിൽ എനിക്കു ഗുരുദക്ഷിണ നല്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് ഏകലവ്യൻ പ്രീതിയോടെ പറഞ്ഞു."

ഏകലവ്യൻ പറഞ്ഞു: "ഭഗവാനേ, ഞാൻ എന്താണു നല്കേണ്ടത്? ഭവാൻ കല്പിച്ചാലും! ഹേ ബ്രഹ്മജ്ഞാ! ഗുരുവിന്നു നല്കാൻ വയ്യാത്തതൊന്നുംതന്നെ എനിക്കില്ല!"

വൈശമ്പായനൻ പറഞ്ഞു: "വലങ്കൈയിന്റെ പെരുവിരൽ തരികയെന്ന് ദ്രോണൻ പറഞ്ഞു. ഏകലവ്യൻ ദ്രോണന്റെ ഘോരമായ മൊഴികേട്ടു നടുങ്ങിപ്പോയി! സത്യശീലനായ ഏകലവ്യൻ താൻ പറഞ്ഞ സത്യം രക്ഷിച്ചു! മുൻപ്രകാരംതന്നെ അവൻ യാതൊരു ഭാവഭേദവുംകൂടാതെ, സന്തോഷത്തോടെ, മുഖപ്രസാദത്തോടെ, ഉൾപ്രീതിയോടെ, ശങ്കകൂടാതെ, തന്റെ കൈവിരലറുത്തു ദ്രോണന്റെ മുമ്പിൽ ദക്ഷിണയായി അർപ്പിച്ചു. (പിന്നെ മറ്റു വിരലുകൊണ്ടും അവൻ അമ്പെയ്തു. അന്നുതൊട്ട് അവന്റെ കൈവേഗം കുറഞ്ഞുപോയി.) അർജ്ജുനന്റെ ഉൾത്താപം പോയി സന്തോഷിച്ചു. ദ്രോണൻ പറഞ്ഞതും സത്യമായി. അന്യരാരും ഇനി അർജ്ജുനനെ ജയിക്കുകയില്ലെന്ന് ഉറപ്പായി. ദ്രോണശിഷ്യന്മാരിൽ രണ്ടുപേർ ഗദായുദ്ധവിദഗ്ദ്ധന്മാരായി; ദുര്യോധനനും ഭീമസേനനും. എന്നും ഇവർ സംരബ്ധരാണ്. ഗൂഢതത്ത്വത്തിൽ മിക്കതിലും അശ്വത്ഥാമാവ് അഗ്രഗണ്യനായി. അപ്രകാരംതന്നെ വാൾപ്പയറ്റിൽ നകുലസഹദേവന്മാർ സമർത്ഥരായി. തേർയുദ്ധത്തിൽ യുധിഷ്ഠിരൻ സമർത്ഥനായി. എല്ലാത്തരം യുദ്ധത്തിലും അർജ്ജുനൻ സാമർത്ഥ്യം നേടി. ലോകത്തിലെങ്ങും പേരെടുത്ത തേരാളികളിൽ ഉത്തമനായിത്തീർന്ന അർജ്ജുനൻ, ബുദ്ധി, യോഗം, ബലം, ഉത്സാഹം, അസ്ത്രശിക്ഷ എന്നിവയോടുകൂടിയ അർജ്ജുനൻ, അസ്ത്രത്തിലും അങ്ങനെതന്നെ ആചാര്യഭക്തിയിലും മെച്ചംനേടി. അസ്ത്രോപദേശം എല്ലാവർക്കും സമമായി ഗുരു നല്കിയെങ്കിലും ലാഘവവൃത്തിയിൽ എല്ലാ ശിഷ്യരിലും മെച്ചമുള്ളവനായിത്തീർന്നു അർജ്ജുനൻ.

ബലം ഭീമന്നും, വിദ്യാബലം അർജ്ജുനന്നും ഏറിയതായി കണ്ടപ്പോൾ കഷ്ടം! ദുഷ്ടരായ ധാർത്തരാഷ്ട്രന്മാർക്ക് അമർഷം വർദ്ധിച്ചു. സർവ്വവിദ്യകളും അസ്ത്രവിദ്യകളും അറിയുന്ന സർവ്വശിഷ്യരേയും ദ്രോണൻ ആയുധവിജ്ഞാനം കാണുവാൻ പരീക്ഷിക്കുവാൻ, വിളിച്ചുനിറുത്തി. മുൻകൂട്ടി ദ്രോണൻ ശില്പിയെക്കൊണ്ട് കൃത്രിമമായി ഒരു കൂരിയാറ്റക്കിളിയെ കുമാരന്മാർ അറിയാതെ മരക്കൊമ്പിൽ വെപ്പിച്ചിരുന്നു. അതിനെ ലക്ഷ്യമാക്കി ദ്രോണൻ ഇങ്ങനെ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഹേ, ശിഷ്യന്മാരേ! നിങ്ങൾ എല്ലാവരും വില്ലെടുത്തു കുലയ്ക്കുവിൻ! ഈ കൂരിയാറ്റയെ ലക്ഷ്യമാക്കി അമ്പുതൊടുത്തു നില്ക്കുവിൻ. ഞാൻ പറഞ്ഞാൽ ഉടനെ അതിന്റെ തല അമ്പെയ്തു വീഴ്ത്തണം. ഞാൻ ഓരോരുത്തനോടു പറയും. ശ്രദ്ധാപൂർവ്വം സന്നദ്ധരായി നില്ക്കുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ആദ്യം ധർമ്മജനോടു ഗുരു പറഞ്ഞു."

"അമ്പുതൊടുക്കുക! ഞാൻ പറഞ്ഞാൽ ഉടനെ ഈക്കോടെ ശരം അയയ്ക്കണം." "ഉടനെ വില്ലുമായി പരന്തപനായ യുധിഷ്ഠിരൻ ഭാസത്തെ ലക്ഷ്യംവെച്ചുനിന്നു. വില്ലു കുലച്ചുനില്ക്കുന്ന അവനോടു മുഹൂർത്തം നിന്നതിന്നുശേഷം ഗുരു പറഞ്ഞു." "ഹേ, രാജപുത്ര! ഈ മരക്കൊമ്പിൽ ഭാസത്തെ നോക്കിക്കാണുക!" "നോക്കിക്കാണുന്നുണ്ട്. ലക്ഷ്യം കാണുന്നുണ്ട്" എന്നു യുധിഷ്ഠിരൻ പറഞ്ഞു. വീണ്ടും അല്പസമയം ചെന്നപ്പോൾ ദ്രോണൻ പറഞ്ഞു. "ഈ മരത്തേയും എന്നേയും തമ്പിമാരേയും കാണുന്നുണ്ടോ?" ഉടനെ യുധിഷ്ഠിരൻ പറഞ്ഞു: "ഞാൻ മരത്തെ കാണുന്നു. അങ്ങയേയും തമ്പികളേയും ഭാസത്തേയും തിരിച്ചുകാണുന്നുണ്ട്." ഉടനെ ആചാര്യൻ നിന്ദിച്ച് അപ്രീതനായി പിൻവാങ്ങിനിന്ന് "നീ മാറിനിൽക്കൂ! നീ ഈ ലക്ഷ്യം എയ്യുവാൻ പോരാ" എന്നു പറഞ്ഞു.

പിന്നെ ഗുരു ദുര്യോധനൻ മുതലായ ധാർത്തരാഷ്ട്രന്മാരോടും ക്രമപ്രകാരം ലക്ഷ്യത്തിന്റെ സൂക്ഷ്മം ഗ്രഹിക്കുവാൻ ചോദിച്ചു. ഭീമാദികളായ മറ്റുശിഷ്യരോടും, മറ്റു രാജകുമാരന്മാരോടും ചോദിച്ചു. എല്ലാവരും പറഞ്ഞു എല്ലാം കാണുന്നുണ്ടെന്ന്. അങ്ങനെ ഗുരുവിന്റെ നിന്ദയ്ക്ക് എല്ലാവരും പാത്രമായി."

133. ദ്രോണരെ മുതലയിൽ നിന്നു മോചിപ്പിക്കുന്നത്– വൈശമ്പായനൻ പറഞ്ഞു: "പിന്നെ ദ്രോണാചാര്യൻ സസ്മിതം അർജ്ജുനനെ വിളിച്ചു പറഞ്ഞു." "അർജ്ജുനാ, എയ്തു വീഴ്ത്തേണ്ടതായ ലക്ഷ്യം നീ തഞ്ചത്തിൽ വീഴ്ത്തുക! ഞാൻ പറഞ്ഞാൽ ഉടനെ അമ്പ് ലക്ഷ്യത്തിന്മേൽ എയ്യണം. വില്ലു കുലച്ച് അല്പസമയം നില്ക്കൂ!" ഇതുകേട്ട് സവ്യസാചി നല്ലപോലെ വില്ലു വളച്ചു ഭാസത്തിനെ നോക്കി നിന്നു. മുഹൂർത്തം കഴിഞ്ഞപ്പോൾ ദ്രോണൻ മുൻമട്ടിൽത്തന്നെ അർജ്ജുനനോടു ചോദിച്ചു: "ഭാസത്തെ കാണുന്നുണ്ടോ?" "ഭാസം മാത്രം കാണുന്നുണ്ട്" എന്ന് ദ്രോണനോട് അർജ്ജുനൻ മറുപടി പറഞ്ഞു. വൻമരത്തേയും ഗുരുവിനേയും കാണുന്നില്ലെന്നും പറഞ്ഞു. പിന്നെ സസന്തോഷം അല്പസമയം നിന്നതിന്നുശേഷം ആ ദുർദ്ധർഷവീര്യനായ പാണ്ഡവവീരനോടു ചോദിച്ചു." "ഭാസത്തെ കാണുന്നുണ്ടോ? ഉണ്ടെങ്കിൽ പറയൂ." "തലമാത്രം കാണുന്നുണ്ട്, ഉടൽ കാണുന്നില്ല" എന്ന് അവൻ മറുപടി പറഞ്ഞു. അർജ്ജുനൻ അപ്രകാരം പറഞ്ഞപ്പോൾ ഗുരു കോൾമയിർക്കൊണ്ടു. "എന്നാൽ എയ്യുക" എന്നു പറഞ്ഞു. ഉടനെ സംശയംകൂടാതെ എയ്തു. അർജ്ജുനൻ ക്ഷുരംകൊണ്ട് ആ മരത്തിലിരിക്കുന്ന കൂരിയാറ്റപ്പക്ഷിയുടെ ശിരസ്സു ശരിക്ക് അറുത്തുവീഴ്ത്തി. ഈ കർമ്മം ചെയ്തതുകണ്ടപ്പോൾ ആചാര്യൻ സന്തോഷഭരിതനായി അർജ്ജുനനെ അഭിനന്ദിച്ചു തലോടി. കൂട്ടത്തോടെ തന്റെ ശത്രുവായ ദ്രുപദനെ പോരിൽ ജയിച്ചു എന്നും ദ്രോണൻ വിചാരിച്ചു.

ഒരുദിവസം ഹേ, രാജാവേ, ആംഗിരസോത്തമനായ ഗുരു, ശിഷ്യരോടുകൂടി ഗംഗയിൽ കുളിക്കുവാൻ പോയി. വെള്ളത്തിലിറങ്ങുമ്പോൾ ദ്രോണനെ ആ വെള്ളത്തിൽ ചരിക്കുന്ന കാലചോദിതനായ ഒരു മുതല കാലിൽ പിടികൂടി. ഉടനെ അതിനെ വിടുവിക്കുവാൻ ഗുരു ശിഷ്യരോട്, താൻ അതിന്നു ശക്തനാണെ

digitized by www.sreyas.in

ങ്കിലും, വിളിച്ചുപറഞ്ഞു: 'മുതലയെ കൊന്ന് എന്നെ രക്ഷിക്കണേ' എന്നു സസംഭ്രമം ഗുരു വിളിച്ചുപറഞ്ഞു. ഉടനെ അർജ്ജുനൻ തീക്ഷ്ണമായ ശരങ്ങൾ അഞ്ചെണ്ണം ജലത്തിൽ മുതലയുടെനേരെ പ്രയോഗിച്ചു. മറ്റുള്ളവരെല്ലാം അമ്പരന്നു നില്ക്കുകമാത്രം ചെയ്തു! അർജ്ജുനന്റെ ശരങ്ങൾകൊണ്ട് മുതല പെട്ടെന്ന് ദ്രോണന്റെ കാൽ വിട്ടു! അതു ചാവുകയും ചെയ്തു. ഇതുകണ്ട് ദ്രോണൻ ചിന്തിച്ചു: 'ഇവൻ ശിഷ്യരിൽവെച്ചു ശ്രേഷ്ഠൻതന്നെ!' ഗുരു സംപ്രീതനായി. പിന്നെ ദ്രോണൻ സന്തുഷ്ടനായി ആ വീരരോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഹേ മഹാബാഹോ! വിശിഷ്ടവും അതിദുർധരവുമായ 'ബ്രഹ്മശിരസ്സ്'ന്ന അസ്ത്രം പ്രയോഗിക്കുവാനും പിൻവലിക്കുവാനുമുള്ള മന്ത്രങ്ങളോടുകൂടി നീ വാങ്ങിക്കൊള്ളുക. ആ അസ്ത്രം നീ മനുഷ്യരിൽ ആരിലും പ്രയോഗിക്കരുത്. ഒരിക്കലും ചെയ്തുപോകരുത്. അല്പന്മാരിൽ പ്രയോഗിച്ചാൽ മൂന്നുലോകവും അതു മുടിച്ചുകളയും. ഈ ലോകത്തിൽ അനന്യസാധാരണമായി അതു മാത്രമാണുള്ളത്. ശുദ്ധിയോടെ അതു സൂക്ഷിച്ചുവെക്കുക. ശ്രദ്ധയോടെ നീ കേൾക്കുക! മനുഷ്യനല്ലാത്ത ശത്രുവന്നു നിന്നെ എതിർത്താൽ അന്നു നീ അവനെ കൊല്ലുവാൻ ഈ അസ്ത്രം സംഗരത്തിൽ എയ്യുക!"

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരം ആകാമെന്നു പറഞ്ഞ് അർജ്ജുനൻ ആ ദിവ്യാസ്ത്രം ഏറ്റുവാങ്ങി. അനന്തരം ദ്രോണാചാര്യൻ അർജ്ജുനനോട് വീണ്ടും പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഇനി നിന്നോടു തുല്യനായി മറ്റൊരു ധനുർദ്ധരൻ ഉണ്ടാവുകയില്ല! ശത്രുക്കൾക്ക് അജയ്യനായി കീർത്തിമാനായി ഭവാൻ പ്രശോഭിക്കും!"

134. അസ്ത്രദർശനം - അഭ്യാസക്കാഴ്ച - വൈശമ്പായനൻ പറഞ്ഞു: **"മിക്കവാറും ധാർത്തരാഷ്ട്രരും പാണ്ഡുപുത്രന്മാരും കൃതാസ്ത്രരായി. ഒരു ദിവസം ആ ബാലകന്മാരെ നോക്കി കൃപാചാര്യൻ, സോമദത്തൻ, അതിബുദ്ധിമാനായ ബാൽഹീകൻ, ഭീഷ്മൻ, വ്യാസൻ, വിദുരൻ എന്നീ മഹാശയന്മാരെല്ലാം കൂടിയിരിക്കുന്ന സദസ്സിൽവെച്ച് ദ്രോണാചാര്യൻ ധൃതരാഷ്ട്രനോട് ഇപ്രകാരം പറഞ്ഞു."**

ദ്രോണൻ പറഞ്ഞു: "ഹേ, കൗരവരാജാവേ, ഭവാന്റെ പുത്രന്മാരെല്ലാം വിദ്യാസമ്പന്നരായി. അവർ ഭവാന്റെ കല്പനപ്രകാരം സകലവിദ്യകളും രംഗത്തിൽവെച്ചു കാണിച്ചുതരും." ഇതുകേട്ട് സസന്തോഷം ധൃതരാഷ്ട്രരാജാവു പറഞ്ഞു.

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, ഭരദ്വാജാ! ഭവാൻ എത്രയും മഹത്തായ ഒരു കാര്യമാണ് നിർവ്വഹിച്ചത്. ഇനി അവരുടെ വിദ്യ അരങ്ങേറുവാൻ പറ്റിയ സമയം, സ്ഥലം, വിധം എന്നിവയൊക്കെ എങ്ങനെ വേണമെന്നുള്ളത് ഭവാൻ കല്പിച്ചു നിശ്ചയിച്ച് എന്നെ അറിയിച്ചാൽ മതി. അതിന്നു വേണ്ടതൊക്കെ ഞാൻ ചെയ്തുതരാം. എനിക്കു സമ്മതമാണ്. വേണ്ടതൊക്കെ എന്നോടു ഭവാൻ കല്പിച്ചാലും. എനിക്കു കണ്ണുകാണുവാൻ കഴിയാത്തതിൽ ഖേദിക്കുന്നു. കണ്ണുള്ളവർ ഭാഗ്യവാന്മാർ. അവർക്കു കാണാമല്ലോ പുത്രന്മാരുടെ പാടവം. ആചാര്യൻ പറയുംപോലെ ഹേ വിദുരാ! ഭവാൻ എല്ലാം ഒരുക്കുക. ഇതുപോലൊരു സന്തോഷം നമുക്കു വേറെ എന്തുള്ളു!"

വൈശമ്പായനൻ പറഞ്ഞു: "വിദുരൻ രാജാവിനോടു കല്പനപോലെയാകാം എന്നുപറഞ്ഞ് ഒരുക്കങ്ങൾക്കുവേണ്ടി പുറപ്പെട്ടു.

ദ്രോണാചാര്യൻ രംഗഭൂമി അളന്ന് ക്ലിപ്തപ്പെടുത്തി. സ്ഥലം നിരപ്പാക്കി. വൃക്ഷലതാദികളില്ലാത്ത ഒഴിഞ്ഞ സ്ഥലം. നല്ലനാളും പക്കവും നോക്കി അവിടെ ബലിയും പൂജയും നടത്തി. പിന്നെ വീരസമാജത്തെ അറിയിക്കുവാൻ വിളംബരം ചെയ്തു. രംഗഭൂമിക്കു ചുറ്റും ശില്പികൾ ഭംഗിയോടെ ശാസ്ത്രപ്രകാരം കാഴ്ചപ്പുരകളുണ്ടാക്കി, മോടി പിടിപ്പിച്ചു. സർവ്വ ആയുധങ്ങളോടുംകൂടി രാജാവിന്നും, അപ്രകാരം സ്ത്രീജനങ്ങൾക്കും ഇരുന്ന് എല്ലാം കാണുവാനുള്ള മഞ്ചങ്ങൾ നിർമ്മിച്ചു. നാട്ടുകാർ കൊണ്ടുപിടിച്ച് രംഗത്തെ മോടിപ്പെടുത്തുവാൻ ഉത്സാഹിച്ചു. വലിയവലിയ ശിബികാദികളും തീർപ്പിച്ചു.

നിശ്ചയിക്കപ്പെട്ട ദിവസം വന്നു. രാജാവും മന്ത്രിമുഖ്യന്മാരും ഭീഷ്മനേയും കൃപനേയും മുമ്പിൽ നടത്തി രംഗഭൂമിയിലെത്തിച്ചേർന്നു. മുത്തുക്കുടകൾ തൂക്കിയതും, വൈഡൂര്യക്കല്ലു വിരിച്ചതും, പൊൻതാഴികക്കുടം വെച്ചതുമായ കാഴ്ചപ്പുരയിൽ വന്നുകയറി. ഗാന്ധാരിയും ഭാഗ്യവതിയായ കുന്തിയും അല്ലയോ വീരരത്നമേ, മറ്റു രാജസ്ത്രീകളും ദാസിമാരോടുകൂടി ചമഞ്ഞൊരുങ്ങി സസന്തോഷം മഞ്ചത്തിൽ കയറി മഹാമേരുവിൽക്കയറുന്ന സുരസുന്ദരിമാരെപ്പോലെ അവർ മഞ്ചത്തിൽക്കയറി വിളങ്ങി. ബ്രാഹ്മണക്ഷത്രിയാദികളായ നാലുജാതിക്കാരും ക്ഷണപ്രകാരം ബാലശിക്ഷാബലം കാണുവാൻ സസന്തോഷം എത്തിച്ചേർന്നു. കാഴ്ചക്കാർ ഒന്നിച്ച് ഭംഗിയിൽ ചേർന്നു. വാദ്യഘോഷത്തോടും പലതരം കൗതൂഹലത്തോടുംകൂടിയ പുരുഷാരം ചേർന്ന ആ രംഗം ക്ഷോഭിച്ച കടൽപോലെ ശോഭിച്ചു.

ഈ സന്ദർഭത്തിൽ വെളുത്ത താടിയും തലയുമായി വെള്ളവസ്ത്രവും ചന്ദനച്ചാർത്തുമായി വെള്ളപ്പൂണൂൽ ധരിച്ച ആചാര്യൻ തന്റെ പുത്രനുമൊന്നിച്ച് അരങ്ങത്തുകയറി അദ്ധ്യക്ഷപീഠം അലങ്കരിച്ചു. അംബരത്തിൽ കുജനോടുചേർന്ന ശശി എന്നപോലെ പ്രശോഭിച്ചു. ഒരു ശശിമംഗളയോഗം അവിടെയുണ്ടായി. ബലവാനായ ആചാര്യൻ കാലത്തിനൊത്ത ബലിമന്ത്രജ്ഞരായ ബ്രാഹ്മണരെക്കൊണ്ട്, മംഗളത്തിനായി വേണ്ടതു ചെയ്യിച്ചു.

നാന്ദീമുഖത്തിൽ പുണ്യാഹപുണ്യഘോഷം കഴിഞ്ഞതിൽപ്പിന്നെ നരപുംഗവന്മാർ പല ശസ്ത്രാസ്ത്രങ്ങളുമേന്തി കടന്നുവന്നു. ചട്ടയും കൈയുറയും കച്ചകെട്ടും ആവനാഴിയുമായി മഹാരഥന്മാരായ ഭരതർഷഭർ വന്നുചേർന്നു. ജ്യേഷ്ഠക്രമത്തിൽ ധർമ്മാത്മജൻ മുതലായ കുമാരന്മാർ കയറിച്ചെന്നു. ആ മഹാരഥന്മാർ അസ്ത്രപ്രയോഗം കാണിച്ചുതുടങ്ങി. കാണികളിൽ ചിലർ അമ്പേല്ക്കുമെന്നു ഭയപ്പെട്ട് തല പെട്ടെന്നു താഴ്ത്തി. ചിലർ അത്യത്ഭുതാനന്ദത്തോടെ നോക്കി. തങ്ങളുടെ പേരു രേഖപ്പെടുത്തിയ അമ്പുകൾകൊണ്ട് അവർ ലക്ഷ്യങ്ങളെ എയ്തു. ആശ്ചര്യകരമായ ലാഘവത്തോടെ അശ്വങ്ങളിൽക്കയറി ഓടിച്ചു. കൈയിൽ അമ്പും വില്ലുമായി നിരന്നുനില്ക്കുന്ന രാജകുമാരസംഘത്തെ ഗന്ധർവ്വനഗരമെന്നപോലെ കണ്ട് കാണികൾ ആനന്ദിച്ചു. പെട്ടെന്ന് ആർപ്പുവിളികൾ മുഴങ്ങി. കൂട്ടത്തോടെ ആഹ്ളാദകോലാഹലങ്ങളുണ്ടായി. വിസ്മയത്താൽ കണ്ണുവിടർത്തി ഭേഷ്! ഭേഷ്! എന്ന ശബ്ദങ്ങൾ മുഴക്കി.

ഓരോ വില്ലിന്റേയും മുറകളും, തേരോടിക്കുന്ന ക്രമങ്ങളും, ഗജാശ്വങ്ങളുടെ ഗതിയും, മല്ലയുദ്ധവും അവർ രംഗത്തു പ്രദർശിപ്പിച്ചു. ഉടനെ വാളും പരിചയും എടുത്ത് ആ അഭ്യാസശാലികൾ ഖഡ്ഗാഭ്യാസത്തിലെ നിലയൊക്കെ അവിടെ കാണിച്ചു. ലാഘവം, ഭംഗി, അഴക്, സ്ഥൈര്യം, പിടിത്തത്തിന്റെ ഉറപ്പ് എന്നിവ ഖഡ്ഗചർമ്മ പ്രയോഗത്തിൽ ഏവർക്കും കാണുമാറായി. പിന്നെ തമ്മിൽ കിടമത്സരമുള്ള ദുര്യോധനവൃകോദരന്മാർ ഗദയുമായി, ശൃംഗമുള്ള അദ്രികൾ എന്നപോലെ, രംഗത്തിറങ്ങി അരക്കെട്ടു മുറുക്കി പൗരുഷത്തോടെ അവർ പിടിയാനമൂലം ചീറി നേരിടുന്ന രണ്ടു മത്തഗജങ്ങൾപോലെ പോരാടി. ഇടവും വലവും ചുറ്റും അവർ മണ്ഡലം ചുറ്റി. ധൃതരാഷ്ട്രന്നു വിദുരനും, ഗാന്ധാരിക്കു സഞ്ജയനും കുമാരന്മാരുടെ ചേഷ്ടിതം, കാണുന്ന ക്രമംപോലെ ഒക്കെ ഉണർത്തിച്ചുകൊണ്ടിരുന്നു."*

135. അസ്ത്രദർശനം - ഭീമദുര്യോധനന്മാരുടെ ആയുധവിദ്യാപ്രദർശനം - വൈശമ്പായനൻ പറഞ്ഞു: "ഹേ! ജനമേജയാ! രംഗത്തിൽ കുരുരാജാവും ഭീമസേനനും തമ്മിൽ മത്സരിക്കുവാൻ തുടങ്ങിയപ്പോൾ പക്ഷപാതപ്രിയംമൂലം കാണികൾ രണ്ടുപക്ഷമായി തിരിഞ്ഞു. ഹാ! വീരാ! ദുര്യോധനാ! ഹാ! വീരാ! ഭീമാ! ഭേഷ്! ഭേഷ്! എന്നുള്ള ജനഘോഷം വീണ്ടും

* പതിവ്രതയായ ഗാന്ധാരി കണ്ണുകെട്ടിയിട്ടാണ് ഇരിക്കുന്നതെന്ന് ഓർക്കണം.

digitized by www.sreyas.in

വീണ്ടും മുഴങ്ങി. ആർപ്പുംവിളിയുംകൊണ്ട് ദിക്കൊക്കെ മുഴങ്ങി എങ്ങും പ്രക്ഷുബ്ധമായി അലയടിച്ചാർക്കുന്ന സമുദ്രം പോലെ ഇളകിമറിഞ്ഞാർക്കുന്ന ജനൗഘത്തെക്കണ്ട് ആചാര്യൻ അശ്വത്ഥാമാവിനോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "അശ്വത്ഥാമാവേ! പയറ്റുനിർത്തുവാൻ പറയൂ! മഹാവീര്യന്മാരായ രണ്ടുപേരെയും തടുക്കുക! ഭീമദുര്യോധനന്മാർ ഹേതുവായി രംഗപ്രകോപമുണ്ടാകരുത്."

വൈശമ്പായനൻ പറഞ്ഞു: " ഉടനെ ഓടിച്ചെന്നു ഗുരുപുത്രൻ അവരെ തടഞ്ഞ് കോളിളക്കുന്ന സമുദ്രത്തെ കരയെന്നപോലെ നിറുത്തി! രംഗം ശാന്തമായി! പിന്നെ രംഗാങ്കണത്തിൽ ഇറങ്ങിനിന്നു ദ്രോണാചാര്യൻ കൈ ഉയർത്തി വിലക്കി. ഉടനെ വാദ്യഘോഷം നിന്നു. ആചാര്യൻ മേഘനിർഘോഷംപോലെ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "മഹാജനങ്ങളേ! എനിക്ക് എന്റെ പുത്രനേക്കാൾ ഇഷ്ടനും, സർവ്വാസ്ത്രപണ്ഡിതനും, ജിഷ്ണുപുത്രനും, വിഷ്ണുതുല്യനുമായ ജിഷ്ണു ഇതാ രംഗപ്രവേശനം ചെയ്യുന്നു. നിങ്ങൾ കാണുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ആചാര്യന്റെ കല്പനപ്രകാരം ഉടനെ കൃതമംഗളനായ ഒരു യുവാവ് കൈയുറയിട്ട് വില്ലും തൂണിയുമേന്തി പൊൻചട്ടയിട്ട് രംഗത്തു പ്രവേശിച്ചു. സൂര്യേന്ദ്രായുധവിദ്യുത്തോടുകൂടിയ സന്ധ്യാംബുദോപമനായ അർജ്ജുനൻ അരങ്ങത്തു വന്നപ്പോൾ എല്ലാവർക്കും ഹർഷവും ഉത്സാഹവുമുണ്ടായി. ഉടനെ വാദ്യഘോഷം മുഴങ്ങി. മംഗളശംഖധ്വനി മുഴങ്ങി. ഇതാ, കുന്തീപുത്രൻ! ഇതാ, മദ്ധ്യമപാണ്ഡവൻ! ഇതാ, ഇന്ദ്രപുത്രൻ! ഇതാ, കൗരവപാലകൻ! ഇതാ 'അസ്ത്രജ്ഞരിൽ ശ്രേഷ്ഠൻ! ഇതാ' ധാർമ്മികമുഖ്യൻ! ഇതാ ശീലവാന്മാരിൽ ഉത്തമൻ! എന്നുള്ള പ്രശംസാവാക്യങ്ങൾ കാഴ്ചക്കാരിൽനിന്നു മുഴങ്ങി. കുന്തി ഇതുകേട്ട് ആനന്ദപുളകിതയായി. അവളുടെ മുലകൾ ചുരന്നു! കണ്ണുനീരുകൊണ്ട് മാറിടം നനഞ്ഞു. ഈ ഘോഷം ചെവിയിൽ ചെന്നലച്ചപ്പോൾ ധൃതരാഷ്ട്രൻ വിദുരനോട് സസന്തോഷം ചോദിച്ചു:"

ധൃതരാഷ്ട്രൻ പറഞ്ഞു: "ക്ഷത്താവേ, എന്താണ് ഈ ഘോഷം? കടൽ ഇരമ്പുന്നപോലെയും, ഇടിവെട്ടുന്നപോലെയും കേൾക്കുന്നുവല്ലോ! ആകാശം പിളരുംവിധം രംഗത്തുനിന്നു കേൾക്കുന്ന ഈ ഇരമ്പം എന്താണ്? രംഗത്തിൽ എന്തു സംഭവിച്ചു?" വിദുരൻ പറഞ്ഞു: "മഹാരാജാവേ, കേൾക്കുക, ഫൽഗുനൻ രംഗത്തുവന്നപ്പോഴുള്ള അത്ഭുതകോലാഹലമാണത്."

ധൃതരാഷ്ട്രൻ പറഞ്ഞു: "ക്ഷത്താവേ, ഞാൻ ധന്യനായി. ഞാൻ ഭാഗ്യവാനായി. എനിക്കു രക്ഷകിട്ടി. കുന്തിയാകുന്ന അരണിയിൽനിന്നുണ്ടായ പാണ്ഡവാഗ്നിത്രയത്താൽ ഞാൻ ഭാഗ്യവാനും ധന്യനുമായി."

വൈശമ്പായനൻ പറഞ്ഞു: "ആ രംഗം സന്തോഷത്തോടെ അല്പം ഒന്ന് അടങ്ങിയപ്പോൾ അർജ്ജുനൻ തന്റെ അസ്ത്രലാഘവം ആചാര്യന്നു കാണിച്ചുകൊടുത്തു.

ആഗ്നേയാസ്ത്രത്താൽ അഗ്നിയുണ്ടാക്കി, വാരുണത്താൽ മഴയുണ്ടാക്കി, വായവ്യത്താൽ കാറ്റുണ്ടാക്കി, പാർജ്ജന്യത്താൽ മേഘങ്ങളുണ്ടാക്കി, ഭൗമത്താൽ ഭൂമിക്കുള്ളിൽപ്പോയി, പാർവ്വതാൽ അദ്രികൾകാട്ടി, അന്തർദ്ധാനാസ്ത്രത്താൽ താനേ മറഞ്ഞു. ഒരു ക്ഷണംകൊണ്ട് ദീർഘകായനും അടുത്തക്ഷണം കൊണ്ടു കുറിയവനുമായി. തേർനുകത്തിലും തേർത്തടത്തിലും ഒരേനിമിഷത്തിൽ കാണപ്പെട്ടു. അപ്പോൾത്തന്നെ നിലത്തും കാണപ്പെട്ടു. ഒരേ സമയത്ത് അർജ്ജുനൻ എല്ലായിടത്തും കാണപ്പെട്ടു. നിമിഷംകൊണ്ട് അണുവായി; ഉടനെ ഗുരുവായി. മൃദു, സൂക്ഷ്മം, കടു, ഗുരു ഇതൊക്കെ ആ ഗുരുപ്രിയൻ സൗഷ്ഠവത്തോടെ പല ശരങ്ങൾകൊണ്ട് എയ്തുമുറിച്ചു. ചുറ്റിക്കറങ്ങുന്ന ലോഹവരാഹത്തിന്റെ വായിൽ ഒപ്പം അഞ്ചുശരങ്ങളെ തടയാതെ അഞ്ചും ഒന്നെന്നപോലെ എയ്തു. കയറിൽ കെട്ടിത്തൂക്കി ആടുന്ന കാളക്കൊമ്പിന്റെ അകത്ത് ഇരുപത്തൊന്നു ശരങ്ങൾ ആ വീരൻ എയ്തുതറച്ചു. ഇപ്രകാരം ചാപത്താലും, വാളുകൊണ്ടും ഗദയാലും കാട്ടി. പല മണ്ഡലഭേദങ്ങളും കാട്ടി. ഇത്തരം പല പ്രയോഗങ്ങളും ഇണക്കത്തോടെ കാട്ടി ജനങ്ങളുടെ അത്ഭുതം ഉയർത്തി! മിക്കതും തീർന്നപ്പോൾ സമാജം അടങ്ങി. എല്ലാം മന്ദീഭവിച്ചപ്പോൾ വാദ്യഘോഷങ്ങളും അടങ്ങി.

ഈ സന്ദർഭത്തിൽ സഭാമണ്ഡപത്തിന്റെ പടിക്കൽനിന്നു പടുമാഹാത്മ്യസൂചകമായ ഹസ്തഘോഷം കേട്ടു. ഇടിവെട്ടുകയാണോ? കുന്നു പിളരുകയാണോ? ഭൂമി പിളരുകയാണോ? ആകാശത്തു ജലം നിറഞ്ഞ മേഘങ്ങൾ നിറയുകയാണ് അരങ്ങത്തുള്ളവർക്കൊക്കെ സംശയമായി. എല്ലാവരും ആ രംഗത്തിന്റെ പടിക്കലേക്കു നോക്കി. അവർ അപ്പോൾ കണ്ട കാഴ്ച അത്ഭുതമായിരുന്നു. അഞ്ചുപാണ്ഡവന്മാരോടുകൂടി ഗുരു ശോഭിക്കുന്നു. അഞ്ചുനക്ഷത്രങ്ങളോടുകൂടി ശോഭിക്കുന്ന ചന്ദ്രനെപ്പോലെ അപ്രകാരം തന്നെ അശ്വത്ഥാമാവിനോടുകൂടി നൂറുപേരും ദുര്യോധനന്റെ ചുറ്റും ഒത്തുവിളങ്ങുന്നു. കൈയിലേന്തുന്ന ഗദയോടും ആയുധം ധരിച്ച നൂറ് അനുജന്മാരോടും സുരാരിയുടെ നാശത്തിൽ സുരന്മാരോടുകൂടിയ പുരന്ദരനെപ്പോലെ സുയോധനൻ പ്രശോഭിക്കുന്നു."

136. കർണ്ണാഭിഷേകം – വൈശമ്പായനൻ പറഞ്ഞു: "എന്തോ മാഹാത്മ്യം കണ്ടതുപോലെയുള്ള ആ മഹാഘോഷങ്ങൾ കേട്ടു കാണികൾ എല്ലാവരും മണ്ഡപദ്വാരത്തിലേക്കു നോക്കി. ഏതു മഹാപുരുഷന്റെ എഴുന്നള്ളത്താണ് ഇതെന്ന് എല്ലാവരും അത്ഭുതപ്പെട്ടു. ദ്രോണാചാര്യനും ശിഷ്യന്മാരായ പാണ്ഡവധാർത്തരാഷ്ട്രന്മാരും അങ്ങോട്ടുനോക്കി. ആൾക്കാർ അത്ഭുതോൽഫുല്ലനേത്രരായി വഴി ഒഴിച്ചുകൊടുത്തു. ആ വഴിക്കുണ്ട് ഒരു സൂര്യോജ്ജ്വലതേജസ്വിയുണ്ട് കയറിവരുന്നു!

ജന്മസിദ്ധമായ ഉജ്ജ്വലകവചം ധരിച്ച്, കർണ്ണഭൂഷണങ്ങളണിഞ്ഞ്, വില്ലും വാളും ധരിച്ച് കാൽനടയായി അദ്രിസന്നിഭനായ ഒരു യുവാവ് നിശ്ശങ്കം ഘനമായി നടന്നെത്തുന്നു! ആരാണ് ഈ മഹാതേജസ്വി! കുന്തിയുടെ കാനീനനായ കർണ്ണൻ! മാനിയും ദീർഘവിലോചനനും തീക്ഷ്ണാംശുവുമായ സൂര്യന്റെ പുത്രൻ കർണ്ണൻ! സിംഹർഷഭദ്വിജേന്ദ്രാഭനും ബലവീര്യപരാക്രമനുമായ കർണ്ണൻ! ദീപ്തി, കാന്തി, ദ്യുതി എന്നിവകൊണ്ട് അർക്കനോടും ചന്ദ്രനോടും അഗ്നിയോടും തുല്യൻ! ഹേമതാലംപോലെ ഉന്നതൻ! സിംഹകായൻ! അസംഖ്യം ഗുണങ്ങളോടുകൂടിയ ശ്രീമാനായ സൂര്യപുത്രൻ.

ആ മഹാബാഹു കടന്നുവന്ന് ആ വീരമണ്ഡലത്തെ ഒട്ടാകെ ഒന്ന് അവലോകനം ചെയ്തു. വലിയ അത്യാദരം കാണിക്കാതെ ദ്രോണകൃപന്മാരുടെ നേരെ അധികം വളയാതെ, ഒന്നു കൈകൂപ്പി.

ആ സാമാജികന്മാരെല്ലാം അത്ഭുതസ്ഥിരനേത്രന്മാരായി 'ഇതാരാണ്' എന്നു ക്ഷോഭത്തോടും കുതുകത്തോടുംകൂടി നോക്കിനിന്നു! വാഗ്മിയായ ആ യുവാവ് മേഘനിർഘോഷം പോലെ ഗംഭീരസ്വരത്തിൽ, തന്റെ അറിയാത്ത അനുജനായ അർജ്ജുനനോടു പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഹേ പാർത്ഥാ, നീ ചെയ്ത വിദ്യകളൊക്കെ കുറേക്കൂടി മെച്ചമായ വിധം, ഈ കാണികളുടെയെല്ലാം മുമ്പിൽ വെച്ചു ഞാൻ കാണിക്കാം. നീ അത്ര ഞെളിയേണ്ട!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവൻ പറഞ്ഞു നിർത്തുന്നതിന്നുമുമ്പുതന്നെ മഹാജനം യന്ത്രത്താൽ പൊക്കിയമാതിരി പെട്ടെന്ന് എഴുന്നേറ്റു! ദുര്യോധനന്ന് പെട്ടെന്ന് സന്തോഷം ഉദിച്ചു. ഹ്രീയും ക്രോധവും അപ്രകാരം അർജ്ജുനനും ഉദിച്ചു.

ദ്രോണാചാര്യന്റെ അനുമതിയോടുകൂടി രണപ്രിയനായ കർണ്ണൻ, അർജ്ജുനൻ ചെയ്ത കർമ്മങ്ങളെല്ലാം അവിടെ കാണിച്ചു. അഭ്യാസപ്രദർശനങ്ങൾ കഴിഞ്ഞ ഉടനെ ദുര്യോധനൻ നൂറു സഹോദരന്മാരോടുകൂടെ ഓടിച്ചെന്നു കർണ്ണനെ അഭിനന്ദിച്ച്

digitized by www.sreyas.in

ഹസ്തദാനം ചെയ്തശേഷം സസ്നേഹം ആലിംഗനം ചെയ്തു തലോടി ഇപ്രകാരം നന്ദിപൂർവ്വം പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു. "ഹേ മഹാഭാഗാ! ഭവാനു സ്വാഗതം! നീ ഈ സന്ദർഭത്തിലെത്തിയത് എന്റെ ഭാഗ്യം! ഹേ, മാനദാ! ഞാനും ഈ കുരുരാജ്യവും നിന്റെ ഇഷ്ടംപോലെ ഉപയോജ്യമാണ്; നിനക്കധീനമാണ്!"

കർണ്ണൻ പറഞ്ഞു: "അങ്ങ് ഉപചാരങ്ങളെല്ലാം ചെയ്തു എന്ന് ഞാൻ വിചാരിക്കുന്നു. ഭവാൻ എന്റെ സഖിയാകുക. വിഭോ, ഞാൻ പാർത്ഥനോടു ദ്വന്ദ്വയുദ്ധത്തിന്നു കാംക്ഷിക്കുന്നു!"

ദുര്യോധനൻ പറഞ്ഞു: "ഭവാൻ എന്നോടൊപ്പം സകല സുഖങ്ങളും അനുഭവിക്കുക! സുഹൃത്തിന്നു പ്രിയം ചെയ്യുന്നവനാകുക! ശത്രുക്കളുടെ ശിരസ്സിൽ ഹേ, വീരാ! നീ കാൽവെക്കുക!"

വൈശമ്പായനൻ പറഞ്ഞു: "തന്നെ നിന്ദിക്കുന്നവിധം പറഞ്ഞവാക്കുകൾ കേട്ട്, ഭ്രാതൃമദ്ധ്യത്തിൽ ദൃഢചിത്തനായി, അദ്രിതുല്യം നില്ക്കുന്ന കർണ്ണനോട് അർജ്ജുനൻ ഉടനെ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഹേ, കർണ്ണാ! വിളിക്കാതെ ചെല്ലുന്നവർക്കും ചോദിക്കാതെ കയറിപ്പറയുന്നവർക്കുമുള്ള ലോകങ്ങളിലേക്ക് മടങ്ങിവരാത്തവിധം ഞാൻ നിന്നെ അയയ്ക്കുന്നുണ്ട്!"

കർണ്ണൻ പറഞ്ഞു: "ഈ രംഗം എല്ലാവർക്കും സമമാണ്. ഹേ, ഫൽഗുനാ! നിനക്കു പ്രത്യേകതയെന്തുണ്ട് ഇവിടെ? ക്ഷത്രിയന്മാർ വീര്യശ്രേഷ്ഠന്മാരാണ്. ധർമ്മം വീര്യാനുവർത്തിയുമാണ്. കഴിവില്ലാത്തവൻ നിന്ദോക്തി പ്രസംഗിക്കും. അവർക്ക് അതാണ് ഒരാശ്വാസം. കഴിവുള്ളവൻ പ്രവർത്തിക്കും!, കഴിവില്ലാത്തവൻ പ്രസംഗിക്കും. എന്തിനീ വമ്പുകൾ പറയുന്നു? അമ്പുകൊണ്ടാകാം സംസാരം. ഗുരുവിന്റെ കൺമുമ്പിൽവച്ച് ഞാൻ നിന്റെ ശിരസ്സു ശരംകൊണ്ടു ഖണ്ഡിക്കാം."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ദ്രോണന്റെ അനുമതിയോടെ ശത്രുഹന്താവായ അർജ്ജുനൻ ഭ്രാതാക്കന്മാർ സസ്നേഹം തഴുകവേ, പോരിന്നു സന്നദ്ധനായി മുന്നോട്ടു ചെന്നു. ദുര്യോധനനും സഹോദരന്മാരും തഴുകിവിട്ട കർണ്ണനും നല്ലപോലെ വില്ലും അമ്പുമായി രംഗത്തിറങ്ങി. ഉടനെ ഇന്ദ്രധനുസ്സോടും ഇടിമിന്നലോടുംകൂടി വെള്ളിൽപ്പക്ഷിപ്പടയോടുകൂടിയ കാർമേഘപടലം അംബരത്തിൽ അശുഭസൂചകമായി ഉയർന്നു പരന്നു. ഇന്ദ്രൻ ഇഷ്ടത്തോടുകൂടി മറവിൽനിന്ന് ആ രംഗം നോക്കുന്നതുകണ്ടു. അപ്പോൾ പെട്ടെന്ന് അർക്കൻ സമീപത്തുള്ള കാർനിര അറുത്തുമാറ്റി. മേഘത്തിന്റെ ഛായയിൽ, ഇരുണ്ട നിഴൽപ്പാടിൽ, ഇന്ദ്രപുത്രൻ നില്ക്കുമ്പോൾ സൂര്യന്റെ പ്രഭാപൂരത്തിൽ സൂര്യപുത്രൻ നിന്നു പ്രശോഭിച്ചു. കർണ്ണൻ നില്ക്കുന്ന ഭാഗത്ത് ദുര്യോധനാദികൾ നിന്നു. ദ്രോണനും കൃപനും ഭീഷ്മനും പാർത്ഥന്റെ ഭാഗത്തും നിന്നു. രംഗം രണ്ടു ഭാഗമായി. സ്ത്രീകളുടെ ഇടയിലും പക്ഷപാതമുണ്ടായി. ഈ കാഴ്ചകണ്ട്, പരസ്പരം പോരാടുവാൻ നില്ക്കുന്ന മക്കളെക്കണ്ട്, കുന്തി മോഹാലസ്യപ്പെട്ടുവീണു! അവൾ മോഹത്തിലാണ്ടുപോയപ്പോൾ പ്രപഞ്ചരഹസ്യങ്ങളെല്ലാമറിയുന്ന വിദുരൻ ഗംഗാജലം തളിച്ച് അവളെ ആശ്വസിപ്പിച്ചു. ദാസിമാർ അവളെ ചന്ദനച്ചാർ തളിച്ചു ശുശ്രൂഷിച്ചു. ബോധംവീണ് എഴുന്നേറ്റപ്പോൾ അവൾ, യുദ്ധസന്നദ്ധരായി പല്ലിറുമ്മി നില്ക്കുന്ന രണ്ടു മക്കളേയും നോക്കിക്കണ്ട് കഠിനമായി ദുഃഖിക്കുകയും സംഭ്രമിക്കുകയും ചെയ്തു.

അവർ രണ്ടുപേരും വില്ലും ശരവുമായി നില്ക്കുന്നു. ഈ സന്ദർഭത്തിൽ ശാരദ്വതനായ കൃപൻ മുന്നോട്ടു വന്നു. അദ്ദേഹം ദ്വന്ദ്വയുദ്ധമര്യാദകൾ മാത്രമല്ല, ലോകാചാരങ്ങളൊക്കെ അറിയുന്ന ധർമ്മവിത്തമനാണ്."

കൃപൻ പറഞ്ഞു: "ദ്വന്ദ്വയുദ്ധമര്യാദകൾ ഹേ, മഹാജനങ്ങളേ, രാജാക്കന്മാരേ, നിങ്ങൾക്കെല്ലാം അറിയാമല്ലോ. ഇവൻ കുന്തിയുടെ ഒടുവിലത്തെ സന്താനമായ, പാണ്ഡുനന്ദനനായ അർജ്ജുനനാണ്. കൗരവനായ ഈ അർജ്ജുനൻ ഭവാനുമായി ദ്വന്ദ്വയുദ്ധത്തിൽ പൊരുതും. ഈ പറഞ്ഞവിധം നീയും നിന്റെ അച്ഛൻ, അമ്മ, കുലം എന്നിവ വ്യക്തമായി പറയുക. ഭവാൻ ഏതു രാജാവിന്റെ കുലത്തിലാണു പിറന്നത്? ഭവാന്റെ അമ്മ ആരാണ്? അച്ഛനാരാണ്? ഇതെല്ലാം പറയുക. നിന്നെ സംബന്ധിക്കുന്ന വിവരങ്ങൾ എല്ലാം പാർത്ഥൻ അറിഞ്ഞതിന്നുശേഷം നിന്നോടു പോരിന്നു നേരിട്ടുവെന്നും നേരിട്ടില്ലെന്നും വരാം. രാജപുത്രന്മാർ ഒരിക്കലും സാധാരണക്കാരുമായി പൊരുതുന്നതല്ല."

വൈശമ്പായനൻ പറഞ്ഞു: "കൃപാചാര്യന്റെ വാക്കുകേട്ട് കർണ്ണന്റെ മുഖം ലജ്ജയാൽ കുനിഞ്ഞുപോയി. മഴകൊണ്ടു നനഞ്ഞുചാഞ്ഞ പത്മംപോലെ അവന്റെ മുഖംതാണു."

ദുര്യോധനൻ ചൊടിച്ചു പറഞ്ഞു: "ഹേ, ആചാര്യാ! ശാസ്ത്രനിശ്ചയത്തിൽ മൂന്നുവിധത്തിലാണ് രാജാക്കന്മാരുടെ ഉത്ഭവം. നല്ല രാജകുലത്തിൽ ജനിച്ചവനും, മഹാശൂരനും, വളരെ സൈന്യമുള്ളവനും-ഇവരാണ് ആ മൂന്നുതരം രാജാക്കൾ. രാജാവിനോടൊഴികെ മറ്റാരോടും പാർത്ഥൻ നേരിടുകയില്ലേ? ഇല്ലെങ്കിൽ അതിനും മാർഗ്ഗമുണ്ട്. ഇവിടെവച്ചുതന്നെ ഞാൻ അവനെ രാജാവാക്കിക്കളയാം! താമസമില്ല! കർണ്ണനെ അംഗരാജാവായി ഞാൻ ഇതാ, അഭിഷേകം ചെയ്യുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ കർണ്ണനെ ഒരു സ്വർണ്ണപീഠത്തിൽ ഇരുത്തി ആ മഹാത്മാക്കളുടെ മുമ്പിൽവെച്ചുതന്നെ രാജാവായി വാഴിച്ചു. ലാജപുഷ്പങ്ങൾ ചേർന്ന പുണ്യജലം സ്വർണ്ണകുംഭങ്ങളിലെടുത്ത് വൈദികബ്രാഹ്മണരെക്കൊണ്ടു പൂജചെയ്യിച്ച് യഥാവിധി അംഗരാജ്യത്തിന്റെ അധിപനായി ദുര്യോധനൻ ശ്രീമാനായ കർണ്ണനെ അഭിഷേകം ചെയ്യിച്ചു. കിരീടമണിയിച്ച് കുട, വെൺചാമരം എന്നീ രാജചിഹ്നങ്ങൾ ശംഖപടഹഘോഷങ്ങളോടെ പിടിപ്പിച്ചു. ദുര്യോധനൻ കൃപന്റെ നേരെ നോക്കി. ധീമാനായ കർണ്ണൻ കൃതജ്ഞതാപൂർവ്വം ദുര്യോധനനോടു ചോദിച്ചു."

കർണ്ണൻ പറഞ്ഞു: "ശ്രേഷ്ഠനായ രാജാവേ, ഈ രാജ്യദാനത്തിന്ന് ഒത്തവിധം എന്താണു ഞാൻ ഭവാനു നല്കേണ്ടത്? ഹേ, രാജവ്യാഘ്രാ! പറഞ്ഞാലും! നിർവ്യാജം ഞാൻ അതു ചെയ്യുന്നതാണ്."

ദുര്യോധനൻ പറഞ്ഞു: "ദൃഢമായ സഖ്യം മാത്രം ഞാൻ ഇച്ഛിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "മഹാമനസ്കനായ ദുര്യോധനന്റെ വാക്കുകേട്ട്, അങ്ങനെയാകട്ടെ! എന്നു കർണ്ണൻ മറുപടി പറഞ്ഞു. അവർ പരസ്പരം അതിരറ്റ സന്തോഷത്തോടെ മുറുകെ കെട്ടിപ്പിടിച്ച് ആനന്ദത്തിൽ മുഴുകി."

137. അസ്ത്രദർശനം - ദുര്യോധനോക്തി - വൈശമ്പായനൻ പറഞ്ഞു: "ഈ സന്ദർഭത്തിൽ മേൽമുണ്ട് അഴിഞ്ഞു കിഴിഞ്ഞ്, ദേഹം വിയർത്തൊലിച്ച്, വിറച്ച്, മുളവടി കുത്തിപ്പിടിച്ച്, കിതച്ച്, വാർദ്ധക്യവിരൂപനായ ഒരു കിഴവനുണ്ട് രംഗത്തേക്കുവരുന്നു. അവനെ കണ്ട ഉടനെ വില്ലു താഴെവെച്ച് പിതൃബഹുമാനവിധേയനായി, വിനയത്തോടെ അടുത്തുചെന്ന് അഭിഷേകാർദ്രമായ ശിരസ്സുകുനിച്ചു കൈകൂപ്പിക്കൊണ്ട് കർണ്ണൻ ഭക്തിയോടെ നിന്നു. അഴിഞ്ഞു ഞാന്ന വസ്ത്രംകൊണ്ടു കാൽ തടവുന്ന ആ വൃദ്ധൻ 'പുത്രാ!' എന്നു വ്യക്തമായി പൂർണ്ണാർത്ഥത്തിൽ പറഞ്ഞു കർണ്ണനെ തഴുകി. സ്നേഹപരവശനായ ആ സാരഥി, അംഗരാജ്യാഭിഷേകാർദ്രമായ തന്റെ മകന്റെ ശിരസ്സു ചുംബിച്ച് ആനന്ദബാഷ്പത്തിൽ ഒന്നുകൂടി മുക്കി. ഇതുകണ്ടു നിന്ന പാണ്ഡവന്മാർ ഇവൻ 'സൂതപുത്ര' നാണെന്നറിഞ്ഞു. ഭീമസേനൻ ചിരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു."

ഭീമൻ പറഞ്ഞു: "എടോ സൂതപുത്രാ! നീ പാർത്ഥന്റെ കൈയൂക്കുകൊണ്ടു പോരിൽ ചാകരുത്! നീ നിന്റെ കുലത്തിന്നു യോജിച്ച ചമ്മട്ടി കൈയിലെടുത്തുകൊള്ളൂ! നരാധമാ! അംഗരാജ്യം വാഴുവാൻ പോകുന്നതു നീയാണോ? കൊള്ളാം! ശ്വാവ്

digitized by www.sreyas.in

അധ്വരാഗ്നിക്കരികെ ഇരിക്കുന്ന പുരോഡാശം (ഹോമാന്നം) അനുഭവിക്കുവാൻ ആഗ്രഹിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഭീമന്റെ ഈ പരിഹാസം കേട്ട പ്പോൾ കർണ്ണൻ മറുപടി ഒന്നും പറഞ്ഞില്ല! സഹിക്കവയ്യാത്ത അവമാനത്താലും അമർഷത്താലും അവന്റെ മൃദുവായ ചുണ്ടു കൾ വിറച്ചു. നെടുവീർപ്പിട്ട്, ആകാശത്തിൽ പടിഞ്ഞാറ് ശോഭി ക്കുന്ന അർക്കനുനേരെ നോക്കി.

ഉടനെ ദുര്യോധനൻ ഭ്രാതാക്കളാകുന്ന പത്മവനത്തിൽ നിന്നു ചാടുന്ന മദോത്കടനായ ഗജേന്ദ്രൻ എന്നപോലെ കോപ ത്തോടെ മുന്നോട്ടുചാടി, ഭീമകർമ്മാവായി നില്ക്കുന്ന ഭീമനോടു ഗർജ്ജിച്ചു."

ദുര്യോധനൻ പറഞ്ഞു: "എടോ വൃകോദരാ! ഇത്തരം വാക്കുകൾ നിനക്കു ചേർന്നതല്ല. ക്ഷത്രിയർക്കു മേന്മയാണു ബലം. യുദ്ധമാണു പ്രവൃത്തി. ശൂരന്മാരുടേയും നദികളുടേയും ഉത്ഭവരഹസ്യം ആരും അന്വേഷിക്കാറില്ല. അതു ദുർവിഭാവ്യമാ ണ്. വിശ്വം വ്യാപിക്കുന്ന അഗ്നി വെള്ളത്തിൽനിന്നാണുണ്ടാകു ന്നത്. ദധീചി മുനിയുടെ അസ്ഥികൊണ്ടുണ്ടാക്കിയതാണ് ദാന വന്മാരെ സംഹരിക്കുന്ന ഇന്ദ്രന്റെ സാക്ഷാൽ വജ്രം. കാർത്തി കേയൻ ആരുടെ പുത്രനാണെന്നറിയുമോ? ചിലർ പറയുന്നു ശിവ പുത്രനാണെന്ന്. അമ്മ കൃത്തികമാരോ ഗംഗയോ ആരാണെന്നു കൂടി അറിയുന്നില്ല. ക്ഷത്രിയോത്ഭവരായ വിശ്വാമിത്രപ്രഭൃതികൾ ബ്രാഹ്മണ്യം പിന്നീടു നേടിയില്ലേ? ശസ്ത്രജ്ഞോത്തമനായ ആചാര്യൻതന്നെ കുടത്തിൽനിന്നുത്ഭവിച്ചവനല്ലേ? പിന്നെ ഈ നില്ക്കുന്ന കൃപൻ എവിടെനിന്നുണ്ടായി? ശരസ്തംബത്തിൽ (പുൽത്തണ്ടിൽ) നിന്നല്ലേ? നിങ്ങളുടെ ഒക്കെ ഉത്ഭവവും എങ്ങ നെയാണെന്ന് എനിക്കറിയാം. കർണ്ണനെപ്പറ്റി അധിക്ഷേപിക്കു വാൻ എന്തുണ്ട്? ജനിക്കുമ്പോൾത്തന്നെ ശോഭിക്കുന്ന കുണ്ഡ ലങ്ങളും കവചവും ചേർന്ന്, മഹാപുരുഷന്നു ചേർന്ന സർവ്വല ക്ഷണങ്ങളും തികഞ്ഞ, ആദിത്യസന്നിഭനായ, ഈ നരവ്യാഘ്രൻ ഒരിക്കലും സാധാരണക്കാരന്റെ പുത്രനല്ല, തീർച്ച. പുലിയെ മാൻപേട പ്രസവിക്കുകയില്ല! ഈ മഹാൻ അംഗരാജ്യത്തിന്നു മാത്രമല്ല, ഭൂമി മുഴുവൻ ഭരിക്കുവാൻ പോന്നവനാണ്! ഈ മഹാന്റെ ആജ്ഞാനുവർത്തിയായ ഞാനും എന്റെ ഈ കൈയൂക്കും ഇരിക്കുമ്പോൾ ആർക്കു ഞാൻ ചെയ്ത കർമ്മം ബോധിക്കുന്നില്ലയോ, അവൻ തേരിൽക്കയറി വില്ലുകുലച്ച് എന്നോടു യുദ്ധത്തിന്നു വരട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനന്റെ വാക്കുകേട്ട പ്പോൾ 'ഭേഷ്! ഭേഷ്!' എന്നുള്ള ശബ്ദം രംഗഭൂമിയിൽ സകലദി ക്കിൽനിന്നും ഉയർന്നു. സർവ്വത്ര സാധുവാദത്തിന്റെ ശബ്ദം മാറ്റൊലിക്കൊണ്ടു. ഇതെല്ലാം കണ്ടുകൊണ്ട്, ഇതൊന്നും കാണു വാൻ കഴിയുകയില്ലെന്ന ഭാവത്തിൽ, സൂര്യൻ അസ്തമിക്കുകയും ചെയ്തു.

രാജാവേ, ദുര്യോധനൻ കർണ്ണന്റെ കൈകോർത്തുപിടിച്ച്, മുമ്പെ ദീപയഷ്ടിയുമായി ആ രംഗം വിട്ട് ഇറങ്ങി നടന്നു. കാണി കൾ അവരവരുടെ ഗൃഹങ്ങളിലേക്കും പോയി.

പാണ്ഡവന്മാർ ദ്രോണനോടും, ഭീഷ്മനോടും, കൃപ നോടും ചേർന്നു താന്താങ്ങളുടെ ഗൃഹങ്ങളിലേക്കും പോയി. വഴിക്കു കാഴ്ചക്കാരിൽ ചിലർ അർജ്ജുനനേയും വേറെ ചിലർ കർണ്ണനേയും, മറ്റുചിലർ ദുര്യോധനനേയും പ്രശംസിക്കുന്നതാ യിക്കേട്ടു. കുന്തി ആ ദിവ്യചിഹ്നം വഹിക്കുന്ന കുമാരനെക്കണ്ട്, അംഗരാജാവായിത്തീർന്ന കർണ്ണനെക്കണ്ട്, തന്റെ പുത്രനെ തിരി ച്ചറിഞ്ഞ് ഗൂഢമായി ഏറ്റവും സന്തോഷിച്ചു. ദുര്യോധനന്നു കർണ്ണനെ കിട്ടിയതുകാരണം അർജ്ജുനനിൽനിന്നുള്ള ഭയം നിശ്ശേഷം ഇല്ലാതായി. കൃതാസ്ത്രനും, ആയുധപ്രയോഗത്തിൽ ബഹുപരാക്രമിയുമായ കർണ്ണൻ ദുര്യോധനനെ സാന്ത്വനവാക്കു കൾകൊണ്ടു പ്രീതിപ്പെടുത്തി ദുര്യോധനന്റെ ആത്മാർത്ഥ സുഹൃത്തായി. യുധിഷ്ഠിരൻ മനസാ ധരിച്ചു, 'കർണ്ണന്നു തുല്യ നായി വില്ലെടുത്തവരിൽ ആരുംതന്നെ ഭൂമിയിലില്ല' എന്ന്."

138. ദ്രുപദശാസനം – ദ്രുപദരാജപരാജയം – വൈശ മ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരും ധാർത്തരാഷ്ട്രന്മാരും അസ്ത്രജ്ഞരായി ഗുരുദക്ഷിണയ്ക്കുള്ള സമയമായെന്നു ചിന്തി ച്ചു. ദ്രോണൻ ശിഷ്യരെയൊക്കെ വിളിച്ചുകൂട്ടി ഗുരുദക്ഷിണയാ കുന്ന കാര്യത്തെപ്പറ്റി പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഹേ, ശിഷ്യരേ! ഗുരുദക്ഷിണ നല്കേ ണ്ട കാലമായിരിക്കുന്നു! നിങ്ങളുടെ പഠിപ്പൊക്കെ പൂർത്തിയാ യി. ഇനി നിങ്ങൾ അതു നിർവ്വഹിക്കണം! പാഞ്ചാലരാജാവായ ദ്രുപദനെ പോരിൽ ജയിച്ചു പിടിച്ചുകെട്ടി എനിക്കു കൊണ്ടുവ ന്നുതരണം. അതാണ് എനിക്കു വേണ്ട ഗുരുദക്ഷിണ. എന്നാൽ നിങ്ങൾക്കു നന്മ വരും."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരംതന്നെ എന്നു പറഞ്ഞ് അവർ ആയുധങ്ങളോടുകൂടി ആചാര്യനുമൊത്ത് പുറ പ്പെട്ടു. പാഞ്ചാലരാജ്യത്തിൽ കടന്ന് ആ നരപുംഗവന്മാർ വീര നായ ദ്രുപദന്റെ പുരം ഭഞ്ജിച്ചു. ദുര്യോധനൻ, കർണ്ണൻ, യുയു ത്സു, ദുശ്ശാസനൻ, വികർണ്ണൻ, ജലസന്ധൻ, സുലോചനൻ ഇവരും മറ്റുപലരും ഞാൻ മുമ്പ് ഞാൻ മുമ്പ് എന്നു തിരക്കി തേരിൽക്കയറി അശ്വപ്പടയോടുകൂടി നഗരത്തിൽ പ്രവേശിച്ച് രാജ വീഥിയിലെത്തി. ജനമേജയരാജാവേ, ആ സമയത്തു പാഞ്ചാലൻ കൗരവപ്പട കണ്ട് ഭ്രാതാക്കന്മാരോടുകൂടി ക്ഷണത്തിൽ അന്തഃ പുരം വിട്ട് ഇറങ്ങി. യജ്ഞസേനരാജാവു സന്നദ്ധനായി നിന്നു. ശരവർഷം ചൊരിഞ്ഞ് എല്ലാവരും ആർത്തുവിളിച്ചു. ശുഭ്രമായ തേരിൽക്കയറി യജ്ഞസേനൻ കൗരവവീരന്മാരിൽ ഘോരമായ ശരവർഷം ചൊരിഞ്ഞു. കൗരവകുമാരന്മാരുടെ ഗർവ്വുകണ്ട് മുൻകൂട്ടി അർജ്ജുനൻ ആലോചിച്ച് ദ്രോണാചാര്യനോട് ഇങ്ങനെ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: 'ഇവരുടെ വീരപരാക്രമങ്ങളൊക്കെ കാണട്ടെ! അതു കഴിഞ്ഞിട്ടു സാഹസങ്ങൾ ഞങ്ങൾ ചെയ്യാം. പോരിൽ പാഞ്ചാല്യനെ പിടിക്കുവാൻ ഇവർക്കു കഴിയുകയില്ല!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അർജ്ജു നൻ ഭ്രാതാക്കളോടുകൂടി പുരത്തിൽനിന്ന് അരവിളിപ്പാടകലെ മാറിനിന്നു!

ദുർദ്ധർഷനായ ദ്രുപദൻ കൗരവന്മാരെക്കണ്ട്, ചുറ്റും എതിർത്ത് കൗരവസേനയെ ശരജാലംകൊണ്ടു മോഹിപ്പിച്ചു. തനിച്ച് എതിർത്ത ശീഘ്രകാരിയായ ദ്രുപദനെ അനേകരൂപനാ യിക്കണ്ട് കൗരവന്മാർ ഭയപ്പെട്ടു. ദ്രുപദന്റെ ശരൗഘങ്ങൾ ചുറ്റും പതറിപ്പാഞ്ഞു. അസംഖ്യം ശംഖനാദവും, പെരുമ്പറശബ്ദവും, മദ്ദളങ്ങളുടെ ഘോഷങ്ങളും പാഞ്ചാലനഗരത്തിൽ മുഴങ്ങി. വീര ന്മാരായ പാഞ്ചാലരാജാക്കന്മാരുടെ സിംഹനാദവും മുഴങ്ങി. പാഞ്ചാലന്മാരുടെ വില്ലിന്റേയും ഞാണിന്റേയും കൈത്തലത്തി ന്റേയും ഘോഷങ്ങൾ ആകാശത്തു മുഴങ്ങി. ദുര്യോധനൻ, വികർണ്ണൻ, സുബാഹു, ദീർഘലോചനൻ, ദുശ്ശാസനൻ എന്നി വരും ചൊടിച്ച് അമ്പുകൾ വർഷിച്ചു. യുദ്ധത്തിൽ അജയ്യനായ പാർഷതൻ ശരങ്ങൾ ഏറ്റു മെയ് മുറിഞ്ഞപ്പോൾ കോപം മുഴുത്തു കൗരവസൈന്യങ്ങളെ കഠിനമായി മർദ്ദിച്ചു. ദുര്യോധനൻ, കർണ്ണൻ, വികർണ്ണൻ ഇങ്ങനെയുള്ള വീരന്മാരെ സേനാനികര ത്തോടുകൂടി അലാതചക്രഭ്രമണംപോലെ അമ്പെയ്തുമൂടി. നാട്ടു കാരൊക്കെ പാഞ്ഞുവന്നു കൈയിൽക്കിട്ടിയ ഉലക്കകൊണ്ടും വടികൊണ്ടും കൗരവന്മാരിൽ ഇടിവെട്ടുംവിധം പ്രഹരിച്ചു. നഗ രത്തിലെ ആബാലവൃദ്ധം പൗരന്മാർ കൗരവരോട് ഏറ്റുമുട്ടി. വീണ്ടും തുമുലമായ യുദ്ധം ഇരമ്പിക്കയറിയപ്പോൾ ഭയചകിത രായി എല്ലാവരും ആർത്തുവിളിച്ച് പാണ്ഡവന്മാരുടെ അടുത്തേ ക്കോടി. അവരുടെ നിലവിളികേട്ടു രോമാഞ്ചകഞ്ചുകിതരായ പാണ്ഡവന്മാർ ദ്രോണനെ അഭിവാദ്യം ചെയ്തു തേരിൽക്കയ റി, 'ജ്യേഷ്ഠൻ യുദ്ധത്തിന്നു വരേണ്ട ഞങ്ങൾ മതി' എന്ന് ധർമ്മ ജനെ തടഞ്ഞുനിർത്തി. അർജ്ജുനൻ മാദ്രേയരെ ചക്രരക്ഷക ന്മാരാക്കി നിർത്തി. സേനത്തലയ്ക്കൽ ഗദാധരനായി ഭീമൻ നിന്നു. ശത്രുവീരന്മാരുടെ അട്ടഹാസംകേട്ട് ഭ്രാതാക്കന്മാരോടു

digitized by www.sreyas.in

കൂടി അർജ്ജുനൻ തേരോടിച്ച് അട്ടഹാസം മുഴക്കി ചെന്നുകയറി. വിജയലഹരിയോടെ കടൽപോലെ ആർത്ത് ഏല്ക്കുന്ന പാഞ്ചാലസേനയിൽ ഭീമൻ ദണ്ഡുമേന്തി, അന്തകൻ കയറുമായി കയറുന്നവിധം, പാഞ്ഞുകയറി. ഭീമൻ തന്നെത്താൻ ആനപ്പടയിൽ ഗദയുമായിക്കയറി, ഗജയൂഥത്തെ അന്തകൻ എന്നപോലെ അടിച്ചുവീഴ്ത്തി മുടിച്ചു. വജ്രമേറ്റ പർവ്വതങ്ങൾ പോലെ ഭീമന്റെ ഗദാഘാതമേറ്റു ചതഞ്ഞ് ആനകൾ രക്തമൊഴുകി വീണു പിടഞ്ഞുമരിച്ചു. ആനകളും കുതിരകളും തേരും ഒക്കെ വൃകോദരൻ ഒടുക്കി. കാലാളും തേർനിരയും നിലംപരിശാക്കി. അർജ്ജുനന്റെ ജ്യേഷ്ഠനായ ഭീമൻ ഇടയന്മാർ വടികൊണ്ടു പശുക്കളെ കാട്ടിൽ ഓടിക്കുന്നവിധം മറ്റുള്ളവരെയെല്ലാം ഗദകൊണ്ട് ഓടിച്ചു. ഭരദ്വാജന്റെ പ്രിയം നിർവ്വഹിക്കുന്നതിനു സന്നദ്ധനായ അർജ്ജുനൻ ശരങ്ങൾ പാർഷതനിൽ എയ്തെയ്ത് അടുത്തു. ആന, തേർ, കുതിരക്കൂട്ടം ഇവയൊക്കെ യുദ്ധത്തിൽ പതിപ്പിച്ച് യുഗാന്താഗ്നി പോലെ ഉജ്ജ്വലിച്ചു. ഉടനെ ആ പാണ്ഡവന്റെ ശരമേറ്റു വശംകെട്ട പാഞ്ചാല്യസൃഞ്ജയർ പല ബാണങ്ങൾകൊണ്ടു പാർത്ഥനെ മൂടി സിംഹനാദം മുഴക്കി. അത്യുഗ്രമായ ആ യുദ്ധം അത്യത്ഭുതമായ ഒരു കാഴ്ചയായി! ശത്രുക്കളുടെ സിംഹനാദം കേട്ട് അർജ്ജുനന്ന് ഒട്ടും സഹിച്ചില്ല.

പിന്നെ പാഞ്ചാലരെ ലക്ഷ്യമാക്കി പാഞ്ഞുചെന്ന് പാർത്ഥൻ ക്ഷണത്തിൽ ശസ്ത്രജാലത്താൽ മോഹിപ്പിക്കുന്നവിധം മൂടി. വൻപനായി പേരുകേട്ട പടുവായ അർജ്ജുനൻ അമ്പെടുക്കുന്നതും, തൊടുക്കുന്നതും, എയ്യുന്നതും തമ്മിലുള്ള ഇട ആരും കണ്ടില്ല. അർജ്ജുനന്റെ അതുല്യമായ പ്രയോഗവൈദഗ്ദ്ധ്യം കാണികളിൽ ആശ്ചര്യമുളവാക്കി. സിംഹനാദം ഉയർന്നു. കാണികളിൽനിന്നു 'ഭേഷ്! ഭേഷ്!' എന്ന സാധുവാദം മുഴങ്ങി. അത്തവ്വിൽ പാഞ്ചാലരാജാവ് സത്യജിത്തോടുകൂടി, ശംബരൻ ശക്രനോട് ഏറ്റമട്ടിൽ, ധൃതിയോടെ പാഞ്ഞെതിർത്തു. പിന്നെ പാഞ്ചാലനെ അർജ്ജുനൻ ശരവർഷംകൊണ്ടു മൂടി. അപ്പോൾ പാഞ്ചാലസൈന്യത്തിൽനിന്ന് അയ്യോ! അയ്യോ! എന്ന ശബ്ദം പൊങ്ങി. ആനക്കൂട്ടത്തിൽനിന്നു തലവനെ സിംഹം പിടിക്കുവാൻ എത്തുന്നവിധം പാർത്ഥൻ പാഞ്ഞെത്തിയപ്പോൾ സത്യവിക്രമനായ സത്യജിത്ത് പാഞ്ചാലനെ കാക്കുവാൻ പാർത്ഥന്റെ നേരെ പാഞ്ഞേറ്റു.

അർജ്ജുനനും പാഞ്ചാലനും തമ്മിൽ കിണഞ്ഞെതിർത്ത് പൊരുതുമ്പോൾ, ഇന്ദ്രവൈരോചനന്മാർ എന്നപോലെ, ആ പടയിളക്കി, പാർത്ഥൻ സത്യജിത്തിനെ പത്ത് അമ്പുകൾകൊണ്ട് ഊക്കോടെ ഒരേ സമയത്ത് പിളർന്നു. എല്ലാവരും അതുകണ്ട് അത്ഭുതപ്പെട്ടു! പാഞ്ചാലനും ശരശതം പാർത്ഥനിൽ വർഷിച്ച് അർജ്ജുനനെ മൂടി. മഹാവീരനായ അർജ്ജുനൻ ഉടനെ സത്യജിത്തിന്റെ ഞാണും വില്ലും അറുത്ത് രാജാവിന്റെ അരികിലെത്തി. സത്യജിത്ത് ഊക്കോടെ വേറെ ധനുസ്സെടുത്തു ക്ഷണത്തിൽ അർജ്ജുനന്റെ അശ്വസൂതരഥങ്ങളെ എയ്തുമുറിച്ചു. പാഞ്ചാലനോടു പടവെട്ടി മുറിവേറ്റ പാർത്ഥനു സത്യജിത്തിന്റെ പീഡനം സഹിച്ചില്ല. ഉടനെ അവനെ കൊല്ലുവാൻ കടുത്ത അമ്പുകൾ വിട്ട് അർജ്ജുനൻ അവന്റെ അശ്വങ്ങളും കൊടിയും പിൻസൂതനും, വില്ലും, പിടിത്തവും അറുത്തുവിട്ടു. വീണ്ടും വീണ്ടും അപ്രകാരംതന്നെ വില്ലുമുറിക്കെ, അശ്വങ്ങൾ വീഴവെ, അവൻ ആ പോരിൽനിന്നു പിന്തിരിഞ്ഞു. സത്യജിത്തിന്റെ ഈ കഷ്ടാവസ്ഥ പാഞ്ചാലരാജാവു കണ്ടു. ഏറ്റവും ഊക്കോടെ അർജ്ജുനനോടേറ്റുനിഷ്ഠൂരമായി പോരാടി. അപ്പോൾ അർജ്ജുനനും അത്യുഗ്രമായി പോരാടി. പാഞ്ചാലന്റെ വില്ലറുത്ത് കൊടിയും വീഴ്ത്തി, അമ്പുകൊണ്ട് അശ്വങ്ങളേയും സൂതനേയും എയ്തുമുറിച്ചു. മുറിഞ്ഞ വില്ലുവിട്ട് അവൻ വേറെ വില്ലും തൂണിയും എടുക്കാൻ ഒരുങ്ങുമ്പോൾ പെട്ടെന്ന് വാൾ ഊരിയെടുത്ത് അർജ്ജുനൻ പാഞ്ചാലന്റെ തേർത്തട്ടിൽ ചാടിക്കയറി. നിർഭയനായി, പൊയ്ക കലക്കുന്ന ആനയെപ്പോലെ ഈ അത്ഭുതകൃത്യം കണ്ടതോടുകൂടി സർപ്പത്തെപ്പിടിക്കുന്ന ഗരുഡൻ എന്നപോലെ, അവനെപ്പിടിച്ചു ബന്ധിച്ചു! പാഞ്ചാലരെല്ലാം പേടിച്ച് ചുറ്റും ഓടി. സർവ്വവീരന്മാർക്കും തന്റെ ബാഹുവീര്യം കാട്ടുമാറ് ധനഞ്ജയൻ അട്ടഹാസം ചെയ്തു പുറപ്പെട്ടു. അർജ്ജുനൻ ദ്രുപദനെ പിടിച്ചുകൊണ്ടുവരുന്നതുകണ്ട കുമാരന്മാർ അവരുടെ കൈയൂക്കു കാട്ടുവാൻ ആ രാജാവിന്റെ പട്ടണം തകർത്തു. 'കുരുക്കൾക്കു ബന്ധുവാണ് ദ്രുപദരാജാവ്. കുരുക്കളും പാഞ്ചാലരും പണ്ടേതന്നെ ബന്ധുക്കളാണ്! ജ്യേഷ്ഠാ! അദ്ദേഹത്തിന്റെ സൈന്യത്തെ ഇനി നാം കൊല്ലരുത്. ദ്രുപദനെ കൊണ്ടുപോയി ഗുരുദക്ഷിണ നല്കുക!' എന്ന് അർജ്ജുനൻ ഭീമനോടു പറഞ്ഞു. ജനമേജയാ, ഇപ്രകാരം അർജ്ജുനൻ തടഞ്ഞപ്പോൾ ഭീമൻ പോരിൽ ദ്രോഹിച്ചതു മതിയാകാതെ അടങ്ങി പിന്മടങ്ങി. പോരിൽ പിടിക്കപ്പെട്ട ദ്രുപദനേയും അമാത്യനായ സത്യജിത്തിനേയും കൊണ്ടുപോയി ദ്രോണന്റെ മുമ്പിൽച്ചെന്നു. ദ്രുപദനായ യജ്ഞസേനനെ പിടിച്ച് ദ്രോണനായി കാഴ്ചവെച്ചു. ഗർവ്വുകെട്ട്, ധനം നഷ്ടപ്പെട്ട്, തന്റെ പാട്ടിൽ നില്ക്കുന്ന ദ്രുപദനെ നോക്കി പൂർവ്വവൈരമോർത്ത് ദ്രോണൻ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഹേ ദ്രുപദാ! ഞാൻ അങ്ങയുടെ നാടു മർദ്ദിച്ചു, നഗരവും മർദ്ദിച്ചു. അങ്ങയുടെ ജീവൻ ഇപ്പോൾ ശത്രുവിന്റെ അധീനത്തിലാണ്. മുമ്പത്തെ വേഴ്ച എങ്ങനെയിരിക്കുന്നു? എന്താ പണ്ട് നാം സഖികളായിരുന്നു എന്ന് ഇപ്പോൾ ഓർക്കുന്നുണ്ടോ?" എന്നു പറഞ്ഞ് ഒന്നു ചിരിച്ചു. ദ്രോണൻ വീണ്ടും തുടർന്നു: "ഹേ, വീരാ! പ്രാണഭയം വേണ്ടാ! വിപ്രനായ ഞാൻ ക്ഷമയുള്ളവനാണ്. മഹാനായ രാജാവേ, ഗുരുവിന്റെ ആശ്രമത്തിൽവെച്ച് നാം ഒന്നിച്ചു ചെറുപ്പത്തിൽ ഒന്നായിച്ചേർന്നു കളിച്ചുവാണ കാലത്തിന്റെ മധുരസ്മരണ ഇന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. അന്നത്തെ സ്നേഹം എന്നിൽ ഇന്നും വർദ്ധിച്ചുതന്നെ നിൽക്കുന്നു! പ്രീതിയും വർദ്ധിച്ചുതന്നെ നിൽക്കുന്നു! നിന്നോടു പിന്നെയും ഞാൻ അർത്ഥിക്കുന്നു. ഹേ, രാജാവേ, ഞാൻ നിനക്ക് ഒരു വരം തരാം. ഇപ്പോൾ രാജാവല്ലാത്ത അങ്ങ് രാജാവായ എന്റെ സഖാവാകുവാൻ വിരോധമില്ല. പകുതി രാജ്യം എടുത്തുകൊള്ളുക. 'അരാജാവ്' 'രാജാവിന്ന്' ഇഷ്ടനാവുകയില്ലപോലും! ഇഷ്ടനാകുമോ എന്നറിയാനാണ് ഞാൻ ഇതിന്നു യത്നിച്ചത്! ഭാഗീരഥിക്കു തെക്കുഭാഗത്തു കിടക്കുന്ന പകുതി ഭാഗത്തിന്നു ഭവാൻ നാഥനായിക്കൊള്ളുക. വടക്കുഭാഗത്തിന്ന് നാഥൻ ഞാനും! ഹേ, പാഞ്ചാലാ! ഞാൻ നിന്റെ തോഴനാണ്, ഭവാനു സമ്മതമുണ്ടെങ്കിൽ!"*

ദ്രുപദൻ പറഞ്ഞു: "ഹേ, ബ്രാഹ്മണാ, വിക്രാന്തരായ മഹാപുരുഷന്മാർക്ക് ഇത് ഒരു ആശ്ചര്യമല്ല! ഭവാനിൽ പ്രിയത്തോടുകൂടി ഞാൻ ഭവാന്റെ പ്രിയത്തിന്ന് ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഹേ ജനമേജയ! ഇതുകേട്ട് ആ പാഞ്ചാലരാജാവിനെ ദ്രോണൻ കെട്ടഴിച്ചുവിട്ടു. രാജാവിനെ സല്ക്കരിച്ച് അദ്ദേഹത്തിന്ന് അർദ്ധരാജ്യവും സസന്തോഷം നല്കി. ധാരാളം നഗരങ്ങളുള്ള, ഗംഗാതീരത്തുള്ള മാകന്ദിയിലെ കാമ്പല്യമെന്ന നഗരത്തിൽ ദീനമാനസനായി ദ്രുപദൻ വാണു. ദ്രുപദൻ ചർമ്മണ്വതീനദീതീരംവരെയുള്ള ദക്ഷിണപാഞ്ചാലവും കാത്തുപോന്നു. ദ്രോണനാൽ തോല്പിക്കപ്പെട്ട്, പിന്നെ രക്ഷിക്കപ്പെട്ട പാഞ്ചാലൻ അവമാനിതനായി ദ്രോണന്റെ പകയെപ്പറ്റി ഓർത്തു ഹൃദയം നീറി കഴിഞ്ഞുകൂടി. ക്ഷാത്രവീര്യവാനായ തനിക്കു തോൽമപറ്റിയതായി പാഞ്ചാലൻ വിചാരിച്ചില്ല. തനിക്കു ബ്രഹ്മമാകുന്ന ബലം ഇല്ലാത്തതുകൊണ്ടാണ് ബ്രാഹ്മണനോടു തോൽക്കുവാൻ കാരണമെന്ന് രാജാവ് ചിന്തിച്ചുറച്ചു. പാഞ്ചാലൻ തനിക്ക് ഒരു പുത്രനുണ്ടാകണമെന്നാഗ്രഹിച്ച് പല പുണ്യസ്ഥലങ്ങളിലും ചുറ്റിസഞ്ചരിച്ചു. 'അഹിച്ഛത്രം' എന്ന രാജ്യം ദ്രോണന്നു ലഭിച്ചു. ജനനിബിഡമായ അഹിച്ഛത്രരാജ്യം അർജ്ജുനൻ പോരിൽ ജയിച്ച് ദ്രോണാചാര്യന്നു നല്കിയതാണ്."

139. ധൃതരാഷ്ട്രചിന്ത – വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ ഒരു സംവത്സരം കഴിഞ്ഞ് ധൃതരാഷ്ട്രൻ പാണ്ഡ

* ദ്രോണന്റെ വാക്കിൽ അടങ്ങിയ പരിഹാസം കടുത്തതുതന്നെ. തുളഞ്ഞു കയറുന്ന ഓരോ പദവും നോക്കുക.

digitized by www.sreyas.in

വന്മാരിൽ മൂത്തവനായ ധർമ്മപുത്രനെ യുവരാജാവായി വാഴിച്ചു.

ധൃതി, സൈ്ഥര്യം, സഹിഷ്ണുത, ആർജ്ജവം, അനൃശംസത (ക്രൂരസ്വഭാവമില്ലായ്മ), ഭൃത്യന്മാരിൽ ദയ, ദൃഢമായ സ്നേഹം എന്നിവയെല്ലാം യുധിഷ്ഠിരനിൽ ഒത്തുചേർന്നു ശോഭിച്ചു. അല്പദിവസംകൊണ്ടു കുന്തീപുത്രൻ ശീലപ്രൗഢി കൊണ്ടും സമാധികൊണ്ടും പിതൃകീർത്തിയെ മറച്ചു. വാൾപ്പയറ്റ്, ഗദായുദ്ധം, രഥയുദ്ധം ഇതൊക്കെ സങ്കർഷണനിൽനിന്നും ഭീമൻ നല്ലപോലെ പഠിച്ചു. ഭീമൻ 'ദ്യുമത്സേനനെ' പ്പോലെ ഉഗ്രശക്തിമാനായി. പരാക്രമിയായ അവൻ ഭ്രാതാക്കന്മാരുടെ പാട്ടിൽനിന്നു. പ്രഗാഢവും സുദൃഢവുമായ മുഷ്ടിപിടിത്തം, കൈവേഗത, ലക്ഷ്യഭേദനം, ക്ഷുരം, നാരാചം, ഭല്ലം മുതലായവ പ്രയോഗിക്കുന്നതിലുള്ള മുറ എന്നിവ അനുസരിച്ച് നേർക്കും, വളച്ചും, നീട്ടിയും പ്രയോഗിക്കുന്നതിൽ സമർത്ഥനായി അർജ്ജുനൻ. ലഘുവും സുഷ്ടുവുമായ പ്രയോഗത്തിൽ മറ്റൊരുത്തനും അർജ്ജുനനോടു തുല്യനായി ഉണ്ടായിട്ടില്ലെന്ന് ദ്രോണാചാര്യൻ വിചാരിച്ചു.

ഒരു ദിവസം സഭാന്തരത്തിൽവെച്ച് ഗുഡാകേശനോട് (നിദ്രയെ ജയിച്ചവൻ അർജ്ജുനൻ) ദ്രോണൻ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ധനുർവ്വേദത്തിൽ അഗസ്ത്യന്റെ ശിഷ്യനാണ് എന്റെ ഗുരു. 'അഗ്നിവേശൻ' എന്നുപേരായ ആ മുനിയുടെ ശിഷ്യനാണ് ഞാൻ. തുടർച്ചയായി ശിഷ്യപാരമ്പര്യം പുലർത്തുവാൻ ഞാൻ മുതിർന്നു. തപസ്സാൽ ഞാൻ നേടിയ അമോഘവും വിദ്യുൽപ്രഭവുമായ 'ബ്രഹ്മശിരസ്സ്' ന്ന അസ്ത്രം ധരിത്രിയെ ചുട്ടുചാമ്പലാക്കുന്നതാണ്. അത് ഗുരു തരുമ്പോൾ മനുഷ്യരിലോ, ശക്തികുറഞ്ഞവരിലോ പ്രയോഗിക്കരുതെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്. അത് ഇപ്പോൾ നീ നേടുവാൻ പോകുന്നു. മറ്റൊരാൾക്കും അതു വാങ്ങുവാനുള്ള അർഹത ഞാൻ കാണുന്നില്ല. എന്റെ ഗുരു കല്പിച്ച നിയമം നീ ഇനി കൈക്കൊള്ളണം. നീ അതു വാങ്ങിച്ച് എനിക്ക് ഗുരുദക്ഷിണ തരണം. അത് ബന്ധുജനങ്ങൾ കാൺകെത്തന്നെ തരിക!"

ഗുരു പറഞ്ഞതുകേട്ട് അർജ്ജുനൻ പറഞ്ഞു: "ഭവാൻ ആഗ്രഹിക്കുന്നതെന്തോ അതു തരുവാൻ ഞാൻ സന്നദ്ധനാണ്."

വൈശമ്പായനൻ പറഞ്ഞു: "ഗുരുദക്ഷിണ നല്കാമെന്ന് അർജ്ജുനൻ സത്യം ചെയ്തപ്പോൾ ആചാര്യൻ പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "നിന്നോട് ഞാൻ എതിർത്താൽ നീ എന്നോടും പൊരുതണം; മടിക്കരുത്. സത്യം ചെയ്യണം."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഗുരുവിന്റെ കാൽപിടിച്ചുതൊഴുത് ആണയിട്ട് അങ്ങനെയാകാം എന്നു പറഞ്ഞു. അനന്തരം യാത്ര പറഞ്ഞ് വടക്കോട്ടിറങ്ങി. അർജ്ജുനന്റെ പ്രസിദ്ധി ആഴിചൂഴുന്ന ഊഴി മുഴുവൻ വ്യാപിച്ചു. വില്ലാളിയായ അർജ്ജുനന്നു തുല്യനായി മന്നിൽ ആരും ഇല്ലാതായി. ഗദായുദ്ധം, ഖൾഗയുദ്ധം, രഥയുദ്ധം, ധനുർയുദ്ധം ഇതിലൊക്കെ അർജ്ജുനൻ പരമകാഷ്ഠയിലെത്തി.

നീതിമാനായ സഹദേവൻ ഭ്രാതൃവംശാനുവർത്തിയായി, വിബുധാധിപനായ ബൃഹസ്പതിയിൽനിന്ന് നീതിശാസ്ത്രങ്ങളൊക്കെ പഠിച്ചു. ഭ്രാതൃവത്സലനായ നകുലൻ ദ്രോണനിൽനിന്ന് 'ചിത്രയുദ്ധം' പഠിച്ചു. അങ്ങനെ അവൻ 'അതിരഥൻ' എന്നപേരിൽ പ്രസിദ്ധനാവുകയും സഹോദരന്മാർക്കു പ്രിയംകരനായിത്തീരുകയും ചെയ്തു.

ഗന്ധർവ്വന്മാരുടെ ആക്രമണത്തിൽ കുലുങ്ങാതെ മൂന്നു വർഷം യാഗം ചെയ്ത 'സൗവീരൻ' കൂടി അർജ്ജുനനോടേറ്റ് യുദ്ധത്തിൽ പരാജയപ്പെട്ടു. പാണ്ഡുവിന്ന് അധീനപ്പെടുത്തുവാൻ പണ്ടു കഴിയാതിരുന്ന വീരനായ യവനരാജാവിനെ അർജ്ജുനൻ കീഴ്പെടുത്തി. കൗരവന്മാരോട് ധിക്കാരം കാണിച്ചിരുന്ന ഗർവ്വിയായ 'വിപുലൻ' എന്ന സൗവീരൻ പാർത്ഥനോടു പോരാടി വികലനായി മരിച്ചു. പോരിൽ വീര്യവാനായ 'ദത്താമിത്രൻ' എന്നുപേരായ സുമിത്രസൗവീരന്റെ ഗർവ്വു പാർത്ഥൻ അസ്ത്രംകൊണ്ടടക്കിനിർത്തി; ഭീമസേനനോടുകൂടി ഒറ്റത്തേരിൽ പതിനായിരംപേരുള്ള പടയെ തോല്പിച്ചു. കിഴക്കൻ രാജ്യങ്ങളിലെ രാജാക്കന്മാരെയെല്ലാം കീഴടക്കി. അപ്രകാരം തെക്കേദിക്കും ജയിച്ച് കുരുരാജ്യത്തു ധാരാളം ധനം ധനഞ്ജയൻ എത്തിച്ചു. അങ്ങനെ അവരുടെ സാമ്രാജ്യത്തിന്റെ അതിർത്തി വലുതാക്കി. ഇങ്ങനെ പാണ്ഡവന്മാർ നരോത്തമരും മഹാത്മാക്കളുമായി വിളങ്ങി. വില്ലാളിവീരന്മാരായ പാണ്ഡവന്മാരെപ്പറ്റി മാലോകർ പ്രശംസിക്കുന്നതു കേട്ടുകേട്ട് ധൃതരാഷ്ട്രൻ സന്തോഷിക്കുകയല്ല, നേരെമറിച്ച് വിഷാദിക്കുകയാണുണ്ടായത്. ആ രാജാവിന്റെ ഭാവം പാണ്ഡവന്മാരിൽ വിപരീതമായി കണ്ടുതുടങ്ങി. അദ്ദേഹത്തിന്റെ മനസ്സു ദുഷിച്ചു. ആധി വർദ്ധിച്ചു. വിചാരംമൂത്ത് വൃദ്ധന് രാത്രി ഉറക്കം വരാതെയുമായി."

140. കണികവാക്യം – കണികന്റെ കൂടനീതിവർണ്ണനം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരുടെ വർദ്ധിച്ചുവരുന്ന ബലവീര്യപരാക്രമം കേട്ട് ധൃതരാഷ്ട്രരാജാവ് ദുഃഖിതനായി ചിന്തിക്കുവാൻ തുടങ്ങി. അവർ തന്റെ മക്കളേക്കാൾ യോഗ്യന്മാരാണെന്നറിഞ്ഞപ്പോൾ രാജാവിന്ന് മനസ്സിൽ ഈർഷ്യ വളർന്നു. മന്ത്രജ്ഞനും, രാജനീതികളിൽ മികച്ച പണ്ഡിതനുമായ 'കണികൻ' എന്ന മന്ത്രിയെ വരുത്തി ഇപ്രകാരം ധൃതരാഷ്ട്രൻ പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ കണികാ! എന്നും ഏതിലും ഉത്കർഷവാന്മാരായിക്കാണുന്ന പാണ്ഡവരിൽ എനിക്ക് അസൂയ തോന്നുന്നു. വേണ്ടവിധം അതിൽ സന്ധിവിഗ്രഹക്രമങ്ങൾ എനിക്ക് ഉപദേശിച്ചു തന്നാലും. അവരെ സ്നേഹിച്ചു കൂടെ നിർത്തണമോ? അതോ വേറെയാക്കണമോ? ഹേ, കണികാ! ഭവാൻ പറയുംപോലെ ഞാൻ കാര്യം നടത്താം."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ കണികനെ സന്തോഷിപ്പിച്ചപ്പോൾ ആ ദ്വിജോത്തമൻ വളരെ അധികം പ്രസന്നചിത്തനായി, രാജനീതിക്കനുസരിച്ച് സൂക്ഷ്മവും സുദൃഢവുമായ വാക്കുകൾ പറഞ്ഞു."

കണികൻ പറഞ്ഞു: "മഹാശയനായ രാജാവേ, ഞാൻ പറയുന്നത് ഭവാൻ കേട്ടാലും. അതുകൊണ്ട് എന്റെ പേരിൽ പിന്നീട് വിദ്വേഷമുണ്ടാകരുത്."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനനും ഭീമനും തമ്മിലും, അർജ്ജുനനും കർണ്ണനും തമ്മിലും ഉള്ള വൈരം മാറ്റുന്നത് എളുപ്പമല്ലെന്നുള്ള ബോധത്തോടെ കണികൻ തുടർന്നു."

കണികൻ പറഞ്ഞു: "ഭരണകർത്താക്കളായ വിവൃതപൗരുഷന്മാർ നിത്യവും ദണ്ഡനസന്നദ്ധരായി നില്ക്കണം. ഛിദ്രാച്ഛിദ്രങ്ങൾ നോക്കുകയും, ശത്രുവിന്റെ പഴുതുനോക്കി പ്രഹരിക്കുകയും വേണം. നിത്യവും ദണ്ഡമുയർത്തുന്ന ഭരണകർത്താവിനെ ജനങ്ങൾ ഭയപ്പെടും. അതുകൊണ്ട് കാര്യങ്ങളൊക്കെ ദണ്ഡംകൊണ്ടു നടത്തണം. സ്വന്തം രഹസ്യങ്ങളെ അന്യൻ കണ്ടുപിടിക്കരുത്. പരച്ഛിദ്രത്തിൽ മനസ്സ് എത്തുകയും വേണം. ആമ തന്റെ അംഗങ്ങളെയെന്നപോലെ ബുദ്ധിമാൻ സ്വച്ഛിദ്രത്തെ പുറത്തുകാണിക്കരുത്. തന്റെ ശക്തിയും വിഭവവും അന്യനറിയാതെ സൂക്ഷിക്കണം. അല്ലാത്ത കർമ്മങ്ങളിൽ ഏർപ്പെടരുത്. ശരിക്കു വലിച്ചൂരിയെടുത്ത് കളയാത്ത മുള്ള് അനങ്ങുമ്പോഴൊക്കെ ചോരവരുത്തും. ദ്രോഹിക്കുന്ന ശത്രുക്കളെ സംഹരിക്കുകയാണ് ഉത്തമമായിട്ടുള്ളത്. വിക്രാന്തനായ ശത്രുവിനെ മുടിക്കണം. പൊരുതുന്നവനെ കൂടെ പെററുപ്പിച്ചുകൂടാ. ശത്രുവിന്റെ ആപത്കാലത്തെ നോക്കിയറിഞ്ഞു. സംശയംകൂടാതെ പ്രവർത്തിക്കണം. ആലോചിച്ചു സമയം കളഞ്ഞുകൂടാ. ശത്രു ദുർബ്ബലനായാലും തുച്ഛനാണെന്നു വിചാരിക്കരുത്. ചെറിയ തീപ്പൊരി മതി കാടൊക്കെ ചുട്ടെരിക്കുവാൻ! ഇരുളടഞ്ഞകാലത്ത് 'അന്ധനായും പൊട്ടനായും' ഇരിക്കണം. സ്വന്തം സാമർത്ഥ്യം കാണിക്കുവാൻ തരംകിട്ടാതെ വരുമ്പോൾ എല്ലാം ഉപേക്ഷിച്ച് ശത്രുവിനെ ആശ്രയിച്ചു കൂടണം. ശത്രു ധിക്കരിച്ചുപറഞ്ഞാലും അതൊന്നും കേൾക്കാത്ത മട്ടിൽ അടങ്ങിയൊതുങ്ങി പാർക്ക

digitized by www.sreyas.in

ണം. തന്റെ ആയുധങ്ങൾ തൃണപ്രായം കരുതി ശത്രുഗൃഹത്തിൽ ആശ്രിതനാകുന്നതിൽ തെറ്റില്ല. വേടൻ വേട്ടയാടുന്ന മൃഗത്തെ കപടപ്രയോഗംകൊണ്ടു വധിക്കുന്നതിന് അനങ്ങാതെ ഉറക്കം അഭിനയിച്ചു കിടക്കുകയും മൃഗം വിശ്വസിച്ച് അടുത്തുകൂടി പോകുമ്പോൾ പെട്ടെന്നെഴുന്നേറ്റ് അതിനെ വധിക്കുകയും ചെയ്യുന്ന മാതിരി ശത്രുവിനെ വധിക്കുവാൻ കരുതിയിരിക്കണം. ദുരുദ്ദേശ്യത്തോടെ അരികെ വന്നുകൂടുന്ന ശത്രുവിനെ സാന്ത്വാദികൾ കൊണ്ടു പാട്ടിലാക്കി കൊല്ലണം. തന്നെ ആശ്രയിച്ചവനാണെന്നു വിചാരിച്ച് അവനിൽ കൃപ തോന്നരുത്. കൊന്നുകളഞ്ഞു ഭയം കൂടാതെ ഇരിക്കാം. ചത്തവനെപ്പറ്റി ഭയപ്പെടേണ്ട ആവശ്യമില്ലല്ലോ. ജന്മശത്രു ബന്ധുവായാലും അവനെ വിശ്വസിക്കരുത്. അവനെ ഭൃത്യന്മാരെക്കൊണ്ടു വിഷംമുതലായവ കൊടുപ്പിച്ച് കൊല്ലണം. മൂന്ന്, അഞ്ച്, ഏഴ് എന്നിങ്ങനെ ശത്രുപക്ഷത്തെയൊക്കെ കൊന്നുകളയണം. അതായത് ദുർഗ്ഗം മുതലായവ ആക്രമിച്ച് ശത്രുവിന്റെ ഐശ്വര്യത്തേയും, ചാരന്മാരെ വിട്ടു മന്ത്രത്തേയും, വിശ്വസ്തന്മാർ വഴി തേജോവധം ചെയ്ത് ഉത്സാഹത്തേയും, ഇങ്ങനെ മൂന്നുമാർഗ്ഗങ്ങളിൽ ശത്രുവിന്റെ ശക്തിയെ നശിപ്പിക്കണം. പിന്നെ, അമാത്യൻ, രാഷ്ട്രം, ദുർഗ്ഗം, കോശം, സൈന്യം ഇവ അഞ്ചിനേയും തകർക്കണം. പിന്നെ, സാമം, ദാനം, ദണ്ഡം, തൂക്കുമരത്തിൽ കയറ്റൽ, ഭേദം, വിഷപ്രയോഗം, അഗ്നിയിലിടൽ ഇങ്ങനെ ഏഴു പ്രയോഗവും തരംപോലെ ചെയ്ത് അന്തം വരുത്തണം. ആദ്യം പ്രധാനിയെ, പിന്നെ സഹായികളെ, പിന്നെ, മറ്റുള്ള കൂട്ടുകാരെ ഈ ക്രമത്തിൽ വധം നടത്തണം. പ്രധാനിയെ കൊന്നുകഴിഞ്ഞാൽ അവനെ ആശ്രയിക്കുന്നവരുടെ ജീവൻ അപകടത്തിലാണെന്നു ധരിക്കും. വൈരിപക്ഷത്തിന്റെ പേരുപോലും അവശേഷിപ്പിക്കരുത്. ആപത്കാലം നോക്കി ഇതൊക്കെ സംശയംകൂടാതെ ചെയ്യണം. അടിവേരു കളഞ്ഞാൽ അതിനെ ആശ്രയിക്കുന്നവരും മുടിയും. വേരറുത്താൽ പിന്നെ വൃക്ഷത്തിന്റെ ശാഖോപശാഖകൾ നില്ക്കുമോ? കരുതലോടെ തന്റെ പഴുതടച്ച് ശത്രുവിന്റെ പഴുതു കാണണം. ശത്രുക്കളിൽ നിന്ദോദ്ദേശത്തോടെ കരുതി പ്രവർത്തിക്കണം. അഗ്ന്യാധാനം, യജ്ഞകർമ്മം, കാഷായം, ജട, മാൻതോൽ എന്നിവ കൊണ്ട് ജനവിശ്വാസം നേടി ചെന്നായയെപ്പോലെ ശത്രുക്കളെ വധിക്കണം.

നല്ല തോട്ടികൊണ്ട് കായയുള്ള കൊമ്പു താഴ്ത്തി ഓരോ കായും പാകം നോക്കി പറിച്ചെടുക്കുന്നമാതിരി വേണം ബുദ്ധിമാൻ അർത്ഥം നേടുവാൻ നോക്കേണ്ടത്. ഫലസിദ്ധിക്ക് ഇതാണ് പണ്ഡിതന്മാർ സമ്മതിക്കുന്ന ഉപായം. തരംകിട്ടുന്നതുവരെ തന്റെ പുറത്ത് വൈരിയെ ഏറ്റിക്കൊണ്ടു നടക്കുക. തരം കിട്ടുമ്പോൾ കല്ലിലെറിഞ്ഞ കുടംപോലെ എറിഞ്ഞുതകർക്കണം. ആവലാതി പറഞ്ഞാലും ശത്രുവിന്റെ നേരെ കരുണതോന്നി വിടരുത്. അപകാരിയോട് ഒരിക്കലും കൃപകാണിക്കരുത്; കൊല്ലുകതന്നെ വേണം. ശത്രുവിനെ സാന്ത്വം പ്രയോഗിച്ചും ദാനം ചെയ്തും ഭേദദണ്ഡങ്ങൾകൊണ്ടും ഒടുക്കണം."

ധൃതരാഷ്ട്രർ പറഞ്ഞു: "സാന്ത്വം, ദാനം, ഭേദം, ദണ്ഡം ഇവകൊണ്ടൊക്കെ എങ്ങനെയാണ് ശത്രുവിനെ കൊല്ലുക? അതും മുറയ്ക്ക് എന്നോടു പറഞ്ഞുതന്നാലും."

കണികൻ തുടർന്നു: "ഹേ, രാജാവേ! പണ്ട് കാട്ടിൽ ഒരു കുറുക്കൻ പാർത്തിരുന്നു. നീതിശാസ്ത്രത്തിൽ നിപുണനായിരുന്നു അവൻ. ആ കുറുക്കൻ പറ്റിച്ച ഒരു കഥ ഞാൻ പറയാം. മഹാബുദ്ധിമാനും തൻകാര്യത്തിൽ മഹാമിടുക്കനുമായ അവൻ ചെന്നായ്, എലി, പുലി, കീരി എന്നീ സ്നേഹിതന്മാരോടുകൂടി ഒരു കാട്ടിൽ പാർത്തു. ആ കാട്ടിൽ കൈയൂക്കേറിയ ഒരു മാനിനെ കണ്ടു. അവനെ പിടിക്കുവാനുള്ള ശക്തി അവർക്കുണ്ടായിരുന്നില്ല. തന്മൂലം അശക്തരായ അവരെല്ലാവരും സമ്മേളിച്ച് അതിനു വേണ്ട മാർഗ്ഗം ആരാഞ്ഞു."

കുറുക്കൻ പറഞ്ഞു: "ഹേ, വ്യാഘ്രമേ! നീ ഈ മാനിനെ കൊല്ലുവാൻ പലവട്ടവും ശ്രമിക്കുകയുണ്ടായല്ലോ. ഞാൻ അവനെ പിടിക്കുവാൻ ഒരു സൂത്രം കാണുന്നുണ്ട്. യുവാവും, ബുദ്ധിമാനും, ശക്തനുമായ ആ മാനിനെ എളുപ്പത്തിൽ വീഴ്ത്തുവാൻ സാദ്ധ്യമല്ല. അവൻ ഉറങ്ങിക്കിടക്കുന്ന സമയത്ത് എലി പോയി അവന്റെ ഉള്ളംകാൽ കരണ്ടു മുറിക്കട്ടെ! കാൽ കരണ്ടു മുറിക്കപ്പെട്ടതുമൂലം നടക്കുവാൻ വിഷമിക്കുന്ന അവനെ പുലി പോയി കടിച്ചുകൊല്ലട്ടെ. പിന്നെ, നമ്മൾക്കെല്ലാംകൂടി അവനെ സസന്തോഷം ഭക്ഷിക്കാം."

കണികൻ പറഞ്ഞു: "കുറുക്കന്റെ അഭിപ്രായം എല്ലാവരും ശരിവച്ചു. സൂത്രം പറ്റി. എലി മാനിന്റെ കാൽ പതുക്കെ കരണ്ടു തിന്നു. പിന്നെ തക്ക സന്ദർഭത്തിൽ പുലി പോയി എതിർത്ത് ആ മാനിനെ കടിച്ചുകൊന്നു. നിലത്തുവീണു പിടയുന്ന മൃഗശരീരം കണ്ട് എല്ലാവരും കൊതിയോടെ അടുത്തുകൂടി."

അപ്പോൾ കുറുക്കൻ പറഞ്ഞു: "ഹേ, സുഹൃത്തുക്കളേ, നിങ്ങൾ എല്ലാവരും കുളിച്ച് ശുദ്ധമായി വരുവിൻ. ഞാൻ ഇവിടെ ശുദ്ധമായ മൃഗമാംസം കാത്തുനില്ക്കാം."

കണികൻ പറഞ്ഞു: "സൃഗാലന്റെ വാക്കുകേട്ട് എല്ലാവരും പുഴയിൽ കുളിക്കാൻപോയി. അപ്പോൾ ജംബുകൻ ചിന്താപരനായി, ധ്യാനനിമഗ്നനായി നിന്നു. കൈയൂക്കുള്ളവനായ പുലി അതിവേഗം ആദ്യം കുളികഴിഞ്ഞെത്തി. എന്നാൽ കുറുക്കൻ അപ്പോൾ ധ്യാനിച്ചുനില്ക്കുന്നതായിക്കണ്ട് വ്യാഘ്രം അത്ഭുതത്തോടെ ചോദിച്ചു."

വ്യാഘ്രം പറഞ്ഞു: "എടോ ബുദ്ധിമാനായ ജംബുകാ! ഭവാൻ എന്താണ് ഇങ്ങനെ ദുഃഖിച്ചു നില്ക്കുന്നത്? ബുദ്ധിമാന്മാർക്കു ദുഃഖിപ്പാൻ എന്തുള്ളു? നമുക്ക് ഇവന്റെ മാംസം തിന്ന് കളിച്ചുപുളച്ച് ഉല്ലസിക്കാമല്ലോ."

കുറുക്കൻ പറഞ്ഞു: "ഹേ, വീരനായ വ്യാഘ്രമേ, മൂഷികൻ പറഞ്ഞ വാക്കുകേട്ടുവോ? അതുകേട്ട് ഞാൻ അമ്പരന്നു നിന്നുപോയതാണ്.

'മൃഗരാജാവായ വ്യാഘ്രത്തിന്റെ ബലം തുച്ഛമാണ്! മാനിനെ ഞാനാണല്ലോ കൊന്നുകളഞ്ഞത്. എന്റെ കൈയൂക്കിനെ ആശ്രയിച്ചാണല്ലോ നിങ്ങളൊക്കെ അന്നം കഴിക്കുന്നത്!' അവന്റെ ഈ മേനിവാക്കു കേട്ടിട്ട്, ആ വീരവാദം കേട്ടിട്ട് എനിക്ക് ഈ മാംസം തിന്നാൻ തോന്നുന്നില്ല! എങ്ങനെ തിന്നും?"

വ്യാഘ്രം പറഞ്ഞു: "അമ്പടാ! അവൻ അങ്ങനെ പറഞ്ഞുവോ? ശരി! എന്നാൽ അവന്റെ സഹായംകൂടാതെതന്നെ എനിക്കു ജീവിക്കുവാൻ പറ്റുമോ എന്നു ഞാനൊന്നു നോക്കട്ടെ! ഞാൻ എന്റെ കൈയൂക്കുകൊണ്ടുതന്നെ, പരാശ്രയംകൂടാതെ മൃഗങ്ങളെ കൊന്ന് മാംസം തിന്നു ജീവിച്ചുകൊള്ളാം."

കണികൻ പറഞ്ഞു: "എന്നുപറഞ്ഞ് പുലി ഓടി കാട്ടിൽക്കയറി. ഈ സന്ദർഭത്തിൽ അവിടെ മൂഷികൻ എത്തി. ആ മൂഷികനെ നോക്കിയും വിദ്വാനായ ജംബുകൻ പറഞ്ഞു."

കുറുക്കൻ പറഞ്ഞു: "എടോ മൂഷികാ! ഭവാനു മംഗളം ഭവിക്കട്ടെ! കീരി പറഞ്ഞ വാക്ക് ഭവാൻ കേട്ടില്ലേ? 'ഈ മൃഗത്തിന്റെ മാംസം എനിക്കു വേണ്ടാ. അതു പുലി തൊട്ടതുകൊണ്ട് വിഷമാണ്. അതുകൊണ്ട് ഞാൻ മൂഷികനെ തിന്നട്ടെ! നിങ്ങൾ എന്നെ അതിന്ന് അനുവദിക്കണം' എന്ന്."

കണികൻ പറഞ്ഞു: "ഈ വാക്കുകേട്ട ഉടനെ ഭയപ്പെട്ട് മൂഷികൻ ഓടി മാളത്തിൽപ്പോയി ഒളിച്ചുകളഞ്ഞു. ആ സമയത്ത് ചെന്നായ് കുളികഴിഞ്ഞ് അവിടെയെത്തി."

ഉടനെ കുറുക്കൻ ചെന്നായയോടു പറഞ്ഞു: "എടോ വൃകമേ! മൃഗരാജനായ വ്യാഘ്രം ഭവാന്റെ നേരെ കുപിതനായിരിക്കയാണ്. മൃഗരാജന്റെ ബന്ധുക്കൾ ഇപ്പോൾ ഇവിടെ എത്തുമത്രേ! അതു ഭവാന്റെ ഗുണത്തിനാവുകയില്ല. അവൻ ഭാര്യയോടുകൂടി ഇവിടെ എത്തും. വേണ്ടതെന്താണെന്ന് ചിന്തിച്ചു ചെയ്തുകൊള്ളുക."

കണികൻ പറഞ്ഞു: "കുറുക്കന്റെ വാക്കുകേട്ട് ചെന്നായ ഭയപ്പെട്ടു. ഉടനെ മെയ്യ് കൂച്ചു ചുരുക്കി; വാലും മടക്കി ആ മാംസക്കൊതിയൻ കാട്ടിലേക്ക് ഓടിക്കളഞ്ഞു. അല്പസമയത്തിന്നു

digitized by www.sreyas.in

ളളിൽ കീരിയും വന്നുചേർന്നു. കുറുക്കൻ ആ കീരിയോടു പറഞ്ഞു."

കുറുക്കൻ പറഞ്ഞു: "ഞാൻ മറ്റു മൃഗങ്ങളെയൊക്കെ എന്റെ കൈയൂക്കുകൊണ്ടു തോല്പിച്ച് ഓടിച്ചുകളഞ്ഞു. ഇനി നാം തമ്മിൽ ദ്വന്ദ്വയുദ്ധം ചെയ്യുക. എന്നെ ജയിച്ച് നീ മാംസം ഭുജിച്ചുകൊള്ളുക."

കീരി പറഞ്ഞു: "മൃഗരാജാവ്, ചെന്നായ്, ധീമാനായ മൂഷികൻ എന്നിവരൊക്കെ വീരന്മാരാണ്. അവരെയൊക്കെ പോരിൽ ജയിച്ച അതിവീര്യവാനാണ് ഭവാൻ! അങ്ങയോടു പൊരുതുവാൻ ഞാനില്ല."

കണികൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ഒരുനിമിഷംകൊണ്ട് അവൻ ഓടിക്കളഞ്ഞു. ഇങ്ങനെ മന്ത്രസാമർത്ഥ്യംകൊണ്ട് കുറുക്കൻ അവരെയെല്ലാം ഓടിച്ചു. അവരൊക്കെ പോയപ്പോൾ കുറുക്കൻ സന്തുഷ്ടനായി തനിയേ ആ മാംസം ഭുജിക്കുവാൻ തുടങ്ങി. ഇത് അവന്റെ മന്ത്രത്തിന്റെ മിടുക്കുതന്നെയാണ്. ഇപ്രകാരം കാര്യം നടത്തുന്ന രാജാവ് സൗഖ്യത്തെ പ്രാപിക്കും. ഭീരുവിനെ ഭയപ്പെടുത്തി ഭേദിക്കണം. ശൂരന്മാരെ വന്ദനംകൊണ്ടു പിടിക്കണം. ലുബ്ധനെ ദാനംകൊണ്ടു പിടിക്കണം. സമനേയും താണവനേയും കൈയൂക്കുകൊണ്ടു പിടിക്കണം. ഇനിയും രാജാവേ, പറയാം കേൾക്കുക. പുത്രൻ, സഖാവ്, സോദരൻ, പിതാവ്, ഗുരു ഇവർ ആരായാലും വേണ്ടില്ല ശത്രുസ്ഥാനത്തുനിന്നുകൊണ്ടെതിർത്താൽ അവരേയും വധിക്കാൻ മടിക്കരുത്. ഐശ്വര്യകാംക്ഷികൾ അതാണുവേണ്ടത്. ശപഥം ചെയ്തും, അർത്ഥം കൊടുത്തും, വിഷംകൊടുത്തും, മായ പ്രയോഗിച്ചും ശത്രുവിനെ കൊല്ലണം. ഒരിക്കലും കാത്തുവെക്കരുത്. വെറുതെ വിടരുത്. താനും ശത്രുവും തുല്യരായി നില്ക്കുന്ന ദിക്കിൽ കരുതിനില്ക്കുന്നവൻ വിജയിക്കും. കാര്യാകാര്യങ്ങൾ നോക്കാതെ ഗർവ്വിച്ച് വഴി തെറ്റുകയാണെങ്കിൽ ഗുരുവര്യനായാലും അവനെ ശാസിക്കുന്നതു ന്യായമാണ്. ചൊടിച്ചാലും ചൊടിക്കാത്തവിധം പുഞ്ചിരിയോടെ കാര്യം പറയണം. കോപിക്കുന്ന അവസരത്തിലും അന്യരെ നിന്ദിച്ചുപറയരുത്. പ്രഹരിക്കുന്ന അവസരത്തിലും പ്രഹരമേല്ക്കുമ്പോഴും പ്രിയം പറയുന്നവൻ വിജയിക്കും. പ്രഹരിച്ചാൽ നല്ല വാക്കുപറഞ്ഞ് സമാശ്വസിപ്പിക്കണം. അങ്ങനെ ശോചിക്കുകയും കരയുകയും ചെയ്ത് ബുദ്ധിമാൻ കാര്യം നേടുന്നു! തെറ്റുകണ്ടാൽ വീണ്ടും പ്രഹരിക്കണം. മഹാദ്രോഹിയായാലും ധർമ്മംതെറ്റാതെ നില്ക്കുകയാണെങ്കിൽ അവന്റെ ദോഷത്തെ ആ ധർമ്മം, കാർമേഘം പർവ്വതത്തെ എന്നവിധം മറയ്ക്കും.

കൊലപാതകത്തിന്നടുക്കുന്നവന്റെ വസതി ചുട്ടുപൊടിക്കണം. ദരിദ്രന്മാർ, നാസ്തികന്മാർ, കള്ളന്മാർ എന്നിവരെയെല്ലാം നാടുകടത്തണം. എതിരേല്പ്, അഭിവാദ്യം മുതലായവകൊണ്ടും, പാരിതോഷികദാനങ്ങൾകൊണ്ടും വിശ്വസിപ്പിച്ച് കാച്ചണം. പിന്നെ അവൻ തലപൊക്കരുത്. നാമാവശേഷമാക്കണം. ശങ്കിക്കവയ്യാത്തവനേയും ശങ്കിക്കണം. ശങ്കിക്കേണ്ടവരെപ്പറ്റി പറയേണ്ടതില്ലല്ലോ! വിശ്വസ്തന്മാർ ചെയ്യുന്ന ചതി മൂലച്ഛേദം വരുത്തുമെന്നറിയണം. അവിശ്വസ്തനിൽ വിശ്വാസം പാടില്ല. വിശ്വസ്തന്മാരേയും അതിർത്തിവിട്ടു വിശ്വസിക്കരുത്. തന്റെ അടുത്തും ശത്രുവിന്റെ അടുത്തും ചാരന്മാരെ നിയോഗിക്കണം. പാഷണ്ഡന്മാരേയും താപസന്മാരേയും ശത്രുവിന്റെ രാജ്യത്ത് ചാരന്മാരായി നിയോഗിക്കണം. ഉദ്യാനങ്ങൾ, വിഹാരങ്ങൾ, ക്ഷേത്രങ്ങൾ, പാനാഗാരങ്ങൾ (മദ്യശാലകൾ), തീർത്ഥസ്ഥലങ്ങൾ, വഴിയമ്പലങ്ങൾ, കിണറുവക്കുകൾ, കുന്നുകൾ, കാടുകൾ, സമാജസ്ഥലങ്ങൾ, പുഴവക്കുകൾ ഇവിടെയൊക്കെ ചാരന്മാരെ അയയ്ക്കണം.

വാക്കുകൊണ്ട് ഭംഗിയായിപ്പറയുകയും, ചിരിച്ച് വിനീതനായിരിക്കുകയും ചെയ്യുമ്പോൾത്തന്നെ മനസ്സുകൊണ്ട് വാളുപോലെ മൂർച്ചയുള്ളവനാവുകയുംവേണം. തക്കക്രിയകൾ ചെയ്യണം.

കൈകൂപ്പുക, ശപഥംചെയ്യുക, ഞാൻ വേണ്ടതു തരാം എന്നു സാന്ത്വനം പറയുക, കാൽക്കൽ കുമ്പിട്ടു വന്ദിക്കുക, ഇങ്ങനെ ആശാകരമായ പണികൾ ധനവാനായി ജീവിക്കുവാൻ ആശിക്കുന്നവൻ സന്ദർഭോചിതമായി ചെയ്യണം. പുഞ്ചിരിതൂകി ആശിപ്പിക്കണം, കൊടുത്തുപോകരുത്. പൂത്തുനില്ക്കണം; കായ്ക്കരുത്. കായ്ച്ചാലും മുകളിൽക്കയറുവാൻ സമ്മതിക്കരുത്. പഴുത്തെന്നു തോന്നിയാലും പച്ചയായിത്തന്നെ നില്ക്കണം. ജീർണ്ണിച്ചു വീഴരുത്. ധർമ്മാർത്ഥകാമങ്ങൾ ഓരോന്നിലും പീഡയുണ്ട്; ഫലവുമുണ്ട്. ഫലങ്ങൾ നല്ലവയാണ്; പീഡ ചീത്തയാണ്. അവയെ അകറ്റണം. ധർമ്മം ചരിക്കുന്നവന്ന് രണ്ടു പീഡകളുണ്ട് ഒഴിക്കുവാൻ; ഒന്ന് അർത്ഥലാഭവും മറ്റേത് അതികാമിത്വവും!

ഗർവ്വുകൂടാതെ കാര്യത്തിൽ മനസ്സിരുത്തി, സമാധാനത്തോടെ ഏകാഗ്രചിത്തനായി ശുദ്ധിയോടെ വിദ്വാന്മാരുമൊത്ത് ആലോചിക്കണം. മൃദുവോ ക്രൂരമോ ആയ കർമ്മംചെയ്തും കേടുതട്ടുന്ന ആത്മാവിനെ രക്ഷിക്കണം. സന്ദിഗ്ദ്ധമായ സാഹസത്തിൽ ചാടുന്ന മനുഷ്യൻ നന്മ കണ്ടെത്തുകയില്ല. സാഹസത്തിൽപ്പെട്ട് കരകയറിയവൻ പിന്നീടു നന്മകൾ കണ്ടെത്തും.

ദുഃഖിച്ചു ജീവിച്ചവൻ പിൽക്കാലത്തു സുഖം അനുഭവിക്കുന്നു. ദുഃഖിച്ചിരിക്കുന്ന ജനങ്ങളെ ശ്രീരാമൻ, നളൻ മുതലായ പൂർവ്വന്മാരുടെ കഥ പറഞ്ഞ് സമാശ്വസിപ്പിക്കണം. ബുദ്ധി അപകടത്തിലായവനെ ഭാവി ഉപദേശിച്ച് ആശ്വസിപ്പിക്കണം. ഒരു പണ്ഡിതനാണ് വ്യസനത്തിൽപ്പെട്ടിരിക്കുന്നതെങ്കിൽ അവനെ ധനദാനാദികൾകൊണ്ട് ആശ്വസിപ്പിക്കണം. ശത്രുവിനോടു സന്ധിചെയ്ത് കൃതകൃത്യനായി സൊല്ലതീർന്നു എന്നു സന്തോഷിച്ചിരിക്കുന്നവൻ വൃക്ഷാഗ്രത്തിലിരുന്ന് ഉറങ്ങുന്നവനെപ്പോലെയാണ്. അവൻ താഴെവീണു കഴിഞ്ഞേ ഉണരുകയുള്ളു.

മന്ത്രങ്ങളൊന്നും, രഹസ്യങ്ങളൊന്നും, പരസ്യമാക്കരുത്. താൻ നിയമിച്ച ചാരന്നുപോലും തന്റെ ചേഷ്ടിതങ്ങൾ മനസ്സിലാകാത്ത മട്ടിൽ കരുതിയിരിക്കണം. വെട്ടിത്തുറന്നു വെളിവാക്കരുത്.

മുഖ്യമായ ഉപായം ദണ്ഡമാണ്. പരന്റെ മർമ്മം പിളർക്കാതെ, ക്രൂരകർമ്മങ്ങൾ ചെയ്യാതെ ഹിംസകൂടാതെ വലിയ സമ്പത്തു ലഭിക്കുകയില്ല! മത്സ്യഘാതിയായ മുക്കുവനെപ്പോലെയാണ് ശ്രീകാംക്ഷി. സമരത്തിന്റെ കാലമേതെന്ന് പറയാം. ശത്രുസൈന്യം ക്ഷീണിച്ചിരിക്കുക, വ്യാധിയിൽപ്പെടുക, ക്ലേശിക്കുക, ഭക്ഷണപാനീയങ്ങൾ തീരുക, പരസ്പരവിശ്വാസം നശിക്കുക, ഇത്തരം തഞ്ചത്തിലാകുമ്പോൾ യുദ്ധത്തിന്ന് ഒരുങ്ങണം. അങ്ങനെ ശത്രുവിനെ ക്ലേശിപ്പിച്ച് ക്ഷുത്തും തൃഷ്ണയും ഉണ്ടാക്കി സൈന്യത്തെ മുടിക്കണം! കാര്യമില്ലാതെ ആരെയും ആശ്രയിക്കരുത്. കൃതാർത്ഥന്ന് ആശ്രയം ആവശ്യമില്ലല്ലോ. ആശ്രിതരുടെ ഇച്ഛ ഒന്നാകെ പൂർത്തിയാക്കരുത്. പൂർത്തിയാകാത്ത മട്ടിൽ നിർത്തണം. പൂർത്തിയായാൽപ്പിന്നെ അവന്ന് നമ്മെ ആശ്രയിക്കേണ്ടിവരികയില്ലല്ലോ! സംഗ്രഹം, വിഗ്രഹം (പാട്ടിൽ വെക്കേണ്ടവരെ പാട്ടിൽ വെയ്ക്കുക, ശത്രുവിനോട് പടവെട്ടുക) ഇവയ്ക്ക് ഈർഷ്യവിട്ട് ഉദ്യമിക്കണം. ഐശ്വര്യം ആഗ്രഹിക്കുന്നവൻ സദാ ഉത്സാഹിച്ചു യത്നിക്കണം. അവന്റെ പ്രയത്നം ശത്രുവായാലും മിത്രമായാലും മനസ്സിലാകുവാൻ ഇടയാക്കരുത്. അപൂർണ്ണമായ നിലയിൽ ആരെയും കാണിക്കരുത്. തുടരുന്നതു കാണാം, പിന്നെ തീർന്നതേ കാണിക്കാവൂ. ആപത്തുണ്ടാകുന്നതിന്നുമുമ്പ് അതിൽ ഭയത്തോടെ പ്രവർത്തിക്കണം. ആപത്തുവന്നാൽപ്പിന്നെ ഭീതിയില്ലാത്തവിധം അതിനോടു മല്ലിടണം.

തന്റെ കൈയൂക്കുകൊണ്ട് പിടിച്ചടക്കിയ ശത്രുവിന്ന് ഉടനെ തന്നെ നന്മ നല്കുന്നത് ആപത്താണ്; നല്കിയാൽ അവൻ മരണത്തിൽ അകപ്പെടുത്തും. കോവർ കഴുത ഗർഭംധരിക്കുന്നതുപോലെ സ്വന്തം മരണത്തിന്ന് അതു കാരണമാകും. വരാവുന്നതും വന്നതുമായ കാര്യങ്ങളെ കാണണം. കരുതാതെ ഒരു

digitized by www.sreyas.in

കാര്യവും വിട്ടുകളയരുത്. ആലോചനക്കുറവുകൊണ്ടും അശ്രദ്ധകൊണ്ടും ഒരു കാര്യവും വിട്ടുപോകാതെയിരിപ്പാൻ സൂക്ഷിക്കേണ്ടതാണ്.

ദേശം, കാലം, ഭാഗ്യം, ധർമ്മം, അർത്ഥം, കാമം ഇവയൊക്കെ തിരിച്ചറിഞ്ഞ് യത്നിക്കുന്നവന്ന് ഐശ്വര്യമുണ്ടാകും. ശ്രേയസ്സിന്ന് നിദാനം ദേശവും കാലവുമാണെന്നു തീർത്തുപറയാം. ശത്രു നിസ്സാരനാണെന്നുവച്ച് വെറുതെ വിടരുത്. വിട്ടൊഴിച്ചാൽ പനപോലെ അവൻ വേരൂന്നും. കാട്ടിൽ കൊണ്ടിട്ട തീ പോലെ അവൻ പെട്ടെന്നു വർദ്ധിച്ചു കാടു മുടിക്കും. ചെറിയ തീപോലെ പെട്ടെന്ന് തന്നെത്താൻ വലുതായി വലിയ യോഗത്തേയും മഹാൻ ഗ്രസിച്ചു കളയും! ആശകൾ സാധിക്കുന്നതിന്ന് ദീർഘമായ കാലം നിശ്ചയിച്ചുവെക്കണം. കാലത്തിൽ വിഘ്നം ഉണ്ടാക്കണം. ആ വിഘ്നത്തിന്നു മറ്റുകാരണങ്ങൾ പറയുവാനുണ്ടാകണം. കാലം നോക്കിനിന്ന് ശത്രുവിനെ നിർദ്ദയനായി പ്രഹരിക്കുകതന്നെ വേണം!

രാജാവേ, ഭവാൻ പാണ്ഡവന്മാരിലും മറ്റുള്ളവരിലും പെരുമാറേണ്ട ന്യായം ഇതാണ്. ഇതു മനസ്സിലാക്കി പ്രവർത്തിച്ചാൽ ഭവാൻ ഒരിക്കലും കുഴപ്പത്തിൽപ്പെടുകയില്ല. നന്നായി കൃത്യം നടത്തുക. എന്നാൽ സർവ്വകല്യാണസമ്പന്നനും സർവ്വശ്രേഷ്ഠനുമായി ഭവാൻ ശോഭിക്കും. പാണ്ഡവന്മാരിൽ വിശേഷിച്ചും ഭവാൻ ആത്മത്രാണം ഓർക്കുക. ഭ്രാതൃവ്യന്മാരായ അവർ ബലശാലികളാണ്. അതുകൊണ്ട് ഉള്ളകാര്യം ഞാൻ വെട്ടിത്തുറന്നു പറയാം. മക്കളോടുകൂടി ഭവാൻ ഇതുകേട്ടു യത്നിച്ച് പാണ്ഡവന്മാരെക്കൊണ്ടുള്ള ഭയം തീർത്തുവിടുക. ആ ശല്യം നിങ്ങൾ ഗൃഹത്തിൽവെച്ചുപൊറുപ്പിച്ചാൽ നിങ്ങൾക്ക് ആപത്തു സംഭവിക്കും, തീർച്ചയാണ്! രാജാവേ! പിന്നീട് വ്യസനിക്കുവാൻ ഇടവരാത്തവിധം നീതി കഴിയുന്ന വേഗം നടത്തിയാലും."

വൈശമ്പായനൻ പറഞ്ഞു: "എന്ന് കൂടതന്ത്രങ്ങൾ ഉപദേശിച്ച് കണികൻ സ്വഗൃഹത്തിലേക്കു മടങ്ങിപ്പോയി. ധൃതരാഷ്ട്ര രാജാവ് കർത്തവ്യതാമൂഢനായി ദുഃഖിച്ചിരിപ്പായി."

ജതുഗൃഹപർവ്വം

141. ദുര്യോധനന്റെ ചിന്ത – വൈശമ്പായനൻ പറഞ്ഞു: "പിന്നെ സുബലപുത്രനായ ശകുനിയും, രാജാവായ ദുര്യോധനനും, ദുശ്ശാസനനും, കർണ്ണനുംകൂടി ഗൂഢാലോചന നടത്തി. ധൃതരാഷ്ട്രനുമായി ആലോചിച്ച് സമ്മതം വാങ്ങി, മക്കളോടുകൂടി കുന്തിയെ ചുട്ടെരിക്കുവാൻതന്നെ തീർച്ചയാക്കി. ദുഷ്ടബുദ്ധികളായ അവരുടെ ദുഷ്ടമായ ഇംഗിതമെല്ലാം തത്ത്വജ്ഞനായ വിദുരൻ, അവരുടെ മാതിരിയും മട്ടും ഭാവങ്ങളും കണ്ട് ബുദ്ധികൊണ്ട് അവരുടെ വിചാരഗതി മനസ്സിലാക്കി. അറിയേണ്ടത് അറിഞ്ഞവനും, പാണ്ഡവന്മാർക്ക് ഹിതകാരിയുമായ വിദുരൻ കുന്തിയോടും മക്കളോടുംകൂടി ഓടിപ്പൊയ്ക്കൊള്ളുവാൻ പറയണമെന്നു തീരുമാനിച്ചു. പിന്നെ കാറ്റത്ത് പായകെട്ടിയ ഒരു യന്ത്രത്തോണി തയ്യാറാക്കി. ആ ജലവാഹനം ഏതു കൊടുങ്കാറ്റിലും കുലുങ്ങാത്തതും കൊടിക്കൂറ കെട്ടിയതും, എത്ര വലിയ ജലക്ഷോഭവും സഹിക്കാവുന്നതുമായിരുന്നു. ആ നൗക തയ്യാറാക്കി വിദുരൻ കുന്തിയോടു പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഹേ, കുന്തി! നമ്മുടെ ഈ വിശിഷ്ടമായ കുലത്തിൽ വംശയശ്ശസ്സ് കെടുത്തുവാൻ തീർന്നവനാണ് ധൃതരാഷ്ട്രൻ. അവൻ ബുദ്ധി പിഴച്ച് ഇതാ പുരാതനധർമ്മം കൈവിടുന്നു. തിരയും കാറ്റുമേറ്റ് ആറ്റിൽ ചരിക്കുന്ന ഒരു വഞ്ചി ഞാൻ തയ്യാറാക്കിയിട്ടുണ്ട്. മക്കളോടുകൂടി അതിൽക്കയറി നീ മരണത്തിൽനിന്നു രക്ഷപ്പെടുക!"

വൈശമ്പായനൻ പറഞ്ഞു: "യശസ്വിനിയായ കുന്തി ഇതു കേട്ട് നടുങ്ങിപ്പോയി. ഉടനെ സുതന്മാരോടുകൂടി വഞ്ചിയിൽക്കയറി ഗംഗാനദിയിൽ യാത്രചെയ്തുപോയി. വിദുരൻ പറഞ്ഞു കൊടുത്ത വിധം വഞ്ചിവിട്ട് പാണ്ഡവന്മാർ കൈയിലുള്ള അല്പം ധനത്തോടുകൂടി കാടുകയറി. എന്തിനോ അരക്കില്ലത്തിൽ ഒരു നിഷാദി അഞ്ചുമക്കളോടുകൂടി വന്നു. നിർദ്ദോഷിയായ ആ നിഷാദി അരക്കില്ലത്തിൽ കിടന്നു വെന്തുപോയി. മ്ലേച്ഛാധമനും ദുഷ്ടനുമായ പുരോചനനും അതിൽക്കിടന്ന് വെന്തുമരിച്ചു. ദുർബ്ബുദ്ധികളായ ധാർത്തരാഷ്ട്രന്മാർ വഞ്ചിക്കപ്പെട്ടു. കേടുതട്ടാതെ, ആരുമറിയാതെ, ആ പാണ്ഡുനന്ദനന്മാർ അമ്മയോടുകൂടി രക്ഷപ്പെട്ടു. എല്ലാം വിദുരന്റെ കൗശലം തന്നെ! 'വാരണാവത'ത്തിൽ നിവസിക്കുന്ന നാട്ടുകാരെല്ലാം അരക്കില്ലം വെന്തതുകണ്ട് വളരെയധികം ദുഃഖിച്ചു. രാജാവിനെ ഈ വൃത്താന്തം അവർ അറിയിച്ചു."

നാട്ടുകാർ പറഞ്ഞു: "രാജാവേ, ഭവാന്റെ ഇഷ്ടം സാധിച്ചു. ഭവാൻ പാണ്ഡുപുത്രരെ അഗ്നിയിൽ ദഹിപ്പിച്ചു. ഭവാന്റെ ഇഷ്ടമൊക്കെ സാധിച്ചു. ഇനി മക്കളോടുകൂടി രാജ്യം വാഴുക!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് മക്കളോടുകൂടി ധൃതരാഷ്ട്രൻ ദുഃഖം ഭാവിച്ചു. ബന്ധുക്കളോടുകൂടി, മരിച്ചവരുടെ പ്രേതകാര്യങ്ങൾ ചെയ്യിച്ചു. വിദുരനും, ഭീഷ്മനും പാണ്ഡവർക്ക് ഉദകക്രിയ ചെയ്തു."

ജനമേജയൻ പറഞ്ഞു: "ഹേ, വിപ്രശ്രേഷ്ഠാ, ഈ കഥ വിസ്തരിച്ച് ഒന്നു പറഞ്ഞുതരൂ! അതു കേൾക്കുവാൻ എനിക്ക് വളരെ ആഗ്രഹമുണ്ട്. അരക്കില്ലം ചുട്ടതും, പാണ്ഡവർ സ്ഥലം വിട്ടതും, ക്രൂരനായ കണികൻ ഉപദേശിച്ചപ്രകാരം നൃശംസക്രിയകൾ ചെയ്തതും എല്ലാം നടന്നപോലെ വിസ്തരിച്ചു പറയുക. കേൾക്കുവാൻ അത്ര വലിയ താല്പര്യമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ശത്രുക്കളെ തപിപ്പിക്കുന്ന രാജാവേ, എല്ലാം ഞാൻ വിസ്തരിച്ചുപറയാം. അരക്കില്ലം ചുട്ടതും, പാണ്ഡവന്മാർ രക്ഷപ്പെട്ടതും, എല്ലാം ഞാൻ വിസ്തരിച്ചു പറയാം. ഭീമന്റെ ബലാധിക്യവും, അർജ്ജുനന്റെ വിദ്യാനിപുണതയും കണ്ടപ്പോൾ ദുര്യോധനന്നു കണ്ണുകടിയായി. അവൻ ബുദ്ധികെട്ട് വിവശനായി. പിന്നീട് അവൻ കർണ്ണനും ശകുനിയുമായി കൂടിയാലോചിച്ച് പാണ്ഡവരെ കൊല്ലുവാൻ പല ഉപായങ്ങളും നോക്കി. വന്നതൊക്കെ അപ്പപ്പോൾ തടുത്ത് പാണ്ഡുപുത്രന്മാർ ഒന്നും പുറത്തുവിടാതെ, വിദുരോപദേശമനുസരിച്ചു നിന്നു. ഗുണവാന്മാരായ പാണ്ഡവരെക്കണ്ട് നാട്ടുകാർ നാലു പേർ കൂടുന്ന ദിക്കിലൊക്കെ അവരെപ്പറ്റി പ്രശംസിക്കുവാൻ തുടങ്ങി. അടുത്ത് രാജാവാകാൻ പോകുന്ന യുധിഷ്ഠിരനെക്കുറിച്ച് സഭകൾതോറും, തെരുവുകൾ തോറും പ്രശംസിക്കുവാൻ തുടങ്ങി."

നാട്ടുകാർ പറഞ്ഞു: "ധൃതരാഷ്ട്രൻ രാജവംശത്തിൽ ജനിച്ചതുകൊണ്ട് രാജാവുതന്നെ! എങ്കിലും കുരുടനാകയാൽ രാജ്യം വാഴാൻ അധികാരമില്ലാത്തവനായി. അതുകൊണ്ട് മുമ്പെ രാജ്യം വാണില്ല. ഇനി എങ്ങനെ രാജാവാകും? പിന്നെ ഭീഷ്മൻ പണ്ടേ രാജ്യം ഉപേക്ഷിച്ചു. സത്യസന്ധനായ അദ്ദേഹവും രാജ്യം ആഗ്രഹിച്ചില്ല. വൃദ്ധന്മാരിൽ ഭക്തിയും പ്രിയവുമുള്ളവനും സത്യദയാശുദ്ധനും തരുണനുമായ യുധിഷ്ഠിരൻതന്നെയാണ് രാജാവാകാൻ യോഗ്യൻ. അവനെത്തന്നെ രാജാവായി അഭിഷേകം ചെയ്യുക! ആ ധീമാൻ ഭീഷ്മനേയും, ധൃതരാഷ്ട്രനേയും, ദുര്യോധനാദികളേയും ആദരിച്ച് സുഖമായി രാജ്യം ഭരിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം നാട്ടുകാർ ജല്പിക്കുന്ന വാക്കുകേട്ട് ദുർബ്ബുദ്ധിയായ ദുര്യോധനൻ അസൂയമൂലം ദുഃഖാർത്തനായി. അവനു സഹിക്കാൻ കഴിഞ്ഞില്ല. അവൻ ഒരു ദിവസം ധൃതരാഷ്ട്രന്റെ അരികെ ചെന്ന് ഇപ്രകാരം പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ഹേ, താതാ! പൗരന്മാർ പറയുന്ന അശുഭോക്തികൾ കേട്ടു! അതു നമുക്ക് ഒട്ടും അനുകൂലമല്ല. അച്ഛനേയും ഭീഷ്മപിതാമഹനേയും വിട്ട് അവർ യുധിഷ്ഠിരനെ രാജാവാക്കുവാൻ ആഗ്രഹിക്കുന്നു! ഭീഷ്മന്ന് അതു സമ്മതമായേക്കാം. ഭൂമി വാഴുവാൻ അദ്ദേഹം പണ്ടേതന്നെ വിചാരിക്കുന്നില്ലല്ലോ. ഞങ്ങൾക്കു പീഡയുണ്ടാക്കുന്ന വർത്തമാനങ്ങളാണ് അവൻ പറയുന്നത്. പാണ്ഡു പണ്ട് ഗുണാധിക്യംകൊണ്ടു പിതാവിൽനിന്നു നേരെ ഭൂമി നേടി. അങ്ങ് അന്ധനായതുകൊണ്ട് അവകാശപ്പെട്ടതിന്നർഹനല്ലാതെവന്നു. പാണ്ഡു നേടിയ നാട് ഇനി

digitized by www.sreyas.in

പാണ്ഡവന്മാർക്കുള്ളതാണത്രേ! പാണ്ഡുവിന്റെ മുതലിന്റെ നിലയിൽ അവകാശം അവന്റെ മക്കൾക്ക്. പിന്നെ യുധിഷ്ഠിരൻ ഭരിച്ച നാട് അവന്റെ മക്കൾക്ക്. പിന്നെ മക്കളുടെ മക്കൾക്ക്, ഇങ്ങനെ പോകും പാരമ്പര്യം. രാജാവേ, ഈ നിലയ്ക്കായാൽ ഈ ഞങ്ങളോ രാജവംശത്തിൽനിന്നു പുറംതള്ളപ്പെട്ടവരായി മക്കളോടുകൂടി, ലോകരുടെ അവജ്ഞയ്ക്കു പാത്രമായി അങ്ങനെ പോകും. ഞങ്ങൾക്കു നരകമാണു ഫലം. അന്യന്റെ ഉരുളതിന്നു ജീവിക്കേണ്ടവരായിത്തീരുകയാണ് ഞങ്ങൾ. അങ്ങനെ അവജ്ഞയ്ക്കു പാത്രമാകാതെയും, നരകത്തിൽ വീഴാതെയും അഭിമാനത്തോടെ ജീവിക്കുവാൻതക്കവണ്ണം അങ്ങ് ഞങ്ങളോടു നീതി ചെയ്യണം. ആദ്യമേതന്നെ ഭവാൻ നാടു ഭരിച്ചിരുന്നുവെങ്കിൽ നാടു ഞങ്ങൾക്കാകുമായിരുന്നു. പിന്നെ നാട്ടുകാർ പാട്ടിലായിരുന്നില്ലെങ്കിൽത്തന്നെ അധികാരം സിദ്ധിക്കുമായിരുന്നു."

142. ദുര്യോധനപരാമർശം – വൈശമ്പായനൻ പറഞ്ഞു: "പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രരാജാവ് പുത്രൻ പറഞ്ഞ വാക്കും, കണികന്റെ ഉപദേശവും കണക്കിലെടുത്തു. ധൃതരാഷ്ട്രന്റെ മനസ്സ് രണ്ടു വിധത്തിലായി അഴലിൽപ്പെട്ടു. ദുര്യോധനൻ, ശകുനി, കർണ്ണൻ, ദുശ്ശാസനൻ ഇങ്ങനെ നാലുപേർ കൂടിച്ചേർന്നു ഗൂഢാലോചന തുടങ്ങി. പിന്നെ ദുര്യോധനൻ ചെന്ന് ധൃതരാഷ്ട്രനോടു പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "പാണ്ഡവന്മാരിൽനിന്നാണല്ലോ ഭയം. അതുകൊണ്ട് അച്ഛൻ അവരെ കൗശലം പ്രയോഗിച്ചു വാരണാവതത്തിലേക്കു മാറ്റണം."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ ചിന്തയിലാണ്ട് അല്പം കഴിഞ്ഞ് ദുര്യോധനനോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "പാണ്ഡു ധർമ്മനിശ്ചയത്തിൽ സ്ഥിരപ്രജ്ഞനും ധർമ്മപാരായണനുമായിരുന്നു. ബന്ധുലോകത്തിനും വിശേഷിച്ച് ഈയുള്ളവന്നും പ്രിയപ്പെട്ടവനും ഹിതകാരിയുമായിരുന്നു. ഒറ്റയ്ക്ക് അവൻ ഒരു ഭോജനത്തിന്റെയും രുചി ആസ്വദിച്ചിട്ടില്ല. സ്വാർത്ഥരഹിതനായ അവൻ രാജ്യമൊക്കെ ജ്യേഷ്ഠനുള്ളതാണ് എന്ന്, ആ പ്രാജ്ഞശീലൻ എന്റെ സമീപത്തു വന്നു പറയുക പതിവാണ്. അവന്റെ പുത്രനാണെങ്കിൽ പാണ്ഡുവിനെപ്പോലെതന്നെ ധാർമ്മികനാണ്. പാരിൽ കീർത്തിപ്പെട്ട ഗുണവാനും പൗരന്മാർക്കാണെങ്കിൽ അതിസമ്മതനുമാണ്. അവനെ പരമ്പരാഗതമായ ഈ രാജ്യത്തുനിന്നു കേവലം വേർപെടുത്തുന്നതെങ്ങനെ? പിതൃപൈതാമഹമഹീപദസിദ്ധിയാൽ സഹായികൾ കൂടുന്നവനാണ്. അമാത്യന്മാർ പാണ്ഡുനിശ്ചയിച്ചവരാണ്. സൈന്യമാണെങ്കിൽ പാണ്ഡുവിനാൽ സംഭരിക്കപ്പെട്ടതാണ്. അവരുടെയൊക്കെ പുത്രന്മാരും പൗത്രന്മാരും പാണ്ഡു പോറ്റിവളർത്തിയവരാണ്. പാണ്ഡു ബഹുമാനിച്ചവരാണ് പൗരന്മാരും. ഇടഞ്ഞാൽ യുധിഷ്ഠിരന്നുവേണ്ടി അവർ നമ്മളെ കൊല്ലുവാൻ മടിക്കുമോ?"

ദുര്യോധനൻ പറഞ്ഞു: "അച്ഛൻ പറഞ്ഞതു ശരിയാണ്. ഞാൻ മുമ്പേതന്നെ കരുതിയിട്ടുള്ള ദോഷമാണിത്. ഞാൻ ആ കൂട്ടരെയൊക്കെ അർത്ഥം നല്കിയും, ബഹുമാനിച്ചും പ്രീതിയുള്ളവരാക്കിത്തീർത്തു. നമുക്ക് തുണയായി മറ്റു പ്രമാണികളും സമത്തിനുസമം നില്ക്കും. ഭണ്ഡാരവും മന്ത്രിമാരും എന്റെ അധീനത്തിലാണ്. പാണ്ഡവന്മാരെ ഭവാൻ വേണ്ടമാതിരി അകറ്റിയാൽ മതി. മൃദുവായ കൗശലം പ്രയോഗിച്ച് വാരണാവതത്തിലേക്ക് അയച്ചാൽ മതി. പിന്നെ രാജ്യം എന്നിൽത്തന്നെ ഉറച്ചു നില്ക്കും. ഉറച്ചതിന്നുശേഷം മക്കളോടുകൂടി കുന്തിയെ വീണ്ടും ഇങ്ങോട്ടുവരുത്താമല്ലോ."

ധൃതരാഷ്ട്രൻ പറഞ്ഞു: "മകനേ, ദുര്യോധനാ, ഈയുള്ളോനും മനസ്സിൽ ഇക്കാര്യംതന്നെ ചിന്തിക്കുകയായിരുന്നു. എന്റെ അഭിപ്രായം മഹാപാപമാണെന്നു ചിന്തിച്ച് ഉരിയാടിയില്ലെന്നു മാത്രം. ഭീഷ്മനും, ദ്രോണനും, വിദുരനും, കൃപനും കൗന്തേയരെ മാറ്റുന്ന കാര്യത്തിൽ ഒരിക്കലും സമ്മതിക്കുകയില്ല. ആ കൗരവേയർക്ക് അവരും നമ്മളും തുല്യരാണ്. സൂക്ഷ്മം കാണുന്ന ആ ധാർമ്മികർ പക്ഷഭേദം സഹിക്കുകയില്ല. അങ്ങനെയിരിക്കുന്ന നമ്മുടെ പ്രവൃത്തി കൗരവേയമാന്യജനങ്ങൾക്കും നാട്ടുകാർക്കും വിദ്വേഷമുണ്ടാക്കാതിരിക്കുന്നത് എങ്ങനെ?"

ദുര്യോധനൻ പറഞ്ഞു: "ഭീഷ്മൻ എന്നും മദ്ധ്യവർത്തിയായി നില്ക്കുന്നവനാണ്. ദ്രോണപുത്രൻ എന്റെ പങ്കിലാണ്. മകനുള്ള പങ്കിലേ ദ്രോണൻ നില്ക്കുകയുള്ളു. അതിൽ ഒട്ടും സംശയമില്ല. ദ്രോണനും അശ്വത്ഥാമാവും നില്ക്കുന്ന പങ്കിലേ കൃപൻ നിൽക്കൂ. അളിയനേയും മരുമകനേയും കൃപൻ കൈവിടുകയില്ല, തീർച്ചയാണ്. ധനസംബന്ധമായി വിദുരൻ നമുക്ക് അധീനനാണ്. എങ്കിലും ഗൂഢമായി ശത്രുപക്ഷം നില്ക്കും. പാണ്ഡവന്മാർക്കുവേണ്ടി അദ്ദേഹം ഒറ്റയ്ക്ക് എതിർത്തിട്ടെന്തു മെച്ചം കിട്ടുവാൻ? ശങ്കകൂടാതെ കുന്തിയോടൊപ്പം പാണ്ഡുപുത്രന്മാരെ ഭവാൻ അകറ്റുക! വാരണാവതത്തിലേക്ക് അവർ പൊയ്ക്കൊള്ളട്ടെ. ഉറക്കംവരാതെ ഹൃദയത്തിനു ശല്യമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ അഴലാകുന്ന അഗ്നി ഭവാന്റെ യഥോചിതമായ കർമ്മകൗശലംകൊണ്ടു കെട്ടുപോകട്ടെ."

143. വാരണാവതയാത്ര – വൈശമ്പായനൻ പറഞ്ഞു: "പിന്നെ അനുജനോടുകൂടി ദുര്യോധനൻ ആ ജനമണ്ഡലത്തെ മിക്കവാറും അർത്ഥം നല്കിയും ഉദ്യോഗക്കയറ്റം നല്കി ബഹുമാനിച്ചും പാട്ടിലാക്കി. ധൃതരാഷ്ട്രന്റെ പ്രേരണപ്രകാരം സമർത്ഥരായ ചില മന്ത്രിമാർ പാണ്ഡവരോടു പറഞ്ഞു."

മന്ത്രിമാർ പറഞ്ഞു: "വാരണാവതം മനോഹരമായ ഒരു പ്രദേശമാണ്. ലോകത്തിൽ ഏറ്റവും വിശേഷപ്പെട്ട നഗരങ്ങളിൽ ഒന്നാണ് അത്. ശിവന്റെ മഹോത്സവം അവിടെ അടുത്തിരിക്കുന്നു. സർവ്വരത്നാകീർണ്ണമായ ആ മഹോത്സവം സർവ്വർക്കും സുഖസാധനമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവർ ധൃതരാഷ്ട്രന്റെ ഉപദേശപ്രകാരം പറഞ്ഞുതുടങ്ങി. ഇങ്ങനെ പലരും വാരണാവതത്തെ പുകഴ്ത്തിപ്പറയുന്നതുകേട്ട് അവിടെ പോകുവാൻ പാണ്ഡവന്മാർക്ക് ഒരാഗ്രഹം ജനിച്ചു. അവർക്ക് കൗതുകമുണ്ടായെന്നറിഞ്ഞ ധൃതരാഷ്ട്രൻ പാണ്ഡവരോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എന്നോട് ഇവരൊക്കെപ്പറയുന്നു വാരണാവതം വിശേഷപ്പെട്ട നഗരമാണെന്ന്. നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ ഉണ്ണികളെ, നിങ്ങൾ കുന്തി മുതലായവരോടും, കൂട്ടുകാരോടും കൂടി, അവിടെച്ചെന്ന് അമരകുമാരന്മാരെപ്പോലെ ഉത്സവം കണ്ടുകൊള്ളുവിൻ! ബ്രാഹ്മണർക്കും ഗായകന്മാർക്കും വേണ്ടുവോളം ധനം ദാനംകൊടുത്തുകൊള്ളുക! കുറെനാൾ അവിടെ ഉല്ലസിച്ചതിന്നുശേഷം വീണ്ടും ഹസ്തിനാപുരത്തേക്കു മടങ്ങിപ്പോന്നുകൊള്ളുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ മോഹം അതാണെന്നുകണ്ട് തന്റെ നിസ്സഹായാവസ്ഥയോർത്ത് യുധിഷ്ഠിരൻ അങ്ങനെ ആകാമെന്നു സമ്മതിച്ചു. പിന്നെ ശാന്തനുപുത്രനായ ഭീഷ്മനോടും, ബുദ്ധിമാനായ വിദുരനോടും, ദ്രോണനോടും, ബാൽഹീകനോടും, സോമദത്തനോടും, കൃപനോടും, അശ്വത്ഥാമാവിനോടും, ഭൂരിശ്രവസ്സോടും, മറ്റു മാന്യന്മാരോടും, മന്ത്രിമാരോടും, വിപ്രരോടും, കുലാചാര്യനോടും, പൗരന്മാരോടും, ഗാന്ധാരിയോടും യുധിഷ്ഠിരൻ ദീനമാനസനായി പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "രമ്യമായി നാട്ടുകാർ കൂടുന്ന വാരണാവതപട്ടണത്തിൽ ഞങ്ങൾ കൂട്ടത്തോടെ, ധൃതരാഷ്ട്രരാജാവിന്റെ ആജ്ഞപ്രകാരം പോവുകയാണ്. നിങ്ങളെല്ലാം പ്രസന്നരായി മംഗളോക്തികൾ പറഞ്ഞാലും! അനുഗ്രഹിച്ചാലും! നിങ്ങളുടെയെല്ലാം അനുഗ്രഹമുണ്ടെങ്കിൽ ഞങ്ങൾക്ക് ഒരാപത്തും വരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആ പാണ്ഡവൻ പറയുമ്പോൾ കൗരവന്മാർ എല്ലാവരും പ്രസന്നമുഖരായി, പാണ്ഡവന്മാരെ ആശംസിച്ച് അവർ അനുഗ്രഹം ചൊരിഞ്ഞു."

digitized by www.sreyas.in

കൗരവന്മാർ പറഞ്ഞു: "ഹേ! പാണ്ഡവരേ, നിങ്ങൾക്കു സ്വസ്തി ഭവിക്കട്ടെ! നിങ്ങളുടെ യാത്ര ശുഭമാകട്ടെ! സർവ്വഭൂതങ്ങളും നിങ്ങൾക്കു ശുഭം നല്കട്ടെ! നിങ്ങൾക്ക് അല്പംപോലും അമംഗളം ഉണ്ടാകാതിരിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "എല്ലാവരുടേയും അനുഗ്രഹങ്ങൾ വാങ്ങി പാണ്ഡവന്മാർ യാത്രപറഞ്ഞ് വാരണാവതത്തിലേക്കു പുറപ്പെട്ടു."

144. ജതുഗൃഹനിർമ്മാണം – വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ പാണ്ഡവന്മാരോട് ഇപ്രകാരം ആജ്ഞാപിച്ചപ്പോൾ ദുഷ്ടനായ ദുര്യോധനൻ വളരെ സന്തോഷിച്ചു. അവൻ ഗൂഢമായി 'പുരോചനൻ' എന്ന ഒരു വിശ്വസ്തമന്ത്രിയെ വിളിച്ചുവരുത്തി അവന്റെ വലംകൈ പിടിച്ച് ഇപ്രകാരം പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ഹേ, പുരോചന! ഈ മഹത്തായ ഭൂമി മുഴുവൻ എന്റെ അധീനത്തിൽ വന്നുചേരുന്നു! ഈ ധനം എനിക്കെന്നപോലെതന്നെ താങ്കൾക്കും ഉള്ളതാണ്. അതുകൊണ്ട് ഭവാൻ എന്റെ ഈ രാജ്യമൊക്കെ രക്ഷിക്കണം. ഭവാനല്ലാതെ വിശ്വസ്തനായി മറ്റാരും എനിക്കില്ല. ഗൂഢമായ കാര്യങ്ങൾ നമുക്കു ചെയ്യേണ്ടതുണ്ട്. ഈ ഗൂഢാലോചന സൂക്ഷിക്കണം. എന്റെ വൈരികളെ നിഗ്രഹിക്കണം. നല്ലതായ ഒരു കൗശലം ഞാൻ പറയാം. അതുപോലെ ചെയ്താൽ എല്ലാം ശുഭമാകും. അച്ഛൻ വാരണാവതത്തേക്ക് കുന്തിപുത്രന്മാരെ പാർക്കുവാൻ വിടും. അവർ അച്ഛന്റെ ആജ്ഞപ്രകാരം ഉത്സവം കണ്ടു സന്തോഷിച്ചുനടക്കും. നീ ഉടനെ നല്ല കുതിരകളെ പൂട്ടിയ തേരിൽ വാരണാവതത്തിൽ എത്തണം. അവിടെച്ചെന്ന് ഗൂഢമായി ഒരു നാലുകെട്ടുപുര പണിയിക്കണം. അത് നഗരത്തിന്നടുത്തായിരിക്കണം. പണം ധാരാളം ചെലവിട്ട് അടച്ചുറപ്പുള്ള നല്ല കെട്ടിടമായി പണിയിക്കണം. ചണയും ചെഞ്ചല്യവും മറ്റു പലജാതി ആഗ്നേയവസ്തുക്കളും ചേർത്ത് പണിയിക്കണം. പിന്നെ നെയ്യും എണ്ണയും അരക്കുമൊക്കെ മണ്ണിൽ കുഴച്ചുചേർത്തു പണിയണം. ചണയും നെയ്യും എണ്ണയും ഒക്കെ ചേർത്ത് യന്ത്രപ്പണികൾ വെച്ചുനിർത്തണം. ആ പാണ്ഡവരും മറ്റു ജനങ്ങളും പരീക്ഷിച്ചുനോക്കിയാലും ഇത് ഒരു ആഗ്നേയഗൃഹമാണെന്ന് അറിയരുത്. അങ്ങനെ ഗൃഹത്തിന്റെ പണി തീർന്നാൽ സസന്തോഷം കുന്തിയേയും മക്കളേയും ആ ഗൃഹത്തിലേക്കു കൊണ്ടുചെന്നാക്കണം.

ഭംഗിയേറിയ പീഠങ്ങൾ, വാഹനങ്ങൾ, മൃദുമെത്തകൾ ഇവയൊക്കെ അച്ഛൻ തൃപ്തിപ്പെടുന്നവിധം ഭംഗിയായി തീർപ്പിക്കണം. ഗൂഢമായ ഈ പണി ആരും അറിയരുത്. അങ്ങനെ വാരണാവതത്തിൽ നിസ്സംശയം നിർഭയം അവർ പാർക്കട്ടെ! അവർ വിശ്വാസത്തോടുകൂടി ഉറങ്ങുന്ന സമയം നോക്കി ദ്വാരഭാഗം തോറും വീടിനു തീവെക്കണം. സ്വന്തം ഗൃഹം തീപിടിച്ചു വെന്തുപോയാൽ ജനങ്ങൾ പിന്നെ പാണ്ഡവർക്കുവേണ്ടി നമ്മളെ നിന്ദിക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനനോട് അപ്രകാരം ചെയ്യാമെന്ന് പുരോചനൻ ഏറ്റു. സസന്തോഷം നല്ല കുതിരകളെ പൂട്ടിയ തേരിൽ ദുര്യോധനന്റെ വിശ്വസ്തനായ മന്ത്രി 'പുരോചനൻ' വാരണാവതത്തേക്കു പുറപ്പെട്ടു. അവിടെച്ചെന്നു നിർദ്ദേശങ്ങളൊക്കെ ഭംഗിയായി നിർവ്വഹിച്ചു. ജതുഗേഹം ഭംഗിയായി ഉയർന്നു!"

145. വാരണാവതഗമനം – വിദുരന്റെ ഗൂഢഭാഷയിലുള്ള കർത്തവ്യോപദേശം – വൈശമ്പായനൻ പറഞ്ഞു: "വായുവേഗമുള്ള കുതിരകളെ തേരിൽ പൂട്ടി പാണ്ഡവർ കയറുന്നതിന്നു മുമ്പായി ഭീഷ്മപിതാമഹന്റെ പാദങ്ങളിൽ സങ്കടത്തോടെ കുമ്പിട്ടു. രാജാവായ ധൃതരാഷ്ട്രന്റേയും മാന്യനായ ദ്രോണന്റേയും പാദത്തിൽ കുമ്പിട്ടു. പിന്നെ, മറ്റു വൃദ്ധരായ കൃപന്റേയും വിദുരന്റേയും പാദങ്ങളിൽ കൂപ്പി. ഇങ്ങനെ വൃദ്ധന്മാരെ കൈകൂപ്പി, സമന്മാരെ കെട്ടിപ്പിടിച്ച്, ബാലന്മാരുടെ വന്ദനം കൈക്കൊണ്ട്, മാതാക്കളോടു യാത്രചോദിച്ച്, യഥാക്രമം വലംവെച്ച്, എല്ലാ നാട്ടുകാരോടും കൈകൂപ്പി വന്ദനം പറഞ്ഞ് വാരണാവതത്തേക്കു പുറപ്പെട്ടു.

ബുദ്ധിമാനായ വിദുരനും മറ്റു കുരുമുഖ്യന്മാരും പൗരന്മാരും ദുഃഖത്തോടെ അനുയാത്ര ചെയ്തു. ഹേ, ജനമേജയാ! അതിൽ ചില ബ്രാഹ്മണർ നിർഭയന്മാരായി ഇപ്രകാരം പറഞ്ഞു."

ബ്രാഹ്മണർ പറഞ്ഞു. "മന്ദബുദ്ധിയായ രാജാവ് പക്ഷഭേദം കാട്ടുന്നു. കുരുരാജാവായ ധൃതരാഷ്ട്രൻ ധർമ്മം നോക്കുന്നില്ല. അപചിത്തനല്ലാത്ത ധർമ്മജൻ പാപം ചിന്തിക്കുകപോലുമില്ല. ബലവാനായ ഭീമനും അർജ്ജുനനും മാദ്രീപുത്രന്മാരും ദുഷ്കർമ്മം ചെയ്യുകയില്ല. അച്ഛൻ വഴിക്ക് രാജ്യം പാണ്ഡവർക്കുള്ളതാണ്. എന്നാൽ, ധൃതരാഷ്ട്രന് അതു സഹിക്കുന്നില്ല. ഈ അധർമ്മമായ കർമ്മം ചെയ്യുവാൻ ഭീഷ്മനും സമ്മതിച്ചുകൊടുത്തിരിക്കുന്നു. എങ്ങനെ സമ്മതിച്ചു? നഗരംവിട്ട് ഈ രാജകുമാരന്മാരെ അസ്ഥാനത്തിലാക്കാൻ അദ്ദേഹം സമ്മതിച്ചുവോ? മുമ്പ് ശാന്തനുപുത്രനായ വിചിത്രവീര്യൻ രാജാവായിരുന്നപ്പോൾ അച്ഛനെപ്പോലെയായിരുന്നു ഞങ്ങൾക്ക്. വിചിത്രവീര്യരാജർഷിയും പാണ്ഡുവും അപ്രകാരംതന്നെയായിരുന്നു. ആ നരശ്രേഷ്ഠന്മാർ സ്വർഗ്ഗസ്ഥരായപ്പോൾ ബാലന്മാരായ രാജപുത്രന്മാരിൽ ധൃതരാഷ്ട്രന്ന് താത്പര്യമില്ലാതായി. ഇതു നാം സമ്മതിക്കരുത്. നമ്മൾ ഈ പുരത്തിൽനിന്നൊക്കെ ഒഴിച്ചുപോകണം. വീടും നാടും വിട്ട് നമ്മളെല്ലാവരും ധർമ്മജൻ വാഴുന്ന ദിക്കിൽ പോയി വാഴണം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദുഃഖത്തോടെ പറയുന്ന പൗരന്മാരോട് അതിദുഃഖിതനായി, അല്പം ചിന്തിച്ച് ധർമ്മരാജാവായ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പിതാവും, മാന്യനും, ഗുരുവുമായ രാജാവ് എന്തു കല്പിക്കുന്നുവോ ശങ്കവിട്ട് അതു ചെയ്യുക എന്നുള്ളതാണ് ഞങ്ങളുടെ വംശവ്രതം. ഭവാന്മാർ ഞങ്ങൾക്ക് ഇഷ്ടരാണ്. നിങ്ങൾ ഞങ്ങളെ വലംവെച്ചു നന്നായി നന്ദിച്ച് അനുഗ്രഹിച്ചു വിടണം. ഞങ്ങൾക്കു നിങ്ങളെക്കൊണ്ടു കാര്യമുണ്ടാകുമ്പോൾ പ്രിയവും ഹിതവുമായ കാര്യങ്ങൾ നിങ്ങൾ ചെയ്തുകൊള്ളുവിൻ."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മജന്റെ വാക്കു കേട്ട് അവരെല്ലാം നന്ദിച്ച് ആശിസ്സു നല്കി മെല്ലെ മന്ദിരത്തിൽ ചെന്നുചേർന്നു. പൗരന്മാർ പോയതിനുശേഷം ധർമ്മവിത്തമനായ വിദുരൻ പ്രതിഭാശാലിയായ പാണ്ഡവശ്രേഷ്ഠനോട്, മ്ലേച്ഛഭാഷ അറിയുന്ന യുധിഷ്ഠിരനോട് ഇപ്രകാരം പറഞ്ഞു. ഗൂഢാഗൂഢജ്ഞനും, പ്രാജ്ഞനും, പ്രാജ്ഞപ്രലാപം അറിയുന്നവനും, പ്രലാപജ്ഞനുമാണല്ലോ ധർമ്മജൻ. അദ്ദേഹം ഗൂഢാർത്ഥമായ ആ മൊഴികൾ സശ്രദ്ധം കേട്ടു."

വിദുരൻ പറഞ്ഞു: "പരബുദ്ധിയറിഞ്ഞവൻ നീതിശാസ്ത്രം പിൻതുടരും. അങ്ങനെ ബുദ്ധികൊണ്ടറിഞ്ഞ് ആപത്തൊഴിയുന്ന വിധം യഥോചിതം പ്രവർത്തിക്കണം.

ലോഹംകൊണ്ടുള്ളതല്ലാത്തതും മൂർച്ചയുള്ളതും, ദേഹം മുറിപ്പെടുത്തുന്നതുമായ ശസ്ത്രം അറിയുന്നവൻ, എതിർപ്പിനെ അറിയുന്നവൻ ശത്രുക്കളിൽനിന്നു രക്ഷപ്പെടും.1

(ഗൂഢാർത്ഥം—വാരണാവതത്തിൽ നിങ്ങൾക്കു പാർക്കുവാൻ ശത്രുക്കൾ തയ്യാറാക്കിയ ഗൃഹം ആഗ്നേയവസ്തുക്കൾ കൊണ്ടു നിർമ്മിച്ചതാണെന്നു ഗ്രഹിച്ച് കരുതലോടെയിരുന്നാൽ നിങ്ങൾക്കു ദേഹനാശം സംഭവിക്കുന്നതല്ല)

കാടും മഞ്ഞും നശിപ്പിക്കുന്നവന് കാട്ടിൽ ഗുഹകളിൽ പാർക്കുന്നവരെ ദഹിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കി പ്രവർത്തിക്കുന്നവർക്ക് ആത്മരക്ഷയുണ്ട്.2

(ഗൂഢാർത്ഥം—കക്ഷഘ്നൻ = സമീപത്തിരിക്കുന്ന ഘാതകൻ (പുരോചനൻ). ശിശിരഘ്നൻ = അഗ്നിയെക്കൊണ്ടു വധിക്കുന്നവൻ. നിങ്ങളുടെ സമീപത്തു താമസിച്ച് പുരയ്ക്കു തീവെച്ചു നിങ്ങളെ കൊല്ലുവാൻ തക്കംനോക്കുന്നവനാണ് പുരോ

digitized by www.sreyas.in

ചനൻ. ഗൃഹാന്തർഭാഗത്തുനിന്ന് തുരങ്കംവഴി നിങ്ങൾ പോയി രക്ഷപ്പെടണം.)

അന്ധൻ വഴി അറിയുകയില്ല. ദിക്കുകളെ പ്രാപിക്കുകയുമില്ല. ഭീരു ഐശ്വര്യത്തെ നേടുകയില്ല. അമ്പരന്നവനെ ഒന്നിനുംകൊള്ളില്ല. (നിങ്ങൾ വിവേകികളായി, ധീരരായി, എന്റെ വാക്ക് ഓർത്തു പ്രവർത്തിക്കണം.)3

ഗൂഢാർത്ഥം—ഗുഹയിൽ പ്രവേശിക്കുകയാണെങ്കിൽ ഗുഹയുടെ മുഖം തീകൊണ്ട് എരിയുമ്പോൾ ആവികൊണ്ടു കഷ്ടത്തിലാകുമെന്ന് നിങ്ങൾക്കു തോന്നാം. ശരിയായ വിവേകം ഉദിക്കാതെ വഴിയോ ദിക്കോ തിരിച്ചറിയുവാൻ സാധിക്കയില്ല. ഈ സന്ദർഭത്തിൽ ധൈര്യം ആവശ്യമാണ്.)

ശത്രുക്കളാൽ നല്കപ്പെട്ട അലോഹജമായ ശസ്ത്രം (ഭവനം) സ്വീകരിച്ചാൽ മുള്ളൻപന്നിയുടെ ഗൃഹംപോലുള്ള രണ്ടു ദ്വാരമുള്ളതാകണം ആ ഗുഹ. അങ്ങനെ നിങ്ങൾ തീയിൽനിന്നു രക്ഷപ്പെടണം.4

(ഗൂഢാർത്ഥം--മാർഗ്ഗവിവേചനം എങ്ങനെയെന്നു വെളിപ്പെടുത്തുന്നു. ശത്രു നല്കുന്ന ആ ഭവനത്തിൽ വസിക്കുകയാണെങ്കിൽ അതു തീപിടിക്കുമ്പോൾ നിങ്ങൾ ഗുഹാമാർഗ്ഗമായി രക്ഷപ്പെടണം. ആ ഗുഹ മുള്ളൻപന്നി വസിക്കുന്ന ഗുഹപോലെ രണ്ടു ദ്വാരമുള്ളതാകണം. അതിലൂടെ സഞ്ചരിച്ചു രക്ഷപ്പെടണം.)

നടക്കുന്നവൻ വഴി അറിയും, നക്ഷത്രങ്ങൾ ദിക്കു കാണിക്കും. പഞ്ചേന്ദ്രിയങ്ങളെ അടക്കുന്നവൻ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവരികയില്ല. 5

(ഗൂഢാർത്ഥം--ഗുഹയിൽനിന്നു പുറത്തുവരുന്ന നിങ്ങൾക്ക് വഴിയറിയുവാൻ കഴിയും. പുറത്തുവന്നാൽ നക്ഷത്രങ്ങളെ നോക്കി ദിക്കറിയണം. ദിക്കറിഞ്ഞാൽ പോകേണ്ടത് എവിടേക്കാണെന്നു മനസ്സിലാക്കണം. ഹസ്തിനാപുരിയിലേക്കു വരരുത്. ആരുമറിയാതെ ഗുഹയുണ്ടാക്കുവാൻ ഒരു വിശ്വസ്തഭൃത്യൻ നമുക്കുണ്ടാകും. ആ ഗുഹയിലൂടെ പോയി വല്ല ദേശങ്ങളിലും പാർത്തുകൊള്ളണം. അധീരരാകാതെ ജീവിക്കുന്നപക്ഷം വീണ്ടും ഐശ്വര്യമുണ്ടാകുന്നതാണ്.)

വൈശമ്പായനൻ പറഞ്ഞു: "വിദ്വൽപ്രവരനായ വിദുരൻ പറഞ്ഞതുകേട്ട് ധർമ്മരാജാവായ യുധിഷ്ഠിരൻ അദ്ദേഹത്തോടു മനസ്സിലായി എന്നുമാത്രം ഉത്തരം പറഞ്ഞു.

ഇപ്രകാരം ഉപദേശിച്ചു വലംവെച്ച്, പാണ്ഡവരോടു സമ്മതം വാങ്ങി വിദുരൻ സ്വഗൃഹത്തിലേക്കു മടങ്ങി. വിദുരനും ഭീഷ്മനും പൗരന്മാരും പിരിഞ്ഞുപോയതിന്നുശേഷം അജാതശത്രുവായ യുധിഷ്ഠിരനോട് കുന്തി ചോദിച്ചു."

കുന്തി പറഞ്ഞു: "ജനമദ്ധ്യത്തിൽവെച്ച് വിദുരൻ അസാധാരണമായവിധം ചില വാക്കുകൾ പറഞ്ഞുവല്ലോ. അതുകേട്ട് നീ 'അപ്രകാരമാകാം' എന്നു മറുപടി പറഞ്ഞതെന്താണ്? ഞങ്ങൾക്ക് അതൊന്നും തിരിഞ്ഞില്ല. ഞങ്ങൾക്കത് അറിയുന്നതിൽ വിരോധമില്ലെങ്കിൽ, ദോഷമൊന്നുമില്ലെങ്കിൽ ഞങ്ങൾക്കും അറിയണമെന്നാഗ്രഹമുണ്ട്. പറയുവാൻ വിരോധമില്ലെങ്കിൽ കേട്ടാൽ കൊള്ളാം."

യുധിഷ്ഠിരൻ പറഞ്ഞു: "ആദ്യം പറഞ്ഞത് ഗൃഹത്തിൽ തീ ഭയം ഉണ്ടാകും എന്നാണ്. ആരും കാണാത്ത വഴിക്ക് നിങ്ങൾ പോകണമെന്നാണ് പിന്നെ പറഞ്ഞത്. ധാർമ്മികനായ അദ്ദേഹം പിന്നെ പറഞ്ഞത്, ജിതേന്ദ്രിയനായി, ശാന്തനായി ജീവിച്ചാൽ വീണ്ടും ഊഴി നേടുമെന്നാണ്. ഇതിന്നുത്തരമാണ് 'എല്ലാം മനസ്സിലായി' എന്നു ഞാൻ പറഞ്ഞത്."

വൈശമ്പായനൻ പറഞ്ഞു: "ഫാൽഗുനമാസത്തിൽ എട്ടാം നാളിൽ (കുംഭമാസം 8-ാം തീയതി) രോഹിണി നക്ഷത്രത്തിൽ പാണ്ഡവന്മാർ വാരണാവതത്തിലെത്തി ജനങ്ങളെ ദർശിച്ചു."

146. ഭീമസേനയുധിഷ്ഠിരസംവാദം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ വന്നിരിക്കുന്ന വൃത്താന്തം വാരണാവതവാസികളെല്ലാവരും കേട്ടറിഞ്ഞ് ശാസ്ത്രപ്രകാരം സർവ്വമംഗളങ്ങളും കൈക്കൊണ്ട് ഉത്സാഹഭരിതരായി. പാണ്ഡവന്മാർ വന്നതുകണ്ട് ഓരോ വാഹനങ്ങളിൽ കയറി നഗരവാസികൾ ചെന്ന് അവരെ എതിരേറ്റു.

പിന്നെ വാരണാവതവാസികൾ കുന്തീപുത്രന്മാരെക്കൊണ്ട് ജയാശീർവ്വാദങ്ങൾ ചെയ്ത് ചുറ്റുംകൂടി നിരന്നു. അപ്രകാരം അവരാൽ ചുറ്റപ്പെട്ട യുധിഷ്ഠിരൻ, വാനോർ ചൂഴ്ന്നുനില്ക്കുന്ന ഇന്ദ്രനെന്നപോലെ ശോഭിച്ചു. പൗരന്മാരുടെ അഭിവാദ്യമേറ്റ്, പൗരന്മാരെ വന്ദനം ചെയ്ത്, അലങ്കരിക്കപ്പെട്ടതും ആൾത്തിരക്കുള്ളതുമായ വാരണാവതത്തിലെത്തി. ആ പുരത്തിൽ ചെന്നുകയറി വീരന്മാരായ അവർ കർമ്മനിഷ്ഠയാർന്ന്, വിപ്രന്മാരുടെ ഗൃഹങ്ങൾ ചെന്നുകണ്ടു. നഗരാധികൃതാവാസങ്ങളും രഥിഗൃഹങ്ങളും വൈശ്യശൂദ്രഗൃഹങ്ങളും ആ നരശ്രേഷ്ഠന്മാർ സന്ദർശിച്ചു. പൗരാവലികളാൽ അർപ്പിതന്മാരായി പാർത്ഥന്മാർ വിളങ്ങി.

പിന്നെ പുരോചനന്റെ അകമ്പടിയോടെ അവർ ഗൃഹത്തിൽ പ്രവേശിച്ചു. ഭക്ഷ്യപേയവിഭവങ്ങളും ശോഭയേറിയ മൃദുലശയനീയങ്ങളും ദിവ്യപീഠങ്ങളും ഭവ്യനായ പുരോചനൻ അവർക്കു നല്കി. അവന്റെ സൽക്കാരം സ്വീകരിച്ച്, ദിവ്യമായ ഉപകരണത്തോടുകൂടി, പൗരലോകാർച്ചിതന്മാരായി ആ കൗരവോത്തമന്മാർ അവിടെ വാണു. പത്തുദിവസം അങ്ങനെ പാർത്തശേഷം പുരോചനൻ, അശിവമാണെങ്കിലും 'ശിവം' എന്നു നാമകരണം ചെയ്ത ഗൃഹം കാണിച്ചു പറഞ്ഞു."

പുരോചനൻ പറഞ്ഞു: "ഈ ഗൃഹം നിങ്ങൾക്കു പാർക്കുവാൻ തയ്യാർ ചെയ്തതാണ്. ശിവമായ ഇതിൽ ഇനി പാർക്കാം. എല്ലാവിധ സുഖസൗകര്യങ്ങളും ഞാൻ രാജാജ്ഞയാൽ സജ്ജീകരിച്ചിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ആ പുരുഷർഷഭർ അതിൽ പരിവാരങ്ങളോടുകൂടി കൈലാസത്തിൽ ഗുഹ്യകരെന്നവിധം പ്രവേശിച്ചു. പുതിയ ഗൃഹം ചുറ്റിനടന്നു നോക്കി സർവ്വധർമ്മജ്ഞസമ്മതനായ യുധിഷ്ഠിരൻ ഭീമനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഭീമാ, നീ ഈ ഗൃഹം ഒന്നു പരിശോധിച്ചുനോക്കൂ. ഇതിന്റെ ഗന്ധം നെയ്യും അരക്കും ചേർന്നവിധം മണം തോന്നുന്നില്ലേ? ആഗ്നേയവസ്തുക്കൾ കൊണ്ടുണ്ടാക്കിയതാണ് ഈ ഗൃഹം സംശയമില്ല. ശണസർജ്ജരസം ചേർത്തിട്ടാണ് ഇതു പണി ചെയ്തിട്ടുള്ളത്. മുജ്ജവല്കജവംഗാദിമരങ്ങളെല്ലാം നെയ്യിൽ നനച്ച് സമർത്ഥരായ വിശ്വസ്തശില്പിഗണങ്ങളെക്കൊണ്ട് പണിയിച്ചതാണ് ഈ ഗൃഹം; സംശയമില്ല! വിശ്വസ്തരായ നമ്മളെ ചുട്ടുകളയുവാൻ ദുഷ്ടനായ ഈ പുരോചനൻ തക്കംനോക്കി ദുര്യോധനഹിതത്തിന്നുവേണ്ടി നില്ക്കുകയാണ്. മഹാബുദ്ധിമാനായ വിദുരൻ ഇതു മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹം മുൻകൂട്ടി എനിക്കു ബോധം തന്നത്. നിത്യവും നമുക്ക് ഹിതത്തിന്നായി ചിന്തിച്ചുപോരുന്നവനാണ് ആ മഹാശയൻ. ആ കനിഷ്ഠതാതൻ കനിഞ്ഞുപറഞ്ഞിട്ട് വിവരം നാം അറിഞ്ഞിരിക്കുന്നു. ദുഷ്ടനായ പുരോചനൻ, ദുര്യോധനവശൻ, കെട്ടിത്തീർത്ത ശിവാലയത്തെപ്പറ്റി വിദുരൻ മുൻകൂട്ടി ഗ്രഹിച്ചിരിക്കുന്നു."

---

1 അലോഹം നിശിതം ശസ്ത്രം ശരീരപരികർത്തനം
യോ വേത്തി ന തു തം ഘ്നന്തി പ്രതിഘാതവിദം ദ്വിഷഃ

2 കക്ഷഘ്നഃ ശിശിരഘ്നശ്ച മഹാകക്ഷേ വിലൗകസഃ
ന ദഹേദിദി ചാത്മാനം യോ രക്ഷതി സ ജീവതി.

3 നാ ചക്ഷുർവ്വേത്തി പന്ഥാനം നാ ചക്ഷുർവ്വിന്ദതേ ദിശഃ
നാ ധൃതിർഭൂതിമാപ്നോതി ബുദ്ധ്യസ്യൈവം പ്രബോധിതഃ

4 അനാപ്തൈർ ദത്തമാദത്തേ നരഃ ശസ്ത്രമലോഹജം
ശ്വാവിച്ഛരണമാസാദ്യ പ്രമുച്യേത ഹുതാശനാൽ.

5 ചരൻ മാർഗ്ഗാൻ വിജാനാതി നക്ഷത്രൈർവിന്ദതേ ദിശഃ
ആത്മനാചാത്മനഃ പഞ്ചപീഡയന്നാനുപീഡ്യതേ

digitized by www.sreyas.in

ഭീമസേനൻ പറഞ്ഞു: "ഇത് ആഗ്നേയഗൃഹമാണെന്ന് ജ്യേഷ്ഠന്നു തോന്നുന്നുണ്ടെങ്കിൽ മുമ്പേ നാം അല്പദിവസം താമസിച്ചേടത്തേക്കുതന്നെ പോകാമല്ലോ?"

യുധിഷ്ഠിരൻ പറഞ്ഞു: "നാം കരുതിയിരിക്കണം. നമ്മുടെ രൂപം കാട്ടാതെ ഇവിടെത്തന്നെ വാഴണം. പ്രമാദം പറ്റാതിരിക്കുകയും വേണം. അതിനിടയ്ക്ക് രക്ഷയ്ക്കുള്ള മാർഗ്ഗം നോക്കിക്കാണണം. നമ്മുടെ ഭാവം അറിഞ്ഞാൽ പുരോചനൻ താമസിക്കാതെ നമ്മളെ ചുട്ടുകളയും. അധർമ്മവും അവമാനവും ഒന്നും തന്നെ പേടിക്കുന്നവനല്ല പുരോചനൻ. അവൻ ദുര്യോധനന്റെ ചൊല്പടിക്കു നില്ക്കുന്നവനാണ്. നമ്മെ ചുട്ടു എന്നു കേട്ടാൽ കുരുപിതാമഹനായ ഭീഷ്മൻ കോപിക്കുകയില്ലേ? അല്ലെങ്കിൽ കോപിച്ചിട്ടെന്തു കാര്യം? പിന്നീട് പിതാമഹൻ ഇതു ധർമ്മമായോ എന്നു കോപിക്കും. മറ്റു കുരുക്കളും ഭീഷ്മനോടൊപ്പംതന്നെ കോപിച്ചേക്കും. നാം ഇപ്പോൾത്തന്നെ പേടിച്ച് ഇവിടെനിന്ന് ഓടിയാൽ ചാരന്മാരെക്കൊണ്ട് രാജ്യലുബ്ധനായ ദുര്യോധനൻ കൊല്ലിക്കും. പണംകൊടുത്തും മറ്റും ജനങ്ങളെ അവൻ പാട്ടിലാക്കും. അവന്ന് അധീനമാകും ജനങ്ങൾ. അധികാരത്തിലിരിക്കുന്നവൻ നിലയില്ലാത്തവനേയും, സഹായമുള്ളവൻ സഹായമില്ലാത്തവനേയും, ധനികൻ ദരിദ്രനേയും തീർച്ചയായും ഉപായത്തിൽ കൊല്ലിക്കും. അതുകൊണ്ട് ഈ ദുഷ്ടനായ പുരോചനനേയും ദുര്യോധനനേയും വഞ്ചിച്ച് ഗൂഢമായി അവിടേയും ഇവിടേയുമായി പാർക്കണം. നമുക്കു വേട്ടയാടി അങ്ങനെ പാർക്കാം. അങ്ങനെയായാൽ ഓടിപ്പോകുമ്പോൾ കാട്ടുവഴികൾ മനസ്സിലാക്കാൻ അതുപകരിക്കും. പിന്നെ ഒരു കാര്യം നാം ചെയ്യണം. ഭൂമിക്കടിയിൽ ഗുഹാദ്വാരമുണ്ടാക്കണം.അതിൽ പാർത്ത് ശ്വാസോച്ഛ്വാസംപോലും മന്ദമാക്കി വാഴുന്ന നമ്മെ അഗ്നി ദഹിപ്പിക്കുന്നതല്ല. അതിൽ നാം പാർക്കുന്നത് പുരോചനൻ അറിയരുത്. പൗരലോകവും അറിയരുത്. 'ശിവാലയം' എന്ന പേരുപോലെതന്നെ ഈ ആലയം ശിവമാക്കിത്തീർക്കണം."

147. ജതുഗൃഹവാസം – ഖനകന്റെ മഹാബിലനിർമ്മാണം – വൈശമ്പായനൻ പറഞ്ഞു: "വിദുരന്റെ ഇഷ്ടനും വിശ്വസ്തനുമായി സമർത്ഥനായ ഒരു ഖനകനുണ്ട്. അവൻ രഹസ്യമായി പാണ്ഡവരെക്കണ്ടു പറഞ്ഞു."

ഖനകൻ പറഞ്ഞു: "വിദുരൻ പറഞ്ഞുവിട്ട ഒരു ഖനകനാണ് ഞാൻ. പാണ്ഡവന്മാർക്കു നന്മയ്ക്കുവേണ്ടി ഞാൻ എന്താണു ചെയ്യേണ്ടത്? വിദുരൻ എന്നോട് ഗൂഢമായി ഭവാനെക്കണ്ട് എന്തു പണിയൊക്കെയാണ് പണിയേണ്ടതെന്നുവെച്ചാൽ അതൊക്കെ ചെയ്തുകൊടുക്കണമെന്നു പറഞ്ഞ് അയച്ചിരിക്കുകയാണ്. കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിയിൽ ഭവാന്റെ ഗൃഹം രാത്രി ദ്വാരംതോറും കൊള്ളിവെക്കും. അമ്മയോടൊപ്പം ശ്രേഷ്ഠന്മാരായ നിങ്ങൾ ഭവനത്തിൽ വെന്തുപോകണം എന്നാണ് ദുഷ്ടനായ ധാർത്തരാഷ്ട്രന്റെ നിശ്ചയം എന്നു ഞാൻ രഹസ്യമായി അറിഞ്ഞു. ധൃതരാഷ്ട്രരാജാവിന്റെ കല്പനപ്രകാരം നിങ്ങൾ വാരണാവതത്തിലേക്കു പുറപ്പെട്ട സമയത്ത് വിദുരൻ ഏതാണ്ട് മ്ലേച്ഛമായ ഭാഷയിൽ കുറച്ചൊക്കെ പറഞ്ഞിട്ടുണ്ട്. 'അത് അപ്രകാരം തന്നെ' എന്ന് ഭവാൻ മറുപടിയും പറഞ്ഞു. വിശ്വാസസൂചകമായി അദ്ദേഹം ഇതാണ് അടയാളവാക്യമായി പറഞ്ഞുതന്നത്."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് സത്യധീരനായ യുധിഷ്ഠിരൻ ആ ഖനകനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ! സൗമ്യാ, ഭവാൻ വിദുരന്റെ സുഹൃത്താണെന്നു ഞാൻ അറിയുന്നു. നീ ശുദ്ധമാനസനും ആപ്തനും പ്രിയനും സ്ഥിരമായ ഭക്തിയുള്ളവനുമാണ് എന്നതിൽ സംശയമില്ല. ആ കവീന്ദ്രന്ന് ഭൂതവും ഭാവിയും വർത്തമാനവും സൂക്ഷ്മമായി അറിയാം. അദ്ദേഹം ഗ്രഹിക്കാത്ത ഒരു കാര്യവുമില്ല. ആ മഹാശയനെപ്പോലെ നീയും ഞങ്ങളെപ്പറ്റി ഓർക്കണം. നീയും ഞങ്ങളുടെ ആപ്തനാണ്. ഞങ്ങൾക്കു നീയും, നിനക്കു ഞങ്ങളും ഒന്നുപോലെയാണ്. നീയും ആ കവിയെപ്പോലെ ഞങ്ങളെ പാലിക്കുക. ഈ ഭവനം ആഗ്നേയമായി നമുക്കു തീർത്തിരിക്കുന്നു. തീർച്ചയാണത്. ദുഷ്ടനായ ദുര്യോധനന്റെ കല്പനപ്രകാരമാണ് പുരോചനൻ ഈ പണി പറ്റിച്ചിരിക്കുന്നത്. കോപവാനായ ആ ദുഷ്ടദുര്യോധനന്ന് സഹായികളുണ്ട്. മഹാശഠനാണ്. അവൻ നമ്മെ ഉപദ്രവിക്കുവാൻ ചട്ടംകെട്ടിയിരിക്കുകയാണ്. ഭവാൻ അഗ്നിയിൽനിന്നു ഞങ്ങൾക്കു രക്ഷ കിട്ടുവാൻ വേണ്ട മാർഗ്ഗം ഉണ്ടാക്കിത്തരിക. ഞങ്ങൾ വെന്തു മരിച്ചാൽ ദുര്യോധനന്റെ കാര്യം സാധിക്കും. ഇത് ആ ദുഷ്ടന്റെ സമ്പൂർണ്ണായുധപ്പുരയാണ്. ചുറ്റും കെട്ടിയിട്ടുള്ള കോട്ട നോക്കൂ! അത് ഉടയ്ക്കുവാൻ വയ്യാത്തതാണ്; ഏറ്റവും ഉറച്ചതാണ്. ഇതാണ് ആ ദുഷ്ടമതി ചിന്തിക്കുന്ന അശുഭം എന്ന് വിദുരൻ മുമ്പേതന്നെ മനസ്സിലാക്കി ഞങ്ങളെ ഓർമ്മിപ്പിച്ചു. ബുദ്ധിമാനായ വിദുരൻ കണ്ട ആപത്ത് ഇതാ അടുത്തിരിക്കുന്നു. പുരോചനൻ ഗ്രഹിക്കാത്ത വിധം നീ ഞങ്ങളെ ആപത്തിൽനിന്നു രക്ഷിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഖനകൻ അപ്രകാരമാകാം എന്നേറ്റ് കിടങ്ങു പരിഷ്കരിക്കുന്നതിന്നു പോരുന്നവിധം ഒരു ഗുഹയുണ്ടാക്കി. ആ ഗൃഹത്തിന്റെ നടുവിലും ഒരു ചെറിയ ഗുഹയുണ്ടാക്കി. നിലതാനത്ത് ഒളിവിൽ വാതിലുമുണ്ടാക്കി. പുരോചനഭയത്താൽ ആ തുരങ്കം മൂടിവെച്ചു. എന്തുകൊണ്ടെന്നാൽ ആ ദുഷ്ടൻ ആ ഗുഹാദ്വാരത്തിന്റെ സമീപത്ത് ദുർവ്വിചാരത്തോടെ, ചിന്താപരനായി, ഇരിക്കുന്നത് അവർ കാണാറുണ്ട്. പാണ്ഡവന്മാർ ആയുധശാലികളായി പകലെല്ലാം വനങ്ങളിൽ വേട്ടയാടും. രാത്രിയെല്ലാം കരുതലോടെ നിർന്നിദ്രരായി കഴിച്ചുകൂട്ടുകയും ചെയ്യും. വിശ്വസ്തനെപ്പോലെ പുരോചനനാൽ വഞ്ചിക്കപ്പെട്ട അവർ സന്തുഷ്ടരെന്നവിധം അസന്തുഷ്ടരായി പരമവിസ്മിതന്മാരായി പാർത്തു. അവർ പുരോചനനെ വിശ്വസിച്ചില്ല. പുരോചനനുമായി വലിയ ഇഷ്ടത്തോടെ വാണു. സന്തോഷമില്ലെങ്കിലും സന്തോഷം നടിച്ചു. അവരുടെ ഈ നില നഗരവാസികളാരും അറിഞ്ഞില്ല. വിദുരന്റെ അമാത്യനായ ഖനകനു മാത്രം അറിയാം."

148. ജതുഗൃഹദാഹം – അരക്കില്ലം തീവെക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "ഒന്നിച്ച് ഒരാണ്ടുകാലം സസന്തോഷം അവിടെ പാർത്തപ്പോൾ അവർ വിശ്വസ്തരായി എന്നു പുരോചനൻ തീർച്ചപ്പെടുത്തി. പുരോചനന്നു സന്തോഷമായി. പുരോചനന്റെ സന്തോഷം കണ്ടപ്പോൾ യുധിഷ്ഠിരൻ ഭീമാർജ്ജുനന്മാരോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നമ്മൾ വിശ്വസ്തരായെന്ന് പാപിയായ പുരോചനൻ വിചാരിക്കുന്നു. ഈ ദുഷ്ടനെ വഞ്ചിച്ച് ഇവിടെനിന്നു പുറപ്പെടാൻ ലാക്കുനോക്കണം. ആയുധപ്പുരയും ചുട്ട് പുരോചനനേയും ചുട്ട് ഈ സ്ഥലം വിടണം. ആരുമറിയാതെ നമുക്ക് ആറുപേർക്കും ഒളിച്ചോടിക്കളയാം.

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരം അവർ തീരുമാനിച്ചു. ഒരുദിവസം കുന്തി ബ്രാഹ്മണർക്കു ദാനംചെയ്യുന്നമട്ടിൽ ഒരു സദ്യ നടത്തി. രാത്രി അതിലേക്കു പല സ്ത്രീകളും വന്നു. അവർ തിന്നും കുടിച്ചും രാത്രി കൂത്താടി. പിന്നെ കുന്തിയുടെ സമ്മതം വാങ്ങി അവർ സ്വന്തം വീടുകളിലേക്കുപോയി. ആ സദ്യയ്ക്ക് അഞ്ചുപുത്രന്മാരോടുകൂടി ഒരു വേടത്തി, കാലന്റെ കല്പനപ്രകാരം, ചോറിന്നായി വന്നുചേർന്നു. ഭക്ഷണംകഴിച്ച്, മദ്യം കുടിച്ച്, മത്തോടെ, മക്കളോടുകൂടി തളർന്ന് അവൾ ആ ഗൃഹത്തിനുള്ളിൽ തന്റേടം വിട്ട് ചത്തവിധം നിശ്ചലമായി, ബോധംവിട്ടു കിടന്നുറങ്ങി. നന്നായി കാറ്റുവീശാൻ തുടങ്ങിയ സമയത്ത്, എല്ലാവരും ഗാഢനിദ്രയിൽപ്പെട്ട സമയത്ത്, പുരോചനൻ ഉറങ്ങിക്കിടക്കുന്ന സമയം നോക്കിക്കൊണ്ട് ആ പുര കൊള്ളിവെക്കുവാൻ ഭീമൻ ചൂട്ടുകത്തിച്ചു. അരക്കില്ലത്തിന്റെ പ്രധാനദ്വാരത്തിൽ തീവെച്ചു. പിന്നെ അതിന്റെ എല്ലാ വാതിൽക്കലും കൊള്ളിവെച്ചു. പിന്നെ സർവ്വദിക്കിലും, ആ പുരയുടെ ചുറ്റും തീവെച്ചു. ആ ഗൃഹം കത്തിയാളുന്നതു കണ്ട് പാണ്ഡവന്മാർ അമ്മയോടുകൂടി തുരങ്കത്തിൽ ഇറങ്ങി. ഉടനെ തീയിന്റെ കടുത്ത ചൂടും പടർന്നു

digitized by www.sreyas.in

കത്തുന്ന പടുഘോഷവും ഉയർന്നു. പൊട്ടിത്തെറിയും ചടപടാ ശബ്ദവും കേട്ട് നാട്ടുകാർ ഉണർന്നു. പാണ്ഡവന്മാരുടെ ആ ഭവനം കത്തിക്കാളുന്നതുകണ്ട് വരണ്ട തൊണ്ടയോടെ നാട്ടുകാർ പറഞ്ഞു."

നാട്ടുകാർ പറഞ്ഞു: "ദുര്യോധനന്റെ കല്പനപ്രകാരം ദുർബുദ്ധിയായ ധൃതരാഷ്ട്രൻ തന്റെ നാശത്തിന്നുവേണ്ടി പുരോചനനെക്കൊണ്ടു പുരം പണിയിച്ചു. മന്ത്രിയെക്കൊണ്ട് ചുട്ടുകരിക്കുകയും ചെയ്തു. 'അയ്യയ്യോ! ധൃതരാഷ്ട്രന്റെ ബുദ്ധി മഹാക്രൂരംതന്നെ! നല്ലവരായ പാണ്ഡവരെ, കുട്ടികളും ശുദ്ധരുമായ പാണ്ഡവന്മാരെ, അവൻ ശത്രുക്കളെപ്പോലെ ചുട്ടുവല്ലോ!' 'ഭാഗ്യം! ആ പാപി വെന്തതു നന്നായി! വിശ്വസ്തരായ പാണ്ഡവന്മാരെ ചുട്ടെരിച്ചവനും തീയിൽപ്പെട്ടു വെന്തുപോയല്ലോ! അതാണ് ദൈവനീതി."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം നാട്ടുകാർ മുറയിട്ടു. വാരണാവതം നിലവിളികൊണ്ടു മുഴങ്ങി. രാത്രി അവർ ആ ഭവനത്തിന്നുചുറ്റും നിന്നു. പാണ്ഡവന്മാർ ഈ സന്ദർഭത്തിൽ അമ്മയോടുകൂടി ദുഃഖത്തോടെ ആ തുരങ്കം വഴി ഗൂഢമായി പുറത്തുകടന്നു. ഉറക്കമിളച്ചു ഭയപ്പെട്ട് പാണ്ഡവന്മാർ വേഗത്തിൽ നടക്കുവാൻ വയ്യാതെ അമ്മയോടുകൂടി കുഴങ്ങി. ഭീമവേഗപരാക്രമനായ ഭീമസേനൻ ഭ്രാതാക്കളേയും അമ്മയേയും എടുത്തു നടന്നു. അമ്മയെ തോളിലെടുത്ത്, ഒക്കത്ത് യമന്മാരെയുമെടുത്ത്, ധർമ്മജനെ വലംകൈയിലും അർജ്ജുനനെ ഇടംകൈയിലുമെടുത്ത് ഗതിവേഗംകൊണ്ടു മരങ്ങളെ തകർത്തും, കാലുകൊണ്ടു ഭൂമി കുലുക്കിയും, വായുവേഗത്തോടെ വായുപുത്രനായ വൃകോദരൻ നടന്നു."

149. പാണ്ഡവന്മാരുടെ ഗംഗോത്തരണം – വൈശമ്പായനൻ പറഞ്ഞു: "ഈ സമയത്ത് താൻ മുമ്പെ കണ്ടവിധം തന്നെ വിദ്വാനായ വിദുരൻ കാട്ടിലേക്ക് വിശ്വസ്തഭൃത്യനെ വിട്ടു. അവൻ ഉദ്ദേശിച്ചവിധം കാട്ടിൽ പോയി പാർത്ഥരെ കണ്ടു. അമ്മയോടുകൂടി അവർ ആറ്റിലേക്ക് വെള്ളം എത്രയുണ്ടെന്നു നോക്കുവാൻ എത്തുമെന്ന് വിദുരൻ മുമ്പേതന്നെ ഉദ്ദേശിച്ചിരുന്നു. അവിടെ ചെന്നപ്പോൾ വിദുരൻ അയച്ച ദൂതൻ അവരെ വിചാരിച്ചമട്ടിൽ ത്തന്നെ കണ്ടെത്തി. എന്നുതന്നെയല്ല ആ ദുഷ്ടന്മാർ ഇനി എന്തു ചെയ്യുമെന്നുള്ളതും ഊഹിച്ചറിഞ്ഞു. അതുകൊണ്ട് വിദുരൻ പറഞ്ഞുവിട്ട ആൾ പാർത്ഥരെക്കണ്ട് പായകെട്ടിയ വഞ്ചി കാണിച്ചുകൊടുത്തു. ശുഭമായ ഭാഗീരഥിയിൽ വിശ്വസ്തരായ നാവികരോടുകൂടിയ, വായുവേഗത്തിലുള്ള വഞ്ചി കണ്ട് പാണ്ഡവന്മാർ അത്ഭുതപ്പെട്ടു. അദ്ദേഹം യുധിഷ്ഠിരനെ സമീപിച്ചു പറഞ്ഞു."

ദൂതൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ, വിദുരൻ പറഞ്ഞയച്ചവനാണ് ഞാൻ. ശങ്കിക്കേണ്ടതില്ല. അടയാളവാക്യം പറഞ്ഞാൽ ഭവാനു ബോദ്ധ്യമാകും.

* കക്ഷഘ്നഃ ശിശിരഘ്നശ്ച മഹാകക്ഷേ വിലൗകസഃ
ന ദഹേദിതി ചാത്മാനാം യോ രക്ഷതി സ ജീവതി.'

ഈ അടയാളംകൊണ്ടറിയുക, ഞാൻ അദ്ദേഹം ചൊല്ലിവിട്ടവനാണെന്ന്. പിന്നേയും ധർമ്മവിത്തമനായ വിദുരൻ എന്നോട് ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "കർണ്ണനേയും അനുജനോടുകൂടിയ ദുര്യോധനനേയും ശകുനിയേയും ഭവാൻ വെല്ലും; തീർച്ചയാണ്. വെള്ളത്തിൽ സുഖമായി ഈ വഞ്ചി പായും. നിങ്ങളെയെല്ലാവരേയും ഇതു ദൂരെ കൊണ്ടുവിടും."

വൈശമ്പായനൻ പറഞ്ഞു: "അമ്മയോടുകൂടി ദുഃഖത്തിൽപ്പെട്ടുനിൽക്കുന്ന അവരെ തോണിയിൽക്കയറ്റി യാത്രയായപ്പോൾ അവൻ പറഞ്ഞു: 'വിദുരൻ മനസാ നിങ്ങളെ ആശ്ലേഷിച്ച് ശിരസ്സിൽ ഘ്രാണിച്ച് നിങ്ങളുടെ യാത്രയ്ക്കു മംഗളമോതുന്നു' എന്ന് വിദുരസന്ദേശം ഉണർത്തിച്ചു. അങ്ങനെ അവരെ അവൻ ഗംഗയുടെ അക്കരയ്ക്ക് എത്തിച്ചു. ഗംഗാനദിയുടെ മറുകരയിൽ അവർ അടുത്തു. വിജയാശീർവാദം നല്കി അവൻ വന്നവഴിക്കു പോകുവാൻ ഭാവിക്കുമ്പോൾ പാണ്ഡവർ വിദുരനെ അറിയിക്കുവാൻ പ്രതിസന്ദേശം പറഞ്ഞു. ഹൃദയംഗമമായ ആ സന്ദേശവും കേട്ടുകൊണ്ട് അവൻ തിരിച്ചു. ഗംഗാനദി കടന്നിട്ട് ഗൂഢചാരികളായ അവർ നടന്നു."

150. പാണ്ഡവവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ നേരം പ്രഭാതമായപ്പോൾ ആ പുരവാസികൾ ഒന്നിച്ച് പാണ്ഡുപുത്രരെ നോക്കുവാൻ വന്നുകൂടി. പണിപ്പെട്ട് തീ കെടുത്തി അവർ അവിടെ നോക്കിയപ്പോൾ അരക്കില്ലം വെന്തതും പുരോചനൻ എരിഞ്ഞതും കണ്ടു! പാണ്ഡവന്മാർ മുടിയുവാൻ ദുര്യോധനൻ പറ്റിച്ച പണിയാണിതെന്ന് നാട്ടുകാർ ഉച്ചത്തിൽ ആക്രോശിച്ചു."

നാട്ടുകാർ പറഞ്ഞു: "ഈ ചതിയിൽ ധൃതരാഷ്ട്രന്നു പങ്കുണ്ട്; സംശയമില്ല. ദുര്യോധനന്റെ ഗൂഢാലോചനയുടെ പണിയാണിത്. രാജാവ് അവനെ ഈ ക്രൂരകർമ്മത്തിൽനിന്നു തടുത്തില്ല. ഇതിൽ ഭീഷ്മൻപോലും ധർമ്മം നോക്കുന്നില്ല. ദ്രോണനും കൃപനും, വിദുരനും, മറ്റു കൗരവമുഖ്യന്മാരും ധർമ്മം നോക്കുന്നില്ലല്ലോ! നമ്മൾ ഉടനെ പോയി ഈ വർത്തമാനം ദുഷ്ടനായ ധൃതരാഷ്ട്രനെ അറിയിക്കണം. 'ഭവാന്റെ മോഹം സാധിച്ചു. പാണ്ഡുപുത്രരെ ഭവാൻ ചുട്ടെരിച്ചു എന്ന്.'"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരെ കണ്ടെത്തുവാൻ അവർ വീണ്ടും തീ കെടുത്തി. അപ്പോൾ അഞ്ചുമക്കളോടുകൂടി വെന്തു കിടക്കുന്ന സാധുനിഷാദിയെക്കണ്ടു. എന്നാൽ ആ ഗൃഹം പിന്നെയും പരിശോധിക്കുക എന്നുപറഞ്ഞ് നാട്ടുകാരെ വിട്ട് അവർ പരിശോധിക്കുന്നതിന്നിടയ്ക്ക് ഖനകൻ ആരുമറിയാതെ ആ ഗുഹ മണ്ണിട്ടു മൂടി. നഗരവാസികൾ ഉടനെ പോയി വിവരം ധൃതരാഷ്ട്രനെ അറിയിച്ചു."

നാട്ടുകാർ പറഞ്ഞു: "പാണ്ഡവരെല്ലാം അമ്മയോടുകൂടി തീയിൽ വെന്തു വെണ്ണീറായി. പുരോചനനും വെന്തു."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രരാജാവ് അപ്രിയമായ ഈ വാക്കുകേട്ട് പാണ്ഡുപുത്രക്ഷയംമൂലം വിലപിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എന്റെ അനുജൻ പേർകേട്ട പാണ്ഡു, വീണ്ടും മരിച്ചു! അമ്മയോടൊത്ത് ആ വീരന്മാർ വെന്തതിൽ എന്റെ അനുജൻ മരിച്ചുപോയ ദുഃഖം ഇപ്പോൾ ഉണ്ടായിരിക്കുന്നു. ഉടനെ ആൾക്കാർ വാരണാവതത്തിലേക്കു പോകട്ടെ! ആ വീരന്മാരേയും കുന്തിയേയും സംസ്കരിക്കട്ടെ! അവരുടെ ശുഭമായ അസ്ഥികളൊക്കെ സംസ്കരിക്കട്ടെ! മരിച്ചുപോയവരുടെ ബന്ധുക്കളൊക്കെ അങ്ങോട്ടുപോകട്ടെ! ഈ നിലയ്ക്കു വേണ്ടുന്നതെല്ലാം ഇന്നു ചെയ്യണം. കുന്തിക്കും പാണ്ഡവർക്കും യഥായോഗ്യം വേണ്ടുന്നതൊക്കെ ചെയ്യുക!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ജ്ഞാതികളോടുകൂടി ധൃതരാഷ്ട്രൻ പാണ്ഡവർക്ക് വിധിപോലെ ഉദകക്രിയ ചെയ്തു. എല്ലാവരും കത്തിയെരിയുന്ന ഹൃദയത്തോടെ കരഞ്ഞു: 'ഹാ! ഹാ! യുധിഷ്ഠിരാ! ഹാ! ഹാ! ഭീമാ!' എന്ന് വിലാപശബ്ദം മാറ്റൊലിക്കൊണ്ടു. 'ഹാ ഹാ! ഫൽഗുനാ! ഹാ! ഹാ! നകുലസഹദേവന്മാരേ!' എന്ന് അവിടെയൊക്കെ വിലാപശബ്ദം മുഴങ്ങി. മറ്റുള്ള പൗരന്മാരും പാണ്ഡവന്മാരെക്കുറിച്ച് വ്യസനിച്ചു. വിദുരൻ അല്പമായേ കേണുള്ളു. അവന് എല്ലാം അറിയാമായിരുന്നല്ലോ.

പാണ്ഡുപുത്രന്മാർ വാരണാവതം വിട്ടുപോന്ന് അമ്മയോടൊത്ത് നദി കടന്ന് അക്കരെയെത്തി. ഉടനെ വഞ്ചിവിട്ടിറങ്ങി തെക്കോട്ടു നടന്നു. രാത്രി നക്ഷത്രവും നോക്കി വഴി കണ്ടുപിടിച്ച് പാടുപെട്ടു കൊടിയകാട്ടിൽ പ്രവേശിച്ചു. തളർന്നും, ദാഹിച്ചും, ഉറക്കം വന്നും വലഞ്ഞ് യുധിഷ്ഠിരൻ ഭീമവീര്യനായ ഭീമനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഇതിലും കഷ്ടമായി എന്തുണ്ട് സംഭവിക്കുവാൻ? ഈ ഭീഷണമായ കാട്ടിൽ ദിക്കറിയാതെ അല

* അർത്ഥം 168-ാം പേജിൽ കൊടുത്തിട്ടുണ്ട്.

digitized by www.sreyas.in

ഞ്ഞുനടക്കേണ്ടതായി വന്നുകൂടി! നടക്കുവാൻ ശക്തിയില്ലാതായി. പാപിയായ പുരോചനൻ വെന്തുപോയോ എന്നും അറിയുന്നില്ല. ഒളിച്ചുപോകുന്ന നമ്മൾക്ക് എങ്ങനെ ഈ ഭയം തീരും? ഇനിയും ഞങ്ങളെ ചുമന്ന് നീ നടക്കുക ഭീമാ! ഈയുള്ളവരിൽവെച്ച് ബലവാൻ നീയാണല്ലോ. നീ വായുതുല്യം ബലവാനല്ലേ?"

വൈശമ്പായനൻ പറഞ്ഞു: "എന്ന് ധർമ്മപുത്രൻ പറഞ്ഞപ്പോൾ വായുപുത്രൻ ഭ്രാതാക്കളേയും അമ്മയേയും എടുത്തു നടന്നു."

151. ഭീമജലാഹരണം - ഭീമവിഷാദവും, ദുര്യോധനനോടുള്ള അവന്റെ രോഷവും - വൈശമ്പായനൻ പറഞ്ഞു: "ഭീമൻ ഊക്കോടെ നടക്കുമ്പോൾ തുടയുടെ വേഗം കൊണ്ടുണ്ടാകുന്ന കാറ്റിൽ കൊമ്പുകൾ ഉലയുന്ന വൃക്ഷത്തോടുകൂടിയ കൊടുംകാടു കുലുങ്ങി. കണങ്കാലിന്റെ വേഗത്താലുണ്ടായ കാറ്റിൽ ലതകൾ ഉലഞ്ഞു. ഭീമൻ പോകുന്ന ദിക്കിൽ വഴി നിർമ്മിക്കപ്പെട്ടു. പൂത്തും കായ്ച്ചും നില്ക്കുന്ന മരങ്ങളെ അവൻ മർദ്ദിച്ചു. ഗുല്മങ്ങൾ പുഴക്കി മറിച്ച് അവൻ നടന്നു. വൃക്ഷങ്ങൾ തകർത്തു നടക്കുന്ന മത്തേഭനെപ്പോലെ ഭീമൻ ആ കാട്ടിൽ നടന്നു. ഗരുഡന്റെ വേഗതയോടെ അവൻ സഞ്ചരിക്കുമ്പോൾ മറ്റുള്ള പാണ്ഡവന്മാർക്കു മൂർച്ഛ ബാധിച്ചപോലെയായി. പലപാടും വീതികൂടിയ ചോല നീന്തിക്കടന്ന് ഒളിവായ മാർഗ്ഗങ്ങളിൽക്കൂടി ധാർത്തരാഷ്ട്രന്മാരെ പേടിച്ചു നടന്നു. സൗകുമാര്യമാർന്ന അമ്മയെ കുന്നിലും കുണ്ടിലും പണിപ്പെട്ട് എടുത്ത്, ഫലം, മൂലം, വെള്ളം ഇവയില്ലാത്തതും ക്രൂരപക്ഷികൾ നിറഞ്ഞതുമായ ഒരു കാട്ടിൽ സന്ധ്യയോടുകൂടി എത്തി. സന്ധ്യ മഹാഭീഷണമായി. പക്ഷികൾ മഹാഘോരങ്ങൾ! ദിക്കൊന്നും കാണാത്ത മട്ടിൽ ഇരുണ്ടു! കാറ്റ് ഉഗ്രമായി വീശുന്നു. ഇലയും കായ്കളും വീഴുന്ന ഘോരശബ്ദം കേൾക്കാം! വള്ളിക്കുടിൽപോലെ വൃക്ഷം തള്ളിച്ചാഞ്ഞുകിടക്കുന്നു. ഈ ഘോരാരണ്യത്തിൽ പാണ്ഡവന്മാർ ദാഹിച്ചു തളർന്ന് എത്തി. നടക്കുവാൻ വയ്യാതായി. ഉറക്കവും വന്നു. വെള്ളവും ഭക്ഷണവും കിട്ടാതെ അവശരായി. മക്കൾ കുന്തിയുടെ ചുറ്റും ഇരുന്നു. ദാഹിച്ചു തളരുന്ന കുന്തി മക്കളോടു പറഞ്ഞു."

കുന്തി പറഞ്ഞു: "ഞാൻ പാണ്ഡവന്മാരുടെ അമ്മയാണ്. അവരുടെ മദ്ധ്യത്തിലായിരുന്നിട്ടുകൂടി എനിക്കു ദാഹിച്ചു പൊരിയേണ്ടിയിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "കുന്തി മക്കളോട് ഇങ്ങനെ പലവട്ടം പറഞ്ഞു. അമ്മ പറഞ്ഞതുകേട്ട് മാതൃസ്നേഹം മൂലം ഭീമൻ എഴുന്നേറ്റു. കാരുണ്യംകൊണ്ട് ഉള്ളു ചുട്ട് അവൻ പോകുവാൻ ഒരുങ്ങി. പിന്നെ ഭീമൻ ഘോരവും ശൂന്യവുമായ കാട്ടിൽ പരന്നുനില്ക്കുന്ന രമ്യമായ ഒരു പേരാലു കണ്ടു. അവിടെ അവരെ കൊണ്ടുപോയിറക്കി അവൻ പറഞ്ഞു."

ഭീമൻ പറഞ്ഞു: "നിങ്ങൾ ഇവിടെ ഇരുന്നു വിശ്രമിക്കുക. ഞാൻ പോയി വെള്ളം അന്വേഷിക്കട്ടെ. ഇതാ, ജലപക്ഷികളായ ഹംസങ്ങൾ മധുരമായി കൂകുന്നു. അവിടെ ധാരാളം വെള്ളമുണ്ടാകുമെന്ന് എനിക്കു തോന്നുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ യുധിഷ്ഠിരൻ ഭീമനെ വെള്ളം കൊണ്ടുവരുവാൻ വിട്ടു. അവൻ ജലപക്ഷികളെക്കണ്ടു നടന്നു. വെള്ളം കണ്ടെത്തി. അവിടെ ഇറങ്ങി. ആ ജലാശയത്തിൽ കുളിച്ച് വെള്ളം കുടിച്ച്, ഭ്രാതാക്കൾക്കുവേണ്ടി ഉത്തരീയം മുക്കി വെള്ളവുംകൊണ്ടു പോന്നു. വെള്ളവുമായി രണ്ടുവിളിപ്പാട് ദൂരെ നിന്നെത്തി, സോദരന്മാരുടെ സന്നിധിയിലെത്തി, സർപ്പത്തെപ്പോലെ ഒന്നു നിശ്വസിച്ചു. അമ്മയും ഭ്രാതാക്കളും മണ്ണിൽ ക്കിടന്നുറങ്ങുന്നതു കണ്ടു സങ്കടപ്പെട്ട് ഭീമൻ വിലപിച്ചു."

ഭീമൻ പറഞ്ഞു: "ഇതിലും വലിയ കഷ്ടം എന്താണു ഞാൻ കാണേണ്ടത്? മണ്ണിൽ കിടക്കുന്ന ഭ്രാതാക്കന്മാരെയല്ലേ പാപിയായ ഞാൻ കാണുന്നത്? പട്ടുമെത്തയിൽപ്പോലും മുമ്പ് വാരണാവതത്തിൽ കിടന്നാൽ ഉറക്കംവരാത്തവർ വെറും നിലത്തു കിടന്ന് ഉറങ്ങുന്നു! വൈരിവർഗ്ഗത്തെ മുടിക്കുന്ന വസുദേവന്റെ സഹോദരി, കുന്തിഭോജന്റെ പുത്രി, ലക്ഷണയുക്തയായ കുന്തി! വിചിത്രവീര്യന്റെ സ്നുഷ, പാണ്ഡുരാജാവിന്റെ വല്ലഭ, ഈ ഞങ്ങളെപ്പെറ്റ മാതാവ്, പുണ്ഡരീകപ്രഭയായ സുകുമാരാംഗി, പട്ടുമെത്തയിൽ പള്ളികൊള്ളുന്ന രാജ്ഞി! ഹാ! കഷ്ടം! ധർമ്മരാജാവ്, ഇന്ദ്രൻ, വായു ഇവരിൽനിന്നു മൂന്നുമക്കളെ നേടിയ വീരമാതാവ് എവിടെയാണീ കിടക്കുന്നത്? വെറും മണ്ണിൽ! ഇതിലും വലുതായ ദുഃഖം ഞാൻ എന്താണു കാണേണ്ടത്? മണ്ണിൽക്കിടന്ന് മനുജവ്യാഘ്രരായ എന്റെ സോദരന്മാരും ഉറങ്ങുന്നു!

മൂന്നു ലോകത്തിന്നും അർഹനും ധർമ്മനിത്യനുമായ ധർമ്മജൻ പ്രാകൃതന്മാരെപ്പോലെ വെറും നിലത്തു കിടക്കുന്നു! കാർവർണ്ണനും മർത്ത്യരിൽ എതിരില്ലാത്തവനുമായ അർജ്ജുനൻ വെറും നിലത്തു കിടക്കുന്നു! വാനോരിൽ അശ്വിനീദേവകൾ പോലെയുള്ള സുന്ദരന്മാരായ നകുലസഹദേവന്മാർ പ്രാകൃതരെപ്പോലെ മണ്ണിൽ കിടക്കുന്നു!

കുലപാംസനന്മാരും ദുഷ്ടന്മാരുമായ ദായാദന്മാർ ഇല്ലാത്തവൻ ലോകത്തിൽ സുഖമായി ഗ്രാമത്തിലെ ഏകവൃക്ഷം പോലെ വാഴുന്നു. ഗ്രാമത്തിൽ ഒരു മരംമാത്രം ഇലയും കായുമായി പരിപുഷ്ടമായി നില്ക്കുമ്പോൾ വേറെ മരങ്ങൾ അത്തരത്തിലില്ലെങ്കിൽ അതിനെ ആരാധനാസ്ഥലംപോലെ ജനങ്ങൾ വന്ദിക്കും. അവർക്ക് ആപത്തില്ല. ധർമ്മത്തോടെ ജീവിക്കുന്ന ശൂരന്മാരായ ജ്ഞാതികളുള്ളവർ, ലോകത്തിൽ ആമയംകൂടാതെ സുഖമായി വാഴുന്നു. ബലവാന്മാരും അർത്ഥസമൃദ്ധിയുള്ളവരുമായ മിത്രബാന്ധവരോടു കൂടിയവർ തമ്മിൽ കൈകോർത്തു സുഖമായി, കാട്ടുവൃക്ഷങ്ങൾ തമ്മിൽ കോർത്തപോലെ, സംഘടിച്ചു സുഖമായി വാഴുന്നു. ഞങ്ങളാകട്ടെ മക്കളോടുകൂടിയ ദുഷ്ടനായ ധൃതരാഷ്ട്രനാൽ അകറ്റപ്പെട്ടു. അവൻ കല്പിച്ചെങ്കിലും ഭാഗ്യത്താൽ ഞങ്ങൾ വെന്തുപോയില്ല. ഞങ്ങൾ അഗ്നിയിൽ നിന്നു രക്ഷപ്പെട്ട് ഇപ്പോൾ വൃക്ഷച്ചുവട്ടിലായി. കനത്ത ഈ ക്ലേശവും ഭാരവുമേന്തി ഞങ്ങൾ ഇനി എങ്ങോട്ടു പോകും? ഹേ, ദുഷ്ടാ! ധാർത്തരാഷ്ട്രാ! നീ സകാമനായി വാഴുക. ഹേ ജലപ്രഭോ! നിനക്കു ദൈവം തുണനില്ക്കട്ടെ! നിങ്ങളെ കൊല്ലുവാൻ യുധിഷ്ഠിരൻ അനുവാദം തന്നില്ല. തന്നിരുന്നെങ്കിൽ നീ ജീവിക്കില്ലായിരുന്നു ദുഷ്ടാ! പുത്രാമാതൃരോടും കർണ്ണസൗബലരോടുംകൂടിച്ചേർന്ന നിന്നെ കോപത്തോടെ ഞാൻ കൊന്നൊടുക്കും. ഞാൻ എന്തുചെയ്യും? എന്റെ ജ്യേഷ്ഠൻ, ധർമ്മശീലനായ നൃപശ്രേഷ്ഠൻ, നിന്നിൽ ചൊടിക്കുന്നില്ലല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് മഹാബാഹുവായ ഭീമൻ കോപസംദീപ്തചിത്തനായി കൈകൊണ്ട് കൈതിരുമ്മി, മാലോടെ നെടുവീർപ്പിട്ട് വീണ്ടും ദീനമനസ്സായി, ജ്വാലകെട്ട അഗ്നി പെട്ടെന്നു വീണ്ടും ജ്വലിക്കുന്നപോലെ, നിലത്തു കിടന്നുറങ്ങുന്ന ഭ്രാതാക്കന്മാരെ നോക്കി. സാധാരണ ജനങ്ങളെപ്പോലെ അവർ നിശ്ശങ്കം ഉറങ്ങുന്നതു കണ്ടപ്പോൾ ഭീമൻ ചിന്തിച്ചു: 'ഈ കാട്ടിൽ നിന്ന് അത്ര ദൂരത്തല്ല നഗരം എന്നു തോന്നുന്നു. ഞാൻ ഉണർന്നിരുന്ന് ഇവരെ കാക്കാം. ഉറക്കംകഴിഞ്ഞ് എഴുന്നേല്ക്കുമ്പോൾ ഇവർ ഞാൻ കൊണ്ടുവന്ന വെള്ളം കുടിച്ചു ക്ഷീണം തീർത്തുകൊള്ളട്ടെ.' എന്നു ചിന്തിച്ച് ഭീമൻ ഉറക്കമിളച്ച് ഉറങ്ങുന്ന അമ്മയേയും ഭ്രാതാക്കളേയും കാത്തുകൊണ്ട് തനിയേ ഇരുന്നു."

ഹിഡിംബവധപർവ്വം

152. ഭീമഹിഡിംബിസംവാദം - വൈശമ്പായനൻ പറഞ്ഞു: "അവർ അവിടെ കിടക്കുമ്പോൾ ഹിഡിംബൻ എന്നു പേരായ ഒരു ഘോരരാക്ഷസൻ ആ വനത്തിൽനിന്ന് അധികം ദൂരത്തല്ലാതെ, ഒരു ആൽമരത്തിന്മേൽ ഇരിക്കുന്നുണ്ടായിരുന്നു. ക്രൂരനായ അവന്റെ ആകൃതി കണ്ടാൽ ഏതു ധീരനും ഞെട്ടിപ്പോകും. മഴക്കാറുപോലെ കറുത്ത ഭീകരമായ ശരീരം, തുറിച്ച മഞ്ഞക്കണ്ണ്, നീണ്ട ദംഷ്ട്രങ്ങൾ, ഘോരമായ മുഖം, ചെമ്പൻതാടിയും തലയും, തൂങ്ങിയ വയർ, ഇങ്ങനെയുള്ള ഒരു വികൃതസത്വം.

digitized by www.sreyas.in

ആകൃതിപോലെതന്നെ ക്രൂരനും, മനുഷ്യരെ തിന്നുന്നവനും, മഹാവീര്യപരാക്രമനും, മരത്തിന്റെ കവരംപോലെയുള്ള തോളോടുകൂടിയവനും, ചെവി കൂർത്തവനും, മാംസാന്വേഷിയും, കരാളാകൃതിയും ആയിരുന്ന അവൻ വിശന്നിരിക്കുകയായിരുന്നു. യദൃച്ഛയാ വീരന്മാരായ പാണ്ഡുപുത്രരെ ആ നരമാംസപ്രിയൻ കണ്ടു. ഭയങ്കരനും മഹാശക്തനുമായ ഹിഡിംബൻ ഉടനെ വിരൽ പൊക്കി ചെമ്പൻതലമുടി ചൊറിഞ്ഞ്, ആ പെരുംവായ തുറന്നു കോട്ടുവായിട്ട് അവരെ നോക്കി നിന്നു. മനുഷ്യമാംസക്കൊതിയനും മഹാകായനും മഹാബലനുമായ അവൻ ദംഷ്ട്രം പുറത്തുകാട്ടുന്ന മുഖത്തോടെ മനുഷ്യമാംസഗന്ധം ശ്വസിച്ച്, തലമുടിയാട്ടിപ്പറപ്പിച്ച് തന്റെ സഹോദരിയെ വിളിച്ച്, ഇപ്രകാരം പറഞ്ഞു."

ഹിഡിംബൻ പറഞ്ഞു: "സഹോദരീ, വളരെ നാളായി എനിക്ക് ഇഷ്ടഭോജനം കിട്ടിയിട്ട്. ഇപ്പോൾ കണ്ടെത്തി. എന്റെ നാക്കത്തു വെള്ളം ഊറുന്നു. നാവു കിടന്നുരുളുന്നു. കൂർത്ത ദംഷ്ട്രകൾ എട്ടും മൃദുവായ മാംസത്തിൽ കോർത്ത് മർത്ത്യന്റെ ദേഹത്തിൽ താഴ്ത്തും. മനുഷ്യന്റെ കഴുത്തറുത്ത് ഞരമ്പുപൊട്ടിച്ച് പതഞ്ഞുപൊങ്ങുന്ന പുതുരക്തം കുടിക്കും. നീ പോയി അവിടെ കിടന്നുറങ്ങുന്നവർ ആരാണെന്ന് അന്വേഷിച്ചു വരൂ. മനുഷ്യഗന്ധം എന്തൊരു സുഖമാണെനിക്കു തരുന്നത്! ഈ മനുഷ്യരെയൊക്കെ കൊന്ന് നീ ഇങ്ങോട്ടു കൊണ്ടുവരിക. നമ്മൾ വാഴുന്ന രാജ്യത്ത് കിടന്നുറങ്ങുന്ന അവരെപ്പറ്റി ഭയപ്പെടേണ്ട. ഈ മനുഷ്യരുടെ മാംസം ഉരിഞ്ഞെടുത്ത് നമുക്ക് ഇഷ്ടംപോലെ ഒന്നിച്ചിരുന്ന് ഉടനെ തിന്നാം. ഞാൻ പറഞ്ഞപോലെ ചെയ്യുക! യഥേഷ്ടം മർത്ത്യമാംസം തിന്ന് സുഖമായി നമുക്കു താളത്തിനൊത്ത് പലവിധം നൃത്തംവെക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഹിഡിംബൻ ഇപ്രകാരം പറഞ്ഞപ്പോൾ ഹിഡിംബി ഭ്രാതാവിന്റെ കല്പന അനുസരിച്ച് പാണ്ഡവന്മാരുടെ അരികിലേക്കു ചെന്നു. ജനമേജയരാജാവേ, അവൾ കുന്തിയോടുകൂടി കിടക്കുന്ന പാണ്ഡവന്മാരെ കണ്ടു. ഉറങ്ങുന്ന അവരേയും കാത്തിരിക്കുന്ന ഭീമനേയും കണ്ടു.

വൻമരംപോലെ ഉയർന്നവനും കാമകോമളനുമായ ഭീമനെ കണ്ട മാത്രയിൽ ഓമനിക്കത്തക്ക സൗന്ദര്യസമ്പത്തുള്ള അവനിൽ ആ രാക്ഷസിക്ക് കാമവികാരമുണ്ടായി. അവൾ വിചാരിച്ചു: "ശ്യാമനായ ഇവൻ യുവാവാണ്. മഹാബാഹുവും സിംഹസ്കന്ധനും മഹാപ്രഭനുമാണ്. കംബുകണ്ഠനും പുഷ്കരാക്ഷനുമായ ഇവനെ എന്റെ ഭർത്താവാക്കാൻ കഴിഞ്ഞെങ്കിൽ! ഇവൻ എനിക്കനുരൂപനായ ഭർത്താവാണ്. സഹോദരൻ പറഞ്ഞപ്രകാരം ക്രൂരമായ വാക്കുകളൊന്നും ഞാൻ പറയുകയില്ല. ക്രൂരധർമ്മം ഇവനിൽ പാടില്ല. ഞാൻ ഇവനെ ഉപദ്രവിക്കുകയുമില്ല. ഭർത്തൃസ്നേഹത്തിന് ഭ്രാതൃസ്നേഹത്തേക്കാൾ ശക്തികൂടും. മുഹൂർത്തസമയം സോദരനും എനിക്കും രസമായേക്കാം. ഇവനെ കൊല്ലാതിരുന്നാലോ ഏറെക്കാലം എനിക്ക് സുഖിക്കാം." ഇപ്രകാരം വിചാരിച്ച് കാമരൂപിണിയായ അവൾ മനുഷ്യരൂപം കൈക്കൊണ്ടു. കൈയൂക്കു പെരുത്തവനായ ഭീമന്റെ അരികിലേക്ക് അവൾ മന്ദം മന്ദം ചെന്നു. സ്ത്രീസഹജമായ ലജ്ജ പൂണ്ട്, ദിവ്യാഭരണങ്ങൾ അണിഞ്ഞ്, പുഞ്ചിരിക്കൊഞ്ചലോടെ, ഗജഗാമിനിയായി അവൾ അടുത്തുചെന്ന് മധുരമായി കൊഞ്ചി ഭീമനോടു പറഞ്ഞു."

ഹിഡിംബി പറഞ്ഞു: "ഹേ നരർഷഭാ! ഭവാൻ ആരാണ്? എവിടെനിന്ന് ഇവിടെ എത്തി? ശ്യാമയും, സുന്ദരിയും, തടിച്ചവളും, ദേവരൂപിണിയുമായ ഈ കിടക്കുന്നവൾ ആരാണ്? ഇവൾ കാട്ടിൽ സ്വന്തം വീട്ടിലെന്നവിധം സുഖമായി വിശ്വാസത്തോടെ കിടക്കുന്നുവല്ലോ. ഇവൾ ഈ കാട് രാക്ഷസന്മാരുടെ വിഹാരരംഗമാണെന്നറിയുന്നില്ല. ഈ കാട്ടിലാണ് ദുഷ്ടരാക്ഷസനായ ഹിഡിംബൻ പാർക്കുന്നത്. എന്റെ ജ്യേഷ്ഠനാണ് അവൻ. നിങ്ങളുടെ മാംസം തിന്നുവാനുള്ള ആശകൊണ്ട് എന്നെ ഇങ്ങോട്ടു പറഞ്ഞയച്ചിരിക്കുകയാണ്. സാക്ഷാൽ ദേവകുമാരനെപ്പോലെ സുന്ദരനായ ഭവാനെ കണ്ടതോടെ അന്യനെ ഭർത്താവാക്കുവാനുള്ള എന്റെ ആഗ്രഹം അസ്തമിച്ചു. സത്യമാണു പറയുന്നത്. ഹേ ധർമ്മജ്ഞാ! സ്ത്രീധർമ്മവും പുരുഷധർമ്മവും അങ്ങയ്ക്കറിയാം. അതറിഞ്ഞ് ഭവാൻ വേണ്ടതു ചെയ്താലും. കാമമോഹിതയായി ഭവാനെ ആശ്രയിക്കുന്ന എന്നെ നീ സ്വീകരിച്ചാലും. മർത്ത്യരെ തിന്നുന്ന മഹാരാക്ഷസനിൽനിന്ന് ഞാൻ നിങ്ങളെ രക്ഷിക്കാം. അങ്ങ് ഗിരിദുർഗ്ഗം വാഴുന്ന എന്റെ ഭർത്താവാകണം. ഇഷ്ടമുള്ള വിധം എനിക്ക് ആകാശത്തും മറ്റെവിടെയെങ്കിലും സഞ്ചരിക്കാം. എന്നോടുകൂടി ഇഷ്ടമുള്ള ദിക്കിൽ സഞ്ചരിച്ച് അതുല്യമായ പ്രീതിയോടെ ആനന്ദം അനുഭവിച്ചാലും!"

ഭീമസേനൻ പറഞ്ഞു: "ഉറങ്ങിക്കിടക്കുന്ന അമ്മയേയും ജ്യേഷ്ഠനേയും ശക്തനായ ഏതൊരു പുമാനാണ് ഉപേക്ഷിച്ചു പോവുക? രാക്ഷസി, ഉറങ്ങുന്ന സോദരന്മാരെ രാക്ഷസന്മാർക്കു തിന്നുവാൻ വിട്ടുകൊടുത്ത് അമ്മയേയും കാട്ടിൽ ഉപേക്ഷിച്ച് സ്മരാർത്തി പിടിപെട്ടവനായിത്തീരുന്ന കൂട്ടത്തിലാണോ ഞാൻ?"

രാക്ഷസി പറഞ്ഞു: "നിനക്ക് ഇഷ്ടം എന്തോ, അതു ചെയ്യാം. അവരെ ഉണർത്തുക. നരാശിയായ രാക്ഷസനിൽനിന്ന് ഞാൻ രക്ഷിച്ചുകൊള്ളാം."

ഭീമസേനൻ പറഞ്ഞു: "കാട്ടിൽ സുഖമായി ഉറങ്ങുന്ന അമ്മയേയും സഹോദരന്മാരേയും ദുഷ്ടനായ നിന്റെ സഹോദരനെ പ്പേടിച്ച് ഉണർത്തുവാൻ ഞാൻ വിചാരിക്കുന്നില്ല. ഹേ, ഭീരു! സുന്ദരീ! രാക്ഷസർ എന്റെ പൗരുഷം പൊറുക്കുവാൻ ശക്തരല്ല. മനുഷ്യരും ഗന്ധർവ്വന്മാരും യക്ഷരും പൊറുക്കുന്നതല്ല എന്റെ പൗരുഷം. ഭദ്രേ, നിനക്കു പോകാം. നീ പോകുകയോ നില്ക്കുകയോ ചെയ്തുകൊള്ളൂ. എനിക്ക് അത് ഒരു പ്രശ്നമല്ല. നിന്റെ ഇഷ്ടംപോലെ പിശിതാശനനായ ഭ്രാതാവിനെ അയച്ചാലും കൊള്ളാം."

153. ഭീമഹിഡിംബയുദ്ധം – വൈശമ്പായനൻ പറഞ്ഞു: "സഹോദരി പോയിട്ട് മടങ്ങിവന്നുകാണാത്തതിൽ ഹിഡിംബന്നു ദേഷ്യം വന്നു. എന്താണ് അവൾ ഇത്ര വൈകുവാൻ? എന്നു പറഞ്ഞ് ആ മരത്തിന്റെ മുകളിൽനിന്ന് ഇറങ്ങി നേരേ പാണ്ഡവരുടെ അടുത്തേക്കു നടന്നു.

ലോഹിതാക്ഷനും, മഹാബാഹുവും, ഊർദ്ധ്വകേശനും, മഹാനന്ദനും, കരിങ്കാർവർണ്ണനും, ഘോരദംഷ്ട്രനും, ഭയങ്കരനും, ഭീഷണാകാരനുമായ അവന്റെ വരവു കണ്ടപ്പോൾ ഭയപ്പെട്ട് ഹിഡിംബി ഭീമനോടു പറഞ്ഞു."

ഹിഡിംബി പറഞ്ഞു: "ഇതാ, ആ ദുഷ്ടനായ മനുഷ്യത്തീനി കോപിച്ചു പാഞ്ഞുവരുന്നു. ഭവാൻ ഞാൻ പറയുന്നവിധം ചെയ്യുക. രക്ഷോബലംപൂണ്ടവളായ ഞാൻ കാമഗയാണ്. എനിക്ക് ഇഷ്ടംപോലെ എവിടേയും പോകാം. നീ എന്റെ ചുമലിൽ കയറുക. ഞാൻ നിന്നെ ആകാശത്തേക്കു കൊണ്ടുപോകാം. ഉറങ്ങുന്ന മറ്റുള്ളവരേയും അമ്മയേയും ഉണർത്തുക. അവരേയും ഞാൻ ഒപ്പം കൊണ്ടുപോകാം."

ഭീമൻ പറഞ്ഞു: "ഹേ, പൃഥുശ്രോണീ, നീ ഭയപ്പെടേണ്ട. ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇവൻ ജീവിക്കയില്ല; തീർച്ചയാണ്. നിന്റെ കണ്ണിന്നു മുമ്പിൽവെച്ചുതന്നെ ഞാൻ അവനെ കൊല്ലും, സുമദ്ധ്യമേ, അവൻ എന്നോടു കിടനില്ക്കുവാൻ പോരാ. ഭീരു! പോരിൽ അവൻ എന്റെ ഊക്കു താങ്ങുന്നതല്ല. ഏതു രാക്ഷസൻ വന്നാലും ഞാൻ വീഴ്ത്തും. ഹേ! സുന്ദരീ, നീ എന്റെ ഈ കൈകൾ കണ്ടോ? തുമ്പിക്കൈപോലെയുള്ള ഈ കൈകളും, ഇരുമ്പുപോലെയുള്ള തുടകളും, വിരിഞ്ഞുപരന്ന മാറും, ഹേ, സുന്ദരീ, നീ കാണുന്നുണ്ടോ? ഇനി ശക്രനു തുല്യമായ എന്റെ പരാക്രമവും നിനക്കു കാണാം. അവൻ ഇങ്ങുവരട്ടെ! മനുഷ്യനാണെന്നു വിചാരിച്ച് നീ എന്നെ പുച്ഛിക്കല്ലേ!"

ഹിഡിംബി പറഞ്ഞു: "ഹേ വീരാ! ദേവകല്പനായ ഭവാനെ ഞാൻ പുച്ഛിക്കുന്നില്ല. ഭവാന്റെ പ്രഭാവം ഞാൻ കണ്ടിരിക്കുന്നു. അങ്ങ് മനുഷ്യരിൽത്തന്നെ ഒരു രാക്ഷസനാണ്."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഭീമൻ ഇപ്രകാരം അവളുമായി സല്ലപിച്ചു നില്ക്കുമ്പോൾ ആ വാക്കുകളെല്ലാം ദുഷ്ടനായ രാക്ഷസൻ കേട്ടു. അവളുടെ മർത്ത്യവേഷവും കണ്ടു. ഒരു മനോമോഹിനിയായി അവൾ ഭീമന്റെ അരികെ നിന്ന് ശൃംഗാരം കാണിക്കുന്നു. പൂമാല തലയിൽക്കെട്ടി, ഓമനത്തിങ്കൾമുഖവുമായി, നല്ല കൺപുരികത്തോടും, അഴകുള്ള മൂക്കോടും, തേനൊഴുകുന്ന വാക്കോടും, സർവ്വ ആഭരണങ്ങളോടും, നേർമ്മയായ വസ്ത്രത്തോടും, അഴകൊഴുകുന്ന ദേഹകാന്തിയോടും, ശൃംഗാരഭാവത്തോടുംകൂടി നില്ക്കുന്ന സഹോദരിയെ കണ്ടപ്പോൾ ഇവൾ പുരുഷനെ കാമിച്ചു നില്ക്കുകയാണെന്നറിഞ്ഞ് ആ പുരുഷാശനനായ രാക്ഷസൻ കോപിച്ചു കണ്ണുരുട്ടി പറഞ്ഞു."

ഹിഡിംബൻ പറഞ്ഞു: "അഷ്ടിക്കു മോഹിക്കുന്ന എന്നെ ഏതു ദുഷ്ടൻ വിഘ്നപ്പെടുത്തുന്നു? ഹേ, ഹിഡിംബി! നീ എന്റെ കോപത്തേയും ഗണിക്കുന്നില്ലേ? എടീ, മനുഷ്യക്കൊതിച്ചീ, ധിക്കാരിപ്പെണ്ണേ, പ്രസിദ്ധരായ പൂർവ്വരാക്ഷസർക്കൊക്കെ നീ ദുഷ്കീർത്തിയുണ്ടാക്കി. നീ ആരെയാണ് ഇപ്പോൾ ആശ്രയിച്ചത്, അവരെയൊക്കെ ഞാനിപ്പോൾ കൊല്ലും! പിന്നെ നിന്നേയും കൊല്ലും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കണ്ണു ചുവത്തി ഹിഡിംബിയോടു പറഞ്ഞ് അവൻ പല്ലുകടിച്ച് അവളെ കൊല്ലുവാൻ പാഞ്ഞടുത്തു. ഇതുകണ്ട് ഭീമൻ തന്റെ മുഷ്ടി ഉയർത്തി എടാ, നിൽക്കൂ! നിൽക്കൂ! എന്നു പറഞ്ഞു. ഇങ്ങനെ രാക്ഷസൻ പെങ്ങളോട് കോപിച്ചടുത്തപ്പോൾ ഭീമൻ ചിരിച്ച് അവനെ നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു."

ഭീമൻ പറഞ്ഞു: "ദുർബുദ്ധീ, ഹിഡിംബാ! നരമാംസഭോജീ! ഉറങ്ങുന്നവരെ എന്തിന് ഉണർത്തുന്നു? നീ എന്നോടൊന്നു പിടിച്ചു നോക്കൂ! എന്റെ നേരെ വന്ന് എന്നെ ഒന്നു പ്രഹരിക്കൂ! ആ നാരിയെ നീ എന്തിനു ഹനിക്കുന്നു? അവൾ ഒരു കുറ്റവും ചെയ്തിട്ടില്ല! കുറ്റം ഞാനാണു ചെയ്തത്. എന്നോടൊന്നു പിടിച്ചുനോക്കൂ. ഈ പെൺകൊടി സ്വതന്ത്രയല്ല. അവൾ എന്നെ കാമിക്കുന്നവളാണ്. ഉള്ളിൽ വാഴുന്ന കാമദേവന്റെ പ്രേരണപ്രകാരം നില്ക്കുന്നവളാണ്. രാക്ഷസന്മാരുടെ സൽക്കീർത്തി നശിപ്പിച്ച മൂഢനായ ഹിഡിംബാ! നിന്റെ സഹോദരി സ്വമേധയാ എന്നെ ആശിച്ചതല്ല. അവളുടെ അന്തരംഗത്തിൽ ചരിക്കുന്ന കാമന്റെ പ്രേരണകൊണ്ട് അങ്ങനെയായതാണ്. നീ പറഞ്ഞുവിട്ട് ഇവിടെ വന്ന അവൾ അഴകോടെ എന്നെ കണ്ടപ്പോൾ അവൾക്ക് എന്നിൽ കാമമുണ്ടായി. അവൾ കുലത്തിനു യാതൊരു കളങ്കവും ഉണ്ടാക്കിയിട്ടില്ല. ഇവിടെ വന്നപ്പോൾ കുഴപ്പമുണ്ടാക്കിയവൻ കാമനാണ്. ആ നിലയ്ക്ക് അവളെ കൊന്നുകൂടാ. എന്നുതന്നെയല്ല, എന്റെ മുമ്പിൽവെച്ച് ഒരു പെണ്ണിനെ കൊല്ലുവാൻ ഞാനൊരിക്കലും അനുവദിക്കുകയില്ല. നീ എന്നോട് ഒറ്റയ്ക്ക് എതിർത്തു നില്ക്കുക. ഞാനൊരുത്തൻ പോരെന്നു തോന്നുന്നുണ്ടോ നിന്നെ യമപുരിയിലേക്ക് അയയ്ക്കുവാൻ? നിന്റെ തല ഞാൻ ആന ചവിട്ടിത്തകർക്കുന്നപോലെ കൈകൊണ്ടു തകർത്തുപൊടിക്കും! ഇന്നു യുദ്ധത്തിൽ ഞാൻ കൊന്നുവീഴ്ത്തുന്ന നിന്നെ കുറുക്കനും, പരുന്തും, കങ്കവും ഭൂമിയിലിട്ടു വലിക്കുന്നത് കാണാം. ഈ കാട് ഞാൻ അരാക്ഷസമാക്കി വിടും. നീ അനവധി മനുഷ്യരെ പിടിച്ചുതിന്ന് ഈ കാടിനെ കെടുത്തിക്കളഞ്ഞു. ഹേ, രാക്ഷസാ! ഇന്നു നിന്നെയിട്ട് ഇഴയ്ക്കുന്നത് നിന്റെ സഹോദരി കാണട്ടെ! അദ്രിയോടൊക്കുന്ന ആനയെ സിംഹം എന്നവിധം ഇട്ടു വലിച്ചിഴയ്ക്കുന്നത് നിന്റെ പെങ്ങൾ നിന്നു കാണട്ടെ! എടാ, നീചരാക്ഷസാ! ഞാൻ നിന്നെ അടിച്ചുകൊന്നു വിട്ടതുമൂലം നിർബ്ബാധമായി ഈ കാട്ടിൽ മേലിൽ ജനങ്ങൾ സഞ്ചരിക്കട്ടെ."

ഹിഡിംബൻ പറഞ്ഞു: "എടാ, മനുഷ്യാ! നിന്റെ വൃഥാ ഗർജ്ജനംകൊണ്ടും പൊങ്ങച്ചംകൊണ്ടും എന്തു കാര്യം? പ്രവൃത്തിയിലാണു കാര്യം. വീമ്പിളക്കിയിട്ടു കാര്യമില്ല. താമസിക്കേണ്ട. താൻ ശക്തനാണ്, വിക്രമിയാണ് എന്നൊക്കെ നിനക്കൊരു ഭാവമുണ്ട്. അതൊക്കെ നിന്റെ തെറ്റിദ്ധാരണയാണ്. എന്നോട് ഏല്ക്കുമ്പോൾ അതിന്റെ യോഗ്യത അറിയാം. അതുവരെ ഞാൻ ഉറങ്ങുന്നവരെ കൊല്ലുന്നില്ല. സുഖിച്ച് ഉറങ്ങട്ടെ! അപ്രിയം പറയുന്ന നിന്നെത്തന്നെ ഞാനാദ്യം വധിച്ചുകളയാം. നിന്റെ ചോര കുടിച്ചിട്ട് പിന്നെ ഞാൻ ഇവരേയും, പിന്നെ തെറ്റുകാരിയായ ഇവളേയും കൊന്നുകളയാം."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് കൈയോങ്ങി ആ രാക്ഷസൻ ഭീമന്റെ നേരെ പാഞ്ഞുചെന്ന് ഭീമമായി എതിരിട്ടു. അവൻ പാഞ്ഞെത്തിയപ്പോൾ ഭീമപരാക്രമനായ ഭീമൻ തല്ലുവാൻ പൊക്കിയ ഹിഡിംബന്റെ കൈ നിഷ്പ്രയാസം ചിരിച്ചുകൊണ്ടു പിടിച്ചു. ഊക്കിൽ പിടിച്ച് അവനെ ഉലച്ചു വലിച്ച്, എട്ടുവിൽപ്പാട് ദൂരത്തേക്ക് സിംഹം മാനിനെ വലിച്ചുകൊണ്ടുപോകുന്നവിധം വലിച്ചിഴച്ചെറിഞ്ഞു. ഭീമൻ പിടിച്ചെറിഞ്ഞ ആ രാക്ഷസൻ ഓടിവന്ന് കോപത്തോടുകൂടി ഭീമനെ വട്ടത്തിൽ പിടിച്ചു ഞെക്കി ഘോരമായി അലറി! വീണ്ടും ഊക്കോടെ അവനെ പിടിച്ചു ഭീമൻ വലിച്ചുകൊണ്ടുപോയി, ഉറങ്ങുന്നവരെ ശല്യപ്പെടുത്തേണ്ടാ എന്നു കരുതി. അവനെ വീണ്ടും വലിച്ചകറ്റി അന്യോന്യം ഊക്കോടെ പിടികൂടി അങ്ങോട്ടുമിങ്ങോട്ടും വലിച്ചു. ഹിഡിംബനും ഭീമനും തമ്മിൽ വിക്രമങ്ങൾ കാട്ടി ആ കാടിട്ടു കുലുക്കി. വൃക്ഷങ്ങൾ പുഴങ്ങി വീണു. വള്ളികൾ വലിച്ചിഴച്ചു. അറുപതു വയസ്സുപ്രായമായ രണ്ടു ഗജേന്ദ്രന്മാർ തമ്മിലെന്നപോലെയുള്ള അവരുടെ അലർച്ചയും സമരബഹളവും കേട്ട് ആ നരർഷഭന്മാർ ഉറക്കത്തിൽ നിന്ന് ഉണർന്നു. ധർമ്മപുത്രാദികളും മാതാവും അവരുടെ മുമ്പിൽ നില്ക്കുന്ന ഹിഡിംബിയെ കണ്ടു."

154. ഹിഡിംബവധം – വൈശമ്പായനൻ പറഞ്ഞു: "ഹിഡിംബിയുടെ ദിവ്യമായ രൂപംകണ്ട് ആ പുരുഷവ്യാഘ്രന്മാർ അത്ഭുതപ്പെട്ടുപോയി. കുന്തിയും അത്ഭുതപ്പെട്ടു. കുന്തി അവളെ നോക്കി. അലോകസുലഭമായ അവളുടെ സൗന്ദര്യംകണ്ട് വിസ്മയത്തോടെ സാന്ത്വപൂർവ്വം, സൗമ്യമായി, മധുരമായി പതുക്കെ ചോദിച്ചു."

കുന്തി പറഞ്ഞു: "ദേവകന്യകപോലെ സുന്ദരിയായ നിന്നെപ്പറ്റി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ ആരുടെ പുത്രിയാണ്? അല്ലയോ വരവർണ്ണിനീ, നീ എന്തിന് ഇവിടെ വന്നു? എവിടെനിന്നാണ് വരുന്നത്? നീ ഈ വനത്തിന്റെ ദേവതയാണോ? അതോ, അപ്സരസ്ത്രീയാണോ? എല്ലാം എന്നോട് പറയുക! എന്തിനാണ് ഇവിടെ വന്നു നില്ക്കുന്നത്?"

ഹിഡിംബി പറഞ്ഞു: "മാന്യയായ ഭാമിനീ, അങ്ങോട്ടു നോക്കൂ! അവിടെ കരിങ്കാറുപോലെ വലിയ ഒരു വനം കാണുന്നില്ലേ? അതിലാണ് ഹിഡിംബനും ഞാനും വാഴുന്നത്. ഈ ഞാൻ ആ രാക്ഷസേന്ദ്രന്റെ പെങ്ങളാണ്. മക്കളോടുകൂടി നിങ്ങളെയെല്ലാം കൊല്ലുവാൻ ചേട്ടൻ പറഞ്ഞയച്ചിട്ടു വന്നതാണ് ഞാൻ. ആര്യേ! ക്രൂരനായ അവന്റെ കല്പനപ്രകാരം വന്നതാണ്. ഇവിടെ വന്നപ്പോൾ സ്വർണ്ണാഭനായി വിളങ്ങുന്ന നവയൗവനയുക്തനും മഹാകായനുമായ നിന്റെ പുത്രനെ ഞാൻ കണ്ടു. അപ്പോൾ സർവ്വഭൂതങ്ങളുടേയും ഉള്ളിൽ സഞ്ചരിക്കുന്ന മനോഭവൻ എന്നെ നിന്റെ പുത്രന്റെ അധീനത്തിലാക്കിക്കളഞ്ഞു. അവൻ ഭവതിയുടെ പുത്രനായ ആ വീരനെ ഭർത്താവായി വരിച്ചു. അദ്ദേഹത്തെ എന്റെ മനസ്സിൽനിന്നകറ്റാൻ ഞാൻ യത്നിച്ചു. എന്നാൽ അതിന്നെനിക്കു കഴിഞ്ഞില്ല. ഞാൻ നിങ്ങളേയും പിടിച്ചുകൊണ്ടു മടങ്ങിയെത്തുവാൻ വൈകിയതുകൊണ്ട് മനുഷ്യമാംസക്കൊതിയനായ ഹിഡിംബൻ തനിയെ നിന്റെ പുത്രന്മാരെ കൊല്ലുവാൻ എത്തി. എന്റെ കാമുകനും ബലവാനും പടുബുദ്ധിമാനുമായ ഭവതിയുടെ പുത്രൻ അവനെ പിടിച്ചു ഞെരിച്ചു ചുറ്റിവലിച്ച് ഇതാ കാട്ടിലേക്ക് അകറ്റി. അവർ ബലമായി തമ്മിൽ പിടിച്ചുവലിച്ച് അലറി പോർ ചെയ്തു നില്ക്കുന്നതു നോക്കുക."

വൈശമ്പായനൻ പറഞ്ഞു: "അവൾ പറഞ്ഞതു കേട്ടപ്പോൾ യുധിഷ്ഠിരൻ എഴുന്നേറ്റു. ഉടനെ അർജ്ജുനനും നകുലനും സഹദേവനും എഴുന്നേറ്റു. തമ്മിൽ കെട്ടിപ്പിടിച്ചും തമ്മിൽ വലിച്ചകറ്റിയും യുദ്ധം ചെയ്യുന്ന അവരെ രണ്ടുപേരേയും കണ്ടു. ജയം കാംക്ഷിച്ചു പൊരുതുന്ന രണ്ടു സിംഹങ്ങളെപ്പോലെ അവർ ഭീകരമായി പോർചെയ്യുന്നു! പിന്നെ അവർ മുറുകെപ്പിടിച്ചും വലിച്ചും

digitized by www.sreyas.in

മറിഞ്ഞും അവിടെ പോരാടുമ്പോൾ കാട്ടുതീപ്പുകപോലുള്ള ധൂളി പരന്നു. ചെമ്മണ്ണു ദേഹത്തിലേറ്റ് ചുവന്ന അവർ, മഞ്ഞേറ്റു മൂടുന്ന രണ്ടു മലകൾപോലെ വിളങ്ങി. ആ രാക്ഷസൻ ഭീമനെ ക്ലേശിപ്പിക്കുന്നതു കണ്ട് പാർത്ഥൻ പുഞ്ചിരിതൂകി ഇപ്രകാരം പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ചേട്ടാ, ഭീമാ! വീരാ! പേടിക്കേണ്ടാ. ഞങ്ങൾ ഉറങ്ങുകയായിരുന്നു. ഭവാൻ ചെയ്യുന്ന ഈ രാക്ഷസ യുദ്ധം അറിഞ്ഞില്ല. ഞാനുണ്ട് അങ്ങയ്ക്കു തുണ. ഞാൻ ഇപ്പോൾ ഇവനെ വീഴ്ത്താം. സഹദേവനും നകുലനും അമ്മയെ കാത്തുനില്ക്കും."

ഭീമൻ പറഞ്ഞു: "പാർത്ഥാ! നീ പരിഭ്രമിക്കേണ്ടാ. സ്വസ്ഥനായി അവിടെനിന്നു കണ്ടാൽ മതി. എന്റെ കൈയിൽ അകപ്പെട്ട ഇവൻ ഇനി നിശ്ചയമായും ജീവിക്കുകയില്ല!"

അർജ്ജുനൻ പറഞ്ഞു: "എന്തിനാണ് പാപിയായ ഈ രാക്ഷസനെ ഇനിയും കൊല്ലാതിരിക്കുന്നത്? പോകേണ്ട സമയമായില്ലേ? അധികം നില്ക്കുന്നതു ഭംഗിയല്ല. കിഴക്കുദിക്ക് ഇപ്പോൾ ചുവക്കും. പിന്നെ ഉഷസ്സന്ധ്യയാകും, ഈ രൗദ്രസമയത്ത് അരക്കർക്ക് ശക്തികൂടും. വേഗമാവട്ടെ! അവനെ കളിപ്പിച്ചതു മതി! രൗദ്രനായ ആ നിശാചരനെ കൊല്ലുക! ഇനി അവൻ മായകൾ കാണിക്കുവാൻ തുടങ്ങും. അതിന്നിടകൊടുക്കാതെ വേഗം കൊന്നുകളയുക! കൈയൂക്കു കാണിക്കേണ്ട സമയമാണിത്!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ പറഞ്ഞ ഉടനെ ഭീമൻ ഉൾക്രോധത്തോടെ, പ്രളയാനിലന്റെ ബലത്തോടെ, കരിങ്കാറുപോലുള്ള രാക്ഷസന്റെ ദേഹം പിടിച്ചുപൊക്കി ഊക്കോടെ നൂറുവട്ടം ചുറ്റിവീശി."

ഭീമൻ പറഞ്ഞു: "വെറുതെ മാംസം തിന്നുതിന്ന് വെറുതെ തടിച്ചുവീർത്ത്, വെറുതെ വളരെക്കാലം ജീവിച്ചിരുന്ന നീ, വെറുതെ ചാവാൻ തക്ക ദുഷ്ടനായി, വൃഥാബുദ്ധിയായിത്തന്നെ തീർന്നു. ഞാൻ ഈ കാട് അകണ്ടകമാക്കി ക്ഷേമമാക്കിത്തീർക്കും എടാ രാക്ഷസാ! ഇനി നീ മനുഷ്യരെ കൊന്നുതിന്നുമോ?"

അർജ്ജുനൻ പറഞ്ഞു: "പോരിൽ ഈ രാക്ഷസൻ നിനക്കു ഭാരമാണെന്നു തോന്നുന്നുണ്ടെങ്കിൽ ക്ഷണത്തിൽ നിന്നെ ഞാൻ തുണയ്ക്കാം. ക്ഷണത്തിൽ വീഴ്ത്തുക, അല്ലെങ്കിൽ ഞാൻ തന്നെ ഇവനെ കൊന്നുകളയാം. കെട്ടിമറിഞ്ഞു തളർന്ന നീ അല്പമൊന്നു വിശ്രമിക്കുക."

വൈശമ്പായനൻ പറഞ്ഞു: "അവന്റെ ആ വാക്കുകേട്ട് ഏറ്റവും അമർഷണനായ ഭീമൻ ഹിഡിംബനെ നിലത്തുവീഴ്ത്തി പിടിച്ചുഞെക്കി മൃഗത്തെ കൊല്ലുന്നമാതിരി കൊന്നു. ഭീമൻ കൊല്ലുന്ന സമയം ഭീമമായ ശബ്ദം രാക്ഷസൻ പുറപ്പെടുവിച്ചു. നനഞ്ഞ പെരുമ്പറയുടെ ശബ്ദംപോലെ അതു കാടിനെയിട്ടു കുലുക്കി. രണ്ടു കൈകൾകൊണ്ടും അവനെ ബലമായി മുറുക്കിപ്പിടിച്ച് ശക്തനായ പാണ്ഡവൻ അവന്റെ നട്ടെല്ലൊടിച്ചു. ഇതു കണ്ട് ഭ്രാതാക്കളെല്ലാം സന്തോഷിച്ചു. ഹിഡിംബനെ കൊന്നതു കണ്ട് ഹർഷത്തോടെ ശക്തന്മാരായ അവർ വീര്യവാനായ ഭീമനെ അഭിനന്ദിച്ചു. ഭീമവിക്രമനായ ഭീമനെ അനുമോദിച്ച് വീണ്ടും അർജ്ജുനൻ ഇപ്രകാരം വൃകോദരനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "നഗരം ഈ കാട്ടിൽനിന്നു വളരെ ദൂരത്തല്ലെന്നു തോന്നുന്നു. ഉടനെ നമ്മൾ പോവുക. നമ്മളെ ദുര്യോധനൻ കണ്ടുപിടിക്കരുത്."

വൈശമ്പായനൻ പറഞ്ഞു: "ശരി! അങ്ങനെതന്നെ! എന്നു പറഞ്ഞ് ആ പുരുഷർഷഭന്മാർ അഞ്ചുപേരും അമ്മയോടുകൂടി പുറപ്പെട്ടു. കൂടെ ഹിഡിംബിയും പുറപ്പെട്ടു."

155. ഘടോൽക്കചോത്പത്തി – ഭീമസേനൻ ഹിഡിംബിയോടു പറഞ്ഞു: "ഹേ, ഹിഡിംബി! നീ പൊയ്ക്കൊള്ളുക! നിന്റെ ചേട്ടൻ പോയ വഴിക്കുതന്നെ! നീ മരിക്കുകയാണു നല്ലത്. അരക്കർ ഉള്ളിൽ കറവെക്കുന്നവരാണ്. അവർ മായപ്രയോഗിച്ചു മയക്കുന്നവരാണ്!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ഭീമാ, നരവ്യാഘ്രാ! ക്രോധിച്ചാലും സ്ത്രീജനത്തെ കൊല്ലരുത്. സ്വശരീരത്തേക്കാൾ അധികം കരുതലോടെ നീ ധർമ്മത്തെ രക്ഷിക്കുക. കൊല്ലുവാൻ വന്ന ആ കൂറ്റനെ നീ കൊന്നുവിട്ടു. ആ രക്ഷസ്സിന്റെ ഭഗിനി ഇടഞ്ഞാൽ നമ്മോടെന്തെടുക്കും?"

വൈശമ്പായനൻ പറഞ്ഞു: "ഹിഡിംബി കുന്തിയെ കൈകൂപ്പി അഭിവാദ്യം ചെയ്തു. പിന്നെ ധർമ്മപുത്രനേയും അഭിവാദ്യം ചെയ്തു. അവൾ കുന്തിയോട് സവിനയം പറഞ്ഞു."

ഹിഡിംബി പറഞ്ഞു: "ആര്യേ! ഭവതിക്കറിയാമല്ലോ സ്ത്രീഹൃദയം? ഭീമൻമൂലം ഞാൻ അംഗജാർത്തയായിരിക്കുന്നു. കാലം കാത്ത് ഞാൻ ശക്തിയേറിയ കാമാർത്തിയെ പൊറുത്തു. ഇപ്പോൾ ആ പ്രീതി എനിക്കു കിട്ടേണ്ട കാലമായി. ഞാൻ എന്റെ സുഹൃത്തുക്കളേയും, സ്വധർമ്മത്തേയും, സ്വജനത്തേയുംവിട്ട്, ഭർത്താവായി വീരനായ നിന്റെ പുത്രനെ വരിച്ചിരിക്കുന്നു. ആ വീരനായ നിന്റെ പുത്രനും, നീയും എന്നെ ഉപേക്ഷിക്കുകയാണെങ്കിൽ ഞാൻ ജീവിച്ചിരിക്കുകയില്ല. ഇതു സത്യമാണ്. അതുകൊണ്ട് ഹേ, വരവർണ്ണിനീ, നീ എന്നിൽ കൃപയുള്ളവളായിരിക്കണം. മൂഢയാണെന്നോ, ഭക്തയാണെന്നോ, ദാസിയാണെന്നോ വിചാരിച്ച് മകനായ ഇവനെ എന്നോടു ചേർക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ദേവതുല്യനായ ഈ സുന്ദരനോടുകൂടി ഞാൻ ഇഷ്ടമായ വിധം പോകട്ടെ. വീണ്ടും ഞാൻ വന്നുകൊള്ളാം. എന്നെ വിശ്വസിച്ചാലും. മനസ്സിൽ എന്നെ ധ്യാനിച്ചാൽ ഞാൻ വന്നു നിങ്ങളെ കൊണ്ടുപൊയ്ക്കൊള്ളാം. ഏതു ദുർഘടദിക്കിലും ഞാൻ നിങ്ങളെ കടത്തിവിടാം. വേഗത്തിൽ പോകേണ്ട ദിക്കിൽ ഞാൻ നിങ്ങളെ ചുമലിലെടുത്തു കടത്തിത്തരാം. എന്നെ വേൾക്കുവാൻ ഭീമനെ നിങ്ങൾ അനുവദിച്ചാലും. എന്തു ചെയ്താൽ ആപത്തുവിട്ടു ജീവിക്കുവാൻ കഴിയുമോ അതൊക്കെ ചെയ്യേണ്ടത് ധർമ്മജ്ഞന്മാരുടെ കടമയാണ്. ആപത്തിൽ ധർമ്മം നോക്കുന്നവനാണ് ഉത്തമപുരുഷൻ. ധർമ്മവ്യസനമാണല്ലോ ധർമ്മജ്ഞന്മാർക്ക് വിപത്ത്. സുകൃതം പ്രാണനെ നിലനിർത്തുന്നു. സുകൃതം പ്രാണനെ ദാനം ചെയ്യുന്നു. ഏതൊക്കെക്കൊണ്ടാണ് ധർമ്മം സാധിക്കുകയെങ്കിൽ അത് ചെയ്യുന്നതു കുറ്റമല്ല."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ഹിഡിംബി, നീ പറഞ്ഞതൊക്കെ ശരിയാണ്! അതിൽ ഒട്ടും സംശയമില്ല. സുമദ്ധ്യമേ, നീ സത്യം പോലെ നില്ക്കണം. കുളിച്ച് ആഗ്നികം ചെയ്ത് മംഗളത്തിന്നുശേഷം നീ ഭീമനെ ഭജിക്കുക. അസ്തമിക്കുന്നതുവരെ അവനോടുകൂടി രമിക്കുക. പകൽമാത്രം അവനോടുകൂടി സുഖിക്കുക. ഹേ! മനോജവേ, രാത്രിയായാൽ നിത്യവും ഭീമനെ ഇങ്ങോട്ടു കൊണ്ടുവരണം."

വൈശമ്പായനൻ തുടർന്നു: "അപ്രകാരമാകാം എന്ന് അവൾ സമ്മതിച്ചു. അപ്പോൾ ഭീമസേനൻ പറഞ്ഞു."

ഭീമൻ പറഞ്ഞു: "ഹേ, രാക്ഷസി, സത്യത്താൽ നിന്നോട് ഒരു നിശ്ചയം പറയുന്നു. നിനക്ക് പുത്രനുണ്ടാവുന്നതുവരെ ഹേ, ശുഭേ, തനുമദ്ധ്യമേ, നിന്നോടൊത്തു ഞാൻ രമിക്കാം."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരമാകാം എന്ന് ഹിഡിംബി സമ്മതിച്ചു. ഭീമസേനനേയും എടുത്ത് മേല്പോട്ടുയർന്നു. നല്ല അദ്രിശൃംഗങ്ങളിലും, ദേവതായനത്തിലും, മൃഗപക്ഷികൾ ആകർഷകമായി ശബ്ദിക്കുന്ന മറ്റു രമ്യസ്ഥലങ്ങളിലും ദിവ്യാഭരണഭൂഷിതയായി ദിവ്യരൂപങ്ങൾ കൈക്കൊണ്ട് ആ മഞ്ജുഭാഷിണി മധുരവാക്കുകൾകൊണ്ട് ഭീമസേനനെ രമിപ്പിച്ചു.

പൂത്തുനില്ക്കുന്ന മരങ്ങൾ തിങ്ങുന്ന വനദുർഗ്ഗസ്ഥലങ്ങളിലും, പൊയ്ത്താർനിര മണംതൂകുന്ന ശുദ്ധമായ സരസ്സുകളിലും, വൈഡൂര്യക്കല്ലുകൾപോലെ ശോഭിക്കുന്ന മണലുള്ള നദീദ്വീപുസ്ഥലങ്ങളിലും, തീർത്ഥവാരിയൊഴുകുന്ന കാട്ടുചോലകളുടെ കരകളിലും, മരവും ലതയും പൂത്തുനില്ക്കുന്ന ചിത്രാര

digitized by www.sreyas.in

ണ്യങ്ങളിലും, ഹിമാദ്രികുഞ്ജങ്ങളിലും ഗുഹകളിലും, പൊൽത്താമരകൾ വികസിച്ചുനില്ക്കുന്ന സരസ്സുകളിലും, പൊന്നും രത്നങ്ങളുമുള്ള കടൽത്തീരങ്ങളിലും, പല സ്ഥലങ്ങളിലും, പച്ചപ്പുല്ലുനിറഞ്ഞു ശോഭിക്കുന്ന മൈതാനങ്ങളിലും, ദേവാരണ്യങ്ങളിലും, പുണ്യപർവ്വതസാനുക്കളിലും, ഗുഹ്യകന്മാർ അധിവസിക്കുന്ന ഇടങ്ങളിലും, താപസകാനനങ്ങളിലും, സർവ്വർത്ത്യരമണീയമായ ഫലങ്ങൾ നിറഞ്ഞ മാനസസരസ്തീരങ്ങളിലും, മോഹനരൂപങ്ങൾ എടുത്ത് അവൾ പാണ്ഡുപുത്രനെ രമിപ്പിച്ചു.

അവിടേയും ഇവിടേയും ഭീമനുമായി രമിക്കുന്ന ആ മനോജവ ഭീമനിൽനിന്നു ഗർഭവതിയായി. അവൾ ശക്തനായ ഒരു പുത്രനെ പ്രസവിച്ചു. അവന്റെ രൂപം വിചിത്രംതന്നെ. തുറിച്ച കണ്ണ്, വലിയ വായ്, കൂർത്ത ചെവി, ഭയങ്കരമായ രൂപം, ഭീമമായ ശബ്ദം, ചുവന്ന ചുണ്ട്, തീക്ഷ്ണമായ ദംഷ്ട്രം, മഹത്തായ ബലം! മഹേഷ്വാസനും, മഹാവീര്യനും, മഹാസത്വനും, മഹാഭുജനും, മഹാജവനും, മഹാകായനും, മഹാമായനും, അരിന്ദമനും, ദീർഘനാസനും, മഹോരസ്കനും, പെരുംകാലുള്ളവനും, അമാനുഷനും, മാനുഷപുത്രനും, ഭീമവേഗനും, മഹാബലനുമായ അവൻ മറ്റു നിശാചരന്മാരേക്കാൾ ഒക്കെ വലിയവനായി; ബാല്യത്തിൽത്തന്നെ യൗവനയുക്തനായി; മാനുഷാസ്ത്രക്രമത്തിൽ യോഗ്യനുമായി; വിദഗ്ദ്ധനുമായിത്തീർന്നു. രാക്ഷസനാരിമാർ ഗർഭംധരിച്ചാൽ ഉടനെ പ്രസവിക്കും. അവരുടെ മക്കളോ കാമരൂപധരന്മാരുമാകും; ബഹുരൂപികളുമാകും. കേശമില്ലാത്ത മകൻ അച്ഛന്റേയും അമ്മയുടേയും കാൽ പിടിച്ചു നമസ്കരിച്ചു. അപ്പോൾ അവർ അവന്നു പേർ നല്കി. അവന്റെ തല മൺകുടം(ഘടം)പോലെ പെട്ടത്തലയാണെന്ന് അവന്റെ അമ്മ പറഞ്ഞു. അതുകൊണ്ട് അവന്റെ അച്ഛനമ്മമാർ അവന്ന് 'ഘടോൽക്കചൻ' (കുടംപോലെയുള്ള തലയുള്ളവൻ) എന്നു പേരിട്ടു.

പാണ്ഡവന്മാരിൽ വളരെ കൂറുള്ളവനായിത്തീർന്നു ഘടോൽക്കചൻ. അവർക്കും വളരെ ഇഷ്ടനായിത്തീർന്നു അവൻ; അവരിലൊരാളെപ്പോലെതന്നെ അവനെ കണക്കാക്കി. സംവാസകാലം അവസാനിച്ചു എന്ന് ഹിഡിംബി അവരോടു പറഞ്ഞു. കുന്തിയോടുകൂടിയ പാണ്ഡവരെയെല്ലാം ഭീകരാകാരനായ ഘടോൽക്കചൻ അഭിവാദ്യം ചെയ്ത് യഥാന്യായം ഇപ്രകാരം പറഞ്ഞു."

ഘടോൽക്കചൻ പറഞ്ഞു: "ഹേ! ആര്യരേ! ഞാൻ എന്തു വേണമെന്ന് നിങ്ങൾ നിശ്ശങ്കം ഉണർത്തിയാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന ഭീമസേനപുത്രനോട് കുന്തി പറഞ്ഞു."

കുന്തി പറഞ്ഞു: "വത്സാ! നീ കുരുവംശത്തിൽ പിറന്നവനാണ്. നീ ഭീമസേനസമനാണ്. അഞ്ചുപേർക്കും നീ മൂത്തപുത്രനാണ്. ഞങ്ങളെ നീ സഹായിക്കുക."

വൈശമ്പായനൻ തുടർന്നു: "കുന്തി ഇപ്രകാരം പറഞ്ഞപ്പോൾ കൈകൂപ്പിനിന്ന് അവൻ പറഞ്ഞു."

ഘടോൽക്കചൻ പറഞ്ഞു: "ലോകത്തിൽ രാവണനും ഇന്ദ്രജിത്തുംപോലെ മഹാബലമുള്ളവനാണു ഞാൻ, നരന്മാരിൽ വിശിഷ്ടനുമാണു ഞാൻ. പിതാക്കളേ, ഞാൻ വേണ്ടപ്പോൾ നിങ്ങൾ സ്മരിച്ചാൽ നിങ്ങളുടെ മുമ്പിലുണ്ട്. ഞാൻ പോകട്ടെ."

എന്നു പറഞ്ഞ് ആ രാക്ഷസശ്രേഷ്ഠൻ വടക്കോട്ട്, നേരേ പോയി. 'ശക്തി' എന്ന ആയുധത്തെ നിമിത്തമാക്കി കർണ്ണന് പ്രതിയോഗിയായി ഇന്ദ്രനാൽ സൃഷ്ടിക്കപ്പെട്ടവനാണ് ഘടോൽക്കചൻ എന്ന ആ മഹാരഥൻ."

156. വ്യാസദർശനവും ഏകചക്രാപ്രവേശവും – വൈശമ്പായനൻ പറഞ്ഞു: "ആ മഹാരഥന്മാരും വീരന്മാരുമായ പാണ്ഡവന്മാർ അനേകം ജന്തുക്കളെ കൊന്ന് കാട്ടിൽക്കൂടെ കാട്ടിൽ പ്രവേശിച്ച് അങ്ങനെ കടന്നുപോയി. മത്സ്യരാജ്യം, ത്രിഗർത്തദേശം, പാഞ്ചാലരാജ്യം, കീചകന്റെ നാട്, കുളുർമ്മയേറിയ പൊയ്കകൾ, മനോഹരമായ വനസ്ഥലികൾ ഇവയൊക്കെ കണ്ടുകണ്ട് നടന്നുപോയി. അവരൊക്കെ ജടാവല്ക്കലധാരികളായി കുന്തിയോടുകൂടി മുനിവേഷം ധരിച്ചു. വേഗം കൂടുന്നതിന് അമ്മയെ തോളിൽ എടുത്തു നടന്നു. ചിലപ്പോൾ മെല്ലെയും യാത്രചെയ്തു. സാക്ഷാൽ ഉപനിഷത്തും വേദാംഗവും നീതിശാസ്ത്രവും പഠിച്ചിട്ടുള്ള അവർ മാർഗ്ഗമദ്ധ്യേ യദൃച്ഛയാ പിതാമഹനായ വേദവ്യാസമഹർഷിയെ കണ്ടെത്തി. പരന്തപന്മാരായ അവർ മഹർഷിയെ അഭിവാദ്യം ചെയ്ത്, അമ്മയോടൊപ്പം മഹർഷിയുടെ മുമ്പിൽ കൈകൂപ്പി നിന്നു."

വ്യാസൻ പറഞ്ഞു: "ഹേ, ഭരതർഷഭരേ, മുമ്പേതന്നെ ഞാൻ ഈ ആപത്തറിഞ്ഞിരിക്കുന്നു. ധാർത്തരാഷ്ട്രന്മാർ അധർമ്മത്താൽ നിങ്ങളെ അകറ്റിപ്പാർപ്പിച്ചതെല്ലാം അറിഞ്ഞിരിക്കുന്നു. അതറിഞ്ഞ്, നിങ്ങൾക്കു ഹിതം ചെയ്യുവാൻ ഞാൻ ഇവിടെ എത്തിയതാണ്. നിങ്ങൾ അതോർത്തു വിഷാദിക്കരുത്. ഭാവിയിൽ നിങ്ങൾക്ക് അതെല്ലാം സൗഖ്യമായേ പരിണമിക്കൂ! അവരും നിങ്ങളും എനിക്കു സമന്മാരാണ്. ദൈന്യം, ബാല്യം ഇവയോർത്ത് അങ്ങനെയുള്ളവരോട് മനുഷ്യർ ഏറ്റവും സ്നേഹം കാണിക്കുന്നു. അതുകൊണ്ട് എനിക്കു നിങ്ങളിൽ അധികമായ സ്നേഹമുണ്ട്. ആ സ്നേഹംമൂലം ഞാൻ നിങ്ങൾക്ക് നന്മചെയ്യുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നതു നിങ്ങൾ കേൾക്കുവിൻ. അടുത്ത് ഒരു പുരം നിങ്ങൾ കാണും. അതിൽ നിങ്ങൾ ഗൂഢമായി പാർക്കുക. ഞാൻ വീണ്ടും അടുത്തുതന്നെ വരും. ഞാൻ വരുന്നതുവരെ അവിടെ വേഷംമാറി നിങ്ങൾ പാർക്കുക!"

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് സത്യവതീസുതനായ വ്യാസൻ അവരെ കൊണ്ടുപോയി 'ഏകചക്ര' യിലാക്കി. പോകുന്നവഴിക്ക് മഹർഷി കുന്തിയെ ആശ്വസിപ്പിച്ചു."

വ്യാസൻ പറഞ്ഞു: "മകളേ, കുന്തീ, നീ വളരെക്കാലം ജീവിച്ചാലും! നിന്റെ കുമാരനായ ഈ യുധിഷ്ഠിരൻ ധർമ്മവാനാണ്. അവൻ ധർമ്മത്താൽ ഭൂമിമുഴുവൻ ജയിച്ച്, ലോകത്തിലുള്ള രാജാക്കന്മാരെയൊക്കെ കീഴടക്കി ആഴിചൂഴുന്ന ഊഴിയൊക്കെ ജയിച്ച്, ഭീമാർജ്ജുനബലത്താൽ യോഗ്യനായി വാഴും. അതിൽ ഒട്ടും സംശയിക്കേണ്ട. നിന്റേയും മാദ്രിയുടേയും നന്ദനന്മാർ മഹാരഥന്മാരാണ്. അവർ സ്വരാജ്യത്തു സുഖമായി വാഴും. അവർ സുമനസ്സുകളാണ്. ഭൂമിയൊക്കെ നിഷ്പ്രയാസം ജയിച്ച് യജ്ഞം ചെയ്യും. നിന്റെ പുത്രന്മാർ രാജസൂയം, അശ്വമേധം മുതലായ ദക്ഷിണാഢ്യമായ യാഗങ്ങൾ ചെയ്ത് സുഹൃജ്ജനങ്ങളെ സംരക്ഷിച്ച് മോദത്തോടും ഐശ്വര്യത്തോടും കൂടി പിതൃപൈതാമഹമായ രാജ്യം സംരക്ഷിക്കും."

വൈശമ്പായനൻ പറഞ്ഞു: "മഹർഷി ഇപ്രകാരം പറഞ്ഞ് അവരെ വിപ്രമന്ദിരത്തിലാക്കി. ധർമ്മജനോട് വ്യാസൻ പറഞ്ഞു."

വ്യാസൻ പറഞ്ഞു: "നിങ്ങൾ ഇവിടെ ഒരു മാസം എന്നെ പ്രതീക്ഷിച്ചു പാർക്കുക. ഞാൻ പിന്നെ വന്ന് നിങ്ങളെ കാണുന്നതാണ്. ദേശവും കാലവും അറിഞ്ഞു ജീവിക്കുന്നവർക്ക് ക്ലേശങ്ങളൊക്കെ നീങ്ങും, സന്തോഷം ഉണ്ടാവുകയും ചെയ്യും."

വൈശമ്പായനൻ പറഞ്ഞു: "അവർ കൈകൂപ്പി അപ്രകാരമാകാമെന്നു സമ്മതിച്ചു. ഭഗവാൻ വ്യാസൻ വന്നവഴിയേ പോവുകയും ചെയ്തു."

ബകവധപർവ്വം

157. ബ്രാഹ്മണചിന്ത – ജനമേജയൻ പറഞ്ഞു: "ഏകചക്രയിൽ വന്നുചേർന്ന മഹാരഥന്മാരായ ആ കൗന്തേയന്മാർ പിന്നെ എന്താണു ചെയ്തത്?"

വൈശമ്പായനൻ പറഞ്ഞു: "ഏകചക്രയിൽ ചെന്ന മഹാരഥന്മാരായ കൗന്തേയന്മാർ കുറച്ചുദിവസം ഒരു ബ്രാഹ്മണന്റെ മന്ദിരത്തിൽ പാർത്തു. രമ്യങ്ങളായ വനങ്ങളും, നാട്ടിൻപുറങ്ങളും, പുഴകളും, പൊയ്കകളും നടന്നുകണ്ട് അവർ എല്ലാവരും ഭിക്ഷാടനംചെയ്തു. പ്രിയദർശനരായ അവർ നാട്ടുകാർക്ക് ഇഷ്ട

digitized by www.sreyas.in

രായിത്തീർന്നു. അന്തിക്കു വീട്ടിൽ എത്തി അവർക്കു കിട്ടിയ ഭിക്ഷയെല്ലാം കുന്തിക്കു നല്കും. കുന്തി അതെടുത്തു ഭാഗിച്ചു കൊടുക്കും. അത് അവർ കഴിക്കും. കിട്ടുന്ന അന്നത്തിൽ പകുതി ഭീമന്നു കൊടുക്കും. പിന്നെയുള്ള പകുതി അവരെല്ലാവരും ഭാഗിച്ചുകഴിക്കും. ഇങ്ങനെ പരന്തപന്മാരായ അവർ കുറച്ചുകാലം അവിടെ രസമായി താമസിച്ചു.

ഒരു ദിവസം ആ രാജകുമാരന്മാരെല്ലാം ഭിക്ഷാടനത്തിന്നു പോയി. എന്തുകൊണ്ടോ അന്ന് ഭീമൻ അമ്മയോടൊത്ത് ഇരുന്നു. ഭീമൻ പോയില്ല. പെട്ടെന്ന് ആ ബ്രാഹ്മണമന്ദിരത്തിൽ ഘോരമായ ഒരു ആർത്തസ്വരം പൊങ്ങി. ശുദ്ധഹൃദയയായ കുന്തി ആർത്തനാദം കേട്ട് സംഗതിയെന്താണെന്ന് അന്വേഷിച്ചു. ദുഃഖിച്ചുകരയുന്ന അവരെക്കണ്ട് കുന്തിക്കു സഹിച്ചില്ല. കുന്തിയും കരഞ്ഞ് ഭീമനോടു പറഞ്ഞു."

കുന്തി പറഞ്ഞു: "സുഖമായി നമ്മൾ ഈ ബ്രാഹ്മണന്റെ ഗൃഹത്തിൽ പാർക്കുന്നു. ധാർത്തരാഷ്ട്രന്മാർ അറിയുന്നില്ല. സല്ക്കാരം അനുഭവിച്ച് ദുഃഖം കൂടാതെ നാം ജീവിക്കുന്നു. ഈ ഉപകാരത്തിന്ന് എന്തു പ്രിയമാണ് മകനേ നാം അവർക്കു ചെയ്തുകൊടുക്കേണ്ടത്? ആ പുമാൻ ചെയ്ത ഉപകാരം നശിക്കാത്തവയാണ്. അന്യൻ ചെയ്ത ഉപകാരത്തേക്കാൾ മഹത്തായ ഉപകാരം നാം അങ്ങോട്ടുചെയ്യണം. ഇപ്പോൾ ഈ ബ്രാഹ്മണന്ന് എന്തോ വലിയ ഒരാപത്തുപറ്റിയിട്ടുണ്ട്. നിശ്ചയമാണ്. ഈ സമയത്ത് വല്ല ഉപകാരവും നാം ചെയ്താൽ അതു വലിയ ഉപകാരമാകും. തക്കസമയം ഇപ്പോഴാണ്."

ഭീമൻ പറഞ്ഞു: "അമ്മ സംഗതി എന്താണെന്നു ചോദിച്ചറിയുക. അറിഞ്ഞതിന്നുശേഷം പ്രയാസമുള്ളതായാലും ഞാൻ ഒരുങ്ങാം. എത്ര ദുഷ്കരമായാലും ചെയ്തുകൊടുക്കാം."

വൈശമ്പായനൻ പറഞ്ഞു: "അവർ ഇപ്രകാരം പറയുമ്പോൾ വീണ്ടും ആ ബ്രാഹ്മണന്റെ ഭാര്യ വിലപിക്കുന്ന ശബ്ദം കേട്ടു. കയറിനാൽ കെട്ടപ്പെട്ട കിടാവിന്റെ അരികിലേക്ക് പശു എന്നപോലെ, ആ വിപ്രേന്ദ്രന്റെ അന്തഃപുരത്തിലേക്ക് കുന്തി ബദ്ധപ്പെട്ടു കയറിച്ചെന്നു. ബ്രാഹ്മണൻ വിലപിക്കുന്നു. ഭാര്യയും മകനും, മകളും ഭയങ്കരമായി നിലവിളിക്കുന്നു. വികാരഭരിതരായി എല്ലാവരും തലതാഴ്ത്തി ഇരിക്കുന്നു. ഈ നിലയിലാണ് അവരെ അവൾ കണ്ടത്. ബ്രാഹ്മണൻ വിലപിക്കുന്നതു കുന്തി കേട്ടു."

ബ്രാഹ്മണൻ പറഞ്ഞു: "ഞാൻ ഈ ലോകജീവിതം വെറുക്കുന്നു. അന്തഃസാരം ഒട്ടുമില്ലാത്ത ഈ ജീവിതം ദുഃഖഹേതുകമാണ്. പരാധീനരായി ജീവിക്കുന്നതു ദുഃഖകരമാണ്. അതുകൊണ്ടു ദുഃഖിക്കുകയാണ്. ജീവിക്കുന്നതാണ് ദുഃഖം. ദുഃഖം കൂടാതെ ജീവിതമില്ല. ജീവിക്കുവാനാഗ്രഹിക്കുന്നവന്ന് ദുഃഖം വന്നുചേരാതിരിക്കില്ല. ധർമ്മാർത്ഥകാമങ്ങളുമായി വേർപെടുമ്പോൾ ആത്മാവിന്നു ബഹുവിധമായ ദുഃഖമുണ്ടാകുന്നു. ചിലർ പറയുന്നു, മരണാനന്തരം മോക്ഷം ലഭിക്കുമെന്ന്. ചിലർ പറയുന്നു, അങ്ങനെയൊന്നില്ലെന്ന്. അർത്ഥം നേടുന്നവന്ന് കിട്ടാൻപോകുന്നത് പരിപൂർണ്ണമായ നരകമാണെന്നു ചിലർ പറയുന്നു. അർത്ഥം ആശിക്കുന്നതുതന്നെ ദുഃഖമാണ്. അർത്ഥം നേടിയാലോ ദുഃഖം ഏറുന്നു. അർത്ഥത്തിൽ ഇഷ്ടപ്പെട്ടവന്ന് അർത്ഥത്തിന്റെ നാശത്തിൽ ആ ദുഃഖം വർദ്ധിക്കുന്നു. ആ ദുഃഖം അസഹനീയമാണ്. എനിക്ക് ആപത്തൊഴിയുവാൻ മാർഗ്ഗമൊന്നും ഞാൻ കാണുന്നില്ല. ബന്ധുജനങ്ങളോടെല്ലാവരോടുംകൂടി ഇവിടംവിട്ട് ഓടിപ്പോയാലോ എന്ന് എടോ ബ്രാഹ്മണി, ഞാൻ നിന്നോട് പറഞ്ഞില്ലേ? അന്നു നീ എന്റെ വാക്കു കേട്ടില്ലല്ലോ! സുഖമായി ജീവിക്കുവാൻ പറ്റിയ സ്ഥലം വേറെ അന്വേഷിക്കാമെന്നു ഞാൻ പറഞ്ഞതല്ലേ? നീ അതു കേട്ടില്ല. 'ഞാൻ ഇവിടെ ജീവിച്ചുമരിക്കും! ഞാൻ ഇവിടംവിട്ട് എങ്ങോട്ടുമില്ല' എന്നു മൂഢേ, നീ പറഞ്ഞില്ലേ? ഞാൻ പറയുമ്പോഴൊക്കെ നീ അതല്ലേ പറഞ്ഞിരുന്നത്? നിന്റെ വൃദ്ധനായ അച്ഛനും വൃദ്ധയായ അമ്മയുമൊക്കെ പണ്ടേ മരിച്ചുപോയി. പൂർവ്വബന്ധുക്കളൊക്കെയും മരിച്ചുപോയി! അങ്ങനെയുള്ള ഒരു സ്ഥലത്ത് പാർക്കുവാൻ എന്തുകൊണ്ടു നീ ഇഷ്ടപ്പെട്ടു? അച്ഛൻ, അമ്മ മുതലായവരോടുള്ള പ്രിയംകൊണ്ട് ഞാൻ പറഞ്ഞത് അന്നു നീ കേട്ടില്ല. കേട്ടിരുന്നുവെങ്കിൽ ഈ മഹാനാശം വരില്ലായിരുന്നു. കഷ്ടം! ഞാൻ വലിയ സങ്കടത്തിലായല്ലോ. അല്ല, ഞാൻതന്നെ മരിച്ചുകൊള്ളാം. ബന്ധുജനത്തിൽ ആരെയും നൃശംസനെപ്പോലെ ഉപേക്ഷിച്ച് ഞാൻ ജീവിക്കുകയില്ല. സഹധർമ്മിണി ഏറ്റവും ദാന്തയും ഹിതയുമാണ്. എന്റെ അമ്മയെപ്പോലെയാണ്. എനിക്കു സഖിയും വാനവർ കല്പിച്ചവിധം സുഖത്തിന്നും സൽഗ്ഗതിക്കുമുള്ളവളാണ് അവൾ. അച്ഛനമ്മമാർ തന്നവളും, ഗാർഹസ്ഥ്യവൃത്തി നടത്തുന്നവളും, മന്ത്രമുറപ്രകാരം പരിണയിച്ചവളുമാണ്. കുലീനശീലമുള്ളവളും, കുലസന്തതിയെ പെറ്റവളുമാണ് അവൾ. നിർദ്ദോഷയായ സാധ്വിയും അനുവ്രതയുമായ എന്റെ ഭാര്യയെ ജീവന്നുവേണ്ടി ഉപേക്ഷിക്കുവാൻ ഞാൻ ശക്തനല്ല. പിന്നെയുണ്ടോ ഞാൻ എന്റെ പുത്രനെ ഉപേക്ഷിക്കുന്നു? പിന്നെ എന്റെ മകൾ. അവളെ ഞാൻ എങ്ങനെ ഉപേക്ഷിക്കും? ചെറിയ പെൺകുട്ടി. ചിഹ്നങ്ങളൊന്നും തികയാത്ത കുട്ടി. ഭർത്താവിന്നു കൊടുക്കുവാൻവേണ്ടി ബ്രഹ്മാവ് ഏല്പിച്ചുതന്നവൾ. പിതൃക്കൾക്കും എനിക്കും ദൗഹിത്രനാൽ ഗതി നല്കുന്നവൾ. ഞാൻ ജനിപ്പിച്ച ഈ കുട്ടിയെ കൈവിടുകയോ? ഒരിക്കലും സാദ്ധ്യമല്ല. ചിലർക്കു മകനിൽ കൂറ് ഏറിക്കാണും. എനിക്ക് ആ വ്യത്യാസമില്ല. രണ്ടു പേരോടും ഒപ്പമാണ് സ്നേഹം. സൽഗ്ഗതിക്കും സന്തതിക്കും സുഖത്തിന്നും ആശ്രയം മകനാണ്. ബാലയായ ഇവളാണെങ്കിൽ പാപലേശം തട്ടാത്തവളാണ്. ഞാൻ എങ്ങനെ അവളെ കൈവിടും? വിടില്ല. തീർച്ചയായും വിടില്ല. ആത്മഹത്യ ചെയ്താൽ പരലോകത്തു ദുഃഖമാണ്. ഞാൻ കൈവിട്ടാൽ ഇവർ ജീവിക്കുവാൻ ശക്തരാവുകയില്ല. പുത്രൻ, പുത്രി, ഭാര്യ ഇവരിൽ ആരെയെങ്കിലും ഉപേക്ഷിക്കുന്നത് മഹാക്രൂരമായ കർമ്മമാണ്. പണ്ഡിതന്മാരുടെ നിന്ദയ്ക്കു പാത്രമാകും. ആത്മത്യാഗം ചെയ്താൽ എന്റെ അഭാവംമൂലം ഇവർ മരിച്ചുപോകും. ഇങ്ങനെ ഒരു കഷ്ടത്തിൽ ഞാൻ പെട്ടുപോയല്ലോ! ദുഃഖം തീർക്കുവാൻ ഞാൻ ശക്തനല്ല.

അയ്യോ! കഷ്ടം! ബാന്ധവരോടുകൂടിയ ഞാൻ എന്തു ഗതി നേടേണ്ടൂ? എല്ലാവരും ഒന്നിച്ചു ചാവുകയാണു ഭേദം. ജീവിച്ചിരിക്കുന്നതു കഷ്ടമാണ്!"

158. ബ്രാഹ്മണീവാക്യം – വൈശമ്പായനൻ പറഞ്ഞു: "ബ്രാഹ്മണന്റെ വിലാപംകേട്ട് ഭാര്യ ഇപ്രകാരം പറഞ്ഞു."

ബ്രാഹ്മണസ്ത്രീ പറഞ്ഞു: "ഭർത്താവേ, ഭവാൻ പ്രാകൃതന്മാരെപ്പോലെ സന്തപിക്കാതിരിക്കൂ. ജ്ഞാനിയായ ഭവാൻ ചിന്തിക്കുക! ഇപ്പോൾ ഭവാന്ന് സന്താപത്തിന്നുള്ള കാലമല്ല. മനുഷ്യനായിപ്പിറന്നാൽ മരണം കൂടാതെ കഴിയുകയില്ലല്ലോ. തീർച്ചപ്പെട്ട ഒരു വിഷയത്തെപ്പറ്റി സന്താപംകൊണ്ട് എന്തുകാര്യം? എന്റെ ഭാര്യ, എന്റെ മകൻ, എന്റെ മകൾ എന്നൊക്കെ വിചാരിക്കുന്നതുതന്നെ സ്വാർത്ഥമാണ്. ബുദ്ധികൊണ്ടു ചിന്തിച്ച് വ്യഥ തീർക്കുക. ഞാൻതന്നെ അങ്ങോട്ടുപോകാം. സനാതനമായ സ്ത്രീധർമ്മം പ്രാണൻ കളഞ്ഞും ഭർത്തൃപ്രീണനം ചെയ്യുക എന്നുള്ളതുതന്നെയാണ്. ആ കർമ്മം ഞാൻ ചെയ്താൽ ഭവാന്നു സൗഖ്യമാകുമെന്നു മാത്രമല്ല, ഇഹത്തിലും പരത്തിലും മങ്ങാത്ത കീർത്തിയും നേടാം. ഇതു വലിയ ധർമ്മമാണ് എന്ന് ഞാൻ ഭവാനോടു പറയുന്നു. അർത്ഥധർമ്മങ്ങൾ അങ്ങയിൽ ഞാൻ പൂർത്തിയായിക്കാണുന്നുണ്ട്. ഭാര്യയെക്കൊണ്ടുള്ള അർത്ഥം ഭവാൻ എന്നിൽനിന്നു നേടിക്കഴിഞ്ഞു. ഒരു മകളേയും ഒരു മകനേയും ഞാൻ പ്രസവിച്ചു. മക്കളെ പോറ്റിരക്ഷിക്കുവാൻ ഭവാൻ ശക്തനുമാണ്. അപ്രകാരം ഇവരെ പോറ്റി രക്ഷിക്കുവാൻ ഞാൻ ശക്തയല്ലതാനും, എനിക്കു ഭവാനില്ലെങ്കിൽ, ഹേ, സർവ്വപ്രാണധനേശ്വരാ! ഭവാന്റെ മക്കൾ ഏതു നിലയിലാകുമെന്ന് ചിന്തിച്ചുനോക്കുക; എങ്ങനെ ഞാൻ ഇവരെ പോറ്റും?

അങ്ങ് ഇല്ലെങ്കിൽ രണ്ടു കുഞ്ഞുങ്ങളേയുംകൊണ്ട് വിധവയും അനാഥയുമായ ഞാൻ മര്യാദയ്ക്കുനിന്ന് ഈ മക്കളെ

digitized by www.sreyas.in

എങ്ങനെ സംരക്ഷിക്കും? കുറുമ്പന്മാരും കുസൃതിക്കാരുമായ അർത്ഥികളിൽനിന്ന്, ഭവാന്റെ ചാർച്ചയ്ക്ക് ഒക്കാത്ത കാമുകരിൽനിന്ന്, ഈ പെൺകുട്ടിയെ എങ്ങനെ രക്ഷിക്കും? അപ്രകാരംതന്നെ നിലത്തിട്ട മാംസത്തെ കൊത്തിത്തിന്നാൻ പല പക്ഷികൾ എത്തുന്നവിധത്തിൽ ഭർത്താവില്ലാത്ത പെണ്ണിനെ അനുഭവിക്കാൻ ചിലർ പാഞ്ഞുവരും. ആ ദുഷ്ടർ എന്നെ പറഞ്ഞിളക്കി അലട്ടുമ്പോൾ ഞാൻ ഉഴന്ന് സജ്ജനങ്ങളുടെ മാർഗ്ഗം കൈവിടാതെ നില്ക്കുവാൻ കഴിയാതെ കുഴങ്ങും. നിന്റെ കുലത്തിൽ പിറന്ന അനവദ്യയായ ഈ പെൺകുട്ടിയെ പിതൃപൈതാമഹന്മാരുടെ വഴിക്കു കൊണ്ടുപോകുവാൻ ഞാനാളാകയില്ല എന്നുവരും. അനാഥനായി സർവ്വനാശമേറ്റ ഈ ചെറുപുത്രനെ ധർമ്മജ്ഞനായ അങ്ങയെപ്പോലെ സൽഗുണവാനാക്കി എങ്ങനെ വളർത്തുവാൻ കഴിയും? അനാഥയായ നിന്റെ മകളെ അനർഹന്മാരായ ശൂദ്രന്മാർ വേദോച്ചാരണത്തെയെന്നപോലെ ആവശ്യപ്പെടും. വേദം പഠിക്കാൻ അധികാരമില്ലാത്തവർ അതാവശ്യപ്പെടുന്നത് നീതിയാണോ? കഷ്ടമല്ലേ! വിധവയായ എന്നെ അവർ കണക്കാക്കുകയില്ല. കൊടുക്കാതിരുന്നാൽ അവർ ബലമായി, കാക്ക യജ്ഞഹവ്യം തട്ടിയെടുക്കുന്നതുപോലെ, കൊണ്ടുപൊയ്ക്കളയും.

ഭവാന്റെ മഹത്ത്വത്തിന്നു ചേരാത്തവിധം വളർന്ന പുത്രനെക്കണ്ടും അനർഹന്റെ കൈയിൽപ്പെട്ട പുത്രിയെക്കണ്ടും നാട്ടിലുള്ളവരുടെയെല്ലാം നിന്ദയ്ക്കുപാത്രമായി, സ്വന്തം നിലയെപ്പറ്റി മനസ്സിലാക്കാതെ ദുർജ്ജനങ്ങൾ മൂലമായി ഞാൻ ചത്തുപോകും! നിശ്ചയമാണ്. ഞാനും മരിച്ചാൽ ഈ കിടാങ്ങൾ അച്ഛനും അമ്മയുമില്ലാത്തവരായി, വെള്ളംവറ്റിയ ജലാശയത്തിലെ മത്സ്യങ്ങൾപോലെ നശിക്കുമെന്നുള്ളതിന്നു സംശയമില്ല. എല്ലാം കൊണ്ടും ബാക്കിയാകുന്ന മൂന്നുപേരും ഇല്ലാതാവുകതന്നെ ചെയ്യും ഭവാൻ പോയാൽ! അതുകൊണ്ട് എന്നെ കൈവിടരുത്. **സ്ത്രീകൾക്കു ശ്രേയസ്സ് കാന്തൻ പോകുന്നതിന്നുമുമ്പ് മക്കളെ പെറ്റ് സൽഗ്ഗതി നേടുകയെന്നുള്ളതാണ്. മകനേയും മകളേയും ബന്ധുക്കളേയും ഭവാനുവേണ്ടി ജീവനേയും ഞാൻ ഉപേക്ഷിക്കുവാൻ തയ്യാറാണ്. യജ്ഞം, തപസ്സ്, നിയമം, പലവിധം ദാനം ഇവയിൽവച്ചു മുഖ്യമായത് ഭർത്താവിന്റെ ഹിതത്തിന്നുവേണ്ടി നില്ക്കുക എന്നുള്ളതാണ്. പുത്രവതിയായ സ്ത്രീക്കു ശ്രേഷ്ഠമായത് ഭർത്താവിനു മുമ്പേ മരിക്കുക എന്നുള്ളതാണ്.**

ഞാൻ ചെയ്യുവാൻ തുടരുന്ന ധർമ്മം പരമസമ്മതമാണ്. അത് അങ്ങയ്ക്കും കുലത്തിന്നും പ്രിയവും ഹിതവുമാണ്. അങ്ങയ്ക്കും കുലത്തിന്നും പ്രത്യേകിച്ചും ഗുണകരമാണ്. ഇഷ്ടമായ അപത്യങ്ങളും വിത്തവും ബന്ധുവർഗ്ഗവും ഭാര്യയും എല്ലാം നല്ലവർക്ക് ആപദ്ധർമ്മമുക്തി നേടാനുള്ള ഉപകരണങ്ങളാണ്. ആപത്തിൽനിന്നു രക്ഷപ്പെടാൻ ധനം സമ്പാദിച്ചുവെക്കണം. രക്ഷിക്കാൻ പണം ചെലവാക്കണം. ആത്മാവിനെ ധനം, ഭാര്യ ഇവയാൽ കാക്കുക. വേണ്ടിവന്നാൽ ആത്മരക്ഷയ്ക്ക് സമ്പത്തിനേയും ഭാര്യയേയും ഉപേക്ഷിക്കണം. ദൃഷ്ടവും അദൃഷ്ടവുമായ ഫലത്തിന്നായി ഭാര്യ, മക്കൾ, ധനം, ഗൃഹം ഇവയൊക്കെ ലൗകികവും ദൈവികവുമായ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ സന്നദ്ധമാകണമെന്നാണ് ബുധന്മാരുടെ നിശ്ചയം. വിശിഷ്ടമായ കുലം ഒരിടത്ത്, ആ വംശത്തെ പുലർത്തുവാൻ പോന്നവൻ മറ്റൊരിടത്ത്, ഇവ രണ്ടും തുല്യമായി നില്ക്കുകയില്ല എന്നാണല്ലോ പണ്ഡിതന്മാർ പറയുന്നത്. ഭവാൻ എന്നെക്കൊണ്ട് കാര്യം നിർവ്വഹിപ്പിക്കുക! അങ്ങ് തനിയെ ആത്മാവിനെ ഉദ്ധരിക്കണം. എനിക്ക് അനുജ്ഞ തന്നാലും! മക്കളെ സംരക്ഷിച്ചാലും. സ്ത്രീയെ വധിക്കുവാൻ പാടില്ലെന്ന് ധർമ്മജ്ഞന്മാർ പറയുന്നു. രാക്ഷസന്മാരിലും ചില ധർമ്മജ്ഞന്മാർ ഉണ്ടാകും. അരക്കന്മാർ ഒരു സമയം ധർമ്മം ചിന്തിച്ച് എന്നെ വിട്ടെങ്കിൽ ഭാഗ്യമായില്ലേ? പുരുഷനാണ് പോകുന്നതെങ്കിൽ വധം തീർച്ചയാണ്. സ്ത്രീ ചെന്നാൽ സംശയിക്കും. ഹേ, ധർമ്മജ്ഞാ! ഇതോർത്ത് ഭവാൻ എന്നെ വിടുക. പ്രിയപ്പെട്ടതെല്ലാം അനുഭവിച്ച് ധർമ്മം അനുഷ്ഠിച്ച് അങ്ങയിൽനിന്നു സന്തതി നേടിയ ഞാൻ ഇനി ചാകുന്നതിൽ സങ്കടപ്പെടുന്നില്ല. മക്കളെ പെറ്റവളും വയസ്സായവളും അങ്ങയ്ക്ക് പ്രിയം കാംക്ഷിക്കുന്നവളുമാണ് ഞാൻ. ഇതൊക്കെ ചിന്തിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഒരുങ്ങുന്നത്.

എന്നെ കൈവിട്ടാലും അങ്ങയ്ക്കു മറ്റൊരുത്തിയെ വിവാഹം ചെയ്യാം. വീണ്ടും അവളിലും ധർമ്മപ്രതിഷ്ഠ ചെയ്യാം. അവളിലും ഭവാനു സന്താനങ്ങൾ ഉണ്ടാകും. പുരുഷന്മാർക്ക് ബഹുഭാര്യാത്വം അധർമ്മമല്ല. ബഹുഭർത്തൃത്വം സ്ത്രീക്കു വിഹിതമല്ല. ആദ്യഭർത്താവിനെ ചാകാൻ വിടുന്നതിൽപ്പരം അധർമ്മമില്ല. ഇതൊക്കെ നല്ലവണ്ണം ചിന്തിച്ചറിയണം. ആത്മത്യാഗം നിന്ദ്യമാണെന്നു ധരിച്ചാലും. ഭവാൻ ആത്മാവിനേയും മക്കളേയും കുലത്തേയും ഉദ്ധരിച്ചുകൊള്ളുക!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറയുന്ന ഭാര്യയെ ഭർത്താവായ ബ്രാഹ്മണൻ പുല്കി, ഭാര്യയോടൊത്ത് കണ്ണുനീർവാർത്തു ദുഃഖിച്ചു."

159. ബ്രാഹ്മണകന്യാപുത്രവാക്യം – വൈശമ്പായനൻ പറഞ്ഞു: "മാതാപിതാക്കന്മാരുടെ ദുഃഖം വർദ്ധിപ്പിക്കുന്ന വാക്കുകേട്ട് വേദനയോടെ അവരുടെ കന്യക പറഞ്ഞു."

ബ്രാഹ്മണകന്യക പറഞ്ഞു: "അനാഥരെപ്പോലെ എന്തിന്നു നിങ്ങൾ ഇങ്ങനെ കേഴുന്നു? എന്റെ വാക്കും നിങ്ങൾ കേട്ട് വേണ്ടതു ചെയ്യുവിൻ. ധർമ്മം ചിന്തിക്കുമ്പോൾ നിങ്ങൾക്ക് ഉപേക്ഷിക്കേണ്ടവൾ ഞാനാണ്. ലോകാചാരമനുസരിച്ച് നിങ്ങൾക്ക് എന്നെ ഉപേക്ഷിക്കാതെ പറ്റില്ല. എന്നെ ത്യജിച്ച് നിങ്ങൾ രക്ഷപ്പെടുക. പിതാക്കളെ കഷ്ടതയിൽനിന്നു കരകയറ്റേണ്ടവരാണല്ലോ മക്കൾ. അതിന്നു തക്ക സന്ദർഭം വന്നിരിക്കെ ഈ എന്നാൽ നിങ്ങൾ കരകയറ്റപ്പെടട്ടെ! ഇഹലോകത്തിലും പരലോകത്തിലും ദുർഗ്ഗം കയറ്റിവിടുന്നവനാണ് പുത്രൻ. പുംനാമമായ നരകത്തിൽനിന്നു പിതാവിനെ രക്ഷിക്കുന്നവനാണ് 'പുത്രൻ' എന്നു ബുധന്മാർ പറയുന്നു. പിതാമഹന്മാർ എന്നിൽനിന്നു ദൗഹിത്രനെ കാത്തിരിക്കുന്നുണ്ടത്രേ! എന്നാൽ ഇന്നു ഞാൻതന്നെയാണ് എന്റെ അച്ഛനെ രക്ഷിക്കുവാൻ പോകുന്നത്. എനിക്ക് ഒരു പുത്രനുണ്ടായിട്ട് അവൻ രക്ഷിക്കട്ടെ എന്നു വിചാരിച്ചു കാക്കേണ്ട കാര്യമില്ല. ബാലനായ എന്റെ അനുജൻ, അച്ഛൻ പരലോകം പ്രാപിച്ചാൽ അധികം താമസിക്കാതെ മരിച്ചുപോകും! തീർച്ചയാണ്. താതൻ സ്വർഗ്ഗം ഗമിക്കുകയും, എന്റെ അനുജൻ നഷ്ടപ്പെടുകയും ചെയ്താൽ പിതൃപിണ്ഡം ചെയ്യാൻ പിന്നെ ആരുണ്ട്? അത് അവരുടെ അപ്രീതിക്കു കാരണമാകും. എന്നെ പിതാവും, മാതാവും, ഭ്രാതാവും വിട്ടുപോയാൽ ഞാൻ കഠിനമായ ദുഃഖത്തിൽപ്പെട്ടു ഗതികെട്ടു മരിക്കുവാൻ ഇടവരും. അങ്ങനെ ഒരു നില വന്നുകൂടാത്തതാണ്. കേടുകൂടാതെ അച്ഛൻ ജീവിക്കുന്നതായാൽ അമ്മയും, എന്റെ അനുജനും, സന്താനവും, പിണ്ഡവുമൊക്കെ നിലനില്ക്കും. പുത്രൻ പിതാവിന്റെ ആത്മാവുതന്നെയാണ്. ഭാര്യയെന്നാൽ ഉറ്റസഖിയാണ്. മകൾ എന്നു വെച്ചാൽ പിതാക്കൾക്കു ദുരിതംതന്നെയാണ്! ഈ ദുരിതത്തിൽനിന്ന് എന്നെ രക്ഷിച്ച് ധർമ്മാനുഷ്ഠാനത്തിന്നായി ചുമതലപ്പെടുത്തിയാലും! അച്ഛൻ പോയാൽ അനാഥയായും, കൃപണയായും, ബാലയായ ഞാൻ അങ്ങുമിങ്ങും ഉഴന്ന്, നശിക്കും. അച്ഛാ, എന്നെ വിടൂ! ഞാൻ ഈ കുലത്തെ ആപത്തിൽനിന്നു രക്ഷിക്കട്ടെ! കഷ്ടപ്പെട്ടും ഈ ദുഷ്കരക്രിയകൊണ്ടും ഞാൻ പുണ്യം നേടിക്കൊള്ളാം. മഹാനായ അച്ഛാ! എന്നെയും കൈവിട്ട് അങ്ങുപോയാൽ ഞാൻ കഷ്ടപ്പെട്ടു കുഴങ്ങും. അതോർത്ത് എന്നെ തുണച്ചാലും! നമ്മൾ, നമ്മുടെ വംശത്തിന്റെ മുറ, സന്തതിയുടെ രക്ഷ എന്നിവയ്ക്കുവേണ്ടി ത്യാജ്യയായ എന്നെ ഇപ്പോൾത്തന്നെ ത്യജിച്ചാലും! ദൃഢമായും ചെയ്യേണ്ട കാര്യത്തിൽ സമയം തെറ്റിക്കാതെ ചെയ്യുകയാണു വേണ്ടത്. അങ്ങ് ഉദകക്രിയയോടുകൂടി എന്നെ രാക്ഷസന്നു ദാനംചെയ്യുന്നത് എനിക്കും നമ്മുടെ വംശത്തിന്നും എല്ലാറ്റിന്നും ഗുണമാണ്. ഭവാൻ ഞങ്ങളെ വിട്ടുപോയാൽ അതിലും വലുതായ എന്തു ദുഃഖമാണുള്ളത്? ഞങ്ങൾ നായ്ക്കളെപ്പോലെ പരാന്നം തെണ്ടി നടക്കേ

digitized by www.sreyas.in

ണ്ടതായി വരും. അച്ഛനും, അമ്മയ്ക്കും, അനുജനും വേണ്ടി നി ങ്ങൾ എന്നെ ഒഴിവാക്കിയാൽ, അലട്ടുകൂടാതെ ഈ ക്ലേശം ഒഴി വാകും. എന്നാൽ മരിക്കാത്തവിധം ഞാൻ പരലോകത്തിൽ സുഖ മായി വാഴും! എന്നെ നല്കിയാൽ വിബുധന്മാരും പിതൃക്കളും ഭവാൻ നല്കുന്ന ജലത്താൽ ഹിതത്തിന്നൊത്തു വർത്തിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആ ബാലിക പറ യുന്ന ആവലാതികേട്ട് ഉടനെ അച്ഛനും അമ്മയും കൂട്ടത്തോടെ കരഞ്ഞു! എല്ലാവരും കരയുന്നതുകണ്ട് ഇളയ കുമാരൻ കണ്ണു മിഴിച്ച് അവ്യക്തമധുരമായ വാക്കിൽ പറഞ്ഞു: 'കരയേണ്ട അച്ഛാ, കരയേണ്ട അമ്മേ, കരയേണ്ട ചേച്ചീ' എന്നു പറഞ്ഞു ചിരിച്ച് എല്ലാവരുടേയും അടുത്ത് തുള്ളിച്ചാടി ചെന്നു. പിന്നെ ഒരു പുൽത്തണ്ടെടുത്ത് സസന്തോഷം ധീരതയോടെ കുട്ടി പറഞ്ഞു."

കുട്ടി പറഞ്ഞു: "ഇതുകൊണ്ട് ഞാൻ മനുഷ്യമാംസം തിന്നുന്ന ആ രാക്ഷസനെ കൊല്ലും."

വൈശമ്പായനൻ പറഞ്ഞു: "ഈ മധുരമായ ഭാഷണംകേട്ട് ദുഃഖാർത്തരായിരിക്കുന്ന അവർക്കും ഉടനെ സന്തോഷമായി! ഈ സന്ദർഭംനോക്കി കുന്തി അങ്ങോട്ട് അടുത്തുചെന്നു. മരിച്ച വർക്ക് അമൃതുകൊണ്ടു ജീവൻ കൊടുക്കുന്നവിധം കുന്തി പറഞ്ഞു."

160. കുന്തീപ്രശ്നം – കുന്തി പറഞ്ഞു: "ഹേ, ബ്രാഹ്മണാ! എന്തുകൊണ്ടാണ് നിങ്ങൾ, ഈ കുടുംബം മുഴുവൻ, ദുഃഖിക്കു ന്നത്? പരമാർത്ഥം അറിഞ്ഞാൽ, എന്നെക്കൊണ്ടു കഴിവുള്ളതാ ണെങ്കിൽ, ഞാൻ നിങ്ങളുടെ ദുഃഖം തീർത്തുതരാം."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, തപോധനേ, ഭവതി സത്തു ക്കൾക്കു ചേർന്ന വാക്കാണ് പറഞ്ഞത്. അതിൽ ഞാൻ സന്തോ ഷിക്കുന്നു. എന്നാൽ ഞങ്ങളുടെ ദുഃഖം തീർക്കുവാൻ മനുഷ്യ രാൽ സാദ്ധ്യമല്ല. കാര്യം ഞാൻ വ്യക്തമാക്കാം.

ഈ നഗരത്തിന്റെ അരികിൽ 'ബകൻ' എന്നുപേരായ ഒരു രാക്ഷസൻ പാർക്കുന്നുണ്ട്. ഈ നാടിന്നും ഈ പുരത്തിന്നും അധിപനായ അവൻ മഹാശക്തനാണ്. മർത്ത്യമാംസം തിന്ന് ചീർത്ത ദുഷ്ടനായ നരഭോജിയാണവൻ. ബലവാനും അസുരാ ധിപനുമായ അവൻ ഈ രാജ്യം പാലിച്ചുവരുന്നു. നാടും നഗ രവും രാക്ഷസപ്പടയോടുകൂടി കാത്തുരക്ഷിക്കുന്നു. അവൻ ഭരി ച്ചുവരുന്ന ഈ രാജ്യത്തിന്ന് രക്ഷോബാധയും, ശത്രുഭയവും, ഭൂത ബാധയും ഇല്ല. അതിന്ന് അവന് ഈ നാട്ടുകാർ കപ്പം കൊടുക്ക ണം. ഒരു വണ്ടി ചോറും രണ്ടു പോത്തും ദിവസേന കൊടുക്ക ണം. അവയൊക്കെ കൊണ്ടുചെല്ലുന്ന ഒരു മനുഷ്യനേയും കൊടു ക്കണം. അത് നാട്ടുകാർ സമ്മതിച്ചിട്ടുണ്ട്. ഒരു കുടുംബത്തുനിന്ന് ഒരാൾവീതമെന്നു തീരുമാനിച്ചിരിക്കയാണ്. പല വർഷങ്ങൾ ചെല്ലുമ്പോൾ ഓരോന്നിനും ഈ ഊഴം വരും. അതു തെറ്റിക്കു വാൻ ഇവിടെ ആരെങ്കിലും ഉദ്യമിക്കുകയാണെങ്കിൽ ഭാര്യ യോടും, പുത്രന്മാരോടുംകൂടി അവനെ ഈ ദുഷ്ടരാക്ഷസൻ തിന്നുകളയും.

*വേത്രകീയഗൃഹത്തിൽ വാഴുന്ന ഒരു രാജാവ് ഞങ്ങൾക്കു ണ്ട്. അദ്ദേഹം നയമില്ലാത്തവനാണ്. ഉപായം പ്രയോഗിച്ച് രാക്ഷ സനെ രാജാവു നശിപ്പിക്കുന്നില്ല. ആ രാജാവ് ജളനാകയാൽ ഈ ഞങ്ങൾ കഷ്ടപ്പെടാറായി. ശാശ്വതമായ സൗഖ്യം വരുത്തുവാൻ രാജാവിന്നു കഴിഞ്ഞില്ല. ബലംകെട്ട ചീത്ത രാജാവിന്റെ നാട്ടിൽ പാർക്കുന്ന ഞങ്ങൾ അതും സഹിച്ചുവാഴുകയാണ്. കാലപ്പിഴ പ്പിന്ന് മനുഷ്യർ ഏതാപത്തിലും നിവസിക്കും. ആർക്കും വിപ്ര ന്മാർ ശാസ്യരല്ല. അവർ ഇഷ്ടചാരികളാണ്. ബ്രാഹ്മണർ സ്വച്ഛരും ഗുണം കാണുന്നിടത്ത് പക്ഷികൾപോലെ വന്നുകൂടുന്നവരു മാണ്.

ജീവിതത്തിൽ ആദ്യമായി വേണ്ടത് നല്ല നൃപനെ നേടുക യാണ്. പിന്നെ വേണ്ടത് ഭാര്യ, ധനം എന്നിവ നേടുകയാണ്. ഇവ മൂന്നും യഥാക്രമം നേടുന്നവരേ ബന്ധുപുത്രാദികളെ രക്ഷിക്കു വാൻ ശക്തരാവുകയുള്ളൂ. ഞാൻ ഈ മൂന്നും വിപരീതത്തിലാണ് നേടിയത്. അതുകൊണ്ട് എനിക്കിപ്പോൾ ആപത്തു വന്നുകൂടി. അതിൽ ഈ ഞങ്ങൾ കേഴുകയാണ്. എന്റെ വംശം മുടിക്കുന്ന ഊഴം ഇതാ വന്നു! കുലവിനാശം വന്നുകൂടി. ചോറും, പിന്നെ ഒരാളിനേയും വേതനമായി ഞാൻ കൊടുക്കണം. വിലയ്ക്ക് ഒരാളെ വാങ്ങുവാനുള്ള പണം എനിക്കില്ല. എന്റെ ബന്ധുജ നത്തെ അയയ്ക്കുവാൻ ഞാൻ ശക്തനാകുന്നില്ല. ആ രാക്ഷ സന്റെ പിടിയിൽനിന്ന് ഒഴിയുവാൻ ഇപ്പോൾ വഴിയൊന്നുമില്ല. വലിയ കലക്കമുള്ള സങ്കടക്കടലിൽ ഞാൻ ചെന്നുവീണു. ഞങ്ങൾ കുടുംബം ഒന്നാകെ ആ ആശരന്റെ അടുത്തേക്കു പോകാനാണ് വിചാരിക്കുന്നത്. അല്ലൽപ്പെടുന്ന ഞങ്ങളെ യൊക്കെ ആ ക്ഷുദ്രരാക്ഷസൻ കൊന്നുതിന്നും!"

161. ഭീമബകവധാംഗീകാരം – കുന്തി പറഞ്ഞു: "ഹേ, ബ്രാഹ്മണാ, ഭവാൻ വിഷാദിക്കാതിരിക്കൂ! ഭയപ്പെടേണ്ടാ! ആ രാക്ഷസനിൽനിന്നു രക്ഷകിട്ടുവാനുള്ള മാർഗ്ഗം ഞാൻ കാണു ന്നുണ്ട്. അങ്ങയ്ക്ക് ഒരു മകനും, ഒരു മകളും, ഭാര്യയും ഉണ്ട്. നിങ്ങളിൽ ആരുംതന്നെ പോകുന്ന കാര്യം എനിക്കു ശരിയായി തോന്നുന്നില്ല. അത് എനിക്കിഷ്ടവുമല്ല. എനിക്ക് അഞ്ചുമക്കളു ണ്ട്. അതിൽ ഒരാൾ അങ്ങയ്ക്കുവേണ്ടി ആ ദുഷ്ടരാക്ഷസനുള്ള ബലിയും കൊണ്ടുപോകും."

ബ്രാഹ്മണൻ പറഞ്ഞു: "ഇതു ഞാൻ സമ്മതിക്കില്ല. ജീവൻ കൊതിച്ച് മറ്റൊരാളെ ചാകാൻ ഞാൻ വിടില്ല. അതിഥിയായ ഒരു ബ്രാഹ്മണന്റെ വധം സ്വാർത്ഥത്തിന്നുവേണ്ടി ഏല്ക്കുകയോ? ധാർമ്മികകളും കുലീനകളുമല്ലാത്ത ഒരു സ്ത്രീയും ഏല്ക്കുക യില്ല, ബ്രാഹ്മണന്നുവേണ്ടി ആത്മത്യാഗവും ആത്മജത്യാഗവും! തീർച്ചയാണത്! എനിക്കുവേണ്ട ശ്രേയസ്സ് ഞാനും നോക്കേണ്ട തല്ലേ? ബ്രഹ്മഹത്യയും ആത്മവധവും തമ്മിൽ തട്ടിച്ചുനോക്കു മ്പോൾ ഇതിൽ ആത്മവധമാണ് ഗുണം. ബ്രഹ്മഹത്യ മഹാപാ പമാണ്.അതിന്നു പ്രായശ്ചിത്തം കൂടിയില്ല. അറിയാതെ ചെയ്താ ലും അതിലും നല്ലത് ആത്മഹത്യയാണ്. തനിയേ ഞാൻ ആത്മ ഹത്യയ്ക്ക് ഒരുങ്ങുന്നില്ല. അന്യൻ കൊല്ലുകയാണെങ്കിൽ പിന്നെ അതിൽ എനിക്ക് എന്തു പാപമാണുള്ളത്? കല്പിച്ചു കൂട്ടി ഞാൻ ബ്രഹ്മഹത്യ ചെയ്യിക്കുകയാണെങ്കിൽ പ്രായശ്ചിത്തവുമില്ല. അതു മഹാഗർഹിതമായ ക്രൂരകർമ്മമാണ്. ഗൃഹാഗതന്മാരെ ഉപേക്ഷി ക്കുന്നതും, ആശ്രിതന്മാരെ ത്യജിക്കുന്നതും, പ്രാണനു യാചിക്കു ന്നവനെ കൊല്ലുന്നതും, ബുധഗർഹിതമായ നൃശംസമാണ്. നിന്ദ്യകർമ്മവും നൃശംസവും ചെയ്യുവാൻ പാടുള്ളതല്ല എന്ന് പണ്ടുള്ള യോഗ്യന്മാരായ ആപദ്ധർമ്മജ്ഞന്മാർ പറയുന്നു. പത്നിയോടുകൂടി ചാവുകയെന്നതാണ് എനിക്കു നല്ലത്. ബ്രഹ്മ ഹത്യയ്ക്കു ഞാൻ ഒരിക്കലും ഒട്ടും സമ്മതിക്കുന്നതല്ല."

കുന്തി പറഞ്ഞു: "ഹേ, ബ്രാഹ്മണാ, വിപ്രനെ രക്ഷിക്കുവാൻ ഞാൻ ഉറച്ചിരിക്കുന്നു. നൂറുമക്കളുണ്ടെങ്കിലും അച്ഛനമ്മമാർക്ക് ഏറില്ല. മകൻ ഒരിക്കലും വിപ്രിയനായിത്തീരുകയില്ല. എന്നാൽ ഞാൻ പറയട്ടെ, ഈ രാക്ഷസനെക്കൊണ്ടു കഴിയുകയില്ല എന്റെ മകനെ വീഴ്ത്തുവാൻ. ഉഗ്രവീര്യനും മന്ത്രസിദ്ധിയുള്ളവനും തേജസ്വിയുമാണ് എന്റെ പുത്രൻ. രാക്ഷസന്ന് ആ ചോറു മുഴു വൻ അവൻ കൊണ്ടുപോയെത്തിക്കും. ഹിംസയിൽനിന്ന് അവൻ ആത്മാവിനെ സംരക്ഷിക്കുകയും ചെയ്യും. എനിക്ക് അതിൽ ഉറ പ്പുണ്ട്. വീരന്മാരായ പല രാക്ഷസന്മാരും ആ വീരനോടു പൊരു തുന്നത് ഞാൻ മുമ്പു കണ്ടിട്ടുണ്ട്. അന്ന് അവൻ ഭയങ്കരൻമാരായ തടിയൻമാരെയും കൊന്നിട്ടുണ്ട്. ഇതു ഹേ! വിപ്രാ! ഭവാൻ ആരോ ടും പറഞ്ഞുപോകരുത്. അവന്റെ കൈവശമുള്ള ആ മന്ത്രം കിട്ടു വാൻ എന്റെ പുത്രനെ പലരും അലട്ടും. ഗുരുസമ്മതം ഇല്ലാതെ അവൻ ആ മന്ത്രം മറ്റാർക്കെങ്കിലും പറഞ്ഞുകൊടുക്കില്ല. അവൻ ആ മന്ത്രം മറ്റൊരാൾക്ക് ഉപദേശിച്ചുകൊടുത്താൽ അവന്ന് ആ മന്ത്രം അത്ര ഫലിക്കയില്ലെന്നാണ് ഞാൻ കേൾക്കുന്നത്."

വൈശമ്പായനൻ പറഞ്ഞു: "കുന്തി ഇപ്രകാരം പറഞ്ഞ പ്പോൾ പത്നിയോടുകൂടി ബ്രാഹ്മണൻ മോദത്തോടെ അവളുടെ

* ചൂരൽ പിടിച്ച തവണക്കാരനെ വാതിൽക്കൽ നിർത്തി പള്ളിയറയിൽ വാഴുന്ന രാജാവ്.

digitized by www.sreyas.in

അമൃതസദൃശമായ വാക്കിനെ മാനിച്ചു. പിന്നെ കുന്തിയും ആ ബ്രാഹ്മണനും ഭീമനോട് ഉടനെ അവരുടെ ഉദ്ദേശ്യം അറിയിച്ച് അതു ചെയ്യുവാൻ ആവശ്യപ്പെട്ടു. ഭീമൻ അതു ചെയ്യാമെന്ന് ഏല്ക്കുകയും ചെയ്തു."

162. കുന്തീയുധിഷ്ഠിരസംവാദം – വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ ചെയ്യാമെന്നു പറഞ്ഞ് ഭീമൻ നില്ക്കുന്ന സമയത്ത് മറ്റുള്ള പാണ്ഡവന്മാർ ഭിക്ഷയുമായി മടങ്ങിയെത്തി. അവന്റെ മട്ടുംമാതിരിയും കണ്ട് ഹൃദയം മനസ്സിലാക്കിയ യുധിഷ്ഠിരൻ ഒറ്റയ്ക്കുചെന്ന് അമ്മയോട് ഇപ്രകാരം ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "അമ്മേ, ഈ ഭീമപരാക്രമനായ ഭീമൻ എന്തു ചെയ്യുവാനാണു പോകുന്നത്? അമ്മയുടെ സമ്മതത്തോടെയാണോ, അതോ സ്വന്തം ഇഷ്ടപ്രകാരമാണോ സാഹസത്തിന്നു മുതിരുന്നത്?"

കുന്തി പറഞ്ഞു: "ശത്രുഹന്താവായ ഇവൻ ഞാൻ പറഞ്ഞിട്ടുതന്നെയാണ് ഒരുങ്ങിയിരിക്കുന്നത്. ബ്രാഹ്മണന്നുവേണ്ടിയും, ഈ പുരിയെ രക്ഷിക്കുന്നതിന്നുവേണ്ടിയുമാണ് ഈ മഹാകൃത്യത്തിന്ന് ഞാൻ അവനെ വിടുന്നത്."

യുധിഷ്ഠിരൻ പറഞ്ഞു: "അമ്മേ! എന്തു സാഹസമാണ് അമ്മ ചെയ്യുന്നത്! എന്തൊരു ദുഷ്കരകൃത്യത്തിനാണ് അമ്മ അവനെ വിടുന്നത്! അവനവന്റെ മക്കളെ ഉപേക്ഷിക്കുന്നത് സജ്ജനങ്ങൾ പ്രശംസിക്കുമോ? അന്യന്റെ പുത്രനെ രക്ഷിക്കുവാൻ സ്വന്തം പുത്രനെ ഉപേക്ഷിക്കുക എന്നത് ലോകവേദവിരുദ്ധമാണ്. ഹാ! കഷ്ടം! സ്വന്തം പുത്രനെ ഉപേക്ഷിക്കുവാൻ അമ്മയ്ക്ക് എങ്ങനെ തോന്നി? ഇവന്റെ കൈ താങ്ങീട്ടല്ലേ നാം നിത്യം ഉറങ്ങുന്നത്? ക്ഷുദ്രന്മാർ ആക്രമിച്ചടക്കിയ രാജ്യം നേടുവാൻ ആശിക്കുന്നതും ഇവന്റെ കൈയിന്റെ ബലത്തെ ആശ്രയിച്ചല്ലേ? വീര്യവാനായ ഇവന്റെ കൈയൂക്ക് ഓർത്തു വ്യസനിച്ച് ആ ദുര്യോധനൻ ശകുനിയോടുകൂടി രാത്രി ഒരു നിമിഷംപോലും ഉറങ്ങുന്നില്ല. ഈ വീരന്റെ ബാഹുവീര്യത്താൽ നാം അരക്കില്ലം കടന്നു; മറ്റ് ആപത്തുകളും കടന്നുപോന്നു. ദുഷ്ടനായ പുരോചനൻ ചത്തു. ഇതൊക്കെ ആരുടെ കൈയൂക്കുകൊണ്ടാണ്? ഇവന്റെ വീര്യം കണ്ടിട്ടാണല്ലോ സമ്പത്തുനിറഞ്ഞ ഭൂമിയെ, ധൃതരാഷ്ട്രജന്മാരെക്കൊന്നു നേടുവാൻ ഈയുള്ളവൻ ചിന്തിക്കുന്നതും. അപ്രകാരമുള്ള ഇവനെ അമ്മ ഉപേക്ഷിക്കുന്നത് എന്തുകൊണ്ടാണ്? ദുഃഖങ്ങൾമൂലം അമ്മയുടെ ബുദ്ധി കെട്ടുപോയോ? കാര്യബോധം നശിച്ചുവോ?"

കുന്തി പറഞ്ഞു: "ഹേ! യുധിഷ്ഠിരാ, നീ വൃകോദരനെ ചിന്തിച്ചു വ്യസനിക്കേണ്ടാ. ബുദ്ധികെട്ടല്ല ഞാൻ അങ്ങനെ നിശ്ചയിച്ചത്. നാം ഈ വിപ്രന്റെ ഗൃഹത്തിൽ സൗഖ്യത്തോടെ, ധാർത്തരാഷ്ട്രന്മാർ അറിയാതെ, സങ്കടം കൂടാതെ, ആദരവോടെ പാർത്തു. അതിന്നു പ്രത്യുപകാരം ചെയ്യുവാൻ ഈ കാര്യമാണ് ഞാൻ കണ്ടത്. ഉപകാരസ്മരണയുള്ളവനാണ് പുരുഷൻ. അന്യൻ നമുക്കുചെയ്യുന്ന ഉപകാരത്തിന്ന് അതിലധികം നാം അങ്ങോട്ട് ഉപകാരം ചെയ്യണം. അരക്കില്ലം ചുട്ടതിൽ ഞാൻ ഭീമന്റെ പ്രൗഢി കണ്ടതാണ്. ഹിഡിംബനെ വധിച്ചതും ഞാൻ കണ്ടതാണ്. അതിൽ ഭീമന്റെ ശക്തിയെക്കുറിച്ച് എനിക്കു വിശ്വാസം വന്നു. പതിനായിരം ആനയേക്കാൾ ശക്തനാണ് ഭീമൻ. അവൻ വാരണാവതം മുതൽ നിങ്ങളെ എടുത്തില്ലേ? കായബലത്തിൽ ഇന്നു ലോകത്തിൽ അവനോടൊപ്പം ആരുമില്ല. യുദ്ധത്തിൽ വജ്രധാരിതന്നെ എതിരിട്ടാലും അവൻ മടങ്ങുകയില്ല. ജനിച്ച നാളിൽ എന്റെ മടിയിൽനിന്ന് അവൻ വീണു. ഉടലിന്റെ കനം കൊണ്ട് മലയിൽ വീണയുടനെ കരിങ്കല്ലു പൊടിഞ്ഞുപോയി. ബുദ്ധികൊണ്ട് ഭീമന്റെ ശക്തി ഞാൻ കണ്ടറിഞ്ഞു. വിപ്രനു പ്രത്യുപകാരം ചെയ്തേ മതിയാവൂ എന്നും ഞാൻ ഉറച്ചു. ലോഭം കൊണ്ടോ, അജ്ഞാനംകൊണ്ടോ, വിഡ്ഢിത്തംകൊണ്ടോ അല്ല ഞാൻ അങ്ങനെ തീരുമാനിച്ചത്. ധർമ്മത്തെ വിചാരിച്ചാണ് ഞാൻ ആ തീരുമാനമെടുത്തത്. എടോ യുധിഷ്ഠിരാ, അതുകൊണ്ട് നമുക്കു രണ്ടുകാര്യം ഒരേസമയത്തു നിർവ്വഹിച്ച ഫലമുണ്ടാകും. ഒന്ന് നാം നിവസിച്ചതിന്നുള്ള പ്രത്യുപകാരം; രണ്ടാമത് വലിയ ഒരു ധർമ്മം. ഉചിതകാര്യങ്ങളിൽ ബ്രാഹ്മണർക്കു സഹായംചെയ്യുന്ന ക്ഷത്രിയൻ പുണ്യലോകത്തിലെത്തുമെന്ന് എനിക്കുറപ്പുണ്ട്. ഒരു ക്ഷത്രിയൻ മറ്റൊരു ക്ഷത്രിയനിൽനിന്നു മൃത്യുമോക്ഷം നല്കിയാൽ അവൻ ഇഹത്തിലും പരത്തിലും വലിയ കീർത്തിനേടും. വൈശ്യന്, ക്ഷത്രിയൻ സഹായം ചെയ്താൽ അവന്ന് എല്ലാ നാട്ടിലും ജനരഞ്ജന ലഭിക്കും. ശരണംപ്രാപിക്കുന്ന ശൂദ്രനെ രക്ഷിക്കുന്ന രാജാവ് അടുത്ത ജന്മത്തിൽ സ്വത്തുവർദ്ധിച്ച് രാജമാനിതനായി സൽക്കുലത്തിൽ പിറക്കും എന്ന് മഹാപണ്ഡിതനായ വ്യാസൻ എന്നോട്, ഹേ, കുരുനന്ദനാ, മുമ്പേ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ അപ്രകാരം നിശ്ചയിച്ചത്."

163. ബകഭീമസേനയുദ്ധം – യുധിഷ്ഠിരൻ കുന്തിയോടു പറഞ്ഞു: "ഇങ്ങനെയാണെങ്കിൽ അമ്മ ചെയ്തതു നന്നായി. ആർത്തനായ ബ്രാഹ്മണനിൽ കരുണകാണിച്ചതു നല്ലതുതന്നെ. ഭീമൻ ഉടനെ രാക്ഷസനെ കൊന്നു മടങ്ങിവരും! അമ്മ ബ്രാഹ്മണനിൽ കാരുണ്യം കാണിച്ചതുകൊണ്ട് ആപത്തൊന്നും സംഭവിക്കുകയില്ല. നാട്ടുകാർ ഈ സംഭവം അറിയരുതെന്ന് ബ്രാഹ്മണനോടു പറയണം. കാര്യം രഹസ്യമായി വയ്ക്കണം."

വൈശമ്പായനൻ പറഞ്ഞു: "നേരം പ്രഭാതമായപ്പോൾ ഭീമൻ രാക്ഷസന്നുള്ള ഭക്ഷണമെല്ലാം വാങ്ങിച്ച്, നരമാംസം തിന്നുന്ന രാക്ഷസന്റെ അടുത്തേക്കു പോയി, രാക്ഷസൻ ഇരിക്കുന്ന കാട്ടിലെത്തി. ചോറ് അവന്റെ മുമ്പിൽ കാണത്തക്കവിധത്തിൽ വെച്ചു. ഭീമൻ ചോറ് ഉരുളയാക്കി 'ഹേ ബകാ! വരൂ!' എന്നു വിളിച്ചു പറഞ്ഞു. തന്നെ ഇപ്രകാരം പേരെടുത്തു വിളിക്കുന്ന മനുഷ്യന്റെ നേരെ ബകൻ വല്ലാതെ കോപിച്ചു. കടുത്ത കോപത്തോടെ ഭീമന്റെ അരികിലേക്ക് അവൻ ഓടിച്ചെന്നു. ആ രാക്ഷസന്റെ രൂപം ഭയങ്കരമായിരുന്നു. മഹാകായനും, മഹാവേഗനും, മഹീചക്രം കുലുക്കുന്നവനും, ചെങ്കനൽക്കണ്ണനും, ഘോരനും, ചെമ്പൻമീശക്കാരനും, കാതോളം വായ് തുറക്കുന്നവനും, കാതുകൂർത്തവനും, ഭയങ്കരനും, പുരികങ്ങൾ വളച്ച് ചുണ്ടുകടിക്കുന്നവനുമായ ആ സത്വം ചോറുണ്ടുകൊണ്ടിരിക്കുന്ന ഭീമനെക്കണ്ട് കണ്ണുരുട്ടി ക്രുദ്ധനായി ഇടിവെട്ടുന്ന ശബ്ദത്തിൽ ഇങ്ങനെ ഗർജ്ജിച്ചു."

ബകൻ പറഞ്ഞു: "എനിക്കുവെച്ച ചോറ് ഇപ്രകാരം എന്റെ മുമ്പിൽവച്ചു തിന്നൊടുക്കുന്ന ഈ ദുർബുദ്ധിയാരാണ്? അന്തകന്റെ വീട്ടിലേക്കു പോകുവാൻ തിടുക്കപ്പെടുന്ന ഈ വിഡ്ഢി ഏതാണ്?"

വൈശമ്പായനൻ പറഞ്ഞു: "രാക്ഷസന്റെ വാക്കുകേട്ട് കൂസാതെ ഭീമസേനൻ പുഞ്ചിരിതൂകി, കീഴോട്ടുനോക്കിയിരുന്ന് ഊണു തുടർന്നു. ഇതു കണ്ട് ഭയങ്കരമായി അലറിക്കൊണ്ട് രാക്ഷസൻ കൈകൾ ഉയർത്തി ഭീമന്റെ നേരെ പാഞ്ഞുവന്നു. അടുക്കുന്ന അവനെ പുച്ഛത്തോടെ വൃകോദരൻ ഒന്നു നോക്കി. അവൻ ചോറ് ഉണ്ടുകൊണ്ടുതന്നെയിരുന്നു. അമർഷത്തോടെ രാക്ഷസൻ രണ്ടുകൈകൾകൊണ്ടും ഊക്കിൽ അടിച്ചു. ഭീമന്റെ പുറത്ത് രണ്ടുകൈകൊണ്ടും ഊക്കിൽ തല്ലുകൊണ്ടെങ്കിലും ശക്തനായ ഭീമൻ രാക്ഷസനെ നോക്കുകപോലും ചെയ്തില്ല. ഈ അവഗണന രാക്ഷസനെ കോപാന്ധനാക്കി. അവൻ വലിയ ഒരു വൃക്ഷം പറിച്ചെടുത്ത് ഭീമനെ തല്ലിക്കൊല്ലുവാൻ അടുത്തു. ഭീമൻ ഇഷ്ടംപോലെ ഊണുകഴിഞ്ഞെഴുന്നേറ്റ് കൈകളും മുഖവും കഴുകി രാക്ഷസനോട് പോരടിക്കുവാൻ തയ്യാറായിനിന്നു. രാക്ഷസൻ എറിഞ്ഞ മരം വീരനായ ഭീമൻ പുഞ്ചിരിയോടെ ഇടംകൈകൊണ്ടു പിടിച്ചു. ഉടനെ ഓരോ വൃക്ഷങ്ങൾ പറിച്ചെടുത്ത് രാക്ഷസനും ഭീമനും അങ്ങോട്ടുമിങ്ങോട്ടും എറിഞ്ഞു പോരാടി. അല്ലയോ ജനമേജയരാജാവേ, ആ പ്രദേശത്തുള്ള വൃക്ഷങ്ങളൊക്കെ ഒഴിഞ്ഞു. അങ്ങനെ ഭയങ്കരമായി അവർ തമ്മിൽ ഒരു വൃക്ഷയുദ്ധം നടന്നു. 'എടാ മനുഷ്യ! നീ എന്നെ അറിയുമോ? ഞാൻ ബകരാക്ഷസനാണ്. നിന്നെ ഞാൻ ഇപ്പോൾ കൊന്നുതിന്നുകളയാം' എന്നുപറഞ്ഞ് ഭീമനെ പിടികൂടി. ഉടനെ ദുഷ്ടനായ

digitized by www.sreyas.in

ആ രക്ഷസ്സിനെ ഭീമൻ വട്ടംകെട്ടിപ്പിടിച്ചു. രാക്ഷസൻ കുടഞ്ഞു. ഭീമൻ പിടിവിട്ടില്ല. അവനെ ഊക്കിൽ വലിച്ചിഴച്ചു. ഭീമൻ വലിക്കുമ്പോൾ അവൻ ഭീമനേയും വലിച്ചു. വളരെ പ്രയത്നപ്പെട്ട്, രാക്ഷസൻ പരിക്ഷീണനായിട്ടും പൊരുതി. അവരുടെ രണ്ടുപേരുടേയും ഊക്കിൽ ധരണി കുലുങ്ങി. തടിച്ച വൃക്ഷങ്ങളേയും അവർ പൊടിച്ചു തകർത്തു. രക്ഷസ്സ് ഒരുവിധം തളർന്നതായിക്കണ്ട ഭീമൻ രാക്ഷസനെ തട്ടിവീഴ്ത്തി ഞെക്കി പുറത്തു കാൽമുട്ടുവെച്ചമർത്തികുത്തി, വലംകൈകൊണ്ടു കഴുത്തിൽ പിടികൂടി, ഇടംകൈകൊണ്ട് അരക്കെട്ടിലെ വസ്ത്രത്തിൽപ്പിടിച്ച് മുട്ടുകൊണ്ടമർത്തി, അലറിക്കൊണ്ടിരിക്കുന്ന രാക്ഷസൻ്റെ നടു വളച്ച് ഒടിച്ചു. രക്ഷസ്സിൻ്റെ നടു ഒടിഞ്ഞപ്പോൾ അവൻ ഇടിമുഴക്കംപോലെ അലറി. വായിൽനിന്നു ചോര കക്കി, അത് നിലത്തൊഴുകി."

164. ബകവധം – വൈശമ്പായനൻ പറഞ്ഞു: "നടുവൊടിഞ്ഞു തകർന്ന ബകൻ ഉച്ചത്തിൽ അലറി ചത്തുവീണു. ആ രാക്ഷസൻ്റെ അപ്രതീക്ഷിതമായ ആരവംകേട്ട് ബന്ധുജനങ്ങൾ പരിചാരകന്മാരോടുകൂടി ഓടിവന്നു. ഭയപ്പെട്ട് വിറച്ചു മൂഢരായി നില്ക്കുന്ന അവരെക്കണ്ട് ഭീമൻ സമാധാനപ്പെടുത്തി, അവരെ അവിടെ ഇരുത്തി, അവരുമായി ഒരു കരാറുചെയ്തു."

ഭീമൻ പറഞ്ഞു: "ഹേ! രാക്ഷസന്മാരേ, ഇനിമേൽ നിങ്ങൾ മനുഷ്യരെ തിന്നരുത്. കൊന്നുപോയാൽ പിന്നെ നിങ്ങൾക്കു ഭൂമിയിൽ ജീവിതമില്ല. ആ നിമിഷത്തിൽ അവസാനിപ്പിക്കും!"

വൈശമ്പായനൻ പറഞ്ഞു: "ഭീമൻ്റെ കല്പനകേട്ട് രക്ഷസ്സുകൾ അപ്രകാരമാകാമെന്നുള്ള നിശ്ചയം സമ്മതിച്ചു. അല്ലയോ ജനമേജയരാജാവേ, അന്നുതൊട്ട് ആ വനത്തിൽ രാക്ഷസരൊക്കെ സൗമ്യന്മാരായി, നഗരത്തിലിറങ്ങി ആരേയും ഉപദ്രവിക്കാതെ സഞ്ചരിക്കുവാൻ തുടങ്ങി. നാട്ടുകാർ അവരെ ഭയപ്പെടാതായി.

ചത്ത രാക്ഷസനെ ഭീമൻ എടുത്തു തെരുവിൽ കൊണ്ടുവന്നുവെച്ച് ആരും കാണാതെ പോയി. ഭീമൻ്റെ കൈയൂക്കുകൊണ്ടു ബകൻ ചത്തതുകണ്ട് അവൻ്റെ ബന്ധുക്കൾ പേടിച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

ഭീമൻ ഇപ്രകാരം ബകനെ കൊന്നതിന്നുശേഷം വിപ്രൻ്റെ ഗൃഹത്തിലേക്കു ചെന്നു. നടന്ന കഥയൊക്കെ യുധിഷ്ഠിരനോടു പറഞ്ഞു.

പ്രഭാതത്തിൽ പുരത്തിലെത്തിയ നാട്ടുകാർ കണ്ട കാഴ്ച അത്ഭുതമായിരുന്നു! രാക്ഷസൻ ചോരയിൽ മുങ്ങി ചത്തു മലർന്നു കിടക്കുന്നു. പർവ്വതംപോലെ വലുതായി കിടക്കുന്ന ആ രൗദ്രമൂർത്തിയെക്കണ്ട് ജനങ്ങൾ മനംകുളുർത്ത് രോമാഞ്ചമണിഞ്ഞ് അത്ഭുതപ്പെട്ടു നോക്കിനിന്നു! ചിലർ ഏകചക്രയിൽച്ചെന്ന് ഈ അത്ഭുതവാർത്ത അറിയിച്ചു. ആയിരക്കണക്കിന്ന് ആബാലവൃദ്ധം ജനങ്ങൾ ചത്ത രാക്ഷസനെ കാണുവാൻ വന്നുകൂടി. അതിമാനുഷമായ ഈ കർമ്മംകണ്ട് അത്ഭുതത്തോടെ സ്ത്രീജനങ്ങളോടുകൂടി അവരെല്ലാവരും മടങ്ങിപ്പോയി ധർമ്മദൈവപൂജ നടത്തി. പിന്നെ അവർ അന്നത്തെ ഊഴത്തിൻ്റെ കണക്കുനോക്കി ബകൻ്റെ അരികിലേക്ക് അന്നുപോകേണ്ടത് ആരാണെന്നു (ഏകചക്രയിലെ ജനങ്ങൾ) മനസ്സിലാക്കി. ഏകചക്രയിലെ ജനങ്ങൾ ആ ബ്രാഹ്മണൻ്റെ ഗൃഹത്തിലേക്ക് ചെന്നു. വിപ്രനെ കണ്ടു ചോദിച്ചു. ജനങ്ങൾ അന്വേഷിച്ചപ്പോൾ അവൻ ഭീമൻ്റെ വൃത്താന്തം മറച്ചുവെച്ചു. അവരെ കാണിച്ചില്ല."

പൗരന്മാരോട് ബ്രാഹ്ണനൻ പറഞ്ഞു: "മന്ത്രസിദ്ധനായ ഒരു ഭൂസുരൻ ഇവിടെ വന്ന് ഞങ്ങളുടെ സങ്കടം കണ്ടു. പുരത്തിൻ്റെ ആപത്ത് അറിഞ്ഞു. മന്ദസ്മിതത്തോടെ 'ആ ദുഷ്ടന്ന് കൊടുക്കേണ്ട അന്നം ഞാൻ കൊണ്ടുപോകാം. എന്നെക്കുറിച്ചു ഭയം വേണ്ടാ' എന്ന് ആ മഹാശക്തൻ പറഞ്ഞ് എൻ്റെ കൈയിൽ നിന്നും ചോറു വാങ്ങി വനത്തിലേക്ക് പോയി. നിശ്ചയമായും അവനാണ് ഈ ലോകഹിതമായ ക്രിയ ചെയ്തത്."

വൈശമ്പായനൻ് പറഞ്ഞു: "അത്ഭുതാവഹമായ ഈ വർത്തമാനംകേട്ട് വിസ്മയപ്പെട്ട് വിപ്രരും, ക്ഷത്രിയേന്ദ്രന്മാരും, വൈശ്യന്മാരും, ശൂദ്രന്മാരും, എല്ലാവരുംചേർന്ന് ആഹ്ളാദിച്ച് ബ്രാഹ്മണോത്സവം നടത്തി! പിന്നെ ധാരാളം പുറംനാട്ടുകാരും പുരത്തിലേക്കു ചെന്നു. അത്യത്ഭുതമായ ആ ഉത്സവവും പാർത്ഥന്മാർ കണ്ടു."

ചൈത്രരഥപർവ്വം

165. ദ്രൗപദീസംഭവം – ജനമേജയൻ പറഞ്ഞു: "ഇപ്രകാരം ബകനെ കൊന്നുവിട്ടതിന്നുശേഷം ആ പുരുഷർഷഭന്മാരായ പാണ്ഡവന്മാർ എന്തുചെയ്തു? ഭൂസുരോത്തമാ, കഥ തുടർന്നാലും!"

വൈശമ്പായനൻ പറഞ്ഞു: "ആ ബ്രാഹ്മണൻ്റെ ഗൃഹത്തിൽ ബ്രഹ്മാദ്ധ്യയനവും ചെയ്ത് പാണ്ഡവന്മാർ പാർത്തു. ഇങ്ങനെയിരിക്കെ സുവ്രതനായ ഒരു ബ്രാഹ്മണൻ ആ ബ്രാഹ്മണൻ്റെ ഗൃഹത്തിൽ വന്നു. ഗൃഹസ്ഥനായ ബ്രാഹ്മണൻ അതിഥി ബ്രാഹ്മണനെ വേണ്ടവിധം സൽക്കരിച്ചു. കിടക്കുവാൻ ഇടംനല്കി. അന്നുരാത്രി പാണ്ഡവന്മാരും, കുന്തിയും, പലകഥകളും പറയുന്ന ആ ബ്രാഹ്മണൻ്റെ സമീപത്തുചെന്നു വന്ദിച്ചു. ആ വിപ്രൻ ഒരു സഞ്ചാരിയായിരുന്നു. അയാൾ സഞ്ചരിച്ചുകണ്ട ദേശങ്ങൾ, തീർത്ഥങ്ങൾ, സരിത്തുകൾ, രാജാക്കന്മാർ, നാടുകൾ, നഗരങ്ങൾ, ഇവയെപ്പറ്റിയെല്ലാം ഓരോ വർത്തമാനങ്ങൾ സരസമായി വിവരിച്ചു പറഞ്ഞു. ഇങ്ങനെ ഓരോ വർത്തമാനങ്ങൾ പറഞ്ഞു. ഒടുവിൽ പാഞ്ചാലനാട്ടിലെ ആശ്ചര്യങ്ങൾ പറഞ്ഞു. പ്രധാനമായ സംഭവം കൃഷ്ണാസ്വയംവരമായിരുന്നു. ദ്രുപദൻ ചെയ്ത മഖത്തിൽ ധൃഷ്ടദ്യുമ്നൻ്റേയും ശിഖണ്ഡിയുടേയും ഉത്ഭവവും, അയോനിജയായ കൃഷ്ണയുടെ ജനനവും, അദ്ദേഹം അവരോട് പറഞ്ഞു. ലോകത്തിൽ അത്യത്ഭുതമായ ആ മഹാൻ്റെ കഥ കേട്ടുകഴിഞ്ഞപ്പോൾ പാണ്ഡവന്മാർ ചോദിച്ചു."

പാണ്ഡവന്മാർ പറഞ്ഞു: "വേദിമദ്ധ്യത്തിൽ തീയിൽനിന്ന് ദ്രുപദരാജാവിന്ന് ധൃഷ്ടദ്യുമനനും കൃഷ്ണയും എങ്ങനെ ജനിച്ചു? ധൃഷ്ടദ്യുമ്നൻ ദ്രോണാചാര്യനിൽനിന്ന് അസ്ത്രം പഠിക്കുവാൻ എന്താണ് കാരണം? ഇഷ്ടരായ അവർ എന്താണ് പിണങ്ങുവാൻ കാരണം?"

വൈശമ്പായനൻ പറഞ്ഞു: "അവരുടെ ചോദ്യം കേട്ടപ്പോൾ ആ ദ്വിജോത്തമൻ അതൊക്കെ വിസ്തരിച്ച് പറയുവാൻ തുടങ്ങി."

166. ദ്രൗപദീസംഭവം – ദ്രുപദാപമാനം – വൈശമ്പായനൻ പറഞ്ഞു: "ആദ്യമായി ആ ബ്രാഹ്മണൻ ദ്രോണൻ്റെ ഉത്ഭവത്തെപ്പറ്റി പറഞ്ഞു."

ബ്രാഹ്മണൻ പറഞ്ഞു: "മുമ്പു ഗംഗാദ്വാരത്തിൽ മഹാബുദ്ധിമാനും വ്രതനിഷ്ഠയോടുകൂടിയവനും, മഹത്തായ തപഃശക്തിയുള്ളവനും, മഹാനുമായി 'ഭരദ്വാജൻ' എന്നു പേരായി ഒരു മുനി ഉണ്ടായിരുന്നു. ഭരദ്വാജൻ ഗംഗാസ്നാനം ചെയ്യുമ്പോൾ 'ഘൃതാചി' യെന്ന സുരവേശ്യ പുഴവക്കിൽ നില്ക്കുന്നതായിക്കണ്ടു. ആ സുന്ദരിയുടെ വസ്ത്രം കാറ്റിൽ അഴിഞ്ഞുവീണുപോയി. നഗ്നയായ ആ സുകുമാരിയെക്കണ്ട് മുനി കാമപരവശനായി. ഘൃതാചിയിൽ മനസ്സുലയിച്ച യുവാവായ ആ ബ്രഹ്മചാരി ആനന്ദപരവശനായി. ഉടനെ അദ്ദേഹത്തിന്ന് ശുക്ലസ്ഖലനമുണ്ടായി. അദ്ദേഹം ആ രേതസ്സ് ഉടനെ ഒരു * ദ്രോണത്തിലാക്കി. മഹാബുദ്ധിമാനായ ഭരദ്വാജൻ്റെ പുത്രനായി ദ്രോണത്തിൽനിന്ന് ദ്രോണൻ ജനിച്ചു. ആ കുമാരൻ സകലവേദങ്ങളും, വേദാംഗങ്ങളും അഭ്യസിച്ചു. 'പൃഷതൻ' എന്നു പേരായ രാജാവ് ഭരദ്വാജമുനിയുടെ ഇഷ്ടനായിരുന്നു. ദ്രോണൻ ജനിച്ച കാലത്തുതന്നെ ആ രാജാവിന്നു 'ദ്രുപദൻ' എന്നു പേരായ പുത്രൻ പിറന്നു. പൃഷതരാജാവ് ദിവംഗതനായശേഷം ദ്രുപദൻ രാജാവായി. അക്കാലത്ത് പരശുരാമൻ സർവ്വസ്വവും ദാനംചെയ്ത് വനത്തിലേക്കു പുറപ്പെടുകയായിരുന്നു."

ദ്രോണൻ രാമനോട് പറഞ്ഞു: "ഞാൻ ധനം ആഗ്രഹിച്ച് വന്നിരിക്കയാണ്. എൻ്റെ പേര് ദ്രോണൻ എന്നാണ്."

digitized by www.sreyas.in

പരശുരാമൻ പറഞ്ഞു: "ഹേ ബ്രാഹ്മണാ, എന്റെ സമ്പത്തൊക്കെ ഞാൻ ദാനം ചെയ്തുകഴിഞ്ഞു. ഇനി ദേഹം മാത്രമാണ് ബാക്കിയുള്ളത്. അസ്ത്രവിദ്യകളോ, ദേഹമോ ഏതെങ്കിലും ഒന്ന് അങ്ങയ്ക്കു തരാം. ഏതാണ് വേണ്ടതെന്നു പറഞ്ഞാലും."

ദ്രോണൻ പറഞ്ഞു: "അങ്ങ് എല്ലാവിധ അസ്ത്രങ്ങളും പ്രയോഗിക്കുവാനും സംഹരിക്കുവാനും ഉള്ള മാർഗ്ഗങ്ങളോടുകൂടി, എനിക്കുപദേശിച്ചുതന്നാലും."

ബ്രാഹ്മണൻ പറഞ്ഞു: "പരശുരാമൻ അങ്ങനെയാകട്ടെ എന്നുപറഞ്ഞ് അസ്ത്രവിദ്യകളെല്ലാം ദ്രോണന്നായി ഉപദേശിച്ചു. ദ്രോണൻ അവയെല്ലാം ധരിച്ച് കൃതാർത്ഥനായിത്തീർന്നു. ആനന്ദാബ്ധിയിൽ മുഴുകിയ ദ്രോണൻ അതിവിശിഷ്ടമായ ബ്രഹ്മാസ്ത്രംകൂടി പരശുരാമനിൽനിന്നു സമ്പാദിച്ചതിനാൽ മനുഷ്യരിൽ ഏറ്റവും ഉത്കൃഷ്ടനായിത്തീർന്നു. പിന്നീട് പ്രതാപശാലിയും വിശിഷ്ടനുമായ ദ്രോണൻ ദ്രുപദരാജാവിന്റെ അരികെ ചെന്ന് ഞാൻ അങ്ങയുടെ സഖാവാണ് എന്നു പറഞ്ഞു."

ദ്രുപദൻ ഇതു കേട്ടു പറഞ്ഞു: "സമന്മാർ തമ്മിലുള്ള സ്നേഹമേ സ്നേഹമാകൂ! അശ്രോത്രിയൻ ശ്രോത്രിയന്ന് സഖാവാകയില്ല. അരഥി രഥിക്ക് സഖാവാകയില്ല. രാജാവല്ലാത്തവൻ രാജാവിനു സഖാവാകയില്ല. രാജാവായ ഞാൻ എങ്ങനെ ബ്രാഹ്മണനായ അങ്ങയുടെ സ്നേഹിതനാകും? ഒന്നുമറിയാത്ത കുട്ടിക്കാലത്ത് സ്നേഹമുണ്ടായിരുന്നിരിക്കാം. എന്നുവെച്ച് ഇപ്പോൾ സ്നേഹബന്ധം പറഞ്ഞ് വലിഞ്ഞുകയറിയത് കൊള്ളാം! മൗഢ്യത്തിന്റെ വലുപ്പം!"

ബ്രാഹ്മണൻ പറഞ്ഞു: "ഇതുകേട്ട് ദ്രോണൻ അപമാനം കൊണ്ട് നടുങ്ങി. ബുദ്ധിമാനായ അദ്ദേഹം ഇതിന്ന് തക്ക പ്രതികാരം ചോദിച്ചേ ഇരിക്കൂ എന്നു മനസ്സിൽ ഉറച്ചു. ഉടനെ അവിടെനിന്നിറങ്ങി കൗരവവീരന്മാർ വാഴുന്ന ഹസ്തിനപുരിയിലേക്കു നടന്നു.

അവിടെ വന്നുചേർന്ന ബുദ്ധിമാനായ ദ്രോണന്ന് വേണ്ടുവോളം ധനത്തോടുകൂടി പാണ്ഡവരേയും കൗരവരേയും ഭീഷ്മൻ ശിഷ്യരായി ഏല്പിച്ചു."

ദ്രോണൻ പാണ്ഡവവാദികളെ ശിഷ്യരായി സ്വീകരിച്ചു. ഉടനെ ദ്രുപദമർദ്ദനത്തെ മനസ്സിൽവെച്ച് അവരോട് ഇപ്രകാരം പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഗുരുദക്ഷിണയെ സംബന്ധിച്ചുള്ള ഒരു ആഗ്രഹം എന്റെ മനസ്സിലുണ്ട്. എല്ലാ വിദ്യയും എന്നിൽ നിന്ന് നിങ്ങൾ പഠിച്ചുകഴിഞ്ഞതിന്നുശേഷം നിങ്ങൾ അത് എനിക്കു നല്കണം. നിങ്ങൾ അത് തരാമെന്ന് ഏറ്റു പറയണം."

ബ്രാഹ്മണൻ പറഞ്ഞു: പാണ്ഡവന്മാർ പഠിപ്പ് സകലതും കഴിഞ്ഞു ക്ഷീണം തീർന്നിരിക്കുന്ന സന്ദർഭത്തിൽ ദ്രോണൻ ഗുരുദക്ഷിണയ്ക്കായി അവരോട് വീണ്ടും ഇപ്രകാരം പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "അഹിച്ഛത്രം എന്ന രാജ്യത്ത് പൃഷതപുത്രനായി ദ്രുപദൻ എന്നുപേരായ ഒരു രാജാവുണ്ട്. അവനിൽ നിന്ന് ആ രാജ്യം കൈയിലാക്കി എനിക്ക് ഗുരുദക്ഷിണ തരണം."

ബ്രാഹ്മണൻ പറഞ്ഞു: "ദ്രോണാചാര്യന്റെ വാക്കനുസരിച്ച് പാണ്ഡവന്മാർ അഞ്ചുപേരുംകൂടി ചെന്ന് ദ്രുപദനെ പോരിൽ തോല്പിച്ച് അദ്ദേഹത്തേയും മന്ത്രിയേയും പിടിച്ചുബന്ധിച്ച് ദ്രോണാചാര്യന്റെ മുമ്പിൽ കൊണ്ടുചെന്നു."

ദ്രോണൻ പറഞ്ഞു: "മഹാരാജാവേ, ഞാൻ അങ്ങയോട് ഇനിയും സഖ്യം അപേക്ഷിക്കുന്നു. ഒരു രാജാവിന്ന് രാജാവല്ലാത്തവനോട് സഖ്യം പാടില്ല അല്ലേ? അങ്ങയോട് സഖ്യം എനിക്ക് ആവശ്യമാണ്. ഞാൻ രാജാവല്ലായ്കയാൽ ഭവാൻ അതിന്നു വഴിപ്പെടുകയുമില്ല. അതുകൊണ്ടാണ് ഞാൻ അങ്ങയുടെ രാജ്യം പിടിച്ചടക്കാൻ ആശിച്ചത്. ഇനിമേൽ ഗംഗാനദിയുടെ തെക്കേക്കരയിൽ അങ്ങയും വടക്കേക്കരയിൽ ഞാനും രാജാവായിരിക്കും."

ബ്രാഹ്മണൻ പറഞ്ഞു: "ഇപ്രകാരം ദ്രോണൻ പറഞ്ഞപ്പോൾ ആ അസ്ത്രജ്ഞനോട് പാർഷതൻ പറഞ്ഞു."

പാർഷതൻ പറഞ്ഞു: "അങ്ങനെയാകട്ടെ, ഭവാന് മംഗളം ഭവിക്കട്ടെ! അങ്ങ് ആഗ്രഹിക്കുന്നവിധം നാം തമ്മിലുള്ള സഖ്യം നിലനില്ക്കട്ടെ."

ബ്രാഹ്മണൻ പറഞ്ഞു: "ഇപ്രകാരം തമ്മിൽപറഞ്ഞ്, തമ്മിൽ സഖ്യം സ്ഥാപിച്ച്, ആ ദ്രോണപാഞ്ചാല്യവീരന്മാർ പിരിഞ്ഞു. ഓരോരുത്തരും വന്നവഴിക്ക് പോവുകയും ചെയ്തു. ദ്രുപദന്റെ ഉള്ളിൽനിന്ന് അല്പസമയമെങ്കിലും ഈ അപമാനഭാരം നീങ്ങി നിന്നില്ല. അഹർന്നിശം ഈ അപമാനചിന്ത രാജാവിന്റെ ഹൃദയത്തെ വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. രാജാവ് ചിന്തയിൽ ഉരുകി മെലിഞ്ഞു."

167. ദ്രൗപദീസംഭവം - ധൃഷ്ടദ്യുമ്നദ്രൗപദിമാരുടെ ഉല്പത്തി - ബ്രാഹ്മണൻ കഥ തുടർന്നു: "അമർഷിയായ ദ്രുപദൻ തന്റെ കർമ്മസിദ്ധിക്കുവേണ്ടി പ്രധാനമായ ബ്രാഹ്മണഗൃഹങ്ങളിലൊക്കെ തിരഞ്ഞുചുറ്റി. ഒരു നല്ലപുത്രൻ ഉണ്ടാകുന്നതിന്നുവേണ്ടി രാജാവ് ആഗ്രഹിച്ചു. എനിക്ക് ഒരു നല്ല പുത്രൻ ഉണ്ടായില്ലല്ലോ എന്ന് ചിന്തിച്ച് അദ്ദേഹം നെടുവീർപ്പിട്ടുകൊണ്ടിരുന്നു. പിറക്കുന്ന മക്കൾ യോഗ്യരല്ലെന്നു കാണുമ്പോൾ ആശ കൈവിടുകയും നിരസിക്കുകയും ചെയ്യും. ദ്രോണനിലുണ്ടായ കറ അദ്ദേഹത്തിന്റെ ഹൃദയത്തെ നീറ്റിക്കൊണ്ടിരുന്നു. ദ്രോണന്റെ പ്രഭാവം, വിനയം, ശിക്ഷ, വിക്രമം ഇവയോർത്ത് ക്ഷാത്രബലത്താൽ നിവൃത്തിയൊന്നും കണ്ടെത്തിയില്ല. പ്രതിക്രിയയ്ക്കുവേണ്ടുന്ന പ്രയത്നം തുടങ്ങി. ഒരു ദിവസം യമുനയുടേയും ഗംഗയുടേയും തീരത്തുകൂടെ നടക്കുമ്പോൾ പുണ്യമായ ഒരു ബ്രാഹ്മണഗ്രാമം കണ്ട് അങ്ങോട്ടുചെന്നു. അതിൽ പ്രതിഷ്ഠയല്ലാതെയോ സ്നാതകനല്ലാതെയോ ആരുമുണ്ടായിരുന്നില്ല. അവിടെ മഹാനായ ദ്രുപദരാജാവ് 'യാജനെ'ന്നും, 'ഉപയാജനെ'ന്നും പേരായ രണ്ട് ബ്രഹ്മർഷിമാരെ കണ്ടു. ശാന്തശീലന്മാരും താരണേയന്മാരും* സംഹിതാദ്ധ്യയനം ചെയ്യുന്നവരും കാശ്യപഗോത്രജരും തുല്യരൂപരുമായ ബ്രഹ്മർഷി സത്തമന്മാരെ രാജാവ് കണ്ടു. തന്നെ ദുഃഖത്തിൽനിന്നു കയറ്റുവാൻ സമർത്ഥരാണ് അവരെന്ന് രാജാവിന്ന് പ്രഥമദർശനത്തിൽത്തന്നെ തോന്നി. അദ്ദേഹം അവർക്ക് സർവ്വവിധ സൽക്കാരങ്ങളും നല്കി. ആഗ്രഹങ്ങൾ സാധിക്കാമെന്നുറച്ച് രാജധാനിയിലേക്ക് ക്ഷണിച്ചു. അവരുടെ ബുദ്ധിയും ബലവും കണ്ടറിഞ്ഞ് അവൻ ഒറ്റയ്ക്കിരിക്കുന്ന അനുജനായ ഉപയാജനെ സസന്തോഷം ചെന്നുകണ്ട്, ആ മഹാവ്രതനെ പ്രീതനാക്കി. മഹാനായ രാജാവ് അവന്റെ പാദം തലോടി, കാമങ്ങളെല്ലാം നല്കി, ഇഷ്ടവാക്കു പറഞ്ഞ് വിധിപോലെ പൂജിച്ച്, പ്രീതിപ്പെടുത്തി, ഇപ്രകാരം പറഞ്ഞു."

പാർഷതൻ പറഞ്ഞു: "എനിക്ക് ദ്രോണനെ സംഹരിക്കുവാൻ ശക്തനായ ഒരു പുത്രൻ ഉണ്ടാകുന്നതിന്ന് ഭവാൻ കർമ്മങ്ങൾ ചെയ്താലും. അതിന്ന് പ്രത്യുപകാരമായി അർബ്ബുദം (അനേകായിരം) പശുക്കളെ ഞാൻ ഭവാന് ദാനംചെയ്യാം. അതല്ലെങ്കിൽ ബ്രാഹ്മണസത്തമാ! ഭവാന് എന്ത് ഇഷ്ടമാണോ അതൊക്കെയും ഞാൻ തന്നുകൊള്ളാം. അതിന്ന് യാതൊരു മടിയും എനിക്കില്ല."

ബ്രാഹ്മണൻ പറഞ്ഞു: "ഇതുകേട്ട് ആ മുനിപ്രവരൻ അതിന്നു സമ്മതം മൂളിയില്ല. ഞാൻ ചെയ്യുകയില്ല എന്നാണ് മറുപടി പറഞ്ഞത്.

ദ്രുപദൻ പിന്മാറാതെ അവനെ വീണ്ടും ശുശ്രൂഷിച്ചുകൂടി. തന്റെ അഭിലാഷം സാധിപ്പിക്കേണമെന്ന് അപേക്ഷിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ ദ്വിജോത്തമനായ ഉപയാജൻ മധുരമായവിധം ദ്രുപദനോടു പറഞ്ഞു."

ഉപയാജൻ പറഞ്ഞു: "ഒരു ദിവസം കാട്ടുചോലയ്ക്കരികെ സഞ്ചരിക്കുന്ന എന്റെ ജ്യേഷ്ഠസഹോദരൻ, ഒരു സ്ഥലത്തു വീണുകിടക്കുന്ന ഒരു പഴം കണ്ടു. സ്ഥലം ശുദ്ധിയുള്ളതാണോ

* "താരണേയൗ യുക്തരൂപൗ" എന്ന് ചില പുസ്തകങ്ങളിൽ കാണുന്നു. കർണ്ണനെപ്പോലെ കന്യാപുത്രരാണ് അവർ എന്നർത്ഥം.

digitized by www.sreyas.in

എന്നു നോക്കുവാൻപോലും ചേട്ടൻ തയ്യാറായിരുന്നില്ല. പിന്നാലെ വന്നിരുന്ന ഞാൻ അതു കണ്ടു. അനുചിതമായിരുന്നു ആ പ്രവൃത്തി. വൃത്തികെട്ട സങ്കരവസ്തു കൈക്കൊള്ളുന്നതിന്ന് അവന്നു ശങ്കയുണ്ടായിരുന്നില്ല. ഫലം കണ്ടപ്പോൾ അദ്ദേഹം അതു കൈയിലാക്കി. ഫലംകൊണ്ടുള്ള ദോഷം ഓർത്തില്ല. ആത്മശുദ്ധിയെ തീരെ നോക്കാത്ത ഒരുത്തനുണ്ടോ മറ്റിടങ്ങളിൽ അതു ചിന്തിക്കുന്നു? ഗുരുകുലത്തിൽ പാർക്കുന്ന കാലത്ത് അവൻ അന്യൻ തിന്ന് ഉപേക്ഷിച്ച ഉച്ഛിഷ്ടം പലപ്പോഴും തിന്നിരുന്നു. എന്നുതന്നെയല്ല ആ അന്നത്തിന്റെ ഗുണവും മാധുര്യവും അവൻ പലപ്പോഴും വാഴ്ത്തിപ്പറയുകയും ചെയ്തിരുന്നു. അതിൽ അവന്നു യാതൊരു ലജ്ജയുമില്ലായിരുന്നു. ബ്രഹ്മചാരിക്ക് വിശേഷിച്ചും പാടില്ലാത്ത ഒന്നാണ് ഉച്ഛിഷ്ടഭക്ഷണം. രാജാവേ, അങ്ങ് ആ ചേട്ടന്റെ അടുത്തു ചെല്ലുക. നിന്റെ കാര്യം സഫലമാക്കും. പ്രതിഫലം ഇച്ഛിക്കുന്ന കൂട്ടത്തിലാണ് അവൻ. അവൻ ഒട്ടും മടിക്കാതെ ഭവാന്റെ യാഗം നിർവ്വഹിച്ചുതരും!"

ബ്രാഹ്മണൻ പറഞ്ഞു: "ഉപയാജന്റെ ഉപദേശം കേട്ടപ്പോൾ രാജാവിന്നു വെറുപ്പുതോന്നിയെങ്കിലും അദ്ദേഹം യാജന്റെ ആശ്രമത്തിലേക്കു പോയി. അവിടെച്ചെന്ന് പൂജ്യനായ യാജനെ പൂജിച്ചു പറഞ്ഞു."

പാർഷതൻ പറഞ്ഞു: "ഹേ, മഹർഷേ, ഞാൻ എൺപതിനായിരം പശുക്കളെ ഭവാന് നല്കാം. ഹേ! യാജാ, എന്നെ യജിപ്പിക്കുക! ദ്രോണവൈരംമൂലമുണ്ടായ ദുഃഖം തീർത്തുതരിക. ബ്രഹ്മവിത്തമനായ ആ വിപ്രൻ സർവ്വോത്കൃഷ്ടനായ ബ്രഹ്മാസ്ത്രജ്ഞനാണ്. അതുകൊണ്ട് ദ്രോണൻ എന്നെ സ്നേഹത്തെ ചൊല്ലിയുണ്ടായ സംഗരത്തിൽ വിജയിച്ചു. ഭൂമിയിൽ ക്ഷത്രിയരിൽ ആരുംതന്നെയില്ല, ആ കൗരവഗുരുവിനോട് എതിർക്കുവാൻ. ഭരദ്വാജന്റെ അസ്ത്രജാലങ്ങൾ ജീവികളുടെ ദേഹം നശിപ്പിച്ചുകളയും. ആറുമുഴം വലിപ്പത്തിലുള്ളതാണ് ദ്രോണന്റെ വില്ല്. ബ്രാഹ്മണാകാരനായ ഭരദ്വാജപുത്രൻ മഹാനാണ്. ക്ഷത്രിയന്മാരുടെ ഊക്കെല്ലാം ആ അസ്ത്രജ്ഞൻ സംഹരിക്കും. ക്ഷത്രവർഗ്ഗം മുടിക്കുവാൻ ഭാർഗ്ഗവനെപ്പോലെ ഒരുങ്ങിനില്ക്കുന്ന അവന്റെ ഭയങ്കരമായ അസ്ത്രശക്തി ആർക്കും തടുക്കുവാൻ കഴിയുകയില്ല. ബ്രഹ്മതേജസ്സ് പൂർണ്ണമായി ധരിച്ചു ഹോമാഗ്നിയെന്നപോലെ പ്രകാശിക്കുന്ന ദ്രോണാചാര്യൻ ക്ഷത്രവീര്യത്തെ അടർക്കളത്തിൽവച്ചു ദഹിപ്പിച്ചുകളയും. ബ്രാഹ്മക്ഷത്രങ്ങളുടെ താരതമ്യത്തിൽ മെച്ചം ബ്രഹ്മതേജസ്സാണ്. ഞാൻ ക്ഷാത്രത്താൽ താഴ്ന്നുനില്ക്കുന്നവനാണല്ലോ! ബ്രഹ്മതേജസ്സിനെ ആശ്രയിക്കുന്നു. ദ്രോണരേക്കാൾ ബ്രഹ്മജ്ഞനായ ഭവാനെ ഞാൻ ആശ്രയിക്കുന്നു. ദ്രോണനെക്കൊല്ലുവാൻ അന്തകനായി ദുർജ്ജയനായ ഒരു പുത്രൻ എനിക്കുണ്ടാകണം. ഹേ! യാജാ, ആ കർമ്മം ഭവാൻ ചെയ്താലും. ഞാൻ ഭവാന് പതിനായിരം ഗോക്കളെ തന്നുകൊള്ളാം."

ബ്രാഹ്മണൻ പറഞ്ഞു: "രാജാവിന്റെ അപേക്ഷ കേട്ടു സന്തോഷിച്ച് യാജൻ യജ്ഞം ചെയ്യാമെന്നേറ്റു. ഗുരുവിനെ സഹായിക്കുവാൻ എന്ന നിലയിൽ അനുജനായ ഉപയാജനേയും ജ്യേഷ്ഠൻ കൂട്ടി. യാജൻ ദ്രോണവധത്തിന്നുവേണ്ടി പുത്രലബ്ധി നല്കാൻ പ്രതിജ്ഞയും ചെയ്തു. തപോധനനായ ഉപയാജൻ രാജാവിനോട് പുത്രോത്പത്തിക്കായുള്ള മഖത്തിന്റെ ക്രമം പറഞ്ഞുകൊടുത്തു. അദ്ദേഹം രാജാവിനോടു പറഞ്ഞു."

യാജൻ പറഞ്ഞു: "മഹാവീര്യനും, മഹാബലനും, മഹാദ്യുതിയും ആകും; ഭവാൻ ഇച്ഛിച്ചവിധംതന്നെ വരും ഭവാനുണ്ടാകുന്ന മക്കൾ."

ബ്രാഹ്മണൻ പറഞ്ഞു: "രാജാവ് ദ്രോണാന്തകനായ പുത്രനെത്തന്നെ ചിന്തിച്ചുകൊണ്ട് ആ ക്രിയയ്ക്ക് വേണ്ടതെല്ലാം സംഭരിച്ചു. യാജൻ ആഹവനാന്തത്തിൽ രാജ്ഞിയെ വിളിച്ചു പറഞ്ഞു."

യാജൻ പറഞ്ഞു: "ഹേ! ദേവീ, അടുത്തുവരൂ! നിനക്ക് രണ്ടു മക്കൾ ഇരട്ടയായി പിറക്കും."

ഉടനെ അവൾ പറഞ്ഞു: "ഹേ! യാജാ, നില്ക്കൂ! പുത്രലാഭത്തിന്നു ഞാൻ ശുദ്ധയായിട്ടില്ല. ഞാൻ മുഖത്ത് വെള്ളം ഒഴിച്ചു ശുദ്ധിവരുത്തട്ടെ; അവലേപമുണ്ട്, ദേഹത്തിൽ പഴകിയ അംഗരാഗസുഗന്ധമുണ്ട്. എന്റെ പ്രിയത്തിന്ന് അല്പം നിന്നാലും! ഞാൻ ദേഹശുദ്ധിചെയ്ത് ഉടനെ എത്താം."

യാജൻ പറഞ്ഞു: "ഹേ രാജ്ഞീ, യാജൻ പാകംചെയ്ത ഹവ്യമാണിത്. ഉപയാജൻ ജപിച്ചതുമാണ്. അത് ഉടനെ ഫലിക്കാതിരിക്കയില്ല. നീ വന്നാലും കൊള്ളാം, നിന്നാലുംകൊള്ളാം."

ബ്രാഹ്മണൻ കഥ തുടർന്നു: "എന്നു പറഞ്ഞു യാജൻ സംസ്കാരം ചെയ്ത ആഹുതി ഹോമിക്കെ ആ തീയിൽനിന്ന് ദേവകല്പനായ ഒരു കുമാരൻ പൊങ്ങിവന്നു. ജ്വാലാവർണ്ണൻ, ഘോരരൂപൻ, കിരീടവും ചട്ടയും ധരിച്ചവൻ. അങ്ങനെയുള്ള ആ കുമാരൻ വാളും വില്ലും അമ്പും എടുത്ത് ഉടനെതന്നെ അട്ടഹാസം മുഴക്കി. ക്ഷണത്തിൽത്തന്നെ അവൻ തേരിൽക്കയറി അവിടെയെങ്ങും ചുറ്റി സഞ്ചരിച്ചു. കണ്ടുനിന്ന പാഞ്ചാലന്മാരെല്ലാം അത്ഭുതത്തോടെ "ഭേഷ്! ഭേഷ്!" എന്നു ഹർഷാരവമുണ്ടാക്കി. ഭൂമി ഈ ഘോഷംകൊണ്ടു കുലുങ്ങി. ഉടനെ ഒരു അശരീരിവാക്കുണ്ടായി; "ഇവൻ പാഞ്ചാല്യർക്കു യശസ്കരനാണ്. ഈ രാജപുത്രൻ രാജാവിന്റെ ദുഃഖവും ഭയവും തീർക്കും. ദ്രോണനെ കൊല്ലുവാൻ ജനിച്ചവനാണിവൻ."

പിന്നെ, രണ്ടാമതായി മണിവേദിയുടെ മദ്ധ്യത്തിൽനിന്ന് അതിസുന്ദരിയായ ഒരു കന്യക ഉയർന്നുവന്നു. അഴകേറിയ സുന്ദരാംഗി, കറുത്തുനീണ്ട മിഴിയുള്ളവൾ, ശ്യാമാംഗി, പൊൽത്താർമിഴി, ഇരുണ്ടുചുരുണ്ട തലമുടിയുള്ളവൾ , ചുവന്ന നഖമുള്ളവൾ, ചാരുവായ ചില്ലിക്കൊടിയുള്ളവൾ, മനുഷ്യരൂപമേന്തിയ ഒരു ദിവ്യസുന്ദരി, നീലോല്പലപ്പൂവിന്റെ മണം ദേഹത്തിൽനിന്ന് ക്രോശം ദൂരത്തു വീശുന്നവൾ! സൗന്ദര്യത്തിൽ അതുല്യ! ദേവദാനവയക്ഷന്മാരും മാനിക്കുന്ന ദിവ്യസ്വരൂപിണി, ഇങ്ങനെ ഒരു കന്യക മുമ്പെ ജനിച്ചിട്ടില്ല. അവൾ ഉണ്ടായപ്പോഴും ഒരു അശരീരിവാക്ക് ആകാശത്തുനിന്നു പുറപ്പെട്ടു: "നാരിമാരിൽ രത്നമായ 'കൃഷ്ണ' ലോകത്തിൽ ക്ഷത്രംമുടിക്കുവാൻ പിറന്നവളാണ്. യഥാകാലം സുന്ദരിയായ ഇവൾ സുരകാര്യം നിർവ്വഹിച്ചു ലോകരക്ഷ ചെയ്യും. ഇവൾ മൂലം കൗരവർക്കു വലുതായ ഭയം വന്നുകൂടും."

ഈ അശരീരിവാക്കുകേട്ട് പാഞ്ചാലർ ഹർഷത്തോടെ സിംഹനാദം മുഴക്കി. ഹർഷം മൂർച്ഛിച്ച അവരെ താങ്ങുവാൻ ഭൂമിപോലും അശക്തയായി! ഈ രണ്ടുപേരെയും കണ്ട് രാജ്ഞി പുത്രാർത്ഥം യാജനോടു പറഞ്ഞു."

രാജ്ഞി പറഞ്ഞു: "ഇവർ എന്നെയല്ലാതെ മറ്റാരേയും അമ്മയായി കരുതരുത്. ഇവരുടെ അമ്മ ഞാനായിരിക്കണം."

ബ്രാഹ്മണൻ പറഞ്ഞു: "അങ്ങനെയാകട്ടെ! ഭവതിയുടെ ഇഷ്ടംപോലെ എന്ന് അനുഗ്രഹിച്ച്, യാജൻ അവർക്കു നാമകരണംചെയ്തു. ധൃഷ്ടത്വവും (അത്യമർഷിത്വവും) ഇഷ്ടദ്യുമ്നത്തോടെയുള്ള ഉത്ഭവവുംകൊണ്ട് ഇവൻ *'ധൃഷ്ടദ്യുമ്നൻ' എന്നു പേരുള്ളവനാകും. കറുത്ത നിറമായതിനാൽ അവളെ 'കൃഷ്ണാ' എന്നുതന്നെ നാമകരണം ചെയ്തു. ഇപ്രകാരം ദ്രുപദന് രണ്ടു സന്താനങ്ങൾ മഖത്തിൽനിന്നുണ്ടായി.

പാഞ്ചാല്യനായ ധൃഷ്ടദ്യുമ്നനെ സ്വഗൃഹത്തിൽ വരുത്തി പ്രതാപിയായ ദ്രോണൻ അസ്ത്രവിദ്യയെല്ലാം പഠിപ്പിച്ചു. പ്രത്യുപകാരമായി ദ്രുപദന്റെ പുത്രനെ ദ്രോണൻ അസ്ത്രവിദ്യ പഠിപ്പിച്ചു. ദ്രോണൻ അതിബുദ്ധിമാനാണ്. 'ദൈവത്തേയും ഭാവിയേയും നമുക്കു തടുക്കാവതല്ലല്ലോ' എന്നാണ് അദ്ദേഹം ചിന്തിച്ചത്. സ്വന്തം കീർത്തി രക്ഷിക്കുവാൻ ദ്രോണൻ അങ്ങനെ ചെയ്തു."

168. പാഞ്ചാലദേശയാത്ര – വൈശമ്പായനൻ പറഞ്ഞു: "ഈ വർത്തമാനങ്ങൾ കേട്ട് കൗന്തേയന്മാർ അമ്പേറ്റു മുറിഞ്ഞ

* ധൃഷ്ടത്വാൽ (പ്രഗത്ഭത്വംകൊണ്ട്) അതിധൃഷ്ണത്വാൽ (അത്യന്തം ശക്തനാകയാൽ) ദ്യുൽസംഭവാൽ (വിഭൂഷണങ്ങളോടെ ജനിക്കയാൽ) ധൃഷ്ടദ്യുമ്നനായി.

digitized by www.sreyas.in

വിധത്തിലായി. മഹാശക്തരായ അവർ എല്ലാവരും അസ്വസ്ഥ ചിത്തരായി. മക്കളുടെ ഈ അസ്വാസ്ഥ്യം കണ്ട് സത്യവാദിനി യായ കുന്തി യുധിഷ്ഠിരനോടു പറഞ്ഞു."

കുന്തി പറഞ്ഞു: "നാം വളരെനാളായല്ലോ ഈ ബ്രാഹ്മ ണന്റെ ഗൃഹത്തിൽ നിവസിക്കുന്നു. ഭിക്ഷവാങ്ങി ഈ പുരത്തിൽ സൗഖ്യമായി താമസിച്ച് ഭംഗിയുള്ള കാടുകളും, പൂങ്കാവുകളു മൊക്കെ പല പ്രാവശ്യവും കണ്ട് സന്തോഷിച്ചു. മകനേ, യുധി ഷ്ഠിരാ! ഇനി നാം പാഞ്ചാലരാജ്യത്തേക്കു പോകുക. അവി ടേയും കാണുവാനും രസിക്കുവാനുമുള്ള പല അപൂർവ്വദർശന ങ്ങളുമുണ്ടാകും. ഇവിടെ ഇനിയും താമസിച്ചാൽ ഭിക്ഷ കിട്ടു വാനും വിഷമമുണ്ട്. കാണേണ്ടതെല്ലാം കണ്ടുകഴിഞ്ഞുതാനും. അല്ലയോ വീരാ, നിനക്ക് ഇഷ്ടമുണ്ടെങ്കിൽ പാഞ്ചാലരാജ്യത്തേ ക്കു പോകാം. ആ രാജ്യം സമ്പൽസമൃദ്ധമാണ്. യജ്ഞസേന രാജാവ് മഹാപണ്ഡിതനാണെന്നാണു കേൾവി. ഒരിടത്തുതന്നെ വളരെക്കാലം താമസിക്കുകയെന്നതു ഭംഗിയല്ല. എനിക്കിഷ്ടവു മില്ല. അതുകൊണ്ടു നിനക്കും ബോദ്ധ്യമാണെങ്കിൽ നമുക്ക് അങ്ങോട്ടുപോകാം."

യുധിഷ്ഠിരൻ പറഞ്ഞു: "അമ്മയ്ക്ക് എന്താണഭിപ്രായമെ ങ്കിൽ എനിക്ക് അതു സമ്മതമാണ്. അനുജന്മാരുടെ ഇംഗിതം എന്താണെന്ന് എനിക്കറിഞ്ഞുകൂടാ."

വൈശമ്പായനൻ പറഞ്ഞു: "കുന്തി ഭീമാർജ്ജുനന്മാരോടും നകുലസഹദേവന്മാരോടും അഭിപ്രായം ചോദിച്ചപ്പോൾ അവരും യാത്രയ്ക്കു സമ്മതിച്ചു. താമസിയാതെ കുന്തി മക്കളോടുകൂടി, ബ്രാഹ്മണനോടു യാത്രയും പറഞ്ഞ്, ദ്രുപദരാജാവിന്റെ മനോ ഹരമായ നഗരത്തിലേക്കു പുറപ്പെട്ടു."

169. ദ്രൗപദീജന്മാന്തരകഥനം.– വൈശമ്പായനൻ പറ ഞ്ഞു: "ഏകചക്രയിൽ ബ്രാഹ്മണഗൃഹത്തിൽ പാണ്ഡവന്മാർ പ്രച്ഛന്നവേഷധാരികളായി താമസിക്കുന്ന കാലത്ത് അവരെക്കാ ണുവാൻ വ്യാസമഹർഷി ചെന്നു. വ്യാസൻ വരുന്നതുകണ്ട പാണ്ഡവർ, പാഞ്ചാലരാജ്യത്തേക്കു പുറപ്പെടുന്നതിന്ന് അല്പം മുമ്പ് അദ്ദേഹത്തെ എതിരേറ്റു പൂജിച്ച്, കുമ്പിട്ട് അഭിവാദ്യം ചെയ്ത്, കൈകൂപ്പിനിന്നു. വ്യാസൻ അവരുടെ ഗൂഢമായ സല്ക്കാരമേറ്റു. മുനിയുടെ അനുജ്ഞ അനുസരിച്ച് ആസനസ്ഥ രായ പാണ്ഡവരോട് മഹർഷി ചോദിച്ചു."

വ്യാസൻ പറഞ്ഞു: "ഹേ, പാണ്ഡവന്മാരേ!, നിങ്ങൾ ധർ മ്മാനുസരണവും ശാസ്ത്രാനുസരണവും പെരുമാറുന്നില്ലേ? പൂജ്യരായ വിപ്രരെ നിങ്ങൾ ചൊവ്വോടെ പൂജിക്കുന്നില്ലേ?"

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ ധർമ്മാർത്ഥമായ കുശലപ്രശ്നങ്ങൾ ചെയ്ത് പല വൃത്താന്തങ്ങളും പറഞ്ഞതി ന്നുശേഷം മഹർഷി ഇപ്രകാരം പറഞ്ഞു."

വ്യാസൻ പറഞ്ഞു: "പണ്ട് ഒരു തപോവനത്തിൽ മഹാത്മാ വായ ഒരു ഋഷിക്ക് ഒരു കന്യകയുണ്ടായിരുന്നു. കൃശമദ്ധ്യയും പൃഥുശ്രോണിയും സുമുഖിയുമായ അവൾ സർവ്വഗുണസമ്പന്ന യായിരുന്നു. സ്വന്തകർമ്മവശയായി അവൾ ദൗർഭാഗ്യത്തോടെ ജീവിക്കുകയായിരുന്നു. അതിസുന്ദരിയായിരുന്നിട്ടും അവൾക്കു ഭർത്താവുണ്ടായില്ല. അവൾ ഭർത്തൃലാഭത്തിന്നായി, എന്നാണ് കേൾവി, ശിവനെ ഉഗ്രമായ തപസ്സുചെയ്തു പ്രസാദിപ്പിച്ചു. ഭഗ വാൻ പരമേശ്വരൻ അവളിൽ പ്രീതനായി."

പരമശിവൻ പറഞ്ഞു: "ഹേ, സുന്ദരീ! വരദനായ ഞാൻ ഇതാ പ്രസാദിച്ചിരിക്കുന്നു. നീ ആവശ്യമുള്ള വരം വരിച്ചുകൊ ള്ളുക."

അവൾ ശിവനോടു പറഞ്ഞു: "സകലഗുണങ്ങളും തികഞ്ഞ ഭർത്താവിനെ ഞാൻ ആഗ്രഹിക്കുന്നു."

വ്യാസൻ പറഞ്ഞു: "എന്ന് അവൾ വീണ്ടും വീണ്ടും (ഭർ ത്താവിനെ തരണമെന്ന്) പറഞ്ഞതുകേട്ട് വാഗ്മിയായ ശിവൻ ഇപ്രകാരം പറഞ്ഞു."

പരമേശ്വരൻ പറഞ്ഞു: "ഭദ്രേ! ഭവതിക്ക് അഞ്ചുഭർത്താക്ക ന്മാരുണ്ടാകട്ടെ."

വ്യാസൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ മഹാദേവനോട് അവൾ പറഞ്ഞു."

കന്യക പറഞ്ഞു: "ഭവാന്റെ പ്രസാദത്താൽ എനിക്ക് ഒരു ഭർത്താവുണ്ടാകുവാനാണ് ഞാൻ ആശിച്ചത്!"

വ്യാസൻ പറഞ്ഞു: "മഹാദേവൻ വീണ്ടും ഉത്തമമായ വച നം പറഞ്ഞു."

പരമേശ്വരൻ പറഞ്ഞു: "നീ അഞ്ചുവട്ടം പറഞ്ഞു 'പതിയെ തന്നാലും' 'പതിയെ തന്നാലും'* എന്നിങ്ങനെ. എന്റെ വാക്ക് വെറുതെയാകില്ല. ജന്മാന്തരത്തിൽ, ഞാൻ പറഞ്ഞവിധം നിനക്കു സംഭവിക്കും."

വ്യാസൻ പറഞ്ഞു: "ഇപ്പോൾ ദിവ്യയായ ആ കന്യക ദ്രുപ ദവംശത്തിൽ പിറന്നിട്ടുണ്ട്. നിങ്ങൾക്ക് അഞ്ചുപേർക്കും അവൾ പത്നിയായിത്തീരും എന്നാണ് ദൈവനിർദ്ദേശം. പാർഷതി നല്ല വളാണ്. അതുകൊണ്ട് മഹാശക്തരേ, നിങ്ങൾപോയി പാഞ്ചാ ലക്ഷിതിയിൽ താമസമാക്കുവിൻ. ആ നഗരത്തിൽ ചെല്ലുന്നത് നിങ്ങൾക്കു ക്ഷേമകരമായി ഭവിക്കും! തീർച്ചയാണ്!"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരുടെ പിതാമ ഹനും ഐശ്വര്യസിദ്ധിയുള്ളവനും മഹാതപസ്വിയുമായ വ്യാസമുനി പാർത്ഥരോടും കുന്തിയോടും യാത്രപറഞ്ഞു മറഞ്ഞു."

170. ചിത്രരഥപരാജയം – വൈശമ്പായനൻ പറഞ്ഞു: "വേദ വ്യാസൻ പോയതിന്നുശേഷം പാണ്ഡവർ പ്രീതരായി അമ്മയോ ടുകൂടി നിരപ്പുള്ളതും കിഴക്കോട്ടുള്ളതുമായ വഴിയിൽക്കൂടി ഉദ്ദേ ശിച്ചവിധം പുറപ്പെട്ടു. അവർ രാപകൽ നടന്ന് ഗംഗയിൽ ശിവ തീർത്ഥസ്ഥാനത്ത് എത്തി. മഹാശക്തനായ അർജ്ജുനൻ വെളി ച്ചംകാട്ടുന്നതിന്ന് അവരുടെ മുമ്പിൽ തീക്കൊള്ളിവീശി വെളിച്ചം കാണിച്ചുകൊണ്ടു നടന്നു. വിവിക്തവും രമ്യവുമായ ഗംഗാതീ രത്തുകൂടി പോകുമ്പോൾ ഗംഗാജലത്തിൽ അഹങ്കാരിയായ ഒരു ഗന്ധർവ്വരാജാവ് അനേകം സ്ത്രീകളോടുകൂടി അവരെ കളിപ്പിച്ച് ജലക്രീഡ ചെയ്യുകയായിരുന്നു. നദീതീരത്തേക്കുവരുന്ന അവ രുടെ ശബ്ദംകേട്ട് ഗന്ധർവ്വൻ അവരുടെ നേരെ കോപിച്ചു. അമ്മ യോടുകൂടി സഞ്ചരിക്കുന്ന അവരുടെ നേരെ വില്ലുവളച്ചു ശബ്ദ മുണ്ടാക്കി ഇങ്ങനെ പറഞ്ഞു."

ഗന്ധർവ്വൻ പറഞ്ഞു: "രാത്രിയുടെ ആരംഭത്തിൽ സന്ധ്യ രക്തമാകുന്ന സമയത്തു യാത്രചെയ്യുവാൻ പാടില്ലെന്നു നിങ്ങൾ ക്കറിഞ്ഞുകൂടേ? ആ എൺപതുലവകാലം അശുഭകാലമാണ്. കാമചരന്മാരായ യക്ഷരക്ഷോഗന്ധർവ്വന്മാരുടെ കാലമാണത്. പിന്നെയുള്ള സമയമൊക്കെ മനുഷ്യർക്കു കർമ്മംചെയ്യുവാൻ വിധിച്ചകാലമാണ്. ഈ സമയത്തു ദുർമ്മോഹവുംകൊണ്ട് നട ന്നുവന്ന മൂഢരായ മർത്ത്യന്മാരേ, നിങ്ങളെ ഞങ്ങൾ വിടുകയി ല്ല. കൂട്ടംകൂടി ഞങ്ങൾ പിടിച്ച് കൊല്ലുന്നതാണ്. രാജാക്കളാ യാൽപ്പോലും, ഞങ്ങൾ തെറ്റുചെയ്തവരെ വിടുകയില്ല. നിങ്ങൾ ദൂരെ നില്ക്കുവിൻ. അടുക്കരുത്. ഞാൻ ഈ ഭാഗീഥിയിൽ ഉള്ള വർത്തമാനം നിങ്ങൾ അറിയാതിരിക്കാൻ കാരണമെന്ത്? പ്രസി ദ്ധനും മാനിയുമായ ഞാൻ കുബേരന്റെ സഖാവാണ്. എന്റെ പേര് 'അംഗാരപർണ്ണ'നെന്നാണ്. അതുകൊണ്ട് ഞാൻ നിവസിക്കുന്ന ഈ കാടിന്ന് 'അംഗാരപർണ്ണം' എന്നാണു പേര്. ഗംഗാതീരത്ത് ഞാൻ കാമതൃപ്തനായി സുഖിക്കുകയാണ്. രാക്ഷസന്മാരോ, കപാലികളോ, ദേവന്മാരോ, മനുഷ്യരോ ഇവിടെ ഈ സമയത്തു വരാറില്ല. നിങ്ങൾ വരുവാൻ കാരണം പറയണം."

അർജ്ജുനൻ പറഞ്ഞു: "സമുദ്രം, ഹിമവൽപാർശ്വം, ഗംഗാ നദി ഇവയിലൊക്കെ പ്രവേശിക്കാൻ രാവും പകലും സന്ധ്യയും ഒക്കെ നോക്കിവേണമെന്നു വ്യവസ്ഥവെക്കുവാൻ ആർക്കാണ ധികാരം? രാവും, പകലും, കാലനിർണ്ണയംകൂടാതെ, ആർക്കും

* ഭർത്താരം ദേഹി.

digitized by www.sreyas.in

ഗംഗയിൽ സഞ്ചരിക്കാം. ഞങ്ങൾക്ക് ഏത് അകാലത്തിലായാലും നിന്നോട് ഏല്ക്കുവാനുള്ള ശക്തിയുണ്ട്. ഹേ, ക്രൂരാ! നിന്നെ സേവിക്കുന്നവർ വല്ല അശക്തരായ മനുഷ്യരുമായിരിക്കും. ഹിമാദ്രിയുടെ ഹേമശൃംഗത്തിൽനിന്ന് ഉത്ഭവിച്ച ഗംഗ, സമുദ്രത്തിലടുക്കുമ്പോൾ ഏഴു ശാഖകളായി പിരിയുന്നു. ഗംഗതന്നെയല്ല യമുന, സരസ്വതി, സരയു, ഗോമതി, ഗണ്ഡകി, പ്ലക്ഷജാത ഈ ഏഴു നദികളിലെ ജലം കുടിക്കുന്നവർക്ക് പാപം നിലനില്ക്കുന്നതല്ല. ഈ ഗംഗയാണ് ശുചിയായി ആകാശഗാമിനിയായിട്ടുള്ളത്. ഹേ, ഗന്ധർവ്വാ! കേൾക്കുക: ഈ ഗംഗ സാക്ഷാൽ അളകനന്ദയാണ്. പിതൃലോകത്തിൽ പാപികൾക്ക് അതിദുസ്തരയായ വൈതരണിയാകുന്നതും ഈ ഗംഗതന്നെയാണെന്ന് സാക്ഷാൽ കൃഷ്ണദ്വൈപായനനായ മുനി പറയുന്നു. സ്വർഗ്ഗം നല്കുന്ന ഈ ഗംഗ ഒരാളുടേയും സ്വകാര്യസ്വത്തല്ല. അങ്ങനെയുള്ള ഗംഗയെയാണോ നീ തടുക്കുന്നത്? ഇതു ധർമ്മമാണോ? അനിവാര്യവും നിർബ്ബാധവും പുണ്യവുമാണ്, ഭാഗീരഥിജലം. നിന്റെ വാക്കുകേട്ടു പേടിച്ച് ഗംഗാജലം സ്പർശിക്കാതിരിക്കുമെന്നാണോ നീ വിചാരിക്കുന്നത്?"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനന്റെ വാക്കു കേട്ടപ്പോൾ അംഗാരപർണ്ണൻ വില്ലുകുലച്ചു. അവൻ തീക്ഷ്ണമായ ബാണങ്ങൾ, ഉഗ്രസർപ്പങ്ങൾപോലെയുള്ളവ, അയച്ചു. ആ ശരങ്ങളെ തീക്കൊള്ളിയും പരിചയും തെരുതെരെ വീശി അർജ്ജുനൻ തട്ടിത്തെറിപ്പിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഹേ,! ഗന്ധർവ്വാ! ഈ പേടിപ്പെടുത്തൽ ആയുധവിദ്യ അറിയാത്തവരുടെ അടുക്കൽ ഫലിച്ചേക്കാം. അസ്ത്രജ്ഞരിൽ പ്രയോഗിച്ചാൽ അതു ഫലിക്കുവാൻ പോകുന്നില്ല. അത് വെള്ളത്തിൽ നുരപോലെ അലിഞ്ഞുപോകും. ഗന്ധർവ്വന്മാർ മർത്ത്യരേക്കാൾ മേലെയാണെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ മായകൂടാതെ ദിവ്യാസ്ത്രവുമായി പടവെട്ടാം. സൂത്രപ്പണിയൊന്നും പറ്റുകയില്ല. പണ്ട് ഈ ആഗ്നേയാസ്ത്രം ബൃഹസ്പതി ഭരദ്വാജന്നു കൊടുത്തു. ഭരദ്വാജൻ അത് അഗ്നിവേശ്യന്നു നല്കി. അഗ്നിവേശ്യൻ ബ്രാഹ്മണശ്രേഷ്ഠനും എന്റെ ഗുരുവുമായ ദ്രോണന്നു നല്കി. പിന്നെ അദ്ദേഹം എനിക്കു തന്നു."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് ക്രുദ്ധനായ അർജ്ജുനൻ ഗന്ധർവ്വന്റെനേർക്ക് ജ്വലിക്കുന്ന ആഗ്നേയാസ്ത്രം വിട്ടു. അത് അവന്റെ തേരു ചുട്ടു. തേരു പോയി താഴെവീണ മഹാബലനായ ഗന്ധർവ്വൻ അസ്ത്രശക്തിയാൽ മോഹിച്ച് തല കീഴോട്ടായി വീഴുമ്പോൾ പൂവുചൂടിയ അവന്റെ തലമുടി അർജ്ജുനൻ ചുറ്റിപ്പിടിച്ച് ഭ്രാതാവിന്റെ മുമ്പിലേക്കു വലിച്ചിഴച്ചു. ഉടനെ നിലവിളിച്ച് അവന്റെ ഭാര്യയായ 'കുംഭീനസി' എന്ന ഗന്ധർവ്വി യുധിഷ്ഠിരനെ ശരണംപ്രാപിച്ചു. പതിയുടെ പ്രാണനെ ത്രാണനം ചെയ്യേണമെന്ന് അവൾ അപേക്ഷിച്ചു."

കുംഭീനസി പറഞ്ഞു: "ഹേ, വീരാ! എന്നെ രക്ഷിക്കണേ! പതിയെ വിട്ടയയ്ക്കണേ! ശരണാഗതയായ ഞാൻ കുംഭീനസിയെന്ന ഗന്ധർവ്വിയാണ്."

യുധിഷ്ഠിരൻ പറഞ്ഞു: "പോരിൽ തോറ്റ്, പേരുകെട്ട്, സ്ത്രീകൾ കാക്കുന്ന, വീര്യമില്ലാത്ത വൈരിയെ ഹേ, വീരാ! ഉണ്ണീ! ആരുകൊല്ലും? അവനെ വിട്ടേക്കുക! അതാണു മാനം."

അർജ്ജുനൻ പറഞ്ഞു: "ഹേ, ഗന്ധർവ്വാ! നീ ദുഃഖിക്കേണ്ടാ. പ്രാണനുംകൊണ്ടു പൊയ്ക്കൊള്ളുക! പൊയ്ക്കൊള്ളുക! നിനക്ക് കുരുരാജാവായ യുധിഷ്ഠിരൻ അഭയം നല്കിയിരിക്കുന്നു."

ഗന്ധർവ്വൻ പറഞ്ഞു: "പോരിൽ ഞാൻ തോറ്റുപോയി. അതുകൊണ്ട് മുമ്പുള്ള അംഗാരപർണ്ണനെന്ന നാമധേയം ഞാൻ വിട്ടിരിക്കുന്നു. ഞാൻ എന്റെ ബലത്തെക്കുറിച്ച് ശ്ലാഘിക്കുകയോ, ഈ പേർ സദസ്സിൽ ഇനി പ്രസ്താവിക്കുകയോ ചെയ്യുന്നതല്ല. എനിക്ക് വലിയ ഒരു നേട്ടമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ദിവ്യാസ്ത്രം പൂണ്ട പാർത്ഥനെ ഗന്ധർവ്വമായയോടുകൂടിച്ചേർക്കുവാനുള്ള ഭാഗ്യം സമാഗതമായി. അർജ്ജുനന്റെ അസ്ത്രാഗ്നിയാൽ എന്റെ ചിത്രരഥം ദഹിച്ചുപോയി. ഞാൻ ഇപ്പോൾ ദഗ്ദ്ധരഥനായി! ചിത്രരഥനായ ഞാൻ ഇതാ ഇപ്പോൾ ദഗ്ദ്ധരഥനായിത്തീർന്നു! തപസ്സുകൊണ്ട് ഞാൻ പണ്ടു സമ്പാദിച്ച വിദ്യയാണിത്. അത് പ്രാണദാനംചെയ്ത യോഗ്യനായ ഭവാനു നല്കുന്നു. സ്തംഭിച്ചു ജയിച്ച്, ശരണാഗതനായ വൈരിയിൽ വീണ്ടും പ്രാണൻ കൊടുക്കുന്നവൻ എന്തു മംഗളമാണ് അർഹിക്കാത്തത്? എനിക്കു പ്രാണദാനംചെയ്ത മഹാപുരുഷനോട് ഞാൻ ഒരു മന്ത്രവിദ്യയെപ്പറ്റി പറയാം. മനു സോമന്നു നല്കിയ ചാക്ഷുഷീ മന്ത്രവിദ്യയാണിത്. അവൻ 'വിശ്വാവസു'വിന്ന് അതു നല്കി. വിശ്വാവസു എനിക്കു നല്കി. ഗുരു നല്കിയ ഈ വിദ്യ കുത്സിതനായ പുരുഷന്നു നല്കിയാൽ അതു നശിക്കും.

ഇതിന്റെ ആഗമവും വീര്യവും ഞാൻ പറയാം, കേട്ടാലും! ചക്ഷുസ്സുകൊണ്ട് ത്രിലോകത്തിൽ എന്തുകാണുവാൻ വിചാരിക്കുന്നുവോ, അത് ഇച്ഛിക്കുന്നവിധം കാണാം! ആറുമാസം ഒറ്റക്കാലിൽ നിന്നിട്ടുവേണം ഈ വിദ്യ നേടുവാൻ. ഞാൻ നിന്റെ വ്രതംകഴിഞ്ഞ് അതു ഭവാന് ഉപദേശിക്കാം. ഈ വിദ്യ കൈയിലായ നരൻ നരന്മാരിൽ ശ്രേഷ്ഠനാകും; ദേവതുല്യനാകും. അല്ലയോ രാജാവേ, ഈ വിദ്യ ഞങ്ങൾക്ക് അധീനമായതുകൊണ്ടാണ് ഞങ്ങൾ മനുഷ്യരേക്കാൾ ശ്രേഷ്ഠരായത്. ദേവന്മാരെപ്പോലെ ആകാശസഞ്ചാരവും മറ്റും സാധിക്കുന്നതുകൊണ്ട് ഞങ്ങൾ ദേവതുല്യരായി. മഹാത്മാവേ, ഞാൻ അങ്ങയ്ക്കും സഹോദരന്മാർക്കും ഗന്ധർവ്വരാജ്യത്തുണ്ടായ നൂറ് അശ്വങ്ങളെ, ഓരോരുത്തനും, തന്നുകൊള്ളാം. ആ ദേവഗന്ധർവ്വവാഹങ്ങൾക്ക് ഒരിക്കലും ക്ഷീണം തട്ടുന്നതല്ല. അവ ദിവ്യഗജങ്ങളാണ്. എത്രയും ഭാരം കയറ്റുകയും ചെയ്യാം. പണ്ട് വൃത്രവധത്തിന് വജ്രായുധം ഇന്ദ്രന്നുവേണ്ടി നിർമ്മിക്കപ്പെട്ടു. അത് വൃത്രന്റെ ശിരസ്സിലടിച്ചപ്പോൾ പത്തുനൂറായി തകർന്നു. പിന്നെ ദേവന്മാർ ആ തകർന്ന വജ്രഭാഗങ്ങളെ പൂജിച്ചു. ലോകത്തിൽ പേരുകേട്ടവരെല്ലാം വജ്രാംശമാണ്. വിപ്രന്മാർ വജ്രപാണികളാണ്. ക്ഷത്രം വജ്രരഥമാണ്. വൈശ്യന്മാർ ദാനവജ്രരാണ്. ശൂദ്രർ കർമ്മവജ്രരാണ്. ക്ഷത്രവജ്രത്തിന്റെ ഭാഗം അവധ്യമായ അശ്വമാണ്. രഥാംഗമാകുന്ന ഉത്തമാശ്വങ്ങളെ പെൺകുതിര പ്രസവിക്കുന്നു. കാമകർമ്മം, കാമവേഗം, കാമംപോലെ വന്നുചേരൽ എന്നീ ഗുണങ്ങളോടുകൂടിയതാണ് ഗന്ധർവ്വാശ്വങ്ങൾ. അവ അങ്ങയുടെ സർവ്വ അഭീഷ്ടങ്ങളേയും നിർവ്വഹിക്കുന്നു."

അർജ്ജുനൻ പറഞ്ഞു: "പ്രീതനായി നല്കിയാലും, പ്രാണസംശയം വരുന്ന സന്ദർഭത്തിൽ നല്കിയാലും, വിത്തം, വിദ്യ, ധനം, ശാസ്ത്രം എന്നിവ സ്വീകരിക്കുവാൻ എനിക്ക് ഇഷ്ടമില്ല. പ്രതിപ്രദാനത്തിന്ന് അവസരമുണ്ടാവാത്ത യാതൊരു ദാനവും സ്വീകരിക്കുവാൻ എനിക്കു തൃപ്തിയില്ല."

ഗന്ധർവ്വൻ പറഞ്ഞു: "മഹാജനങ്ങളുമായുള്ള സംഗമം മഹത്തായ സന്തോഷം നല്കും. അങ്ങ് എന്റെ ജീവൻ എനിക്കു തന്നു. അതിൽ അതിരറ്റ സന്തോഷംമൂലം ഈ വിദ്യ ഞാൻ അങ്ങയ്ക്കു നല്കുന്നു. ഭവാനിൽനിന്നു ഞാൻ ഉത്തമമായ ആഗ്നേയാസ്ത്രം വാങ്ങിക്കൊള്ളാം. അതു മാത്രമല്ല, സ്ഥിരമായ സ്നേഹബന്ധവും അതുമൂലം നാം തമ്മിൽ ഉണ്ടാകുന്നതാണ്."

അർജ്ജുനൻ പറഞ്ഞു: "ഹേ,! ഗന്ധർവ്വാ! അങ്ങയ്ക്ക് ആഗ്നേയാസ്ത്രം നല്കി അശ്വത്തെ വാങ്ങാം. സ്നേഹം എന്നെന്നും നിലനില്ക്കട്ടെ. ഭവാൻ പറയൂ! നിങ്ങളിൽനിന്നു ഭയം ഉണ്ടാകാതിരിക്കാൻ എന്താണു മാർഗ്ഗമെന്നു പറയൂ. അല്ലയോ ഗന്ധർവ്വാ, അനവധി വിശിഷ്ടവൈദികന്മാരും ശത്രുഹന്താക്കളായ മാന്യന്മാരും ഈ മാർഗ്ഗത്തിൽ പോയി. അവരെയൊന്നും ആക്രമിച്ചില്ല. പിന്നെ വേദജ്ഞന്മാരായ ഞങ്ങളെ ആക്രമിക്കുവാൻ എന്താണു കാരണം?"

ഗന്ധർവ്വൻ പറഞ്ഞു: "അഗ്നിയും ആഹുതിയും മുമ്പിൽ വിപ്രരുമില്ലാത്തതുകൊണ്ടാണ്, ഞാൻ പാണ്ഡുപുത്രന്മാരേ, നിങ്ങളെ ധർഷിച്ചത്. യക്ഷരാക്ഷസഗന്ധർവ്വന്മാരും പിശാചുക്കളും നാഗങ്ങളും ദാനവന്മാരും മാത്രമല്ല അറിവുള്ളവരെല്ലാവരും അങ്ങയുടെ ഐശ്വര്യപൂർണ്ണമായ കുരുവംശത്തിന്റെ മഹത്ത്വ

digitized by www.sreyas.in

ത്തെ പുകഴ്ത്തുന്നു. നാരദാദികളായ സുരർഷീന്ദ്രന്മാർ അങ്ങയുടെ ബുദ്ധിമാന്മാരായ പിതാമഹന്മാരെപ്പറ്റി പുകഴ്ത്തിപ്പറയുന്നു. ഹേ, വീരാ, നിങ്ങളുടെ പൂർവ്വന്മാരുടെ സൽക്കഥകൾ ആഴി ചൂഴുന്ന ഈ ഊഴിചുറ്റുന്ന സമയത്ത് ഞാൻ കേട്ടിട്ടുണ്ട്; നേരിട്ടു കണ്ടിട്ടുമുണ്ട് ഭവാന്മാരുടെ കുലത്തിന്റെ വൈഭവം. അല്ലയോ അർജ്ജുനാ, വേദവിദ്യയും അസ്ത്രവിദ്യയും ഭവാനുപദേശിച്ച ത്രിലോകപ്രസിദ്ധനായ ദ്രോണാചാര്യന്റെ മഹത്ത്വവും ഞാൻ അറിയുന്നു. ശക്രനും ധർമ്മദേവനും വായുവും അശ്വിനീദേവന്മാരും പാണ്ഡുവും ദേവമാനുഷമുഖ്യന്മാരാണ്. നിങ്ങളുടെ ആ പിതാക്കൾ കുരുവംശവർദ്ധനരാണ്! ഇവരെ ആറുപേരേയും ഞാൻ അറിയും. ദിവ്യാത്മാക്കളും മഹാശയന്മാരും സർവ്വശാസ്ത്രജ്ഞമുഖ്യരുമാണ് അവർ. നിങ്ങൾ ശൂരന്മാരും ചരിതവ്രതന്മാരുമാണ്. അറിവേറുന്ന ഭവാന്മാരുടെ അറിവും മനസ്സും അറിഞ്ഞിട്ടാണ് ഞാൻ നിങ്ങളെ എതിർത്തത്. പുരുഷൻ സ്ത്രീകളുടെ മുമ്പിൽ പൊറുക്കാറില്ല. കൈയൂക്കുള്ളവനാണെങ്കിൽ ആത്മപ്രധർഷണം ചെയ്യുകതന്നെ ചെയ്യും. രാത്രി കാലത്ത് ഞങ്ങൾക്ക് ഊക്കു കൂടും. അതുകൊണ്ട് സഭാര്യനായ ഞാൻ കോപിച്ചു. ഹേ, തപതീപുത്രവംശവർദ്ധനാ! നീ എന്നെ പോരിൽ തോല്പിച്ചു. അതും എന്തുകൊണ്ടാണെന്നു പറഞ്ഞുതരാം. ബ്രഹ്മചര്യാപരമായധർമ്മം നിന്നിലുണ്ട്. അതുകൊണ്ടാണ് നീ എന്നെ എതിർത്തു ജയിച്ചത്. ബ്രഹ്മചര്യം അത്യുത്കൃഷ്ടമായ ജീവിതധർമ്മമാണ്. കാമവശനായക്ഷത്രിയനാണെങ്കിൽ രാത്രിയുദ്ധത്തിൽ എന്നോട് എതിരിട്ടു ജയിക്കുകയില്ല. ഒരു ക്ഷത്രിയൻ ഗൃഹസ്ഥനായിരുന്നാലും യോഗ്യനായ ഒരു പുരോഹിതനെ മുമ്പിൽ നടത്തി, പോയാൽ രാത്രിഞ്ചരന്മാരെ മുഴുവൻ ജയിക്കാൻ സാധിക്കും! അതുകൊണ്ട് ഹേ, താപത്യ! നീ ശ്രേയസ്സിനെ ഇച്ഛിക്കുന്നുണ്ടെങ്കിൽ അതിന്നു നല്ല ഒരു പുരോഹിതനെ ഏല്പിക്കുക തന്നെ വേണം. ഷഡംഗവേദനിരതന്മാരും ശുദ്ധന്മാരും സത്യവാദികളും ധർമ്മാത്മാക്കളും കൃതാത്മാക്കളും ആകണം രാജപുരോഹിതന്മാർ. നൃപന്മാർക്കു ജയം മുഖ്യമാണ്. മരണാനന്തരം സ്വർഗ്ഗവും നേടും. ധാർമ്മികനും ശുദ്ധനുമായ ഒരു പുരോഹിതനുണ്ടെങ്കിൽ അതെല്ലാം സിദ്ധിക്കും! കിട്ടുവാനും കിട്ടിയാൽ കാക്കുവാനും ഒരു പുരോഹിതനെ രാജാവു സമ്പാദിക്കണം. ഐശ്വര്യം കാംക്ഷിക്കുന്ന രാജാക്കൾ പുരോഹിതമതംപോലെ നില്ക്കണം. സാഗരാംബരയായ ഭൂമി നേടുന്നതിന്നും അത് ആവശ്യമാണ്. വെറും, ഐശ്വര്യത്താലും ആഭിജാത്യത്താലും മാത്രം ഹേ, താപത്യാ! ലോകം നേടുവാൻ സാദ്ധ്യമല്ല. രാജാവിന്നു വിപ്രൻ കൂടാതെ കഴികയില്ല. ഹേ! കുലവംശവർദ്ധനാ, അർജ്ജുനാ! ഈ പരമാർത്ഥം മനസ്സിലാക്കിയാൽ ബ്രാഹ്മണൻ മുതലായവർ വാഴുന്ന മന്നുമുഴുവൻ നന്മയിൽ ചിരകാലം സംരക്ഷിച്ചു വാഴാമെന്നുള്ളത് ധരിച്ചുകൊള്ളുക."

171. തപത്യുപാഖ്യാനം – സൂര്യപുത്രിയായ തപതിയുടേയും രാജാവായ സംവരണന്റെയും കഥ – അർജ്ജുനൻ പറഞ്ഞു: "ഹേ, ഗന്ധർവ്വാ! ഭവാൻ സംഭാഷണത്തിന്നിടയിൽ താപത്യ എന്ന് എന്നെ വിളിക്കുകയുണ്ടായല്ലോ. ആ പദത്തിന്റെ അർത്ഥമെന്താണ്? ആരാണ് 'തപതി' എന്നവൾ? ഞങ്ങൾ കൗന്തേയരാണല്ലോ. കൗന്തേയരായ ഞങ്ങൾ താപത്യരായി വരുവാനുള്ള കാരണമെന്താണ്? സാധോ, തത്ത്വം അങ്ങ് സവിസ്തരം പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ചോദിച്ചതുകേട്ട് ഗന്ധർവ്വൻ മൂന്നുലോകത്തിലും കേൾവിപ്പെട്ട ആ കഥ പറഞ്ഞു കേൾപ്പിച്ചു."

ഗന്ധർവ്വൻ പറഞ്ഞു: "ബുദ്ധിമാന്മാരിൽ ശ്രേഷ്ഠനായ അർജ്ജുനാ! ഞാൻ അങ്ങയോട് സന്തോഷത്തോടെ ആ കഥ വിസ്തരിച്ചു പറയാം. ഭവാനെ ഞാൻ താപത്യനെന്നു വിളിച്ചുവല്ലോ. അതിനുള്ള കാരണം ഞാൻ പറയുന്നത് മനസ്സുവെച്ചു കേൾക്കണം.

നഭസ്സിൽ തേജോമണ്ഡലത്താൽ സ്വർഗ്ഗലോകത്തേയും തപിപ്പിക്കുന്ന തപനന്ന് ഒരു പുത്രിയുണ്ടായി. 'തപതി' എന്നായിരുന്നു അവളുടെ പേർ. ദേവനായ വിവസ്വാന്റെ (സൂര്യന്റെ) മകളും 'സാവിത്രി'യുടെ ഇളയസഹോദരിയുമാണ് 'തപതി.' തപസ്വിനിയായ അവൾ മൂന്നു ലോകത്തിലും പുകഴ്ന്നവളായി. ദേവിമാരിലും ദാനവിമാരിലും ഗന്ധർവ്വിമാരിലും യക്ഷികളിലും രാക്ഷസികളിലും അപ്സരസ്ത്രീകളിലും അവൾക്കു തുല്യമായ അഴകുള്ളവർ ആരും ഉണ്ടായിരുന്നില്ല. അവളുടെ അംഗങ്ങൾ ഓരോന്നും കുറ്റമറ്റതും മിഴികൾ കറുത്തുനീണ്ടതുമായിരുന്നു. സദാചാരനിരതയായി, സാധുശീലയായി ആ സുന്ദരി പ്രശോഭിച്ചു!

മകൾക്കു തക്കതായ ഒരു ഭർത്താവിനെ, രൂപം, ശീലഗുണം ഇവചേർന്ന ഒരു യുവാവിനെ, ഭാസ്കരൻ കണ്ടെത്തിയില്ല. മകൾ യൗവനപൂർണ്ണയായി. വിവാഹം ചെയ്ത് അയയ്ക്കേണ്ട കാലമായി. ഭാസ്കരൻ അവളെപ്പറ്റി ചിന്തിച്ചു ദുഃഖത്തിലായി.

അക്കാലത്ത് കുരുശ്രേഷ്ഠനും, 'ഋക്ഷ'ന്റെ പുത്രനും, ശക്തനുമായ 'സംവരണൻ' അർക്കനെ തപസ്സുചെയ്തിരുന്നു. അർഘ്യപുഷ്പോപഹാരങ്ങൾ സുഗന്ധദ്രവ്യങ്ങൾ ഇവകൊണ്ടും തപോവ്രതോപവാസങ്ങൾ കൊണ്ടും നിയതനും ശുചിയും നിരഹങ്കാരനുമായി ആദിത്യസേവ തുടങ്ങി. ഉദിച്ചുപൊങ്ങുന്ന സൂര്യനെ അവൻ ഇപ്രകാരം ഭജിച്ചുകൊണ്ടിരിക്കെ, കൃതജ്ഞനായ ആദിത്യൻ ധർമ്മജ്ഞനായ സംവരണൻ തപതിക്കു ചേർന്ന ഭർത്താവാണെന്നറിഞ്ഞു. അല്ലയോ, അർജ്ജുനാ! ലോകപ്രസിദ്ധമായ വംശത്തിൽ ജനിച്ചവനും, രാജശ്രേഷ്ഠനുമായ സംവരണന്നുതന്നെ തന്റെ മകളെ വിവാഹം ചെയ്തുകൊടുക്കുവാൻ ആദിത്യൻ ആശിച്ചു. ദ്യോവിൽ അർക്കൻ ദീപ്തിയോടെ ശോഭിക്കുന്ന വിധത്തിൽ, ഭൂമിയിൽ സംവരണൻ ദീപ്തികൊണ്ട് പ്രശോഭിച്ചു. ഉദയസൂര്യനെ ബ്രഹ്മവാദികൾ എന്നപോലെ, സംവരണനെ ബ്രാഹ്മണാദികളായ പ്രജാവ്രജം അർച്ചിച്ചു.

കാന്തികൊണ്ടു ചന്ദ്രന്റേയും, തേജസ്സുകൊണ്ടു സൂര്യന്റേയും, മേലെയായി ശോഭിച്ച രാജാവ് സജ്ജനങ്ങളുടേയും ദുർജ്ജനങ്ങളുടേയും ദൃഷ്ടിയിൽ ശ്രീമാൻതന്നെയായി വിളങ്ങി. ഇപ്രകാരം ആ രാജാവ് ശോഭിച്ചപ്പോൾ തപനനിൽ തപതിയെ അവന്നു കൊടുക്കാനുള്ള ചിന്തയും ഉറച്ചു. അങ്ങനെ സംവരണൻ സൽക്കീർത്തി പരത്തി വാഴ്കെ ഒരുദിവസം പർവ്വതോപവനത്തിൽ നായാട്ടിന്നു പോയി. നായാട്ടുനടന്നുകൊണ്ടിരിക്കെ സംവരണന്റെ അപ്രതിമനായ കുതിര പൈദാഹത്തോടെ ചത്തുപോയി. കുതിര ചത്തുപോകയാൽ വനപ്രദേശത്ത് കാൽനടയായി ചുറ്റുന്ന ആ രാജാവ് ആയതലോചനയും, അതിലോകമനോഹരാംഗിയുമായ ഒരു കന്യകയെ കണ്ടു. ഒറ്റയ്ക്കു വനാന്തരത്തിൽവെച്ച് ഏകാകിനിയായി അവളെ കണ്ട രാജാവ് അത്ഭുതത്തോടെ ആ വിശാലാക്ഷിയെ കണ്ണെടുക്കാതെ നോക്കിനിന്നു: സംവരണൻ ചിന്തിച്ചു, ഈ സുന്ദരി ശ്രീയാണോന്ന്. പിന്നെ വിചാരിച്ചു: ഇവൾ ഭാസ്കരനിൽനിന്നു താഴെവീണ പ്രഭയായിരിക്കുമോ, അതോ അഗ്നിയുടെ ജ്വാലയായിരിക്കുമോ, പ്രസാദവും കാന്തിയും കാണുമ്പോൾ ചന്ദ്രലേഖയായിരിക്കുമോ എന്ന്. ആ അസിതായതലോചന ആ ഗിരിപൃഷ്ഠത്തിൽ ഒരു കാഞ്ചനപ്രതിമപോലെ ശോഭിച്ചു. അവളുടെ രൂപസൗന്ദര്യം കൊണ്ട് അവൾ നില്ക്കുന്ന ആ ഗിരിയും വൃക്ഷലതാദികളും പൊന്മയമായി അദ്ദേഹത്തിന്നുതോന്നി. മറ്റു സ്ത്രീജനങ്ങളൊക്കെ തുച്ഛമാണെന്നു സംവരണന്നുതോന്നി. തന്റെ കണ്ണിന്റെ ഭാഗ്യം! നേത്രങ്ങൾ സഫലമായി എന്ന് അവൻ വിചാരിച്ചു. ജനനം മുതൽ രാജാവ് എത്രയോ സുന്ദരിമാരെ കണ്ടിട്ടുണ്ടെങ്കിലും അവരൊന്നും അഴകിൽ ഇവളോട് അടുത്തുനില്ക്കുന്നതല്ലെന്നും രാജാവിനു തോന്നി. അവൾ തന്റെ ഗുണങ്ങളാകുന്ന പാശങ്ങളാൽ രാജാവിന്റെ കണ്ണും കരളും കെട്ടിയപ്പോൾ അനങ്ങാതെ ഒന്നുമറിയാത്തവണ്ണം രാജാവു നിന്നുപോയി. ദേവാസുരമനുഷ്യാദികളായ ലോകം മുഴുവൻ കടഞ്ഞുസത്തെടുത്ത് വിധി അവളുടെ രൂപം നിർമ്മിച്ചതാകാം എന്നെല്ലാം അദ്ദേഹം അവളുടെ സൗന്ദര്യാതിശയം കണ്ട് ഊഹിച്ചു. കല്യാണിയായ അവളെക്കണ്ട് കല്യാണാഭിജ്ഞനായ രാജാവ് കാമബാണാർത്തനായി ചിന്തയിലാണ്ടു.

digitized by www.sreyas.in

ദേഹം ദഹിപ്പിക്കുന്ന ഘോരമാരാഗ്നിയിലെരിയുന്ന പ്രഗല്ഭനായ, അതിസമർത്ഥനായ, ആ രാജാവ് അപ്രഗല്ഭയായ, അസമർത്ഥയായ, ആ കീർത്തിമതിയോട് ഇപ്രകാരം പറഞ്ഞു."

സംവരണൻ പറഞ്ഞു: "അല്ലയോ രംഭോരൂ! നീ ആരുടെ പുത്രിയാണ്? നീ എന്തിനാണ് ഇവിടെ നില്ക്കുന്നത്? ഈ വിജനമായ കാട്ടിൽ എന്തിനാണു സഞ്ചരിക്കുന്നത്? സർവ്വാനവദ്യാംഗിയായ നീ സർവ്വാഭരണവിഭൂഷിതയായി പ്രശോഭിക്കുന്നു. സ്വദേഹത്തിൽ അണിയപ്പെട്ട അലങ്കാരങ്ങൾക്കെല്ലാം അലങ്കാരമാണു നീ. ഇതിന്നു തുല്യമായ ഭൂഷണം എങ്ങുമില്ല. നീ ദേവിയല്ല, ദൈത്യയല്ല, യക്ഷിയല്ല, രാക്ഷസിയല്ല, നാഗസ്ത്രീയല്ല, ഗന്ധർവ്വിയല്ല, മാനുഷയല്ല. ഉത്തമനാരികളെ പലരേയും ഞാൻ കണ്ടിട്ടുണ്ട്; കേട്ടിട്ടുമുണ്ട്. അവരിൽ ആരുംതന്നെ നിന്നോട് ഒക്കുന്നവരായി കണ്ടിട്ടില്ല. പങ്കജാനനേ, തിങ്കൾ പോലെ പ്രശോഭിക്കുന്ന നിന്റെ മുഖം കണ്ട നിമിഷംമുതൽ മന്മഥൻ എന്റെ ഹൃദയത്തെ മഥിക്കുന്നു."

ഗന്ധർവ്വൻ പറഞ്ഞു: "ഇപ്രകാരം രാജാവ് പറഞ്ഞുതീർന്നു. അവൾ ഒരക്ഷരം മറുപടി പറഞ്ഞില്ല. രാജാവിന്റെ വാക്കുകളെ ഗൗനിക്കാതെ അവൻ കാൺകെത്തന്നെ ആ പെൺകൊടി, മിന്നൽപ്പിണർ എന്നപോലെ, പെട്ടെന്നു മേഘത്തിൽ മറഞ്ഞു. അവളെക്കാണാതെ രാജാവ് കാട്ടിൽ ഭ്രാന്തനെപ്പോലെ ഓടിനടന്നു. ആ കമലപത്രാക്ഷിയെ സർവ്വദിക്കിലും തിരഞ്ഞ് അവൻ ഓരോന്നു പറഞ്ഞു വിലപിച്ചു. ആര് കേൾക്കാൻ? രാജാവ് നിശ്ചേഷ്ടനായി മരംപോലെ നിന്നു."

172. തപത്യുപാഖ്യാനം – തപതീസംവരണസല്ലാപം

ഗന്ധർവ്വൻ കഥ തുടർന്നു: "ആ അജ്ഞാതസുന്ദരിയെ കാണാതെ രാജാവ് കാമമോഹിതനായി. വൈരിവീരപാതനനായ അദ്ദേഹം ഭൂമിയിൽ പതിച്ചു. രാജാവു വീണപ്പോൾ പീനായതപൃഥുശ്രോണിയായ ആ സുമുഖി രാജാവിന്റെ മുമ്പിൽ വന്നുനിന്നു മന്ദഹസിച്ചു. അവൾ മെല്ലെ കാമമോഹിതനായ ആ രാജാവിനെ വിളിച്ചു. കാമകോമളനും, കാമം കലർന്നവനുമായ കുരുനന്ദനനോട് പുഞ്ചിരിതൂകി കൊഞ്ചിപ്പറഞ്ഞു."

തപതി പറഞ്ഞു: "എഴുന്നേല്ക്കുക! എഴുന്നേല്ക്കുക! നന്മ നിനയ്ക്കുക. മോഹിക്കരുതേ! ഹേ, വീരാ! മഹിയിൽ പുകഴുന്ന ഭവാൻ പരവശനാകരുതേ!"

ഗന്ധർവ്വൻ പറഞ്ഞു: "കർണ്ണങ്ങളിൽ അമൃതുപൊഴിയുന്ന മധുരോക്തി കേട്ട് അദ്ദേഹം കണ്ണുമിഴിച്ചു നോക്കിയപ്പോൾ, ആ തേൻമൊഴിയാൾ, അത്ഭുതം! അവന്റെ മുമ്പിൽ നില്ക്കുന്നു! ഉടനെ ആ നീലലോചനയോടു നരാധിപൻ ദൃഢമായും ഇടറിക്കൊണ്ടും വാക്കുകൾ മന്ദം പറഞ്ഞു."

സംവരണൻ പറഞ്ഞു: "ഹേ, അസിതാപാംഗേ, മന്മഥപീഡിതനായ എന്നെ നീ പ്രാപിക്കുക. ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ പ്രാണൻ എന്നെവിട്ടു പോകുന്നു. നീ കാരണമായി കാമൻ എന്റെ നേരെ തീക്ഷ്ണശരങ്ങൾ വിടുന്നു. അവയെ തടുക്കുവാൻ ഞാൻ ശക്തനല്ല. പിടികിട്ടാതെ കാമമാകുന്ന അഹിയുടെ കടിയേറ്റ് ഉഴലുന്ന എന്നെ എടോ, പീനായതശ്രോണീ, വരാനനേ, വരിച്ചാലും! കിന്നരസ്വരചാരുവാണീ, ചാരുസർവ്വാനവദ്യാംഗീ, താമരത്താർമുഖീ, ഭീരൂ, നിന്നെക്കൂടാതെ ജീവൻ വഹിക്കുവാൻ ഞാൻ ശക്തനല്ലാതായിരിക്കുന്നു! കാമൻ എന്റെ മെയ്യ് എയ്തുമുറിക്കുന്നു. കമലായതലോചനേ, അതുകൊണ്ടു നീ ഒരു തുള്ളി കരുണ എന്നിൽ പൊഴിച്ചാലും! ഭക്തനായ എന്നെ ദേവീ, കൈവിടരുതേ! പ്രസാദിച്ച് എന്നെ നീ കാത്തുകൊള്ളേണമേ! നിന്നെ കണ്ടിട്ട് അതിപ്രേമംമൂലം എന്റെ മനസ്സ് ഇളകുന്നു. നിന്നെ കണ്ടിട്ട് അന്യയുവതികളിൽ എനിക്കു കൊതിയില്ലാതായിരിക്കുന്നു. എന്നിൽ നീ പ്രസാദിച്ചാലും! നിന്റെ വശഗനായ, ഭക്തനായ എന്നെ നീ ഭജിച്ചാലും. ഭവതിയെ കണ്ട നിമിഷം മുതൽ അനംഗൻ തീക്കൊള്ളിയമ്പുകൊണ്ട് എന്റെ ഹൃദയം പിളർക്കുന്നു. കാമാഗ്നിയിൽ ഞാൻ ദഹിക്കുന്നു. നിന്റെ സ്നേഹമാകുന്ന കുളുർജലത്താൽ എന്റെ ഹൃദയദാഹം ശമിപ്പിച്ചാലും. ഏറ്റവും ദുർദ്ധർഷനായ പൂവമ്പൻ, ഉഗ്രബാണശരാസനനായി ദുസ്സഹമായ ശരങ്ങൾകൊണ്ട് എന്നെ കൊല്ലുന്നു. ആത്മദാനം ചെയ്ത് അവന്റെ ആക്രമണത്തിൽനിന്ന് എന്നെ രക്ഷിച്ചാലും. ഗാന്ധർവ്വമായി എന്നെ വിവാഹം ചെയ്ത് എന്നിൽ ചേർന്നാലും. വരാംഗനേ! വിവാഹങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠം ഗാന്ധർവ്വമാണ്."

ഗന്ധർവ്വൻ പറഞ്ഞു: "രാജാവിന്റെ മാരമാൽ ചേർന്ന് ഇടറിയ വാക്കുകേട്ട് തപതി പറഞ്ഞു."

തപതി പറഞ്ഞു: "ഹേ, നരേന്ദ്രാ! ഞാൻ അസ്വതന്ത്രയായ കന്യകയാണ്. ഭവാന് എന്നിൽ പ്രീതിയുണ്ടെങ്കിൽ അച്ഛനോടു ചോദിക്കുക. രാജാവേ, ഭവാന്റെ പ്രാണനെ ഞാൻ ഹരിച്ചവിധം കണ്ട നിമിഷത്തിൽത്തന്നെ ഭവാൻ എന്റെ പ്രാണനേയും അപഹരിച്ചിരിക്കുന്നു. ഞാൻ എന്റെ ദേഹത്തിന്നു നായികയല്ല. എന്റെ ദേഹത്തിന്ന് എനിക്കു സ്വാതന്ത്ര്യമില്ല. അതുകൊണ്ട് ഞാൻ ഭവാന്റെ സമീപത്തേക്കു വരുന്നില്ല. നാരികൾ അസ്വതന്ത്രരാണല്ലോ. ലോകത്തിലൊക്കെ കീർത്തി പരന്നവനും, അഭിജാതനും രാജാവും ഭക്തപ്രായനുമായ ഒരു സുന്ദരൻ കാന്തനാകുവാൻ ഏതു കന്യകയാണ് അഭിലഷിക്കാതിരിക്കുക? എന്നാൽ ഈ നിലയിൽത്തന്നെ എന്റെ അച്ഛനോട് ഭവാൻ എന്നെ യാചിക്കുക. നമസ്കാരം, തപസ്സ്, വ്രതം എന്നിവയെല്ലാം അദ്ദേഹത്തെ ഉപാസിക്കാനുള്ള മാർഗ്ഗമാണ്. പ്രണാമനിയമങ്ങളാൽ ഭവാൻ അദ്ദേഹത്തോട് അപേക്ഷിക്കുക. ആ ദേവൻ പ്രീതനായി എന്നെ അങ്ങയ്ക്കു തരുവാൻ കരുതുന്നതായാൽ ഞാൻ എന്നും അങ്ങയ്ക്ക് അധീനയായി ഇരുന്നുകൊള്ളാം. അല്ലയോ, ക്ഷത്രിയവീരാ! ലോകം പ്രദീപിപ്പിക്കുന്ന സൂര്യദേവന്റെ പുത്രിയാണ് ഞാൻ. 'സാവിത്രി'യുടെ അനുജത്തിയാണ്. എന്റെ നാമം തപതിയെന്നാണ്."

173. തപത്യുപാഖ്യാനസമാപ്തി – വസിഷ്ഠന്റെ സഹായവും രാജാവിന്റെ തപതീപ്രാപ്തിയും –

ഗന്ധർവ്വൻ കഥ തുടർന്നു: "തപതി ഇങ്ങനെപറഞ്ഞു മേല്പോട്ടുയർന്നു. ആ മാന്യ പോയി. രാജാവ് വീണ്ടും മണ്ണിൽ വീണു. അമാത്യന്മാർ സൈന്യങ്ങളോടുകൂടി രാജാവിനെ തിരഞ്ഞു കാട്ടിലൊക്കെ നടന്നു. സാനുപ്രദേശത്ത് യാത്രചെയ്ത അമാത്യൻ വനത്തിൽ രാജാവിനെ കണ്ടെത്തി. രാജാവ് ഇന്ദ്രധ്വജം വീണമട്ടിൽ വെറും മണ്ണിൽ തളർന്നുകിടക്കുന്നു! ആ മഹാശയന്റെ കിടപ്പുകണ്ട് മന്ത്രി സംഭ്രമിച്ചു. ഉടനെ ഓടിച്ചെന്ന് പരിഭ്രമത്തോടെ സസ്നേഹം കാമാർത്തനായ ആ കാമകോമളനെ മണ്ണിൽനിന്ന്, അച്ഛൻ മകനെയെന്നവിധം, താങ്ങിയെഴുന്നേല്പിച്ചു. ബുദ്ധിയും, പ്രായവും ചെന്നവനും, കീർത്തിനയാന്വിതനുമായ അമാത്യൻ രാജാവിനെ എഴുന്നേല്പിച്ചു പൊടിതുടച്ച് സ്വസ്ഥനാക്കി നല്ല വാക്കുകൾ പറഞ്ഞു."

മന്ത്രി പറഞ്ഞു: "ഹേ, നരവ്യാഘ്രാ! എന്തിനു ഭയപ്പെടുന്നു? എല്ലാം മംഗളമായി വരും."

ഗന്ധർവ്വൻ പറഞ്ഞു: "ശത്രുക്കളെ വീഴ്ത്തുന്ന രാജാവ് അവിടെ വീണുകിടന്നതു കണ്ടപ്പോൾ വിശപ്പും ദാഹവും മൂലം തളർന്നുവീണതാണെന്നാണ് മന്ത്രി ധരിച്ചത്. ഉടനെ ജലം കൊണ്ടുവന്ന് രാജാവിന്റെ ശിരസ്സിൽ ഒഴിച്ചു. അപ്പോൾ പൊയ്ത്താർ മണമുള്ള മുടിച്ചാർത്തു പൊട്ടി രാജാവിന്നു സ്വബോധം വന്നു. രാജാവ് മന്ത്രിയെ മാത്രം കൂടെ നിറുത്തി സൈന്യങ്ങളെയൊക്കെ മാറ്റിനിർത്തി. ഉടനെ രാജാവിന്റെ ആജ്ഞപ്രകാരം സൈന്യങ്ങൾ രാജധാനിയിലേക്കു മടങ്ങി. ആ ശൈലപൃഷ്ഠത്തിൽ പിന്നീട് രാജാവു പാർത്തു. പിന്നെ ആ പർവ്വതത്തിൽ ശുചിയായി ഊർദ്ധ്വവക്ത്രനായി കൈപൊക്കിനിന്ന് സൂര്യസേവ ചെയ്തു. വൈരിനാശംവരുത്തുന്ന പുരോഹിതനായ വസിഷ്ഠനെ മനസ്സിൽ സംവരണരാജാവു സ്മരിച്ചു.

രാവും പകലും ഈ നില്പിൽ രാജാവു നിന്നു. പന്ത്രണ്ടാം ദിവസം മഹർഷിയായ വസിഷ്ഠൻ രാജാവിന്റെ സമീപത്തെത്തി. രാജാവ് തപതിയിൽ ആസക്തമതിയാണെന്ന് വസിഷ്ഠൻ യോഗദൃഷ്ടി കൊണ്ടു കണ്ടറിഞ്ഞു. നിയതാത്മാവായ രാജാവിനോട്

digitized by www.sreyas.in

എല്ലാം പറഞ്ഞുറപ്പിച്ച് ധർമ്മജ്ഞനായ മുനി രാജാവിന്റെ നന്മയ്ക്കുവേണ്ടി അർക്കനെക്കാണുവാൻ ഉയർന്നു. അംബരത്തിൽ ചെന്ന് സഹസ്രരശ്മിയെ കണ്ട് വസിഷ്ഠൻ കൈകൂപ്പി നിന്നു. 'സവിതാവേ, വസിഷ്ഠൻ വന്നിരിക്കുന്നു' എന്ന് ഉണർത്തിച്ചു. ആ മുനീന്ദ്രനോട് മഹാഭാഗസ്സായ ആദിത്യൻ പറഞ്ഞു."

ആദിത്യൻ പറഞ്ഞു: "മഹർഷേ, ഭവാനു സ്വാഗതം! ഭവാന്റെ മനോഗതമെന്തെന്നു പറഞ്ഞാലും! മഹാഭാഗനായ ഭവാൻ എന്താണ് ഇച്ഛിക്കുന്നത്? ബുധസത്തമനായ ഭവാൻ ആശിക്കുന്നതെന്തോ അത് എത്ര ദുഷ്കരമായാലും ഞാൻ സാധിപ്പിക്കുന്നതാണ്."

ഗന്ധർവ്വൻ പറഞ്ഞു: "ആദിത്യഭഗവാന്റെ വാക്കുകേട്ട് വസിഷ്ഠൻ ഭാനുമാനെ കൈകൂപ്പി ഇപ്രകാരം മറുപടി പറഞ്ഞു."

വസിഷ്ഠൻ പറഞ്ഞു: "വിഭാവസോ, സാവിത്രിയുടെ അനുജത്തിയും, ഭവാന്റെ പുത്രിയുമായ തപതിയെ ഞാൻ സംവരണനൃപനുവേണ്ടി യാചിക്കുവാൻ വന്നിരിക്കുന്നു. ആ രാജാവ് പ്രസിദ്ധനും, ധർമ്മാർത്ഥജ്ഞനും, മഹാശയനുമാണ്. ഭവാന്റെ പുത്രിക്കു ചേർന്ന ഭർത്താവാണ്, സൗമ്യനായ അദ്ദേഹം."

ഗന്ധർവ്വൻ പറഞ്ഞു: "ഇപ്രകാരം വസിഷ്ഠൻ പറഞ്ഞപ്പോൾ സവിതാവ് മുനിയെ അഭിനന്ദിച്ച് പ്രസന്നവദനനായി കൊടുക്കാമെന്നു സമ്മതിച്ചു."

സവിതാവ് പറഞ്ഞു: "നൃപന്മാരിൽ സംവരണൻ ശ്രേഷ്ഠനാണ്. മുനിമാരിൽ ഭവാൻ ശ്രേഷ്ഠനാണ്. നാരിമാരിൽ തപതി ശ്രേഷ്ഠയാണ്. ഈ ദാനം പിന്നെ എങ്ങനെ ശ്രേഷ്ഠമല്ലാതിരിക്കും?"

ഗന്ധർവ്വൻ പറഞ്ഞു: "പിന്നെ സർവ്വാനവദ്യാംഗിയായ തപതിയെ സംവരണന്നായി വസിഷ്ഠന്റെ കൈവശം നല്കി. ആ കന്യകയെ ആ മുനീശ്വരൻ കൈക്കൊണ്ടു. വസിഷ്ഠൻ സൂര്യനോടു യാത്ര പറഞ്ഞു പിരിഞ്ഞു. വിഖ്യാതനും, കുരുകുലമുഖ്യനുമായ സംവരണൻ സുസ്മേരവദനയായ ആ സുകുമാരിയെ ത്തന്നെ ചിന്തിച്ചു ചിന്തിച്ച് ഉല്ക്കണ്ഠയോടെ മന്മഥാവിഷ്ടനായി നില്ക്കുകയായിരുന്നു. മന്ദസ്മേരമുഖിയായി, പ്രസന്നവദനയായി തപതി വസിഷ്ഠനോടുകൂടി വരുന്നതുകണ്ട് ഹൃദയം തെളിഞ്ഞു. രാജാവ് മേല്പോട്ടു നോക്കി. നഭസ്സിൽനിന്ന് ഇറങ്ങി വരുമ്പോൾ അവൾ പ്രശോഭിച്ചു. ദിക്കുകളിലൊക്കെ ദിവ്യമായ ഒരു പ്രഭ വീശി മേഘപടലത്തിൽ വിദ്യുത്പ്രകാശം മിന്നുന്ന പോലെ അവൾ പ്രകാശം വീശി.

ക്ലേശവ്രതത്തോടുകൂടി പന്ത്രണ്ടാമത്തെ രാത്രി കഴിഞ്ഞ അന്നു പ്രഭാതത്തിലാണ് ശുദ്ധബോധനായ വസിഷ്ഠഭഗവാൻ എഴുന്നള്ളിയത്. തപസ്സിനാൽ സംവരണൻ സൂര്യനെ പ്രസാദിപ്പിച്ചതുമൂലം വസിഷ്ഠഭഗവാന്റെ മാഹാത്മ്യംകൊണ്ട് സംവരണൻ ഭാര്യയെ നേടി. പുരോഹിതനായ വസിഷ്ഠന്റെ മഹത്ത്വം കൊണ്ടാണ് സംവരണൻ തപതിയെ നേടിയത്.

ദേവന്മാരും, ഗന്ധർവ്വരും ചുഴലുന്ന ആ വൻമലയിൽവെച്ച് വിധിപ്രകാരം സംവരണൻ തപതിയെ പാണിഗ്രഹണംചെയ്തു. വസിഷ്ഠസമ്മതത്തോടുകൂടി ആ ശൈലത്തിൽവെച്ച് ഭാര്യയുമൊത്തു രമിക്കുവാൻ ആ രാജർഷി തീരുമാനിച്ചു. പിന്നെ പുരം, രാഷ്ട്രം, ഉപവനം, കാട് ഇവ തന്റെ മന്ത്രിശ്രേഷ്ഠനെ ഏല്പിച്ചു. രാജാവിന്റെ സമ്മതം വാങ്ങി വസിഷ്ഠൻ തിരിച്ചുപോയി. ആ പർവ്വതത്തിൽത്തന്നെ അമരാഭനായ രാജാവ് ക്രീഡിച്ചു. പിന്നെ പന്ത്രണ്ടു വർഷം കാട്ടിലും, ആറ്റിലും നിവസിച്ച് തപതിയോടുകൂടി ക്രീഡിച്ച് ആ ഗിരിയിൽത്തന്നെ പാർത്തു.

ആ രാജാവിന്റെ നാട്ടിൽ ആ പന്ത്രണ്ടുവർഷവും ഇന്ദ്രൻ മഴ പെയ്യിക്കുകയുണ്ടായില്ല. മഴ കിട്ടാതായപ്പോൾ ചരാചരങ്ങളെല്ലാം ക്ഷയിച്ചു. ഇങ്ങനെ അത്യുഗ്രമായ കാലം മൂത്തുവന്നപ്പോൾ മഞ്ഞും ഇല്ലാതായി. ഒരു സസ്യവും മുളയ്ക്കാതായി. ക്ഷുൽപിപാസയാൽ ജനങ്ങൾ സർവ്വരും സംഭ്രമിച്ചുതുടങ്ങി. വീടുംവിട്ട് അങ്ങുമിങ്ങും ചുറ്റിയുഴന്ന്, പിന്നെ ജനങ്ങൾ നഗരാന്തരങ്ങളിലും. പുറംനാടുകളിലും ദാരഗൃഹം വിട്ട്, തമ്മിൽത്തമ്മിൽ ക്ഷുത്തുമൂത്ത് ഭക്ഷിക്കുവാൻ തുടങ്ങി. വിശന്നു തീറ്റികിട്ടാതെ ശവപ്രായരായ ജനങ്ങളാലും, ശവങ്ങളാലും, പ്രേതങ്ങളാലും ആ രാജ്യം പ്രേതരാജ്യം പോലെയായി.

ആ രാജ്യം ഇത്തരത്തിലായപ്പോൾ ധർമ്മജ്ഞനായ ഭഗവാൻ വസിഷ്ഠൻ അതിന്റെ കാരണം മനസ്സിലാക്കി. ഏറെക്കാലമായി നാടുവിട്ടുപോയ രാജാവിനെ ഉടനെ തപതിയോടുകൂടി രാജധാനിയിലേക്കു വരുത്തി. ആ രാജാവ് സഭാര്യനായി രാജധാനിയിൽ വന്നപ്പോൾ ഇന്ദ്രൻ മുമ്പത്തെമാതിരിതന്നെ മഴ വർഷിച്ചു. രാജ്യം സസ്യങ്ങളൊക്കെ വളർന്ന് സസ്യശ്യാമളമായിത്തീർന്നു. ജനങ്ങൾ ഹർഷിച്ചു. മഹാവിശിഷ്ടനായ രാജാവ് നഗരത്തിൽ വന്ന ഉടനെ രാജ്യവും നഗരവും അത്യധികം ആനന്ദപരവശമായിത്തീർന്നു. പിന്നെ പന്ത്രണ്ടുവർഷം ആ രാജാധിരാജൻ യജ്ഞങ്ങൾ ചെയ്തു. ശചീദേവിയോടുകൂടിയ ഇന്ദ്രനെപ്പോലെ, തപതിയോടുകൂടി സംവരണൻ പ്രശോഭിച്ചു.

ഇങ്ങനെയാണ് ഭവാന്റെ കുലത്തിലെ പൂർവ്വമാതാവായ തപതീദേവിയുടെ ചരിത്രം. ഹേ, പാർത്ഥാ, ഇപ്രകാരം ഭവാൻ താപത്യനായി. ആ തപതിയിൽ 'കുരു' സംവരണാത്മജൻ പിറന്നു. അർജ്ജുന! പിന്നീടു നീ ആ വംശത്തിൽ പിറന്നു താപത്യനായിത്തീർന്നു!"

174. പുരോഹിതകരണകഥനം - ഗന്ധർവ്വോപദേശം

വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വന്റെ വാക്കുകേട്ട് അർജ്ജുനൻ, വസിഷ്ഠനിൽ ഭക്തിയോടുകൂടി, പൂർണ്ണചന്ദ്രാഭനായി ഗന്ധർവ്വനോടു ചോദിച്ചു."

അർജ്ജുനൻ പറഞ്ഞു: "വസിഷ്ഠൻ എന്നല്ലേ ഭവാൻ ആ മുനീന്ദ്രന്റെ പേരു പറഞ്ഞത്? ഞങ്ങൾക്ക് പൂർവ്വപുരോഹിതനായ ആ മഹർഷിയെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരാണ് ആ ഭഗവാനായ മഹർഷി?"

ഗന്ധർവ്വൻ പറഞ്ഞു: "ബ്രഹ്മാവിന്റെ മാനസപുത്രനാണ് വസിഷ്ഠൻ. 'അരുന്ധതി' ദേവിയുടെ ഭർത്താവാണ്. തപസ്സുകൊണ്ട് സുരന്മാർക്കുപോലും അജയ്യങ്ങളായ കാമക്രോധങ്ങൾ എല്ലാം അദ്ദേഹത്തിന്നു കീഴടങ്ങി. കാമക്രോധങ്ങൾ വസിഷ്ഠന്നു കീഴിൽ നിന്ന് പാദശുശ്രൂഷ ചെയ്യുന്നു. ഇന്ദ്രിയങ്ങൾ വശപ്പെട്ടവനായതുകൊണ്ട് 'വസിഷ്ഠൻ' എന്നു പേരുണ്ടായി. വിശ്വാമിത്രന്റെ അപരാധംമൂലം കടുത്ത ദുഃഖം അനുഭവിച്ചിട്ടും, പുത്രദുഃഖം അനുഭവിച്ചിട്ടും, വിശ്വാമിത്രൻ മുടിയുവാനായി ഉഗ്രമായ തന്റെ കരുത്തു പ്രയോഗിച്ചില്ല. മഹാശക്തനായ വസിഷ്ഠൻ അശക്തനെപ്പോലെ എല്ലാം സഹിച്ചു ജീവിച്ചു. മരിച്ചുപോയ മക്കളെ വീണ്ടും യമാലയത്തിൽനിന്നു വരുത്തുവാൻ ശക്തനാണു താനെങ്കിലും കാലനെ അവർ ആക്രമിച്ചില്ല. കരയെ കടൽ എന്ന വിധം ഒതുങ്ങിനിന്നു. യാതൊരു പ്രതികാരവും ചെയ്തില്ല. ജിതേന്ദ്രിയനും മഹാത്മാവുമായ അവന്റെ സഹായത്താൽ ഇക്ഷ്വാകുരാജാക്കൾ പണ്ട് ഭൂമിയൊക്കെ നേടി. വസിഷ്ഠമുനി പുരോഹിതസ്ഥാനം നിർവ്വഹിച്ചുനില്ക്കുകയാൽ നാനായജ്ഞങ്ങളും ആ നരനാഥന്മാർ ചെയ്തു. ബൃഹസ്പതി വാനവരെക്കൊണ്ട് യജ്ഞം ചെയ്യിച്ചവിധം, ആ രാജാക്കന്മാരെക്കൊണ്ട് യജ്ഞങ്ങൾ ചെയ്യിച്ചു. അതിനാൽ ധർമ്മവാനായി വേദധർമ്മാർത്ഥവേദിയായി ശുദ്ധനായ ഒരു ബ്രാഹ്മണനെ നിങ്ങൾ പൗരോഹിത്യത്തിന്നായി നേടുവിൻ! ഹേ, അഭിജാതനായ ക്ഷത്രിയാ! ഭവാൻ ഭൂമി ജയിക്കുവാൻ നിനയ്ക്കുന്നവനാണല്ലോ. അതുകൊണ്ട് പുരോഹിതനെ വെക്കുകതന്നെ വേണം. രാജ്യശ്രേയസ്സിന്നും അത് ആവശ്യമാണ്. മന്നുവെല്ലുന്ന മന്നവന്നു മുന്നിൽ ബ്രഹ്മം നടക്കണം. അതുകൊണ്ട് ഇന്ദ്രിയങ്ങളെ ജയിച്ച ഗുണവാനായ ഒരു പുരോഹിതൻ, വിപ്രനും, വിദ്വാനും, ധർമ്മാർത്ഥകോവിദനുമായ ഒരു പുരോഹിതൻ, നിങ്ങൾക്കുണ്ടാകണം."

175. വാസിഷ്ഠം - വിശ്വാമിത്രപരാഭവം-

അർജ്ജുനൻ പറഞ്ഞു: "ദിവ്യാശ്രമത്തിൽ തപോവൃത്തിയോടുകൂടി വാഴുന്ന വിശ്വാമിത്രവസിഷ്ഠന്മാർ തമ്മിൽ എന്തുകൊണ്ടാണ് വൈരം ഉണ്ടായത്? അതു മുഴുവൻ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

digitized by www.sreyas.in

ഗന്ധർവ്വൻ പറഞ്ഞു: "ലോകത്തിലൊക്കെ പുകഴ്ന്ന ഉത്തമമായ പുരാണാഖ്യാനമാണ് 'വാസിഷ്ഠം'. ഹേ, പാർത്ഥാ! ഭവാൻ അതു കേട്ടുകൊള്ളുക."

പണ്ട് 'കന്യാകുബ്ജം' എന്ന രാജ്യം മഹായോഗ്യനും കുശികപുത്രനുമായ 'ഗാഥി' എന്ന രാജാവു ഭരിച്ചു. ധർമ്മാത്മാവായ അവന്ന് സമൃദ്ധബലവാഹനനായി 'വിശ്വാമിത്രൻ' എന്ന പുത്രനുണ്ടായി. വിശ്രുതനും, വൈരിമർദ്ദനനുമായ ആ വിശ്വാമിത്രരാജാവ് അമാത്യന്മാരോടുകൂടി കൊടുംകാട്ടിൽ വേട്ടയാടി നടന്നു. മരുധന്വപ്രദേശത്ത് മാൻ, പന്നി മുതലായ മൃഗങ്ങളെ വേട്ടയാടി ക്ഷീണിച്ച്, ദാഹം കൊണ്ടു തളർന്ന് രാജാവ് വസിഷ്ഠന്റെ ആശ്രമത്തിൽ കയറിച്ചെന്നു. രാജാവു വന്നതുകണ്ട് പൂജ്യന്മാരെ പൂജിക്കുന്നതിൽ സദാ തത്പരനായ വസിഷ്ഠൻ അദ്ദേഹത്തെ സ്വീകരിച്ചു സൽക്കരിച്ചു. പാദ്യം, അർഘ്യം, ആചമനം, പൂജ, സ്വാഗതോക്തി, ഫലമൂലങ്ങൾ എന്നിവകൊണ്ടെല്ലാം വസിഷ്ഠമുനി അദ്ദേഹത്തെ വേണ്ടവിധം ആദരിച്ചു സ്വീകരിച്ചു.

മഹാമുനിയായ വസിഷ്ഠൻ ഏതു കാമ്യവസ്തുക്കളും ചുരത്താൻ കഴിവുള്ള തന്റെ പശുവിനോട്, അതിഥിയായ മഹാരാജാവിന്ന് അഭീഷ്ടങ്ങൾ നല്കുവാൻ പറഞ്ഞു. അവൾ അതു വേണ്ടവിധം ചുരത്തിക്കൊടുക്കുകയും ചെയ്തു. അമൃതിന്നൊത്ത ഷഡ്രസാഢ്യമായ രസായനവും, ഭോജ്യങ്ങളായ പേയങ്ങളും, പലമാതിരി ഭക്ഷ്യങ്ങളും, അമൃതൊക്കുന്ന ലേഹ്യങ്ങളും, ചോഷ്യങ്ങളും (ചവച്ചുതിന്നാവുന്ന വസ്തുക്കൾ), വിലയേറുന്ന രത്നങ്ങളും, പല വസ്ത്രങ്ങളും എല്ലാം ആഗ്രഹം സമ്പൂർണ്ണമാകുമാറ് അർപ്പിച്ചപ്പോൾ ആ രാജാവ് അമാത്യന്മാരോടും സൈന്യങ്ങളോടുംകൂടി അമിതമായി ആനന്ദിച്ചു.

നല്ല പക്ഷങ്ങളും, പാർശ്വങ്ങളും, അഴകുള്ള കൊമ്പുകളും, തടിച്ചു നീണ്ട തലയും, കഴുത്തും, മണ്ഡൂകമിഴിയും, നല്ലപോലെ തടിച്ച അകിടും, നല്ല വാലും, കൂർത്ത ചെവിയുമായി ഭംഗിയോടെ നില്ക്കുന്ന നന്ദിനിയെക്കണ്ട് ഗാഥിപുത്രൻ സന്തോഷിച്ചു രാജാവ് കണ്ണെടുക്കാതെ പശുവിനെ നോക്കിക്കണ്ടു മുനിയോടു പറഞ്ഞു."

വിശ്വാമിത്രൻ പറഞ്ഞു: "അല്ലയോ മഹർഷേ, അർബുദസംഖ്യയോളം പശുക്കളേയോ, അഥവാ എന്റെ രാജ്യംതന്നെയോ ഞാൻ ഭവാനു തരാം. ഈ നന്ദിനിയെ എനിക്കു തന്നേയ്ക്കൂ! എന്റെ രാജ്യവും രാജ്യാധിപത്യവും ഭവാൻ സ്വീകരിച്ചാലും."

വസിഷ്ഠൻ പറഞ്ഞു: "ദേവന്മാർക്കും അതിഥികൾക്കും പിതൃക്കൾക്കും യാഗത്തിന്നുവേണ്ടിയാണ് ഈ പശു. ഈ നന്ദിനിയെ ഭവാന്റെ രാജ്യം മുഴുവൻ കിട്ടിയാലും ഞാൻ കൊടുക്കുകയില്ല."

വിശ്വാമിത്രൻ പറഞ്ഞു: "ഞാൻ ക്ഷത്രിയനാണ്, ഭവാൻ തപസ്സ്വാദ്ധ്യായസാധനനായ വിപ്രനാണ്. പ്രശാന്തചിത്തരായ വിപ്രന്മാർക്ക് എവിടെയാണു പൗരുഷം? പതിനായിരം ഗോക്കളെ വാങ്ങി എന്റെ ആഗ്രഹം സാധിപ്പിക്കാഞ്ഞാൽ ഞാൻ എന്റെ ജന്മസിദ്ധമായ പൗരുഷം വിടുമെന്നു വിചാരിക്കയേ വേണ്ട. പശുവിനെ ഞാൻ ബലമായി കൊണ്ടുപോവുകതന്നെ ചെയ്യും; തീർച്ചയാണ്!"

വസിഷ്ഠൻ പറഞ്ഞു: "നീ ബാഹുവീര്യമുള്ള ക്ഷത്രിയനാണ്; സൈന്യബലമുള്ള രാജാവാണ്. നിന്റെ ഇച്ഛ എന്തായാലും അതു ചെയ്തുകൊള്ളൂ; ശങ്കിക്കേണ്ട."

ഗന്ധർവ്വൻ പറഞ്ഞു: "വസിഷ്ഠൻ ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ വിശ്വാമിത്രൻ എഴുന്നേറ്റു. ചമ്മട്ടി കൈയിലെടുത്ത് ഹംസചന്ദ്രാഭമായ, വെണ്മപൂണ്ട, നന്ദിനിയെ അപഹരിക്കാനൊരുങ്ങി. രാജഭടന്മാർ അടിച്ച് ആട്ടി ചുറ്റും ഓടിച്ചു. ഒരിടത്തേക്കും ഒടിക്കളയുവാൻ സാധിക്കാത്തവിധം തടുത്തു. നന്ദിനി അപ്പോൾ വസിഷ്ഠന്റെ നേരെ നോക്കി 'ഹംഭാ' 'ഹംഭാ' എന്ന് ഉറക്കെ കരഞ്ഞുനിന്നു. പ്രഹരമേറ്റിട്ടും അവൾ ആശ്രമംവിട്ടുപോയില്ല."

വസിഷ്ഠൻ പശുവിനെ നോക്കിപ്പറഞ്ഞു: "ഭദ്രേ! നീ കരയുന്നത് വീണ്ടും വീണ്ടും ഞാൻ കേൾക്കുന്നുണ്ട്. വിശ്വാമിത്രൻ നിന്നെ ബലത്താൽ ഹരിക്കുകയാണ്. ഞാൻ എന്തുചെയ്യും? ക്ഷമ മാത്രം ആയുധമുള്ള വെറും ഒരു ബ്രാഹ്മണനല്ലേ ഞാൻ?"

ഗന്ധർവ്വൻ പറഞ്ഞു: "അർജ്ജുനാ, ആ നന്ദിനി സൈന്യങ്ങളെക്കണ്ടു പേടിച്ചും, വിശ്വാമിത്രനിൽ ഭയന്നും, പരവശയായി വസിഷ്ഠനെപ്പോയി ആശ്രയിച്ചു."

നന്ദിനി പറഞ്ഞു: "വിശ്വാമിത്രഭടന്മാരുടെ കല്ലേറും അടിയും പൊറുക്കാതെ അനാഥമട്ടിൽ കരയുന്ന എന്നെ ഭഗവാനേ, ഭവാൻ കൈവിടുകയാണോ?"

ഗന്ധർവ്വൻ പറഞ്ഞു: "ആക്രമിക്കപ്പെടുന്ന നന്ദിനി ഇപ്രകാരം അലറിയിട്ടും മുനി ക്ഷോഭിച്ചില്ല. ധൈര്യത്താൽ ഇളക്കം തട്ടാതെ ഇരുന്നു."

വസിഷ്ഠൻ പറഞ്ഞു: "അല്ലയോ നന്ദിനീ! ക്ഷത്രിയർക്കു ബലം പ്രതാപമാണ്. ബ്രാഹ്മണർക്കു ബലം ക്ഷമയാണ്. ഞാൻ ക്ഷമ കൈക്കൊണ്ടു നില്ക്കുകയാണ്. അതുകൊണ്ട് നിനക്കു സമ്മതമാണെങ്കിൽ പൊയ്ക്കൊള്ളുക."

നന്ദിനി പറഞ്ഞു: "ഭഗവാനേ, ഭവാൻ എന്നെ കൈവിടുകയാണോ? എന്താണ് ഇങ്ങനെ പറയുന്നത്? ഹേ ബ്രഹ്മൻ! ഭവാൻ കൈവിടുന്നില്ലെങ്കിൽ ആർക്കും എന്നെ ബലമായി കൊണ്ടുപോകുവാൻ കഴിയുകയില്ല."

വസിഷ്ഠൻ പറഞ്ഞു: "ഹേ! കല്യാണി!, മംഗളശീലേ! ഞാൻ നിന്നെ കൈവിടുന്നില്ല. നിനക്കു നില്ക്കുവാൻ കഴിയുമെങ്കിൽ നില്ക്കുക! നിന്റെ കുട്ടിയെ അവൻ കയറുകൊണ്ടു ബലമായി കെട്ടി ഇതാ കൊണ്ടുപോകുന്നു."

ഗന്ധർവ്വൻ പറഞ്ഞു: "നില്ക്കൂ! എന്നു വസിഷ്ഠൻ പറഞ്ഞതുകേട്ട ഉടനെ ആ മനസ്വിനി കഴുത്തുയർത്തി തലപൊക്കി ഘോരദർശനയായി നിന്നു. ക്രോധരക്താക്ഷിയായി ആ പശു 'ഹംഭാ' എന്ന് ഗംഭീരമായി അലറി വിശ്വാമിത്രന്റെ ആ സൈന്യത്തെയൊക്കെ ചുറ്റും ഓടിച്ചു. ഉടനെ ചാട്ടവാറുകൊണ്ടും വടികൊണ്ടുമുള്ള പ്രഹരമേറ്റ അവൾ എങ്ങും നീങ്ങാൻ പറ്റാതെ തടുക്കപ്പെട്ട് തീ പറക്കുന്ന കണ്ണുകളോടെ കോപത്താൽ ജ്വലിച്ചു. അവൾ കോപിച്ചു മദ്ധ്യാഹ്നസൂര്യനെപ്പോലെ രൗദ്രമൂർത്തിയായി. വാലിൽനിന്നു തീമാരിചൊരിഞ്ഞു. കോപവികാരംകൊണ്ട് ദേഹമൊക്കെ ഭയങ്കരമായി. അവളുടെ വാലിൽനിന്നു പൽഹവന്മാർ ജനിച്ചു. സ്തനത്തിൽനിന്നു ശകദ്രാവിഡർ ജനിച്ചു. യോനിയിൽനിന്ന് യവനരുണ്ടായി. ചാണകത്തിൽനിന്നു ശബരാദികളുണ്ടായി. മറ്റു ശബരന്മാരെ മൂത്രത്താൽ തീർത്തു. പാർശ്വത്താൽ കിരാതരേയും പൗണ്ഡ്രകരേയും യവനരേയും ഖസരേയും, ബർബ്ബരരേയും സിംഹളരേയും ചിബുകന്മാരേയും പുളിന്ദന്മാരേയും ചീനന്മാരേയും ഹൂണന്മാരേയും കേരളീയരേയും സൃഷ്ടിച്ചു. നുരകൊണ്ടു വിവിധ മ്ലേച്ഛരേയും സൃഷ്ടിച്ചു.

പലവിധത്തിൽ സൃഷ്ടിച്ചുവിട്ട മ്ലേച്ഛമഹാസൈന്യം കോപാവേശത്തോടെ പലമട്ടിൽ ചട്ടയിട്ട് പല ശസ്ത്രങ്ങൾ കൈയിലെടുത്തുനിന്നു. വിശ്വാമിത്രൻ നോക്കിനില്ക്കെ, ഒരു കൂസലും കൂടാതെ അദ്ദേഹത്തിന്റെ സൈന്യങ്ങളെ വളഞ്ഞു.

ഇപ്രകാരം നന്ദിനിയിൽനിന്നുത്ഭവിച്ച യോദ്ധാക്കൾ ഒന്നിന്ന് അഞ്ചും ഏഴും വീതം പെരുകിവന്നു. വിശ്വാമിത്രൻ കണ്ടുനില്ക്കെ അവന്റെ സൈന്യം ചിന്നിച്ചിതറി. അസ്ത്രവർഷംകൊണ്ട് വിദഗ്ദ്ധമായ പടജ്ജനമെല്ലാം വിശ്വാമിത്രൻ നോക്കിനില്ക്കെ പേടിച്ച് ഓടിക്കളഞ്ഞു. വസിഷ്ഠസൈന്യങ്ങൾ വിശ്വാമിത്രസൈന്യങ്ങളിൽ ആർക്കും പ്രാണഹാനി വരുത്തിയില്ല. ആ പശു വിശ്വാമിത്രഭടന്മാരെയൊക്കെ ദൂരെ ഓടിച്ചു. അവർ പേടിച്ചു നിലവിളിച്ച് മൂന്നുയോജന ഓടി. അവിടെ അവർ നിരുദ്ധരായി. അവരെ രക്ഷിക്കുവാൻ ആരും എത്തിയില്ല.

ബ്രഹ്മതേജസ്സിൽനിന്നുണ്ടായ ഈ അത്ഭുതം കണ്ടപ്പോൾ വിശ്വാമിത്രൻ അത്ഭുതപ്പെട്ടു തന്റെ ക്ഷാത്രത്തിൽ വെറുപ്പു തോന്നി ഇപ്രകാരം പറഞ്ഞു."

digitized by www.sreyas.in

വിശ്വാമിത്രൻ പറഞ്ഞു: "*ക്ഷത്രിയശക്തികൊണ്ടുള്ള ബലത്തെ ഞാൻ വെറുക്കുന്നു. ബ്രഹ്മതേജസ്സിൽനിന്നു സിദ്ധമാകുന്ന ശക്തിയാണ് ശക്തി. രണ്ടിന്റേയും ബലാബലങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ തപസ്സുതന്നെയാണ് ഏറ്റവും പ്രബലമായിട്ടുള്ളതെന്ന് നിർണ്ണയിക്കാം."

ഗന്ധർവ്വൻ പറഞ്ഞു: "വിശ്വാമിത്രൻ ഇപ്പോൾ ബലാബലം കണ്ടറിഞ്ഞു. തപസ്സുതന്നെ ബലം എന്നു മനസ്സിലാക്കി വിസ്തൃതമായ രാജ്യവും രാജ്യശ്രീയും ഉപേക്ഷിച്ച്, സൗഖ്യങ്ങളെയൊക്കെ പുറത്താക്കി തപസ്സിന്നൊരുങ്ങി. അങ്ങനെ തീവ്രമായ തപസ്സുചെയ്ത് വിശ്വാമിത്രൻ ലോകവ്യാപ്തമായ മഹസ്സുനേടി. തപസ്സുകൊണ്ടു ലോകത്തെ സ്തബ്ധമാക്കി; വിശ്വത്തെ തപിപ്പിക്കുന്ന തപസ്സുകൊണ്ട് ബ്രാഹ്മണത്വവും സമ്പാദിച്ചു. ഇന്ദ്രനോടുകൂടി ഒപ്പമിരുന്ന് കൗശികൻ സോമപാനവും ചെയ്തു."

176. വാസിഷ്ഠം - വസിഷ്ഠശോകം - ഗന്ധർവ്വൻ കഥ തുടർന്നു: "പണ്ട് ഇക്ഷ്വാകുവംശത്തിൽ 'കല്മാഷപാദൻ' എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അക്കാലത്ത് അദ്ദേഹത്തിനു തുല്യനായി മറ്റൊരു രാജാവും ഉണ്ടായിരുന്നില്ല. തേജസ്വിയായ അദ്ദേഹം ഒരു കാട്ടിലേക്കു പോയി. അവിടെച്ചെന്ന് മാൻ, പന്നി മുതലായ ജന്തുക്കളെ വേട്ടയാടി നടന്നു. അനവധി മൃഗവർഗ്ഗത്തേയും കൊന്നു സഞ്ചരിക്കെ അവൻ തളർന്നു. ആ രാജാവിനെ തന്റെ ശിഷ്യനാക്കേണമെന്ന് വിശ്വാമിത്രൻ മുമ്പേ ചിന്തിച്ചിരുന്നു. നായാട്ടുകഴിഞ്ഞു ശ്രാന്തനായി മടങ്ങിപ്പോകുന്ന കല്മാഷപാദൻ വഴിക്കുവെച്ച് മഹാത്മാവായ വസിഷ്ഠപുത്രനെ കണ്ടു. രാജാവ് വിശപ്പും ദാഹവുംമൂലം ക്ഷീണിച്ചിരുന്നു. തനിയേ പോകുന്ന രാജാവ് മുനിയോടു വഴി മാറുവാൻ ആവശ്യപ്പെട്ടു."

കല്മാഷപാദൻ പറഞ്ഞു: "എന്റെ മാർഗ്ഗംവിട്ടു മാറിപ്പോവുക."

ഗന്ധർവ്വൻ പറഞ്ഞു: "മഹാമാനിയായ രാജാവിന്റെ ധിക്കാരപൂർവ്വമായ വാക്കുകേട്ട് മുനി ശാന്തനായി സൗമ്യമായ വാക്കിൽ പറഞ്ഞു."

ശക്തി പറഞ്ഞു: "രാജാവേ, ഇത് എന്റെ മാർഗ്ഗമാണ്. സർവ്വധർമ്മത്തിലും രാജാവ് വിപ്രന്നു വഴി ഒഴിഞ്ഞുകൊടുക്കണം. അതു സനാതനമായ ധർമ്മമാണ്."

ഗന്ധർവ്വൻ പറഞ്ഞു: "അവർ തമ്മിൽ വാക്കുതർക്കമായി. 'നീ രാജാവായ എനിക്കാണ് വഴിമാറേണ്ടത്.നീ മാറൂ.' 'ഞാൻ ബ്രാഹ്മണനാണ്, ബ്രാഹ്മണന് ക്ഷത്രിയൻ വഴിമാറണം, നീ വഴി മാറൂ.' അങ്ങനെ അവർ പരസ്പരം വാഗ്വാദമായി. ആ മുനി വസിഷ്ഠന്റെ നൂറുപുത്രന്മാരിൽ ജ്യേഷ്ഠനായ 'ശക്തി'യായിരുന്നു. ധർമ്മം ഒരിക്കലും വിട്ടുമാറാത്ത താപസൻ രാജാവിന്നു വഴിമാറിക്കൊടുത്തില്ല. തന്റെ നിലയ്ക്കു വഴിമാറിക്കൊടുക്കുന്നതു ശരിയല്ലെന്ന് രാജാവു വിചാരിച്ചു. രാജാവ് മഹർഷിക്കും വഴിമാറിക്കൊടുത്തില്ല. മാനിയായ രാജാവിന് കോപക്കലി കയറി. വഴി മാറാതെ നില്ക്കുന്ന മുനിയെ വഴിമാറ്റിയേ രാജാവു പോകൂ. ഉടനെ അദ്ദേഹം കൈയിലിരിക്കുന്ന ചമ്മട്ടികൊണ്ട് മഹർഷിയെ പ്രഹരിച്ചു. രാജാവ് ക്രോധത്താൽ രാക്ഷസവൃത്തിയാണു ചെയ്തത്. ചമ്മട്ടികൊണ്ടു പ്രഹരമേറ്റ മുനി സഹിക്കവയ്യാത്ത വേദനയോടും, അവമാനത്തോടും, ക്രോധത്തോടുംകൂടി രാജാവിനെ ശപിച്ചു."

ശക്തി പറഞ്ഞു: "ഹേ, നരാധമാ! നീ രാക്ഷസസ്വഭാവമാണ് ഈ കാണിച്ചത്. നീ താപസനായ എന്നെ അടിച്ചു. അതുകൊണ്ട് ഉടനെ നീ മനുഷ്യത്തീനിയായ രാക്ഷസനാകട്ടെ. മനുഷ്യമാംസം തേടി നീ ഭൂമിചുറ്റി അലഞ്ഞുനടക്കട്ടെ! പോകൂ! രാജാധമാ!"

* "ധിഗ്ബലം, ക്ഷത്രിയബലം ബ്രഹ്മതേജോബലം ബലം, ബലാബലം വിനിശ്ചിത്യ തപ ഏവ പരം ബലം." രാമായണം ബാലകാണ്ഡത്തിലെ വിശ്വാമിത്രപ്രസ്താവന നോക്കുക. ഈ പദ്യത്തിന്റെ പൂർവ്വാർദ്ധം ഇതേ രൂപത്തിൽത്തന്നെ കാണുന്നു. വിശ്വാമിത്രവാക്യം വ്യാസവാല്മീകിമാരുടെ ഹൃദയത്തിൽ ഒരേവിധത്തിൽ പതിഞ്ഞിരിക്കുന്നതു നോക്കുക.

ഗന്ധർവ്വൻ പറഞ്ഞു: "ഇക്കാലത്താണ് വിശ്വാമിത്രനും വസിഷ്ഠനും തമ്മിൽ യാജ്യനിമിത്തമായി* സ്പർദ്ധയുണ്ടായത്. വിശ്വാമിത്രൻ അവരുടെ തർക്കം നടന്നുകൊണ്ടിരിക്കെ അവിടെ എത്തി; അവർ അറിയാതെ മറഞ്ഞുനിന്നു. ആരാണ് തന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്ന രാജാവിനെ ശപിച്ചതെന്നറിഞ്ഞു. ആ മുനി വസിഷ്ഠപുത്രനായ ശക്തിയാണെന്നുള്ള പരമാർത്ഥം മനസ്സിലാക്കി, വിശ്വാമിത്രൻ വെളിവായി വരാതെ ഒളിഞ്ഞുനിന്ന് അവരുടെ തർക്കമെല്ലാം കേട്ടു. അവർ രണ്ടുപേരും അറിയാതെ തന്റെ കാര്യം ഭംഗിയായി സാധിക്കുവാൻ വിശ്വാമിത്രൻ ചിന്തിച്ചു. ശക്തി ഇപ്രകാരം ശപിച്ചപ്പോൾ ആന്തരികമായ സത്വഗുണത്താൽ പ്രേരിതനായ കല്മാഷപാദരാജാവ് ശക്തിയെ പ്രസാദിപ്പിക്കുവാൻ കൈകൂപ്പി ശരണംപ്രാപിച്ചു. ആ രാജാവിന്റെ ഹൃദയം വിശ്വാമിത്രൻ അറിഞ്ഞപ്പോൾ, രാജാവ് സാത്വികനാകാൻ ഭാവിക്കുകയാണെന്നു കണ്ടപ്പോൾ, കൗശികൻ രാജാവിൽ ഒരു രാക്ഷസനെ ആവേശിപ്പിച്ചുവിട്ടു. വിപ്രർഷിയുടെ ശാപംകൊണ്ടും, വിശ്വാമിത്രന്റെ ആജ്ഞകൊണ്ടും, വിശ്വാമിത്രകിങ്കരനും, 'കിങ്കരൻ' എന്നു പേരുള്ളവനുമായ ആ രാക്ഷസൻ നൃപനിൽ ആവേശിച്ചു. അങ്ങനെ രാക്ഷസൻ രാജാവിൽ പ്രവേശിച്ചതു കണ്ട് വിശ്വാമിത്രൻ സ്ഥലംവിടുകയും ചെയ്തു.

രാജാവിന്റെ ഉള്ളിൽ പ്രവേശിച്ച രാക്ഷസൻ രാജാവിനെ ഞെരുക്കിക്കൊണ്ടിരുന്നെങ്കിലും പണ്ഡിതനായ അദ്ദേഹം ആത്മാവിനെ നിയന്ത്രിച്ചു. രാക്ഷസൻ ബാധിക്കുകയാൽ ആത്മബോധം നശിച്ചമാതിരിയായി രാജാവ്. അങ്ങനെ വനത്തിൽ നില്ക്കുമ്പോൾ ആ ശാപഗ്രസ്തനായ രാജാവിനെ ഒരു ബ്രാഹ്മണൻ കണ്ടു. ആ ബ്രാഹ്മണൻ വിശന്നു പരവശനായിരുന്നു."

ബ്രാഹ്മണൻ പറഞ്ഞു: "രാജാവേ, എനിക്കു വിശക്കുന്നു. മാംസം പാകംചെയ്തു തയ്യാറാക്കി സുഖമായ ഒരു ശാപ്പാട് ഭവാൻ എനിക്കു തരണം."

ഗന്ധർവ്വൻ പറഞ്ഞു: "'അപ്രകാരമാകാം. ഞാൻ തയ്യാറാക്കി കൊടുത്തയയ്ക്കാം. ഇവിടെ ഇരിക്കൂ' എന്നു ബ്രാഹ്മണനോടു പറഞ്ഞു രാജാവ് അവിടെനിന്നു പോയി. ബ്രാഹ്മണനോടു പറഞ്ഞുപോന്ന കാര്യം പെട്ടെന്ന് രാജാവ് മറന്നുപോയി. രാജാവ് യഥാകാമം സഞ്ചരിച്ച് ഗൃഹത്തിലെത്തി ഭക്ഷണംകഴിഞ്ഞ് കിടന്നുറങ്ങി. അർദ്ധരാത്രിയായപ്പോൾ ഉണർന്നു. പെട്ടെന്നു ബ്രാഹ്മണനോട് താൻ പറഞ്ഞുപോന്ന കാര്യം ഓർമ്മയിൽവന്നു. ഉടനെ പാചകനെ വിളിച്ചുവരുത്തി കറിയും ചോറും തയ്യാറാക്കുവാൻ കല്പിച്ചു."

കല്മാഷപാദൻ പറഞ്ഞു: "ഒരു ബ്രാഹ്മണൻ കാട്ടിൽ ഭക്ഷണത്തിന്നായി എന്നെ കാത്തിരിക്കുന്നുണ്ട്. ഉടനെ മാംസം ചേർന്ന ആഹാരം തയ്യാറാക്കണം."

ഗന്ധർവ്വൻ പറഞ്ഞു: "ഇതുകേട്ട് സൂദൻ മാംസം അന്വേഷിച്ച് കിട്ടാതെ വ്യഥയോടെ രാജാവിനോടു പറഞ്ഞു."

സൂദൻ പറഞ്ഞു: "മഹാരാജാവേ, മാംസമൊന്നും കിട്ടിയില്ല. ഞാൻ ഇനി എന്തുവേണം?"

ഗന്ധർവ്വൻ പറഞ്ഞു: "രാക്ഷസാവേശംനിമിത്തം ക്രൂരപ്രകൃതിയായ രാജാവു പറഞ്ഞു."

കല്മാഷപാദൻ പറഞ്ഞു: "നീ പോയി മനുഷ്യമാംസം കൊണ്ടുവന്നു പാകംചെയ്യൂ."

ഗന്ധർവ്വൻ പറഞ്ഞു: "രാജാവ് ഇപ്രകാരം വീണ്ടും വീണ്ടും പറഞ്ഞപ്പോൾ രാജകല്പന അനുസരിച്ച് സൂദൻ കൊലക്കുറ്റക്കാരെ വധിക്കുന്ന സ്ഥലത്തുചെന്ന് നിർഭയം നരമാംസം കൊണ്ടുവന്നു പാകം ചെയ്ത് അന്നത്തോടുകൂടി വിപ്രതാപസന്റെ സമീപത്തേക്കു കൊണ്ടുചെന്നു കൊടുത്തു. ക്ഷുത്തുകൊണ്ട് ആർത്തനാണെങ്കിലും ആ താപസൻ ഈ ദുഷ്ടാന്നം

* കല്മാഷപാദരാജാവിനെ ശിഷ്യനാക്കാൻ (അദ്ദേഹത്തിന്റെ പുരോഹിതനാവാൻ) വിശ്വാമിത്രനും വസിഷ്ഠനും ആഗ്രഹിച്ചു. അതാണ് വഴക്കിനു കാരണം.

digitized by www.sreyas.in

ദിവ്യദൃഷ്ടികൊണ്ട് നരമാംസം ചേർന്നതാണെന്നു കണ്ട് കോപ രൂക്ഷാക്ഷനായി. ഇത് അഭോജ്യമാണെന്നു പറഞ്ഞ് ഇങ്ങനെ രാജാവിനെ ശപിച്ചു."

ബ്രാഹ്മണൻ പറഞ്ഞു: "അഭോജ്യമായ നരമാംസം നല്കിയ മൂഢാത്മാവേ, നിനക്കുമേലിൽ ഇതിൽ ആഗ്രഹമുണ്ടാകട്ടെ! ശക്തി പറഞ്ഞവിധം തന്നെ നീ നരമാംസത്തിൽ ആസക്തനായി സകല ജീവജാലത്തിന്നും ഭയമുണ്ടാക്കി ലോകം ചുറ്റിസ്സഞ്ചരിക്കട്ടെ!"

ഗന്ധർവ്വൻ പറഞ്ഞു: "ഇങ്ങനെ രണ്ടുവട്ടം ശാപം സിദ്ധിക്കുകയാൽ രാജാവിന്റെ രാക്ഷസസ്വഭാവവും ശക്തിയും വർദ്ധിച്ചു. രാജാവു തന്റേടമില്ലാത്തവനായിത്തീരുകയും ചെയ്തു.

ഒരു ദിവസം രാജാവ് രക്ഷോബാധയാൽ ശക്തി നശിച്ചവനായി ചുറ്റുമ്പോൾ വഴിക്കുവച്ച് വസിഷ്ഠപുത്രനായ ശക്തിയെ കണ്ടെത്തി. ഉടനെ ഉത്കടമായ കോപത്തോടെ അവൻ ശക്തിയുടെ നേരെ അലറി."

കല്മാഷപാദൻ പറഞ്ഞു: "നീ മറ്റെങ്ങും കേട്ടിട്ടില്ലാത്ത വിധം അനുചിതമായ ശാപം എനിക്കു തന്നതുകാരണം ആദ്യമായി ഞാൻ നിന്നെത്തന്നെ തിന്നട്ടെ! നരമാംസഭോജനം ഇതോടെ ആരംഭിക്കട്ടെ."

ഗന്ധർവ്വൻ പറഞ്ഞു: "എന്നുപറഞ്ഞ് ഓടിച്ചെന്ന് ഒരു വ്യാഘ്രം പശുവിനെ എന്നപോലെ ശക്തിയെ കൊന്നുതിന്നു. ശക്തിയെ കൊന്നുതിന്നുന്നതു കണ്ട് വിശ്വാമിത്രന്നു ബഹുരസമായി. വീണ്ടും വിശ്വാമിത്രൻ ആ രാക്ഷസനെ വസിഷ്ഠപുത്രന്മാരുടെ അടുത്തേക്കു വിട്ടു. ശക്തിയുടെ അനുജന്മാരെ ഓരോരുത്തനെയും പിടിച്ച് ആ രാജാവു തിന്നുകളഞ്ഞു. വസിഷ്ഠന്റെ നൂറു പുത്രന്മാരേയും ആ രാക്ഷസനായ രാജാവു തിന്നൊടുക്കി. വിശ്വാമിത്രൻ തന്റെ മക്കളെയൊക്കെ കൊല്ലിച്ചതായി കേട്ടറിഞ്ഞ വസിഷ്ഠന്ന് ഭയങ്കരമായ ദുഃഖമുണ്ടായി. മഹാമേരു ഭൂമിയെ എന്നപോലെ, വസിഷ്ഠൻ മഹാദുഃഖത്തെ വഹിക്കുന്നവനായിത്തീർന്നു.

സഹിക്കവയ്യാത്ത ദുഃഖത്താൽ വസിഷ്ഠൻ ആത്മനാശം ചെയ്യുവാനൊരുങ്ങി. എന്നാൽ ഈ തീവ്രദുഃഖത്തിലും കൗശികനോടു പ്രതികാരം ചെയ്യുവാനോ, കൗശികന്റെ വംശത്തെ നശിപ്പിക്കുവാനോ ബുദ്ധിമാനായ വസിഷ്ഠൻ ചിന്തിക്കുകയുണ്ടായില്ല. വസിഷ്ഠൻ ഉന്നതമായ മേരുശൃംഗത്തിൽ കയറി കീഴോട്ടു ചാടി. താഴെ കരിങ്കല്ലിൽ ചെന്നടിച്ചു. പഞ്ഞിക്കെട്ടിൽ ചെന്നടിച്ചാലെന്നപോലെ വസിഷ്ഠന്നു യാതൊരു കുഴപ്പവുമുണ്ടായില്ല. താഴെ വീണിട്ടും ചാകാതായപ്പോൾ ഭഗവാനായ വസിഷ്ഠൻ എരിയുന്ന കാട്ടുതീയിൽപ്പോയി ചാടി. കത്തിക്കാളുന്ന അഗ്നി മഹർഷിയെ ചുട്ടില്ല. ജ്വലിക്കുന്ന അഗ്നി കുളുർത്ത വെള്ളം പോലെ ശീതളമായി.എന്നിട്ടും താൻ ചാകുന്നില്ലെന്നു കണ്ടപ്പോൾ ഋഷി കടലിലേക്ക് ഓടി. ഒരു കല്ലെടുത്തു കഴുത്തിൽ കെട്ടി അഗാധമായ സമുദ്രത്തിൽ ചാടി. എന്നാൽ സമുദ്രം തിരയടിച്ച് മുനിയെ ഭദ്രമായി കരയിൽ കൊണ്ടുവന്നുവെച്ചു. മഹാവ്രതനായ മഹാമുനി ഒന്നുകൊണ്ടും മൃതനായില്ല. ബുദ്ധിക്ഷയം പൂണ്ട് ഋഷി ആശ്രമത്തിലേക്കു മടങ്ങി."

177. വാസിഷ്ഠം - സൗദാസസുതോൽപ്പത്തി - ഗന്ധർവ്വൻ തുടർന്നു: "പിന്നെ വസിഷ്ഠമഹർഷി ആശ്രമത്തിൽ ചെന്നു കയറിയപ്പോൾ ദുഃഖം കുറയുകയല്ല സീമാതീതമായി വർദ്ധിക്കുകയാണുണ്ടായത്. നൂറുമക്കൾ നിവസിച്ചിരുന്ന ആശ്രമം ശൂന്യമായിക്കിടക്കുന്നു! അവിടെ ഇരിക്കുക ദുസ്സഹമായിത്തോന്നിയ മുനി ആശ്രമംവിട്ട് വീണ്ടും നടന്നു. വർഷകാലമായതുകൊണ്ട് പുഴ കരകവിഞ്ഞു വെള്ളം ഒഴുകുന്നതായി കണ്ടു! അതിൽ ചാടി ചാകാമെന്നു വിചാരിച്ചു. വെള്ളത്തിന്റെ ഒഴുക്കിൽ കടപുഴങ്ങി വീണ് വൃക്ഷങ്ങൾ ഒഴുകുന്നു. 'ഞാൻ ഈ പുഴയിൽ ചാടിച്ചാകും' എന്നുപറഞ്ഞ് ഉടനെ കയറെടുത്ത് ദേഹത്തിൽ വരിഞ്ഞു കെട്ടി ആ ഭയങ്കരമായ ഒഴുക്കുള്ള അഗാധനദിയിലേക്ക് മഹർഷി കുതിച്ചുചാടി. എന്നാൽ അവിടെയും ഋഷിയുടെ ആഗ്രഹം നിഷ്ഫലമായി. വീരനായ അർജ്ജുനാ! നദി ഋഷിയുടെ കയറെല്ലാം മുറിച്ച്, മുനിയെ കയറിൽനിന്നു വേർപെടുത്തി കരയ്ക്കു കൊണ്ടുപോയി അണച്ചു. കയററ്റ മുനീശ്വരൻ നദിയിൽനിന്നും കയറിപ്പോന്നു. തിരിഞ്ഞുനിന്ന് ഋഷി ആ പുഴയ്ക്ക് 'വിപാശ'[1] എന്നു പേർ നല്കി. മുനി അവിടെനിന്നു നടന്നു. ഋഷിക്ക് ഒന്നുകൊണ്ടും മനശ്ശാന്തി കിട്ടിയില്ല. ദുഃഖം വർദ്ധിച്ചുകൊണ്ടുതന്നെ വന്നു. ഒരിടത്തും പാർക്കുവാൻ സ്വസ്ഥത കിട്ടാതെ, ഒരിടത്തും ശാന്തി കാണാതെ മഹർഷി മലയിലും ആറ്റിലും പൊയ്കയിലും ചുറ്റി. അങ്ങനെ നടക്കുമ്പോൾ മുതലകൾ നിറഞ്ഞതും, ഹിമവാനിൽനിന്നൊഴുകുന്നതുമായ ഭയങ്കരമായ നദി കണ്ടു. ഒഴുകിമറിയുന്ന ആ പുഴയിൽ അദ്ദേഹം ചെന്നുചാടി. അഗ്നിസമനായ ആ മഹർഷി പുഴയിൽ ചാടിയയുടനെ പുഴ സഹിക്കാതെ നൂറു കൈവഴിയായി ചിതറിയൊഴുകി. ശതധാവിദ്രുതയായി ഒഴുകിയതു(നൂറായി ഒഴുകിയതു)കൊണ്ട് ആ നദിക്ക് 'ശതദ്രു' എന്നു പേരുണ്ടായി. വസിഷ്ഠൻ താൻ കരയിൽത്തന്നെ നില്ക്കുന്നതായിക്കണ്ടു വിചാരിച്ചു: 'ഞാൻ വിചാരിച്ചിട്ടും എനിക്കു മരിക്കുവാൻ കഴിയുന്നില്ല. ആത്മഹത്യ അസാദ്ധ്യംതന്നെ' എന്നുപറഞ്ഞ് ആശ്രമത്തിലേക്കു മടങ്ങി. നാനാശൈലങ്ങളും, നാനാദേശവും ചുറ്റിത്തിരിഞ്ഞ് ആശ്രമത്തിൽ വന്ന മുനിയെ 'അദൃശ്യന്തി'[2] എന്ന വധു പിന്തുടർന്നു ശുശ്രൂഷിച്ചു.

ഒരു ദിവസം വസിഷ്ഠൻ ആശ്രമത്തിലേക്കു പോകുമ്പോൾ അദ്ദേഹത്തിന്റെ പുത്രനായ ശക്തിയുടെ ഭാര്യയായ 'അദൃശ്യന്തി' പിന്നാലെ പോകുന്നുണ്ടായിരുന്നു. ആരാലും കാണപ്പെടുവാൻ കഴിയാത്ത അവളെ വസിഷ്ഠനും കാണുകയുണ്ടായില്ല. കുറെ ദൂരം ചെന്നപ്പോൾ പിന്നിൽനിന്നു വിശദാർത്ഥമായി ആറംഗങ്ങളുമൊത്ത വേദാദ്ധ്യയനനിസ്സ്വനം മഹർഷി കേട്ടു. 'എന്നെ ആരാണ് പിന്തുടരുന്നത്?' എന്നു മഹർഷി വിളിച്ചുചോദിച്ചു. മഹർഷി ചോദിച്ചതുകേട്ട് 'ഞാനാണ് പിന്തുടരുന്നത്' എന്നു സ്നുഷയായ അദൃശ്യന്തി മറുപടി പറഞ്ഞു. മഹർഷിക്ക് അത്ഭുതം തോന്നി."

വസിഷ്ഠമഹർഷി ചോദിച്ചു: "മകളേ, ശക്തിപത്നീ, മഹാഭാഗേ, സാധുതാപസീ! ആരുടെ ശ്രുതിനിസ്സ്വനമാണ് ഈ കേൾക്കുന്നത്? മുമ്പെ കേട്ടിട്ടുള്ള ശക്തിയുടെ വേദോച്ചാരണത്തിന്നു തുല്യമാണല്ലോ ഈ സ്വനം!"

അദൃശ്യന്തി പറഞ്ഞു: "ഭവാന്റെ പുത്രനായ ശക്തിയുടെ ഗർഭം എന്റെ കുക്ഷിയിലുണ്ട്. പന്ത്രണ്ടുവർഷമായി അവൻ എന്റെ വയറ്റിൽക്കിടന്നു വേദം ഉച്ചരിക്കുന്നു. അവന്റെ ശബ്ദമാണ് ഭവാൻ കേട്ടത്."

ഗന്ധർവ്വൻ പറഞ്ഞു: "ഇപ്രകാരം അവൾ പറഞ്ഞതു കേട്ടപ്പോൾ മഹർഷിക്കു സന്തോഷമായി. തനിക്കു ശ്രേഷ്ഠനായ ഒരു ഋഷികുമാരൻ, പേരക്കിടാവ്, ഉണ്ടെന്നറിഞ്ഞപ്പോൾ വസിഷ്ഠൻ മരണത്തിലുള്ള ആശവെടിഞ്ഞു.

പിന്നെ ഒരു ദിവസം അർജ്ജുനാ, പുത്രപത്നിയോടുകൂടി വസിഷ്ഠൻ ആശ്രമത്തിലേക്കു പോവുകയായിരുന്നു. വഴിക്കു വിജനവനത്തിൽ വാഴുന്ന കല്മാഷപാദരാജാവിനെ കണ്ടുമുട്ടി. വസിഷ്ഠനെ കണ്ട ഉടനെ രക്ഷോബാധയേറ്റ കല്മാഷപാദൻ ക്രുദ്ധനായി മുനിയെ ഭക്ഷിക്കുവാൻ ഓടിയടുത്തു. അതിക്രൂരകാരിയായ അവനെക്കണ്ടു പേടിച്ചു വിറച്ച് അദൃശ്യന്തി വസിഷ്ഠനോടു പറഞ്ഞു."

അദൃശ്യന്തി പറഞ്ഞു: "ഉഗ്രമായ ദണ്ഡേന്തി കാലനെപ്പോലെ ഭയങ്കരനായ ഒരു രാക്ഷസൻ ഇതാ പാഞ്ഞുവരുന്നു! ഉഗ്രനായ ഇവനെ തടുക്കുവാൻ വേദവിത്തമനായ ഭവാനല്ലാതെ ആരുണ്ട്? എന്നെ ഈ രൗദ്രനായ രക്ഷസ്സിൽനിന്നു രക്ഷിച്ചാലും! നമ്മളെ ഇവൻ കൊന്നുതിന്നുവാൻ തന്നെയാണ് പാഞ്ഞുവരുന്നത്!"

1 വിപാശ-കയറ് അറുത്തവൾ

2 പുത്രഭാര്യ

digitized by www.sreyas.in

വസിഷ്ഠൻ പറഞ്ഞു: "പുത്രി! പേടിക്കേണ്ടാ. രക്ഷസ്സിൽ ഒട്ടും നീ ഭയപ്പെടേണ്ടാ. ഇവൻ മഹാവീര്യവാനായ കല്മാഷപാദരാജാവാണ്. ഭീഷണനായ അവൻ ഈ കാട്ടിലാണു പാർക്കുന്നത്."

ഗന്ധർവ്വൻ പറഞ്ഞു: "പാഞ്ഞെത്തുന്ന അവനെക്കണ്ട് തേജസ്വിയായ ഭഗവാൻ വസിഷ്ഠൻ ഹുങ്കാരംകൊണ്ട് അവനെ തടുത്തുനിർത്തി. മന്ത്രപൂതമായ ജലം കൈയിലെടുത്ത് അവന്റെ ദേഹത്തിൽ തളിച്ചു. ആ രാജാവിന്നു ശാപമോക്ഷം നല്കി. രാക്ഷസബാധയിൽനിന്ന് ഒഴിവാക്കി. പന്ത്രണ്ടുവർഷം അവൻ വസിഷ്ഠപുത്രന്റെ ശക്തിയാൽ ഗ്രസ്തനായി. കറുത്തവാവിൻനാൾ സൂര്യൻ രാഹുവാൽ ഗ്രസിക്കപ്പെട്ടതുപോലെ, നിഷ്പ്രഭനും, നിർവീര്യനും, ലോകഭീഷണനുമായി ചുറ്റി രക്ഷസ്സുവിട്ടൊഴിഞ്ഞ രാജാവ് അവിടെ നിവസിച്ച് സ്വതേജസ്സുകൊണ്ട് ആ കാടിനെ രഞ്ജിപ്പിച്ചു. തേജസ്സുകൊണ്ടു സന്ധ്യാകാലമേഘത്തെ സൂര്യൻ എന്നപോലെ, അദ്ദേഹം ആ വനത്തെ സ്വകാന്തികൊണ്ട് മനോഹരമാക്കി. രാക്ഷസബാധവിട്ടു ബോധം വീണപ്പോൾ രാജാവ് കൈകൂപ്പി മഹർഷിയെ അഭിവാദ്യം ചെയ്തുനിന്നു."

രാജാവ് വസിഷ്ഠമുനിയോടു പറഞ്ഞു: "ഹേ മഹാഭാഗാ, ഞാൻ സൗദാസനും അങ്ങയുടെ വിനീതനായ ശിഷ്യനുമാണ്. ഇപ്പോൾ ഭവാന് എന്താണ് ഇഷ്ടമെങ്കിൽ കല്പിച്ചാലും. ഞാൻ ഏതും നിർവ്വഹിക്കുവാൻ സന്നദ്ധനാണ്."

വസിഷ്ഠൻ പറഞ്ഞു: "എന്റെ ഇഷ്ടമെല്ലാം നീ വേണ്ട പോലെ നടത്തിക്കഴിഞ്ഞു. രാക്ഷസബാധയിൽപ്പെട്ട നീ എന്റെ നൂറുപുത്രന്മാരേയും കൊന്നുതിന്നു! അതു പറഞ്ഞിട്ടെന്തു ഫലം! രാജാവേ, നീ പോയി രാജ്യം സംരക്ഷിച്ചുകൊള്ളുക! ഹേ, മാനവശ്രേഷ്ഠാ! ദ്വിജന്ന് ഒരിക്കലും ഭവാൻ അപമാനം ചെയ്യരുത്!"

രാജാവു പറഞ്ഞു: "വിഭോ, ഞാൻ ഇനി ഒരിക്കലും വിശിഷ്ടബ്രാഹ്മണരെ നിന്ദിക്കുന്നതല്ല. ഭവാന്റെ പാട്ടിൽത്തന്നെ നിന്ന് ഭവാനെ സേവിച്ച് ഞാൻ ജീവിച്ചുകൊള്ളാം. എന്റെ പൂർവ്വികന്മാരായ ഇക്ഷ്വാകുരാജാക്കന്മാരെ സംബന്ധിച്ചിടത്തോളം എനിക്ക് ഒരു ഋണബന്ധവും ഉണ്ടാകരുത്. അതിന്നു പര്യാപ്തമായ ഒരു വരം ഞാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല. അഭീഷ്ടമായ അപത്യത്തെ എനിക്കു ഭവാൻ നല്കേണമേ! ശീലം, രൂപഗുണം ഇവചേർന്ന് ഇക്ഷ്വാകുകുലവർദ്ധനനായി ഒരു സന്താനത്തെ ഭവാൻ എനിക്കുണ്ടാക്കിത്തരണം."

ഗന്ധർവ്വൻ പറഞ്ഞു: "'നിന്റെ ഇഷ്ടം സാധിപ്പിക്കാം' എന്നു ദൃഢപ്രതിജ്ഞനും വിശിഷ്ടനുമായ വസിഷ്ഠൻ അനുഗ്രഹിച്ചു. അതിന്നുശേഷം ആ രാജശ്രേഷ്ഠനുമൊന്നിച്ച് വസിഷ്ഠമഹർഷി പുറപ്പെട്ട് പ്രസിദ്ധമായ അയോദ്ധ്യാപുരിയിലെത്തി. നാട്ടുകാർ പാപം തീർന്ന രാജാവിനെ എതിരേറ്റു കൂട്ടിക്കൊണ്ടു പോയി, ഇന്ദ്രനെ ദേവന്മാർ എന്നവിധം സൽക്കരിച്ചു. ചിരകാലമായി വേർപെട്ടിരുന്ന രാജാവിനെ വസിഷ്ഠമഹർഷിയോടുകൂട്ടി കണ്ടപ്പോൾ ജനങ്ങൾ വളരെയധികം സന്തോഷിച്ചു. അവർ ആ പുണ്യപുരിയിൽ പ്രവേശിച്ചു. ബൃഹസ്പതിയോടുകൂടി ഉദിക്കുന്ന സൂര്യനെപ്പോലെ രാജാവ് പ്രശോഭിച്ചു. ആകാശത്തെ ശരച്ചന്ദ്രൻ എന്നവിധം അയോദ്ധ്യാപുരിയെ രാജാവ് ലക്ഷ്മികൊണ്ടു നിറച്ചു. പൗരന്മാർ പാതകൾ അടിച്ചു വൃത്തിയാക്കി, കൊടികൾ നാട്ടി, തോരണങ്ങൾ തൂക്കി അയോദ്ധ്യാപുരിക്കു പുതുമോടികൂട്ടി; നൃപന്ന് ആഹ്ളാദം നല്കി. ഇന്ദ്രനാൽ സാക്ഷാൽ അമരാവതിയെപ്പോലെ, അയോദ്ധ്യാപുരി രാജാവിനാൽ പ്രശോഭിക്കപ്പെട്ടു. ശ്രേഷ്ഠമായ പുരിയിൽ ഭൂപശ്രേഷ്ഠൻ പ്രവേശിച്ചതിനു ശേഷം ആ നരേന്ദ്രന്റെ ആജ്ഞയനുസരിച്ച് രാജപത്നി വസിഷ്ഠമഹർഷിയുടെ സന്നിധിയിൽച്ചെന്നു. മഹർഷി ഋതുസ്നാനം കഴിഞ്ഞ ആ ദേവിയോടുകൂടി, സംയോഗം ചെയ്തു. അവളിൽ വസിഷ്ഠൻ ഗർഭദാനം ചെയ്തു. രാജ്ഞി ഗർഭം ധരിച്ചതിന്നു ശേഷം രാജാവിന്റെ അഭിവാദനവും ഏറ്റ്, യാത്ര പറഞ്ഞ് വസിഷ്ഠൻ ആശ്രമത്തിലേക്കു പോയി. പന്ത്രണ്ടുവർഷം കഴിഞ്ഞിട്ടും പ്രസവിക്കാത്തതുകൊണ്ട് രാജ്ഞി മൂർച്ചയുള്ള ഒരു അശ്മം (കല്ല്) എടുത്ത് വയറു പിളർന്നു; തേജസ്വിയായ ഒരു പുത്രനെ പ്രസവിച്ചു. അശ്മപ്രയോഗംകൊണ്ടു പ്രസവിപ്പിക്കപ്പെട്ടവനാകയാൽ അവന്ന് 'അശ്മകൻ' എന്നു പേർ നല്കി. അശ്മകരാജർഷി, യോഗ്യനായി വളർന്നുവന്നു. അദ്ദേഹം 'പൗദന്യ'മെന്നു പേരായ പുരി നിർമ്മിച്ചു."

178. ഔർവ്വോപാഖ്യാനം - പരാശരജനനം - ഗന്ധർവ്വൻ കഥ തുടർന്നു: "ആശ്രമത്തിൽ നിവസിച്ച് അദൃശ്യന്തി (ശക്തിപത്നി) പ്രസവിച്ചു. അവൻ ശക്തിയെപ്പോലെത്തന്നെ വംശകരനായി. രണ്ടാം ശക്തിപോലെ അതിതേജസ്വിയായി പ്രശോഭിച്ചു. ആ പൗത്രന്റെ ജാതകർമ്മം മുതലായ ക്രിയകൾ വേണ്ടവിധം വസിഷ്ഠൻ ചെയ്തു. പരാസുവായ (മരണദശയിലെത്തിയ) വസിഷ്ഠനെ ഗർഭസ്ഥനായ അവൻ സംയമിപ്പിക്കുകയാൽ പാരിൽ അവന്റെ പേര് 'പരാശരൻ' എന്നു പ്രസിദ്ധമായി. ആ മുനീന്ദ്രൻ വസിഷ്ഠനെ അച്ഛനാണെന്നു വിചാരിച്ചു. ജന്മം മുതൽ അവൻ അച്ഛനെയെന്നവിധം വസിഷ്ഠമഹർഷിയെ സ്നേഹിച്ചു. ഹേ, അർജ്ജുന! ഒരു ദിവസം അദൃശ്യന്തിയുടെ മുമ്പിൽവച്ച് അവൻ അച്ഛനോടെന്നവിധം അർത്ഥവത്തായി 'അച്ഛാ' എന്ന് മധുരമായി വസിഷ്ഠനെ വിളിക്കുന്നതുകേട്ട് കണ്ണുനീർ പൊഴിച്ച് അമ്മ മകനോടു പറഞ്ഞു."

അദൃശ്യന്തി പറഞ്ഞു: "ഹേ പുത്ര! നീ 'അച്ഛാ, അച്ഛാ! എന്നു മുത്തച്ഛനെ വിളിക്കാതിരിക്കൂ! ഉണ്ണീ, നിന്റെ അച്ഛനെ രക്ഷസ്സ് കാട്ടിൽവെച്ചു പിടിച്ചുതിന്നു. അച്ഛനാണെന്നു നീ വിചാരിക്കുന്ന ഇദ്ദേഹം നിന്റെ മുത്തച്ഛനാണ്. മഹാനായ ഇദ്ദേഹം നിന്റെ മഹാനായ അച്ഛന്റെ അച്ഛനാണ്."

ഗന്ധർവ്വൻ പറഞ്ഞു: "അമ്മയുടെ വാക്കുകേട്ട് സത്യവാദിയും മഹാശയനുമായ പരാശരൻ ക്രോധത്താൽ ഉജ്ജ്വലിച്ചു. 'സർവ്വലോകവും ഞാൻ നശിപ്പിക്കും' എന്നു പറഞ്ഞ് ചാടിപ്പുറപ്പെട്ടു. അവൻ അപ്രകാരം നിശ്ചയിച്ചപ്പോൾ അതിതപോബലനും സമ്മതിയുമായ വസിഷ്ഠൻ അവനെ തടുത്തു. അർജ്ജുനാ, ആ കഥ ഞാൻ പറയാം; നീ കേൾക്കുക!"

വസിഷ്ഠൻ പറഞ്ഞു: "ഹേ, പരാശരാ, ശാന്തിയുടെ മഹത്വം നീ അറിയുന്നില്ല. ക്രോധം അരുത്. ഞാൻ നിനക്ക് ഒരു ചരിത്രകഥ പറഞ്ഞുതരാം. നീ ശ്രദ്ധയോടെ കേൾക്കുക.

പണ്ട് 'കൃതവീര്യൻ' എന്നുപേരായ ഒരു രാജാവുണ്ടായിരുന്നു. വേദജ്ഞന്മാരായ ഭൃഗുക്കൾക്കു ശിഷ്യനായിരുന്നു ആ രാജാവ്. അഗ്രഭുക്കുകളായ അവരെ യജ്ഞാന്തത്തിൽ ധനധാന്യങ്ങളാൽ അവൻ തർപ്പണം ചെയ്തു സംതൃപ്തരാക്കി. നൃപശാർദ്ദൂലനായ ആ രാജാവ് സ്വർഗ്ഗം പ്രാപിച്ചശേഷം അവന്റെ വംശജന്മാർക്ക് കുറെ പണത്തിന്റെ അത്യാവശ്യം നേരിട്ടു.

ഭൃഗുക്കൾക്ക് ധാരാളം ധനമുണ്ടെന്നറിഞ്ഞ് ആ രാജാക്കൾ ആ ഭാർഗ്ഗവശ്രേഷ്ഠരോടു ധനം യാചിക്കുവാൻ ചെന്നു. ഇതു കേട്ട് ഭൃഗുക്കൾ അവരുടെ അക്ഷയമായ ധനം ഭൂമിയിൽ കുഴിച്ചിട്ടു. മറ്റു ചിലർ ക്ഷത്രിയന്മാരിൽനിന്നുള്ള ഭയംമൂലം കുറെ ധനം ചില ബ്രാഹ്മണർക്കു ദാനംചെയ്തു. ഭൃഗുക്കളിൽ ചിലർ വെളിവായിത്തന്നെ ധനം ക്ഷത്രിയർക്ക് ചില കാരണങ്ങളാൽ യഥേഷ്ടം ദാനംചെയ്തു. ഒരു ക്ഷത്രിയൻ യദൃച്ഛയാ ഭൃഗുഗൃഹത്തിന്നടുത്ത് ഭൂമിഭാഗം എന്തോ കാര്യത്തിന്നു കുഴിക്കുമ്പോൾ വളരെ ധനം കണ്ടുകിട്ടി. ദുരാഗ്രഹം മൂത്ത ക്ഷത്രിയർ വീണ്ടും ധനം കിട്ടുന്നതിന്ന് അവരെ ഭീഷണിപ്പെടുത്തി. ഭൃഗുക്കൾ അവരെ ശരണംപ്രാപിച്ചെങ്കിലും ക്ഷത്രിയർ ഭൃഗുക്കളുടെ പ്രാർത്ഥന മാനിച്ചില്ല. ധനം കിട്ടാതായപ്പോൾ അവരെ ആബാലവൃദ്ധം ഹിംസിച്ചു. വില്ലാളിവീരന്മാരായ ക്ഷത്രിയർ ശരപ്രയോഗം തുടങ്ങി. ഗർഭസ്ഥരായ ശിശുക്കളെപ്പോലും കൊന്ന് അവർ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. ഇങ്ങനെ ഭൃഗുകുലച്ഛേദം തുടർന്നപ്പോൾ-പേടിച്ചരണ്ട് ഭൃഗുപത്നികൾ ഹിമവാന്റെ ഗിരിഗഹ്വരങ്ങളിൽ ചെന്നൊളിച്ചു. ആ കൂട്ടത്തിൽ ഒരുവൾ അവളുടെ ഗർഭം ഒതുക്കി തുടകൊണ്ടു മറച്ചുവച്ചു. ആ മഹതി ഭർത്തൃവംശം പുലർത്താൻ അസാമാന്യമായ ഒരു കർമ്മമാണു ചെയ്തത്. ആ ഗർഭം മറച്ചുവെച്ച വൃത്താന്തമറിഞ്ഞ് ഒരു ബ്രാഹ്മണി ഭയപ്പെട്ട് ഓടിപ്പോയി

digitized by www.sreyas.in

ക്ഷത്രിയരോടറിയിച്ചു. ഉടനെതന്നെ ആ ഗർഭവും അറുത്തുകളയുവാൻ ക്ഷത്രിയന്മാർ പുറപ്പെട്ടു. അവർ ഗർഭം മറച്ചിരിക്കുന്ന തേജസ്വിനിയായ ആ ബ്രാഹ്മണിയെ കണ്ടു. അവർ അവളെ ഹിംസിക്കുവാൻ ചെന്നു. ഉടനെ ആ ബ്രാഹ്മണിയുടെ ഊരു പിളർന്ന് കുട്ടി പുറത്തേക്കുവന്നു. മദ്ധ്യാഹ്നസൂര്യനെപ്പോലെ ഉജ്ജ്വലപ്രഭാവനായ ആ കുമാരനെ കണ്ടയുടനെ ക്ഷത്രിയന്മാരുടെ കണ്ണുകൾ പൊട്ടിപ്പോയി: അവരുടെ കാഴ്ച നഷ്ടപ്പെട്ടു. രാജാക്കന്മാരൊക്കെ പർവ്വതപ്രദേശത്ത് അന്ധരായി ഉഴന്നു. ക്ഷത്രിയന്മാരുടെ ഉദ്ദേശ്യങ്ങളൊന്നും സഫലമായില്ല. അവർ പരവശരായി ഗതികെട്ട് ആ മാന്യസ്ത്രീയെത്തന്നെ ശരണം പ്രാപിക്കുവാൻ തീർച്ചയാക്കി. തേജസ്സുകെട്ട അഗ്നിയെപ്പോലെ അവർ ബുദ്ധികെട്ട് ഭാഗ്യവതിയായ ആ വിപ്രപത്നിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു."

രാജാക്കന്മാർ പറഞ്ഞു: "ഹേ മാന്യേ, ഭവതിയുടെ അനുഗ്രഹത്താൽ ഞങ്ങൾക്ക് കണ്ണിന്നു കാഴ്ചതരേണമേ! ഞങ്ങളൊക്കെ പാപകർമ്മം ഉപേക്ഷിച്ചു പൊയ്ക്കൊള്ളാം. സപുത്രയായ നീ പ്രസാദിച്ചാലും! ശോഭനേ, വീണ്ടും ഞങ്ങളുടെ കണ്ണിന്നു കാഴ്ച തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമേ! പുത്രനോടുകൂടി ഭവതി ഞങ്ങളിൽ കനിയേണമേ! ഞങ്ങളെ പാപവിമുക്തരാക്കി രക്ഷിക്കണേ!"

179. ഔർവ്വോപാഖ്യാനം – ഔർവ്വന്റെ ക്രോധം –

ബ്രാഹ്മണസ്ത്രീ പറഞ്ഞു: "ഹേ, ക്ഷത്രിയന്മാരേ, ഞാൻ നിങ്ങളുടെ ആരുടെയും ദൃഷ്ടി നശിപ്പിച്ചിട്ടില്ല; നിങ്ങളിൽ കോപവുമില്ല. ഭൃഗുവംശജാതനായ എന്റെ പുത്രൻ ഒരുപക്ഷേ, നിങ്ങളോടു കോപിച്ചിരിക്കാം. ഊരുജനായ 'ഔർവ്വൻ', എന്റെ പുത്രൻ, നിങ്ങൾ ചെയ്ത ബന്ധുധ്വംസനമോർത്തു കോപിച്ച് നിങ്ങളുടെ ദൃഷ്ടി നശിപ്പിച്ചതാകും എന്നാണു തോന്നുന്നത്; അതു തീർച്ചയാണ്. ഭൃഗുവർഗ്ഗത്തിൽപ്പെട്ടവരുടെ ഗർഭസ്ഥശിശുക്കളെപ്പോലും ഹേ, വത്സന്മാരേ, നിങ്ങൾ വധിച്ചുകളഞ്ഞുവല്ലോ. നൂറുവർഷം നിലനില്ക്കുവാനുദ്ദേശിച്ച് ഈ ഗർഭം ഞാൻ ഊരുവിൽ ഒളിപ്പിച്ചതായിരുന്നു. സ്വൈരമായി ഗർഭത്തിൽ വാഴുന്ന ഇവനിൽ ആറുശാസ്ത്രങ്ങളും വേദങ്ങളും ഭാർഗ്ഗവകുലം പുലരുവാൻവേണ്ടി വിളങ്ങി. ഇവൻ തന്റെ പൂർവ്വികരെ വധിച്ച നിങ്ങളിൽ കോപിഷ്ഠനായി നിങ്ങളെ ധ്വംസിക്കുവാൻവേണ്ടി പിറന്നവനാകാം. ഇവന്റെ ദിവ്യതേജസ്സാൽ നിങ്ങളുടെ കണ്ണുകൾ പൊട്ടിയതാണ്. കുട്ടികളേ, നിങ്ങൾ വിവരക്കേടുകൊണ്ടു ചെയ്തുപോയതിനെപ്പറ്റി പശ്ചാത്തപിച്ച് നമസ്കാരപൂർവ്വം പ്രീതനാക്കി എന്റെ പുത്രനോട് അർത്ഥിക്കുക. വിനയത്താൽ പ്രീതനായ അവനോട് ദൃഷ്ടി നല്കേണമെന്നു യാചിക്കുക. അപ്പോൾ അവൻ നിങ്ങൾക്കു കാഴ്ച നല്കും."

വസിഷ്ഠൻ പറഞ്ഞു: "ഇതുകേട്ട് രാജാക്കൾ ഔർവ്വനോട് 'പ്രസാദിച്ചാലും, പ്രസാദിച്ചാലും' എന്ന് അപേക്ഷിച്ചു. അവൻ പ്രസാദിച്ച് അവർക്കു ദൃഷ്ടി നല്കി. അപ്പോൾത്തന്നെ ഊരു പിളർന്നു ജനിച്ച ആ ബ്രഹ്മർഷി മൂന്നുലോകത്തിലും പരന്ന കീർത്തിമാനായിത്തീർന്നു. ഊരു പിളർന്ന് ഉണ്ടായവനായതുകൊണ്ട് 'ഔർവ്വൻ' എന്നപേർ അവന്നു പ്രസിദ്ധമായി. കണ്ണിന്നു കാഴ്ചകിട്ടിയ രാജാക്കന്മാരെല്ലാം സസന്തോഷം തിരിച്ചുപോയി; മഹാശയനായ ഔർവ്വൻ സർവ്വലോകങ്ങളും മുടിക്കുവാൻതന്നെ പുറപ്പെട്ടു. ഭൃഗുവംശശ്രേഷ്ഠനായ ഔർവ്വൻ തന്റെ പൂർവ്വികന്മാരെ പൂജിക്കുവാൻ, ലോകം മുഴുവൻ നശിപ്പിക്കുവാൻവേണ്ടി, ഘോരമായ തപസ്സിന്നൊരുങ്ങി. ദേവാസുരമാനുഷമായ ലോകം മുഴുവൻ തപസ്സുകൊണ്ടു തപിപ്പിച്ചു. പിതാമഹന്മാരുടെ പ്രീതിക്കുവേണ്ടി ഉഗ്രമായ തപസ്സുചെയ്തു. കുലനന്ദനനായ ഔർവ്വൻ ഈ ഉഗ്രമായ നില പ്രാപിച്ചതറിഞ്ഞ് പിതൃലോകത്തിൽനിന്ന് പിതൃക്കൾ വന്ന് അവനോടു പറഞ്ഞു."

പിതൃക്കൾ പറഞ്ഞു: "ഔർവ്വാ! പുത്രാ! നിന്റെ ഘോരതപസ്സുകൊണ്ട് നിന്റെ ശക്തി ഞങ്ങൾ മനസ്സിലാക്കുന്നു. നീ ലോകത്തോടു കനിവുള്ളവനാകുക! പ്രസാദിക്കുക! കോപത്തെ അടക്കുക! അന്ന് ക്ഷത്രിയന്മാർ പെട്ടെന്നു നടത്തിയ അക്രമം അശക്തികൊണ്ടല്ല ഞങ്ങൾ തടയാഞ്ഞത്. അന്നു ഞങ്ങൾ ഞങ്ങളുടെ ദീർഘായുസ്സിൽ ദുഃഖിതരായിരുന്നു. അതുകൊണ്ട് അന്നു ക്ഷത്രിയന്മാർ ഞങ്ങളെ കൊന്നത് ഞങ്ങൾക്കു ഹിതമായിരുന്നു. ഞങ്ങളുടെ ആഗ്രഹത്തിന്ന് ഒത്തതായിരുന്നു. ഭൃഗുഗേഹത്തിൽ ആ ധനം കുഴിച്ചിട്ടത് വൈരത്തിനായിട്ടാണ്; അവർക്കു ഞങ്ങളുടെ നേരെ ക്രോധമുണ്ടാക്കണമെന്നുകരുതി ചെയ്തതാണ്. സ്വർഗ്ഗകാംക്ഷികളായ ഞങ്ങൾക്ക് എന്തിനാണു ധനം? ധനാധിപതി ഞങ്ങൾക്കു വേണ്ടുവോളം ധനം തരുമ്പോൾ എന്തിന്നു കുഴിച്ചുമൂടി സൂക്ഷിക്കണം? ഹേ, വിപ്രാ! ഞങ്ങൾ ഇങ്ങനെ ഒരു കൗശലം കണ്ടുവെച്ചതാണ്. മൃത്യുദേവത ഞങ്ങളെ സ്പർശിക്കയില്ലെന്ന് ഞങ്ങൾ മനസ്സിലാക്കി, ചാകാനുള്ള വിദ്യ ഞങ്ങൾ കണ്ടുപിടിച്ചതാണ്. ആത്മഹത്യ ചെയ്താൽ ഞങ്ങൾക്ക് പുണ്യലോകം ലഭിക്കുകയില്ലല്ലോ. അതുകൊണ്ടാണു ഞങ്ങൾ ആത്മഹത്യ ചെയ്യാതിരുന്നത്. ഉണ്ണീ, ഇന്നു നീ ചെയ്യുന്ന തൊഴിൽ ഞങ്ങൾക്ക് ഇഷ്ടമുള്ളതല്ല. സർവ്വലോകക്ഷയമായ ഈ മഹാപാപത്തിൽനിന്നു നീ പിന്മാറുക. ക്ഷത്രിയർക്കെന്നല്ല, ഏഴു ലോകങ്ങൾക്കുപോലും ഞങ്ങളുടെ തപശ്ശക്തിയോടെതിർക്കുവാൻ സാദ്ധ്യമല്ല! മകനേ, നീ നിന്റെ കോപത്തെ അകറ്റുക!"

180. ഔർവ്വോപാഖ്യാനം – ഔർവ്വകോപം ബഡവാഗ്നിരൂപത്തിൽ സമുദ്രത്തിൽ പരിത്യജിക്കപ്പെടുന്നു

ഔർവ്വൻ പറഞ്ഞു: "ഞാൻ ക്രോധം നിമിത്തം വിശ്വമെല്ലാം മുടിക്കുമെന്നു ചെയ്ത ശപഥം വെറുതെയാകുന്നതല്ല. ഇത് ഒരു 'വൃഥാരോഷപ്രതിജ്ഞത്വം' (വെറുതെ കോപിച്ചു പറഞ്ഞ വ്യർത്ഥമായ പ്രതിജ്ഞ) അല്ല, ഞാൻ ശപഥം ചെയ്തപോലെ ചെയ്തില്ലെങ്കിൽ എന്റെ കോപം, അഗ്നി അരണിയെ എന്നവിധം, എന്നെത്തന്നെ ദഹിപ്പിച്ചുകളയും. തക്കതായ കാരണംകൊണ്ട് ഉയർന്നുവന്ന ഘോരമായ ക്രോധം പ്രയോജനപ്പെടുത്താതെ ക്ഷമിച്ചടക്കുന്ന മനുഷ്യൻ ത്രിവർഗ്ഗത്തെ സംരക്ഷിക്കുവാൻ ആളാവുകയില്ല; അത് നിശ്ചയമാണ്. ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിന്നും, ശിഷ്ടന്മാരെ രക്ഷിക്കുന്നതിന്നും പര്യാപ്തമായ രോഷത്തെ വേണ്ടദിക്കിൽ ജിഗീഷുക്കളായ നരന്മാർ സ്വീകരിക്കുന്നു. തുടയിൽ ഗർഭതല്പത്തിൽ കിടന്നിരുന്ന ഞാൻ കേട്ടു, പിതൃക്കളെ ക്ഷത്രിയന്മാർ കൊല്ലുമ്പോൾ ഉണ്ടായ മാതൃരോദനം. ഗർഭത്തിൽക്കിടക്കുന്ന കുഞ്ഞുങ്ങളെപ്പോലും കൊന്ന് ഭൃഗുവംശം നശിപ്പിക്കുവാൻ ഒരുങ്ങിയ ആ നൃപാധമന്മാരിൽ എനിക്കു കോപം വന്നു. ക്ഷത്രിയരാണ് പ്രധാന വൈരികളെങ്കിലും പൊതുവേ ലോകത്തോട് എനിക്കു വൈരം ജനിച്ചു. ഞാൻ ഗർഭത്തിലിരുന്നു ദുഃഖിക്കുകയായിരുന്നു. സമ്പന്നരായ എന്റെ അച്ഛന്മമ്മാർ പേടിച്ചോടി ആശ്രയമില്ലാതെ തേടിയുഴന്നു. ഭൃഗുദാരങ്ങളെ കാക്കുവാൻ ഒരാളും ചെന്നില്ല. അപ്പോൾ എന്റെ അമ്മ തുടയിൽ മറച്ച് ഗർഭം രക്ഷിച്ചു. ലോകത്തിൽ പാപം തടുക്കുവാൻ ജനങ്ങൾ ഉണ്ടെങ്കിൽ ലോകത്തിൽ പാപകർമ്മങ്ങൾ ആരും ചെയ്യുകയില്ല; തീർച്ചയാണ്. ഈ ലോകത്ത് പാപം തടുക്കുവാൻ തയ്യാറുള്ളവർ ആരുമില്ലെങ്കിൽ ലോകത്തിൽ പലരും പാപരതന്മാരായിത്തന്നെ നില്ക്കും. അഭിജ്ഞനും ശക്തനുമായ മനുഷ്യൻ അറിഞ്ഞിട്ടും പാപകർമ്മം തടുക്കുന്നില്ലെങ്കിൽ അവനെത്രയോഗ്യനായാലും, അവനെ ആ പാപത്തിന്റെ ഫലം പൂർണ്ണമായും പിടികൂടും. രാജാക്കളും ഈശ്വരന്മാരും ശക്തരായിരുന്നിട്ടും എന്റെ പിതാക്കളെ നിഗ്രഹത്തിൽനിന്നു രക്ഷിക്കുവാൻ മുതിർന്നില്ല. അവർക്കു ജീവനിൽ കൊതിയുണ്ടായിരുന്നു; അതു കാരണമാണ് അവർ കാക്കാഞ്ഞത്. അതുകൊണ്ടാണു കർമ്മകുശലനായ ഞാൻ ഈ ലോകത്തോടു കോപിച്ചത്. നിങ്ങളുടെ വാക്കിനെ ലംഘിക്കുവാനും പാടില്ല. ഇന്നു ശക്തനായ ഞാൻ അങ്ങനെ ഉപേക്ഷ കാണിച്ചാൽ ലോകർക്കും എനിക്കും പാപം മൂലം ആപത്തുവന്നുകൂടും. പിന്നെ എന്റെ ക്രോധത്തിൽനിന്നുണ്ടാകുന്ന ഈ അഗ്നി ലോകത്തെ ദഹിപ്പിക്കുവാൻ ശക്തനാണ്. അവനെ അടക്കിയാൽ അവൻ എന്നേയും ദഹിപ്പിക്കും; തീർച്ചയാണ്. നിങ്ങൾ ലോകത്തിന്റെ നന്മയ്ക്ക് ആഗ്രഹിക്കുന്നവരാണെന്നുള്ളത് എനിക്കറിയാവുന്നതാണ്. അതുകൊണ്ട് ലോക

digitized by www.sreyas.in

ഹിതത്തിന്നും എന്റെ ഹിതത്തിന്നും പറ്റിയത് എന്തോ അതു വിധിച്ചാലും!"

പിതൃക്കൾ പറഞ്ഞു: "എന്നാൽ നിന്റെ മന്യുഭവമായ അസിയെ ലോകത്തെ ദഹിപ്പിക്കാൻ വിടാതെ പിടിച്ചു ജലത്തിൽ ഒതുക്കുക. ജലമദ്ധ്യത്തിലാണല്ലോ ലോകങ്ങൾ നില്ക്കുന്നത്. രസമൊക്കെ ജലമയമാണ്; ലോകമൊക്കെ ജലാത്മകമാണ്. അതുകൊണ്ട് ഹേ, ദ്വിജാ! ഭവാൻ ക്രോധാഗ്നിയെ ജലത്തിലേക്കു വിടു! കാരണരൂപമായ ജലത്തിന്റെ നാശംതന്നെ ലോകനാശമാണല്ലോ? ഹേ, ബ്രാഹ്മണാ, ആ അഗ്നി ജലത്തെ ദഹിപ്പിച്ചുകൊള്ളും. കടലിൽ നിന്റെ കോപാഗ്നി കിടക്കട്ടെ! ബോദ്ധ്യമായോ? വിശ്വമൊക്കെ ജലമയമാണല്ലോ. മഹാത്മാവേ, അങ്ങനെ ചെയ്താൽ ഭവാന്റെ പ്രതിജ്ഞ സത്യമാവുകയും ലോകേശർ ചേർന്ന ഈ ലോകം നശിക്കാതിരിക്കുകയും ചെയ്യും."

വസിഷ്ഠൻ തുടർന്നു: "ഔർവ്വൻ പിതൃക്കൾ പറഞ്ഞപ്രകാരം തന്റെ കോപാഗ്നിയെ ആഴിയിൽ കൊണ്ടുപോയിത്തള്ളി. ആ അഗ്നിയാണ് കടലിലെ ജലമത്രയും കുടിക്കുന്നത്. ആ ക്രോധാഗ്നി അശ്വമുഖാകാരം പൂണ്ട് വീണ്ടും വീണ്ടും വായിൽനിന്ന് അഗ്നി വിട്ട് സമുദ്രത്തിലെ മഹാജലം കുടിച്ചുവറ്റിക്കുന്നു. എത്ര ജലം കടലിൽച്ചെന്നാലും അതൊക്കെ ഔർവ്വാഗ്നി വറ്റിച്ചുകളയുന്നതായി വൈദികന്മാർ പറഞ്ഞുവരുന്നു. അതിനെ 'ബഡവാഗ്നി' എന്ന് വേദജ്ഞർ പറയുന്നു. ജ്ഞാനികളിൽ പ്രമുഖനും ഉത്കൃഷ്ടകർമ്മങ്ങളെ അറിയുന്നവനുമായ പരാശരാ, നീയും അപ്രകാരം ചെയ്യുക. എന്നാൽ നിനക്കു നന്മ വരും. ലോകരക്ഷ ചെയ്യുക. ജ്ഞാനിയായ നീ ലോകത്തെ മുടിക്കരുത്. ബുധോത്തമാ, നിന്നെ പരലോകങ്ങൾ അറിയുകയും ചെയ്യും."

181. ഔർവ്വോപാഖ്യാനം - പരാശരന്റെ രാക്ഷസസത്രം - ഗന്ധർവ്വൻ കഥ തുടർന്നു: "മഹാത്മാവായ വസിഷ്ഠൻ ഇപ്രകാരം പറഞ്ഞപ്പോൾ ആ മുനി സർവ്വലോകക്ഷയം ചെയ്യുന്ന ക്രോധംവിട്ട് അടങ്ങി. മഹാതേജോനിധിയും മഹാവേദജ്ഞനുമായ പരാശരൻ (ശക്തിപുത്രൻ) രാക്ഷസസത്രം ചെയ്തു. തന്റെ അച്ഛനെ കൊന്നതോർത്തു ദുഃഖിതനായ മുനി വൃദ്ധരായും ബാലരായും എത്തുന്ന രാക്ഷസരെ യാഗാഗ്നിയിൽ ദഹിപ്പിച്ചു. ശക്തിയെ കൊന്നതോർത്ത് വസിഷ്ഠനും അവനെ തടുത്തില്ല.

ഇവന്റെ രണ്ടാമത്തെ ശപഥവും മുടക്കുന്നതു ശരിയല്ലെന്നു വച്ച് വസിഷ്ഠൻ രാക്ഷസവധത്തിൽനിന്ന് അദ്ദേഹത്തെ തടഞ്ഞില്ല. സത്രത്തിൽ മൂന്നഗ്നികൾക്കു നടുവിൽ നിന്നരുളുന്ന മുനി ആ അഗ്നികൾക്കു തുല്യം, നാലാമത്തെ അഗ്നി എന്നവിധം, വിലസി. മുഖ്യമായ യജ്ഞവിധിയാൽ ഹോമംചെയ്ത് ശക്തിപുത്രൻ ആകാശത്തിൽ വർഷാവസാനം അർക്കൻ എന്നവിധം ജ്വലിച്ചു. തേജസ്സാൽ ജ്വലിക്കുന്ന അവനെക്കണ്ട് വസിഷ്ഠൻ മുതലായ മുനികൾ ചിന്തിച്ചു, ഇവൻ രണ്ടാമത്തെ ഭാസ്കരനാണോ എന്ന്. അസാദ്ധ്യമായ ആ രാക്ഷസസത്രം അപ്രകാരം ഉദാരനായ മുനി ചെയ്യുവാൻ തുടങ്ങിയപ്പോൾ അത് ഉടനെ നിർത്തുവാൻവേണ്ടി ലോകോപകാരതത്പരനായ 'അത്രി' മഹർഷി മറ്റുള്ളവർക്ക് അടുക്കാൻവയ്യാത്ത തേജസ്സോടുകൂടിയ പരാശരമുനിയുടെ സമീപത്തേക്കു ചെന്നു. 'പുലസ്ത്യൻ', 'പുലഹൻ', 'ക്രതുമാൻ', 'ക്രതു' എന്നിവരും അത്രിയുടെ കൂടെ രാക്ഷസന്മാരുടെ പ്രാണരക്ഷയ്ക്കുവേണ്ടി രണ്ടാം സൂര്യനെപ്പോലെ ജ്വലിക്കുന്ന മുനിയുടെ സമീപത്തു ചെന്നു. പുലസ്ത്യൻ ആശരന്മാരുടെ നില മനസ്സിലാക്കി പരാശരനോടു പറഞ്ഞു."

പുലസ്ത്യൻ പറഞ്ഞു: "മകനേ, നിന്റെ യാഗം നിർവ്വിഘ്നം നടക്കുന്നുണ്ടല്ലോ? ആപത്തറിയാത്ത നിരപരാധികളായ ആശരന്മാരെ സംഹരിച്ച് നീ തൃപ്തനായില്ലേ? ഭവാൻ സന്തതികൾക്ക് നിശ്ശേഷമായ നാശം വരുത്താതിരിക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു. മഹാശയാ, തപോധനന്മാരായ ബ്രാഹ്മണർക്ക് ഈ കൊലപാതകം ഉചിതമാണെന്ന് എനിക്കു തോന്നുന്നില്ല. ഇത് ധർമ്മമാണെന്നു നീ വിചാരിക്കുന്നുണ്ടോ? ശമമാണ് പരമമായ ധർമ്മം. നീ അതു ചെയ്താലും പരാശരാ! വാസിഷ്ഠനായ നീ വലിയ അധർമ്മത്തിലാണല്ലോ ചരിക്കുന്നത്. വസിഷ്ഠപുത്രനായ ശക്തിക്ക് ഈ ആപത്തു വന്നത് അവന്റെതന്നെ ശാപംമൂലമാണ്. സ്വന്തം ദോഷംതന്നെയാണ് ശക്തിയെ നശിപ്പിച്ചതും. ശക്തിയെ തിന്നുവാൻ ശക്തിയുള്ള ഒരു രാക്ഷസൻ ലോകത്തിലുണ്ടാവുകയില്ലായിരുന്നു. ശക്തിക്കു മൃത്യു ശക്തിതന്നെ ഉണ്ടാക്കിയതാണ്. വിശ്വാമിത്രൻ ഒരു നിമിത്തം മാത്രമായിരുന്നു എന്നേ പറഞ്ഞുകൂടൂ! കല്മാഷപാദരാജാവും വാനിൽ സുഖിക്കുന്നു. ശക്തിയുടെ അനുജന്മാരായ വസിഷ്ഠപുത്രന്മാരും അങ്ങനെ തന്നെ സുഖമായി സ്വർഗ്ഗത്തിൽ ദേവന്മാരുമൊന്നിച്ച് ആനന്ദിക്കുന്നു. ഹേ മഹാമുനേ, ഇതൊക്കെ വസിഷ്ഠനും അറിവുണ്ടല്ലോ. പാവങ്ങളായ രാക്ഷസന്മാർക്ക് ഇപ്രകാരം പറ്റുന്ന ആപത്തിന്ന് നിന്റെ യജ്ഞം ഒരു നിമിത്തം മാത്രമാണ്. ശക്തിപുത്രാ! യജ്ഞം മതിയാക്കൂ! നിനക്കു മംഗളം ഭവിക്കട്ടെ! ഈ മഖം നില്ക്കട്ടെ!"

ഗന്ധർവ്വൻ തുടർന്നു: "ഇപ്രകാരം പുലസ്ത്യനും വസിഷ്ഠനും പറഞ്ഞ ക്ഷണത്തിൽ ആ മഹാസത്രം ശക്തിപുത്രൻ സമാപിപ്പിച്ചു. സർവ്വരാക്ഷസനാശത്തിനുവേണ്ടി സംഭരിച്ച അഗ്നിയെ പരാശരൻ വടക്ക് ഹിമവൽപാർശ്വത്തിൽ, കൊടുംകാട്ടിൽ, നിക്ഷേപിച്ചു. ഇന്നും ആ വഹ്നിരക്ഷസ്സ് വൃക്ഷം, പാറ ഇതൊക്കെ വെളുത്തവാവുതോറും ദഹിപ്പിച്ചുകൊണ്ടു ജ്വലിക്കുന്നതായി കാണപ്പെടുന്നുണ്ട്."

182. വസിഷ്ഠോപാഖ്യാനം - കല്മാഷപാദരാജാവ് ബ്രഹ്മശാപത്തിന്നിരയായ കഥ - അർജ്ജുനൻ പറഞ്ഞു: "കല്മാഷപാദരാജാവ് ബ്രഹ്മജ്ഞനും ഗുരുവര്യനുമായ വസിഷ്ഠമുനിയുടെ സമീപത്തേക്കു തന്റെ പത്നിയെ പറഞ്ഞുവിട്ടത് എന്തു കാരണത്താലാണ്? പരമധർമ്മജ്ഞനായ വസിഷ്ഠൻ കല്മാഷപാദരാജാവിന്റെ പത്നിയെ പ്രാപിച്ചത് ധർമ്മമായോ? അഗമ്യകളുമായി ഗമിക്കുന്നതു തെറ്റല്ലേ? ധർമ്മചിന്തചെയ്യുമ്പോൾ പുത്രഭാര്യയ്ക്ക് തുല്യയായ രാജപത്നിയെ സ്വീകരിച്ചത് അധർമ്മമല്ലേ? എന്റെ ഈ സംശയം ഭവാൻ നിശ്ശേഷം തീർത്തു തരണം."

ഗന്ധർവ്വൻ പറഞ്ഞു: "ഹേ, ധനഞ്ജയാ! ഭവാൻ ചോദിച്ച ചോദ്യം ഉചിതമായിട്ടുള്ളതുതന്നെ. വസിഷ്ഠനേയും കല്മാഷപാദനേയും പറ്റി ചോദിച്ച ചോദ്യത്തിന്നുത്തരം പറയാം, കേട്ടുകൊള്ളുക! ആദ്യമേതന്നെ വസിഷ്ഠപുത്രനായ ശക്തി ആ രാജാവിനെ ശപിച്ച കഥ ഞാൻ പറഞ്ഞുവല്ലോ. ശാപത്തിൽപ്പെട്ട രാജാവ് കോപപര്യാകുലാക്ഷനായി തന്റെ നഗരംവിട്ട് ഭാര്യയോടൊത്തു പുറപ്പെട്ടു. നാനാമൃഗങ്ങൾ സഞ്ചരിക്കുന്ന, അനേകം ജീവജാലങ്ങൾ ചേർന്നതും, ആൾപ്പെരുപ്പമില്ലാത്തതുമായ, ഘോരകാനനത്തിൽ ഭാര്യയോടൊത്ത് അദ്ദേഹം ചെന്നുചേർന്നു. പലതരത്തിലുള്ള ചെടികളും, ലതകളും, വൃക്ഷങ്ങളും നിറഞ്ഞ ഭയങ്കരമായ കാട്ടിൽ ശാപമൂഢനായ രാജാവ് ചുറ്റിനടന്നു. ക്ഷുത്തുമൂത്ത് അവൻ ഭക്ഷണമന്വേഷിച്ച് നടക്കുമ്പോൾ വിജനമായ കാട്ടിൽ ഒരു കാട്ടരുവിക്കടുത്ത് ഒരു ബ്രാഹ്മണനും ഒരു ബ്രാഹ്മണിയും കിടക്കുന്നതായിക്കണ്ടു. അവർ രണ്ടുപേരും വിജനപ്രദേശത്തുവെച്ച് രതിക്രീഡയിൽ പ്രവേശിക്കുകയായിരുന്നു. കാര്യത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പെട്ടെന്ന് അവരുടെ മുമ്പിലേക്ക് ആ രാജാവു ചെന്നു. രാക്ഷസനെക്കണ്ട് അവർ പെട്ടെന്ന് ഭയപ്പെട്ടെഴുന്നേറ്റ് രതിസുഖമനുഭവിക്കാതെ ഓടിക്കളഞ്ഞു. രാജാവ് പിന്നാലെ ഓടി ആ വിപ്രനെ പിടികൂടി. ഭർത്താവിനെ പിടിച്ചതു കണ്ട് അവന്റെ ഭാര്യ പറഞ്ഞു."

ബ്രാഹ്മണപത്നി പറഞ്ഞു: "ഹേ രാജാവേ, ഭവാൻ എന്റെ വാക്ക് ഒന്നുകേൾക്കണേ! ഞാൻ പതിവ്രതയാണ്. ആദിത്യവംശജനായ ഭവാൻ ഈ ഭൂമിയിൽ ഏറ്റവും പുകഴ്ന്നവനാണ്. ധർമ്മം തെറ്റാതെ നില്ക്കുന്നവനും ഗുരുശുശ്രൂഷയിൽ അത്യന്തം തല്പരനുമാണ്. ശാപത്താൽ ബുദ്ധികെട്ടവനാണ് ഭവാൻ. എങ്കിലും പാപം ചെയ്യരുതേ! എനിക്കിപ്പോൾ ഋതുകാലം വന്നിരിക്കയാണ്. പുത്രനുണ്ടാകണമെന്ന ആശയോടുകൂടി ഞാൻ

digitized by www.sreyas.in

ഇപ്പോൾ ഭർത്താവിനെ പ്രാപിച്ചിരിക്കുകയായിരുന്നു. എന്നാൽ എന്റെ കാമം നിർവ്വഹിച്ചില്ല. നൃപശ്രേഷ്ഠ, പ്രസാദിച്ചാലും! എന്റെ കാന്തനെ വിട്ടയച്ചാലും."

ഗന്ധർവ്വൻ പറഞ്ഞു: "ആ ബ്രാഹ്മണസ്ത്രീ ഇപ്രകാരം കരഞ്ഞുപറയുന്നതുകേട്ടിട്ടും ശാപംനിമിത്തം രാജാവ് ഒരു ക്രൂരരാക്ഷസനെപ്പോലെ, വ്യാഘ്രം മൃഗത്തെയെന്നപോലെ, അവളുടെ ഭർത്താവിനെ പിടിച്ചുതിന്നു. ക്രുദ്ധയായ അവളുടെ അശ്രുക്കൾ ഭൂമിയിൽ പതിച്ച ഉടനെ അതിൽ അഗ്നിയുണ്ടായി. ആ ദിക്കിൽ ആളിക്കത്തി. പിന്നെ ഭർത്താവിന്റെ അകാലമരണം നിമിത്തം ശോകാകുലയായ ആ സാധി കല്മാഷപാദനെ ശപിച്ചു."

ബ്രാഹ്മണസ്ത്രീ പറഞ്ഞു: "ക്ഷുദ്രനായ നൃശംസനെപ്പോലെ, കാമം സാധിക്കുന്നതിന്നുമുമ്പ് എന്റെ പ്രിയഭർത്താവിനെ, ഞാൻ കണ്ടുനില്ക്കെ, നീ ഭുജിക്കുകയാൽ ഹേ ദുർബ്ബുദ്ധേ! നീയും എന്റെ ഘോരമായ ശാപം നിമിത്തം ഋതുകാലത്തിൽ പത്നിയുമായി ചേരുന്ന സമയത്ത് ഉടനെ മരിച്ചുപോകട്ടെ! നീ ആരുടെ മക്കളെ കൊന്നുവിട്ടുവോ, ആ വസിഷ്ഠമുനീന്ദ്രനുമായി ഭോഗിച്ച് നിന്റെ ഭാര്യ പുത്രനെയുണ്ടാക്കട്ടെ! എടോ അധമാ! നിന്റെ വംശം അന്യന്റെ പുത്രനെക്കൊണ്ടുണ്ടാകട്ടെ!"

ഗന്ധർവ്വൻ പറഞ്ഞു: "ഇപ്രകാരം ആ നൃപതിയെ ആംഗിരസിന്റെ പുത്രിയായ അവൾ ശപിച്ചു. ആ രാജാവു കാൺകെ അവന്റെ മുമ്പിൽവെച്ച് ആംഗിരസിന്റെ വംശത്തിൽപ്പെട്ട ആ സാധി അഗ്നിയിൽച്ചാടി മരിക്കുകയും ചെയ്തു.

മഹാഭാഗനായ വസിഷ്ഠൻ ഇതൊക്കെ തന്റെ അതിമഹത്തായ ജ്ഞാനബലംകൊണ്ടും, തപോവൈഭവംകൊണ്ടും, മനസ്സിലാക്കി. ഹേ, പരന്തപാ! ശാപംതീർന്ന രാജാവ് കുറച്ചുകാലം ചെന്നതിന്നുശേഷം ഋതുകാമമടുത്തപ്പോൾ തന്റെ ഭാര്യയായ 'മദയന്തി'യുടെ സമീപത്തുചെന്ന് രതിക്രീഡയ്ക്ക് ഒരുങ്ങി. എന്നാൽ മദയന്തി രാജാവിനെ തടുത്തു. രാജാവ് തനിക്കു കാട്ടിൽ വെച്ച് കിട്ടിയ ശാപത്തെ ഓർത്തില്ല. ഭാര്യ ദൃക്സാക്ഷിയായതുകൊണ്ട് അവൾ ശാപവൃത്താന്തം സവിസ്തരം രാജാവിനെ പറഞ്ഞുകേൾപ്പിച്ചു. നൃപൻ സംഭ്രാന്തനായി. ശാപത്തെപ്പറ്റി ചിന്തിച്ച് പരിതാപാന്ധനായിത്തീർന്നു. അർജ്ജുനാ തന്റെ ഭാര്യയെ വസിഷ്ഠന്റെ സമീപത്തേക്കു വസിഷ്ഠനുമായി രമിക്കുവാൻ, രാജാവ് അയച്ചതിന്നുള്ള കാരണം ഇതാണ്."

183. ധൗമ്യ പുരോഹിതകരണം – അർജ്ജുനൻ പറഞ്ഞു: "ഹേ, ഗന്ധർവ്വസത്തമാ! ഞങ്ങൾക്കു ചേർന്ന വേദജ്ഞനായ പുരോഹിതൻ ആരാണ്? അതു ഭവാൻ പറയൂ! സർവ്വജ്ഞനാണല്ലോ ഭവാൻ."

ഗന്ധർവ്വൻ പറഞ്ഞു: "ഈ വനത്തിൽ ഒരു വേദജ്ഞനായ ബ്രാഹ്മണൻ തപോവ്രതത്തോടെ പാർക്കുന്നുണ്ട്. 'ദേവലന്റെ' അനുജനായ 'ധൗമ്യൻ' ആണ് ആ മഹാൻ. 'ഉൽക്കോച' തീർത്ഥത്തിൽ പോയി അദ്ദേഹത്തെ കാണുവിൻ! അദ്ദേഹത്തെ നിങ്ങൾ വരിക്കുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ അർജ്ജുനൻ ആഗ്നേയാസ്ത്രം യഥാവിധി ഗന്ധർവ്വന്ന് ഉപദേശിച്ച് നന്ദിയോടെ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഹേ! ഗന്ധർവ്വസത്തമ, അശ്വമെല്ലാം നിന്റെ പാട്ടിൽത്തന്നെ നില്ക്കട്ടെ! കാര്യം വരുമ്പോൾ ഞാൻ വാങ്ങിച്ചുകൊള്ളാം. സ്വസ്തി ഭവിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വനും പാണ്ഡുപുത്രനും തമ്മിൽ പൂജിച്ചു. അനന്തരം ഭാഗീരഥീതീരം വിട്ട് അവർ ഇഷ്ടംപോലെ പോയി; ഉൽക്കോചതീർത്ഥത്തിൽ ചെന്ന് ധൗമ്യാശ്രമത്തിൽ ഇരിക്കുന്ന ധൗമ്യനെ പാണ്ഡവന്മാർ കണ്ടു. വേദവിത്തായ ധൗമ്യൻ അവരേയും സ്വീകരിച്ചു. പാദ്യത്താലും വന്യമായ ഫലമൂലങ്ങളാലും പൗരോഹിത്യത്താലും പാണ്ഡവന്മാരെ സല്ക്കരിച്ചു. തങ്ങൾക്കു ശ്രീയും രാജ്യവും കിട്ടിയെന്നുതന്നെ അപ്പോൾ പാണ്ഡവന്മാർ കരുതി. അമ്മയോടൊത്ത് ആറുപേരും മാന്യനായ ഗുരുവോടുംകൂടി, പോകാനൊരുങ്ങി. വിപ്രൻ മുമ്പായതിനാൽ പാഞ്ചാലിയേയും സ്വയംവരത്തിൽ കിട്ടിയെന്നുതന്നെ അവർ ചിന്തിച്ചു. ആ ഭരതർഷഭന്മാർ ഗുരുവായ ധൗമ്യപുരോഹിതനോട് ചേർന്നപ്പോൾ തങ്ങൾ സനാഥരായി എന്നോർത്തു. വേദധർമ്മജ്ഞനും ബുദ്ധിമാനുമായ ധൗമ്യനാകട്ടെ അവരുടെ ഗുരുവുമായി. പാണ്ഡവന്മാർ വിശിഷ്ടനും ധർമ്മജ്ഞനുമായ ധൗമ്യന്റെ പൗരോഹിത്യംകൊണ്ട് തങ്ങൾക്ക് സമ്പത്തും, രാജ്യവും, സ്വയംവരത്തിൽ പാഞ്ചാലിയും ലഭിച്ചതായി വിശ്വസിച്ചു. ദേവന്മാർക്കൊക്കുന്ന ബലവും ഉത്സാഹവും ബുദ്ധിയും വീര്യവും പാണ്ഡവരിൽ കണ്ടുകൊണ്ട് അവർ തങ്ങളുടെ രാജ്യവും സമ്പത്തുമെല്ലാം സ്വന്തം ശക്തികൊണ്ട് വീണ്ടെടുത്തതായി ധൗമ്യനും കണക്കാക്കി. ധൗമ്യനാൽ ആശീർവദിക്കപ്പെട്ട പാണ്ഡവന്മാർ ഒരുമിച്ച് പാഞ്ചാലീസ്വയംവരത്തിന്നു പോകാനൊരുങ്ങി."

സ്വയംവരപർവ്വം

184. പാണ്ഡവാഗമനം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ അഞ്ചുപേരും വേഗത്തിൽ പുറപ്പെട്ടു. പാഞ്ചാലിയേയും അവിടെയുള്ള മഹാമഹത്തേയും കാണുവാൻ അവർക്കു തിടുക്കമായി. അമ്മയോടുകൂടി അവർ പോകുമ്പോൾ വളരെ വിപ്രന്മാർ പോകുന്നതായി വഴിക്കുവെച്ച് കണ്ടു. ബ്രഹ്മചാരികളായ ബ്രാഹ്മണർ അവരോടു ചോദിച്ചു: 'നിങ്ങൾ എങ്ങോട്ടാണു പോകുന്നത്, എവിടെനിന്നാണു വരുന്നത്' എന്നും മറ്റും."

യുധിഷ്ഠിരൻ പറഞ്ഞു: "വിപ്രന്മാരേ, സഹോദരന്മാരായ ഞങ്ങൾ അമ്മയോടുകൂടി ഏകചക്രയിൽനിന്നു വരികയാണ്."

ബ്രാഹ്മണർ പറഞ്ഞു: "നിങ്ങൾ ഉടനെ പാഞ്ചാലരാജ്യത്തേക്കു പോകുക. അവിടെ ദ്രുപദരാജാവിന്റെ രാജധാനിയിൽ വളരെ സമ്പത്തു വിളയാടുന്ന സ്വയംവരമുണ്ട്. ഞങ്ങൾ ഈ സംഘം മുഴുവൻ അങ്ങോട്ടാണു പോകുന്നത്. എങ്ങും കാണാത്തവിധം അത്ഭുതകരമായ മഹോത്സവമാണ് അവിടെ നടക്കുന്നത്.

മഹാവിശിഷ്ടനും പാഞ്ചാലരാജ്യപതിയുമായ യജ്ഞസേനമഹാരാജാവിന്ന് ചെന്താമരാക്ഷിയായ ഒരു മകൾ യാഗമദ്ധ്യത്തിൽനിന്നു ജനിച്ചു. കാണപ്പെടേണ്ടവിധം ദോഷരഹിതമായ അംഗങ്ങളോടുകൂടിയവളും, സുകുമാരിയും, മനസ്വിനിയുമായ അവൾ, പ്രതാപശാലിയും ദ്രോണശത്രുവുമായ ധൃഷ്ടദ്യുമ്നന്റെ സഹോദരിയാണ്. ഇങ്ങനെ എല്ലാംകൊണ്ടും തികഞ്ഞ യാജ്ഞസേനിയേയും സ്വയംവരമണ്ഡപത്തിൽവെച്ച് നമുക്കു കാണാം, ആ മഹോത്സവവും കാണാം. നമുക്കു പോകാം.

വാളും വില്ലും ചട്ടയും അമ്പുമായി ജ്വലിക്കുന്ന അഗ്നിയിൽ നിന്നുണ്ടായവനും, തീപോലെ ജ്വലിക്കുന്നവനുമാണ് ധൃഷ്ടദ്യുമ്നൻ. അപ്രകാരംതന്നെ അഗ്നിയിൽനിന്നുണ്ടായവൾതന്നെയാണ് അവന്റെ സഹോദരിയും. സുന്ദരിമാരിൽവെച്ച് ശ്രേഷ്ഠയുമാണ് ദ്രൗപദി. നീലോല്പലസമമായ സൗരഭ്യം ഒരു ക്രോശം അകലംവരെ വീശിക്കൊണ്ടിരിക്കുന്ന ആ കന്യകാരത്നത്തെ ഒന്ന് കാണുവാൻ സാധിക്കുന്നതും, സ്വയംവര മഹോത്സവത്തിൽ പങ്കുകൊള്ളുന്നതും മഹാഭാഗ്യമാണ്! സ്വയംവരത്തിനൊരുങ്ങിയ യജ്ഞസേനപുത്രിയേയും, ആ ദിവ്യമായ ഉത്സവത്തേയും, അവിടെ കൂടുന്ന മഹാജനങ്ങളേയും, മഹാരാജാക്കന്മാരേയും കാണാം. ഞങ്ങൾ അങ്ങോട്ടുപോവുകയാണ്. രാജാക്കളും രാജകുമാരന്മാരും യാഗംചെയ്തവരും അസംഖ്യം ദക്ഷിണ വാങ്ങിയവരും ശുചികളായ സ്വാദ്ധ്യായവന്മാരും യതവ്രതന്മാരായ മഹാത്മാക്കളും ഓരോ ദേശത്തുനിന്നു വന്നുചേർന്ന ചെറുപ്പക്കാരായ സുന്ദരന്മാരും, അസ്ത്രവിദ്യയഭ്യസിച്ച മഹാരഥന്മാരായ മഹീശ്വരന്മാരും അവിടെ കൂടും. ആ രാജാക്കന്മാർ സ്വയംവരത്തിൽ വിജയം നേടുവാൻവേണ്ടി അവിടെ പല ദാനവും ബ്രാഹ്മണർക്കു നല്കും. പണം, പശുക്കൾ, ഭക്ഷ്യഭോജ്യങ്ങൾ ഇവയൊക്കെ പലർക്കും ദാനംചെയ്യും. അതൊക്കെ വീണ്ടും

digitized by www.sreyas.in

വീണ്ടും വാങ്ങി സ്വയംവരം കണ്ട് പരമാനന്ദം അനുഭവിച്ച് ഒന്നിച്ച് യഥേഷ്ടം പോകാം.

നടന്മാരും, വൈതാളികന്മാരും, നൃത്തക്കാരും, പുരാണ കീർത്തനം ചെയ്യുന്നവരും, വംശസ്തുതിചെയ്യുന്നവരായ സൂത മാഗധന്മാരും, മല്ലന്മാരും ഓരോരോ ദിക്കിൽനിന്ന് മഹോത്സവ ത്തിലേക്കു വന്നുചേരും. അവരെല്ലാം അവരവരുടെ വിദ്യകൾ കാണിക്കുന്നതു കാണാം. ഇങ്ങനെ ഉത്സാഹത്തോടെ നടത്തുന്ന ഉത്സവക്കാഴ്ച കണ്ടും ദാനങ്ങൾ വാങ്ങിയും ഞങ്ങളോടുകൂടി യോഗ്യന്മാരായ നിങ്ങളും പോന്നുകൊള്ളുവിൻ.

സുന്ദരന്മാരും ദേവരൂപന്മാരുമായ നിങ്ങളിൽ ഒരാളെ കൃഷ്ണ കണ്ടെന്നുവന്നാൽ വരിച്ചുവെന്നും വരാം. ഈ സുന്ദ രാംഗനും, ശ്രീമാനുമായ നിന്റെ അനുജൻ നീ കല്പിച്ചുവിട്ടാൽ കെല്പോടുകൂടി വളരെ ധനം വിജയപൂർവ്വം നേടും; തീർച്ച യാണ്! എന്നിട്ട് നിങ്ങൾക്കു സന്തോഷിക്കാം."

യുധിഷ്ഠിരൻ പറഞ്ഞു: "ബ്രാഹ്മണരേ, എന്നാൽ ഞങ്ങളും നിങ്ങളോടുകൂടി ഉത്സവം കാണുവാൻ വരാം. നിങ്ങളോടുകൂടി സ്വയംവരം കണ്ട് ആനന്ദിക്കാം."

185. ധൃഷ്ടദ്യുമ്നവാക്യം – വൈശമ്പായനൻ പറഞ്ഞു: "ജനമേജയരാജാവേ, ബ്രാഹ്മണരുടെ വാക്കുകേട്ട് പാണ്ഡവ ന്മാർ ദ്രുപദൻ വാഴുന്ന തെക്കൻ പാഞ്ചാലനാട്ടിലേക്ക് പോയി.

പിന്നെ അവർ മഹാനും പാപഹാരിയുമായ വേദവ്യാസ മഹർഷിയെ അവിടെവച്ച് കണ്ടു. അദ്ദേഹത്തെ ആദരവോടെ പൂജിച്ച്, അനുഗ്രഹത്തോടും, സമ്മതത്തോടുംകൂടി, പാണ്ഡവ ന്മാർ ദ്രുപദാലയത്തിലേക്കു നടന്നു.

അഴകേറിയ പൂവനങ്ങളും, വികസിച്ച താമരകൾ നില്ക്കുന്ന പൊയ്കകളും, മനോഹരമായ ഭൂഭാഗങ്ങളും കണ്ട് ഇടയ്ക്കി ടയ്ക്കു വിശ്രമിച്ച്, ആ മഹാരഥന്മാർ യാത്രതുടർന്നു.

സ്വാദ്ധ്യായവാന്മാരും, ശുചികളും, മധുരവും പ്രിയവുമായി സംസാരിക്കുന്നവരുമായ പാണ്ഡവന്മാർ വയസ്സനുസരിച്ച് ക്രമ പ്രകാരം പാഞ്ചാലരാജ്യത്ത് കാലെടുത്തുകുത്തി. പുരവും, പട നില്ക്കുന്ന നിലവും, പാണ്ഡവർ കണ്ടു. കുംഭകാരൻ പണിയെ ടുക്കുന്ന ഒരു ശാലയിൽ ചെന്നുകയറി.അവിടെ ബ്രാഹ്മണവേ ഷത്തിൽ അവർ ഭിക്ഷ വാങ്ങിക്കഴിച്ച് താമസിച്ചു. വീരന്മാരായ അവർ ആരാണെന്ന് ആരും അറിഞ്ഞില്ല.

കിരീടിയായ പാണ്ഡവന് (അർജ്ജുനന്) കൃഷ്ണയെ കൊടുക്കണം എന്നാണ് ദ്രുപദന്റെ ആഗ്രഹം. എന്നാൽ അത് അവൻ പുറത്താക്കിയില്ല. കൗന്തേയൻ എവിടെപ്പോയിരിക്കുന്നു എന്ന് പാഞ്ചാലൻ അന്വേഷണം നടത്തി. പലയിടത്തും തിര ഞ്ഞിട്ടും കാണാതായപ്പോൾ പാഞ്ചാലൻ കുലകേറ്റാൻ കഴി യാത്ത സുദൃഢമായ ഒരു വില്ല് തീർപ്പിച്ചു. അത്ഭുതകരമായി ആകാശത്തിൽ നില്ക്കുന്ന കൃത്രിമമായ ഒരു യന്ത്രവും ആ യന്ത്ര ത്തിന്റെ അകത്തായി ഒരു ലക്ഷ്യവും രാജാവ് തീർപ്പിച്ചു."

ദ്രുപദൻ പറഞ്ഞു: "ഈ വില്ലിൽ ഞാൺകെട്ടി മുറുക്കി അമ്പുകൾ കൊണ്ടു യന്ത്രത്തെ സ്പർശിക്കാതെ ലക്ഷ്യം ഭേദി ക്കുന്നവന്ന് ഞാൻ എന്റെ പുത്രിയെ നല്കുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദ്രുപദരാജാവ് സ്വയം വിളംബരം ചെയ്തു. അതുകേട്ട് രാജാക്കന്മാർ എല്ലാവരും വന്നുചേർന്നു. സ്വയംവരം കാണുവാനുള്ള കൗതുകംകൊണ്ട് യോഗ്യന്മാരായ മുനീന്ദ്രന്മാരും വന്നുചേർന്നു. ദുര്യോധനനെ മുമ്പിലാക്കി കർണ്ണനോടുകൂടി കൗരവരാജാക്കളും വന്നു ചേർന്നു.

യോഗ്യരായ വിപ്രന്മാരും ഓരോരോ ദിക്കിൽനിന്നു വന്നു ചേർന്നു. ദ്രുപദന്റെ സല്ക്കാരം സ്വീകരിച്ച് നൃപന്മാരെല്ലാം സ്വയം വരം കാണുവാൻ മഞ്ചത്തിൽക്കയറി ഇരിപ്പായി.

ഉടനെ പൗരന്മാരെല്ലാം കടൽ ഇരമ്പുന്നപോലെ കല്യാണ പ്പന്തലിൽ നൃപരൊത്ത് നിരന്നു. നഗരത്തിന്റെ വടക്കുകിഴക്കെ കോണിലായി സമഭൂമിയിൽ ചുറ്റും നാനാഗൃഹങ്ങളോടുകൂടി വിവാഹമണ്ഡപസ്ഥലം ശോഭിച്ചു. കിടങ്ങും, കോട്ടയും നല്ല കമാനം വെച്ച വാതിലും ഭംഗിയേറുന്ന വിവിധ വിതാനങ്ങളും അലങ്കാരങ്ങളും ചേർന്നതും പെരുമ്പറകൾ നിരത്തിവെച്ചതും, അകിലിന്റെ ധൂമത്തോടും ചന്ദനച്ചാർ നനച്ച പൂമാലകളോടും കൂടിയതായിരുന്നു ആ മണ്ഡപം. കൈലാസശിഖരംപോലെ ആകാശം മുട്ടുന്നവിധം ചുറ്റും വെളുത്തു വിലസുന്ന പ്രാസാദ ങ്ങൾ ശോഭിച്ചു. സുവർണ്ണജാലങ്ങളുമായി മണിത്തിണ്ണയോടും, നല്ല കോണികളോടും വിചിത്രമായി അലങ്കരിച്ച നാനാപീഠശ യ്യകളോടുംകൂടിയ സൗധങ്ങൾ ശോഭിച്ചു. പൂമാല തൂക്കിയും സുഗന്ധധൂമങ്ങൾ വീശിയും, അരയന്നനിറത്തോടുകൂടി, തിരക്കു കൂടാതെ പോകുന്നതിന്നും വരുന്നതിന്നും സുഖസൗകര്യം കൊടുക്കുന്ന വാതിലുകളോടുകൂടിയതും നാനാശയ്യാസനങ്ങ ളോടുകൂടി ശോഭിക്കുന്നതും, പല ധാതുക്കൾ അണിഞ്ഞതുമായ ശയ്യാഗൃഹങ്ങൾ, പലതരം ധാതുദ്രവ്യങ്ങൾ ചേർന്ന്, സുരഭിലമാ യ ഹിമവൽശിഖരംപോലെ, പ്രഭവീശി. ഇങ്ങനെ പലേവിധത്തിൽ അലങ്കരിക്കപ്പെട്ട സൗധങ്ങളിൽ അലങ്കാരങ്ങളണിഞ്ഞ മത്സര ബുദ്ധിയോടുകൂടിയ രാജാക്കന്മാർ 'ഞാനാണ് അതിസുന്ദരൻ; അവൾ എന്നെ വരിക്കും,' എന്ന ഭാവത്തിൽ സ്ഥിതിചെയ്തു.

അവിടെ സത്വവിക്രമന്മാരും ഭാദ്യവാന്മാരും മഹാന്മാരുമായ രാജസിംഹന്മാർ ദേഹത്തിൽ അകിൽ അരച്ചുപൂശിയവരായി കണ്ടു. വൈദികഭക്തന്മാരും പ്രസന്നരും സ്വന്തം രാഷ്ട്രം ഭരി ക്കുന്നവരും എല്ലാവർക്കും പ്രിയമുള്ളവരും, മംഗളപുണ്യകർമ്മാ ക്കളുമായ രാജസിംഹന്മാരെ കണ്ടു. പൗരജാനപദവ്രജവും മഞ്ച ങ്ങളിൽ യഥാർഹം ആസനസ്ഥരായി അവരെല്ലാം കൃഷ്ണയെ ക്കാണുവാൻ തൃഷ്ണയോടെ ഇരിപ്പായി. ബ്രാഹ്മണരുടെ ഇട യിൽ പാണ്ഡവന്മാരും ഇരുന്നു. പാഞ്ചാലരാജ്യസമ്പത്തുകണ്ട് പ്രശംസിച്ച് ബ്രാഹ്മണർ ഇരുന്നു. ഈ മഹാജനങ്ങൾ വന്നുതുട ങ്ങിയിട്ട് കുറച്ചുദിവസങ്ങളായി. ദിനംപ്രതി അതിഥികളുടേയും സന്ദർശകരുടേയും സംഖ്യവർദ്ധിച്ചു. രത്നദാനവും നാനാവിധം നടനങ്ങളും കാഴ്ചകളുമായി ആ മഹാസമ്മേളനം നാൾക്കുനാൾ വളർന്നുവന്നു.

വിവാഹമഹോത്സവം തുടങ്ങി പതിനാറാം ദിവസം മംഗള സ്നാനം കഴിഞ്ഞ് ശുഭ്രവസ്ത്രം ധരിച്ച് സർവ്വാഭരണഭൂഷിത യായ ദ്രൗപദി മാലയും, വേണ്ടപോലെ അലങ്കരിച്ച് ഭംഗിയേറുന്ന പൊൻപാത്രവും കൈയിലെടുത്ത് രംഗത്തിൽ ഇറങ്ങിവന്നു. വിവാഹമന്ത്രം അറിയുന്ന നിർമ്മലചിത്തനും ബ്രാഹ്മണശ്രേഷ്ഠ നുമായ സോമകപുരോഹിതൻ മന്ത്രോച്ചാരണത്തോടെ അഗ്നി യിൽ നെയ്യൊഴിച്ച് ആഹുതി കഴിച്ചു. അഗ്നിസംതർപ്പണം ചെയ്ത് അഗ്നിയെ തൃപ്തനാക്കി; വിപ്രന്മാർക്ക് ആശിസ്സു പറഞ്ഞു. ഉടനെ ചുറ്റുമുള്ള സംഘം വാദ്യഘോഷങ്ങൾ തല്ക്കാലത്തേക്ക് നിർത്തി. ജനമേജയരാജാവേ, പെട്ടെന്ന് വാദ്യമെല്ലാം നിന്നപ്പോൾ ധൃഷ്ടദ്യുമ്നൻ കൃഷ്ണയേയുംകൊണ്ട് രംഗമദ്ധ്യത്തിൽ ചെന്നു നിന്ന് മേഘഗംഭീരസ്വരത്തിൽ ഉച്ചത്തിൽ മധുരമായി അർത്ഥ ത്തോടുകൂടിയ വാക്കുകൾ പറഞ്ഞു."

ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "അല്ലയോ മന്നവന്മാരേ, നിങ്ങൾ കേൾക്കുവിൻ! ഇതാ വില്ലും ലക്ഷ്യവും ബാണങ്ങളും. യന്ത്ര ത്തിന്റെ പഴുതിലൂടെ ഒരേസമയത്ത് അഞ്ചുബാണങ്ങൾ എയ്ത് ലക്ഷ്യം ഭേദിക്കണം. ഇപ്രകാരമുള്ള അത്ഭുതകർമ്മം ആർ ചെയ്യു ന്നുവോ, കുലീനനും ബലരൂപശാലിയുമായ അദ്ദേഹത്തിന്ന് എന്റെ സഹോദരിയായ കൃഷ്ണ ഭാര്യയാകും. ഞാൻ ഈ പറയു ന്നത് സത്യമാണ്. ഭോഷ്ക് ഞാൻ പറയുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാഞ്ചാലരാജപു ത്രൻ പറഞ്ഞതിന്നുശേഷം തന്റെ സോദരിയായ കൃഷ്ണയോട് അവിടെയിരിക്കുന്ന ഓരോ രാജാവിന്റേയും നാമം, കുലം, കർമ്മം, സാമർത്ഥ്യം എന്നിവയെപ്പറ്റി തിരിച്ചു തിരിച്ച് പറയുവാൻ തു ടങ്ങി."

186. രാജനാമകീർത്തനം – ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "ദുര്യോധനൻ, ദുർവ്വിഷഹൻ, ദുർമ്മുഖൻ, ദുഷ്പ്രധർഷണൻ,

digitized by www.sreyas.in

വിവിംശതി, വികർണ്ണൻ, സഹൻ, ദുശ്ശാസനൻ, യുയുത്സു, വായുവേഗൻ, ഭീമവേഗരവൻ, ഉഗ്രായുധൻ, ബലാകീ, കരകായു, വിരോചനൻ, കുണ്ഡകൻ, ചിത്രസേനൻ, സുവർച്ചസ്സ്, കനകധ്വജൻ, നന്ദകൻ, ബാഹുശാലി, തുഹുണ്ഡൻ, വികടൻ ഇവരും മറ്റുപലരും മഹാവീരന്മാരും മഹാബലന്മാരുമായ ധാർത്തരാഷ്ട്രന്മാരാണ്. കർണ്ണനോടുകൂടിയ വീരന്മാരായ ഇവർ നിന്നെ ഉദ്ദേശിച്ച് വന്നവരാണ്. വേറേയും അസംഖ്യം മഹാത്മാക്കളായ രാജാക്കൾ വന്നെത്തിയിട്ടുണ്ട്.

അതാ ഇവിടെ ഇരിക്കുന്നത് ശ്രീമാനും സുബലപുത്രനുമായ 'ശകുനി' യാണ്. അടുത്ത് ഇരിക്കുന്നത് ശ്രീമാൻ 'വൃഷകൻ', അടുത്തത് 'ബൃഹത്ബലൻ', ഇവരും ഗാന്ധാരരാജാവിന്റെ പുത്രന്മാരാണ്.

'അശ്വത്ഥാമാവ്', 'ഭോജൻ', ഇവർ സർവ്വശാസ്ത്രപടുക്കളായ മഹാന്മാരാണ്. ഇവരും നിന്നെ ഓർത്ത് വന്നവരാണ്.

ബൃഹന്തൻ, മണിമാൻ, ദണ്ഡധാരൻ, സഹദേവൻ, ജയൽസേനൻ, മേഘസന്ധി, ശംഖൻ, ഉത്തരൻ എന്നീ പുത്രന്മാരോടുകൂടിയ വിരാടരാജാവ്, വാർദ്ധക്ഷേമി, സുശർമ്മാവ്, സേനാബിന്ദു, സുനാമാവ്, സുവർച്ചസ്സ് എന്നീ രണ്ടുപുത്രന്മാരോടുകൂടിയ സുകേതു, സുചിത്രൻ, സുകുമാരൻ, വൃകൻ, സത്യധൃതി, സൂര്യധ്വജൻ, രോചമാനൻ, നീലൻ, ചിത്രായുധൻ, അംശുമാൻ, ചേകിതാനൻ, മഹാബലനായ ശ്രേണിമാൻ, സമുദ്രസേനപുത്രനായ ചന്ദ്രസേനൻ, ജലസന്ധൻ, പിതാവായ വിദണ്ഡൻ, പുത്രനായ ദണ്ഡൻ, പൗണ്ഡ്രകവാസുദേവൻ, ഭഗദത്തൻ, കലിംഗൻ, പത്തനാധിപതിയായ താമ്രലിപ്തൻ, മദ്രരാജാവും മഹാരഥനുമായ 'ശല്യൻ', തന്റെ പുത്രന്മാരായ രുഗ്മാംഗദൻ, രുഗ്മരഥൻ, എന്നിവരോടുകൂടി ഇതാ ഇരിക്കുന്നു. കൗരവനായ സോമദത്തൻ അവന്റെ പുത്രന്മാരായ ഭൂരി, ഭൂരിശ്രവസ്സ്, ശലൻ എന്നീ മൂന്നുപേരോടുകൂടി ഇരിക്കുന്നു. സുദക്ഷിണൻ, കാംബോജൻ, ദൃഢധന്വാവ് എന്ന പൗരവ, ബൃഹത്ബലൻ, സുഷേണൻ, ഔശീനരസനായ ശിബി, പാടച്ചരനിഹന്തൻ എന്ന കാരൂഷാധിപൻ, സങ്കർഷണൻ, വാസുദേവൻ, രുഗ്മിണീപുത്രൻ, സാംബൻ, ചാരുദേഷ്ണൻ, പ്രദ്യുമ്നപുത്രൻ, ഗദൻ, അക്രൂരൻ, സാത്യകി, മഹാനായ ഉദ്ധവൻ, ഹാർദ്ദിക്യനായ കൃതവർമ്മാവ്, പൃഥു, വിപൃഥു, വിദൂരഥൻ, കങ്കൻ, ശങ്കു, ഗവേഷണൻ, ആശാവഹാൻ, അനിരുദ്ധൻ, സമീകൻ, സാരിമേജയൻ, വാതപതി, ഝില്ലി, പിണ്ഡാരകൻ, മഹാവീരനായ ഉശീനരൻ, ഇവർ വൃഷ്ണിപുംഗവന്മാരാണ്. ഭഗീരഥൻ, ബൃഹത്ക്ഷത്രൻ, സിന്ധുരാജാവായ ജയദ്രഥൻ, ബൃഹദ്രഥൻ, ബാൽഹീകൻ, ശ്രുതായുസ്സ്, ഉലൂകൻ, കൈതവരാജാവ്, ചിത്രാംഗദൻ, ശുഭാംഗദൻ, കോസലാധിപനായ വത്സരാജാവ്, ശിശുപാലൻ, മഹാവീരനായ ജരാസന്ധൻ, ഇവരും മറ്റു പലരും നാനാരാജ്യങ്ങളുടേയും രാജാക്കന്മാരാണ്. ഭദ്രേ, ലോകപ്രസിദ്ധന്മാരായ ഈ ക്ഷത്രിയന്മാർ എല്ലാം നിന്നെ കാംക്ഷിച്ച് വന്നവരാണ്. ഇവർ നിന്നെ നിനച്ച് ലക്ഷ്യം ഭേദിക്കും; തീർച്ചയാണ്. ശുഭേ, നീ ലക്ഷ്യം ഭേദിക്കുന്ന രാജാവിനെ വരിക്കണം!"

187. രാജാക്കന്മാരുടെ ലക്ഷ്യഭേദശ്രമവും, പരാജയവും – വൈശമ്പായനൻ പറഞ്ഞു: "മോടിയോടെ വസ്ത്രങ്ങൾ ധരിച്ച്, അലങ്കാരങ്ങൾ ചാർത്തി, കുണ്ഡലപ്രഭ ചിതറി ഇരിപ്പിടങ്ങളിൽ ഇരിക്കുന്ന രാജാക്കന്മാർക്ക് തമ്മിൽ സ്പർദ്ധ യങ്കുരിച്ചു. അസ്ത്രവും ബലവും തനിക്കേ ഉള്ളു എന്ന് അഭിമാനിക്കുന്ന രാജാക്കൾ എല്ലാം 'ലക്ഷ്യം ഞാൻ മുമ്പ് മുറിക്കും', 'ഞാൻ മുമ്പ് മുറിക്കും' എന്ന ഭാവത്തോടെ തങ്ങളുടെ ആസനങ്ങളിൽനിന്ന് ചാടി എഴുന്നേറ്റു. രൂപം, കുലം, ശീലം, വിത്തം, വീര്യം, യൗവനം ഇവയാൽ അനല്പമായ അഹങ്കാരത്തോടുകൂടിയ രാജാക്കന്മാർ-ഹിമാദ്രിയിലെ മത്തദ്വീപന്മാരോടു തുല്യമായ പ്രൗഢിയുള്ളവരും പരസ്പരം സ്പർദ്ധയോടെ നോക്കുന്നവരും കാമദേവൻ കരളിൽ കടന്നുകൂടി മഥിക്കപ്പെടുന്നവരുമായ രാജാക്കൾ- "കൃഷ്ണ നമുക്കുള്ളവൾതന്നെ" എന്നു പറഞ്ഞ് ആസനംവിട്ട് എഴുന്നേറ്റു.

ആ ക്ഷത്രിയന്മാർ രംഗത്തിൽ ചെന്നുകയറി സാമർത്ഥ്യത്തോടെ കൃഷ്ണയെ നേടുവാൻ തിരക്കി; പാർവ്വതീലാഭത്തിന്നു വേണ്ടി വാനവന്മാർ എന്നവിധം പ്രശോഭിച്ചു. (നിരർത്ഥകമായി അവർ വ്യാമോഹിച്ചു.) ഉടനെ കൃഷ്ണയിൽ കാമാസ്ത്രമേറ്റ് ദേഹം വേദനിക്കുന്ന രാജാക്കൾ അവളെ കൈയിലാക്കുവാൻ മനസ്സുവെച്ച്, പണ്ടേ സുഹൃത്തുക്കളായിരുന്നവർകൂടി പരസ്പരം സ്പർദ്ധയോടെ, രംഗത്തിറങ്ങി.

ഈ സമയത്ത് ദേവന്മാർ വിമാനത്തിൽ എത്തി അംബരത്തിൽ നിരന്നു. രുദ്രന്മാരും വസുക്കളും അശ്വിനീദേവന്മാരും ആദിത്യന്മാരും സാദ്ധ്യന്മാരും മരുത്തുക്കളും യമധനേശ്വരന്മാരെ മുന്നിലാക്കി വന്നുചേർന്നു. ദൈത്യരും സുപർണ്ണന്മാരും മഹോരഗങ്ങളും മുനീന്ദ്രന്മാരും ഗുഹ്യകന്മാരും ചാരണന്മാരും വിശ്വാവസുവും നാരദപർവ്വതന്മാരും ഗന്ധർവ്വന്മാരും അപ്സരോവർഗ്ഗത്തോടുകൂടി കാഴ്ചക്കാരായി വന്നുകൂടി. ഹലായുധനും ജനാർദ്ദനനും മറ്റു വൃഷ്ണ്യന്ധകപ്രവരന്മാരും വെറും കാഴ്ചക്കാർ മാത്രമായിരുന്നു. കൃഷ്ണന്റെ അഭിപ്രായപ്രകാരം ആ മഹാന്മാർ വെറും പ്രേക്ഷകരായി ഇരുന്നു. ബ്രാഹ്മണരാണെന്ന വ്യാജേന ഇരിക്കുന്ന പാർത്ഥന്മാരെ, ഭസ്മം മൂടുന്ന തീക്കനൽ എന്നപോലെയും, താമരനിറഞ്ഞ കുളത്തെ മത്തഗജങ്ങൾ എന്നപോലെയും ദ്രൗപദിയിൽ ആകൃഷ്ടരായിക്കണ്ട് കൃഷ്ണൻ അറിഞ്ഞു. കൃഷ്ണൻ ജ്യേഷ്ഠനായ ബലഭദ്രനെ അടുത്തുനിർത്തി ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവരെ കാണിച്ചുകൊടുത്തു. രാമൻ മെല്ലെ ഓരോരുത്തരേയും നോക്കിയറിഞ്ഞ് സന്തുഷ്ടനായി, മനസ്സിലായെന്ന ഭാവത്തിൽ, കൃഷ്ണനെ വീണ്ടും നോക്കി.

മറ്റു രാജാക്കന്മാരും രാജപുത്രന്മാരും ഉലാത്തുന്ന കൃഷ്ണയിൽത്തന്നെ ആസക്തരായി കണ്ണും കരളും ഉറപ്പിച്ച് വിക്രാന്തിക്കായി ചുണ്ടുകടിച്ചു രക്താക്ഷന്മാരായി നില്ക്കെ അവരാരും പാണ്ഡവന്മാരെ കാണുകയുണ്ടായില്ല. അപ്രകാരം ദീർഘബാഹുക്കളായ പാർത്ഥന്മാരും വീരന്മാരായ മാദ്രേയന്മാരും ദ്രൗപദീദർശനംകൊണ്ട് പുഷ്പബാണാർത്തന്മാരായിത്തീർന്നു.

ദേവർഷികളും ഗന്ധർവ്വരും ചേർന്നു; സുപർണ്ണനാഗാസുരസിദ്ധന്മാർ നിരന്നുകൂടി; ദിവ്യമായ സുഗന്ധം ചിതറിപ്പരന്നു; ദിവ്യപ്രസൂനങ്ങൾ ചൊരിഞ്ഞു; ദുന്ദുഭിവാദ്യം മുഴങ്ങി. അന്തരീക്ഷം അങ്ങനെ സുരഭിലവും ശബ്ദായമാനവും ആകുലവുമായി വിളങ്ങി.

വിമാനങ്ങൾ തമ്മിൽ മുട്ടിത്തിരക്കി, വേണുവീണാമൃദംഗങ്ങളുടെ മധുരസ്വനം പൊങ്ങി. ക്രമേണ, രാജാക്കന്മാർ കൃഷ്ണനിമിത്തമായി വിക്രമങ്ങൾ തുടങ്ങി.

രാഷ്ട്രാധിപന്മാരും ബലം, വീര്യം എന്നിവ ചേർന്നവരും, പരമപത്രായതാക്ഷന്മാരുമായ രാജാക്കന്മാർ കിരീടം, ഹാരം, അംഗദം, ചക്രം മുതലായവയണിഞ്ഞ് ഓരോരുത്തനായി വന്ന് ബലമേറുന്ന ആ വില്ലെടുത്തു കുലയ്ക്കുവാൻ കിണഞ്ഞു നോക്കി. കുലയ്ക്കുവാൻ അവർക്കാർക്കും കഴിഞ്ഞില്ല. കുലയ്ക്കുമ്പോൾ നിലതെറ്റിത്തെറിക്കുന്ന വില്ലിൽത്തട്ടി രാജാക്കൾ തെറ്റിത്തെറിച്ചു നിലത്തുവീണു. പിടയുന്ന ശിക്ഷാബലംപോലെ അവർ എഴുന്നേറ്റു നടന്നുതുടങ്ങി. ശൗര്യം കെട്ടും, ഹാരം, കിരീടം എന്നിവ നുറുങ്ങിയും, നെടുവീർപ്പിട്ടും, ഹാരം, അംഗദം, കുണ്ഡലം മുതലായ ആഭരണം കൊഴിഞ്ഞും ആ വീരന്മാർ നിർവ്വീര്യന്മാരായി ഹാ! ഹാ! എന്നുള്ള അത്ഭുതാനന്ദഹാസ്യശബ്ദങ്ങൾക്കിടയിൽ മടങ്ങിത്തുടങ്ങി. കൃഷ്ണയിലുള്ള ആശ വെടിഞ്ഞും, ആർത്തിപ്പെട്ടും, പരുക്കുപറ്റിയും രാജാക്കൾ മിക്കവരും മടങ്ങി. ഇങ്ങനെ കർണ്ണൻ, ദുര്യോധനൻ, ശാല്വൻ, ശല്യൻ, ദ്രൗണി (അശ്വത്ഥാമാവ്), ക്രാഥസുനീഥവക്രന്മാർ, കലിംഗവംഗാധിപർ, പാണ്ഡ്യപൗണ്ഡ്രകന്മാർ, വിദേഹരാജാവ്, യവനാധിപൻ മുതലായവരും മറ്റു രാജാക്കന്മാരും പുത്രപൗത്രാദികളടക്കം പരാജിതരായി നാണംകെട്ട്, ബുദ്ധികെട്ട് പിന്മാറി.

ഇങ്ങനെ ആർത്തിപ്പെട്ട് രാജചക്രം നില്ക്കുമ്പോൾ എല്ലാ നൃപന്മാരേയും ഒന്നുനോക്കി, വില്ലാളിയായ് കർണ്ണൻ, സ്വതസി

digitized by www.sreyas.in

ദ്ധമായ ഗാംഭീര്യത്തോടെ ഘനമായി നടന്നുചെന്ന് വില്ലെടുത്തു കുലച്ച് കൂസലില്ലാതെ അഞ്ചമ്പുകളും തൊടുത്തു. ആ അർക്കപുത്രൻ അഗ്നിസോമാർക്കസങ്കാശനായി പ്രശോഭിച്ചു. കർണ്ണൻ അങ്ങനെ അമ്പുകൾ തൊടുത്തപ്പോൾ പാണ്ഡവന്മാർ വിചാരിച്ചു: 'ഇവൻ ഇപ്പോൾ ലാക്ക് എയ്ത് അറുത്തതുതന്നെ.' ആ നിലയിൽ കർണ്ണനെ കണ്ടയുടനെ ദ്രൗപദി ഉച്ചത്തിൽ പറഞ്ഞു: "സൂതനെ ഞാൻ വരിക്കുകയില്ല!"

കഠോരമായ ഈ വാക്കുകേട്ട് അമർഷത്തോടും ഹാസത്തോടുംകൂടി കർണ്ണൻ സൂര്യനെ ഒന്നുനോക്കി, കുലച്ച വില്ല് താഴെയിട്ട് തിരികെപ്പോന്നു!

ഇപ്രകാരം എല്ലാ ക്ഷത്രിയന്മാരും പിന്തിരിഞ്ഞു. ഈ സമയത്ത് വീരനും ബലവാനും അന്തകോപമനും മഹാമതിയുമായ, ചേദിരാജാവും ദമഘോഷസൂതനുമായ ശിശുപാലൻ ധീരതയോടെ നടന്നുവന്ന് വില്ലെടുത്ത് ആഞ്ഞുവലിച്ചു കുലയ്ക്കുവാൻ ശ്രമിക്കവേ മുട്ടുകുത്തി ഭൂമിയിൽ വീണു!

പിന്നെ മഹാബലനും മഹാവീര്യനുമായ ജരാസന്ധൻ വില്ലിന്റെ അരികിൽച്ചെന്നു മഹാമലപോലെ നിന്നു. വില്ലെടുത്തു കുലയ്ക്കുവാൻ ഭാവിച്ചപ്പോൾ വില്ലിന്റെ പീഡയേറ്റ് അവനും മുട്ടുകുത്തി വീണു. ഉടനെ അവിടെനിന്നെഴുന്നേറ്റ് മറ്റുവിശേഷങ്ങളൊന്നും കാണാൻ നില്ക്കാതെ ഊണുകഴിക്കുവാൻപോലും നില്ക്കാതെ, നേരെ തന്റെ നാട്ടിലേക്കു നടന്നു. പിന്നെ, മഹാവീരനും മഹാബലനുമായ മദ്രരാജാവ്, ശല്യൻ, ആ വില്ലു കുലയേറ്റുന്ന സമയത്തു മുട്ടുകുത്തി വീണു.

ജനങ്ങളൊക്കെ സംഭ്രാന്തരായി, ജനാധിപന്മാരൊക്കെ അടങ്ങി. പിന്നെ രാജാക്കളാരുംതന്നെ മുന്നോട്ടു വന്നില്ല. രംഗം ശാന്തമായി. ഈ സമയത്ത് കുന്തീപുത്രനായ അർജ്ജുനൻ വില്ലെടുത്ത് എയ്യുവാൻ വിചാരിച്ചു."

188. ലക്ഷ്യച്ഛേദം – വൈശമ്പായനൻ പറഞ്ഞു: "വില്ലിന്റെ ഞാൺ കെട്ടുന്ന കാര്യത്തിൽനിന്ന് രാജാക്കന്മാരൊക്കെ പിന്മടങ്ങിയപ്പോൾ വിപ്രസമൂഹത്തിന്റെ മദ്ധ്യത്തിൽനിന്ന് അർജ്ജുനൻ എഴുന്നേറ്റു. ഇതുകണ്ട് മാൻതോലാകുന്ന ഉത്തരീയം വീശി വിപ്രന്മാർ ഹർഷത്തോടെ ആർത്തു. ഇന്ദ്രധ്വജപ്രഭനായ പാർത്ഥൻ മെല്ലെ ചെന്നടുത്തു. ഇതു കണ്ടപ്പോൾ ചിലർ അസ്വസ്ഥചിത്തരായി; ചിലർ സന്തോഷിച്ചു. ബുദ്ധിജീവികളായ ചിലർ തമ്മിൽ തമ്മിൽ പറഞ്ഞു."

ചില ബ്രാഹ്മണർ പറഞ്ഞു: "കർണ്ണൻ, ശല്യൻ മുതലായ ധനുർവ്വേദവിദഗ്ദ്ധന്മാരായ വീരന്മാർ തോറ്റമ്പിയേടത്ത് ഒരു ബ്രാഹ്മണബാലൻ കയറിച്ചെല്ലുന്നത് കണ്ടോ? ഈ ബ്രാഹ്മണരൊക്കെ ഇവൻ മൂലം രാജാക്കന്മാരുടെ പരിഹാസത്തിന്നു പാത്രമാകാനാണ് പോകുന്നത്. ദുഷ്കരമായ ഈ കർമ്മം ഇവനെക്കൊണ്ടുണ്ടോ സാധിക്കുന്നു? ഇത് ദർപ്പമോ കൊതിയോ ചാപല്യമോ? എന്താണിത്? നോക്കൂ! അവൻ വില്ലെടുക്കുവാൻ പോകുന്നു! നാം അവനെ തടുക്കണം, പിടിച്ചു നിർത്തണം! നാം മറ്റുള്ളവരുടെ പരിഹാസപാത്രമാകരുത്; രാജാക്കന്മാരുടെ ശത്രുക്കളുമാകരുത്."

ചിലർ പറഞ്ഞു: "ഈ യുവാവ് ഏറ്റവും ശ്രീമാനാണ്. നാഗരാജകരോപമനാണ്! പീനസ്കന്ധനും, ദീർഘബാഹുവും, ധൈര്യംകൊണ്ട് ഹിമവൽസമനുമാണ്. സിംഹവീരഗതിയാണ്. മത്തനാഗേന്ദ്രവിക്രമനാണ്. ഇവൻ ഈ പണി പറ്റിക്കും! അവന്റെ ഉത്സാഹം കണ്ടോ! അവനു ശക്തിയുണ്ട്. അല്ലാതെ ഈ സന്ദർഭത്തിൽ അവൻ പുറപ്പെടുമോ? ലോകത്തിലെങ്ങും കാണാത്ത കാര്യം ബ്രാഹ്മണർക്കു ചെയ്യുവാൻ സാധിക്കും. അവർക്ക് അസാദ്ധ്യമായി മൂന്നു ലോകത്തിലും എന്താണുള്ളത്?

അക്ഷുബ്ധരായി, വായുഭക്ഷന്മാരായി, ഫലാഹാരരായി, ദൃഢവ്രതരായി, ദുർബ്ബലന്മാരായിരിക്കുന്ന വിപ്രന്മാർ തേജോബലംകൊണ്ടു ബലശാലികളാണ്. അവർ നല്ലതോ ചീത്തയോ ചെയ്യും. എന്നാലും അവർ പരിഹാസ്യരല്ല. അദ്ദേഹത്തിന്റെ കർമ്മം സുഖത്തെ ദുഃഖമായും വലുതിനെ നിസ്സാരമായും മാറ്റുവാൻ പോന്നതാണ്. ജാമദഗ്ന്യനായ രാമൻ സമരത്തിൽ ഭൂപന്മാരെയൊക്കെ തോല്പിച്ചു. അഗസ്ത്യമഹർഷി ബ്രഹ്മതേജസ്സുകൊണ്ട് സമുദ്രത്തിലെ ജലംകൂടി വറ്റിച്ചു. അതുകൊണ്ട് എല്ലാവരും പറയുവിൻ ഈ പടു അതിന്നു പോന്നവനാണെന്ന്. ഇവൻ വില്ലു കുലയ്ക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പലതരത്തിൽ വിപ്രന്മാർ സംസാരിക്കുന്നതിന്നിടയ്ക്ക് അർജ്ജുനൻ വില്ലിന്നരികെച്ചെന്ന് അദ്രിപോലെ നിന്നു. അവൻ ആദ്യമായി ആ വില്ലിനെ വലംവെച്ചു. ദേവനും വരദനുമായ ഈശാനദേവനെ ശിരസാ നമസ്കാരം ചെയ്തു. കൃഷ്ണനെ ഓർത്ത് അർജ്ജുനൻ വില്ലെടുത്തു.

രുക്മൻ, സുനീതൻ, വക്രൻ, രാധാപുത്രൻ*, ദുര്യോധനൻ, ശല്യൻ, ശാല്വൻ മുതലായ ശസ്ത്രപടുക്കൾക്ക് കഠിനമായി യത്നിച്ചിട്ടും പറ്റാത്ത ആ കാര്യം ഇന്ദ്രപുത്രനും, ഇന്ദ്രന്റെ അനിയനെപ്പോലെ (വിഷ്ണു) ശക്തനുമായ അർജ്ജുനൻ ചെയ്തു. മന്നവന്മാർ നോക്കിനില്ക്കെ, അരക്ഷണംകൊണ്ടു കുലയേറ്റി അഞ്ചുശരങ്ങളും കൈയിലെടുത്ത് ലക്ഷ്യം എയ്തു ഭേദിച്ചു. എയ്ത്തിന്റെ ഊക്കേറ്റ് അതു താഴെ വീണു.

ഉടനെ ആകാശത്തിൽ ഒരു മുഴക്കമുണ്ടായി. ജനമദ്ധ്യത്തിലും ഉച്ചമായ ഘോഷമുണ്ടായി. ദേവന്മാർ പാർത്ഥന്റെ ശിരസ്സിൽ പൂവർഷം ചൊരിഞ്ഞു.

വിപ്രന്മാരുടെ ഭാഗത്ത് ഹർഷാരവം മുഴങ്ങി. അത്ഭുതത്തോടെ വസ്ത്രങ്ങൾ വീശി. 'ഹാ! ഹാ!' എന്ന് ആർത്തു. ആകാശത്തുനിന്ന് സർവ്വത്ര പുഷ്പവൃഷ്ടിയുണ്ടായി. ശതാംഗതൂര്യവാദ്യങ്ങൾ വാദകന്മാർ മുഴക്കി. സൂതമാഗധസംഘങ്ങൾ സുസ്വരത്തിൽ പുകഴ്ത്തി. അവനെ ദ്രുപദൻ നോക്കി പ്രീതിനേടി. പാർത്ഥനെ സൈന്യത്തോടുകൂടി തുണയ്ക്കുവാനും ഉറച്ചു.

ഇങ്ങനെ ഘോഷങ്ങൾ മുഴങ്ങുന്ന സമയത്ത് ധർമ്മിഷ്ഠനായ യുധിഷ്ഠിരൻ നകുലസഹദേവന്മാരോടുകൂടെ ഇരിപ്പിടത്തിലേക്കു വേഗം നടന്നു. ലാക്ക് എയ്തുവീഴ്ത്തിയതുകണ്ട് കൃഷ്ണ ശക്രാഭനായ പാർത്ഥനെ കടാക്ഷിച്ചു. ശുക്ലാംബരം ചാർത്തിയ അവൾ മാല്യവുമായി മന്ദസ്മിതത്തോടെ അർജ്ജുനന്റെ പാർശ്വത്തിൽ എത്തി.

രംഗത്തിൽവച്ചു വിജയംവരിച്ചവനായ അർജ്ജുനൻ അവളുടെ കരം ഗ്രഹിച്ചു. ബ്രാഹ്മണരുടെ പൂജയേറ്റ് അചിന്ത്യവീര്യനായ ആ യുവാവ് തന്റെ പത്നിയോടുകൂടി രംഗഭൂമിവിട്ട് ഇറങ്ങി."

189. കൃഷ്ണവാക്യം – വൈശമ്പായനൻ പറഞ്ഞു: "തന്റെ പുത്രിയെ ഒരു ബ്രാഹ്മണനു നല്കുവാൻ രാജാവ് മുതിർന്നതു കണ്ടപ്പോൾ രാജാക്കന്മാർ അന്യോന്യം നോക്കിനിന്നു. അവരുടെ മുഖം ദുഃഖം നിറഞ്ഞ കോപംകൊണ്ട് ജ്വലിച്ചു."

രാജാക്കന്മാർ പറഞ്ഞു: "സുഹൃത്തുക്കളായ ഞങ്ങളെ പുല്ലുപോലെ ധിക്കരിച്ച് ഇവൻ നാരീരത്നമായ ദ്രൗപദിയെ ഒരു ബ്രാഹ്മണന്നു നല്കുവാൻപോകുന്നു. ഒരു വൃക്ഷംവെച്ച് നനച്ചു വളർത്തിക്കൊണ്ടുവന്നു കായ്ക്കുവാൻ പോകുന്ന കാലത്തു വീഴ്ത്തി; ഈ ദുഷ്ടനെ കൊല്ലുകയാണ് വേണ്ടത്. നമ്മളെയൊക്കെ ധിക്കരിച്ചതിന്ന് ഇവനെ ബാക്കിവെച്ചുകൂടാ. മാനിക്കുവാനും, വൃദ്ധനെന്നുവച്ചു പൂജിക്കുവാനും, ഇവൻ യോഗ്യനല്ല. പുത്രനോടൊപ്പം ഈ രാജദ്രോഹിയെ കൊന്നുകളയണം. ഇവൻ ഈ ഭൂപരെയൊക്കെ വരുത്തി സൽക്കരിച്ചു. ആദിയിൽ നന്നായി ആദരിച്ചു. പിന്നെ നിന്ദിച്ചു. ദേവതുല്യരായ ഈ രാജാക്കളിൽ ചാർച്ചയ്ക്കു യോഗ്യരായിട്ട് ആരെയും ഈ ധൂർത്തൻ കണ്ടില്ല പോലും! വിപ്രന്മാർക്ക് സ്വയംവരത്തിൽ പങ്കുകൊള്ളുവാൻ അധികാരമില്ല. സ്വയംവരം ക്ഷത്രിയർക്ക് ചേർന്നതാണെന്നാണ് ശ്രുതി ഘോഷിക്കുന്നത്. രാജാവിന്റെ കുറ്റംകൊണ്ടല്ലെങ്കിൽ, ആരേയും ബോദ്ധ്യപ്പെടാത്ത സമുദായദ്വേഷിണിയായ ഈ കൃഷ്ണയെ പിടിച്ചു തീയിലിട്ട് നാം നമ്മുടെ നാട്ടിലേക്കു തിരിക്കുക.

* വീണ്ടും കർണ്ണന്റെ പേർ ശ്രദ്ധിക്കുക.

digitized by www.sreyas.in

ചാപല്യം, കോപം ഇവയാൽ ഈ ബ്രാഹ്മണനാണ് പിഴ ചെയ്തതെങ്കിൽ ഭൂപാലന്മാർക്ക് ആ പിഴചെയ്ത ഭൂസുരൻ വദ്ധ്യ നായിവരില്ല. നമ്മുടെ രാജ്യവും ജീവനും ധനവുമൊക്കെ ബ്രാഹ്മ ണർക്കുള്ളതാണ്. മാത്രമല്ല, പുത്രമിത്രാദിയായി നമ്മൾക്ക് ഉള്ള തെല്ലാം അവർക്കുള്ളതാണ്. അതുകൊണ്ട് ഒരു കാലത്തും ബ്രാഹ്മണൻ വദ്ധ്യനല്ല.

അപമാനം, ഭയം, സ്വന്തം ധർമ്മരക്ഷ ഇവകൊണ്ട് സ്വയം വരത്തിന് ഇനിമേൽ ഇപ്രകാരം ഒരു നില വരരുത്."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് ദീർഘബാഹു ക്കളായ രാജാക്കന്മാർ പ്രഹൃഷ്ടമായി ദ്രുപദനെ ധ്വംസിക്കുവാൻ ശസ്ത്രവുമേന്തി ഒരുങ്ങി. വില്ലും അമ്പുമെടുത്ത് ദീർഘബാഹു ക്കളായ രാജാക്കന്മാർ ക്രുദ്ധരായി ദ്രുപദന്റെ നേരെ ചാടിപ്പുറ പ്പെട്ടപ്പോൾ, ദ്രുപദൻ പേടിച്ചു വിപ്രരെ ശരണം പ്രാപിച്ചു. പാഞ്ഞു വരുന്ന ആനകളെപ്പോലെ ആഞ്ഞടുക്കുന്ന രാജാക്കന്മാരെ ആ പാണ്ഡുനന്ദനന്മാർ നേരിട്ട് എതിർത്തു.

ഉടനെ രാജാക്കൾ കൈയുറയിട്ട് യുദ്ധസന്നദ്ധരായി. ഭീമാർജ്ജുനന്മാർക്കു ശുണ്ഠികയറി. അത്ഭുതഘോരകർമ്മാ വായ ഭീമൻ ഒരു ഗജവീരനെപ്പോലെ ചൊടിച്ച് ഒരു വന്മരത്തെ പറിച്ചെടുത്ത് തുമ്പികൊണ്ട് പത്രങ്ങൾ ഉരിക്കുന്നതുപോലെ ഉരി ഞ്ഞുനിന്നു. യമൻ ദണ്ഡേന്തി നില്ക്കുന്നതുപോലെ ആ ദീർഘ ബാഹുവായ ഭീമൻ അർജ്ജുനന്റെ സമീപത്തു നിലപുറപ്പിച്ചു.

അതിബുദ്ധിമാനായ പാർത്ഥൻ ജ്യേഷ്ഠന്റെ ഈ അമാനുഷ കർമ്മം കണ്ട് ആശ്ചര്യപ്പെട്ടു; ഭയം വെടിഞ്ഞ് ഇന്ദ്രനെപ്പോലെ വില്ലെടുത്തുനിന്നു. ഭ്രാതാവിനോടൊത്ത് അർജ്ജുനന്റെ ചാതുര്യ ത്തോടുകൂടിയ ആ നില്പുകണ്ട് പടുബുദ്ധിമാനായ കൃഷ്ണൻ സോദരനായ ബലഭദ്രനോട് ഇപ്രകാരം പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ജ്യേഷ്ഠാ, ഞാൻ വസുദേവപുത്രനാ ണെങ്കിൽ പനപോലെയുള്ള വില്ല് ഉലയ്ക്കുന്നവനും മദിച്ച കൂറ്റ നെപ്പോലെയുള്ളവനുമായ ഇവൻ അർജ്ജുനൻതന്നെയാണ്; സംശയമില്ല. ഹേ! രാമ! ഞാൻ കൃഷ്ണനാണെങ്കിൽ അവൻ അർജ്ജുനനാണ്. മരം ബലമായി പറിച്ചെടുത്ത് നരേന്ദ്രന്മാരെ സംഹരിക്കുവാൻ ഒരുങ്ങിനില്ക്കുന്ന അവൻ വൃകോദരൻ തന്നെ യാണ്. ലോകത്തിൽ ഇതുപോലെ അത്ഭുതകർമ്മം ചെയ്യുവാ നുള്ള സാമർത്ഥ്യം മറ്റാർക്കുമില്ല. പത്മപത്രായതാക്ഷനായി, കൃശനായി സിംഹത്തെപ്പോലെ നടക്കുന്നവനായി, വിനീതനാ യി, സ്വർണ്ണപ്രഭനായി ശോഭിക്കുന്ന, വലിയ ഗൗരവത്തിൽ പോകുന്ന ആ മഹാപുരുഷൻ ആരാണെന്നു നോക്കൂ! അവൻ തീർച്ചയായും ധർമ്മപുത്രനാണ്. കാർത്തികേയോപമന്മാരായ മറ്റുരണ്ടുപേരും മാദ്രേയരാണെന്നാണ് എന്റെ അഭിപ്രായം. അര ക്കില്ലം ചുട്ടതിൽ പാണ്ഡവന്മാർ ദഹിച്ചില്ലെന്നും കുന്തിയോടു കൂടി അവർ രക്ഷപ്പെട്ടുവെന്നും കേൾക്കുന്നുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ വാക്കുകേട്ട പ്പോൾ തെളിഞ്ഞ ശരത്കാലത്തെ മേഘംപോലെ പ്രശോഭിക്കു ന്നവനായ ഹലായുധൻ സന്തോഷത്തോടെ അനുജനോട് ഇപ്ര കാരം പറഞ്ഞു."

ബലഭദ്രൻ പറഞ്ഞു: "ഭാഗ്യം! പിതൃസഹോദരിയും പുത്ര ന്മാരും ആപത്തിൽനിന്നു രക്ഷപ്പെട്ടുവല്ലോ, നന്നായി!"

190. പാണ്ഡവപ്രത്യാഗമനം - വൈശമ്പായനൻ പറ ഞ്ഞു: "രാജാക്കന്മാർ യുദ്ധസന്നദ്ധമായപ്പോൾ സ്വാദ്ധ്യായക്കി ണ്ടിയും മാൻതോലും പൊക്കിപ്പിടിച്ച് വിപ്രന്മാർ പറഞ്ഞു."

ബ്രാഹ്മണർ പറഞ്ഞു: "അങ്ങ് ഭയപ്പെടേണ്ട! ഞങ്ങൾ ശത്രു ക്കളോട് എതിർക്കുവാൻ സന്നദ്ധരാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആവേശംപൂണ്ടു പറയുന്ന വിപ്രരെ നോക്കി പുഞ്ചിരിതൂകിക്കൊണ്ട് ഫൽഗുനൻ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഹേ സുഹൃത്തുക്കളേ, നിങ്ങ ളെല്ലാം അരികെ കണ്ടുനിന്നാൽ മതി. കൂർത്തുമൂർത്ത ശരം കൊണ്ട് പാർത്ഥിവന്മാരെ എയ്ത്, വിഷഹാരികൾ മന്ത്രംകൊണ്ടു സർപ്പങ്ങളെയെന്നപോലെ, ഞാൻ തടുത്തുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് സ്ത്രീധനമായി അപ്പോൾ കിട്ടിയ ആ വലിയ വില്ലെടുത്ത് ഉലച്ച്, ജ്യേഷ്ഠനായ ഭീമനോടുകൂടി കുന്നുപോലെ കുലുങ്ങാതെ നിന്നു. ഉടനെ കർണ്ണൻ തുടങ്ങിയ യുദ്ധപടുക്കളായ രാജാക്കന്മാർ അടുത്തു. ആനയോട് ആന എന്നവിധം അവർ എതിർത്തേറ്റു. പോരിന്നു മുതിരുന്ന രാജാക്കന്മാർ പരുഷോക്തികൾ പറഞ്ഞു. എതിർത്തു പൊരുതിയാൽ വിപ്രജാതിയേയും വധിക്കാം എന്നുപറഞ്ഞ് ക്ഷത്രിയന്മാർ വിപ്രന്മാരെ ലക്ഷ്യമാക്കി കുതിച്ചു.

പടയിൽ പടുവായ കർണ്ണൻ പാർത്ഥനോടടുത്തു. പിടി കാര ണമായി ഒരു ഗജം മറുഗജത്തോടെന്നപോലെ എതിർത്തു. മഹാ ശക്തിമാനും ധീരനുമായ മദ്രരാജാവ്, ശല്യൻ, ഭീമന്റെനേരെ ആർത്തടുത്തു; ദുര്യോധനാദികൾ ബ്രാഹ്മണരോട് ഏറ്റുമുട്ടി. ധീമാനായ അർജ്ജുനൻ മൃദുവായ മട്ടിൽ യത്നംകൂടാതെ ചാതു ര്യത്തോടെ പൊരുതി. അർജ്ജുനൻ വലിയ വില്ലെടുത്ത് വൈ കർത്തനനായ കർണ്ണനോടു പൊരുതി. കർണ്ണൻ ഒറ്റയ്ക്കാണ് അർജ്ജുനനോടു പൊരുതിയത്. കൂർത്തുമൂർത്ത ശരത്തിന്റെ ശക്തിയേറ്റു ബുദ്ധിക്ഷയം പ്രാപിച്ച രാധേയൻ പ്രയാസപ്പെട്ട് അർജ്ജുനനോട് വീണ്ടും എതിരിട്ടുനിന്നു.

പറയുവാൻ വയ്യാത്തവിധം ലാഘവത്തോടെ അവർ ത മ്മിൽ, സരോഷം ജയകാംക്ഷയോടെ, ഏറ്റവും വാശിയോടെ പൊരുതി. "നോക്കൂ! എന്റെ കൈയൂക്കു നോക്കൂ! കൈയിന്റെ മറുകൈ ഞാൻ ചെയ്തു! നോക്കൂ, എന്റെ കൈയൂക്ക്!" എന്നു തമ്മിൽ വീരവാദംചെയ്തു പോരാടി. പാർത്ഥന്റെ അതിരറ്റ ദോർവ്വീര്യം അറിഞ്ഞ കർണ്ണൻ സഹിക്കവയ്യാത്ത കോപത്തോ ടുകൂടി എതിരിട്ടു. ഊക്കോടെ അർജ്ജുനൻ എയ്യുന്ന ഉഗ്രമായ ബാണഗണങ്ങളെ തടുത്ത് കർണ്ണൻ ആർത്തു. അതിൽ സൈന്യ ങ്ങൾ അത്ഭുതപ്പെട്ടു; സൈന്യങ്ങൾ കർണ്ണനെ പുകഴ്ത്തി."

കർണ്ണൻ പറഞ്ഞു: "ഹേ വിപ്രമുഖ്യാ, ഞാൻ അങ്ങയുടെ കൈയൂക്കിൽ സന്തോഷിക്കുന്നു. ഭവാന്റെ കൈയൂക്കിനാലും അവിഷാദത്താലും ശസ്ത്രാസ്ത്രജ്ഞാനത്താലും ഞാൻ ഭവാ നിൽ ബഹുമാനപൂർവ്വം സന്തോഷിക്കുന്നു. ഭവാൻ സാക്ഷാൽ ധനുർവ്വേദമാണോ? രാമനാണോ? അല്ലെങ്കിൽ ഇന്ദ്രനാണോ? സാക്ഷാൽ അച്യുതനായ വിഷ്ണുതന്നെയാണോ? ദോർബ്ബലം പെരുകുന്ന ഭവാൻ ഈ പറഞ്ഞവരിൽ ആരെങ്കിലും സ്വന്തം രൂപം മറച്ച് വിപ്രരൂപം പൂണ്ട് നമ്മോട് ഇപ്പോൾ പൊരുതുന്നതാണോ? കോപിഷ്ഠനായ എന്നോടെതിർക്കുവാൻ ഇന്ദ്രനല്ലാതെ പടു വായ അന്യവീരന്മാരാരുമില്ല. ലോകത്തിൽ ആരെങ്കിലും ഉണ്ടെ ങ്കിൽ അത് അർജ്ജുനൻ മാത്രമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന കർണ്ണ നോട് അർജ്ജുനൻ പറഞ്ഞു:"

അർജ്ജുനൻ പറഞ്ഞു: "ഹേ! കർണ്ണാ, ഞാൻ ധനുർവ്വേദ മല്ല, രാമനുമല്ല, ഞാൻ യുദ്ധം ശീലിച്ച ഒരു വിപ്രനാണ്. ശസ്ത്രാ സ്ത്രങ്ങൾ അറിഞ്ഞ ഒരു വെറും വിപ്രൻ മാത്രം! ഞാൻ ഒരു യുദ്ധ വീരനാണ്. ഗുരൂപദേശംവഴിക്കു ബ്രഹ്മാസ്ത്രവും ഇന്ദ്രാസ്ത്ര വും എനിക്കു സ്വാധീനമാണ്! ഇന്നു നിന്നെ പോരിൽ വെല്ലു വാൻ ഞാൻ ഒരുങ്ങിനില്ക്കുകയാണ്. എടോ, വീരാ, കരുതി നില്ക്കുക!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ പറഞ്ഞതുകേട്ട് കർണ്ണൻ പോരുവേണ്ടെന്നുവച്ച് അടങ്ങി. യുദ്ധത്തിൽനിന്നു പിന്മാറി. ബ്രഹ്മതേജസ്സ് അജയ്യമാണെന്ന് കർണ്ണൻ ചിന്തിച്ചു. മറ്റൊരുവശത്ത് അപ്പോൾ യുദ്ധം പൊടിപൊടിച്ചു നടക്കുന്നുണ്ടാ യിരുന്നു. വീരന്മാരായ ശല്യനും ഭീമനും തമ്മിൽ. രണ്ടുപേരും ബലവാന്മാരും യുദ്ധദക്ഷരും വിദ്യാബലമുള്ളവരുമാണ്. തമ്മിൽ പോരിന്നു വിളിച്ച് അവർ മത്തഹസ്തികൾപോലെ പോരാടി. മുട്ടു കൊണ്ടും മുഷ്ടികൊണ്ടും അവർ തമ്മിൽ ഏറ്റുമുട്ടി. അപകർഷ ണം, അഭ്യാകർഷം, വികർഷണം ഇങ്ങനെ അവർ തമ്മിൽ പിടി

digitized by www.sreyas.in

ച്ചുവലിച്ചു പോരാടി. മുഷ്ടികൊണ്ട് ഇടിച്ചു. ഉടനെ ചടപടാ ശബ്ദം മുഴങ്ങി. പാറകൊണ്ട് ഇടിക്കുന്നവിധം ഭയങ്കരശബ്ദമുണ്ടായി. മുഹൂർത്തസമയം അന്യോന്യം പരികർഷിച്ചു. യുദ്ധം ചെയ്തുകൊണ്ടിരിക്കേ പെട്ടെന്ന് ഭീമൻ കൈകൾകൊണ്ട് ശല്യനെ പിടിച്ചേറ്റി ഒരു ഏറുകൊടുത്തു. ഇതുകണ്ട് വിപ്രർക്കൊക്കെ ബഹുരസമായി! അവർ കൈകൊട്ടിച്ചിരിച്ച് ആർത്തുവിളിച്ചു! ഇങ്ങനെ പുരുഷപുംഗവനായ ഭീമൻ ആശ്ചര്യം കാണിച്ചു. എന്നാൽ താഴെ പതിച്ച ശല്യനെ ഭീമൻ കൊന്നില്ല. അതുകണ്ട് എല്ലാവരും അത്ഭുതപ്പെട്ടു.

ഭീമൻ ശല്യനെ വീഴിക്കുകയും കർണ്ണൻ ശങ്കിച്ച് ഒഴിയുകയും ചെയ്തപ്പോൾ മറ്റുരാജാക്കളെല്ലാം ഭീമന്റെ ചുറ്റുംകൂടി. എല്ലാവരുംകൂടി ബ്രാഹ്മണരോട് അന്വേഷണമായി. 'ഇവർ എവിടെനിന്നു വന്നവരാണ്? എവിടെ നിവസിക്കുന്നവരാണ്? ഇതൊക്കെ അറിയണം!' എന്ന് ആഗ്രഹിച്ചു."

രാജാക്കന്മാർ പറഞ്ഞു: "വീരനായ കർണ്ണനോടു പോരാടുവാൻ പാരിൽ ആരാണുള്ളത്? രാമനോ, ദ്രോണനോ, സാക്ഷാൽ പാണ്ഡുപുത്രനായ കിരീടിയോ, ദേവനായ കൃഷ്ണനോ, പിന്നെ കൃപനോ അല്ലാതെ മറ്റാരുണ്ട്? ശല്യനോടെതിർക്കുവാൻ ശക്തിയുള്ളവരാരുണ്ട്? നല്ല ശക്തനായ ബലദേവനോ പാണ്ഡുപുത്രനായ ഭീമസേനനോ അല്ലാതെ ശല്യനെ വീഴിക്കുവാൻ മറ്റാർക്കു കഴിയും? വിപ്രരുമായുള്ള ഈ യുദ്ധം ഇപ്പോൾ ത്തന്നെ നിർത്തണം. തെറ്റുചെയ്താലും രാജാക്കന്മാർ വിപ്രരെ കാക്കണം. ഇവർ ആരാണെന്നറിഞ്ഞിട്ട് പിന്നെ നന്മയാൽ ത്തന്നെ പൊരുതാം."

വൈശമ്പായനൻ പറഞ്ഞു: "എന്നൊക്കെ പറഞ്ഞുനില്ക്കുന്ന മന്നവന്മാരെ നോക്കി, പിന്നെ മറ്റുള്ള വീരന്മാരേയും നോക്കി, ഈ ആശ്ചര്യക്രിയ കണ്ടുംകൊണ്ടു ഭീമനെയും നോക്കി, കൃഷ്ണൻ 'ഇവർ കുന്തീസുതന്മാർതന്നെ' യെന്ന് അറിഞ്ഞ രാജാക്കന്മാരോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "നിങ്ങൾ വിചാരിക്കുന്ന മാതിരിയല്ല കാര്യം. ഈ വിവാഹം ധർമ്മാനുസൃതമാണ്. ഇവൾ ബ്രാഹ്മണന്ന് അധീനയാണ്."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് രാജാക്കന്മാരെ യുദ്ധത്തിൽനിന്നു തടഞ്ഞ് അവരെ സമാധാനിപ്പിച്ചു. പോരിൽ പേർകേട്ട രാജാക്കന്മാർ പൊരുതിയശേഷം പിൻവാങ്ങി. എല്ലാവരും സ്വവസതികളിലേക്ക് അത്ഭുതത്തോടെ തിരിച്ചുപോയി.

'ബ്രാഹ്മണപ്രധാനമാണ് രംഗം; കൃഷ്ണയും ബ്രാഹ്മണന്റെ കൈയിലായി' എന്ന് സ്വയംവരം കാണുവാൻ വന്നുചേർന്ന ജനങ്ങളും പറഞ്ഞ്, തിരിച്ചുപോയി. രുരുചർമ്മം ധരിക്കുന്ന ബ്രാഹ്മണർ തിക്കിത്തിരക്കുവാൻ തുടങ്ങിയപ്പോൾ പ്രയാസപ്പെട്ട്, ഭീമാർജ്ജുനന്മാർ പുറപ്പെട്ടു. ആൾത്തിരക്കു വിട്ടൊഴിഞ്ഞപ്പോൾ ശത്രുശസ്ത്രപരീക്ഷിതരായ ആ വീരർ കൃഷ്ണയോടുകൂടി കാർമേഘം നീങ്ങിയ സൂര്യചന്ദ്രന്മാരെപ്പോലെ ശോഭിച്ചു.

ഭിക്ഷ കഴിഞ്ഞു വരേണ്ട സമയം കഴിഞ്ഞു; സമയം വൈകിയിട്ടും പുത്രന്മാരെ കാണാതെ കുന്തി പലവിധം ആപത്തുകൾ ചിന്തിച്ച് ഉത്കണ്ഠിതയായി ഇരിപ്പായി. അവളുടെ ഹൃദയത്തിൽ പലവിധം ചിന്തകൾ വന്നുകൂടി; ഹൃദയം വ്യസനത്തിൽ മുഴുകി. 'നിത്യവും ഭിക്ഷയുമായി മടങ്ങിയെത്താറുള്ള മക്കളെ ഇന്നു കാണുന്നില്ല. തീർച്ചയായും എന്തെങ്കിലും ആപത്തു സംഭവിച്ചിരിക്കും.' മുമ്പുണ്ടാകാത്ത ഒരനുഭവമാണ് ആ അമ്മയ്ക്ക് ഉണ്ടായിരിക്കുന്നത്. 'പുത്രന്മാരെ ധാർത്തരാഷ്ട്രന്മാർ തിരിച്ചറിഞ്ഞിട്ടുണ്ടാകും. അവരെ കൊന്നുകളഞ്ഞുവോ? അഥവാ ദൃഢവൈരരായ രാക്ഷസർ തിന്നുകളഞ്ഞുവോ? എന്റെ കുമാരന്മാർക്ക് എന്തു സംഭവിച്ചു? മഹാനായ വ്യാസമഹർഷി പറഞ്ഞ വാക്കും വിപരീതമായോ?' ഇപ്രകാരം പുത്രസ്നേഹപരവശയായ കുന്തി വിചാരിച്ചിരുന്നു. കരിങ്കാർ തിങ്ങിയ രാത്രിയിൽ ലോകർ ഉറങ്ങുമ്പോൾ കുന്തി നിർന്നിദ്രയായി ഇരുന്നു. അപരാഹ്നസമയത്ത് മേഘങ്ങളാൽ ചുറ്റപ്പെട്ട ഭാസ്കരനെപ്പോലെ ബ്രാഹ്മണരാൽ ചുറ്റപ്പെട്ട് ജിഷ്ണു കുലാലശാലയിൽ എത്തി."

191. രാമകൃഷ്ണാഗമനം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ രണ്ടുപേരും കുശവാഗാരത്തിൽ മടങ്ങിയെത്തി അകത്തേക്കു കടന്നുചെന്ന് അമ്മയുടെ അടുത്തെത്തുന്നതിനു മുമ്പുതന്നെ വിളിച്ചു പറഞ്ഞു."

പാണ്ഡവന്മാർ പറഞ്ഞു: "അമ്മേ, ഞങ്ങൾക്കു ഭിക്ഷ കിട്ടി."

വൈശമ്പായനൻ പറഞ്ഞു: "കുന്തി അകത്തിരുന്ന് ഭിക്ഷയെന്തെന്നു നോക്കാതെതന്നെ പറഞ്ഞു."

കുന്തി പറഞ്ഞു: "എല്ലാവരുംചേർന്ന് അനുഭവിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: പറഞ്ഞുകഴിഞ്ഞതിന്റെ ശേഷം അതിസുന്ദരിയായ പാഞ്ചാലിയെ കുന്തി കണ്ടു. കുന്തി അത്ഭുതപ്പെട്ടു, സന്തോഷിച്ചു. പിന്നെ താൻ പറഞ്ഞതോർത്തു വ്യസനിച്ചു. കഷ്ടം! താൻ ഇങ്ങനെ പറഞ്ഞുപോയല്ലോ എന്ന് അവൾ കുണ്ഠിതപ്പെട്ടു.

അധർമ്മഭീതി ഉള്ളിൽത്തട്ടിയ കുന്തി, പാഞ്ചാലിയെ കൈക്കുപിടിച്ചു സന്തോഷിപ്പിച്ചു. അവളെ അകത്തുകടത്തി യുധിഷ്ഠിരനോട് ഇപ്രകാരം പറഞ്ഞു."

കുന്തി പറഞ്ഞു: "യുധിഷ്ഠിരാ, ഈ ദ്രൗപദിയെ നിന്റെ ഭ്രാതാക്കൾ എന്റെ അരികിലേക്കു കൊണ്ടുവന്നു. ഞാൻ പറഞ്ഞു, നിങ്ങൾ ജ്യേഷ്ഠാനുജന്മാർ മുറപ്രകാരം എല്ലാവരുംചേർന്ന് അനുഭവിച്ചുകൊള്ളുക എന്ന്. എനിക്ക് അബദ്ധം പറ്റി. എന്റെ വാക്കു തെറ്റാതിരിക്കുവാൻ എന്താണ് ഉപായം? ഞാൻ പറഞ്ഞത് അസത്യമായി വരരുത്. ഹേ, കുരുവംശവീരാ! വല്ല മാർഗ്ഗവുമുണ്ടോ? പാഞ്ചാലീപുത്രിക്കും അധർമ്മം ബാധിക്കരുത്. നീ അതിന്നുള്ള വഴി എന്തെന്നു ചിന്തിച്ചുപറയുക."

വൈശമ്പായനൻ പറഞ്ഞു: "അമ്മ പറഞ്ഞ വാക്കുകേട്ടു മതിമാനായ യുധിഷ്ഠിരൻ മുഹൂർത്തനേരം ചിന്തിച്ചിരുന്നു. അമ്മ വ്യസനിക്കാതിരിക്കൂ, മാർഗ്ഗമുണ്ടാക്കാം എന്ന് അമ്മയെ സമാശ്വസിപ്പിച്ചു. പിന്നെ അവൻ അർജ്ജുനനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, അർജ്ജുനാ! നീ നേടിയവളാണ് ദ്രുപദപുത്രി. നിനക്കു ചേർന്നവളാണ് ഈ രാജകുമാരി. നിന്നെക്കൊണ്ടുതന്നെയാണവൾ ശോഭിക്കുക. അതുകൊണ്ട് സ്ഥാനത്ത് ഹോമാഗ്നി ജ്വലിപ്പിക്കുക! ഇവളെ വിധിപ്രകാരം പാണിഗ്രഹണം ചെയ്യുക."

അർജ്ജുനൻ പറഞ്ഞു: "മഹാരാജാവേ, അവിടുന്ന് എന്നെ അധർമ്മിയാക്കരുത്. ഭവാന്റെ കല്പന ധർമ്മമല്ല. ആദ്യം ഭവാൻ വേൾക്കണം. അതിന്റെശേഷം ഭീമച്ചേട്ടൻ വേൾക്കണം. പിന്നെ ഞാൻ വേൾക്കാം. അതിന്നുശേഷം നകുലൻ, പിന്നെ സഹദേവൻ. ഇങ്ങനെയാണ് വേണ്ടത്. ഞങ്ങൾ നാലുപേരും ഭവാന്റെ ഭൃത്യരാണല്ലോ. ഈ നിലയിലാണ് കാര്യമെങ്കിൽ, എന്തുചെയ്താലാണ് ധർമ്മ്യമെങ്കിൽ, അതു പാഞ്ചാലന്റെ ഹിതപ്രകാരം ചിന്തിച്ചു ചെയ്യുക. ഞങ്ങൾ ഭവാന്റെ ഭൃത്യരാണ്; എന്തുചെയ്യേണമെന്നു കല്പിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ഭക്തിസ്നേഹങ്ങൾ കലർന്ന ജിഷ്ണുവിന്റെ മൊഴികേട്ട് പാഞ്ചാലിയിൽ പാണ്ഡുനന്ദനന്മാർ എല്ലാവരും ദൃഷ്ടിവച്ചു. കൃഷ്ണ അവരെ എല്ലാവരേയും മാറിമാറി കടാക്ഷിച്ചു. അവർ കൃഷ്ണയെ തമ്മിൽ നോക്കിക്കണ്ടു. അവരുടെ കരളിൽ കുടിയിരുത്തി. സ്വൈരമായി പാഞ്ചാലിയെ കണ്ട അഞ്ചുവീരന്മാരിലും ഒപ്പം ഇന്ദ്രിയസമൂഹത്തെ മഥിക്കുന്ന മനോഭവൻ വന്നുചേർന്നു. കാമ്യമായ ദ്രൗപദീരൂപം മറ്റു നാരീമണികളേക്കാൾ മനോഹരമായിത്തന്നെ ബ്രഹ്മാവ് സൃഷ്ടിച്ചിരിക്കുന്നു. ഇത്രയും സർവ്വാംഗമനോഹാരിത ആരിലും അവർ കണ്ടിട്ടില്ല. അവളുടെ അനന്യമനോജ്ഞത കണ്ടും സോദരന്മാരുടെ മട്ടും മാതിരിയും കണ്ടും യുധിഷ്ഠിരൻ വ്യാസന്റെ വച

digitized by www.sreyas.in

നത്തെ ഓർത്തു. പരസ്പരഭേദബുദ്ധിയിലുള്ള ഭയംനിമിത്തം യുധിഷ്ഠിരൻ ഭ്രാതാക്കളോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "സഹോദരന്മാരേ, നമ്മൾക്ക് ഏവർക്കും ഇവൾ ഭാര്യയാകട്ടെ! ദ്രൗപദി നല്ലവളാണ്."

വൈശമ്പായനൻ പറഞ്ഞു: "എല്ലാവരും യുധിഷ്ഠിരൻ പറഞ്ഞ വാക്ക് ആനന്ദത്തോടെ കേട്ടു. അതിന്റെ ശേഷം ഹൃദയത്തിൽ ഈ കാര്യം ചിന്തിച്ച് ഉത്കണ്ഠവിട്ട് ആ വീരർ നിവസിച്ചു. ലക്ഷ്യം ഭേദിച്ചു വരണമാല്യം ചാർത്തി എതിരാളികളെ തോല്പിച്ച വീരന്മാർ പാണ്ഡവന്മാർതന്നെ എന്ന് ഊഹിച്ച കൃഷ്ണൻ ബലഭദ്രനോടുകൂടി കുരുവീരന്മാരെക്കാണുവാൻ, ആ വീരന്മാർ വാഴുന്ന, കുംഭകാരാലയത്തിലേക്കു കയറിച്ചെന്നു. അവർ പാണ്ഡവന്മാരെക്കണ്ടു. പാണ്ഡവന്മാർ രാമകൃഷ്ണന്മാരെ പൂജിച്ചു. ചുറ്റുംനിന്നു പൂജിച്ചുബഹുമാനിക്കുന്ന പൃത്ഥീന്ദ്രന്മാരെ ആദരവോടെ കണ്ടു വാസുദേവൻ, ധർമ്മജനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "കൃഷ്ണനായ ഞാൻ യുധിഷ്ഠിര രാജാവിനെ വന്ദിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരംതന്നെ രൗഹിണേയനും ധർമ്മജനെ വന്ദിച്ചു. കൗരവന്മാരായ രാജകുമാരന്മാർ എല്ലാവരും ആഗതന്മാരായ അവരെയും വന്ദിച്ചു. പിന്നെ ആ യാദവന്മാർ അച്ഛൻ പെങ്ങളായ കുന്തിയുടെ പാദങ്ങൾ കൂപ്പി. അജാതശത്രുവായ ധർമ്മജൻ കൃഷ്ണനോടു കുശലപ്രശ്നം ചെയ്ത് ഇങ്ങനെ ചോദിച്ചു."

ധർമ്മപുത്രൻ ചോദിച്ചു: "ഞങ്ങൾ ഇവിടെ ഗൂഢമായി പാർക്കുന്ന വിവരം ഭവാൻ എങ്ങനെയാണറിഞ്ഞത്?"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ കൃഷ്ണൻ മന്ദസ്മിതത്തോടെ മറുപടി പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "അഗ്നി മൂടിവെച്ചാലും അത് കാണുകയില്ലേ രാജാവേ? ആ കാണിച്ച വിക്രമങ്ങളൊക്കെ പാണ്ഡവർക്കല്ലാതെ ഈ ഭൂമിയിൽ, മനുഷ്യലോകത്ത്, മറ്റാർക്കു ചെയ്യുവാൻ കഴിയും? ഭാഗ്യം മൂലം ഘോരമായ അഗ്നിഭയത്തിൽനിന്ന് വിക്രാന്തരായ പാണ്ഡവന്മാർ വിട്ടുപോന്നു. ഭാഗ്യംതന്നെ! ദുഷ്ടനായ ധാർത്തരാഷ്ട്രന്ന് ഇഷ്ടം സാധിച്ചില്ല. അവന്റെ കൂട്ടുകാർക്കും സാധിച്ചില്ല. അതും ഭാഗ്യംതന്നെ! നിങ്ങൾ മനസ്സു കൊണ്ടു കാണുന്ന മംഗളം നിങ്ങൾക്കുണ്ടാകും! ആളിക്കത്തുന്ന അഗ്നിപോലെ നിങ്ങൾ വളരും. മറ്റു രാജാക്കന്മാർ നിങ്ങൾ ഇവിടെയുള്ള വൃത്താന്തം അറിയേണ്ടാ. ഞങ്ങൾ ശിബിരത്തിലേക്കു തിരിച്ചുപോകട്ടെ."

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ രഹസ്യമായ ഒരു കൂടിക്കാഴ്ചയ്ക്കുശേഷം ധർമ്മപുത്രന്റെ സമ്മതത്തോടുകൂടി കൃഷ്ണൻ രാമനോടുകൂടെ പോവുകയും ചെയ്തു."

192. ധൃഷ്ടദ്യുമ്നപ്രത്യാഗമനം – വൈശമ്പായനൻ പറഞ്ഞു: "പാഞ്ചാല്യനായ ധൃഷ്ടദ്യുമ്നൻ ആ കുരുപുത്രന്മാരെ പിന്തുടർന്നു. പാഞ്ചാലിയോടുകൂടി അവർ കുംഭകാരാലയത്തിൽ കടക്കുമ്പോഴും ആരുമറിയാതെ അവരെ പിന്തുടരുന്നുണ്ടായിരുന്നു. ഗൂഢമായി അവൻ ആൾക്കാരേയും വിട്ടിരുന്നു. ധൃഷ്ടദ്യുമ്നൻ കുലാലഗൃഹത്തിന്റെ സമീപത്ത് ആരുമറിയാതെ മറഞ്ഞുനിന്ന് അവിടെ നടക്കുന്നതെന്താണെന്നും, ഇവർ ആരാണെന്നും മറ്റും അറിയുവാൻ ശ്രമം നടത്തുകയായിരുന്നു. കുംഭകാരന്റെ ഗൃഹത്തിന്റെ ഒരു ഭാഗത്ത് ഇരുട്ടിൽ അവർ ഒളിച്ചുനിന്നു കാര്യങ്ങളൊക്കെ ഗ്രഹിച്ചു.

ശത്രുസംഘത്തെ മഥനം ചെയ്യുന്ന ഭീമനും അർജ്ജുനനും യമന്മാരും ഭിക്ഷാടനംചെയ്ത് ഭക്ഷണവുംകൊണ്ട് സന്ധ്യയ്ക്ക് എത്തി; യുധിഷ്ഠിരനെ വിവരമറിയിച്ചു. പിന്നീട് ദാനശീലയും മധുരഭാഷിണിയുമായ കുന്തി ദ്രൗപദിയോട് സമയമായപ്പോൾ പറഞ്ഞു."

കുന്തി പറഞ്ഞു: "ഭദ്രേ! ദ്രുപദപുത്രീ, ആദ്യം അതിൽനിന്നെടുത്ത് ദേവാരാധന നടത്തുക; വിതുബലി നല്കുക. പിന്നെ ബ്രാഹ്മണർക്കു ഭിക്ഷ കൊടുക്കണം. അന്നത്തിന്നാശിച്ച് ഇവിടെ വരുന്നവർക്ക് അന്നം കൊടുക്കാതിരുന്നുകൂടാ. പിന്നെ പകുതി ഭാഗിച്ച് അതിൽ ഒരു പങ്കെടുത്ത് നാലായി പകുത്തു വെക്കുക. അതിൽനിന്നു പിന്നെ നമ്മൾക്കു രണ്ടുപേർക്കും നീക്കിവെക്കുകയും വേണം. (അങ്ങനെ ആറായി ഭാഗിക്കണം.) അല്ലയോ ഭദ്രേ, പകുതി ഭാഗിച്ചുവെച്ചത്, മദിച്ച കാളയ്ക്കു തുല്യനായ കറുത്തവനും യുവാവും ബലവാനുമായ ഭീമന്ന് നല്കുക. ഈ വീരൻ ധാരാളം ഭക്ഷിക്കുന്നവനാണ്.

വൈശമ്പായനൻ പറഞ്ഞു: "കുന്തിയുടെ വാക്കുകേട്ട് ആ രാജപുത്രി ശങ്കകൂടാതെ അപ്രകാരം ചെയ്തു. അങ്ങനെ അവരെല്ലാവരും ഊണു കഴിച്ചു.

സഹദേവൻ എല്ലാവർക്കും കിടക്കുവാൻ പുല്ലുവിരിച്ച് മെത്തയുണ്ടാക്കി. പിന്നെ തങ്ങൾക്കുള്ള *അജിനം വിരിച്ചു. വീരന്മാരെല്ലാം നിലത്തുകിടന്നു. തെക്കോട്ടുശിരസ്സുവെച്ച് കിടന്നുറങ്ങി. തലയ്ക്കലായി വിലങ്ങനെ കുന്തി കിടന്നു. പാദതലത്തിൽ കൃഷ്ണയും കിടന്നു. എല്ലാവരുടേയും കാല്ക്കലായി കുശപ്പുല്ലിൽ ആ രാജപുത്രി കിടന്നു. അവൾക്ക് മനസ്സിന്ന് ഒട്ടും അഴലില്ല. കുരുപുത്രന്മാരിൽ ആരിലും അനാസ്ഥയുമില്ല. ആ ശൂരന്മാർ കുറേനേരം ഓരോ കഥയും പറഞ്ഞ് കിടന്നു. വലിയ സൈന്യപ്രകരത്തിൽ ദിവ്യാസ്ത്രജാലം, രഥം, ആന, ആൾ, ഗദ, പരശു എന്നിവയുടെ പ്രയോഗം മുതലായവയായിരുന്നു സംസാരവിഷയം. അവരുടെ ജീവിതവൃത്തിയും പെരുമാറ്റവും സംസാരവുമൊക്കെ മറഞ്ഞുനിന്ന് ധൃഷ്ടദ്യുമ്നൻ മനസ്സിലാക്കി. കൃഷ്ണയുടെ സമീപത്തുള്ള ഇരിപ്പും, അവളുടെ മട്ടും അപ്പോൾ ധൃഷ്ടദ്യുമ്നന്റെ ഭടന്മാർ കണ്ടു. അവർ ആ രാത്രിയിൽ ഗ്രഹിച്ച വർത്തമാനങ്ങളെല്ലാം ഉടനെ പോയി ദ്രുപദരാജാവിനെ ഉണർത്തിച്ചു.

പാഞ്ചാലൻ ഈ സമയമൊക്കെ അവർ പാണ്ഡവന്മാരാണോ എന്നറിയാതെ ആവലാതിപ്പെട്ട് ധൃഷ്ടദ്യുമ്നനോട് ചോദിക്കുകയായിരുന്നു."

പാഞ്ചാലൻ പറഞ്ഞു: "കൃഷ്ണയെ ആരാണ് കൊണ്ടുപോയത്? ഹീനജനായ ശൂദ്രനാണോ, കരംകൊടുക്കുന്ന വൈശ്യനാണോ? എനിക്കു വ്യസനം ശമിക്കുന്നില്ല. ചളിപുരണ്ട പാദം തലയിൽവെച്ചില്ലല്ലോ? തലയിൽ ചൂടേണ്ട മാല ചുടലക്കളത്തിൽച്ചെന്ന് വീണില്ലല്ലോ? സ്വജാതിക്കാരനോ മേൽജാതിക്കാരനോ? എനിക്ക് ഒന്നും അറിഞ്ഞുകൂടാ. കൃഷ്ണമൂലം ഇടങ്കാൽ ആരും എന്റെ ശിരസ്സിൽ വെച്ചില്ലല്ലോ? മകനേ, ധൃഷ്ടദ്യുമ്നാ, എനിക്ക് ഒരു ശാന്തിയും കിട്ടുന്നില്ല! നാം വീരാഗ്രഗണ്യനായ പാർത്ഥന്നുതന്നെയാണോ അവളെ നല്കിയത്? ദുഃഖംവിട്ട് ആനന്ദിക്കാമോ? ആരാണ് എന്റെ പുത്രിയെ കൊണ്ടുപോയത്? വാസ്തവം എന്താണെന്ന് നീ അറിഞ്ഞുവോ? വിചിത്രവീര്യന്റെ പേരക്കിടാങ്ങളായ പാണ്ഡവന്മാർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ? കുന്തിയുടെ ഇളയപുത്രനായ അർജ്ജുനൻതന്നെയല്ലേ വില്ലെടുത്ത് ലക്ഷ്യം ഭേദിച്ചത്? പറയൂ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഉത്കണ്ഠയോടെ ഇരിക്കുന്ന ദ്രുപദരാജാവിനോട് സന്തോഷത്തോടെ രാജപുത്രൻ പറഞ്ഞു."

വൈവാഹികപർവ്വം

193 പുരോഹിതയുധിഷ്ഠിരസംവാദം – വൈശമ്പായനൻ പറഞ്ഞു: "പിതൃവാക്യം കേട്ടു സന്തുഷ്ടനായ ധൃഷ്ടദ്യുമ്നൻ കൃഷ്ണാവരണം നടത്തിയ വീരന്റെ ചരിത്രം തന്റെ പിതാവിനോട് പറഞ്ഞു."

ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "നീണ്ടുചുവന്ന കണ്ണുകളോടുകൂടിയവനും, കൃഷ്ണാജിനം ചാർത്തിയവനും, ദേവരൂപനുമായ ആ യുവാവ് നിസ്സംശയം ആ വില്ലെടുത്ത് കുലയേറ്റി ലക്ഷ്യം

* മാൻതോൽ

digitized by www.sreyas.in

ഭേദിച്ച് ഭൂമിയിൽ പതിപ്പിച്ചതു ഭവാൻ കണ്ടുവല്ലോ. എന്നിട്ട് യാതൊരു കൂസലുംകൂടാതെ അവൻ വിപ്രന്മാരുടെ അർച്ചനയേറ്റ്, ദേവമധ്യത്തിൽ വജ്രപാണിയായ ഇന്ദ്രൻ എന്നപോലെ ചുറ്റുന്നതും അങ്ങ് കണ്ടുവല്ലോ. ആ വീരൻ ലക്ഷ്യം എയ്തുമുറിക്കുക കാരണം അമർഷം സഹിക്കാതെ ക്ഷത്രിയന്മാർ കോപിച്ച് അവന്റെ മുമ്പിൽ ചാടിയെത്തിയ സമയം കൃഷ്ണ മാന്തോൽ കൈയിലെടുത്ത് ആനയുടെ പിമ്പെ പിടിയെന്നവിധം ആ വീരനെ അനുഗമിച്ചു. അമർഷംകൊണ്ട് രാജാക്കന്മാർ കയർത്ത് എല്ലാവരും പാഞ്ഞടുത്തപ്പോൾ മറ്റൊരു മഹാവീരനായ മഹാകായൻ ഒരു മരവും പറിച്ചെടുത്ത്, എതിർത്ത രാജാക്കളെയൊക്കെ ഓടിച്ച് അവർ കാൺകെത്തന്നെ കൃഷ്ണയെ കൊണ്ടുപോയി. രാജാവേ, സകല രാജാക്കന്മാരും മിഴിച്ചുനില്ക്കെ ചന്ദ്രാർക്കന്മാർപോലെ പ്രകാശിക്കുന്ന ആ വീരന്മാർ രണ്ടുപേരുംകൂടി കൃഷ്ണയേയുംകൊണ്ട് ആ പുരിക്കു പുറത്തുള്ള കുംഭകാരാലയത്തിൽ എത്തി. അഗ്നിയുടെ അർച്ചിസ്സുപോലെ അവരുടെ സമീപത്തിരിക്കുന്നത് അവരുടെ അമ്മയാണെന്നു ഞാൻ വിചാരിക്കുന്നു. അപ്രകാരംതന്നെ വീരന്മാരായ ആ അഗ്നിതുല്യർക്ക് ഒപ്പം ധന്യയായ അവൾ വാഴുന്നു. അവളുടെ കാല്ക്കൽ വണങ്ങുക എന്ന് അവർ കൃഷ്ണയോട് പറഞ്ഞു. അങ്ങനെ അവർ കൃഷ്ണയെ ആ മഹതിയുടെ പക്കൽ ഏല്പിച്ചശേഷം ഭിക്ഷയേല്ക്കുവാൻ പോയി. പിന്നെ അവർ കൊണ്ടുവന്ന ഭിക്ഷ കൃഷ്ണ വാങ്ങിച്ചു. ആ ഭിക്ഷാദ്രവ്യം എടുത്ത് ബലിയും ബ്രാഹ്മണദാനവും ചെയ്തു. പിന്നെ അവൾ ആ വൃദ്ധയ്ക്കും നല്കി. പിന്നെ ആ വീരന്മാരേയും ഊട്ടി. അവസാനം ശിഷ്ടമുള്ളത് അവളും ഉണ്ടു. ആ വീരന്മാർ അഞ്ചുപേരും കിടന്നുറങ്ങി. അപ്പോൾ അവരുടെ കാല്ക്കൽ കിടന്ന് കൃഷ്ണയും ഉറങ്ങി. എല്ലാവരും നിലത്തു പുല്ലുവിരിച്ച് അതിന്മേൽ അവരവരുടെ മാൻതോൽ വിരിച്ചാണ് കിടന്നത്.

അവർ കിടക്കുന്ന സമയത്ത് കാളമേഘത്തിന്റെ ഗർജ്ജനം പോലെ ഓരോരോ കഥകൾ സംസാരിച്ചിരുന്നു. അവരുടെ സംഭാഷണം വൈശ്യന്മാരും, ശൂദ്രന്മാരും പറയുന്ന കാര്യമല്ലായിരുന്നു; ബ്രാഹ്മണരുടെ വിഷയവുമായിരുന്നില്ല അവരുടെ പ്രസംഗം. ആ മഹാന്മാർ ക്ഷത്രിയരാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. വീണ്ടും വീണ്ടും യുദ്ധങ്ങളുടെ കഥകളാണ് പറഞ്ഞിരുന്നത്. നമ്മുടെ ആശ സമ്പൂർണ്ണമായിരിക്കുന്നു എന്നു ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ അന്ന് ആ തീയിൽ പാണ്ഡവന്മാർ പെട്ടിട്ടില്ലെന്നാണ് കേൾവി. വീര്യവാന്മാരായ ആ യുവാക്കന്മാർ ലക്ഷ്യത്തിൽത്തന്നെയാണ് നില്ക്കുന്നത്. ആ വീരൻ വില്ലിൽ ഞാണുകെട്ടിയതും ലക്ഷ്യം ഭേദിച്ചതും അവർ തമ്മിൽത്തമ്മിൽ പറഞ്ഞതുമെല്ലാം ഗൂഢമായി പറഞ്ഞതുകേട്ടപ്പോൾ അവർ വേഷംമാറിവന്ന പാണ്ഡവന്മാരാണെന്ന് എനിക്ക് തോന്നി."

വൈശമ്പായനൻ പറഞ്ഞു: "പുത്രന്റെ വാക്കുകേട്ട് ദ്രുപദൻ പ്രീതനായി. പുരോഹിതനെ വിളിച്ച് ഭവാൻ ഉടനെ പോയി പരമയോഗ്യരായ പാണ്ഡുപുത്രന്മാർതന്നെയാണോ അവർ എന്ന് അറിഞ്ഞുവരൂ! എന്ന് പറഞ്ഞുവിട്ടു. രാജാവ് പറഞ്ഞുവിട്ട പുരോഹിതൻ അവിടെച്ചെന്ന് ആ വീരന്മാരുടെ പ്രവൃത്തികളെ പുകഴ്ത്തിപ്പറഞ്ഞതിന്നുശേഷം മുറയ്ക്ക് അവരോട് രാജനിയോഗത്തെ മെല്ലെ പറഞ്ഞു."

പുരോഹിതൻ പറഞ്ഞു: "വരദനായ പാഞ്ചാലരാജാവ് നിങ്ങളാരാണെന്ന് അറിയുവാൻ ആഗ്രഹിക്കുന്നു. ലക്ഷ്യത്തെ ഭേദിച്ച ഈ വീരനെക്കണ്ട സമയത്ത് അദ്ദേഹത്തിന്നുണ്ടായ ആനന്ദം സീമാതീതമായിരുന്നു. നിങ്ങൾ നിങ്ങളുടെ ജ്ഞാതിവംശക്രമങ്ങൾ എല്ലാം തുറന്നു പറഞ്ഞാലും! ശത്രുക്കളുടെ ശിരസ്സിൽ നിങ്ങൾ കാലുവെക്കുവിൻ. പാഞ്ചാലരാജാവിന്നും കൂട്ടുകാർക്കും എനിക്കും മഹത്തായ പ്രീതിയെ നിങ്ങൾ വർദ്ധിപ്പിച്ചാലും! പാഞ്ചാലരാജാവായ ദ്രുപദന്ന് പ്രാണസഖാവായിരുന്നു പാണ്ഡുരാജാവ്. അദ്ദേഹത്തിന്റെ ആശ പാണ്ഡുവിന്റെ പുത്രന്നായി തന്റെ പുത്രിയെ നല്കുവാനായിരുന്നു. ഈ ആശ ദ്രുപദന്റെ ഹൃദയത്തിൽ എത്രയോ മുമ്പെ അങ്കുരിച്ചതാണ്. എന്റെ പുത്രിയെ ധർമ്മപ്രകാരം അർജ്ജുനൻ വേൾക്കണം എന്ന് അദ്ദേഹം പറയാറുണ്ട്. ഇത് യഥാർത്ഥമായി വന്നാൽ സുകൃതമായി; യശസ്സുമുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് വിനയത്തോടെ നില്ക്കുന്ന പുരോഹിതനെ നോക്കി യുധിഷ്ഠിരൻ സമീപത്തു നില്ക്കുന്ന ഭീമനോട് പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭീമാ, അർഘ്യപാദ്യാദികൾ കൊണ്ട് മാന്യനായ ഈ വിപ്രനെ പൂജിക്കുക. ഈ മാന്യൻ ദ്രുപദന്റെ ആചാര്യനാണെങ്കിൽ ഇദ്ദേഹത്തെ സല്ക്കരിക്കണം. ദ്രുപദന്റെ പുരോഹിതൻ നമുക്കും പുരോഹിതനാണ്. ഇദ്ദേഹത്തെ നാം ഏറ്റവും കൂടുതലായി പൂജിക്കണം."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മപുത്രന്റെ നിർദ്ദേശപ്രകാരം ഭീമൻ പുരോഹിതനെ പൂജിച്ചു. പൂജയേറ്റ് വാഴുന്ന പുരോഹിതനോട് സസന്തോഷം ധർമ്മപുത്രൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പാഞ്ചാലരാജാവ് മകളെ ധർമ്മാനുസരണംതന്നെയാണ് നല്കിയത്. കാമാനുസരണമല്ല. ശുല്കമുറയനുസരിച്ച് ദ്രുപദൻ പുത്രീസ്വയംവരം നിശ്ചയിച്ചു. അതിൽ കുലം, ഗോത്രം, ശീലം എന്നീവകയൊന്നും നോക്കുവാനില്ലല്ലോ? ചാപം കുലച്ച് ലക്ഷ്യം ഭേദിക്കുന്നവന്ന് മകളെ കൊടുക്കാമെന്നുള്ളതല്ലേ നിശ്ചയം? അപ്രകാരം ഈ യോഗ്യന്മാർ കൃഷ്ണയെ രാജാക്കന്മാർ കാൺകെത്തന്നെ നേടി. എന്നാൽ പിന്നെയെന്തിന്ന് സോമകവംശജനായ രാജാവ് മാഴ്കുന്നു? അതിന്റെ കാര്യമില്ലല്ലോ? ദ്രുപദന്റെ മനോരഥമെല്ലാം സമ്പന്നമായി എന്നുപറയുക. എല്ലാവിധത്തിലും ഞങ്ങൾക്ക് ചേർന്നവൾതന്നെയാണ് ഈ രാജകന്യക. ചെറിയ ഒരു ശക്തിമാത്രമുള്ള ഒരുത്തന്ന് ആ വില്ല് ഞാണേറ്റുവാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ? കൃതാസ്ത്രനല്ലാത്ത ഒരു ഹീനജന്ന് ആ ലക്ഷ്യം ഭേദിക്കുവാൻ കഴിയുമോ? അതോർക്കുമ്പോൾ ഇനി മകളെപ്പറ്റി പാഞ്ചാലന്ന് ഒട്ടും വ്യസനിക്കേണ്ടതില്ല. അത് അറുക്കുവാൻ മറ്റൊരുത്തനും സാധിക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മജൻ പറയുമ്പോൾ പാഞ്ചാലരാജാവിന്റെ അടുത്തുനിന്ന് മറ്റൊരുത്തൻ അവിടെ എത്തി. രണ്ടാമതായി വന്ന ആ ദൂതൻ യുധിഷ്ഠിരാദികളെ ദ്രുപദന്റെ സന്ദേശപ്രകാരം ഭക്ഷണത്തിന്നുള്ള സമയമായി എന്നുപറഞ്ഞ് രാജധാനിയിലേക്ക് ക്ഷണിച്ചു."

194. യുധിഷ്ഠിരാദിപരീക്ഷണം – ദൂതൻ പറഞ്ഞു: "വിവാഹം സംബന്ധിച്ച് വരന്റെ പക്ഷത്തിലുള്ളവർക്കെല്ലാം സദ്യ തയ്യാർ ചെയ്ത് രാജാവ് കാത്തുനില്ക്കുന്നു. ദ്രുപദരാജാവ് നിങ്ങളെ ക്ഷണിക്കുവാൻ എന്നെ അയച്ചിരിക്കുകയാണ്. കൃതാർത്ഥരായ നിങ്ങൾ കൃഷ്ണയോടുകൂടി പുറപ്പെട്ടാലും. ഒട്ടും താമസിക്കരുത്. പൊൻതാമരപ്പൂക്കൾ പതിച്ച തേരുകൾ അഴകേറിയ അശ്വങ്ങളെ പൂട്ടി ഇതാ തയ്യാറായി നില്ക്കുന്നു. ഉടനെ പുറപ്പെടുക!"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ പുരോഹിതനെ അയച്ചതിന്നുശേഷം കുന്തിയോടൊത്ത് കൃഷ്ണയും പാണ്ഡവന്മാരും, തേരിൽക്കയറി പുറപ്പെട്ടു. പുരോഹിതൻ ധർമ്മജന്റെ വാക്കുകൾ ദ്രുപദനെ അറിയിച്ചശേഷം യജ്ഞസേനൻ കുരുകുമാരന്മാരെ അറിയുവാൻ ഒരു പരീക്ഷണമെന്ന നിലയിൽ പല വസ്തുക്കളും ഒരുക്കിവെച്ചു.

ഫലങ്ങൾ, നല്ല പൂമാലകൾ, പലതരം ചർമ്മങ്ങൾ, പശുക്കൾ, കയറുകൾ, അജിനങ്ങൾ, കൃഷിക്കുവേണ്ടുന്ന വസ്തുക്കൾ, ക്രീഡോപകരണങ്ങൾ മുതലായവയൊക്കെ രാജാവ് നിരക്കെ വെപ്പിച്ചു. സൂര്യനൊപ്പം പ്രകാശിക്കുന്ന മാർച്ചട്ടകൾ, കയ്യുറകൾ, തിളങ്ങുന്ന വലിയ കുതിരകൾ, വലിയ വില്ലുകൾ, വിശേഷപ്പെട്ട അമ്പുകൾ, വേലുകൾ, കുന്തങ്ങൾ, വിഭൂഷണങ്ങൾ, പ്രാസം, വെൺമഴു, മുസൃണ്ഠി ഇങ്ങനെയുള്ള സംഗർവസ്തുക്കൾ, വിശേഷപ്പെട്ട പലതരം ശയ്യാസനങ്ങൾ, വിശിഷ്ടമായ അസംഖ്യം വസ്ത്രങ്ങൾ എന്നിവയും നിരത്തിവെച്ചു.

digitized by www.sreyas.in

പാഞ്ചാലിയുടെ കൈയുംപിടിച്ച് കുന്തി പാഞ്ചാലരാജാവിന്റെ അന്തഃപുരത്തിലേക്കു കടന്നുചെന്നു. അന്തഃപുരസ്ത്രീകൾ ആദരവോടെ, കൗരവ്യരാജപത്നിയെക്കണ്ട്, വന്ദിച്ച് സൽക്കരിച്ചു.

സിംഹത്തിനൊക്കുന്ന നടയോടും, കാളയ്ക്കൊക്കുന്ന കഴുത്തോടും, തോലണിഞ്ഞും, ഇടത്തുതോൾ മൂടിയ ഭുജഗേന്ദ്രഭോഗബാഹുക്കളോടും കൂടിയ ആ വീരന്മാർ വരുന്നതു കണ്ട് രാജാവും, മന്ത്രിമാരും,രാജപുത്രന്മാരും, സുഹൃദ്ജ്ജനങ്ങളും, ഭൃത്യജനങ്ങളും, മാത്രമല്ല ആ രാജധാനിയിൽ എല്ലാവരും, വർദ്ധിച്ച സന്തോഷത്തോടെ നിന്നു.

ആ വീരന്മാർവന്ന് പരമാസനങ്ങളിൽ ശങ്കകൂടാതെ വയഃക്രമംപോലെ, ചവിട്ടുപീഠം ചവിട്ടി. യാതൊരു ആശ്ചര്യവികാരവും കൂടാതെ ഇരുന്നു. (ക്ഷത്രിയന്മാരല്ലാത്ത മറ്റേത് ജാതിക്കാരും അങ്ങനെ സങ്കോചമില്ലാതെ രാജസമക്ഷം ഇരിക്കുന്നതല്ല. അതുകൊണ്ട് അവരെ മനസ്സിലാക്കുവാൻ ആ പെരുമാറ്റം ഉപകരിച്ചു.) സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും നിർമ്മിച്ച രത്നപാത്രങ്ങളിൽ രാജോചിതമായ ഭോജ്യങ്ങൾ, നല്ലപോലെ മോടിയിൽ വസ്ത്രധാരണംചെയ്ത ദാസദാസീജനങ്ങൾ നന്ദിയോടെ പാണ്ഡവന്മാരുടെ മുമ്പിൽ വിളമ്പി. മഹാന്മാരായ ആ രാജപുത്രന്മാർ സുഖമായി ഊണുകഴിച്ചു. ഊണുകഴിഞ്ഞതിന്നുശേഷം ആ പുരുഷപ്രവീരന്മാർ വേണ്ടപോലെ തൃപ്തരായി. അവിടെ ഒരുക്കി പ്രദർശിപ്പിച്ചിരുന്ന നാനാവസ്തുക്കൾ നോക്കി നോക്കി ഒടുവിൽ യുദ്ധോപകരണങ്ങളിരിക്കുന്ന സ്ഥലത്തേക്കു ചെന്നു.

അതു കണ്ടതോടുകൂടി ദ്രുപദന്റെ സംശയമെല്ലാം നീങ്ങി. രാജപുത്രനായ ധൃഷ്ടദ്യുമ്നനോടും മന്ത്രിപ്രവരന്മാരോടും കൂടിയ രാജാവ് അടുത്തുനിന്ന്, സസന്തോഷം ചിന്തിച്ചു. ഇവർ കൗന്തേയർതന്നെ എന്ന്. അവർ പാണ്ഡവരാണെന്നുള്ള നിശ്ചയത്തോടുകൂടി അവരെ സമീപിച്ചു പൂജിച്ചു."

195. ദ്വൈപായനഗമനം – വൈശമ്പായനൻ പറഞ്ഞു: "മഹാത്മാവായ പാഞ്ചാലരാജാവ് ബ്രാഹ്മണോചിതമായ സൽക്കാരങ്ങൾ ചെയ്ത് രാജപുത്രനായ യുധിഷ്ഠിരനെ സന്തോഷിപ്പിച്ചിരിക്കെ രാജാവ് യുധിഷ്ഠിരനോട് പറഞ്ഞു."

ദ്രുപദൻ പറഞ്ഞു: "ഹേ! മാന്യരേ, നിങ്ങൾ ക്ഷത്രിയരോ വിപ്രരോ ആരാണ്? വിശിഷ്ടരായ വൈശ്യരാണോ? ഗുണമേറുന്ന ശൂദ്രരാണോ? വിപ്രന്മാരുടെ വേഷത്തിൽ സഞ്ചരിക്കുന്ന നിങ്ങൾ ആരാണെന്ന് അറിയണം! കൃഷ്ണാസ്വയംവരം കാണുവാൻ വന്ന ദേവന്മാരാണോ? ഭവാൻ സത്യം പറയണം. ഞങ്ങൾ ആകെക്കൂടി സംശയത്തിലായിരിക്കുന്നു. സംശയം തീർത്ത് ഞങ്ങൾക്കു സന്തോഷം വർദ്ധിപ്പിക്കുകയില്ലേ? ഞങ്ങൾക്കു ലഭിച്ച ഈ മഹാഭാഗ്യം മംഗളമായി ഭവിക്കുകയില്ലേ? അങ്ങ് സത്യം തുറന്നുപറയണം. മന്നവന്മാരുടെ മുമ്പിൽ സത്യമേ വിളങ്ങൂ. *ഇഷ്ടാപൂർത്തംകൊണ്ടും പുണ്യകർമ്മം നശിക്കുമെന്നിരുന്നാലും അസത്യം പറഞ്ഞുകൂടാ. ഹേ, ദേവതുല്യാ! ഭവാൻ പറയുന്ന വാക്കു കേട്ടിട്ടുവേണം വർണ്ണമര്യാദയനുസരിച്ച് വിവാഹകാര്യങ്ങൾക്ക് വേണ്ടതെല്ലാം ഒരുക്കുവാൻ!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, പാഞ്ചാല്യ! വിഷാദം വേണ്ടാ, ഭവാൻ പ്രസാദിക്കുക! ഭവാന്റെ ഇഷ്ടംപോലെ ഇവിടെ എല്ലാം സംഭവിച്ചു. അതിൽ യാതൊരു സംശയവും വേണ്ട.

ഞങ്ങൾ ക്ഷത്രിയന്മാരാണ്; പാണ്ഡുരാജപുത്രന്മാരാണ്. ജ്യേഷ്ഠനായ യുധിഷ്ഠിരനാണ് ഞാൻ. ഇവർ ഭീമാർജ്ജുനന്മാരാണ്. ഇവരാണല്ലോ ഭവാന്റെ പുത്രിയെ നൃപമദ്ധ്യത്തിൽ ജയിച്ചത്. നകുലസഹദേവന്മാർ കുന്തിയും കൃഷ്ണയും ഉള്ളിടത്ത് നില്ക്കുന്നവരാണ്. മനഃഖേദം വേണ്ട, ഞങ്ങൾ ക്ഷത്രിയരാണ് രാജർഷഭാ! പത്മം ഒരു പൊയ്കയിൽ നിന്ന് മറ്റൊരു പൊയ്കയിലേക്കു മാറി. ഭവാന്റെ മകൾ മഹത്തായ ഒരു വംശത്തിൽനിന്ന് മഹത്തായ മറ്റൊരു വംശത്തിലേക്ക് മാറി. ഞാൻ ഈ പറഞ്ഞത് സത്യമാണ്. ഞങ്ങൾക്ക് ഭവാൻ ഗുരുവാണ്, ശ്രേഷ്ഠമായ ഒരു ആശ്രയവും അങ്ങുതന്നെയാണ്!"

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരന്റെ വാക്കുകേട്ടപ്പോൾ ദ്രുപദനുണ്ടായ ആനന്ദം സീമാതീതമായി. മറുപടി ഒന്നും പറയുവാൻ അദ്ദേഹം ശക്തനായില്ല. പ്രയത്നപ്പെട്ട് ഹർഷമൊതുക്കി ആ പരന്തപൻ യുധിഷ്ഠിരനോടു മതിയായ മറുപടി പറഞ്ഞു. പാണ്ഡവന്മാർ പുരംവിട്ടോടിയ കഥ ധർമ്മവാനായ രാജാവു ചോദിച്ചു. ക്രമത്തിൽ ആ കഥ അവൻ ദ്രുപദനോടു പറഞ്ഞു. ദ്രുപദൻ കുന്തീപുത്രന്റെ മൊഴികേട്ടു ധൃതരാഷ്ട്രരാജാവിനെ വളരെ നിന്ദിച്ചു. ധർമ്മപുത്രനെ വാഗ്മിയായ ദ്രുപദൻ സമാശ്വസിപ്പിച്ചു. രാജ്യം നേടുവാൻ വേണ്ടതെല്ലാം ചെയ്യാമെന്നു പ്രതിജ്ഞയും ചെയ്തു. പിന്നെ കുന്തി, പാഞ്ചാലി, ഭീമൻ, അർജ്ജുനൻ, യമർ; ഇവരെല്ലാം ഭൂപൻ നിർദ്ദേശിച്ച മന്ദിരത്തിൽ താമസമാക്കി. അവിടെ യാജ്ഞസേനമഹാരാജാവിന്റെ സൽക്കാരങ്ങൾ ഏറ്റ് അവർ നിവസിച്ചു. ആശ്വസിച്ച ധർമ്മജനോട് പുത്രാന്വിതനായ രാജാവു പറഞ്ഞു."

ദ്രുപദൻ പറഞ്ഞു: "ശുഭമായ അവസരത്തിൽ മുറപ്രകാരം ഉടനെ പാണിഗ്രഹണം കഴിക്കട്ടെ! കുരുനന്ദനനായ അർജ്ജുനൻ കൃഷ്ണയെ പാണിഗ്രഹണം കഴിക്കണം. അതിന്ന് കുലാചാരമനുസരിച്ച് ദേവപൂജ മുതലായ കർമ്മങ്ങൾ ചെയ്യണം."

വൈശമ്പായനൻ പറഞ്ഞു: "ദ്രുപദൻ പറഞ്ഞതുകേട്ട് ധർമ്മാത്മാവായ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "രാജാവേ, എനിക്കും ഒരു വിവാഹം ആവശ്യമാണ്." (ജ്യേഷ്ഠനായ യുധിഷ്ഠിരൻ വിവാഹംചെയ്തിട്ടില്ലെന്നറിയിക്കാൻ പറഞ്ഞതാണ്.)

ദ്രുപദൻ പറഞ്ഞു: "എന്റെ പുത്രിയെ ഭവാൻ വിവാഹം ചെയ്താലും മതി. ആര് ഇവളെ വിവാഹം ചെയ്യുന്നുവോ അപ്രകാരമാകട്ടെ!"

യുധിഷ്ഠിരൻ പറഞ്ഞു: "ഞങ്ങൾ അഞ്ചുപേർക്കും ഒപ്പം ദ്രൗപദി പത്നിയാകും. അപ്രകാരമാണ് എന്റെ അമ്മ മുമ്പെ പറഞ്ഞത്. ഞാനും വേട്ടിട്ടില്ല, ഭീമസേനനും വേട്ടിട്ടില്ല, അർജ്ജുനനും വേട്ടിട്ടില്ല. പാർത്ഥനാണല്ലോ ഭൂമിക്കു രത്നമായി വിളങ്ങുന്ന ദ്രൗപദിയെ നേടിവെച്ചത്. രത്നാനുഭവം ഈ ക്രമത്തിലാണെന്നാണ് ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. രാജാവേ, ഈ നിശ്ചയം ഉപേക്ഷിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങൾക്ക് അഞ്ചുപേർക്കും കൃഷ്ണ ധർമ്മപ്രകാരം പത്നിയാകും. അഗ്നിസാക്ഷിയായി ഞങ്ങളുടെ എല്ലാവരുടേയും കരം അവൾ പിടിക്കണം."

ദ്രുപദൻ പറഞ്ഞു: "ഒരുത്തന്ന് പല പത്നികളുമാകാമെന്നു വിധിച്ചിട്ടുണ്ട്. എന്നാൽ ഒരുത്തിക്ക് പല ഭർത്താക്കന്മാർ ആകാമെന്ന് ഒരിടത്തും വിധിച്ചിട്ടില്ല. ധർമ്മവിത്തമനായ ഭവാൻ ലോകവേദവിരുദ്ധമായ അധർമ്മം ചെയ്യുവാനാണോ ഭാവം! കുന്തീകുമാരാ! അതു ചെയ്യരുത്; എന്താണിങ്ങനെ ഭവാനു ബുദ്ധി പിഴയ്ക്കുവാൻ?"

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മത്തിന്റെ രൂപം അത്യന്തം രഹസ്യമാണ്. ഞാൻ അനൃതം പറയുകയില്ല. അധർമ്മം ഞാൻ ചെയ്യുകയില്ല. അങ്ങനെ വേണമെന്ന് അമ്മ പറഞ്ഞു. എന്റെ മനസ്സും അതുതന്നെയാണ്. ഞാനിപ്പറഞ്ഞതു ശാശ്വതമായ ധർമ്മംതന്നെയാണ്; ഭവാൻ ഈ നിശ്ചയം ധർമ്മമായി ഉറപ്പിച്ചു പറഞ്ഞവിധം ശങ്കകൂടാതെ പാണിഗ്രഹണകർമ്മം നടത്തുക. ഹേ, ക്ഷിതിവോത്തമാ! ഭവാൻ ലേശവും സംശയിക്കേണ്ട."

ദ്രുപദൻ പറഞ്ഞു: "ഭവാനും കുന്തിയും എന്റെ പുത്രൻ ധൃഷ്ടദ്യുമ്നനുംകൂടി, വേണ്ടതുപോലെ ചിന്തിച്ച്, ഐകകണ്ഠ്യേന ഒരു തീരുമാനമെടുത്ത് എന്നെ അറിയിക്കുക. നാളെ കാലത്തു വേണ്ടതു ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ അവരെല്ലാവരും പറയുന്ന സമയത്ത് അവിചാരിതമായി വേദവ്യാസൻ അവിടെ എഴുന്നള്ളി."

* ഇഷ്ടം (യാഗാദി) ആപൂർത്തം (കുളം, കിണറ് മുതലായവയുണ്ടാക്കൽ) എന്നീ പുണ്യകർമ്മം.

digitized by www.sreyas.in

196. വ്യാസവാക്യം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ എല്ലാ പാണ്ഡവന്മാരും മഹാകീർത്തിമാനായ യജ്ഞസേനനും എതിരേറ്റു വ്യാസമഹർഷിയെ അഭിവാദ്യം ചെയ്തു. മഹർഷി പൂജ കൈക്കൊണ്ട് കുശലം ചൊല്ലി സ്വർണ്ണസിംഹാസനത്തിൽ ഇരുന്നു. കൃഷ്ണദ്വൈപായനമതം കൈക്കൊണ്ട് എല്ലാവരും മഹാർഹമായ പീഠങ്ങളിൽ ഇരുന്നു. അല്പസമയം മധുരമായ വാക്കുകൾ കൈമാറിയതിന്നുശേഷം പാർഷതൻ വിനയപൂർവ്വം മുനിയോടു ദ്രൗപദിയുടെ കാര്യം ചോദിച്ചു."

ദ്രുപദൻ പറഞ്ഞു: "പലർക്കുംകൂടി ഒരു ധർമ്മപത്നി എന്നത് സങ്കടകരമല്ലേ? ഇതിന്റെ കാര്യം ഭവാൻ ചിന്തിച്ചു പറഞ്ഞാലും!"

വ്യാസൻ പറഞ്ഞു: "ഈ ധർമ്മം ലോകവേദവിരുദ്ധമാണ്. അത്യന്തം ഗഹനമായ ശാസ്ത്രസിദ്ധാന്തത്താൽ വഞ്ചിക്കപ്പെട്ടതുമാണ്. കുലാചാരത്തിന്നും ശാസ്ത്രനിയമത്തിന്നും നിരക്കാത്ത ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് നിങ്ങളുടെ ഓരോരുത്തന്റേയും അഭിപ്രായം വ്യക്തമായി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ദ്രുപദൻ പറഞ്ഞു: "ലോകവിരുദ്ധവും വേദവിരുദ്ധവുമാണ് ഇത്; അധർമ്മവുമാണ്. ഇതാണ് എന്റെ മതം. പലർക്കും കൂടി ഒരുവൾ പത്നിയാകുവാൻ പാടില്ല. യോഗ്യരാരുംതന്നെ അങ്ങനെ ചെയ്തിട്ടില്ല. അതുകൊണ്ട് പൂർവ്വാചാരവും കാണുന്നില്ല. വിദ്വജ്ജനങ്ങൾ അധർമ്മം ഒരിക്കലും ചെയ്യരുത്. അതുകൊണ്ട് ഇതിന്നു ഞാൻ ഉത്സാഹിപ്പിക്കുകയില്ല. ഏറ്റവും സന്ദിഗ്ദ്ധമാണ് ഈ കർമ്മമെന്ന് എനിക്കു തോന്നുന്നുണ്ട്."

ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "ജ്യേഷ്ഠൻ അനുജന്റെ ഭാര്യയോടുകൂടി എങ്ങനെ സംഗമിക്കും? ബ്രഹ്മർഷിസത്തമാ! അവൻ സദ്വൃത്തനായി എങ്ങനെ ഈ അധർമ്മം ചെയ്യും? ധർമ്മത്തിന്റെ ഗതി അതിസൂക്ഷ്മമാണ്. അതും നാം കാണുന്നില്ല. അധർമ്മമോ ധർമ്മമോ എന്നുറയ്ക്കുവാൻ പ്രയാസം തോന്നുന്നു. എന്നെപ്പോലുള്ളവർക്ക് തന്മൂലം അതിൽ ഒട്ടും ഉത്സാഹമില്ല; അഞ്ചുപേർക്ക് കൃഷ്ണ എങ്ങനെ പത്നിയാകും?"

യുധിഷ്ഠിരൻ പറഞ്ഞു: "അനൃതം ഞാൻ പറയുകയില്ല. അധർമ്മം ഞാൻ നിനയ്ക്കുകയില്ല. അതിൽ ലേശവും അധർമ്മമില്ലെന്ന് എന്റെ മനസ്സാക്ഷി പറയുന്നു. പുരാണത്തിൽ ഗൗതമവംശത്തിൽപ്പെട്ട 'ജടില'യെപ്പറ്റി പറയുന്നുണ്ട്. ധർമ്മിഷ്ഠയായ അവൾ ഏഴു മുനിമുഖ്യന്മാരെ സംഗമിച്ചു. അപ്രകാരംതന്നെ മുമ്പ് 'മുനിജ' എന്ന സ്ത്രീ ഒരേ പേരുള്ളവരും തപസ്വികളും പ്രചേതസ്സുകൾ എന്നറിയപ്പെടുന്നവരുമായ പത്തു സോദരന്മാരോടുകൂടി സംഗമിച്ചു എന്നും പുരാണം പറയുന്നുണ്ട്. ഗുരുവചസ്സു ധർമ്മ്യമാണെന്നു ധർമ്മജ്ഞസത്തമന്മാർ പറയുന്നു. ഗുരുക്കളിൽ വലിയ ഗുരു അമ്മയാണ്. അമ്മ പറഞ്ഞത് ഭിക്ഷ കിട്ടിയത് തുല്യമായി എല്ലാവരും കൂടി ഭുജിച്ചുകൊള്ളുവിൻ എന്നാണ്. അതുകൊണ്ട് എന്റെ ഈ മതം വലിയ ധർമ്മമാണെന്ന് ഞാൻ വിശ്വസിക്കുന്നു."

കുന്തി പറഞ്ഞു: "ധർമ്മിഷ്ഠനായ യുധിഷ്ഠിരൻ പറഞ്ഞതു ശരിയാണ്. യുധിഷ്ഠിരൻ ധർമ്മംവിട്ടു നടക്കുകയില്ല. കഠിനമായ ഒരു അസത്യഭയം എന്നെ ബാധിച്ചിരിക്കുന്നു. അത് എങ്ങനെ ഒഴിവാക്കും?"

വ്യാസൻ പറഞ്ഞു: "കുന്തീ, ഭവതി ഭാഗ്യവതിയാണ്. അസത്യം നിന്നെ സ്പർശിക്കുകയില്ല. നീ അനൃതത്തിൽനിന്നു വിട്ടൊഴിയും. ഇത് ഒരു പ്രാചീനധർമ്മമാണ്. ഞാൻ എല്ലാറ്റിന്നും മറുപടി തരാം. ഞാൻ എല്ലാവരുടേയും മുമ്പിൽവച്ച് ഈ കാര്യം പറയുകയില്ല. എന്തുകൊണ്ട് ഇത് ശാശ്വതവും വിഹിതവുമായ ധർമ്മമാണ് എന്ന്. പാഞ്ചാല, നീ മാത്രം കേൾക്കുക. ഇത് യുധിഷ്ഠിരൻ പറഞ്ഞതുപോലെ നിസ്സംശയമായ ധർമ്മമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ഏതിന്നും ശക്തനായ വ്യാസഭഗവാൻ എഴുന്നേറ്റു. നൃപന്റെ കൈപിടിച്ച് ഗൃഹാന്തർഭാഗത്തേക്കു കടന്നു. പാണ്ഡവന്മാരും കുന്തിയും ധൃഷ്ടദ്യുമ്നനും ഇരുന്നിടത്തുതന്നെ വ്യാസനേയും ദ്രുപദനേയും പ്രതീക്ഷിച്ച് ഇരുന്നു. പിന്നെ ദ്വൈപായനമഹർഷി ദ്രുപദരാജാവിനോട് അനേകം പേർക്കുകൂടി ഒരു പത്നീത്വം ധർമ്മമാണോ എന്നുള്ളതിനെപ്പറ്റി പറയുവാനൊരുങ്ങി."

197. പഞ്ചേന്ദ്രോപാഖ്യാനം – വ്യാസൻ കഥ തുടർന്നു: "പണ്ട് നൈമിഷാരണ്യത്തിൽ ദേവന്മാരെല്ലാവരുംചേർന്ന് ഒരു സത്രം നടത്തുകയുണ്ടായി. അന്നു യാഗമൃഗവധം ചെയ്തത് സൂര്യപുത്രനായ യമനാണ്. യമൻ യാഗത്തിൽ ദീക്ഷയെടുത്തതുകൊണ്ട് മർത്ത്യലോകത്ത് അക്കാലത്ത് ആരെയും മരിപ്പിക്കുകയുണ്ടായില്ല. യമൻ മനുഷ്യരെ കൊല്ലാതായപ്പോൾ ജനങ്ങൾ വർദ്ധിച്ചുവന്നു. സോമൻ, ശക്രൻ, വരുണൻ, കുബേരൻ, സാദ്ധ്യന്മാർ, രുദ്രന്മാർ, വസുക്കൾ, അശ്വിനീദേവകൾ എന്നിവരെല്ലാം ചേർന്ന് ലോകത്തിന്റെ സൃഷ്ടികർത്താവും, പ്രജേശ്വരനുമായ ബ്രഹ്മാവിന്റെ അടുത്തുചെന്നു സങ്കടമുണർത്തിച്ചു."

ദേവകൾ പറഞ്ഞു: "വിധാതാവേ, ഞങ്ങൾ ഭയത്താൽ ഉദ്വേഗത്തോടെ ഭവാനെ ശരണം പ്രാപിക്കുന്നു. യമൻ മർത്ത്യരെ സംഹരിക്കാത്തതുമൂലം അവർ പെരുകിക്കൊണ്ടിരിക്കുന്നു."

പിതാമഹൻ പറഞ്ഞു: "ഹേ, മാന്യരേ, നിങ്ങൾക്ക് മർത്ത്യരിൽ ഭയമോ? എന്തിന്ന് ഭയപ്പെടുന്നു? നിങ്ങൾ ദേവന്മാരല്ലേ? നിങ്ങൾക്ക് ഒരിടത്തുനിന്നും മർത്ത്യരിൽനിന്നു ഭയം വരികയില്ല. യാതൊരു വിപത്തും അവർ ചെയ്യുകയില്ല."

ദേവകൾ പറഞ്ഞു: "മർത്ത്യന്മാരും അമർത്ത്യന്മാരുമായി ഞങ്ങൾ യാതൊരു വ്യത്യാസവും കാണുന്നില്ല. മരണമില്ലാത്തതുകൊണ്ട് മർത്ത്യർ അമർത്ത്യരായില്ലേ? ഞങ്ങൾക്ക് അവരിൽനിന്ന് പ്രത്യേകതകളൊന്നും കാണാതായപ്പോൾ ഞങ്ങൾക്ക് ഭയമായി. അങ്ങനെ തുല്യതവരുത്തുവാൻ പാടുണ്ടോ? അത് അരുത് എന്ന് അപേക്ഷിക്കുവാൻ ഞങ്ങൾ വന്നതാണ്."

ഭഗവാൻ പറഞ്ഞു: "വൈവസ്വതൻ സത്രകർമ്മസ്ഥനാണല്ലോ. അതുകൊണ്ടാണ് മനുഷ്യർ മരിക്കാത്തത്. യജ്ഞകർമ്മം കഴിഞ്ഞ് അവൻ സ്വകർമ്മത്തിൽ സജ്ജനായാൽ മുമ്പത്തെപ്പോലെതന്നെ അവർക്ക് അന്ധകാരം ബാധിക്കും. യമന്റെ ശരീരം യോഗബലംകൊണ്ട് വളർന്നു രണ്ടായിപ്പിരിഞ്ഞ് നിങ്ങളുടെ വീര്യത്തോടെ ഒന്ന് ഉയർന്നാൽ അവർക്ക് അന്തകൻ മൂലമുള്ള അന്തം ഉണ്ടാകും; ദേവതാസാമ്യം തീരും. മർത്ത്യരിൽ അപ്പോൾ വീര്യം ഇപ്രകാരം ഉണ്ടാകുകയില്ല."

വ്യാസൻ കഥ തുടർന്നു: "ബ്രഹ്മാവ് പറഞ്ഞ വാക്കുകേട്ട് സുരന്മാർ യജ്ഞസ്ഥലത്തേക്ക് ചെന്നു. മഹാശയന്മാരായ അവർ എല്ലാവരും ചേർന്നിരിക്കുന്ന സമയത്ത് ഗംഗാജലത്തിൽ മനോജ്ഞമായ ഒരു താമരപ്പൂവ് കണ്ടു. ആ താമര കണ്ട് അവർ ആശ്ചര്യപ്പെട്ടു. ധീരനായ ദേവേന്ദ്രൻ ആ താമരയുടെ സമീപത്തേക്കു ചെന്നു. അപ്പോൾ ഗംഗയുടെ ഉത്പത്തിസ്ഥാനത്തിൽ, അതിതേജസ്വിനിയായ ഒരു സ്ത്രീ നില്ക്കുന്നതായിക്കണ്ടു. ആ സ്ത്രീ വെള്ളമെടുക്കുവാനായി ഗംഗയിൽ ഇറങ്ങിച്ചെന്നു. അവളുടെ കണ്ണിൽനിന്നും ഇറ്റ് ജലത്തിൽ വീണ ബാഷ്പബിന്ദു തൽക്ഷണം ഒരു പൊൻതാമരയായിത്തീർന്നു. ആശ്ചര്യകരമായ ആ കാഴ്ചകണ്ട് ദേവേന്ദ്രൻ അവളുടെ സമീപത്തുചെന്ന് ഇങ്ങനെ ചോദിച്ചു."

ദേവേന്ദ്രൻ പറഞ്ഞു: "ശ്രീമതി, ഭവതി ആരാണ്? എന്താണ് കരയുവാൻ കാരണം? സത്യം പറയുക! കേൾക്കുവാൻ എനിക്കാഗ്രഹമുണ്ട്."

സ്ത്രീ പറഞ്ഞു: "ഹേ, ശക്ര! ഞാൻ മന്ദഭാഗ്യയായ ഒരു സ്ത്രീയാണ്. ഞാൻ കരയുവാനുണ്ടായ കാരണം എന്താണെന്ന് ഭവാന് അറിയാറാകും. ഭവാൻ വരൂ! ഞാൻ മുമ്പിൽ നടക്കാം. കരയാനുള്ള കാരണം പിന്നെ ഭവാനു കണ്ടറിയാം."

വ്യാസൻ പറഞ്ഞു: "അവളെ പിന്തുടർന്ന് ഇന്ദ്രൻ നടന്നു. അപ്പോൾ പർവ്വതത്തിന്റെ മുകളിൽ യോഗ്യനായ ഒരു യുവാവ് സിംഹാസനത്തിലിരുന്ന് ഒരു യുവതിയോടുകൂടി ചൂതുകളിയി

digitized by www.sreyas.in

ലേർപ്പെട്ടിരിക്കുന്നതായി ഇന്ദ്രൻ കണ്ടു. ചൂതുകളിയിൽത്തന്നെ മനസ്സിരുത്തി മറ്റൊന്നിലും ശ്രദ്ധിക്കാതെ ഇരിക്കുന്ന ആ പുരുഷനെ നോക്കി അല്പം ഈർഷ്യയോടെ ഇന്ദ്രൻ, 'എടോ വിദ്വാനെ, ഈ ലോകമെല്ലാം എനിക്കധീനമാണെന്നു നീ അറിയുമോ?' എന്നു പറഞ്ഞു.

ഇന്ദ്രന്റെ വാക്കുകേട്ട് ദേവൻ ചിരിച്ചുകൊണ്ട് മെല്ലെ തല ഉയർത്തി ഒന്നു നോക്കി. വീണ്ടും ഒന്നു ദൃഢമായി നോക്കിയപ്പോൾ പേടിച്ച് ഇന്ദ്രൻ ഓടുവാൻ ഭാവിച്ചു. എന്നാൽ ദേവന്റെ നോട്ടത്താൽ ഇന്ദ്രൻ സ്തംഭിച്ച് ഒരു കുറ്റിപോലെ നിശ്ചേഷ്ടനായി നിന്നു. ആ ദേവൻ വീണ്ടും ചൂതുകളി തുടർന്നു. ചൂതുകളി നിർത്തി എഴുന്നേറ്റ ദേവൻ അവിടെ കരഞ്ഞുകൊണ്ടു നില്ക്കുന്ന ആ സ്ത്രീയോട് പറഞ്ഞു."

ദേവൻ പറഞ്ഞു: "ഞാൻ ഇരിക്കുന്നിടത്തേക്ക് അവനെ കൊണ്ടുവരൂ! മേലാൽ ഇങ്ങനെയുള്ള ഗർവ്വ് അവനുണ്ടാകരുത്."

വ്യാസൻ പറഞ്ഞു: "ആ സ്ത്രീ ചെന്ന് തൊട്ട ഉടനെ ഇന്ദ്രൻ സർവ്വ അംഗങ്ങളും തളർന്ന് ഭൂമിയിൽ വീണു. അപ്പോൾ ഉഗ്രനായ ആ ദേവൻ ഇന്ദ്രനെ നോക്കി പറഞ്ഞു."

ദേവൻ പറഞ്ഞു: "എടോ ഇന്ദ്രാ! ഇനി നീ ഒരിക്കലും ഇങ്ങനെ അഹങ്കരിക്കരുത്. നിനക്ക് അളവറ്റ ശക്തിയും മനോബലവുമുണ്ടല്ലോ. ബിലദ്വാരത്തിലേക്കു കടക്കുന്നതിന്നു തടസ്സമായി നില്ക്കുന്ന കവാടം മാറ്റി ഗുഹയിലേക്കു ചെല്ലുക. അവിടെ നിന്നെപ്പോലെ സൂര്യപ്രകാശന്മാരായ ചിലരുണ്ട്."

വ്യാസൻ പറഞ്ഞു: "ദേവന്റെ ആജ്ഞകേട്ട് ഇന്ദ്രൻ അപ്രകാരം ചെയ്തു; ഗുഹാദ്വാരം തുറന്നു. അപ്പോൾ തന്നെപ്പോലെ നാലുപേർ ആ ഗുഹയിൽ ഇരിക്കുന്നു! ഇവരുടെ ഗതിതന്നെയായോ തനിക്കും എന്ന് ശക്രൻ ചിന്തിച്ച് ദുഃഖിച്ചു. അനന്തരം പരമേശ്വരൻ കോപിച്ച് കണ്ണുരുട്ടി ഇന്ദ്രനോട് പറഞ്ഞു."

പരമേശ്വരൻ പറഞ്ഞു: "എടോ ഇന്ദ്രാ, നീ വേഗം ഗുഹയുടെ ഉള്ളിലേക്ക് കടക്കുക! മൗഢ്യത്താൽ നീ എന്നെ നിന്ദിച്ച് പറഞ്ഞില്ലേ?"

വ്യാസൻ പറഞ്ഞു: "ഇപ്രകാരം മഹേശ്വരൻ കല്പിച്ചപ്പോൾ ഇന്ദ്രൻ പേടിച്ചു വിറച്ചു. തളർന്ന ശരീരത്തോടെ പർവ്വതാഗ്രത്തിൽ ആലില കാറ്റിൽ ഇളകുന്നതുപോലെ വിറച്ച്, കൈകൂപ്പി, വൃഷവാഹനന്റെ മുമ്പിൽനിന്ന് പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ദേവ, ബഹുരൂപനായ ഭവാൻതന്നെയാണ് സകല ലോകത്തിന്റെയും ഏകനാഥൻ. ഭൂതനാഥാ, പ്രസാദിച്ചാലും!"

വ്യാസൻ പറഞ്ഞു: "ഉടനെ ചിരിച്ചുകൊണ്ട് ഉഗ്രതേജസ്വിയായ മഹേശ്വരൻ ദേവേന്ദ്രനോട് ഇപ്രകാരം പറഞ്ഞു."

മഹേശ്വരൻ പറഞ്ഞു: "ഇത്തരം സ്വഭാവമുള്ളവർക്ക് എന്നിൽനിന്ന് അനുഗ്രഹം കിട്ടുകയെന്നതു സാദ്ധ്യമല്ല. നിന്റെ കൂട്ടുകാർതന്നെയാണ് ഇവരും. വേഗം ഗുഹയിൽ കടന്നു കിടന്നുകൊള്ളുക. മുമ്പ് നിന്നെപ്പോലെ അഹങ്കാരംമൂലം വന്നവരാണ് ഇവർ. ഈ അനുഭവം അവർക്കുമുണ്ടായി. നീയും പോകൂ ഗുഹയിലേക്ക്."

വ്യാസൻ പറഞ്ഞു: "എന്നു പറഞ്ഞതിന്നുശേഷം മഹേശ്വരൻ ഗുഹയിലേക്കു നോക്കി പറഞ്ഞു."

മഹേശ്വരൻ പറഞ്ഞു: "ഹേ ഇന്ദ്രന്മാരേ, എന്റെ കോപത്തിന്റെ ഫലമെന്നപോലെ നിങ്ങൾക്ക് എന്റെ അനുഗ്രഹവും ലഭിക്കും. നിങ്ങൾ എല്ലാവരും ഭൂമിയിൽ മർത്ത്യരായി ജനിക്കണം. അവിടെ നിങ്ങൾ ദുസ്സാദ്ധ്യമായ പല കർമ്മങ്ങൾ ചെയ്ത്, അസംഖ്യം മർത്ത്യന്മാരെ കൊന്ന്, ഒടുവിൽ സത്കർമ്മത്തിന്റെ ഫലമായി വീണ്ടും സ്വർഗ്ഗലോകത്തു തിരിച്ചെത്തും. ഞാൻ ഇപ്പോൾ പറഞ്ഞതു നിങ്ങൾ ചെയ്യണം. പിന്നെ പല കാര്യങ്ങളും."

പൂർവ്വേന്ദ്രന്മാർ പറഞ്ഞു: "ഞങ്ങൾ മർത്ത്യലോകത്തിലേക്കു പൊയ്ക്കൊള്ളാം. അവിടെ പ്രയത്നിച്ചാൽ ദുസ്സാദ്ധ്യമായ മോക്ഷം നേടാമല്ലോ; ഞങ്ങളുടെ പിതാക്കൾ ധർമ്മനും, വായുവും, ഇന്ദ്രനും, അശ്വിനികളും ആകണം; ഞങ്ങളുടെ മാതാവിൽ ഗർഭോത്പാദനം നടത്തുന്നവർ. ദിവ്യാസ്ത്രത്താൽ മർത്ത്യരുമായി പോരാടി വേണ്ടപോലെ ധർമ്മാനുഷ്ഠാനംചെയ്ത് ദേവലോകത്തിൽ വീണ്ടും എത്താം."

വ്യാസൻ തുടർന്നു: "ഇപ്രകാരം പൂർവ്വേന്ദ്രന്മാർ പറയുന്നതു വജ്രപാണിയായ ഇന്ദ്രൻ കേട്ടുനിന്നു. മഹാദേവന്റെ വാക്കു കേട്ട ദേവേന്ദ്രൻ ഇപ്രകാരം പറഞ്ഞു."

ദേവേന്ദ്രൻ പറഞ്ഞു: "ഭഗവാനേ! ഞാൻ എന്റെ വീര്യം കൊണ്ട് എന്റെ സന്താനമായി അഞ്ചാമതൊരു പുരുഷനെ പ്രദാനംചെയ്യാം."

വ്യാസൻ പറഞ്ഞു: "വിശ്വഭുക്ക്, ഭൂതധാമാവ്, അപ്രകാരം തന്നെ വീരനായ ശിബി, ശാന്തി, തേജസ്വി, ഇവരഞ്ചുപേരായിരുന്നു ആ ഇന്ദ്രന്മാർ. ഉഗ്രചാപനായ ഭഗവാൻ പറഞ്ഞതുപോലെതന്നെ ദയാപൂർവ്വം അവർക്ക് എല്ലാ അഭീഷ്ടങ്ങളും നല്കി. മർത്ത്യരാകുമ്പോൾ അവർക്ക് ഭാര്യയാകുവാൻ ശ്രീദേവിയെ ഭാര്യയായും കല്പിച്ചു. അനന്തരം പരമശിവൻ ആ ഇന്ദ്രന്മാരോടുകൂടി അപ്രമേയപ്രഭാവനായ ശ്രീനാരായണന്റെ അടുത്തേക്കു ചെന്നു. അനന്തനും, വ്യക്തനും, അജനും, പുരാണനും, സനാതനനുമായ വിഷ്ണുവിനെക്കണ്ട് താല്ക്കാലികാവസ്ഥകൾ എല്ലാം വിവരിച്ച്, അനന്തരകർമ്മങ്ങളെപ്പറ്റി ചർച്ചനടത്തി. വിഷ്ണുവും അവരുടെ അഭിപ്രായം സമ്മതിച്ചു. അനന്തരം എല്ലാവരും ഭൂമിയിൽ ജാതരായി. കറുപ്പും വെളുപ്പുമായി രണ്ടുരൂപത്തിൽ മുകുന്ദൻ ഭൂമിയിൽ ജനിച്ചു. നാരായണൻ തന്റെ ദേഹത്തിൽനിന്ന് രണ്ടു രോമങ്ങൾ വലിച്ചെടുത്തു ഭൂമിയിലേക്ക് ഇട്ടു. അതിൽ വെളുത്ത രോമം യദുവംശത്തിലെ രോഹിണിയിലും, കറുത്ത രോമം ദേവകിയിലും പ്രവേശിച്ചു. വെള്ളരോമം ബലരാമനായും, കറുത്തരോമം കൊണ്ടൽക്കാർവർണ്ണനായ കൃഷ്ണനായും ജന്മമെടുത്തു. അങ്ങനെ ശക്രാകാരന്മാരായി പർവ്വതഗുഹയിൽ പാർത്തിരുന്ന അഞ്ചുപേരും ഇന്ന് ഇവിടെ കാണുന്ന പാണ്ഡവന്മാരായി പിറന്നു. ഇന്ദ്രാംശമാണ് പാണ്ഡവനായ സവ്യസാചി. ഇങ്ങനെ മുമ്പെ ഇന്ദ്രന്മാരായിരുന്നവർ തന്നെയാണ് പാണ്ഡവന്മാരായി പിറന്നത്. ഇവർക്കായി സാക്ഷാൽ ദേവദേവൻ കൊടുത്ത ലക്ഷ്മീദേവിയാണ് പാഞ്ചാലി. അല്ലാതെ യുണ്ടോ ഒരു സുന്ദരി വേദിമദ്ധ്യത്തിൽനിന്ന് മന്നിൽ യജ്ഞത്തിൽ, ദൈവയോഗംകൂടാതെ, ഉണ്ടാകുന്നു? സൂര്യനെപ്പോലെ പ്രകാശവും, ചന്ദ്രനെപ്പോലെ ആഹ്ലാദകത്വവും ഇവളുടെ ദേഹത്തിനുണ്ട്. അത്യുത്കൃഷ്ടമായ സുഗന്ധമാണെങ്കിൽ ഒരു യോജന ദൂരം വീശുന്നു. ഹേ, ദ്രുപദാ, ഞാൻ ഭവാന് പ്രീതിപൂർവ്വം, ആശ്ചര്യം ജനിക്കത്തക്കവിധം, ദിവ്യചക്ഷുസ്സ് വരമായി തരാം. അത്യന്തം പ്രകാശിക്കുന്നവയും പരിപാവനങ്ങളുമായ പൂർവ്വശരീരങ്ങളുമായി നില്ക്കുന്ന പാണ്ഡവന്മാരെ നോക്കിക്കാണുക. ഹേ, രാജാവേ, നോക്കിക്കാണൂ!"

വൈശമ്പായനൻ പറഞ്ഞു: "ഉത്കൃഷ്ടവും ഉദാരവുമായ കർമ്മങ്ങളെ ചെയ്യുന്നവനും ശുദ്ധാന്തഃകരണനും ബ്രഹ്മജ്ഞാനിയുമായ വ്യാസഭഗവാൻ തനിക്കുള്ള തപോവൈഭവംകൊണ്ട് ദ്രുപദനു ദിവ്യദൃഷ്ടി നല്കി. രാജാവ് ഉടനെ ദിവ്യചക്ഷുസ്സുകൊണ്ട് പൂർവ്വശരീരങ്ങളോടുകൂടി നില്ക്കുന്നവരായിട്ടാണ് പാണ്ഡുപുത്രന്മാരെക്കണ്ടത്.

ദിവ്യന്മാരായി, പൊൻകിരീടം ധരിച്ച്, സൂര്യാഭരായി, ശക്രരൂപത്തിൽ നാനാഭൂഷണങ്ങൾകൊണ്ടും മനോഹരാകാരന്മാരായി, വിരിഞ്ഞ മാർത്തട്ടോടും, താലപ്രായമായ ഔന്നത്യത്തോടും ശോഭിക്കുന്നവരായി, പഞ്ചേന്ദ്രന്മാരെ ദ്രുപദൻ കണ്ടു. ദിവ്യാസ്ത്രങ്ങൾ, ദിവ്യമായ സുഗന്ധം, ദിവ്യമായ പുഷ്പം എന്നിവചേർന്നു ശോഭിക്കുന്നവരും സാക്ഷാൽ ത്ര്യക്ഷവസുരുദ്രകല്പന്മാരും വളരെ ഗുണങ്ങളോടു ചേർന്നവരുമായ പൂർവ്വേന്ദ്രന്മാരായ അവരെ ദ്രുപദൻ കണ്ടു. ദേവേന്ദ്രജനായ പാർത്ഥനേയും, വിശേഷാൽ പ്രീതിപ്പെട്ട് ദ്രുപദൻ വിസ്മയത്തോടെ നോക്കി. മഹത്തായ ദിവ്യമായാപ്രഭാവത്താൽ ആ നാരിയെ ദിവ്യമായ രൂപത്തോടെ സാക്ഷാൽ അഗ്നിക്കു തുല്യമായ തേജസ്സോടെ, ആ

digitized by www.sreyas.in

യോഗ്യന്മാർക്കു യോജിച്ച പത്നീഭാഗത്തായി ദ്രുപദരാജാവ് കണ്ട് അത്ഭുതപ്പെട്ടു. ഈ അത്യാശ്ചര്യം വ്യാസാനുഗ്രഹം കൊണ്ടു കണ്ടപ്പോൾ ഭക്തിയോടുകൂടി ദ്രുപദൻ മഹർഷിയുടെ പാദങ്ങൾകൂപ്പി പ്രസാദത്തോടെ പറഞ്ഞു. 'മഹർഷേ! ഭവാന്റെ മഹത്ത്വത്തിൽ ഇതൊരു ആശ്ചര്യമല്ലല്ലോ' എന്ന്."

വ്യാസൻ കഥ തുടർന്നു: "പണ്ട് തപോവനത്തിൽ പാർത്തിരുന്ന ഒരു താപസന്ന് ഒരു കന്യകയുണ്ടായിരുന്നു. അതിസുന്ദരിയായിരുന്നിട്ടും അവൾക്ക് ഒത്ത ഒരു ഭർത്താവിനെ ലഭിച്ചില്ല. അവൾ ഉഗ്രമായ തപസ്സുകൊണ്ട് രുദ്രനെ പ്രീതനാക്കി. ശിവൻ പ്രത്യക്ഷനായി അവളോടു പറഞ്ഞു."

ശിവൻ പറഞ്ഞു: "ഞാൻ നിന്റെ തപസ്സിൽ പ്രീതനായിരിക്കുന്നു. കന്യകേ, ഇഷ്ടമുള്ള വരം വാങ്ങിക്കൊള്ളുക!"

വ്യാസൻ പറഞ്ഞു: "അതുകേട്ട് ആ കന്യക 'ഗുണവാനായ പതിയെ തന്നാലും' എന്ന് അഞ്ചുപ്രാവശ്യം പറഞ്ഞു. ശിവൻ അവൾ പറഞ്ഞപ്രകാരം വരം നല്കി."

ശിവൻ പറഞ്ഞു: "നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടാകട്ടെ!"

വ്യാസൻ പറഞ്ഞു: "ഈശനെ പ്രസാദിപ്പിച്ച് അവൾ വീണ്ടും പറഞ്ഞു."

കന്യക പറഞ്ഞു: "ഗുണവാനായ ഒരു ഭർത്താവേ എനിക്കു വേണ്ടൂ മഹേശ്വര!"

വ്യാസൻ പറഞ്ഞു: "ഇതുകേട്ട് പ്രീതനായി മഹേശ്വരൻ അവളോട് വീണ്ടും മധുരമായി പറഞ്ഞു."

ശിവൻ പറഞ്ഞു: "ഭദ്രേ! എന്നോടു നീ അഞ്ചുപ്രാവശ്യം 'ഭർത്താരം ദേഹി' (ഭർത്താവിനെ തരൂ) എന്ന് ആവർത്തിച്ച് അഭ്യർത്ഥിച്ചുവല്ലോ; അത് അങ്ങനെതന്നെ വരും. ഭദ്രേ! നിനക്കു ശുഭമായി വരും. ജന്മാന്തരത്തിൽ നിനക്ക് ഇപ്രകാരം ഭവിക്കും."

വ്യാസൻ പറഞ്ഞു: "ഹേ, ദ്രുപദരാജാവേ, ഈ ദിവ്യകന്യകതന്നെയാണ് നിന്റെ പുത്രിയായി പിറന്നത്. അവൾ അഞ്ചു പേർക്ക് ഭാര്യയാകുവാൻ വിധിക്കപ്പെട്ടവളാണ്. കൃഷ്ണ നല്ലവളാണ്. ആ ഋഷികന്യക കഠിനമായ തപസ്സുചെയ്ത് സ്വർഗ്ഗശ്രീയായും പിന്നീട് അങ്ങയുടെ മകളായും മഹായാഗത്തിൽ ജനിച്ചു. പാണ്ഡവർക്കായി യജ്ഞത്തിൽ ജാതയായ അവൾ ഘോരമായ തപസ്സുചെയ്തിട്ടാണ് നിന്റെ നന്ദിനിയായി ജനിച്ചത്. ഈ ദേവി, ദേവകാര്യം നിർവ്വഹിക്കുവാൻ അയയ്ക്കപ്പെട്ടവളാണ്; കർമ്മയോഗത്താൽ ഇവർ അഞ്ചുപേർക്കും ഭാര്യയാകുന്നു. ഈ പരമാർത്ഥം ഗ്രഹിച്ച് അഭീഷ്ടം ഭവാൻ ചെയ്താലും."

198. ദ്രൗപദീവിവാഹം – ദ്രുപദൻ ഇതുകേട്ടു വ്യാസനോടു പറഞ്ഞു: "മഹർഷേ, ഭവാന്റെ വാക്കു കേട്ടപ്പോൾ എനിക്കു വിധിയുടെ ഹിതം മനസ്സിലായി. എന്റെ സംശയമെല്ലാം നീങ്ങി. വിധിയുടെ കെട്ട് പൊട്ടിക്കുവാൻ സാദ്ധ്യമല്ല. ഭവാന്റെ അഭിപ്രായം യുക്തമാണ്. സ്വകർമ്മംകൊണ്ട് ദൈവഹിതം മറ്റൊരുവഴിക്കാക്കുവാൻ ഒരാൾക്കും സാധിക്കുന്നതല്ല. ഒരു വരനെ കിട്ടുവാൻ യത്നം ചെയ്തിട്ട് അതിന്റെ കലാശം അനേകം പേരായി; ഭാവി കണ്ട മഹേശ്വരൻ , അവൾ അഞ്ചുവട്ടം ഭർത്താവിനെ ചോദിച്ചപ്പോൾ അഞ്ചു ഭർത്താക്കന്മാരെ നല്കി. രുദ്രൻ കല്പിച്ചതിൽ ധർമ്മമായാലും അധർമ്മമായാലും അതിൽ ഒരു അപരാധവും ഇല്ല. അപ്രകാരംതന്നെ പാണിഗ്രഹണം നടക്കട്ടെ. അഞ്ചുപേരും കൃഷ്ണയുടെ കരം ഗ്രഹിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഭഗവാൻ വ്യാസൻ ധർമ്മജനോടു പറഞ്ഞു."

വ്യാസൻ പറഞ്ഞു: "ഇന്ന് പുണ്യമായ ദിനമാണ്. ഇന്ന് ചന്ദ്രന്ന് പൗഷ്യയോഗമുണ്ട്. നീ ഇന്ന് ആദ്യമായി കൃഷ്ണയെ പാണിഗ്രഹണം ചെയ്യുക."

വൈശമ്പായനൻ പറഞ്ഞു: "യജ്ഞസേനൻ തന്റെ പുത്രനോടുകൂടി വിവാഹത്തിന്നു വേണ്ടതെല്ലാം ഒരുക്കി കുളികഴിഞ്ഞ് സർവ്വാഭരണഭൂഷിതയായി കൃഷ്ണയെ വിവാഹമണ്ഡപത്തിൽ കൊണ്ടുവന്നു. രാജാവിന്റെ സുഹൃത്തുക്കളും മന്ത്രിമാരും വന്നു. വിപ്രന്മാരും പൗരന്മാരും വന്നുകൂടി. വിവാഹം കാണുവാൻ ആനന്ദത്തോടെ പല മാന്യന്മാരും എത്തി. എല്ലായിടവും അലങ്കരിക്കപ്പെട്ടിരുന്നു. സൈന്യങ്ങൾ നിരന്നു. വിവാഹമണ്ഡപം താരകോജ്ജ്വലമായ ആകാശംപോലെ ശോഭിച്ചു. പാണ്ഡവന്മാർ വിഭൂഷണങ്ങൾ, കുണ്ഡലങ്ങൾ എന്നിവ അണിഞ്ഞു. വിശേഷവസ്ത്രങ്ങൾ ധരിച്ച്, ചന്ദനം പൂശി, മംഗല്യവിധാനങ്ങളോടെ അഗ്നിതുല്യനായ ധൗമ്യപുരോഹിതനോടുകൂടി തൊഴുത്തിൽനിന്ന് കാളക്കൂറ്റന്മാർ കടക്കുംപോലെ കടന്ന് രംഗത്തിലെത്തി. അഗ്നി കൂട്ടി ആഹുതി ചെയ്തു. യുധിഷ്ഠിരനെക്കൊണ്ട് മന്ത്രവിധിയോടുകൂടി കൃഷ്ണയുടെ പാണിഗ്രഹണം ചെയ്യിച്ചു. അഗ്നിയെ വിധിയാംവണ്ണം അവരെക്കൊണ്ട് വലംവെപ്പിച്ചു. പിന്നീട് അനുവാദത്തോടെ ധൗമ്യൻ അവരെ രാജഗൃഹത്തിലേക്കു വിട്ടു. അന്നത്തെ വിവാഹം കഴിഞ്ഞു. ഇങ്ങനെ ദിനംതോറും ഓരോരുത്തനെക്കൊണ്ടു ധൗമ്യപുരോഹിതൻ ദ്രൗപദീപാണിഗ്രഹണം ക്രമപ്രകാരം നടത്തിച്ചു.

ആ വിവാഹത്തെപ്പറ്റി ദേവർഷിമാർ അതീതമാനുഷമായ ഈ മഹാത്ഭുതം പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. മഹാനുഭാവയായ ആ സുന്ദരി ദിനംതോറും, ഓരോ വിവാഹരാത്രിക്കുശേഷവും, കന്യകയായി!

വിവാഹാനന്തരം ദ്രുപദൻ ധാരാളം ധനം ആ മഹാരഥന്മാർക്കു നല്കി.

പൊൻകടിഞ്ഞാണിട്ട് അലങ്കരിച്ച നാല് ഹയങ്ങളെപ്പൂട്ടിയ നൂറ് രഥങ്ങൾ വീതവും, പർവ്വതംപോലെ വലുപ്പമുള്ള ആനകൾ നൂറു വീതവും നല്കി. അവ പൊൻശൃംഗം ചേർന്ന നീലമലകൾപോലെ ശോഭിച്ചു. വിശിഷ്ടാഭരണങ്ങളണിഞ്ഞ നൂറ് ദാസികളെ വീതവും ചന്ദ്രവംശജനായ പാഞ്ചാലരാജാവ് അഗ്നിയെ സാക്ഷിയാക്കി അവർക്കു നല്കി. അപ്രകാരം തന്നെ വസ്ത്രവിഭൂഷണങ്ങളും മഹാനുഭാവനായ ആ മഹീന്ദ്രൻ നല്കി.

വിവാഹാനന്തരം പാണ്ഡവന്മാർ വിശിഷ്ടരത്നങ്ങളും ശ്രീദേവിക്കു തുല്യയായ ദ്രൗപദിയേയും നേടി ഇന്ദ്രതുല്യരായി പാഞ്ചാലപുരത്തിൽ സസന്തോഷം വാണു."

199. കൃഷ്ണന്റെ സമ്മാനദാനം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിവാഹം കഴിഞ്ഞശേഷം ദ്രുപദാലയത്തിൽ അവർ, പുണ്യവാന്മാർ സ്വർഗ്ഗത്തിലെന്നവിധം, സുഖമായി ദിനങ്ങൾ കഴിച്ചു. പാണ്ഡവന്മാരോടുകൂടി പാർക്കുന്ന ദ്രുപദന്ന് അന്നു ദേവന്മാരെക്കൂടി ഭയമില്ലാതെയായി. കുന്തിയുടെ അരികിൽച്ചെന്ന് മഹാനായ ദ്രുപദന്റെ അന്തഃപുരസ്ത്രീകൾ പേർപറഞ്ഞു പാദത്തിൽ കൂപ്പി. കൃഷ്ണ ചുവന്ന പട്ടുടുത്ത് കൗതുകമായ വേഷത്തോടെ ശ്വശ്രുവിന്റെ പാദങ്ങളിൽ കുമ്പിട്ട് കൈകൾ കൂപ്പി നിന്നു. രൂപലക്ഷണംചേർന്നു ശീലാചാരത്തോടെ നില്ക്കുന്ന സ്നുഷയായ കൃഷ്ണയ്ക്ക് പൃഥ ആശിസ്സു നല്കി.

കുന്തി പറഞ്ഞു: "ഇന്ദ്രൻ ഇന്ദ്രാണിയോടു ചേർന്നപോലെയും, അഗ്നിക്ക് സ്വാഹപോലെയും, സോമന്ന് രോഹിണിപോലെയും, നളന്ന് ഭൈമിപോലെയും, വൈശ്രവണന്ന് ഭദ്ര എന്നപോലെയും, വസിഷ്ഠന്ന് അരുന്ധതിപോലെയും, ലക്ഷ്മി വിഷ്ണുവിനെന്നപോലെയും നീ ഭർത്താക്കന്മാർക്ക് ഇണങ്ങുക! ഭദ്രേ, നീ ആയുഷ്മാന്മാരായ വീരസന്താനങ്ങൾക്കു മാതാവായി ഐശ്വര്യസുഖാനുഭവങ്ങൾ തികഞ്ഞ് സാധുശീലയും, സഹധർമ്മിണിയുമായി വാഴുക. ഗൃഹത്തിൽ വന്നുചേരുന്ന പാണ്ഡവന്മാർക്കും, സാധുക്കൾക്കും, വൃദ്ധന്മാർക്കും, ബാലന്മാർക്കും, ഗുരുക്കൾക്കും നീ സസ്നേഹം പൂജിക്കുന്നതിൽ, ബദ്ധശ്രദ്ധയായി അനേകം വർഷങ്ങൾ വാഴുക. കുരുജാംഗലരാജ്യം, പുരം എന്നിവയിൽ ധർമ്മജ്ഞേ! നൃപനോടൊപ്പം നീ പട്ടമഹിഷിയായി അഭിഷേകം ഏല്ക്കട്ടെ! മഹാബലന്മാരായ കാന്തന്മാർ വീര്യത്താൽ ഭൂമിയെല്ലാം ജയിക്കും. അനന്തരം നടത്തപ്പെടുന്ന അശ്വമേധയാഗത്തിൽ ആ ഭൂമിയെല്ലാം നീ ദാനംചെയ്യുമാറാകട്ടെ!

digitized by www.sreyas.in

മന്നിൽ ഗുണമേറിയ രത്നങ്ങളെയെല്ലാം, ഇന്നുള്ളവയെല്ലാം, ഹേ, കല്യാണി, കൈവശത്തിലാക്കി നൂറ്റാണ്ടുകാലം സുഖമായി ജീവിക്കുക!

ഹേ, ക്ഷൗമവാസിനീ! വിവാഹോചിതമായ വസ്ത്രം ധരിച്ച വിധംതന്നെ സന്താനമുണ്ടായിക്കണ്ടിട്ട് വീണ്ടും സന്തോഷിക്കും."

വൈശമ്പായനൻ പറഞ്ഞു: "വേളികഴിഞ്ഞ പാണ്ഡവന്മാർക്ക് കേശവൻ വൈഡൂര്യം പതിച്ച വിചിത്രങ്ങളായ സ്വർണ്ണഭൂഷണങ്ങൾ അയച്ചുകൊടുത്തു. നാനാദേശത്തുനിന്നും വരുത്തിയ മഹാർഹങ്ങളായ വസ്ത്രങ്ങളും, കരിമ്പടങ്ങളും, പുതപ്പുകളും, തോലുകളും, പല മെത്തകളും, നാനാനിലയിലുള്ള ആസനങ്ങളും, വൈഡൂര്യം, മരതകം മുതലായവ പതിച്ച സുന്ദരമായ മെത്തകളും, കട്ടിലുകളും മാധവൻ അയച്ചുകൊടുത്തു. രൂപം, യൗവനം, ദാക്ഷിണ്യം ഇവ ചേർന്നവരും, നാനാദേശത്തുനിന്നു വന്നവരും, അലങ്കാരങ്ങൾ ധരിച്ചവരുമായ ദാസീഗണങ്ങളേയും, ഇണങ്ങിയ നല്ല ആനകളേയും, നല്ല കുതിരകളേയും, നല്ല തേരുകളേയും, ശുഭ്രവസ്ത്രരായ ദാസന്മാരേയും കൃഷ്ണൻ പാണ്ഡവന്മാർക്ക് അയച്ചുകൊടുത്തു. നിരനിരയായി കെട്ടിയ കോടിക്കണക്കിന് സ്വർണ്ണക്കട്ടികളും മധുസൂദനൻ അയച്ചുകൊടുത്തു. ധർമ്മരാജാവായ യുധിഷ്ഠിരൻ അളവില്ലാത്ത ആ ധനമെല്ലാം ഏറ്റുവാങ്ങി; ഹരിപ്രീതി കണ്ടു വളരെ അധികം സന്തോഷം അദ്ദേഹത്തിന്നു ഹൃദയത്തിൽ ഉണ്ടായി."

വിദുരാഗമരാജ്യലഭ്യപർവ്വം

200. ദുര്യോധനവാക്യം – വൈശമ്പായനൻ പറഞ്ഞു: "ആപ്തന്മാരായ ചാരന്മാർ ചെന്ന് ദുര്യോധനനെ അറിയിച്ചു. പാഞ്ചാലിയെ നേടിയത് പാണ്ഡവന്മാരാണെന്ന്."

ചാരന്മാർ പറഞ്ഞു: "ആ വില്ലു കുലയേറ്റി ലക്ഷ്യം അറുത്തു ജയം നേടിയത് മഹാബാഹുവും ധനുർദ്ധരനുമായ അർജ്ജുനനാണ്. മദ്രേശനായ ശല്യനെ പൊക്കി ഊക്കോടെ വീഴ്ത്തിയതും, മരം പറിച്ച് ശത്രുക്കളെ പേടിപ്പെടുത്തിയതും, അല്പവും ഭയംകൂടാതെ പൊരുതിയതുമായ വീര്യവാൻ അരിവർഗ്ഗവിമർദ്ദനനായ ഭീമനാണ്. ദുര്യോധനാനുജന്മാരുമായി നേരിട്ടു പൊരുതിനിന്നവർ സാധുവൃത്തന്മാരും അമേയബലപൗരുഷന്മാരുമായ യമന്മാരാണ്. പോരിൽ ദുര്യോധനനോടു നേരിട്ട ആ മഹാരഥൻ ബുദ്ധിവർദ്ധനനും ഭാഗ്യവാനുമായ പാണ്ഡവശ്രേഷ്ഠനല്ലാതെ മറ്റാരുമല്ല."

വൈശമ്പായനൻ പറഞ്ഞു: "ചാരന്മാർ ഇപ്രകാരം പറഞ്ഞപ്പോൾ രാജാക്കന്മാരെല്ലാം അമ്പരന്നു. ബ്രഹ്മരൂപധരന്മാരും, വൃഷഭേക്ഷണന്മാരുമായ അവർ പാണ്ഡവന്മാരാണെന്നറിഞ്ഞപ്പോൾ അവർക്കുണ്ടായ വിസ്മയം അളവറ്റതായിരുന്നു.

മക്കളോടൊത്തു കുന്തി അരക്കില്ലത്തിൽക്കിടന്നു വെന്തുവെണ്ണീറായെന്നാണു കേൾവി. നാട്ടുകാർക്കും സകല ബ്രാഹ്മണർക്കും അങ്ങനെയാണറിവ്. രാജാക്കന്മാർ ചിന്തിച്ചു: മരിച്ചുപോയവർ, പുലകുളിയും അടിയന്തിരാദികളുമൊക്കെ കഴിഞ്ഞതിന്നുശേഷം വീണ്ടും ജനിച്ചുവന്നോ! കേട്ടവർ കേട്ടവർ ഭീഷ്മനേയും ധൃതരാഷ്ട്രനേയും നിന്ദിച്ചു. പുരോചനൻ ചെയ്തുവെച്ച പണികാരണം, ധാർമ്മികന്മാരും, സുശീലന്മാരും, മാതൃഹിതകാംക്ഷികളുമായ പാണ്ഡവന്മാരെ ആ പടുവൃദ്ധന്മാർ ആട്ടി ഓടിച്ചില്ലേ എന്നു പറയുവാൻ തുടങ്ങി.

സ്വയംവരത്തിന്നുശേഷം, രാജാക്കളൊക്കെ പാണ്ഡവന്മാരാണ് കൃഷ്ണയെ വരിച്ചതെന്നറിഞ്ഞ് താന്താങ്ങളുടെ പുരിയിൽ ചെന്നെത്തി. ദുര്യോധനരാജാവു ഭ്രാതാക്കളോടും, അശ്വത്ഥാമാവ്, കർണ്ണൻ, കൃപൻ, മാതുലനായ ശകുനി മുതലായവരോടും കൂടി തിരിച്ചു. ദുശ്ശാസനൻ ലജ്ജയോടുകൂടി ദുര്യോധനനോടു പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "അവൻ ബ്രാഹ്മണരൂപത്തിലല്ല വന്നതെങ്കിൽ കൃഷ്ണയെ നേടാൻ കഴിയുകയില്ലായിരുന്നു. അവൻ അർജ്ജുനനാണെന്ന വാസ്തവം ആരും അറിഞ്ഞില്ല. നമ്മുടെ വീര്യം നിസ്സാരംതന്നെ! പാണ്ഡവന്മാർ ജീവിക്കുന്നു! ദൈവം തന്നെ വലിയത്! പൗരുഷം നിഷ്ഫലംതന്നെ!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞിട്ട് അവർ പുരോചനന്റെ ബുദ്ധിശൂന്യതയെ നിന്ദിച്ച് ഹസ്തിനാപുരിയിൽ എത്തി. അവരുടെ സങ്കല്പമൊക്കെത്തകർന്നു! പാർത്ഥന്മാരിൽ അവർക്കു ഭയവും വർദ്ധിച്ചു. വീരന്മാരായ പാണ്ഡവന്മാർ തീയിൽനിന്നു രക്ഷപ്പെട്ടു; എന്നു മാത്രമല്ല, മഹാനായ ദ്രുപദന്റെ ബന്ധുത്വവും നേടി. പ്രതാപശാലിയായ ധൃഷ്ടദ്യുമ്നനേയും ദ്രുപദന്റെ യുദ്ധവീരന്മാരായ പുത്രന്മാരേയും (ശിഖണ്ഡി മുതലായവരേയും) യുദ്ധോദ്യുതരായ പാഞ്ചാലന്മാരേയും മറ്റും നേടി. ബന്ധുക്കളായി പാണ്ഡവന്മാർക്ക് ഇങ്ങനെ പലതും ലഭിച്ചതു വിചാരിച്ചു വ്യസനിച്ച് ദുര്യോധനൻ മുതൽപേർ ഹസ്തിനാപുരിയിൽ ചെന്നെത്തി. പാണ്ഡവന്മാർ ദ്രൗപദിയെ വിവാഹം ചെയ്തതും, ദുര്യോധനാദികൾ അഹങ്കാരം നശിച്ച് നാണം കെട്ട് ഹസ്തിനാപുരിയിൽ വന്നതും അറിഞ്ഞ വിദുരന് സീമാതീതമായ ആനന്ദമുണ്ടായി. വിദുരൻ ആനന്ദാത്ഭുതങ്ങളോടെ ധൃതരാഷ്ട്രന്റെ അരികെച്ചെന്നു പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഭാഗ്യം രാജാവേ, കുരുകുലം വർദ്ധിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "വൈചിത്രവീര്യനായ ധൃതരാഷ്ട്രൻ വിദുരന്റെ മൊഴികേട്ടപ്പോൾ ആനന്ദത്തോടെ പറഞ്ഞു: 'ഭാഗ്യം! ഭാഗ്യം! നന്നായി! നന്നായി! വിദുരാ!' എന്ന്. തന്റെ മൂത്തപുത്രനായ ദുര്യോധനനാണ് കൃഷ്ണയെ വേട്ടതെന്നാണ് അന്ധനായ ആ രാജാവു ധരിച്ചത്. ഉടനെതന്നെ കൃഷ്ണയ്ക്ക് പല വിശേഷപ്പെട്ട ഭൂഷണജാലങ്ങൾ കൊണ്ടുവരുവാനും ദുര്യോധനനെ വിളിച്ച് കൃഷ്ണയെ തന്റെ അരികിലേക്കു കൊണ്ടുവരുവാനും കല്പിച്ചു. ധൃതരാഷ്ട്രൻ തെറ്റിദ്ധരിച്ചതായി അറിഞ്ഞ വിദുരൻ പറഞ്ഞു, കൃഷ്ണ പാണ്ഡവന്മാരെയാണു വേട്ടത് എന്ന്. ആ വീരന്മാർ കുശലികളായി പാഞ്ചാലരാജാവിനാൽ സൽക്കൃതരായി വർത്തിക്കുന്നു. സ്വയംവരം മൂലം പുതിയ ചാർച്ചക്കാരായി പല വീരന്മാരും പാണ്ഡവരുമായി ചേർന്നിരിക്കുന്നു എന്നും മറ്റും വിദുരൻ പറഞ്ഞു. ഇതു കേട്ടപ്പോൾ ധൃതരാഷ്ട്രന്റെ മുഖം വിളറി. തന്റെ സങ്കല്പമൊക്കെ തകർന്നു. എന്നാൽ ബലമായി എല്ലാ വികാരവും ആകാരവും മറച്ചുവെച്ച് പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "നന്നായി! നന്നായി! വിദുരാ! പാർത്ഥന്മാർ ജീവിച്ചിരിപ്പുണ്ടെങ്കിൽ നന്നായി വിദുരാ! സാധുവായ കുന്തിക്കു ബന്ധുവായി അനേകം ബന്ധുക്കളുള്ള ദ്രുപദനെ കിട്ടിയത് ഈ നമുക്കും നല്ലതുതന്നെ! ദ്രുപദനാണെങ്കിൽ മത്സ്യകാന്വയസംഭവൻ! വ്രതവിദ്യാതപോവൃദ്ധൻ! പാർത്ഥിവന്മാർക്ക് ഏറ്റവും സമ്മതൻ! അവന്റെ പുത്രപൗത്രന്മാരാണെങ്കിൽ എല്ലാവരും ചരിത്രവ്രതന്മാർ. ഏതു ബന്ധുവിനേക്കാളും നമുക്കു മാന്യർ! നല്ല കാര്യമായി! കുശലത്തോടെ എന്റെ കുട്ടികൾ മിത്രവാന്മാരാകയാൽ, അവർ സമ്പന്നരല്ലെങ്കിലും ഏതു രാജാവും അവരെ ആരാധിക്കാതിരിക്കയില്ല. അനേകം ബന്ധുക്കളുള്ള ദ്രുപദരാജാവിനെ ബന്ധുവായിക്കിട്ടിയാൽ ഐശ്വര്യം നശിച്ച ഏതു മന്നവനാണ് സർവ്വ ഐശ്വര്യങ്ങളിലും ആഗ്രഹമുള്ളവനായി ഭവിക്കാതിരിക്കുക?" (സകലരും ആഗ്രഹിക്കും)

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന രാജാവിനോട് വിദുരൻ വീണ്ടും പറഞ്ഞു."

വിദുരൻ പറഞ്ഞു: "അങ്ങയ്ക്ക് ഈ ബുദ്ധി നൂറു വത്സരം ഇങ്ങനെതന്നെ നിലനില്ക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞു വിദുരൻ തന്റെ ഗൃഹത്തിലേക്കു പോയി. വിദുരൻ പോയതിന്നുശേഷം ദുര്യോധനനും രാധേയനായ കർണ്ണനുംകൂടി ധൃതരാഷ്ട്രന്റെ അടുത്തു ചെന്ന് ഇപ്രകാരം പറഞ്ഞു."

digitized by www.sreyas.in

ദുര്യോധനനും കർണ്ണനും പറഞ്ഞു: "രാജാവേ, വിദുരൻ അടുത്തുള്ളപ്പോൾ കുറ്റം പറയുക സാദ്ധ്യമല്ല. ഇവിടെ ഇപ്പോൾ ആരുമില്ലെന്നറിഞ്ഞു പറയുകയാണ്. എന്തിനാണ് ഭവാന്റെ പുറപ്പാട്? ശത്രുക്കളുടെ അഭിവൃദ്ധി സ്വന്തം അഭിവൃദ്ധിയാണെന്നാണോ ഭവാൻ വിചാരിക്കുന്നത്? ക്ഷത്താവിന്റെ അരികെവെച്ച് അവരെ വാഴ്ത്തുന്നതെന്താണ്? നിർദ്ദോഷിയായ രാജാവേ, ഭവാൻ ഒന്നുചെയ്യേണ്ട സമയത്ത് മറ്റൊന്നു ചെയ്യുന്നതെന്താണ്? അവരുടെ ഉയർന്നുവരുന്ന ബലം കെടുത്താനല്ലേ നാം ശ്രമിക്കേണ്ടത്? പുത്രമിത്രാദികളടക്കം നമ്മളെ അവർ വിഴുങ്ങാതിരിക്കത്തക്കവിധം കാലോചിതമായി എന്താണു ചെയ്യേണ്ടതെന്ന് ചിന്തിച്ചുകൊണ്ടിരിക്കയാണ് ഞങ്ങൾ."

201. ദുര്യോധനവാക്യം – വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനനും കർണ്ണനും ഇപ്രകാരം പറഞ്ഞുനിർത്തിയപ്പോൾ ധൃതരാഷ്ട്രൻ പുത്രനോടും രാധേയനോടും പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "നിങ്ങൾ പറയുന്നതുപോലെതന്നെയാണ് ഞാൻ വിചാരിക്കുന്നത്. വിദുരന്റെ അടുത്തുവച്ച് ശരിയായ വേഷം കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ അവരുടെ ഗുണം പുകഴ്ത്തിപ്പറയുന്നത്. നമ്മുടെ ഇംഗിതമെന്തെന്ന് വിദുരൻ അറിയരുത്. ഞാൻ എന്തു ചെയ്യണമെന്നു പറയൂ. എന്താണ് ഉചിതമെന്നു നീ പറയൂ, സുയോധനാ! കാലോചിതമായി എന്തു ചെയ്യണമെന്ന്, രാധേയാ! നീയും പറയൂ."

ദുര്യോധനൻ പറഞ്ഞു: "ഞാൻ ഒരു കൗശലം കണ്ടിട്ടുണ്ട്. വളരെ രഹസ്യമായി വിശ്വസ്തരായ ബ്രാഹ്മണരെ അയച്ച് ഏഷണിയുണ്ടാക്കി കൗന്തേയരേയും മാദ്രേയരേയും തമ്മിൽ തെറ്റിക്കണം. അല്ലെങ്കിൽ ധാരാളം ധനം നല്കി ദ്രുപദനേയും മക്കളേയും മന്ത്രിമുഖ്യരേയും വശത്താക്കണം. ആ രാജാവ് ധർമ്മപുത്രനെ ഉപേക്ഷിക്കാൻ തക്കവിധം ആ രാജാവിനെ ഉപദേശിക്കാൻ ആളെ വിടണം. അല്ലെങ്കിൽ പാണ്ഡവന്മാരെ അവിടെത്തന്നെ പാർപ്പിക്കാൻ ഉദ്യമിക്കണം. അവർക്ക് ഇവിടെ വന്നാൽ ദോഷംപറ്റുമെന്നു ബോദ്ധ്യമാക്കണം. പാണ്ഡവന്മാരുടെ ഇവിടത്തെ താമസം ആപത്കരമാണെന്ന് പാഞ്ചാലനെ ധരിപ്പിക്കണം. അവിടെത്തന്നെ പാർക്കുവാൻ പാണ്ഡവർക്കു തോന്നണം. അല്ലെങ്കിൽ കുശലന്മാരായവരെക്കൊണ്ട് ഭീമസേനനെ ചതിച്ചു കൊല്ലിക്കണം. അവനാണ് അവരിൽവെച്ച് അധികം ബലമുള്ളവൻ. അവൻ മൂലമാണ് പണ്ടുതന്നെ നമ്മെ യുധിഷ്ഠിരൻ വകവെക്കാതിരുന്നത്. തീക്ഷ്ണനും ശൂരനുമായ അവനാണ് അവർക്ക് ഏകാവലംബം. അവൻ ചത്താൽ പിന്നെ പാണ്ഡവന്മാർ രാജ്യം നേടുവാൻ ഉദ്യമിക്കുകയില്ല. അവരുടെ ഓജസ്സൊക്കെ പോകും. അവനാണവർക്ക് ആശ്രയം. ഭീമൻ പിൻതുണയുള്ള അർജ്ജുനനെ ജയിക്കുക വിഷമമാണ്! അവൻ പോയാൽ കർണ്ണന്റെ നാലിലൊന്നില്ല അർജ്ജുനൻ! ഭീമൻ പോയാൽ പാണ്ഡവന്മാർ അശക്തരാകും; നാം ബലവാന്മാരാണെന്ന് വിചാരിച്ച്, ഇടയുവാൻ ഉദ്യമിക്കുകയില്ല. പാണ്ഡവന്മാർ ഇവിടെവന്നു നമ്മുടെ കല്പനയ്ക്കു കീഴ്‌വഴങ്ങി വാഴുന്ന തക്കത്തിൽ അവരെ ചതിച്ചു കൊല്ലുവാൻ നമുക്കു കഴിയും.

പിന്നെ ഒരു സൂത്രമുണ്ട്. സുന്ദരിമാരായ സ്ത്രീകളെ അയച്ച് പാണ്ഡുപുത്രരെ മയക്കണം. അപ്പോൾ കൃഷ്ണയ്ക്ക് അവരോടു വിരക്തിയുണ്ടാകും. ഹേ, കർണ്ണാ!, ദൂതന്മാരെ അയച്ച് അവരെ വരുത്തുക (പാണ്ഡവരെ). പിന്നെ, വിശ്വസ്തരെക്കൊണ്ട് അവരെ കൊല്ലിക്കണം. ഇങ്ങനെ പല വഴിക്കും വിശ്വസ്തരെക്കൊണ്ട് അവർക്കു ക്ഷയമുണ്ടാക്കണം. ഈ ഉപായങ്ങളിൽ ദോഷമറ്റത് ഏതാണെന്നു ചിന്തിച്ചുറച്ച് അതു ചെയ്യണം. അതിന്നുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ഇനി വൈകിക്കൂടാ.

ദ്രുപദരാജാവുമായി നല്ലപോലെ ഇണങ്ങുന്നതിന്നു മുമ്പുതന്നെ ഇതൊക്കെ ചെയ്യണം. സ്നേഹം ഉറച്ചുകഴിഞ്ഞാൽ പിന്നെ ഇതൊക്കെ ദുർഘടമാകും. അവരെ കൊല്ലുവാൻ ഇതിൽ ഏതെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കുക. ഇതാണ് എന്റെ അഭിപ്രായം. നല്ലതോ ചീത്തയോ എന്നുള്ളത്, കർണ്ണാ! നീ ചിന്തിച്ചു പറയുക!"

202. ധൃതരാഷ്ട്രമന്ത്രണം – വൈശമ്പായനൻ പറഞ്ഞു: "കർണ്ണൻ ദുര്യോധനന്റെ അഭിപ്രായം കേട്ടു പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഹേ, ദുര്യോധനാ!, ഭവാന്റെ ബുദ്ധി ശരിക്കല്ല പ്രവർത്തിക്കുന്നത് എന്നാണ് എന്റെ അഭിപ്രായം. ഉപായംകൊണ്ടൊന്നും കുരുദ്വഹന്മാരായ പാണ്ഡവന്മാരെ പാട്ടിലാക്കാമെന്നു കരുതുകയേ വേണ്ടാ. പാണ്ഡവന്മാർ അങ്ങയുടെ സമീപത്തു ജീവിക്കുമ്പോൾ വളരെ സൂക്ഷ്മമായ ഉപായങ്ങൾ പലതും ഭവാൻ പ്രയോഗിച്ചുനോക്കിയില്ലേ? അതുകൊണ്ടൊന്നും അന്ന് അവരെ വധിക്കുവാൻ ഭവാനു കഴിഞ്ഞില്ലല്ലോ. ഭവാന്റെ അരികെത്തന്നെയല്ലേ അവർ വസിച്ചിരുന്നത്? ചിറകു മുളയ്ക്കാത്ത പക്ഷികളെപ്പോലെ കേവലം ബാലന്മാരായിരുന്ന കാലത്തുപോലും അവരെ ഉപായത്തിൽ വധിക്കുവാൻ ഭവാനു പറ്റിയില്ല. ഇപ്പോൾ അവർക്കു വേണ്ടപോലെ സഹായികളായി. അന്യനാട്ടിലാണ് അവർ പാർക്കുന്നതും! അവർക്കു മുമ്പത്തേക്കാൾ ശ്രേയസ്സു വർദ്ധിക്കുകയുംചെയ്തു. ഇപ്പോൾ ഉപായമൊന്നും അവരോടു നടക്കുമെന്നു മോഹിക്കേണ്ടാ. ആപത്തിൽപ്പെടുത്താനും പറ്റുകയില്ല. അവർ നല്ല കെൽപ്പുള്ളവരും പിതൃപൈതാമഹമായ അവകാശങ്ങളെ ആഗ്രഹിക്കുന്നവരുമാണ്. അവർ തമ്മിൽ ഭേദിക്കുക എന്നതും അവരോടു ഫലിക്കുകയില്ല. ഒരേ ഒരു ഭാര്യയിൽ രതന്മാരായിരിക്കുന്ന അവർ എങ്ങനെ തമ്മിൽ പിണങ്ങും? കൃഷ്ണയെ അവരിൽനിന്നു പിണക്കിമാറ്റാനും സാധിക്കുകയില്ല. ക്ഷീണിച്ച് മലിനവേഷം ധരിച്ചുവന്നവരെയാണ് അവൾ വരിച്ചത്. കെല്പു വന്നപ്പോൾ അതിന്നനുസരിച്ചു വേഷഭൂഷാദികളോടുകൂടിയ അവരെ അവൾ വിട്ടുകളയുമോ? ഏതു സ്ത്രീക്കും ഇഷ്ടമുള്ള കാര്യമാണ് പല പുരുഷന്മാരും വരന്മാരായി ലഭിക്കുക എന്നത്; അത് അവൾക്കു ലഭിച്ചിരിക്കുന്നു. അതുകൊണ്ട് പിന്നെ എങ്ങനെയാണ് അവരിൽനിന്ന് അവൾ പിന്മാറുക? കൃഷ്ണയെ ഭേദിപ്പിക്കേണ്ട കാര്യത്തിന്നു ശ്രമിക്കേണ്ടാ. ദ്രുപദന്റെ കാര്യം പറയുകയാണെങ്കിൽ അദ്ദേഹം ധർമ്മശീലനാണ്; അർത്ഥകാമുകനല്ല. രാജ്യം കൊടുത്താൽപ്പോലും അദ്ദേഹം പാണ്ഡവരെ വിടുകയില്ല. അദ്ദേഹത്തിന്റെ പുത്രനാണെങ്കിൽ പാണ്ഡവരോട് കൂറുള്ളവനുമാണ്. അതുകൊണ്ട് അവരിൽ ഭവാൻ വിചാരിക്കുന്ന ഉപായങ്ങളൊന്നും വിലപ്പോവുകയില്ല. ഇനി നമ്മൾക്ക് ഒന്നു മാത്രമേ ചെയ്യേണ്ടതുള്ളു. അവർ വേരൂന്നി വളരുന്നതിന്നുമുമ്പേ അവരെ പ്രഹരിക്കണം; നശിപ്പിക്കണം. ഹേ, ദുര്യോധനാ! ഞാനീപ്പറഞ്ഞത് ഭവാനു രുചിക്കണം. നാം കൂട്ടുകൂടുമ്പോൾ പാഞ്ചാലന്റെ പങ്കു തുച്ഛമാണ്. ഇനി ഒട്ടും താമസിക്കുവാൻ പാടില്ല. താമസിച്ചാൽ എല്ലാം അബദ്ധത്തിലാകും. വിചിത്രമായ വാഹനഗണം, മിത്രങ്ങൾ, ബലം എന്നിവ അവർ സ്വരൂപിക്കുന്നതിന്നുമുമ്പുതന്നെ അവരെ ആക്രമിക്കണം.

വീര്യവാന്മാരായ മക്കളോടുകൂടി വീരനായ പാഞ്ചാലൻ ഉദ്യമിക്കുന്നതിന്നുമുമ്പേ ചെന്നു വിക്രമിക്കുക. ബലഭദ്രനുമായി കൃഷ്ണൻ യാദവപ്പടയോടുകൂടി പാണ്ഡവന്മാരെ സഹായിക്കുവാനെത്തും. അതിനുമുമ്പേ കടന്നു കാച്ചണം. ധനങ്ങളും ഭോഗങ്ങളും എന്നല്ല, സർവ്വരാജ്യവും പാണ്ഡവന്മാർക്കായി ഉപേക്ഷിക്കുവാനും കൃഷ്ണൻ സന്നദ്ധനാകും. വിക്രമം കൊണ്ടുതന്നെയാണ് മഹാനായ ഭരതൻ ഭൂമി മുഴുവൻ നേടിയത്. ഇന്ദ്രൻ വിക്രമംകൊണ്ട് മൂന്നുലോകവും അടക്കി. ക്ഷത്രിയന്മാർക്കു വിക്രമമാണ് ശസ്ത്രം. ശൂരന്മാർക്കു സ്വധർമ്മമാണ് വിക്രമം. അതുകൊണ്ട് രാജാവേ, നാം ചതുരംഗപ്പടയോടുകൂടിച്ചെന്ന് പാഞ്ചാലനെ മർദ്ദിച്ച് പാർത്ഥന്മാരെ വേഗത്തിൽ പിടിച്ചുകെട്ടീട്ടു കൊണ്ടുപോരണം. നല്ലവാക്കു പറഞ്ഞോ, വല്ലതും കൊടുത്തോ പാണ്ഡവന്മാരെ സ്വാധീനിക്കുവാൻ വിചാരിക്കുന്നതു വിഡ്ഢിത്തമാണ്. രാജാവേ, പരാക്രമംകൊണ്ട് അവരെ ജയിച്ചു ഭൂമിയുടെ ഈശനായി ഭവാൻ വിരാജിച്ചാലും. ഇതല്ലാതെ മറ്റുപായങ്ങളൊന്നും കാര്യസാദ്ധ്യത്തിന്നു ഞാൻ കാണുന്നില്ല."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "സൂതപുത്രന്റെ വാക്കുകേട്ട് പ്രതാപവാനായ ധൃതരാഷ്ട്രൻ വളരെയധികം ബഹുമാനത്തോടെ ഇപ്രകാരം മറുപടി പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഇത് ശസ്ത്രാസ്ത്രപടുവും, വിദഗ്ദ്ധനും, വിക്രമിയുമായ ഭവാനു ചേർന്ന വാക്കുകൾതന്നെ. ഇനി ഭീഷ്മനും, വിദുരനും, ദ്രോണനും, നിങ്ങളും കൂടിച്ചേർന്ന് നമ്മൾക്കു സുഗമമായ മാർഗ്ഗമേതെന്നു ചിന്തിക്കുവിൻ."

വൈശമ്പായനൻ പറഞ്ഞു: "ജനമേജയരാജാവേ, പിന്നെ ആ മന്ത്രിവരന്മാരെ വിളിച്ചുവരുത്തി മഹാകീർത്തിമാനായ ധൃതരാഷ്ട്രൻ ഗൂഢാലോചന ചെയ്തു."

203. ഭീഷ്മവാക്യം – ഭീഷ്മൻ പറഞ്ഞു: "പാണ്ഡവന്മാരുമായി കലഹിക്കുന്ന കാര്യം എനിക്ക് ഒട്ടും രുചിക്കുന്നില്ല. തീർച്ചയായും എനിക്കു ധൃതരാഷ്ട്രനെപ്പോലെതന്നെയാണ് പാണ്ഡുവും. ഗാന്ധാരിയുടെ പുത്രന്മാരെപ്പോലെതന്നെയാണ് എനിക്കു കുന്തീനന്ദനന്മാരും. എനിക്ക് എന്നവിധം തന്നെ അവർ രാജാവായ അങ്ങയ്ക്കും പാലിക്കുവാൻ അർഹരാണ്. എനിക്കും ഭവാനുമെന്നവണ്ണംതന്നെയാണ് ദുര്യോധനനും മറ്റുള്ളവർക്കും.

കാര്യമിങ്ങനെയിരിക്കെ ആ വീരന്മാരുമായി കലഹിക്കുന്നതു ശരിയല്ല. അവരുമായി സന്ധിചെയ്ത് പകുതിരാജ്യം അങ്ങ് അവർക്കുകൊടുത്തേക്കൂ! കൗരവന്മാർക്കും അവർക്കുമൊക്കെ പിതാമഹന്മാരായിരുന്നവർ ഭരിച്ചിരുന്ന നാടാണിത്.

ദുര്യോധനാ ഈ രാജ്യം നിന്റെ അച്ഛന്റെ സ്വത്താണെന്നാണല്ലോ നീ വിചാരിക്കുന്നത്? അതുപോലെതന്നെയാണ് പാണ്ഡുവിന്റെ മക്കളും കരുതുന്നത്. കീർത്തിമാന്മാരായ പാണ്ഡവന്മാർക്ക് ഈ രാജ്യം കിട്ടാതിരിക്കുകയാണെങ്കിൽ പിന്നെ, നിനക്ക് എങ്ങനെ കിട്ടും? മറ്റു ഭരതന്മാർക്ക് എങ്ങനെ കിട്ടും? ധർമ്മത്താലാണ് നീ രാജ്യം നേടിയതെന്നു പറയുകയാണെങ്കിൽ അവരും അതിനു മുമ്പുതന്നെ ഈ രാജ്യം നേടിയിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. പാണ്ഡവന്മാർക്കു പകുതി രാജ്യം കൊടുക്കണം. അതു സന്തോഷത്തോടെ തന്നെ വേണം! അതാണ് പുരുഷവ്യാഘ്രാ! സകലലോകർക്കും ഇഷ്ടം! അതല്ലാതെ മറ്റൊന്നു ചെയ്താൽ അത് എനിക്കു ഹിതമാവുകയില്ല. അങ്ങയ്ക്കു ദുഷ്കീർത്തി വന്നുചേരുകയും ചെയ്യും. അതിൽ ഒട്ടും സംശയിക്കേണ്ട. ഭവാൻ കീർത്തി രക്ഷിച്ചുകൊള്ളുക! കീർത്തിയാണ് വലിയ ബലം. കീർത്തികെട്ട പുരുഷന്റെ ജീവിതം നിഷ്പ്രയോജനമാണെന്നു മഹാന്മാർ പറയുന്നു. അല്ലയോ, ഗാന്ധാരീപുത്രാ! ഏതു കാലത്തോളം മനുഷ്യനു കീർത്തി കെടുന്നില്ലയോ അന്നുവരെ അവൻ ജീവിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതം സത്കീർത്തിയുടെ നാശംവരെയാണ്. കീർത്തി നശിക്കുന്നതോടൊപ്പം മനുഷ്യനും നശിക്കുന്നു.

അല്ലയോ, ധൃതരാഷ്ട്രാ! കുരുവംശത്തിന്നു ചേർന്ന ധർമ്മം നോക്കി ഭവാനും നടക്കുക. തന്റെ പൂർവ്വന്മാർക്ക് അനുരൂപമായവിധംതന്നെ നടക്കുക. ഭാഗ്യത്താൽ പാർത്ഥന്മാർ ജീവിക്കുന്നു. ഭാഗ്യത്താൽ കുന്തിയും ജീവിക്കുന്നു. ഭാഗ്യത്താൽ പുരോചനൻ ആഗ്രഹം സാധിക്കാതെ ചത്തുപോയി.

അല്ലയോ, ഗാന്ധാരീപുത്രാ! കുന്തി അരക്കില്ലത്തിൽ വെന്തെരിഞ്ഞു മരിച്ചു എന്നു കേട്ടതുമുതൽ ലോകത്തിൽ ഒരു മനുഷ്യന്റേയും മുഖത്തു നോക്കുവാൻ ഞാൻ ശക്തനായില്ല. കുന്തി അങ്ങനെ അഗ്നിയിൽപ്പെട്ടു മരിച്ചു എന്ന് നാട്ടുകാർ കേട്ടാൽ ആരെയാണ് കുറ്റം പറയുകയെന്ന് അങ്ങയ്ക്കറിയാമോ? മഹാപാപിയായ പുരോചനനാണ് പാണ്ഡവരേയും കുന്തിയേയും ദഹിപ്പിച്ചത് എന്നുവന്നാലും അവന്റെമേൽ ആരാണ് കുറ്റം ചുമത്തുക? ഭവാൻ ചിന്തിക്കുന്നുണ്ടോ? ഹേ, പുരുഷവ്യാഘ്രാ! അത് അങ്ങയുടെ കുറ്റമാണെന്നല്ലേ ജനങ്ങൾ പറയൂ! അതുകൊണ്ട് പാണ്ഡവന്മാർ തീയിൽ ദഹിക്കാതെ ജീവിക്കുന്നത് ഭവാന്റെ കുറ്റത്തെ ഇല്ലായ്മ ചെയ്യുകയല്ലേ ചെയ്യുന്നത്?

സമ്മതിക്കൂ മഹാരാജാവ്! പാണ്ഡവന്മാരെ വരുത്തുക! അവർ ജീവിച്ചിരിക്കുമ്പോൾ ജന്മാവകാശമായ സ്വത്തു ഹരിക്കുവാൻ വജ്രപാണിയായ ഇന്ദ്രനുകൂടിയും സാദ്ധ്യമാവുകയില്ല. അവർ ധർമ്മത്തിൽ നില്ക്കുന്നവരും, ഐകമത്യത്തോടെ കഴിയുന്നവരുമാണ്. തുല്യമായ ഭാഗത്തിന് അവർ അവകാശികളാണ്. അങ്ങനെയുള്ള അവർ ഇപ്പോൾ നിരസിക്കപ്പെട്ടിരിക്കുന്നു!

ഭവാൻ ധർമ്മം ചെയ്യുന്നതായാൽ, എന്റെ പ്രിയം നടത്തുവാൻ ഭവാൻ വിചാരിക്കുന്നുണ്ടെങ്കിൽ, ക്ഷേമം നോക്കുന്നുണ്ടെങ്കിൽ, ആ പാർത്ഥന്മാർക്ക് ഭവാൻ പകുതി രാജ്യം കൊടുക്കണം."

204. ദ്രോണവാക്യം – ദ്രോണൻ പറഞ്ഞു: "അല്ലയോ, ധൃതരാഷ്ട്രാ! കാര്യത്തെപ്പറ്റി ചിന്തിച്ചു തീരുമാനമെടുക്കൂ. ബന്ധുജനങ്ങൾ ധർമ്മത്തിന്നും അർത്ഥത്തിന്നും കീർത്തിക്കും നിരക്കാത്ത ഉപദേശം നടത്തരുതെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. മഹാനായ ഭീഷ്മൻ പറഞ്ഞ അതേ അഭിപ്രായം തന്നെയാണ് എനിക്കുമുള്ളതെന്ന് ഞാൻ മഹാശയന്മാരായ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. രാജ്യം രണ്ടായി ഭാഗിക്കുക. പകുതി പാണ്ഡവർക്കു കൊടുക്കുക. ഇതാണു ശാശ്വതമായ ധർമ്മം.

അതുകൊണ്ട് പ്രിയമായി സംസാരിക്കുവാൻ സാമർത്ഥ്യമുള്ള ഒരുത്തനെ ദ്രുപദരാജാവിന്റെ സന്നിധിയിലേക്കു പറഞ്ഞയയ്ക്കുക! അവർക്കുവേണ്ടി വളരെ രത്നാദികളായ ഉപഹാരങ്ങളും കൊടുത്തയയ്ക്കണം. ബന്ധുമര്യാദയനുസരിച്ച് ദ്രുപദന്നു നല്കുവാൻ വളരെ ധനവും കൊടുത്തുവിടണം. അവിടെ ച്ചെന്ന് അയാൾ ദ്രുപദനോടു ഭംഗിയായി ഇങ്ങനെ സംസാരിക്കണം: 'ഭവാനെ ബന്ധുവായി ലഭിച്ചതിൽ ഞങ്ങൾ ഉല്ക്കർഷത്തെ പ്രാപിച്ചിരിക്കുന്നു. ഞാനും എന്റെ പുത്രനായ ദുര്യോധനനും അതിൽ അഭിമാനംകൊള്ളുന്നു. അങ്ങയും അങ്ങയുടെ പുത്രനായ ധൃഷ്ടദ്യുമ്നനും ഞങ്ങളുമായുള്ള ബന്ധത്തിൽ അപ്രകാരം അഭിമാനവും ഹർഷവും കൊള്ളുന്നുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു.' എന്നു ചാതുര്യത്തോടെ പറയണം. പിന്നെ പാണ്ഡവന്മാരെക്കണ്ട് അവരെ ആശ്വസിപ്പിച്ചു സന്തോഷിപ്പിക്കണം. പിന്നെ, ദ്രൗപദിയുടെ അരികിൽച്ചെന്നു സ്വർണ്ണാഭരണങ്ങളും പട്ടുവസ്ത്രങ്ങളും പാരിതോഷികമായി കൊടുത്തു പറയണം: 'ധൃതരാഷ്ട്രമഹാരാജാവ് സ്നുഷയ്ക്കുവേണ്ടി കൊടുത്തയച്ച ഭൂഷണങ്ങളും അലങ്കാരങ്ങളും സ്വീകരിച്ചാലും. തന്റെ പ്രിയവധുവിന്ന് രാജാവു മംഗളമാശംസിക്കുന്നു.' എന്നു ഭവാന്റെ വാക്കിൽ പറയണം. പിന്നെ, ഇവിടെനിന്നു കൊണ്ടുപോകുന്ന ഉപഹാരങ്ങൾ ദ്രുപദപുത്രന്മാർക്കും പാണ്ഡവന്മാർക്കും കുന്തിക്കും, ഓരോരുത്തർക്കും യോജിക്കുന്നവിധത്തിൽ കൊടുത്ത്, ഭവാന്റെ വാക്കിൽ കുശലം പറയണം.

പിന്നെ പാണ്ഡവന്മാരോടുകൂടി ദ്രുപദൻ ഇരിക്കുന്ന സദസ്സിൽ ചെന്ന്, ഭവാന്റെ വാക്കിൽ സമാധാനപ്പെടുത്തുമാറു പറയണം. അങ്ങനെ ദ്രുപദനുമൊത്ത് ഇരിക്കുന്ന സമയത്ത് പാണ്ഡവന്മാർ ഹസ്തിനാപുരിയിലേക്കു മടങ്ങിപ്പോകേണ്ട കാര്യത്തെപ്പറ്റി സംസാരിക്കണം. ഇങ്ങനെയൊക്കെ സന്തോഷങ്ങൾ പറഞ്ഞ് അവർ സമ്മതിക്കുകയാണെങ്കിൽ ഉടനെ മടങ്ങിയെത്തണം. പിന്നീട് നല്ല സേനകളെ ചമയിച്ച് ദുശ്ശാസനനെയും വികർണ്ണനെയും കൂടെ അയച്ച് അവരെ ബഹുമാനപൂർവ്വം ഇങ്ങോട്ടു കൊണ്ടുപോരണം. പിന്നെ പാണ്ഡവശ്രേഷ്ഠന്മാരെ വേണ്ടപോലെ സല്ക്കരിക്കണം. അങ്ങനെ ചെയ്താൽ ബഹുജനങ്ങൾക്കു വലിയ സന്തോഷമാകും. അവർ വാഴുന്നതിൽ മഹാജനങ്ങൾ സന്തോഷിക്കും. ഭവാനോട് പാണ്ഡു എങ്ങനെയോ അങ്ങനെ അവർ പെരുമാറും. ഇതാണ് മഹാരാജാവേ, ഭവാന്റെ പുത്രന്മാർക്കും അവർക്കും യുക്തമായ കാര്യം. ഈ നില സ്വീകരിച്ചാൽ അത് എല്ലാവർക്കും ശ്രേയസ്സിനു നിദാനമാകും എന്നുള്ള ഭീഷ്മന്റെ അഭിപ്രായംതന്നെയാണ് എനിക്കുള്ളത്."

കർണ്ണൻ പറഞ്ഞു: "അർത്ഥവും മാനവും കൊടുത്ത് കുടുംബാംഗമായി പാർപ്പിച്ചിരിക്കുന്ന ഈ ഭീഷ്മദ്രോണന്മാരോട് അങ്ങയുടെ ശ്രേയസ്സിന്റെ കാര്യത്തെപ്പറ്റി ആലോചിക്കുന്നതു ശരിയല്ല. അങ്ങനെ ചിന്തിക്കുന്നത് വലിയ ഒരു അത്ഭുതമാണ്. ദുഷ്ടമായ മനസ്സും, ഗൂഢമായ ബുദ്ധിയും, പുറമേക്കു നന്മയ്ക്കാ

digitized by www.sreyas.in

ണെന്നുള്ള ഭാവവും! ഇവ കൊണ്ടുനടക്കുന്ന പുള്ളികൾക്ക് എങ്ങനെയാണ് വിശ്വസ്തന്മാരായ പ്രഭുക്കന്മാർക്കു നന്മചെയ്യാൻ കഴിയുക? മിത്രദ്രോഹത്തിനാണു വാസന. മോഹം ശത്രുവിന്നു നന്മചെയ്യണമെന്നാണ്. നാട്യം നേരെ മറിച്ചും! ഈ മാതിരി മനുഷ്യർ തങ്ങളുടെ സ്വാമികൾക്ക് ഏതുകാലത്താണ് നന്മ ചെയ്യുക? കാര്യത്തിന്നു കുഴപ്പം ബാധിക്കുമ്പോൾ നന്മതിന്മകൾക്കു മിത്രങ്ങളെ കാരണക്കാരാക്കരുത്. ബന്ധു ഗുണവാനോ ദോഷവാനോ ആകട്ടെ. ആരുതന്നെയായാലും കാര്യക്കുഴപ്പം നേരിടുന്ന സന്ദർഭത്തിൽ നന്മയോ തിന്മയോ ചെയ്യുവാൻ അവനെക്കൊണ്ടു കഴിയുകയില്ല. ഏതൊരുവനും സുഖവും ദുഃഖവും വന്നുകൂടുന്നത് വിധികല്പനപോലെയാണ്. ബുദ്ധിമാനും, ബുദ്ധികെട്ടവനും, ബാലനും വൃദ്ധനും സഹായമുള്ളവനും സഹായമില്ലാത്തവനും എന്നുവേണ്ട ഏതു തരക്കാരും വിധിവിഹിതം ഒരുപോലെ അനുഭവിക്കും.

പണ്ട് മഗധരാജാക്കന്മാരുടെ മഹത്വമേറിയ വംശത്തിൽ 'അംബുവീചൻ' എന്നു പേരായി പ്രസിദ്ധനായ ഒരു രാജാവുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഇന്ദ്രിയങ്ങളൊന്നുമില്ലാതിരുന്ന അദ്ദേഹം വെറുതെ വായു ശ്വസിച്ചങ്ങനെ ജീവിക്കുകയായിരുന്നു. യാതൊരു ചിന്താശക്തിയും കെല്പും അയാൾക്കുണ്ടായിരുന്നില്ല. എല്ലാ കാര്യവും മന്ത്രി പറയുമ്പോലെയാണ് നടന്നിരുന്നത്. അദ്ദേഹത്തിന്റെ മന്ത്രിയായിരുന്ന 'മഹാകർണ്ണി' അന്ന് ഏകേശ്വരനായി വാണു. തനിക്കാണു ബലം എന്നുകണ്ട് രാജാവിന് അനുഭവിക്കാനുള്ള സ്ത്രീകൾ, രത്നം, സമ്പത്ത് എന്നുവേണ്ട, എല്ലാ വിഭവങ്ങളും സ്വയമേവ അനുഭവിക്കാൻ തുടങ്ങി. എല്ലാം കൈയിലാക്കി ആ ലോഭി നല്ല ധനവാനായിത്തീർന്നു. അതൊക്കെ കൈയിലായപ്പോൾ ആ ലുബ്ധന്ന് ലോഭം വർദ്ധിച്ചുവന്നു. അപ്രകാരം തന്നെ പിന്നെ രാജ്യവും തട്ടിയെടുക്കാനായി മോഹം. ഇന്ദ്രിയങ്ങളൊന്നുമില്ലാതെ ഉച്ഛ്വസിച്ചുജീവിക്കുന്ന ആ രാജാവിന്റെ രാജ്യം നേടുവാൻ പ്രയത്നിച്ചുനോക്കി. എന്നിട്ടും അവന് അതു ലഭിച്ചില്ല. എന്താണ് ഇതിന്റെ അർത്ഥം? ആ രാജാവിന്നാണ് വിധി രാജ്യം വിധിച്ചിട്ടുള്ളത്! രാജാവേ, വിധി കല്പിച്ചിട്ടുണ്ടെങ്കിൽ അങ്ങയ്ക്കും രാജ്യം ലഭിക്കും. എല്ലാവരും നോക്കിനില്ക്കെത്തന്നെ അതു സിദ്ധിക്കും. വിധിവിഹിതം വേറെയാണെങ്കിൽ മോഹംകൊണ്ടു യാതൊരു ഫലവും ഇല്ല. ഇപ്രകാരം ചിന്തിച്ച് മന്ത്രിമാരുടെ മന്ത്രത്തിന്റെ നന്മതിന്മകൾ രാജാവു ഗ്രഹിക്കണം. മന്ത്രിമാരിൽ ദുഷ്ടന്മാരും അദുഷ്ടന്മാരുമുണ്ടാകും. അവരുടെ വാക്കുനല്ലപോലെ കേട്ടതിനുശേഷം നന്മതിന്മകൾ അറിഞ്ഞുവേണം കാര്യത്തിൽ പ്രവേശിക്കുവാൻ."

ദ്രോണൻ പറഞ്ഞു: "ഹേ, ദുഷ്ടാ! നീചാ! നീ എന്താണ് ഈ പറഞ്ഞത്? നിന്റെ ഭാവദോഷംകൊണ്ടാണ് നീ ഇപ്രകാരം പറഞ്ഞത്. നീ പറഞ്ഞതിന്റെ അർത്ഥം എനിക്കു നന്നായി മനസ്സിലായി. നീ പാണ്ഡവന്മാരിൽ ദോഷം ഘോഷിക്കുകയല്ലേ? ഞാൻ കുരുവംശത്തിന്റെ അഭിവൃദ്ധിക്കുവേണ്ട ഗുണമാണു പറഞ്ഞത്. കർണ്ണാ! നീ അതും ദോഷമായി കരുതുന്നു! നിനക്കു ഹിതമായിത്തോന്നുന്നത് പറയൂ! ഞാൻ കേൾക്കട്ടെ! ഞാൻ പറയുന്നതു വിട്ട് രാജാവു മറ്റൊന്നു പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും ഏറെത്താമസിയാതെ കുരുക്കൾ മുടിഞ്ഞുപോകും, സംശയമില്ല!"

205. വിദുരവാക്യം – വിദുരൻ പറഞ്ഞു: "രാജാവേ, തീർച്ചയായും നിന്റെബന്ധുജനങ്ങൾ നിന്നോടു ശ്രേയസ്സു പറഞ്ഞുതരേണ്ടതാണ്. നന്മ പറഞ്ഞാൽ കേൾക്കാത്തവനോട് പറഞ്ഞിട്ടെന്തുകാര്യം? മഹാശയനായ ഭീഷ്മൻ നിന്നോട് നല്ല കാര്യമാണു പറഞ്ഞത്. ഹിതമായും പ്രിയമായും നന്മ പറഞ്ഞുതന്നു, എന്നാൽ നീ അതു കൈക്കൊള്ളുന്നില്ല! ഉണ്ടോ? എന്താ മിണ്ടാത്തത്? അപ്രകാരം തന്നെ ദ്രോണനും ഹിതമായ വാക്കുകൾ നിന്നോടു പറഞ്ഞു. അതും നീ ചെവിക്കൊള്ളുന്നില്ല. നിന്റെ മുഖത്തിന്ന് ഒരു വെളിവും കണ്ടില്ല. രാധാസുതനായ കർണ്ണന് അവർ പറഞ്ഞതു നല്ലതായി തോന്നുന്നില്ല. ഞാൻ ആലോചിക്കുമ്പോൾ അവൻ നിന്റെ ഗുണം കാംക്ഷിക്കുന്ന മിത്രമായി എനിക്കു തോന്നുന്നില്ല. ഈ ഭീഷ്മനെപ്പോലെയും ദ്രോണനെപ്പോലെയും ബുദ്ധിമാന്മാരായി ആരുണ്ട്? ഭീഷ്മനെപ്പോലെ വയസ്സുകൊണ്ടും ബുദ്ധികൊണ്ടും പഴക്കംകൊണ്ടും അറിവുകൊണ്ടും ആരുണ്ട്, അദ്ദേഹത്തിലും മേലേ, നിനക്കു ഹിതം പറഞ്ഞുതരുവാൻ? സത്യത്തിലും ധർമ്മത്തിലും താഴാതെ നില്ക്കുന്നവൻ! ദാശരഥിയായ ശ്രീരാമനേക്കാളും ഗയനേക്കാളും ദൃഢചിത്തരായ പുരുഷന്മാർ ഉണ്ടായിട്ടുണ്ടോ? അവരേക്കാൾ ഒട്ടും ശ്രേയസ്സു കുറയാത്തവരാണിവർ. ഭീഷ്മനും ദ്രോണനും സത്യനിഷ്ഠന്മാരും മഹാന്മാരുമാണ്. അവർ നിന്നിൽ ഇന്നേവരെ യാതൊരു തെറ്റും ചെയ്തിട്ടില്ല. അപ്രകാരം തന്നെ അവരോട് ഒരിക്കലും കുറ്റം ചെയ്യാത്തവനായ നിന്നിലും അവർ ശ്രേയസ്സ് ആഗ്രഹിക്കുന്നില്ലെന്നു വിചാരിക്കുകയാണോ? മഹാരാജാവേ, ബുദ്ധിയിൽ മുന്തിനില്ക്കുന്ന ഈ നരശ്രേഷ്ഠന്മാർ ഭവാനോട് ചതിപ്പണിചെയ്യുകയാണെന്നു വിചാരിക്കുന്നുണ്ടോ? തീർച്ചയായും ഇവർ പക്ഷപാതം കാണിക്കുകയില്ല. ധർമ്മജ്ഞന്മാർ ഒരിക്കലും അർത്ഥത്തിന്റെ കാര്യത്തിൽ പക്ഷം കാണിച്ചു സംസാരിക്കുകയില്ല.

എന്റെ അഭിപ്രായം ഞാൻ തുറന്നുപറയാം. അതു ഭവാന് ശ്രേയസ്സിന്നാണ്. അല്ലയോ ഭാരതശ്രേഷ്ഠാ! ദുര്യോധനാദികൾ ഭവാന് എങ്ങനെ പുത്രന്മാരോ, അപ്രകാരംതന്നെ പാണ്ഡവന്മാരും അങ്ങയ്ക്കു പുത്രന്മാരാണ്. അതിൽ യാതൊരു സംശയവും വേണ്ടാ. അവർക്ക് അഹിതമായി കാര്യം അറിയാതെ മന്ത്രിക്കുന്നവരായ ഭവാന്റെ മന്ത്രിമാർ ഒട്ടും ശ്രേയസ്സിനെ കാണുന്നവരല്ല. രാജാവേ, ഭവാന്റെ മക്കളിൽ ഭവാൻ വിശേഷം കരുതുന്നുണ്ടെങ്കിൽ ഭവാന്റെ ഉള്ളറിഞ്ഞിട്ടുള്ള മന്ത്രിമാർ അതിന്നനുകൂലിച്ചു സംസാരിക്കുന്നുവെങ്കിൽ അവർ ഭവാന്റെ ശ്രേയസ്സിന്നുവേണ്ടി കരുതുന്നവരല്ല. മഹാദ്യുതികളായ മഹാത്മാക്കൾ തുറന്നുപറയാത്തത് ഭവാന്റെ ഹിതം മറ്റൊന്നാണെന്ന് അറിയുന്നതുകൊണ്ടാണ്.

പാണ്ഡവന്മാർ അജയ്യരാണെന്ന് ഇപ്പോൾ ഭീഷ്മനും ദ്രോണനും നമ്മളോടു പറഞ്ഞു. അതു തികച്ചും ശരിയാണെന്നു ഭവാൻ നല്ലപോലെ ധരിച്ചോളൂ. ആ പാണ്ഡവരുടെ ഗുണം അങ്ങയ്ക്കു ഗുണമാക്കി മാറ്റുകയാണു വേണ്ടത്. അവർ കോപിച്ചാൽ ഭവാന് സർവ്വനാശവും ഭവിക്കും. ധീമാനായ സവ്യസാചി വീരനാണ്. അവനെ ജയിക്കുവാൻ സാക്ഷാൽ ശക്രനുപോലും സാധിക്കയില്ല! ഭീമസേനനാണെങ്കിൽ പതിനായിരം ആനയുടെ ബലമുള്ള ഭീമപരാക്രമനാണ്. വാനവന്മാർക്കുപോലും അവനെ വെല്ലാൻ കഴിയുമോ? യുദ്ധദക്ഷിണരായ യമന്മാർ യമപുത്രോപമന്മാരാണ്. ജീവനിൽ കൊതിയുള്ളവർക്ക് അവരെ വെല്ലുവാൻ കഴിയുകയില്ല. ധൈര്യം, കാരുണ്യം, ക്ഷമ, സത്യം, പരാക്രമം എന്നീ ഗുണങ്ങൾ ചേർന്നു വിളങ്ങുന്ന ധർമ്മജനെ എങ്ങനെ ആർക്കു ജയിക്കുവാൻ കഴിയും? ഇപ്രകാരം അജയ്യപ്രതാപന്മാരായ ഇവർക്കു സഹായത്തിന്ന് രാമനുണ്ട്; മന്ത്രിയായി മാധവനുണ്ട്; സഹായിക്കുവാൻ സാത്യകിയുണ്ട്. പിന്നെ അവർക്കു ജയിക്കുവാൻ സാദ്ധ്യമല്ലാത്തതെന്തുണ്ട്? ശ്വശുരനാണെങ്കിൽ ദ്രുപദൻ; അളിയന്മാരാണെങ്കിൽ ധൃഷ്ടദ്യുമ്നൻ മുതലായ വീരന്മാർ. അജയ്യരാണ് അവരെന്നു മനസ്സിലാക്കി മുമ്പേതന്നെ അവരുടെ പൈതൃകാവകാശത്തേയും മനസ്സിലാക്കി ധർമ്മാനുസരണം വേണ്ടതു ചെയ്യുക. അങ്ങയുടെ നിർദ്ദേശപ്രകാരമോ അല്ലാതെയോ പുരോചനൻ ഉണ്ടാക്കിവെച്ച വലിയ ദുഷ്കീർത്തി പാണ്ഡവാനുഗ്രഹം കൊണ്ട് കഴുകിക്കളഞ്ഞാലും! അവർക്ക് അനുഗ്രഹം ചെയ്യുകയാണെങ്കിൽ അത് സ്വന്തം കുലത്തിന്നു ജീവൻ നല്കുന്ന ധർമ്മമാണ്! ക്ഷത്രിയർക്കും അത് അഭിവൃദ്ധികരമാണ്. മുമ്പേതന്നെ ദ്രുപദരാജാവിനോട് കൗരവർ അപരാധം ചെയ്തിട്ടുണ്ട്. ഇപ്പോൾ അവനെ പാട്ടിൽവെയ്ക്കുവാൻ സിദ്ധിച്ച സന്ദർഭം പാഴാക്കുന്നത് ബുദ്ധിശൂന്യതയാണ്. നമുക്ക് അഭിവൃദ്ധിക്കുപറ്റിയ സന്ദർഭം കളയാതിരിക്കൂ! ബലവാന്മാരായ പാണ്ഡവന്മാരോടുകൂടി കൃഷ്ണൻ നില്ക്കും; കൃഷ്ണനുള്ള ഭാഗത്തു വളരെ മഹാന്മാർ നില്ക്കും; കൃഷ്ണൻ ഏതു ഭാഗത്തു നില്ക്കുന്നുവോ അവിടെ ജയവുമുണ്ടാകും. സാമംകൊണ്ടു സാധി

digitized by www.sreyas.in

ക്കാത്ത കാര്യം ഏതു കഴുവേറിയാണ് വിഗ്രഹം (പോരാട്ടം) കൊണ്ടു നേടുവാൻ ഉദ്യമിക്കുക?

പാർത്ഥന്മാർ ജീവിച്ചിരിക്കുന്നു എന്ന് എല്ലാ ജനങ്ങളും കേട്ടിരിക്കുന്നു. അവരെ ഒരു കണ്ണുകാണുവാൻ ആവേശത്തോടെ ജനതതി കാത്തുനില്ക്കുന്നു. അതുകൊണ്ട് ഇനി അവരോട് ഇട യാതെ അവർക്കു പ്രിയം ചെയ്യുവാൻ ഉദ്യമിക്കൂ രാജാവേ! ദുര്യോധനനും കർണ്ണനും ശകുനിയും അധർമ്മിഷ്ഠരും ദുർബുദ്ധികളും മൂഢാത്മാക്കളുമാണ്. അവരുടെ വാക്കുകേട്ടാൽ ഭവാൻ ആപത്തിലാകും. രാജാവേ, ഗുണവാനായ ഭവാനോട് പണ്ടേ ഞാൻ പറഞ്ഞിട്ടുണ്ട്, ദുര്യോധനന്റെ തെറ്റുകൊണ്ട് ഈ നാടൊക്കെ മുടിയുമെന്ന്.''

206. വിദുരദ്രുപദസംവാദം – ധൃതരാഷ്ട്രൻ പറഞ്ഞു: ''വിദ്വാന്മാരായ ഭീഷ്മദ്രോണന്മാരും ഭവാനും പറയുന്നത് എനിക്കു ഹിതമാണെന്നു ബോദ്ധ്യമായിരിക്കുന്നു. ആ വീരന്മാരായ കൗന്തേയന്മാർ പാണ്ഡുവിന്ന് എപ്രകാരമാണോ അപ്രകാരംതന്നെ ധർമ്മത്താൽ എനിക്കും മക്കളാണ്. അതു തീർച്ചയാണ്. എന്റെ മക്കൾക്ക് എപ്രകാരം ഈ രാജ്യം അവകാശപ്പെടുമോ അതുപോലെതന്നെ പാണ്ഡവന്മാർക്കും അവകാശപ്പെട്ടതുതന്നെ, സംശയമില്ല.

ക്ഷത്താവേ, ഉടനെ പോയി അവരെ സൽക്കരിച്ചു കൂട്ടിക്കൊണ്ടുവരിക; അമ്മയോടും കൃഷ്ണയോടുംകൂടി അവരെ ഇങ്ങോട്ടു കൊണ്ടു വരിക!

ഭാഗ്യത്താൽ പാണ്ഡവന്മാർ ജീവിക്കുന്നു! ഭാഗ്യത്താൽ കുന്തിയും ജീവിക്കുന്നു! ഭാഗ്യത്താൽ യോഗ്യരായ മഹാരഥന്മാർ ദ്രൗപദിയെ നേടി! ഭാഗ്യത്താൽ അവരെല്ലാവരും ഉത്കർഷവാന്മാരായി! ആ പുരോചനൻ വെന്തതും ഭാഗ്യത്താൽത്തന്നെ! തേജസ്വിയായ വിദുരാ, ഭവാൻ എന്റെ മഹത്തായ ദുഃഖത്തെ അകറ്റി! അതും ഭാഗ്യം കൊണ്ടുതന്നെയാണ്!''

വൈശമ്പായനൻ പറഞ്ഞു: ''ജനമേജയരാജാവേ, പിന്നെ വിദുരൻ ധൃതരാഷ്ട്രന്റെ ആജ്ഞപ്രകാരം പാഞ്ചാലരാജ്യത്തു പോയി യജ്ഞസേനനും പാണ്ഡവരും മേവുന്ന രാജധാനിയിലെത്തി. ദ്രൗപദിക്കും, പാണ്ഡവർക്കും യജ്ഞസേനന്നും പല മാതിരി രത്നൗഘങ്ങളും, ധനവും കൊണ്ട് പാഞ്ചാലത്തിലെത്തിയ വിദുരൻ ന്യായപ്രകാരം ദ്രുപദനെ ചെന്നുകണ്ടു വന്ദിച്ചു. അദ്ദേഹവും വിദുരനെ യഥാവിധി സ്വീകരിച്ചു. മര്യാദപോലെ തമ്മിൽ കുശലപ്രശ്നം ചെയ്തു. പിന്നെ പാണ്ഡുപുത്രന്മാരേയും അവിടെ അതിഥിയായി വന്ന് കൃഷ്ണനേയും കണ്ടു. സ്നേഹത്തോടുകൂടി അവരെ പുണർന്ന് അനാമയം ചോദിച്ചു. അവർ ചെയ്യുന്ന പൂജയേറ്റ് ആ ബുദ്ധിമാൻ ധൃതരാഷ്ട്രൻ പറഞ്ഞവിധം സസ്നേഹം കുശലംചോദിക്കുകയും പലമാതിരി രത്നങ്ങളും, വസുജാലവും പാണ്ഡവന്മാർക്കും, കുന്തിക്കും, പാർഷതിക്കും നല്കുകകയും ചെയ്തു. ദ്രുപദന്റെ സൂതന്മാർക്കും കുരുക്കൾ പറഞ്ഞയച്ചപ്രകാരം സമ്മാനങ്ങൾ നല്കി പിന്നെ പാണ്ഡവന്മാരും കൃഷ്ണനും കേൾക്കെ അവരുടെ സന്നിധിയിൽവെച്ച് ദ്രുപദനോടു വിദുരൻ പറഞ്ഞു.''

വിദുരൻ പറഞ്ഞു: ''രാജാവേ, അങ്ങ് മന്ത്രിമാരോടും മക്കളോടും ചേർന്നിരുന്നു കേട്ടാലും. ധൃതരാഷ്ട്രരാജാവ് തന്റെ മക്കളോടും മന്ത്രിമാരോടും ബന്ധുജനങ്ങളോടുംകൂടി വളരെ സന്തുഷ്ടനായി. ഈയുള്ളവൻ വഴി കുശലപ്രശ്നം ചെയ്തിരിക്കുന്നു. ഈ പുതിയ ബന്ധംമൂലം നാം അത്യധികം സന്തോഷിക്കുന്നു. കൗരവരോടുകൂടി ഭീഷ്മനും മഹാപ്രാജ്ഞനായ ഭവാനോടു കുശലം ചോദിക്കുന്നു. ഹേ, പാഞ്ചാല്യ, ഭവാന്റെ ബന്ധുവായിത്തീർന്ന ധൃതരാഷ്ട്രമഹാരാജാവും മറ്റുകുരുവീരന്മാരും പ്രത്യേകം കൃതാർത്ഥരായെന്നോർക്കുന്നു. പാഞ്ചാലരാജാവേ, ഭവാനോടുള്ള ബന്ധത്വംകൊണ്ട് അവർക്കുള്ള സന്തോഷം രാജ്യലാഭം കൊണ്ടുപോയാലും സിദ്ധമാകയില്ല. ഈ പരമാർത്ഥമറിഞ്ഞ് 'ഭവാൻ പാണ്ഡുപുത്രന്മാരെ ഉടനെ യാത്രയയയ്ക്കണം. പാണ്ഡവന്മാരെ കാണുവാൻ കൗരവന്മാർക്കു വലിയ ആഗ്രഹമുണ്ട്. വളരെ നാളായി വേർപിരിഞ്ഞുനിന്ന ഈ നരശ്രേഷ്ഠന്മാർക്കും പുരം കാണുവാൻ താൽപര്യമുണ്ട്. അപ്രകാരം തന്നെ കുന്തിക്കും ആഗ്രഹമുണ്ടാകും. അങ്ങയുടെ പുത്രിയായ കൃഷ്ണയെ കാണുവാനും കൗരവന്മാരുടെ അന്തഃപുരസ്ത്രീകളെല്ലാം കാത്തുനില്ക്കുന്നു! അപ്രകാരംതന്നെ പൗരന്മാരും നാട്ടുകാരും കാണുവാൻ കൊതിച്ചു നില്ക്കുന്നു. അതുകൊണ്ട് ഭവാൻ താമസിക്കാതെ ഭാര്യയോടൊത്തു യാത്രപുറപ്പെടുവാൻ പാണ്ഡവന്മാർക്ക് സമ്മതം നല്കിയാലും. അതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. പാണ്ഡവന്മാരെ ഭവാൻ എന്റെകൂടെ അയയ്ക്കുകയാണെങ്കിൽ ധൃതരാഷ്ട്രന്റെ പാർശ്വത്തിലേക്ക് ഉടനെ ഞാൻ ദൂതനെ അയയ്ക്കുന്നതാണ്. കുന്തിയോടും കൃഷ്ണയോടും കൂടി പാണ്ഡവന്മാർ ഇതാ പുറപ്പെട്ടുകഴിഞ്ഞു എന്ന സന്ദേശം അതിവേഗത്തിൽ എത്തിക്കാം.''

207. പുരനിർമ്മാണം – ദ്രുപദൻ പറഞ്ഞു: ''മഹാപണ്ഡിതനായ വിദുര! ഭവാൻ പറഞ്ഞതു സത്യമാണ്. ഈ ബന്ധുത്വം കൊണ്ട് എനിക്കും വലിയ ആനന്ദം ഹൃദയത്തിലുണ്ട്! പക്ഷേ, ഇന്ന് അതു ഞാനായിട്ടു പറയുന്നതു ഭംഗിയല്ല. കുന്തീപുത്രനായ യുധിഷ്ഠിരൻ എപ്പോൾ വിചാരിക്കുന്നുവോ, ഭീമാർജ്ജുനന്മാരും, യമന്മാരും എപ്പോൾ വിചാരിക്കുന്നുവോ, അപ്പോൾ അവർക്കു പോകാം. രാമകൃഷ്ണന്മാർ എപ്പോൾ തീർച്ചപ്പെടുത്തുന്നുവോ, അപ്പോൾ അവർ പോകുന്നതിലും ഞാൻ തൃപ്തനാണ്. പുരുഷവ്യാഘ്രരായ രാമകൃഷ്ണന്മാർ എപ്പോഴും അവരുടെ ഹിതത്തിന്നുവേണ്ടി സന്നദ്ധരായിരിക്കയാണ്.''

യുധിഷ്ഠിരൻ പറഞ്ഞു: ''ഈ പറഞ്ഞ ഞങ്ങളെല്ലാം അങ്ങയ്ക്ക് വിധേയന്മാരാണ്. അങ്ങു സസന്തോഷം ഞങ്ങളോടു പറയുംപ്രകാരം ഞങ്ങൾ ചെയ്തുകൊള്ളാം.''

ഉടനെ കൃഷ്ണൻ ഇപ്രകാരം പറഞ്ഞു: ''ഹസ്തിനാപുരത്തേക്കു പോകുന്ന കാര്യം എനിക്കു സമ്മതമാണ്. കർമ്മമാർഗ്ഗങ്ങൾ വിശദമായി അറിയുന്ന സർവ്വധർമ്മജ്ഞനായ ദ്രുപദന്റെ അഭിപ്രായമെന്താണ്?''

ദ്രുപദൻ പറഞ്ഞു: ''ദാശാർഹനായ പുരുഷോത്തമൻ എന്തു വിചാരിക്കുന്നുവോ കാലോചിതമായ ആ ആലോചനയിൽ എനിക്കും സമ്മതമാണ്. യോഗ്യരായ പാർത്ഥന്മാർ എനിക്ക് എങ്ങനെയാണോ അങ്ങനെതന്നെയാണല്ലോ വാസുദേവനും. മഹാപുരുഷനായ ഈ ശ്രീകൃഷ്ണൻ ഈ പാണ്ഡവരുടെ ശ്രേയസ്സിനെപ്പറ്റി എത്രമേൽ ഗാഢമായി കരുതുന്നുണ്ടോ അത്രമേൽ കാര്യമായി ധർമ്മജൻ കരുതുന്നില്ലെന്നാണ് എന്റെ അഭിപ്രായം.''

വൈശമ്പായനൻ പറഞ്ഞു: ദ്രുപദൻ സമ്മതിച്ചു പറഞ്ഞ ഉടനെ പാണ്ഡവന്മാരും കൃഷ്ണനും വിദുരനും പാഞ്ചാലിയോടും കുന്തിയോടുംകൂടി സസന്തോഷം ഹസ്തിനാപുരിയിലേക്കു പുറപ്പെട്ടു. അവർ വരുന്നതായറിഞ്ഞ് ധൃതരാഷ്ട്രരാജാവ് കൗരവന്മാരെ അയച്ചു പാണ്ഡവരെ എതിരേല്ക്കുവാൻ ആജ്ഞാപിച്ചു. വലിയ വില്ലാളിയായ വികർണ്ണനേയും ചിത്രസേനനേയും വില്ലാളികളിൽ ശ്രേഷ്ഠനായ ദ്രോണനേയും കൃപനേയുമാണ് എതിരേല്പിന്നയച്ചത്. വീരന്മാരും തേജസ്വികളും മഹാശക്തരുമായ അവരാൽ ചുറ്റപ്പെട്ട് പാണ്ഡവന്മാർ ഹസ്തിനാപുരിയുടെ അന്തർഭാഗത്തേക്കു സാവധാനം പ്രവേശിച്ചു.

കൗതൂഹലത്താൽ നഗരം കാഴ്ചക്കാരാൽ ഉജ്ജ്വലിച്ചു. അവിടെ പാണ്ഡവർ ശോകവും ക്ലേശവും വിട്ടവിധം വിളങ്ങി. തങ്ങൾക്കു വേണ്ടി എന്തുംചെയ്യാൻ തയ്യാറുള്ള പൗരന്മാർ ഉറക്കെയും പതുക്കെയും സസന്തോഷം പറയുന്ന വാക്കുകൾകേട്ടു. സന്തോഷകരമായ ആ വാക്കുകൾ ഇപ്രകാരം മുഴങ്ങി.''

പൗരന്മാർ പറഞ്ഞു: ''ഇതാ നോക്കൂ! ധർമ്മജ്ഞനായ ആ പുരുഷപ്പുംഗവൻ വരുന്നു! സ്വന്തം അച്ഛനെപ്പോലെ ധർമ്മത്താൽ നമ്മെ സംരക്ഷിച്ചുവരുന്ന യുധിഷ്ഠിരൻ വരുന്നതു നോക്കൂ! സകലജനങ്ങൾക്കും പ്രിയനായ പാണ്ഡുരാജാവ് കാട്ടിൽ വേട്ടയാടാൻ പോയിട്ട് എത്രനാളായി! അദ്ദേഹം ഇതാ മടങ്ങിവരുന്നുവെന്ന് യുധിഷ്ഠിരനെക്കണ്ടാൽ തോന്നുന്നു. നമ്മൾക്കു വീണ്ടും

digitized by www.sreyas.in

പ്രിയം ചെയ്യുന്നതിന്നാണ് മടങ്ങിയെത്തുന്നത്. അതിന്നു യാതൊരു സംശയവുമില്ല. നമ്മൾക്ക് ഇപ്പോൾത്തന്നെ ആ മാന്യന്റെ വരവുകൊണ്ടുതന്നെ പ്രിയം ചെയ്തുകഴിഞ്ഞു. നമ്മുടെ വീരന്മാരായ പാണ്ഡവന്മാർ തിരിച്ചുവന്നുകഴിഞ്ഞു. ദൈവം നമുക്ക് ഇതിലും വലിയ ഒരു പ്രിയമെന്താണു ചെയ്യേണ്ടത്? ദാനം, ഹോമം, തപം ഇവ നാം ചെയ്തതിന്റെയെല്ലാം ആ പുണ്യംകൊണ്ട് പാണ്ഡുപുത്രന്മാർ നൂറുസംവത്സരം ഇവിടെ വാഴുമാറാകട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ പാണ്ഡവന്മാർ ധൃതരാഷ്ട്രന്റെയും ഭീഷ്മന്റെയും പാദങ്ങളിൽച്ചെന്നു നമസ്കരിച്ചു! മറ്റുപൂജ്യന്മാരെയും പൂജിച്ചു. എല്ലാ നാട്ടുകാരോടും കുശലം ചൊല്ലി. നാട്ടുകാരുടെ വന്ദനം സ്വീകരിച്ചു. ധൃതരാഷ്ട്രന്റെ ആജ്ഞ സ്വീകരിച്ച് അവർ ഓരോ മന്ദിരങ്ങളിൽ പ്രവേശിച്ചു. അങ്ങനെ സുഖമായി അവർ രാജധാനിയിൽ താമസിച്ചു. കുറച്ചുനാൾ അവർ അങ്ങനെ വിശ്രമിച്ചതിന്നുശേഷം ആ ശക്തന്മാരെ ധൃതരാഷ്ട്രനും ഭീഷ്മനുംകൂടി അരികിൽ വിളിച്ചുവരുത്തി പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ, നീ സഹോദരന്മാരോടുകൂടി എന്റെ വാക്കുകേട്ട് അനുസരിക്കുക! ഇനിയും നിങ്ങൾ തമ്മിൽ ഛിദ്രമുണ്ടാകാൻ പാടില്ല. അതുകൊണ്ട് നിങ്ങൾ ഖാണ്ഡവപ്രസ്ഥത്തിൽ പോയി വാണുകൊള്ളുക. തമ്മിൽ പിണങ്ങാതെ സുഖമായി അവിടെ പാർക്കുക. നിങ്ങൾ അവിടെ പാർക്കുകയാണെങ്കിൽ ആരും നിങ്ങളെ ഉപദ്രവിക്കുകയില്ല. രാജ്യത്തിൽ പകുതി നിങ്ങൾക്കു ഭാഗിച്ച് ഇതാ, ഞാൻ തരുന്നു. ഇന്ദ്രൻ വാനവരെയെന്നപോലെ പാർത്ഥൻ രക്ഷിച്ചുകൊണ്ടിരിക്കെ ക്ഷേമത്തിന്ന് ഒരു കുറവും സംഭവിക്കുകയില്ല. നിങ്ങൾക്കു ക്ഷേമമുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ വാക്കുകേട്ട് അവർ രാജാവിനെ കൈകൂപ്പി ആ ഘോരകാന്താരമാർഗ്ഗത്തിലൂടെ പോയി. കൃതകൃത്യരായ പാണ്ഡവന്മാർ അർദ്ധരാജ്യവും വാങ്ങി ഖാണ്ഡവപ്രസ്ഥത്തിൽ പ്രവേശിച്ചു. കൃഷ്ണനെ മുമ്പാക്കി അവർ അവിടെ എത്തിയപ്പോൾ സ്വർഗ്ഗമെന്നപോലെ ആ സ്ഥലം പ്രശോഭിച്ചു! പിന്നെ ആ സ്ഥലത്തു ശാന്തികർമ്മം കഴിപ്പിച്ച്, കൃഷ്ണദ്വൈപായനോപദേശപ്രകാരം പട്ടണത്തിന്നുള്ള സ്ഥാനം അളവുകഴിപ്പിച്ചു. കടൽപോലെ ആഴമുള്ള കിടങ്ങുകളും അംബരചുംബികളായ മതിൽക്കെട്ടുകളും നിർമ്മിച്ചു. വെള്ളമേഘം പോലെയും, ചന്ദ്രപ്രഭപോലെയും വിളങ്ങുന്ന ആ പുരം, നാഗങ്ങളുടെ ഭോഗവതി എന്നപോലെ' ശോഭിച്ചു.

ദ്വിപക്ഷമായി ഗരുഡാകാരമായ മാർഗ്ഗദ്വാരങ്ങളും, മണിമേടകളും, അഭ്രപ്രഭാമന്ദിരങ്ങളും അവയ്ക്കുചേർന്ന ഗോപുരങ്ങളും അഭേദ്യമായിരുന്നു. പലവിധത്തിൽ ശക്തരായ രക്ഷകരോടുകൂടി ദ്വിജിഹ്വനാഗങ്ങളെപ്പോലുള്ള ശക്തിജാലങ്ങളോടുകൂടി അഭ്യാസമേറിയ കാവല്ക്കാർ ചേർന്ന് അഴകുള്ളതും തീക്ഷ്ണവുമായ അങ്കുശം, മുൾത്തടികൾ, യന്ത്രങ്ങൾ, ഇരുമ്പുചക്രങ്ങൾ എന്നിവയോടുംകൂടി ആ പുരം പ്രശോഭിച്ചു.

വീതിയുള്ള പാതകളോടെ ദേവതാബാധകൂടാതെ പലമാതിരി ശുഭ്രഗൃഹങ്ങൾ നിരക്കുവാൻ തുടങ്ങിയപ്പോൾ ഇന്ദ്രലോകംപോലെ ഇന്ദ്രപ്രസ്ഥം പ്രശോഭിച്ചു. മിന്നൽപ്രഭചേർന്നു മിന്നുന്ന മേഘജാലം പോലെ രമ്യമായ ആ പ്രദേശത്ത് കൗരവേന്ദ്രന്റെ മന്ദിരം വിളങ്ങി. പൂങ്കാവുകളോടുകൂടിയ ആ മന്ദിരം യക്ഷരാജാവിന്റെ ഗൃഹംപോലെ പ്രഭവീശി. സർവ്വവേദവിദഗ്ദ്ധന്മാരായ ബ്രാഹ്മണർ അവിടെ എത്തി. സർവ്വഭാഷാവിദഗ്ദ്ധന്മാരും അവിടെ പാർപ്പുറപ്പിച്ചു. നാനാദേശത്തിൽനിന്നും ധനാർത്ഥികളായ വണിക്കുകൾ കച്ചവടത്തിന്നായി അവിടെ വന്നെത്തി. എല്ലാത്തരം ശില്പവിദ്യകളും പഠിച്ചിട്ടുള്ളവർ അവിടെ വന്നു പാർപ്പുറപ്പിച്ചു. നല്ല ഉദ്യാനങ്ങൾ നഗരത്തിന്നു ചുറ്റും വെച്ചുപിടിപ്പിച്ചു. തേന്മാവ്, അമ്പഴം, കടമ്പ്, അശോകം, ചമ്പകം, പുന്ന, നാഗപ്പൂ, നാരകം, ആഞ്ഞിലി, പിലാവ്, പയിൻ, പന, പച്ചിലമരം, ഇലഞ്ഞി, കൈത മുതലായ മനോജ്ഞവൃക്ഷങ്ങൾ പൂക്കൾ നിറഞ്ഞും കായ്കൾ തൂങ്ങിയും അവിടെ പ്രശോഭിച്ചിരുന്നു. നെല്ലി, പാച്ചോറ്റി, അങ്കോലം മുതലായ മരങ്ങൾ പൂക്കളണിഞ്ഞുനിന്നു. ഞാവൽ, പാതിരി, തൊടുകാര, മുല്ല, കരവീരം, പാരിജാതം തുടങ്ങിയ ഓരോ വൃക്ഷലതാദികളും എന്നും പൂത്തും കായ്ച്ചും അനുഭവയോഗ്യമായി, പലതരം പക്ഷികൾക്കും നിവാസസ്ഥാനമായി ശോഭിച്ചു. മദിച്ചാടുന്ന മയിലുകളുടേയും കൂകുന്ന കുയിലുകളുടേയും ഘോഷങ്ങൾ മുഴങ്ങി. വെണ്മാടങ്ങളും, നാനാതരം വല്ലീഗൃഹങ്ങളും, ചിത്രശാലകളും, കൃത്രിമശൈലങ്ങളും, വെള്ളം നിറഞ്ഞു പ്രശോഭിക്കുന്ന തടാകങ്ങളും വിളങ്ങി. ആമ്പലും, താമരയും പൂമണംവീശുന്ന പൊയ്കകളും, അന്നം, കാരണ്ഡവം, ചക്രവാകം എന്നീ പക്ഷികളോടുചേർന്ന് വിലസുന്ന സുന്ദരമായ പുഷ്കരണികളും, വിസ്തൃതമായ ചിറകളും ഒക്കെച്ചേർന്ന് ആ സ്ഥലം പാണ്ഡവന്മാർക്ക് വളരെയധികം പ്രീതിയുളവാക്കി.

ഭീഷ്മനും ധൃതരാഷ്ട്രനുംകൂടി ധർമ്മപുത്രനെ ഇങ്ങോട്ടയച്ചതുമൂലം പാണ്ഡവർ ഖാണ്ഡവപ്രസ്ഥത്തിൽ അധിവസിച്ചു.

ഇന്ദ്രസന്നിഭന്മാരായ ഈ അഞ്ചുപേരും വാണതുമൂലം, നാഗങ്ങളാൽ 'ഭോഗവതീപുരി' എന്നപോലെ, ആ നഗരം ശോഭിച്ചു. അവരെ അവിടെ വാഴിച്ചതിന്നുശേഷം രാമനോടുകൂടി കൃഷ്ണൻ പാണ്ഡവന്മാരുടെ അനുജ്ഞവാങ്ങി ദ്വാരകയിലേക്കു മടങ്ങി."

208. യുധിഷ്ഠിരനാരദസംവാദം – ജനമേജയൻ പറഞ്ഞു: "ഇപ്രകാരം ഇന്ദ്രപ്രസ്ഥത്തെ രാജ്യഭാരം ഏറ്റതിന്നുശേഷം, ഹേ, തപോധന! ആ പാണ്ഡുപുത്രന്മാർ എന്തു ചെയ്തു? എന്റെ പൂർവ്വപിതാമഹന്മാർ മഹാബലവാന്മാരായിരുന്നുവല്ലോ. അവരെ പത്നിയായ കൃഷ്ണ എങ്ങനെ അനുവർത്തിച്ചു? അവർക്ക് അഞ്ചുപേർക്കും കൃഷ്ണ ഒരുവൾ മാത്രമാണല്ലോ ഭാര്യയായിരുന്നത്. തന്മൂലം അവർ തമ്മിൽ പിണങ്ങാതെ കഴിഞ്ഞതെങ്ങനെയാണ്? എല്ലാം വിസ്തരിച്ചു കേൾക്കുവാൻ ഞാനാഗ്രഹിക്കുന്നു. പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ അനുജ്ഞപ്രകാരം പകുതി രാജ്യം നേടി പാഞ്ചാലിയോടുകൂടി പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തിൽ സുഖമായി വസിച്ചു. കൈവശംവന്ന രാജ്യത്തെ സത്യസന്ധനായ യുധിഷ്ഠിരൻ ധർമ്മപ്രകാരം സോദരന്മാരോടുകൂടി പാലിച്ചു. ജിതവൈരികളായി ധീമാന്മാരായ അവർ സത്യധർമ്മങ്ങൾ വിടാതെ പരമാനന്ദത്തോടുകൂടി അവിടെ അധിവസിച്ചു. പൗരകാര്യങ്ങളൊക്കെ വേണ്ടവിധം നടത്തി. രാജാക്കന്മാർക്കു ചേർന്ന അധികാരത്തോടെ ഭരണം നടത്തി.

ആ മഹാത്മാക്കൾ ഇപ്രകാരം ഭരിച്ചുവരുന്ന കാലത്ത് ഒരു ദിവസം പാണ്ഡവന്മാർ താന്താങ്ങളുടെ ഇരിപ്പിടങ്ങളിൽ ഇരിക്കുമ്പോൾ നാരദമഹർഷി അവിടെ എഴുന്നള്ളി. അപ്രതീക്ഷിതമായി നാരദമഹർഷിയെ കണ്ടയുടനെ അവരഞ്ചുപേരും സിംഹാസനത്തിൽനിന്ന് എഴുന്നേറ്റു കൈകൂപ്പി.

രമ്യമായ തന്റെ സിംഹാസനം യുധിഷ്ഠിരൻ മഹർഷിക്കു നല്കി. മുനി ഇരുന്നതിന്നുശേഷം യുധിഷ്ഠിരൻ ദേവർഷിക്ക് അർഘ്യം യഥാവിധി നല്കി. അതിന്റെ ശേഷം യുധിഷ്ഠിരൻ തന്റെ രാജ്യത്തെ അദ്ദേഹത്തിന്നു നിവേദിച്ചു.

ആ പൂജയേറ്റ് നന്ദി കൈക്കൊണ്ട് ആശീർവ്വാദം ചെയ്ത് മുനി അവരോട് ഇരിക്കുവാൻ കല്പിച്ചു. മഹർഷിയുടെ സമ്മതത്തോടെ യുധിഷ്ഠിരൻ അരികിലിരുന്നു. ഭഗവാൻ അവിടെ എഴുന്നള്ളിയിരിക്കുന്ന വൃത്താന്തം കൃഷ്ണയെ അറിയിച്ചു. അതുകേട്ട് ദ്രൗപദിയും ശുചിയായി ശ്രദ്ധയോടെ പാണ്ഡവരോടുകൂടി നാരദന്റെ സന്നിധിയിൽ ചെന്നു. ദേവർഷിയുടെ തൃപ്പാദം ആ ധർമ്മചാരിണി വന്ദിച്ച് കൈകൂപ്പി വിനയത്തോടെ അവഗുണ്ഠനം (മുഖപടം)കൊണ്ടു മറച്ചു നിന്നു. മഹാശയനായ മുനി അവളെ ആശീർവ്വദിച്ചു. അനന്തരം അവളോട് അന്തഃപുരത്തിലേക്കു പൊയ്ക്കൊള്ളുവാൻ കല്പിച്ചു. കൃഷ്ണപോയതിന്നു

digitized by www.sreyas.in

ശേഷം ധർമ്മജാദികളോട് ആ മഹർഷിപ്രവരൻ രഹസ്യമായി ഇപ്രകാരം പറഞ്ഞു."

നാരദൻ പറഞ്ഞു: "നിങ്ങൾക്കഞ്ചുപേർക്കും ധർമ്മാചരണത്തിന്നുള്ള ഒരേയൊരു പത്നി കൃഷ്ണയാണല്ലോ. ഒരു വിധത്തിലും നിങ്ങൾ തമ്മിൽ ഛിദ്രിക്കാത്തവിധം വ്യവസ്ഥയോടെ ഒരു നീതി അനുസരിക്കണം. പണ്ട് വളരെ ഐക്യത്തോടെ ജീവിച്ചിരുന്ന 'സുന്ദോപസുന്ദരന്മാരെ'ന്ന സോദരന്മാർ ത്രിലോകത്തിൽ അവദ്ധ്യന്മാരായിവാണു. ഒരേ ഒരു രാജ്യം, ഒരേ ഒരു ഭവനം, ഒരേ ശയ്യ, ഒരേ ആസനം. അങ്ങനെ ഏറ്റവും ഐക്യത്തോടും സ്നേഹത്തോടുംകൂടിയാണ് അവർ ജീവിച്ചത്. എന്നാൽ 'തിലോത്തമ' കാരണം അവർ തമ്മിൽ അടികൂടി രണ്ടുപേരും ചത്തു. അതു ചിന്തിച്ച് അന്യോന്യപ്രീതിസാധനമായ സൗഹൃദം നിങ്ങൾ സംരക്ഷിക്കുവിൻ. നിങ്ങൾ തമ്മിൽ ഛിദ്രം ബാധിക്കാതെ ഹേ, യുധിഷ്ഠിരാ! കാത്തുകൊള്ളണം."

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ, സുന്ദോപസുന്ദർ ആരുടെ പുത്രരാണ്? അവർ തമ്മിൽ ഛിദ്രം വരുവാൻ കാരണമെന്താണ്? അപ്സരസ്സായ തിലോത്തമ എന്ന കന്യക ആരുടെ പുത്രിയാണ്? അവളിൽ കാമംമൂലമാണല്ലോ അവർ തമ്മിൽ കൊന്നത്. അവളുടെ കഥയെന്താണ്? ഇതൊക്കെ ഉണ്ടായവിധം വിസ്തരിച്ചു കേൾക്കുവാൻ ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ട്. ഭഗവാനേ, അളവറ്റ കൗതുകം തോന്നുന്നു. പറഞ്ഞാലും!"

209. സുന്ദോപസുന്ദോപാഖ്യാനം – നാരദൻ പറഞ്ഞു: "ഭ്രാതാക്കന്മാരോടുകൂടി യുധിഷ്ഠിരാ, ഭവാൻ കേട്ടുകൊള്ളുക. മുറയ്ക്ക് ഞാൻ ആ പഴങ്കഥ വിസ്തരിച്ചുപറയാം.

പണ്ട് അസുരനായ ഹിരണ്യകശിപുവിന്റെ വംശത്തിൽ 'നികുംഭൻ' എന്നുപേരായ ഒരു ദൈത്യേന്ദ്രൻ ഉണ്ടായി. അവന്റെ മക്കളായി ഭീമവിക്രമന്മാരായ രണ്ട് ക്രൂരബുദ്ധികൾ പിറന്നു. 'സുന്ദൻ' എന്നും 'ഉപസുന്ദൻ' എന്നുമായിരുന്നു ആ ഭ്രാതാക്കളുടെ പേര്.

ഒരേ കാര്യത്തിന്നുവേണ്ടി ഒരേ നിശ്ചയത്തോടെ സമസുഖദുഃഖന്മാരായി ഒന്നിച്ച് അവർ പാർത്തു. അവർ പരസ്പരസ്നേഹത്തോടെ പിരിയാതെ വസിച്ചു. ഒന്നിച്ചല്ലാതെ അവർ ഉണ്ണാറില്ല. ഒന്നിച്ചേ സല്ലപിക്കുകയുള്ളു. അവർ പരസ്പരം സ്നേഹിതന്മാരും പരസ്പരം പ്രിയവാദികളുമായിത്തീർന്നു. ഏകശീലന്മാരും ഏകാചാരന്മാരുമായ അവർ ഒരേയൊരാൾതന്നെ രണ്ടു ശരീരമായി നില്ക്കുന്നതുപോലെ ജീവിച്ചു. ഒരേ കാര്യത്തിന്നുവേണ്ടി ജീവിക്കുന്ന അവർ വളർന്നുവന്നു. ത്രൈലോക്യം കീഴടക്കണമെന്നായിരുന്നു അവരുടെ മോഹം. അവർ അതിന്നുവേണ്ടി വ്രതമെടുത്ത് വിന്ധ്യാദ്രിയിൽപ്പോയി ഘോരമായ തപസ്സിൽ ഏർപ്പെട്ടു. വളരെക്കാലം തപസ്സുചെയ്തു.

വിശപ്പും ദാഹവും സഹിച്ച്, ജടാവല്ക്കലങ്ങൾ ധരിച്ച്, ദേഹത്തിൽ ചളിപുരണ്ട്, വായുമാത്രം ഭക്ഷിച്ച്, പാദാംഗുഷ്ഠത്തിൽ മാത്രം നിന്ന്, സ്വശരീരം മുറിച്ചു ഹോമിച്ച്, കൈപൊക്കി, കണ്ണടയ്ക്കാതെ, വളരെക്കാലം വ്രതമവലംബിച്ച് തപസ്സുചെയ്തുനിന്നു.

അവരുടെ വളരെനാളത്തെ കഠിനമായ തപസ്സിന്റെ ശക്തികൊണ്ട് ചുട്ടുപഴുത്ത വിന്ധ്യാശൈലം ധൂമം പുറത്തേക്കുവിട്ടു. അത് ഒരു മഹാത്ഭുതമായി ജനങ്ങൾ കണ്ടു. അവർ ചെയ്യുന്ന ഘോരമായ തപസ്സുകണ്ട് ദേവകൾ പേടിച്ചു. തപോഭംഗം വരുത്തുവാൻ പല പ്രതിബന്ധകർമ്മങ്ങളും ചെയ്തുനോക്കി.

അസംഖ്യം ദിവ്യരത്നങ്ങൾ മുമ്പിൽ കൊണ്ടുവെച്ചും, സുന്ദരിമാരായ അനേകം സ്ത്രീകളെ അയച്ചും, പലമട്ടിൽ പ്രലോഭിപ്പിച്ചുനോക്കി. അവർ വ്രതത്തിൽനിന്ന് പിന്മാറിയില്ല. കനകംകൊണ്ടും കാമിനിമാരെക്കൊണ്ടും അവരുടെ വ്രതത്തിന്നു വിഘ്നമുണ്ടാക്കാൻ കഴിയാതായപ്പോൾ ദേവകൾ പലമാതിരി തന്ത്രങ്ങളും കാണിച്ചു. അവരുടെ സോദരിമാരെയും, മാതാവിനെയും, ബന്ധുക്കളേയും ശൂലത്തിന്മേൽ, അവർ കാൺകെ, ഒരു ക്രൂരരാക്ഷസൻ വന്നു കയറ്റി. രക്ഷസ്സ് ശൂലംകൊണ്ടു കുത്തിക്കീറി. അപ്പോൾ അവർ കേശാഭരണങ്ങളും രത്നങ്ങളും അഴിച്ചുചിന്നി രക്ഷിക്കണേ! ഞങ്ങളെ രക്ഷിക്കണേ! എന്നു നിലവിളിച്ചു. എന്നിട്ടും ആ മഹാവ്രതന്മാർ വ്രതഭംഗം ചെയ്തില്ല. രണ്ടുപേരിൽ ഒരുത്തനെങ്കിലും ക്ഷോഭിക്കുകയോ ദുഃഖിക്കുകയോ ചെയ്യാത്തതുകണ്ട് ആ സ്ത്രീജനങ്ങളും അവിടെ കണ്ട ഭൂതവും അപ്രത്യക്ഷമായി. മായാവിദ്യകളൊന്നും അവരോടു ഫലിച്ചില്ല. ഒടുവിൽ പിതാമഹൻതന്നെ അവരുടെ മുമ്പിൽ വന്നെത്തി ദൈത്യേന്ദ്രരോടു പറഞ്ഞു."

ബ്രഹ്മാവു പറഞ്ഞു: "ഹേ, സുന്ദോപസുന്ദന്മാരേ, ഞാൻ നിങ്ങളുടെ തപസ്സിൽ സംതൃപ്തനായിരിക്കുന്നു. എന്തു വരമാണ് നിങ്ങൾക്കു വേണ്ടത്? വരിച്ചാലും."

നാരദൻ പറഞ്ഞു: "ബ്രഹ്മാവു പറഞ്ഞതുകേട്ട് ആ ദൃഢവിക്രമികളായ ഭ്രാതാക്കൾ പിതാമഹന്റെ മുമ്പിൽ കൈകൂപ്പിനിന്നു രണ്ടുപേരും ഏകാഭിപ്രായം അറിയിച്ചു."

സുന്ദോപസുന്ദന്മാർ പറഞ്ഞു: "ഹേ, പിതാമഹാ! ഞങ്ങളുടെ തപസ്സുകൊണ്ട് ഭവാൻ പ്രീതനായി എന്നു ഞങ്ങൾ കരുതുന്നു. പ്രീതനായെങ്കിൽ അവിടുന്ന് ഞങ്ങൾക്ക് ഈ വരം നല്കണം: ഞങ്ങൾക്കു സകല മായാവിദ്യകളും അസ്ത്രവിദ്യകളും പൂർണ്ണമായി അറിയുമാറാകണം. ഞങ്ങൾ ശക്തന്മാരായും കാമരൂപികൾ[1] ആയും ഭവാന്റെ പ്രസാദത്താൽ അമരന്മാരായും[2] ഭവിക്കണം."

ബ്രഹ്മാവു പറഞ്ഞു: "അമരത്വം ഒഴികെ മറ്റെല്ലാം നിങ്ങൾ പറഞ്ഞവിധം ഞാൻ നല്കും. മറ്റുകാര്യങ്ങളിൽ നിങ്ങൾ അമരപ്രായന്മാരായിത്തീരുകയും ചെയ്യും. നിങ്ങൾക്ക് മൃത്യുവിന്ന് ഒരു മാർഗ്ഗം വരിക്കണം. പ്രഭുത്വം നേടുവാൻ മാത്രമായി വലിയ തപം തുടങ്ങിയവരാണല്ലോ നിങ്ങൾ. അതുകൊണ്ട്, അമരത്വം തരുവാൻ വയ്യ. ത്രൈലോക്യം കീഴടക്കാനാണല്ലോ നിങ്ങൾ തപിച്ചത്. അതുകൊണ്ട്, ദൈത്യന്മാരേ, നിങ്ങൾക്ക് അമരത്വം ഞാൻ തരുന്നതല്ല. അത് ആവശ്യപ്പെടാൻ ന്യായവുമില്ല."

സുന്ദോപസുന്ദന്മാർ പറഞ്ഞു: "ത്രിലോകത്തിലുള്ള നാനാ ചരാചരങ്ങളിൽ ഒന്നിനാലും ഞങ്ങൾ മരിക്കരുത്. ഞങ്ങൾ മരിക്കണമെങ്കിൽ ഞങ്ങൾ തമ്മിൽത്തമ്മിൽ കൊല്ലണം. മറ്റുവിധത്തിൽ ചരാചരങ്ങളിൽ ഒന്നിൽനിന്നും മരണം ഞങ്ങൾക്കു സംഭവിക്കരുതെന്നു വരം തരണം."

ബ്രഹ്മാവു പറഞ്ഞു: "നിങ്ങൾ അഭ്യർത്ഥിച്ചതുപോലെ തന്നെ വരും. ഞാൻ വരംതരുന്നു. നിങ്ങൾ അന്യോന്യമല്ലാതെ, മറ്റാർക്കും നിങ്ങളെ കൊല്ലുവാൻ കഴിയുകയില്ല."

നാരദൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം അവർക്കു വരം നല്കി, തപസ്സിൽനിന്നു വിരമിപ്പിച്ച് ബ്രഹ്മലോകത്തേക്കു പോയി. വരങ്ങൾ നേടി സന്തോഷത്തോടെ സർവ്വലോകർക്കും അവദ്ധ്യന്മാരായി സ്വഗൃഹത്തിലേക്ക് അവർ മടങ്ങി. ഇഷ്ടംപോലെ വരങ്ങൾ വാങ്ങിവന്ന ധീരന്മാരായ അവരെക്കണ്ട് സുഹൃത്തുക്കളെല്ലാം അഭിനന്ദിച്ചു. ജടമാറ്റി പൊൻമുടി ചൂടി, നല്ല ആഭരണങ്ങളും, നല്ല വസ്ത്രങ്ങളും അണിഞ്ഞ് കറുത്തപക്ഷത്തിൽപ്പോലും, സർവ്വജനങ്ങൾക്കും ആഹ്ലാദം ജനിപ്പിക്കുമാറു നിലാവുണ്ടാക്കി, ചന്ദ്രോത്സവങ്ങൾ ആഘോഷിച്ച് നിത്യപ്രമോദത്തോടെ ദൈത്യരും മിത്രങ്ങളും ഉല്ലസിക്കുവാൻ തുടങ്ങി. 'തിന്നുക! കുടിക്കുക! നല്കുക! രമിക്കുക! അനുഭവിക്കുക! പാടുക! ആടുക!' ഇപ്രകാരമുള്ള ശബ്ദകോലാഹലങ്ങൾ അവരുടെ ഗൃഹത്തിൽ മുഴങ്ങി. കൈകൊട്ടിയാർക്കുന്ന ഘോഷവും മറ്റ് ആഹ്ലാദപ്രകടനങ്ങളുംകൊണ്ട് ആ ദൈത്യപത്തനം മുഖരിതമായി. കാമരൂപികളായ ആ ദൈത്യന്മാർ ഓരോ കളികൾകൊണ്ട് ആഹ്ലാദഭരിതരായി. അവർക്ക് അനേകവർഷങ്ങൾ ഒറ്റദിവസമെന്നപോലെ നീങ്ങി."

1 ഇഷ്ടരൂപം എടുക്കാൻ കഴിവുള്ളവർ.

2 അമരന്മാർ = മരണമില്ലാത്തവർ.

digitized by www.sreyas.in

210. സുന്ദോപസുന്ദോപാഖ്യാനം (തുടർച്ച) – നാരദൻ കഥ തുടർന്നു: "ഇങ്ങനെ ഉത്സവങ്ങൾ ആഘോഷിച്ച് അവർ മൂന്നുലോകത്തേയും ജയിക്കുവാനുള്ള മാർഗ്ഗം തമ്മിൽ ആലോചിച്ചുറപ്പിച്ച് സൈന്യങ്ങളെ സജ്ജീകരിച്ചു. മിത്രങ്ങളും ദൈത്യരും വൃദ്ധരായ അമാത്യരും സമ്മതിച്ചപ്രകാരം മകംനക്ഷത്രത്തിൽ രാത്രിസമയത്ത് അവർ പുറപ്പെട്ടു.

ഗദ, പട്ടസം, ശൂലം, ഉഗ്രമായ മുൽഗരം മുതലായ ആയുധങ്ങൾ ധരിച്ച് ചട്ടയിട്ട് ദൈത്യേന്ദ്രസൈന്യങ്ങളോടുകൂടി ഇറങ്ങി. മംഗളസ്തുതിഘോഷങ്ങളോടും, ചാരണന്മാരുടെ സ്തുതിഗീതങ്ങളോടുംകൂടി രസമായി അവർ യാത്രപുറപ്പെട്ടു. ഉടനെ കാമഗരായ അവർ ആകാശത്തേക്കുചെന്നു. വാനവന്മാർ വാഴുന്നേടത്തു ചെന്നു. ബ്രഹ്മാവിന്റെ വരംകൊണ്ട് ശക്തന്മാരായ ആ യുദ്ധദുർമ്മദന്മാർ വന്നതറിഞ്ഞ് ദേവകളെല്ലാം സ്വർഗ്ഗംവിട്ട് സത്യലോകത്തേക്ക് ഓടി, അവിടെ രക്ഷ പ്രാപിച്ചു. ഇന്ദ്രലോകം ജയിച്ച് യക്ഷരക്ഷോഗണത്തെ കൊന്ന് ഖേചരസമൂഹത്തേയും നശിപ്പിച്ച് ഭൂമിക്കടിയിലേക്കു പോയി. അവിടെ നാഗലോകത്തെത്തി നാഗങ്ങളേയും ജയിച്ചു. പിന്നെ സമുദ്രത്തിൽച്ചെന്ന് മ്ലേച്ഛവർഗ്ഗത്തെയൊക്കെ അടക്കി. ഉഗ്രശാസനരായ അവർ പിന്നീട് ഭൂമിമുഴുവൻ ജയിക്കുവാൻ പടകൂട്ടി. അവർ ഇപ്രകാരം ഉഗ്രമായ കല്പന കൊടുത്തു."

സുന്ദോപസുന്ദന്മാർ പറഞ്ഞു: "യാഗത്താൽ രാജാക്കന്മാരും, ഹവ്യത്താൽ വിപ്രന്മാരും ദേവന്മാർക്ക് തേജസ്സും ശ്രീയും വർദ്ധിപ്പിക്കുന്നു. ഇത് അസുരദ്രോഹമാണ്. ഇങ്ങനെ അസുരദ്വേഷം ചെയ്യുന്നവരെ എല്ലാം നാം ഒത്തൊരുമിച്ചുനിന്നു വധിക്കാം."

നാരദൻ പറഞ്ഞു: "അവർ എല്ലാ ഭടന്മാരോടും ഇങ്ങനെ കല്പിച്ച് കിഴക്കേ സമുദ്രത്തിന്റെ കരയിൽ ക്രൂരമായ നിശ്ചയത്തോടെ ചെന്നുകയറി. യാഗം ചെയ്യുന്നവരും യാഗംചെയ്യിക്കുന്നവരുമായ എല്ലാ വിപ്രരേയും ബലമായി ആക്രമിച്ചുകൊന്ന് അവിടെനിന്നു തിരിച്ചു. പിന്നെ മുനിമാരുടെ ആശ്രമങ്ങൾതോറും കയറി. ഋഷിമാരുടെ ഹോമസാധനങ്ങളും മറ്റും അവരുടെ സൈന്യങ്ങൾ വെള്ളത്തിലേക്കു വലിച്ചെറിഞ്ഞു. മുനികൾ കോപിച്ചു ശപിച്ചെങ്കിലും അതൊന്നും ഫലിക്കുകയുണ്ടായില്ല. ശാപം വരശ്ശക്തിയാൽ നീങ്ങിപ്പോയി. അമ്പ് പാറയിലെന്നപോലെ ശാപം ഫലിക്കാതായപ്പോൾ നിയമം ഉപേക്ഷിച്ച് ദ്വിജസത്തമന്മാർ സ്ഥലംവിട്ട് ഓടി. മന്നിൽ തപസ്സിദ്ധരായി ദാന്തരായ ആ ശമശാലികൾ, ഗരുഡഭയത്താൽ നാഗങ്ങളെന്നവിധം, അവരെ ഭയപ്പെട്ട് ഓടിക്കളഞ്ഞു. കലശങ്ങളും സ്രവങ്ങളുമെല്ലാം അടിച്ചുതകർത്തു. ആശ്രമം മുടിച്ചുചിന്നി ലോകമൊക്കെ ശൂന്യമാക്കി; കാലൻ ആക്രമിച്ചപോലെ ലോകം മുടിച്ചു. അദൃശ്യരായ മുനികളെപ്പറ്റി അവർ ചിന്തിച്ചു. അവരെ കൊല്ലുവാൻവേണ്ടി വികൃതപ്പണികൾ എടുത്തു. മദംപൊട്ടുന്ന ആനകളുടെ രൂപം സ്വീകരിച്ച് അവർ ദുർഗ്ഗത്തിൽപ്പോയി ഒളിച്ച ഋഷിമാരെക്കൂടി കൊന്നുകളഞ്ഞു. സിംഹങ്ങളായും വ്യാഘ്രങ്ങളായും കാണാത്ത രൂപമെടുത്തും, ഓരോ ഉപായങ്ങളെടുത്തും ഋഷിമാരെ കൊന്നൊടുക്കി.

ദ്വിജന്മാരും നൃപന്മാരും നശിക്കുവാൻ തുടങ്ങിയപ്പോൾ യജ്ഞവും വേദാദ്ധ്യയനവുമില്ലാതായി. ഉത്സവങ്ങൾ ഇല്ലാതായി. സന്തോഷങ്ങളും സത്കർമ്മങ്ങളും ഇല്ലാതായ ഭൂലോകം നഷ്ടപ്രായമായി; 'ഹാ! ഹാ! അയ്യോ!' എന്ന ശബ്ദം മുഴങ്ങി. വ്യാപാരങ്ങൾ ഇല്ലാതെ അങ്ങാടികൾ നശിച്ചു. ദേവകാര്യങ്ങൾ ഇല്ലാതായി. പുണ്യോദ്വാഹാദികളും, മംഗളകർമ്മങ്ങളും ഒരിടത്തും നടക്കാതായി. കൃഷിരക്ഷയും, ഗോരക്ഷയും ഇല്ലാതായി. നഗരങ്ങളും ആശ്രമങ്ങളുമില്ലാതായി. അസ്ഥികളും കങ്കാളങ്ങളും സർവ്വത്ര ചിന്നി ഭയങ്കരാകാരമായിത്തീർന്നു ഭൂമുഖം! പിതൃകർമ്മങ്ങൾ നിന്നു. യാഗഹോമാദിക്രിയകളൊന്നുമില്ലാതായി. ലോകമൊക്കെ ഭീഷണമായി; ദുർദ്ദർശനമായ സ്ഥിതിയിലായി. ചന്ദ്രാർക്കന്മാരും താരകങ്ങളും നക്ഷത്രഗ്രഹദേവകളും സുന്ദോപസുന്ദന്മാരുടെ ക്രൗര്യംകൊണ്ട് വിവർണ്ണരായിത്തീർന്നു.

ഇങ്ങനെ ആ മഹാസുരന്മാർ ക്രൂരകർമ്മംകൊണ്ടു ദിക്കുകളെല്ലാം ജയിച്ചു. ശത്രുക്കളില്ലാത്ത നിലയിലെത്തിയ അവർ കുരുക്ഷേത്രത്തിൽ താമസമാക്കി."

211. സുന്ദോപസുന്ദോപാഖ്യാനം (തുടർച്ച) – നാരദൻ കഥ തുടർന്നു: "പിന്നെ ദേവർഷിമുഖ്യന്മാരും മുനിമാരും ജഗത്രയത്തിന്നുവന്ന മഹാനാശം കണ്ട് ആർത്തരായിത്തീർന്നു. ക്രോധം ജയിച്ചവരും, ജിതാത്മാക്കളും ജിതേന്ദ്രിയരുമായ മഹർഷിമാർ ലോകത്തോടുള്ള കരുണകൊണ്ട് ലോകപിതാമഹന്റെ ഭവനത്തിലേക്കു ചെന്നു. ദുർവ്വിചാരമുള്ളവർക്കു സത്യലോകത്തിൽ ചെല്ലുവാൻ കഴിയുകയില്ലല്ലോ. അവിടെ ദേവന്മാരോടുകൂടി പിതാമഹൻ സിദ്ധബ്രഹ്മർഷിമദ്ധ്യത്തിൽ ഇരിക്കുന്നു. അവിടെ സാക്ഷാൽ മഹേശ്വരനും, അഗ്നിയും, വായുദേവനും ചന്ദ്രനും അർക്കനും ഇന്ദ്രനും ബ്രഹ്മപുത്രരായ മുനീശ്വരന്മാരും കൂടിയിരുന്നു. വ്രതസ്ഥരായ ബാലഖില്യരും വാനപ്രസ്ഥരായ മരീചിപന്മാരും അജന്മാരും അവിമൂഢന്മാരും തേജസ്സേറുന്ന തപസികളും മാത്രമല്ല, എല്ലാ മുനീശ്വരന്മാരും പിതാമഹനെ സേവിക്കുവാൻ എത്തിയിരിക്കുന്നു.

അടുത്തുചെന്ന് പരമദുഃഖിതന്മാരായ ആ മുനിമാരെല്ലാവരും സുന്ദോപസുന്ദന്മാരുടെ കർമ്മങ്ങളെല്ലാം വിസ്തരിച്ചുപറഞ്ഞു. അവരുടെ അപഹരണവും ചെയ്തതിന്റെ ക്രമഭേദവും ഒക്കെ ഒന്നും വിടാതെ വിരിഞ്ചനെ ഉണർത്തിച്ചു. പിന്നെ ദേവകളും സർവ്വമഹർഷികുലമുഖ്യന്മാരും ഇക്കാര്യത്തെപ്പറ്റി ബ്രഹ്മാവിനോടു കലശലായി നിർബ്ബന്ധപൂർവ്വം പറഞ്ഞു.

എല്ലാവരും പറഞ്ഞ വാക്കുകളെല്ലാം കേട്ട് പിതാമഹൻ തെല്ലുനേരം വിചാരിച്ചിരുന്നു. അതിന്റെ ശേഷം നല്ലതായ ഒരു കാര്യം മനസ്സിലുറപ്പിച്ചു. ഒരു വിദ്യ സുന്ദോപസുന്ദന്മാരെ കൊല്ലുവാൻ വിധി കണ്ടുപിടിച്ചു. വിശ്വകർമ്മാവിനെ വിളിച്ചുവരുത്തി. അതിരറ്റ ആത്മശക്തിയുള്ള ബ്രഹ്മാവിന്റെ വിളികേട്ട് വിശ്വകർമ്മാവ് എത്തി. ബ്രഹ്മാവ് ശില്പകുശലനായ വിശ്വകർമ്മാവിനെ നോക്കി പറഞ്ഞു."

ബ്രഹ്മാവു പറഞ്ഞു: "വിശ്വകർമ്മാവേ, കാമപൂർത്തിക്കുവേണ്ടി ആരും ആഗ്രഹിക്കത്തക്ക യൗവനമദം തുളുമ്പുന്ന ഒരു പരമസുന്ദരിയെ ഉടനെ സൃഷ്ടിക്കണം."

നാരദൻ പറഞ്ഞു: "വിശ്വകർമ്മാവിനു കാര്യം മനസ്സിലായി. വിധിയെ കൈവണങ്ങി കല്പന ശിരസാവഹിച്ച്, വീണ്ടും വീണ്ടും മനസ്സുവെച്ച്, ദിവ്യയായ ഒരു നാരിയെ നിർമ്മിച്ചു. ത്രൈലോക്യത്തിൽ ചരാചരാത്മകമായ സകലവസ്തുക്കളിലും കാണുന്ന സൗന്ദര്യാംശമൊക്കെ വിശ്വകർമ്മാവ് എടുത്തു. അനേകകോടി രത്നങ്ങളുമെടുത്ത് അവയൊക്കെ യഥായോഗ്യം അവളുടെ ദേഹത്തിലിണക്കി. രത്നസംഘാതമയിയായി വിശ്വകർമ്മാവ് ഒരു വിശ്വമോഹിനിയെ സൃഷ്ടിച്ചു. അവളോടു തുല്യയായി മൂന്നു ലോകത്തിലും യാതൊരു സ്ത്രീയും കാണപ്പെട്ടില്ല. അവളുടെ മെയ്യിൽ സൂക്ഷ്മമായിട്ടുപോലും അഴകിന് ഒരു ന്യൂനതയുണ്ടായില്ല. പ്രയത്നപ്പെട്ട് വിശ്വകർമ്മാവു സൃഷ്ടിച്ച ആ സൗന്ദര്യധാമത്തെ നോക്കുന്നവരുടെ കണ്ണ് ശോഭാവിശേഷം കൊണ്ടു ലയിപ്പിക്കാത്തതായി ചെറിയ അംശംപോലുമുണ്ടായിരുന്നില്ല. പുതിയ ഒരു ശരീരമെടുത്ത ലക്ഷ്മിയെപ്പോലെ കാമരൂപിണിയായ അവൾ കണ്ടവരുടെയെല്ലാം കണ്ണും കരളും കവർന്നു. രത്നങ്ങളുടെയൊക്കെ തിലാംശങ്ങൾ--സാരാംശങ്ങൾ—തിലംതിലമായി (അംശം അംശമായി) കൂട്ടിച്ചേർത്തു ചമയ്ക്കുകയാൽ അവൾക്ക് പിതാമഹൻ 'തിലോത്തമ' എന്നു പേരുനല്കി. തിലോത്തമ ബ്രഹ്മദേവനെ കുമ്പിട്ടു ചോദിച്ചു."

തിലോത്തമ പറഞ്ഞു: "ഭൂതേശാ, ഞാൻ എന്തുചെയ്യേണ്ടൂ? എന്നെ എന്തിനായി ഭവാൻ സൃഷ്ടിച്ചു? പറഞ്ഞാലും!"

ബ്രഹ്മാവു പറഞ്ഞു: "സുന്ദരിയായ തിലോത്തമേ, നീ സുന്ദോപസുന്ദന്മാരുടെ പാർശ്വത്തേക്കു ചെല്ലൂ. അതിമോഹനമായ കാന്തികൊണ്ട് അവരെ പ്രലോഭിപ്പിക്കുക. പ്രഥമദർശനത്തിൽത്തന്നെ നിന്റെ അംഗസൗന്ദര്യം അനുഭവിക്കുവാനുള്ള

digitized by www.sreyas.in

അത്യാഗ്രഹം അവർക്കു രണ്ടുപേർക്കും ഉണ്ടാകണം. അതുകാരണമായി അവർക്കുതമ്മിൽ വൈരം ജനിക്കണം. അതിന്നു തക്കതായ കൗശലങ്ങൾ പ്രയോഗിക്കുക."

നാരദൻ പറഞ്ഞു: "അപ്രകാരമാകാം എന്നു പറഞ്ഞ് അവൾ കാര്യനിർവ്വഹണത്തിൽ ഉത്സുകയായി. പിതാമഹനെ നമസ്കരിച്ച് ദേവമണ്ഡലത്തെ വലംവെച്ചു. കിഴക്കോട്ടു മുഖമായി ബ്രഹ്മാവും, തെക്കോട്ടു മുഖമായി മഹേശനും വടക്കോട്ടു മുഖമായി ദേവന്മാരും ചുറ്റും മുനീന്ദ്രന്മാരും നിന്നു. അവൾ പ്രദക്ഷിണംവെച്ച് ചുറ്റിപ്പോരുന്ന സമയത്ത് ഇന്ദ്രനും സ്ഥാണുവും മാത്രം ധൈര്യം അവലംബിച്ചിരുന്നു. അവരുടേയും മനസ്സു കൗതുകത്തോടെ ഉഴന്നുപോയി. പാർശ്വത്തിൽ അവൾ എത്തുമ്പോൾ കാണുവാൻ നോക്കുന്ന ശിവന്നു വലത്തുഭാഗത്തായി പത്മാക്ഷമായി ഒരു മുഖം ജനിച്ചു. തലയുടെ പിന്നിലെത്തിയ സമയത്ത് പിന്നിൽ വേറെ ഒരു മുഖമുണ്ടായി. ഇടത്തെത്തിപ്പോൾ ഇടത്തുഭാഗത്തും ഒരു മുഖമുണ്ടായി. ഇങ്ങനെ മഹേശ്വരന്ന് പിന്നിലും പാർശ്വം രണ്ടിലും മുൻഭാഗത്തും ലോചനങ്ങൾ രക്താന്തമായി വിശാലമാകുംവണ്ണം ഉയർന്നുവികസിച്ചു. അന്നുമുതൽ ദേവദേവനായ മഹേശ്വരൻ ചതുർമ്മുഖനായിത്തീർന്നു. ഇന്ദ്രന്നാകട്ടെ ദേഹത്തിലൊക്കെ കണ്ണുകൾ മുളച്ചു വികസിച്ചു. അങ്ങനെ ആയിരം കണ്ണുകൾ മുളയ്ക്കുകയാൽ ഇന്ദ്രൻ സഹസ്രനേത്രനുമായിത്തീർന്നു. അപ്രകാരംതന്നെ വാനവന്മാർക്കും, ദിവ്യമാമുനികൾക്കും തിലോത്തമ തിരിഞ്ഞേടം തിരിഞ്ഞ്, മുഖങ്ങളും തിരിഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അവളുടെ ലോലമായ മെയ്യിൽ സകലരുടേയും ദൃഷ്ടികളെല്ലാം തറച്ചു. മഹാവിശിഷ്ടന്മാരായ സകലരുടേയും ദൃഷ്ടികൾ അവളിൽ പതിച്ചു. അതിൽ പിതാമഹനായ ബ്രഹ്മദേവൻ മാത്രമേ ഒഴിവുണ്ടായുള്ളു. മറ്റുള്ളവരുടെയെല്ലാം ഹൃദയസ്ഥൈര്യം വിട്ടുപോയി.

അവൾ പോകുന്നതുനോക്കി, ചന്തംകണ്ട്, ദേവന്മാരും മുനിമുഖ്യന്മാരും പറഞ്ഞു: 'കാര്യം സാധിച്ചു! സംശയമില്ല!' തിലോത്തമ പോയതിന്നുശേഷം ലോകപിതാമഹൻ സർവ്വദേവന്മാരേയും ഋഷികളേയും പിരിച്ചയച്ചു."

212. സുന്ദോപസുന്ദോപാഖ്യാനം (സമാപനം) – നാരദൻ കഥ തുടർന്നു: "ആ ദൈത്യവീരന്മാരായ സുന്ദോപസുന്ദന്മാർ ഭൂമിയൊക്കെ ജയിച്ച് ശത്രുക്കളെയൊക്കെ നശിപ്പിച്ച്, യാതൊരു വ്യഥയുമില്ലാതെ, മൂന്നുലോകത്തേയും കീഴടക്കി കൃതകൃത്യരായി ആനന്ദത്തോടെ ഇരുന്നു. ദേവഗന്ധർവ്വയക്ഷന്മാരുടേയും നാഗപാർത്ഥിവരാക്ഷസന്മാരുടേയും രത്നമെല്ലാം നേടി സന്തുഷ്ടരായി. അവരെ തടയുവാൻ ലോകത്തിൽ ആരും ഇല്ലാതെയായപ്പോൾ ഉദ്യമങ്ങളൊക്കെ നിർത്തിവെച്ച് അവർ കളികളിലും വിനോദങ്ങളിലും ഏർപ്പെട്ടു; ദേവസന്നിഭരായി ആനന്ദിച്ചു. സുന്ദരിമാർ, പുഷ്പങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ഭക്ഷ്യങ്ങൾ, ഭോജ്യങ്ങൾ, പലതരം പാനീയങ്ങൾ ഇവകൊണ്ട് അവർ പരമപ്രീതി നേടി. അന്തഃപുരം, ഉദ്യാനം, പർവ്വതം, വനം എന്നിവയിൽ പ്രവേശിച്ച് അവർ ഉല്ലസിച്ചു.

പിന്നീടൊരിക്കൽ വിന്ധ്യാദ്രിയിൽപ്പോയി സമനിരപ്പായ കൊടുമുടിയിൽ അവർ പൂത്തുനിൽക്കുന്ന വൃക്ഷങ്ങൾ കണ്ട് കൗതുകത്തോടെ വിഹരിച്ചു. ദിവ്യമായ കാമോപഭോഗങ്ങളൊക്കെച്ചേർത്തു വിശിഷ്ടമായ ആസനത്തിൽ നാരീജനങ്ങളോടുകൂടി ഉല്ലസിച്ചു. വാദ്യനൃത്തങ്ങളോടുകൂടി സുന്ദരികൾ പാട്ടുപാടി നൃത്തംചെയ്ത് അവരെ ആനന്ദിപ്പിച്ചു. ആ മനോഹരികൾ പാട്ടും സ്തുതികളും മുറ്റുമായി നന്ദിച്ച് അവരോട് ഇണങ്ങി രസിച്ചു.

ഇങ്ങനെ അവർ ആനന്ദമത്തരായിരുന്ന ഉല്ലാസകരമായ സന്ദർഭംനോക്കി കാനനത്തിൽ പൂവറുത്ത് തിലോത്തമ വിന്ധ്യാവനത്തിൽ മന്ദം മന്ദം സഞ്ചരിച്ചു. ശൃംഗാരരസത്തോടെ കിഴിഞ്ഞിഴിയുന്ന നേരിയ ഒരു ചുകന്ന വസ്ത്രവുമുടുത്ത് പുഴവക്കിൽ കർണ്ണികാരപ്പൂക്കൾ പെറുക്കിയെടുക്കുന്ന ഭാവത്തിൽ മെല്ലെ മെല്ലെ ദൈത്യവീരന്മാർ ഇരിക്കുന്ന ഇടത്തിൽച്ചെന്നു. അവർ മദ്യപാനംചെയ്ത് മദംകൊണ്ടു കടക്കണ്ണുചുവന്ന് ഇരിക്കുകയായിരുന്നു. ആ മനോഹരിയെ കണ്ടമാത്രയിൽ അവർ കാമപരവശരായി പീഠംവിട്ട് ഇറങ്ങി അവൾ നില്ക്കുന്നിടത്തേക്ക് ഓടിച്ചെന്നു. സുന്ദൻ ആ സുന്ദരാംഗിയുടെ വലംകൈ പിടിച്ചു. ഉപസുന്ദൻ ഇടംകൈ പിടിച്ചു. രണ്ടുപേരും കാമാന്ധരായി ഒപ്പം പ്രാർത്ഥിച്ചു.

നെഞ്ഞൂക്കുകൊണ്ടും ബ്രഹ്മാവിന്റെ വരംകൊണ്ടും ധനരത്നമദംകൊണ്ടും മദിച്ച അവർ തമ്മിൽ ക്രുദ്ധരായി ചില്ലിക്കൊടി വളച്ചു. മദകാമങ്ങൾകൊണ്ട് തമ്മിൽത്തമ്മിൽ ഇങ്ങനെ പറഞ്ഞു: 'ഇവൾ എന്റെ ഭാര്യയാണ്; അതുകൊണ്ട് നിന്റെ ജ്യേഷ്ഠത്തിയാണ്. ഇവൾ എന്റെ ഭാര്യയാണ്; അതുകൊണ്ട് നിന്റെ അനുജത്തിയാണ്.' 'ഇവൾ എന്റെയാണ്; ഇവൾ എന്റെയാണ്.' ഇങ്ങനെ അവർ രണ്ടുപേരും വാദിച്ചു. അവളുടെ സൗന്ദര്യത്തിൽ മതിമറന്ന് സഹോദരസ്നേഹംപോലുമില്ലാതായ അവരുടെ ഹൃദയത്തിൽ കോപം ജ്വലിച്ചു. അവളുടെ അഴകിൽ മോഹിച്ച്, അവളെ ലഭിക്കുന്നതിന്നു രണ്ടുപേരും ഘോരമായ ഗദ കൈയിലെടുത്തു. അവളോടുണ്ടായ കാമത്താൽ ആ വലിയ ഗദയോങ്ങി 'ഞാൻ മുമ്പ്, ഞാൻ മുമ്പ്' എന്ന മട്ടിൽ തമ്മിൽത്തമ്മിൽ അടിച്ചു. ഗദകൊണ്ട് അടിയേറ്റ് രണ്ടുപേരും നിലത്തുവീണു; ചോരയിൽ ആറാടി. രക്താംബരത്തിൽനിന്നുവീണ രണ്ട് അർക്കന്മാരെപ്പോലെ ഭൂമിയിൽ പതിച്ചു. ഉടനെ അവരോടുകൂടെ അവിടെ ഉണ്ടായിരുന്ന നാരിമാർ നിലവിളിച്ച് ഓടി. ദാനവവർഗ്ഗങ്ങളൊക്കെ ഭയപ്പെട്ടു. എല്ലാ ദൈത്യന്മാരും പേടിച്ചുവിറച്ച് പാതാളത്തിൽ പ്പോയൊളിച്ചു.

ഉടനെ ദേവർഷിഗണങ്ങളോടുകൂടി പിതാമഹൻ അടുത്തു ചെന്നു തിലോത്തമയെ മാനിച്ച് അഭിനന്ദിച്ചു."

വിധാതാവ് പറഞ്ഞു: "തിലോത്തമേ, നിന്റെ സൗന്ദര്യാതിശയത്താൽ ലോകം രക്ഷപ്പെട്ടിരിക്കുന്നു. ഞാൻ നിന്നിൽ പ്രസാദിക്കുന്നു. നീ വരം ആവശ്യപ്പെട്ടുകൊള്ളുക."

നാരദൻ പറഞ്ഞു "അവൾ പിതാമഹന്റെ മുമ്പിൽ വിനീതയായി ഒന്നും മിണ്ടാതെ നിന്നു. ബ്രഹ്മാവ് അവളെ അനുഗ്രഹിച്ചു പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "ഭദ്രേ! നീ ദിവ്യമായ സൂര്യലോകത്തിൽ സഞ്ചരിക്കും. സൂര്യതുല്യമായ നിന്റെ അത്യുഗ്രതേജസ്സു കൊണ്ട് ഭവതിയെ ആരും നേരെ നോക്കിക്കാണുകയില്ല."

നാരദൻ തുടർന്നു: "ഇങ്ങനെ സർവ്വലോകപിതാമഹനായ വിധാതാവ് അവൾക്ക് വരം നല്കിയതിന്നുശേഷം മൂന്നുലോകവും ഇന്ദ്രനെ ഏല്പിച്ച് സത്യലോകത്തെത്തി.

എല്ലാ കാര്യത്തിലും ഒരേ നിലയ്ക്കു നിന്ന സഹോദരന്മാർ രണ്ടുപേരും തിലോത്തമ എന്ന ഒരു നാരിമൂലം തമ്മിലടിച്ച് കൊലചെയ്യപ്പെട്ടു. അതുകൊണ്ട്, ഭാരതസത്തമന്മാരേ, നിങ്ങളോടുള്ള സ്നേഹംമൂലം ഞാൻ പറയുകയാണ്, ദ്രൗപദിമൂലം തമ്മിൽ ഛിദ്രിക്കുവാൻ ഇടവരാത്തവിധം ഒരു കാര്യം പറയുന്നു. നിങ്ങൾക്ക് എന്നിൽ ഇഷ്ടമുണ്ടെങ്കിൽ ഞാൻ പറയുന്നത് നിങ്ങൾ അനുസരിക്കണം. നിങ്ങൾ ക്രമംവെച്ച് അവളോടുകൂടി ജീവിക്കണം; അതാണ് എന്റെ ഇഷ്ടം. നിങ്ങൾക്ക് മംഗളം ഭവിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ജനമേജയരാജാവേ, ഇപ്രകാരം നാരദമുനി പറഞ്ഞപ്പോൾ ആ ഉപദേശം അവർ സ്വീകരിച്ചു. ദേവർഷിയായ നാരദന്റെ മുമ്പിൽവെച്ചുതന്നെ അവർ തമ്മിൽ ആലോചിച്ച് ഒരു വ്യവസ്ഥ ചെയ്തു."

പാണ്ഡവന്മാർ പറഞ്ഞു: "ഒരു കൊല്ലം ഒരാളോടൊത്ത് കൃഷ്ണ സഹധർമ്മിണിയായി വാഴുക. അങ്ങനെ ഒരുത്തനൊത്ത് ഏകാന്തതയിൽ ഇരിക്കുന്ന സമയത്ത് കൃഷ്ണയെ മറ്റൊരാൾ കണ്ടുവെങ്കിൽ കണ്ടവൻ പന്ത്രണ്ടുവർഷം ബ്രഹ്മചാരിയായി കാട്ടിൽ വസിക്കണം."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മിഷ്ഠരായ പാണ്ഡവന്മാർ ഈ നിയമം വ്യവസ്ഥചെയ്ത് പാലിക്കുവാൻ സത്യംചെ

digitized by www.sreyas.in

യ്തു. അതിന്നുശേഷം പാണ്ഡവന്മാർ ചെയ്ത പൂജ നന്ദിയോടെ കൈക്കൊണ്ട് ആ മഹാമുനി യാത്രപറഞ്ഞ് ഇന്ദ്രപ്രസ്ഥംവിട്ടു പോയി. മുനിയുടെ ആഗമം നല്ല സമയത്തായിരുന്നു. നാരദൻ പറഞ്ഞ നിയമം അവർ സമ്മതിച്ച് നിശ്ചയം ചെയ്തതിനാൽ ആ ധർമ്മചാരികൾ തമ്മിൽ കലഹിച്ചില്ല."

അർജ്ജുനവനവാസപർവ്വം

213. അർജ്ജുനതീർത്ഥയാത്ര – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വ്യവസ്ഥചെയ്ത് അവിടെ പാണ്ഡവന്മാർ ശസ്ത്രപ്രതാപത്താൽ അന്യരാജാക്കന്മാരെ കീഴടക്കി പാർത്തു. ആ മർത്ത്യസിംഹന്മാർക്ക് എല്ലാവർക്കും തുല്യമായി, വശവർത്തിനിയായി, പാർത്ഥവല്ലഭയായ പാർഷതി നിന്നു. അവൾ അഞ്ചുപേരോടും അഞ്ചുപേർ അവളോടും സസന്തോഷം ചേർന്ന് ജീവിച്ചു. ആനകൾ പൊയ്കസ്ഥലിയിലെന്നവിധം, അവർ പാഞ്ചാലിയിൽ സസന്തോഷം ക്രീഡിച്ചു. അവർ ധർമ്മത്തോടുകൂടി വാഴുന്ന കാലത്ത് കുരുപ്രജകൾ കുറ്റംകൂടാതെ അഭിവൃദ്ധിയെ പ്രാപിച്ചു. ജനമേജയരാജാവേ, ഇങ്ങനെ കുറെനാൾ ചെന്നപ്പോൾ ഒരുദിവസം ഒരു വിപ്രന്റെ മന്ദിരത്തിൽ ചില കള്ളന്മാർ കടന്ന് പശുക്കളെ അപഹരിച്ചുകൊണ്ടുപോയി. ഗോധനം കക്കുന്നതുകണ്ട് ക്രോധത്തോടെ വിപ്രൻ ഖാണ്ഡവപ്രസ്ഥത്തിലേക്ക് ഓടിച്ചെന്നു മുറവിളി തുടങ്ങി, പാണ്ഡുപുത്രരെ അറിയിച്ചു."

ബ്രാഹ്മണൻ പറഞ്ഞു: "സാധുക്കളായ ബ്രാഹ്മണരുടെ ഹോമദ്രവ്യങ്ങൾ കാക്കകൾ അപഹരിക്കുന്നു. വീരനായ കടുവയില്ലാത്ത തക്കത്തിൽ അതിന്റെ ഗുഹയിൽ കുറുക്കൻ കടന്നാക്രമിക്കുന്നു! ആറിൽ ഒരംശം കരമായി വാങ്ങുകയും, തന്നവരെ ഭക്ഷിക്കാതിരിക്കുകയും ചെയ്യുന്ന രാജാവ് സർവ്വലോകരിലും വെച്ചു പാപിയാണെന്ന് മഹാന്മാർ പറയുന്നു! ബ്രഹ്മസ്വം കള്ളന്മാർ മോഷ്ടിക്കുന്നു. ധർമ്മലോപം വരുത്തുമ്പോൾ, ഞാൻ ഇങ്ങനെ വിലപിക്കുമ്പോൾ, പാണ്ഡവരേ, ഭവാന്മാർ എനിക്ക് അഭയം തരണേ!"

വൈശമ്പായനൻ പറഞ്ഞു: "അടുത്തുചെന്ന് ഇപ്രകാരം നിലവിളിക്കുന്ന വിപ്രന്റെ വാക്കുകൾ ഒക്കെയും കുന്തീപുത്രനായ ധനഞ്ജയൻ കേട്ടു. കേട്ടയുടനെ ഭയപ്പെടേണ്ട എന്നു ബ്രാഹ്മണനോട് വിളിച്ചു പറഞ്ഞു. പാർത്ഥൻ ഉടനെ ആയുധപ്പുരയിലേക്കോടി. ആ സമയത്ത് പാഞ്ചാലിയും ധർമ്മപുത്രനും ഒന്നിച്ച് അവിടെയിരിക്കുകയായിരുന്നു. ആ മഹാശയന്മാരുടെ സകല ആയുധങ്ങളും ഇരിക്കുന്നത് പാഞ്ചാലിയും ധർമ്മജനും ഇരിക്കുന്ന ആ ഗൃഹത്തിലായിരുന്നു. ചെല്ലുവാനും പറയുവാനും സാധിക്കാത്തമട്ടിൽ പാണ്ഡവൻ കുഴങ്ങി. ബ്രാഹ്മണൻ നിന്നു വിലപിച്ച് പഴിപറയുവാനും തുടങ്ങി. അങ്ങനെ അർജ്ജുനൻ ധർമ്മസങ്കടത്തിലായി. അർജ്ജുനൻ വിഷമത്തിൽ നിന്നുകൊണ്ടുതന്നെ ചിന്തിച്ചു: 'തപസ്വിയായ ബ്രാഹ്മണന്റെ ആ ഗോധനം അപഹരിക്കുമ്പോൾ അറിയിക്കേണ്ടത് അദ്ദേഹത്തിന്റെ കർത്തവ്യമാണല്ലോ. വാതിൽക്കൽ വന്നു സങ്കടത്തോടെ കരഞ്ഞുപറയുമ്പോൾ ആ വിപ്രനെ ഉപേക്ഷിച്ചാൽ ആ രാജാവിന്ന് അത്യധികമായ അധർമ്മം വന്നുകൂടും. നൃപനെ ആദരിക്കാതെ രാജാവ് സഭാര്യനായിരിക്കുന്ന അകത്തേക്കു കടന്നാലോ, അജാതശത്രുവായ രാജാവിന്ന് ഞാൻ അനൃതം പ്രവർത്തിച്ചു എന്നും വന്നുകൂടും. രാജപാർശ്വത്തിൽ ഞാൻ ചെന്നാൽ തീർച്ചയായും വനവാസം ഒത്തതുതന്നെ! എന്നാൽ ആ വലിയ അധർമ്മം വരികയാണെങ്കിൽ വരട്ടെ. കാട്ടിൽവച്ച് ഞാൻ മരിക്കുകയാണെങ്കിൽ മരിക്കട്ടെ! ആർത്തനായ വിപ്രനെ രക്ഷിക്കുക എന്നതാണ് ക്ഷത്രിയന്റെ മഹത്തായ ധർമ്മം. ദേഹം പോയാലും വിരോധമില്ല. ധർമ്മം ഞാൻ രക്ഷിക്കും.' ഇപ്രകാരം ചിന്തിച്ചുറച്ച് കുന്തീപുത്രനായ ധനഞ്ജയൻ അകത്തു കടന്നുചെന്ന്, രാജാവിനെ അറിയിച്ച്, വില്ലെടുത്തുകൊണ്ടുവന്ന് വിപ്രനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: 'ബ്രാഹ്മണാ, വരൂ! വേഗം വരൂ! പരദ്രവ്യാപഹാരികളായ അവർ ദൂരെപ്പോകുന്നതിന്നുമുമ്പേ അവരെ ചെന്ന് ഏറ്റ് എതിർക്കണം. കള്ളന്മാരുടെ പക്കൽനിന്ന് ഭവാന്റെ ധനം ഞാൻ വീണ്ടെടുത്തു തരാം."

വൈശമ്പായനൻ പറഞ്ഞു: "കൊടിനാട്ടിയ തേരിൽ, മാർച്ചട്ടയിട്ട് വില്ലെടുത്ത് വീരനായ പാണ്ഡവൻ ചെന്നെതിർത്തു. അമ്പെയ്ത് ചോരന്മാരെ ഓടിച്ച് ബ്രഹ്മസ്വം വിടുവിച്ചു. ഇപ്രകാരം വിപ്രന്ന് ഉപകാരം ചെയ്ത് കീർത്തി സമ്പാദിച്ച് പാണ്ഡവൻ ആ ഗോധനം ബ്രാഹ്മണന്നുതന്നെ നല്കി. രാജധാനിയിൽ സവ്യസാചി തിരിച്ചെത്തി. ജ്യേഷ്ഠന്മാരേയും മറ്റു ഗുരുജനങ്ങളേയും കൈകൂപ്പി. അഭിനന്ദനം സ്വീകരിച്ച്, ധർമ്മജനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ജ്യേഷ്ഠാ! എനിക്ക് വ്രതാനുഷ്ഠാനത്തിന്ന് അനുവാദം തരണം. ആയുധപ്പുരയിൽവെച്ച് അങ്ങയെ കാണുകയാൽ ഞാൻ ശപഥം തെറ്റിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ വനവാസത്തിന്നു പോവുകയാണ്. അതാണല്ലോ പൂർവ്വനിശ്ചയം!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഇങ്ങനെ പറയുമെന്ന് യുധിഷ്ഠിരൻ പ്രതീക്ഷിച്ചിരുന്നില്ല. 'അർജ്ജുനാ! നീ എന്താണ് പറഞ്ഞത്?' എന്നു ലജ്ജയോടും സങ്കടത്തോടുംകൂടി യുധിഷ്ഠിരൻ അർജ്ജുനനോട് ചോദിച്ചു. ദീനമാനസനായി അദ്ദേഹം അർജ്ജുനനോടു പറഞ്ഞു."

ധർമ്മപുത്രൻ പറഞ്ഞു: "എന്റെ വാക്കു കാര്യമായി കണക്കാക്കുന്നുണ്ടെങ്കിൽ നീ കേൾക്കുക. ഞാൻ ഇരിക്കുന്നിടത്തേക്ക് നീ പ്രവേശിച്ചതിൽ നീ എനിക്ക് അപ്രിയം ചെയ്തു എന്നാണല്ലോ പറഞ്ഞത്. അതൊക്കെ ഞാൻ സമ്മതിച്ചിരിക്കുന്നു. എനിക്ക് യാതൊരപ്രിയവുമില്ല. ജ്യേഷ്ഠൻ പത്നിയൊന്നിച്ചിരിക്കുന്നിടത്ത് അനുജൻ അവിചാരിതമായി പ്രവേശിച്ചുപോയാൽ അതൊരു ദോഷമല്ല. അനുജൻ ഭാര്യയൊന്നിച്ചിരിക്കുന്നേടത്ത് ജ്യേഷ്ഠൻ പ്രവേശിക്കുന്നത് വലിയ തെറ്റാണുതാനും. അതുകൊണ്ട് ഹേ! അർജ്ജുനാ, നീ എങ്ങും പോകേണ്ടാ. നീ ഞാൻ പറഞ്ഞതു കേൾക്കുക. നിനക്ക് ധർമ്മനാശം വന്നിട്ടില്ല. നീ അക്രമവും ചെയ്തിട്ടില്ല."

അർജ്ജുനൻ പറഞ്ഞു: "ഒരു വാക്കു പറഞ്ഞിട്ട് അതിന്റെ അർത്ഥം മാറ്റി വ്യാഖ്യാനിച്ച് ധർമ്മം അനുഷ്ഠിക്കരുത്. ഒരിക്കലും കപടമായി ധർമ്മം ചെയ്യരുത് എന്നു ഭവാൻതന്നെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ ധർമ്മം ഒരിക്കലും തെറ്റിക്കുകയില്ല. സത്യം എനിക്ക് ആയുധമാണ്. ഞാൻ ഈ ആയുധംതൊട്ടു സത്യംചെയ്യുന്നു."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ധർമ്മപുത്രനെ പറഞ്ഞു സമ്മതിപ്പിച്ച് വനചര്യാവ്രതത്തോടുകൂടി വനത്തിൽ പന്ത്രണ്ടുവർഷം വാഴുന്നതിനായി പുറപ്പെട്ടു."

214. ഉലൂപീസംഗമം – വൈശമ്പായനൻ പറഞ്ഞു: "വീരനായ അർജ്ജുനൻ തീർത്ഥയാത്രയ്ക്കു പുറപ്പെട്ടപ്പോൾ കൂടെ ദ്വിജന്മാരും പുറപ്പെട്ടു. വേദവേദാംഗവിജ്ഞന്മാരും അദ്ധ്യാത്മമാർഗ്ഗത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുന്നവരും, ഭിക്ഷയേറ്റു ജീവിക്കുന്നവരും, പുരാണകഥാകഥനപടുക്കളുമായിരുന്നു ബ്രാഹ്മണർ. യതികളും, പടുക്കളും, വനവാസികളും, ദിവ്യാഖ്യാനപാരായണപരന്മാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇവരും മറ്റു പലരുമൊത്ത് അർജ്ജുനൻ, മൃദുലശീലന്മാരായ ദേവന്മാരാൽ ചൂഴപ്പെട്ട ഇന്ദ്രനെന്നപോലെ വിളങ്ങി.

രമണീയമായ ചിത്രകാനനങ്ങൾ, മനോഹരമായ സരസ്സുകൾ, നദികൾ, ആഴികൾ ഇവയൊക്കെക്കണ്ട് ഓരോ ദേശങ്ങൾ ചുറ്റി, അങ്ങനെ ഓരോ പുണ്യതീർത്ഥങ്ങൾ സന്ദർശിച്ച്, സഞ്ചരിച്ച് ഗംഗാതീരത്തിലെത്തി, അവിടെ വസിച്ചു. അവിടെവെച്ചു നടന്ന വൃത്താന്തം ഹേ! ജനമേജയാ! ഞാൻ പറയാം. അവിടെ വെച്ചു പാർത്ഥൻ ചെയ്ത അത്ഭുതം കേൾക്കുക:

ആ ബ്രാഹ്മണരോടുകൂടി അവിടെ വാഴുമ്പോൾ അഗ്നിഹോത്രം ചെയ്ത് ബ്രാഹ്മണരും പാർത്ഥനൊന്നിച്ചു പാർത്തു; അഗ്നി ഉണ്ടാക്കി ജ്വലിപ്പിച്ചതിന്നുശേഷം ആഹുതി ചെയ്തു.

digitized by www.sreyas.in

പുഷ്പോപഹാരംചെയ്ത് പുഴവക്കിൽ നിരന്നു സ്നാനം ചെയ്യുന്ന സന്മാർഗ്ഗചാരികളും വിദ്വാന്മാരുമായ ഭൂസുരന്മാരാൽ അപ്പോൾ ഗംഗാദ്വാരം ഏറ്റവും ശോഭിച്ചു. അങ്ങനെ ഹോമങ്ങളും പുഷ്പാർച്ചനാദികളും ബഹളമായി നടന്നുകൊണ്ടിരിക്കെ അർജ്ജുനൻ സ്നാനത്തിന്നായി ഗംഗയിലേക്കിറങ്ങി. സ്നാനം ചെയ്ത് പിതൃതർപ്പണം കഴിഞ്ഞ് ഔപാസനകർമ്മം നടത്താൻ ആറ്റിൽനിന്നു കയറുന്ന സമയത്ത് നാഗരാജാവിന്റെ പുത്രിയായ 'ഉലൂപി' അർജ്ജുനനിൽ കാമപരവശയായി അദ്ദേഹത്തെ കീഴോട്ട് ജലാന്തർഭാഗത്തേക്കാകർഷിച്ചു. വെള്ളത്തിൽവെച്ച് അവൾ അർജ്ജുനനെ കാമിച്ചു. അവൾ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. ചെന്ന സ്ഥലത്ത് അഗ്നി ജ്വലിക്കുന്നതായിക്കണ്ടു. അതു ശ്ലാഘ്യനായ 'കൗരവ്യൻ' എന്ന നാഗരാജാവിന്റെ മന്ദിരമായിരുന്നു. ഔപാസനകർമ്മം എന്ന അഗ്നികാര്യം അവിടെവെച്ച് അർജ്ജുനൻ നിർവ്വഹിച്ചു. നിയമനിഷ്ഠനായ അർജ്ജുനന്റെ ആഹുതിയിൽ അഗ്നി സംതൃപ്തനായി. അഗ്നികാര്യം കഴിഞ്ഞ ശേഷം അതിസുന്ദരിയായ ആ നാഗകന്യകയോടു മന്ദസ്മിതപൂർവ്വം അർജ്ജുനൻ മന്ദമായി പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "അല്ലയോ ഭീരു, നീ എന്തു സാഹസമാണ് ചെയ്തത്! സുന്ദരീ, ഈ നല്ല രാജ്യം ഏതാണ്? നീ ആരാണ്? ആരുടെ പുത്രിയാണ്?"

ഉലൂപി പറഞ്ഞു: "ഐരാവതകുലജാതനായ 'കൗരവ്യൻ' എന്ന പന്നഗരാജാവിന്റെ പുത്രിയാണ് ഞാൻ. ഉലൂപി എന്നാണ് എന്റെ പേര്. ഞാൻ നാഗകന്യകയാണ്. ഞാൻ കുളിക്കുവാൻ പോയി; ആറ്റിൽ ഇറങ്ങിയപ്പോൾ സർവ്വാംഗകോമളനായ ഭവാനെ കണ്ടു. കണ്ടമാത്രയിൽത്തന്നെ ഞാൻ കാമമോഹിതയായി. ഭവാൻ മൂലമായി കാമതാപം പൂണ്ടിരിക്കുന്ന ഈ കന്യകയെ സ്വന്തമാണെന്നു വിചാരിച്ച്,ആത്മദാനംകൊണ്ട് ആനന്ദിപ്പിച്ചാലും."

അർജ്ജുനൻ പറഞ്ഞു: "ഹേ സമുഖീ, എനിക്കു പന്ത്രണ്ടു വർഷമുണ്ട് ബ്രഹ്മചര്യാവ്രതം. അത് ധർമ്മരാജാവായ എന്റെ ജ്യേഷ്ഠൻ വിധിച്ചതാണ്. എനിക്ക് ഒന്നും ചെയ്യുവാൻ സ്വാതന്ത്ര്യമില്ലാത്തതിനാൽ സുന്ദരീ, ഞാൻ വ്യസനിക്കുന്നു. ഹേ! നാഗാംഗനേ, നിന്റെ അഭീഷ്ടം ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്. അനൃതം ഞാൻ മുമ്പേ പറഞ്ഞിട്ടില്ല; ഒരിക്കലും പറയുന്നതുമല്ല. എനിക്ക് അനൃതമാകരുത്; നിനക്ക് പ്രിയമാവുകയുംവേണം. ധർമ്മത്തിന്നു കേടുതട്ടാതെ ഭവതി പറയുന്നതെന്തും ഞാൻ സ്വീകരിക്കാം."

ഉലൂപി പറഞ്ഞു: "ഹേ! പാണ്ഡവാ, ഞാൻ ഭവാന്റെ ദേശസഞ്ചാരത്തിന്നുള്ള കാരണം അറിയുന്നുണ്ട്. ഭവാന്റെ ബ്രഹ്മചര്യത്തേയും, ഗുരുവിന്റെ ശാസ്യത്തേയും എന്താണെന്ന് എനിക്കറിയാം. നിങ്ങളിൽ ഒരാൾ പാഞ്ചാലിയുമൊത്തു വിജനത്തിൽ ഇരിക്കുമ്പോൾ മറ്റു നാലുപേരിൽ ഒരുത്തൻ, അറിയാതെയാണെങ്കിൽപ്പോലും, അടുത്തുചെന്നാൽ പന്ത്രണ്ടുവർഷം അന്നേമുതൽ അവൻ വനവാസം ബ്രഹ്മചര്യത്തോടെ ചെയ്യണം എന്നാണ് നിങ്ങളുടെ നിശ്ചയം എന്ന് എനിക്കറിയാം. എന്നാൽ അതു ദ്രൗപദിമൂലമുള്ള അന്യോന്യപ്രവാസമാണ്. അത് ധർമ്മത്തിന്നും വെച്ചതാണല്ലോ. ഇക്കാര്യത്തിൽ അതു ബാധകമല്ല. ദീർഘവിലോചനാ! ആർത്തത്രാണം ചെയ്യുക. എന്റെ പരിത്രാണനംകൊണ്ട് ഭവാന്റെ ധർമ്മത്തിന്നു ലോപം വരികയില്ല. ഈ ധർമ്മത്തിന്നു സൂക്ഷ്മത്തിൽ വല്ല തെറ്റും ഭവിക്കുന്നതായാൽ ഒരു പെൺകുട്ടിയുടെ ജീവൻ രക്ഷിക്കുവാൻ പര്യാപ്തമായി എന്ന നിലയ്ക്ക് അതു ധർമ്മമായി ഭവിക്കും. ഭക്തയായ എന്നെ രക്ഷിച്ചാലും! അതാണ് സജ്ജനങ്ങളുടെ ധർമ്മം. കർമ്മനിപുണനായ അർജ്ജുനാ, അങ്ങയെ ഞാൻ ആശ്രയിക്കുന്നു. എന്നെ രക്ഷിച്ചാലും! അങ്ങു രക്ഷിക്കുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾ ചാവും! എന്റെ പ്രാണനെ രക്ഷിച്ച് മുഖ്യമായ ധർമ്മം ഭവാൻ നടത്തുക! ഞാൻ ഭവാനെ ശരണം പ്രാപിക്കുന്നു. ദീനരും നാഥനില്ലാത്തവരുമായ ജനങ്ങളെ ഭവാൻ എന്നും സംരക്ഷിക്കുന്നവനാണല്ലോ. പൃഥാപുത്ര! ഞാൻ ഭവാനെ ശരണംപ്രാപിച്ചുകരയുന്നു. ഞാൻ അങ്ങയെ കാമിക്കുന്നു. ഭവാനോട് അഭ്യർത്ഥിക്കുന്നു. ഭവാൻ എന്റെ ആഗ്രഹം സാധിപ്പിക്കണേ! ആത്മപ്രദാനംകൊണ്ട് എന്നെ കാമസംതൃപ്തയാക്കണേ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പന്നഗരാജപുത്രി പറഞ്ഞപ്പോൾ കുന്തീപുത്രൻ ധർമ്മമാണ് എന്നു വിചാരിച്ച് അവളോടു പ്രാർത്ഥന നിറവേറ്റിത്തരാമെന്നു പറഞ്ഞു. പ്രതാപവാനായ പാർത്ഥൻ അന്നുരാത്രി മുഴുവൻ ആ നാഗാംഗനയോടുകൂടി പാർത്തു. അവളുമായി യഥാകാമം ക്രീഡിച്ചു. അവളിൽ അന്ന് ഉൽപാദിപ്പിച്ചവനാണ് 'ഇരാവാൻ' എന്ന വീരനും സുന്ദരനുമായ പുത്രൻ. അവൻ മഹായോഗിയായി പിന്നീടു വളർന്നുവന്നു. വീണ്ടും അർജ്ജുനൻ ഉലൂപിയോടുകൂടി ഗംഗാദ്വാരത്തിലെത്തി. ഉലൂപി ഭർത്താവിനെ യാത്രയയച്ച് സ്വമന്ദിരത്തിലേക്കു മടങ്ങിപ്പോന്നു. പോകുമ്പോൾ അവൾ പാർത്ഥന്നു വരം നല്കി."

ഉലൂപി പറഞ്ഞു: "ജലചാരികളൊക്കെ ഭവാന്റെ അധീനത്തിലാകും. സകലജലജീവികളേയും ഭവാനു ജയിക്കുവാൻ കഴിയും. അതിൽ യാതൊരു സംശയവുമില്ല."

215. ചിത്രാംഗദാസംഗമം – വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഗംഗാദ്വാരത്തിലെത്തി, നടന്ന കഥയൊക്കെ ബ്രാഹ്മണരെ ഉണർത്തിച്ചു. പിന്നെ ആ രാജപുത്രൻ ഹിമവത്പാർശ്വത്തിലെത്തി, അഗസ്ത്യവടം കയറി. പിന്നെ വസിഷ്ഠഗിരിയിൽ പ്രവേശിച്ചു. പിന്നെ ഭൃഗുശൃംഗത്തിൽച്ചെന്ന് ആത്മശുദ്ധിവരുത്തി. അവിടെ ബ്രാഹ്മണർക്ക് അനേകം ഗോക്കളും ഗൃഹങ്ങളും നല്കി. പിന്നെ 'ഹിരണ്യബിന്ദു' തീർത്ഥത്തിൽച്ചെന്ന് സ്നാനംചെയ്തു. അവിടെയുള്ള പുണ്യായതനങ്ങൾ സന്ദർശിച്ചു. ബ്രാഹ്മണശ്രേഷ്ഠരോടുകൂടി ഇവയെല്ലാം സന്ദർശിച്ചതിന്നുശേഷം ഹിമവത്പർവ്വതത്തിൽനിന്നിറങ്ങി.

പിന്നെ കിഴക്കുദിക്കിലേക്കു യാത്രയാരംഭിച്ചു. ക്രമത്തിൽ ഓരോ തീർത്ഥങ്ങൾ സന്ദർശിച്ച് അർജ്ജുനൻ സഞ്ചരിച്ചു. 'ഉല്പലിനി' എന്ന നദിയും നൈമിഷാരണ്യപ്രദേശവും കണ്ടു. നന്ദ, അമരനന്ദ, കൗശികി, മഹാനദി, ഗയ, ഗംഗ എന്നീ തീർത്ഥങ്ങളും പുണ്യാശ്രമങ്ങളും കണ്ട് ആത്മശുദ്ധിവരുത്തി. ബ്രാഹ്മണർക്കു ഗോക്കളെ ദാനംചെയ്തു. അംഗം, വംഗം, കലിംഗം എന്നിവിടങ്ങളിൽപ്പോയി തീർത്ഥങ്ങളിലും പുണ്യക്ഷേത്രങ്ങളിലും പ്രവേശിച്ചു. വിധിപോലെ അതെല്ലാം കണ്ട്, ദാനങ്ങൾ നല്കി.

കലിംഗരാജ്യത്തുചെന്ന്, അർജ്ജുനനെ അനുഗമിക്കുന്ന ദ്വിജന്മാർ പാർത്ഥന്റെ സമ്മതത്തോടുകൂടി തിരിച്ചുപോന്നു. പിന്നെ കുന്തീപുത്രൻ അല്പം സഹായികളോടുകൂടി കടൽത്തീരത്തെത്തി. പിന്നെ കലിംഗംവിട്ട്, പുണ്യസ്ഥലങ്ങളും രമ്യഹർമ്മ്യങ്ങളും കണ്ടു നടന്നു. മഹർഷികളിരിക്കുന്ന മഹേന്ദ്രപർവ്വതത്തിലെത്തി. പിന്നെ, മെല്ലെ കടൽക്കരവഴി, മണിപുരത്തിൽച്ചെന്ന് അവിടെ തീർത്ഥവും പുണ്യക്ഷേത്രവും കണ്ടു. മഹാവീരനും മഹാധർമ്മിഷ്ഠനുമായ, മണിപുരം വാഴുന്ന 'ചിത്രാംഗദ' രാജാവിനെ ചെന്നുകണ്ടു.

ആ രാജാവിന്ന് 'ചിത്രാംഗദ'യെന്നു പേരായി ഒരു കന്യകയുണ്ട്. ആ പുരത്തിൽവെച്ച് അർജ്ജുനൻ യദൃച്ഛയാ അവളെ കണ്ടു. പരമസുന്ദരിയായ ചിത്രാംഗദയെ കണ്ട് അർജ്ജുനൻ കാമിച്ചു. രാജാവിനെക്കണ്ട് അർജ്ജുനൻ അവ്യാജമായി തന്റെ ആഗ്രഹം അറിയിച്ചു."

അർജ്ജുനൻ പറഞ്ഞു: "യോഗ്യക്ഷത്രിയനായ എനിക്ക് ഭവാന്റെ പുത്രിയെ നല്കിയാലും!"

വൈശമ്പായനൻ പറഞ്ഞു: "ഈ അപേക്ഷകേട്ട് ചിത്രാംഗദ രാജാവ് അർജ്ജുനനോടു ചോദിച്ചു."

ചിത്രാംഗദൻ പറഞ്ഞു: "ഭവാൻ എവിടെനിന്നു വരുന്നു? ആരാണ്? ആരുടെ പുത്രനാണ്?"

അർജ്ജുനൻ മറുപടി പറഞ്ഞു: "ഞാൻ പാണ്ഡുപുത്രനായ ധനഞ്ജയനാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് രാജാവ് അർജ്ജുനനോടു സാന്ത്വപൂർവ്വം പറഞ്ഞു."

digitized by www.sreyas.in

ചിത്രാംഗദൻ പറഞ്ഞു: "പ്രഭഞ്ജനൻ എന്നുപേരായി ഈ കുലത്തിൽ ഒരു രാജാവുണ്ടായി. അപുത്രനായ ആ രാജാവ് പുത്രനുണ്ടാകുവാൻ ശിവനെ തപസ്സുചെയ്തു. അവന്റെ തപസ്സിൽ മഹാദേവൻ പ്രസാദിച്ചു. അവന്നു കുലത്തിൽ ഓരോ സന്തതിയുണ്ടാകുമെന്നു വരം നല്കി. അങ്ങനെ അന്നുമുതൽ എന്റെ പൂർവ്വപുരുഷന്മാർക്ക് ഓരോ ആൺകുട്ടികൾമാത്രം ഉണ്ടായി. എന്നാൽ എനിക്ക് കുലവർദ്ധിനിയായി ഈ ഒരു പെൺകുട്ടിയാണുണ്ടായത്. ഇത് പുത്രനാണ്, പുത്രിയല്ല എന്ന മട്ടിലാണ് അവളെ ഞാൻ വളർത്തുന്നത്. ഇനിമേൽ പുത്രിയുടെ പുത്രനാകട്ടെ രാജാവ്. അതുകൊണ്ട് ഹേ! ഭാരതാ, ഈ കന്യകയിൽ ഭവാൻ ഒരു പുത്രനെ ഉൽപാദിപ്പിച്ചാലും. എന്റെ വംശവർദ്ധനവിന്ന് ഇതു ശുല്ക്കമാകട്ടെ. ഈ (മരുമക്കത്തായ) നിശ്ചയത്തോടെ ഇവളെ ഭവാൻ സ്വീകരിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരമാകാം എന്നു സമ്മതിച്ച്, അർജ്ജുനൻ ആ ചിത്രവാഹനന്റെ പുത്രിയെ വിവാഹം ചെയ്ത് മൂന്നുകൊല്ലം അവിടെ താമസിച്ചു. പിന്നീട് അവൾ ഒരു മകനെ പ്രസവിച്ചപ്പോൾ അർജ്ജുനൻ കാന്തയെ പുല്കി യാത്ര പറഞ്ഞു; രാജാവിനോടും യാത്രപറഞ്ഞ് വീണ്ടും തീർത്ഥങ്ങളിൽ ചുറ്റി."

216. തീർത്ഥഗ്രാഹവിമോചനം – വൈശമ്പായനൻ പറഞ്ഞു: "തെക്കൻസമുദ്രതീരത്തിൽ മുനിമാർ തീർത്ഥങ്ങളിൽ സേവിക്കുന്ന സന്ദർഭത്തിൽ അർജ്ജുനൻ അവരെ ചെന്നുകണ്ടു. അവിടെ താപസികന്മാർ അഞ്ചുതീർത്ഥങ്ങൾ ഉപയോഗിക്കാതെ ഉപേക്ഷിച്ചിരിക്കുന്നതായി കണ്ടു. അവിടെ വളരെക്കാലങ്ങൾക്കു മുമ്പേ മുനിമാർ പാർത്തിരുന്നുവെന്നു മനസ്സിലായി. അഗസ്ത്യതീർത്ഥം, സൗഭദ്രം, പൗലോമം, കാരന്ധമം, സുപ്രസന്നം ഇവയാണ് ആ അഞ്ചുതീർത്ഥങ്ങൾ. ഭരദ്വാജന്റെ ആ തീർത്ഥങ്ങൾ ഏറ്റവും പാപനാശനമാണ്. ഈ അഞ്ചുതീർത്ഥങ്ങളും അർജ്ജുനൻ കണ്ടു. വിവിക്തമായി അതു നോക്കിക്കണ്ടു. ഈ മനോഹരമായ തീർത്ഥങ്ങളെ താപസന്മാർ വർജ്ജിക്കുന്നതിന്റെ കാരണമെന്തെന്നു മുനിമാരോടു കൈകൂപ്പിനിന്ന് അർജ്ജുനൻ ചോദിച്ചു."

താപസന്മാർ പറഞ്ഞു: "ഈ അഞ്ചുതീർത്ഥങ്ങളിൽ അഞ്ചു മുതലകളുണ്ട്. അവ മുനിമാരെ പിടിച്ചു തിന്നുന്നു. അതുകൊണ്ടാണ് അവയെ വർജ്ജിക്കുന്നത്."

വൈശമ്പായനൻ തുടർന്നു: "ഈ വർത്തമാനം അറിഞ്ഞപ്പോൾ ആ മഹാബാഹു തീർത്ഥത്തിലേക്കു ചെന്ന് അവയെല്ലാം നല്ലവണ്ണം നോക്കിക്കണ്ടു. മഹർഷിമാർ തടുത്തു. അർജ്ജുനാ, പോകല്ലേ, ഇറങ്ങല്ലേ എന്നുപറഞ്ഞ്, 'സൗഭദ്രൻ' എന്ന മുനിയുടെ പേരുള്ള തീർത്ഥത്തിലിറങ്ങുമ്പോൾ ഓടിവന്നു തടുത്തു. അർജ്ജുനൻ ആ വാക്കിനെ കൂട്ടാക്കാതെ തീർത്ഥത്തിലിറങ്ങി കുളിച്ചു. അങ്ങനെ ആ ശൂരൻ നില്ക്കുമ്പോൾ ഒരു ഉഗ്രനായ മുതലവന്ന് അർജ്ജുനന്റെ കാലിൽ പിടികൂടി. പിടയുന്ന നക്രത്തെ അർജ്ജുനൻ ബലമായി പിടിച്ചു കരയിലേക്കു വലിച്ചുകയറ്റി. അർജ്ജുനന്റെ കരബലത്തെ താങ്ങുവാൻ നക്രത്തിന്നു കഴിഞ്ഞില്ല. യശസ്വിയായ അർജ്ജുനൻ വലിച്ചു കരയ്ക്കുകയറ്റിയ ഉടനെ ആ മുതല പെട്ടെന്നു രൂപം മാറി സുന്ദരിയായ ഒരു സ്ത്രീയായി. അവൾ മനോഹരമായ ഭൂഷണങ്ങളും വസ്ത്രങ്ങളും ചാർത്തി അർജ്ജുനന്റെ മുമ്പിൽ വിളങ്ങി. ഭവ്യശ്രീകലർന്ന ഒരു നാരി (ഇന്ദ്രജാലംപോലെ) തന്റെ മുമ്പിൽ നില്ക്കുന്നതു കണ്ട് അർജ്ജുനൻ അത്ഭുതപ്പെട്ടു. അർജ്ജുനൻ പരമപ്രീതിയോടെ അവളോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "അത്ഭുതം! ഹേ, കല്യാണീ, നീ ആരാണ്? എന്തുകൊണ്ടാണ് നീ മുതലയായിത്തീർന്നത്? നീ മുമ്പ് ഇപ്രകാരം സംഭവിക്കുവാൻ തക്ക പാപം എന്തു ചെയ്തു?"

സ്ത്രീ പറഞ്ഞു: "ഞാൻ ദേവാരണ്യത്തിൽ വസിക്കുന്ന അപ്സരസ്സാണ്. കുബേരന്റെ ഇഷ്ടയാണ്. എന്റെ പേര് 'വർഗ്ഗ' എന്നാണ്. എനിക്കു സഖികളായി നാലുപേരുണ്ട്. അവർ ശുഭാംഗിമാരും കാമചാരിണികളുമാണ്. ഒരുദിവസം ഞാൻ അവരോടുകൂടി ലോകപാലകന്മാരുടെ ഗൃഹങ്ങളിലേക്കു പോവുകയായിരുന്നു. അങ്ങനെ പോകുമ്പോൾ കാട്ടിൽവെച്ചു തപസ്സുചെയ്യുന്ന ഒരു വിപ്രനെക്കണ്ടു. ഒറ്റയ്ക്കു സുന്ദരാകാരനായ അവനെ ഞങ്ങൾ കണ്ടപ്പോൾ ആ കാട് മനോഹരമായിത്തോന്നി. സൂര്യൻ ഉദിച്ചുനില്ക്കുമ്പോലെ, ആ കാട് അദ്ദേഹത്തിന്റെ തേജസ്സാൽ പ്രശോഭിക്കുന്നു! അതുല്യമായ തേജസ്സും നല്ല അഴകും കണ്ട ഞങ്ങൾ അദ്ദേഹത്തിന്റെ സമീപത്തുചെന്നിറങ്ങിനിന്നു. ആ മുനിയുടെ തപസ്സിനു വിഘ്നം വരുത്തുവാനാണ് ഞങ്ങൾ ശ്രമിച്ചത്. ഞാനും 'സൗരഭേയി'യും 'സമീചി'യും 'ബുൽബുദ'യും 'ലത'യുംകൂടി അദ്ദേഹത്തിന്റെ സമീപത്ത് ഒരുമിച്ചെത്തി. പാടിയും പുഞ്ചിരിതൂകിയും മുനീന്ദ്രനെ മയക്കുവാൻ വേണ്ട ശ്രമം ചെയ്തു. അദ്ദേഹം ഞങ്ങളിൽ ലേശവും ആശവെച്ചില്ല. ആ തപസ്സിലേർപ്പെട്ടിരിക്കുന്ന അവന്റെ മനസ്സിന്നു യാതൊരു കുലുക്കവുമുണ്ടായില്ല. ഞങ്ങളെ ആ മുനി കോപത്തോടെ ശപിച്ചു, നിങ്ങൾ അഞ്ചുപേരും മുതലകളായി നൂറ്റാണ്ടുകാലം വാഴുക എന്ന്!"

217. അർജ്ജുനന്റെ തീർത്ഥയാത്ര – വർഗ്ഗ കഥ തുടർന്നു: "ഭാരതോത്തമാ! ഉടനെ ഞങ്ങൾ ഭയപ്പെട്ട് ആ താപസമുഖ്യനെ കൈകൂപ്പി വിലപിച്ചു പറഞ്ഞു: 'രൂപയൗവനങ്ങൾകൊണ്ട് കന്ദർപ്പദർപ്പംകലർന്ന ഞങ്ങൾ ഇപ്പോൾ ഇങ്ങനെ ഒരു അയുക്തം പ്രവർത്തിച്ചുപോയി. ഭവാൻ പൊറുക്കണേ, ക്ഷമിക്കണേ! സംശിതവ്രതനായ ഭവാനെ ഭ്രമിപ്പിക്കുവാൻ ശ്രമിച്ച ഞങ്ങൾ വധശിക്ഷയ്ക്കർഹരാണ്. അബലമാർ അവദ്ധ്യമാണെന്നാണല്ലോ ധർമ്മചാരികൾ പറയുന്നത്. അതോർത്ത് ഭവാൻ ധർമ്മം രക്ഷിച്ചാലും! ഞങ്ങളെ ഹിംസിക്കരുതേ! സർവ്വഭൂതങ്ങളിലും സ്നേഹമേറുന്നവനാണ് വിപ്രൻ എന്നാണല്ലോ കേൾവി പണ്ഡിതന്മാർ അങ്ങനെ പറയുന്നു. മംഗളമായ ആ ചൊല്ല് സത്യമാക്കേണമേ! ശരണംപ്രാപിക്കുന്നവരെ ശിഷ്ടന്മാർ രക്ഷിക്കും. ഞങ്ങൾക്കു ഭവാൻ മാത്രമാണ് ശരണം! കുറ്റങ്ങളൊക്കെ പൊറുക്കേണമേ!'

ഞങ്ങൾ ഇങ്ങനെ താണുകേണപേക്ഷിച്ചപ്പോൾ ധർമ്മജ്ഞനും ശുഭകൃത്തുമായ ആ വിപ്രൻ, സൂര്യനെപ്പോലെ തീക്ഷ്ണനാണെങ്കിലും ചന്ദ്രനെപ്പോലെ ശീതളനായ ആ താപസികൻ, ഞങ്ങളിൽ പ്രസാദിച്ചു. 'ആയിരം പതിനായിരം എന്നു പറഞ്ഞാൽ അനന്തം എന്നാണർത്ഥം. പക്ഷേ, ഞാൻ ഈ സന്ദർഭത്തിൽ ഉദ്ദേശിച്ചത് നൂറുകൊല്ലം എന്നാണ്' എന്നുപറഞ്ഞ് ആ ബ്രാഹ്മണൻ ഇങ്ങനെ തുടർന്നു."

ബ്രാഹ്മണൻ പറഞ്ഞു: "ഗ്രാഹങ്ങളായി പുരുഷന്മാരെ ഗ്രഹിക്കുന്ന സുന്ദരികളായ നിങ്ങളെ വെള്ളത്തിൽനിന്നു കയറ്റുവാൻ ഒരു മഹാവീരൻ എത്തും. അവൻ എന്നു കയറ്റുന്നുവോ അന്നു നിങ്ങൾ എല്ലാവരും സ്വന്തമായ രൂപത്തെ പ്രാപിക്കും. നേരമ്പോക്കായിട്ടുപോലും ഞാൻ അനൃതം പറയുന്നവനല്ല. അന്നുമുതൽ ആ തീർത്ഥങ്ങളൊക്കെ 'നാരീതീർത്ഥങ്ങൾ' എന്നു പ്രസിദ്ധിപ്രാപിച്ച് അറിയപ്പെടും. പുണ്യവും പാപവിമോചകവുമായി അവയെ ബുദ്ധിമാന്മാരും ധർമ്മിഷ്ഠരും കരുതും."

വർഗ്ഗ പറഞ്ഞു: "ഞങ്ങൾ ആ വിപ്രനെ കൈകൂപ്പി വലംവെച്ചുപോന്നു. വലിയ ദുഃഖത്തോടെ ഞങ്ങൾ പരസ്പരം ചിന്തിച്ചു: 'നാം എവിടെ ചെന്നുകൂടീട്ടുവേണം സ്വല്പദിനംകൊണ്ട് പൂർവ്വസ്വരൂപം തരുന്ന ആ നരനെ കാണുക?' ഒട്ടുനേരം വിചാരിച്ചിരുന്നതിന്റെ ശേഷം ഞങ്ങൾ മഹാത്മാവായ നാരദമഹർഷിയെക്കണ്ടു കൈകൂപ്പി. ഞങ്ങൾ നാണിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ തലകുനിച്ചു. അപ്പോൾ മുനി ഞങ്ങളുടെ ദുഃഖത്തിന്റെ കാരണമെന്തെന്നു ചോദിച്ചു. ഞങ്ങൾ നടന്ന സംഭവമെല്ലാം വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. എല്ലാം ശ്രദ്ധിച്ചു കേട്ടതിന്നു ശേഷം മുനി ഇപ്രകാരം മറുപടി പറഞ്ഞു."

നാരദൻ പറഞ്ഞു: "തെക്കേക്കരയിൽ പുണ്യങ്ങളും രമ്യങ്ങളുമായ തീർത്ഥങ്ങളുണ്ട്. അവിടെ നിങ്ങൾ പോയി ചെന്നു കൂടുവിൻ! അവിടെ വീരനായ പാണ്ഡുപുത്രൻ, ധനഞ്ജയൻ,

digitized by www.sreyas.in

എത്തും. അവൻ നിങ്ങളെ ദുഃഖത്തിൽനിന്നു നിസ്സംശയം മോചിപ്പിക്കും."

വർഗ്ഗ പറഞ്ഞു: "ഇപ്രകാരം മുനി പറഞ്ഞതുകേട്ട് ഞങ്ങൾ പോന്നു. അത് ഇപ്പോൾ സത്യമായി വന്നു. എന്റെ തോഴിമാർ നാലുപേർ ആ ജലത്തിൽ കിടക്കുന്നു. ഹേ, വീരാ! ശുഭകർമ്മം ചെയ്താലും! അവർക്കും ശാപമോക്ഷം നല്കിയാലും!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ധനഞ്ജയൻ അവരെ എല്ലാവരേയും നന്ദിയോടെ ആ ശാപത്തിൽനിന്നു മോചിപ്പിച്ചു. വെള്ളത്തിൽനിന്നു കയറി സ്വന്തംരൂപം എടുത്ത് ആ അപ്സരസ്ത്രീകൾ മുമ്പത്തെ രൂപത്തിൽ വിളങ്ങി. കർമ്മകുശലനായ അർജ്ജുനൻ തീർത്ഥശുദ്ധിവരുത്തി അവർക്ക് പോകുവാൻ അനുവാദം നല്കി! വീണ്ടും ചിത്രാംഗദയെക്കാണുവാൻ മണിപുരത്തിലേക്കു മടങ്ങി. അവളിൽ തനിക്കുണ്ടായ 'ബഭ്രുവാഹനൻ' എന്ന പുത്രനെ കണ്ടു."

പാർത്ഥൻ ചിത്രവാഹനനോട് പറഞ്ഞു: "ചിത്രാംഗദയ്ക്കുള്ള ശുല്ക്കമായി ഇതാ പുത്രനായ ബഭ്രുവാഹനൻ. ഇവനെ നല്കി ഞാൻ ഭവാന്റെ കടം വീട്ടിയിരിക്കുന്നു."

പിന്നെ ചിത്രാംഗദയോട് പറഞ്ഞു: "നീ ഇവിടെ പാർത്ത് ബഭ്രുവാഹനനെ വളർത്തുക. പിന്നീട് എന്റെ വാസസ്ഥാനമായ ഇന്ദ്രപ്രസ്ഥത്തിൽ വന്നുരമിക്കാം. കുന്തീപുത്രനായ ഭീമനും എന്റെ അനുജന്മാരും ഒക്കെ അവിടെയുണ്ട്. അവരേയും മറ്റു ബന്ധുജനങ്ങളെയുമൊക്കെ അവിടെവന്നു കാണാം. സകല ബന്ധുജനങ്ങളോടുംകൂടി ഭവതി അവിടെ വന്നു സുഖമായി പാർക്കാനിടവരും. ധർമ്മപുത്രനും ധർമ്മിഷ്ഠനുമായ യുധിഷ്ഠിരൻ ഭൂമിയൊക്കെ ജയിച്ച് രാജസൂയം കഴിക്കും. അന്ന് ലോകത്തിലുള്ള രാജാക്കന്മാരൊക്കെ അവിടെ എത്തും. വളരെ വിശിഷ്ടരത്നങ്ങളുമായി നിന്റെ അച്ഛനും അവിടെ എത്തും. അന്ന് അച്ഛനോടുകൂടി നീ വന്നുകൊള്ളുക! അന്ന് രാജസൂയത്തിൽവെച്ച് ഞാൻ പുത്രനെ കണ്ടുകൊള്ളാം. നീ ദുഃഖിക്കാതെ മകനെ സംരക്ഷിക്കുക. ലോകത്തിൽ നില്ക്കുന്ന എന്റെ പ്രാണൻ ബഭ്രുവാഹനനാണ്. അതുകൊണ്ട്, വംശകരനായ ഈ പുത്രനെ നീ പാലിക്കുക. വീരനന്ദനനായ ഇവൻ ചിത്രവാഹനദായാദനും ധർമ്മത്താൽ പൗരവനും ആണ്. പാണ്ഡവന്മാരുടെ ഇഷ്ടപുത്രനുംകൂടിയായ ഇവനെ നീ പാലിക്കുക. വിരഹംകൊണ്ട് നീ സന്തപിക്കരുത്."

വൈശമ്പായനൻ പറഞ്ഞു: "ചിത്രാംഗദയോട് ഇപ്രകാരം സാന്ത്വോക്തി ചൊല്ലി യാത്രപറഞ്ഞ് അർജ്ജുനൻ ഗോകർണ്ണത്തിലെത്തി. സന്ദർശനംകൊണ്ടുതന്നെ മോക്ഷദമായ ക്ഷേത്രമാണ് ഗോകർണ്ണം. ശിവന്റെ സ്ഥാനമാണവിടം. അവിടം പാപികൾക്കുപോലും മോക്ഷം നല്കുന്ന പുണ്യസ്ഥലമാണ്."

218. അർജ്ജുനദ്വാരകാഗമനം – വൈശമ്പായനൻ പറഞ്ഞു: "പരാക്രമിയായ അർജ്ജുനൻ അവിടെനിന്നു നടന്ന് പടിഞ്ഞാറെ കടലോരങ്ങളിലൂടെ സഞ്ചരിച്ച് അവിടെയുള്ള പുണ്യതീർത്ഥങ്ങളും, മഹാക്ഷേത്രങ്ങളും സന്ദർശിച്ചു. തീർത്ഥങ്ങളിൽ സ്നാനംചെയ്ത് ക്ഷേത്രങ്ങളിൽ ആരാധന നടത്തി. അങ്ങനെ അവിടെനിന്ന് നടന്ന് പ്രഭാസത്തിൽ ചെന്നുചേർന്നു. അർജ്ജുനൻ തീർത്ഥയാത്രയിലാണെന്നും, പ്രഭാസത്തിൽ എത്തിയിരിക്കുന്നു എന്നുമുള്ള വൃത്താന്തം കൃഷ്ണന്റെ ചെവിയിലെത്തി.

ഉടനെ കൃഷ്ണൻ പുറപ്പെട്ട് പ്രഭാസത്തിൽച്ചെന്ന് അർജ്ജുനനെക്കണ്ടു. അവർ തമ്മിൽ കുശലപ്രശ്നംചെയ്ത് പരസ്പരം തഴുകി വനത്തിൽ ഇരുന്നു. അവർ നരനും നാരായണനുമാകുന്ന പൂർവ്വർഷികളും മിത്രങ്ങളുമാണ്.

കൃഷ്ണൻ ചോദിച്ചു: "അല്ലയോ അർജ്ജുനാ! നീ എന്താണ് ഈ തീർത്ഥയാത്രയ്ക്കിറങ്ങിയത്?"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ എല്ലാ ചരിത്രങ്ങളും വിശദമായി കൃഷ്ണനോടു പറഞ്ഞു. അതുകേട്ട് കൃഷ്ണൻ, 'അങ്ങനെയോ, കൊള്ളാം' എന്നു മറുപടി പറഞ്ഞു.

കൃഷ്ണാർജ്ജുനന്മാർ പ്രഭാസത്തിൽ യഥേഷ്ടം കുറച്ചു സമയം വിനോദിച്ചതിനുശേഷം കുറച്ചുദിവസം 'രൈവതക'ത്തിൽ കൂടാമെന്നുപറഞ്ഞ് രൈവതകത്തിൽ ചെന്നു. കൃഷ്ണന്റെ കല്പനപ്രകാരം കൃഷ്ണന്റെ ആൾക്കാർ കാലേകൂട്ടിത്തന്നെ ആ പർവ്വതത്തിൽ താമസിക്കുന്നതിന്നുവേണ്ട സകല സൗകര്യവും സജ്ജീകരിച്ചിരുന്നു. ഇഷ്ടംപോലെയുള്ള ആഹാരപദാർത്ഥങ്ങളും തയ്യാറാക്കിയിരുന്നു. അർജ്ജുനൻ ആ സല്ക്കാരങ്ങളെല്ലാം സ്വീകരിച്ചും, അന്നപാനാദികൾ കഴിച്ചും, കൃഷ്ണനോടുകൂടിയിരുന്ന് നടന്മാരുടേയും നർത്തകന്മാരുടേയും കലാപ്രകടനങ്ങൾ കണ്ടു. അവരുടെ പ്രകടനങ്ങളിൽ സന്തുഷ്ടനായ അർജ്ജുനൻ അവർക്ക് സമ്മാനങ്ങൾ നല്കി ബഹുമാനിച്ചു. യഥോചിതം അവരെ സല്ക്കരിച്ചതിന്നുശേഷം മഹാവീരനായ പാണ്ഡവൻ അവിടെ വിരിച്ചു തയ്യാറാക്കിയ മഞ്ചത്തിൽ കിടന്നു.

അങ്ങനെ ഉറങ്ങുവാൻ മെത്തിയിൽക്കിടക്കുന്ന അവർ പരസ്പരം സംസാരിക്കുവാൻ തുടങ്ങി. അർജ്ജുനൻ തന്റെ ഈ തീർത്ഥയാത്രയിൽ കണ്ട തീർത്ഥങ്ങളെപ്പറ്റിയും, പർവ്വതങ്ങളെപ്പറ്റിയും, നദികളെപ്പറ്റിയും വനങ്ങളെപ്പറ്റിയും അവിടെക്കണ്ട അത്ഭുതകരമായ കാഴ്ചകളെപ്പറ്റിയും മറ്റുമുള്ള കഥകൾ കൃഷ്ണനോടു പറഞ്ഞു. അങ്ങനെ കഥകൾ പലതും പറഞ്ഞ് സ്വർഗ്ഗസുഖം തോന്നിക്കുന്ന മെത്തയിൽ കിടന്ന് ഉറങ്ങിപ്പോയതറിഞ്ഞില്ല.

ശ്രവണസുഖം നല്കുന്ന മധുരമായ സംഗീതം, രമണീയമായ വീണാനാദം, മംഗളസ്തോത്രങ്ങൾ എന്നിവ കേട്ടുകൊണ്ട് പ്രഭാതത്തിൽ അർജ്ജുനൻ ഉണർന്നു. കൃഷ്ണനാൽ അഭിനന്ദിതനായ അർജ്ജുനൻ കാലേതന്നെ നിത്യകർമ്മങ്ങളെല്ലാം ചെയ്തുകഴിഞ്ഞതിൽപ്പിന്നെ, പൊന്മയമായ തേരിൽക്കയറി കൃഷ്ണനുമൊന്നിച്ച് ദ്വാരകയിലേക്കു പോയി. അർജ്ജുനനെ സ്വീകരിക്കുവാൻ അപ്പോൾ ദ്വാരക മുഴുവൻ മനോഹരമായി അലങ്കരിച്ചിരിക്കുന്നത് കണ്ടു. ദ്വാരകയിലെ ഭവനോദ്യാനങ്ങൾ പോലും അലങ്കരിക്കപ്പെട്ടിരുന്നു. ദ്വാരകാപുരിയിലെ ജനങ്ങൾ അർജ്ജുനനെക്കാണുവാൻ ആശയോടുകൂടി കൂട്ടംകൂട്ടമായി പ്രധാനമാർഗ്ഗത്തിന്റെ ഇരുവശങ്ങളിലും തിങ്ങിക്കൂടി നിരന്നു. തട്ടിന്റെ മുകളിൽനിന്ന് ജനാലകളിൽക്കൂടിയും ഗോപുരങ്ങളിൽ കയറിയും വെണ്മാടത്തട്ടുകളിൽ കയറിയും, സ്ത്രീകളും കുട്ടികളും മറ്റുമായ വൃഷ്ണികൾ, ഭോജന്മാർ, അന്ധകന്മാർ എന്നിങ്ങനെ പല സംഘത്തിൽപ്പെട്ടവരും കൂട്ടംകൂട്ടമായി അർജ്ജുനനെ ബഹുമാനിക്കുവാനായി തിങ്ങിനിന്നു.

അർജ്ജുനൻ ഭോജന്മാരാലും വൃഷ്ണികളാലും അന്ധകന്മാരാലും മറ്റുള്ള എല്ലാവരാലും സൽക്കരിക്കപ്പെട്ടു. അർജ്ജുനൻ തൊഴുകൈയോടെ അവരെ വന്ദിച്ചു. എല്ലാവരാലും അർജ്ജുനൻ അഭിനന്ദിക്കപ്പെട്ടു. അങ്ങനെ അർജ്ജുനൻ ദ്വാരകയിൽ പ്രവേശിച്ചു.

അങ്ങനെ വീരനായ അർജ്ജുനൻ എല്ലായിടത്തും കൃഷ്ണന്റേയും മറ്റുള്ള വീരന്മാരുടേയും സൽക്കാരമേറ്റ് അഭിനന്ദിച്ചും സമവയസ്കരോട് കൂട്ടുചേർന്നും ഗാഢമായി ആലിംഗനം ചെയ്ത് ഉല്ലസിച്ചും, അതിവിശിഷ്ടമായ രത്നങ്ങളും, സുഖകരമായ ഭക്ഷ്യങ്ങളും നിറഞ്ഞ ശ്രീകൃഷ്ണന്റെ ഭവനത്തിൽ കൃഷ്ണനുമൊന്നിച്ച് അനേകം നാൾ താമസിച്ചു."

സുഭദ്രാഹരണപർവ്വം

219. യുധിഷ്ഠിരാനുജ്ഞ – വൈശമ്പായനൻ പറഞ്ഞു: "പിന്നെ കുറച്ചുദിവസം കഴിഞ്ഞപ്പോൾ രൈവതകപർവ്വതത്തിൽ യാദവന്മാരുടെ വകയായി വലിയ ഒരു ഉത്സവം നടത്തപ്പെടുവാനായി ഒരുക്കങ്ങൾ തുടങ്ങി. ഉത്സവം പ്രമാണിച്ചു ഭൂസുരന്മാർക്ക് അസംഖ്യം ദാനധർമ്മാദികൾ ചെയ്തു. ജനമേജയരാജാവേ, അവർ രൈവതകപർവ്വതത്തിന്ന് ചുറ്റുമുള്ള പ്രദേശങ്ങൾ അലങ്കരിച്ചു; പ്രാസാദപംക്തികൾ രത്നവിചിത്രങ്ങളായി ശോഭകൂട്ടി.

digitized by www.sreyas.in

അവിടെ ഭംഗിയായി ദീപസ്തംഭങ്ങൾ നാട്ടി. അനവധി വാദ്യക്കാർ അവിടെ കൂടി. വാദ്യഘോഷങ്ങൾകൊണ്ട് അവിടം മുഖരിതമായി. യാദവകുമാരന്മാർ അലങ്കരിച്ച് പൊന്നണിഞ്ഞ വാഹനങ്ങളിൽക്കയറി, എങ്ങും പ്രകാശിച്ചു. പൗരന്മാർ കാൽനടയായും, ഓരോ വാഹനങ്ങളിൽക്കയറിയും വന്നെത്തി. ഭാര്യമാരും അകമ്പടിയുമായി അവിടെ ധാരാളം പുരുഷാരം വന്നുകൂടി. മദ്യമദോന്മത്തനായ ബലഭദ്രൻ രേവതീദേവിയോടുകൂടി ഗാനഗന്ധർവ്വന്മാരുടെ മുമ്പിലായി സഞ്ചരിച്ചു. അപ്രകാരം യദുരാജാവായ 'ഉഗ്രസേനൻ' ഗായകന്മാരുടെ സ്തുതികേട്ട് അവരുമൊത്ത് അനവധി സ്ത്രീജനങ്ങളോടുംകൂടി സഞ്ചരിച്ചു. അരിദുർജ്ജയന്മാരായ പ്രദ്യുമ്നനും, സാംബനും, മധുമത്തരായി ദിവ്യമാല്യങ്ങൾ ചാർത്തി, സുരോപമന്മാരായി അവിടെ വിഹരിച്ചുനടന്നു അക്രൂരൻ, സാരണൻ, ഗദൻ, ബഭ്രു, വിദൂരഥൻ, നിശഠൻ, ചാരുദേഷ്ണൻ, വിപൃഥു, സത്യകൻ, സാത്യകി, ഭംഗകാരൻ, മഹാരവൻ, ഹാർദ്ദിക്യൻ, ഉദ്ധവൻ മുതലായ യദുവീരന്മാരും അവരുടെ സ്ത്രീജനങ്ങളുമായി വീണാവേണു മൃദംഗശംഖപടഹധ്വാനാദികളോടുകൂടി രൈവതഗിരിയിൽ നടക്കുന്ന മഹോത്സവത്തിലേക്ക് വന്നുചേർന്ന് ഉത്സവത്തെ മോടിപിടിപ്പിച്ചു! ഉത്സവത്തിൽ വന്നുചേർന്ന്, പലവിധത്തിൽ ആശ്ചര്യകൗതുകങ്ങൾ വളർത്തുന്ന കൗതൂഹലവും ഉത്സവാനന്ദവും കണ്ടുകൊണ്ട് അവിടെ പാർത്ഥനും വാസുദേവനും മന്ദം സഞ്ചരിച്ചു. ആ സമയത്ത് ഒരിടത്ത് മനോഹരമായി ചമഞ്ഞ്, തോഴിമാരുടെ ഇടയിൽനില്ക്കുന്ന സുഭദ്രയെ കണ്ടു. അവളെ കണ്ട ഉടനെ അർജ്ജുനന്റെ ഹൃദയത്തിൽ മനോഭവൻ ഉണർന്നു. അർജ്ജുനൻ എന്തോ വിചാരത്തിൽ മനസ്സുറപ്പിച്ചു നില്ക്കുന്നതായി കൃഷ്ണൻ കണ്ടു. കൃഷ്ണൻ അർജ്ജുനന്റെ ഭാവവ്യത്യാസം കണ്ട് ഒരു പുഞ്ചിരിയോടെ അർജ്ജുനനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "സന്ന്യാസിയായ നിന്റെ മനസ്സ് എന്താണ് മന്മഥൻ ഇളക്കുന്ന തീർത്ഥാടനത്തിലേർപ്പെട്ടിരിക്കുന്നത്? അർജ്ജുനാ! പറയൂ; ഈ കന്യക എന്റെ അനുജത്തിയാണ്. സാരണന്റെ സഹോദരിയാണ്. നിനക്ക് ഇവളിൽ ആശയുണ്ടെങ്കിൽ ഞാൻ അച്ഛനോട് ഇക്കാര്യം പറയാം."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണൻ പുഞ്ചിരിതൂകി തന്നോടു പറഞ്ഞ വാക്കിന്നു മറുപടിയായി പാർത്ഥനും സസ്മിതം പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "*വസുദേവരുടെ പുത്രിയും, കൃഷ്ണന്റെ പെങ്ങളും, സൗന്ദര്യം തികഞ്ഞവളുമായ ഈ കന്യക ആരുടെ ഹൃദയത്തെയാണ് മോഹിപ്പിക്കാതിരിക്കുക? അങ്ങയുടെ സോദരിയായ ഈ കന്യക എന്റെ വല്ലഭയായാൽ എനിക്ക് എല്ലാ കല്യാണവും പരിപൂർണ്ണമാകും എന്നുള്ളതിൽ സംശയമില്ല. സുഭദ്രയെ കിട്ടുവാനുള്ള ഉപായം എന്താണെന്ന് എനിക്ക് പറഞ്ഞുതരണം. ജനാർദ്ദന! ഒരു മനുഷ്യന്നു ചെയ്യാവുന്ന സകല യത്നവും ഞാൻ അതിന്നുവേണ്ടി ചെയ്യാം."

വാസുദേവൻ പറഞ്ഞു: "രാജാക്കന്മാർക്കു വിധിച്ച മാർഗ്ഗം സ്വയംവരമാണ്. അത് ഇവിടെ സ്വീകാര്യമല്ല. കാരണം, അതിൽ ഉറപ്പിച്ചിരുന്നുകൂടല്ലോ? സ്ത്രീഹൃദയം പുരുഷന്റെ പാണ്ഡിത്യത്തേയോ ശൗര്യത്തേയോ മറ്റുഗുണങ്ങളേയോ അറിഞ്ഞില്ലെന്നു വരാം. കാഴ്ചയിൽ സുന്ദരനായിത്തോന്നുന്നവനെ അവൾ കാംക്ഷിക്കാം. ക്ഷത്രിയർക്ക് ഹരണക്രിയയും പ്രസിദ്ധമായ മാർഗ്ഗമാണ്. കന്യകമാരെ വിവാഹം കഴിക്കുവാൻ അതു സ്വീകാര്യമായ ധർമ്മമാണെന്ന് ധർമ്മജ്ഞന്മാർ പറയുന്നുണ്ട്. അതുകൊണ്ട് അർജ്ജുനാ, ഭവാൻ എന്റെ സഹോദരിയെ ബലമായി അപഹരിച്ചുകൊണ്ട് പൊയ്ക്കൊള്ളുക. നീ അങ്ങനെ ചെയ്യുമെന്ന് ആരും അറിയുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണാർജ്ജുനന്മാർ ഇങ്ങനെ കാര്യം തീർച്ചപ്പെടുത്തി; വേഗത്തിൽ പോകുവാൻ കഴിവുള്ളവരെ വിളിച്ച് ഇന്ദ്രപ്രസ്ഥത്തിൽ വാഴുന്ന ധർമ്മപുത്രനെ വിവരം അറിയിച്ചു. ദൂതന്മാരിൽനിന്നു വിവരം അറിഞ്ഞ യുധിഷ്ഠിരൻ അതിന്ന് സമ്മതവും നല്കി.

220. ബലദേവക്രോധം – വൈശമ്പായനൻ പറഞ്ഞു: "ഹേ, ജനമേജയാ! ധർമ്മപുത്രനിൽനിന്ന് അനുവാദം ലഭിച്ചതിന്നു ശേഷം ഭാരതകുലശ്രേഷ്ഠനായ ധനഞ്ജയൻ, രൈവതകത്തിൽ സുഭദ്ര എത്തിയിട്ടുണ്ടെന്നറിഞ്ഞു. കൃഷ്ണന്റെ സമ്മതം വാങ്ങി അനന്തരകരണീയത്തെക്കുറിച്ച് സംസാരിച്ചുറപ്പിച്ചു.

ശൈബ്യൻ, സുഗ്രീവൻ എന്ന രണ്ടു കുതിരകളെ കെട്ടിയതും, മാലയുടെ മാതിരിയിൽ കിങ്ങിണികൾ ചാർത്തിയതും, സകലവിധ ആയുധങ്ങൾ കയറ്റിയതും, മേഘഗർജ്ജനംപോലെ ശബ്ദം മുഴക്കുന്നതും, അഗ്നിപോലെ പ്രകാശിക്കുന്നതും, ശത്രുക്കൾക്കു വിഷമം തോന്നിക്കുന്നതും, പൊന്മയമായി വിളങ്ങുന്നതുമായ തേരിൽക്കയറി അർജ്ജുനൻ പോയി. പുരുഷശ്രേഷ്ഠനായ അർജ്ജുനൻ ചട്ടയിട്ട് ഖഡ്ഗം ധരിച്ച് അമ്പുറയും കയ്യുറയും ധരിച്ച്, നായാട്ടിന്നാണെന്ന ഭാവത്തിൽ യാത്ര തിരിച്ചു.

ആ സമയത്ത് സുഭദ്ര പർവ്വതത്തേയും ധർമ്മദൈവങ്ങളേയും വന്ദിച്ച് ബ്രാഹ്മണരെ വണങ്ങി പർവ്വതത്തെ പ്രദക്ഷിണം വെച്ച് ദ്വാരകയിലേക്കു പോകുവാൻ ഭാവിക്കുകയായിരുന്നു. പെട്ടെന്ന് അർജ്ജുനൻ അവളുടെ മുമ്പിൽച്ചെന്ന് അവളെ ബലമായി പിടിച്ച് തേരിൽക്കയറ്റി. വീരനായ അർജ്ജുനൻ പുഞ്ചിരി തൂകിക്കൊണ്ടിരുന്ന സുഭദ്രയെ കൈക്കൊണ്ടശേഷം അതിവേഗമുള്ള തേർ ഓടിച്ചു തന്റെ പുരിയെ ലക്ഷ്യമാക്കി പോയി.

സുഭദ്രയെ അർജ്ജുനൻ ബലമായി അപഹരിക്കുന്നതു കണ്ട സൈന്യങ്ങൾ ഉച്ചത്തിൽ നിലവിളിച്ചു. പറഞ്ഞുകൊണ്ട് ദ്വാരകയിലേക്ക് ഓടി. അർജ്ജുനൻ ചെയ്ത വിക്രമങ്ങളെ സഭാപാലനോട് പറഞ്ഞു.

സൈനികർ പറഞ്ഞതുകേട്ട് സഭാദ്ധ്യക്ഷൻ സകലരും ഉടനെ തയ്യാറായിക്കൊള്ളുവിൻ എന്ന് അറിയിക്കുന്ന മഹാസ്വനമുണ്ടാക്കുന്ന പെരുമ്പറയടിച്ചു മുഴക്കി. പെരുമ്പറയുടെ ശബ്ദം കേട്ട ഉടനെ, തിന്നും കുടിച്ചും ഇരിക്കുന്ന വൃഷ്ണ്യന്ധകഭോജന്മാരെല്ലാം പെട്ടെന്ന് എല്ലാം നിർത്തിവെച്ച് സഭയിലേക്ക് ഓടിച്ചെന്നു. അവർ വല്ലാതെ ക്ഷോഭിച്ചിരുന്നു. സഭാപാലൻ എല്ലാവരോടും സഭയിൽ ഇരിക്കുവാൻ ആജ്ഞാപിച്ചു. അപ്പോൾ സ്വർണ്ണചിത്രപ്പണികൊണ്ട് അലങ്കരിച്ചതും മണിവിദ്രുമചിത്രങ്ങൾ ചേർന്നതുമായ സിംഹാസനങ്ങളിൽ വൃഷ്ണിവീരന്മാർ, കത്തിജ്ജ്വലിക്കുന്ന അഗ്നികൾപോലെ ശോഭിച്ചു. ദേവസദസ്സുപോലെ ആ യാദവസംഘം ആസനസ്ഥരായപ്പോൾ സഭാപാലൻ അർജ്ജുനന്റെ പ്രവൃത്തിയെപ്പറ്റി പ്രസ്താവിച്ചു. സഭാപാലൻ പറഞ്ഞതുകേട്ട് ആ യാദവവീരന്മാർ മദംകൊണ്ട് കടക്കണ്ണുചുവന്ന് പാർത്ഥന്റെ ധിക്കാരപ്രവൃത്തിയിൽ സഹിക്കാതെ അഹങ്കാരത്തോടെ ചാടിയെഴുന്നേറ്റു. അവർ വിളിച്ചുപറഞ്ഞു: "തേരിൽ കുതിരകളെ പൂട്ടുവിൻ! കുന്തമെടുക്കുവിൻ! വലിയ വില്ലും മാർച്ചട്ടയും ധരിക്കുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "മറ്റുചിലർ സൂതന്മാരെ വിളിച്ച് തേർ തയ്യാറാക്കുവാൻ കല്പിച്ചു. വേറെ ചിലർ പൊൻപരിവട്ടമണിഞ്ഞ കുതിരകളെ തനിയേ ഓടിച്ചു.

തേരും പടച്ചട്ടയും കൊടിയും കൊണ്ടുവരുന്നതു കണ്ട് വീരന്മാർ അട്ടഹാസം മുഴക്കി. അങ്ങനെ വലിയ ശബ്ദകോലാഹലവും തിരക്കുമുണ്ടായി.

വനമാലയണിഞ്ഞവനും, മധുപാനംകൊണ്ടു മത്തനും, കൈലാസപർവ്വതത്തിന്റെ കൊടുമുടിപോലെ ശുഭ്രവർണ്ണമായി ശോഭിക്കുന്നവനും, നീലാംബരം ധരിച്ചവനുമായ ബലരാമൻ ഇപ്രകാരം പറഞ്ഞു."

ബലരാമൻ പറഞ്ഞു: "ബുദ്ധിയില്ലാത്ത മണ്ടന്മാരേ, കൃഷ്ണൻ മിണ്ടാതിരിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ എന്താണീച്ചെയ്യുന്നത്! അവന്റെ അഭിപ്രായം അറിയാതെ നിങ്ങ

* സുഭദ്ര രോഹിണിയുടെ പുത്രിയാണ്. കൃഷ്ണനും സുഭദ്രയും ഒരേ അച്ഛന്റെ മക്കളാണ്. അമ്മ വേറെയാണ്.

digitized by www.sreyas.in

ളുടെ ഈ ഗർജ്ജനംകൊണ്ടെന്തുകാര്യം? മഹാബുദ്ധിമാനായ കൃഷ്ണൻ അവന്റെ സ്വന്തം അഭിപ്രായമെന്താണെന്നു പറയട്ടെ! അവൻ പറയുന്നതെന്തോ അതു നിങ്ങൾ മടിവിട്ടു ചെയ്തുകൊള്ളുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ സദസ്സ് ശാന്തമായി. ബലരാമൻ പറഞ്ഞതു കാര്യമാണെന്നു തോന്നി എല്ലാവരും മിണ്ടാതിരുന്നു. പിന്നെ 'കൊള്ളാം! നല്ലത്! നല്ലത്!' എന്നുപറഞ്ഞ് അവരവരുടെ ഇരിപ്പിടത്തിലിരുന്നു. കൃഷ്ണൻ അപ്പോഴും ഒന്നും മിണ്ടുന്നില്ല. ഉടനെ ബലരാമൻ ശത്രുസന്താപിയായി കൃഷ്ണനോടു പറഞ്ഞു."

ബലരാമൻ പറഞ്ഞു: "ഹേ, കൃഷ്ണാ! നീ എന്താണ് ഒന്നും മിണ്ടാതെ നോക്കിക്കൊണ്ടിരിക്കുന്നത്? അച്യുതാ! ഞങ്ങൾ എല്ലാവരും കുന്തിയുടെ പുത്രനെ സല്ക്കരിച്ചു. അതു നിനക്കു വേണ്ടിയാണ്. ഇത്തരം കൊള്ളരുതാത്തവനാണ് നിന്റെ സുഹൃത്തെന്നറിഞ്ഞിരുന്നുവെങ്കിൽ ഇങ്ങനെ അവനെ ആദരിക്കുകയില്ലായിരുന്നു. ആ കഴുവേറി, കുടുംബത്തിന്നു കളങ്കമായ അവൻ, ഇത്തരം സല്ക്കാരങ്ങൾക്കു പാത്രമല്ല. ഭക്ഷണം കഴിഞ്ഞതിന്നു ശേഷം പാത്രം തല്ലിത്തകർക്കുന്ന കടുംകൈ ചെയ്യുവാൻ തറവാട്ടിൽ പൊട്ടിമുളച്ച ഒറ്റ മനുഷ്യനും മുതിരുകയില്ല.

പുതിയ ബന്ധം ആഗ്രഹിക്കുന്നവനാണെങ്കിൽത്തന്നെ, നമ്മുടെ സൽക്കാരത്തിന്നു പാത്രമായശേഷം, ഐശ്വര്യം ആഗ്രഹിക്കുന്നവനാണെങ്കിൽ, ഇങ്ങനെയൊക്കെ ആലോചനകൂടാതെ പെട്ടെന്നു വല്ല പ്രവൃത്തിയും ചെയ്യുമോ? അവൻ നമ്മെയൊക്കെ അപമാനിച്ചു! കൃഷ്ണനെ ധിക്കരിച്ചു! അവൻ ബലാല്ക്കാരമായി സുഭദ്രയെ അപഹരിച്ചു. അതേ, അവൻ അവന്റെ മരണത്തിന്നു കാരണഭൂതയായ ദേവതയേയും കൊണ്ടു കടന്നുകളഞ്ഞു. സർപ്പം ചവിട്ടേറ്റ് അനങ്ങാതെ കിടക്കുമോ? അവൻ ഇപ്പോൾ എന്റെ ശിരസ്സിലല്ലേ ചവിട്ടിയത്? എന്താ കൃഷ്ണാ നീ മിണ്ടാതിരിക്കുന്നത്? ഇത് ഈ ഞാൻ എങ്ങനെ സഹിക്കും? ഈ അർജ്ജുനന്റെ മര്യാദകെട്ട പ്രവൃത്തി ഞാൻ പൊറുക്കുകയില്ല. ഞാൻ ഈ നിമിഷത്തിൽ കൗരവന്മാരെ മുടിക്കും! ഒരൊറ്റ കൗരവനേയും ഞാൻ ഭൂമിയിൽ ബാക്കിവച്ചേക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇടിനാദംപോലെയും, പെരുമ്പറയുടെ മുഴക്കംപോലെയും, ഇത്തരത്തിൽ ഗർജ്ജിച്ച ബലരാമനെ ഭോജവൃഷ്ണ്യന്ധകന്മാരെല്ലാം 'അങ്ങനെതന്നെ! ഉടനെ വേണം!' എന്നു വിളിച്ചുപറഞ്ഞ് അനുമോദിച്ചു."

ഹരണാഹരണപർവ്വം

221. അർജ്ജുനവനവാസാവസാനം – വൈശമ്പായനൻ പറഞ്ഞു: "വൃഷ്ണിവീരന്മാർ വീരവാദങ്ങൾ തുടങ്ങിയപ്പോൾ കൃഷ്ണൻ ധർമ്മാർത്ഥയുക്തമായ വാക്കുകൾ പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ഗുഡാകേശൻ നമ്മുടെ കുലത്തിന് അപമാനമുണ്ടാക്കിവെച്ചു എന്നുള്ളതാണല്ലോ ഏറ്റവും വലിയ ആരോപണം. ഞാൻ ചിന്തിച്ചുനോക്കുമ്പോൾ അവൻ നമ്മുടെ കുലത്തിന്നു യാതൊരു അപമാനവും വരുത്തിയിട്ടില്ല. നേരേ മറിച്ച് നമ്മുടെ കുലത്തിന്നു ബഹുമാനം നല്കുകയാണുണ്ടായത്. ഞാൻ പറയാം. യാദവന്മാർ അർത്ഥലുബ്ധന്മാരാണെന്ന് പാർത്ഥൻ ചിന്തിക്കുന്നില്ല. ഒരു നിശ്ചയവും ഉണ്ടാക്കാത്ത സ്വയംവരത്തെ അർജ്ജുനൻ ആദരണീയമായി കണക്കാക്കുന്നില്ല. പിന്നെ, പശുവിനെ ദാനംവാങ്ങുന്നതുപോലെ ആരാണ് കന്യകയെ പ്രതിഗ്രഹിക്കുക? സ്വന്തം സന്താനങ്ങളെ വില്ക്കുന്ന പുരുഷന്മാർ ആരെങ്കിലുമുണ്ടോ ഭൂമിയിൽ? ഈ വക ദോഷങ്ങളെ ചിന്തിച്ചാണ് പാർത്ഥൻ ഈ മാർഗ്ഗം സ്വീകരിച്ചതെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ക്ഷത്രിയധർമ്മത്തെ പ്രമാണമാക്കി ഹരണത്തിന്ന് അർജ്ജുനൻ ഒരുങ്ങിയത്. അതുകൊണ്ട് യശസ്വിനിയായ സുഭദ്രയെ ബലമായി ഹരിച്ചത് ഉചിതമായി എന്നാണ് വിചാരിക്കേണ്ടത്. ഈ ബന്ധുത്വം ഈ നിലയ്ക്കു യോജിച്ചതാണ്. സുഭദ്രയാണെങ്കിൽ കേൾവിപ്പെട്ടവൾ; പാർത്ഥനാണെങ്കിൽ ഇങ്ങനെയുള്ള ഒരു വീരനും! അതാണ് ഹരിക്കുവാൻ തന്നെ കാരണം. പിന്നെ തറവാടിന്റെ കാര്യം ചിന്തിക്കുകയാണെങ്കിൽ അർജ്ജുനൻ ഭരതവംശത്തിൽ പിറന്നവനാണ്. ശാന്തനുവിന്റെ പേരക്കിടാവാണ്! അർജ്ജുനൻ വിശേഷിച്ചും അച്ഛൻ പെങ്ങളായ കുന്തിയുടെ പുത്രൻ! ഈ നിലയ്ക്ക് ഏതു യുവതിയാണ് അർജ്ജുനനെ ആഗ്രഹിക്കാതിരിക്കുക?

ക്ഷമാശീലനായ ജ്യേഷ്ഠാ, പാർത്ഥനെ യുദ്ധത്തിൽ നേരിട്ടു ജയിക്കുവാൻ പോന്ന ഒരു വീരനേയും ഞാൻ കാണുന്നില്ല. ഇന്ദ്രരുദ്രലോകങ്ങളിൽപ്പോലും ആരേയും കണ്ടുകിട്ടുകയില്ല. വിരൂപാക്ഷനും മുക്കണ്ണനുമായ ഹരനൊഴികെ മറ്റാർക്കും അർജ്ജുനനെ തോല്പിക്കാൻ കഴിയുകയില്ല. അവൻ എന്റെ തേരും അശ്വങ്ങളുമാണ് ഉപയോഗിക്കുന്നത്. പിന്നെ, യോദ്ധാവും ശീഘ്രാസ്ത്രനുമായ പാർത്ഥന്നു തുല്യനായി ലോകത്തിൽ ആരുണ്ട്?

ഈ നിലയ്ക്ക് ആ ധനഞ്ജയനെ സാന്ത്വപൂർവ്വം പിന്തുടർന്നുചെന്നു നന്ദിച്ചു പിന്തിരിപ്പിക്കുകയാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. പിന്നെ മറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ! പോരിന്നു ചെന്ന നമ്മളെ പോരിൽ ജയിച്ച് സ്വന്തം പുരത്തേക്കു ചെന്നാൽ നമ്മളുടെ കീർത്തി കെട്ടുപോകയില്ലേ? സമാധാന മാർഗ്ഗം സ്വീകരിക്കയാണെങ്കിൽ തോൽവിയുടെ പ്രശ്നമുദിക്കുന്നില്ലല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ ഈ വാക്കുകേട്ട് അതു ശരിവച്ച് അവർ അങ്ങനെതന്നെ ചെയ്തു.

വൃഷ്ണികൾ അർജ്ജുനനെ സാന്ത്വരൂപത്തിൽ ദ്വാരകയിലേക്കു കൊണ്ടുപോന്നു. അവിടെവച്ച് അർജ്ജുനൻ സുഭദ്രയെ വിവാഹം ചെയ്തു. അദ്ദേഹം അവിടെ ഒരു വർഷത്തിലേറെക്കാലം വൃഷ്ണികുമാരന്മാരുടെ സൽക്കാരങ്ങളേറ്റും വിനോദിച്ചും വാണു. പിന്നെ പന്ത്രണ്ടുവർഷം തികയാനുള്ള ബാക്കികാലം മുഴുവൻ അദ്ദേഹം പുഷ്കരതീർത്ഥത്തിൽ വസിച്ചു.

പന്ത്രണ്ടുവർഷം തികഞ്ഞപ്പോൾ തിരിച്ച് ഇന്ദ്രപ്രസ്ഥത്തിലെത്തിയ അർജ്ജുനൻ വ്രതനിഷ്ഠനായിത്തന്നെ രാജാവിന്റെ മുമ്പിൽച്ചെന്നു വന്ദിച്ചു. പിന്നെ ബ്രാഹ്മണപൂജചെയ്ത് അർജ്ജുനൻ പാഞ്ചാലിയുടെ സമീപം ചെന്നു. ആ സന്ദർഭത്തിൽ ദ്രൗപദി പ്രണയപരിഭവത്തോടെ പറഞ്ഞു."

പാഞ്ചാലി പറഞ്ഞു: "അങ്ങ് ആ യാദവകുമാരിയുടെ അടുത്തേക്കുതന്നെ പൊയ്ക്കോളൂ. 1ഭാരത്തിന്റെ കെട്ട് എത്ര മുറുക്കിയതായാലും ആദ്യത്തെ കെട്ടിന്ന് അയവുപറ്റും." (ഭാരസ്യ സുബന്ധസ്യ അപി പൂർവ്വബന്ധഃ ശ്ലഥായതേ.)

വൈശമ്പായനൻ പറഞ്ഞു: "പാഞ്ചാലി ഇങ്ങനെ പ്രണയംമൂലം പരിഭവവാക്കുകൾ പലതും പറഞ്ഞ് വിലപിക്കെ അർജ്ജുനൻ അവളെ നല്ലവാക്കുകൾ പറഞ്ഞ് സമാധാനിപ്പിച്ചു. വീണ്ടും വീണ്ടും പറഞ്ഞ്, അവളെ ശാന്തയാക്കി ക്ഷമിപ്പിച്ചു.

ദ്രൗപദിയെ ഒരുവിധം സമാശ്വസിപ്പിച്ചശേഷം അർജ്ജുനൻ ഉടനെ ദ്വാരകയിൽച്ചെന്ന് ക്ഷണത്തിൽ സുഭദ്രയെ ഇന്ദ്രപ്രസ്ഥത്തിലേക്കു യാത്രയാക്കി. ഒരു സാധാരണഗോപസ്ത്രീയുടെ വേഷത്തിലാണ് സുഭദ്രയെ അർജ്ജുനൻ യാത്രയാക്കിയത്.2

യശസ്വിനിയായ സുഭദ്ര ആ ഇടയപ്പെണ്ണിന്റെ വേഷത്തിലും നല്ലപോലെ ശോഭിച്ചു. സുന്ദരിയും, നീണ്ടുചുവന്ന മിഴികളോടുകൂടിയവളും, വീരപത്നിയും, യശസ്വിനിയുമായ സുഭദ്ര അന്തഃപുരത്തിൽച്ചെന്ന് ആദ്യമായി കുന്തീദേവിയുടെ പാദങ്ങളിൽ നമസ്കരിച്ചു.

---

1 ദ്വിതീയപത്നി വരുമ്പോൾ പ്രഥമപത്നിയിലുള്ള മതിപ്പ് കുറയുമെന്നു സാരം.

2 കൃഷ്ണസഹോദരിക്കുചേർന്ന അന്തസ്സേറിയ വേഷത്തിലാണ് സുഭദ്ര അർജ്ജുനനുമൊത്തു വരുന്നതെങ്കിൽ അവളാണ് ഇനി പട്ടമഹിഷിയാവുക എന്ന ഒരു തോന്നൽ പ്രഥമദർശനത്തിൽ പാഞ്ചാലിക്കുണ്ടായാലോ!

digitized by www.sreyas.in

സർവ്വാംഗസുന്ദരിയായ സുഭദ്രയെ കുന്തി നെറുകയിൽ ചുംബിച്ചു സ്വീകരിച്ചു. സൗന്ദര്യസൗശീല്യാദികളിൽ അതുല്യ കീർത്തിമതിയായ സുഭദ്രയെ ഏറ്റവും പ്രീതിയോടെ ആശീർവ്വദിച്ചു.

പൂർണ്ണചന്ദ്രനെപ്പോലെ വിളങ്ങുന്ന മുഖത്തോടുകൂടിയ സുഭദ്ര വേഗത്തിൽ പാഞ്ചാലിയുടെ അടുത്തുചെന്നു വന്ദിച്ച് ഞാൻ അവിടുത്തെ ദാസിയാണ് എന്നറിയിച്ചു. തന്റെ മുമ്പിൽ നമസ്കരിച്ചു നില്ക്കുന്ന കൃഷ്ണസോദരിയായ സുഭദ്രയെ പാഞ്ചാലി എഴുന്നേറ്റ് ആലിംഗനം ചെയ്ത് ആശീർവ്വദിച്ചു: "നിന്റെ ഭർത്താവ് ശത്രുരഹിതനാകട്ടെ!" സന്തോഷത്തോടെ സുഭദ്രയും "അപ്രകാരംതന്നെ ഭവിക്കട്ടെ!" എന്ന് പാഞ്ചാലിയോടും പറഞ്ഞു.

അല്ലയോ ജനമേജയാ, മഹാരഥന്മാരായ ആ പാണ്ഡവന്മാർ സന്തുഷ്ടചിത്തരായി. കുന്തിയുടെ ആനന്ദം അളവറ്റതായിരുന്നു.

അർജ്ജുനൻ സ്വന്തം നഗരമായ ഇന്ദ്രപ്രസ്ഥത്തിൽ ചെന്ന വിവരം കൃഷ്ണൻ കേട്ടറിഞ്ഞു. ഉടനെ പരിശുദ്ധഹൃദയനായ അദ്ദേഹം ബലരാമനോടും, മഹാവീരന്മാരായ യാദവന്മാരോടും, വൃഷ്ണിവീരന്മാരോടും, സഹോദരന്മാരോടും, കുട്ടികളോടും, ഭടന്മാരോടും വലിയ ഒരു സൈന്യത്തോടുംകൂടി ഇന്ദ്രപ്രസ്ഥത്തിൽ ചെന്നു.

ദാനകർമ്മത്തിൽ ശ്രേഷ്ഠനും ബുദ്ധിമാന്മാരിൽ പ്രശസ്തനും മഹാകീർത്തിമാനും, വൃഷ്ണിവീരന്മാരുടെ സേനാനായകനും, ശത്രുക്കളെ അമർത്തുന്നവനുമായ 'അക്രൂരനും' ഉടനെ എത്തി.

മഹാതേജസ്വിയായ 'അനാദൃഷ്ടി'യും മഹാകീർത്തിമാനും സാക്ഷാൽ ബൃഹസ്പതിയുടെ ശിഷ്യനും, ബുദ്ധിശാലിയുമായ 'ഉദ്ധവനും,' 'സത്യകനും,' 'സാത്യകിയും,' യാദവവീരനായ 'കൃതവർമ്മാവും', 'പ്രദ്യുമ്നനും', 'സാംബനും', 'നിശഠനും', 'ശങ്കു'വും, 'ചാരുദേഷ്ണനും', പരാക്രമശാലിയുമായ 'സ്ഥില്ലി'യും, 'വിപൃഥു'വും, മഹാനായ 'സാരണനും', 'രാഹുവും', മഹാവിദ്വാനായ 'ഗദനും', മാത്രമല്ല വേറെ അസംഖ്യം വൃഷ്ണിഭോജാന്ധകപ്രമുഖന്മാരും ധാരാളം പാരിതോഷികങ്ങളുമായി ഇന്ദ്രപ്രസ്ഥത്തിൽ എത്തി.

കൃഷ്ണൻ വരുന്നതായറിഞ്ഞ് യുധിഷ്ഠിരൻ അദ്ദേഹത്തെ എതിരേറ്റുകൊണ്ടുവരുവാൻ നകുലസഹദേവന്മാരെ പറഞ്ഞയച്ചു. പതാകാധ്വജങ്ങളാൽ ശോഭിതമായ ഇന്ദ്രപ്രസ്ഥത്തിലേക്ക് അവർ ആ യാദവസംഘത്തെ ആദരിച്ച് കൂട്ടിക്കൊണ്ടുപോന്നു. കൃഷ്ണൻ ബലഭദ്രനോടും, വൃഷ്ണികൾ, അന്ധകന്മാർ, ഭോജന്മാർ എന്നിവരോടുംകൂടി ഇന്ദ്രപ്രസ്ഥത്തിൽ പ്രവേശിച്ചു. ആ നഗരത്തിലെ വീഥികൾ അടിച്ചുതളിച്ച് പൂവുകൾ വിതറി ശോഭിച്ചിരുന്നു. തണുപ്പും സുഗന്ധവുമുള്ള ചന്ദനച്ചാറ് അവിടെയെല്ലായിടത്തും തളിച്ചിരുന്നു. കത്തുന്ന അകിലിന്റെ സൗരഭ്യം എങ്ങും വ്യാപിച്ചിരുന്നു. അത്യാഹ്ലാദഭരിതരായ ജനങ്ങളേയും, വലിയ വ്യാപാരികളേയും അവിടെ കാണാമായിരുന്നു. അസംഖ്യം പൗരന്മാരാലും, ബ്രാഹ്മണരാലും പൂജിക്കപ്പെടുന്ന കൃഷ്ണൻ സ്വർഗ്ഗസദൃശമായ യുധിഷ്ഠിരമന്ദിരത്തിൽ പ്രവേശിച്ചു.

ധർമ്മപുത്രൻ ബലഭദ്രന്റെ സമീപത്ത് ഉപചാരപൂർവ്വം ചെന്നു. കൃഷ്ണനെ നെറുകയിൽ ചുംബിച്ച് ആലിംഗനംചെയ്തു. കൃഷ്ണൻ സന്തുഷ്ടചിത്തനായി വിനീതനായ യുധിഷ്ഠിരനെ പൂജിച്ചു. അനന്തരം പുരുഷശ്രേഷ്ഠനായ ഭീമസേനനനേയും വിധിപ്രകാരം പൂജിച്ചു.

ധർമ്മപുത്രൻ വൃഷ്ണിവീരന്മാരേയും അന്ധകവീരന്മാരേയും അന്തസ്സിന്ന് യോജിച്ചവിധം ഔചിത്യത്തോടെ സ്വീകരിച്ച് സല്ക്കരിച്ചു. ധർമ്മപുത്രൻ ചിലരെ ഗുരുജനങ്ങളെപ്പോലെയും, ചിലരെ സ്നേഹിതന്മാരെപ്പോലെയും പൂജിച്ച് സസ്നേഹം സംഭാഷണം ചെയ്തു. അവർ ധർമ്മജന്റെ ഔദാര്യത്തിൽ കൃതജ്ഞരായി അദ്ദേഹത്തോടും സസ്നേഹം സംസാരിച്ചു.

പിന്നെ കീർത്തിമാനായ കൃഷ്ണൻ വരന്റെ പക്ഷത്തിലുള്ളവർക്കായി, വധുവിന്റെ പക്ഷത്തിലുള്ളവർ കൊടുക്കേണ്ട ആചാരപ്രകാരമുള്ള പാരിതോഷികങ്ങൾ പാണ്ഡവന്മാർക്കു കൊടുത്തു. പൊന്നണിഞ്ഞതും മണികൾ തൂക്കിയതുമായ നാലു കുതിരകളെ പൂട്ടാവുന്ന ആയിരംതേരും, മഥുരയിൽ ജനിച്ചുവളർന്ന ലക്ഷണയുക്തകളായ പതിനായിരം കറവപ്പശുക്കളേയും കൃഷ്ണൻ അവർക്കു നല്കി. ഓരോ തേരിന്നും സമർത്ഥരായ ഓരോ തേരാളിയേയും നല്കി. ചന്ദ്രരശ്മിക്കു തുല്യം കാന്തിയോടുകൂടിയതും സ്വർണ്ണംകൊണ്ടലങ്കരിച്ചതുമായ ആയിരം വെള്ളപ്പെൺകുതിരകളെയും കൃഷ്ണൻ സസന്തോഷം ദാനംചെയ്തു. നല്ല വേഗമുള്ളവയും കറുത്ത നിറമുള്ളവയുമായ അഞ്ഞൂറു കോവർകഴുതകളേയും സമ്മാനിച്ചു. പിന്നെ വെളുപ്പുനിറമുള്ള അഞ്ഞൂറു കഴുതകളെ വേറെയും നല്കി. കുളിപ്പിക്കുവാനും തേപ്പിക്കുവാനും യൗവനപ്രായത്തോടുകൂടിയവരും, വെളുത്ത നിറമുള്ളവരും, നല്ല വേഷഭൂഷാദികളോടുകൂടിയവരും, നല്ല മുഖശ്രീയുള്ളവരും, അനേകം സ്വർണ്ണാഭരണങ്ങൾ കഴുത്തിലണിഞ്ഞവരും, നല്ല ആരോഗ്യമുള്ളവരും, നല്ല വസ്ത്രം അണിഞ്ഞൊരുങ്ങിയവരും, വിചാരണദക്ഷകളുമായ ആയിരം ദാസിമാരെ കൃഷ്ണൻ പാണ്ഡവർക്ക് ദാനംചെയ്തു. ഖനികളിൽനിന്ന് കുഴിച്ചെടുക്കപ്പെട്ടതും, സ്വാഭാവികമായി ലഭിക്കുന്നതുമായ പത്തു ചുമട് സ്വർണ്ണം കൃഷ്ണൻ പാണ്ഡവന്മാർക്ക് സമ്മാനിച്ചു. മദം വർദ്ധിച്ച് ഗണ്ഡം, ഗുഹ്യം, കർണ്ണമൂലം എന്നിവിടങ്ങളിൽനിന്ന് മദജലം പൊട്ടിയൊഴുകുന്നവയും, പർവ്വതത്തിന്നൊപ്പം തടിച്ച് ഉയർന്നവയും, പോരിൽ പിന്മടങ്ങാത്തവയും, നല്ലപോലെ പരിപാലിക്കപ്പെട്ടിരുന്നവയും, വലിയ മണികൾ അണിഞ്ഞവയും, ഭംഗിയുള്ളവയും, പൊൻചങ്ങലയിടപ്പെട്ടവയും, വീരന്മാരായ പാപ്പാന്മാരോടുകൂടിയവയുമായ ആയിരം കൊമ്പനാനകളെ സാഹസപ്രിയനും മഹാശയനുമായ ഹലായുധൻ ബന്ധുത്വത്തെ ബഹുമാനിച്ച് അർജ്ജുനന്ന് വിവാഹപാരിതോഷികമായി സസന്തോഷം കൊടുത്തു. മഹാധനരത്നങ്ങളാകുന്ന ഒഴുക്കും, വസ്ത്രകംബളങ്ങളാകുന്ന നുരകളും, കൊമ്പനാനകളാകുന്ന മുതലകളും കൂടിക്കലർന്ന കൊടുക്കൂറകളാകുന്ന കരിംചണ്ടികളോടുകൂടിയ, സമ്മാനദ്രവ്യമായ ആ മഹാനദി പാണ്ഡവരാകുന്ന സമുദ്രത്തിൽ എങ്ങും വ്യാപിച്ചു. അതെങ്ങും നിറഞ്ഞൊഴുകി. പരോത്കർഷം സഹിക്കാത്ത ശത്രുക്കൾക്കെല്ലാം ദുഃഖം വളർത്തുന്നതിന്നു കാരണമായി.

ധർമ്മപുത്രൻ ആ പാരിതോഷികങ്ങൾ എല്ലാം സ്വീകരിച്ചു. അവരെയെല്ലാം യഥോചിതം പൂജിച്ചു. മഹായോഗ്യന്മാരായ കുരുക്കളും, വൃഷ്ണികളും, അന്ധകന്മാരും ഒന്നിച്ചുചേർന്നു സ്വർഗ്ഗലോകത്തിൽ പുണ്യാത്മാക്കളായ മനുഷ്യർ എന്നവിധം വിഹരിച്ചു. കൗരവരും, വൃഷ്ണികളും വീണവായിച്ചും വാദ്യങ്ങൾ മുഴക്കിയും പാട്ടുപാടിയും, വലിയ ശബ്ദകോലാഹലത്തോടുകൂടി ചേർച്ചയ്ക്കും സന്തുഷ്ടിക്കും അനുസരിച്ചവിധം അവിടെ ഉല്ലസിച്ചു. ശ്രേഷ്ഠവീര്യവാന്മാരായ വൃഷ്ണികൾ അനേകംനാൾ ഇങ്ങനെ വിനോദിച്ച് പാണ്ഡവരുടെ സൽക്കാരങ്ങൾ അനുഭവിച്ച് താമസിച്ചതിന്നുശേഷം സസന്തോഷം ദ്വാരകയിലേക്ക് തിരിച്ചു. മഹാവീരന്മാരായ വൃഷ്ണികളും അന്ധകന്മാരും കുരുശ്രേഷ്ഠന്മാർ സമ്മാനിച്ച പരിശുദ്ധമായ രത്നങ്ങൾ എടുത്ത് ബലരാമന്റെ നേതൃത്വത്തിൽ മടങ്ങിപ്പോയി.

ഹേ, ജനമേജയാ! മഹാശയനായ കൃഷ്ണൻ അപ്പോൾ മടങ്ങിയില്ല. മനോഹരമായ ഇന്ദ്രപ്രസ്ഥത്തിൽ അർജ്ജുനനുമൊന്നിച്ചു താമസിച്ചു. യമുനാതീരത്തിലെ മഹാവനങ്ങളിൽ അർജ്ജുനനുമൊന്നിച്ചു നായാട്ടിൽ ഏർപ്പെട്ട് ആനന്ദിച്ചു.

അങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ കൃഷ്ണന്റെ പ്രിയസഹോദരിയായ സുഭദ്ര, ഇന്ദ്രാണി ജയന്തനെ എന്നവിധം, ഭാവിയിൽ മഹാപ്രസിദ്ധനായ ഒരു കുമാരനെ പ്രസവിച്ചു. നീണ്ട കൈകൾ, വിരിഞ്ഞുന്തിയ മാറിടം, കാളയുടേതുപോലെ പ്രൗഢമായ ദൃഷ്ടി ഇങ്ങനെ മഹാപുരുഷലക്ഷണത്തോടുകൂടിയ നരർഷഭനായ 'അഭിമന്യു'വെ സുഭദ്ര പ്രസവിച്ചു.

digitized by www.sreyas.in

ആ കുമാരൻ നിർഭയനും കോപശീലനുമാണ്. (അഭീ=ഭീതിയില്ലാത്തവൻ; മന്യുമാൻ=കോപശീലൻ). അതുകൊണ്ട് അവന്ന് 'അഭിമന്യു' എന്ന് പേർ നല്കി. ശത്രുക്കളെ മർദ്ദിക്കുന്ന ശ്രേഷ്ഠപുരുഷനായ കുമാരന് ആ പേര് യോജിച്ചതുതന്നെ.

അതിരഥനായ അഭിമന്യു, ശമീഗർഭത്തിൽനിന്ന് മുഖത്തിൽ *അഗ്നി എന്നപോലെ, സുഭദ്രയിൽനിന്ന് അർജ്ജുനന്നു ലഭിച്ചു. ജനമേജയാ, ആ കുമാരൻ ജനിച്ച സന്തോഷവർത്തമാനം അറിഞ്ഞ ഉടനെ മഹാത്മാവായ യുധിഷ്ഠിരൻ പതിനായിരം പശുക്കളേയും, അത്രയും സ്വർണ്ണനാണയങ്ങളേയും ബ്രാഹ്മണർക്ക് ദാനംചെയ്തു.

അഭിമന്യു പിഞ്ചുകുട്ടിയായിരുന്ന കാലംമുതൽ എല്ലാ പാണ്ഡവന്മാർക്കും, വാസുദേവനും, ജനങ്ങൾക്കു ചന്ദ്രനെന്നപോലെ പ്രിയപ്പെട്ടവനായിത്തീർന്നു.

കൃഷ്ണൻ ആ കുമാരനെ ജനനംമുതൽതന്നെ ലാളിക്കുവാനും താലോലിക്കുവാനും അണിയിക്കുവാനും തല്പരനായി. അവൻ വെളുത്തപക്ഷത്തിലെ ചന്ദ്രൻ എന്നപോലെ ദിനംപ്രതി വളർന്നുവന്നു. അരിമർദ്ദനനായ അഭിമന്യു നാലു പാദങ്ങളോടുകൂടിയതും, പത്തുവിധം അനുഷ്ഠാനമുള്ളതും, ദിവ്യവും അമാനുഷവുമായ ധനുർവ്വേദമെല്ലാം അവയിൽ സുശിക്ഷിതനായ അർജ്ജുനനിൽനിന്നു പഠിച്ചു.

മഹാബലവാനായ അർജ്ജുനൻ അകാലങ്ങളിൽപ്പോലും ശരങ്ങൾ പ്രയോഗിക്കുവാനുള്ള സൂക്ഷ്മജ്ഞാനവും, മറ്റുള്ളവരുടെ പ്രയോഗസാമർത്ഥ്യത്തെ ഗ്രഹിക്കുവാനുള്ള വിശിഷ്ടജ്ഞാനവും, ശാരീരികങ്ങളായ ഉത്സർപ്പണം പ്രസർപ്പണം മുതലായവയെപ്പറ്റിയുള്ള ബോധമുണ്ടാകത്തക്കവിധം പുത്രനെ നല്ലപോലെ അഭ്യസിപ്പിച്ചു. അർജ്ജുനൻ സ്വപുത്രനെ ആയുധവിദ്യയിൽ ശാസ്ത്രീയമായും പ്രായോഗികമായും തന്നോട് തുല്യനാക്കിയോ എന്നുതോന്നും. അദ്ദേഹത്തിന്ന് സുഭദ്രാപുത്രനെക്കാണുംതോറും സന്തോഷം വളർന്നുവന്നു. ശത്രുക്കളെ വീഴ്ത്തുന്നതിന്നുവേണ്ട ഗുണങ്ങളൊക്കെ അവന്നുണ്ടായിരുന്നു. ഉത്തമപുരുഷന്നുള്ള എല്ലാ ലക്ഷണങ്ങളും അവനിൽ പ്രകാശിച്ചു. ദുർദ്ധർഷനും, ഋഷഭസ്കന്ധനും, പത്തിപരത്തിയ സർപ്പത്തെപ്പോലെ ഭയങ്കരനും, സിംഹത്തോടൊപ്പം ഉദ്ധതനും, വലിയ വില്ലു ധരിച്ചവനും, മത്തഗജത്തെപ്പോലെ പരാക്രമശാലിയും, മേഘത്തിന്നും ദുന്ദുഭിക്കും തുല്യമായ ശബ്ദത്തോടുകൂടിയവനും, പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന മുഖത്തോടുകൂടിയവനും, ശൗര്യവീര്യപരാക്രമങ്ങളിലും, ആകൃതിയിലും, പ്രകൃതിയിലും അമ്മാവനായ കൃഷ്ണനോട് സദൃശനുമായ ആ പുത്രനെ അർജ്ജുനൻ, ഇന്ദ്രൻ ജയന്തനെ എന്നപോലെ, കൺകുളിരെ കണ്ടു.

ശുഭലക്ഷണയായ പാഞ്ചാലിയും അഞ്ചുഭർത്താക്കന്മാരിൽനിന്നു വീരന്മാരും യോഗ്യന്മാരും അഞ്ചുപർവ്വതങ്ങൾപോലെ സ്ഥിരശരീരന്മാരുമായ അഞ്ചുപുത്രന്മാരെ സമ്പാദിച്ചു. യുധിഷ്ഠിരനിൽനിന്ന് 'പ്രതിവിന്ധ്യൻ' ഭീമനിൽനിന്ന് 'സുതസോമൻ', അർജ്ജുനനിൽനിന്ന് 'ശ്രുതകർമ്മാവ്', നകുലനിൽനിന്ന് 'ശതാനീകൻ', സഹദേവനിൽനിന്ന് 'ശ്രുതസേനൻ', ഇങ്ങനെ മഹാരഥന്മാരും മഹാവീരന്മാരുമായ അഞ്ചുപുത്രന്മാരെ, അദിതി ആദിത്യന്മാരെ എന്നപോലെ, പാഞ്ചാലി പ്രസവിച്ചു.

ബ്രാഹ്മണർ യുധിഷ്ഠിരപുത്രനെ 'പ്രതിവിന്ധ്യൻ' എന്നു വിളിച്ചുവന്നത് അർത്ഥംനോക്കിയായിരുന്നു. 'വിന്ധ്യപർവ്വതം എന്നവിധം ശത്രുപ്രഹരണവേദന അറിയാതിരിക്കട്ടെ!' എന്ന് ബ്രാഹ്മണർ കുമാരനെ അനുഗ്രഹിച്ചത് സ്മരിച്ചാണ്.

അനവധി സോമയാഗം ചെയ്തതിന്റെ ഫലമായി ആദിത്യനും ചന്ദ്രനും തുല്യമായ തേജസ്സോടുകൂടി വില്ലാളിവീരനായ 'സുതസോമനെ' ഭീമനുമായുള്ള സംയോഗത്തിന്നുശേഷം പാഞ്ചാലി പ്രസവിച്ചു. സുതസോമൻ എന്നുപേരിട്ടത് ഭീമൻ ആയിരം സോമയാഗം ചെയ്തതിന്നുശേഷം പ്രസവിച്ചതിനാലാണ്. ശ്രുതവും ശ്രേഷ്ഠവുമായ പല കർമ്മങ്ങളുംചെയ്ത്, തിരിച്ചുവന്ന അർജ്ജുനനോടുകൂടിയുള്ള സംയോഗത്തിന്റെ ഫലമായി ജനിച്ച പുത്രനാകയാൽ അർജ്ജുനപുത്രന് 'ശ്രുതകർമ്മാവ്' എന്ന് പേരിട്ടു.

പണ്ട് കുരുവംശത്തിൽ 'ശതാനീകൻ' എന്നു പേരായി മഹാവിശിഷ്ടനായ ഒരു രാജാവുണ്ടായിരുന്നു. നകുലൻ തന്റെ പുത്രന്ന് സൽക്കീർത്തിയെ വളർത്തുന്ന ആ പേര് കൊടുക്കുകയാണുണ്ടായത്.

പിന്നെ പാഞ്ചാലി അസിദേവതയായ കാർത്തികനക്ഷത്രത്തിൽ സഹദേവപുത്രനെ പ്രസവിച്ചു. അതുകൊണ്ട് ആ പുത്രന് 'ശ്രുതസേനൻ' എന്ന് പേരു കൊടുത്തു.

ജനമേജയരാജാവേ, കീർത്തിശാലികളും പരസ്പരം പ്രിയമുള്ളവരുമായ ദ്രൗപദീപുത്രന്മാർ അഞ്ചുപേരും ഓരോവർഷം ഇടവിട്ടു ജനിച്ചവരാണ്. ഭാരതശ്രേഷ്ഠനായ രാജാവേ, കുലപുരോഹിതനായ ധൗമ്യൻ ആ കുമാരന്മാരുടെ പ്രായമനുസരിച്ച് ജാതകർമ്മം, ചൗളം, ഉപനയനം മുതലായ കർമ്മങ്ങളെല്ലാം വേണ്ടതുപോലെ ചെയ്തു. അവർ വ്രതങ്ങളിൽ മുഖ്യമായ ബ്രഹ്മചര്യം ദീക്ഷിച്ച് വേദാദ്ധ്യയനംചെയ്തു. ദിവ്യവും മാനുഷവുമായ അസ്ത്രവിദ്യകളെല്ലാം അർജ്ജുനനിൽനിന്നുതന്നെ അവർ അഭ്യസിച്ചു.

ഹേ, രാജശാർദ്ദൂലനായ ജനമേജയ! പാണ്ഡവന്മാർ ദേവകുമാരന്മാരോടു തുല്യരും, വിരിഞ്ഞുപരന്ന മാർത്തട്ടുള്ളവരും, മഹാശക്തരുമായ തങ്ങളുടെ പുത്രന്മാരോടുകൂടി സന്തോഷത്തോടെ നിവസിച്ചു."

ഖാണ്ഡവദാഹപർവ്വം

222. ബ്രാഹ്മണരൂപ്യനലാഗമനം – വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെയും ഭീഷ്മന്റെയും ആജ്ഞപ്രകാരം ഇന്ദ്രപ്രസ്ഥത്തിൽ വാഴുന്നകാലത്ത് പാണ്ഡവന്മാർ പല രാജാക്കന്മാരേയും ജയിച്ചു. ധർമ്മപുത്രനെ സർവ്വലോകരും ആശ്രയിച്ച്, പുണ്യം ചെയ്യുന്ന ദേഹത്തോടുകൂടിയ ദേഹികൾ എന്നപോലെ അദ്ദേഹത്തിന്റെ അധീനത്തിൽനിന്ന് ധർമ്മാർത്ഥകാമങ്ങൾ തനിക്കുചേർന്ന മൂന്നു ബന്ധുക്കൾ എന്നപോലെ സേവിച്ചു ഭാരതാ!

വേദം പഠിച്ച് യജ്ഞത്തിൽ പ്രയോഗിക്കുന്നവനായ രാജാവ് ശുഭലോകത്തെ കാക്കുന്നവനാണ്. അങ്ങനെയുള്ള യുധിഷ്ഠിരൻ നാട്ടുകാർക്ക് നാഥനായിത്തീർന്നു. ലക്ഷ്മിക്ക് അധിഷ്ഠാനമായിത്തീർന്നു, മതിക്ക് ആശ്രയമുണ്ടായി. ധർമ്മമൊക്കെ മന്നവന്മാർക്ക് ധർമ്മപുത്രൻമൂലം വർദ്ധിച്ചുവന്നു.

ലോകനീതി ശരിയായി പാലിക്കുന്ന ഒരു മനുഷ്യൻ തനിക്ക് മൂന്നു ബന്ധുക്കളുണ്ടെങ്കിൽ ആ മൂന്നു ബന്ധുക്കളേയും ഒരേ നിലയിൽ ബഹുമാനിക്കുകയാണല്ലോ പതിവ്. അതുപോലെ യുധിഷ്ഠിരൻ ധർമ്മത്തേയും, അർത്ഥത്തേയും, കാമത്തേയും, ഒരേവിധം ബഹുമാനിച്ച് അനുഷ്ഠിച്ചു. മൂന്നു മന്ത്രിമാരോടുകൂടി ഒരു രാജാവ് ആരാദ്ധ്യനായിത്തീരുന്നതുപോലെയും ധർമ്മാർത്ഥകാമങ്ങൾക്ക് മോക്ഷസ്വരൂപമായ ആത്മാവ് വന്ദ്യമാകുന്നതുപോലെയും ധർമ്മാർത്ഥകാമങ്ങൾ മൂന്നും തുല്യശക്തിപ്രഭാവത്തോടുകൂടി യുധിഷ്ഠിരനെ സേവിച്ചു. ബ്രഹ്മതത്ത്വപ്രതിപാദകങ്ങളായ വേദവാക്യങ്ങൾ പഠിക്കുന്നവനും, വേദോക്തവിധികൾകൊണ്ടു യാഗകർമ്മങ്ങൾ നടത്തുന്നവനും, നന്മകളെ സംരക്ഷിക്കുന്നവനുമായ യുധിഷ്ഠിരനെ നാലുവർണ്ണങ്ങളും അവര

* ചമതത്തടി അരണിയിലിട്ട് (തീയുണ്ടാക്കാനുള്ള കഴി) കടയുമ്പോൾ അഗ്നിയുണ്ടാകും. പരിപാവനമായ ആ അഗ്നിയാണ് യാഗത്തിന്നുപയോഗിക്കുക. അങ്ങനെയുള്ള അഗ്നിക്കു സമം അഭിമന്യുകുമാരൻ അത്യന്തം തേജസ്വിയായിരുന്നു. (ശമിഗർഭാൽ നിർമ്മഥനേന മഖേവ സംബഭൂവ. ശമിയുടേയും അരണിയുടേയും അഗ്നിയുടേയും സാദൃശ്യമാണ് സുഭദ്രാർജ്ജുനാഭിമന്യുമാർക്കുള്ളതെന്നു കാണാം.)

digitized by www.sreyas.in

വർക്കു നാഥനായിത്തന്നെ പരിഗണിച്ചു. യുധിഷ്ഠിരനെ ബ്രഹ്മനിഷ്ഠനായും, കർമ്മനിഷ്ഠനായും, നീതിനിഷ്ഠനായും, സകലജനങ്ങളും വിചാരിച്ചു.

യുധിഷ്ഠിരരാജാവിന്റെ ഭരണനൈപുണ്യംമൂലം അന്നുവരെ 'ചപല' എന്ന കുറ്റപ്പേരിന്ന് പാത്രമായ ലക്ഷ്മി 'സുസ്ഥിര' യായിത്തീർന്നു. എല്ലാവരുടേയും ബുദ്ധി ബ്രഹ്മചിന്തയിൽനിന്ന് ആശ്രയമില്ലാതിരുന്ന ധർമ്മത്തിന്ന് അനവധി ബന്ധുക്കളുണ്ടായി. അനശ്വരമായ സമ്പത്തും അചഞ്ചലമായ ഈശ്വരഭക്തിയും സുദൃഢമായ ധർമ്മബോധവും സകല ജനങ്ങൾക്കുമുണ്ടായി.

ഭീമാദികളായ നാല് അനുജന്മാരോടുകൂടിയ യുധിഷ്ഠിരൻ നാലുവേദങ്ങളിലേയും വിധിയനുസരിച്ചുള്ള കർമ്മങ്ങളോടുകൂടി നടത്തപ്പെടുന്ന മഹാ അധ്വരമെന്നപോലെ ശോഭിച്ചു. പ്രധാനികളായ ദേവന്മാർ ബ്രഹ്മാവിനെ എന്നവിധം ബൃഹസ്പതിതുല്യന്മാരായ, ധൗമ്യാദികളായ വിശിഷ്ടബ്രാഹ്മണർ യുധിഷ്ഠിരന്നു ചുറ്റും ഇരുന്ന് ഉപാസിച്ചു. ജനങ്ങളുടെ കണ്ണും കരളും സന്തോഷാധിക്യം നിമിത്തം ധർമ്മപുത്രനിൽ, കറുപ്പിന്റെ ലാഞ്ഛനയില്ലാത്ത പൂർണ്ണചന്ദ്രനെക്കണ്ടാലെന്നപോലെ, പതിഞ്ഞ് ആഹ്ലാദിച്ചു.

പ്രജകൾ ഇപ്രകാരം ധർമ്മപുത്രനെക്കണ്ട് ആനന്ദിച്ചത് അദ്ദേഹം പ്രജാസംരക്ഷകനായ ഒരു രാജാവായതുകൊണ്ടു മാത്രമല്ല; അവർക്ക് അദ്ദേഹത്തിൽ അനിർവ്വചനീയമായ ഭക്തി തന്നെ ഉണ്ടായിരുന്നു. പ്രജകൾക്കു രുചിക്കുന്നതെന്തോ അതൊക്കെ അദ്ദേഹം അറിഞ്ഞു ചെയ്തിരുന്നു. യുധിഷ്ഠിരനിൽ ജനതതിക്കുണ്ടായ ഭക്തിബഹുമാനങ്ങൾക്ക് അതായിരുന്നു കാരണം. രാജാവ് എത്രതന്നെ യോഗ്യനായാലും പ്രജകളുടെ ഹിതം അറിഞ്ഞു പ്രവർത്തിക്കാത്തപക്ഷം പരാജിതനായിപ്പോകുമെന്ന് സർവ്വവിദിതമാണല്ലോ.

ആരുടെയും ഹൃദയംകവരുന്ന മധുരമായ ഭാഷണം ശീലിച്ച രാജാവിൽനിന്ന് അന്യായമായ ഒറ്റ വാക്കും പുറപ്പെട്ടില്ല. അസത്യമോ അപ്രിയമോ ആയ വാക്കുകൾ യുധിഷ്ഠിരൻ പറഞ്ഞിരുന്നില്ല. മഹാതേജസ്വിയായ ആ ഭാരതസത്തമൻ പ്രജകളുടെ ഹിതം തന്റെ ഹിതമായിത്തന്നെ ചെയ്യുവാൻ ആഗ്രഹിച്ച് സന്തോഷിച്ചു. പ്രജാഹിതമല്ലാതെ മറ്റൊരു ഹിതവും അദ്ദേഹത്തിന്നില്ലായിരുന്നു. ഈ നിലയിൽ പാണ്ഡവന്മാർ സന്തുഷ്ടരും സന്താപഹീനരുമായി തങ്ങളുടെ അതുല്യമായ ശക്തികൊണ്ട് ശത്രുരാജാക്കന്മാരെ ദുഃഖിപ്പിച്ചു വസിച്ചു.

ഒരു ദിവസം അർജ്ജുനൻ കൃഷ്ണനോടു പറഞ്ഞു.

അർജ്ജുനൻ പറഞ്ഞു: "കൃഷ്ണാ, ഇവിടെ വലിയ ഉഷ്ണം തോന്നുന്നു. നമുക്ക് യമുനാതീരത്തിലേക്കു പോകാം. അവിടെ സുഹൃത്തുക്കളോടുകൂടി കുറച്ചുസമയം ചുറ്റിക്കളിച്ച് സന്ധ്യയോടുകൂടി ഇങ്ങോട്ടു മടങ്ങി വരാം. എന്താ, അങ്ങയ്ക്ക് ഇഷ്ടമല്ലേ?"

കൃഷ്ണൻ പറഞ്ഞു: "അത് എനിക്കും ഇഷ്ടമാണ്! നമുക്ക് ചങ്ങാതിമാരോടുകൂടി ആ നദീജലത്തിൽ സുഖമായി കുളിക്കാം."

വൈശമ്പായനൻ പറഞ്ഞു: "അല്ലയോ ജനമേജയ, കൃഷ്ണാർജ്ജുനന്മാർ അവരുടെ ആഗ്രഹം ധർമ്മപുത്രനോടു പറഞ്ഞ് സമ്മതം വാങ്ങി. സുഹൃത്തുക്കളോടും അനവധി സ്ത്രീജനങ്ങളോടുംകൂടി വിനോദസഞ്ചാരത്തിന്ന് യമുനാതീരത്തേക്കു പുറപ്പെട്ടു.

യമുനാതീരത്തിൽ പാണ്ഡവന്മാർക്ക് ഒരു വിഹാരഹർമ്മ്യം ഖാണ്ഡവപ്രസ്ഥം എന്ന സ്ഥലത്ത് മുമ്പേതന്നെ പണികഴിപ്പിച്ചിട്ടുണ്ടായിരുന്നു. കൃഷ്ണാർജ്ജുനന്മാർ പലവിധ സുഖോപകരണങ്ങളോടുകൂടിയാണ് ആ വിഹാരസ്ഥലത്തുചെന്നത്. അത്യുത്തമങ്ങളായ പലതരം വൃക്ഷങ്ങളോടുകൂടിയതും, വലുതും ചെറുതുമായ ഭവനങ്ങളോടുകൂടിയതും നാനാപക്ഷിമൃഗാദികൾ വിഹരിക്കുന്നതും, നാനാവൃക്ഷസമൂഹങ്ങളാലും ലതാനികുഞ്ജങ്ങളാലും മനോഹരമായതുമായ ആ ക്രീഡാസ്ഥലം പുരന്ദരപുരംപോലെ ശോഭിച്ചു. രസപൂർണ്ണങ്ങളും വിലപിടിച്ചവയുമായ ഭക്ഷ്യങ്ങളും, ഭോജ്യങ്ങളും, പേയങ്ങളും, സുഗന്ധദ്രവ്യങ്ങളും, അനർഘരത്നങ്ങളും നിറഞ്ഞ അന്തഃപുരത്തിൽ കൃഷ്ണാർജ്ജുനന്മാർ പ്രവേശിച്ചു. സകലരും ആനന്ദഭരിതരായി അവിടെ ആ ലതാനികുഞ്ജങ്ങളിൽ കേളിയാടി.

തടിച്ച നിതംബത്തോടും, മനോഹരമായി ഉയർന്ന പീനസ്തനങ്ങളോടുംകൂടിയ മദിരാക്ഷികൾ, യൗവനമദംകൊണ്ടു മദത്തഭഗാമിനികളും മനോഹരനീലലോചനകളുമായ സ്ത്രീകൾ, അവിടെ കളിച്ചു പുളച്ചു. മദാലസകളായ അവർ വനത്തിലും, ചിലർ ജലത്തിലും, ചിലർ ഭവനങ്ങളിലും അർജ്ജുനന്റേയും കൃഷ്ണന്റേയും ഇഷ്ടത്തിനൊത്തു കൂത്താടി. പാഞ്ചാലിയും സുഭദ്രയും, തങ്ങളുടെ ഭർത്താക്കന്മാരോടുകൂടെ കേളിയാടിയ ആ സുന്ദരിമാർക്കു വസ്ത്രങ്ങളും ആഭരണങ്ങളും സമ്മാനമായി കൊടുത്തു. ജനമേജയരാജാവേ, അവർ രണ്ടുപേരും അപ്പോൾ കാമോന്മത്തകളായിരുന്നു. സ്ത്രീകൾ സന്തുഷ്ടകളായി നൃത്തം വെക്കുകയും, വേറെ ചിലർ ഉച്ചത്തിൽ വിളിക്കുകയും, മറ്റുചിലർ ഉറക്കെ ചിരിക്കുകയും, ചിലർ മധുമദ്യം കുടിക്കുകയും ചെയ്തു. വേറെ ചിലർ തമ്മിൽത്തമ്മിൽ തടഞ്ഞുനിർത്തുകയും, കൈകൊണ്ട് ഉന്തുകയും, തള്ളുകയും, കെട്ടിപ്പിടിക്കുകയും വലിക്കുകയും നേരമ്പോക്കിൽ അടിക്കുകയും ചെയ്തു. ചിലർ തമ്മിൽത്തമ്മിൽ സ്വകാര്യം പറഞ്ഞു വിനോദിച്ചുകൊണ്ടിരുന്നു.

ധാരാളം സമ്പത്തുനിറഞ്ഞ ആ വനവും ക്രീഡാമന്ദിരവും ഹൃദയംകവരുന്ന വീണാവേണുമൃദംഗശബ്ദത്തിന്റെ മനോഹരനാദം കൊണ്ട് അലയടിച്ചു.

അങ്ങനെ ആ മനോഹരശബ്ദം മുഴങ്ങിക്കൊണ്ടിരിക്കെ അർജ്ജുനനും കൃഷ്ണനും സമീപത്തുള്ള സുമനോഹരമായ ഒരു സ്ഥലത്തേക്കു ചെന്നു പീഠങ്ങളിൽ കയറി ഇരുന്നു.

മഹാരാജാവേ, മഹാവിശിഷ്ടരും, ശത്രുപുരം ജയിക്കുന്നവരുമായ കൃഷ്ണാർജ്ജുനന്മാർ ആ സ്ഥലത്തുചെന്നു നല്ല ഒരിടത്ത് ഇരുന്നു. അവിടെ ഇരുന്ന് പാർത്ഥമാധവന്മാർ മുമ്പുചെയ്ത ഓരോ പരാക്രമങ്ങളെപ്പറ്റിയും മറ്റുമുള്ള കഥകൾ പറഞ്ഞു രസിച്ചു. അപ്പോൾ സ്വർഗ്ഗലോകത്തിൽ അശ്വിനീകുമാരന്മാരെപ്പോലെ അവിടെ സുഖാമൃതം പാനംചെയ്ത് ഇരിക്കുന്ന കൃഷ്ണാർജ്ജുനന്മാരുടെ സമീപത്ത് ഒരു ബ്രാഹ്മണൻ ചെന്നു നിന്നു.

വലിയ മരംപോലെ ഉയർന്ന ശരീരം, ഉരുകിയ സ്വർണ്ണം പോലെ ജ്വലിക്കുന്ന ദേഹകാന്തി, ചെമ്പിച്ച താടിമീശകൾ, നീലപീതമായ നിറം, പൊക്കത്തിനൊത്ത വണ്ണം! മദ്ധ്യാഹ്നസൂര്യനൊപ്പം ജ്വലിക്കുന്ന ആ ബ്രാഹ്മണൻ മരവുരിയും ജടയും ധരിച്ച് പത്മപത്രംപോലെയുള്ള മുഖത്തോടും പിംഗളതേജസ്സോടും കൂടി ജ്വലിക്കുന്ന മട്ടിൽ പ്രശോഭിച്ചു.

ആ മഹാതേജസ്വിയായ ബ്രാഹ്മണൻ അടുത്തുവന്നുനിന്നപ്പോൾ കൃഷ്ണാർജ്ജുനന്മാർ പീഠംവിട്ട് എഴുന്നേറ്റുനിന്ന് അദ്ദേഹത്തെ ബഹുമാനിച്ചു."

223. അഗ്നിപരാഭവം – വൈശമ്പായനൻ പറഞ്ഞു: "ആ തേജസ്വിയായ പുരുഷൻ, ലോകവീരന്മാരായ അർജ്ജുനനോടും കൃഷ്ണനോടുമായി ഖാണ്ഡവത്തിൽ വച്ച് ഇങ്ങനെ പറഞ്ഞു."

ബ്രാഹ്മണൻ പറഞ്ഞു: "ഞാൻ ബഹുഭോക്താവായ ഒരു വിപ്രനാണ്. എനിക്ക് എന്നും ധാരാളം ഭക്ഷിച്ചുകൊണ്ടിരിക്കണം. പാർത്ഥാ, കൃഷ്ണാ, എനിക്ക് ആവശ്യംപോലെ ഭിക്ഷ തരണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. എന്നെ നിങ്ങൾ സംതൃപ്തനാക്കണം."

വൈശമ്പായനൻ പറഞ്ഞു: "അവന്റെ അപേക്ഷ കേട്ടു കൃഷ്ണപാർത്ഥന്മാർ പറഞ്ഞു: "ഭവാന് ഏത് അന്നമാണ് ആവശ്യം? പറഞ്ഞാലും! ഏതുകൊണ്ടാണ് ഭവാൻ തൃപ്തനാവുക? പറയൂ! ഭവാന്റെ ആഗ്രഹം അറിഞ്ഞതിന്നുശേഷം അതിനു ശ്രമിക്കാം."

ഏത് അന്നം വേണമെന്നാണ് ആഗ്രഹം എന്നു ചോദിച്ച സമയത്ത് ബ്രാഹ്മണൻ അവരോടു പറഞ്ഞു.

digitized by www.sreyas.in

ബ്രാഹ്മണൻ പറഞ്ഞു: "ഞാൻ സാധാരണ അന്നമൊന്നും ഭക്ഷിക്കുവാൻ ആഗ്രഹിക്കാറില്ല. എനിക്ക് ചേരുന്ന അന്നം നിങ്ങൾ തരിക! ഞാൻ അഗ്നിയാണെന്നു നിങ്ങൾ അറിയണം. ഈ ഖാണ്ഡവവനം ഇന്ദ്രനാണ് സംരക്ഷിക്കുന്നത്. ആ ശക്തൻ കാക്കുന്ന കാട് എരിക്കുവാൻ ഞാൻ ശക്തനല്ല. വാസവന്റെ സഖിയായ തക്ഷകൻ എന്ന നാഗം ഈ കാട്ടിൽ പാർക്കുന്നുണ്ട്. അവനെ അവന്റെ സംഘത്തോടെ കാക്കുവാനാണ് ഇന്ദ്രൻ ഈ കാട് പരിരക്ഷിക്കുന്നത്. അനേകം ജീവികളേയും അതുകൊണ്ട് അവൻ സംരക്ഷിച്ചുപോരുന്നു. ശക്രതേജസ്സുകൊണ്ട് ഇത് എരിക്കുവാൻ ഞാൻ അശക്തനാണ്. ഞാൻ കത്തിയെരിയുവാൻ തുടങ്ങിയാൽ അവൻ വർഷം തുടങ്ങും. അതുകൊണ്ട് എനിക്ക് ഇഷ്ടമായ കാട് എരിക്കുവാൻ കഴിയുന്നില്ല. അസ്ത്രവിദഗ്ദ്ധന്മാരായ നിങ്ങൾ രണ്ടുപേരും എനിക്ക് തുണനില്ക്കുകയാണെങ്കിൽ ഞാൻ ഈ ഖാണ്ഡവവനം ദഹിപ്പിക്കാം. ഇതാണ് എനിക്കുള്ള ഭക്ഷണം. ഞാൻ അതു വരിക്കുന്നു. ജലധാരകളും മറ്റും കലരുന്ന ഭൂതജാലങ്ങളെ ദിവ്യാസ്ത്രവിജ്ഞന്മാരായ നിങ്ങൾ തടുക്കുവിൻ!"

ജനമേജയൻ പറഞ്ഞു: "ഖാണ്ഡവം ദഹിപ്പിക്കുന്നതിന്ന് പാവകൻ ആഗ്രഹിക്കുവാൻ എന്താണ് കാരണം? ആ വനത്തിൽ അനേകം ജീവജാലങ്ങൾ പാർക്കുന്നു. ഇന്ദ്രൻ സംരക്ഷിക്കുന്നതുമാണ് ആ വനം. ഈ നിലയ്ക്കു ഹുതാശനൻ അതികോപിഷ്ഠനായി ഖാണ്ഡവം ദഹിപ്പിക്കുന്നതിന്നാഗ്രഹിക്കുവാൻ തക്കതായ കാരണമുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. പണ്ടുണ്ടായ ആ ഖാണ്ഡവാരണ്യദാഹം അതേരൂപത്തിൽ വിസ്തരിച്ചു പറഞ്ഞു കേൾക്കുവാൻ എനിക്കാഗ്രഹമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ജനമേജയ! എല്ലാം നടന്ന വിധംതന്നെ ഞാൻ വിസ്തരിച്ചു പറയാം, എന്തിനാണ് വഹ്നി ഖാണ്ഡവനം ചുട്ടതെന്ന്. ഖാണ്ഡവം ചുട്ടുകരിച്ച കഥ, പുരാണമുനികൾ പുകഴ്ത്തിപ്പറയുന്ന കഥ, ഞാൻ പറയാം:

പണ്ട് ഇന്ദ്രതുല്യപ്രഭാവനായി, 'ശ്വേതകി' എന്നു പ്രസിദ്ധനായി, ബലവാനും വിക്രമിയുമായ ഒരു രാജാവുണ്ടായിരുന്നു. തനിക്കു സമനായി മറ്റൊരു രാജാവുമില്ലാത്തവിധം യജ്വാവും ദാനോത്കൃഷ്ടനും ബുദ്ധിമാനുമായ ആ രാജാവ് സ്മാർത്തങ്ങളായ ദേവയജ്ഞാദികൾകൊണ്ടും, ശ്രൗതങ്ങളായ ഹോമാദികൾകൊണ്ടും ദക്ഷിണകളോടുകൂടി യാഗം നടത്തി. ജനമേജയരാജാവേ, ആ രാജാവിന്ന് എല്ലായ്പോഴും ഒരേ ഒരു വിചാരമേ ഉണ്ടായിരുന്നുള്ളൂ. സത്രക്രിയാരംഭം, ഭൂമിദാനം ഇതല്ലാതെ മറ്റു ചിന്തയൊന്നുമില്ലായിരുന്നു. ഋത്വിക്സഹിതനായി ഈ മട്ടിൽ ആ നൃപൻ അധ്വരം ചെയ്തുകൊണ്ടിരുന്നു. ഋത്വിക് ജനങ്ങൾ ധൂമംകൊണ്ട് കണ്ണുകലങ്ങി, അവശരായി. ഒട്ടേറെനാൾ ചെന്നപ്പോൾ ആ രാജാവിനെ എല്ലാവരും വിട്ടുപോയി. പിന്നെയും രാജാവ് ഋത്വിക്കുകളെ വിളിച്ചുവരുത്തി. ഹോമധൂമമേറ്റ് കാഴ്ചയറ്റ അവർ യാഗത്തിന്നു സമ്മതിച്ചില്ല. പിന്നെ അവരുടെ അനുവാദത്തോടെ രാജാവ് വേറെ ഋത്വിക്കുകളെ വരുത്തി യാഗം പൂർത്തിയാക്കി.

കുറച്ചുനാൾ ചെന്നപ്പോൾ രാജാവ് നൂറുവർഷംകൊണ്ടു കഴിയുന്ന ഒരു സത്രം ചെയ്യുവാൻ ഒരുങ്ങി. അതിന്ന് ഋത്വിക്കുകൾ ആരും വന്നില്ല. ദീർഘമായ സത്രകർമ്മം നടത്തുവാൻ അവർ സന്നദ്ധതകാണിച്ചില്ല. കീർത്തിമാനായ ആ രാജാവ് മിത്രങ്ങളോടുകൂടി വളരെ ശ്രമം ചെയ്തുനോക്കി. ഋത്വിക്കുകളെക്കണ്ട് നമസ്കരിച്ചും നല്ലവാക്കു പറഞ്ഞും ദാനങ്ങൾ നല്കിയും പ്രീതിപ്പെടുത്തി കൂട്ടിക്കൊണ്ടുവരുവാൻ പണിപ്പെട്ടു. എന്നിട്ടും ഓജസ്വിയായ അവന്ന് ഇഷ്ടംചെയ്യുവാൻ ആരും മുതിർന്നില്ല. രാജർഷി കോപത്തോടുകൂടി ആശ്രമത്തിൽച്ചെന്ന് അവരോടു പറഞ്ഞു.

ശ്വേതകി പറഞ്ഞു: "അല്ലയോ ബ്രാഹ്മണരേ, നിങ്ങൾ എന്നെ ഉപേക്ഷിക്കുവാൻ എന്താണു കാരണം? ഞാൻ പതിതനോ നിങ്ങളുടെ വരുതിയിൽ നില്ക്കാത്തവനോ അല്ല. അങ്ങനെയാണെങ്കിൽ നിങ്ങൾ എന്നെ ഉപേക്ഷിക്കേണ്ടതാണ്. എന്നാൽ ഞാൻ ഇപ്പോൾ യാഗശ്രദ്ധ ഉപേക്ഷിക്കുവാൻ ചിന്തിക്കുന്നില്ല. അസ്ഥാനത്തുവെച്ച് ഉപേക്ഷിക്കുന്നത് ഉചിതമല്ല. ദ്വിജേന്ദ്രന്മാരേ! ഞാൻ യാഗം ചെയ്യും. എന്നെ അതിൽനിന്നു തടയുവാൻ ശ്രമിച്ചിട്ടു കാര്യമില്ല. ഞാൻ നിങ്ങളെ ശരണംപ്രാപിക്കുന്നു. നിങ്ങൾ പ്രസാദിക്കണം. സാന്ത്വദാനാദിവാക്യങ്ങൾകൊണ്ട് കാര്യം ഉണ്ടാവുകയാൽ ഞാൻ എന്റെ കാര്യം ഗ്രഹിപ്പിച്ചു നിങ്ങളെ ഉണർത്തുകയാണ്. എന്നെ ഭവാന്മാർ വെറുത്ത് ഉപേക്ഷിച്ചു. എങ്കിലും ഞാൻ ഇതാ വീണ്ടും നിങ്ങളെ വന്ന് ആശ്രയിക്കുന്നു. വേറെ ഋത്വിക്കുകളെ ഞാൻ യജ്ഞത്തിന്നുവേണ്ടി കൊണ്ടുവരട്ടെ! എന്തുവേണം? പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് രാജാവു വിരമിച്ചു. രാജാവിന്റെ അഭ്യർത്ഥനകേട്ട് യജ്ഞത്തിന്നു കഴിയാഞ്ഞ് യാജകന്മാർ ക്രോധം നടിച്ചു രാജാവിനോടു പറഞ്ഞു.

യാജകന്മാർ പറഞ്ഞു: "ഹേ, രാജാവേ! ഭവാൻ തുടർച്ചയായി യാഗകർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എന്നും കർമ്മംചെയ്തുചെയ്ത് ഞങ്ങൾ ക്ഷീണിച്ചിരിക്കുകയാണ്. ഈ അദ്ധ്വാനംകൊണ്ടു തളർന്ന ഞങ്ങളെ ഭവാൻ വിട്ടൊഴിച്ചാലും! ബുദ്ധിമോഹംകൊണ്ട് ത്വരയോടെ വീണ്ടും ഒരുങ്ങുന്ന ഭവാൻ രുദ്രന്റെ അടുത്തുചെന്ന് പ്രാർത്ഥിക്കുക! ആ ദേവൻ ഭവാനെ യാഗംചെയ്യിക്കും."

വൈശമ്പായനൻ പറഞ്ഞു: "ബ്രാഹ്മണരുടെ നിന്ദ്യമായ വാക്കുകേട്ട് ശ്വേതകിക്കു കോപംവന്നു. ഉടനെ രാജാവ് കൈലാസത്തിലേക്കു നടന്നു. അവിടെച്ചെന്ന് ഉഗ്രമായ തപസ്സ് ആരംഭിച്ചു. മഹേശ്വരനെ ആരാധിച്ചു നിഷ്ഠുരമായ വ്രതമെടുത്തു. വളരെക്കാലം ഉപവസിച്ചു. ചിലപ്പോൾ പന്ത്രണ്ടാം ദിവസമോ പതിനാറാം ദിവസമോ മാത്രം ഫലമൂലങ്ങൾ ഭക്ഷിക്കും. ഇന്ദ്രിയങ്ങൾ അടക്കി, കൈപൊക്കി കണ്ണടയ്ക്കാതെ, തൂണുപോലെ ഇളകാതെ, ആറുമാസം ശ്വേതകി സമാധിയിൽനിന്നു. അങ്ങനെ രാജാവ് ഘോരമായ തപസ്സുചെയ്തു നില്ക്കുമ്പോൾ ലോകഭാവനനും വിഭുവുമായ ശങ്കരൻ പ്രസാദിച്ചു പ്രത്യക്ഷപ്പെട്ടു.

മഹാദേവൻ ശ്വേതകിയോട് ഇപ്രകാരം പറഞ്ഞു.

രുദ്രൻ പറഞ്ഞു: "അല്ലയോ നാരശാർദ്ദൂലാ, അങ്ങയുടെ തപസ്സുകൊണ്ട് ഞാൻ പ്രീതനായിരിക്കുന്നു. ഭവാന് ക്ഷേമം ഉണ്ടാകട്ടെ! ഭവാൻ ആഗ്രഹിക്കുന്ന വരം ചോദിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "തേജോരൂപനായ മഹാദേവന്റെ വാക്കുകേട്ട് രാജർഷി മഹേശ്വരനെ നമസ്കരിച്ചു മറുപടി പറഞ്ഞു."

ശ്വേതകി പറഞ്ഞു: "സർവ്വലോകരും വണങ്ങുന്ന ഭഗവാനേ, ഭവാൻ എന്നിൽ പ്രീതനാണെങ്കിൽ എന്നെക്കൊണ്ട് അവിടുന്നുതന്നെ യാഗം ചെയ്യിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "രാജാവു പറഞ്ഞ വാക്കുകേട്ട് പ്രീതിയാൽ പുഞ്ചിരിതൂകിക്കൊണ്ട് ഭഗവാൻ ശങ്കരൻ ഇപ്രകാരം പറഞ്ഞു."

രുദ്രൻ പറഞ്ഞു: "യാഗം ചെയ്യിക്കാൻ ഞങ്ങൾക്ക് അധികാരമില്ല രാജാവേ! വരത്തിന്നുവേണ്ടി ഭവാൻ വലുതായ ഒരു തപസ്സുതന്നെ ചെയ്തു. അതുകൊണ്ട് ഒരു നിശ്ചയപ്രകാരം ഞാൻ ഭവാനെ യജിപ്പിക്കാം. രാജാവേ, പന്ത്രണ്ടുവർഷം ബ്രഹ്മചാരിയായി, ശ്രദ്ധയോടെ, ധാരധാരയായി നെയ്യ് വീഴ്ത്തിക്കൊണ്ട് അഗ്നിയെ തൃപ്തിപ്പെടുത്തണം. എന്നാൽ എന്നിൽനിന്ന് ഭവാൻ എന്തുകാമിക്കുന്നുവോ അത് ഭവാനു ലഭിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞപ്പോൾ രാജാവു രാജധാനിയിൽച്ചെന്നു മഹാദേവകല്പനപ്രകാരം എല്ലാം അനുഷ്ഠിച്ചു. പന്ത്രണ്ടുവർഷം തികഞ്ഞ സമയം ശിവൻ വീണ്ടും ആ രാജാവിന്റെ അടുക്കൽ വന്നു. ലോകഗതി മുഴുവൻ ഹൃദയത്തിൽ ഭാവനംചെയ്യുന്നവനും സുഖദാതാവുമായ ആ ദേവൻ രാജാവിനെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു.

ശിവൻ പറഞ്ഞു: "അല്ലയോ നരശ്രേഷ്ഠാ! ഇവിടെ ഭവാൻ ചെയ്ത വേദവിധിപ്രകാരമുള്ള കർമ്മത്താൽ ഞാൻ പ്രസാദിച്ചി

digitized by www.sreyas.in

രിക്കുന്നു. എന്നാൽ യാഗം നടത്തിക്കുക എന്നതു ബ്രാഹ്മണരുടെ അധികാരത്തിൽപ്പെട്ടതായിട്ടാണ് ശാസ്ത്രവിധി. അതുകൊണ്ടു ഞാൻ എന്റെ ഈ നിലയിൽനിന്നുകൊണ്ട് ഭവാനെക്കൊണ്ടു യാഗം ചെയ്യിക്കുന്നത് ശരിയല്ല. ഭൂമിയിൽ എന്റെ അംശംകൊണ്ടു ജനിച്ചവനും മഹാനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ട്. 'ദുർവ്വാസസ്സ്' എന്നു പ്രസിദ്ധനും മഹാതേജസ്വിയുമായ അദ്ദേഹം എന്റെ അനുജ്ഞപ്രകാരം ഭവാനെക്കൊണ്ട് യാഗം ചെയ്യിക്കും. വേഗത്തിൽ എല്ലാം ഒരുക്കിക്കൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "രുദ്രൻ ഇപ്രകാരം പറഞ്ഞ വാക്കുകേട്ട് രാജാവു തന്റെ പുരത്തിൽച്ചെന്ന് സംഭാരങ്ങൾ ഒരുക്കി വേണ്ടതെല്ലാം ഒരുക്കിയതിന്റെ ശേഷം വീണ്ടും രുദ്രനെ കണ്ടു."

ശ്വേതകി പറഞ്ഞു: "ഞാൻ യാഗദ്രവ്യങ്ങളൊക്കെ ഒരുക്കി, സർവ്വ ഉപകരണങ്ങളും തയ്യാറാക്കി. ഭവാന്റെ പ്രസാദത്താൽ നാളെ ദീക്ഷിക്കുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മാന്യനായ മഹീപാലൻ പറഞ്ഞതുകേട്ടു ശങ്കരൻ ദുർവ്വാസാവുമുനിയെ മുമ്പിൽ വരുത്തി പറഞ്ഞു."

ശിവൻ പറഞ്ഞു: "ഈ ശ്വേതകിരാജാവ്, ഹേ, ദ്വിജോത്തമാ! യോഗ്യനാണ്. എന്റെ ആജ്ഞയാൽ ഇവനെക്കൊണ്ടു ഭവാൻ യാഗം ചെയ്യിക്കണം." എന്നു പറഞ്ഞപ്പോൾ "അങ്ങനെയാകാം! തീർച്ചയായും ചെയ്യിക്കാം" എന്നുമാത്രം ദുർവ്വാസാവു മഹർഷി ഉത്തരം പറഞ്ഞു. ഉടനെ ആ രാജാവിന്റെ യാഗം നടന്നു. അങ്ങനെ വിധിപ്രകാരം കാലത്തിന്നനുസരിച്ചു ശാസ്ത്രാനുസരണം അസംഖ്യം ദക്ഷിണകളോടുകൂടി യാഗം ആരംഭിച്ചു.

ഇപ്രകാരം ആ രാജാവിന്റെ യാഗം അവസാനിച്ചപ്പോൾ ദുർവ്വാസസ്സിന്റെ അനുവാദത്തോടെ യാജകന്മാർ പോയി. ആ സത്രത്തിൽ ദീക്ഷയെടുത്തവരും, സദസ്യരായവരും എല്ലാം മടങ്ങി. മഹാഭാഗനായ രാജാവും പുരിയിൽ പ്രവേശിച്ചു. വേദജ്ഞരായ ബ്രാഹ്മണന്മാർ അദ്ദേഹത്തെ പൂജിച്ചു. വന്ദികൾ സ്തുതിച്ചു. നാട്ടുകാർ വളരെക്കാലം അഭിനന്ദിക്കുന്ന വിധത്തിൽ രാജാവ് വളരെക്കാലം നാടുവാണ് സ്വർഗ്ഗം പ്രാപിച്ചു.

ഋത്വിക്കുകളോടും സദസ്യരോടുംകൂടി രാജാവ് യജിച്ച ആ പന്തീരാണ്ടുസത്രത്തിൽ അഗ്നി ഇടവിടാതെ ഹവിസ്സ് അനുഭവിച്ചു. ആജ്യധാരയോടുകൂടി പ്രാജ്യകർമ്മത്തിൽ എപ്പോഴും ഹവിസ്സ് അനുഭവിച്ച് അഗ്നി സംതൃപ്തനായി. പിന്നെ അന്യരാൽ നല്കപ്പെടുന്ന ഹവിസ്സ് ഏല്ക്കുവാൻ അഗ്നിക്ക് ആഗ്രഹം ഇല്ലാതായി. അഗ്നി വിളർത്തു മുമ്പത്തെ മാതിരി നിറമില്ലാതായി; തെളിവും കുറഞ്ഞു. അന്നുമുതൽ അഗ്നിക്ക് രോഗം ബാധിച്ചു. ഓജസ്സുപോയി ക്ഷീണിച്ച് അഗ്നിക്ക് വല്ലായ്മയും വന്നുകൂടി. തനിക്കു തേജോഹാനിയേറ്റതറിഞ്ഞ് ഹുതാശനൻ ലോകപൂജിതമായ ബ്രഹ്മലോകത്തേക്കു ചെന്നു. നന്മയോടെ ബ്രഹ്മാവിനോട് ഉണർത്തിച്ചു.

അഗ്നി പറഞ്ഞു: "ഭഗവാനേ! ശ്വേതകേതു എനിക്ക് പരമമായ പ്രീതി നല്കി. അതിനുശേഷം എനിക്ക് അതികഠിനമായ അരുചി ബാധിച്ചിരിക്കുന്നു. അതു മാറ്റുവാൻ എനിക്കു കഴിയുന്നില്ല. എന്റെ തേജസ്സും ബലവുമൊക്കെ കെട്ടുപോയിരിക്കുന്നു. ഓജസ്സും നശിച്ചു. ജഗത്പതേ, ഭവാന്റെ പ്രസാദത്താൽ ഞാൻ പൂർവ്വസ്ഥിതിയിലാകേണമേ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അഗ്നിയുടെ പ്രാർത്ഥന കേട്ട് വിശ്വകർമ്മാവായ പത്മജൻ ഹവ്യവാഹനോടു പുഞ്ചിരിയോടെ ഇപ്രകാരം പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "അല്ലയോ മഹാഭാഗ, പന്തീരാണ്ടു കാലം രാവും പകലും ഭേദംകൂടാതെ വസോർദ്ധാരാഹവിസ്സ് ഉപയോഗിച്ചതുകൊണ്ടാണ് ഭവാന് ഈ അജീർണ്ണം വന്നുപെട്ടത്. തേജസ്സറ്റതുകൊണ്ട് നീ ദുഃഖിക്കേണ്ട. ഞാൻ ഭവാനെ വേഗം മുൻനിലയിലാക്കാം. രുചിക്കുറവുണ്ടെങ്കിൽ തീർത്തുതരാം. അതിന്നുപറ്റിയ ഒരു ഔഷധമുണ്ട്. പണ്ടു ദേവന്മാർ പറഞ്ഞിട്ട്, അസുരന്മാർക്കും, രാക്ഷസന്മാർക്കും രക്ഷാസ്ഥാനമായ ആ ഘോരമായ ഖാണ്ഡവവനം, ഭവാൻ ഭസ്മമാക്കിയില്ലേ. ഹേ, വിഭാവസോ! അതിൽ ഇപ്പോൾ നാനാജീവജാലങ്ങൾ പാർക്കുന്നുണ്ട്. അവയുടെ മേദസ്സ് അകത്തുചെന്നാൽ ഭവാൻ മുമ്പത്തെ മട്ടിൽത്തന്നെ അരോഗഗാത്രനായിത്തീരും. ഉടനെ ചെന്ന് ആ ഖാണ്ഡവത്തെ ദഹിപ്പിക്കുക! ഭവാന്റെ രോഗം അതോടെ തീരും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ബ്രഹ്മാവു പറഞ്ഞ വാക്കുകേട്ട് ഏറ്റവും വേഗത്തിൽ അഗ്നി ഇങ്ങോട്ടുപോന്നു. ഖാണ്ഡവാരണ്യത്തിൽച്ചെന്ന് ചണ്ഡമായ വേഗത്തോടെ ചീറിയടിക്കുന്ന കാറ്റോടുകൂടി ഹുതാശനൻ കത്തിപ്പിടിച്ചു.

ഖാണ്ഡവത്തിൽ അഗ്നിയെരിഞ്ഞുകണ്ടപ്പോൾ അവിടെയുള്ളവർ അത്യന്തമായ യത്നംചെയ്ത് കത്തുന്ന തീയിനെ കെടുത്തുവാൻ ശ്രമിച്ചു. തുമ്പിക്കൈയിൽ ജലംകോരി കുംഭീന്ദ്രന്മാർ വേഗത്തിൽ പത്തും ആയിരവും ചേർന്നു കത്തുന്ന തീയിൽ ഒഴിച്ചു. അനേകം ഫണങ്ങളുള്ള ഫണീന്ദ്രന്മാരും അതുപോലെ തന്നെ ക്രോധത്തോടെ അഗ്നിയിൽ വെള്ളം കൊണ്ടുവന്നൊഴിച്ചു. അപ്രകാരം മറ്റു ജന്തുക്കളും ഒത്തുദ്യമിച്ച് കത്തുന്ന അഗ്നിയെ അടിച്ചുകെടുത്തി. ഇപ്രകാരം വീണ്ടും വീണ്ടും കത്തിക്കാളുന്ന അഗ്നിയെ ഏഴുവട്ടം ഖാണ്ഡവാരണ്യഭൂമിയിൽ കെടുത്തിക്കളഞ്ഞു."

224. അർജ്ജുനാഗ്നിസംവാദം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ നിരാശപ്പെട്ടു വാട്ടംതട്ടിയ അഗ്നി ക്രുദ്ധനായി പിതാമഹന്റെ അടുത്തേക്കു പോയി. ഖാണ്ഡവത്തിൽ നടന്ന സംഗതികളൊക്കെ ബ്രഹ്മാവിനോടു പറഞ്ഞു. മുഹൂർത്തസമയം ചിന്തിച്ചതിന്നുശേഷം സർവ്വജ്ഞനായ ഭഗവാൻ പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "നിഷ്കളങ്കനായ പാവകാ! ഭവാന് ഈ കാടെരിക്കുവാൻ കഴിയും. അതിനുള്ള ഉപായം ഞാൻ കണ്ടുകഴിഞ്ഞു. അല്പകാലം ക്ഷമിച്ചിരിക്കുക. പിന്നെ ഞാൻ എല്ലാം ശരിപ്പെടുത്താം. നരനാരായണന്മാർ നിന്നെ സഹായിക്കും. ഹവ്യവാഹനാ! അവരോടുകൂടി ചെന്നു നീ ആ കാടുചുടും. 'എന്നാൽ അപരകാരമാകട്ടെ!' എന്നു പറഞ്ഞ് അഗ്നി പോന്നു. പിന്നെ അഗ്നി നരനാരായണന്മാരുടെ ഉത്ഭവം അറിഞ്ഞു. വളരെക്കാലം കഴിഞ്ഞതിന്നുശേഷം വിധാതാവു പറഞ്ഞ വാക്കുകൾ ഹുതാശനൻ ചിന്തിച്ചു. നരനാരായണമുനിവരന്മാരുടെ ഉത്ഭവത്തെപ്പറ്റി അറിഞ്ഞ് വീണ്ടും ബ്രഹ്മാവിന്റെ സമീപത്തു ചെന്നു. അപ്പോൾ ബ്രഹ്മാവ് അഗ്നിയോടു പറഞ്ഞു."

ബ്രഹ്മാവു പറഞ്ഞു: "അല്ലയോ അഗ്നി, ആ ഖാണ്ഡവവനം ശക്രൻ കണ്ടുനില്ക്കെത്തന്നെ ഭവാൻ നിസ്സംശയം ചുട്ടെരിക്കും. നരനാരായണന്മാരായ ആദിദേവന്മാർ ദേവകാര്യത്തിന്നായി ഭൂമിയിൽ പിറന്നിട്ടുണ്ട്. ലോകർ അവരെ കൃഷ്ണാർജ്ജുനന്മാർ എന്നു പറയുന്നു. ഖാണ്ഡവത്തിന്നു സമീപം അവർ വസിക്കുന്നുണ്ട്. അവരെ ഉടനെ ചെന്നുകാണുക. ഖാണ്ഡവദാഹത്തിൽ തുണയ്ക്കേണമെന്ന് അഭ്യർത്ഥിക്കുക. വാനോർ കാക്കുന്നതായാലും ഭവാൻ ആ കാടുചുടും. സത്വജാലങ്ങളെയൊക്കെ അവർ ചെന്നു തടുക്കും. അതിൽ യാതൊരു സംശയവുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ബ്രഹ്മാവിന്റെ വാക്കുകേട്ട ഉടനെ അഗ്നി പോന്നു. കൃഷ്ണാർജ്ജുനന്മാരുടെ അരികിൽ ച്ചെന്ന് അപേക്ഷിച്ച കഥ മുമ്പെതന്നെ ഞാൻ പറഞ്ഞുവല്ലോ. രാജാവേ, അഗ്നി പറഞ്ഞതുകേട്ട് അർജ്ജുനൻ, കാലോചിതമായ വാക്കു പറഞ്ഞു. ഇന്ദ്രൻ തടുത്താലും ഖാണ്ഡവം ചുടാം എന്ന് ഉണർത്തിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഉത്തമങ്ങളായ ദിവ്യാസ്ത്രങ്ങൾ എന്റെ കൈയിൽ വേണ്ടുവോളമുണ്ട്. ഞാൻ അവകൊണ്ട് ഒരിന്ദ്രനോടല്ല അനേകം വജ്രപാണികളോടുതന്നെ സമരംചെയ്യുവാൻ ശക്തനാണ്. യുദ്ധത്തിൽ യത്നംചെയ്യുന്ന എന്റെ കൈവേഗം താങ്ങുന്നതിന്നു പറ്റിയ വില്ലില്ല പാവകാ! പോരിൽ പ്രയത്നംചെയ്യുമ്പോൾ ഊക്കു തടുക്കുവാൻ പറ്റിയതു വേണ

digitized by www.sreyas.in

മല്ലോ. വേഗത്തിൽ എയ്യുമ്പോൾ ഒടുങ്ങാത്ത അമ്പുകളും ആവശ്യമുണ്ട്. യഥേഷ്ടം എന്റെ അമ്പുതാങ്ങുന്നതിന്ന് തേരും പോരാ വായുവേഗങ്ങളായ ശുഭ്രാശ്വങ്ങളും എനിക്കാവശ്യമുണ്ട്. മേഘനിർഘോഷമായി സൂര്യപ്രഭമായ രഥവും വേണം. കൃഷ്ണനും വീര്യത്തിന്നു തക്ക ആയുധമില്ല. പിശാചനാഗനിരയെ കേശവന്നു വധിക്കുവാൻ പറ്റിയ ആയുധം ഇല്ല. കർമ്മസിദ്ധിക്കുള്ള ഉപായം ഭഗവാൻ പറഞ്ഞാലും. കാട്ടിൽ മഹാമാരി വർഷിക്കുന്ന ശക്രനെ തടുക്കുവാൻ പൗരുഷംകൊണ്ടു വേണ്ടുന്നത് ഞങ്ങൾ നടത്താം. തക്കതായ ആയുധങ്ങൾ ഭഗവാനേ, ഭവാൻ തരണം."

225. ഗാണ്ഡീവാദിദാനം - വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ പറയുന്നതുകേട്ടപ്പോൾ ധൂമകേതുവായ ആ ഹുതാശനൻ ലോകപാലകനായ പാശിയെ നേരെ കാണുവാൻ ധ്യാനിച്ചുനിന്നു. ആദിത്യന് ഉദകത്തിൽ സ്ഥാനമരുളുന്ന ജലേശ്വരൻ ഉടനെ അഗ്നിദേവന്റെ മുമ്പിൽ പ്രത്യക്ഷനായി. ധൂമധ്വജൻ ജലാധിപനെ സല്ക്കരിച്ചു. ലോകസംരക്ഷകന്മാരായ അഷ്ടദിക്പാലകന്മാരിൽ നാലാമത്തെ ലോകേശനായ ആ ദേവദേവനോട് അഗ്നിദേവൻ പറഞ്ഞു."

അഗ്നി പറഞ്ഞു: "സോമന്റെ ഒരു വില്ലും ഒരു ആവനാഴിയും, കപിധ്വജമായ രഥവും ഭവാന് തന്നിട്ടുണ്ടല്ലോ. ഭവാൻ അത് അർജ്ജുനനു നല്കണം. വലുതായ കാര്യം ആ ഗാണ്ഡീവം കൊണ്ട് അർജ്ജുനൻ ചെയ്യും. ചക്രംകൊണ്ട് കൃഷ്ണൻ ചെയ്യുന്നവിധംതന്നെ ചെയ്യും. അതുകൊണ്ട് അവ രണ്ടും ഭവാൻ ഇപ്പോൾ തരിക; ചക്രവും വില്ലും."

വൈശമ്പായനൻ പറഞ്ഞു: "കൊടുക്കാമെന്ന് വഹ്നിയോടു വരുണൻ സമ്മതിച്ചു. വരുണൻ വിശിഷ്ടമായ വില്ലും അമ്പൊടുങ്ങാത്ത ആവനാഴിയും അർജ്ജുനനു കൊടുത്തു. ആ വില്ല് ആത്മീയവും ഭൗതികവുമാണ്. അത്യത്ഭുതകരവും മഹാവീര്യമുള്ളതുമാണ്. പ്രസിദ്ധി വർദ്ധിപ്പിക്കുന്നതാണ്. ശസ്ത്രങ്ങളൊന്നുംതന്നെ ഏല്ക്കാത്തതും, സർവ്വശസ്ത്രങ്ങളേയും ഹരിക്കുന്നതും, ശ്രേഷ്ഠവും, എല്ലാ ആയുധങ്ങളേയും തടുക്കുന്നതും, സർവ്വ വൈരികളേയും പ്രധർഷിക്കുന്നതും, നൂറായിരത്തിന്ന് എതിരായി ഒന്നുമാത്രം മതിയാകുന്നതും, രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്നതും, പല വർണ്ണങ്ങളോടുകൂടിയതും, കേടറ്റതും, നാനാവർണ്ണത്തിൽ പ്രകാശമുള്ളതും, ബലിഷ്ഠവും, ഉത്തമവുമാണ്. ദേവദാനവഗന്ധർവ്വന്മാരാൽ പൂജിക്കപ്പെടുന്നതും പണ്ടേ തന്നെ കേൾവിപ്പെട്ടതുമായ ആ ദിവ്യചാപവും, അമ്പൊടുങ്ങാത്ത ആവനാഴിയും, ദിവ്യാശ്വങ്ങളോടും, കപിധ്വജത്തോടും കൂടിയ തേരും, അർജ്ജുനന്റെ മുമ്പിൽ പ്രത്യക്ഷമായി. തേരിൽ കെട്ടിയ ശ്വേതാശ്വങ്ങൾ നാലും പൊന്മാലകളണിഞ്ഞ് ശരമേഘപ്രകാശത്തോടെ വിളങ്ങി. ദേവദാനവദുർജ്ജയമായ തേരിൽ അവയെ പൂട്ടിക്കെട്ടിയിരിക്കുന്നു. രശ്മിയോടുകൂടിയതും, ഘോഷംകൂട്ടുന്നതും, പലവിധം രത്നങ്ങൾ പതിച്ചതും, ഭുവനപ്രഭുവായ വിശ്വകർമ്മാവു നിർമ്മിച്ചതും ഇന്നമട്ടെന്നു പറയുവാൻ വയ്യാത്തവിധം അർക്കപ്രകാശം ചേർന്നതും ചന്ദ്രൻ കയറി മുമ്പേ ദാനവന്മാരെ പോരിൽ ജയിച്ചതും, പുതുമേഘം പോലെ പ്രശോഭിക്കുന്നതുമായ തേർ അർജ്ജുനന്റെ മുമ്പിൽ വിളങ്ങി. ഇന്ദ്രായുധംപോലെ ശോഭിക്കുന്നതും സ്വർണ്ണാഭയുള്ളതുമായ ധ്വജം തേരിൽ വിലസി. സിംഹശാർദ്ദൂലങ്ങളെപ്പോലെ ഭീഷണനായ ദിവ്യവാനരൻ ലോകം ദഹിപ്പിക്കുമാറ് ആ ധ്വജത്തിൽ വിളങ്ങി. നാനാമഹാഭൂതങ്ങൾ ആ ധ്വജത്തിൽ കുടിയിരിക്കുന്നു. അതിന്റെ നിനദം കേട്ടാൽ ശത്രുക്കൾ ഭയപ്പെട്ടു ചാകും. പലതരം പതാകകളോടുകൂടിയ ആ ശ്രേഷ്ഠമായ തേരിനെ പ്രദക്ഷിണം ചെയ്ത് ദേവകളെ വന്ദിച്ച് സന്നദ്ധനായി കൈയുറയിട്ട്, ചട്ടയും വാളും ധരിച്ച് സുകൃതി വിമാനം കയറുന്നപോലെ അർജ്ജുനൻ കയറി.

ബ്രഹ്മാവ് പണ്ട് ആ ദിവ്യമായ കാർമുകം തീർത്തു. ഗാണ്ഡീവം കിട്ടിയതിനാൽ ഫൽഗുനൻ സന്തോഷിച്ചു. അഗ്നിയുടെ സന്നിധിയിൽവെച്ചുതന്നെ വീര്യവാനായ അർജ്ജുനൻ ആ ധനുസ്സിനെ എടുത്തു. ശക്തനായ പാർത്ഥൻ ഉടനെ ഞാണുകെട്ടി. ബലവാനായ പാണ്ഡുപുത്രൻ കുലയേറ്റുന്ന സമയം അതിന്റെ ശബ്ദം കേട്ടവരുടെ ഹൃദയത്തിൽ ഒരു പിടച്ചിലുണ്ടായി. ആ തേരും വില്ലും അമ്പൊടുങ്ങാത്ത ആവനാഴിയും ലഭിച്ചപ്പോൾ അഗ്നിയെ സഹായിക്കുവാൻ അർജ്ജുനൻ സമർത്ഥനായിത്തീർന്നു.

പിന്നെ, അഗ്നി വജ്രനാഭമായ ചക്രം കൃഷ്ണനു നല്കി. ആഗ്നേയാസ്ത്രപ്രഭമായ ചക്രായുധത്താൽ ഹരി സുശക്തനായിത്തീർന്നു."

അഗ്നി പറഞ്ഞു: "ഇതുകൊണ്ട് മധുസൂദനാ, ഭവാൻ അമാനുഷന്മാരെപ്പോലും പോരിൽ ജയിക്കും. യാതൊരു സംശയവുമില്ല. ഈ വജ്രത്താൽ മനുഷ്യരിലും, വാനവന്മാരിലും യക്ഷപിശാചാസുരാഹികളിലും യുദ്ധത്തിൽ ഭവാൻ വിശിഷ്ടനാകും. യാതൊരു സംശയവുമില്ല. ഭവാൻ ശത്രുക്കളെ ജയിച്ച് തേജസ്വിയായി ഭവിക്കും. ശത്രുവർഗ്ഗത്തിൽ ഈ ചക്രം ഭവാൻ യുദ്ധത്തിൽ പ്രയോഗിച്ചാൽ ശത്രുക്കളെയൊക്കെ കൊന്നൊടുക്കി വീണ്ടും ഭവാന്റെ കൈയിൽത്തന്നെ മടങ്ങിയെത്തും."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ വരുണൻ കൃഷ്ണന് ഘനരവത്തോടുകൂടിയതും ദൈത്യസൈന്യം മുടിക്കുന്നതുമായ സാക്ഷാൽ 'കൗമോദകി' യെന്ന ഗദയും നല്കി. അതിനുശേഷം കേശവാർജ്ജുനന്മാർ പാവകനോടു പറഞ്ഞു."

കൃഷ്ണാർജ്ജുനന്മാർ പറഞ്ഞു: "കൃതാസ്ത്രരും, ശസ്ത്രസമ്പന്നരും, തേരും കൊടിയും ഒത്തവരുമായ ഞങ്ങൾ പൊരുതുവാൻ സമർത്ഥരാണ്. സുരന്മാരോടും അസുരന്മാരോടുമൊക്കെ ഒറ്റയ്ക്കുപൊരുതാം. പിന്നെയുണ്ടോ പന്നഗത്തിന്നു വേണ്ടി ഇന്ദ്രൻ മാത്രം എതിർത്തിട്ടു ഫലം?"

അർജ്ജുനൻ പറഞ്ഞു: "ചക്രപാണിയായ ഹൃഷീകേശൻ ചക്രവും ധരിച്ചു കൈല്പോടുകൂടി പോരിൽ നേരിട്ടാൽ മൂന്നുലോകത്തിലും ചക്രംകൊണ്ടു ഭസ്മമാക്കുവാൻ കഴിയാത്തത് എന്താണുള്ളത്? ഗാണ്ഡീവംവില്ലും അമ്പൊടുങ്ങാത്ത ആവനാഴിയും ധരിച്ചിട്ട് ഞാനും ഒന്നുനോക്കാം. ചുറ്റും വളഞ്ഞ് ഭവാൻ ഈ വിപിനം കത്തിച്ചുതുടങ്ങുക. അങ്ങയ്ക്കു തുണയായി ഞങ്ങളുണ്ട്. ഖാണ്ഡവം കാക്കുവാൻ കൂട്ടത്തോടെ ഇന്ദ്രൻ വന്നടുക്കുന്നതായാൽ അമ്പേറ്റു മുറിഞ്ഞുഴലുന്ന വാനവസൈന്യങ്ങളെ ഭവാനു കാണാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഗോവിന്ദനോടുകൂടി നിന്ന് അർജ്ജുനൻ പറഞ്ഞപ്പോൾ തേജോരൂപത്തോടുകൂടി കാടുചുടുവാൻ ഹുതാശനൻ പുറപ്പെട്ടു. ചുറ്റും വളഞ്ഞുചെന്ന് സപ്താർച്ചിസ്സായ അഗ്നിദേവൻ ഖാണ്ഡവാടവിയിൽ പ്രളയാഗ്നിപോലെ കത്തിപ്പടർന്ന് ഉള്ളിൽക്കടന്നു ഭയങ്കരമായി ജ്വലിച്ചു. ഇടയ്ക്കിടയ്ക്കു ഭയങ്കരമായ ഇടിമുഴക്കംപോലെയുള്ള ആരവത്തോടുകൂടെ ഭൂതസഞ്ചയത്തെ ഇളക്കി. എല്ലാറ്റിലും പടർന്നു കയറി സകല ജീവികളേയും ചുട്ടുദഹിപ്പിച്ച് അഗ്നി ആളിക്കത്തി. സൂര്യാംശു തട്ടി തിളങ്ങുന്ന മഹാമേരുപോലെ പാവകൻ ഉയർന്നു."

226. ഇന്ദ്രക്രോധം - പ്രാണികളുടെ ദുരവസ്ഥയും ഇന്ദ്രന്റെ അഗ്നിശമനോദ്യമവും - വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണാർജ്ജുനന്മാർ ആയുധധാരികളായി കാടിന്റെ രണ്ടുഭാഗത്തും നിന്ന് ഉല്ക്കടമായവിധം ഭൂതജാലങ്ങൾക്കുനാശമുണ്ടാക്കി. ഏതേതു ദിക്കിൽ ഖാണ്ഡവാരണ്യവാസികൾ ഓടുന്നുവോ അതാതുദിക്കുകളിൽ അവർ പാഞ്ഞുചെല്ലും. രണ്ടു തേരുകളും പായുവാൻ തുടങ്ങിയപ്പോൾ ഒറ്റ ജീവിക്കുപോലും രക്ഷപ്പെടുവാൻ മാർഗ്ഗമില്ലാതായി. ചുറ്റും തേരുണ്ടെന്നവിധം എപ്പോഴും കാണപ്പെട്ടു.

ഖാണ്ഡവം കത്തുവാൻ തുടങ്ങിയപ്പോൾ അതിലുള്ള ആയിരക്കണക്കിനു ഭൂതജാലങ്ങളെല്ലാം ഭൈരവാരവത്തോടുകൂടെ ചുറ്റും പുറത്തേക്ക് എത്തി. ദേഹം കുറെ കത്തിയ ചിലർ, ദേഹം ചുട്ടുപൊള്ളിയ ചിലർ, കണ്ണുപൊട്ടിയവർ, വെന്തെരിഞ്ഞു

digitized by www.sreyas.in

പായുന്നവർ, സ്നേഹത്താൽ വിട്ടുപോകാതെ അവിടെത്തന്നെ കിടന്നുവെന്തവർ, മക്കളെ തഴുകുന്നവർ, അച്ഛനെ തഴുകുന്നവർ, ഭാര്യയെ തഴുകുന്നവർ, ഇങ്ങനെ പലരും സ്നേഹത്താൽ വിട്ടു പോകാതെ നിന്നനിലയിൽത്തന്നെ കത്തുന്ന അഗ്നിയിൽ പൊരിഞ്ഞുമരിച്ചു.

അതിൽ ചിലർ ചൊടിച്ചു പല്ലുകടിച്ച് മേലോട്ടു കുതിച്ചു. അവരും ആ തീയിൽത്തന്നെ വീണു. പക്ഷവും മിഴിയും കാലും വെന്തുവീണു പിടഞ്ഞ് അങ്ങുമിങ്ങും നശിക്കുന്ന ശരീരികളെ കണ്ടു.

ജലാശയങ്ങളൊക്കെ അഗ്നിയിൽ തിളച്ചുവറ്റി. അതിലുള്ള മത്സ്യം, ആമ മുതലായ ജലജീവികളും വെന്തുപോയി. ദേഹമൊക്കെ ഉരുകി കത്തിക്കൊണ്ടിരിക്കുന്ന ജീവികൾ ദേഹമെടുത്തുനില്ക്കുന്ന അഗ്നികളാണോ എന്നു തോന്നി. അഗ്നി വർദ്ധിച്ച് പുറത്തുചാടുന്ന വിഹംഗങ്ങളെ അർജ്ജുനൻ അമ്പെയ്തുവീഴ്ത്തി കത്തുന്ന അഗ്നിക്കു ഭക്ഷണമാക്കി. ശരം ദേഹത്തിൽ തറയ്ക്കുമ്പോൾ ഭയങ്കരമായി നിലവിളിച്ചു മേല്പോട്ടു പൊങ്ങിപ്പോയിട്ടും അവ വീണ്ടും ഖാണ്ഡവവഹ്നിയിൽത്തന്നെ വീണു.

കൂട്ടത്തോടെ അമ്പേറ്റ് ആർത്തിപ്പെടുന്ന വനവാസികൾ ആർക്കുന്ന ഘോഷം കടയുന്ന കടലിന്റെ ആരവംപോലെ മുഴങ്ങിക്കേട്ടു. ജ്വലിക്കുന്ന അഗ്നിയുടെ ജ്വാല മേല്പോട്ടുയർന്നപ്പോൾ വാനിൽ വാഴുന്നവർകൂടി ഭയപ്പെട്ടു. അഗ്നിജ്ജ്വാലയുടെ ചൂടു സഹിക്കാതെ അവർ മുനിമാരോടും എല്ലാ ദേവകളോടും കൂടിച്ചേർന്ന് അസുരശത്രുവായ ദേവേന്ദ്രന്റെ സന്നിധിയിലേക്ക് പരിഭ്രമത്തോടെ വേഗത്തിൽ ചെന്നു."

ദേവകൾ പറഞ്ഞു: "മനുഷ്യലോകം മുഴുവൻ വേവുന്നുവല്ലോ! എന്താണ് ഇതിന്നുകാരണം? ലോകപ്രളയം വന്നുവോ ദേവനാഥാ?"

വൈശമ്പായനൻ പറഞ്ഞു: "ദേവകളുടെ വാക്കുകേട്ട് ദേവേന്ദ്രൻ ഖാണ്ഡവാരണ്യരക്ഷയ്ക്കായി ഇറങ്ങി. അനേകം വിധത്തിലുള്ള മേഘഗണത്താൽ ആകാശം മറച്ച് ഇന്ദ്രൻ വർഷിക്കുവാൻ തുടങ്ങി. അക്ഷപ്രമാണത്തിൽ ജലധാര ചൊരിഞ്ഞു.

ദേവരാജന്റെ ആജ്ഞയാൽ മേഘജലം ഖാണ്ഡവഭൂമിയിൽ അടുക്കുന്നതിന്നു മുമ്പായിത്തന്നെ അതിന്റെ വാരിധാര ചൂടിന്റെ ശക്തിയാൽ ആവിയായി വറ്റിപ്പോയി. ഉടനെ നമുചിദ്വേഷിയായ ഇന്ദ്രൻ ക്രോധത്തോടെ ആ കടുത്ത വഹ്നിയിൽ മഹാമേഘങ്ങൾ കൊണ്ടു വളരെ ജലം വർഷിച്ചു. അർച്ചിസ്സും, ജലധാരയും, പുകയും, മിന്നലും ചേർന്നു ഭയങ്കരമായി ഇടിവെട്ടി മഹാപ്രളയമാരി ചൊരിഞ്ഞു. ആ കാട് ഇതെല്ലാംകാരണം ഘോരമായി കാണപ്പെട്ടു."

227. ദേവകൃഷ്ണാർജ്ജുനയുദ്ധം – വൈശമ്പായനൻ പറഞ്ഞു: "ഇന്ദ്രൻ ജലധാര വർഷിക്കുവാൻ തുടങ്ങിയപ്പോൾ അർജ്ജുനൻ അതു തടുത്തു. അർജ്ജുനൻ തന്റെ ഉത്തമാസ്ത്രങ്ങളുടെ വൃഷ്ടിയും തുടങ്ങി. ഖാണ്ഡവവനത്തിന്റെ ഉപരിഭാഗം അർജ്ജുനൻ അസ്ത്രങ്ങൾകൊണ്ട് ചന്ദ്രനെ മഞ്ഞെന്നവിധം മൂടി. അപ്പോൾ ഒറ്റജീവിക്കും പുറത്തുപോകാൻ കഴിഞ്ഞില്ല. പാർത്ഥൻ ശരംകൊണ്ട് ആകാശം അടച്ചതുകൊണ്ട് ഒന്നിനും രക്ഷപ്പെടുവാൻ കഴിഞ്ഞില്ല.

ഈ സമയത്ത് ശക്തനായ തക്ഷകൻ ഖാണ്ഡവവനത്തിൽ ഉണ്ടായിരുന്നില്ല. കാടുകത്തുമ്പോൾ അവൻ ആ സമയത്ത് കുരുക്ഷേത്രത്തിലായിരുന്നു. ആ കാട്ടിൽ അപ്പോൾ തക്ഷകന്റെ പുത്രനും ശക്തനുമായ 'അശ്വസേനൻ' ഉണ്ടായിരുന്നു. ശക്തനായ അവൻ തീയിൽനിന്നു രക്ഷപ്പെടുവാൻ നല്ലപോലെ ശ്രമംചെയ്തു. പുറത്തുചാടുവാൻ അവൻ ശക്തനായില്ല. അർജ്ജുനന്റെ അസ്ത്രം അവനെ തടുത്തു. ഉടനെ അവനെ രക്ഷപ്പെടുത്തുവാൻ അവന്റെ അമ്മയായ നാഗരാജപുത്രി അവനെ വിഴുങ്ങി. തലമുതൽ ദേഹം വിഴുങ്ങി. വാൽ വിഴുങ്ങുന്ന സമയത്ത് അവന്റെ അമ്മ അവനേയുംകൊണ്ടു ഖാണ്ഡവവനത്തിൽനിന്നു പുറത്തുചാടി. പെട്ടെന്ന് അർജ്ജുനൻ മൂർച്ചയുള്ള ഒരു കത്തിയമ്പയച്ചുകൊണ്ട് അവളുടെ ശിരസ്സറുത്തുവീഴ്ത്തി. ഉടനെ അശ്വസേനനെ മോചിപ്പിക്കുവാൻ ഇന്ദ്രൻ കൊടുങ്കാറ്റിനെ വിട്ട് അർജ്ജുനനെ മോഹാലസ്യപ്പെടുത്തി. ഈ തക്കത്തിൽ അശ്വസേനൻ അമ്മയെവിട്ട് ഓടി രക്ഷപ്പെട്ടു.

ഘോരമായ മായാപ്രയോഗംമൂലം നാഗം തന്നെ വഞ്ചിച്ചു രക്ഷപ്പെട്ടുപോയപ്പോൾ അർജ്ജുനൻ ക്രോധത്തോടെ വാനിലുയരുന്ന സകല ജീവികളേയും ഖണ്ഡിച്ചു വീഴ്ത്തുവാൻ തുടങ്ങി. എന്നുതന്നെയല്ല, ബീഭത്സു ആ പാമ്പിനെ കോപത്തോടെ ശപിച്ചു. പാവകനും വാസുദേവനും ശപിച്ചു: 'നിനക്കു നിലകിട്ടാതെ പോകട്ടെ!' എന്ന്.

പിന്നെ അർജ്ജുനൻ സഹസ്രാക്ഷന്റെ നേരെ ആകാശത്തേക്ക് ശരങ്ങൾ ചൊരിഞ്ഞു പൊരുതി. ആ ചതി അർജ്ജുനനു സഹിക്കാൻ കഴിഞ്ഞില്ല. സംരബ്ധനായ അർജ്ജുനനെക്കണ്ട് ഇന്ദ്രനും ആകാശം മുഴുവൻ മൂടുമാറ് തന്റെ അസ്ത്രവും പ്രയോഗിച്ചു.

ഉടനെ ഭയങ്കരഘോഷത്തോടെ കാറ്റ് കടലുകളെയെല്ലാം കലക്കിമറിച്ച് ആകാശത്തിൽ ചുറ്റിപ്പറന്ന് പെരുമഴ ചൊരിയുന്ന മേഘജാലങ്ങളെ സൃഷ്ടിച്ചു. തടിത്തുകളോടുകൂടി ഭയങ്കരമായി ഇടിവെട്ടി. അതു നിർത്തുവാൻ അർജ്ജുനൻ ഉത്തമാസ്ത്രം എയ്തു. വായവ്യാസ്ത്രം മന്ത്രിച്ച് മറുകൈയായി പ്രയോഗിച്ചു. അതുകൊണ്ട് ഇന്ദ്രമേഘങ്ങളുടെ വീര്യവും ഓജസ്സും നശിച്ചു. ജലധാരകൾ വറ്റുകയും വർദ്ധിച്ച മിന്നൽപ്പിണരുകൾ മായുകയും ചെയ്തു.

ഇരുട്ടും പൊടിയും പോയി ആകാശം തെളിഞ്ഞു. കുളുർകാറ്റുവീശി. സൂര്യൻ പ്രകാശിച്ചു. അപ്പോൾ വേണ്ടപോലെ പ്രഹൃഷ്ടനായി അഗ്നി തെളിഞ്ഞുകത്തി. പ്രാണിദേഹങ്ങളിൽനിന്നൊഴുകുന്ന വസ വീണതുകൊണ്ട് അഗ്നി ജ്വാലാമാലയോടെ, ഘോരമായ ശബ്ദകോലാഹലത്തോടെ കത്തിജ്ജ്വലിച്ചു.

കൃഷ്ണാർജ്ജുനന്മാർ കാത്തുപോരുന്ന ആ കാട്ടുതീ കണ്ട് ഗർവ്വോടെ ആകാശത്ത് ഗരുഡവംശജരായ പക്ഷിക്കൂട്ടങ്ങൾ എത്തി. ആ ഗരുഡന്മാർ വജ്രത്തോടൊക്കുന്ന പക്ഷതുണ്ഡനഖങ്ങൾകൊണ്ട് വാനിൽ കൃഷ്ണാർജ്ജുനന്മാരെ പ്രഹരിക്കുവാനായി അടുത്തു. അപ്രകാരംതന്നെ ഉരഗൗഘങ്ങൾ ഘോരമായ വിഷം കത്തിജ്വലിക്കുന്ന മുഖത്തോടെ ആകാശത്തിൽ സഞ്ചരിച്ചു.

ഉടനെ പാർത്ഥൻ കോപത്തോടെ ആ ആകാശചാരികളെ കണ്ട് ശരങ്ങൾവിട്ട് മുറിവേല്പിച്ചു. രോഷാഗ്നിപോലെയുള്ള ഉഗ്രശരങ്ങൾകൊണ്ട് അവ കടുത്ത അഗ്നിയിലേക്കു വീണ് അവിടെക്കിടന്ന് അവ പൊരിഞ്ഞു ചത്തു.

ഉടനെ ദേവദൈത്യഗന്ധർവ്വയക്ഷരാക്ഷസപന്നഗന്മാർ ഉഗ്രമായ ആരവത്തോടുകൂടെ രണത്തിന്നു ചാടിപ്പുറപ്പെട്ടു. ഇരുമ്പു ചീറ്റുന്ന ചക്രം, അശ്മമുസൂണ്ഠി മുതലായവ എടുത്ത് കൃഷ്ണാർജ്ജുനന്മാരെ കൊല്ലുവാൻ ഉത്കടമായ ക്രോധത്തോടെ പാഞ്ഞെത്തി. അതിവാക്കുപറഞ്ഞ് അസ്ത്രം വർഷിക്കുന്ന അവരെ ബാണങ്ങൾ പൊഴിച്ച് കഴുത്തറുത്ത് അർജ്ജുനൻ കൊന്നുവീഴ്ത്തി. വിക്രമിയായ കൃഷ്ണൻ ചക്രായുധംകൊണ്ട് ദൈത്യദാനവസംഘത്തെ തകർത്തു. ചിലർ അമ്പേറ്റും ചിലർ ചക്രവേഗത്താൽ ഓടിക്കപ്പെട്ടും ചുഴിയിൽപ്പെട്ട വസ്തുക്കൾ പോലെ കരയ്ക്കെത്തി നിശ്ചലരായി നിന്നനിലയ്ക്കുനിന്നു.

ഉടനെ ഇന്ദ്രൻ ക്രോധത്തോടെ വെള്ളാനപ്പുറത്തു കേറി വന്ന് കൃഷ്ണാർജ്ജുനന്മാർക്കെതിരെ നിന്നു. ഉടനെ ഊക്കോടെ 'ഇടിവാളെ'ന്നുപേരായ വില്ലെടുത്ത് അതിൽ വജ്രാസ്ത്രം തൊടുത്ത് വാസവൻ ഊക്കിൽ വിട്ടു. അവരുടെ പണി കഴിഞ്ഞു എന്നു ഇന്ദ്രൻ സുരന്മാരെ നോക്കിപ്പറഞ്ഞു. ഇന്ദ്രൻ വജ്രം എടുത്തതുകണ്ട് ദേവന്മാരൊക്കെ താന്താങ്ങളുടെ ശസ്ത്രങ്ങളും എടുത്തു. കാലദണ്ഡം യമൻ എടുത്തു. ധനാധിപൻ ഗദയെടുത്തു. ജലേശ്വരൻ പാശങ്ങളോടുകൂടിയ ഇടിവാൾ എടുത്തു. സ്കന്ദൻ ശക്തിയെടുത്തു. ജ്വലിക്കുന്ന ഔഷധികളെ അശ്വിനീ

digitized by www.sreyas.in

ദേവന്മാർ എടുത്തു. ധാതാവ് അപ്പോൾ വില്ലെടുത്തു. ജയൻ മുസലമെടുത്തു. ത്വഷ്ടാവ് പർവ്വതം കുത്തിപ്പറിച്ചു കൈയിലെടുത്തു. മൃത്യു വെൺമഴു കൈയിലെടുത്തു. പരിഘം കൈയിലേന്തി അര്യമാവ് സഞ്ചരിച്ചു. ക്ഷുരാന്തമായ ചക്രമേന്തി മിത്രനും നിന്നു. പൂഷാവും ഗദനും സവിതാവും അപ്രകാരം ആയുധം ധരിച്ചു. അങ്ങനെ വില്ലും വാളുമായി കൃഷ്ണാർജ്ജുനന്മാരുടെ നേരെ ഏറ്റ് വസുക്കളും, രുദ്രന്മാരും, മരുത്തുക്കളും; വിശ്വേദേവകൾ, സാദ്ധ്യന്മാർ, തേജസ്വികളായ മറ്റു ദേവകൾ ഇവരെല്ലാം കൃഷ്ണപാർത്ഥരെ ഹനിക്കുവാൻ പാഞ്ഞടുത്തു. പോരിൽ അത്ഭുതങ്ങളായ നിമിത്തങ്ങൾ, പ്രളയത്തോടൊത്തവിധം ഭൂതസമ്മോഹനങ്ങളായിക്കണ്ടു. വാനോർകൾ ഒന്നിച്ചുകൂടി. ദേവേന്ദ്രൻ വന്നതു കണ്ടപ്പോൾ, കുലുങ്ങാതെ, വില്ലുമേന്തി സമരമുഖത്ത് അച്യുതാർജ്ജുനന്മാർ നിന്നു.

ഉടനെ വന്നുകൊണ്ടിരിക്കുന്ന വാനരന്മാരെ പടയിൽ പ്രൗഢരായ അവർ ക്രോധിച്ച് വജ്രമൊക്കുന്ന ശരങ്ങൾകൊണ്ട് എയ്തു. ദേവന്മാർ ഭഗ്നാശരായിത്തീർന്നു. പേടിച്ച് ശക്രസന്നിധിയിൽ പോരുനിറുത്തി, ചെന്നു നിന്നു. കൃഷ്ണാർജ്ജുനന്മാർ ഇപ്രകാരം ദേവന്മാരെ ജയിച്ചതായിക്കണ്ട് വാനിൽ നില്ക്കുന്ന മുനിമണ്ഡലം അത്ഭുതപ്പെട്ടു.

പലപാടും അവരുടെ വീര്യംകണ്ട് ഇന്ദ്രൻ പരമപ്രീതനായി നിന്നുകൊണ്ട് വീണ്ടും പൊരുതി. ഉടനെ ഉഗ്രമായ അശ്മവർഷം പാകശാസനൻ തുടങ്ങി. അതു വീണ്ടും പാർത്ഥന്റെ സാമർത്ഥ്യം കാണുവാനായിരുന്നു. ആ കല്ലുവർഷത്തെ ശരംതൂകി അർജ്ജുനൻ തടുത്തു. അവ നിഷ്ഫലമാക്കുന്നതായിക്കണ്ട് ശക്രകേതു വീണ്ടും വർഷം വർദ്ധിപ്പിച്ചു. ഉടനെ ഊക്കേറുന്ന ശരവർഷത്താൽ ഇന്ദ്രന്റെ ശിലാവർഷത്തെ അർജ്ജുനൻ ശമിപ്പിച്ചു. അത് പിതാവായ ഇന്ദ്രന്ന് അമിതമായ ആനന്ദമുളവാക്കി.

ഉടനെ മന്ദരാദ്രിയുടെ ഒരു കൊടുമുടി അടർത്തിയെടുത്ത് ഇന്ദ്രൻ വൃക്ഷഗണത്തോടുകൂടെ പാർത്ഥവധത്തിന്നായി വിട്ടു. പടുവായ പാർത്ഥൻ കൂർത്തുമൂർത്ത കടുത്ത ബാണങ്ങൾ കൊണ്ട് ആ ശൈലശൃംഗം ആയിരം കഷണമായി തകർത്തുകളഞ്ഞു. ആ പർവ്വതം പൊടിഞ്ഞുവീഴുന്നതുകണ്ടപ്പോൾ സൂര്യചന്ദ്രഗ്രഹങ്ങളോടുകൂടിയ ആകാശംതന്നെ തകർന്നുവീഴുകയാണോ എന്നു തോന്നിപ്പോയി! ആ ശൈലശൃംഗം ആ കാട്ടിൽ തകർന്നുവീണതുകൊണ്ട് ഖാണ്ഡവത്തിലെ പ്രാണിസമൂഹം ഒന്നുകൂടി തകർന്നു നശിച്ചു."

മയദർശനപർവ്വം

228. മയദാനവത്രാണനം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശൈലം പൊട്ടിത്തകർന്ന് ഖാണ്ഡവത്തിൽ വീണപ്പോൾ ഖാണ്ഡവവാസികൾ വല്ലാതെ ഭയപ്പെട്ടു. അസുരന്മാർ, രാക്ഷസന്മാർ, സർപ്പങ്ങൾ, തരക്ഷുക്കൾ, വാനരന്മാർ, മത്തഗജങ്ങൾ, പുലികൾ, സിംഹങ്ങൾ, മാനുകൾ, പോത്തുകൾ, പലതരം പക്ഷികൾ, മറ്റ് അസംഖ്യം ജീവജാലങ്ങൾ ഇങ്ങനെയുള്ള സർവ്വജീവികളും ഭയചകിതരായി ഓടുവാൻ തുടങ്ങി. കാട്ടുതീ കണ്ടും, ശസ്ത്രമേന്തിനില്ക്കുന്ന കൃഷ്ണാർജ്ജുനന്മാരെക്കണ്ടും, ഉല്പാതംപോലെ അദ്രിവീണ ശബ്ദം കേട്ടും അവ ആകെ കിടിലംകൊണ്ടു. അത്യുഗ്രമായി പലവിധത്തിൽ കത്തുന്ന കാടു കണ്ടും ശസ്ത്രമേന്തിയ കൃഷ്ണാർജ്ജുനന്മാരെകണ്ടും ഭയങ്കരമായി വിലപിച്ചാർത്തു. രൗദ്രമായ ആ ആരവത്താലും കത്തുന്ന തീയിന്റെ ഇരമ്പംകൊണ്ടും, പൊട്ടിത്തെറികൊണ്ടും ഉല്പാതമേഘശബ്ദംപോലെ ആകാശം ഇരമ്പി.

ഉടനെ കൃഷ്ണൻ തനിക്കൊത്ത കടുത്ത തേജസ്സിന്നൊപ്പമായ ചക്രം പ്രയോഗിക്കുവാൻ തുടങ്ങി. അത് ജന്തുവർഗ്ഗമൊക്കെ നശിപ്പിക്കുവാൻ തുടങ്ങി. അതോടുകൂടി ക്ഷുദ്രജാതികളൊക്കെ വലഞ്ഞു. രക്ഷോദൈത്യരും വിഷമിച്ചു. എല്ലാം ചക്രംകൊണ്ട് അരിഞ്ഞ് അഗ്നിയിൽ ആഹുതിചെയ്യപ്പെട്ടുതുടങ്ങി. ദൈത്യർ കൃഷ്ണചക്രംകൊണ്ട് ക്ഷതാംഗരായി കാണപ്പെട്ടു. വസയും ചോരയും ചാടി സന്ധ്യാമേഘംപോലെ കാടുചുവന്നു.

പിശാചുക്കളും, പക്ഷികളും, നാഗങ്ങളും, പശുക്കളും ഒക്കെ കേശവന്റെ ചക്രത്താൽ അരിഞ്ഞുവീഴ്ത്തപ്പെട്ടു. അങ്ങനെ കൃഷ്ണൻ ഒരു സംഹാരലീല തുടങ്ങി. ചക്രം വിട്ടാൽ ഉടനെ ചെന്നു നാനാപക്ഷിസഞ്ചയങ്ങളെ അരിഞ്ഞുവീഴ്ത്തുകയായി, ഉടനെ മടങ്ങിവരികയായി, വീണ്ടും വിടുകയായി. ഇപ്രകാരം നിശാചരന്മാർ, ഉരഗങ്ങൾ എന്നിവയെ കൊന്നുമുടിച്ചുകൊണ്ടിരിക്കെ വിശ്വമൂർത്തിയുടെ രൂപവും അത്യുഗ്രമായി വിളങ്ങി. ഒത്തുചേർന്നെത്തുന്ന നാനാദൈത്യന്മാരിൽ ആർക്കും കൃഷ്ണാർജ്ജുനന്മാരെ ജയിക്കുവാൻ ശക്തിയുണ്ടായില്ല. അവരുടെ ശക്തിയാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാട്ടുതീ കെടുത്തുവാൻ വാനവർ ശ്രമിച്ചിട്ടും സാധിക്കാതെ പിന്തിരിഞ്ഞു.

ദേവന്മാർ പിന്തിരിഞ്ഞതുകണ്ട് ഇന്ദ്രൻ പ്രസന്നനായി കൃഷ്ണാർജ്ജുനന്മാരെ പ്രശംസിച്ചു. വാനോരൊക്കെ ഒഴിച്ചു പോകുമ്പോൾ ഒരു അശരീരിവാക്കുണ്ടായി. ആ അശരീരി ജംഭാരിയെ വിളിച്ച് ഉച്ചത്തിൽ പറഞ്ഞു:

"ശക്രാ! നിന്റെ തോഴനായ തക്ഷകൻ ഖാണ്ഡവവനത്തിലില്ല. അവൻ ഖാണ്ഡവം കത്തുമ്പോൾ കാര്യവശാൽ കുരുക്ഷേത്രത്തിലേക്കു പോയിരിക്കുകയായിരുന്നു. പോരിൽ കൃഷ്ണാർജ്ജുനന്മാരെ ജയിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. എന്റെ ഈ വാക്കു നല്ലപോലെ ധരിക്കുക. അവർ നരനാരായണന്മാരാണ്. ആദിദേവന്മാരാണ്. അങ്ങയ്ക്കും അറിവുള്ളതാണല്ലോ അവരുടെ മഹത്തായ വീര്യപരാക്രമങ്ങൾ. അജിതന്മാരായ ഇവരെ ജയിക്കാമെന്നു മോഹിക്കേണ്ട സർവ്വലോകങ്ങൾക്കും ഇവർ പുരാണമുനിമാരാണ്. സർവ്വലോകങ്ങൾക്കും ഇവർ പൂജനീയന്മാരുമാണ്. സർവ്വ ദേവന്മാർക്കും, സർവ്വ അസുരന്മാർക്കും, സർവ്വ യക്ഷരാക്ഷസഗന്ധർവ്വകിന്നരാഹ്യാദികൾക്കും, നരന്മാർക്കും പൂജനീയന്മാരാണ് കൃഷ്ണാർജ്ജുനന്മാർ. അതുകൊണ്ട് ദേവന്മാരോടുകൂടി ഭവാൻ പോയാലും! ഇവിടം വിട്ടാലും! ഖാണ്ഡവാരണ്യനാശം ദൈവകല്പിതമാണെന്നു വിചാരിക്കുക!"

ഇപ്രകാരം അശരീരിവാക്കു കേട്ടപ്പോൾ ഇന്ദ്രന് യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടു. സ്വർഗ്ഗത്തിലേക്കു മടങ്ങുവാൻ ശക്രൻ തീർച്ചയാക്കി. ഇന്ദ്രന്റെ ക്രോധാമർഷങ്ങളൊക്കെപ്പോയി, മടങ്ങുവാൻ തീരുമാനിച്ചപ്പോൾ ദേവന്മാരൊക്കെ സർവ്വസൈന്യങ്ങളോടുകൂടി അമരേന്ദ്രനെ പിന്തുടർന്നു. ദേവന്മാരോടുകൂടി ഇന്ദ്രൻ മടങ്ങുന്നത് കണ്ട് കൃഷ്ണനും അർജ്ജുനനും സിംഹനാദം മുഴക്കി.

ദേവേന്ദ്രൻ പോയപ്പോൾ കൃഷ്ണാർജ്ജുനന്മാർ പ്രഹൃഷ്ടന്മാരായി. നിശ്ശങ്കം അവർ ആ കാട്ടിൽച്ചെന്നു കാടിനെ ദഹിപ്പിച്ചു. മേഘങ്ങളെ കാറ്റുപോലെ, ദേവന്മാരെ അർജ്ജുനൻ ഓടിച്ച് ഖാണ്ഡവത്തിലെ ജീവജാലങ്ങളെ ശരങ്ങൾകൊണ്ടു മർദ്ദിച്ചു. ഒരു ഭൂതത്തിനും പുറത്തേക്കു പോകുവാൻ സാദ്ധ്യമായില്ല. പോരിൽ അമ്പെയ്യുന്ന ശക്രപുത്രനെ മഹാഭൂതങ്ങൾക്കു നേരിട്ടു നോക്കുവാൻപോലും കഴിഞ്ഞില്ല. പിന്നെയുണ്ടോ പൊരുതുവാൻ കഴിയുന്നു? ഒരു ബാണത്താൽ നൂറെണ്ണത്തെ എയ്തു. കാലൻ ഏറ്റ മട്ട് അവ അഗ്നിയിൽ ചത്തുവീണു. കുണ്ടിലും കുന്നിലും അവയ്ക്കു രക്ഷയുണ്ടായില്ല. പിതൃദേവസ്ഥലിയിലും ചൂടു വർദ്ധിച്ചു. അതിദീനങ്ങളായി ഭൂതസഞ്ചയം ആർത്തു. ആനകളും മാനുകളും തരക്ഷുക്കളും കരഞ്ഞു. അവയുടെ ആർത്തനാദം കേട്ട് ഗംഗാനദിയിലേയും കടലിലേയും മത്സ്യങ്ങൾ പോലും ഭയപ്പെട്ടു. വിദ്യാധരന്മാരും ആ കാട്ടിൽ വാഴുന്ന പലവർഗ്ഗങ്ങളും കൃഷ്ണാർജ്ജുനന്മാരെ നോക്കുവാൻപോലും ശക്തരായില്ല. പോരിന്റെ കാര്യം പിന്നെ ചിന്തിക്കണമോ? അതിൽ ചിലർ കൂട്ടത്തോടെ പുറപ്പെട്ടു. ദൈത്യരും, രാക്ഷസന്മാരും, ഭുജംഗങ്ങളും ചക്രത്താൽ കൊല്ലപ്പെട്ടു. ചക്രം ഏറ്റു മെയ്യും തലയും അറ്റവർ ഇരമ്പിപ്പൊങ്ങുന്ന അഗ്നിയിൽ വീണു വെന്തു ഹുതാശനൻ മാംസരക്തവസകൾകൊണ്ടു തൃപ്തനായി. അഗ്നിഭഗവാൻ ആകാശത്തിൽ പുകയില്ലാതെ തെളിഞ്ഞുയർന്നു. കണ്ണും നാവും തൃപ്തനായി, ജ്വലിക്കുന്ന മുഖത്തോടെ, ദീപ്തമായ ഊർദ്ധ്വകേ

digitized by www.sreyas.in

ശനായി, പിംഗാക്ഷനായി നാനാജന്തുക്കളെ അനുഭവിക്കുന്ന ഹുതാശനൻ തൃപ്തനായി തെളിഞ്ഞു.

കൃഷ്ണാർജ്ജുനന്മാർ തന്ന സുധയേറ്റ് അഗ്നി നിർവൃതനായി. അപ്പോൾ മയാസുരൻ തക്ഷകന്റെ ഗൃഹംവിട്ടു പാഞ്ഞു പോകുന്ന സമയത്ത് മധുസൂദനൻ കണ്ടെത്തി. അവനെ ചുടുവാൻ കാറ്റിന്റെ സാരഥിയായ അഗ്നി ഒരുങ്ങി. ജടയേന്തുന്ന ദേഹത്തോടെ കാറ്റുപോലെ അലറി വേഗത്തിൽ അഗ്നി പാഞ്ഞടുത്തു. ദാനവന്മാരുടെ ശില്പിയായ മയന്റെ അരികിലേക്കു ചക്രമോങ്ങി കൃഷ്ണനുമെത്തി. ഓങ്ങുന്ന ചക്രത്തേയും കത്തിക്കുവാൻ എത്തുന്ന അഗ്നിയേയും കണ്ട് ഓടുന്ന മയൻ അർജ്ജുനാ! അർജ്ജുനാ! രക്ഷിക്കണേ! രക്ഷിക്കണേ! എന്നു വിലപിച്ചു. ആർത്തസ്വരം കേട്ടപ്പോൾ പേടിക്കേണ്ടാ എന്ന് അർജ്ജുനൻ വിളിച്ചുപറഞ്ഞു. ആ ശബ്ദം കേട്ടപ്പോൾ മയൻ മരണത്തിൽ നിന്നു ജീവിച്ചപോലെയായി. ഭയപ്പെടേണ്ടാ എന്നു ദയയോടെ അർജ്ജുനൻ മയനോടു പറഞ്ഞു. നമുചിയുടെ അനുജനായ മയന്ന് അഭയം നല്കിയപ്പോൾ കൃഷ്ണൻ അവനെ കൊന്നില്ല. അഗ്നി ദഹിപ്പിച്ചുമില്ല.

ആ കാട് ധീമാനായ പാവകൻ പതിനഞ്ചു ദിവസംകൊണ്ടു ദഹിപ്പിച്ചു. ശക്രനിൽനിന്ന് കൃഷ്ണാർജ്ജുനന്മാർ കാത്തതു മൂലം അഗ്നിക്ക് അത് സാധിച്ചു. ആ കാടു ചുട്ടതിൽ ആറുപേർ മാത്രം വെന്തില്ല 'അശ്വസേനൻ, മയൻ, നാലു ശാർങ്ഗകപ്പക്ഷികൾ ഇവരായിരുന്നു ആ ആറുപേർ."

229. ശാർങ്ഗകോപാഖ്യാനം – ജനമേജയൻ പറഞ്ഞു: "അല്ലയോ ബ്രാഹ്മണാ! ആ കാടു ചുട്ടെരിയുമ്പോൾ എന്തുകൊണ്ടാണ് അഗ്നി ശാർങ്ഗകങ്ങളെ ദഹിപ്പിക്കാതിരുന്നത്? അശ്വസേനനേയും മയനേയും എന്തുകൊണ്ടു ചുട്ടില്ല എന്നുള്ളത് ഭവാൻ പറഞ്ഞുവല്ലോ. ശാർങ്ഗകങ്ങളെ രക്ഷപ്പെടുത്തുവാനുള്ള കാരണം കേട്ടാൽ കൊള്ളാം. ഹേ, ബ്രാഹ്മണാ! അവയുടെ കാര്യം ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു. തീയെരിഞ്ഞിട്ടും അവ കേടുകൂടാതെ രക്ഷപ്പെട്ടുവല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "ശാർങ്ഗകങ്ങളെ അന്ന് അഗ്നിദേവൻ ദഹിപ്പിക്കാതിരിക്കുവാനുള്ള കാരണവും ഞാൻ ഭവാനോടു പറയാം. നടന്നവിധംതന്നെ വിവരിക്കാം.

ധർമ്മിഷ്ഠരിൽ അതിപ്രധാനിയും, തപസ്വിയും, ശാസ്ത്രജ്ഞനും, നിശിതവ്രതനുമായി 'മന്ദപാലൻ' എന്ന ഒരു മുനിശ്രേഷ്ഠനുണ്ടായിരുന്നു. ഊർദ്ധ്വരേതസ്സുകളായ മഹർഷിമാരുടെ ധർമ്മമാർഗ്ഗം അനുവർത്തിച്ച ആ മുനി സ്വാദ്ധ്യായവാനായി, തപസ്വിയായി, ജിതേന്ദ്രിയനായി, ധർമ്മതത്പരനായി ജീവിച്ചു. തപസ്സിന്റെ മറുകര കണ്ട് യഥാകാലം കാലധർമ്മം പ്രാപിച്ച് ആ മഹർഷി പിതൃലോകം പ്രാപിച്ചെങ്കിലും അവിടെ അവന്ന് തപസ്സിന്റെ ഫലം യാതൊന്നും ലഭിച്ചില്ല. തപസ്സുകൊണ്ടു ജയിച്ച ലോകത്തിൽ സ്ഥാനം ലഭിക്കായ്കയാൽ അവൻ ധർമ്മരാജാവിന്റെ മുമ്പിൽച്ചെന്ന് ദേവകളോടു ചോദിച്ചു."

മന്ദപാലൻ പറഞ്ഞു: "ഞാൻ തപസ്സുകൊണ്ടു സമ്പാദിച്ച പുണ്യലോകങ്ങൾ എനിക്ക് എന്തുകൊണ്ടു തുറന്നുതരുന്നില്ല? ഞാൻ എന്തു കർമ്മം ചെയ്യാഞ്ഞിട്ടാണ് എനിക്ക് ഈ ഫലം വന്നത്? ഈ നിരോധനത്തിന്ന് ഞാൻ എന്തു പ്രതിവിധി ചെയ്യണം? പറഞ്ഞാലും!"

ദേവകൾ പറഞ്ഞു: "മനുഷ്യരൊക്കെ കടപ്പെട്ടവരാണ് മുനീശ്വരാ! ബ്രഹ്മചര്യവും പ്രജയും ഇങ്ങനെ രണ്ടു മാർഗ്ഗത്തിലാണ് ക്രിയകൾ. ഞാൻ അതു വിശദമാക്കാം. യജ്ഞം, തപസ്സ്, തനയർ ഇവകൊണ്ടാണ് ക്രിയ പൂർണ്ണമാവുക. അങ്ങ് തപസ്വിയും യജ്ഞവാനുമാണ്. എന്നാൽ ഭവാനു സന്തതിയില്ല. സന്താനത്തിന്റെ പോരായ്മകാരണമാണ് പിതൃലോകം ഭവാനു തുറന്നു തരാഞ്ഞത്. ഭവാൻ പ്രജകളെ ജനിപ്പിക്കുക. എന്നാൽ നിത്യലോകം ഭവാനു ലഭിക്കും. 'പും' എന്ന നരകത്തിൽനിന്നു പിതാവിനെ കാക്കുന്നത് 'പുത്ര' രാണ്. അതുകൊണ്ട് പുത്രസന്താനങ്ങൾ ഉണ്ടാകുവാൻ ഭവാൻ ശ്രമിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദേവന്മാർ പറഞ്ഞ വാക്കു കേട്ട് മന്ദപാലൻ തനിക്കു വളരെ പുത്രന്മാർ അതിവേഗത്തിൽ ഉണ്ടാകുവാൻ മാർഗ്ഗമെന്താണെന്നു ചിന്തിച്ചു. വളരെ പുത്രന്മാരുണ്ടാകുവാൻ പക്ഷികളുടെ വംശമാണു സ്വീകാര്യമെന്ന് അവൻ വിചാരിച്ചു. ശാർങ്ഗകപ്പക്ഷിയുടെ രൂപമെടുത്ത് 'ജരിത' എന്ന ശാർങ്ഗികയുടെ അരികിൽ ചെന്നുചേർന്നു. ബ്രഹ്മജ്ഞനാ മഹർഷി നാലു പുത്രന്മാരെ അവളിൽ ജനിപ്പിച്ചു. പിന്നെ അവളെ വിട്ട് 'ലപിത' എന്ന പക്ഷിയോടു ചേർന്നു. മുട്ടയിൽ നില്ക്കുമ്പോഴാണ് ആ ബാലന്മാരെ അവൻ വിട്ടത്. ആ മുനീന്ദ്രൻ ലപിതയുമായി ചേർന്ന സമയത്ത് അപത്യസ്നേഹമയിയായ ജരിത അവൻ വിട്ട അണ്ഡജന്മാർ ത്യാജ്യരല്ല, ഋഷിനന്ദനരാണ് എന്നു വിചാരിച്ച് സ്നേഹമയിയായ അവൾ പുത്രന്മാരെ ഓർത്ത് ദുഃഖിച്ച് വനത്തിൽ പാർത്തു. പിന്നെ മുട്ടവിരിഞ്ഞു. മക്കളെ അവൾ സ്നേഹത്തോടെ പാലിച്ചു. ഖാണ്ഡവം ചുടുവാൻ അഗ്നിവരുന്നത് മഹർഷി കണ്ടു. ലപിതാസഹിതനായി മന്ദപാലൻ ഉല്ലസിച്ചുവിഹരിക്കുന്ന സമയത്താണ് അഗ്നിയെ കണ്ടെത്തിയത്. അഗ്നിയുടെ ഉദ്ദേശ്യവും തന്റെ പുത്രന്മാരുടെ സ്ഥിതിയും മഹർഷി ചിന്തിച്ചു. ആ ബ്രഹ്മർഷീന്ദ്രനായ ബ്രഹ്മജ്ഞൻ വഹ്നിദേവനെ സ്തുതിച്ചു. ലോകപാലകനായ അഗ്നിയോട് തന്റെ പുത്രന്മാരെപ്പറ്റി പറഞ്ഞു."

മന്ദപാലൻ പറഞ്ഞു: "അഗ്നിദേവ, ഭവാൻ ദേവന്മാർക്കെല്ലാം മുഖമായിനിന്ന് അതാത് ദേവന്മാർക്കുള്ള ഹവ്യത്തെ വഹിക്കുന്നു. സർവ്വഭൂതങ്ങളുടേയും ഉള്ളിൽ സൂക്ഷ്മരൂപത്തിൽ സഞ്ചരിക്കുന്നവനാണ് നീ. അങ്ങ് ഏകരൂപനാണെന്നും ത്രിവിധനാണെന്നും കവികൾ പറയുന്നു. ഭവാനെ പഞ്ചഭൂതം, സൂര്യൻ, ചന്ദ്രൻ, യജമാനൻ എന്ന് എട്ടു രൂപത്തിൽ വച്ചിട്ടാണ് യജ്ഞനിർവ്വാഹകനായി വിധിക്കുന്നത്. ഋഷികൾ പറയുന്നു, ഈ വിശ്വം ചമച്ചത് ഭവാനാണെന്ന്. ഭവാന്റെ സദ്ഭാവമില്ലെങ്കിൽ വിശ്വമൊക്കെ ഉടനെ നശിക്കും. ഭൂസുരന്മാർ ഭവാൻ വന്ദിച്ചാണ് സ്വകർമ്മഗതിയിൽ പത്നീപുത്രന്മാരോടുകൂടി പ്രവേശിക്കുന്നത്. അഗ്നേ! ഭവാനേ മിന്നൽ ചേർന്ന മേഘങ്ങളായി പറയുന്നു. ഭവാനിൽ നിന്നേത്തുന്ന രശ്മിയാണു ലോകം മുഴുവൻ ദഹിപ്പിക്കുന്നത്. അല്ലയോ ജാതവേദസ്സേ, നീയാണല്ലോ വിശ്വങ്ങൾ സൃഷ്ടിക്കുന്നത്. നിന്റെ കർമ്മഫലമാണ് ഈ കാണപ്പെടുന്ന ചരാചരാത്മകമായ വിശ്വം. മുമ്പ് ഭവാൻ ജലം സൃഷ്ടിച്ചു. നിന്നിൽ ഈ ജഗത്ത്രയം മുഴുവൻ നില്ക്കുന്നു. ദേവന്മാർക്കുള്ള ഹവ്യകവ്യങ്ങളും നിന്നിൽ വേണ്ടവണ്ണം ഉറച്ചതാണ്. ദേവാ! നീതന്നെയാണ് ദഹനൻ; നീതന്നെ ധാതാവ്; നീതന്നെ ബൃഹസ്പതി; നീതന്നെ യമന്മാർ; നീതന്നെ അശ്വിനികൾ; നീതന്നെ മിത്രൻ; നീ തന്നെ ചന്ദ്രൻ; നീ തന്നെ മരുത്ത്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മന്ദപാലന്റെ സ്തോത്രം കേട്ട് അഗ്നിദേവൻ ആ മുനിമുഖ്യനിൽ സന്തോഷിച്ച് അവനോടു ചോദിച്ചു: 'മഹർഷേ! ഞാൻ ഭവാന് എന്തിഷ്ടമാണു ചെയ്യേണ്ടത്?'

മഹർഷി പറഞ്ഞു: 'ഖാണ്ഡവം ദഹിപ്പിക്കുന്ന സമയത്ത് അതിൽക്കിടക്കുന്ന എന്റെ മക്കളെ ഭവാൻ ദഹിപ്പിക്കാതെ വിടണേ!'

വൈശമ്പായനൻ പറഞ്ഞു: "അഗ്നിഭഗവാൻ അവന്റെ പ്രാർത്ഥന സ്വീകരിച്ചു. അങ്ങയുടെ പുത്രന്മാർക്ക് യാതൊരു കേടും തട്ടാതെ വനത്തെ ദഹിപ്പിക്കുമെന്നു ശപഥംചെയ്തു.

ഹവ്യവാഹകനായ അഗ്നിഭഗവാൻ ഖാണ്ഡവും ദഹിപ്പിക്കുവാനായി ഉജ്ജ്വലിച്ചു."

230. ശാർങ്ഗകോപാഖ്യാനം – ജരിതാവിലാപം – വൈശമ്പായനൻ പറഞ്ഞു: "രാജാവേ, അഗ്നി കത്തിജ്ജ്വലിക്കുവാൻ തുടങ്ങിയപ്പോൾ ശാർങ്ഗകങ്ങൾ ഏറ്റവും വിഷണ്ണരായി. വ്യഥയോടെ സംഭ്രമിച്ച് അവ ഗതികിട്ടാതെ ഉഴന്നു. ബാലരായ മക്കളെ പാർത്ത് തപസ്വിനിയായ അമ്മ ജരിത ദുഃഖത്തോടെ വിലപിച്ചു.

digitized by www.sreyas.in

ജരിത പറഞ്ഞു: "ഹാ! കഷ്ടം! അഗ്നി കാടുചുട്ടെരിച്ചു കൊണ്ട് ഇതാ, വരുന്നു! ജഗൽസന്ദീപനനായ ആ ഭയങ്കരൻ എനിക്കു ദുഃഖത്തെ വളർത്തിക്കൊണ്ട്, ഇതാ വന്നുകഴിഞ്ഞു. മന്ദബുദ്ധികളായ ഈ ബാലന്മാർ എന്നെ ഇവിടെയിട്ട് ഇഴയ്ക്കുന്നു. ചിറകും കാലും ഇവയ്ക്കു മുളയ്ക്കുന്നേയുള്ളു ഇവരാണ് പൂർവ്വന്മാർക്ക് ഒരാശ്രയം. മരം കത്തിജ്ജ്വലിപ്പിച്ച് പേടിയാകുന്ന മട്ടിലാണ് അഗ്നിയുടെ വരവ്. ചിറകില്ലാത്ത മക്കൾക്കാണെങ്കിൽ പറക്കുവാനും കഴിവില്ല. എനിക്കാണെങ്കിൽ മക്കളെ കൊണ്ടുപോകാനും കഴിവില്ല. ത്യജിക്കുവാനും പ്രയാസം. ഞാൻ എന്തു ചെയ്യേണ്ടൂ? ദുഃഖിക്കയല്ലാതെ? ഇവരിൽ ഏതു മകനെയാണ് വിട്ടുപോവുക? ഏതു മകനെയാണ് കൊണ്ടുപോകേണ്ടത്? മക്കളേ, ഞാൻ എന്തു ചെയ്യണം? നിങ്ങളെ ഈ ആപത്തിൽനിന്നു മോചിപ്പിക്കുവാൻ യാതൊരു മാർഗ്ഗവും കാണുന്നില്ലല്ലോ! ഞാൻ നിങ്ങളെ എന്റെ ചിറകിന്റെ ഉള്ളിലാക്കാം. എന്നിട്ട് ഒരുമിച്ച് മരിക്കാം. ഈ കുലത്തിന്റെ നിലനില്പു ജ്യേഷ്ഠനായ 'ജരിതാരി' യിലാണ്. 'സാരിസൃക്കൻ' പിതൃക്കൾക്കു കുലവർദ്ധനനായിത്തീരുവാൻ പുത്രന്മാരെ ഉത്പാദിപ്പിക്കും. 'സ്തംബമിത്രൻ' തപസ്സു ചെയ്യും. 'ദ്രോണൻ' മഹായോഗ്യനായ ബ്രഹ്മജ്ഞാനിയാകും. എന്നു പറഞ്ഞ് നിർഘൃണനായ നിങ്ങളുടെ പിതാവ് എന്നെവിട്ടു പോയി ഈ ദുർഘടമായ ആപത്തിൽനിന്ന് ഞാൻ ആരെ താങ്ങി ഇവിടെനിന്നു കടന്നുകളയും? എന്തു ചെയ്താലാണ് ഈ ദുഃഖത്തിൽനിന്നു രക്ഷകിട്ടുക?"

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ അതിദുഃഖത്തോടെ വിലപിക്കെ ആ പക്ഷിക്കുഞ്ഞുങ്ങൾ പറഞ്ഞു."

പക്ഷിക്കുഞ്ഞുങ്ങൾ പറഞ്ഞു: "സ്നേഹം ഉപേക്ഷിച്ച് അമ്മ തീ എത്താത്ത ദിക്കിലേക്കു പോകുക. ഞങ്ങൾ ഇവിടെക്കിടന്ന് അഗ്നിയിൽ എരിഞ്ഞുചത്താലും അമ്മ ചാകരുത്. അമ്മയ്ക്ക് ഇനിയും മക്കളുണ്ടാകും. അമ്മേ, നീ ചത്താൽ പിന്നെ എങ്ങനെ കുലസന്തതിയുണ്ടാകും? ഇതു രണ്ടും ചിന്തിച്ച് കുലക്ഷേമം വരുന്നവിധം നീ പ്രവർത്തിക്കണം. രണ്ടിലൊന്നു തീരുമാനിക്കേണ്ട സന്ദർഭമാണിത്. സർവ്വനാശത്തിന്നുവേണ്ടി പുത്രന്മാരെ സ്നേഹിക്കരുത്. ലോകാർത്ഥിയായ പിതാവിന്റെ കർമ്മം നിഷ്ഫലമായി വരികയില്ല."

ജരിത പറഞ്ഞു: "ഇതാ, ഈ വൃക്ഷച്ചുവട്ടിൽ പെരുച്ചാഴിമടകാണുന്നു. അതിൽ നിങ്ങൾ ചെന്നിരുന്നാൽ അഗ്നി അതിൽ പ്രവേശിക്കുന്നതല്ല. ആ മടയുടെ മുഖം ഞാൻ മണ്ണുകൊണ്ട് അടയ്ക്കാം. അതൊന്നേ ഒരു മാർഗ്ഗമുള്ളു. അഗ്നിബാധയൊഴിഞ്ഞാൽ ഞാൻ വന്നു മണ്ണുമാറ്റി നിങ്ങളെയെടുക്കാം. അതിന്നു നിങ്ങൾ സമ്മതിക്കണം."

ശാർങ്ഗകങ്ങൾ പറഞ്ഞു: "ചിറകില്ലാത്ത, മാംസം മാത്രമായ, ഞങ്ങളെ കണ്ടാൽ എലി പിടിച്ചുതിന്നും. ഈ ആപത്തോർക്കുമ്പോൾ അതിൽ കയറുവാൻ ഞെരുക്കമാണ്. തീയെരിക്കാത്തതും എലി തിന്നാത്തതുമായ മാർഗ്ഗം നോക്കണം. അച്ഛന്റെ ആഗ്രഹം എന്തുചെയ്താൽ സഫലമാകും? എന്തു ചെയ്താൽ അമ്മ ചാകില്ല? ഇവയ്ക്കു പറ്റിയ മാർഗ്ഗം സ്വീകരിക്കണം. പെരുച്ചാഴിമടയിൽ പോയാൽ അവൻ പിടിച്ച തിന്നും. അല്ലെങ്കിൽ അഗ്നി ഭക്ഷിക്കും. ഈ രണ്ടിലും ഭേദം അഗ്നിയിൽ ദഹിക്കുക എന്നതാണ്. പെരുച്ചാഴിതിന്നു ചാകുന്നതു ഗുണമല്ല. അങ്ങനെയുള്ള മരണം ഗർഹിതമാണ്. രണ്ടും ആലോചിക്കുമ്പോൾ അഗ്നിയിൽ ദേഹപരിത്യാഗംചെയ്യുന്നതാണ് സ്വീകാര്യം! ഏതായാലും മരണം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു."

231. ശാർങ്ഗകോപാഖ്യാനം (തുടർച്ച) – ജരിത പറഞ്ഞു: "മടവിട്ടു പുറത്തുവന്ന പെരുച്ചാഴിയെ ഒരു പരുന്തു റാഞ്ചിക്കൊണ്ടുപോയി. ഇനി നിങ്ങൾക്ക് ആപത്തില്ല. അവനെ കാലിലിറുക്കിപ്പിടിച്ചു പറന്നുപോയത് ഞാൻ കണ്ടതാണ്."

ശാർങ്ഗകങ്ങൾ പറഞ്ഞു: "പെരുചാഴിയെ കൊണ്ടുപോയത് ഞങ്ങൾ അറിഞ്ഞില്ല. വേറേയും വല്ലതും അതിലുണ്ടാകും. അവയേയും പേടിക്കണം. അഗ്നി അടുത്തുവരുന്നത് ഒരു സമയം കാറ്റു തെറ്റിച്ചു കൊണ്ടുപോയെന്നുംവരാം. കാറ്റിന്റെ ഗതി മാറുന്നതായി തോന്നുന്നുണ്ട്. മടയിൽ ചെന്നാൽ അതിന്നുള്ളിലുള്ളവർ തീർച്ചയായും ഞങ്ങളെ തിന്നും. അതിനു സംശയമില്ല. തീർച്ചയായ കാര്യത്തിനേക്കാൾ നല്ലത് സന്ദിഗ്ദ്ധമായ മരണമാണ്. അമ്മേ! നീ ആകാശത്തിൽ പറക്കുക. നിനക്ക് വീണ്ടും നല്ല സന്താനങ്ങളെ നേടാം."

ജരിത പറഞ്ഞു: "മക്കളേ, ഞാൻ കണ്ടതാണ് ഈ മടയിൽനിന്ന് ഈ പെരുച്ചാഴിയെ വലിയൊരു പരുന്ത് റാഞ്ചിപ്പറക്കുന്നത്. പറക്കുന്ന അവന്റെ പിന്നാലെ അന്ന് ഞാനും പറന്നു. പെരുച്ചാഴിയെ കൊണ്ടുപോകുമ്പോൾ ഞാൻ അനുഗ്രഹവും നല്കി. 'ഞങ്ങൾക്ക് വൈരിയായ അവനെ കൊണ്ടുപോകുന്ന നീ പൊന്മയമായ പക്ഷിയായി വ്യോമത്തിൽ ശ്യേന, വാഴുക.' ഈ ആശംസ പരുന്ത് കേട്ട് അവന് എന്നോട് സന്തോഷം തോന്നി. അവൻ ആ പൊരുച്ചാഴിയെ തിന്നതിന്നുശേഷം ഞാൻ നന്ദിയോടെ സ്വസ്ഥാനത്തേക്കും പോന്നു. മക്കളേ! മടയിൽ പ്രവേശിക്കുക. ഭയപ്പെടേണ്ട. ഞാൻ കണ്ടുനില്ക്കുമ്പോഴാണ് പരുന്ത് അവനെ കൊണ്ടുപോയത്."

കുഞ്ഞുങ്ങൾ പറഞ്ഞു: "പെരുച്ചാഴിയെ പരുന്ത് പിടിച്ചതൊന്നും ഞങ്ങൾക്കറിവില്ല. അറിയാതെ ഞങ്ങൾ എങ്ങനെ അതിനുള്ളിൽക്കടക്കും?"

ജരിത പറഞ്ഞു: "പരുന്തു പെരുച്ചാഴിയെ കൊണ്ടുപോയത് എനിക്കറിവുള്ളതാണ്. നിങ്ങൾക്കാപത്തില്ല. ഞാൻ പറയുന്നതു കേൾക്കൂ!"

കുഞ്ഞുങ്ങൾ പറഞ്ഞു: "മിഥ്യയായ വാക്കു പറഞ്ഞ് ഞങ്ങളെ വിടുർത്തുകയാണോ? വിഷമിച്ചു വല്ലതും പറയുകയാണോ? ഞങ്ങൾ ആരാണെന്ന് അമ്മയ്ക്കറിഞ്ഞുകൂടാ. ഞങ്ങളെ കേണു പോറ്റുന്ന അമ്മയാര്? ഞങ്ങളാര്? ആർക്കറിയാം! അമ്മേ, നിനക്ക് യൗവന പ്രായമാണ്. സൗന്ദര്യവുമുണ്ട്. ഭർത്തൃസംഗമത്തിന്ന് അർഹയാണ്. പതിയെ പിന്തുടരുക; നീ നല്ല മക്കളെ നേടും. ഞങ്ങൾ അഗ്നിപ്രവേശത്താൽ മംഗളസ്ഥാനത്തെത്തും, അല്ലെങ്കിൽ അഗ്നി വന്ന് ഞങ്ങളെ ഹരിക്കുകയില്ലെന്നുംവരാം."

വൈശമ്പായനൻ പറഞ്ഞു: "ശാർങ്ഗി ഇപ്രകാരം മക്കളുടെ വാക്കു കേട്ടപ്പോൾ മക്കളെ വിട്ട് ഖാണ്ഡവത്തിൽ ആപത്തില്ലാത്ത ദിക്കുനോക്കി പറന്നുപോയി. ഉടനെ കടുത്ത ജ്വാലയോടുകൂടി അഗ്നികത്തിപ്പടർന്നു. മന്ദപാലന്റെ ശാർങ്ഗനന്ദനന്മാരുള്ളിടത്ത് അഗ്നിവന്നു. ഖഗങ്ങൾ അഗ്നിയെക്കണ്ടു. അപ്പോൾ ജരിതാരി പാവകനോടിങ്ങനെ പറഞ്ഞു."

232. ശാർങ്ഗകോപാഖ്യാനം (തുടർച്ച) – ജരിതാരി പറഞ്ഞു: "കഷ്ടകാലത്തെ മുൻകൂട്ടിത്തന്നെ കണ്ട് ഉണർന്നിരിക്കുന്ന ബുദ്ധിമാൻ അതു വന്നാലും അതിൽ ഒട്ടും വ്യസനിക്കുകയില്ല. കാലദോഷം മുൻകൂട്ടി കണ്ട് മനസ്സിനെ അടക്കുവാൻ കഴിവില്ലാത്ത ഭോഷന്മാർ കാലക്കേടു വരുമ്പോൾ ദുഃഖിക്കുന്നു. അപ്പോൾ അവർക്കു നന്മനേടുവാൻ സാധിക്കുന്നുമില്ല." സാരിസൃക്കൻ ചേട്ടനോടു പറഞ്ഞു: "ധീരനായ ചേട്ടൻ അതിബുദ്ധിമാനാണ്. നമ്മൾ ഇങ്ങനെ കഷ്ടത്തിൽപ്പെട്ടു. പണ്ഡിതനും ശൂരനുമായ ഒരുവൻ അനേകംപേർക്കു രക്ഷകനായി ഭവിക്കും. സംശയമില്ല. സൽസംഗം ഏതു മഹാക്ലേശത്തേയും നശിപ്പിക്കും."

സ്തംബമിത്രൻ പറഞ്ഞു: "ജ്യേഷ്ഠൻ അച്ഛൻതന്നെയാണ്. ദുഃഖത്തിൽനിന്നു രക്ഷിക്കുന്നതു ജ്യേഷ്ഠനാണ്. ജ്യേഷ്ഠനു രക്ഷിക്കുവാൻ കഴിവില്ലെങ്കിൽ പിന്നെ കനിഷ്ഠൻ എന്തു ചെയ്യും?"

ദ്രോണൻ പറഞ്ഞു: "അഗ്നിദേവാൻ ഇതാ എരിഞ്ഞ് അടുത്തെത്തിത്തുടങ്ങി. ആ സപ്തജിഹ്വൻ നമ്മെയൊക്കെ വിഴുങ്ങുവാൻ ഇതാ എത്തിക്കഴിഞ്ഞു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം തമ്മിൽ പറഞ്ഞൊത്ത് മന്ദപാലന്റെ പുത്രന്മാർ അഗ്നിയെ സ്തുതിച്ചു. ആ സ്തുതി അല്ലയോ രാജാവേ, ഞാൻ പറയാം."

ജരിതാരി പറഞ്ഞു: "പ്രകാശസ്വരൂപനായ അഗ്നിഭഗവാനേ, സകല ചരാചരങ്ങളിലും സൂത്രരൂപേണ വർത്തിക്കുന്ന വായുവിന്റെ സ്വരൂപമാണു ഭവാൻ. വല്ലീവൃക്ഷതൃണാദികളായ ഔഷ

digitized by www.sreyas.in

ധികളുടെയെല്ലാം ശരീരവും ഉത്പത്തിസ്ഥാനവും അവിടുന്നു തന്നെയാണല്ലോ. ജലം അങ്ങയിൽ ഉത്ഭവിക്കുന്നു. അങ്ങയുടെ രശ്മികൾ സൂര്യപ്രകാശമെന്നപോലെ മേലും കീഴും പിമ്പും വശങ്ങളിലും പരന്നിരിക്കുന്നു.

സാരിസൃക്കൻ പറഞ്ഞു: "മഹാത്മാവായ അഗ്നിഭഗവാനേ, ഞങ്ങളെ രക്ഷിക്കാൻ അമ്മയെക്കാണാനില്ല. ഞങ്ങളുടെ അച്ഛൻ എവിടെയാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. തനിയെ പോയി രക്ഷപ്പെടുവാനാണെങ്കിൽ ഞങ്ങൾക്ക് ചിറകു മുളച്ചിട്ടില്ല. ഞങ്ങൾ പിഞ്ചു കുട്ടികൾ. അതുകൊണ്ട് അങ്ങുതന്നെ ഞങ്ങളെ രക്ഷിക്കണേ! അഗ്നി ഭഗവാനേ, ലോകത്തിന്ന് ഹിതത്തെ പ്രദാനംചെയ്യുന്ന ഒരു രൂപവും ഏഴ് ജ്വാലകളും അങ്ങയ്ക്കുണ്ട്. അവ കൊണ്ട്, ആപത്തിൽപ്പെട്ട് ശരണം പ്രാപിക്കുന്ന ഞങ്ങളെ ഭവാൻ രക്ഷിച്ചാലും.

അല്ലയോ അഗ്നിഭഗവാനേ, ലോകത്തിൽ ചൂട് എന്ന ധർമ്മത്തിന്നു കാരണമായി അങ്ങ് ഒരാൾ മാത്രമാണുള്ളത്. സൂര്യരശ്മികളിൽ താപമായി വർത്തിക്കുന്നത് അവിടുന്നാണ്. സൂര്യനായി പ്രകാശിക്കുന്നതുതന്നെ ഭഗവാനേ, അങ്ങാണല്ലോ. പിഞ്ചു പൈതങ്ങളും ജന്മനാ ഋഷികളുമായ ഞങ്ങളെ അങ്ങ് വിട്ടൊഴിഞ്ഞു പോകേണമേ.

ദൃശ്യവും അദൃശ്യവുമായ സകലതും ഭവാനാണ്. സ്വർണ്ണത്താൽ തള, വള, മാല മുതലായവപോലെ അങ്ങയിൽത്തന്നെ ലോകമെല്ലാം വർത്തിക്കുന്നു. അങ്ങുന്നു ചരാചരരൂപമായ പ്രപഞ്ചത്തെ പാലിക്കുന്നു. എല്ലാ ലോകത്തേയും അങ്ങുതന്നെ ഭരിക്കുകയും ചെയ്യുന്നു.

അങ്ങ് അഗ്നിയാണ്. അങ്ങ് ദേവന്മാർക്കുള്ള ഹവ്യത്തെ വഹിക്കുന്നു. അങ്ങുതന്നെയാണ് പരമമായ ദേവന്നം. ഭവാൻ ബഹുരൂപനാണെന്നും ഏകരൂപനാണെന്നും വിദ്വാന്മാർ പറയുന്നു. കാര്യസ്വരൂപനും അവിടുന്നുതന്നെയാണെന്നു പറയുന്നു.

അല്ലയോ അഗ്നിഭഗവാനേ, അവിടുന്ന് ഈ മൂന്നു ലോകത്തേയും - ബ്രഹ്മാണ്ഡം മുഴുവനും - സൃഷ്ടിച്ച് സമയം വന്നു ചേരുമ്പോൾ ആളിക്കത്തി സംഹരിക്കുന്നു. ഭവാൻ ആദ്യം ബ്രഹ്മാണ്ഡത്തിന്നു കാരണഭൂതനും, ഒടുവിൽ എല്ലാറ്റിന്റേയും ലയത്തിന്ന്, ഭവാൻതന്നെ ഹേതുഭൂതനുമാകുന്നു."

ദ്രോണൻ പറഞ്ഞു: "സ്ഥൂലവും സൂക്ഷ്മവുമായ കാര്യങ്ങളുടേയും സൃഷ്ടിസംഹാരങ്ങളുടേയും നാഥനായ ഭഗവാനേ, ഭവാൻ സർവ്വജീവജാലത്താലും പ്രാണോപാസകന്മാരാലും ആസ്വദിക്കപ്പെടുന്ന വസ്തുവും എല്ലാറ്റിന്റെയും അന്തർഭാഗത്തു വർത്തിക്കുന്നവനും, എല്ലാറ്റിനേയും ഉള്ളിൽ അടക്കിയവനുമാകുന്നു. അവിടുന്ന് എന്നും വർദ്ധിച്ച് എല്ലാം സംഹരിക്കുന്നു. അങ്ങയിൽ എല്ലാം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് നിഷ്കളങ്കവും ശിവവുമാണ്! യാതൊരു തരത്തിലുള്ള കാലുഷ്യവും സ്പർശിക്കാത്തവനും ജീവികളുടെ ജഠരത്തിൽ പചനക്രിയ നടത്തി വർത്തിക്കുകയാൽ ജനിച്ചവരാൽ ഒക്കെ അറിയപ്പെടുന്നവനുമായ ശുക്രദേവാ, അങ്ങ് ഭൂമിയിലുള്ള ജലത്തേയും, ഭൂജാതങ്ങളായ ജീവജാലങ്ങളേയും എല്ലാം സംഹരിച്ച് എല്ലാറ്റിനും കാമസ്വരൂപനായി നിന്നു വീണ്ടും വിട്ട്, കാലംനോക്കി മഴ പെയ്യിച്ച് സൃഷ്ടികർമ്മം നടത്തിക്കൊണ്ടിരിക്കുന്നു. സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങൾ അങ്ങയെ ആശ്രയിച്ചിരിക്കുന്നു.

ഹേ, ശുക്രാ! കളങ്കരഹിതനായ ദേവ, അങ്ങയിൽനിന്നു പച്ചിലകളോടുകൂടിയ വല്ലികളും, പൊയ്കകളും ബ്രഹ്മാണ്ഡത്തിന്നു പുറമെയുള്ള ജലം മുഴുവനും തള്ളിപ്പരക്കുന്ന സമുദ്രവുമുണ്ടാകുന്നു. അപ്രധാനങ്ങളും പ്രധാനങ്ങളുമായ എല്ലാറ്റിന്റേയും ഉത്പത്തിസ്ഥാനം അങ്ങുതന്നെയാണ്.

തീക്ഷ്ണങ്ങളായ രശ്മിയോടുകൂടിയവനേ, ഞങ്ങളുടെ ഈ ശരീരം രസനേന്ദ്രിയത്തിന്ന് അധിപനായ വരുണന്ന് ഏറ്റവും വലിയ ഒരു ആശ്രയമാകുന്നു. പക്ഷിയുടെ ദേഹത്താൽ സർവ്വരസങ്ങളുടേയും അനുഭൂതിയുണ്ടാകുമെന്നാണല്ലോ ലോകവാക്യം. എല്ലാറ്റിന്റേയും അന്തരാത്മാവായ അങ്ങുന്ന് ഞങ്ങളുടെ രക്ഷിതാവാണ്. ഈ പിഞ്ചു പ്രായത്തിൽ അവിടുന്ന് ഞങ്ങളെ നശിപ്പിക്കരുതേ!

പിംഗളവർണ്ണമായ കണ്ണുകളോടും, ചുവന്ന കഴുത്തോടും, പുകയാകുന്ന കറുത്ത വഴിയോടുംകൂടിയ ദേവാ, ഹോമിക്കുന്നതെല്ലാം ഭക്ഷിക്കുന്നവനേ, അങ്ങ് ഞങ്ങളെ വിട്ടൊഴിഞ്ഞുപോയാലും, ഭവാൻ നദീജലപ്രവാഹത്തെയെന്നവണ്ണം ഞങ്ങളെ ദഹിപ്പിക്കാതെ വിട്ടൊഴിഞ്ഞുപോകണേ."

വൈശമ്പായനൻ പറഞ്ഞു: "ബ്രഹ്മജ്ഞനായ ദ്രോണൻ ഇപ്രകാരം പ്രാർത്ഥിച്ചപ്പോൾ ഹുതാശനൻ, താൻ മന്ദപാലനോടുചെയ്ത പ്രതിജ്ഞയോർത്ത് സന്തോഷത്തോടെ ഇപ്രകാരം പറഞ്ഞു."

അഗ്നി പറഞ്ഞു: "ദ്രോണ, അങ്ങ് ഋഷിയാണ്. ജ്ഞാനത്തിന്റെ അറ്റംകണ്ടവനാണ്. അങ്ങ് പറഞ്ഞ വാക്യം വേദമാണ്. ഭവാന്റെ ഇഷ്ടം ഞാൻ സാധിപ്പിച്ചുതരാം. ഭവാൻ എന്നെ ഭയപ്പെടേണ്ട. നിങ്ങളെപ്പറ്റി മുമ്പു തന്നെ മന്ദപാലൻ എന്നോടു പറഞ്ഞിട്ടുണ്ട്. 'കാടെരിക്കുമ്പോൾ എന്റെ മക്കളെ ഭവാൻ വിടണം' എന്ന്. അദ്ദേഹം അപ്പോൾ പറഞ്ഞ വാക്കും നീ ഇപ്പോൾ പറഞ്ഞ വാക്കും എനിക്കു വലിയ കാര്യമാണ്. ഞാൻ എന്തുചെയ്യേണമെന്നു പറയുകയേ വേണ്ടൂ. പറയൂ ഞാൻ നിന്റെ സ്തോത്രത്താൽ വളരെയേറെ പ്രസാദിച്ചിരിക്കുന്നു."

ദ്രോണൻ പറഞ്ഞു: "പരന്മാർക്ക് ദുഃഖത്തെ ചെയ്യുന്നവനേ! ഇവിടെ പൂച്ചകൾ ഞങ്ങൾക്ക് എപ്പോഴും ഉപദ്രവമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അവയെ കൂട്ടത്തോടെ ഭവാൻ ദഹിപ്പിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "ജനമേജയാ! അപ്രകാരം തന്നെ അഗ്നി ചെയ്തു. ശാർങ്ഗകാനുമതിയോടുകൂടി അഗ്നി ഖാണ്ഡവത്തെ ദഹിപ്പിച്ചു."

233. ശാർങ്ഗകോപാഖ്യാനം (തുടർച്ച) - വൈശമ്പായനൻ പറഞ്ഞു: "ജനമേജയാ! മന്ദപാലൻ അഗ്നിയോട് തന്റെ മക്കളെ ദഹിപ്പിക്കരുതെന്നു പറഞ്ഞേല്പിച്ചിരുന്നുവെങ്കിലും അദ്ദേഹം യാതൊരു മനസ്സമാധാനവും കിട്ടാതെ കുഴങ്ങി. അദ്ദേഹം പുത്രശോകം മുഴുത്ത് ലപിതയോടു പറഞ്ഞു."

മന്ദപാലൻ പറഞ്ഞു: "ലപിതേ, എന്റെ മക്കൾ ആ കാട്ടിൽ ദുഃഖിക്കുന്നുണ്ടാകും. അഗ്നി ഭയങ്കരമായി കത്തിജ്ജ്വലിക്കുമ്പോൾ, കാറ്റു ഭയങ്കരമായി ചുറ്റി വീശുമ്പോൾ, അവർക്കു സ്വഗൃഹത്തിൽ രക്ഷകിട്ടുമോ? അവർക്കാണെങ്കിൽ പറക്കുവാൻ കഴിവില്ല. അവരെ കാക്കുവാൻ ശക്തിയില്ലാതെ അവരുടെ അമ്മ പാവം! അവളും ഇരുന്നു കരയുന്നുണ്ടാകും. പറന്ന്, പൊങ്ങുവാൻ കഴിയാത്ത എന്റെ മക്കളെ അവൾ നോക്കി ദുഃഖച്ചു പറയും. വീണ്ടും മടങ്ങിവരും. ഇങ്ങനെ അവൾ അസ്വസ്ഥയായി അവിടെ ചുറ്റുന്നുണ്ടാകും. അവൾ എന്തുചെയ്യും. എന്റെ ജരിതാരിക്ക് എന്തു സംഭവിക്കുമാവോ? സാരിസൃക്കന്ന് എന്തു സംഭവിക്കുമോ? സ്തംബമിത്രന്ന് എന്തു വന്നു കൂടും? ദ്രോണനെന്തുപറ്റും? അവൾക്കും എന്തു സംഭവിക്കും? എനിക്ക് അറിഞ്ഞുകൂടാ."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ ആ കാട്ടിൽ അസ്വസ്ഥനായി കരയുന്ന മന്ദപാലമഹർഷിയോട് അസൂയയോടെ ലപിത പറഞ്ഞു."

ലപിത പറഞ്ഞു: "അങ്ങ് അങ്ങയുടെ മക്കളായ ഋഷികളെ ചിന്തിച്ചു വിഷമിക്കുന്നു. തേജോവീര്യാഢ്യരാണവർ എന്ന് അങ്ങു പറഞ്ഞില്ലേ? ആ ബാലന്മാർക്ക് അഗ്നിഭയം ഉണ്ടാവുകയില്ല. അഗ്നിയോട് ഭവാൻ പറഞ്ഞില്ലേ അവരെ രക്ഷിക്കേണമെന്ന്? ഞാനിരിക്കുമ്പോഴല്ലേ പറഞ്ഞത്? ഹുതാശനൻ ഭവാനോട് 'അപ്രകാരമാകാം' എന്നു ഏറ്റിട്ടുമുണ്ടല്ലോ! ലോകപാലകനായ അഗ്നി പറഞ്ഞവാക്ക് തെറ്റിക്കുകയില്ല. ബന്ധുകൃത്യമായ ഇക്കാര്യത്താൽ ഭവാന്റെ ഹൃദയത്തിന്ന് സ്വാസ്ഥ്യമുണ്ടാകും തീർച്ചയാണ്. മക്കളെച്ചൊല്ലിയല്ല ഭവാന്റെ ഖേദം. എന്റെ ശത്രുവായ 'അവളെ' വിചാരിച്ചാണ് ഭവാന്റെ ഈ ദുഃഖം. അവളിൽ പണ്ടുണ്ടായിരുന്ന സ്നേഹം എന്നിൽ ഇന്നു ഭവാനില്ല. തന്നിൽ സ്നേഹമുള്ളവരിൽ അല്പവും കൂറില്ലാതെ ഒരു പക്ഷംപിടിച്ചു തന്റേടം കാട്ടിനില്ക്കുന്നവർ സ്വന്തം ഭാര്യയേയും മക്കളേയും ഉപേക്ഷിക്കുന്നത് ഒട്ടും ശരിയല്ല. അങ്ങ് അവളെപ്പറ്റി ഓർത്ത് ദുഃഖിക്കുകയാണെങ്കിൽ അങ്ങോട്ടുതന്നെ പൊയ്ക്കൊള്ളുക.

digitized by www.sreyas.in

ചീത്ത ഭർത്താവിന്റെ ഭാര്യയെപ്പോലെ ഞാൻ തനിച്ചു നടന്നോളാം. എനിക്ക് ഇത്തരം ഒരു കൂട്ടുകാരനെ ആവശ്യമില്ല."

മന്ദപാലൻ പറഞ്ഞു: "നീ പറഞ്ഞമട്ടിൽ ഞാൻ ഒരു കാമിനീലോലനായി നടക്കുന്നവനല്ല. സന്തതിക്കുവേണ്ടി ഞാൻ കുടുംബബന്ധത്തിലേർപ്പെട്ടു. അത് ഇപ്പോൾ സങ്കടത്തിന്നായിത്തീർന്നു. കൈയിലുള്ളതിനെ വിട്ട് പറക്കുന്നതിനെപ്പിടിക്കുവാൻ ശ്രമിച്ച ഞാൻ അല്പബുദ്ധിയാണ്. എന്നെ ലോകം വെറുക്കും. നിനക്കു നിന്റെ ഇഷ്ടംപോലെ ചെയ്യാം. ഉണ്ടായ മക്കളെ ഉപേക്ഷിച്ച് ഉണ്ടാകുമെന്നാശിച്ച പുത്രർക്കുവേണ്ടി പാടുപെടുന്നതു ശരിയല്ല എന്നാണ് ആപ്തവചനം. നീ നിന്റെ ഇഷ്ടംപോലെ ആയിക്കൊള്ളുക. അഗ്നി മരങ്ങളിൽക്കടന്നുപിടിച്ചു കത്തിജ്വലിക്കുന്നു. ഉദ്വേഗമുള്ള എന്റെ മനസ്സിൽ വല്ലാത്ത ആധി വർദ്ധിപ്പിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "കാട്ടുതീ പടർന്നു കത്തി. ജരിതയുടെ സന്താനങ്ങൾ ഇരിക്കുന്ന സ്ഥലം അഗ്നി ഒഴിഞ്ഞുമാറി അവിടം മാത്രം ചുട്ടില്ല. ജരിത പുത്രസ്നേഹംമൂലം അവിടെ പറന്നെത്തി. അഗ്നിബാധയൊഴിഞ്ഞ് എല്ലാ മക്കളേയും സുഖമായി കണ്ടു. കുഞ്ഞുങ്ങൾ അമ്മയെക്കണ്ടപ്പോൾ ആനന്ദത്തോടെ കൂവി. കുഞ്ഞുങ്ങളെക്കണ്ടപ്പോൾ അമ്മ കണ്ണുനീർ തൂകി; കരഞ്ഞുകൊണ്ട് അടുത്തുചെന്നു പുണർന്നു. ആ സമയത്ത് മന്ദപാലനും വന്നെത്തി. അപ്പോൾ മക്കളാരും അച്ഛനെ അഭിനന്ദിച്ചില്ല. കുഞ്ഞുങ്ങളേയും ജരിതയേയും പ്രത്യേകം പ്രത്യേകം നോക്കി മന്ദപാലൻ വിലപിച്ചു. നല്ലതോചീത്തയോ ഒന്നും മുനിയോട് അവർ മിണ്ടിയില്ല.

'നിന്റെ ജ്യേഷ്ഠപുത്രനേതാണ്? താഴെയുള്ളവനേത്? അനുജനേത്? മൂന്നാമനേത്? ഒടുവിലത്തേവനേത്? 'എന്ന് അവൻ ഭാര്യയോടു ചോദിച്ചു. അവൻ തഴുകുമ്പോഴും അവൾ ഒന്നും ഉത്തരം പറഞ്ഞില്ല. 'വിട്ടുപോയാലും എന്റെ മനസ്സിന്ന് ഒട്ടും ശാന്തിലഭിക്കുന്നില്ല. നീ എന്താണ് ഒന്നും മിണ്ടാത്തത്?' എന്ന് മന്ദപാലൻ ജരിതയോടു പറഞ്ഞു."

ജരിത പറഞ്ഞു: "അങ്ങയ്ക്ക് മൂത്തവനെക്കൊണ്ട് എന്തു കാര്യം? അടുത്ത പുത്രനെക്കൊണ്ട് എന്താണുകാര്യം? മൂന്നാമത്തവനെക്കൊണ്ട് എന്തു കാര്യം? നാലാമത്തവനെക്കൊണ്ട് എന്തുകാര്യം? സർവ്വസ്വഹീനയാക്കി എന്നെ വിട്ട് ആരോടു ചേരാനാണ് ഭവാൻ പോയത്? പുഞ്ചിരിക്കൊഞ്ചലോടെ നിങ്ങളുടെ മനസ്സ് മയക്കിയ ആ ചെറുപ്പക്കാരിയായ ലപിതയുടെ അടുത്തേക്കുതന്നെ പോകാം. ആര് ആളയച്ചിട്ടാണ് ഇങ്ങോട്ടു വലിഞ്ഞു കയറിയത്?"

മന്ദപാലൻ പറഞ്ഞു: "ഒരു സ്ത്രീ സപത്നിയായിരിക്കുക എന്നതിൽപ്പരം പുരുഷാർത്ഥനാശകമായി മറ്റൊന്നില്ല. അതുപോലെ പരലോകനാശകമായി മുഖ്യമായത് പരപുരുഷസംഗവുമാണ്. പരസ്പർശം പരലോകസുഖത്തേയും സാപത്ന്യം ഐഹിക സുഖത്തേയും സ്ത്രീകൾക്ക് ഇല്ലാതായും. സർവ്വ ലോകത്തിലും കീർത്തിപ്പെട്ട പതിവ്രതയും കല്യാണിയുമായ അരുന്ധതീദേവിപോലും മഹാവിശിഷ്ടനും ജിതേന്ദ്രിയരിൽ ശ്രേഷ്ഠനുമായ വസിഷ്ഠനെക്കൂടി ശങ്കിച്ചുവത്രേ. അദ്ദേഹം ശുദ്ധാത്മാവായിട്ടുപോലും അദ്ദേഹത്തെ സപ്തർഷികളുടെ മദ്ധ്യത്തിൽ വെച്ച് അവൾ അവമാനിച്ച് അധിക്ഷേപിച്ചുപോലും! ആ തെറ്റുമൂലം അന്നുമുതൽ അവൾ ധൂമാരുണനിറത്തിലാവുകയും കാണുവാൻ ഉണ്ടോ ഇല്ലയോ എന്നു തോന്നിക്കുന്നവിധത്തിൽ ശോഭകുറഞ്ഞ് അഴകില്ലാത്തവളാവുകയും ചെയ്തു. സന്താനലബ്ധിക്കുവേണ്ടിയാണ് ഞാൻ നിന്നെ സമീപിച്ചത്; ഭോഗതൃഷ്ണകൊണ്ടല്ല. അങ്ങനെയുള്ള ഇഷ്ടനായ എന്നെപ്പറ്റി അരുന്ധതീദേവി വസിഷ്ഠനെ ശങ്കിച്ചമാതിരി നീ ശങ്കിക്കുന്നു. ഞാൻ ഇവിടെനിന്നു പോയതിനെപ്പറ്റി നിനക്കുണ്ടായതുപോലെ ഇങ്ങോട്ടു പോരുന്ന സമയം ലപിതയും ശങ്കാകുലയായിരിക്കുകയാണ്. പുരുഷൻ ഒരു കാലത്തും സ്ത്രീയെ, ഭാര്യയായാൽപ്പോലും വിശ്വസിക്കരുത്. എന്തെന്നാൽ, ഒരു സ്ത്രീക്ക് പുത്രനുണ്ടായിക്കഴിഞ്ഞാൽ അവൾ പിന്നെ ഭർത്തൃശുശ്രൂഷാദികാര്യങ്ങളിൽ ശ്രദ്ധിക്കുകയേയില്ല."

വൈശമ്പായനൻ പറഞ്ഞു: "പിന്നീട് അവനെ പുത്രന്മാരെല്ലാവരും ചെന്നുസേവിച്ചു. എല്ലാ മക്കളേയും തഴുകി അവൻ ആശ്വസിപ്പിക്കാനൊരുങ്ങി."

234. ശാർങ്ഗകോപാഖ്യാനം (സമാപനം) – മന്ദപാലൻ പറഞ്ഞു: "മക്കളേ, ഞാൻ നിങ്ങളെ രക്ഷിക്കാനായി അഗ്നിയോടപേക്ഷിച്ചു. മഹാത്മാവായ ഹുതാശനൻ അപ്രകാരമാകാമെന്ന് എന്നോട് പ്രതിജ്ഞചെയ്തു. അഗ്നിയുടെ വാക്കും നിങ്ങളുടെ മാതാവിന്റെ ധർമ്മനിഷ്ഠയും, നിങ്ങളുടെ പ്രഭാവവും കാലേ അറിഞ്ഞതുകൊണ്ടാണ് അപ്പോൾ ഞാൻ വരാതിരുന്നത്. എന്നെപ്പറ്റി മക്കളേ, നിങ്ങൾ ഖേദിക്കരുത്. അഗ്നിഭഗവാന് മുനിമാരുടെ നിലയെപ്പറ്റി അറിയാം. അഗ്നി സാക്ഷാൽ ബ്രഹ്മമാണെന്ന് നിങ്ങൾക്കും അറിയാമല്ലോ."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ മക്കൾക്ക് ആശ്വാസം നല്കി ഭാര്യയോടുകൂടി ദ്വിജനായ മന്ദപാലൻ മറ്റൊരു ദേശത്തേക്കു പോയി. ഭഗവാനായ അഗ്നിദേവൻ, ലോകഹിതത്തിന്നായി കൃഷ്ണസഹായത്തോടുകൂടെ ഖാണ്ഡവവനം കത്തിച്ചു ദഹിപ്പിച്ചു. മേദസ്സും വസയും പ്രവഹിച്ചതു ധാരാളം പാനം ചെയ്ത് പാവകൻ പരമപ്രീതനായി അർജ്ജുനന്റെ അരികെ ചെന്നു. അപ്പോൾ ആകാശത്തുനിന്ന് ദേവന്മാർ കൂട്ടമായി വന്നു. സാക്ഷാൽ ഇന്ദ്രൻ കൃഷ്ണാർജ്ജുനന്മാരോട് ഇപ്രകാരം പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "നിങ്ങൾ വാനവർക്കുപോലും ദുസ്സാദ്ധ്യമായ കർമ്മംചെയ്തു. ഞാൻ പ്രീതനായി! ലോകത്തിൽ ആർക്കും ലഭിക്കുവാൻ പ്രയാസമുള്ള വരം നിങ്ങൾ ആവശ്യപ്പെട്ടുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "ഇന്ദ്രൻ പറഞ്ഞതുകേട്ട് സംപ്രീതനായ അർജ്ജുനൻ ഇന്ദ്രനോട് സർവ്വവിധത്തിലുള്ള അസ്ത്രവിദ്യകളും ആവശ്യപ്പെട്ടു. ശക്രൻ അതിനു സമ്മതിച്ചു. അസ്ത്രങ്ങൾ കൊടുക്കുവാനുള്ള കാലം നിശ്ചയിച്ച് പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഹേ, അർജ്ജുനാ! ഭഗവാനായ മഹാദേവൻ നിന്നിൽ എപ്പോൾ പ്രസാദിക്കുന്നുവോ, അപ്പോൾ ഞാൻ എല്ലാ അസ്ത്രങ്ങളും നിനക്കു നല്കുന്നതാണ്. അതിന്നുള്ള കാലവും ഞാൻ അറിയുന്നുണ്ട്. നീ തപസ്സുകൊണ്ട് മഹാദേവനെ പ്രസാദിപ്പിക്കുക. അന്ന് ഞാനെല്ലാം നല്കാം. അർജ്ജുനാ, ആഗ്നേയങ്ങളായ എല്ലാ അസ്ത്രങ്ങളും, വായവ്യങ്ങളായ സകല അസ്ത്രങ്ങളും, മാത്രമല്ല, എനിക്കുള്ള സർവ്വ അസ്ത്രങ്ങളും നീ സ്വാധീനമാക്കും."

പിന്നെ, വാസുദേവൻ പറഞ്ഞു: "പാർത്ഥനുമായി ഒടുങ്ങാത്ത സൗഹാർദ്ദം എനിക്കുണ്ടാകണം."

വൈശമ്പായനൻ പറഞ്ഞു: "പ്രീതനായ വാസവൻ കൃഷ്ണന്ന് ആ വരവും കൊടുത്തു. അവർക്ക് ആ വരങ്ങളൊക്കെ നല്കി ദേവേന്ദ്രൻ സന്തുഷ്ടനായി, ദേവന്മാരോടുകൂടി, അഗ്നിയുടെ സമ്മതവും വാങ്ങി, സ്വർഗ്ഗത്തിലേക്കു പോയി. മൃഗപക്ഷിസങ്കുലമായ ആ കാട് അഗ്നി ആറുദിവസംകൊണ്ട് ചുട്ടു തൃപ്തനായി അടങ്ങി. മാംസം ഭക്ഷിച്ച് കൊഴുപ്പും നെയ്യും ചോരയും കുടിച്ച് പരമപ്രിയനായ അഗ്നി അച്യുതാർജ്ജുനന്മാരോടു പറഞ്ഞു."

അഗ്നി പറഞ്ഞു: "പുരുഷവ്യാഘ്രരായ നിങ്ങൾനിമിത്തം ഞാൻ എന്റെ ഇഷ്ടത്തിന്നൊത്തവിധം ഭക്ഷണംകഴിച്ചു പരമസംതൃപ്തിയെ പ്രാപിച്ചിരിക്കുന്നു. ഞാൻ നിങ്ങൾക്ക് വീരന്മാരേ! ഇതാ, സമ്മതം തരുന്നു. അധൃഷ്യരായ നിങ്ങൾ യഥേഷ്ടം പോയാലും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മഹാത്മാവായ അഗ്നിഭഗവാൻ അവർക്ക് യാത്രാനുവാദം നല്കി. അർജ്ജുനനും, കൃഷ്ണനും, മയൻ എന്ന ദാനവേന്ദ്രനും അവിടംവിട്ടു പോന്നു. ഹേ, ജനമേജയാ! ഭംഗിയേറിയ നദീതീരത്തിൽ ചെന്ന് ആ മൂന്നു പേരും ഇരുന്നു."

digitized by www.sreyas.in

സഭാപർവ്വം

സഭാക്രിയാപർവ്വം

1. സഭാസ്ഥാനനിർണ്ണയം – വൈശമ്പായനൻ പറഞ്ഞു: "വാസുദേവൻ കേട്ടിരിക്കെ, വീണ്ടും വീണ്ടും കൈകൂപ്പി, പൂജിച്ച് ഭംഗിയായി മയൻ പാർത്ഥനോടു പറഞ്ഞു."

മയൻ പറഞ്ഞു: "ക്രുദ്ധനായ കൃഷ്ണനിൽനിന്നും കത്തുന്ന അഗ്നിയിൽനിന്നും അർജ്ജുനാ! ഭവാൻ എന്നെ രക്ഷിച്ചു. ഞാൻ അങ്ങയ്ക്ക് അതിന്നു പ്രത്യുപകാരമായി എന്താണു ചെയ്യേണ്ടത്?"

അർജ്ജുനൻ പറഞ്ഞു: "അങ്ങ് എല്ലാംചെയ്തു. നന്നായി വരട്ടെ! ഹേ, ദാനവാ! പൊയ്ക്കൊള്ളുക! ഭവാൻ എന്നിൽ പ്രിയമുള്ളവനാകുക! ഞങ്ങൾ നിന്നിലും പ്രിയമുള്ളവരാണ്."

മയൻ പറഞ്ഞു: "ഹേ, നരർഷഭാ! ഈ പറഞ്ഞതു ഭവാന്റെ മഹത്ത്വത്തിന്നുചേർന്ന വാക്കുതന്നെ! പ്രീതിപൂർവ്വം ചെറിയതായ ഒന്നു ചെയ്യുവാൻ ഞാനാഗ്രഹിക്കുന്നു. ദാനവന്മാരുടെ വിശ്വകർമ്മാവും മഹാകവിയുമാണ് ഞാൻ. അങ്ങനെയുള്ള ഞാൻ അതിന്നു തക്കതായ ഒരു പ്രത്യുപകാരം ചെയ്യുവാൻ ഇച്ഛിക്കുന്നുണ്ട്."

അർജ്ജുനൻ പറഞ്ഞു: "പ്രാണൻ അപകടത്തിലായ സന്ദർഭത്തിൽ ഞാൻ നിന്നെ രക്ഷിച്ചുവെന്ന് നീ വിചാരിക്കുന്നു. ആ നിലയ്ക്കു നിന്നെക്കൊണ്ട് അതിനു പ്രത്യുപകാരം ചെയ്യിക്കുവാൻ പാടുള്ളതല്ല. ഭവാന്റെ മോഹം പഴുതെയാക്കാനും വയ്യ. ഭവാൻ കൃഷ്ണന് എന്തെങ്കിലും ചെയ്യുക. അത് എനിക്ക് ചെയ്തതായി ഞാൻ വിചാരിക്കും."

വൈശമ്പായനൻ പറഞ്ഞു: "മയൻ ചോദ്യം തുടർന്നപ്പോൾ അവനോട് എന്താണു കല്പിക്കേണ്ടതെന്നു മാധവൻ അല്പസമയം ചിന്തിച്ചു. പിന്നെ ഒന്നു ചിന്തയിലുറപ്പിച്ച് 'ഒരു സഭ തീർക്കണം' എന്ന് മാധവൻ മയനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "നീ പ്രിയംചെയ്യുവാൻ കാര്യമായി തയ്യാറാണെങ്കിൽ ധർമ്മരാജന്നുവേണ്ടി തക്കതായ ഒരു സഭ തീർക്കണം. മനുഷ്യലോകത്തിൽ മറ്റാർക്കും ഇതുപോലെ മറ്റൊരു സഭ തീർക്കണമെന്ന് വിചാരിക്കുവാൻപോലും പറ്റരുത്. അത്ര മനോഹരവും വിചിത്രവുമായിരിക്കണം ആ സഭ. കവിയായ ഭവാൻ ദിവ്യമായ മനോധർമ്മത്തോടെ ആസുരവും മാനുഷവും ദൈവികവുമായ സകല കലാഭംഗിയോടുംകൂടെ ഒരു സഭയുണ്ടാക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണൻ പറഞ്ഞപ്പോൾ മയൻ യുധിഷ്ഠിരനു വിമാനശ്രീപൂണ്ട കമനീയമായ ഒരു സഭ തീർക്കുവാൻ മനസ്സിൽ സങ്കല്പിച്ചു സമ്മതിച്ചു. കൃഷ്ണനും അർജ്ജുനനും ആ വൃത്താന്തം യുധിഷ്ഠിരനെ അറിയിച്ചു. മയനെ യുധിഷ്ഠിരന്റെ സന്നിധിയിലേക്കു കൂട്ടിക്കൊണ്ടുപോയി. യുധിഷ്ഠിരൻ മയനെ സല്ക്കരിച്ചു പൂജിച്ചു. രാജാവ് ആദരിച്ചത് മയൻ കൈക്കൊണ്ടു. ആ ദൈത്യവീരൻ പൂർവ്വദേവചരിത്രം പാണ്ഡവന്മാരോടു പറഞ്ഞു. കുറേനേരം ആശ്വസിച്ചതിന്റെ ശേഷം ആ വിശ്വകർമ്മാവ് ചിന്തിച്ചിരുന്ന് പാണ്ഡവന്മാർക്കു തക്കതായ ഒരു സഭ തീർക്കുന്നതിന്നായി ഒരുങ്ങി. പാണ്ഡവന്മാരുടെയും കൃഷ്ണന്റെയും മതമനുസരിച്ച് പുണ്യമായ ഒരു ദിവസം പുണ്യമംഗളധാരിയായി ബ്രാഹ്മണർക്ക് പരമമായ അന്നം നല്കി, അനേകം ധനവും ദാനംചെയ്ത് ആ വീര്യവാൻ സർവ്വർത്തുരമണീയമായി, ദിവ്യമായി, അതിഭംഗിയായി ഒരു സഭ നിർമ്മിക്കുവാൻ പതിനായിരം ചതുരശ്ര അടി ചുറ്റളവിൽ അതിനുള്ള കുറ്റി നാട്ടി."

2. ഭഗവാന്റെ യാത്ര – വൈശമ്പായനൻ പറഞ്ഞു: "പ്രീതിയോടെ പാർത്ഥന്മാർ പൂജിക്കുന്നതുമേറ്റ് സുഖമായി ഖാണ്ഡവപ്രസ്ഥത്തിൽ ജനാർദ്ദനൻ പാർത്തു.

പിന്നെ കൃഷ്ണൻ അച്ഛനെ കാണുവാൻ പോകുന്നതിന്ന് ഒരുങ്ങി. ധർമ്മജനോടു പറഞ്ഞു. കുന്തിയുടെ പാദത്തിൽ കുമ്പിട്ടു. കുന്തി അദ്ദേഹത്തെ പുൽകി മൂർദ്ധാവിൽ ചുംബിച്ചു. പിന്നെ കൃഷ്ണൻ തന്റെ സഹോദരിയെ ചെന്നുകണ്ടു അവളോട് സന്തോഷാശ്രുക്കളോടെ ശ്രേഷ്ഠമായും, ഇഷ്ടമായും, തഥ്യമായും, ഭംഗിയായും, ചുരുക്കമായും ആദരവോടെ യാത്ര പറഞ്ഞു. പിന്നെ അമ്മ മുതലായ സ്വജനങ്ങളോട് തന്റെ അന്വേഷണം പറയുന്നതിന്നായി, അവൾ പറഞ്ഞതു കേട്ടു സല്ക്കാരവും വന്ദനവും സ്വീകരിച്ച് അനുവാദം വാങ്ങി അഭിനന്ദിച്ച് പാഞ്ചാലിയുടെ അരികിലേക്കു ചെന്നു. പിന്നെ ധൗമ്യനേയും കണ്ടു. വിധിയാംവണ്ണം ധൗമ്യനെ വന്ദിച്ച് കൃഷ്ണയെ സാന്ത്വനം ചെയ്ത് യാത്ര പറഞ്ഞു. പിന്നെ ഭ്രാതാക്കന്മാരെ പാർത്ഥനോടുകൂടി ചെന്നു കണ്ടു, ദേവന്മാരോടു ദേവേന്ദ്രൻ എന്നപോലെ, അഞ്ചുസഹോദരന്മാരോടുചേർന്ന്, യാത്രയ്ക്കു വേണ്ട കർമ്മങ്ങളെല്ലാം ചെയ്യുവാൻ കുളിച്ചു ശുചിയായി അലങ്കാരമൊക്കെയണിഞ്ഞ്, ദേവബ്രാഹ്മണപൂജകൾ ചെയ്ത്, പുഷ്പമന്ത്രനമസ്കാരചന്ദനാദികളാൽ സർവ്വ കർമ്മങ്ങളും ചെയ്ത്, ജഗത്പതി പുറപ്പെട്ടു. അപ്പുറത്തുള്ള പടികടന്ന് തൈരും, അക്ഷതവും, ഫലങ്ങളും ചേർത്ത് സ്വസ്തിചൊല്ലിച്ച്, വിപ്രർക്ക് വിത്തദാനംചെയ്തു വലംവെച്ച്, ശംഖചക്രഗദാശാർങ്ഗാദ്യായുധങ്ങൾ ധരിച്ച്, ഗരുഡധ്വജമായ പൊന്മണിത്തേരിൽക്കയറി. ശുഭമായ പക്കവും നാളും മുഹൂർത്തവും ഒത്ത സമയംകണ്ട് ശൈബ്യസുഗ്രീവവാഹനനായ പങ്കജാക്ഷൻ ഇറങ്ങി.

ഉടനെ നന്ദിയോടെ യുധിഷ്ഠിരരാജാവ് കൂടെ കയറി. സാരഥിയായ ദാരുകനെ മാറ്റി കടിഞ്ഞാൺ പിടിച്ചിരുന്ന് ഒപ്പം കയറി അർജ്ജുനൻ പൊൻപിടിയുള്ള വെൺചാമരം പ്രദക്ഷിണമായി വീശി. അപ്രകാരം ഭീമനും മാദ്രീപുത്രന്മാരും ഋത്വിക്പുരോഹിതരോടുകൂടി കൃഷ്ണനെ പിന്തുടർന്നു. ആ ഭ്രാതാക്കളോട് ഇപ്രകാരം ചേർന്ന കേശവൻ ശിഷ്യരോടു ചേർന്ന ബൃഹസ്പതിപോലെ ശോഭിച്ചു. പാർത്ഥനെ ദൃഢമായിപ്പുല്കി, യാത്രപറഞ്ഞ് യുധിഷ്ഠിരനെ അർച്ചിച്ചു. ഭീമയമന്മാരും കൃഷ്ണനെ പുല്കി. അവരോടും യാത്രപറഞ്ഞു. രണ്ടു നാഴിക യാത്രചെയ്തശേഷം കൃഷ്ണൻ അവരോട് തിരിച്ചുപൊയ്ക്കൊള്ളുവാൻ പറഞ്ഞു. ധർമ്മജനെ അഭിവാദ്യംചെയ്തു കാലുപിടിച്ചു. ഉടനെ ധർമ്മജൻ ഹരിയെ എഴുന്നേല്പിച്ച് ശീർഷത്തിൽ ചുംബിച്ചു. യാദവപതിയായ കൃഷ്ണനോട് കനിഞ്ഞു; എന്നാൽ പൊയ്ക്കൊള്ളുക എന്നു നന്ദിയോടെ യുധിഷ്ഠിരൻ പറഞ്ഞു. അവരുമായി വേണ്ടവിധം മധുസൂദനൻ ഇണങ്ങി കൂട്ടത്തോടെ അവരെ ഒരുവിധം മാധവൻ പിന്തിരിപ്പിച്ചു.

അമരാവതിയിലേക്ക് ഇന്ദ്രനെന്നപോലെ കൃഷ്ണൻ സ്വന്തം പുരിയിലേക്കു പോയി. കണ്ണു മറയുന്നതുവരെ കൃഷ്ണന്റെ യാത്ര നോക്കിനിന്ന പാണ്ഡവർ, പിന്നെ മനസ്സുകൊണ്ട് കൃഷ്ണനിൽച്ചെന്നു. അവർ കൃഷ്ണദർശനത്തിൽ തൃപ്തിവരാതെ നില്ക്കുന്ന സമയത്ത് കൃഷ്ണൻ മറഞ്ഞുപോയപ്പോൾ അവർ ഗോവിന്ദനെത്തന്നെ മനസ്സിൽ കണ്ട് സംതൃപ്തിവരാത്തവിധം തിരിച്ചുപോന്ന് നഗരത്തിലെത്തി. തേരോടിച്ച് കൃഷ്ണൻ ദ്വാരകയ്ക്കടുത്തെത്തി. സ്വൈരമായി പിമ്പേകൂടിയ വീരനായ സാത്യകിയോടും ദാരുകനെന്ന സൂതനോടുംകൂടി ദേവകീപുത്രൻ താർക്ഷ്യനെപ്പോലെ വേഗത്തിൽ ദ്വാരകാപുരിയിലെത്തി.

ഭ്രാതാക്കന്മാരോടുകൂടി മടങ്ങിയ ധർമ്മജനും സ്വപുരത്തിലെത്തി. സുഹൃജ്ജനത്തേയും ഭ്രാതൃപുത്രരേയും വിട്ട് ദ്രൗപദീദേവിയോടൊത്ത് ധർമ്മപുത്രൻ നന്ദിച്ചു.

digitized by www.sreyas.in

കേശവൻ തന്റെ പുരിയിൽ പ്രവേശിച്ച് രസത്തോടുകൂടി ഉഗ്രസേനൻ മുതലായ യദുമുഖ്യന്മാരുടെ പൂജയേറ്റ് ആഹുകൻ, അമ്മ, വൃദ്ധപിതാവ് എന്നിവരേയും ബലഭദ്രനേയും കൈകൂപ്പി. പിന്നെ കമലലോചനൻ, പ്രദ്യുമ്നൻ, സാംബൻ, നിശഠൻ, ചാരുദേഷ്ണൻ, ഗദൻ, അനിരുദ്ധൻ, ഭാനു മുതലായവരെ പുല്കി; വൃദ്ധസമ്മതം വാങ്ങി രുഗ്മിണി വാഴുന്ന ഗൃഹത്തിലേക്കു കയറി."

3. സഭാനിർമ്മാണം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ വിജയിയായ അർജ്ജുനനോടു മയൻ പറഞ്ഞു."

മയൻ പറഞ്ഞു: "ഞാൻ ഭവാനോടു യാത്രപറയുന്നു. താമസിക്കാതെ വീണ്ടും വരാം. കൈലാസത്തിന്റെ വടക്കുള്ള മൈനാകപർവ്വതത്തിൽ പണ്ട് ദാനവർ യജ്ഞംചെയ്ത കാലത്ത് ഞാൻ തീർത്തുവെച്ച ചിത്രരത്നപദാർത്ഥങ്ങൾ ബിന്ദുസരസ്സിൽ ഉണ്ട്. സത്യവാനായ വൃഷപർവ്വാവിന്റെ സഭയിൽ പണ്ട് വെച്ച രത്നപദാർത്ഥങ്ങളുമുണ്ട്. അവയെല്ലാം അവിടെ ഇരിപ്പുണ്ടെങ്കിൽ അവയുംകൊണ്ട് ഞാൻ ഉടനെ എത്തുന്നതാണ്. പിന്നെ ഞാൻ പാണ്ഡവസഭ വിശ്വവിശ്രുതമായ വിധത്തിൽ നിർമ്മിക്കുന്നതാണ്. ഹൃദയാഹ്ലാദകമായ വിധം നാനാചിത്രരത്നങ്ങൾ ചേർത്ത് കലാമാധുര്യം കാണിച്ചുതരാം.

ബിന്ദുസരസ്സിൽ ഗംഭീരമായ ഒരു ഗദയും വെച്ചിട്ടുണ്ട്. ആ രാജാവ് അരികളെ വധിച്ചതിന്നുശേഷം വെച്ചതായി ഞാൻ ഓർമ്മിക്കുന്നു. കനമുള്ളതും ഉറപ്പുള്ളതും ഭാരം ഏല്ക്കുന്നതും സ്വർണ്ണം കെട്ടിയതുമായ ഗദയുണ്ട്. ആയിരം അരികളോടു പോരാടുവാൻ ആയിരം ഗദയ്ക്കു പകരം അതൊന്നുമാത്രം മതി. അങ്ങയ്ക്കു ഗാണ്ഡീവംപോലെ ഭീമന്ന് ആ ഗദ ചേർന്നതാണ്. 'ദേവദത്തം' എന്നു പേരായ, വാരുണമായ, മുഴങ്ങുന്ന ശംഖും അതിലുണ്ട്. ഇപ്പറഞ്ഞതൊക്കെ കൊണ്ടു വന്ന് ഞാൻ ഭവാനു നല്കുന്നുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാർത്ഥനോടു പറഞ്ഞ് ആ ദൈത്യൻ വടക്കുകിഴക്കായി കൈലാസത്തിന്റെ വടക്കുള്ള മൈനാകാദ്രിയിലേക്കു പോയി. സുവർണ്ണശൃംഗങ്ങൾ ശോഭിക്കുന്ന മഹാമണിമയമായ പർവ്വതം മനോഹരമാണ്. അതിലാണ് ബിന്ദുസരസ്സ്. അവിടെയാണ് ഭഗീരഥൻ എന്ന രാജാവ് ഗംഗയെ കാണുവാൻ വളരെക്കാലം തപസ്സുചെയ്തത്. അതുകൊണ്ട് ഭാഗീരഥി എന്ന പേർ ഗംഗയ്ക്കു വന്നു. അവിടെയാണ് സർവ്വഭൂതേശനായ ദേവദേവൻ മുഖ്യമായ നൂറു യാഗം ചെയ്തതും. അന്ന് രത്നമയമായ യൂപവും പൊന്മയമായ ചൈത്യവും ഭംഗിക്കുവേണ്ടിയാണ് പണി ചെയ്തത്. ദൃഷ്ടാന്തത്തിനുവേണ്ടിയല്ല. അവിടെ യജ്ഞം ചെയ്ത് ശചീപതിയായ ശക്രൻ സിദ്ധി നേടി. സർവ്വഭൂതനിഷേവ്യനായി തിഗ്മതേജസ്സായി ഭൂതേശ്വരൻ സർവ്വലോകത്തേയും സൃഷ്ടിച്ച് സനാതനനായി അവിടെ സ്ഥിതിചെയ്യുന്നു. നരനാരായണന്മാരും വിധിയും സ്ഥാണുവും യമനും ഇങ്ങനെ അഞ്ചുപേർ ആയിരം യുഗം ചെല്ലുമ്പോൾ അവിടെവെച്ചാണ് സത്രം നടത്തുക. അവിടെയാണ് ബഹുവർഷം വാസുദേവനും ധർമ്മപ്രതിപത്തിക്കായി, നന്മയിൽ ശ്രദ്ധവെച്ച്, സത്രം കഴിച്ചത്.

പൊന്നണിഞ്ഞ യൂപങ്ങൾ, മിന്നുന്ന ചൈത്യങ്ങൾ എന്നിവ ഗോവിന്ദൻ അവിടെവെച്ചാണ് ആയിരവും പതിനായിരവും നല്കിയത്.

അവിടെ ചെന്ന് മയൻ ആ ഗദയും ശംഖും എടുത്തു. വൃഷപർവ്വാവിന്റെ സ്ഫടികമായ സഭാദ്രവ്യസമൂഹവും എടുത്തു. അവയെല്ലാം കിങ്കരന്മാരായ ആശരന്മാർ സംഘമായി കാവൽ നിന്നു കാത്തിരുന്നവയാണ്. അവയെല്ലാം ആ മഹാസുരനായ മയൻ ചെന്നടുത്തു. അവയെക്കൊണ്ട് അവൻ മണിമയമായ സഭാസ്ഥലം നിർമ്മിച്ചു. ദിവ്യമായമട്ടിൽ ത്രിലോകത്തിൽ പുകഴുന്ന വിധത്തിൽ മോഹനമായി, അത്ഭുതമായി അത് വിളങ്ങി. പ്രധാനപ്പെട്ട ഗദ ഭീമനും നല്കി ദേവദത്തം എന്ന മുഖ്യമായ ശംഖ് അർജ്ജുനനും നല്കി. ആ ശംഖിന്റെ നാദത്താൽ വിശ്വമൊക്കെ കുലുങ്ങും.

സ്വർണ്ണദ്രുമങ്ങളുള്ള ആ സഭ പത്തുനിഷ്കസഹസ്രം ചുറ്റളവിൽ തെളിഞ്ഞു. അഗ്നി, സൂര്യൻ, ശശാങ്കൻ എന്നിവരുടെ സഭകൾപോലെ കാന്തിയോടുകൂടി ഭംഗിയായി ശോഭിച്ചു. പ്രഭകൊണ്ട് അർക്കപ്രഭയും മായുന്നവിധം ദിവ്യമായി ദിവ്യതേജസ്സോടെ ജ്വലിച്ചു. നവമേഘംപോലെ നഭസ്ഥലത്തിൽ വ്യാപിച്ച് ദീർഘമായും വിസ്തൃതമായും അതു വിളങ്ങി. ദുഃഖദോഷങ്ങൾ ബാധിക്കാതെ ഉത്തമദ്രവ്യങ്ങളോടുകൂടി രത്നഖചിതമായ പൊൻമതിൽകൊണ്ടു ചുറ്റപ്പെട്ട് അതു ശോഭിച്ചു. വളരെ വിചിത്രമായും ധനസമൃദ്ധമായും വിശ്വകർമ്മാവു തീർത്ത യാദവരുടെ 'സുധർമ്മ' യും ബ്രഹ്മസദസ്സും മയാസുരൻ ചമച്ച ഈ സഭയ്ക്കു കിടനില്ക്കുകയില്ല. മയന്റെ കല്പനപ്രകാരം ആ സഭ കാത്തു സൂക്ഷിക്കുവാനായി 'എണ്ണായിരും കിങ്കരന്മാർ' എന്നു പേരായ രാക്ഷസരുണ്ട്. അവർ അന്തരീക്ഷചരന്മാരും വലിയ മെയ്യും കൈയും ഉള്ളവരുമാണ്. രക്താക്ഷരും പിംഗാക്ഷരുമായി ആയുധം ധരിച്ച ശങ്കുകർണ്ണന്മാർ കാവൽനിന്നു.

സഭയ്ക്കുള്ളിൽ മയൻ പൊയ്കകൾ നിർമ്മിച്ചു. വൈഡൂര്യപത്രങ്ങളും, രത്നത്തണ്ടുകളുമായി താമരകളും, പൊന്മയമായ ചെങ്ങഴിനീർപ്പൂവും, ആ പൊയ്കയിൽ പൊൻപൂക്കളും, പക്ഷിഗണങ്ങളും, പൊന്മീനുകളും വിളങ്ങി.

സ്ഫടികക്കൽപ്പടവുകളും, ചേറില്ലാത്ത ശുദ്ധജലവും ചേർന്ന് ആ പൊയ്കകൾ പ്രശോഭിച്ചു. മന്ദമാരുതൻ വീശുമ്പോൾ ചിന്നുന്ന തരിമുത്തുകളോടെ ഇന്ദ്രനീലക്കല്ലുകൊണ്ട് ചുറ്റും തിണ്ണ പടുത്തു.

ഇങ്ങനെ ഇന്ദ്രനീലപ്പടവുകളോടുകൂടി ശോഭിക്കുന്ന ആ പൊയ്കകണ്ട് ചില രാജാക്കന്മാർ അതു നിലമാണെന്നു തെറ്റിദ്ധരിച്ച് അതിൽ അറിയാതെ വീഴുകയുണ്ടായി.

സഭയ്ക്കുചുറ്റും ഭംഗിയായി നിരന്നുനില്ക്കുന്ന പൂത്തമരങ്ങൾ തണലുണ്ടാക്കി. സുഗന്ധം പരത്തുന്ന പൂങ്കാവുകളും അതിൽ പല കളിപ്പൊയ്കകളും നിർമ്മിക്കപ്പെട്ടു. ഹംസങ്ങളും കാരണ്ഡവങ്ങളും ചക്രവാകങ്ങളും ചേർന്ന് വെള്ളത്തിലും കരയിലുമുള്ള താമരപ്പൂമണം പൂശിയ മന്ദമാരുതൻ പാണ്ഡവരെ സദാ ആശ്ലേഷിച്ചു വീശി.

ഇങ്ങനെ അത്ഭുതാഹ്ലാദമുളവാകുന്ന സഭ പതിന്നാലുമാസംകൊണ്ട് മയൻ പണികഴിച്ചു. പണിതീർന്നുവെന്ന് മയൻ യുധിഷ്ഠിരനെ ഉണർത്തിച്ചു."

4. സഭാപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ ധർമ്മനന്ദനൻ ആ സഭയിൽ പ്രവേശിച്ചു പതിനായിരം ബ്രാഹ്മണർക്ക് അന്നദാനംചെയ്ത് നെയ്യും പായസവും നല്ല തേനും കൂട്ടിക്കലർത്തിയ അന്നവും, ഭക്ഷ്യങ്ങളും, ഫലമൂലങ്ങളും നല്കി, മാൻ, പന്നി എന്നിവയുടെ മാംസം ചേർത്ത അന്നവും നല്കി. പലതരം മാംസങ്ങൾകൊണ്ടും, നെയ്ച്ചോറുകൊണ്ടും, പലതരം കറികൾകൊണ്ടും, പലതരം പാനീയങ്ങളാലും ബഹുവിഭവസമൃദ്ധമായ സദ്യ കഴിച്ചു നാനാദേശത്തുനിന്നും വന്ന ബ്രാഹ്മണർക്ക് ഇരട്ടപ്പുടവകളും നാനാജാതി പുഷ്പങ്ങളും നല്കി അവരെ സന്തൃപ്തരാക്കി. അവർക്ക് ആയിരം പശുക്കളേയും ദാനംചെയ്തു. ആകാശം മുഴങ്ങുമാറ് പുണ്യാഹഘോഷമുണ്ടായി. അനേകം ദിവ്യ വാദ്യങ്ങളാലും ദിവ്യഗന്ധങ്ങളാലും ദേവന്മാരേയും കൗരവരാജാവു പൂജിച്ചു. മല്ലന്മാരും, നടന്മാരും, ഭല്ലന്മാരും, സൂതന്മാരും, വൈതാളികന്മാരും വന്ന് മാന്യശ്രീമാനായ ധർമ്മപുത്രരാജാവിനെ പൂജിച്ചു. ഭ്രാതാക്കളോടുകൂടി അപ്രകാരം പൂജിച്ചിട്ട് പാണ്ഡവൻ ആ രമ്യമായ സഭയിൽ സ്വർഗ്ഗത്തിൽ ഇന്ദ്രൻ എന്നപോലെ വാണു. പാണ്ഡവന്മാരുമൊത്തു മഹർഷിമർ സഭയിൽ കയറി. ഓരോരോ ദേശത്തുനിന്നുവന്ന രാജാക്കന്മാരും സഭയിൽ കയറി കണ്ടു.

അസിതൻ, ദേവലൻ, സത്യൻ, സർപ്പമാലി, മഹാശിരൻ, സർവ്വാവസു, സുമിത്രൻ, മൈത്രേയൻ, ശുനകൻ, ബലി, ബകൻ, ദാല്ഭ്യൻ, സ്ഥൂലശിരൻ, കൃഷ്ണദ്വൈപായനൻ, ശുകൻ, സുമ

digitized by www.sreyas.in

ന്തു, ജൈമിനി, പൈലൻ, വ്യാസശിഷ്യന്മാർ, യാജ്ഞവല്ക്യൻ, തിത്തിരി, പുത്രന്മാരോടുകൂടിയ ലോമഹർഷണൻ, അപ്സുഹോമ്യൻ, ധൗമ്യൻ, അണിമാണ്ഡവ്യൻ, കൗശികൻ, ദാമോഷ്ണീഷൻ, ത്രൈബലി, പർണ്ണദൻ, ഘടജാനുകൻ, വലീവാഹൻ, സത്യപാലൻ, മൗഞ്ജായനൻ, വായുഭക്ഷൻ, പാരാശര്യൻ, കൃതശ്രമൻ ജാരുകർണ്ണൻ, ശിഖാവാൻ, ആലംബൻ, പാരിജാതകൻ, പർവ്വതൻ, മാർക്കണ്ഡേയൻ, പവിത്രപാണി, സാവർണ്ണി, വാലുകി, ഗാലവൻ, ജംഘാബന്ധു, രൈഭ്യൻ, കോപവേഗൻ, ഭൃഗു, ഹരിദ്രു, കൗണ്ഡിന്യൻ. ബഭ്രുമാലി, സനാതനൻ, കാക്ഷീവാൻ, ഔഷിജൻ, ഗൗതമൻ, നാചികേതൻ, പൈംഗൻ, വരാഹൻ, ശുനകൻ, ശാണ്ഡില്യൻ, കുക്കൂരൻ, വേണുജംഘൻ, കാലാപൻ, കഠൻ ഇങ്ങനെ ധർമ്മവിജ്ഞന്മാരും, ധൃതാത്മാക്കളും ജിതേന്ദ്രിയരുമായ മുനിമാരും മറ്റു പല വേദവേദാംഗപാരംഗതന്മാരും വന്ന് പാണ്ഡവനെ സഭയിൽ ഉപാസിച്ചു. നിർമ്മലന്മാരായ ആ മഹർഷിമാർ പുണ്യസൽക്കഥ പറഞ്ഞുകൊടുത്തു.

അപ്രകാരംതന്നെ ക്ഷത്രിയശ്രേഷ്ഠന്മാരും ധർമ്മപുത്രനെ സേവിച്ചു. ധർമ്മാത്മാവും, ശ്രീമാനുമായ മുഞ്ജകേതു, വിവർദ്ധനൻ, സംഗ്രാമജിത്ത്, ഉഗ്രസേനവീരൻ, ദുർമ്മുഖൻ, കക്ഷസേനരാജാവ്, ക്ഷേമകൻ, കാംബോജരാജൻ, കമഠൻ, കമ്പനൻ, കൃതാസ്ത്രരായ യവനന്മാരെ തനിച്ച് യുദ്ധംചെയ്തു ഓടിച്ച മഹാബലൻ, ബലപൗരുഷശാലികളായ കാലകേയസുതന്മാരെ വജ്രപാണിയെന്നപോലെ ഒറ്റയ്ക്ക് ഓടിച്ച വീര്യവാനായ മഹാബലൻ, മദ്രകന്മാരുടെ അധീശനായ ജടാസുരൻ, കുന്തി, പുളിന്ദൻ എന്ന കിരാതരാജാവ്, അംഗൻ, വംഗൻ, പുണ്ഡ്രകരാജാവ്, പാണ്ഡ്യൻ, കാശ്മീരൻ, ആന്ധ്രരാജാവ്, സുമിത്രൻ, ശൈബ്യൻ, ശത്രുനിബർഹണനായ കിരാതരാജൻ, സുമനസ്സ് ഇപ്രകാരമുള്ള യവനനാഥന്മാർ, ചാണൂരൻ, ദേവരാതൻ ഭോജൻ, ഭീമരഥൻ, ശ്രുതായുധൻ, കലിംഗൻ, മഗധരാജാവായ ജയൽസേനൻ, ചേകിതാനൻ, കേതുമാൻ, വസുദാനൻ, വൈദേഹൻ, സുധർമ്മാവ്, അനിരുദ്ധൻ, മഹാബലനായ ശ്രുതായുസ്സ് ആനൂപരാജൻ, ക്രമജിത്ത്, സുദർശനൻ, ശിശുപാലൻ, മകനോടുകൂടെ കാരൂഷരാജാവ്, വൃഷ്ണീന്ദ്രന്മാർ, ഏറ്റവും ദുർദ്ധർഷന്മാരും അമര പ്രഭരുമായ കുമാരന്മാരായ ആഹുകൻ, വിപൃഥു, ഗദൻ, സാരണൻ എന്നിവരും അക്രൂരൻ, കൃതവർമ്മാവ്, സത്യകൻ, ശൈനേയൻ, ഭീഷ്മകൻ, മഹാബലനായ ദ്യുമത്സേനൻ, മഹാവീരന്മാരായ കേകയന്മാർ, യജ്ഞസേനൻ, സൗമകി, കേതുമാൻ, വസുമാൻ, കൃതാസ്ത്രന്മാരും അതിശക്തിമാന്മാരുമായ ക്ഷത്രിയന്മാരിൽ ഉത്തമരായ വേറെ പലരും വന്ന് സഭയിൽ ധർമ്മപുത്രനെ ഉപാസിച്ചു.

ശക്തരായ രാജപുത്രന്മാർ അർജ്ജുനന്റെയടുത്ത് മാൻതോലുടുത്ത് ധനുർവ്വേദം പഠിച്ചു. അവിടെത്തന്നെ വൃഷ്ണിവംശകുമാരന്മാരും വന്നു പഠിച്ചു. രുഗ്മിണീപുത്രന്മാരും, സാംബനും, യുയുധനൻ എന്നുകൂടി പേരുള്ള സാത്യകിയും, സുധർമ്മനും, അനിരുദ്ധനും, നരപുംഗവനായ ശൈബ്യനും ധനഞ്ജയന്റെ അടുത്ത് പഠിച്ചു. അർജ്ജുനന്റെ സഖിയായി തുംബുരുവും അവിടെ പാർത്തു മഹാത്മാക്കളായ ഇരുപത്തേഴുപേർ അർജ്ജുനന്റെ സമീപത്തു വന്നു ശിഷ്യന്മാരായി ഉപാസിച്ചു.

അമാത്യരോടുകൂടിയ ചിത്രസേനൻ, ഗന്ധർവ്വാപ്സരസ്സുകൾ, ഗീതാവാദിത്രദക്ഷന്മാരും, സാമ്യതാളവിശാരദന്മാരും, പ്രമാണം ലയസ്ഥാനം ഇവ കണ്ടവരുമായ കിന്നരന്മാരും, ഗാനഗന്ധർവ്വന്മാരോടു കൂടിച്ചേർന്ന് തുംബുരുവിന്റെ കല്പന അനുസരിച്ച് അവരോടുകൂടി നിന്നു. ദിവ്യതാനത്തോടുകൂടി യഥാന്യായം ആ മനസ്വിനികൾ പാടി. കൗന്തേയനും മുനിമാരും ചേർന്ന ആ സദസ്സിൽ അവർ സുഖമായി ഗാനം പൊഴിച്ചു.

ആ സഭയ്ക്കുള്ളിൽ വാഴുന്നവർ, സത്യസംഗരന്മാരായ സുവ്രതന്മാർ, വാനിൽ വാനോർ ബ്രഹ്മാവിനെ എന്നവിധം ധർമ്മപുത്രനെ ഉപാസിച്ചു.''

ലോകപാലസഭാഖ്യാനപർവ്വം

5. രാജധർമ്മാനുശാസനം – വൈശമ്പായനൻ പറഞ്ഞു: "ആ സഭയിൽ പാണ്ഡവശ്രേഷ്ഠനും മഹാജനങ്ങളും ഗന്ധർവ്വരും സമ്മേളിച്ചിരിക്കുന്ന സമയത്ത് മഹാതേജസ്വിയായ ഒരു മുനിപുംഗവൻ കയറിവന്നു.

വേദോപനിഷത്ത് അറിയാവുന്നവനും, സുരപൂജിതനും, ഇതിഹാസപുരാണജ്ഞനും, കഴിഞ്ഞ യുഗങ്ങൾ അറിയുന്നവനും, ന്യായജ്ഞനും, ധർമ്മതത്ത്വജ്ഞനും, ആറുവേദങ്ങൾ [1] അറിയുന്നവനും, മഹാശ്രേഷ്ഠനും, ഐക്യവും വേർപാടും കണ്ടവനും, പ്രഗല്ഭനും, വാഗ്മിയും, മേധാവിയും, സ്മൃതിമാനും, നയവാനും, കവിയും, നന്മതിന്മകൾ തിരിച്ചറിയുന്നവനും, പ്രമാണം കൊണ്ട് ഉറച്ചവനും, [2] പഞ്ചാവയവ വാക്യത്തിന്റെ ഗുണദോഷമറിഞ്ഞവനും, ബൃഹസ്പതി പറഞ്ഞാലും ശ്രേഷ്ഠമായ ഉത്തരം പറയുന്നവനും, ധർമ്മാർത്ഥകാമമോക്ഷങ്ങൾ നന്മയിൽ കണ്ടുറച്ചവനും, മഹാമതിയും, ജഗത്തിങ്കലൊക്കെ ഒരുപോലെ ലോകമൊക്കെ മേലും കീഴും കണ്ടറിഞ്ഞവനും, സാംഖ്യയോഗവിഭാഗജ്ഞനും, അനുമാനം അറിയുന്നവനും, [3] ഷാൽഗുണവിധികണ്ടവനും, സർവ്വശാസ്ത്രവിശാരദനും, സംഗീതയുദ്ധരസികനും, എങ്ങും തടവില്ലാത്തവനും, ഇവയും മറ്റുപല ഗുണമുള്ളവനുമായ നാരദമഹർഷിയല്ലാതെ അതു മറ്റാരുമായിരുന്നില്ല. ആ മഹാനുഭാവൻ, തേജസ്വിയായ അദ്ദേഹം, ലോകമെല്ലാം സഞ്ചരിക്കുന്നതിന്നിടയിൽ യുധിഷ്ഠിരന്റെ സഭയിൽ വന്നുകയറി.

പരിജാതമുനിയോടും, രൈവതനോടും, സുമുഖനോടും, സൗമ്യനോടും മറ്റ് മാമുനിമാരോടുംകൂടി മനോവേഗത്തോടെ എത്തി സഭയിൽ വാഴുന്ന യുധിഷ്ഠിരനെ സസന്തോഷം കണ്ടു അദ്ദേഹം ആശീർവ്വാദംചെയ്തു ധർമ്മപുത്രനെ മാനിച്ചു.

മുനിശ്രേഷ്ഠനെക്കണ്ട് യുധിഷ്ഠിരൻ അനുജന്മാരോടുകൂടി എഴുന്നേറ്റ് അഭിവാദ്യംചെയ്ത് വിനയപൂർവ്വം കുമ്പിട്ട് യഥാവിധി മുനിക്കുചേർന്ന ആസനം നല്കി. മധുപർക്കം. പശു, ശ്രേഷ്ഠമായ അർഘ്യം ഇവ നല്കി രത്നത്താൽ അർച്ചിച്ചു. സർവ്വകാമത്താലും അർച്ചിച്ചു. യുധിഷ്ഠിരന്റെ സല്ക്കാരമേറ്റ് സസന്തോഷം നാരദൻ ധർമ്മാർത്ഥകാമങ്ങൾക്കു ചേർന്നവിധം ധർമ്മജനോടു ചോദിച്ചു."

നാരദൻ പറഞ്ഞു: "ഭവാൻ അർത്ഥം യാഗാദികർമ്മങ്ങൾക്കായി കല്പിക്കുന്നില്ലേ? ധർമ്മത്തിൽ ഭവാൻ നന്ദിക്കുന്നില്ലേ? ഭവാൻ സുഖം കൈക്കൊള്ളുന്നില്ല? മനസ്സിന്ന് ക്ഷീണമൊന്നുമില്ലല്ലോ? ഹേ, മഹാശയനായ കൗരവരാജാവേ, ഭവാന്റെ പൂർവ്വന്മാരായ പിതാമഹന്മാർ നിന്നനില്പിൽത്തന്നെ ധർമ്മാർത്ഥങ്ങളോടെ ഭവാനും നില്ക്കുന്നില്ലേ? അർത്ഥത്തിൽ ധർമ്മമോ ധർമ്മത്താൽ അർത്ഥമോ ബാധിക്കുന്നില്ലല്ലോ? കാമത്താൽ അവ രണ്ടും ബാധിക്കപ്പെടുന്നില്ലല്ലോ? ആർത്ഥവും ധർമ്മവും, കാമവും ഇവ മൂന്നും വിജയിക്കുന്നവിധം ഭവാൻ കാലേ തിരിച്ച്, ഹേ, കാലജ്ഞാ, ഭവാൻ സമമായി വെക്കുന്നില്ലേ?

'ഏഴ് ഉപായങ്ങളും ചേരുന്ന [5] ആറ് രാജഗണങ്ങളും ബലാബലമറിഞ്ഞ് [6] പതിന്നാലു കാര്യങ്ങളേയും ഭവാൻ നല്ലപോലെ

1. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് ഇവയാണ് ആറു വേദാംഗങ്ങൾ

2. പ്രതിജ്ഞ, ഹേതു, ദൃഷ്ടാന്തം, ഉപനയം, നിഗമനം എന്നീ അഞ്ച് അവയവങ്ങളോടുകൂടിയ വാക്യം.

3. സന്ധി, യുദ്ധം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം എന്നീ ആറുഗുണങ്ങൾ.

4. സാമം, ദാനം, ഭേദം, ദണ്ഡം, ആഭിചാരം, ഔഷധം, ജാലവിദ്യ എന്നിവയാണ് ഏഴ് ഉപായങ്ങൾ.

5. വാഗ്മിത്വം, പ്രഗല്ഭത, മേധാശക്തി, ഓർമ്മശക്തി, നയജ്ഞത, പാണ്ഡിത്യം എന്നിവയാണ് ആറു രാജഗുണങ്ങൾ.

6. ദേശം, ദുർഗ്ഗം, രഥം, ആന, കുതിര, സൈന്യം മുതലായ പതിന്നാലും.

digitized by www.sreyas.in

കാണുന്നില്ലേ? ജയിയായ ഭവാൻ, തന്നെയും പരനെയും കാണുന്നില്ലേ? അപ്രകാരം [7] എട്ട് കർമ്മങ്ങളേയും സാധിക്കുന്നില്ലേ? [8]സപ്ത പ്രകൃതികൾക്ക് ഒട്ടും ലോപമില്ലല്ലോ? ആഢ്യന്മാരും, അവ്യസനികളും, കൂറുള്ളവരും ഇങ്ങനെയുള്ളവർ എല്ലാവരും ശങ്കിക്കാത്തവിധമുള്ള കപടദൂതന്മാർ ആ മന്ത്രികളാൽ ഭേദിക്കുന്നില്ലേ? നിങ്കൽ നിന്നോ, നിന്റെയോ മന്ത്രങ്ങൾ കപടദൂതന്മാർ അറിയുന്നില്ലല്ലോ? ശത്രുമിത്രസമന്മാരെ കൃത്യമായി വേർതിരിച്ചുകാണുന്നില്ലേ? കാലം നോക്കി സന്ധിയും വിഗ്രഹവും ചെയ്യുന്നില്ലേ? അങ്ങയുടെ മനോവൃത്തി ഉദാസീനമദ്ധ്യമരിൽ നില്ക്കുന്നില്ലേ?

തനിക്കൊക്കുന്ന പ്രായമുള്ളവർ, ശൂദ്ധർ, അറിവു നല്കുവാൻ താല്പര്യമുള്ളവർ, കുലീനർ, കൂറുള്ളവർ ഈ ഗുണങ്ങളെല്ലാം ചേർന്ന വരല്ലേ ഭവാന്റെ മന്ത്രിമാർ?

മന്നവന്മാർക്കു വിജയം മന്ത്രംമൂലമാണ്. മന്ത്രസംവരണത്തോടുകൂടി ശാസ്ത്രജ്ഞരായ ഭവാന്റെ മന്ത്രിമാർ രാഷ്ട്രം രക്ഷിക്കുന്നില്ലേ? വൈരികൾ മുടിക്കുന്നില്ലല്ലോ? യഥാകാലം ഭവാൻ ഉറങ്ങുകയും ഉണരുകയും ചെയ്യുന്നില്ലേ? പുലർകാലത്ത് അർത്ഥജ്ഞനായ ഭവാൻ അർത്ഥത്തെപ്പറ്റി ചിന്തിക്കുന്നില്ലേ? മന്ത്രം രഹസ്യമായി നടത്തുന്നില്ലേ? പരസ്യമാക്കുന്നില്ലല്ലോ? മന്ത്രിമാരുമായി ആലോചിച്ച് രഹസ്യങ്ങൾ രാഷ്ട്രത്തെ ബാധിക്കുന്നില്ലല്ലോ? അല്പമൂലധനത്താൽ ബഹുബലമുണ്ടാക്കുന്ന അർത്ഥത്തെ ചിന്തിച്ചുകൊണ്ടു ഭവാൻ ഉടനെ അതിൽ പ്രവർത്തിക്കുന്നില്ലേ? തടസ്സം ഒന്നും പെടുന്നില്ലല്ലോ? സംശയംകൂടാതെ പ്രവൃത്തിയുടെ അവസാനംവരെ പരിരക്ഷകൾ ചെയ്യുന്നില്ലേ? ആപ്തരും ലോഭംവിട്ട മുറകണ്ടവരും ചെയ്യുന്നതൊക്കെ സിദ്ധം സിദ്ധപ്രായം എന്ന നിലയ്ക്കാകുന്നില്ലേ?

നടപ്പിലാകാത്ത ഭവാന്റെ കർമ്മങ്ങൾ ആരും അറിയുന്നില്ലല്ലോ? ധർമ്മം പഠിപ്പിക്കുന്ന ആചാര്യന്മാരും, സർവ്വശാസ്ത്രവിചക്ഷണന്മാരുമായ ചെറുപ്പക്കാരെ ഭവാൻ സൈന്യമുഖ്യന്മാരാക്കി നിയമിക്കുന്നില്ലേ? ആയിരം മൂർഖനെ വിറ്റിട്ടും ഒരു വിദഗ്ദ്ധനെ വാങ്ങുന്നില്ലേ? അർത്ഥത്തിന്നു ബുദ്ധിമുട്ടുവരുമ്പോൾ വിദ്വാന്മാർ നന്മചെയ്യുന്നില്ലേ? ദുർഗ്ഗങ്ങളിലൊക്കെയും വിത്തധാന്യായുധജലങ്ങളും, യന്ത്രങ്ങളും, ശില്പികളും, വില്ലാളിവീരന്മാരും പൂർണ്ണമല്ലേ? മേധാവി, പണ്ഡിതൻ, ദാന്തൻ, ശൂരൻ ഈ ഗുണങ്ങളോടുകൂടിയ മന്ത്രി രാജരാജാത്മജന്മാർക്കു വലിയ ശ്രീ ഉളവാക്കും.

ശത്രുപക്ഷത്തിലെ പതിനെട്ടു കൂട്ടരിലും സ്വപക്ഷത്തിലെ പതിനഞ്ചുകൂട്ടരിലും അന്യോന്യം അറിയാത്ത മുമ്മൂന്ന് ചാരന്മാരെവെച്ച് അവരെ സംബന്ധിക്കുന്ന രഹസ്യങ്ങളൊക്കെ ഭവാൻ അപ്പപ്പോൾ അറയുന്നില്ലേ? സചിവാദികളായ പതിനെട്ടു വിഭാഗങ്ങളേയും ഭവാൻ അറിയുന്നില്ലേ?

ശത്രുവീരൻ ധരിക്കാതെ എപ്പോഴും മനസ്സിരുത്തി കരുതി അരികളെ ഭവാൻ കാണുന്നില്ലേ? വിനയംകലരുന്ന കുലപുത്രൻ ബഹുശ്രുതനാണ്. അനസൂയാലുവും, നന്മതിന്മകൾ തിരിച്ചറിയുന്നവനും, മാന്യനുമായ പുരോഹിതൻ അങ്ങയ്ക്കില്ലേ? ഭവാന്റെ അഗ്നി വിധിജ്ഞനായ അവൻ കാക്കുന്നില്ലേ? ഹോമിച്ചുകഴിഞ്ഞതും, ഹോമിക്കാനുള്ളതും കാലേ അറിയിക്കുന്നില്ലേ? അംഗങ്ങളൊക്കെ അറിയുന്നവനും, ജ്യോതിഷം പറയുന്നവനും, ഉല്പാതഭേദകുശലനുമായ ദൈവജ്ഞൻ ഭവാനില്ലേ?

മഹത്തുക്കളിൽ മുഖ്യമായി സേവിക്കുന്നവരും, മദ്ധ്യമങ്ങളിൽ മദ്ധ്യമമായി സേവിക്കുന്നവരും, താഴ്ന്ന കർമ്മങ്ങളിൽ താഴ്ന്നവരായി നില്ക്കുന്നവരുമല്ലേ അങ്ങയുടെ അടുത്തു നില്ക്കുന്ന ഭൃത്യന്മാർ?

7. കൃഷി, വാണിജ്യം, കോട്ടകെട്ടൽ, ചിറകെട്ടൽ, ആനപിടിത്തം, രത്നഖനി, യാചകകേന്ദ്രം എന്നിവയാണ് എട്ടു കർമ്മങ്ങൾ.

8. സ്വാമി, അമാത്യൻ, സുഹൃത്ത്, കോശം, രാഷ്ട്രം, ദുർഗ്ഗം, ബലം.

പിതൃപൈതാമഹന്മാരായും വ്യാജമറ്റു വിശുദ്ധരായും ഇരിക്കുന്ന മന്ത്രിമുഖ്യന്മാരെ ഭവാൻ വെക്കുന്നില്ലേ മുഖ്യക്രിയകൾക്ക്? തീക്ഷ്ണമായ ശിക്ഷകൊണ്ടു പ്രജകൾക്കു ഭവാൻ ഭയം ഉണ്ടാക്കുന്നില്ലല്ലോ?

ഭവാന്റെ രാജ്യംകാക്കുന്ന മന്ത്രിമാർ, യാജകന്മാർ പതിതനെയെന്നവണ്ണം, ഭവാനെ തള്ളാറില്ലല്ലോ? പണം കൈക്കലാക്കുന്ന ഉഗ്രനായ കാമിയെ സ്ത്രീകൾ എന്നപോലെ, ഭവാൻ അവരെ തള്ളാറില്ലല്ലോ? ധൃഷ്ടനും, ശൂരനും, ബുദ്ധിശാലിയും, ധീരനും, ശുചിയും, കുലോന്നതനും, കൂറുള്ളവനും, ദക്ഷനും ആണല്ലോ ഭവാന്റെ പടനായകൻ? ഭവാന്റെ പടത്തലവന്മാരായ ധീരന്മാർ യുദ്ധവിശാരദന്മാരും, പ്രസിദ്ധമായ അപദാനത്തോടുകൂടിയവരും ഏറ്റവും മാനിതന്മാരുമല്ലേ?

ഭടന്മാർക്കു ഭക്ഷണവും ശമ്പളവും കാലേ യഥോചിതം നല്കുന്നില്ലേ? താമസിക്കുന്നില്ലല്ലോ? ചോറും ശമ്പളവും നല്കുവാൻ താമസമാക്കിയാൽ സ്വാമി ദരിദ്രനാണെന്ന് അവർ വിചാരിക്കും. അതു വലിയ അനർത്ഥമായിത്തീരും. കുലപുത്രത്തലവന്മാർ നിന്നിൽ കൂറുള്ളവരല്ലേ? അവർ പടയിൽ പ്രാണനുംകൂടി നിനക്കുവേണ്ടി വെടിയുകയില്ലേ?

യുദ്ധകാര്യത്തിലൊക്കെ ഇച്ഛപോലെ തനിച്ചൊരാൾ തന്നിഷ്ടം പോലെ രാജകല്പന തെറ്റിച്ച് ഒന്നും ചെയ്യുന്നില്ലല്ലോ? പൗരുഷത്താൽ ശോഭനമായ കാര്യം പറ്റിച്ച പുരുഷൻ മാനത്തോടെ രാജാവിന്റെ പാരിതോഷികം നേടുന്നില്ലേ? വിദ്യാവിനീതരായി ജ്ഞാനം തെളിഞ്ഞ മാന്യരെ ഗുണാർഹതയ്ക്കൊത്തവണ്ണം മാന്യത നല്കി ബഹുമാനിക്കുന്നില്ലേ? തനിക്കുവേണ്ടി പ്രാണൻ കളഞ്ഞവരും, ആപത്തിൽപ്പെട്ടു കിടക്കുന്നവരുമായ പുരുഷന്മാർ വേട്ട അവരുടെ ഭാര്യമാരെ ഭവാൻ വേണ്ടുംവണ്ണം സംരക്ഷിക്കുന്നില്ലേ? ഭയപ്പെട്ടിട്ടോ, പോരിൽ തോറ്റിട്ടോ ശത്രു തന്റെ കീഴിൽ വന്നാൽ അവരെ പുത്രന്മാരെപ്പോലെ ഭവാൻ പാലിക്കുന്നില്ലേ? സമവിശ്വാസ്യന്മാരെ പൃഥ്വിക്കൊക്കെ നാഥനായി ഭവാൻ മാതാപിതാക്കളെപ്പോലെ കരുതുന്നില്ലേ?

ശത്രുവിന്റെ കഷ്ടകാലം മനസ്സിലാക്കി മൂന്നുവിധം ബലത്തേയും പ്രഭുശക്തി, മന്ത്രശക്തി, ഉത്സാഹശക്തി, എന്നിവ ചിന്തിച്ചുകണ്ട് ഉടനെ പൊരുതുന്നില്ലേ? ഭവാൻ തരം കണ്ടാൽ യുദ്ധത്തിനു പോകുന്നില്ലേ? അരിന്ദമാ! പിൻപട, ഉദ്യമം, പരാജയം എന്നിവയെല്ലാം അറിഞ്ഞ് മുൻകൂട്ടി തന്റെ ഭടന്മാർക്ക് ശമ്പളം നല്കിവരുന്നില്ലേ? പരരാഷ്ട്രത്തിലുള്ള പടയാളിപ്രവരന്മാർക്ക് ഭവാൻ യോഗ്യതയ്ക്കൊത്തു രത്നങ്ങൾ ഗൂഢമായി നല്കുന്നില്ലേ? വിജിതേന്ദ്രിയനായ തന്നെത്തന്നെ ആദ്യം ജയിച്ച് അജിതേന്ദ്രിയനും മൂഢനുമായ അരിയേ ഭവാൻ വെല്ലുന്നില്ലേ? ശത്രുവിനെ, പോരിനു പോകുമ്പോൾ, ഭവാൻ മുമ്പെ ചെന്ന് ഏല്ക്കുന്നില്ലേ? സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ഗുണങ്ങൾമൂലം ദൃഢീകരിച്ചതിന്നുശേഷമല്ലേ പരന്മാരോട് ഏല്ക്കുന്നത്? ജയിക്കുവാൻ വിക്രമിക്കുന്ന ഭവാൻ ജയിച്ചതിന്നുശേഷം അവരെ രക്ഷിക്കുന്നില്ലേ?

എട്ടംഗങ്ങളോടുകൂടിയ ഭവാന്റെ നാലുതരം സൈന്യങ്ങൾ ബലവാന്റെ നേതൃത്വത്തിൽ വൈരികളെ നശിപ്പിക്കുന്നില്ലേ? ശത്രുരാഷ്ട്രത്തിൽ അല്പവും പിടിവിടാതെ അരികളെ പോരിൽ കൊല്ലുന്നില്ലേ? തന്റെ ശത്രുരാജ്യത്തിൽനിന്ന് അർത്ഥങ്ങൾ ഭവാന്റെ ആൾക്കാർ രക്ഷിക്കുന്നില്ലേ? അപ്രകാരം പരസ്പരം രക്ഷിക്കുന്നില്ലേ? ഭക്ഷ്യങ്ങളും, വസ്ത്രങ്ങളും, സൗരഭ്യവസ്തുക്കളും ഒക്കെ നിന്റെ സമ്മതത്തോടെ രാജാക്കന്മാർ സൂക്ഷിക്കുന്നില്ലേ? ഭണ്ഡാരം, കലവറ, വാഹനം, വാതിൽ, ആയുധം, ആയം എന്നിവയൊക്കെ നല്ല കൂറുള്ളവരല്ലേ കാക്കുന്നത്? അകത്തും പുറത്തുമുള്ള നമ്മുടെ ആൾക്കാരിൽനിന്നു മുമ്പേതന്നെ ഭവാൻ കാക്കുന്നില്ലേ? സ്വന്തക്കാരിൽനിന്ന് അവരെയും അവരിൽനിന്ന് ഏവരേയും കാക്കുന്നില്ലേ? പാനം, ദ്യൂതം, കളി, പെണ്ണ് എന്നിവയിൽ ഭവാൻ കാലത്ത്, പൂർവ്വാഹ്നത്തിൽ, ഏർപ്പെടുന്നില്ലല്ലോ? അത്തരം വ്യസനങ്ങളിൽ ഏർപ്പെടുന്നതായി ആരും അറിയുന്നില്ലല്ലോ?

digitized by www.sreyas.in

ആയത്തിൽ പകുതിയോ നാലിലൊന്നോ പാദത്തിന്റെ ത്രിഭാഗമോ വ്യയം കണക്കാക്കുമ്പോൾ ഭവാനു ലഭിക്കുന്നില്ലേ? സ്വന്തം ജ്ഞാതികൾ, ഗുരുക്കൾ, വൃദ്ധന്മാർ, വണിക്കുകൾ, ശില്പികൾ, ആശ്രിതർ, ദരിദ്രർ ഇവരെ ധാന്യധനങ്ങളാൽ പോറ്റുന്നില്ലേ? വരവുചെലവുകണക്കുവെക്കുന്നവരായ കണക്കെഴുത്തുകാർ നിന്റെ ആയവ്യയങ്ങൾ നിത്യവും പ്രഭാതത്തിൽ നോക്കുന്നില്ലേ? കാര്യത്തിൽ പ്രാപ്തിയുള്ളവരും നിന്റെ ഗുണകാംക്ഷികളുമായി പ്രിയജനങ്ങളെ കുറ്റമൊന്നുംകൂടാതെ പണിയിൽ നിന്നു നീക്കംചെയ്യുന്നില്ലല്ലോ? ഉത്തമന്മാരും, മദ്ധ്യമന്മാരും, അധമന്മാരുമായ ജനങ്ങളെ ഭവാൻ അവരവർക്ക് ചേർന്ന ജോലിയിൽ നിയമിക്കുന്നില്ലേ? ലുബ്ധന്മാരും, തസ്ക്കരന്മാരും, ശത്രുക്കളും, പ്രായപൂർത്തിയാകാത്തവരുമായ ജനങ്ങളെ ഭവാൻ ഉദ്യോഗത്തിൽ വച്ചിട്ടില്ലല്ലോ? ചോരന്മാരാലും, ലുബ്ധന്മാരാലും, കുമാരന്മാരാലും, നാരികളാലും രാഷ്ട്രപീഡ ചെയ്യപ്പെടുന്നില്ലല്ലോ? രാജ്യത്തിലെ കൃഷിക്കാർ സന്തുഷ്ടരല്ലേ? രാജ്യത്തു ധാരാളം വെള്ളം സംഭരിക്കുന്ന അണക്കെട്ടുകളില്ലേ? വലിയ തടാകങ്ങളില്ലേ? ഇടയ്ക്കിടയ്ക്കു മഴ കിട്ടിയില്ലെങ്കിലും കൃഷിവർദ്ധനയ്ക്ക് മാർഗ്ഗമില്ലേ? വിത്തും നെല്ലും കൃഷിക്കാർക്ക് പാഴാകുന്നില്ലല്ലോ? അഭിവൃദ്ധിക്കുവേണ്ടി ഇരുപത്തഞ്ചു ശതമാനം ഭവാൻ കൃഷിക്കാർക്കു സമ്മാനിക്കുന്നില്ലേ? സജ്ജനങ്ങൾ യഥാവിധി വാണിജ്യംചെയ്യുന്നില്ലേ?

ഹേ, ശ്രേഷ്ഠാ! വാർത്തയിലാണല്ലോ – കൃഷി, കച്ചവടം, ഗോരക്ഷ, ബാങ്കുവ്യവസായം എന്നിവയാലാണല്ലോ – ലോകമൊക്കെ സുഖിക്കുന്നത്. ശൂരന്മാരായ ബുദ്ധിമാന്മാർ അഞ്ചും, അദ്ധ്യക്ഷൻ, കരം പിരിക്കുന്നവൻ, മദ്ധ്യസ്ഥൻ, ഗുമസ്തൻ, സാക്ഷി എന്നിവർ അഞ്ചു പ്രവൃത്തികൾകൊണ്ടു യോജിച്ച് ക്ഷേമംചെയ്യുന്നില്ലേ ഭവാന്റെ നാട്ടിൽ? (പഞ്ചായത്ത് അഭിവൃദ്ധിയിലല്ലേ?) പുരത്തിന്റെ രക്ഷയ്ക്കു പര്യാപ്തമാകുന്നില്ലേ, ഗ്രാമങ്ങൾ? ഗ്രാമങ്ങൾ പുരത്തിന്റെ മട്ടിൽ ക്ഷേമപൂർണ്ണമാകുന്നില്ലേ? ഗ്രാമങ്ങൾപോലെതന്നെ ഘോഷങ്ങളും (കന്നുകാലിസംരക്ഷണകേന്ദ്രങ്ങൾ) ആകുന്നില്ലേ? ഭവാന്റെ ശ്രദ്ധ അതിലൊക്കെയില്ലേ? ഭവാന്റെ നാട്ടിൽ പുരം കയറി കവരുന്ന ചോരന്മാരെ കുണ്ടിലും കുന്നിലും പിന്നാലെ പാഞ്ഞുപിടിക്കുന്നില്ലേ, ഭവാന്റെ യോദ്ധാക്കൾ? സ്ത്രീകളെ ഭവാൻ സാന്ത്വനംചെയ്യുന്നില്ലേ? വധുക്കളെ രക്ഷിക്കുന്നില്ലേ? അവരിൽ ശ്രദ്ധിക്കുന്നില്ലേ? ഗൂഢമായി അവരോട് ചൊല്ലാറില്ലേ? അത്യാപത്തു കേട്ടാലുടനെ അതിനെപ്പറ്റിയോർത്ത് വേണ്ടത് ചെയ്യാതെ അകത്തുപോയി ഭവാൻ കിടക്കുന്നില്ലല്ലോ? രാത്രി ആദ്യത്തെ രണ്ടു യാമങ്ങൾ ഉറങ്ങി ഒടുവിലത്തെ യാമത്തിൽ എഴുന്നേറ്റു ധർമ്മാർത്ഥചിന്ത ചെയ്യുന്നില്ലേ? നിത്യവും അലങ്കരിച്ചല്ലേ നരരെ കാണിക്കൂ? രാജാവിന്റെ നഗ്നരൂപം ആരേയും കാണിക്കുന്നില്ലല്ലോ?

അല്ലയോ കാലജ്ഞാ! ഭവാൻ കാലത്തുണർന്ന് മന്ത്രിമാരോടുകൂടി നില്ക്കുമ്പോൾ രക്താംബരത്തോടുകൂടി ഖഡ്ഗം കൈയിലെടുത്ത് ഭടന്മാർ ഭവാന്റെ ചുറ്റും രക്ഷയ്ക്കായി നില്ക്കുന്നില്ലേ? ദണ്ഡ്യന്മാർ, പൂജ്യർ ഇവരിൽ ഹേ, രാജാവേ, യമനെപ്പോലെ പരീക്ഷചെയ്യാറില്ലേ? പ്രിയരിലും അപ്രിയരിലും സമം പരീക്ഷ ചെയ്യാറില്ലേ? ശാരീരമായ രോഗം മരുന്നുകൊണ്ടും, നിയമംകൊണ്ടും, മാനസികമായ രോഗം വൃദ്ധസേവകൊണ്ടും ഹേ പാർത്ഥ! നീ മാറ്റുന്നില്ലേ? അഷ്ടാംഗമായ ചികിത്സ നല്ലപോലെ അറിയുന്ന വൈദ്യന്മാരും, ഇഷ്ടന്മാരും, കൂറുള്ളവരും ഭവാന്റെ ദേഹസംരക്ഷണത്തിന്നില്ലേ? ലോഭം, മോഹം, മാനം എന്നിവ ചേർന്ന് അർത്ഥികളും പ്രത്യർത്ഥികളും വരുമ്പോൾ ഭവാൻ കാണാതിരിക്കുന്നില്ലല്ലോ? ലോഭമോഹങ്ങളാൽ നിന്നിൽ വിശ്വാസവും പ്രണയവും ചേർന്നവർ ആശ്രയിക്കുമ്പോൾ അവരുടെ കൊറ്റ് നീ മുടക്കുന്നില്ലല്ലോ? കൂട്ടമായി പൗരന്മാരും രാഷ്ട്രത്തിൽ പാർക്കുന്നവരും, ശത്രുക്കളാൽ സ്വാധീനിക്കപ്പെട്ടവരും, നിന്നിൽ ദ്വേഷിക്കുന്നില്ലല്ലോ? സൈന്യബലംകൊണ്ട് ദുർബ്ബലനായ രിപുവിനെ നീ പീഡിപ്പിക്കുന്നില്ലേ? ബലവത്തായ പീഡമന്ത്രത്താലും സൈന്യത്താലും ഭവാൻ ചെയ്യുന്നില്ലേ? പ്രധാനപ്പെട്ട ഭൂപരെല്ലാവരും നിന്നിൽ കൂറുള്ളവരല്ലേ? നിന്നിലുള്ള ആദരവാൽ അവർ നിനക്കുവേണ്ടി പ്രാണൻ കളയുകയില്ലേ?

സർവ്വവിദ്യാഗുണം തികഞ്ഞ സാധുബ്രാഹ്മണരെ ഭവാൻ പൂജിക്കുന്നില്ലേ? അങ്ങനെ ചെയ്താൽ ഭവാന് അതിൽ നന്മ വന്നുകൂടും. പൂർവ്വാചാരമനുസരിച്ചുള്ള ത്രയീധർമ്മങ്ങളിൽ പ്രയത്നിച്ച് ഭവാൻ കൃതാർത്ഥനാകുന്നില്ലേ? നിന്റെ ഗൃഹത്തിൽ സ്വാദുള്ള അന്നം ദ്വിജോത്തമർ ഉണ്ണുന്നില്ലേ? ഗുണവാന്മാരായ അവർ ഗുണത്തോടുകൂടി നീ കാൺകെത്തന്നെ ഭക്ഷണാനന്തരം ദക്ഷിണ വാങ്ങുന്നില്ലേ? ശ്രദ്ധയോടുകൂടി പലപ്രാവശ്യവും വാജവേയങ്ങളും പുണ്ഡരീകങ്ങളുമായ ക്രതുക്കളെ ചെയ്യുവാൻ ഭവാൻ യത്നിക്കുന്നില്ലേ? സ്വന്തം ജ്ഞാതി, ഗുരു, വൃദ്ധന്മാർ, ദേവന്മാർ, താപസോത്തമന്മാർ, ശുഭചൈത്യദ്രുമം, വിപ്രന്മാർ ഇവരെയൊക്കെ ഭവാൻ വന്ദിച്ചു കൈകൂപ്പാറില്ലേ? ശോകക്രോധങ്ങളെ കുറ്റമറ്റ ഭവാൻ ഒഴിവാക്കുന്നില്ലേ? ഭവാനിൽനിന്നും മംഗളം സിദ്ധിച്ച ജനങ്ങൾ ഇവിടെ ഭവാന്റെ മുന്നിൽ കൃതജ്ഞതാപൂർവ്വം എത്തുന്നില്ലേ? ഇപ്രകാരമൊക്കെയാണല്ലോ ഭവാന്റെ ബുദ്ധിയും പ്രവൃത്തിയും. ആയുരാരോഗ്യവൃദ്ധിയോടുകൂടി ധർമ്മാർത്ഥകാമദൃഷ്ടിയിൽ ഇത്തരം ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നവന്റെ നാടു തീർച്ചയായും കഷ്ടപ്പെടുകയില്ല. ആ രാജാവ് ഭൂമിമുഴുവൻ ജയിച്ച് അത്യന്തം സുഖത്തോടുകൂടി വാഴും. ശുദ്ധാത്മാവായ നല്ലവനെ കള്ളക്കുറ്റം ചുമത്തി ധർമ്മശാസ്ത്രം കാണാത്ത ലുബ്ധന്മാർ കൊല്ലുന്നില്ലല്ലോ? തൊണ്ടിയോടുകൂടി തസ്കരനെ വെളിവായിപ്പിടിച്ചാലും അതറിഞ്ഞവർ കൈക്കൂലി വാങ്ങി, ലോഭംകൊണ്ടു വിടുന്നില്ലല്ലോ? ആഢ്യന്മാരുടേയും ദരിദ്രന്മാരുടേയും കാര്യത്തിൽ മന്ത്രിമാർ കോഴവാങ്ങിച്ച് തെറ്റായി വിധിന്യായം നടത്തുന്നില്ലല്ലോ? നാസ്തിക്യം, അനൃതം, കോപം, പ്രമാദം, ദീർഘസൂത്രത, വിദ്വാന്മാരെ കാണായ്ക, മടി, മറ്റൊന്നിൽ മനസ്സു മാറ്റുക, ഒരു ഭാഗംമാത്രം ചിന്തിക്കൽ, മൂഢന്മാരോടൊത്ത് കാര്യാലോചന നടത്തൽ, തീർപ്പുചെയ്താൽ നടത്താതിരിൽ, മന്ത്രം രക്ഷിക്കായ്ക, മംഗളാദികൾ ചെയ്യാതിരിക്കൽ, അവ്യവസ്ഥത ഇവ പതിന്നാലും രാജദോഷങ്ങളാണ്. ഇവ ഭവാൻ ഒഴിവാക്കുന്നില്ലയോ? പേരുകേട്ട രാജാക്കന്മാർകൂടി ഈ ദോഷംകൊണ്ടു നശിച്ചുപോകും! വേദം വേണ്ടപോലെ സഫലമാകുന്നില്ലേ? ധനം സഫലമാകുന്നില്ലേ? ഭാര്യാസാഫല്യം ലഭിക്കുന്നില്ലേ? ശ്രുതസാഫല്യം ലഭിക്കുന്നില്ലേ?"

യുധിഷ്ഠിരൻ പറഞ്ഞു: "വേദസാഫല്യം, ധനസാഫല്യം, ഭാര്യാസാഫല്യം, ശ്രുതസാഫല്യം എന്നൊക്കെ ഭവാൻ പറഞ്ഞതിന്റെ സാരം ഭഗവാനേ, ഞാൻ അറിയുന്നില്ല. അവ ഒന്നു വിശദീകരിച്ചാലും!"

നാരദൻ പറഞ്ഞു: "അഗ്നിഹോത്രഫലദാതാവാണ് വേദം. ദാനഭോഗഫലദാതാവാണ് ധനം. രതിപുത്രഫലദാതാവാണ് പത്നി. ശീലവൃത്തഫലദാതാവാണ് ശാസ്ത്രം!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം നാരദൻ യുധിഷ്ഠിരനോടു പറഞ്ഞു. പിന്നെ വീണ്ടും മഹർഷി ചോദിച്ചു."

നാരദൻ പറഞ്ഞു: "ദൂരെനിന്നു ലാഭത്തിന്നായി ഇവിടെ വന്നെത്തുന്ന വണ്ടികളിൽനിന്ന് നിരക്കുപ്രകാരമുള്ള ചുങ്കംതന്നെയല്ലേ ഉദ്യോഗസ്ഥന്മാർ വാങ്ങുന്നുള്ളൂ? ഭവാന്റെ പുരത്തിലും രാഷ്ട്രത്തിലും മാനിതന്മാരായ വണിക്കുകൾ ചതിയും വഞ്ചനയുംകൂടാതെ സമ്മാനം എത്തിക്കുന്നില്ലേ? വൃദ്ധന്മാരും വിജ്ഞന്മാരും ധർമ്മാർത്ഥജ്ഞന്മാരും പറയുന്ന ധർമ്മാർത്ഥവചനങ്ങൾ ശ്രദ്ധാപൂർവ്വം ഭവാൻ കേൾക്കുന്നില്ലേ? കൃഷിതന്ത്രം, പശുഫലം, പുഷ്പസഞ്ചയം ഇവയൊക്കെ വർദ്ധിക്കുവാൻ മധുവും നെയ്യും വിപ്രന്മാർക്കു ദാനംചെയ്യുന്നില്ലേ? നാലു മാസത്തേക്കു വേണ്ട ദ്രവ്യോപകരണങ്ങൾ എപ്പോഴും എല്ലാ ശില്പിക്കും ഭവാൻ കല്പിക്കുന്നില്ലേ? ചെയ്തതെല്ലാം എങ്ങനെ പുരോഗമിക്കുന്നു എന്നു കാണുന്നില്ലേ? ചെയ്യുന്നവനെ അഭിനന്ദിച്ചു പുകഴ്ത്തുന്നില്ലേ? അവനെ മാനിച്ച് സമാജത്തിൽവെച്ചു സമ്മാനങ്ങൾ നല്കി ബഹുമാനിക്കുന്നില്ലേ? എല്ലാ സൂത്രങ്ങളും ഭവാൻ

digitized by www.sreyas.in

കൈക്കൊള്ളുന്നില്ലേ? ഹയസൂത്രം, ഹസ്തിസൂത്രം, രഥസൂത്രം ഇവയൊക്കെ ഭവാന്റെ രാജധാനിയിൽ പഠിക്കുന്നില്ലേ? ധനുർവ്വേദത്തിന്റെ സൂത്രവും നഗരത്തിൽ യന്ത്രസൂത്രവും പഠിക്കുന്നില്ലേ? എല്ലാവിധം അസ്ത്രപ്രയോഗങ്ങളും, ബ്രഹ്മദണ്ഡവും വിഷയോഗം മുതലായവയും, ശത്രുക്കളെ നശിപ്പിക്കുവാനുള്ള സകല വിദ്യകളും ഭവാൻ അറിയുന്നില്ലേ? തീഭയം, സർപ്പഭയം, രോഗഭയം, രക്ഷോഭയം ഈ ഭയങ്ങളൊക്കൊ തീർത്ത് ഭവാൻ സ്വന്തം രാഷ്ട്രത്തെ രക്ഷിക്കുന്നില്ലേ? അനാഥരായ അന്ധന്മാരേയും, മൂകന്മാരേയും, മുടന്തൻ, അംഗഹീനൻ മുതലായവരേയും, അച്ഛനെപ്പോലെതന്നെ ഭവാൻ പാലിക്കുന്നില്ലേ? ഭിക്ഷുക്കളേയും പാലിക്കുന്നില്ലേ? ആറ് അനർത്ഥങ്ങളേയും ഭവാൻ പിന്നോക്കം തള്ളുന്നില്ലേ? നിദ്ര, ആലസ്യം, ഭയം, ക്രോധം, മൃദുത്വം, ദീർഘസൂത്രത ഇവയാണ് ആറ് അനർത്ഥങ്ങൾ."

വൈശമ്പായനൻ പറഞ്ഞു: "മഹിതാനുഭാവനായ കുരുവീരൻ മുനിയുടെ വാക്കു കേട്ടപ്പോൾ നമിച്ച് നന്ദിയോടെ ആ ദേവർഷിയായ നാരദനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭവാൻ കല്പിച്ചവിധമൊക്കെ ഞാൻ ചെയ്തുകൊള്ളാം. ഭവാന്റെ ഉപദേശത്താൽ എന്നിൽ പ്രജ്ഞ വർദ്ധിക്കുന്നുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ്, അനന്തരകാലം ആ ഉപദേശപ്രകാരം, ആഴിചൂഴുന്ന ഊഴിനേടി."

നാരദൻ പറഞ്ഞു: "ചാതുർവ്വർണ്ണ്യംകാത്ത് ഈ രീതിയിൽ വാഴുന്ന രാജാവ് മന്നിൽ സുഖമായി വസിച്ച് ഇന്ദ്രമന്ദിരത്തിൽ ചെന്നു ചേരും."

6. യുധിഷ്ഠിരസഭാജിജ്ഞാസ – വൈശമ്പായനൻ പറഞ്ഞു: "ആ ബ്രഹ്മർഷിവര്യൻ പറഞ്ഞ മൊഴികൾ മാനിച്ച് സശ്രദ്ധം കേട്ടശേഷം ധർമ്മപുത്രൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, അങ്ങു ന്യായമായി ശരിക്കും ധർമ്മനിശ്ചയങ്ങൾ പറഞ്ഞുതന്നത് ഞാൻ ഗ്രഹിക്കുന്നു. മഹർഷേ! എന്റെ ശക്തിപോലെ ന്യായപ്രകാരം ഈ മുറ നോക്കി ഞാൻ നടന്നുകൊള്ളാം. പണ്ടുള്ള രാജാക്കന്മാർ ഈ മുറകൾ നടത്തിപ്പോന്നു. അതിൽ യാതൊരു സംശയവുമില്ല. അവർ യുക്തിക്കു ചേർന്നവിധം, കാര്യമൊക്കെ ന്യായമായി കാണുന്നവിധം ചെയ്തു. ആ സജ്ജനങ്ങളുടെ കാലടിപ്പാടുകൾ വിടാതെ നടക്കുവാൻ ഈയുള്ളവൻ ഉദ്യമിക്കാം. ആ മഹാന്മാർ ചെയ്തുപോന്നപോലെ അനുഷ്ഠിക്കുവാനുള്ള കെല്പ് എനിക്കുണ്ടെന്നു തോന്നുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ശ്രീമാനായ ദേവർഷി വിശ്രമിച്ച് സ്വസ്ഥനായി ഇരിക്കുമ്പോൾ രാജസഭയിൽവെച്ചു യുധിഷ്ഠിരൻ ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, അങ്ങ് പല ലോകത്തിലും സഞ്ചരിച്ച് പലതരത്തിലുള്ള ബ്രഹ്മസൃഷ്ടികൾ കണ്ടറിഞ്ഞിട്ടുള്ളവനാണല്ലോ? വല്ല സ്ഥലത്തും ഇത്തരത്തിലുള്ള സഭ, ഇതിലും മെച്ചപ്പെട്ട സഭ, ഭവാൻ കണ്ടിട്ടുണ്ടോ? പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ധർമ്മപുത്രൻ പറഞ്ഞ വാക്കു കേട്ടപ്പോൾ നാരദൻ പുഞ്ചിരിയോടെ പാണ്ഡുപുത്രനോടു പറഞ്ഞു."

നാരദൻ പറഞ്ഞു: "മർത്ത്യലോകത്തിൽ ഇതുപോലെയുള്ള ഒരു സഭ ഞാൻ കണ്ടിട്ടില്ല, കേട്ടിട്ടുമില്ല! നിന്റെ ഈ രത്നമയമായ സഭ ലോകോത്തരമാണ്. പിതൃരാജന്റെയും പിന്നെ ധീമാനായ വരുണന്റെയും, പിന്നെ ഇന്ദ്രന്റേയും, പിന്നെ വൈശ്രവണന്റേയും സഭയെപ്പറ്റി ഞാൻ പറയാം. എല്ലാവിധ മനഃക്ലേശങ്ങളും ഇല്ലാതാക്കുന്ന ബ്രഹ്മസഭയെപ്പറ്റിയും ഞാൻ പറയാം. പിതൃക്കളും, ദേവകളും, സാദ്ധ്യരും, പ്രധാനികളായ യജ്വാക്കളും, ശാന്തരായി മറകണ്ട മുനീന്ദ്രന്മാരും അധിവസിക്കുന്നതാണ് അത്. ഭരതർഷഭാ! നിനക്കു കേൾക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ഞാൻ പറയാം."

വൈശമ്പായനൻ പറഞ്ഞു: "നാരദൻ ഇപ്രകാരം പറഞ്ഞപ്പോൾ ധർമ്മരാജാവായ യുധിഷ്ഠിരൻ കൈകൂപ്പി അനുജന്മാരുടേയും, സർവ്വവിപ്രന്മാരുടേയും സന്നിധിയിൽവെച്ച് നാരദമഹർഷിയോട് ഉണർത്തിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, ആ സഭയൊക്കെ വർണ്ണിച്ചു കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവ എന്തു വസ്തുക്കളാൽ തീർത്തവയാണ്? അവയുടെ വിസ്താരം എത്ര? ആ സഭയിൽ ബ്രഹ്മദേവനെ ആരൊക്കെ ഉപാസിക്കുന്നു? ആരൊക്കെയാണ് ഇന്ദ്രനേയും യമനേയും ഉപാസിക്കുന്നത്? വരുണനേയും, കുബേരനേയും ഉപാസിക്കുന്നത് ആരൊക്കെയാണ്? അതൊക്കെ യഥാതഥം ബ്രഹ്മർഷേ! ഭവാൻ പറഞ്ഞാലും. ഇവിടെ കൂടിയിരിക്കുന്ന ജനങ്ങൾക്ക് അങ്ങയിൽനിന്ന് അവയെല്ലാം കേൾക്കുവാൻ കൗതുകമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ നാരദൻ പറഞ്ഞു."

നാരദൻ പറഞ്ഞു: "ഞാൻ എല്ലാം പറയാം. ക്രമത്തിൽ ആ ദിവ്യസഭകളെക്കുറിച്ചു കേട്ടുകൊള്ളുക."

7. ഇന്ദ്രസഭാവർണ്ണനം – നാരദൻ പറഞ്ഞു: "ഇന്ദ്രന്റെ സഭ ദിവ്യമായ ശോഭയോടുകൂടിയതാണ്. കർമ്മസിദ്ധമായ അത് അർക്കപ്രകാശത്തെ സ്വീകരിച്ച് ശക്രൻതന്നെ തീർത്തതാണ്. നൂറു യോജന വിസ്താരത്തിൽ നൂറ്റമ്പതു യോജന നീളത്തിൽ അഞ്ചുയോജന പൊക്കമുള്ളതാണ്. അത് ആകാശത്തിലെങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ജര, ശോകം, ശ്രാന്തി ഇവകൊണ്ടുള്ള പീഡയേല്ക്കാതെ ഏറ്റവും ശുഭമായതാണ് ആ സഭ. രമ്യമായ സൗധങ്ങളും, രമ്യമായ ആസനങ്ങളും, ദിവ്യമായ പൂമരങ്ങളും ചേർന്നു ശോഭിക്കുന്നതാണ് ആ സഭ. ആ സഭയ്ക്കുള്ളിൽ ഭദ്രപീഠത്തിൽ വാസവൻ കാന്തിസമ്പത്തു ചേർന്ന് ശചീദേവിയായ ഇന്ദ്രാണിയോടുകൂടെ ഇരുന്നരുളുന്നു. പറഞ്ഞറിയിക്കുവാൻ വയ്യാത്ത ദിവ്യമായ അഴകോടുകൂടി കിരീടം ധരിച്ച് പുത്തൻവസ്ത്രമാല്യാംബരം ധരിച്ച് കീർത്തിയും ശോഭയും ചേർന്ന്, അവിടെ നിത്യം അംഗാരകൻ മഹാത്മാവായി ഇന്ദ്രനെ ഉപാസിക്കുന്നു.

എന്നും ഗൃഹമേധികളായ മരുത്തുക്കൾ, സിദ്ധന്മാർ, ദേവർഷികൾ, സാദ്ധ്യന്മാർ, വാനവന്മാർ ഇവർ കാന്തിയേറിയ പൊന്മാലയണിഞ്ഞ് മരുത്വാന്മാരോടുകൂടി, ഭൃത്യരോടുംചേർന്ന്, ദിവ്യമായ മോടിയോടെ എല്ലാവരും ശത്രുജയിയും വീരനുമായ അമരേന്ദ്രനെ ഉപാസിക്കുന്നു. ദേവർഷിമാരും അപ്രകാരം തന്നെ ശക്രനെ സേവിക്കുന്നു. അമലന്മാരും പാപമറ്റവരും, അഗ്നിപോലെ ഉജ്ജ്വലിക്കുന്നവരും, തേജസ്സുള്ളവരും, അല്ലലില്ലാത്തവരുമായ സോമയാജികൾ, പരാശരൻ, പർവ്വതൻ, ഗാലവൻ, ശംഖൻ, ലിഖിതൻ, ഗൗരശിരസ്സ്, ദുർവ്വാസസ്സ്, ശ്യേനൻ എന്ന ദീർഘതമോമുനി, പവിത്രപാണി, സാവർണ്ണി, ഭാലുകി, യാജ്ഞവല്ക്യൻ, ഉദ്ദാലകൻ, ശ്വേതകേതു, ഭണ്ഡായനി, താണ്ഡ്യൻ, ഹവിഷ്മാൻ, ഹരിശ്ചന്ദ്രരാജാവ്, ആ ഹൃദ്യോദരശാണ്ഡില്യർ, പാരാശര്യൻ, കൃഷീവലൻ, വാതസ്കന്ദൻ, വിശാഖൻ, വിധാതാ, കാലൻ, കരാളദന്തൻ, ത്വഷ്ടാവ്, വിശ്വകർമ്മാവ്, തുംബുരു, യോനിജായോനിജന്മാർ, വായുഭക്ഷർ, ഹുതാശികൾ, സർവ്വലോകേശനായ ഇന്ദ്രനെ സേവചെയ്യുന്നവർ, സഹദേവൻ, സുനീഥൻ, വാല്മീകി, ശമീകൻ, സത്യവാക്ക്, മേധാതിഥി, വാമദേവൻ, പുലസ്ത്യൻ, പുലഹൻ, ക്രതു, മരുത്തൻ, വലിയ തപസ്വിയായ സ്ഥാണു, മരീചി, കാക്ഷീവാൻ, ഗൗതമൻ, താർക്ഷ്യൻ, വൈശ്വാനരമുനീശ്വരൻ, കാലകവൃക്ഷീയമുനി, ശ്രാവ്യൻ, ഹിരണ്മയൻ, സംവർത്തൻ, ദേവഹവ്യൻ, വിഷ്വക്സേനൻ, പ്രചേതൻ, സത്യസംഗരൻ, കണ്വൻ, കാത്യായനൻ, ഗാർഗ്ഗ്യൻ, കൗശികൻ, ദിവ്യാംഭസ്സ്, ഔഷധികൾ, ശ്രദ്ധ, സരസ്വതി, അർത്ഥം, മേധ, ധർമ്മം, കാമം ഇപ്രകാരമുള്ള വിദ്യുന്മണ്ഡലവും ജലം വഹിക്കുന്ന മേഘങ്ങളും, ഇടിയും, കാറ്റും, പ്രാചീന യജ്ഞവാഹങ്ങളായ ഇരുപത്തേഴു പാവകന്മാരും, അഗ്നീഷോമേന്ദ്രാഗ്നികൾ, സവിതാവ്,

digitized by www.sreyas.in

മിത്രൻ, അര്യമാവ്, ഭഗൻ, വിശ്വേദേവൻ, സാദ്ധ്യർ, ബൃഹസ്പതി, ശുക്രൻ, വിശ്വാവസു, ചിത്രസേനൻ, തരുണനായ സുമനസ്സ്, യജ്ഞങ്ങൾ, ദക്ഷിണകൾ, ഗ്രഹങ്ങൾ, താരാഗണങ്ങൾ, യജ്ഞവാഹങ്ങൾ, മന്ത്രങ്ങൾ എന്നിവരുമൊക്കെ അവിടെ സേവിക്കുന്നു.

അപ്സരസ്സുകളും, രമ്യരായ ഗന്ധർവ്വവീരന്മാരും, സംഗീതനൃത്തവാദ്യഹാസ്യങ്ങളോടുകൂടി മുൻപറയപ്പെട്ടവർ എല്ലാം സസന്തോഷം ശതക്രതുവായ ഇന്ദ്രനെ രമിപ്പിക്കുന്നു. സ്തുതിമംഗളഘോഷങ്ങളാൽ കർമ്മംചൊല്ലി സ്തുതിച്ചുകൊണ്ട് ഇന്ദ്രന്റെ വിക്രമങ്ങളെപ്പറ്റി വാഴ്ത്തുന്നു. ഇന്ദ്രൻ വൃത്രനേയും വലനേയും സംഹരിച്ച കഥകൾ വാഴ്ത്തി സ്തുതിക്കുന്നു. ബ്രഹ്മർഷികളും, ദേവന്മാരും ദേവർഷികളും നാനാദിവ്യവിമാനങ്ങളിൽ വാണ്, അഗ്നിപോലെ ഉജ്ജ്വലിക്കുന്ന ശരീരത്തിൽ മാലകളും വിഭൂഷണങ്ങളും ചാർത്തി, വരികയും പോവുകയും ചെയ്യുന്നു. ബൃഹസ്പതിയും ശുക്രനും എപ്പോഴും അവിടെയുണ്ട്. ഈ പറഞ്ഞവരും വേറെ പലരും മഹാത്മാക്കളും ദൃഢവ്രതരുമാണ്. ചന്ദ്രകാന്തിവിമാനത്തിൽ ചന്ദ്രനെപ്പോലെ സുന്ദരന്മാരായ അവർ ബ്രഹ്മാവിനോടു തുല്യന്മാരാണ്. ഭൃഗുസപ്തർഷിമാരും അപ്രകാരം തന്നെ ബ്രഹ്മപ്രഭാവന്മാരാണ്. 'പുഷ്കരമാലിനി' എന്നു പേരുള്ള ഈ ദേവേന്ദ്രസഭ മഹാബാഹോ! ഞാൻ കണ്ടിരിക്കുന്നു. ഇനി യമന്റെ സഭയെപ്പറ്റി കേൾക്കുക!"

8. യമസഭാവർണ്ണനം – നാരദൻ പറഞ്ഞു: "യമന്റെ സഭയെപ്പറ്റി പറയാം, യുധിഷ്ഠിരാ! കേൾക്കുക! വിവസ്വാന്റെ പുത്രനായ യമന്ന് ആ സഭ വിശ്വകർമ്മാവ് പണിചെയ്തതാണ്. തേജസ്സുള്ള ആ സഭ നൂറുയോജന നീളവും നൂറുയോജന വീതിയും ഉള്ളതാണ്. വിസ്താരം തുല്യമാണ്. സൂര്യപ്രകാശം തട്ടുമ്പോൾ അത് ഇഷ്ടമുള്ള രൂപം കൈക്കൊള്ളുന്നു. അതിശീതോഷ്ണമില്ലാതെ മനസ്സിന്ന് വളരെ പ്രീതിയുണ്ടാക്കുന്ന ഒരിടമാണത്. അതിൽ ശോകം, ജര, വിശപ്പ്, ദാഹം, അപ്രിയം, ദൈന്യം, ക്ഷീണം, എന്നിവയോ പ്രതികൂലതയോ ഒട്ടുംതന്നെയില്ല. ദിവ്യമായ മാനുഷകാമങ്ങൾ എല്ലാം അതിലുണ്ട്. രസമേറിയ ഭക്ഷ്യവും, ഭോജ്യവും,, പേയവും, ലേഹ്യവും, ചോഷ്യവും അതിലുണ്ട്. ഹൃദ്യവും, സ്വാദേറിയതും മനസ്സിനെ ഹരിക്കുന്നതുമാണ് ആ ഭോജ്യാദികൾ. പുണ്യഗന്ധം വീശുന്ന പൂമാലകളും, ഇഷ്ടമുള്ളത് ഇഷ്ടംപോലെ കായ്ക്കുന്ന മരങ്ങളും, രസത്തോടുകൂടിയ ശീതോഷ്ണമയമായ ജലവും അവിടെയുണ്ട്. രാജർഷിവീരന്മാരും, ശുദ്ധബ്രഹ്മർഷിമുഖ്യന്മാരും, നന്ദിയോടെ വൈവസ്വതനായ യമന്റെ ചുറ്റും ഇരിക്കുന്നു. യയാതി, നഹുഷൻ, പൂരു, മാന്ധാതാവ്, സോമകൻ, നൃഗൻ, ത്രസദസ്യു, കൃതവീര്യൻ, ശ്രുതശ്രവൻ, അരിഷ്ടനേമി, സിദ്ധൻ, കൃതവേഗൻ, കൃതി, നിമി, പ്രതർദ്ദനൻ, ശിബി, മത്സ്യൻ, പൃഥുലാക്ഷൻ, ബൃഹദ്രഥൻ, വാർത്തൻ, മരുത്തൻ, കുശികൻ, സാങ്കാശ്യൻ, സാംകൃതി, ധ്രുവൻ, ചതുരശ്വൻ, സദശ്വോർമ്മി, കാർത്തവീര്യൻ, ഭരതൻ, സുരഗൻ, സുനീഥൻ, നിശഠൻ, നളൻ, സുമനസ്, ദിവോദാസൻ, അംബരീഷൻ, ഭാഗീരഥൻ, വ്യശ്വൻ, സദശ്വൻ, വദ്ധ്യശ്വൻ, പൃഥുവേഗൻ, പൃഥുശ്രവൻ, പൃഷദശ്വൻ, വസുമനസ്സ്, ക്ഷപൻ, സുമഹാബലൻ, പൃഷൽഗു, വൃക്ഷസേനൻ, പുരുകുത്സൻ, ധ്വിജീരഥി, ആർഷ്ടിഷേണൻ, ദിലീപൻ, ഔശീനരി, പുണ്ഡരീകൻ, ശര്യാതി, ശരഭൻ, അരിഷ്ടൻ, അംഗൻ, വേനൽ, ദുഷ്യന്തൻ, സൃഞ്ജയൻ, ജയൻ, ഭാംഗാസുരി, സുനീഥൻ, വഹീനരൻ, കരണ്ഡമൻ, ബാൽഹീകൻ, സുദ്യുമ്നൻ, മധു, ഐളൻ, മരുത്തൻ, കപോതരോമൻ, തൃണാകൻ, അർജ്ജുനൻ, സഹദേവൻ, സാശ്വൻ, കൃശാശ്വൻ, ശശബിന്ദു, ദാശരഥിരാമൻ, ലക്ഷ്മണൻ, പ്രതർദ്ദനൻ, അളർക്കൻ, കക്ഷസേനൻ, ഗയൻ, ഗൗരാശ്വൻ, ജാമദഗ്ന്യൻരാമൻ, നാഭാഗൻ, സഗരൻ, ഭൂരിദ്യുമ്നൻ, മഹാശ്വൻ, വൃഥാശ്വൻ, ജനകൻ, വൈണ്യരാജൻ, വാരിഷേണൻ, പുരുജിത്ത്, ജനമേജയൻ, ബ്രഹ്മദത്തൻ, ത്രിഗർത്തൻ, ഉപരിചരൻ, ഇന്ദ്രദ്യുമ്നൻ, ഭീമജാനു, ഗൗരപൃഷ്ഠൻ, നളൻ, ഗയൻ, പത്മൻ, മുചുകുന്ദൻ, ഭൂരിദ്യുമ്നൻ, പ്രസേനജിത്ത്, അരിഷ്ടനേമി, സുദ്യുമ്നൻ, പൃഥുലാശ്വൻ, അഷ്ടകൻ, ശതം മത്സ്യനരേന്ദ്രന്മാർ, ശതം നീപർ, ശതം ഹയർ, ശതം ധൃതരാഷ്ടന്മാർ, എൺപതുജനമേജയന്മാർ, നൂറ് ബ്രഹ്മദത്തന്മാർ, ശതം ഈരികൾ, ഇരുനൂറു ഭീഷ്മന്മാർ, പരശതം ഭീമന്മാർ, ശതം പ്രതിവിന്ധ്യന്മാർ, ശതം നാഗർ, ശതം പാലശന്മാർ, ശതം കാശകശാദികൾ, ശാന്തനുരാജാവ്, നിന്റെ താതനായ പാണ്ഡുരാജാവ്, ഇശംഗവൻ, ശതരഥൻ, ദേവരാജൻ, ജയദ്രഥൻ, മന്ത്രിമോരോടുകൂടി വൃഷഭവൻ, അപ്രകാരം പുണ്യവാന്മാരായ ആയിരം ശതബിന്ദുക്കൾ അവരെല്ലാം ഭൂരിദക്ഷിണം അശ്വമേധം ചെയ്തു ഇവിടെ എത്തിയവരാണ്. പുണ്യരാജർഷീന്ദ്രരായ ഇവർ കീർത്തിമാന്മാരും വിജ്ഞന്മാരുമാണ്. ഈ സഭയ്ക്കുള്ളിൽ ഇവരൊക്കെയുണ്ട്. അവർ ധർമ്മരാജാവിനെ സേവിക്കുന്നു.

അഗസ്ത്യൻ, മതംഗൻ, കാലൻ; മൃത്യു ഈ യജ്വാക്കന്മാർ എല്ലാം സിദ്ധരാണ്. ഇവർ യോഗദേഹമുള്ളവരാണ്. പിതൃക്കൾ, അഗ്നിഷ്വാവ്, ഫേനപോഷ്മപർ ഇങ്ങനെ സ്വധയും മൂർത്തിയും ചേർന്നവരും ചിലർ ബർഹിഷത്തുകളുമാണ്.

കാലചക്രവുമായി സാക്ഷാൽ ഭഗവാൻ ഹവ്യവാഹനും, ദക്ഷിണായനകാലത്തു മരിച്ച ദുഷ്കൃതികളായ മർത്ത്യരും കാലം നടത്തുന്നവരും യമകിങ്കരന്മാരും അതിൽ ശിംശപം, പലാശം, കാശം, കുശ മുതലായ രൂപം സ്വീകരിച്ച് ധർമ്മരാജാവിനെ ഉപാസിക്കുന്നു. ഇവരും വേറെ പലരും പിതൃരാജന്റെ സഭാവാസികളാണ്. നാമങ്ങൾ കൊണ്ടും കർമ്മങ്ങൾകൊണ്ടും അവരെയൊക്കെ പറഞ്ഞവസാനിപ്പിക്കുക സാദ്ധ്യമല്ല.

തിരക്കില്ലാത്ത ആ സഭയും യഥേഷ്ടം ആകാശത്തു സഞ്ചരിക്കുന്നതാണ്. വളരെക്കാലം തപസ്സുചെയ്തുകൊണ്ട് വിശ്വകർമ്മാവു നിർമ്മിച്ച ഈ സഭ, പ്രഭകൊണ്ടു ഉജ്ജ്വലിച്ചു തെളിയുന്നു. അതിൽ ഉഗ്രതപോനിഷ്ഠരായ സത്യവാദികൾ ചെന്നെത്തുന്നു. ശാന്തരായ സന്യാസികളും, ശുചികർമ്മം, പുണ്യം ഇവകൊണ്ടു വിശുദ്ധരായി ജ്യോതിസ്വരൂപരായി എല്ലാവരും വിശിഷ്ടമായ വസ്ത്രം ധരിച്ച്, വിചിത്രമാല്യാഭരണങ്ങൾ ചാർത്തി, മിന്നുന്ന കുണ്ഡലവും പുണ്യകർമ്മങ്ങളും പുണ്യസാധനങ്ങളുമായി പ്രശോഭിക്കുന്നു. യോഗ്യരായ ഗന്ധർവ്വന്മാരും, അപ്സരസ്ത്രീഗണങ്ങളും, സംഗീതം, നൃത്തം, വാദിത്രം, ഹാസ്യം, ലാസ്യം ഇവയോടുകൂടി പുണ്യഗന്ധം പരത്തുന്ന തൈലം പൂശി, പുണ്യഗാനങ്ങൾ പൊഴിച്ച് അവിടെ വിളങ്ങുന്നതു കാണാം. ദിവ്യമാല്യങ്ങളും മറ്റും അവിടെ എപ്പോഴും ലഭിക്കും. നൂറും ആയിരവും ധർമ്മചാരിമാർ സുരൂപശീലന്മാരായി പ്രജേശനെ എപ്പോഴും ഉപാസിക്കുന്നു. ഇപ്രകാരമാണ് പിതൃരാജന്റെ സഭ. ഇനി 'പുഷ്കരമാലിനി' എന്ന വരുണന്റെ സഭയെപ്പറ്റി പറയാം."

9. വരുണസഭാവർണ്ണനം – നാരദൻ പറഞ്ഞു: "ഇനി ദിവ്യശ്രീമാനായ വരുണന്റെ സഭയെപ്പറ്റി പറയാം, യുധിഷ്ഠിരാ! കേൾക്കുക.

കോട്ടയും അളവുകളുമൊക്കെ യമസഭയ്ക്കു തുല്യംതന്നെയാണ്. അതു വെള്ളത്തിന്റെ ഉള്ളിൽ വിശ്വകർമ്മാവ് തീർത്തതാണ്. ഫലപുഷ്പങ്ങൾ തൂകുന്ന ദിവ്യമായ രത്നദ്രുമങ്ങളും, മഞ്ഞ, നീല, വെള്ള, കറുപ്പ്, ചുവപ്പ് ഇങ്ങനെ പല നിറം കലർന്ന പന്തലിച്ച മാമരങ്ങളും, വള്ളിക്കുടിലുകളും മറ്റും ചേർന്ന് വിളങ്ങുന്നു. വിചിത്രവും മധുരവുമായ സ്വരമുള്ള അഴകറ്റ അസംഖ്യം പക്ഷികൾ അവിടെ വസിക്കുന്നു. സുഖസ്പർശമായും, തുല്യശീതോഷ്ണസ്ഥിതിയുള്ള ഗൃഹവും, വിചിത്രമായ ആസനങ്ങളും ചേർന്നതാണ് വരുണന്റെ സഭ. അതിൽ വരുണൻ വാരുണീദേവിയോടുകൂടി വിളങ്ങുന്നു.

ദിവ്യരത്നാംബരധരനായി, ദിവ്യാഭരണഭൂഷിതനായി മാല ചാർത്തി, ദിവ്യഗന്ധം വീശുന്ന ദിവ്യാനുലേപം പൂശി, ആദിത്യന്മാർ വരുണനെ ഉപാസിക്കുന്നു. തക്ഷകൻ, വാസുകി, മഹാനാഗൻ, ഐരാവതൻ, കൃഷ്ണൻ, ലോഹിതൻ, പത്മൻ, ചിത്രൻ, കംബളാശ്വധരന്മാരായ ധൃതരാഷ്ട്രവലാഹകർ; മണിമാൻ, കുണ്ഡധരൻ, കാർക്കോടകധനഞ്ജയന്മാർ, പാണിമാൻ,

digitized by www.sreyas.in

കുണ്ഡകൻ, പ്രഹ്ലാദൻ, മൂഷികാദൻ, ജനമേജയൻ, പതാകാമണ്ഡലാഢ്യന്മാർ ഇങ്ങനെ ഫണമുള്ള എല്ലാവരും മറ്റുപലരും അതിൽ സദസ്യരാണ്. അവരെല്ലാം പാശിയെ ക്ലേശംകൂടാതെ ഉപാസിക്കുന്നു. ബലിയായ വൈരോചനഭൂപൻ, നരകൻ, പൃഥിവിഞ്ജയൻ, സംഹ്ലാദൻ, വിപ്രചിത്തി, കാലകേയാസുരേന്ദ്രന്മാർ, സുവിന്ദു, ദുർമ്മുഖൻ, ശംഖൻ, സുമതി, സുമനസ്സ്, ഘടോദരൻ, മഹാപാർശ്വൻ, ക്രഥനൻ, പിഠരൻ, വിശ്വരൂപൻ, സ്വരൂപൻ, വിരൂപൻ, മഹാശിരൻ, ദശഗ്രീവൻ, ബാലി, മേഘവാസസ്സ്, ദശാവരൻ, ടിട്ടിഭൻ, വിടഭൂതൻ, സംഹ്ലാദൻ, ഇന്ദ്രതാപനൻ, ദൈത്യദാനവസംഘങ്ങൾ, മിന്നുന്ന കുണ്ഡലമുള്ളവർ, കിരീടവും മാലയും ചാർത്തി ദിവ്യരൂപത്തിലിരിക്കുന്ന സുചരിതന്മാരായ ഇവരെല്ലാം ധർമ്മപാശമേന്തുന്ന വരുണനെ എപ്പോഴും ഉപാസിക്കുന്നു.

പിന്നെ, സമുദ്രങ്ങളും, ജലാശയങ്ങളും, നദികളും, ദേവരൂപം പൂണ്ട് വരുണനെ പൂജിക്കുന്നു. നാലു സമുദ്രങ്ങൾ, ഭാഗീരഥിനദി, മഹാനദി, കാളിന്ദീനദി, വേണ, വിദിശ, വേഗവാഹിനി, നർമ്മദാ, വിപാശ, ശതദ്രു, ശ്രീചന്ദ്രഭാഗ, സരസ്വതി, ഇരാവതി, വിതസ്ത, സിന്ധു, ദേവമഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, വിശല്യ, കിമ്പുന, സാക്ഷാൽ വൈതരണീനദി, ജ്യേഷ്ഠില, ശോണമഹാനദി, ചർമ്മണ്വതി, പർണ്ണാസ, സരയൂനദി, വാരവതി, ലാംഗലി, കരതോയ, ആത്രേയി, ലൗഹിത്യമഹാനദി, ലഘന്തി, ഗോമതി, സന്ധ്യാ, ത്രിസ്രോതസി ഈ നദികളും, പ്രസിദ്ധതീർത്ഥങ്ങളും, അതുപോലെതന്നെ എല്ലാ തീർത്ഥങ്ങളും, സരസ്സുകളും, കൂപങ്ങളും, ചോലകളും, ശരീരംധരിച്ച് വരുണസന്നിധിയിൽ സേവിക്കുന്നു. പല്വലങ്ങൾ, തടാകങ്ങൾ, ഭൂമി, ദിക്കുകൾ, പർവ്വതങ്ങൾ ഇവയും ശരീരമെടുത്തുവന്ന് ജലചരങ്ങളോടുകൂടി ജലനാഥനെ ഉപാസിക്കുന്നു. ഗീതവാദ്യങ്ങളോടുകൂടി അപ്സരസ്ത്രീകളും, ഗന്ധർവ്വമണ്ഡലങ്ങളും എല്ലാം സഭയിൽ സ്തുതിച്ചു വരുണദേവനെ ഉപാസിക്കുന്നു. രത്നം വിളങ്ങുന്ന അദ്രികൾ അതുപോലെതന്നെ രസങ്ങൾ പറഞ്ഞും, നല്ല കഥകൾ പറഞ്ഞും പാശിദേവനെ സേവിക്കുന്നു. വരുണന്മാരും, 'സുനാഭൻ' എന്ന മന്ത്രിയും, 'ഗോ' എന്ന പുണ്യജലങ്ങളോടൊപ്പം പുത്രപൗത്രസമന്വിതം, എല്ലാവരും സ്വരൂപംപൂണ്ട് പാശിദേവനെ ഉപാസിക്കുന്നു. ഞാൻ വരുണന്റെ മഹാസഭ കണ്ടിട്ടുണ്ട്. ഇനി, കുബേരന്റെ അഴകുറ്റ സഭയെപ്പറ്റി പറയാം. കേൾക്കുക."

10. ധനദസഭാവർണ്ണനം – നാരദൻ പറഞ്ഞു: "വൈശ്രവണന്റെ മഹാസഭ നൂറുയോജന നീളത്തിലും, എഴുപതുയോജന വീതിയിലും ശുഭ്രമായി ശോഭിക്കുന്നു. ഇതു വൈശ്രവണൻ തന്നെ തപസ്സുചെയ്തു നേടിയതാണ്. കൈലാസശിഖരംപോലെ ചന്ദ്രപ്രഭമായ കോട്ടകളോടുകൂടിയ ആ സഭ ഗുഹ്യകന്മാർ ചുമന്ന് ആകാശത്തുയർന്ന് നിലകൊള്ളുന്നു. ദിവ്യമായ പൊൻമേടകളോടുകൂടിയ ആ സഭ വിശിഷ്ടമായ മഹാരത്നങ്ങൾ ചേർന്ന് വിചിത്രമായ ദിവ്യഗന്ധംവീശി സിതാഭ്രശിഖരംപോലെ പ്രശോഭിക്കുന്നു. ദിവ്യമായ സ്വർണ്ണമയാംഗങ്ങളോടുകൂടിയ അത് മിന്നൽപോലെ പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. അതിൽ വിചിത്രാഭരണാംഗനായ വൈശ്രവണൻ കുണ്ഡലമണ്ഡിതനായി ആയിരം സ്ത്രീകളോടുകൂടി വാഴുന്നു.

സൂര്യപ്രഭാസങ്കാശമായ ദിവ്യമേലാപ്പിന്നു കീഴിൽ പാദപീഠത്തിൽ കാൽവെച്ച് മനോഹരസിംഹാസനത്തിൽ ഇരുന്നരുളുന്ന കുബേരസ്വാമിയെ, ഉദാരമന്ദാരതരുപ്പൂങ്കാവുലയുമാറ് തഴുകി സൗഗന്ധികസുഗന്ധവാഹിയായ മന്ദമാരുതൻ അളകാനളിനീനന്ദനോദ്യാനപ്പൂമണത്തോടും കൂടി ഉള്ളു കുളുർപ്പിക്കുമാറ് മന്ദം മന്ദം വീശുന്നു.

അവിടെ ദേവഗന്ധർവ്വാപ്സരസ്ത്രീഗണങ്ങൾ ദിവ്യമായ രാഗത്തോടുകൂടി എപ്പോഴും പാടുന്നു. മിശ്രകേശി, രംഭ, ശുചിസ്മിതയായ ചിത്രസേന, ചാരുനേത്രയായ ഘൃതാചി, പുഞ്ജികസ്ഥല, മേനക, വിശ്വാചി, സഹജന്യ, പ്രമ്ലോച, ഉർവ്വശി, ഇര, വർഗ്ഗ, സൗരഭേയി, സമീചി, ബുൽബുദ, ലത ഇവരും മറ്റുപലരുമായ നൃത്തഗീതവിദഗ്ദ്ധമാരായ അപ്സരോവർഗ്ഗം വിത്തേശനെ സേവിക്കുന്നു. എപ്പോഴും നൃത്യവാദിത്രഗീതപ്രയോഗത്താൽ മുഖരിതമായി ഗന്ധർവ്വാപ്സരസ്സുകൾ ചേർന്നു വിളങ്ങുന്നു. കിന്നരന്മാരും, ഗന്ധർവ്വന്മാരും, നരന്മാരും, മണിഭദ്രൻ, ധനദൻ ശ്വേതഭദ്രൻ എന്ന ഗുഹ്യകൻ, കശേരൻ, ഗണ്ഡകണ്ഡു, പ്രദ്യോതൻ, കസ്തുംബുരു, പിശാചൻ, ഗജകർണ്ണൻ, വിശാലകൻ, വരാഹകർണ്ണൻ, താമ്രോഷ്ഠൻ, ഫലകക്ഷകൻ, ഫലോദകൻ, ഹംസചൂഡൻ, ശിഖാവർത്തൻ, ഹേമനേത്രൻ, വിഭീഷണൻ, പുഷ്പാനനൻ, പിംഗളകൻ, ശോണിതോദൻ, പ്രവാളകൻ വൃക്ഷബാഷ്പനികേതൻ, ചീരവാസസ്സ് ഇവരും മറ്റുപലരുമായ നൂറായിരം യക്ഷന്മാരും, എല്ലായിടത്തും സാക്ഷാൽ ഐശ്വര്യദേവതയായ ലക്ഷ്മീഭഗവതിയും അവിടെയുണ്ട്. ലക്ഷ്മീഭഗവതി എവിടെയുണ്ടോ, അവിടെ നളകൂബരനുമുണ്ട്. പലപ്പോഴും ഈ ഞാനും ഉണ്ടാകാറുണ്ട്. എന്നെപ്പോലെ മറ്റുപല മുനിമാരും സദാ വന്നുകൊണ്ടിരിക്കും. ബ്രഹ്മർഷിമാരും, ദേവർഷിമാരും അവിടെ എല്ലായ്പോഴുമുണ്ടാകും. ക്രവ്യാദരും, മറ്റുപല ഗന്ധർവ്വന്മാരും, മഹാത്മാവായ വിത്തേശ്വരനെ സഭയിൽ ഉപാസിക്കുന്നു.

അനേകം ഭൂതസംഘത്തോടുകൂടി ഭഗവാനായ ശിവൻ ഉമാകാന്തനും, പശുപതിയും, ഭഗനേത്രഹരനും, ഹരനും, ത്ര്യംബകനും, ശൂലിയുമായ ദേവൻ പാർവ്വതീദേവിയോടുകൂടി തന്റെ സഖാവായ വൈശ്രവണനെ ഉപാസിക്കുന്നു. മുണ്ഡന്മാരും, കൂനന്മാരും, കുടിലന്മാരും, അരുണേക്ഷണന്മാരും, മേദോമാംസാശനന്മാരായി ആർക്കുന്നവരും, ഭയങ്കരാകാരന്മാരും, പലവിധം ആയുധങ്ങളാൽ ഉത്കടന്മാരും, വായുവേഗോഗ്രന്മാരുമായ ഭൂതങ്ങളോടുകൂടി ഉഗ്രമായ കാർമ്മുകം ധരിച്ചാണ് തന്റെ സഖിയായ വിത്തേശനെ മഹാദേവൻ ഉപാസിക്കുന്നത്. ആഹ്ലാദത്തോടുകൂടിയും ആഡംബരത്തോടുകൂടിയും പല പല ഗന്ധർവ്വന്മാരും അവിടെയുണ്ട്. വിശ്വാവസു, ഹാഹാ, ഹൂഹൂ, പർവ്വതൻ, തുംബുരു, ശൈലൂഷൻ, സംഗീതജ്ഞനായ ചിത്രസേനൻ, പിതൃരഥൻ ഇങ്ങനെ മഹാന്മാരായ ഗന്ധർവ്വന്മാരും വൈശ്രവണനെ ഉപാസിക്കുന്നു. വിദ്യാധരാധിപൻ, ചക്രധർമ്മാവ് എന്ന അനുജനോടുകൂടി ധനനായകനെ അവിടെ ഉപാസിക്കുന്നു. വളരെ കിന്നരന്മാരും, അപ്രകാരം വിത്തനാഥനെ ഭഗദത്താദ്യരും ഉപാസിക്കുന്നു. കിമ്പുരുഷാധീശനായ ദ്രുമൻ ധനേശ്വരനെ ഉപാസിക്കുന്നു. രാക്ഷസേന്ദ്രനും അപ്രകാരം മഹേന്ദ്രനും ഗന്ധമാദനനും യക്ഷഗന്ധർവ്വരോടും എല്ലാ രാക്ഷസന്മാരോടുകൂടി ധർമ്മിഷ്ഠനായ ജ്യേഷ്ഠനെ വിഭീഷണൻ ഉപാസിക്കുന്നു.

ഭഗവാനായ നന്ദികേശ്വരൻ, മഹാകാളൻ, ശംഖകർണ്ണാദികളായ സകല ദ്രവ്യപാരിഷദന്മാർ, കാഷ്ഠൻ, കടിമുഖൻ, ദന്തി, വിജയാതാപസ്, വെള്ളക്കാള ഇവരെല്ലാം മുക്കറയിട്ടും അവിടെ ഉപാസിക്കുന്നു. മറ്റു രാക്ഷസന്മാരും പിശാചുക്കളും ഉപാസിക്കുന്നു. ചുറ്റും പാരിഷദന്മാരോടുകൂടിയ മഹേശ്വരനും, ത്രൈലോക്യഭാവനനും, ദേവദേവനുമായ ശിവനെ എന്നും കുമ്പിട്ടുകൂപ്പി ആ പൗലസ്ത്യനായ ധനേശൻ വിശ്വരൂപനായ ഉമാപതി നല്കുന്ന സമ്മതത്തോടെ ആസനസ്ഥനാകുന്നു. വിത്തേശ്വരന്റെ സമീപത്ത് ഇഷ്ടനും മഹാദേവനുമായ ഭഗവാൻ ഭവൻ എപ്പോഴുമുണ്ടായിരിക്കും. നിധിപ്രവരമുഖ്യന്മാർ, ശംഖപത്മങ്ങൾ, മറ്റു നിധികൾ എന്നിവയോടുകൂടി വന്ന് ധനേശനെ ഉപാസിക്കുന്നു. ഇപ്രകാരം ആകാശത്തു നില്ക്കുന്ന സഭയും ഞാൻ കണ്ടിട്ടുണ്ട്.

ഇനി പിതാമഹന്റെ സഭയെപ്പറ്റി ഞാൻ പറയാം. ഹേ, രാജാവേ! കേട്ടാലും."

11. ബ്രഹ്മസഭാവർണ്ണനം – നാരദൻ പറഞ്ഞു: "പിതാമഹന്റെ സഭയെപ്പറ്റി ഞാൻ പറയുന്നത് ഹേ, ശ്രേഷ്ഠാ! ഭവാൻ കേൾക്കുക! അത് ഇന്ന വിധമാണെന്നു പറയുവാൻ പ്രയാസമാണ്. പണ്ട് ദേവയുഗത്തിൽ വാനിൽനിന്ന് സൂര്യദേവൻ മനുഷ്യലോകം ചുറ്റിനടന്നു കാണുവാൻ ഇറങ്ങിവന്നു. മനുഷ്യരൂപം ധരിച്ച് ചുറ്റുന്ന സമയത്ത്, സ്വയംഭൂവിന്റെ സഭ കണ്ടവർത്തമാനം എന്നോടു പറഞ്ഞു. അപ്രമേയവും മാനസിയുമാണ് ആ ദിവ്യ

digitized by www.sreyas.in

സഭ. അതിന്റെ നീളവും വിസ്താരവുമൊന്നും നിർണ്ണയിക്കുവാൻ സാധിക്കയില്ല. അന്ന് ആദിത്യനിൽനിന്ന് ആ സഭയുടെ മഹത്ത്വമൊക്കെ ഞാൻ കേട്ടു. ആ സഭ കാണുവാനുള്ള ആഗ്രഹത്തോടെ ഞാൻ ആദിത്യനോടു ചോദിച്ചു:

'ഭഗവാനേ, ബ്രഹ്മസഭ കാണുവാൻ ഞാൻ കൊതിക്കുന്നു. അതു സാധിക്കുവാൻ എന്തുതരം തപോയോഗകർമ്മമാണ് ഞാൻ അനുഷ്ഠിക്കേണ്ടത്? പാപനാശിനിയും ഉത്തമവുമായ ഏത് ഔഷധംകൊണ്ടാണ് അതു കാണുവാൻ സാധിക്കുക? ഭഗവാനേ, പറഞ്ഞാലും! ഞാൻ ആ സഭ കാണുവാൻ എന്തു ചെയ്യണം?'

എന്റെ വാക്കു കേട്ടപ്പോൾ സഹസ്രാംശുവായ ദിവാകരൻ എന്നോടു പറഞ്ഞു: 'ഭഗവാനേ, ആയിരം വർഷം വ്രതമെടുക്കുവാൻ കഴിഞ്ഞവനേ അതു കാണുവാൻ കഴിയുകയുള്ളൂ'. എന്നു കേട്ടപ്പോൾ ഞാൻ ഹിമാലയത്തിൽപ്പോയി ആയിരം വർഷം തപസ്സുചെയ്തു. ആയിരം വർഷം തികഞ്ഞപ്പോൾ ഭഗവാൻ ദിവാകരൻ എന്റെ അടുത്തു വന്നു. സൂര്യദേവൻ എന്നെ കൂട്ടിക്കൊണ്ട് ആ ബ്രഹ്മസഭയിലേക്കു നിഷ്പാപനായി യാതൊരു ക്ഷീണവും കൂടാതെ ചെന്നു. ഞാൻ ബ്രഹ്മസഭ കണ്ടു.

ആ സഭ ഇന്നവിധമാണെന്നു പറയുവാൻ പ്രയാസം. ക്ഷണത്തിൽ രൂപം മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇന്നവിധത്തിലെന്നു പറയുവാൻ സാദ്ധ്യമല്ല. അതിന്റെ അളവും സ്ഥാനവും കാണുന്നില്ല. ആകാരവും അതുപോലെതന്നെ വേറെ ഞാൻ കണ്ടിട്ടില്ല. അത് എന്നു ഭംഗിയുള്ളതാണ്. ശീതോഷ്ണങ്ങൾ അതിലില്ല. പൈദാഹവും ക്ഷീണവും അതിൽ പാർക്കുന്നവർക്കാർക്കുമില്ല. നാനാപ്രകാരത്തിൽ ശോഭിക്കുന്ന രത്നം കൊണ്ടു നിർമ്മിച്ചതാണ്. അത് തൂണിന്മേലല്ല നില്ക്കുന്നത്. ഒരിക്കലും അതു കീഴോട്ടു വീണുപോവുകയില്ല. പ്രഭയോടുകൂടി വിളങ്ങുന്ന ദിവ്യമായ ദ്രവ്യങ്ങൾ ചേർന്നു നിർമ്മിച്ച അത് ചന്ദ്രസൂര്യാഗ്നികളേക്കാൾ അധികം തെളിവോടെ സ്വർഗ്ഗോപരി സൂര്യനെ ധിക്കരിക്കുമാറു ശോഭിക്കുന്നു. ഭഗവാൻ അതിലാണല്ലോ ദേവമായയാൽ അധിവസിക്കുന്നത്. തനിച്ച് സൃഷ്ടിചെയ്യുന്ന സർവ്വലോകപിതാമഹനായ ഭഗവാൻ അതിൽ വസിക്കുന്നു.

പ്രജാപതികൾ എല്ലാവരും ഭവാനെ ഉപാസിക്കുന്നു. കാശ്യപൻ, ഭൃഗു, അത്രി, വസിഷ്ഠൻ, അംഗിരസ്സ്, ഗൗതമൻ, പുലസ്ത്യൻ, ക്രതു, പ്രഹ്ലാദൻ, കർദ്ദമൻ, അഥർവ്വാംഗിരസൻ, ബാലഖില്യർ, മരീചിപർ, അന്തരീക്ഷം, മനം, വിദ്യ, തേജസ്സ്, വായു, ജലം, മഹി, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, വികാരം, പ്രകൃതി, മറ്റു ഭൂകാരണങ്ങൾ, അഗസ്ത്യൻ, മാർക്കണ്ഡേയൻ, ജമദഗ്നി, ഭരദ്വാജൻ, സംവർത്തൻ, ച്യവനൻ, ദുർവ്വാസാവ്, ധർമ്മവാനായ ഋശ്യശൃംഗൻ, സനൽക്കുമാരൻ, അസിതൻ, ദേവലൻ, ജൈഗിഷവ്യൻ, ഋഷഭാജിതശത്രുക്കൾ, മഹാവീര്യവാനായ മണി, ദേഹം എടുത്ത അഷ്ടാംഗമായ ആയുർവ്വേദം, നക്ഷത്രഗണങ്ങളോടുകൂടി ചന്ദ്രൻ, തിഗ്മരശ്മിയായ ആദിത്യൻ, ക്രതുക്കൾ, വായുക്കൾ, സങ്കല്പം, പ്രമാണം, മൂർത്തിമാന്മാരായ, മഹാവ്രതികളായ, മഹാത്മാക്കൾ ഇവരും മറ്റു പലരും വിരിഞ്ചനെ ഉപാസിക്കുന്നു.

അർത്ഥം, ധർമ്മം, കാമം, ഹർഷം, ദ്വേഷം, തപം, ദമം, ഗന്ധർവ്വാപ്സരോഗണം ഇങ്ങനെ ഇരുപത്തേഴുപേരും ലോകപാലന്മാർ എല്ലാവരും മന്ത്രം, രഥന്തരം, ഹരിമാൻ, വസുമാൻ, സാധിരാജാക്കൾ, ആദിത്യന്മാർ, നാമദ്വന്ദ്വത്തോടു പറഞ്ഞവർ, മരുത്തുക്കൾ, വിശ്വകർമ്മാവ്, വസുക്കൾ, പിതൃക്കൾ, സർവ്വഹവിസ്സുക്കളും, ഋഗ്വേദം, സാമവേദം, യജുർവ്വേദം, അധർമ്മവേദം, സർവ്വശാസ്ത്രസമൂഹവും ഇതിഹാസം, ഉപദേശങ്ങൾ, എല്ലാ വേദാംഗങ്ങളും ഗ്രഹയജ്ഞങ്ങൾ, സോമൻ, ദേവതാജാലം, സാവിത്രി, ദുർഗ്ഗ, തരണി, വാണി, സപ്തവിധാകൃതി, ധൃതി, മേധാ, സ്മൃതി, പ്രജ്ഞ, ബുദ്ധി, കീർത്തി, ക്ഷമ, സ്തുതി, ശാസ്ത്രങ്ങൾ, സാമങ്ങൾ, പലമാതിരി ഗാഥകൾ, ഭാഷ്യങ്ങൾ, തർക്കങ്ങൾ ഇവയുമെടുത്ത് ശരീരമെടുത്ത് ബ്രഹ്മദേവനെ അവിടെ ഉപാസിക്കുന്നു.

നാടകങ്ങൾ, പല കാവ്യങ്ങൾ, കഥകൾ, ആഖ്യായികകൾ, കാരിക, പുണ്യത്തോടു ചേർന്ന ഇവ അവിടെയുണ്ട്, ഗുരുപൂജകളുമുണ്ട്. ക്ഷണം, ലവം, മുഹൂർത്തം, പകൽ, രാവ്, അർദ്ധമാസങ്ങൾ, പന്ത്രണ്ടുമാസങ്ങൾ, ആറ് ഋതുക്കൾ, അഞ്ചുവാസരം, നാലു യുഗങ്ങൾ, അഹോരാത്രങ്ങൾ, ദിവ്യമായ കാലചക്രം എന്നും അക്ഷയവും അവ്യയവുമായ ധർമ്മചക്രം ഇവയും എന്നും അവിടെയുണ്ട്. യുധിഷ്ഠിര! ദിതി, അദിതി, ദനു, സുരസാ, വിനത, ഇര, കാളിക, സുരഭീദേവി, സരമായെന്ന് പേരായ ഗൗതമി, പ്രഭ, കദ്രു, അപ്രകാരമുള്ള ദേവമാതാക്കൾ, ദേവികൾ, രുദ്രാണി, ലക്ഷ്മി, ഭദ്ര, ഷഷ്ഠി, ഗോവടിവിൽ വന്ന ഭൂമിദേവി, ഹ്രീ, സ്വാഹ, കീർത്തി, സുരാ, ശചീദേവി, പുഷ്ടി, അരുന്ധതി, സംവൃത്തി, ശനീയാതി, സൃഷ്ടിദേവി, രതി ഇവരും മറ്റു പല ദേവിമാരും വിധാതാവിനെ അവിടെ സേവിക്കുന്നു.

വസുക്കൾ, രുദ്രൻ, ആദിത്യന്മാർ, മരുത്തുക്കൾ, അശ്വികൾ എന്നറിയപ്പെടുന്ന വിശോദേവകൾ, സാദ്ധ്യന്മാർ, പിതൃക്കൾ ഇപ്രകാരം ഏഴുകൂട്ടരായ പിതൃക്കളും, മൂർത്തിമാർ നാലും, ശരീരമില്ലാത്തവർ മൂന്നും, വൈരാജന്മാർ, മഹാത്മാക്കളായ അഗ്നിഷ്വാത്താദ്യന്മാർ, നാർഹപതർ, നാകചരരായ പിതൃക്കൾ, സോമപന്മാർ, ഏകശൃംഗർ, ചതുർവ്വേദർ, കലാഖ്യർ, നാലുവർണ്ണത്താലും പൂജിക്കപ്പെടുന്ന പിതൃക്കൾ എന്നിവർ ബ്രഹ്മാവിനെ ഉപാസിക്കുന്നു. ഇവർക്കു തൃപ്തിയായി വന്നാൽ സോമതൃപ്തിയുമായി വരും. അപ്രകാരമുള്ള പിതൃക്കൾ അവിടെച്ചെന്ന് യഥാവിധി വന്ദിച്ച് ശക്തിയേറുന്ന വിരിഞ്ചനെ ഉപാസിക്കുന്നു.

രാക്ഷസന്മാർ, പിശാചന്മാർ, ദാനവന്മാർ, ഗുഹ്യകന്മാർ, നാഗങ്ങൾ, സുപർണ്ണങ്ങൾ, പശുക്കൾ, സ്ഥാവരങ്ങളും ജംഗമങ്ങളുമായ മറ്റ് മഹാഭൂതങ്ങൾ, ദേവരാജാവായ പുരന്ദരൻ, വരുണൻ, ധനദൻ, യമൻ, ഉമയോടുകൂടി മഹാദേവൻ ഇവരൊക്കെ എന്നും വന്ന് വിരിഞ്ചനെ ഉപാസിക്കുന്നു.

ദേവനായ നാരായണനും, ദേവർഷികളും, ബാലഖില്യമുനീന്ദ്രന്മാരും, യോനിജങ്ങളും, അയോനിജങ്ങളും, ത്രൈലോക്യത്തിൽ കാണുന്ന എല്ലാ ചരാചരങ്ങളും ഞാൻ ആ സഭയിൽ കണ്ടു. ഊർദ്ധ്വരേതസ്സുകളായ എൺപത്തെണ്ണായിരം മഹർഷിമാർ, സന്താനമുള്ളവരായ അമ്പതിനായിരം പേർ, അമരന്മാർ ഇവരൊക്കെ ദേവനെ കൈവണങ്ങി ഇഷ്ടംപോലെ ഗമിക്കുന്നു. പാന്ഥരായി എത്തുന്ന അമരന്മാർ, ദൈത്യന്മാർ, അഹികൾ, ദ്വിജന്മാർ, സുപർണ്ണയക്ഷഗന്ധർവ്വന്മാർ, അപ്സരസ്സുകൾ, കാലേയർ എന്നിവരേയും പൂജ്യാതിഥികളായി സർവ്വഭൂതദയാശാലിയായ ലോകപിതാമഹൻ ബ്രഹ്മാവ് യഥാർഹം സ്വീകരിക്കുന്നു. അവരെ സ്വീകരിച്ച് ബഹുഭക്തിമാനും സ്വയംഭൂവുമായ വിശ്വമൂർത്തി സമാധാനവാക്കും, ബഹുമതിയും, ധനവും, സുഖാനുഭവവും അരുളുന്നു. രാജാവേ! വന്നവരും, വരുന്നവരുമായ അവരാൽ ഇടകലർന്ന് ഏറ്റവും അഴകിൽ സഭ ശോഭിക്കുന്നു. സർവ്വതേജോമയിയും ദിവ്യബ്രഹ്മർഷിസേവിതയുമായ സഭ ബ്രഹ്മശ്രീയും ജ്വലിച്ച് വാട്ടംകൂടാതെ വിളങ്ങുന്നു. അപ്രകാരം പ്രശോഭിക്കുന്ന സുദുർല്ലഭമായ സഭ ഞാൻ കണ്ടു. മനുഷ്യലോകത്തിൽ രാജാവേ! ഭവാന്റെ സഭയെപ്പോലെയാണ് അതും. ഈ പറഞ്ഞ ദേവസഭകളെയൊക്കെ ഞാൻ കണ്ടിട്ടുണ്ട്. മനുഷ്യലോകത്ത് ഭവാന്റെ ഈ സഭയാണ് എല്ലാറ്റിനേക്കാളും ശ്രേഷ്ഠം."

12. പാണ്ഡുസന്ദേശകഥനം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹാശയനായ മുനേ, ഭവാൻ വൈവസ്വതന്റെ സഭയിൽ മിക്ക രാജാക്കളും വാഴുന്നതായി പറഞ്ഞുവല്ലോ. വരുണന്റെ സഭയിൽ നാഗങ്ങളെപ്പറ്റിയും പറഞ്ഞു. അപ്രകാരം ദൈത്യേന്ദ്രന്മാരുടേയും, സരിത്തുകളുടേയും, സാഗരങ്ങളുടേയും യോഗത്തെപ്പറ്റി പറഞ്ഞു. വിത്തേശന്റെ സഭയിൽ ഗുഹ്യകന്മാരേയും അശരജാതിയേയുംപറ്റി പറഞ്ഞു. ഗന്ധർവ്വാപ്സരോവർഗ്ഗത്തേയും ഗിരിശനേയുംപറ്റി പറഞ്ഞു. പിതാമഹന്റെ സഭയിൽ മാമുനിമാരെപ്പറ്റി പറഞ്ഞു. എല്ലാ ദേവഗണത്തേയും സർവ്വശാസ്ത്രങ്ങളേയും ദേവന്മാരേയും ശക്രന്റെ ശഭയിൽ പറഞ്ഞു. ഉദ്ദേശിച്ചപോലെ ഗന്ധർവ്വന്മാരേയും മുനിമാരേയുംപറ്റിയും പറഞ്ഞു.

digitized by www.sreyas.in

എന്നാൽ രാജാക്കന്മാരിൽ ഒരാൾ, ഹരിശ്ചന്ദ്രൻമാത്രം, ദേവേന്ദ്ര സഭയിൽ പാർക്കുന്നുണ്ടെന്നാണല്ലോ പറഞ്ഞത്. എന്തു കർമ്മം ചെയ്തിട്ടാണ് ഈ സ്ഥാനം അദ്ദേഹത്തിന്നു ലഭിച്ചത്? തപം ചെയ്തിട്ടാണോ? കീർത്തിമാനായ ഇന്ദ്രനോടു ഗുണത്തിൽ മത്സരിക്കത്തക്കവണ്ണം അവിടെയെത്തിച്ചേരുവാൻ എന്താണു കാരണം?

പിതൃലോകത്തിൽ എന്റെ പിതാവായ പാണ്ഡുവിനെ കണ്ടുവല്ലോ? നിങ്ങൾ തമ്മിൽ ചേർന്നുവോ? എന്താണ് അപ്പോൾ അദ്ദേഹം പറഞ്ഞത്? ഭഗവാനേ, യതവ്രതാ! ഇതൊക്കെ ഭവാൻ പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

നാരദൻ പറഞ്ഞു: "ഹേ, രാജേന്ദ്രാ! ഭവാൻ ഹരിശ്ചന്ദ്രനെ പ്പറ്റി ചോദിച്ചുവല്ലോ. ഞാൻ ആദ്യമായി അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ പറയാം.

ബലവാനായ ഹരിശ്ചന്ദ്രരാജാവ് സർവ്വസാമ്രാജ്യത്തേയും വിജയിച്ചു. അവന്റെ കല്പനയ്ക്കു കീഴിൽ എല്ലാ രാജാക്കന്മാരും വന്നു. അവൻ ഒറ്റയ്ക്കു പൊന്നണിഞ്ഞ ജൈത്രരഥത്തിൽക്കയറി ശസ്ത്രപ്രതാപം കൊണ്ട് സപ്തദ്വീപുകളും ജയിച്ചു. കാടും, പുഴകളും, മേടും കൂടുന്ന പാരൊക്കെയും ജയിച്ചു. മഹാരാജാവേ, രാജസൂയമഹാമഖം നിശ്ചയിച്ചു. രാജാക്കന്മാർ ഹരിശ്ചന്ദ്രന്റെ കല്പനപ്രകാരം ധാരാളം ധനധാന്യങ്ങൾ നല്കി. യജ്ഞത്തിൽ വിപ്രശുശ്രൂഷയ്ക്ക് അവർ എല്ലാവരും നിന്നു. യാചകന്മാർക്ക് ധാരാളം ദ്രവ്യം നല്കി. അവർ പറഞ്ഞതിലും അഞ്ചിരട്ടി നല്കി. പലവിധം വിത്തങ്ങൾകൊണ്ടും വിപ്രന്മാരെ തർപ്പിച്ചു. നാനാദിക്കിൽനിന്നും എത്തിച്ചേർന്നവർ പിരിയുമ്പോൾ പല ഭക്ഷ്യഭോജ്യങ്ങളേയും ഇഷ്ടംപോലെ നല്കി. രത്നസംതർപ്പിതന്മാരായ അവർ സന്തോഷിച്ചു നൃപനെ ഏറ്റവും പുകഴ്ത്തി. 'ഈ രാജാവ് മറ്റു മന്നവരേക്കാൾ യശസ്വിയും തേജസ്വിയുമാണ്.' ഈ കാരണത്താൽ രാജാവേ! ഹരിശ്ചന്ദ്രൻ മറ്റു മന്നവരേക്കാൾ മെച്ചപ്പെട്ടു ശോഭിച്ചു. മഹായജ്ഞം കഴിച്ച് പ്രതാപവാനായ ഹരിശ്ചന്ദ്രൻ സാമ്രാജ്യാഭിഷേകം ഏറ്റു പ്രശോഭിച്ചു. മറ്റ് ഏതു രാജാക്കന്മാർ രാജസൂയം കഴിച്ചുവോ അവരെല്ലാം ഇന്ദ്രനുമൊന്നിച്ചു വിളങ്ങി സന്തോഷിക്കുന്നവരാകും. പോരിൽ പിന്തിരിയാതെ പോരാടി മരിച്ച നരവീരന്മാരും ഇന്ദ്രന്റെ സഭയിൽ ചെന്നു നന്ദിക്കുന്നു. തീവ്രമായ തപംകൊണ്ടു ദേഹം വെടിയുന്നവരും, ആ സ്ഥാനത്തിൽച്ചെന്നു കാന്തിയോടെ സന്തോഷപൂർവ്വം ഇരിക്കും.

ഹേ, കൗന്തേയാ! നിന്റെ അച്ഛനായ പാണ്ഡുരാജാവ് ഹരിശ്ചന്ദ്രരാജാവിന്റെ ലക്ഷ്മി കണ്ടു വിസ്മയിച്ച് മനുഷ്യലോകത്തേക്കു ഞാൻ പോകുന്നുണ്ടെന്നറിഞ്ഞപ്പോൾ, വിനയത്തോടെ എന്നോടു പറഞ്ഞു."

പാണ്ഡു പറഞ്ഞു: "ഭവാൻ യുധിഷ്ഠിരനോടു പറയണം: നീ പാരിടം ജയിക്കുവാൻ കെല്പുള്ളവനാണ്. അനുജന്മാർ നിന്റെ അധീനത്തിൽ നില്ക്കുന്നുണ്ട്. രാജസൂയമഹായാഗം ചെയ്യുക! പുത്രനായ നീ ഈ മഖം ചെയ്യുന്നതായാൽ ഞാൻ ഹരിശ്ചന്ദ്രനെപ്പോലെ ദേവരാജാവിന്റെ സഭയിൽ ഒട്ടേറെക്കാലം നന്ദിക്കും."

നാരദൻ പറഞ്ഞു: "എന്നാൽ അങ്ങനെയാകട്ടെ! ഞാൻ ഭൂലോകത്തിൽ പോയാൽ ഭവാന്റെ പുത്രനോട് ഈ സന്ദേശം ഉണർത്തിക്കാം! എന്നു പാണ്ഡുവിനോടു ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ ആ സങ്കല്പം ഭവാൻ നിറവേറ്റുക. നീ പൂർവ്വന്മാരോടുകൂടി ശക്രസാലോക്യത്തെ പ്രാപിക്കും. ഈ രാജസൂയമെന്ന ക്രതു വളരെയേറെ വിഘ്നമുള്ളതാണ്. ഛിദ്രമുണ്ടാക്കുവാൻ യജ്ഞഘ്നന്മാരായ ബ്രഹ്മരാക്ഷസന്മാർ ശ്രമിക്കും. ക്ഷത്രിയനാശനമായി ഭൂമി നശിപ്പിക്കുന്നവിധം യുദ്ധമുണ്ടാകും. ഇതൊക്കെ ചിന്തിച്ചു രാജാവേ, ഭവാൻ ക്ഷേമംപോലെ നടക്കുക. ചാതുർവ്വർണ്യം ഭരിക്കുവാൻ പ്രമാദംവിട്ടു നില്ക്കുക! വാഴുക! വർദ്ധിക്കുക! നന്ദിക്കുക! വിപ്രരെ വിത്തംകൊണ്ടു തർപ്പിക്കുക! എന്നോടു ചോദിച്ചത് ഞാൻ വിസ്തരിച്ചു പറഞ്ഞു. ഞാൻ യാത്ര പറയുന്നു. ദാശാർഹന്മാരുടെ നഗരത്തിലേക്ക്, ദ്വാരകയിലേക്ക്, ഞാൻ പോകട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാർത്ഥന്മാരോടു പറഞ്ഞ് ജനമേജയ! നാരദൻ കൂടെവന്ന മുനീന്ദ്രന്മാരോടുകൂടി ഇറങ്ങി. നാരദൻ പോയശേഷം പാർത്ഥൻ അനുജന്മാരോടുകൂടി രാജസൂയക്രതുവിനെപ്പറ്റി ചിന്തിച്ചു."

രാജസൂയാരംഭപർവ്വം

13. വാസുദേവാഗമനം – രാജസൂയപരാമർശം – വൈശമ്പായനൻ പറഞ്ഞു: "നാരദമഹർഷി വന്നു പറഞ്ഞുപോയതിന്നുശേഷം യുധിഷ്ഠിരന്റെ മനസ്സ് അസ്വസ്ഥമായി, നെടുവീർപ്പിട്ടു ചിന്തയിലാണ്ടു. മഹാരാജർഷിമാരുടെ മഹിമാവിനെയോർത്തും വിശേഷിച്ചും ഹരിശ്ചന്ദ്രരാജാവിന്റെ വാഴ്ചക്കാലത്തെ ഓർത്തും രാജസൂയചിന്തയാൽ യുധിഷ്ഠിരന്റെ മനസ്സ് അസ്വസ്ഥമായി. യജ്വാക്കൾ പുണ്യകർമ്മത്താൽ പ്രാപിച്ചേരുന്ന ലോകത്തെപ്പറ്റിത്തന്നെയായിരുന്നു, യുധിഷ്ഠിരന്റെ ചിന്ത. ചിന്തിച്ചതിന്റെ ശേഷം രാജസൂയമഖം കഴിക്കുവാൻ മനസ്സിലുറപ്പിച്ചു.

യുധിഷ്ഠിരൻ സർവ്വസഭാജനങ്ങളോടും ആലോചന നടത്തി ആ യജ്ഞത്തെപ്പറ്റി വീണ്ടും വീണ്ടും അലോചിച്ചു. സർവ്വജനങ്ങളുടേയും ഹിതത്തെ ചിന്തിച്ചു. സർവ്വജനങ്ങൾക്കും ഇഷ്ടംചെയ്തു. കോപഗർവ്വങ്ങളൊക്കെ വിട്ട് സാധുധർമ്മമാണു ധർമ്മമെന്നും അതല്ലാതെ മറ്റൊന്നുമല്ലെന്നും ചിന്തിച്ചു പ്രവർത്തിച്ചു വാഴുമ്പോൾ മഹാജനങ്ങൾ പാണ്ഡുവിൽ എന്നവിധം ആശ്വാസംകൊണ്ടു. അങ്ങനെ ആരും ശത്രുക്കളില്ലാതായ രാജാവിന് 'അജാതശത്രു' എന്ന പേരുവന്നു. രാജാവിന്റെ അനുഗ്രഹത്താലും, ഭീമന്റെ പാലനത്താലും, ബീഭത്സുവായ അർജ്ജുനന്റെ ശത്രുധ്വംസത്താലും, ധീമാനായ സഹദേവന്റെ ധർമ്മവാക്കുകളാലും, നകുലനുള്ള വിനയംമൂലവും, രാജാവു പോരും പേടിയുമില്ലാതെ നിത്യവും സ്വകർമ്മം ചെയ്തു. വേണ്ടവിധത്തിൽ മഴപെയ്തു രാജ്യം പുഷ്ടിപ്രാപിച്ചു.

വൃദ്ധന്മാർക്കുള്ള പെൻഷൻ, യാഗത്തിന്നുവേണ്ട ദ്രവ്യങ്ങൾ, ഗോരക്ഷ, കൃഷി, വാണിഭം ഇതൊക്കെ തുല്യമായി രാജരക്ഷകൊണ്ടു വർദ്ധിച്ചു. നിർബ്ബന്ധിച്ചുള്ള കരംപിരിവ്, ജനങ്ങളിൽനിന്നു കടമെടുപ്പ്, ദുർവ്യാധി, അഗ്നിബാധ മുതലായവയൊന്നും യുധിഷ്ഠിരൻ രാജാവായതിന്നുശേഷം ഉണ്ടായില്ല.

കള്ളന്മാരെക്കൊണ്ടും, തട്ടിപ്പറിക്കാരെക്കൊണ്ടും, രാജാക്കന്മാർ തമ്മിലും, രാജസേവകരാലും ആപത്തുകളൊന്നും വന്നുചേർന്നില്ല. പ്രിയം ചെയ്യുവാനും, ഉപാസിക്കുവാനും, ബലികർമ്മം ചെയ്യുവാനും, സ്വകർമ്മം നടത്തുവാനും, ആദായത്തിൽ ആറിലൊരുഭാഗം രാജാവിന്നുവേണ്ടി പിരിക്കുവാനും, നാട്ടുകാരും വർത്തകരും സന്നദ്ധരാകയാൽ ധർമ്മനിഷ്ഠനായ യുധിഷ്ഠിരന്റെ രാജ്യം ക്ഷേമപൂർണ്ണമായി. ലോഭംകൂടാതെ നാട്ടുകാർ രാജസങ്ങൾ ഇഷ്ടംപോലെ ഏറ്റു. സർവ്വഗനും, സർവ്വഗുണിയും, സർവ്വസഹായിയുമായി കീർത്തിയോടെ വിലസുന്ന സമ്രാട്ടിന്റെ കീഴിലുള്ള രാജ്യം മാതാപിതാക്കളിൽ എന്നപോലെ, എല്ലായിടവും, നാട്ടുകർ ദ്വിജന്മാർമുതൽ ഗോപാലന്മാർവരെ തമ്മിൽ അനുരജ്ഞനത്തോടെ വസിച്ചു. അന്ന് മന്ത്രിമാരോടും അനുജന്മാരോടുംകൂടിയിരുന്നു വീണ്ടും രാജസൂയത്തെക്കുറിച്ചു രാജാവ് ആലോചന നടത്തിയത്. രാജാവ് ചോദിച്ച ചോദ്യത്തിന്നുത്തരമായി മന്ത്രിമാർ, യജ്ഞതത്പരനും പണ്ഡിതനുമായ യുധിഷ്ഠിരനോടു പറഞ്ഞു."

മന്ത്രിമാർ പറഞ്ഞു: "അഭിഷേകംകൊണ്ട് വരുണന്റെ ഗുണം രാജാവിന്നു സിദ്ധിക്കുന്ന രാജസൂയമഖം ചെയ്തു സാമ്രാജ്യഗുണം കാംക്ഷിക്കുകയാണല്ലോ രാജാവ്. ഹേ, കുരുനന്ദനാ! സാമ്രാജ്യയോഗ്യനാകുന്ന ഭവാന് രാജസൂയത്തിന്നുള്ള കാലമായെന്ന് സുഹൃജ്ജനങ്ങൾ ചിന്തിക്കുന്നു. ആ രാജസൂയത്തിന്റെ കാലം ക്ഷാത്രശക്തികൊണ്ടു സ്വാധീനമാണ്. അതിൽ സാമവേദത്തിൽ വിധിച്ച മന്ത്രങ്ങൾകൊണ്ട് ഷഡംഗാഗ്നിയെ സംശിതവ്രതർ ഹോമിക്കുന്നു. സർവ്വദർവ്വീഹോമമേറ്റ് യാഗങ്ങളെ ചെയ്യുകയും അവസാനം അഭിഷേകംമൂലം ഭവാന് സർവ്വജിത്ത് എന്ന

digitized by www.sreyas.in

പേര് ലഭിക്കുകയും ചെയ്യും. മഹാബാഹോ! ഭവാൻ ഒട്ടും വിഷാദിക്കരുത്. ഞങ്ങളെല്ലാം ഭവാന്റെ പാട്ടിൽ നില്ക്കുന്നുണ്ട്. വൈകാതെതന്നെ രാജാവേ, ഭവാൻ രാജസൂയം നടത്തുക. ശങ്കിക്കാതെ രാജസൂയത്തെപ്പറ്റി വേണ്ടതു ചിന്തിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "എന്ന് രാജാവിനോട് സുഹൃത്തുക്കൾ വെവ്വേറെയും ഒന്നിച്ചുചേർന്നും പറഞ്ഞു. ധർമ്മവും, ധൃഷ്ടവും, ശ്രേഷ്ഠവും, ഇഷ്ടവുമായ മൊഴി അവർ പറഞ്ഞപ്പോൾ മഹാനായ പാണ്ഡവൻ അത് ഹൃദയപൂർവ്വം കൈക്കൊണ്ടു. സുഹൃജ്ജനങ്ങളുടെ വാക്കു കേട്ടും, സ്വന്തം ബുദ്ധികൊണ്ടറിഞ്ഞും, വീണ്ടും വീണ്ടും രാജസൂയത്തിന്നുതന്നെ മനസ്സുവെച്ചു. സോദരന്മാരോടും, ഋത്വിക്കുകളോടും, മന്ത്രിമാരോടും ഒന്നിച്ച് ധർമ്മരാജാവായ യുധിഷ്ഠിരൻ, ധൗമ്യനോടും വ്യാസനോടും അതിനെപ്പറ്റി വീണ്ടും ആലോചിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "സാമ്രാജ്യക്രതുവായ രാജസൂയം നടത്തുവാൻ ഞാൻ ശ്രദ്ധവെക്കുകയാണ്. എന്താണ് ഭവാന്മാരുടെ അഭിപ്രായം? ഭവാന്മാർ ചിന്തിച്ചു പറയുക! എന്റെ ആഗ്രഹം എങ്ങനെ കലാശിക്കുമോ എന്നറിയുന്നില്ല!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം രാജാവു പറഞ്ഞപ്പോൾ ധർമ്മരാജാവിനോട്, രാജസൂയമഹായാഗത്തിന്ന് അങ്ങ് ഏറ്റവും അർഹനാണ് എന്ന് ഋത്വിക്കുകളും ഋഷികളും പറഞ്ഞു. രാജാവിന്റെ മന്ത്രിമാരായ ഭ്രാതാക്കൾ ആ വാക്ക് ആദരിച്ചു. മഹാപ്രാജ്ഞനായ യുധിഷ്ഠിരൻ വീണ്ടും ആലോചിച്ചു. തന്റെ കർമ്മം ലോകഹിതമായി വരണമെന്നു ചിന്തിച്ചു. ദേശകാലഭേദങ്ങളും ആയവ്യയങ്ങളും അറിഞ്ഞുചെയ്യുന്ന ബുദ്ധിമാൻ ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. തനിച്ചു നിശ്ചയിച്ചാൽപ്പോരാ ഈ മഹത്തായ കാര്യം നടത്തുവാൻ എന്നു വിചാരിച്ച് രാജാവ് കൃഷ്ണനോടുകൂടി ആലോചിക്കുവാൻ തീരുമാനിച്ചു. സർവ്വലോകത്തിലും മുഖ്യനും അപ്രമേയനും മഹാബാഹുവും കാമത്താൽ മർത്ത്യനായവനും ദേവസമ്മിതനുമായ കൃഷ്ണനെ കാണുവാൻ തീരുമാനിച്ചു. കൃഷ്ണന്ന് അറിയാത്ത കാര്യമില്ല; വയ്യാത്ത കർമ്മമില്ല. അവൻ താങ്ങാത്തത് ഒന്നുംതന്നെ പ്രപഞ്ചത്തിലില്ല എന്നും കുന്തീപുത്രൻ വിചാരിച്ചു. നിഷ്ഠയോടെ ഈ ബുദ്ധി കൈക്കൊണ്ട് യുധിഷ്ഠിരൻ ഗുരുവായ ലോകഗുരുവിന്റെ സന്നിധിയിലേക്ക് ഒരു ദൂതനെ വിട്ടു.

വേഗത്തിൽ പായുന്ന തേരിലേറി ആ ദൂതൻ ആ യാദവന്റെ സന്നിധിയിലേക്കു പോയി. ദ്വാരകാപുരിയിൽച്ചെന്ന് ദ്വാരകാനാഥനായ കൃഷ്ണനെ കണ്ടു. പാർത്ഥൻ കാണുവാൻ ആഗ്രഹിക്കുന്ന വിവരം അറിഞ്ഞ ഉടനെ അച്യുതൻ ഇന്ദ്രസേനനോടുകൂടെ ഇന്ദ്രപ്രസ്ഥത്തിലേക്കു പോയി. നാടുകൾ പലതും കടന്ന് ഓടുന്ന കുതിരകൾ കൃഷ്ണനെ വേഗത്തിൽ ഇന്ദ്രപ്രസ്ഥത്തിലെത്തിച്ചു. യുധിഷ്ഠിരനെ മാധവൻ കണ്ടു. പിതാവിനെപ്പോലെ ഭീമൻ പൂജിച്ചു. ഉടനെ അച്ഛൻപെങ്ങളായ കുന്തിയെക്കണ്ട് പ്രീതനായി കൃഷ്ണൻ തന്റെ ഇഷ്ടസഖാവായ അർജ്ജുനനെ കണ്ടു. അർജ്ജുനനോടുകൂടി ആനന്ദിക്കെ യമന്മാർ ഗുരുവിനെപ്പോലെ കൃഷ്ണനെ പൂജിച്ചു. വിശ്രമിച്ച് ശുഭസ്ഥാനത്തിൽ കൃഷ്ണൻ ഇരിക്കുമ്പോൾ ധർമ്മജൻ ചെന്ന് തന്റെ മനോരഥം ഉണർത്തിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഞാൻ വെറുതെ ഇച്ഛകൊണ്ടുമാത്രം രാജസൂയത്തിന്നു മോഹിക്കുന്നു. അതു നടക്കുവാൻപോകുന്ന മോഹമല്ലെന്ന് എനിക്കറിയാം. കൃഷ്ണാ, ഭവാന് അതൊക്കെ അറിയാമല്ലോ. എല്ലാം ആരുടെ അധീനത്തിലാണോ, എല്ലാർക്കും പൂജ്യൻ ഏവനാണോ, എല്ലാർക്കും ഈശ്വരനായിട്ട് ആരുണ്ടോ, അവൻ ഈ മഖം നടത്തും. ഈ സുഹൃജ്ജനങ്ങൾ പറയുന്നു രാജസൂയം ചെയ്യണമെന്ന്. എനിക്ക് ഒരു തീർച്ചയുമില്ല. എന്റെ തീരുമാനമൊക്കെ ഭവാനിലാണിരിക്കുന്നത്. അങ്ങു പറഞ്ഞാൽ എനിക്ക് പിന്നെ സംശയമില്ല. വേഴ്ചകൊണ്ടു വൈഷമ്യം കാണില്ലെന്നു ചിലർ പറയും. വേറെ ചിലർ സ്വാർത്ഥംനോക്കി പ്രിയവും പറയും. ചിലർ ആത്മഹിതം നോക്കി പ്രിയംതന്നെ കാണും. ഇപ്രകാരം പലരും പലതും പറയും. ഭവാൻ ഈ വികാരങ്ങൾക്കും ആഗ്രഹങ്ങൾക്കുമൊക്കെ ഉപരിയാണ്. അങ്ങ് കാമക്രോധങ്ങൾ ജയിച്ചവനാണ്. അതുകൊണ്ട് ലോകനന്മയ്ക്ക് ഏറ്റവും നല്ലത് എന്താണെന്നു പറഞ്ഞാലും."

14. കൃഷ്ണന്റെ വാക്യം – ശ്രീകൃഷ്ണൻ പറഞ്ഞു: "മഹാരാജാവേ, വിശിഷ്ടഗുണങ്ങൾചേർന്ന ഭവാൻ രാജസൂയത്തിന്ന് അർഹനാണ്. ഞാൻ അറിയുന്നതും ചുരുക്കത്തിൽ പറയാം. ജാമദഗ്ന്യൻ കൊന്നൊടുക്കിയതിന്നുശേഷം അവശേഷിച്ച ക്ഷത്രിയർക്ക് താവഴിക്കാരാണ് ക്ഷത്രിയർ എന്ന പേരിലറിയപ്പെടുന്നവരൊക്കെ ഇന്നത്തെ ക്ഷത്രിയർ എന്നുമുതല്ക്കാണ് ഉണ്ടായത് എന്നുള്ളിന്റെ ഒരു കാലസങ്കല്പമാണ് ഞാൻ ഈ പറഞ്ഞത്. ആജ്ഞ, അധികാരം, നിയമം എന്നിവയൊക്കെ ഭവാനറിയാമല്ലോ.

ക്ഷത്രിയരുടെ കുലകൂടസ്ഥന്മാർ ഐളൻ, ഇക്ഷ്വാകു എന്നിവരാണ്. മറ്റു രാജാക്കളൊക്കെ പാരമ്പര്യംകൊണ്ട് ഇവരോട് ബന്ധപ്പെട്ടവരാണ്. ഐളന്റേയും ഇക്ഷ്വാകുവിന്റേയും വംശക്കാരായി നൂറ് കുലം കാണും. യയാതിയിൽനിന്നാണ് ഭോജവംശം വർദ്ധിച്ചത്. ആ വംശം നാലുദിക്കിലും ഇന്ന് പരന്നിരിക്കുന്നു. അവരുടെ ലക്ഷ്മിയെ സർവ്വരാജാക്കന്മാരും സേവിക്കുന്നു. എന്നാൽ ഇപ്പോൾ ജരാസന്ധരാജാവ് ആ കുലത്തിന്റെ ഐശ്വര്യം അടക്കി അഭിഷിക്തനായി എല്ലായിടത്തുമുള്ള രാജാക്കന്മാരുടെ തലയിൽക്കയറി നില്ക്കുകയാണ്. അവൻ മദ്ധ്യഭൂമി ഭരിക്കുന്നു. തമ്മിൽ കലഹമുണ്ടാക്കുവാൻ ഒരുങ്ങി പ്രഭുത്വം തലയിൽക്കയറി ദിക്കൊക്കെ അടക്കിഭരിക്കുകയാണ്. അവനാണത്രേ മഹാരാജസാമ്രാജ്യത്തിന്ന് അർഹൻ! ആ ജരാസന്ധരാജാവിനെ തന്റെ പാട്ടിൽവെച്ച് സേനാപതിയായി പ്രതാപവാനായ ശിശുപാലൻ നില്ക്കുന്നു. അവനെ ശിശുപാലൻ, ശിഷ്യൻ ഗുരുവിനെയെന്നപോലെ, എപ്പോഴും ഉപാസിക്കുന്നു.

മഹാബലവാനും, മഹായോദ്ധാവും, മായായുദ്ധവിദഗ്ദ്ധനുമായ കാരൂഷരാജാവ് 'വക്രനും' ജരാസന്ധന്റെ ആശ്രിതനുമാണ്.

മഹാവീരന്മാരായ ഹംസനും ഡിംഭകനും, ജരാസന്ധനെ ആശ്രയിക്കുന്നു. കാരൂഷൻ, ദന്തവക്രൻ, മേഘവാഹനൻ, കരഭൻ എന്നിവരും അവനെ സേവിക്കുന്നു.

ലോകത്തിലുള്ളതിൽവെച്ച് ഏറ്റവും അത്ഭുതകരമായി അറിയപ്പെടുന്ന രത്നം ശിരസ്സിൽ അണിയുന്നവനും മുരനേയും നരകനേയും സ്വന്തം തേജസ്സുകൊണ്ട് നശിപ്പിച്ചവനും, പടിഞ്ഞാറുഭാഗത്ത് ഒരു വരുണനെപ്പോലെ വാഴുന്നവനും, അങ്ങയുടെ അച്ഛന്റെ പ്രിയസഖാവുമായ യവനരാജാവ് ഭഗദത്തൻ, വാക്കുകൊണ്ടും വിശിഷ്യക്രിയകൊണ്ടും ജരാസന്ധന്റെ വശത്താണ്. എങ്കിലും, മനസ്സുകൊണ്ട് അദ്ദേഹത്തിന്ന് നിന്നോട്, അച്ഛന് മകനോടെന്നപോലെ സ്നേഹമുണ്ട്.

തെക്കും പടിഞ്ഞാറും രാജ്യങ്ങൾക്ക് അധിപനും, ശൂരനും, ഭവാന്റെ അമ്മാവനും, കുന്തിവർദ്ധനനുമായ 'പുരുജിത്ത്' മാത്രമാണ് അങ്ങയോട് സ്നേഹമുള്ള ഏക രാജാവ്. മുമ്പെ ഞാൻ കൊല്ലാതെവിട്ട ജരാസന്ധന്റെ കൂട്ടുകാരനാണ്, പുരുഷോത്തമനായി ഭാവിക്കുന്ന, ദുർബുദ്ധിയായ, ചേദിരാജാവ്. താനാണ് 'പുരുഷോത്തമൻ' എന്നു ഭാവിച്ച് എന്റെ ചിഹ്നങ്ങളൊക്കെ എപ്പോഴും മോഹത്തിൽ അണിയുന്നവനും, വംഗപുണ്ഡ്രകിരാതന്മാരുടെ ഒക്കെ അധിപനും, ബലവാനുമായ പൗണ്ഡ്രകവാസുദേവനും ജരാസന്ധപക്ഷത്താണ്.

വിഖ്യാതനും, ഭോജരാജ്യത്തിന്റെ നാലിലൊന്നു ഭാഗത്തിന്ന് അധിപനും, ഇന്ദ്രസഖാവും, മഹാബലനും, സ്വന്തം വിദ്യാബലത്താൽ പാണ്ഡ്യർ, ക്രഥർ, കൈശികർ എന്നിവരെ ജയിച്ചവനുമായ ഭീഷ്മകന്റെ സഹോദരൻ, വീരനും ജമദഗ്നിപുത്രതുല്യനുമായ 'അകൃതി' ജരാസന്ധഭക്തനാണ്. അവൻ ഞങ്ങളുടെ ബന്ധുവായതുകൊണ്ട് എന്നും അവന് പ്രിയമായേ ഞങ്ങൾ പ്രവർത്തിക്കുന്നുള്ളൂ എങ്കിലും, അവൻ സദാ ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം കുലത്തിന്റെ അഭിമാനംനോക്കാതെ, സ്വന്തം ബലം അറിയാതെ, അവൻ ജരാസന്ധദീപ്തിയിൽ

digitized by www.sreyas.in

മോഹിച്ച്, ആ മഗധാധിപന്റെ ആധിപത്യത്തിൻകീഴിൽ ജീവിക്കുന്നു.

പതിനെട്ട് ഭോജവംശക്കാരും ജരാസന്ധനോടുള്ള ഭയം കൊണ്ട് പടിഞ്ഞാട്ട് മാറിയിരിക്കുകയാണ്. അതുപോലെ ബോധന്മാർ, ഭദ്രാകരന്മാർ, ശൂരസേനർ, ശാലന്മാർ, പടച്ചരന്മാർ, മുകുടന്മാർ, സുസ്ഥലന്മാർ, കളിന്ദന്മാർ, കുന്തികൾ എന്നിവരും, ശാല്വായനനൃപന്മാർ സോദര്യാനുചരന്മാരോടുകൂടിയും, ദക്ഷിണ പാഞ്ചാലർ, കിഴക്കൻ കോസലർ എല്ലാം കുന്തിരാജ്യത്തേക്കോടിപ്പോയിരിക്കുന്നു. വടക്കൻ ദിക്കുവിട്ട് ഓടിവന്ന മത്സ്യർ, സന്യസ്തപാദന്മാർ എന്നിവരെല്ലാം തെക്കൻദിക്കാശ്രയിച്ചവരാണ്. ജരാസന്ധഭയംമൂലം അവരും സർവ്വ പാഞ്ചാലന്മാരും സ്വരാജ്യം വിട്ട് അങ്ങുമിങ്ങും ഓടിക്കളഞ്ഞു. കുറെ നാൾക്കു മുൻപ് ബുദ്ധിശൂന്യനായ കംസൻ, യാദവന്മാരെ ജയിച്ചതിന്നുശേഷം രണ്ടു ജരാസന്ധപുത്രികളെ വേട്ടു. അവർ സഹദേവാനുജകളായ 'അസ്തി' യും 'പ്രാപ്തി' യുമാണ്. ഈ സഹായത്താൽ ആ ദുരാത്മാവ് കൂടുതൽ ശക്തനായി തന്റെ വംശക്കാരെ പീഡിപ്പിച്ചു.

കംസന്റെ ദുർന്നയം വർദ്ധിച്ചുവന്നു. ഭോജവംശത്തിലെ വൃദ്ധന്മാരായ രാജാക്കന്മാരൊയൊക്കെ ആ ദുഷ്ടൻ പീഡിപ്പിച്ചു. അവർ ആത്മരക്ഷയ്ക്കുവേണ്ടി ഈ ഞങ്ങളെ ആശ്രയിച്ചു. ആഹുകന്റെ മകളെ അക്രൂരന്നു നല്കി, സംകർഷണനോടൊത്ത് ഞാൻ ആ ജ്ഞാതികാര്യം നിർവ്വഹിച്ചു.

രാമന്റെ സഹായത്തോടെ ഞാൻ കംസനേയും സുനാമാവിനേയും സംഹരിച്ചു. ഇങ്ങനെ അവനിൽനിന്നുള്ള ഭയം തീർന്നപ്പോൾ ജരാസന്ധൻ പോരിനൊരുങ്ങി. ഞങ്ങൾ യദവന്മാർ പതിനെട്ട് കുലക്കാരുംകൂടി ആലോചിച്ചു. അവനേയും കൂട്ടരേയും ഉഗ്രമായ ശസ്ത്രംകൊണ്ട് കൊല്ലാൻ ശ്രമിച്ചാൽത്തന്നെ അത് എളുപ്പമാവില്ലെന്ന് ഞങ്ങൾക്കു മനസ്സിലായി. മുന്നൂറുകൊല്ലം കൊന്നാലും ഒടുങ്ങാത്ത പട അവനുണ്ട്. അവന് അമരതുല്യന്മാരും, ബലംകൊണ്ട് ഉഗ്രന്മാരും, ശസ്ത്രംകൊണ്ട് വധിക്കാൻ കഴിയാത്തവരുമായ സഹായികളായി ഹംസഡിംഭകന്മാരുമുണ്ട്. ആ വീരന്മാരോടുകൂടിയ ജരാസന്ധനെ കീഴടക്കുവാൻ മൂന്നു ലോകത്തിന്നും കഴിയുകയില്ല എന്നാണ് എന്റെ അഭിപ്രായം. ഇത് ഞങ്ങളുടെ മാത്രം അഭിപ്രായമല്ല. മറ്റെല്ലാ മന്നവന്മാരുടേയും അഭിപ്രായം ഇതുതന്നെയാണ്. ഇപ്രകാരമാണ് അവന്റെ നില.

ഹംസൻ എന്നു പേരായി മഹാബലനായ ഒരു രാജാവുണ്ടായിരുന്നു. അവനെ രാമൻ പതിനെട്ട് ദിവസത്തെ യുദ്ധത്തിന്നു ശേഷമാണ് കൊന്നത്. 'ഹംസനെക്കൊന്നു!' എന്ന് ആരോ പറഞ്ഞ് അറിഞ്ഞപ്പോൾ യമുനനദിയിൽച്ചാടി ഡിംഭകൻ മുങ്ങിച്ചത്തു. ഹംസനില്ലാതെ ഈ ലോകത്തിൽ ഞാൻ ജീവിച്ചിരിക്കയില്ല എന്ന് പറഞ്ഞിട്ടാണ് അവൻ വെള്ളത്തിൽച്ചാടി ചത്തത്. അപ്രകാരംതന്നെ ഡിംഭകൻ ചത്തു എന്ന് കേട്ട് ഹംസനും യമുനാനദിയിൽച്ചാടി മരിച്ചു. അവർ രണ്ടുപേരും മരിച്ച വൃത്താന്തമറിഞ്ഞ് ജരാസന്ധൻ ശൂന്യമനസ്സായി സ്വപുരിയിലേക്കു മടങ്ങിപ്പോയി. ആ രാജാവ് മടങ്ങിപ്പോയതിന്നുശേഷം ഞങ്ങൾ മഥുരാപുരിയിൽ ആനന്ദത്തോടെ പാർത്തു. അച്ഛനായ ജരാസന്ധന്റെ സന്നിധിയിൽ മകളായ കംസഭാര്യ ചെന്നു; ഭർത്താവു വധിക്കപ്പെട്ടതിലുള്ള ദുഃഖത്തോടെ അവൾ അലട്ടുവാൻ തുടങ്ങി. എന്റെ കാന്തനെ കൊന്നവനെ അച്ഛൻ കൊല്ലുക എന്നു വീണ്ടും വീണ്ടും അവൾ നിർബ്ബന്ധിച്ചു.

മുമ്പെ ചെയ്ത ആലോചന ഞങ്ങൾ ഓർത്തു. വൈമനസ്യത്തോടെ ഞങ്ങൾ പിന്മാറി. ഉള്ള സമ്പത്തെല്ലാം എടുത്ത്, അതെല്ലാം എടുക്കത്തക്കവിധത്തിൽ ചെറിയ കെട്ടുകളാക്കി വിഭജിച്ച്, ഉടനെ എല്ലാവരും സ്ഥലംവിടുകയാണ് ഉത്തമമെന്ന് ഞങ്ങൾ വിചാരിച്ചു. മക്കളും ബന്ധുക്കളുമൊത്ത് ജരാസന്ധനെ പേടിച്ച്, സ്ഥലംവിടുകയാണ് നല്ലത് എന്നുറച്ച് സർവ്വരും പടിഞ്ഞാറൻദിക്കുനോക്കി പലായനം ചെയ്ത് രൈവതകപർവ്വതങ്ങളാൽ ചുറ്റപ്പെട്ട രമ്യമായ 'കുശസ്ഥലി' എന്ന പടിഞ്ഞാറുള്ള പട്ടണത്തിൽ താമസമാക്കി. അവിടെ ദേവന്മാർക്കുപോലും ഭേദിക്കാൻ കഴിയാത്തവിധം ദുർഗ്ഗങ്ങൾ ഉണ്ടാക്കി, അതിൽ ഞങ്ങൾ രക്ഷ പ്രാപിച്ചു. അവിടെ സ്ത്രീകളും പൊരുതുവാൻ സന്നദ്ധരാണ്. വൃഷ്ണിവീരന്മാർ എന്തിനും സന്നദ്ധരാണെന്ന് പറയേണ്ടിതില്ലല്ലോ!

ജരാസന്ധന് ആ പർവ്വതശ്രേഷ്ഠനെ കടക്കുവാൻ കഴിയുകയില്ലെന്നതുകൊണ്ട് ജരാസന്ധഭയം തീർന്ന് മാധവന്മാരായ ഞങ്ങളെല്ലാം ഏറ്റവും സന്തുഷ്ടരായി.

സാമർത്ഥ്യവും ശക്തിയും ഉണ്ടായിട്ടും ജരാസന്ധഭയത്താൽ ഞങ്ങൾക്കു, സ്വന്തം സ്ഥലംവിട്ട് ഓടിപ്പോയി, മൂന്നുയോജന നീളമുള്ള 'ഗോമന്ത' പർവ്വതത്തെ ആശ്രയിക്കേണ്ടിവന്നു.

മൂന്നു യോജനയ്ക്കുള്ളിൽ ഓരോ യോജന ഇടവിട്ട് വലിയ സൈന്യസമൂഹങ്ങളെ സജ്ജരാക്കി നിർത്തി. ഓരോ യോജനാന്തത്തിലും നൂറു വാതിലുകൾവീതമുള്ള മതിലുകൾ ഉണ്ടാക്കി. അതിന്നു കാവലായി വീരന്മാരായ യോദ്ധാക്കളെ ഏർപ്പെടുത്തി. ഈ ഏർപ്പാടുകളെയെല്ലാം സംരക്ഷിക്കുന്നത് പതിനെട്ട് ശാഖകളിൽപ്പെട്ട അജയ്യരും ശൂരന്മാരുമായ അസംഖ്യം യാദവവീരന്മാരാണ്.

പതിനെണ്ണായിരം ഭ്രാതാക്കൾ ചേർന്നതാണ് ഞങ്ങളുടെ കുലം. ആഹുകന്ന് ദേവതുല്യരായ നൂറു മക്കളുണ്ട്. ചക്രദേവൻ, ചാരുദേഷ്ണൻ, സാത്യകി, രോഹിണീപുത്രനായ ബലരാമൻ, ഞാൻ, പ്രദ്യുമ്നൻ, സാംബൻ ഇങ്ങനെ ഏഴ് അതിരഥന്മാരാണ്. മറ്റുള്ളവരെപ്പറ്റിയും ഞാൻ പറയാം; കേൾക്കുക: കൃതവർമ്മാവ്, അനാധൃഷ്ടി, സമീകൻ, സമിതിഞ്ജയൻ, കങ്കൻ, ശങ്കു, കുന്തി ഇവർ വജ്രതുല്യരായ ഏഴ് മഹാരഥന്മാരാണ്. അന്ധകഭോജന്റെ രണ്ടു സുതന്മാർ, വൃദ്ധനായ രാജാവ് എന്നിവരും വജ്രസമാനരായ വീരന്മാരാണ്; മഹാരഥന്മാരുമാണ്.

ഇവരൊക്കെ മദ്ധ്യപ്രദേശത്ത് വൃഷ്ണിമദ്ധ്യത്തിൽ ജീവിക്കുന്നു. ഭരതോത്തമനായ ഭവാൻ മാത്രമാണ് സാമ്രാജ്യാധിപതിയാകാൻ അർഹൻ. അതുകൊണ്ട്, എല്ലാ ക്ഷത്രിയരുടേയും മീതെ ആധിപത്യത്തിന്ന് നീ ശ്രമിക്കേണ്ടത് വളരെ ഉചിതമാണ്. പക്ഷേ, മഹാബലനായ ജരാസന്ധൻ ജീവിച്ചിരിക്കുമ്പോൾ, അങ്ങയ്ക്കു രാജസൂയം നടത്തുവാൻ അസാദ്ധ്യമാണെന്നാണ് എന്റെ അഭിപ്രായം.

അവൻ അനവധി രാജാക്കളെ ജയിച്ച്, ഗിരിവ്രജത്തിൽ പരാക്രമിയായ സിംഹം താൻ കൊന്ന ആനകളെ തടഞ്ഞിട്ടതുപോലെ ബന്ധനസ്ഥരാക്കിയിട്ടിരിക്കുകയാണ്. ആ ജരാസന്ധൻ മഹാദേവനും ഉമാപതിയുമായ മഹാത്മാവിനെ തപസ്സാൽ സേവിച്ച് പല രാജാക്കന്മാരേയും ജയിച്ചു. അവൻ നൂറു രാജാക്കന്മാരെ ഉമാപതിക്ക് ബലിനടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഇപ്പോൾ പ്രതിജ്ഞാപൂരണത്തിന്നടുത്ത് ആ രാജാവ് എത്തിയിരിക്കുകയാണ്. സൈന്യത്തോടൊപ്പം ലോകത്തിലുള്ള പല രാജാക്കളേയും ജയിച്ച് സ്വപുരത്തിലേക്കു കൊണ്ടുവന്നു. തന്നാൽ ബന്ധനസ്ഥരാക്കപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഈ ഞങ്ങളും, മഹാരാജാവേ, ജരാസന്ധഭയത്താൽ മഥുരാപുരി ഉപേക്ഷിച്ചുപോന്ന് ദ്വാരാവതീപുരിയിൽ രക്ഷതേടിയിരിക്കുകയാണ്. ഭവാൻ രാജസൂയം ചെയ്യുവാൻ ആഗ്രഹിക്കുകയാണെങ്കിൽ ജരാസന്ധനാൽ ബന്ധനസ്ഥരാക്കപ്പെട്ട ആ രാജാക്കന്മാരെ വിടുവിക്കാൻ നോക്കണം. അതിന്ന്, ആദ്യമായി ജരാസന്ധനെ വധിക്കുകയുംവേണം. അത് നിർവ്വഹിച്ചല്ലാതെ ഭവാന്റെ സംരംഭം വിജയിക്കുവാൻ പോകുന്നില്ല. അതുകൊണ്ട് ജരാസന്ധനെ കൊല്ലുവാനുള്ള ഉപായമാണ് ആദ്യമായി ചിന്തിക്കേണ്ടത്. അവനെ ജയിച്ചാൽ എല്ലാം വിജയിച്ചു എന്നു പറയാം. ഇത് എന്റെ അഭിപ്രായമാണ്. ഈ സ്ഥിതിക്ക് ഭവാന്റെ അഭിപ്രായമെന്തെന്ന് ചിന്തിച്ചു പറയുക."

15. കൃഷ്ണവാക്യം - യുധിഷ്ഠിര ഭീമസേന ശ്രീകൃഷ്ണ സംവാദം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, കൃഷ്ണാ! അങ്ങ് പറഞ്ഞത് ബുദ്ധിപൂർവ്വമായ കാര്യമാണ്. അന്യബുദ്ധിമാന്മാർക്കു പറയുവാൻ വിഷമമുള്ളതാണ്. അങ്ങയെപ്പോലെ, മറ്റു

digitized by www.sreyas.in

ള്ളവരുടെ സംശയം പരിഹരിക്കുവാൻ പ്രാപ്തിയുള്ളവർ ഈ ഭൂമുഖത്തില്ല. വീടുതോറും ഭൂപന്മാരുണ്ട്; അവരൊക്കെ സ്വരാജ്യത്തിന്ന് പ്രീതിചെയ്യുന്നവരാണ്. അവർക്കാർക്കും സാമ്രാജ്യം ലഭിച്ചില്ല. സാമ്രാജ്യം അത്ര എളുപ്പത്തിൽ കിട്ടുന്നതല്ല. പരാനുഭവം കണ്ടവർ ആത്മസ്തുതിക്കൊരുങ്ങുകയില്ല. ശത്രുജനങ്ങൾ ചേർന്ന് വാഴ്ത്തുന്നവനേ പൂജ്യനാകയുള്ളു. വളരെ രത്നങ്ങളുള്ള ഈ ഭൂമി വളരെ പരന്നുകിടക്കുന്നു. ദൂരത്തു പോയാലേ ശ്രേയസ്സ് മനസ്സിലാകൂ! അടക്കമാണ് ഉത്തമം. നമുക്ക് അടക്കം കൊണ്ടേ സുഖം ലഭിക്കയുള്ളു. ചാടിച്ചെന്നതുകൊണ്ടൊന്നും പരമേഷ്ടിപദം നേടാമെന്ന് ആരും വിചാരിക്കേണ്ട. ഏറ്റവും മനസ്വികളായ കുലീനന്മാരിൽ ഒരുത്തൻ ഒരിക്കൽ ശ്രേഷ്ഠനായേക്കാം. ജനാർദ്ദനാ! നമ്മൾ അന്നു ജരാസന്ധമന്നനിൽ ഭയംകാരണം അവന്റെ തിന്മ കണ്ടിട്ട് ശങ്കിക്കയുണ്ടായല്ലോ. ഞാനാണെങ്കിൽ ഹേ, ദുദ്ധർഷാ! ഭവാന്റെ വീര്യത്തെ ആശ്രയിച്ചവനാണ്. ആങ്ങുതന്നെ ശങ്കിച്ചിരിക്കെ ഞാൻ ശക്തനാണെന്ന് അഭിമാനിക്കുന്നില്ല.

അങ്ങുന്നും രാമനും ഭീമനും അർജ്ജുനനുംകൂടിയാൽ അവനെ കൊല്ലുവാൻ ആളാവുകയില്ലേ? ഇങ്ങനെയൊക്കെ ഞാൻ വീണ്ടും ചിന്തിക്കുന്നുണ്ട്. ഹേ, കേശവാ!, ഞാനെന്തു പറയാനാണ്! അങ്ങുന്നാ് ഈയുള്ളവർക്കെല്ലാം എല്ലാറ്റിനും പ്രമാണം."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് വാക്യവിശാരദനായ ഭീമൻ പറഞ്ഞു."

ഭീമൻ പറഞ്ഞു: "ഉത്സാഹംകെട്ട രാജാവ് മൺപുറ്റുപോലെ അലിഞ്ഞുപോകും. ശക്തനെപ്പോലും വീഴ്ത്തുവാൻ ഉപായം നോക്കാത്തവനാണ് ദുർബ്ബലൻ! മടിവിട്ടാൽ, ഉത്സാഹമുണ്ടെങ്കിൽ ഏതു ശക്തനായ വൈരിയേയും ഏതു ദുർബ്ബലനും നല്ല നീതി പ്രയോഗിച്ച് ജയിക്കുവാൻ കഴിയും. തന്നോട് എതിർത്താലും ജയിക്കാം. നയം കൃഷ്ണനിലുണ്ട്, ശക്തി എന്നിലുണ്ട്, ജയം പാർത്ഥനിലുണ്ട്. നമ്മൾ മൂന്നു പേരും ചേർന്നാൽ മൂന്ന് അഗ്നികൾ ഇഷ്ടിയെ എന്നപോലെ ആ മാഗധന്റെ കഥ അവസാനിപ്പിക്കാം!"

കൃഷ്ണൻ പറഞ്ഞു: "സ്വകാര്യതൽപരനായ, ബുദ്ധിക്ക് പാകം വന്നിട്ടില്ലാത്ത ഒരുവൻ കുട്ടികളെപ്പോലെ ഭവിഷ്യത്തിനെക്കുറിച്ചു ചിന്തിക്കുന്നില്ല. അവൻ ബലവാനായ ശത്രുവിനെക്കുറിച്ചു ചിന്തിക്കുകയില്ല, അർത്ഥപരായണരായ കുട്ടികളെപ്പോലെ, ത്യാഗംകൊണ്ടു യൗവനാശി (മാന്ധാതാവ്), പ്രജാപാലനവൈശിഷ്ട്യംകൊണ്ട് ഭഗീരഥൻ, തപശ്ശക്തി ഒന്നുകൊണ്ടുമാത്രം കാർത്തവീര്യൻ, ആത്മശക്തി കൊണ്ടു വിഭുവായ ഭരതൻ, സമ്പത്പ്രഭാവത്തിൽ മരുത്തൻ, ഇങ്ങനെ അവർ അഞ്ചുപേരും സമ്രാട്ടായി. യുധിഷ്ഠിരാ! ഭവാന് സാമ്രാജ്യം ഈ പറയപ്പെട്ട സർവ്വഗുണങ്ങളുമുള്ളതുകൊണ്ട് നേടുവാൻ നിശ്ചയമായും കഴിയും! എല്ലാ ഗുണങ്ങളുംചേർന്ന ഭവാന് അതു ലഭിക്കുക തന്നെ ചെയ്യും.

ഇതെല്ലാം നോക്കിയാൽ ബാർഹദ്രഥനായ ജരാസന്ധനും ഈ സ്ഥാനത്തിന്നർഹനാണ്. തനിയെനിന്ന് നൂറു വംശത്തിലെ രാജാക്കന്മാർ എല്ലാവരും അവനെ തടുക്കാൻ ശക്തരല്ലാതായിരിക്കുന്നു. അതുകൊണ്ട് സ്വബലത്താൽ അവനെ സമ്രാട്ടായി കരുതാം. രത്നസമ്പത്തുള്ള രാജാക്കന്മാർ അതു കൊടുത്ത് ആ ജരാസന്ധനെ ഉപാസിക്കുന്നു. എന്നിട്ടും ആ മൂർഖൻ സംതൃപ്തനാകുന്നില്ല. കിരീടധാരികളായ രാജാക്കന്മാരെയെല്ലാം, അവരിലെല്ലാം പ്രധാനിയായിരുന്നിട്ടും, അവനെന്നും ആക്രമിച്ചു പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻ കപ്പം വാങ്ങിക്കാത്ത രാജാക്കന്മാരുമില്ല.

ഇപ്രകാരം ജരാസന്ധൻ നൂറോളം രാജാക്കന്മാരെ ബന്ധനത്തിലാക്കിയിരിക്കുന്നു. പിന്നെ, ദുർബ്ബലനായ ഏതു രാജാവിന്ന്, ഹേ, പാർത്ഥാ, അവനോട് ഇടയാൻ ധൈര്യമുണ്ടാകും? ഹേ, ഭാരതർഷഭാ! പശുപതിയുടെ ഗൃഹത്തിൽ (ശിവന്റെ അമ്പലത്തിൽ) പശുക്കളെപ്പോലെ ബന്ധനസ്ഥരായ ആ രാജാക്കന്മാരുടെ അവസ്ഥയും ജീവിതവും എത്ര ദൈന്യമാണ്!

ക്ഷത്രിയന്മാർക്കു ശസ്ത്രമരണമാണല്ലോ ഉത്തമമായിട്ടുള്ളത്. അതു കൊണ്ട്, നമുക്കെല്ലാവർക്കുംകൂടി ഒന്നിച്ച് അവനെ ആക്രമിച്ചുകൂടേ? എണ്പത്താറു രാജാക്കന്മാരെ അവൻ ബന്ധിച്ചുകഴിഞ്ഞു. ഇനി നൂറു തികയാൻ പതിന്നാലുപേർ മാത്രമേ വേണ്ടൂ. ആ പതിന്നാലു തികയേണ്ട താമസമേയുള്ളു. ഉടനെ അവരെയെല്ലാം അവൻ ക്രൂരമായി വധിക്കും. അതിൽ തടസ്സം ചെയ്യുന്നവൻ ആരോ അവൻ മഹത്തായ കീർത്തി സമ്പാദിക്കും! ജരാസന്ധനെ വധിക്കുന്നവൻ ക്ഷത്രിയരുടെയെല്ലാം സമ്രാട്ടാവുകയുംചെയ്യും."

16. ജരാസന്ധവധമന്ത്രണം - അർജ്ജുനവാക്യം - യുധിഷ്ഠിരൻ പറഞ്ഞു: "സമ്രാട്ടുപദവി മോഹിച്ച് നിങ്ങളെ ഞാൻ എങ്ങനെ അയയ്ക്കും? സ്വാർത്ഥം മാത്രം നോക്കി ഞാൻ സാഹസമായി എങ്ങനെ നിങ്ങളെ അയയ്ക്കും? ഭീമാർജ്ജുനന്മാർ എന്റെ രണ്ടു കണ്ണുകളാണ്. ജനാർദ്ദനാ! നീ എന്റെ മനസ്സാണ്. കണ്ണും മനസ്സും പോയാൽ പിന്നെ ഒരുവൻ എങ്ങനെ ജീവിക്കും? ജരാസന്ധന്റെ മഹാശക്തമായ മഹാസൈന്യത്തെ ജയിക്കുവാൻ യമനുംകൂടി സാധിക്കയില്ല. പിന്നെ നിങ്ങൾ ചെന്ന് എന്തു കാണിക്കും? ഇക്കാര്യത്തിലേർപ്പെട്ടാൽ അനർത്ഥം വന്നുഭവിക്കും. അതുകൊണ്ട് ഇതിന്നു സമ്മതിക്കുവാൻ വയ്യ എന്നാണ് എന്റെ അഭിപ്രായം. ഞാൻ തനിച്ചു ചിന്തിച്ചതിൽ എന്റെ അഭിപ്രായം ഞാൻ പറയാം, കേൾക്കുക ജനാർദ്ദനാ! ഞാൻ ഇക്കാര്യം ഉപേക്ഷിച്ചുകളയാം; അതാണ് നല്ലത്. എന്റെ മനസ്സ് വല്ലാതെ ഇടിയുന്നു! രാജസൂയം നടക്കാത്ത ഒരു കാര്യമാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഗാണ്ഡീവം, അമ്പൊടുങ്ങാത്ത ആവനാഴി, രഥം, ധ്വജം, സഭ ഇതൊക്കെ നേടിയ അർജ്ജുനൻ ധർമ്മപുത്രനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "വില്ല്, അസ്ത്രം, അമ്പ്, വീരന്മാരായ ബന്ധുക്കൾ, പാരിടം, ബലം ഇവയൊക്കെ ഞാൻ നേടി രാജാവേ! കിട്ടുവാൻ വിഷമമുള്ള അഭീഷ്ടവും നേടി. നിലകണ്ട പണ്ഡിതന്മാർ കുലജന്മവും പുകഴ്ത്തുന്നു. പക്ഷേ, ബലത്തിന്നൊപ്പം ഒന്നുമില്ല. വീര്യത്തിന്നു വിലകൂടും. കൃതവീര്യന്റെ വംശത്തിൽ പിറന്നവനായാലും വീര്യമില്ലാത്തവനെക്കൊണ്ട് എന്തു നടത്താൻപറ്റും? നിർവ്വീര്യ വംശജനായാലും വീര്യമുള്ളവനാണെങ്കിൽ പലതും നടക്കും! സ്വന്തം പരാക്രമത്താൽ ശത്രുക്കളെ കീഴടക്കി സ്വന്തം കീർത്തിയും സമ്പത്തും വർദ്ധിപ്പിക്കുന്നവനാണ് ക്ഷത്രിയൻ. ഗുണമില്ലെങ്കിലും വീര്യമുള്ളവനായാൽ അവൻ ശത്രുക്കളെ ജയിക്കും. മറ്റെല്ലാ ഗുണവും തികഞ്ഞവനാണെങ്കിലും നിർവ്വീര്യന്ന് എന്തുചെയ്യുവാൻ കഴിയും? എല്ലാ ഗുണങ്ങൾക്കും നിദാനം പരാക്രമമാണ്. ശ്രദ്ധ, കർമ്മം, ദൈവം എന്നിവയാണ് ജയഹേതുക്കൾ. ബലമുള്ളവനായാലും അശ്രദ്ധമൂലമുള്ള തെറ്റു കൊണ്ട് ജയാർഹനല്ലാതെ ഭവിക്കും. ആ വഴിക്കു ശത്രുക്കളിൽനിന്ന് അവരേക്കാൾ ബലിഷ്ഠരായവരും തോറ്റെന്നുവരും. ദൈന്യം (അനുത്സാഹം) ദുർബ്ബലന്ന് എന്നവിധം തന്നെ മോഹം (തെറ്റ്) ബലിഷ്ഠനും നാശഹേതുവാണ്. അതുകൊണ്ട് ജയേച്ഛുവായ രാജാവ് ഇവ രണ്ടും ഉപേക്ഷിക്കണം.

ജരാസന്ധധ്വംസനവും രാജാക്കന്മാരുടെ രക്ഷയും യജ്ഞാർത്ഥമായി നമ്മൾ ചെയ്താൽ അതിലുംമേലെയെന്തുണ്ട്? യത്നിക്കാഞ്ഞാൽ ഗുണം കിട്ടുകയില്ലെന്നുള്ളതു തീർച്ചയാണ്. എന്നാൽ, നാം അതിന്നു ശ്രമിക്കാതിരുന്നാൽ ലോകം നമ്മെ അസമർത്ഥരും നിർഗ്ഗുണരുമായി കണക്കാക്കും. ശമമിച്ഛിക്കുന്ന മുനികൾക്ക് കാഷായവസ്ത്രം കിട്ടുവാൻ ഒട്ടും പ്രയാസമില്ല. അതുപോലെ നാം ശത്രുവിനെ കീഴടക്കിയാൽ നമുക്കു വിഷമമെന്യേ സാമ്രാജ്യവും കിട്ടും. അതുകൊണ്ട് നാം ശത്രുക്കളോടു പോരാടുവാൻ തീരുമാനിക്കണം."

17. ജരാസന്ധോത്പത്തി – വാസുദേവൻ പറഞ്ഞു: "ഭരതന്റെ വംശത്തിൽപ്പിറന്നവനും, വീരമാതാവായ കുന്തി പ്രസവി

digitized by www.sreyas.in

ച്ചവനും കാണിക്കേണ്ട ബുദ്ധിയാണ് അർജ്ജുനൻ ഇപ്പോൾ വെളിവാക്കിയത്. എപ്പോളാണ് മരണം, രാത്രിയോ പകലോ, എന്ന് ആർക്കും അറിഞ്ഞുകൂടാ. യുദ്ധംചെയ്യാത്തതുകൊണ്ട് മരണം ഒഴിവായി ജീവിക്കുന്ന മനുഷ്യരെ ആരെയും നാം ലോകത്തിൽ കാണുന്നില്ല; കേൾക്കുന്നുമില്ല. വീരനായ പരുഷന് ഏറ്റവും സന്തോഷകരമായിട്ടുള്ളത്, തരംകണ്ട്, നയംനോക്കി, ശത്രുക്കളോട് എതിർക്കുക എന്നുള്ളതാണ്. അതിന്ന് അപായം കൂടാതെയുള്ള സുനയപ്രയോഗം മുഖ്യമായ മാർഗ്ഗമാണ്. സാമോപായം ചിലപ്പോൾ ഫലിച്ചെന്നു വരാം, ഫലിച്ചില്ലെന്നും വരാം. നയോപായങ്ങൾ ഇല്ലാത്തവന് യുദ്ധത്തിൽ നാശം സംഭവിക്കും. സാമ്യം സ്വീകരിച്ചാൽ വിജയം സംശയഗ്രസ്തമാകും. രണ്ടുപേർക്കും ജയം ലഭിക്കയില്ലല്ലോ. എന്നാൽ ഞങ്ങൾ നയത്തോടുകൂടെ ശത്രുപാർശ്വത്തിൽച്ചെന്ന് ഒഴുക്ക് വൃക്ഷത്തെയെന്നപോലെ വീഴിക്കാതിരിക്കുമോ? പഴുതുനോക്കി അറിഞ്ഞ് കയറി, സ്വന്തം ന്യൂനതകൾ ശത്രുക്കളെ കാണിക്കാതെ, വ്യൂഹംകെട്ടി ശത്രുവീരന്മാരോടുചേർന്ന് ഉറപ്പോടുകൂടി ഏല്ക്കും! പൊരുതാതെ കാര്യം നിർവ്വഹിക്കുക എന്ന ധീമാന്മാരുടെ വചനം ശോഭനം തന്നെ.

യാതൊരു കുറവുംകൂടാതെ, ശത്രുഗൃഹത്തിൽ ആരുമറിയാതെ കയറിച്ചെന്ന്, ശത്രുവിനെക്കണ്ട് ആക്രമിച്ച്, ഈ ഞങ്ങൾ ഉദ്ദേശിച്ച കാര്യം നടത്തും. ഒരു പുമാൻ മാത്രമേ ലക്ഷ്മിയെ ഭരിക്കുന്നതായി കാണപ്പെടുന്നുള്ളു. ആ ജരാസന്ധൻ, എല്ലാ ജീവികളിലും അധിവസിക്കുന്ന സർവ്വാന്തര്യാമിയെപ്പോലെ ഭരണം നടത്തുന്നു! വേറെ ആരെയും തത്തുല്യനായി കാണുന്നില്ല. അവന്റെ നാശം നമ്മുടെ മുമ്പിൽവെച്ചു നടക്കും! അതല്ല, അവനെ ഹിംസിക്കുമ്പോൾ മറ്റുള്ളവർ വന്ന് ഞങ്ങളെ കൊല്ലുകയാണെങ്കിൽ കാരാഗൃഹത്തിൽക്കിടക്കുന്ന ജ്ഞാതിരാജാക്കന്മാരെ രക്ഷിക്കുന്നതിന്നുവേണ്ടി ഞങ്ങൾ സ്വർഗ്ഗംപ്രാപിച്ചു എന്ന പ്രസിദ്ധിയും നേടാമല്ലോ!"

യുധിഷ്ഠിരൻ പറഞ്ഞു: "കൃഷ്ണ! ആരാണീ ജരാസന്ധൻ? അവന്റെ വീര്യപരാക്രമങ്ങളെന്താണ്? തീയിനോടൊക്കുന്ന ഭവാനോടു പൊരുതിയിട്ട് അവൻ പാറ്റപോലെ എരിഞ്ഞില്ലല്ലോ!"

ശ്രീകൃഷ്ണൻ പറഞ്ഞു: "ഹേ, രാജാവേ! ജരാസന്ധന്റെ വീര്യവും വിക്രമവും ഞാൻ പറയാം. ഏറെ ദ്രോഹിച്ചിട്ടും ഞങ്ങൾ അവനെ കൈവിടാഞ്ഞത് എന്തുകൊണ്ടാണെന്നും പറയാം. മൂന്ന് അക്ഷൗഹിണിബലത്തോടുകൂടി മഗധയിൽ, രൂപയൗവനസമ്പന്നനും, ശ്രീമാനും അതുല്യവിക്രമനും, മഹാബലനുമായി 'ബൃഹദ്രഥൻ' എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അവൻ ക്ഷമയിൽ ഭൂമിയോടു തുല്യനും, കോപത്തിൽ യമനോടു തുല്യനും, ശ്രീയാൽ വൈശ്രവണോപമനും ആയിരുന്നു. അവന്റെ തറവാടിത്തംതികഞ്ഞ ഗുണങ്ങൾകൊണ്ട് പാരിടം അർക്കരശ്മികളാൽ വ്യാപ്തമായതുപോലെ പ്രകാശിച്ചു. അവൻ കാശിരാജാവിന്റെ രണ്ടു മക്കളെ വിവാഹംചെയ്തു. ആ സുന്ദരിമാർ രണ്ടും ഇരട്ടപ്രസവിച്ചവരായിരുന്നു. രാജാവ് ആ പത്നിമാരുടെ സന്നിധിയിൽ സത്യംചെയ്തു, അവരെ രണ്ടുപേരെയും അതിവർത്തിക്കയില്ലെന്ന് ആ പത്നിമാരോടുകൂടി രാജാവ് രമിച്ചു. പ്രിയകളും അനുരൂപകളുമായ രണ്ടു പിടിയാനകളോടുകൂടിയ ഒരു മത്തഗജേന്ദ്രനെപ്പോലെ ആ രണ്ടു പത്നിമാരുടേയും നടുവിൽ രാജാവ് ഗംഗായമുനാനദിയുടെ നടുവിൽ ശരീരമെടുത്ത മഹാസമുദ്രംപോലെ ശോഭിച്ചു.

അവന്റെ വിഷയാസക്തിയോടൊപ്പം യൗവനവും അവസാനിച്ചു. ആ നൃപന്ന് വംശവൃദ്ധിക്ക് സന്താനമൊന്നുമുണ്ടായില്ല. മംഗളകരമായ പല കർമ്മങ്ങളും ചെയ്തു ഹോമം മുതലായി പലതും ചെയ്തു. പുത്രകാമേഷ്ടിയും ചെയ്തു. എന്നിട്ടും കുലവർദ്ധനനായ പുത്രനെ ലഭിച്ചില്ല.

പിന്നെ അവൻ ഒരു മഹർഷിയെപ്പറ്റി കേട്ടു. കാക്ഷീവാരന്റെ പുത്രനായി 'ചണ്ഡകൗശികൻ' എന്നു പേരായ ഒരു തപോധനൻ ഉണ്ടായിരുന്നു. യദൃച്ഛയാ ഒരുദിവസം ആ മുനി രാജസന്നിധിയിലെത്തി. മുനി ഒരു വൃക്ഷച്ചുവട്ടിലിരുന്നു. അപ്പോൾ രാജാവ് പത്നിമാരോടുകൂടി വളരെ രത്നങ്ങൾ നല്കി മഹർഷിയെ പ്രീതനാക്കി. സത്യവാദിയും സത്യസ്ഥിരനുമായ ആ മുനി അവനോടു പറഞ്ഞു.

മുനി പറഞ്ഞു: "രാജാവേ, ഞാൻ ഭവാനിൽ പ്രസാദിച്ചിരിക്കുന്നു. ഹേ, സുവ്രതാ! വരം വാങ്ങിയാലും!"

കൃഷ്ണൻ പറഞ്ഞു: "സഭാര്യനായ ബൃഹദ്രഥൻ കുമ്പിട്ട്, മക്കളില്ലാത്ത ദുഃഖംമൂലം ഗദ്ഗദകണ്ഠനായി മുനിയോടു പറഞ്ഞു."

ബൃഹദ്രഥൻ പറഞ്ഞു: "ഭഗവാനേ, ഞാൻ നാടുവിട്ടു പോവുകയാണ്. ഭാഗ്യഹീനന്ന് എന്തിന്നു വരം? പുത്രനില്ലാത്തവന്ന് നാട് എന്തിന്ന്?"

ശ്രീകൃഷ്ണൻ കഥ തുടർന്നു: "ഇതു കേട്ടപ്പോൾ ജിതേന്ദ്രിയനായ ആ മുനി അല്പസമയം ധ്യാനംപൂണ്ടിരുന്നു. ആ ചൂതവൃക്ഷത്തിന്റെ ചുവട്ടിൽ ധ്യാനനിമഗ്നനായി ഇരിക്കുന്ന മുനീന്ദ്രന്റെ മടിയിൽ, തത്തച്ചുണ്ടിന്റെ സ്പർശംപോലുമേല്ക്കാത്ത ഒരു മാമ്പഴം വീണു. അതെടുത്ത് മുനിശ്രേഷ്ഠൻ ഹൃദയപൂർവ്വം ജപിച്ച് രാജാവിന്ന് പുത്രനുണ്ടാകുവാൻ അനുഗ്രഹിച്ചു നല്കി. എന്നിട്ട് ആ മഹാപ്രാജ്ഞൻ അരചനോടു പറഞ്ഞു, 'രാജാവേ, പൊയ്ക്കൊള്ളുക! നീ കൃതകൃത്യനാണ്' എന്ന്. ഇതു കേട്ട് ആ നരശ്രേഷ്ഠൻ മുനീന്ദ്രന്റെ ചരണങ്ങളിൽ കുമ്പിട്ട് നമസ്കരിച്ച് സ്വഗൃഹത്തിലേക്കു പോയി. താൻ ചെയ്ത സത്യത്തെ ഓർത്ത് രാജാവ് അപ്പോൾ മാമ്പഴം രണ്ടു പത്നിമാർക്കുമായി നല്കി. ആ സാധ്വികൾ അതു രണ്ടായി പിളർന്നു ഭക്ഷിച്ചു. വിധി അതാകയാലും മുനിയുടെ വാക്കിനാലും മാമ്പഴം തിന്നതുമൂലം രണ്ടുപേർക്കും ഗർഭമുണ്ടായി. അവരെക്കണ്ട് രാജാവ് ആനന്ദിച്ചു.

ഒട്ടുനാൾകഴിഞ്ഞ് അവർ യഥാകാലം പ്രസവിച്ചു. രണ്ടുപേരും ഒരേമട്ടിൽ ശരീരാർദ്ധങ്ങളേയാണ് പ്രസവിച്ചത്. ഒരു കണ്ണ്, ഒരു കാല്, നെടുനീളെ കീറിയമാതിരി മുഖം, പാതി സ്ഫിക്, പാതി കുക്ഷി ഇങ്ങനെയുള്ള ശരീരാർദ്ധങ്ങളെക്കണ്ട് അവർ വിറച്ചുപോയി. അവർ ഭയപ്പെട്ടു. മഹാവികൃതരൂപികളായ ഈ സത്വങ്ങൾ രണ്ടിനേയും കണ്ട് ആ ജ്യേഷ്ഠാനുജത്തികളായ തമ്പികൾ തമ്മിലൊത്ത് ചിന്തിച്ചു, ആരും അറിയാതെ ജീവനുള്ള ഈ അർദ്ധശരീരപ്രജകളെ കൈവെടയുകതന്നെ എന്ന്. അവർ ദുഃഖത്തോടെ അവയെ ഉപേക്ഷിച്ചു. രണ്ടു ധാത്രിമാർ ആ ഗർഭവികൃതികളെ മൂടിക്കെട്ടി അന്തഃപുരത്തിന്റെ പടികടന്ന് വെളിയിൽ കൊണ്ടുപോയി ഉപേക്ഷിച്ചിട്ടു പോന്നു.

വഴിയിൽക്കിടക്കുന്ന ആ രണ്ടു ശരീരാർദ്ധങ്ങളും കണ്ട് 'ജര' എന്ന രാക്ഷസി ചെന്നെടുത്തു. അവൾ മാംസരക്തങ്ങൾ ഭക്ഷിക്കുന്ന ക്രൂരയാണ്. ആ പ്രജയെ കൊണ്ടുപോകുവാനുള്ള എളുപ്പംനോക്കി ആ രാക്ഷസി രണ്ടു സകലങ്ങളേയും എടുത്ത് ഒന്നായിച്ചേർത്തു. വിധിയോഗബലം നോക്കൂ! ഒന്നായിച്ചേർന്ന ഉടനെ അതു രണ്ടും അഭേദ്യമായിച്ചേർന്ന് ഒട്ടി; ഉടനെ ഒരു വീരനായ കുമാരനായിത്തീർന്നു. ആ രാക്ഷസി വിസ്മയംകൊണ്ടു ഉൽഫുല്ലനേത്രയായി നിന്നു. വജ്രസമനായ ആ കുട്ടിയെ എടുക്കുവാൻപോലും അവൾ അശക്തയായി!

തുടുത്ത കൈചുരുട്ടി വായിൽവച്ച് ആ കുട്ടി ഉന്മേഷത്തോടെ ഉച്ചത്തിൽക്കരഞ്ഞു. ഇടിവെട്ടുന്നപോലെ അവന്റെ കരച്ചിൽ മാറ്റൊലിക്കൊണ്ടു. ആ കരച്ചിൽ കേട്ട് അന്തഃപുരനിവാസികൾ രാജാവിനോടുകൂടി പുറത്തേക്കു വന്നു. മുലയിൽ പാൽ നിറഞ്ഞു വിഷമിക്കുന്ന ആ രണ്ടു സ്ത്രീകളും വന്നു. രണ്ടുപേരും പുത്രദുഃഖംമൂലം ഒപ്പം വന്നെത്തി. അങ്ങനെ വിഷമിച്ചു നില്ക്കുന്ന സ്ത്രീകളേയും പുത്രകാമനായി നില്ക്കുന്ന രാജാവിനേയും ബലവാനായ കുട്ടിയേയും കണ്ട് രാക്ഷസി ചിന്തിച്ചു, 'പുത്രാർത്ഥിയായി, ധാർമ്മികനായി, മഹാനായി, വാഴുന്ന ഈ രാജാവിന്റെ രാജ്യത്തു പാർക്കുമ്പോൾ ഈ കുട്ടിയെ കൊല്ലുന്നതു ശരിയല്ല' എന്ന്. ഇപ്രകാരം ചിന്തിച്ച്, പ്രശോഭിക്കുന്ന ആ കുട്ടിയെ മേഘലേഖപോലെ അവൾ എടുത്ത്, മനുഷ്യസ്ത്രീയുടെ രൂപം ധരിച്ച്, രാജാവിന്റെ അരികെച്ചെന്നു പറഞ്ഞു."

digitized by www.sreyas.in

രാക്ഷസി പറഞ്ഞു: "ഹേ, ബൃഹദ്രഥാ!, ഭവാന് ഞാൻ നല്കുന്ന ഈ കുട്ടിയെ ഭവാൻ വാങ്ങുക. ബ്രഹ്മർഷിയുടെ വാക്കുപ്രകാരം ഭവാന്റെ രണ്ടു ഭാര്യമാരുടെ ഗർഭത്തിൽ ഉണ്ടായവനാണ് ഈ കുട്ടി. ധാത്രിമാർ കൊണ്ടുകളഞ്ഞപ്പോൾ ഞാൻ എടുത്തു രക്ഷിച്ചു."

കൃഷ്ണൻ പറഞ്ഞു: "ഉടനെ കാശിരാജാവിന്റെ പുത്രിമാർ ആ പുത്രനെ എടുത്ത് മുലപ്പാലുകൊണ്ട് അഭിഷേകംചെയ്തു. ആ രാജാവ് സംഭവങ്ങളൊക്കെയറിഞ്ഞ് വളരെ സന്തോഷിച്ചു. മനുഷ്യരൂപം സ്വീകരിച്ചു നില്ക്കുന്ന രാക്ഷസിയോടു പറഞ്ഞു."

രാജാവ് പറഞ്ഞു: "നീയാരാണ് ഹേ, കമലഗർഭാഭേ! എനിക്കു പുത്രനെ നല്കിയ നീ ആരാണ്? പറയൂ കല്യാണീ, നീ ഒരു ദേവിയാണെന്നു തോന്നുന്നു!"

18. ജരാസന്ധോൽപത്തി (തുടർച്ച) – രാക്ഷസി പറഞ്ഞു: "ജര എന്നു പേരായ രാക്ഷസിയാണ് ഞാൻ. ഞാൻ വേഷംമാറിയിരിക്കുകയാണ്. ഭവാന്റെ ഗൃഹത്തിൽ പൂജയേറ്റ് രാജാവേ, ഞാൻ സുഖമായി വസിക്കുകയായിരുന്നു. മനുഷ്യമന്ദിരങ്ങൾതോറും പാർക്കുന്ന രാക്ഷസിയാണ് ഞാൻ. ഗൃഹദേവീനാമത്തിൽ എന്നെ ബ്രഹ്മാവ് സൃഷ്ടിച്ചു. ദിവ്യയായ എന്നെ ദാനവധ്വംസനത്തിന്നായി അയച്ചതാണ്. പുത്രരോടുകൂടിയവളും, യൗവനയുക്തയുമായ എന്നെ ഭിത്തിയിൽ വരച്ചാൽ അവന്റെ ഗൃഹത്തിൽ അന്നുമുതൽ അഭിവൃദ്ധിയുണ്ടാകും. അല്ലെങ്കിൽ ക്ഷയിക്കും. ഭവാന്റെ ഗൃഹത്തിലിരിക്കുന്ന ഞാൻ നിത്യവും പൂജയേല്ക്കുന്നു. ചുമരിൽ എന്നെ പുത്രരോടുകൂടി വരിച്ചിട്ടുണ്ട്.

ഗന്ധം, പ്രസൂനം, ധൂപം, ഭക്ഷ്യം, ഭോജ്യം എന്നിവയാലുള്ള അർച്ചനയേറ്റ് ഞാൻ ഭവാന് പ്രത്യുപകാരം എന്താണ് ചെയ്യേണ്ടതെന്നു കാത്തിരിക്കുകയായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഭവാന്റെ ഈ പുത്രശകലം രണ്ടും കണ്ടെത്തി. ധാർമ്മികാ! ഞാൻ കൂട്ടിച്ചേർത്തപ്പോൾ ദൈവഗത്യാ സുന്ദരനായ ഒരു കുമാരൻതന്നെയായി. ഭവാന്റെ ഭാഗ്യത്താൽ അതു സംഭവിച്ചു. അതിന്നു ഞാൻ ഒരു കാരണംമാത്രം. മഹാമേരുപോലും തിന്നുവാൻ ശക്തയാണ് ഞാൻ; പിന്നെ ഈ കുട്ടിയുടെ കഥയെന്തുണ്ട്? ഗൃഹപൂജാപ്രസാദത്താൽ ഞാൻ ഭവാനു കുട്ടിയെ നല്കുന്നു."

ശ്രീകൃഷ്ണൻ പറഞ്ഞു: "എന്നു പറഞ്ഞ് യുധിഷ്ഠിരാ! അവൾ അവിടെത്തന്നെ മറഞ്ഞു. രാജാവ് കുട്ടിയേയുംകൊണ്ട് ഗൃഹത്തിൽക്കയറി. ആ ബാലന്നുവേണ്ട ജാതകർമ്മങ്ങളൊക്കെ രാജാവു ചെയ്തു. പിന്നെ രാജാവ് മഗധയിൽ രാക്ഷസിയുടെ സ്മാരകമായി, അവളെ ബഹുമാനിക്കുവാൻ, ഒരു പരമോത്സവം ഏർപ്പാടുചെയ്തു. പിതാമഹസമനായ ആ പിതാവ് ആ കുട്ടിക്കു പേർ നല്കി. ജര സന്ധിപ്പിച്ചതു കൊണ്ടു 'ജരാസന്ധൻ' എന്നു നാമകരണംചെയ്തു. ആ മഗധാധിപനല്ല പൊക്കവും വണ്ണവുമുള്ളവനായി ആ പുത്രൻ മാതാവിനും പിതാവിനും നന്ദികരനായി ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ വളർന്നു വന്നു."

19. ജരാസന്ധപ്രശംസ – ശ്രീകൃഷ്ണൻ തുടർന്നു: "കുറേക്കാലം കഴിഞ്ഞതിന്നുശേഷം മഹാതപസ്വിയായ ചണ്ഡകൗശികമഹർഷി മഗധരാജ്യത്തു ചെന്നു. അദ്ദേഹം വന്നപ്പോൾ ബൃഹദ്രഥരാജാവ് മന്ത്രിമാരോടും ഭാര്യമാരോടും പുത്രനോടും കൂടി മഹർഷിയെ എതിരേറ്റു. പാദ്യാർഘ്യാചമനീയങ്ങൾ കൊണ്ട് അർച്ചിച്ച് രാജാവ് പുത്രനോടുകൂടി രാജ്യവും മഹർഷിക്കായി സമർപ്പിച്ചു. രാജാവു ചെയ്ത പൂജ സ്വീകരിച്ച് ഭഗവാൻ മഹർഷി നന്ദിയോടുകൂടി മഗധനോടു പറഞ്ഞു."

മഹർഷി പറഞ്ഞു: "രാജാവേ, ഇതൊക്കെ ഞാൻ ദിവ്യചക്ഷുസ്സുകൊണ്ട് അറിഞ്ഞിരിക്കുന്നു! ഈ പുത്രൻ എന്തു നിലയിൽ എത്തുമെന്നുള്ളത് ഭവാൻ ധരിക്കുക. ഇവന്റെ രൂപം, സത്വം, ബലം, ഊർജ്ജിതം, എന്നിവ ശ്രീതികഞ്ഞു വിളങ്ങും; അതിന്നു യാതൊരു സംശയവുമില്ല. വിക്രമങ്ങൾ തികഞ്ഞ ഇവൻ എല്ലാം നേടും. വീര്യവാനായ ഇവന്റെ വീര്യം പിൻതുടരുവാൻ മറ്റൊരു രാജാവിന്നും സാധിക്കുകയില്ല. പറക്കുന്ന ഗരുഡന്റെ വേഗത്തെ പിൻതുടരുവാൻ മറ്റു പക്ഷികൾക്ക് എങ്ങനെ കഴിയും? നിന്റെ പുത്രന്റെ ശത്രുക്കൾ വിനാശത്തെ പ്രാപിക്കും. വേടന്മാർ വ... ശസ്ത്രങ്ങൾപോലും, നദീവേഗം പർവ്വതത്തിന്ന് എന്നവിധം ഇവന്ന് ദുഃഖം ഉണ്ടാക്കുകയില്ല. സർവ്വരാജാക്കന്മാരുടേയും ശിരസ്സിൽ ഇവൻ കയറും. ജ്യോതിസ്സുകൾക്ക് ഉപരിയായി സൂര്യൻ എന്നവിധം പ്രഭാഹരനായി ഇവൻ വിളങ്ങും. ബലവാഹനസമ്പന്നരായ രാജാക്കന്മാർ ഇവനോടെതിർത്ത്, തീയിൽ ഇയ്യാമ്പാറ്റ പോലെ ഇവന്റെ പരാക്രമാഗ്നിയിൽ ദഹിച്ചുപോകും. സർവ്വരാജാക്കന്മാരുടേയും ശ്രീ ഇവൻ നേടും. വർഷത്തിലെത്തുന്ന പുഴകളെ സമുദ്രം എന്നവിധം എല്ലാ രാജാക്കന്മാരെയും ഭരിക്കും. രാജ്യം ശുഭമായി സസ്യശ്യാമളമായി പ്രശോഭിക്കും. ഇവന്റെ കല്പനയ്ക്കുകീഴിൽ എല്ലാ നരേന്ദ്രന്മാരും നില്ക്കും. സർവ്വഭൂതഗനായ വായുവിന്റെ കീഴിൽ ജീവികൾ എന്നവിധം ഇവന്റെ കീഴിൽ നില്ക്കും. ഇവൻ സാക്ഷാൽ മഹാദേവനായ ത്രിപുരാന്തഹരനെ പ്രത്യക്ഷമായി കാണും."

ശ്രീകൃഷ്ണൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ഋഷി ബൃഹദ്രഥരാജാവിനെ വിട്ടയച്ചു. രാജാവ് ജ്ഞാതികളോടും സംബന്ധികളോടും കൂടി പുരയിൽ പ്രവേശിച്ചു. മഗധരാജാവ് പിന്നീടു ജരാസന്ധനെ രാജാവായി അഭിഷേകംചെയ്തു. അതിന്നുശേഷം ബൃഹദ്രഥരാജാവ് പത്നിമാരോടുകൂടി വനത്തിലേക്കു പോയി.

അച്ഛനും അമ്മമാരും കാട്ടിൽ വാഴുന്ന കാലത്ത് ജരാസന്ധൻ സ്വന്തം വീര്യംകൊണ്ട് രാജാക്കന്മാരെ പാട്ടിലാക്കി."

വൈശമ്പായനൻ പറഞ്ഞു: "കുറച്ചുനാൾ കഴിഞ്ഞതിന്നുശേഷം തപോവനചരനായ രാജാവ് സഭാര്യനായി തപസ്സു ചെയ്തു സ്വർഗ്ഗം പ്രാപിച്ചു. ജരാസന്ധക്ഷിതിപൻ, കൗശികൻ പറഞ്ഞപ്രകാരം, വരങ്ങൾ വാങ്ങി രാജ്യം രക്ഷിച്ചു വാണു. കംസരാജാവിനെ വാസുദേവൻ കൊന്നതിന്നുശേഷം ദൃഢമായ വൈരം കൃഷ്ണനോട് അവനുണ്ടായി. അവൻ തന്റെ ഘോരമായ ഗദ, നൂറുവട്ടം ചുറ്റി ഗിരിവ്രജത്തിൽ നിന്ന് മഥുരാപുരി വാഴുന്ന കൃഷ്ണന്റെനേരെ വിട്ടു. തൊണ്ണൂറ്റിഒമ്പത് യോജന ദൂരെ ആ ഗദ ചെന്നു വീണു. പൗരന്മാർ ആ ഗദ കണ്ടെത്തി കൃഷ്ണനെ അറിയിച്ചു. ഇന്നും മഥുരയുടെ ആ പാർശ്വത്തിന്ന് 'ഗദാവസാനം' എന്നാണ് പേര്. മഹാബലന്മാരായ ഹംസഡിംഭകന്മാർ ശസ്ത്രപ്രയോഗം കൂടാതെതന്നെ ഹതരായി. അവരെപ്പറ്റി ഞാൻ മുമ്പേ പറഞ്ഞുവല്ലോ. ബുദ്ധിമാന്മാരും നീതിശാസ്ത്രവിശാരദന്മാരുമായ അവർ അങ്ങനെ മരിച്ചു.

ഈ മൂന്നുപേരും ചേർന്നാൽ മൂന്നുലോകവും അടക്കുവാൻ പ്രയാസമില്ല. ഇപ്രകാരമാണ് അവൻ ശക്തരായ വൃഷ്ണി-കുകുര-അന്ധകവീരന്മാരാൽ ഉപേക്ഷിക്കപ്പെട്ടത്. അല്ലയോ രാജാവേ, നയത്തെ പുരസ്കരിച്ചാണ് അവർ അങ്ങനെ ചെയ്തത്."

ജരാസന്ധവധപർവ്വം

20. കൃഷ്ണപാണ്ഡവമാഗധയാത്ര – വാസുദേവൻ പറഞ്ഞു: "ഹംസനും ഡിംഭകനും അനുയായികളോടുകൂടി വധിക്കപ്പെട്ടുവല്ലോ. ഇനി ജരാസന്ധനെ ബാക്കിവെച്ചുകൂടാ. അവനെ വധിക്കുവാനുള്ള കാലം അടുത്തു യുദ്ധത്തിൽ അവനെ ജയിക്കുവാൻ ദേവാസുരന്മാരിൽ ആർക്കും സാദ്ധ്യമല്ല. അവനെ മല്ലയുദ്ധത്തിൽ ജയിക്കണം എന്നാണ് ഞാൻ കാണുന്നത്. നീതി എന്നിലും, ബലം ഭീമനിലും, രക്ഷ പാർത്ഥനിലുമാണ് ഇരിപ്പ്. ദക്ഷിണാഗ്നി, ഗാർഹസ്ഥ്യാഗ്നി, ആഹവനീയാഗ്നി എന്നീ മൂന്നു അഗ്നികൾ കൊണ്ടു യാഗം നിർവ്വഹിക്കുന്നതുപോലെ ഈ മൂന്നു പേരും ചേർന്ന് യത്നിച്ചാൽ ജരാസന്ധന്റെ കഥകഴിക്കാം. രഹസ്യമായും ഞങ്ങൾ മൂന്നുപേരും ചെന്നെതിർത്താൽ, തർക്കമില്ല, യുദ്ധത്തിൽ അവൻ ഒരുളോട് ഏറ്റുകൊള്ളും, അഭിമാനം, ലോഭം, ഊക്ക് എന്നിവകൊണ്ട് തള്ളലുള്ള അവൻ ഭീമസേനനോട് പോരിന്ന് എതിർക്കും. അതിൽ സംശയമില്ല അവനോട് പൊരുതുവാൻ മഹാബലനായ ഭീമൻ മതി. കാലൻ ലോകം മൂടിക്കുന്നവിധം അവനെ മുടിക്കുവാൻ ഭീമൻ മതി. എന്റെ ചിത്തം അറിഞ്ഞ് എന്നെ വിശ്വസിക്കുന്നതായാൽ ഭീമസേനാർജ്ജുനന്മാരെ എനിക്ക് ഏല്പിച്ചുതരിക."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഭഗവാൻ ഇപ്രകാരം പറഞ്ഞപ്പോൾ സംഹൃഷ്ടമുഖരായ ഭീമപാർത്ഥന്മാരെ നോക്കി യുധിഷ്ഠിരൻ മറുപടി പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "അച്യുതാ! അച്യുതാ! അങ്ങനെ പറയരുത്. ഹേ, ശത്രകർശനാ, അങ്ങ് ഇപ്രകാരം പറയരുത്. പാണ്ഡവന്മാരെയെല്ലാം എന്നോ അങ്ങയെ ഏല്പിച്ചുകഴിഞ്ഞിരിക്കുന്നു. ഭവാൻ അവർക്കെല്ലാം നാഥനാണ്! ഞങ്ങൾക്ക് ആശ്രയം ഭവാനാണ്. ഹേ, ഗോവിന്ദാ! ഭവാൻ പറഞ്ഞവിധമൊക്കെ നടക്കും. ലക്ഷ്മി പിന്നോക്കമായവരുടെ മുമ്പിൽ ഭവാൻ നില്ക്കുകയില്ല. ഭവാൻ പറഞ്ഞപ്പോൾത്തന്നെ എന്റെ കാര്യമെല്ലാം ഭംഗിയായി നടന്നു എന്നുതന്നെ എനിക്കു തോന്നുന്നു. ജരാസന്ധൻ ചത്തുപോയി! രാജാക്കൾ വിട്ടുപോന്നു! എന്റെ രാജസൂയം നടന്നു!

ഉടനെതന്നെ ഇക്കാര്യം നടക്കേണ്ടവിധം കരുതി വേണ്ടത് ചെയ്താലും ജഗന്നാഥാ! പുരുഷോത്തമ! നിങ്ങൾ മൂന്നുപേരും ഇല്ലെങ്കിൽ പിന്നെ എന്റെ ജീവിതമെവിടെ? ധർമ്മാർത്ഥകാമങ്ങൾ കെടുന്ന രോഗിയെപ്പോലെ ഞങ്ങൾ മാലോടുകൂടി-ജീവിക്കുകയില്ല. കൃഷ്ണനില്ലാതെ അർജ്ജുനനില്ല, അർജ്ജുനനില്ലാതെ കൃഷ്ണനുമില്ല. കൃഷ്ണാർജ്ജുനന്മാർക്ക് അജയ്യമായി ഒന്നുമില്ല ഭൂമിയിൽ. വൃകോദരനാണെങ്കിൽ ബലവാന്മാരിൽ പ്രമുഖനാണ്. കീർത്തിമാനായ അവൻ നിങ്ങളോട് ഒത്തുചേർന്നാൽ എന്തു സാധിക്കയില്ല?

വേണ്ടവണ്ണം, നടത്തുവാൻ കഴിവുള്ള, നേതാവുള്ള സൈന്യം കാര്യം നടത്തും. ജഡവസ്തുക്കളെ അന്ധമായ ബലംകൊണ്ട് വിചക്ഷണന്മാർ നടത്തണം. താണദിക്കുനോക്കി ജലം വിടണം. ഛിദ്രത്തിലേക്ക് സമർത്ഥന്മാർ ജലം ഒഴുക്കുന്നുണ്ട്. അതുകൊണ്ട് നീതിമാനായി പ്രസിദ്ധി പ്രാപിച്ചു, പുരുഷേന്ദ്രനായി വിളങ്ങുന്ന, കൃഷ്ണനെ ഞങ്ങൾ കാര്യത്തിന്ന് ആശ്രയിക്കുന്നു. ഇപ്രകാരം ബുദ്ധി, നയം, ശക്തി, ക്രിയോപായങ്ങൾ ഇവയുള്ളവനായ കൃഷ്ണൻ കാര്യംനേടേണ്ട ഇടങ്ങളിൽ മുമ്പിട്ടു നില്ക്കണം. ഇപ്രകാരം കാര്യസിദ്ധിക്ക് ഫൽഗുനൻ കൃഷ്ണനെ പിന്തുടരണം. ഭീമൻ അർജ്ജുനനേയും പിന്തുടരണം. നയം, ജയം, ബലം എന്നിവ വിക്രമത്തിൽ ഫലപ്രദമാകും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് മഹാ ഓജസ്വികളായ ആ ഭ്രാതാക്കൾ, കൃഷ്ണനും പാണ്ഡവന്മാരും, ജരാസന്ധനെക്കാണുവാൻ മഗധയിലേക്ക് പുറപ്പെട്ടു. ഉജ്ജ്വലിക്കുന്ന സ്നാതക ബ്രാഹ്മണരുടെ വേഷത്തിൽ ഇഷ്ടജനങ്ങളുടെ ആശിസ്സും അഭിനന്ദനങ്ങളും കൈക്കൊണ്ട് അവർ യാത്രയ്ക്കൊരുങ്ങി. സൂര്യൻ, സോമൻ, അഗ്നി എന്നീ മൂന്നു തേജസ്സുകൾപോലെ അവർ മൂന്നുപേരും പ്രശോഭിച്ചു. തങ്ങളുടെ ജ്ഞാതികളായ രാജാക്കന്മാരുടെ കഷ്ടസ്ഥിതിയാലോചിച്ച് അമർഷരായ അവർ കൂടുതൽ ഉജ്ജ്വലിച്ചു. ഭീമനെ മുന്നിൽ നടത്തി ഒരേ കാര്യത്തിൽ സക്തന്മാരായ കൃഷ്ണാർജ്ജുനന്മാരെക്കണ്ടപ്പോൾ കണ്ടവരെല്ലാം വിചാരിച്ചു, 'ജരാസന്ധൻ ചത്തതുതന്നെ' എന്ന്. സർവ്വകാര്യം നടത്താനും കഴിവുള്ള ഈശന്മാരും യോഗ്യരുമായ അവർ ധർമ്മകാമാർത്ഥങ്ങൾ മാത്രമല്ല, ലോകചക്രംതന്നെ നടത്തുന്നവരാണ്. കുരുരാജ്യംവിട്ട് കുരുജാംഗലംവഴി പോന്ന് അവർ അഴകുള്ള പത്മസരസ്സിൽച്ചെന്നു. കാളകൂട്ടംകടന്ന് ഗണ്ഡകി, മഹാശോണം, സദാനിര എന്നിവയുംവിട്ട് ഏകപർവ്വതത്തിൽ നദി കയറിക്കടന്ന് നടന്ന് സരയുനദിയും കടന്നു. പൂർവ്വകോസലം കണ്ട്, മിഥിലയും കടന്ന്, ചർമ്മണ്വതീനദിയും കടന്ന്, പിന്നെ ഗംഗയും ശോണയും കടന്ന് അവർ മൂവരും കിഴക്കോട്ടുപോയി. കുശചീരച്ഛദന്മാരായി ആ അച്യുതന്മാർ ഗോരഥഗിരി കയറുമ്പോൾ ഗോക്കളും, ധനവും, വെള്ളവും, ശുഭവൃക്ഷങ്ങളും നിറഞ്ഞ മഗധാപുരിയെ കണ്ടു."

21. കൃഷ്ണജരാസന്ധസംവാദം – വാസുദേവൻ പറഞ്ഞു: "പാർത്ഥാ! ഇതാ പശുക്കൾ, ജലസമൃദ്ധിയുള്ള മൈതാനങ്ങൾ, രോഗമില്ലാത്ത ഗൃഹങ്ങൾ, ദൃഢമായി പണിത മേടകൾ എന്നിവചേർന്ന് മനോഹരമായ മഗധാപുരി കാണുന്നു. വൈഹാരപർവ്വതം, വരാഹപർവ്വതം, വൃഷപർവ്വതം, ഋഷിപർവ്വതം, ചൈത്യകപർവ്വതം ഇവയഞ്ചും ഇതാ കാണുന്നു. മഹാശൃംഗങ്ങളുള്ളവയും, ശീതളവൃക്ഷങ്ങൾ നിറഞ്ഞവയുമായ ഈ അഞ്ചു പർവ്വതങ്ങളും ഒത്തുചേർന്ന് ഗിരിവ്രജത്തെ കാത്തുസൂക്ഷിക്കുന്നതുപോലെ തോന്നും കണ്ടാൽ. പൂത്തുനില്ക്കുന്ന കൊമ്പുമായി അതിഭംഗിയോടെ പൂമണം വീശി കാമിജനങ്ങൾ പ്രിയമായ പാച്ചോറ്റിക്കാട് കാണുന്നു. ഇവിടെ സംശിതവ്രതനും മഹാത്മാവുമായ ഗൗതമൻ, കാക്ഷീവാൻ മുതലായ പുത്രന്മാരെ ഉശീനരന്റെ പുത്രിയായ ശൂദ്രയിൽ ജനിപ്പിച്ചു. ഗൗതമന്റെ വംശജരും മാഗധരാജാക്കന്മാരെ സേവിച്ച് അവരുടെ അധീനതയിൽ സാമന്ത്യജനങ്ങളെപ്പോലെ വസിക്കുന്നു. ഇത് ഗൗതമന്റെ രാജാക്കന്മാരോടുള്ള ദയയാൽ മാത്രമാണ്. ഹേ, അർജ്ജുനാ! മഹാബലരായ അംഗവംഗാദിരാജ്യങ്ങളിലെ രാജാക്കന്മാർ പണ്ട് ഗൗതമാശ്രമം പ്രാപിച്ച് രമിച്ചു.

ഭംഗിയേറിയ അരയാൽനിര ഭവാൻ കാണുന്നില്ലേ? പാച്ചോറ്റിക്കൂട്ടവും ഗൗതമന്റെ ആശ്രമാന്തികത്തിൽ കാണുന്നില്ലേ? അർബ്ബുദൻ, ശക്രവാപി എന്നീ ശത്രുതാപനന്മാരായ പന്നഗന്മാരുടെയും സ്വസ്തികൻ, മണിനാഗൻ എന്നീ ഉത്തമനാഗങ്ങളുടെയും മന്ദിരം ഇവിടെയായിരുന്നു. മഗധരാജ്യത്തെ മനു മേഘമാലകൾ ഒഴിയാത്തതാക്കിത്തീർത്തു. കൗശികനും മണിമാനും അനുഗ്രഹിച്ചു. ഇപ്രകാരം ചുറ്റും ദുരാധർഷമായ ഈ നല്ല പത്തനത്തിൽ അർത്ഥസിദ്ധി ധാരാളം ഉണ്ടാകുമെന്ന് ജരാസന്ധൻ കാണുന്നു. അവനെ ഇന്ന് നമ്മൾ ചെന്നു കൊന്ന് അവന്റെ അഹങ്കാരം അവസാനിപ്പിക്കണം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് മഹാതേജസ്വികളായ ആ ഭ്രാതാക്കൾ, വാർഷ്ണേയനും പാണ്ഡവരും മഗധാപുരിയിൽ പ്രവേശിച്ചു. സന്തുഷ്ടവും ഐശ്വര്യസമൃദ്ധവുമായ ജനത തിങ്ങി, നാലു വർണ്ണങ്ങളും ആഹ്ലാദംനിറഞ്ഞ് വാഴുന്ന, ഉത്സവനിത്യമായ ഗിരിവ്രജത്തിലെത്തി. ഉടനെ പുരത്തിന്റെ വാതില്ക്കലെത്തി അതിലൂടെ അകത്തുകയറാൻ ശ്രമിക്കാതെ, ബാർഹദ്രഥന്മാരും അപ്രകാരം നഗരവാസികളും പൂജ ചെയ്യുന്ന മഗധന്മാരുടെ പ്രിയപ്പെട്ട ചൈത്യകശൈലശൃംഗം കുത്തിത്തുറന്ന് ഉള്ളിൽക്കയറി. അവിടെവച്ചാണ് പണ്ട് മാംസഭോജിയായ ഋഷഭനെ ബൃഹദ്രഥൻ കൊന്നത്. അവനെ കൊന്ന് അവന്റെ തോൽകൊണ്ട് മൂന്നു പെരുമ്പറതീർത്ത്, സ്വപുരത്തിൽ രാജാവു വെച്ചു. പൂക്കളർപ്പിച്ച് പൂജിക്കുന്ന ആ ഭേരികൾ അവിടെ മുഴങ്ങുന്നുണ്ട്. ആ ഭേരികൾ മൂന്നും പൊട്ടിച്ച് അവർ ചൈത്യപ്രാകാരത്തിൽ കയറി. ദ്വാരാഭിമുഖമായി ആയുധപാണികളായി. അവർ കയറിമഗധരുടെ ചൈത്യകത്തിലെത്തി. സുരാസന്ധവധം ആഗ്രഹിക്കുന്ന അവരുടെ ആ കയറ്റം ജരാസന്റെ തലയിൽ ചവിട്ടുന്ന കാൽവയ്പായിരുന്നു. പലയിടത്തും പുരാതനവും ഗന്ധമാല്യാർച്ചനയോടു കൂടെ വച്ചിരുന്നതുമായ ചൈത്യകശൃംഗം അവർ തടിച്ചനീണ്ട കൈകൊണ്ട് ഇടിച്ചു തകർത്തു വീഴ്ത്തി. ഉടനെ അവർ വളരെ ആഹ്ലാദത്തോടെ മഗധാപുരിയിൽ കടന്നു. അപ്പോൾ വേദപാരംഗതന്മാരും ബുദ്ധിമാന്മാരുമായ ബ്രാഹ്മണന്മാർ ദുർന്നിമിത്തം കണ്ടതായി ജരാസന്ധനെ അറിയിച്ചു. അമംഗളം നീങ്ങുവാൻ പുരോഹിതർ ആനപ്പുറത്തിരിക്കുന്ന രാജാവിനെ പന്തം കാണിച്ച് ഉഴിഞ്ഞു. ദോഷശാന്തിക്ക് പ്രതാപവാനായ ജരാസന്ധരാജാവ് ദീക്ഷിച്ച്, നിയമംപൂണ്ട്, ഉപവാസം സ്വീകരിച്ചു.

ബഹുശാസ്ത്രരും നിരായുധരുമായി സ്നാതകബ്രാഹ്മണരുടെ വേഷത്തിൽ കൃഷ്ണപാണ്ഡവന്മാർ, ജരാസന്ധനോട് യുദ്ധംചെയ്യാൻ ഉത്സാഹത്തോടെ അകത്തു പ്രവേശിച്ചു. ഭക്ഷ്യപദാർത്ഥങ്ങളും മാലകളും മറ്റും വില്ക്കുന്ന അങ്ങാടിത്തെരുവിന്റെ അതുല്യമായ ഭംഗി കണ്ടു. എല്ലാ മനോഹരവസ്തുക്കളും അവിടെ സമൃദ്ധിയായി നിറഞ്ഞിരിക്കുന്നു! വീഥിതോറും നടന്ന് ആ നരവീരന്മാർ സമൃദ്ധി കണ്ടു. രാജമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ ഭീമകൃഷ്ണധനഞ്ജയന്മാർ മാലാകാരന്മാരിൽനിന്ന്

digitized by www.sreyas.in

മാല തട്ടിപ്പറിച്ച് വിരാഗവസനന്മാരായി മാലാകുണ്ഡലമണ്ഡിതന്മാരായി. അവർ പശുത്തൊഴുത്തുനോക്കുന്ന ഹിമവൻ സിംഹംപോലെ, ജരാസന്ധൻ ഇരിക്കുന്ന മന്ദിരത്തിലേക്ക് കയറിച്ചെന്നു. ആ യുദ്ധശാലികളുടെ കൈകൾ അകിലും ചന്ദനവും പൂശി സാലസ്തംഭംപോലെ ശോഭിച്ചു. ഗജരാജനെപ്പോലെ ശോഭിക്കുന്ന ആ വീരന്മാരുടെ സാലവൃക്ഷംപോലെ കനത്ത കഴുത്തും വിരിഞ്ഞമാർത്തട്ടും കണ്ടപ്പോൾ മാഗധന്മാർ വിസ്മയപ്പെട്ടു.

ജനങ്ങൾ നിറഞ്ഞ മൂന്നു കാവൽപ്പടിയും കടന്ന് അവർ അഹങ്കാരത്തോടെ, കൂസൽകൂടാതെ, രാജാവിനെ കണ്ടു. ഗോവ്, പാദ്യം, മധുപം, അർക്കം മുതലായവയാൽ സൽക്രിയ ചെയ്യേണ്ട യോഗ്യരെ എതിരേറ്റ് ജരാസന്ധൻ യഥാവിധി ഉപാസിച്ചു. ആ രാജാവ് അവരോട് സ്വാഗതം പറഞ്ഞു. അപ്പോൾ ഭീമാർജ്ജുനന്മാർ ഒന്നും മിണ്ടിയില്ല. അതിൽവെച്ച് മഹാബുദ്ധിമാനായ കൃഷ്ണൻ ഇപ്രകാരം പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "നിയമത്താൽ ഇവർക്ക് ഒന്നും പറയുവാൻ വയ്യ രാജാവേ! അർദ്ധരാത്രിക്കുമുമ്പായി ഒന്നും പറയുവാൻ അവർക്കു പാടില്ല. അതുകഴിഞ്ഞാൽ അവർ പറയും."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ അവൻ അവരെ യജ്ഞശാലയിലാക്കി ഗൃഹത്തിലേക്കു പോയി. അർദ്ധരാത്രിയായപ്പോൾ രാജാവ് ആ ദ്വിജന്മാർ ഇരിക്കുന്നേടത്തു ചെന്നു.

അവന്ന് ഇങ്ങനെ ഒരു വ്രതമുണ്ട്; ഭൂമിമുഴുവൻ പ്രസിദ്ധമായതാണ് ആ വ്രതം. സ്നാതകദ്വിജർ വന്നു എന്നു കേട്ടാൽ ആ സമിതിഞ്ജയൻ അർദ്ധരാത്രിക്കും ചെന്ന് എതിരേല്ക്കും. അപൂർവ്വമായ വേഷം ധരിച്ചിരിക്കുന്ന അവരെ കണ്ടപ്പോൾ, രാജാവായ ജരാസന്ധൻ പരിചരിച്ച് വിസ്മയപ്പെട്ടു.

ജരാസന്ധനെ കണ്ടപ്പോൾ ശത്രുഘ്നരായ ആ നരർഷഭന്മാർ ഇപ്രകാരം പറഞ്ഞു: 'രാജാവേ, അങ്ങയ്ക്ക് ബുദ്ധിമുട്ടുകൂടാതെ സ്വസ്തി ഭവിക്കട്ടെ!' എന്നു പറഞ്ഞ് പരസ്പരം കണ്ണിട്ടു. അപ്പോൾ ജരാസന്ധൻ അവരോടു പറഞ്ഞു, ഇരിക്കാം എന്ന്.

ഇതു കേട്ടപ്പോൾ അവർ രാജാവിന്റെ അടുത്ത്, അദ്ധ്വരത്തിന്നു ചുറ്റും മൂന്ന് അഗ്നികൾപോലെ, മൂന്നുപേരും ഇരുന്നു. സത്യസന്ധനായ ജരാസന്ധൻ അവരോട് അവരുടെ വേഷവൈകൃതം കണ്ട് ഗർവ്വിച്ചുകൊണ്ടു പറഞ്ഞു."

ജരാസന്ധൻ പറഞ്ഞു: "സ്നാതകബ്രാഹ്മണർ ഇപ്രകാരം മാല്യാനുലേപനം കൈക്കൊള്ളാറില്ല. ലോകത്തിലെങ്ങും ഞാൻ ഇങ്ങനെ കണ്ടിട്ടില്ല. പൂവുചൂടുന്ന നിങ്ങൾ ആരാണ്? കൈയിൽ ഞാണിന്റെ കലയുള്ള നിങ്ങൾ ആരാണ്? ക്ഷാത്രതേജസ്സ് നിങ്ങളിൽ കാണുന്നു. വിപ്രരാണെന്നു നിങ്ങൾ പറയുന്നു. ഇപ്രകാരം നിർമ്മലമായ വസ്ത്രപുഷ്പലേപനങ്ങൾ അണിഞ്ഞ നിങ്ങൾ സത്യം പറയുക. നിങ്ങൾ ആരാണ്? രാജാക്കൾക്ക് സത്യം ശോഭനമാണ്. എന്തു കാരണത്താലാണ് ചൈത്യകഗിരിയുടെ ശൃംഗം ഭേദിച്ച്, രാജാവിന്റെ കോപത്തെ കൂസാതെ, തെറ്റായ വാതിലിലൂടെ കടന്നുവന്നത്? ബ്രാഹ്മണർക്കു വീര്യം വാക്കിൽ മാത്രമാണ്. പ്രവൃത്തിയിലല്ല. നിങ്ങളുടെ പ്രവൃത്തി നിങ്ങളുടേതാണെന്നു പറയുന്ന ജാതിക്കു യോജിച്ചതല്ല. ഇപ്രകാരം എന്റെ മുമ്പിൽ വന്നിട്ടും പലവിധത്തിലുള്ള എന്റെ അർച്ചനം എന്തുകൊണ്ടാണ് കൈക്കൊള്ളാഞ്ഞത്? എന്റെ സന്നിധിയിൽ എന്തിന്നു വന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞപ്പോൾ കൃഷ്ണൻ ധീരമായി മറുപടി പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "രാജാവേ! ഞങ്ങൾ സ്നാതകബ്രാഹ്മണരാണെന്നു വിചാരിക്കുക. സ്നാതകവ്രതരായി ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുണ്ട്. അവർ വിശേഷനിയമക്കാരും സാമാന്യനിയമക്കാരുമാണ്. വിശേഷംചേരുന്ന ക്ഷത്രിയൻ ലക്ഷ്മിയോടുകൂടിയവനാകും. പുഷ്പത്തിൽ ശ്രീ നില്ക്കുന്നു. അതുകൊണ്ട് നാം പുഷ്പം ധരിക്കുന്നു. ക്ഷത്രിയൻ ബാഹുവീര്യനാണ്. വാഗ്വീര്യം അവനില്ല. വിവരമില്ലാത്തവനെപ്പോലെയാണല്ലോ ഭവാന്റെ സംസാരം. ക്ഷത്രിയന്മാർക്കുവീര്യം കൈകൾക്കാണല്ലോ വിധിച്ചിട്ടുള്ളത്. അതു കാണാനാണ് മോഹമെങ്കിൽ അതു ഭവാൻ സംശയംകൂടാതെ കാണും. ഉപായമാകുന്ന ദ്വാരത്തിലൂടെ ശത്രുഗൃഹത്തിലും ശരിയായ വാതിൽ കടന്നു മിത്രമന്ദിരത്തിലും ധീരന്മാർ ചെല്ലുന്നു. ഇവ ധർമ്മമാർഗ്ഗങ്ങളാണ്. കാര്യത്തിന്നുവേണ്ടി ശത്രുവിന്റെ ഗൃഹത്തിൽ കടന്നാൽ പിന്നെ അവന്റെ അർച്ചന സ്വീകരിക്കുവാൻ പാടില്ല എന്നാണ് ഞങ്ങളുടെ ദൃഢമായ വ്രതം."

22. ജരാസന്ധയുദ്ധോദ്യോഗം – ജരാസന്ധൻ പറഞ്ഞു: "നിങ്ങളോടു വൈരമൊന്നും ചെയ്തതായി ഞാൻ ഓർക്കുന്നില്ല. എന്തു തെറ്റാണ് ഞാൻ നിങ്ങളോടു ചെയ്തതെന്ന് എത്രയോർത്തിട്ടും കാണുന്നില്ല. പിഴചെയ്യാത്ത എന്നെ പിഴചെയ്തവനായി കരുതുകയാണോ? ഹേ, വിപ്രന്മാരേ, നിങ്ങൾ ഞാൻ വൈരിയാണെന്നു പറയുന്നു. ഇതാണോ ധർമ്മം? അന്യനോടുള്ള അകാരണമായ അർത്ഥധർമ്മോപഘാതംനിമിത്തം മനസ്സ് തീർച്ചയായും ദുഃഖിക്കാതിരിക്കയില്ല. നിരപരാധിയുടെ സുഖത്തേയും ധർമ്മത്തേയും അകാരണമായി ദ്രോഹിക്കുന്നവൻ, ധർമ്മജ്ഞനോ മഹാരഥനോ ആയിക്കൊള്ളട്ടെ, ആ ക്ഷത്രിയൻ തീർച്ചയായും ആപത്തിലാകും; പാപികളുടെ ലോകം പ്രാപിക്കുകയും ചെയ്യും. അവന്റെ ശ്രേയസ്സും നശിക്കും. മൂന്നു ലോകത്തിലും ധർമ്മനിഷ്ഠയിൽ ശ്രേഷ്ഠമായതാണ് ക്ഷത്രധർമ്മം. മറ്റു ധർമ്മമൊന്നും ഇതേവിധം ധർമ്മജ്ഞന്മാർ വാഴ്ത്തുന്നില്ല. ഞാൻ എന്റെ കർമ്മത്തിന്റെ സ്ഥിരതയിൽ സ്ഥിതിചെയ്യുന്നു. ഞാൻ പ്രജകൾക്കു കുറ്റംചെയ്യാത്തവനാണ്. നിങ്ങൾ എന്നിൽ കുറ്റം ആരോപിക്കുകയും ചെയ്യുന്നു."

ശ്രീകൃഷ്ണൻ പറഞ്ഞു: "മഹാബാഹോ! കുലവർദ്ധനനായ ഒരാൾ കുലകാര്യം വേണ്ടപോലെ വഹിക്കുന്നുണ്ട്. അദ്ദേഹം കല്പിച്ചപ്രകാരം ഞാൻ ഭവനോടെതിർക്കുകയാണ്. നാടുവാഴുന്ന ക്ഷത്രിയന്മാരെ മുഴുവൻ നീ ബന്ധിച്ചു ഭയങ്കരമായ ആ കുറ്റം ചെയ്തിട്ടും നീ പറയുന്നു ഞാൻ കുറ്റമൊന്നും ചെയ്തിട്ടില്ല എന്ന്. മാന്യനായ ഒരു രാജാവ് സാധുക്കളായ രാജാക്കന്മാരെ ഹിംസിക്കുമോ? രാജാവേ, നൃപന്മാരെക്കൊണ്ട് രുദ്രോപഹാരം ചെയ്യുവാൻ ചിന്തിക്കുകയല്ലേ?

ഹേ, ബാർഹദ്രഥാ! ഭവാൻ ചെയ്ത കുറ്റം ഞങ്ങൾക്കും ബാധിക്കും. ധർമ്മചാരികളായ ഞങ്ങൾ ധർമ്മരക്ഷയ്ക്ക് ശക്തരാണ്. നരബലി ഒരു ശാസ്ത്രത്തിലും വിധിച്ചതായി ഞങ്ങൾ കാണുന്നില്ല. പിന്നെ എന്തു കൊണ്ട് നീ നരന്മാരെക്കൊന്ന് ഈശ്വരാരാധനം നടത്തുന്നു? സവർണ്ണനെ സവർണ്ണന്റെ പശുവാക്കി അറക്കുമോ? ഹേ, ജരാസന്ധാ! നിന്നെപ്പോലെ ജളനായ മറ്റൊരുത്തൻ ഉണ്ടോ? ഏതേതവസ്ഥയിൽ ഏതേതു കർമ്മം ഒരുത്തൻ ചെയ്യുന്നുവോ, അതാതവസ്ഥയ്ക്കു തുല്യമായ ഫലം അവൻ തീർച്ചയായും നേടും. ജ്ഞാതിവിധ്വംസിയായ നിന്നെ, ആർത്തന്മാരെ സംരക്ഷിക്കുന്ന ഞങ്ങൾ, ജ്ഞാതിവൃദ്ധിക്കുവേണ്ടി കൊല്ലുവാൻ വന്നണഞ്ഞതാണ്. നാട്ടിൽ ക്ഷത്രിയനായി തന്നെപ്പോലെ ആരും എങ്ങുമില്ല എന്നു നീ വിചാരിക്കുന്നതും വലിയ ബുദ്ധിമോശമാണ്. ആഭിജാത്യമറിഞ്ഞ ധീരനായ ഏതു ക്ഷത്രിയൻ പടവെട്ടി സ്ഥിരമായ സ്വർഗ്ഗത്തെ പ്രാപിക്കുവാൻ നിനയ്ക്കുകയില്ലാ? ക്ഷത്രിയർ യുദ്ധത്തിൽ വ്രതത്തോടെ ജീവിക്കുന്നു. അവർ ലോകങ്ങളെ ജയിക്കുന്നു. വേദം സ്വർഗ്ഗത്തിന്ന് മൂലമാണ്. യശസ്സ് സ്വർഗ്ഗത്തിന്ന് മൂലമാണ്. തപസ്സ് സ്വർഗ്ഗത്തിന്ന് മൂലമാണ്. പോരിൽ മരിക്കുന്നതും സ്വർഗ്ഗത്തിന്ന് മൂലമാണ്. മറ്റു മൂന്നു കർമ്മങ്ങളും സ്വർഗ്ഗത്തിന്ന് മൂലമാണെന്നകാര്യം തീർച്ചയല്ലായിരിക്കാം. പക്ഷേ, രണത്തിൽ മരിച്ചാൽ സ്വർഗ്ഗം പ്രാപിക്കുമെന്നത് തീർച്ചയാണ്. യുദ്ധത്തിൽ മൃതനായവൻ ഇന്ദ്രനെപ്പോലെ ജയം നേടും. ദാനവരെ ജയിച്ച് ഇതൊന്നിനാൽ ഇന്ദ്രൻ മൂന്നു ലോകവും കാക്കുന്നു. നിന്നോടെന്നവിധം ആരോടുമാകാം യുദ്ധം. അതു സ്വർഗ്ഗസാധനമാണ്. അങ്ങയോടുള്ള വൈരത്തേക്കാൾ സ്വർഗ്ഗദായകമായി മറ്റ് ഏതു മാർഗ്ഗമുണ്ട്? എന്തെന്നാൽ, മഗധ

digitized by www.sreyas.in

യുടെ മഹത്തായ സൈന്യബലത്താൽ നീ ഉന്മത്തനാണല്ലോ? പരന്മാരെ നിന്ദിക്കരുത്. എല്ലാവരിലും വീര്യമുണ്ടെന്നു മനസ്സിലാക്കണം. ബലത്തിലും വീര്യത്തിലും നിനക്കു തുല്യനായിട്ടോ, നിന്നേക്കാൾ വിശിഷ്ടനായിട്ടോ ചിലർ ഉണ്ടായെന്നുവരാം. ഈ തത്ത്വം അറിയാറാകുന്നതുവരെ മാത്രമേ നിന്റെ തേജസ്സ് ബഹുമാന്യമാകയുള്ളൂ. നിന്റെ ശക്തി താങ്ങാൻ തക്ക കെല്പ് ഞങ്ങൾക്കുണ്ട്. ഞാൻ കാര്യം പറഞ്ഞേക്കാം; അല്ലെങ്കിൽ നീ സുതന്മാരോടും, അമാത്യരോടും, സൈന്യങ്ങളോടുംകൂടി യമലോകത്തിലേക്കു പോകും.

ദംഭോത്ഭവൻ, കാർത്തവീര്യൻ, ഉത്തരൻ, ബൃഹദ്രഥൻ ഇവരൊക്കെ തങ്ങളേക്കാൾ ശ്രേഷ്ഠരായവരെ നിന്ദിക്കുകകാരണം കൂട്ടരോടുകൂടി നശിച്ചുപോയില്ലേ?

അങ്ങയുമായി പൊരുതുവാൻവന്ന ഞങ്ങൾ ഭൂസുരന്മാരല്ല. ഹൃഷീകേശനായ കൃഷ്ണനാണ് ഞാൻ. വീരന്മാരായ ഇവർ പാണ്ഡവന്മാരാണ്. നിന്നെ ഞങ്ങൾ പോരിന്നു വിളിക്കുന്നു. മാഗധാ! സ്ഥിരമായി പൊരുതുക. ഒന്നുകിൽ രാജാക്കളെ വിടു. അല്ലെങ്കിൽ കാലപുരിക്കു നടക്കൂ."

ജരാസന്ധൻ പറഞ്ഞു: "ഞാൻ പോരിൽ തോല്പിക്കാത്ത ഒരു രാജാവിനേയും പിടിക്കുകയില്ല. തോല്പിക്കാത്ത ഏതു രാജാവിനെയാണ് ഞാൻ ബന്ധനത്തിലാക്കിയിരിക്കുന്നത്? പറയൂ! ക്ഷത്രിയന്മാരുടെ ഉപജീവനമായ ധർമ്മം ഇതാണ്. കൈയൂക്കാൽ കീഴടക്കി തോന്നുന്നവിധം പ്രവർത്തിക്കാം. ദേവതാർത്ഥം കൊണ്ടുവന്ന നൃപന്മാരെ പേടികൊണ്ട് ഞാൻ കൈവിടുമെന്ന് നീ വിചാരിക്കുന്നുണ്ടോ. ഞാൻ ക്ഷത്രിയനായി ക്ഷത്രിയധർമ്മം നടത്തിക്കൊണ്ടിരിക്കുമ്പോൾ? പടകൂട്ടിയിട്ടോ, ഒറ്റയ്ക്കുതന്നെയോ, ഓരോരുത്തരായോ, മൂന്നുപേരോടും ഒപ്പമായോ ഞാൻ പൊരുതുവാൻ തയ്യാറാണ്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ജരാസന്ധൻ തന്റെ പിൻഗാമിയായി സഹദേവനെന്ന തന്റെ പുത്രനെ അഭിഷേകം ചെയ്യാൻ ആജ്ഞാപിച്ചു. അതിന്നുശേഷം അവരുമായി പൊരുതുവാൻ തീർച്ചയാക്കി. കൗശികൻ, ചിത്രസേനൻ എന്ന തന്റെ രണ്ടു സേനാപതിമാരേയും സ്മരിച്ചു. 'ഹംസൻ,' 'ഡിംഭകൻ' എന്നീ പേരാൽ ലോകപ്രസിദ്ധരായ അവരെപ്പറ്റി, ജനമേജയാ, ഞാൻ മുമ്പേ പറയുകയുണ്ടായല്ലോ. ആ ബലവാന്മാരിൽ വെച്ച് ബലം കൂടിയവനായി, പുരുഷശാർദ്ദൂലനായി, ശാർദ്ദൂലസമവിക്രമനായി, ഭീമപരാക്രമനായി, പാരിൽ പരാക്രമശാലിയായി വിളങ്ങുന്ന ജരാസന്ധനെ, മാധവനാൽ അവദ്ധ്യനാണെന്ന ബ്രഹ്മാവിന്റെ ആജ്ഞ അറിയുകയാലും, അവൻ ഭീമനാൽ വധിക്കപ്പെടേണ്ടവനാണെന്ന് അറിയുകയാലും, ഹലധരാനുജനായ മധുസൂദനൻ സ്വയം ജരാസന്ധനെ കൊല്ലുവാൻ ആഗ്രഹിച്ചില്ല."

23. ജരാസന്ധക്ലാന്തി – വൈശമ്പായനൻ പറഞ്ഞു: "പിന്നെ യുദ്ധസന്നദ്ധനായി ജരാസന്ധൻ നിന്നപ്പോൾ ശ്രീകൃഷ്ണൻ പറഞ്ഞു."

ശ്രീകൃഷ്ണൻ പറഞ്ഞു: "ഈ നില്ക്കുന്ന മൂന്നുപേരിൽ ആരോട് പൊരുതുവാനാണ് ഭവാനു സമ്മതമെങ്കിൽ പൊരുതുക."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ ജരാസന്ധൻ ഭീമനോട് പോരാടുവാൻ നിശ്ചയിച്ചു. ഗോരോചനം, പുഷ്പം മുതലായ മംഗളവസ്തുക്കളും ക്ഷീണം ബാധിക്കാതിരിക്കുന്നതിന്നുള്ള ഔഷധങ്ങളും മറ്റുമായി പുരോഹിതൻ ജരാസന്ധരാജാവിന്റെ പാർശ്വത്തിലേക്കുവന്നു സ്വസ്ത്യയനംചെയ്തു."

രാജധർമ്മം പാലിക്കുവാനായി ജരാസന്ധൻ കിരീടം താഴെ വെച്ച് മുടി കെട്ടിമുറുക്കി, കരയോടേറ്റുമുട്ടുന്ന കടൽപോലെ, എഴുന്നേറ്റ് ഭീമപരാക്രമനായ ഭീമനോട് ജരാസന്ധൻ പറഞ്ഞു."

ജരാസന്ധൻ പറഞ്ഞു: "ഭീമാ! ഞാൻ നിന്നോടു പൊരുതാൻ ആഗ്രഹിക്കുന്നു. ശ്രേഷ്ഠനാൽ തോല്പിക്കപ്പെടുന്നതാണ് അഭികാമ്യമായത്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് വലൻ ശക്രനോടെന്നപോലെ പോരാട്ടമാരംഭിച്ചു. ഭീമസേനൻ ജരാസന്ധനോടും പരമോത്സാഹത്തോടെ കൈകൊണ്ടുള്ള ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെട്ടു."

ആദ്യമായി പരസ്പരം കൈപിടിച്ചു. പിന്നെ കാല്ക്കൽ കുമ്പിട്ടു. കക്ഷങ്ങളാൽ കക്ഷങ്ങൾ കമ്പിപ്പിച്ചു. ഉടനെ കൊട്ടിയാർത്തു. ചുമലിൽ കൈകൾകൊണ്ടു തട്ടി വീണ്ടു വീണ്ടും അടിച്ചു. അംഗങ്ങൾ തമ്മിൽ പിണയുന്ന സമയത്തു വീണ്ടും ആർത്തു. കൈ പൊക്കി, നീട്ടി, താഴ്ത്തി. പിന്നെ ഗണ്ഡങ്ങൾ തമ്മിൽ മുട്ടിച്ച് ഇടിത്തീപോലെ തീപാറിച്ചു. കൈകൊണ്ടു ചുറ്റി കാലുകൊണ്ട് ആഞ്ഞു ചവിട്ടി. പൂർണ്ണ കുംഭംപ്രയോഗിച്ച് അവർ നെഞ്ചു കൈക്കൊണ്ട് തള്ളി. കൈ ഞെക്കി മത്തഹസ്തികളെപ്പോലെ ആർത്തു. മേഘങ്ങൾപോലെ അലറി. ബാഹുക്കളായ ആയുധംകൊണ്ട് അവർ തമ്മിൽ ശക്തിയായി അടിച്ചു. അന്യോന്യം ലാക്കുനോക്കി നടന്നു. ക്രൂരസിംഹങ്ങൾപോലെ വലിച്ചിഴച്ചു പോരാടി. മെയ്കൊണ്ടു മെയ് അമർത്തി കൈകൊണ്ട് കൈഅമർത്തി പിന്നോട്ടു വാങ്ങി കൈ ഓങ്ങി രണ്ടുപേരും ഓതിരം അടിച്ചു. അടിക്കഴുത്ത്, വയർ, എന്നിവനോക്കി തള്ളി. അതിൽവിട്ട് ഉഗ്രമായി തണ്ടെല്ലൊടിയുമാറ്, മോഹിക്കുമാറ്, പൂർണ്ണകുംഭം (ശ്വാസരോധം) കൈകൊണ്ടു നടത്തി, തൃണുപീഡംചെയ്തു. പിന്നെ മുഷ്ടികപൂർണ്ണയോഗങ്ങൾ ചെയ്തു. ഇരുപേരും കടീപാർശ്വങ്ങളിൽ നന്നായി തല്ലി. ഇങ്ങനെയുള്ള അടവുകൾ അവർ തമ്മിൽ നടത്തി.

ഇപ്രകാരം അവരുടെ പോർ നടന്നുകൊണ്ടിരിക്കെ അത് കാണുവാനായി പുരവാസികൾ, വിപ്രക്ഷത്രിയവൈശ്യസംഘങ്ങൾ, അസംഖ്യം അവിടെയെത്തി. ശൂദ്രരും, സ്ത്രീകളും, വൃദ്ധരും, കുട്ടികളുമെത്തി. ജനങ്ങൾ വന്നു തിങ്ങിക്കൂടി ആ പ്രദേശം ഇടമില്ലാതായി.

അവർ തമ്മിൽ അടിയും തട്ടും തടവുമായി, വജ്രവും പർവ്വതവുമെന്നവിധം, രണം ഭീഷണമായി. ഇരുപേരും ബലംകൊണ്ട് സംഹൃഷ്ടന്മാരാണ്; മഹാബലന്മാരാണ്; തമ്മിൽ പഴുതുനോക്കി ജയിക്കുവാൻ മുതിരുന്നവരാണ്. അവർ ആൾക്കൂട്ടത്തെയകറ്റി ആ ദിക്കിൽ നടന്നു.

വൃത്രവാസവന്മാരോടൊക്കുന്ന ആ ശക്തന്മാരുടെ ആ രണത്തിൽ പ്രകർഷണം, ആകർഷണം, അനുർഷണം, വികർഷണം എന്നിവയാൽ ആകർഷിച്ച് മുട്ടുകൊണ്ടിടിച്ച് മഹാഘോഷമുണ്ടാക്കി. തമ്മിൽ ഭർത്സിച്ച്, കട്ടിയുള്ള കല്ലുകൊണ്ട് ഇടിക്കുന്നമട്ടിൽ ഘോരമായി അടിച്ചു.

മാറു വിരിഞ്ഞവരും, കൈകൾ നീണ്ടവരും, പോരിൽ വൈദഗ്ദ്ധ്യമുള്ളവരുമായ അവർ ഇരുമ്പുലക്കപോലുള്ള കൈകൾ പെരുമാറി.

ഇങ്ങനെ കാർത്തികമാസം ഒന്നാംതീയതിമുതൽ, ഭക്ഷണം കഴിക്കുവാൻകൂടി പോരാട്ടം നിർത്തിവെക്കാതെ, രാപ്പകൽ പോരാട്ടം നടന്നു. ത്രയോദശിവരെ ഒപ്പം പൊരുതിനിന്നു. പതിന്നാലാംദിവസം രാത്രി ജരാസന്ധൻ ക്ഷീണിച്ചു പിന്മാറി.

ജരാസന്ധൻ ക്ഷീണിച്ചു പിന്മാറിയതുകണ്ട് മാധവൻ ഭീമവീര്യനായ ഭീമന്ന് ഓർമ്മനല്കുംവിധം ഇപ്രകാരം പറഞ്ഞു.

കൃഷ്ണൻ പറഞ്ഞു: "ഭീമാ! ശത്രു ക്ഷീണിച്ചിരിക്കുന്നു. രണത്തിൽ പീഡ്യനല്ല. വളരെയധികം പീഡിപ്പിച്ചാൽ പ്രാണൻ വെടിയുമെന്നും വരാം. ഇവൻ പീഡനീയനല്ലെന്നതിനാൽ, ഹേ കൗന്തേയ! അവനിൽ ശേഷിച്ച ശക്തിക്ക് തുല്യശക്തിമാത്രം പ്രയോഗിച്ച്, കൈ കൊണ്ടു പൊരുതുക."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണൻ പറഞ്ഞതു കേട്ട് ശത്രുക്കൾക്കു ഭീകരനായ ഭീമൻ ജരാസന്ധന്റെ രൂപവും അവസ്ഥയും മനസ്സിലാക്കി കൊല്ലുവാൻ ഒരുങ്ങി. അജയ്യനായ ജരാസന്ധനെ കൊല്ലുവാൻ കുരുനന്ദനനും, ബലിഷ്ഠനുമായ വൃകോദരൻ സർവ്വശക്തിയും സംഭരിച്ച് ഒരുങ്ങി."

digitized by www.sreyas.in

24. ജരാസന്ധവധം – വൈശമ്പായനൻ പറഞ്ഞു: "ജരാസന്ധവധത്തിന് വർദ്ധിച്ച ബലത്തോടുകൂടിയവനായ വൃകോദരൻ യദുനന്ദനനായ കൃഷ്ണനോടു പറഞ്ഞു. 'കൃഷ്ണാ! കച്ചകെട്ടി എതിർത്തുനില്ക്കുന്ന ദുഷ്ടനായ ഇവനെ വെറുതെ വിടുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല' എന്ന്. ഈ വാക്കു കേട്ടപ്പോൾ കൃഷ്ണൻ വൃകോദരനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ജരാസന്ധവധം ഇനി താമസിച്ചുകൂടാ. നിന്റെ ദിവ്യമായ ശക്തിയും, വായുബലവും നീ കാണിച്ചുകൊള്ളുക. ഇനി താമസിക്കേണ്ട."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണൻ ഇപ്രകാരം പറഞ്ഞപ്പോൾ ഭീമൻ ജരാസന്ധനെ എടുത്തുപൊക്കി. ആ ബാലവാനെ മഹാബലനായ ഭീമൻ നൂറുവട്ടം ചുറ്റി താഴെയിട്ട് മുട്ടുകൊണ്ട് കുത്തി തണ്ടെല്ലൊടിച്ച് ഭയങ്കരമായി ഒന്ന് അലറി. പിന്നെ കൈകൊണ്ട് കാൽപിടിച്ചു രണ്ടായിച്ചീന്തി, ഞെരിയുന്ന ജരാസന്ധന്റെയും അലറുന്ന ഭീമന്റെയും ഭയങ്കരമായ ശബ്ദം സർവ്വദിക്കിലും ഭീഷണമായി. മാഗധന്മാരൊക്കെ ത്രസിച്ചു. സ്ത്രീകളുടെ ഗർഭം അലസി! ഭീമസേനജരാസന്ധന്മാരുടെ ഭീമമായ ശബ്ദം കേട്ടപ്പോൾ ഹിമവാൻ പൊട്ടിത്തകർന്നുവോ, ഭൂമി പിളർന്നുവോ എന്ന് മാഗധന്മാർ ഭയപ്പെട്ടു. ഭീമന്റെ നിസ്വനം അത്ര ഭീമമായിരുന്നു.

പിന്നെ രാജഗൃഹദ്വാരത്തിൽ ചത്ത ജരാസന്ധനെ ഉറങ്ങിക്കിടക്കുന്നവനെയെന്നപോലെ വിട്ട്, അവിടെനിന്നു പിന്മാറി. ജരാസന്ധന്റെ കൊടിനാട്ടിയ വലിയ രഥംപൂട്ടി മാധവൻ ഭീമാർജ്ജുനന്മാരെക്കയറ്റി, ബന്ധുരാജാക്കന്മാരെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു. രത്നാർഹരായ ആ രാജാക്കൾ അവരുടെ അധീനത്തിലുള്ള രത്നസഞ്ചയം, തങ്ങളെ മഹാഭയത്തിൽനിന്നു വേർപെടുത്തിയതിന്ന് പ്രത്യുപകാരമായി അനിർവ്വചനീയവും അപാരവുമായ കൃതജ്ഞതയോടെ കാഴ്ചവെച്ചു. അക്ഷതനും ശസ്ത്രസമ്പന്നനുമായ കൃഷ്ണൻ ജരാസന്ധന്റെ ആ ദിവ്യരഥം കയറി ഗിരിവ്രജത്തിൽനിന്നു പുറപ്പെട്ടു. ഭീമാർജ്ജുനന്മാരേയും വഹിച്ച് കൃഷ്ണൻ ഓടിക്കുന്ന ആ രഥം രാജാക്കന്മാരുടെ വിരുതു നശിപ്പിക്കുന്നതും, അന്യരാജാക്കന്മാർക്ക് ജയിക്കുവാൻ കഴിയാത്തതുമാണ്. ഭീമാർജ്ജുനന്മാർ കയറി കൃഷ്ണൻ നടത്തുന്ന ആ രഥം അജയ്യമായി പ്രശോഭിച്ചു. പണ്ട് ശക്രനും വിഷ്ണുവും ഇരുന്നു പോരാടിയ ആ തേരിൽക്കയറി കൃഷ്ണൻ പോന്നു. തങ്കപ്രകാശം ചേർന്നതും, കിങ്കിണിയും തൊങ്ങലുമായി അലങ്കരിച്ചതും, കാർമേഘം പോലെ ഇരമ്പുന്നതും, വൈരിവീരന്മാരെ വിറപ്പിക്കുന്നതുമായ ആ രഥത്തിൽ ഇരുന്ന് പണ്ട് ഇന്ദ്രൻ ഒന്നായി തൊണ്ണൂറ്റൊന്ന് അസുരന്മാരെ സംഹരിച്ചിട്ടുണ്ട്. അത്ര പ്രസിദ്ധമായ ആ തേർ സമ്പാദിച്ച് ആ പുരുഷർഷഭർ സന്തോഷിച്ചു. പിന്നെ ഭീമാർജ്ജുനന്മാരോടു കൂടിച്ചേർന്ന് വീരനായ മുകുന്ദനെ ആ തേരിൽക്കണ്ട് മാഗധനാട്ടുകാർ ആശ്ചര്യപ്പെട്ടു. ദിവ്യാശ്വങ്ങളെക്കെട്ടി കാറ്റുപോലെ ഓടുന്ന ആ രഥം കൃഷ്ണൻ കയറിയ സമയത്ത് ഏറ്റവും പ്രശോഭിച്ചു. ദേവനിർമ്മിതമായി എവിടെയും തടയാത്ത ആ രഥം ഇന്ദ്രായുധംപോലെ ഒരുയോജന ദൂരെശോഭിച്ചുയർന്നുകണ്ടു.

കൃഷ്ണൻ ഗരുഡനെ ചിന്തിച്ചു. ഉടനെ ഗരുഡൻ വന്ന്, ചൈത്യവൃക്ഷംപോലെ ഉയർന്ന കൊടിയിൽ കുടികൊണ്ടു. വായ്തുറന്നലറുന്ന ഭൂതങ്ങളോടുകൂടി ചൈത്യവൃക്ഷത്തിലെന്ന വിധം ആ തേരിൽ ഗരുഡൻ ശോഭിച്ചു. ആർക്കും നോക്കാൻവയ്യാത്ത ഉഗ്രമായ തേജസ്സോടെ, അത്യുഗ്രമായ രശ്മി ചിതറുന്ന മദ്ധ്യാഹ്നസൂര്യനെപ്പോലെ, വൃക്ഷങ്ങളിൽ തടയാത്ത ആ ധ്വജം ശസ്ത്രമേറ്റാലും മുറിയാത്തതാണ്. ദിവ്യമായ ആ ധ്വജം മർത്ത്യർക്കും അപ്രകാരം കാണാം. മേഘനാദംപോലെ ഘോഷമുണ്ടാക്കുന്ന ആ ദിവ്യമായ തേരിൽക്കയറി പുരുഷോത്തമൻ പാണ്ഡവരൊത്തു പുറപ്പെട്ടു. ഈ രഥം വസുവിന്ന് ഇന്ദ്രൻ, വസു ബൃഹദ്രഥന്ന്, ബൃഹദ്രഥൻ ജരാസന്ധന്ന്, ഇങ്ങനെ നല്കപ്പെട്ടതുമാണ്. ആ രഥത്തിൽക്കയറി കൃഷ്ണൻ പോന്നു. ഗിരിവ്രജത്തിന്റെ പുറത്ത് മൈതാനഭൂമിയിൽ ചെന്നു നിന്നു. നാട്ടുകാർ അവിടെവച്ച് കൃഷ്ണനെ സൽക്കരിച്ചു. വിധിപ്രകാരം ബ്രാഹ്മണരും ബന്ധനംവിട്ടുപോന്ന മന്നവന്മാരും മാധവനെ പൂജിച്ചു. കൃഷ്ണനെ പുകഴ്ത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു."

രാജാക്കന്മാർ പറഞ്ഞു: "ദേവകീപുത്രാ! ഗോവിന്ദാ! ഭവാന് ഇതും അത്ഭുതമല്ല. ഭീമാർജ്ജുനന്മാരുടെ തുണയോടുകൂടി ഇപ്രകാരം നൃപന്മാരെ ഭവാൻ രക്ഷിച്ചു. ജരാസന്ധക്കയത്തിൽ അല്ലൽച്ചെളിയിൽ ആണ്ടുപോയ അരചന്മാരെ ഭവാൻ കയറ്റിയില്ലേ! ഘോരമായ ഗിരിദുർഗ്ഗത്തിൽക്കുടുങ്ങിയ ഞങ്ങളെ മോചിപ്പിച്ച ഭവാൻ കീർത്തിനേടി. ഞങ്ങൾ ചെയ്യേണ്ടതെന്തെന്ന് ആജ്ഞാപിച്ചാലും. നൃപന്മാർക്ക് അസാദ്ധ്യമായ അക്കാര്യം സാധിച്ചതിൽ ഞങ്ങൾ ഭവാന്റെ ദാസരാണെന്നു ചിന്തിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ നൃപന്മാരോട് കൃഷ്ണൻ പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "യുധിഷ്ഠിരൻ രാജസൂയംചെയ്യുവാൻ ഇച്ഛിക്കുന്നു. ധർമ്മംചെയ്തിട്ടും അവന് പാർത്ഥിവത്വം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളെല്ലാവരും ചേർന്ന് ചിന്തിച്ച് സഹായം ചെയ്തു തരണം."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ വാക്കു കേട്ട് നൃപന്മാർ ആനന്ദിച്ചു. ആ വാക്കു കേട്ട് അപ്രകാരമാകാമെന്ന് അവർ എല്ലാവരും സമ്മതിച്ചു. കൃഷ്ണന്നായി രാജാക്കൾ രത്നസഞ്ചയം കാഴ്ചവെച്ചു. അവരിലുള്ള കൃപമൂലം കൃഷ്ണൻ വളരെ വിഷമത്തോടെയാണ് അതിൽ നിന്ന് അല്പംമാത്രം സ്വീകരിച്ചത്.

ജരാസന്ധന്റെ മകനായ സഹദേവൻ പുരോഹിതനെ മുമ്പിൽ നടത്തി അമാത്യഭൃത്യന്മാരോടുകൂടി എത്തി. നാനാരത്നങ്ങൾ അർപ്പിച്ച് താണുകുമ്പിട്ട് നിന്നു. സഹദേവൻ വാസുദേവന്റെ ദാസനായി. ഭയാർത്തനായ അവന് മാധവൻ അപ്പോൾ അഭയം നല്കി. അവന്റെ കാഴ്ചദ്രവ്യങ്ങൾ കൈക്കൊണ്ട് പുരുഷോത്തമൻ അവനെ രാജാവായി അഭിഷേകംചെയ്തു. കൃഷ്ണനും പാണ്ഡവന്മാരും ചേർന്ന് സൽക്കരിച്ചപ്പോൾ അവൻ ബാർഹദ്രഥപുരത്തിലേക്ക് ശ്രീമാനായി തിരിച്ചുചെന്നു ആ പൂജ്യന്മാർ വാഴിച്ച ജരാസന്ധപുത്രൻ രാജാവായി ശോഭിച്ചു. കൃഷ്ണൻ പാണ്ഡവന്മാരോടുകൂടി രത്നജാലങ്ങൾ സ്വീകരിച്ച് അതിശ്രീസമന്വിതനായി ഇന്ദ്രപ്രസ്ഥത്തിൽ മടങ്ങിയെത്തി. ഇന്ദ്രപ്രസ്ഥത്തിൽ ഉത്കണ്ഠിതനായി ഇരിക്കുന്ന യുധിഷ്ഠിരനൃപന്റെ മുമ്പിൽ എത്തി, കൃഷ്ണൻ സസന്തോഷം ഉണർത്തിച്ചു."

കൃഷ്ണൻ പറഞ്ഞു: "ഭാഗ്യം! ശക്തനായ ജരാസന്ധനെ ഭീമൻ കൊന്നു! തടവിലാക്കിയ രാജാക്കന്മാരെയൊക്കെ മോചിപ്പിച്ചു. ഭാഗ്യം! എന്നോടുകൂടി ഭീമാർജ്ജുനന്മാർ കേടൊന്നുകൂടാതെ സ്വന്തം പുരിയിൽ മടങ്ങിയെത്തി."

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ ആനന്ദബാഷ്പം പൊഴിച്ച് മാധവനെ യഥാർഹം സൽക്കരിച്ചു. ഭീമാർജ്ജുനന്മാരെ സസന്തോഷം തഴുകി. ജരാസന്ധൻ വീണതിനുശേഷം സോദരന്മാരാൽ ജയം നേടി അജാതശത്രുവായ യുധിഷ്ഠിരൻ സന്തോഷിച്ച് ആനന്ദിച്ചു. ഭ്രാതാക്കളോടുചേർന്ന് കൗന്തേയൻ വയസ്സിന്റെ മൂപ്പുമുറയ്ക്കു സൽക്കാരം ചെയ്തു മാനിച്ച് ആ നരേന്ദ്രന്മാരെയെല്ലാം വിട്ടയച്ചു.

യുധിഷ്ഠിരന്റെ അനുവാദത്തോടുകൂടി രാജാക്കന്മാർ വളരെ രസത്തോടെ നാനാവാഹനങ്ങളോടുകൂടി അവരവരുടെ ദേശത്തേക്കു ചെന്നു. ഇപ്രകാരം പുരുഷശാർദ്ദൂലനായ ജനാർദ്ദനൻ പാർത്ഥരെക്കൊണ്ട് വൈരിയായ മഗധേന്ദ്രനെ കൊലചെയ്യിച്ചു. ബുദ്ധിപൂർവ്വം ജരാസന്ധനെ കൊല്ലിച്ചതിനുശേഷം കൃഷ്ണൻ ധർമ്മപുത്രനോടും, കുന്തിയോടും, പാഞ്ചാലിയോടും, സുഭദ്രയോടും, ഭീമാർജ്ജുനന്മാരോടും, മാദ്രേയന്മാരോടും യാത്രപറഞ്ഞ്, ധൗമ്യാനുവാദത്തോടെ ദ്വാരകയിലേക്കു യാത്രയായി. മനോഹരമഹാരഥത്തിൽക്കയറി ദിക്കു മുഴങ്ങുമാറ് നന്ദിയോടെ ധർമ്മപുത്രനും തമ്പിമാരും മാന്യകർമ്മകാരിയായ നരകാരിയെ വലംവെച്ച് യാത്രയയച്ചു.

digitized by www.sreyas.in

വാസുദേവൻ പോയതിന്നുശേഷം മഹാജയംപൂണ്ട മന്നവന്മാർക്ക് അഭയംകൊടുത്ത് രാജാവ് കീർത്തിമാനായിത്തീർന്നു. ദ്രൗപദിക്ക് പാണ്ഡവന്മാർ പരമാനന്ദം നല്കി. കാലത്തിനൊത്ത ധർമ്മകാമാർത്ഥയുക്തങ്ങളായ കർമ്മങ്ങൾചെയ്ത് രാജാവ് പ്രജാസംരക്ഷണത്താൽ കീർത്തിമാനായി.''

ദിഗ്വിജയപർവ്വം

25. ദിഗ്വിജയസംക്ഷേപകഥനം – വൈശമ്പായനൻ പറഞ്ഞു: ''ഗാണ്ഡീവം എന്ന് അമ്പൊടുങ്ങാത്ത ആവനാഴിയും, പ്രശംസാർഹമായ രഥം, ധ്വജം, സഭ ഇവയെല്ലാം നേടിയ പാർത്ഥൻ യുധിഷ്ഠിരനോടു പറഞ്ഞു.''

അർജ്ജുനൻ പറഞ്ഞു: ''വില്ല്, വീര്യമേറുന്ന അസ്ത്രം, കൂട്ടുകാർ, പാരിടം, ബലം ഇവയൊക്കെ ഞാൻ രാജാവേ നേടിക്കഴിഞ്ഞു. കിട്ടുവാൻ വിഷമമുള്ള അഭിഷ്ടവും നേടി. ഇനി വേണ്ടത് ഭണ്ഡാരം വർദ്ധിപ്പിക്കുകയാണ്. അതുകൊണ്ട് എല്ലാ രാജാക്കന്മാരിൽനിന്നും കപ്പം വാങ്ങണം. അതിനുവേണ്ട നടപടികൾ ആരംഭിക്കണം. വിത്തേശ്വരൻ ഇരിക്കുന്ന ദിക്കിലേക്കു പോകണം. അവിടെയുള്ള രാജാക്കന്മാരെയെല്ലാം പോരിൽ ജയിക്കുവാൻ മുഹൂർത്തവും നല്ല നാളും പക്കവും നോക്കി ഇറങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

വൈശമ്പായനൻ പറഞ്ഞു: ''ധനഞ്ജയൻ പറഞ്ഞ വാക്കു കേട്ട് ധർമ്മരാജാവായ യുധിഷ്ഠിരൻ സ്നിഗ്ദ്ധഗംഭീരസ്വരത്തിൽ അവനോട് ഉത്തരം പറഞ്ഞു.''

യുധിഷ്ഠിരൻ പറഞ്ഞു: ''വിപ്രന്മാരുടെ ആശംസ വാങ്ങി ഹേ, ഭാരതാ! പുറപ്പെടുക. ശത്രുവിജയത്തിന്നും, മിത്രാനുമോദത്തിന്നും ബ്രാഹ്മണരുടെ അനുഗ്രഹം ആവശ്യമാണ്. ഹേ, പാർത്ഥാ! നിനക്ക് ജയം വന്നുകൂടും. ആഗ്രഹങ്ങളൊക്കെ സാധിക്കുകയുംചെയ്യും.''

വൈശമ്പായനൻ പറഞ്ഞു: ''എന്നു പറഞ്ഞതുകേട്ട് അർജ്ജുനൻ വലിയ സൈന്യത്തോടുകൂടി അഗ്നി നല്കിയ ദിവ്യമായ തേരിൽ ഇരുന്നു പുറപ്പെട്ടു. അപ്രകാരം ഭീമനും മാദ്രീപുത്രരും ദിവ്യമായ തേരുകളിൽക്കയറി ധർമ്മരാജാവിന്റെ അനുഗ്രഹം വാങ്ങി സൈന്യങ്ങളോടുകൂടി പുറപ്പെട്ടു.

വിത്തേശ്വരന്റെ ദിക്ക് അർജ്ജുനൻ ജയിച്ചു. കിഴക്കുദിക്കൊക്കെ ഭീമസേനൻ ജയിച്ചു. പിടഞ്ഞാറൻ ദിക്കൊക്കെ നകുലൻ ജയിച്ചു. തെക്കേ ദിക്ക് സഹദേവനും ജയിച്ചു.

ഖാണ്ഡവപ്രസ്ഥത്തിൽ ഇരുന്നരുളുന്ന ധർമ്മരാജാവായ യുധിഷ്ഠിരൻ മഹത്തായ ലക്ഷ്മി കൈകൊണ്ട്, മിത്രാന്വിതനായി വിഭുവായി രാജിച്ചു.''

26. അർജ്ജുനദിഗ്വിജയം'' ഭഗദത്തപരാജയം – ജനമേജയൻ പറഞ്ഞു: ''ഹേ, ദ്വിജോത്തമ! ദിഗ്ജയം വിസ്തരിച്ച് ഭവാൻ പറഞ്ഞാലും! പൂർവ്വന്മാരുടെ കഥ കേട്ട് എനിക്കു സംതൃപ്തി വരുന്നില്ല.''

വൈശമ്പായനൻ പറഞ്ഞു: ''ആദ്യമായി ഞാൻ ധനഞ്ജയന്റെ വിജയത്തെക്കുറിച്ചു പറയാം. പാണ്ഡവന്മാരെല്ലാവരും കൂടി ഭൂമിയൊക്കെ ജയിച്ചു. ആദ്യമായി കടുങ്കൈയൊന്നും കൂടാതെ കുളിന്ദരാജ്യത്തെ രാജാക്കളെ മഹാബാഹുവായ അർജ്ജുനൻ കീഴടക്കി. ആനർത്തന്മാരേയും, കാളകൂടന്മാരേയും, കുളിന്ദന്മാരേയും ജയിച്ച്, സ്വയം പെരും പടയോടുകൂടി സവ്യസാചി ശാകലദ്വീപ് ജയിച്ച് പ്രതിവിന്ധ്യനെപരാജയപ്പെടുത്തി.

ശാകലദ്വീപസ്ഥരോടുചേർന്ന് സപ്തദ്വീപസ്ഥരായ രാജാക്കൾ അർജ്ജുനന്റെ ഭടന്മാരുമായി പൊരുതി. പോരാട്ടം ഭയങ്കരമായി. അവൻ ആ വില്ലാളികളെയൊക്കെ ജയിച്ചു. ആ കൂട്ടരോടൊക്കെച്ചേർന്നു പ്രാഗ്ജ്യോതിഷത്തിന്നുവേണ്ടി എതിർത്തു. അവിടെ അന്ന് ഭഗദത്തൻ വാണിരുന്നു. ഭയങ്കരമായ പോരാട്ടം അവനുമായി ഉണ്ടായി. കിരാതന്മാരോടും ചീനക്കാരോടുംകൂടി യവനാണ് പ്രാഗ്ജ്യോതിഷരാജാവ്. അവന്നു വലിയ പടയുണ്ടായിരുന്നു. സാഗരാനുപചരന്മാരായിരുന്നു ആ വീരന്മാർ. എട്ടുദിവസം പ്രാഗ്ജ്യോതിഷൻ പാർത്ഥനോട് പോരാടിനിന്നു. എന്നിട്ടും ക്ഷീണിക്കാത്ത പാർത്ഥനോട് രാജാവ് സസ്മിതം പറഞ്ഞു.''

ഭഗദത്തൻ പറഞ്ഞു: ''മഹാവീരാ, നിനക്കു യോജിച്ചതു തന്നെയാണിത്. പാണ്ഡുപുത്രാ! പാകശാസനന്റെ പുത്രനായി വിക്രമം പൂണ്ടുനില്ക്കുന്ന ഭവാന് ഇത് ഉചിതംതന്നെ. മഹേന്ദ്രന്റെ സുഹൃത്താണ് ഞാൻ. പോരിൽ ഇന്ദ്രനിൽ താഴാത്തവനുമാണ് ഞാൻ. ഉണ്ണി, നിന്നോടു പൊരുതുവാൻ പോരാത്തമട്ടിലാണ് ഇന്ന് എന്റെ കഥ, ഹേ, പാണ്ഡവാ! എന്താണ് നിന്റെ അഭീഷ്ടം? ഞാൻ എന്തുചെയ്യണമെന്നു പറഞ്ഞാലും. മകനേ, മഹാബാഹോ, നിന്റെ അഭീഷ്ടംചെയ്യുവാൻ ഞാൻ തയ്യാറാണ്.''

അർജ്ജുനൻ പറഞ്ഞു: ''കുരുക്കളിൽ ഋഷഭനും, രാജാവും, ധർമ്മപുത്രനുമായ യുധിഷ്ഠിരൻ ധർമ്മവിത്തമനും, സത്യസന്ധനും, ബഹുദക്ഷിണനുമായ യജ്വാവാണ്. അദ്ദേഹം ചക്രവർത്തിയാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഭവാനും കപ്പംകൊടുക്കണം. അങ്ങ് എന്റെ അച്ഛന്റെ പ്രിയസഖാവാണ്; എനിക്കും പ്രിയപ്പെട്ടവനാണ്. അതുകൊണ്ട് അങ്ങയോട് ഞാൻ ആജ്ഞാപിക്കുന്നില്ല. അങ്ങ് പ്രീതിപൂർവ്വം കൊടുക്കുക.''

ഭഗദത്തൻ പറഞ്ഞു: ''ഹേ, കൗന്തേയ! എനിക്ക് നിന്നെപ്പോലെതന്നെയാണ് യുധിഷ്ഠിരരാജാവും. ഭവാൻ പറഞ്ഞതു പോലെയാകാം. പിന്നെ മറ്റെന്തു വേണമെന്നു പറയുക.''

27. ഫാൽഗുനദിഗ്വിജയം – നാനാദേശജയം – വൈശമ്പായനൻ പറഞ്ഞു: ''അതു കേട്ട് ഭഗദത്തനോട് അർജ്ജുനൻ മറുപടി പറഞ്ഞു.''

അർജ്ജുനൻ പറഞ്ഞു: ''അങ്ങ് ഇങ്ങനെ ചെയ്യാമെന്ന് ഏറ്റാൽത്തന്നെ എനിക്കു വേണ്ടതായി.''

വൈശമ്പായനൻ പറഞ്ഞു: ''പിന്നെ ആ രാജാവിനെ വിട്ട് വീരനായ ധനഞ്ജയൻ അവിടെനിന്നും വടക്കോട്ടു കുബേരന്റെ ദിക്കിലേക്കു പോയി. അന്തർഗിരിയേയും ബഹിർഗിരിയേയും ജയിച്ചു. പിന്നെ എല്ലാ ഗിരികളേയും അവിടെയുള്ള രാജാക്കന്മാരേയും ജയിച്ചു. അവരെ പാട്ടിൽ നിർത്തി, വളരെ ദ്രവ്യം ഗ്രഹിച്ച്, അവരോടുകൂടി ആ നൃപന്മാരെയൊക്കെ ഇണക്കിച്ചേർത്ത്, ഉലൂകരാജാവായ 'ബൃഹന്ത' രാജാവിനോട് ചെന്ന് എതിർത്തു. മൃദംഗനിനദംകൊണ്ടും, തേരിന്റെ നാദംകൊണ്ടും, ഹസ്തിജാലങ്ങളുടെ ആരവംകൊണ്ടും, ലോകത്തെയിട്ടു വിറപ്പിച്ച ബൃഹന്തൻ വേഗത്തിൽ ചതുരംഗപ്പടയെക്കൂട്ടി പുരിവിട്ട് പുറത്തേക്കെത്തി പാർത്ഥനോട് പൊരുതി. ധനഞ്ജയബൃഹന്തന്മാർ ഏറ്റ പോര് ഘോരമായി. പാണ്ഡവന്റെ വിക്രമം ബൃഹന്തന് പൊറുക്കുവാൻ വയ്യാതായി. കൗന്തേയൻ അജയ്യനാണെന്നുകൊണ്ട് ആ പർവ്വതേശ്വരൻ എല്ലാ രത്നസമ്പത്തോടൊപ്പം കീഴടങ്ങി.

അവൻ ആ നാട് കീഴടക്കിയശേഷം ഉലൂകനോടുകൂടെ ച്ചെന്ന് 'സേനാബിന്ദു' വിനെ രാജ്യഭ്രഷ്ടനാക്കി. മോദാപുരം, വാമദേവം, സദാമാവ്, സുസങ്കലം, ഉത്തലോലൂകം എന്നീ രാജ്യങ്ങളൊക്കെ ജയിച്ച് അവയെ അധീനത്തിലാക്കി. ധർമ്മരാജാവ് ദൂതന്മാരെ അയച്ച് അറിയിച്ചപ്രകാരം പാണ്ഡവൻ കുറച്ചുനാൾ അവിടെ പാർത്തു.

പിന്നെ കിരീടി പഞ്ചഗണദേശം ജയിച്ചു. ദേവപ്രസ്ഥത്തിലെത്തി സേനാബിന്ദുപുരത്തിൽ ചതുരംഗബലത്തോടുകൂടെ കൂടാരംകെട്ടിതാമസിച്ചു. അവരോടെല്ലാംചേർന്ന് പുരുഷർഷഭനും പൗരവനുമായ 'വിഷഗശ്വ' രാജാവിനോടെതിർത്തു. തേരാളിവീരരായ പാർവ്വതീയരെ ജയിച്ചു, പൗരവൻ കാള പോരുന്ന പുരവും സേനാശക്തികൊണ്ട് ജയിച്ച്, പോരിൽ പൗരവനെ ജയിച്ച്, അദ്രിസ്ഥമായ ദസ്യുഗണത്തേയും ജയിച്ച്, ഉത്സവസങ്കേതമെന്ന ഏഴു ഗണത്തേയും പാണ്ഡവൻ കീഴടക്കി. പിന്നെ ക്ഷത്രിയർഷഭൻ കാശ്മീരകക്ഷത്രിയരായ വമ്പന്മാരെ ജയിച്ചു. പത്തു മണ്ഡലത്തോടുകൂടി 'ലോഹിതനേ' യും ജയിച്ചു. പിന്നെ ത്രിഗർത്തന്മാരേയും ദാർവ്വരേയും കാകനദന്മാർ മുതലായ അനേകം ക്ഷത്രിയന്മാരേയും പാർത്ഥൻ കീഴടക്കി.

digitized by www.sreyas.in

പിന്നെ അർജ്ജുനൻ രമ്യമായ അഭിസാരി എന്ന പുരം ജയിച്ചു. ഉരഗം ഭരിക്കുന്ന 'രോചമാനനേ' യും രണത്തിൽ തോല്പിച്ചു. പിന്നെ 'ചിത്രായുധൻ' സംരക്ഷിക്കുന്ന മനോരമ്യമായ സിംഹപുരത്തേയും യുദ്ധത്തിൽ അർജ്ജുനൻ തകർത്തു. കിരീടിയായ പാണ്ഡവൻ സഹ്യം, സുമാലം എന്നിവയേയും സർവ്വ സൈന്യങ്ങളോടുംകൂടിച്ചെന്ന് കലക്കി മറിച്ചു. പിന്നെ പരമവിക്രാന്തനായ 'ബാൽഹീകനേ' യും ദുരാസദന്മാരാണെങ്കിലും അവരെ അർജ്ജുനൻ പോരിൽ അടക്കി. പടയും പണവും സമ്പാദിച്ച് സമർത്ഥനായ അർജ്ജുനൻ ദരദന്മാരേയും കാംബോജന്മാരേയും പരാജയപ്പെടുത്തി.

വടക്കുകിഴക്കുഭാഗത്തായി പാർക്കുന്ന ദസ്യുവർഗ്ഗത്തേയും, കാട്ടിൽ വാഴുന്ന രാജാക്കന്മാരേയും പാട്ടിലാക്കിയതിന്നു ശേഷം ലോഹം, കിഴക്കേ കാംബോജം, വടക്കേ ഋഷീകം എന്നീ നാട്ടുകാരേയും ഇന്ദ്രപുത്രൻ ജയിച്ചു ഋഷീകത്തിൽവെച്ച് അതിഭീഷണമായ രണമുണ്ടായി. താരകാസുരയുദ്ധംപോലെ അവർതമ്മിൽ രണം ഉഗ്രമായി. പടത്തലയ്ക്കൽ ഋഷീകപ്പടയെ ജയിച്ച് അർജ്ജുനൻ ശുഭോദരാഭമായ എട്ട് കുതിരകളെ കൈയിലാക്കി. മയൂരച്ഛായങ്ങളും ഉത്തമങ്ങളുമായ ഊക്കും വേഗതയും കൂടുന്ന അശ്വങ്ങളെ കപ്പമായി വാങ്ങി. അങ്ങനെ വനനിബിഡമായ ഹിമവാനെ പടവെട്ടിപ്പിടിച്ച് ശ്വേതാദ്രിയിൽച്ചെന്ന് ആ പുരുഷപുംഗവൻ കൂടാരമടിച്ചു."

28. അർജ്ജുനോത്തരദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "ശ്വേതശൈലം കടന്ന് വീരനായ അർജ്ജുനൻ 'ദ്രുമപുത്രൻ' ഭരിക്കുന്ന ദേശമായ കിമ്പുരുഷാലയത്തിലെത്തി. ഉഗ്രമായ പോരാട്ടത്തിന്നുശേഷം അതു പിടിച്ചടക്കി ദ്രുമപുത്രന്റെ പക്കൽനിന്നു കപ്പം വാങ്ങിച്ചു. പിന്നീട് ഗുഹ്യകന്മാരാൽ രക്ഷിക്കപ്പെടുന്ന ഹാടകം എന്ന ദേശത്ത് പെരുമ്പടയുമായി അർജ്ജുനൻ ചെന്നുകയറി. ഉടനെ അവരെല്ലാം അദ്ദേഹത്തിന്ന് കീഴടങ്ങി. അങ്ങനെ ആ മാനസസരസ്ഥലം സാന്ത്വംകൊണ്ട് കീഴടക്കി. ആ സരസ്സും ഋഷികുല്യകളും കണ്ട് ഹാടകന്മാരാൽ ചുറ്റപ്പെട്ട ആ മാനസസരസ്സു പ്രാപിച്ചതിന്നുശേഷം ഗന്ധർവ്വന്മാർ സംരക്ഷിക്കുന്ന ദേശം അർജ്ജുനൻ ജയിച്ചു. അവിടെ തിത്തിരിക്കുതിരകൾ, മണ്ഡൂകക്കുതിരകൾ മുതലായ പ്രസിദ്ധ ഹയങ്ങളെ ആ ഗന്ധർവ്വപതനത്തിൽവെച്ച് അർജ്ജുനൻ കരമായി വാങ്ങി. പിന്നെ വടക്കൻഹരിവർഷത്തിൽ കടന്ന് ഇന്ദ്രപുത്രൻ ആ ദിക്ക് വെല്ലുവാൻ വിചാരിച്ചു. അവനോട് മഹാകായ ബലമുള്ളവരായ ദ്വാരപാലകന്മാർ അടുത്തുചെന്ന് സന്തോഷത്തോടെ പറഞ്ഞു."

ദ്വാരപാലകന്മാർ പറഞ്ഞു: "ഹേ, പാർത്ഥാ! നീ ഈ പുരം ജയിക്കുവാൻ ഒരിക്കലും ശക്തനാവുകയില്ല. ഹേ, ശുഭശീല! ഭവാൻ മടങ്ങിപ്പോയാലും. ഇത്രത്തോളം മതി, ഈ പുരത്തിൽ കടക്കുന്ന മനുഷ്യന്റെ കഥ അപ്പോൾ അവസാനിക്കും. ഞങ്ങൾ ഭവാനോട് സന്തോഷിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഭവാന് ജയമായല്ലോ. ഭവാന് ജയിക്കാവുന്നതായി ഒന്നും ഇവിടെ കാണുന്നില്ല. ഈ ഉത്തരകുരുക്കളുമായി യുദ്ധത്തിന്നു പറ്റുകയില്ല. കടന്നാൽത്തന്നെ ഒന്നും ഭവാൻ കാണുകയില്ല. മനുഷ്യദേഹമുള്ളവന്ന് കാണുവാൻ പറ്റാത്തതാണ് ഇവിടെയുള്ളതെല്ലാം. ഈ നിലയ്ക്ക് വേറെ എന്താണ് ഭവൻ ഇച്ഛിക്കുന്നത്? പറയുക! ഞങ്ങൾ നടത്താം."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് അർജ്ജുനൻ അവരോട് മന്ദഹാസത്തോടെ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ധീമാനായ ധർമ്മപുത്രന്ന് ചക്രവർത്തിപദം ഞാൻ കാംക്ഷിക്കുന്നു. നരന്മാർക്ക് അഗമ്യമാണ് ഈ പ്രദേശമെങ്കിൽ ഞാൻ അങ്ങോട്ട് കയറുന്നില്ല. ധർമ്മപുത്രന്നായി നിങ്ങൾ എന്തെങ്കിലും കരമായി നല്കുവിൻ."

വൈശമ്പായനൻ പറഞ്ഞു: "ഇത് കേട്ടയുടനെ അവർ സസന്തോഷം ദിവ്യമായ വസ്ത്രങ്ങളും, ദിവ്യമായ ആഭരണങ്ങളും, ദിവ്യമായ പട്ടുകളും, തോലുകളും, കുപ്പായങ്ങളും കപ്പമായി നല്കി. പാണ്ഡവൻ അതെല്ലാം സ്വീകരിച്ചു. അങ്ങനെ ആ പുരുഷവ്യാഘ്രൻ വടക്കുദിക്കു ജയിച്ചു.

ക്ഷത്രിയന്മാരോടും ദസ്യുക്കളോടും യുദ്ധംചെയ്തു. ആ രാജാക്കന്മാരെയൊക്കെ ജയിച്ച് കപ്പം വാങ്ങിച്ച് ഇങ്ങനെ എല്ലാ രാജാക്കന്മാരിൽനിന്നും ധനം വാങ്ങി, നാനാവിധത്തിലുള്ള രത്നചയത്തോടുകൂടി, തിത്തിരിപ്പുല്ലിന്റെ നിറമുള്ളതും തത്തയുടെ നിറമുള്ളതും, മയിൽ നിറമുള്ളതും, ഇങ്ങനെ പല നിറമുള്ളതും വായുവേഗത്തെ ജയിക്കുന്നതുമായ അശ്വങ്ങളെ നേടി, അർജ്ജുനൻ വിസ്തൃതമായ ചതുരംഗപ്പടയോടുകൂടി തിരിയെ ഇന്ദ്രപ്രസ്ഥപുരിയിലേക്ക് മടങ്ങിയെത്തി. ഉത്തരദിക്കു ജയിച്ച ധനങ്ങളും കുതിരകളുമൊക്കെ അർജ്ജുനൻ ധർമ്മപുത്രന്നു കാഴ്ചവെച്ച് നമസ്കരിച്ചു. അനന്തരം അനുജ്ഞ വാങ്ങി സ്വന്തം ഭവനത്തിലേക്കു പോയി."

29. ഭീമദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "അക്കാലത്തുതന്നെ വീരനായ ഭീമസേനനും ധർമ്മരാജാവിന്റെ ആജ്ഞ സ്വീകരിച്ച് ദിഗ്വിജയത്തിന്നു കിഴക്കൻദിക്കിലേക്കു പുറപ്പെട്ടു. ചതുരംഗസൈന്യങ്ങളോടുകൂടി പ്രതാപിയായ ഭീമൻ ഉത്സാഹത്തോടെ ശത്രുക്കൾക്ക് ശോകമുണ്ടാക്കുമാറ് മുന്നേറി. ആ പുരുഷസിംഹൻ ആദ്യമായി പാഞ്ചാലപുരിയിൽച്ചെന്നു. പാഞ്ചാലപുംഗവന്മാരെ വിവിധോപായങ്ങളാൽ ആ ഭരതർഷഭൻ സാന്ത്വനംചെയ്തു. പിന്നെ ഗണ്ഡകന്മാരെയും വിദേഹന്മാരെയും ജയിച്ചു. അല്പദിവസംകൊണ്ട് ദശാർണ്ണരേയും കീഴടക്കി. ദശാർണ്ണരാജാവായ 'സുധർമ്മൻ' തുമുലവും രോമഹർഷണവുമായ പോർ നടത്തി. അവർ നിരായുധനാക്കപ്പെട്ടു. ദ്വന്ദ്വയുദ്ധം ചെയ്ത് അവനെ ഭീമൻ തോല്പിച്ചെങ്കിലും അവന്റെ അത്ഭുതകരമായ പാടവം കണ്ട് ഭീമൻ അവനെ സേനാപതിയായി നിയമിച്ചു. പിന്നെ ആ വീരനായ സുധർമ്മാവിനോടുകൂടി കിഴക്കോട്ടു കയറി. ഭീമപരാക്രമനായ ഭീമൻ പെരുമ്പടയുമായി പാരിടം വിറപ്പിച്ചു.

പിന്നെ അശ്വമേധേശ്വരനായ 'രോചമാനനെ' കൂട്ടത്തോടെ ബലമായി പോരാടി ജയിച്ചു. അത്യുഗ്രധർമ്മംകൂടാതെ അദ്ദേഹത്തേയും ജയിച്ചു. അങ്ങനെ കിഴക്കൻദിക്കൊക്കെ ജയിച്ച് തെക്കോട്ടു തിരിച്ചു. പുളിന്ദപുരത്തിലെത്തി, സുകുമാരനേയും, സുമിത്രനേയും ജയിച്ചു. പിന്നെ ധർമ്മപുത്രശാസനത്താൽ ഹേ, ജനമേജയാ! ഭീമൻ 'ശിശുപാലനു' മായിച്ചെന്നേറ്റു. പാണ്ഡവന്റെ പുറപ്പാടറിഞ്ഞ് ചേദിരാജാവായ ശിശുപാലൻ പരിവാരങ്ങളോടുകൂടി പുരത്തിൽ നിന്നിറങ്ങിച്ചെന്ന് ഭീമസേനനെ എതിരേറ്റു. അങ്ങനെ കുരുചേദിവീരന്മാർ തമ്മിൽ സസന്തോഷം കൂടിക്കാഴ്ച നടന്നു. രണ്ടുപേരും, രണ്ടു വംശത്തിന്നും കുശലപ്രശ്നം ചെയ്തു. ഈ രാജ്യമെല്ലാം അങ്ങയ്ക്കു സമർപ്പിക്കുന്നു എന്ന് ചേദിരാജാവ് ചിരിച്ചുകൊണ്ട് ഭീമനോടു പറഞ്ഞു. എന്നുതന്നെയല്ല 'ഹേ അനഘാ! ഇത് എന്തിനുള്ള പുറപ്പാടാണ്?' എന്ന് ഭീമനോട് അവൻ ചോദിച്ചു. ഇതു കേട്ടപ്പോൾ ഭീമൻ അവനോട് ധർമ്മരാജാവിന്റെ ആഗ്രഹവും ഉദ്ദേശ്യവും പറഞ്ഞു. ആ രാജാവ് അതിൽ സന്തോഷിച്ച് അപ്രകാരം സമ്മതിച്ചു.

അങ്ങനെ സൗഹാർദ്ദത്തോടെ ഭീമൻ മുപ്പതു രാത്രി അവിടെ ശിശുപാലന്റെ സൽക്കാരമേറ്റ് പാർത്തതിന്നുശേഷം സൈന്യങ്ങളുമായി പറുപ്പെട്ടു."

30. ഭീമപ്രാചിദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ കുമാരരാജ്യത്തുചെന്ന് ശ്രേണിമാനെ തോല്പിച്ചു. പിന്നെ കോസലരാജാവായ ബൃഹത്ബലനെ തോല്പിച്ചു. ധർമ്മജ്ഞനും മഹാബലനുമായ ദീർഘയജ്ഞനെ അയോദ്ധ്യയിൽ അതിതീവ്രമായ കർമ്മംകൂടാതെതന്നെ ജയിച്ചു. പിന്നെ ഗോപാലകക്ഷം, ഉത്തരകോസലം എന്നിവയും മല്ലന്മാരുടെ രാജാവിനേയും ജയിച്ചു.

പിന്നീട് ജലോത്ഭവമായ ഹിമവൽപാർശ്വത്തിൽ പ്രവേശിച്ച് എല്ലാ ദേശങ്ങളേയും കുറച്ചുനാൾകൊണ്ടു കീഴടക്കി. പിന്നെ പല ദേശങ്ങൾ ജയിച്ച് ഭല്ലാടവും അതിന്നടുത്തുള്ള ശുക്തിമന്തപർവ്വതവും ജയിച്ചു. പിന്നെ ആ മഹാബാഹു പോരിൽ പിന്മടങ്ങാത്ത കാശിരാജാവായ 'സുബാഹു' വിനെ ജയിച്ചു. ഭീമപരാക്രമനായ ഭീമൻ സുപാർശ്വത്തിലെത്തി രാജപതിയായ 'ക്രഥനെ' ജയിച്ചു.

digitized by www.sreyas.in

പിന്നെ മഹാതേജസ്വികളായ മത്സ്യരേയും, മഹാബലരായ മലദന്മാരേയും കീഴടക്കി. ആരേയും ഭയപ്പെടാത്ത പശുഭൂമി എന്ന രാജ്യവും ജയിച്ചു. തിരിച്ചുപോന്ന് ആ മഹാബാഹു മദധാരാ, മഹീധര എന്നിവയും, സോമധേയന്മാരേയും ജയിച്ചു വടക്കോട്ടു തിരിച്ചു. ബലവാനായ ഭീമൻ ബലംപ്രയോഗിച്ച് വത്സരാജ്യം കീഴടക്കി. ദുർഗ്ഗന്മാരുടെ രാജാവിനേയും, നിഷാദാധിപനേയും ജയിച്ചു. 'മണിമാൻ' മുതല്ക്കുള്ള വളരെയേറെ രാജാക്കളേയും ജയിച്ചു.

പിന്നെ ദക്ഷിണമല്ലന്മാരേയും, ഭോഗവന്തപർവ്വതത്തേയും അത്യുഗ്രകർമ്മം കൂടാതെ വേഗത്തിൽ വൃകോദരൻ ജയിച്ചു. ശർമ്മകന്മാരേയും വർമ്മകന്മാരേയും സാന്ത്വപൂർവ്വം ജയിച്ചു വൈദേഹരാജാവായ 'ജനകജഗത്പതി' യെ അത്യുഗ്രകർമ്മം കൂടാതെതന്നെ ആ പുരുഷവ്യാഘ്രൻ ജയിച്ചു. ചില വഞ്ചനാതന്ത്രങ്ങൾ പ്രയോഗിച്ച് ശാകന്മാരേയും ബർബ്ബരരേയും ജയിച്ചു. വൈദേഹത്തിൽ പാർത്തു ഇന്ദ്രപർവ്വതത്തിനടുത്തുള്ള ഏഴു കിരാതരാജാക്കന്മാരെ കൗന്തേയൻ തോല്പിച്ചു. പിന്നെ 'സുഹ്മനേ' യും 'പ്രശുഹ്മനേ' യും ജയിച്ചു അവരെയും സ്വപക്ഷങ്ങളോടുകൂടി മാഗധത്തിലേക്കുചെന്ന് ദണ്ഡനേയും, ദണ്ഡധാരനേയും ജയിച്ച്, ആ രാജാക്കന്മാരോടൊപ്പം ആ രാജ്യമൊക്ക ജയിച്ച്, ഗിരിവ്രജത്തിലെത്തി. ജരാസന്ധപുത്രനായ 'സഹദേവനെ' ചെന്നു കണ്ട് അവനേയും ആശ്വസിപ്പിച്ചു കരം വാങ്ങി. അവരോടൊക്കെച്ചേർന്ന് ഭീമൻ കർണ്ണനോട് എതിർത്തു. ചതുരംഗബലത്തോടുകൂടി ആ ക്ഷിതിയൊക്കെക്കുലുങ്ങുമാറ് കർണ്ണനോട് വായുപുത്രൻ യുദ്ധംചെയ്തു. പോരിൽ കർണ്ണനെ ജയിച്ചു പാട്ടിലാക്കി. പിന്നെ പർവ്വതപ്രദേശത്തെ രാജാക്കന്മാരെ ജയിച്ചു. പിന്നെ മോദാഗിരിയിൽച്ചെന്ന് ബലവാനായ രാജാവിനെ പാണ്ഡവൻ ബാഹുവീര്യത്താൽ കൊന്നു. പിന്നെ 'പൗണ്ഡ്രകവാസുദേവൻ' എന്ന ശക്തനായ രാജാവിനോടേറ്റു. കൗശികീകച്ഛത്തിൽ വാഴുന്ന മഹൗജസ്സാണ് മറ്റൊരു ശക്തൻ. അവർ രണ്ടുപേരും മഹാബലന്മാരും ഉഗ്രപരാക്രമന്മാരുമാണ്. ആ രണ്ടുപേരേയും തോല്പിച്ചതിന്നുശേഷം വംഗരാജാവുമായി ഏറ്റുമുട്ടി ജയിച്ചു. പിന്നെ 'സമുദ്രസേനനേ' യും 'ചന്ദ്രസേനനേ' യും ജയിച്ചു. താമ്രലിപ്താധിപനേയും, കർവ്വടാധിപനേയും ജയിച്ചു. സുഹ്മാധിപനേയും മറ്റുള്ള കടൽത്തീരരാജാക്കളേയും എല്ലാ മ്ലേച്ഛം പരിഷകളെയും ജയിച്ചു. ഇപ്രകാരം നാനാപ്രദേശങ്ങൾ ജയിച്ച അവരുടെ സ്വത്തുക്കൾ കൈയിലാക്കി ഭീമൻ ലൗഹിതത്തിലെത്തി.

സാഗരതീരത്തിൽ അധിവസിക്കുന്ന സർവ്വ മ്ലേച്ഛരാജാക്കന്മാരേയും കപ്പം തരുന്ന വിധത്തിലാക്കി; ധനങ്ങളും പല രത്നങ്ങളും കപ്പം വാങ്ങി. ചന്ദനം, അഗരു, പല വസ്ത്രങ്ങൾ, മണികൾ, മുത്തുകൾ, കംബളങ്ങൾ, സ്വർണ്ണം, വെള്ളി, പവിഴം, വിലകൂടുന്ന ധനോച്ചയങ്ങൾ ഇവയൊക്കെ കോടിക്കണക്കിന്ന് ആ രാജാക്കൾ കൗന്തേയന്റെ മുമ്പിൽ കൊണ്ടുവന്ന് ചൊരിഞ്ഞു. ഇന്ദ്രപ്രസ്ഥത്തിലെത്തി ഭീമപരാക്രമനായ ഭീമൻ ആ മഹാധനമെല്ലാം ധർമ്മപുത്രനായി കാഴ്ചവെച്ചു."

31. സഹദേവദക്ഷിണദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "സഹദേവനും അപ്രകാരംതന്നെ ധർമ്മരാജാവിനോടുള്ള ആദരവോടെ മഹാസൈന്യത്തോടുകൂടി തെക്കൻദിക്കിലേക്കായി പുറപ്പെട്ടു. അവൻ ആദ്യമായി ശൂരസേനന്മാരെയൊക്കെ ജയിച്ചു. മത്സ്യരാജാവിനേയും പാട്ടിലാക്കി. അധിരാജാധിപതിയും ശക്തനുമായ 'ദന്തവക്രനേ' യും യുദ്ധത്തിൽ ജയിച്ചു: കരം തരുമാറാക്കി രാജ്യത്തിൽ വാഴിച്ചു. സുകുമാരനേയും, സുമിത്രനേയും ജയിച്ചു. പടചരന്മാരേയും മറ്റു മത്സ്യരാജാക്കളേയും കീഴടക്കി. നിഷാദഭൂമിയും ഗോശൃംഗമെന്ന വനശൈലവും വേഗത്തിൽ ആ ധീമാൻ ജയിച്ചു. ശ്രേണിമാൻ എന്ന നൃപനേയും ജയിച്ചു. നവരാഷ്ട്രം ജയിച്ച് കുന്തിഭോജരാജ്യത്തു ചെന്നു. ആ രാജാവിന്റെ ആജ്ഞകൈക്കൊണ്ട് സസന്തോഷം അവിടെ വിശ്രമിച്ചു.

പിന്നെ ചർമ്മണ്വതീതീരത്തിൽ ജംഭകാത്മജനായ രാജാവിനെ ചെന്നുകണ്ടു. പണ്ടു വാസുദേവൻ തോല്പിച്ചവനാണ് ഈ രാജാവ്. സഹദേവൻ അവനോടു പൊരുതി അവനേയും ജയിച്ച് തെക്കോട്ട് യാത്രചെയ്തു.

പിന്നെ സേകാപരസേകന്മാരെ ആ മഹാബലൻ ജയിച്ചു. അവരോടും കരംവാങ്ങി അവരിൽനിന്ന് നാനാരത്നങ്ങൾ വാങ്ങി, അവരുമൊന്നിച്ച് നർമ്മദയിലേക്കു കടന്നു. അവന്തിയിലെ രാജാക്കളായ 'വിന്ദനേ' യും 'അനുവിന്ദ' നേയും പടയോടുകൂടി ആ വീരൻ ജയിച്ചു. അവിടെനിന്ന് രത്നങ്ങൾ വാങ്ങിച്ച് ഭോജകടമെന്ന പുരത്തിൽ ചെന്നു. അവിടെ രണ്ടുദിവസം ഭയങ്കരമായ യുദ്ധം നടന്നു. അസഹ്യനായ 'ഭീഷ്മകനെ' മാദ്രീനന്ദനൻ ജയിച്ചു. വേണയുടെ തടത്തിൽ വാഴുന്ന കോസലാധിപനേയും കാന്താരകരന്മാരേയും കിഴക്കേ കോസലാധിപനേയും നാടകേയരേയും ഹേരംബകരേയും വെന്നു. 'മാരുധനെ' ജയിച്ച് മുഞ്ജഗ്രാമം പിടിച്ചു. നാചീനന്മാർ, അർബ്ബുകന്മാർ എന്ന മന്നവന്മാരേയും മഹാബലനായ സഹദേവൻ ജയിച്ചു. അതാതിടത്തിലെ കാട്ടുരാജാക്കളേയും ജയിച്ചു. തുമുലമായ യുദ്ധത്തിന്നുശേഷം മഹാവീരന്മാരായ പുളിന്ദന്മാരെ പോരിൽ ജയിച്ചു തെക്കോട്ടു കടന്നു. ഒരുദിവസം മുഴുവൻ പാണ്ഡ്യനോട് നകുലാനുജൻ ഏറ്റുമുട്ടി; അവനേയും ജയിച്ച് വീരനായ സഹദേവൻ ദക്ഷിണാപഥത്തിലെത്തി. ലോകപ്രസിദ്ധമായ കിഷ്കിന്ധാഗുഹയിൽച്ചെന്നു. മൈന്ദൻ, ദ്വിവിദൻ എന്ന വാനരേന്ദ്രരുമായി ഏഴു ദിവസം പോരാടിനിന്നു. എന്നിട്ടും അവൻ തളർന്നില്ല. ആ കീശവീരന്മാർ സന്തുഷ്ടരായി മാദ്രേയനോടു പ്രീതിപൂർവ്വം ഇപ്രകാരം പറഞ്ഞു."

ആ വാനരന്മാർ പറഞ്ഞു: "രത്നങ്ങളൊക്കെയും ഹേ, പാണ്ഡുനന്ദനാ! ഭവാൻ കൊണ്ടുപൊയ്ക്കൊള്ളുക. ധീമാനായ ധർമ്മപുത്രന്റെ കാര്യം സഫലമാകും, യാതൊരു വിഘ്നവും ഭവിക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ രത്നങ്ങളുമായി മാഹിഷ്മതീപുരം പ്രാപിച്ചു. അവിടെ 'നീലൻ' എന്ന രാജാവുമായി യുദ്ധമുണ്ടായി. സഹദേവൻ പ്രതാപവാനും ശത്രുഹരനുമായി. ഭീരുക്കളെ ഭയപ്പെടുത്തുന്ന മഹായുദ്ധം നടന്നു. പടയൊക്കെ മുടിയുമാറ്, പ്രാണഭയം ഉണ്ടാക്കുമാറ, നീലനു തുണയായി അഗ്നിഭഗവാനും നിന്നു. ഉടനെ തേര്, ആന, കുതിര, കാലാൾ, കവചം എന്നിവ സഹദേവന്റെ സേനയിൽ കത്തിജ്ജ്വലിക്കുവാൻ തുടങ്ങി. അപ്പോൾ കുരുനന്ദനനായ സഹദേവൻ ഉള്ളിൽ ഭ്രമത്തോടെ നിന്നു. ഉത്തരം പറയുവാൻപോലും പറ്റാത്തമട്ടിലായി."

ജനമേജയൻ പറഞ്ഞു: "എന്തിനാണ് ഭഗവാനായ അഗ്നി യുദ്ധത്തിൽ സഹദേവനെ ചെന്നെതിർത്തത്? അല്ലയോ ദ്വിജാ, യജ്ഞാർത്ഥം മാത്രമായിരുന്നല്ലോ സഹദേവന്റെ യുദ്ധം?" *

വൈശമ്പായനൻ പറഞ്ഞു: "അവിടെ മാഹിഷ്മതിയിൽ വസിക്കുന്ന കാലത്ത് ഭഗവാൻ ഹവ്യവാഹനൻ ഒരു കാമുകനെന്ന പ്രസിദ്ധി നേടി. രാജാവായ നീലന് അതീവശോഭനയായ ഒരു പുത്രിയുണ്ടായിരുന്നു. അവൾ എന്നും അച്ഛനോടൊപ്പം അഗ്നിഹോത്രത്തിനരികെ, തീ നന്നായി കത്തിക്കാനായി നില്ക്കാറുണ്ടായിരുന്നു. പിന്നെപ്പിന്നെ വിശറികൊണ്ടു വീശിയാലും അഗ്നി കത്തിജ്ജ്വലിക്കാതായി. അവളുടെ മനോഹരമായ ചുണ്ടുകൊണ്ട് ഊതുമ്പോളുണ്ടാകുന്ന കാറ്റേറ്റാൽ മാത്രമേ അഗ്നി ആളിക്കത്തൂ എന്ന നിലവന്നു.

അഗ്നി അങ്ങനെ നീലപുത്രിയായ 'സുദർശന' യെ കാമിച്ചു എന്ന് നീലരാജാവിന്റെ കൊട്ടാരത്തിലും നാട്ടിലും പരസ്യമായി; ആ കന്യകയും അതുപോലെ ആഗ്രഹിച്ചു. അഗ്നി ബ്രാഹ്മണന്റെ രൂപമെടുത്ത്, ഒരു ദിവസം ആ ഉല്പലാക്ഷിയുമായി രമിക്കുന്നത് യദൃച്ഛയാ രാജാവു കാണാനിടയായി. അപ്പോൾ നീതിമാനായ

* യജ്ഞംകൊണ്ട് പ്രഥമമായും ഗുണമുണ്ടാകുന്നത് അഗ്നിക്കല്ലേ. പിന്നെ എന്തുകൊണ്ട് അതിനു വിഘ്നമുണ്ടാക്കാൻ അഗ്നി ശ്രമിച്ചു എന്ന് സാരം.

digitized by www.sreyas.in

ആ രാജാവ് നിയമാനുസരണം അവനെ ശിക്ഷിക്കുവാൻ കല്പിച്ചു. ഉടനെ ഭഗവാൻ ഹവ്യവാഹനൻ കോപത്താൽ ജ്വലിച്ചു. അതു കണ്ട് അത്ഭുതപ്പെട്ട് അഗ്നിയുടെ പാദത്തിൽ രാജാവു നമസ്കരിച്ചു.

പിന്നെ കാലംനോക്കി വേണ്ടിവിധത്തിൽ ആ കന്യകയെ രാജാവ് വിപ്രരൂപിയായ അഗ്നിദേവന്നു നല്കി, കുമ്പിട്ട് നമസ്കരിച്ചു. വിഭാവസു നീലലോചനയായ നീലപുത്രിയെ വിവാഹം ചെയ്തശേഷം സന്തോഷത്തോടെ 'ഞാൻ ഭവാന് വരം തരാൻ ഇച്ഛിക്കുന്നു; ചോദിച്ചാലും' എന്ന് രാജാവിനോടു പറഞ്ഞു. രാജാവ് തന്റെ സൈന്യത്തിന്ന് അഭയമാണ് ആവശ്യപ്പെട്ടത്. അന്നുമുതൽ വല്ല രാജാക്കളും അജ്ഞതയാൽ ആ പുരം ബലമായി എതിർക്കുകയാണെങ്കിൽ ആ രാജാവിന്റെ സൈന്യങ്ങളെ അഗ്നി കത്തിച്ചുകളയും. മാഹിഷ്മതീരാജ്യത്തിലെ സ്ഥിതി അങ്ങനെയായി. അന്നുമുതൽ അവിടെയുള്ള കന്യകകൾ മറ്റുള്ളവർക്ക് അസ്വീകാര്യകളായിത്തീർന്നു. എന്തെന്നാൽ, സ്ത്രീകൾ അഗ്നി അവർക്കു നല്കിയ വരത്താൽ സ്വതന്ത്രകളായി. അവർ സൈ്വരിണികളെപ്പോലെ യഥേഷ്ടം ഒരു ഭർത്താവിന്റേയും കീഴിലല്ലാതെ സഞ്ചരിക്കയായി. അതുകൊണ്ട്, രാജാക്കന്മാരാരും അഗ്നിയോടുള്ള ഭയത്താൽ ആ പുരത്തെ ആക്രമിക്കുകയില്ല.

രാജാവേ, സൈന്യങ്ങൾ ഭയപ്പെടുന്നവിധം അഗ്നിയിൽപ്പെട്ടതുകണ്ടിട്ടും ധർമ്മിഷ്ഠനായ സഹദേവൻ കുലുങ്ങിയില്ല. മലപോലെ അനങ്ങാതെ നിന്ന് ആചമിച്ച് ശുചിയായി നിന്ന് അഗ്നിയോട് ഇപ്രകാരം പറഞ്ഞു."

സഹദേവൻ പറഞ്ഞു: "ഹേ, കൃഷ്ണവർത്മാവേ! ഞാൻ അങ്ങയെ കൈകൂപ്പുന്നു! നീ ദേവന്മാർക്കു മുഖവും യജ്ഞവുമാണല്ലോ. പരിശുദ്ധിയിൽ പാവകനാണ് ഭവാൻ. ഹവനംകൊണ്ട് ഹവ്യവാഹകനാണ്! വേദം നിനക്കുവേണ്ടി ജാതമായി. അങ്ങ് ജാതവേദനുമാണ്. ചിത്രഭാനുവും സുരേശനും നീയാണ്. വിഭാവസോ, നീ അനലനുമാണ്. സ്വർഗ്ഗദ്വാരം തൊടുന്നവനാണ്. നീ ഹുതാശനനും ജ്വലനനും ശിഖിയുമാണ്. വൈശ്വാനരനും പിംഗേശനും നീയാണ്. പ്ലവംഗനും ഭൂരിതേജസനും നീയാണ്. കുമാരസുവാണ് നീ. ഭഗവാൻ രുദ്രഗർഭനാണ്, ഹിരണ്യകൃത്താണ്. അഗ്നി എനിക്കു തേജസ്സു നല്കട്ടെ! വായു പ്രാണൻ നല്കട്ടെ! ഭൂമി ബലം നല്കട്ടെ! ജലം ശുഭം ചേർക്കട്ടെ! അല്ലയോ അംബുഗർഭാ! മഹാസത്വാ! ജാതവേദാ! സുരേശ്വരാ! ദേവന്മാർക്ക് മുഖമായ അഗ്നേ! സത്യത്താൽ എനിക്കു ശുദ്ധി നല്കിയാലും. ഋഷിമാരും ബ്രാഹ്മണരും ദേവദൈത്യന്മാരും എന്നും യജ്ഞത്തിൽ ഹോമിക്കുന്ന ഭവാൻ സത്യത്താൽ എനിക്കു ശുദ്ധി നല്കിയാലും! ശിഖിയായ നീ ധൂമകേതുവാണ്. പാപനാശനനാണ്. അനിലോത്ഭവനാണ്. സർവ്വജീവിയിലും വാഴുന്നവനാണ്. ഭവാൻ സത്യത്താൽ എനിക്ക് ശുദ്ധി നല്കിയാലും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആഗ്നേയമന്ത്രം ചൊല്ലി ഹോമിക്കുന്നവൻ എന്നും ക്ഷമയോടുകൂടിയവനാകും. അവന്റെ പാപമൊക്കെ നീങ്ങുകയും ചെയ്യും.

ഇപ്രകാരം ഭവാൻ യജ്ഞവിഘ്നം ചെയ്യരുതേ ഹവ്യവാഹനാ! എന്ന് സഹദേവൻ അഗ്നിയോടു വീണ്ടും അപേക്ഷിച്ചു.

ഇങ്ങനെ പറഞ്ഞ്, നിലത്തു ദർഭ വിരിച്ച് മാദ്രീപുത്രൻ വിധിപ്രകാരം വഹ്നിയെ ഉപാസിച്ചു പേടിച്ചുനടുങ്ങിയ സൈന്യത്തിന്റെ മുമ്പിൽ ഇപ്രകാരം ആ പുരുഷവ്യാഘ്രൻ വഹ്നിയെ ഉപാസിച്ചപ്പോൾ, കരയെ കടലെന്നപോലെ അവനെ അഗ്നി അതിക്രമിച്ചില്ല. അഗ്നി നൃദേവനായ സഹദേവനോട് ഇങ്ങനെ സാന്ത്വനപൂർവ്വം പറഞ്ഞു."

അഗ്നി പറഞ്ഞു: "ധർമ്മജന്റേയും ഭവാന്റേയും മറ്റും ആശയം ഞാൻ അറിയുന്നു. എന്നാൽ ഈ പുരം കാക്കേണ്ടതായ കടമ എന്നിലുണ്ട്. ഈ നീലരാജാവിന്റെ വംശമുള്ളിടത്തോളം കാലം എനിക്ക് അതു ചെയ്യാതെ കഴികയില്ല. നിന്റെ മനസ്സിലുള്ള അഭീഷ്ടം ഞാൻ നടത്തിത്തരാം."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് സന്തുഷ്ടനായി എഴുന്നേറ്റ് മാദ്രേയൻ പാവകനെ പൂജിച്ചു. അഗ്നി പിൻതിരിഞ്ഞപ്പോൾ നീലരാജാവ് വന്നെത്തി. പാവകന്റെ ആജ്ഞാബലത്താൽ ആ രാജാവ് സഹദേവനെ പൂജിച്ചു. സൽക്കാരപൂർവ്വം പോരാളിവീരനായ സഹദേവൻ രാജാവിന്റെ പൂജയൊക്കെ സ്വീകരിച്ച് കപ്പം വാങ്ങിച്ചു. രണ്ടാമത്തെ മാദ്രീസുതനായ സഹദേവൻ പിന്നെ ദക്ഷിണദിക്കിലേക്കായി പോയി. ത്രൈപുരം കീഴടക്കി അവിടത്തെ മഹാശക്തനായ രാജാവിനെ തോല്പിച്ചു. പിന്നെ 'പൗരവേശ്വരനേ' യും വേഗത്തിൽ കീഴ്പ്പെടുത്തി. പിന്നീട്, ആ മഹാബാഹു കൗശികന്മാരുടെ ആചാര്യനും സുരാഷ്ട്രാധിപതിയുമായ 'ആകൃതി' യെ കഠിനയത്നത്താൽ തോല്പിച്ചു. സുരാഷ്ട്രത്തിൽ താമസിക്കുമ്പോൾ ആ ധർമ്മാത്മാവ് സാക്ഷാൽ ഇന്ദ്രന്റെ സഖാവും, ധീമാനും, സമ്പന്നനുമായ ഭോജകടത്തിൽപ്പെട്ട ഭീഷ്മകത്തിലെ, 'രുക്മി' യുടെ അരികിലേക്കു ദൂതനെ പറഞ്ഞയച്ചു. ദൂതസന്ദേശംകേട്ട് രാജാവ് പുത്രനോടൊപ്പം ചെന്ന് സഹദേവനെ എതിരേറ്റു; വാസുദേവനെ ഓർത്തു പ്രീതിപൂർവ്വം സ്വീകരിച്ചു. ഉടനെ രത്നങ്ങളും വാങ്ങി അവിടെ നിന്നും ആ യുദ്ധവീരൻ യാത്ര തുടർന്നു.

പിന്നെ ശൂർപ്പാരകരേയും താലാടകരേയും ദണ്ഡരേയും ആ മഹാബലൻ പാട്ടിലാക്കി. സാഗരദ്വീപിലധിവസിക്കുന്ന മ്ലേച്ഛരായ നൃപരേയും, നിഷാദന്മാരേയും, പുഷാദന്മാരേയും, കർണ്ണപ്രാവരണരേയും, മനുഷ്യരാക്ഷസന്മാരിൽനിന്നും ഉണ്ടായ കാളമുഖന്മാരെന്നു പേരായ വർഗ്ഗത്തേയും, കോലഗിരി മുഴുവനും, സുരഭീപത്തനത്തേയും താമ്രദ്വീപിനേയും, രാമകമെന്ന പർവ്വതത്തേയും തിമിംഗലരാജാവിനേയും ആ മഹാമതി കീഴടക്കി. ഒറ്റക്കാലന്മാരും വനവാസികളുമായ കേരളരേയും പാട്ടിലാക്കി. ആ പാണ്ഡവൻ പിന്നീട് സംജയന്തി എന്ന നഗരവും, പാഷണ്ഡം, കുരഹാടകം എന്നീ രാജ്യങ്ങളും യുദ്ധംകൂടാതെ ദൂതന്മാരെ അയച്ച് പാട്ടിലാക്കി കരം വാങ്ങിച്ചു. ആ വീരൻ പിന്നെ പാണ്ഡ്യർ, ദ്രാവിഡർ, ഉണ്ഡ്രകേരളക്കാർ, ആന്ധ്രക്കാർ, താലവനർ, കലിംഗർ, ഉഷ്ടകർണ്ണികർ എന്നിവരേയും, ആടവി എന്ന രമണീയമായ പുരത്തേയും, യവനന്മാരുടെ നഗരത്തേയും ദൂതന്മാരെ മാത്രം പറഞ്ഞയച്ച് തന്റെ വശത്താക്കുകയും കരം ഈടാക്കുകയുംചെയ്തു. പിന്നെ കടൽക്കരയിലെത്തി ബുദ്ധിമാനായ സഹദേവൻ പുലസ്ത്യന്റെ വംശജനായ 'വിഭീഷണന്ന്' ദൂതനെ വിട്ടു. അത് കാലകൃതമാണെന്നു വിചാരിച്ച് ആ രാജാവ് പാണ്ഡവന്റെ ശാസനം പ്രീതിപൂർവ്വം സ്വീകരിച്ചു. പലമാതിരി രത്നങ്ങളും, അകിൽ, ചന്ദനം, ദിവ്യമായ ആഭരണങ്ങൾ, ഇവയും കൊടുത്തയച്ചു. നല്ല വസ്ത്രങ്ങളും വളരെ വിലപിടിച്ച രത്നങ്ങളും ആ പാണ്ഡുപുത്രന് കൊടുത്തയച്ചു.

ഉടനെ അതെല്ലാം സ്വീകരിച്ച് വീരനായ സഹദേവൻ അവിടെനിന്ന് സ്വരാജ്യത്തേക്കു തിരിച്ചു. യുദ്ധംചെയ്തു വിജയിച്ച്, രാജാക്കന്മാർ കരം തരുമാറാക്കി ആ ധീരൻ മടങ്ങിയെത്തി. ആ ഭാരതശ്രേഷ്ഠൻ ധർമ്മരാജന്ന് അതൊക്കെ കാഴ്ചവെച്ചു. സഹദേവൻ താൻ കൃതകൃത്യനായി എന്നു കരുതി സസുഖം വാണു."

32. നകുലപ്രതീചീവിജയം – വൈശമ്പായനൻ പറഞ്ഞു: "നകുലന്റെ ഉദ്യമവും വിജയവും ഇനി ഞാൻ പറയാം. വാസുദേവൻ മുൻപ് ജയിച്ച ദിക്ക് ആ പ്രഭു ജയിച്ചത് ക്രമപ്രകാരം ഞാൻ പറയാം.

ഇന്ദ്രപ്രസ്ഥത്തിൽനിന്ന് പടിഞ്ഞാറുള്ള ദിക്ക് ജയിക്കുവാൻ ഉദ്ദേശിച്ച് വലിയ പടയോടുകൂടി നകുലൻ പറപ്പെട്ടു. യോദ്ധാക്കളുടെ സിംഹനാദംകൊണ്ടും ഗർജ്ജിതംകൊണ്ടും രഥനേമീസ്വനംകൊണ്ടും ഭൂമിയൊക്കെ കുലുക്കിക്കൊണ്ടായിരുന്നു പുറപ്പാട്. ഉടനെ വളരെയധികം ധനവും, പശുക്കളും ധനധാന്യവുമുള്ള കാർത്തികേയന് ഇഷ്ടമായ, രോഹീതകം പ്രാപിച്ചു. അവിടെ അതിഘോരമായ യുദ്ധം മത്തമയൂരകരുമായി നടന്നു. മരുഭൂമിപ്രദേശങ്ങളും, അപ്രകാരം ധാന്യസമൃദ്ധമായ ശൈരീഷികം, മഹേത്ഥം എന്നീ പ്രദേശങ്ങളും ആ മഹാദ്യുതി കൈയിലാക്കി. 'ആക്രോശനെ' ന്നു പേരായ രാജർഷിയേയും നകുലൻ ഒരു

digitized by www.sreyas.in

മഹായുദ്ധത്തിൽ പാട്ടിലാക്കി. പിന്നെ ദശാർണ്ണർ, ശിബികൾ, ത്രിഗർത്തർ, അംബഷ്ടർ, പഞ്ചകർപ്പടർ, മാളവർ എന്നിവരേയും, മദ്ധ്യമികർ, വാടാധാനർ എന്നീ പേരുള്ള ദ്വിജന്മാരേയും കീഴടക്കി ആ പാണ്ഡുപുത്രൻ അവിടെനിന്നും തിരിച്ചു. പിന്നെ ചുറ്റിത്തിരിഞ്ഞ് ആ പുരുഷർഷഭൻ പുഷ്കരാരണ്യവാസികളായ, ഉത്സവസങ്കേതരെന്നു പേരായ, ഗണങ്ങളേയും ജയിച്ചു. സിന്ധുനദീതീരത്തിലെ ഗ്രാമണീയരെന്ന കൂട്ടരേയും, സരസ്വതീതീരത്തുള്ള ശൂദ്രന്മാരേയും, ആഭീരഗണത്തേയും അദ്ദേഹം കീഴടക്കി. മുക്കുവന്മാരെയും പർവ്വതത്തിൽ അധിവസിക്കുന്നവരെയും കീഴടക്കി. പഞ്ചനദം മുഴുവനും അമരപർവ്വതവും, ഉത്തരജ്യോതിഷം, ദിവ്യകടം എന്ന പുരവും, ദ്വാരപാലരെന്ന വർഗ്ഗത്തേയും ആ മഹാദ്യുതി കീഴിലാക്കി. രാമഠന്മാർ, ഹാരഹൂണർ, മറ്റു പല പാശ്ചാത്യരാജാക്കന്മാർ എന്നിവരെ തന്റെ ബലത്താൽ നകുലൻ ജയിച്ചു. അവിടെ താമസിച്ച് വാസുദേവന്റെ അടുത്തേക്ക് ആളെ വിട്ടു. കൃഷ്ണൻ യാദവന്മാരോടുകൂടിച്ചെന്ന് പാണ്ഡവന്റെ ആധിപത്യം സ്വീകരിച്ചു.

പിന്നെ ശാലകമെന്നു പേരായ മദ്രന്മാരുടെ പട്ടണത്തിലേക്കായി യാത്ര. അവിടെച്ചെന്ന് അമ്മാവനായ 'ശല്യനെ' പ്രീതിയാൽ കീഴടക്കി. സല്ക്കാരാർഹനായ അവൻ ശല്യരുടെ സല്ക്കാരം സ്വീകരിച്ചു. വളരെ രത്നങ്ങളുംകൊണ്ട് ആ മഹാരഥൻ അവിടെനിന്നും പോന്നു. പിന്നെ സാഗരമദ്ധ്യത്തിൽ താമസിക്കുന്ന മദാരുണന്മാരായ മ്ലേച്ഛന്മാരെ ജയിച്ചു. പല്ലവന്മാർ, കിരാതർ, ബർബ്ബരർ, ശാകർ, യവനർ എന്നിവരേയും ജയിച്ച്, അവരിൽനിന്നും കരം വാങ്ങി, കുരുശ്രേഷ്ഠനായ നകുലൻ ധാരാളം രത്നധനസഞ്ചയത്തോടെ സ്വരാജ്യത്തേക്കു മടങ്ങി.

അങ്ങനെ ചിത്രമാർഗ്ഗിയായ നകുലൻ മടങ്ങി. ഹേ, മഹാരാജാവേ, അവൻ നേടിയ സമ്പത്ത് അത്ര മഹത്തായിരുന്നു. അവ പതിനായിരം ഒട്ടകങ്ങൾ പണിപ്പെട്ടു ചുമന്നു. നകുലൻ ഇന്ദ്രപ്രസ്ഥത്തിൽച്ചെന്ന് യുധിഷ്ഠിരനെക്കണ്ടു തൊഴുതു. ശ്രീമാനായ മാദ്രീസുതൻ ആ മഹത്തായ ധനം ധർമ്മരാജാവിന്റെ മുമ്പിൽ കാഴ്ചവെച്ചു. ഇപ്രകാരം നകുലൻ, വരുണൻ പാലിക്കുന്ന പശ്ചിമദിക്കു മുഴുവൻ വേഗത്തിൽ കീഴിലാക്കി. ഇതൊക്കെ വാസുദേവൻ മുൻപു ജയിച്ച ദിക്കായിരുന്നു. അത് ഇപ്പോൾ നകുലന്റെ ചൊൽപ്പടിയിലായി."

രാജസൂയപർവ്വം

33. രാജസൂയദീക്ഷ – വൈശമ്പായനൻ പറഞ്ഞു: "ധർമ്മപുത്രന്റെ ഭരണനൈപുണ്യംകൊണ്ടും സത്യനിഷ്ഠകൊണ്ടും, ശത്രുക്ഷപണംകൊണ്ടും പ്രജകൾ സ്വകർമ്മപരന്മാരായി സുഖിച്ചു. ധർമ്മം വേണ്ടതുപോലെ രാജാവു സംരക്ഷിക്കുകയാൽ ദേവകൾ ബലി സന്തോഷത്തോടെ കൈക്കൊണ്ടു. വേണ്ടസമയത്തൊക്കെ മഴയുണ്ടായി. നാട്ടിലൊക്കെ പുഷ്ടിയായി. എല്ലാ തൊഴിലുകളും നന്നായി നടന്നു. കൃഷി, ഗോസംരക്ഷണം, വാണിഭം ഇവയൊക്കെ വിശേഷിച്ചും രാജ്യരക്ഷമൂലം നന്നായി പുഷ്ടിപ്പെട്ടു. കള്ളന്മാരും, ചതിയന്മാരും, രാജസേവകരുംകൂടി പരസ്പരം കള്ളം പറയാതായി; എല്ലാവരും സത്യനിരതന്മാരായിത്തീർന്നു. അവർഷം, അതിവർഷം, തീഭയം, വ്യാധി ഇവയൊന്നുമില്ലാതായി. 'യുധിഷ്ഠിരൻ ധർമ്മിഷ്ഠനാണ്. അദ്ദേഹം ഭരിക്കുമ്പോൾ രാജ്യമെങ്ങും സുഭിക്ഷമാണ്, ശാന്തിയും സമാധാനവുമാണ്' എന്നു പ്രസിദ്ധി പ്രാപിച്ചു.

ധർമ്മപുത്രന്നു ധർമ്മത്താൽ ധനസഞ്ചയം വർദ്ധിച്ചു. നൂറു വർഷം ചെലവുചെയ്താലും തീരാത്ത ധനസമൃദ്ധി തന്റെ ഖജനാവിൽ വന്നു ചേർന്നതായി രാജാവ് അറിഞ്ഞ് ഇനി യജ്ഞത്തിന്നൊരുങ്ങാം എന്ന് യുധിഷ്ഠിരൻ വിചാരിച്ചു. ഈ സന്ദർഭത്തിൽ സുഹൃജ്ജനങ്ങൾ ഒന്നിച്ചുചേർന്നും ഒറ്റയ്ക്കും രാജാവിനെ ചെന്നു കണ്ടു പറഞ്ഞു: 'വിഭോ, യജ്ഞത്തിന്നുള്ള കാലമായിരിക്കുന്നു. അങ്ങ് വേണ്ടതു ചെയ്താലും.' എന്ന്.

ഇങ്ങനെ അവർ പറയുന്ന സമയത്ത് കൃഷ്ണൻ അവിടെ വന്നുചേർന്നു. വേദാത്മാക്കൾ കാണുന്ന പുരാണ ഋഷി, പ്രപഞ്ചത്തിന്റെ വൃദ്ധിക്ഷയകരനായ വിളാഭൂതഭവ്യഭവന്നാഥൻ, കേശിസൂദനനായ കേശവൻ, വൃഷ്ണികൾക്കു കോട്ടയായവൻ, ആപത്തിൽ അഭയപ്രദൻ ഇങ്ങനെ വിജ്ഞാനികൾ പുകഴ്ത്തുന്ന കൃഷ്ണൻ, ആനകദുന്ദുഭിയെ (വസുദേവനെ) സേനാധിപത്യം ഏല്പിച്ചുകൊടുത്ത് ധർമ്മപുത്രർക്ക് കാഴ്ച വെക്കാനായി നാനാധനചയത്തോടുകൂടെ, സുശക്തമായ പടയാൽ ചുറ്റപ്പെട്ടു രത്നസാഗരംപോലെ അക്ഷയമായ അന്തമറ്റ ധനങ്ങളുമായി, രഥനിർഘോഷം മുഴക്കിക്കൊണ്ട് ഇന്ദ്രപ്രസ്ഥത്തിൽ വന്നുചേർന്നു.

സൂര്യനില്ലാത്ത സമയത്ത് സൂര്യൻ ഉദിച്ചപോലെയും, കാറ്റില്ലാത്ത സമയത്ത് കാറ്റുണ്ടായതുപോലെയും ആ പുരവാസികൾ കൃഷ്ണന്റെ ആഗമനത്തിൽ സന്തോഷിച്ചു. മോദത്തോടെ ആ മഹാത്മാവിനെച്ചെന്നു സല്ക്കരിച്ചു യഥാവിധി കുശലംചൊല്ലി യുധിഷ്ഠിരൻ സന്തോഷിപ്പിച്ചിരുത്തി. അനന്തരം, ധൗമ്യൻ, വ്യാസൻ, ഋത്വിക്കുകൾ, ഭീമൻ, അർജ്ജുനൻ എന്നിവരോടുകൂടി ഇരുന്ന് യുധിഷ്ഠിരൻ കൃഷ്ണനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "അല്ലയോ, കൃഷ്ണാ! ഭൂമി അങ്ങയ്ക്കുവേണ്ടി എനിക്കു കീഴടങ്ങിയിരിക്കുന്നു. അങ്ങയുടെ പ്രസാദത്താൽ ധാരാളം ധനവും വന്നുചേർന്നിരിക്കുന്നു. ഇതൊക്കെ ദ്വിജന്മാർക്കും, അഗ്നിക്കും ഉചിതമായി വിധിപ്രകാരം ഉപയോഗപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദാശാർഹ! ഭവാനോടുകൂടി യജിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അനുജന്മാരുമായി ഭവാൻ എന്നെ അതിന്ന് അനുവദിച്ചാലും. ഹേ, മഹാഭുജാ, ഭവാൻതന്നെ ദീക്ഷിച്ചുകൊള്ളുക. അങ്ങുന്നു യാഗംചെയ്താൽ എന്റെ പാപമൊക്കെ നീങ്ങും. അല്ലെങ്കിൽ അനുജന്മാരോടുകൂടി എന്നെ ഭവാൻ അനുവദിക്കുക. കൃഷ്ണാ! ഭവാന്റെ അനുവാദമുണ്ടെങ്കിൽ ഈ ഉത്തമമായ മഖം ഞാൻ ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന ധർമ്മജനോട് കൃഷ്ണൻ ഗുണങ്ങൾ എല്ലാം വിസ്തരിച്ചു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "അങ്ങുതന്നെയാണ് സാമ്രാജ്യത്തിന്ന് അർഹൻ! അങ്ങ് മഹാമഖം ചെയ്തുകൊള്ളുക! സാധിച്ചാൽ അതിന്റെ കൃതാർത്ഥത ഞങ്ങൾക്കാണല്ലോ. ഞാൻ ഭവാന്റെ ശ്രേയസ്സിന്നു നില്ക്കുന്നു. ഭവാൻ ഇഷ്ടയജ്ഞം ചെയ്താലും. എന്തുവേണമെന്ന് കല്പിക്കുകയേ വേണ്ടൂ. ഞാൻ ഭവാന്റെ കല്പനയെല്ലാം നടത്താം."

യുധിഷ്ഠിരൻ പറഞ്ഞു: "കൃഷ്ണാ! എനിക്ക് ഇഷ്ടമായ വിധം അങ്ങയുടെ സാന്നിദ്ധ്യമുള്ളപ്പോൾ എന്റെ സങ്കല്പം സഫലമാണ്. കാര്യസിദ്ധി ഉറച്ചതാണ്.

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ സമ്മതം വാങ്ങി അനുജന്മാരോടുകൂടി യുധിഷ്ഠിരൻ രാജസൂയയജ്ഞത്തിന്നു വേണ്ടതൊക്കെ ഒരുക്കി. ഉടനെ സഹദേവനെ വിളിച്ചു മന്ത്രികളോടുകൂടി വേണ്ടതൊക്കെ തയ്യാറാക്കുവാൻ ആ മഹാശയൻ കല്പിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഈ യജ്ഞത്തിന് വിപ്രന്മാർ പറയുന്ന യജ്ഞാംഗമെല്ലാം സർവ്വ ഉപകരണങ്ങളോടുംകൂടി, ദ്രവ്യങ്ങളും മറ്റ് യജ്ഞസംഭാരങ്ങളും ധൗമ്യൻ ആവശ്യപ്പെടുന്നതനുസരിച്ച് ഒരുക്കുക. ഇന്ദ്രസേനൻ, വിശോകൻ, പുരു, അർജ്ജുനസാരഥി എന്നിവർ ഭോജനവസ്തുക്കൾ സംഭരിക്കുവാൻ നില്ക്കട്ടെ! അതാണ് എനിക്കു തൃപ്തി. വേണ്ടതൊക്കെ രസഗന്ധസമന്വിതമായി സജ്ജീകരിക്കണം. ദ്വിജന്മാരുടെ ആഗ്രഹത്തിനൊത്ത് എല്ലാം തയ്യാറാക്കണം."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ സഹദേവൻ ആദരവോടെ 'എല്ലാം ഇവിടെ സജ്ജമാക്കിയിട്ടുണ്ട്' എന്നറിയിച്ചു. പിന്നെ ദ്വൈപായനൻ വേദങ്ങൾതന്നെ ശരീരം കൈക്കൊണ്ടു നില്ക്കുന്നതുപോലെയുള്ള യോഗ്യരായ ഋത്വിക്‌ജനങ്ങളെ സമ്മേളിപ്പിച്ചു. സ്വയം ബ്രഹ്മത്വം സത്യവതീസുതനായ വ്യാസൻ ഏറ്റു. ധനഞ്ജയഗോത്രത്തിൽ ജനിച്ച 'സുസാമാവ്' സാമവേദത്തിലെ മന്ത്രങ്ങൾ ഉച്ചരിക്കുന്ന ജോലി ഏറ്റു. ഋഷിസത്തമനായ 'യാജ്ഞവല്ക്യൻ' ബ്രഹ്മനിഷ്ഠനായി നിന്നു. 'പൈ

digitized by www.sreyas.in

ലമുനി' പുത്രനോടുകൂടെ ധൗമ്യനോടു ചേർന്ന് ഹോതാവായി. ഇവരുടെ പുത്രവർഗ്ഗങ്ങളും ശിഷ്യന്മാരും, ഹേ, ഭരതർഷഭാ! ഹോത്രഗന്മാരായി. എല്ലാവരും വേദവേദാംഗപാരംഗതന്മാരാണ്.

അവർ പുണ്യാഹമോതി സങ്കല്പംചെയ്തതിന്നുശേഷം ശാസ്ത്രപ്രകാരം ആ യാഗശാലയിൽ പൂജനടത്തി. കല്പനപ്രകാരം ഭവനസമൂഹങ്ങൾ ശില്പികൾ പണിതു. എല്ലാം വിശാലമായും, സൗരഭ്യം വഹിച്ചും, ദേവന്മാരുടെ ഗൃഹംപോലെ ശോഭിച്ചു. പിന്നെ ക്ഷണിക്കേണ്ടവരെ ക്ഷണിക്കുവാൻ ധർമ്മരാജാവ് തന്റെ പ്രധാന ഉപദേശകനായ സഹദേവന്നു കല്പനകൊടുത്തു."

യുധിഷ്ഠിരൻ പറഞ്ഞു: "വേഗത്തിൽ എത്തുന്ന ദൂതന്മാരെ നീ ക്ഷണിക്കുവാൻ അയയ്ക്കണം."

വൈശമ്പായനൻ പറഞ്ഞു: "രാജാവിന്റെ വാക്കു കേട്ട ഉടനെ അവൻ ദൂതന്മാരെ ഇങ്ങനെ പറഞ്ഞുവിട്ടു."

സഹദേവൻ പറഞ്ഞു: "നാടുതോറും പോയി ബ്രാഹ്മണർ, രാജാക്കന്മാർ, വൈശ്യർ എന്നിവരേയും മാന്യരായ ശൂദ്രരേയും ക്ഷണിച്ചുകൊണ്ടുവരിക."

വൈശമ്പായനൻ പറഞ്ഞു: "ആജ്ഞാപിച്ചുവിട്ട ദൂതന്മാർ പാണ്ഡുപുത്രന്റെ കല്പനപ്രകാരം പലരേയും ക്ഷണിക്കുകയും, പലരേയും കൂടെ കൊണ്ടുപോരികയും ചെയ്തു. വേറെ ചില ബ്രാഹ്മണരേയും കൂട്ടായിക്കൂട്ടി അതിവേഗത്തിൽ യുധിഷ്ഠിരരാജാവിന്റെ അടുത്തെത്തി.

വിപ്രന്മാർ രാജാവിനെ രാജസൂയത്തിന്നായി ദീക്ഷിപ്പിച്ചു. ധർമ്മശീലനായ രാജാവ് ദീക്ഷ കൈക്കൊണ്ടു. പിന്നെ വളരെ ഭൂസുരന്മാരോടും ഭ്രാതൃജ്ഞാതിഗണങ്ങളോടും, നാനാദേശങ്ങളിൽനിന്നു വന്നുചേർന്ന രാജാക്കന്മാരോടും കൂടി, മനുഷ്യരൂപമെടുത്ത ധർമ്മനെപ്പോലെ, യജ്ഞശാലയിൽ പ്രവേശിച്ചു.

ഓരോ ദിക്കിൽനിന്നും വന്നുചേർന്ന ബ്രാഹ്മണർ, സർവ്വവിദ്യാവിദഗ്ദ്ധരും വേദവേദാംഗവേദികളുമായ വൈദികർ. ധർമ്മപുത്രന്റെ ആജ്ഞപ്രകാരം തീർത്ത ഗൃഹങ്ങളിൽ പ്രവേശിച്ചു. എല്ലാവർക്കും അന്നവും, വസ്ത്രവും നല്കി യഥോചിതം, യഥായോഗ്യം വേണ്ടതെല്ലാം ശില്പികൾ സജ്ജമാക്കി നല്കി. രാജസൽക്കാരം കൈക്കൊണ്ട് ആ മന്ദിരങ്ങളിൽ ദ്വിജന്മാർ പാർത്തു.

ഓരോ ഫലിതങ്ങളും നേരമ്പോക്കുകളും പറഞ്ഞും, നാട്യനൃത്തങ്ങൾ കണ്ടും, സന്തോഷത്തോടെ അവർ അവിടെ പാർത്തു. വിപ്രന്മാർ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന വിളികളും, നേരമ്പോക്കു പറയുമ്പോൾ ഉണ്ടാകുന്ന ഘോഷങ്ങളും, അവിടെ എപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. 'വിളമ്പുക! വിളമ്പുക! ഉണ്ണുക! ഉണ്ണുക!' എന്നും മറ്റുമുള്ള വിളിയും ശബ്ദകോലാഹലങ്ങളും ഊട്ടുപുരയിൽ എപ്പോഴും കേൾക്കുമാറായി. നൂറും ആയിരവും പശുക്കൾ, മെത്തകൾ, പൊന്ന്, പെണ്ണ് ഇവയൊക്കെ ധർമ്മാത്മാവ് അവർക്കെല്ലാം വെവ്വേറെ നല്കി. ഇപ്രകാരം ഏറ്റവും ശ്രേഷ്ഠമായി, ശക്രൻ സ്വർഗ്ഗത്തിലെന്നവിധം, ഭൂമിയിൽ ഏകവീരനായി യുധിഷ്ഠിരൻ യാഗം തുടങ്ങി. അപ്പോൾ യുധിഷ്ഠിരൻ നകുലനെ വിളിച്ചു ഹസ്തിനാപുരിയിൽ പാർക്കുന്ന ഭീഷ്മർക്കും, ദ്രോണർക്കും, ധൃതരാഷ്ട്രനും, വിദുരനും, കൃപനും, യുധിഷ്ഠിരനിൽ സ്നേഹമുള്ള എല്ലാ ഭ്രാതൃജനങ്ങൾക്കും സന്ദേശം അയച്ചു. അവരെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞുവിട്ടു."

34. നിമന്ത്രിതരാജാഗമനം – വൈശമ്പായനൻ പറഞ്ഞു: "ഹസ്തിനാപുരിയിൽച്ചെന്ന് സമിതിഞ്ജയനായ നകുലൻ ഭീഷ്മരേയും, ധൃതരാഷ്ട്രനേയും ക്ഷണിച്ചു. അവൻ സാദരം ക്ഷണിച്ച ആചാര്യപ്രമുഖന്മാർ മുതലായവർ സസന്തോഷം ബ്രാഹ്മണരോടുകൂടി അവിടെ എത്തി.

ധർമ്മപുത്രന്റെ യജ്ഞത്തെപ്പറ്റി കേട്ട് യജ്ഞവിജ്ഞന്മാരായ അസംഖ്യം ബ്രാഹ്മണരും മറ്റു പലരും സസന്തോഷം അവിടെ വന്നു ചേർന്നു. സഭയേയും, ധർമ്മപുത്രനേയും കാണുവാൻ നാനാദിക്കിൽനിന്നും രാജാക്കന്മാർ വിലയേറിയ രത്നജാലങ്ങളുമായി വന്നുചേർന്നു.

ധൃതരാഷ്ട്രൻ, ഭീഷ്മർ, ബുദ്ധിമാനായ വിദുരൻ, ദുര്യോധനൻ തുടങ്ങിയ നൂറു ഭ്രാതാക്കൾ, ഗാന്ധാരരാജാവായ സുബലൻ, ശക്തനായ ശകുനി, അചലൻ, വൃഷകൻ, മഹാരഥന്മാരിൽ പടുവായ കർണ്ണൻ, ബലവാനായ ശല്യൻ, ശക്തനായ ബാൽഹീകരാജാവ്, സോമദത്തൻ, ഭൂരിശ്രവസ്സ്, ശലൻ, അശ്വത്ഥാമാവ്, കൃപൻ, ദ്രോണൻ, സിന്ധുരാജാവായ ജയദ്രഥൻ, മക്കളോടുകൂടി യജ്ഞസേനൻ, ശാല്വൻ, പ്രാക്ജ്യോതിഷരാജാവും മഹാരഥനുമായ ഭഗദത്തൻ, പർവ്വതപ്രദേശങ്ങൾ വാഴുന്ന രാജാക്കന്മാർ, ബൃഹത്ബലരാജാവ്, പൗണ്ഡ്രകവാസുദേവൻ, വംഗരാജാവ്, കലിംഗരാജാവ്, കടൽക്കരയിൽ വാഴുന്ന മ്ലേച്ഛവർഗ്ഗങ്ങളുടെ രാജാക്കന്മാർ, ആകർഷൻ, കുന്തളൻ, മാളവന്മാർ, ആന്ധ്രന്മാർ, ദ്രാവിഡന്മാർ, സിംഹളന്മാർ, കാശ്മീരരാജാവ്, കുന്തിഭോജൻ, മഹാവീരനായ ഗൗരവാഹനരാജാവ്, ശൂരന്മാരായ ബാൽബീകരാജാക്കന്മാർ എല്ലാവരും, മക്കളോടുകൂടി മത്സ്യരാജാവ്, ശക്തിമാനായ മാവേല്ലൻ, നാനാനാട്ടിന്നും അധീശരായ രാജാക്കന്മാർ, രാജപുത്രന്മാർ, പുത്രനോടുകൂടി മഹാവീര്യവാനായ ശിശുപാലൻ ഇവരെല്ലാം പാണ്ഡവേയന്റെ യജ്ഞത്തിന്നു വന്നു ചേർന്നു.

സമരദുർമ്മദനായ രാമൻ, അനിരുദ്ധൻ, കങ്കൻ, സാരണൻ, ഗദൻ, പ്രദ്യുമ്നൻ, സാംബൻ, വീര്യവാനായ ചാരുദേഷ്ണൻ, ഉന്മുഖൻ, നിശാൻ, വീരനായ അംഗവഹൻ, മഹാവീരന്മാരായ മറ്റു വൃഷ്ണിവീരന്മാർ, ഇവരും മദ്ധ്യദേശസ്ഥരായ പല മന്നവന്മാരും ധർമ്മരാജാവിന്റെ രാജസൂയയാഗത്തിനെത്തി. അവർക്കു ധർമ്മപുത്രകല്പനപ്രകാരം ആലയങ്ങൾ നല്കി. വൃക്ഷങ്ങളും ജലാശയങ്ങളും നിറഞ്ഞ് ഭംഗിയോടുകൂടിയ ആ ഗൃഹങ്ങളിൽ ബഹുവിധ ഭക്ഷ്യപേയങ്ങൾ സല്ക്കരിച്ച് അവരെ പാർപ്പിച്ചു. അവരെ എല്ലാവരേയും ഒന്നിച്ചു കണ്ട് അവരെ മാനിച്ചു ധർമ്മരാജാവ് പൂജിച്ചു. സല്ക്കാരമേറ്റ് ആ രാജാക്കന്മാർ താന്താങ്ങളുടെ സൗധങ്ങളിൽ വിശ്രമിച്ചു.

രമ്യവസ്തുക്കൾ അണിയുന്ന കൈലാസശിഖരംപോലെ, ചുറ്റും കെട്ടിപ്പടുത്ത നല്ല വെണ്മതിലോടുകൂടി, നല്ല കോണിപ്പടികളോടും ആഡംബരസുന്ദരമായ പീഠങ്ങളോടും ചേർന്ന്, പൂമാലയണിഞ്ഞ് അകിൽഗന്ധം കലർന്ന് ഹംസചന്ദ്രപ്രകാശത്തോടെ ദൂരദർശനങ്ങളായി, തിരക്കുകൂടാത്ത സമദ്വാരത്തോടും മണിത്തിണ്ണകളോടും കൂടിയ ആ സൗധങ്ങൾ വളരെ ധാതുക്കൾ ചിതറിയ ഹിമാദ്രിക്കു തുല്യമായി പ്രശോഭിച്ചു. വിശ്രാന്തികൊള്ളുന്ന ആ രാജാക്കന്മാർ നാനാസദസ്യരോടുകൂടി ഇരുന്നരുളുന്ന ധർമ്മപുത്രൻ വളരെ ദക്ഷിണ കൊടുക്കുന്നതു കണ്ടു.

ആ സദസ്സ് രാജാക്കളാലും, ബ്രാഹ്മണരാലും, ഋഷിമാരാലും നിറഞ്ഞു വിചിത്രമായി, അമരന്മാർ തിങ്ങിനിറഞ്ഞ സ്വർഗ്ഗലോകം പോലെ വിളങ്ങി."

35. യജ്ഞകരണം – വൈശമ്പായനൻ പറഞ്ഞു: "പിതാമഹനേയും, ആചാര്യന്മാരേയും ചെന്ന് എതിരേറ്റ് യുധിഷ്ഠിരൻ അഭിവാദ്യംചെയ്തു. ഭീഷ്മൻ, ദ്രോണൻ, കൃപൻ, ദ്രൗണി, ധാർത്തരാഷ്ട്രന്മാർ ഇവരോട് ആദരവോടെ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഈ യജ്ഞത്തിന്ന് നിങ്ങൾ എന്നെ അനുഗ്രഹിച്ചാലും! എനിക്കുള്ള ഈ മഹാധനം നിങ്ങളുടേതാണ്. എന്നെ വേണ്ടവിധം നിങ്ങൾതന്നെ കൊണ്ടുനടത്തിയാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ദീക്ഷിതനായ പാണ്ഡവാഗ്രജൻ ഓരോരുത്തർക്കും ചേരുന്നവിധം അധികാരങ്ങൾ നല്കി. ഭക്ഷ്യങ്ങളും ഭോജ്യങ്ങളും ചേർന്ന കലവറക്കാര്യങ്ങൾ ദുശ്ശാസനനെ അധികാരപ്പെടുത്തി. അങ്ങനെ സദ്യവട്ടമൊക്കെയും ദുശ്ശാസനന്റെ അധികാരത്തിലാക്കി. വിപ്രന്മാരെ സ്വീകരിക്കുവാൻ അശ്വത്ഥാമാവിനെ അധികാരപ്പെടുത്തി. രാജാക്കന്മാരെ പ്രീതരാക്കുവാൻ സഞ്ജയനെ ഏല്പിച്ചു തെറ്റും പോരായ്മകളും നോക്കുവാൻ ഭീഷ്മദ്രോണന്മാരെയാക്കി. സ്വർണ്ണവും രത്നങ്ങളുമൊക്കെ പരിശോധിച്ചറിഞ്ഞ് ദക്ഷിണയ്ക്കു

digitized by www.sreyas.in

കൊടുപ്പിക്കുവാൻ കൃപാചാര്യനെയാക്കി. ഇപ്രകാരം മറ്റു നരവ്യാഘ്രന്മാരെയൊക്കെ അതാതിന്നനുസരിച്ച് ഓരോ കർമ്മങ്ങളിൽ നിയോഗിച്ചു. ബാൽഹീകൻ, ധൃതരാഷ്ട്രൻ, സോമദത്തൻ, ജയദ്രഥൻ എന്നിവർ നകുലനാൽ ആനീതരായി തറവാട്ടുകാരണവന്മാരായി സുഖിച്ചു. വ്യയാധികാരിയായി ധർമ്മവിത്തമനായ വിദുരൻ നിന്നു. തിരുമുൽക്കാഴ്ചയൊക്കെ സുയോധനൻ ഏറ്റുവാങ്ങി. വിപ്രന്മാരെ കാലുകഴുകിക്കുവാൻ, വിശ്വത്തിലെ കാര്യങ്ങൾ തിരിഞ്ഞവനും, സൽഫലപ്രീതിയേല്ക്കുന്നവനുമായ മാധവൻ സംപ്രീതനായി നിന്നു.

സഭയേയും ധർമ്മജനേയും കാണുവാൻ വന്നുചേർന്നവർ ആയിരം സ്വർണ്ണനാണ്യത്തിൽക്കുറഞ്ഞ് ഒന്നും കാഴ്ചവെച്ചില്ല. അനേകം രത്നജാലംകൊണ്ട് പാർത്ഥനെ കൂടുതൽ സമ്പന്നനാക്കി. ഞാൻ കൊടുക്കുന്ന ധനംകൊണ്ട് ധർമ്മപുത്രൻ യജ്ഞം സമ്പൂർണ്ണമാക്കണം; ഞാൻ കൊടുക്കുന്നതുകൊണ്ട് പൂർത്തിയാക്കണം എന്ന് അഹമഹമികയാ തിരക്കി രാജാക്കന്മാർ ധനം നല്കി.

ജലവും ബലവും ചേർന്ന് വിലസുന്നതും, പൊക്കംകൊണ്ട് ദേവന്മാരുടെ വിമാനങ്ങൾ തടയുന്ന മണിമേടകളും, നാട്ടുകാരുടേയും രാജാക്കളുടേയും ഗൃഹങ്ങളും, ബ്രാഹ്മണന്മാരുടെ ഗൃഹങ്ങളും, ദിവ്യവിമാനഭംഗിചേർന്ന സൗധങ്ങളും, വിചിത്രരത്നസമ്പത്തുചേർന്ന് വിലസിത്തെളിയുന്നവിധം വന്നുചേർന്ന രാജാക്കൾക്കുള്ള ലക്ഷ്മിയോടും കൂടി ധർമ്മപുത്രന്റെ സദസ്സ് ഏറ്റവും പ്രശോഭിച്ചു.

ധനസമൃദ്ധികൊണ്ട് വരുണനുമായി സ്പർദ്ധിക്കുന്ന നിലയിലെത്തി. യുധിഷ്ഠിരൻ ദക്ഷിണയാലും ആറ് അഗ്നിയാലും മുഖ്യമായി നിർവ്വഹിക്കപ്പെടുന്ന ആ മഹായജ്ഞം അങ്ങനെ യജിച്ചു. സർവ്വരേയും സർവ്വകാമങ്ങളും സമ്പത്താൽ തൃപ്തമാക്കി. ചോറും പലവിധത്തിലുള്ള ഭക്ഷ്യവും ഇഷ്ടംപോലെ ഭക്ഷിച്ച് സന്തുഷ്ടരായ ജനങ്ങളോടുകൂടി രത്നോപഹാരസമ്പൂർണ്ണമായി ആ സജ്ജനസംഗമം പ്രശോഭിച്ചു. ഇഡാജ്യഹോമാഹുതികൾ മന്ത്രശിക്ഷാവിശാരദരായ മഹർഷിമാർ ആ യജ്ഞത്തിൽ ചെയ്തു. ദേവകൾ തൃപ്തരായി. സുരന്മാരെപ്പോലെ ഭൂസുരന്മാർ, ദക്ഷിണ, അന്നം, ധനം എന്നിവയാൽ സംതൃപ്തരായിത്തീർന്നു. സർവ്വവർണ്ണങ്ങളിലുംപെട്ട ജാതിക്കാരും യജ്ഞത്തിൽ മോദിച്ചു."

അർഘ്യാഭിഹരണപർവ്വം

36. ശ്രീകൃഷ്ണാർഘ്യദാനം – വൈശമ്പായനൻ പറഞ്ഞു: "രാജാക്കന്മാരോടുകൂടെ വിപ്രന്മാർ അഭിഷേകദിനത്തിൽ യാഗവേദിക്കകത്തു കയറി. പൂജ്യരായ മഹർഷിമാരും, നാരദൻ മുതലായ മുനിമാരും, രാജർഷിപ്രവരന്മാരോടുകൂടി അന്തർവ്വേദിയിൽ പ്രശോഭിച്ചു ബ്രഹ്മസദസ്സിൽ ദേവദേവർഷികൾ ചേർന്നവിധം അവിടം വിളങ്ങി. ഇടയ്ക്കിടയ്ക്കുള്ള ക്രിയാവിരാമ സമയത്ത് (വിശ്രമവേളയിൽ) യോഗ്യന്മാരായ അവർ തമ്മിൽത്തമ്മിൽ ഇങ്ങനെ ജല്പിച്ചു: 'ഇത് ഇപ്രകാരമാണ്!' 'അങ്ങനെയാവില്ല!' 'ഇത് മറ്റുവിധത്തിൽ വരില്ല!' എന്നും മറ്റും, പലവിധം അവർ തമ്മിൽത്തമ്മിൽ, തർക്കിച്ചു. ചെറിയ കാര്യം ചിലർ പറഞ്ഞു വലുതാക്കി. വലിയ കാര്യം ചിലർ നിസ്സാരമാക്കി. ശാസ്ത്രവും യുക്തിയും ഉദ്ധരിച്ചു ചിലർ ജല്പിച്ചു. ബുദ്ധിമാന്മാരായ മറ്റു ചിലർ അതിൽ അന്യമായ അർത്ഥംപറഞ്ഞു ഖണ്ഡിച്ചപ്പോൾ പല പരുന്തുകൾ ആകാശത്തിൽവെച്ച് ഒരു മാംസഖണ്ഡത്തെ റാഞ്ചിക്കൊത്തി ഛിന്നഭിന്നമാക്കി ആകാശത്തിൽ വിക്ഷേപിച്ച മട്ടിലായി തർക്കവിഷയം. ധർമ്മാർത്ഥദക്ഷന്മാരും, മഹാവ്രതന്മാരുമായ ചിലർ തമ്മിൽച്ചൊല്ലി രസിച്ചു. ആ വേദവേദസമ്പന്നന്മാരാലും, ദേവദ്വിജമുനിമാരാലും, വ്യോമം താരങ്ങളാലെന്നവിധം അവിടം ഏറ്റവും ശോഭിച്ചു. യുധിഷ്ഠിരന്റെ യാഗത്തിൽ ആ വേദിയുടെ അരികത്തെങ്ങും ശൂദ്രന്മാരില്ല. വ്രതം ഒരുത്തനും വിട്ടില്ല. ശ്രീമാനായ ധർമ്മപുത്രന്റെ യജ്ഞലക്ഷ്മിയെ അപ്പോൾ നോക്കിക്കണ്ട് നാരദൻ ആനന്ദിച്ചു. പിന്നെ ആ ദേവർഷി സർവ്വക്ഷത്രിയരും ഒന്നിച്ചുചേർന്നതുകണ്ട് മനസ്സിൽ എന്തോ വിചാരിച്ചു. അംശാവതരണത്തിൽ മുമ്പ് ബ്രഹ്മലോകത്തിൽ നടന്ന കഥ നാരദൻ ഓർത്തു. ഇതും ദേവസമ്മേളനമാണെന്നു വിചാരിച്ച് ഹരിയെ 'ക്ഷത്രജാതിയിൽ ദൈത്യശത്രുവായ നാരായണൻ പ്രതിജ്ഞ പാലിക്കുവാൻ അവതരിച്ചെത്തിയിരിക്കയാണ്. ഭൂതകർത്താവായ അവൻ പണ്ട് വിബുധരോടു പറയുകയുണ്ടായി: "നിങ്ങൾ തമ്മിൽ കൊന്ന് വീണ്ടും ഈ ലോകത്തിൽത്തന്നെ വരും." ഇപ്രകാരം നാരായണനായ ശംഭു വാനോർകളോടു കല്പിച്ച് യദുമന്ദിരത്തിൽ അന്ധകവൃഷ്ണികുലത്തിൽ കുലവർദ്ധനനായി ജനിച്ചു. നക്ഷത്രങ്ങളുടെ നടുവിൽ അവൻ ചന്ദ്രനെപ്പോലെ ശോഭിച്ചു. ഇന്ദ്രാദിദേവന്മാർക്ക് അവന്റെ ബാഹുബലമാണ് ഒരാശ്രയം. ആ വിഷ്ണു മർത്ത്യനാണെന്ന ഭാവത്തിൽ വന്നവനാണ് ജനാർദ്ദനൻ. അത്ഭുതം, മഹാത്ഭുതമാണ്, സാക്ഷാൽ സ്വയംഭൂതന്നെയാണ്. ഇദ്ദേഹം ക്ഷത്രമൊക്കെ സംഹരിക്കുവാൻ തക്ക ബലം ഉള്ളവനാണ്.' ഇപ്രകാരം സർവ്വജ്ഞനായ നാരായണനെ ധ്യാനിച്ച് ധർമ്മപുത്രന്റെ യജ്ഞകർമ്മത്തിൽ ധർമ്മവിത്തമനായ ആ മഹാബുദ്ധിമാൻ സൽക്കാരങ്ങൾ കൈക്കൊണ്ടു വിരാജിച്ചു. പിന്നെ ഭീഷ്മൻ ധർമ്മരാജാവായ യുധിഷ്ഠിരനോടു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "പൂജ്യതയ്ക്കൊത്ത രാജാക്കന്മാരെ ഹേ, ഭാരതാ! പൂജിക്കുക. ആചാര്യൻ, ഋത്വിക്, ബന്ധു, സ്നാതകൻ, സ്നേഹിതൻ, ഭൂപൻ ഇവർ ആറുപേരാണ് അർഘ്യാർഹർ. ഒരു വർഷം ഇവർ ഇവിടെ പാർത്താലും നവാതിഥികളെപ്പോലെ പൂജിക്കേണ്ടവരാണ്. അപ്രകാരമുള്ള ഇവരെ വളരെക്കാലംകൊണ്ടു നമുക്കു ലഭിച്ചിരിക്കയാണ്. ഇവർക്ക് ഓരോരുത്തർക്കും രാജാവേ, ഭവാൻ അർഘ്യം നല്കിയാലും. എന്നാൽ അതിൽവെച്ചു ശ്രേഷ്ഠന് ആദ്യം അർഘ്യം കൊടുക്കുക!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ കുരുനന്ദനാ! ആദ്യമായി ഞാൻ ആർക്കാണ് അർഘ്യം നല്കേണ്ടത്? ഭവാനു യുക്തമായിത്തോന്നുന്നത് പിതാമഹാ! പറഞ്ഞാലും."

വൈശമ്പായനൻ പറഞ്ഞു: "അപ്പോൾ ശാന്തനവനായ ഭീഷ്മൻ ബുദ്ധിപൂർവ്വം ചിന്തിച്ചതിന്നുശേഷം ഭൂമിയിൽവെച്ച് ഏറ്റവും മാന്യനായവൻ കൃഷ്ണനാണെന്നു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ഇവൻ എല്ലാവരേക്കാളും ശക്തിയിലും മഹത്ത്വത്തിലും പരാക്രമത്തിലും മുമ്പനാണ് ജ്യോതിസ്സുകളുടെ ഇടയിൽ ഭാസ്കരനെപ്പോലെ തപിക്കുന്നവനാണ്. സൂര്യൻ ഇല്ലാത്തിടത്തു സൂര്യനാണ്. കാറ്റില്ലാത്തേടത്തു കാറ്റാണ്. അപ്രകാരമാണ് ഈ സഭയെ തെളിയിച്ച് കൃഷ്ണൻ ആഹ്ലാദിപ്പിക്കുന്നത്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ അനുജ്ഞചെയ്തപ്പോൾ പ്രതാപവാനായ സഹദേവൻ വാർഷ്ണേയന്ന് യഥാവിധി ഉത്തമമായ അർഘ്യം നല്കി. ശാസ്ത്രപ്രകാരം കൃഷ്ണൻ അതു സ്വീകരിച്ചു. വാസുദേവനെ അഗ്രപൂജചെയ്തു ബഹുമാനിച്ചത് ശിശുപാലനു പൊറുക്കുവാൻ കിഴിഞ്ഞില്ല. മഹാബലനായ ചേദിരാജാവ് ആ സഭയിൽ ഭീഷ്മനേയും ധർമ്മപുത്രനേയും നിന്ദിച്ച്, വാസുദേവനെ ആക്ഷേപിച്ചു സംസാരിച്ചു."

37. ശിശുപാലക്രോധം – ശിശുപാലൻ പറഞ്ഞു: "മഹാത്മാക്കളായ മഹാരാജാക്കന്മാർ സദസ്സിൽ നിറഞ്ഞിരിക്കുമ്പോൾ വൃഷ്ണിവംശജാതനായ ഇവൻ രാജാവിനെപ്പോലെ രാജപൂജയ്ക്ക് അർഹനല്ല. കൗരവാ, മഹാന്മാരായ പാണ്ഡവന്മാർക്കു ചേർന്നതല്ല ഈ കർമ്മം. തന്നിഷ്ടംമൂലം പുണ്ഡരീകാക്ഷനെ പൂജിച്ചതു നന്നായില്ല. ഹേ, ബാലരായ പാണ്ഡവരേ! നിങ്ങൾ സൂക്ഷ്മമായ ധർമ്മം അറിയുന്നില്ല. വിവരമില്ലാത്തവനും അല്പം മാത്രം കാണുന്നവനുമാണ് ഗംഗാനദിയുടെ പുത്രനായ ഭീഷ്മൻ. ഹേ, ഭീഷ്മാ, അങ്ങയെപ്പോലുള്ള ധർമ്മിഷ്ഠന്മാർ സേവനോക്കി നടക്കുകയാണെങ്കിൽ ലോകത്തിൽ സജ്ജനങ്ങളുടെ നിന്ദയ്ക്ക് അവർ പാത്രമാകും. രാജാവല്ലാത്ത ദാശാർഹൻ രാജാക്കന്മാരുടെ നടുവിൽ, നിങ്ങൾ പൂജിച്ചവിധം പൂജയ്ക്ക് അർഹനാണോ? അതല്ല, വൃദ്ധനെന്ന നിലയ്ക്കാണ് നിങ്ങൾ അർഹണംചെയ്തതെങ്കിൽ വസുദേവൻ ഇരിക്കുമ്പോൾ അവന്റെ പുത്രന് എന്താണു

digitized by www.sreyas.in

പൂജയ്ക്ക് അർഹത? അതല്ല, ഇഷ്ടംചെയ്യുന്ന ഒരു ബന്ധുവിന്റെ നിലയ്ക്കാണ് നിങ്ങൾ പൂജിച്ചതെങ്കിൽ ദ്രുപദൻ നിൽക്കുമ്പോൾ എങ്ങനെ കൃഷ്ണൻ പൂജ്യനാകും. അതല്ല, ആചാര്യന്റെ നില യ്ക്കാണ് അഗ്രപൂജ ചെയ്തതെങ്കിൽ ദ്രോണരുള്ളപ്പോൾ എന്താണു കൃഷ്ണനെ സൽക്കരിക്കാൻ? അതല്ല, ഋത്വിക്കിന്റെ നിലയിലാണ് സൽക്കരിച്ചതെങ്കിൽ വൃദ്ധനായ വ്യാസനുള്ള പ്പോൾ എന്താണ് കൃഷ്ണനെ പൂജിച്ചത്? ശാന്തനായ ഭീഷ്മൻ സ്വച്ഛന്ദമൃത്യുവാണ്. പുരുഷന്മാരിൽവെച്ച് ഉത്തമനായ അവൻ നില്ക്കുമ്പോൾ എന്തേ, കൃഷ്ണനെ പൂജിക്കുവാൻ? സർവ്വശ സ്ത്രജ്ഞനായ അശ്വത്ഥാമാവു നില്ക്കുമ്പോൾ എന്തേ, കൃഷ്ണനെ പൂജിക്കുവാൻ? രാജേന്ദ്രനെ പൂജിക്കുവാനാണ് ചിന്തിച്ചതെങ്കിൽ രാജേന്ദ്രനും പുരുഷശ്രേഷ്ഠനുമായ ദുര്യോ ധനൻ ഇരിക്കുമ്പോൾ കൃഷ്ണനെ പൂജിച്ചതു നന്നായോ? കൃപാ ചാര്യനുള്ളപ്പോൾ എന്തേ, കൃഷ്ണനെ പൂജിക്കുവാൻ? കിംപു രുഷാചാര്യനായ ദ്രുമൻ നില്ക്കുമ്പോൾ കൃഷ്ണനെ പൂജിച്ചത് അക്രമംതന്നെ! ദുർദ്ധർഷനായ ഭീഷ്മകനുള്ളപ്പോൾ, പാണ്ഡു തുല്യനായ രുഗ്മിയുള്ളപ്പോൾ, മഹാധനുർദ്ധരനായ ഏകലവ്യ നുള്ളപ്പോൾ, മാദ്രേശനായ ശല്യനുള്ളപ്പോൾ എന്തേ, കൃഷ്ണനെ പൂജിക്കുവാൻ?

സർവ്വരാജാക്കളുടേയും ഇടയിൽ മഹാബലവാനും പരശു രാമന്റെ ഇഷ്ടശിഷ്യനും, തന്റെ വീര്യംകൊണ്ടുതന്നെ രാജാ ക്കളെ ജയിച്ചവനുമായ ഈ കർണ്ണൻ നില്ക്കുമ്പോൾ കൃഷ്ണ നെ പൂജിച്ചത് ഉചിതമായോ? കൃഷ്ണൻ ഋത്വിക്കല്ല, കൃഷ്ണൻ ആചാര്യനല്ല, കൃഷ്ണൻ രാജാവല്ല. പിന്നെ പൂജചെയ്തത് എന്തുകൊണ്ട്? വെറും സേവയ്ക്കുമാത്രം! അല്ലാതെ മറ്റെന്തു കൊണ്ടാണ്? നിങ്ങൾക്ക് മധുവൈരിയെ പൂജിക്കണമെന്നുണ്ടെ ങ്കിൽ ഇവിടെ രാജാക്കന്മാരെ എന്തിന്നു വരുത്തി? അവമാനിക്കു വാനാണോ? ഞങ്ങൾ പേടിച്ചിട്ടല്ല സാധുവായ കൗന്തേയന്ന് കപ്പം കൊടുത്തത്. ലോഭത്താലല്ല, സാന്ത്വത്താലുമല്ല സൽക്കർമ്മം ചെയ്യുന്ന ഇവന്ന് ചക്രവർത്തിത്വം നല്കുന്നമെന്ന് വിചാരിച്ചാണ് ഞങ്ങൾ കപ്പം കൊടുത്തത്. എന്നാൽ ഇപ്പോൾ ഞങ്ങളെ നിന്ദിച്ചിരിക്കുന്നു. ഇത് എന്തൊരു ധിക്കാരം! രാജസ ദസ്സിൽവെച്ച് നീ ലക്ഷണംകെട്ട കൃഷ്ണന്ന് അർഘ്യപൂജ കഴി ച്ചതു ധിക്കാരമല്ലേ? ഈ പ്രവൃത്തിമൂലം ധർമ്മപുത്രൻ 'ധർമ്മാ ത്മാവ്' എന്ന പേരു പെട്ടെന്നു കളഞ്ഞുകുളിച്ചു! ഇപ്രകാരം ധർമ്മ ച്യുതനായ 'അവലക്ഷണ' ത്തിനെ ആരെങ്കിലും പൂജിക്കുമോ? വൃഷ്ണിവംശോത്ഭവനാണ് ഇവൻ. ജരാസന്ധരാജാവിനെ ചതി ച്ചുകൊന്ന കൊലപാതകിയാണിവൻ! ധർമ്മതത്ത്വം ധർമ്മരാജാ വിൽനിന്നും ഒഴിഞ്ഞുപോയിരിക്കുന്നു. കൃഷ്ണന്ന് അർഘ്യം നല്കി അദ്ദേഹത്തിന്റെ കൊള്ളരുതാത്തരം വെളിവാക്കി. പാർത്ഥരർ ഭീരുക്കളും, കൃപണന്മാരും, പാവങ്ങളുമാണെങ്കിൽ ഹേ, കൃഷ്ണാ! നീ ചിന്തിക്കേണ്ടതല്ലേ ഈ പൂജ തനിക്കു ചേർ ന്നതാണോ എന്ന്? ഈ, കൃപണന്മാർ നല്കുന്ന പൂജ അനർഹ നായ നീ അനുമോദിച്ചുവാങ്ങിയതു നന്നായോ? തനിക്ക് അർഹ തയില്ലാത്തത് മെച്ചപ്പെട്ടതാണെന്നു നീ ഭാവിക്കുന്നു. ഹവിസ്സിന്റെ ഭാഗം വിജനത്തിൽവെച്ചു തിന്നുന്ന പട്ടിയെപ്പോലെ നാണമില്ലാ തെ യോഗ്യത നടിക്കുന്നു.

രാജാക്കളെയൊക്കെ അവമാനിക്കലാണ്, തീർച്ച! അല്ലെ ങ്കിൽ ജനാർദ്ദനാ! കുരുക്കൾ നിന്നെത്തന്നെ ഇപ്രകാരം അപമാ നിച്ചിരിക്കുന്നു. രാജാവല്ലാത്തവന്ന് എങ്ങനെ ഈ രാജപൂജ ചേരും? നപുംസകം പെണ്ണിനെ വേട്ടമാതിരി, അന്ധനു വെളിച്ചം കാട്ടുന്ന മാതിരി, രാജാവല്ലാത്ത നിനക്ക് ഈ പൂജ ചേർന്ന തോണോ? യുധിഷ്ഠിരനേയും കണ്ടു! ഭീഷ്മന്റെ മട്ടും കണ്ടു! കൃഷ്ണനേയും കണ്ടു! എല്ലാവരേയും കണ്ടു! എല്ലാം ഭേഷാ യിരിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ചേദിരാജാ വായ ശിശുപാലൻ പരമാസനത്തിൽനിന്നു ക്രോധത്തോടെ എഴു ന്നേറ്റ് മറ്റു ഭൂപന്മാരെയൊക്കെ വിളിച്ച് സഭാസ്ഥലം വിട്ടിറങ്ങു വാൻ ഭാവിച്ചു."

38. ഭീഷ്മവാക്യം – വൈശമ്പായനൻ പറഞ്ഞു: "ഉടനെ യുധിഷ്ഠിരരാജാവ് ശിശുപാലസന്നിധിയിൽച്ചെന്നു. അവനോട് മധുരമായി സാന്ത്വപൂർവ്വം ഇങ്ങനെ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹീപാലാ! ഭവാൻ ഇപ്പോൾ പറഞ്ഞത് ഏറ്റവും നിരർത്ഥകമാണ്. ഭവാന്റെ പരുഷവാക്ക് വലിയ അധർമ്മമായിത്തീരും. പരമമായ ധർമ്മം അറിയാതെ പറ യുന്നവനല്ല ഭീഷ്മൻ. ശാന്തനവനായ ഭീഷ്മനെ തെറ്റിദ്ധരിച്ച്, അവമാനിച്ചു പറയരുത്. നോക്കൂ! ഭവാനേക്കാൾ വൃദ്ധരായ രാജാ ക്കന്മാർ ഇവിടെ പലരുമുണ്ട്. അവർ കൃഷ്ണസല്ക്കാരം പൊറു ക്കുന്നു. നീയും അപ്രകാരം പൊറുക്കുക. ഭീഷ്മൻ കൃഷ്ണനെ നന്നായി അറിയും. ചേദിരാജാവേ! എടോ! ആ കൗരവൻ അറി യുന്നവിധം നീ അറിയുന്നില്ല."

ഭീഷ്മൻ പറഞ്ഞു: "ലോകത്തിൽ ഏറ്റവും വൃദ്ധനായ കൃഷ്ണനെ അർച്ചിക്കുന്നതു സഹിക്കാത്ത ഇവനോട് ഭവാൻ എന്തിനു സാന്ത്വവാക്കു പറയുന്നു? ഇവൻ അതർഹിക്കുന്നില്ല. ക്ഷത്രിയൻ ക്ഷത്രിയനോടു പോരാടി, ജയിച്ചു കീഴടക്കിയാൽ ആ പോരാളിക്ക് അവൻ ഗുരുവാണ്. ഈ സദസ്സിൽ സാത്വതീ പുത്രനായ അവൻ പോരിൽ തന്റെ ശക്തിയാൽ ജയിക്കാത്ത തായ ഒരു രാജാവിനേയും ഞാൻ കാണുന്നില്ല. നമുക്കമാത്രം അർച്ച്യനല്ല അച്യുതൻ. ആ മഹാഭുജൻ ഈ മൂന്നുലോകത്തിലും ഏവർക്കും ഏറ്റവും അർച്ച്യനാണ്. കൃഷ്ണൻ അസംഖ്യം ക്ഷത്രിയന്മാരെ പോരിൽ ജയിച്ചിട്ടുണ്ട്. ഈ വാർഷ്ണേയനിൽ വിശ്വമൊക്കെ സ്ഥിതിചെയ്യുന്നു. അതുകൊണ്ട് അതോർത്ത് അന്യവൃദ്ധരെ വിട്ടു കൃഷ്ണനെ അർച്ചിച്ചു. അതുകൊണ്ട് ഇപ്ര കാരം പറയരുത്. ബുദ്ധി മാറി ഭ്രമിക്കരുത്. ഞാൻ പല ജ്ഞാന വൃദ്ധരേയും സേവിച്ചിരിക്കുന്നു. അവർ പറഞ്ഞ് ശൗരിയുടെ ഗുണത്തിന്റെ ശ്രേഷ്ഠതയെ കേട്ടിരിക്കുന്നു. ആ സജ്ജനങ്ങളൊ ന്നിച്ചു ബഹുമാനിച്ചു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മഹത്ത്വം വ്യക്തമായിരിക്കുന്നു. ജന്മംമുതൽ ഈ ധീമാന്റെ കർമ്മങ്ങൾ അപ്രകാരംതന്നെ പലപ്പോഴും പലരും പറഞ്ഞ് ഞാൻ കേട്ടിട്ടു ണ്ട്. ചേദിരാജാവേ! വെറും മോഹംകൊണ്ടല്ല, ബന്ധുവഴിക്കല്ല, സഹായിച്ച വേഴ്ചനോക്കിയുമല്ല ജനാർദ്ദനനെ അർച്ചിച്ചത്. ഇവൻ അർച്ച്യനായതുകൊണ്ടാണ്. ഇവൻ സുഖങ്ങളെ സർവ്വ ചരാചരങ്ങൾക്കു നല്കുന്നവനാണ്! യശസ്സ്, ശൗര്യം, ജയം ഇവ കണ്ട് അർച്ചിച്ചതാണ്. വെറും ബാലന്മാരെയും ഞങ്ങൾ പരീക്ഷി ക്കാതിരുന്നിട്ടില്ല * മറ്റെല്ലാ സൽഗുണസമ്പന്നരായവരേക്കാളും മീതെ പൂജ്യനായി ഞങ്ങൾ ഹരിയെ കണ്ടു. എന്തെന്നാൽ, ബ്രാഹ്മണരിൽ ജ്ഞാനം അധികമുള്ളവനും, ക്ഷത്രിയരിൽ ബലംകൂടിയവനും, വൈശ്യരിൽ സമ്പന്നനും, ശൂദ്രരിൽ വയസ്സു കൊണ്ടു മൂപ്പുകൂടിയവനുമാണ് പൂജാർഹൻ. ഗോവിന്ദന്റെ പൂജ്യ തയ്ക്കും രണ്ടു കാരണമുണ്ട്. വേദവേദാംഗവിജ്ഞാനവും അതു ല്യമായ മഹാബലവും! മനുഷ്യലോകത്തിൽ കൃഷ്ണനല്ലാതെ പൂജ്യനായി മറ്റാരുണ്ട്? ദാനം, ദാക്ഷ്യം, ശ്രുതം, ശൗര്യം ഹ്രീ, കീർത്തി, അതിയായ ബുദ്ധി, സന്തതി, ശ്രീ, തുഷ്ടി, ധൃതി ഇവ കൃഷ്ണനിലുണ്ട്. ലോകസമ്പന്നനും, ആചാര്യനും, പിതാവു മാണ് അവൻ. അർച്ച്യനായ അവൻ അർച്ചിതനായി! നിങ്ങളെല്ലാ വരും ക്ഷമിക്കുവിൻ. ഋത്വിക്, ഗുരു, സംബന്ധി, സ്നാതകൻ, പാർത്ഥിവൻ, പ്രിയൻ, ഹൃഷികേശൻ ഇതൊക്കെയാണ് അവൻ. അതോർക്കുമ്പോൾ അച്യുതൻ അർച്ചിതാർഹനാണ്. ലോക ത്തിന്റെ ഉത്പത്തിയും, പ്രളയവും കൃഷ്ണനിൽ നില്ക്കുന്നു. കൃഷ്ണൻ കാരണമാണ് ഇന്ന് ഈ കാണുന്ന വിശ്വവും, സകല ചരാചരവും. ഇവൻ പ്രകൃതിയും, അവ്യക്തനും, കർത്താവും, ആദ്യനും, സനാതനനും, സർവ്വഭൂതങ്ങൾക്കും പൂജ്യനുമാണ്. അതുകൊണ്ട് അവൻ ഏറ്റവും പൂജാർഹനാണ്. ബുദ്ധി, ചിത്തം, മഹത്തത്ത്വം, വായു, തേജസ്സ്, അംബു, ഭൂമി, ആകാശം, ചതുർവ്വി ധമായ ഭൂതജാലം ഇവയെല്ലാം കൃഷ്ണനിൽ സ്ഥിതിചെയ്യുന്നു. ആദിത്യൻ, ചന്ദ്രൻ, നക്ഷത്രജാലം, ഗ്രഹങ്ങൾ, ദിക്കുകൾ, വിദി

* അവരിലാരെങ്കിലും കൃഷ്ണനേക്കാൾ ശ്രേഷ്ഠതയുണ്ടോ എന്ന്.

digitized by www.sreyas.in

ക്കുകൾ ഇവയൊക്കെ കൃഷ്ണനിൽ നില്ക്കുന്നു. വേദം അഗ്നിഹോത്രമുഖം, ഗായത്രി ഛന്ദസ്സുകൾക്കു മുഖം, മനുഷ്യർക്കു മുഖം നൃപൻ, പുഴകൾക്കു മുഖം സമുദ്രം, നക്ഷത്രങ്ങൾക്കു ചന്ദ്രൻ മുഖം, തേജസ്സിന് അർക്കൻ മുഖം, മലകൾക്കു മുഖം മേരു, ഖഗങ്ങൾക്കു മുഖം ഗരുഡൻ, മേലും, കീഴും, ചുറ്റും കാണുന്ന എല്ലാ ജഗത്തുകളിലും ദേവാസുരന്മാരടങ്ങിയ സകല ലോകർക്കും മുഖമായത് ഭഗവാൻ കേശവനാണ്!

ശിശുപാലന്ന് അതൊന്നും അറിഞ്ഞുകൂടാ. അവൻ ബാലനാണ്. കൃഷ്ണന്റെ മാഹാത്മ്യമേ തിരിഞ്ഞേടത്തൊക്കെ ഞാൻ കാണുന്നുള്ളു. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്. ഉത്കൃഷ്ടമായ ധർമ്മത്തെത്തിരയുന്ന ബുദ്ധിമാൻ ഈ ധർമ്മതത്ത്വം കാണും. അത്രയ്ക്കു കാണുകയില്ല ചേദിരാജാവായ ശിശുപാലൻ. ആബാലവൃദ്ധം ഇവിടെയുള്ള രാജാക്കളിൽ മറ്റാരുണ്ട് അർഹനായി? കൃഷ്ണൻ അനർഹനാണെന്നു വിചാരിച്ച് പൂജിക്കാത്തവൻ ആരാണ്? എന്നാൽ, ചേദിരാജാവു വിചാരിക്കുന്നു, ഈ പൂജ ശരിയായില്ലെന്ന്. ചൊവ്വായില്ലെന്ന് അവന് തോന്നുന്നുണ്ടെങ്കിൽ അവൻ വേണ്ടതൊക്കെ ചെയ്യട്ടെ!"

39. രാജമന്ത്രണം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞു ഭീഷ്മൻ വിരമിച്ചപ്പോൾ കാര്യത്തിന്റെ യാഥാർത്ഥ്യം ഗ്രഹിച്ച സഹദേവൻ അർത്ഥവത്തായി ഇങ്ങനെ പറഞ്ഞു."

സഹദേവൻ പറഞ്ഞു: "അപ്രമേയബലനും, കേശിഹന്താവുമായ കേശവനെ ഞാൻ പൂജിച്ചത് ഇവിടെ കൂടിയിരിക്കുന്ന ഏതേതു രാജാവിനാണ് സഹിക്കാത്തത്, ആ ബലിഷ്ഠന്മാരുടെ മൂർദ്ധാവിൽ ഞാൻ എന്റെ ഈ കാൽ വെയ്ക്കുന്നു; അവന്റെ ശിരസ്സിൽ ഞാൻ ചവിട്ടുന്നു. ഞാൻ പറയുന്നതിന്റെ ഉത്തരം അവൻ പറയട്ടെ. എനിക്ക് അവൻ വദ്ധ്യനാണ്. അതിൽ യാതൊരു സംശയവുമില്ല. മതിമാന്മാരുടെ ആചാര്യനും, പിതാവും, ഗുരുവുമായ മാധവൻ അർച്ച്യനാണ്. അവൻ അർച്ചിതനായിക്കണ്ട മതിമാന്മാരായ മന്നവന്മാരേ! നിങ്ങൾ അതിന്ന് അനുവദിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ അവൻ പറഞ്ഞപ്പോൾ സജ്ജനങ്ങളൊന്നും മറുപടി പറഞ്ഞില്ല. 'അഭിമാനികളായ മന്നവന്മാരുടെ മുമ്പിൽവെച്ചു ഞാൻ അവനെ ചവിട്ടും' എന്ന് ഉച്ചത്തിൽ പറഞ്ഞ് കാൽ പൊക്കിക്കാട്ടിയെങ്കിലും ആരും മറുപടി പറഞ്ഞില്ല. ഉടനെ സഹദേവന്റെ ശിരസ്സിൽ പുഷ്പവൃഷ്ടിയുണ്ടായി. 'കൊള്ളാം! നന്ന് ! ഭേഷ്' എന്ന് ഹർഷത്തോടെ അശരീരിവാക്കുണ്ടായി. അപ്പോൾ ഭഗവാൻ കൃഷ്ണനെപ്പറ്റി ഭൂതഭവ്യങ്ങൾ പറയുന്നവനായ, സർവ്വലോകജ്ഞനും, സർവ്വസന്ദേഹരനുമായ നാരദൻ സർവ്വരും കേൾക്കുമാറ് ഏറ്റവും സ്പഷ്ടമായവിധം പറഞ്ഞു."

നാരദൻ പറഞ്ഞു: "പങ്കജാക്ഷനായ കൃഷ്ണനെ അർച്ചിക്കാത്ത മനുഷ്യർ ജീവച്ഛവങ്ങളാണ്. അവരോട് ആരും മിണ്ടരുത്."

വൈശമ്പായനൻ പറഞ്ഞു: "ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുള്ള വ്യത്യാസം അറിയുന്ന, മനുഷ്യരിൽ ദേവനായ സഹദേവൻ പൂജ്യരെ പൂജിച്ച് ആ ക്രിയ അവസാനിപ്പിച്ചു. കൃഷ്ണപൂജ കഴിഞ്ഞപ്പോൾ ശത്രുകർഷണനായ സുനീഥൻ (ശിശുപാലൻ) കോപത്താൽ കണ്ണുചുവന്ന്, ഭൂപന്മാരോട് ഇപ്രകാരം പറഞ്ഞു."

ശിശുപാലൻ പറഞ്ഞു: "സേനാപതിയായി ഞാൻ ഇതാ നില്ക്കുന്നു! ഇനി എന്താണു വേണ്ടതെന്നു ചിന്തിക്കുവിൻ! സന്നദ്ധരായി വൃഷ്ണിപാണ്ഡവന്മാരോട് നാം എതിർക്കണം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം എല്ലാ ഭൂപന്മാരേയും ശിശുപാലൻ ഉത്സാഹിപ്പിച്ചു. രാജാക്കളോടുകൂടി രാജസൂയം മുടക്കുവാൻ മന്ത്രിച്ചു. ക്ഷണിച്ചു വന്നുചേർന്ന ശിശുപാലാദികളായ രാജാക്കന്മാർ ക്രോധത്തോടെ എല്ലാവരും നിറംമാറിയവരായി കാണപ്പെട്ടു. യുധിഷ്ഠിരാഭിഷേകത്തോടൊപ്പം കൃഷ്ണന്റെ അർഹണവും ഇല്ലാതാക്കണമെന്ന് എല്ലാവരും ദൃഢമായി പറഞ്ഞു. നിഷ്കർഷമായ നിശ്ചയത്തോടുകൂടി എല്ലാ ഭൂപന്മാരും കോപിച്ചു നിലകൊണ്ടു. ആ ഉശിരന്മാർ വെറുപ്പോടുകൂടി ഓരോന്നു പറഞ്ഞു. സുഹൃത്തുക്കൾ തടയുവാൻ ശ്രമിച്ചെങ്കിലും അവരുടെ മുഖം കോപത്താൽ ഉജ്ജ്വലിച്ച് ഇരയിൽ നിന്നു മാറുന്ന സമയത്ത് അലറുന്ന സിംഹത്തെപ്പോലെയായി. അന്തമില്ലാതെ അക്ഷയമായി വന്നുകേറുന്ന രാജസാഗരം പൊരുതുവാൻ ഒരുങ്ങിയെന്നു മനസ്സിലാക്കി."

ശിശുപാലവധപർവ്വം

40. യുധിഷ്ഠിരാശ്വാസനം – വൈശമ്പായനൻ പറഞ്ഞു: "ഉടനെ കടൽപോലെ ശോഭിച്ച നൃപമണ്ഡലം പ്രളയക്കാറ്റടിച്ചു മറിയുന്ന സമുദ്രംപോലെ അസ്വസ്ഥമായി. അവർ ക്രോധത്താൽ ക്ഷോഭിച്ചതുകണ്ട് ധർമ്മപുത്രൻ ഭീഷ്മപിതാമഹനോട്, തേജസ്വിയായ ദേവേന്ദ്രൻ ബൃഹസ്പതിയോടെന്നപോലെ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പിതാമഹാ, ഇനി എന്തുവേണമെന്നു പറഞ്ഞാലും. യാഗം മുടങ്ങരുത്. ലോകർക്കു ക്ഷേമവുമാകണം. അതിനെന്തു വേണമെന്ന് ഭവാൻ പറഞ്ഞാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മപുത്രൻ പറഞ്ഞപ്പോൾ ഭീഷ്മൻ പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "കുരുവീരാ! നീ പേടിക്കേണ്ട. ശ്വാവ് സിംഹത്തെ ജയിക്കുമോ? മുമ്പെതന്നെ ഞാൻ നല്ലമാർഗ്ഗം കണ്ടുവെച്ചിട്ടുണ്ട്. സിംഹം കിടന്നുറങ്ങുമ്പോൾ നായ്ക്കൾ വന്ന് ഒത്തുകൂടിയാൽ കുരയ്ക്കുന്നപോലെ രാജാക്കന്മാർ ഇരമ്പുന്നു. വൃഷ്ണിസിംഹം ഉറങ്ങുമ്പോൾ മുമ്പിൽവന്ന് ഇവരെല്ലാം സിംഹം ഇരിക്കുന്ന ദിക്കിൽച്ചെന്ന് നായ്ക്കൾ കുരയ്ക്കുന്നതുപോലെ കുരയ്ക്കുകയാണ്. സിംഹം ഉണരുമ്പോലെ വാസുദേവൻ ഒന്ന് ഉണർന്നെഴുന്നേല്ക്കുന്നതുവരെ ചേദിരാജാവായ നൃസിംഹൻ സിംഹമായി നില്ക്കും. ജളനായ ഈ ശിശുപാലൻ രാജാക്കന്മാരെയൊക്കെ കൊല്ലിക്കുവാനുള്ള മാർഗ്ഗമാണു ചിന്തിക്കുന്നത്. ഈ രാജാക്കന്മാരെയൊക്കെ അവൻ ആപത്തിലാക്കും. ശിശുപാലനിൽ കാണപ്പെടുന്ന തേജഃസമ്പത്ത് ഇതാ ബുദ്ധിതെറ്റിയമട്ടിൽ കാണപ്പെടുന്നു. ചേദിരാജാവിന്നും മറ്റു മന്നവന്മാർക്കും ബുദ്ധി പിഴച്ചിരിക്കുന്നു. ഈ നരവ്യാഘ്രനായ കൃഷ്ണൻ ആരെ തന്നിലേക്കെടുക്കുവാൻ ആഗ്രഹിക്കുന്നുവോ അവന്റെ ബുദ്ധി ഈ ചേദിപതിയുടെ ബുദ്ധിപോലെതന്നെ തെറ്റിപ്പോകും. ധർമ്മപുത്രാ! ഈ മൂന്നുലോകത്തിലുമുള്ള നാലുതരത്തിലുള്ള ജീവികൾക്കും ഉത്ഭവവും മരണവും നല്കുന്നത് ഈ മാധവനാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ പറഞ്ഞതു കേട്ടപ്പോൾ ചേദിരാജാവ് രൂക്ഷമായ വാക്കിൽ ഭീഷ്മരോടു പറഞ്ഞു."

41. ശിശുപാലവാക്യം – ശിശുപാലന്റെ ഭീഷ്മനിന്ദ– ശിശുപാലൻ പറഞ്ഞു: "രാജാക്കന്മാരെയൊക്കെ ഭയപ്പെടുത്താൻ നീ പല ഭീഷണികളും പറഞ്ഞു. ഹേ, കുലപാംസനാ! നിനക്കു നാണമില്ലേ പടുവൃദ്ധാ? തൃതീയപ്രകൃതിയായ, നപുംസകപ്രകൃതിയായ നിനക്ക് ധർമ്മബോധംകൂടാതെയുള്ള ഇത്തരം വാക്കുകൾ ഒത്തതുതന്നെയാണ്. എടോ വൃദ്ധാ! താനാണല്ലോ സർവ്വകുരുക്കളിലുംവെച്ച് ഉത്തമൻ. തോണികൾ കെട്ടിവലിച്ചുകൊണ്ടുപോകുന്ന തോണിപോലെ അന്ധന്മാരെ പിന്നിൽ കൊണ്ടുനടക്കുന്ന അന്ധനെപ്പോലെ എടോ ഭീഷ്മാ, നീ നടക്കുന്നു! പിമ്പെ അവരും നടക്കുന്നു!

വിശേഷിച്ചും ഈ കൃഷ്ണൻ ചെയ്ത പൂതനാവധം നീ പറഞ്ഞുകേട്ടപ്പോൾ ഞങ്ങളുടെ ഉള്ള് വീണ്ടുമൊന്നുകൂടി വിറച്ചുപോയി. അഹംഭാവിയും, മൂർഖനുമായ ഈ കൃഷ്ണനെ വാഴ്ത്തുന്ന നിന്റെ നാവ് നൂറായി പിളരാഞ്ഞത് എന്തുകൊണ്ടാണ്? ബാലന്മാർ സ്തുതിക്കുന്ന ഈ ഇടയച്ചെറുക്കനെ നീ സ്തുതിക്കുവാൻ തുടരുന്നുണ്ടല്ലോ! നീ ജ്ഞാനവൃദ്ധനെന്നാണ് കേൾവി! ഇവൻ ബാല്യത്തിൽ ഒരു പക്ഷിയെക്കൊന്നു. അതിലെന്താണത്ഭുതം? പോരിടാനറിയാത്ത കുതിരയേയും കാളയേയുമൊക്കെ കൊന്ന

digitized by www.sreyas.in

താണോ വീരത! ഇതിലെന്തു വൈചിത്ര്യമുണ്ട്? ചൈതന്യമില്ലാത്ത ഒരു വണ്ടി കാലുകൊണ്ടു തട്ടിവീഴ്ത്തിയത്രേ ഇവൻ പണ്ട്! ഇതാണോ ഒരത്ഭുതം? പുറ്റുപോലുള്ള ഗോവർദ്ധനക്കുന്ന് ഏഴു ദിവസം പൊക്കിപ്പിടിച്ചുനിന്നുവത്രെ! ഇതാണത്രേ മറ്റൊരത്ഭുതം! ഇതിലൊന്നും ഞാൻ ഒരത്ഭുതവും കാണുന്നില്ല. കുന്നൻമേൽ കളിക്കുന്ന സമയത്ത് വളരെയധികം ചോറ് ഇവൻ തിന്നുവത്രെ! ഇതു നീ പറഞ്ഞുകേട്ടപ്പോൾ ജനങ്ങൾ നിന്റെ വാക്കിലെ കഥയില്ലായ്മയോർത്ത് അത്ഭുതപ്പെട്ടു!

ബലവാനായ ആരുടെ ചോറാണോ ഇവൻ ഉണ്ടത്, ആ കംസനെ കൊന്നതാണോ വലിയ യോഗ്യത? എടോ ഭീഷ്മാ! സത്തുക്കളുടെ മൊഴി നീ കേട്ടിട്ടില്ലായിരിക്കും. അത് ഞാൻ നിന്നോടു പറയാം, കുരുകുലാധമാ! സ്ത്രീകൾ, പശു, ബ്രാഹ്മണൻ ഇവരിൽ ആയുധം പ്രയോഗിക്കരുത്. ചോറു നല്കുന്നവനിലും താൻ സേവിക്കുന്നവനിലും ആയുധം പ്രയോഗിക്കരുതെന്ന് ധർമ്മിഷ്ഠന്മാർ കല്പിക്കുന്നു. എടോ ഭീഷ്മാ! ലോകമര്യാദ നിന്നിൽ പിഴച്ചാണു കാണുന്നത്. ജ്ഞാനവൃദ്ധൻ, മഹാവൃദ്ധൻ എന്നും മറ്റും കേശവനെപ്പറ്റി നീ എന്നോട് ഒന്നും തിരിയാത്തവനോടെന്നപോലെ ജല്പിക്കുന്നല്ലോ! കൗരവാധമാ, നിന്റെ വാക്കുകൊണ്ടുതന്നെ പശുഘാതകനും സ്ത്രീഘാതകനുമായ അവൻ പൂജിക്കപ്പെട്ടു. എന്നാലും എങ്ങനെയാണ് ഇപ്രകാരമുള്ളവൻ സ്തുതിക്കർഹനാകുക? മതിമാന്മാർക്ക് ഇവൻ മുഖ്യനത്രേ! ഇവനാണത്രേ ജഗൽപ്രഭു! ഇങ്ങനെയൊക്കെയായിത്തീരുന്നുവല്ലോ നിന്റെ വാക്കാൽ ജനാർദ്ദനൻ! ഇതൊക്കെ ഇപ്രകാരമാണെന്നുള്ളത് ഒക്കാത്തതാണ്. തത്ത്വത്തെപ്പറ്റിയുള്ള പാട്ട് വളരെ പാടിയാലും അത് ആ ഗായകനെ സംരക്ഷിക്കുവാൻ പര്യാപ്തമല്ല. * ഭൂലിംഗപ്പക്ഷിയെപ്പോലെയാണ് വൃദ്ധാ! നിന്റെ പ്രവൃത്തി. നീചമാണ് പ്രവൃത്തി. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് പാണ്ഡവന്മാർക്കും പാപം പറ്റും. അങ്ങനെയുള്ളവർക്ക് ഏറ്റവും അർച്ച്യനാണ് കൃഷ്ണൻ. നീയാണല്ലോ വഴികാണിക്കുന്നവൻ? ധർമ്മവാനെപ്പോലെ ഭാവിക്കുന്ന അധർമ്മിയാണ് നീ. സന്മാർഗ്ഗം വിട്ടുനില്ക്കുന്നവനാണ്. എങ്കിലും ധർമ്മാർഹനാണ് താനെന്നു ഭാവിക്കുന്നു. ആരാണു ജ്ഞാനി?

ധർമ്മംനോക്കി നീ ചെയ്ത കർമ്മം പ്രസിദ്ധമാണ്. നീ ധർമ്മജ്ഞനാണെങ്കിൽ, നിന്റെ പ്രജ്ഞ ധർമ്മാധിഷ്ഠിതമാണെങ്കിൽ, ഇങ്ങനെ ചെയ്യുകയില്ലായിരുന്നു. നീ പ്രജ്ഞാമാനിയാണ്, സംശയമില്ല. അല്ലെങ്കിൽ നീ മറ്റൊരാളെ പ്രേമിക്കുന്ന ധർമ്മശീലയായ അംബയെ എന്തിനു ഹരിച്ചുകൊണ്ടുപോന്നു? നീ അവളെ ഹരിച്ച നിലയ്ക്ക് എന്തേ അവളെ കൈക്കൊള്ളാഞ്ഞത്? വിചിത്രവീര്യൻ, നിന്റെ അനുജൻ, ധർമ്മംതെറ്റാതെ നടക്കുന്നവനാണ്. അതുകൊണ്ട്, നീ കൊണ്ടുവന്നിട്ടും അവളെ സ്വതന്ത്രയാക്കി; ഭാര്യയാക്കിയില്ല. അവന്റെ ഭാര്യമാരിൽ പ്രാജ്ഞനായ നീ കണ്ടുനില്ക്കെത്തന്നെ, അന്യൻ മക്കളെയുണ്ടാക്കിയില്ലേ? ഇതൊക്കെ സജ്ജനങ്ങൾ സമ്മതിച്ചുകൊടുക്കുമോ? എടോ ഭീഷ്മാ! നീ ധർമ്മത്തെ പുകഴ്ത്തുന്നുവല്ലോ! എന്തു ധർമ്മമാണ് നിനക്കുള്ളത്? നിനക്ക് ബ്രഹ്മചര്യംകൊണ്ട് എന്തുഫലം? മൗഢ്യംകൊണ്ടല്ലേ നീ ബ്രഹ്മചര്യം സ്വീകരിച്ചത്? അല്ലെങ്കിൽ നീ ആണുംപെണ്ണുംകെട്ടവനായിരിക്കണം! നപുംസകത്തിന്ന് പെണ്ണിനെക്കൊണ്ടു കാര്യമില്ലല്ലോ! എന്നിട്ടും അഭിമാനിക്കുന്ന ധർമ്മജ്ഞനാണ് താനെന്ന്! എടോ ധർമ്മജ്ഞാ! നിനക്ക് ഒരു ശ്രേയസ്സും ഞാൻ കാണുന്നില്ല. വൃദ്ധസേവ നീ ചെയ്തിട്ടില്ല; അപ്രകാരമല്ലേ നീ ധർമ്മപ്രസംഗം നടത്തിയത്? ഇഷ്ടി, അദ്ധ്യയനം, ദാനം, ദക്ഷിണാഢ്യമായ മഖങ്ങൾ ഇവയെല്ലാം സന്താനത്തിന്റെ പതിനാറിലൊരംശമാവുകയില്ല എന്ന് വിവരമുള്ളവർ പറയുന്നു. നാനാവ്രതോപവാസങ്ങൾകൊണ്ട് ഹേ, ഭീഷ്മാ! ലഭിക്കുന്ന പുണ്യമൊക്കെ അനപത്യന്നു നിഷ്ഫലമാണ്; തീർച്ച. സന്താനമില്ലാത്ത പടുവൃദ്ധനാണ് നീ. നീ നിഷ്ഫലമായ ധർമ്മം പ്രവർത്തിച്ചുകൊണ്ടു കഴിയുന്നു. പണ്ട് ഒരു ഹംസം ജ്ഞാതികളാൽ വധിക്കപ്പെട്ടമാതിരി നീയും അവസാനിക്കും. പണ്ടുള്ള ജ്ഞാനികൾ ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ട്. അത് ഞാൻ പറയാം; കേട്ടുകൊള്ളുക.

പണ്ട് വൃദ്ധനായ ഒരു ഹംസം സമുദ്രതീരത്തു പാർത്തിരുന്നു. ആ ശഠൻ ധർമ്മം പ്രയോഗിച്ച് പക്ഷികളെ ശാസിച്ചുപോന്നു. എപ്പോഴും അവൻ പറയും, ധർമ്മം അനുഷ്ഠിക്കുവിൻ, ധർമ്മത്തിൽ അനുഷ്ഠിക്കുവിൻ! അധർമ്മം ചെയ്യരുത്! സത്യവാദികളായ പക്ഷികൾ ഭീഷ്മാ, ആ മുതുക്കൻപക്ഷിയുടെ വാക്കുകേട്ട് അവന്ന് ആവശ്യമുള്ള തീറ്റി സമുദ്രസഞ്ചാരംചെയ്തു മടങ്ങുമ്പോൾ കൊണ്ടുവന്നു കൊടുക്കുക പതിവായി. പോകുമ്പോൾ മുട്ടകളെല്ലാം അവർ ആ മുതുക്കൻ പക്ഷിയെ ഏല്പിച്ചുപോകും. പിന്നീട് സമുദ്രജലത്തിൽ അവർ പോയി മുങ്ങും. അവർ പോയിക്കഴിഞ്ഞാൽ അവരുടെ മുട്ടയൊക്കെ ആ മുതുക്കൻപക്ഷി തിന്നും. മറ്റുള്ളവർ അവനെ സംശയിക്കാതിരിക്കെ അവരുടെ മുട്ടയൊക്കെ ഒടുങ്ങുവാൻ തുടങ്ങി. ഇതു കണ്ടപ്പോൾ അവരുടെ കൂട്ടത്തിൽ ഒരു പക്ഷി അവനെ സംശയിച്ചു. ഒരു ദിവസം ആ പക്ഷി പതിയിരുന്ന് ആ മുതുക്കൻ മുട്ട കൊത്തിക്കുടിക്കുന്നത് പ്രത്യക്ഷമായി കണ്ടു. ഹംസം ചെയ്ത പാപകർമ്മം കണ്ട് മറ്റു പക്ഷികളോട് അവൻ സങ്കടപ്പെട്ടു വിവരം പറഞ്ഞു. സത്യം പ്രത്യക്ഷമായി കണ്ടറിഞ്ഞ് പക്ഷികൾ ഒത്തുകൂടി ആ ധർമ്മപ്രാസംഗികനായ മുതുക്കൻപക്ഷിയെ കൊത്തിക്കൊന്നു.

അതുപോലെ, ആ വൃദ്ധഹംസത്തെപ്പോലെ ഇരിക്കുന്നു നിന്റെ കഥയും. നിന്നെ രാജാക്കന്മാരെല്ലാംകൂടി കോപിച്ചു കൊന്നു കൊള്ളാം. പഴമക്കാർ ഇതിനെപ്പറ്റി ഒരു നാടോടിപ്പാട്ടു പാടാറുണ്ട്. അതും ഞാൻ ചൊല്ലാം; ഭീഷ്മാ, കേൾക്കുക:

'കപടം മനസ്സിങ്കൽവെച്ചു നീ ധർമ്മത്തിന്റെ
മധുരാലാപം പാടി ലോകത്തെയാകർഷിച്ചു!
മുട്ടകൾ ഗൂഢം കൊത്തിക്കുടിക്കും ഖഗമേ, നിൻ
ദുഷ്ടമാം പണിയെങ്ങു? എങ്ങു നിൻ മഹത്ഗാനം?'

42. ഭീമക്രോധം – ശിശുപാലൻ പറഞ്ഞു: "എനിക്ക് ശക്തനായ ജരാസന്ധനിൽ വളരെ ബഹുമാനമുണ്ട്. ദാസനാണ് കൃഷ്ണനെന്ന ചിന്തയാൽ അവനോടു പോരിന്ന് ആ രാജാവ് ഇച്ഛിച്ചില്ല. ജരാസന്ധനെ കൊല്ലുവാൻ കേശവനെടുത്ത വിദ്യയും ഭീമാർജ്ജുനന്മാരുടെ ക്രിയകളും നന്നായി എന്ന് ആരു പറയും? ശരിക്കുള്ള വഴിക്കല്ലാതെ സൂത്രത്തിൽ അകത്തു കടന്നുചെന്ന് കൃഷ്ണൻ കള്ളബ്രാഹ്മണവേഷത്തിൽ ജരാസന്ധപ്രഭാവങ്ങളെല്ലാം കണ്ടു. പിന്നീട് ആ രാജാവ് പാദ്യം നല്കിയപ്പോഴാണ് ഈ ദുരാത്മാവ് താൻ ബ്രാഹ്മണനല്ലെന്ന്, ധർമ്മത്തിന്റെപേരിൽ വെളിവാക്കിയത്! കൃഷ്ണഭീമാർജ്ജുനന്മാരോട് ആ ജരാസന്ധരാജാവ് ഉണ്ടുകൊള്ളുവാൻ പറഞ്ഞിട്ടും ഊണിന്നു സമ്മതിക്കാഞ്ഞത് ഈ കൃഷ്ണനാണ്.

ഹേ, മൂർഖാ! നീ വിചാരിക്കുന്നപോലെ ഇവൻ ജഗത്കർത്താവാണെങ്കിൽ താൻ ബ്രാഹ്മണൻതന്നെയാണെന്ന് എന്തുകൊണ്ടു ചിന്തിച്ചില്ല? ഇതാണ് എനിക്കാശ്ചര്യം! ഈ പാണ്ഡവന്മാരേയും ഭവാൻ സന്മാർഗ്ഗത്തിൽനിന്നും മാറ്റി. അതു നല്ലതാണെന്ന് അവർ വിചാരിക്കുന്നു. അല്ലെങ്കിൽ അത് ഒരാശ്ചര്യമല്ല. പെണ്ണുങ്ങളെപ്പോലെയുള്ള (ആണത്തമില്ലാത്ത) പടുവൃദ്ധനാണല്ലോ അവർക്കു വഴികാട്ടി!"

വൈശമ്പായനൻ പറഞ്ഞു: "രൂക്ഷവും, രൂക്ഷാക്ഷരവുമായി അവൻ അധികപ്രസംഗം പറഞ്ഞതു കേട്ടപ്പോൾ, ശക്തരിൽ ശ്രേഷ്ഠനായ ഭീമൻ കോപംകൊണ്ടു വിറച്ചു. സ്വതവേ നീണ്ടു വിടർന്ന താമരപ്പൂപോലെയുള്ള കണ്ണുകൾ വീണ്ടും ക്രോധ

* ഈ ചെറുപക്ഷി 'സാഹസമരുത്' എന്ന് എപ്പോഴും ചിലയ്ക്കുന്നു. എന്നാൽ അതു ചെയ്യുന്ന സാഹസം വിചിത്രമാണ്. അത് സിംഹത്തിന്റെ ദംഷ്ടത്തിൽ പറ്റിയിരിക്കുന്ന മാംസശകലം അപഹരിക്കുവാൻ ശ്രമിക്കുന്നു. സാഹസം പാടില്ലെന്നു പറയുകയും യുദ്ധത്തിന്നു പ്രേരിപ്പിക്കുകയും ചെയ്യുകയാണ് ഭീഷ്മനെന്ന് അർത്ഥം.

digitized by www.sreyas.in

ത്താൽ കലങ്ങിച്ചുവന്നു. ത്രികൂടത്തിൽ ത്രിപഥഗയായ ഗംഗയെ പ്പോലെ അവന്റെ നെറ്റിയിന്മേൽ ത്രിശിഖയോടുകൂടിയ ഭ്രുകുടി എല്ലാ പാർത്ഥിവന്മാരും കണ്ടു. ക്രോധിച്ചു പല്ലുകടിക്കുന്നവിധം അവന്റെ മുഖം കാണപ്പെട്ടു. പ്രളയത്തിൽ ലോകത്തെ വിഴുങ്ങുവാൻ തയ്യാറായിനില്ക്കുന്ന കാലന്റെ മാതിരിയിൽ ചൊടിച്ച് ഊക്കിൽ ചാടുമ്പോൾ ഭീമസേനനെ ശക്തനായ ഭീഷ്മർ, മഹേശ്വരൻ സുബ്രഹ്മണ്യനെയെന്നവിധം, പിടിച്ചുനിർത്തി. ഗുരുവായ ഭീഷ്മർ ഭീമന്റെ കോപത്തെ വേണ്ടമാതിരി പറഞ്ഞ് ശമിപ്പിച്ചു. ഭീഷ്മന്റെ വാക്ക് ഭീമൻ അതിലംഘിച്ചില്ല. വർഷാന്തത്തിൽ കോളിളകുന്ന കടലിനെ കരയെന്നവിധം തടഞ്ഞുനിർത്തി. പൗരുഷത്തിൽ ഉറച്ച മഹാവീരനായ ശിശുപാലൻ, ഭീമസേനൻ ചുണച്ചു ചാടിയപ്പോൾ കുലുങ്ങിയില്ല. ഊക്കോടെ വീണ്ടും ക്രുദ്ധസിംഹത്തെപ്പോലെ ചാടുന്ന അവനെ അരിന്ദമനായ ശിശുപാലൻ ഒട്ടും ചിന്തിച്ചതേയില്ല. പ്രതാപവാനായ ചേദിരാജാവ് ഒരു പൊട്ടിച്ചിരിയോടെ പറഞ്ഞു."

ശിശുപാലൻ പറഞ്ഞു: "ഇവനെ വിടെടോ ഭീഷ്മാ! രാജാക്കന്മാരൊക്കെ കാണട്ടെ എന്റെ പ്രഭാവാഗ്നിയിൽ അവൻ പാറ്റ പോലെ എരിയുന്നത്!"

വൈശമ്പായനൻ പറഞ്ഞു: "ചേദിപതിയായ ശിശുപാലൻ ഇങ്ങനെ പറഞ്ഞതു കേട്ട് ബുദ്ധിമാനും, കുരുസത്തമനുമായ ഭീഷ്മൻ ഭീമസേനനോടിങ്ങനെ പറഞ്ഞു."

43. ശിശുപാലവൃത്താന്തകഥനം – ഭീഷ്മൻ പറഞ്ഞു: "ചേദിരാജാവിന്റെ കുലത്തിൽ ജനിച്ച ഇവൻ മൂന്നു കണ്ണും നാലു കൈയുമായാണ് പിറന്നത്. അവൻ പിറന്ന ഉടനെ കഴുത കരയുന്ന ശബ്ദത്തിൽ ഉച്ചത്തിൽ ഒന്ന് അലറി. ശിശുവിന്റെ വികൃതമായ കരച്ചിലും, വികൃതമായ അംഗങ്ങളും കണ്ട്, ഇവനെ വല്ല ദിക്കിലും കൊണ്ടുപോയി ഉപേക്ഷിക്കുവാൻ അച്ഛനമ്മമാർ തീരുമാനിച്ചു; ബന്ധുക്കൾ സമ്മതിച്ചു. അമാത്യന്മാരോടും, ആചാര്യന്മാരോടും, അവരുടെയൊക്കെ ഭാര്യമാരോടുംകൂടി, കുട്ടിയെക്കണ്ടും ദുഃഖിച്ച് ഇരിക്കുമ്പോൾ രാജാവിനോട് ഇപ്രകാരം ഒരു അശരീരിവാക്കുണ്ടായി: "ഹേ മഹാരാജാവേ, നിന്റെ പുത്രനായ ഇവൻ ശ്രീമാനും മഹാശക്തനുമാകും; ഭയപ്പെടേണ്ടതില്ല. കുട്ടിയെ നന്നായി സംരക്ഷിക്കുക. ഇവൻ ഇപ്പോൾ മരിക്കുകയില്ല. അതിന്നു കാലമായിട്ടില്ല. ശസ്ത്രംകൊണ്ട് ഇവനെ കൊല്ലുവാൻ ഒരുത്തൻ ജനിച്ചിട്ടുണ്ട്."

ഇപ്രകാരം അശരീരിവാക്കു കേട്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. ഈ വാക്കുകൾ പറഞ്ഞ് മറഞ്ഞുനില്ക്കുന്ന ഭൂതത്തോട് അമ്മ പുത്രസ്നേഹംമൂലമുള്ള ദുഃഖത്തോടെ ചോദിച്ചു."

അമ്മ പറഞ്ഞു: "എന്റെ ഈ പുത്രനെപ്പറ്റി ആരാണ് ഇപ്രകാരം പറഞ്ഞത്? അവനെ ഞാൻ നമസ്കരിക്കുന്നു! അവൻ എന്നോട് ഒന്നുകൂടി പറയട്ടെ. എന്റെ പുത്രനെ ദേവനോ മനുഷ്യനോ ആരാണു കൊല്ലുക? വാസ്തവം പറയണേ!"

ഭീഷ്മൻ പറഞ്ഞു: "മറഞ്ഞുനില്ക്കുന്ന ആ ഭൂതം പിന്നെയും പറഞ്ഞു."

ഭൂതം പറഞ്ഞു: "ഇവനെ എടുത്ത് ആര് മടിയിൽവെക്കുമ്പോൾ ഇവന്റെ കൂടുതലായുള്ള രണ്ടു കൈകളും അഞ്ചു പടമുള്ള പാമ്പുകൾപോലെ വീണുപോകുമോ, നെറ്റിയിൽക്കാണുന്ന ഈ മൂന്നാമത്തെ കണ്ണ് ആരെക്കാണുമ്പോൾ മാഞ്ഞുപോകുമോ, അവനാണ് ഇവന്റെ അന്തകൻ."

ഭീഷ്മൻ പറഞ്ഞു: "മൂന്നു കണ്ണും നാലു കൈയുമായി രാജാവിന്ന് ഒരു പുത്രൻ ജനിച്ച വർത്തമാനം നാട്ടിലൊക്കെപ്പരന്നു. അനവധി രാജാക്കന്മാർ കുട്ടിയെ വന്നു കാണുവാൻതുടങ്ങി. മന്നിലുള്ള മന്നവന്മാരൊക്കെ വന്ന് ഈ അത്ഭുതശിശുവിനെ കണ്ടു. കുട്ടിയെ കാണുവാൻ വന്നെത്തുന്നവരെ വേണ്ടവിധം സല്ക്കരിച്ചതിന്നുശേഷം രാജാവ് ഓരോ രാജാവിന്റെ മടിയിലും കുട്ടിയെ വെക്കുകയുണ്ടായി. ഇങ്ങനെ പലവട്ടം വെച്ചുനോക്കി. എന്നാൽ പറഞ്ഞമാതിരി ഒരു അനുഭവവും ഉണ്ടായില്ല. ഈ അത്ഭുതവർത്തമാനം ദ്വാരകയിലും എത്തി. ഉടനെ മഹാബലവാന്മാരായ രാമനും വാസുദേവനും ചേദിരാജാവിന്റെ പുരത്തിലേക്കു പുറപ്പെട്ടു. ആ യാദവോത്തമന്മാർ അച്ഛൻപെങ്ങളായ രാജ്ഞിയെ അഭിവാദ്യംചെയ്തു. വേണ്ടവിധം രാജാവിനേയും അഭിവാദ്യംചെയ്തു, രാമകൃഷ്ണന്മാർ അനാമയം ചൊല്ലി, ആസനസ്ഥരായി. അവൾ ആ യാദവവീരന്മാരെ സസന്തോഷം അർച്ചിച്ചു. അനന്തരം കൃഷ്ണന്റെ മടിയിൽ പുത്രനെ വെച്ചു. മടിയിൽ വെച്ചമാത്രയിൽ അധികമായുള്ള രണ്ടു കൈകളും കൊഴിഞ്ഞു വീണു. നെറ്റിയിലെ കണ്ണും അപ്രകാരംതന്നെ മാഞ്ഞുപോയി. അതു കണ്ട് അവൾ ഭയത്തോടെ കൃഷ്ണനോടു വരം യാചിച്ചു."

രാജ്ഞി പറഞ്ഞു: "കൃഷ്ണാ!, എനിക്കു ഒരു വരം തരണേ! ഞാൻ ഭയപ്പെടുന്നു. നീ ആർത്തന്മാർക്ക് ആശ്വാസംനല്കുന്നവനാണല്ലോ? ഭീതന്മാർക്ക് അഭയപ്രദനാണല്ലോ?"

ഭീഷ്മൻ പറഞ്ഞു: "ഇപ്രകാരം അവളുടെ വാക്കു കേട്ട് യദുനന്ദനനായ കൃഷ്ണൻ പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ദേവീ, ഭയപ്പെടേണ്ട. ധർമ്മജ്ഞേ, എന്നിൽനിന്നും ഭയംവേണ്ട. അമ്മായീ, എന്തു വരമാണ് ഭവതിക്ക് വേണ്ടത്? ഭവതി പറയുന്നതു ഞാൻ ചെയ്യാം. അശക്യമായാലും ചെയ്യാം പറയൂ!"

ഭീഷ്മൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണൻ പറഞ്ഞപ്പോൾ അവൾ പറഞ്ഞു."

രാജ്ഞി പറഞ്ഞു: "ശിശുപാലന്റെ കുറ്റങ്ങൾ ഭവാൻ പൊറുക്കണം. എന്നെയോർത്തു പൊറുക്കണം! അതാണ് എനിക്കു തരേണ്ട വരം. മറ്റൊന്നുമല്ല."

കൃഷ്ണൻ പറഞ്ഞു: "അച്ഛൻപെങ്ങളെ! ഞാൻ നൂറു തെറ്റു പൊറുത്തുകൊള്ളാം. ഭവതിയുടെ പുത്രൻ വദ്ധ്യനാണെങ്കിലും നൂറു തെറ്റ് അവനിൽ ഞാൻ പൊറുക്കാം. നീ വ്യസനിക്കേണ്ട."

ഭീഷ്മൻ പറഞ്ഞു: "ഇതാണ് മന്ദബുദ്ധിയായ ഈ രാജാവ് നിന്നെ പോരിന്ന് വിളിക്കുന്നത്. ഭീമാ! അവൻ ഗോവിന്ദന്റെ വരത്താൽ അഹങ്കാരിയായിരിക്കുകയാണ്."

44. ഭീഷ്മവാക്യം – ഭീഷ്മൻ പറഞ്ഞു: "കൃഷ്ണനോട് എതിർക്കുവാൻ ശിശുപാലനുണ്ടായ ഈ ആഗ്രഹം സ്വന്തമായി ഉണ്ടായതല്ല. ഇത് ജഗന്നാഥനായ ഭഗവാന്റെ നിശ്ചയപ്രകാരം ഉണ്ടായതാണ്. അതിനു സംശയമില്ല. എന്നെ ഈ ലോകത്തിൽ അധിക്ഷേപിക്കുവാൻ മരണമടുത്ത ദുഷ്ടചൈദ്യനല്ലാതെ മറ്റ് ഏതു രാജാവിന്നു തോന്നും? ഇവന്റെ കൈയിലുള്ള തേജസ്സ് ഹരിയുടെ തേജോംശമാണ്. അതിൽ തർക്കമില്ല. അത് അവനിൽനിന്നു വീണ്ടെടുക്കുവാൻ കൃഷ്ണൻ ഇച്ഛിക്കുകയാണ്. അതുകൊണ്ടാണ് ഭീമാ, ആ ദുർമ്മതി ശാർദ്ദൂലംപോലെ നമ്മെ നിസ്സാരരെന്നു വിചാരിച്ചു ഗർജ്ജിക്കുന്നത്."

വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മന്റെ വാക്കുകേട്ടപ്പോൾ ശിശുപാലനു പൊറുക്കുവാൻ കഴിഞ്ഞില്ല. സംക്രുദ്ധനായി ഭീഷ്മനോട് ഉടനെ ഉത്തരം പറഞ്ഞു."

ശിശുപാലൻ പറഞ്ഞു: "ദ്വേഷിക്കുന്ന നമ്മുടെ ബലം കൃഷ്ണന്റെ ശക്തിയോ? കൊള്ളാം! ലജ്ജയില്ലാതെ വാഴ്ത്താൻ തന്നെ ഒരുങ്ങിനില്ക്കുകയാണ് നീ. പരന്മാരെ സ്തുതിക്കാനാഗ്രഹിച്ചു നില്ക്കുകയാണെങ്കിൽ ഇവിടെത്തന്നെ അവനേക്കാൾ മെച്ചപ്പെട്ട രാജാക്കന്മാരുണ്ടല്ലോ! ജനാർദ്ദനനെ വിട്ട് അവരെ സ്തുതിച്ചുകൂടേ? ബാൽഹീക രാജാവിനെ കാണുന്നില്ലേ? അദ്ദേഹം ജനിച്ചസമയം ഭൂമി പിളർന്നുപോലും! അദ്ദേഹത്തെ സ്തുതിച്ചുകൂടേ? അല്ലെങ്കിൽ വംഗവും അംഗവും ഭരിക്കുന്നവനും, ഇന്ദ്രതുല്യപരാക്രമിയുമായ കർണ്ണനെ നോക്കൂ! അദ്ദേഹം ജനിക്കുമ്പോൾത്തന്നെ ദിവ്യകുണ്ഡലയുഗ്മവും, പ്രശോഭിക്കുന്ന കവചവുമായി സൂര്യതുല്യം വിളങ്ങി. ശക്രനൊക്കുന്നു ആ വില്ലാളിവീരൻ ദുർജ്ജയനായ ജരാസന്ധനെ, മഗധരാജാവിനെ, ബാഹുയുദ്ധത്താൽ കീഴടക്കി ദേഹത്തിന്റെ ഘടന ഭേദി

digitized by www.sreyas.in

ക്കുമോ എന്ന് ജരാസന്ധൻ ഭയപ്പെട്ടുപോയി * അത്ര മഹാപരാക്രമിയായ കർണ്ണനെ ഹേ, ഭീഷ്മാ! ഭവാൻ വാഴ്ത്തുക! മഹാരഥന്മാരായ ദ്രോണദ്രൗണിമാർ ഉണ്ടല്ലോ. ആ അച്ഛനേയും മകനേയും അങ്ങയ്ക്കു വാഴ്ത്തിക്കൂടേ? അവർ മഹാന്മാരായ ദ്വിജന്മാരുമാണ്. കെല്പുള്ള അവർ ഇടഞ്ഞാൽ ചരാചരങ്ങൾ ചേർന്ന ഈ പ്രപഞ്ചംപോലും മുടിഞ്ഞുപോകും എന്നാണ് എന്റെ അഭിപ്രായം. അവരെ വാഴ്ത്തൂ ഭീഷ്മാ! ദ്രോണർക്കു തുല്യനായി ആരുണ്ട്? അതുപോലെ ദ്രൗണിക്കു തുല്യനായി ആരുണ്ട്? അവർ ഇരിക്കുമ്പോൾ അവരെയല്ലേ വാഴ്ത്തേണ്ടത്? അല്ലെങ്കിൽ ഇതാ ദുര്യോധനൻ നില്ക്കുന്നു! ആഴിചൂഴുന്ന ഈ ഊഴിവാഴുന്നവരിൽ ഒരാളെങ്കിലും അവന് തുല്യനായി ഭൂമിയിലുണ്ടോ? അവനെ വാഴ്ത്തൂ! അല്ലെങ്കിൽ അസ്ത്രജ്ഞനും വിക്രമിയുമായ ജയദ്രഥൻ ഇതാ നില്ക്കുന്നു. അല്ലെങ്കിൽ ലോകവീരനായ കിംപുരുഷാചാര്യൻ ദ്രുമൻ നില്ക്കുന്നു. ഇവരെയൊക്കെ അതിക്രമിച്ച് കൃഷ്ണനെ വാഴ്ത്തുന്നത് ഉചിതമാണോ? വൃദ്ധനും, ഭാരതാചാര്യനുമായ കൃപൻ നില്ക്കുമ്പോൾ കേശവനെ വാഴ്ത്തുകയോ? വില്ലാളിവീരനും, പുരുഷോത്തമനുമായ രുഗ്മി നില്ക്കുന്നു! അവനേയും അതിക്രമിച്ച് എന്താണ് കൃഷ്ണനെ വാഴ്ത്തുവാൻ കാരണം? മഹാവീരനായ ഭീഷ്മകൻ, ദന്തവക്ത്രരാജാവ്, ഭഗദത്തൻ, യൂപകേതു, ജയൽസേനനെന്ന മാഗധൻ വിരാടദ്രുപദന്മാർ, ശകുനി, ബൃഹത്ബലൻ, അവന്ത്യയിലെ വിന്ദാനുവിന്ദർ, പാണ്ഡ്യൻ, ഉത്തമനായ ശ്വേതൻ, ശംഖൻ, വൃഷസേനൻ, വിക്രാന്തനായ ഏകലവ്യൻ, കലിംഗേശൻ ഈ മഹാവീരന്മാരൊക്കെ നില്ക്കുമ്പോൾ കേശവനെ വാഴ്ത്തുവാൻ നാണമില്ലല്ലോ! ശല്യാദികളായ രാജാക്കന്മാരുമുണ്ട്. വേണമെങ്കിൽ അവരെ വാഴ്ത്തിക്കൂടേ?

നിത്യവും വാഴ്ത്തുവാനാണ് ഭീഷ്മാ! ഭവാന്റെ മോഹമെങ്കിൽ ഞാൻ എന്തുചെയ്യും? നീ ജ്ഞാനികളിൽനിന്നും ധർമ്മജ്ഞാനം നേടിയിട്ടില്ല. ആത്മനിന്ദ, ആത്മസ്തുതി, പരനിന്ദ, പരസ്തുതി ഇവ നാലും സജ്ജനങ്ങൾ ആചരിക്കാത്ത വൃത്തിയാണെന്നു നിനക്കറിഞ്ഞുകൂടേ? സ്തുതിക്കാൻ അർഹതയില്ലാത്ത കേശവനെ മോഹത്താൽ ഭക്തിയോടെ സ്തുതിക്കുന്നത് ആരും സമ്മതിക്കുവാൻപോകുന്നില്ല. ഭോജന്റെ ഭൃത്യനും, പശുക്കളെ മേച്ചുനടക്കുന്ന ഇടയനുമായ ഈ ദുരാത്മാവിൽ എടോ ഭീഷ്മാ! നീ ഈ വിശ്വമൊക്കെ എന്തേ സ്ഥിതിചെയ്യുന്നു എന്നു പറയുവാൻ? സേവപറയുകയാണെങ്കിൽ അതിന്നും ഒരു ഔചിത്യം വേണ്ടേ? അല്ലെങ്കിൽ ഈ നിന്റെ ബുദ്ധി പ്രകൃതിക്ക് ഒത്തവിധം തന്നെയായി. ഞാൻ മുമ്പ് പറഞ്ഞവിധം ഭൂലിംഗപ്പക്ഷിപോലെയായി.

ഹിമാലയത്തിന്റെ അങ്ങേ പാർശ്വത്തിൽ ഭൂലിംഗം എന്നു പേരായ പക്ഷിയുണ്ട്. എപ്പോഴും അർത്ഥമില്ലാത്ത വാക്കുകൾ പറയും. 'സാഹസം പാടില്ല' എന്ന് അത് എപ്പോഴും കൂവും. അവനോ ചെയ്യുന്നത് മഹാസാഹസവും! ആലോചിക്കാതെ അവൻ ചെയ്യുന്ന സാഹസത്തെപ്പറ്റി അലൻ അറുയുന്നില്ല, തിന്നുന്ന സിംഹത്തിന്റെ വായിൽനിന്ന് ആ പക്ഷി മാംസശകലം കൊത്തിത്തിന്നും. സിംഹത്തിന്റെ പല്ലിന്റെ ഇടയിൽപ്പെട്ട മാംസശകലവും അവൻ കൊത്തിയെടുത്തു തിന്നും. സിംഹത്തിന്റെ കൃപകൊണ്ടാണ് ആ പക്ഷി ജീവിക്കുന്നത് എന്നുള്ളതിൽ വല്ല സംശയവുമുണ്ടോ? അതിനെപ്പോലെ, അധാർമ്മികനായ ഭീഷ്മ, നീ ചിലയ്ക്കുന്നു! ഈ രാജാക്കന്മാരുടെ കരുണകൊണ്ട് ഇപ്പോൾ നീ ജീവനോടെ ഇരിക്കുകയാണ്! ലോകവിദ്വേഷകർമ്മാവായി നിന്നെപ്പോലെ ഇന്നു ലോകത്തിൽ ആരുണ്ട്?"

വൈശമ്പായനൻ പറഞ്ഞു: "കടുത്ത വാക്കുകൾ ഇപ്രകാരം ചേദിരാജാവായ ശിശുപാലൻ ചൊരിഞ്ഞതു കേട്ട് ഭീഷ്മൻ ഇപ്രകാരം പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "രാജാക്കന്മാർ വേണ്ടെന്നുവെച്ചതുകൊണ്ടാണുപോലും ഞാൻ മരിക്കാതെ ജീവിച്ചിരിക്കുന്നത്? അമ്പോ! കൊള്ളാം! ഈ നൃപന്മാരെയൊക്കെ ഞാൻ തൃണത്തിനുപോലും കണക്കാക്കുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ പറഞ്ഞപ്പോൾ രാജാക്കന്മാർ ഒന്നിളകി. ചിലർ ഭേഷ്! ഭേഷ്! എന്നു ഭീഷ്മനെ അഭിനന്ദിച്ചു. ചിലർ ഭീഷ്മനെ അധിക്ഷേപിച്ചു. മറ്റു ചില വില്ലാളിവീരന്മാർ ഭീഷ്മന്റെ വാക്യം കേട്ടു പറഞ്ഞു."

ചില രാജാക്കന്മാർ പറഞ്ഞു: "ഈ നരച്ച കിഴവൻ നമ്മുടെ ക്ഷമയ്ക്ക് അർഹനല്ല. ഇവനെയിനി വെച്ചിരുന്നുകൂടാ. രാജാക്കളേ, ഈ മുതുക്കനെ മൃഗങ്ങളെ കൊല്ലുന്നമട്ടിൽ കൊന്നുകളയണം. അല്ലെങ്കിൽ എല്ലാവരുംകൂടി ഇവനെപ്പിടിച്ചു തീയിലിട്ടു ചുടൂ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവർ പറയുന്നതു കേട്ട് ആ കുരുപിതാമഹൻ ആ രാജാക്കന്മാരോടു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "പറഞ്ഞതിന്നപ്പുറം പറയുന്ന കാര്യത്തിൽ ഒരന്തവുമില്ല. ഞാൻ ഈ പറയുന്നത് ഹേ! നരേന്ദ്രന്മാരേ, നിങ്ങൾ കേൾക്കുവിൻ! മൃഗത്തെപ്പോലെ കൊല്ലുകയോ തീയിൽ ചുട്ടെരിക്കുകയോ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുവിൻ. ഞാൻ ഇതാ നിങ്ങളുടെ തലയ്ക്കു കാലുവയ്ക്കുന്നു. ഇതാ ഗോവിന്ദൻ നില്ക്കുന്നു. അദ്ദേഹത്തെയാണ് ഞങ്ങൾ അർച്ചിച്ചത്. നിങ്ങളിൽ ചാകുവാനാഗ്രഹമുള്ളവർ വല്ലവരുമുണ്ടെങ്കിൽ അവർ വേഗത്തിൽ ഗദാചക്രധരനായ കൃഷ്ണനെ പോരിനു വിളിക്കുവിൻ! എന്നാൽ മരണാനന്തരം ഈ ദേവന്റെ ദേഹത്തിൽ നിങ്ങൾ പ്രാപിക്കും!"

45. ശിശുപാലവധം – വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മൻ പറഞ്ഞതു കേട്ടപ്പോൾ മഹാവിക്രമനായ ചേദിരാജാവ് കൃഷ്ണനുമായി പൊരുതുവാൻ സന്നദ്ധനായി, കൃഷ്ണനോടു പറഞ്ഞു."

ശിശുപാലൻ പറഞ്ഞു: "ഹേ, ജനാർദ്ദനാ! ഞാൻ നിന്നെ പോരിന്നുവിളിക്കുന്നു! നീ എന്നോടു പോരിന്നു വന്ന് ഏല്ക്കുക. അങ്ങനെയായാൽ പാണ്ഡവന്മാരോടുകൂടിയ നിന്റെ കഥയിപ്പോൾ ഞാൻ കഴിച്ചേക്കാം. നിന്നോടൊപ്പംതന്നെ വദ്ധ്യന്മാരാണ് എനിക്ക് എല്ലാ പാണ്ഡവന്മാരും. രാജാവല്ലാത്തവനും, ദാസനും, ദുഷ്ടനുമായ നിന്നെ, രാജാക്കളെ അവഗണിച്ച്. പൂജിച്ചവരാണല്ലോ പാണ്ഡവന്മാർ. അവരുടെ കഥയും ഇതോടൊപ്പംതന്നെ കഴിച്ചേക്കാം. അനർഹന്മാരെ പൂജിക്കുന്നവരേയും വെച്ചേക്കില്ലെന്നാണ് എന്റെ നിശ്ചയം."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞു ആ രാജശാർദ്ദൂലൻ ഗർജ്ജിച്ച് അമർഷത്തോടെ നിന്നു. ഇപ്രകാരം ശിശുപാലൻ പറഞ്ഞപ്പോൾ വീര്യവാനായ ജനാർദ്ദനൻ മൃദുവായ ഭാഷയിൽ എല്ലാ രാജാക്കന്മാരും കേൾക്കുമാറു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "രാജാക്കന്മാരേ, സാത്വതീസുതനായ ഇവൻ സാത്വതന്മാരായ ഞങ്ങൾക്ക് ഏറ്റവും വലിയ വൈരിയാണ്. എപ്പോഴും അവനു ഹിതകാരികളായ സാത്വതരിൽ, വളരെ ദ്രോഹം ചെയ്ത ഘാതകനാണ് ഇവൻ. ഞങ്ങൾ പ്രാക്ജ്യോതിഷപുരത്തിൽ പോയ തക്കംനോക്കി ഈ ദുഷ്ടൻ സഹോദരീപുത്രനായിരുന്നിട്ടുകൂടി ദ്വാരകയ്ക്കു തീവെച്ചു. മുമ്പു ഭോജരാജാവ് രൈവതകത്തിൽ ക്രീഡിക്കുന്ന തക്കംനോക്കി കൂട്ടരെക്കൊന്ന്, ചിലരെ ബന്ധിച്ച് തന്റെ പുരത്തിലേക്കു പോന്നു. എന്റെ അച്ഛൻ അശ്വമേധത്തിന്നായി കാവലോടുകൂടി വിട്ട അശ്വത്തെ പാപിയായ ഇവൻ കട്ടുകൊണ്ടു പോയി. ഇവൻ അങ്ങനെ എന്റെ അച്ഛന്റെ യജ്ഞം മുടക്കുവാൻ യത്നിച്ചു. സൗവീരത്തിൽ പോകുകയായിരുന്ന ബഭ്രുവിന്റെ തപസ്വിനിയായ ഭാര്യയെ, അവൾക്ക് ഇഷ്ടമില്ലെന്നറിഞ്ഞിട്ടുകൂടി, ഇവൻ വഴിക്കുവച്ച് കാമമോഹിതനായി ബലമായി അപഹരിച്ചു കൊണ്ടുപോയി. മായാവിയും, മാതുലദ്രോഹിയുമായ ഇവൻ വൈശാലരാജകുമാരിയായ 'ഭദ്ര' യെ, അവൾ കാരൂഷരാജാവിന്നുവേണ്ടി തപസ്സുചെയ്തുകൊണ്ടിരിക്കെ, കാരൂഷന്റെ മായാവേഷം ധരിച്ചുവന്നു തട്ടിക്കൊണ്ടുപോയി. അച്ഛൻപെങ്ങൾക്കുവേണ്ടി ഞാൻ ഈ ക്ലേശ

* കർണ്ണൻ തന്റെ പരാക്രമത്താൽ ജരാസന്ധനെ തോല്പിക്കുന്ന കഥ ശാന്തിപർവ്വത്തിൽ വിവരിക്കുന്നുണ്ട്.

digitized by www.sreyas.in

മൊക്കെ പൊറുത്തു. ഭാഗ്യത്താൽ ഇപ്പോൾ ഈ രാജസദസ്സിൽ വെച്ചുതന്നെയായി അവന്റെ ധിക്കാരം. അവൻ കാണിച്ച അക്രമം നിങ്ങളും കണ്ടുവല്ലോ. മുമ്പേ നിങ്ങൾ കാണാത്തതൊക്കെ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുക ഇവന്റെ ഈ അക്രമങ്ങൾ എനിക്കു പൊറുക്കുവാൻ ഇനി സാദ്ധ്യമല്ല. രാജമദ്ധ്യത്തിൽ വെച്ചു വദ്ധ്യനായ ഈ ഗർവ്വിഷ്ഠൻ എന്നോടു യുദ്ധത്തിന് ഏല്ക്കുകയാണ്. വേഗം ചാകാൻ ആഗ്രഹിക്കുന്ന മൂഢനായ ഇവന്ന് രുക്മിണിയിൽ വലിയ ആശയുണ്ടായിരുന്നു. ശൂദ്രന്ന് വേദശ്രുതി എന്നപോലെ അവന്ന് അവളെ കിട്ടിയതുമില്ല.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം വാസുദേവൻ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ രാജാക്കളെല്ലാം ചേദിരാജാവിനെ നിന്ദിച്ചു. എന്നാൽ പ്രതാപവാനായ ശിശുപാലൻ ഉച്ചത്തിൽ ചിരിച്ചുകൊണ്ട് ഇപ്രകാരം പറയുവാൻതുടങ്ങി.''

ശിശുപാലൻ പറഞ്ഞു: ''ഹേ, കൃഷ്ണാ, നിനക്കു നാണമില്ലേ, വിശേഷിച്ചും ഈ രാജാക്കന്മാരുടെ മുമ്പിൽവെച്ച്, നിന്റെ ഭാര്യയെ മറ്റൊരുവൻ ആഗ്രഹിച്ചുവെന്നു പറയുവാൻ? ഇത്തരം കാര്യങ്ങൾ രാജസദസ്സിൽ പറയുവാൻ നിനക്കു നാണമില്ലല്ലോ! മുമ്പ് അന്യനുദ്ദേശിക്കപ്പെട്ട ഒരു സ്ത്രീയെ സ്വന്തമാക്കിയ കാര്യം സദസ്സിൽവെച്ചു നീയല്ലാതെ ഏതു പുരുഷനാണ് മധുസൂദനാ! പുകഴ്ത്തിപ്പറയുക? നീ ആദരവേടെ പൊറുത്താലും കൊള്ളാം, പൊറുത്തില്ലെങ്കിലും കൊള്ളാം, എനിക്ക് രണ്ടും ശരിയാണ്. കൃഷ്ണന്റെ കോപംകൊണ്ട് എനിക്ക് ഒരു ചുക്കും വരാനില്ല! നിന്റെ പ്രസാദംകൊണ്ട് എനിക്കൊന്നും വേണ്ടതാനും.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം അവൻ പറഞ്ഞ സമയത്ത് ഭഗവാനായ മധുസൂദനൻ ദൈത്യനാശനമായ ചക്രം മനസ്സുകൊണ്ടു ധ്യാനിച്ചു. ഉടനെ ചക്രം അവന്റെ കൈയിൽവന്നു പ്രശോഭിച്ചു. ഉടനെ കൃഷ്ണൻ ഇപ്രകാരം പറഞ്ഞു.''

കൃഷ്ണൻ പറഞ്ഞു: ''ഹേ രാജാക്കന്മാരേ, നിങ്ങൾ കേൾക്കുവിൻ! ഇന്നേവരെ ഞാൻ ഇവനോട് ക്ഷമിച്ചത് എന്തുകൊണ്ടാണെന്നു പറയാം. ഇവന്റെ അമ്മ എന്നോടു യാചിച്ചു. ഇവന്റെ നൂറു കുറ്റം പൊറുക്കണമെന്ന്. യാചിച്ചതു ഞാൻ നല്കുകയും ചെയ്തു. ഇന്നേവരെ ഞാൻ ക്ഷമിച്ചു; നൂറും തികഞ്ഞുകഴിഞ്ഞു. ഇന്നു മന്നവന്മാരായ നിങ്ങൾ കണ്ടുനില്ക്കെ ഞാൻ ഇതാ, ഇവനെ കൊല്ലുന്നു.''

വൈശമ്പായനൻ പറഞ്ഞു: ''എന്നു പറഞ്ഞ് ക്രോധത്തോടെ ശത്രുകർഷണനായ കൃഷ്ണൻ ശിശുപാലന്റെ ശിരസ്സ് ചക്രംകൊണ്ടു മുറിച്ചുവീഴ്ത്തി. വജ്രമേറ്റ മലപോലെ ആ മഹാബാഹു വീണു. ഉടനെ ചൈദ്യന്റെ അംഗത്തിൽനിന്ന് ഒരു ഉഗ്രതേജസ്സ്, സൂര്യൻ വാനിൽ ഉയർന്നുനില്ക്കുന്നവിധം, ഉയർന്നതായി രാജാക്കന്മാരെല്ലാം കണ്ടു. ആ തേജസ്സ് ലോകവന്ദ്യനായ പങ്കജാക്ഷന്റെ നേരെവന്നു നിന്ന്, കൃഷ്ണനെ വണങ്ങി, കൃഷ്ണനിൽ ച്ചെന്നു ലയിച്ചു. ഈ അത്ഭുതം കണ്ട് രാജാക്കളൊക്കെ ആശ്ചര്യപ്പെട്ടു.

ഉടനെ കാർമേഘമില്ലാതെ വർഷമുണ്ടായി. ഭൂമിയിൽ ഇടിത്തീവീണു. ചൈദ്യനെ കൃഷ്ണൻ കൊന്നപ്പോൾ ഭൂമി കുലുങ്ങി. നരേന്ദ്രന്മാർ ഒന്നും മിണ്ടിയില്ല. അവർ അടങ്ങി. വാക്കിന്റെ കാലം പോയി എന്നു ചിന്തിച്ച് കൃഷ്ണനെ നോക്കിനിന്നു. ചില രാജാക്കന്മാർ കോപം സഹിക്കാതെ കൈകൊണ്ടു കൈയമർത്തിനിന്നു. ഉല്ക്കടമായ ക്രോധമൂർച്ഛകൊണ്ട് ചിലർ ചുണ്ടുകടിച്ചു. ചില രാജാക്കന്മാർ കൃഷ്ണനെ ഗൂഢമായി പ്രശംസിച്ചു. ചിലർ സംരബ്ധരായും, ചിലർ മദ്ധ്യനിലയിലും നിന്നു. ഹൃഷ്ടരായി കൃഷ്ണനെച്ചെന്നു മഹർഷിമാർ വാഴ്ത്തി. മഹാബ്രാഹ്മണരും, മഹാശക്തരായ മഹീശന്മാരും, സന്തുഷ്ടരായി കൃഷ്ണന്റെ വിക്രമത്തെ വാഴ്ത്തി.

യുധിഷ്ഠിരൻ തന്റെ സഹോദരന്മാരോടു പറഞ്ഞു, ദമഘോഷപുത്രനായ ശിശുപാലനെ വേണ്ടവിധം നിങ്ങൾ സംസ്കരിക്കണമെന്ന്. ജ്യേഷ്ഠന്റെ കല്പനപോലെ അവർ ചെയ്തു. പിന്നെ ധർമ്മപുത്രൻ ശിശുപാലന്റെ പുത്രനെ ആ രാജാക്കന്മാരുടെ സന്നിധിയിൽവെച്ച് ചേദിരാജാവായി അഭിഷേകംചെയ്തു.

വിപുലമായ ഓജസ്സുചേർന്ന കുരുരാജാവിന്റെ അദ്ധ്വരം സർവ്വസമ്പത്തോടുംചേർന്നു സർവ്വപ്രഹർഷണമായി ശോഭിച്ചു. കേശവന്റെ രക്ഷയിൽ വിഘ്നംകൂടാതെ സുഖമായി ആരംഭിച്ച യജ്ഞം, ധാരാളം ധനധാന്യസമൃദ്ധിയോടുകൂടി, വളരെ ജനങ്ങൾക്കു ഭക്ഷണവും, ദക്ഷിണയും നല്കി, മംഗളമായി സമാപിച്ചു. സമാപ്തിവരെ ആ യജ്ഞം ഭഗവാൻ ശാർങ്ഗചക്രഗദാധരനായ ശൗരി രക്ഷിച്ചു. പിന്നെ അവഭൃതസ്നാനംചെയ്ത ധർമ്മപുത്രനോട് എല്ലാ ക്ഷത്രിയരാജാക്കന്മാരും ചെന്ന് ഇപ്രകാരം പറഞ്ഞു.''

ക്ഷത്രിയന്മാർ പറഞ്ഞു: ''ഭാഗ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സർവ്വജ്ഞാ! ഭവാൻ ഇന്നു സാമ്രാജ്യംനേടി. ഹേ, ആജമീഢാ!, ഭവാൻ ആജമീഢരാജാക്കന്മാർക്കു യശസ്സിനെ വർദ്ധിപ്പിച്ചു; ഈ കർമ്മംകൊണ്ട് ഹേ, രാജേന്ദ്രാ! ഭവാൻ മഹത്തായ കർമ്മം നടത്തി! സർവ്വകാമാർച്ചിതന്മാരായ ഞങ്ങൾ ഭവാനോടു യാത്രപറയുന്നു! ഞങ്ങൾ ഞങ്ങളുടെ രാജ്യങ്ങളിലേക്കു പോവുകയാണ്! സമ്മതംതന്നാലും!''

വൈശമ്പായനൻ പറഞ്ഞു: ''രാജാക്കന്മാർ പറഞ്ഞതുകേട്ട് ധർമ്മരാജാവായ യുധിഷ്ഠിരൻ യഥാർഹം നൃപന്മാരെ പൂജിച്ച് സോദരന്മാരോടു പറഞ്ഞു.''

യുധിഷ്ഠിരൻ പറഞ്ഞു: ''ഭ്രാതാക്കളേ! ഈ രാജാക്കന്മാരെല്ലാം നന്ദിയോടെ വന്നുചേർന്നവരാണ്. സ്വരാജ്യത്തേക്കു പോകുകയാണെന്ന് എന്നോടു യാത്രപറയുന്നു! നിങ്ങൾ നമ്മുടെ രാജ്യാതിർത്തിവരെ ഇവരെ അനുയാത്രചെയ്യുക!''

വൈശമ്പായനൻ പറഞ്ഞു: ''ഭ്രാതാവിന്റെ വാക്കുകേട്ടപ്പോൾ ധർമ്മചാരികളായ പാണ്ഡവർ യഥാർഹം ഓരോ രാജാക്കന്മാർക്ക് അനുയാത്ര നടത്തി. വിരാടനെ പ്രതാപവാനായ ധൃഷ്ടദ്യുമ്നൻ പിന്തുടർന്നു. ധനഞ്ജയൻ മഹാത്മാവും, മഹാരഥനുമായ യജ്ഞസേനനെ പിന്തുടർന്നു. ഭീഷ്മനേയും, ധൃതരാഷ്ട്രനേയും ബലവാനായ ഭീമൻ പിന്തുടർന്നു. സപുത്രനായ ദ്രോണനെ സഹദേവൻ പിന്തുടർന്നു. സപുത്രനായ സുബലനെ നകുലൻ പിന്തുടർന്നു. അഭിമന്യുവിനോടുകൂടി പാഞ്ചാലീപുത്രന്മാർ പർവ്വതത്തിലെ രാജാക്കന്മാരെ പിന്തുടർന്നു. മറ്റു രാജാക്കളെ മറ്റു ഭൂപന്മാരും പിന്തുടർന്നു. ഇപ്രകാരം പൂജിതരായി നാനാ ദ്വിജേന്ദ്രന്മാരും പോയശേഷം യുധിഷ്ഠിരനോടു പ്രതാപവാനായ വാസുദേവൻ പറഞ്ഞു.''

കൃഷ്ണൻ പറഞ്ഞു: ''ഹേ! കുരൂദ്വഹാ! ഞാൻ യാത്രപറയുന്നു. ദ്വാരകയ്ക്കു പോകട്ടെ! രാജസൂയമഖം സാധിച്ചു. ഭവാൻ ഭാഗ്യവാനാണ്!''

ധർമ്മപുത്രൻ പറഞ്ഞു: ''ഹേ, ഗോവിന്ദാ! അങ്ങയുടെ പ്രസാദംകൊണ്ടാണ് ഞാൻ ഈ ക്രതു സാധിച്ചത്. ഭവാന്റെ പ്രസാദത്താൽ എല്ലാ ക്ഷത്രിയന്മാരും എന്റെ പാട്ടിൽവന്നു! ധാരാളം കപ്പവും തന്നു. എല്ലാവരും വന്ന് എന്നെ സേവിക്കുകയുംചെയ്തു. ഭവാന്റെ യാത്രയ്ക്കു ഞാൻ എങ്ങനെ വാക്കു നല്കും? ഹേ, വീര! ഭവാനില്ലാതെ ഞാൻ എങ്ങനെ സന്തോഷിക്കും? ഒരിക്കലും സന്തോഷിക്കുവാൻ എനിക്കു കഴിയുകയില്ല. എന്നുവെച്ച് ഭവാനു ദ്വാരകയ്ക്കു പോകാതെയും നിവൃത്തിയില്ലല്ലോ.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ ആ ധർമ്മമൂർത്തിയായ കൃഷ്ണൻ യുധിഷ്ഠിരനോടുകൂടി കുന്തിയുടെ അരികിൽച്ചെന്നു പറഞ്ഞു.''

കൃഷ്ണൻ പറഞ്ഞു: ''അമ്മായീ, ഭവതിയുടെ മക്കൾ, ഇവർ സാമ്രാജ്യം നേടി, സിദ്ധാർത്ഥരായി, സമ്പന്നരായി. ഭവതി സന്തോഷിച്ചാലും! ഭവതിയുടെ അനുജ്ഞയോടുകൂടി ഞാൻ ദ്വാരകയ്ക്കു പോകുവാൻ ചിന്തിക്കുന്നു.''

വൈശമ്പായനൻ പറഞ്ഞു: ''എന്നു പറഞ്ഞു കൈകൂപ്പി അനുജ്ഞവാങ്ങി അന്തഃപുരത്തിൽ സുഭദ്രയേയും ദ്രൗപദിയേയും കണ്ട് ആദരിച്ചു. പിന്നെ ധർമ്മജനോടുകൂടി അന്തഃപുരത്തിൽനിന്നു പോന്നു. കുളിച്ചു ജപംചെയ്ത്, വിപ്രന്മാരുടെ

digitized by www.sreyas.in

ആശീർവ്വാദമേറ്റുനിന്നു. അപ്പോൾ മേഘസങ്കാശമായി സജ്ജീകൃതമായ തേർപൂട്ടി, മഹാബാഹുവായ ദാരുകൻ വന്നു. ഗരുഡധ്വജമുള്ള ആ തേർ വന്നുനിന്നപ്പോൾ അതിനെ പ്രദക്ഷിണം വെച്ച് പുണ്യപുരുഷൻ അതിൽക്കയറി പുറപ്പെട്ടു. യുധിഷ്ഠിരൻ അപ്പോൾ കാൽനടയായി സോദരന്മാരോടുകൂടി പിൻതുടർന്നു; മുഹൂർത്തസമയം അവർ സാവധാനം പോകുന്ന തേരിനെ പിൻതുടർന്നു. പിന്നെ തേർ നിർത്തി കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "അപ്രമത്തനായി ഭവാൻ എന്നും പ്രജകളെ പാലിക്കുക. ജീവജാലങ്ങൾ മഴക്കാറിനെ എന്നപോലെയും ദേവന്മാർ സഹസ്രാക്ഷനെ എന്നപോലെയും ബന്ധുക്കൾക്ക് അങ്ങ് എന്നും താങ്ങായിരിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ തമ്മിൽ പറഞ്ഞ് കൃഷ്ണപാണ്ഡവന്മാർ പരസ്പരാനുവാദം വാങ്ങി സ്വഗൃഹങ്ങളിലേക്കു മടങ്ങിപ്പോയി; ദ്വാരാവതിയിലേക്കു സാത്വതപ്രവരനായ കൃഷ്ണൻ പോയതിന്നുശേഷം ദുര്യോധനനരാജാവ് ഒരുത്തൻ മാത്രം; സൗബലനായ ശകുനിയോടുകൂടി ആ ദിവ്യമായ സഭയിൽ പാർത്തു."

ദ്യൂതപർവ്വം

46. യുധിഷ്ഠിരസമയം – വൈശമ്പായനൻ പറഞ്ഞു: "സുദുർല്ലഭമായ രാജസൂയക്രതു തീർന്നതിന്റെശേഷം ശിഷ്യരോടൊത്ത് വേദവ്യാസമഹർഷി യുധിഷ്ഠിരന്റെ മുമ്പിൽ വന്നെത്തി. പീഠംവിട്ട് സോദരന്മാരോടുകൂടി യുധിഷ്ഠിരൻ എഴുന്നേറ്റ് പിതാമഹനെ പാദ്യപീഠാർപ്പണാദികൾകൊണ്ട് അർച്ചിച്ചു! ഭവാൻ ഉടനെ സ്വർണ്ണമയമായ പീഠത്തിലിരുന്നു. ധർമ്മരാജാവിനോടും ഇരിക്കുവാൻ പറഞ്ഞു. സോദരന്മാർ ചുറ്റുമായി ഇരുന്നു. രാജാവിനോട് വാക്യവിചക്ഷണനായ വേദവ്യാസൻ ഓരോന്നു പറഞ്ഞു."

വ്യാസൻ പറഞ്ഞു: "ഭാഗ്യം കൗന്തേയാ! നീ സാമ്രാജ്യം നേടി വർദ്ധിക്കുന്നു! കുരുക്കളൊക്കെ, കുരൂദ്വഹാ, നിന്നാൽ സമൃദ്ധരായി! ഞാൻ യാത്രപറയുന്നു. പോകട്ടെ! ഭവാനാൽ പൂജിതനായ ഞാൻ പോകുന്നു," എന്നു വേദവ്യാസൻ പറഞ്ഞപ്പോൾ ധർമ്മരാജാവ് അഭിവാദ്യംചെയ്തു കൈകൂപ്പി പിതാമഹനോടു പറഞ്ഞു.

യുധിഷ്ഠിരൻ പറഞ്ഞു: "സുദുർല്ലഭമായ സ്ഥിതിയിലെത്തിയ എനിക്ക് ഒരു സംശയം ബാധിച്ചിരിക്കുന്നു! അതു തീർക്കുവാൻ ഭവാനൊഴികെ എനിക്ക് ആരുമില്ല, ദ്വിജപുംഗവാ! ഭഗവാനായ നാരദൻ പറഞ്ഞു, മൂന്നുമാതിരി ഉത്പാതങ്ങൾ ഉണ്ടെന്ന്. ദിവ്യങ്ങൾ, ആന്തരീക്ഷങ്ങൾ, പാർത്ഥിവങ്ങൾ എന്നിങ്ങനെ. പിതാമഹാ, ചൈത്യൻ വീണതോടെ ഉല്പാതം വർദ്ധിച്ചുവല്ലോ. ഇനി എന്തു സംഭവിക്കാം?"

വൈശമ്പായനൻ പറഞ്ഞു: "രാജാവിന്റെ വാക്കുകേട്ട് പരാശരസുതനായ പ്രഭു, കൃഷ്ണദ്വൈപായനനായ വ്യാസൻ, ഇപ്രകാരം പറഞ്ഞു."

വ്യാസൻ പറഞ്ഞു: "ഉത്പാതങ്ങൾക്ക് പതിമ്മൂന്നുവർഷത്തേക്ക് ഉഗ്രമായ ഫലമുണ്ട്. അത് സർവ്വക്ഷത്രവിനാശത്തിന്നായി ഭവിക്കും. രാജാവേ, അങ്ങ് ഒരാൾമൂലമായി കാലം അത് വരുത്തിക്കൂട്ടും. സർവ്വ ക്ഷത്രിയജാതികളും മുടിയുകയും ചെയ്യും! ദുര്യോധനാപരാധം മൂലം ഭീമാർജ്ജുനബലംവഴിക്കാണ് അതു വന്നുകൂടുക. പ്രഭാതസമയത്ത് ഭവാൻ സ്വപ്നത്തിൽ വൃഷവാഹനനും, നീലകണ്ഠനും, ഭവനും, സ്ഥാണുവും, കപാലിയും, ത്രിപുരാന്തകനും, രുദ്രനും, ഉഗ്രനും, പശുപതിയും, മഹാദേവനും, ഉമാപതിയും, ഹരനും, ശർവ്വനും, വൃഷനും, ശൂലധരനുമായ ദേവൻ ശിവനെ കാണും. കൈലാസകൂടപ്രതിമമായ കാളപ്പുറത്ത്, പിതൃരാജൻ ഇരിക്കുന്ന ദിക്കുനോക്കിനില്ക്കുന്നവിധത്തിലാണ് നീ സ്വപ്നംകാണുക. അതുകൊണ്ട് വ്യസനിക്കേണ്ടാ. കാലം ദുർജ്ജയമാണ്. എല്ലാം നന്നായിവരും. ഞാൻ ഇനി കൈലാസത്തേക്കു പോയ്വരട്ടെ! പ്രമാദംകൂടാതെ നീ ദാന്തനായി ഭൂമി ഭരിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ഭഗവാൻ കൈലാസത്തേക്കു പോയി. കൃഷ്ണദ്വൈപായനനായ വ്യാസൻ വിജ്ഞരായ ശിഷ്യന്മാരോടുകൂടി പോയതിന്നുശേഷം യുധിഷ്ഠിരൻ ചിന്താശോകാകുലനായി ചുടുനെടുവീർപ്പുവിട്ട് ആ കാര്യം തന്നെ ഓർത്തിരുന്നു. 'പൗരുഷംകൊണ്ട് ദൈവത്തെ ബാധിക്കുവാൻ സാദ്ധ്യമാകുമോ? മഹർഷി പറഞ്ഞമാതിരി വന്നുചേരാതിരിക്കയില്ല' എന്ന ചിന്തയിൽ മുഴുകി. പിന്നെ ഭ്രാതാക്കന്മാരോടെല്ലാവരോടുമായി യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "കേട്ടില്ലേ വീരന്മാരേ, വ്യാസൻ എന്നോടു പറഞ്ഞത്? അദ്ദേഹം പറഞ്ഞ വാക്കു കേട്ടയുടനെ മരിക്കണമെന്നാണ് ഞാൻ വിചാരിച്ചത്. സർവ്വ ക്ഷത്രിയന്മാരുടെയും നാശത്തിന്ന് ഞാൻ ഒരാളാണ് കാരണമാവുകയത്രേ! അത് കാലകല്പിതമാണത്രേ! എന്താണ് ഇനി ഞാൻ ജീവിച്ചിട്ടു ഫലം?"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറയുന്ന രാജാവിനോട് അപ്പോൾ അർജ്ജുനൻ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "രാജാവേ, വല്ലാതെ ദുഃഖിക്കരുത്, ബുദ്ധികെട്ടുപോകരുത്. ആലോചിച്ച് ഭവാൻ വേണ്ടവിധം നടക്കുക."

വൈശമ്പായനൻ പറഞ്ഞു: "വീണ്ടും അനുജന്മാരോട് യുധിഷ്ഠിരൻ, വേദവ്യാസൻ പറഞ്ഞ വാക്ക് ചിന്തിച്ചുകൊണ്ടുതന്നെ, പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നിങ്ങൾക്ക് നന്നായിവരട്ടെ! കേൾക്കൂ: ഇന്നുമുതല്ക്ക് പതിമ്മൂന്നുവർഷം ഞാൻ എങ്ങനെ ജീവിച്ചാലും, എന്തിനുവേണ്ടി ജീവിച്ചാലും, ഞാൻ അനുജന്മാരോടും മന്നവന്മാരോടും പരുഷവാക്ക് പറയുകയില്ല. ജ്ഞാതിമാർ പറയുന്നവിധം നല്ലതുപറഞ്ഞ് നടക്കുന്നതാണ്. ഇപ്രകാരംതന്നെ എന്റെ മക്കളിലും അന്യരിലും ഭേദബുദ്ധി കാണിക്കുകയില്ല. ഭേദംകൊണ്ടാണല്ലോ കലഹം ഉണ്ടാവുക. കലഹം ഇല്ലാതെ, ഇഷ്ടംതന്നെ ചെയ്ത്, ലോകത്തിൽ ആരും കുറ്റവും കുറവും ചൊല്ലാത്ത നിലയിൽ, ഞാൻ ജീവിക്കുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ജ്യേഷ്ഠഭ്രാതാവിന്റെ വാക്കു കേട്ട് ആ പാണ്ഡവന്മാരെല്ലാം ധർമ്മപുത്രഹിതാർത്ഥികളായി അവനെത്തന്നെ പിന്തുടർന്നു. അനുജന്മാരോടുകൂടി സഭയിൽ ധർമ്മജൻ ഇങ്ങനെ ഒരു ദൃഢനിശ്ചയം ചെയ്തു. പിന്നെ ന്യായമായി ദേവന്മാരേയും പിതൃക്കളേയും തർപ്പിച്ചു. കല്യാണകരനായി, പരിവാരത്തോടും സോദരന്മാരോടും കൂടി, അവൻ രാജാക്കളൊക്കെ പോയതിന്നുശേഷം അമാത്യന്മാരോടും കൂടെ സ്വപുരത്തിൽ പ്രവേശിച്ചു. ദുര്യോധനൻ സൗബലനായ ശകുനിയോടുകൂടി രമ്യമായ സഭയിൽത്തന്നെ പാർത്തു."

47. ദുര്യോധനസന്താപം – വൈശമ്പായനൻ പറഞ്ഞു: "അവിടെ സഭയിൽ പാർക്കുന്ന ദുര്യോധനൻ മെല്ലെ ശകുനിയോടുകൂടി ആ സഭയൊക്കെ ഒന്നു നടന്നു കണ്ടു. അതിൽ ദിവ്യമായ മനോധർമ്മങ്ങൾ പലതും കുരുനന്ദനൻ കണ്ടു. അവയൊന്നും മുമ്പ് ഹസ്തിനാപുരത്തിൽ കാണാത്തവയാണ്.

ദുര്യോധനൻ സഭയിൽ നടക്കുമ്പോൾ ഒരുദിവസം ഒരു സംഭവമുണ്ടായി; സ്ഫടികസങ്കാശമായ കൽത്തളത്തിൽ ചെന്നപ്പോൾ അവിടെ വെള്ളമാണ് എന്നു തെറ്റിദ്ധരിച്ചു ദുര്യോധനരാജാവ് വസ്ത്രം ചെരിച്ചുകേറ്റി. അത്രയ്ക്കു ബുദ്ധി ഭ്രമിച്ചുപോയി; ദുർമ്മനസ്സായി, വിമുഖനായി ആ സഭ ചുറ്റിനടന്നു. അങ്ങനെ ചുറ്റിനടക്കുമ്പോൾ സഭാന്തരത്തിലുള്ള തളത്തിൽ വീണ് നാണിച്ചുപോയി; വ്യാസനിച്ചു പിന്നെയും സ്ഫടികജലവും സ്ഫടികത്താമരകളും ഉള്ള കുളം കണ്ട്, അതു ചിത്രീകൃതമായ തളമാണെന്നു വിചാരിച്ച്, ജലാശയത്തിൽച്ചെന്ന് വസ്ത്രത്തോടുകൂടി ചാടി. ദുര്യോധനൻ വെള്ളത്തിൽ വീണതു കണ്ടപ്പോൾ മഹാബലനായ ഭീമൻ പൊട്ടിച്ചിരിച്ചു. അതു കണ്ട് ഭൃത്യന്മാരും ചിരി

digitized by www.sreyas.in

ച്ചു. ഉടനെ യുധിഷ്ഠിരാജ്ഞനുസരിച്ച് വസ്ത്രങ്ങൾ മാറ്റുവാൻ കൊണ്ടുകൊടുത്തു. വെള്ളത്തിൽ വീണു നനഞ്ഞ് ലജ്ജിച്ചുനില്ക്കുന്ന അവനെ കണ്ട് ഭീമനും അർജ്ജുനനും നകുലനും സഹദേവനും ചിരികൂട്ടി. അവർ കൂട്ടുന്ന ചിരി അമർഷനായ ദുര്യോധനന് സഹിക്കുവാൻ കഴിഞ്ഞില്ല. ദുര്യോധനൻ, തന്റെ ഇംഗിതം മറച്ചുവെച്ച്, അവരെ നോക്കുകകൂടി ചെയ്തില്ല. വസ്ത്രം ചെരിച്ചുകേറ്റി നീന്താൻനിലക്കുന്ന മട്ടിൽ തളത്തിൽ കയറി നില്ക്കുന്ന അവനെ കണ്ട് അവർ എല്ലാവരും വീണ്ടും ചിരിച്ചു. സ്ഫടികം കൊണ്ടുള്ള വാതിലടച്ചിട്ടിരിക്കുന്നതു ധരിക്കാതെ ചെന്നുകയറി തലചെന്നടിച്ച് അങ്ങനെ നിന്നു. സ്ഫടികക്കല്ലുവാതിൽ ചാരിയിട്ടുള്ള മറ്റുവഴിക്കു ചെന്ന് കൈകൊണ്ടുന്തിക്കടന്ന് മൂക്കുകുത്തി മറിഞ്ഞുവീണു. തുറന്നിട്ട വാതില്ക്കൽച്ചെന്ന് ഉടനെ, അടച്ചിട്ടുണ്ടെന്നു വിചാരിച്ച്, പിന്നോക്കംതന്നെ മാറി. ഇപ്രകാരം പലമാതിരി അമളിപറ്റിയ അവൻ പാണ്ഡവന്മാരുടെ അനുമതിവാങ്ങി അസന്തുഷ്ടമനസ്സുമായി ഹസ്തിനാപുരിക്ക് പുറപ്പെട്ടു. രാജസൂയമഹാമഖത്തിൽ ആശ്ചര്യകരമായ സമൃദ്ധി കണ്ട് ഹസ്തിനാപുരത്തിൽ മടങ്ങിയെത്തി. പാണ്ഡവന്മാരുടെ ശ്രീ കണ്ട് താപം പൂണ്ട് ഓർത്തോർത്ത് നടക്കുമ്പോൾ ദുര്യോധനരാജാവിന്ന് പാപബുദ്ധി ജനിച്ചു.

പാണ്ഡവന്മാരെ സന്തുഷ്ടരായിക്കണ്ടു. രാജാക്കന്മാരൊക്കെ അവർക്ക് കീഴടങ്ങി. ആബാലവൃദ്ധം ലോകരൊക്കെ അവരെ സ്തുതിച്ചു. ഇതൊക്കെക്കണ്ട്, പാണ്ഡുപുത്രരുടെ മാഹാത്മ്യം ഓർത്ത്, ധാർത്തരാഷ്ട്രനായ ദുര്യോധനൻ നന്നെ വിളറിപ്പോയി. പോകുന്നവഴിക്ക് മനസ്സുഴന്ന് സഭയെപ്പറ്റി വിചാരിച്ചും, എതിരില്ലാത്ത ധർമ്മരാജാവിന്റെ ധനസമൃദ്ധികണ്ടും വലിയ പ്രമാദത്തോടുകൂടി ഓരോന്നു വീണ്ടുംവീണ്ടും ചോദിക്കുന്ന ശകുനിയോട് ഒന്നും ഉത്തരംപറയാതെ ധാർത്തരാഷ്ട്രൻ പരവശനായി യാത്രചെയ്തു. ഉള്ളുഴന്ന അവനെക്കണ്ട് ശകുനി ചോദിച്ചു."

ശകുനി പറഞ്ഞു: "എന്താണ് ദുര്യോധനാ, നീ നെടുവീർപ്പിട്ടുകൊണ്ടിരിക്കുന്നത്? എന്താണ് കാരണം? പറയൂ!"

ദുര്യോധനൻ പറഞ്ഞു: "അമ്മാമാ! ഞാൻ എന്താണ് പറയേണ്ടത്? എല്ലാം മഹാത്മാവായി അർജ്ജുനന്റെ വലിയ പ്രതാപംമൂലം പാർത്ഥലം ധർമ്മപുത്രന്റെ പാട്ടിലായതു കണ്ടും, സുരേന്ദ്രന്റെ മഖം പോലെ ആ മഖം കഴിഞ്ഞതോർത്തും, അമർഷപൂർണ്ണനായി രാവും പകലും വെന്തുവെന്ത്, ജ്യേഷ്ഠമാസവും ആഷാഢമാസവും വരുമ്പോൾ കടുത്ത വേനലിൽ ജലാശയത്തിലെ അല്പജലംപോലെ വരളുകയാണ് ഞാൻ. നോക്കൂ! യദുപ്രവരനായ കൃഷ്ണൻ ശിശുപാലനെ കൊന്നു വീഴ്ത്തി. അന്ന് അവനെ തുണയ്ക്കുവാൻ ഒരു വീരനും മുന്നോട്ടുവന്നില്ല. പാണ്ഡവന്മാരുടെ ഉഗ്രമായ പ്രതാപാഗ്നികൊണ്ടു മന്നവന്മാരെല്ലാം വേവുകയാണ്. അവർ കുറ്റം ക്ഷമിച്ചു. അല്ലെങ്കിൽ ആര് ആ കുറ്റം ക്ഷമിക്കും? വാസുദേവന്റെ ആ കർമ്മം ചിന്തിച്ചാൽ എത്രയും അയുക്തമാണ്. പാണ്ഡുപുത്രപ്രതാപം മൂലം അന്ന് അതും സാധിച്ചു. അപ്രകാരംതന്നെ രാജാക്കന്മാർ രത്നങ്ങളും മറ്റുമായി എത്തി; പാണ്ഡവനെ ഉപാസിച്ചു. വൈശ്യന്മാർ കരം കൊടുക്കുവാൻ എത്തുന്നമാതിരിയല്ലേ അവർ എത്തിയിരുന്നത്? അപ്രകാരം ജ്വലിക്കുന്നവിധം പാണ്ഡുപുത്രനിൽ ഐശ്വര്യം കണ്ട് അമർഷം കണ്ട് ഞാൻ ആ നില അർഹിക്കാത്തവനായി വേവുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "അവൻ ഇപ്രകാരം തീർച്ചയാക്കി, ഇങ്ങനെ വീണ്ടും അഗ്നിയിൽക്കിടന്ന് വേവുന്നമട്ടിൽ ഗാന്ധാരപതിയോടു പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ഞാൻ തീയിൽച്ചാടി മരിക്കും; അല്ലെങ്കിൽ വിഷംകഴിച്ചു മരിക്കും. അല്ലെങ്കിൽ വെള്ളത്തിൽ ച്ചാടിച്ചാകും! ഇനി എനിക്ക് ജീവിച്ചിരിക്കുവാൻ വയ്യ. ലോകത്തിൽ സത്വമുള്ള ഏതൊരുത്തനാണ് ശത്രുവിന്റെ സമൃദ്ധിയും കണ്ടുകഴിഞ്ഞ് ജീവിക്കുന്നത്? ഈ ഞാൻ സ്ത്രീയല്ല! പുരുഷനല്ല! ഷണ്ഡനുമല്ല! അവരുടെ സർവ്വസമൃദ്ധമായ ശ്രീ കണ്ടു കൊണ്ട് എങ്ങനെ ഞാൻ അടങ്ങിയിരിക്കും? സാമ്രാജ്യവും, പാണ്ഡുപുത്രന്റെ അതിന്നൊത്ത ഐശ്വര്യവും, ആ മഹാമഖവും കണ്ട് എന്നെപ്പോലെയുള്ള ഒരുത്തൻ എങ്ങനെ പൊറുക്കും? ഞാൻ തനിച്ച് ആ ശ്രീ നേടുന്നതിന്ന് ശക്തനാണ്. സഹായിക്കുവാൻ ഒറ്റ ആളെയും കാണുന്നുമില്ല. ഞാൻ ചാകുവാൻതന്നെ തീരുമാനിച്ചു. ദൈവംതന്നെ വലിയത്. പൗരുഷം നിഷ്ഫലംതന്നെ. കേടറ്റ ശുദ്ധമായ സമ്പത്ത് ധർമ്മപുത്രന്ന് വന്നുചേർന്നതു കാണുകയാൽ ഞാൻ അങ്ങനെതന്നെ തീരുമാനിക്കുന്നു.

ഇവന്റെ നാശത്തിന്ന് ഞാൻ മുമ്പെതന്നെ യത്നിച്ചു അമ്മാമാ! എന്നാൽ അതെല്ലാം തട്ടിനീക്കി വെള്ളത്തിന്റെ മുകളിൽ താമരയെന്നവണ്ണം അവൻ കയറിപ്പോന്നു! അതുകൊണ്ട് എനിക്കു ബോദ്ധ്യമായി, ദൈവംതന്നെ വലുത്, പൗരുഷം നിഷ്ഫലംതന്നെയെന്ന്. ധാർത്തരാഷ്ട്രർ ഇടിയുന്നു; പാണ്ഡവർ ഉയരുന്നു! അവരുടെ ശ്രീ കണ്ടും അവരുടെ സഭ കണ്ടും അവരുടെ ഭൃത്യന്മാരുടെ പരിഹാസച്ചിരി കണ്ടും ഞാൻ അഗ്നിയിൽ വീണതുപോലെ കിടന്ന് പൊരിയുകയാണ്. അമ്മാമാ! ദുഃഖിക്കുന്ന എനിക്ക് ചാകാൻ അനുവാദം തരണേ! അമർഷത്തിൽപ്പെട്ട എന്റെ ഈ കഥ ധൃതരാഷ്ട്രനോടു പറയണേ!"

48. ദുര്യോധനസന്താപം (തുടർച്ച) – ശകുനി പറഞ്ഞു: "ഹേ, ദുര്യോധനാ! നീ ധർമ്മപുത്രനിൽ അമർഷനായിട്ട് കാര്യമില്ല. പാണ്ഡുപുത്രന്മാർ സ്വന്തം ഭാഗധേയങ്ങളെയാണ് അനുഭവിക്കുന്നത്. വിവിധരൂപത്തിലുള്ള വിധിയാൽ അവർക്ക് ഇപ്രകാരം വിധിച്ചതാണ്. അവരുടെ ആ ശ്രേയസ്സ് അനുഭവിപ്പിക്കാതിരിക്കുവാൻ പല ഉപായങ്ങളും പണ്ട് നീ പ്രയോഗിച്ചുനോക്കിയില്ലേ? വീണ്ടുംവീണ്ടും തുനിഞ്ഞിട്ടും അത് സാധിച്ചില്ലല്ലോ? അവർ അതൊക്കെ വിട്ടുപോന്നില്ലേ? ഭാഗ്യം മുന്നിട്ടുനില്ക്കുന്ന അവർ ആപത്തുകളൊക്കെ വിട്ടു കയറിപ്പോന്നു. അവർ ദ്രൗപദിയെ നേടി. പുത്രരോടുകൂടിയ ദ്രുപദൻ അവർക്ക് സഹായിയായി ഭൂമി നേടുവാൻ. വീര്യവാനായ വാസുദേവനും അവർക്ക് തുണയായി.

ഭംഗംകൂടാതെ അവർ പിതൃസ്വത്തിന്റെ ഭാഗവും വാങ്ങിച്ചു. അത് അവരുടെ തേജസ്സാൽ വായ്ക്കുകയുംചെയ്തു. അതിൽ നിനക്ക് കേഴുവാൻ എന്തുണ്ട്? ഗാണ്ഡീവത്തോടുകൂടി അമ്പൊടുങ്ങാത്ത ആവനാഴികളും ദിവ്യാസ്ത്രങ്ങളും വഹ്നിയെ പ്രസാദിപ്പിച്ച് അർജ്ജുനൻ നേടി. ആ വില്ലുകൊണ്ടും സ്വന്തമായ ബാഹുവീര്യംകൊണ്ടും രാജാക്കളെയൊക്കെ അവൻ പാട്ടിലാക്കി. അതിൽ നിനക്ക് കേഴുവാനെന്തുണ്ട്? മയൻ എന്ന ദാനവശില്പിയെ കത്തുന്ന അഗ്നിയിൽനിന്ന് അവൻ രക്ഷിച്ചു. ആ മഹാസഭ അവനെക്കൊണ്ട് തീർപ്പിച്ചു. ആ മയന്റെ ചൊല്പടിക്ക് കിങ്കരന്മാരെന്നു പേരായ മഹാരാക്ഷസന്മാർ ആ സഭ താങ്ങുന്നുണ്ട്. അതിൽ നിനക്ക് കേഴുവാനെന്തുണ്ട്? ഹേ, രാജാവേ! നീ നിസ്സഹായനാണെന്ന് പറഞ്ഞതും തെറ്റല്ലേ? നിനക്കു സഹായത്തിന്ന് അനുജന്മാർ നിന്റെ വശവർത്തികളായി നില്ക്കുന്നില്ലേ? പുത്രനോടുകൂടി വില്ലാളിവീരനായ ദ്രോണൻ നിന്റെ വശത്തില്ലേ? രാധേയനായ കർണ്ണനും, തേരാളിയായ കൃപനും, സോദരന്മാരോടുകൂടി ഞാനും, സോമദത്തരാജാവും നിന്റെ തുണയ്ക്കില്ലേ? അവരോടു ചേർന്ന് നീ ഭൂമിയൊക്കെ ജയിക്കുക."

ദുര്യോധനൻ പറഞ്ഞു: "അമ്മാവനും ഈ പറയപ്പെട്ട മറ്റു വീരന്മാരും തുണയുണ്ടെങ്കിൽ. അങ്ങയ്ക്കു സമ്മതമാണെങ്കിൽ, അവരെ ഞാൻ ജയിക്കാനാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ അവരെ ജയിച്ചാൽ ഈ ലോകം മുഴുവൻ നമ്മൾക്കു കീഴിലാകുമല്ലോ. സർവ്വരാജാക്കളും ഐശ്വര്യസമൃദ്ധമായ സഭയും നമുക്ക് അധീനത്തിലാവുകയില്ലേ?"

ശകുനി പറഞ്ഞു: "ധനഞ്ജയൻ, വാസുദേവൻ, ഭീമസേനൻ, യുധിഷ്ഠിരൻ, നകുലൻ, സഹദേവൻ, ദ്രുപദൻ, ദ്രുപദപുത്രന്മാർ ഇവരെ യുദ്ധത്തിൽ ജയിക്കുവാൻ ദേവകൾക്കുകൂടി കഴിയുകയില്ല. അവർ മഹാരഥന്മാരാണ്, മഹാധനുർദ്ധരന്മാരാണ്, ദുർമ്മദന്മാരാണ്. അവരെ യുദ്ധത്തിൽ ജയിക്കേണ്ട കാര്യം ചിന്തി

digitized by www.sreyas.in

ക്കേണ്ട. എന്നാൽ അവരെ ജയിക്കുവാൻ ഒരു എളുപ്പമായ മാർഗ്ഗമുണ്ട്; അത് എനിക്കറിയാം. ആ കൗശലംകൊണ്ട് തനിച്ച് ധർമ്മപുത്രനെ ജയിക്കാം. അതു കേൾക്കണോ? കേട്ടു ധരിക്കുക."

ദുര്യോധനൻ പറഞ്ഞു: "സുഹൃത്തുക്കൾക്കും മറ്റു മഹാത്മാക്കൾക്കും ദോഷംകൂടാതെ അവരെ ജയിക്കാമെന്നോ? എന്നാൽ ആ മാർഗ്ഗം കേൾക്കട്ടെ, അമ്മാമാ!"

ശകുനി പറഞ്ഞു: "യുധിഷ്ഠിരൻ വലിയ ദ്യൂതപ്രിയനാണ്. എന്നാൽ കളിക്കുവാൻ ഒട്ട് അറിയുകയുമില്ല! ചൂതിന്നു വിളിച്ചാൽ ആ രാജേന്ദ്രൻ ഒഴിഞ്ഞുമാറുകയില്ല. ഞാൻ ചൂതിൽ മഹാസമർത്ഥനാണ്. ഈ മൂന്നു ലോകത്തിലും എന്നോടു കിടപിടിക്കുവാൻ യോഗ്യതയുള്ള ഒറ്റ വ്യക്തിയുമില്ല. ഇതു പരമാർത്ഥമാണ്. നീ അവനെ ചൂതുകളിക്കുവാൻ വിളിക്കുക! ചൂതിൽ അവന്റെ രാജ്യവും ശ്രീയും ഞാൻ നിനക്കായി നേടിത്തരാം. സുയോധനാ! ഇതെല്ലാം രാജാവായ നിന്റെ അച്ഛന്റെ അടുത്തുപോയി അറിയിക്കുക. നിന്റെ അച്ഛൻ സമ്മതിച്ചാൽ തീർച്ചയായും അവരെ ജയിക്കാം."

ദുര്യോധനൻ പറഞ്ഞു: "ഹേ, സൗബലാ! കുരുശ്രേഷ്ഠനായ ധൃതരാഷ്ട്രരാജാവിനെ ചെന്നു കണ്ട് ന്യായംപോലെ നീതന്നെ പറയുക. എനിക്ക് അതിനു നിവൃത്തിയില്ല."

49. ദുര്യോധനസന്താപം (തുടർച്ച) – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരരാജാവിന്റെ രാജസൂയമഹാമഖം എല്ലാം അനുഭവിച്ചതിന്നുശേഷം ദുര്യോധനനോടുകൂടി അവന്റെ അഭിപ്രായം അറിഞ്ഞവനും, അവന്നു പ്രിയംചെയ്യുവാൻ ആഗ്രഹിക്കുന്നവനുമായ ശകുനി, പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രൻ ഇരിക്കുന്ന ദിക്കിലേക്കു ചെന്ന് ഇപ്രകാരം പറഞ്ഞു."

ശകുനി പറഞ്ഞു: "ദുര്യോധനൻ നിറംമാറി വിളർത്തു മെലിഞ്ഞ് വല്ലാതായിരിക്കുന്നു. അവൻ വല്ലാത്ത ദൈന്യത്തോടുകൂടി ചിന്തയിൽപ്പെട്ടിരിക്കുന്നു. അങ്ങ് ഇതൊന്നും അറിഞ്ഞില്ലേ? അവന്റെ അസഹ്യമായ സ്ഥിതിയെപ്പറ്റി ഭവാൻ ഒന്നും പരിശോധിക്കുന്നില്ല. തലമൂത്ത പുത്രന്റെ ഹൃദയപരിതാപത്തെക്കുറിച്ചു ഭവാൻ ഒന്നും ചിന്തിക്കാത്തതെന്താണ്? ഇത്രയും വലിയ ഒരു ആപത്തുപിണഞ്ഞ് അവൻ കിടക്കുമ്പോൾ പിതാവ് അതിനെപ്പറ്റി ഓർക്കുന്നില്ല!"

ധൃതരാഷ്ട്രൻ പറഞ്ഞു: "മകനേ, ദുര്യോധനാ! നീ ഇത്രയ്ക്കു ദുഃഖിക്കുവാനെന്താണ് കാരണം? എനിക്കു കേൾക്കുവാൻ വിരോധമില്ലാത്തതാണെങ്കിൽ പറയൂ. മകനേ! നീ നിറംമാറി മെലിഞ്ഞു എന്ന് സൗബലൻ പറയുന്നുവല്ലോ. ഞാൻ ആലോചിച്ചിട്ട് അതിന്നു കാരണമൊന്നും കാണുന്നില്ലല്ലോ! മകനേ, നിന്നിലാണല്ലോ എല്ലാ ഐശ്വര്യങ്ങളും നില്ക്കുന്നത്. ഭ്രാതൃമിത്രാദികളൊന്നും നിനക്കു യാതൊരു അപ്രിയവും ചെയ്യുന്നുമില്ലല്ലോ. ഉടുക്കുവാനാണെങ്കിൽ പട്ടുവസ്ത്രങ്ങൾ! ഊണിനാണെങ്കിൽ മാംസഭോജനം! നല്ല അശ്വങ്ങളെപ്പൂട്ടിയ വാഹനം! പിന്നെ എന്തിന്റെ പോരായ്മകൊണ്ടാണ് നീ മെലിഞ്ഞു വിളർത്തത്? രമ്യമായ പൂമെത്തകൾ, കരൾകക്കുന്ന സൗന്ദര്യമുള്ള സ്ത്രീകൾ, നല്ല ഗൃഹങ്ങൾ, ഉത്തമവസ്ത്രങ്ങൾ ഇവയൊക്കെ ഇഷ്ടംപോലെയുണ്ട്. ദേവന്മാർക്കെന്നപോലെ നിന്റെ ചൊല്പടിക്ക് എല്ലാ വിഭവങ്ങളും എന്നും നില്ക്കുന്നു! പിന്നെ ഹേ, ദുർദ്ധർഷാ! ദീനനാകുവാൻ എന്താണ് കാരണം?"

ദുര്യോധനൻ പറഞ്ഞു: "ഉണ്ണാറുണ്ട്, ഉടുക്കാറുണ്ട്, ഒരു ഭൃത്യനെപ്പോലെ ഉഗ്രമായ അമർഷവും കൈക്കൊള്ളുന്നുണ്ട്! കാലം ഒന്നു കടന്നു കിട്ടേണമല്ലോ. സ്വപ്രജകൾക്കുവേണ്ടി അമർഷത്തോടെ ശത്രുക്കളെ അമർത്തി പരഃക്ലേശം നീക്കുന്നത് ആരോ, അവനാണ് ശരിയായ പുരുഷൻ. അലംഭാവം പാടില്ല. അത് ശ്രീയെ കെടുത്തും. ഗർവ്വം പാടില്ല; അതും ശ്രീയെ കെടുത്തും. അതുപോലെതന്നെ ഭയാഭയങ്ങളും പാടില്ല. ഇവയൊക്കെ ഉള്ളവൻ വളരുകയില്ല. ധർമ്മപുത്രനിൽ ജ്വലിക്കുന്ന ലക്ഷ്മി കണ്ടതോടുകൂടി എന്റെ നിറം കെട്ടുപോയി. എന്റെ പദവി എത്ര തുച്ഛമാണ് അതുമായി തട്ടിച്ചുനോക്കുമ്പോൾ! പാണ്ഡവന്മാരുടെ ശ്രീ കാണരുതെന്നു ഞാൻ വിചാരിക്കും. എന്നാൽ അതെങ്ങനെ സാധിക്കും? ആ കാഴ്ച എന്റെ മുന്നിൽ എപ്പോഴും ശോഭിച്ചുതന്നെ നില്ക്കുന്നു. അതുകൊണ്ട് ദുഃഖിച്ചു വിളറി നിറംമാറി മെലിഞ്ഞുപോയിരിക്കയാണ് ഞാൻ! എൺപത്തെണ്ണായിരം സ്നാതകഗൃഹസ്ഥന്മാരെ, പ്രത്യേകം പ്രത്യേകം മുപ്പതു ദാസിമാരെ, നല്കി യുധിഷ്ഠിരൻ കാക്കുന്നു. വേറെ പതിനായിരംപേർ എന്നും മൃഷ്ടാന്നം യുധിഷ്ഠിരന്റെ ഗൃഹത്തിൽ സ്വർണ്ണത്തളികയിൽ ഉണ്ണുന്നു.

കൃഷ്ണശ്യാമങ്ങളും അരുണങ്ങളുമായ ചർമ്മങ്ങളും 'കദളി' മാനിന്റെ ചർമ്മങ്ങളും കാംബോജൻ പാണ്ഡവന്ന് അയച്ചുകൊടുത്തു. മേത്തരം കമ്പളങ്ങളും അനവധി അയച്ചുകൊടുത്തു. പെണ്ണുങ്ങൾ, ആനകൾ, പശുക്കൾ, കുതിരകൾ എന്നിവ നൂറും ആയിരവും, മുപ്പതിനായിരം ഒട്ടകവും, നൂറുകണക്കിന്ന് ചെമ്മരിയാടും കപ്പവുമായി രാജാക്കന്മാർ രാജധാനിയിൽ എത്തിക്കൂടി. പലതരത്തിലുള്ള രത്നജാലവും ഓരോരു മന്നവന്മാർ കാഴ്ചവെച്ചു. ഇങ്ങനെ അസംഖ്യം കാഴ്ചകൾ യാഗത്തിൽ എത്തി. ഇങ്ങനെ ഒരു അത്ഭുതം ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല; കേട്ടിട്ടുമില്ല. അന്തമറ്റ ആ ധനസമൃദ്ധി വൈരിയിൽ കണ്ട് ചിന്തയിലാണ്ട എനിക്ക് തീരെ സുഖംകിട്ടാതായി. രാജാവേ! ബ്രാഹ്മണന്മാർ, പച്ചക്കറികൃഷിക്കാർ, പശുക്കളോടുകൂടിയവർ തുടങ്ങിയവരും, മൂവ്വായിരംകോടി സ്വർണ്ണനാണ്യവുമായി രാജാക്കന്മാരും വാതില്ക്കൽ പ്രവേശനം തടയപ്പെട്ടു നിന്നു. സ്വർണ്ണമയമായ കമണ്ഡലുവുമെടുത്ത്, വാതില്ക്കൽ അവർ അവസരംപാർത്തു നിന്നു. ഈ ധനമൊക്കെ കൈയിലെടുത്തിട്ടും യഥേഷ്ടം കടക്കുവാൻ പറ്റാതെയാണ് നിന്നത്. അമരസ്ത്രീകൾ ശക്രന്ന് മധു പകർന്നുകൊടുക്കുന്നതുപോലെ യുധിഷ്ഠിരന്ന് കടലിലുണ്ടായ പാൽക്കിണ്ടി കടൽ നല്കി. വാസുദേവൻ മഹത്തായ ശംഖെടുത്ത് ആയിരം രത്നവിഭൂഷിതമായ സ്വർണ്ണപാത്രങ്ങളിൽ കൊണ്ടുവന്ന സമുദ്രജലത്താൽ യുധിഷ്ഠിരനെ അഭിഷേകംചെയ്തു. ഇതൊക്കെ കണ്ടപ്പോൾ രാജാവേ! എനിക്ക് അസൂയകൊണ്ട് ഒരു വിറപ്പനി തോന്നി, ജനങ്ങൾ ആ പാത്രങ്ങളുമെടുത്തു കിഴക്കേ കടലിലേക്കും തെക്കേക്കടലിലേക്കും, പടിഞ്ഞാറേക്കടലിലേക്കും പോയിരുന്നത്രേ.

പക്ഷികൾക്കു മാത്രം പോകാൻപറ്റുന്ന വടക്കുദിക്കിലേക്ക് ആൾക്കാർ പോകാറില്ല. അവിടേയുംപോയി അർജ്ജുനൻ വളരെ ധനം വാങ്ങി. പിന്നെ ഒരു ആശ്ചര്യം യജ്ഞത്തിലുണ്ടായി. ഒരു ലക്ഷം ബ്രാഹ്മണരെ ഊട്ടിയാൽ സൂചനയായി ഒരു ശംഖുവിളി നിശ്ചയിച്ചിരുന്നു. വീണ്ടും വീണ്ടും മുഴങ്ങുന്ന ആ ശംഖിന്റെ സ്വനം എപ്പോഴും കേട്ട് ഞാൻ രോമാഞ്ചംകൊണ്ടു ഈ കൗതുകകരമായ സദ്യ കാണുവാൻ കൊതിച്ച് വളരെ രാജാക്കന്മാർ ചുറ്റുന്ന ആ സഭ, നക്ഷത്രങ്ങൾ ശോഭിക്കുന്ന ആകാശംപോലെ വിളങ്ങി!

സർവ്വവിധരത്നങ്ങളുമായി രാജാക്കന്മാർ, വിപ്രന്മാർക്ക് പരിവേഷകരായി, വൈശ്യന്മാരെപ്പോലെയാണ് പാണ്ഡവന്റെ അധ്വരത്തിൽ വന്നുകൂടിയിരുന്നത്. ആ ശ്രീ യുധിഷ്ഠിരന്നൊഴികെ ദേവാധിരാജനും, യമനും, വരുണനും, ഗുഹ്യകാധിപനും ഉള്ളതായി ഞാൻ കേട്ടിട്ടില്ല. ഇങ്ങനെയുള്ള ഐശ്വര്യസമൃദ്ധി കണ്ടിട്ട് എനിക്ക് ഈർഷ്യ സഹിക്കുന്നില്ല രാജാവേ! എന്റെ ഉള്ള് ചുട്ടുനീറുന്നു. എനിക്ക് ഒരു പൊറുതിയും കിട്ടുന്നില്ല.

ശകുനി പറഞ്ഞു: "പാണ്ഡവനിൽ അതിരില്ലാതെ കണ്ട ലക്ഷ്മിയെ നമുക്ക് നേടാൻ ഒരു ഉപായമുണ്ട്. രാജാവേ! അത് കേൾക്കുക. ഈ ലോകത്തിൽ ചൂതുകളി എന്നെപ്പോലെ അറിയാവുന്നവർ ആരുമില്ല. ചൂതിൽ ഉള്ളും പണയവും തക്കവും കണ്ടറിഞ്ഞവനാണ് ഞാൻ. ധർമ്മജനാണെങ്കിൽ ചൂതുകളിക്കുവാൻ ആശയുണ്ട്. കളിക്കുവാൻ ഒട്ടും അറിയുകയുമില്ല. വിളിച്ചാൽ ചൂതിന്നു വരും, യുദ്ധത്തിന്നും വരും, അവനെ കള്ളക്കളി കളിച്ച് തീർച്ചയായും ഞാൻ ജയിക്കാം. അവന്റെ ദിവ്യസമ്പത്തൊക്കെ ഞാൻ നേടിത്തരാം. വിളിക്കൂ, ഭവാൻ അവനെ കളിക്കുവാൻ!"

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശകുനി പറഞ്ഞപ്പോൾ ദുര്യോധനൻ ധൃതരാഷ്ട്രനോട് പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "അക്ഷജ്ഞനായ അമ്മാമൻ ചൂതുകൊണ്ട് പാണ്ഡുപുത്രന്റെ ലക്ഷ്മിയെ നേടുവാൻ അഭിലഷിക്കുന്നു. ഭവാൻ അനുവദിച്ചാലും."

ധൃതരാഷ്ട്രൻ പറഞ്ഞു: "മതിമാനായ ക്ഷത്താവ് എന്റെ മന്ത്രിയാണ്. അവന്റെ ഉപദേശമനുസരിച്ചേ ഞാൻ പ്രവർത്തിക്കൂ. അവനുമായി ആലോചിച്ച് ഇതിന് ഒരു തീർപ്പ് ഞാൻ കല്പിക്കാം. ധർമ്മം തെറ്റാതെ ആ ദീർഘദർശി രണ്ടുപക്ഷത്തിനും ഹിതമായവിധം യുക്തമായത് പറയും; അതനുസരിക്കണം."

ദുര്യോധനൻ പറഞ്ഞു: "വിദുരൻ എത്തിയാൽ തീർച്ചയായും അങ്ങയെ ഇതിൽനിന്ന് പിന്തിരിപ്പിക്കും. രാജേന്ദ്രാ! ഭവാൻ പിൻതിരിഞ്ഞാൽ തീർച്ചയായും ഞാൻ മരിക്കും! ഞാൻ മരിച്ചിട്ട് വിദുരനോടു കൂടി ഭവാൻ സുഖമായിരിക്കുക. ലോകം മുഴുവൻ അടക്കി ഭരിച്ചുകൊള്ളുക! എന്നെക്കൊണ്ട് എന്തു കാര്യം?"

വൈശമ്പായനൻ പറഞ്ഞു: "പ്രണയത്തോടെ അവൻ പറഞ്ഞ ആർത്തവാക്യംകേട്ട് ധൃതരാഷ്ട്രൻ ഭൃത്യനെ വിളിച്ച് പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ആയിരം തൂണുകളും, നൂറു വാതിലുമായി അതിഭംഗിയിൽ ഒരു സഭ ശില്പികൾ നമുക്ക് നിർമ്മിക്കട്ടെ! ഭംഗിയായിരിക്കണം, വലുതായിരിക്കണം. ശില്പികളെ വരുത്തി രത്നങ്ങൾ അണിഞ്ഞ് ഭംഗിയായി പ്രവേശിക്കാറായാൽ എന്നോട് വിവരം അറിയിക്കണം."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനന്റെ ദുഃഖശമനത്തിന്നായി രാജാവ് ഇപ്രകാരം ഒരു കല്പന കൊടുത്തു. പിന്നെ പ്രാജ്ഞനായ ധൃതരാഷ്ട്രരാജാവ് വിദുരർക്ക് ആളെ വിട്ടു. അവൻ വിദുരനുമായി ആലോചിക്കാതെ ഒന്നും പറയുകയില്ല. ചൂതിൽ ദോഷങ്ങൾ ഉണ്ടന്നു കണ്ടിട്ടും അവൻ പുത്രസ്നേഹത്തിൽ മയങ്ങിപ്പോയി. ഈ വൃത്താന്തം കേട്ട് വിദുരൻ, കലിയുടെ മാർഗ്ഗംകണ്ട്, (വിനാശമാർഗ്ഗംകണ്ട്) ഉടനെ ധൃതരാഷ്ട്രന്റെ സമീപത്തെത്തി. ആ തമ്പി മഹാനായ ജ്യേഷ്ഠനെ കണ്ടു. കാല്ക്കൽ കുമ്പിട്ടു തൊഴുത് ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഭവാന്റെ ഉദ്യമത്തെ എനിക്ക് അഭിനന്ദിക്കുവാൻ നിവൃത്തിയില്ല. ചൂതുമൂലം മക്കൾതമ്മിൽ ഇടയാതിരിക്കുവാൻ നോക്കണം."

ധൃതരാഷ്ട്രൻ പറഞ്ഞു: "ക്ഷത്താവേ, മക്കളോട് എന്റെ മക്കൾ ഇടയുകയില്ല. ദൈവാനുകൂല്യം നമ്മൾക്കുണ്ടെങ്കിൽ അങ്ങനെ സംഭവിക്കുകയില്ല. ശുഭമായാലും, അശുഭമായാലും, ഹിതമായാലും അഹിതമായാലും സുഹൃദ്ദ്യൂതം നടക്കട്ടെ! ഇത് വിധിഹിതമാണ്. അതിന്ന് സംശയമില്ല. ഞാനും, ദ്രോണനും, ഭീഷ്മനും, ഭവാനും ഇരിക്കുമ്പോൾ നയവൈകല്യം ദൈവഹിതമായാലും വന്നുകൂടുകയില്ല. നീ വായുവേഗത്തിൽപ്പായുന്ന കുതിരകളെപ്പൂട്ടിയ തേരിൽക്കയറി ഇന്ദ്രപ്രസ്ഥത്തിൽച്ചെന്ന് ധർമ്മപുത്രനെ കൊണ്ടുവരിക. ഹേ, വിദുരാ! എന്റെ ഉദ്യമത്തെപ്പറ്റി ഒന്നും പറയരുത്. ഞാൻ പറയുന്നു, ഇതൊക്കെ സംഭവിപ്പിക്കുന്ന ദൈവമാണ് വലുത്."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ വാക്കു കേട്ടപ്പോൾ ഇനി താൻ എതിരുപറഞ്ഞിട്ട് കാര്യമില്ലെന്നും, ഇത് രാജകല്പനയാണെന്നുമുള്ള പരമാർത്ഥം ധരിച്ച് ദുഃഖത്തോടുകൂടി, വിദുരൻ ഭീഷ്മന്റെ സമീപത്തേക്ക് നടന്നു."

50. ദുര്യോധനസന്താപം (തുടർച്ച) – ജനമേജയൻ ചോദിച്ചു: "ഭ്രാതാക്കൾക്ക് നാശകാരണമായ ദ്യൂതം എങ്ങനെ ഉണ്ടായി? മഹാന്മാരായ പാണ്ഡവന്മാർ അതിൽവെച്ചാണല്ലോ വ്യസനത്തിന്ന് പാത്രമായത്? ആ ദ്യൂതത്തിൽ ഏതെല്ലാം രാജാക്കന്മാരാണ് സംബന്ധിച്ചിരുന്നത്? ആരൊക്കെ അതിനെ അഭിനന്ദിച്ചു? ആരൊക്കെ അതിന് തടസ്സംപറഞ്ഞു? ലോകനാശകരമായ ഈ ദ്യൂതം ഹേ, ബ്രഹ്മണാ! ഭവാൻ വിസ്തരിച്ച് പറഞ്ഞാലും! ഞാൻ കേൾക്കുവാൻ ഉത്സുകനാണ്."

സൂതൻ പറഞ്ഞു: "ഇപ്രകാരം ജനമേജയരാജാവ് പറഞ്ഞപ്പോൾ പ്രതാപവാനായ വ്യാസശിഷ്യൻ, വേദതത്ത്വജ്ഞൻ, വൈശമ്പായനൻ നടന്നവിധം ഒക്കെ വിസ്തരിച്ചു പറഞ്ഞു."

വൈശമ്പായനൻ പറഞ്ഞു: "ഹേ, ഭാരതാ! ഞാൻ എല്ലാം വിസ്തരിച്ച്, ഒന്നും വിടാതെ, പറയാം, ഭവാൻ എല്ലാം സവിസ്തരം കേൾക്കുവാൻ ഇച്ഛിക്കയാണല്ലോ. വിദുരന്റെ അഭിപ്രയമറിഞ്ഞ അംബികാസുതനായ ധൃതരാഷ്ട്രൻ വിജനത്തിൽ ദുര്യോധനനെ വിളിച്ച് വീണ്ടും ഉപദേശിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ, ഗാന്ധാരീപുത്രാ! ഈ ചൂത് നമുക്കു വേണ്ടാ. വിദുരന്ന് അതു സമ്മതമല്ല. ആ മഹാബുദ്ധിമാൻ നമ്മോട് അഹിതം പറയുകയില്ല. വിദുരൻ പറയുന്നത് ഏറ്റവും ഹിതമായി ഞാൻ വിചാരിക്കുന്നു. മകനേ! നീ അപ്രകാരം ചെയ്യുക! അതുകൊണ്ടേ നിനക്കു നന്മവരൂ. ദേവർഷിയും വാസവഗുരുവും മഹാമതിയുമായ ബൃഹസ്പതി ഏതൊക്കെ അറിയുന്നുവോ അതൊക്കെ സകല രഹസ്യാർത്ഥത്തോടുകൂടി അറിയുന്നവനാണ് മഹാകവിയായ ക്ഷത്താവ്. മകനേ! അവൻ പറയുന്നതു തെറ്റാതെ ഞാൻ നിത്യവും നില്ക്കുന്നു. മേധാവിയായ വിദുരൻ കുരുവർഗ്ഗത്തിൽ ഉത്തമനാണ്. മഹാധീമാനായ ഉദ്ധവൻ വൃഷ്ണിവർഗ്ഗത്തിൽ എങ്ങനെയാണോ അതുപോലെയാണ് വിദുരൻ നമുക്ക്. അതുകൊണ്ട് നമുക്ക് ചൂതുവേണ്ടാ; ചൂതു നിമിത്തം പിണക്കമുണ്ടാകും. പിണങ്ങിയാൽ നാടു കെടും. അതുകൊണ്ട് മകനേ, നീ അതു വർജ്ജിക്കുക! അച്ഛനും അമ്മയും മക്കൾക്ക് എന്തു നേടിക്കൊടുക്കുന്നുവോ അതൊക്കെ നിനക്കു കിട്ടിയിട്ടുണ്ട്. പിതൃപൈതാമഹമായ പദം നിനക്കു ലഭിച്ചിട്ടുണ്ട്. അധീതവാനും ശസ്ത്രദക്ഷനുമായ നീ ഗൃഹത്തിൽ നിത്യലാളിതനായി വസിക്കുന്നു. ജ്യേഷ്ഠഭ്രാതാവായ നീ രാജ്യം ഭരിക്കുന്നു. ഇതു പോരേ? മറ്റുള്ളവർക്കാർക്കും ലഭിക്കാത്ത അന്നവസ്ത്രാദികൾ ഒക്കെയും നിനക്കുണ്ട്. ഒന്നിലും ഒരു കുറവില്ല. പിന്നെ എന്തിനാണ് മകനേ നീ കേഴുന്നത്? പിതൃപൈതാമഹമായ രാജ്യം പരിപുഷ്ടമായി നിന്റെ അധീനത്തിലുണ്ട്. ഹേ, വീരാ! നീ വാനിൽ ഇന്ദ്രനേപ്പോലെ പ്രതാപിയായി ശോഭിക്കുന്നു. അറിവുള്ളവനായ നിനക്ക് ഇങ്ങനെ ഒരു ശോകം ബാധിക്കുവാൻ പ്രത്യേകമായി വല്ല കാരണവുമുണ്ടോ? ഉണ്ടെങ്കിൽ അത് എന്നോട് പറയൂ!"

ദുര്യോധനൻ പറഞ്ഞു: "ഉണ്ണുന്നുണ്ട്, ഉടുക്കുന്നുണ്ട്, അതു ധാരാളം മതി എന്നു വിചാരിക്കുന്ന പാപപുരുഷൻ അമർഷമില്ലാതെ ജീവിക്കുന്നു! അപ്രകാരമുള്ള നരനെപ്പോലെ അധമനായി ആരുണ്ട്? ഈ സാധാരണമായ സമ്പത്തിലൊന്നും സംതൃപ്തി എന്നിൽ തോന്നുന്നില്ല. ജ്വലിക്കുന്ന കൗന്തേയസമ്പത്തിനെ കാണുമ്പോൾ എനിക്കുള്ള ദുഃഖം ചെറുതല്ല! സഹിക്കുന്നില്ല അച്ഛാ! ഭൂമിയൊക്കെ ആ ധർമ്മപുത്രന്റെ കീഴിലായി. അസ്വസ്ഥനായി ജീവിക്കുകയായിരുന്ന ഞാൻ ഇപ്പോൾ ദുഃഖിതനായിട്ടാണ് പറയുന്നത്. ധർമ്മജന്റെ ഗൃഹത്തിൽ നീപദേശക്കാരും, ചിത്രദേശക്കാരും, കുകുരദേശക്കാരും, കാരസ്കരദേശക്കാരും, ലോഹജംഘദേശക്കാരുമെല്ലാം ഭൃത്യരെപ്പോലെയാണ് പെരുമാറുന്നത്! ഹിമവൽസാഗരോത്പന്നമായ സർവ്വരത്നാകരങ്ങളും അതിർത്തി പ്രദേശത്തുള്ളവയും ഒക്കെ ധർമ്മജന്റെ ഗൃഹത്തിലുണ്ട്. ജ്യേഷ്ഠനും ശ്രേഷ്ഠനുമാണ് ഞാനെന്നു വിചാരിച്ച് യുധിഷ്ഠിരൻ ഉപഹാരങ്ങളായ രത്നജാലങ്ങൾ വന്നുചേരുന്നതൊക്കെ ഏറ്റുവാങ്ങുവാൻ എന്നെ നിയോഗിച്ചു. വിലയേറിയ ശ്രേഷ്ഠരത്നജാലങ്ങൾ വന്നതിന്ന് വല്ല കൈയും കണക്കുമുണ്ടോ! ആ ധനസഞ്ചയത്തിന്റെ മറുകര കാണുവാൻ വിഷമമാണ്. ആ ദ്രവ്യം ഏറ്റുവാങ്ങുവാൻ എന്റെ കൈ പോരാതെയായി. രത്നഹാരികളായ മന്നവന്മാർ കാത്തുനില്ക്കുകയായിരുന്നു. അസുരശില്പിയായ മയൻ ബിന്ദുസരസ്സിലെ രത്നംകൊണ്ടു നിർമ്മിച്ച സ്ഫടികസമാനമായ നിലം ജലംനിറഞ്ഞ പൊയ്കപോലെയാണ് കണ്ടാൽ തോന്നുക. അവിടെ നിറയെ നില്ക്കുന്ന താമരകണ്ട്

digitized by www.sreyas.in

ഞാനതു ജലംനിറഞ്ഞ പൊയ്കയാണെന്നു തെറ്റിദ്ധരിച്ചു. സ്ഥല ജലഭ്രമംമൂലം, ഞാൻ എന്റെ വസ്ത്രങ്ങൾ ചെരിച്ചുകേറ്റുന്നതു കണ്ട്, എനിക്കു രത്നസമ്പത്തില്ലെന്ന ഭാവത്തിൽ, ഞാനവരുടെ സമൃദ്ധിയിൽ ഭ്രമിച്ചുപോയി എന്ന നിന്ദാഭാവത്തിൽ, വൃകോദരൻ പൊട്ടിച്ചിരിച്ചു. അന്ന് എനിക്ക് അതിന്നുള്ള ശക്തിയുണ്ടായിരുന്നെങ്കിൽ ഞാൻ ഭീമസേനനെ ഒരിടിക്ക് കൊന്നുകളഞ്ഞേനെ! പക്ഷേ, ഭീമനെ കൊല്ലുവാൻ ഞാൻ ശ്രമിച്ചിരുന്നെങ്കിൽ എനിക്കും ശിശുപാലന്റെ ഗതിതന്നെയായേനെ. അതിൽ ഒട്ടും എനിക്കു സംശയമില്ല. ഹേ, ഭാരതാ! ശത്രുക്കളുടെ പരിഹാസം എന്നെ ദഹിപ്പിക്കുകയാണ്. വേറെയും അബദ്ധം എനിക്കു പറ്റി. ഇതേവിധത്തിലുള്ള രമ്യമായ ഒരു പൊയ്കകണ്ട് അതു സ്ഫടികനിർമ്മിതമായ നിലമാണെന്നു വിചാരിച്ചു നടന്ന് അതിൽ ഞാൻ ചെന്നുവീണു. അതുകണ്ട് ഭീമനോടുകൂടെ അർജ്ജുനൻ എന്റെ ദൈന്യാവസ്ഥ കണ്ട് പെട്ടിച്ചിരിച്ചു. സ്ത്രീകളോടുകൂടെ നിലക്കുന്ന ദ്രൗപദിയും ചിരിച്ചു. അവരുടെ ചിരികേട്ട് എന്റെ മനസ്സു നടുങ്ങിപ്പോയി. നനഞ്ഞ വസ്ത്രം മാറ്റാനായി രാജാവു കല്പിച്ചപ്രകാരം കിങ്കരന്മാർ കൊണ്ടുവന്നു തന്നു. അതാണ് എനിക്ക് അധികം സങ്കടമായത്. വേറെയും എനിക്കു ചതിപറ്റി. വാതിലാണെന്നു വിചാരിച്ച് ഞാൻ കടക്കാൻ ശ്രമിക്കുമ്പോൾ അവിടെ വാതിലല്ല, സ്ഫടികമായിരുന്നു. ആ സ്ഫടികക്കല്ലിൽ തലയടിച്ച് നെറ്റിക്കു മുറിവുപറ്റി. എന്റെ ഈ മട്ടുകൾ ദൂരെനില്ക്കുന്ന മാദ്രീനന്ദനന്മാർ കണ്ടു. അവർ ഓടിവന്ന് എന്നെ താങ്ങിപ്പിടിച്ച് വ്യസനം പ്രകടിപ്പിച്ചു; പുഞ്ചിരിയോടെ സഹദേവൻ വീണ്ടും വീണ്ടും പറഞ്ഞു. 'രാജാവേ ഇതാണ് വഴി, ഇതിലേ ഇതിലേ; ഇങ്ങോട്ടു നടക്കാം' എന്ന്. 'ഹേ, ധൃതരാഷ്ട്രപുത്രാ (കുരുടന്റെ മകനേ!), ഇതാണ് വാതിൽ, ഇങ്ങോട്ടു പോരിക!' എന്ന് പൊട്ടിച്ചിരിച്ചുകൊണ്ട് ഭീമസേനൻ പറഞ്ഞു. അവിടെക്കണ്ട രത്നങ്ങളുടെ പേരുകൾ ഞാൻ മുമ്പു കേട്ടിട്ടുപോലുമില്ല. അതുകൊണ്ടൊക്കെ എന്റെ മനസ്സുകിടന്നു നീറുകയാണ്."

51. ദുര്യോധനസന്താപം (തുടർച്ച) – ദുര്യോധനൻ പറഞ്ഞു: "പാണ്ഡവന്മാർക്ക് പലയിടത്തുനിന്നും വന്നെത്തിയ രാജാക്കന്മാർ കൊടുത്ത, മുഖ്യമായ ദ്രവ്യത്തെ, ഞാൻ കണ്ടതു പറയാം. ശത്രുവിന്റെ ധനം, പൊത്തിൽ താമസിക്കുന്ന പെരുച്ചാഴിയുടെയും മറ്റും രോമങ്ങൾ, പൂച്ചരോമങ്ങൾ എന്നിവകൊണ്ട് കമനീയമായി ഉണ്ടാക്കിയവയും, ഫലഭൂമിസ്വഭാവങ്ങളായവയും, ആയിരുന്നു. അവയെപ്പറ്റി നല്ലപോലെ കണ്ടറിവ് എനിക്കില്ലെങ്കിലും; ഞാൻ പറയാം. നനുത്തുമിന്നുന്ന പലതരം കമ്പിളികളും, കസവു ചേർന്ന വസ്ത്രങ്ങളും, അജിനങ്ങളും, കാംബോജൻ കാഴ്ചവെച്ചു. തത്തിരിപ്പുള്ളിന്റെ നിറവും തത്തച്ചുണ്ടുമായി മുപ്പതു കുതിരകളേയും, ശമീപീലൂം ഭക്ഷിക്കുന്ന മുന്നൂറ് ഒട്ടകങ്ങളേയും കോവർകഴുതകളേയും ഇംഗുദാശികൾ, ഗോവാസനബ്രാഹ്മണന്മാർ, ദാസനീയന്മാർ എന്നിവരോടുംകൂടി മഹാത്മാവായ ധർമ്മപുത്രന്റെ നന്ദിക്കായി മുവ്വായിരം കോടി സ്വർണ്ണനാണ്യവുമായി രാജാക്കന്മാർ വാതില്ക്കൽ കടക്കുവാൻ പഴുതു നോക്കി നില്ക്കുന്ന കാഴ്ച ഞാൻ എന്റെ കൺമുമ്പിൽക്കാണുന്നു. ഭാഗ്യം! ഭാഗ്യം! ബ്രാഹ്മണർ, കൃഷിക്കാർ, പശുപാലന്മാർ ഇവർ ശതസംഘങ്ങളായി മിന്നുന്ന പൊന്നിൻകിണ്ടികളുമായി അണിയായി നിരന്നുനില്ക്കുന്നു. ഇങ്ങനെ വിശിഷ്ടമായ ഉപഹാരങ്ങളുമായി കയറുവാൻ സാധിക്കാതെ കാത്തുനില്ക്കുകയാണ്. പരുത്തിത്തുണിയുടുത്ത യൗവനയുക്തകളായ ദാസിമാർ നൂറും ആയിരവും വരിയായി, പൊന്നണിഞ്ഞ് കാർകൂന്തൽകെട്ടി ചന്തത്തിൽ നില്ക്കുന്നു. ശൂദ്രന്മാരും, വിപ്രന്മാർക്കുചേർന്ന മങ്കുചർമ്മങ്ങളും മറ്റു കാഴ്ചദ്രവ്യങ്ങളുംകൊണ്ട് ഹേമകച്ഛനിവാസികൾ എത്തി. ഗാന്ധാരത്തിലുണ്ടായ കുതിരകളെ അവർ കപ്പമായി കാഴ്ചവെച്ചു.

കൃഷിചെയ്യാതെ പ്രകൃതിക്കനുസരിച്ച് മഴവെള്ളം കിട്ടിയുണ്ടാകുന്ന കാട്ടുനെല്ലും പുഴവെള്ളം അണകെട്ടി നനച്ചുണ്ടാക്കുന്ന നെല്ലും ഭക്ഷിക്കുന്നവരും, കടൽക്കരയിൽ ഗൃഹോദ്യാനത്തിൽ വാഴുന്നവരും, ബിന്ധുതടത്തിൽ നിവസിക്കുന്നവരും, രാമന്മാരും, പാരദന്മാരും, കൈതവാഭീരന്മാരും ഒക്കെ, പലമാതിരി കാഴ്ചദ്രവ്യവുമേന്തി പലമാതിരി രത്നവുമായി വന്നുചേർന്ന്, കോലാട്, ചെമ്മരിയാട്, പശു, പൊന്ന്, ഫലങ്ങൾ, തേൻ, കഴുത, ഒട്ടകം, പലതരം കംബളങ്ങൾ എന്നിവയുമായി പ്രവേശനദ്വാരത്തിൽ കടക്കുവാൻ സാധിക്കാതെ തടഞ്ഞുനില്ക്കുന്നു. മ്ലേച്ഛന്മാരുടെ ചക്രവർത്തിയും പ്രാക്ജ്യോതിഷ രാജാവുമായ ഭഗദത്തൻ യവനന്മാരോടുകൂടി വന്നു നില്ക്കുന്നു. അകത്തു കടക്കുവാൻ കഴിയാതെ ദ്വാരത്തിൽ തടഞ്ഞുനില്ക്കുകയാണ്. മേത്തരം വായുവേഗത്തിലുള്ള അശ്വജാലങ്ങളോടുകൂടി ഭഗദത്തൻ കാത്തുനില്ക്കുന്നു. വിളഞ്ഞ രത്നഭൂഷണങ്ങൾ, നല്ല വലിയ ദന്തംകൊണ്ട് പിടിയിട്ട വാളുകൾ, ഇവ നല്കുവാനായിട്ടാണ് പ്രാക്ജ്യോതിഷേശ്വരനായ ഭഗദത്തൻ നില്ക്കുന്നത്. ഇരട്ടക്കണ്ണന്മാരും മുക്കണ്ണന്മാരും നെറ്റിക്കണ്ണന്മാരുമായ ജനങ്ങൾ പലേ ദിക്കിൽനിന്നും അവിടെ വന്നെത്തിയിട്ടുണ്ട്. ഔഷ്ണീകന്മാരും, അന്തവാസന്മാരും, പുരുഷാദകന്മാരും, രോമകന്മാരും, ഏകപാദകന്മാരും ഉണ്ട്. വാതില്ക്കൽ തടഞ്ഞുനില്ക്കുന്നവരിൽ നാനാനിറത്തിലുള്ള രാജാക്കന്മാർ കപ്പവുമായി നാനാരാജ്യങ്ങളിൽനിന്നും അവിടെ എത്തിക്കൂടി രാജാവിനെ ഒരുകണ്ണു കാണുവാനും സമ്മാനങ്ങൾ നല്കുവാനും തരപ്പെടാതെ വാതില്ക്കൽ അവസരം പാർത്ത് കാത്തുനില്ക്കുന്നു. ഇവർ കറുത്ത കഴുത്തുള്ള, ബഹുദൂരം പായുന്ന പ്രസിദ്ധമായ പതിനായിരം കഴുതകളെ കാഴ്ചവെച്ചു. വംക്ഷുതീരത്തുണ്ടായതും നീണ്ടുരുണ്ട് മിനുത്തവയുമാണ് ആ കഴുതകൾ. മറ്റു പലരാജാക്കന്മാരും വേണ്ടത്ര സ്വർണ്ണവും വെള്ളിയും യുധിഷ്ഠിരന് നല്കി. പിന്നെ ധാരാളം കാഴ്ചദ്രവ്യങ്ങൾ നല്കിയശേഷം അവർ ധർമ്മരാജാവിന്റെ മന്ദിരത്തിൽ കയറി. ഇന്ദ്രഗോപനിറവും തത്തനിറവും ചേർന്നതും, മനോജവമായതും, മഴവില്ലിന്റെ നിറമുള്ളതും, സന്ധ്യാനിറമുള്ളതും, ഇങ്ങനെ പല നിറം ചേർന്ന്, വേഗതയുള്ള, കാട്ടിലുണ്ടായ അശ്വങ്ങളെ ഏകപാദകന്മാർ കാഴ്ചവെച്ചു. ചീനന്മാരും, ശാകന്മാരും, ഉണ്ഡ്രന്മാരും, ബർബ്ബരന്മാരും വനസ്ഥന്മാരും വാർഷ്ണേയന്മാരും ഹാരഹൂണന്മാരും കൃഷ്ണനിറമുള്ളവരും ഹിമാലയനിവാസികളും നീചന്മാരും ആനൂപന്മാരും, ഇങ്ങനെ അസംഖ്യംകൂട്ടർ വാതില്ക്കൽ തടഞ്ഞുനില്ക്കുകയാണ്. രാജാവിന്ന് പലമട്ടിൽ അസംഖ്യം ജനങ്ങൾ കാഴ്ചകൾ നല്കുന്നുണ്ട്. ചീനയിലുണ്ടായതും നീണ്ടുരുണ്ടുമിനുത്തവയും മാറാലരങ്കുരോമംപോലെ നേർത്തതുമായ പട്ടുനൂൽപ്പുഴുവിന്റെ പട്ടും മറ്റും അസംഖ്യം ബാൽഹീകന്മാർ കൊടുത്തു. മിനുത്ത കാർപ്പാസവസ്ത്രം, കമ്പിളിപ്പുതപ്പ്, മൂർച്ചയുള്ള നീണ്ട വാള്, നല്ല ഋഷ്ടി, വലിയ വേല്, വെണ്മഴു, പലതരം രസഗന്ധം, അസംഖ്യം രത്നജാലം, അനവധി വിശിഷ്ടദ്രവ്യങ്ങൾ ഇവയൊക്കെ കപ്പമായി നല്കുവാൻ കൊണ്ടുവന്ന് ദ്വാരത്തിൽ തടഞ്ഞതിനാൽ അവർ നില്ക്കുകയാണ്. തുഷാരർ, ശകർ, കങ്കന്മാർ, ശൃംഗികൾ, രോമശകന്മാർ ഇങ്ങനെയുള്ള മനുഷ്യരെല്ലാം അവിടെ എത്തിയിട്ടുണ്ട്. മത്തഗജങ്ങൾ, കുതിരകൾ ഇവയൊക്കെ പതിനായിരക്കണക്കിന്നാണ്. എത്തിക്കൊണ്ടിരിക്കുന്നുത്. പലമട്ടിൽ ഇങ്ങനെ കപ്പവുമായി എത്ര രാജാക്കന്മാരാണ് നിരന്നുനില്ക്കുന്നത്! വിലയേറുന്ന ഇരിപ്പിടങ്ങളും, ഹാരങ്ങളും കിടക്കകളും, മണിരത്നവിചിത്രങ്ങളായ ആനക്കൊമ്പുകൊണ്ട് ഉണ്ടാക്കിയ ചട്ടകളും, പലതരത്തിലുള്ള ആയുധങ്ങളും, പൊന്നണിഞ്ഞ് അഴകേറുന്ന ഇണങ്ങിയ കുതിരകളെ പൂട്ടിയതും പുലിത്തോൽ മൂടലോടുകൂടിയ ഭംഗിചേർന്ന മേൽവിരിപ്പുകളും, രത്നഗണങ്ങളും, നാരാചം, അർദ്ധനാരാചം, പലമാതിരി ശസ്ത്രം ഇവയുമൊക്കെ ചേർന്നതുമായ രഥങ്ങൾ കിഴക്കുദിക്കിൽനിന്നു വന്ന രാജാക്കന്മാർ നല്കി. അതൊക്കെ കാഴ്ചവെച്ച് അവർ മഹാനായ പാണ്ഡവന്റെ യാഗഗൃഹത്തിൽ കയറി."

52. ദുര്യോധനസന്താപം (തുടർച്ച) – ദുര്യോധനൻ പറഞ്ഞു: "യജ്ഞത്തിന്ന് വളരെയധികം രാജാക്കന്മാർവന്ന്, വളരെ ധനസഞ്ചയം യുധിഷ്ഠിരന്ന് കപ്പമായി കൊടുത്തു. അത് ഞാൻ പറയാം, കേട്ടാലും.

digitized by www.sreyas.in

മേരുമന്ദരപർവ്വതങ്ങളുടെ മദ്ധ്യത്തിൽ ശൈലോദ എന്ന നദിയുടെ വക്കിൽ നില്ക്കുന്ന മുളയുടേയും, ഓടകളുടേയും ഛായയിൽ ഖസന്മാർ, ഏകാസനർ, പ്രദരന്മാർ, അർഹർ, ദീർഘ വേണുൾ, പാരദന്മാർ, കുളിരുന്മാർ, തംഗണർ, പിതംഗണർ എന്നിവർ ഉറുമ്പുകൾ കൊണ്ടുവന്നു കൂട്ടുന്ന 'പിപീലിക' മെന്ന സ്വർണ്ണം, കുടംകൊണ്ട് അളക്കുന്ന വിധം അവിടെ രാജാക്കന്മാർ കൊണ്ടുവന്ന് കൂട്ടി. കറുത്തതും, മൃദുവായതും, ചന്ദ്രകിരണം പോലെ വെളുത്തതും, ഇങ്ങനെ വിവിധതരം ചാമരങ്ങൾ, ഹിമാലയത്തിലുണ്ടായ രസമായ പൂന്തേൻ, ഉത്തരകുരു രാജ്യത്തുനിന്ന് കൊണ്ടുവന്ന മാല്യങ്ങൾ, ഉത്തരകൈലാസത്തിലുള്ള മഹത്തായ ഔഷധച്ചെടികൾ ഇങ്ങനെ പല വിശിഷ്ടവസ്തുക്കളും പർവ്വതനിവാസികൾ കൊണ്ടുവന്ന് വിനീതരായി അജാതശത്രുവിന്റെ വാതില്ക്കൽ പ്രവേശിക്കുവാൻ അവസരംകാത്തു നില്ക്കുകയാണ്.

ഹിമവാന്റെ വടക്കുള്ള താഴ്‌വരകളിൽ വസിക്കുന്നവരും, സൂര്യോദയഗിരിയിലുള്ളവരും, സമുദ്രതീരകാരൂഷത്തിലുള്ളവരും, ലൗഹിത്യത്തിലുള്ളവരും, ഫലങ്ങൾ ഭക്ഷിച്ച് ജീവിക്കുന്നവരും, തോൽ വസ്ത്രധാരികളും, ക്രൂരകർമ്മാക്കളും, ഉഗ്രന്മാരും, ക്രൂരശസ്ത്രന്മാരുമായ അസംഖ്യം കിരാതരാജാക്കന്മാർ അവിടെ അണിയണിയായി വന്നുകൂടുന്നു. അകിൽ, ചന്ദനം, കാളീവകം, ചർമ്മം, രത്നം, സ്വർണ്ണം, സുഗന്ധതൈലങ്ങൾ എന്നിവയോടുകൂടി പതിനായിരം കിരാതദാസിമാരോടും, ഭംഗിയേറുന്നവയും, ദൂരെനിന്ന് കൊണ്ടുവന്ന കൗതുകമുള്ള മൃഗപക്ഷിഗണങ്ങളോടും, പർവ്വതങ്ങളിൽനിന്നു ലഭിച്ച മേന്മയേറിയ സ്വർണ്ണക്കട്ടികളോടും കൂടി മറ്റു കാഴ്ചകളുമായി വന്ന് രാജാക്കൾ ദ്വാരത്തിൽ തടഞ്ഞുനില്ക്കുന്നു. കൈരാതർ, ദരദർ, ദർപ്പർ, ശൂരർ, വൈയമകർ, ഔദുംബരർ, ദുർവിഭാഗർ, പാരുന്മാർ, ബാഹ്ളികർ, കാശ്മീരന്മാർ, കുമാരന്മാർ, ഘോരകർ, ഹംസകായനർ, ശിബികൾ, ത്രിഗർത്തർ, യൗധേയർ, ഭദ്രർ, കേകയർ, അംബഷ്ഠന്മാർ, വസ്ത്രപന്മാർ, താർക്ഷ്യർ, കൗകുരർ, പല്ലവർ, വശാതലർ, മൗലേയർ, ക്ഷുദ്രകർ, മാളവർ, ശൗണ്ഡികർ, കുക്കുരന്മാർ, ശാകന്മാർ, അംഗന്മാർ, വംഗന്മാർ, പൗണ്ഡ്രന്മാർ, ശാണവതർ, ഗയർ, ശസ്ത്രധാരികളും സൽക്കുലജാതന്മാരുമായ ഈ ക്ഷത്രിയന്മാരൊക്കെ യുധിഷ്ഠിരന്ന് നൂറുകണക്കിനും ആയിരക്കണക്കിനും ധനം നല്കുന്നു!

കലിംഗർ, വംഗർ, മഗധർ, താമ്രലിപ്തർ, സുപുണ്ഡ്രകർ, ദൗവാലികർ, സാഗരകർ, പത്രോർണ്ണർ, ശൈശഖർ, അസംഖ്യം കർണ്ണപ്രാവരണർ ഇങ്ങനെ വളരെപ്പേർ തിങ്ങിനില്ക്കെ, ദ്വാരപാലന്മാർ ഇപ്രകാരം രാജശാസനം അറിയിച്ചു, 'നിങ്ങൾക്ക് കാത്തുനില്ക്കാമെങ്കിൽ നല്ല സമ്മാനങ്ങളുമായി വന്നവർക്ക് അകത്തേക്കു കടക്കാം' എന്ന്.

അപ്പോൾ മനോഹരമായ വെള്ളവിരിപ്പുകൊണ്ടു മൂടുകയാൽ താമരപ്പൂപോലെ ശോഭിക്കുന്നവയും, ഭംഗിയുള്ള കൊമ്പുകളോടും പൊന്നിൻചങ്ങലയോടും മദപ്പാടോടും കൂടിയവയും, കാമ്യകസരസ്സിന്നരികെ വളർന്നവയും കവചാവൃതങ്ങളുമായ ആയിരം ആനകളെവീതം അവർ രാജാവിന്ന് നല്കി. അതിന്നു ശേഷം കുലീനന്മാരായ ആ ക്ഷമാശീലർ അകത്തേക്കു കടന്നു. ഇവരും മറ്റു പലരും പലസ്ഥലത്തുന്നിന്നുമായി വന്ന നാട്ടുകാരും, വേറെ പല മഹാന്മാരായ രാജാക്കന്മാരും രത്നങ്ങളും മറ്റു ധനോച്ചയവും കാഴ്ചവെച്ചു. ഇന്ദ്രന്റെ സ്നേഹിതനായ ചിത്രരഥൻ എന്ന ഗന്ധർവ്വരാജാവ് വായുവേഗമുള്ള നാനൂറ് അശ്വങ്ങളെ നല്കി. പൊന്മാലചാർത്തി മാവിൻതളിരു പോലെ ശോഭിക്കുന്ന നൂറു കുതിരകളെ ഗന്ധർവ്വപ്രമുഖനായ തുംബുരു സന്തോഷത്തോടെ നല്കി. ഹേ, കൗരവ്യാ! ശൂകരന്മാരുടെ ശ്രേഷ്ഠനായ രാജാവ് വളരെ ഗജങ്ങളേയും, രത്നങ്ങളേയും നല്കി. വിരാടനായ മത്സ്യരാജാവ് പൊന്നണിഞ്ഞ രണ്ടായിരം ആനകളേയും, വസുദാനൻ പാംസുരാഷ്ട്രത്തിൽനിന്ന് ഇരുപത്താറ് ആനകളേയും, അലങ്കരിച്ചതും വേഗമേറിയതും യുവത്വമുള്ളതുമായ രണ്ടായിരം കുതിരകളേയും, മറ്റു വിശിഷ്ടവസ്തുക്കളേയും രാജാവേ, കൊണ്ടുവന്ന് പാണ്ഡുപുത്രന്ന് നല്കി. യജ്ഞസേനൻ പതിന്നാലായിരം ദാസിമാരേയും, ഭാര്യമാരോടുകൂടിയ പതിനായിരം ദാസന്മാരേയും, ഗജത്തോടുകൂടിയ ഇരുപത്താറ് തേരുകളേയും, നൂറുകണക്കിന്ന് ആനകളേയും, തന്റെ രാജ്യംതന്നേയും പാണ്ഡു പുത്രന്മാർക്കു സമർപ്പിച്ചു.

വാർഷ്ണേയനായ വാസുദേവൻ കിരീടിക്ക് യശസ്സു വർദ്ധിപ്പിക്കുവാൻവേണ്ടി പതിന്നാലായിരം നല്ല ഒന്നാംതരം ആനകളെ നല്കി. പാർത്ഥന്നു ജീവനാണ് കൃഷ്ണൻ. കൃഷ്ണന്നു ജീവനാണ് ധനഞ്ജയൻ. അർജ്ജുനൻ കൃഷ്ണനോടു പറയുന്നതെന്തും ചെയ്യുന്നു. കൃഷ്ണൻ അർജ്ജുനന്നുവേണ്ടി സ്വർഗ്ഗലോകംപോലും കൈവിടും. അപ്രകാരംതന്നെ പാർത്ഥൻ കൃഷ്ണന്നു വേണ്ടി പ്രാണൻ കളയുകയും ചെയ്യും. സുഗന്ധമുള്ള ചന്ദനച്ചാറ് അസംഖ്യം സ്വർണ്ണക്കുടങ്ങളിലാക്കി, മലയും, ദർദ്ദുരം എന്നിവിടങ്ങളിൽ വളർന്ന് ചന്ദനം, അകിൽ എന്നിവയും, മിന്നുന്ന മണി രത്നങ്ങളും, സ്വർണ്ണവും, നനുത്ത വസ്ത്രങ്ങളും കൊണ്ട് ചോളന്മാരും, പാണ്ഡ്യന്മാരുമായ രാജാക്കന്മാർ അകത്തു പ്രവേശിക്കാൻ മാർഗ്ഗംകിട്ടാതെ പുറത്തു നിന്നു.

സമുദ്രത്തിലുണ്ടായ വൈഡൂര്യം, മുത്തിൻകൂട്ടങ്ങൾ, അസംഖ്യം മേൽവിരിപ്പുകൾ ഇവ സിംഹളരാജാവ് കൊണ്ടുവന്നു. രത്നങ്ങളാൽ അലങ്കരിച്ച വസ്ത്രങ്ങൾ ധരിച്ച, കടക്കണ്ണ് ചുവപ്പുനിറമുള്ള, അസംഖ്യം കൃഷ്ണവർണ്ണരായ ആളുകൾ ആ സമ്മാനങ്ങളുമായി അകത്തുകടക്കാൻ പറ്റാതെ വാതില്ക്കൽ ത്തന്നെ നിന്നു. പാണ്ഡവർ കീഴടക്കിയ അസംഖ്യം ബ്രഹ്മണരും, ക്ഷത്രിയന്മാരും, അതുപോലെത്തന്നെ വൈശ്യന്മാരും, ശൂദ്രരും യുധിഷ്ഠിരനോടുള്ള പ്രീതിയാൽ അനേകം കാഴ്ചകൾ നല്കി. എല്ലാ മ്ലേച്ഛന്മാരും യുധിഷ്ഠിരനോടുള്ള സ്നേഹത്താൽ വന്നുചേർന്നു. എല്ലാ ജാതിയിൽപ്പെട്ടവരും, പല തലത്തിലും, സ്വഭാവത്തിലും, കുലത്തിലും പെട്ടവരും, നാനാദേശങ്ങളിൽ നിന്നു വന്നുചേർന്നവരുമായ നാനാജനങ്ങളാൽ ഈ ലോകം തന്നെ ചുരങ്ങിയ രൂപത്തിൽ എന്നവണ്ണം, ധർമ്മജാലയം കാണപ്പെട്ടു.

രാജാക്കന്മാർ നമ്മുടെ ശത്രുക്കൾക്ക് കാഴ്ചവെച്ച ഇപ്രകാരമുള്ള നാനാദ്രവ്യങ്ങൾ ലഭിച്ചതുകൊണ്ട് ഞാൻ ദുഃഖിക്കുന്നു. ഞാൻ ദുഃഖിച്ചു ദുഃഖിച്ചു മരിക്കാറായിരിക്കുന്നു.

ഇനി പാണ്ഡവന്മാരുടെ ഭൃത്യന്മാരെപ്പറ്റിപ്പറയാം. അവർക്കൊക്കെ യഥേഷ്ടം പാകംചെയ്തതും, പാകംചെയ്യാത്തതുമായ ഭക്ഷണം യുധിഷ്ഠിരൻ നല്കുന്നു. പതിനായിരംകോടി ആനകളും, അനവധി ലക്ഷം കുതിരപ്പടയുമുണ്ട്. പത്തുകോടി രഥങ്ങൾ, എണ്ണമറ്റ കാലാൾപ്പട ഇവയൊക്കെയുണ്ട്. ഭക്ഷ്യപദാർത്ഥങ്ങൾ എടുത്തുകൊടുക്കുന്ന ബഹളം ഒരിടത്ത്, പാകം ചെയ്തുകൊടുക്കുന്ന ഘോഷം വേറെ ഒരിടത്ത്, മറ്റൊരിടത്തി അത് വിളമ്പുന്ന ബഹളം! ആകെപ്പാടെ ഒരു ഉത്സവത്തിന്റെ പ്രതീതി എല്ലായിടത്തും! ഉണ്ണാതെയും, പാനം ചെയ്യാതെയും, മോടിയിൽ വസ്ത്രധാരണം ചെയ്യാതെയും, യുധിഷ്ഠിരന്റെ കോട്ടാരത്തിൽ ഒറ്റമനുഷ്യനേയും കാണുവാൻ സാധിക്കയില്ല. എണ്പത്തെണ്ണായിരം സ്നാതകബ്രാഹ്മണന്മാരെ ഗൃഹത്തിൽ മുപ്പതു ദാസിമാരെവീതം നല്കി പോറ്റുന്നു. ഇവരെല്ലാം പ്രീതരായി സന്തുഷ്ടിയോടെ യുധിഷ്ഠിരന്റെ ശത്രുക്കളുടെ ക്ഷയത്തിന്നുവേണ്ടി പ്രാർത്ഥിക്കുന്നു. പതിനായിരം ഊർദ്ധ്വരേതസ്സുകളായ യതികളുമുണ്ട്. അവർ പൊന്നിൻ കിണ്ണത്തിലാണ് യുധിഷ്ഠിരഗൃഹത്തിൽ ഉണ്ണുന്നത്. അംഗഭംഗം വന്നവരും, കള്ളന്മാരുമടക്കം സർവ്വപേരും ഉണ്ണുന്നതുവരെ താൻ ഉണ്ണാതെ, ദ്രൗപദി എപ്പോഴും പരിശോധിക്കുന്നു. പാണ്ഡവന്മാർക്കു കരം നല്കാതെ രണ്ടുപേർ മാത്രമേ ലോകത്തിലുള്ളൂ. ബന്ധുക്കളാകയാൽ പാഞ്ചാലന്മാരും, സ്നേഹബന്ധത്താൽ അന്ധകവൃഷ്ണികളും മാത്രം!

53. ദുര്യോധനസന്താപം (തുടർച്ച) – ദുര്യോധനൻ പറഞ്ഞു: "ആര്യന്മാരും, സത്യസന്ധന്മാരും, മഹാവ്രതരും, വിദ്യാനിപുണരും, വക്താക്കളും, വേദവേദാംഗസമുദ്രത്തിന്റെ അക്ക

digitized by www.sreyas.in

രകണ്ടവരും, ധീമാന്മാരും, ലജ്ജാവിനയാർച്ചിതന്മാരും, ധർമ്മാത്മാക്കളും, യശസ്വികളും, പട്ടാഭിഷേകം കഴിഞ്ഞവരുമായ ആ രാജാക്കന്മാർ യുധിഷ്ഠിരനെ ഉപാസിക്കുന്നു! ദക്ഷിണയ്ക്ക് ആ രാജാക്കന്മാർ കൊണ്ടുവന്നവയും ധാരാളം പാൽ കിട്ടുന്നവയും, കാട്ടിൽ പോറ്റിവരുന്നവയുമായ അസംഖ്യം പശുക്കളെ ഞാൻ അവിടെക്കണ്ടു. രാജാക്കന്മാർ അഭിഷേകത്തിന്നു ശുദ്ധജലം അനേകം പാത്രങ്ങളിൽ സ്വയംകൊണ്ടുവന്നു. ബാൽഹീകരാജാവ് പൊന്നണിഞ്ഞ ഒരു തേർ കൊണ്ടുവന്നു. സുദക്ഷിണൻ വെളുത്ത കാംബോജാശ്വങ്ങളെ അതിൽക്കെട്ടി! മഹാബലനായ സുനീഥൻ പ്രീതിയോടെ തേരുമായി ബന്ധിച്ചു. മഹാബലനായ ചേദിരാജാവ് സ്വന്തം കൈയിൽ ധ്വജം കൊണ്ടുവന്ന് അതിൽ നാട്ടി. ദക്ഷിണദേശത്തെ രാജാവ് കൈയിൽ കവചവുമായി കാത്തുനിന്നു. മാഗധൻ മാല്യവും ശിരോവസ്ത്രവുമായി നിന്നു. മഹാവീരനായ വസുദാനൻ അറുപതുതികഞ്ഞ ആനയെ, അലങ്കരിച്ചു നിർത്തി. മത്സ്യരാജാവ് സ്വർണ്ണംകൊണ്ടുള്ള രഥത്തിന്റെ പാർശ്വാലങ്കാരങ്ങളും, ഏകലവ്യൻ ചെരിപ്പുകളും, ആപന്ത്യൻ അഭിഷേകത്തിനുള്ള വിവിധങ്ങളായ ജലവും, ചേകിതാനൻ ആവനാഴിയും, കാശിരാജാവ് ധനുസ്സും, ശല്യൻ പൊന്നുകൊണ്ട് അലങ്കരിച്ച പിടിയും ഉറയുമുള്ള വാളും പിടിച്ചു നിന്നു. അപ്പോൾ മഹാതപസ്വികളായ ധൗമ്യനും, വ്യാസനും, നാരദനേയും അസിതപുത്രനായ ദേവലനേയും മൻനിർത്തി അഭിഷേകകർമ്മം നടത്തി. പിന്നെ, ആ മഹർഷികൾ അഭിഷേകംചെയ്ത സ്ഥലത്ത് പ്രീതിയോടെ ഇരുന്നു. ജാമദഗ്ന്യനോടുകൂടി മറ്റു വേദപാരംഗതന്മാരായ മഹാത്മാക്കൾ വന്നുകൂടി. അവർ മന്ത്രോച്ചാരണത്തോടുകൂടി യുധിഷ്ഠിരനെ സമീപിച്ച്, സ്വർഗ്ഗത്തിൽ സപ്തർഷികൾ മഹേന്ദ്രനെ എന്നപോലെ, അനുഗ്രഹാശിസ്സുകൾ നല്കി. സത്യവിക്രമനായ സാത്യകി ധർമ്മപുത്രന്ന് വെൺകൊറ്റക്കുട പിടിച്ചു. ധനഞ്ജയനും, ഭീമസേനനും ആലവട്ടം പിടിച്ചു. മാദ്രീകുമാരന്മാർ വെൺചാമരം വീശി. മുൻകല്പത്തിൽ പ്രജാപതി ഇന്ദ്രനു നല്കിയത് ഏതോ, ആ വരുണന്റെ ശംഖ് സമുദ്രംതന്നെ കൊണ്ടുവന്നു നല്കി. ആയിരം നിഷ്കം സ്വർണ്ണംകൊണ്ട് വിശ്വകർമ്മാവ് പണ്ടുണ്ടാക്കിയ ആ ശംഖുകൊണ്ട് കൃഷ്ണൻ അഭിഷേകംചെയ്യുന്നത് കണ്ടതോടുകൂടി ഞാൻ ദുഃഖസമുദ്രത്തിലാണ്ടുപോയി.

കിഴക്കും പടിഞ്ഞാറും തെക്കുമുള്ള സമുദ്രങ്ങളിൽ ജനങ്ങൾ പോകാറുണ്ട്. എന്നാൽ വടക്കോട്ടുമാത്രം പക്ഷികളല്ലാതെ ആരും പോകാറില്ല. പക്ഷേ, പാണ്ഡവരുടെ സാമ്രാജ്യത്തിൽ അതും ഉൾപ്പെടുന്നു. അവിടെനിന്നും കൊണ്ടുവന്ന പല ശംഖുകളും അപ്പോൾ മംഗളകരമായി ഊതിയതു ഞാൻ കേട്ടു. ആ ശബ്ദം കേട്ടതോടെ ഞാൻ രോമാഞ്ചംകൊണ്ടു. പ്രഭാവം കുറഞ്ഞ രാജാക്കന്മാർ മോഹാലസ്യപ്പെട്ടു വീണുപോയി. പ്രിയദർശനരും വീര്യസമ്പന്നരുമായ പാണ്ഡവന്മാർ, ധൃഷ്ടദ്യുമ്നൻ, സാത്യകി, കൃഷ്ണൻ ഇവർ എട്ടുപേർ രാജാക്കന്മാരും ഞാനും, മോഹാലസ്യപ്പെട്ടതുനോക്കി ഉറക്കെ ചിരിച്ചു.

പിന്നെ ബീഭത്സു പൊന്നണിഞ്ഞ് അഞ്ഞൂറു കാളകളെ വിപ്രന്മാർക്ക് സ്സന്തോഷം ദാനംചെയ്തു. രന്തിദേവനും, നാഭാഗനും, മനുവും, യൗവനാശ്വനും, വൈന്യനായ പൃഥുവും, ഭഗീരഥനും, നഹുഷനും, യയാതിയും, ധർമ്മപുത്രന്റെ അത്ര പരമമായ ശ്രീ നേടിയിട്ടില്ല. രാജസൂയത്താൽ അവൻ അത്രയ്ക്കു പരമമായ ശ്രീ നേടി. ഹരിശ്ചന്ദ്രന്റെ ശ്രീയെ രാജസൂയംകൊണ്ട് അവൻ പ്രാപിച്ചു. എനിക്കിനി ജീവിക്കാൻ ഒട്ടും ആശയില്ല. ജീവിതംകൊണ്ട് എന്തു കാര്യം? അന്ധനായ ഒരുത്തൻ നുകത്തിൽ ബന്ധിച്ചാൽ അത് അഴിഞ്ഞുപോകാതിരിക്കയില്ല. അതാണ് നമ്മുടെ ഇന്നത്തെ നില. ഇളയവർ ഉയരുന്നു! കാരണവർ താഴുന്നു! ഹേ, കുരുപ്രവീരാ!, ഇതെല്ലാം മനസ്സിലാക്കൂ. ഈ വിചാരംമൂലം എനിക്ക് ഒരു സുഖവും ലഭിക്കുന്നില്ല. നോക്കിയിട്ട് ഒരു അന്തവും കാണുന്നില്ല. ഇതാണ് ഞാൻ ഇത്ര വിളർത്ത് ദുഃഖത്താൽ മെലിഞ്ഞുപോയത്."

54. ദുര്യോധനസന്താപം (തുടർച്ച) - ധൃതരാഷ്ട്രൻ പറഞ്ഞു: "എന്റെ മൂത്തപുത്രനായ നീ ജ്യേഷ്ഠനായ പാണ്ഡുപുത്രനിൽ ദ്വേഷിക്കരുത്. ദ്വേഷിക്കുന്നവൻ ദുഃഖിക്കും; അത് അവന്ന് നാശം വരുത്തും. ചതികാണാത്തവനും, നിന്നെപ്പോലെ ധനമുള്ളവനും, നിന്റെ മിത്രങ്ങളിൽ മിത്രമായുള്ളവനുമാണ് യുധിഷ്ഠിരൻ. ദ്വേഷിക്കാത്തവനുമാണ്. അവനിൽ നിന്നെപ്പോലുള്ളവന്ന് ദ്വേഷം കൊള്ളാമോ? നീ തുല്യമായ ആഭിജാത്യവും, അർത്ഥവും, വീര്യവും ഉള്ളവനാണ്. ഭ്രാതാവിന്റെ ലക്ഷ്മിയെ ഉണ്ണീ, നീ കാംക്ഷിക്കുകയാണോ? അരുത്? ഛീ! തെറ്റി. മാറൂ! മാഴ്കരുത്! ആ യജ്ഞൈശ്വര്യത്തെ നീ ഇച്ഛിക്കുന്നുണ്ടെങ്കിൽ ഋത്വിക്കുകൾ സപ്തതന്തു മഹാധ്വരം നടത്തുമല്ലോ! അപ്പോൾ നിനക്കും രാജാക്കന്മാർ വളരെ ധനം കാഴ്ചവെക്കും. വളരെ ബഹുമാനത്തോടും, വളരെ പ്രീതിയോടുംകൂടി രത്നൗഘങ്ങളും, ധനങ്ങളും, ഭൂഷണങ്ങളും കാഴ്ചവെക്കും. ഉണ്ണീ, പരദ്രവ്യത്തെ ആഗ്രഹിക്കുന്നത് ആര്യന്മാർക്കു ചേർന്നതല്ല. അത് അനാര്യസ്വഭാവമാണ്. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവനും, സ്വധർമ്മത്തിൽ നില്ക്കുന്നവനും ആയവന്നു മാത്രമേ സുഖം ലഭിക്കുകയുള്ളു. പരദ്രവ്യത്തിന്ന് നീ ഉദ്യമിക്കരുത്. സ്വകർമ്മത്തിൽ നീ ഉദ്യമിക്കുക. നേടിയതിനെ രക്ഷിക്കുന്നതാണ് വൈഭവമുള്ളവന്റെ ലക്ഷണം. ആപത്തിൽ കൂസാതെ എന്നും ഉദ്യമിക്കുന്ന പുരുഷൻ, അപ്രമത്തനും, വിനയവാനുമായി ഉദ്യമിക്കുന്ന പുരുഷൻ, എപ്പോഴും ശുഭത്തെ കാണും; അനുഭവിക്കും. പാണ്ഡവന്മാർ നിന്റെ കൈകളാണെന്നു വിചാരിക്കുക! സ്വന്തം കൈകളെ അറുക്കുന്നവരുണ്ടോ? ഭ്രാതൃവിത്തത്തിൽ ആശവച്ച് മിത്രദ്രോഹം തുടങ്ങരുത്.

ഹേ, രാജാവായ പുത്രാ! നീ പാണ്ഡവന്മാരെ ദ്വേഷിക്കരുത്. അവർക്കുള്ളത്ര സമ്പത്ത് നിനക്കുമുണ്ട്. മിത്രദ്രോഹത്തിൽ വലിയ അധർമ്മം കിടക്കുന്നു. നിന്റെ മുത്തച്ഛന്മാർതന്നെയാണ് അവരുടെയും മുത്തച്ഛന്മാർ. യജ്ഞത്തിൽ ദാനംചെയ്ത് വേണ്ട കാമങ്ങളൊക്കെ നേടി സ്ത്രീകളുമായി ചേർന്നു സുഖിച്ച് ശാന്തനായി അടക്കത്തോടെ ജീവിക്കുക!"

55. ദുര്യോധനസന്താപം (തുടർച്ച) - ദുര്യോധനൻ പറഞ്ഞു: "സ്വന്തമായി പ്രജ്ഞയില്ലാത്തവൻ എത്രയധികം പഠിച്ചിട്ടും എന്താണ് കാര്യം? അവന് ശാസ്ത്രാർത്ഥം അറിയുകയില്ല. കറിയുടെ സ്വാദ് കയിൽ അറിയുന്നില്ലല്ലോ! അങ്ങയ്ക്കെല്ലാം അറിയാം; എന്നിട്ടും എന്നെ മോഹിപ്പിക്കുന്നു. തോണിയിന്മേൽ കെട്ടിയ തോണിപോലെ നാം പരസ്പരം ബന്ധിതരാണ്. അങ്ങ് എല്ലാം അറിഞ്ഞിട്ടും സ്വാർത്ഥംനോക്കാതിരിക്കയാണോ? കഷ്ടം! ഭവാൻ എന്നെ ദ്വേഷിക്കയാണോ? അങ്ങയുടെ കല്പനയിൽ നില്ക്കുന്ന ഈ ധാർത്തരാഷ്ട്രന്മാരും സഹായികളും നിശ്ചയമായും നശിക്കും. എന്തെന്നാൽ ഇപ്പോൾ നേടേണ്ട കാര്യം ഭാവിയിൽ നേടാവുന്നതാണെന്ന് ഭവാൻ കരുതിയിരിക്കുന്നു. അന്യന്റെ കല്പന നടത്തുന്ന മേലാളുള്ള മനുഷ്യൻ വഴിയുഴന്നുപോകും. അവന്റെ അനുയായികൾ പിന്നെ നേർവഴിക്ക് എങ്ങനെ പോകും? ഏറ്റവും പരിണതപ്രജ്ഞനും,വൃദ്ധസേവകനും ജിതേന്ദ്രിയനുമായ ഭവാൻ, സ്വന്തം കാര്യം നോക്കുന്ന ഞങ്ങളെ ഹേ, രാജാവേ! അങ്ങ് മോഹിപ്പിക്കരുത്. ബൃഹസ്പതി പറയുന്നു, രാജാക്കന്മാരുടെ ജീവിതധർമ്മം സാമാന്യജനങ്ങളുടേതിൽനിന്നു ഭിന്നമാണെന്ന്. രണ്ടും ഒരുപോലെയല്ല. രാജാവ് എപ്പോഴും അപ്രമത്തനായി സ്വാർത്ഥംനോക്കുകതന്നെവേണം. ക്ഷത്രിയന്ന് വിജയത്തിലാണ് വൃത്തി നില്ക്കുന്നത്. അധർമ്മമോ ധർമ്മമോ എന്ന ചിന്ത സ്വന്തം കടമ നിർവ്വഹിക്കുന്നതിൽ സ്വീകാര്യമല്ല. സൂതൻ ചമ്മട്ടികൊണ്ടു വിചാരിച്ചേടത്തെത്തിക്കുന്നവിധം, രാജാവ് ജ്വലിക്കുന്ന ശത്രുസമ്പത്തു ഹരിക്കുവാൻ, ഒളിവായോ വെളിവായോ ശത്രുവിനെ ബന്ധിക്കണം. ശസ്ത്രവിജ്ഞന്മാർ പറയുന്നു ശസ്ത്രച്ഛേദനമല്ല ശസ്ത്രമെന്ന്. ശത്രുമിത്രങ്ങൾ ഇന്നവരാണെന്നൊന്നും എഴുതി ആരുംവെച്ചിട്ടില്ല. സന്താപം ആര് നല്കുന്നു അവൻ ശത്രുവാണ്. അസംതൃപ്തികൊണ്ടേ ശ്രീ ലഭിക്കയുള്ളു. അതിനാൽ ഞാൻ അസംതൃപ്തനായിരിക്കാൻ ആഗ്രഹിക്കുന്നു. വളരാനുദ്യമിക്കുന്നവനാണ്, രാജാവേ, നയശാലി. ഐശ്വര്യത്തിലും ധനത്തിലും മമത്വം (എന്റേതു എന്ന ചിന്ത)

digitized by www.sreyas.in

കരുതിപ്പോകരുത്. എന്തെന്നാൽ, ഒരാൾ നേടിയ സമ്പത്ത് മറ്റൊരാൾ അപഹരിച്ചെന്നുവരും. രാജധർമ്മം അങ്ങനെയാണ്. പരസ്പരം ദ്രോഹിക്കയില്ല എന്ന നിശ്ചയം ചെയ്ത ശേഷമാണ് ശക്രൻ നമുചിയുടെ ശിരസ്സറുത്തത്. അതാണ് നമുക്ക് ഉദാഹരണം. ശത്രുവിൽ എന്നും പ്രയോഗിക്കുവാൻ പറ്റിയ സനാതനമായ മാർഗ്ഗമാണ് അതെന്ന് അറിയാവുന്നതുകൊണ്ടാണ് ഇന്ദ്രനങ്ങനെ ചെയ്തത്. ചുണ്ടെലി മുതലായ അളകളിൽ ജീവിക്കുന്ന ജീവികളെ സർപ്പംവിഴുങ്ങുന്നതുപോലെ ഭൂമി രണ്ടുപേരെ ഗ്രസിച്ചുകളയുന്നു; എതിർക്കാത്ത രാജാവിനേയും വീട്ടിൽനിന്നു പുറത്തിറങ്ങാത്ത ബ്രാഹ്മണനേയും! ആരും ജന്മനാ ആരുടെയും ശത്രുവല്ല. ഒരേ കാര്യത്തിൽ താത്പര്യമുള്ളവരാണ് പരസ്പരം ശത്രുക്കൾ; മറ്റാരുമല്ല. ശത്രുപക്ഷം വർദ്ധിക്കുന്നതു കണ്ടു മിണ്ടാതിരുന്നാൽ അവന്ന് അതു സമൂലം നശിപ്പിക്കുന്ന രോഗമായിത്തീരും. വൈരി ചെറിയവനായാലും വിക്രമംകൊണ്ട് വലുതായാൽ, വേരിൽപ്പറ്റുന്ന ചിതൽ മരത്തെയെന്നപോലെ, വിഴുങ്ങിക്കളയും. ഹേ, ആജമീഢാ! ശത്രുസമ്പത്തു കണ്ട് ഭവാൻ രസിക്കരുത്. ബുദ്ധിമാന്മാർ തലയ്ക്ക് ഏറ്റുന്ന ഭാരമായ നയമായേ അതിനെക്കാണൂ. അർത്ഥവൃദ്ധി കാംക്ഷിക്കുന്നവൻ ബന്ധുക്കളുടെയിടയിൽ, ജന്മശേഷം ശരീരം എന്നപോലെ, വളർന്നു വലുതാകും. വിക്രമത്താൽ മാത്രമേ അഭിവൃദ്ധിയുണ്ടാകൂ. പാണ്ഡവന്മാരുടെ ശ്രീ ഞാൻ ആഗ്രഹിക്കുന്നു. ഇനിയും എനിക്കതു നേടാൻ കഴിഞ്ഞിട്ടില്ല. ഞാൻ എന്റെ കഴിവിൽ സംശയാലുവാണ്. ആ ശ്രീ നേടുകയോ അല്ലെങ്കിൽ പോരിൽ ചത്തുവീഴുകയോ രണ്ടാലൊന്ന് ആയിക്കൊള്ളട്ടെ! ഇപ്പോൾ ഈ നിലയിൽ ഞാൻ ജീവിച്ചിരിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? പാണ്ഡവന്മാർ അങ്ങനെ വളരുന്നു! നമ്മളുടെ വൃദ്ധിയോ, വളർച്ചയറിയാതെയുമിരിക്കുന്നു."

56. യുധിഷ്ഠിരാനയനം – ശകുനി പറഞ്ഞു: "പാണ്ഡുപുത്രനായ ധർമ്മപുത്രനിൽ ഏതു സമ്പത്തുകണ്ടാണോ ദുര്യോധനാ! നീ ദുഃഖിക്കുന്നത്, അതൊക്കെ ഞാൻ ചൂതിൽ ജയിച്ചു നിനക്കുവേണ്ടി നേടാം. അതുകൊണ്ടു വേഗം ധർമ്മപുത്രനെ നീ ചൂതിന്നു വിളിച്ചുവരുത്തുക. ഞാൻ അക്ഷത്താൽ അക്ഷതനായി, വിദ്വാൻ വിദ്വാനല്ലാത്തവനെ ജയിക്കുന്നത് ഇപ്പോൾ കാണിച്ചുതരാം. [1]ഗ്ലഹങ്ങളാണ് എന്റെ വില്ല്, അക്ഷങ്ങളാണ് ശരങ്ങൾ, [2]അക്ഷഹൃദയമാണ് എന്റെ ഞാൺ, തേര് ചൂതുകളിസ്ഥലമാണ്."

ദുര്യോധനൻ പറഞ്ഞു: "അക്ഷജ്ഞനായ അമ്മാവൻ ചൂതാട്ടത്തിൽ പാണ്ഡുപുത്രന്റെ സമ്പത്തിനെ നേടുവാൻ മുതിരുന്നു. അങ്ങ് അതിന്ന് അനുവാദം നല്കിയാലും!"

ധൃതരാഷ്ട്രൻ പറഞ്ഞു: "മഹാനും ഭ്രാതാവുമായ വിദുരൻ പറയുന്ന മട്ടിലാണ് ഞാൻ കാര്യങ്ങൾ നടത്തുന്നത്. അവനുമായി ഒന്നു ചിന്തിച്ച് ഇക്കാര്യത്തിൽ ഞാൻ ഒരു തീരുമാനത്തിലെത്തിയതിന്നുശേഷം പറയാം."

ദുര്യോധനൻ പറഞ്ഞു: "അങ്ങനെയാണെങ്കിൽ യാതൊരു സംശയവുമില്ല, വിദുരൻ തീർച്ചയായും ഭവാന്റെ മനസ്സിനെ മാറ്റും. അവൻ പാണ്ഡവന്മാർക്ക് ഹിതംചെയ്യുന്നവനാണ്. നമുക്ക് ഹിതം ചെയ്യാത്തവനുമാണ്. അന്യന്റെ ഉപദേശം ഉപയോഗപ്പെടുത്തി സ്വന്തം കാര്യം ധീരപുരുഷന്മാർ ചെയ്യുവാൻ തുടങ്ങുകയില്ല. ഒരു കാര്യത്തിൽ രണ്ടുപേരുടെ അഭിപ്രായം യോജിച്ചുവരികയില്ല. പേടിച്ച് ഒഴിഞ്ഞ് ആത്മരക്ഷനോക്കുന്ന ജളൻ, മഴ നനഞ്ഞ പ്രാണിയെപ്പോലെ അവിടെനിന്ന് നശിക്കും. ശ്രേയസ്സു വന്നെത്തുന്നതുവരെ വ്യാധിയും, യമനും കാക്കുന്നതല്ല, കെല്പുള്ളപ്പോൾത്തന്നെ വേണം ശ്രേയസ്സ് നേടുവാൻ."

ധൃതരാഷ്ട്രൻ പറഞ്ഞു: "മകനേ! ബലവാന്മാരുമായുള്ള വൈരം നന്നെന്നെനിക്കു തോന്നുന്നില്ല. വൈരമനോഭാവം മാറ്റുക. * അനായസമായ ശസ്ത്രമാണ് അത്. നീ ചിന്തിക്കുന്നത് അനർത്ഥമായ അർത്ഥത്തെയാണ്. അത് ഘോരമായ കലഹത്തിന്റെ മാർഗ്ഗമാണ്. അത് വന്നുകൂടുന്നതായാൽ പിന്നെ അത് തീക്ഷ്ണമായ ഖഡ്ഗവും ശരങ്ങളുമാണ് വർഷിക്കുക."

ദുര്യോധനൻ പറഞ്ഞു: "ചൂതിൽ പണ്ടുള്ളവരും ഏർപ്പെട്ടതായി കേട്ടിട്ടുണ്ട്. അതുകൊണ്ട് ക്ഷയവും യുദ്ധവുമൊന്നും സംഭവിച്ചിട്ടുമില്ല. അങ്ങ് അമ്മാവൻ പറഞ്ഞ കാര്യം കൈക്കൊള്ളുക. നമുക്ക് ദോഷം പറ്റുന്നതൊന്നും അമ്മാവൻ പറഞ്ഞുതരികയില്ല. സഭ തീർക്കുവാൻ ഉടനെ അങ്ങ് കല്പിക്കുക. കളിക്കുന്നതായാൽ നമുക്ക് മെച്ചമാണ്. ഇതിൽ ഏർപ്പെടുന്നവർക്കെല്ലാം അത് സുഖദ്വാരവുമാണ്. രണ്ടു കക്ഷിക്കും ഇപ്പറഞ്ഞതെല്ലാം ഒപ്പമാണ്. അതുകൊണ്ട് ഇനി കുന്തീപുത്രരുമായി ഉടനെ ചൂതിന്ന് ഒരുങ്ങട്ടെ!"

ധൃതരാഷ്ട്രൻ പറഞ്ഞു: "നിന്റെ വാക്ക് എനിക്ക് പിടിക്കുന്നില്ല. നീ നിന്റെ ഇഷ്ടംപോലെ നടന്നുകൊള്ളുക! നിന്റെ ഇപ്പോഴത്തെ അഭിപ്രായംപോലെ ചെയ്യുകയാണെങ്കിൽ പശ്ചാത്താപത്തിന്നിടവരും. ഇത് ധർമ്മ്യമാവുകയുമില്ല. വിദ്വാനും, സത്യത്തിന്റെയും ബുദ്ധിയുടെയും മാർഗ്ഗത്തിൽ നടക്കുന്നവനുമായ വിദുരൻ ഇതൊക്കെ മുമ്പെ കണ്ടുകഴിഞ്ഞു. നമുക്ക് ക്ഷത്രിയജീവഘാതിയായ മഹാഭയം, ആപത്ത്, വന്നുകൂടുകയാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മനീഷിയായ ധൃതരാഷ്ട്രൻ വിധി ദുസ്തരമാണെന്നുകണ്ട്, വരുന്നതുവരട്ടെ എന്നു വിചാരിച്ച്, പുത്രൻ പറഞ്ഞ വാക്കു കേട്ട്, ദൈവേച്ഛയാൽ പ്രമൂഢനായി ഭൃത്യന്മാരോട് ഇപ്രകാരം ഉറക്കെ ആജ്ഞാപിച്ചു. 'ആയിരം തൂണുകളോടുകൂടി സ്വർണ്ണം, രത്നം ഇവയാൽ വിചിത്രമായ നൂറു വാതിലുകളോടും, സ്ഫടികതോരണത്തോടുംകൂടി ഒരു ക്രോശം നീളവും വീതിയുമുള്ള ഒരു മഹാസഭ വേഗം ശില്പികൾ ഉണ്ടാക്കട്ടെ' എന്ന്. കല്പനപ്രകാരം വേഗത്തിൽ സഭ പ്രാജ്ഞരായ ശില്പികൾ ഉത്സാഹത്തോടെ നിർമ്മിച്ചു. ശില്പജ്ഞരായ പണിക്കാർ അനവധി ദ്രവ്യങ്ങൾ വേണ്ടുവോളം ഉപയോഗപ്പെടുത്തി കുറച്ചുദിവസംകൊണ്ട രത്നഖചിതമായി, പണിഭംഗിയായി കഴിച്ചശേഷം വേണ്ടുവോളം സ്വർണ്ണാസനങ്ങളും നിരത്തി ധൃതരാഷ്ട്രനെ വിവരം അറിയിച്ചു. ഉടനെ വിദ്വാനും, തന്റെ മന്ത്രിയുമായ വിദുരനെ വിളിച്ച് ധൃതരാഷ്ട്രരാജാവ്, 'രാജപുത്രനായ യുധിഷ്ഠിരനെ എന്റെ കല്പനപ്രകാരം ഇവിടേക്കു കൂട്ടിക്കൊണ്ടുവരിക' എന്ന് കല്പിച്ചു. 'ശയ്യാസനോപബർഹങ്ങളോടുകൂടിയതും, രത്നങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ട് പ്രശോഭിക്കുന്നതുമായ സഭ ധർമ്മപുത്രൻ ഭ്രാതാക്കളോടുകൂടെ വന്നു കാണട്ടെ! പിന്നെ സുഹൃദ്ദ്യൂതവും ചെയ്തുകൊള്ളട്ടെ! എന്നു പറഞ്ഞു."

57. യുധിഷ്ഠിരാനയനം (തുടർച്ച) – വൈശമ്പായനൻ പറഞ്ഞു: "പുത്രന്റെ ഹിതത്തിന്നുവേണ്ടി ധൃതരാഷ്ട്രരാജാവ് 'ദൈവം ദുസ്തരമാണെ' ന്ന് ചിന്തിച്ച് അങ്ങനെ ആജ്ഞാപിച്ചു. രാജാവിന്റെ ആജ്ഞ ലംഘിക്കരുതല്ലോ. വിദുരൻ പോകാനൊരുങ്ങി. എങ്കിലും അന്യായമായ വാക്കുകേട്ട് പണ്ഡിതോത്തമൻ ഭ്രാതാവിന്റെ വാക്കിനെ അഭിനന്ദിച്ചില്ല. അദ്ദേഹം ഉടനെ ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഭവാന്റെ ആജ്ഞ ഞാൻ അഭിനന്ദിക്കുന്നില്ല. ഞാൻ ഭയപ്പെടുന്നു. കുലനാശകരമായ ഈ ദ്യൂതം ലോകം മുടിക്കും. തമ്മിൽത്തെറ്റി പുത്രന്മാർ കലഹിക്കും! ദ്യൂതത്തിൽ അത് തീർച്ചയായും സംഭവിക്കും! രാജാവേ! അക്രമത്തിന്ന് ഒരുങ്ങരുത്."

ധൃതരാഷ്ട്രൻ പറഞ്ഞു: "യാതൊരാപത്തും സംഭവിക്കുകയില്ല. ക്ഷത്താവേ, ദൈവം തെറ്റിനില്ക്കാതിരുന്നാൽ മതി! വിധിയുടെ കല്പനമൂലം ദൈവത്തിന്റെ വശത്തിലാണ് വിശ്വം നടക്കുന്നത്. ഒന്നും സ്വതന്ത്രമല്ല. എല്ലാം ആ മഹാശക്തിയുടെ ഇഷ്ടം!

1. പന്തയവസ്തുക്കൾ.

2. അക്ഷത്തിന്മേലുള്ള അടയാളങ്ങൾ

* ഇരുമ്പുകൊണ്ടുണ്ടാക്കാത്ത

digitized by www.sreyas.in

അതുകൊണ്ട് വിദുരാ! നീ ചെന്ന് എന്റെ കല്പനപ്രകാരം ഉടനെ ദുർദ്ധർഷനായ യുധിഷ്ഠിരനെ കൂട്ടിക്കൊണ്ടുവരൂ!"

58. യുധിഷ്ഠിരസഭാഗമനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ വിദുരൻ നല്ല അശ്വങ്ങളെ കെട്ടിയ തേരിൽക്കയറി, ധൃതരാഷ്ട്രന്റെ നിരാകരിക്കാൻവയ്യാത്ത കല്പന കൈക്കൊണ്ട്, മനീഷികളായ പാണ്ഡവന്മാരുടെ സമീപത്തിൽ ചെന്നെത്തി. വിദുരൻ രാജധാനിയിൽച്ചെന്നു വിപ്രപൂജകൈക്കൊണ്ട് അകത്തു പ്രവേശിച്ചു. കുബേരന്റെ ആലയംപോലെയുള്ള രാജഗൃഹത്തിൽ പ്രവേശിച്ച് യുധിഷ്ഠിരനെ ചെന്നു കണ്ടു. സത്യവ്രതനായ യുധിഷ്ഠിരൻ വിദുരനെ പൂജിച്ച് സ്വീകരിച്ച്, പുത്രന്മാരോടുകൂടി ധൃതരാഷ്ട്രൻ സുഖമായിരിക്കുന്നില്ലേ എന്ന് കുശലം ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ക്ഷത്താവേ, ഭവാൻ എന്താണ് വ്യസനഭാവത്തിൽ ഇരിക്കുന്നത്? അത്യാപത്തൊന്നും ഹസ്തിനപുരത്തിൽ നടന്നിട്ടില്ലല്ലോ! എല്ലാവർക്കും ക്ഷേമംതന്നെയല്ലേ? മക്കളൊക്കെ വൃദ്ധന്റെ പാട്ടിൽ നില്ക്കുന്നില്ലേ? കീഴ്‌രാജാക്കളെല്ലാം അധീനത്തിലല്ലേ? അത്തരം കുഴപ്പങ്ങളൊന്നുമില്ലല്ലോ?"

വിദുരൻ പറഞ്ഞു: "രാജാവ് ഇന്ദ്രതുല്യനായി പുത്രന്മാരോടുകൂടി സുഖമായി വാഴുന്നു! ആത്മനിഷ്ഠനും വരിഷ്ഠനുമായി പുത്രഗുണങ്ങളൊക്കെ അനുകൂലിച്ച് സുഖമായി വർത്തിക്കുന്നു. കുരുരാജാവ് ഭവാനോടുണർത്തിക്കുവാൻ ഒരു സന്ദേശം ഞാൻ മുഖേന പറഞ്ഞറിയിച്ചിരിക്കുന്നു. കുശലപ്രശ്നാനന്തരം ഇപ്രകാരം പറയാണമെന്ന്."

ധൃതരാഷ്ട്രൻ പറഞ്ഞു: "നിന്റെ ഭ്രാതാക്കൾക്ക് ഒരു സഭ ഞാൻ പണിയിച്ചിരിക്കുന്നു. അതു നിന്റെ സഭയ്ക്ക് ഒത്തുതന്നെയാണ്. അത് ഒന്നു വന്നുകാണുക. ഉണ്ണീ! അതിൽ വന്ന് ഭ്രാതാക്കളോടു ചേർന്ന് സാഹൃത്ദ്യൂതംചെയ്ത് രമിക്കുക. നിങ്ങളുമായിച്ചേരുന്നത് ഞങ്ങൾക്ക് വളരെ സന്തോഷമാണ്. കൗരവന്മാർ എല്ലാവരുംചേർന്ന് സന്തോഷിക്കട്ടെ."

വിദുരൻ പറഞ്ഞു: "മഹാത്മാവായ ധൃതരാഷ്ട്രരാജാവ് ചൂതിൽക്കൂട്ടുന്ന * കിതവന്മാരെ അപ്പോൾ അങ്ങയ്ക്കു കാണാം. അവർ എല്ലാം അവിടെ അങ്ങയുടെ വരവ് കാത്തിരിക്കുകയാണ്. അതാണ് ഞാൻ വന്നത്. രാജാവേ, ക്ഷണം സ്വീകരിക്കുക."

യുധിഷ്ഠിരൻ പറഞ്ഞു: "ചൂതിൽ കലഹം ഉണ്ടാവാതിരിക്കയില്ല. ഏതു ബുദ്ധിമാൻ ഈ ദ്യൂതം സമ്മതിക്കും? ഭവാന് ഈ ദ്യൂതം യുക്തമാണെന്നു തോന്നുന്നുണ്ടെങ്കിൽ ഞങ്ങൾ സ്വീകരിക്കാം. ഞങ്ങളെല്ലാം ഭവാന്റെ ചൊല്പടിയിൽ നില്ക്കുന്നവരാണ്."

വിദുരൻ പറഞ്ഞു: "ചൂത് അനർത്ഥത്തിന്റെ വിത്താണെന്നുതന്നെ ഞാൻ കാണുന്നു. അത് ഇല്ലാതാക്കാൻ ഞാൻ വളരെ പരിശ്രമിച്ചു! ഫലമുണ്ടായില്ല. രാജാവ് എന്നെ ഭവാന്റെ അടുത്തേക്ക് അയയ്ക്കുകയാണ് ചെയ്തത്. ഹേ മഹാശയാ! എന്നെ ഏല്പിച്ച കല്പന ഞാൻ ഇതാ നിർവ്വഹിക്കുന്നു. ഭവാൻ ചിന്തിച്ച് നന്മയ്ക്ക് വേണ്ടവിധം ചെയ്യുക."

യുധിഷ്ഠിരൻ പറഞ്ഞു: "ധാർത്തരാഷ്ട്രന്മാരൊഴികെ മറ്റു വല്ലവരുമുണ്ടോ നമ്മോടു ചൂതുകളിക്കുവാൻ? ഭവാൻ അറിവുള്ളതു പറയൂ. ഞാൻ ആരോടാണ് നൂറുകണക്കിന്ന് പന്തയംവച്ചു കളിക്കേണ്ടത്?"

വിദുരൻ പറഞ്ഞു: "ഗാന്ധാരരാജാവായ ശകുനി. അവൻ രാജാക്കന്മാരിൽ ഏറ്റവും യോഗ്യനായ അക്ഷജ്ഞനാണ്; കൃതഹസ്തനായ കളിക്കാരനാണ്. പിന്നെ വിവിംശതി, ചിത്രസേനൻ, സത്യവ്രതൻ, പുരുമിത്രൻ, ജയൻ ഈ രാജാക്കന്മാരൊക്കെയുണ്ട്."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാഭയങ്കരന്മാരായ കിതവന്മാർ നിരന്ന് കള്ളച്ചൂതു കളിക്കാൻ തയ്യാറായി അവിടെ ഇരിക്കുകയാണ്! ധാതാവിന്റെ ഹിതത്താൽ ദൈവത്തിന്ന് അധീനമായി വിശ്വം നടക്കുന്നു. ഒന്നും സ്വതന്ത്രമല്ല! രാജേന്ദ്രനായ ധൃതരാഷ്ട്രന്റെ ആജ്ഞപ്രകാരം ഞാൻ ചൂതിന്നു പോകാതിരിക്കയില്ല! ഹേ കവേ! മകന്ന് അച്ഛൻ എന്നും പ്രിയപ്പെട്ടവനാണ്! വിദുരാ! ഭവാൻ പറഞ്ഞവിധം ഞാൻ ചെയ്യാം. ഞാൻ ശകുനിയുമായി കളിക്കുകയില്ല. എന്നാൽ അവൻ എന്നെ വെല്ലുവിളിച്ചാൽ ഞാൻ പിന്മാറുകയുമില്ല! അത് എന്റെ ജീവിതവ്രതമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മരാജാവ് ക്ഷത്താവോടു പറഞ്ഞ്, യാത്രയ്ക്കുള്ള ഒരുക്കംകൂട്ടി. പിറ്റേന്നാൾ എല്ലാ അനുയായികളോടും, ഗണങ്ങളോടും, ദ്രൗപദി തുടങ്ങിയ സ്ത്രീജനങ്ങളോടുംകൂടെ പുറപ്പെട്ടു. "അത്യുഗ്രതേജസ്സോടുകൂടെ വീഴുന്ന വസ്തു കണ്ണിനെ എന്നപോലെ, ദൈവം നമ്മെ പ്രജ്ഞാശൂന്യരാക്കിത്തീർക്കുന്നു; മനുഷ്യൻ കയറുകൊണ്ടു ബന്ധിക്കപ്പെട്ടപോലെ ധാതാവിന്റെ അധീനത്തിൽ എന്നും സ്ഥിതിചെയ്യുന്നു," എന്നു പറഞ്ഞ് ക്ഷത്താവിനോടുകൂടി ധൃതരാഷ്ട്രന്റെ ക്ഷണത്തെപ്പറ്റി കൂടുതൽ ചിന്തിക്കാതെ യാത്രയായി. ബാൽഹീകരാജാവ് കൊടുത്ത രഥത്തിൽ അരിന്ദമനായ ചക്രവർത്തി പരിച്ഛദങ്ങളോടും ഭ്രാതാക്കളോടുംകൂടെ പുറപ്പെട്ടു. രാജശ്രീയാൽ ജ്വലിക്കുന്ന അവൻ ബ്രഹ്മപുരസ്സരനായി ധൃതരാഷ്ട്രനൃപന്റെ ആഹ്വാനം കേട്ട്, കാലത്തിന്റെ നിശ്ചയം അനുസരിച്ച്, ഹസ്തിനാപുരിയിൽ ധൃതരാഷ്ട്രമന്ദിരത്തിൽ ചെന്നെത്തി. ധാർമ്മികനായ പാണ്ഡുപുത്രൻ ധൃതരാഷ്ട്രനെ ചെന്നു കണ്ടു. ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ദ്രൗണി എന്നിവരോട് യഥായോഗ്യം രാജാവ് ചേർന്ന് സന്തോഷിച്ചു. സോമദത്തനോടും, ദുര്യോധനനോടും, ശല്യനോടും, ശകുനിയോടും, വീരനായ ദുശ്ശാസനനോടും, സർവ്വഭ്രാതാക്കളോടും, ജയദ്രഥനോടും, പിന്നെ സർവ്വകൗരവന്മാരോടും ചേർന്ന് സസന്തോഷം ധീമാനായ ധൃതരാഷ്ട്രന്റെ ഗൃഹത്തിൽ ചെന്നുകയറി. അവിടെ പതിവ്രതയായ ഗാന്ധാരീദേവിയെ കണ്ടു സ്നുഷകളുടെ മദ്ധ്യത്തിൽ, താരകാമദ്ധ്യത്തിൽ രോഹിണിയെന്നവിധം, അവർ ശോഭിക്കുന്നു. ഗാന്ധാരിയെ കൈകൂപ്പി പ്രതിവന്ദനം ഏറ്റ് പ്രജ്ഞാചക്ഷുസ്സായ രാജാവിനെ കണ്ടു. നൃപൻ ആ കൗരവകുമാരന്മാരെ മൂർദ്ധാവിൽ ചുംബിച്ചു ഭീമസേനാദ്യന്മാരായ നാല് പാണ്ഡവന്മാരേയും ധൃതരാഷ്ട്രൻ സസ്നേഹം മൂർദ്ധാവിൽ ഘ്രാണിച്ചു. എല്ലാവർക്കും സന്തോഷമായി. പ്രിയദർശനരായ പാണ്ഡുപുത്രന്മാരെ കണ്ടപ്പോൾ എല്ലാവർക്കും ആഹ്ലാദമായി. അവർ സാനുവാദം രത്നഗൃഹങ്ങളിൽ പ്രവേശിച്ചു. അവിടെ ദുശ്ശളയുടെകൂടെ കൗരവനാരിമാർ അവരെ ചെന്നു കണ്ടു. പാഞ്ചാലിയുടെ ജ്വലിക്കുന്ന ഐശ്വര്യപുഷ്ടി കാണുകയാൽ ധൃതരാഷ്ട്രസ്നുഷകളുടെ സന്തോഷം തെല്ലൊന്ന് ഇടിഞ്ഞു. പിന്നെ ആ പുരുഷേന്ദ്രന്മാർ മഞ്ജുഭാഷിണികളായ സ്ത്രീകളോട് സംസാരിച്ചിരുന്നു. അതിന്നുശേഷം വ്യായാമാദികളായ കൃത്യങ്ങളും പ്രതികർമ്മങ്ങളും ചെയ്തു. അനന്തരം അലങ്കരിച്ച് അഗ്നികർമ്മങ്ങൾ ചെയ്തശേഷം അവർ ദിവ്യമായ ചന്ദനംചാർത്തി, കല്യാണാശംസയോടുകൂടി, വിപ്രരുടെ ആശീർവ്വാദമേറ്റ്, ഹൃദ്യമായ ഭക്ഷണം കഴിച്ച്, ശയ്യാഗാരത്തിൽക്കയറി; സ്ത്രീകൾ പാടുന്ന മനോജ്ഞഗാനങ്ങൾ കേട്ടുകിടന്നു. അവരുമായി സംഗംചെയ്ത് ആ പരപുരഞ്ജയർ പ്രീതരായി. അങ്ങനെ അന്നത്തെ രാത്രി രതിക്രീഡയോടുകൂടി അവർ സുഖമായി കഴിച്ചു. സ്തുതി കേട്ടും, വിശ്രമിച്ചും പ്രഭാതത്തിൽ അവർ ഉണർന്നു. രാവിൽ സൗഖ്യമായി കഴിഞ്ഞ്, അവർ പ്രഭാതത്തിൽ അഗ്നിയെ അർച്ചിച്ച് രമ്യമായ സഭയിൽ പ്രവേശിച്ചു. * കിതവന്മാർ അവരെ അഭിനന്ദിച്ചു."

59. യുധിഷ്ഠിര ശകുനി സംവാദം – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻമുമ്പായ പാർത്ഥന്മാർ സഭയിൽ പ്രവേശിച്ച് രാജാക്കന്മാരെ സമീപിച്ചു. പൂജ്യന്മാരെ പൂജിച്ച് വയഃക്രമാചാരപൂർവ്വം അവർ യഥാർഹം വിലയേറിയ വിചി[illegible]വിരിപ്പുകളാൽ അലംകൃതമായ രമ്യാസനങ്ങളിൽ ഇരുന്നു. [illegible] ഇരുന്ന

* കിതവൻ = നുണ പറയുന്നവൻ; കള്ളക്കളിക്കാരൻ.

* ചൂതാട്ടക്കാർ എന്നും വഞ്ചകന്മാർ എന്നു[illegible] അവരുടെ പ്രശംസ ഹൃദയപൂർവ്വകമായിരുന്നില്ല എന്നു സൂചന.

digitized by www.sreyas.in

പ്പോൾ എല്ലാ രാജകുമാരന്മാരും ഇരുന്നു. അ പ്പോൾ സൗബല നായ ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

ശകുനി പറഞ്ഞു: "സഭയിൽ ഇതാ എല്ലാവരും അങ്ങയെ കാക്കുന്നു! ചൂതു കളിക്കുവാൻ ഹേ,! യുധിഷ്ഠിരാ! ഭവാൻ ഒരുങ്ങുക!"

യുധിഷ്ഠിരൻ പറഞ്ഞു: "ചതിയിലുള്ള ചൂതുകളി പാപമാണ്. അതിൽ ക്ഷാത്രമായ പരാക്രമം ഇല്ല. ശാശ്വതമായ നീതിയും അതിലില്ല. എന്താണ് ഇപ്രകാരമുള്ള ചൂതനെ ഭവാൻ വാഴ്ത്തുന്നത്? കള്ളച്ചൂതുകൊണ്ടുള്ള മാനത്തെ കിതവന്മാരൊഴികെ മറ്റാരും പ്രശംസിക്കാറുമില്ല. എടോ ശകുനി! ക്രൂരമായ വിധം താങ്കൾ എന്നെ ദുർമ്മാർഗ്ഗത്തിൽ, നൃശംസനെപ്പോലെ, ജയിക്കരുത്."

ശകുനി പറഞ്ഞു: "വിവേകമുള്ളവനും, ചതി കാണുന്നവനും, അക്ഷപ്രയോഗാശയം അറിയുന്നവനും, ദക്ഷനും, മഹാശയനും, കിതവാനും (ചൂതാളി) ആയ ദ്യൂതവിജ്ഞൻ എല്ലാ ക്രിയയ്ക്കും സമർത്ഥനാകും. അക്ഷഗ്ലഹം നമ്മൾക്ക് തോൽവിയും ജയവും തരുന്നു. അതുകൊണ്ടാണ് ദ്യൂതം അധർമ്മമായി കണക്കാക്കുന്നത്. അതിൽ ഒട്ടും തെറ്റില്ല പാർത്ഥാ! ശങ്കിക്കയേ വേണ്ട. നമ്മൾക്കു കളിക്കാം. വൈകേണ്ട. പന്തയംവെക്കൂ രാജാവേ."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ശകുനീ, ലോകോദ്ധാരണത്തിന്നായി സർവ്വദാ ഉപദേശിക്കുന്ന മുനിസത്തമനും, അസിതപുത്രനുമായ ദേവലൻ പറഞ്ഞിട്ടുണ്ട്, ചൂതുകളിയിൽ കള്ളക്കളി കളിക്കുന്നതു പാപമാണെന്ന്. യുദ്ധത്തിൽ ജയിക്കുന്നത് ധർമ്മത്താലാണ്. അങ്ങനെയല്ല ചൂതുകളിയിൽ. ആര്യന്മാർ ഒരിക്കലും മ്ലേച്ഛന്മാരെപ്പോലെ നീചഭാഷയിൽ സംസാരിക്കുകയില്ല. അവരെപ്പോലെ ചതിയായി പെരുമാറുകയുമില്ല. ശഠമല്ലാതേയും, ചതിയില്ലാതേയുമുള്ള യുദ്ധം സൽപുരുഷന്മാരുടെ വ്രതമാണ്. ബ്രാഹ്മണർക്കുവേണ്ടി ശക്തിപോലെ ഭരിക്കുവാൻ ഞങ്ങൾ ഉദ്യമിക്കുകയാണ്. ആ ദ്രവ്യം ഭവാൻ എന്നോടെതിർത്ത് കള്ളച്ചൂതിൽ തട്ടിയെടുക്കരുത്. അന്യന്റെ ധനം, ശത്രുവാണെങ്കിൽപ്പോലും, കളവായി തട്ടിയെടുക്കരുത്. ചതികൊണ്ടു ലഭിക്കുന്ന സുഖവും ധനവും ഞാൻ ആഗ്രഹിക്കുന്നില്ല. കിതവന്മാരുടെ തൊഴിൽ സജ്ജനങ്ങൾ ആദരിക്കുകയില്ല."

ശകുനി പറഞ്ഞു: "ശ്രോത്രിയൻ ജയിക്കാൻവേണ്ടി അശ്രോത്രിയനോട് എതിർക്കുന്നു. വിദ്വാൻ അവിദ്വാനോട് ഏല്ക്കുന്നു. വാഗ്വാദം കൊണ്ടുള്ള അവരുടെ ആ പോരാട്ടത്തെ അധർമ്മമോ, അന്യായമോ ആയി ആരും പറയുകയില്ല. അക്ഷശിക്ഷിതർ തമ്മിൽ ജയിക്കുവാൻ തന്നെയാണ് ധർമ്മജാ, ഇടയുന്നത്. അസ്ത്രജ്ഞാനമില്ലാത്തവനോട് അസ്ത്രജ്ഞൻ, ബലമില്ലാത്തവനോട് ബലവാൻ, ഇങ്ങനെ എല്ലാ തൊഴിലിലുമുണ്ട് വ്യാജവും വഞ്ചനയും. വിദ്വാൻ അവിദ്വാനോട് ഏല്ക്കുന്നത് ജനങ്ങൾ വ്യാജകർമ്മമാണെന്നു പറയുകയില്ല. ഇപ്രകാരം ഭവാൻ എന്നോട് ചൂതിൽ ഇടയുന്നത് തെറ്റാണെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ, ഞാൻ ചിതിക്കണമെന്ന് ഉദ്ദേശിക്കുകയാണെന്ന് തോന്നുന്നുങ്കിൽ ചൂതിൽനിന്നു പിന്മാറിക്കൊള്ളുക. ഭയമുണ്ടെങ്കിൽപ്പിന്നെ അതാണ് നല്ലത്. ചൂതിൽനിന്നു പിന്മാറിക്കൊള്ളുക."

യുധിഷ്ഠിരൻ പറഞ്ഞു: "വിളിച്ചാൽ പിൻതിരിയുകയില്ലെന്ന് എനിക്ക് ദൃഢമായ ഒരു വ്രതമുണ്ട്. വിധി ബലവാനാണ് രാജാവേ! ഞാൻ ദൈവത്തിന്റെ പാട്ടിൽ നില്ക്കുകയാണ്! ഈ യോഗത്തിൽ ഞാൻ ആരോടാണ് മത്സരിച്ചു കളിക്കേണ്ടത്? ആരാണ് പണയം വെക്കുവാൻ സന്നദ്ധൻ? അതറിഞ്ഞാൽ കളി തുടരാം."

ദുര്യോധനൻ പറഞ്ഞു: "രാജാവേ, ധനരത്നങ്ങൾ പണയത്തിനു നല്കുവാൻ ഞാനുണ്ട്. എന്റെപേർക്ക് എന്റെ അമ്മാവനായ ശകുനി കളിച്ചുകൊള്ളും."

യുധിഷ്ഠിരൻ പറഞ്ഞു: "അന്യന്റെപേർക്കു മറ്റൊരാൾ നടത്തുന്ന ചൂത് നിയമവിരുദ്ധമായി ഞാൻ കരുതുന്നു. ഹേ, പ്രാജ്ഞാ, അത് ഭവാൻ ഓർക്കണം! അതും ഞാൻ സമ്മതിച്ചു! എന്നാൽ തുടങ്ങുക തന്നെ!"

60. ദ്യൂതാരംഭം – വൈശമ്പായനൻ പറഞ്ഞു: "ചൂതിന്ന് ഒരുക്കമായ സമയത്ത്, ആ രാജാക്കന്മാരൊക്കെ ധൃതരാഷ്ട്രനെ മുമ്പിൽ നടത്തി, ആ സഭാസ്ഥലത്തിലെത്തി. ഭീഷ്മൻ, ദ്രോണൻ, കൃപൻ, മഹാമതിയായ വിദുരൻ ഇവർ ദുഃഖത്തോടെ പിന്നിൽ ഇരിപ്പുറപ്പിച്ചു. സിംഹത്തിനൊത്ത കഴുത്തുള്ളവരും ഓജസ്വികളുമായ രാജാക്കന്മാർ രമ്യവും വിചിത്രവുമായ സിംഹാസനങ്ങളിൽ കൂട്ടായും ഒറ്റയ്ക്കും ഇരുന്നു. രാജാക്കന്മാർ ഒത്തുചേർന്നപ്പോൾ ആ സഭ മഹാഭാഗരായ ദേവന്മാർ നിറഞ്ഞ സ്വർഗ്ഗം പോലെ ശോഭിച്ചു. അവരെല്ലാം വേദജ്ഞരും ശൂരന്മാരും ഭാസ്വരമൂർത്തികളുമായിരുന്നു. അതിന്നുശേഷം ദ്യൂതം ആരംഭിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഇതാ, കടൽ കടഞ്ഞെടുത്ത ഏറ്റവും വിലപിടിച്ച രത്നം! ഹാരത്തിൽ കോർത്തതും കനകം കൊണ്ടു കെട്ടിയതുമായ അനർഘമായ ഭൂഷണം! അങ്ങയ്ക്ക് അതിന് എതിരായ പന്തയമെന്താണെന്നു പറയുക, ധനംവെച്ചു കളിക്കുവാൻ."

ദുര്യോധനൻ പറഞ്ഞു: "എനിക്കു രത്നങ്ങൾ ധാരാളമുണ്ട്. ധനങ്ങളും ധാരാളമുണ്ട്. അതു ഞാൻ വെക്കുന്നു. എങ്കിലും അതോർത്തു ഞാനഹങ്കരിക്കുന്നില്ല. ഭവാൻ ഇതു കളിച്ചു നേടൂ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ അക്ഷദക്ഷനായ ശകുനി അക്ഷങ്ങളെ എടുത്തു കളിച്ച് 'ഞാൻ ജയിച്ചു! ജയിച്ചു!' എന്നു യുധിഷ്ഠിരനോടു പറഞ്ഞു!"

61. ദേവനം-യുധിഷ്ഠിരപരാജയം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ഉന്മത്താ! നിന്റെ ചതിപ്രയോഗത്താൽ ഞാൻ ഈ കളിയിൽ തോറ്റു. ശകുനേ! കളിക്കാം. ഇനിയും പരസ്പരം പന്തയംവെച്ച് നമുക്കു കളിക്കാം. ആയിരം സ്വർണ്ണനിഷ്കങ്ങൾ വെച്ചിട്ടുള്ള ഭണ്ഡാരങ്ങളുണ്ട്. ഒടുങ്ങാത്ത പൊന്നും വെള്ളിയും നിറച്ച അസംഖ്യം ഭണ്ഡാരങ്ങളുണ്ട്. ഇതാണ് രാജാവേ! നിന്നോടുള്ള എന്റെ പണയം."

വൈശമ്പായനൻ പറഞ്ഞു: "കുരവംശകരനായ ജ്യേഷ്ഠപാണ്ഡവനോടു ശകുനി പറഞ്ഞു."

ശകുനി പറഞ്ഞു: "ജയിച്ചു! ജയിച്ചു! ഈ കളിയിലും ഞങ്ങൾ തന്നെ ജയിച്ചു!"

യുധിഷ്ഠിരൻ പറഞ്ഞു: "ആയിരം രഥത്തിന്നു തുല്യമായതും, പുലിത്തോലിട്ട് ഉറപ്പോടുകൂടിയതും, നല്ല ചക്രവും രമ്യമായ ഉപസ്കരം എന്നിവയോടുകൂടിയതും, മനോഹരമായി കിങ്ങിണിജാലങ്ങൾ മുഴങ്ങുന്നതുമായ രാജരഥം, ഇങ്ങോട്ടു ഞങ്ങൾ പോന്ന വാഹനം, രഥങ്ങളിൽ ശ്രേഷ്ഠമായ ജൈത്രരഥം, പുണ്യമായ രഥം, മേഘത്തിന്റേയും സാഗരത്തിന്റേയും ഇരമ്പം കൂട്ടുന്നതും, കുരരിപ്പക്ഷിയുടെ നിറത്തിന്നു തുല്യമായ നിറമുള്ളതും, ലോകപ്രസിദ്ധമായ നല്ല കുതിരകൾ വലിക്കുന്നതും, ഭൂതലത്തിൽ ഒരിക്കലും അടിതൊടാതെ നില്ക്കുന്നതുമായ രാജരഥം, രാജാവേ, ഞാൻ പണയംവെക്കുന്നു! നീ കളിക്കൂ!"

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ പറഞ്ഞ ഉടനെ ശകുനി ഒരുങ്ങി. കള്ളക്കളികളിച്ച് 'ജയിച്ചു! ജയിച്ചു, ഞങ്ങൾ ജയിച്ചു എന്ന് യുധിഷ്ഠിരനോട് പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഇതാ പൊന്നണിഞ്ഞ ചമഞ്ഞ ഒരു ലക്ഷം ദാസികൾ. ശംഖുകൈവളയിട്ടവരും പതക്കം കെട്ടിയവരും, പുഷ്പഭൂഷണങ്ങൾ അണിഞ്ഞ് നല്ല വസ്ത്രവും ചന്ദനവും ചാർത്തിയവരും, രത്നങ്ങളും സ്വർണ്ണാഭരണങ്ങളും അണിയുന്നവരും, അറുപത്തിനാലു കലകളിലും സാമർത്ഥ്യമുള്ളവരും, സ്നാതകന്മാരിലും അമാത്യരിലും നൃപതിമാരിലും എന്റെ ആജ്ഞപ്രകാരം ആടിപ്പാടി ഭംഗിപറഞ്ഞ് ശുശ്രൂഷിക്കുന്നതിൽ കുശലകളുമായ അവരെ ഞാൻ പണയംവെച്ച് ഇപ്പോൾ ഇതാ നിന്നോടു കളിക്കുന്നു!"

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഒരുമ്പെട്ട് കള്ളക്കളി കളിച്ച്, 'ജയിച്ചു! ഞാൻ ജയിച്ചു' എന്നു ശകുനി യുധിഷ്ഠിര നോടു പറഞ്ഞു!"

യുധിഷ്ഠിരൻ പറഞ്ഞു: "ഇത്രതന്നെ ആയിരക്കണക്കിന്നു ദാസന്മാരും എനിക്കുണ്ട്. അവർ സമർത്ഥന്മാരും അനുസരണ മുള്ളവരും പട്ടുവസ്ത്രം ധരിച്ചവരും ചെറുപ്പക്കാരും ബുദ്ധിമാ ന്മാരും ദാന്തരും കുണ്ഡലമണ്ഡിതന്മാരും പാത്രവുമേന്തി ദിവാ രാത്രം പാന്ഥന്മാരെ ഊട്ടുന്നവരുമാണ്. അവരെ ഞാൻ പണയം വെയ്ക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് മനഃപൂർവ്വം കള്ള ച്ചൂതു കളിച്ച് 'ജയിച്ചു! ജയിച്ചു!' എന്ന് ശകുനി യുധിഷ്ഠിരനോട് പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എന്റെ ആയിരം മത്തഗജങ്ങൾ നില്ക്കന്നുണ്ട്. ഹേമമാലികളും പത്മികളുമായ ഇണങ്ങിയ രാജ വാഹങ്ങൾ പൊൻചങ്ങലയും കോപ്പുകളും അണിഞ്ഞവയും പോരിന്റെ ബഹളത്തിൽ കുലുങ്ങാത്തവയും നുകംപോലുള്ള നീണ്ട കൊമ്പുള്ളവയും എട്ടെട്ടു കരേണുക്ക (പിടിയാന) കളോ ടുകൂടിയവയും കാർകൊണ്ടൽപോലെ നിറമുള്ളവയും പുരം പിളർക്കുന്ന സ്വരമുള്ളവയുമായ ഉത്തമഗജങ്ങൾ! അവയെ ഞാൻ ഇപ്പോൾ പണയംവെക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ ശകുനി ചിരിച്ചുകൊണ്ട് ഒരുമ്പെട്ട് കള്ളക്കളിക ളിച്ച് 'ഞാൻ വീണ്ടും ജയിച്ചു! ജയിച്ചു, എന്നു യുധിഷ്ഠിരനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "അത്രതന്നെ തേരുകൾ, പൊൻത ണ്ടിൽ കൊടികെട്ടി, ഇണങ്ങുന്ന അശ്വങ്ങളെപ്പൂട്ടി, അതിലോരോ ന്നിന്നായി 'ആയിരം ശമ്പളക്കാർ' - യുദ്ധം ഉണ്ടായാലും ഇല്ലെ ങ്കിലും ശമ്പളം കൊടുത്തുവരുന്നവരായ ശമ്പളക്കാർ' - ചേർന്ന തുമായ തേരുകൾ, ഞാൻ നിന്നോടു കളിക്കുവാൻ പണയംവെ ക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞപ്പോൾ കൃതവൈരിയായ ആ ദുരാത്മാവ് കള്ളക്കളി കളിച്ച് 'ജയിച്ചു! ജയിച്ചു!' എന്ന് യുധിഷ്ഠിരനോട് പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "തിത്തിരിപ്പുള്ളിന്റെ നിറമുള്ള പൊന്നണിഞ്ഞ കുതിരകൾ! ഇവ പ്രീതിയോടെ ചിത്രരഥൻ ഗാണ്ഡീവധനുസ്സുള്ള അർജ്ജുനന്ന് നല്കിയതാണ്. യുദ്ധ ത്തിൽ തോറ്റ് അടങ്ങിയ അവൻ സന്തോഷത്തോടെ നല്കിയ വയാണ്. അവയെ ഞാൻ അങ്ങയോട് കളിക്കുവാൻ പന്തയംവെ ക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ കള്ളക്കളി കളിച്ച് ശകുനി ജയിച്ചു എന്ന് അവകാശപ്പെട്ട് അതും കൈയി ലാക്കി."

യുധിഷ്ഠിരൻ പറഞ്ഞു: "നല്ല തേരും വണ്ടികളും എന്റെ കൈയിൽ പതിനായിരമുണ്ട്. അവ പലമാതിരി വാഹനങ്ങൾ സജ്ജമായി, പൂട്ടിനില്ക്കുന്നു. എല്ലാ ദിക്കിൽനിന്നും വിളിച്ചുകൂ ട്ടിയ അറുപതിനായിരം, വിക്രമശാലികളും ഉണ്ട്. അവർ പാൽ കുടിക്കുന്നവരും, നല്ല ചോറ് കഴിക്കുന്നവരും, മാറ് വിരിഞ്ഞ വരുമായ വീരയോദ്ധാക്കളാണ്. ഇതെല്ലാംതന്നെ ഞാൻ പണ യംവെയ്ക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "അതു കേട്ടു മനഃപൂർവ്വം കള്ള ക്കളികളിച്ച് ശകുനി ജയിച്ചു എന്ന് യുധിഷ്ഠിരനോടു പറഞ്ഞു!"

യുധിഷ്ഠിരൻ പറഞ്ഞു: "താമ്രലോഹംകൊണ്ടു മൂടിവെച്ചി ട്ടുള്ള നാനൂറു നിധികളുണ്ട്. ഓരോന്നിലും അയ്യഞ്ചുകുടം സ്വർണ്ണമുണ്ട്. അനർഘമായി ശോഭിക്കുന്ന കാഞ്ചനമാണ് അവ. അത് എന്റെ പണയമാണ്! രാജാവേ, കളിക്കുക!"

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ അതും പണ യംവെച്ചു. ശകുനി കള്ളക്കളി കളിച്ച് ആ നിധികളും തട്ടിയെടുത്ത് ജയിച്ചു ജയിച്ചു എന്ന് യുധിഷ്ഠിരനോട് പറഞ്ഞു.

62. വിദുരഹിതവാക്യം – വൈശമ്പായനൻ പറഞ്ഞു: "സർവ്വാപഹാരിയായി ഘോരമായ ദ്യൂതം ഇപ്രകാരം നടക്കു മ്പോൾ എല്ലാ സംശയങ്ങളും ഇല്ലാതാക്കുവാൻ കഴിവുള്ള വിദു രൻ ധൃതരാഷ്ട്രനോട് ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "മഹാരാജാവേ, ഞാൻ പറയുന്നത് ഭവാൻ ധരിച്ചാലും! ചാകുവാൻ പോകുന്നവന് കഷായംമാതിരി ഭവാന് ഇതു രുചിക്കുകയില്ലെന്ന് എനിക്കറിയാം. പ്രസവിച്ചു വീണ ഉടനെ ദുര്യോധനൻ അശുഭസൂചകമായി കുറുക്കനെ പ്പോലെ ഉഗ്രമായി ഓരിയിട്ടു. പാപബുദ്ധിയായ അവൻ ഭാരത ന്മാരുടെ കുലത്തെ നശിപ്പിക്കുവാൻ തീർന്നവനാണ്. ഇപ്പോൾ ഇവൻ ഇതാ നാശഹേതുവായിത്തീർന്നിരിക്കുന്നു! അങ്ങ് വ്യാമോ ഹങ്ങൾകൊണ്ടു ഗൃഹത്തിൽ വാഴുന്ന കുറുക്കനെ കാണുന്നി ല്ല. ദുര്യോധനന്റെ ആകൃതിയിലാണ് ആ കുറുക്കൻ ഇവിടെ ജീവി ക്കുന്നത്. കവിയുടെ (ശുക്രന്റെ) വാക്കുകൾ എന്നിൽ നിന്ന് അങ്ങു കേൾക്കുക. തേൻ എടുക്കുന്നവൻ തേൻ കണ്ടെത്തിയാൽ കുണ്ടിലേക്കു വീഴുന്ന കഥ പിന്നെ ചിന്തിക്കുകയില്ല. കേറിച്ചെന്ന് അതിൽ മുഴുകും, എന്നിട്ടു ഗർത്തത്തിൽ വീഴും! അക്ഷദ്യൂതമ ത്തനായ ഇവൻ തേൻ കണ്ടവനെപ്പോലെ അന്ധാളിച്ചിരിക്കയാ ണ്. മഹാരഥന്മാരെ ദ്രോഹിക്കുന്ന ഇവൻ തന്റെ വീഴ്ച കാണു ന്നില്ല. ഹേ, മഹാപ്രാജ്ഞാ! ഞാൻ ഭോജരാജ്യത്തുണ്ടായ ഒരു കഥ പറയാം. തെറ്റു കണ്ട ഒരു പുത്രനെ അച്ഛൻ പ്രജകളുടെ ഹിത ത്തിന്നായി ഉപേക്ഷിച്ച കഥ നിങ്ങൾ കേൾക്കുവിൻ! യാദവാന്ധ കഭോജന്മാർ ഒന്നിച്ചുചേർന്ന് ആലോചിച്ച് കംസനെ ഉപേക്ഷി ച്ചു. അവരുടെ ഹിതപ്രകാരം കൃഷ്ണൻ അവനെ വധിച്ചു. അതിൽ എല്ല ബന്ധുജനങ്ങളും മോദിക്കുകയാണുണ്ടായത്. നൂറുവത്സരം അവർ സന്തോഷിച്ചു. അങ്ങയുടെ കല്പനപ്രകാരം രാജാവേ, സുയോധനനെ അർജ്ജുനൻ നിഗ്രഹിക്കട്ടെ! ഈ പാ പിയെക്കൊന്ന് കൗരവന്മാരൊക്കെ സന്തോഷിക്കട്ടെ! കാക്ക യെക്കൊടുത്തു മയിലിനെ വാങ്ങൂ. കുറക്കനെക്കൊടുത്ത് പുലി കളെ വാങ്ങുക! ദുര്യോധനന്നു പകരം പാണ്ഡവന്മാരെ വാങ്ങൂ! അങ്ങ് ദുഃഖക്കടലിൽ മുങ്ങരുത്! സന്തോഷത്തോടെ ചെയ്യുക. കുലത്തിനുവേണ്ടി ഒരുത്തനെ ഉപേക്ഷിക്കാം; ഗ്രമത്തിന്റെ നന്മ യ്ക്കുവേണ്ടി ഒരു കുലത്തെ ഉപേക്ഷിക്കാം; നാടിന്നുവേണ്ടി ഗ്രാമവും ഉപേക്ഷിക്കണം; തനിക്കുവേണ്ടി ഭൂമിയും ഉപേക്ഷിക്ക ണം. സർവ്വജ്ഞനും സർവ്വശത്രുഭയങ്കരനുമായ ശുക്രൻ ജംഭനെ ഉപേക്ഷിക്കുന്ന കാര്യത്തിൽ ദൈത്യരോട് ഇപ്രകാരം പറഞ്ഞു. സ്വർണ്ണം ഛർദ്ദിക്കുന്ന കാട്ടുപക്ഷികളെ ഒരു രാജാവ് സ്വഗൃഹ ത്തിൽ വന്നു പാർക്കുന്ന സമയത്ത് ലോഭംമൂലം കൊന്നുകള ഞ്ഞു. സുഖലോഭാന്ധനായ അവൻ സ്വർണ്ണം ഇച്ഛിച്ചാണ് ആ പാപം ചെയ്തത്. കിട്ടിക്കൊണ്ടിരുന്നതും, കിട്ടുവാൻപോകു ന്നതും എല്ലാം അതോടുകൂടി നശിച്ചു. പക്ഷിയുടെ ഉള്ള് കീറി നോക്കിയപ്പോൾ ഒരിടത്തും സ്വർണ്ണം കണ്ടില്ല. അതുകൊണ്ട് അർത്ഥകാമനായ നീ അപ്രകാരം പാർത്ഥന്മാരെ ദ്രോഹിക്കാതി രിക്കുക. വ്യാമോഹത്താൽ നീ ആ രാജാവിനെപ്പോലെ പശ്ചാ ത്തപിക്കേണ്ടിവരും. പാണ്ഡവന്മാരിൽനിന്നുണ്ടാകുന്ന പുഷ്പ ത്തെ നീ നേടുക! പൂങ്കാവിൽ മാലാകാരന്മാരെപ്പോലെ വളരെ നല്ലവണ്ണം സ്നേഹിച്ചു ജീവിക്കുക. നേരെ മറിച്ച് കരിക്കച്ചവട ക്കാരൻ മരണത്തെ വേരോടെ ചുടുന്നതുപോലെ ഇവരെ ചുട്ട് പൊടിയാക്കരുത്. സുതന്മാരോടും, അമാത്യന്മാരോടും, സൈന്യ ങ്ങളോടുംകൂടി കാലന്റെ ഗൃഹത്തിലേക്കു പോകുവാൻ ഇടയാ ക്കരുത്. ഒന്നായിച്ചേർന്നുനിന്ന് ആ പാണ്ഡവന്മാർ എതിർ ത്താൽ അവരോട് എതിർക്കുവാൻ ഇന്നു ദേവന്മാരോടൊത്ത സാക്ഷാൽ ദേവേന്ദ്രന്നുപോലും സാധിക്കുമോ?"

63. വിദുരവാക്യം – വിദുരൻ തുടർന്നു: "ദ്യൂതം കലഹത്തിന്ന് മൂലമാകും. തമ്മിൽ ഛിദ്രിക്കുന്നതുകൊണ്ട് ഭയങ്കരമായ ആപത്ത് വന്നുചേരും. അതിൽപ്പെട്ട് ധൃതരാഷ്ട്രന്റെ പുത്രനായ ദുര്യോ ധനൻ വൈരമുണ്ടാക്കുന്നു. ഈ ദുഷ്ടന്ന് ജന്മംകൊടുത്ത പിതാവും അപരാധിയായി. പ്രതീപവംശജർ, ശാന്തനവന്മാർ, ഭൈമസേനന്മാർ, ബാൽഹീകന്മാർ, ഒക്കെ ദുര്യോധനാപരാധം

digitized by www.sreyas.in

മൂലം കഷ്ടപ്പെടും സർവ്വരും കഷ്ടപ്പെടും. ദുര്യോധനൻ മദം കൊണ്ട് നാടിന്റെ നന്മയെ നശിപ്പിക്കുന്നു. മദംമൂലം കാള തന്റെ കൊമ്പിനെത്തന്നെ ഒടിക്കുന്നതുപോലെയാണ് ഈ പ്രവൃത്തി.

വീരനും വിദ്വാനുമായവൻ തന്റെ ശ്രദ്ധവിട്ട് അന്യന്റെ പിന്നാലെ പോവുകയാണെങ്കിൽ അവന്റെ ഗതിയെന്തായിരിക്കും? വിവരമില്ലാത്ത ബാലൻ അമരംപിടിക്കുന്ന വഞ്ചിയിൽ ഇരിക്കുന്നവന്റെ ഗതിതന്നെ! ആപത്തിന്റെ നടുവിൽച്ചെന്ന് മുങ്ങിപ്പോവുക തന്നെചെയ്യും! 'ദുര്യോധനൻ പാണ്ഡവന്മാരുമായി കളിച്ച് ജയിക്കുന്നു! മിടുക്കൻ!' എന്ന് നീ അഭിനന്ദിക്കുന്നുണ്ടെങ്കിൽ ഈ കളിയുടെ അപ്പുറത്ത് ഇനിയും വലിയ ഒരു കളി നടക്കും. അതു യുദ്ധമാണെന്നു ധരിച്ചുകൊള്ളുക. അതിൽ ഈ പുരുഷന്മാരൊക്കെ ചത്തു മണ്ണടിയും.

ഭവാൻ എന്തിന്നുവേണ്ടി അവരെ ഇങ്ങോട്ട് വിളിച്ചുവരുത്തി? ചീത്തയായ ഫലം അത് ഭവാന് നല്കാതിരിക്കയില്ല. ഭവാന്റെ മനസ്സിൽ ഉണ്ടായ ദുർമ്മന്ത്രത്തിന്റെ ഫലമല്ലേ ഇത്? സ്വബന്ധുവായ ധർമ്മപുത്രനോടാണ് യുദ്ധത്തിന്നു വട്ടംകൂട്ടുന്നതെന്ന് ഭവാൻ അറിയുന്നില്ല. ഈ സദസ്സിൽ ഇരിക്കുന്ന പ്രതീപവംശജരും, ശാന്തനുവംശജരുമായ രാജാക്കളേ, നിങ്ങൾ കേട്ടുകൊള്ളുവിൻ! ഞാൻ ചിന്തിച്ചു പറയുന്ന ഈ നല്ലവാക്ക് നിങ്ങൾ കേൾക്കുവിൻ! ഈ മന്ദനെ പിന്തുടർന്ന് നിങ്ങൾ കത്തിക്കാളുന്ന തീയിൽച്ചെന്ന് ചാടുവാനാണ് പോകുന്നത്. രാജാക്കളേ, നിങ്ങൾ ചിന്തിച്ച് ആപത്തിൽച്ചെന്നു ചാടാതിരിക്കുവിൻ!

ചൂതിൽത്തോറ്റ് ഈ പാണ്ഡുപുത്രന്ന് കോപം അടക്കുവാൻ കഴിയാതെയാകുമ്പോൾ, വൃകോദരനും, അർജ്ജുനനും, മാദ്രേയന്മാരും പ്രക്ഷുബ്ധരാകുമ്പാൾ, അതിനെ തടക്കുവാനുള്ള കഴിവ് ഇതിൽ ഏതൊരുത്തനുണ്ട്? രാജാവേ, ദ്യൂതത്തിന്ന് ഒരുങ്ങാതെതന്നെ ഭവാൻ ഇച്ഛിക്കുന്നിടത്തോളം ധനം ഭവാന് ഉണ്ടാകുവാൻ യാതൊരു വിഷമവുമില്ല. കല്പിക്കയേ വേണ്ടൂ! പിന്നെ ധനത്തിന്നുവേണ്ടി എന്തിന് പാർത്ഥന്മാരെ വെല്ലുന്നു? ഈ പാണ്ഡവന്മാർ ഭവാന്റെ ധനമല്ലേ? ദ്യൂതക്കളിയിൽ സൗബലന്റെ ചതി നാം കണ്ടുകഴിഞ്ഞു. ശകുനി വന്നവഴക്ക് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ! ഹേ! ഭാരതാ! ഭവാൻ പാണ്ഡവരുമായി പോരാടരുതേ!"

64. വിദുരഹിതവാക്യം – ദുര്യോധനൻ പറഞ്ഞു: " നീ ധാർത്തരാഷ്ട്രന്മാരായ ഞങ്ങളെ നിന്ദിച്ച് വിരോധികളുടെ കീർത്തിയെ എന്നും വാഴ്ത്തിക്കൊണ്ടിരിക്കുന്നു. ആരുടെ ഇഷ്ടത്തിന്നുവേണ്ടിയാണ് ഞങ്ങളെ ബാലന്മാരെപ്പോലെ ഇങ്ങനെ നിന്ദിക്കുന്നതെന്ന് ഞങ്ങൾക്കറിയാം. ഇത്തരക്കാരെ വിശ്വസിക്കാൻ കൊള്ളില്ല. സ്വന്തക്കാരെവിട്ട് അന്യന്മാരെ സേവിക്കുന്നവരാണ് ഇത്തരക്കാർ; ചോറിങ്ങും കൂറങ്ങുമായ കൂട്ടർ. നിന്ദാസ്തുതികൊണ്ടും ക്രമഭേദങ്ങൾകൊണ്ടും നിന്റെ മനോഗതമൊക്കെ വ്യക്തമാകുന്നുണ്ട്. ഭവാന്റെ ജ്യേഷ്ഠനോടുള്ള പ്രാതികൂല്യമാണിക്കാണിക്കുന്നതൊക്കെ. പാമ്പിനെ പിടിച്ച് മടിയിൽ വെയ്ക്കുന്നവിധം നിന്നെ അച്ഛൻ ലാളിക്കുന്നു. നീ പൂച്ചയെപ്പോലെയിരുന്ന് സംരക്ഷിക്കുന്നവനെ ചതിക്കുന്നു. സ്വാമിദ്രോഹത്തിലും വലിയ പാപമെന്താണ്? വിദുരാ! നിനക്ക് ആ പാപത്തെപ്പോലും പേടിയില്ലേ? ശത്രുക്കളെ ജയിച്ച് മഹത്തായ അർത്ഥം ഞാൻ നേടി. ക്ഷത്താവേ, ഇനി നീ ഞങ്ങളെ നിന്ദിക്കരുത്. ശത്രുക്കളുടെ നീതിയെ പ്രശംസിക്കന്ന നീ അവരുടെ പ്രയോഗംമൂലം ഞങ്ങളെ ദ്വേഷിക്കുകയാണ്. പൊറുക്കാത്തവാക്ക് പറയുന്നവൻ വൈരിയാണ്. ശത്രുമദ്ധ്യത്തിൽ ഗോപ്യമായി വെക്കേണ്ടത് വെക്കണം. ഞങ്ങളെ സേവിക്കുന്ന നീ ഞങ്ങളെ ഉപദ്രവിക്കുന്നു! തോന്നുന്നതൊക്കെ നാണമില്ലാതെ പുലമ്പുന്നു! എന്നെ നിന്ദിച്ചുപറഞ്ഞതു മതി! നിന്റെ ഉള്ള് ഞങ്ങൾ അറിഞ്ഞു. വൃദ്ധന്മാരുടെ അടുത്തു ചെന്ന് നീ നല്ലബുദ്ധി നന്നായി പഠിക്കൂ! വിദുരാ! യശസ്സ് വേണ്ടവണ്ണം കാക്കുക! നീ വെറുതെ ചീത്തയാകേണ്ട! വിരോധികളുടെ കാര്യത്തിന്ന് കിടന്നു ചാടിയിട്ട് ഒരു കാര്യവുമില്ല. ഞാൻ ചെയ്തു! എന്നു വിദുരാ! നീ ചിന്തിക്കേണ്ട. നിത്യവും എന്നോട് പരുഷം പറയുകയും വേണ്ട! ഞാൻ നിന്നോട് ഹിതോപദേശം ആവശ്യപ്പെട്ടിട്ടുമില്ല. ക്ഷമയുള്ളവരെ കൂടുതൽ കോപിപ്പിക്കാതിരിക്കുന്നതാണ് നല്ലത്! ശാസ്താവ് ഒറ്റ ഒരുത്തൻ മാത്രമേയുള്ളു; രണ്ടാമതൊരാൾ ഇല്ല. ഗർഭസ്ഥശിശുവിനെപ്പോലും ആ ശാസ്താവാണ് രക്ഷിക്കുന്നത്. എല്ലാം ചെയ്യുന്നവനാണ് ആ ശാസ്താവ്. അവന്റെ ശാസ്യത്താൽ, ജലം എപ്പോഴും താഴ്ന്ന സ്ഥലത്തേക്കൊഴുകുന്നപോലെ, അവൻ നിയോഗിക്കുന്നവിധം ഞാനും പ്രവർത്തിക്കുന്നു. തലയാൽ മല തകർക്കുന്നവന്നും, പാമ്പിനെ പോറ്റുന്നവന്നും, അവന്റെ പ്രവൃത്തിതന്നെ അവന്നു വേണ്ടുന്ന അറിവുണ്ടാക്കിക്കൊടുക്കും. ബലമായി ഒരുത്തനെ അനുശാസിച്ചാൽ ശത്രുതയാണ് അവന്ന് അതിന്നു പ്രതിഫലം ലഭിക്കുക. പക്ഷേ, സ്നേഹപൂർവ്വം തരുന്ന ഉപദേശം പണ്ഡിതന്മാർ സ്വീകരിക്കും. കർപ്പൂരത്തിൽ തീകൊളുത്തി കെടുത്തുവാൻ ശ്രമിക്കുന്നവന്ന് അതിന്റെ ഭസ്മംപോലും ബാക്കികിട്ടുകയില്ല ശത്രുവിന്റെ പക്ഷത്തിൽ നില്ക്കുന്നവനും ശത്രുവാണ്! അവനെ കൂടെ പാർപ്പിച്ചു കൂടാ. വിശേഷിച്ചും അഹിതം പറയുന്നവനെ കൂടെ പാർപ്പിക്കുവാൻ പാടില്ല നീ യഥേഷ്ടം വേണ്ടിടത്തേക്കു പോയാലും! എത്ര നന്നായി പെരുമാറിയാലും വ്യഭിചാരിണിയായ ഭാര്യ ഭർത്താവിനെ കൈവിട്ടുപോകും."

വിദുരൻ ധൃതരാഷ്ട്രനോടു പറഞ്ഞു: "രാജാവേ! നല്ല ഉപദേശം കൊടുക്കുന്ന ആശ്രിതരെ ത്യജിക്കുന്ന ഇത്തരക്കാരെപ്പറ്റി ഭവാൻ സാക്ഷിയായിരിക്കുക; നീ അതേപ്പറ്റി ഞങ്ങളോടു പറയുക. രാജാക്കന്മാർ പൊതുവേ ചഞ്ചലരാണ്. ആദ്യം സഹായിക്കും; പിന്നീട് ഉള്ളിൽ ഇളക്കും ഉണ്ടാകുമ്പോൾ മുസലം കൊണ്ട് അടിച്ചുകൊല്ലും. രാജപുത്രാ, ദുര്യോധനാ! ബാലനായ നീ നിന്റെ ബുദ്ധിയില്ലായ്മകൊണ്ട് എന്നെ ബാലനായി വിചാരിക്കുന്നു. ഒരുത്തനെ സുഹൃത്സ്ഥാനത്തുവെച്ച് പിന്നീട് അവനെ ധിക്കരിക്കുന്നവനാണ് ബുദ്ധിഹീനൻ. മന്ദബുദ്ധി ശ്രേയസ്കരമല്ല. ചീത്തമനസ്സുള്ള ഒരാളെ ഒരിക്കലും നന്നാക്കാൻ കഴിയുകയില്ല; നല്ല കുടുംബത്തിൽപ്പെട്ട ആളുടെ വേശ്യയായ ഭാര്യമാതിരി. അറുപതു തികഞ്ഞ വൃദ്ധകാന്തനെ ബാലികയായ ഭാര്യയ്ക്ക് എന്നപോലെ നിനക്ക് എന്നെ ബോധിക്കുന്നില്ല. ഇനി നിനക്കു നന്മയും തിന്മയും നോക്കാതെ പ്രിയം പറയുന്നവരെയാണ് ആവശ്യമെങ്കിൽ പറ്റിയവരെ ഞാൻ പറഞ്ഞുതരാം. നീ പോയി പെണ്ണുങ്ങളോടും, വിഡ്ഢികളോടും മുടന്തരോടും, വങ്കന്മാരോടും ചോദിക്കൂ. നിനക്കു സേവപറയുവാൻ അത്തരക്കാരെ വേണ്ടുവോളം കിട്ടും. അനിഷ്ടമായ ഹിതംചെയ്യുന്നവരും കേൾക്കുന്നവരും വളരെ വിരളമാണ്. ധർമ്മനിഷ്ഠനായ യജമാനന്റെ പ്രിയാപ്രിയങ്ങൾ കണക്കാക്കാതെ അനിഷ്ടമായ പത്ഥ്യങ്ങൾ പറയുന്നവൻ മാത്രമേ രാജാവിന്ന് തുണയായി ഭവിക്കുകയുള്ളൂ. വ്യാധി ജനിപ്പിക്കാത്തതും, എരിവുണ്ടാക്കുന്നതും, തീക്ഷ്ണവും, ഉഷ്ണവും, യശോഹരവും, പരുഷവും, ദുഷ്ടഗന്ധിയും, സത്തുക്കൾക്ക് ഇഷ്ടമുള്ളതും അസത്തുക്കൾക്കു പ്രിയമല്ലാത്തതുമായ സത്യം രാജാവേ, നീ കുടിക്കൂ. നിന്റെ രോഗം ശമിക്കണമെങ്കിൽ അതു പാനംചെയ്യാതെ പറ്റുകയില്ല. ഞാൻ സപുത്രനായ വിചിത്രവീര്യപുത്രന്, ധൃതരാഷ്ട്രന്, യശസ്സും ധനവും ഉണ്ടാകുവാനാണ് ആഗ്രഹിക്കുന്നത്. വരുന്നത് അങ്ങയ്ക്ക് വരട്ടെ! ഞാൻ കൈകൂപ്പുന്നു. എനിക്ക് വിപ്രർ സുഖം നല്കട്ടെ. നോട്ടത്തിൽത്തന്നെ വിഷംവിടുന്ന നാഗങ്ങളെ ബോധമുള്ളവർ കോപിപ്പിക്കുകയില്ല. കുരനന്ദനാ! ഇതാണ് എനിക്ക് നിന്നോടു വീണ്ടും നല്ല ഉദ്ദേശ്യത്തോടെ പറഞ്ഞുതരാനുള്ളത്."

65. ദ്രൗപദീപരാജയം – ശകുനി പറഞ്ഞു: "ഹേ യുധിഷ്ഠിര! പാണ്ഡവരുടെ ദ്രവ്യങ്ങളൊട്ടേറെ നീ നശിപ്പിച്ചുകളഞ്ഞു. ഇനി എന്താണു പണയംവെയ്ക്കുവാനുള്ളത്? പോകാതെ വല്ലതും ബാക്കിയുണ്ടെങ്കിൽ വെയ്ക്കുക."

യുധിഷ്ഠിരൻ പറഞ്ഞു: "ഇനിയും എനിക്കു ധാരാളം ധനമുണ്ടെന്ന് എനിക്കറിയാം. എടോ ശകുനീ! നീ എന്താണ് പിന്നേയും ദ്രവ്യമുണ്ടോ എന്നു ചോദിക്കുന്നത്? അയുതം, പ്രയുതം, പത്മം, ഖർവ്വം, അർബ്ബുദം, ശംഖം, മഹാപത്മം, നിഖർവ്വം,

digitized by www.sreyas.in

കോടി, മദ്ധ്യം, പരാർദ്ധം, ഇതിലുമധികം ഞാൻ പണയംതരാം. രാജാവേ, നിന്നോടു ഞാൻ കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ടു കരുതിക്കൂട്ടി കള്ള ച്ചൂതു കളിച്ചു ജയിച്ചു എന്ന് ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പശുക്കൂട്ടം, കാള, കുതിര, എണ്ണ മറ്റ ചെമ്മരിയാട്, കോലാട്, പർണ്ണാശരതൊട്ട് സിന്ധുവിന്റെ കിഴ ക്കേതീരം വരെയുള്ള രാജ്യങ്ങൾ, ഇതൊക്കെ ഞാൻ പണയം വെച്ചു നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഒരുമ്പെട്ട് കള്ളച്ചൂ തുകളിച്ച് ഉടനെ ഞാൻ ജയിച്ചു എന്നു ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നാട്ടിൻപുറം, ഭൂമി, ബ്രഹ്മസ്വം ഒഴി കെയുള്ള ധനം, ബ്രാഹ്മണരൊഴികെയുള്ള നാട്ടിലെ പുരുഷന്മാർ ഇവയൊക്കെ എനിക്കുള്ള ധനമാണ്. ഇനി ഇവയെല്ലാം ഞാൻ ഇതാ ഒന്നായി പണയംവെയ്ക്കുന്നു. രാജാവേ, ഞാൻ ഇതാ നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഒരുമ്പെട്ടു കള്ള ക്കളി കളിച്ച് ഞാൻ ജയിച്ചു എന്ന് ശകുനി യുധിഷ്ഠിരനോടു പറ ഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "രാജപുത്രന്മാർ മെയ്യിലണിയുന്ന, നല്ലപോലെ ശോഭിക്കുന്ന ഭൂഷണങ്ങൾ, കുണ്ഡലങ്ങൾ, പത ക്കങ്ങൾ എന്നീ എല്ലാ ഭൂഷണങ്ങളും, രാജാവേ, പണയംവെച്ചു ഞാൻ ഇതാ നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഒരുമ്പെട്ടു കള്ളക്ക ളികളിച്ച് ഞാൻ ജയിച്ചു എന്ന് ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ശ്യാമവർണ്ണനും, യുവാവും, രക്താക്ഷനും, സിംഹസ്കന്ധനും, മഹാഭുജനുമായ നകുലനെ ഞാൻ പണയംവെയ്ക്കുന്നു. ഇതാണ് എന്റെ ധനം."

ശകുനി പറഞ്ഞു: "അങ്ങയ്ക്കു പ്രിയനായ നകുലൻ യുധി ഷ്ഠിരാ! രാജപുത്രനായ അവനും ഞങ്ങൾക്കടിമയായി! ഇനി എന്തു പണയംവെച്ചാണ് നീ കളിക്കുക?"

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് അക്ഷം കൈയിലെടുത്ത് സൗബലൻ കളിച്ച്, ജയിച്ചു എന്ന് യുധിഷ്ഠി രനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മം നടത്തുന്ന സഹദേവൻ, ലോകത്തിൽ പണ്ഡിതൻ എന്നുപേരെടുത്തവൻ; അനർഘ നായ സഹദേവനെത്തന്നെ ഞാൻ പണയംവെച്ച് നിന്നോടു കളി ക്കുന്നു! പണയവസ്തുവാക്കാൻ പാടില്ലാത്ത ഇവനെ, ഏറ്റവും പ്രിയപ്പെട്ട ഇവനെ, ഒട്ടും പ്രിയമില്ലാത്ത വസ്തുവിനെ എന്നപോ ലെയാണ് ഞാൻ പണയംവെക്കുന്നത്!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഒരുമ്പെട്ട് കള്ള ച്ചൂതു കളിച്ചു ജയിച്ചു എന്നു ശകുനി യുധിഷ്ഠിരനോടു പറ ഞ്ഞു."

ശകുനി പറഞ്ഞു: "ഹേ, രാജാവേ, നിന്റെ പ്രിയപ്പെട്ടവരായ മാദ്രീപുത്രന്മാരെ ഞാൻ നേടിക്കഴിഞ്ഞു. ഭീമാർജ്ജുനന്മാർ അങ്ങയ്ക്കുകൂടുതൽ പ്രിയമുള്ളവരായിരിക്കും. അതാണ് ഞാൻ വിചാരിക്കുന്നത്!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ ശകുനീ, നീ ഇപ്പറഞ്ഞത് അധർമ്മമാണ്. നയംനോക്കാതെ പറയുന്നു എന്നതുതന്നെ അധർമ്മം. പരസ്പരം ഐക്യത്തോടെ വർത്തിക്കുന്ന ഞങ്ങളെ, ഹേ, മൂഢാ, നീ ഛിദ്രിപ്പിക്കുവാൻ നോക്കുകയാണോ?"

ശകുനി പറഞ്ഞു: "ഉന്മത്തരായവർ കുണ്ടിൽച്ചാടുന്നു; പിന്നെ ഇളകാൻ ശക്തിയില്ലാതെ അവിടെത്തന്നെ നിന്നുപോ കുന്നു. ജ്യേഷ്ഠനായ രാജാവേ, നീ വരിഷ്ഠൻതന്നെ! ഞാൻ കൂപ്പുന്നു! ചൂതാട്ടക്കാർ കളിക്കുമ്പോൾ പലതും ഉത്കടമായി പറ യും. അതൊന്നും ജാഗ്രസ്വപ്നങ്ങളിൽ കാണുന്നതല്ല."

യുധിഷ്ഠിരൻ പറഞ്ഞു: "പോരിൽ തോണിപോലെ ഞങ്ങളെ കരപറ്റിക്കുന്നവനും, ശത്രുക്കളെ എപ്പോഴും ജയിക്കു ന്നവനും, രാജപുത്രനും, തരസ്വിയുമായ അർജ്ജുനൻ പണയ ത്തിനു പറ്റിയ വസ്തുവല്ല. എന്നാലും അവനേയും ഞാൻ പണ യംവെച്ച് നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് കരുതിക്കൂട്ടി കള്ള ച്ചൂതുകളിച്ച്, ജയിച്ചു എന്നു ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

ശകുനി പറഞ്ഞു: "പാണ്ഡവന്മാരിൽ ധനുർദ്ധരനായ സവ്യസാചിയേയും ഞാൻ ജയിച്ചു. ഇനി നിന്റെ മുതലായി ഭീമൻ മാത്രമല്ലേ ബാക്കിയുള്ളൂ? അവനേയും പണയംവെച്ചോളൂ!"

യുധിഷ്ഠിരൻ പറഞ്ഞു: "ഞങ്ങൾക്കു നേതാവും, പടയിൽ പ്രണേതാവുമായി, ദൈത്യാരിയായ വജ്രിയെപ്പോലെ വ്യക്ത മായിക്കാണുന്നവനും, പുരികം താണ യോഗ്യനും, സിംഹസ്ക ന്ധനും, മഹാകോപിയും, ബലംകൊണ്ട് എതിരില്ലാത്തവനും, വീരനും, ശത്രുഞ്ജയനും, ഗദാധരന്മാരിൽ പ്രമുഖനും, അതു ല്യനും, രാജപുത്രനുമായ ഭീമനെത്തന്നെ പണയംവെച്ച് ഞാൻ നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് കരുതിക്കൂട്ടി കള്ള ച്ചൂതുകളിച്ച്, ഞാൻ ജയിച്ചു എന്നു ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

ശകുനി പറഞ്ഞു: "അനവധി ദ്രവ്യവും, അനുജന്മാരും, ആന, കുതിര, എന്നിവയുടെ കൂട്ടവും, ഒക്കെ പണയംവെച്ചു പരാ ജയപ്പെട്ടു. ഇനി പോകാതെ വല്ലതും ശേഷിപ്പുണ്ടെങ്കിൽ പണയം പറയുക."

യുധിഷ്ഠിരൻ പറഞ്ഞു: "ഈ ഞാൻ മാത്രം, ഭ്രാതാ ക്കൾക്കൊക്കെ പ്രിയനായ ഈ ഞാൻ, ഇനി ബാക്കിയുണ്ട്! എന്നെത്തന്നെ പണയംവെക്കുന്നു. തോറ്റാൽ ഞാനും മറ്റുള്ള വരെപ്പോലെ ദാസ്യവൃത്തി നടത്തിക്കൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് കരുതിക്കൂട്ടി കള്ള ക്കളികളിച്ച് ഉടനെ ഞാൻ വീണ്ടും ജയിച്ചു എന്നു ശകുനി യുധി ഷ്ഠിരനോടു പറഞ്ഞു."

ശകുനി പറഞ്ഞു: "ഈ ചെയ്തത് പാപിഷ്ഠന്മാർക്കു പറ്റിയ തൊഴിലാണ്. വേറെ ധനമുള്ളപ്പോൾ അതു പണയംവെക്കാതെ ആത്മാവിനെ പണയംവെച്ചതു ശരിയായില്ല. ആത്മപരാജയം പാപംതന്നെ."

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് അക്ഷദക്ഷ നായ ശകുനി ചൂതാടുന്ന സഭയിൽ വീരന്മാരായ രാജാക്കന്മാരോ ടൊക്കെ താൻ പാണ്ഡവരെ ഓരോരുത്തരെയായി നേടിയ കാര്യം പറഞ്ഞു."

ശകുനി പറഞ്ഞു: "രാജാവേ, അങ്ങയ്ക്കു ഭാര്യയുണ്ട്. അവൾ പണയപ്പെട്ടിട്ടില്ല. ആ പാഞ്ചാലിയെ പണയംവെച്ചുകളിച്ച് കളിയിൽ ജയിക്കുക."

യുധിഷ്ഠിരൻ പറഞ്ഞു: "എന്റെ പാഞ്ചാലി! അവൾ ഉയരം കുറഞ്ഞവളല്ല; തടിച്ചവളല്ല; മെലിഞ്ഞവളല്ല; രക്തനിറമല്ല; ഒത്ത ദേഹം, നല്ലനിറം, കറുത്ത കൂന്തലുള്ള അവൾ സുന്ദരിയാണ്! ശരത്കാലത്തെ താമരയുടെ ഇതൾപോലെ മനോഹരമായ കണ്ണുള്ളവൾ! ശരത്കാലത്തെ താമരപ്പൂവിന്റെ സൗരഭ്യമുള്ള വൾ. ശരത്കാലത്ത് താമരയിൽ വസിക്കുന്ന ശ്രീദേവിയെപ്പോ ലെയുള്ളവൾ. എപ്രകാരം നിർദ്ദോഷമായ രൂപവും, നിർദ്ദോഷ മായ ശോഭയും, നിർദ്ദോഷമായ ശീലവും ഒരു സ്ത്രീയിൽ പുരു ഷൻ ഇച്ഛിക്കുന്നുവോ അപ്രകാരമുള്ള ഗുണങ്ങളൊക്കെ തിക ഞ്ഞവളും, അനുകൂലയും പ്രിയംവദയുമാണ് അവൾ. ധർമ്മാർ ത്ഥകാമസിദ്ധിക്ക് പുരുഷൻ ഏതെല്ലാം ഗുണങ്ങൾ ഇച്ഛിക്കുന്നു വോ, അതൊക്കെ തികഞ്ഞവളാണ് അവൾ. അവൾ ഒടുവിൽ കിട ക്കുന്നവളും ആദ്യം ഉണർന്നെഴുന്നേല്ക്കുന്നവളുമാണ്. ഗോപാ ലന്മാർ മുതൽ ആട്ടിടയന്മാർവരെയുള്ള സകലരുടേയും കൃതാ കൃതങ്ങളെ അറിയുന്നവളാണ്. അവൾ വിയർക്കുമ്പോൾ

digitized by www.sreyas.in

പൂവിന്റെ സൗരഭ്യം പുറപ്പെടുന്നു! താമരപോലെ ശോഭിക്കുന്ന മുഖമുള്ളവൾ! മനോഹരമായ കാർകൂന്തലുള്ളവൾ! ഇടുങ്ങിയ അരക്കെട്ടുള്ളവൾ! ചുവന്ന ചുണ്ടുള്ളവൾ! നനുത്ത രോമമുള്ളവൾ! ഇപ്രകാരമുള്ള പാഞ്ചാലി സുമദ്ധ്യയാണ്. ആ അനർഘയായ ദ്രൗപദിയെ പണയംവെച്ചു സൗബലാ! ഞാൻ നിന്നോടു കളിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ധീമാനായ ധർമ്മരാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ ഹായ്! ഹായ്! എന്ന ശബ്ദം സഭയിലെ വൃദ്ധജനങ്ങളുടെ മദ്ധ്യത്തിൽനിന്ന് ഹേ, ജനമേജയാ, ഉയർന്നു! ആ സഭയിൽ രാജാക്കന്മാരുടെ വിഷാദം അലയടിച്ചു. വിഷമം കൊണ്ട് അസ്വസ്ഥമായി കോളിളക്കമുണ്ടായി. ഭീഷ്മദ്രോണകൃപന്മാർ ഇരുന്നു വിയർത്തുകുളിച്ചു. വിദുരൻ ബുദ്ധിനശിച്ചവനെപ്പോലെ നിശ്ചേഷ്ടനായി, താഴ്ത്തിയ തല കൈകൊണ്ടുതാങ്ങി, ധ്യാനമാണ്ട് പാമ്പിനെപ്പോലെ നിശ്വസിച്ചിരുന്നു. ധൃതരാഷ്ട്രൻ മാത്രം 'ആർ ജയിച്ചു? എന്തു നേടി?' എന്ന് ഹർഷത്തോടെ ചോദിച്ചുകൊണ്ട് തന്റെ വികാരത്തെ മറയ്ക്കാതെ അന്വേഷിച്ചുകൊണ്ടിരുന്നു. കർണ്ണൻ ദുശ്ശാസനാദികളുമായി വളരെ ആഹ്ലാദിച്ചു. എന്നാൽ മറ്റു സദസ്യർക്കൊക്കെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞ്, ധാരധാരയായി ഇറ്റിറ്റുവീണു. മദോത്കടനും വിജയത്താൽ മതിമറന്നവനുമായ സൗബലൻ അക്ഷങ്ങൾ വീണ്ടും എടുത്തു കളിച്ച് ജയിച്ചു! ജയിച്ചു! എന്നു പറഞ്ഞു."

66. വിദുരവാക്യം – ദുര്യോധനൻ പറഞ്ഞു: "വരൂ, ക്ഷത്താവേ! പാണ്ഡവന്മാരുടെ പ്രിയപ്പെട്ട ഭാര്യയായ ദ്രൗപദിയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ! അവൾ എന്റെ ഗൃഹം അടിച്ചുവാരട്ടെ! അവൾ എന്റെ ദാസിയായിത്തീർന്നു. നിർഭാഗ്യയായ അവൾ എന്റെ ദാസിമാരുടെകൂടെ താമസിക്കട്ടെ."

വിദുരൻ പറഞ്ഞു: "ഹേ, മൂഢാ! നിന്റെ തരക്കാർ ദുർവ്വാക്കേ പറയൂ. നല്ലവരിൽനിന്നേ നല്ല വാക്കു പുറപ്പെടൂ. നീ കാലന്റെ കയറാൽ കെട്ടപ്പെട്ടിരിക്കുന്നു. അതു നീ കാണുന്നില്ല. നീ കടുംതൂക്കിൽ കെട്ടിത്തൂങ്ങിയിരിക്കുന്നു. അതു നീ അറിയുന്നില്ല. മാൻ ചെന്ന് വ്യാഘ്രങ്ങളോട് എതിർക്കുകയാണ്. ഏറ്റവും വിഷോൽബ്ബണരായ സർപ്പങ്ങൾ കോപിച്ച് നിന്റെ തലയ്ക്കുമുകളിൽ പത്തിവിരിച്ചു നില്ക്കുന്നു! എടോ മന്ദാ! വെറുതെ നീ അവരെ കോപിപ്പിച്ച് കാലപുരിക്കു ഗമിക്കേണ്ട. ഹേ! രാജാവേ, കൃഷ്ണ ഒരിക്കലും ദാസിയാകുവാൻ ന്യായമില്ല. യുധിഷ്ഠിരൻ പണയപ്പെട്ടപ്പോൾ അടിമയായിക്കഴിഞ്ഞു, അസ്വതന്ത്രനായി! പിന്നെ അസ്വതന്ത്രന്ന് സ്വതന്ത്രരെ പണയംവെക്കുവാൻ അവകാശമില്ല. നിയമമില്ല. പണയംവെച്ചാൽ അതു സാധുവാകയില്ല. അതുകൊണ്ട് പാഞ്ചാലി ദാസിയായിട്ടില്ല, എന്നാണ് എന്റെ അഭിപ്രായം. ആത്മഘാതിയായ ഇവൻ മുളപോലെ പൂത്തുനില്ക്കുകയാണ്! ഈ ഫലാഗമത്തോടുകൂടി അവന്റ കഥ അവസാനിക്കും! പട്ടില് അതിന്റെ നാശകാലത്തേ പൂക്കുകയുള്ളു. അതുപോലെ ധൃതരാഷ്ട്രപുത്രനായ ദുര്യോധനനാണ് കർമ്മഫലം അനുഭവിക്കുവാൻ പോകുന്നത്! ചൂത് മഹാഭയമായ വൈരത്തിന്നുള്ളതാണ്. മൂഢൻ അവന്റെ അന്തകാലം കാണുന്നില്ല. അവനവന്റെ മർമ്മം അവനവൻ തന്നെ ഛേദിക്കരുത്. ഹീനമായ മാർഗ്ഗം സ്വീകരിച്ചല്ല ശത്രുവിനെ ജയിക്കേണ്ടത്. അന്യന് ഉദ്വേഗമുണ്ടാക്കുന്ന തീക്ഷ്ണമായ വാക്കുപറയരുത്. ഉഗ്രമായ വാക്ക് വായിൽനിന്നു ചാടുമ്പോൾ അതേല്ക്കുന്നവൻ രാപ്പകൽ ദുഃഖിക്കുന്നു. പരന്റെ മർമ്മത്തിലേ അതു ചെന്നുകൊള്ളുകയുള്ളു. പ്രാജ്ഞന്മാർ അതു പരന്മാരിൽ വിടരുത്. പണ്ട് ഒരു ആട് ശസ്ത്രം തിന്നുവാൻ ശ്രമിച്ചു. ശസ്ത്രം മണ്ണിൽനിന്നു തലയാൽ നീക്കുവാൻ ശ്രമിച്ചപ്പോൾ ഘോരമായ അത് കണ്ഠത്തിൽക്കൊണ്ട് കഴുത്തറ്റുപോയി എന്നു ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ദുര്യോധനാ, നീ പാണ്ഡവന്മാരുമായി വൈരമൊന്നും ചെയ്യരുത്. നീ പറഞ്ഞമാതിരി ദുഷ്ടമായ വാക്കുകളൊന്നും പാണ്ഡവന്മാരുടെ വായിൽനിന്നു പുറപ്പെടുകയില്ല. കാട്ടാളന്മാരോടും, ഗൃഹമേധാവികളോടും, തപസ്വികളോടും, പണ്ഡിതന്മാരോടും ഇപ്രകാരം നായ്ക്കളെപ്പോലുള്ള മനുഷ്യരേ കുരയ്ക്കുകയുള്ളു. ഘോരവും വക്രവുമായ നരകത്തിന്റെ മാർഗ്ഗമൊന്നും ധൃതരാഷ്ട്രപുത്രൻ കാണുന്നില്ല. അവന്റെ പിന്നാലെ പല കൗരവന്മാരുമുണ്ട്. ദുശ്ശാസനൻ മുതലായവർ ദ്യൂതത്തിൽ അവനെ അനുകൂലിക്കുന്നു! ചുരയ്ക്ക വെള്ളത്തിൽ താഴാറില്ല. അത് ഒരു പക്ഷേ, താഴ്ന്നു എന്നുവരാം. പാറ വെള്ളത്തിൽ പൊങ്ങി എന്നുവരാം. തോണി വെള്ളത്തിൽ എപ്പോഴും മുങ്ങി എന്നുവരാം. പക്ഷേ, മൂഢനായ ധൃതരാഷ്ട്രപുത്രൻ എന്റെ വാക്ക് ഒട്ടും കേൾക്കില്ല. അതു ചിന്തിക്കുമ്പോൾ കൗരവന്മാർക്ക് ഭയങ്കരമായും സർവ്വഹരമായുമുള്ള വിനാശം അടുത്തിരിക്കുന്നു എന്നു പറയാം. അവൻ പത്ഥ്യമായ വാക്കു കേൾക്കുന്നില്ല. ലോഭം വർദ്ധിക്കുകയും ചെയ്യുന്നു."

67. ദ്രൗപദീപ്രശ്നം – വൈശമ്പായനൻ പറഞ്ഞു: "ഈ ക്ഷത്താവ് അല്പനാണ്, എന്നുപറഞ്ഞ് ദർപ്പോന്മത്തനായ ദുര്യോധനൻ പ്രാതികാമിയെ വിളിച്ച് ആ സഭാമദ്ധ്യത്തിൽവെച്ചു പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "എടോ പ്രാതികാമീ, നീ പോയി ദ്രൗപദിയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ! നീ പാണ്ഡുപുത്രന്മാരെയാരെയും ഭയപ്പെടേണ്ടതില്ല. പേടിത്തൊണ്ടനായ ക്ഷത്താവ് തർക്കം പറയുന്നു! ഞങ്ങളുടെ അഭിവൃദ്ധിയിൽ ഇവന് ഒരെള്ളോളം താൽപര്യമില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദുര്യോധനൻ പറഞ്ഞുവിട്ട പ്രാതികാമി രാജകല്പന കേട്ടു വേഗംപോയി, സിംഹക്കൂട്ടിൽ നായ് ചെന്നുകയറുന്ന മാതിരി പാണ്ഡവന്മാരുടെ രാജ്ഞിയായ ദ്രൗപദിയിരിക്കുന്ന മുറിയിലേക്കു കടന്നുചെന്നു."

പ്രാതികാമി പറഞ്ഞു: "യുധിഷ്ഠിരൻ ചൂതുകളിഭ്രാന്തിൽപ്പെട്ട് ദ്രൗപദീ, ഭവതിയെ പണയംവെച്ചു കളിച്ചു; ദുര്യോധനൻ നിന്നെ നേടി. വേഗം ധാർത്തരാഷ്ട്രന്റെ ഗൃഹത്തിലേക്കു പോരൂ! ഹേ! യാജ്ഞസേനീ, നിന്നെ അവൻ ദാസിയാക്കിയിരിക്കുന്നു! ഞാൻ നിന്നെ വേലയ്ക്കു കൊണ്ടാക്കിത്തരാം!"

ദ്രൗപദി പറഞ്ഞു: "ഹേ! പ്രാതികാമീ, നീ എന്താണു പറഞ്ഞത്? രാജപുത്രൻ ഭാര്യയെ പണയംവെച്ചു കളിക്കുകയോ! രാജാവ് ചൂതിൽ പ്രമത്തനായിട്ടുണ്ടാകും. അല്ലെങ്കിൽ മറ്റെന്തെങ്കിലും മൂഢനായ അദ്ദേഹത്തിനു പണയംവെക്കാൻ കാണുമായിരുന്നില്ലേ?"

പ്രാതികാമി പറഞ്ഞു: "ഇല്ല. മറ്റൊന്നും പണയംവെക്കാനില്ലാതായപ്പോഴാണ് ധർമ്മപുത്രൻ ഭവതിയെ പണയംവെച്ചത്. ആദ്യം ഭ്രാതാക്കളെ പണയംവെച്ചു. പിന്നെ രാജാവ് തന്നെത്തന്നെ പണയംവെച്ചു. പിന്നെ രാജപുത്രീ, ഭവതിയേയും പണയംവെച്ചു."

ദ്രൗപദി പറഞ്ഞു: "ഹേ! സൂതപുത്രാ! നീ ആ കിതവനോടുചെന്നു ചോദിക്കൂ; ആദ്യം ആരെ പണയംവെച്ചു കളിച്ചാണ് തോറ്റതെന്ന്. രാജാവ് ആദ്യം ആത്മാവിനെ (തന്നെത്തന്നെ) യാണോ പണയംവെച്ചത്? തന്നെ പണയപ്പെടുത്തിയതിന്നുശേഷമാണോ എന്നെ പണയംവെച്ചത്, അതോ എന്നെ പണയപ്പെടുത്തിയതിന്നുശേഷമാണോ താൻതന്നെ പണയത്തിലായത്? ആദ്യം ഏതാണുണ്ടായതെന്ന് അറിഞ്ഞുവരിക. എന്നിട്ട് എന്നെ കൊണ്ടുപോകാം. രാജാവിന്റെ വാക്കുകേട്ടതിന്നുശേഷം ദുഃഖിതയായ ഈ ഞാൻ വന്നുകൊള്ളാം!"

വൈശമ്പായനൻ പറഞ്ഞു: "സഭയിൽച്ചെന്ന് അവൻ രാജമദ്ധ്യത്തിലിരിക്കുന്ന യുധിഷ്ഠിരനോട് പാഞ്ചാലിയുടെ മൊഴി അറിയിച്ചു."

ദ്രൗപദി പറഞ്ഞു: "അങ്ങ് ആർക്ക് ഈശനായിരിക്കുമ്പോഴാണ് എന്നെ പണയംവെച്ചു തോറ്റത്? ആദ്യം പണയപ്പെട്ടത് ഭവാനാണോ? പിന്നെയാണോ എന്നെ പണയപ്പെടുത്തിയത്? ഏതാണ് ആദ്യം നടന്നത്?"

വൈശമ്പായനൻ പറഞ്ഞു: "ഈ വാക്കുകേട്ടപ്പോൾ യുധിഷ്ഠിരൻ മനംകെട്ട് ചത്തവിധത്തിലായി. അവൻ നല്ലതോ ചീത്തയോ ഒന്നുംതന്നെ സൂതനോട് ഉത്തരം പറഞ്ഞില്ല."

digitized by www.sreyas.in

ദുര്യോധനൻ പറഞ്ഞു: "പാഞ്ചാലിതന്നെ സഭയിൽവന്ന് ഈ ചോദ്യം ചോദിച്ചുകൊള്ളട്ടെ! അവളും അവനും തമ്മിൽ പറയുന്നത് ഇവിടെയുള്ളവരെല്ലാം കേൾക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ആ സൂതനായ പ്രാതികാമി ദുര്യോധനന്റെ കല്പന കൈക്കൊണ്ട് രാജഗൃഹത്തിൽ ചെന്ന് കൃഷ്ണയോട് ഇപ്രകാരം പറഞ്ഞു."

പ്രാതികാമി പറഞ്ഞു: "ഹേ, രാജപുത്രീ, സദസ്യർ ഭവതിയെ വിളിക്കുന്നു. കൗരവർക്ക് ഇക്കാര്യത്തിൽ എന്തോ സന്ദേഹമായിരിക്കുന്നു എന്ന് എനിക്കു തോന്നുന്നു. ഭവതിയെ സഭയിൽ കേറ്റുന്ന അല്പബുദ്ധികൾ അവരുടെ ശ്രേയസ്സിനെ രക്ഷിക്കുന്നതായി എനിക്കു തോന്നുന്നില്ല."

ദ്രൗപദി പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരമായിരിക്കാം നിശ്ചയിച്ചത്. വിദ്വാന്മാർക്കും അവിദ്വാന്മാർക്കും ഒരുപോലെ സുഖവുമുണ്ടാകും, ദുഃഖവുമുണ്ടാകും! ധർമ്മം മാത്രമാണ് എല്ലാറ്റിനും മീതെ എന്നു ലോകർ പറയുന്നു. ധർമ്മത്തെ സംരക്ഷിച്ചാൽ ധർമ്മം സംരക്ഷിക്കും. ഈ ധർമ്മം തെറ്റിക്കുന്നത് കൗരവർക്കു ചേർന്നതല്ല. ആ സഭാവാസികളായ മഹാന്മാരോട് എന്റെ ധർമ്മത്തെ സംബന്ധിച്ച ഈ വാക്കുകൾ അറിയിക്കുക. നീതിമാന്മാരും ധർമ്മാത്മാക്കളുമായ ആ വരിഷ്ഠന്മാർ കല്പിക്കുന്നതു ഞാൻ അനുസരിച്ചുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "സൂതൻ ഉടനെ ചെന്ന് സദസ്സിൽ യാജ്ഞസേനി പറഞ്ഞ വാക്കുകൾ പറഞ്ഞു. അതു കേട്ടപ്പോൾ ദുര്യോധനന്റെ വാശിയോർത്ത് അവർ ഒന്നും മിണ്ടിയില്ല. ആ മഹാശയന്മാർ തലകുനിച്ചിരുന്നു. യുധിഷ്ഠിരൻ അതു കേട്ട് ദുര്യോധനന്റെ ആഗ്രഹം ചിന്തിച്ചറിഞ്ഞ് തനിക്ക് ഇഷ്ടനായ ഒരു ദൂതനെ വിളിച്ച് ഇപ്രകാരം പറഞ്ഞയച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "മടിക്കുത്ത് ഇറക്കിക്കുത്തി ഒറ്റ വസ്ത്രം ചുറ്റി തീണ്ടാരിയായിരിക്കുന്ന നീ ദുഃഖത്തോടെ സഭയിൽ വന്നു കയറിയതിനുശേഷം, പാഞ്ചാലീ, നീ ശ്വശുരന്റെ മുമ്പിൽ വന്നു നില്ക്കുക! നീ സഭയിൽ വന്നുകയറുന്നതു കാണുമ്പോൾ രാജപുത്രീ, സദസ്യരെല്ലാവരും ധാർത്തരാഷ്ട്രനെ ഉള്ളുകൊണ്ടു നിന്ദിക്കും."

വൈശമ്പായനൻ പറഞ്ഞു: "ആ ദൂതൻ ഉടനെ കൃഷ്ണയുടെ സമീപം ചെന്ന് ബുദ്ധിശാലിയായ ധർമ്മപുത്രന്റെ നിശ്ചയത്തെ അറിയിച്ചു. മഹാത്മാക്കളായ പാണ്ഡവന്മാർ, ദീനരായി ദുഃഖത്തിൽ മുഴുകി, സത്യത്താൽ ബദ്ധരായി ഒന്നും മിണ്ടാതെ നിന്നു. അവരുടെ മുഖം നോക്കി രാജാവായ ദുര്യോധനൻ സസന്തോഷം സൂതനോടു പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ഹേ, പ്രാതികാമീ! അവളെ ഇങ്ങോട്ടുകൊണ്ടുവരിക. അവളോട് നേരിട്ടു കുരുക്കൾ പറയട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് കല്പന അനുസരിക്കേണ്ടവനായ സൂതൻ, ദ്രൗപദിയുടെ കോപത്തിൽ ഭയത്തോടുകൂടി മാനം വിട്ട് സദസ്യരെ നോക്കി വിവശനായി പറഞ്ഞു: 'ഞാൻ കൃഷ്ണയോട് എന്തുപറയേണ്ടൂ.' എന്ന്."

ദുര്യോധനൻ പറഞ്ഞു: "ദുശ്ശാസനാ! നമ്മുടെ സൂതപുത്രൻ അല്പബുദ്ധിയാണ്. അവൻ ഇപ്പോഴും വൃകോദരനെ ഭയപ്പെടുകയാണ്! നീതന്നെ പോയി കൃഷ്ണയെ ഇങ്ങോട്ടുകൊണ്ടുവരൂ. ഈ അടിമകളായ ശത്രുക്കൾ നിന്നോടെന്തു ചെയ്യുവാൻ? ഒന്നും അവർക്കു ചെയ്യുവാൻ കഴികയില്ല."

വൈശമ്പായനൻ പറഞ്ഞു: "രാജാവായ ദുര്യോധനൻ പറഞ്ഞതുകേട്ടയുടനെ കണ്ണുചുവന്ന ആ രാജപുത്രൻ എഴുന്നേറ്റു. അവൻ ക്ഷണത്തിൽ പാഞ്ചാലി ഇരിക്കുന്ന ഗൃഹത്തിൽ പ്രവേശിച്ച് ഇപ്രകാരം പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "വരൂ, വരൂ, ദ്രൗപദീ, കൃഷ്ണേ, നിന്നെ ചൂതിൽ ഞങ്ങൾ നേടിക്കഴിഞ്ഞു. നീ ഞങ്ങളുടെ അടിമയായിരിക്കുന്നു. നീ ലജ്ജകളഞ്ഞ് സഭയിലേക്കു വരൂ. ദുര്യോധനനെപ്പോയി കാണുക! ഹേ, ആയതപത്രനേത്രേ! കൗരവരനപ്പോയി സേവിക്കുക. അവർക്കു വേണ്ടതെല്ലാം ചെയ്തുകൊടുത്തും, ദാസ്യവൃത്തികൾ ചെയ്തും ജീവിക്കുക. വേഗം നടക്കൂ! ധർമ്മപ്രകാരം നീ ഞങ്ങളുടേതായിരിക്കുന്നു. നടക്കൂ!"

വൈശമ്പായനൻ പറഞ്ഞു: "ക്രൂരനായ ദുശ്ശാസനന്റെ വിളികേട്ട് അവൾ സസംഭ്രമം പിടഞ്ഞെഴുന്നേറ്റു. മനസ്സുകെട്ടു വാടുന്ന മുഖം രണ്ടുകൈകൊണ്ടും പൊത്തി. അയ്യോ! എന്നു നിലവിളിച്ച് വൃദ്ധകളായ കുരുസ്ത്രീകൾ നില്ക്കുന്നിടത്തേക്ക് ഓടി. ദുശ്ശാസനൻ അവളുടെ പിന്നാലെ പാഞ്ഞു. അവൻ ഉച്ചത്തിൽ അലറി: നില്ക്കെടീ, അവിടെ നില്ക്കെടീ ദാസീ. എങ്ങോട്ടുപോകുന്നു എന്നുപറഞ്ഞ് അവളുടെ നീണ്ടുചുരുണ്ടു ഭംഗിയേറിയ തലമുടിയിൽ അവൻ പിടികൂടി. രാജസൂയം കഴിഞ്ഞ് അവഭൃതത്തിൽ മന്ത്രം ജപിച്ചു തീർത്ഥോദകംകൊണ്ടു സിക്തമായ തലമുടി, വിശുദ്ധമായ ആ തലമുടി, പട്ടമഹിഷിയുടെ മനോഹരമായ വാർകൂന്തൽ, പാണ്ഡവപ്രതാപത്തെ ധിക്കരിച്ച് ആ ധൃതരാഷ്ട്രപുത്രൻ പിടിച്ചുവലിച്ചു. സനാഥയെങ്കിലും അനാഥയെന്നപോലെ കൃഷ്ണയെ തലമുടി ചുറ്റിപ്പിടിച്ച്, വാഴയെ കൊടുങ്കാറ്റെന്നപോലെ അവൻ വലിച്ചു. ആർത്തയായ ദ്രൗപദിയെ സഭയിലേക്കു വലിച്ചിഴച്ചു. അവൻ വലിക്കുമ്പോൾ തലകുമ്പിട്ടു തന്റെ സ്ഥിതി അവൾ പതുക്കെ പറഞ്ഞു."

പാഞ്ചാലി പറഞ്ഞു: "മൂഢാ! ഞാൻ തീണ്ടാർന്നവളാണ്. ഒറ്റച്ചേല മാത്രമേ ചുറ്റിയിട്ടുള്ളു. ദുഷ്ടാ! ഈ നിലയിൽ എന്നെ സഭയിലേക്കു കൊണ്ടുപോകരുത്."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ടപ്പോൾ അവൻ തലമുടി ഒന്നുകൂടി മുറുകെപ്പിടിച്ചു. രക്ഷയില്ലാതായപ്പോൾ ഹരേ, ജിഷ്ണോ, കൃഷ്ണാ! നാരായണാ! രക്ഷിക്കണേ! എന്നുവിളിച്ച് അവൾ വിലപിച്ചു. അവൻ മുടിയിൽ പിടിച്ചുനിന്നുതന്നെ പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "തീണ്ടാരിയാണെങ്കിൽ എനിക്കെന്താണ്? നീ ഒറ്റവസ്ത്രം ധരിച്ചാലും, വസ്ത്രമൊന്നും ധരിച്ചില്ലെങ്കിലും എനിക്കെന്താണ്? നീ ഞങ്ങളുടെ ചൂതിൽക്കിട്ടിയ ദാസിയാണ്! നീ ഞങ്ങൾക്ക് അടിമപ്പെട്ടവളാണ്! ദാസികൾക്ക് ഉടുപ്പു വേണമോ, വേണ്ടയോ എന്നൊക്കെ തീരുമാനിക്കേണ്ടതു ഞങ്ങളാണ്."

വൈശമ്പായനൻ പറഞ്ഞു: "ദുശ്ശാസനൻ അവളെ വീണ്ടും വീണ്ടും വലിക്കുമ്പോൾ അവളുടെ തലമുടി ചിന്നി. ഉടുത്ത വസ്ത്രം അഴിഞ്ഞു ലജ്ജിച്ച്, അമർഷത്തോടെ അഴിഞ്ഞുകിഴിയുന്ന വസ്ത്രം കൈകൊണ്ടു മുറുക്കിപ്പിടിച്ചു വശംകെട്ട് കത്തിപ്പുകഞ്ഞുനിന്ന് അവൾ പറഞ്ഞു."

ദ്രൗപദി പറഞ്ഞു: "ഗുരുജനങ്ങൾ നിറഞ്ഞ സദസ്സിലേക്കു രജസ്വലയും ഏകവസ്ത്രയുമായ എന്നെ ഇപ്രകാരം വലിച്ചുകൊണ്ടുപോയി നിറുത്തരുത്. അവരുടെമുമ്പിൽ ഈ വേഷത്തിൽ നില്ക്കാൻ പാടില്ല. ശാസ്ത്രവിജ്ഞാനമുള്ളവരും, ക്രിയാവാന്മാരും, ശക്രതുല്യന്മാരുമാണ് സഭയിലുള്ളവരെല്ലാം. എടാ, നൃശംസ! ക്രൂരാ! നീചാ! ദുഷ്ടാ! നീ എന്റെ വസ്ത്രം അഴിക്കരുത്. ഛേ! ഛേ! വസ്ത്രം കിഴിക്കരുത്! എടാ ദുർവൃത്താ! എന്നെ നീ ഇങ്ങനെ വലിച്ചിഴയ്ക്കരുത്. ഇന്ദ്രാദിദേവന്മാർപോലും നിനക്കു തുണനിന്നാലും എന്റെ ഭർത്താക്കന്മാർ ഇതു പൊറുക്കുകയില്ല. ധർമ്മത്തിന്റെ ഗതി കാണുവാൻ ധർമ്മബുദ്ധികൾക്കേ കഴിയൂ. ധർമ്മപുത്രരാജാവ് എപ്പോഴും ധർമ്മത്തിൽ ഉറച്ചുനില്ക്കുന്നു. എന്റെ ഭർത്താവിൽ ഞാൻ എപ്പോഴും ഗുണമേ കാണുന്നുള്ളു. ഞാൻ വാക്കുകൊണ്ടുപോലും ഒരു ലേശം ദോഷം അദ്ദേഹത്തിൽ ആരോപിക്കുകയില്ല. കുരുവീരന്മാരുടെ മദ്ധ്യത്തിലേക്ക്, തീണ്ടാർന്നിരിക്കുന്ന എന്നെ വലിച്ചിഴയ്ക്കുന്നതു കണ്ടുകൊണ്ട് ആരും തടുക്കുന്നില്ലല്ലോ! ഒരക്ഷരംപോലും അവരാരും പറയുന്നില്ലല്ലോ. നിന്റെ ഉദ്ദേശ്യത്തിന് അവർ സമ്മതിക്കുകയാണോ? കഷ്ടം! കഷ്ടം! ഭാരതന്മാരിൽനിന്നു ധർമ്മം വിട്ടുപോയിരിക്കുന്നു! ക്ഷത്രിയധർമ്മം അവരിൽ നശിച്ചിരിക്കുന്നു. കുരുക്കളുടെ ധർമ്മമര്യാദകളെല്ലാം പോയിരിക്കുന്നു!

digitized by www.sreyas.in

ദ്രോണരുടേയും, ഭീഷ്മരുടേയും മഹാത്മാവായ വിദുരന്റെയും പൗരുഷം എവിടെപ്പോയി? രാജാവിന്റെ പൗരുഷവും അപ്രകാരം പൊയ്പോയോ? ധർമ്മം ഉഗ്രംതന്നെ! കുരുവൃദ്ധോത്തമന്മാരുടെ ധർമ്മം ഉഗ്രംതന്നെ! ഭയങ്കരമായ ഈ അധർമ്മത്തെ കുരുവൃദ്ധന്മാരാരും കാണുന്നില്ല. രജസ്വലയായ എന്നെ ഒറ്റവസ്ത്രത്താലേ സഭയിലേക്കു ബലമായി വലിച്ചിഴയ്ക്കുന്ന ഈ ദുഷ്ടനെ തടുക്കുവാനാരുമില്ലാതായല്ലോ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കരുണമായി വിലപിച്ച് കൃഷ്ണ, കോപിച്ചുനില്ക്കുന്ന കാന്തന്മാരുടെ നേരെ നോക്കി. കോപം പൂണ്ടുനില്ക്കുന്ന പാണ്ഡവന്മാരുടെ ആ കോപം ഒന്നുകൂടി അവളുടെ കടാക്ഷത്താൽ ജ്വലിച്ചു. രാജ്യഭ്രംശം, ധനരത്നാദികളുടെ നാശം ഇവകൊണ്ടൊന്നും ഇത്രമാത്രം കോപം അവരിൽ ഉണ്ടായിട്ടില്ല. കൃഷ്ണയുടെ തീക്ഷ്ണവും ദാരുണവുമായ ആ നോട്ടത്തിൽ പാണ്ഡവന്മാരുടെ കോപവും ദുഃഖവും വർദ്ധിച്ചു. ദയനീയമായി കാന്തന്മാരെ നോക്കുന്ന കൃഷ്ണയെക്കണ്ട് അവളെ ആലസ്യപ്പെടുത്തുമാറ് പിടിച്ചു കുലുക്കി സഭയിലേക്കു ബലമായും കഠിനമായും വലിച്ച്, 'എടീ! ദാസീ! ദാസീ!' എന്നു വിളിച്ച് ദുശ്ശാസനൻ പൊട്ടിച്ചിരിച്ചു. ആ വിളിയെ അഭിനന്ദിച്ചു ഭേഷ്! ഭേഷ്! എന്ന് കർണ്ണൻ ഉച്ചത്തിൽപ്പറഞ്ഞുചിരിച്ചു. ഗാന്ധാരരാജാവായ സുബലന്റെ പുത്രനായ ശകുനിയും ഭേഷ്! ഭേഷ്! എന്ന് അഭിനന്ദിച്ചു പൊട്ടിച്ചിരിച്ചു. ഈ മൂന്നുപേരും ദുര്യോധനനും ഒഴികെ സഭയിൽ കൂടിയിട്ടുള്ള കൗരവന്മാരിൽ ആരുംതന്നെ ഈ നീചപ്രവൃത്തിയെ അഭിനന്ദിച്ചില്ല. മറ്റുള്ളവരുടെയെല്ലാം മുഖം വാടുകയും ശോകമൂകമായിത്തീരുകയും ചെയ്തു. കണ്ണുകളിൽനിന്നു ബാഷ്പം ഉയരുകയും ചെയ്തു. കൃഷ്ണയെ സഭയിൽ ഇട്ടുലയ്ക്കുന്നതു കണ്ടുകൊണ്ട് അവർ ദുഃഖത്തിലാണ്ടുപോയി!"

ഭീഷ്മൻ പറഞ്ഞു: "സുഭഗേ, ധർമ്മത്തിന്റെ ഗതി അതിസൂക്ഷ്മമാണ്. അതുകൊണ്ട് നിന്റെ ചോദ്യത്തിന് ധർമ്മോചിതമായ മറുപടി പറയുവാൻ ഞാൻ അശക്തനാണ്. അടിമയായവന്ന് മറ്റൊരാളെ പണയംവെക്കുവാൻ അധികാരമില്ല. ആ നിലയ്ക്ക് യുധിഷ്ഠിരൻ നിന്നെ പണയംവെച്ചതു സാധുവല്ല. സ്ത്രീ ഭർത്താവിന്നു വശഗയാണ്. ആ നിലയ്ക്ക് യുധിഷ്ഠിരൻ അടിമപ്പെട്ടതോടുകൂടി നീയും അടിമപ്പെട്ടു. ആ നിലയ്ക്കു നീ പരാധീനയായി! ചതിപ്രയോഗത്താലാണ് ഈ സമർത്ഥന്മാർ യുധിഷ്ഠിരനെ തോല്പിച്ചത്. സമർത്ഥൻ അസമർത്ഥനെ ചതിയിൽ തോല്പിച്ചാൽ ആ തോൽവി ധർമ്മജ്ഞന്മാർ ഗണിക്കുന്നതല്ല. ആ നിലയ്ക്ക് ഈ ദ്യൂതം ധർമ്മാനുസൃതമല്ല. എന്നാൽ യുധിഷ്ഠിരൻ അറിഞ്ഞുംകൊണ്ട് ദ്യൂതത്തിൽ സ്വേച്ഛയാ സംബന്ധിക്കുകയാണു ചെയ്തത്. അപ്പോൾ ആ തോല്മ തോല്മതന്നെ. ധർമ്മത്തിന്നുവേണ്ടി ധനസമൃദ്ധമായ ഭൂമി മുഴുവൻ ഉപേക്ഷിക്കുന്നവനാണ് ധർമ്മപുത്രൻ. ഞാൻ തോറ്റുപോയി എന്ന് അദ്ദേഹം സമ്മതിച്ചിരിക്കെ ഈ തോൽവി അസാധുവാണെന്ന് എങ്ങനെ ഞാൻ തീർത്തുപറയും? യുധിഷ്ഠിരൻ ഇതിൽ ചതി കാണുന്നില്ല എന്നിരിക്കെ ഇക്കാര്യത്തിൽ വിധികല്പിക്കുവാൻ ഞാൻ അശക്തനായിരിക്കുന്നു."

ദ്രൗപദി പറഞ്ഞു: "ദ്യൂതകുശലന്മാരായ ഈ വഞ്ചകന്മാർ, നീചന്മാർ, ചൂതുകളിയറിയാത്ത രാജാവിനെ അതിലേക്കു ബലമായി വലിച്ചിറക്കുകയാണുണ്ടായത്. രാജാവു സ്വേച്ഛയാ ചൂതുകളിക്കുവാൻ വന്നതല്ല. അറിവില്ലാത്ത ഒരുത്തനെ അറിവുള്ളവർ പലരുംകൂടി വിളിച്ചിരുത്തി ചതിച്ചുതോല്പിച്ചത് എങ്ങനെ ശരിയായ പരാജയമാകും? കുരുപാണ്ഡവശ്രേഷ്ഠനായ രാജാവ് ചതിപ്പണിയിൽ തോറ്റുകഴിഞ്ഞതിൽപ്പിന്നെ അദ്ദേഹം വീണ്ടും പണയംവെച്ചുകളിച്ചത് ഏതു ധർമ്മശാസ്ത്രപ്രകാരമാണ് നീതിയാവുക? അദ്ദേഹം തോറ്റ് അടങ്ങിയതോടെ ഞാനും അടിമയായെങ്കിൽ പരാജിതനായ അദ്ദേഹത്തെക്കൊണ്ട് വീണ്ടും എന്നെ പണയംവെപ്പിച്ചതെന്തിന്? അതിന്നുള്ള ന്യായമെന്തെന്നു പറയുവിൻ! (അദ്ദേഹത്തിന്റെ തോല്മ എന്റെയും തോല്മയാണെങ്കിൽ, അവർ അങ്ങനെ നിശ്ചയിച്ചിരുന്നെങ്കിൽ, എന്നെ പ്രത്യേകം നേടുവാൻവേണ്ടി, അടിമയായിത്തീർന്ന അദ്ദേഹത്തെക്കൊണ്ട് വീണ്ടും കളിപ്പിക്കുമോ? അതുകൊണ്ടുതന്നെ ഒരു കാര്യം തീർച്ചയല്ലേ, അദ്ദേഹത്തിന്റെ തോല്മ എന്റെ തോല്മയായി ശത്രുക്കൾ കരുതിയിരുന്നില്ലെന്ന്? എതിരാളികൾ സമ്മതിച്ചുതന്ന സ്വാതന്ത്ര്യം ഞാൻ കൈവിടണമെന്നുണ്ടോ? സ്വതന്ത്രയായ എന്നെ അസ്വതന്ത്രൻ പണയംവെച്ചിരിക്കുന്നു! ഈ പണയം എങ്ങനെ സാധുവാകും?) മക്കളും സ്നുഷകളുമുള്ള കുരുക്കൾ പലരും ഈ സഭയിലുണ്ടല്ലോ. അവർ ഞാൻ പറഞ്ഞതെല്ലാം കേട്ടുവല്ലോ. ഇവിടെ നടന്നതെല്ലാം കണ്ടുവല്ലോ. എന്റെ ചോദ്യത്തിന്ന് ചിന്തിച്ച് അവർ ശരിയായ മറുപടി തരേണമെന്ന് ഞാൻ അവരോട് അപേക്ഷിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടിട്ടൊന്നും ദുശ്ശാസനൻ അവളെ വിട്ടില്ല. സഭയിലേക്കു വലിച്ചിഴയ്ക്കപ്പെടുന്ന അവൾ കരുണമായി നിലവിളിച്ചു ഭർത്താക്കന്മാരെ നോക്കി. ദുശ്ശാസനൻ അതികഠോരവും രൂക്ഷവുമായ അപ്രിയവാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. തീണ്ടാരിയായി, ഒറ്റവസ്ത്രം ധരിച്ച, ആ സാധ്വിയെ സഭയിലിട്ട് വലിച്ചിഴയ്ക്കുമ്പോൾ അതൊക്കെ കണ്ട് സഹിക്കവയ്യാതെ, ഭീമൻ അതിദുഃഖിതന്റെ മട്ടിൽ യുധിഷ്ഠിരന്റെ നേരെ ക്രോധത്തോടെ നോക്കി."

68. ദ്രൗപദീകർഷണം – ഭീമൻ പറഞ്ഞു: "ചൂതുകളിക്കാരാരും ഭാര്യമാരെ പണയംവെച്ചതായി ഞാൻ കേട്ടിട്ടില്ല. ചൂതുകളിക്കാരുടെ വീട്ടിൽ ധൂളിപ്പെണ്ണുങ്ങൾ പോലും ഉണ്ടായെന്നുവരാം. എന്നാൽ അവരെപ്പോലും അവർ പണയംവെക്കാറില്ല. സ്ത്രീകൾ എന്നനിലയ്ക്ക് ഒരു കനിവും മര്യാദയും ധൂർത്തകളുടെനേർക്കുപോലും ജനങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കാശിരാജാവ് ഉത്തമമായ പല ദ്രവ്യങ്ങളും കാഴ്ചവെച്ചു. മറ്റു രാജാക്കന്മാരും ധാരാളം ദ്രവ്യങ്ങൾ കാഴ്ചവെച്ചു. അവയും, വാഹനവും, ധനവും, ചട്ടയും, നാനാവിധം ആയുധങ്ങളും താൻതന്നെയും, ഞങ്ങളും ഒക്കെ പണയത്തിലായി, ശത്രുക്കളുടേതായി. അതിലൊന്നും ഞങ്ങൾക്കു പരിഭവമില്ല. അങ്ങ് എല്ലാറ്റിനും പ്രഭുവാണല്ലോ! പാർഷതിയെ പണയംവെച്ചത് അക്രമമായി! ഇവൾ ഈ ദുഃഖത്തിന്ന് അർഹയല്ല. ബാലയായ ഇവൾ പാണ്ഡവന്മാർക്കു ചേർന്നവളാണെങ്കിലും അങ്ങുകാരണമായി ഇപ്പോൾ ദുഷ്ടരും, ക്രൂരരുമായ കുരുക്കളിൽനിന്ന് ഇവൾ ക്ലേശം അനുഭവിക്കുന്നു. ഇവളുടെ ഈ പരിതാപംകണ്ടുകൊണ്ട് ഭവാനോടു ക്ഷമിക്കുവാൻ എനിക്ക് കഴിയുന്നില്ല. എടോ, സഹദേവാ! വേഗം ഒരു പന്തം കൊളുത്തിക്കൊണ്ടുവാ! ഞാൻ ഈ ചൂതുകളിക്കാരന്റെ കൈ രണ്ടും ചുട്ടുവെണ്ണീറാക്കട്ടെ."

അർജ്ജുനൻ പറഞ്ഞു: "ജ്യേഷ്ഠാ! എന്താണീ ഭാവമാറ്റം! മുമ്പൊന്നും ഭവാൻ ഇത്തരം വാക്കു പറയാറില്ലല്ലോ. ക്രൂരന്മാരായ വൈരികൾ ഭവാന്റെ ധർമ്മഗൗരവത്തെ നശിപ്പിച്ചുവോ? ശത്രുക്കൾക്ക് ഇത് ആവശ്യമാണ്. നാം ധർമ്മം തെറ്റി നടക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതു ചെയ്തുപോകരുതേ! മുഖ്യമായ ധർമ്മത്തെ നീ പാലിക്കുക. ഏതു പുമാനുണ്ട് ധർമ്മനിഷ്ഠയിൽ യുധിഷ്ഠിരനെ ലംഘിക്കുവാൻ പോന്നവൻ? എതിരാളി വിളിച്ചതുകൊണ്ട് ക്ഷാത്രവ്രതം ചിന്തിച്ച് ഈ രാജാവ് പരേച്ഛ മുൻനിർത്തി കളിച്ചതാണ്. നമുക്ക് യശസ്കരമാണത്. ജ്യേഷ്ഠൻ ധർമ്മനിഷ്ഠയിൽ ധീരനാണെന്നു നീ അറിയുന്നില്ലേ?"

ഭീമൻ പറഞ്ഞു: "അർജ്ജുനാ! നീ പറഞ്ഞതു ശരിയാണ്. താല്ക്കാലികവികാരത്തിൽ പ്രക്ഷുബ്ധനായി ഞാൻ അറിയാതെ അദ്ദേഹത്തിന്റെ കൈ രണ്ടും പിടിച്ചു ചുട്ടുകളഞ്ഞേനേ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കോപതാപങ്ങളാൽ കുഴങ്ങിനില്ക്കെ, പാഞ്ചാലി ദുശ്ശാസനപീഡയേറ്റു വിലപിച്ചുകൊണ്ടു വലയവേ, ധൃതരാഷ്ട്രപുത്രന്മാരിൽ ഒരുത്തനായ വികർണ്ണൻ ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു."

വികർണ്ണൻ പറഞ്ഞു: "ഹേ! രാജാക്കന്മാരേ! പാഞ്ചാലി ചോദിച്ച ചോദ്യത്തിന്ന് നിങ്ങൾ എന്താണ് ഒന്നും ഉത്തരം പറ

digitized by www.sreyas.in

യാതെ മിണ്ടാതിരിക്കുന്നത്? നിങ്ങൾക്ക് ഒന്നും പറയുവാനില്ലേ? നിങ്ങൾ കേട്ടില്ലേ? നിങ്ങൾ ഈ ചോദ്യത്തിന്നു മറുപടി കൊടുക്കണം! അങ്ങനെ ചെയ്യാതിരുന്നാൽ നമ്മൾക്കു നരകമാണു ഫലം! തീർച്ചയാണ്! ഭീഷ്മരും ധൃതരാഷ്ട്രരും കുരുവൃദ്ധന്മാരാണ്. അച്ഛനും, മുത്തച്ഛനും ഇതൊക്കെ കേൾക്കുന്നില്ലേ? എന്താണ് ഒന്നും മിണ്ടാത്തത്? മഹാബുദ്ധിമാനായ വിദുരനും, ഇവർക്കൊക്കെ ഗുരുവായ ദ്രോണനും, കൃപാചാര്യനും എന്താണ് ഉത്തരം പറയാത്തത്? മഹാബ്രാഹ്മണരായ ഈ ആചാര്യന്മാരും മറ്റു രാജാക്കന്മാരും ഇവിടെ ഇരിക്കുന്നുണ്ടല്ലോ. കാമക്രോധാദികൾ വിട്ട് കാര്യഗൗരവമറിഞ്ഞ് ബുദ്ധിപൂർവ്വം മറുപടിപറയണം! ശുഭയായ പാഞ്ചാലി ചോദിച്ചതിന്നു മറുപടി നാനാരാജ്യങ്ങളിൽനിന്നു വന്നുചേർന്ന രാജാക്കളേ, നിങ്ങൾ ഓരോരുത്തരും അവരവരുടെ മനസ്സിൽ ന്യായാന്യായങ്ങളെ ചിന്തിച്ച് പറയുവിൻ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവൻ സർവ്വ സഭാവാസികളോടും പലപ്രാവശ്യവും അഭ്യർത്ഥിച്ചു; നല്ലതോ ചീത്തയോ ഒന്നുംതന്നെ അവർ അതിന്നുമറുപടി പറഞ്ഞില്ല. പലപ്രാവശ്യവും വികർണ്ണൻ പറഞ്ഞിട്ടും രാജാക്കൾ നല്ലതോ ചീത്തയോ ആയി ഒന്നും പറയാതിരുന്നപ്പോൾ അവൻ കൈകൊണ്ടു കൈകൂട്ടി ശക്തിയായി ഞെരിച്ച്, സഹിക്കവയ്യാതെ നെടുവീർപ്പിട്ട് ഇപ്രകാരം പറഞ്ഞു."

വികർണ്ണൻ പറഞ്ഞു: "ചോദ്യത്തിന്നു മറുപടി പറയുവാൻ നിങ്ങൾക്കു വയ്യെങ്കിൽ വേണ്ട. ഹേ! രാജാക്കന്മാരേ, ഞാൻ കണ്ട ന്യായം പറയാം. ഹേ, കുരുരാജാക്കന്മാരേ! നൃപന്മാർക്കു നാലുതരം വ്യസനങ്ങളുണ്ട് (ചീത്തസ്വഭാവം): നായാട്ട്, മദ്യപാനം, ചൂതാട്ടം, സ്ത്രീകളിലുള്ള അത്യാസക്തി. ഇവയാണ് ആ നാലു വ്യസനങ്ങൾ. ഇവയിൽ സക്തനായ മർത്ത്യൻ ധർമ്മത്തെ കൈവിട്ടുനില്ക്കും. അപ്രകാരമുള്ള മനുഷ്യൻ ചെയ്യുന്ന കൃത്യം ചെയ്തതായി ജനങ്ങൾ കണക്കാക്കുകയില്ല. എന്നാൽ ഈ പാണ്ഡവൻ വ്യസനത്തിൽപ്പെട്ടവനാണ്. ചൂതാട്ടക്കാർ വിളിച്ചു കളിച്ച് അവൻ കൃഷ്ണയെ പണയംവെച്ചു. മാന്യയായ ഇവൾ എല്ലാ പാണ്ഡവർക്കും തുല്യയായി അവകാശപ്പെട്ടവളാണ്. താൻ മുമ്പെ അടിമയായതിന്നുശേഷമാണ് യുധിഷ്ഠിരൻ അവളെ പണയംവെച്ചത്. ശകുനി നിർബ്ബന്ധിച്ചു പറഞ്ഞിട്ടാണ് കൃഷ്ണയെ പണയംവെച്ചത്. ഈ നിലയ്ക്കു ചിന്തിക്കുമ്പോൾ ഈ പണയം സാധുവല്ല. (പാണ്ഡവന്മാർക്ക് എല്ലാവർക്കും തുല്യമായ അവകാശമുള്ള ഒരു വസ്തുവാണ് പാഞ്ചാലി. അവളെ യുധിഷ്ഠിരൻ തന്റെ പ്രത്യേകധനമെന്നുകരുതി പണയംവെച്ചതു തെറ്റാണ്. പിന്നെ ഒരു ന്യായം കൂടിയുണ്ട്. അടിമയായിക്കഴിഞ്ഞ യുധിഷ്ഠിരൻ പിന്നീടു പണയംവെച്ചതാണ് ദ്രൗപദിയെ. അത് തെറ്റായ നടപടിയാണ്. ജ്യേഷ്ഠൻ അനുജന്മാരെ പണയംവെച്ചതു സാധുവാകാമെങ്കിലും എല്ലാവർക്കും അവകാശപ്പെട്ട വസ്തു ജ്യേഷ്ഠനുമാത്രം പണയംവെക്കുവാൻ അവകാശമില്ല. പിന്നെ പാഞ്ചാലിയെ യുധിഷ്ഠിരൻ ഇഷ്ടപ്രകാരം പണയംവെച്ചതല്ല. ശകുനി നിർബ്ബന്ധിച്ചു പറഞ്ഞ് കുടുക്കിയതാണ്. ഇതും തക്കതായ ചിന്താവിഷയമാണ്. ഇങ്ങനെ ഏതു വശംകൊണ്ടു ചിന്തിച്ചാലും ദ്രൗപദി അടിമപ്പെട്ടിട്ടില്ല എന്നർത്ഥം.) ദ്രൗപദിയെ നേടിയിട്ടില്ല എന്നാണ് എന്റെ അഭിപ്രായം."

വൈശമ്പായനൻ പറഞ്ഞു: "വികർണ്ണൻ ഇപ്രകാരം പറഞ്ഞപ്പോൾ സഭാവാസികൾ കൈകൊട്ടി 'ഭേഷ്! ഭേഷ്! വികർണ്ണൻ പറഞ്ഞതു ശരിയാണ്! ന്യായമാണ്!' എന്ന് ഉച്ചത്തിൽ സഭയിൽനിന്ന് അഭിനന്ദനകോലാഹലം ഉയർന്നു! ശകുനിയെ നിന്ദിച്ചും സംസാരിച്ചു.

ആ കരഘോഷവും അഭിനന്ദനവാക്യഘോഷവും ഒന്നടങ്ങിയപ്പോൾ, ക്രോധത്തോടെ കർണ്ണൻ എഴുന്നേറ്റുനിന്ന്, കൈ ഉയർത്തി ഗംഭീരസ്വരത്തിൽ ഇപ്രകാരം പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "വികർണ്ണാ! പല വൈപരീത്യങ്ങളും ഞാൻ ഇവിടെ കാണുന്നു! അരണിക്ക് അഗ്നി എന്നപോലെ ജനിച്ചേടം തന്നെ മുടിക്കുന്ന പലതും ഞാൻ ഇവിടെ കാണുന്നു! ഈ ഇരിക്കുന്ന മഹാശയന്മാരാരും അവളുടെ ചോദ്യത്തിന്നുത്തരം പറഞ്ഞില്ല. അവർ വിചാരിക്കുന്നു കൃഷ്ണയെ ധർമ്മപ്രകാരം നേടിക്കഴിഞ്ഞു എന്ന്. ദുര്യോധനന്റെ സഹോദരനായിരുന്നിട്ടും നിനക്കു ധർമ്മം അറിയുവാൻ സാധിച്ചില്ലല്ലോ! ഹേ, വികർണ്ണാ! മൂഢാ! ഏതു ന്യായപ്രകാരമാണ് ദ്രൗപദി അടിമയായിട്ടില്ലെന്നു നീ വിധിച്ചത്? യുധിഷ്ഠിരൻ പറഞ്ഞില്ലേ, ഞാൻ എന്റെ സർവ്വസ്വവും ചൂതിൽ പണയം വെച്ചിരിക്കുന്നു എന്ന്? അപ്പോൾ പാഞ്ചാലി ആ സർവ്വസ്വത്തിൽ പെട്ടില്ലേ? സഭയിൽ ബാലനായ നീ വൃദ്ധന്റെ മട്ടിലാണല്ലോ സംസാരിക്കുന്നത്. അഗ്രജൻ എന്ന നിലയ്ക്ക് യുധിഷ്ഠിരൻ ചെയ്യുന്നതെല്ലാം മറ്റു പാണ്ഡവന്മാർക്കു ബാധകമല്ലേ? അങ്ങനെ അടിമയായ പാഞ്ചാലി ഭവാനുമാത്രം അടിമയല്ലെന്നു തോന്നുവാൻ കാരണമെന്താണ്? യുധിഷ്ഠിരൻ വാക്കാൽ കൃഷ്ണയെ പറഞ്ഞു പണയവസ്തുവാക്കിയതാണ്. അതു മറ്റു പാണ്ഡവരും സമ്മതിച്ചതാണ്. നിനക്കു മാത്രം അവൾ ജിതയല്ലെന്നു തോന്നുവാൻ എന്താണു കാരണം? ഒറ്റവസ്ത്രത്തോടെ ഇവളെ സഭയിൽ കൊണ്ടുവന്നതും അധർമ്മമാണെന്നു നീ വിചാരിക്കുന്നുണ്ടായിരിക്കാം. ആ വിചാരവും തെറ്റാണെന്നു ഞാൻ തെളിയിച്ചുതരാം. ഇവൾ പതിവ്രതയല്ല. പതിവ്രതമാർക്ക് ഒരേ ഒരു ഭർത്താവേ ഉണ്ടാകൂ. പലപേർക്കു വശ്യയായ ഇവൾ എങ്ങനെ പതിവ്രതയാകും? അതുകൊണ്ട് ഇവൾ കുലടതന്നെ! അതിൽ സംശയിക്കുവാനില്ല. ഇവളെ സഭയിൽ കൊണ്ടുവന്നാൽ അതിൽ പറയുവാനെന്തുണ്ട്? കുലട ഒറ്റ വസ്ത്രം ധരിച്ചാലും വസ്ത്രം ഒന്നും ധരിച്ചില്ലെങ്കിലും അതിനെപ്പറ്റി ഗണിക്കേണ്ടതില്ല! പാണ്ഡവന്മാർക്കുള്ള മുതലും ഇവളും പാണ്ഡവന്മാരും എല്ലാം ശകുനി ധർമ്മപ്രകാരം നേടിയധനമാണ്. ഹേ, ദുശ്ശാസനാ! വികർണ്ണൻ മഹാവിഡ്ഢിയാണ്. അവൻ പ്രജ്ഞനെപ്പോലെ നിന്നു വാദിക്കുന്നു. നീ പാർത്ഥന്മാരുടേയും പാഞ്ചാലിയുടേയും വസ്ത്രം അഴിച്ചുവാങ്ങൂ. പാണ്ഡവന്മാരും പാഞ്ചാലിയും ധർമ്മപ്രകാരം നമ്മുടെ അടിമകളാണെന്ന് ഈ മൂഢന്നു തെളിയിച്ചുകൊടുക്കുക. കുലീനന്മാരെപ്പോലെ നമ്മുടെ മുമ്പിൽ വസ്ത്രം ധരിച്ചു ഞെളിഞ്ഞുനില്ക്കേണ്ടവരല്ല ഇവർ. ഇവരുടേയും പാഞ്ചാലിയുടേയും വസ്ത്രങ്ങളെല്ലാം വേഗം അഴിച്ചുവാങ്ങുക."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണൻ ഇപ്രകാരം പറഞ്ഞയുടനെ പാണ്ഡവന്മാരെല്ലാവരും അവരുടെ ഉത്തരീയവസ്ത്രം താഴെവെച്ചു സഭാസ്ഥലത്തിരുന്നു. പാഞ്ചാലി അപ്രകാരം ചെയ്യാതിരുന്നതു കണ്ട് ദുശ്ശാസനൻ ആ മഹാസദസ്സിൽവെച്ച് അവൾ ധരിച്ചിട്ടുള്ള ഏകവസ്ത്രം ബലമായി പിടിച്ച് അഴിച്ചെടുക്കുവാൻ അതിൽ പിടികൂടി വലിച്ചുതുടങ്ങി. ഇങ്ങനെ അവളുടെ വസ്ത്രം ആ ദുഷ്ടൻ ബലമായി അഴിക്കുവാൻ തുടങ്ങിയപ്പോൾ ദ്രൗപദി ഹരിയെ സ്മരിച്ചു."

പാഞ്ചാലി പറഞ്ഞു: "ഗോവിന്ദാ! ദ്വാരകയിൽ ഇരുന്നരുളുന്ന കൃഷ്ണാ! ഗോപീജനപ്രിയാ! കുരുക്കൾഎന്നിൽ ഇത്തരത്തിൽ പ്രയോഗം നടത്തുന്നത് ഭവാൻ അറിയുന്നില്ലേ? കേശവാ! നാഥാ! രാമനാഥാ, ഗോലോകനാഥാ, സന്താപനാശനാ! കൗരവസമുദ്രത്തിൽ മുങ്ങിപ്പോകുന്ന എന്നെ കരകയറ്റണേ! ജനാർദ്ദനാ! കൃഷ്ണാ! കൃഷ്ണാ! യോഗിവര്യാ, വിശ്വാത്മാവേ!, വിശ്വഭാവന! അങ്ങ് സർവ്വാന്തര്യാമിയല്ലേ! കുരുമദ്ധ്യത്തിൽ ഞാൻ അവമാനിതയായി വലയുന്നേ! അയ്യോ! എന്നെ ഓർക്കണേ! എന്നെ കാക്കണേ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ത്രിഭുവനേശ്വരനായ ഹരിയെ, ആ ഭാമിനി ഹൃദയംനൊന്ത് ഓർത്ത്, മുറയിട്ടു! അവൾ മുഖംപൊത്തി അസഹ്യമായ ദുഃഖത്തോടെ വിലപിച്ചു. യാജ്ഞസേനിയുടെ വാക്കുകേട്ട് കൃഷ്ണൻ ഗദ്ഗദകണ്ഠനായി ശയ്യാസനംവിട്ട് ആ കൃപാലു അവളോടുള്ള കൃപയാൽ കാൽനടയായി അവിടെയെത്തി. 'കൃഷ്ണാ! വിഷ്ണോ! ഹരേ! നരാ' എന്ന് യാജ്ഞസേനി രക്ഷകിട്ടുവാൻ മുറവിളികൂട്ടി. അപ്പോൾ മഹാത്മാ

digitized by www.sreyas.in

വായ ധർമ്മഭഗവാൻ മറഞ്ഞുനിന്ന് വിവിധതരത്തിലുള്ള നല്ല വസ്ത്രങ്ങൾ അപ്പപ്പോൾ അവൾക്കു നല്കിക്കൊണ്ടിരുന്നു.

പാഞ്ചാലിയുടെ പുടവ അഴിക്കുമ്പോൾ ഹേ ജനമേജയാ, അവളുടെ അരയിൽ പിന്നേയും വസ്ത്രം അണിഞ്ഞതായിക്കണ്ടു. ആ വസ്ത്രവും അഴിച്ചപ്പോൾ അപ്പോഴും അവൾ വസ്ത്രം ധരിച്ചിരിക്കുന്നതായിക്കണ്ടു. ദുശ്ശാസനന്നു വാശി മുറുകി. അവൻ വസ്ത്രങ്ങൾ വീണ്ടും വീണ്ടും അഴിക്കുവാൻ തുടങ്ങി! എത്രയെത്ര അഴിച്ചാലും അവളുടെ ദേഹത്തിൽ വസ്ത്രം പിന്നെയും പിന്നെയും കാണപ്പെട്ടു! പലതരത്തിലുള്ളവ, വിചിത്രമായവ, പലചായത്തിലുള്ളവ, അസംഖ്യം അവിടെ വ്യക്തമായി കാണപ്പെട്ടു. അങ്ങനെ ധർമ്മം അവളെ രക്ഷിച്ചു. ഈ അത്ഭുതം കണ്ടപ്പോൾ ആർപ്പും വിളിയുംകൊണ്ട് അവിടെ മുഴങ്ങി. സഭ ഭയങ്കരമായ വിധം, ശബ്ദകോലാഹലത്താൽ മുഴങ്ങി. ലോകത്തിൽ ഇങ്ങനെ ഒരു ആശ്ചര്യം ആരും കണ്ടിട്ടില്ല! സർവ്വരാജാക്കളും അത്ഭുതപരതന്ത്രരായി ഇക്കാഴ്ച നോക്കിനിന്നു. പാഞ്ചാലിയെ വാഴ്ത്തുകയും ധാർത്തരാഷ്ട്രനെ നിന്ദിക്കുകയും ചെയ്തു. പാഞ്ചാലി നിലവിളിച്ചുകൊണ്ടിരിക്കെ, ദുശ്ശാസനൻ വസ്ത്രത്തിൽ പിടിച്ച് വീണ്ടും വീണ്ടും അഴിച്ചുകൊണ്ടിരിക്കെ, ജനങ്ങൾ ഈ അത്ഭുതം കണ്ടു കൊണ്ടിരിക്കെ, അഴിച്ചുകൂട്ടിയ വസ്ത്രങ്ങളുടെ കൂമ്പാരം സഭയിൽ ഉയർന്നു! സദസ്യരുടെ അത്ഭുതപ്രകടനവും കൈകൊട്ടലും ആർപ്പുവിളിയുംകൊണ്ട് സഭാതലം അങ്ങനെ കുലുങ്ങി. ഇതെല്ലാം കണ്ടുനില്ക്കുന്ന ഭീമൻ സഹിക്കവയ്യാത്ത കോപത്താൽ ചുണ്ടുകൾ വിറച്ചു കൈകൾ തിരുമ്മി ഉഗ്രമായ സ്വരത്തിൽ ശപഥംചെയ്തു. മേഘനിർഘോഷം പോലെ ആ ശപഥവാക്യം അവിടെ മുഴങ്ങി."

ഭീമൻ പറഞ്ഞു: "ലോകത്തിലെങ്ങുമുള്ള ക്ഷത്രിയന്മാരേ! നിങ്ങൾ എന്റെ ശപഥം കേട്ടുകൊള്ളുവിൻ! ഇങ്ങനെയൊരു ശപഥം ഇന്നേവരെ ആരും ചെയ്തിട്ടില്ല. മേലിൽ ആരും ഇങ്ങനെയൊരു ശപഥം ചെയ്യുകയുമില്ല. പാപിയും, ദുർബ്ബുദ്ധിയും, ഭാരതകുലത്തിലെ അധമനുമായ ഈ പാപിയായ ദുശ്ശാസനന്റെ മാർത്തട്ട് പോരിൽ ഞാൻ പിളർന്നു രക്തം കുടിക്കും! ഈ ശപഥം ഞാൻ നിങ്ങളുടെ മുമ്പിൽവെച്ചു ചെയ്തിട്ട് അതു നിറവേറ്റിയില്ലെങ്കിൽ ഹേ, രാജാക്കന്മാരേ! എന്റെ പൂർവ്വികരായ പിതാക്കന്മാർ നേടിവെച്ച ഗതി എനിക്കു ലഭിക്കാതെ പോകട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "രൗദ്രവും, രോമാഞ്ചമുണ്ടാക്കുന്നതുമായ ഭീമന്റെ ഈ ശപഥവാക്കുകേട്ട് ജനങ്ങൾ ബഹുമാനിച്ചു. ധൃതരാഷ്ട്രപുത്രനെ നിന്ദിച്ചുകൊണ്ട് ഭീമന്റെ വാക്കിനെ ആദരിച്ചു. സഭാമദ്ധ്യത്തിൽ വസ്ത്രജാലം കുന്നായിക്കൂടിക്കിടന്നു. ദുശ്ശാസനൻ കൈതളർന്ന്, അവശനായി, നാണംകെട്ടു പിന്മാറി. കഷ്ടം! കഷ്ടം! എന്ന ഘോഷവും ആർപ്പുവിളിയും ഉണ്ടായി. കാണികൾ രോമാഞ്ചമണിഞ്ഞു!

ഇതുകൊണ്ടും കാര്യം തീരുമാനത്തിലായില്ല. ജനങ്ങൾ പ്രക്ഷുബ്ധരായി. ധൃതരാഷ്ട്രനെ വിളിച്ചു ജനങ്ങൾ ഉറക്കെ നിന്ദിച്ചു സംസാരിച്ചു ബഹളമായി. കൗരവന്മാരേ! നിങ്ങൾ ദ്രൗപദിയുടെ ചോദ്യത്തിന്നു മറുപടി കൊടുക്കുവിൻ എന്ന ശബ്ദം മുഴങ്ങി.

ഉടനെ കൈ ഉയർത്തി സഭാവാസികളായ മഹാജനങ്ങളുടെ ശബ്ദബഹളം തടഞ്ഞ് സർവ്വധർമ്മജ്ഞനായ വിദുരൻ ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "അനാഥയെപ്പോലെ ദ്രൗപദി കരഞ്ഞുകൊണ്ടു ചോദിക്കുന്നതു നിങ്ങൾ കേൾക്കുന്നില്ലേ? ഹേ, സദസ്യരേ, നിങ്ങൾ ഉത്തരം പറഞ്ഞില്ലല്ലോ? അതിനു നിങ്ങൾ ഉത്തരം പറയാതിരിക്കുന്നത് അധർമ്മമാണ്. കത്തുന്ന തീയിലെന്നപോലെ എരിഞ്ഞുകൊണ്ട് ശോകാർത്തർ സഭയെ ആശ്രയിക്കുമ്പോൾ അവരെ ആശ്വസിപ്പിക്കേണ്ടത് സത്യധർമ്മജ്ഞന്മാരുടെ കടമയാണ്. സത്യത്തെ അറിഞ്ഞ് ആര്യന്മാർ ധർമ്മപ്രശ്നം ചെയ്യണം. കാമക്രോധങ്ങൾ വെടിഞ്ഞു സദസ്യർ പറയണം. ഹേ, രാജാക്കന്മാരേ, വികർണ്ണൻ അവന്റെ പ്രജ്ഞയ്ക്കു ചേർന്നപ്രകാരമുള്ള ഉത്തരം പറഞ്ഞു. നിങ്ങളും നിങ്ങളുടെ ബുദ്ധിക്ക് ഒത്തവിധം ചോദ്യത്തിന്നുത്തരം പറയുവിൻ! ധർമ്മം കാണുന്നവൻ സഭയിൽ സമാധാനം പറയുന്നില്ലെങ്കിൽ പാപഫലത്തിന്റെ പകുതി അയാൾക്കു കിട്ടും. ധർമ്മം കാണുന്നവൻ അവന്റെ മനസ്സാക്ഷിക്കു വിരോധമായി പറഞ്ഞാലോ പാപത്തിന്റെ ഫലം മുഴുവൻ അയാൾക്കു പറ്റും; തീർച്ചയാണത്. അതിന്നുദാഹരണമായി പണ്ടുള്ളവർ പറഞ്ഞുവരാറുള്ള ഒരു കഥ ഞാൻ പറയാം. പ്രഹ്ലാദനും അംഗിരസ്സുമഹർഷിയുടെ പുത്രനും തമ്മിൽ ഉണ്ടായ സംവാദമാണത്.

'പ്രഹ്ലാദൻ' എന്ന ദൈത്യേന്ദ്രന്റെ പുത്രനാണ് 'വിരോചനൻ'. ഒരിക്കൽ അവൻ ആംഗിരസനായ 'സുധന്വാവി'നോട് കന്യാർത്ഥമായി വഴക്കായി. അവർ കന്യകയെ കിട്ടുവാനുള്ള ആഗ്രഹത്താൽ ഞാൻ മേലെ, ഞാൻ മേലെ എന്ന് എതിർത്തു. തമ്മിൽ പ്രാണനെ പന്തയംവെച്ചു വാദിച്ചു. ഈ കാര്യത്തിൽ പ്രഹ്ലാദനെ വിധികർത്താവാക്കാൻ രണ്ടുപേരും സമ്മതിച്ചു. അവർ പ്രഹ്ലാദനോടു ചോദിച്ചു. 'ഈ ഞങ്ങളിൽ ആരാണു ശ്രേഷ്ഠൻ? വ്യാജം പറയരുത്.'

അപ്പോൾ പ്രഹ്ലാദൻ ഭയപ്പെട്ട് താൻ എന്തുപറയേണ്ടൂ എന്നറിയാതെ സുധന്വാവിനെ നോക്കി. വാസ്തവം പറഞ്ഞാൽ തന്റെ പുത്രനായ വിരോചനന്റെ പ്രാണൻ നഷ്ടപ്പെടും.

ഈ സമയത്ത് സുധന്വാവ് യമദണ്ഡംപോലെ കത്തിജ്ജ്വലിക്കുന്ന രോഷത്തോടെ പ്രഹ്ലാദനോടു പറഞ്ഞു:

സുധന്വാവു പറഞ്ഞു: "ഹേ, പ്രഹ്ലാദ! നീ നുണ പറഞ്ഞാലും ഒന്നും മിണ്ടാതിരിക്കുകയാണെങ്കിലും ഇന്ദ്രൻ നിന്റെ തല വജ്രംകൊണ്ടു നൂറുനൂറായി ഖണ്ഡിക്കും."

വിദുരൻ പറഞ്ഞു: "സുധന്വാവിന്റെ വാക്കുകേട്ട് പ്രഹ്ലാദൻ ആലിലപോലെ വിറച്ചു. സംശയനിവാരണത്തിന്നായി കശ്യപമഹർഷിയുടെ സമീപത്തെത്തി അദ്ദേഹത്തോടു ചോദിച്ചു."

പ്രഹ്ലാദൻ പറഞ്ഞു: "ഭഗവാനേ, അങ്ങുന്ന് ദൈവവും ആസുരവും ബ്രാഹ്മണവുമായ ധർമ്മങ്ങളെല്ലാം അറിയുന്നവനാണല്ലോ. ഹേ, മഹാഭാഗാ!, എന്റെ ധർമ്മസംശയം അങ്ങുകേട്ടാലും. ചോദിച്ചാൽ മിണ്ടാതിരിക്കുന്നതായാലും, അസത്യം പറഞ്ഞാലും അവന് ഏതെല്ലാം പരലോകമാണ് സിദ്ധിക്കുക എന്നു കേട്ടാൽ കൊള്ളാം."

കാശ്യപൻ പറഞ്ഞു: "കാമക്രോധഭയങ്ങളെ പിൻതുടർന്ന് അറിഞ്ഞുകൊണ്ടു മിണ്ടാതിരിക്കുന്നവൻ പാപിയാകുന്നു. അവന്റെ മെയ്യിൽ ആയിരം വരുണപാശം വന്നുവീഴും. ഗോവിന്റെ കർണ്ണംപോലെ അങ്ങുമിങ്ങും തട്ടുന്നവിധം മറുപടി പറയുന്നവന്റെ മെയ്യിലും ആയിരം വരുണപാശം വന്നുവീഴും. അവന്ന് ഒരാണ്ടുചെല്ലുമ്പോൾ ഒരു കയർ അറ്റുപോകും. അതുകൊണ്ട് സത്യം അറിയുന്നവൻ അതു മറച്ചുവെക്കാതെ പറയണം.

സഭയിൽ അധർമ്മത്താൽ പീഡിതരായവർ ധർമ്മം ആഗ്രഹിച്ചപേക്ഷിക്കുമ്പോൾ അവരുടെ ശല്യം തീർക്കാത്ത സദസ്യർ അധർമ്മത്തിന്റെ ദോഷഫലം അനുഭവിക്കും. പാപത്തിൽ പകുതി സഭാനാഥനും, കാൽഭാഗം ക്രിയചെയ്യുന്നവനും, ബാക്കി കാലംശം തെറ്റിനെ അറിഞ്ഞ് തെറ്റാണെന്നു പറയാത്ത സദസ്യർക്കും ലഭിക്കും. സഭാനാഥൻ നിർദ്ദോഷനായാൽ സദസ്യരും നിർദ്ദോഷവാന്മാരാകും. നിന്ദ്യനെ നിന്ദചെയ്താൽ പാപം കുറ്റക്കാരനിൽ മാത്രമായിരിക്കും. ചോദിക്കുന്നവനോടു തെറ്റായി ധർമ്മംവിട്ട് നുണപറയുകയാണെങ്കിൽ അവൻ കീഴെയും മേലേയും ഏഴു തലമുറകളുടെ പുണ്യഫലം നശിപ്പിക്കും. ധനം അപഹരിക്കപ്പെട്ടവന്റെ ദുഃഖം, പുത്രൻ ഹതനായവന്റെ ദുഃഖം, കടക്കാരന്റെ ദുഃഖം, സ്വാർത്ഥം കൈവിട്ടവന്റെ ദുഃഖം, രാജാവിനാൽ

digitized by www.sreyas.in

പിടക്കപ്പെട്ടവന്റെ ദുഃഖം, വേൾക്കാത്ത സ്ത്രീയുടെ ദുഃഖം, മകനില്ലാത്ത സ്ത്രീകളുടെ ദുഃഖം, പുലിയുടെ വായിൽപ്പെട്ടവന്റെ ദുഃഖം, സാക്ഷിയാൽ തോല്പിക്കപ്പെട്ടവന്റെ ദുഃഖം; ഈ ദുഃഖങ്ങളൊക്കെ തുല്യമായ തൂക്കമുള്ളവയാണെന്ന് ദേവന്മാർ പറയുന്നു. അസത്യം പറയുന്നവന്, ഈ ദുഃഖങ്ങളൊക്കെ ഏല്ക്കും. പ്രത്യക്ഷം കണ്ടവനും, കേട്ടവനും, അറിയുന്നവനും സാക്ഷിയാണ്. എന്നാൽ സത്യം പറഞ്ഞ സാക്ഷി ധർമ്മാർത്ഥങ്ങളിൽനിന്നു ഭ്രഷ്ടനായി വരികയില്ല."

വിദുരൻ പറഞ്ഞു: "കാശ്യപൻ പറഞ്ഞതുകേട്ട് പ്രഹ്ലാദൻ മകനോടു പറഞ്ഞു."

പ്രഹ്ലാദൻ പറഞ്ഞു: "സുധന്വാവു നിന്നേക്കാൾ ശ്രേഷ്ഠനാണ്. എന്നേക്കാൾ ശ്രേഷ്ഠനാണ് അംഗിരസ്സ്. അപ്പോൾ അംഗിരസപുത്രനായ സുധന്വാവ് എന്റെ പുത്രനായ വിരോചനനേക്കാൾ മീതെയാണ്. നിന്റെ അമ്മയേക്കാൾ ശ്രേഷ്ഠയാണ് സുധന്വാവിന്റെ അമ്മയും. ഹേ, വിരോചനാ, സുധന്വാവ് ഈ വാദത്തിൽ നിന്റെ പ്രാണന് ഉടമസ്ഥനായിത്തീർന്നിരിക്കുന്നു."

സുധന്വാവു പറഞ്ഞു: "പുത്രസ്നേഹം വിട്ട് ഭവാൻ ധർമ്മത്തിൽ ഉറച്ചുനില്ക്കുന്നതുകൊണ്ട് ഞാൻ പ്രീതനായിരിക്കുന്നു. അതുകൊണ്ട് ഞാൻ അനുവദിക്കുന്നു. നിന്റെ പുത്രൻ നൂറു വർഷം ജീവിച്ചിരിക്കട്ടെ."

വിദുരൻ പറഞ്ഞു: "ഇപ്രകാരം, സദസ്യരേ, ഞാൻ പറഞ്ഞ ധർമ്മം എന്തെന്നു കേട്ടുവല്ലോ? നിങ്ങൾ എന്തു ചിന്തിക്കുന്നു? എന്തുത്തരം കൃഷ്ണയുടെ ചോദ്യത്തിന്നു പറയുന്നു?"

വൈശമ്പായനൻ പറഞ്ഞു: "വിദുരന്റെ ഈ വാക്കുകൾ കേട്ടിട്ടും രാജാക്കന്മാർ ഒന്നും ഉത്തരം മിണ്ടിയില്ല. ദുശ്ശാസനനോടു കർണ്ണൻ വിളിച്ചു പറഞ്ഞു: എടോ, ആ ദാസിയെ കൊട്ടാരത്തിലേക്കു കൊണ്ടുപോകു എന്ന്.

കർണ്ണന്റെ കല്പനകേട്ട് പേടിച്ചുവിറച്ച്, നാണിച്ചൊതുങ്ങി ഭർത്താക്കന്മാരെ നോക്കി മരണയാതനയോടെ, അതിനേക്കാൾ കവിഞ്ഞ അപമാനത്തിന്റെ നീറലോടെ കരഞ്ഞ് അവരുടെ പേരു വിളിച്ചു വിലപിച്ചു നില്ക്കുന്ന ആ സാധ്വീരത്നത്തെ, ദുശ്ശാസനൻ സഭാമദ്ധ്യത്തിലിട്ടു വലിച്ചുകൊണ്ടുപോകാൻ തുടങ്ങി."

69. ഭീഷ്മവാക്യം – ദ്രൗപദി പറഞ്ഞു: "എടാ ദുഷ്ടാ! നരാധമനായ ദുശ്ശാസനാ! അല്പം ക്ഷമിക്കുക. എന്റെ ചോദ്യത്തിന്നു മറുപടി കിട്ടിയിട്ടുവേണം ഞാൻ ഇനി എന്താണു ചെയ്യേണ്ടതെന്നു തീരുമാനിക്കുവാൻ. ഈ സദസ്സിൽ സ്ഥിതിചെയ്യുന്ന സകലകൗരവന്മാരേയും ഞാൻ വന്ദിക്കുന്നു! ഈ പെരുംകൂറ്റൻ എന്നെ സഭയിലിട്ടു ശക്തിയായി വലിച്ചിഴയ്ക്കുകയാൽ ഞാൻ നിങ്ങളെ വന്ദിക്കുവാൻ മറന്നുപോയതിൽ ക്ഷമിക്കണം!"

വൈശമ്പായനൻ പറഞ്ഞു: "ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ദുശ്ശാസനൻ പിടിച്ചുവലിക്കുകയാൽ ദ്രൗപദി നിലത്തു കമിഴ്ന്നടിച്ചുവീണു. അവിടെ വീണുകിടക്കുന്ന അവൾ ആ കിടപ്പിൽക്കിടന്ന് പലതും പറഞ്ഞു കരഞ്ഞു."

ദ്രൗപദി പറഞ്ഞു: "സ്വയംവരക്കാലത്ത് വിവാഹവേദിയിൽവെച്ച് ആ ഒറ്റദിവസംമാത്രമേ എന്നെ മറ്റുള്ളവർക്കു കാണുവാൻ സാധിച്ചിട്ടുള്ളു. മറ്റൊരിടത്തുവെച്ചും എന്നെ അന്യരാരും കണ്ടിട്ടില്ല. ആ ഞാൻ ഇപ്പോൾ ഈ രാജസദസ്സിൽ ഈ വിധം വീണുകിടക്കുമാറായി. എന്നെ എന്റെ ഗൃഹത്തിൽ സൂര്യദേവനും വായുദേവനുംകൂടി കാണുവാൻ കഴിഞ്ഞിട്ടില്ല. ആ ഞാൻ ഇന്ന് ഈ മഹാജനങ്ങളുടെ മദ്ധ്യത്തിൽ ഈ നിലയിൽ കാണുമാറായി. മുമ്പ് കാറ്റുവന്ന് ഈ എന്നെ സ്പർശിച്ചാൽപ്പോലും പൊറുക്കാത്ത പാണ്ഡവന്മാർ, ഈ ദുഷ്ടൻ എന്നെ പിടിച്ചുവലിക്കുന്നതു പൊറുക്കുന്ന നിലയിലെത്തി. പുത്രന്റെ പത്നി പുത്രിതന്നെയാണ്. അവളെ അനർഹമായി സ്പർശിക്കുന്നത് കൗരവശ്രേഷ്ഠന്മാരും പൊറുക്കുന്ന നിലയിലായി! ഈ കൗരവന്മാർ മുഴുവൻ അവരുടെ ഈ സ്നുഷയെ, അവരുടെ ഈ പുത്രിയെ, അനർഹമായി ദ്രോഹിക്കുന്നതു കൺമുമ്പിൽ കണ്ടുകൊണ്ട് അടങ്ങിനില്ക്കുന്നു! കാലത്തിന്റെ മാറ്റം. നോക്കൂ! ഇതിലും കഷ്ടമെന്തുണ്ട്? ശുഭയും സുമംഗലിയും സതിയുമായ ഈ നാരിയെ സഭാമദ്ധ്യത്തിൽ കയറ്റിയിരിക്കുന്നു! ഇതിലും അധികം നീചമായി എന്തുണ്ട്? പതിവ്രതകളെ സഭയിൽ കയറ്റരുതെന്നത് പണ്ടുപണ്ടുള്ള ധർമ്മാചാരമാണ്. സനാതനമായ ആ ധർമ്മം ഇന്ന് കുരുക്കളിൽ നശിച്ചുപോയിരിക്കുന്നു! പാണ്ഡവന്മാരുടെ ധർമ്മപത്നി, പതിവ്രത, ദ്രുപദന്റെ കുമാരി, കൃഷ്ണന്റെ സഖി ഇങ്ങനെയുള്ള ഒരുവളെ ഈ രാജാക്കന്മാരുടെ സഭയിലേക്കു ബലമായി പിടിച്ചുകൊണ്ടുവന്നിരിക്കുന്നു! ഇങ്ങനെയുള്ളവൾ, ധർമ്മരാജാവിന്റെ സവർണ്ണോത്തമപത്നിയായ ഞാൻ, ദാസിയോ അദാസിയോ എന്ന് കൗരവന്മാർ പറയട്ടെ! ഈ ക്ഷുദ്രൻ എന്നെ ദ്രോഹിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ മറുപടി തരാത്തതുമൂലമാണ് വളരെനേരമായി ഈ ദുഷ്ടന്റെ ദ്രോഹം ഞാൻ ഏറ്റുകൊണ്ടിരിക്കുന്നത്. കുരുക്കളേ, എനിക്കു സഹിക്കുന്നില്ലല്ലോ! നിങ്ങൾ ഒന്നു പറയുവിൻ! ഞാൻ ദാസിയോ അദാസിയോ? ജിതയോ അജിതയോ? ഒന്നുപറയുവിൻ! ഞാൻ നിങ്ങളുടെ വിധി മാനിച്ചുകൊള്ളാം. അയ്യോ! പറയുവിൻ!"

ഭീഷ്മൻ പറഞ്ഞു: "ഹേ, ശുഭേ, എനിക്കു പറയുവാനുള്ളത് ഞാൻ നിന്നെ അറിയിച്ചുവല്ലോ. ധർമ്മത്തിന്റെ പരമമായ ഗതി അറിയുവാൻ ലോകത്തിൽ വിജ്ഞന്മാർക്കുപോലും കഴിയുകയില്ല. ഇവിടെ ബലവാൻ ചെയ്യുന്നതൊക്കെ ധർമ്മവും ദുർബ്ബലൻ ചെയ്യുന്നതൊക്കെ അധർമ്മവുമായാണ് കണ്ടുവരുന്നത്. നിന്റെ ചോദ്യത്തിന്നു സമാധാനം പറയുവാൻ ഞാൻ അശക്തനാണ്. ഇക്കാര്യം സൂക്ഷ്മം മാത്രമല്ല, ഗഹനവുമാണ്; ഗുരുവുമാണ്. ഒരുകാര്യം എനിക്കു പറയുവാൻ കഴിയും. അധികം വൈകാതെ ഈ വംശം നശിച്ചു വെണ്ണീറാകും. ഈ കാണുന്ന കൗരവന്മാരെല്ലാം ലോഭമോഹങ്ങൾകൊണ്ട് അന്ധരാണ്. കുലീനരായ നിന്റെ ഭർത്താക്കന്മാർ ഏറ്റവും വ്യസനികളായിട്ടും ധർമ്മമാർഗ്ഗം വിടുന്നില്ല; ധർമ്മത്തിൽനിന്നു വ്യതിചലിക്കുന്നില്ല. നീയും ഇളകുന്നില്ല. പാഞ്ചാലപുത്രീ, നിനക്ക് ഈ നില ചേർന്നതുതന്നെ! കഷ്ടത്തിൽപ്പെട്ടുഴന്നിട്ടും നീ ധർമ്മം തെറ്റിക്കുന്നില്ലല്ലോ! ധർമ്മചാരികളായ ദ്രോണർ തുടങ്ങിയ വൃദ്ധജനങ്ങൾ ജീവൻ പോയമാതിരി ചത്തപോലെയുള്ള ദേഹത്തോടെയാണ് തലകീഴാക്കി ഇരിക്കുന്നത്. ഈ ചോദ്യത്തിന്റെ സമാധാനം പറയുവാൻ കഴിവുള്ള ഏകവ്യക്തി ധർമ്മപുത്രനാണ് എന്നാണ് എന്റെ അഭിപ്രായം. നീ ദാസിയോ, അദാസിയോ, ജിതയോ, അജിതയോ എന്ന് ധർമ്മപുത്രൻ പറയട്ടെ."

70. ഭീമവാക്യം – വൈശമ്പായനൻ പറഞ്ഞു: "ദുഃഖിച്ചു വലഞ്ഞ്, അവമാനിതയായി, ആർത്തയായി കുരരിപോലെ, കൗരവരോടെല്ലാം ചോദ്യം ചെയ്തു കരയുന്ന ദ്രൗപദിയോട് ഭീഷ്മനൊഴികെ മറ്റാരും ദുര്യോധനനെ ഭയപ്പെട്ട് മറുപടി പറഞ്ഞില്ല. രാജാക്കന്മാരും അവരുടെ പുത്രന്മാരും പൗത്രന്മാരും മൗനമവലംബിച്ചിരിക്കുന്നതു കണ്ട് ദുര്യോധനൻ പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "എടോ പാഞ്ചാലീ, ഭവതിയുടെ ചോദ്യത്തിന്ന് നിന്റെ ഭർത്താക്കന്മാരായ ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവർ മറുപടി പറയട്ടെ! യുധിഷ്ഠിരൻ അവരുടെ നാഥനല്ലെന്ന് അവർ ഈ സഭാമദ്ധ്യത്തിൽവെച്ച് നിനക്കുവേണ്ടി പറഞ്ഞാൽ ഭവതിയെ വിട്ടയയ്ക്കാം. അങ്ങനെ ധർമ്മിഷ്ഠനും ഇന്ദ്രതുല്യനുമായ ധർമ്മരാജാവ് സത്യവാനല്ലെന്ന് എല്ലാവരും അറിയട്ടെ! ഭവതിയുടെ ഭാഗ്യമില്ലാത്ത ഭർത്താക്കന്മാരെയോർത്ത് കുരുക്കൾ ഒന്നും ഉത്തരം പറയുന്നില്ല. മഹാത്മാക്കളായ കുരുക്കളൊക്കെ ഈ സദസ്സിൽ നിന്റെ ദുഃഖത്തിൽ പങ്കുകൊള്ളുന്നുണ്ടെങ്കിലും അവർ നിർഭാഗ്യരായ നിന്റെ ഭർത്താക്കന്മാരെ ഓർത്ത് ഒന്നും മിണ്ടുന്നില്ല. ധർമ്മപുത്രൻ പറഞ്ഞാൽ രണ്ടിലൊന്ന് ഇപ്പോൾ തീർച്ചയാക്കാം."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് സദസ്യർ ഉച്ചത്തിൽ ദുര്യോധനനെ പ്രശംസിച്ചു. ശരി, നല്ല അഭിപ്രായം! ധർമ്മോചിതം! എന്ന് ഒരിടത്ത് പ്രശംസാവാക്യങ്ങൾ മുഴങ്ങുമ്പോൾ മറ്റൊരിടത്ത് ദയനീയമായ ആർത്തസ്വരം മുഴങ്ങി. ഒരിടത്ത് വസ്ത്രം വീശി 'ഭേഷ്, ഭേഷ്' എന്ന പ്രശംസ; മറുവശത്ത് 'ഹാ! ഹാ!' എന്ന ദീനരോദനം! ഭംഗിയേറിയ ദുര്യോധനോക്തി കേട്ട് കൗരവസദസ്സ് ഹർഷംകൊണ്ട് ഇളകി ഇരമ്പിമറിഞ്ഞു. എല്ലാവരും പ്രീതരായി. 'കുരുശ്രേഷ്ഠനായ ദുര്യോധനൻ ധർമ്മജ്ഞൻ തന്നെ!' എന്നു വാഴ്ത്തപ്പെട്ടു.

ആ സദസ്സുമുഴുവൻ പാണ്ഡവന്മാരുടെ നേരെ തിരിഞ്ഞു: 'ധർമ്മരാജാവ് എന്തു പറയുന്നു? പോരിൽ തോല്ക്കാത്ത അർജ്ജുനൻ എന്തു പറയുന്നു? ഭീമസേനൻ എന്തു പറയുന്നു? യമന്മാർ എന്തു പറയുന്നു? എന്നുള്ള കൗതുകത്തോടെ അവർ നോക്കിയിരിപ്പായി. സദസ്സിൽ ആകെ ഒരു ഇരമ്പലുണ്ടായി. ആ ശബ്ദം ഒന്നുനിന്നപ്പോൾ ദിവ്യമായ ചന്ദനം ചാർത്തിയ കൈ പൊക്കി ഭീമൻ ഇപ്രകാരം പറഞ്ഞു."

ഭീമൻ പറഞ്ഞു: "മഹാനായ ധർമ്മരാജാവ് ഞങ്ങളുടെ കുലത്തിന്നു ഗുരുവാണ്. അദ്ദേഹം ഞങ്ങളുടെ സ്വാമിയല്ലെങ്കിൽ ഇവിടെ നടന്നതൊന്നും ഞങ്ങൾ പൊറുക്കുകയില്ലായിരുന്നു. ഞങ്ങളുടെയെല്ലാം സ്വാമിയാണ് ധർമ്മരാജാവ്. ഞങ്ങളുടെ പുണ്യതപോഫലങ്ങൾക്കും ഞങ്ങളുടെ പ്രാണന്നും ഇദ്ദേഹം സ്വാമിയാണ്. ഇദ്ദേഹം തോറ്റതായിക്കരുതിയാൽ ഞങ്ങളും തോറ്റതുതന്നെ. ദ്രൗപദിയുടെ തലമുടി ചുറ്റിപ്പിടിച്ചവൻ ജീവനോടെ എന്റെ മുമ്പിൽ ഇപ്പോഴും ഭൂമിയിൽ കാലുകുത്തി നില്ക്കുന്നത് ഈ ഞാൻ എന്റെ ജ്യേഷ്ഠന്റെ വശാനുവർത്തിയാകയാലാണ്. ഇരുമ്പുലക്കപോലെ നീണ്ടതും ഉരുണ്ടതുമായ എന്റെ ബാഹുക്കളെ നോക്കുവിൻ! ഈ കൈകൾക്കിടയിൽ കുടുങ്ങിയാൽ ദേവേന്ദ്രൻപോലും വിട്ടുപോവുകയില്ല. ധർമ്മപാശത്താൽ ബദ്ധനാകയാലും കുലഗൗരവം തടഞ്ഞതുകൊണ്ടും അർജ്ജുനൻ തടുത്തതുകൊണ്ടും ഈ സങ്കടമൊക്കെ ഞാൻ കടിച്ചിറക്കേണ്ടിവന്നു. ധർമ്മരാജാവ് കല്പിക്കുകയാണെങ്കിൽ ഈ പാപികളായ ധാർത്തരാഷ്ട്രന്മാരെ മുഴുവൻ സിംഹം ക്ഷുദ്രജന്തുക്കളെയെന്നവിധം ഈ ഞാൻ എന്റെ കൈകൾകൊണ്ട് ചതച്ചരച്ചുകളയും."

വൈശമ്പായനൻ പറഞ്ഞു: "ഈ വാക്കുകൾ കേട്ടപ്പോൾ ഭീമനോട് ഭീഷ്മനും ദ്രോണനും വിദുരനും ഒപ്പം പറഞ്ഞു, 'ക്ഷമിക്കൂ, ഭീമാ! ക്ഷമിക്കൂ! ആ പറഞ്ഞ കാര്യമൊക്കെയും ചെയ്യുവാൻ നിനക്കു കഴിയും' എന്ന്."

71. ദ്രൗപദീവരലാഭം – കർണ്ണൻ പറഞ്ഞു: "ഈ സദസ്സിൽ സ്വതന്ത്രർ മൂന്നുപേരാണ്. ഭീഷ്മൻ, വിദുരൻ, ദ്രോണൻ ഇവരാണ് ആ മൂന്നുപേർ. ധർമ്മോല്ലംഘനം എന്നതാണ് ഇവരുടെ ധർമ്മം! ഇവർ സ്വന്തമായ സ്വാമിയെ ദുഷ്ടാഗ്ര്യൻ എന്നു വിളിക്കുന്നു. തങ്ങളുടെ ശ്രേയസ്സിന്നു ചേരാത്ത പാപത്തെ കൂസാത്തവരുമാണ് ഇവർ. മൂന്നുപേരാണ് നിർദ്ധനന്മാർ: ദാസൻ, പുത്രൻ, സ്വാതന്ത്ര്യമില്ലാത്ത പെണ്ണ്. ഇവർ മൂന്നുപേരുമാണ് നിർദ്ധനന്മാർ. ദാസൻ വേട്ട സ്ത്രീയും അവന്റെ സ്വത്തും നാഥൻ ക്ഷയിച്ച് രാജാവിന്ന് അടങ്ങുന്നു. എടോ പാഞ്ചാലീ, നീ ദാസിയായ നിലയ്ക്ക് ഇനി നിന്റെ സ്വാമി ദുര്യോധനനാണ്; പാർത്ഥന്മാരല്ല. നീ പോയി ദുര്യോധനമഹാരാജാവിന്റെ പരിവാരങ്ങളോടു കൂടിച്ചേരുക. അതാണ് ഇനി നിനക്ക് ഉത്തമമായ മാർഗ്ഗം. ചൂതുകൊണ്ട് ദാസ്യം ഏൽക്കാത്തവിധം നീ മറ്റൊരു ധാർത്തരാഷ്ട്രനെ വരിക്കുക. ദാസീനിലയ്ക്ക് അതു തെറ്റായി ഭവിക്കയില്ല. ഭർത്താക്കന്മാരിൽ സ്വേച്ഛപോലെ ക്രമമായി പെരുമാറുന്നവളാണല്ലോ നീ. ഇനി നിനക്ക് അഞ്ചുപേരല്ല, നൂറുപേരാണ് ഭർത്താക്കന്മാർ. അവരിൽ ക്രമമായി നീ കാമക്രീഡയനുഭവിച്ചു സുഖിക്കുക. ദാസിമാർക്ക് അതു ചേരും. നകുലൻ, ഭീമൻ, അർജ്ജുനൻ, സഹദേവൻ, യുധിഷ്ഠിരൻ ഇവരൊക്കെ തോറ്റുപോയി. നീ തീർച്ചയായും ഈ നിലയ്ക്കു ദാസിതന്നെയാണ്. നീ ഭർത്താക്കന്മാർക്ക് അധീനയായ നിലയ്ക്കു ദാസിയായി. ജനനംകൊണ്ടുള്ള യോഗ്യതയെപ്പറ്റി ഇനി ചിന്തിച്ചിട്ട് കാര്യമില്ല. 'പരാക്രമവും, വീര്യവുമൊക്കെ വെറുതെ' എന്നു കരുതിയാണല്ലോ പൃഥയുടെ മകൻ സഭയിൽ ചൂതിൽ പാഞ്ചാലിയേയും പണയംവെച്ചു കളിച്ചത്."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ പുലഭ്യവാക്കുകൾ കേട്ട് അത്യമർഷനായ ഭീമൻ അസഹ്യമായ നിലയിൽനിന്നു നിശ്വസിച്ചു. ധർമ്മത്തിന്റെ പാശത്താൽ ബദ്ധനായ ആ ധർമ്മാനുഗൻ കോപത്താൽ രക്താക്ഷനായി ജ്യേഷ്ഠനെ ചുട്ടുദഹിപ്പിക്കുന്നവിധം ഒരു നോട്ടം നോക്കി."

ഭീമൻ പറഞ്ഞു: "ഞാൻ സൂതപുത്രനോട് എന്തിന്നു കോപിക്കുന്നു? ഹേ, രാജാവേ, ഞാൻ ദാസന്റെ ധർമ്മത്തിൽ നിന്നുകൊള്ളാം. അങ്ങുന്ന് ഇവളെ പണയംവെച്ചിരുന്നില്ലെങ്കിൽ എന്നെ നോക്കി ഇങ്ങനെ ഈ ശത്രുക്കൾ ചൊല്ലുവാൻ ധൈര്യപ്പെടുമോ? ഞാൻ അതൊക്കെ ഭവാന്റെ പ്രവൃത്തിമൂലം കേൾക്കേണ്ടിവന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഭീമസേനൻ പറഞ്ഞതുകേട്ട് യുധിഷ്ഠിരൻ തൂണുപോലെ നിന്നു! അപ്പോൾ ദുര്യോധനൻ യുധിഷ്ഠിരനെ നോക്കി പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ഹേ! യുധിഷ്ഠിരാ, നിന്റെ സഹോദരന്മാരെല്ലാം നിന്റെ വശവർത്തികളാകയാൽ അവരുടെ അഭിപ്രായം പരിഗണിക്കേണ്ട ആവശ്യമില്ലാതായിരിക്കുന്നു. ഭീമനും, അർജ്ജുനനും, യമന്മാരും നിന്റെ ചൊല്പടിയിൽ നില്ക്കുന്ന നിലയക്ക് ഇനി നിന്റെ അഭിപ്രായം മാത്രമേ അറിയേണ്ട കാര്യമുള്ളൂ. നീ പറയൂ, പാഞ്ചാലി ജിതയായില്ലെങ്കിൽ പറയൂ, അവൾ ദാസിയോ അദാസിയോ എന്ന്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മജനോടു പറഞ്ഞ് ഐശ്വര്യമദത്താൽ മോഹിതനായ ആ ധാർത്തരാഷ്ട്രൻ, ഭീമസേനൻ പറഞ്ഞതിന്നുതക്ക ധിക്കാരമെന്ന നിലയ്ക്ക് പാഞ്ചാലിയെ പുഞ്ചിരിയോടെ നോക്കിക്കൊണ്ട് താൻ ഉടുത്തിരിക്കുന്ന വസ്ത്രം നീക്കി, തുമ്പിക്കരംപോലെ നീണ്ടുരുണ്ട്, കദളിവാഴത്തണ്ടുപോലെ മനോഹരമായി, വജ്രംപോലെ കഠിനമായി, ലക്ഷണമൊത്തു ശോഭിക്കുന്ന ഇടത്തേത്തുട പാഞ്ചാലി നോക്കിനില്ക്കേ നഗ്നമായി കാണിച്ച്, തുടയിൽ തട്ടിക്കൊണ്ട്, ഭീമസേനന്റെ മുഖത്തുനോക്കി, വിജയഭാവത്തിൽ ചിരിച്ചു. ഇതു കണ്ടപ്പോൾ കത്തിജ്ജ്വലിക്കുന്ന കോപത്തോടെ താമ്രാക്ഷനായി കണ്ണുരുട്ടി ആ സഭ മുഴുവൻ മാറ്റൊലിക്കൊള്ളുമാറു ഗർജ്ജിച്ചുകൊണ്ട് ഭീമൻ പറഞ്ഞു."

ഭീമൻ പറഞ്ഞു: "എടാ ദുര്യോധനാ! യുദ്ധത്തിൽ നിന്റെ ഈ തുട ഞാൻ എന്റെ ഗദകൊണ്ട് അടിച്ചുടയ്ക്കാതിരുന്നാൽ എനിക്കു പിതൃലോകം ലഭിക്കാതെ പോകട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ക്രോധംനിറഞ്ഞ ഭീമൻ ഇപ്രകാരം ശപഥംചെയ്യുമ്പോൾ അവന്റെ സർവ്വസ്രോതസ്സുകളിൽനിന്നും, തീപിടിച്ച മരത്തിന്റെ പൊത്തുകളിൽനിന്നെന്നപോലെ അഗ്നിജ്ജ്വാല പുറപ്പെട്ടു."

വിദുരൻ പറഞ്ഞു: "ഹേ! പ്രതീപാന്വയജാതന്മാരായ രാജാക്കന്മാരേ! നിങ്ങളെല്ലാം ഭീമനിൽനിന്നു രക്ഷകിട്ടുവാനുള്ള മാർഗ്ഗം ആരാഞ്ഞുകൊള്ളുവിൻ! ദൈവം മുമ്പേ തീരുമാനിച്ചതാണ് ഇതെല്ലാം. എന്നിട്ടാണ് ഭാരതന്മാർ ഈ ദുർന്നയത്തിനൊരുങ്ങിയതെന്നുള്ളതിൽ സംശയമില്ല! ധാർത്തരാഷ്ട്രന്മാർ മര്യാദ ലംഘിച്ച് ചൂതാടി. ഒരു സ്ത്രീയെപ്പറ്റി മഹാസദസ്സിലിരുന്നു വാദിക്കുന്നു! ധർമ്മത്തെ അതിലംഘിച്ച് സഭായോഗക്ഷേമം ദുഷിപ്പിച്ചു മുടിച്ചുകളഞ്ഞു. ദുർമ്മന്ത്രമാണ് കുരുക്കൾ ചെയ്യുന്നത്. ധർമ്മം ദുഷിച്ചാൽ സഭയും ദുഷിച്ചതുതന്നെ! യുധിഷ്ഠിരൻ തോല്ക്കു

digitized by www.sreyas.in

ന്നതിന്നു മുമ്പാണ് ഇവളെ പണയംവെച്ചിരുന്നതെങ്കിൽ പണയം സാധുവാകുമായിരുന്നു. അടിമയായവനിൽനിന്ന് കിട്ടുന്ന പണയവസ്തു സ്വപ്നത്തിൽ കിട്ടുന്ന ധനം പോലെ അനുഭവയോഗ്യമാകയില്ല. ഗാന്ധാരരാജാവായ ശകുനിയുടെ വാക്കുകേട്ട് കുരുക്കളേ, നിങ്ങൾ ധർമ്മമാർഗ്ഗത്തിൽനിന്നു തെറ്ററുത്."

ദുര്യോധനൻ പറഞ്ഞു: "ഭീമാർജ്ജുനന്മാരും നകുലസഹദേവന്മാരും പറയട്ടെ, യുധിഷ്ഠിരൻ തങ്ങളുടെ സ്വാമിയല്ല എന്ന്. എന്നാൽ പാഞ്ചാലിയുടെ ദാസ്യത്തെ ഒഴിവാക്കാം."

അർജ്ജുനൻ പറഞ്ഞു: "മഹാത്മാവായ യുധിഷ്ഠിരൻ ചൂതിന്നു മുമ്പ് പാണ്ഡവന്മാരുടെയെല്ലാം സ്വാമിതന്നെയാണ്. എന്നാൽ അദ്ദേഹം പരാജിതനായതിൽപ്പിന്നെ ആരുടെയെങ്കിലും സ്വാമിയാണോ എന്നു കൗരവന്മാർ തന്നെ പറയട്ടെ!"

കാര്യങ്ങൾ ഒരു തീരുമാനത്തിലുമെത്താതെ ധർമ്മത്തിന്റെ സൂക്ഷ്മാവസ്ഥയെക്കുറിച്ച് ഇത്തരം വാദപ്രതിവാദം നടന്നുകൊണ്ടിരിക്കെ, ധൃതരാഷ്ട്രന്റെ കൊട്ടാരത്തിൽ ഭയങ്കരമായ ദുശ്ശകുനങ്ങളുണ്ടായി."

വൈശമ്പായനൻ പറഞ്ഞു: "ആ സമയത്ത് പവിത്രമായ അഗ്നിഹോത്രസ്ഥാനത്തു കുറുക്കന്മാർ കയറി ഓരിയിട്ടു. അതോടൊപ്പം അസംഖ്യം കഴുതകൾ കരഞ്ഞു. ശവംതീനികളായ കഴുകന്മാർ ചുറ്റിപ്പറന്നു. ആ ഘോരശബ്ദങ്ങൾ വിദുരനും ഗാന്ധാരിയും കേട്ടു നടുങ്ങിപ്പോയി. ഭീഷ്മനും ദ്രോണനും കൃപനും ഉച്ചത്തിൽ 'സ്വസ്തി! സ്വസ്തി!' എന്നു പറഞ്ഞു. വിദുരനും ഗാന്ധാരിയും ശോകാർത്തരായി ധൃതരാഷ്ട്രനെ സംഭവമറിയിച്ചു. ഘോരമായ ഉത്പാതങ്ങൾ ഉണ്ടായിരിക്കുന്നു എന്ന വർത്തമാനംകേട്ട് ധൃതരാഷ്ട്രൻ ഭയചകിതനായി.

ധൃതരാഷ്ട്രൻ പറഞ്ഞു: "എടാ ദുര്യോധനാ! നീ നിന്റെ ദുർബുദ്ധികൊണ്ടു നശിച്ചു. എടാ, ദുർവ്വിനീതാ! കുരുശ്രേഷ്ഠന്മാർ നിറഞ്ഞിരിക്കുന്ന സദസ്സിൽവെച്ചോ നീ സ്ത്രീയെക്കുറിച്ചു തർക്കിക്കുന്നത്? വിശേഷിച്ചും ദ്രൗപദീദേവിയെക്കുറിച്ച് തർക്കിക്കുന്നത്?"

വൈശമ്പായനൻ പറഞ്ഞു: "എന്നു ദുര്യോധനനെ ശാസിച്ചശേഷം ബുദ്ധിമാനായ ധൃതരാഷ്ട്രൻ ബുദ്ധിക്ഷയം വെടിഞ്ഞ് ഹിതത്തെ അഭിലഷിച്ച് പാഞ്ചാലിയെ സാന്ത്വനംചെയ്ത് ആലോചനയ്ക്കൊത്തവിധം ഇപ്രകാരം പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "പാഞ്ചാലീ, നീ എന്റെ വധുക്കളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠയും ഏറ്റവും ധർമ്മിഷ്ഠയും സാധ്വിയുമാണ്. നീ എന്നോട് ഇഷ്ടമായ വരം വാങ്ങുക."

ദ്രൗപദി പറഞ്ഞു: "ഭരതർഷഭാ! അങ്ങ് എനിക്കു വരം തരികയാണെങ്കിൽ ഞാൻ സ്വീകരിക്കാം. ശ്രീമാനും ധർമ്മിഷ്ഠനുമായ യുധിഷ്ഠിരൻ അദാസനാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ മകനായ പ്രതിവിന്ധ്യനെ നോക്കി അറിവില്ലാത്ത കിടാങ്ങൾ ഇവൻ ദാസപുത്രനാണ് എന്നുപറയാതിരിക്കണമെന്നാണ് എന്റെ ആഗ്രഹം. മുമ്പെ മറ്റൊരുത്തർക്കും ഒക്കാത്തവിധം രാജപുത്രനായി രാജലാളിതനായി ജീവിച്ച അവന്ന് ദാസപുത്രത്വം ചേരുന്നതല്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "കല്യാണീ! നീ പ്രാർത്ഥിച്ചപോലെ ഞാൻ വരം നല്കിയിരിക്കുന്നു. രണ്ടാമതും ഒരു വരം ഞാൻ നിനക്ക് നല്കാം ഭദ്രേ! അതും നീ വരിക്കുക. ഒരു വരംകൊണ്ടു മാത്രം ഞാൻ തൃപ്തനാകുന്നില്ല. വരിക്കുക."

ദ്രൗപദി പറഞ്ഞു: "രഥങ്ങളോടും ആയുധങ്ങളോടുംകൂടി ഭീമാർജ്ജുനന്മാരും നകുലസഹദേവന്മാരും ദാസ്യത്തിൽനിന്നൊഴിഞ്ഞ് സ്വതന്ത്രരാകുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "അങ്ങനെ ഭവിക്കട്ടെ, മഹാഭാഗേ! മകളേ, നിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെ! മൂന്നാമതും വരം വാങ്ങുക! രണ്ടുവരംകൊണ്ടും ഞാൻ തൃപ്തനാകുന്നില്ല. നീ എന്റെ സ്നുഷകളിൽ സർവ്വശ്രേഷ്ഠയായ ധർമ്മചാരിണിയാണ്."

ദ്രൗപദി പറഞ്ഞു: "ലോഭം ധർമ്മത്തെ നശിപ്പിക്കും. അതിന്നു ഞാൻ ഒരുങ്ങുന്നില്ല. മൂന്നാമതും വരം വാങ്ങുന്നതിന്ന് ഞാൻ അയോഗ്യയാണ്. വൈശ്യന്ന് ഒരു വരം ക്ഷത്രിയസ്ത്രീകൾക്ക് രണ്ടുവരം. മൂന്നു രാജാക്കൾക്ക്. ബ്രാഹ്മണന്ന് നൂറു വരം. ഇങ്ങനെയാണല്ലോ ശാസ്ത്രോക്തം. രാജാവേ, നിയമം അതിലംഘിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഷ്ടത്തിൽപ്പെട്ട എന്റെ ഭർത്താക്കന്മാർ, സൽക്കർമ്മങ്ങൾ മൂലം ശ്രേയസ്സു നേടാൻ സ്വയം പ്രാപ്തരാകും."

72. ഭീമക്രോധം – കർണ്ണൻ പറഞ്ഞു: "ഈ ലോകത്തിൽ നാം കേട്ട സുന്ദരികളിൽ ഒരുത്തിപോലും ഇപ്രകാരം ഒരു മഹൽകൃത്യം ചെയ്തതായി ഞാൻ കേട്ടിട്ടില്ല. ക്രോധാവേശം പാണ്ഡവന്മാർക്കും ധാർത്തരാഷ്ട്രന്മാർക്കും ഏറ്റപ്പോൾ പാണ്ഡവന്മാർക്ക് ഈ ദ്രുപദരാജപുത്രിയായ കൃഷ്ണയാണ് ശാന്തി നല്കിയത്. തോണിയില്ലാതെ അത്യഗാധമായ സമുദ്രത്തിൽ താണു മുങ്ങുമ്പോൾ പാഞ്ചാലി കരകയറ്റുന്ന തോണിയായിത്തീർന്നു പാണ്ഡവന്മാർക്ക്."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഭീമൻ അമർഷത്തോടും മനോവേദനയോടുംകൂടി പറഞ്ഞു."

ഭീമൻ പറഞ്ഞു: "എന്ത്! പാണ്ഡവന്മാർക്ക് സ്ത്രീയോ ഗതി? പുരുഷന്ന് മൂന്നു തേജസ്സുണ്ടെന്നാണ് ദേവലൻ പറഞ്ഞിട്ടുള്ളത്. അപത്യം, കർമ്മം, വിദ്യ ഈ മൂന്നിലുമാണ് പ്രജാസൃഷ്ടി. മൃതദേഹം അശുദ്ധമായി ഉപേക്ഷിക്കപ്പെടുമ്പോൾ മുൻപറയപ്പെട്ട തേജസ്സ് പുരുഷന്ന് പരലോകയാത്രയിൽ ഉപകരിക്കുന്നു. ആ തേജസ്സ് നമ്മുടെ ദാരങ്ങളെ അന്യൻ ബലാൽ സ്പർശിക്കയാൽ കെട്ടുപോയിരിക്കുന്നു. അന്യൻ നമ്മുടെ ഭാര്യയെ ബലാൽ സ്പർശിക്കുകയാൽ നമ്മിലുള്ള തേജസ്സുകൾ ദുഷിച്ചുപോയിരിക്കുന്നു! എടോ ധനഞ്ജയാ! നീ പറയൂ, പരപുരുഷനിൽനിന്നുണ്ടായ സന്താനം എങ്ങനെ സഹായിയാകുമെന്ന്."

അർജ്ജുനൻ പറഞ്ഞു: "ജ്യേഷ്ഠാ! നീചന്മാർ പറയുന്ന പരുഷവാക്കുകൾക്ക് പുരുഷശ്രേഷ്ഠന്മാർ മറുപടി കൊടുക്കുവാൻ പാടില്ല. ആ വാക്കുകൾ കേട്ടില്ലെന്നു വെയ്ക്കുന്നതാണ് ഉത്തമം. വൈരം ചെയ്താലും അവർ സുകൃതത്തെയോർത്ത് അടങ്ങുന്നു."

ഭീമൻ പറഞ്ഞു: "ഈ സഭയിൽവെച്ചുതന്നെ ഞാൻ ഈ ശത്രുക്കളെ മുഴുവൻ മുടിച്ചേക്കാം. അല്ലെങ്കിൽ പുറത്തുകടന്നു സമൂലം നശിപ്പിക്കാം. വെറുതെ തർക്കിച്ചുനില്ക്കുന്നതെന്തിന്? വല്ലതും പറഞ്ഞുനില്ക്കേണ്ടവരല്ല നാം. ഞാൻ ഈ ദുഷ്ടന്മാരെ കൂട്ടത്തോടെ നശിപ്പിക്കട്ടെ! ചേട്ടാ, അങ്ങ് എനിക്ക് അതിന്ന് അനുവാദം തരിക!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ഭീമസേനൻ യുധിഷ്ഠിരന്റെ അനുജ്ഞയ്ക്കു കാത്തുനിന്നു. ആ വീരൻ നകുലസഹദേവന്മാരോടുകൂടി സിംഹം മാൻകൂട്ടത്തിലേക്കെന്നവിധം വീണ്ടും വീണ്ടും ചുറ്റുപാടും ദൃഷ്ടിയയച്ചു ചാടിവീഴുവാൻ ഭാവിക്കുന്നവിധം നിന്നു. എത്ര ദുഷ്കരമായ കർമ്മവും അനായാസേന ചെയ്യുവാൻ കഴിവുള്ളവനായ അർജ്ജുനൻ സമാശ്വസിപ്പിക്കുമ്പോൾ ഭീമൻ ഉള്ളു ചുട്ടു വിയർത്ത് അടങ്ങിനിന്നു. കോപംകൊണ്ട് അവന്റെ കർണ്ണാദിസ്രോതസ്സുകളിൽനിന്നു പുകയും തീപ്പൊരിയുമായി അഗ്നി ജ്വലിച്ചു. കോപംകൊണ്ടു ഭയാനകമായി. ഭ്രുകുടീകടുദുഷ്പ്രേക്ഷ്യമായ അവന്റെ മുഖം പ്രളയകാലാന്തകന്റെ മുഖംപോലെ തീവ്രമായി ജ്വലിച്ചു. മഹാബാഹുവും ശക്തനുമായ ഭീമനെ യുധിഷ്ഠിരൻ 'അരുത്! അടങ്ങുക!' എന്നു കൈകൊണ്ടു തടഞ്ഞു! ക്രോധരക്താക്ഷനായ ഭീമനെ തടഞ്ഞതിന്നുശേഷം ധൃതരാഷ്ട്രന്റെ അരികെചെന്നു യുധിഷ്ഠിരൻ കൈകൂപ്പി."

digitized by www.sreyas.in

73. യുധിഷ്ഠിരഗമനം – യുധിഷ്ഠിരൻ പറഞ്ഞു: "മഹാരാജാവേ, അവിടുത്തെ പുത്രൻ യുധിഷ്ഠിരൻ ഇതാ നില്ക്കുന്നു. അങ്ങയാണ് ഞങ്ങളുടെ സ്വാമി. ഞങ്ങൾ ചെയ്യേണ്ടതെന്തെന്ന് അങ്ങ് ആജ്ഞാപിച്ചാലും!"

ധൃതരാഷ്ട്രൻ പറഞ്ഞു: "മകനേ! നീ അജാതശത്രുവാണ്! നിനക്കു മംഗളമുണ്ടാകട്ടെ! നീ കുണ്ഠിതം കളഞ്ഞുപൊയ്ക്കൊള്ളുക! ഞാൻ ആജ്ഞാപിക്കുന്നു. നിങ്ങൾ സർവ്വധനങ്ങളോടും കൂടെ സ്വന്തം രാജ്യം ഭരിച്ച് സസുഖം വാഴുക! വൃദ്ധനായ എന്റെ ശാസനം നിന്റെ ഉള്ളിൽ ഇരിക്കണം. ഞാൻ പറയുന്നതൊക്കെ പത്ഥ്യവും ഏറ്റവും ശ്രേയസ്കരവുമാണ്. യുധിഷ്ഠിരാ, ഉണ്ണീ, നീ ധർമ്മത്തിന്റെ സൂക്ഷ്മമായ ഗതി കണ്ടവനാണ്. ബുദ്ധി എവിടെയുണ്ടോ അവിടെ ശാന്തിയുണ്ടാകും. കല്ലിൽ ശസ്ത്രം ഏല്ക്കില്ല; മരത്തിൽ ഏല്ക്കും. അന്യന്റെ ദോഷം കാണരുത്. ആരിലും ദോഷം കരുതരുത്. ഗുണങ്ങൾ കാണണം. ഇതൊക്കെ ഉത്തമനായ പുരുഷന്റെ ലക്ഷണമാണ്. വൈരം ചെയ്താലും അവൻ സുകൃതത്തെ മാത്രമേ ചിന്തിക്കയുള്ളു. സജ്ജനങ്ങൾ നിസ്സ്വാർത്ഥന്മാരാണ്. അവർ പകവീട്ടുവാൻ ഒരുങ്ങുകയില്ല. പരുഷവാക്കു പറയുന്നവർ നരാധമന്മാരാണ്. ഇങ്ങോട്ടും പരുഷവാക്കു പറയുന്നവർ മദ്ധ്യമന്മാരാണ്. പരുഷവാക്ക് അഹിതമായി പറഞ്ഞാലും പറഞ്ഞില്ലെങ്കിലും അതിന്നു പ്രത്യുത്തരം ഉത്തമന്മാർ പറയാറില്ല. വൈരം ഇങ്ങോട്ടു ചെയ്താലും അങ്ങോട്ടു വൈരംചെയ്യാതെ ആത്മവിശ്വാസത്തോടെ ജീവിക്കുന്ന കാര്യബോധമുള്ളവരാണ് സജ്ജനങ്ങൾ. പ്രിയദർശനന്മാരായ സാധുക്കൾ ലോകമര്യാദ അതിലംഘിക്കുകയില്ല. ശ്രേഷ്ഠനായ നീ സഭയിൽവെച്ച് മര്യാദ ലംഘിക്കാതെ വർത്തിച്ചു. ദുര്യോധനൻ ചെയ്ത പാരുഷ്യങ്ങൾ നീ മനസ്സിൽ വെക്കരുത്. ഗാന്ധാരിയായ അമ്മയേയും അപ്രകാരംതന്നെ ഗുണകാംക്ഷയോടുകൂടിയ ഈ വൃദ്ധനായ കുരുടനേയും നീ ചിന്തിക്കണം. വെറും കാഴ്ചയ്ക്കു വേണ്ടി മാത്രമാണ് ചൂതു നടത്തിയത്. അതുകൊണ്ട് ഞാൻ അതിൽ ഉദാസീനനായി ഇരുന്നു. മിത്രങ്ങളെ കാണുവാനും പുത്രന്മാരുടെ ബലം അറിയുവാനും മാത്രം ഒരു വിനോദമെന്ന നിലയ്ക്കു മാത്രമാണ് ചൂതു നടത്തിയത്. ഹേ, യുധിഷ്ഠിരാ, നീ രാജ്യം ഭരിക്കുമ്പോൾ കൗരവർക്കു യാതൊരു ദുഃഖവും സംഭവിക്കുകയില്ല. മന്ത്രിയായ വിദുരൻ ധീമാനും സർവ്വശാസ്ത്രവിശാരദനുമാണ്. നിന്നിൽ ധർമ്മവും, പാർത്ഥനിൽ ധൈര്യവും, ഭീമനിൽ പരാക്രമവും, പുരുഷവ്യാഘ്രലരായ യമന്മാരിൽ ശ്രദ്ധയും ഗുരുശുശ്രൂഷയും വിളങ്ങുന്നു. അജാതശത്രുവായ മകനേ, നീ ശുഭമായ ഇന്ദ്രപ്രസ്ഥത്തിലേക്കു പൊയ്ക്കൊള്ളുക! ഭ്രാതാക്കളോട് (കൗരവരോട്) സ്നേഹത്തോടുകൂടി ധർമ്മം ചിന്തിച്ചു ജീവിക്കുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭാരതശ്രേഷ്ഠനും ധർമ്മരാജാവുമായ യുധിഷ്ഠിരൻ ധൃതരാഷ്ട്രന്റെ ഉപദേശംകേട്ട്, ആശീർവ്വാദം സ്വീകരിച്ച്, സഹോദരന്മാരോടും പാഞ്ചാലിയോടും കൂടി കാർമേഘംപോലുള്ള രഥങ്ങളിൽക്കയറി, സന്തുഷ്ടരായി ഇന്ദ്രപ്രസ്ഥത്തിലേക്കു പോയി."

അനുദ്യൂതപർവ്വം

74. യുധിഷ്ഠിരപ്രത്യാനയനം – ജനമേജയൻ പറഞ്ഞു: "രത്നങ്ങളോടുകൂടി പാണ്ഡവന്മാരെ സ്വതന്ത്രരാക്കി, പോകുവാൻ അനുവദിച്ചതു കണ്ടപ്പോൾ ധൃതരാഷ്ട്രപുത്രന്മാരുടേയും കൂട്ടുകാരുടേയും മനോഗതം എന്തായിരുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ അവർക്കു പോകുവാൻ അനുവാദം കൊടുത്ത ഉടനെ ദുശ്ശാസനൻ ദുര്യോധനന്റെ സമീപത്തേക്കു ചെന്നു. അപ്പോൾ ദുര്യോധനൻ മന്ത്രിമാരോടുകൂടി ഇരിക്കുകയായിരുന്നു. അവൻ ദുഃഖത്തോടെ തന്റെ ജ്യേഷ്ഠനോടു പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "നാം കഷ്ടപ്പെട്ടു നേടിയ ധനമൊക്കെ ആ കിഴവൻ കളഞ്ഞുകുളിച്ചു. ശത്രുക്കൾക്കു മടക്കിക്കൊടുത്ത ആ ദ്രവ്യം വീണ്ടെടുക്കണം. അല്ലാതെ വെറുതെ വിട്ടുകൊടുത്തുകൂടാ, മഹാരഥന്മാരേ!"

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നീ പാണ്ഡവവിരോധികൾ എല്ലാം ഒന്നിച്ച് വൈചിത്ര്യവീര്യനായ ധൃതരാഷ്ട്രരാജാവിനെച്ചെന്നുകണ്ട് ഇപ്രകാരം ഭംഗിയായിപ്പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "ശത്രുസൂദനനായ രാജാവേ, ഭവാൻ ഈ ചെയ്തതു ശരിയായില്ല. പണ്ട് ദേവാചാര്യനായ ബൃഹസ്പതി ശക്രനോടു പറഞ്ഞ നീതിഭാഷിതം ഭവാൻ കേട്ടിട്ടില്ലേ? 'ശത്രുക്കൾ വധിക്കപ്പെടേണ്ടവരാണ്. എല്ലാവിധ ഉപായവും അവരോടു പ്രയോഗിക്കാം. മുമ്പേ പോരിൽ അങ്ങയ്ക്കു കടുത്ത അഹിതം ചെയ്തവരാണല്ലോ അവർ. ഞങ്ങൾ ചൂതിൽ നേടിയെടുത്ത പാണ്ഡവന്മാരുടെ ധനംകൊണ്ടു രാജാക്കളെ സല്ക്കരിച്ച്, ആ രാജാക്കളുടെ സഹായത്തോടുകൂടി പാണ്ഡവന്മാരോടു പൊരുതുകയാണെങ്കിൽ അതിൽ എന്തായിരുന്നു വൈഷമ്യം? ക്രോധത്തോടെ കൊല്ലുവാൻ പത്തിവിരിച്ചുവരുന്ന സർപ്പത്തെ ആരെങ്കിലും കഴുത്തിൽ അണിയുമോ? ശസ്ത്രമെടുത്തു ക്രോധത്തോടെ തേരിൽക്കയറി പാണ്ഡവന്മാർ ചീറുന്ന സർപ്പങ്ങളെപ്പോലെ സകലരേയും കൊന്നുകളയും. ആവനാഴിയും ഗാണ്ഡീവവും എടുത്ത് പാർത്ഥൻ സന്നദ്ധനായി, വിജൃംഭിതനായി, നമ്മളെ വീണ്ടും വീണ്ടും നോക്കുന്നു. തടിച്ച ഗദയും കൈയിലെടുത്തു തന്റെ രഥത്തിൽക്കയറി കോപത്തോടെയാണ് വൃകോദരൻ പോയതെന്ന് ഞങ്ങൾ കേൾക്കുന്നു. നകുലൻ വാളും പരിചയുമെടുത്തു. തന്റെ ഭാവം മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്തിയാണ് രാജാവും സഹദേവനും പോയത്. നാനാശസ്ത്രങ്ങളോടുകൂടി തേരിൽക്കയറി അവർ അഞ്ചുപേരും തേർക്കൂട്ടത്തെ കൂട്ടിച്ചേർത്തു പടയ്ക്കു നിരത്തുന്നുണ്ടാകും. നമ്മളുടെ മുമ്പിൽ പരാജിതരായ അവർ ഒരിക്കലും ഇനി നമ്മളോടു പൊറുക്കുകയില്ല. നാം പാഞ്ചാലിയോടു ചെയ്ത അപരാധം അതിൽ ആരെങ്കിലും ക്ഷമിക്കുമെന്നു ഭവാൻ വിചാരിക്കുന്നുണ്ടോ?

ഇനിയും വൈകിയിട്ടില്ല. വനവാസത്തിന്നുവേണ്ടിയുള്ള ഒരു ചൂതാട്ടത്തിന്നു വിളിക്കാം. വിളിച്ചാൽ യുധിഷ്ഠിരൻ വരും! അപ്പോൾ കളിയറിയാത്ത അവനെ നമുക്ക് എളുപ്പത്തിൽ ചൂതിൽ തോല്പിക്കാം. ഇത്തവണ ഒരു കരാറുവേണം. അവരോ നമ്മളോ ആരു ചൂതിൽ തോറ്റാലും, തോറ്റവർ പന്ത്രണ്ടു സംവത്സരം തോലുടുത്തു വനവാസം ചെയ്യണം. പതിമൂന്നാമത്തെ വർഷം ജനമദ്ധ്യത്തിൽ അജ്ഞാതവാസം ചെയ്യണം. ആളെ അറിഞ്ഞാൽ വീണ്ടും പന്തീരാണ്ടു വനവാസം ചെയ്യണം. അവരോ നമ്മളോ അങ്ങനെ ചെയ്യണമെന്നുള്ള കരാറിന്മേൽ വേണം കളിക്കുവാൻ. നമുക്ക് ഇതാണു നല്ല മാർഗ്ഗം. അമ്മാവനായ ശകുനിക്ക് ചൂതാട്ടത്തിൽ അവരെ തോല്പിക്കുവാൻ യാതൊരു വിഷമവുമില്ല. അക്ഷജ്ഞനാണ് ഗാന്ധാരരാജാവ്. ഇങ്ങനെ അടിസ്ഥാനം ബലപ്പെടുത്തി ഉറപ്പിച്ച് ഒരുക്കിനിർത്തുക. അവർ പതിമ്മൂന്നുവർഷത്തെ വ്രതം കഴിഞ്ഞു മടങ്ങിയെത്തുമ്പോൾ നമുക്കവരെ നിഷ്പ്രയാസം പരാജയപ്പെടുത്തുവാൻ കഴിയും. അതിന്നുള്ള കരുത്ത് അതിന്നിടയിൽ നമുക്കു സമ്പാദിക്കുവാൻ കഴിയും."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഇപ്പോൾ അവർ വളരെ ദൂരത്തെത്തിയിട്ടുണ്ടാകും. എന്നാലും അവരെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുവരിക! ഇനിയും പാണ്ഡവർ ചൂതുപൊരുതട്ടെ! കളി ഒരിക്കൽക്കൂടി നടക്കട്ടെ."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ ഈ നിലപാടു കേട്ടപ്പോൾ അന്ധനായ അദ്ദേഹത്തെ എല്ലാവരും ഉപദേശിച്ചു. പുത്രസ്നേഹം മൂലം ആപത്തിലേക്കിറങ്ങരുതെന്നു ദ്രോണൻ,

digitized by www.sreyas.in

സോമദത്തൻ, ബാൽഹീകൻ, ഗൗതമൻ, വിദുരൻ, അശ്വത്ഥാമാവ്, വീരവൈശ്യാപുത്രനായ യുയുത്സു, ഭൂരിശ്രവസ്സ്, ഭീഷ്മൻ, മഹാരഥനായ വികർണ്ണൻ എന്നിവർ ഉപദേശിച്ചു. ചൂതു വേണ്ടെന്നും ശമം സ്വീകരിക്കണമെന്നും എല്ലാവരും പറഞ്ഞു. അർത്ഥജ്ഞന്മാരായ ആ സുഹൃത്തുക്കൾ പറഞ്ഞതൊക്കെ അവഗണിച്ചു. സൂതപ്രിയനായ ധൃതരാഷ്ട്രൻ പാണ്ഡവന്മാരെ വീണ്ടും ചൂതിന്നു വിളിച്ചു."

75. ഗാന്ധാരീവാക്യം – വൈശമ്പായനൻ പറഞ്ഞു: "അനുഗ്രഹാശിസ്സുകൾ നല്കി, ചൂതിൽ കിട്ടിയ രാജ്യാദൈശ്വര്യങ്ങളെല്ലാം മടക്കിക്കൊടുത്ത്, അയച്ച പാണ്ഡവന്മാരെ വീണ്ടും ധൃതരാഷ്ട്രൻ ചൂതിന്നായി വിളിച്ചതറിഞ്ഞ് പുത്രസ്നേഹംമൂലം ഗാന്ധാരി ശോകാകുലയായി ഭർത്താവിന്റെ സമീപത്തെത്തി."

ഗാന്ധാരി പറഞ്ഞു: "ദുര്യോധനൻ ജനിച്ച സമയത്തുണ്ടായ ദുശ്ശകുനം കണ്ടു വിദുരൻ പറഞ്ഞത് ഭവാൻ ഓർക്കുന്നുണ്ടോ? അവൻ കുറുക്കനേപ്പോലെ ഓരിയിട്ടപ്പോൾ, 'ഇവനെ ഇപ്പോൾ കൊന്നുകളയണം. ഇവൻ കൗരവകുലം മുടിക്കും. കൗരവന്മാരേ, നിങ്ങൾ കേൾക്കുവിൻ! തീർച്ചയായും ഇവൻ കുലഘാതകനാകും!' എന്നു പറഞ്ഞതു ചിന്തിക്കുന്നുണ്ടോ? സ്വദോഷംമൂലം മഹാസമുദ്രത്തിൽ ഭവാൻ മുങ്ങരുത്. ദുഷ്ടന്മാരായ ഭവാന്റെ പുത്രന്മാരിൽ ഭവാൻ ഒരിക്കലും സന്തോഷം കാണിക്കരുത്. അവരുടെ താന്തോന്നിത്തത്തിന്നു ഭവാൻ അനുകൂലിച്ചാൽ, ആപത്തു വന്നുകൂടും. ഘോരമായ കുലനാശം ഭവാൻ വരുത്തിക്കൂട്ടും. ചിറകെട്ടിനിറുത്തിയത് പൊട്ടിക്കാമോ? കെട്ടടങ്ങിയ അഗ്നി ഉജ്ജ്വലിപ്പിക്കുകയാണോ? ശാന്തരായ പാർത്ഥന്മാരെ കോപിപ്പിക്കുന്നത് നന്നോ രാജാവേ? നന്മതിന്മകൾ മനസ്സിലാക്കിക്കൊടുക്കുന്നതിന്നാണ് ശാസ്ത്രം ഗ്രഹിക്കുന്നത്. അതിന്നു തയ്യാറില്ലെങ്കിൽ അവൻ ദുഷ്ടനാണെന്നു തീർച്ചതന്നെ. രാജാവേ, അങ്ങ് അറിവുള്ള ആജമീഢനാണെന്നു ഞാൻ അങ്ങയെ ഓർമ്മപ്പെടുത്തുന്നു. വൃദ്ധനും വിജ്ഞനുമായ ഭവാൻ ഒരിക്കലും ബാലനെപ്പോലെയാകരുത്. ഭവാന്റെ മക്കൾ ഭവാന്റെ കീഴിൽത്തന്നെ നില്ക്കട്ടെ! അങ്ങയെ അതിക്രമിക്കുവാൻ ഒരിക്കലും അനുവദിച്ചുപോകരുത്! അതുകൊണ്ട് ഞാൻ ഭവാനോടുപദേശിക്കുന്നു: സന്മാർഗ്ഗം തെറ്റിനടക്കുന്ന ഈ കുലവൈരിയെ ഭവാൻ ഉപേക്ഷിക്കുക! അവൻ നമുക്കുവേണ്ടാ എന്നു ഞാൻ മുമ്പേ പറഞ്ഞതാണ്. അതു ഭവാൻ ചെയ്തില്ല. അതിന്റ ഫലമായി കുലം നശിക്കുവാൻ പോവുകയാണ്. ശമവും ധർമ്മവും നയവുംചേർന്ന് ഭവാന്റെ ബുദ്ധി തെറ്റാതെ നില്ക്കട്ടെ! ദുഷ്പ്രവൃത്തികൊണ്ടു നേടിയ ലക്ഷ്മി വേഗം മുടിഞ്ഞുപോകും. മറിച്ച് നല്ല മാർഗ്ഗത്തിലൂടെ നേടിയ ശ്രേയസ്സ് പുത്രപൗത്രന്മാർക്ക് അനുഭവയോഗ്യമാകും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മോപദേശം ചെയ്യുന്ന ഗാന്ധാരിയോട് രാജാവു പറഞ്ഞു.

ധൃതരാഷ്ട്രൻ പറഞ്ഞു: "കുലത്തിനു വരുന്നതു വരും. മുടിയാനാണു വിധിയെങ്കിൽ മുടിയും! നന്നായി വർദ്ധിക്കുവാനാണു വിധിയെങ്കിൽ കുലം വർദ്ധിക്കും! എനിക്കു പിൻതിരിയാൻ സാദ്ധ്യമല്ല. ഇപ്പോൾ എന്റെ പുത്രന്മാരുടെ ഇച്ഛപോലെ നടക്കട്ടെ! പാണ്ഡവന്മാർ തിരിച്ചുവരട്ടെ! എന്റെ മക്കളും പാണ്ഡവരും തമ്മിൽ വീണ്ടും ചൂതാട്ടം നടക്കട്ടെ."

76. യുധിഷ്ഠിരന്റെ പുനർദ്യൂതപരാജയം – വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ പ്രാതികാമിയെ വിളിച്ചുവേഗത്തിൽ അയച്ചു. മടങ്ങിപ്പോയ ധർമ്മപുത്രനെക്കണ്ട് അവൻ ധൃതരാഷ്ട്രൻ പറഞ്ഞയച്ചവർത്തമാനം പറഞ്ഞു. സഭയിൽ വിരിപ്പുവിരിച്ചു ചൂതുനട്ട് കളിക്കുവാൻ തയ്യാറായി ഇരിക്കുകയാണ്. യുധിഷ്ഠിരാ! കളിക്കുവാൻ വരൂ! അച്ഛനു തുല്യനായ ധൃതരാഷ്ട്രൻ യുധിഷ്ഠിരനെ അറിയിക്കുവാൻ കല്പിച്ചിരിക്കുന്നു എന്ന് അറിയിച്ചു.

യുധിഷ്ഠിരൻ പറഞ്ഞു: 'വിധിയുടെ കല്പിതംപോലെ എല്ലാം സംഭവിക്കുന്നു. എല്ലാ ജീവജാലങ്ങളും വിധിനിശ്ചയപ്രകാരം ശുഭാശുഭങ്ങളെ അനുഭവിക്കുന്നു. അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും കഴിയുകയില്ല.

വൃദ്ധനായ ധൃതരാഷ്ട്രൻ എന്നെ ചൂതിന്നാണു വിളിക്കുന്നത്. അദ്ദേഹത്തിന്റെ ഈ കല്പന നാശമുണ്ടാക്കുമെന്നുള്ളതു തീർച്ചയാണ്. എന്നാൽ എനിക്ക് അതിനെ ഒഴിവാക്കുവാൻ നിവൃത്തിയില്ല. കളിച്ചാലും ഇല്ലെങ്കിലും വിധിച്ചതു സംഭവിക്കാതിരിക്കുകയില്ല. സ്വർണ്ണമായി ഒരു മാൻ ജനിക്കുകയില്ല. എന്നാലും ശ്രീരാമൻ അതിൽ ഭ്രമിച്ചു. ഒരു കാര്യം തീർച്ചയാണ്. പരാജയത്തിന്നുള്ള കാലം വന്നാൽ മനുഷ്യന്റെ ബുദ്ധിയൊക്കെ മാറിപ്പോകും.'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അനുജന്മാരോടുകൂടി യുധിഷ്ഠിരൻ മടങ്ങി. ശകുനി പണിതുവെച്ച ചതി കണ്ടിട്ടും അവനുമായി കളിച്ചാൽത്തന്നെ ജയം കിട്ടുകയില്ലെന്നു യുധിഷ്ഠിരനറിയാമായിരുന്നിട്ടും ചൂതിന്നു ചെല്ലുകതന്നെ ചെയ്തു. ആ ഭരതർഷഭരെ കണ്ടതോടുകൂടി സുഹൃത്തുക്കളുടെയെല്ലാം ഹൃദയം വ്യഥിതമായി. അവർ വേണ്ടവിധം ചേർന്നിരുന്ന് വീണ്ടും ചൂതു തുടങ്ങി. സർവ്വലോകക്ഷയത്തിന്നായി ദൈവനിയോഗത്താൽ അവർ ചൂതാട്ടമാരംഭിച്ചു. "

ശകുനി പറഞ്ഞു: "ഈ വൃദ്ധനായ രാജാവ് നിങ്ങൾക്കു സകലസമ്പത്തും വിട്ടുതന്നു. അതു നന്നായി. ഇനി മറ്റൊരു വില പിടിച്ച കരാറിന്മേലാകട്ടെ കളി. ചൂതാട്ടത്തിൽ നിങ്ങൾ ഞങ്ങളെ തോല്പിച്ചാൽ പന്തീരാണ്ടുകാലം മാൻതോലുടുത്ത് ഞങ്ങൾ കാട്ടിൽ താമസിക്കാം. പതിമൂന്നാമത്തെ വർഷം അജ്ഞാതരായി ജനമദ്ധ്യത്തിൽ താമസിക്കാം. അജ്ഞാതവാസകാലത്ത് ആരെങ്കിലും ഞങ്ങളെക്കണ്ടറിഞ്ഞാൽ വീണ്ടും പന്തീരാണ്ടുകാലം വനവാസം ചെയ്യാം. ഞങ്ങളോട് നിങ്ങൾ തോറ്റാൽ പന്ത്രണ്ടുകൊല്ലം തോലുടുത്ത് കൃഷ്ണയോടുകൂടി കാട്ടിൽ താമസിക്കണം. കഴിഞ്ഞുവന്നാൽ ആൾക്കൂട്ടത്തിൽ പതിമൂന്നാമത്തെ കൊല്ലം ആരും അറിയാതെ പാർക്കണം. പതിമൂന്നാമത്തെ വർഷം കഴിഞ്ഞാൽ സ്വന്തം രാജ്യത്തുവന്ന് തങ്ങളുടെ പങ്കു കൈവശം വെക്കാം. ഈ നിശ്ചയം രണ്ടുകൂട്ടർക്കും തുല്യമാണ്. ഈ നിശ്ചയത്തോടുകൂടി നമ്മളോട് ഹേ! യുധിഷ്ഠിരാ, ചൂതാട്ടം തുടങ്ങുക. വന്നു കളി തുടങ്ങുക!"

വൈശമ്പായനൻ പറഞ്ഞു: "ഈ പ്രസ്താവന കേട്ടതോടുകൂടി സഭാവാസികൾ ഞെട്ടിപ്പോയി. ഉദ്വിഗ്നരായ സഭാവാസികൾ എല്ലാവരും മദ്ധ്യത്തിൽ കൈയുയുർത്തിപ്പിടിച്ച് പെട്ടെന്നു പറഞ്ഞു.

സദസ്യർ പറഞ്ഞു: 'അയ്യോ കഷ്ടം! ദുര്യോധനന്റെ സ്നേഹിതന്മാർ അവനെ വരാൻപോകുന്ന ആപത്തിനെ മനസ്സിലാക്കിക്കൊടുക്കാത്തതു കഷ്ടംതന്നെ. അവന് വിവരമില്ലെങ്കിലും, അല്ലയോ ധൃതരാഷ്ട്രാ, ആപത്ത് നീ മനസ്സിലാക്കിക്കൊടുക്കൂ! അതു നിന്റെ കടമയാണ്.'

വൈശമ്പായനൻ പറഞ്ഞു: "ജനങ്ങൾ ഉച്ചത്തിൽ പലതും പറഞ്ഞുതടഞ്ഞിട്ടും ധർമ്മജൻ നിന്നില്ല. അദ്ദേഹം ലജ്ജയോടുകൂടി വീണ്ടും ചൂതാട്ടത്തിന്ന് ഒരുങ്ങി. ധർമ്മയോഗത്താൽ പാർത്ഥൻ ചൂതിന്നിറങ്ങി. പരാജയം തീർച്ചയാണെന്നറിഞ്ഞിട്ടും ആ ധീമാൻ ചൂതുകളിച്ചു. കുരുക്കൾക്കു നാശം അടുത്തിരിക്കുമെന്നറിഞ്ഞപോലെ ചിന്തിച്ച് യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എന്നെപ്പോലെയുള്ള സ്വധർമ്മപരനായ ഒരു രാജാവ് ചൂതിന്നു വിളിച്ചാൽ ഞാൻ എങ്ങനെ പിന്മാറും? ഹേ ശകുനീ, ഞാൻ ഇതാ നിന്നോടേൽക്കുന്നു, കളിക്കൂ."

digitized by www.sreyas.in

ശകുനി പറഞ്ഞു: "കാള, അശ്വം, പശുക്കൾ, ആടുകൾ, ആനകൾ, സ്വർണ്ണം, ഭണ്ഡാരം, ദാസന്മാർ, ദാസിമാർ എന്നിവ ഒന്നിച്ചു പണയംവെക്കുക. പിന്നെ തോല്ക്കുന്നവർ ഞങ്ങളായാലും, നിങ്ങളായാലും പന്തീരാണ്ടു കാട്ടിൽ വസിക്കുക. പതിമൂന്നാമത്തെ ആണ്ടിൽ ജനമദ്ധ്യത്തിൽ ആരും അറിയാതെ വസിക്കുക. ഈ നിശ്ചയത്തോടെ ഇനി കളിക്കാം. പുരുഷേന്ദ്രരേ! ചൂതിന്റെ ഒറ്റ ഏറുകൊണ്ട് വനവാസം തീരുമാനിക്കപ്പെടുന്ന വിധം കളിക്കാം. യുധിഷ്ഠിരൻ കരാറു സമ്മതിച്ചു. ശകുനി ചൂതു കൈയിലെടുത്തു കളിച്ചു. 'ഞാൻ ജയിച്ചു! ഞാൻ ജയിച്ചു!' എന്നു ശകുനി യുധിഷ്ഠിരനോടു പറഞ്ഞു."

77. പാണ്ഡവപ്രതിജ്ഞ – വൈശമ്പായനൻ പറഞ്ഞു: "ചൂതിൽ തോറ്റ പാണ്ഡവന്മാർ കാട്ടിൽ പോകുവാൻ രാജകീയവസ്ത്രം മാറ്റി, മാൻതോൽ ധരിച്ച്, ദീക്ഷ കൈക്കൊണ്ടു നിന്നു. രാജ്യം നഷ്ടപ്പെട്ടു തോലുടുത്ത് കാട്ടിലേക്കു പോകുവാൻ നില്ക്കുന്ന പാണ്ഡവന്മാരെക്കണ്ട് ദുശ്ശാസനൻ പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "മഹാനായ ദുര്യോധനൻ എതിരില്ലാത്ത ചക്രവർത്തിയായി! പാണ്ഡവന്മാർ തോറ്റ് ഇതാ വലിയ ആപത്തിലായിരിക്കുന്നു. ഗുണവും യോഗ്യതയും ഉത്കർഷവും നമുക്ക് ശത്രുക്കളേക്കാൾ വർദ്ധിച്ചു. കുറെക്കാലത്തേക്ക് പാണ്ഡവന്മാർ അന്തമറ്റ നരകത്തിലാവുകയും ചെയ്തു. സുഖവും രാജ്യവുമൊക്കെ നഷ്ടപ്പെട്ട് അവർ എന്നെന്നേക്കും നശിച്ചു! സർവ്വസ്വവും നശിച്ച് പാവങ്ങൾ, പാണ്ഡവർ കാടുകേറുന്നു. ധനോന്മാദത്തോടെ ധാർത്തരാഷ്ട്രന്മാരെ ഹസിച്ചപാണ്ഡവരുടെ കഥയെന്തായി? അവരുടെ വിചിത്രസന്നാഹങ്ങളൊക്കെ അഴിച്ചുവെക്കട്ടെ! മാൻതോലുടുക്കട്ടെ! സൗബലന്റെ ചൂതിൽ തോറ്റവർക്ക് ഇനി ഈ അന്തസ്സുകളൊന്നും കാണിക്കുവാൻ അർഹതയില്ല. ലോകത്തിൽ ജനിച്ച പുരുഷന്മാരിൽ തങ്ങളേക്കാൾ യോഗ്യരില്ലെന്നു മനസ്സിൽ തള്ളിച്ചയുള്ള പാണ്ഡവന്മാർ ഇപ്പോൾ എങ്ങനെ? അവരേയും ഞങ്ങളേയും കണ്ടുനില്ക്കുന്നവർ പറയട്ടെ! അവർ ഇപ്പോൾ വെറും പതിരായ എള്ളുതന്നെ! വെറും പതിര്! പതിര്!

ഇപ്രകാരമുള്ള ഇവരുടെ വസ്ത്രം കണ്ടാൽ ഇവരെ മഹായാഗത്തിന് രുരുവെന്ന മാനിന്റെ തോൽ ധരിച്ച മനസ്വികളാണെന്നു തോന്നും. അദീക്ഷിതന്മാരുടെ അജിനംപോലെയാണ് മഹാബലന്മാരായ പാണ്ഡവന്മാരുടെ ഈ വേഷം! പാണ്ഡവന്മാർക്ക് പാഞ്ചാലിയെ നല്കിയ മഹാപ്രാജ്ഞനും സോമകവംശജനുമായ യജ്ഞസേനൻ മഹാവിഡ്ഢിത്തമാണു കാണിച്ചത്. അവൻ സുകൃതമൊന്നും തന്നെ ചെയ്തിട്ടില്ല. അല്ലെങ്കിൽ ഈ ഷണ്ഡന്മാരെ ഭർത്താക്കന്മാരായി യാജ്ഞസേനിക്കു ലഭിക്കുമോ? കഷ്ടം! ഒറ്റക്കാശുപോലും കൈയിലില്ലാതെ തോലും ധരിച്ച് പ്രാകൃതവേഷത്തിൽ കാടുചുറ്റുന്ന ഭർത്താക്കന്മാരെ കാണുമ്പോൾ എന്തു സന്തോഷം നിനക്കുണ്ടാകും യാജ്ഞസേനീ? നീ യോഗ്യനായ മറ്റൊരുത്തനെ ഭർത്താവായി യഥേഷ്ടം സ്വീകരിച്ചുകൊള്ളുക! ഇവിടെ സന്തോഷിച്ചിട്ടുള്ള കുരുക്കന്മാരായ ഇവർ എല്ലാവരും ദമവും ക്ഷമയും സ്നേഹവുമുള്ളവരും ശ്ലാഘ്യരുമാണ്. ഇവരിൽ ഒരുത്തനെ നീ ഭർത്താവായി വരിച്ചുകൊള്ളുക. നിനക്ക് ഈ കാലദോഷം ബാധിക്കുന്നതല്ല. പാണ്ഡവന്മാർ വെറും ഷണ്ഡതിലങ്ങൾ—പതിരെള്ളുകൾ! വെറും ചർമ്മച്ഛായാമൃഗങ്ങൾ! വെറും പേടുകൾ! ഇങ്ങനെ അധഃപതിച്ചുപോയ പാണ്ഡവന്മാരോടുകൂടി ദ്രൗപദീ, നീ എന്തിന്നു പാർക്കുന്നു? പതിരെള്ളുകൊണ്ട് എന്തു ഫലമുണ്ട്?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ക്രൂരനായ ആ ധാർത്തരാഷ്ട്രൻ പാർത്ഥരെ ക്രൂരമായ വാക്കുകൾകൊണ്ടു മുറിവേല്പിച്ചു. അത്യമർഷത്തോടെ ഭീമൻ കുറുക്കന്റെ മുമ്പിൽ ഹിമാലയത്തിലെ സിംഹം എന്നപോലെ, ഉഗ്രമായി ഗർജ്ജിച്ചു നിന്ദിച്ചു പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "ക്രൂരന്മാരായ പാപികളോടുകൂടി നീ അസഭ്യം പുലമ്പുന്നു! എടോ, ശകുനിയുടെ ചതിയുടെ നേട്ടം കൊണ്ടാണല്ലോ നീ ഈ രാജാക്കന്മാരുടെ മുമ്പിൽനിന്നു യോഗ്യത ചിലയ്ക്കുന്നത്? വാക്ശല്യം കൊണ്ടു ഞങ്ങളുടെ മർമ്മത്തിൽ കുത്തുന്ന നിന്റെ മർമ്മം ഞാൻ യുദ്ധത്തിൽ പിളർന്ന്, ഇതിന്റെ ഉചിതം പോരിൽ ചോദിച്ചുകൊള്ളാം! ക്രോധലോഭങ്ങൾമൂലം നിന്നെ പിന്തുടരുന്ന അനുയായികളേയും ഞാൻ നിശ്ശേഷം മുടിച്ചേ അടങ്ങൂ!"

വൈശമ്പായനൻ പറഞ്ഞു: "തോലുടുത്തുനിന്ന് ഇപ്രകാരം ഗർജ്ജിക്കുന്ന ഭീമന്റെ മുമ്പിൽ ദുശ്ശാസനൻ പരിഹാസഭാവത്തിൽ ഗോഷ്ടികാണിച്ച് നൃത്തം വെച്ചു. ധർമ്മക്ഷയത്താൽ കുരുമദ്ധ്യത്തിൽ നില്ക്കുന്ന അവന്റെ മുമ്പിൽനിന്ന് 'ഗൗ, ഗൗ--പശു പശു' എന്നു വിളിച്ച് പരിഹസിച്ചു ചിരിച്ച് തുള്ളിച്ചാടി. അവരുടെ മുമ്പിൽ ഗോഷ്ടികാണിച്ചു ലജ്ജയില്ലാതെ ദുശ്ശാസനൻ പരിഹസിച്ചു ചിരിക്കുകയും ചെയ്തു. ഇതു കണ്ട് അമർഷിയായ ഭീമൻ ഗർജ്ജിച്ചു."

ഭീമസേനൻ പറഞ്ഞു: "എടോ നൃശംസാ! ദുശ്ശാസനാ! നീ പരുഷം പറഞ്ഞുകൊള്ളുക! ചതിച്ചുജയിച്ചു ധാടി പറയുന്നതിൽ ലേശംപോലും പൗരുഷമില്ലെന്ന് എല്ലാവർക്കും അറിയാം. എടോ, ദുശ്ശാസനാ! പോരിൽ നിന്റെ മാറിടം കുത്തിപ്പിളർന്നു രക്തം ഞാൻ മോന്താതിരുന്നാൽ ഈ വൃകോദരന്നു പുണ്യലോകം ലഭിക്കാതെ പോകട്ടെ! എല്ലാ ധനുർദ്ധരന്മാരായ വീരന്മാരും കാൺകെ ഈ ധാർത്തരാഷ്ട്രന്മാരെയൊക്കെ ഒന്നിനേയും ബാക്കിവെക്കാതെ, ഒട്ടുനാൾക്കുള്ളിൽ സംഹരിച്ചേ ഞാൻ അടങ്ങൂ. ഇതു സത്യമാണ്!"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവൻ ഈ ശപഥംചെയ്തശേഷം സഹോദരന്മാരോടുകൂടി പുറത്തേക്കിറങ്ങി. അപ്പോൾ മതിമറന്നു സന്തോഷത്തോടെ ദുര്യോധനൻ ഭീമസേനന്റെ സിംഹതുല്യമായ ഗതിയെ വികൃതമായി ഗോഷ്ടിയോടെ അനുകരിച്ചു നടന്നു. ഭീമൻ ഇതുകണ്ട് തിരിഞ്ഞുനിന്നു പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "ഇതുകൊണ്ടായില്ല. ഇന്നു നീ എന്നെ ഈ പരിഹസിച്ചതിന്നുള്ള മറുപടി നിന്റെ കൂട്ടുകാരോടൊപ്പം നിന്നെ വധിക്കുന്ന സമയത്തു ഞാൻ കേൾപ്പിച്ചുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "തന്നെ സഹോദരന്മാരോടുകൂടി ഇത്തരത്തിൽ അപമാനിച്ച അവനെനോക്കി കോപം കടിച്ചിറക്കി മാനിയായ ഭീമസേനൻ കൗരവസഭവിട്ടു പുറത്തു പോരുമ്പോൾ ഇപ്രകാരം വീണ്ടും ഒരു ഘോര ശപഥം ചെയ്തു."

ഭീമൻ പറഞ്ഞു: "ദുര്യോധനനെ ഞാൻ കൊല്ലും. കർണ്ണനെ അർജ്ജുനൻ കൊല്ലും. ചൂതിൽ കള്ളനായ ശകുനിയെ സഹദേവൻ കൊല്ലും. ഇതുംകൂടി ഈ മഹാസദസ്സിൽ ഞാൻ പറയുന്നു! നിങ്ങളെല്ലാവരും കേട്ടുകൊള്ളുവിൻ: മഹായുദ്ധം അടുത്തുകഴിഞ്ഞു. എന്റെ വാക്കു ദേവകൾ സത്യമാക്കിത്തീർക്കും. മഹാപാപിയായ ദുര്യോധനനെ ഞാൻ ഗദകൊണ്ട് അടിച്ചുവീഴ്ത്തി അവന്റെ തല നിലത്തിട്ടു ചവിട്ടും! വാക്കിൽ ശൗര്യമുള്ള ദുശ്ശാസനന്റെ രക്തം പോരിൽ മൃഗരാജനെപ്പോലെ ഞാൻ കുടിക്കും!"

അർജ്ജുനൻ പറഞ്ഞു: "ചേട്ടാ! ഈ വാക്കുകൊണ്ട് നമ്മുടെ നിശ്ചയം സജ്ജനങ്ങൾ അറികയില്ല. ക്ഷമിക്കൂ! പതിന്നാലാമാണ്ടു പിറക്കട്ടെ! വരാൻപോകുന്നതൊക്കെ അന്നു ശരിക്ക് എല്ലാവരും കണ്ടുകൊള്ളും."

digitized by www.sreyas.in

ഭീമൻ പറഞ്ഞു: "ഒരു കാര്യം തീർച്ചയാണ്. ദുര്യോധനന്റേയും കർണ്ണന്റേയും ദു്ശ്ശാസനന്റേയും ശകുനിയുടേയും രക്തം ഈ ഭൂമി കുടിക്കുകതന്നെ ചെയ്യും!"

അർജ്ജുനൻ പറഞ്ഞു: "അസൂയയോടെ കണ്ടവരെ അധിക്ഷേപവാക്കു പറയുന്ന കർണ്ണനെ, ജ്യേഷ്ഠാ, ഭവാന്റെ വാക്കുപ്രകാരം ഞാൻ പോരിൽ സംഹരിക്കുന്നതാണ്. ഭീമസേനന്റെ പ്രിയത്തിന്നായി ഇതാ, അർജ്ജുനൻ ശപഥംചെയ്യുന്നു: കർണ്ണനേയും കൂട്ടുകാരെയും ഈ ഞാൻ പോരിൽ അമ്പെയ്തുകൊല്ലുന്നതാണ്. ബുദ്ധിമോശത്താൽ അവനെ സഹായിക്കുന്ന രാജാക്കന്മാരേയും ഞാൻ ശരങ്ങളാൽ സംഹരിച്ചു കാലപുരിക്ക് അയയ്ക്കുന്നതാണ്. എന്റെ ഈ വാക്കു പിഴച്ചുപോയെങ്കിൽ ഹിമാലയം ചലിച്ചേക്കാം, സൂര്യൻ കെട്ടുപോയേക്കാം, ചന്ദ്രന് ശൈത്യം ഇല്ലാതായേക്കാം. ദുര്യോധനൻ പതിന്നാലാമാണ്ടു രാജ്യം സൽക്കാരപൂർവ്വം മടക്കിത്തന്നില്ലെങ്കിൽ അന്ന് ഈ ശപഥം നടക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ പറഞ്ഞുകഴിഞ്ഞപ്പോൾ ശ്രീമാനായ സഹദേവൻ കൈപൊക്കി, ക്രുദ്ധനായ സർപ്പത്തെപ്പോലെ നെടുവീർപ്പിട്ട് ശകുനിയോടു പറഞ്ഞു."

സഹദേവൻ പറഞ്ഞു: "എടോ മൂഢാ! ഗാന്ധാരന്മാരുടെ യശസ്സു നശിപ്പിച്ചവനേ, തോറ്റെന്നു നീ വിശ്വസിക്കുന്നവർ തോറ്റിട്ടില്ല. നീ കാണുക ചൂതുകളല്ല, യുദ്ധത്തിലെ ബാണങ്ങളാണെന്നു മനസ്സിലാക്കിക്കൊള്ളൂ! ഭീമജ്യേഷ്ഠൻ പറഞ്ഞവിധം ബന്ധുക്കളോടുകൂടിയ നിന്നെ യുദ്ധത്തിൽ ഞാൻ വധിക്കും."

വൈശമ്പായനൻ പറഞ്ഞു: "സഹദേവൻ പറഞ്ഞതുകേട്ട് മനുഷ്യരിൽവെച്ച് ഏറ്റവും സുന്ദരനായ നകുലൻ പറഞ്ഞു."

നകുലൻ പറഞ്ഞു: "ഈ യജ്ഞസേനപുത്രിയെ ദുര്യോധനന്റെ പ്രിയത്തിന്നുവേണ്ടി ക്രൂരവാക്കുകൾ കേൾപ്പിച്ചവരെയൊക്കെ, കാലന്റെ മേൽനോട്ടത്തിൽ മരണം അടുത്ത ആ ദുഷ്ടന്മാരെ, എന്റെ മുമ്പിൽ വന്നുപെടുന്നവരെ, ഞാൻ യമാലയത്തിലേക്കയയ്ക്കും. ധർമ്മരാജാവിന്റെ കല്പന കൈക്കൊണ്ട് പാഞ്ചാലിയോടു ചെയ്ത അനീതിയോർത്ത്, ഞാൻ ഈ ഭൂമണ്ഡലം നിർധാർത്തരാഷ്ട്രമാക്കും.അതിന്ന് ഇനി താമസം അല്പമേയുള്ളു."

വൈശമ്പായനൻ പറഞ്ഞു: "ദീർഘമായ ബാഹുക്കൾ നീട്ടി ആ പുരുഷവ്യാഘ്രന്മാർ എല്ലാവരും ഇപ്രകാരം നാനാസത്യങ്ങൾ ചെയ്തു. പിന്നെ യാത്രപറയുവാൻ ധൃതരാഷ്ട്രന്റെ പാർശ്വത്തിലെത്തി."

78. യുധിഷ്ഠിരവനപ്രസ്ഥാനം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ഭാരതന്മാരേ, ഞാൻ യാത്രപറയുന്നു. വൃദ്ധനായ മുത്തച്ഛനോടും, സോമദത്തപ്രഭുവിനോടും, ബാൽഹീകരാജാവിനോടും, ദ്രോണരോടും, കൃപനോടും, അശ്വത്ഥാമാവിനോടും, വിദുരനോടും, ധൃതരാഷ്ട്രപുത്രന്മാരോടും ഞാൻ യാത്രപറയുന്നു. യുയുത്സു, സഞ്ജയൻ മുതലായ സഭാവാസികളോടും ഞാൻ യാത്രപറയുന്നു. എല്ലാവരോടും ഞാൻ യാത്രപറയുന്നു. പോയി വരട്ടെ! വന്നിട്ടുകാണാം."

വൈശമ്പായനൻ പറഞ്ഞു: "അവർ ലജ്ജിച്ച് ഇരിപ്പായി. ഒന്നും മറുപടി പറഞ്ഞില്ല. എല്ലാവരും ആ ധീമാന് മനസ്സുകൊണ്ട് നന്മ നേർന്നു."

വിദുരൻ പറഞ്ഞു: "ആര്യയായ രാജപുത്രി കുന്തി കാട്ടിൽ പോകേണ്ടാ. സുകുമാരിയും വൃദ്ധയുമായ അവൾ നിത്യവും സുഖത്തോടെ ജീവിച്ചവളാണ്. എന്റെ ഗൃഹത്തിൽ പൂജയേറ്റ് അവൾ വാഴട്ടെ! നിങ്ങൾക്ക് പാർത്ഥന്മാരേ, ആരോഗ്യമുണ്ടാകട്ടെ!"

പാണ്ഡവന്മാർ പറഞ്ഞു: "എന്നാൽ അങ്ങനെതന്നെയാകട്ടെ! ശുഭവ്രതയായ അമ്മ വിദുരൻ പറഞ്ഞപ്രകാരം വിദുരഗൃഹത്തിൽ പാർക്കട്ടെ! ഞങ്ങൾക്ക് അച്ഛനെപ്പോലെ ആശ്രയമായിട്ടുള്ളതു ഭവാനാണ്. ഞങ്ങൾക്ക് ഗുരുവാണ് ഭവാൻ. അങ്ങു കല്പിക്കുംപോലെ ചെയ്യാം. ഇനി ഞങ്ങൾ എന്തുചെയ്യണമെന്നു പറഞ്ഞാലും!"

വിദുരൻ പറഞ്ഞു: "ഹേ, ഭരതർഷഭാ, യുധിഷ്ഠിരാ! ഞാൻ പറയുന്നതു ഭവാൻ ധരിക്കുക. അധർമ്മത്താൽ തോല്പിക്കപ്പെട്ടവൻ തോൽവികൊണ്ടു വ്യസനിക്കുകയില്ല. അങ്ങു ധർമ്മജ്ഞനാണ്. പോരിൽ വിജയിയാണ് ധനഞ്ജയൻ. ഭീമൻ ശത്രുനാശകരനാണ്. നകുലൻ ധനസാധകനാണ്. സഹദേവൻ ഭരണനിപുണനാണ്. ധൗമ്യൻ ബ്രഹ്മജ്ഞരിൽ ഉത്തമനാണ്. ധർമ്മചാരിണിയായ പാർഷതി ധർമ്മാർത്ഥദക്ഷയാണ്. എല്ലാവരും അന്യോന്യം സ്നേഹമുള്ളവരും പ്രിയദർശനരുമാണ്. പരന്മാരാൽ അഭേദ്യരായി ഏറ്റവും സന്തുഷ്ടരായി നില്ക്കുന്ന നിങ്ങളുടെ നില ആരാണു കൊതിക്കാത്തത്? ഈ നിലയാണ് ഏറ്റവും മംഗളമയമായിട്ടുള്ളത്. ഇന്ദ്രനോടു തുല്യനായ ശത്രുവിന്നുകൂടി നിങ്ങളുടെ ഈ നിലയെ പരാജയപ്പെടുത്തുവാൻ സാധിക്കയില്ല. പണ്ടു ഹിമാലയത്തിൽവെച്ചു മേരുസാവർണ്ണിയും, വാരണാവതത്തിൽവെച്ചു കൃഷ്ണദ്വൈപായനനും, ഭൃഗുതുംഗത്തിൽ വെച്ചു പരശുരാമനും, ദൃഷദ്വതിയിൽവെച്ച് ഈശനും, അഞ്ജനയിൽവെച്ചു ദേവലനും അരുളിച്ചെയ്തത് ഭവാൻ കേട്ടിട്ടുണ്ടല്ലോ. കന്മാഷീതീരത്തരുളുന്ന ഭൃഗുവിന്റെ ശിഷ്യവൃത്തിയിൽ നില്ക്കുന്ന ധൗമ്യപുരോഹിതൻ നിന്നെ സംരക്ഷിക്കും. ഋഷിപൂജിതമായ ബുദ്ധി ആപത്കാലത്തു നീ വിടരുത്. നീ ബുദ്ധികൊണ്ട് പുരൂരവസ്സിനെ ജയിക്കുക. ശക്തികൊണ്ടു രാജാക്കന്മാരെ ജയിക്കുക. ധർമ്മസേവയാൽ മുനിശിഷ്യരെ സേവിക്കുക. ഇന്ദ്രന്റെ ജയത്തേയും, യമന്റെ കോപനിഗ്രഹത്തേയും, കുബേരന്റെ ധനദാനത്തേയും, വരുണന്റെ സംയമത്തേയും, സോമന്റെ ആത്മദാതൃത്വത്തേയും, ജലത്തിന്റെ ഉപജീവ്യതയേയും, ഭൂമിയുടെ ക്ഷമയേയും, രവിയുടെ തേജഃപ്രഭാവത്തേയും, വായുവിന്റെ ബലത്തേയും, സർവ്വഭൂതങ്ങളുടെ ഗുണത്തേയും ഭവാൻ കൈക്കൊള്ളുക. നിങ്ങൾക്ക് ആരോഗ്യം ഭവിക്കട്ടെ! ഭദ്രം ഭവിക്കട്ടെ! വന്നിട്ടുകാണാം. ആപദ്ധർമ്മാർത്ഥകൃച്ഛ്റങ്ങളിൽ സർവ്വകാര്യത്തിലും വേണ്ടതോർത്ത് കാലം നോക്കി നടക്കണം. ഹേ, കൗന്തേയാ! നിനക്കു പോകുവാൻ ഞാൻ സമ്മതം തരുന്നു. നിനക്കു സ്വസ്തി ഭവിക്കട്ടെ!

കൃതാർത്ഥനായി സ്വസ്തിയാർന്ന നിന്നെ മടങ്ങിവന്നു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ മുമ്പേ ഇതിന്നു തക്കതായ ഒരു പാപവും ചെയ്തതായി ആരും ചിന്തിച്ചിട്ടു കാണുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിദുരൻ പറഞ്ഞതുകേട്ട് അപ്രകാരം ആകട്ടെ എന്നുപറഞ്ഞ് സത്യവിക്രമനായ പാണ്ഡവൻ ഭീഷ്മനേയും, ദ്രോണനേയും വന്ദിച്ച് ഇറങ്ങി."

79. ദ്രൗപദീകുന്തീസംവാദം – വൈശമ്പായനൻ പറഞ്ഞു: "അവർ വനത്തിലേക്കു പുറപ്പെട്ടപ്പോൾ കൃഷ്ണ കുന്തിയെ ചെന്നു കണ്ടു യാത്രപറഞ്ഞു. മറ്റു സ്ത്രീകളോടും യാത്രപറഞ്ഞു. ദ്രൗപദി കുന്തിയുടെ കാല്ക്കൽ കുമ്പിട്ടു യാത്രപറയുമ്പോൾ അവളെ ആലിംഗനംചെയ്ത് കുന്തി പൊട്ടിക്കരഞ്ഞു. ദ്രൗപദിയും കരഞ്ഞു. ഇതു കണ്ടതോടുകൂടി പാണ്ഡവാന്തഃപുരത്തിൽ നിലവിളി മുഴങ്ങി. കുന്തി തന്റെ സ്നുഷയോടു ഗദ്ഗദസ്വരത്തിൽ ദുഃഖംകൊണ്ട് ഇടറുന്ന വാക്കുകൾ പണിപ്പെട്ടു പറഞ്ഞു."

digitized by www.sreyas.in

കുന്തി പറഞ്ഞു: "വത്സേ, ദുഃഖിക്കരുത്! വ്യസനം പറ്റിയാലും നീ ദുഃഖിക്കാതിരിക്കുക. സ്ത്രീധർമ്മങ്ങൾ വേണ്ട പോലെ അറിയുന്ന നീ ശീലാചാരമുള്ളവളാണല്ലോ. ഭർത്താക്കന്മാരെപ്പറ്റി എന്റെ ഉപദേശമൊന്നും നിനക്ക് ആവശ്യമില്ലെന്ന് എനിക്കറിയാം. സാധ്വിയും സൽഗുണസമ്പന്നയുമായ നീ കുലദ്വയത്തിന്നും വിഭൂഷണമാണ്. കൗരവന്മാർ ഭാഗ്യവാന്മാരാണ്. എന്തുകൊണ്ടെന്നാൽ, സാധ്വിയായ നീ അവരെ കോപാഗ്നിയിൽ ദഹിപ്പിച്ചില്ലല്ലോ. എന്റെ ആശംസയോടെ നീ ക്ലേശംകൂടാതെ യാത്രചെയ്യുക. നല്ല സ്ത്രീകൾക്ക് ഭാവികാര്യത്തിൽ വൈകൃതം സംഭവിക്കുകയില്ല. ഗുരുകർമ്മങ്ങൾ നോക്കുന്ന നീ ഉടനെ നന്മ നേടും. കാട്ടിൽ വാഴുന്ന എന്റെ ഉണ്ണിയായ സഹദേവനെ നീ നോക്കണം. ആ ധീമാൻ ഈ സങ്കടത്തിൽ തളരാത്തവിധം നീ സംരക്ഷിക്കണം."

വൈശമ്പായനൻ പറഞ്ഞു: "കുന്തിയുടെ വാക്കുകേട്ട് അപ്രകാരമാകാം എന്നു പറഞ്ഞ് അവൾ കണ്ണുനീർ തുടച്ചു. ചോരയേറ്റ ഒറ്റവസ്ത്രത്തോടെ, ദുശ്ശാസനൻ അഴിച്ചുചിന്നിയ മുടിയോടെ അവൾ ഇറങ്ങി. കുന്തി കരഞ്ഞുകൊണ്ട് അവളെ പിൻതുടർന്നു. അപ്പോൾ വസ്ത്രഭൂഷകളെല്ലാം വെടിഞ്ഞ് മാന്തോലുടുത്തു ലജ്ജിച്ചു തലകുമ്പിട്ടുനില്ക്കുന്ന മക്കളെ കുന്തി കണ്ടു. ശത്രുക്കൾ ചുറ്റുംനിന്നു ചിരിക്കുന്നതും, മിത്രങ്ങൾ ദുഃഖിച്ചു നെടുവീർപ്പിടുന്നതും അവൾ കണ്ടു. അപ്രകാരം നില്ക്കുന്ന മക്കളെക്കണ്ടു കുന്തി ഓടിച്ചെന്ന് അവരെ തഴുകി, പലതും പറഞ്ഞു വിലപിച്ചു."

കുന്തി പറഞ്ഞു: "മക്കളേ, നിങ്ങൾ ഇത്രയും കഷ്ടമായ അഴലിൽപ്പെട്ടുപോകാൻ എന്തു മഹാപാപം ചെയ്തു? സദ്ധർമ്മചാരികളും, ചാരിത്രവാന്മാരും, വൃത്തിസ്ഥിതി അറിഞ്ഞവരും, അക്ഷുദ്രന്മാരും ദൈവപൂജാപരായണന്മാരുമായ നിങ്ങൾ എന്തുകൊണ്ട് ഈ ഭയങ്കരമായ ദുഃഖത്തിന്നു പാത്രങ്ങളായി? ആരുകൊടുത്ത ശാപംകൊണ്ടാണ് നിങ്ങൾ ഈ നിലയിലെത്തിയത്? നിങ്ങളുടെ മാതാവായ എന്റെ ഭാഗ്യദോഷംകൊണ്ടല്ലാതെ മറ്റെന്തുകൊണ്ടാണ് ഈ ദുരിതം വന്നുചേർന്നത്? സൽഗുണവാന്മാരായ നിങ്ങൾക്ക് ഇതിന്നവകാശമില്ലല്ലോ. വീര്യം, സത്വഗുണം, ഉത്സാഹം, തേജസ്സ് ഇവയിലൊന്നിലും കുറവില്ലാത്ത നിങ്ങൾക്കു കാട്ടിൽ പാർക്കേണ്ടിവരുമെന്ന്, സകല സമൃദ്ധിയുംനശിച്ചു കാട്ടിൽപ്പോകേണ്ടിവരുമെന്ന്, അറിഞ്ഞിരുന്നുവെങ്കിൽ ശതശൃംഗംവിട്ടു ഹസ്തിനാപുരത്തിലേക്ക്, നിങ്ങളുടെ അച്ഛൻ മരിച്ചതിന്നുശേഷം, ഞാൻ വരികയില്ലായിരുന്നു. മക്കളേ, നിങ്ങൾ രാജോചിതസുഖങ്ങളൊക്കെ വിട്ട് എങ്ങനെ കാട്ടിൽ പാർക്കും? തപോമേധാശാലിയായ അച്ഛൻ ധന്യനാണ്. പുത്രപീഡകൾ കാണാതെ സുഖമായി അദ്ദേഹം സ്വർഗ്ഗം പ്രാപിച്ചില്ലേ? അതീന്ദ്രിയജ്ഞാനം നേടി സ്വർഗ്ഗം പ്രാപിച്ച ശുഭയായ മാദ്രിയും ധന്യയാണ്. രതിയും മതിയും ഇല്ലാതായിട്ടും ജീവിച്ചിരിക്കണമെന്ന് ആശിച്ച ഞാൻ നിന്ദ്യതന്നെ! ഞാനും അദ്ദേഹത്തോടൊപ്പം മാദ്രിയോടുകൂടെ മരിച്ചിരുന്നെങ്കിൽ ഈ കഷ്ടം കാണാതിരിക്കാമായിരുന്നു. കഷ്ടം! ജീവനിൽ ആശവെച്ച എന്നെ ഞാൻ നിന്ദിക്കുന്നു. ക്ലേശപ്പെട്ടു ഞാൻ വളർത്തിക്കൊണ്ടുവന്ന കുട്ടികളേ! ഞാൻ നിങ്ങളെ വിടുകയില്ല. ഞാനും പോരികയാണ് കാട്ടിലേക്ക്. കൃഷ്ണേ! നീ എന്നെ വിടുകയാണോ? ആയുസ്സിന്റെ ദൈർഘ്യം വിധി നിശ്ചയിച്ചത് അവസാനിച്ചിട്ടില്ലായിരിക്കാം. അല്ലെങ്കിൽ ഞാൻ എന്തുകൊണ്ട് ഈ കാഴ്ച കണ്ടയുടനെ മരിച്ചില്ല? ഹാ! ദ്വാരകാവാസിയായ കൃഷ്ണാ! സങ്കർഷണാനുജാ! നീ എവിടെ? എന്താണ് നീ ഈ ദുഃഖം കളഞ്ഞ് ഞങ്ങളെ രക്ഷിക്കാത്തത്? എന്നെയും ഈ വീരന്മാരേയും എന്താണ് ദുഃഖത്തിൽനിന്നു കയറ്റാത്തത്? ആദ്യന്തഹീനനായ നിന്നെ വിചാരിക്കുന്ന ജനങ്ങളെ നീ കാക്കുമെന്നുള്ള ചൊല്ല് ഇപ്പോൾ വിഫലമായല്ലോ! സദ്ധർമ്മമാഹാത്മ്യയശോവീര്യാനുവർത്തികളായിരുന്നിട്ടും അവർ വ്യസനിക്കുന്നതെന്താണ്? അർഹരല്ലാത്തവരെ വ്യസനിക്കുവാൻ വിടാതെ എന്റെ മക്കളെ കാക്കണേ കൃഷ്ണാ! നീതിയിലും അർത്ഥത്തിലും നിപുണന്മാരായ ഭീഷ്മനും ദ്രോണനും കൃപനും കുലപാലകന്മാരായി ഉണ്ടായിരുന്നിട്ടും എന്താണ് ഈ ആപത്തു സംഭവിക്കുവാൻ? പാണ്ഡുരാജാവേ! ഭവാൻ എവിടെയാണ്? ആപത്തിൽപ്പെട്ട മക്കളെ കാണുന്നില്ലേ! നീ അവരെ ഉപേക്ഷിക്കയാണോ? ശത്രുക്കൾ കള്ളച്ചൂതിൽ തോല്പിച്ചു കാടുകേറ്റുന്നത് നീ കാണുന്നില്ലേ? സഹദേവാ! മടങ്ങു. എനിക്ക് എന്റെ ദേഹത്തേക്കാൾ പ്രിയതരനാണ് നീ. മാദ്രീപുത്രാ! ചീത്തക്കുട്ടിയെപ്പോലെ നീ എന്നെ തള്ളരുത്. നിന്റെ ചേട്ടന്മാരൊക്കെ കാട്ടിലേക്കു പൊയ്ക്കൊള്ളട്ടെ. സത്യവത്സലന്മാരാണ് അവരെങ്കിൽ അവർ പോകട്ടെ. നീ എന്നെ കാത്തുരക്ഷിക്കുവാൻ ഇവിടെത്തന്നെ നിന്നു ധർമ്മം നേടുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കേഴുന്ന കുന്തിയുടെ പാദത്തിൽ കുമ്പിട്ടു സമാശ്വസിപ്പിച്ച് പാണ്ഡവന്മാർ ദുഃഖത്തോടെ കാട്ടിലേക്കു നടന്നു. ദുഃഖിച്ചു മുറയിടുന്ന കുന്തിയെ യുക്തികൾകൊണ്ട് ദുഃഖിതനായ വിദുരൻ ആശ്വസിപ്പിച്ചിട്ട് തന്റെ ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ധാർത്തരാഷ്ട്രസ്ത്രീകൾ എല്ലാവരും ആ വിവരം കേട്ടു. ചൂതാടിയതും, കൃഷ്ണയെ ചൂതരങ്ങിലിട്ടു വലിച്ചിഴച്ച് അവമാനിച്ചതുംകേട്ട് കുരുസ്ത്രീകൾ പൊട്ടിക്കരഞ്ഞു! കൗരവന്മാരെ നിന്ദിച്ചു. കേട്ടവർ കേട്ടവർ മുഖം കൈകൊണ്ടുതാങ്ങി ഇരുന്ന ഇരുപ്പിൽ ഭവിഷ്യത്തുകളെപ്പറ്റി ചിന്തിച്ച് അമ്പരന്ന് ഇരുന്നുപോയി. ധൃതരാഷ്ട്രരാജാവും പുത്രന്റെ ദുർന്നീതി ചിന്തിച്ചു ഉദ്വിഗ്നനായി ഉത്കണ്ഠയ്ക്ക് അടിമയായി ശമം കിട്ടാത്ത മട്ടിൽ കുഴങ്ങി. ഏകാഗ്രമായി ചിന്തിച്ച് ശോകവ്യാകുലനായി ധൃതരാഷ്ട്രൻ വിദുരനെ വരുത്തുവാൻ വേഗത്തിൽ ആളെ വിട്ടു.

വിദുരൻ ഉടനെ ധൃതരാഷ്ട്രന്റെ കൊട്ടാരത്തിലെത്തി. ഉത്കണ്ഠയോടെ രാജാവ് വിദുരനോടു ചോദിക്കുവാൻ തുടങ്ങി."

80. വിദുരധൃതരാഷ്ട്രദ്രോണവാക്യം – വൈശമ്പായനൻ പറഞ്ഞു: "ആ ദീർഘദർശിയായ വിദുരൻ വന്നപ്പോൾ ധൃതരാഷ്ട്രൻ ആശങ്കയോടെ ചോദിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "വിദുരാ! ആ ധർമ്മപുത്രൻ എങ്ങനെ കാട്ടിലേക്കു പോയി? എന്തു മാതിരിയാണ് പോയത്? ഭീമനും അർജ്ജുനനും, മാദ്രീപുത്രന്മാരും എന്തുമാതിരിയാണ് പോയതെന്നു പറയണം. എനിക്ക് അവരുടെ വിചേഷ്ടിതം കേൾക്കണം."

വിദുരൻ പറഞ്ഞു: "ഉത്തരീയത്താൽ മുഖം മറച്ചിട്ടാണ് യുധിഷ്ഠിരൻ പോയത്. കൈകൾ ഉയർത്തിക്കാണിച്ചാണ് ഭീമൻ പോയത്. രാജാവിന്റെ പിന്നിൽ അർജ്ജുനൻ മണൽവാരിയെറിഞ്ഞാണ് പോയത്. മുഖം ചായംതേച്ചു നിറം മാറ്റി ആകാരം മറച്ചിട്ടാണ് സഹദേവൻ പോയത്. ദേഹത്തിലൊക്കെയും പൊടിയണിഞ്ഞ് ലോകത്തിൽവെച്ചേറ്റവും സുന്ദരനായ നകുലൻ നടന്നു. ആയതലോചനയായ കൃഷ്ണ രാജാവിന്റെ പിന്നിൽ കരഞ്ഞു കണ്ണുനീരൊഴുക്കിക്കൊണ്ടു നടന്നു. രൗദ്രങ്ങളും യമസംബന്ധികളുമായ സാമവേദങ്ങൾ ഉച്ചരിച്ചുകൊണ്ട് ധൗമ്യനും കാട്ടിലേക്കു പോകുന്നതു ഞാൻ കണ്ടു. ധൗമ്യൻ കൈയിൽ ദർഭയുമായാണ് വഴിക്ക് യാമ്യങ്ങളായ സാമവേദങ്ങൾ ഉച്ചരിക്കുന്നത്."

ധൃതരാഷ്ട്രൻ പറഞ്ഞു: "പലമാതിരിയിലാണല്ലോ ഓരോരുത്തരും പോകുന്നത്. ഇതിന്റെ അർത്ഥമെന്താണ്? എനിക്കു പറഞ്ഞുതരൂ!"

വിദുരൻ പറഞ്ഞു: "ചതിച്ച് നിന്റെ മക്കൾ നാടും ധനവും നേടിയെങ്കിലും ധീമാനായ ധർമ്മപുത്രന്റെ മനസ്സിൽ ധർമ്മത്തിന് മാറ്റം അശേഷമില്ല. ധാർത്തരാഷ്ട്രന്മാരിൽ അവന്ന് അനുകമ്പ

digitized by www.sreyas.in

യാണുള്ളത്. ചതിയാൽ രാജ്യഭ്രംശം വന്നതുകൊണ്ടുള്ള കോപത്താൽ ജനങ്ങളെ ഘോരദൃഷ്ടികൊണ്ട് ഞാൻ ചുട്ടെരിക്കുകയില്ല എന്നാണ് ഉത്തരീയംകൊണ്ടു തന്റെ മുഖം മറച്ചുപോകുന്നതിന്റെ അർത്ഥം. ഭീമൻ പോകുമ്പോൾ കണ്ടതിന്റെ അർത്ഥവും ഞാൻ പറയാം. കൈയൂക്കിന്നു തന്നോട് എതിരായി ആരുമില്ല. കൈരണ്ടും ഉയർത്തി വിരിച്ചുനടന്നതിന്റെ സാരം അതാണ്. കൈയൂക്കിന്റെ തള്ളൽകൊണ്ടാണ് അവൻ കൈകൾ ഉയർത്തിക്കാണിച്ചത്. ശത്രുക്കളിൽ ബാഹുവീര്യത്തിന്നു പറ്റിയവിധം ക്രിയചെയ്യുന്നവനാണല്ലോ ഭീമൻ. പൂഴിത്തരി തെറിപ്പിച്ചുകൊണ്ടുള്ള അർജ്ജുനന്റെ പോക്കിന്റെ സാരം തടവില്ലാതെ ശത്രുക്കളിൽ ശരവർഷം ചൊരിയുമെന്നാണ്. സഹദേവൻ ചായം തേച്ചു മറച്ചത് തന്റെ മുഖം ആരും കാണരുതെന്നു വിചാരിച്ചാണ്. സ്വയം പൊടിയണിഞ്ഞ് സ്വയം വൃത്തികേടായി നകുലൻ പോയതിന്റെ സാരം നാരിമാർ അവനെ വഴിക്കുവെച്ചു കണ്ട് ചിത്തം കവരരുത് എന്നു ചിന്തിച്ചാണ്. പൊടിയൊക്കെ ദേഹത്തിലണിഞ്ഞതിന്റെ അർത്ഥം അതാണ്. ചോരപുരണ്ട ഒറ്റവസ്ത്രം ധരിച്ച് മുടിചിന്നി, കരഞ്ഞ്, കണ്ണുനീരിൽക്കുളിച്ചു പോകുന്ന രജസ്വലയായ പാഞ്ചാലി പോകുന്നതിന്റെ അർത്ഥമിതാണ്: ആരുമൂലം, ഏതു ശത്രുക്കൾമൂലം, എനിക്ക് ഈ സ്ഥിതി വന്നുചേർന്നുവോ, ആ പാപികൾ പതിന്നാലാമത്തെ വർഷത്തിൽ ചത്തൊടുങ്ങി, ഭർത്താക്കന്മാരും, മക്കളും, ബന്ധുക്കളും പോയി, ചോരയിൽ മുഴുകി, വാർകൂന്തൽ ചിന്നി, പൊടിപുരണ്ട്, അവരുടെ സ്ത്രീകൾ ഉദകക്രിയ ചെയ്തുകഴിഞ്ഞശേഷമേ ഞാൻ ഈ ഹസ്തിനാപുരിയിൽ കാൽകുത്തുകയുള്ളൂ എന്ന്.

പുരോഹിതനായ ധൗമ്യൻ തെക്കുപടിഞ്ഞാട്ടുചാച്ച് ദർഭ പിടിച്ചു. യമനെപ്പറ്റിയുള്ള ധർമ്മവേദമാണ് പാടിയിരുന്നത്. ഭാരതന്മാർ മുടിഞ്ഞതിന്നുശേഷം കുരുക്കളുടെ ഗുരുക്കൾ ഇപ്രകാരം സാമങ്ങൾ പാടും എന്നാണ് ധൗമ്യന്റെ പോക്കിലുള്ള സാരം. വഴിക്കു ജനങ്ങൾ ഇപ്രകാരം പറയുന്നതും കേട്ടു."

ജനങ്ങൾ പറഞ്ഞു: "കഷ്ടം! നമ്മുടെ നാഥന്മാർ പോകുന്നത് ഇപ്രകാരമാണല്ലോ കാണപ്പെടുന്നത്. ഹാ! കുരുവൃദ്ധന്മാർ ചേഷ്ടിതംകൊണ്ട് ബാലപ്രായർതന്നെ! അവർ ലോഭത്താൽ പാണ്ഡുപുത്രന്മാരെ നാട്ടിൽനിന്ന് ഇതാ ആട്ടിയോടിക്കുന്നു. പാണ്ഡുപുത്രന്മാർ പോയപ്പോൾ നമ്മളൊക്കെ അനാഥരായി. ഈ ദുഷ്ടരും ലുബ്ധരുമായ കുരുക്കളിൽ നാം എങ്ങനെ നന്ദി കാണിക്കും?"

വിദുരർ പറഞ്ഞു: "എന്നൊക്കെ പൗരന്മാർ ദുഃഖിച്ചു വിലപിക്കുന്നുണ്ടായിരുന്നു. ഇങ്ങനെ ആകാരങ്ങൾകൊണ്ടും, അടയാളങ്ങൾകൊണ്ടും തങ്ങളുടെ മനസ്സിലെ തീരുമാനം പ്രകാശിപ്പിച്ച് മനസ്വികളായ കൗന്തേയർ കാടുകയറി.

ഇപ്രകാരം ആ മനസ്വികൾ ഹസ്തിനാപുരി വിട്ട ഉടനെ പല ദുർന്നിമിത്തങ്ങളും ഹസ്തിനാപുരിയിലുണ്ടായി. മേഘം കൂടാതെ ഇടിവെട്ടി. ഭൂകമ്പമുണ്ടായി. രാഹു, വാവുദിവസമല്ലെങ്കിലും ആ സമയത്തു സൂര്യനെ ഗ്രസിച്ചു. ഇടത്തുവശത്തായി കൊള്ളിമീൻ ചാടി. ആകാശത്തുവെച്ചുതന്നെ പൊരിഞ്ഞുവീണു. മാംസവും അസ്ഥിയും എടുത്ത് കഴുക്കളും കുറുക്കനും രാജാങ്കണങ്ങളിലും, വീഥികളിലും, ക്ഷേത്രങ്ങളിലും, ചൈത്യങ്ങളിലും, കോട്ട, കൊത്തളം മുതലായ ദിക്കിലും കൊണ്ടുവന്ന് ഇട്ടു. ഇപ്രകാരം ഭയങ്കരമായ ഓരോ ദുർന്നിമിത്തം കാണുവാൻ ഇടയായി. രാജാവേ! ഇതൊക്കെ നിന്റെ ദുർമ്മന്ത്രംമൂലം വന്നുചേർന്ന ആപത്താണ്. രാജാവേ, ഭവാൻമൂലം ഭാരതത്തിന്റെ നാശമാണ് സംഭവിക്കുവാൻ പോകുന്നത്.

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധീമാനായ വിദുരനും ധൃതരാഷ്ട്രരാജാവും പറഞ്ഞിരിക്കുന്ന സമയത്ത് നാരദൻ സഭാമദ്ധ്യത്തിൽ കുരുക്കളുടെ മുമ്പിൽ മഹർഷിമാരോടുകൂടി വന്നുചേർന്നു. രൗദ്രഭാവംകലർന്ന മുഖത്തോടെ മഹർഷി ഇപ്രകാരം പറഞ്ഞു."

നാരദൻ പറഞ്ഞു: "ഇനി പതിന്നാലാമത്തെ ആണ്ടിൽ കൗരവന്മാർ നശിക്കും. ദുര്യോധനന്റെ തെറ്റുമൂലം ഭീമാർജ്ജുനന്മാരുടെ ബലത്താലാണ് അതു സംഭവിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഈ വാക്കുപറഞ്ഞ് ബ്രഹ്മതേജസ്സ് ഏറ്റവും വിളങ്ങുന്ന ആ മഹർഷി ആകാശത്തിലേക്കുയർന്നു മറഞ്ഞു.

ഭീതരായ ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നിവർ ദ്രോണർ മാത്രമേ തങ്ങൾക്കു ശരണമായുള്ളൂ എന്നു ധരിച്ച് രാജ്യം തന്നെ അദ്ദേഹത്തിനു നിവേദിച്ച്, ബഹുമാനിച്ചു. ദ്രോണൻ ദുര്യോധനനോടും, ദുശ്ശാസനനോടും, കർണ്ണനോടും, മറ്റ് ഭാരതരോടും പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "പാണ്ഡവന്മാർ ദേവപുത്രന്മാരാണ്. അവർ അവദ്ധ്യരാണെന്നാണ് ദ്വിജാദികൾ പറയുന്നത്. എന്നാൽ ഞാൻ എന്നെ ശരണംപ്രാപിച്ചവർക്കാണ് യഥാബലം സഹായിക്കേണ്ടത്. എല്ലാംകൊണ്ടും കൂറുപാർത്ത് കൂട്ടുചേർന്ന ധാർത്തരാഷ്ട്രന്മാരെ കൈവിടുവാൻ ഞാൻ ശക്തനല്ല. ദൈവഹിതമാണ് എല്ലാറ്റിനും മേലെയെങ്കിലും പാണ്ഡവന്മാരാണെങ്കിൽ ചൂതിൽ തോറ്റു ധർമ്മം പാലിക്കുന്നതിന്നായി കാടുകയറിയവരാണ്. പന്ത്രണ്ടുവർഷം അവർ കാട്ടിൽ താമസിക്കും. ബ്രഹ്മചര്യം ആചരിച്ച് ക്രോധാമർഷശാലികളായി അവർ ശത്രുക്കളെ മഹാദുഃഖത്തിലാഴ്ത്തി പകവീട്ടും."

സഖിപ്പകമൂലം ഞാൻ ദ്രുപദരാജാവിന്റെ നാടു കൈവശമാക്കി. അവൻ എന്നെ സംഹരിക്കുവാൻ ഒരു പുത്രനുണ്ടാകുവാൻ അധ്വരം ചെയ്തവനുമാണ്. യാജോപയാജന്മാരുടെ തപസ്സുകൾകൊണ്ട് തീയിൽ ഒരു പുത്രൻ ജനിക്കുകയും ചെയ്തിട്ടുണ്ട്. അത് *ധൃഷ്ടദ്യുമ്നനാണ്. അപ്രകാരംതന്നെ തീയിൽ നിന്നു ജനിച്ച പുത്രിയാണ് കൃഷ്ണ. ചാർച്ചകൊണ്ട് ധൃഷ്ടദ്യുമ്നൻ പാണ്ഡവർക്കു സ്യാലനായും തീർന്നു. പാണ്ഡവപ്രിയത്തിൽ സന്നദ്ധനായ അവനെ ഞാൻ ഭയപ്പെടുന്നുമുണ്ട്. അഗ്നിജ്ജ്വാലപോലെയുള്ള വർണ്ണത്തോടുകൂടിയവനും, ദേവദത്തനും, ചട്ടയും വില്ലും അമ്പും ഏന്തിയവനുമായിട്ടാണ് അവൻ അഗ്നികുണ്ഡത്തിൽനിന്നുയർന്നുവന്നത്. മർത്ത്യധർമ്മത്തെ സ്വീകരിച്ചിരിക്കുന്ന അവനെ ഞാൻ വല്ലാതെ ഭയപ്പെടുന്നുണ്ട്; പരതാപനനായ ആ പാർഷതൻ അവരുടെ പക്ഷത്തിലുണ്ട്. മഥാതിരഥന്മാരിൽ ശ്രേഷ്ഠനും യുവാവുമായ അവനുമായി ഞാൻ എതിർത്താൽ അവൻ എന്റെ പ്രാണനെ നശിപ്പിക്കും. കൗരവന്മാരേ, എന്നെക്കൊല്ലാൻവേണ്ടി ജനിച്ച അവനുമായി എതിർക്കേണ്ടിവരിക എന്നതിൽ അപ്പുറമായി എന്തുണ്ട് ലോകത്തിൽ ദുഃഖം? ദ്രോണന്റെ അന്തകനാണ് ധൃഷ്ടദ്യുമ്നൻ എന്നുള്ളത് ലോകവിദിതമാണ്. എന്നെ കൊല്ലുവാൻ പിറന്ന അവൻ ലോകത്തിലൊക്കെ കേൾവിപ്പെട്ടവനുമാണ്. നീ കാരണം കാലത്തിന്റെ യോഗം അനുത്തമമായി ഇതാ വന്നുകൂടിയിരിക്കുന്നു. ഉടനെ നിങ്ങൾ നന്മ ചെയ്യുവിൻ. പാണ്ഡവന്മാരെ നാടുകടത്തി എന്നുള്ളതുകൊണ്ട് ഒന്നുമായില്ല. ഈ സുഖം ക്ഷണികമാണ്. ഹേമന്തത്തിൽ പനനിഴൽപോലെ അല്പം സുഖം നിങ്ങൾക്കു കിട്ടിയേക്കാം. അതുകൊണ്ട് യജിക്കുവാൻ മുഖ്യമായ യജ്ഞങ്ങൾ ചെയ്യുവിൻ. ധനമേകുവിൻ. ഇനി പതിന്നാലാമാണ്ടു വലിയ ദുഃഖം വന്നുചേരും."

വൈശമ്പായനൻ പറഞ്ഞു: "ദ്രോണൻ പറഞ്ഞതുകേട്ടപ്പോൾ ധൃതരാഷ്ട്രനും പറഞ്ഞു. 'ക്ഷത്താവേ, ഗുരു പരമാർത്ഥ

* ധൃഷ്ടദ്യുമ്നന്റെ ഉത്ഭവചരിത്രം ആദിപർവ്വം 167-ാം അദ്ധ്യായത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

digitized by www.sreyas.in

മാണ് പറഞ്ഞത്. ഉടനെ പാണ്ഡുപുത്രന്മാരെ വരുത്തുക. അവർ വരുന്നില്ലെങ്കിൽ എന്റെ ഉണ്ണികൾ തേര്, ആന, അശ്വം, ആൾ, ആയുധസംഭോഗവിഭവങ്ങൾ ഇവയോടുകൂടി മാനമായി പോകട്ടെ. അവർക്ക് വേണ്ടതൊക്കെ എത്തിച്ചുകൊടുക്കട്ടെ.'"

81. ധൃതരാഷ്ട്രസഞ്ജയസംവാദം – വൈശമ്പായനൻ പറഞ്ഞു: "ചൂതിൽ തോറ്റു പാണ്ഡവന്മാർ കാട്ടിൽ പോയതിന്നു ശേഷം ധൃതരാഷ്ട്രൻ വലിയചിന്തയിൽപ്പെട്ടു. ചിന്തിച്ചു നെടുവീർപ്പിട്ട് ഏകാഗ്രസ്ഥിതിയിലിരിക്കുന്ന ധൃതരാഷ്ട്രരാജാവിന്റെ സമീപത്തുചെന്ന് സഞ്ജയൻ പറഞ്ഞു."

സഞ്ജയൻ പറഞ്ഞു: "അല്ലയോ രാജാവേ, സമ്പത്തുകളാൽ സമ്പൂർണ്ണമായ ഭൂമി ഭവാനു ലഭിച്ചു. നാടു കൈയടക്കി പാണ്ഡവരെ കാടുകയറ്റുകയും ചെയ്തു. ഇനി എന്തിനാണ് ഭവാൻ ദുഃഖിക്കുന്നത്?"

ധൃതരാഷ്ട്രൻ പറഞ്ഞു: "യുദ്ധവീരന്മാരും മഹാപരാക്രമികളും ബലവാന്മാരുമായ പാണ്ഡവരിൽ വൈരമുണ്ടായവർക്ക് എപ്പോഴാണ് ദുഃഖമില്ലാതിരിക്കുവാൻ സാധിക്കുക."

സഞ്ജയൻ പറഞ്ഞു: "രാജാവേ! കരുതിക്കൂട്ടിയുണ്ടാക്കിയ മഹാവൈരമല്ലേ ഇത്? ഈ വൈരംകൊണ്ട് കൂട്ടത്തോടെ ലോകം നശിക്കും! സർവ്വവും നശിപ്പിച്ചേ ഈ അഗ്നി അടങ്ങുകയുള്ളൂ. ഭീഷ്മനും ദ്രോണനും, വിദുരനും തടുത്തില്ലേ പാണ്ഡവന്മാരുടെ ഇഷ്ടപത്നിയെ, ധർമ്മചാരിണിയായ ദ്രൗപദിയെ, സഭയിലേക്കു കൊണ്ടുവരുവാൻ ഭവാന്റെ പുത്രനായ ദുര്യോധനൻ പ്രാതികാമിയെ നിർലജ്ജം വിട്ടപ്പോൾ? ആർക്കു പരാജയം ഉണ്ടാക്കാൻ ദേവന്മാർ ഉദ്ദേശിക്കുന്നുവോ അവന്റെ ബുദ്ധി നശിക്കുന്നു. അവൻ കാണുന്നതെല്ലാം വിപരീതമായിരിക്കും. ബുദ്ധി കലുഷിതമായി, വിനാശകാലം അടുത്താൽ അനീതി നീതിയായി ത്തോന്നും. അതിൽ ഉറച്ചുനില്ക്കുകയും ചെയ്യും. അർത്ഥത്തെ അനർത്ഥമായും തോന്നും, വിനാശത്തിലെത്തിയവന് അതു രുചിക്കുകയും ചെയ്യും.

കാലം ഇരുമ്പുലക്ക കൈയിലെടുത്ത് ആരുടെയും തലയ്ക്കും വീശി അടിക്കുകയില്ല. കാലം വിപരീതമായി അർത്ഥത്തെക്കാണിച്ച് ആപത്തിലിറക്കി നശിപ്പിക്കുകയാണ് ചെയ്യുക. ഘോരവും തുമുലവും ലോമഹർഷണവുമായ മഹാനാശത്തെ അടുപ്പിക്കുന്നു. അതാണ് കാലത്തിന്റെ കഴിവ്. ധീരയായ ദ്രൗപദിയെ സഭയിലിട്ടിഴച്ച കൂട്ടർ ആ മഹാഘോരമായ നാശത്തെ അടുപ്പിച്ചു. അയോനിജയും, രമ്യയുമായ ദ്രൗപദി അഗ്നിയിൽനിന്ന് ഉത്ഭവിച്ചവളാണ്. കീർത്തിപ്പെട്ട ആ സർവ്വധർമ്മജ്ഞയെ ഏതൊരുത്തൻ ധിക്കരിച്ച് സഭയിൽക്കൊണ്ടുവരും? ആ ദുർദ്യൂതക്കാരനല്ലാതെ മറ്റ് ആര് അതിനൊരുങ്ങും? തീണ്ടാരിയായ ആ വരാംഗന, വീണ്ടും ചോരയിൽ മുഴുകി, ഒറ്റവസ്ത്രത്താലേ നില്ക്കുന്ന കൃഷ്ണ, ആ സമയത്ത് പാർത്ഥന്മാരെ നോക്കി, അവരുടെ നില്പുകണ്ടു. ധനവും രാജ്യവും ശ്രീയും വസ്ത്രവും പോയി അങ്ങനെ സർവ്വസ്വവും നശിച്ചു ദാസരായി നില്ക്കുന്നവിധം അവർ കാണപ്പെട്ടു. ധർമ്മപാശക്കെട്ടിൽപ്പെട്ട് വിക്രമിക്കുവാൻ അശക്തരായി നില്ക്കുന്ന അവർ, കൃഷ്ണയെ ക്ലേശിപ്പിക്കുന്നതു കണ്ട് കുരുസംസത്തിൽനിന്നു ക്രോധിച്ചു. അപ്പോൾ ദുര്യോധനനും കർണ്ണനും പരുഷവാക്കുകൾ പറഞ്ഞു. ഇതൊക്കെ കഷ്ടമായ ഫലം ഉണ്ടാക്കുമെന്ന് എനിക്കു തോന്നുന്നു രാജാവേ!"

ധൃതരാഷ്ട്രൻ പറഞ്ഞു: "അവൾ ദുഃഖിച്ച് ഒന്നുനോക്കിയാൽ ഊഴിപോലും ദഹിച്ചുപോകും. പിന്നെ എന്റെ മക്കളിൽ ആരെങ്കിലും അവശേഷിക്കുമോ സഞ്ജയാ! ഭാരതസ്ത്രീകൾ എല്ലാവരും ഗാന്ധാരിയോടുകൂടി ആർത്തുനിലവിളിച്ചു, സഭയിൽ ആ സാധ്വിയെ കണ്ടപ്പോൾ. ധർമ്മജ്ഞയും രൂപയൗവനാഢ്യയുമായ ആ ധർമ്മപത്നിയെ ചിന്തിച്ച് പ്രജകളോടുകൂടി അവർ അനുശോചിക്കുകയാണ് എല്ലായ്പോഴും.

അഗ്നിഹോത്രത്തിൽ അന്തിക്കു ബ്രാഹ്മണർ ആരും ഹോമിച്ചില്ല. ദ്രൗപദിയെ കർഷണംചെയ്തതിൽ ബ്രാഹ്മണരൊക്കെ വെറുത്തുപോയി.

കൊടുങ്കാറ്റടിച്ചു. ഭയങ്കരമായി ഇടിവെട്ടി. കൊള്ളിമീൻ ചാടി. വാവുദിവസമല്ലാത്ത അന്ന് രാഹു സൂര്യനെ ഗ്രസിച്ചു. ഈ ഘോരനിമിത്തങ്ങൾ കണ്ട് പ്രജകൾ ഭയപ്പെട്ടു നടുങ്ങി. രഥശാലകളിൽ അഗ്നിജ്വലിച്ചു. ധ്വജങ്ങൾ വീണു. ഇതൊക്കെ ഭരതവംശനാശനമായ ദുർന്നിമിത്തമായിരുന്നു എന്നുള്ളതിൽ സംശയമില്ല. ദുര്യോധനന്റെ അഗ്ന്യാഗാരത്തിൽ കുറുക്കൻ വന്നുകയറി ഉഗ്രമായി ഓരിയിട്ടു. അങ്ങുമിങ്ങും കഴുതകൾ കുറുക്കന്മാരുടെ ശബ്ദത്തെ ഏറ്റ് അതിന് എതിർ കരച്ചിലുണ്ടാക്കി. അങ്ങനെ കുറുക്കന്മാരും കഴുതകളും ഉച്ചത്തിൽ ശബ്ദം മുഴക്കി.

ഈ ശബ്ദഘോഷങ്ങളും ദുർന്നിമിത്തങ്ങളും കണ്ടപ്പോൾ ഭീഷ്മൻ ദ്രോണനോടൊത്ത് എഴുന്നേറ്റു സഞ്ജയാ! സോമദത്തരാജാവും, ബാൽഹീകരാജാവും പോയി. വിദുരന്റെ പ്രേരണയോടുകൂടി ഞാൻ സഭയിൽച്ചെന്നു. ഞാൻ കൃഷ്ണയോടു പറഞ്ഞു: 'കൃഷ്ണേ! നീ ഇച്ഛിക്കുന്നതെന്തോ അത് ഞാൻ സാധിപ്പിച്ചുതരാം. എന്നിൽനിന്നു നീ വരം വരിക്കുക.' കൃഷ്ണ എന്നോട് പാണ്ഡവന്മാരുടെ അടിമത്തം നീക്കിക്കൊടുക്കുവാനും രഥായുധരായി പോകുവാനും അനുവാദം വാങ്ങി. അപ്പോൾ സർവ്വധർമ്മജ്ഞനായ വിദുരൻ പറഞ്ഞു:

വിദുരൻ പറഞ്ഞു: "ഭാരതന്മാരുടെ അവസാനം ഈ സംഭവത്തിലാണ്. കൃഷ്ണയെ സഭകയറ്റിയില്ലേ? പാഞ്ചാലനന്ദിനിയായ ഇവൾ സാക്ഷാൽ ശ്രീദേവിയോടു തുല്യയാണ്. ദൈവം അങ്ങനെ അവളെ സൃഷ്ടിച്ചു. അവൾ പാണ്ഡവരെ അടുപ്പിക്കുന്നു. കോപികളായ പാണ്ഡവന്മാർ അവളുടെ പരിക്ലേശം പൊറുക്കുമോ? വൃഷ്ണിവീരന്മാരും അപ്രകാരംതന്നെ. പാഞ്ചാലവീരന്മാരും അത്യാഭിസന്ധിയുള്ളവനായ വാസുദേവന്റെ രക്ഷയിൽ പാഞ്ചാലന്മാരുമൊന്നിച്ച് ധനഞ്ജയൻ വന്ന് എതിർക്കും. ആ കൂട്ടത്തിന്റെ നടുക്ക് മഹാബലനായ ഭീമസേനൻ ദണ്ഡേന്തിയ കാലനെപ്പോലെ ഉത്കടനായി ഗദയും തുള്ളിച്ച് അടുക്കും. പിന്നെ ധീമാനായ അർജ്ജുനന്റെ ഗാണ്ഡീവത്തിന്റെ ശബ്ദവും ഭീമന്റെ ഗദയുടെ കാറ്റും ഏല്ക്കുവാൻ നൃപന്മാർ ശക്തരാവുകയില്ല. എന്റെ പക്ഷം പാർത്ഥരുമായി സന്ധിയാവുകയാണ് നല്ലതെന്നാണ്. വിഗ്രഹം ഒരിക്കലും ശോഭനമാവുകയില്ല. കുരുക്കളേക്കാൾ പാർത്ഥന്മാർ ശക്തരാണ് എന്നാണ് എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ, ശ്രീമാനായ ജരാസന്ധരാജാവിനെ ബാഹുയുദ്ധംകൊണ്ടുതന്നെ ഭീമൻ കൊന്നുവീഴ്ത്തി. അങ്ങയ്ക്ക് പാർത്ഥരുമായി ശമമാണ് നല്ലത് ഭരതർഷഭാ! ഇരുകൂട്ടർക്കും അതാണ് ഹിതം. അത് ഭവാൻ സംശയംകൂടാതെ ചെയ്യണം. അപ്രകാരം ചെയ്താൽ മഹാരാജാവേ, അങ്ങയ്ക്കു ശ്രേയസ്സുണ്ടാകും."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഇപ്രകാരം ധർമ്മാർത്ഥങ്ങളെ ഉദാഹരിച്ച് വിദുരൻ എന്നെ ഉപദേശിച്ചു സഞ്ജയാ! എന്നാൽ ഭോഷനായ ഞാൻ മക്കളുടെ ഹിതം കാംക്ഷിച്ച് വിദുരന്റെ വാക്കുകൾ സ്വീകരിച്ചില്ല. അവന്റെ വാക്കുകളെ അവഗണിക്കുകയാണ് ചെയ്തത്."

digitized by www.sreyas.in

വനപർവ്വം

അരണ്യപർവ്വം

1. പൗരപ്രത്യാഗമനം – ജനമേജയൻ പറഞ്ഞു: "ഹേ വൈശമ്പായന, എന്റെ പൂർവ്വന്മാരുടെ കഥ തുടർന്നുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കള്ളച്ചൂതിൽ പാർത്ഥന്മാർ തോല്പിക്കപ്പെട്ടു. അമാത്യന്മാരോടുകൂടി ദുഷ്ടരായ ധാർത്തരാഷ്ട്രന്മാർ അവരെ കോപിപ്പിച്ചു. പരുഷോക്തികൾ കേൾപ്പിച്ചു. അങ്ങനെ ഭയങ്കരമായ വൈരം ജനിപ്പിച്ചു. എന്റെ പൂർവ്വപിതാമഹന്മാരായ കൗരവ്യർ പിന്നെ എന്തു ചെയ്തു?

അവർ പെട്ടെന്നാണല്ലോ ഐശ്വര്യഭ്രഷ്ടരായിത്തീർന്നത്? പെട്ടെന്ന് അഴലിലാണ്ടുപോയ ഇന്ദ്രവിക്രമന്മാരായ അവർ കാട്ടിൽ എങ്ങനെ ജീവിച്ചു? അത്യാപത്തിൽ അവരെ ആരൊക്കെ പിന്തുടർന്നു? അവർ ഏതുവിധത്തിൽ ജീവിച്ചു? എന്തു ഭക്ഷിച്ചു ജീവിച്ചു? ആ മഹാശയന്മാർ എവിടെ താമസിച്ചു? പന്ത്രണ്ടു വർഷം കാട്ടിൽ എങ്ങനെ കഴിഞ്ഞുകൂടി? സർവ്വസ്ത്രീകളിലും ശ്രേഷ്ഠയും പതിവ്രതയും മഹാഭാഗയും സത്യവാദിനിയും ഒരിക്കലും ദുഃഖിച്ച് അലയുവാൻ അർഹതയില്ലാത്തവളുമായ ആ രാജപുത്രിയും വനവാസംചെയ്തു എന്നു കേൾക്കുന്നു! ഭയങ്കരം തന്നെ! തപോനിധേ, എല്ലാം എന്നോടു വിസ്തരിച്ചു പറയുക. മഹാവിക്രമികളായ അവരുടെ ചരിത്രം കേൾക്കുവാൻ ഞങ്ങൾക്കു കൗതുകമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ ദുർബ്ബുദ്ധികളായ ധാർത്തരാഷ്ട്രന്മാർ അമാത്യന്മാരോടുകൂടി പാണ്ഡവന്മാരെ ചൂതിൽ പരാജിതരാക്കി. അവരാൽ കോപിപ്പിക്കപ്പെട്ട പാണ്ഡവന്മാർ, 'വർദ്ധമാനം' എന്നു പേരായ പുരദ്വാരത്തിലൂടെ കൃഷ്ണയോടുകൂടിപ്പോന്ന് ശസ്ത്രധാരികളായി വടക്കോട്ടു യാത്രയാരംഭിച്ചു. ഇന്ദ്രസേനൻ മുതലായ പതിന്നാലു ഭൃത്യന്മാർ അവരുടെ ഭാര്യമാരോടുകൂടി രഥത്തിൽ അവരെ പിന്തുടർന്നു. പാണ്ഡവന്മാർ കാട്ടിലേക്കുപോയ വൃത്താന്തമറിഞ്ഞു ദുഃഖിതരായ പൗരന്മാർ ഭീഷ്മൻ, ദ്രോണൻ, കൃപൻ, വിദുരൻ മുതലായവരെ വീണ്ടും വീണ്ടും നിന്ദിച്ചു പറഞ്ഞു. അവർ പലപല കവലകളിലും കൂട്ടംകൂടിനിന്ന് കൗരവരെ ഭയംകൂടാതെ നിന്ദിച്ചു സംസാരിച്ചുകൊണ്ടിരുന്നു."

പൗരന്മാർ പറഞ്ഞു: "ദുഷ്ടനായ ദുര്യോധനൻ ശകുനിയുടെ സഹായത്തോടെ രാജ്യം ഭരിക്കുകയാണെങ്കിൽ പിന്നെ ഈ വംശവുമില്ല, നമ്മളുമില്ല, നമ്മുടെ വീടുമില്ല. കർണ്ണദുശ്ശാസനന്മാരുമൊത്ത് അവൻ രാജ്യം ഭരിച്ചാൽ ആ വംശമെവിടെ? ആചാരമെവിടെ? ധർമ്മമെവിടെ? സുഖമെവിടെ? പാപികളായ മന്ത്രിമാരോടുകൂടെ ആ മഹാപാപി രാജ്യം ഭരിക്കുകയാണെങ്കിൽ ലോകം മുടിയും. ഗുരുദ്രോഹിയായ ദുര്യോധനൻ മിത്രാചാരാദികൾ വിട്ടവനാണ്. ദുരാഗ്രഹിയാണ്! ഭള്ളു നിറഞ്ഞവനാണ്! നീചപ്രകൃതിയാണ്! നിർദ്ദയനാണ്! ദുര്യോധനൻ രാജാവായാൽ ഭൂമണ്ഡലം പിന്നെയില്ല. നശിച്ചതുതന്നെ! നമ്മളൊക്കെ ഇവിടംവിട്ടു പോവുക. പാണ്ഡവന്മാർ എവിടെ പാർക്കുന്നുവോ അവിടെപ്പോയി നമുക്കു പാർക്കാം. അവർ കനിവുള്ളവരും മഹാത്മാക്കളും ഇന്ദ്രിയങ്ങളാകുന്ന ശത്രുക്കളെ ജയിച്ചവരുമാണ്. ധാർത്തരാഷ്ട്രവൈരികളായ അവർ അധർമ്മത്തിൽ ലജ്ജയുള്ളവരും പ്രസിദ്ധന്മാരും ധർമ്മാചാരാവലംബികളുമാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് പൗരന്മാർ പാണ്ഡവന്മാരെ പിന്തുടർന്ന് എത്തി. അവർ കുന്തീമാദ്രീപുത്രന്മാരോട് കൈകൂപ്പി ഇപ്രകാരം പറഞ്ഞു."

പൗരന്മാർ പറഞ്ഞു: "നിങ്ങൾക്കു ശുഭം വരട്ടെ! നിങ്ങൾ ദുഃഖിതരായ ഞങ്ങളെ വിട്ടുപോവുകയാണോ? നിങ്ങൾ പോകുന്നിടത്തേക്കു ഞങ്ങളും പോരാം. അധർമ്മത്താൽ നിങ്ങളെ ജയിച്ചു എന്ന അത്യാഹിതവാർത്ത കേട്ടു വിഷമിച്ച് ഉഴലുന്ന ഞങ്ങളെ ഉപേക്ഷിക്കരുതേ! എന്നും നിങ്ങളോടു സ്നേഹമുള്ള, നിങ്ങളുടെ ഹിതം മാത്രം നോക്കി ജീവിക്കുന്ന ഞങ്ങളെവിട്ടു പോകുന്നതു ശരിയല്ല. ദുഷ്ടരാജാക്കന്മാർ ഭരിക്കുന്ന നാട്ടിൽപ്പെട്ടു ഞങ്ങൾ നശിച്ചുപോകും. മഹാശയന്മാരേ, ഞങ്ങൾ പറയുന്നതു ഭവാന്മാർ കേൾക്കണേ! ഗുണദോഷങ്ങൾ എങ്ങനെയാണെന്നു ഞങ്ങൾ പറയാം. ശുഭന്മാരോടു ചേർന്നാൽ ശുഭവും, അശുഭന്മാരോടു ചേർന്നാൽ അശുഭവുമാണു ഫലം. വസ്ത്രം, വെള്ളം, ഭൂമി, എള്ള് എന്നിവ പുഷ്പങ്ങളോടു ചേർന്നാൽ പുഷ്പത്തിന്റെ സൗരഭ്യം അവയ്ക്കുണ്ടാകും. മൂഢന്മാരുമായുള്ള സംഗമം മോഹജാലങ്ങളുടെ ഉത്ഭവസ്ഥാനമാണ്. നല്ലവരുമായുള്ള ബന്ധംകൊണ്ടു നാൾതോറും ധർമ്മത്തിന്റെ വിളഭൂമിയായി ജീവിതം ശോഭിക്കും. അതുകൊണ്ട് പണ്ഡിതന്മാരായ വൃദ്ധന്മാരും സത്യസന്ധരും സൽസ്വഭാവികളും സുഖഭാവരും തപസ്വികളുമായേ കൂട്ടുപാടുള്ളു. ശമം കാംക്ഷിക്കുന്നവർ സത്തുക്കളോടുകൂടി വസിക്കണം. ജന്മം, കർമ്മം, വിദ്യ എന്നീ മൂന്നും തെളിയുന്നവരുമായി ഇടപെട്ടു ജീവിക്കുന്നതാണ് ശാസ്ത്രപഠനത്തേക്കാൾ ഉത്തമം. കർമ്മം ചെയ്തില്ലെങ്കിലും പുണ്യവാന്മാരായ സജ്ജനങ്ങളുമായി കൂടിച്ചേരുന്നവർ പുണ്യം നേടും. ദുഷ്ടസംഗമത്താൽ പാപം നേടും. ദുഷ്ടന്മാരെ കാണരുത്, തൊടരുത്, അവരോടു മിണ്ടരുത്, അവരുമായി ഒന്നിച്ചിരിക്കരുത്. അതു പാപമാണ്! ഇവകൊണ്ടു ധർമ്മം ഇടിഞ്ഞുപോകും. മർത്ത്യരുടെ ഗതികെട്ടുപോവുകയും ചെയ്യും. നീചരോടു ചേർന്നാൽ മർത്ത്യന്റെ ബുദ്ധി നീചമാകും. മദ്ധ്യമന്മാരോടു ചേർന്നാൽ മദ്ധ്യമമാകും. ശ്രേഷ്ഠരോടു ചേർന്നാൽ മനുഷ്യന്റെ ബുദ്ധി ശ്രേഷ്ഠമാകും! വിശേഷിച്ചും വിഷയികളിലും നീചന്മാരിലും അധർമ്മിഷ്ഠന്മാരിലും ചേരാത്തതും ധർമ്മകാര്യാർത്ഥസമ്പത്തിക്കൊത്ത് ലോകത്തിൽ പുകഴ്ന്നതും ലോകാചാരത്തിന്നും ശ്രുതിക്കും വിധിക്കും സജ്ജനസമ്മതത്തിന്നു യോജക്കാത്തതുമായ സൽഗുണങ്ങൾ ഒന്നിച്ചു നിങ്ങൾക്ക് എല്ലാവർക്കുമുണ്ട്. വെവ്വേറെയുമുണ്ട്. ഞങ്ങൾ ശ്രേയസ്സിന്ന് ഗുണവാന്മാരായ നിങ്ങളുടെകൂടെയുള്ള വാസം ഇച്ഛിക്കുന്നു."

യുധിഷ്ഠിരൻ പറഞ്ഞു: "നിങ്ങളുടെ കാരുണ്യത്താലും സ്നേഹത്താലും ഞങ്ങൾ ധന്യരായിരിക്കുന്നു! വിപ്രന്മാർ തുടങ്ങിയ നാട്ടുകാർ ഞങ്ങളിലില്ലാത്ത ഗുണംപോലും ഞങ്ങളിൽ ആരോപിച്ചു പറയുന്നു. എന്നാൽ, ഭ്രാതാക്കളോടുകൂടി ഞാൻ നിങ്ങളോട് ഒരു കാര്യം പറയുന്നു. അതു നിങ്ങൾ തെറ്റിക്കരുത്. നിങ്ങൾക്കു ഞങ്ങളിലുള്ള ദയാവാത്സല്യങ്ങളുടെ ശക്തി നിങ്ങളുടെ വഴി പിഴപ്പിക്കരുത്, മുത്തച്ഛനായ ഭീഷ്മനും, വിദുരനും മഹാരാജാവും, അമ്മയും, മിക്ക മിത്രങ്ങളും ഹസ്തിനാപുരത്തിലുണ്ട്. അവരെ ഞങ്ങളുടെ ഇഷ്ടത്തിനുവേണ്ടി നിങ്ങൾ കരുതികാത്തുകൊള്ളണം. നിങ്ങളോടുകൂടി ദുഃഖിക്കുന്ന അവരെയൊക്കെയും നിങ്ങൾ സമാശ്വസിപ്പിക്കണം. നിങ്ങളെ ഏല്പിച്ചുതന്ന എന്റെ ബന്ധുജനങ്ങളിൽ കൂറുള്ളവരാകണം നിങ്ങൾ. ഇത് എന്റെ ഉള്ളിൽ എല്ലാറ്റിലും മേലെയായി നില്ക്കുന്ന ഒരു വിചാരമാണ്. അതു ചെയ്താൽ എനിക്കു മറ്റെന്തിനേക്കാളും തൃപ്തിയുണ്ടാകും. അത് എനിക്കു നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സല്ക്കാരമാകും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മപുത്രൻ സാന്ത്വനപ്പെടുത്തി നാട്ടുകാരോടു യാത്രപറഞ്ഞു. അവരെല്ലാവരും ഹാ! രാജാവേ! എന്നു ആർത്തനാദം മുഴക്കി. ധർമ്മപുത്രന്റെ ഗുണങ്ങൾ ഓരോന്നും ചിന്തിച്ചു നാട്ടുകാർ ദുഃഖിതരായി മനസ്സില്ലാമനസ്സോടെ പാർത്ഥരോടു യാത്രാകുശലം പറഞ്ഞു പിൻതിരിഞ്ഞു.

പൗരന്മാർ പോയശേഷം തേരിൽക്കയറി പാണ്ഡവന്മാർ ഗംഗാതീരത്തു പ്രസിദ്ധമായ 'പ്രമാണ' മെന്നു പേരായ ഒരു മഹാവടവൃക്ഷത്തിന്റെ സമീപത്തെത്തി. ശേഷിച്ച പകൽ അവിടെ

digitized by www.sreyas.in

ഇരുന്നു. രാത്രി ഗംഗയിൽ കുളിച്ച് അവിടെ പാർത്തു. അന്നു ഭക്ഷണമൊന്നും കഴിച്ചില്ല. ശുദ്ധമായ ഗംഗാജലം മാത്രം പാനം ചെയ്ത് ആ രാവുകഴിച്ചു. നന്ദിയുള്ള ചില ബ്രാഹ്മണർ അവിടെ അവരെ പിന്തുടർന്നു. ശിഷ്യരോടും ബന്ധുക്കളോടുംകൂടി വന്നു ചേർന്ന അവർ അഗ്നികൂട്ടി ഹോമാദികർമ്മങ്ങൾ ചെയ്തു. ബ്രഹ്മജ്ഞരായ അവരാൽ ചുറ്റപ്പെട്ട രാജപുത്രന്മാർ ശോഭിച്ചു. സുന്ദരവും, അതോടൊപ്പം ഭീകരവുമായ ആ സായാഹ്നത്തിൽ അഗ്നി ജ്വലിപ്പിച്ച് ആ ബ്രാഹ്മണർ വേദോച്ചാരണവും സംഭാഷണവും തുടങ്ങി. ഹംസമധുസ്വരന്മാരായ ആ ബ്രഹ്മജ്ഞന്മാർ കുരുശ്രേഷ്ഠനെ ആശ്വസിപ്പിച്ചു. അന്നത്തെ രാത്രി അങ്ങനെ കഴിഞ്ഞു."

2. പാണ്ഡവപ്രവ്രജനം - വൈശമ്പായനൻ പറഞ്ഞു: "പ്രഭാതമായപ്പോൾ പാണ്ഡവന്മാർ കാട്ടിലേക്കു നടക്കുന്ന സമയത്ത് ഭിക്ഷാടനംചെയ്തു ജീവിക്കുന്ന ബ്രാഹ്മണർ അവരുടെ മുമ്പിൽ വന്നുചേർന്നു. അവരെക്കണ്ടപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ബ്രാഹ്മണരേ! ഞങ്ങൾ നാടും ശ്രീയും സർവ്വസ്വവും പോയി ഇപ്രകാരം കാടുകേറുന്നു. ഫലമൂലങ്ങളും, വേട്ടയാടി കിട്ടുന്ന മൃഗമാംസവും ഭക്ഷിച്ച് ജീവിക്കുന്നവരായിത്തീർന്നു! കാട് ആപൽക്കരമാണ്. വളരെ ദോഷങ്ങൾ സംഭവിപ്പിക്കും. പാമ്പുകളും പുലികളുമുള്ള കാട്ടിൽ ഞങ്ങളോടുകൂടി വന്നാൽ നിങ്ങൾ വളരെ കുഴങ്ങുമെന്നാണ് എന്റെ അഭിപ്രായം. ബ്രാഹ്മണർ ക്ലേശിക്കരുത്. അവരുടെ ക്ലേശം ദേവകളെക്കൂടി ദുഃഖിപ്പിക്കും. മറ്റൊന്നും എനിക്ക് പറയുവാനില്ല. ദ്വിജോത്തമന്മാരേ, നിങ്ങൾ പിന്തിരിഞ്ഞാലും!."

ബ്രാഹ്മണർ പറഞ്ഞു: "രാജാവേ, നിങ്ങൾക്കു വന്നുകൂടിയ ഗതിയിൽ ഞങ്ങളും പങ്കുകൊള്ളുവാനാഗ്രഹിക്കുന്നു. ഞങ്ങൾ അതിന്ന് ഒരുക്കമാണ്. ധർമ്മംകാണുന്നവരും, കൂറുള്ളവരുമായ ഞങ്ങളെ ഭവാൻ കൈവിടരുതേ! ദൈവതങ്ങളും ഭക്തന്മാരിൽ കനിയുന്നു. വിശേഷിച്ചും സദാചാരമുള്ള ഭൂസുരന്മാരെ ആരും ഉപേക്ഷിക്കാറില്ല!."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, വിപ്രന്മാരേ! എനിക്കും വിപ്രരിൽ വലിയ ഭക്തിയുണ്ട്. നിസ്സഹായത ഒന്നുമാത്രംകൊണ്ടാണ് ഞാൻ ഏറ്റവുമധികം വ്യസനിക്കുന്നത്. ഫലങ്ങളും മൂലങ്ങളും മൃഗങ്ങളുമൊക്കെ തേടിക്കൊണ്ടുവരുന്നവരായ എന്റെ അനുജന്മാർ ശോകക്ലേശംമൂലം മോഹിതന്മാരായി നില്ക്കുകയാണ്. ദ്രൗപദീകർഷണം, രാജ്യഹരണം ഇവയൊക്കെ ചിന്തിച്ചു വ്യസനിച്ചു നില്ക്കുന്ന ഇവരെ ഞാൻ എങ്ങനെ ബുദ്ധിമുട്ടിക്കും? എനിക്ക് അതിനു വയ്യ."

ബ്രാഹ്മണർ പറഞ്ഞു: "ഞങ്ങളെ പോറ്റേണ്ട കാര്യത്തെപ്പറ്റി ഭവാൻ ചിന്തിച്ചു വിഷമിക്കരുത്. ഭക്ഷണം ഞങ്ങൾക്കാവശ്യമുള്ളതു ഞങ്ങൾതന്നെ സമ്പാദിച്ച് നിങ്ങളെ പിന്തുടരാനാണ് വിചാരിക്കുന്നത്. ധ്യാനവും, ജപവും മറ്റുമായി ഞങ്ങൾ അങ്ങയ്ക്കു ശുഭം നല്കാം. നല്ല കഥകൾ പറഞ്ഞു നിങ്ങളോടുകൂടി മനസ്സിന് ആനന്ദത്തോടെ ഇരിക്കാം എന്നാണ് ആഗ്രഹിക്കുന്നത്."

യുധിഷ്ഠിരൻ പറഞ്ഞു: "നിങ്ങൾ പറഞ്ഞതിൽ തെറ്റില്ല. വിപ്രരോടുകൂടി സസന്തോഷം ജീവിക്കുവാൻ എനിക്കിഷ്ടമുണ്ട്. ഇപ്പോഴത്തെ കഷ്ടാവസ്ഥയിൽ നിങ്ങളോടുകൂടിയുള്ള വാസം ആത്മനിന്ദയായി എനിക്കു തോന്നുന്നു. തനിയേ ഭക്ഷണം തേടിക്കൊണ്ടുവന്ന് ഉണ്ണുന്ന നിങ്ങളുടെ മുഖത്ത് ഞാൻ എങ്ങനെ നോക്കും? നിങ്ങൾ അതിന് അർഹരല്ലല്ലോ. എന്നിലുള്ള സ്നേഹംമൂലം നിങ്ങൾ ദുഃഖിക്കുവാനിടവരുന്നത് എനിക്ക് വ്യസനകരമാണ്. ഈ ധൃതരാഷ്ട്രജന്മാർ ദുഷ്ടന്മാർതന്നെ!"

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞ് തളർന്നു നിലത്തു ദുഃഖിച്ചിരുന്നു. അപ്പോൾ അദ്ധ്യാത്മനിരതനും സാംഖ്യയോഗവിശേഷജ്ഞനും വിദ്വാനുമായ ശൗനകൻ രാജാവിനോടു പറഞ്ഞു."

ശൗനകൻ പറഞ്ഞു: "മൂഢന്മാർക്ക് ആയിരമായിരം ശോകത്തിന്നുള്ള മാർഗ്ഗങ്ങളും നൂറുകണക്കിന്നു ഭയത്തിന്നുള്ള മാർഗ്ഗങ്ങളും ദിവസേന ഉണ്ടായിക്കൊണ്ടിരിക്കും. ബുദ്ധിമാന് അതു സംഭവിക്കുകയില്ല. അറിവില്ലാത്തവന് ദുഃഖിക്കുവാനുള്ളതേ കാണൂ. അറിവുള്ള ധീരാത്മാക്കൾക്ക് അവയൊന്നും ചിന്താവിഷയംതന്നെയാകുന്നില്ല. ജ്ഞാനത്തിന്നെതിരായി ദോഷം വർദ്ധിച്ച് ശ്രേയസ്സ് അറ്റുപോകുന്നവിധം, കണ്ട കർമ്മങ്ങളിൽ ബുദ്ധിയുള്ളവൻ ചാടുകയില്ല. ശ്രുതിസ്മൃതികളോടുകൂടിയതും സർവ്വ ആപത്തും തടുക്കുവാൻ ശക്തിയുള്ളതും, അഷ്ടാംഗമായതുമായ ബുദ്ധി, രാജാവേ, അങ്ങേയ്ക്കുണ്ട്. ദുർഗ്ഗങ്ങളായ അർത്ഥകൃച്ഛ്റങ്ങളിലും, മിത്രങ്ങളുടെ ആപത്തിലും, ശരീരംകൊണ്ടും, മനസ്സുകൊണ്ടും ഭവാനെപ്പോലെയുള്ളവർ ക്ലേശിക്കാറില്ല. ഹേ, യുധിഷ്ഠിര! പണ്ടു മഹാനായ ജനകമഹാരാജാവ് ആത്മസംയമനത്തിന്നു പാടിയ ശ്ലോകങ്ങളൊക്കെ ഞാൻ ഭവാനെ ചൊല്ലിക്കേൾപ്പിച്ചുതരാം. ജീവികളൊക്കെ ശരീരമാനസക്ലേശങ്ങളേറ്റു ദുഃഖിക്കുകയാണ്. ചുരുക്കിയും വിസ്തരിച്ചും അതിനുള്ള ശാന്തി ഞാൻ പറയാം.

വ്യാധി, അസന്തോഷഹേതുക്കളുടെ സാമീപ്യം, കഠിനാദ്ധ്വാനം, ഇഷ്ടമുള്ള വസ്തുക്കളുടെ അഭാവം ഇവ നാലും ശാരീരികമായ ദുഃഖമാണ്. യോഗാഭ്യസനംകൊണ്ട് മാനസികരോഗങ്ങളെ മാറ്റിയകറ്റാം. അതുകൊണ്ടാണ് ബുദ്ധിയുള്ള വൈദ്യന്മാർ ഇഷ്ടപ്പെട്ട കാര്യങ്ങൾ സംസാരിച്ചും, ആഗ്രഹിച്ച വസ്തുക്കൾ നല്കിയും, ആദ്യമായി തങ്ങളുടെ രോഗികളുടെ മനോവേദന മാറ്റുന്നത്.

മാനസികദുഃഖംകൊണ്ട് ശരീരം തപിക്കുന്നു. പഴുത്ത ഇരുമ്പുകൊണ്ടു കുംഭത്തിലെ വെള്ളത്തെ എന്നപോലെ മാനസികദുഃഖം ശാരീരികാസ്വാസ്ഥ്യത്തിന്നിടയാക്കുന്നു. അതുകൊണ്ട് വെള്ളം കൊണ്ടുതീയിനെയെന്നപോലെ ശരിയായ ജ്ഞാനം മാനസിക ദുഃഖത്തെ ഇല്ലാതാക്കുന്നു; മനഃദുഃഖം മാറിയാൽ ശാരീരികാസ്വാസ്ഥ്യവും നീങ്ങുന്നു. മാനസികമായ ദുഃഖം ശമിച്ചവന് ശാരീരികമായ ദുഃഖവും ശമിക്കും. മനഃദുഃഖത്തിന്നു കാരണം 'സ്നേഹം' ആണെന്നാണു കാണുന്നത്. സ്നേഹത്താൽ സക്തനായ ജീവി ദുഃഖത്തിൽ അകപ്പെട്ടുപോകും. സ്നേഹംകാരണമായി ദുഃഖം വർദ്ധിക്കും. ഭയങ്ങളൊക്കെ സ്നേഹത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. സ്നേഹം മൂലം ഇച്ഛയുണ്ടാകുന്നു. ഇവ രണ്ടും ചീത്തയാണ്. ഇതിൽ ആദ്യത്തേത് കൂടുതൽ ചീത്തയാണ്.

മരത്തിന്റെ കോടരങ്ങളിൽ അഗ്നിപിടിച്ചാൽ വേരോടുകൂടി ആ വൃക്ഷത്തെ നശിപ്പിക്കുന്നതുപോലെ, അല്പമായ രാഗദോഷം മതി, അത് ധർമ്മാർത്ഥങ്ങളെ മുടിക്കും. അർത്ഥംവെടിഞ്ഞവൻ ത്യാഗിയായിക്കൊള്ളണമെന്നില്ല. മാത്രമല്ല, സമ്പത്തുള്ളവൻ അതിന്റെ ദോഷങ്ങളെ അറിഞ്ഞു ജീവിച്ചാൽ ശരിയായ ത്യാഗിയായും വരും. എല്ലാ ചീത്ത മോഹങ്ങളിൽനിന്നും വിമുക്തനും ഒന്നിലും ആത്മനിബദ്ധനുമല്ലാത്ത ആളാണ് ശരിയായ യോഗി. അതുകൊണ്ട് ഒരാളും സമ്പത്തിലോ, ഇഷ്ടമുള്ളവരിലോ സ്നേഹത്തെ ബദ്ധമാക്കി നിർത്തരുത്. അതുപോലെ, ആത്മസ്നേഹവും, ശരിയായ ജ്ഞാനം നശിപ്പിക്കുന്നു.

താമരയിലയിൽ വെള്ളം എന്നപോലെ, ജ്ഞാനികളിൽ സ്നേഹം ഏല്ക്കുകയില്ല. രാഗത്തിൽപ്പെട്ട മനുഷ്യനെ കാമമിട്ടടക്കുന്നു. അവന് ആദ്യം 'ഇച്ഛ' യുണ്ടാകും. പിന്നെ 'തൃഷ്ണ' വളർന്നുവരും. തൃഷ്ണയാണ് സർവ്വപാപത്തിന്നും മൂലമായ ഉദ്വേഗത്തിന്നു കാരണം. അധർമ്മപ്രായമായി അധികം ഘോരപാപങ്ങൾ ചെയ്യുവാൻ സഹായിക്കുന്നതും ആ തൃഷ്ണയാണ്. ദുർബുദ്ധികളെ വിട്ടൊഴിയാത്തതും ജീർണ്ണിച്ചവനിലും നിർല്ലജ്ജരമായി നില്ക്കുന്നതും, ആജീവനാന്തം നിലനില്ക്കുന്നതുമായ വ്യാധിയാണ് തൃഷ്ണ. അതു വിട്ടവനുമാത്രമേ സുഖം ലഭിക്കുകയുള്ളൂ. ആദിയും അന്തവുമില്ലാത്ത ആ തൃഷ്ണ, മനുഷ്യരുടെ ഉള്ളിൽ ജീവിക്കുകയാണ്. അകൃതാത്മാവായ മനുഷ്യൻ തൃഷ്ണമൂലം, സഹജമായ ലോഭംമൂലം നാശകർത്താവാകുന്നു.

digitized by www.sreyas.in

തന്നിൽ ഉണ്ടാകുന്ന അഗ്നികൊണ്ട് മരം ചുട്ടുനശിപ്പിക്കുന്നതുപോലെ, അകൃതാത്മാവ് തന്നിൽ ഉണ്ടാകുന്ന ലോഭംമൂലം തന്നെത്തന്നെ നശിപ്പിക്കുന്നു.

രാജാവ്, വെള്ളം, അഗ്നി, കള്ളൻ, ബന്ധുക്കൾ ഇവരെയെല്ലാം ധനികൻ ഭയപ്പെടുന്നു. ജീവികൾക്കു മൃതിയിലുള്ള ഭയംപോലെയാണ് ധനവാനുള്ള ഈ ഭയം. ആകാശത്തിൽ പക്ഷികൾക്കും ഭൂലോകത്തിൽ ശ്വാപദങ്ങൾക്കും, വെള്ളത്തിൽ മീനുകൾക്കും മാംസശകലം ആക്രമണത്തിന്നു വിധേയമാകുന്നതുപോലെ, ധനാഢ്യൻ എപ്പോഴും ആപത്തിന്ന് ഇരയാകുന്നു. അർത്ഥം ചില മനുഷ്യർക്ക് അനർത്ഥത്തിന്നു കാരണമാകുന്നു. അർത്ഥത്തിന്റെ ശ്രേയസ്സു നോക്കാത്തവൻ അനർത്ഥത്തിൽപ്പെട്ടുപോകുന്നു. അതുകൊണ്ട് അർത്ഥാഗമമൊക്കെ വ്യാമോഹമുണ്ടാക്കുന്നു. പിശുക്ക്, ഗർവ്വ്, സ്വാഭിമാനം, ഭയം, ഉദ്വേഗം എന്നിവ ധനത്തിൽനിന്ന് ഉത്ഭവിക്കുന്ന ദുഃഖങ്ങളാണ്. അർത്ഥം നേടുമ്പോഴും ദുഃഖമാണ്. അർത്ഥം പോകുമ്പോഴും ദുഃഖമാണ്. ഇങ്ങനെ മഹാദുഃഖം അർത്ഥംമൂലം സഹിക്കേണ്ടിവരുന്നു. അർത്ഥത്തിന്നുവേണ്ടി മനുഷ്യനെ കൊല്ലുന്നു. അർത്ഥം ഉപേക്ഷിക്കയാണെങ്കിൽ ദുഃഖം. അർത്ഥം ശത്രുക്കളെ ഉണ്ടാക്കുന്നു, നേടുമ്പോൾ ദുഃഖമുണ്ടാക്കുന്നത് പോകുമ്പോൾ എന്തിന്നു ദുഃഖിക്കുന്നു? മൂഢൻമാർ എപ്പോഴും അതൃപ്തരാണ്. പണ്ഡിതന്മാർ എപ്പോഴും തൃപ്തരാണ്. തൃഷ്ണയ്ക്ക് ഒരു അന്തവുമില്ല. പരമമായ സുഖമാണ് സംതൃപ്തി. സംതൃപ്തിയാണ് മെച്ചമെന്നു പണ്ഡിതന്മാർ കാണുന്നു. യൗവനം, സൗന്ദര്യം, രത്നാദിധനങ്ങൾ, ഐശ്വര്യം, ഇഷ്ടജനങ്ങളോടുകൂടിയ വാസം ഇവയെല്ലാം അനിത്യങ്ങളാകുന്നു. സ്ഥിരങ്ങളല്ല. അതുകൊണ്ട് വിദ്വാന്മാരാരും അവയിൽ കൊതിക്കുകയില്ല. അതുകൊണ്ടാണ് ധാർമ്മികന്മാർ ധനേച്ഛയില്ലാത്തവരെ പുകഴ്ത്തുന്നത്. ധർമ്മത്തിനുവേണ്ടി വിത്തത്തിന്ന് ആഗ്രഹിക്കുന്നതിനേക്കാൾ നല്ലത് അത് ആഗ്രഹിക്കാതിരിക്കയാണ്. എന്തെന്നാൽ, ചളിയിൽ ചവിട്ടുന്നതിനേക്കാൾ നല്ലതാണ് ചളിയിൽ ചവിട്ടാതിരിക്കുക. ചളിയിൽ ചവിട്ടി കാൽകഴുകുന്നവനേക്കാൾ നല്ലവൻ ചളിയിൽ ചവിട്ടാത്തവനാണ്.

അതുകൊണ്ട് ധർമ്മപുത്രാ! നീ ഒന്നിലും ആശവെയ്ക്കാത്തവനായി ജീവിക്കുക! ധർമ്മം നിനക്കു വേണമെന്നുണ്ടെങ്കിൽ അർത്ഥത്തിൽ നീ കൊതിക്കാതിരിക്കുക!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ ബ്രാഹ്മണ! ഞാൻ അർത്ഥത്തെ ആഗ്രഹിക്കുന്നത് അർത്ഥഭോഗങ്ങളിലുള്ള ആശകൊണ്ടല്ല, വിപ്രരെ സംരക്ഷിക്കുവാനാണ്. അല്ലാതെ ലോഭംകൊണ്ടല്ല. എന്നെപ്പോലെ ഗൃഹസ്ഥാശ്രമിയായ ഒരുത്തൻ കൂടെയുള്ളവരെ കാത്തുരക്ഷിക്കാതെയിരിക്കുന്നത് എങ്ങനെ ധർമ്മമാകും? സംവിഭാഗം (ഓഹരി) സർവ്വ ഭൂതങ്ങൾക്കും ഞാൻ കാണുന്നുണ്ട്. പചിക്കാത്തവർക്ക് ഗൃഹമേധാവികൾ അന്നം നല്കണം. പുല്ല്, ഭൂമി, ജലം, മധുരഭാഷണം ഇവ സത്തുക്കളുടെ ഗൃഹങ്ങളിൽ ഇല്ലാതിരിക്കരുത്. ആർത്തനു കിടക്കാൻ പായനൽകണം. നിന്നു തളർന്നവന്ന് ഇരിക്കുവാൻ ഇരിപ്പിടം നല്കണം. ദാഹിച്ചവന്ന് വെള്ളം കൊടുക്കണം. വിശക്കുന്നവന്ന് ചോറു കൊടുക്കണം. അതിഥിക്ക് ആദ്യം കണ്ണു കൊടുക്കുക (നോക്കിക്കാണുക), പിന്നെ മനസ്സു കൊടുക്കുക, പിന്നെ സ്നേഹിച്ചു നല്ലവാക്കു പറയുക. ആതിഥേയൻ താൻ ഇരിക്കുന്നേടത്തുനിന്നെഴുന്നേറ്റ് ആസനംനല്കണം. ഇതു ശാശ്വതമായ ധർമ്മമാണ്. എതിരേല്ക്കുക; മര്യാദപോലെ സ്വീകരിക്കുക, അഗ്നിഹോത്രംചെയ്യുക, വൃഷത്തെ കാക്കുക, ജ്ഞാതികൾ, ബന്ധുക്കൾ, പാന്ഥർ, പുത്രന്മാർ. ഭാര്യ, ഭൃത്യർ എന്നിവരെ പാലിക്കാത്തവർ പാപത്താൽ മുടിഞ്ഞുപോകും. തനിക്കുവേണ്ടി മാത്രം ആരും ഭക്ഷണം പചിക്കരുത്. ദേവന്മാർക്ക് അർപ്പിക്കാതെ ആരും മൃഗങ്ങളെ കൊല്ലരുത്. വിധിപോലെ ദേവകൾക്കും പിതൃക്കൾക്കും മറ്റുള്ളവർക്കും നല്കാതെ താൻതന്നെ തിന്നരുത്. നായ്ക്കൾക്കും ചണ്ഡാലന്മാർക്കും പക്ഷികൾക്കും ചോറു കൊടുത്ത് 'വിശ്വദേവ' എന്ന കർമ്മം ചെയ്യണം. അന്തിക്കും പ്രഭാതത്തിലും ഈ ദാനംചെയ്യണം. എന്നും, 'വിഘസം' (ദാനംചെയ്തതിന്റെ ശേഷമുള്ള അന്നം) ഉണ്ണണം. വിഘസം 'അമൃതിന്' (യജ്ഞശേഷമുള്ള അന്നം) തുല്യമാണെന്നു കരുതപ്പെടുന്നു. കണ്ണുകൊടുക്കുക, മനസ്സുകൊടുക്കുക, അലിവോടെ നല്ലവാക്കു പറയുക, വേണ്ടവിധം പൂജിക്കുക, അന്നപാനാദികൾ നല്കുക ഇവയാണ് ആ യജ്ഞത്തിലെ വിഘസം, ഇവയാണ് അഞ്ചുദക്ഷിണകൾ. മുമ്പു കാണാത്തവനായ, ഉള്ളു തളർന്ന് ഉഴലുന്ന പാന്ഥന് മടികൂടാതെ അന്നം നല്കുന്നവന് മഹത്തായ പുണ്യം ലഭിക്കും. ഇപ്രകാരം പ്രവർത്തിക്കുന്ന ഗൃഹസ്ഥനു ലഭിക്കുന്ന ധർമ്മഫലം മഹത്താണ്. ഇതിനെക്കുറിച്ച്, ഹേ ബ്രാഹ്മണ, ഭവാന്റെ അഭിപ്രായം എന്താണ്?"

ശൗനകൻ പറഞ്ഞു: "അയ്യോ മഹാകഷ്ടം! ഈ ലോകം വിപരീതാത്മകമാണ്. സജ്ജനങ്ങൾ ഏതു കണ്ടാൽ ലജ്ജിക്കുമോ, അതു കാണുമ്പോൾ ദുർജ്ജനങ്ങൾ രസിക്കുന്നു. ശിശ്നത്തിന്റേയും, ഉദരത്തിന്റേയും ആവശ്യത്തിന്നാണ് മൂഢന്മാർ വിഘസം കൈക്കൊള്ളുന്നത്. മോഹാക്രാന്തനും, രാഗാക്രാന്തനുമായി അവൻ ഇന്ദ്രിയാർത്ഥമായി അനുവർത്തിക്കുന്നു. ആകർഷിക്കപ്പെടുന്ന ഇന്ദ്രിയങ്ങളുടെ അധീനത്തിൽ കബളിപ്പിക്കപ്പെടുന്നു. കബളിപ്പിക്കപ്പെട്ട ദുഷ്ടാശ്വങ്ങളാൽ സൂതൻ എന്നപോലെ ആകുന്നു. ആറ് ഇന്ദ്രിയങ്ങളിൽ ഏതെങ്കിലും അതിന്ന് ഇഷ്ടമുള്ള വസ്തു കണ്ടെത്തിയാൽ അതിലുള്ള ആസക്തി മനസ്സിൽ ജനിക്കുന്നു. പിന്നീട് ആ ആഗ്രഹസാദ്ധ്യത്തിന്നായി ശ്രമമുണ്ടാകും. ഒടുവിൽ ലോഭാഗ്നിയിൽ അവൻ, എരിതീയിൽ ഇയ്യാമ്പാറ്റപോലെ, ആഗ്രഹനിവൃത്തിക്കുവേണ്ടിയുള്ള ശ്രമത്തിൽനിന്നു ജന്യമായ വിഷയാസ്ത്രങ്ങളേറ്റു വീഴുന്നു. പ്രവൃത്തികൊണ്ടും, ദുരാഗ്രഹംകൊണ്ടും, അജ്ഞതകൊണ്ടും എല്ലാ ജീവജാലങ്ങളും എപ്പോഴും കറങ്ങിക്കൊണ്ടിരിക്കുന്ന ചക്രംപോലെ ഈ ലോകത്തിൽ പലവിധ ജന്മമെടുക്കുന്നു. ഇപ്രകാരം ഓരോ യോനിയിൽ അകപ്പെടുന്നു. യഥാക്രമം ആബ്രഹ്മതൃണപര്യന്തമുള്ള ഭൂതങ്ങളിൽപ്പെട്ട് ഉഴലും. വെള്ളത്തിലും, കരയിലും, ആകാശത്തും ജനിച്ച് വീണ്ടും കറങ്ങും. അജ്ഞന്മാരുടെ നിലയാണിത്. ഇനി ജ്ഞാനികളുടെ നില എങ്ങനെയാണെന്നു പറയാം.

ധർമ്മശ്രേയസ്സിൽ നിരതരായി അവർ മോക്ഷം കാംക്ഷിക്കും. കർമ്മംചെയ്യുക, പക്ഷേ, അതിൽ (കർമ്മഫലത്തിൽ) ആസക്തി പാടില്ല എന്നാണല്ലോ വേദത്തിലെ വചനങ്ങൾ. അപ്രകാരമൊക്കെ ജീവിച്ച് ഉള്ളുകൂടാതെ യാഗം, വേദാധ്യയനം, ദാനം, തപം, സത്യം, ദമം, ക്ഷമ, അലോഭം എന്നീ എട്ടുവഴി ധർമ്മത്തിന്നുള്ളതാണെന്നു പ്രസിദ്ധമാണ്. ഇതിൽ ആദ്യത്തെ നാലെണ്ണം പിതൃമാർഗ്ഗത്തിനുള്ളതാണ്. തന്റെ കർത്തവ്യമാണെന്നു ചിന്തിച്ച് അത് ആത്മാർത്ഥമായി ചെയ്യണം. പിന്നത്തേതു ദേവമാർഗ്ഗമാണ് എന്നു സജ്ജനങ്ങൾ പറയുന്നു. വിശുദ്ധാത്മാവ് ഈ അഷ്ടാംഗമാർഗ്ഗത്തിൽ നടക്കണം. നല്ല സങ്കല്പയോഗത്തോടെ, നല്ല ഇന്ദ്രിയനിഗ്രഹത്തോടെ, നല്ല നീതിവിശേഷത്തോടെ, നല്ല സൽഗുരുസേവയോടെ, നല്ല ആഹാരോപയോഗത്തോടെ; നല്ല അദ്ധ്യയനനിഷ്ഠയോടെ; നല്ല കർമ്മസംന്യാസത്തോടെ, നല്ല ചിത്തജയത്തോടെ ധർമ്മത്തെ സംസാരജയകാംക്ഷയുള്ളവർ ചെയ്യുന്നു.

രാഗദ്വേഷം കൈവിട്ട് ഐശ്വര്യം പ്രാപിച്ച ദേവകളും രുദ്രന്മാരും, സാദ്ധ്യരും, ആദിത്യന്മാരും, നാസത്യന്മാരും, വസുക്കളും അവരുടെ യോഗൈശ്വര്യത്താലാണ് പ്രജാധാരണം ചെയ്യുന്നത്. ഹേ കൗന്തേയ! അപ്രകാരം നിഷ്കാമകർമ്മത്തിലൂടെ അവരുടെ യോഗസിദ്ധി നീ തപോമാർഗ്ഗത്തിലൂടെ നേടാൻ ഉദ്യമിക്കുക. പിതൃമാതൃപ്രായരായവരോടുള്ള കടപ്പാടെല്ലാം നിർവ്വഹിക്കാനുള്ള കർമ്മസിദ്ധി ഭവാനു ലഭിച്ചിട്ടുണ്ട്. വിപ്രന്മാരെ സേവിക്കുവാൻ തപസ്സിദ്ധിക്കു ഭവാൻ ഉദ്യമിക്കുക. സിദ്ധന്മാർ എന്താണ് ആഗ്രഹിക്കുന്നത് അത് അനുഗ്രഹംകൊണ്ട് സാധിക്കും. അതുകൊണ്ട് ഭവാൻ തപസ്സുചെയ്തു മനോഗതം നേടുക."

3. കാമ്യകവന പ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ശൗനകൻ പറഞ്ഞതു കേട്ടു യുധിഷ്ഠിരൻ പുരോഹിതന്റെ സമീപത്തു ചെന്നു ഭ്രാതൃമദ്ധ്യത്തിൽവച്ചു പറഞ്ഞു."

digitized by www.sreyas.in

യുധിഷ്ഠിരൻ പറഞ്ഞു: “ഭഗവാനേ! എന്റെകൂടെ വേദവേദികളായ ദ്വിജന്മാർ പോരുന്നു. അവരെപ്പോറ്റുവാൻ എനിക്കു കഴിവില്ല. ഞാൻ അത്യധികം സങ്കടപ്പെടുന്നു. അവരെ എനിക്കു കൈവിടുവാൻ വയ്യ. അവർക്ക് ഒന്നും നല്കുവാനുള്ള ശക്തിയും എനിക്കില്ല. ഞാൻ എന്തു ചെയ്യണം ഭഗവാനേ? അരുൾചെയ്താലും!”

വൈശമ്പായനൻ പറഞ്ഞു: “മുഹൂർത്തസമയം ചിന്തിച്ച് ധർമ്മത്തിന്റെ ഗതി കണ്ട് ആ ധർമ്മജ്ഞസത്തമനായ ധൗമ്യൻ യുധിഷ്ഠിരനോടു പറഞ്ഞു.”

ധൗമ്യൻ പറഞ്ഞു: “പണ്ട് സൃഷ്ടിക്കപ്പെട്ട ഭൂതങ്ങൾ വിശന്നു വലഞ്ഞപ്പോൾ ആദിത്യഭഗവാൻ അച്ഛനെപ്പോലെ കനിവോടെ ഉത്തരായണത്തിൽ പ്രവേശിച്ച് രശ്മിയാൽ രസം എടുത്തതിന്നുശേഷം ദക്ഷിണായനം പ്രാപിച്ചു ഭൂമിക്കുമുകളിൽ നിന്നു. അപ്പോൾ ഓഷധീശൻ (ചന്ദ്രൻ) സൂര്യതേജസ്സു വാനിൽ നിന്നു സ്വീകരിച്ചു മേഘങ്ങളെ സൃഷ്ടിച്ചു മഴപെയ്യിച്ചു; അങ്ങനെ ചെടികളെ മുളപ്പിച്ചു. അതുകൊണ്ട് സൂര്യൻതന്നെയാണ് ആറുരസങ്ങളോടുകൂടിയ ചെടികളായി അന്നമായി, ചന്ദ്രന്റെ സഹായത്തോടെ ജീവികൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടത്. ഇപ്രകാരം അന്നം ഭാനുമതമാണ്. ഭൂതജാലങ്ങൾക്കു പ്രാണധാരണമാണ് അന്നം. സൂര്യൻ ഇപ്രകാരം എല്ലാവർക്കും പിതാവാണ്. അവനെ നീ ആശ്രയിക്കുക. മഹാന്മാരായ രാജാക്കന്മാർ ജാതികർമ്മങ്ങളാൽ വിശുദ്ധരായി പ്രജകളെ മഹത്തായ തപസ്സുകൊണ്ടു ഭരിക്കുന്നു. ഭീമൻ, കാർത്തവീര്യൻ, വൈന്യൻ, നഹുഷൻ എന്നിവരെല്ലാം പ്രജകളെ ക്ലേശംകൂടാതെ തപോയോഗസമാധികൾകൊണ്ടു പരിപാലിച്ചു. അപ്രകാരം ധർമ്മാത്മാവായ ഭവാനും ശുദ്ധിയോടുകൂടി തപസ്സുചെയ്തു ധർമ്മത്താൽ വിപ്രരെ സംരക്ഷിക്കുക.”

ജനമേജയൻ പറഞ്ഞു: “കുരുപുംഗവനായ ധർമ്മപുത്രരാജാവ് എങ്ങനെ വിപ്രന്മാരെ പോറ്റുവാൻവേണ്ടി ദിവ്യദർശനനായ സൂര്യനെ പൂജിച്ചു?”

വൈശമ്പായനൻ പറഞ്ഞു: “ഹേ! താജാവേ! ഭവാൻ ശ്രദ്ധയോടെ ഞാൻ പറയുന്നതു ബുദ്ധിയുറപ്പിച്ച്, ശുചിയായി നിന്നു കേൾക്കുക. എല്ലാം ഞാൻ പറയാം. ആദ്യമായി ധൗമ്യൻ മഹാത്മാവായ യുധിഷ്ഠിരന്ന് സൂര്യന്റെ നൂറ്റിയെട്ടു പര്യായങ്ങൾ ചേർന്ന മന്ത്രം പറഞ്ഞുകൊടുത്തു. അതു ഭവാൻ കേൾക്കുക.”

ധൗമ്യൻ പറഞ്ഞു: “സൂര്യൻ, അര്യമാവ്, ഭഗൻ, ത്വഷ്ടാവ്, പൂഷാവ്, അർക്കൻ, സവിതാവ്, രവി, ഗഭസ്തി, മാനജൻ, കാലൻ, മൃത്യു, ധാതാവ്, പ്രഭാകരൻ, പൃഥിവി, ജലം, തേജസ്സ്, നഭസ്സ്, വായു, സോമൻ, ബൃഹസ്പതി, ശുക്രൻ, ബുധൻ, അംഗാരകൻ, പരൻ, ഇന്ദ്രൻ, വിവസ്വാൻ, ദീപ്താംശു, ശുചി, സൗരി, ശനൈശ്ചരൻ, വിധാതാവ്, വിഷ്ണു, രുദ്രൻ, സ്കന്ദൻ, വൈശ്രവണൻ, യമൻ, വൈദ്യുതൻ, ജാഠരൻ, വഹ്നി, ഐന്ധനൻ, തേജോനാഥൻ, ധർമ്മധ്വജൻ, വേദകർത്താവ്, വേദാംഗൻ, വേദവാഹനൻ, കൃത, ത്രേതാ, ദ്വാപരം, കലി, കല, കാഷ്ഠ, മുഹൂർത്തം, ക്ഷപ, യാമം, ക്ഷണം, സംവത്സരകരൻ, അശ്വത്ഥൻ, കാലചക്രം, വിഭാവസു, പുരുഷൻ, ശാശ്വതൻ, യോഗി, വ്യക്തൻ, അവ്യക്തൻ, സനാതനൻ, കാലാദ്ധ്യക്ഷൻ, പ്രജാദ്ധ്യക്ഷൻ, വിശ്വകർമ്മാവ്, തമോനുദൻ, വരുണൻ, സാഗരോംശു, ജീമൂതൻ, ജീവനൻ, അരിഹൻ, ഭൂതാശ്രയൻ, ഭൂതപതി, സർവ്വലോകനമസ്കൃതൻ, സ്രഷ്ടാവ്, സംവർത്തകൻ, വഹ്നി, സർവ്വാദികൻ, അലോലുപൻ, അനന്തൻ, കപിലൻ, ഭാനു, കാമദൻ, സർവ്വതോമുഖൻ, ജയൻ, വിശാലൻ, വരദൻ, സർവ്വധാതു, നിഷേവകൻ, മനസ്സുപർണ്ണൻ, ഭൂതാദിശീഘ്രഗൻ, പ്രാണധാരകൻ, ധന്വന്തരി, ധൂമകേതു, ആദിദേവൻ, ദിതീസുതൻ, ദ്വാദശാത്മാവ്, അരവിന്ദാക്ഷൻ, പിതാവ്, മാതാവ്, പിതാമഹൻ, സ്വർഗ്ഗദ്വാരം, പ്രജാദ്വാരം, മോക്ഷദ്വാരം, ത്രിവിഷ്ടപം, ദേഹകർത്താവ്, പ്രശാന്താത്മാവ്, വിശ്വാത്മാവ്, വിശ്വതോമുഖൻ, ചരാചരാത്മാവ്, സൂക്ഷ്മാത്മാവ്, മൈത്രേയൻ, കരുണാന്വിതൻ. ഞാൻ ഈ പറഞ്ഞ മന്ത്രം, തേജസ്വിയായ രവിയുടെ നൂറ്റിയെട്ടു പര്യായങ്ങൾ, സ്വയംഭൂവ് അരുൾചെയ്തതാണ്. സുരഗണങ്ങളാലും, പിതൃക്കളാലും, യക്ഷന്മാരാലും, സേവിതനും, പരമസുരാശരസിദ്ധവന്ദിതനും, വരകനകഹുതാശനാഭനും ആയി കീർത്തിപ്പെടുന്ന ഭാസ്കരനെ ഞാൻ തൊഴുന്നു. സൂര്യോദയത്തിൽ ശ്രദ്ധയോടുകൂടി ഈ ധ്യാനം ജപിക്കുന്നവൻ കളത്രപുത്രാർത്ഥങ്ങളോടുകൂടി മുജ്ജന്മത്തെ ഓർക്കുന്ന ധൃതി നേടുന്നതാണ്. വലിയ മേധാവിയുമായിത്തീരും ആ പുരുഷൻ ശുദ്ധമനസായി ശുചിയായി മനസ്സിരുത്തി ആദിത്യ ദേവന്റെ ഈ സ്തോത്രം ജപിച്ചാൽ ദുഃഖങ്ങളൊക്കെ തരണം ചെയ്യുകയും, വനവും വഹ്നിയും ആഴിയും എന്നുമാത്രമല്ല കരളിൽ വിചാരിച്ചത് എന്തോ അതെല്ലാം നേടുകയുംചെയ്യും.”

വൈശമ്പായനൻ പറഞ്ഞു: “കാലത്തിന്ന് അനുരൂപമായി ധൗമ്യൻ ഇപ്രകാരം ഉപദേശിച്ചപ്പോൾ വിപ്രദാനസമാധിസ്ഥനും, ജിതാത്മാവും, ദൃഢവ്രതനും, ശുദ്ധചിത്തനുമായ ധർമ്മരാജാവ് അത്യുത്കൃഷ്ടമായ തപസ്സ് ആരംഭിച്ചു. പുഷ്പോപഹാരബലിയാൽ സൂര്യഭഗവാനെ അർപ്പിച്ചു. ഗംഗയിൽ ഇറങ്ങി മുങ്ങിക്കുളിച്ച് സൂര്യന്ന് അഭിമുഖമായിനിന്ന് യോഗത്തിൽ ഉറച്ച്, വായുമാത്രം ഭക്ഷിച്ച് തപംചെയ്തു. ആ ജിതേന്ദ്രിയനായ രാജാവ് ഗംഗാജലം ആചമിച്ച് ആത്മപ്രാണായാമത്തിൽനിന്നു ശുചിയായി, ശുദ്ധമായ വാക്കിനാൽ സ്തോത്രംചെയ്തു.”

യുധിഷ്ഠിരൻ പറഞ്ഞു: “ഭാനോ! അങ്ങു ജഗത്തിന്റെ ചക്ഷുസ്സാകുന്നു! അങ്ങു സർവ്വദേഹികളുടേയും ആത്മാവാകുന്നു. എല്ലാ ഭൂതങ്ങൾക്കും അങ്ങ് ഉത്ഭവസ്ഥാനമാകുന്നു. കർമ്മികൾക്ക് അങ്ങ് ആചാരമാകുന്നു. എല്ലാ സാംഖ്യർക്കും അങ്ങ് ഗതിയാകുന്നു. യോഗികൾക്ക് അങ്ങ് ആശ്രയമാകുന്നു. മോക്ഷം ഇച്ഛിക്കുന്നവർക്കെല്ലാം തടവില്ലാത്ത ഗതിയാകുന്നതു ഭവാനാകുന്നു. ലോകം വഹിക്കുന്നവൻ ഭവാനാകുന്നു. ലോകത്തെ പ്രകാശിപ്പിക്കുന്നതും ഭവാനാകുന്നു. അങ്ങ് ലോകത്തെ ശുദ്ധമാക്കുന്നു. ലോകത്തെ പാലിക്കുന്നതും ഭവാനാകുന്നു. കാലേ അങ്ങയെ ഉപാസിച്ച് വേദപാരംഗതന്മാരായ ബ്രാഹ്മണർ സ്വശാഖാവിഹിതമായ മന്ത്രംകൊണ്ട് ഋഷിഗണപൂജിതനായ ഭവാനെ അർച്ചിക്കുന്നു. അങ്ങയുടെ ദിവ്യരഥത്തിന്റെ പിമ്പേ വരാർത്ഥികളായ ഉപാസകന്മാർ സിദ്ധചാരണഗന്ധർവ്വന്മാരും, യക്ഷഗുഹ്യകപന്നഗന്മാരും അനുയാത്രചെയ്യുന്നു. മുപ്പത്തിമൂന്നു ദേവന്മാരും, വൈമാനികഗണങ്ങളും, ഇന്ദ്രോപേന്ദ്രന്മാരും ഭവാനെ ഉപാസിച്ചു ഗതി നേടിയവരാകുന്നു. മനോരഥം സാധിച്ചവരായ എല്ലാ വിദ്യാധരേന്ദ്രന്മാരും, ദിവ്യമാനുഷരായ ഏഴുഗണം ഗുഹ്യകന്മാരും, പിതൃക്കളും ഭവാനെ ഉപാസിച്ച് പ്രാധാന്യംനേടി നില്ക്കുന്നു. വസുക്കളും മരുത്തുക്കളും, രുദ്രന്മാരും, സാദ്ധ്യന്മാരും, മരീചിപന്മാരും, ബാലഖില്യർ മുതലായ സിദ്ധന്മാരും, പ്രാണികളിൽ ശ്രേഷ്ഠത്വം നേടിയത് അങ്ങയെ ഉപാസിച്ചതുകൊണ്ടാകുന്നു. ബ്രഹ്മലോകംമുതൽ ഏഴു ലോകത്തിലും അർക്കനേക്കാൾ മീതെയായി ഒന്നും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വലുപ്പംകൊണ്ടും വീര്യംകൊണ്ടും അങ്ങയെ കവിഞ്ഞുനില്ക്കുന്ന സത്വങ്ങൾ വേറെയും ഉണ്ടാകാം. എന്നാൽ അവയ്ക്കൊന്നും അങ്ങയുടെ ദീപ്തിയോ, പ്രഭാവമോ ഇല്ല. എല്ലാ ജ്യോതിസ്സും ഭവാനിൽ സ്ഥിതിചെയ്യുന്നു. അങ്ങ് എല്ലാ ജ്യോതിസ്സിന്നും നാഥനാകുന്നു. സത്യവും, സത്വവും, എല്ലാ സാത്വികഭാവങ്ങളും ഭവാനിൽ സ്ഥിതിചെയ്യുന്നു. ഭവാന്റെ തേജസ്സാൽ ദേവശില്പി സുദർശനചക്രം നിർമ്മിച്ചു. ശാർങ്ഗധന്വാവ് അതുകൊണ്ടാണല്ലോ ദേവാരികളുടെയെല്ലാം മദം നശിപ്പിച്ചത്. വേനൽക്കാലത്തു രശ്മികൾകൊണ്ട് എല്ലാ ദേഹികളുടേയും, എല്ലാ ഔഷധിരസങ്ങളുടേയും തേജസ്സ് ആകർഷിച്ച് വർഷകാലത്ത് അങ്ങ് മോചിപ്പിക്കുന്നുവല്ലോ! അങ്ങയുടെ രശ്മികൾ തപിപ്പിക്കുകയും, ദഹിപ്പിക്കുകയും, വർഷത്തിൽ മേഘമായി ഗർജ്ജിക്കുകയും, ഇടിവാൾ മിന്നിക്കുകയും, മഴ വർഷിക്കുകയും ചെയ്യുന്നുവല്ലോ. തണുപ്പും, കാറ്റും ഏല്ക്കുന്നവർക്കു തീയോ, കരിമ്പടപ്പുതപ്പോ നൽകുന്നതിനേക്കാൾ കവിഞ്ഞ സൗഖ്യം അങ്ങയുടെ രശ്മികൾ നൽകുന്നു! പതിമൂന്നു ദ്വീപുകളോടുകൂടിയ ഭൂമണ്ഡലം അങ്ങ

digitized by www.sreyas.in

യുടെ തേജസ്സാൽ തെളിയിക്കുന്നു. മൂന്നു ലോകങ്ങളുടേയും ഹിതത്തിന്നായി അങ്ങയെപ്പോലെ ആർ പ്രവർത്തിക്കുന്നു? ഭവാൻ ഉദിക്കുന്നില്ലെങ്കിൽ ഈ ലോകമൊക്കെയും അന്ധകാരമയംതന്നെ! പിന്നെ മനീഷികൾ എങ്ങനെ ധർമ്മാർത്ഥകാമങ്ങൾ പ്രവർത്തിക്കും? ബ്രാഹ്മണക്ഷത്രിയവൈശ്യഗണങ്ങൾ, ആധാനം, പശു, ബന്ധം, ഇഷ്ടി, മന്ത്രം, യജ്ഞം, തപോവിധി ഇവയെല്ലാം അങ്ങയുടെ പ്രസാദത്താൽ പ്രാപിക്കുന്നു. ആയിരം യുഗങ്ങൾ കൂടുന്നതിന്നു ബ്രഹ്മാവിന്റെ ഒരു പകൽ എന്നു പറയുന്നു. അതിന്റെ ആദ്യാവസാനം ഭവാൻ നില്ക്കുന്നതായി കാലജ്ഞന്മാർ പ്രകീർത്തിക്കുന്നു. മനുക്കൾക്കും, മനുപുത്രന്മാർക്കും, ജഗത്തിലെ അമാനവന്മാർക്കും, മാനവന്മാർക്കും, എല്ലാ മന്വന്തരങ്ങൾക്കും, എല്ലാ ഈശ്വരൻമാർക്കും, അങ്ങ് ഈശ്വരനാകുന്നു. സംഹാരകാലം വന്നെത്തുമ്പോൾ ഭവാന്റെ ക്രോധത്തിൽനിന്നു 'സംവർത്തകാഗ്നി' ഉണ്ടായി മൂന്നു ലോകത്തേയും ഭസ്മമാക്കുന്നു. അങ്ങയുടെ അംശുക്കളിൽനിന്നും ഉത്ഭവിച്ച നാനാവർണ്ണത്തിലുള്ള മഹാഘനങ്ങൾ ഇടിയും, മിന്നലുമായി ഈ വിശ്വമൊക്കെയും മുക്കിക്കളയും. പന്ത്രണ്ട് ആദിത്യന്മാരായി വേറേ വേറേ നിന്നു ഭവാൻ ഏകൻ ദ്വാദശാദിത്യമൂർത്തിയായി രശ്മികൾ കൊണ്ട് ഈ ലോകമാകുന്ന മഹാർണ്ണവത്തെ വറ്റിക്കും. അങ്ങ് ഇന്ദ്രനാകുന്നു. അങ്ങ് രുദ്രനാകുന്നു. അങ്ങ് വിഷ്ണുവാകുന്നു. അങ്ങ് പ്രജാപതിയാകുന്നു. അങ്ങ് അഗ്നിയാകുന്നു. അങ്ങ് സൂക്ഷ്മമായ മനസ്സാകുന്നു. അങ്ങ് പ്രഭുവാകുന്നു. ശാശ്വതമായ ബ്രഹ്മവും അങ്ങുതന്നെയാകുന്നു. അങ്ങ് ഹംസനാകുന്നു. അങ്ങ് സവിതാവാകുന്നു. അങ്ങ് ഭാനുവും, അംശുമാലിയും, വൃഷാകപിയും ആകുന്നു. വിവസ്വാൻ, മിഹിരൻ, പൂഷാവ്, മിത്രൻ, ധർമ്മൻ, സഹസ്രരശ്മി, ആദിത്യൻ, തപനൻ, ഗോക്കളുടെ പതി, മാർത്താണ്ഡൻ, അർക്കൻ, രവി, സൂര്യൻ, ശരണ്യൻ, ദിനകരൻ, ദിവാകരൻ, സപ്തസപ്തി, ധാമകേശി, വിരോചനൻ, ആശുഗാമി, തമോഘ്നൻ, ഹരിതാശ്വൻ എന്നെല്ലാം ഭവാൻ പുകഴ്ത്തപ്പെടുന്നു. സപ്തമിയിലോ, ഷഷ്ഠിയിലോ മന്ത്രം ജപിച്ചു നിർവ്വേദവും അഹങ്കാരവുംകൂടാതെ ഭവാനെ പൂജിക്കുന്ന നരനെ ലക്ഷ്മി പ്രാപിക്കുന്നു. അവന്ന് ആപത്തുവന്നുചേരുന്നതല്ല. അപ്രകാരം ആധിയോ, വ്യാധിയോ ഉണ്ടാകുന്നതല്ല. ഭവാനെ അനന്യമാനസനായി അർച്ചിക്കുകയും വന്ദിക്കുകയും ചെയ്യുന്നവർ എല്ലാ രോഗങ്ങളും നീങ്ങി, എല്ലാ പാപങ്ങളും നീങ്ങി ചിരംജീവികളായിത്തീരും. ആഗ്രഹം സാധിച്ച്, അതിഥികളെയൊക്കെ സ്വീകരിച്ച്, സൽക്കരിക്കുവാൻ ശ്രദ്ധയോടെ ആശിക്കുന്ന എനിക്ക് അതിന്നു വേണ്ട അന്നം, അല്ലയോ അന്നപതേ, അങ്ങ് നല്കിയാലും. ഭവാന്റെ പാദത്തിൽ ആശ്രയിക്കുന്നവരും, അനുചരന്മാരുമായ മാഠരൻ, അരുണൻ, ദണ്ഡൻ എന്നിവരേയും, ഇടിമിന്നൽ എന്നിവ പുറപ്പെടുവിക്കുന്നവരായ ഭവാന്റെ പാർശ്വവർത്തികളേയും, ഞാൻ കൈകൂപ്പുന്നു. ക്ഷുഭയോടുകൂടിയ മൈത്രി മുതലായ മറ്റു ഭൂതമാതാക്കളേയും എല്ലാം ഞാൻ ഇതാ തൊഴുന്നു. ശരണാഗതനായ എന്നെ കാത്തുകൊള്ളേണമേ!" (സൂര്യസ്തുതിമന്ത്രം)

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ സൂര്യഭഗവാനെ സ്തുതിച്ചപ്പോൾ ലോകപാവനനായ ദിവാകരൻ പാണ്ഡവന്റെ മുമ്പിൽ പ്രീതിയോടെ സ്വതേജസ്സാൽ കത്തുന്ന അഗ്നിപോലെ ദീപ്തനായി കാണുമാറായി."

വിവസ്വാൻ പറഞ്ഞു: "ഹേ! യുധിഷ്ഠിര, നിന്റെ അഭീഷ്ടം എന്താണ്? അതൊക്കെ നിനക്കു സാധിക്കും. ഞാൻ പന്ത്രണ്ടു വർഷത്തേക്ക് അന്നം തരുന്നതാണ്. ഞാൻ ഈ തരുന്ന ചെമ്പു പാത്രം ഭവാൻ സ്വീകരിക്കുക. ഇതിലെ ചോറ് പാഞ്ചാലി ഉണ്ണുന്നതുവരെ ലഭിക്കും. ഫലമൂലങ്ങൾ, ശാകമാംസങ്ങൾ, ചതുർവ്വിധാന്നങ്ങൾ എന്നിവ, രാജകോവിലകത്തു തയ്യാറാക്കിയത് എത്ര എടുത്താലും ഒടുങ്ങാതെ ലഭിക്കുന്നതാണ്. പതിന്നാലാമത്തെ വർഷം ഭവാൻ രാജ്യം നേടുകയും ചെയ്യും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാത്രം നല്കി അനുഗ്രഹിച്ച് ഭഗവാൻ പെട്ടെന്നു മറഞ്ഞു. പരിശുദ്ധമായ മനസ്സോടുകൂടി സമാധിയോടെ വരാർത്ഥിയായി മറ്റു പുരുഷന്മാർ ജപിച്ചാലും അയാൾ വിചാരിക്കുന്നതു സൂര്യൻ നല്കും; സുദുർല്ലഭമായ കാര്യങ്ങൾ കൂടി അവന്നു സിദ്ധിക്കും.

ഇത് നിത്യവും ധരിക്കുന്നവനും പതിവായി കേൾക്കുന്നവനും, അവൻ പുത്രാർത്ഥിയാണെങ്കിൽ പുത്രനേയും, ധനാർത്ഥിയാണെങ്കിൽ ധനത്തേയും നേടും. വിദ്യാർത്ഥിയാണെങ്കിൽ വിദ്യ നേടും! പുരുഷൻ സ്ത്രീകളേയും നേടും. നിത്യവും പ്രഭാതത്തിലും, സന്ധ്യയ്ക്കും ഇപ്രകാരം സൂര്യനെ ധ്യാനിക്കുന്ന സ്ത്രീപുരുഷന്മാർക്ക് ആപത്തിൽനിന്നു മോചനം ലഭിക്കും. ബന്ധനം അനുഭവിക്കുന്നവൻ അതിൽനിന്നും വിമുക്തനാകും. ഇത് പണ്ടു മഹാത്മാവായ ഇന്ദ്രന്നു പിതാമഹൻ ഉപദേശിച്ചു. നാരദൻ ഇന്ദ്രനിൽനിന്ന് ഈ മന്ത്രം കൈയ്ക്കലാക്കി. അവൻ പിന്നെ ധൗമ്യന്നു നല്കി. ധൗമ്യൻ യുധിഷ്ഠിരന്നും നല്കി. അങ്ങനെ യുധിഷ്ഠിരൻ തന്റെ ആഗ്രഹങ്ങളെല്ലാം ഇതുകൊണ്ടു നേടി. ഈ മന്ത്രം നിത്യം ജപിക്കുന്നവന് പോരിൽ എന്നും ജയം ലഭിക്കും; വളരെ ധനവും ലഭിക്കും. പാപങ്ങളൊക്കെ ആദിത്യൻ നശിപ്പിക്കും. അവസാനം അവൻ പാപങ്ങൾ നീങ്ങിയതിന്നു ശേഷം സൂര്യലോകത്തിൽ ചെന്നെത്തുകയുംചെയ്യും.

വരംനേടിയതിന്നുശേഷം വെള്ളത്തിൽനിന്ന് ധർമ്മിഷ്ഠനായ ധർമ്മജൻ കയറി, ധൗമ്യന്റെ കാൽക്കൽ കുമ്പിട്ടു. അനുജന്മാരെ സസന്തോഷം തഴുകി. പാഞ്ചാലിയോടൊത്ത് അടുക്കളയിൽച്ചെന്ന് ആ പാണ്ഡുപുത്രൻ ഭക്ഷണം സ്വയം തയ്യാറാക്കാനൊരുങ്ങി.

രാജകീയമായ അടുക്കളയിലുണ്ടാക്കപ്പെടുന്ന വിഭവങ്ങളോടുകൂടിയ സദ്യ വരുന്നവർക്കൊക്കെ സൽക്കരിച്ചു. ചതുർവ്വിധമായ അന്നം എത്ര കുറച്ചുണ്ടാക്കിയാലും നൂതനമായി അതിൽനിന്ന് ഉണ്ടായിക്കൊണ്ടിരുന്നു. ഒടുങ്ങാതെ ഉണ്ടാകുന്ന അന്നംകൊണ്ട് ആദ്യം വിപ്രന്മാരെ ഊട്ടുന്നു. വിപ്രന്മാർ ഉണ്ടതിന്നു ശേഷം സോദരന്മാരേയും ഊട്ടുന്നു. ശേഷിച്ചത് (അതിനെ വിഘസം എന്നു പറയുന്നു) യുധിഷ്ഠിരനും ഭുജിക്കും. യുധിഷ്ഠിരനെ ഊട്ടിയതിന്നുശേഷം പാർഷതി ഉണ്ണും. പാഞ്ചാലി ഉണ്ടാൽ അന്നമൊക്കെ അവസാനിക്കും.

ഇപ്രകാരം അർക്കനിൽനിന്നു വരംവാങ്ങി അർക്കതുല്യനായ ആ പാണ്ഡുപുത്രൻ മനസ്സിൽ അഭിലഷിച്ച അഭീഷ്ടമൊക്കെ വിപ്രന്മാർക്കു നല്കി.

തിഥി, നക്ഷത്രം, പർവ്വം ഇവതോറും ആചാര്യനെ മുൻനിർത്തി വിധി മന്ത്രപ്രമാണത്തോടെ യജ്ഞക്രിയ നടത്തി. പിന്നെ സ്വസ്ത്യയനം ചെയ്ത് ധൗമ്യനോടുകൂടി, പാണ്ഡവന്മാർ ദ്വിജസംഘത്തോടൊത്ത് 'കാമ്യകവന'ത്തിൽ പ്രവേശിച്ചു."

4. വിദുരവാക്യപ്രത്യാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ വനത്തിൽ പോയപ്പോൾ പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രൻ ഹൃദയവ്യഥയോടുകൂടി, ധർമ്മനിരതനും അതിബുദ്ധിമാനുമായ വിദുരനോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ! വിദുരാ! നിന്റെ തെളിഞ്ഞ ബുദ്ധി ശുക്രാചാര്യന്റേതുപോലെയാണ്. ഏറ്റവും സൂക്ഷ്മമായ ധർമ്മം അറിഞ്ഞവനാണു നീ. കുരുക്കളിൽ സമനായി, സമ്മതനായി നീ വർത്തിക്കുന്നു. അവർക്കും എനിക്കും ഉചിതമായത് ഭവാൻ പറയുക. വിദുരാ! ഞാൻ കഷ്ടത്തിലായി. നാട്ടുകാർ എന്നെ അധിക്ഷേപിക്കുന്നു. എന്താണ് ഇനി വേണ്ടത്? നാട്ടുകാർ നമ്മെ സ്വീകരിക്കുന്നതിന്ന് എന്താണ് ഉപായം? എന്തു ചെയ്താലാണ് അവർ നമ്മെ വേരോടെ മുടിക്കാതിരിക്കുക? ഭവാൻ അതു ചിന്തിച്ചു വേണ്ടത് ഉപദേശിക്കുക. ഭവാൻ കാര്യബോധമുള്ളവനാണല്ലോ!"

വിദുരൻ പറഞ്ഞു: "ധർമ്മമൂലമായത് മൂന്നു കാര്യങ്ങളാണ് (ധർമ്മാർത്ഥകാമങ്ങൾ) അത് രാജ്യത്തിന്നും മൂലമായ ധർമ്മമാണെന്ന് ഋഷികൾ പറയുന്നു. ധർമ്മത്തിൽത്തന്നെ ഉറച്ചുനിന്ന് നിന്റെ മക്കളേയും പാണ്ഡുവിന്റെ മക്കളേയും നീ ശക്തിയോടെ

digitized by www.sreyas.in

കാക്കുക. ആ ധർമ്മത്തെ സഭയിൽവച്ച് സൗബലൻ മുതലായ പാപികൾ കബളിപ്പിച്ചു. സത്യത്തിൽ ഉറച്ച ചൂതരങ്ങിൽ ക്ഷണിച്ചു വരുത്തി യുധിഷ്ഠിരനെ നിന്റെ പുത്രന്മാർ ചതിയിൽ തോല്പിച്ചു. ഇപ്രകാരമുള്ള ദുഷ്പ്രവൃത്തിക്കുശേഷം ഇനി വേണ്ട ഉപായമെന്താണെന്ന് ഞാൻ കാണുന്നുണ്ട്. അതു ചെയ്താൽ ഹേ! കുരുമുഖ്യ, നിന്റെ മക്കൾ പാപം അറ്റ് ലോകത്തിൽ നല്ലനിലയെ പ്രാപിക്കും. ഭവാൻ കൈക്കൊണ്ട സകല സമ്പത്തും പാണ്ഡവർക്കുതന്നെ മടക്കിക്കൊടുക്കുക. രാജാവേ, ഭവാൻ ചെയ്യേണ്ടത് അതാണ്. സ്വന്തമായ സ്വത്തുകൊണ്ടു സുഖിക്കുക. പരന്മാരുടെ സമ്പത്തിൽ ആഗ്രഹിക്കരുത്. അങ്ങനെ ചെയ്താൽ കീർത്തികേടു പറ്റുകയില്ല. ജ്ഞാതിവൈരം പറ്റുകയില്ല. ധർമ്മം നശിക്കുകയുമില്ല. നീ ചെയ്യേണ്ടതായ വലിയ ഒരു കാര്യം അതാണ്. പാണ്ഡവരെ സന്തോഷിപ്പിക്കുകയും ശകുനിയുടെ പ്രവൃത്തിയെ അധിക്ഷേപിക്കുകയും ചെയ്യുക. അങ്ങനെയായാൽ അവർ കീഴിൽനിന്നു വൈശ്യന്മാരെപ്പോലെ ഭവാനെ സേവിക്കുന്നതാണ്. ദുര്യോധനനും ശകുനിയും കർണ്ണനും കുന്തീപുത്രനെ ശുശ്രൂഷിക്കട്ടെ. ദുശ്ശാസനൻ പരസ്യമായി സഭയിൽവച്ച് ഭീമനോടും കൃഷ്ണയോടും ക്ഷമായാചനം ചെയ്യട്ടെ. ഭവാൻ യുധിഷ്ഠിരനെ സമാശ്വസിപ്പിക്കുക. സ്വരാജ്യത്തു കുട്ടിക്കൊണ്ടുവന്ന് സല്ക്കരിച്ചിരുത്തുക. ഭവാൻ ചോദിച്ചാൽ ഞാൻ വേറെ എന്തു പറയുവാനാണ്? ശരിക്കും ചെയ്യേണ്ടത് ഇതാണ്. ഇപ്രകാരം ചെയ്താൽ ഭവാൻ കൃതകൃത്യനാകും."

ധൃതരാഷ്ട്രൻ പറഞ്ഞു. "ക്ഷത്താവേ! നിന്റെ അഭിപ്രായമൊന്നും ശരിയല്ല. വെറും പക്ഷപാതപരമായാണ് നീ എപ്പോഴും സംസാരിക്കുന്നത്. നീ സഭയിൽവെച്ച് പലതും നമ്മെപ്പറ്റിയും പാണ്ഡവന്മാരെപ്പറ്റിയും പറഞ്ഞു. പാർത്ഥന്മാർക്ക് ഹിതവും ഞങ്ങൾക്ക് അഹിതവുമായിരുന്നു അതെല്ലാം. ഇപ്പോൾ ഒരു കാര്യം തീർച്ചയായി. ഞങ്ങൾക്ക് ഗുണംവരുന്നത് നിനക്കു സഹിക്കുന്നില്ല. പാണ്ഡവന്മാർക്ക് ഗുണമുണ്ടാകുന്നതു മാത്രമേ നീ പറയുകയുള്ളു, അതു ചിന്തിക്കുമ്പോൾ നീ എനിക്കു ഗുണം കാംക്ഷിക്കാത്തവനാണെന്നു കരുതാതെ പറ്റുകയില്ല. പാണ്ഡവന്മാർക്കുവേണ്ടി എന്റെ മകനെ ഉപേക്ഷിക്കണമത്രേ! അവരും എന്റെ മക്കളാണെന്നുള്ളതിൽ വാദമില്ല. എന്നാൽ ദുര്യോധനൻ എന്റെ ദേഹജനാണ്. സ്വന്തം ദേഹത്തെ പരനുവേണ്ടി ഉപേക്ഷിക്കുവാനാണോ നീ ഉപദേശിക്കുന്നത്? വിദുര, നീ എന്നോട് കുടിലതയാണു പറഞ്ഞത്. ഞാൻ നിന്നെ നല്ലപോലെ മാനിക്കുന്നവനാണ്. എന്നോട് ഇതു വേണ്ടിയിരുന്നില്ല. ഇനി എനിക്കു നിന്റെ ഉപദേശമൊന്നും വേണ്ട. നിനക്ക് യഥേഷ്ടം പോവുകയോ നില്ക്കുകയോ ചെയ്യാം. തേവിടിശ്ശികളെ ഇണക്കിയാലും അവർ നില്ക്കില്ല. ധൂർത്തകൾ പോവുകതന്നെ ചെയ്യും!"

വൈശമ്പായനൻ പറഞ്ഞു: "ഇത്രത്തോളം ധൃതരാഷ്ട്രൻ പറഞ്ഞ് പെട്ടെന്ന് എഴുന്നേറ്റ് അകത്തേക്കു പോയി. 'ഈ വംശം മുടിഞ്ഞതുതന്നെ! എല്ലാം തീർന്നു!' എന്നു പറഞ്ഞ് വിദുരൻ അവിടെനിന്നെഴുന്നേറ്റു പാർത്ഥന്മാരുടെ അടുത്തേക്കും ബദ്ധപ്പെട്ടു നടന്നു."

5. വിദുരനിർവാസം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ വനവാസത്തിനുവേണ്ടി ഗംഗാതടംവിട്ടു കൂട്ടത്തോടെ നടന്ന് കുരുക്ഷേത്രത്തിലെത്തി. സരസ്വതി, ദൃഷദ്വതി, യമുന എന്നീ നദികളെ പൂജിച്ച് കാടുകൾ പലതും കടന്ന് പശ്ചിമദിക്കിലേക്കു സഞ്ചരിച്ചു. സരസ്വതീതടത്തിൽ മരുധന്വപ്രപ്പിൽ മുനിജനങ്ങൾക്കു പ്രിയങ്കരമായ 'കാമ്യകവനം' ദർശിച്ചു. നാനാഖഗങ്ങളും മൃഗങ്ങളും നിറഞ്ഞ ആ വനത്തിൽ അവർ പാർത്തു. അടുത്തുകൂടി മുനികൾ അവരെ ആശ്വസിപ്പിച്ചു.

അങ്ങനെ ഒരു ദിവസം പാണ്ഡവന്മാരെ കാണുവാൻ എപ്പോഴും ആഗ്രഹിക്കുന്ന വിദുരൻ, ഒറ്റത്തേരിൽ യാത്രചെയ്ത്, തഴച്ചുനില്ക്കുന്ന കാമ്യകവനത്തിൽ ചെന്നു.

പായുന്ന അശ്വത്തെ കെട്ടിയ തേരിൽക്കയറി യാത്രചെയ്ത് വിദുരൻ കാമ്യകവനത്തിൽ ചെന്നുചേർന്നു. അപ്പോൾ ദ്രൗപദിയോടും സോദരന്മാരോടും, വിപ്രന്മാരോടുംകൂടി സംസാരിച്ച് ഇരിക്കുന്ന യുധിഷ്ഠിരനെ കണ്ടു. വിദുരൻ ദൂരെനിന്നു വരുന്നതായിക്കണ്ട ധർമ്മജൻ ഭീമനോടു പറഞ്ഞു."

ധർമ്മപുത്രൻ പറഞ്ഞു: "ഭീമ! വിദുരന്റെ വരവുണ്ട്. എന്തു പറയുവാനാണാവോ പുറപ്പാട്? ശകുനി വീണ്ടും ചൂതിന്നു പറഞ്ഞുവിട്ടിരിക്കയാണോ? ആ ക്ഷുദ്രൻ നമ്മുടെ കൈയിൽനിന്ന് ആയുധങ്ങൾ തട്ടിയെടുക്കുമോ? ഇനിയും ആരെങ്കിലും പൊരുതുവാൻ വിളിച്ചാൽ എനിക്കു പിന്മാറുവാൻ വയ്യ ഭീമ! ഗാണ്ഡീവവും സംശയത്തിലായാൽ നമുക്കു പിന്നെ രാജ്യലാഭം സംശയത്തിലാകും."

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരെല്ലാവരും ക്ഷണത്തിൽ എഴുന്നേറ്റ് ക്ഷത്താവിനെ എതിരേറ്റു. ആ സല്ക്കാരം സ്വീകരിച്ച് ആജമീഢൻ യഥോചിതം പാർത്ഥന്മാരോട്ചേർന്നു സന്തോഷിച്ചു. വിദുരൻ ആശ്വസിച്ചതിന്നുശേഷം അവർ വിദുരനോടു വന്നകാര്യം എന്താണെന്നു ചോദിച്ചു. വിദുരൻ വിസ്തരിച്ച് ധൃതരാഷ്ട്രന്റെ വൃത്താന്തമെല്ലാം പറഞ്ഞു."

വിദുരൻ പറഞ്ഞു: "അല്ലയോ അജാതശത്രോ, ധൃതരാഷ്ട്രൻ എന്നെ നിഗൂഢമായി വിളിച്ചുവരുത്തി ബഹുമാനാദരത്തോടുകൂടി ചോദിച്ചു, ഈ സന്ദർഭത്തിൽ നിഷ്പക്ഷമായി പാർത്ഥന്മാർക്കും, നമുക്കും പത്ഥ്യമായ കാര്യം എന്താണു വേണ്ടത് എന്ന്. ഞാൻ ധൃതരാഷ്ട്രന്നു ഹിതവും പത്ഥ്യവുമായ കാര്യങ്ങൾ പറഞ്ഞത് രാജാവിന്നു ലേശം രുചിച്ചില്ല. മറ്റൊരുവഴിയും മതിയായതായി ഞാൻ കണ്ടതുമില്ല. പാർത്ഥരേ, ഞാൻ ശ്രേയസ്കരമായ കാര്യമാണു പറഞ്ഞത്. എന്നാൽ അത് ധൃതരാഷ്ട്രൻ കേട്ടതുമില്ല. രോഗിക്കു പത്ഥ്യമായ മരുന്ന് രുചിക്കാത്തതുപോലെ എന്റെ അഭിപ്രായം അദ്ദേഹത്തിന്നു രുചിച്ചില്ല. അജാതശത്രോ, വേശ്യയായ സ്ത്രീ ധർമ്മിഷ്ഠന്റെ വീട്ടിൽ താമസിച്ചാലും ധർമ്മസഞ്ചാരിണിയായി മാറുകയില്ല. അതുപോലെ എന്റെ സദുപദേശങ്ങൾ ധൃതരാഷ്ട്രനെ നല്ല മാർഗ്ഗത്തിലേക്കു കൊണ്ടുവരാൻ ഉതകുകയില്ല. അറുപതുവയസ്സായ പുരുഷനെ ബാലികയായ വധു ഇഷ്ടപ്പെടാത്തവിധം അദ്ദേഹം എന്റെ വാക്കിൽ തൃപ്തനായില്ല. രാജാവേ, നാശം തീർച്ചയായും സംഭവിക്കും. കൗരവന്മാരുടെ നന്മയ്ക്കല്ലാ ധൃതരാഷ്ട്രന്റെ പുറപ്പാട്. താമരയിലയിൽ വെള്ളമെന്നപോലെ എന്റെ പത്ഥ്യവാക്ക് അദ്ദേഹത്തിൽ പറ്റുകയില്ല. ധൃതരാഷ്ട്രൻ എന്നോട് ക്രോധത്തോടെ പറഞ്ഞു: 'എടോ! തനിക്ക് ഇഷ്ടമുള്ളേടത്തു പൊയ്ക്കൊള്ളുക, നിന്റെ ഉപദേശം എനിക്കു വേണ്ടാ. ഞാൻ വല്ലവിധത്തിലും ഈ പുരം ഭരിച്ചോളാം.'

ഇങ്ങനെ ധൃതരാഷ്ട്രൻ എന്നെ ഉപേക്ഷിച്ചു. ഇപ്പോൾ, ഞാൻ രാജാവേ, നിനക്കു സദുപദേശം തരുവാൻ വന്നിരിക്കയാണ്. മുമ്പു ഞാൻ സഭയിൽ പറഞ്ഞതൊക്കെ ഓർമ്മയുണ്ടാകണം. ഞാൻ വീണ്ടും പറഞ്ഞുതരാം. ശത്രുക്കൂട്ടം ക്ലേശങ്ങൾ ഉണ്ടാക്കിയാലും ക്ഷമയോടെ കാലംപാർത്ത് ഇരിക്കുന്നവൻ, തീപ്പൊരിയിൽനിന്നു മഹാഗ്നിയെന്നപോലെ, തീർച്ചയായും ലോകത്തെ അടക്കി ഭരിക്കും. അനുയായികൾക്കു സമമായി സ്വത്തു നല്കുന്നവനെ ആപത്തിലും സഹായികൾ സഹായിപ്പാനെത്തും. സഹായികളെ ലഭിക്കുവാൻ ഇതാണ് ഉപായം. സഹായിയുള്ളവൻ ലോകം നേടും. ഹേ, പാണ്ഡവ! സത്യമാണു ശ്രേഷ്ഠമായിട്ടുള്ളത്. പാഴ്‌വാക്കുകൾ പറയരുത്. ഇഷ്ടജനങ്ങളോടുകൂടി ഒപ്പം ഇരുന്നു ഭക്ഷണം കഴിക്കുക. സുഹൃത്തുക്കളുടെ മദ്ധ്യത്തിൽ കൂടുതൽ യോഗ്യനാണു താനെന്ന് പ്രൗഢിയെ കാണിക്കരുത്. ഇപ്രകാരം ജീവിക്കുന്ന രാജാവ് അഭിവൃദ്ധിയെ പ്രാപിക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "അങ്ങു പറയുന്നവിധം ഞാൻ ചെയ്യാം. ആവുന്നവിധം കരുതലോടെ, തെറ്റാതെ ജീവിക്കാം. ദേശകാലാനുസരണമായി ഭവാൻ പറയുന്ന മറ്റു കാര്യങ്ങളും ഞാൻ ചെയ്തു കൊള്ളാം!"

digitized by www.sreyas.in

6. വിദുരപ്രത്യാഗമനം – വൈശമ്പായനൻ പറഞ്ഞു: "വിദുരൻ പാണ്ഡവന്മാരുടെ ആശ്രമത്തിലേക്കു പോയപ്പോൾ മഹാബുദ്ധിമാനായ ധൃതരാഷ്ട്രൻ സന്തപിച്ചു. വിദുരൻ വിജ്ഞനാണ്; മഹാത്മാവാണ്. വിദുരന്റെ സന്ധിവിഗ്രഹാദിവിദ്യാജ്ഞാനങ്ങളും മറ്റും ചിന്തിച്ച് അദ്ദേഹത്തിന്റെ ഈ പോക്ക് പാണ്ഡവന്മാരുടെ ശ്രേയസ്സിന്നാണ് എന്നു ധൃതരാഷ്ട്രൻ വിചാരിച്ചു.

വിദുരൻ തന്നെ വിട്ടുപിരിഞ്ഞതിലുള്ള വ്യസനത്താൽ മോഹിതനായി, ധൃതരാഷ്ട്രൻ സഭാദ്വാരത്തിലെത്തി രാജാക്കന്മാർ കാൺകെ ബോധംകെട്ടു വീണു. വീണ്ടും ബോധം വന്നപ്പോൾ നിലത്തുനിന്നെഴുന്നേറ്റു സമീപത്തു നില്ക്കുന്ന സഞ്ജയനോടു പറഞ്ഞു. പശ്ചാത്താപത്തോടുകൂടി വിദുരസ്മൃതിയാൽ മോഹിതനായ രാജാവ്, ഭ്രാതാവിനോടുള്ള സ്നേഹംമൂലം, സഞ്ജയനോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ! സഞ്ജയ! നീ പോയി എന്റെ അനുജനായ വിദുരനെ കാണുക. ഞാൻ കോപിച്ച് അവനെ ആട്ടിയോടിച്ചു. അവൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്ന് അറിയുക. അവൻ എനിക്കു ലേശംപോലും അപ്രിയം മുമ്പു ചെയ്യാത്തവനാണ്. എന്റെ സഹോദരൻ ബുദ്ധിമാനും പണ്ഡിതനുമാണ്. ഞാൻ എന്റെ പ്രമാദംകൊണ്ട് അവന്ന് അപ്രിയം ചെയ്തു. അവനെ എനിക്ക് ഇപ്പോൾ കാണണം. അല്ലെങ്കിൽ ഞാൻ ഇപ്പോൾ എന്റെ ജീവനെ ഉപേക്ഷിക്കും! സഞ്ജയ ഞാൻ ഇപ്പോൾ ചാകും!"

വൈശമ്പായനൻ പറഞ്ഞു: "ആ രാജാവിന്റെ വാക്കിനെ ബഹുമാനിച്ച് സഞ്ജയൻ അങ്ങനെയാകട്ടെ എന്നു പറഞ്ഞ് വിദുരനെ കൊണ്ടുവരാമെന്നേറ്റ് കാമ്യകവനത്തിലേക്ക് ഓടി. ഏറെ വൈകാതെ പാണ്ഡുപുത്രന്മാരുള്ള കാട്ടിൽ പ്രവേശിച്ചു. അവിടെ മാൻതോലണിഞ്ഞ ധർമ്മപുത്രനെ കണ്ടു. വിദുരനോടും ബ്രാഹ്മണരോടും ഭ്രാതാക്കളോടും ചേർന്നിരിക്കുന്ന യുധിഷ്ഠിരനെ കണ്ടപ്പോൾ ഇന്ദ്രൻ ദേവകളോടുകൂടി മരുവുന്നതിന്റെ സ്മരണ സഞ്ജയന്റെ ഹൃദയത്തിലുണ്ടായി.

യുധിഷ്ഠിരന്റെ സമീപത്തു ചെന്ന് സഞ്ജയൻ ബഹുമാനപൂർവ്വം കരം കൂപ്പി. ഭീമാർജ്ജുനയമന്മാരും അപ്പോൾ സഞ്ജയനെ സ്വീകരിച്ചു ബഹുമാനിച്ചു. രാജാവു കുശലം ചോദിച്ചു. പീഠം നല്കി. സഞ്ജയൻ താൻ വന്നതിന്റെ കാരണം പറഞ്ഞു."

സഞ്ജയൻ പറഞ്ഞു: "അംബികാപുത്രനായ ധൃതരാഷ്ട്ര രാജാവ് ഭവാനെ സ്മരിക്കുന്നുണ്ട്. ഹേ, വിദുര! ഉടനെ രാജാവിനെപ്പോയികണ്ട് അദ്ദേഹത്തെ ജീവിപ്പിക്കുക. നരേന്ദ്രന്മാരായ പാണ്ഡവന്മാരുടെ അനുവാദം വാങ്ങിച്ച് ഹേ, മാനവശ്രേഷ്ഠ! ഭവാൻ രാജകല്പന അനുസരിച്ച് പുറപ്പെടുക."

വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റെ കല്പന കേട്ട് ബുദ്ധിമാനും സുജനപ്രിയനുമായ വിദുരൻ യുധിഷ്ഠിരന്റെ അനുവാദം വാങ്ങി ഹസ്തിനാപുരത്തേക്കു പോന്നു. രാജധാനിയിൽ എത്തിയ വിദുരനോട് ധൃതരാഷ്ട്രൻ പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എന്റെ ഭാഗ്യംകൊണ്ടു മാത്രമാണ് എന്നെയോർത്ത് നീ മടങ്ങിവന്നത്. രാവും പകലും ഞാൻ നീ കാരണമായി ഉറക്കമില്ലാതെ കിടക്കുന്നു. നീ പോയതിന്നുശേഷം കണ്ണിന്റെ പോളകൂട്ടുവാൻ എനിക്കു കഴിഞ്ഞിട്ടില്ല."

വൈശമ്പായനൻ പറഞ്ഞു: "അദ്ദേഹം വിദുരനെപ്പിടിച്ചു മടിയിലടുപ്പിച്ചിരുത്തി ശിരസ്സിൽ ഘ്രാണിച്ച് 'പകയില്ലാത്ത അനുജ, ഞാൻ പറഞ്ഞതൊക്കെ നീ ക്ഷമിക്കണം' എന്നു പറഞ്ഞു."

വിദുരൻ പറഞ്ഞു: "ചേട്ടാ, രാജാവേ! ഞാൻ പണ്ടേതന്നെ ഭവാനോടു ക്ഷമിച്ചിരിക്കുന്നു. ഭവാൻ എന്റെ ചേട്ടനാണല്ലോ. പ്രഭോ! അങ്ങയെക്കാണുന്നതിനുള്ള ആഗ്രഹംകൊണ്ടാണ് ഞാൻ ഉടനെ വന്നത്. ഹേ പുരുഷവ്യാഘ്ര! ധർമ്മചാരികളായ മാന്യന്മാർ ദീനന്മാരിൽ കനിയും. അതിൽ ഒട്ടും ശങ്കിക്കേണ്ടതില്ല രാജാവേ! പാണ്ഡുവിന്റെ മക്കളെപ്പോലെതന്നെയാണ് എനിക്ക് അങ്ങയുടെ പുത്രന്മാരും. അവർ ദീനന്മാരായി കാട്ടിൽ ജീവിക്കുന്നതോർത്ത് എന്റെ ഹൃദയം അവരിൽ കനിവുള്ളതായിത്തീർന്നിരിക്കുന്നു എന്നു മാത്രമേയുള്ളൂ."

വൈശമ്പായനൻ പറഞ്ഞു: "അന്യോന്യം അനുനയംചെയ്ത്, യോഗ്യരായ ആ ഭ്രാതാക്കൾ, ധൃതരാഷ്ട്രവിദുരന്മാർ, പരമമായ പ്രീതിയോടെ ഇരുന്നു."

7. വ്യാസാഗമനം – വൈശമ്പായനൻ പറഞ്ഞു: "വിദുരൻ വന്നതും രാജാവ് സാന്ത്വനം ചെയ്തതുമൊക്കെ അറിഞ്ഞ് ദുർബുദ്ധിയായ ദുര്യോധനൻ ദുഃഖത്തിലായി. ശകുനി, കർണ്ണൻ, ദുശ്ശാസനൻ എന്നിവരെ വരുത്തി, ബുദ്ധിമോഹത്താൽ വിമൂഢനായ അവൻ ആലോചന നടത്തി."

ദുര്യോധനൻ പറഞ്ഞു: "ധീമാനായ ധൃതരാഷ്ട്രന്റെ നാടുവിട്ടുപോയ മന്ത്രി വീണ്ടും വന്നു! വിദുരൻ പാണ്ഡവന്മാരുടെ മിത്രമാണ്. വിദ്വാനും ഹിതകാരിയുമാണ്. വിദുരൻ രാജാവിന്റെ ബുദ്ധി മാറ്റിമറിക്കും. പാണ്ഡവന്മാരെ അവൻ കൂട്ടിക്കൊണ്ടുവരുവാൻ ഏർപ്പാടുചെയ്യും. അതിന്നുമുമ്പ് നിങ്ങൾ എന്റെ കാര്യത്തിൽ മനസ്സുവെക്കണം. ഇനി പാണ്ഡവന്മാർ ഇവിടെ വന്നു കയറിയാൽ ഞാൻ ജലപാനംകൂടാതെ ഇവിടെ കിടക്കും. പട്ടിണികിടന്നു മെലിഞ്ഞ് ആശകെട്ടു ചാകും! അല്ലെങ്കിൽ വിഷം കുടിച്ചു ചാകും! അല്ലെങ്കിൽ കത്തിയെടുത്തു ഹൃദയം പിളർന്നു ചാകും. അല്ലെങ്കിൽ തീ ജ്വലിപ്പിച്ച് അതിൽ ചാടിച്ചാകും! അല്ലെങ്കിൽ കയറെടുത്തു കെട്ടിത്തൂങ്ങിമരിക്കും! പിന്നെ ഞാൻ ജീവിച്ചിരിക്കുകയില്ല. അവർ ശ്രേയസ്കരന്മാരായിരിക്കുന്നതു കണ്ട് ഒരു നിമിഷം ഞാൻ ജീവിക്കുകയില്ല. അതിന്ന് എനിക്ക് സാധിക്കയില്ല."

ശകുനി പറഞ്ഞു: "ഹേ രാജാവേ, ദുര്യോധന! നിനക്ക് എന്താണ് ഈ പൊട്ടപ്പോഴത്തം തോന്നുന്നത്? സത്യംചെയ്തു കാട്ടിലേക്കുപോയ പാണ്ഡവന്മാർ മടങ്ങിവരികയോ? അതുണ്ടാവില്ല! അവർ സത്യംതെറ്റി നടക്കാത്തവരാണ്. സത്യം ഒരിക്കലും അവർ തെറ്റിക്കയില്ല. അച്ഛൻ ആവശ്യപ്പെട്ടു വിളിച്ചാലും അവർ വാക്കുതെറ്റിച്ചു വരില്ല. ഒരുകാലത്തും അവർ സത്യം തെറ്റിക്കുന്നതല്ല. അതല്ല, വീണ്ടും അവർ പുരത്തേക്കു വരികയാണെങ്കിലോ, സത്യംവിട്ട അവർ വീണ്ടും പണയപ്പെട്ടുപോകും. നമ്മൾ മദ്ധ്യസ്ഥരായി കണ്ടു നിന്നാൽ മതി. ഒന്നും പറയുകയോ ചെയ്യുകയോ വേണ്ടാ. നിഗൂഢമായി പാണ്ഡവന്മാർക്ക് ഛിദ്രത്തിന്നുള്ള വഴി മാത്രം നോക്കിനിന്നാൽ മതി."

ദുശ്ശാസനൻ പറഞ്ഞു: "ഇപ്പറഞ്ഞതൊക്കെ ശരിയാണ്. അമ്മാവൻ പറഞ്ഞത് എനിക്ക് ബോധിച്ചു!"

കർണ്ണൻ പറഞ്ഞു: "ദുര്യോധന! വരുന്നതു വരട്ടെ. നിന്റെ അഭീഷ്ടം ഞങ്ങൾ കാത്തുരക്ഷിക്കും. നമ്മളൊക്കെ ഐകമത്യത്തോടെ നിന്നാൽ മതി. കാലം കഴിഞ്ഞല്ലാതെ അവർ മടങ്ങിവരില്ല. മടങ്ങിവന്നാൽ അപ്പോൾ ചൂതുകൊണ്ടു നീ അവരെ ജയിക്കുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കർണ്ണൻ പറഞ്ഞപ്പോൾ ദുര്യോധനൻ സന്തോഷിക്കാതെ മുഖംതിരിച്ചു. അതു കണ്ട് കർണ്ണൻ കണ്ണുരുട്ടി ചൊടിച്ച് ദുശ്ശാസനൻ, ശകുനി, ദുര്യോധനൻ എന്നീ മൂന്നു പേരോടുകൂടി വളരെ ക്രോധത്തോടെ എഴുന്നേറ്റു പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഹേ! നരേന്ദ്രന്മാരേ! നിങ്ങൾ ഇനി എന്റെ അഭിപ്രായം കേട്ടുകൊള്ളുവിൻ. നാമെല്ലാം രാജാവിന്റെ ദാസന്മാരാണ്. രാജപ്രിയം ചെയ്യേണ്ടതു നമ്മുടെ കടമയാണ്. എന്നാൽ എപ്പോഴും വേണ്ടപോലെ നമുക്കതു ചെയ്യാൻ കഴിയാറില്ല. പരതന്ത്രരായ നാം അവന്റെ ഇഷ്ടത്തിനു നില്ക്കണം. നാം ഉടനെ തേരിൽക്കയറി ശസ്ത്രങ്ങൾ എടുത്തു ചട്ടയുമിട്ട് കാട്ടിൽ താമസിക്കുന്ന പാണ്ഡവന്മാരെ കൊല്ലുവാൻ ഒന്നിച്ചിറങ്ങണം. അവരെയൊക്കെ കീഴടക്കി അറിയാത്ത നിലയിലായാൽ പിന്നെ ശല്യംതീർന്നു. ഇടിഞ്ഞ നിലയിൽ ഉഴലുന്ന ഈ അവസരത്തിൽ അവരെ കൊല്ലണമെന്നാണ് എന്റെ അഭിപ്രായം."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ അഭിപ്രായം കേട്ട് അവർ അവനെ വീണ്ടും വീണ്ടും ശ്ലാഘിച്ചു. 'ശരി! നല്ല അഭിപ്രായം!' എന്നെല്ലാവരും മറുപടി പറഞ്ഞു. ഇപ്രകാരം പറഞ്ഞ് ക്രുദ്ധരായി വെവ്വേറെ തേരിൽക്കയറി ഒന്നിച്ച് പാണ്ഡവന്മാരെ കൊല്ലുവാൻ ഇറങ്ങി. കൃഷ്ണദ്വൈപായനൻ അവരുടെ തള്ളിച്ചയോടുകൂടിയ പോക്കു കണ്ടു. ദിവ്യചക്ഷുസ്സുകൊണ്ട് എല്ലാം കണ്ടറിഞ്ഞ് ആ ശുദ്ധാത്മാവ് എഴുന്നള്ളി. വിശ്വപൂജിതനായ ഭഗവാൻ വ്യാസൻ അവരെ തടഞ്ഞുനിർത്തി. അനന്തരം പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രൻ വസിക്കുന്ന സ്ഥലത്തേക്കെത്തി, ധൃതരാഷ്ട്രനോടു പറഞ്ഞു."

8. വ്യാസവാക്യം – വ്യാസൻ പറഞ്ഞു: "മഹാപ്രാജ്ഞനായ ധൃതരാഷ്ട്ര! നീ എന്റെ വാക്കുകേൾക്കുക! കൗരവന്മാർക്കൊക്കെ ഹിതമായ നല്ല കാര്യം ഞാൻ നിന്നോടു പറയാം. പാണ്ഡവന്മാർ കാട്ടിൽപ്പോയത് എനിക്ക് ഇഷ്ടമായിട്ടില്ല. ദുര്യോധനാദികൾ ചതിച്ച് ചൂതിൽ തോല്പിച്ച് ഇപ്രകാരം അവരെ ക്ലേശിപ്പിച്ചു. അവർ ഈ ചതിതന്നെ ഓർത്തുപതിമൂന്നുവർഷം കഴിക്കും. ആ പതിമൂന്നാമത്തെ ആണ്ടു തികയുമ്പോൾ കഴിഞ്ഞ ദുഃഖങ്ങളെല്ലാം ഓർമ്മിച്ച് ഉഗ്രവിഷംപോലെ മാരകമായ ആയുധങ്ങൾ അവർ കുരുക്കളിൽ പ്രയോഗിക്കും. എന്നാൽ പാപിയായ നിന്റെ പുത്രൻ, മഹാവിഡ്ഢി, എന്താണു രാജ്യത്തിന്നു വേണ്ടി പാണ്ഡവരെ കൊല്ലുവാൻ ശ്രമിക്കുന്നത്? അവനെ നല്ലപോലെ തടുക്കുക. അവൻ മിണ്ടാതിരിക്കുകയാണു നല്ലത്. കാട്ടിൽപ്പോയ അവരെക്കൊല്ലാൻ കാട്ടിൽച്ചെന്നാൽ ആ വിഡ്ഢി പിന്നെ മടങ്ങിവരില്ല. വെറുതെ ചാകാനുള്ള പോക്കാണിത്.

വിദ്വാനായ വിദുരൻ, ഭീഷ്മൻ, കൃപൻ, ദ്രോണൻ, ഈയുള്ളവൻ ഇവരൊക്കെ എങ്ങനെയാണോ, അപ്രകാരംതന്നെയാണല്ലോ ഭവാനും. മഹാമതേ, സ്വജനങ്ങളുമായുള്ള വൈരം എത്ര ചീത്തയാണെന്ന് ഭവാൻ ഓർക്കുന്നുണ്ടോ? അത് അധർമ്മ്യവും, അയശസ്യവും ആണ്. ഭവാൻ അതു കൈക്കൊള്ളരുത്. ഇവനു പാണ്ഡവന്മാരിലുള്ള അസൂയ ഭവാൻ നിയന്ത്രിച്ചില്ലെങ്കിൽ വലിയ ആപത്തിലെത്തിക്കും. അല്ലെങ്കിൽ മന്ദബുദ്ധിയായ നിന്റെ പുത്രൻ പാണ്ഡവന്മാരോടുകൂടെ കാട്ടിൽ ജീവിക്കട്ടെ. ഒറ്റമനുഷ്യനും അവനു തുണപാടില്ല. അങ്ങനെയായാൽ പാർത്ഥർക്കു നിന്റെ പുത്രനോടു സംസർഗ്ഗജമായ സ്നേഹം ഉണ്ടായിവന്നെങ്കിൽ നീ മഹാഭാഗ്യവാനായി; കൃതകൃത്യനായി. അല്ലെങ്കിൽ ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ പ്രമാണം. അവനുണ്ടോ നന്നാവുന്നു! ദ്രോണനും, ഭീഷ്മനും, വിദുരനും, അങ്ങയ്ക്കും കാലം പോവുകയാണ്. വേണ്ട കാര്യം വൈകാതെ നടത്തുക."

9. സുരഭ്യുപാഖ്യാനം – ധൃതരാഷ്ട്രൻ പറഞ്ഞു: "മുനേ, എനിക്കു താല്പര്യംകൊണ്ടല്ല ചൂതുണ്ടായത്. വിധി എന്നെക്കൊണ്ട് അങ്ങനെ ചെയ്യിച്ചതാണ്. ഭീഷ്മനും 'ദ്രോണനും' വിദുരനും ഈ ചൂതു രസിച്ചിട്ടില്ല. ഗാന്ധാരിക്കും അതിൽ നീരസമാണ്. പിന്നെ ചൂതുമോഹംകൊണ്ട്, വിവരക്കേടുകൊണ്ട് നടന്നതാണ്. ബുദ്ധികെട്ട ദുര്യോധനനെ വിടുവാൻ എനിക്കു കഴിയുകയില്ല. കാര്യമൊക്കെ അറിയാമെങ്കിലും പുത്രസ്നേഹംകൊണ്ട് എനിക്ക് അവനെ ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല."

വ്യാസൻ പറഞ്ഞു: "വൈചിത്ര്യവീര്യരാജാവേ! ഭവാൻ പറഞ്ഞതു വാസ്തവമാണ്. പുത്രൻ ശ്രേഷ്ഠനാണ്. പുത്രനേക്കാൾ ശ്രേഷ്ഠനായി മറ്റൊന്നുമില്ലെന്ന് എനിക്കറിയാം. ഇന്ദ്രനെ കണ്ണുനീരിൽക്കുളിപ്പിച്ച സുരഭിയുടെ കണ്ണുനീർ, പുത്രനാണ് മറ്റെന്തിനേക്കാളും ശ്രേഷ്ഠമെന്ന് ഇന്ദ്രനെ പഠിപ്പിച്ചു. ഞാൻ ഭവാനു മഹത്തായ ആ കഥ പറഞ്ഞുതരാം. അതു ദേവേന്ദ്രനും സുരഭിയുംതമ്മിൽ പറഞ്ഞ വൃത്താന്തമാണ്. സ്വർഗ്ഗത്തിൽ വസിക്കുന്ന സുരഭി, ഗോക്കളുടെയെല്ലാം മാതാവാണ്. അവൾ കരഞ്ഞുപോലും. അപ്പോൾ ദേവേന്ദ്രന് അവളിൽ അലിവു തോന്നി."

ഇന്ദ്രൻ പറഞ്ഞു: "ഭദ്രേ! നീ എന്താണു കരയുന്നത്? ദേവന്മാർക്കൊക്കെ ക്ഷേമംതന്നെയല്ലേ? ഭൂലോകത്തിലും പാതാളത്തിലും അശുഭമായി ഒന്നും ഉണ്ടായിട്ടില്ലല്ലോ? കാരണമെന്താണ് ഭവതികരയുവാൻ?"

സുരഭി പറഞ്ഞു: "ഭവാൻ അധോഗതിയൊന്നും കാണുന്നില്ല. സുരാധിപ! മകനെപ്പറ്റി ദുഃഖിച്ചാണ് ഞാൻ കരയുന്നത്. നോക്കൂ ഇന്ദ്ര! കഴുത്തിൽ നുകംവെച്ചു കരി വലിച്ചു തളർന്ന എന്റെ പുത്രനെ നോക്കൂ! ക്ഷീണിച്ചു ബലംകെട്ടുപോയ അവനെ ക്ഷുദ്രനായ കൃഷിക്കാരൻ ചമ്മട്ടികൊണ്ട് അടിക്കുന്നതു നീ കാണുന്നില്ലേ? തളർന്ന് അവൻ തല്ലുകൊണ്ടു വീഴുന്നു സുരനായക! നീ നോക്കൂ, ഞാൻ കരൾ നൊന്തു വിഷമിക്കുന്നു! നീ കരുണയോടെ ഒന്നു നോക്കുക! നുകത്തിൽ കെട്ടിയ രണ്ടുപേരിൽ ബലമേറിയോൻ ഭാരം വളരെ വഹിക്കുന്നു. മറ്റേവൻ, ദുർബ്ബലനും ക്ഷീണിച്ചവനും ഞരമ്പു പിടച്ചവനുമാണ്. അവൻ ഞെരുങ്ങി ഭാരംവലിക്കുന്നു. അവന്റെ ദുഃഖം കണ്ടിട്ട് എനിക്ക് സഹിക്കുന്നില്ല. ഇന്ദ്ര! ചമ്മട്ടികൊണ്ടുള്ള പ്രഹരംകൊണ്ടും ഇടയ്ക്കിടയ്ക്കുള്ള കുത്തുകൊണ്ടും ആ ഭാരം വലിക്കുവാൻ വയ്യാത്തവനായി ദുഃഖിക്കുകയാണ് വാസവ! അവനെപ്പറ്റി ചിന്തിച്ചു ദുഃഖിക്കുകയാണ് ഞാൻ. ഇതാണ് കരുണയോടുകൂടെ എന്റെ കണ്ണിൽനിന്നു കണ്ണുനീർ ചാടുവാനുണ്ടായ കാരണം."

ശക്രൻ പറഞ്ഞു: "നിന്റെ അനേകശതം പുത്രന്മാർ ഇപ്രകാരം പീഡിപ്പിക്കപ്പെടുമ്പോൾ തല്ലേല്ക്കുന്ന ഈ ഒരു പുത്രനെപ്പറ്റി മാത്രം ദുഃഖിക്കുവാനും കനിയുവാനും എന്താണു കാരണം?"

സുരഭി പറഞ്ഞു: "ജീവിച്ചിരിക്കുന്ന പുത്രസഹസ്രങ്ങളിലെല്ലാം എനിക്കു മമതയുണ്ട്. ദീനനായ പുത്രനിൽ കൂടുതൽ ദയതോന്നുന്നു വാസവ!"

വ്യാസൻ പറഞ്ഞു: "കാമധേനുവിന്റെ ഈ വാക്യം കേട്ട്, ഇന്ദ്രൻ വിപുലമായ വിസ്മയത്തോടെ, ജീവനേക്കാൾ പുത്രൻ മേലേയാണെന്നു ചിന്തിച്ചു. ഉടനെ അവിടെത്തന്നെ ഉത്കടമായ മഴയുണ്ടാക്കി കൃഷിക്കാരനെ വിഷമിപ്പിച്ചു. പാകശാസനനായ ഇന്ദ്രൻ മഴ വർഷിക്കുവാൻ തുടങ്ങിയപ്പോൾ കൃഷിക്കാരൻ സഹിക്കവയ്യാത്ത കാറ്റും മഴയും ഏറ്റ്, അതിൽനിന്നു രക്ഷപ്പെടാൻ, കാളയെ നുകത്തിൽനിന്നഴിച്ചു വീട്ടിലേക്കു കൊണ്ടുപോയി."

കാമധേനു പറഞ്ഞപോലെ മക്കളൊക്കെ സമന്മാരാണെങ്കിലും, രാജാവേ, ദീനന്മാരിൽ കൂടുതൽ കനിവുണ്ടാകും. എനിക്കു നീ പുത്രനാണ്; പാണ്ഡുവിനെപ്പോലെതന്നെ! വിദ്വാനായ വിദുരനും അപ്രകാരംതന്നെയാണ്. സ്നേഹംകൊണ്ട് ഞാൻ ഇതു നിന്നോടുപറഞ്ഞു. നിനക്കു വളരെ സന്താനങ്ങളുണ്ട്! നൂറ്റൊന്നുപേരുണ്ട്! അഞ്ചു മക്കളേ പാണ്ഡുവിന്നുള്ളു! അവർ സാധുക്കളും ദുഃഖിതരുമാണ്. അവർ എങ്ങനെ ജീവിക്കുന്നു? അവർ ഈ നിലയിൽ വർദ്ധിക്കുന്നത് എങ്ങനെ? ഇങ്ങനെ ദുഃഖിതരായ പാണ്ഡവരെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു. കൗരവന്മാർ ജീവനോടെ വാഴുവാൻ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിന്റെ മകനായ ദുര്യോധനൻ പാണ്ഡവന്മാരുമായി ക്രോധം വെടിഞ്ഞ് ശമം ഏല്ക്കട്ടെ! തമ്മിൽ സ്നേഹത്തോടും, വിട്ടുവീഴ്ചയോടും കൂടി ശാന്തിയെ പ്രാപിക്കുവാൻ ആശിക്കട്ടെ!"

10. മൈത്രേയശാപം – ധൃതരാഷ്ട്രൻ പറഞ്ഞു: "മഹാപ്രാജ്ഞ! ഭവാൻ പറഞ്ഞതു ശരിയാണ്. എനിക്കും ഈ രാജാക്കന്മാർക്കുമൊക്കെ അതറിയാം. കുരുക്കളുടെ അഭിവൃദ്ധിക്കുവേണ്ടി ഭവാൻ ചിന്തിക്കുന്നുണ്ടെന്നുള്ളത് ഞങ്ങളൊക്കെ അറിയുന്നുണ്ട്. എന്നോട് വിദുരനും ഭീഷ്മനും ദ്രോണനും ഒക്കെ ഉപദേശിച്ചു. ഞാൻ അനുഗ്രാഹ്യനാണെങ്കിൽ അങ്ങ് കൗരവന്മാരിൽ കൃപ കാണിക്കുക. എന്റെ കുരുത്തംകെട്ട പുത്രനായ ദുര്യോധനനെ ഭവാൻ അനുശാസിക്കുക."

വ്യാസൻ പറഞ്ഞു: "ഇതാ വരുന്നു മൈത്രേയമുനി. പാണ്ഡവഭ്രാതാക്കളെ കണ്ടതിനുശേഷം നമ്മെ കാണുവാൻ

digitized by www.sreyas.in

വരുന്നതാണ്. ഈ മഹർഷി നിന്റെ പുത്രനായ ദുര്യോധനനെ ന്യായംപോലെ, ഈ കുലത്തിന്റെ രക്ഷയോർത്ത് അനുശാസിക്കും. ഇദ്ദേഹം പറയുന്നതെന്തോ അത് ഭവാൻ ശങ്കവിട്ടു ചെയ്യണം. ഉപദേശം അനുസരിച്ചില്ലെങ്കിൽ അദ്ദേഹം നിന്റെ പുത്രനെ ശപിക്കും."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് വ്യാസൻ പോയി. മൈത്രേയൻ വന്നടുത്തു. പുത്രനോടുകൂടെ രാജാവ് മഹർഷിയെ സല്ക്കാരപൂർവ്വം വന്ദിച്ചു. അർഘ്യാദികളായ ക്രിയകളാൽ വിശ്രാന്തനായ ആ മുനിയോടു ധൃതരാഷ്ട്രൻ വിനയപൂർവ്വം പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഭഗവാനേ! ഭവാൻ കുരുജാംഗലത്തിൽ നിന്നു സുഖമായിട്ടല്ലേ വരുന്നത്? വീരഭ്രാതാക്കളായ പാണ്ഡവന്മാർക്കും സുഖംതന്നെയല്ലേ? അവർ സത്യം പാലിക്കുവാൻ നിശ്ചയിച്ചല്ലേ നില്ക്കുന്നത്? കുരുക്കളുടെ സൗഭ്രാത്രം തകർന്നിട്ടില്ലല്ലോ?"

മൈത്രേയൻ പറഞ്ഞു: "ഞാൻ തീർത്ഥയാത്ര ചെയ്തു ചുറ്റുമ്പോൾ കുരുജാംഗലത്തിലെത്തി. ദൈവഗത്യാ കാമ്യകവനത്തിൽവച്ച് യുധിഷ്ഠിരനെ കണ്ടു. ജടയും മാൻതോലും ചാർത്തി തപോവന നിവാസിയായിരിക്കുന്ന ആ പുണ്യപുരുഷനെക്കാണുവാൻ അനേകം മഹർഷിമാർ ചെന്നു. അവിടെ വെച്ചാണ് രാജാവേ, നിന്റെ മക്കളുടെ ദുഷ്പ്രവൃത്തികളെക്കുറിച്ചു ഞാൻ കേട്ടത്. ദുർന്നയം ദ്യൂതരൂപത്തിൽ വന്നുചേർന്നു! അതിൽനിന്നു വലിയ ആപത്തു വന്നുകൂടി! അതുകൊണ്ട് ഞാൻ നിന്റെ മുമ്പിലേക്കു വന്നതാണ്. കൗരവന്മാരുടെ ഹിതത്തിന്നുവേണ്ടി ഞാൻ ഇവിടെ വന്നതാണ്. എനിക്കു ഭവാനിൽ അധികമായ പ്രീതിയും സ്നേഹവുമുണ്ട്. അങ്ങയും ഭീഷ്മനും ജീവിച്ചിരിക്കുമ്പോൾ മക്കൾ പരസ്പരം വൈരം വെച്ചുപോറ്റുന്നതു ശരിയല്ല. ഒക്കാത്ത കാര്യമാണത്. അതു നിങ്ങൾക്കു ഭൂഷണമല്ല. ശിക്ഷിക്കയും ശാസിക്കയും ചെയ്യേണ്ട ഭവാൻ എല്ലാം കണ്ടുതുണുപോലെ, ഈ ഘോരദുർന്നയങ്ങളൊക്കെ കണ്ടുനില്ക്കുവാൻ എന്താണു കാരണം? കാളകളെ ബന്ധിക്കുന്ന കുറ്റിപോലെയാണ് അങ്ങ്. എല്ലാം അങ്ങയെ ആശ്രയിച്ചിരിക്കുന്നു. എന്തുകൊണ്ട് ഉപേക്ഷകാണിച്ചു? സഭയിൽ കാണിച്ച കർമ്മം കള്ളന്മാർക്കു ചേർന്നതാണ്. കുരുനന്ദന! അതുകൊണ്ട് മുനിമാർക്കു നിന്നെക്കുറിച്ചു നല്ല അഭിപ്രായമില്ല."

- വൈശമ്പായനൻ പറഞ്ഞു: "കോപിച്ച്, പിന്നെ അടുത്തു നില്ക്കുന്ന ദുര്യോധനന്റെ നേരെ തിരിഞ്ഞ് ഭഗവാൻ മൈത്രേയ മഹർഷി സൗമ്യമായി പറഞ്ഞു."

മൈത്രേയൻ പറഞ്ഞു: "മഹാബാഹോ! ദുര്യോധന! ഞാൻ പറയുന്നതു നീ കേൾക്കണം. മഹാഭാഗ, നിനക്ക് ഏറ്റവും ഹിതമായിട്ടുള്ളതാണു ഞാൻ പറയുന്നത്. നീ പാണ്ഡവരെ ദ്രോഹിക്കരുത്. തനിക്കും പാണ്ഡവർക്കും കുരുക്കൾക്കും ലോകത്തിനും രാജാവേ, നീ ഹിതം ചെയ്യുക. ആ നരവ്യാഘ്രർ എല്ലാവരും ശൂരരും വിക്രാന്തരും പതിനായിരം ആനകളുടെ ശക്തിയുള്ളവരുമാണ്. വജ്രംപോലെ കടുത്ത ശക്തിയുള്ളവരും സത്യവ്രതന്മാരും പൗരുഷമുള്ളവരുമാണ്. അവർ ദേവവൈരികളും കാമരൂപന്മാരുമായ രാക്ഷസന്മാരെ കൊല്ലുന്നവരുമാണ്. ഹിഡിംബൻ, ബകൻ, കിർമ്മീരൻ മുതലായ രാക്ഷസവീരന്മാരെ അവർ കൊലചെയ്തവരാണ്. ആ യോഗ്യന്മാർ പോകുമ്പോൾ നദിയെ മലയെന്നപോലെ തടഞ്ഞുനിന്ന കിർമ്മീരനെ യുദ്ധക്കൊതിയനും ബലിഷ്ഠനുമായ ഭീമൻ ബലമായി അടിച്ചുകൊന്നു. പുലി, ഒരു കൊച്ചുമാനിനെ കൊല്ലുന്നപോലെ കൊന്നുകളഞ്ഞു! പതിനായിരം ആനയുടെ ശക്തിയുള്ളവനും ഭയങ്കരനും മഹാശക്തനുമായ ജരാസന്ധരാജാവിനെ ഭീമൻ ദിക്വിജയത്തിൽ വീഴ്ത്തിയില്ലേ? അവരുടെ ബന്ധു വാസുദേവനാണ്. അവർക്ക് തുല്യരായി പോരിൽ ആരുണ്ട് ജരാമരണമുള്ള മനുഷ്യരിൽ? ഹേ ഭരതർഷഭ! നീ അവരോട് ഇടയരുത്. നിനക്കു ശമമാണു നല്ലത്. നീ ശമിക്കുക! അടങ്ങുക! നീ എന്റെ വാക്കു കേൾക്കൂ! കോപത്തിനു നീ കീഴടങ്ങരുത്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മൈത്രേയമുനി പറയുന്ന സമയത്ത് ദുര്യോധനൻ തുമ്പിക്കൈയൊത്ത തന്റെ തുടയിൽ കൈകൊണ്ടു താളംപിടിച്ച്, ചിരിച്ച്, കാലുകൊണ്ടു മണ്ണിൽ വരച്ച്, തലകുനിച്ച്, ഒന്നും മിണ്ടാതെ ആ ദുർബ്ബുദ്ധി നിന്നു. താൻ പറയുന്നതു കേൾക്കാതെ, നിലത്തു കാൽകൊണ്ടു വരച്ചു നില്ക്കുന്ന ദുര്യോധനനെ കണ്ട് മൈത്രേയന്ന് അതിയായ കോപമുണ്ടായി. അവന്റെ അവഗണന മുനിക്കു പിടിച്ചില്ല. മുനിസത്തമനായ മൈത്രേയൻ, കോപംകലർന്ന് ദൈവവിധിയെന്നു പറയട്ടെ, അവനെ ശപിക്കാൻ ഒരുങ്ങി. ഉടനെ ആചമനംചെയ്ത്, കോപംകൊണ്ടു കലങ്ങിച്ചുവന്ന നേത്രത്തോടെ, മഹർഷി ദുഷ്ടനായ ദുര്യോധനനെ ശപിച്ചു."

മൈത്രേയൻ പറഞ്ഞു: "എടാ ദുര്യോധന, ദുർബ്ബുദ്ധേ! നീ എന്നോട് ഒന്നും മിണ്ടാതെ എന്നെ അനാദരിച്ചു. ഈ ദുരഭിമാനത്തിനു തക്ക ഫലം നിനക്കു ഉടനെ ലഭിക്കും. നിന്റെ ദ്രോഹം മൂലം ഘോരമായ യുദ്ധം ഇവിടെ ഉണ്ടാകും. അതിൽ ഭീമൻ ഗദയെടുത്തു നിന്റെ ആ തുട തല്ലിയൊടിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ ഉടനെ ധൃതരാഷ്ട്രരാജാവ് 'അങ്ങനെ വരല്ലേ! അങ്ങനെ വരല്ലേ! അനുഗ്രഹിക്കണേ!' എന്നു പറഞ്ഞ് യോഗിയെ പ്രസാദിപ്പിച്ചു."

മൈത്രേയൻ പറഞ്ഞു: "ഹേ രാജാവേ, നീ വ്യസനിക്കേണ്ട! നിന്റെ പുത്രൻ പാണ്ഡവരുമായി ശമം സ്വീകരിക്കുകയാണെങ്കിൽ എന്റെ ശാപം ഫലിക്കുന്നതല്ല. നേരെ വിപരീതമായി നിന്നാൽ ശാപം ഫലിക്കാതിരിക്കയില്ല."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനന്റെ പിതാവായ ധൃതരാഷ്ട്രൻ ഭീമന്റെ ശക്തിയറിയാൻവേണ്ടി മൈത്രേയനോടു ചോദിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എങ്ങനെയാണ് ഭീമൻ കിർമ്മീരനെ കൊന്നത്?"

മൈത്രേയൻ പറഞ്ഞു: "ഞാൻ ഇനി നിന്നോടൊന്നും പറയുന്നില്ല. പറഞ്ഞാൽ നിന്റെ മകനൊട്ടു കേൾക്കുകയുമില്ല. ഞാൻ പോവുകയാണ്! ഞാൻ പോയതിന്നുശേഷം എല്ലാം വിദുരൻ പറയും."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞു മൈത്രേയൻ ഇറങ്ങി, വന്നപാടുതന്നെ പോവുകയും ചെയ്തു. കിർമ്മീരനെ ഭീമൻ വധിച്ചു എന്നു കേട്ട് മനഃക്ലേശത്തോടെ ദുര്യോധനനും പോയി."

കിർമ്മീരവധപർവ്വം

11. വിദുരവാക്യം – ഭീമസേനൻ കിർമ്മീരനെ കൊന്ന കഥ

– ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, വിദുര! കിർമ്മീരനെ എങ്ങനെയാണ് ഭീമൻ വധിച്ചതെന്നു കേൾക്കുവാൻ എനിക്കു മോഹമുണ്ട്. രക്ഷസ്സോടു ഭീമൻ എങ്ങനെ ഏറ്റുപൊരുതി എന്നതു പറയുക!"

വിദുരൻ പറഞ്ഞു: "അമാനുഷകർമ്മാവായ ഭീമന്റെ കർമ്മം കേൾക്കണമെങ്കിൽ പറയാം. ഞാൻ പലപ്രാവശ്യവും പാണ്ഡവന്മാർ പറഞ്ഞുകേട്ടിട്ടുള്ളതാണ്.

ചൂതിൽ തോറ്റ് ഇവിടംവിട്ടുപോയ പാണ്ഡവന്മാർ മൂന്നു രാപകൽകൊണ്ടു കാമ്യകാരണ്യത്തിലെത്തി. കടുത്ത രാത്രിയിൽ പാതിരാത്രി ചെന്നപ്പോൾ ഘോരകർമ്മാക്കളും, മനുഷ്യരെ തിന്നുന്നവരുമായ രാത്രിഞ്ചരന്മാർ സഞ്ചരിക്കുവാൻ തുടങ്ങുമ്പോൾ ആ കാട്ടിൽനിന്നു മുനിമാരും, ഇടയന്മാരും ആ സ്ഥലം വിട്ട്, ആ മനുഷ്യത്തീനികളെ ഭയപ്പെട്ട് ഒഴിഞ്ഞുപോകും. അത്ര ഭീകരമാണ് ആ വനപ്രദേശം. ആ പ്രദേശത്തുകൂടി പാണ്ഡവന്മാർ ചെന്നപ്പോൾ അവിടെ വഴിമുട്ടിച്ചു ജ്വലിക്കുന്ന കണ്ണുരുട്ടി പന്തവും കൈയിലെടുത്ത് ഒരു രാക്ഷസൻ നില്ക്കുന്നതായി ക്കണ്ടു. അവൻ കൈകൾ നീട്ടിപ്പരത്തി വായ്തുറന്നു ഭീഷണ

digitized by www.sreyas.in

നായി പാണ്ഡവന്മാരുടെ വഴി തടഞ്ഞുമുട്ടിനിന്നു. എട്ടു ദംഷ്ട്രകളുംകാട്ടി രക്താക്ഷനായി, ദീപ്തമായ ഊർദ്ധ്വകേശത്തോടെ, സൂര്യാംശുമിന്നുന്ന വെള്ളിരേഖയുള്ള കാർമേഘംപോലെ രാക്ഷസമായകൾ സൃഷ്ടിച്ച് രൂക്ഷവും ഉത്കടവുമായ ശബ്ദമുണ്ടാക്കി, പലമട്ട് ഇടിവെട്ടുന്ന, തീയേന്തുന്ന കാർമേഘംപോലെ അവൻ അലറി. അവന്റെ ശബ്ദം കേട്ടു പലതരം സ്ഥലജലപക്ഷികൾ ഭയപ്പെട്ട് ആകാശത്ത് അങ്ങുമിങ്ങും പറന്നു. പുലികളും, മാനുകളും, പോത്തും, കരടിയും ചാടി ഓടിപ്പോകുമ്പോൾ അവന്റെ നാദംകൊണ്ട് ആ കാടാകെ ഇളകിയപോലെയായി. അങ്ങുമിങ്ങും പായുന്ന അവന്റെ തുടയുടെ ചലനംകൊണ്ടുള്ള കറ്റേറ്റ് ഇളന്തളിർ മരത്തെചുറ്റിനില്ക്കുന്ന ലതകൾ ഭയപ്പെട്ടപോലെ വൃക്ഷങ്ങളെ ആണ്ടുപുല്കി. അപ്പോൾ ഘോരമായ കാറ്റുണ്ടായി; ധൂളിപറന്ന് ആകാശം മൂടി. ഇങ്ങനെ പഞ്ചപാണ്ഡവന്മാരുടെ മുമ്പിൽ അജ്ഞാതനായ ഒരു ശത്രു, പഞ്ചേന്ദ്രിയങ്ങളോടേല്ക്കുന്ന മഹാശോകം എന്നപോലെ ഏറ്റവും വലിയ ശത്രു വന്നുപെട്ടു.

ആ രാക്ഷസൻ, കറുത്ത മാൻതോലുടുത്തു വരുന്ന പാണ്ഡുപുത്രന്മാരെക്കണ്ട് മൈനാകപർവ്വതമെന്നപോലെ ആ വഴിയടച്ചു നിന്നു. ദുശ്ശാസനൻ ചുറ്റിയിഴച്ച് അഴിഞ്ഞുലഞ്ഞുകിടക്കുന്ന മുടിയോടുകൂടിയ ദ്രൗപദി ഈ ഭയങ്കര കാഴ്ചകണ്ടു പേടിച്ച് കണ്ണുചിമ്മി, അഞ്ചുകുന്നുകളുടെ നടുവിൽ നില്ക്കുന്ന നദിപോലെ കുഴങ്ങി. വിഷയാസക്തമായ ഇന്ദ്രിയങ്ങൾ രതിയെ താങ്ങുന്നപോലെ, ബോധഹീനയായി, മോഹാലസ്യപ്പെട്ട അവളെ അഞ്ചുപേരുംകൂടി താങ്ങി! ഘോരമായ ഈ കാഴ്ച കാട്ടിയ രാക്ഷസമായയെ ധൗമ്യൻ രക്ഷോഘ്നമായ വിവിധമന്ത്രപ്രയോഗബലത്താൽ, പാണ്ഡവന്മാർ നോക്കിനില്ക്കെത്തന്നെ നശിപ്പിച്ചു. മായ പോയപ്പോൾ അതിബലനായ അവൻ ക്രോധംകൊണ്ടു കണ്ണുരുട്ടി. കാമരൂപനും ക്രൂരനുമായ അവൻ കാലനെപ്പോലെ പാഞ്ഞുവന്നു. അവനോട് ദീർഘപ്രജ്ഞനായ യുധിഷ്ഠിരൻ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "അങ്ങ് ആരാണ്? ആരുടെയാളാണ്? എന്താണു കാര്യം? എന്താണ് ഭവാന്റെ ഉദ്ദേശം?"

രാക്ഷസൻ പറഞ്ഞു: "ഞാൻ ബകന്റെ അനുജനായ കിർമ്മീരനാണ്. പ്രസിദ്ധനായ എന്നെ അറിയാത്തവരാരുണ്ട്? ഞാൻ സസുഖം കാമ്യകവനത്തിൽ ജീവിക്കുന്നു. എന്റെ ഭക്ഷണം നരമാംസമാണ്. പോരിൽ തോല്പിച്ച മനുഷ്യരെക്കൊണ്ടാണ് എന്റെ ആഹാരം. ഇന്ന് എന്റെ ആഹാരത്തിനു വന്നുചേർന്ന നിങ്ങൾ ആരാണ്? നിങ്ങളെ ഞാൻ പോരിൽ ജയിച്ചു തിന്നുകൊള്ളാം."

വിദുരൻ പറഞ്ഞു: "ആ ദുഷ്ടൻ പറഞ്ഞ വാക്കുകേട്ട് യുധിഷ്ഠിരൻ തന്റെ ഗോത്രനാമാദികൾ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മരാജാവായ പാണ്ഡവനാണ് ഞാൻ. ഭവാനും ഒരുപക്ഷേ, എന്നെ കേട്ടിരിക്കാം. ഭീമാർജ്ജുനാദിസകല ഭ്രാതാക്കളോടുംകൂടി ഞാൻ, നാടുപോയതുമൂലം വനവാസത്തിന്നുവേണ്ടി, നീ അടക്കിവസിക്കുന്ന ഈ ഭീകരവനത്തിൽ വന്നതാണ്."

വിദുരൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ കിർമ്മീരൻ അവനോടു പറഞ്ഞു."

കിർമ്മീരൻ പറഞ്ഞു: "ശരി, വളരെ നന്നായി! വളരെക്കാലമായി ഞാൻ വിചാരിച്ചിരുന്ന ഒരാഗ്രഹം പ്രയത്നംകൂടാതെ വന്നുചേർന്നു. ഭീമസേനനെ കൊല്ലണമെന്നു വിചാരിച്ചു ഞാൻ ആയുധമേന്തി നടന്നിട്ടും അവനെ കണ്ടുകിട്ടുകയുണ്ടായില്ല. ഞാൻ ഭൂമിയൊക്കെ ചുറ്റിനടന്ന് അന്വേഷിച്ചു. ഭാഗ്യത്താൽ ഇപ്പോൾ എന്റെ മുമ്പിൽ വന്നെത്തി. എന്റെ ഭ്രാതാവിനെ കൊന്ന അവനെ എന്റെ കൈയിൽ കിട്ടി. ഇവനെന്റെ ഇഷ്ടജ്യേഷ്ഠനെ കൊന്ന പുള്ളിയാണ്. 'വേത്രകീയവന' ത്തിൽ ബ്രാഹ്മണവേഷം ധരിച്ചു വന്നിട്ടാണ് കൊന്നത്. വിദ്യാബലംകൊണ്ടാണ് അത് അവന്നു സാധിച്ചത്. കൈയൂക്കുകൊണ്ടല്ല. എന്റെ ഇഷ്ടസഖാവായ ഹിഡിംബനെ കൊന്ന് ഈ ദുഷ്ടൻ അവന്റെ സഹോദരിയേയും അപഹരിച്ചു. ആ മൂഢൻ ഇന്നെന്റെ കൊടുങ്കാട്ടിൽ വന്നുചേർന്നു. ഞങ്ങൾക്കവകാശപ്പെട്ട സഞ്ചാരകാലമായ അർദ്ധരാത്രിയിൽ എന്റെ കൈയിലകപ്പെട്ടു. ഏറെക്കാലം ആ പകവീട്ടുന്നതിന്നു കാത്തിരുന്ന ഞാൻ ഇവന്റെ രക്തംകൊണ്ട് ബകന്നു തർപ്പണംചെയ്യുന്നതാണ്. എന്റെ ജ്യേഷ്ഠനും എന്റെ സഖാവിനും ഞാൻ ചെയ്യേണ്ട കടമ ഇന്നു ഞാൻ നിർവ്വഹിക്കും. ഈ രാക്ഷസദ്രോഹിയെക്കൊന്ന് പരമമായ ശാന്തിയെ ഞാൻ പ്രാപിക്കും. അന്ന് ആ ബകൻ ഭീമനെ വിട്ടയച്ചെങ്കിലും, ഇന്ന് ഞാൻ നിന്റെ കൺമുമ്പിൽവെച്ച് ഇവനെ തിന്നുകളയും. യുധിഷ്ഠിര! അഗസ്ത്യൻ മഹാശക്തനായ വാതാപിയെന്ന അസുരനെ തിന്നു ദഹിപ്പിച്ചതുപോലെ ഈ ഭീമനെ ഞാനിന്നു തിന്നും."

വിദുരൻ പറഞ്ഞു: "ഇതു കേട്ട് ധർമ്മാത്മാവായ യുധിഷ്ഠിരൻ 'അതിന്നു നിനക്കു കഴിയുകയില്ല' എന്ന് അധിക്ഷേപിച്ചു പറഞ്ഞു.

ഉടനെ ഭീമസേനൻ ഒരു വലിയ മരം പറിച്ചെടുത്ത് പത്തുമാറ് ഉയരമുള്ള ആ മരത്തിന്റെ ഇലയെല്ലാം ഊരി. വജ്രംപോലെ ശക്തമായ ഗാണ്ഡീവം കണ്ണടച്ചുതുറക്കുന്നതിന്നുമുമ്പുതന്നെ കുലയേറ്റി അർജ്ജുനനും നിന്നു.

ഭീമൻ അർജ്ജുനനെ മാറ്റി ഭീമനാദം മുഴക്കുന്ന രാക്ഷസനുമായി നേരിട്ടടുത്തു. ഉച്ചത്തിൽ, നിൽക്കൂ! നിൽക്കൂ! എന്ന് അലറി, ഭീമൻ തന്റെ വസ്ത്രം മുറക്കിയുടുത്തു. കൈകൊണ്ട് കൈഞെരിച്ചു ശക്തനായ അവൻ ചുണ്ടുകടിച്ച് വൃക്ഷമാകുന്ന ആയുധത്തോടുകൂടി രാക്ഷസന്റെനേരെ പാഞ്ഞു. യമദണ്ഡംപോലെയുള്ള ആ ഊക്കൻവൃക്ഷംകൊണ്ട് ആ രാക്ഷസന്റെ തലയിൽ അടിച്ചു. ശക്രൻ വജ്രം പതിപ്പിക്കുന്നവിധം അടിച്ചു. എന്നാൽ രാക്ഷസന്ന് യാതൊരു കൂസലുമുണ്ടായില്ല! അവൻ യാതൊരു സംഭ്രമവുംകൂടാതെ കത്തുന്ന തീക്കൊള്ളിയെടുത്ത് ഇടിത്തീയെന്നപോലെ ഭീമന്റെനേർക്കെറിഞ്ഞു. ചീറിയെത്തുന്ന തീക്കൊള്ളി, പോരിൽ വീരനായ വൃകോദരൻ ഇടങ്കാൽകൊണ്ടു തട്ടി. രാക്ഷസന്റെ അടുത്തേക്കു പാഞ്ഞുചെന്ന് മരം പറിച്ചെടുത്ത് രക്ഷസ്സും നല്ലപോലെ ഭീമനോട് എതിർത്തു. ദണ്ഡപാണിയെപ്പോലെ അത്യുച്ചണ്ഡനായി രാക്ഷസൻ രോഷത്തോടെ ഘോരമായി പോരാടി വൃക്ഷംകൊണ്ട് ഒരു യുദ്ധം നടന്നു. ഒരേ പെണ്ണിന്നു വേണ്ടി ബാലി-സുഗ്രീവ ഭ്രാതാക്കൾ പണ്ടു ചെയ്ത യുദ്ധംപോലെ ഘോരമായി, വൃക്ഷങ്ങൾ വളരെ പറിച്ച് അടിച്ചു തകർത്തു. ആനയുടെ മസ്തകത്തിൽ അടിച്ചു തകർന്ന താമരപോലെ പല വൃക്ഷങ്ങളും, മേഖലപ്പുല്ലുപോലെ ചതഞ്ഞുപോയി. ചതഞ്ഞമരങ്ങൾ കാട്ടിൽ പഴന്തുണിപോലെ പറന്നു. അങ്ങനെ ആ വൃക്ഷയുദ്ധം മുഹൂർത്തസമയം നടന്നു. ആ രാക്ഷസമുഖ്യനും, നരമുഖ്യനും തമ്മിൽ സമമായി യുദ്ധംചെയ്തു. ഭയങ്കരമായി പോരാടുന്ന രാക്ഷസൻ, ഭയങ്കരമായ ഒരു പാറ പൊക്കി ഭീമനെ ശക്തിയായി പ്രഹരിച്ചു. എന്നാലും ഭീമൻ ഇളകിയില്ല. പിന്നെ അവൻ കൈപിരിച്ച്, രാഹു സൂര്യന്റെനേർക്കെന്നവിധം പാഞ്ഞുചെന്നു. അവർ തമ്മിൽ പിടികൂടി തമ്മിലിഴച്ചു. ഭയങ്കരാകാരന്മാരായ രണ്ടു കാളക്കൂറ്റന്മാർ എന്നപോലെ പോരാടി. ഭയങ്കരമായി ബഹളമായ യുദ്ധം നടന്നു. മദമേന്തിയ വ്യാഘ്രങ്ങൾപോലെ നഖദംഷ്ട്രങ്ങളാൽ പരസ്പരം പോരാടി.

ദുര്യോധനച്ചതിയോർത്തും, കൈയൂക്കുകൊണ്ടും, കൃഷ്ണാകടാക്ഷത്താലും വൃകോദരന്റെ ശൗര്യം വളരെ വർദ്ധിച്ചു. അടുത്തുകൂടി കൈകൊണ്ടു പിടിച്ച് കുംഭം പൊട്ടി മദംചാടുന്ന ഗജത്തെ, ഗജം എന്നപോലെ ഭീമൻ അവനെ പിടികൂടി. അവനും ഭീമനെ പിടിച്ചു. മഹോജ്ജ്വലനായ ഭീമൻ അവനെ മുറുകെപ്പിടിച്ചു കുടഞ്ഞു. ശക്തരായ അവർതമ്മിൽ അടിക്കുന്ന ശബ്ദം മുള തിക്കിപ്പൊളിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലെ ഭയങ്കരമായി പുറപ്പെട്ടു. ഉടനെ ഭീമൻ അവനെ അരക്കെട്ടിൽ പിടികൂടി. കൊടുങ്കാറ്റ് മരത്തെയെന്നപോലെ പിടിച്ചുലച്ചു. ശക്തനായ ഭീമൻ പിടിക്കുകയാൽ ശക്തികെട്ട രാക്ഷസൻ പാണ്ഡുപുത്രനെ ആവുന്നവിധം കുടഞ്ഞുനോക്കി. അവൻ തളർന്നുപോയെ

digitized by www.sreyas.in

ന്നറിഞ്ഞപ്പോൾ വൃകോദരൻ അവനെ പശുവിനെയെന്നപോലെ തന്റെ കൈകൊണ്ടു പിടിച്ചു പൂട്ടിനിറുത്തി, ഭേരി പൊട്ടുംപോലെ ഒച്ചയിട്ടാർക്കുന്ന അവനെപ്പിടിച്ചു. പിടയുമ്പോൾത്തന്നെ പല വട്ടം വീശി. ബോധം കെടുന്നതുവരെ പിടിച്ചു വീശി. രാക്ഷസൻ വിഷണ്ണനായി എന്നറിഞ്ഞപ്പോൾ ഭീമൻ അവനെ കഴുത്തിൽപ്പിടിച്ചു ഞെക്കി, മൃഗത്തെ കൊല്ലുന്നതുപോലെ ഞെരിച്ചു. അവന്റെ അരക്കെട്ടിൽ ഭീമൻ മുട്ടുകുത്തി കണ്ഠത്തിൽ ഞെക്കി. കൺപോള കാണാത്തവിധം രാക്ഷസന്റെ കണ്ണു തുറിച്ചു ദേഹം ഞെരിച്ചു നിലത്തിട്ടുരുട്ടി, അവനോടു പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "ഹിഡിംബന്നും, ബകന്നും കണ്ണുനീരുതുടയ്ക്കുവാൻ ദുഷ്ടാ, നീ ശക്തനാവില്ല; എന്തെന്നാൽ നീ കാലപുരിക്കുപോകയായി."

വിദുരൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ഭീമൻ ക്രോധത്തോടെ രാക്ഷസന്റെ അഴിഞ്ഞ വസ്ത്രാഭരണങ്ങൾ, അവൻ പിടഞ്ഞു മോഹിച്ചു വീണപ്പോൾ വലിച്ചെടുത്തു. കാർമേഘം പോലെ ഭയങ്കരനായ അവനെ കൊന്നപ്പോൾ പാഞ്ചാലിയും, ഭ്രാതാക്കന്മാരും ഭീമനെ പ്രശംസിച്ചു; അവന്റെ വിവിധ ഗുണങ്ങളെ പുകഴ്ത്തി. പിന്നെ സസന്തോഷം ദ്വൈതവനത്തിലേക്കു പുറപ്പെട്ടു."

വിദുരൻ പറഞ്ഞു: "ഇപ്രകാരം യുദ്ധത്തിൽ കിർമ്മീരനെ ഭീമൻ കൊന്നു. ഭീമസേനൻ ധർമ്മരാജാവിന്റെ കല്പന ഇപ്രകാരം നിർവ്വഹിച്ചു. ആ കാട് നിഷ്കണ്ടകമാക്കിയതിനുശേഷം പാഞ്ചാലിയോടുകൂടി ധർമ്മജ്ഞരായ അവർ അവിടെ പാർത്തു. ആ ഭരതർഷഭന്മാർ പാഞ്ചാലിയെ ആശ്വസിപ്പിച്ചു. പ്രഹൃഷ്ടചിത്തരായി അവർ ഭീമനെ പ്രശംസിച്ചു. ഭീമന്റെ ബാഹുബലം കൊണ്ട് ഭയങ്കരനായ രക്ഷസ്സു ചത്തപ്പോൾ നിഷ്കണ്ടകമായ ആ വനത്തിൽ സുഖമായി അവർ കയറി. പോകുന്നവഴിക്ക് ഞാൻ ഭീമൻ കൊന്നിട്ട ആ ഘോര മൂർത്തിയെകണ്ടു. അവിടെവച്ചു തന്നെ പാണ്ഡവരോടൊപ്പമുള്ള ബ്രാഹ്മണർ, എന്നോട് ഭീമൻ ചെയ്ത വിക്രമങ്ങളെപ്പറ്റി പറഞ്ഞു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം രാക്ഷസശ്രേഷ്ഠനായ കിർമ്മീരന്റെ വധം കേട്ട് ചിന്താവിഷ്ടനായി ധൃതരാഷ്ട്രൻ നെടുവീർപ്പിട്ടിരുന്നു."

അർജ്ജുനാഭിഗമനപർവ്വം

12. ദ്രൗപദ്യാശ്വാസനം – വൈശമ്പായനൻ പറഞ്ഞു: "ഭോജന്മാരും, വൃഷ്ണികളും, അന്ധകന്മാരും പാണ്ഡവന്മാർ ദുഃഖാർത്തരായി പ്രവ്രജ്യാവ്രതത്തോടെ മഹാവനത്തിൽ പ്രവേശിച്ച കഥ കേട്ട് ഉടനെ അവിടെയെത്തി. പാഞ്ചാലപുത്രന്മാരും ചേദിരാജാവായ ധൃഷ്ടകേതുവും, പ്രസിദ്ധ വീരന്മാരായ അഞ്ചു കേകയന്മാരും സഹിക്കവയ്യാത്ത ക്രോധത്തോടെ കാട്ടിൽ ചെന്നെത്തി. 'ഞങ്ങൾ എന്താണ് ഇനി വേണ്ടത്? ആജ്ഞാപിക്കുക!' എന്നു പറഞ്ഞു അവർ ധാർത്തരാഷ്ട്രന്മാരെ അധിക്ഷേപിച്ചു സംസാരിച്ചു. വാസുദേവനെ നേതാവാക്കി എല്ലാ ക്ഷത്രിയവീരന്മാരും, ധർമ്മപുത്രന്റെ ചുറ്റും ചെന്നിരുന്നു. കുരുശ്രേഷ്ഠനെ വന്ദിച്ച്, വിഷണ്ണനായ കൃഷ്ണൻ പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ദുര്യോധനന്റേയും, കർണ്ണന്റേയും, ദുഷ്ടനായ ശകുനിയുടേയും, ദുശ്ശാസനന്റേയും ചോര ഭൂമിദേവി കുടിക്കും. ഇവരേയും ഇവരുടെ കൂടെ കൂടുന്ന സകല രാജാക്കന്മാരേയും കൊന്ന് നാം ധർമ്മപുത്രനെ അഭിഷേകംചെയ്യുക! ചതിക്കുന്നവനെ കൊല്ലണം എന്നുള്ളത് ശാശ്വതമായ ധർമ്മമാണ്."

വൈശമ്പായനൻ പറഞ്ഞു: "പാർത്ഥന്മാരുടെ അവമാനം കൊണ്ട് ഇപ്രകാരം ക്രുദ്ധനായ വാസുദേവനെ ലോകം ചുടുന്ന വിധം കോപോജ്ജ്വലനായിക്കണ്ടപ്പോൾ, അർജ്ജുനൻ ശമോക്തികൾ പറഞ്ഞ് ശാന്തമാക്കി. കൃഷ്ണനെ ക്രുദ്ധനായിക്കണ്ടപ്പോൾ മുജ്ജന്മത്തിലെ സ്മരണകൾ അർജ്ജുനന്നുണ്ടായി. മാന്യനും, പരൻപുമാനുമായ ജിഷ്ണു അവന്റെ കർമ്മങ്ങളെ പ്രകീർത്തിച്ചു. അപ്രമേയനും, സത്യമൂർത്തിയും, അത്ഭുതാമിതശക്തിമാനും, പ്രജാപതിയും, മഹാവിഷ്ണുവും, ലോകേശനും, വിഭുവുമായ വാസുദേവനെ പ്രകീർത്തിച്ചു."

അർജ്ജുനൻ പറഞ്ഞു: "പതിനായിരം വർഷം, രാത്രിയിൽ ഒത്ത ദിക്കിൽക്കിടന്ന്, ചെന്നേടം ഗൃഹമായി, മുനിയായി ഭവാൻ ജീവിച്ചില്ലേ? പണ്ട് ഗന്ധമാദനത്തിൽ അങ്ങനെ ജീവിച്ചില്ലേ? പതിനോരായിരം വർഷം വെള്ളം മാത്രം കുടിച്ച് പുഷ്കരസരസ്സിൽ ഹേ കൃഷ്ണാ, പണ്ടു വാണില്ലേ? ബദരീവനത്തിൽ, ഊർദ്ധ്വബാഹുവായി, ഒറ്റക്കാലിൽനിന്ന് കാറ്റുമാത്രം ഉണ്ട് ഭവാൻ നൂറു കൊല്ലം തപം ചെയ്തില്ലേ? ഉത്തരീയം ഉപേക്ഷിച്ച് ഏറ്റവും മെലിഞ്ഞു ഞരമ്പിൻകൂടുപോലെയായി, പന്തീരാണ്ടു സരസ്വതീതീരത്ത് സത്രംചെയ്തില്ലേ? പുണ്യജനങ്ങൾക്ക് ഉചിതമായ പ്രഭാസതടങ്ങളിൽച്ചെന്നു ഭവാൻ ആയിരം ദേവവത്സരം ഒറ്റക്കാലിൽനിന്നു തപസ്സുചെയ്തില്ലേ? അങ്ങാണ് സൃഷ്ടിക്കും അതിന്റെ ഗതിക്കും കാരണമെന്ന് വ്യാസൻ എന്നോടു പറഞ്ഞിട്ടുണ്ട്. ഭവാൻ ക്ഷേത്രജ്ഞനും സർവ്വഭൂതങ്ങൾക്കും ആദ്യന്തനുമാണ്. മധുസൂദനാ! തപസ്സിന്നു നിദാനമായിട്ടുള്ളതും കൃഷ്ണാ! നീയാണ്. സനാതനമായ യജ്ഞൻ നീയാണ്. ഭൗമനായ നരകനെ നീ കൊന്നു കുണ്ഡലങ്ങൾ ഹരിച്ചു! കൃഷ്ണാ! നീയാണ് ആദ്യം അശ്വമേധയാഗം നടത്തിയത്. ആ കർമ്മംചെയ്തു ലോകരിൽ ശ്രേഷ്ഠനായി വിശ്വം ജയിച്ചവനാണല്ലോ ഭവാൻ! പോരിൽ സർവ്വദൈത്യദാനവവീരന്മാരേയും ഭവാൻ കൊന്നില്ലേ? പിന്നെ ഭവാൻ ഇന്ദ്രന്നു സർവ്വാധിപത്യവും നല്കിയില്ലേ? എന്നിട്ടു മനുഷ്യജന്മമെടുത്തില്ലേ? ശത്രുജേതാവേ, യുഗാതീതകാലത്തെ ജലത്തിൽ പൊങ്ങിക്കിടന്നു പിന്നെ ഹരിയായി. പിന്നെ നീ ബ്രഹ്മാവായി. നീ സോമനായി. നീ അർക്കനായി. നീ ധർമ്മനായി. നീ ധാതാവായി, യമനായി, അനിലനായി. വായു, വൈശ്രവണൻ, രുദ്രൻ, കാലൻ, ആകാശം, ഭൂമി, ദിക്കുകൾ, അജൻ, ചരാചരഗുരു, സ്രഷ്ടാവ് എല്ലാം നീയാണു പുരുഷോത്തമ! ദേവമൗലിയായ മധുജിത്തേ, നീയാണ് ആലംബമായിട്ടുള്ളത്! മഖങ്ങളാൽ ഭവാൻ യജിച്ചില്ലേ? ചൈത്രരഥവനത്തിൽ അങ്ങ് ദേവനാഥന്മാരുടെ ദേവനെ, പരബ്രഹ്മത്തെ, യാഗംചെയ്തു സന്തുഷ്ടനാക്കിയില്ലേ? സ്വർണ്ണം അളവറ്റ് അന്ന് യജ്ഞത്തിലോരോന്നിലും ഭവാൻ ദാനം ചെയ്തു. അദിതിയുടെ പുത്രനായി ഭവാൻ പിറന്നു. വിഷ്ണുവെന്നു പുകഴ്ന്ന നീ ഇന്ദ്രാവരജനായി! ബാലനായ നീ മൂന്നു കാലടികൊണ്ട് ആകാശവും സ്വർഗ്ഗവും ഭൂമിയും അളന്നു! ദ്യോവിൽ ആകാശത്തിലെത്തി, ആദിത്യരഥത്തിൽക്കയറി സ്വതേജസ്സാൽ, സൂര്യനേക്കാൾ പ്രകാശിച്ചില്ലേ? ജഗന്മയ! അവതാരസഹസ്രങ്ങൾ എടുത്തു മുരപാശച്ഛേദിയായി ഭവാൻ അസംഖ്യം ദൈത്യരെ കൊന്നില്ലേ, കൃഷ്ണാ? പൗരവന്മാരേയും, നിസുന്ദനരകന്മാരേയും കൊന്ന് പ്രാഗ്ജ്യോതിഷത്തിലേക്കുള്ള മാർഗ്ഗം വീണ്ടും സുഗമമാക്കി. ജാരൂഥിനഗരാധിപനായ ആഹുതി, ക്രാഥൻ, ശിശുപാലൻ, ജരാസന്ധൻ, ശതധന്വൻ ഇവരെയൊക്കെ ഭവാൻ ജയിച്ചു. ഇടിനാദംപോലെ മുഴങ്ങുന്നതും സൂര്യന്റെ കാന്തിയുള്ളതുമായ രഥത്തിൽക്കയറി രുഗ്മിയെ ജയിച്ച്, ഭവാൻ, ഭോജപുത്രിയെ നേടിയില്ലേ? ഇന്ദ്രദ്യുമ്നനും, കസേരുമാൻ എന്ന യവനനും, സൗഭാധിപനായ ശാല്വനും, സൗഭത്തോടൊപ്പവും തകർന്നില്ലേ? ഇവരെയൊക്കെ ഭവാൻ സംഹരിച്ചു. ഇനിയും പറയാം. ഇരാവതിയിൽ കാർത്തവീര്യന്നു തുല്യനായ ഭോജരാജാവിനെക്കൊന്നു. ഗോപതിയായ താലികേതുവിനേയും ഭവാൻ സംഹരിച്ചു. സമ്പത്സമൃദ്ധവും, ഋഷികൾക്കു പ്രിയപ്പെട്ടതുമായ ദ്വാരകാപുരി ഭവാൻ സ്വന്തമാക്കി. അങ്ങ് അവസാനം ദ്വാരകയെ കടലിൽ മുക്കിക്കളയുകയില്ലേ? ക്രോധമാകട്ടെ, മത്സരമാകട്ടെ ഭോഷ്കാകട്ടെ, നൃശംസതയാകട്ടെ നേരുകേടാകട്ടെ, അല്ലയോ ദാശാർഹ, ഭവാനിൽ കാണുന്നില്ല. ചൈത്യമദ്ധ്യത്തിൽ ഇരുന്നു സ്വന്തം ഭാസ്സാൽ ജ്വലിക്കുന്ന ഭവാനിൽ, മഹർഷികൾ അഭയം തേടുന്നു. പ്രളയത്തിൽ സർവ്വഭൂതജാലങ്ങളേയും അടക്കി, ജഗത്തൊക്കെ തന്നിലാക്കി, താൻതന്നെയായി, ഭവാൻ ശേഷിക്കുകയാണ് പരന്തപ!

digitized by www.sreyas.in

അല്ലയോ വാർഷ്ണേയ, യുഗാരംഭത്തിൽ ഭവാന്റെ നാഭീ പത്മത്തിൽനിന്നു ജനിച്ച ചരാചരഗുരുവായ ബ്രഹ്മാവിന്റേതാണല്ലോ ഈ ജഗത്ത്. അവനെ കൊല്ലുവാൻ ഒരുങ്ങിയ മധുകൈടഭന്മാരുടെ അക്രമം കണ്ടു ഹരേ! ഭവാൻ കോപിച്ചപ്പോൾ ഭവാന്റെ നെറ്റിമേൽനിന്നു മുക്കണ്ണനായ ശംഭു ശൂലപാണിയായി ഉത്ഭവിച്ചു. ഇപ്രകാരം എല്ലാ ദേവവരന്മാരും ഭവാന്റെ മെയ്യിൽ നിന്ന് ഉത്ഭവിച്ചവരാണല്ലോ. നാരദൻ എന്നോടു പറഞ്ഞു, ഭവാന്റെ കല്പനയ്ക്കു കീഴിലാണ് അവർ എല്ലാവരും എന്ന്.

മുമ്പേ ഹേ നാരായണ! ഭവാൻ ദക്ഷിണാഢ്യമായ മഖങ്ങൾ കൊണ്ട് ചൈത്രരഥവനത്തിൽ മഹത്തായ സത്രം ചെയ്തില്ലയോ? അല്ലയോ പുണ്ഡരീകാക്ഷ! എന്തെല്ലാം കർമ്മം ബാലനായിരിക്കുമ്പോൾത്തന്നെ മഹാബലനായ ഭവാൻ ബലഭദ്രസഹായനായി ചെയ്തിരിക്കുന്നു! നീ കൈലാസത്തിൽ വിപ്രരോടുകൂടി വസിച്ചിട്ടുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ ആത്മാവായ പാണ്ഡവൻ, മഹാവിഷ്ണുവിനോട് ഇപ്രകാരം പറഞ്ഞു. ഉടനെ കൃഷ്ണൻ നിശ്ശബ്ദനായ അർജ്ജുനനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ഹേ അർജ്ജുന! നീ എന്റെയാണ്! ഞാൻ നിന്റെയാണ്! എന്റേതെല്ലാം നിന്റേതുമാണ്. നിന്റെ വൈരി എന്റെ വൈരിയാണ്. നിന്റെ ഇഷ്ടം എന്റേയും ഇഷ്ടമാണ്. ഹേ ദുർദ്ധർഷ! നീ നരനാണ്. ഞാൻ നാരായണനായ ഹരിയാണ്. നരനാരായണർഷികളായ നാം ഈ ഭൂമിയിൽ ഒരു പ്രത്യേകോദ്ദേശ്യത്തോടെ ജനിച്ചിരിക്കയാണ്. നീ എന്നിൽനിന്ന് അന്യനല്ല. നിന്നിൽനിന്ന് അന്യനല്ല ഞാൻ. നമ്മൾക്കുള്ള അന്തരം കാണുവാൻ കഴിയുന്നതല്ല ഭരതർഷഭ!"

വൈശമ്പായനൻ പറഞ്ഞു: "മഹാത്മാവായ കേശവൻ ഇപ്രകാരം പറഞ്ഞപ്പോൾ, ആ വീരന്മാരുടെ സമ്മേളനത്തിൽ രാജാക്കന്മാർ ക്രോധത്തോടെ നില്ക്കുമ്പോൾ, ധൃഷ്ടദ്യുമ്നൻ തുടങ്ങിയ സോദരന്മാരാൽ ചുഴന്നുനില്ക്കുന്ന ദ്രൗപദി, ഭ്രാതൃമദ്ധ്യത്തിൽ നില്ക്കുന്ന കൃഷ്ണന്റെ സമീപത്തേക്കു ചെന്നു. ആ ശരണ്യനെ ശരണംപ്രാപിച്ച്, കോപത്തോടെ പറഞ്ഞു."

ദ്രൗപദി പറഞ്ഞു; "അസിതപുത്രനായ ദേവലമഹർഷി എന്നോടു പറഞ്ഞതു സത്യമല്ലേ? ഭവാൻ മാത്രമാണ് സൃഷ്ടിക്കുമുമ്പ് ഉണ്ടായിരുന്നത്! പിന്നെ സർവ്വലോകങ്ങളുടേയും സൃഷ്ടിക്കു പ്രജാപതിയായതും ഭവാനാണ്. നീ വിഷ്ണുവല്ലേ ഹേ ദുർദ്ധർഷാ? നീ യജ്ഞമല്ലേ മധുസൂദനാ?

യജിക്കുന്നവനും യഷ്ടവ്യനും നീയാണെന്നാണ് ജാമദഗ്ന്യനും പറയുന്നത്. ക്ഷമയാണ് നീ എന്ന് ഋഷികൾ പറയുന്നു. പുരുഷോത്തമാ! സത്യം നീയാണല്ലോ. സത്യോത്ഭവമായ യജ്ഞവും നീയാണെന്നു കാശ്യപൻ പറയുന്നു. സാദ്ധ്യന്മാർ, ദേവകൾ, ശിവന്മാർ ഇവർക്കും ഉത്ഭവം നിന്നിൽനിന്നാണെന്നും, നീയാണു ജഗത്സ്രഷ്ടാവെന്നും നാരദൻ പറയുന്നു. 'ബ്രഹ്മ-ശങ്കര-ശക്രാദിദേവവൃന്ദത്തെ ഭവാൻ, കളിക്കോപ്പുകൊണ്ട് ബാലന്മാരെന്നപോലെ വീണ്ടും വീണ്ടും കളിക്കുന്നവനാണ്.' ആകാശം നിന്റെ ശിരസ്സാൽ വ്യാപ്തമാണ്. ഭവാന്റെ കാലടിയാൽ ഭൂമിയും വ്യാപ്തമാണ്. പ്രഭോ, നിന്റെ കുക്ഷിയാണ് ഈ ലോകങ്ങളെല്ലാം. ഭവാൻ ശാശ്വതനായ പുരുഷനാണ്. വിദ്യാതപസ്തപ്തരായി, തപസ്സുകൊണ്ട് ആത്മവിത്തുക്കളായ ഋഷിമാരിൽ, ഏറ്റവും മുഖ്യൻ ഭവാനാണ്.

പോരിൽ പിന്മാറാത്ത പുണ്യവാന്മാരായ രാജർഷികൾക്കും സർവ്വധർമ്മം പ്രാപിച്ചവർക്കും, ഹേ പുരുഷോത്തമാ! നീയാണ് ഗതി! നീ പ്രഭുവാണ്. നീ വിഭുവാണ്. നീ ഭൂതാത്മാവാണ്. എല്ലാറ്റിലും വിലസുന്നവൻ നീയാണ്. ലോകങ്ങളും ലോകപാലന്മാരും നക്ഷത്രാവലിയും ദിക്കുകളും നഭസ്സും സൂര്യചന്ദ്രന്മാരും എല്ലാം നിന്നിൽ ഉറച്ചുനില്ക്കുന്നു.

ഈ ഭൂമിയിലെ ജീവജാലങ്ങളുടെ ധർമ്മവും, സുരന്മാർക്ക് അമരത്വവും, ഇങ്ങനെയുള്ള ലോകകാര്യങ്ങളെല്ലാം നിന്നിൽത്തന്നെ ഉറച്ചതാണ്. അങ്ങാണ് എല്ലാവരുടേയും നാഥൻ.

മധുസൂദനാ! പ്രണയംമൂലം ഞാൻ എന്റെ ദുഃഖം നിന്നോടു പറയുന്നു. ദിവ്യമാനുഷഭൂതങ്ങൾക്കൊക്കെ നീ നാഥനാണല്ലോ. ആ നിലയ്ക്ക് എളിയ ഞാൻ ഭവാനോട്, സർവ്വജീവികളുടേയും നാഥനോട്, എന്റെ സങ്കടം പറയുന്നു. (പാഞ്ചാലി ഗദ്ഗദസ്വരത്തിൽ തുടർന്നു)

ഹേ കൃഷ്ണാ! പാർത്ഥന്മാരുടെ പത്നിയായ ഞാൻ, കൃഷ്ണസഖിയായ ഞാൻ, ധൃഷ്ടദ്യുമ്നന്റെ സഹോദരിയായ ഞാൻ, സഭയിൽ ഇമ്മാതിരി വലിച്ചിഴയ്ക്കപ്പെടാവുന്നവളാണോ? തീണ്ടാരിയായി വിറച്ചു മേവുന്ന ഞാൻ, ദേഹത്തിൽ ചോരപുരണ്ടവളായ ഞാൻ ഒറ്റവസ്ത്രത്തോടെ സഭയിലേക്കു വലിച്ചിഴയ്ക്കപ്പെട്ടു. കഷ്ടം! തീണ്ടാരിച്ചോരയാർന്ന എന്നെ രാജമദ്ധ്യത്തിൽ, നിറഞ്ഞ സദസ്സിൽ, സഭയിൽക്കണ്ടിട്ട് ദുഷ്ടരായ ധാർത്തരാഷ്ട്രന്മാർ കൈകൊട്ടിച്ചിരിച്ചു. ഈ എന്നെ ദാസിയായി വെക്കുവാൻ മധുസൂദനാ! അവർ ആഗ്രഹിച്ചു. ഈ പാണ്ഡവന്മാർ ജീവനോടുകൂടിയിരിക്കെ, ഈ പാഞ്ചാലന്മാർ ജീവിച്ചിരിക്കെ, ഈ വൃഷ്ണീന്ദ്രന്മാർ ജീവിച്ചിരിക്കെ, ധർമ്മത്താൽ ഭീഷ്മർക്കും ധൃതരാഷ്ട്രർക്കും സ്നുഷയായിരിക്കുന്ന ഈ എന്നെ ബലാൽക്കാരമായി അവർ ദാസിയാക്കി!

പോരിൽ ശക്തരും മഹാബലന്മാരുമായ പാണ്ഡുപുത്രന്മാരെത്തന്നെയാണു പഴിക്കേണ്ടത്. ധർമ്മപത്നിയെ അന്യൻ ധർഷിക്കുന്നത് അവർ നോക്കിനിന്നില്ലേ? ഭീമന്റെ കൈയൂക്കു നിന്ദ്യം! എന്തിനു കൊള്ളും! മോശം! പാർത്ഥന്റെ ഗാണ്ഡീവവും മോശംതന്നെ! ക്ഷുദ്രരായ കൗരവർ എന്നിൽ ചെയ്ത കുറ്റം അവർ പൊറുത്തു. മാധവാ! സജ്ജനസേവിതമായ ശാശ്വതധർമ്മമാർഗ്ഗം ഇതാണോ? ദുർബ്ബലരായ ഭർത്താക്കന്മാർപോലും അവരുടെ ഭാര്യമാരെ രക്ഷിക്കുന്നു. ഭാര്യയെ രക്ഷിച്ചാൽ മക്കൾക്കു രക്ഷയാണല്ലോ. ഭാര്യയെ സംരക്ഷിക്കുന്നതുകൊണ്ട് മക്കളെ രക്ഷിക്കുന്നു; മക്കളെ രക്ഷിക്കുന്നതുകൊണ്ട് ആത്മരക്ഷയും നിർവ്വഹിക്കുന്നു. ഭാര്യയിൽ ആത്മാവിനെ ജനിപ്പിക്കുന്നതുകൊണ്ടാണല്ലോ അവൾ 'ജായ' യായത്. ഭർത്താവ് സ്വന്തം ഉദരത്തിൽ ജന്മമെടുക്കുന്നതുകൊണ്ട് ഭാര്യ അവനേയും സംരക്ഷിക്കണം. പാണ്ഡവന്മാർ ശരണംപ്രാപിച്ചവരെ ഒരിക്കലും ത്യജിക്കുകയില്ല. എന്നിട്ടും ശരണംപ്രാപിച്ച എന്നെ പാണ്ഡവന്മാർ രക്ഷിച്ചില്ല. ഈ അഞ്ചു ഭർത്താക്കന്മാർക്കും അഞ്ചു വീരകുമാരന്മാർ എന്നിൽ ജനിച്ചിട്ടുണ്ട്. അവരെ ചിന്തിച്ചിട്ടെങ്കിലും ഇവർ എന്നെ ആപത്തിൽ കാക്കേണ്ടതല്ലേ കൃഷ്ണാ? ധർമ്മജന്നു പ്രതിവിന്ധ്യനും, ഭീമന്നു സുതസോമനും, അർജ്ജുനന്നു ശ്രുതകീർത്തിയും, നകുലന്നു ശതാനീകനും, ഏറ്റവും ഇളയവന്നു ശ്രുതകർമ്മാവും ജനിച്ചു. എല്ലാവരും പ്രദ്യുമ്നനെപ്പോലെ സത്യവിക്രമരും മഹാരഥന്മാരുമാണ്. വില്ലാളിവീരന്മാരായ ഇവർ വൈരിവീരന്മാർക്ക് അജയ്യന്മാരാണ്. എന്തിന് അവർ ഇങ്ങനെ അശക്തരായ ധാർത്തരാഷ്ട്രരെ സഹിച്ചു ജീവിക്കുന്നു? കള്ളത്തരത്തിൽ പാണ്ഡവന്മാരുടെ നാടു നഷ്ടപ്പെട്ടു. എല്ലാവർക്കും ദാസ്യവും കൊടുത്തു. തീണ്ടാരിയായി ഒറ്റവസ്ത്രം ഉടുത്ത് ഇരിക്കുന്ന എന്നെ ബലമായി പിടിച്ചുവലിച്ചു സഭയിലും കയറ്റി. മറ്റൊരാൾക്കും കുലയേറ്റാൻപോലും സാധിക്കാത്തതാണല്ലോ ഗാണ്ഡീവം. ഭീമാർജ്ജുനന്മാർക്കും അങ്ങയ്ക്കും മാത്രമല്ലേ അതിനു സാധിക്കൂ? ഭീമന്റെ കൈയൂക്കുകൊണ്ട് എന്തു കാര്യം? മോശംതന്നെ! പാർത്ഥന്റെ പൗരുഷം മോശം! കഷ്ടംതന്നെ! അല്ലെങ്കിൽ ഈ ധിക്കാരമൊക്കെ ചെയ്ത ദുര്യോധനൻ ഒരു മുഹൂർത്തം ജീവിച്ചിരിക്കുവാൻ അനുവദിക്കുമോ? ജീവനോടുകൂടിയിരിക്കുമ്പോൾ ഞാൻ ഇവരുടെ കൈയൂക്കിനേയും പൗരുഷത്തേയും പറ്റി എങ്ങനെ പ്രശംസിക്കും? ആർ പ്രശംസിക്കും? നിന്ദ്യംതന്നെ മാധവാ! ലജ്ജാകരംതന്നെ!

എന്നു തുടങ്ങിയതാണ് ഈ ദുര്യോധനന്റെ ധിക്കാരങ്ങൾ? ഇതിന്നൊരറുതിവരുത്തുവാൻ ഈ പഞ്ചമഹാവീരന്മാർക്ക് കഴിഞ്ഞോ?

വ്രതസ്ഥരായി അദ്ധ്യയനംചെയ്യുന്ന ബാല്യകാലത്ത് ഭീമസേനന്റെ ചോറിൽ ഈ പാപി വിഷംകലർത്തിപോലും! ഭയങ്ക

digitized by www.sreyas.in

രമായ കാളകൂടവിഷം. തീക്ഷ്ണവും രോമഹർഷണവുമായ മഹാവിഷം! അന്നത്തോടു കൂട്ടിച്ചേർത്ത അതു നിർബ്ബാധമായി ഭീമന്നു ദഹിച്ചു.

പ്രമാണമെന്ന ആൽച്ചുവട്ടിലുള്ള ഗൃഹത്തിൽ ശങ്കവിട്ടുറങ്ങുന്ന ഭീമനെ കെട്ടി ഗംഗയിലിട്ട് അവർ പുരത്തിലേക്കു പോന്നു. ഉണർന്നപ്പോൾ ബന്ധനങ്ങൾ അറുത്ത് മഹാബലനായ ഭീമസേനൻ, കുന്തീപുത്രൻ, എഴുന്നേറ്റു. കൃഷ്ണസർപ്പങ്ങളെക്കൊണ്ട് ഭീമനെ സർവ്വാംഗങ്ങളിലും കടിപ്പിച്ചു. പക്ഷേ, അരിമർദ്ദനനായ അവൻ മരിച്ചില്ല. ഉണർന്നെഴുന്നേറ്റ കൗന്തേയൻ പാമ്പുകളെയൊക്കെ കൊന്നു. ദുര്യോധനന്റെ സാരഥിയേയും ഇടതുകൈ കൊണ്ടു കൊന്നു.

അരക്കില്ലം കൊള്ളിവെച്ചില്ലേ, ബാലരായ ഇവരും അമ്മയും കിടന്നുറങ്ങുന്ന സമയത്ത്? ഇത്ര നീചമായ കർമ്മം മറ്റാർ ചെയ്യും? മഹാവ്യസനത്തിൽപ്പെട്ടു തീയെരിയുന്ന സമയം 'അയ്യോ! നശിച്ചു ഞാൻ! അഗ്നിഭയത്തിൽ! എന്താണ് ഒരു ശാന്തി? അനാഥയായ ഞാൻ കൊച്ചുപൈതങ്ങളോടുകൂടി ഇതാ വെന്തു നശിക്കുന്നേ!' എന്നു മുറവിളികൂട്ടുന്ന അമ്മയേയും സോദരന്മാരേയും, മഹാബാഹുവും വായുവേഗപരാക്രമനുമായ ഭീമൻ ആശ്വസിപ്പിച്ചു. 'ഞാൻ നിങ്ങളെ പക്ഷിശ്രേഷ്ഠനായ ഗരുഡൻ കൊണ്ടുപോകുന്നതുപോലെ കൊണ്ടുപോകുന്നുണ്ട്, നിങ്ങൾ ഭയപ്പെടേണ്ട,' എന്നു പറഞ്ഞ് ഇടത്തെ ഒക്കിൽ അമ്മയേയും, വലത്തെ ഒക്കിൽ തന്റെ ജ്യേഷ്ഠനേയും, തോളിൽ മാദ്രീസുതന്മാരേയും, പുറത്ത് അർജ്ജുനനേയും എടുത്ത് തീയിൽനിന്ന് ഊക്കോടെ ചാടി. ഇങ്ങനെ അഗ്നിയിൽനിന്നു രക്ഷിക്കുവാൻ അമ്മയേയും, ഭ്രാതാക്കളേയും എടുത്തു ഭീമൻ ഊക്കോടെ ചാടി. അമ്മയോടുകൂടി രാത്രിയിൽത്തന്നെ അവർ ഹിഡിംബവന ഭാഗത്തു കാട്ടിൽ കയറി. തളർന്ന് ദുഃഖിച്ച് അവർ ഉറങ്ങുന്ന സമയത്ത് ഹിഡിംബി എന്ന രാക്ഷസി അവരുടെ സമീപത്തെത്തി. അമ്മയോടുകൂടെ ഉറങ്ങുന്ന പാർത്ഥരെക്കണ്ട് സ്മരബാധയിൽ പെട്ട് അവൾ ഭീമസേനനെ കാമിച്ചു. ഭീമസേനന്റെ അങ്കത്തിൽ കാലുരണ്ടും അണച്ച് മൃദുവായ കൈത്താർകൊണ്ട് മെല്ലെമെല്ലെ ആ കല്യാണി തലോടി. അമേയാത്മാവായ ആ സത്യവിക്രമൻ അതറിഞ്ഞ് അവളോടു ചോദിച്ചു:

'എന്താണ് മാന്യേ, നിന്റെ മനോരഥം?'

ഭീമൻ ഇപ്രകാരം ചോദിച്ചപ്പോൾ കാമരൂപിണിയായ രാക്ഷസി പറഞ്ഞു:

'ഈ കാടുവിട്ട് നിങ്ങൾ ഓടിക്കൊള്ളുക! ശക്തനായ എന്റെ സഹോദരൻ ഇവിടെ ഇപ്പോൾ വന്നു നിങ്ങളെ കൊല്ലും. ഓടിക്കൊള്ളുവിൻ!'

ഭീമൻ ഇതു കേട്ട് അഭിമാനത്തോടെ അവളോടു പറഞ്ഞു, 'എനിക്ക് ഭയമില്ല, അവൻ വരട്ടെ, അവനെ ഞാൻ ഒറ്റയ്ക്കു കൊല്ലും എന്ന്.'

അവർ സംസാരിക്കുന്നതു കേട്ടുകൊണ്ട് ആ രാക്ഷസാധമൻ ഓടിവന്നു. ഭീഷണാകാരനായ അവൻ ഘോരമായി ആർത്തട്ടഹസിച്ച് അവളോടു പറഞ്ഞു:

"നീ ആരോടാണ് സംസാരിക്കുന്നത്? അവനേയുംകൊണ്ട് ഇവിടെ വരൂ! ഹിഡിംബി, നമ്മൾക്ക് അവനെ തിന്നാം. താമസിക്കേണ്ട."

പാഞ്ചാലി പറഞ്ഞു: "കനിവുള്ള മനസ്സോടുകൂടി മനസ്വിനിയായ അവൾ കൃപകൊണ്ട് അതൊന്നും അവനോടു പറയുവാൻ വിചാരിച്ചില്ല. മഹാഘോരമായ ആരവത്തോടുകൂടി മാനുഷാശനനായ രാക്ഷസൻ ഊക്കോടെ ഭീമന്റെ അടുത്തേക്കു പാഞ്ഞുചെന്നു ഉത്കടമായ ക്രോധത്തോടെ ആ രാക്ഷസൻ ഭീമന്റെ കൈ കടന്നുപിടിച്ചു. ഇടിത്തീപോലെ വജ്രകഠിനമായ കൈ ബലമായി പിടികൂടി. മഹാബാഹുവായ വൃകോദരന് അതു സഹിച്ചില്ല. ഭീമസേനഹിഡിംബന്മാർ തമ്മിൽ ഉത്കടമായ ഒരു പോരാട്ടം നടന്നു. സർവ്വാസ്ത്രവിജ്ഞരായ വൃത്രവാസവന്മാർപോലെ, ഒട്ടുസമയം രാക്ഷസനുമായി ലീലായുദ്ധം നടത്തിയതിന്നുശേഷം ബലംകുറഞ്ഞ അവനെ ബലവാനും വീര്യവാനുമായ ഭീമൻ കൊന്നുവീഴ്ത്തി. ഹിഡിംബനെ കൊന്ന് ഭീമൻ സോദരൻമാരോടുകൂടി പോന്നു. ഹിഡിംബിയോടു സഹവസിച്ച കാലത്ത് ഘടോത്ക്കചൻ എന്ന പുത്രൻ ഭീമസേനനുണ്ടായി.

പിന്നെ അവർ അമ്മയോടുകൂടി ഏകചക്രയിലേക്കു പോന്നു. ബ്രാഹ്മണരാൽ ചൂഴപ്പെട്ടു പുറപ്പെടുമ്പോൾ, അവരുടെ ഹിതപ്രിയനായ വ്യാസൻ വന്ന് മാർഗ്ഗം നിർദ്ദേശിച്ചു. വ്രതനിഷ്ഠരായ പാർത്ഥന്മാർ ഏകചക്രയിൽ ചെന്നു. അവിടെവച്ച് അവർ ശക്തനും ഉന്നതനുമായ ബകനോട് എതിർത്തു. മനുഷ്യരെ തിന്നുന്നവനും, മഹാഘോരനുമായ അവൻ, ഹിഡിംബനോടു തുല്യനാണ്. യുദ്ധദക്ഷനായ വൃകോദരൻ ഉഗ്രനായ അവനെ കൊന്ന്, സർവ്വഭ്രാതാക്കളോടുംകൂടി ദ്രുപദമന്ദിരം പ്രാപിച്ചു. അവിടെവച്ച് സവ്യസാചിയാൽ ഇവർ എന്നെനേടി. കൃഷ്ണഭഗവാൻ രുഗ്മിണീദേവിയെ നേടിയതുപോലെ. സ്വയംവരത്തിൽ അന്യന്മാർക്ക് അസാദ്ധ്യമായ ക്രിയ ചെയ്തിട്ട്, അവിടെ വന്നു ചേർന്ന രാജാക്കന്മാരെ പോരിൽ തോല്പിച്ചാണ് എന്നെ നേടിയത്.

അങ്ങനെയുള്ള ഞാൻ ഇപ്പോൾ വളരെ ക്ലേശങ്ങൾ അനുഭവിച്ചു ദുഃഖത്തോടെ അമ്മയെക്കൂടാതെ ധൗമ്യന്റെ പിന്നിലായി ജീവിക്കാറായി. ഇവർ സിംഹവീര്യന്മാരും ശത്രുക്കളേക്കാൾ ബലമുള്ളവരുമാണ്. എന്നിട്ടും ആ ഹീനന്മാർ ചെയ്ത കഷ്ടപ്പാടുകൾ എന്താണു സഹിക്കുവാൻ? എന്തിന്നു സഹിക്കുന്നു? ഇപ്രകാരമുള്ള ദുഃഖങ്ങൾ ദുർബ്ബലന്മാരും ദുർമ്മതികളുമായ ആ പാപികൾ ഏല്പിച്ചിട്ട് ഞാൻ ഇവിടെക്കിടന്നു നീറുകയാണ്. ദിവ്യകർമ്മംകൊണ്ടു നല്ലവംശത്തിൽപിറന്ന ഞാൻ, പാണ്ഡവന്മാരുടെ ധർമ്മപത്നിയായ ഞാൻ, മാന്യനായ പാണ്ഡുവിന്റെ സ്നുഷയായ ഞാൻ ഹേ കൃഷ്ണാ! തലമുടി ചുറ്റിപ്പിടിച്ച് സഭയിൽ വലിച്ചിഴയ്ക്കപ്പെട്ടു! പഞ്ചപാണ്ഡവന്മാരുടെ കണ്ണിന്നുമുമ്പിൽവെച്ച് അവർ എന്നെ ഇത്തരത്തിൽ അപമാനിച്ചു."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് മധുരഭാഷിണിയായ പാർഷതി, താമരപ്പൂപോലെയുള്ള കൈകൾകൊണ്ടു മുഖം പൊത്തി വിമ്മിവിമ്മിക്കരഞ്ഞു. തടിച്ചു ലക്ഷണമൊത്ത വീഴാത്ത കുളുർകൊങ്കകൾ കണ്ണുനീരിൽ നനഞ്ഞു. കണ്ണുരണ്ടും തുടച്ച്, നെടുവീർപ്പിട്ട്, തൊണ്ടയിടറി, കണ്ണുനീർവാർത്ത്, വീണ്ടും അവൾ തുടർന്നു."

ദ്രൗപദി പറഞ്ഞു: "എനിക്കു ഭർത്താക്കന്മാരില്ല! മക്കളില്ല! എനിക്കു ബന്ധുക്കളില്ല! എനിക്കു സോദരന്മാരില്ല! എനിക്ക് മധുസൂദനാ, ഭവാനുമില്ല. ക്ഷുദ്രന്മാരുടെ ധിക്കാരമേറ്റ എന്നെ കൈവിട്ടവരല്ലേ നിങ്ങൾ? കർണ്ണൻ ദുഷിച്ചുപറഞ്ഞ വാക്കുകൾ ഓർക്കുമ്പോൾ എന്റെ സങ്കടം ഒതുങ്ങുന്നില്ല. കൃഷ്ണാ! നാലു കാരണങ്ങൾ ചിന്തിക്കുമ്പോൾ നീ എന്നെ കാക്കേണ്ടതല്ലേ, ബന്ധംകൊണ്ടും, ബഹുമാനംകൊണ്ടും, സ്നേഹംകൊണ്ടും, നീ എന്റെ പ്രഭുവായതുകൊണ്ടും?"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ വീരന്മാരുടെ മദ്ധ്യത്തിൽവെച്ച് കൃഷ്ണൻ ദ്രൗപദിയോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ദ്രൗപദീ, ഇങ്ങനെ കേഴുന്ന നിന്റെ കോപത്തിന്നു പാത്രമായവരുടെ ഭാര്യമാർ, അർജ്ജുനാസ്ത്രങ്ങൾ ദേഹത്തിലൊക്കെക്കയറി ചോരയണിഞ്ഞു. നിലത്തു ചത്തുവീണ കാന്തരെകണ്ടു നിശ്ചയമായും കേഴും! ഭദ്രേ! നീ വ്യസനിക്കേണ്ട; പാണ്ഡുപുത്രന്മാർക്കു വേണ്ടതൊക്കെ ഞാൻ നടത്തിക്കൊള്ളാം, ഞാൻ സത്യം ചെയ്യുന്നു. നീ രാജപത്നിയായി നിശ്ചയമായും വിളങ്ങും! ആകാശം ഇടിഞ്ഞുവീഴാം, ഹിമവാൻ പൊടിഞ്ഞേക്കാം, ഭൂമി തകർന്നേക്കാം, സമുദ്രം വറ്റിയേക്കാം, കൃഷ്ണേ! ഞാൻ പറഞ്ഞ വാക്കു പിഴയ്ക്കുകയില്ല!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണൻ പറഞ്ഞ ഉത്തരംകേട്ട് ദ്രൗപദി തന്റെ മദ്ധ്യമകാന്തനെ, തിരിഞ്ഞൊന്നു കടാക്ഷിച്ചു അപ്പോൾ അർജ്ജുനൻ കൃഷ്ണയോടു പറഞ്ഞു."

digitized by www.sreyas.in

അർജ്ജുനൻ പറഞ്ഞു: "കരയേണ്ടാ പങ്കജാക്ഷീ, മധുസൂദനൻ പറഞ്ഞത് നിശ്ചയമായും സംഭവിക്കും. അതിലൊട്ടും തെറ്റു പറ്റുകയില്ല സുന്ദരീ!"

ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "ഞാൻ ദ്രോണനെ കൊല്ലും; ശിഖണ്ഡി ഭീഷ്മനെ കൊല്ലും; ഭീമൻ ദുര്യോധനനെ കൊല്ലും; അർജ്ജുനൻ കർണ്ണനേയും കൊല്ലും. രാമകൃഷ്ണന്മാരുടെ സഹായത്താൽ നാം അജയ്യരായി ഭവിക്കും. നമ്മെ പിന്നെ യുദ്ധത്തിൽ ജയിക്കുവാൻ ഇന്ദ്രന്നുപോലും കഴിയുകയില്ല. പിന്നെയുണ്ടോ ധൃതരാഷ്ട്രപുത്രന്മാർക്കു കഴിയുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധൃഷ്ടദ്യുമ്നൻ പറഞ്ഞപ്പോൾ രാജാക്കന്മാരെല്ലാം കൃഷ്ണനെനോക്കി. അവരുടെ മദ്ധ്യത്തിൽവെച്ചു കൃഷ്ണൻ പറഞ്ഞു."

13. വാസുദേവവാക്യം – വാസുദേവൻ പറഞ്ഞു: "ഞാൻ ദ്വാരകയിലുണ്ടായിരുന്നെങ്കിൽ ഈ കഷ്ടപ്പാടുകളൊന്നും സംഭവിക്കുകയില്ലായിരുന്നു. ധൃതരാഷ്ട്രനും ദുര്യോധനനും ക്ഷണിച്ചില്ലെങ്കിലും, ഞാൻ ചൂതിന്റെ സന്ദർഭത്തിൽ എത്തുമായിരുന്നു. അതിലുള്ള ദോഷങ്ങളൊക്കെ ചൂണ്ടിക്കാണിച്ച് ഞാൻ ചൂതു തടുക്കുമായിരുന്നു. ഭീഷ്മന്റേയും ദ്രോണന്റേയും കൃപന്റേയും ബാൽഹീകരാജാവിന്റേയും സഹായത്തോടെ ധൃതരാഷ്ട്രരാജാവിനോടു പറയുമായിരുന്നു, 'ചൂതു പാടില്ല, നീമൂലം നിന്റെ മക്കൾ തമ്മിൽ ചൂതു കളിക്കരുത്' എന്ന്. ഭവാനു വീഴ്ചവന്ന കാര്യവും ഞാൻ ഭവാനോടു പറയുമായിരുന്നു. ചൂതുകൊണ്ടാണല്ലോ വൈരസേനിയായ നളന്നു രാജ്യം നഷ്ടപ്പെട്ടത്. ചൂതിൽ വിചാരിക്കുവാൻവയ്യാത്ത നാശംപറ്റും രാജാവേ! വാശിയുണ്ടാകും. ചൂതിൽ അതു നാശകാരണമാകും എന്നു ശരിക്കു പറഞ്ഞ് ഞാൻ ചൂതിനെ തടയുമായിരുന്നു. സ്ത്രീ, ചൂതാട്ടം, വേട്ട, മദ്യപാനം എന്നിവ ചതുർദ്ദോഷങ്ങളാണ്; നാശഹേതുക്കളാണ്. നരന്മാരുടെ ശ്രീ ഇവയാലാണ് നശിക്കുക. ശാസ്ത്രജ്ഞന്മാർ ഇവയിലൊക്കെ ദോഷം കാണുന്നു. ചൂതിൽ ഭ്രാന്തുള്ളവർക്കും ഈ സത്യം അറിയാം. ഈ ചൂത് എന്നു പറയുന്ന വ്യസനം ഒറ്റ ദിവസംകൊണ്ട് അനർത്ഥങ്ങൾ നല്കുന്നതാണ്. അർത്ഥങ്ങൾക്കു വലുതായ അഭുക്തനാശവും, വലിയ വാക്കേറ്റവും, മറ്റുപല അനർത്ഥങ്ങളും, അതു വാശിയാൽ വരുത്തിക്കൂട്ടും. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് ഞാൻ ധൃതരാഷ്ട്രനോടു പറയുമായിരുന്നു. ഇപ്രകാരം ഞാൻ പറയുന്നത് അവൻ സമ്മതിച്ചാൽ, അനാമയമായ ധർമ്മം കുരുക്കുൾക്കു ഭവിക്കും. പത്ഥ്യമായ എന്റെ വാക്ക് മരുന്നുപോലെ അവൻ സ്വീകരിക്കാതിരുന്നാൽ മഹാരാജാവേ, ബലമായി അവനെ ഞാൻ നിർബ്ബന്ധിക്കുമായിരുന്നു. അപ്പോൾ അവനെ, മിത്രഭാവത്തിൽ അവന്റെ സഭയിലുള്ള അവന്റെ യഥാർത്ഥശത്രുക്കൾ തുണയ്ക്കുകയാണെങ്കിൽ, ആ സഭാവാസിസമൂഹത്തെ മുഴുവൻ ആ ചൂതുകളിക്കാരോടൊപ്പം, ഒന്നിനേയും ബാക്കിവെക്കാതെ, ഞാൻ കൊന്നൊടുക്കിയേനേ! ഹേ കൗരവ്യാ! ഞാൻ ആ ദുർഘടഘട്ടങ്ങളിൽ അടുത്തുണ്ടായിരുന്നില്ലല്ലോ. അതാണ് ഭവാൻ ചൂതിൽ ഇപ്രകാരം നശിക്കുവാൻ കാരണം. ഹേ കുരുശ്രേഷ്ഠാ, പാണ്ഡുനന്ദനാ! ഞാൻ ദ്വാരകയിൽ ചെന്നപ്പോൾ നിനക്കു സംഭവിച്ച മഹാവിപത്തെല്ലാം യുയുധാനൻ (സാത്യകി) പറഞ്ഞറിഞ്ഞുകേട്ടയുടനെ വലിയ ഉദ്വേഗത്തോടെ ഇങ്ങോട്ടു പുറപ്പെട്ടു. ഭവാനെ കാണുവാൻ തിടുക്കമായി. അയ്യോ! ഞങ്ങൾ എല്ലാവരും കഷ്ടത്തിലായി. വ്യസനത്തിൽ മുങ്ങിയ ഭവാനെ സഹോദരന്മാരോടുകൂടി ഞാൻ കാണുന്നു! കഷ്ടം!"

14. സൗഭവധോപാഖ്യാനം – യുധിഷ്ഠിരൻ പറഞ്ഞു: "കൃഷ്ണാ! ഭവാൻ അപ്പോൾ എവിടെയായിരുന്നു? അങ്ങ് എവിടെപ്പോയിരുന്നു? അങ്ങു രാജ്യത്തിന്നുപുറത്തായിരുന്നപ്പോൾ എന്തൊക്കെ സംഭവിച്ചു? എന്തൊക്കെ ചെയ്തു?"

കൃഷ്ണൻ പറഞ്ഞു: "ഞാൻ ശാല്വന്റെ നഗരത്തിലേക്ക് അവനെ വധിക്കുവാൻ പോയിരിക്കയായിരുന്നു. അതിനുള്ള കാരണം ഞാൻ പറയാം. രാജാവേ, കേട്ടാലും, ദമഘോഷപുത്രനായ 'ശിശുപാലനെ' ഞാൻ കൊന്ന കഥ എങ്ങും പ്രസിദ്ധമായി. മഹാത്മാവും, മഹാവീര്യനും, മഹാകീർത്തിമാനുമായ രാജാവായിരുന്നു ശിശുപാലൻ. ഭവാന്റെ രാജസൂയയാഗത്തിൽ എന്നെ അഗ്രാസനത്തിലിരുത്തി പൂജിച്ചത് ദുരാത്മാവായ ശിശുപാലന്നു പൊറുത്തില്ല. അവൻ കോപിച്ചുവല്ലോ. അവനെ കൊന്ന വർത്തമാനം അറിഞ്ഞ് 'ശാല്വൻ' ഉത്കടരോഷനായി. ഞാൻ ഇങ്ങോട്ടു പോന്ന സന്ദർഭംനോക്കി ദ്വാരകയിൽച്ചെന്ന് വൃഷ്ണിവീരകുമാരന്മാരോട് യുദ്ധത്തിന്നൊരുമ്പെട്ട് അനേകം ബാലരായ വൃഷ്ണിവീരന്മാരെക്കൊന്ന് അവൻ വിജയിച്ച് സൗഭത്തിലിരുന്നു, പുരോദ്യാനങ്ങളൊക്കെ നശിപ്പിച്ചു. വൃഷ്ണികുലാധമനായ അവൻ ഇപ്രകാരം ജല്പിച്ചു."

ശാല്വൻ പറഞ്ഞു: "ആ വിഡ്ഢിയായ വാസുദേവൻ എവിടെപ്പോയി? ആ യുദ്ധക്കൊതിയന്റെ ഗർവ്വ് ഞാൻ ഇന്ന് അവസാനിപ്പിക്കും. ഹേ ആനർത്തരേ! നിങ്ങൾ നേരുപറയുവിൻ, അവൻ എവിടെയാണെന്ന്. കംസനേയും കേശിയേയും കൊന്ന അവനെ ഞാൻ എന്റെ കൈയിൽക്കിട്ടിയാൽ വിടുന്നതല്ല. ഞാൻ ഇപ്പറയുന്നതു സത്യമാണ്. ആയുധംപിടിച്ചു ഞാൻ സത്യംചെയ്യുന്നു; ഞാൻ അവനെ കൊല്ലാതെ മടങ്ങുകയില്ല. അവൻ എവിടെ? എവിടെ? എന്നോടു പൊരുതുവാൻ ആഗ്രഹിക്കുന്ന, സൗഭനായകനായ എന്നോടു പൊരുതുവാൻ മോഹിക്കുന്ന, വിശ്വാസഘാതിയായ ക്ഷുദ്രപാപിയെ ശിശുപാലവധക്രോധംമൂലം ഞാൻ കാലപുരിക്കയയ്ക്കും! എന്റെ ഭ്രാതാവായ ശിശുപാലരാജാവിനെ കൊന്ന ആ ജനാർദ്ദനനെ പോരിൽ ഞാൻ വധിക്കും. ഭ്രാതാവും ബാലനുമായ ആ രാജാവിനെ പോർക്കളത്തിൽവെച്ചല്ലാതെ ഓർക്കാപ്പുറത്തു കൊന്നുകളഞ്ഞ അവനെ ഞാൻ കൊന്നുകളയും."

കൃഷ്ണൻ പറഞ്ഞു: "ഇപ്രകാരം ഓരോന്നു പറഞ്ഞ് എന്നെ നിന്ദിച്ച് രാജാവേ, വിചിത്രലോഹനിർമ്മിതവും ഇഷ്ടം പോലെ എങ്ങോട്ടും പോകാൻ കഴിയുന്നതുമായ 'സൗഭ' മെന്നു പേരായ തന്റെ തേരിൽ ആകാശത്തിൽ അവൻ നിലയുറപ്പിച്ചു. ഞാൻ അവിടെ മടങ്ങിച്ചെന്നപ്പോൾ ആ ദുഷ്ടനായ മാർത്തികരാജാവ് എന്നെക്കുറിച്ചു പറഞ്ഞതൊക്കെ കേട്ടു.

ഞാൻ ഉടനെ കടുംക്രോധംകൊണ്ട് അന്ധചിത്തനായി. ഞാൻ അവനെ കൊല്ലുവാൻതന്നെ ഉറച്ചു. അല്ലയോ കൗരവേന്ദ്ര! ആനർത്താക്രമവും, എന്നിൽ വർഷിച്ച നിന്ദയും, ദുർവൃത്തനായ അവന്റെ ഗർവ്വും ചിന്തിച്ചപ്പോൾ ഞാൻ ആ നീചനെ കൊല്ലുവാൻതന്നെ തീരുമാനിച്ചു പുറപ്പെട്ടു. ചുറ്റും കടൽ; അതിന്റെ നടുവിലുള്ള ഒരു ദ്വീപിൽ അവൻ നില്ക്കുന്നതായി ഞാൻ കണ്ടു. രാജാവേ, ഉടനെ ഞാൻ ജലജമായ പാഞ്ചജന്യം എന്നു പേരായ എന്റെ ശംഖുവിളിച്ച്, ശാല്വനെ പോരിന്നു വിളിച്ചു. അപ്പോൾ ഞാനും അനേകം ദാനവന്മാരുമായി കടുത്ത യുദ്ധമുണ്ടായി. അവരെയെല്ലാം ഞാൻ കീഴടക്കി. സകലത്തിനേയും ഞാൻ കൊന്നു ഭൂമിയിൽ വീഴ്ത്തി.

ഈ യുദ്ധംകാരണമാണ് ഞാൻ അവിടെ ദ്യൂതം നടക്കുമ്പോൾ എത്താതിരുന്നത്. ഹസ്തിനാപുരത്തിൽവെച്ചുനടന്ന അന്യായമായ ആ ദ്യൂതം കേട്ടറിഞ്ഞ് ദുഃഖത്തിൽപ്പെട്ടുഴലുന്ന നിങ്ങളെക്കാണുവാൻ ഞാൻ ക്ഷണത്തിൽ ഇങ്ങോട്ടു പോന്നു."

15. സൗഭവധോപാഖ്യാനം – യുധിഷ്ഠിരൻ പറഞ്ഞു: "മഹാബാഹോ! വാസുദേവാ! എല്ലാം വിസ്തരിച്ചു പറഞ്ഞാലും. സൗഭവധംകേട്ടു തൃപ്തിയാവുന്നില്ല. എല്ലാം വിശദമായി കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിസ്തരിച്ചു പറഞ്ഞാലും."

വാസുദേവൻ പറഞ്ഞു: "ശ്രുതശ്രവസ്സി*ന്റെ പുത്രനായ ശിശുപാലനെകൊന്നു എന്ന വർത്തമാനം അറിഞ്ഞ് ശാല്വൻ 'ദ്വാരാവതി' യിലേക്കു പുറപ്പെട്ടു. അവൻ ദ്വാരകാനഗരത്തെച്ചുറ്റും തടഞ്ഞു വാനിലും നഗരത്തിന്നുചുറ്റും, ശാല്വൻ വ്യൂഹമുറപ്പിച്ചു

* ശിശുപാലന്റെ അമ്മയുടെ പേര് (ശ്രീകൃഷ്ണന്റെ അച്ഛന്റെ പെങ്ങൾ)

digitized by www.sreyas.in

നിന്നു. അവൻ മുകളിൽനിന്നുകൊണ്ട് ദ്വാരകാപുരിയെ എതിർത്തു. എല്ലാ ഭാഗത്തുനിന്നും ആയുധം വർഷിച്ചു യുദ്ധം നടന്നു. ദ്വാരകാപുരത്തിന്റെ ചുറ്റും തോരണങ്ങളും കൊടികളും കെട്ടി അലങ്കരിച്ചിട്ടുണ്ടായിരുന്നു. അലങ്കരിക്കപ്പെട്ട പടിവാതിലുകളും, പടയും, കൈനിലകളും, യന്ത്രശസ്ത്രങ്ങളും, തുരങ്കവും, ഇരുമ്പാണിതറച്ച പാതകളും, തീ ജ്വലിക്കുന്ന മേടകളും, ഗോപുരങ്ങളും, ചക്രയന്ത്രങ്ങളും, കൊള്ളിയന്ത്രങ്ങളും, പാറക്കവണകളും ഒക്കെ പുരസംരക്ഷണത്തിന്നു സജ്ജീകരിച്ചിരുന്നു. മൺകുടം, തോല്ക്കുടം, ഭേരി, പണവം, ആനകം, തോമരം, തോട്ടി, കരി, മുൾത്തടി, മുസൃണ്ഠി, ഉരുളൻപാറ, പലതരം ശസ്ത്രങ്ങൾ, വെൺമഴു, ഇരുമ്പുപരിച, ലോഹംകൊണ്ടും തോലുകൊണ്ടും നിർമ്മിക്കപ്പെട്ട ആയുധങ്ങൾ, തീയുണ്ടവിടുന്ന ആയുധം * ഇവ ശാസ്ത്രപ്രകാരം സജ്ജീകരിച്ചു രാജാവേ! പലമാതിരി രഥത്തോടുകൂടി ഗദൻ, സാംബൻ, ഉദ്ധവൻ എന്നീ പുരുഷവീരന്മാരായ യോദ്ധാക്കൾ ഏതു ശത്രുവിനേയും നേരിടാൻ കഴിവുള്ളവരും ശക്തരുമായ അനവധി യുദ്ധവീരന്മാരുമൊത്ത് ആ പുരം കാത്തു. അവരെല്ലാം നേതൃസ്ഥാനത്തുനിന്ന് രഥാശ്വസഹായത്തോടെ ആ പട്ടണം സംരക്ഷിച്ചു. ഉഗ്രസേനൻ, ഉദ്ധവൻ മുതലായവർ അശ്രദ്ധയുണ്ടാകരുതെന്ന കരുതലോടെ ആ പുരത്തിൽ ആരും മദ്യപിക്കരുതെന്നു വിളംബരംചെയ്തു. കരുതി നിന്നില്ലെങ്കിൽ ശാല്വൻ തങ്ങളുടെ പുരം തകർക്കുമെന്ന് അവർക്കറിയാവുന്നതുകൊണ്ട് എല്ലാ വൃഷ്ണ്യന്ധകന്മാരും കരുതലോടെയിരുന്നു. ആനർത്തരായ നടനനർത്തകഗായകന്മാരെയൊക്കെ നഗരത്തിൽനിന്നു പുറത്താക്കി.

കിടങ്ങുകളിൽ ചുറ്റും ശൂലംനാട്ടി. കിണറും കുഴികളുമൊക്കെ അഗ്നിഗുഢങ്ങളാക്കി. വിളിപ്പാടിടയ്ക്ക്, ഇടയ്ക്കിടയ്ക്ക് ഇരിമ്പുകുറ്റികൾ സ്ഥാപിച്ചു. പാലമൊക്കെ തകർത്തിട്ടു. തോണികളൊക്കെ മുടക്കിനിർത്തി. ഇങ്ങനെ സ്വതവേ തന്നെ ദുർഗ്ഗമമായ ദുർഗ്ഗം കൂടുതൽ പ്രതിരോധ നടപടികളെടുത്തതുമൂലം വളരെ ദുർഗ്ഗമമാക്കിത്തീർത്തു. എന്നും സർവ്വ ആയുധസജ്ജീകരണങ്ങളോടുകൂടിയ പുരം. വിശേഷിച്ചും ആയുധോപേതമാക്കിത്തീർത്തു. ആ പുരം അപ്പോൾ ഇന്ദ്രപുരംപോലെ സുരക്ഷിതമായി. മുദ്രകൂടാതെ ആരേയും പുറത്തേക്കു വിട്ടില്ല. ആരേയും അകത്തേക്കു കടത്തിയില്ല. ഇങ്ങനെയൊക്കെയായിരുന്നു സൗഭൻ ആക്രമണത്തിന്നടുത്തപ്പോൾ ദ്വാരകയിലെ സ്ഥിതി.

തേർവീഥിതോറും, മറ്റു തുറസ്സായ സ്ഥലങ്ങളിലും, അനവധി ഗജാശ്വസൈന്യം വന്നുനിന്നു. എല്ലാഭടന്മാർക്കും സ്വർണ്ണമാണ് വേതനമായി കൊടുത്തത്. എല്ലാഭടന്മാർക്കും ഭക്ഷണവും, ശമ്പളവും, ഉടുപ്പും, ആയുധവും വേണ്ടത്ര കൊടുത്തു സന്തൃപ്തരാക്കി. ശമ്പളമില്ലാത്തവരും, ഭീരുക്കളും, ശമ്പളം കിട്ടാത്തവരുമായി ആരുംതന്നെ സൈന്യത്തിൽ ഉണ്ടായിരുന്നില്ല. ഇപ്രകാരം അല്ലയോ രാജീവലോചനാ, അടച്ചുറപ്പോടുകൂടി ആഹുകന്റെ (ഉഗ്രസേനരാജാവ്) നേതൃത്വത്തിൽ പുരം രക്ഷിക്കപ്പെട്ടു."

16. സൗഭവധോപാഖ്യാനം – വാസുദേവൻ പറഞ്ഞു: "സൗഭനാഥനായ ശാല്വൻ വലിയ കാലാൾപ്പടയോടും ആനപ്പടയോടുംകൂടി അവിടേക്ക് ആക്രമിച്ചുകയറി. സൈന്യം വെള്ളം നിറഞ്ഞൊഴുകുന്ന സമഭൂമിയിൽനിന്നു ചതുരംഗബലത്തോടുകൂടിയ ശാല്വരാജാവിന്റെ രക്ഷയിൽ, ചുടലക്കാടും, ക്ഷേത്രവും, പുറ്റും, ചൈത്യവൃക്ഷങ്ങളും ഒഴിച്ചു മറ്റു ദിക്കുകളിൽ അവന്റെ സൈന്യം നിലയുറപ്പിച്ചു. സേനാവിഭാഗങ്ങൾ മൂലം ഞങ്ങളുടെ വഴിയൊക്കെ അടഞ്ഞു. ഗൂഢമാർഗ്ഗങ്ങൾപോലും ശത്രുക്കളുടെ കൂടാരങ്ങൾകൊണ്ടു തടസ്സപ്പെട്ടു.

സർവ്വആയുധങ്ങളും ചേർന്ന് സർവ്വശസ്ത്രവിദഗ്ദ്ധരായി തേരും, ആനകളും, കാലാളുകളും ചേർന്നു തുഷ്ടവും പുഷ്ടവുമായ സൈന്യത്തോടൊത്തു വീരലക്ഷണം കലർന്ന വിചിത്രധ്വജസന്നാഹത്തോടെ, വിചിത്രചാപരഥങ്ങളോടെ, ശാല്വൻ ദ്വാരകയ്ക്കുനേരെ പക്ഷിരാജാവായ ഗരുഡനെപ്പോലെ ആക്രമണം ആരംഭിച്ചു.

ശാല്വന്റെ മഹാസൈന്യം പാഞ്ഞടുത്തപ്പോൾ എതിർത്തു ചെന്നു വൃഷ്ണിവീരകുമാരന്മാർ പൊരുതി. ശാല്വന്റെ ആക്രമണം കണ്ടു പൊറുത്തില്ല. ചാരുദേഷ്ണൻ, സാംബൻ, മഹാരഥനായ പ്രദ്യുമ്നൻ ചിത്രാഭരണകേതനന്മാരായി ചട്ടയിട്ടു തേരിൽക്കയറി. കൊടിപറപ്പിച്ചുകൊണ്ടു ശാല്വന്റെ മഹത്തും ബൃഹത്തുമായ സൈന്യത്തെ ഒപ്പംനേരിട്ടു. വില്ലെടുത്തു ശാല്വന്റെ പ്രധാനമന്ത്രിയും സേനാനായകനുമായ ക്ഷേമവൃദ്ധിയോടു സാംബൻ സസന്തോഷം പൊരുതി. അവന്റെ ദേഹത്തിൽ ജാംബവതീസുതൻ ബാണവർഷം ചൊരിഞ്ഞു. ഇന്ദ്രൻ മഴ വർഷിക്കുന്നതുപോലെ ശരം വർഷിച്ചു പടനായകൻ ആ ബാണവർഷം സഹിച്ചു. ഹിമാദ്രിപോലെ നിശ്ചലനായ ക്ഷേമവൃദ്ധിരാജാവ് മായാമയമായ ബാണവർഷം സാംബന്റെമേൽ വർഷിച്ചു. മായാമയമായ ആ ശരജാലം മായകൊണ്ടുതന്നെ പിളർന്ന് അവന്റെ തേരിൽ വളരെ ശരം സാംബനും വർഷിച്ചു. ഉടനെ സാംബശരമേറ്റു 'ക്ഷേമവൃദ്ധി' എന്ന സേനാനായകൻ, പായുന്ന കുതിരകളോടെ, സാംബബാണം സഹിക്കാതെ, ഓടി. ക്രൂരനായ ആ ശാല്വസേനാനാഥൻ ഓടിയപ്പോൾ, 'വേഗവാൻ' എന്നു പേരായ ശക്തനായ ദാനവൻ എന്റെ മകനോട് എറ്റു. എതിർക്കപ്പെട്ടപ്പോൾ വൃഷ്ണിപുംഗവനായ സാംബൻ വേഗവാന്റെ വേഗം സഹിച്ച് ഉറച്ചുനിന്നു. സാംബൻ തന്റെ ശക്തമായ ഗദചുറ്റി ഊക്കോടെ എറിഞ്ഞു. സാംബന്റെ വേഗമേറിയ ഗദ ചെന്നുകൊണ്ട വേഗവാൻ ഭൂമിയിൽ വീണു! വേരു ജീർണ്ണിച്ച വൃക്ഷം കാറ്റിൽ വീഴുന്നപോലെ വേഗവാൻ വേഗത്തിൽ ഭൂമിയിൽ പതിച്ചു. ഗദയേറ്റ് ആ വീരൻ ചത്തുവീണപ്പോൾ പെരുമ്പടയിൽ ചാടിക്കയറി എന്റെ മകൻ ഘോരമായി പൊരുതി. 'ചാരുദേഷ്ണനു'മായി ദാനവോത്തമനായ 'വിവിന്ധ്യൻ' ഏറ്റുമുട്ടി. മഹാരഥനായ അവൻ മഹാധനുർദ്ധരനും ശക്തനുമാണ്. ചാരുദേഷ്ണനും വിവിന്ധ്യനുമായി മഹായുദ്ധം നടന്നു. പണ്ട് വൃത്രസുരേന്ദ്രന്മാർ തമ്മിൽ ഉണ്ടായപോലെ ഭയങ്കരമായ രണം. പരസ്പരം കോപിച്ച്, പരസ്പരം ശരം വർഷിച്ചു. സിംഹങ്ങളെപ്പോലെ ഘോരമായി അലറി അവർ പോരാടി. അഗ്നിപോലെയോ, സൂര്യനെപ്പോലെയോ, തീക്ഷ്ണമായ ഒരു അസ്ത്രം രുഗ്മിണീപുത്രൻ അഭിമന്ത്രിച്ചു വിട്ടു. അതേറ്റ് ആ ദാനവൻ ഉടനെ ചത്തുവീണു.

വിവിന്ധ്യൻ ചത്തതും സൈന്യങ്ങൾ കലങ്ങിയതുംകണ്ട് സുന്ദരവും കാമഗവുമായ സൗഭത്തിൽക്കയറി ശാല്വൻ എത്തി. ഉടനെ ദ്വാരകയിലെ ജനങ്ങളും സൈന്യങ്ങളും, ഭയംകൊണ്ട് ഇടറിപ്പോയി. സൗഭസ്ഥനായി അടുക്കുന്ന ശാല്വനെക്കണ്ട് അവർ വിഷമിച്ചു. ഉടനെ പ്രദ്യുമ്നൻ ആനർത്തസൈന്യത്തെ തടഞ്ഞു നിലയ്ക്കുനിർത്തി ഇപ്രകാരം പറഞ്ഞു."

പ്രദ്യുമ്നൻ പറഞ്ഞു: "നിങ്ങൾ എല്ലാവരും നില്ക്കുവിൻ! എല്ലാവരും കാണുവിൻ! ഞാൻ ഇപ്പോൾ രാജാവോടുകൂടി സൗഭത്തെ ഓടിക്കുന്നതു കണ്ടുകൊള്ളുവിൻ! സർപ്പങ്ങൾപോലുള്ള അമ്പുകൊണ്ടു സൗഭരാജാവിന്റെ സൈന്യത്തെ വില്ലു കുലച്ചു വലിച്ച് എയ്ത്. ഞാൻ കൊല്ലുന്നത് യദുവീരന്മാരെ, കണ്ടുകൊള്ളുവിൻ! നിങ്ങൾ ആശ്വസിക്കുവിൻ! ഭയപ്പെടേണ്ട! സൗഭരാജാവിന്റെ കഥ ഇപ്പോൾ കഴിയും!"

കൃഷ്ണൻ പറഞ്ഞു: "ഇപ്രകാരം പ്രദ്യുമ്നൻ ധീരമായി പറഞ്ഞപ്പോൾ, ഹേ പാണ്ഡുനന്ദനാ! ഉറച്ചുനിന്നു സൈന്യം സന്തോഷത്തോടുകൂടി യുദ്ധം ചെയ്തുതുടങ്ങി"

17. സൗഭവധോപാഖ്യാനം – വാസുദേവൻ തുടർന്നു: "രുഗ്മിണീപുത്രൻ യാദവന്മാരോട് ഇപ്രകാരം പറഞ്ഞ് കോപ്പുകൾ അണിഞ്ഞ അശ്വങ്ങളെപ്പൂട്ടിയ കാഞ്ചനത്തേരിൽ ഇരുന്ന്, വായ് തുറന്ന അന്തകനെപ്പോലെ ഭീകരമായ മകരധ്വജം വഹിച്ച ആ തേരിൽ, ആകാശത്തിൽ പറക്കുന്നവിധം പായുന്ന കുതിരകളെ ഓടിച്ച്, ശത്രുസൈന്യത്തിൽ കടന്നു. വില്ലിട്ടുലച്ചു ചെറുഞാണൊലിയുണ്ടാക്കി തൂണീഖൾഗാന്വിതനായി ഉടുമ്പിൻതോ

* (സാഗ്നിനഃ സഗുഡശൃംഗിക)

ലുറ കൈയിൽ ഇട്ടു. മിന്നലൊക്കുന്ന തന്റെ വില്ല് രണ്ടുകൈക ളിലും വേഗത്തിൽ മാറിമാറി പിടിച്ചുകൊണ്ട് സൗഭനഗരവാസി കളേയും ദൈത്യന്മാരേയും വിറപ്പിച്ചു. അങ്ങനെ പുച്ഛഭാവത്തിൽ അവൻ ഇരുന്നു ദാനവരെ കൊന്നൊടുക്കിത്തുടങ്ങിയപ്പോൾ, വില്ലുലയ്ക്കുന്നതിലും, ബാണം തൊടുക്കുന്നതിലും, ശത്രുക്കളെ കൊല്ലുന്നതിലും ഒരു ചെറിയ ഇടപോലും ആരും കണ്ടില്ല.

അവന്റെ മുഖത്ത് ഒരു ഭാവഭേദവും നിറമാറ്റവും കണ്ടില്ല. ശരീരത്തിന്നു യാതൊരു വിറയും ഉണ്ടായില്ല. സിംഹംപോലെ അലറുന്ന അവന്റെ ശബ്ദംകേട്ടു ജനങ്ങൾ അവന്റെ വീരത്വ ത്തിൽ രോമാഞ്ചംകൊണ്ടു. സ്വർണ്ണക്കൊടിയുടെ അഗ്രത്തിലി രിക്കുന്ന മത്സ്യം വായുംതുറന്നു തിമിംഗലംപോലെ ധ്വജത്തിന്റ തലയ്ക്കൽ ഭയം ഉണ്ടാക്കുന്നവിധം ശോഭിച്ചു.

ശത്രുഘ്നനായ പ്രദ്യുമ്നൻ പിന്നെ ശാല്വന്റെനേർക്കു യുദ്ധംവെട്ടുവാൻ പാഞ്ഞെത്തി. പോരിൽ പ്രദ്യുമ്നൻ എതിർത്ത തുകണ്ട് സംക്രുദ്ധനായ ശാല്വനു സഹിച്ചില്ല. അവൻ രോഷാ കുലോന്മത്തനായി തേരിൽനിന്നും ഇറങ്ങിച്ചെന്ന് പ്രദ്യുമ്നനു മായി പൊരുതി. ശാല്വവൃഷ്ണിപ്രവീരന്മാർ തമ്മിൽ അതികഠി നമായ യുദ്ധം, പണ്ടു ബലിയും ശക്രനും തമ്മിൽ എന്നപോലെ, നടന്നു. ജനങ്ങൾ അത്ഭുതപ്പെട്ടു.

മായാമയമായ ശാല്വന്റെ തേര് സ്വർണ്ണംകൊണ്ടു മോടിപി ടിപ്പിച്ചതും; തൂണും കൊടിയുടെ അടിത്തണ്ടും കൊടിക്കൂറയു മായി ശോഭിക്കുന്നതുമാണ്.

മഹാശക്തനും പ്രസിദ്ധനുമായ അവൻ ആ തേരിൽക്കയറി പ്രദ്യുമ്നന്റെ നേരേ ബാണങ്ങൾവിട്ടു. കൈയൂക്കോടെ ശര വർഷം ചൊരിഞ്ഞു. പ്രദ്യുമ്നൻ ശാല്വനെ പോരിൽ മോഹിപ്പി ക്കുന്നവിധം ശരങ്ങൾ ചൊരിഞ്ഞു. പോരിൽ സൗഭേശൻ ശര മേറ്റു പൊറുതിമുട്ടി. അവൻ കത്തുന്ന തീപോലുള്ള ശരങ്ങൾ എന്റെ പുത്രനിൽ വർഷിച്ചു. ശക്തിയായി അമ്പുകൾ എത്തു മ്പോൾ മഹാബലനായ അവൻ അപ്പപ്പോൾ അറുത്തുവിട്ടു. ജ്വലി ക്കുന്ന അമ്പുകൾ വളരെ അവൻ എന്റെ പുത്രനിൽ ചൊരിഞ്ഞു. ശാല്വന്റെ ബാണങ്ങളേറ്റു രുഗ്മിണീപുത്രൻ ക്രുദ്ധനായി നല്ല പോലെ മർമ്മംപിളർക്കുന്ന ശരങ്ങൾ ശാല്വന്റെനേരേ തെരു തെരെ വിട്ടു. ചട്ടപൊട്ടിച്ച്, എന്റെ പുത്രൻ വിട്ട ബാണം, അവന്റെ ഹൃദയം പിളർന്നു. അവൻ ഉടനെ മോഹിച്ചുവീണു. വീരനായ ശാല്വരാജാവു മോഹിച്ചുവീണപ്പോൾ ദാനവന്മാരൊക്കെ ഭൂമി പിളർന്നു ദ്വാരത്തിൽക്കൂടി ഓടിപ്പോയി. ഹാ!ഹാ! എന്നു നിരാ ശയോടെ ദുഃഖാർത്തരായി ശാല്വ സൈന്യം പാഞ്ഞു. സൗഭാ ധിപൻ നഷ്ടപ്രജ്ഞനായി വീണപ്പോൾ ദാനവസൈന്യത്തിൽ ആകെ കലകലാരവം മുഴങ്ങി. ശാല്വൻ ഉടനെ മയക്കത്തിൽനിന്ന് ഉണർന്നെഴുന്നേറ്റു പ്രദ്യുമ്നന്റെനേർക്കു ശക്തിയേറിയ ശരങ്ങൾ വർഷിച്ചു. പോരിൽ മഹാബാഹുവായ പ്രദ്യുമ്നൻ ശത്രുസായ കമേറ്റ് മെയ്യുമുറിഞ്ഞ് സമരത്തിൽ ഉറച്ചുനിന്നു. ശത്രുവിന്റെ മാറിൽ ശരംവിട്ടു. ശരമേറ്റ് അവൻ തേർത്തടത്തിൽ തളർന്ന് ഇരു ന്നുപോയി. ഉടനെ ശാല്വൻ എഴുന്നേറ്റ് രുഗ്മിണീപുത്രനെ വീ ണ്ടും എയ്ത് ലോകം മുഴക്കുമാറ് ഒന്ന് അലറി! എന്റെ നന്ദനൻ അവന്റെ ശരമേറ്റു മോഹാലസ്യപ്പെട്ട സമയത്ത് ശാല്വൻ ദുസ്സ ഹമായ ബാണങ്ങൾ എയ്തു. അവൻ എയ്ത അമ്പുകളേറ്റു മോ ഹിച്ച പ്രദ്യുമ്നൻ യുദ്ധക്കളത്തിൽ നിശ്ചേഷ്ടനായിത്തീർന്നു."

18. സൗഭവധോപാഖ്യാനം - വാസുദേവൻ പറഞ്ഞു: "ബാലനായ പ്രദ്യുമ്നൻ ശാല്വബാണങ്ങളാൽ പീഡിതനായ പ്പോൾ യോദ്ധാക്കൾ നിരാശരായി. എല്ലാവൃഷ്ണികളും അന്ധ കന്മാരും ഹാ! ഹാ! എന്ന് ആർത്തനാദം മുഴക്കി. പ്രദ്യുമ്നൻ മോഹിതനായപ്പോൾ വൈരികൾക്കു ബഹുസന്തോഷമായി. അവൻ മോഹിച്ചു രഥത്തിൽ വീണപ്പോൾ ദാരുകാത്മജനായ സൂതൻ രഥം ഓടിച്ചു പടക്കളത്തിൽനിന്നു പോയി. വളരെ ദൂര ത്തെത്തിയപ്പോൾ പ്രദ്യുമ്നൻ ഉണർന്നു വില്ലുയർത്തി സൂത നോടു ചോദിച്ചു."

പ്രദ്യുമ്നൻ പറഞ്ഞു: "ഹേ സൂതപുത്രാ! ഭവാൻ എന്താണ് കാണിക്കുന്നത്? പിന്തിരിക്കുകയാണോ? ഈ പ്രവൃത്തി വൃഷ് ണിവീരന്മാർക്കു ചേർന്നതോണോ? യുദ്ധക്കളത്തിൽ ശാല്വനെ ക്കണ്ടു ഭവാൻ ഭയപ്പെടുകയാണോ? പോരിൽ ഭവാൻ പേടിക്കു ന്നുണ്ടോ?"

സൂതൻ പറഞ്ഞു: "ഹേ ജനാർദ്ദനപുത്രാ! മോഹവും ഭയ വുമൊന്നും എനിക്കില്ല. ഞാൻ വിചാരിക്കുന്നു, ശാല്വൻ ഭവാനു കീഴടക്കുവാൻ കഴിയാത്തവനാണെന്ന്. വീരാ! ഞാൻ യുദ്ധ ത്തിൽനിന്നു പതുക്കെ പിന്മടങ്ങുകയാണ്. അവൻ അങ്ങയേ ക്കാൾ മഹാശക്തനുമാണ്. മോഹിക്കുന്ന രഥിവീരനെ, അവ നെത്ര ധീരനായിരുന്നാലും രക്ഷിക്കേണ്ടത് സൂതന്റെ കടമയാ ണ്. അതുപോലെ ഭവാൻ എന്നേയും രക്ഷിക്കണം. രഥിയെ രക്ഷി ക്കണമെന്നു ചിന്തിച്ചു പിൻവാങ്ങിയതാണ് ഞാൻ. അങ്ങ് ഏക നാണ്. മഹാബാഹോ! ഈ ദാനവേന്ദ്രന്മാർ അനവധിപേരുണ്ട്; മഹാശക്തരുമാണ്. അങ്ങയ്ക്ക് അവരോട് തുല്യശക്തിയിൽ പൊരുതുവാൻ പറ്റില്ലെന്നു ചിന്തിച്ച് ഞാൻ പിന്മാറുകയാണ്."

വാസുദേവൻ പറഞ്ഞു: "ഇപ്രകാരം സൂതൻ പറഞ്ഞപ്പോൾ ആ മകരകേതനൻ തേരു തിരിക്കുവാൻ ആജ്ഞാപിച്ചു."

പ്രദ്യുമ്നൻ പറഞ്ഞു: "ഹേ ദാരുകപുത്ര! ഇനിമേലിൽ നീ ഇപ്രകാരം വിഡ്ഢിത്തംകാണിക്കരുത്. എനിക്കു ജീവനുള്ള പ്പോൾ പിന്മാറുക എന്നതു ഒരിക്കലും ചെയ്തുപോകരുത്. പോരിൽ പിൻവാങ്ങുന്നവൻ വൃഷ്ണിവംശജനല്ല. വീണവനേ യും, 'ഞാൻ അങ്ങയുടെ ആളാണ്' എന്നു പറയുന്നവനേയും, കരയുന്നവനേയും, സ്ത്രീകളേയും, കുട്ടിയേയും, വൃദ്ധനേയും, വിരഥനേയും, കോപ്പുകളഴിഞ്ഞവനേയും, ശസ്ത്രങ്ങൾ കൈയി ലില്ലാത്തവനേയും വധിക്കുന്നതു വൃഷ്ണിപുത്രന്മാർക്കുചേർന്ന ധർമ്മമല്ല. നീ സൂതകുലജനല്ലേ? സൂതകർമ്മം പഠിച്ചവനല്ലേ? പടത്തലയ്ക്കൽ വൃഷ്ണീന്ദ്രർക്കുചേർന്ന ധർമ്മം ഗ്രഹിച്ചവ നല്ലേ? സൂത! നീ'ഇനി യുദ്ധരംഗത്തിൽ പിൻവാങ്ങരുത്. പിൻവാ ങ്ങുമ്പോൾ, പിന്നിലമ്പേറ്റ്, പോർവിട്ടു മാറിയാൽ എന്നോട് ദുരാ ധർഷനും ഗദാഗ്രജനുമായ മാധവൻ എന്തു പറയും? നീലാംബ രനും മദോന്മത്തനും കേശവാഗ്രജനും മഹാബാഹുവുമായ ബല ദേവൻ വന്നെത്തിയാൽ എന്തു പറയും? വില്ലാളിവീരനും ധീരാ ഗ്രഗണ്യനുമായ സാത്യകി എന്തു പറയും? ആ സമതിഞ്ജയ നായ സാംബൻ എന്തു പറയും? യുദ്ധക്കളത്തിൽനിന്നു പിന്മാ റിയ എന്നെക്കണ്ടാൽ ദുരാധർഷനായ ചാരുദേഷ്ണൻ, ഗദൻ, സാരണൻ, വീരനായ അക്രൂരൻ ഇവരെല്ലാം എന്തു പറയും സൂത? ശൂരാഭിമാനം, ശാന്തത്വം ഇവയോടുകൂടി ആണത്ത ത്തോടെ ജീവിക്കുന്ന എന്നെ വൃഷ്ണിവീരന്മാരുടെ സ്ത്രീകൾ ഒത്തുചേരുമ്പോൾ എന്തു പറയും? അവർക്കു ചിരിക്കുവാൻ ഒരു വഴിയായി. ഇതാ വരുന്നു പ്രദ്യുമ്നൻ! പോരിൽ പേടിച്ചോടിയ വൻ! ഭീരു! മോശം! എന്നു പറയും. അല്ലാതെ എന്തു പറയും അവർ? അവരൊരിക്കലും ഞാൻ ചെയ്തത് ഉചിതമായെന്നു പറ യില്ല. എനിക്കും എന്നെപ്പോലെയുള്ളവർക്കും ആക്ഷേപവാക്കും വാക്പരിഹാസവും മരണത്തേക്കാൾ വലിയതാണ്. ഹേ സൂത! നീ പിൻവാങ്ങരുത്. മധുനിഗ്രഹനായ ഹരി എന്നിൽ ഭാരം ഏല്പി ച്ചിട്ടാണ് ഭാരതസിംഹന്റെ (യുധിഷ്ഠിരന്റെ) രാജസൂയത്തിനു പോയത്. അവന്ന് എന്റെ ഈ പേടിച്ചോട്ടം സഹിക്കുമോ സൂത? കൃതവർമ്മാവ് ശാല്വനുമായി നേരിടാൻ ഇറങ്ങുമ്പോൾ ഞാൻ തടഞ്ഞു. ഞാൻ തടുക്കാം ശാല്വനെ, നീ നില്ക്കുക! എന്നു പറഞ്ഞ് എന്നെ ബഹുമാനിക്കാനാണ് ആ ഹൃദികാപുത്രൻ (കൃ തവർമ്മാവ്) പിന്മാറിയത്. എന്നെ വിശ്വസിച്ച് വീരനായ കൃത വർമ്മാവ് പിന്മാറി. പോരിൽനിന്നു പിൻതിരിഞ്ഞ് ഓടിപ്പോന്ന തിനുശേഷം ഞാൻ അവനോട് എന്തുപറയും? ബലദേവൻ, സാത്യകി, മറ്റു വൃഷ്ണ്യന്ധകന്മാർ എല്ലാവരുംതന്നെ എന്നെ ക്കുറിച്ച് എപ്പോഴും അഭിമാനംകൊള്ളുന്നു. ഇവരോടൊക്കെ ഞാൻ എന്തു പറയും സൂത?

ഈ പോരിൽനിന്നു പിൻതിരിയുമ്പോൾ പിന്നിൽ അസ്ത്ര മേറ്റു പരുക്കുപറ്റുന്ന ഞാൻ, നീ കൊണ്ടുപോയാൽ, ജീവിച്ചിരി

digitized by www.sreyas.in

ക്കുമെന്നു ചിന്തിക്കുന്നുണ്ടോ? ഹേ ദാരുകനന്ദന! തേരു വീണ്ടും യുദ്ധരംഗത്തിലേക്കുതന്നെ ഓടിക്കുക. എന്താപത്തുപറ്റിയാലും ഇനി നീ നാണം കെട്ട പണിക്ക് ഒരുങ്ങരുത്. ജീവനെ ഞാൻ ഒട്ടും മാനിക്കുന്നില്ല.

പോരിൽ പേടിച്ചു പിന്മാറി, പോരിൽ അമ്പേറ്റു പേടിച്ചുഴന്നതായിട്ട് നീ എന്നെ വല്ലപ്പോഴും കണ്ടിട്ടുണ്ടോ? ഭീരുവിനെപ്പോലെ ഞാൻ പോരിൽ വല്ലപ്പോഴും പിന്മാറിയതായി നിനക്കറിവുണ്ടോ? നീ യുദ്ധരംഗം വിട്ടുപോന്നതു നന്നായില്ല. ഞാൻ യുദ്ധാർത്ഥിയായി നില്ക്കുമ്പോൾ നീ പിന്മാറുകയോ? പാടില്ല. രഥം ക്ഷണത്തിൽ ഓടിക്കുക."

19. സൗഭവധോപാഖ്യാനം – വാസുദേവൻ പറഞ്ഞു: "ഇപ്രകാരം പ്രദ്യുമ്നൻ പറഞ്ഞപ്പോൾ സൂതപുത്രൻ മെല്ലെ ഭംഗിയായി മറുപടി പറഞ്ഞു."

സൂതൻ പറഞ്ഞു: "ഹേ രുഗ്മിണീപുത്ര! എനിക്കു യാതൊരു പരിഭ്രമവും ഇക്കാര്യത്തിലില്ല. പോരിൽ തേരു വേണ്ടപോലെ നടത്തുവാൻ എനിക്കറിയാം. യുദ്ധത്തിൽ വൃഷ്ണികളിൽ നീ ശക്തനാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സ്വാമീ, സൂതർക്കുചെയ്യേണ്ടതായ ചില ഉപദേശങ്ങൾ എനിക്കു സിദ്ധിച്ചിട്ടുണ്ട്. സാരഥ്യവൃത്തിയിൽ അതു പാലിക്കണം. എല്ലാവിധത്തിലും രഥിയെ കാക്കേണ്ടവനാണ് സാരഥി. അങ്ങുന്നു ശാല്വൻ എയ്ത ശരമേറ്റുമോഹാലസ്യപ്പെട്ടുപോയി. അതുകൊണ്ടാണ് ഞാൻ മാറിയത്. ഭവാൻ ഇപ്പോഴാണ് മോഹാലസ്യത്തിൽനിന്നുണർന്നത്. ഇനി ഇതാ ഞാൻ തേർനടത്തുന്നു. എന്റെ സാമർത്ഥ്യം ഭവാൻ കണ്ടുകൊള്ളുക. ഞാൻ ദാരുകന്റെ പുത്രനാണ്! ശാല്വന്റെ പ്രൗഢമായ സൈന്യത്തിൽ ഞാൻ നിർഭയം ചെന്നുകയറുന്നതു കണ്ടുകൊള്ളുക."

വാസുദേവൻ തുടർന്നു: "എന്നു പറഞ്ഞ് രാജാവേ! അവൻ കടിഞ്ഞാൺ വലിച്ചുപിടിച്ചു കുതിരകളെ പോർക്കളത്തിലേക്കു പായിച്ചു. കടിഞ്ഞാൺ വലിച്ചപ്പോൾ ഹയങ്ങൾ വേഗത്തിൽ പാഞ്ഞു. വിചിത്രമായി തിരിഞ്ഞും, വളഞ്ഞും, ചുറ്റിയും, ഇടത്തോട്ടും വലത്തോട്ടും മാറിമാറിയും ആകാശത്തേക്കു കയറുന്നമാതിരി കുതിരകൾ പാഞ്ഞു. ദാരുകാത്മജന്നുള്ള കൈവേഗം അറിഞ്ഞ കുതിരകൾ തീയിൽ പൊരിയുന്നവിധം, കാൽകൊണ്ടു നിലം തൊടാത്തവിധം പാഞ്ഞു. അവൻ ശാല്വന്റെ പടയ്ക്കു ചുറ്റും നിഷ്പ്രയാസം ചെന്നുകയറിയതു കണ്ടുനിന്നവർ അത്ഭുതപരതന്ത്രരായി. പ്രദ്യുമ്നൻ തന്റെ പടയ്ക്കുള്ളിൽ കയറിയത് ശാല്വന്നു സഹിച്ചില്ല. അവന്റെ സൂതനെ മൂന്നു ശരങ്ങൾ കൊണ്ട് ശാല്വൻ പീഡിപ്പിച്ചു. ആ ബാണവേഗം വകവെക്കാതെ ദാരുകപുത്രൻ വീണ്ടും വലത്തോട്ടു കയറി. പിന്നേയും പല ബാണങ്ങൾ വീണ്ടും സൗഭനായകൻ രുഗ്മിണീപുത്രന്റെ നേരേ വിട്ടു. അവ എത്തുന്നതിന്നുമുമ്പതന്നെ അവൻ അമ്പെയ്തു അറുത്തു. പ്രദ്യുമ്നൻ സസ്മിതം കൈവേഗത്തോടെ അയച്ച ബാണങ്ങളെയൊക്കെ ശാല്വനും ഖണ്ഡിച്ചു. അപ്പോൾ ശാല്വൻ ഘോരമായ അസുരമഹാമായ കാട്ടി ബാണങ്ങൾ ചൊരിഞ്ഞു. ശക്തിയേറിയ ദാനവാസ്ത്രം പ്രയോഗിച്ചതറിഞ്ഞ് ബ്രഹ്മാസ്ത്രംകൊണ്ട് അവന്റെ അമ്പ് അറുത്ത് വേറെ അമ്പ് വീര്യവാനായ പ്രദ്യുമ്നൻ എയ്തു. അസ്ത്രംകളഞ്ഞ് ആ ബാണങ്ങൾ പാഞ്ഞ് മുഖത്തും വക്ഷസ്സിലും കയറിരക്തം കുടിച്ചു. ഉടനെ ശാല്വൻ മോഹിച്ചു വീണു. ബാണപീഡിതനായി ക്ഷുദ്രനായ ശാല്വൻ വീണപ്പോൾ രൗഗ്മിണേയൻ മറ്റൊരമ്പുതൊടുത്തു. നന്നായി സർവ്വദാശാർഹരാലും അർച്ചിക്കപ്പെടുന്നതും സർപ്പവിഷംപോലെ ഉഗ്രമായതുമായ ആ ബാണം ഞാണിന്മേൽ അണച്ചതു കണ്ടപ്പോൾ ഹാ ഹാ! എന്നുള്ള ഘോഷം ആകാശത്തു മുഴങ്ങി! അപ്പോൾ ഇന്ദ്രൻ, കുബേരൻ മുതലായ എല്ലാ ദേവന്മാരും നാരദനേയും പവനനേയും മനോവേഗത്തിൽ പറഞ്ഞയച്ചു. അവർ ക്ഷണത്തിൽ പ്രദ്യുമ്നന്റെ അടുത്തുചെന്ന് ദേവന്മാർ പറഞ്ഞ വാക്കുകൾ ഉണർത്തിച്ചു."

നാരദനും വായുവും പറഞ്ഞു: "ഹേ വീരാ! ശാല്വൻ നിനക്കു വദ്ധ്യനല്ല. നിന്റെ ബാണങ്ങളാൽ ഇവൻ മരിക്കുകയില്ല! ഉടനെ ബാണം സംഹരിക്കുക! നീയുമായുള്ള പോരിൽ ശാല്വൻ മരിക്കുകയില്ല! ഈ അമ്പയച്ചാൽ വധിക്കപ്പെടാതെ ആരുംതന്നെ ഒരുദിക്കിലും ഇല്ല. എന്നാൽ, ഈ ശാല്വന്റെ അന്തകനായി നിശ്ചയിക്കപ്പെട്ടവൻ ദേവകീപുത്രനായ കൃഷ്ണനാണ്. വിധിയുടെ വിധി തെറ്റാതിരിക്കട്ടെ!."

വാസുദേവൻ പറഞ്ഞു: "ഇതു കേട്ട് പ്രദ്യുമ്നൻ ഉത്തമ മായ ശരം വില്ലിൽനിന്ന് എടുത്ത് ആവനാഴിയിൽത്തന്നെ വെച്ചു. ശാല്വൻ ബുദ്ധിക്ഷയത്തോടെ എഴുന്നേറ്റു. പടയോടുകൂടെ പ്രദ്യുമ്നശരപീഡയേറ്റ ശാല്വൻ പിന്തിരിഞ്ഞ് ഓടി. ആ കുബുദ്ധി വൃഷ്ണികളുടെ പീഡനമേറ്റ് ദ്വാരകാപുരി വിട്ടു. ഉടനെ മനോഹരലോഹനിർമ്മിതമായ തന്റെ രഥത്തിൽ കയറി ആകാശത്തിലേക്കു പൊങ്ങിമറഞ്ഞു."

20. സൗഭവധോപാഖ്യാനം – വാസുദേവൻ പറഞ്ഞു: "അവൻ ആനർത്തരാജ്യം വിട്ടുപോയതിന്നുശേഷമാണ് രാജാവേ! ഞാൻ ഭവാന്റെ മഹാമഖമായ രാജസൂയം കഴിഞ്ഞു മടങ്ങിയെത്തിയത്. ഞാൻ അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച പരിതാപകരമായിരുന്നു. ദ്വാരകയുടെ അഴകൊക്കെ നശിച്ചിരിക്കുന്നു. വേദാദ്ധ്യയനമോ ഹോമകർമ്മങ്ങളോ ഇല്ലാതായിരിക്കുന്നു. സ്ത്രീകൾ അലങ്കാരശൂന്യരായിരുന്നു. ദ്വാരകോദ്യാനങ്ങളെല്ലാം കണ്ടാലറിയാത്തവിധം തകർക്കപ്പെട്ടിരിക്കുന്നു! ഞാൻ ശങ്കയോടെ കൃതവർമ്മാവിനെ വിളിച്ചു ചോദിച്ചു: 'എന്താണ് ഹാർദ്ദിക്യാ, നമ്മുടെ പട്ടണം ഈമട്ടിലായത്? സ്ത്രീകളും പുരുഷന്മാരുമൊക്കെ അസ്വസ്ഥരായി കാണപ്പെടുന്നുവല്ലോ? സംഗതിയെന്തെന്നു പറയൂ.' 'ഇപ്രകാരം ഞാൻ ചോദിച്ചപ്പോൾ അവൻ വിസ്തിരിച്ച് എല്ലാം പറഞ്ഞു. ശാല്വരോധവും വിമോചനവും ഒക്കെ, ഒന്നും വിടാതെ, കൃതവർമ്മാവു പറഞ്ഞുകേൾപ്പിച്ചു. എല്ലാം ഞാൻ കേട്ടറിഞ്ഞപ്പോൾ ശാല്വന്റെ വധത്തിന്നുതന്നെ ഞാൻ തീരുമാനിച്ചു. ഉടനെതന്നെ പൗരന്മാരെയൊക്കെ ആശ്വസിപ്പിച്ചു. രാജാവായ ആഹുകന്നും, ആനകദുന്ദുഭിക്കും (വസുദേവന്നും), സർവ്വവൃഷ്ണിപ്രവീരന്മാർക്കും ഹർഷം ജനിപ്പിക്കുന്നവിധം പറഞ്ഞു: 'ഹേ യാദവവീരന്മാരേ! നിങ്ങൾ തെറ്റുപറ്റാത്തവിധം പുരം കാക്കണം. ഞാൻ ശാല്വവധത്തിന്നു പോകയാണ്. അവനെ കൊല്ലാതെ ഞാൻ ദ്വാരകയിൽ മടങ്ങിഎത്തുന്നതല്ല. സൗഭത്തോടുകൂടി ആ ശാല്വനെ തകർത്തതിന്നുശേഷമല്ലാതെ ഞാൻ ദ്വാരകയിൽ കാലുകുത്തുന്നതല്ല. മൂന്നുവിധത്തിൽ ശത്രുഭീഷണമായ പെരുമ്പറകൊട്ടുക.'

ഞാൻ ഇപ്രകാരം ആശ്വസിപ്പിച്ചപ്പോൾ ആ വീരന്മാർ എന്നോടു സന്തോഷത്തോടെ പറഞ്ഞു. 'ചെല്ലുക! ആ ശത്രുക്കളെ കൊല്ലുക!' എന്നു ഹർഷത്തോടെ ആ വീരന്മാർ നല്കിയ ആശീർവ്വാദങ്ങളേറ്റ് ഞാൻ വിപ്രന്മാരുടെ അനുഗ്രഹങ്ങളും വാങ്ങി ശിവനെ പ്രണമിച്ചു. ശൈബ്യസുഗ്രീവങ്ങളെപ്പൂട്ടിയ തേരിൽക്കയറി ദിക്കുമുഴങ്ങുമാറു പാഞ്ചജന്യമഹാശംഖം വിളിച്ചു. പെരുമ്പറയോടുകൂടി സൈന്യങ്ങളെക്കൂട്ടി അണിയണിയായി, പല ദേശങ്ങളും, പല തരം വൃക്ഷങ്ങളുലയുന്ന മലകളും, പല സരസ്സുകളും, പല പുഴകളും കയറിക്കടന്നു 'മാർത്തികാവത'ത്തിലെത്തി. അപ്പോൾ ഞാൻ കേട്ടു നരവ്യാഘ്ര! ശാല്വൻ സമുദ്രതീരത്തേക്ക് സൗഭമേറിപ്പോയെന്ന്. ഉടനെ ഞാൻ അവൻ പോയ വഴി പിന്തുടർന്നു. കടൽക്കരയ്ക്കു ചെന്നപ്പോൾ അവനെ കാണുന്നില്ല. നോക്കിയപ്പോൾ അവൻ സൗഭത്തിൽ കയറി വലിയ കോളിളകുന്ന കടലിന്റെ ഉള്ളിൽ, സമുദ്രനാഭിയിൽച്ചെന്ന് ഇരിക്കുന്നതായിക്കണ്ടു. എന്നെ ദൂരെനിന്ന് അവൻ നോക്കി ഒന്നു ചിരിച്ചു. യുധിഷ്ഠിരാ! ആ ദുഷ്ടൻ അവിടെയിരുന്ന് എന്നെ തുടർച്ചയായി പോരിന്നുവിളിച്ചു. ഞാൻ ശാർങ്ഗം വലിച്ച് എയ്തുവിട്ട മർമ്മഭേദികളായ ശരങ്ങളും അവന്റെ തേരിന്റെയടുത്തെത്തിയില്ല. അപ്പോൾ എനിക്കു വലിയ കോപംവന്നു. പാപപ്രകൃതിയായ ആ ദൈത്യൻ എന്നിൽ അസംഖ്യം ശരധാരവർഷിച്ചു. എന്റെ സൈന്യത്തേയും സൂതനേയും അശ്വങ്ങളേയും ലക്ഷ്യംവെച്ച് എയ്തു. ശരങ്ങൾ വകവെക്കാതെ ഞങ്ങൾതമ്മിൽ പൊരുതി. നൂറും ആയിരവും ശരങ്ങൾ ശാല്വന്റെ യോദ്ധാക്കൾ

digitized by www.sreyas.in

എന്നിൽ പ്രയോഗിച്ചു. അവർ അശ്വങ്ങളേയും തേരിനേയും ദാരുകനേയും മർമ്മംപിളർക്കുന്ന ബാണങ്ങൾ എയ്തുമൂടി. എന്റെ ഹയങ്ങളേയും തേരിനേയും സൂതനായ ദാരുകനേയും ഭടന്മാരേയും കാണാത്തവിധം അമ്പുകളാൽ മൂടി. കുന്തീപുത്രാ! പിന്നെ അസംഖ്യസഹസ്രം ബാണങ്ങളെ ദിവ്യമന്ത്രം ജപിച്ചു വില്ലിൽ വെച്ചു ഞാൻ ആഞ്ഞുവിട്ടു. എന്റെ യോദ്ധാക്കൾക്ക്, അവന്റെ രഥം രണ്ടുനാഴിക ദൂരെ ആകാശത്തു നില്ക്കയാൽ, അവനെ കാണാൻ കഴിഞ്ഞില്ല. കാഴ്ചക്കാരായി അവർ അരങ്ങത്തു നില്ക്കുന്നവിധം നിന്നു. കൈകൊട്ടി സിംഹനാദം മുഴക്കി അവർ എന്നെ പ്രോത്സാഹിപ്പിച്ചു. ഞാൻ എയ്ത വിചിത്രശരങ്ങൾ ആ ദൈത്യന്മാരുടെ മെയ്യിൽ ഒപ്പം ചെന്നു ശലഭം പോലെ കയറി. സൗഭമദ്ധ്യത്തിൽ അപ്പോൾ ദീനസ്വരങ്ങൾ മുഴങ്ങി. സൗഭത്തിലിരിക്കുന്ന ദൈത്യേന്ദ്രന്മാർ ചത്തു കടലിൽ വീഴുവാൻതുടങ്ങി. കൈയും കഴുത്തുമറ്റ് ഉഗ്രമായ കബന്ധങ്ങളായി അവർ കടലിൽ തുരുതുരെ വീഴുവാൻ തുടങ്ങി. ഘോരമായ ആരവത്തോടെ ആർത്തുവീഴുന്ന അവരെ സമുദ്രത്തിലെ തിമിംഗലങ്ങൾ മുതലായ ജലജീവികൾ തിന്നുതുടങ്ങി.

പശുവിൻ പാൽ, മുല്ലപ്പൂവ്, ചന്ദ്രൻ, വെള്ളി ഇവയുടെ നിറത്തേയും പ്രഭയേയും വെല്ലുന്ന പാഞ്ചജന്യം എടുത്തു ഞാൻ ഉച്ചത്തിൽ ഊതി. ആ വീരയോദ്ധാക്കൾ വീണതുകണ്ടു സൗഭേശനായ ശാല്വൻ മായായുദ്ധം എന്നോട് ആരംഭിച്ചു. ഉടനെ ഗദ, ഹലം, കത്തി, ശൂലം, ശക്തി, പരശ്വധം, വാൾ, കുന്തം, വജ്രം, പാശം, ശരം, മുസൃണ്ഠി, പട്ടസം ഇവയൊക്കെ എന്റെ ദേഹത്തിൽ അനവരതം വീണുകൊണ്ടിരുന്നു. മായകൊണ്ടു മായയെ തടുത്തു ഞാൻ പൊരുതി. മായ പോയപ്പോൾ ഗിരിശൃംഗമെടുത്ത് അവൻ പൊരുതി. ഉടനെ ആകെ അന്ധകാരമായി. ഉടനെതന്നെ വെളിച്ചമായി. ദുർദ്ദിനമുണ്ടായി. ഉടനെ സുദിനമുണ്ടായി, ശീതമുണ്ടായി. ഉടനെ ഉഷ്ണമുണ്ടായി. ഹേ, മഹാശക്തനായ രാജാവേ! ഇങ്ങനെ വിചിത്രമായി പലതും യുദ്ധത്തിൽ കാണിക്കപ്പെട്ടു. ധൂളി, തീക്കനൽ, വർഷങ്ങൾ, അസ്ത്രവർഷങ്ങൾ ഇങ്ങനെ പല മായയും എടുത്ത് ഉഗ്രമായി അവൻ എന്നോടു പൊരുതി. അതൊക്കെ അറിഞ്ഞ് മായയെ മായകൊണ്ടുതന്നെ നശിപ്പിച്ച് ഞാൻ സമയാനുസൃതം അസ്ത്രംകൊണ്ടു പോരാടി. ഉടനെ ആകാശം നൂറു സൂര്യന്മാർ ഒന്നിച്ചുദിച്ച പോലെ ജ്വലിച്ചു. ഉടനെ അതൊക്കെപ്പോയി നൂറു ചന്ദ്രനും അസംഖ്യം താരങ്ങളും ചേർന്നമട്ടിലും ആകാശം ശോഭിച്ചു. അപ്പോൾ തെക്കും വടക്കും, രാവും പകലും തിരിയാത്തമട്ടായി. പരിഭ്രാന്തനായ ഞാൻ ഉടനെ പ്രജ്ഞാസ്ത്രം പ്രയോഗിച്ചു. അപ്പോൾ ആ അസ്ത്രം കാറ്റത്തു പഞ്ഞിപോലെ പാഞ്ഞുപോയി. ഇപ്രകാരം ആ പോരാട്ടം അതിഘോരമായി, രോമഹർഷമുണ്ടാക്കുമാറു നടന്നു. വെളിച്ചം വീണ്ടു കിട്ടിയപ്പോൾ ഞാൻ ശത്രുവിനോടു വീണ്ടും നേരിട്ടു."

21. സൗഭവധോപാഖ്യാനം – വാസുദേവൻ പറഞ്ഞു: "ഇപ്രകാരം മഹാശത്രുവും മഹാവീരനുമായ ശാല്വൻ എന്നോടു യുദ്ധം ചെയ്തു. വീണ്ടും ആകാശത്തിലുയർന്നു യുദ്ധം തുടങ്ങി. ഉടനെ ശതഘ്നി, ഗദ, വാൾ, ശൂലം, മുസലം എന്നിവ ജയാശയോടെ എന്നിൽ ശാല്വൻ വർഷിച്ചു. ഞാൻ അമ്പെയ്തു അവയെത്തുന്നതിന്നു മുമ്പുതന്നെ, ആകാശത്തിൽവെച്ചുതന്നെ, മൂന്നുനാലു കഷണങ്ങളാക്കി വിട്ടു. അവൻ വിട്ട ശരങ്ങളാൽ, ദാരുകനും തേരും കുതിരകളും മൂടി. ഉടനെ വിഹ്വലനായി എന്നോടു ദാരുകൻ പറഞ്ഞു."

ദാരുകൻ പറഞ്ഞു: "നില്ക്കണം! നില്ക്കണം! ഞാൻ ശാല്വബാണങ്ങളേറ്റു തളർന്നിരിക്കുന്നു. എനിക്കു നില്ക്കുവാൻ വയ്യ."

വാസുദേവൻ പറഞ്ഞു: "ഇപ്രകാരം സങ്കടപ്പെട്ടു സൂതൻ പറഞ്ഞപ്പോൾ ഞാൻ അവനെ നോക്കി. ദാരുകൻ ഘോരപീഡയിൽ പെട്ടിരിക്കുന്നതായി ഞാൻ കണ്ടു. അവന്റെ ദേഹവും നെഞ്ചും തലയും കൈയുംമെയ്യുമൊക്കെ അമ്പുകയറ്റി തുളഞ്ഞ വ്രണം ഞാൻ കണ്ടു. ഒരു ലേശവും അമ്പുകൊള്ളാത്ത പഴുതു കണ്ടില്ല. രക്തം ദേഹത്തിൽനിന്ന് ഒഴുകി. നല്ല ഒരു മഴയ്ക്കു ശേഷം ചെങ്കൽക്കുന്നിൽനിന്നെന്നപോലെ ശാല്വശരമേറ്റ ദാരുകന്റെ ദേഹത്തിൽനിന്നും ധാരധാരയായി രക്തമൊഴുകിക്കൊണ്ടിരുന്നു. കടിഞ്ഞാൺ പിടിച്ച് ഈ ദയനീയസ്ഥിതിയിൽ നില്ക്കുന്ന ദാരുകനെ ഞാൻ സമാശ്വസിപ്പിച്ചു. ഈ സമയത്തു ദ്വാരകാവാസിയായ ഒരാൾ വേഗത്തിൽ തേരിനടുത്തുവന്ന് സ്നേഹപൂർവ്വം പറഞ്ഞു: "ആഹുകൻ പറഞ്ഞുവിട്ട പരിചാരകൻ വിഷണ്ണനായി തൊണ്ടയിടറി എന്നോട് പറഞ്ഞത് ഹേ യുധിഷ്ഠിരാ! ഭവാൻ കേട്ടാലും!"

സൂതൻ പറഞ്ഞു: "ദ്വാരകാധീശ്വരനായ വീരാ! ഭവാനോട് ആഹുകൻ പറഞ്ഞു: "ഹേ കേശവ! ഭവാന്റെ അച്ഛന്റെ മിത്രം പറയുന്നതു കേൾക്കുക! ദുർദ്ധർഷനായ വൃഷ്ണികുമാരാ, ശാല്വൻ ദ്വാരകയിൽ വന്ന്, ഇന്നു ഭവാനില്ലാത്ത തക്കംനോക്കി വസുദേവനെ വധിച്ചു. അതുകൊണ്ട് യുദ്ധംനിറുത്തി ദ്വാരകയിലേക്കു പോരിക! ദ്വാരകാപുരി രക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം."

വാസുദേവൻ പറഞ്ഞു: "ഇപ്രകാരം ആ ദൂതൻ വന്നു പറഞ്ഞപ്പോൾ ഞാൻ സങ്കടത്തിലായി. വേണ്ടതെന്താണ്, വേണ്ടാത്തതെന്താണ് എന്ന് ഉറയ്ക്കാത്തമട്ടിലായി എന്റെ ചിത്തം. ബലദേവനേയും, സാത്യകിയേയും, പ്രദ്യുമ്നനേയും ഞാൻ ഈ വർത്തമാനം കേട്ടപ്പോൾ മനസ്സുകൊണ്ടു നിന്ദിച്ചു. ആ ദുഃഖവർത്തമാനം എന്നെ നടുക്കിക്കളഞ്ഞു. ഞാൻ ദ്വാരകയ്ക്കും അച്ഛനും രക്ഷയ്ക്ക് അവരെ നിറുത്തിയാണല്ലോ പോന്നത്. ശത്രുഹരനായ ബലരാമൻ ജീവിച്ചിരിക്കുന്നില്ലേ? പ്രദ്യുമ്നനും സാത്യകിയും ജീവിച്ചിരിക്കുന്നില്ലേ? സാംബാദികളും ജീവിച്ചിരിക്കുന്നില്ലേ? എന്നെല്ലാം ചിന്തിച്ചു ഞാൻ വിവശനായി. ഇവർ ജീവിച്ചിരിക്കുന്നകാലത്ത് ഒരിക്കലും വസുദേവനെ വധിക്കുവാൻ ഇന്ദ്രന്നുപോലും സാദ്ധ്യമല്ല! വസുദേവൻ കൊല്ലപ്പെട്ടുവെങ്കിൽ നിശ്ചയമായും ബലദേവാദികളും നശിച്ചിരിക്കണം. അതു തീർച്ചയാണ്. അവർക്കും അപ്രകാരം നാശംവന്നിരിക്കും എന്നും ഞാൻ ഓർത്തു. വിഹ്വലനായി ഞാൻ ശാല്വനുമായി പൊരുതി. അപ്പോൾ ഞാൻ കണ്ട കാഴ്ചയെന്താണ്! അത്ഭുതം! സൗഭത്തിൽ നിന്നു വസുദേവൻ താഴെവീഴുന്നു! ഞാൻ ഇതു കണ്ടതോടുകൂടി രാജാവേ! മോഹാലസ്യപ്പെട്ടുപോയി. താഴെ വീഴുന്ന എന്റെ അച്ഛന്റെ രൂപം കണ്ടപ്പോൾ, സ്വർഗ്ഗംവിട്ടു കീഴോട്ടുവീഴുന്ന യയാതിയുടെ സ്മരണ എന്നിലുണ്ടായി! അതുപോലെയായിരുന്നു ആ വീഴ്ച. തലപ്പാവു തെറിച്ച് മുടിയും വസ്ത്രവും ചിന്നി, അദ്ദേഹം പുണ്യം ക്ഷയിച്ച ഗ്രഹംപോലെ വീണു! അതു കണ്ടതോടുകൂടി എന്റെ കൈയിൽ നിന്ന് 'ശാർങ്ഗധനുസ്സ്' താഴെവീണു. ഞാൻ മോഹാലസ്യപ്പെട്ടു തേർത്തട്ടിൽ ചാഞ്ഞുപോയി! ഉടനെ സൈന്യങ്ങളുടെ മദ്ധ്യത്തിൽ നിന്ന് ഹാ! ഹാ! എന്ന ശബ്ദമുയരുകയും ചൈതന്യരഹിതമാവുകയും ചെയ്തു. കൈകാലുകൾ വിടർത്തി വീഴുന്ന പക്ഷിരാജനെപ്പോലെയായിരുന്നു അച്ഛന്റെ അപ്പോഴത്തെ രൂപം. അച്ഛൻ വീഴുമ്പോൾ മഴു, കുന്തം എന്നിവകൊണ്ട് ശത്രുക്കൾ കഠിനമായി മർദ്ദിച്ചുകൊണ്ടിരുന്നു. ഈ കാഴ്ച എന്നെ നിശ്ചേഷ്ടനാക്കി; ഹൃദയം തകർത്തു. പക്ഷേ, മോഹാലസ്യത്തിൽനിന്നുണർന്നപ്പോൾ യുദ്ധമദ്ധ്യത്തിൽ സൗഭത്തോടുകൂടിയ ശാല്വനേയും കണ്ടില്ല, വൃദ്ധപിതാവിനേയും കണ്ടില്ല! ഉടനെ എന്റെ ഉള്ളിൽ ഇതു മായാവിദ്യയാണെന്ന ബോധമുണ്ടായി! ഞാൻ ഉണർന്നു! പിന്നെ ഞാൻ നൂറുകണക്കിന്ന് അസ്ത്രങ്ങൾ ശക്തിയായി എയ്തു!"

22. സൗഭവധോപാഖ്യാനം – വാസുദേവൻ പറഞ്ഞു: "ഹേ ഭാരതശ്രേഷ്ഠാ! പിന്നെ ഞാൻ അമ്പെയ്തു സൗഭത്തിൽനിന്നു വമ്പന്മാരായ ദൈത്യന്മാരുടെ തല നല്ലപോലെ അരിഞ്ഞുവീഴ്ത്തി. ശാർങ്ഗത്തിൽനിന്നു സർപ്പസദൃശമായ, അതിവേഗവും തേജസ്സുമുള്ള, അസ്ത്രശതങ്ങളെ വിട്ടു. പെട്ടെന്ന് ശാല്വനെ കണ്ടില്ല. അവൻ മായയാൽ മറഞ്ഞതുകണ്ടു ഞാൻ അത്ഭുതപ്പെട്ടു! ഉടനെ വികൃതമായ മുഖത്തോടും വികൃതമായ കേശത്തോടുംകൂടിയ ദാനവന്മാർ ഉച്ചത്തിൽ ആർപ്പുവിളിച്ചു. ഒച്ച കേട്ട ദിക്കിലേക്കുനോക്കി ഞാൻ ശരം അയച്ചു. അപ്പോൾ ആ ശബ്ദം നിലച്ചു. ശബ്ദിച്ച ദാനവന്മാരെയൊക്കെ ഞാൻ കൊന്നുവീഴ്ത്തി.

digitized by www.sreyas.in

ശബ്ദവേധികളായ ശരങ്ങൾ, ആദിത്യശോഭയുള്ള അസ്ത്രങ്ങൾ, വിട്ട് അവരെ സംഹരിച്ചു!

ആ ശബ്ദം നിലച്ചപ്പോൾ വേറെ ദിക്കിലും ശബ്ദമുണ്ടായി. ആ ശബ്ദംകേട്ട ദിക്കിലേക്കും ഞാൻ ശരംവിട്ടു. പത്തുദിക്കിലും ഇപ്രകാരം കീഴും മേലും എവിടെയൊക്കെ നാദം അസുരന്മാർ മുഴക്കിയോ, അവിടെയൊക്കെ എന്റെ മന്ത്രശക്തിയുള്ള അസ്ത്രം ചെന്ന് ആ ദാനവന്മാരെ വീഴ്ത്തി. എന്റെ കണ്ണഞ്ചിച്ചു കൊണ്ട് കാമഗവും ദിവ്യലോഹനിർമ്മിതവുമായ സൗഭം പിന്നെ പ്രാക്ജ്യോതിഷത്തിൽച്ചെന്നു വീണ്ടും കാണപ്പെട്ടു. ലോകംമുടിക്കുന്നവിധം ദാരുണാകൃതികളായ ദാനവർ വലിയ പാറകൾ എടുത്ത് എന്നെ മൂടുമാറുവർഷിച്ചു. ഞാൻ പർവ്വതവർഷമേറ്റു കുഴങ്ങിപ്പോയി. ഞാൻ പുറ്റുപോലെ പർവ്വതാവൃതനായി. സൂതനോടും, കുതിരകളോടുംകൂടിയ ഞാൻ പർവ്വതത്താൽ മൂടപ്പെട്ടപ്പോൾ മലകൾക്കുള്ളിൽ എന്നെ കാണാത്തവിധമായി. എന്റെ ഭടന്മാരായ വൃഷ്ണിവീരന്മാർ ഭയപ്പെട്ടു പത്തുദിക്കിലേക്കും പാഞ്ഞു ഹാ! ഹാ! എന്നുള്ള ആകുലശബ്ദം മുഴങ്ങി. ആകാശത്തിലും ഭൂമിയിലും സ്വർഗ്ഗത്തിലും ഒരിടത്തും എന്നെ കാണാതായപ്പോൾ എന്റെ സുഹൃത്തുക്കൾ വിഷാദത്തിൽപ്പെട്ടുപോയി. ദുഃഖഭാരത്തോടെ അവർ കരഞ്ഞു മുറവിളികൂട്ടി. എല്ലാവരും കരഞ്ഞു. വൈരിവൃന്ദങ്ങൾക്കു സന്തോഷവും സുഹൃത്തുക്കൾക്കു ദുഃഖവുമുണ്ടായി. ഈ അവസ്ഥയെപ്പറ്റി ഞാൻ അറിഞ്ഞത് ശത്രുക്കളെ നശിപ്പിച്ചു യുദ്ധത്തിൽ ജയിച്ചതിന്നുശേഷമാണ്.

പിന്നെ ഞാൻ ഇന്ദ്രനു പ്രിയപ്പെട്ടതും പാറയൊക്കെ പിളർക്കുന്നതുമായ വജ്രം കൈയിലെടുത്തു പർവ്വതങ്ങളെയൊക്കെ നുറുക്കി. അപ്പോൾ പർവ്വതഭാരത്താൽ ദുഃഖിതരായി, ശക്തി നശിച്ച്, ഓടുവാൻവയ്യാതെ എന്റെ അശ്വങ്ങൾനിന്നു വിറയ്ക്കുവാൻ തുടങ്ങി. മഴക്കാറുനീങ്ങി സൂര്യൻ പുറത്തുവന്നതുപോലെ പർവ്വതങ്ങളിൽനിന്നു പൊങ്ങിവന്ന എന്നെക്കണ്ട് ബന്ധുവർഗ്ഗങ്ങൾ സന്തോഷിച്ചു! മരണമടുത്തപോലെ വിറയ്ക്കുന്ന അശ്വങ്ങളെക്കണ്ട് സൂതൻ സന്ദർഭത്തിന്നുയോജിച്ചവിധം പറഞ്ഞു."

സൂതൻ പറഞ്ഞു: "ഹേ വാർഷ്ണേയാ! സൗഭേശനായ ശാല്വൻ അതാ തകരാറൊന്നും പറ്റാതെ സുഖമായി നില്ക്കുന്നു! നമ്മളോ, അവശരുമായിരിക്കുന്നു! ഇതുവലിയ അവമാനംതന്നെ! മതി; ഇനി നല്ല ശ്രമം തുടങ്ങുക! മൃദുത്വവും സത്യവും ശാല്വനിൽ കരുതരുത്. ശാല്വനെ വേഗം കൊല്ലുക! അവനെ ഇനി ഒരു നിമിഷം ജീവനോടെ വയ്ക്കരുത്. സർവ്വവീര്യവും എടുത്തു ശത്രുവിനെ വധിക്കണം. സ്വന്തം കാലിന്നു ചുവട്ടിലുള്ള അശക്തനായ ശത്രുവിനെപ്പോലും വധിക്കണം. പിന്നെ നമ്മോടു നേരിടാൻ ധൈര്യപ്പെട്ട അവനെ കൊല്ലുവാൻ എന്തിന്നു മടിക്കുന്നു? ഇനി കാലം നീട്ടരുത് പുരുഷശ്രേഷ്ഠാ! ഇവൻ അങ്ങയുടെ തോഴനല്ല. പിന്നെ ഇവനിൽ എന്തിനു മൃദുത്വംകാട്ടുന്നു? ഭവാനുമായി പൊരുതുന്ന ഇവൻ ദ്വാരകാപുരിയെ കലക്കിയവനല്ലേ?"

വാസുദേവൻ പറഞ്ഞു: "ഹേ കൗന്തേയാ! ഇപ്രകാരം സാരഥി പറഞ്ഞതുകേട്ട് ഇപ്പറഞ്ഞതൊക്കെ ശരിയാണെന്നുതന്നെ ധരിച്ച് ഞാൻ ശാല്വവധത്തിനും സൗഭം നശിപ്പിക്കുന്നതിന്നും നിശ്ചയിച്ചു യുദ്ധംതുടങ്ങി. ഞാൻ ദാരുകനോടു പറഞ്ഞു. 'ശരി! ആകട്ടെ! മുഹൂർത്തം നില്ക്കുക' എന്ന്.

പിന്നെ എന്തിലും തുളഞ്ഞുകയറുന്നതും ദിവ്യവും തടവറ്റതും അഭേദ്യവും വീര്യത്തോടെ സർവ്വവും നശിപ്പിക്കുന്നതും മഹാപ്രഭവും, ആഗ്നേയവുമായ അസ്ത്രം വില്ലിൽ തൊടുത്തു. പിന്നീട് അതുല്യവും ദൈത്യരാക്ഷസയക്ഷന്മാരേയും നീചരാജാക്കന്മാരേയും ഭസ്മമാക്കിത്തീർക്കുന്നതും, തീക്ഷ്ണമായ അഗ്രമുള്ളതും, അമലവും, അന്തകതുല്യവുമായ സുദർശനചക്രം അഭിമന്ത്രിച്ചു. സൗഭത്തേയും അതിലുള്ള എന്റെ ശത്രുക്കളേയും മുടിക്കുക എന്നുപറഞ്ഞു കോപത്തോടെ ഞാൻ അതിലേക്കായി വിട്ടു സുദർശനം വാനിലൂടെ പായുമ്പോൾ യുഗാവസാനത്തിൽ ദഹിപ്പിക്കുന്ന രണ്ടാംസൂര്യന്റെ ആകൃതിയുണ്ടായി. ഉടനെ അതു പാഞ്ഞുചെന്ന് ഐശ്വര്യം നശിച്ച സൗഭപുരത്തെ നല്ല ഈർച്ചവാൾ മാമരത്തെ എന്നപോലെ പിളർന്നു. സുദർശനംകൊണ്ടു രണ്ടായിപിളർന്ന സൗഭപട്ടണം മഹേശ്വരശരമേറ്റ ത്രിപുരംപോലെ വീണു. സൗഭം പിളർന്നതിന്റെശേഷം ചക്രം എന്റെ കൈയിൽത്തന്നെ വന്നുചേർന്നു. ഉടനെ വീണ്ടും സുദർശനമെടുത്തു 'ശാല്വന്' എന്നു പറഞ്ഞു വിട്ടു കനത്ത ഒരു ഗദയെടുത്തു വീശിയെറിയാനൊരുമ്പെട്ടുനില്ക്കുന്ന ശാല്വനെ ക്ഷണത്തിൽ രണ്ടായിപ്പിളർന്ന് സുദർശനം കത്തിജ്ജ്വലിപ്പിച്ചു. ആ ധീരയോദ്ധാവിനെ കൊന്നസമയത്തു ഭയപ്പെട്ട ദാനവസ്ത്രീകൾ ഹാ! ഹാ! എന്നുപറഞ്ഞു പത്തുദിക്കിലേക്കും ദുഃഖാർത്തരായി പാഞ്ഞു. പിന്നെ, ഞാൻ സൗഭത്തിന്റെ സമീപത്തു തേരണപ്പിച്ചു നിന്നു. സന്തോഷപൂർവ്വം ശംഖുവിളിച്ചു സുഹൃത്തുക്കൾക്കു മോദംവളർത്തി. മേരുശൃംഗാഭമായ അവരുടെ നഗരം അതിലെ കൊട്ടാരങ്ങളും വാതിലുകളും തകർക്കപ്പെട്ടു കത്തുന്നതുകണ്ടു ഭയപ്പെട്ട് ദാനവന്മാർ ഓടി. ഇങ്ങനെ പോരിൽ ശാല്വനെ കൊന്ന്, സൗഭത്തെ നശിപ്പിച്ച് വീണ്ടും ആനർത്തത്തിൽ തിരിച്ചെത്തി, ഞാൻ സുഹൃത്തുക്കൾക്കു പ്രീതി വർദ്ധിപ്പിച്ചു.

ഈ യുദ്ധം കാരണമാണ് രാജാവേ! ഞാൻ ഹസ്തിനാപുരിയിൽ വന്നെത്താതിരുന്നത്. ഞാൻ വന്നിരുന്നെങ്കിൽ, ഹേ ശത്രുഹരാ! ദുര്യോധനൻ ജീവിക്കില്ലായിരുന്നു. അഥവാ, ഞാൻ എത്തിയിരുന്നുവെങ്കിൽ ചൂതു നടക്കില്ലായിരുന്നു. ഇനി എന്തുചെയ്യും? അണക്കെട്ടു തകർന്നശേഷം വെള്ളം എങ്ങനെ തടഞ്ഞുനിർത്തും?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരനോടു പറഞ്ഞ്, മധുവൈരിയും ശ്രീമാനുമായ പുരുഷോത്തമൻ, പാണ്ഡവന്മാരെ അഭിവാദ്യംചെയ്തു പിന്മടങ്ങാനൊരുങ്ങി. ധർമ്മിഷ്ഠനായ ധർമ്മപുത്രനെ ആ മഹാബാഹു അഭിവാദ്യം ചെയ്തു. ധർമ്മപുത്രനും ഭീമനും കൃഷ്ണനെ മൂർദ്ധാവിൽ ഘ്രാണിച്ചു. അർജ്ജുനൻ ആലിംഗനംചെയ്തു. യമന്മാർ കാല്ക്കൽ കുമ്പിട്ടു. ധൗമ്യൻ മാനിച്ചവനും കൃഷ്ണ കണ്ണുനീരിനാൽ പൂജിച്ചവനുമായ കൃഷ്ണൻ സുഭദ്രയേയും അഭിമന്യുവിനേയും രഥത്തിൽക്കയറ്റി. ശൈബ്യസുഗ്രീവങ്ങളെ പൂട്ടിയ സൂര്യതേജസ്സുള്ള രഥത്തിൽക്കയറി ധർമ്മരാജാവിനെ സമാശ്വസിപ്പിച്ചതിന്നുശേഷം ദ്വാരകയിലേക്കു പോയി.

ദാശാർഹൻ പോയതിനുശേഷം പാഞ്ചാലനന്ദനനായ ധൃഷ്ടദ്യുമ്നൻ ദ്രൗപദീപുത്രരെ തന്റെ നഗരത്തിലേക്കു കൊണ്ടുപോയി. നകുലപത്നിയായ സ്വസഹോദരിയേയുംകൊണ്ട് ചൈദ്യനായ ധൃഷ്ടകേതുവും പാർത്ഥന്മാരെക്കണ്ടു യാത്രാനുവാദം വാങ്ങി 'ശുക്തിമതി' എന്നു പേരായ സ്വന്തം പുരിയിൽ ചെന്നുചേർന്നു. കൈകേയന്മാരും ഓജസ്വിയായ കൗന്തേയരുടെ അനുവാദത്തോടെ പാണ്ഡവന്മാരോടു യാത്രപറഞ്ഞു മടങ്ങിപ്പോയി. ബ്രാഹ്മണരും വൈശ്യരുമായ നാട്ടുകാർ, പാണ്ഡവന്മാർ അഭ്യർത്ഥിച്ചുവെങ്കിലും, പാർത്ഥന്മാരെ വിട്ടുപോകാൻ അവർ ശക്തരായില്ല. ആ മഹാത്മാക്കളെ ചുറ്റി കാമ്യവനത്തിൽനിന്ന ആ മഹാസംഘം അസാധാരണവും അത്ഭുതകരവുമായിത്തോന്നി, മഹാരാജാവേ! യുധിഷ്ഠിരൻ ആ ബ്രാഹ്മണരേയും മറ്റും വേണ്ടവിധം ബഹുമാനിച്ച്, കാലേതന്നെ ആൾക്കാരോട് തേരു തയ്യാറാക്കിനിർത്തുവാൻ ആജ്ഞാപിച്ചു."

23. ദ്വൈതവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണൻ പോയതിന്നുശേഷം യുധിഷ്ഠിരനും, ഭീമാർജ്ജുനന്മാരും, നകുലസഹദേവന്മാരും, കൃഷ്ണയും, ധൗമ്യനും, നല്ല അശ്വങ്ങളെപ്പൂട്ടിയ തേരിൽക്കയറി വനത്തിലേക്കുപോന്നു. അനേകനിഷ്ക, സ്വർണ്ണം, വസ്ത്രങ്ങൾ, ഗോക്കൾ ഇവയെല്ലാം ദക്ഷിണയായി ശിക്ഷാക്ഷരമന്ത്രജ്ഞരായ വിപ്രന്മാർക്ക് കൊടുത്തു. ആയുധങ്ങൾ ധരിച്ച് ഇരുപതു ഭൃത്യന്മാർ ശസ്ത്രങ്ങൾ, വില്ല്, ഉജ്ജ്വലബാണജാലം, യന്ത്രങ്ങൾ, വാൾ ഇവയൊക്കെക്കൊണ്ട് അവരെ പിന്തുടർന്നു. പിന്നെ, രാജ്ഞിയുടെ (ദ്രൗപദിയുടെ) ദാസീജനങ്ങൾ, ധാത്രികൾ എന്നിവരെയും വസ്ത്രഭൂഷണങ്ങളും രഥത്തിൽ കയറ്റി. ഇന്ദ്രസേനൻ വേഗത്തിൽ അവരെ പിന്തു

digitized by www.sreyas.in

ടർന്നു. അപ്പോൾ ആ കുരുശ്രേഷ്ഠനു ചുറ്റുംനടന്ന് കുരുജാംഗലത്തിലെ ദ്വിജന്മാർ സസന്തോഷം ആശിസ്സുചൊല്ലി. ധർമ്മരാജാവ് എല്ലാവരോടും നല്ല വാക്കുകൾ പറഞ്ഞ് ആ കുരുജാംഗലത്തിലെ ജനങ്ങളെ തൃക്കൺപാർത്തുനിന്നു. അച്ഛന്നു തന്റെ മക്കളിലെന്നപോലെയുള്ള സ്നേഹത്തോടുകൂടി നില്ക്കുന്ന രാജാവിനെ, മക്കൾ അച്ഛനോടെന്നവിധം സ്നേഹബഹുമാനങ്ങളോടെ നോക്കിനിന്നു."

'ഹാ, നാഥാ! ഹാ, ധർമ്മജാ!' എന്നുപറഞ്ഞ് അവർ "ലജ്ജ പൂണ്ടു കണ്ണുനീരൊലിപ്പിച്ചുനിന്നു."

ജനങ്ങൾ പറഞ്ഞു: "ഹേ രാജാവേ! ഞങ്ങളെ പുത്രനിർവ്വിശേഷം സ്നേഹിച്ചുപാലിച്ച ഭവാൻ എവിടെപ്പോകുന്നു? നിന്ദ്യനാണ് ധൃതരാഷ്ട്രപുത്രൻ! സൗബലനോടുകൂടിയ കർണ്ണനും പാപിയാണ്! മഹാദേവപുരാഭമായ ഇന്ദ്രപ്രസ്ഥപുരം ചമച്ച മഹാനുഭാവനായ ഭവാൻ അതുംവിട്ട് ധർമ്മരാജാവേ, എങ്ങോട്ടുപോകുന്നു. ഭവാൻ ഇന്ദ്രസഭയ്ക്കു തുല്യമായ സഭ, മയനാൽ തീർപ്പിക്കപ്പെട്ടവനാണല്ലോ. ദേവാഢ്യമായ ആ സഭ ഉപേക്ഷിച്ചു ഭവാൻ പോവുകയാണോ?"

ധർമ്മാർത്ഥകാമജ്ഞനായ അർജ്ജുനൻ അവരോട് ഉറക്കെ പറഞ്ഞു.

അർജ്ജുനൻ പറഞ്ഞു: "ഹേ മഹാജനങ്ങളേ! നിങ്ങൾ വ്യസനിക്കേണ്ട. വനവാസംകൊണ്ട് ശത്രുക്കളുടെ സൽപ്പേരില്ലാതാക്കാനാണ് മഹാരാജാവ് ഉദ്ദേശിക്കുന്നത്. നിങ്ങൾ ഓരോരുത്തരും എല്ലാവരുംകൂടിയും ദ്വിജേന്ദ്രന്മാരെ മുൻനിർത്തി, ധർമ്മാർത്ഥവിജ്ഞാനികളായ നിങ്ങൾ എല്ലാവരും, താപസന്മാരോട് ഞങ്ങൾക്കു നന്മവരുവാൻ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ പറഞ്ഞപ്പോൾ ദ്വിജന്മാർ മറ്റുള്ള എല്ലാവരോടും കൂടിനിന്ന് ആ ധാർമ്മികന് അനുഗ്രഹമാശംസിച്ചു; നന്ദിയോടെ വലംവെച്ചു പാണ്ഡവന്മാരോടു യാത്രപറഞ്ഞു.

പഞ്ചപാണ്ഡവന്മാരോടും യാജ്ഞസേനിയോടും വിടവാങ്ങി, മങ്ങിയ ഹൃദയത്തോടും നിറഞ്ഞ കണ്ണുകളോടുംകൂടി അവർ ധർമ്മരാജാവിനെ കൈകൂപ്പി. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു സ്വന്തം രാജ്യത്തേക്കു പോയി."

24. ദ്വൈതവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "അവരൊക്കെ പോയതിന്നുശേഷം സത്യശീലനായ യുധിഷ്ഠിരൻ തന്റെ സഹോദരന്മാരോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നമുക്ക് വിജനമായ കാനനത്തിൽ പന്ത്രണ്ടു വർഷം വസിക്കണം! മൃഗങ്ങളും പക്ഷികളും അധിവസിക്കുന്ന കാടു നോക്കികണ്ടുപിടിക്കുവിൻ! പൂവും കായും സുലഭമായും, മനോഹരവും, ശുഭവും, പുണ്യമായ ജലം ലഭിക്കുന്നതുമായ സ്ഥലംനോക്കി കണ്ടെത്തുക. അവിടെച്ചെന്നു നമ്മളെല്ലാം സുഖമായി പാർക്കണം."

ഇതുകേട്ടപ്പോൾ ധർമ്മജനോട്, തന്റെ ആത്മീയഗുരുവിനോടെന്നപോലെ സാദരം അർജ്ജുനൻ പറഞ്ഞു.

അർജ്ജുനൻ പറഞ്ഞു: "ഭവാൻ വൃദ്ധരും മഹാന്മാരുമായ മുനിമാരെ സേവിക്കുന്നവനാണല്ലോ. മനുഷ്യലോകത്ത് ഭവാനറിയാത്തത് എന്തുണ്ട്? അങ്ങ് നിത്യവും ഭൂസുരന്മാരെ സേവിക്കുന്നവനാണല്ലോ. വ്യാസാദികളേയും താപസേന്ദ്രനായ നാരദനേയും സേവിച്ചവനാണല്ലോ ഭവാൻ. നാരദനാണെങ്കിൽ, സർവ്വലോകമാർഗ്ഗവും ചുറ്റുന്നവനും വശിയുമാണ്. അദ്ദേഹത്തിൽ നിന്ന് ദേവലോകംമുതൽ ബ്രഹ്മലോകംവരെ ഗന്ധർവ്വാപ്സരോഗൃഹങ്ങൾ കൂടിയും അറിയുന്നവനാണ് ഭവാൻ. അങ്ങ് ബ്രാഹ്മണരെപ്പറ്റിയും അവരുടെ ശക്തിയെപ്പറ്റിയും നിസ്സംശയം അറിയുന്നവനാണ്. എല്ലാ ശ്രേയസ്സും അതിന്റെ കാരണവും ഭവാനറിയാം. മഹാരാജാവേ, ഭവാൻ എവിടെ തീർച്ചപ്പെടുത്തുന്നുവോ, അവിടെ പാർക്കാം. ഇതാ ദ്വൈതവനം കാണുന്നു. പുണ്യമായ സരോജലത്താലും പൂവും കായും സുലഭമായി മനോഹരമായി കാണുന്നു. എല്ലാവിധ മൃഗങ്ങളും അവിടെ വേണ്ടുവോളമുണ്ട്. പന്തീരാണ്ടുകാലം അവിടെ സുഖമായി പാർക്കാമെന്നാണ് എന്റെ അഭിപ്രായം അങ്ങേയ്ക്കും ബോധ്യമാണെങ്കിൽ അതാകാം. അല്ലെങ്കിൽ വേറെയാകാം."

യുധിഷ്ഠിരൻ പറഞ്ഞു: "അർജ്ജുനാ! നീ പറഞ്ഞത് എനിക്കും സമ്മതംതന്നെയാണ്. പുണ്യമായ, പ്രസിദ്ധമായ ആ ദ്വൈതവനതടാകത്തിലേക്കു നാം പോവുക."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ധർമ്മചാരികളായ പാണ്ഡവന്മാർ പുറപ്പെട്ടു. പുണ്യമായ, ദ്വൈതവനസരസ്സിലേക്കു നടന്നു. ബ്രാഹ്മണരും അനുഗമിച്ചു. സാഗ്നിഹോത്രന്മാരും അല്ലാത്തവരുമായ ബ്രാഹ്മണരും, സ്വാദ്ധ്യായമുള്ളവരും, ഭിക്ഷുക്കളും, വനവാസികളുമായ ദ്വിജന്മാരും, ഇങ്ങനെ പലരും ധർമ്മരാജാവിന്റെ ചുറ്റുംകൂടി. തപസ്സിദ്ധിയുള്ള അസംഖ്യം മഹാത്മാക്കളും കൂടെ ഉണ്ടായിരുന്നു. അങ്ങനെ അനേകം വിപ്രരോടുകൂടി പോന്ന് ആ പാണ്ഡുപുത്രന്മാർ പുണ്യവും രമ്യവുമായ ദ്വൈതവനത്തിൽ പ്രവേശിച്ചു.

പയൻമരം, കടമ്പ്, പന, മാവ്, ഇരിപ്പ, കൊന്ന, നീർമരുത്, വേങ്ങ ഇവ മഴക്കാലത്തു തഴച്ചു പൂത്തുനില്ക്കുന്നതായ ആ കാട് യുധിഷ്ഠിരൻ കണ്ടു. ആ മഹാവൃക്ഷങ്ങളിൽ കയറിയിരുന്നു മനോജ്ഞമായ ശബ്ദമുതിർത്ത് മയിലുകളും, നത്തുകളും, ചകോരങ്ങളും, കുയിലുകളും, മറ്റു പക്ഷികളും അവിടെ സസന്തോഷം വസിക്കുന്നു. മദം വർദ്ധിച്ച മഹാഗജങ്ങൾ, മഹാമലപോലെ ഉന്നതന്മാരായ ഗജങ്ങൾ പിടികളോടുകൂടി, കൂട്ടമായി സഞ്ചരിക്കുന്ന ആ കാട് യുധിഷ്ഠിരൻ കണ്ടു. ഭോഗവതീ (സരസ്വതീ) തടത്തിൽ ചെന്ന്, വിശുദ്ധരും ചീരജടാധരന്മാരുമായ അനേകം ധർമ്മശീലന്മാരായ സിദ്ധർഷിമാർ വാഴുന്ന സ്ഥലം അവർ കണ്ടു. അപ്പോൾ തേർത്തട്ടിൽനിന്ന് ഇറങ്ങി രാജാവ് ഭ്രാതാക്കളും കൂട്ടരുംചേർന്ന് കാട്ടിൽ, ഇന്ദ്രൻ സ്വർഗ്ഗത്തിലെന്നവിധം പ്രവേശിച്ചു. ആ സത്യവാനായ രാജാവിനെ കാണാൻ ആഗ്രഹിച്ച് അനേകം സിദ്ധന്മാരും ചാരണന്മാരും സംഘമായി വന്നുകൂടി. മഹാമനസ്വിയായ ആ നരേന്ദ്രസിംഹന്റെ ചുറ്റും അവർ നിന്നു. ആ സർവ്വസിദ്ധന്മാരേയും രാജാവ് കൈകൂപ്പി. അദ്ദേഹം രാജസുരോപമം സംപൂജിതനായി. എല്ലാ ദ്വിജന്മാരോടുംകൂടി ധർമ്മനിഷ്ഠനായ ആ രാജാവ് കാട്ടിൽ പ്രവേശിച്ചു. ആ പുണ്യശീലനായ രാജാവ് ആ മഹർഷിമാരോടുകൂടി അവരുടെ സൽക്കാരങ്ങൾ സ്വീകരിച്ച് പൂത്തുനില്ക്കുന്ന ഒരു മരത്തിന്റെ ചുവട്ടിൽ അവരുടെ നടുക്കായി, പണ്ട് തന്റെ അച്ഛനായ പാണ്ഡു ഇരുന്നതുപോലെ ഇരുന്നു. ഭീമനും, കൃഷ്ണയും, ധനഞ്ജയനും, മാദ്രേയന്മാരും, രാജാവിന്റെ ഭൃത്യന്മാരും, അശ്വങ്ങളെവിട്ട്, തളർന്ന്, രാജാവിന്റെ അടുത്തുചെന്ന് ഇരുന്നു. പടർന്നു കയറിയ വള്ളിപ്പടർപ്പുകൊണ്ട് മനോഹരമായ ആ വൃക്ഷത്തിന്റെ ചുവട്ടിൽ ധന്വികളായ പഞ്ചപാണ്ഡവന്മാർ ഇരിപ്പുറപ്പിക്കുകയാൽ മഹാഗജങ്ങൾ ചൂഴുന്ന പർവ്വതം എന്നപോലെ ആ വൃക്ഷം ശോഭിച്ചു."

25. ദ്വൈതവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "വളരെ കഷ്ടപ്പാടുകൾക്കുശേഷം ആ രാജപുത്രന്മാർക്കു വളരെ സന്തോഷത്തോടെ ജീവിക്കാനുള്ള ഒരു സങ്കേതം കാട്ടിൽ ലഭിച്ചു. ഇന്ദ്രോപമന്മാരായ അവർ പുണ്യമായ സരസ്വതീതീരത്തിലെ സാലവൃക്ഷങ്ങൾ നിറഞ്ഞ കാട്ടിൽ സുഖമായി കളിച്ചു വസിച്ചു. യതീന്ദ്രന്മാരേയും, മുനിമുഖ്യന്മാരേയും, വിപ്രമുഖ്യന്മാരേയും രാജാവ്, ഫലമൂലങ്ങൾ ദാനംചെയ്തും മഹിതമായ അനുഭാവത്തോടെ സൽക്കരിച്ചും തൃപ്തിപ്പെടുത്തി. പിതൃതുല്യനായ ധൗമ്യൻ അവിടെവെച്ച് 'ഇഷ്ടി' പിത്ര്യാദികർമ്മങ്ങൾ കഴിച്ചുപോന്നു.

ഇങ്ങനെ നാടുവിട്ട് പാണ്ഡവന്മാർ കാട്ടിൽ വാഴുന്ന കാലത്ത് ഒരുദിവസം പുരാണമുനിയും അത്യുഗ്രതേജോനിധിയുമായ മാർക്കണ്ഡേയമഹർഷി, യാത്രാമദ്ധ്യത്തിൽ പാണ്ഡവാശ്രമത്തിൽ ചെന്നുകയറി.

digitized by www.sreyas.in

ഉടനെ മഹാസത്വവീര്യവാനും, മഹാശക്തനുമായ യുധിഷ്ഠിരൻ കത്തിജ്ജ്വലിക്കുന്ന തേജസ്സോടുകൂടിയവനും, ദേവന്മാർക്കും ഋഷികൾക്കും ആരാദ്ധ്യനുമായ ആ മഹർഷിവര്യൻ വന്നണഞ്ഞപ്പോൾ, ആ മഹർഷിയെ യഥോചിതം പൂജിച്ചിരുത്തി.

മഹർഷിമാരാൽ ചുറ്റപ്പെട്ട് ദ്രൗപദിയേയും, ധർമ്മരാജാവിനേയും, ഭീമസേനാർജ്ജുനന്മാരേയും കണ്ടപ്പോൾ, ശ്രീരാമൻ കാട്ടിൽവാണിരുന്ന സ്മരണ മനസ്സിൽ ഉദിക്കുകയാൽ അവരുടെ മദ്ധ്യത്തിൽ ഇരുന്ന് മഹർഷി ചിരിച്ചു. ഇതു കണ്ട് നീതിമാനായ യുധിഷ്ഠിരൻ വൈമനസ്യത്തോടെ മഹർഷിയോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഈ താപസന്മാരെല്ലാം എന്നെ ഈ കഷ്ടസ്ഥിതിയിൽ ഇവിടെ കണ്ടു സഹതപിക്കുന്നു! ഭവാൻ ഈ മുനീന്ദ്രന്മാരുടെ മദ്ധ്യത്തിൽവെച്ച് എന്നെ നോക്കി സന്തോഷിച്ചിട്ടെന്നപോലെ ചിരിക്കുന്നു! എന്താണ് ഇങ്ങനെ ചിരിച്ചത്?"

മാർക്കണ്ഡേയൻ പറഞ്ഞു: "ഉണ്ണീ യുധിഷ്ഠിരാ! ഞാൻ ഹർഷംകൊണ്ടു ചിരിച്ചതല്ല. സന്തോഷത്തിൽനിന്നുളവായ അഹങ്കാരം എന്റെ ഹൃദയത്തെ ബാധിക്കയുമില്ല. അങ്ങയ്ക്കു വന്ന ഈ ആപത്തുകണ്ടു ഞാൻ ദാശരഥിയെ ഓർത്തുപോയതാണ്! ശ്രീരാമനും, സത്യവാനുമായ രാമനെ ഓർത്തുപോയതാണ്! ആ രാജാവും ലക്ഷ്മണനോടുകൂടെ കോദണ്ഡധാരിയായി അച്ഛന്റെ വാക്കുപാലിക്കുവാൻ കാട്ടിൽ ചുറ്റുന്നതായി ഞാൻ ഋശ്യമൂകാദ്രിയുടെ താഴ്‌വരയിൽവെച്ചു മുമ്പു കാണുകയുണ്ടായിട്ടുണ്ട്. സഹസ്രനേത്രതുല്യനും, യമനെപ്പോലും നിയന്ത്രിക്കുന്നവനും, നമുചിനിഗ്രഹനും, അനഘനുമായ രാമൻ, താതന്റെ ആജ്ഞകേട്ട് അപ്രകാരം സ്വധർമ്മാനുഷ്ഠാനത്തിനുവേണ്ടി കാട്ടിൽ സഞ്ചരിച്ചില്ലേ? അദ്ദേഹമാണെങ്കിൽ ശക്രസമപ്രഭാവനാണ്, മഹാനുഭാവനാണ്, പോരിൽ അജയ്യനാണ്. എന്നിട്ടും അധർമ്മം ചെയ്തില്ല. ശക്തനാണു താൻ എന്നു വിചാരിച്ച് ആരും അധർമ്മം ചെയ്തുപോകരുത്. നാഭാഗൻ, ഭഗീരഥൻ മുതലായ രാജാക്കന്മാർ സമുദ്രത്താൽ ചുറ്റപ്പെട്ട ഈ രാജ്യം മുഴുവൻ ഭരിച്ചവരാണ്. സത്യംകൊണ്ട് അവർ ലോകം ഒക്കെ ജയിച്ചു. അതിനുശേഷം എല്ലാ പുണ്യലോകങ്ങളും നേടി. അതുകൊണ്ടു ശക്തനാണു താനെന്നു വിചാരിച്ച് അധർമ്മം ചെയ്യരുത്! നരശ്രേഷ്ഠനും, ധർമ്മചാരിയും, സത്യവ്രതനുമായിരുന്നു കാശി, കുരൂഷം എന്നീ രാജ്യങ്ങളുടെ രാജാവ്. ആ രാജാവ് ധർമ്മത്തിന്നായി നാടും, സർവ്വദ്രവ്യവും കൈവെടിഞ്ഞു. അതുകൊണ്ട് അദ്ദേഹം 'ഭ്രാന്തൻനായ' എന്നു വിളിക്കപ്പെട്ടു. * ശക്തനാണു താൻ എന്നു വിചാരിച്ച് ആരും അധർമ്മം ചെയ്തുപോകരുത്. ധാതാവു വേദത്തിൽ വിധിച്ചതുപോലെതന്നെ ഹേ, രാജപ്രവര! സപ്തർഷികൾ ആകാശത്തിൽ എന്നും ഉജ്ജ്വലിച്ചു വാഴുന്നു. ഭവാൻ കാണുന്നില്ലേ? അതുകൊണ്ട് 'ഞാൻ ശക്തനാണെ'ന്നു വിചാരിച്ച് അധർമ്മം ചെയ്യരുത്. കൊടുമുടികൾപോലെ ശക്തരായ ദിഗ്ഗജങ്ങൾ വലിയ കൊമ്പുകളോടുകൂടി സൃഷ്ടികർത്താവിന്റെ കല്പനയ്ക്കു വിധേയരായി നില്ക്കുന്നു. വിഭോ, നോക്കുക! താൻ ശക്തനാണെന്നു വിചാരിച്ച് അധർമ്മം ചെയ്യരുത്! ഹേ നരശ്രേഷ്ഠാ! എല്ലാ ജീവജാലങ്ങളും വിധാതാവു വിധിച്ചതിനു വിധേയരായിത്തന്നെ നില്ക്കുന്നു! അതുകൊണ്ട് ആരും ഞാൻ ശക്തനാണ് എന്നു വിചാരിച്ച് അധർമ്മം ചെയ്യരുത്. സത്യത്തിലും, ധർമ്മത്തിലും, വിനയത്തിലും, സൽസ്വഭാവത്തിലും ഭവാൻ എല്ലാവരേക്കാളും ശ്രേഷ്ഠനാണ്. മഹത്തായകീർത്തിയും തേജസ്സും അങ്ങയ്ക്ക് അഗ്നിയെപ്പോലെയും, അർക്കനെപ്പോലെയും ഉണ്ട് രാജാവേ! സത്യസന്ധതയുടെ ക്ലേശകരമായ ഈ വനവാസകാലം കഴിഞ്ഞശേഷം അങ്ങ് അങ്ങയുടെ ശക്തികൊണ്ടുതന്നെ കൗരവന്മാരിൽനിന്ന് അങ്ങയുടെ മഹത്തായ ശ്രീ വീണ്ടെടുക്കും."

വൈശമ്പായനൻ പറഞ്ഞു: "തപസ്വികളുടെ മദ്ധ്യത്തിൽ വെച്ചു തന്റെ സുഹൃത്തുക്കളോടുകൂടി ഇരിക്കുന്ന രാജാവിനോടു

* നേശേ ബലസ്യേതി ചരേദധർമ്മം (താൻ ശക്തനാണ് എന്നു വിചാരിച്ച് അധർമ്മം ചെയ്യരുത്. മറ്റൊരർത്ഥം – താൻ ബലത്തിനാളല്ല എന്നുവന്നാൽ അധർമ്മം ചെയ്യാം.)

മാർക്കണ്ഡേയമഹർഷി ഇപ്രകാരം പറഞ്ഞു. ധൗമ്യനോടുകൂടിയിരിക്കുന്ന പാണ്ഡവന്മാരോടു യാത്ര പറഞ്ഞ്, ആ മഹർഷി വടക്കേ ദിക്കുനോക്കി ഗമിച്ചു."

26. ദ്വൈതവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദ്വൈതവനത്തിൽ മഹാശയന്മാരായ പാണ്ഡവന്മാർ വസിക്കുമ്പോൾ ആ മഹാരണ്യം ബ്രാഹ്മണേന്ദ്രന്മാർ തിങ്ങിയ വിധത്തിലായിത്തീർന്നു. എല്ലാസമയത്തും എല്ലാഭാഗത്തും വിപ്രന്മാരുടെ വേദഘോഷം മുഴങ്ങിക്കേൾക്കുകയാൽ പുണ്യമായ ദ്വൈതവനസരസ്സ് രണ്ടാം ബ്രഹ്മലോകം പോലെ ശോഭിച്ചു. ഋക്, യജുസ്സ്, സാമം എന്നീ വേദങ്ങൾ ബ്രാഹ്മണർ ഉച്ചരിക്കുന്ന ഘോഷം ഹൃദയംഗമമായി. പാർത്ഥന്മാരുടെ ഞാണൊലിയും ബ്രാഹ്മണരുടെ വേദോച്ചാരണവും ഇടകലർന്ന കർണ്ണമധുരമായ ശബ്ദം ബ്രഹ്മവും ക്ഷത്രവും, ഒന്നായിച്ചേർന്ന അവസ്ഥ സൃഷ്ടിച്ചു. ഒരിക്കൽ യുധിഷ്ഠിരൻ ഭൂസുരന്മാരോടുകൂടി സന്ധ്യോപാസനചെയ്യുമ്പോൾ ദാൽഭ്യവംശത്തിൽപ്പെട്ട ബകനെന്ന ഋഷി പറഞ്ഞു."

ബകമഹർഷി പറഞ്ഞു: "ഹേ പാർത്ഥ! ദ്വൈതവനം നോക്കൂ! തപസ്വികളായ ബ്രാഹ്മണർക്കു ഹോമത്തിന്നുള്ള കാലം വന്നുചേർന്നു. വിശുദ്ധാഗ്നിയോടുകൂടിയ ഹോമവേല കണ്ടാലും! ധൃതവ്രതരായ മുനിമാർ ധർമ്മം ചരിക്കുന്നു! അവിടെ കാക്കുന്ന ഭാർഗ്ഗവാംഗിരസവാസിഷ്ഠകാശ്യപന്മാരും മഹാന്മാരായ ആഗസ്ത്യാത്രേയന്മാരും യതവ്രതന്മാരായി ഭവാനോടുകൂടെ ഇരിക്കുന്നു. ഞാൻ പറയുന്ന ഈ വാക്കു ഭവാൻ കേട്ടാലും കുന്തീപുത്ര! ഭ്രാതാക്കളോടൊത്ത ഭവാനോട് ഞാൻ പറയുന്നു. കുരുശ്രേഷ്ഠനായ കുന്തീപുത്ര, ബ്രഹ്മം ക്ഷത്രത്തോടും ക്ഷത്രം ബ്രഹ്മത്തോടും ചേർന്നാൽ തീയും കാറ്റും ചേർന്ന വനം എപ്രകാരമോ അപ്രകാരം ശത്രുക്കളെ നശിപ്പിച്ചുകളയും! വിപ്രന്മാർ സഹായിക്കാതെ ഇഹത്തിലും പരത്തിലും ആരും നീണ്ടുനില്ക്കുന്ന ശ്രേയസ്സു നേടുകയില്ല. ധർമ്മാർത്ഥവിജ്ഞരും കാമലോഭതിന്മകൾ തീണ്ടാത്തവരുമായ വിപ്രന്മാരുമായി ചേർന്നാൽ രാജാവ് ശത്രുസമൂഹത്തെ കൊന്നു മുടിച്ചുകളയും.

ഈ ധർമ്മം അനുസരിച്ചുള്ള പ്രജാസംരക്ഷണംമൂലം മോക്ഷം സിദ്ധിക്കുമെന്നു മഹാരാജാവായിരുന്ന ബലിക്കറിയാമായിരുന്നു. ബ്രാഹ്മണനെക്കൂടാതെ മറ്റുവഴിയൊന്നുമില്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. വിരോചനപുത്രനും ദൈത്യേന്ദ്രനുമായ മഹാബലിക്ക് അഭീഷ്ടമായ ശ്രീ, അന്യൂനമായ ഐശ്വര്യം അതിരില്ലാതെ ഉണ്ടായിരുന്നു. ബ്രാഹ്മണസഹായത്താൽ ഈ ഭൂമി മുഴുവനും മഹാബലിക്കു ലഭിച്ചു; അവരോടു തെറ്റുചെയ്തതുമൂലം എല്ലാം നഷ്ടപ്പെട്ടുപോവുകയുംചെയ്തു. വിപ്രന്മാർ തുണച്ചില്ലെങ്കിൽ സമ്പൽസമൃദ്ധമായ ഈ ഭൂമി ഏതു രാജാവിന്നും വളരെക്കാലം നിലനില്ക്കുന്നതല്ല. നയത്തോടെ വിപ്രൻ ഗുരുവായവന്ന് ആഴിചൂഴുന്ന ഊഴി നഷ്ടപ്പെട്ടു പോകുന്നതല്ല. യുദ്ധത്തിൽ പാപ്പാനില്ലാത്ത ആനയ്ക്ക് എന്നവിധം ബ്രാഹ്മണനില്ലാത്ത രാജാവിന്ന് ബലക്ഷയം പറ്റും. മുഖ്യമായ വിപ്രദൃഷ്ടിയാണു മുഖ്യമായ ക്ഷാത്രബലം. ഇവ രണ്ടും യഥോചിതം ചേർന്നാൽ ലോകമൊക്കെ ആ സഖ്യത്തിന്ന് എളുപ്പത്തിൽ കീഴടങ്ങുന്നു. കാറ്റോടുചേർന്ന അഗ്നി മരവും വൈക്കോലും ദഹിപ്പിക്കുന്നപോലെ വിപ്രനോടു ചേർന്ന രാജാവ് ശത്രുപക്ഷത്തെ തീർച്ചയായും ചുട്ടുകളയും. ബുദ്ധിമാനായ രാജാവ് വിപ്രനെത്തന്നെ കൂട്ടുപിടിക്കണം. കിട്ടാത്തതു കിട്ടുവാനും കിട്ടിയതു സംരക്ഷിക്കുവാനും വർദ്ധിക്കുവാനും അത് ആവശ്യമാണ്. അതുപോലെ നല്ല കാര്യങ്ങൾക്കുവേണ്ടിയും അർഹിക്കുന്നവർക്കുവേണ്ടിയും നേടിയ ധനം വിനിയോഗിക്കുവാനും, യശസ്വിയും വിദഗ്ദ്ധനും ബുദ്ധിമാനും വേദജ്ഞനുമായ ഒരു ബ്രാഹ്മണൻ എപ്പോഴും ഉപദേശകനായി കൂടെവേണം. അങ്ങയ്ക്ക് യുധിഷ്ഠിരാ! ബ്രാഹ്മണരിൽ താല്പര്യമുണ്ട്. അതുകൊണ്ട് ലോകത്തിലൊക്കെ ഭവാന്റെ യശസ്സു പുകഴുന്നുമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "അപ്പോൾ എല്ലാ ബ്രാഹ്മണരും ദാൽഭ്യവംശജനായ ബകമഹർഷിയെ പൂജിച്ചു. യുധിഷ്ഠിരനെ

digitized by www.sreyas.in

അദ്ദേഹം വാഴ്ത്തുന്നതു കേട്ട് എല്ലാവരും സംപ്രീതരായി. ദ്വൈപായനൻ, നാരദൻ, ഇന്ദ്രദ്യുമ്നൻ, ഭാലുകി, കൃതചൈതസ്സ്, സഹസ്രപാത്, കർണ്ണശ്രവസ്സ്, മുഞ്ജൻ, കാശ്യപൻ, ലവണാശ്വൻ, അഗ്നിവേശ്യൻ, കൃതവാക്ക്, സുവാക്ക്, ബൃഹദശ്വൻ, വിഭാവസു, ഊർദ്ധ്വരേതസ്സ്, വൃഷാമിത്രൻ, സുഹോത്രൻ, ഹോത്രവാഹനൻ ഇവരും മറ്റു പല സംശിതവ്രതരായ വിപ്രന്മാരും, പുരന്ദരനെ സ്വർഗ്ഗത്തിൽ ഋഷീന്ദ്രന്മാർ എന്നപോലെ, ധർമ്മപുത്രനെ അർപ്പിച്ചു."

27. ദ്രൗപദീപരിതാപവാക്യം – വൈശമ്പായനൻ പറഞ്ഞു: "കാട്ടിൽ വസിക്കുന്നവരായ പാണ്ഡവന്മാർ രാത്രിയായപ്പോൾ കൃഷ്ണയോടുകൂടി ശോകാർത്തരായി ഇരുന്ന് ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ നല്ലപോലെ പഠിപ്പുള്ളവളും, സൗന്ദര്യവതിയും, പതിവ്രതയുമായ പാഞ്ചാലി ഇപ്രകാരം യുധിഷ്ഠിരനോടു പറഞ്ഞു."

ദ്രൗപദി പറഞ്ഞു: "ആ പാപിയും, ദുഷ്ടനും, ക്രൂരനുമായ ധാർത്തരാഷ്ട്രനു ലേശമെങ്കിലും സങ്കടം നമ്മൾ ദുഃഖിക്കുന്നതിലില്ല. അതു തീർച്ചയാണ്. ഭവാനോടൊപ്പം എന്നേയും മാൻതോലുടുപ്പിച്ച് ഇങ്ങനെ കാടുകയറ്റിയതിൽ, ദുർബുദ്ധിയായ അവൻ നിശ്ചയമായും സന്തപിക്കുന്നില്ല! ദുഷ്കർമ്മം ചെയ്യുന്ന അവന്റെ ഹൃദയം ഇരുമ്പുകൊണ്ടുണ്ടാക്കിയതാണ്; സംശയമില്ല. ധർമ്മിഷ്ഠനും, ജ്യേഷ്ഠഭ്രാതാവുമായ ഭവാനെ അതികഠിനമായി അധിക്ഷേപിച്ചുപറഞ്ഞില്ലേ? സുഖയോഗ്യനും, ഒരിക്കലും ദുഃഖിക്കേണ്ടവനുമല്ലാത്ത അങ്ങയെ കൂട്ടത്തോടെ ആ ഖലൻ ഇപ്രകാരം ദുഃഖത്തിലാക്കി വിട്ട്, ആ ദുർമ്മതി, സന്തോഷിക്കുന്നു! നാലു പാപികൾക്കുമാത്രമേ നാം കാട്ടിലേക്കു പോരുന്നതു കണ്ട് കണ്ണുനീർ വരാതിരുന്നുള്ളു. മാൻതോലും ധരിച്ച് അങ്ങു കാട്ടിലേക്കിറങ്ങുന്നതു കണ്ടപ്പോൾ ആ നാലു മഹാപാപികൾ മാത്രമേ കരയാതിരുന്നുള്ളു! ദുര്യോധനനും, കർണ്ണനും ദുർബുദ്ധിയായ ശകുനിയും, ദുഷ്ടനും അത്യുഗ്രനും ദുര്യോധനസഹോദരനുമായ ദുശ്ശാസനനും! ഇങ്ങനെ നാലു മഹാപാപികൾ മാത്രം! ഇവർ കൂടാതെ മറ്റു സകല കൗരവന്മാർക്കും കുരുശ്രേഷ്ഠാ! സഹിക്കവയ്യാത്ത സങ്കടംമൂലം കണ്ണുനീർഒഴുകി. ഇപ്പോഴത്തെ ഈ കിടപ്പും, മുമ്പത്തെ അങ്ങയുടെ ആ സ്ഥിതിയും കണ്ട്, സുഖയോഗ്യനും ദുഃഖാനർഹനുമായ അങ്ങയെ ഓർത്ത്, ഞാൻ ദുഃഖിക്കുന്നു. സഭാമദ്ധ്യത്തിൽ ദന്തനിർമ്മിതവും രത്നഖചിതവുമായ സിംഹാസനം കണ്ട ഞാൻ ഈ ദർഭപ്പുല്ലുപായ കണ്ട് ഇണ്ടലിൽ ആണ്ടുപോകുന്നു. സഭാമദ്ധ്യത്തിൽ രാജാക്കന്മാരാൽ ചുറ്റപ്പെട്ട ഭവാന്റെ നില കണ്ട ഞാൻ ഇന്ന് അത് കാണാതിരിക്കുമ്പോൾ എന്റെ ഹൃദയത്തിന്ന് എങ്ങനെ ശാന്തി ലഭിക്കും? ചന്ദനംപൂശി ആദിത്യനെപ്പോലെ ശോഭിക്കുന്നതായി ഭവാനെ കണ്ടിരുന്ന ഞാൻ, ധൂളിപുരണ്ട ഭവാനെക്കണ്ടു മോഹിച്ചുപോകുന്നു! പണ്ടു നിർമ്മലമായ വെള്ളപ്പട്ടുചാർത്തിയിരുന്ന ഭവാന്റെ മേനിയിൽ എന്താണു കാണുന്നത്? വൽക്കലം! മരത്തോല്! കഷ്ടംതന്നെ!

സ്വർണ്ണത്തളികകളിൽ അനേകം ബ്രാഹ്മണർക്ക് അങ്ങയുടെ ഗൃഹത്തിൽനിന്നും ഇഷ്ടംപോലെ അന്നം നൽകിയിരുന്നു. ഭിക്ഷുക്കൾക്കും അപ്രകാരംതന്നെ ഗൃഹമേധികളായ തപസ്വികൾക്കും ഭവാൻ ഭക്ഷണം നല്കി. ആയിരം ബ്രാഹ്മണർക്ക് ഒപ്പം സൽക്കരിക്കുവാൻ ഭവാന് ഒരു വിഷമവുമുണ്ടായിരുന്നില്ല. ഭവാന്റെ ഇഷ്ടത്തിനൊക്കുമാറ് ഭവാൻ ഗൃഹത്തിൽ സൽക്കരിച്ചു അതു കാണാതിരിക്കുമ്പോൾ എന്റെ ഹൃദയത്തിന് എങ്ങനെ ശാന്തികിട്ടും? മിന്നുന്ന കുണ്ഡലം, നല്ല വസ്ത്രങ്ങൾ ഇവ ധരിച്ച് അതിമാനിതരായ വിളമ്പുകാർ യുവാക്കൾ, ഭവാന്റെ ഭ്രാതാക്കൾക്കു നല്ല അന്നം വിളമ്പിക്കൊടുക്കും. അവരൊക്കെ ഇപ്പോൾ കാട്ടിൽനിന്നു കിട്ടുന്നതു തിന്ന് കാട്ടിൽ ജീവിക്കേണ്ടിവന്നു! ദുഃഖിതരാവാൻ അവകാശമില്ലാത്ത അവരെ കാണുമ്പോൾ, ഹേ രാജാവേ! എന്റെ മനസ്സിനു ശാന്തി ലഭിക്കുന്നില്ല! വനവാസത്തിൽ ദുഃഖിക്കുന്ന ഭീമനെക്കാണുമ്പോൾ ഭവാനു കോപം എന്തുകൊണ്ടു ജ്വലിക്കുന്നില്ല; അതിന്നു സമയമായിട്ടും തന്നത്താനെ വേലയെടുത്തു കഷ്ടപ്പെടുന്ന ഭീമൻ ഇങ്ങനെ ദുഃഖിക്കുമ്പോൾ ഭവൻ, അവനിത് അർഹിക്കാത്തതാണെന്ന് അറിഞ്ഞിട്ടും, എന്താണു കോപിക്കാത്തത്? പല വാഹനങ്ങളാൽ ചുറ്റപ്പെട്ട്, വിശിഷ്ടാഭരണങ്ങളാൽ വിഭൂഷിതനായി സന്തോഷത്തോടെ വാണിരുന്ന അവൻ കാട്ടിൽ വാഴുന്നതു കണ്ട് എന്താണു ഭവാന്റെ കോപം കത്തിജ്ജ്വലിക്കാത്തത്? ഇവൻ യുദ്ധത്തിൽ കുരുകുലം തകർക്കുവാൻ തയ്യാറുള്ളവനാണ്. ഭവാന്റെ പ്രതിജ്ഞയെ ഓർത്താണ് ഇപ്പോൾ അവൻ പൊറുക്കുന്നത്. രണ്ടുകൈ മാത്രമേ ഉള്ളു എങ്കിലും അമ്പെയ്യുന്നതിലുള്ള വേഗത്തിലും, ബാഹുവീര്യത്തിലും ആയിരം കൈയുള്ള കാർത്തവീര്യാർജ്ജുനനോടു തുല്യനാണ് അർജ്ജുനൻ. ശത്രുക്കൾക്ക് ഇവൻ കാലാന്തകയമോപമനാണ്. ഇവന്റെ ശസ്ത്രശക്തിമൂലം എല്ലാ രാജാക്കന്മാരും അധീനരായി. അങ്ങനെ ഭവാന്റെ മുഖത്തിൽ വിപ്രന്മാരെ പൂജിക്കുവാൻ ആ രാജാക്കന്മാർ നിന്നു. ദേവദാനവന്മാരാൽ ആരാധ്യനായ ആ പുരുഷവ്യാഘ്രന്റെ ഈ ശോച്യാവസ്ഥ കണ്ട് ഭവാനു ശത്രുക്കളുടെ നേരെ എന്താണു കോപം തോന്നാത്തത്? സുഖയോഗ്യനും, അദുഃഖാർഹനുമായ ആ പാർത്ഥനെ ഈ വനത്തിൽ ഈവിധം കണ്ടിട്ടും ഭവാനിൽ കോപം ഉണ്ടാകാത്തതു കണ്ടു ഞാൻ അത്ഭുതപ്പെടുന്നു! ദേവന്മാരേയും, മർത്ത്യരേയും സർപ്പങ്ങളേയും ഒറ്റത്തേരാൽ ജയിച്ച അവൻ കാട്ടിൽ വസിക്കുന്നതു കണ്ടിട്ടും ഭവാന് ഒരു കുലുക്കവുമില്ലല്ലോ. വിവിധതരത്തിലുള്ള ഗജാശ്വരഥങ്ങളോടെ അവൻ രാജാക്കളിൽ നിന്നു ധനം തന്റെ കൈയൂക്കുകൊണ്ടു നേടിയവനാണ്. പരന്തപ! ഒന്നിച്ച് അഞ്ഞൂറു ബാണം വിടുന്നവനാണ്. അവനല്ലേ കാട്ടിൽ വന്നു വസിക്കുന്നത്? ഇതു കണ്ടിട്ടും ഭവാൻ കോപിഷ്ഠനാകുന്നില്ലല്ലോ!

അരോഗദൃഢഗാത്രനും, തരുണനും, സുന്ദരനും, ഖൾഗധാരികളിൽ മുമ്പനും ആയ നകുലൻ കാട്ടിൽ കിടക്കുന്നതുകണ്ട് എന്താണു ഭവാൻ കോപിക്കാത്തത്? സുന്ദരനും, ധീരനുമായ മാദ്രീപുത്രൻ, സഹദേവൻ, കാട്ടിൽ വാഴുന്നതു കണ്ട് എന്താണ് ഇങ്ങനെ ക്ഷമിച്ചിരിക്കുന്നത്? സുഖയോഗ്യരും അദുഃഖാർഹരുമായ നകുലസഹദേവന്മാരെ കണ്ടിട്ടും എന്തുകൊണ്ടു ഭവാൻ കുലുങ്ങുന്നില്ല? ദ്രുപദകുലത്തിൽ പിറന്ന ഞാൻ, മാന്യനായ പാണ്ഡുരാജാവിന്റെ സ്നുഷയായ ഞാൻ, ധൃഷ്ടദ്യുമ്നന്റെ പെങ്ങളായ ഞാൻ, വീരന്മാരുടെ പത്നിയായ ഞാൻ, പതിവ്രതയായ ഞാൻ, കാട്ടിൽ കിടക്കുന്നതു കണ്ടിട്ടും ഭവാൻ ക്ഷമിക്കുകയാണോ? അങ്ങയ്ക്കു മന്യു എന്നൊന്നില്ലെന്നു തീർച്ചയായി! ഭ്രാതാക്കളേയും, എന്നേയും കണ്ട് ഇണ്ടലില്ലാത്ത ഭവാന് ചുണയുണ്ടെന്നുവിചാരിക്കുവാൻ ഞാൻ ന്യായം കാണുന്നില്ല. 'കോപമില്ലാത്തക്ഷത്രിയനില്ല' എന്നൊരു പഴഞ്ചൊല്ലുണ്ട്. ക്ഷത്രിയനായ ഭവാൻ ആ പഴഞ്ചൊല്ലിന്നൊരു അപവാദമാണ്. വേണ്ടകാലത്തു കോപം കാട്ടാത്ത ക്ഷത്രിയനെ ഹേ പാർത്ഥ! എല്ലാക്കാലത്തും എല്ലാ ജീവികളും പുച്ഛിക്കും. അതുകൊണ്ട് രാജാവേ! ഭവാൻ ശത്രുക്കളിൽ ഒരിക്കലും ക്ഷമിക്കരുത്. അങ്ങ് ഒന്നു ക്രോധിച്ചാൽ അവരൊക്കെ സംഹരിക്കപ്പെടും. ഒരു വിഷമവുമില്ല അവരെ കൊല്ലുവാൻ. തീർച്ചയാണ്! ക്ഷമവേണ്ടപ്പോൾ ക്ഷത്രിയൻ ക്ഷമിക്കുകയും വേണം. ക്ഷമിക്കാത്ത ക്ഷത്രിയൻ ആർക്കും ഇഷ്ടനുമല്ലാതാകും. അവൻ ഇഹലോകത്തിലും, പരലോകത്തിലും നശിക്കുകയും ചെയ്യും!"

28. ദ്രൗപദീവാക്യം – ദ്രൗപദി പറഞ്ഞു: "ഞാൻ പറഞ്ഞതിന് ഉദാഹരണമായി പറയാറുള്ള ഒരു ഇതിഹാസകഥ പറയാം. പ്രഹ്ലാദനും, വിരോചനപുത്രനായ ബലിയും തമ്മിലുണ്ടായ സംഭാഷണമാണത്. അസുരേന്ദ്രനും, മഹാപ്രാജ്ഞനും, സർവ്വധർമ്മാർത്ഥകോവിദനും ആയ തന്റെ മുത്തച്ഛനായ പ്രഹ്ലാദനോട് ബലി ചോദിച്ചു."

ബലി പറഞ്ഞു: "പിതാമഹ! ക്ഷമയോ ശ്രേഷ്ഠമായത്, ബലമോ ശ്രേഷ്ഠമായത്? എന്റെ ഈ സംശയത്തെ ഭവാൻ വിസ്തരിച്ചു വ്യക്തമാക്കിത്തരണം. ഏതാണ് ശ്രേയസ്കരം? സംശയം തീർത്തു പറഞ്ഞുതരണം! ഭവാൻ അനുശാസിക്കുന്ന

digitized by www.sreyas.in

വിധം ഞാൻ ചെയ്തുകൊള്ളാം." ഇപ്രകാരം ബലി ചോദിച്ച പ്പോൾ മുത്തച്ഛനായ പ്രഹ്ലാദൻ പറഞ്ഞു.

പ്രഹ്ലാദൻ പറഞ്ഞു: നശ്രേയഃ സതതം തേജോ ന നിത്യം ശ്രേയസി ക്ഷമാ ഇതി താത, വിജാനീഹിദ്വയമേതദ സംശയം. "എപ്പോഴും ബലപ്രയോഗം നല്ലതല്ല. എന്നാൽ എപ്പോഴും ക്ഷമയും നന്നല്ല. ഈ പറഞ്ഞ രണ്ടു സത്യവും സംശയാതീത മായി നീ ധരിക്കണം. ഉണ്ണീ! നിത്യവും, എപ്പോഴും, ക്ഷമിക്കുന്ന വന് വളരെ ദോഷങ്ങൾ പറ്റും; അവനെ ഭൃത്യരും നാരിമാരും നിന്ദിക്കും. എല്ലാ ജീവികളും അവനിൽ അധീനരാകയില്ല. അതു കൊണ്ട് പണ്ഡിതന്മാർ എല്ലായ്പോഴും ക്ഷമ കൈക്കൊള്ളു കയില്ല. എപ്പോഴും ക്ഷമിക്കുന്നവനെ ഭൃത്യർ നിരസിച്ച് ഓരോ ദോഷങ്ങൾ ചെയ്യും. സ്വല്പബുദ്ധികൾ അവന്റെ സ്വത്തു നേടാനും ശ്രമിക്കും. വാഹനം, ഭൂഷണം, വസ്ത്രം, മെത്ത, ആസ നം, ഭോജനം, പാനം എന്നു മാത്രമല്ല സർവ്വ ഉപകരണങ്ങളും തട്ടിയെടുക്കുവാൻ അബുദ്ധികളായ വേലക്കാർ തരംനോക്കും. നായകൻ കല്പിച്ചവ ഒട്ടു നല്കുകയുമില്ല. അവനെ സ്വാമിയാ ണെന്നു വിചാരിച്ചു മാനിക്കുകയുമില്ല. ലോകത്തിൽ മരണത്തെ ക്കാൾ മോശമാണല്ലൊ അപമാനം. അങ്ങനെ ക്ഷമിക്കുന്നവനിൽ കടുത്ത വാക്ക് മക്കളും ഭൃത്യരും തന്റെ ജനങ്ങളും അപരിചി തർപോലും പറയും. ക്ഷമിക്കുന്നവന്റെ ഭാര്യമാരിലും ചിലർ കട ന്നാക്രമിക്കും. അവന്റെ ഭാര്യമാരിലും ചിലർ കൈവെക്കും. ധീകെ ട്ടവന്റെ ഭാര്യമാരും തന്നിഷ്ടംപോലെ നടക്കും. ഇങ്ങനെ തുട ങ്ങുമ്പോൾ ഒട്ടും സ്വാമിയിൽനിന്നു ശിക്ഷയേല്ക്കുന്നില്ലെങ്കിൽ സ്വയം ദോഷപ്പെട്ട്, ദ്രോഹങ്ങൾ വീണ്ടും ഏല്ക്കേണ്ടതായും വന്നുകൂടും. ഇവയും മറ്റു പല ദോഷങ്ങളും ഏല്ക്കും. ഹേ, വിരോചനപുത്ര! ഇനി ഞാൻ ക്ഷമയില്ലാത്തവനു വന്നുചേരുന്ന ദോഷവും പറയാം. അതും നീ കേൾക്കുക. വേണ്ടാത്തേടത്തും വേണ്ടേടത്തും കോപാന്ധനായി തന്റെ ബലംകൊണ്ട് ശിക്ഷ നല്കുന്നതാണെങ്കിൽ അവർ സുഹൃത്തുക്കളുമായി പിണങ്ങും. നാട്ടിലുള്ളവരുടെയൊക്കെ ദ്വേഷത്തിന്നു പാത്രമാകും. സ്വജന ങ്ങളുടെ ദ്വേഷത്തിനും പാത്രമാകും. അപമാനംകൊണ്ട് ദ്രവ്യ നാശവും അനാദരമായ ശകാരവും കേൾക്കും. സന്താപവും, ദ്വേഷവും, മോഹവും, അയാൾക്കുണ്ടാകും. ധാരാളം ശത്രുക്കളും അയാൾക്കുണ്ടാകും. നയമില്ലാത്ത മനുഷ്യൻ ക്രോധംമൂലം മർത്ത്യരിൽ വലിയ ശിക്ഷ നല്കുന്നു. അവൻ ഉടനെ ഐശ്വര്യം, പ്രാണൻ, ബന്ധുജനങ്ങൾ ഇവയാൽ ഭ്രഷ്ടനാകും. ഉപകാരിക ളിലും ദ്രോഹികളിലും ഒരുപോലെ ഒരാൾ ക്രോധിക്കുകയാണെ ങ്കിൽ അവനെ ലോകത്തിലുള്ളവരൊക്കെ വീട്ടിൽ സർപ്പം കട ന്നാലെന്നവിധം ഭയപ്പെടും. ലോകത്തിലുള്ളവരെല്ലാം ഭയപ്പെ ടുന്നവനു പിന്നെ എങ്ങനെ ഐശ്വര്യമുണ്ടാകും? പഴുതു കണ്ടാൽ ലോകർ അവനെ ഒഴിഞ്ഞുമാറിപ്പോകും തീർച്ചയാണ്. അതുകൊണ്ട് അതിക്രോധം പാടില്ല. അതിമാർദ്ദവവും പാടില്ല. വേണ്ടനേരത്ത് മൃദുവാകണം. അതുപോലെതന്നെ വേണ്ട നേരത്ത് തീക്ഷ്ണനാവുകയും വേണം. വേണ്ടസമയത്ത് മൃദു വാകുന്നവനും വേണ്ടനേരത്തു തീക്ഷ്ണനാകുന്നവനും ഇഹ ലോകത്തിലും പരലോകത്തിലും സുഖം നേടും. എപ്പോഴൊക്കെ യാണ് ക്ഷമിക്കേണ്ടതെന്നും ഞാൻ വിസ്തരിച്ചു പറയാം. അതും നീ കേൾക്കുക. ഇവയൊന്നും ഉപേക്ഷിക്കരുതെന്നാണ് മുനികൾ പറയുന്നത്.

മുമ്പേ നിനക്ക് ഉപകാരം ചെയ്തവൻ വലിയ ഒരു തെറ്റു നിന്നിൽ ചെയ്താലും ഉപകാരം ചിന്തിച്ച് അവന്റെ അപകാരം ക്ഷമിക്കണം. എല്ലാറ്റിലും അറിവ് ഒരു മനുഷ്യന്നും ഉണ്ടാവുക യില്ല. അറിഞ്ഞു ചെയ്ത ഒരു തെറ്റിനെ അറിയാതെ ചെയ്തതാ ണെന്നു പറഞ്ഞാലും ആ ദുഷ്ടന്മാരെ വിടരുത്. അവരെ ചെറിയ പിഴയിലും ശിക്ഷിക്കണം. കാരണം അവർ വക്രന്മാരാണെന്നു ധരിക്കണം. ഏതു ജീവിയുടെയായാലും ഒരു കുറ്റം നീ പൊറു ക്കണം. രണ്ടാമത്തെ കുറ്റം ചെറിയതായാലും നീ ശിക്ഷിക്കണം. അറിയാതെ ഒരുത്തൻ ഒരു കുറ്റം ചെയ്താൽ പരീക്ഷകൾ കഴി ച്ചതിനുശേഷം ക്ഷമിക്കാം. സാമംകൊണ്ടു ക്രൂരനെ കൊല്ലാം. സാമത്താൽ മൃദുവേയും കൊല്ലാം. അതൊക്കെ തന്റെ ബലവും അബലവും ദേശവും കാലവും നോക്കി വേണം പ്രവർത്തിക്കു വാൻ എന്നു മാത്രം. ദേശത്തിനും കാലത്തിനും ചേർന്നതല്ലെ ങ്കിൽ ഒരു പ്രവൃത്തിയും വിജയിക്കില്ല. എപ്പോഴും ദേശകാലങ്ങൾ നോക്കണം; അപ്രകാരംതന്നെ ലോകഭയംകൊണ്ടും കുറ്റം ക്ഷമി ക്കണം. ബഹുജനപ്രക്ഷോഭണമുണ്ടാക്കുന്ന ശിക്ഷ നടപ്പാക്കു ന്നതിൽ കരുതലുണ്ടാകണം. അപ്പോൾ ക്ഷമിക്കുകയാണു വേണ്ടത്. ഇതൊക്കെ ക്ഷമിക്കേണ്ട കാലങ്ങളാണ്. ഇങ്ങനെയ ല്ലാത്ത സന്ദർഭങ്ങളിൽ ക്രോധിക്കേണ്ട കാലമാണ്. അത് ആവ ശ്യവുമാണ്."

ദ്രൗപദി പറഞ്ഞു: "ധർമ്മരാജാവേ! ഇപ്പോൾ ഭവാന് ബലം പ്രയോഗിക്കേണ്ട കാലമാണ്. എന്നും ദ്രോഹംചെയ്യുന്ന ദുഷ്ട രായ ധാർത്തരാഷ്ട്രന്മാരിൽ ക്ഷമിക്കേണ്ട കാലമല്ല. ദുഷ്ടരായ ആ കുരുക്കളിൽ ലേശവും ക്ഷമ കാണിക്കുവാൻ ന്യായമില്ല. ഇപ്പോൾ ക്ഷമയുടെയല്ല ശക്തിയുടെ കാലമാണ്. അങ്ങ് അവ രിൽ സ്വതേജസ്സ് കാണിക്കുകതന്നെ വേണം. അതിവിനയിയും മൃദുവുമായവനെ ജനങ്ങൾ അവഗണിക്കും. തീക്ഷ്ണനായവൻ മറ്റുള്ളവരെ ശിക്ഷിക്കുകയും ചെയ്യും. ഇവ രണ്ടും വേണ്ടകാ ലത്ത് അറിഞ്ഞ് പെരുമാറുന്നവനാണ് രാജാവ്."

29. ദ്രൗപദീയുധിഷ്ഠിരസംവാദം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹാപ്രാജ്ഞേ, ദ്രൗപദീ! ക്രോധം മനുഷ്യരെ കൊല്ലും. ക്രോധം അഭിവൃദ്ധിയുണ്ടാക്കും ശ്രേയസ്സും നാശവു മൊക്കെ ക്രോധംമൂലമാണെന്ന് നീ ഓർക്കുക. ക്രോധത്തെ സംഹരിക്കുന്നവന്ന് സുന്ദരി! തീർച്ചയായും അഭിവൃദ്ധിയുണ്ടാ കും. നിത്യവും ക്രോധിച്ചുകൊണ്ടിരിക്കുന്നവന്ന് എന്തു സംഭവി ക്കുമെന്നുള്ളത് നിനക്കറിയാമല്ലോ. ക്രോധം വിനാശത്തിന്റെ മൂല മാണ്. അതു പരമദാരുണവുമാണ്. ക്രോധം എല്ലാ ജീവികൾക്കും നാശഹേതുവാണ്. പിന്നെ, എങ്ങനെ എന്നെപ്പോലുള്ളവർ ലോകവിനാശഹേതുവായ ക്രോധം സ്വീകരിക്കും? പാപംചെ യ്യുന്ന നരനാണ് ക്രുദ്ധൻ. ക്രുദ്ധൻ ഗുരുക്കളെ കൊല്ലും. ക്രുദ്ധൻ പരുഷവാക്കുകൊണ്ട് യോഗ്യരേയും ഭർത്സിക്കും. കോപിക്ക് വാച്യാവാച്യങ്ങൾ അറിയുകയില്ല. പറയേണ്ടതും പറയേണ്ടാ ത്തതും അറിയുകയില്ല. ക്രുദ്ധനു വയ്യാത്ത കാര്യങ്ങളൊന്നുമി ല്ല. എന്തും ചെയ്യും. ക്രുദ്ധന്ന് അവാച്യങ്ങളുമില്ല. എന്തും പറ യും. അവദ്ധ്യന്മാരെ കോപിച്ച് അവൻ കൊല്ലും. വദ്ധ്യന്മാരെ പൂജി ക്കുകയും ചെയ്യും. ക്രുദ്ധൻ ആത്മാവിനെപ്പോലും യമപുരിക്ക യയ്ക്കും. ഈ ദോഷങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടാണ് വിദ്വാ ന്മാർ രോഷത്തെ ജയിക്കുന്നത്.

ഇഹത്തിലും പരത്തിലും എന്നും ശ്രേയസ്സിന്നു കാംക്ഷി ക്കുന്ന ബുദ്ധിമാന്മാർ വർജ്ജിക്കുന്ന ക്രോധത്തെ എന്നെപ്പോലു ള്ളവൻ സ്വീകരിക്കുമോ? അതു മനസ്സിലാക്കിക്കൊണ്ടാണ് ജ്ഞാനികൾ ക്രോധം ഒരിക്കലും കൈക്കൊള്ളാത്തത്. ഇതെ ല്ലാം അറിയാവുന്നതുകൊണ്ടാണ് ദ്രൗപദീ, ഞാനും ക്രുദ്ധനാ വാത്തത്. ക്രോധിക്കുന്നവനിൽ ക്രോധിക്കാത്തവൻ മഹാവിപ ത്തുകളിൽനിന്ന് തന്നേയും അന്യന്മാരേയും രക്ഷിക്കുന്നു. യഥാർത്ഥത്തിൽ ഇങ്ങനെയുള്ളവൻ വൈദ്യനാണ് രണ്ടുകൂട്ടരു ടേയും. അതായത് കോപിക്കുന്ന ആളുടേയും അവനവന്റേയും.

അശക്തനായ മൂഢൻ തന്നെ ക്ലേശിപ്പിക്കുന്ന ശക്തന്മാരോ ടുകോപിക്കുകയാണെങ്കിൽ അത് ആത്മഹാനി വരുത്തിക്കൂട്ടും. ഇങ്ങനെയുള്ള ആത്മത്യാഗിക്ക് ഒരു ലോകവും ലഭിക്കുകയില്ല. അതുകൊണ്ട് ദ്രൗപദീ, അശക്തൻ ക്രോധത്തെ എപ്പോഴും അട ക്കണം. അപ്രകാരം ശക്തനും വിദ്വാനുമായവൻ കോപമടക്കി തന്നെ ഉപദ്രവിക്കുന്നവനെ അവഗണിച്ചാൽ പരലോകത്തിൽ സുഖിക്കും. അതുകൊണ്ട് വിവരമുള്ളവർ ബലമുണ്ടായാലും ഇല്ലെങ്കിലും അപരൻ കുറ്റംചെയ്താലും എപ്പോഴും ക്ഷമിക്കണം. കൃഷ്ണേ! അതുകൊണ്ടാണ് സജ്ജനങ്ങൾ ക്രോധമടക്കിയവരെ പ്രശംസിക്കുന്നത്. സത്യസന്ധനും ക്ഷമാശാലിയുമായവന്ന് എന്നും വിജയം ലഭിക്കുമെന്നു സജ്ജനങ്ങൾ പറയുന്നു. അസ ത്യത്തേക്കാൾ ശ്രേഷ്ഠം സത്യമാണ്. അതുപോലെ ക്ഷമയും

digitized by www.sreyas.in

വിനയവും ക്രോധത്തേക്കാൾ ശ്രേഷ്ഠമാണ്. അങ്ങനെ ദോഷം കൂടിയ ക്രോധത്തെ സജ്ജനങ്ങൾ വർജ്ജിക്കുന്നു. ദുര്യോധനനെ കൊല്ലുവാൻവേണ്ടിമാത്രം ഞാൻ എങ്ങനെ ക്രോധത്തെ സ്വീകരിക്കും? ദീർഘദർശിയും ബുധശ്രേഷ്ഠനും തേജസ്വിയുമാണെന്ന് ജനങ്ങൾ പറയുന്നവർ പുറമേക്കുമാത്രം കോപം നടിക്കുന്നവരാണ്. പണ്ഡിതന്മാരും ബുദ്ധിമാന്മാരും അത്തരക്കാരെ യഥാർത്ഥ മനശ്ശക്തിയുള്ളവരായി കരുതുന്നു.

ക്രോധം ഒരിക്കലും ആവശ്യമില്ലെന്നുള്ളതു തീർച്ചയാണ്. മനശ്ശക്തിയുള്ളവൻ അത് എന്നും വർജ്ജിക്കും. ഉയർന്നുവരുന്ന ക്രോധത്തെ ആത്മപ്രജ്ഞകൊണ്ടടക്കുന്നവൻ തേജസ്വിയാണെന്നു തത്ത്വദർശികൾ പറയുന്നു. ഹേ, സുന്ദരീ! ക്രുദ്ധൻ കാര്യം വേണ്ടവിധം ധരിക്കുന്നില്ല. ക്രുദ്ധന് അകാര്യവും മര്യാദയും അറിയുകയില്ല. ക്രുദ്ധൻ അവദ്ധ്യന്മാരെ ഹനിക്കും. ക്രുദ്ധൻ ഗുരുജനങ്ങളെപ്പോലും കൊല്ലും. അതുകൊണ്ട് തേജസ്സിന് ക്രോധത്തെ ദൂരെയകറ്റണം. ദാക്ഷ്യം, ശൗര്യം, അമർഷം, ശീഘ്രത്വം, തേജോഗുണം ഇവയൊന്നും ക്രോധിക്ക് എളുപ്പത്തിൽ നേടുവാൻ സാധിക്കുകയില്ല. ക്രോധം ഉപേക്ഷിച്ച പുരുഷൻ തേജസ്സു നന്നായി നേടും.

മഹാപ്രാജ്ഞേ! സന്ദർഭോചിതം തന്റെ ശക്തി പ്രദർശിപ്പിക്കാൻ ക്രുദ്ധനു കഴിവുണ്ടാവുകയില്ല. ക്രോധം ശക്തിയുടെ പര്യായമായി വിഡ്ഢികൾ കരുതുന്നു. ക്രോധം ലോകനാശത്തിന്നുവേണ്ടി മനുഷ്യനു നല്കപ്പെട്ടതാണ്. അതുകൊണ്ട് നല്ലവനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവൻ ക്രോധത്തെ വെടിയണം. സ്വധർമ്മനിഷ്ഠനേ നല്ലവനാകൂ. ക്രുദ്ധൻ സ്വധർമ്മനിഷ്ഠനാവുകയില്ല. ബുദ്ധിയില്ലാത്ത അല്പന്മാർക്ക് ഏതൊക്കെ തെറ്റിയാലും ഹേ മാന്യേ! എന്നെപ്പോലുള്ളവർക്ക് ആ തെറ്റുകൾ പറ്റുവാൻ പാടുണ്ടോ? ഭൂമിയെപ്പോലെ ക്ഷമാശീലരായവർ ഉണ്ടായിരുന്നില്ലെങ്കിൽ മനുഷ്യർക്ക് സമാധാനം തീരെ ലഭിക്കുമായിരുന്നില്ല. എന്നും എപ്പോഴും അനുസ്യൂതമായി കോപംമൂലമുണ്ടാകുന്ന വഴക്കുകൾകൊണ്ട് ഈ ലോകം അശാന്തമായിത്തീർന്നേനെ! വേദനിപ്പിക്കപ്പെട്ടവൻ പകരം വേദനിപ്പിക്കയും ഉപദ്രവിക്കപ്പെട്ടവൻ തിരിച്ച് ഉപദ്രവിക്കയും ചെയ്യുകയാണെങ്കിൽ അതിന്റെ ഫലം സർവ്വനാശവും തിന്മയും മാത്രമായിരിക്കും. ഈ ലോകത്തിൽ ജീവികൾക്കു നാശം അധർമ്മംമൂലം സംഭവിക്കുന്നു.

ശകാരിച്ചാൽ അതിന്നെതിരായി മനുഷ്യർ ശകാരിക്കുകയും ഹനിച്ചാൽ അതിനുപകരം ഹനിക്കുകയും, ഹിംസിച്ചാൽ പകരം ഹിംസിക്കുകയും ചെയ്യുകയാണെങ്കിൽ പിതാക്കൾ മക്കളെ കൊല്ലുകയും, പിതാക്കന്മാരെ മക്കൾ കൊല്ലുകയും, ഭർത്താക്കന്മാർ ഭാര്യമാരെ കൊല്ലുകയും, ഭാര്യമാർ ഭർത്താക്കന്മാരെ കൊല്ലുകയും ചെയ്യും. നാട്ടിൽ ഇപ്രകാരം കോപം തുടങ്ങിയാൽ കൃഷ്ണേ, ഉത്പത്തി എങ്ങനെ നടക്കും? ഹേ സുമുഖി, ജീവജാലങ്ങളുടെ കാരണം സമാധാനമാണെന്ന് മനസ്സിലാക്കൂ. ഹേ ദ്രൗപദീ! രാജാക്കന്മാർ ക്രോധത്തിന്നിരയായാൽ പ്രജകൾക്ക് എങ്ങനെ ക്ഷേമമുണ്ടാകും? ക്രോധം പ്രജകൾക്കു നാശത്തിന്നും ക്ഷയത്തിനും മാത്രമാണ് ഉപകരിക്കുക. ഭൂമിദേവിയെപ്പോലെ ക്ഷമാശീലരായ മാന്യന്മാർ നാട്ടിലുണ്ടായതുകാരണം ഭൂതജാലത്തിന്നു ശാന്തിയും തന്മൂലം ജന്മവും അഭിവൃദ്ധിയും സംഭവിക്കുന്നു. ക്ഷമാശീലരിൽനിന്നാണ് ജീവജാലങ്ങൾ നാശംകൂടാതെ തുടരുന്നത്. ശക്തനായ പുരുഷൻ ശകാരിച്ച് അടിച്ചുകോപിപ്പിക്കുമ്പോൾ ക്ഷമിക്കുന്നവനാരോ, അവൻ വിദ്വാനും ഉത്തമപുരുഷനുമാണ്. നിത്യം ക്രോധത്തെ ജയിച്ചവനാണ് വിദ്വാൻ. അപ്രകാരം ആത്മപ്രഭാവവാനായവന്ന് ശാശ്വതമായ ലോകം സിദ്ധിക്കും. ക്രോധിക്കുന്നവന്ന് ഇഹലോകത്തിലും പരലോകത്തിലും ഗതികിട്ടുകയില്ല. ക്ഷമാവാനെപ്പറ്റി കാശ്യപമഹർഷി എഴുതിയ ഗാനങ്ങൾ ഇവിടെ പ്രസിദ്ധങ്ങളാണല്ലോ. കൃഷ്ണേ! ക്ഷമാവാനെപ്പറ്റി അദ്ദേഹം പാടിയത് നീ കേട്ടിട്ടുണ്ടോ?"

കാശ്യപമഹർഷി പറഞ്ഞു: "ക്ഷമ ധർമ്മമാണ്. ക്ഷമ യജ്ഞമാണ്. ക്ഷമ വേദമാണ്. ക്ഷമ ശ്രുതിയാണ്. ക്ഷമ ബ്രഹ്മമാണ്. ക്ഷമ സത്യമാണ്. ക്ഷമ ഭൂതഭവ്യമാണ്. ക്ഷമ തപമാണ്. ക്ഷമ ശൗചമാണ്. ക്ഷമ ലോകം ഭരിക്കുന്നതാണ്. യജ്ഞവിത്തിനേക്കാൾ ശ്രേഷ്ഠമായ ലോകം ക്ഷമയുള്ളവർ നേടുന്നു. ബ്രഹ്മജ്ഞനേക്കാളും തപസ്വിയേക്കാളും ശ്രേഷ്ഠമായ നിലയിൽ ശ്രേഷ്ഠമായ ലോകം ക്ഷമാവാൻ നേടുന്നു. യജിക്കുന്നവർക്കും കർമ്മികൾക്കുമുള്ള അന്യലോകങ്ങളേക്കാൾ ശ്രേഷ്ഠമായ ലോകം ക്ഷമാവാൻ നേടുന്നു. ക്ഷമിക്കുന്നവർക്ക് ബ്രഹ്മലോകത്തിൽ മാന്യമായ സ്ഥാനം നല്കപ്പെടും. തേജസ്വികൾക്ക് ക്ഷമ തേജസ്സാണ്. തപസ്വിക്ക് ക്ഷമ ബ്രഹ്മമാണ്. സത്യസ്ഥർക്ക് ക്ഷമ സത്യമാണ്. ക്ഷമ യജ്ഞമാണ്. ക്ഷമ ശമമാണ്. അപ്രകാരമുള്ള ക്ഷമയെ കൃഷ്ണേ! എന്നെപ്പോലെയുള്ളവർ ഉപേക്ഷിക്കുമോ? അതിലാണല്ലോ ബ്രഹ്മയജ്ഞമായ പരലോകങ്ങൾ നില്ക്കുന്നത്! അറിവുള്ള പുരുഷന്മാർ ക്ഷമയെ കൈവിടരുത്. എല്ലാം ക്ഷമിക്കുവാൻ കഴിവുള്ളവന്ന് നിശ്ചയമായും ബ്രഹ്മസമ്പത്തു വന്നുചേരും. ഇഹലോകം ക്ഷമാവാന്മാർക്കു ലഭിക്കും. പരലോകവും ക്ഷമാവാന്മാർക്കുള്ളതാണ്. ഇഹലോകത്തു സമ്മാനവും പരലോകത്ത് സൽഗതിയും ക്ഷമാവാന്മാർക്കു ലഭിക്കും! ക്രോധത്തെ നിത്യം ക്ഷമയാൽ ജയിക്കുന്നവർക്ക് മേലെമേലെയായി പരലോകങ്ങൾ ലഭിക്കും! അതുകൊണ്ട് മുഖ്യമായ ഒന്നാണ് ക്ഷമ."

ധർമ്മപുത്രൻ പറഞ്ഞു: "ക്ഷമിക്കുന്നവരെപ്പറ്റി ഇപ്രകാരമാണ് കാശ്യപൻ ഗാഥ പാടിയത്. ഈ ക്ഷമാഗാഥകൾ കേട്ട് ഹേ ദ്രൗപദീ, നീ കോപമുപേക്ഷിച്ച് സംതൃപ്തയാവുക!

പിതാമഹനായ ശന്തനുപുത്രൻ ശമത്തെ പൂജിക്കും! ദേവകീപുത്രനായ കൃഷ്ണൻ ശമത്തെ പൂജിക്കും. ആചാര്യനും (ദ്രോണൻ) വിദുരനും ശമത്തെ പുകഴ്ത്തും. കൃപനും സഞ്ജയനും ശമത്തെ പുകഴ്ത്തും. യുയുത്സുവും, സോമദത്തനും, ദ്രോണപുത്രനും, പിതാമഹനായ വ്യാസനും, ഈ ശമത്തെ നിത്യവും പുകഴ്ത്തും. ഇവരൊക്കെ ശമം കൈക്കൊള്ളുവാൻ നിർബ്ബന്ധിക്കുന്നു. രാജാവു രാജ്യം തരും എന്നാണ് എന്റെ അഭിപ്രായം. അതിന്നു വിപരീതമായി അദ്ദേഹം ലോഭം കൈക്കൊണ്ടാൽ മുടിയുകയുംചെയ്യും!

എന്നാൽ ഇതു ഭാരതകുലം മുടിയാൻ അടുത്ത ഘോരമായ കാലമാണ് അത് മുൻകൂട്ടിത്തന്നെ ഞാൻ അല്ലയോ ഭാമിനീ! മനസ്സിലാക്കിയിട്ടുണ്ട്. സുയോധനൻ രാജ്യം അർഹിക്കുന്നില്ല. അതുകൊണ്ട് അവൻ ക്ഷമ കൈക്കൊള്ളുന്നില്ല. ഞാനാണെങ്കിൽ രാജ്യാധികാരം അർഹിക്കുന്നു. അതുകൊണ്ട് ക്ഷമ വെടിയാതിരിക്കുന്നു. ക്ഷമ എന്നിൽ ഉറച്ചതാണ്. അതിന്ന് ഇളക്കമുണ്ടാവുകയില്ല. ക്ഷമയും ശാന്തതയും മനസ്സിനെ അടക്കുവാൻ കഴിവുള്ളവരുടെ ഗുണങ്ങളാണ്. ഇത് സനാതനമായ ധർമ്മമാണ്! ഇപ്രകാരം അനൃശംസ്യമായ ക്ഷമ ഞാൻ ഒരുകാലത്തും ഉപേക്ഷിക്കുകയില്ല."

30. ദ്രൗപദീവാക്യം – ദ്രൗപദി പറഞ്ഞു: "അങ്ങയ്ക്കു മോഹം നല്കിയ ധാതാവിന്നും, വിധാതാവിന്നും ഞാൻ കൈകൂപ്പുന്നു. അങ്ങയുടെ ഈ ക്ലേശസ്ഥിതിയിൽ ഭവാൻ അങ്ങയുടെ പിതൃപൈതാമഹന്മാർ ചിന്തിച്ച മട്ടിലല്ല ചിന്തിക്കുന്നത്. കർമ്മകല്പിതമായ ലോകം പലർക്കും പലേ വിധമാണ്. കർമ്മങ്ങൾ ഒഴിച്ചുകൂടാത്ത ഫലങ്ങളുണ്ടാക്കുന്നു. അതുകൊണ്ട് അതിൽനിന്നു കാംക്ഷിക്കുന്നത് വെറും ഭ്രമം മാത്രം! ഇതോർക്കുമ്പോൾ ധർമ്മം മാത്രമല്ല അനൃശംസ്യം, ക്ഷമ, ആർജ്ജവം, ദയ ഇവയൊന്നും മർത്ത്യന്ന് ശ്രീ നേടുവാൻ മൂലമാവുമെന്നു തോന്നുന്നില്ല! ഹേ ഭാരത! അങ്ങനെയല്ലെങ്കിൽ ഈ ഘോരമായ വ്യസനം ഭവാനും, ശക്തരായ അങ്ങയുടെ അനുജന്മാർക്കും, അതിന്ന് അനർഹരായിരുന്നിട്ടും, എങ്ങനെ വന്നുകൂടി? നല്ലകാലത്തും ചീത്തക്കാലത്തും അങ്ങയ്ക്കു ധർമ്മത്തേക്കാൾ പ്രിയപ്പെട്ട മറ്റൊന്നും ഉണ്ടായിരുന്നില്ല. അങ്ങ് ധർമ്മത്തേക്കാൾ ശ്രേഷ്ഠമാണ് ജീവിതംതന്നെയെന്ന് എന്നും കരുതിയില്ലേ?

അങ്ങയുടെ രാജ്യം ധർമ്മത്തിന്നുവേണ്ടിയാണ്. ജീവിതവും ധർമ്മത്തിന്നുവേണ്ടിയാണ്. ബ്രാഹ്മണർക്കും, ഗുരുക്കൾക്കും,

digitized by www.sreyas.in

ദേവന്മാർക്കും ഇതറിയാം. ഭീമാർജ്ജുനന്മാരേയും, ഈ മാദ്രേയന്മാരേയും, എന്നേയും ഭവാൻ ത്യജിച്ചേക്കാം എന്നാണ് എന്റെ അഭിപ്രായം 'എന്നാലും ഭവാൻ ധർമ്മം ത്യജിക്കുകയില്ല. ധർമ്മം കാക്കുന്ന രാജാവിനെ ധർമ്മം രക്ഷിക്കും എന്ന് ആര്യന്മാർ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ധർമ്മം അങ്ങയെ രക്ഷിച്ചില്ല. ഭവാന്റെ ധർമ്മം ഭവാനെ ആപത്തിൽനിന്നു രക്ഷപ്പെടുത്തിയോ? മറ്റൊന്നിലും ഭവാന്റെ ബുദ്ധി ചെല്ലുന്നില്ല. എപ്പോഴും ധർമ്മം! ധർമ്മം! ധർമ്മത്തിൽത്തന്നെ നിഴൽ മനുഷ്യനെ എന്നപോലെ എപ്പോഴും ധർമ്മത്തിൽത്തന്നെ ഭവാൻ ചെല്ലുന്നു. തുല്യരേയും താഴ്ന്നവരേയും അങ്ങൊരിക്കലും നിന്ദിച്ചിട്ടില്ല. ഭവാനാണെങ്കിൽ ഭൂമിമുഴുവൻ ജയിച്ചിട്ടും ലേശംപോലും അഹങ്കാരം ഉള്ളിലുണ്ടായില്ല' അല്ലയോ പാർത്ഥ, ഭവാൻ 'സ്വാഹാ' 'സ്വധാ' പൂജകളാൽ ദ്വിജദേവപിതൃക്കളെ എപ്പോഴും രക്ഷിച്ചിരുന്നില്ലേ? ബ്രാഹ്മണരുടെ സർവ്വകാമങ്ങളേയും ഭവാൻ സാധിപ്പിച്ചു. യതികളും സന്ന്യാസികളും ഗൃഹസ്ഥരും എന്നും സ്വർണ്ണപാത്രത്തിൽ ഭവാന്റെ ഗൃഹത്തിൽ ഉണ്ണുമ്പോൾ ഞാൻ പരിചാരികയായി വിളമ്പിക്കൊടുത്തിരുന്നില്ലേ? സ്വർണ്ണപാത്രങ്ങളും ഭക്ഷണവും വാനപ്രസ്ഥർക്കു നല്കിയിരുന്നില്ലേ? ബ്രാഹ്മണർക്കു കൊടുക്കുവാൻ വയ്യാത്തതായി ഭവാന്റെ ഗൃഹത്തിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലല്ലോ! വിശ്വേദേവപൂജ അങ്ങയുടെ ഗൃഹത്തിൽ ശാന്തിക്കായി ചെയ്തുകൊണ്ടിരുന്നതാണ്. പാന്ഥന്മാർക്കും മറ്റുള്ളവർക്കും അന്നം നല്കി ബാക്കിയുള്ളതു ഭവാൻ ഭുജിച്ചു. 'ഇഷ്ടികളും പശുബന്ധ'ങ്ങളും കാമ്യനൈമിത്തികങ്ങളായ ഗൃഹകർമ്മങ്ങളാണ്. 'പാകയജ്ഞം' തുടങ്ങിയ മറ്റെല്ലാ യജ്ഞങ്ങളും നിത്യവും അങ്ങയുടെ ഗൃഹത്തിൽ ചെയ്തിരുന്നു. കള്ളന്മാർ വാഴുന്ന വിജനമായ ഈ വൻകാട്ടിൽ നാടുവിട്ടു വന്നു പാർക്കുമ്പോഴും അങ്ങയുടെ ധർമ്മത്തിനു ഗ്ലാനി ഒട്ടും വന്നിട്ടില്ല. അശ്വമേധം, പുണ്ഡരീകം, രാജസൂയം, ഗോസവം എന്നീ അനവധി ദക്ഷിണ ചെയ്യേണ്ട മഹായജ്ഞങ്ങൾ ഭവാൻ ചെയ്തു. രാജാവേ! എന്നിട്ടും ഭവാൻ ബുദ്ധി പിഴച്ച് ആ ചൂതിൽ തോറ്റ അശുഭമുഹൂർത്തത്തിൽ രാജ്യവും, ധനവും, ശസ്ത്രവും മാത്രമല്ല ഭ്രാതാക്കളേയും എന്നേയും പണയം വെച്ചില്ലേ? ദയാശീലനും, സൗമ്യനും, വിശാലമനസ്കനും, വിനീതനും സത്യവാദിയുമായ ഭവാന് എങ്ങനെ ചൂതിനുള്ള കമ്പമുണ്ടായി? എന്താണ് ഇങ്ങനെ ബുദ്ധി മാറിപ്പോയത്? എന്റെ ഹൃദയം അങ്ങയെപ്പറ്റി ചിന്തിക്കുമ്പോൾ തകർന്നുപോകുന്നു. ഗുണവാനായ അങ്ങയ്ക്ക് ഇത്തരം ദുഃഖമയമായ ആപത്ത് അകപ്പെട്ടുകാണുമ്പോൾ ഞാൻ അങ്ങേയറ്റം അമ്പരക്കുന്നു.

ഇതിന്ന് ഉദാഹരണമായി ഒരു പഴമൊഴി പറഞ്ഞുവരാറുള്ളതു ഞാൻ പറയാം. ഈ ലോകം സ്വതന്ത്രമല്ല. ഈശ്വരന്റെ അധീനത്തിലാണ് അതിന്റെ നിൽപ്പ്. ധാതാവാണ് ജീവികൾക്കു സുഖവും ദുഃഖവും പ്രിയവും അപ്രിയവും ഒക്കെ ചെയ്യുന്നത്. ജനനത്തിന്നു മുൻപ് ഇവയൊക്കെ ദൈവം വിധിക്കുന്നത് പൂർവ്വകർമ്മത്തിന്റെ ഫലം അനുസരിച്ചാണ്. ഹേ, രാജാവേ! നാം വിധിയുടെ കൈയിൽ മരപ്പാവകൾപോലെ കളിപ്പിക്കപ്പെടുകയാണ്. ചരടുവലിച്ചു പാവക്കളി നടത്തുന്നതുപോലെ ഈ ജീവജാലങ്ങളെല്ലാം സർവ്വശക്തന്റെ ഇച്ഛയ്ക്കനുസരിച്ചു പ്രവർത്തിക്കുന്നു. ഭൂതജാലത്താൽ എല്ലാം മൂടുന്ന ആകാശംപോലെ സർവ്വവ്യാപിയായ ഈശ്വരൻ ഏവന്നും നന്മതിന്മകൾ ചെയ്തുകൊണ്ടിരിക്കുന്നു. ചരടിന്റെ ഒരു തുമ്പത്തു കെട്ടിയ പക്ഷിപോലെ നാം അസ്വതന്ത്രരാണ്. ഈശ്വരാധീനരാണ് എല്ലാവരും. 'ആരും അവനവന്ന് അധീനനല്ല. നൂലിൽക്കോർത്ത മുത്തുപോലെ, മൂക്കിൽ കയറിട്ട കാളപോലെ, നദീതീരത്തിൽനിന്നും നദിയുടെ നടുക്കു വീണ് ഒഴുക്കിൽപ്പെട്ട വൃക്ഷംപോലെ, എല്ലാവരും ധാതാവിന്റെ ശാസനയ്ക്കു വിധേയരായിരിക്കുന്നു. എന്തെന്നാൽ വിധാതാവിൽ അധിഷ്ഠിതമാണ് സർവ്വവും. അന്ധകാരാവൃതരായ ഭൂതങ്ങൾക്ക് ഒന്നിലും സ്വാധീനതയില്ല പ്രപഞ്ചാത്മാവിൽ ആശ്രിതനായ മനുഷ്യന് ഒരു നിമിഷംപോലും സ്വതന്ത്രനാകാൻ കഴിയുകയില്ല. തന്റെ സുഖദുഃഖങ്ങൾ താൻ ഉണ്ടാക്കാൻ ശ്രമിച്ചാലും അതു നടക്കുകയില്ല. ഈശ്വരൻ തള്ളിവിടുമ്പോൾ അവൻ സ്വർഗ്ഗത്തിലോ, നരകത്തിലോ എത്തും. അത് ഈശ്വരനാണ് നിശ്ചയിക്കുന്നവൻ. പുൽക്കൊടിത്തുമ്പു ശക്തിയായ കാറ്റിൽ എന്നപോലെ, സർവ്വജീവജാലങ്ങളും ദൈവത്തെ ആശ്രയിച്ചിരിക്കുന്നു. ഹേ ഭാരത! ധാതാവിന്റെ പാട്ടിൽ സർവ്വഭൂതങ്ങളും നില്ക്കുന്നു. സ്വർഗ്ഗവും, നരകവും, ദൈവനിശ്ചയവും ഈശ്വരേച്ഛയനുസരിച്ചു കിട്ടുന്നു. ലോകവ്യാപകമായ ആ വിധിയുടെ ചൈതന്യം നന്മയും തിന്മയും ഇടകലർന്ന കർമ്മങ്ങളിൽ മുഴുകി ഈ പ്രപഞ്ചത്തിൽ സദാ നീങ്ങിക്കൊണ്ടിരിക്കുന്നു. പക്ഷേ, ദൈവത്തിന്റെ സ്വരൂപം കാണുവാൻ സാധിക്കയില്ല. ക്ഷേത്രം എന്നു പറയുന്ന ദേഹം കാരണമാത്രം ആകുന്നു. ആ ദേഹംകൊണ്ട് ഈശ്വരൻ ശുഭാശുഭങ്ങളെ ചെയ്യിക്കയാണ്. ഈശ്വരൻ ചെയ്തുവെച്ച മായാമഹിമ നോക്കൂ! ഭൂതജാലത്തെ ഭൂതജാലംകൊണ്ടുതന്നെ മായയാൽ കൊല്ലുന്നു. ഇതിനെ തത്ത്വജ്ഞരായ മുനിമാർ മറ്റുവിധത്തിൽ കാണുന്നു. അവർ ഇതിനെ മറ്റൊരു വെളിച്ചത്തിലാണ് കാണുന്നത്. സൂര്യരശ്മിയെ എന്നപോലെ സാധാരണ ജനങ്ങൾ മറ്റുവിധത്തിലും കാണുന്നു. വിഭിന്നരീതിയിൽ ഓരോ കാര്യവും പുരുഷൻ ചിന്തിക്കുന്നു. എന്നാൽ വിധിതന്നെയാണ് വിവിധ ജന്മങ്ങളും മരണങ്ങളും നല്കി എല്ലാം ചെയ്യുന്നത്. അചേതനമായ മരംകൊണ്ട് മരത്തിനേയും, കല്ലുകൊണ്ട് കല്ലിനേയും, ഇരുമ്പുകൊണ്ട് ഇരുമ്പിനേയും എന്നപോലെ ദൈവം മായയാൽ തന്റെ സൃഷ്ടികളെ പരസ്പരം കൊല്ലിക്കുന്നു.

ഇപ്രകാരം ആ സർവ്വശക്തനായ ദേവൻ, സ്വയംഭൂ, പ്രപിതാമഹൻ, ഭൂതങ്ങളെ ഭൂതങ്ങളാൽ വേഷംമാറി നിന്നു കൊല്ലുന്നു. ഇപ്രകാരം സൃഷ്ടിച്ചും നശിപ്പിച്ചും സ്വേച്ഛപോലെ ദൈവം ജീവജാലങ്ങളുമായി കളിക്കുന്നു. കളിമണ്ണുകൊണ്ടുണ്ടാക്കിയ കളിക്കോപ്പുകൊണ്ട് കുട്ടി കളിക്കുന്നതുപോലെ വിധി കളിക്കുന്നു. അച്ഛനമ്മമാരെപ്പോലെയല്ല ഈ വിധി തന്റെ സൃഷ്ടികളോടു പെരുമാറുന്നതെന്ന് എനിക്കു തോന്നുന്നു. ഹേ രാജാവേ, ക്രുദ്ധരെപ്പോലെയാണ് അവന്റെ പ്രവൃത്തി. ദുഷ്ടനെപ്പോലെയാണ് അവന്റെ പ്രവൃത്തി. മഹാത്മാക്കളും സുശീലന്മാരുമായവർ ഉഴലുന്നതും, അനാര്യന്മാരും ദുഷ്ടന്മാരുമായവർ സന്തുഷ്ടരായി കഴിയുന്നതും കണ്ട് ഞാൻ ദുഃഖിക്കുകയാണ്. അങ്ങയുടെ ഈ കഷ്ടപ്പാടും, ദുര്യോധനനുള്ള സമൃദ്ധിയും ഒത്തുനോക്കുമ്പോൾ വിധാതാവിനെ പ്രകീർത്തിക്കാൻ എനിക്കു തോന്നുന്നില്ല. ഈ വിധി നീതികെട്ടവനാണ്. ക്രൂരനും, ലുബ്ധനും, അധാർമ്മികനും, വക്രബുദ്ധിയുമായ ദുര്യോധനന്ന് ഈ ശ്രീ നല്കിയിട്ട് വിധിക്ക് എന്തു കാര്യം? കർമ്മം ചെയ്തവനാകുന്നു ഫലമെങ്കിൽ കർത്താവായി അന്യനില്ലെങ്കിൽ വിധി ചെയ്യുന്ന ആ പാപകർമ്മത്തിന്റെ ഫലം തീർച്ചയായും ഈശ്വരനെത്തന്നെ ബാധിക്കും. അതല്ലാ, കർമ്മജമായ പാപം അതു ചെയ്തവനില്ലെങ്കിൽപ്പിന്നെ പ്രമാണം കൈയൂക്കുതന്നെയാണ്! ബലവാന് എന്തും ചെയ്യാമെന്നുതന്നെ ഇതിന്റെയൊക്കെ അർത്ഥം! ഈ നിലയ്ക്ക് ബലഹീനന്മാരെപ്പറ്റി ചിന്തിച്ച് ഞാൻ ദുഃഖിക്കുന്നു!"

31. യുധിഷ്ഠിരവാക്യം – യുധിഷ്ഠിരൻ പറഞ്ഞു: "ഭംഗിയായി, വിചിത്രപദമായി, ഹൃദ്യമായി, സുഗമമായ ആശയങ്ങളോടെ യാജ്ഞസേനീ, നീ ആവിഷ്കരിച്ച അഭിപ്രായപ്രകാശനങ്ങൾ ശ്രദ്ധിച്ചു കേട്ടു. നീ നാസ്തിക്യഭാഷയിലാണ് ഇപ്പോൾ പ്രസംഗിച്ചത്.

ഹേ കൃഷ്ണേ! കർമ്മഫലം നോക്കിയിട്ടല്ല ഞാൻ കർമ്മാനുഷ്ഠാനം ചെയ്യുന്നത്. ഞാൻ കൊടുക്കുന്ന ദാനത്തിന്റേയോ, ചെയ്യുന്ന യാഗത്തിന്റേയോ അനന്തരഫലത്തെ ഞാൻ ചിന്തിക്കാറില്ല. കൊടുക്കണം എന്നു ഞാൻ വിചാരിക്കുന്നതുകൊണ്ട് ഞാൻ കൊടുക്കുന്നു. യജിക്കണം എന്നു ഞാൻ വിചാരിക്കുന്നതുകൊണ്ട് യജിക്കുന്നു. ഫലം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യട്ടെ. പുരുഷൻ അവന്റെ കർത്തവ്യം ചെയ്യണം. അത് ഗൃഹസ്ഥന്റെ ധർമ്മമാണ് കൃഷ്ണേ! അതുകൊണ്ട് ശക്തിപോലെ ഞാൻ എന്റെ കർത്തവ്യം ചെയ്യുന്നു. ഞാൻ ധർമ്മം ചരിക്കുന്നു. ധർമ്മം അനുഷ്ഠിക്കുന്നു. അതു ധർമ്മത്തിന്റെ ഫലം ആശിച്ചല്ല സുന്ദരീ, ഞാൻ ചെയ്യുന്നത്. ശാസ്ത്രം തെറ്റിക്കാ

digitized by www.sreyas.in

തേയും സജ്ജനങ്ങളുടെ പ്രവൃത്തികൾ നോക്കിയറിഞ്ഞും കൃഷ്ണേ! ധർമ്മത്തിൽ എന്റെ ചിത്തം, സ്വഭാവത്താൽത്തന്നെ ഉറച്ചതാണ്. ധർമ്മംകൊണ്ട് സ്വർഗ്ഗലാഭത്തിന്നുള്ള ഒരു ലാഭക്കച്ചവടം നടത്തുന്നവൻ ധർമ്മജ്ഞന്മാർക്കു നിന്ദ്യനാണ്. പ്രതിഫലത്തിനുവേണ്ടി കർമ്മം ചെയ്യുന്നതാണ് കച്ചവടം. അത്തരക്കാർ നിന്ദ്യരാണ്; അവരെ ഒരിക്കലും ധർമ്മിഷ്ഠരായി കണക്കാക്കുകയില്ല. ധർമ്മത്തിൽനിന്നു ഫലത്തെ ആഗ്രഹിക്കുന്നവൻ കർമ്മത്തിന്റെ മഹത്തായ ഫലം നേടുന്നതുമല്ല. നാസ്തികനും പാപിയുമായവനാണ്. സത്കർമ്മം ചെയ്തശേഷം ധർമ്മത്തെ സംശയിക്കുന്നവനും ഐശ്വര്യം നേടുകയില്ല. എടോ കൃഷ്ണേ! ഞാൻ വേദത്തെ അടിസ്ഥാനമാക്കി വീണ്ടും വീണ്ടും പറയുന്നു, ധർമ്മത്തെ സംശയിക്കരുത് എന്ന്.

ധർമ്മത്തെ ശങ്കിക്കുന്നവനു തിര്യക്കുകളുടെ ഗതി അടുത്ത ജന്മത്തിൽ വന്നുകൂടും. ധർമ്മത്തേയും ഋഷികളേയും ശങ്കിക്കുന്ന ദുർബ്ബലമാനസന്റെ ഗതി അധോഗതിയാണ്. വേദത്തിൽ ശൂദ്രന് എന്നപോലെ അവനു നിത്യലോകത്തിൽ സ്ഥാനം ലഭിക്കുന്നതല്ല. മനസിനീ, വേദോച്ചാരണംചെയ്യുന്ന ധർമ്മപരനും സൽക്കുലീനനുമായവൻ ബാലനായിരുന്നാലും, രാജർഷികൾ അവനെ വൃദ്ധതപസ്വിയായി കണക്കാക്കുമെന്ന് ധർമ്മചാരികൾ പറയുന്നു.

വേദനിയമങ്ങൾ ലംഘിക്കുകയും, ധർമ്മത്തിൽ ശങ്കിക്കുകയും ചെയ്യുന്ന മന്ദബുദ്ധി ശൂദ്രനേക്കാളും കള്ളന്മാരേക്കാളും പാപിയാണ്. എടോ, മനസ്വിനീ! നീ പ്രത്യക്ഷമായി കണ്ടില്ലേ? തപോനിധിയും, മുനീശ്വരനും, ധർമ്മത്താൽ ചിരംജീവിയുമായ മാർക്കണ്ഡേയൻ ഇവിടെ വന്നുപോയത്? അദ്ദേഹം ധർമ്മത്താലാണ് ചിരംജീവിയായത്.

വ്യാസൻ, വസിഷ്ഠൻ, മൈത്രേയൻ, നാരദൻ, ലോമശൻ, ശുകൻ, മറ്റു താപസന്മാരും ഇവരൊക്കെ ധർമ്മംകൊണ്ടു ശുദ്ധമാനസന്മാരായവരാണ്. ഈ ദിവ്യയോഗീശ്വരന്മാരെ നീ പ്രത്യക്ഷമായി കാണുകയും, ഇവർ ശാപാനുഗ്രഹശക്തന്മാരും ദേവമാന്യന്മാരുമാണെന്ന് നീ അറിയുകയും ചെയ്തിട്ടുണ്ടല്ലോ. അനഘേ! ഇവർ പ്രഥമമായ മനുഷ്യകർത്തവ്യം ധർമ്മമാണെന്നു വർണ്ണിക്കുന്നു. ദേവതുല്യരായ ഇവർ വേദജ്ഞരാണ്. അതുകൊണ്ട് ശുഭേ, നീ ദൈവത്തേയും ധർമ്മത്തേയും മൗഢ്യത്താൽ ആക്ഷേപിക്കുകയും സംശയിക്കുകയും ചെയ്യരുത്.

തത്ത്വദർശികളായ വിജ്ഞന്മാരെയൊക്കെ ജളന്മാർ ഭ്രാന്തന്മാരാണെന്നു പുച്ഛിക്കും. ധർമ്മത്തിൽ ശങ്കിക്കുന്നവൻ, അന്യൻ ഉയർത്തിക്കാണിച്ചു പറയുന്ന പ്രമാണം വിശ്വസിക്കയില്ല. താൻ കണ്ടതാണ് ശരിയായ പ്രമാണമെന്ന് മൂഢൻ ഉറപ്പിച്ചുപറയും. ശ്രേയസ്സിനെ നിരസിക്കുന്ന അവൻ ഇന്ദ്രിയപ്രീതികരമായി ഈ ലോകത്തിൽ കാണുന്നതു മാത്രമാണ് സത്യമായിട്ടുള്ളതെന്നു വിചാരിക്കുകയും അതിന്റെ പിന്നാലെ ഭ്രമിക്കുകയും ചെയ്യും. ഇങ്ങനെ ധർമ്മത്തെ ശങ്കിക്കുന്ന പാപി ചെയ്യുന്ന പാപത്തിനു പ്രായശ്ചിത്തംപോലുമില്ലെന്ന് നീ അറിയണം. ലുബ്ധനും, പാപിയും, ദുരാഗ്രഹിയുമായ അവന് പരലോകത്തിൽ സ്ഥാനമില്ല. ശാസ്ത്രവിരുദ്ധമായി ജീവിക്കുന്നവൻ, വേദശാസ്ത്രാർത്ഥങ്ങളെ നിന്ദിക്കുന്നവൻ, കാമലോഭങ്ങളിൽപ്പെട്ട മൂഢൻ, നരകത്തിൽ ചെന്നു വീഴുകയേയുള്ളു.

വിജ്ഞാനത്തിന്റെ മറുകര കണ്ടവരും സർവ്വജ്ഞരുമായ ഋഷിമാരാൽ രൂപംകൊടുക്കപ്പെട്ടതും, ധർമ്മിഷ്ഠർ എന്നും വിശ്വസിച്ച് അനുഷ്ഠിക്കുന്നതും പുരാതനവുമായ ധർമ്മവിശ്വാസത്തെ, ഹേ, കൃഷ്ണേ! നീ സംശയിക്കരുത്. ആർഷപ്രമാണത്തെ ധിക്കരിച്ച് ധർമ്മത്തെ വകവെക്കാതിരിക്കുന്ന, സർവ്വശാസ്ത്രാതിഗനായ മൂഢൻ, ഒരു ജന്മത്തിലും സുഖിക്കുന്നതല്ല. വേദപ്രമാണം വകവെക്കാത്തവനും ശിഷ്ടാചാരം വെടിയുന്നവനുമായ പുരുഷന് പരലോകത്തിലും ഇഹലോകത്തിലും ഗതി കിട്ടുന്നതുമല്ല. അതുകൊണ്ട് ശിഷ്ടന്മാർ ചെയ്യുന്ന കർമ്മത്തിൽ കൃഷ്ണേ! നീ ശങ്കിക്കരുത്. സ്വർഗ്ഗം പ്രാപിക്കുവാനാഗ്രഹിക്കുന്നവന്ന് ധർമ്മമാകുന്ന വഞ്ചിയല്ലാതെ വേറെ വാഹനമൊന്നുമില്ല. ഈ ധർമ്മനൗക, സമുദ്രത്തിന്റെ മറുകരയ്ക്ക് എത്തിക്കുന്ന കച്ചവടക്കാരന്റെ കപ്പൽ എന്ന വിധം, വിശ്വാസികളെ എത്തിക്കും. ധർമ്മചാരികൾ ചെയ്യുന്ന ധർമ്മം ഫലഹീനമാണെങ്കിൽ മാന്യേ, ഈ ജഗത്ത് നിലയില്ലാത്ത ഇരുട്ടിൽപ്പെട്ടുപോകും. അപ്പോൾ മനുഷ്യർ മൃഗപ്രായരാവും. മോക്ഷം ജീവികൾക്കു സിദ്ധിക്കാതാകും. ആരും വിദ്യ ശീലിക്കുകയില്ല. ആരും പുരുഷാർത്ഥങ്ങൾ യഥാക്രമം ഗ്രഹിക്കുകയില്ല. അങ്ങനെ മനുഷ്യർ മൃഗപ്രായരായിത്തീരും. തപസ്സ്, ബ്രഹ്മചര്യം, യജ്ഞം, സത്യസന്ധത, ദാനം, ആർജ്ജവം ഇവയൊക്കെ നിഷ്ഫലമാണെങ്കിൽ തലമുറകളായി മനുഷ്യൻ ധർമ്മമാചരിക്കുകയില്ലായിരുന്നു. ക്രിയയ്ക്കു ഫലമില്ലെങ്കിൽ ലോകം അന്ധകാരമയമായിത്തീരും.

ധർമ്മം നിഷ്ഫലമാണെങ്കിൽ എന്തുകൊണ്ടാണ് ഋഷിമാരും, ദേവകളും, ഗന്ധർവ്വന്മാരും, ആശരന്മാരും, ദൈത്യന്മാരും, ദേവകൾകൂടിയും ഈ ധർമ്മത്തെ ആദരിച്ചു സ്വീകരിക്കുന്നത്. അവർക്ക് ഈ സത്യം വ്യക്തമായും അറിയാം, ഫലം നല്കുന്നവൻ ധാതാവാണെന്ന്. അതുകൊണ്ട് അവർ ധർമ്മമനുഷ്ഠിക്കുന്നു. ഹേ, കൃഷ്ണേ! ധർമ്മത്തിൽനിന്നാണ് ശാശ്വതമായ ശ്രേയസ്സു വന്നുചേരുന്നത്. ധർമ്മം പാഴാവുകയില്ല. അധർമ്മവും പാഴാവുകയില്ല. വിദ്യക്കും തപസ്സിന്നുമുള്ള ഫലം നീതന്നെ കാണുന്നില്ലേ? കൃഷ്ണേ, നിന്റെ ജന്മത്തെപ്പറ്റിത്തന്നെ നീ കേട്ടറിയുന്നില്ലേ? പ്രതാപിയായ ധൃഷ്ടദ്യുമ്നന്റെ ജന്മത്തെപ്പറ്റിയും നീ കേട്ടറിയുന്നില്ലേ. ശുചിസ്മിതേ! ഇതുതന്നെയാണ് അതിന്നുള്ള ദൃഷ്ടാന്തവും. വിദ്യ, തപസ്സ് മുതലായ ധർമ്മ്യകർമ്മങ്ങൾക്കുള്ള ഫലം എത്ര കുറച്ചായിരുന്നാലും മനഃസംയമനം കൈവന്നവർ സന്തോഷിക്കും. എന്നാൽ, ബുദ്ധിഹീനന്മാർ എത്ര വലിയ ഫലം ലഭിച്ചാലും സന്തോഷിക്കുകയില്ല; അവർക്കു പരലോകസുഖം ലഭിക്കുകയുമില്ല. ഹേ, സുന്ദരി! പുണ്യപാപകർമ്മങ്ങളുടെ ഫലങ്ങളെക്കുറിച്ചും, കർമ്മങ്ങളുടെ ഉത്ഭവനാശങ്ങളെക്കുറിച്ചും ദേവന്മാർക്കുപോലും അറിഞ്ഞുകൂടാ. ഇവ ആർക്കുമറിയാത്ത രഹസ്യങ്ങളാണ്. സാധാരണക്കാർക്ക് ഇതിനേക്കുറിച്ച് ഒട്ടും ജ്ഞാനമില്ല. ഗൂഢമായാമയന്മാരാണല്ലോ ദേവന്മാർ. ആ ദേവന്മാരാൽ പരിരക്ഷിതമായ ഈ രഹസ്യങ്ങൾ രാഗം, ദ്വേഷം, മുതലായവയില്ലാത്തവരും, ദൃഢവ്രതന്മാരും, തപസ്സിനാൽ മാലിന്യം നീങ്ങിയവരും, പ്രസന്നചിത്തരുമായ ബ്രാഹ്മണർ, ബ്രഹ്മജ്ഞന്മാർ, മാത്രമേ അറിയുവാൻ ശക്തരാകുന്നുള്ളു.

അതുകൊണ്ട് ഫലം കാണുന്നില്ലെന്നു വിചാരിച്ച് ശോഭനേ! നീ ധർമ്മത്തേയും ദൈവത്തേയുംപറ്റി സംശയിക്കരുത്.

ശ്രദ്ധയോടെ യജിക്കേണ്ടതും അസൂയകൂടാതെ ദാനംചെയ്യേണ്ടതും നമ്മുടെ കടമയാണ്. ഫലത്തെക്കുറിച്ചു നോക്കാതെ നമ്മുടെ ആ കടമ, കർത്തവ്യം, നാം നിർവ്വഹിക്കണം.

കർമ്മങ്ങൾക്കെല്ലാം ഫലമുണ്ട്; ധർമ്മം ശാശ്വതവുമാണ്. അതിൽ നീ ഒട്ടും ശങ്കിക്കരുത്. ശങ്കയുണ്ടെങ്കിൽ അതു പാടേ അകറ്റുക. അവിശ്വാസം വിശ്വാസത്തിനു വഴിമാറിക്കൊടുക്കട്ടെ!

സർവ്വേശ്വരനായ വിധാതാവിനെ നീ ആക്ഷേപിക്കരുത്. അവനെ എങ്ങനെ മനസ്സിലാക്കാമെന്നു നീ അറിയുക. ആ ദേവനെ നീ നമസ്കരിക്കുക. നിന്റെ ബുദ്ധി ഇനിമേൽ പിഴച്ചുപോകാതിരിക്കട്ടെ. ആ ദേവന്റെ പ്രസാദത്താൽ, അനുഗ്രഹത്താൽ, ഭക്തനായ മർത്ത്യൻ അമർത്ത്യനായി ഉയരും. അങ്ങനെയുള്ള മുഖ്യദേവതയെ ഹേ കൃഷ്ണേ, നീ ഒരിക്കലും നിന്ദിക്കരുത്."

32. ദ്രൗപദീവാക്യം - ദ്രൗപദി പറഞ്ഞു: "ഞാൻ ധർമ്മത്തെ ഒരിക്കലും അവമാനിക്കുകയോ, നിന്ദിക്കുകയോ ചെയ്യുകയില്ല! ആ പ്രജാപതിയായ വിധാതാവിനെ ഞാനെന്തിനു നിന്ദിക്കുന്നു? ദുഃഖാർത്തയായ ഞാൻ പലതും പറഞ്ഞു വിലപിക്കുന്നതിന്നിടയിൽ ആരെയെങ്കിലും പഴിക്കുന്നതായാൽ അത് കരുതലോടുകൂടി ചെയ്യുന്ന നിന്ദയാണെന്നു ഭവാൻ വിചാരിക്കരുത്. ഞാൻ വീണ്ടും കരയുകയാണ്. എന്റെ നേരേ അനുതാപത്തോടെ, ഞാൻ പറയുന്നതു ഭവാൻ കേട്ടാലും!

digitized by www.sreyas.in

കർമ്മം എല്ലാവരുടേയും, എല്ലാറ്റിന്റേയും കർത്തവ്യമാണല്ലോ. കർമ്മമില്ലാതിരുന്നാൽ ചേതനങ്ങളായ ജീവികളൊന്നും തന്നെ ജീവിക്കുകയില്ല. അചേതനങ്ങൾക്കേ കർമ്മം വേണ്ടാതുള്ളു. പശുക്കുട്ടി ജനിച്ച ഉടനെ അതിന്റെ അമ്മയുടെ മുല കുടിച്ചുതുടങ്ങുന്നു. ആഭിചാരത്തിനു വിധേയരായവർക്ക് ദുഃഖമുണ്ടാകുന്നു. അതുപോലെ, രാജാവേ, മുൻജന്മഫലമെന്നോണം ജന്തുക്കൾ ഓരോവക ജീവിതവൃത്തി തുടരുന്നു. ജംഗമങ്ങളിൽവെച്ചു മനുഷ്യർ മാത്രം ഇഹത്തിലെന്നപോലെ പരത്തിലും തന്റെ അഭീഷ്ടത്തിന്നനുസരിച്ച് ഉപജീവിക്കുവാൻ തക്കവിധം കർമ്മം ചെയ്യുന്നു! ഈ കാര്യത്തിൽ മനുഷ്യൻ മറ്റു ജീവികളെപ്പോലെയല്ല. പൂർവ്വകർമ്മഫലത്തെ സർവ്വഭൂതങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നു നാം ചെയ്യുന്ന കർമ്മമാണ് നാളത്തെ അനുഭവത്തിനു ഹേതുവായി ഭവിക്കുന്നത്. സൃഷ്ടികർത്താവായ ഈശ്വരൻപോലും, സർവ്വജീവികളും, പൂർവ്വജന്മപ്രചോദിതമായി, വെള്ളത്തിൽ കൊക്ക് എന്നപോലെ, ജീവിതം നയിക്കുന്നു. കർമ്മം കൂടാതെ ജീവിതമില്ല. ഇന്നു നാം കാണുന്ന ജീവിതം പൂർവ്വ കർമ്മങ്ങളിൽനിന്ന് ഉണ്ടായതാണ്. സർവ്വജന്തുക്കളും പൂർവ്വകർമ്മസംസ്കാരത്തെ ആശ്രയിച്ചു ജീവിക്കുന്നു. അതുകൊണ്ട് ഏതു ജീവിയും എപ്പോഴും കർമ്മം ചെയ്തുകൊണ്ടുതന്നെയിരിക്കണം. എപ്പോഴും കർമ്മനിരതനായിരിക്കയല്ലാതെ കർമ്മത്തെ മുടക്കുകയോ, കർമ്മത്തെ മുടിക്കുകയോ ആരും ചെയ്തുപോകരുത്. കർമ്മം ചെയ്യുക. കർമ്മത്തിൽ മടുക്കരുത്. കർമ്മത്താൽ സജ്ജനാവുക! കർമ്മത്തിന്റെ പ്രയോജനത്തെക്കുറിച്ച് അറിഞ്ഞവർ ആയിരത്തിൽ ഒന്നുപോലും ഇല്ലെന്നും വരാം. കർമ്മത്താൽ കവചിതനാകണം. ശ്രീ നേടുന്നതിന്നും, നേടിയതിനെ സംരക്ഷിക്കുന്നതിന്നും ഒരുപോലെ കർമ്മം ആവശ്യമാണ്. എന്തെന്നാൽ നേടാൻ ശ്രമിക്കാതെ വ്യയം മാത്രം ചെയ്തുകൊണ്ടിരുന്നാൽ ആരുടേയും സമ്പത്ത്, അത് ഹിമവൽപർവ്വതം പോലെ ബൃഹത്തായിരുന്നാൽപ്പോലും, ക്ഷയിച്ചുപോകും. ജനങ്ങൾ കർമ്മവിമുഖരായി, കർമ്മഹീനരായി, വർത്തിച്ചിരുന്നെങ്കിൽ ഈ ലോകം നിശ്ശേഷം നശിച്ചുപോവുകയല്ലാതെ മറ്റെന്തുണ്ടാകുമായിരുന്നു? കർമ്മങ്ങളൊക്കെ നിഷ്ഫലമാണെങ്കിൽ ലോകത്തിൽ ഇക്കാണുന്ന അഭിവൃദ്ധിയെല്ലാം എങ്ങനെ ഉണ്ടായി? ഫലം വേണ്ടെന്നു വിചാരിച്ചുകൂടി കർമ്മംചെയ്യുന്നവരുണ്ട്. അത്ര മഹത്ത്വമേറിയതാണ് കർമ്മത്തിന്റെ പ്രഭാവം. എന്തെന്നാൽ, കർമ്മമില്ലാതെ ജീവിതമില്ല. ദൈവത്തിൽനിന്നു തനിക്കു കിട്ടേണ്ടതെല്ലാം കിട്ടുമെന്നു വിചാരിച്ചു മേലനങ്ങാതെ കാത്തിരിക്കുന്നവനും, വരുവാനുള്ളതെല്ലാം ഭാഗ്യത്താൽ കർമ്മംകൂടാതെ മുറയ്ക്കു ലഭിച്ചുകൊള്ളുമെന്നു കരുതുന്നവനും വെറും മൂഢാത്മാവാണ്. കർമ്മതത്പരൻ മാത്രമാണ് പ്രശംസാർഹൻ. എല്ലാം വിധിയുടെ ഹിതം പോലെ വരട്ടെയെന്ന് വിചാരിച്ച് പ്രയത്നിക്കാതെ കർമ്മഹീനനായി സസുഖം കിടക്കുന്ന വിഡ്ഢി വെള്ളത്തിൽ വീണ പച്ചക്കളിമൺകുടം (വേവിക്കാത്ത കളിമൺകുടം) പോലെ നശിച്ചുപോകും. അപ്രകാരംതന്നെ കർമ്മംചെയ്യുവാൻ ശക്തിയുള്ള ആൾ ഭാഗ്യത്തെ മാത്രം ആശ്രയിച്ച് തന്റെ ബുദ്ധിശൂന്യതകൊണ്ട്, കർമ്മഹീനനായി, അലസനായി അടങ്ങിയിരുന്നാൽ എന്തു സംഭവിക്കും? അവൻ അനാഥനെപ്പോലെ ദുർബ്ബലനായിത്തീരും. അധികംനാൾ കഴിയുന്നതിന്നുമുമ്പായി നശിക്കുകയും ചെയ്യും. ഒട്ടും യത്നിക്കാതിരുന്ന് അവിചാരിതമായി സമ്പത്തു നേടുവാൻ കഴിയുമെങ്കിൽ അതിനെ ഭാഗ്യമായി കണക്കാക്കുന്നു. എന്തുകൊണ്ടെന്നാൽ, ആരും അതിനുവേണ്ടി പ്രവർത്തിക്കുന്നില്ല. എല്ലാം ദൈവവിധിപോലെ വരുമെന്നു ചിന്തിച്ചു നിശ്ചയിച്ച് മതകർമ്മങ്ങൾ മാത്രം അനുഷ്ഠിച്ച് ദൈവത്തെമാത്രം നോക്കിയിരുന്ന് അതിൽനിന്ന് സൽക്കാര്യം സാധിക്കുമെങ്കിൽ അതിനെ ദൈവഹിതമായി കണക്കാക്കുന്നു. കർമ്മം തന്നത്താൻ ചെയ്ത് അതിൽനിന്ന് ഈ ലോകത്തിൽ പ്രത്യക്ഷമായ ഫലം ഒരുവൻ നേടുന്നത് പൗരുഷമാണ്; അതിനെ അടിസ്ഥാനമാക്കിയാണ് വ്യക്തിപ്രഭാവം കണക്കാക്കുന്നത്, കാരണംകൂടാതെ സ്വാഭാവികമായി ഫലം നേടുന്നതായാൽ അതു സ്വഭാവാത്മകമാണ്. ഇതിൽ ഹഠം, ദൈവം (ഭാഗ്യം), സ്വഭാവാത്മകം എന്നിവയെല്ലാം പൂർവ്വജന്മകർമ്മങ്ങളെ ആശ്രയിച്ചുനില്ക്കുന്നു. പൂർവ്വകാലത്ത് കർമ്മം ചെയ്തിട്ടില്ലാത്ത ഒരുവന്ന് ഹഠമോ, ദൈവമോ, സ്വാഭാവികമോ ബാധകമല്ല. വാസ്തവത്തിൽ ഇവയ്ക്കു മൂന്നിനും ആധാരം കർമ്മംതന്നെയാണെന്നും ചിന്തിച്ചാൽ കാണാം. ഈശ്വരൻ പൂർവ്വകർമ്മഫലങ്ങളെ വിഭജിച്ചു നല്കുകമാത്രമേ ചെയ്യുന്നുള്ളൂ. അതായത് ഈ ദേഹം എന്നത് ഈശ്വരന്റെ കൈയിലെ ഉപകരണംമാത്രമാണ്.

ജീവികൾക്കു വിധിവിഹിതമായുണ്ടാകുന്ന ശുഭാശുഭങ്ങൾ പൂർവ്വകർമ്മങ്ങളുടെ വിളവുകളാണ്. പൂർവ്വകർമ്മങ്ങളിൽനിന്ന് ഈ ജീവിതമുണ്ടാകുന്നു. ഈ ജീവിതത്തിൽനിന്ന് ഭാവികർമ്മങ്ങളും ഉണ്ടാകുന്നു. മനുഷ്യൻ ധാതാവിന്റെ പ്രേരണപോലെ പ്രവർത്തിക്കുന്നവനാണ്. ആ മഹേശ്വരനായ വിധി മനുഷ്യനെ ഓരോവിധ കൃത്യങ്ങളിൽ വിനിയോഗിക്കുന്നു. വിധി ഇങ്ങനെയാണ് സർവ്വജീവികളേയും പ്രവർത്തിപ്പിക്കുന്നത്. അതുകൊണ്ട് ജീവികൾ സ്വയം ഒന്നും ചെയ്യുന്നില്ലെന്നു പറയാം. ഈശ്വരൻ അവയെ പ്രവർത്തിപ്പിക്കുന്നു.

വിധി പൂർവ്വകർമ്മാത്മകമാണെന്നും, ഭാവിശ്രേയസ്സ് ഇന്നത്തെ കർമ്മത്തിൽനിന്നാണ് ഉണ്ടാകുന്നതെന്നും മനസ്സിലാക്കി മനുഷ്യൻ തനിക്കു വേണ്ടുന്നതെല്ലാം ചിന്തിച്ച് നിശ്ചയിച്ച്, അതൊക്കെ ബുദ്ധിപൂർവ്വം കർമ്മംകൊണ്ടു നേടുന്നു. ഹേ, കുന്തീപുത്ര! അതുകൊണ്ട്, മനുഷ്യൻതന്നെയാണ് അവന്റെ പ്രവൃത്തിക്കു കാരണമെന്നു നാം പറയുന്നു. നമുക്കു ചുറ്റും കാണുന്ന ലോകത്തിലെ വിഭവങ്ങൾ മുഴുവൻ മനുഷ്യകർമ്മത്താൽ ഉണ്ടായതല്ലേ? വീടും നാടും നഗരവുമൊക്കെ നിർമ്മിച്ചത് പൗരുഷത്താലാണ്.

എള്ളിൽനിന്ന് എണ്ണയും, പശുവിൽനിന്നു പാലും, വിറകിൽനിന്നു തീയും ലഭിക്കുമെന്ന് ബുദ്ധിമാന്മാർ ബുദ്ധികൊണ്ട് ഗ്രഹിച്ച് അതു നേടാനുള്ള വഴി അറിഞ്ഞ് അപ്രകാരം പ്രവർത്തിക്കുകകാരണം സിദ്ധി നേടിയിരിക്കുന്നു. ഇപ്രകാരം സ്വന്തം കർമ്മത്തിന്റെ ആ സിദ്ധിയെയാണ് ഇന്നു ജീവികൾ അനുഭവിച്ച് ഉപജീവിക്കുന്നത്. സമർത്ഥന്റേയും അസമർത്ഥന്റേയും വ്യത്യാസം അവരുടെ കർമ്മങ്ങളുടെ മേന്മ താരതമ്യപ്പെടുത്തി മനസ്സിലാക്കാവുന്നതാണ്. മനുഷ്യൻ അവന്റെ കർമ്മത്തിനു കാരണമായിരുന്നില്ലെങ്കിൽ ലൗകികമോ, ദൈവികമോ ആയ ക്രിയകൾക്കു ഫലമുണ്ടാവുകയില്ല; ഗുരുശിഷ്യഭേദവും ഉണ്ടാവുകയില്ലായിരുന്നു. അതാണ് കർമ്മസിദ്ധിയിൽ ആ കർമ്മത്തിന്റെ കർത്താവിനെ പ്രകീർത്തിക്കുന്നതും കർമ്മദോഷത്താൽ കർമ്മസിദ്ധിയേല്ക്കാത്തവനെ നിന്ദിക്കുന്നതും. മനുഷ്യൻതന്നെയല്ല അവന്റെ കർമ്മത്തിന്നും ഫലത്തിനും ഹേതു എങ്കിൽ ഈ പറഞ്ഞ കാര്യങ്ങൾ എങ്ങനെ ന്യായീകരിക്കാം?

ചിലർ എല്ലാം ദൈവഹിതമാണെന്നു കരുതുന്നു. മറ്റുചിലർ അതല്ലെന്നും വിശ്വസിക്കുന്നു. പക്ഷേ, ഭാഗ്യംകൊണ്ടും ദൈവഹിതംകൊണ്ടും നേടുന്നതായി കരുതുന്നതിനെല്ലാം ആധാരം പൂർവ്വജന്മങ്ങളിലെ തെറ്റോ, ശരിയോ ആയ കർമ്മങ്ങൾ മാത്രമാണ്. ദൈവഹിതത്താലും ഭാഗ്യത്താലും കാര്യസിദ്ധിയുണ്ടാകും. ഹഠംകൊണ്ടും, ദൈവംകൊണ്ടും, സ്വന്തം കർമ്മംകൊണ്ടുമാണ് പുരുഷനു ഫലോദയമുണ്ടാകുന്നത്. ഇവ മൂന്നുമൊഴികെ കാര്യസിദ്ധിക്ക് നാലാമതായി വേറെ കാരണമില്ലെന്ന് സത്യജ്ഞന്മാരായ ജ്ഞാനികൾ പറയുന്നു. സൽക്കർമ്മദുഷ്കർമ്മങ്ങൾപോലെയാണ് ഇഷ്ടാനിഷ്ടഫലങ്ങൾ. ജീവികൾക്കു വിധി നല്കുന്ന സിദ്ധാന്തം ശരിയല്ലെങ്കിൽ ലോകത്തിൽ ദുഃഖിതരായി ആരുംതന്നെ ഉണ്ടാവേണ്ടതല്ലായിരുന്നു. പൂർവ്വകർമ്മത്തിന് സ്ഥാനമില്ലെങ്കിൽ മനുഷ്യൻ ഏത് ആശയോടുകൂടി കർമ്മം ചെയ്യുന്നുവോ അതൊക്കെ അപ്പോൾത്തന്നെ ഫലിക്കേണ്ടതല്ലേ? കർമ്മമാണ് അർത്ഥാനർത്ഥങ്ങൾക്കു കാരണമെന്നും പൂർവ്വജന്മകർമ്മങ്ങൾക്ക് സ്ഥാനമുണ്ടെന്നും ഹഠം മുതലായ മൂന്നിനും കർമ്മമാണ് ആധാരമെന്നും അറിയാത്തവൻ വെറും മൂഢനാണെന്നു പറയുകതന്നെവേണം.

digitized by www.sreyas.in

ഈ പറഞ്ഞതെല്ലാം നേടുവാൻ മനുഷ്യൻ യത്നിക്കണം. മനുവിന്റെ നിശ്ചയമാണിത്. കർമ്മംചെയ്യാതെ നിശ്ചേഷ്ടനായി കിടക്കുന്നവൻ പരാജിതനാവുകതന്നെ ചെയ്യും. എപ്പോഴും യത്നിച്ചുകൊണ്ടിരിക്കുന്നവനാണ് ഫലസിദ്ധി. കർമ്മംകൊണ്ടു വിജയം കൈവന്നില്ലെങ്കിൽത്തന്നെ അതു കർമ്മവൈകല്യംകൊണ്ടാണെന്ന് അറിഞ്ഞ് ആ ദോഷത്തെ പരിഹരിക്കാൻ ശ്രമിക്കണം. നമ്മുടെ കടമകൾ തീർക്കുന്നതിന്നും കർമ്മം കാരണമാകുന്നു, വിജയിച്ചാലും ഇല്ലെങ്കിലും. അലസനായിക്കിടക്കുന്ന മനുഷ്യനെ അലക്ഷ്മി ബാധിക്കും. കർമ്മകുശലൻ സമയത്തു ഫലം നേടി ഐശ്വര്യം പ്രാപിക്കും. കർമ്മനിരതന്മാരായ ബുദ്ധിമാന്മാർ കർമ്മത്തെപ്പറ്റി സംശയിക്കുന്നവരെ, തോറ്റവരും അവിശ്വാസികളുമായി കണക്കാക്കുന്നു. കർമ്മത്തിൽ ഒട്ടും സംശയമില്ലാത്തവരും ആത്മവിശ്വാസികളുമായവരെ, വിജയികളായും കണക്കാക്കുന്നു.

അല്ലയോ രാജാവേ! നമുക്കു വളരെയധികം അനർത്ഥങ്ങൾ നേരിട്ടിരിക്കുന്ന കാലമാണ് ഇത്. ഭവാൻ സംശയം വെടിഞ്ഞ് പൗരുഷത്തിൽ ഏർപ്പെട്ടാൽ മാത്രമേ നമ്മളെ ബാധിച്ച അനർത്ഥങ്ങൾ നീങ്ങുകയുള്ളു. ഒരുപക്ഷേ, ഫലസിദ്ധി ഉണ്ടായില്ലെങ്കിൽത്തന്നെ സ്വന്തം പൗരുഷംകൊണ്ട് അങ്ങയ്ക്കും, വൃകോദരനും, അർജ്ജുനനും, നകുലസഹദേവന്മാർക്കും അഭിമാനഭംഗം ഭവിക്കുകയില്ല. കർമ്മം മറ്റുള്ളവരിലെല്ലാം ഫലിച്ചുകാണുമ്പോൾ നമ്മളിൽമാത്രം അതുണ്ടാകാതിരിക്കുമോ? നാം നമ്മുടെ കർമ്മങ്ങൾ ശരിക്ക് നിർവ്വഹിക്കണം. വല്ലകാരണവശാലും നമുക്കു ഫലസിദ്ധി ഉണ്ടായില്ലെങ്കിൽ ആ തെറ്റു നമ്മുടേതല്ല. കർഷകൻ കരികൊണ്ടു നിലം ഉഴുതു വിതച്ചുകഴിഞ്ഞാൽ അവന്റെ ജോലി തീർന്നു. പിന്നത്തെ ജോലി മഴക്കാറിന്റേതാണ്. മഴ പെയ്യാതെ കൃഷി നശിച്ചാൽ ആ കുറ്റം കർഷകന്റേതല്ലല്ലോ.

അന്യൻ യത്നിച്ചു ഫലം നേടിയ മാർഗ്ഗം അതേവിധം ഞാൻ പിന്തുടർന്നിരിക്കുന്നുവെന്നും, ഇതിൽനിന്നു ലഭിക്കുന്ന ഫലം തനിക്കുള്ളതാണെന്നും, താൻ വേണ്ടവിധം യത്നിച്ചിട്ട് അതു ഫലിക്കാതിരുന്നാൽ തനിക്ക് അതിൽ യാതൊരപരാധവുമില്ലെന്നും, കരുതുന്നതല്ലാതെ ഒരിക്കലും ധീരൻ ആത്മനിന്ദ ചെയ്യുകയില്ല! പണിപ്പെട്ടാലും ഫലം സിദ്ധിക്കുകയില്ല എന്ന നിർവ്വേദം മനുഷ്യന്ന് ഉണ്ടാകരുത്. ഫലസിദ്ധി ഉണ്ടായാലും ഇല്ലെങ്കിലും കർമ്മം ചെയ്യുകതന്നെ വേണം. പല കാരണങ്ങളുടേയും ചേർച്ചയിൽനിന്നാണ് കർമ്മസിദ്ധിയുണ്ടാകുന്നത്. ചില കാരണങ്ങളുടെ അഭാവത്താൽ, ഫലം കുറഞ്ഞുപോയെന്നോ, തീരെ ഉണ്ടായില്ലെന്നോ വന്നേക്കാം. അതു വിചാരിച്ച് മനുഷ്യൻ അലസനാകരുത്. ഒന്നും ചെയ്യാതിരിക്കുന്നവന് ഗുണമെവിടെ? ഫലമെവിടെ? ഒന്നും ഉണ്ടാവുകയില്ല. ബുദ്ധിമാന്മാർ ഫലസിദ്ധിക്കായി ദേശം, കാലം, ഉപായം, മംഗളം എന്നിവയെല്ലാം നോക്കി ബുദ്ധിയുപയോഗിച്ച് സ്വന്തം ശക്തിക്കനുസരിച്ച് അപ്രമത്തനായി യത്നിക്കണം. സൂക്ഷ്മതയോടും വിവേകത്തോടും കൂടി സ്വന്തം പരാക്രമത്തെ ആശ്രയിച്ച് കാര്യത്തിൽ ഏർപ്പെടണം. കാര്യഘടനകളിൽ ശ്രേഷ്ഠമായത് പരാക്രമമാണ്. തന്നേക്കാൾ ഗുണങ്ങൾ തികഞ്ഞ് പ്രശസ്തന്മാരായ ശത്രുക്കളെ ധീമാൻ സാമംകൊണ്ടും മറ്റുപായങ്ങൾകൊണ്ടും വശീകരിക്കുവാൻ ശ്രമിക്കണം. ശത്രുക്കൾക്കു തിന്മമാത്രമേ ചെയ്യാവു. അവരെ നാട്ടിൽനിന്നും ഓടിക്കണം. വിജയം കാംക്ഷിക്കുന്നവൻ തന്നോടും തന്റെ ബന്ധുക്കളോടുമുള്ള കടപ്പാടുതീർക്കുവാൻ ശത്രുവിന്റെ പഴുത് എപ്പോഴും നോക്കിക്കൊണ്ട് ഉത്സാഹത്തോടെ പ്രയത്നിക്കണം. മനുഷ്യനെന്നല്ല ശത്രു സമുദ്രവും പർവ്വതവുംകൂടി ആയാൽപ്പോലും ഇതേ മാർഗ്ഗംതന്നെയവലംബിക്കണം. തന്നെ താൻ ഒരിക്കലും അവമാനിക്കരുത്. അത് ആത്മനിന്ദയാണ്. ഞാൻ ഒന്നിനും കൊള്ളില്ല എന്ന് ആത്മനിന്ദ ചെയ്യുന്നവന് ഐശ്വര്യമുണ്ടാവുന്നതല്ല. ഫലസിദ്ധി ദേശകാലങ്ങളെ നോക്കിയുള്ള ശ്രമത്തെ ആശ്രയിച്ചിരിക്കുന്നു. അതു ശരിക്കും അറിഞ്ഞുകൊണ്ട് ഭവാൻ യത്നിക്കുക. എന്റെ അച്ഛൻ രാജധാനിയിൽ പാർപ്പിച്ചിരുന്ന ഒരു വിപ്രൻ എന്റെ ഭ്രാതാക്കൾക്ക് ബൃഹസ്പതിയുടെ നീതിശാസ്ത്രം ഉപദേശിക്കാറുണ്ട്. സഹോദരന്മാരിൽനിന്നും പിന്നീട് ഞാനിതു കേട്ടു മനസ്സിലാക്കി. ഇടയ്ക്കൊക്കെ ഒഴിവുസമയത്ത് അച്ഛന്റെ മടിയിൽച്ചെന്നിരിക്കുമ്പോൾ എന്നോടും ആ വിദ്വാനായ ബ്രാഹ്മണൻ മധുരമായി പറഞ്ഞുതരാറുണ്ട് രാജാവേ!"

33. ഭീമവാക്യം – വൈശമ്പായനൻ പറഞ്ഞു: "യാജ്ഞസേനി പറഞ്ഞതു കേട്ട്, ഏറ്റവും അമർഷണനായ ഭീമൻ കോപത്തോടെ നെടുവീർപ്പിട്ട്, അരികെച്ചെന്ന്, യുധിഷ്ഠിരനോട് പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "ഹേ, രാജാവേ! സത്പുരുഷന്മാർക്ക് ഉചിതമായ മാർഗ്ഗമവലംബിക്കുക. രാജ്യപദവി വെടിഞ്ഞ് നമ്മൾ ധർമ്മാർത്ഥകാമഹീനന്മാരായി ഈ കാട്ടിൽ വാഴുന്നതുകൊണ്ട് എന്താണു പ്രയോജനം? ദുര്യോധനൻ ധർമ്മംകൊണ്ടല്ല രാജ്യം നേടിയത്. ആർജ്ജവംകൊണ്ടല്ല നേടിയത്. ഓജസ്സുകൊണ്ടല്ല നേടിയത്. കള്ളച്ചൂതുകൊണ്ടാണ്. ശക്തനായ സിംഹത്തിന്റെ തീറ്റിയെ ദുർബ്ബലനായ ഒരു കുറുക്കൻ തട്ടിയെടുത്തതുപോലെ അവൻ നമ്മുടെ നാട് അപഹരിച്ചു. പ്രതിജ്ഞാപാലനമെന്ന അർത്ഥശൂന്യമായ ധർമ്മം സംരക്ഷിക്കുവാൻവേണ്ടി ധർമ്മകാമമൂലമായ സമ്പത്തുമുഴുവൻ വെടിഞ്ഞ്, തന്നെത്താൻ ദുഃഖത്തിൽപ്പതിച്ച് എന്തിന്നു ഭവാൻ തപിക്കുന്നു? എല്ലാറ്റിനും കാരണം ഭവാന്റെ അശ്രദ്ധയാണ്. നാം കാൺകെത്തന്നെ രാജ്യത്തെ ശത്രുക്കൾ തട്ടിയെടുത്തത് ഭവാന്റെ തെറ്റുകൊണ്ടാണ്. ഗാണ്ഡീവധാരിയായ അർജ്ജുനൻ കാത്തുസംരക്ഷിക്കുമ്പോൾ ദേവേന്ദ്രന്നുപോലും നമ്മുടെ രാജ്യം കൈയടക്കുവാൻ കഴിയുമോ? നമ്മൾ ജീവിച്ചിരിക്കവേ നമ്മുടെ കണ്ണിന്നു മുമ്പിൽവെച്ചുതന്നെ കൈയില്ലാത്തവനിൽനിന്നു കൂവളക്കായയേയും; കാലൊടിഞ്ഞവനിൽനിന്ന് പശുക്കളേയും തട്ടിയെടുക്കുന്നതുപോലെ ആ ദുര്യോധനൻ, ഭവാന്റെ കുറ്റത്താൽ, നമ്മുടെ രാജ്യത്തെ അപഹരിച്ചു. അങ്ങ് എന്നും ധർമ്മത്തെമാത്രം ഉദ്ദേശിച്ചു ജീവിക്കുന്നവനാണ്. ഈ ഘോരമായ ദുഃഖം ധർമ്മത്തെത്തന്നെ വിശ്വസിച്ചുകൊണ്ടിരിക്കുന്ന ഭവാന്റെ പ്രിയത്തിന്നുവേണ്ടിമാത്രം ഞങ്ങൾ സഹിച്ചുവരികയാണ്. ഭവാനു ഞങ്ങൾ അധീനരായതിനാലാണ്, ഇന്നു നാം മിത്രങ്ങളെ ദുഃഖിപ്പിക്കുകയും, ശത്രുക്കളെ സന്തോഷിപ്പിക്കുകയും ചെയ്യുമാറായത്. അവിടെ വെച്ചുതന്നെ ധാർത്തരാഷ്ട്രന്മാരെ കൊല്ലാതെ ഞങ്ങൾ വിട്ടത് ഭവാന്റെ വാക്കുകൾ കേട്ടിട്ടാണ്. അന്നതു ചെയ്യാഞ്ഞതു തെറ്റായിപ്പോയി. ആ തെറ്റ് ഇപ്പോൾ എന്നെ കഠിനമായി ദുഃഖിപ്പിച്ചുകൊണ്ടിരിക്കുന്നു. ബലവാന്മാർ ഒരിക്കലും സ്വീകരിക്കാത്തതും ദുർബ്ബലന്മാർമാത്രം കൈക്കൊള്ളുന്നതുമാണ് മൃഗോചിതമായ ഈ വനവാസം. ഈ ജീവിതത്തെ കൃഷ്ണനാകട്ടെ, ബീഭത്സുവാകട്ടെ, അഭിമന്യുവാകട്ടെ, സൃഞ്ജയരാകട്ടെ; ഞാനാകട്ടെ, നകുലസഹദേവന്മാരാകട്ടെ, ഒന്നുകൊണ്ടും അഭിനന്ദിക്കുന്നില്ല. ഭവാനോ എന്തുചെയ്യുന്നു? എല്ലായ്പോഴും ധർമ്മം ധർമ്മം എന്നുപറഞ്ഞു ജീവിക്കുന്നു! നിരാശയിൽ അങ്ങേയ്ക്കു പൗരുഷം നഷ്ടപ്പെട്ടോ? ശ്രീ വീണ്ടെടുക്കുവാൻ കഴിയാത്ത ഭീരുക്കൾക്കു മാത്രമേ സ്വാർത്ഥനാശകവും നിഷ്ഫലവുമായ ഈ വൈരാഗ്യത്തിൽ പ്രിയമുണ്ടാവുകയുള്ളു. ഭവാനു കണ്ണുണ്ടായിട്ടും എന്തുകൊണ്ട് തങ്ങൾക്കുള്ള പൗരുഷം ഭവാൻ കാണുന്നില്ല? ഭവാൻ എപ്പോഴും ദയാശീലനായതുകൊണ്ടു വന്നുചേരുന്ന അനർത്ഥങ്ങളെ കാണുവാൻ ഭവാനു കഴിയാതായിരിക്കുന്നു. എപ്പോഴും നമ്മൾ ഇപ്രകാരം ക്ഷമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ആ ധാർത്തരാഷ്ട്രന്മാർ നമ്മെ അശക്തരാണെന്നു കരുതുന്നു. അതാണ് എനിക്കേറ്റവും സങ്കടകരമായത്. മരണത്തേക്കാളും ഭയങ്കരമാണ് അവമാനം. യുദ്ധത്തിലേർപ്പെട്ടു മരിക്കുന്നതിൽ സങ്കടമില്ല. ചതിപ്പണികൂടാതെയും പിന്മാറാതെയും പൊരുതി മരിക്കുകയാണ് എല്ലാംകൊണ്ടും നല്ലത്. അപ്പോൾ പ്രേതരാജ്യമെങ്കിലും നമുക്കു ലഭിക്കും. അഥവാ ധാർത്തരാഷ്ട്രന്മാരെ മുഴുവൻ ആ യുദ്ധത്തിൽ കൊന്ന് രാജ്യം വീണ്ടെടുക്കുവാൻ സാധിച്ചെങ്കിൽ അതു നമുക്കു കീർത്തികരവുമാകുമല്ലോ. അതുകൊണ്ട് ക്ഷത്രിയന്നു ചേർന്നവിധം ക്ഷാത്രധർമ്മപ്രകാരം

digitized by www.sreyas.in

പ്രവർത്തിക്കുകയാണ് ഉചിതമായിട്ടുള്ളത്. വിപുലമായ കീർത്തിയെ കാംക്ഷിച്ച് നാം പകവീട്ടുകതന്നെ വേണം. നമ്മുടെ കർത്തവ്യമാണ് ആത്മാർത്ഥം യുദ്ധംചെയ്യുകയെന്നത്. അങ്ങനെയുള്ള യുദ്ധത്തിലാണു നമ്മുടെ രാജ്യം. ശത്രു അപഹരിച്ചതെങ്കിൽ ആ നഷ്ടം ഒരിക്കലും നിന്ദാർഹമല്ല; അഭിമാനാർഹമാണുതാനും. ഭവാന്റെ ഈ ധർമ്മമാകട്ടെ, നമുക്കും ബന്ധുജനങ്ങൾക്കും ദുഃഖത്തിന്നു കാരണമായിത്തീരുകമാത്രം ചെയ്യുന്നു. ദുഃഖമുണ്ടാക്കുന്നത് ഏതോ അത് എങ്ങനെ ധർമ്മമാകും? അത് അധർമ്മമാണ്. ധർമ്മം ചിലപ്പോൾ ചിലർക്കു ദൗർബ്ബല്യമാകാറുമുണ്ട്. എല്ലാവിധത്തിലും ധർമ്മനിത്യനായി ധർമ്മചിന്തയാൽ ദുർബ്ബലനായ മർത്ത്യനെ, സുഖദുഃഖങ്ങൾ മൃതശരീരത്തെ എന്നപോലെ, അർത്ഥകാമങ്ങൾ ഉപേക്ഷിക്കും. ധർമ്മത്തെ ധർമ്മത്തിനുവേണ്ടി പാലിച്ചുകൊണ്ടിരിക്കുന്ന ധാർമ്മികന് എന്നും ക്ലേശമായിരിക്കും ഫലം. വാസ്തവത്തിൽ അങ്ങനെയുള്ളവർ പണ്ഡിതനാകുന്നതെങ്ങനെ? എന്തെന്നാൽ, കുരുടൻ സൂര്യപ്രകാശത്തെയെന്നവിധം അവൻ ധർമ്മോദ്ദേശ്യത്തെ അറിയുന്നില്ല.

സ്വന്തം ആവശ്യത്തിന്നായി അർത്ഥം സമ്പാദിക്കുന്നവൻ ധനത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കുന്നില്ല. കൂലി കിട്ടുന്നതിന്നു കാട്ടിൽ നടക്കുന്ന പശുക്കളെ മേയ്ക്കുന്നവനെപ്പോലെയാണവൻ. അർത്ഥത്തിൽ അത്യാഗ്രഹംമൂലം ധർമ്മകാമങ്ങളെ കൈക്കൊള്ളാതിരിക്കുന്നവൻ എല്ലാവരാലും നിന്ദ്യനും വദ്ധ്യനുമാണ്. എപ്പോഴും കാമത്തിൽമാത്രം മനസ്സുവച്ച് ധർമ്മാർത്ഥങ്ങളെ അവഗണിക്കുന്നവനാകട്ടെ, ധർമ്മാർത്ഥമിശ്രനാശം സംഭവിച്ച് അധഃപതിക്കുകതന്നെ ചെയ്യും. യഥേഷ്ടം കാമത്തിൽ മാത്രം ശ്രദ്ധാലുക്കളായ അവർ ധർമ്മാർത്ഥഹീനരായി, വെള്ളം വറ്റുമ്പോൾ മത്സ്യം എന്നപോലെ, കാമാവസാനത്തിൽ നശിച്ചുപോകുന്നു. അതുകൊണ്ട പണ്ഡിതന്മാർ ധർമ്മാർത്ഥങ്ങളിൽനിന്ന് ഒരിക്കലും തെറ്റിനില്ക്കുകയില്ല. അരണി അഗ്നിയുടെ ഉത്ഭവസ്ഥാനം എന്നവിധം ധർമ്മാർത്ഥങ്ങളാണ് കാമത്തിന്റെ മൂലം. ധർമ്മത്തിന്ന് അർത്ഥവും അർത്ഥത്തിന്ന് ധർമ്മവും ആധാരമാണ്. രാജാവേ, ഇവ രണ്ടും കാറും കടലുംപോലെ തമ്മിൽ ബന്ധപ്പെട്ടു നില്ക്കുന്നു! സമുദ്രത്തിൽനിന്നു കാറുണ്ടാകുന്നു; കാറു പെയ്തു കടൽ നിറയുന്നു. അർത്ഥം ലാഭിക്കുന്നതിനാലും, വസ്തുക്കളുടെ സ്പർശനത്താലും ഉണ്ടാകുന്ന പ്രീതിയാണു സുഖം. സുഖം മനസ്സിന്റെ സങ്കല്പം മാത്രമാണ്. അതിന്ന് ആകാരമൊന്നുമില്ല. അതുകൊണ്ട് ആർക്കും കാണാൻ കഴിയുകയില്ല. അർത്ഥത്തെ ഇച്ഛിക്കുന്നവൻ മഹത്തായ ധർമ്മത്തെ കാംക്ഷിക്കുന്നു. കാമാർത്ഥിയാകട്ടെ, അർത്ഥത്തെ മാത്രമല്ലാതെ മറ്റൊന്നിനേയും അഭിലഷിക്കുന്നില്ല. കാമംകൊണ്ടു കാമമല്ലാതെ മറ്റൊരു കാര്യവും സാധിക്കുവാനില്ല. ഒരു സുഖത്തിൽനിന്നും അതിന്റെ ഫലമെന്നോണം മറ്റൊരു സുഖമുണ്ടാവുകയില്ല. വിറകിൽനിന്നു ഭസ്മമല്ലാതെ ഭസ്മത്തിൽനിന്നു മറ്റെന്താണ് കിട്ടുവാൻ പോകുന്നത്?

വേടൻ പക്ഷിയെ കൊല്ലുന്നതുപോലെ പാവം ഈ ലോകത്തിലെ ജീവികളെയെല്ലാം നശിപ്പിക്കുന്നു. കാമംകൊണ്ടോ, ലോഭംകൊണ്ടോ ധർമ്മത്തിന്റെ സ്വരൂപത്തെ കാണാതിരിക്കുന്ന ദുർമ്മതി വദ്ധ്യനാണ്. ഇഹത്തിലും പരത്തിലും അവൻ നിന്ദാർഹനായിരിക്കും. അർത്ഥവിഷയമായ ദ്രവ്യപരിഗ്രഹവും, ആ ദ്രവ്യത്തെ സംബന്ധിക്കുന്ന ഭോഗങ്ങളും, അതിന്നു വന്നേക്കാവുന്ന മാറ്റങ്ങളും, ഭവാനു ശരിയായി അറിയാവുന്നതാണല്ലോ. ദ്രവ്യത്തിനു വിനാശമോ, വിയോഗമോ ഭവിച്ചാൽ അതിനെ അനർത്ഥമെന്നു പറയുന്നു. അപ്രകാരമുള്ള അനർത്ഥം ഇപ്പോൾ നമ്മെ പിടികൂടിയിരിക്കുന്നു. ഈ അനർത്ഥം ജരകൊണ്ടോ, മരണംകൊണ്ടോ ആണ് വന്നുചേരുക. അങ്ങനെയല്ലാത്ത നിലയിൽ നാം അനർത്ഥത്തിൽ വീണിരിക്കയാണ്.

പഞ്ചേന്ദ്രിയങ്ങളും, മനസ്സും, ബുദ്ധിയും വിഷയത്തിൽ വർത്തിക്കുമ്പോഴുണ്ടാകുന്ന പ്രീതിയാണു കാമം. അതാണ് ഉത്തമമായ കർമ്മഫലം. ഈവിധത്തിൽ ധർമ്മത്തേയും, അർത്ഥത്തേയും, കാമത്തേയും നാം വെവ്വേറെ നോക്കിക്കാണണം. മനുഷ്യൻ ധർമ്മത്തിൽമാത്രം നിരതനായിരുന്നുകൂടാ. അർത്ഥത്തിൽമാത്രം നിരതനായിരുന്നുകൂടാ. കാമത്തിൽ മാത്രം നിരതനായിരുന്നുകൂടാ. എന്നാൽ ഇവ മൂന്നിലും ഒരുപോലെ പ്രവർത്തിക്കണം. ദിനകൃത്യങ്ങളിൽ കാലത്തു നാം ധർമ്മത്തേയും, ഉച്ചയ്ക്ക് അർത്ഥത്തേയും, വൈകുന്നേരം കാമത്തേയും ഉൾക്കൊള്ളിക്കണം. ശാസ്ത്രകൃതമായ വിധി അപ്രകാരമാണ്. ഇപ്പറഞ്ഞപോലെ പണ്ഡിതൻ ധർമ്മാർത്ഥകാമങ്ങളെ കാലം നോക്കി വേണ്ടതുപോലെ വിഭജിച്ച് ജീവിതത്തിന്റെ ആദ്യഘട്ടം ധർമ്മത്തിന്നു വേണ്ടിയും, രണ്ടാമത്തെഘട്ടം ധനത്തിന്നുവേണ്ടിയും, അവസാനഘട്ടം കാമത്തിന്നുവേണ്ടിയും പരിസേവിക്കണമെന്നും ശാസ്ത്രം പറയുന്നു.

ഹേ, കുരുനന്ദന! സുഖാർത്ഥികൾക്ക് പരമമായ ശ്രേയസ്സ് ഇവമൂന്നും (ധർമ്മാർത്ഥകാമങ്ങൾ) ഉള്ള അവസ്ഥയിൽനിന്നോ, ഇവയില്ലാത്ത അവസ്ഥയിൽനിന്നോ ലഭിക്കുകയെന്നു യുക്തിയോടും, ബുദ്ധിയോടുംകൂടി ആലോചിച്ച് ഭവാൻ മനസ്സിൽ ഉറപ്പിക്കണം. പിന്നീട് ഒന്നുകിൽ അവ നേടാൻ; അല്ലെങ്കിൽ അവ തീരെ ഉപേക്ഷിക്കുവാൻ ശ്രമിക്കണം. ഇവ രണ്ടിൽ ഒന്ന് ഭവാൻ അംഗീകരിക്കുക. രണ്ടിലുമല്ലാതെ നടുവിൽ നില്ക്കരുത്. ഈ നില്പും ശോഭനമല്ല.

അങ്ങ് എല്ലായ്പോഴും ധർമ്മനിരതനാണെന്ന് എല്ലാവർക്കും അറിയാം. ഇതറിയാവുന്നതുകൊണ്ടാണ് ആ ധർമ്മം പാലിക്കുവാൻ അങ്ങയെ മിത്രങ്ങൾ ഉപദേശിക്കുന്നത്. ദാനം, യജ്ഞം, സജ്ജനപൂജ, വേദാദ്ധ്യയനം, സത്യസന്ധത എന്നിവയാണല്ലോ ഇഹലോകത്തും പരലോകത്തും ഒരുപോലെ ഉദ്ദിഷ്ടഫലപ്രദായകമായ ധർമ്മാചരണം. ആയതൊന്നും അനുഷ്ഠിക്കുവാൻ അർത്ഥഹീനൻ ശക്തനാവുന്നില്ല, മറ്റു സകല ഗുണങ്ങളും തികഞ്ഞിരുന്നാലും, അർത്ഥമില്ലാത്തവൻ ധർമ്മം ആചരിക്കുന്നതിൽ അശക്തനായി ഭവിക്കുന്നു. ഈ ജഗത്തിന്നു മൂലം ധർമ്മമാണെന്നും, ധർമ്മത്തിന് ഉപരിയായി മറ്റൊന്നുമില്ലെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ മഹത്തായ ആ ധർമ്മത്തെ സേവിക്കുവാൻ അർത്ഥം കൂടാതെ കഴിയുകയില്ല. വെറും ഭിക്ഷാടനത്താലോ, കാതരത്വം കൊണ്ടോ, അർത്ഥം നേടുവാൻ വയ്യ. എങ്കിലും ബുദ്ധിശക്തികൊണ്ട് ധർമ്മാനുസൃതമായി ജീവിച്ചാൽ ധനം സമ്പാദിക്കുവാൻ കഴിയും. യാചനം ബ്രാഹ്മണർക്കല്ലാതെ ഭവാനുചേർന്നതുമല്ല. അതുകൊണ്ട് പുരുഷോത്തമനായ ഭവാൻ സ്വന്തം ശക്തിയും തേജസ്സുംകൊണ്ട് അർത്ഥം നേടുവാൻ യത്നിക്കുകയാണു വേണ്ടത്. ഭിക്ഷാടനമോ, ശൂദ്രജീവിതമോ ഭവാനു പറ്റിയതല്ല. ക്ഷത്രിയന്റെ വിശിഷ്ടമായ ധർമ്മം ഉത്സാഹവും ബലവുമാണ്. അതുകൊണ്ടു ഭവാൻ സ്വധർമ്മത്തെ കൈക്കൊള്ളുക. ശത്രുവർഗ്ഗത്തെ കൊന്നൊടുക്കുക. ഹേ പാർത്ഥ, ധാർത്തരാഷ്ട്രന്മാരുടെ ബലത്തെ എന്റേയും അർജ്ജുനന്റേയും സഹായത്തോടെ ഭവാൻ നശിപ്പിക്കുക. ബുദ്ധിമാന്മാരായ വിദ്വാന്മാർ പറയുന്നു, പരമാധികാരമാണ് പരമധർമ്മം എന്ന്. അതിനാൽ ഐശ്വര്യത്തിലല്ലാതെ അനൈശ്വര്യത്തിൽ മനസ്സു പതിയുവാൻ പാടില്ല. സനാതനമായ ക്ഷാത്രധർമ്മം ഭവാൻ ഓർമ്മിക്കണം. ജനങ്ങളെ ദുഃഖാർത്തരാക്കുന്ന ക്രൂരകർമ്മം ചെയ്യാറുള്ള ക്ഷത്രിയകുലത്തിലല്ലയോ ഭവാൻ ജനിച്ചത്? പ്രജാപാലനത്തിൽനിന്നുള്ള ഫലം ഭവാന് ഒരിക്കലും നിന്ദ്യമല്ല. വിധിവിഹിതം അതാണ്. സനാതനമായ ധർമ്മം അതാണ്; പ്രജാപാലനം. ആ ധർമ്മത്തിൽനിന്ന് ഭവാൻ ഭ്രംശിച്ചാൽ ലോകത്തിൽ അപഹാസ്യനായി ഭവിക്കും. സ്വധർമ്മത്തിൽനിന്ന് വ്യതിചലിക്കുന്നത് പുരുഷന്നു ചേർന്നതല്ല. ഈ ദുർബ്ബലഹൃദയത്തെ വെടിഞ്ഞ് ക്ഷാത്രധർമ്മാനുസൃതം ഹേ കുരുനന്ദന! ഭവാൻ ചെയ്യേണ്ട കാര്യങ്ങൾ പൗരുഷത്തോടെ തന്റെ തേജസ്സുകൊണ്ടുതന്നെ ചെയ്യുക. ധർമ്മത്തെ മാത്രം ആശ്രയിച്ചുനില്ക്കുന്ന രാജാവ് രാജ്യത്തേയോ, ശ്രീയേയോ, ഐശ്വര്യത്തേയോ നേടുകയില്ല.

വേടൻ ഇര കാണിച്ച് മൃഗങ്ങളെ പിടിച്ചുകൊല്ലുന്നതുപോലെ നീചരും, ലോഭികളുമായ ശത്രുക്കളെ അവർക്കു പ്രിയം

digitized by www.sreyas.in

ചെയ്യുന്നതുപോലെ ഭാവിച്ച്, വശീകരിച്ച്, ചതിച്ച് ബുദ്ധിയുള്ള വൻ നാടുനേടണം. അസുരന്മാർ സമൃദ്ധിയിലും ശക്തിയിലും, ദേവന്മാരുടെ ജ്യേഷ്ഠഭ്രാതാക്കന്മാരായിരുന്നു. അവരെ ദേവന്മാർ ജയിച്ചത് ചതിപ്പണികൊണ്ടല്ലയോ? ബലവാന്മാർക്ക് എല്ലാം അധീനപ്പെടും, അതുകൊണ്ട് മഹാബാഹോ, ഭവാൻ ശത്രുക്കളെ നയംകൊണ്ടും, വഞ്ചനകൊണ്ടും നശിപ്പിക്കുക.

യുദ്ധത്തിൽ അർജ്ജുനനെപ്പോലെ വില്ലാളിയായ യോദ്ധാവ് മറ്റാരുമില്ല. ഗദാധരന്മാരിൽ എന്നെപ്പോലെ മറ്റാരുമില്ല. അതുകൊണ്ട് ശത്രുക്കളെ എതിരിടുന്നതിൽ ഭവാൻ ഭയപ്പെടേണ്ട കാര്യമില്ല. വീര്യംകൊണ്ടല്ലാതെ ജയം നേടുവാൻ കഴിയുകയില്ലെന്നു ഭവാൻ ഓർക്കണം. ശക്തന്മാർ ശത്രുവിന്റെ എണ്ണത്തേയോ ചാരന്മാരിൽനിന്നും ലഭിച്ച ശത്രുക്കളെക്കുറിച്ചുള്ള അറിവിനേയോ അല്ല ആശ്രയിക്കുന്നത്. മറിച്ച് സ്വന്തം ശക്തിയെ മാത്രമാണ്. അതുകൊണ്ട്, ഹേ പാണ്ഡുപുത്ര, വീഴ്ചകൂടാതെ മഹോത്സാഹത്തോടുകൂടി ഭവാൻ വീര്യത്തെമാത്രം അവലംബിക്കുക. അർത്ഥം ഉണ്ടാകണമെങ്കിൽ വീര്യംകൂടിയേ കഴിയൂ. മറ്റൊന്നുമല്ല അതിന്നു മൂലം. ശൈത്യത്തിൽ വൃക്ഷച്ഛായയെന്നപോലെ ബലമില്ലെങ്കിൽ എല്ലാം നിഷ്ഫലമായിത്തീരുന്നു. വീര്യമില്ലാത്തവനെക്കൊണ്ട് പ്രയോജനമില്ല. കുറച്ചു വിത്തുവിതച്ച് അധികം വിളവെടുക്കുന്നതുപോലെ, അർത്ഥം ചെലവഴിച്ച് അർത്ഥം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. അതുകൊണ്ട് അങ്ങു മനസ്സിലെ സംശയം കൈവെടിയുക. ആവശ്യമില്ലാത്ത ധനമോ, ലാഭമില്ലാത്ത സമ്പത്തോ നേടാൻവേണ്ടി യത്നിക്കരുത്. അതിന്നുവേണ്ടി ധനം ചെലവിടുന്നത്, കഴുത ചൊറിയുന്നതുപോലെ ആദ്യം രസകരവും പിന്നീടു വേദനാജനകവുമായിരിക്കും. അതാണ് അല്പം ധർമ്മം വെടിഞ്ഞ് മഹാധർമ്മം നേടുവാൻ വിത്തുവിതയ്ക്കുന്നതുപോലെ, ശ്രമിക്കുന്നവരെ ബുദ്ധിമാന്മാരായി കണക്കാക്കുന്നത്. അതുകൊണ്ട് ധാർത്തരാഷ്ട്രന്മാരുമായുള്ള കരാറ് അത്ര കാര്യമാക്കേണ്ടതില്ല. അതിൽ ഈ സംശയം വേണ്ട. മിത്രസമ്പന്നനാണ് ശത്രുവെങ്കിൽ നാം അതിനെ ലംഘിക്കണം. അവനെ മിത്രങ്ങളിൽനിന്നു വേർപെടുത്തണം. അതാണ് ബുദ്ധിമാൻ ചെയ്യുക. മിത്രങ്ങളില്ലാത്ത ദുർബ്ബലനെ എളുപ്പത്തിൽ പാട്ടിലാക്കാം.

സ്വന്തം വീര്യത്താൽ യുദ്ധം ചെയ്തല്ലാതെ ഘാതസാന്ദ്രങ്ങളാൽ പ്രജകൾ കീഴടങ്ങുകയില്ല. വീര്യമില്ലെങ്കിൽ സ്ഥിരോത്സാഹംകൊണ്ടും കാര്യമില്ല. നാം ദുർബ്ബലന്മാരെന്നു ഭവാൻ ഭയപ്പെടരുത്. ദുർബ്ബലന്മാർ ഒന്നിച്ചുചേർന്നാൽ ബലവാനേയും കൊല്ലുവാൻ കഴിയും. തേനീച്ചകൾ കൂട്ടത്തോടെ എതിർത്താൽ തേനെടുക്കുന്നവൻ കുത്തേറ്റു ചത്തുപോകും. ദുർബ്ബലന്മാർ സംഘടിച്ചാൽ ബലവാനേയും വീഴ്ത്താം. സൂര്യൻ സ്വന്തം രശ്മി കൊണ്ട് ജീവജാലങ്ങളെ പരിപോഷിപ്പിക്കുകയും, നശിപ്പിക്കുകയും ചെയ്യുന്നില്ലേ? അതുപോലെ ഭവാൻ ശത്രുക്കളെ സംഹരിച്ച് പ്രജകളെ അനുഗ്രഹിക്കുക. ക്ഷത്രിയധർമ്മം പ്രജാപാലനമാണ്. ഇതും ഒരുതരം തപസ്സാണെന്നു നാം വേദങ്ങളിൽ കേൾക്കുന്നു. രാജാവേ, നമ്മുടെ പിതാമഹന്മാർ ആ ധർമ്മം വിധിപോലെ നിർവ്വഹിച്ചിരിക്കുന്നു. വീര്യംകൊണ്ടുള്ള യുദ്ധത്തിലോ, വിജയംകൊണ്ടോ, തോൽവികൊണ്ടോ അല്ലാതെ വെറും തപസ്സുകൊണ്ടു ക്ഷത്രിയന്നു പരലോകത്തിൽ നിലകിട്ടുകയില്ല. ഭവാന്റെ ഈ വ്യഥകണ്ട് ഇനി ആദിത്യനിൽനിന്നു തേജസ്സും, ചന്ദ്രനിൽനിന്നു കാന്തിയും മറഞ്ഞുപോയേക്കുമോ എന്നു പോലും ലോകർ വിചാരിച്ചുപോകുന്നു. അങ്ങനെ സ്തുതിച്ചും, ശത്രുക്കളെ നിന്ദിച്ചും, സജ്ജനങ്ങൾ ഒന്നിച്ചും, വെവ്വേറേയും പറയുന്നു. ബ്രാഹ്മണരും, കൗരവന്മാരും ഭവാന്റെ സത്യനിഷ്ഠയെ ഒരുപോലെ പുകഴ്ത്തുന്നു. കാമം, ലോഭം, മോഹം, ഭയം, കൃപണത ഇവയാലും ദ്രവ്യാശയാലും, ഭവാൻ അസത്യം പറയുകയില്ലെന്ന് ഏവന്നും അറിയാം. ഭൂമിനേടിയ രാജാവ് ഒരു പാപം ചെയ്തു എന്നു വെച്ചാലും അതൊക്കെ രാജാവ് ചെയ്യുന്ന ദക്ഷിണാഢ്യമായ മുഖങ്ങൾമൂലം തീരുന്നതാണല്ലോ. വിപ്രന്മാർക്ക് ഗ്രാമംനല്കി അവരുടെ അനുഗ്രഹാശിസ്സുകൾമൂലം അങ്ങ് എല്ലാ പാപങ്ങളിൽനിന്നും ചന്ദ്രൻ ഇരുട്ടിൽനിന്നെന്നപോലെ വിട്ടൊഴിഞ്ഞുപ്രകാശിക്കും. ജാനപദന്മാരും, പൗരന്മാരും ആബാലവൃദ്ധം ഭവാനെ സ്തുതിക്കുന്നു. പട്ടിത്തോലിൽ പാല്, ശൂദ്രനിൽ വേദം, ചോരനിൽ സത്യം, സ്ത്രീയിൽ ബലം ഈ വിധത്തിലാണ് ദുര്യോധനനിൽ രാജ്യം എന്നു മാലോകർ, സ്ത്രീകളും കുട്ടികളുമടക്കം സകലരും സ്വാദ്ധ്യായംപോലെ ദിവസേന പറയുന്നു. ഭവാൻ ഞങ്ങളോടു കൂടി ഈ ദുരവസ്ഥയിലായി. അങ്ങയുടെ മഹാവിപത്ത് ഞങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെടുത്തി.

ഉപകരണങ്ങൾ മുഴുവൻ സജ്ജീകരിക്കുക. വിപ്രന്മാരെ പ്രസാദിപ്പിച്ച് അവരിൽനിന്ന് ആശീർവ്വാദാനുഗ്രഹങ്ങൾ വാങ്ങി നാം വേഗത്തിൽച്ചെന്ന് ഇപ്പോൾത്തന്നെ ഹസ്തിനാപുരിയെ ആക്രമിക്കുക. മഹാധനുർദ്ധരന്മാരും, വീരന്മാരുമായ ഭ്രാതാക്കന്മാരാൽ ചുഴന്നു ദേവന്മാരാൽ ആവൃതനായ ശക്രനെപ്പോലെ, ഭവാൻ ചെന്നു ധാർത്തരാഷ്ട്രന്മാരോട് എതിർക്കുക. ശത്രുക്കളെ തേജസ്സുകൊണ്ടു വെന്ന് ഭവാൻ ബ്രാഹ്മണദാനാർത്ഥം സ്വന്തം ശ്രീയെ വീണ്ടെടുക്കുക! ഹേ കുന്തീപുത്ര, അങ്ങ് ശക്തനാണ്. അങ്ങയുടെ ബലംകൊണ്ട് ഇന്ദ്രൻ അസുരന്മാരെ എന്നപോലെ ശത്രുക്കളെ ചതച്ചരയ്ക്കുക. അങ്ങനെ ധാർത്തരാഷ്ട്രന്മാരിൽനിന്ന് അവർ കൈയടക്കിയ സമ്പത്തു വീണ്ടെടുക്കാം. അർജ്ജുനന്റെ ഗാണ്ഡീവത്തിൽനിന്ന് സർപ്പങ്ങൾപോലെ പുറപ്പെടുന്ന കഴുകച്ചിറകുവെച്ച ഉഗ്രമായ ശരങ്ങൾ ഏതു മനുഷ്യന്നു സഹിക്കുവാൻ കഴിയും? ഹേ ഭാരത, ക്രുദ്ധനായ ഞാൻ ഗദയെടുത്ത് ആഞ്ഞ് അടിക്കുന്നതു സഹിക്കുവാൻ ഏതു വീരന്നു കഴിയും? ആനയ്ക്കും, കുതിരയ്ക്കും കൂടി അതു താങ്ങാൻ കഴിയുകയില്ല. ഹേ കുന്തീപുത്ര, വൃഷ്ണിവീരനോടും, സൃഞ്ജയകേകയന്മാരോടുംകൂടി നമ്മൾ ശത്രുക്കളോട് എതിർത്താൽ നാം രാജ്യം നേടുകയില്ലെന്നു തോന്നുന്നുണ്ടോ? മഹത്തായ ബലത്തോടുകൂടി നാം വേണ്ടവിധം പ്രയത്നിച്ചാൽ തീർച്ചയായും ശത്രുവിൽനിന്ന് നമുക്കു രാജ്യം വീണ്ടെടുക്കുവാൻ കഴിയുകയില്ലേ?"

34. യുധിഷ്ഠിരവാക്യം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വൃകോദരൻ പറഞ്ഞപ്പോൾ അല്പസമയം കഴിഞ്ഞ് നരേന്ദ്രനും, സത്യവ്രതനും, മഹാനുഭാവനുമായ അജാതശത്രു, യുധിഷ്ഠിരൻ, ക്ഷമയോടെ അതിനുത്തരം പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഭീമ, നീ പറഞ്ഞതെല്ലാം ശരിയാണ് നീ എന്നെ വാക്ശല്യംകൊണ്ട് കുത്തിത്തുളയ്ക്കുന്നു. നീ അങ്ങനെ ചെയ്യണം. അത്രമാത്രം അപരാധം ചെയ്തവനാണു ഞാൻ. എന്റെ ദുർനയംതന്നെയാണ് നിങ്ങളെ ദുഃഖത്തിലാഴ്ത്തിയത്. ധൃതരാഷ്ട്രപുത്രനിൽനിന്ന് സകല രാജ്യവും നേടി എന്റേതാക്കാമെന്ന് കരുതിയാണ് ഞാൻ ചൂതിൽ ഏർപ്പെട്ടത്. ദുര്യോധനന്നുവേണ്ടി എന്നോട് കളിച്ചത് ശഠനും, ചതിയനുമായ ശകുനിയാണല്ലോ. മഹാചതിയനായ ശകുനി, സൂത്രശാലിയായ ആ ഗിരിവർഗ്ഗക്കാരൻ, സഭാമദ്ധ്യത്തിൽ കള്ളച്ചൂതു കളിച്ചു. ചതി അറിയാത്ത എന്നെ വഞ്ചിച്ചു തോല്പിച്ചു. അങ്ങനെ നിങ്ങൾക്ക് ഈ ദുഃഖവും വന്നുപെട്ടു. ശകുനി തന്റെ ഇഷ്ടത്തിനൊത്ത് കരുക്കൾ പ്രയോഗിക്കുന്നതു ഞാൻ കണ്ടു. ആ മാതിരി കരുക്കൾ വീഴത്തക്കവണ്ണം അവൻ എന്തോ ചതിപ്പണി ചെയ്യുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു. അപ്പോൾ ഞാൻ ചൂതുകളിയിൽനിന്നു പിന്മാറേണ്ടതായിരുന്നു കഷ്ടം! അപ്പോൾ അങ്ങനെ ചെയ്യുവാൻ സ്പർദ്ധമൂലം എനിക്കു കഴിഞ്ഞില്ല. മനുഷ്യമാനസം അന്ധമാക്കുന്നതാണല്ലോ സ്പർദ്ധ! ഹേ, ബാല, പൗരുഷംകൊണ്ടും, അഭിമാനംകൊണ്ടും വീര്യംകൊണ്ടും, ആവേശിതമായ മനസ്സിനെ നിയന്ത്രിക്കുവാൻ ആർക്കും കഴിവില്ല. നീ ഇപ്പോൾ എന്നെ ആക്ഷേപിക്കുന്നതു കേട്ട് എനിക്കു നിന്നോട് ഒട്ടും വെറുപ്പു തോന്നുന്നില്ല. എന്തുചെയ്യും! നമുക്ക് അങ്ങനെയൊക്കെ മുൻവിധിയാൽ വന്നുകൂടി! രാജ്യത്തെ ഇച്ഛിച്ച് ധൃതരാഷ്ട്രപുത്രനായ ദുര്യോധനൻ നമ്മെ ദുഃഖത്തിലാഴ്ത്തിക്കളഞ്ഞു. ദാസ്യത്തിൽ കുടുങ്ങിയ നമ്മളെ ദ്രൗപദിയാണ് അന്നു രക്ഷിച്ചത്. ഇതൊക്കെ നിങ്ങൾ അറിഞ്ഞ കാര്യങ്ങളാണ്.

digitized by www.sreyas.in

രണ്ടാമതും ചൂതുണ്ടായപ്പോൾ ദുര്യോധനൻ ആ സഭയിൽ കൗരവന്മാരുടെ സന്നിധിയിൽവച്ച് പറഞ്ഞ ആ പന്തയം നിനക്കും അർജ്ജുനനും അറിയാം. ഇതായിരുന്നു അവന്റെ വാക്കുകൾ. ഹേ, അജാതശത്രുവായ രാജാവേ, കളിയിൽ പരാജയപ്പെടുന്നവൻ പന്ത്രണ്ടുവർഷം യഥേഷ്ടം മറ്റുള്ളവർ അറിയുന്ന മട്ടിൽ കാട്ടിൽ പാർക്കണം. പിന്നെ, ഒരുവർഷം അജ്ഞാതരായി നാട്ടിൽ ഒളിച്ചു ജീവിക്കണം. അപ്രകാരം അജ്ഞാതവാസംചെയ്യുന്ന കാലത്ത് ചാരന്മാർ മുഖേനയോ മറ്റോ വല്ലവരും കണ്ടറിഞ്ഞാൽ വീണ്ടും കഴിഞ്ഞപ്രകാരം വനവാസവും അജ്ഞാതവാസവും തുടരണം. ഇതു മനസ്സിലാക്കി പരസ്പരം കരാറുചെയ്യുക. എന്റെ ചാരന്മാരാരും അറിയാതെ അജ്ഞാതവാസം ചെയ്തു കഴിഞ്ഞാൽ ഈ പഞ്ചനദീപ്രദേശം മുഴുവൻ വീണ്ടും അങ്ങയ്ക്കുവിട്ടുതരാം. സഭാമദ്ധ്യത്തിൽവെച്ച് ഞാൻ ശപഥം ചെയ്യുന്നു. ഞങ്ങളും അങ്ങയാൽ തോല്പിക്കപ്പെട്ടാൽ സമ്പത്തെല്ലാം വെടിഞ്ഞ് ഇപ്രകാരം ജീവിച്ചുകൊള്ളാം. ഞാൻ ആ കരാറു സമ്മതിച്ചാണ് കളിച്ചത്. കളിയിൽ നാം തോല്ക്കുകയും വനവാസം കൈയേൽക്കുകയും ചെയ്തു. ഇപ്പോൾ കാടുകളിൽ ചുറ്റിനടന്ന് കഷ്ടപ്പെടുവാനും ഇടയായി. പതിമൂന്നുവർഷം നാം ഇങ്ങനെ ക്ലേശിക്കുകതന്നെവേണം. ഇതുകൊണ്ടും തൃപ്തിപ്പെടാതെ സുയോധനൻ വിദ്വേഷത്തോടെ നമ്മുടെ വിപത്തിൽ സന്തോഷിക്കാൻ കുരുക്കളെ പ്രേരിപ്പിക്കുന്നു. ഏതായാലും രാജ്യത്തിന്നുവേണ്ടിയോ ഭൂമിക്കുവേണ്ടിയോ മഹാന്മാരുടെ മുമ്പിൽവച്ചുണ്ടായ കരാറുതെറ്റിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. സഭയിൽവച്ചു ചെയ്ത സത്യം ഞാൻ ലംഘിക്കയില്ല. അതിനേക്കാൾ ഭേദം മരിക്കുകയാണ്. ആര്യന്മാർക്ക് അതാണു നല്ലത്. എനിക്കാശയില്ല, ധർമ്മം വെടിഞ്ഞ് രാജ്യം നേടുവാൻ. ചൂതുകളിക്കാലത്തു നീ എന്റെ കൈ ചുട്ടുകളയുവാനൊരുങ്ങി. എന്തേ, അന്നു ചെയ്യാഞ്ഞത്? അന്ന് സ്വന്തം കൈകൾ ഞെരിക്കുകമാത്രം ചെയ്തു. അർജ്ജുനൻ തടഞ്ഞപ്പോൾ നീയെന്തിനു വഴിപ്പെട്ടു? അത്രയ്ക്കു കരുതലോടെ അടങ്ങിയ നീ കരാറിന്നുമുമ്പ് എന്നെ തടുക്കുവാൻ, എന്നെ കരാറുചെയ്യിപ്പിക്കാതിരിക്കുവാൻ, നീ എന്തുകൊണ്ടു ശക്തനായില്ല. കാലം തെറ്റിയതിനുശേഷം എന്നെ ആക്ഷേപിക്കുന്നതെന്തിന്? പാഞ്ചാലിയെ ദ്രോഹിക്കുന്നതു കണ്ടിട്ടുപോലും അടങ്ങിനില്ക്കേണ്ടതായി വന്നതോർത്ത് ഇപ്പോഴും ഘോരവിഷം കുടിച്ചതുപോലെയുള്ള മഹാദുഃഖം എനിക്കുണ്ട്. എന്നാലും, എനിക്കു വയ്യ, കുരുമദ്ധ്യത്തിൽ വച്ചുചെയ്ത സത്യത്തെ ലംഘിക്കുവാൻ. വിത്തുവിതച്ചുകഴിഞ്ഞാൽ അതിന്റെ ഫലോദയംവരെ കാക്കണം. ആ സുഖോദയ കാലം നാം കാത്തുകൊണ്ടിരിക്കുകതന്നെ വേണം.

മുമ്പേ ചെയ്ത ചതിയെ വിസ്മരിക്കാതെ എല്ലാം ഓർത്തുകൊണ്ട് പൗരുഷത്തോടുകൂടി വൈരിസംഘത്തെ, സമയമെത്തുമ്പോൾ സ്വന്തം ശക്തികൊണ്ട് മൂലത്തോടെ നശിപ്പിക്കുന്നതിൽ വിജയിക്കുന്നവൻ തീർച്ചയായും ഒരു മഹത്തായ കർമ്മമാണ് നിറവേറ്റുന്നത്. അവൻ നശിക്കാത്ത കീർത്തിനേടുന്ന ധീരനാണ്. അവനാണ് പരിപൂർണ്ണമായ ശ്രീയെ പ്രാപിക്കുന്നവൻ! അവനെ വൈരികൾ കുമ്പിട്ടു വന്ദിക്കുന്നു. ഇന്ദ്രനെ ദേവന്മാരെഎന്നപോലെ അവനെയാണ് മിത്രങ്ങൾ സേവിക്കുക! ഹേ, ഭീമാ! എന്റെ പ്രതിജ്ഞ ഞാനൊരിക്കലും ലംഘിക്കുകയില്ലെന്നറിയുക.

സത്യത്തേയും ധർമ്മത്തേയും ജീവിതത്തെക്കാളേറെ, സ്വർഗ്ഗത്തെക്കാളേറെ, ശ്രേഷ്ഠമായി കരുതുന്നവനാണ് ഞാൻ. രാജ്യം, പുത്രന്മാർ, യശസ്സ്, ധനം എന്നിവ സത്യവുമായി തുലനംചെയ്യുമ്പോൾ സത്യത്തിന്റെ പതിനാറിലൊരംശത്തോളം പോലും അവ തുങ്ങുകയില്ല."

35. ഭീമവാക്യം – ഭീമൻ പറഞ്ഞു: "അന്തകനും, ശീഘ്രഗാമിയും, അനന്തനും, അപ്രമേയനും, നിത്യവാഹിയും, സർവ്വഹാരിസ്രോതസ്സുമായ കാലവുമായി സന്ധിചെയ്ത് ഇണക്കിനിറുത്താമെന്നാണോ ഭവാൻ വിചാരിക്കുന്നത്? മനുഷ്യൻ കാലനു വശഗനാണ്. മർത്ത്യജീവിതം വെള്ളത്തിലെ പോളപോലെ പെട്ടെന്നു മാഞ്ഞുപോകുന്നതും, പഴുത്ത ഫലംപോലെ പെട്ടെന്നു വീണുപോകുന്നതുമാണ്. അങ്ങനെയുള്ള നാം സൂചികൊണ്ടു കണ്ണെഴുത്തുമഷി എടുത്തു കുറയുന്നതുപോലെ, കാലത്തിന്റെ അന്ത്യം കണ്ണിനുമുമ്പിൽ കാണുവാൻ കാത്തിരുന്നുകൂടാ. അടുത്ത നിമിഷത്തിൽത്തന്നെ ആയുസ്സുപോകുന്ന നിലയിലാണ് മനുഷ്യന്റെ നിൽപ്പ്. അമിതമായ ആയുസ്സോടുകൂടിയവനും, അഥവാ മരണമില്ലാത്തവനും, സർവ്വത്തേയും പ്രത്യക്ഷമായി കാണുവാൻ കഴിയുന്നവനുമായ കാലജ്ഞന് കാലത്തെ കാത്തുകൊണ്ടിരിക്കാം. അതിൽ തെറ്റില്ല. നാം ആരും അത്തരക്കാരല്ലല്ലോ. നമുക്കാകട്ടെ, പതിമൂന്നു ദീർഘസംവത്സരം മുഴുവൻ കാത്തിരിക്കേണ്ടതുണ്ട്. അത്ര കാലത്തോളം ആയുസ്സുനില്ക്കുമെന്നുള്ളതിനു വല്ല ഉറപ്പുമുണ്ടോ? ആയുസ്സു കുറഞ്ഞുകുറഞ്ഞ് മരണം അടുത്തടുത്തുകൊണ്ടിരിക്കുമ്പോൾ ഇത്രയും ദീർഘമായ കാലം നാം എങ്ങനെ കാക്കും? മരണം ശരീരികളുടെ ശരീരത്തിൽ എപ്പോഴും കുടികൊള്ളുന്നു. എപ്പോഴാണ് അവൻ പുറത്തുവരികയെന്നു തീർത്തുപറയുവാൻ ആർക്കും കഴിയുകയില്ല. മരണത്തിനുമുമ്പേ നാം രാജ്യത്തിന്നുവേണ്ടി ശ്രമിക്കേണ്ടതില്ലേ?

സൽക്കീർത്തി നേടാതെ, ആരുമറിയാതെ, വീര്യമില്ലാതെ ജീവിക്കുന്ന മർത്ത്യൻ ഭൂമിദേവിക്കു വെറും ഭാരമാണ്. പകവീട്ടുവാൻ ശ്രമിക്കാത്ത നിർവ്വീര്യൻ ദുർജ്ജാതനും, മൃഗപ്രായനുമാണ്. അവന്റെ ജന്മംകൊണ്ടെന്തുകാര്യം? അവൻ നിന്ദ്യമായി നശിച്ചുപോകുന്നു. അത്തരക്കാരെ ഹീനജരായി ഞാൻ കണക്കാക്കുന്നു. ഭവാൻ മഹാബാഹുവും, വിപുലകീർത്തിമാനുമാണ്. കരബലംകൊണ്ട് ശത്രുക്കളെ സംഹരിച്ചു ഭൂമിമുഴുവൻ നേടിയിട്ട്, അതു ഭവാൻ അനുഭവിച്ചാലും!

മഹാരാജാവേ, വഞ്ചകനായ ശത്രുവിനെ നിഗ്രഹിച്ചശേഷം, അവന്നു നരകമാണ് ഫലമെങ്കിൽ അവിടേയും അവന്ന് സ്വർഗ്ഗമാണ്. അമർഷംകൊണ്ടുള്ള ദുഃഖത്തിന്ന് അഗ്നിയേക്കാൾ ദീപ്തി കൂടും. അതിതീക്ഷ്ണമായ അഗ്നിയിൽ ഞാൻ ദഹിക്കുകയാണ്. രാവും പകലും എനിക്കു കിടക്കുവാൻ കഴിയുന്നില്ല. വില്ലാളികളിൽ പ്രഥമഗണനീയനായ ബീഭത്സു, മഹാസന്താപത്തിൽപ്പെട്ട് ഗുഹയിൽ സിംഹമെന്നപോലെ അടങ്ങിക്കിടക്കുകയാണ്. ഒറ്റയ്ക്കുനിന്നു ഭൂലോകത്തിലെ സകല യോദ്ധാക്കളേയും വെല്ലുവാൻ ശക്തനായ സവ്യസാചി, ഈ സന്താപം ശക്തനായ ആനയെപ്പോലെ സഹിക്കുന്നു. നകുലനും, സഹദേവനും, വീരപ്രസുവായ വൃദ്ധമാതാവു കുന്തിയും, നിശ്ശബ്ദരും നിഷ്ക്രിയരുമായി ജീവിക്കുന്നത് ആരുടെ പ്രിയത്തിനുവേണ്ടിയാണ്? ഭവാന്റെ പ്രിയത്തിനുവേണ്ടി മാത്രം! സൃഞ്ജയന്മാരടക്കം നമ്മുടെ മിത്രങ്ങളെല്ലാംതന്നെ അങ്ങയുടെ പ്രീതി കാംക്ഷിക്കുന്നു. സന്തപ്തനായ ഞാനും പ്രതിവിന്ധ്യന്റെ അമ്മയും (പാഞ്ചാലി) സന്താപാഗ്നിയാൽ അങ്ങയോടു കാര്യം തുറന്നുപറയുന്നു. ഭവാനിൽ പ്രിയം കൂടിയ എല്ലാവർക്കും ഹിതമായിട്ടുള്ളതാണ് ഞാൻ ഈ പറയുന്നത്.

ഈയുള്ള സകലരും ശോകാർത്തരാണ്. അതേസമയം യുദ്ധകാംക്ഷികളുമാണെന്നു ധരിക്കണം. ഇപ്പോൾ നമ്മെ ബാധിച്ച ആപത്തിനേക്കാൾ കഠിനമായ ഒരാപത്ത് നമുക്കു വേറെ ഉണ്ടാകാനില്ല. ദുർബ്ബലന്മാരായ നീചന്മാർ നമ്മുടെ രാജ്യം തട്ടിയെടുത്ത് അനുഭവിക്കുന്നു. രാജാവേ, ദൗർബ്ബല്യംകൊണ്ടല്ലേ ഭവാൻ ഈ പ്രതിജ്ഞ ലംഘിക്കുന്നതു ലജ്ജാവഹമായി കരുതുന്നത്! ഹേ, ശത്രുനാശക, അങ്ങയുടെ ഈ ക്ഷമയേയും ഈ കഷ്ടതരമായ ജീവിതത്തേയും ആരും അഭിനന്ദിക്കുന്നില്ല. അർത്ഥജ്ഞാനമില്ലാതെ വേദാക്ഷരങ്ങൾമാത്രം ഉരുവിട്ട് അഭ്യസിച്ച മൂഢനും കുത്സിതനുമായ ശ്രോത്രിയന്ന് തത്ത്വബോധം എങ്ങനെയുണ്ടാകും? ഭവാന്റെ നിലയും ആ മൂഢന്റെ നിലയും തമ്മിലെന്താണ് അന്തരം? ക്ഷത്രിയനായി ജനിച്ചിട്ടും ബ്രാഹ്മണനെപ്പോലെ ഭവാൻ ദയാലുവായിത്തീർന്നതു കഷ്ടംതന്നെ! മിക്കവാറും ക്രൂരബുദ്ധികളാണല്ലോ ക്ഷത്രിയവംശത്തിൽ ജനിക്കാറുള്ളത്. മനു പറഞ്ഞിട്ടുള്ള രാജധർമ്മങ്ങളൊക്കെ ഭവാൻ ഗ്രഹിച്ചിട്ടില്ലേ? ക്ഷത്രിയധർമ്മം വക്രവും വഞ്ചനാധിഷ്ഠിതവുമാണ്. അത് ധർമ്മത്തിനും സമാധാനത്തിനും നേരെ വിപരീതമാണ്.

digitized by www.sreyas.in

ഭവാൻ ആരോടാണു ക്ഷമിക്കുന്നത്? ക്രൂരന്മാരും വഞ്ചകന്മാരും ദുരാത്മാക്കളുമായ ധാർത്തരാഷ്ട്രന്മാരോടോ? ഹേ പുരുഷവ്യാഘ്ര, ബുദ്ധിയും വീര്യവുമുള്ള ഭവാൻ, ആഭിജാത്യവും അദ്ധ്യയനവുമുള്ള ഭവാൻ, അവനവന്റെ കർത്തവ്യത്തിൽ പെരുമ്പാമ്പിനെപ്പോലെ അലസനായിക്കിടക്കുന്നതെന്താണ്? ഹേ കുന്തീപുത്രാ, ക്ഷമകൊണ്ടു നമ്മെ മൂടിക്കളയാനാഗ്രഹിക്കുന്നത് ഒരുപിടി പുൽക്കൊടികൊണ്ട് ഹിമാലയത്തെ മൂടിക്കളയുവാൻ ഭാവിക്കുന്നതുപോലെയാണ്.

ലോകപ്രസിദ്ധി സമ്പാദിച്ച ഭവാന് അജ്ഞാതവാസം അസാദ്ധ്യമാണ്. സൂര്യദേവന് ആകാശത്തിൽ ഒളിച്ചിരിക്കുവാൻ എവിടെയാണു കഴിയുക? ജലപ്രദേശത്ത് വളർന്നുയർന്ന് പൂക്കളണിഞ്ഞ കൊമ്പുകളോടുകൂടിയ മഹാവൃക്ഷംപോലെയും, ഇന്ദ്രന്റെ ആന (ഐരാവതം) പോലെയും പ്രശോഭിക്കുന്ന അർജ്ജുനന്ന് അജ്ഞാതനായി എങ്ങനെ സഞ്ചരിക്കുവാൻ കഴിയും? സിംഹസന്നിഭന്മാരായ നകുലസഹദേവന്മാർ എങ്ങനെ അജ്ഞാതവാസം നിർവ്വഹിക്കും? പുണ്യശീലയും, ദ്രുപദപുത്രിയും, വീരപ്രസുവും വിശ്രുതയുമായ കൃഷ്ണ എങ്ങനെ അജ്ഞാതയായി വാഴും? പിന്നെ എന്റെ കാര്യം. എന്നെ നാട്ടിലുള്ള സകലർക്കും കുട്ടിക്കാലംമുതൽ നന്നായി അറിയാം. അജ്ഞാതവാസം ചെയ്യാൻ എങ്ങനെ കഴിയുമെന്ന് എനിക്കറിഞ്ഞുകൂടാ. മേരുപർവ്വതത്തെ ഒളിപ്പിക്കാം. ഭീമനെ ഒളിപ്പിക്കാൻ വിഷമമാണ്.

നാം നാടുകടത്തിവിട്ടിട്ടുള്ള രാജാക്കന്മാരും, രാജപുത്രന്മാരും കുറച്ചല്ല, അവരെല്ലാം ധാർത്തരാഷ്ട്രന്മാരോടു ചേർന്നു നില്ക്കും. നാം അവരെ ദണ്ഡിപ്പിച്ചതും നിരാകരിച്ചതും അവർ ഇനിയും മറന്നിട്ടില്ല. അവർ ധാർത്തരാഷ്ട്രത്തിന്നുവേണ്ടി നമ്മളെ ദ്രോഹിക്കുമെന്നതിൽ സംശയമില്ല. അവരും ഗൂഢമായി ചാരന്മാരെ നിയോഗിച്ച് നമ്മളെ നിശ്ചയമായും കണ്ടുപിടിക്കും. അതിൽനിന്നു നമുക്ക് ആപത്തുനേരിടും. ഇങ്ങനെ ചിന്തിച്ചുനോക്കുമ്പോൾ അജ്ഞാതവാസം പരാജയപ്പെടുവാനാണു മാർഗ്ഗം കാണുന്നത്. കാട്ടിൽ പാർത്തു തുടങ്ങിയിട്ട് ഇപ്പോൾ ശരിക്കു പതിമൂന്നു മാസവും കഴിഞ്ഞു. ഈ പതിമൂന്നു മാസത്തെ പതിമൂന്നു കൊല്ലമായി കണക്കാക്കാമെന്ന് പണ്ഡിതന്മാർക്കഭിപ്രായമുണ്ട്. സോമലത കിട്ടാത്തപ്പോൾ പകരത്തിനു ചീരകൊടുക്കുന്നപോലെ, നല്ല ചുമടു വഹിക്കുന്ന കാളയ്ക്ക് തൃപ്തിവരുത്തി പാപം ഒഴിവാക്കാം. അതു നല്ലൊരു പ്രായശ്ചിത്തമാണ്. കരാറുകാലം കഴിഞ്ഞുവെന്നു കരുതുക. പോരെങ്കിൽ ബാക്കി കാലങ്ങൾക്കുവേണ്ട പ്രായശ്ചിത്തം നമുക്കു ചെയ്യാം. അങ്ങനെ കരാറിൽനിന്ന് നമുക്ക് ഒഴിവാകണം. ഏതുവിധത്തിലും ശത്രുവധത്തിനു നാം ഉടനെ ഒരുങ്ങുകതന്നെ വേണം. ക്ഷത്രിയന്നു യുദ്ധമാണ് എല്ലാറ്റിലും വച്ചു വലിയ ധർമ്മം."

36. കാമ്യകവനഗമനം – വൈശമ്പായനൻ പറഞ്ഞു: "ഭീമസേനൻ പറഞ്ഞ വാക്കുകൾ കേട്ട് പുരുഷവ്യാഘ്രനും ശത്രുസംഹാരിയും കുന്തീപുത്രനുമായ യുധിഷ്ഠിരൻ ഒന്നു നെടുവീർപ്പിട്ടു. ഇനി എന്താണു ചെയ്യേണ്ടതെന്ന് ക്ഷണനേരം ആലോചിച്ചുറച്ചു. 'രാജധർമ്മവും വർണ്ണധർമ്മവുമൊക്കെ എനിക്കറിയാം. ആ ധർമ്മങ്ങൾ മനസിലാക്കി അതനുസരിച്ച് തന്റെ വർത്തമാനത്തിലേയും ഭാവിയിലേയും കർമ്മങ്ങളെ രൂപംകൊടുക്കുന്നവനാണു പണ്ഡിതൻ. ഉത്തമവും ദുർഗ്രഹവുമായ ധർമ്മത്തിന്റെ ഗതി കണ്ടിരിക്കുന്നവനായ ഞാൻ മേരുവിനെ മർദ്ദിക്കുകയെന്നപോലെ ധർമ്മത്തെ നശിപ്പിക്കുന്ന കർമ്മത്തിൽ എങ്ങനെ പ്രവേശിക്കും?' എന്നിങ്ങനെ വിചാരിച്ചിരുന്നതിന്റെശേഷം ഭീമനെ വീണ്ടും തുടരാനനുവദിക്കാതെ യുധിഷ്ഠിരൻ ഇങ്ങനെ മറുപടി പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ മഹാബാഹുവായ ഭീമാ, നീ പറഞ്ഞതൊക്കെ ശരിയായ കാര്യമാണ്. ഞാൻ മറ്റൊരു കാര്യവുംകൂടി പറയാം. ഹേ, വാക്യവിശാരദാ, നീ കേൾക്കുക!

ഭീമാ, സ്വന്തം ശക്തിയെമാത്രം ആശ്രയിച്ചുകൊണ്ട് എന്തെങ്കിലും നേടാൻവേണ്ടി ഭയങ്കരമായ പാപകർമ്മങ്ങളിലേർപ്പെട്ടാൽ ഒടുവിൽ ദുഃഖിക്കേണ്ടിവരും. നേർവഴിക്കു വിവരമുള്ളവരുമായി ആലോചിച്ചുറച്ച്, വേണ്ടത്ര സാമഗ്രികളോടെ നല്ല കർമ്മങ്ങളിൽ ഏർപ്പെട്ടാൽമാത്രമേ കാര്യസാദ്ധ്യമുണ്ടാവുകയുള്ളു. ദൈവങ്ങൾ അതിലാണു സഹായിക്കുക. സ്വന്തംകൈയൂക്കിൽ അതിരറ്റ അഹങ്കാരത്തോടുകൂടി ചാപല്യത്താലാണ് ഇപ്പോൾ യുദ്ധത്തിൽ ചെന്നു ചാടുവാൻ നീ ഉദ്ദേശിക്കുന്നത്. ഞാൻ പറയുന്നതു കേൾക്കുക. ഭൂരിശ്രവസ്സ്, ശലൻ, ശല്യൻ, വീര്യവാനായ ജലസന്ധൻ, ഭീഷ്മൻ, ദ്രോണൻ, കർണ്ണൻ, അശ്വത്ഥാമാവ് മുതലായവരും ദുര്യോധനൻ തുടങ്ങിയ ധാർത്തരാഷ്ട്രന്മാരും മറ്റും കീഴടക്കാൻ വയ്യാത്ത അത്ര ശക്തരായ കൃതാസ്ത്രന്മാരാണ്. അവർ എപ്പോഴും നമ്മോടു നേരിടാൻ തയ്യാറുമാണ്. മുമ്പ് ഓരോ കാര്യത്തിന് ദണ്ഡിച്ചു ദുഃഖിപ്പിച്ചു വിട്ട രാജാക്കന്മാരെല്ലാം ഇപ്പോൾ സ്നേഹത്തോടുകൂടി ദുര്യോധനന്റെ പക്ഷത്തിൽ ചെന്ന് ആശ്രയിച്ചിട്ടുമുണ്ട്. ഹേ, ഭാരത, ദുര്യോധനന്റെ ഹിതത്തിന്നു നില്ക്കുന്ന അവർ നമുക്കു ഉപദ്രവം ചെയ്യുവാൻ സന്നദ്ധരുമാണ്. അവർ പൂർണ്ണമായ ഭണ്ഡാരത്തോടും വലിയ സൈന്യബലത്തോടുംകൂടി കൗരവസൈന്യത്തിൽചേർന്ന് നമ്മോടു പരമാവധി പൊരുതും. കൗരവസൈന്യത്തിലുള്ളവരുടെ മക്കൾക്കും ബന്ധുക്കൾക്കും ഭക്ഷണവും, വസ്ത്രവും, വേതനവും, മറ്റു വളരെ സുഖഭോഗങ്ങളും ദുര്യോധനൻ നല്കുന്നുണ്ട്. ദുര്യോധനനാൽ സവിശേഷം മാനിതരായ അവർ അവന്നുവേണ്ടി യുദ്ധത്തിൽ പ്രാണൻ കളയുവാൻകൂടി തയ്യാറുണ്ടാകും. മഹാത്മാക്കളായ ഭീഷ്മദ്രോണകൃപന്മാർക്ക് നമ്മളും അവരും ഒരുപോലെയാണെങ്കിലും ചോറു തരുന്ന സ്വാമിയിൽ അവർക്കു കൂടുതലായ കൂറുണ്ടാകും. ആ കൂറുകൊണ്ട് ദുര്യോധനന്നുവേണ്ടി യുദ്ധത്തിൽ ഏവർക്കും ഏറ്റവും പ്രിയപ്പെട്ടതായ പ്രാണൻകൂടി കളയുവാൻ അവർ മടിക്കയില്ല. ധർമ്മപരായണന്മാരും ദിവ്യാസ്ത്രജ്ഞന്മാരുമാണവർ. വാസവനാൽ നയിക്കപ്പെട്ട ദേവന്മാർക്കുകൂടി അജയ്യന്മാരാണ് അവരെന്ന് നമ്മൾ പ്രത്യേകിച്ചും കരുതണം. പിന്നെ മഹാരഥനായ കർണ്ണനുണ്ട് അവരുടെകൂടെ. അഭേദ്യമായ കവചമുള്ള അവൻ കോപിഷ്ഠനും, സാഹസിയും, സർവ്വാസ്ത്രജ്ഞനും അജയ്യനുമാണ്. ഈ പുരുഷസത്തമന്മാരെയെല്ലാം യുദ്ധത്തിൽ ജയിക്കണം. സഹായത്തിന്ന് ആരുമില്ലാത്ത നിനക്ക് എങ്ങനെ കഴിയും അവരെ ജയിച്ച് ദുര്യോധനനെ കൊല്ലുവാൻ? ഹേ വൃകോദരാ, എല്ലാ വില്ലാളികളിലുംവെച്ച് ഏറ്റവും മികച്ചവനാണു കർണ്ണനെന്ന് എനിക്കു തോന്നുന്നു. ആ സൂതപുത്രന്റെ കൈവേഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ എനിക്ക് ഉറക്കമുണ്ടാകുന്നില്ല."

വൈശമ്പായനൻ തുടർന്നു: "യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞപ്പോൾ ഏറ്റവും അമർഷണനായ ഭീമൻ ഭയപ്പെട്ടുപോയി. സാഹസിയായ അവൻ ഒന്നും മിണ്ടാതെ നിന്നു. ഇങ്ങനെ ആ പാണ്ഡുപുത്രന്മാർ പരസ്പരം സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ സത്യവതീപുത്രനായ വ്യാസമഹർഷി അവിടെ വന്നെത്തി. യഥാവിധി യഥായോഗ്യം പാണ്ഡവന്മാരാൽ പൂജിതനായ വ്യാസൻ യുധിഷ്ഠിരനോട് ഇപ്രകാരം പറഞ്ഞു."

വ്യാസൻ പറഞ്ഞു: "എടോ യുധിഷ്ഠിരാ! നിന്റെ മനോവിചാരം എന്താണെന്നു ദിവ്യചക്ഷുസ്സുകൊണ്ട് മനസ്സിലാക്കിയാണ് ഞാൻ ഇപ്പോൾ ഇവിടെ വന്നത്. ഹേ, പുരുഷർഷഭാ! ഭീഷ്മൻ, ദ്രോണൻ, കൃപൻ, അശ്വത്ഥാമാവ്, ദുര്യോധനൻ, ദുശ്ശാസനൻ മുതലായവരെപ്പറ്റി നിനക്കുള്ള ഭയത്തെ വിധിവിഹിതമായ കർമ്മംകൊണ്ടു ഞാൻ നശിപ്പിക്കാം. ഹേ ശത്രുനാശനാ, ഞാൻ പറയുന്നതു മനസ്സിലാക്കി ക്ഷമയോടെ അതേവിധം നീ പ്രവർത്തിച്ച് നിന്റെ ഈ സന്താപത്തെ നീക്കിക്കൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "രാജാവേ, ആ വാക്പടു, പരാശരപുത്രൻ, ഇപ്രകാരം ആശ്വസിപ്പിച്ച് യുധിഷ്ഠിരനെ മറ്റൊരിടത്തേക്കു കൂട്ടിക്കൊണ്ടുപോയി, കാര്യം ഫലിക്കുവാൻ ഭാവിയിൽ ചെയ്യേണ്ടതെന്തെന്നു രഹസ്യമായി ഇങ്ങനെ അറിയിച്ചു."

വ്യാസൻ പറഞ്ഞു: "ഹേ ഭാരതശ്രേഷ്ഠാ, യുധിഷ്ഠിരാ! നിനക്കു ശ്രേയസ്സിന്നുള്ള കാലമായി; പൃഥാപുത്രനായ ധനഞ്ജ

digitized by www.sreyas.in

യൻ ശത്രുക്കളെയെല്ലാം ജയിക്കും. അതിന്നുവേണ്ടി മൂർത്തിമത്തായ സിദ്ധി എന്നപോലെയുള്ള 'പ്രതിസ്മൃതി'യെന്ന വിദ്യയെ എന്നിൽനിന്നു നീ ഗ്രഹിച്ചുകൊള്ളുക. നീ ഇതു ഗ്രഹിക്കാൻ യോഗ്യനാണ്. ഈ വിദ്യകൊണ്ട് അർജ്ജുനൻ കാര്യം സാധിക്കുന്നതാണ്. അസ്ത്രലാഭത്തിന്നുവേണ്ടി മഹേന്ദ്രനേയും രുദ്രനേയും വരുണനേയും കുബേരനേയും യമനേയും അർജ്ജുനൻ കാണാൻ പോകട്ടെ. ഇവരിൽനിന്ന് തന്റെ ശക്തികൊണ്ടും യോഗംകൊണ്ടും അർജ്ജുനൻ അസ്ത്രങ്ങൾ നേടി മഹത്തായ കർമ്മങ്ങൾ നിർവ്വഹിക്കാൻ യോഗ്യനാണ്. ഇവൻ ദേവകളെ തപശ്ശക്തികൊണ്ടും പരാക്രമംകൊണ്ടും ദർശിക്കും. ഇവൻ നാരായണസഖാവും തേജസ്വിയുമായ ഋഷിയാണ്. പുരാണനും ദേവനും അജേയനും ശാശ്വതനും വിഷ്ണുവും അച്യുതനുമായ ഇവൻ മുൻപറയപ്പെട്ട ദേവന്മാരിൽനിന്ന് അസ്ത്രങ്ങൾ വാങ്ങി മഹാകർമ്മങ്ങൾ നടത്തും. ഈ കാട്ടിൽനിന്നു നിങ്ങൾ മറ്റൊരിടത്തേക്കു മാറിപ്പാർത്തുകൊള്ളുവിൻ. ഒരിടത്തു പലനാൾ പാർക്കുന്നതു നന്നല്ല. ക്ഷത്രിയന്മാരായ നിങ്ങൾ ശാന്തന്മാരായ താപസന്മാർക്കു ശല്യം ഉണ്ടാക്കരുത്. കാട്ടിൽ ഒരേടത്തുതന്നെ താമസിച്ചാൽ മൃഗങ്ങൾ മുടിഞ്ഞുപോകും, ഫലമൂലാദികൾ ഒടുങ്ങുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ദേവജ്ഞന്മാരായ അസംഖ്യം ബ്രാഹ്മണരെ രക്ഷിച്ചുകൊണ്ടിരിക്കുന്നവരാണല്ലോ നിങ്ങൾ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ധർമ്മാത്മാവായ യുധിഷ്ഠിരന്ന് ഉത്തമമായ വിദ്യ ഉപദേശിച്ച് സത്യവതീപുത്രനായ ആ മഹാത്മാവ് ധർമ്മജന്റെ സമ്മതത്തോടെ മറഞ്ഞുപോയി. യതമാനസനും ധർമ്മബുദ്ധിയുമായ യുധിഷ്ഠിരൻ സമയനിഷ്ഠയോടെ കർമ്മാനുഷ്ഠാനം ചെയ്തുവന്നു. വ്യാസന്റെ ഉപദേശമനുസരിച്ച് അദ്ദേഹം ദ്വൈതവനത്തിൽനിന്നു പോന്ന് സരസ്വതീതീരത്തിലുള്ള 'കാമ്യകവന'ത്തിൽ ചെന്നുചേർന്നു. തപസ്വികളും ബ്രാഹ്മണന്മാരും ഋഷികളും ദേവന്മാർ ഇന്ദ്രനെയെന്നപോലെ യുധിഷ്ഠിരനെ അനുഗമിച്ചു.

പിന്നെ കാമ്യകത്തിൽ മഹാത്മാക്കളായ അവർ മന്ത്രിമാരോടും പരിവാരങ്ങളോടുംകൂടി അസ്ത്രാഭ്യാസംചെയ്തും വേദം ശ്രവിച്ചും, മൃഗങ്ങളെ പരിശുദ്ധങ്ങളായ അസ്ത്രങ്ങൾകൊണ്ടു വേട്ടയാടിയും, വിധിപ്രകാരം പിതൃക്കളേയും ദേവന്മാരേയും ബ്രാഹ്മണരേയും പൂജിച്ചും, വളരെനാൾ നിവസിച്ചു."

37. ഇന്ദ്രദർശനം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ കാമ്യകത്തിൽ താമസിച്ചുവരുന്ന കാലത്ത് ഒരു ദിവസം മുനിയുടെ സന്ദേശം ചിന്തിച്ച് ധർമ്മരാജാവായ യുധിഷ്ഠിരൻ മഹാബുദ്ധിമാനും പുരുഷർഷഭനുമായ അർജ്ജുനനെ വിജനസ്ഥലത്തു വിളിച്ചു കൈകൊണ്ടു ദേഹം തഴുകി മന്ദസ്മിതത്തോടെ സാന്ത്വനപൂർവ്വം ഇപ്രകാരം രഹസ്യമായി പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ധനഞ്ജയ! ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ദ്രോണപുത്രൻ എന്നിവർക്കു ധനുർവ്വേദത്തിൽ ആദാനം, സന്ധാനം, വിസർഗ്ഗം, സംഹാരം എന്ന നാലു പാദങ്ങളും വേണ്ടവിധം അറിയാം. ദൈവം, ബ്രാഹ്മം, മാനുഷം മുതലായ സർവ്വ അസ്ത്രങ്ങളും പ്രയോഗത്തിലും പ്രതികാരത്തിലും നൈപുണ്യത്തോടുകൂടി അവർ ഗ്രഹിച്ചിട്ടുണ്ട്. അവരെ ധൃതരാഷ്ട്രപുത്രൻ ഇഷ്ടമുള്ളതെല്ലാം കൊടുത്തു സംതൃപ്തരും സന്തുഷ്ടരുമാക്കി തന്റെ പക്ഷത്തിൽ നിർത്തി മാനിച്ചുവരുന്നു. സർവ്വയോദ്ധാക്കളിലും അവന്ന് എല്ലായ്പോഴും വലിയ പ്രീതിയുണ്ട്. സംപ്രീതരായ ആ ആചാര്യന്മാർ അവന്നു വല്ല ആപത്തും നേരിട്ടാൽ അതു പരിഹരിക്കുവാൻ ഒരുങ്ങിനില്ക്കുന്നു. കാലം സമാഗതമാകുമ്പോൾ ആ സംപൂജ്യരിൽ മഹത്തായ ശക്തി പ്രകാശിക്കും. ഇപ്പോൾ ഭൂമി മുഴുവൻ ദുര്യോധനന്റെ അധീനത്തിലാണ്. ഗ്രാമങ്ങൾ, നഗരങ്ങൾ, വനങ്ങൾ, സമുദ്രങ്ങൾ എല്ലാം അവൻ കീഴടക്കി ഭരിക്കുന്നു. ഈ നിലയിൽ നീ പ്രത്യേകിച്ച് ഒരു കാര്യം ചെയ്യേണ്ടതുണ്ട്. ഞങ്ങൾക്കു നിന്നിലാണ് അധികം പ്രിയമുള്ളത്. എല്ലാ ഭാരവും നിന്നിലാണ് വെച്ചിരിക്കുന്നത്. കാലോചിതമായി ഇപ്പോൾ ചെയ്യേണ്ടത് ഞാൻ പറയാം. വ്യാസമഹർഷി ഒരു രഹസ്യവിദ്യ എനിക്ക് ഉപദേശിച്ചുതന്നിട്ടുണ്ട്. അതു വേണ്ടപോലെ പ്രയോഗിച്ചാൽ ജഗത്തു മുഴുവൻ പ്രകാശിക്കും. ഏകാഗ്രചിത്തനായ യോഗിയായി നീ മന്ത്രംകൊണ്ട് ദേവതകളെ പ്രസാദിപ്പിക്കുക. ഉഗ്രമായ തപസ്സിൽ നീ പ്രവേശിക്കണം. വില്ലും വാളും കവചവും ധരിച്ച്, മഹാവ്രതനായ മുനിയായി ആർക്കും വഴി ഒഴിഞ്ഞുമാറാതെ നീ നേരെ വടക്കോട്ടു ചെല്ലുക. സർവ്വ ദിവ്യാസ്ത്രങ്ങളും ഇന്ദ്രന്റെ കൈവശമുണ്ട്. വൃത്രനെ ഭയപ്പെട്ടു ദേവന്മാർ അവർക്കുള്ള എല്ലാ അസ്ത്രങ്ങളും ഇന്ദ്രനെ ഏല്പിച്ചിട്ടുണ്ട്. പല ദിക്കിലുമായി കിടന്നിരുന്ന അവയെല്ലാം ഇപ്പോൾ ഒരു ദിക്കിൽ കിടപ്പുണ്ട്. അവ നേടുന്നതിനു നീ ശക്രനെ സേവിക്കണം. ആ പുരന്ദരനെക്കാണുവാൻ ഒട്ടും വൈകാതെ ഇന്നുതന്നെ പുറപ്പെടുക. തീർച്ചയായും അതു നിനക്കു ലഭിക്കും."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ വിധിപ്രകാരം വ്രതം സ്വീകരിച്ചു. മന്ത്രം യുധിഷ്ഠിരനിൽനിന്നു ഗ്രഹിച്ച്. ഗാണ്ഡീവവും അമ്പൊടുങ്ങാത്ത ആവനാഴിയും ധരിച്ച്, കൈയിൽ ഉറയും മെയ്യിൽ ചട്ടയും അണിഞ്ഞ്, ബ്രാഹ്മണരുടെ ആശീർവ്വാദവും ഏറ്റു യാത്രയ്ക്കു തയ്യാറായിനിന്നു. ധാർത്തരാഷ്ട്രന്മാരുടെ വധത്തെക്കുറിച്ചു ചിന്തിച്ച് നെടുവീർപ്പിട്ട് ആകാശത്തേക്കു നോക്കിനില്ക്കുന്ന പാർത്ഥനെ 'ഭവാന്റെ വിചാരംപോലെ കാര്യലാഭമുണ്ടാകട്ടെ! ഭവാനു വിജയമുണ്ടാകും' എന്നു ബ്രാഹ്മണർ അനുഗ്രഹിച്ചു. അപ്പോൾ സാലസ്കന്ധംപോലെ ഉയർന്നുനില്ക്കുന്ന അർജ്ജുനന്റെ അരികെച്ചെന്ന് കൃഷ്ണ സർവ്വരുടെയും ഹൃദയത്തെ ആവർജ്ജിക്കുമാറ് ഇപ്രകാരം പറഞ്ഞു."

കൃഷ്ണ പറഞ്ഞു: "അല്ലയോ ധനഞ്ജയ! ഭവാൻ ജനിച്ചപ്പോൾ കുന്തീദേവി ഭവാനേക്കുറിച്ച് എന്തെല്ലാം ഇച്ഛിച്ചുവോ അതൊക്കെയും, ഭവാൻ ആഗ്രഹിക്കുന്നതു മുഴുവനും, അങ്ങനെ തന്നെ മാറ്റംകൂടാതെ സംഭവിക്കട്ടെ! നമ്മൾ ആരുംതന്നെ ഒരിക്കലും ക്ഷത്രിയകുലത്തിൽ പിറക്കാതിരിക്കട്ടെ! ഭിക്ഷകൊണ്ട് ഉപജീവിക്കുന്ന ആ ബ്രാഹ്മണരെ ഞാൻ നിത്യവും നമസ്കരിക്കുന്നു. നമുക്ക് ഉപജീവനമാർഗ്ഗം അവരാണല്ലോ കാണിച്ചുതന്നത്.

എനിക്ക് ഏറ്റവും വലിയ ദുഃഖം പാപിയായ സുയോധനൻ രാജസദസ്സിൽവച്ച് നിങ്ങളെ 'പശു, പശു!' എന്നു പൊട്ടിച്ചിരിച്ച് സഭയിൽവെച്ച് എന്നെനോക്കി പരിഹസിച്ച് അവമാനിച്ചില്ലേ? അതാണ് ഇപ്പോൾ അതിനേക്കാൾ വലിയ ദുഃഖമാണ് ഭവാന്റെ വേർപാടിനെപ്പറ്റി ചിന്തിക്കുമ്പോൾ എനിക്കുണ്ടാകുന്നത്.

ഭവാന്റെ അസാന്നിദ്ധ്യത്തിൽ ഭവാന്റെ വീരകർമ്മങ്ങളെപ്പറ്റി, നിദ്രപോലും വെടിഞ്ഞ് അനവരതം ഓരോന്നും പറഞ്ഞുരസിച്ചു ജീവിക്കുന്നവരാണ് ഈ സഹോദരന്മാരെല്ലാവരും. ഭവാന്റെ വിയോഗത്തിൽ ഞങ്ങൾക്ക് ധനത്തിലോ സുഖാനുഭവത്തിലോ ജീവിതത്തിൽത്തന്നേയോ സംതൃപ്തിയുണ്ടാവുകയില്ല. ഞങ്ങളുടെ സകലദുഃഖങ്ങളുടെയും ഇരിപ്പിടം ഭവാനാണ്. ഞങ്ങളുടെ ജീവിതവും മരണവും രാജ്യവും ഐശ്വര്യവും ഒക്കെ ഭവാനിൽ നിൽക്കുന്നു. അപ്രകാരമുള്ള ഭവാന്റെ വേർപാട് ദുസ്സഹമായ ദുഃഖത്തിന്നു ഹേതുവാണെന്നിരിക്കിലും ഈ യാത്ര ഞങ്ങളുടെ ക്ഷേമത്തെ മുൻനിർത്തിയാകയാൽ ഭവാൻ പോകുന്നതിൽ ഞാൻ സർവ്വാത്മനാ സമ്മതിച്ചുകൊള്ളുന്നു. ഭവാന് നന്മ ഭവിക്കട്ടെ! ബലവാന്മാരോടുപോലും ജയിച്ചു ഭവാൻ ഉദ്ദേശിച്ച കാര്യം നടത്തും. വിഘ്നമൊന്നും കൂടാതെ വിജയം നേടുവാൻ ഭവാൻ വേഗംപോയാലും. ഞാൻ ധാതാവിനേയും വിധാതാവിനേയും നമസ്കരിക്കുന്നു. ഭവാനു മംഗളം ഭവിക്കട്ടെ! ആമയം കൂടാതെ പോയിവരിക! ഹ്രീയും, ശ്രീയും, കീർത്തിയും, ദ്യുതിയും, പുഷ്ടിയും, ഉമയും, ലക്ഷ്മിയും, സരസ്വതിയും യാത്രയിൽ ഭവാനെ രക്ഷിക്കട്ടെ! നീ ജ്യേഷ്ഠന്റെ കല്പന അനുസരിക്കുന്ന ഭ്രാതൃവചനകാരകനാണല്ലൊ. ഭവാന് ഈ യാത്രയിൽ ശാന്തിയുണ്ടാകുവാൻ വസുക്കൾ, രുദ്രന്മാർ, ആദിത്യന്മാർ, മരുത്തുകൾ, വിശ്വേദേവന്മാർ, സാദ്ധ്യന്മാർ എന്നിവരേയും ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. അന്തരീക്ഷത്തിൽനിന്നും ഭൂമിയിൽനിന്നു ദിവ്യ

digitized by www.sreyas.in

ഭൂതങ്ങളിൽനിന്നും സർവ്വ എതിരാളികളിൽനിന്നും ഭവാനു നന്മ ഭവിക്കട്ടെ."

വൈശമ്പായനൻ പറഞ്ഞു: "യശസ്വിനിയായ കൃഷ്ണ ഇപ്രകാരം ആശീർവ്വദിച്ച് മൗനമായി അടങ്ങിനിന്നു. ഉടനെ മഹാബാഹുവായ അർജ്ജുനൻ ധൗമ്യനേയും, ഭ്രാതാക്കളേയും പ്രദക്ഷിണംചെയ്തു രുചിരമായ തന്റെ ധനുസ്സെടുത്തു പുറപ്പെട്ടു. സർവ്വഭൂതങ്ങളും അവൻ ചെല്ലുന്നസമയത്ത് വഴിമാറിക്കൊടുത്തു. ഇന്ദ്രനെ കാണുവാനുള്ള ആസക്തിയോടെ പോകുന്ന പരാക്രമിയായ ആ മഹാബലന്നു തടസ്സമൊന്നുമുണ്ടായില്ല. യോഗബലത്താൽ മനോജവത്തോടെ പോകുന്ന ആ മഹാപുരുഷൻ തപോധനന്മാർ വാഴുന്ന പല പർവ്വതങ്ങളും കടന്ന് ദിവ്യവും, പുണ്യവുമായ ഹിമവാനിൽ ഒരു ദിവസംകൊണ്ട് എത്തിച്ചേർന്നു. പിന്നെ ഹിമവാനും, ഗന്ധമാദനപർവ്വതവും, കടന്ന് അർജ്ജുനൻ പല രാപകൽകൊണ്ട്, ഒട്ടും ക്ഷീണം കൂടാതെ ദുർഗ്ഗങ്ങളും കുന്നുകളും കടന്ന് 'ഇന്ദ്രകീല'ത്തിൽ എത്തി, അവിടെനിന്നു. ഉടനെ ആകാശത്തിൽനിന്ന് 'നില്ക്കുക!' എന്നൊരു വാക്കു പുറപ്പെട്ടു. പെട്ടെന്നു സവ്യസാചി ചുറ്റും തിരിഞ്ഞുനോക്കി. അപ്പോൾ ബ്രഹ്മശ്രീകൊണ്ടു ശോഭിക്കുന്നവനും മഞ്ഞളിച്ച ജടധരിച്ചവനും, കൃശനുമായ ഒരു തപസ്വി വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് സവ്യസാചികണ്ടു. അവൻ അർജ്ജുനനോടു ചോദിച്ചു."

തപസ്വി പറഞ്ഞു: "ഇവിടെ വന്ന നീ ആരാണ്? വില്ല്, ശരം, വാൾ, കൈയുറ, ചട്ട ഇവ ധരിച്ചിരിക്കുന്ന നീ ഒരു ക്ഷത്രിയനാണെന്നു ഞാൻ വിചാരിക്കുന്നു. ആയുധംകൊണ്ട് ഇവിടെ നിനക്ക് എന്താണു കാര്യം? ക്രോധഹർഷങ്ങൾ വെടിഞ്ഞ ശാന്തന്മാരും തപസ്വികളുമായ ബ്രാഹ്മണരുടെ വാസസ്ഥാനമാണിത്. വില്ലുകൊണ്ട് ഇവിടെ കാര്യമൊന്നും ഇല്ല. യുദ്ധവുമില്ല. എടോ, നീ ഈ വില്ലു താഴെ വെക്കു! ഓജസ്സുകൊണ്ടും, തേജസ്സുകൊണ്ടും നീ അന്യർക്ക് ആർക്കും ലഭിച്ചിട്ടില്ലാത്ത പരമമായ പദത്തെ ഇപ്പോൾത്തന്നെ പ്രാപിച്ചിരിക്കുന്നു. ഇനി നിനക്ക് എന്തിനാണ് ഈ ആയുധമെല്ലാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആ താപസൻ ചിരിച്ചുകൊണ്ട് വീണ്ടും പറഞ്ഞു. അർജ്ജുനന്റെ മനസ്സ് ഇളക്കുവാൻ മഹർഷിക്കു കഴിഞ്ഞില്ല. ആ വീരൻ വില്ല് ഉപേക്ഷിച്ചില്ല. അതു കണ്ട് താപസൻ സംപ്രീതനായി പുഞ്ചിരിയോടെ അർജ്ജുനനെ ആശീർവ്വദിക്കുകയും താൻ ശക്രനാണെന്ന് അറിയിക്കുകയും, എന്തു വരം ആവശ്യമുണ്ടെങ്കിലും അതു തരുന്നതാണെന്നു പറയുകയും ചെയ്തു.

ഉടനെ അർജ്ജുനൻ ഇന്ദ്രനെ നമസ്കരിച്ചു തനിക്ക് ദിവ്യാസ്ത്രങ്ങളെല്ലാം നല്കണമെന്നും, അതാണു തനിക്കു വേണ്ടുന്ന വരം എന്നും അതിനുള്ള ആഗ്രഹത്തോടെയാണ് താൻ ഇങ്ങോട്ടു പറപ്പെട്ടതെന്നും പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "എടോ അർജ്ജുന! നീ ഇപ്പോൾ പരമമായ ഗതി പ്രാപിച്ചുവല്ലോ. ഇവിടെ എത്തിയ നിനക്ക് ഇനി എന്തിനാണ് അസ്ത്രങ്ങൾ? സർവ്വകാമങ്ങളും നേടാവുന്ന പുണ്യലോകങ്ങളെയല്ലേ ഇനി നീ വരിക്കേണ്ടത്?"

അർജ്ജുനൻ പറഞ്ഞു: "കാമംകൊണ്ടോ, ലോഭംകൊണ്ടോ എന്റെ മനസ്സു ചലിക്കുന്നതല്ല. സ്വന്തം സുഖത്തേയോ ദേവത്വത്തേയോ ഞാൻ ഇപ്പോൾ ഗണിക്കുന്നില്ല. ദിവ്യമായ ഐശ്വര്യങ്ങൾ മുഴുവൻ കിട്ടിയാലും എന്റെ സഹോദരന്മാരെ ഞാൻ കാട്ടിൽ ഉപേക്ഷിക്കുകയാകട്ടെ, പകവീട്ടാതിരിക്കുകയാകട്ടെ ചെയ്യുകയില്ല. അങ്ങനെ ചെയ്താൽ ലോകത്തിലൊക്കെ ദുഷ്കീർത്തി എനിക്കുണ്ടാകും. അത് എന്നെന്നും നിലനില്ക്കുകയും ചെയ്യും."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ അർജ്ജുനൻ പറഞ്ഞപ്പോൾ ഇങ്ങനെ ആ പാണ്ഡുനന്ദനനോടു പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഭൂതേശനും മുക്കണ്ണനും ശൂലധാരിയുമായ ശിവനെ നീ എന്നു കാണുന്നുവോ അന്നു സർവ്വദിവ്യാസ്ത്രങ്ങളും ഞാൻ നിനക്കു തരാം. നീ ആ മഹാദേവനെ കാണുവാൻ യത്നിച്ചുകൊള്ളുക. ശിവനെ ദർശിച്ചാൽ നീ സിദ്ധനായി സ്വർഗ്ഗത്തിൽ വാഴും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഫൽഗുനനോടു പറഞ്ഞതിന്റെശേഷം ശക്രൻ അവിടെനിന്ന് അപ്പോൾത്തന്നെ മറഞ്ഞു. അർജ്ജുനൻ അപ്പോൾ അവിടെത്തന്നെ നിന്ന് തപസ്സിനൊരുങ്ങി."

കൈരാതപർവ്വം

38. മുനിശങ്കരസംവാദം – ജനമേജയൻ പറഞ്ഞു: "ഭഗവാനേ, വിസ്തരിച്ച് ആ കഥ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അക്ലിഷ്ടകർമ്മാവായ പാർത്ഥൻ എങ്ങനെ അസ്ത്രങ്ങൾ നേടി? പുരുഷവ്യാഘ്രനും തേജസ്വിയും ദീർഘബാഹുവുമായ ധനഞ്ജയൻ ഭയംകൂടാതെ ആ നിർജ്ജനവനത്തിൽ പ്രവേശിച്ചത് എങ്ങനെയാണ്? അവിടെ പാർത്ത് അവൻ എന്തൊക്കെ ചെയ്തു? ഭഗവാൻ സ്ഥാണുവിനേയും ദേവരാജനേയും എങ്ങനെ പ്രസാദിപ്പിച്ചു? ഇവയൊക്കെ ഭവാന്റെ പ്രസാദത്താൽ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദിവ്യപ്രഭാവങ്ങളൊക്കെ അറിയുന്ന സർവ്വജ്ഞനാണല്ലോ ഭവാൻ. അത്യത്ഭുതകരവും രോമാഞ്ചപ്രദവും ആയവിധം, എതിരില്ലാത്തവിധം, പാർത്ഥൻ ശിവനോടു പോരടിച്ചുപോലും! മുമ്പേതന്നെ വീരനും, പോരിൽ തോല്ക്കാത്തവനുമാണല്ലോ അർജ്ജുനൻ. ആ ചരിത്രം കേട്ടപ്പോൾ നരേന്ദ്രന്മാരും ശൂരന്മാരുമായ പാണ്ഡവന്മാർക്കു ദൈന്യഹർഷവിസ്മയങ്ങളാൽ ഹൃദയങ്ങൾ പിടച്ചുപോലും! പാർത്ഥൻ എന്തൊക്കെ ചെയ്തുവെന്ന് ഒന്നും വിടാതെ പറഞ്ഞാലും. ഈ ജിഷ്ണു അല്പവും നിന്ദ്യമായ കർമ്മം ചെയ്യുകയില്ല; തീർച്ചയാണ്. ആ ശൂരന്റെ ചരിതമൊക്കെ വിസ്തരിച്ചു പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ഹേ പൗരവശാർദ്ദൂലാ! മഹാത്മാവായ അർജ്ജുനന്റെ അത്ഭുതകരവും ദിവ്യവുമായ കഥ ഞാൻ പറയാം. ശിവനോടു പോരാടിയ ആ അത്ഭുതകഥ! നരേശനായ ശക്രനേയും, ദേവദേവനായ ശങ്കരനേയും കാണുവാൻ യുധിഷ്ഠിരന്റെ വാക്ക് കേട്ട് ദിവ്യമായ ചാപവും സ്വർണ്ണപ്പിടിയുള്ള വാളും എടുത്ത് മഹാബലനും മഹാബാഹുവുമായ അവൻ കാര്യസിദ്ധി കാംക്ഷിച്ച് പുറപ്പെട്ടു. വളരെ പരിശ്രമത്തോടെ ആ ഘോരകാന്താരം കണ്ട് സർവ്വലോകമഹാരഥനും സ്ഥിരചിത്തനുമായ ഇന്ദ്രപുത്രൻ തപസ്സുചെയ്യുവാൻ വിചാരിച്ച് കാട്ടിലേക്കു പ്രവേശിച്ചു. ആ കാനനം ഘോരകണ്ടകാകീർണ്ണവും, മാനുഷവർജ്ജിതവും, സിദ്ധചാരണസേവിതവും, നാനാമൃഗങ്ങളാൽ ആവൃതവും, നാനാപുഷ്പങ്ങളാൽ സമ്പൂർണ്ണവുമായിരുന്നു. കൗന്തേയൻ അതിലേക്കു പ്രവേശിച്ചു. ആ നിർജ്ജനവനത്തിലേക്ക് കൗന്തേയൻ പ്രവേശിച്ചപ്പോൾ ആകാശത്തിൽ ശംഖുകളിൽ നിന്നും പെരുമ്പറകളിൽനിന്നും ശബ്ദം മുഴങ്ങുകയും ഭൂമിയിൽ പുഷ്പം വർഷിക്കുകയും ചെയ്തു. മേഘങ്ങൾ പരന്നു സകല ദിക്കിലും നിഴലുണ്ടാക്കി. വനദുർഗ്ഗങ്ങൾ കയറി കൊടുമുടിക്കരികെ ഹിമപർവ്വതത്തിൽ അർജ്ജുനൻ ചെന്നുനിന്നു. ആ വനത്തിൽ, മനോഹരമായി പാടുന്ന പക്ഷികൾ വസിക്കുന്ന പൂത്ത വൃക്ഷങ്ങളും, വൈഡൂര്യം പോലെ ഹിമപ്രഭകലർന്ന വലിയ ചുഴികളോടുകൂടി ഒഴുകുന്ന നദികളും, ശീതളവും നിർമ്മലവുമായ ജലം ചേർന്നു രമണീയമായി ശോഭിക്കുന്ന ആ പ്രദേശത്ത്, അർജ്ജുനൻ വിളങ്ങി. ഹംസങ്ങളുടേയും കുളക്കോഴികളുടേയും സാരസങ്ങളുടേയും കുയിലുകളുടേയും മയിലുകളുടേയും ചക്രവാകങ്ങളുടേയും ശബ്ദങ്ങൾ കേട്ടും കാടിന്റെ ഭംഗികണ്ടും പുണ്യജലം ഒഴുകുന്ന ആറു കണ്ടും അർജ്ജുനന്റെ ഹൃദയം കുളിർത്തു. അവിടെ ആ ഉഗ്രതപസ്വി മരത്തോലുടുത്ത്, ദണ്ഡും മാൻതോലും ധരിച്ച്, പഴുത്തു കൊഴിഞ്ഞു വീഴുന്ന ഇലകൾ മാത്രം ഭക്ഷിച്ച് ഉഗ്രമായ തപസ്സിൽ ഏർപ്പെട്ടു. മുമ്മൂന്നു ദിവസംകൂടുമ്പോൾ ഒരിക്കൽമാത്രം ഫലം ഭുജിച്ചുകൊണ്ട് ഒരുമാസം കഴിച്ചു. അടുത്ത മാസത്തിൽ ആറുദിവസം കൂടുമ്പോൾ ഒരിക്കൽ മാത്രമായി ഫലാഹാരം. മൂന്നാം മാസ

digitized by www.sreyas.in

ത്തിൽ പക്ഷംതോറും മാത്രമായി ആഹാരം. പിന്നെ അർജ്ജുനൻ വായു മാത്രം ഭക്ഷിച്ചു നാളുകളും മാസങ്ങളും കഴിച്ചു. കാൽവിരലൂന്നി, കൈകളുയർത്തി ഒന്നിന്മേലും തൊടാതെ ഏകാഗ്രചിത്തനായി നിന്നു. അപ്പോൾ ആ മഹാത്മാവിന്റെ ജട മിന്നലോടുകൂടിയ കാർമേഘംപോലെ ശോഭിച്ചു. അർജ്ജുനന്റെ ഈ ഉഗ്രതപസ്സു കണ്ട് അതിനെപ്പറ്റി അറിയിക്കുവാൻ ഋഷിമാർ ശിവന്റെ സമീപത്തുചെന്നു."

മഹർഷികൾ പറഞ്ഞു: "മഹാതേജസ്വിയായ അർജ്ജുനൻ ഹിമവാനിൽ നിന്ന് ദിക്കുമുഴുവൻ പുകയുമാറ് ഉഗ്രമായ തപസ്സു ചെയ്യുന്നു. അവന്റെ ആഗ്രഹമെന്താണെന്ന് ഞങ്ങൾ അറിയുന്നില്ല. ഞങ്ങളെയൊക്കെ തപിപ്പിക്കുന്നതുകൊണ്ട് ഭവാൻ അവന്റെ തപസ്സിനെ തടഞ്ഞാലും!"

മഹാദേവൻ പറഞ്ഞു: "ഫൽഗുനനെ വിചാരിച്ച് നിങ്ങൾ ഒന്നുകൊണ്ടും വിഷാദിക്കേണ്ട. നിങ്ങൾ പൊയ്ക്കൊള്ളുക. എന്താണ് അവന്റെ സങ്കല്പമെന്ന് എനിക്കറിയാം. അവൻ സ്വർഗ്ഗത്തെയോ, ഐശ്വര്യത്തെയോ, ആയുസ്സിനെയോ കാംക്ഷിച്ചല്ല തപസ്സു ചെയ്യുന്നത്. അവന്റെ ആഗ്രഹമൊക്കെ ഇന്നുതന്നെ ഞാൻ സാധിപ്പിച്ചുകൊടുക്കും."

വൈശമ്പായനൻ പറഞ്ഞു: "ശർവ്വന്റെ വാക്കുകേട്ട് സത്യവാദികളായ മഹർഷികൾ പ്രകർഷത്തോടെ താന്താങ്ങളുടെ ആലയങ്ങളിലേക്കു തിരിച്ചു."

39. മഹാദേവസ്തവം – വൈശമ്പായനൻ പറഞ്ഞു: "മഹാത്മാക്കളായ തപസ്വിമാരെല്ലാം പോയതിനുശേഷം പിനാകപാണിയും സർവ്വപാപഹരനും ഹരനുമായ ഭഗവാൻ പൊന്മരം പോലെ ഉന്നതാകാരനായ ഒരു കിരാതന്റെ വേഷമെടുത്ത്, മഹാമേരുപോലെ വിപുലാകാരനായി വിലസി. നല്ല വില്ലും സർപ്പോഗ്രമായ ബാണങ്ങളുമെടുത്ത്, ശരീരമെടുത്ത അഗ്നിപോലെ പുറപ്പെട്ടു. ഉമാദേവി കിരാതസ്ത്രീയുടെ വേഷത്തിൽ ഭർത്താവിനെ അനുഗമിച്ചു. നാനാവേഷധരന്മാരായ ഭൂതങ്ങളോടും കിരാതവേഷധാരിണികളായ ആയിരക്കണക്കിന്നു സ്ത്രീകളോടുംകൂടി പാർവ്വതിയോടുകൂടിയ ശിവൻ കാട്ടിൽ എത്തി. അപ്പോൾ വനം പെട്ടെന്നു മനോഹരമായി ശോഭിച്ചു.

ഉടനെ ആ കാട് സർവ്വത്ര നിശ്ശബ്ദമായി. പക്ഷികളുടെ നാദം നിലച്ചു. വനനിർഝരങ്ങളുടെ ശബ്ദംകൂടി നിലച്ചു!

അക്ലിഷ്ടകർമ്മാവായ പാർത്ഥൻ നില്ക്കുന്നിടത്തേക്കു ചെന്നപ്പോൾ അത്ഭുതരൂപംപൂണ്ടു നില്ക്കുന്ന 'മൂക'നെന്നു പേരായ അസുരനെക്കണ്ടു. അവൻ പന്നിയുടെ വേഷത്തിൽ പാർത്ഥനെ കൊല്ലുവാൻ എത്തിയിരിക്കയാണ്. തക്കംനോക്കി തന്നെ ആക്രമിക്കുവാൻ നില്ക്കുന്ന അവനെ പാർത്ഥൻ കണ്ടു. ഉടനെ ഫൽഗുനൻ ഗാണ്ഡീവവും സർപ്പതുല്യമായ ബാണവും എടുത്തു വില്ലുപൂട്ടി ചെറുഞാണൊലിയിട്ടുകൊണ്ടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "കുറ്റം യാതൊന്നും ചെയ്യാതെ ഇവിടെ സ്വൈരമായി നില്ക്കുന്ന എന്നെ നീ കൊല്ലുവാൻ വിചാരിച്ചതുകൊണ്ട് മുമ്പെത്തന്നെ ഞാൻ നിന്നെ യമപുരിക്ക് അയച്ചേക്കാം."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് അവനെ ദൃഢധന്വാവായ പാർത്ഥൻ എയ്യുവാൻ തുടങ്ങിയപ്പോൾ കിരാതമൂർത്തിയായ ശങ്കരൻ തടസ്സപ്പെടുത്തി."

കിരാതൻ പറഞ്ഞു: "ഈ 'ഇന്ദ്രകീല' സമപ്രഭനായ ഇവനിൽ ആദ്യമായി ഞാനാണ് ഉന്നംവെച്ചത്. എയ്യരുത്!"

വൈശമ്പായനൻ പറഞ്ഞു: "കിരാതൻ പറഞ്ഞതിനെ വിലവെക്കാതെ അർജ്ജുനൻ അതിനെ എയ്തു. ഒപ്പം കിരാതനും ഇടിത്തീപോലെ, അഗ്നിശിഖപോലുള്ള ശരം പ്രയോഗിച്ചു. അവർ എയ്ത ശരങ്ങൾ രണ്ടും ഒപ്പം അതിന്റെ ദേഹത്തിൽ പതിച്ചു. മലപോലെ ഉറപ്പുള്ള ഭീമാകാരനായ മൂകന്റെ ശരീരത്തിൽ രണ്ടും ഒപ്പം പതിച്ചപ്പോൾ പർവ്വതത്തിൽ ഇടിത്തീയും വജ്രവും ഒപ്പം പതിച്ചാലെന്നപോലെയുള്ള ശബ്ദം മുഴങ്ങി. പന്നഗതുല്യങ്ങളായ ദീപ്തബാണങ്ങൾ ദേഹത്തിൽ തുളഞ്ഞുകയറി. ഉടനെ മൂകൻ വരാഹരൂപം വെടിഞ്ഞ് ഭയങ്കരമായ രാക്ഷസരൂപമെടുത്ത് അവിടെ ചത്തുവീണു. പിന്നെ അർജ്ജുനൻ കിരാതവേഷനായി സ്ത്രീകളോടുകൂടെ നില്ക്കുന്ന കാഞ്ചനപ്രഭനായ ആ പുരുഷനോട് മന്ദസ്മിതത്തോടെ ചോദിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഈ ശൂന്യമായ കാന്താരത്തിൽ സ്ത്രീകളോടുകൂടി സഞ്ചരിക്കുന്ന കനകപ്രഭനായ ഭവാൻ ആരാണ്? ഈ ഘോരകാനനത്തിൽ സഞ്ചരിക്കുവാൻ ഭവാനു ഭയമില്ലേ? ഞാൻ ലക്ഷ്യംവെച്ച പന്നിയെ ഭവാൻ ഇടയിൽ പ്രവേശിച്ച് എയ്തതു ന്യായമായോ? ഇവിടെ വന്ന ഈ രാക്ഷസനോടു മുമ്പെ എതിർത്തതു ഞാനാണല്ലോ. അതു കണ്ടിട്ടും മൃഗയാധർമ്മം പാലിക്കാത്ത ഭവാൻ ദുരകൊണ്ടോ നിന്ദകൊണ്ടോ ഇവിടെ ഈ ചെയ്ത കൃത്യം എനിക്കു പൊറുക്കുവാൻ വയ്യ! നായാട്ടിന്നു ചേർന്ന ധർമ്മമല്ല നീ ചെയ്തത്. അതുകൊണ്ട് ഇനി ഞാൻ ഭവാനെ വിട്ടയയ്ക്കുകയില്ല. കാട്ടാള! ഞാൻ നിന്നെ ഇപ്പോൾ കൊന്നുകളയും."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഇപ്രകാരം പറഞ്ഞപ്പോൾ കിരാതൻ പുഞ്ചിരിതൂകിക്കൊണ്ടു സവ്യസാചിയോടു പറഞ്ഞു."

കിരാതൻ പറഞ്ഞു: "ഹേ, വീരാ! ഈ കാട്ടിൽ ഞാൻകാരണം നീ ഭയപ്പെടേണ്ട. പാർക്കുവാൻ ഞങ്ങൾക്കൊക്കെ പറ്റിയതാണ് ഈ സ്ഥലം. അങ്ങ് എന്തിനാണ് ഇവിടെ ഇത്ര വിഷമിച്ചു പാർക്കുന്നത്? ഹേ താപസാ, ധാരാളം ഹിംസ്രജന്തുക്കളുള്ള ഇവിടെ പാർക്കുന്നത് കിരാതന്മാരായ ഞങ്ങൾക്കു ചേർന്നതാണ്. കൃഷ്ണശരീരനും സുകുമാരനും സുഖോചിതനുമായ ഭവാൻ ഏകാകിയായി ഈ ശൂന്യകാനനത്തിൽ എന്തുകൊണ്ടാണു സഞ്ചരിക്കുന്നത്?"

അർജ്ജുനൻ പറഞ്ഞു: "ഗാണ്ഡീവവും അഗ്നിതുല്യമായ ശരങ്ങളുമേന്തി ഞാൻ ഈ മഹാരണ്യത്തിൽ രണ്ടാം 'പാവകി'* യപ്പോലെ പാർത്തുവരുന്നു. മൃഗരൂപം ധരിച്ച ഈ ഘോരരാക്ഷസൻ എന്നോട് എതിർത്തുവന്നപ്പോൾ ഞാൻ അവനെ കൊന്നു വീഴ്ത്തി. നീ കണ്ടില്ലേ? ശത്രുസംഹാരത്തിൽ ഇത്രയും ശക്തനായ എനിക്ക് ഈ കാട്ടിൽ ഏകനായി സഞ്ചരിക്കുവാൻ ഒട്ടും ഭയമില്ല. ആരെ ഭയപ്പെടണം?"

കിരാതൻ പറഞ്ഞു: "ഭവാനല്ലല്ലോ ഈ രാക്ഷസനെ കൊന്നത്! ഞാനാണല്ലോ. ഞാൻതന്നെ എന്റെ വില്ലിൽനിന്ന് എയ്തുവിട്ട ശരം ഏറ്റുവീണ ഇവൻ യമപുരി പ്രാപിച്ചു. ഇവൻ ആദ്യമേ ലക്ഷ്യമായതും എനിക്കാണ് എന്റെ മുമ്പിലാണ് ഇവൻ ആദ്യം വന്നു ലക്ഷ്യവിഷയമായത്. ഞാനാണ് ആദ്യം ഉന്നംവെച്ച് അടുത്തത്. അവനെ കൊന്നുവിട്ടതും ഞാൻതന്നെയാണ്. സ്വന്തം ദോഷങ്ങളെ അന്യനിൽ ചുമത്തി തനിക്കു കൈയൂക്കു കൂടുമെന്നു ഗർവ്വിച്ചു പറയരുത്. മൂഢാത്മാവായ നിനക്കു കുറച്ചൊന്നുമല്ല ഗർവ്വം. ഹേ, ഗർവ്വിഷ്ഠാ, നിന്നെ ഞാൻ വെറുതെ വിടില്ല. നീ ശക്തനാണെങ്കിൽ തടുത്തുകൊള്ളുക. നിന്റെ ശരം എന്റെ നേരെ പ്രയോഗിക്കുക. നിന്നെ ഞാൻ കൊല്ലും."

വൈശമ്പായനൻ പറഞ്ഞു: "ആ കാട്ടാളന്റെ വാക്കുകേട്ടു വല്ലാതെ കുപിതനായിത്തീർന്ന അർജ്ജുനൻ യുദ്ധത്തിനൊരുങ്ങി. അർജ്ജുനൻ കിരാതന്റെനേരെ ശരംവിട്ടു. വേടൻ ശരങ്ങളെ സസന്തോഷം ഏറ്റു ശരങ്ങൾ അന്യോന്യം വർഷിച്ചു. ഹേ, മന്ദ! ഇനിയും അയയ്ക്കൂ. ഇനിയും ശരം പ്രയോഗിക്കൂ! എന്നായി കിരാതൻ. അർജ്ജുനൻ പിന്നെയും ബാണങ്ങൾ കിരാതനിൽ പ്രയോഗിച്ചു. ആ ബാണങ്ങൾ ഏറ്റ് സന്തുഷ്ടചിത്തനായി ശങ്കരൻ മുഹൂർത്തസമയം ശരവർഷം ഏറ്റു. യാതൊരു കുലുക്കവും കൂടാതെ പിനാകി മലപോലെ നിന്നു. ശരവർഷം നിഷ്ഫലമായിക്കണ്ടപ്പോൾ ധനഞ്ജയൻ അത്ഭുതപ്പെട്ട് 'കൊള്ളാം നന്ന്' എന്നു പറഞ്ഞു അർജ്ജുനൻ വിസ്മയപ്പെട്ടു.

* പാവകി = സുബ്രഹ്മണ്യൻ.

digitized by www.sreyas.in

അഹോ! ഈ സുകുമാരാംഗനായ മലയൻ ആരാണ്? ഗാണ്ഡീവത്തിൽനിന്നു പായുന്ന ശരങ്ങളെല്ലാം കുലുക്കം കൂടാതെ ഇവൻ ഏൽക്കുന്നുവല്ലോ. ഇവൻ സുരനോ, അസുരനോ, യക്ഷനോ, സാക്ഷാൽ രുദ്രനോ? ആരാണിവൻ? ഈ പർവ്വതത്തിൽ ദേവൻമാർ വാഴുന്നുണ്ടെന്ന് ഞാൻ മുമ്പേതന്നെ കേട്ടിട്ടുണ്ട്. അവരിൽ ആരെങ്കിലുമാകുമോ എന്നോടെതിർക്കുന്ന ഈ കിരാതൻ? ഞാൻ ആയിരക്കണക്കിന്നെയ്തുവിടുന്ന ശരങ്ങൾ സഹിക്കുവാൻ സാക്ഷാൽ രുദ്രഭഗവാനല്ലാതെ ആർക്കാണു സാധിക്കുക? ഇവൻ ദേവനോ, യക്ഷനോ ആരായാലും കൊള്ളാം. ഇവൻ, രുദ്രനൊഴികെ മറ്റാരായാലും എന്റെ തീക്ഷ്ണശരങ്ങൾ കൊണ്ട് ഞാൻ ഇവനെ കൊല്ലും. ഇപ്രകാരം വിചാരിച്ച് സവ്യസാചി, മർമ്മം പിളർക്കുന്ന ബാണങ്ങൾ സൂര്യൻ രശ്മികൾ വിടും പോലെ വിട്ടു. അതൊക്കെ ശൂലപാണിയായ ഭഗവാൻ, ശിലാവർഷത്തെ ശൈലം എന്നപോലെ ഏറ്റ് ഹൃഷ്ടനായി ഇളകാതെ നിന്നു. അമ്പു തന്റെ ആവനാഴിയിൽ ഒടുങ്ങിത്തുടങ്ങിയതുകണ്ട് അർജ്ജുനന്നു ഭയമായി. തനിക്കു ഖാണ്ഡവത്തിൽവെച്ച് അമ്പൊടുങ്ങാത്ത ആവനാഴി തന്ന അഗ്നിഭഗവാനെ അർജ്ജുനൻ സ്മരിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഭഗവാനെ, ഞാൻ ഇനി എന്തുകൊണ്ടാണ് എയ്യേണ്ടത്? ശരങ്ങളൊക്കെ ഗ്രസിക്കുന്ന ഈ പുരുഷൻ ആരാണ്? ശൂലാഗ്രംകൊണ്ട് ആനയെ എന്നപോലെ, ഇവനെ ഞാൻ വില്ലുകൊണ്ട് ദണ്ഡധാരിയായ യമന്റെ പുരിയിലേക്കയയ്ക്കും."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് അർജ്ജുനൻ വില്ലുകൊണ്ട് അടിക്കുകയും, ഞാണുകൊണ്ടു വലിക്കുകയും, വജ്രതുല്യമായ മുഷ്ടികൊണ്ട് ആ കിരാതനെ ഇടിക്കുകയും ചെയ്തു. അടിക്കുവാൻ ഓങ്ങിയ വില്ല് കിരാതൻ പിടിച്ചു വലിച്ചെടുക്കുകയാൽ അവന്നു വില്ലുമില്ലാതായി. അപ്പോൾ അർജ്ജുനൻ വാൾഊരി ഒറ്റവെട്ടിന് അവനെ കൊല്ലുവാൻ ഉദ്ദേശിച്ചു. പർവ്വതത്തിനുപോലും തടുക്കുവാൻ കഴിയാത്ത വാൾ കിരാതന്റെ ശിരസ്സിൽ ആഞ്ഞുപ്രയോഗിച്ചു വാൾ പെട്ടെന്നു ശിരസ്സിൽക്കൊണ്ടയുടനെ പൊട്ടിത്തകർന്നു വീണു. പിന്നീട് വൃക്ഷങ്ങളും ശിലകളും പറിച്ചെടുത്തു പൊരുതി. അവയൊന്നും കിരാതനിൽ ഏല്ക്കായ്കയാൽ അർജ്ജുനൻ മുഷ്ടികൊണ്ടു പൊരുതി. ക്രോധാവേശംകൊണ്ടു മുഖംപുകഞ്ഞു. വജ്രസങ്കാശമായ മുഷ്ടികൊണ്ട് ദുരാധർഷനായ കിരാതനെ ഫൽഗുനനും, അശനിതുല്യവും ദാരുണവുമായ മുഷ്ടികൊണ്ട് ഫൽഗുനനെ കിരാതനും ഇടിച്ചു. ഉടനെ ഘോരമായ ചടചടാശബ്ദം പുറപ്പെട്ടു. ആ ഘോരമായ മുഷ്ടിയുദ്ധം ഒരു മുഹൂർത്തം നടന്നു. മുഷ്ടികൊണ്ടും ഉരസ്സുകൊണ്ടും ഊക്കോടെ ഇടിക്കുകയാൽ അവരുടെ ശരീരത്തിൽനിന്നു തീയും പുകയും പുറപ്പെട്ടു. പിന്നെ മഹാദേവൻ അർജ്ജുനനെപ്പിടിച്ച് അമർത്തി ഞെക്കി വീപ്പുമുട്ടിക്കുകയാൽ അവൻ നിശ്ചേഷ്ടനായി ബോധംകെട്ടു വീണു.

ഒരു മുഹൂർത്തം കഴിഞ്ഞപ്പോൾ അർജ്ജുനൻ ദേഹം മുഴുവൻ രക്തത്തിൽ മുഴുകിയനിലയിൽ എഴുന്നേറ്റു. ദുഃഖസന്തപ്തനായി മഹാദേവനെ ധ്യാനിച്ചു. മണ്ണുകൊണ്ട് ഒരു വിഗ്രഹമുണ്ടാക്കി അതിന്മേൽ പുഷ്പാർച്ചന ചെയ്തു. അപ്പോൾ വിഗ്രഹത്തിൽ അർച്ചിക്കുന്ന പുഷ്പങ്ങളെല്ലാം കിരാതന്റെ ശിരസ്സിൽ പ്രശോഭിക്കുന്നതായിക്കണ്ടു. ഇതു കണ്ടപ്പോൾ തന്റെ എതിരാളി സാക്ഷാൽ രുദ്രഭഗവാൻ തന്നെയാണെന്ന് ആ പാണ്ഡുപുത്രോത്തമൻ അറിഞ്ഞു. ഉടനെ ക്ലേശം നീങ്ങി അതിയായ സന്തോഷത്തോടെ അവൻ ഭഗവാന്റെ പാദങ്ങളിൽ വീണു. മഹാദേവനും അർജ്ജുനനിൽ ഏറ്റവും സന്തുഷ്ടനായി. തപസ്സുകൊണ്ടു തളർന്നുവലഞ്ഞ് തന്റെ പാദതലത്തിൽ വീണുകിടക്കുന്ന അർജ്ജുനനെ മേഘഗർജ്ജനം പോലെയുള്ള ഗംഭീരസ്വരത്തിൽ ഭഗവാൻ സമാശ്വസിപ്പിച്ചു."

ഭഗവാൻ പറഞ്ഞു: "എടോ ഫൽഗുനാ! നിന്റെ അതുല്യമായ കർമ്മത്താൽ ഞാൻ സംപ്രീതനായിരിക്കുന്നു. ശൗര്യത്തിലും സ്ഥൈര്യത്തിലും നിന്നോടു തുല്യനായി ക്ഷത്രിയൻ വേറെയില്ല. ശക്തികൊണ്ടും തേജസ്സുകൊണ്ടും നീ എന്നോടു തുല്യനാണ്. മഹാബാഹുവായ നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു. പുരാണമഹർഷിയാണ് നീ. നിനക്ക് എന്നെ കാണുന്നതിനുവേണ്ടി ദിവ്യദൃഷ്ടി തരും. യുദ്ധത്തിൽ സർവ്വശത്രുക്കളേയും നീ ജയിക്കും. ദേവന്മാരെക്കൂടി നീ ജയിക്കും. ഞാൻ നിന്നിൽ ഏറ്റവും പ്രീതനായതിനാൽ ആർക്കും തടുക്കുവാൻ വയ്യാത്തതായ അസ്ത്രം ഞാൻ നിനക്കു തരാം. എന്റെ ആ അസ്ത്രം ഉടനെ നിനക്കു തരുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ദിവ്യദൃഷ്ടികൊണ്ട് ഫൽഗുനൻ കൈലാസവാസിയും മഹാദേവനുമായ ശിവനെ, ശൂലപാണിയെ, മഹാദ്യുതിയോടെ ഉമാസമേതനായി കണ്ടു. മുട്ടുകുത്തി നിലത്തു തലമുട്ടി ശത്രുപുരവിജയിയായ ആ പൃഥാപുത്രൻ നമിച്ച് ഹരനെ സ്തോത്രങ്ങളാൽ പ്രസാദിപ്പിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഹേ, കപർദ്ദിൻ! സർവ്വദേവേശാ! ഭഗനേത്രാ! വിനാശകാ! ഹരാ! പ്രഭോ! നീലകണ്ഠാ! ജടാധരാ! മുക്കണ്ണനും വിഭുവുമായ നീയാണ് എല്ലാറ്റിനും മൂലമെന്നു ഞാൻ അറിയുന്നു. കാരണങ്ങൾക്കു ആദ്യനും എല്ലാ ദേവകൾക്കും ആശ്രയവും ആണെന്നു ഞാൻ അറിയുന്നു. ഈ പ്രപഞ്ചമെല്ലാം നിന്നിൽനിന്നു ഭവിച്ചു. നീ ദേവാസുരമാനുഷമായ മൂന്നു ലോകത്തിന്നും അജയ്യനാണ്. വിഷ്ണുവിന്റെ രൂപത്തോടുകൂടിയ ശിവനും ശിവന്റെ രൂപത്തോടുകൂടിയ വിഷ്ണുവും നീ ഒരുത്തൻതന്നെയാണ്. പണ്ട് ദക്ഷന്റെ മഹായജ്ഞം നീ നശിപ്പിച്ചു. ഹേ ഹരേ! ഹേ രുദ്ര! ഞാൻ ഭവാനെ കൈകൂപ്പുന്നു. നെറ്റിമേൽ നേത്രങ്ങളുള്ള ശർവ്വാ! ശൂലധാരകാ! പിനാകധരാ! സൂര്യാ! ശുദ്ധാ! പ്രജാപതേ! ഞാൻ കുമ്പിടുന്നു. ഭവാൻ എന്നിൽ പ്രസാദിച്ചാലും. നീ ജഗത്തിനു ഗണേശനാകുന്നു. ലോകങ്ങൾക്ക് ആദികാരണമായതും നീ തന്നെ. നീയാണു പുരുഷോത്തമൻ. പരമോന്നതനും സൂക്ഷ്മതരനും നീയാണ്. നീ ഹരനാകുന്നു. ഭഗവാനേ! ശങ്കരാ, ഭവാൻ എന്റെ അപരാധങ്ങളെ, അതിക്രമങ്ങളെ, ക്ഷമിച്ചാലും! ഞാൻ ഭഗവദ്ദർശനത്തിന്നാണ് തപസ്വികളുടെ ഈ പ്രിയപ്പെട്ട സങ്കേതവും അങ്ങയ്ക്കു പ്രിയവുമായ ഈ മഹാഗിരിയിലെത്തിയത്. ഭഗവാനേ! എന്നിൽ നീ പ്രസാദിച്ചാലും! സർവ്വലോകവന്ദിതാ! പ്രസാദിച്ചാലും! സർവ്വലോകവന്ദിതാ! പ്രസാദിച്ചാലും. ഞാൻ ചെയ്ത സാഹസങ്ങൾ എന്നിൽ കുറ്റമായി കരുതരുതേ! അറിവില്ലാത്ത ഞാൻ ഭവാനോടു പൊരുതിയതാണ്. ശരണംപ്രാപിച്ച എന്നിൽ ഭവാൻ ക്ഷമിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "അപ്പോൾ മഹാതേജസ്വിയായ വൃഷഭധ്വജൻ അർജ്ജുനന്റെ സുന്ദരമായ കൈകൾ രണ്ടും പിടിച്ച് പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: 'ഞാൻ എല്ലാം ക്ഷമിച്ചിരിക്കുന്നു' എന്ന്. പിന്നെ ഹരൻ സന്തോഷത്തോടെ തന്റെ ഭക്തനെ തഴുകുകയും പിന്നെയും പിന്നെയും സമാശ്വസിപ്പിക്കുകയും ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു."

40. ശിവപ്രസ്ഥാനം - ദേവദേവൻ പറഞ്ഞു: "പൂർവ്വജന്മത്തിൽ നീ നാരായണസ്നേഹിതനായ നരനായിരുന്നു. നീ അനേകായിരം സംവത്സരം ബദര്യാശ്രമത്തിൽ ഉഗ്രമായ തപസ്സു ചെയ്തിട്ടുണ്ട്. നിന്നിലും പുരുഷോത്തമനായ വിഷ്ണുവിലും പരമമായ തേജസ്സ് കുടികൊള്ളുന്നു. പുരുഷാഗ്രിമൻമാരായ നിങ്ങൾ രണ്ടുപേരാണ് തേജസ്സുകൊണ്ട് ഈ ലോകത്തെ ധരിക്കുന്നത്. ഇന്ദ്രാഭിഷേകകാലത്ത് മേഘനിർഘോഷത്തോടുകൂടിയ ധനുസ്സേന്തി, ഭവാനും കൃഷ്ണനുംകൂടി ദൈത്യന്മാരെ നിഗ്രഹിച്ചു. നിന്റെ കരത്തിനു ചേർന്ന ഈ ഗാണ്ഡീവം അന്നത്തെ ആ വില്ലാണ്. നാം തമ്മിൽ നടന്ന പോരിൽ മായകൊണ്ടാണ് ഗാണ്ഡീവവും അമ്പൊടുങ്ങാത്ത ആവനാഴിയും ഞാൻ ഗ്രസിച്ചത്. ഹേ പാർത്ഥ, നിനക്കുചേർന്ന ഈ ആവനാഴി വീണ്ടും അമ്പൊടുങ്ങാത്തതാവും. നിനക്കു പോരിലുണ്ടായ വൈവശ്യം എല്ലാം ഉടനെ നീങ്ങിപ്പോകും. കുരുനന്ദനാ! നിന്റെ ശക്തി അജയ്യമാണ്. ഞാൻ നിന്നിൽ സംപ്രീതനായിരിക്കുന്നു. ഹേ, പുരുഷശ്രേഷ്ഠാ! നീ ആഗ്രഹിക്കുന്ന വരം എന്നിൽനിന്നു വാങ്ങിക്കൊള്ളുക. നിന്നോടു തുല്യനായി മർത്ത്യലോകത്തിൽ മറ്റൊരു

digitized by www.sreyas.in

ക്ഷത്രിയനും ഇല്ല. സ്വർഗ്ഗത്തിലും നിന്നേക്കാൾ ശ്രേഷ്ഠനായി ഒരു പുരുഷനുമില്ല."

അർജ്ജുനൻ പറഞ്ഞു: "അല്ലയോ വൃക്ഷഭദ്ധ്വജാ! എന്റെ കാംക്ഷിതംപോലെ ചെയ്യുവാൻ തക്കവണ്ണം ഭവാന് എന്നിൽ പ്രീതിയുണ്ടെങ്കിൽ, ദിവ്യവും ഘോരവുമായ പാശുപതാസ്ത്രം എനിക്കു തന്നാലും. ദാരുണമായ യുഗാന്തകാലത്ത് ജഗത്തിനെ മുഴുവൻ സംഹരിക്കുന്ന രൗദ്രവും, ഭീമപരാക്രമവുമായ ആ ബ്രഹ്മശിരസ്സാണ് ഈ അസ്ത്രം. കർണ്ണൻ, ഭീഷ്മൻ, കൃപൻ, ദ്രോണൻ എന്നിവരോട് എനിക്ക് ഉഗ്രമായി യുദ്ധം ചെയ്യേണ്ടതായി വരും. ആ യുദ്ധത്തിൽ ഭവാന്റെ പ്രസാദത്താൽ അവരെ എനിക്കു ജയിക്കണം. യുദ്ധത്തിൽ ദൈത്യന്മാരേയും, രാക്ഷസന്മാരേയും, ഭൂതങ്ങളേയും, പിശാചുക്കളേയും, പന്നഗഗന്ധർവ്വന്മാരേയും ദഹിപ്പിക്കുവാൻ ഇതിനാൽ ഞാൻ ശക്തനായി ഭവിക്കണം. ഈ അസ്ത്രത്തിൽനിന്ന് അനേകായിരം ശൂലങ്ങളും, ഉഗ്രമായ ഗദകളും, സർപ്പാകാരങ്ങളായ ശരങ്ങളും പുറപ്പെടുന്നു. ഭീഷ്മദ്രോണകൃപന്മാരോടും, എല്ലായ്പോഴും കടുത്ത വാക്കുകൾ പുലമ്പുന്ന സൂതപുത്രനോടും ഞാൻ ഈ അസ്ത്രംകൊണ്ടു പൊരുതണം. ഇതാണ് എന്റെ ഏറ്റവും വലിയ അഭിലാഷം. ഭഗനേത്രഹനനായ അവിടുത്തെ അനുഗ്രഹത്താൽ ഞാൻ അവരെ യുദ്ധത്തിൽ തോല്പിക്കാൻ സമർത്ഥനാകണം!"

ഭഗവാൻ പറഞ്ഞു: "ഹേ പാണ്ഡവാ! എനിക്കു പ്രിയമേറിയ ആ 'പാശുപതാസ്ത്രം' ഞാൻ ഇതാ നിനക്കു തരുന്നു. അതു ധരിക്കുവാനും, പ്രയോഗിക്കുവാനും, പിൻവലിക്കുവാനും നീ സമർത്ഥനാണ്. ദേവേന്ദ്രനോ, യമനോ, യക്ഷരാജനോ, വരുണനോ, വായുവിനോ ഇതറിഞ്ഞുകൂടാ. പിന്നെ മർത്ത്യരുടെ കഥ പറയേണ്ടതുണ്ടോ? സാധാരണന്മാരിൽ ഈ അസ്ത്രം പ്രയോഗിച്ചുകൂടാ. അശക്തനായവനിൽ ഇതു പ്രയോഗിച്ചാൽ ലോകം മുഴുവൻ നശിപ്പിക്കും. ചരാചരാത്മകമായ പ്രപഞ്ചത്തിൽ മൂന്നു ലോകത്തിലും ഈ അസ്ത്രത്തിനു നശിപ്പിക്കുവാൻ വയ്യാത്തതായി ഒന്നുമില്ല. വാക്കോ, നോട്ടമോ, മനസ്സോ, വില്ലോ കൊണ്ട് ഈ അസ്ത്രം പ്രയോഗിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ അർജ്ജുനൻ ശുചിയായ ആ ലോകാധിപതിയുടെ മുൻപിൽ ഏകാഗ്രചിത്തനായി നിന്ന്, എനിക്ക് ഉപദേശിച്ചാലും എന്നു പറഞ്ഞു. അന്തകതുല്യമായ പാശുപതാസ്ത്രം, പ്രയോഗിക്കുന്നതിലും സംഹരിക്കുന്നതിലും ഉള്ള സർവ്വരഹസ്യങ്ങളോടുംകൂടി, ശിവൻ ആ പാണ്ഡുപുത്രനെ ഗ്രഹിപ്പിച്ചു. ഉമാനാഥന്ന് എന്നപോലെ ആ അസ്ത്രം പാർത്ഥനും അധീനമായി. അർജ്ജുനൻ സസന്തോഷം പാശുപതാസ്ത്രം വാങ്ങിയ ഉടനെ കാടും കടലും മലയും വൃക്ഷവും നാടും നഗരവും ചേർന്ന ഭൂമി കുലുങ്ങുകയും, ശംഖദുന്ദുഭിനാദം മുഴങ്ങുകയും, കൊള്ളിമീനുകൾ വീഴുകയും ചെയ്തു. കൊടുങ്കാറ്റും ചുഴലിക്കാറ്റുമുണ്ടായി. ഉജ്ജ്വലവും ഘോരവുമായ ആ അസ്ത്രം അർജ്ജുനന്റെ പാർശ്വത്തിൽ മൂർത്തിമത്തായി നില്ക്കുന്നത് ദേവദാനവന്മാർ കണ്ടു. രുദ്രൻ സ്പർശിച്ചതോടുകൂടി ഫൽഗുനന്റെ ശരീരത്തിലുള്ള മാലിന്യവും വേദനയുമെല്ലാം പോയി. 'ഇനി അർജ്ജുനാ! നിനക്കു സ്വർഗ്ഗലോകത്തു പോകാം' എന്ന് മഹേശ്വരൻ അർജ്ജുനനോടു പറഞ്ഞു. മഹാദേവനിൽനിന്ന് അനുജ്ഞകിട്ടിയ ഉടനെ മഹാദേവനെ വിജയൻ കുമ്പിട്ടു തൊഴുത്, ആകാശത്തേക്കു നോക്കി. അപ്പോൾ അത്യുഗ്രതേജസ്വിയും, ദേവദേവനും, കൈലാസനാഥനും, ഉമാകാന്തനുമായ മഹേശ്വരൻ ദൈത്യപിശാചനാശനമായ ഗാണ്ഡീവമെന്ന മഹത്തായ ധനുസ്സ് അർജ്ജുനനു നല്കി. ഉടനെ ശുഭ്രവും, ഋഷിസങ്കേതവും, അനുഗൃഹീതവും മഞ്ഞുമൂടിയതുമായ ഗുഹകൾ നിറഞ്ഞ പർവ്വതം വിട്ട്, അർജ്ജുനൻ നോക്കിനില്ക്കെ പിനാകപാണിയും, വൃഷഭധ്വജനുമായ ശിവൻ, ഉമാസമേതം മറഞ്ഞു. ലോകർ നോക്കിനില്ക്കെ സൂര്യൻ മറയുന്നതുപോലെ ആ തേജസ്വി മറഞ്ഞു."

41. ദേവപ്രസ്ഥാനം – വൈശമ്പായനൻ പറഞ്ഞു: "സാക്ഷാൽ മഹാദേവനെ പ്രത്യക്ഷമായി കാണുവാൻ കഴിയുകയാൽ അർജ്ജുനൻ ഏറ്റവും കൃതാർത്ഥനായി. ശത്രുനാശനനായ അർജ്ജുനൻ അത്ഭുതപ്പെട്ടു. അരൂപിയും, വരദനും, പിനാകിയും, ഹരനും ആയ മുക്കണ്ണനെ ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടു! ഞാൻ കൈകൊണ്ടു തൊട്ടു! ഞാൻ ധന്യനായി! അനുഗൃഹീതനുമായി! ശത്രുക്കളെ മുഴുവൻ ജയിച്ചുകഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു! വന്ന കാര്യമൊക്കെ ഞാൻ നേടുകയും ചെയ്തു കഴിഞ്ഞു എന്ന് ഇപ്പോൾ നിശ്ചയിക്കാറായി. ഇപ്രകാരം പാർത്ഥൻ ആലോചിച്ചു നില്ക്കുന്ന സമയത്ത് വൈഡൂര്യപ്രഭയാൽ ദിക്കൊക്കെ വിളക്കിക്കൊണ്ട്, ജലജന്തുക്കൾ, നാഗങ്ങൾ, ദൈത്യന്മാർ, സാദ്ധ്യന്മാർ, നദങ്ങൾ, നദികൾ, ദേവന്മാർ എന്നിവരോടുകൂടി വരുണദേവൻ അവിടെ വന്നു. അപ്പോൾ ആകാശമെങ്ങും ശോഭിപ്പിച്ചുകൊണ്ട് യക്ഷഗണങ്ങളോടുകൂടി മിന്നിത്തിളങ്ങുന്ന സ്വർണ്ണരഥത്തിൽ, സ്വർണ്ണാഭനും, അത്ഭുതദർശനനുമായ കുബേരനും അർജ്ജുനനെക്കാണുവാൻ പിതൃക്കളോടും, ഗുഹ്യകഗന്ധർവ്വന്മാരോടുംകൂടി വന്നുചേർന്നു. യുഗാന്തത്തിലെ രണ്ടാമത്തെ ആദിത്യനെപ്പോലെ പ്രശോഭിച്ചുകൊണ്ട് പ്രതാപവാനും, ലോകാന്തകരനും, സൂര്യപുത്രനും, ദണ്ഡധരനുമായ യമനും വന്നുചേർന്നു. ചിത്രശൈലശിഖരങ്ങളുള്ള ആ മഹാഗിരിയിൽ തപസ്വിയായ അർജ്ജുനനെ അവർ ചെന്നു കണ്ടു. ഒരു മുഹൂർത്തസമയം ഇന്ദ്രാണിയോടുകൂടി ഐരാവതത്തിൽ കയറി വെൺകൊറ്റക്കുടയുയർത്തി, ശുഭ്രമായ മേഘങ്ങൾകൊണ്ടു ചുഴന്ന ആകാശത്ത് ചന്ദ്രൻ എന്നപോലെ ശോഭിച്ചു. ദേവന്മാരും, ഗന്ധർവ്വന്മാരും, ഋഷികളും പുകഴ്ത്തുന്ന ദേവേന്ദ്രൻ അവിടെ ഉദിച്ചു നില്ക്കുന്ന സൂര്യനെപ്പോലെ വിളങ്ങി. തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന ഒരു പർവ്വതശിഖരത്തിലിരുന്ന് പരമധർമ്മജ്ഞനായ യമൻ മേഘഗർജ്ജനത്തോടൊത്ത ശബ്ദത്തിൽ ആദ്യമായി അർജ്ജുനനെ അനുഗ്രഹിച്ചു."

യമൻ പറഞ്ഞു: "എടോ! അർജ്ജുന! ഇവിടെ എത്തിയിരിക്കുന്ന ലോകപാലകന്മാരായ ഞങ്ങളെ ഭവാൻ കണ്ടുകൊള്ളുക! ഞങ്ങളെ ദർശിക്കുവാൻ അർഹനായ നിനക്ക് ഞാൻ ദിവ്യചക്ഷുസ്സു തരാം. മഹാബലനായ നീ നരനെന്നു പേരായ പുരാണഋഷിയാണ്. ബ്രഹ്മാവിന്റെ നിശ്ചയപ്രകാരമാണ് നീ മർത്ത്യനായിപ്പിറന്നത്. വസുസംഭൂതനും മഹാവീര്യനും പരമധർമ്മാത്മാവുമായ ഭീഷ്മപിതാമഹനെ നിനക്കു യുദ്ധത്തിൽ ജയിക്കുവാൻ കഴിയും. ഭരദ്വാജപുത്രന്റെ നേതൃത്വത്തിൽ തേജസ്സുള്ള ക്ഷത്രിയരെ നിനക്കു ജയിക്കുവാൻ സാധിക്കും. മനുഷ്യരായിപ്പിറന്ന മഹാവീര്യന്മാരായ ദാനവന്മാരെയും നിനക്കു ജയിക്കുവാൻ കഴിയും. നിവാതകവചന്മാരെയും നീ സംഹരിക്കും. ആ കർണ്ണൻ എന്റെ അച്ഛന്റെ, സർവ്വലോകപ്രതാപിയായ സൂര്യന്റെ, അംശമാണ്. ആ മഹാവീര്യവാനും നിന്നാൽ ഹതനാകും. ഹേ, കുന്തീപുത്ര, ഭൂമിയിൽ പിറന്ന ദേവദാനവരക്ഷസ്സുകളുടെ അംശങ്ങളെ നീ സംഹരിക്കും. പിന്നീട് അവർ അവരവരുടെ കർമ്മഗതിക്ക് അനുരൂപമായ ഗതിയെ പ്രാപിക്കും. ഹേ, ഫൽഗുന! നിനക്കു ലോകത്തിൽ അക്ഷയമായ കീർത്തിയുണ്ടാകും. സാക്ഷാൽ മഹാദേവനെ യുദ്ധത്തിൽ സന്തോഷിപ്പിച്ചവനാണു നീ. വിഷ്ണുവോടുകൂടി നീ ഭൂമിയെ ദുർഭാരത്തിൽനിന്നു രക്ഷപ്പെടുത്തുക. ആർക്കും തടുക്കുവാൻ സാദ്ധ്യമല്ലാത്ത എന്റെ ഈ ദണ്ഡ് നീ വാങ്ങിക്കൊള്ളുക. നീ മഹത്തായ കർമ്മം ഈ ആയുധംകൊണ്ടു നിർവ്വഹിക്കും."

വൈശമ്പായനൻ പറഞ്ഞു: "പാർത്ഥൻ അതു വിധിപ്രകാരം ഏറ്റുവാങ്ങി. അതു പ്രയോഗിക്കുവാനും, പിൻവലിക്കുവാനുമുള്ള മന്ത്രങ്ങളും മനസ്സിലാക്കി. പിന്നെ പടിഞ്ഞാറെ ഭാഗത്തു നില്ക്കുന്ന നീലമേഘവർണ്ണനും, ജലാധിപനുമായ വരുണൻ പാർത്ഥനോടു പറഞ്ഞു."

വരുണൻ പറഞ്ഞു: "എടോ പാർത്ഥ! ക്ഷത്രിയധർമ്മത്തിൽ ഉറച്ചുനില്ക്കുന്നവനായ നീ, ക്ഷത്രിയമുഖ്യനാണ്. ഹേ വിശാലതാമ്രാക്ഷാ, നോക്കൂ! ഞാനാണ് ജലാധിപനായ വരുണൻ. ആർക്കും തടുക്കുവാൻ ആകാത്ത ഈ വാരുണപാശങ്ങളെ അവയുടെ രഹസ്യങ്ങളോടുകൂടി ഞാൻ ഇതാ നിനക്കു തരുന്നു. അതു

digitized by www.sreyas.in

നീ ഗ്രഹിച്ചുകൊള്ളുക. ഇവകൊണ്ട് താരകസംബന്ധമായുണ്ടായ യുദ്ധത്തിൽ പണ്ടു ഞാൻ അനേകായിരം ദാനവന്മാരെ ബന്ധിച്ചിട്ടുണ്ട്. എന്റെ പ്രസാദത്താൽ ഈ പാശങ്ങളെ നീ നേടിയിരിക്കുന്നു. ഇവ നിന്റെ കൈവശമുള്ള കാലത്തോളം യമന്നുപോലും നിന്നോട് എതിർക്കുവാൻ സാദ്ധ്യമല്ല. നീ ഈ ആയുധവുമായി പോർക്കളത്തിൽ ഇറങ്ങിയാൽ, ഇവകൊണ്ട് ലോകത്തിലെ ക്ഷത്രിയന്മാരെ നിശ്ശേഷം നശിപ്പിക്കുവാൻ നീ ശക്തനാകും."

വൈശമ്പായനൻ പറഞ്ഞു: "യമനും, വരുണനും, ദിവ്യാസ്ത്രങ്ങൾ കൊടുത്തതിന്നുശേഷം, കൈലാസവാസിയായ ധനാധിപൻ പറഞ്ഞു."

ധനാധിപൻ പറഞ്ഞു: "എടോ പാണ്ഡുപുത്ര! അസാമാന്യശക്തനും, വിജ്ഞനുമായ നിന്നിൽ ഞാനും പ്രസാദിച്ചിരിക്കുന്നു. നിന്നോടുള്ള സമാഗമം കൃഷ്ണനോടുള്ള കൂടിക്കാഴ്ചപോലെ എനിക്ക് ഏറ്റവും സന്തോഷപ്രദമാണ്. ഹേ, സവ്യസാചീ, മഹാബാഹോ, സനാതനനായ പുരാണദേവനാണു നീ. പൂർവ്വകല്പത്തിൽ ഞങ്ങളോടുകൂടി ഭവാൻ തപസ്സുചെയ്തിട്ടുണ്ട്. അജയ്യരായ ദൈത്യദാനവന്മാരെപ്പോലും നീ ജയിക്കും. ഈ ദിവ്യാസ്ത്രത്തെ ഞാൻ നിനക്ക് ഇതാ തരുന്നു! ഹേ! ധനഞ്ജയ! എന്റെ പ്രിയപ്പെട്ട 'അന്തർദ്ധാനം' എന്ന അസ്ത്രം നീ വാങ്ങിക്കൊള്ളുക. ദുർജ്ജയന്മാരായ അമർത്ത്യന്മാരെപ്പോലും നിനക്ക് ഇതുകൊണ്ടു ജയിക്കുവാൻ കഴിയും. ഈ അസ്ത്രത്താൽ നീ ധാർത്തരാഷ്ട്രസൈന്യത്തെ നശിപ്പിക്കും! ഓജസ്സും, തേജസ്സും, ദ്യുതിയും വർദ്ധിപ്പിക്കുന്നതും, ശത്രുനാശകരവും, എനിക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ അന്തർദ്ധാനാസ്ത്രം ഭവാൻ ഗ്രഹിച്ചുകൊള്ളുക. മഹാത്മാവായ ശങ്കരൻ മഹാശക്തരായ ത്രിപുരന്മാരെ ദഹിപ്പിച്ചത് ഈ അസ്ത്രത്താലാണ്. മേരുതുല്യമായ ഗൗരവവും, അജയ്യപരാക്രമവും ചേർന്ന ഭവാൻ ഈ അസ്ത്രം ധരിക്കുവാൻ അർഹനാണ്."

വൈശമ്പായനൻ പറഞ്ഞു: "കുബേരൻ നൽകിയ അസ്ത്രം വിധിപ്രകാരം കുരുനന്ദനനായ അർജ്ജുനൻ സ്വീകരിച്ചു. ഉടനെ അക്ലിഷ്ടകർമ്മാവായ പാർത്ഥനോട് ദേവരാജാവ് സാന്ത്വപൂർവ്വം ഭംഗിയായി മേഘദുന്ദുഭിനിസ്വനംപോലെ, മധുരമായി പറഞ്ഞു."

ദേവേന്ദ്രൻ പറഞ്ഞു: "മഹാബാഹുവായ കുന്തീപുത്ര! നീ പുരാതനനായ ഈശാനനാണ്. ശ്രേഷ്ഠമായ സിദ്ധിനേടി നീ ദേവതുല്യനായിരിക്കുന്നു. നീ മഹത്തായ ദേവകാര്യം ഇനി നിർവ്വഹിക്കേണ്ടതുണ്ട്. സ്വർഗ്ഗത്തിലേക്കു കയറുവാൻ മഹാതേജസ്വിയായ നീ ഒരുങ്ങിക്കൊള്ളുക. നിന്നെ കൊണ്ടുപോകുവാൻ മാതലി രഥവുമായി വേഗം ഇവിടെ എത്തും. ഹേ, കൗരവ, സ്വർഗ്ഗത്തിൽ വന്നതിനുശേഷം ഞാൻ അവിടെവച്ചു ദിവ്യാസ്ത്രങ്ങൾ തരുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ പർവ്വതാഗ്രത്തിൽ വെച്ച് ലോകപാലകന്മാരെ കാണുകയും, അവർ കൃതാർത്ഥരായി അനുഗ്രഹിക്കുകയും ചെയ്തപ്പോൾ കുന്തീപുത്രനായ ധനഞ്ജയൻ വിസ്മയപ്പെട്ടു. പിന്നെ പാർത്ഥൻ അവരെയെല്ലാം വിധിപോലെ പൂജിച്ചു. വാക്ക്, ജലം, ഫലം, ഇവയാൽ സൽക്കരിച്ചു. പാർത്ഥന്റെ സൽക്കാരം സസന്തോഷം സ്വീകരിച്ച് മനോവേഗമുള്ള ആ ദേവന്മാർ വനസ്ഥലത്തേക്കു മറഞ്ഞുപോയി. ദേവമാനിതനായി വിജയൻ ദിവ്യാസ്ത്രങ്ങൾ നേടി താൻ കാമസമ്പൂർണ്ണനും കൃതാർത്ഥനുമായി എന്ന് സന്തോഷത്തോടെ ചിന്തിച്ചു."

ഇന്ദ്രലോകാഭിഗമനപർവം

42. അർജ്ജുനന്റെ സ്വർഗ്ഗലോകഗമനം – വൈശമ്പായനൻ പറഞ്ഞു: "അല്ലയോ രാജേന്ദ്രാ! ലോകപാലകന്മാർ പോയതിന്നുശേഷം ശത്രുഹന്താവായ അർജ്ജുനൻ ഇന്ദ്രന്റെ രഥത്തെക്കുറിച്ചു സ്മരിച്ചു. ധീമാനായ ഗുഡാകേശൻ അങ്ങനെ ചിന്തിച്ചു നില്ക്കുന്ന സമയത്ത് മാതലി നടത്തുന്ന ആ രഥം ഇരുട്ടുനീക്കി, ആകാശം പ്രകാശിപ്പിച്ചു. മേഘനിർഘോഷംപോലെ മേഘം പിളർക്കുന്നവിധം ശബ്ദമുണ്ടാക്കി, അവിടെ വന്നെത്തി. കാണുമ്പോൾത്തന്നെ ഉഗ്രമായിത്തോന്നുന്ന ഭീമങ്ങളായ വാളുകൾ, വേലുകൾ, ഗദകൾ എന്നിവയും, ദിവ്യപ്രഭയോടുകൂടിയ പ്രാസങ്ങളും, മഹാപ്രഭയോടുകൂടിയ വിദ്യുത്തുകളും, ഇരമ്പുന്ന കൊടുങ്കാറ്റുകളും, ഭയങ്കരമായ ഇടികൾ, ചക്രതുലാഗുളകദംബങ്ങൾ, മഹാമേഘനാദങ്ങൾ, വലിയ രൂപത്തിലുള്ള വിഷോജ്ജ്വലിതമുഖങ്ങളായ ദാരുണസർപ്പങ്ങൾ, വെള്ളമേഘമൊത്ത വെള്ളപ്പാറകൾ എന്നിവയും ചേർന്നതും, പൊൻനിറമുള്ള പതിനായിരം കുതിരകളെക്കെട്ടിയതും കൺകവരുന്നതുമായ മായാമയദിവ്യരഥത്തെ അർജ്ജുനൻ അത്ഭുതത്തോടെ കണ്ടു. നീലത്താമരപോലെയും, ഇന്ദീവരംപോലെയും, ശ്യാമളവും കനകഭൂഷിതവും മഹാപ്രഭവുമായ മുളപോലെ ഋജുവുമായ 'വൈജയന്തം' എന്ന ധ്വജം അതിൽ വിളങ്ങുന്നു. ആ തേരിൽ സ്ഥിതിചെയ്യുന്ന പൊൻകോപ്പണിഞ്ഞ സൂതനേയും പാർത്ഥൻ കണ്ടു. ഇതെല്ലാം കണ്ടപ്പോൾ അതു ദേവന്മാരുടേതാണെന്നു പാർത്ഥൻ മനസ്സിലാക്കി. ഇങ്ങനെ ചിന്തിച്ച് അർജ്ജുനൻ നില്ക്കുമ്പോൾ മാതലിരഥം നിർത്തി ഇറങ്ങിവന്നു പാർത്ഥനെ വന്ദിച്ച് ഇപ്രകാരം അറിയിച്ചു."

മാതലി പറഞ്ഞു: "അല്ലയോ ശക്രാത്മജ! ഭവാനെ കാണുവാൻ ശക്രൻതന്നെ കാത്തിരിക്കുന്നു. ഇന്ദ്രന്റെ ഈ രഥത്തിൽ ശ്രീമാനായ ഭവാൻ താമസംകൂടാതെ കയറിയാലും! ഭവാന്റെ പിതാവും, അമരനാഥനുമായ ശതക്രതു എന്നോടിങ്ങനെ കല്പിച്ചപ്രകാരമാണ് ഞാൻ ഇങ്ങോട്ടു വന്നിരിക്കുന്നത്. 'കുന്തീപുത്രനായ അർജ്ജുനനെ ഇങ്ങോട്ടു കൊണ്ടുവരൂ. ദേവന്മാർ അവനെ നേരിൽക്കാണട്ടെ.' അദ്ദേഹം ദേവന്മാരോടും, ഗന്ധർവ്വാപ്സരസ്സുകളോടും, മുനിമാരോടുംകൂടി ഭവാനെക്കാണുവാൻ കാത്തിരിക്കുന്നു. സ്വർഗ്ഗത്തിലെത്തിയ ഭവാനെ ദേവഗണങ്ങൾ കാണട്ടെ! പാകശാസനന്റെ ശാസനമനുസരിച്ചു ഭവാൻ ഈ ലോകംവിട്ട് എന്നോടൊപ്പം ദേവലോകത്തിലേക്കു പുറപ്പെടുക! അസ്ത്രങ്ങൾ സമ്പാദിച്ചു മടങ്ങിപ്പോരാം."

അർജ്ജുനൻ പറഞ്ഞു: "എടോ, മാതലി! ഈ ഉത്തമമായ രഥത്തിൽ കയറുവാനുള്ള ഭാഗ്യം എളുപ്പത്തിൽ കിട്ടുന്നതല്ല. രാജസൂയം, അശ്വമേധം മുതലായ യാഗങ്ങൾ, നൂറുനൂറെണ്ണം ദക്ഷിണയോടുകൂടി കഴിച്ച മഹാപുണ്യവാന്മാരായ രാജാക്കൾക്കു തൊട്ടുനോക്കുവാൻകൂടി സാധിച്ചിട്ടില്ലാത്തതാണ് ഈ രഥം. ദേവകൾക്കും, ദാനവന്മാർക്കും കൂടി ഈ രഥത്തിൽ കയറുവാൻ യോഗ്യതയില്ല! ഘോരമായ തപസ്സുചെയ്തവർക്കുപോലും കാണുവാനും, തൊട്ടുനോക്കുവാനുംകൂടി കഴിയാത്ത പുണ്യമായ ഈ രഥത്തിൽ കയറുവാനുള്ള ഭാഗ്യം ഇന്ദ്രപ്രസാദത്താൽ എനിക്കു സാധിച്ചിരിക്കുന്നു! ഭവാൻ തേരിലിരുന്നു കുതിരകളെ നിയന്ത്രിച്ചാൽ, പുണ്യവാൻ സൽപഥത്തിലേക്ക് എന്നമാതിരി ഞാൻ കയറിക്കൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ പറഞ്ഞതുകേട്ട് ശക്രന്റെ സൂതനായ മാതലി തേരിൽക്കയറി കടിഞ്ഞാൺപിടിച്ചു കുതിരകളെ നിർത്തി. സന്തോഷപൂർണ്ണനായ കൗന്തേയൻ ഗംഗാസ്നാനം കൊണ്ടു വിശുദ്ധനായി വിധിപോലെ മന്ത്രം ജപിച്ചു. ആ കുരുനന്ദനൻ പിതൃതർപ്പണം യഥാവിധി ന്യായപ്രകാരം ചെയ്ത്, പർവ്വതേന്ദ്രനായ മന്ദരപർവ്വതത്തോട് ഇപ്രകാരം യാത്ര പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "പുണ്യവാന്മാരും, സാധുശീലരുമായ മുനികൾക്ക് ഹേ പർവ്വതമേ! ഭവാനാണ് ആശ്രയം. സ്വർഗ്ഗം കാംക്ഷിക്കുന്നവർക്കൊക്കെ ഗിരീശ്വരാ! ഭവാനാണ് ആശ്രയം! ഭവാന്റെ പ്രസാദത്താൽ ബ്രാഹ്മണരും ക്ഷത്രിയരും, വൈശ്യരും സ്വർഗ്ഗത്തെ പ്രാപിച്ചു ദേവന്മാരോടുകൂടി സസന്തോഷം ദുഃഖം തീർന്നു ചരിക്കുന്നു അദ്രിരാജാവേ! മഹാശൈലമേ! തീർത്ഥവാനേ! മുനിപ്രിയാ! നിന്നിൽ സുഖമായി പാർത്ത ഞാൻ ഇപ്പോൾ യാത്രപറയുന്നു! നിന്റെ താഴ്വരകൾ, കുഞ്ജങ്ങൾ, നദികൾ, ചോലകൾ ഇവയൊക്കെ ഞാൻ പലവട്ടവും കണ്ടിട്ടുണ്ട്. സുഗന്ധിയായ ഫലങ്ങൾ ഭക്ഷിക്കുകയും ചോലകളിലെ അമൃതജലം കുടിക്കുകയുംചെയ്ത ഞാൻ ഇപ്പോൾ ഭവാനെ വിട്ടുപിരിയുന്നു.

digitized by www.sreyas.in

കുഞ്ഞ് പിതാവിന്റെ മടിയിലെന്നപോലെ ഞാൻ ഭവാന്റെ മടിയിൽ ക്രീഡിച്ചു. അപ്സരോഗണങ്ങളുടെ സംഗീതവും വേദഘോഷവും ഇടകലർന്നു മുഴങ്ങുന്ന ഭവാന്റെ സാനുക്കളിൽ ഞാൻ പലനാൾ വിഹരിച്ചു. ഇനി ഞാൻ യാത്രപറയട്ടെ!"

വൈശമ്പായനൻ തുടർന്നു: "ഇപ്രകാരം ആ ഗിരിയോട് ആമന്ത്രിച്ച് ശത്രുഹന്താവായ അർജ്ജുനൻ കത്തിജ്ജ്വലിക്കുന്ന സൂര്യനെപ്പോലെ ആ ദിവ്യരഥത്തിൽ കയറി. ഉടനെ ആദിത്യപ്രകാശത്തോടും അത്ഭുതപ്രഭാവത്തോടുംകൂടിയ ആ രഥം മേല്പോട്ടു പൊങ്ങി. ധർമ്മചാരികളായ മനുഷ്യർക്കുപോലും കാണുവാൻ കഴിയാത്ത മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുന്ന പാർത്ഥൻ അത്ഭുതരൂപത്തോടുകൂടിയ അനേകം വിമാനങ്ങളെ കണ്ടു. അവിടെ പ്രകാശിക്കുന്നത് സൂര്യനോ, ചന്ദ്രനോ, നക്ഷത്രങ്ങളോ, അഗ്നിയോ ആയിരുന്നില്ല. പുണ്യംകൊണ്ടു ലഭിച്ച സ്വകീയമായ പ്രഭ ആ പ്രദേശത്തിന്നുതന്നെയുണ്ട്. ഏറ്റവും ബൃഹത്തായിരുന്നിട്ടും, ദൂരംകൊണ്ടു ദീപംപോലെ വളരെ ചെറുതായി താരാരൂപത്തിൽ കാണുന്ന അവ സ്വസ്ഥാനങ്ങളിൽ ദേവരൂപന്മാരായി സ്വന്തം പ്രഭയോടെ നില്ക്കുന്നതു പാർത്ഥൻ കണ്ടു. സിദ്ധന്മാരും, രാജർഷികളും, തപസ്സുകൊണ്ടു സ്വർഗ്ഗം നേടിയവരും, മറ്റു ഗന്ധർവ്വഗുഹ്യാപ്സരസ്സുകളും, അവിടെ ആയിരക്കണക്കിനു സഞ്ചരിക്കുന്നതായിക്കണ്ടു. ആത്മപ്രഭയോടുകൂടിയ ആ ലോകത്തെക്കണ്ട് അർജ്ജുനൻ അത്ഭുതപ്പെട്ട് അതെന്താണെന്നു മാതലിയോടു ചോദിച്ചു. ഭൂമിയിൽനിന്ന് നക്ഷത്രങ്ങളായി കാണുന്ന ഇവർ സ്വസ്ഥാനങ്ങളിൽ നില്ക്കുന്ന സുകൃതികളാണെന്ന് അർജ്ജുനനോട് മാതലി സന്തോഷത്തോടെ ഉത്തരം പറഞ്ഞു. പിന്നീടു പടിവാതില്ക്കൽ ശൃംഗത്തോടുകൂടിയ കൈലാസംപോലെ നില്ക്കുന്ന നാൽക്കൊമ്പനായ ഐരാവതത്തെക്കണ്ടു. പിന്നെ പാണ്ഡുപുത്രനും കുരുസത്തമനുമായ അർജ്ജുനൻ സിദ്ധമാർഗ്ഗം കടന്നുപോകുമ്പോൾ രാജസത്തമനായ മാന്ധാതാവിനെപ്പോലെ പ്രശോഭിച്ചു. ആ രാജീവലോചനൻ ധർമ്മാത്മാക്കളായ രാജാക്കന്മാർക്കുള്ള ലോകവും കടന്നുപോയി. അങ്ങനെ കീർത്തിമാനായ അർജ്ജുനൻ സ്വർഗ്ഗലോകത്തിൽ പല പ്രദേശങ്ങളും കടന്ന് ശക്രപത്തനമായ അമരാവതിപുരിയെക്കണ്ടു."

43. ഇന്ദ്രസഭാദർശനം – വൈശമ്പായനൻ പറഞ്ഞു: "ആ പത്തനം സിദ്ധചാരണന്മാർ സേവിക്കുന്നതും, എല്ലാ ഋതുക്കളിലും കുസുമസമൃദ്ധമായതും, എല്ലാവിധ പുണ്യവൃക്ഷങ്ങളാൽ പ്രശോഭിക്കുന്നതും, രമണീയവുമായിക്കണ്ടു. അവിടെ പുണ്യസൗരഭ്യമുള്ള പുഷ്പങ്ങളിൽനിന്നു സൗരഭ്യമേന്തിവിലസുന്ന പുണ്യവായുവേറ്റ് അപ്സരസ്സുകൾ നന്ദനോദ്യാനത്തിൽ ക്രീഡിക്കുന്നു. ദിവ്യപുഷ്പങ്ങളോടുകൂടിയ വൃക്ഷങ്ങൾ തന്നെ സ്വാഗതംചെയ്യുന്നതായി അർജ്ജുനനു തോന്നി. അഗ്നിയിൽ ഹോമം ചെയ്യാത്തവർക്കും, കഠിനമായ തപസ്സു ചെയ്യാത്തവർക്കും കാണാൻ പറ്റാത്ത ലോകമാണത്. അതു ധർമ്മിഷ്ഠർക്കു മാത്രമുള്ള ലോകമാണ്; യുദ്ധത്തിൽ പിൻതിരിഞ്ഞവർക്ക് ആ ലോകത്ത് സ്ഥാനമില്ല. യാഗംകഴിക്കാത്തവർക്കും, വേദജ്ഞരല്ലാത്തവർക്കും കഠിന വ്രതങ്ങളനുഷ്ഠിക്കാത്തവർക്കും പുണ്യജലത്തിൽ സ്നാനംചെയ്യാത്തവർക്കും, ദാനംകൊണ്ടും യാഗംകൊണ്ടും സൽക്കീർത്തി നേടാത്തവർക്കും ഈ ലോകം കാണാൻ പറ്റുകയില്ല. ഹീനർക്കും, മദ്യപാനികൾക്കും, ഗുരുപത്നീദ്രോഹികൾക്കും, ദുഷ്ടർക്കും അശുദ്ധമാംസം കഴിക്കുന്നവർക്കും, യാഗംമുടക്കികൾക്കും ഇതു കാണാൻ യോഗ്യതയില്ല. ദിവ്യഗീതം കലർന്ന ആ ദിവ്യപൂങ്കാവനം കണ്ട് മഹാബാഹുവായ അർജ്ജുനൻ ശക്രന്റെ പ്രിയപ്പെട്ട പുരിയിൽ പ്രവേശിച്ചു. അവിടെ യഥേഷ്ടം സഞ്ചരിക്കുന്ന ദേവവിമാനങ്ങൾ ബഹുസഹസ്രം അങ്ങോട്ടുമിങ്ങോട്ടും വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. ഗന്ധർവ്വന്മാരും, അപ്സരസ്സുകളും ചെയ്യുന്ന സ്തുതികൾ രസിച്ചും, പൂമണം കലർന്ന ഇളംകാറ്റേറ്റ് ആനന്ദിച്ചും ദേവന്മാരും, ഗന്ധർവ്വന്മാരും, സിദ്ധന്മാരും, മഹർഷികളും ചെയ്യുന്ന ആശീർവ്വാദങ്ങളും പൂജകളുമേറ്റും, ദിവ്യമായ വാദ്യഘോഷങ്ങൾ കേട്ടും സുരവീഥിയെന്നു വിശ്രുതമായ നക്ഷത്രമാർഗ്ഗത്തിൽക്കൂടി ശത്രുമർദ്ദനനായ അർജ്ജുനൻ. സാദ്ധ്യന്മാർ, വിശ്വേദേവന്മാർ, മരുത്തുക്കൾ, അശ്വിനികൾ, ആദിത്യവസുരുദ്രന്മാർ, ബ്രഹ്മർഷികൾ, ദിലീപാദികളായ രാജാക്കന്മാർ, രാജർഷികൾ, ഗന്ധർവ്വന്മാർ, ഹാഹാ, ഹൂഹൂ, നാരദൻ, തുംബുരു മുതലായവരോടുകൂടി ഇരിക്കുന്ന ശതക്രതുവായ ദേവേന്ദ്രനെ കണ്ടു.

അവിടെ എത്തിയക്ഷണത്തിൽ തേരിൽനിന്നിറങ്ങി പാർത്ഥൻ തന്റെ അച്ഛനും, പാകശാസനനുമായ സാക്ഷാൽ ദേവേന്ദ്രനെ സമീപിച്ചു.

അഴകേറിയ സ്വർണ്ണത്തണ്ടോടുകൂടിയ വെൺകൊറ്റക്കുട ചൂടി, ദിവ്യഗന്ധം ചേർന്ന ചാമരംകൊണ്ടു വീശി, വിശ്വാവസു മുതലായ ഗന്ധർവ്വന്മാരാൽ പ്രശംസിക്കപ്പെട്ട് ഋഗ്യജുസ്സാമവേദജ്ഞന്മാരായ വിപ്രന്മാരുടെ വേദഘോഷങ്ങൾ കേട്ടു കീർത്തിതനായി ശക്രൻ വിളങ്ങുന്നു! ആ പുരന്ദരന്റെ സമീപത്തേക്ക് ഫൽഗുനൻ ചെന്നു കുമ്പിട്ടു തൊഴുതുനിന്നു. ഇന്ദ്രൻ തന്റെ നീണ്ടുരുണ്ട ബാഹുക്കൾകൊണ്ട് പാർത്ഥനെ പിടിച്ചു! വണക്കത്താൽ താഴുന്ന പുത്രനെ ദിവ്യവും ദേവർഷിസേവ്യവുമായ ഇന്ദ്രാസനത്തിൽ തന്നോടൊപ്പം താങ്ങിയിരുത്തി. നമ്രമായ അർജ്ജുനശിരസ്സിൽ വീണ്ടും വീണ്ടും മുകർന്നു. സുരേശ്വരൻ തന്റെ പുത്രനെ മടിയിൽ കയറ്റിയിരുത്തി. അപ്പോൾ ഇന്ദ്രാസനത്തിൽ ഇരുന്നരുളുന്ന മഹാതേജസ്വിയായ പൃഥാപുത്രൻ രണ്ടാം ഇന്ദ്രനെന്നപോലെ പ്രശോഭിച്ചു. ശക്രൻ പ്രേമത്തോടുകൂടി, പുണ്യഗന്ധം കലർന്ന വജ്രായുധത്തഴമ്പു കലർന്ന കൈകൊണ്ടു വിജയന്റെ ശുഭമായ മുഖത്തെ സ്പർശിക്കുകയും, ഞാൺതഴമ്പോടുകൂടിയ നീണ്ടുരുണ്ട സുവർണ്ണചാരുസ്തംഭംപോലുള്ള കരങ്ങളെ തന്റെ പുണ്യഗന്ധമുള്ള കരങ്ങളാൽ തലോടുകയും ചെയ്ത് തന്റെ പുത്രനെ ആശ്വസിപ്പിച്ചു. ഹർഷോൽഫുല്ലനയനങ്ങളാൽ സഹസ്രാക്ഷൻ വീണ്ടും വീണ്ടും നോക്കി സംതൃപ്തിയടയാതെ ഇരുന്നു.

ഒരേപീഠത്തിൽ സ്ഥിതിചെയ്യുന്ന അച്ഛനും മകനും ഒരേ രാശിയിൽ ചതുർദ്ദശിനാൾ സ്ഥിതിചെയ്യുന്ന സൂര്യചന്ദ്രന്മാരെപ്പോലെ ശോഭിച്ച് സഭയ്ക്കു മാറ്റുകൂട്ടി. സംഗീതകുശലന്മാരായ ഗന്ധർവ്വന്മാർ തുംബുരുവിന്റെ നേതൃത്വത്തിൽ മനോഹരമായി ഗാഥകൾ പാടി. ഘൃതാചി, മേനക, രംഭ, പൂർവ്വചിത്തി, സ്വയംപ്രഭ, ഉർവ്വശി, ഗോപാലി, കുംഭയോനി, പ്രജാഗര, ചിത്രലേഖ, സഹ, മധുരസ്വര, മിശ്രകേശി, വരൂഥിനി, ദണ്ഡഗൗരി, സഹജന്യ, ചിത്രസേന മുതലായി അനേകായിരം പത്മാക്ഷികൾ കടാക്ഷവിലാസങ്ങളാൽ ഹൃദയം കവർന്നു. സിദ്ധന്മാർക്കു സന്തോഷം വളർത്തുന്ന ആ സുന്ദരികൾ തടിച്ച ജഘനമുലച്ച്, കൊങ്കകുലുക്കി, നൃത്തംചെയ്തു."

44. അർജ്ജുനന്റെ അസ്ത്രസംഗീതപഠനം – വൈശമ്പായനൻ പറഞ്ഞു: "ഇന്ദ്രന്റെ ഇഷ്ടമറിഞ്ഞ് ദേവന്മാരും ഗന്ധർവ്വന്മാരും അർജ്ജുനനെ പൂജിച്ചു കൈകാൽ കഴുകാൻ വെള്ളം കൊടുത്തു ഇന്ദ്രന്റെ അനുജ്ഞപ്രകാരം മന്ദിരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ യഥോചിതം ഇന്ദ്രപുത്രൻ സൽക്കൃതനായി. ദിവ്യമായ മഹാസ്ത്രങ്ങൾ തൊടുക്കാനും സംഹരിക്കാനുമുള്ള വിദ്യ അഭ്യസിച്ച് ജിഷ്ണു പിതാവിന്റെ ഗൃഹത്തിൽ നിവസിച്ചു. ശക്രനിൽനിന്ന് അവനേറ്റവും പ്രിയപ്പെട്ട ദുസ്സഹമായ വജ്രായുധപ്രയോഗവും, മയിലുകളുടെ നൃത്തവും, മേഘങ്ങളുടെ വരവും അടയാളമായുള്ള മഹാനാദത്തോടുകൂടിയ ഇടിത്തീ പ്രയോഗവും മറ്റും അർജ്ജുനൻ ഗ്രഹിച്ചു. ഇങ്ങനെ സോദരന്മാരെ വിട്ട് അഞ്ചുവർഷം സ്വർഗ്ഗത്തിൽ സർവ്വസുഖഭോഗങ്ങളോടെ ഇന്ദ്രശാസനപ്രകാരം അവൻ നിവസിച്ചു.

അസ്ത്രങ്ങളെല്ലാം നേടിയതിന്നുശേഷം അർജ്ജുനൻ തന്റെ ഭ്രാതാക്കളെപ്പറ്റി ചിന്തിച്ചു. ഒരു ദിവസം ഇന്ദ്രൻ അർജ്ജുനനെ വിളിച്ചു പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഹേ, കുന്തീപുത്രാ! മനുഷ്യലോകത്ത് അറിയപ്പെടാത്തതും, ദേവഹിതവുമായ നൃത്യഗീതവാദ്യങ്ങൾ

digitized by www.sreyas.in

ചിത്രസേനനിൽനിന്നു നീ പഠിക്കുക. അതു നിനക്കു വളരെ സഹായകമാകാതിരിക്കില്ല.

വൈശമ്പായനൻ പറഞ്ഞു: "പുരന്ദരൻ ചിത്രസേനനെ അർജ്ജുനന്റെ മിത്രമാക്കിക്കൊടുത്തു. ആട്ടം, കൊട്ട്, പാട്ട് എന്നിവ ചിത്രസേനനിൽനിന്നും അഭ്യസിച്ച് അവനോടൊപ്പം അർജ്ജുനൻ പാർത്തുവന്നു. എന്നാൽ കള്ളച്ചൂതിനേയും ദുശ്ശാസനവധത്തേയും സൗബലനായ ശകുനിയേയും പറ്റി ഓർത്ത് അർജ്ജുനന് സ്വാസ്ഥ്യമില്ലാതായി. എങ്കിലും ആ വാദ്യഗീതാദിപഠനത്തിൽ മുഴുകിത്തന്നെ ഗന്ധർവ്വന്മാരിൽനിന്ന് അതുല്യമായ നൃത്തവും, വാദ്യവും അഭ്യസിച്ചു. അമ്മയേയും ഭ്രാതാക്കളേയും പറ്റിയുള്ള വിചാരം അർജ്ജുനനെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഗീതനൃത്തങ്ങളൊന്നും പഠിക്കുന്നതിൽ പാർത്ഥൻ വൈമുഖ്യം കാണിച്ചില്ല."

45. ചിത്രസേനോർവ്വശീസംവാദം – വൈശമ്പായനൻ പറഞ്ഞു: "ഒരിക്കൽ അർജ്ജുനൻ ഉർവ്വശിയെ ഒന്നു നല്ലവണ്ണം നോക്കുകയുണ്ടായി. അത് ഇന്ദ്രൻ കാണുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം ഇന്ദ്രൻ ചിത്രസേനനെ രഹസ്യമായി വിളിപ്പിച്ച് ഉർവ്വശിയുടെ അരികിൽപ്പോയി ഇപ്രകാരം പറയുവാൻ കല്പിച്ചു."

ഇന്ദ്രൻ പറഞ്ഞു: "അപ്സരസ്സുകളിൽ ശ്രേഷ്ഠയായ ഉർവ്വശി എന്റെ കല്പനപ്രകാരം അർജ്ജുനനെ പ്രാപിക്കട്ടെ. ഞാൻ അവനെ കൃതാസ്ത്രനും സർവ്വവിദ്യാവിചക്ഷണനുമാക്കിയതുപോലെ നീ അവനെ സ്ത്രീസംഗത്തിൽ വിശാരദനാക്കുക. വേണ്ടമാതിരി പഠിപ്പിക്കുക."

വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വരാജാവായ ചിത്രസേനൻ വാസവന്റെ കല്പനപ്രകാരം ഉർവ്വശിയുടെ അടുത്തു ചെന്നു. സസുഖം വാഴുന്ന അവളാൽ പൂജിക്കപ്പെട്ട ചിത്രസേനൻ ആസനസ്ഥനായി മന്ദസ്മിതപൂർവ്വം പറഞ്ഞു."

ചിത്രസേനൻ പറഞ്ഞു: "ഹേ, സുശ്രോണീ, ഭവതിയുടെ പ്രസാദം എപ്പോഴും ആദരിക്കുന്ന സുരേശ്വരൻ കല്പിച്ചപ്രകാരമാണ് ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നത്. സഹജഗുണങ്ങൾകൊണ്ട് ദേവന്മാരിലും മനുഷ്യരിലുംവെച്ച് ശ്രേഷ്ഠനും ശ്രീ, ശീലം, രൂപം, വ്രതം, ദമം ഇവകൊണ്ട് കീർത്തിപ്പെട്ടവനും, ബലത്തിലും വീര്യത്തിലും പ്രതിഭയിലും സമ്മതനുമാണ് അർജ്ജുനൻ എന്നു ഭവതിക്കറിയാമല്ലോ. തേജസ്വിയും ക്ഷമാവാനും നിർമ്മത്സരനുമാണ് ആ പാണ്ഡവൻ. നാലു വേദങ്ങളിലും നിപുണനും ഗുരുശുശ്രൂഷയിൽ നിരതനുമായ പാർത്ഥനിൽ ബ്രഹ്മചര്യം, അനാലസ്യം, ആഭിജാത്യം, താരുണ്യം എന്നിവ തികച്ചുമുണ്ട്. സ്വർഗ്ഗത്തെ ഇന്ദ്രൻ എന്നവിധം ഭൂമിയെ ഒറ്റയ്ക്കു പരിപാലിക്കാൻ കഴിവുള്ളവനാണ് അർജ്ജുനൻ. പ്രിയംവദനായ ആ ദാതാവ് സുഹൃത്തുക്കൾക്കായി പലതരം അന്നപാനങ്ങൾ വർഷിക്കുന്നു. സത്യവാദിയും പൂജിതനും വാഗ്മിയും രൂപവാനും നിരഹങ്കാരിയുമാണ് അർജ്ജുനൻ. പ്രിയനും സുമുഖനും ഭക്താനുകമ്പിയുമായ ആ അർജ്ജുനനിൽ കുടികൊള്ളുന്ന ഗുണങ്ങൾ ഏവരേയും കൊതിപ്പിക്കുന്നതാണ്. ഗുണങ്ങളാൽ മഹേന്ദ്രനോടും വരുണനോടും തുല്യനാണു ഫൽഗുനൻ. അവനെ നിനക്കു നന്നായി അറിയാം. ഹേ ഉർവ്വശി, അവൻ ആ വിജയൻ സ്വർഗ്ഗസുഖങ്ങളെല്ലാം അനുഭവിക്കേണ്ടവനാണ്. ഇന്ദ്രന്റെ കല്പനപ്രകാരം ഭവതിയുടെ കാലടി ലഭിക്കട്ടെ! ശുഭേ, ഇന്നുമുതൽ അർജ്ജുനനു ഭവതിയിൽ താൽപര്യമുണ്ട്. അല്ലയോ കല്യാണി, ഭവതി ധനഞ്ജയനെ പ്രസാദിപ്പിക്കുക. തക്കവിധം ഭവതി പ്രവർത്തിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞപ്പോൾ പുഞ്ചിരിയോടെ ചിത്രസേനനെ നോക്കി ഉർവ്വശി ബഹുമാനത്തോടെ പ്രീതയായി. അനിന്ദിതയായ ഉർവ്വശി ചിത്രസേനനോടു പറഞ്ഞു."

ഉർവ്വശി പറഞ്ഞു: "ഭവാൻ പറഞ്ഞതു ശരിയാണ്. ഈ പറഞ്ഞ ഗുണങ്ങളുള്ള ഏതൊരാളും ആരാദ്ധ്യനാണ്. അതുകൊണ്ട് എനിക്കെന്തുകൊണ്ട് അർജ്ജുനനെ കാമുകനായി സ്വീകരിച്ചുകൂടാ? അർജ്ജുനന്റെ ഗുണങ്ങളെപ്പറ്റി ഞാൻ മുമ്പെത്തന്നെ കേട്ടിട്ടുണ്ട്. അന്നുമുതൽ ഞാൻ അവനിൽ കാമാർത്തയായിരിക്കുന്നു. മഹേന്ദ്രന്റെ കല്പനയാലും, ഭവാനിലുള്ള പ്രണയത്താലും ഫൽഗുനനിലുള്ള ഗുണത്താലും ഞാൻ ആ പാണ്ഡവശ്രേഷ്ഠനെ കാമിച്ചുകഴിഞ്ഞു. ഇനി ഭവാൻ പൊയ്ക്കൊള്ളുക. ഞാൻ ഇഷ്ടംപോലെ സുഖമായി വേണ്ടതു ചെയ്തുകൊള്ളാം."

46. ഉർവ്വശീശാപം – വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വനെ പറഞ്ഞയച്ച ഉടനെ ശുചിസ്മിതയായ ഉർവ്വശി ഫൽഗുനദർശനത്തിൽ ലാലസയായിത്തീർന്നു. സ്നാനം കഴിഞ്ഞ് ഹൃദ്യവിഭൂഷണങ്ങളും ദേവസുഗന്ധമാല്യങ്ങളും ചാർത്തി അർജ്ജുനസൗന്ദര്യത്താൽ മാരബാണങ്ങളേറ്റ് മനസ്സുതളർന്നും, കാമാഗ്നിയിൽപ്പെട്ട് പൊരിഞ്ഞുംകൊണ്ട് അവൾ ദിവ്യമായ വിരിപ്പുചേർന്ന മൃദുലശയ്യയിൽ മനസ്സങ്കല്പത്തിൽ അർജ്ജുനനോടുകൂടി യഥാകാമം രമിച്ചു. രാത്രിയായപ്പോൾ പൂപോലെയുള്ള നിലാവിൽ പാർത്ഥന്റെ ശയ്യാതലത്തിലേക്ക് ആ പൃഥുശ്രോണി മന്ദം നടന്നു. കുമുദകുസുമം ചാർത്തിയ നീണ്ടുചുരുണ്ട കുന്തലാൽ ആ മനോമോഹിനി കൂടുതൽ ശോഭിച്ചു. ചില്ലീവിലാസവും, ആലാപമാധുര്യവും, ശോഭയും സൗമ്യതയും തികഞ്ഞ ഉർവ്വശി തന്റെ മുഖചന്ദ്രനെക്കൊണ്ടു ചന്ദ്രനെ പോരിനു വിളിച്ചു. ദിവ്യമായ അംഗരാഗവും ദിവ്യമായ ചന്ദനവും രുചിരമായ ഹാരവുമണിഞ്ഞു. രുചിരഹാരങ്ങൾ അണിഞ്ഞ കുചകുംഭങ്ങൾ കുലുക്കിക്കൊണ്ട് ആ സുരസുന്ദരി നടന്നു. കുചങ്ങളുടെ സംക്ഷോഭത്താൽ അവൾ ഓരോ പാദവും എടുത്തുവെക്കുമ്പോൾ അല്പമൊന്നു കുനിഞ്ഞു. അത്യധികം വിചിത്രമായ വലീത്രയത്താൽ ശോഭിതമായ മദ്ധ്യവും, അതിന്നു താഴെ ഭൂധരംപോലെ വിസ്തീർണ്ണമായതും ഉന്നതവും തടിച്ചതും കാമദേവന്റെ പാർപ്പിടവുമായ ദിവ്യവും, ശുഭ്രവുമായ അരഞ്ഞാണുകൊണ്ടും മാലകൊണ്ടും അലങ്കരിച്ചതുമായ നിതംബവും ചേർന്ന്, മഹർഷികൾക്കുകൂടിയും കാമവ്യഥ ചേർക്കുമാറ് ആ മനോമോഹിനി വിളങ്ങി! എത്രയും നേരിയ മനോഹരമായ പുംപട്ടണിഞ്ഞ് കിങ്ങിണീക്വണിതത്തോടുകൂടിയ ചെഞ്ചായമണിഞ്ഞ പാദങ്ങൾ മന്ദമന്ദമെടുത്തുവെച്ച്, മന്മഥശരത്താലും, മധുപാനത്താലും മദാലസയായി നാനാവിലാസങ്ങളോടെ സഞ്ചരിക്കുന്ന അവൾ സർവ്വർക്കും ദർശനീയയായി പ്രശോഭിച്ചു. സിദ്ധചാരണഗന്ധർവ്വന്മാർക്കും മഹാശ്ചര്യം ജനിക്കുമാറ് ആ വിലാസിനി സ്വർഗവാസികളെയെല്ലാം ഭ്രമിപ്പിക്കുമാറ് അതിലോലമായ ഉത്തരീയം ധരിച്ച് ശുഭമേഘമാലകൊണ്ട് ശോഭിക്കുന്ന ചന്ദ്രക്കലപോലെ വെള്ളമേഘങ്ങളുടെയിടയിൽ ശോഭിക്കുന്ന ചന്ദ്രലേഖപോലെ, ആകാശത്തിൽ വായുവിന്റേയോ മനസ്സിന്റേയോ വേഗത്തിൽ ഉർവ്വശി മൃദുസ്മിതത്തോടെ ഫൽഗുനഭവനത്തിലെത്തി. തന്റെ ആഗമനം ആ പത്മാക്ഷി ദ്വാരപാലകരെക്കൊണ്ട് അറിയിച്ചു. തന്റെ മനോഹരമായ ഭവനത്തിലേക്ക് ശുഭലോചനയായ ഉർവ്വശി വന്നിരിക്കുന്നതായി അറിയിച്ചു. രാത്രിസമയത്ത് ഉർവ്വശി തന്റെ ഭവനത്തിൽ കയറിയത് അല്പം ശങ്കയ്ക്കിടയാക്കിയെങ്കിലും അതു മറച്ച് അർജ്ജുനൻ ലജ്ജയാൽ കൂപ്പിയ കണ്ണുകളോടെ ഗുരുക്രമത്തിൽ അഭിവാദ്യംചെയ്തു!"

അർജ്ജുനൻ പറഞ്ഞു: "അപ്സരോരത്നമേ! ഞാൻ ഭവതിയെ വന്ദിക്കുന്നു. ദേവി ആജ്ഞാപിക്കുന്നതെന്തോ അതു ചെയ്യുവാൻ സന്നദ്ധനായി അങ്ങയുടെ ദാസനായ ഞാൻ ഇതാ നില്ക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഫൽഗുനന്റെ ഭാവവും, സംസാരവും ഉർവ്വശിയെ നിരുത്സാഹപ്പെടുത്തി. അവളുടെ ഉള്ള് മന്ദീഭവിച്ചു. അവൾ ചിത്രസേനൻ പറഞ്ഞ ഇന്ദ്രകല്പന അവനെ കേൾപ്പിച്ചു."

ഉർവ്വശി പറഞ്ഞു: "ഹേ പുരുഷോത്തമാ! എന്താണ് ചിത്രസേനൻ എന്നോടു പറഞ്ഞതെന്നും, എന്തിനാണ് ഞാൻ ഇവിടെ വന്നതെന്നും കേൾപ്പിക്കാം.

digitized by www.sreyas.in

ഹേ, പുരുഷശ്രേഷ്ഠാ! മഹേന്ദ്രാജ്ഞയാൽ സ്വർഗ്ഗത്തിൽ മഹോത്സവമായിരുന്ന ഒരുദിവസം രുദ്രൻ, ആദിത്യൻ, വസുക്കൾ, അശ്വിനികൾ, മഹർഷികൾ, രാജർഷികൾ, സിദ്ധചാരണന്മാർ, പന്നഗയക്ഷന്മാർ മുതലായവർ സ്ഥാനമാനപ്രഭാവങ്ങളോടുകൂടി യോഗം ചേർന്നു സ്ഥിതിചെയ്യുമ്പോൾ, ഗന്ധർവ്വഗണങ്ങൾ ദിവ്യവും മനോഹരവുമായ ഗീതം ആലപിക്കുമ്പോൾ, വീണവായിക്കുമ്പോൾ അപ്സരോവരകൾ നർത്തനം തുടങ്ങുമ്പോൾ ഭവാൻ എന്നെത്തന്നെ കണ്ണടയ്ക്കാതെ ഉറ്റുനോക്കുകയുണ്ടായില്ലേ? ആ ദേവസദസ്സ് അങ്ങയുടെ അച്ഛന്റെ അനുമതിയോടെ പിരിഞ്ഞു. എല്ലാവരും താന്താങ്ങളുടെ ഗൃഹത്തിലേക്കു പോയതിനുശേഷം ഭവാന്റെ പിതാവ് ചിത്രസേനനെ വിളിച്ച് എന്റെയരികിലേക്കയച്ചു. ആ ഗന്ധർവ്വൻ എന്നോട് ഇപ്രകാരം പറഞ്ഞു. 'ഞാൻ ഇന്ദ്രന്റെ കല്പനപ്രകാരമാണ് ഇവിടെ വന്നിരിക്കുന്നത്. മഹേന്ദ്രനും എനിക്കും തനിക്കു തന്നേയും ഭവതി പ്രിയംചെയ്താലും! ശക്രതുല്യനും, രണശൂരനും, ഉദാരഗുണവാനുമായ പാർത്ഥനെ ഭവതി പ്രാപിക്കുക.' ഇപ്രകാരം ഭവാന്റെ പിതാവു കല്പിക്കുകയാലാണ് ഞാൻ ഭവാനെ ശുശ്രൂഷിക്കുവാൻ ഇപ്പോളിവിടെ വന്നത്. ഭവാന്റെ ഗുണങ്ങളാൽ എന്റെ മനസ്സ് ആവർജ്ജിതമായിരിക്കുകയാണ്. ഞാൻ ഭവാനിൽ കാമാർത്തയാണ്. ഞാൻ വളരെ നാളായി ഭവാനെ പ്രാപിക്കുവാൻ കൊതിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഉർവ്വശി പറഞ്ഞതുകേട്ടയുടനെ അർജ്ജുനൻ തന്റെ കാതുകൾ രണ്ടും കൈകൾകൊണ്ടു പൊത്തി ലജ്ജയാൽ മുഖം തിരിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഹേ, സുഭഗേ! എനിക്കു കേൾക്കുവാൻ വയ്യാത്ത വാക്കുകളാണ് ഭവതി പറയുന്നത്. ഭവതി നിശ്ചയമായും എനിക്കു ഗുരുദാരങ്ങൾപോലെയാണ്.

മഹാഭാഗയായ കുന്തിയും, ഇന്ദ്രാണിയായ ശചിയും എനിക്ക് എപ്രകാരമോ, അപ്രകാരംതന്നെയാണ് ശുഭയായ ഭവതിയും. ഞാൻ ഭവതിയെ ഉറ്റുനോക്കിയതു ശരിയാണ്. അതിന്നു തക്കതായ കാരണമുണ്ട്. ഭവതി പൗരവംശത്തിന്റെ ജനനിയല്ലേ? അത് അറിഞ്ഞിട്ടാണ് ഞാൻ നിർന്നിമേഷനായി ഭവതിയെ നോക്കിയത്. അല്ലാതെ മറ്റുവിധത്തിലല്ല. എന്നെ ഭവതി ശങ്കിക്കരുത്. എനിക്കു ഗുരുവിനേക്കാൾ ഗുരുതരയാണ് ഭവതി. എന്റെ വംശവർദ്ധിനിയുമാണ് ഭവതി."

ഉർവ്വശി പറഞ്ഞു: "അപ്സരസ്സുകളായ ഞങ്ങളെല്ലാവരും അനാവൃതകളായ സ്വേച്ഛാചാരിണികളാണ്. അങ്ങനെയുള്ള എന്നെ ഗുരുസ്ഥാനത്തിൽ ഭവാൻ കരുതുന്നതു യുക്തമല്ല. തപശ്ശക്തികൊണ്ട് സ്വർഗ്ഗം പ്രാപിച്ച പുരുവംശപുത്രന്മാർ ഇവിടെ എന്നോടൊന്നിച്ചുരമിച്ചുവരുന്നു. അതുകൊണ്ട് ഭവാൻമാത്രം എന്നെ മാതാവായികരുതുന്നതിൽ ഒരു യുക്തിയുമില്ല. എന്നിൽ ഭവാൻ പ്രസാദിച്ചാലും! കാമപരവശയായി ഭവാനെ സമീപിച്ച എന്നെ ഭവാൻ ഉപേക്ഷിക്കരുതേ! അതുപാടില്ല, ഞാൻ സന്തപ്തയാണ്! എന്നെ സ്വീകരിക്കുക."

അർജ്ജുനൻ പറഞ്ഞു: "ഞാൻ ഭവതിയോടു സത്യം തുറന്നുപറയാം. അത് സർവ്വദേവന്മാരും, സർവ്വദിക്കുകളും, ഭവതിയും കേൾക്കണം. എനിക്കു കുന്തിയും, മാദ്രിയും, ശചീദേവിയും പോലെ ഭവതിയും എന്റെ വംശജനനിയാണ്. തന്മൂലം എനിക്ക് ആരാധ്യയായ മാതാവാണ്. ഞാൻ ഇതാ, ഭവതിയുടെ കാല്ക്കൽ ശിരസ്സു കുനിക്കുന്നു, കൈകൂപ്പുന്നു. ഭവതി എനിക്ക് അമ്മയാണ്. ഞാൻ ഭവതിക്കു പുത്രനാണ്. അമ്മേ! എന്നെ പുത്രനെപ്പോലെ കരുതിയാലും!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഇപ്രകാരം തീർത്തുപറഞ്ഞതു കേട്ടപ്പോൾ ഉർവ്വശി ക്രോധമോഹിതയായി വിറച്ചു. പുരികം ചുളിച്ച് അവൾ അർജ്ജുനനെ ശപിച്ചു."

ഉർവ്വശി പറഞ്ഞു: "ഭവാന്റെ പിതാവ് ആജ്ഞാപിക്കുകയാൽ കാമവിവശയായി ഇവിടെവന്ന എന്നെ ആദരിക്കാതിരുന്നതുകൊണ്ട്, ഹേ, പാർത്ഥ! ഭവാൻ ആണല്ലാത്തവനാണെന്നു പരക്കെ അറിയുന്നവിധം ഷണ്ഡനാകട്ടെ. മാനംവെടിഞ്ഞ് സ്ത്രീജനമദ്ധ്യത്തിൽ ആടിപ്പാടി നടക്കുന്നവനായിത്തീരട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "വിറയ്ക്കുന്ന ചുണ്ടോടുകൂടി ഇപ്രകാരം ശപിച്ച് ഉർവ്വശി തന്റെ വസതിയിലേക്കു നടന്നു. അർജ്ജുനൻ ചിത്രസേനനോടു കാര്യമെല്ലാം പറഞ്ഞു. പ്രത്യേകിച്ച് ശാപത്തെക്കുറിച്ച് പലവട്ടം പറഞ്ഞു. ചിത്രസേനൻ ഇന്ദ്രനോടും ഈ സംഭവം പറഞ്ഞു. ഇന്ദ്രൻ അർജ്ജുനനെ വിജനപ്രദേശത്തിൽ വിളിച്ചു പുഞ്ചിരിതൂകിക്കൊണ്ട് സ്നേഹപൂർവ്വം സാന്ത്വനംചെയ്തു."

ഇന്ദ്രൻ പറഞ്ഞു: "അർജ്ജുന! നിന്നെ പുത്രനായി നേടുകയാൽ പൃഥ സൽപുത്രവതിയായിത്തീർന്നിരിക്കുന്നു! മഹാബാഹുവായ നീ ക്ഷമയിലും ആത്മനിയന്ത്രണശേഷിയിലും മഹർഷിമാരെക്കൂടി വിജയിച്ചിരിക്കുന്നു. ഉർവ്വശി നിനക്കുതന്ന ശാപം ഉപകാരമായി വരും. ഭൂമിയിൽ നിങ്ങൾക്കു പതിമൂന്നാമത്തെ വർഷത്തിൽ അജ്ഞാതവാസം നിർവ്വഹിക്കേണ്ടതുണ്ടല്ലോ. അന്ന് ഈ ശാപം ഉപകാരമായിത്തീരും. ആണല്ലാത്തവനായി നർത്തകവേഷത്തിൽ നീ ഒരു വർഷം വസിച്ചുകൊള്ളുക. അതു കഴിഞ്ഞാൽ നിനക്കു പുരുഷത്വം വീണ്ടും ലഭിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ശക്രൻ പറഞ്ഞപ്പോൾ ശത്രുനാശനനായ ഫൽഗുനൻ വളരെ സന്തോഷിച്ചു. ശാപത്തെപ്പറ്റി പിന്നീടു ചിന്തിച്ചതേയില്ല. പ്രസിദ്ധനായ ചിത്രസേനനോടുകൂടി സ്വർഗ്ഗത്തിൽ സസുഖം പാർത്തു.

പാണ്ഡുപുത്രന്റെ ഈ ചരിത്രം നിത്യവും കേൾക്കുകയാണെങ്കിൽ ആരും അപഥസഞ്ചാരം ചെയ്യുകയില്ല. അവർ കോപം, കാമം, മദം, ദംഭം മുതലായ ദോഷങ്ങൾ ബാധിക്കാതെ സ്വർഗ്ഗത്തെ പ്രാപിച്ചു സുഖമായി വസിക്കും. "

47. ലോമശാഗമനം – വൈശമ്പായനൻ പറഞ്ഞു: "ലോകങ്ങളിലൊക്കെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ലോമശമഹർഷി ഒരു ദിവസം ദേവേന്ദ്രനെ കാണുവാൻ അമരാവതിയിലെത്തി. ആ മഹർഷി ഇന്ദ്രനെ നമസ്കരിച്ചു. മഹർഷി ഇന്ദ്രനോടൊപ്പം അതേ ആസനത്തിൽ പാണ്ഡവനെ കണ്ടു. മറ്റു മഹർഷിമാരാൽ പൂജിതനായ വാസവന്റെ അനുമതിയോടുകൂടി ആസനസ്ഥനാവുകയും ചെയ്തു. അപ്പോൾ ഇന്ദ്രനോടൊപ്പംതന്നെ ഇന്ദ്രാസനാർദ്ധത്തിൽ ഇരിക്കുന്ന അർജ്ജുനനെക്കണ്ട് മഹർഷിക്ക് സംശയം വളർന്നു.

ക്ഷത്രിയനായ അർജ്ജുനൻ ഇന്ദ്രാസനത്തിൽ കയറിയിരിക്കുവാനെന്താണ് അർഹത? ഈ മഹത്തായ സ്ഥാനം അലങ്കരിക്കത്തക്ക സത്കർമ്മങ്ങളെന്താണ് അർജ്ജുനൻ ചെയ്തിട്ടുള്ളത്? ഈ മർത്ത്യൻ ഏതൊക്കെ പുണ്യലോകങ്ങളാണ് നേടിയിട്ടുള്ളത്? ദേവന്മാരാൽ നമസ്കരിക്കപ്പെടുന്ന ഈ ഉന്നതപദവി എങ്ങനെ പാണ്ഡവൻ പ്രാപിച്ചു? "

ഇങ്ങനെ ലോമശനിൽ വളർന്ന സംശയം വൃത്രനാശനനായ ശക്രൻ അറിഞ്ഞ് അതു തീർത്തുകൊടുക്കുവാൻ തീരുമാനിച്ചു. ശചീകാന്തനായ ഇന്ദ്രൻ ഇങ്ങനെ പറഞ്ഞു.

ഇന്ദ്രൻ പറഞ്ഞു: "ബ്രഹ്മർഷേ! അങ്ങയുടെ മനോവിചാരം ഞാൻ അറിയുന്നു. ഭവാന്റെ സംശയം ഞാൻ തീർത്തുതരാം. ഇവൻ കേവലം മർത്ത്യനല്ല. ഇപ്പോൾ മനുഷ്യരൂപം ധരിച്ചിരിക്കുന്നു എന്നു മാത്രം. മഹാഭുജനായ ഈ കുന്തീപുത്രൻ എന്റെ പുത്രനാണ്. ചില കാരണങ്ങൾ മൂലം എന്നിൽനിന്ന് അസ്ത്രങ്ങൾ സമ്പാദിക്കുവാനാണ് ഇവൻ ഇവിടെ എത്തിയത്. അത്ഭുതം! ഈ പുരാണമുനിസത്തമനെ ഭവാൻ അറിഞ്ഞില്ലെന്നോ? ആരാണ് ഇവനെന്നും എന്താണ് ഇവന്റെ ഉദ്ദേശ്യമെന്നും ഞാൻ പറഞ്ഞുതരാം. പുരാണ മുനീശ്വരന്മാരായ നരനാരായണന്മാരാണ് ഹൃഷീകേശനും, ധനഞ്ജയനും. മൂന്നുലോകങ്ങളിലും വിഖ്യാതരായ നരനാരായണമുനിമാർ കാര്യനിർവ്വഹണത്തിന്നു ധർമ്മാർത്ഥം ഭൂമിയിൽ അവതരിച്ചിരിക്കുന്നു. മഹർഷികൾക്കും ദേവന്മാർക്കുംകൂടി കാണുവാൻ വയ്യാത്ത വിശ്രുതമായ ബദര്യാശ്രമത്തിലാണു മുമ്പ് ഈ ജിഷ്ണുവും,

digitized by www.sreyas.in

വിഷ്ണുവും പാർത്ഥിരുന്നത്. സിദ്ധചാരണസേവിതമായ ഗംഗാനദി ഉത്ഭവിക്കുന്ന സ്ഥാനത്താണ് ആ ആശ്രമം. ഹേ, ബ്രാഹ്മണാ, എന്റെ അപേക്ഷപ്രകാരം അവർ ഈ ഭൂമിയിൽ ജനിച്ചിരിക്കുകയാണ്. ഈ മഹാവീരന്മാർ ഭൂമിയുടെ ഭാരം തീർക്കും. ഉദ്ധതന്മാരായ നിവാതകവചന്മാരെന്ന അസുരന്മാർ വരബലത്താൽ മോഹിതന്മാരായി നമുക്ക് അപ്രിയം ചെയ്തുവരികയാണ്. വരബലംകൊണ്ട് ദർപ്പത്തോടുകൂടിയ അവർ സുരന്മാരെകൊല്ലുവാൻ തക്കംനോക്കി നില്ക്കുകയാണ്. ദേവന്മാരെ അവർ ഭയപ്പെടുന്നില്ല, അവർ അങ്ങനെയാണു വരംനേടിയത്. പാതാളത്തിൽ അധിവസിക്കുന്ന രൗദ്രന്മാരും മഹാബലന്മാരുമായ ദാനവന്മാരെക്കൊല്ലുവാൻ സർവ്വ ദേവന്മാരും ചേർന്നെതിർത്താലും കഴിയുകയില്ല. ഇപ്പോൾ ഭൂമിയിൽ വാഴുന്ന മധുസൂദനനായ വിഷ്ണുവാണ് പണ്ട് കപിലമഹർഷിയായി സഗരപുത്രന്മാരെ രസാതലം തുരക്കുമ്പോൾ ഒരേ ഒരു നോട്ടംകൊണ്ട് ദഹിപ്പിച്ചത്. ആ ഹരി നമുക്കു വലിയകാര്യങ്ങൾ നേടിത്തരാൻ ശക്തനാണ്. അവനെക്കൊണ്ടും ഈ പാർത്ഥനെക്കൊണ്ടും യുദ്ധത്തിൽ ഞങ്ങൾക്കു മഹത്തായ കാര്യങ്ങൾ നേടേണ്ടതുണ്ട്. നാഗങ്ങളെ പണ്ടു മഹാസരസ്സിൽവെച്ച് ഒറ്റ നോട്ടംകൊണ്ട് കൊല്ലുവാൻ ശക്തനായ ഹരി, നിവാതകവചന്മാരെ അവരുടെ അനുയായികളോടൊപ്പം കൊല്ലുവാൻ ശക്തനാണ്. എന്നാൽ ലഘുവായ കാര്യങ്ങൾക്ക് മധുവൈരിയെ ഇളക്കിവിട്ടുകൂടാ. അങ്ങനെ ചെയ്താൽ ആ മഹാതേജസ്വിയുടെ വർദ്ധിച്ച തേജസ്സാൽ ലോകംമുഴുവൻ ദഹിപ്പിച്ചേക്കും. ആ ദൈത്യന്മാരോടെതിർക്കുവാൻ അർജ്ജുനൻ മതി. ഈ വീരൻ അവരെ സംഹരിച്ചുകഴിഞ്ഞാൽ ഭൂമിയിലേക്കു തിരിച്ചുപോകും. അതിനു മുമ്പ് ഭവാൻ കാമ്യകവനത്തിൽച്ചെന്ന് മഹാധർമ്മിഷ്ഠനും അതിശക്തനുമായ യുധിഷ്ഠിരനെ കണ്ട് എന്റെ വാക്കായി ഇപ്രകാരം പറയുക.

'അർജ്ജുനനെ ചിന്തിച്ച് ഉത്കണ്ഠ വേണ്ട. അവൻ സകല അസ്ത്രങ്ങളുംനേടി അവിടെ ഉടനെ വരുന്നതാണ്. അസ്ത്രജ്ഞതയോ, ബാഹുവീര്യമോ കുറഞ്ഞവന് ഭീഷ്മദ്രോണന്മാരോടെതിർക്കുവാൻ കഴിയുകയില്ല. ഈ പരമാർത്ഥം ഭവാന് അറിയാവുന്നതാണല്ലോ. മഹാമനസ്വിയും, മഹാബാഹുവും, കൃതാസ്ത്രനുമാണ് ഗുഡാകേശൻ. അവൻ ദിവ്യങ്ങളായ നൃത്തവാദ്യഗീതങ്ങളിലും കുശലനായിത്തീർന്നിരിക്കുന്നു. അർജ്ജുനൻ അവിടെ എത്തുന്നതിന്നുമുമ്പ് ഭ്രാതാക്കളോടുകൂടി ഭവാൻ പുണ്യതീർത്ഥങ്ങളെല്ലാം സന്ദർശിച്ച് അവയിൽ സ്നാനംചെയ്ത് അനഘനായിത്തീരുക. അങ്ങനെ പാപം നശിച്ച് താപം കളഞ്ഞു ജീവിക്കുക. ഭവാൻ രാജ്യം നേടി സസുഖം വാഴും!' എന്റെ ഈ സന്ദേശം ഭവാൻ യുധിഷ്ഠിരനെ അറിയിക്കണം. തപോബലം കൂടിയ ഭവാൻ തീർത്ഥയാത്ര ചെയ്യുന്ന പാണ്ഡവന്മാരെ രക്ഷിക്കുകയും ചെയ്യുക. ഗിരിദുർഗ്ഗങ്ങളിൽനിന്നും രൗദ്രരാക്ഷസന്മാരിൽനിന്നും ഭവാൻ അവരെ അവരുടെ തീർത്ഥാടനകാലത്ത് രക്ഷിക്കുക!"

വൈശമ്പായനൻ പറഞ്ഞു: "മഹേന്ദ്രൻ പറഞ്ഞുകഴിഞ്ഞതിന്നു ശേഷം വിഭസ്തുവും മഹർഷിയോടു പറഞ്ഞു."

വിഭസ്തു പറഞ്ഞു: "ഹേ മഹർഷേ! ഭവാൻ പാണ്ഡുപുത്രന്മാരെ സംരക്ഷിച്ചാലും. ഭവാന്റെ സംരക്ഷയിൽ രാജാവായ യുധിഷ്ഠിരൻ തീർത്ഥയാത്ര കഴിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ബ്രാഹ്മണർക്ക് വേണ്ടത്ര ദാനങ്ങളും ഭവാൻ ചെയ്യിപ്പിക്കേണമെന്നും പറഞ്ഞുകൊള്ളുന്നു."

വൈശമ്പായനൻ തുടർന്നു: "അപ്രകാരംതന്നെയാകാം എന്നു പറഞ്ഞ് മഹാതപസ്വിയായ ലോമശൻ കാമ്യകാരണ്യത്തെ ലക്ഷ്യമാക്കി ഭൂമിയിലേക്കു പോയി. അവിടെച്ചെന്ന് ശത്രുവിനാശകനും, കുന്തീപുത്രനും, സത്യസന്ധനുമായ യുധിഷ്ഠിരരാജാവിനെ മുനീന്ദ്രന്മാരാലും, സോദരന്മാരാലും, ചുറ്റപ്പെട്ടിരിക്കുന്നതായിക്കണ്ടു."

48. ധൃതരാഷ്ട്രവിലാപം – ജനമേജയൻ പറഞ്ഞു: "തേജസ്വിയായ അർജ്ജുനന്റെ ഈ അത്യത്ഭുതമായ കർമ്മങ്ങളെ കേട്ടപ്പോൾ മഹാപ്രാജ്ഞനായ ധൃതരാഷ്ട്രൻ എന്തുപറഞ്ഞു?"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ ഇന്ദ്രപുരിയിൽ പോയ വർത്തമാനം അംബികാപുത്രനായ ധൃതരാഷ്ട്രരാജാവ് ദ്വൈപായനനിൽനിന്നു കേട്ടപ്പോൾ സഞ്ജയനെ അരികിൽ വിളിച്ച് ഇപ്രകാരം പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ സൂതാ, ധീമാനായ അർജ്ജുനന്റെ കർമ്മങ്ങൾ മുഴുവൻ ഞാൻ കേട്ടു. സൂതാ! നീയും അതൊക്കെ കേട്ടിരിക്കും. എല്ലാം ശരിയായി അറിഞ്ഞിട്ടുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു.

ഗ്രാമ്യവിഷയങ്ങളിൽ സദാ മദിച്ചുകൊണ്ടിരിക്കുന്ന എന്റെ പുത്രനായ ദുര്യോധനൻ മന്ദബുദ്ധിയും, മഹാപാപിയും, ദുർബുദ്ധിയുമാണ്. ദുഷ്ടനായ അവൻ ഈ ഭൂമിയെ നശിപ്പിക്കും. നേരമ്പോക്കിൽക്കൂടിയും അസത്യം പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യാത്ത മഹാത്മാവിന്ന് (യുധിഷ്ഠിരന്) ധനഞ്ജയൻ തുണയായി യുദ്ധം ചെയ്യുമ്പോൾ മൂന്നു ലോകങ്ങളും നിശ്ചയമായും നേടും. കല്ലിൽ മൂർച്ചകൂട്ടിയ കൂർത്തുമൂർത്ത അമ്പുകൾ അർജ്ജുനൻ പ്രയോഗിക്കുമ്പോൾ മൃത്യുവും നാശവുമില്ലാത്തവർകൂടി (ദേവന്മാർ) എതിർത്തുനില്ക്കുവാൻ ശക്തരല്ല. ദുരാത്മാക്കളായ എന്റെ മക്കൾ മൃത്യുപാശത്തിൽ കുരുങ്ങിക്കഴിഞ്ഞു. അവരും പാണ്ഡവന്മാരും തമ്മിലുള്ള യുദ്ധം സമീപിച്ചു കഴിഞ്ഞു. ആ ഗാണ്ഡീവപാണിയോട് യുദ്ധത്തിൽ മത്സരിക്കുന്നതിന് ശക്തനായ പുരുഷനെ രാത്രിയും പകലും മുഴുവൻ ചിന്തിച്ചിട്ടും കാണുന്നില്ല. ദ്രോണനോ, കർണ്ണനോ, ഭീഷ്മൻതന്നെയോ, അർജ്ജുനനോട് മത്സരിച്ചു ജയിക്കുമെന്നുള്ള ബോദ്ധ്യം എനിക്കില്ല. കരുണനിറഞ്ഞവനും പ്രമാദിയുമാണ് കർണ്ണൻ. ദ്രോണനാകട്ടെ വൃദ്ധനായി; അർജ്ജുനന്റെ ഗുരുവുമാണ്. അമർഷിയും ബലവാനും ദൃഢവിക്രമനുമാണ് അർജ്ജുനൻ. ഇവരെല്ലാം അജയ്യവിക്രമികളായതുകൊണ്ട് അതികഠിനമായ യുദ്ധം അനിവാര്യമായിത്തീർന്നിരിക്കുന്നു. അവരെല്ലാവരും മഹാകീർത്തിമാന്മാരും കൃതാസ്ത്രന്മാരുമാണ്. സർവ്വേശ്വരത്വം പോലും ഇച്ഛിക്കത്തക്ക അപരാജിതന്മാരാണ് അവർ. എന്റെ മക്കളാകട്ടെ, അർജ്ജുനനാകട്ടെ, വധംകൊണ്ടല്ലാതെ അടങ്ങുകയില്ല. ഇവരിലാരെങ്കിലും മുടിഞ്ഞാലേ സമാധാനം കൈവരൂ. എന്നാൽ അർജ്ജുനനെ കൊല്ലുവാനോ വെല്ലുവാനോ ഞാൻ ആരെയും കാണുന്നില്ല. നമ്മളിൽ അർജ്ജുനന്നുള്ള വൈരം എങ്ങനെ ശമിക്കുവാനാണ്? അതു ശമിക്കാഞ്ഞാൽ എങ്ങനെ യുദ്ധമുണ്ടാകാതിരിക്കും? ദേവേന്ദ്രതുല്യനായ അവൻ ഖാണ്ഡവത്തിൽവെച്ച് അഗ്നിദേവനെ സംതൃപ്തനാക്കി. രാജസൂയമഹായാഗത്തിൽ അവൻ സർവ്വരാജാക്കളേയും കീഴടക്കി. വജ്രം പർവ്വതശിഖരത്തിൽ പ്രയോഗിച്ചാൽ ആ പർവ്വതം അല്പമെങ്കിലും ബാക്കികണ്ടു എന്നുവരാം. എന്നാൽ കിരീടിയുടെ ബാണങ്ങൾ ഏറ്റാൽ അല്പവും അവശേഷിക്കുകയില്ല. ചരാചരങ്ങളെ ആദിത്യരശ്മി എന്നവിധം എന്റെ മക്കളെ അർജ്ജുനാസ്ത്രങ്ങൾ തപിപ്പിക്കും. സവ്യസാചിയുടെ രഥഘോഷംകൊണ്ടുതന്നെ ഭാരതസൈന്യം പേടിച്ചുഴന്നു പോകും. സർവ്വവും നശിപ്പിക്കുന്നതിന്ന് വിധാതാവിനാൽ സൃഷ്ടിക്കപ്പെട്ട അന്തകനെപ്പോലെ നിന്ന് ശരങ്ങൾ തൊടുത്തുവിട്ട് പാർത്ഥൻ തന്റെ ശത്രുക്കളെ ചാമ്പലാക്കും. ആർക്ക് അവനെ തോല്പിക്കാൻ കഴിയും?"

49. ധൃതരാഷ്ട്രസന്താപം – സഞ്ജയൻ പറഞ്ഞു: "ഭവാൻ പറഞ്ഞതു പരമാർത്ഥമാണ്. ദുര്യോധനനെപ്പറ്റി ഭവാൻ പറഞ്ഞതൊക്കെയും ശരിയാണ്. അതൊക്കെ ഭവാൻ പറഞ്ഞതിൽ നിന്നും ഒട്ടും വ്യത്യാസപ്പെട്ടുപോകുമെന്നുള്ള അഭിപ്രായം എനിക്കില്ല. മഹാതേജസ്വികളായ പാണ്ഡവന്മാരിൽ അവരുടെ ധർമ്മപത്നിയും യശസ്വിനിയുമായ കൃഷ്ണയെ സഭയിലേക്കു വലിച്ചുകൊണ്ടുവന്നത് ഏറ്റവും അമർഷമുണ്ടാക്കിയിട്ടുണ്ട്. ദുശ്ശാസനന്റേയും കർണ്ണന്റേയും ദാരുണമായ വാക്കുകൾ അവരിൽ ഭയങ്കരമായി വൈരം ജനിപ്പിച്ചു. അതുകൊണ്ട് കുരുക്കൾക്കൊരിക്കലും അവർ മാപ്പുകൊടുക്കില്ല. അർജ്ജുനൻ പതിനൊന്നു ശരീരങ്ങളോടുകൂടിയ സ്ഥാണുവിനെ യുദ്ധത്തിൽ സന്തോഷിപ്പിച്ചു എന്നു ഞാൻ കേൾക്കുന്നു. അസ്ത്രലാഭത്തിന്ന് തപസ്സുചെയ്ത

digitized by www.sreyas.in

ഫൽഗുനനെ പരീക്ഷിക്കുവാൻ ശിവൻതന്നെ കിരാതരൂപത്തിൽ നേരിട്ടു. ലോകപാലകന്മാരെ ആ വീരൻ പ്രസാദിപ്പിച്ചു. അവരിൽ നിന്നും ദിവ്യാസ്ത്രങ്ങളെല്ലാം സമ്പാദിച്ചു. അതു മറ്റാർക്കാണു കഴിയുക, ഫൽഗുനനൊഴികെ? ഈശ്വരന്മാരെ കൺമുമ്പിൽ കാണുകയെന്നത് മനുഷ്യർക്കു സാധിക്കുന്ന കാര്യമാണോ? എട്ടുരൂപം കൈക്കൊള്ളുന്ന മഹേശ്വരനായ അഷ്ടമൂർത്തിക്കു കൂടിയും ക്ഷീണിപ്പിക്കുവാൻ കഴിയാത്തവനാണ് അർജ്ജുനൻ. ആ മഹാവീര്യവാനെ തോൽപ്പിക്കുവാൻ ലോകത്തിലാരുണ്ട്? ദ്രൗപദിയെ സഭയിൽ വലിച്ചിഴച്ച് കോപിപ്പിച്ചവർ ഘോരവും ഉഗ്രവും ഭീകരവുമായ ആപത്തിനെ ക്ഷണിച്ചുവരുത്തിയിരിക്കയാണ്. ദുര്യോധനൻ തന്റെ തുട ദ്രൗപദിക്കു നഗ്നമായി കാണിച്ചുകൊടുക്കുകയാൽ ആ തുട തന്റെ ശക്തിയേറിയ ഗദകൊണ്ട്, പതിമൂന്നു കൊല്ലങ്ങൾക്കുശേഷം, അടിച്ചൊടിക്കുമെന്ന് ഭീമൻ ശപഥംചെയ്തിട്ടുണ്ടല്ലോ. പാണ്ഡുപുത്രന്മാരെല്ലാവരും മഹാവിക്രമികളാണ്; മഹാതേജസ്വികളാണ്; അവർ സർവ്വാസ്ത്രജ്ഞന്മാരാണ്. ദേവന്മാർക്കുകൂടിയും അവരെ ജയിക്കുവാൻ കഴിയുകയില്ല. അവരുടെ ഭാര്യയെ അവമാനിക്കുകയാൽ വൈരം വളർന്ന പാർത്ഥന്മാർ ക്രുദ്ധരായി അങ്ങയുടെ പുത്രന്മാരെ സകലരേയും സംഹരിച്ചുകളയുമെന്ന് ഞാൻ വിചാരിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ സൂതാ, കൃഷ്ണയെ സഭയിലേക്കു കൊണ്ടുവന്നതുതന്നെ, മതി അവർക്കു വൈരത്തിന്. പിന്നെ ആ കർണ്ണൻ എന്തിന്ന് ആ പരുഷവാക്കുകൾ പറഞ്ഞു? പോരെന്നുവെച്ചിട്ടാണോ? എന്റെ മക്കൾ മഹാമന്ദന്മാരാണ്. ദുർബുദ്ധികളാണ്. അവർ നേർവഴിക്കു നടക്കുകയില്ല. അവരിൽ മൂത്തവനായ ദുര്യോധനൻ മറ്റുള്ളവർക്കു ഗുരുവല്ലേ? അവൻ ഒരു ലേശമെങ്കിലും നീതി നോക്കാത്തവനാണ്. ഞാൻ പറയുന്നതൊന്നും ആ മൂഢൻ കേൾക്കുന്നില്ല. ഈ കുരുടനെ ഒരു നിശ്ശേഷ്ടവസ്തുപോലെ മാത്രമേ അവൻ കരുതുന്നുള്ളു. അവന്റെ മന്ത്രിമാർ കുബുദ്ധികളായ, ദുരാത്മാക്കളായ, കർണ്ണൻ, ശകുനി മുതലായവരാണ്. ദുര്യോധനന് കാര്യങ്ങൾ ശരിക്കു ഗ്രഹിക്കാൻ കഴിവില്ലാത്തതുകൊണ്ട് അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടുനില്ക്കുന്നു. തേജസ്വിയായ അർജ്ജുനൻ വെറും നേരമ്പോക്കിന്നു വിടുന്ന അസ്ത്രംപോലും എന്റെ മക്കളെ ചുട്ടുകളയും. പിന്നെ അവൻ പകയോടുകൂടി എന്റെ പുത്രന്മാരുടെ നേരെ അസ്ത്രം പ്രയോഗിച്ചാലത്തെ പാടെന്താകും? അവന്റെ മഹാചാപത്തിൽനിന്ന് ബാഹുബലത്തോടുകൂടി അർജ്ജുനൻ മന്ത്രം ജപിച്ചു പ്രയോഗിക്കുന്ന ദിവ്യാസ്ത്രങ്ങൾ ദേവന്മാരെക്കൂടി തളർത്തിവിടും. അവന്റെ മന്ത്രിയും രക്ഷകനും സഖാവും സാക്ഷാൽ മധുസൂദനനാണ്. മൂന്നു ലോകത്തിന്റേയും നാഥനായ ഹരിക്കു ജയിക്കുവാൻ കഴിയാത്തതായി എന്തുണ്ട്? എടോ, സഞ്ജയ! അർജ്ജുനനെ മഹേശ്വരൻ കൈകൊണ്ടു കെട്ടിപ്പിടിച്ചുവെന്നു കേൾക്കുന്നു! വലിയ അത്ഭുതംതന്നെ! അഗ്നിദേവനെ സഹായിക്കുവാൻ ഫൽഗുനൻ കൃഷ്ണസഹായത്തോടുകൂടി ഖാണ്ഡവദാഹം ചെയ്തത് എല്ലാവരും കണ്ടതാണല്ലോ? പാർത്ഥനും ഭീമനും വാസുദേവനും ക്രുദ്ധരായി ഒന്നിച്ചു ചേർന്ന് കഴിഞ്ഞാൽ ശകുനി മുതലായ സുഹൃത്തുക്കളോടുകൂടിയ എന്റെ പുത്രന്മാർ ബന്ധുവർഗ്ഗത്തോടുകൂടി നശിച്ചുപോകുമെന്ന കാര്യം തീർച്ചയാണ്. എന്റെ പുത്രന്മാർക്ക് രക്ഷ കാണുന്നില്ല. അർജ്ജുനനും, ഭീമനും, വാസുദേവനും, സാത്യകിയും കയർത്താൽ പിന്നെ എന്റെ മക്കൾക്കു രക്ഷയെവിടെ?"

50. പാർത്ഥാഹാരകഥനം – ജനമേജയൻ പറഞ്ഞു: "ധൃതരാഷ്ട്രൻ പാണ്ഡുപുത്രന്മാരെ കാടുകയറ്റിയതിന്നുശേഷം എന്തിനു വെറതെയിരുന്നു ദുഃഖിച്ചു? എന്തുകാര്യം? അദ്ദേഹം തന്റെ പുത്രനായ ആ വിഡ്ഢിയെ, വീരന്മാരായ പാണ്ഡുപുത്രന്മാരെ കോപിപ്പിക്കാൻ എന്തിന്നനുവദിച്ചു? ഇനി ഞങ്ങളോടിതു പറയുക. പാണ്ഡുപുത്രന്മാർ എന്തു ഭക്ഷിച്ചാണ് കാട്ടിൽ കഴിഞ്ഞുകൂടിയിരുന്നത്? കാട്ടിൽനിന്നു കിട്ടിയിരുന്നതോ, അതോ കൃഷിചെയ്തുണ്ടാക്കിയതോ, എന്തു കഴിച്ചാണു ജീവിച്ചത്? അതും ഭവാൻ പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "വനത്തിലുണ്ടായ ഫലമൂലങ്ങളും ശുദ്ധബാണങ്ങൾകൊണ്ട് എയ്തുകൊന്ന മാനുകളുടെ മാംസവും ബ്രാഹ്മണർക്ക് ആദ്യം ദാനംചെയ്തതിന്നുശേഷം ബാക്കിയുള്ളത് പാണ്ഡവന്മാർ ഭക്ഷിച്ചു. അങ്ങനെയാണ് കാട്ടിൽവാഴുന്ന കാലത്ത് അവർ ആഹാരം കഴിച്ചിരുന്നത്. മോക്ഷദായകമായ കർമ്മങ്ങൾ അറിഞ്ഞവരായ അനേകായിരം സ്നാതകന്മാരും അഗ്നിപൂജചെയ്യുന്നവരും ചെയ്യാത്തവരുമായ രണ്ടുതരത്തിലുള്ള ബ്രാഹ്മണരും അവരെ പിന്തുടർന്നു. അങ്ങനെ പതിനായിരം ബ്രാഹ്മണരെ യുധിഷ്ഠിരൻ നിത്യം സംരക്ഷിച്ചുപോന്നു. രുരു, കൃഷ്ണമൃഗം മുതലായ വളരെ വന്യമൃഗങ്ങളെ അമ്പെയ്തുകൊന്ന് ആഹാരത്തിന്നുപയോഗപ്പെടുത്തി. വൈവർണ്ണ്യംകലർന്നവരോ, രോഗികളോആയ ജനങ്ങളാരും അവരുടെ സഖ്യത്തിൽ ഉണ്ടാകുവാൻ ഇടവരുത്തിയില്ല. കൃശന്മാരും ദുർബ്ബലന്മാരും ദീനന്മാരും ഭീതരും ഉണ്ടായിരുന്നില്ല. ഭ്രാതാക്കളെ സ്വന്തം പുത്രന്മാരെപ്പോലെയും ബന്ധുക്കളെ ഭ്രാതാക്കളെപ്പോലെയും ധർമ്മിഷ്ഠനും കുരുരാജാവുമായ യുധിഷ്ഠിരൻ സംരക്ഷിച്ചു. യശസ്വിനിയായ ദ്രൗപദി ബ്രാഹ്മണർക്കും ഭർത്താക്കന്മാർക്കും അമ്മയെപ്പോലെ എല്ലാവർക്കും വിളമ്പിക്കൊടുത്തതിന്നുശേഷം ഭക്ഷിച്ചു.

കിഴക്കുദിക്കിൽ രാജാവും, തെക്കുദിക്കിൽ ഭീമനും, വടക്കും പടിഞ്ഞാറും യമന്മാരും ധനുസ്സേന്തി ദിവസവും സംഹരിക്കുന്ന മൃഗങ്ങളാൽ സദ്യ നിർവ്വഹിക്കപ്പെട്ടു. അർജ്ജുനൻ പോയതിന്നു ശേഷം ഇപ്രകാരം കാമ്യകവനത്തിൽ പാണ്ഡുപുത്രന്മാർ ഉത്കണ്ഠയോടെ പാർത്തുകൊണ്ട് അഞ്ചുവർഷം പിന്നിട്ടു. ജപവും ഹോമവും പഠനവും അവർ മുടങ്ങാതെ നടത്തുകയും ചെയ്തു."

51. ധൃതരാഷ്ട്രവിലാപം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പാണ്ഡുപുത്രന്മാരുടെ അമാനുഷമായ ജീവിതത്തെപ്പറ്റി കേട്ടപ്പോൾ പുരുഷർഷഭനും അംബികാപുത്രനുമായ ധൃതരാഷ്ട്രന്നു വലിയ വിചാരമായി. ശോകവും ഉത്കണ്ഠയും നല്ലപോലെയുണ്ടായി. ആ മഹാരാജാവ് ദുഃഖതാപത്താൽ നിമഗ്നനായി, ചുടുനെടുവീർപ്പുകൾ വിട്ടുകൊണ്ട് സഞ്ജയനെ വിളിച്ചു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ സൂതാ! രാവും പകലും എനിക്കു യാതൊരു മനശ്ശാന്തിയും ലഭിക്കുന്നില്ല എന്റെ പുത്രന്മാരുടെ ചൂതിലുണ്ടായ ഘോരമായ ദുർന്നയം ചിന്തിക്കുന്തോറും എനിക്കു ശാന്തി ലഭിക്കുന്നില്ല. അതു മാത്രമല്ല, പാണ്ഡുപുത്രന്മാരുടെ ശൗര്യം, ധൃതി, ധൈര്യം, അമാനുഷമായ അവരുടെ ഭ്രാതൃസ്നേഹം ഇവയൊക്കെ ചിന്തിക്കുന്തോറും എനിക്ക് ഒരു ശാന്തിയും ലഭിക്കുന്നില്ല. ദേവപുത്രന്മാരും മഹാകീർത്തിമാന്മാരും ഇന്ദ്രതുല്യപ്രഭാവന്മാരും അജയ്യരുമായ പാണ്ഡുപുത്രന്മാരായ നകുലസഹദേവന്മാരെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഹൃദയം പിടയ്ക്കുന്നു. നകുലനും സഹദേവനും പ്രയോഗിക്കുന്ന ശരങ്ങൾ വളരെദൂരം ചെല്ലുന്നവയാണ്. ദൃഢാസ്ത്രന്മാരാണ് അവർ. യുദ്ധസന്നദ്ധരാണ്. അവർ ശക്തിയും കൈയൂക്കുമുള്ളവരാണ്. ഭീമാർജ്ജുനന്മാരെ മുമ്പിലാക്കി അവർ പോർക്കളത്തിലിറങ്ങി നില്ക്കുമ്പോൾ, സിംഹതുല്യവീര്യന്മാരും അശ്വിനിദേവതുല്യന്മാരുമായ അവർ ആയുധങ്ങളേന്തിയണഞ്ഞാൽ പിന്നെ എന്റെ സൈന്യത്തിൽ ഒരെണ്ണംപോലും അവശേഷിക്കുമോ?

സഞ്ജയാ, മഹാരഥന്മാരും ദേവപുത്രന്മാരുമായ അവർ ക്രുദ്ധരായാൽ, ദ്രൗപദിക്ക് ഏല്പിക്കപ്പെട്ട ക്ലേശം പൊറുത്തു ദയ കാണിക്കുമോ? വില്ലാളികളായ വൃഷ്ണിവീരന്മാരും മഹാതേജസ്വികളായ പാഞ്ചാലന്മാരും പിന്നെ പാർത്ഥന്മാരും, അജയ്യനും അതുല്യശക്തനുമായ വാസുദേവന്റെ ശാസനത്തിൻകീഴിൽ നേരിട്ടാൽ എന്റെ സൈന്യത്തെ മുഴുവൻ ചുട്ടുചാമ്പലാക്കിക്കളയും. രാമകൃഷ്ണന്മാർ നേതൃത്വംനല്കുന്ന വൃഷ്ണിപ്പടയെപ്പോലും തടുക്കുവാൻ എന്റെ കൂട്ടർ എല്ലാവരും ഒന്നിച്ചുചേർന്നാലും കഴിയുകയില്ല. അക്കൂട്ടത്തിൽ മഹാശക്തനും ഭീമപരാക്രമനുമായ ഭീമൻ ഏതു വീരന്മാരെ കൊല്ലുവാനും കഴിവുള്ള

digitized by www.sreyas.in

ഇരുമ്പുഗദയുംവീശി നടക്കും. എല്ലാറ്റിനുംമേലെ, ഇടിവെട്ടുന്നതുപോലെ ഗാണ്ഡീവത്തിന്റെ കടുത്ത നാദവും കേൾക്കും. ഭീമസേനന്റെ ഗദയുടെ ശക്തിയും ഗാണ്ഡീവത്തിന്റെ ഘോരനാദവും നമ്മുടെ രാജാക്കന്മാർക്ക് ആർക്കും താങ്ങാൻ ശേഷിയില്ല. ഞാൻ ദുര്യോധനന്റെ വാക്കനുസരിച്ചതു തെറ്റായിപ്പോയി. എന്റെ സ്നേഹിതന്മാർ ഉപദേശിച്ചതൊന്നും ഞാൻ കേട്ടില്ല. അവരുടെ ഉപദേശങ്ങളെയെല്ലാം ഞാൻ സ്മരിക്കുന്നു; ഞാനതു സ്വീകരിക്കേണ്ടതായിരുന്നു."

സഞ്ജയൻ പറഞ്ഞു: "ഇതെല്ലാം അങ്ങയുടെ തെറ്റുകൊണ്ടുവന്നുചേർന്നതാണ്. അങ്ങയുടെ പുത്രന്മാർ ഘോരമായ അക്രമങ്ങൾ പ്രവർത്തിച്ചപ്പോൾ അവിടുന്ന് അതിൽ ഉപേക്ഷകാണിക്കുകയല്ലേ ചെയ്തത്? അങ്ങ് അതു നിർത്തുവാൻ സമർത്ഥനായിരുന്നിട്ടും സ്വപുത്രനെ തടഞ്ഞില്ലല്ലോ?

പാണ്ഡവന്മാർ ചൂതിൽതോറ്റ് കാടുകയറിയ ഉടനെ അവരെ ചെന്നു കണ്ട് ആശ്വസിപ്പിക്കുവാൻ മഹാത്മാവായ മധുസൂദനൻ കാമ്യകവനത്തിൽ ചെന്നു. ധൃഷ്ടദ്യുമ്നനെ മുൻനിർത്തി ദ്രുപദപുത്രന്മാരും വിരാടനും ധൃഷ്ടകേതുവും മഹാരഥന്മാരായ കേകയന്മാരും കാമ്യകത്തിൽ ചെന്നതും, അവർ തമ്മിൽ സംഭാഷണങ്ങൾ നടന്നതും, മധുസൂദനനോട് യുദ്ധത്തിൽ ഫൽഗുനസാരഥിയാവാൻ ആവശ്യപ്പെട്ടതും, ഹരി 'അങ്ങനെയാകട്ടെ' എന്ന് ഉടനെ സമ്മതിച്ചതും ചാരന്മാർമുഖേന ഞാൻ അറിഞ്ഞത് ഭവാനെ അപ്പോൾത്തന്നെ അറിയിക്കുകയുണ്ടായില്ലേ? കൃഷ്ണനു മാൻതോലുടുത്ത പാണ്ഡവന്മാരെ കണ്ടപ്പോൾ വല്ലാത്ത കോപമുണ്ടായി. ഉടനെ കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ഇന്ദ്രപ്രസ്ഥത്തിൽ ഭവാനുണ്ടായ സമൃദ്ധിയെകണ്ടവനാണു ഞാൻ. രാജസൂയത്തിൽ മറ്റു രാജാക്കന്മാർക്കാർക്കും ഇത്ര മഹത്തായ ഐശ്വര്യം ലഭിക്കുകയുണ്ടായില്ല. രാജാക്കന്മാരൊക്കെ അവിടെ ശസ്ത്രതേജോഭയാർത്തന്മാരായി. വംഗർ, അംഗർ, പൗണ്ഡ്രന്മാർ, ചോളർ, ദ്രാവിഡർ, ആന്ധ്രർ, കടൽത്തീരവാസികൾ, പ്രാന്തവാസികൾ, സിംഹളന്മാർ, ബർബ്ബരന്മാർ, ലങ്കാപുരവാസികൾ, പല നാട്ടിലും പടിഞ്ഞാറൻ കടൽത്തീരത്തും വസിക്കുന്നവർ, ദരദന്മാർ, യവനന്മാർ, കിരാതന്മാർ, ശകന്മാർ, പല്ലവന്മാർ, ചീനന്മാർ, ഹാരാഹൂണന്മാർ, സൈന്ധവന്മാർ, തുഷാരന്മാർ, രാമഠന്മാർ, ജാഗുഡന്മാർ, സ്ത്രീരാജ്യർ, തംഗണന്മാർ, കേകയന്മാർ, മാളവന്മാർ, കാശ്മീരകന്മാർ ഇവരെയൊക്കെ നിന്റെ യജ്ഞത്തിൽ പരിവേഷകരായി കണ്ടവനാണു ഞാൻ. ഈ രാജ്യം കളവായി അപഹരിച്ചവൻ ആരോ അവനെ ഞാൻ കൊന്ന് ഇതു മടക്കിപ്പിടിച്ച് ഇപ്പോൾ തരാം. രാമനോടും, ഭീമാർജ്ജുനന്മാരോടും, മാദ്രേയന്മാരോടും, പ്രദ്യുമ്നസാംബാക്രൂരാഹുകന്മാരോടും കൂടിച്ചേർന്ന് വീരനായ ധൃഷ്ടദ്യുമ്നനോടും, ശിശുപാലപുത്രനോടുംകൂടിച്ചേർന്ന്, ദുര്യോധനനേയും കർണ്ണനേയും വധിച്ച്, ദുശ്ശാസനൻ, സൗബലൻ എന്നുവേണ്ട എതിർത്തുവരുന്നവരെ സകലരേയുംകൊന്ന് ഞാൻ രാജ്യം വീണ്ടെടുക്കും. പിന്നെ നീ ഹസ്തിനാപുരത്തിൽ ഭ്രാതാക്കളോടുകൂടി ധാർത്തരാഷ്ട്രശ്രീയും ഏറ്റ് ഈ ലോകം മുഴുവൻ ഭരിക്കുക."

സഞ്ജയൻ പറഞ്ഞു: "ഈ വാക്യം കേട്ടപ്പോൾ ആ രാജമദ്ധ്യത്തിൽവെച്ച് ധൃഷ്ടദ്യുമ്നാദികളായ വീരന്മാർ കേൾക്കെ യുധിഷ്ഠിരൻ പറഞ്ഞു."

"ഹേ ജനാർദ്ദനാ! ഞാൻ ഭവാന്റെ വാക്കുകൈക്കൊള്ളുന്നു. പതിമ്മൂന്നു കൊല്ലങ്ങൾക്കുശേഷം എന്റെ വൈരികളെ കൂട്ടത്തോടെ ഭവാൻ നശിപ്പിക്കുക. ഹേ, കേശവാ, നീ സത്യം ചെയ്യൂ എനിക്കുവേണ്ടി. ഞാൻ രാജമദ്ധ്യത്തിൽ വെച്ച് ഇങ്ങനെ കാട്ടിൽ ജീവിച്ചു കൊള്ളാമെന്നു സത്യം ചെയ്തിട്ടുണ്ട്. പതിമ്മൂന്നു വർഷം ക്ഷമിച്ച് ഭവാൻ എന്നെ സത്യവാനാക്കുക."

സഞ്ജയൻ പറഞ്ഞു: "ധർമ്മിഷ്ഠനായ യുധിഷ്ഠിരന്റെ വാക്കു സമ്മതിച്ചപ്പോൾ ധൃഷ്ടദ്യുമ്നൻ മുതലായവർ അമർഷിയായ കേസവനെ മധുരവും കാലോചിതവുമായ വാക്കുകൾ കൊണ്ടു ശാന്തനാക്കി. കല്യാണിയായ ദ്രൗപദിയോടും വാസുദേവൻ കേൾക്കെ ഇങ്ങനെ പറഞ്ഞു."

"ദേവി, ദുര്യോധനൻ നിന്റെ കോപംമൂലം ജീവൻ വെടിയും. ഞങ്ങൾ സത്യംചെയ്യുന്നു. വരവർണ്ണിനീ, നീ അതുകൊണ്ടു ദുഃഖിക്കാതിരിക്കൂക. കൃഷ്ണേ, ചൂതിൽ നിന്നെ നേടിയതുകൊണ്ട് ആരൊക്കെ നിന്നെ കളിയാക്കി ചിരിച്ചുവോ, അവരെല്ലാം അതിന്റെ ഫലമനുഭവിക്കും. അവരുടെ ദേഹത്തിലെ മാംസം ചെന്നായ്ക്കളും, പക്ഷികളും കടിച്ച്, കൊത്തിച്ചീന്തി വലിക്കും! കുറുക്കനും കഴുക്കളും അവരുടെ രക്തം പാനംചെയ്യും. നിന്നെ സഭയിൽ ഇഴച്ചവരുടെ തല അവിടെ മാംസഭോജികളായ ജന്തുക്കൾ ഇഴയ്ക്കും. അതൊക്കെ കൃഷ്ണേ! നിനക്കു നിന്റെ കണ്ണു കൊണ്ടു കാണാം. നിന്നെ ക്ലേശിപ്പിച്ചവരും, അവമാനിച്ചവരും തലയറ്റു ഭൂമിയിൽ പതിക്കും! ഭൂമി അവരുടെ രക്തം കുടിക്കും."

സഞ്ജയൻ പറഞ്ഞു: "ഇങ്ങനേയും മറ്റും ആ ഭരതർഷഭർ കൃഷ്ണന്റെ സന്നിധിയിൽവെച്ച് കൃഷ്ണയോടു പറഞ്ഞു. വീരന്മാരും, ശക്തന്മാരും, പ്രാപ്തന്മാരും, യുദ്ധലക്ഷണന്മാരുമാണ് ഇവരെല്ലാവരും. പതിമ്മൂന്നുകൊല്ലം കഴിയുമ്പോൾ യുധിഷ്ഠിരനുവേണ്ടി വാസുദേവനെ മുൻനിർത്തി അവർ പോരിന്നെത്തും. രാമകൃഷ്ണന്മാർ, ധനഞ്ജയൻ, പ്രദ്യുമ്നൻ, സാംബൻ, യുയുധാനൻ (സാത്യകി), ഭീമമാദ്രേയന്മാർ, കേകയരാജപുത്രന്മാർ, പാഞ്ചാലരാജകുമാരന്മാർ, മത്സ്യരാജാവ് മുതലായ തേജസ്വികളും, അജയ്യരുമായ വീരന്മാർ കൂട്ടത്തോടെ പടയൊരുക്കി എത്തുമ്പോൾ ജീവനിൽ കൊതിയുള്ളവർ ആരാണ് അവരോടെതിർക്കുവാൻ ഒരുങ്ങുക? ആ സിംഹങ്ങളോടെതിർക്കുവാൻ ആർക്കു കഴിയും?"

ധൃതരാഷ്ട്രൻ പറഞ്ഞു: "സഞ്ജയാ! എന്നോടു ദ്യൂതകാലത്തു വിദുരൻ പറഞ്ഞു, രാജാവേ! നീ പാണ്ഡവന്മാരെ ചൂതിൽ തോല്പിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും ഇതു കുരുക്കൾക്കു നാശം വരുത്തിക്കൂട്ടും, കടുത്ത രക്തപ്രളയമുണ്ടാകും" എന്ന്. എന്നോടു വിദുരൻ മുമ്പേ പറഞ്ഞതാണിത്. അന്നു ഞാൻ അത് അവഗണിച്ചു. ആ മഹാശയൻ പറഞ്ഞതുപോലെ ഒക്കെ ശരിക്കു വന്നുചേരും. യുദ്ധം തീർച്ചയായും ഉണ്ടാകും! പറഞ്ഞ കാലം കഴിയുകയേ വേണ്ടൂ!"

നളോപാഖ്യാനപർവം

52. ബൃഹദശ്വമുനിയുടെ ആഗമനം – ജനമേജയൻ പറഞ്ഞു: "മഹാമനസ്കനായ പാർത്ഥൻ അസ്ത്രങ്ങൾ സമ്പാദിക്കുവാനായി സ്വർഗ്ഗത്തിലേക്കു പോയകാലത്ത് യുധിഷ്ഠിരൻമുതലായ പാണ്ഡവന്മാർ എന്തു ചെയ്തുകൊണ്ടിരുന്നു?"

വൈശമ്പായനൻ പറഞ്ഞു: "മഹാമനസ്വിയായ പാർത്ഥൻ സ്വർഗ്ഗലോകത്തിലേക്കു പോയകാലത്ത് ആ പുരുഷർഷഭന്മാരായ പാണ്ഡവന്മാർ കാമ്യകവനത്തിൽത്തന്നെ കൃഷ്ണയോടുകൂടി പാർത്തു. ധനഞ്ജയന്റെ വിയോഗത്തിൽ തീവ്രമായ ദുഃഖത്തോടെയാണ് അവർ കഴിഞ്ഞുകൂടിയത്. ധനഞ്ജയന്റെ വിയോഗം അവരെ ഒരു പോലെ ദുഃഖാർത്തരാക്കി. രാജ്യം നഷ്ടപ്പെട്ട ദുഃഖവും അർജ്ജുനന്റെ വിയോഗദുഃഖവും മൂലം ദുഃഖാർത്തനായി മഹാബാഹുവായ ഭീമൻ ഒരു ദിവസം യുധിഷ്ഠിരനോട് ഇങ്ങനെ പറഞ്ഞു."

ഭീമൻ പറഞ്ഞു: "ഭവാൻ കല്പിച്ചതുപ്രകാരമാണല്ലോ അർജ്ജുനൻ നമ്മളെ വിട്ടുപിരിഞ്ഞത്. പാണ്ഡവന്മാരുടെ പ്രാണൻ പ്രതിഷ്ഠിച്ചിരിക്കുന്നത് അവനിലാണ്. അവൻ നശിച്ചാൽ പിന്നെ ഒന്നും ബാക്കിയില്ല. നമ്മളും, നമ്മുടെ പുത്രന്മാരും, പാഞ്ചാലന്മാരും, സാത്യകിയും, വാസുദേവനും പിന്നീട് ഇല്ല തന്നെ! ഭവാൻ ആജ്ഞാപിക്കുകയാൽ ബീഭത്സുവിന്നു വളരെയധികം ക്ലേശങ്ങൾ സഹിച്ചു സഞ്ചരിക്കേണ്ടിവന്നിരിക്കയാണ്. ഇതിലും വലിയ ദുഃഖമെന്താണ് സംഭവിക്കുവാനുള്ളത്? ശത്രുക്കളെ ജയിച്ചു ഭൂമി നേടുവാൻ അവന്റെ ബാഹുക്കളാണ് നമുക്ക്

digitized by www.sreyas.in

ആശ്രയം. സഭയിൽവെച്ചു ശകുനിയോടുകൂടി ധാർത്തരാഷ്ട്രന്മാരെ ഞാൻ കൊല്ലാതെ വിട്ടത് ആ വീരനെക്കരുതിയാണ്. വാസുദേവന്റെ രക്ഷയുണ്ടായിട്ടും, ഞങ്ങൾക്കുകൈയൂക്കുണ്ടായിട്ടും, ഉള്ളിൽ വളർന്നുകൊണ്ടിരിക്കുന്ന ക്രോധം സഹിച്ചു ജീവിക്കുന്നത് ഭവാനുവേണ്ടിയാണ്. കൃഷ്ണന്റെ സഹായത്താൽ, കർണ്ണൻ മുതലായവരെക്കൊന്ന്, കൈയൂക്കുകൊണ്ട് രാജ്യം നേടി സംരക്ഷിച്ചുവാഴുവാൻ നമുക്കു നിശ്ചയമായും കഴിയും. ഭവാന്റെ ചൂതുകളിക്കമ്പംകാരണം പൗരുഷംകൂടിയ നമ്മൾ ഈവിധം കഷ്ടത്തിൽ കിടക്കുകയും, ജള്മന്മാരായ ദുര്യോധനാദികൾ കപ്പംനേടി ബലവാന്മാരാവുകയും ചെയ്തിരിക്കുന്നു. ഭവാൻ ഇനിയെങ്കിലും ക്ഷത്രിയോചിതമായ ധർമ്മംസ്വീകരിക്കണം. മഹാരാജാവേ, വനവാസം ക്ഷത്രിയോചിതമല്ല. പണ്ഡിതന്മാർ പറയുന്നു, നാടു ഭരിക്കുകയാണ് ക്ഷത്രിയധർമ്മമെന്ന്. ഭവാൻ ക്ഷത്രധർമ്മജ്ഞനായ രാജാവായിട്ടും ആ ധർമ്മത്തിൽനിന്നു തെറ്റിനില്ക്കുന്നത് ന്യായമല്ല. പാർത്ഥനേയും, ജനാർദ്ദനനേയും ഉടനെ വരുത്തണം. ഹേ, മഹാരാജാവേ, പന്ത്രണ്ടുവർഷം കഴിയുവാൻ കാക്കാതെ കാട്ടിൽനിന്നും പുറത്തുകടന്ന് ധാർത്തരാഷ്ട്രന്മാരെ മുഴുവൻ കൊന്നൊടുക്കണം. ശത്രുക്കൾ സൈന്യബലം വർദ്ധിപ്പിക്കുന്നതിന്നുമുമ്പ് നാം അവരെ ഒടുക്കിക്കളയണം. ദുര്യോധനൻ മുതലായ എല്ലാ ധാർത്തരാഷ്ട്രന്മാരേയും, കർണ്ണനേയും, ശകുനിയേയും അവർ യുദ്ധസന്നദ്ധരായ ഭടന്മാരാൽ ചുറ്റപ്പെട്ടിരുന്നാലും ഞാൻ കൊന്നുകൊള്ളാം. അതിലേക്ക് ഭവാൻ അനുവദിച്ചാലും.

ഞാൻ ശത്രുക്കളെ കൊന്നുകഴിഞ്ഞാൽ ഭവാനു കാട്ടിലേക്കു മടങ്ങിവരാം. അപ്പോൾ ഭവാനെ സത്യലംഘനപാപം ബാധിക്കുകയുമില്ല. അഥവാ വല്ല പാപവും ഉണ്ടെങ്കിൽ അത് നമുക്ക് വിവിധയജ്ഞങ്ങൾകൊണ്ട് പരിഹരിച്ച് പുണ്യംനേടുകയും ചെയ്യാം. ഇങ്ങനെ ചെയ്യണം, നമ്മുടെ രാജാവ് ബുദ്ധിമാനും, വേണ്ട കാര്യം ഉടനെ ചെയ്യുവാൻ താല്പര്യമുള്ളവനുമാണെന്നു തെളിയിക്കുവാൻ. ധർമ്മപരനാണല്ലോ ഭവാൻ.

വഞ്ചകന്മാരെ വഞ്ചനകൊണ്ടു കൊല്ലാമെന്നു വിധിയുണ്ട്. ആ വഞ്ചന പാപമല്ലെന്നാണ് അഭിജ്ഞമതം. ധർമ്മശാസ്ത്രങ്ങളിൽ ധർമ്മജ്ഞന്മാർ കാണുന്ന വിധി ഭവാന് അറിയാവുന്നതല്ലെ? ഒരു പകലും രാത്രിയും ഒരു വർഷത്തിനു തുല്യങ്ങളാണെന്നും വേദവചനമുണ്ട്. കഠിനവ്രതമാചരിക്കുന്ന ഒരു ദിവസം ഒരു വർഷത്തിന്നു തുല്യമാണെന്നു വേദങ്ങളിൽ കേൾക്കുന്നു. അതനുസരിച്ച് പതിമൂന്നു വർഷം പതിമൂന്നു ദിവസംകൊണ്ടു കഴിഞ്ഞുപോയി എന്നു വിചാരിക്കുന്നതിലും തെറ്റില്ല. ഭവാനു പ്രമാണം വേദമാണെങ്കിൽ ഇപ്പോൾ കഴിഞ്ഞിരിക്കുന്നു പതിമൂന്നു സംവത്സരം!

ദുര്യോധനനെ കൊല്ലുന്നതിന്ന് ഇതാണു കാലം. ഇനി ഒട്ടും താമസിച്ചുകൂടാ. അവൻ ഭൂമിക്കു മുഴുവൻ ഏകാധിപതിയാകും. ഭവാന്റെ ദ്യൂതപ്രിയത്തിന്റെ ഫലമാണിത്. ഒരു കൊല്ലം അജ്ഞാതവാസം ചെയ്യാം എന്ന ഭവാന്റെ പ്രതിജ്ഞ നമ്മെ നാശത്തിന്റെ വക്കത്തെത്തിച്ചിട്ടുണ്ട്. നമുക്ക് ഒളിച്ചു താമസിക്കുവാൻ പറ്റിയനാട് ഞാൻ കാണുന്നില്ല. ദുഷ്ടനായ സുയോധനൻ ചാരന്മാരെ നിയമിച്ച് നാം എവിടെ ഒളിച്ചു താമസിച്ചാലും കണ്ടുപിടിക്കും. അങ്ങനെ സംഭവിച്ചാൽ അവൻ വീണ്ടും നമ്മളെ കാട്ടിലേക്കയയ്ക്കും. ഇനി ഒരു കാര്യംകൂടി പറയാം. വല്ലവിധേനയും നാം അജ്ഞാതവാസം ശരിക്കു നിർവ്വഹിച്ചു എന്നു വിചാരിക്കുക. പുറത്തുവന്നാൽ ഉടനെ അവൻ ഭവാനെ ചൂതിന്നു വിളിക്കും. വിളിച്ചാൽ ഭവാൻ പോകും. പോയാൽ ഭവാൻ ചൂതുകളിക്കും. കളിച്ചാൽ ഭവാൻ തോൽക്കും. അങ്ങയ്ക്ക് ചൂതുകളി ഒട്ടും അറിഞ്ഞുകൂടാ. എന്നാലും ക്ഷണിച്ചാൽ ഭവാനതിൽ ഭ്രാന്താണ്. പിന്നെ ഗതി കാടുതന്നെ. രാജാവേ! ഭവാന്റെ ചിന്തയെന്താണ്? ഞങ്ങളെ എന്നും കൃപണന്മാരാക്കി കാട്ടിൽ വാഴിക്കണമെന്നാണോ?

ഭവാൻ വേദധർമ്മങ്ങളൊക്കെ പരിശോധിച്ചുനോക്കൂ! അപ്പോൾ ഭവാൻ കാണും വഞ്ചകന്മാരെ വഞ്ചനയാൽ കൊല്ലുക എന്ന്. ഭവാൻ ഒന്നു കല്പിക്കൂ! ഞാൻ ചെന്ന് ധാർത്തരാഷ്ട്രന്മാരെയൊക്കെ മുടിച്ചുവരാം. ഉണക്കപ്പുല്ലിനെ അഗ്നി ദഹിപ്പിക്കുന്നപോലെ ദുര്യോധനനെ ഞാൻ ഭസ്മമാക്കും."

വൈശമ്പായനൻ തുടർന്നു: "ഇപ്രകാരം പറയുന്ന ഭീമനെ പിടിച്ചടുപ്പിച്ച് സൗമ്യമായി സാന്ത്വനംചെയ്തു സത്യസന്ധനായ യുധിഷ്ഠിരൻ ആ പാണ്ഡുപുത്രന്റെ മൂർദ്ധാവിൽ ചുംബിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാബാഹോ, നീ തീർച്ചയായും പറഞ്ഞമാതിരിതന്നെ സുയോധനനെ കൊല്ലും. പതിമൂന്നു വർഷം കഴിഞ്ഞതിന്നുശേഷം ഗാണ്ഡീവധാരിയോടുകൂടി ചെന്ന് അവനെ സംഹരിക്കും. അതുവരെ ക്ഷമിക്കുക! നീ പറഞ്ഞതുപോലെ കാലമായിട്ടില്ല. അങ്ങനെ കരുതുന്നത് എനിക്ക് സമ്മതമല്ല. ഞാൻ ഒരിക്കലും അസത്യം പറയുകയില്ല. പാപകരമായ വഞ്ചനകൂടാതെ തന്നെ നിനക്ക് ദുര്യോധനനെ കൂട്ടത്തോടെ കൊല്ലാമല്ലോ! ഹേ കുന്തീപുത്രാ! ക്ഷമിക്കൂ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീമനും യുധിഷ്ഠിരനും തമ്മിൽ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ മഹാകീർത്തിമാനായ ബൃഹദശ്വമഹർഷി അവിടെ കയറിവന്നു. യുധിഷ്ഠിരൻ ആ മുനിശ്രേഷ്ഠനെ യഥാവിധി മധുപർക്കത്താൽ പൂജിച്ചുസൽക്കരിച്ചു. മുനിയെ ആശ്വസിപ്പിച്ചിരുത്തിയതിന്നുശേഷം, അരികെയിരുന്നു മഹാബാഹുവായ യുധിഷ്ഠിരൻ തന്റെ ദുരിതാവസ്ഥയെക്കുറിച്ചു വിലപിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ! അക്ഷകോവിദന്മാരായ ചതിയന്മാർ ചൂതറിയാത്തവനായ എന്നെ ചതിച്ചു തോല്പിച്ച് രാജ്യവും ധനവുമൊക്കെ അപഹരിച്ചു. ആ മഹാപാപികൾ എന്റെ ജീവനേക്കാൾ പ്രിയപ്പെട്ട ഭാര്യയായ ദ്രൗപദിയെ സഭയിൽ വലിച്ചിഴച്ചു. പുനർദ്യൂതത്തിൽ ജയിച്ച് അവർ എന്നെ മാൻതോലുടുപ്പിച്ചു കാടുകയറ്റി. ഇപ്പോൾ ഈ വനത്തിൽ ചുറ്റിത്തിരിഞ്ഞു ഞാൻ ദുഃഖിച്ചു ജീവിക്കുന്നു. ദ്യൂതകാലത്തു കുത്തുവാക്കുകൾ പലതും ഞാൻ കേട്ടു. ചൂതുമുതൽക്കു ദുഃഖാർത്തരായ സുഹൃത്തുക്കൾ ആവലാതിപ്പെട്ടു പറയുന്നതു ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. അതൊക്കെ രാവും പകലും ചിന്തിച്ചു എനിക്കു സ്വസ്ഥതയില്ലാതായിരിക്കുന്നു. ഞങ്ങളുടെ ജീവൻ ആരിൽ പ്രതിഷ്ഠിച്ചിരിക്കുന്നുവോ ആ ഗാണ്ഡീവധാരിയായ അർജ്ജുനൻ വേർപെട്ടിരിക്കയാൽ ഞാൻ നിർജ്ജീവനായിരിക്കുന്നു. ദയാലുവും മധുരഭാഷിയും, മഹാത്മാവും സദാകർമ്മനിരതനുമായ ബീഭത്സു എന്നായിരിക്കും കൃതാസ്ത്രനായി തിരിച്ചുവരിക? അല്ലയോ മുനിവര്യാ! എന്നെപ്പോലെ ഭാഗ്യഹീനനായ രാജാവ് ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുള്ളതായി ഭവാൻ കാണുകയോ, കേൾക്കുകയോ ചെയ്തിട്ടുണ്ടോ? എന്നേക്കാൾ ദുഃഖിതനായി ഒരാളും ഒരുകാലത്തും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്!"

ബൃഹദശ്വൻ പറഞ്ഞു: "ഹേ മഹാരാജാവായ പാണ്ഡുപുത്രാ! ഭവാനേക്കാൾ ദുഃഖിതനായി ആരുമുണ്ടായിട്ടില്ലെന്നു കരുതുന്നതു ശരിയല്ല. ഇപ്പോൾ ഭവാനെ ബാധിച്ചിട്ടുള്ളതിലധികം ദുഃഖമനുഭവിച്ച ഒരു രാജാവിനെപ്പറ്റി ഞാൻ പറയാം. ഹേ അനഘാശയാ! ഭവാനു കേൾക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ കേട്ടാലും!"

വൈശമ്പായനൻ തടർന്നു: "അപ്പോൾ രാജാവ് ഋഷിയോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ! ഭവാൻ പറഞ്ഞാലും. എന്നെപ്പോലെ മഹാദുഃഖമനുഭവിച്ച രാജാവിന്റെ കഥ കേൾക്കട്ടെ."

ബൃഹദശ്വൻ പറഞ്ഞു: "രാജാവേ! ഭവാൻ മനസ്സുവെച്ച് തമ്പിമാരോടുകൂടി ഇരുന്ന് ഈ കഥ കേൾക്കണം. ഭവാനേക്കാൾ ദുഃഖിതനായ ഒരു രാജാവിന്റെ കഥയാണത്.

നിഷധരാജാവായ 'വീരസേനൻ' പ്രസിദ്ധനായിരുന്നു. ആ രാജാവിന്റെ പുത്രനായി ധർമ്മാർത്ഥകോവിദനായി നളൻ എന്നു പോരായ ഒരു രാജാവുണ്ടായി. അവനെ പുഷ്കരൻ ചതിയാൽ

digitized by www.sreyas.in

ജയിച്ചു. അവൻ ദുഃഖിച്ചു കാട്ടിൽ വാണു. അവൻ കാട്ടിൽ ജീവിക്കുന്ന കാലത്ത് അവനു ദാസന്മാരും, തേരും, ഭ്രാതാവും, ബന്ധുവർഗ്ഗങ്ങളും ആരും കൂടെയില്ലായിരുന്നു. ആരും അവനെ സഹായിക്കാനുണ്ടായില്ല. അങ്ങയെപ്പോലെ ദേവോപമന്മാരായ ഭ്രാതാക്കളും, ബ്രഹ്മകല്പരായ ബ്രാഹ്മണരും അവന് കൂട്ടിനുണ്ടായിരുന്നില്ല. അതുകൊണ്ട് രാജാവേ, ഭവാൻ ദുഃഖിക്കാതിരിക്കുക."

യുധിഷ്ഠിരൻ പറഞ്ഞു: "കീർത്തിമാനായ നളന്റെ കഥ ഭവാൻ വിസ്തരിച്ചു പറഞ്ഞാലും! ഞാൻ കേൾക്കുവാൻ ഉത്സുകനാണ്."

53. നളോപാഖ്യാനം - ഹംസദമയന്തീസംവാദം - ബൃഹദശ്വൻ പറഞ്ഞു: "നിഷധരാജ്യത്ത് വീരസേനപുത്രനായി നളൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. സദ്ഗുണങ്ങൾ തികഞ്ഞ അദ്ദേഹം സുന്ദരനും അശ്വകോവിദനുമായിരുന്നു. സകല രാജാക്കന്മാരെയും കീഴടക്കി ഇന്ദ്രനെപ്പോലെ നളൻ വിശ്രുതനായിത്തീർന്നു. തേജസ്സുകൊണ്ട് എല്ലാവർക്കും ഉപരിയായി ആദിത്യനെപ്പോലെ പ്രശോഭിച്ചു. ബ്രാഹ്മണരുടെ ക്ഷേമത്തിൽ സദാ ശ്രദ്ധാലുവും, വില്ലാളികളിൽ അഗ്രിമനുമായ ആ രാജാവ് അക്ഷൗഹിണീപതിയും, ശൂരനും, വേദജ്ഞനും, ദ്യൂതപ്രിയനുമായി ശോഭിച്ചു. ജനങ്ങൾക്കൊക്കെ പ്രിയനായ ആ സുന്ദരരൂപൻ മനുവിനെപ്പോലെ രാജ്യം ഭരിച്ചുവന്നു.

അക്കാലത്ത് വിദർഭരാജ്യം ഭരിച്ചിരുന്നത് നളനെപ്പോലെ ഭീമപരാക്രമനും, പ്രസിദ്ധനുമായ ഭീമരാജാവായിരുന്നു. എല്ലാ ഗുണങ്ങളും തികഞ്ഞ പ്രജാവത്സലനായ ആ ശൂരൻ അനപത്യനായതുകൊണ്ട് സന്താനലാഭത്തിനുവേണ്ടുന്ന സത്കർമ്മങ്ങൾ ചെയ്തു.

ഒരു ദിവസം ബ്രഹ്മർഷിയായ ദമനൻ അവിടെ വന്നു. അദ്ദേഹത്തെ, ധർമ്മിഷ്ഠനും പുത്രാർത്ഥിയുമായ രാജാവ് ഭാര്യയോടുകൂടി സൽക്കരിച്ചു സന്തോഷിപ്പിച്ചു. പ്രസന്നനായ ദമനൻ ആ ദമ്പതിമാരെ അനുഗ്രഹിച്ചു: "ഒരു കന്യാകാരത്നവും, കീർത്തിമാൻമാരും മഹാശയന്മാരുമായ മൂന്നു പുത്രന്മാരും ഭവാന് ഉണ്ടാകട്ടെ!" എന്നു വരംനല്കി. അപ്രകാരം 'ദമയന്തി, ദമൻ, ദാന്തൻ, ദമനൻ' എന്നിങ്ങനെ നാലു സന്താനങ്ങളുണ്ടായി. പുത്രന്മാർ മൂന്നപേരും സർവ്വഗുണസമ്പന്നന്മാരും, ഭീമപരാക്രമന്മാരുമായി പ്രശോഭിച്ചു. ദമയന്തിയാകട്ടെ രൂപം, തേജസ്സ്, കീർത്തി, സ്വഭാവം, കാന്തി, സൗഭാഗ്യം എന്നിവയാൽ ലോകത്തിലെങ്ങും പേരുകേട്ട സുന്ദരിയായി വളർന്നു. യൗവനംതികഞ്ഞ അവളെ അലംകൃതകളായ നൂറുകണക്കിന്നു ദാസിമാരും നൂറുകണക്കിനു സഖിമാരും ശചീദേവിയെപ്പോലെ ഉപാസിച്ചു.

സർവ്വാഭരണഭൂഷിതയും, അനവദ്യാംഗിയുമായ ആ ഭീമപുത്രി സഖീജനമദ്ധ്യത്തിൽ, മിന്നൽപ്പിണർ മേഘപടലങ്ങളിൽ എന്നപോലെ പ്രശോഭിച്ചു. ശ്രീദേവിയെപ്പോലെ ചന്തംതികഞ്ഞ അവൾക്കു തുല്യമായി ദേവവർഗ്ഗത്തിലോ, യക്ഷവർഗ്ഗത്തിലോ, മാനുഷവർഗ്ഗത്തിലോ ഒരു നാരിയുള്ളതായി കണ്ടിട്ടും കേട്ടിട്ടുമില്ലെന്ന് പ്രസിദ്ധമായി. ദേവന്മാർക്കുകൂടിയും മനസ്സിന്ന് ആനന്ദം ചേർത്തുകൊണ്ടു ആ സുന്ദരി വളർന്നുവന്നു.

ലോകത്തിൽ അപ്രതിമനായ നളനാകട്ടെ, രൂപംകൊണ്ടു മൂർത്തിമാനായ കന്ദർപ്പനെന്നപോലെ ശോഭിച്ചു. നളന്റെ ഗുണങ്ങളെപ്പറ്റി ദമയന്തിയും, ദമയന്തിയുടെ ഗുണങ്ങളെപ്പറ്റി നളനും അറിയുവാനിടയായി. ജനങ്ങൾ പുകഴ്ത്തിപ്പറയുന്നതുകേട്ട് അവർക്ക് അന്യോന്യം അനുരാഗമുണ്ടാവുകയും മനസ്സിൽ കാമം വർദ്ധിക്കുകയും ചെയ്തു. നളന്നാകട്ടെ മനസ്സിൽ ആഗ്രഹം അടങ്ങാതായി.

ഒരുദിവസം അന്തഃപുരത്തിന്നു സമീപത്തുള്ള ഉദ്യാനത്തിൽ വിജനപ്രദേശത്ത് ചിന്താമഗ്നനായി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, സ്വർണ്ണച്ചിറകുകളോടുകൂടിയ അരയന്നങ്ങളെ കണ്ടു. രാജാവിന്നു കൗതുകം തോന്നി, മെല്ലെച്ചെന്ന് അതിൽ ഒന്നിനെ പിടിച്ചു. അപ്പോൾ ആ ഹംസം പറഞ്ഞു: "രാജാവേ, എന്നെ കൊല്ലരുതേ! ഞാൻ ഭവാനു പ്രിയം ചെയ്യാം. ദമയന്തിയുടെ സന്നിധിയിൽ ഞാൻ ഭവാനെ വാഴ്ത്താം. അവൾക്ക് അന്യപുരുഷനിൽ അനുരാഗം ജനിക്കാതിരിക്കത്തക്കവിധം ഭവാന്റെ ഗുണങ്ങളെക്കുറിച്ച് കീർത്തനം ചെയ്യാം.

ഇപ്രകാരം പറഞ്ഞപ്പോൾ നളൻ ഹംസത്തെ വിട്ടു. ഹംസങ്ങൾ ഉയർന്നുപറന്ന് വിദർഭപുരിയിൽച്ചെന്ന് ദമയന്തിയുടെ വസതിക്കരികെ ഇറങ്ങി. സഖിമാരോടുകൂടി പൂങ്കാവിൽ ക്രീഡിച്ചുകൊണ്ടിരിക്കുന്ന ദമയന്തി, അത്ഭുതകരമായ ആ പക്ഷികളെക്കണ്ടു സന്തോഷിച്ചു. അവയെ പിടിക്കുവാൻ ശ്രമിച്ചു. അപ്പോൾ ആ ഹംസങ്ങൾ ഉദ്യാനത്തിന്റെ ചുറ്റുംപറന്നു. ദമയന്തിയും സഖിമാരും ഓരോന്നിനെ പിന്തുടർന്നു. ദമയന്തിയെ ഒറ്റയ്ക്ക് അകറ്റിക്കൊണ്ടുപോയ ഒരു ഹംസം തിരിഞ്ഞുനിന്ന് മനുഷ്യസ്വരത്തിൽ ഇപ്രകാരം പറഞ്ഞു."

ഹംസം പറഞ്ഞു: "ദമയന്തീ, വിശ്വവിഖ്യാതനായ നിഷധരാജാവു നളൻ, രൂപഗുണത്തിൽ അദ്വിതീയനായി അശ്വിനീദേവന്മാരെപ്പോലെ പ്രശോഭിക്കുന്നു. ആ രാജാവ് മൂർത്തിമാനായ കന്ദർപ്പനെപ്പോലെ അതിസുന്ദരനാണ്. ദേവഗന്ധർവ്വന്മാരിലും, നാഗരാക്ഷസന്മാരിലും, ഇത്ര സുന്ദരനായി ഒരാളെ ഞങ്ങൾ കണ്ടിട്ടില്ല. മനോഹരിയായ ഭവതി നളന്റെ ഭാര്യയാകുവാൻ പറ്റിയവളാണ്. എന്നാൽ ഭവതിയുടെ ജന്മവും, ഭവതിയുടെ സൗന്ദര്യവും സഫലമായി. നളനെപ്പോലെ അത്ര സൗന്ദര്യമുള്ള ഒരുവനെ ഞങ്ങൾ ഒരിടത്തും കണ്ടിട്ടില്ല. നളൻ നരോത്തമനാണ്. അതുപോലെ ഭവതി നാരീരത്നവുമാണ്. വിശിഷ്ടയും വിശിഷ്ടനും തമ്മിലുള്ള സംബന്ധം ഗുണത്തിലേ ചെന്നുചേരൂ!"

ബൃഹദശ്വൻ പറഞ്ഞു: "ഹംസം പറഞ്ഞ അഭിപ്രായം ദമയന്തി സ്വീകരിച്ചു. തന്നെ വേൾക്കുന്നതിനു നളനെ പ്രേരിപ്പിക്കേണമെന്ന് അവൾ ഹംസത്തോടു പറഞ്ഞേല്പിച്ചു. ഹംസം അവളുടെ ഇംഗിതം സാധിപ്പിക്കാമെന്നു സമ്മതിച്ച് അവിടെനിന്നു പോയി. നടന്ന വർത്തമാനമെല്ലാം നളനെ അറിയിക്കുകയും ചെയ്തു."

54. നളോപാഖ്യാനം - ഇന്ദ്രനാരദ സംവാദം - ബൃഹദശ്വൻ പറഞ്ഞു: "ഹംസം വന്നു നളന്റെ ഗുണങ്ങളെ പുകഴ്ത്തിപ്പറഞ്ഞ വാക്കുകൾകേട്ട് ദമയന്തിയുടെ ഹൃദയത്തിൽ നളനെപ്പറ്റിത്തന്നെ വിചാരമായി. നളനെ ഓർത്തു ഹൃദയം അസ്വസ്ഥമായി. അവൾ അനുദിനം ചിന്താപരവശയായി മറ്റൊന്നിലും ശ്രദ്ധയില്ലാതെ വാടിത്തളർന്ന്, വിളർത്തുമെലിഞ്ഞ്, എപ്പോഴും ചുടുനെടുവീർപ്പിട്ടു കിടന്നു. അവൾ മേല്പോട്ടുനോക്കി ധ്യാനിച്ചു. മന്മഥാവേശത്താൽ വിളറി, ഉന്മത്തയെപ്പോലെയായി. മൃദുലമായ പട്ടുകിടക്കയും, വിശിഷ്ടമായ ഭക്ഷണങ്ങളും, വിനോദസുഖങ്ങളും അവൾ തീരെ ഇഷ്ടപ്പെടാതായി. രാവും പകലും അസ്വസ്ഥയായി ഒന്നിലും ഒരു ശാന്തികാണാതെ, ഒരിടത്ത് അടങ്ങിയൊതുങ്ങിക്കിടക്കാനാകാതെ, ഹാ! ഹാ! എന്ന് അലക്ഷ്യമായി പറഞ്ഞ് അകാരണമായി കരഞ്ഞു. അവളെ ബാധിച്ചരോഗം എന്താണെന്ന് തോഴിമാർ ചേഷ്ടാഭാവങ്ങളാൽ മനസ്സിലാക്കി. അവർ ഉടനെചെന്ന് അവളുടെ അച്ഛനായ രാജാവിനോടു മകളുടെ ശീലായ്മയെപ്പറ്റി പരോക്ഷമായി അറിയിച്ചു. ദമയന്തിയുടെ സഖികളുടെ വാക്കുകേട്ട് ഭീമരാജാവ് തന്റെ മകളെപ്പറ്റി കാര്യമായി ചിന്തിച്ചു. 'എന്താണ് എന്റെ മകൾക്കു ബാധിച്ച അസുഖം? അവൾ എന്താണിങ്ങനെ വിളറി, ക്ഷീണിച്ച്, വിവശയായി വരുന്നത്? ശരി. മകൾ യൗവനയുക്തയായിരിക്കുന്നു!' ഇപ്രകാരം ചിന്തിച്ച് രാജാവ്, മകൾക്കു ഉടനെ വിവാഹം നടത്തേണ്ട കാര്യത്തിൽ മനസ്സുവെക്കേണ്ട കാലമായിരിക്കുന്നു എന്നുധരിച്ചു. അങ്ങനെ ദമയന്തീസ്വയംവരം നടത്തുവാൻ അദ്ദേഹം നിശ്ചയിച്ചു.

മകളുടെ സ്വയംവരത്തിന്നു രാജാക്കന്മാരെയെല്ലാം ക്ഷണിച്ചു. വീരന്മാരായ രാജാക്കന്മാർ സ്വയംവരം ആഘോഷിക്കുന്നതിൽ പങ്കുകൊള്ളുവാൻ കാലേ എത്തണമെന്ന് അദ്ദേഹം അറിയിച്ചു. ദമയന്തീസ്വയംവരവാർത്തകേട്ട ഉടനെ രാജാക്കന്മാർ പലയിടത്തുനിന്നും ഭീമരാജാവിന്റെ സന്നിധിയിൽ വന്നുചേർന്നു.

digitized by www.sreyas.in

ആന, കുതിര, തേര്, കാലാൾ തുടങ്ങിയ അകമ്പടിയോടുകൂടി കുണ്ഡിനത്തിൽ വന്നണയുന്ന രാജാക്കന്മാരുടെ ആഗമനത്തിൽ ഭൂമണ്ഡലം കുലുങ്ങിപ്പോയി. തേരൊലികൊണ്ടും, ആനകളുടെ ചിന്നംവിളികൊണ്ടും, കുതിരകളുടെ കുളമ്പടികൊണ്ടും അവിടം ശബ്ദായമാനമായി. വിചിത്രമായ മാലയണിഞ്ഞവരും, വിചിത്രമായ അംബരങ്ങൾ ധരിച്ചവരും, മനോഹരമായ ആഭരണങ്ങളാൽ അലംകൃതരുമായ യുവയോദ്ധാക്കൾ ചേർന്ന സൈന്യങ്ങളോടുകൂടിയ മഹാന്മാരും, വീരന്മാരുമായ രാജാക്കന്മാരെ ഭീമരാജാവ് യഥാർഹം പൂജിച്ചു സ്വാഗതമരുളി, സല്ക്കാരപൂർവ്വം അതിഥിമന്ദിരങ്ങളിൽ പാർപ്പിച്ചു.

ഈ സന്ദർഭത്തിൽ സുരമഹർഷിപുംഗവന്മാരും, മഹാത്മാക്കളുമായ സഞ്ചാരികൾ ദേവലോകത്തുചെന്നു. പ്രാജ്ഞന്മാരും, മഹാവ്രതന്മാരുമായ നാരദനും, പർവ്വതനും ദേവേന്ദ്രന്റെ ഗൃഹത്തിലെത്തി, ഇന്ദ്രന്റെ പൂജയേറ്റു. അവരെ സൽക്കരിച്ചതിന്നു ശേഷം ഇന്ദ്രൻ അവരുടെ ക്ഷേമത്തെപ്പറ്റി ചോദിച്ചു."

നാരദൻ പറഞ്ഞു: "ഞങ്ങൾക്കൊക്കെ സുഖംതന്നെ. ലോകത്തിലെങ്ങുമുള്ള രാജാക്കന്മാർക്കെല്ലാവർക്കും എല്ലാംകൊണ്ടും ക്ഷേമംതന്നെ."

ബൃഹദശ്വൻ കഥ തുടർന്നു: "നാരദൻ പറഞ്ഞതു കേട്ടപ്പോൾ ബലിവൃത്രഘാതകനായ ഇന്ദ്രൻ ഇങ്ങനെ പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ധർമ്മജ്ഞന്മാരായ രാജാക്കന്മാരിൽ യുദ്ധത്തിൽ ഏർപ്പെട്ട് ശസ്ത്രംകൊണ്ടു മരിച്ച് ജീവിതം വെടിഞ്ഞ് ഇങ്ങോട്ടുവരുന്നവരായി ആരേയും കാണുന്നില്ല. അക്ഷയമായി ല്ലാ കാമങ്ങളും നേടാവുന്നതാണ് എനിക്കെന്നപോലെ അവർക്കും ദേവലോകത്ത് കുറച്ചുനാളായി എന്റെ പ്രിയമേറിയ അതിഥിയായി ഒറ്റ രാജാവും ഇവിടെ വന്നുകാണാത്തതെന്താണ്?"

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ ശക്രൻ ചോദിച്ചപ്പോൾ നാരദൻ പറഞ്ഞു:"

നാരദൻ പറഞ്ഞു: "ഹേ സുരപതേ, ശ്രദ്ധിച്ചാലും. രാജാക്കന്മാരെ അങ്ങ് ഇപ്പോൾ കാണാത്തതെന്താണെന്നോ? വിദർഭരാജാവിന്ന് ദമയന്തി എന്നു പേരായ ഒരു പുത്രിയുണ്ട്. രൂപമാധുര്യംകൊണ്ട് ലോകത്തിലെ സകല സുന്ദരിമാരിലുംവെച്ച് അവൾ മികച്ചവളാണ്. അവളുടെ സ്വയംവരം ഇതാ, സമീപിച്ചിരിക്കുന്നു. രാജാക്കന്മാരും രാജപുത്രന്മാരുമെല്ലാം ഇപ്പോൾ അവിടേക്കു ചെന്നുകൊണ്ടിരിക്കുന്നു. ഹേ വലവൃത്രഹന്താവേ, ലോകത്തിലേക്ക് അതുല്യയായ ആ സുന്ദരിയെ കാമിക്കാത്തവർ ആരുമില്ല."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം നാരദമഹർഷി പറയുമ്പോൾ അഗ്നി മുതലായ ലോകപാലകന്മാരും സദസ്സിൽ വന്നുചേർന്നു. അവരും ഈ വൃത്താന്തമറിഞ്ഞു. അതിൽ സന്തുഷ്ടരായ അവരും തമ്മിൽ തമ്മിൽ പറഞ്ഞു, 'നമുക്കും അങ്ങോട്ടു പോകണം' എന്ന്. ഉടനെ അവർ അനുചരന്മാരോടുകൂടി താന്താങ്ങളുടെ വാഹനങ്ങളിലേറി രാജാക്കന്മാരെല്ലാം പോയ വിദർഭരാജ്യത്തേക്കു പോയി.

സ്വയംവരത്തിനു രാജാക്കന്മാർ ചെന്നുകൂടിയിരിക്കുന്നത് കേട്ട് ദമയന്തീകാമുകനായ നളനും അവിടേക്കു പുറപ്പെട്ടു. രൂപസമ്പത്തിനാൽ മൂർത്തിമാനായ കാമദേവനെപ്പോലെയും, തേജസ്സുകൊണ്ട് ആദിത്യനെപ്പോലെയും പ്രശോഭിക്കുന്ന നളനെ ലോകപാലകന്മാർ മാർഗ്ഗമദ്ധ്യത്തിൽവെച്ചു കണ്ടു. അദ്ദേഹത്തിന്റെ അഴകും പ്രൗഢിയുംകണ്ട് ദേവന്മാർ വിസ്മയപ്പെടുകയും അവരുടെ ഉദ്ദേശ്യം വേണ്ടെന്നുവെയ്ക്കുകയും ചെയ്തു. അവർ വിമാനം ആകാശത്തിൽത്തന്നെ നിറുത്തി താഴെ ഇറങ്ങിവന്ന് നളന്റെ മുമ്പിൽച്ചെന്നുനിന്ന് ഇങ്ങനെ പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "അല്ലയോ നിഷധമഹാരാജാവേ! സത്യവ്രതനും നരോത്തമനുമായ ഭവാൻ ഞങ്ങളുടെ ദൂതനായി ഞങ്ങളെ സഹായിച്ചാലും."

55. നളോപാഖ്യാനം – നളന്റെ ദേവദൗത്യം – ബൃഹദശ്വൻ തുടർന്നു: "അവരോടു നളൻ അപ്രകാരമാകാമെന്ന് ഏറ്റു. അനന്തരം നളൻ കൈകൂപ്പിനിന്നുകൊണ്ട് ആ ദേവന്മാരോടു ചോദിച്ചു."

നളൻ പറഞ്ഞു: "നിങ്ങൾ ആരാണ്? നിങ്ങളിൽ ആർക്കാണ് ഞാൻ ദൂതനാകേണ്ടത്? എന്തു കാര്യമാണ് ഞാൻ ഭവാന്മാർക്ക് ചെയ്യേണ്ടത്?"

ഇന്ദ്രൻ പറഞ്ഞു: "ഞങ്ങൾ ദേവന്മാരാണ്. ദമയന്തിയെ കാമിച്ചു ഭൂമിയിൽ ഞങ്ങൾ വന്നിരിക്കയാണ്. ഞാൻ ഇന്ദ്രനാണ്. അഗ്നി, വരുണൻ, അന്തകനായ യമൻ ഇവരാണ് ഈ മൂന്നുപേർ. ഞങ്ങൾ വന്ന വൃത്താന്തം ഭവാൻ ചെന്നു ദമയന്തിയെ അറിയിക്കണം. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഈ ലോകപാലകന്മാർ അവളെ പ്രാപിക്കുവാൻ ആഗ്രഹിച്ച് അവളുടെ സമീപത്തേക്കു വരുന്നുണ്ടെന്നും അവരിൽ ഒരുത്തനെ അവൾ വരിക്കണമെന്നും ഭവാൻ അവളോടു പറയുകയും വേണം."

നളൻ പറഞ്ഞു: "ഒരേ കാര്യത്തെക്കുറിച്ചു പുറപ്പെട്ടിരിക്കുന്നവരാണ് നാമെല്ലാവരും. ആ കാര്യത്തിൽ ആ സ്ഥിതിക്കു ദേവന്മാർ എന്നെ ദൂതനാക്കി വിടരുത്. താൻ കാമിക്കുന്ന സ്ത്രീയെ ഉപേക്ഷിച്ച് അവളോട് അന്യനെ വരിക്കുവാൻ പറയുന്നതിന്ന് ആർക്കു കഴിയും? അതുകൊണ്ട് ലോകപാലകന്മാരായ ഭവാന്മാർ എന്നിൽ ക്ഷമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു."

ദേവന്മാർ പറഞ്ഞു: "ഭവാൻ ആദ്യമേതന്നെ ചെയ്യാമെന്നേറ്റിട്ടു പിന്നീടു ചെയ്യുകയില്ലെന്നു പറയുന്നത് ശരിയാണോ? എടോ നിഷധ! ഒട്ടും വൈകാതെ ഭവാൻ ഞങ്ങളുടെ സന്ദേശം നിർവ്വഹിക്കുക."

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ ദേവന്മാർ പറഞ്ഞപ്പോൾ നിഷധരാജാവു വീണ്ടുംപറഞ്ഞു."

നളൻ പറഞ്ഞു: "എല്ലാഭാഗത്തും നല്ല കാവൽക്കാരോടുകൂടിയ അന്തഃപുരത്തിൽ ഞാൻ എങ്ങനെ കടക്കും?"

ഇന്ദ്രൻ പറഞ്ഞു: "ഒട്ടും പ്രയാസംകൂടാതെ ഭവാനു കടക്കുവാൻ കഴിയും."

ബൃഹദശ്വൻ പറഞ്ഞു: "നളൻ ഉടനെ അങ്ങനെയാകട്ടെ! എന്നു പറഞ്ഞു പുറപ്പെട്ട് ദമയന്തിയുടെ വാസസ്ഥലത്തെത്തി. അവിടെ തോഴിമാരോടുകൂടിയ വിദർഭരാജപുത്രിയെ നളൻ കണ്ടു. ശ്രീകൊണ്ടും ആകൃതികൊണ്ടും തെളിഞ്ഞുവിളങ്ങുന്ന ആ വരവർണ്ണിനി ഏറ്റം സുകുമാരാംഗിയും, സുലോചനയും, തനുമദ്ധ്യയുമായി സ്വന്തം തേജസ്സിനാൽ ചന്ദ്രന്റെ കാന്തിയെ ധിക്കരിച്ച് സഖീജനമദ്ധ്യത്തിൽ പ്രശോഭിക്കുന്നു. സുസ്മേരയായ ദമയന്തിയെ കണ്ടതോടുകൂടി അദ്ദേഹത്തിന്ന് അവളിൽ ആഗ്രഹം വർദ്ധിച്ചു. എങ്കിലും പ്രതിജ്ഞ ചിന്തിച്ചു മനസ്സടക്കി. നളനെ അപ്രതീക്ഷിതമായി കണ്ടപ്പോൾ ദമയന്തിയും തോഴിമാരും സംഭ്രമിച്ചു. അദ്ദേഹത്തിന്റെ തേജസ്സിൽ അടിപെട്ട് അവർ എഴുന്നേറ്റുനിന്നു പ്രീതരായി അദ്ദേഹത്തെ മാനിച്ചു. അവർ മനസാ അദ്ദേഹത്തെ പൂജിച്ചുനിന്നതല്ലാതെ ഒന്നും മിണ്ടുവാൻ ശക്തരായില്ല. 'അഹോ! എന്തൊരു രൂപം! എന്തൊരു കാന്തി! എന്തൊരു ധൈര്യം! ഈ മഹാത്മാവ് ആരാണ്? ദേവനോ, യക്ഷനോ, ഗന്ധർവ്വനോ? ആരാണ് ഇദ്ദേഹം?' ഇങ്ങനെ ചിന്തിച്ചു സ്തബ്ധരായി നിന്നു. ഒരു വാക്കും ഉരിയാടാൻ അവർക്കു കഴിഞ്ഞില്ല. പുഞ്ചിരിക്കൊഞ്ചലോടെ ആ സുന്ദരി, ദമയന്തി, പുഞ്ചിരിതൂകി നില്ക്കുന്ന വീരനായ നളനെ നോക്കി ചോദിച്ചു."

ദമയന്തി പറഞ്ഞു: "എന്റെ ഹൃദയത്തിനു കാമവർദ്ധനനായി സർവ്വാംഗസുന്ദരനായ ഭവാൻ ആരാണ്? ഇവിടെ ദേവനെപ്പോലെ എത്തിയിരിക്കുന്ന അനർഘനും വീരനുമായ ഭവാൻ ആരാണ്? എന്റെ ഈ സുരക്ഷിതമായ മന്ദിരത്തിൽ, ഉഗ്രനായ എന്റെ അച്ഛന്റെ സംരക്ഷണത്തെ ഭേദിച്ച്, ആരും കാണാതെ എങ്ങനെ ഭവാൻ ഇവിടെ എത്തി? ഭവാനെ ആരും കാണാതിരുന്നത് എങ്ങനെ? എന്തിനാണ് ഭവാൻ ഇവിടെ വന്നത്?"

digitized by www.sreyas.in

നളൻ പറഞ്ഞു: "എടോ, സുന്ദരി! ഞാൻ നളനാണ്. ദേവന്മാരുടെ ദൗത്യവുംകൊണ്ടാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. ആ ദേവന്മാരിൽ ഒരുത്തനെ ഭദ്രേ! നീ വരിക്കുക. ശക്രൻ, അഗ്നി, വരുണൻ, യമൻ എന്നീ ദേവന്മാരാണ് ഭവതിയെ ലഭിക്കുവാൻ ആഗ്രഹിക്കുന്നത്. ആ ദേവന്മാരിൽ ഒരുത്തനെ നീ വരിക്കുക. അവരുടെ പ്രഭാവത്താൽത്തന്നെയാണ് ഞാൻ ആരും കാണാതെ ഇങ്ങുകടന്നുവന്നത്. ആ സുരശ്രേഷ്ഠന്മാർ ഈ കാര്യം ഭവതിയെക്കണ്ടുപറയുവാൻ എന്നെ ഒരു ദൂതനാക്കി അയച്ചിരിക്കുകയാണ്. ഭവതി ഇതു മനസ്സിലാക്കി, വേണ്ടപോലെ ചിന്തിച്ച്, വേണ്ടതു ചെയ്തുകൊള്ളുക!"

56. നളോപാഖ്യാനം - നളന്റെ ദേവദൗത്യം - ബൃഹദശ്വൻ തുടർന്നു: "ദമയന്തി ദേവന്മാരെ നമസ്കരിച്ച് നളനോട് ഇപ്രകാരം പുഞ്ചിരിയോടെ പറഞ്ഞു."

ദമയന്തി പറഞ്ഞു: "അങ്ങ് എന്നെ യഥാശ്രദ്ധം പ്രേമിച്ചാലും. ഞാൻ അങ്ങയ്ക്കുവേണ്ടി എന്തു ചെയ്യണമെന്നു കല്പിച്ചാലും. ഞാനും എനിക്കുള്ള ധനവും ഭവാന്റെയാണ്. ഭവാൻ എന്നെ വിശ്വാസത്തോടെ സ്നേഹിച്ചാലും! ഹംസം പറഞ്ഞുകേട്ടതിൽപ്പിന്നെ ഞാൻ ഭവാനെത്തന്നെ ചിന്തിച്ചുദഹിച്ചുകൊണ്ടിരിക്കുന്നു. ഭവാനുവേണ്ടി എല്ലാ രാജാക്കന്മാരെയും വിളിച്ചുകൂട്ടാൻ ഞാൻ ഇടവരുത്തി. ഭവാൻ അന്യരെ മാനിക്കുന്നതിൽ ഉത്സുകനാണ്. ഭവാൻ ഈ ഭക്തയെ വെടിയുകയാണെങ്കിൽ, ഞാൻ വിഷത്തേയോ, അഗ്നിയേയോ, ജലത്തേയോ, കയറിനേയോ ആശ്രയിക്കും."

ബൃഹദശ്വൻ പറഞ്ഞു: "വിദർഭരാജകുമാരി ഇങ്ങനെ പറഞ്ഞപ്പോൾ നളൻ ഇങ്ങനെ മറുപടി പറഞ്ഞു."

നളൻ പറഞ്ഞു: "ലോകപാലകന്മാർ ഭവതിയെ വരിക്കുവാൻ സന്നദ്ധരായി നില്ക്കുമ്പോൾ കേവലം ഒരു മനുഷ്യനായ എന്നെ നീ എന്താണു കാംക്ഷിക്കുന്നത്? ലോകം സൃഷ്ടിക്കുന്ന ദൈവങ്ങൾ മഹാന്മാരാണ്. അവരുടെ പാദരേണുവിന്നൊക്കുകയില്ല ഞാൻ. അതുകൊണ്ട് ഭവതി അവരിൽ ഒരുത്തനെ വരിക്കുക്. ദേവന്മാർക്ക് അപ്രിയംചെയ്യുന്ന മർത്ത്യൻ മൃത്യുവിന്നിരയാകും. എന്നിൽ നിനക്കു പ്രിയമുണ്ടെങ്കിൽ എന്റെ രക്ഷയെ ചിന്തിച്ചിട്ടെങ്കിലും നീ അവരിൽ ഒരു ദേവനെ വരിക്കേണ്ടതാണ്. ദേവന്മാരെ പ്രാപിച്ചു പൊടിപറ്റാത്ത പൂഞ്ചേലകൾ, വിചിത്രദിവ്യഹാരങ്ങൾ, വിശേഷപ്പെട്ട ഭൂഷണങ്ങൾ എന്നിവ നേടിക്കൊള്ളുക. ഈ ഭൂമിയെ ഒന്നാകെ ഗ്രസിക്കുവാൻ കഴിവുള്ള ലോകേശനായ അഗ്നിയെ ഏതൊരു നാരിയാണ് ഭർത്താവായി വരിക്കുന്നതിൽ ഉപേക്ഷകാണിക്കുക? ഏതൊരു ദേവന്റെ ദണ്ഡിനെ ഭയപ്പെട്ടാണോ സർവ്വഭൂതങ്ങളും ധർമ്മത്തിൽനിന്നു തെറ്റാതെ നില്ക്കുന്നത്, ആ യമധർമ്മന്റെ ഭാര്യയാകാൻ ഏതൊരു യുവതി ആഗ്രഹിക്കുകയില്ല? ധർമ്മാത്മാവും മഹാത്മാവും ദൈത്യദാനവമർദ്ദനനുമായ മഹേന്ദ്രനെ ഏതു നാരി വരിക്കുവാൻ ആഗ്രഹിക്കയില്ല? ഈ മൂന്നുപേരിലും പ്രിയമില്ലെങ്കിൽ ലോകപാലകരിൽ വരുണനെ വരിക്കാനാണ് നിന്റെ ഹൃദയം ഇച്ഛിക്കുന്നതെങ്കിൽ സംശയിക്കേണ്ട; അതാകാം. ഞാൻ സ്നേഹപൂർവ്വം പറയുന്ന ഉപദേശം നീ സ്വീകരിക്കുക."

ബൃഹദശ്വൻ പറഞ്ഞു: "നൈഷധൻ ഇപ്രകാരം പറഞ്ഞപ്പോൾ ദമയന്തി ദുഃഖംകൊണ്ടു കണ്ണുനീർവാർത്തു. അവൾ നളനോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "ഞാൻ എല്ലാ ദേവന്മാരെയും നമസ്കരിച്ചു കൊണ്ടു പറയുന്നു: രാജാവേ! ഭവാനെത്തന്നെ ഞാൻ വരിക്കുന്നു. ഇതു സത്യമാണ്."

ബൃഹദശ്വൻ പറഞ്ഞു: "ദേവദൂതനായിവന്ന രാജാവു കൈകൂപ്പി വിറച്ചുനില്ക്കുന്ന ദമയന്തിയോടിങ്ങനെ പറഞ്ഞു."

നളൻ പറഞ്ഞു: "ഹേ സുന്ദരീ, ഞാൻ ദേവദൂതനായിട്ടാണ് നിന്റെ മുമ്പിൽ വന്നിരിക്കുന്നത്. ദേവന്മാർക്കുവേണ്ടി ഞാൻ ഏറ്റ കാര്യം എന്റെ കാര്യമാക്കി മാറ്റുന്നതു ധർമ്മമാണോ? അന്യന്റെ കാര്യത്തിന്നു യത്നിക്കുവാൻ ഏറ്റിട്ട് ആ യത്നം സ്വന്തമാക്കുകയാണോ ചെയ്യേണ്ടത്? ഞാൻ പരാത്ഥമായി പ്രവർത്തിക്കുന്നവനാണ്. സ്വാർത്ഥത്തിന്നുവേണ്ടി ഞാൻ ശ്രമിക്കുന്നത് ധാർമ്മികവുംകൂടിയായിത്തീരുമെങ്കിൽ ഞാൻ അതിന്നുവേണ്ടി യത്നിക്കാം. അതിന്നു കഴിയുമെങ്കിൽ, ഹേ സുന്ദരി, ധാർമ്മികമായ സ്വാർത്ഥപൂരണത്തിലൂടെ നിനക്കും പ്രിയംചെയ്യാൻ ഞാൻ ശ്രമിക്കാം."

ബൃഹദശ്വൻ പറഞ്ഞു: "അപ്പോൾ തൊണ്ടയിടറിക്കൊണ്ട് പ്രിയംവദയായ ദമയന്തി പതുക്കെ നളനോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "രാജാവേ, ഭവാനെ കുറ്റം ബാധിപ്പിക്കാത്ത ഒരു ഉപായം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. അപ്രകാരം ചെയ്താൽ ഭവാന് യാതൊരു ദോഷവും പറ്റുകയില്ല. ഭവാനും ഇന്ദ്രപ്രഭൃതികളായ ദേവന്മാരോടൊപ്പം സ്വയംവരത്തിനു വരണം. ഹേ, പുരുഷവ്യാഘ്രോ! അപ്പോൾ ഞാൻ ലോകപാലകന്മാരുടെ സന്നിധിയിൽ വെച്ചുതന്നെ ഭവാനെ വരിക്കുന്നതാണ്. അങ്ങനെ ചെയ്താൽ അങ്ങയ്ക്ക് അതിൽ ദോഷം ബാധിക്കയില്ലല്ലോ."

ബൃഹദശ്വൻ പറഞ്ഞു: "വിദർഭരാജകുമാരിയുടെ അഭിപ്രായം കേട്ട് നളൻ അവിടെനിന്നു പോന്നു. ദേവന്മാരുടെ സന്നിധിയിലെത്തി നളന്റെ വരവു കണ്ടപ്പോൾ ദമയന്തിയുടെ മറുപടി അറിയുവാൻ ലോകപാലകന്മാരായ ദേവന്മാർക്കു തിടുക്കമായി."

അവർ ചോദിച്ചു: "മഹാരാജാവേ! ഭവാൻ ശുചിസ്മിതയായ ദമയന്തിയെ കണ്ടുവോ? അവൾ എന്തു പറഞ്ഞു ഞങ്ങളെപ്പറ്റി? അനർഘനായ അങ്ങ് ഞങ്ങളോടെല്ലാം വിശദമായി പറയുക."

നളൻ പറഞ്ഞു: "ഞാൻ ഭവാന്മാരുടെ കല്പനപ്രകാരം ദമയന്തിയുടെ കൊട്ടാരത്തിൽ വൃദ്ധന്മാരായ ദണ്ഡധരന്മാർ കാവൽനില്ക്കുന്ന ദ്വാരപ്രദേശം കടന്ന് അകത്തു പ്രവേശിച്ചു. അകത്തേക്കുപ്രവേശിക്കുന്ന എന്നെ അവർ ആരും കാണുകയുണ്ടായില്ല. ഭവാന്മാരുടെ പ്രഭാവംകൊണ്ട് രാജപുത്രിക്കും സഖികൾക്കും മാത്രമേ എന്നെ കാണുവാൻ കഴിഞ്ഞുള്ളു. അവളുടെ സഖികൾ എന്നേയും ഞാൻ അവരേയും കണ്ടു. എന്നെ കണ്ട് അവരെല്ലാവരും അത്ഭുതപ്പെട്ടു. ഭവാന്മാരെപ്പറ്റി ഞാൻ പറഞ്ഞു തുടങ്ങിയപ്പോൾ അവൾ അതിൽ മനസ്സുചെലുത്തിയില്ല. അവൾ എന്നെ വരിക്കുകയാണുണ്ടായത്. കന്യക എന്നോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "ഭവാൻ ദേവന്മാരോടൊപ്പം സ്വയംവരത്തിനു വരണം. അവരുടെ സന്നിധിയിൽവെച്ചുതന്നെ ഞാൻ ഭവാനെ വരിക്കുന്നതാണ്. അങ്ങനെ വന്നാൽ, മഹാബാഹോ, ഭവാൻ നിരപരാധിയാണെന്നു തെളിയും."

നളൻ പറഞ്ഞു: "എന്ന് അവൾ പറഞ്ഞു. ദേവന്മാരേ, ഇതാണ് എന്റെ ഈ യാത്രയിൽ ഉണ്ടായത്. പിന്നെ, എല്ലാം ദേവേശ്വരന്മാരായ ഭവാന്മാരെയാണ് ആശ്രയിച്ചിരിക്കുന്നത്."

57. നളോപാഖ്യാനം - ദമയന്തീസ്വയംവരം - ബൃഹദശ്വൻ തുടർന്നു: "ഭീമാമഹാരാജാവിന്റെ ക്ഷണം സ്വീകരിച്ച് ഭൈമീകാമുകന്മാരായി രാജാക്കന്മാർ വന്നുചേർന്നു. വിശിഷ്ടതിഥിയിൽ ശുഭമായ സമയത്ത് പുണ്യമായ മുഹൂർത്തത്തിൽ ഭീമരാജാവുസ്വയംവരം നിശ്ചയിച്ച് രാജാക്കന്മാരെയെല്ലാം ക്ഷണിച്ചു. സ്വർണ്ണസ്തംഭങ്ങളാലും, മനോഹരമായ തോരണങ്ങളാലും ശോഭിക്കുന്ന സ്വയംവരപ്പന്തലിൽ രാജാക്കന്മാർ പർവ്വതത്തിൽ സിംഹങ്ങൾ എന്നവിധം പ്രവേശിച്ചു. സുരഭിലമായ മാല്യങ്ങളും, മണികുണ്ഡലങ്ങളും ചാർത്തിയ പുരുഷവ്യാഘ്രരായ രാജാക്കന്മാർ പലതരം ആസനങ്ങളിൽ കയറിയിരിക്കവേ, ആ പുണ്യമായ രാജസഭ നാഗങ്ങളാൽ ഭോഗവതിയെന്നപോലെയും, വ്യാഘ്രങ്ങളാൽ ഗിരിഗഹ്വരമെന്നപോലെയും ശോഭിച്ചു. ഇരുമ്പുഗദപോലെ തടിച്ചുരുണ്ട കൈകൾ, സുന്ദരമായ രൂപം, വർണ്ണം, മാർദ്ദവം എന്നിവയാൽ പഞ്ചശീർഷങ്ങളോടുകൂടിയ സർപ്പങ്ങളെപ്പോലെ അവർ ശോഭിച്ചു. സുന്ദരമായ കേശവും, രുചിരമായ നാസികയും, ചാരുലോചനങ്ങളും, മഞ്ജുളമായ ചില്ലീവല്ലികളും ചേർന്ന രാജമുഖങ്ങൾ ആകാശത്തിൽ നക്ഷത്രങ്ങൾപോലെ പ്രശോഭിച്ചു!

digitized by www.sreyas.in

സദസ്സ് ഇപ്രകാരം പ്രശോഭിക്കുമ്പോൾ, സമയമായപ്പോൾ ശുഭാനനയായ ദമയന്തി പന്തലിൽ പ്രവേശിച്ചു. അഴകുകൊണ്ട് അവൾ രാജാക്കന്മാരുടെ കണ്ണും, കരളും കവർന്നു. അവരുടെ മിഴികൾ അവളുടെ ഓരോ അംഗങ്ങളിൽ പതിച്ചതോടുകൂടി അവിടെത്തന്നെ ഉറച്ചുനിന്നു. അപ്പുറം നീങ്ങുവാൻ ശക്തമായില്ല. പിന്നെ, രാജാക്കന്മാരുടെ പേർ പ്രത്യേകം പുകഴ്ത്തിപ്പറയുന്നതു കേട്ടപ്പോൾ ഭൈമിതുല്യരൂപന്മാരായ അഞ്ചുപേർ സമീപസ്ഥരായി സ്ഥിതിചെയ്യുന്നതു കണ്ടു. അവരെല്ലാം കാഴ്ചയ്ക്ക് ഒരുപോലെ നളാകൃതിപൂണ്ടു മനോഹരാകൃതിയിലിരിക്കുകയാൽ അവരിൽനിന്നു നിഷധരാജവിനെ തിരിച്ചറിയുവാൻ വൈദർഭിക്കു കഴിഞ്ഞില്ല. അവരിൽ ഓരോരുത്തനെ നോക്കുമ്പോഴും ആ ആൾതന്നെ നളനെന്ന് അവൾക്കു ഭ്രമമുണ്ടായി. ഉത്കണ്ഠാഭരിതയായി അവൾ ചിന്തിച്ചു. 'ഹാ! ഇവരിൽ നളൻ ഏതെന്നും, ദേവന്മാർ ഏതെന്നും എനിക്കെങ്ങനെ തിരിച്ചറിയാൻ കഴിയും?' പലമട്ടു ചിന്തിച്ചുനോക്കിയിട്ടും കാര്യം വ്യക്തമാകാതെ അവൾ ഘോരമായ ദുഃഖത്തിൽപ്പെട്ടുപോയി. ഹേ, ഭാരത! ദേവന്മാരെ തിരിച്ചറിയാൻ അവൾ കേട്ടിട്ടുള്ള അടയാളങ്ങളൊന്നും അവരിൽ കാണായ്കയാൽ അവൾ ചിന്തിച്ചു: വൃദ്ധജനങ്ങളിൽനിന്നു ഞാൻ കേട്ടിട്ടുള്ള ദേവലക്ഷണങ്ങളൊന്നും ഭൂമിയിൽ കാണുന്ന ഇവരിൽ കാണുന്നില്ല.' വളരെനേരം ആലോചിച്ചുനിന്നതിന്നു ശേഷം ഒടുവിൽ അവൾ ദേവന്മാരെത്തന്നെ ശരണംപ്രാപിച്ചു. വാക്കുകൊണ്ടും മനസ്സുകൊണ്ടും ദേവന്മാരെ വന്ദിച്ചു കൈകൂപ്പിനിന്നു. ദുഃഖത്താൽ ദേഹം വിറച്ചു. അവൾ ഇപ്രകാരം പ്രാർത്ഥിച്ചു!"

ദമയന്തി പറഞ്ഞു: "ദേവന്മാരേ! ഞാൻ നിങ്ങളെ വന്ദിക്കുന്നു. ഹംസങ്ങൾ വന്ന് എന്നോടു പറഞ്ഞ അന്നുതന്നെ ഞാൻ നളനെ പതിയായി വരിച്ചുകഴിഞ്ഞു. എന്റെ ഈ സത്യം അറിഞ്ഞു ദേവന്മാർ അദ്ദേഹത്തെ എനിക്കു മനസ്സിലാക്കിത്തരേണമെന്നു ഞാനപേക്ഷിക്കുന്നു. മനസ്സുകൊണ്ടാകട്ടെ, ചക്ഷുസ്സുകൊണ്ടാകട്ടെ ഞാൻ അവനിൽനിന്ന് വ്യതിചലിച്ചിട്ടില്ല. എന്റെ ഈ സത്യം കാക്കാൻ ദേവന്മാർ എനിക്കു നളനെ മനസ്സിലാക്കിത്തരട്ടെ! ദേവഹിതമായിട്ടാണ് നളൻ എന്റെ ഭർത്താവായത്. ആ സത്യത്താൽ വിബുധരായ നിങ്ങൾ എനിക്കു നളനെ വെളിപ്പെടുത്തിത്തരട്ടെ! നളനെ ആരാധിക്കുക എന്ന വ്രതം സുദൃഢമായി അനുഷ്ഠിച്ചു വരുന്നവളാണ് ഞാൻ. ആ സത്യത്തെ ചിന്തിച്ചു ദേവന്മാർ എനിക്കു നളനെ മനസ്സിലാക്കിത്തരുമാറാകട്ടെ! പുണ്യശ്ലോകനായ നളനെ കണ്ടറിയുമാറ് മഹേശ്വരന്മാരായ ലോകപാലകന്മാർ അവരവരുടെ രൂപം കൈക്കൊള്ളുമാറാകേണമേ!"

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തിയിൽനിന്നു ദയനീയമായി പുറപ്പെട്ട ഈ വിലാപം അവർ കേട്ടു. അവളുടെ പരമമായ നിശ്ചയവും നളനിലുള്ള അനുരാഗവും മനഃശുദ്ധിയും ബുദ്ധിയും ഭക്തിയും, പ്രേമവും കണ്ട് ദേവന്മാർ പ്രസാദിച്ച് അവളുടെ അഭ്യർത്ഥന സ്വീകരിച്ചു. അവരെല്ലാം തങ്ങളുടെ ചിഹ്നം കഴിയുന്നത്ര വ്യക്തമാക്കി. വിയർപ്പുകലരാത്തവരായും, ഇമവെട്ടാത്തവരായും, പൊടിപറ്റാത്തവരായും, ഭൂമിയിൽ കാൽതൊടാത്തവരായും, വാടാത്ത മാലകളോടുകൂടിയവരായും സ്ഥിതിചെയ്യുന്നവർ ദേവന്മാരാണെന്ന് അവൾ കണ്ടറിഞ്ഞു. വാടിയ മാലയോടും, നിഴലോടുകൂടിയും, വിയർപ്പുപൊടിഞ്ഞും, കണ്ണിമവെട്ടിയും, ഭൂമിതൊട്ടും സ്ഥിതിചെയ്യുന്ന ആൾ നൈഷധനാണെന്നും അവൾ തിരിച്ചറിഞ്ഞു. ദേവന്മാരേയും നളനേയും വ്യക്തമായി തിരിച്ചറിഞ്ഞ അവൾ നൈഷധനെ ധർമ്മപ്രകാരം വരിച്ചു. ലജ്ജിച്ച് പുടവത്തുമ്പു പിടിച്ചുനിന്ന ആ പങ്കജാക്ഷി നളന്റെ കഴുത്തിൽ ശോഭനമായ വരണമാലയെ അലങ്കരിച്ചു. വരവർണ്ണിനിയായ ദമയന്തി നളനെ ഭർത്താവായി വരിച്ചതുകണ്ട് രാജാക്കന്മാർ ഹാ! ഹാ! എന്നും, കഷ്ടം! കഷ്ടം! എന്നും പലവിധത്തിൽ ആരവം മുഴക്കി. ദേവന്മാരും മുനിമാരും സന്തോഷവിസ്മിതരായി ഭേഷ്! നന്ന്! എന്ന് നളനെ പ്രശംസിച്ചു. ഹേ, കൗരവ്യ! വീരസേനപുത്രനായ നളരാജാവാകട്ടെ, ഭൈമിയെ പരിഗ്രഹിച്ചതിന്നുശേഷം ആ മനോഹരിയെ ഹൃദയപൂർവ്വമായ സന്തുഷ്ടിയോടുകൂടി സമാശ്വസിപ്പിച്ചു!"

നളൻ പറഞ്ഞു: "എടോ! ശുഭേ, നിന്നിൽ പ്രേമപൂർണ്ണനായ എന്നെ നീ ദേവന്മാരെപ്പോലും നിരാകരിച്ച് ദേവന്മാരുടെ സന്നിധിയിൽവെച്ച് വരിക്കുകയാൽ ഞാൻ. ഇനിമേൽ നിന്റെ അധീനത്തിൽ നില്ക്കുന്ന ഭർത്താവാണെന്നു ധരിച്ചാലും. എന്നിൽ പ്രാണൻ നില്ക്കുന്ന കാലത്തോളം ഞാൻ നിന്റെ മാത്രമായിരിക്കും. സുന്ദരീ, ഇതു സത്യമാണ്."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം നളൻ അഭിനന്ദിച്ചപ്പോൾ ദമയന്തി കൈകൂപ്പി അതുപോലെ തുല്യപ്രാധാന്യമുള്ള വാക്കുകൾ പറഞ്ഞു. പ്രീതരായ ആ ദമ്പതികൾ അഗ്നിമുതലായ ദേവന്മാരെ മനസാ ശരണംപ്രാപിച്ചു. നൈഷധനെ ഭൈമി വരിച്ചതിൽ മഹാതേജസ്വികളായ ലോകപാലകന്മാർ, ഏറ്റവും സന്തുഷ്ടരാവുകയാണു ചെയ്തത്. അവർ ഓരോരുത്തരും ഈ രണ്ടു വരമായി എട്ടു വരങ്ങൾ നളന്നു നല്കി. യജ്ഞത്തിൽ പ്രത്യക്ഷമായ ദർശനവും, മരണശേഷം സ്വർഗ്ഗവും ശചീകാന്തനായ ശക്രനിൽനിന്നു നളന്നു ലഭിച്ചു. ഇച്ഛിക്കുന്നേടത്തു താൻ പ്രത്യക്ഷപ്പെട്ടുകൊള്ളാമെന്ന് അഗ്നി നളനു വരം നല്കി. തന്നെപ്പോലെ ശോഭിക്കുന്ന പുണ്യലോകങ്ങളും അഗ്നി നളനു കൊടുത്തു. ഭക്ഷണത്തിൽ വിശിഷ്ടരുചിയും ധർമ്മത്തിൽ ശ്രേഷ്ഠത്വവും യമൻ നളന്നു നല്കി. വരുണൻ ഉത്തമമായ പൂമാല നല്കുകയും, തന്നെ എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോൾ കാണാമെന്നു വാഗ്ദാനം നല്കുകയും ചെയ്തു. ഇങ്ങനെ എല്ലാദേവന്മാരും വരങ്ങൾ ദാനം ചെയ്തു സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി. നളനെ ദമയന്തി വരിച്ചതുകണ്ട് രാജാക്കന്മാർ വിസ്മയത്തോടെ സന്തുഷ്ടരായി അവരവരുടെ രാജ്യത്തേക്കു തിരിച്ചു. ദമയന്തീനളന്മാർ തമ്മിലുള്ള വിവാഹം മഹാമനസ്വിയായ ഭീമൻ സംപ്രീതനായി ആഘോഷിച്ചു കുറച്ചുനാൾ ആ ദമ്പതികൾ അവിടെ പാർത്തതിന്നുശേഷം നളൻ ഭീമമഹാരാജാവിന്റെ അനുജ്ഞയോടുകൂടി സ്വന്തം രാജധാനിയിലേക്കു പോവുകയും ചെയ്തു.

നാരീരത്നത്തെ നേടിയ പുണ്യശ്ലോകനായ നളൻ ശചിയോടുകൂടിയ ഇന്ദ്രനെപ്പോലെ യഥാകാലം രമിച്ചു. നളൻ അതിതേജസ്വിയായി അർക്കനെപ്പോലെ വിളങ്ങി. അവൻ ധർമ്മപ്രകാരം ഭരിച്ചു പ്രജകളെ കാത്തു. നഹുഷപുത്രനായ യയാതി മഹാരാജാവിനെപ്പോലെ അശ്വമേധവും കഴിച്ചു വേറെ യാഗങ്ങളും ധീമാനായ നളൻ വിപ്രർക്കു വേണ്ടത്ര ദക്ഷിണയോടുകൂടി നടത്തി. പിന്നെ രമ്യമായ ഉദ്യാനങ്ങളിലും വനങ്ങളിലും ദമയന്തിയുമായി നളൻ വിഹരിച്ചു. അങ്ങനെ ക്രീഡിക്കുന്ന കാലത്ത് 'ഇന്ദ്രസേനൻ' എന്നും 'ഇന്ദ്രസേന'യെന്നും പേരായ രണ്ടു സന്താനങ്ങളെ ദമയന്തി പ്രസവിച്ചു. ഇങ്ങനെ യജ്ഞങ്ങൾ ചെയ്തും, ക്രീഡിച്ചും രാജാവ് സമ്പൽസമൃദ്ധമായ ഭൂമിപരിപാലിച്ചു വാണു."

58. നളോപാഖ്യാനം - കലിദേവസംവാദം - ബൃഹദശ്വൻ തുടർന്നു: "നൈഷധനെ ഭൈമി വരിച്ചതിനുശേഷം മഹാതേജസ്വികളായ ലോകപാലകന്മാർ മടങ്ങിപ്പോകുമ്പോൾ വഴിക്കുവെച്ചു ദ്വാപരനും കലിയുംകൂടി വരുന്നതു കണ്ടു. കലിയെ കണ്ടപ്പോൾ വലവൃത്രഹന്താവായ ശക്രൻ ചോദിച്ചു."

ഇന്ദ്രൻ പറഞ്ഞു: "എടോ കലീ! നീ എവിടേക്കാണ് ദ്വാപരനോടുകൂടി പോകുന്നത്?"

കലി പറഞ്ഞു: "ഞാൻ ദമയന്തീസ്വയംവരത്തിന്നു പോവുകയാണ്. ഞാൻ അവളെ കിട്ടുവാൻ ആഗ്രഹിച്ചു പോവുകയാണ് എന്റെ മനസ്സ് അവളിൽ ലയിച്ചിരിക്കുന്നു."

ബൃഹദശ്വൻ പറഞ്ഞു: "കലിയുടെ വാക്കു കേട്ടപ്പോൾ ഇന്ദ്രന്നു ചിരിവന്നു."

ഇന്ദ്രൻ പറഞ്ഞു: "സ്വയംവരം കഴിഞ്ഞല്ലോ. അവൾ നളനെ ഞങ്ങളുടെ മുമ്പിൽവെച്ച് വരിച്ചുകഴിഞ്ഞു."

ബൃഹദശ്വൻ പറഞ്ഞു: "ശക്രൻ പറഞ്ഞതുകേട്ടപ്പോൾ കലിക്കുകലിവന്നു. അവൻ ആദേവന്മാരെയൊക്കെ വിളിച്ചു നിറുത്തി ഇങ്ങനെ പറഞ്ഞു."

digitized by www.sreyas.in

കലി പറഞ്ഞു: "ഈ ദേവന്മാരുടെയെക്കെ മുമ്പിൽവെച്ച് ഒരു മനുഷ്യനെ അവൾ വിവാഹംകഴിച്ചുവെന്നോ? വലിയ ധിക്കാരംതന്നെ. ദേവന്മാരെ അവഗണിച്ചതിന്നു തക്കശിക്ഷ അവൾക്കു കൊടുക്കണം. വലിയ ശിക്ഷതന്നെ കൊടുക്കണം. അതിൽ യാതൊരു തെറ്റും ഇല്ല."

ബൃഹദശ്വൻ പറഞ്ഞു: "കലി ഇപ്രകാരം പറഞ്ഞപ്പോൾ ദേവന്മാർ ഉത്തരം പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "ഞങ്ങളൊക്കെ സമ്മതിച്ചിട്ടാണ് അവൾ നളനെ വേട്ടത്. സൽഗുണസമ്പന്നനായ രാജാവിനെ ഏതു സ്ത്രീ ഉപേക്ഷിക്കും? അവനാണെങ്കിൽ സർവ്വവേദജ്ഞനും, വ്രതനിഷ്ഠനും, നാലു വേദങ്ങളും, അഞ്ചാമത്തെ വേദമായി കണക്കാക്കപ്പെടുന്ന പുരാണങ്ങളും പഠിച്ചവനാണ്. അവന്റെ ഗൃഹത്തിൽ ധർമ്മോചിതയജ്ഞങ്ങളാൽ ദേവന്മാർ നിത്യം തൃപ്തികൊള്ളുന്നുണ്ട്. അവൻ അഹിംസാതത്പരനാണ്. സത്യവാദിയാണ്. ദൃഢവ്രതനാണ്. ലോകപാലകതുല്യനായ ആ നരവ്യാഘ്രനിൽ നിത്യോത്സാഹം, ധൃതി, ജ്ഞാനം, തപസ്സ്, ശൗചം, ദമം, ശമം എന്നിവ നിർബ്ബാധം കുടികൊള്ളുന്നു. അങ്ങനെയുള്ള നളനെ ഏതൊരുവൻ സ്പർദ്ധിച്ചു ശപിക്കുവാൻ തുനിയുന്നുവോ അവൻ ആത്മാവിനെത്തന്നെ ശപിക്കുന്ന ആത്മഘാതിയും മൂഢനുമാണ്. ധർമ്മനിഷ്ഠനായ നളനെ ശപിക്കുന്നവൻ ഹേ! കലി, അവൻ നരകത്തിന്റെ അടികാണാത്ത മഹാസമുദ്രത്തിൽ ആണ്ടുപോകും. അതിൽ മുങ്ങിത്തുടിച്ചു കേഴും."

ബൃഹദശ്വൻ പറഞ്ഞു: "എന്ന് ഇന്ദ്രൻ കലിയോടും ദ്വാപരനോടും ഉപദേശിച്ചു, അവർ സ്വർഗ്ഗത്തിലേക്കു പോവുകയും ചെയ്തു. ദേവന്മാർ പോയതിന്നുശേഷം കലി ദ്വാപരനോടു പറഞ്ഞു."

കലി പറഞ്ഞു: "ഹേ ദ്വാപര! എനിക്കു കോപം സഹിക്കുന്നില്ല. അവന്റെ രാജ്യം നമുക്കു കളയണം. ഞാൻ നളനിൽ പ്രവേശിക്കാം. അവൻ അത്ര യോഗ്യനായി ഭൈമിയുമൊന്നിച്ചു സുഖിക്കുന്നത് ഞാൻ ഒന്നു കാണട്ടെ! ദ്വാപരാ! നീ അക്ഷങ്ങളിൽ കയറി എന്നെ സഹായിക്കണം."

59. നളോപാഖ്യാനം - നളദ്യൂതം - ബൃഹദശ്വൻ തുടർന്നു: "ഇപ്രകാരം ദ്വാപരനോടുകൂടി കലി നിശ്ചയംചെയ്തു. അവൻ നിഷധരാജാവായ നളൻ ഭരിക്കുന്ന രാജ്യത്തേക്കു നേരെ നടന്നു. നളൻ ഭംഗിയായി ധർമ്മാനുസരണം രാജ്യം ഭരിക്കുകയാൽ നളനിൽ പ്രവേശിക്കുവാൻ കലിക്ക് പഴുതു കിട്ടിയില്ല. കലി പന്ത്രണ്ടു സംവത്സരം പഴുതുനോക്കി കാത്തിരിക്കേണ്ടിവന്നു. ഒടുവിൽ കലിക്ക് ഒരു പഴുതുകിട്ടി. ഒരു ദിവസം സന്ധ്യാസമയത്ത് മൂത്രവിസർജ്ജനം കഴിഞ്ഞിട്ട് കാൽകഴുകുവാൻ നളൻ മറന്നുപോയി. കാൽകഴുകാതെ സന്ധ്യാവന്ദനം ചെയ്യാനാരംഭിച്ചു. ആ തക്കംനോക്കി കലി നളനിൽ പ്രവേശിച്ചു. പിന്നീട് കലി ചെന്ന് നളന്റെ ഭ്രാതാവായ പുഷ്കരനെക്കണ്ട് ചൂതുകളിക്കാൻ പ്രേരിപ്പിച്ചു."

കലി പറഞ്ഞു: "ശത്രുമർദ്ദനനായ പുഷ്കരാ! ഭവാൻ നളനെ ചൂതിന്നു വിളിക്കുക! ഞാൻ ഭവാനെ സഹായിക്കാം. എന്റെ സഹായത്താൽ ഭവാനു നളനെ ജയിക്കുവാൻ പ്രയാസമുണ്ടാകയില്ല. രാജ്യം കീഴടക്കി, നളനെ തോല്പിച്ചു ഭവാൻ നിഷധേശ്വരനായി വാണുകൊള്ളുക."

ബൃഹദശ്വൻ പറഞ്ഞു: "കലിയുടെ പ്രലോഭനത്തിൽ പുഷ്കരൻ പെട്ടുപോയി. കലിയാകട്ടെ 'വൃഷം' എന്ന പ്രധാന അക്ഷത്തിന്റെ രൂപത്തിൽ പുഷ്കരന്റെകൂടെ കൂടി. പുഷ്കരൻ ചെന്നു നളനെ ചൂതിന്നു വീണ്ടും വീണ്ടും വിളിച്ചു. ദമയന്തിയുടെ മുൻപിൽവെച്ചുള്ള പുഷ്കരന്റെ പോർവിളി നളന്നു ക്ഷമിക്കുവാൻ കഴിഞ്ഞില്ല. നളൻ തന്റെ ഭ്രാതാവിനോടുകൂടി ചൂതിൽ ഏർപ്പെട്ടു. കലിയുടെ ആവേശത്താൽ കളിയിൽ ആസക്തനായ നളൻ വസ്ത്രങ്ങൾ, വാഹനങ്ങൾ, സ്വർണ്ണഭൂഷണങ്ങൾ എന്നിവ കൂട്ടംകൂട്ടമായി പണയംവെച്ചു നഷ്ടപ്പെട്ടു. ചൂതിൽ വാശിപിടിച്ച ഉന്മത്തനായ രാജാവിനെ തടുക്കുവാൻ സുഹൃത്തുക്കൾക്കു കഴിഞ്ഞില്ല. രാജാവിന്റെ വ്യസനാവസ്ഥയിൽ ജനങ്ങൾ സംഭ്രാന്തരായി. അവർ കൂട്ടമായി മന്ത്രിമുഖ്യന്മാരോടുകൂടിച്ചെന്ന് സൂതൻമുഖേന കാര്യത്തിന്റെ ഗൗരവം ദമയന്തിയെ ഉണർത്തിച്ചു."

സൂതൻ പറഞ്ഞു: "ഇതാ പൗരജനങ്ങൾ ഗൗരവമുള്ള കാര്യം പറയുവാൻ എല്ലാ മന്ത്രിമാരോടുംകൂടി വാതിൽക്കൽ വന്നു നില്ക്കുന്നു. ധർമ്മാർത്ഥജ്ഞാനിയായ രാജാവിനെ ബാധിച്ചിരിക്കുന്ന വ്യസനം കണ്ടു സഹിക്കാൻ വയ്യാതെ, ഇവിടെ വന്നിരിക്കയാണ്. ദേവി ഈ വർത്തമാനം രാജാവിനെ അറിയിക്കുക!"

ബൃഹദശ്വൻ പറഞ്ഞു: "ഭീമപുത്രി ശോകത്തിൽ മനസ്സു തകർന്ന്, കണ്ണുനീരിൽക്കുളിച്ച്, തൊണ്ടയിടറി മന്ത്രിമാരുടേയും പൗരജനങ്ങളുടേയും ആഗമനത്തെക്കുറിച്ചും, അവരെ കാണേണ്ട ആവശ്യത്തെക്കുറിച്ചും നളനോടു വീണ്ടും വീണ്ടും പറഞ്ഞു. വീണ്ടും വീണ്ടും അവൾ നിലവിളിച്ചു പറഞ്ഞു. ദുഃഖിച്ച് ഇടവിടാതെ വിളിച്ചു പറഞ്ഞിട്ടും, പല പ്രകാരത്തിൽ ശ്രമങ്ങൾ ചെയ്തിട്ടും രാജാവ് ഒന്നും മിണ്ടാതെ കളിയിൽത്തന്നെ മുഴുകുകയാണു ചെയ്തത്. ഇതറിഞ്ഞ് പൗരജനങ്ങൾ ലജ്ജിച്ചു പിന്മാറി. രാജാവു നശിച്ചുകഴിഞ്ഞു എന്നു ദുഃഖത്തോടെ പറഞ്ഞ് അവർ താന്താങ്ങളുടെ വഴിക്കുപോയി. ഹേ, യുധിഷ്ഠിരാ, ഇങ്ങനെ നളനും പുഷ്കരനുംകൂടി പല മാസങ്ങൾ ചൂതാടി. ഒടുവിൽ ധർമ്മിഷ്ഠനായ നളന്റെ സകല സമ്പത്തും നിശ്ശേഷം നശിച്ചു."

60. നളോപാഖ്യാനം - കുഞ്ഞുങ്ങളെ കുണ്ഡിനത്തിലേക്കു അയയ്ക്കുന്നു - ബൃഹദശ്വൻ തുടർന്നു: "പുണ്യചരിതനായ നളമഹാരാജാവ് ദ്യൂതോന്മത്തനായിത്തീർന്നതു കണ്ട് ഭീമപുത്രി ശോകാർത്തയായി. അവൾ ദാരുണമായ ഭാവിയെപ്പറ്റിചിന്തിച്ചു. എല്ലാ സ്വത്തും നശിച്ചുപോയിരിക്കുന്നതും, ഘോരമായ ആപത്തു നേരിട്ടിരിക്കുന്നതും ഓർത്ത് ദമയന്തി തന്റെ ഹിതകാരിണിയും, സർവ്വാർത്ഥകുശലയുമായ പരിചാരികയെ വിളിച്ചു. 'ബൃഹൽസേന'യെന്നാണ് അവളുടെ പേര്. അവൾ ഏറ്റവും വിശ്വസ്തയും, സുഭാഷിണിയുമായ സ്നേഹിതയാണ്. എത്ര സ്വത്തു നശിച്ചെന്നും, ഇനിയെന്തു ബാക്കിയുണ്ടെന്നും നളൻ ചോദിച്ചതായി അമാത്യന്മാരെ അറിയിക്കുവാൻ ദമയന്തി ബൃഹൽസേനയോട് ആവശ്യപ്പെട്ടു. നളൻ വിളിച്ചെന്നു ധരിച്ച് അമാത്യന്മാർ സന്തോഷിച്ചു. ഇതു നമുക്കു നല്ലതിനാണ് എന്നു ധരിച്ചു നളനെ കാണുവാനെത്തി. ഇവർ കൂട്ടമായി രണ്ടാമതും വന്ന വിവരം ഭീമപുത്രി നളനെ അറിയിച്ചെങ്കിലും നളൻ അവളോട് യാതൊന്നിനും സമാധാനം പറഞ്ഞില്ല. അതുകണ്ട് ലജ്ജിതയായിത്തീർന്ന ദമയന്തി അവിടംവിട്ടു തന്റെ കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി. ധർമ്മപരായണനായ നളന്ന് എപ്പോഴും വിപരീതമായിക്കൊണ്ടിരിക്കയാണെന്നും, എല്ലാം നശിച്ചെന്നും അറിഞ്ഞ് ശോകപീഡിതയായ ഭൈമി വീണ്ടും 'ബൃഹൽസേന'യെ വിളിച്ചുകാര്യം ഗൗരവമുള്ളതാണെന്നു ചിന്തിച്ച് സൂതനായ വാർഷ്ണേയനെ നളരാജാവിന്റെ ആജ്ഞയിൽ വിശ്വസ്തരായ ഭൃത്യരെക്കൊണ്ടു വിളിക്കുവാൻ ഏല്പിച്ചു. ദേശകാലജ്ഞയായ ദമയന്തി മൃദുസ്വരത്തിൽ സാന്ത്വനപൂർവ്വം വാർഷ്ണേയനോടു കാലോചിതം ചെയ്യേണ്ടതെന്തെന്നു ചോദിച്ചു."

ദമയന്തി പറഞ്ഞു: "അല്ലയോ സൂത! നിന്നിൽ രാജാവിനുള്ള സന്മനോഭാവം നിനക്കറിയാവുന്നതാണല്ലോ. കഷ്ടത്തിൽപ്പെട്ട രാജാവിനെ നീ സഹായിക്കണം. രാജാവിനെ എത്രത്തോളം പുഷ്കരൻ ജയിക്കുന്നുവോ അത്രത്തോളം അദ്ദേഹത്തിനു വാശി കൂടിവരികയാണു ചെയ്യുന്നത്. അക്ഷങ്ങൾ പുഷ്കരൻ ആശിക്കുന്നതുപോലെ വീഴുന്നത് എങ്ങനെയാണ്? അതാണ് അത്ഭുതം! അക്ഷം എപ്പോഴും നളന്നു പരാജയത്തിനായി മാത്രം വീഴുന്നു. സുഹൃത്തുക്കൾ പറയുന്നതൊന്നും തന്നെ അദ്ദേഹം സ്വീകരിക്കുന്നില്ല. ഞാൻ പറയുന്നതും ഗണിക്കുന്നില്ല. രാജാവിന്റെ കുറ്റമല്ല അത്. ഞാൻ പറയുന്നത് അദ്ദേഹം കേൾക്കാത്തത് മനസ്സിൽ ബാധിച്ച മോഹംകൊണ്ടാണ്. ഹേ സൂതാ! നിന്നെ ഞാൻ ഇക്കാര്യത്തിൽ ശരണംപ്രാപിക്കുന്നു. എന്റെ മനസ്സു തെളിയുന്നില്ല. രാജാവിനു നാശംതന്നെയാണ്

digitized by www.sreyas.in

സംഭവിക്കുന്നത്. നളന്ന് ഇഷ്ടപ്പെട്ട വായുവേഗമായ അശ്വങ്ങളെ പൂട്ടി നീ ഉടനെ കൊണ്ടുവരിക. എന്റെ ഈ മക്കളെ രണ്ടിനേയും ഉടനേ നീ കുണ്ഡിനത്തിലേക്കു കൊണ്ടുപോവുക. ഈ പൈതങ്ങളേയും തേരിനേയും അശ്വങ്ങളേയും എന്റെ ബന്ധുക്കളുടെ പക്കൽ കൊണ്ടുചെന്നാക്കുക. പിന്നെ നീ അവിടെ വേറേ വല്ലേടവും ഇഷ്ടമുണ്ടെങ്കിൽ താമസിച്ചുകൊള്ളുക. അതല്ലെങ്കിൽ നിനക്കു മറ്റെവിടേക്കു വേണമെങ്കിലും പോകാം."

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തിയുടെ വാക്കുകേട്ട് നളന്റെ സാരഥിയായ വാർഷ്ണേയൻ അമാത്യമുഖ്യന്മാരോടു ദമയന്തി പറഞ്ഞവൃത്താന്തം അറിയിച്ചു. അവർ കൂടിയാലോചിച്ച് ദമയന്തിയുടെ അഭിപ്രായം ശരിവെച്ചു. സാരഥി ആ രണ്ടു കുട്ടികളേയും തേരിൽ കയറ്റി വിദർഭപുരിയിലേക്കു പോയി. ആ സൂതൻ അശ്വങ്ങളേയും, തേരിനേയും, ഇന്ദ്രസേനനേയും, ഇന്ദ്രസേനയേയും ഭീമരാജാവിന്റെ പക്കൽ ഏല്പിച്ച്, ഭീമാനുവാദം വാങ്ങി, നളന്റെ ദുരന്തമായ കഥ ആലോചിച്ച് ദുഃഖിച്ചുമടങ്ങി. സൂതൻ പിന്നീട് പല നാടുകളും ചുറ്റിത്തിരിഞ്ഞ് അയോദ്ധ്യാപുരിയിൽ ചെന്നു. ദുഃഖിതനായ അവൻ 'ഋതുപർണ്ണരാജവി'നെക്കണ്ടു. അവിടെ ഋതുപർണ്ണന്റെ സാരഥിയായി പുതിയ ഉദ്യോഗം സ്വീകരിച്ച് അവൻ പാർത്തു."

61. നളോപാഖ്യാനം - നളവനയാത്ര - ബൃഹദശ്വൻ പറഞ്ഞു: "വാർഷ്ണേയൻ പോയതിനുശേഷം നളന്റെ രാജ്യവും, ശേഷിച്ച ധനവുമെല്ലാം പുഷ്കരൻ ചൂതുകളിച്ച് തട്ടിപ്പറിച്ചെടുത്തു. ചിരിച്ചുകൊണ്ട് പുഷ്കരൻ പറഞ്ഞു."

പുഷ്കരൻ പറഞ്ഞു: "നമുക്കു കളി തുടരാം. ഇനി കളിക്കുവാൻ എന്താണു പണയം? നിനക്ക് ഇനി ഭൈമി മാത്രമേ ബാക്കിയുള്ളൂ. മറ്റുള്ളതൊക്കെ ഞാൻ നേടി. നിനക്കു സമ്മതമാണെങ്കിൽ അവളേയും പണയംവയ്ക്കാം."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം ചിരിച്ചു പുഷ്കരൻ പറഞ്ഞപ്പോൾ പുണ്യശ്ലോകനായ നളന്റെ ഹൃദയം തകർന്നുപോയി. ദുഃഖത്താൽ തകർന്ന അവൻ പുഷ്കരനെ നോക്കുകയല്ലാതെ ഒന്നും സമാധാനം പറഞ്ഞില്ല. തനിക്കുള്ള മഹാധനങ്ങൾ മുഴുവൻ പുഷ്കരന്ന് അധീനമാകയാൽ ആ മഹായശസ്വി സർവ്വഭൂഷണങ്ങളും ഉപേക്ഷിച്ച് ഒറ്റമുണ്ടുമാത്രം ഉടുത്ത് സുഹൃത്തുക്കൾക്ക് ദുഃഖം വർദ്ധിപ്പിക്കുമാറ് രാജധാനിയിൽനിന്നു പുറത്തിറങ്ങി. ഏകവസ്ത്രയായിത്തന്നെ ദമയന്തി അദ്ദേഹത്തെ പിന്തുടർന്നു. പത്നിയോടുകൂടി നളൻ മൂന്നുദിവസം മുഴുവൻ ആ നഗരത്തിനു വെളിയിൽ പാർത്തു. ഇതറിഞ്ഞ് പുഷ്കരൻ ഒരു വിളംബരം പ്രസിദ്ധംചെയ്തു. 'നളനെ ആരെങ്കിലും ആദരിച്ചുസ്വീകരിച്ചതായി അറിഞ്ഞാൽ ഞാൻ അവനെ വധിക്കുന്നതാണ്' എന്നായിരുന്നു വിളംബരം. ആ ഘോരമായ ശാസനത്താലും, ഹേ, യുധിഷ്ഠിരാ, പുഷ്കരനോടുള്ള ഭീതിയാലും, നളനോട് പുഷ്കരനുള്ള വിരോധം അറിയാവുന്നതുകൊണ്ടും, പൗരന്മാരും നളനെ സല്ക്കരിക്കാതായി. സല്ക്കാരാർഹനായിരുന്നിട്ടും ആരും സല്ക്കരിക്കാതായ രാജാവ് നഗരംവിട്ടു പുറത്തേക്കു കടന്നു. വെറും വെള്ളംമാത്രം കുടിച്ചു മൂന്നുദിവസം കഴിച്ചു. വിശപ്പു സഹിക്കാതായപ്പോൾ നളൻ വല്ല കായോ കിഴങ്ങോ കിട്ടുമോ എന്നറിയുവാൻ ദമയന്തിയോടുകൂടി അവിടെനിന്നു പുറപ്പെട്ടു. വിശന്നു തളർന്ന് വളരെനാൾ നടന്ന് ഒരു കാട്ടിൽ ചെന്നു. അവിടെ പൊൻചിറകുകളോടുകൂടിയ കുറെ പക്ഷികളെക്കണ്ടു. തനിക്ക് ആഹാരത്തിന്ന് ആ പക്ഷികളെ പിടിക്കാമെന്നു തോന്നി. അവയെ പിടിക്കുവാൻ തന്റെ ഒറ്റ വസ്ത്രമുള്ളതഴിച്ച് അവയെ ഓടിച്ചെന്നുമൂടി. ഉടനെ ആ പക്ഷികൾ മുണ്ടോടുകൂടി മേല്പോട്ടു പറന്നുപോയി. നഗ്നനായി ശിരസ്സു കുനിച്ച്, വെറും നിലത്തുനിൽക്കുന്ന നളനെക്കണ്ട് പക്ഷികൾ കൃതാർത്ഥരായി. അവർ ഇങ്ങനെ പറഞ്ഞു."

പക്ഷികൾ പറഞ്ഞു: "എടോ ദുർബുദ്ധേ! ഞങ്ങൾ പക്ഷികളല്ല; അക്ഷങ്ങളാണ്. ഞങ്ങൾ നിന്റെ വസ്ത്രം അപഹരിക്കുവാൻ വന്നവരാണ്. നീ വസ്ത്രവുമുടുത്തുപോന്നതിൽ ഞങ്ങൾക്ക് അമർഷമുണ്ട്; തീരെ സന്തോഷമില്ലായിരുന്നു! ഇതുംകൂടി കൈയിലാക്കുവാനാണ് ഞങ്ങൾ വന്നത്."

ബൃഹദശ്വൻ പറഞ്ഞു: "പക്ഷികൾ അക്ഷങ്ങളാണെന്നും തന്റെ ഒറ്റവസ്ത്രംകൂടി കൈയിലാക്കുവാൻ വന്നതാണെന്നും പുണ്യശ്ലോകനായ നളൻ കേട്ടപ്പോൾ അദ്ദേഹം ദമയന്തിയോടു പറഞ്ഞു."

നളൻ പറഞ്ഞു: "എടോ ശോഭനേ! ഇവയുടെ കോപംമൂലം ഞാൻ ഐശ്വര്യഭ്രഷ്ടനായിരിക്കയാണ്. കൊറ്റിനുപോലും വഴി കാണാതെ ഞാൻ വിശന്നു വലയുന്നു. നിഷധരാജ്യത്തിലെ ജനങ്ങൾ എന്നെ സല്ക്കരിക്കാതിരുന്നതും ഇവ മൂലമാണ്. ഇപ്പോൾ അക്ഷങ്ങൾ പക്ഷിരൂപത്തിൽ വന്ന് വസ്ത്രവും അപഹരിച്ചുകൊണ്ടുപോയി. നിന്റെ ഭർത്താവായ ഞാൻ ഘോരമായ വിപത്തിൽപ്പെട്ടു ദുഃഖിതനായിരിക്കുന്നു. മനസ്സു തകർന്നിട്ടാണ് ഞാൻ പറയുന്നത്. അതു നീ കേൾക്കണം. ഈ കാണുന്ന വഴികളെല്ലാം ദക്ഷിണാപഥത്തിലേക്കാണു പോകുന്നത്. ഋക്ഷവാൻപർവ്വതത്തേയും, വിന്ധ്യശൈലത്തേയും, പയോഷ്ണീനദിയേയും കടന്നാണ് ഈ വഴികൾ അവന്തിയിലേക്കുപോകുന്നത്. ധാരാളം ഫലസമൃദ്ധിയുള്ള താപസാശ്രമങ്ങൾ ഇടയ്ക്കിടയ്ക്ക് കാണാം. അതാണ് വിദർഭരാജ്യത്തേക്കുള്ള മാർഗ്ഗം. ആ വഴിയെ പോയാൽ കോസലരാജ്യത്തിലുമെത്താം. അതിന്നപ്പുറമാണ് ദക്ഷിണാപഥം."

ബൃഹദശ്വൻ പറഞ്ഞു: "ഭീമപുത്രിയോട് ദുഃഖപീഡിതനായ നളൻ ഇങ്ങനെ വീണ്ടും വീണ്ടും പറഞ്ഞു. അപ്പോൾ ഭർത്താവിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ദുഃഖാതുരയായ ഭൈമി കണ്ണുനീർവാർത്തു പറഞ്ഞു."

ദമയന്തി പറഞ്ഞു: "അയ്യോ! എന്റെ മനസ്സു കലങ്ങുന്നു. എന്റെ ദേഹം തളരുന്നു. ഭവാന്റെ മനോരഥം ചിന്തിക്കുന്തോറും മനസ്സു പിളർന്നുപോകുന്നു. രാജ്യത്തിൽനിന്നു ഭ്രഷ്ടനായി, സർവ്വധനവും നശിച്ച് ഉടുത്തിരുന്ന ഒറ്റമുണ്ടുകൂടിയും നഷ്ടപ്പെട്ട്, വിശന്നുതളർന്നിരിക്കുന്ന ഭവാനെ ഈ നിർജ്ജനവനത്തിൽ ഉപേക്ഷിച്ചു പോകുന്നതെങ്ങനെ? വിശന്നും വലഞ്ഞും മനശ്ശാന്തിക്കു മാർഗ്ഗമില്ലാതെ അലയുന്ന ഭവാന് ഈ ഘോരകാന്താരത്തിൽ തളർച്ച തീർക്കുന്നതിന്ന് ഈയുള്ളവൾ ഭവാന്റെ കൂടെത്തന്നെ സഞ്ചരിക്കട്ടെ! എല്ലാ ദുഃഖങ്ങൾക്കും ഭാര്യയെപ്പോലെ മറ്റൊരു ഔഷധമില്ലെന്ന് പണ്ഡിതന്മാർ പറയുന്നതു സത്യമാണ്!"

ബൃഹദശ്വൻ പറഞ്ഞു: "സുന്ദരിയായ രാജ്ഞി ഇങ്ങനെ പറയുന്നതു കേട്ട് നളൻ പറഞ്ഞു."

നളൻ പറഞ്ഞു: "നീ പറഞ്ഞതു ശരിയാണ്! ഭാര്യയെപ്പോലെ പുരുഷനു മറ്റൊരു മിത്രമില്ല. ആർത്തന്ന് ഔഷധം ഭാര്യയാണ്. അതുകൊണ്ട് ഞാൻ നിന്നെ ഒരിക്കലും പരിത്യജിക്കുകയില്ല. ഹേ ഭീരു,നീ എന്തിന്നു ശങ്കിക്കുന്നു? എനിക്കെന്നെ വെടിയാൻ കഴിയും. പക്ഷേ, ഞാൻ നിന്നെ ഒരിക്കലും വെടിയുകയില്ല."

ദമയന്തി പറഞ്ഞു: "ഭവാൻ എന്നെ ഇപ്പോൾ അകറ്റുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് വിദർഭത്തിലേക്കുള്ള വഴി എനിക്കുകാണിച്ചുതന്നത്? ഭവാനു പരിത്യാജ്യയല്ല ഞാൻ എന്ന് എനിക്കറിയാം. എങ്കിലും വ്യാമോഹത്താൽ ഭവാൻ എന്നെ ത്യജിച്ചേക്കുമോ എന്ന ഭയം എനിക്ക് ഇല്ലായ്കയില്ല. ഭവാൻ പിന്നെയും പിന്നെയും മാർഗ്ഗത്തെപ്പറ്റി പറയുന്നതു കേൾക്കുമ്പോൾ എനിക്കു ശോകം വർദ്ധിക്കുന്നു. എന്റെ ബന്ധുക്കളുടെ അടുത്തേക്കു ഞാൻ പോകേണമെന്നാണ് ഭവാന് അഭിപ്രായമെങ്കിൽ നമുക്കു രണ്ടുപേർക്കും ഒന്നിച്ച് വിദർഭത്തിലേക്കു പോകാം. വിദർഭരാജാവായ എന്റെ പിതാവ് ഭവാനെ യഥോചിതം മാനിക്കും. അദ്ദേഹത്തിന്റെ സൽക്കാരം സ്വീകരിച്ച് നമുക്കു സുഖമായി അവിടെ പാർക്കാം."

62. നളോപാഖ്യാനം - ദമയന്തീപരിത്യാഗം - നളൻ പറഞ്ഞു: "തീർച്ചയായും നിന്റെ അച്ഛന്റെ രാജ്യം എനിക്ക് എന്റേതുപോലെതന്നെയാണ്. ഇപ്പോൾ ഈ വിഷമസ്ഥിതിയിൽ ഞാൻ

digitized by www.sreyas.in

ഒരിക്കലും അങ്ങോട്ടു ചെല്ലുകയില്ല. സമൃദ്ധനായി, നിനക്കു ഹർഷവർദ്ധനനായി, അവിടെ വന്നവനായ ഞാൻ ഇന്ന് രാജ്യഭ്രഷ്ടനായി, നിനക്കു ശോകവർദ്ധനനായി അങ്ങോട്ടു പോകുന്നതെങ്ങനെ?"

ബൃഹദശ്വൻ തുടർന്നു: "ഇങ്ങനെ വീണ്ടും വീണ്ടും പറഞ്ഞ് തന്റെ ഭാര്യയും ശുഭചരിതയുമായ ദമയന്തിയെ, അവളുടെ വസ്ത്രാർദ്ധം ധരിച്ച നളൻ ആശ്വസിപ്പിച്ചു. ഒരേ വസ്ത്രംചുറ്റിയ അവർ രണ്ടുപേരും ദാഹവും വിശപ്പും വളർന്ന നിലയിൽ ആ കാട്ടിൽ ചുറ്റി നടക്കുമ്പോൾ ഒരു വഴിയമ്പലം കണ്ടു. അതിന്റെ ഉള്ളിൽ കടന്നു. പൊടിപുരണ്ട് മലിനനായി മെലിഞ്ഞു വികൃതനായി ദമയന്തിയോടുകൂടി ഒരേ വസ്ത്രം ധരിച്ച നൈഷധൻ വെറും നിലത്തു കിടന്ന ഉടനെ ഉറങ്ങിപ്പോയി. ദുഃഖത്താൽ തളർന്ന ആ സുകുമാരിയായ ദമയന്തിയും ക്ഷണത്തിൽ ഉറങ്ങി. നളന്റെ ഉറക്കം അധികനേരം ഉണ്ടായില്ല. ഘോരമായ ശോകം ദുസ്സഹമായി കടഞ്ഞുകൊണ്ടിരിക്കയാൽ അദ്ദേഹത്തിന്നു മുമ്പത്തെപ്പോലെ ദീർഘനേരം ഉറങ്ങുവാൻ കഴിയുകയില്ലല്ലോ. രാജ്യത്തെ അപഹരിച്ചതും സുഹൃജ്ജനം വേർപെട്ടതും കാട്ടിലെ മറ്റു വിപ്ത്തുകളുമെല്ലാം ഓരോന്നായി ചിന്തിച്ച് നളൻ വിവശനായിത്തീർന്നു. നളൻ വിചാരത്തിലാണ്ടു: 'എന്തുകൊണ്ട് ഞാൻ ഇപ്രകാരം ചെയ്യണം? ഞാൻ ഇതു ചെയ്തില്ലെങ്കിൽത്തന്നെ എന്താണ്? എനിക്ക് ഏതാണു നല്ലത്? ആത്മത്യാഗമോ ഭാര്യാത്യാഗമോ? എന്നിൽ അനുരക്തയായ ഈ സുകുമാരി ഞാൻ നിമിത്തമാണല്ലോ ദുഃഖിക്കുന്നത്. ഞാൻ അകന്നുപോയാൽ ഇവൾ സ്വജനത്തെ അന്വേഷിച്ചു വല്ലേടവും പോയി എന്നുവരാം. ഞാൻ വേർപെടുന്നില്ലെങ്കിൽ എന്നെ പിന്തുടർന്ന് എന്നിലെന്നും വ്രതയായ ഇവൾ ദുഃഖിക്കുകതന്നെ ചെയ്യേണ്ടിവരും. ഞാൻ ഇവളെ വിട്ടുപോയാൽ ഇപ്പോഴത്തെ ദുഃഖം ദീർഘകാലം നിലനില്ക്കുകയില്ല ഇവൾ എവിടെയെങ്കിലും പോയി സസുഖം ജീവിച്ചുവെന്നു വരാം.' ഇങ്ങനെ പലമട്ടു ചിന്തിച്ചുനോക്കിയിട്ടും ദമയന്തിയെ വെടിയുകയാണ് നന്മയ്ക്കുള്ള ഏകമാർഗ്ഗമെന്ന് അവനു തോന്നി. നളൻ വീണ്ടും ആലോചിച്ചു: 'തേജസ്വിനിയായ ഇവളെ വഴിക്കുവെച്ച് ആർക്കും ഉപദ്രവിക്കുവാൻ കഴിയുകയില്ല. എന്നിൽ ഭക്തയും, പതിവ്രതയും, മഹാഭാഗയും, യശസ്വിനിയുമായ ഇവൾ സ്വതേജസ്സിനാൽ ദുർദ്ധർഷയാണ്.'

കലികയറുകയാൽ മനസ്സു ദുഷിച്ച നളൻ അവളെ പരിത്യജിക്കുവാൻതന്നെ തീരുമാനിച്ച് തന്റെ നഗ്നത മറയ്ക്കുന്നതിന് ഭൈമിയുടെ ഒറ്റച്ചേലയെ ആശ്രയിക്കാതെ മറ്റു മാർഗ്ഗമൊന്നും കണ്ടില്ല. പകുതി അറുത്തെടുക്കുവാനാണെങ്കിൽ കത്തിയുമില്ല. വസ്ത്രം മുറിക്കുമ്പോൾ അവൾ ഉണർന്നാലോ എന്ന ഭയവും നളനിലുണ്ടായി. ആയുധം തിരഞ്ഞ് നളൻ അവിടെ ചുറ്റിനടന്നു. അപ്പോൾ ഉറയില്ലാത്ത ഒരു വാൾ അവിടെ കിടക്കുന്നതായിക്കണ്ടു. ആ വാളെടുത്ത് നിഷധരാജാവ് ഭാര്യയുടെ ചേലയിൽനിന്നു പകുതി മുറിച്ചെടുത്ത് വാൾ ദൂരത്തേക്കെറിഞ്ഞു. അതു നളൻ ഉടുത്തു. ബോധംകെട്ടുറങ്ങുന്ന വിദർഭരാജകുമാരിയായ ആ സാധ്വിയെ വെടിഞ്ഞ് പരംതപനായ നളൻ ഓടിപ്പോയി. കുറച്ചു ദൂരം ചെന്നപ്പോൾ മനസ്സൊന്നു മാറി. ഉടനെ നളൻ മടങ്ങിവന്ന് ദമയന്തിയുടെ സമീപത്തു വന്ന് അവളെ നോക്കി കരയുവാൻ തുടങ്ങി."

നളൻ പറഞ്ഞു: "വായുദേവനും, സൂര്യദേവനുംകൂടി പണ്ട് യഥേഷ്ടം കണ്ടിട്ടില്ലാത്തവളാണ് എന്റെ കാന്ത. ഹാ! കഷ്ടം! അവൾ വഴിയമ്പലത്തിൽ അനാഥയുടെമട്ടിൽ കിടക്കുന്നു! ചാരുഹാസിനിയായ ഇവൾ പകുതിച്ചേലയുമുടുത്തു കിടക്കുകയാണ്. ഉണർന്നതിന്നുശേഷം എന്നെക്കാണാതായാൽ ഇവൾ ഉന്മത്തയായി ഏതു നിലയിലാകും? ഇവളെ തനിയെവിട്ട് ഞാൻ പോയാൽ സിംഹവ്യാഘ്രങ്ങൾ നിറഞ്ഞ ഈ ഘോരകാന്താരത്തിൽ ഇവൾ എങ്ങനെ സഞ്ചരിക്കും? എടോ മഹാഭാഗേ, നീ ധർമ്മസംവൃതയാണ്. ആദിത്യന്മാരും, വസുക്കളും, രുദ്രന്മാരും, അശ്വിനികളും, മരുത്ഗണങ്ങളും നിന്നെകാക്കും."

ബൃഹദശ്വൻ പറഞ്ഞു: "അന്യാദൃശസൗന്ദര്യം തികഞ്ഞ തന്റെ ഇഷ്ടപത്നിയെനോക്കി ഇങ്ങനെ വിലപിക്കുകയും ആശംസിക്കുകയും ചെയ്ത് കലിബാധിച്ച മൂഢനായ നളൻ എങ്ങോട്ടെന്നില്ലാതെ നടന്നു. ഒട്ടു നടന്നതിന്നുശേഷം വീണ്ടും മടങ്ങിവരും. വീണ്ടും വിലപിക്കും. വീണ്ടും പോകും. ഇങ്ങനെ കലി അങ്ങോട്ടും, അനുരാഗം ഇങ്ങോട്ടും ഇഴയ്ക്കുകയാൽ ദുഃഖിതനായ അവന്റെ ഹൃദയം രണ്ടു വിധത്തിലായി. ഒട്ടുനേരം കലിയുടെ പിടിവലിയിൽപ്പെട്ടും, പ്രേമത്താലും അവൻ ഊഞ്ഞാലാടുന്നതുപോലെ മുന്നോട്ടോടുകയും, വീണ്ടും മടങ്ങിവരികയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ കലിതന്നെ ജയിച്ചു. അവൻ ആ സാധ്വിയെ ഒറ്റയ്ക്കു വിട്ടു. കലി അവനെ പിടിച്ചു വലിച്ചകറ്റി. ഉറങ്ങിക്കിടക്കുന്ന പ്രേമഭാജനത്തെ ഭീകരമായ ആ വനത്തിൽ, ആ ശൂന്യവനത്തിൽവിട്ട് കരുണമായി കേണുകേണ്, കലിബാധയാൽ ആത്മാവു നഷ്ടമായ വിധം, നളൻ ഭാര്യയെ തനിയെവിട്ട് ഓടിമറഞ്ഞു."

63. നളോപാഖ്യാനം – പെരുമ്പാമ്പു വിഴുങ്ങിയ ദമയന്തിയുടെ മോചനം – ബൃഹദശ്വൻ പറഞ്ഞു: "നളൻ ഓടിപ്പോയതിന്നുശേഷം തളർച്ചതീർന്ന ദമയന്തി ഉറക്കമുണർന്നെഴുന്നേറ്റു. ഭർത്താവിനെ തപ്പിനോക്കി. അരികെ കാണാതെ അവൾ പേടിച്ചുവിറച്ചു. ശോകാർത്തയായ ദമയന്തി ഭയത്താൽ നൈഷധനെ 'മഹാരാജാവേ'! എന്ന് ഉറക്കെ വിളിച്ചു."

ദമയന്തി പറഞ്ഞു: "ഹാ! ഹാ! നാഥാ, രാജാവേ, ഹാ! സ്വാമീ!, ഭവാൻ എന്നെ ഉപേക്ഷിച്ചു പോയോ? അയ്യോ! ഞാൻ ഹതയായി! ഞാൻ നഷ്ടയായി! വിജനമായ ഈ വനത്തിൽ എനിക്ക് ഈ ഭയം സഹിക്കാൻ വയ്യ! ഞാൻ എന്തിന്ന് ഇങ്ങനെ ഭയപ്പെടുന്നു? ഭവാൻ സത്യവാക്കല്ലേ? ഭവാൻ എന്നെ വെടിഞ്ഞു പോവുകയില്ലെന്നു പറഞ്ഞില്ലേ? മഹാരാജാവായ ഭവാൻ ധർമ്മജ്ഞനല്ലേ? സത്യവാദിയല്ലേ? അങ്ങയുടെ വാക്കു സത്യമാണെന്ന് എന്നെ വിശ്വസിപ്പിച്ചില്ലേ? എന്നിട്ട് എന്നെ കിടത്തി ഉറക്കിയശേഷം ഭവാൻ പോയോ? അങ്ങനെ ഉണ്ടാകുമോ? ഭവാനെ സാമർത്ഥ്യത്തോടെ പിന്തുടരുന്ന എന്നെ എന്തിന് ഉപേക്ഷിച്ചു? വിശേഷിച്ചു ഞാൻ യാതൊരു അപരാധവും ഭവാനോടു ചെയ്തിട്ടില്ലല്ലോ. അന്യൻ ചെയ്ത അപരാധം എനിക്കു ബാധകമല്ലല്ലോ. മുമ്പു ലോകപാലകന്മാരുടെ സന്നിധിയിൽവെച്ച് എന്നോടു പറഞ്ഞ വാക്ക് അസത്യമാകുവാൻ ഭവാൻ ഇടയാക്കുകയില്ലല്ലോ. അയ്യോ! രാജവേ ഭവാൻ എവിടെ? അയ്യോ! ഭവാൻ എന്നെവിട്ടു പോയോ? കാലമാകാതെ മനുഷ്യർക്കു മരിക്കുവാൻ സാധിക്കുകയില്ലല്ലോ? ഭവാൻ എന്നെ വെടിഞ്ഞിട്ടും ഞാൻ എന്തുകൊണ്ടു മരിക്കുന്നില്ല? ഞാൻ ജീവിച്ചിരിക്കുമ്പോൾ ഭവാൻ എന്നോടു ചെയ്ത സത്യം ലംഘിച്ചുവെന്നോ? ഇല്ല; അത് ഒരിക്കലും ഉണ്ടാവുകയില്ല. ഭവാൻ എന്നെ കളിപ്പിക്കുകയാണോ? മതി രാജാവേ ഈ വിനോദം. എനിക്ക് പേടിയാവുന്നു. എന്റെ നാഥാ! ഭവാൻ എന്റെ മുമ്പിൽ വരൂ! അതാ, ഭവാൻ നില്ക്കുന്നുവല്ലോ! അതാ, ഞാൻ കണ്ടു! എന്തിന്ന് ഭവാൻ വള്ളിക്കുടിലിൽ മറഞ്ഞുനില്ക്കുന്നു? എന്താണ് ഭവാൻ ഒന്നും മിണ്ടാതെ നില്ക്കുന്നത്? ഞാൻ ഈ നിലയിൽ ഭവാനെ വിളിച്ച് കരയുമ്പോൾ എന്നെ ആശ്വസിപ്പിക്കാത്തതിൽപ്പരം ക്രൂരത വേറെയുണ്ടോ? അയ്യോ! രാജാവേ! നീ എവിടെ? ഭവാൻ എന്നെ ഒറ്റയ്ക്കുവിട്ട് അകന്നു പോയോ? എന്നെപ്പറ്റി ഓർത്തിട്ടല്ല, മറ്റു വല്ലതിനേയും പറ്റി ഓർത്തിട്ടല്ല ഞാൻ കരയുന്നത്. ഭവാൻ തനിയെ പോയാൽ എന്തു നിലയിലാകുമെന്നോർത്തിട്ടാണ് ഞാൻ കരയുന്നത്. വിശപ്പും ദാഹവും സഹിച്ച്, തളർന്ന് വലഞ്ഞ്, അന്തിയാകുമ്പോൾ എവിടെയെങ്കിലും ഒരു മരച്ചുവട്ടിൽ, അയ്യോ! രാജവേ, ഭവാൻ തനിയെ എങ്ങനെ കഴിച്ചുകൂട്ടും."?

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ പറഞ്ഞ് കരഞ്ഞ് കഠിനമായ ദുഃഖത്താൽ ആർത്തയായി ദമയന്തി മനസ്സുതകർന്ന് അങ്ങോട്ടുമിങ്ങോട്ടും ഓടുവാൻ തുടങ്ങി. അവൾ ഇടയ്ക്കിടയ്ക്കു ബോധംമറഞ്ഞു വീഴുകയും ഉണന്നെഴുന്നേല്ക്കുകയും

digitized by www.sreyas.in

പിന്നേയും പിന്നേയും പേടിച്ച് ഒളിക്കുകയും, വീണ്ടും വീണ്ടും ഉറക്കെ നിലവിളിക്കുകയും, വീണ്ടും വീണ്ടും നെടുവീർപ്പിടുകയും, തേങ്ങിത്തേങ്ങിക്കരയുകയുംചെയ്തു. പതിവ്രതയായ ആ ഭീമപുത്രി ദുഃഖത്താൽ നീറി നെടുവീർപ്പിട്ടു തളർന്നു കരഞ്ഞുകൊണ്ട് ഇങ്ങനെ ശപിച്ചു."

ദമയന്തി പറഞ്ഞു: "നൈഷധൻ ഈവിധം ദുഃഖത്താൽ തപിക്കത്തക്കവിധം, ദ്രോഹിച്ചവൻ ആരോ അവൻ ഞങ്ങളേക്കാൾ അധികം കേണ് ഉഴറുമാറാകട്ടെ! പാപഹീനനായ നളനെ ഏതു പാപിയാണോ ഈ ദയനീയനിലയിലാക്കിയത്, അവന്റെ ജീവിതം ഘോരതരമായ ദുഃഖത്താൽ പൂർണ്ണമാകട്ടെ."

ബൃഹദശ്വൻ പറഞ്ഞു: "അവൾ ഭർത്താവിനെ അന്വേഷിച്ചു ക്രൂരമൃഗങ്ങൾ നിറഞ്ഞ കൊടുംകാട്ടിൽ കരഞ്ഞ് ഉന്മത്തയെപ്പോലെ അങ്ങുമിങ്ങും നടന്നു. 'ഹാ, രാജാവേ!' എന്നു വീണ്ടും വീണ്ടും കരഞ്ഞുവിളിച്ച് അവൾ പരിഭ്രാന്തയായി ചുറ്റും ഓടി. ദയനീയയായി, ദീനയായി വിലപിക്കുന്ന അവൾ ഒരു പെരുമ്പാമ്പിന്റെ മുമ്പിൽ ചെന്നു കുടുങ്ങി തന്റെ അടുത്തുവന്ന ഇരയെ ആ പെരുമ്പാമ്പു പിടികൂടി വിഴുങ്ങുവാൻ തുടങ്ങി. ആ മഹാകായനായ പെരുമ്പാമ്പ് വിശപ്പോടെ അവളെ വിഴുങ്ങിത്തുടങ്ങി. അപ്പോൾക്കൂടിയും അവൾക്ക് നളനെപ്പറ്റിയുള്ള ദുഃഖമാണ് മുന്നിട്ടുനിന്നിരുന്നത്. അവൾ വീണ്ടും മുറയിട്ടു."

ദമയന്തി പറഞ്ഞു: "ഹാ, നാഥാ! രാജാവേ! ഒരു പെരുമ്പാമ്പ് എന്നെയിതാ പിടിച്ചുവിഴുങ്ങുന്നു! ഈ വിജനകാനനത്തിൽ ഞാൻ ഈ നിലയിലായിട്ടും ഭവാൻ എന്താണ് ഓടിവരാത്തത്? കാലം വരുമ്പോൾ എന്നെയോർക്കുന്ന ഭവാൻ ഏതു നിലയിലായിരിക്കും? പ്രഭോ എന്തിന് എന്നെ ഈ കാട്ടിൽ വെടിഞ്ഞു? പാപത്തിൽനിന്നു മുക്തനായി മനസ്സുണർന്ന് ബുദ്ധി തെളിഞ്ഞ് ധനം മുഴുവൻ വീണ്ടുകിട്ടുന്ന കാലത്ത് എന്നെയോർക്കുമ്പോൾ ഭവാന്റെ നിലയെന്തായിരിക്കും? ഭവാൻ വിശന്നും ദാഹിച്ചും വാടിത്തളരുമ്പോൾ ഭവാനെ ആശ്വസിപ്പിക്കാൻ ആരുണ്ടാകും?"

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ ദമയന്തി നിലവിളിക്കുമ്പോൾ കൊടുംകാട്ടിൽ വേട്ടയാടി ജീവിക്കുന്ന ഒരു വേടൻ അവിടേക്ക് ഓടിച്ചെന്നു. പെരുമ്പാമ്പ് വിഴുങ്ങിക്കൊണ്ടിരുന്ന ആ സുന്ദരിയെക്കണ്ട് ബദ്ധപ്പെട്ട് ഓടിച്ചെന്ന് അവൻ തന്റെ നിശിതമായ ശസ്ത്രം കൊണ്ട് പെരുമ്പാമ്പിനെ തലമുതൽ കുത്തിവലിച്ചുപിളർന്ന് കൊന്നുകളഞ്ഞു. പാമ്പു വിഴുങ്ങിയ അംഗം ജലത്താൽ കഴുകി അവളെ ആശ്വസിപ്പിച്ചു. ആ മൃഗവ്യാധൻ അവളോടു ചോദിച്ചു."

വേടൻ പറഞ്ഞു: "എടോ, സുന്ദരീ! മാൻകണ്ണിയായ നീ ആരുടെയാണ്? എങ്ങനെ നീ ഈ കാട്ടിൽ വന്നു? എന്താണ് ഈ ഭയങ്കരസങ്കടത്തിൽ വന്നു വീഴുവാൻ കാരണം?"

ബൃഹദശ്വൻ പറഞ്ഞു: "വേടൻ ചോദിച്ചതു കേട്ടപ്പോൾ ദമയന്തി എല്ലാ വൃത്താന്തങ്ങളും വേടനോടു പറഞ്ഞു. ഒറ്റച്ചേലചുറ്റിയ ആ മധുഭാഷിണിയുടെ പീനമായ ശ്രോണിയും പീനോന്നതങ്ങളായ സ്തനങ്ങളും സുകുമാരമായ അംഗസൗഷ്ഠവും പൂർണ്ണചന്ദ്രാഭമായ ആനനവും കുടിലമായ അളകങ്ങളും ശോഭനമായ നയനങ്ങളും കണ്ടപ്പോൾ ആ വ്യാധൻ കാമവിവശനായി. സരസമൃദുലമായ വാക്കുകൾകൊണ്ട് ആ കാമാർത്തൻ സാന്ത്വനംചെയ്തു തുടങ്ങുകയാൽ അവന്റെ ഉദ്ദേശ്യമെന്തെന്ന് ദമയന്തിക്കു മനസ്സിലായി. അവൻ ദുഷ്ടനാണെന്നുള്ള ബോധം അവൾക്കുണ്ടായി. ഉടനെ ആ പതിവ്രത രോഷാവേശത്താൽ ജ്വലിച്ചു. ക്ഷുദ്രനും കാമാതുരനുമായ ആ മഹാപാപി ദുർദ്ധർഷയും അഗ്നിശിഖപോലെ ദീപ്തയുമായ ഭൈമിയെ പിടികൂടുവാൻ അടുത്തു. ഭർത്താവ് വേർപെട്ട് രാജ്യം നഷ്ടപ്പെട്ട് ദുഃഖാർത്തയായ അവൾ അത്യന്തം കുപിതയായി ഇങ്ങനെ ശപിച്ചു."

ദമയന്തി പറഞ്ഞു: "നൈഷധനെയൊഴികെ മറ്റാരേയും ഞാൻ സ്മരിക്കുകപോലും ചെയ്തിട്ടില്ലെങ്കിൽ ഈ ക്ഷുദ്രനായ വേടൻ ചത്തു വീഴട്ടെ!"

ബൃഹദശ്വൻ പറഞ്ഞു: "എന്നു രോഷത്തോടെ ശപിച്ചു. അവൾ ശപിച്ച ഉടനെ ആ മൃഗജീവനൻ തീയിലെരിഞ്ഞ വൃക്ഷംപോലെ ചത്തു നിലത്തുവീണു."

64. നളോപാഖ്യാനം - ദമയന്തീസാർത്ഥവാഹകസംഗമം - ബൃഹദശ്വൻ തുടർന്നു: "വേടനെ കൊന്നതിനു ശേഷം പങ്കജാക്ഷിയായ ദമയന്തി അവിടെനിന്നു നടന്നു. ഝില്ലീഝങ്കാരം മുഴങ്ങുന്ന ഭീഷണമായ കാന്താരം അവൾ കണ്ടു. സിംഹം, പുള്ളിപ്പുലി, രുരു, കരിമ്പുലി, കാട്ടുപോത്ത്, കരടി എന്നീ ഹിംസ്രജന്തുക്കൾ സഞ്ചരിക്കുന്നതും പലതരം പക്ഷികൾ വാഴുന്നതും മ്ലേച്ഛന്മാരും തസ്കരന്മാരും പാർക്കുന്നതും പയൻ, മുള, ധവം, അശ്വത്ഥം, തിന്ദുകം, അരിഷ്ടം, പൂള, മരുത്, സ്യന്ദനങ്ങൾ, ഞാറ, മാവ്, കരിങ്ങാലി, പാച്ചോറ്റി, പന, ചൂരൽ, പ്ലക്ഷം, പതിമുകം, നെല്ലി, കദംബം, ഉദുംബരം, പേരാൽ, ബദരി, കൂവളം ഇവ ചേർന്ന നിരന്നതും പ്രിയാളം, കരിമ്പന, ചിറ്റീന്തൽ, ഹരീതകി, വിഭീതകം, നാനാധാതുക്കൾ എന്നിവ കലർന്നതുമായ പർവ്വതഭേദങ്ങളും മുഴങ്ങുന്ന നികുഞ്ജങ്ങളും ഭംഗിയോടെ ചാടുന്ന വെള്ളച്ചാട്ടങ്ങളും ചോലകളും പുഴകളും വാപികളും പൊയ്കകളും പലതരം മൃഗൗഘങ്ങളും പല ഘോരപിശാചങ്ങളും പാമ്പുകളും രാക്ഷസക്കൂട്ടങ്ങളും ചുറ്റും പല്വലങ്ങളും തടാകങ്ങളും ചേർന്ന് ഗിരികൂടങ്ങളും അരുവിച്ചോലകളും അവൾ ആശ്ചര്യത്തോടെ ദർശിച്ചു. അവിടെ കൂട്ടമായി പന്നികളേയും, കാട്ടുപോത്തുകളേയും, കരടികളേയും, പാമ്പുകളേയും എല്ലായിടത്തും വൈദർഭി കണ്ടു.

തേജസ്സും കീർത്തിയും ക്ഷമയും ഭാഗ്യവും തുണയായ ആ രാജപുത്രി ആ കൊടുംകാട്ടിൽ നളനെ അന്വേഷിച്ച് ഏകയായി നടന്നു. അവൾ ഒന്നിനേയും ഭയപ്പെട്ടില്ല. ഈ ഭയങ്കരമായ കാടിന്റെ കിടിലംകൊള്ളിക്കുന്ന ഭീഷണരൂപം നളന്റെ വിരഹത്താൽ തപിക്കുന്ന ദമയന്തിയെ ഭയപ്പെടുത്തുവാൻ പര്യാപ്തമായില്ല. ഭർത്തൃവ്യസനമാർന്ന വിദർഭപുത്രി മഹാദുഃഖത്തോടെ ശോകപരവശയായി ഒരു പാറമേൽ ചെന്നിരുന്നു വീണ്ടും വിലപിച്ചു."

ദമയന്തി പറഞ്ഞു: "വിരിഞ്ഞ മാറിടവും നീണ്ട ബാഹുക്കളും ചേർന്ന നിഷധരാജാവേ, മഹാത്മാവായ അങ്ങ് വിജനമായ ഈ കാട്ടിൽ എന്നെ ഏകാകിനിയാക്കി വിട്ട് എവിടെപ്പോയി? ഭൂരിദക്ഷിണകളോടുകൂടിയ അശ്വമേധം മുതലായ മഹായാഗങ്ങൾ ചെയ്ത പുണ്യവാനാണല്ലോ ഭവാൻ? അങ്ങ് ഈ കൊടുംപാപം എന്തേ ചെയ്തത്? അല്ലയോ രാജശ്രേഷ്ഠാ, എന്നോട് മഹാശയനായ ഭവാൻ, മംഗളാശയനായ ഭവാൻ, വിവാഹകാലത്തു പറഞ്ഞ ശോഭനവചനങ്ങൾ ഓർക്കുന്നുണ്ടോ? അങ്ങയുടെ സമീപത്ത് അന്നു പറന്നുവന്ന അരയന്നങ്ങൾ പിന്നെ എന്റെ അടുത്തു വന്നു പറഞ്ഞ സന്ദേശങ്ങൾ വീരനായ ഭവാൻ ഓർക്കുന്നുണ്ടോ? ഒരു ഭാഗത്ത് സാംഗോപാംഗങ്ങളോടുകൂടിയ നാലു വേദങ്ങളും, മറുഭാഗത്ത് സത്യവും തുല്യമായി തൂങ്ങുന്നു! അത്രയ്ക്ക് കനപ്പെട്ടതാണല്ലോ സത്യം! ചതുർവേദങ്ങളോടു കിടപിടിക്കുവാൻ പോന്നതാണല്ലോ സത്യം! അതുകൊണ്ട് രാജാവേ, എന്റെ അടുക്കൽ മുമ്പു ചെയ്ത സത്യത്തെ, ഭവാൻ വിസ്മരിക്കാതെ ആ സത്യത്തെ പാലിക്കണേ!

ഹാ! ഇ ഘോരകാന്താരത്തിൽ ഭവാൻ എന്താണ് എന്നോട് ഒന്നും മിണ്ടാത്തത്? അയ്യോ! എന്നെ ഭവാൻ ഉപേക്ഷിച്ചുവോ? അയ്യോ! വിശന്നു വായും പിളർന്നുവരുന്ന ദാരുണാകൃതിയായ ഈ മൃഗരാജാവ് എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. എന്നിട്ടും ഭവാൻ എന്നെ എന്താണ് രക്ഷിക്കാൻ എത്താത്തത്? നിന്നേക്കാൾ പ്രിയം കൂടിയവളായി എനിക്ക് വേറേ ഒരുവളുമില്ല എന്ന് എന്നോടു ഭവാൻ പറഞ്ഞ ശോഭനമായ വാക്ക് ഭവാൻ സത്യമാക്കിയാലും! എന്റെ ദയിതനല്ലേ ഭവാൻ? ഞാൻ ഭവാന്റെ ദയിതയായിരുന്നിട്ടും ഉന്മത്തയായി കരയുന്ന ഈ ഇഷ്ടപ്രേയസിയോട് ഒന്നും മിണ്ടാത്തതെന്താണ്? പകുതി വസ്ത്രംമാത്രം ഉടുത്ത് കൃശയും ദീനയും വിവർണ്ണയും മലിനയുമായി ഒറ്റയ്ക്കിരുന്ന്

digitized by www.sreyas.in

അനാഥയെപ്പോലെ കരയുന്നത് പ്രാണനാഥാ! ഭവാൻ കേൾക്കുന്നില്ലേ? ഇണപിരിഞ്ഞ, ഒറ്റയായ മാൻപേടപോലെ ഞാൻ മുറയിട്ടിട്ടും എന്താണു ഭവാൻ എന്നെ ആദരിക്കാത്തത്? അയ്യോ രാജാവേ! ഈ ഘോരകാന്താരത്തിൽ ഏകാകിനിയായി സതിയായ ദമയന്തി വിളിച്ചിട്ടും ഭവാൻ മിണ്ടാത്തതെന്താണ്? സനകകുലശീലസമ്പന്നനും, സർവ്വാംഗസുന്ദരനുമായ ഭവാനെ ഈ പർവ്വതപ്രദേശത്തിലെങ്ങും കാണുന്നില്ല. സിംഹവ്യാഘ്രാദിമൃഗങ്ങൾ നിറഞ്ഞ ഈ മഹാഘോരമായ കാനനത്തിൽ ശോകാർത്തയായ ഞാൻ, എനിക്ക് ദുഃഖവർദ്ധനനായിത്തീർന്നിരിക്കുന്ന ഭവാനെപ്പറ്റി ആരോടാണു ചോദിക്കേണ്ടത്? അങ്ങ് കിടക്കുകയാണോ, ഇരിക്കുകയാണോ, നില്ക്കുകയാണോ, നടക്കുകയാണോ എന്ന് ആരോടാണ് ഞാൻ ചോദിക്കേണ്ടത്? കാട്ടിൽവെച്ച് എന്നെ കാണാതെപോയ എന്റെ നാഥനെക്കുറിച്ച് 'നളമഹാരാജാവിനെ നീ വല്ലേടവും കണ്ടുവോ' എന്നു ചോദിക്കുവാൻ ഇവിടെ ആരുണ്ട്? 'നീ അന്വേഷിക്കുന്ന മനോഹരരൂപനും, മഹാത്മാവും, ശത്രുനാശനനും പത്മേക്ഷണനുമായ നളമഹാരാജാവ് ഇവിടെയുണ്ട്' എന്ന മധുരവാക്ക് എന്നോട് പറഞ്ഞുകേൾപ്പിക്കുവാൻ ഇവിടെ ആരുണ്ട്? നാലു തേറ്റകളോടുകൂടിയ കാട്ടുരാജാവായ വ്യാഘ്രം ഇതാ വരുന്നു. ആ വനരാജാവിന്റെ മുമ്പിലേക്കു ഞാൻ നിശ്ശങ്കം ചെല്ലട്ടെ.

എടോ വ്യാഘ്രമേ! ഭവാൻ ഈ കാന്താരത്തിലെ പ്രഭുവും ഇവിടെയുള്ള മൃഗങ്ങളുടെയൊക്കെ രാജാവുമാണല്ലോ! ഞാൻ വിദർഭരാജാവിന്റെ പുത്രിയായ ദമയന്തിയാണ്. ശത്രുഹന്താവും നിഷധരാജാവുമായ നളന്റെ പത്നിയാണ്. മൃഗേന്ദ്രനായ ഭവാൻ നളനെ വല്ലയിടത്തും കണ്ടിട്ടുണ്ടെങ്കിൽ, ഭർത്താവിനെത്തിരഞ്ഞ് ആർത്തയായി, ഏകയായി, കൃപണയായി ചുറ്റിത്തിരിയുന്ന ഈ ശോകാർത്തയെ ആശ്വസിപ്പിച്ചാലും! അല്ലെങ്കിൽ നളമഹാരാജാവിനെപ്പറ്റി എന്നോടു ഒന്നും പറയുന്നില്ലെങ്കിൽ ഇപ്പോൾത്തന്നെ ഭവാൻ എന്നെ കടിച്ചുതിന്നുക. വനപതിയും, മൃഗരാജാവുമായ ഭവാൻ എന്നെ ഈ കഠിനമായ ദുഃഖത്തിൽനിന്നു വല്ലവിധേനയും മോചിപ്പിച്ചാലും."

അവൾ തുടർന്നു: "കഷ്ടം! എന്റെ ഈ വനരോദനം കേട്ടിട്ടും ഈ വ്യാഘ്രം എന്നെ ആശ്വസിപ്പിക്കുന്നില്ല; ജലം വഹിച്ച് ആഴിയിലേക്കൊഴുകുന്ന നദിയെ ലക്ഷ്യമാക്കി പായുകയാണ്! ഇതാ, പുണ്യമായ പർവ്വതം വിവിധ വർണ്ണങ്ങൾ കലർന്ന് പല കൊടുമുടികളോടുകൂടി മനോഹരമായി ഉയർന്നുനില്ക്കുന്നു. പലവിധം കല്ലുകളോടുകൂടി നാനാധാതുക്കൾ ചേർന്ന് ഈ മഹാവനത്തിൽ വിജയധ്വജംപോലെ നില്ക്കുന്ന ഈ ശൈലം, സിംഹം, വ്യാഘ്രം, ഗജം, പന്നി മുതലായ ജന്തുക്കൾ നിറഞ്ഞും, പലതരം പക്ഷികളിൽനിന്നുള്ള നിറഭേദങ്ങൾ കലർന്നും, കിംശുകം, അശോകം, ബകുളം, പുന്നാഗം, കർണ്ണികാരം മുതലായ ശോഭനവൃക്ഷങ്ങൾ നിരന്നും, അവയിൽനിന്നു മനോഹരപുഷ്പങ്ങൾ ചൊരിഞ്ഞും, സർവ്വജനത്തേയും ആകർഷിച്ചുകൊണ്ടു നില്ക്കുന്നു. നളരാജാവിനെപ്പറ്റി ഞാൻ ഈ ഗിരിരാജാവിനോടും ചോദിക്കാം.

അല്ലയോ ശരണ്യനായ പർവ്വതശ്രേഷ്ഠാ! ഞാൻ ഭവാനെ നമസ്കരിക്കുന്നു. വിശ്രുതനും ദിവ്യദർശനും കല്യാണരാശിയുമാണല്ലോ ഭവാൻ. രാജപുത്രിയായ ഞാൻ ഭവാനെ വീണ്ടും വീണ്ടും നമസ്കരിക്കുന്നു. രാജസ്നുഷയും രാജപത്നിയും വിശ്രുതയുമായ ദമയന്തിയാണ് ഞാൻ. മഹാരഥനായ വിദർഭരാജാവാണ് എന്റെ അച്ഛൻ. ഭീമൻ എന്നു പേരായ വിഖ്യാതനായ ആ രാജാവ് നാലു വർണ്ണങ്ങളേയും സംരക്ഷിച്ചു നാടുവാഴുന്ന ശത്രുമർദ്ദകനാണ്. സത്യവാദിയും അനസൂയാലുവും ബ്രഹ്മണ്യനുമായ ആ രാജശ്രേഷ്ഠൻ ബ്രാഹ്മണർക്ക് അനവധി ദക്ഷിണയോടുകൂടി രാജസൂയം, അശ്വമേധം മുതലായ യാഗങ്ങൾ യഥാവിധി നടത്തിയിട്ടുള്ള സാധുവൃത്തനാണെന്ന് ഭവാൻ ധരിക്കണം. ശീലവാനും, വീര്യവാനും, ധർമ്മജ്ഞനും, വിപുലകീർത്തിമാനുമായ വിദർഭരാജാവിന്റെ ഈ പുത്രി ഇതാ, ഭവാനെ ആശ്രയിക്കുന്നു. പുണ്യശീലനും വിഖ്യാതനും നരോത്തമനും നിഷധമഹാരാജാവുമായ വീരസേനനാണ് എന്റെ ശ്വശുരൻ. ആ രാജാവിന്റെ പുത്രൻ വീരനായി, സത്യപരാക്രമനായി, ശ്രീമാനായി വിരാജിക്കുന്നു. പൈതൃകമായ രാജ്യത്തെ ക്രമമായി പാലിക്കുന്ന രാജപുത്രനാണ് 'പുണ്യശ്ലോക'നെന്നു വിഖ്യാതനായ നളൻ. ആ സുന്ദരൻ, വാഗ്മിയും വേദജ്ഞനും പുണ്യകൃത്തും ദാതാവും യോദ്ധാവുമാണ്. ഇവിടെ ഭവാന്റെ മുമ്പിൽ വന്നുനില്ക്കുന്ന ഈ അബല ആ നിഷധരാജാവായ നളന്റെ ശ്രേഷ്ഠഭാര്യയാണെന്ന് ഭവാൻ അറിയണം. ധനം മുഴുവൻ നഷ്ടമായി, ഭർത്താവ് വേർപെട്ട്, അനാഥയായി ഭർത്താവിനെ അന്വേഷിച്ചു നടക്കുന്നവളാണ് ഞാൻ. എന്നെ പർവ്വതോത്തമനായ ഭവാൻ ആദരിക്കേണമേ! ആകാശത്തോട് ഉരുമ്മിനില്ക്കുന്ന ശൃംഗശതങ്ങളുള്ള ഭവാൻ ഈ വനാന്തരത്തിലോ, മറ്റെവിടെയോ, നളമഹാരാജാവിനെ കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നോടു പറയുക. ഗജേന്ദ്രവിക്രമനും ധീമാനും ദീർഘബാഹുവും അമർഷണനും മഹാവീര്യനും മഹായശസ്വിയും നിഷധേശ്വരനുമായ എന്റെ ഭർത്താവിനെ ഭവാൻ എവിടെയെങ്കിലും കാണുകയുണ്ടായോ? ഏകയായി, വിഹ്വലയായി വിലപിക്കുന്ന എന്നെ ദുഃഖിതയായ സ്വന്തം പുത്രിയെ എന്നപോലെ ഭവാൻ എന്തുകൊണ്ടാണ് ആശ്വസിപ്പിക്കാത്തത്? അയ്യോ! കഷ്ടം! ഈ പർവ്വതശ്രേഷ്ഠൻ എന്നോട് ഒന്നും മിണ്ടുന്നില്ലല്ലോ. ഹാ! നാഥാ, ധർമ്മജ്ഞനും സത്യവാദിയും വീരവിക്രമനുമായ ഭവാൻ ഈ കാട്ടിലെവിടെയെങ്കിലുമുണ്ടെങ്കിൽ ഉടനെ എനിക്കു കാണുമാറാകേണമേ! സ്നിഗ്ദ്ധവും ഗംഭീരവും മേഘഗർജ്ജനതുല്യവും അമൃതതുല്യവുമായ എന്റെ പ്രിയതമന്റെ നാദം ഇനി എന്നാണ് ഞാൻ കേൾക്കുക? ഭർത്താവിന്റെ ആ വിളി, 'പ്രിയേ! വൈദർഭീ' എന്നു സ്പഷ്ടവും ശുഭവും സത്യവും ശോകനാശനവുമായ ആ വിളി, ഇനി ഞാൻ എന്നു കേൾക്കും? ഹാ! ധർമ്മവത്സലാ! ഈ ഭീതയായ എന്നെ ആശ്വസിപ്പിക്കേണമേ! പേടിച്ച് അവശയായ എന്നെ എന്റെ ദുഃഖം ശമിപ്പിക്കുന്നവിധം, വേദമാഹാത്മ്യം ചേർന്ന വാക്കുകളാൽ ഭവാൻ, ആശ്വാസപ്പെടുത്തിയാലും."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം ശ്രേഷ്ഠമായ വാക്കുകൾ ആ രാജപുത്രി പർവ്വതത്തോടു പറഞ്ഞു. അതിന്നുശേഷം ദമയന്തി അവിടെനിന്ന് എഴുന്നേറ്റ് വീണ്ടും വടക്കോട്ടേക്കായി നടന്നു. മൂന്നു രാപകൽ നടന്നതിനുശേഷം ആ നാരീരത്നം ദിവ്യകാനനത്താൽ ശോഭിതവും നിസ്തുലവുമായ ഒരു തപോവനത്തിൽ ചെന്നുചേർന്നു.

വസിഷ്ഠൻ, ഭൃഗു, അത്രി എന്നിവരെപ്പോലെ തേജസ്വികളായ താപസന്മാരെ അവിടെ കണ്ടു. സ്വർഗ്ഗമാർഗ്ഗത്തെനോക്കിക്കൊണ്ടു തപസ്സുചെയ്യുന്ന ജിതേന്ദ്രിയന്മാരായ ആ ഉഗ്രവ്രതന്മാർ ചിലർ കാറ്റും, ചിലർ ശുദ്ധജലവും, ചിലർ ഇലകളും മാത്രം ഭക്ഷിക്കുന്ന മഹാശയന്മാരാണ്. മഹാതപസ്വികളായ അവർ മാൻതോലും മരവുരിയുമാണ് ധരിക്കുന്നത്. ആ രമണീയമായ ആശ്രമമണ്ഡലം കണ്ടപ്പോൾ ഭൈമിക്ക് വലുതായ ആശ്വാസമുണ്ടായി. സർവ്വാംഗസുന്ദരിയും, തേജസ്വിനിയും, അനുഗൃഹീതയും, അനഘയും, പങ്കജാക്ഷിയും, നീണ്ട വാർകുന്തലുള്ളവളും, മഹാമനസ്വിനിയുമായ അവൾ ആശ്രമത്തിലെ തപോവൃദ്ധന്മാരെ വിനീതയായി താണുതൊഴുതു. അവർ അവൾക്ക് സ്വാഗതംപറഞ്ഞു. ആ താപസികന്മാർ ദമയന്തിയെ യഥാന്യായം സല്ക്കരിച്ചതിന്നുശേഷം ഇരിക്കുവാൻ പറഞ്ഞു. അവർ എന്താണ് ചെയ്തുതരേണ്ടത് എന്നു ദമയന്തിയോടു ചോദിച്ചു."

ദമയന്തി പറഞ്ഞു: "മഹാശയന്മാരായ താപസോത്തമന്മാരേ! ഭവാന്മാർക്ക് തപസ്സ്, അഗ്നി, ധർമ്മങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെ സംബന്ധിച്ചെല്ലാം കുശലംതന്നെയല്ലേ? സ്വന്തം ധർമ്മാചാരക്രമങ്ങളിലും കുശലംതന്നെയല്ലേ?"

താപസന്മാർ പറഞ്ഞു: "ഭദ്രേ! ഞങ്ങൾക്ക് എല്ലാറ്റിലും എല്ലാ പ്രകാരത്തിലും കുശലംതന്നെയാണ്. സർവ്വാംഗസുന്ദരിയായ നീ ആരാണ്? ഭവതി എന്തിലേക്കാണ് പുറപ്പെട്ടിരിക്കുന്നത്? നിന്റെ ഈ പരമസൗന്ദര്യവും പരമതേജസ്സുംകണ്ട് ഞങ്ങൾ അത്ഭുതപ്പെടുന്നു. നീ എന്തിനാണ് കരയുന്നത്? ദുഃഖം

digitized by www.sreyas.in

കളയുക! ആശ്വസിക്കുക! എടോ സുഭഗേ, നീ വനദേവതയാണോ? അതോ, പർവ്വതത്തിന്റെ ദേവിയാണോ? അതോ, നദീദേവിയാണോ? ഭദ്രേ! സത്യം പറയൂ! നീ ആരാണ്?"

ദമയന്തി പറഞ്ഞു: "ഞാൻ വനത്തിന്റെയോ നദിയുടെയോ ദേവതയല്ല. തപോധനന്മാരേ! ഞാൻ കേവലം മാനുഷസ്ത്രീയാണ്. അദ്രിയുടെ ദേവതയുമല്ല, നദിയുടെ ദേവതയുമല്ല ഞാനെന്റെ കഥ വിസ്തരിച്ചുപറയാം. കേട്ടാലും! ഞാൻ വിദർഭരാജാവായ ഭീമന്റെ പുത്രിയാണ്. നിഷധേശ്വരനും ധീമാനും മഹാശയസ്വിയും വീരനും യുദ്ധവിജയിയും വിദ്വാനുമായ നളമഹാരാജാവാണ് എന്റെ ഭർത്താവ്. ആ നൈഷധൻ ദേവപൂജിതനും ബ്രാഹ്മണവത്സലനും മഹാതേജസ്വിയും മഹാബലനും സത്യസന്ധനും ധർമ്മജ്ഞനും വേദവേദാംഗപാരംഗതനും ശത്രുഞ്ജയനും ഇന്ദ്രതുല്യദ്യുതിയും പൂർണ്ണേന്ദുമുഖനുമാണ്. ആ സത്യധർമ്മനിഷ്ഠനെ അനാര്യന്മാരും ദുരാശയന്മാരുമായ ചില ചതിയന്മാർ ചൂതിന്നു വിളിച്ചു ചതിച്ചു തോല്പിച്ച് രാജ്യവും ധനവും മുഴുവൻ അപഹരിച്ചിരിക്കുന്നു. ആ നളമഹാരാജാവിന്റെ പത്നിയായ ദമയന്തിയാണ് ഞാൻ. ഭർത്തൃദർശനലാലസയായി വനങ്ങളിലും മലകളിലും പുഴകളിലും പൊയ്കകളിലും ചുറ്റി നടന്ന് അലയുകയാണ് ഞാൻ. കൃതാസ്ത്രനും രണവിദഗ്ദ്ധനും മഹാത്മാവുമായ എന്റെ ഭർത്താവിനെ അന്വേഷിച്ച് ഇപ്പോൾ ഞാൻ ഇവിടെ എത്തിയിരിക്കുന്നു. താപസികന്മാരേ! ഭവാന്മാർ വാഴുന്ന ഈ രമണീയതപോവനത്തിൽ എങ്ങാനും ആ നിഷധേശ്വരൻ വരികയുണ്ടായോ? സിംഹങ്ങളും വ്യാഘ്രങ്ങളും നിറഞ്ഞു ഘോരവും ഭയങ്കരവുമായ ഈ കാനനത്തിൽ സഞ്ചരിച്ച് ഞാൻ ഇങ്ങനെ ഉഗ്രവും ദാരുണവുമായി ദുഃഖിക്കാറായത് നളവിയോഗത്താലാണ്. അല്പദിവസിത്തിനുള്ളിൽ ഞാൻ ഭർത്താവിനെ കാണാതിരുന്നാൽ എന്റെ നന്മയ്ക്കുവേണ്ടി ഞാൻ ആത്മഹത്യചെയ്യാതിരിക്കയില്ല. ആ പുരുഷസത്തമനില്ലെങ്കിൽ എനിക്കു ജീവൻകൊണ്ട് എന്തു ഫലമാണുള്ളത്? ഭർത്തൃശോകാർത്തയായ ഞാൻ ഈ നിലയിൽ ജീവിച്ചിട്ടെന്തു കാര്യം?" ഭീതയായി ഇങ്ങനെ വിലപിക്കുന്ന ഭീമപുത്രിയായ ദമയന്തിയോട് സത്യവാക്കുകളായ മുനിമാർ ഇങ്ങനെ പറഞ്ഞു.

താപസന്മാർ പറഞ്ഞു: "ശുഭേ! ഭവതിക്കു മേലാൽ മംഗളം ഭവിക്കും. നീ താമസിയാതെ നിഷധരാജാവിനെ കാണുമെന്ന് തപശ്ശക്തികൊണ്ടു ഞങ്ങൾ അറിയുന്നു. നിഷധാധിപനും ശത്രുഘാതിയും ധർമ്മിഷ്ഠനുമായ നളനെ നീ സസന്തോഷം ദർശിക്കും. എല്ലാ പാപങ്ങളിൽനിന്നും വിമുക്തനായി, എല്ലാധനങ്ങളും നേടി, ശത്രുക്കൾക്കു ഭയകർത്താവും മിത്രങ്ങൾക്കു ശോകനാശകനുമായി ആ നിഷധരാജ്യത്തെ പരിപാലിക്കുന്ന നിലയിൽ, കല്യാണശീലനായ നളനെ നിശ്ചയമായും നിനക്കു കാണാൻ കഴിയും."

ബൃഹദശ്വൻ പറഞ്ഞു: "നളന്റെ പ്രിയതമയോട് ഇത്രയും പറഞ്ഞുകഴിഞ്ഞ ഉടനെ ആ താപസികൻമാർ ആശ്രമത്തോടു കൂടിത്തന്നെ മറഞ്ഞുപോയി. ഈ മഹത്തായ ആശ്ചര്യം കണ്ട് ദമയന്തി അത്ഭുതപ്പെട്ടു."

ദമയന്തി പറഞ്ഞു: "ഞാൻ ഇവിടെ കണ്ടത് സ്വപ്നമാണോ? അഥവാ ഇതും വിധിവൈചിത്ര്യമാണോ? ആ താപസന്മാരൊക്കെ എവിടെപ്പോയി? ആ ആശ്രമമെവിടെ? പക്ഷികുലങ്ങളാൽ ആകുലവും രമണീയവും പുണ്യജലപൂർണ്ണവുമായ ആ പുഴയെവിടെ? മനോഹരമായ പുഷ്പഫലങ്ങളാൽ ശോഭിതമായ വൃക്ഷജാലങ്ങളെവിടെപ്പോയി?"

ബൃഹദശ്വൻ പറഞ്ഞു: "ഈ അത്ഭുതത്തെപ്പറ്റി അവൾ കുറെ സമയം ചിന്തിച്ചുനിന്നു. ഭർത്തൃശോകത്തിൽ മുഴുകിയ ദമയന്തി വിവർണ്ണയായി വീണ്ടും കേഴുവാൻ തുടങ്ങി. അവൾ ആ സ്ഥലത്തുനിന്നു കണ്ണുനീരിൽക്കുളിച്ചു മറ്റൊരിടത്തേക്കു നടന്നു. കളനാദം പൊഴിക്കുന്ന പക്ഷികൾ നിറഞ്ഞു മനോജ്ഞമായി തളിർത്തുപൂത്തുനില്ക്കുന്ന അശോകവൃക്ഷത്തെക്കണ്ട് ദമയന്തി അതിന്റെ സമീപത്തുചെന്നു."

ദമയന്തി പറഞ്ഞു: "തളിരുതുങ്ങി ഭംഗിയോടുകൂടി വിഹംഗങ്ങൾ നിറഞ്ഞ് അഴകോടെ പൂത്തുനില്ക്കുന്ന ശ്രീമാനായ അശോകമേ! എന്നെ ഭവാൻ ഉടനെ ശോകവിഹീനയാക്കിയാലും. ഭയമോ, ശോകമോ, ബാധയോ കൂടാതെ ഭവാൻ ദമയന്തീപ്രിയനായ നളമഹാരാജാവിനെ കാണുകയുണ്ടായോ? കീറിയ മുണ്ടു ചുറ്റിയ ആ സുകുമാര കളേബരനെ, ആ ദുഃഖാർദ്ദിതനെ, എന്റെ ഭർത്താവിനെ ഈ കാട്ടിൽ ഭവാൻ കാണുകയുണ്ടായോ? എടോ, അശോകമേ! ഭവാൻ എന്നെ അശോകയാക്കുക. ഭവാൻ സ്വന്തം നാമം അർത്ഥവത്താക്കുക."

ബൃഹദശ്വൻ പറഞ്ഞു: "ആ അശോകത്തെ മൂന്നുവട്ടം വലം വെച്ച്, അവൾ ആ വനത്തിന്റെ കൂടുതൽ ഭീകരമായ ഭാഗത്തേക്കുകടന്നു. പല വൃക്ഷങ്ങളും പല പുഴകളും പലതരം പക്ഷികളും പല ഗുഹകളും പല താഴ്വരകളും കടന്ന് ഭർത്താവിനെത്തേടി ദമയന്തി ബഹുദൂരം സഞ്ചരിച്ചു. അങ്ങനെ അവൾ ഒരു നദീതീരത്തെത്തി. ശുഭ്രയായ ആ നദി പരന്നൊഴുകുന്നു. അവിടെ യശസ്വിനിയായ നളപത്നി, ആനതേർകുതിരകളോടുകൂടിയ ഒരു വലിയ ജനസമൂഹത്തെ കണ്ടു. അവൾ അങ്ങോട്ടു നടന്നു. കീറിയ ഒരു വസ്ത്രം ചുറ്റി, അഴിഞ്ഞുലഞ്ഞു പൊടിപുരണ്ട തലമുടിയോടുകൂടി ശോകാർത്തയായി, കൃശയായി, മലിനയും വിവർണ്ണയുമായി ഒരു ഭ്രാന്തിയെപ്പോലെ വരുന്ന ദമയന്തിയെ കണ്ട് ആ ജനക്കൂട്ടത്തിൽനിന്നു ചിലർ ഭയപ്പെട്ട് ഓടിക്കളഞ്ഞു. മറ്റു ചിലർ നിന്നനിലയിൽ നിന്നു നിലവിളിച്ചു. ചിലർ ഇവൾ ആരെന്നറിയാതെ അമ്പരന്നുനിന്നു. വേറെ ചിലർ അവളുടെ വൈകൃതം നോക്കി പരിഹസിച്ചു. മറ്റു ചിലർ അവളുടെ സൗന്ദര്യം നോക്കി അസൂയപ്പെട്ടു. അല്പംചിലർക്ക് അവളിൽ അനുകമ്പയുണ്ടായി. അവർ അവളുടെ അരികെചെന്നു ചോദിച്ചു: 'ഭവതി ആരാണ്? ആരുടെയാണ്? ഈ കാട്ടിൽ എന്താണു ഭവതി അന്വേഷിക്കുന്നത്? ഭവതിയെ കണ്ടിട്ടു ഞങ്ങൾക്ക് അനുതാപം തോന്നുന്നു. ഭവതി മാനുഷിയല്ലേ? ഭവതി വനദേവതയാണോ? ദിക്കുകളുടെ ദേവിയാണോ? പർവ്വതത്തിന്റെ ദേവിയാണോ? സത്യം പറഞ്ഞാലും! ശുഭാംഗിയായ ഭവതിയെ ഞങ്ങൾ ശരണം പ്രാപിക്കുന്നു. ഭവതി യക്ഷിയാണോ? രാക്ഷസിയാണോ? വരാംഗനയാണോ? ആരായാലും ഞങ്ങളെ ദേവി രക്ഷിച്ചാലും! ഈ വണിക്കുകളുടെ സംഘം ക്ഷേമത്തോടെ ഇവിടം വിട്ടു പോകുവാൻ ഭവതി അനുഗ്രഹിച്ചാലും!' അവരിങ്ങനെ ചോദിച്ചപ്പോൾ പതിവ്രതയും ശോകാർത്തയുമായ ആ രാജകുമാരി, ദമയന്തി, ഇങ്ങനെ മറുപടി പറഞ്ഞു."

ദമയന്തി പറഞ്ഞു: "ഹേ, സാർത്ഥവാഹകസംഘനേതാവേ, നിങ്ങൾ കച്ചവടക്കാരും യുവാക്കളും വൃദ്ധരും കുട്ടികളും മനസ്സിലാക്കു!

ഞാൻ ഒരു മാനുഷിയാണ്. രാജപുത്രിയും രാജസ്നുഷയും രാജപത്നിയുമാണ്. ഞാൻ ഭർത്താവിനെത്തേടി ഈ വഴിക്കു വന്നതാണ്. എന്റെ പിതാവ് വിദർഭരാജാവും ഭർത്താവ് നിഷധരാജാവായ നളനുമാണ്. അപരാജിതനും മഹാഭാഗനുമായ നളമഹാരാജാവിന്റെ പത്നിയാണ് ഞാൻ. ഞാൻ കാട്ടിൽ അദ്ദേഹത്തെ അന്വേഷിക്കുകയാണ്. നിങ്ങളെങ്ങാനും ആ പുരുഷവ്യാഘ്രനെ കണ്ടിട്ടുണ്ടെങ്കിൽ ആ പ്രിയവൃത്താന്തം എന്നോടു പറഞ്ഞാലും!"

ബൃഹദശ്വൻ പറഞ്ഞു: "ഇതു കേട്ടപ്പോൾ സാർത്ഥവാഹകസംഘത്തിന്റെ നേതാവായ ശുചി മറുപടി പറഞ്ഞു."

ശുചി പറഞ്ഞു: "ശോഭനേ, ഞാൻ ഈ കച്ചവടസംഘത്തിന്റെ നേതാവാണ്. നളനെന്നു പേരായ ഒരാളേയും ഞാൻ ഈ കാട്ടിൽ കണ്ടില്ല. മനുഷ്യസഞ്ചാരത്തിനു പറ്റാത്ത ഈ കാട്ടിൽ ആന, സിംഹം, പുലി, കരടി, പോത്ത്, മാൻ മുതലായ വനജന്തുക്കളെയല്ലാതെ മറ്റാരെയും ഞാൻ കണ്ടില്ല! ഭവതിയൊഴികെ മറ്റൊരു മനുഷ്യനേയും ഞങ്ങൾ ഈ കാട്ടിൽ കണ്ടിട്ടില്ല. ഞങ്ങളുടെ കുലദൈവവും യക്ഷരാജനുമായ മണിഭദ്രൻ ഞങ്ങളിൽ പ്രസാദിക്കട്ടെ. ആ യക്ഷനാണെ, ഞാൻ പറഞ്ഞതു സത്യമാണ്."

digitized by www.sreyas.in

സാർത്ഥവാഹകസംഘനേതാവ് ഇപ്രകാരം പറഞ്ഞതു കേട്ട് അവൾ ചോദിച്ചു: "ഹേ സാർത്ഥവാഹകരേ, ഈ സാർത്ഥം ഏതു രാജ്യത്തേക്കാണു പോകുന്നത്?"

സാർത്ഥവാഹകൻ പറഞ്ഞു: "ഹേ മഹാരാജപുത്രീ, സുബാഹു എന്നു വിഖ്യാതനും സത്യവാനുമായ ചേദിരാജാവിന്റെ രാജ്യത്തു കച്ചവടത്തിന്നായിട്ടാണ് ഞങ്ങൾ പോകുന്നത്."

65. നളോപാഖ്യാനം - ദമയന്തിയുടെ ചേദിരാജഗൃഹവാസം - ബൃഹദശ്വൻ പറഞ്ഞു: "സുന്ദരിയായ ദമയന്തി സാർത്ഥവാഹകന്മാർ പറഞ്ഞതു കേട്ട് സ്വകാന്തനെ കാണുവാനുള്ള ഉത്കണ്ഠയോടെ അവരുടെകൂടെ പുറപ്പെട്ടു. വളരെ ദിവസം സഞ്ചരിച്ചതിനുശേഷം അവർ ഭയങ്കരമായ ഒരു കാനനത്തിൽ ചെന്നുചേർന്നു. അവിടെ സുഗന്ധമുള്ള താമരനിറഞ്ഞ ഒരു വലിയ തടാകം കണ്ടു. നിർമ്മലവും ശീതളവുമായ ജലം അതിൽ നയനമോഹനമായി നിറഞ്ഞുനില്ക്കുന്നു. ഫലങ്ങളും പുഷ്പങ്ങളും സമൃദ്ധമായും, പുല്ലും വിറകും വേണ്ടുവോളവും അവിടെ കിട്ടും. പക്ഷികളുടെ നിനദത്തോടുകൂടിയ ആ പ്രകൃതിരമണീയമായ പ്രദേശത്ത് ആ പരിശ്രാന്തന്മാർ വിശ്രമിക്കുവാൻ നിശ്ചയിച്ചു. സാർത്ഥവാഹകന്റെ അനുമതിയോടുകൂടി അവർ സായാഹ്നത്തിൽ ആ ഉത്തമവനത്തിൽത്തന്നെ പാർത്തു. അർദ്ധരാത്രിയായപ്പോൾ സർവ്വദിക്കിലും നിശ്ശബ്ദമായി. വണിക്കുകളൊക്കെ തളർന്ന് നിദ്രാവശഗരായി. ആ സമയത്ത് പൊയ്കയിൽനിന്നു വെള്ളം കുടിക്കുവാനായി ഒരു വലിയ ഗജയൂഥം ആ വഴിയേ വന്നു. പെട്ടെന്ന് അവ വണിക്കുകളുടെ ആനകളെ കണ്ട് ആ കാട്ടാനകൾ മദോത്കടമായി പാഞ്ഞുവന്നു. പർവ്വതശിഖരത്തിൽനിന്നു വീഴുന്ന വൻപാറകൾപോലെ ആ കാട്ടാനകൾ സാർത്ഥത്തിന്നിടയിൽ കുതിച്ചുചാടി. ആനക്കൂട്ടം ഇളകുകയാൽ കാട്ടുവഴികൾ കാണാത്ത മട്ടായി. തടാകത്തിലേക്കുള്ള വഴിയിൽ നിരന്നുകിടന്നുറങ്ങുന്ന വർത്തകന്മാരെ ആനകൾ ചവിട്ടിച്ചതച്ചു. രക്ഷയ്ക്കായി ഓടുന്ന സാർത്ഥകന്മാർ ഹാ! ഹാ! എന്നു നിലവിളിച്ചു. ഉറക്കഭ്രാന്തോടെ ചിലർ മരപ്പടർപ്പിന്നിടയിലേക്കു പാഞ്ഞു. ഉറങ്ങിക്കിടന്ന നിലയിൽത്തന്നെ ചിലരെ ആനകൾ കൊമ്പുകൊണ്ടും, ചിലരെ തുമ്പിക്കൈകൊണ്ടും, ചിലരെ കാലുകൊണ്ടും കൊന്നു. കുതിരകളും ഒട്ടകങ്ങളും വളരെ ചത്തുവീണു. എവടേക്കെന്നില്ലാതെ ഭയപ്പെട്ട് ഓടുമ്പോൾ തമ്മിൽ കൂട്ടിമുട്ടുകയാൽ ചിലർ അയ്യോ! എന്നു നിലവിളിച്ചു വീണുപോയി. സംഭ്രമത്തോടെ മരത്തിന്മേൽ കയറുമ്പോൾ പിടിവിട്ടു താഴെ വീണു മരിച്ചവരും വളരെയുണ്ടായി. ഇങ്ങനെ വനഗജയൂഥങ്ങളുടെ ആക്രമണത്താൽ ആ സാർത്ഥമണ്ഡലം നിശ്ശേഷം നശിച്ചു. അതിഭീകരമായ ആർത്താലാപമാണ് അപ്പോൾ മുഴങ്ങിയത്: 'അയ്യോ! തീ എരിയുന്നു! ഓടുവിൻ! രക്ഷപ്പെടുവിൻ' എന്നും, 'ഇതാ രത്നങ്ങളൊക്കെ ചിതറിയിരിക്കുന്നു. അതെടുക്കുവിൻ! ഓടരുതേ' എന്നും മറ്റും പലരും വിളിച്ചുപറഞ്ഞു. ഭയചകിതരായി വാണിഭക്കാർ അങ്ങുമിങ്ങും പാഞ്ഞു.

ഈ ഭയങ്കരമായ നാശം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ പേടിച്ചു വിറച്ച് ദമയന്തി ഉണർന്നു. അഖിലലോകഭയങ്കരമായ ആ ഘോരനാശം അവൾ കണ്ടു. താൻ മുമ്പു കണ്ടിട്ടില്ലാത്ത ഈ ദുരവസ്ഥ കണ്ട് ഭൈമി അമ്പരന്ന് അസ്വസ്ഥയായി നിന്നു. സാർത്ഥത്തിൽ രക്ഷപ്പെട്ടവർ ഒരു സ്ഥലത്തു ചെന്നുകൂടി, എങ്ങനെ ഈ ഭയങ്കരമായ ആപത്തു സംഭവിച്ചു എന്നുള്ള ആലോചനയിലായി.

ചിലർ പറഞ്ഞു: "മഹായശസ്വിയായ മണിഭദ്രനേയും, യക്ഷരാജാവായ വൈശ്രവണനേയും പൂജിച്ചിട്ടുണ്ടാകയില്ല; തീർച്ചയാണ്. അതാണ് ഈ അപത്തു സംഭവിക്കുവാൻ കാരണം. അല്ലെങ്കിൽ ആരംഭത്തിൽ വിഘ്നനാഥന്മാരെ പൂജിച്ചിരിക്കയില്ല. അല്ലെങ്കിൽ ദുശ്ശകുനഫലമായിരിക്കും. ഗ്രഹങ്ങൾ നമുക്കു പിഴച്ചിട്ടില്ലല്ലോ. പിന്നെയെങ്ങനെ ഇതു സംഭവിച്ചു?"

ഈ വർത്തമാനം കേട്ടപ്പോൾ മറ്റു ചിലർ പറഞ്ഞു: "ധനമൊക്ക നഷ്ടപ്പെട്ട് ബന്ധുക്കളിൽനിന്നു വേർപെട്ട് അമാനുഷവേഷത്തിൽ വികൃതാകാരയായി ഉന്മാദിനിയെപ്പോലെ ഒരുവൾ ഈ സാർത്ഥത്തിൽ ദീനയായി വന്നുകൂടിയിട്ടില്ലയോ? അവൾ കാണിച്ച മഹാദാരുണമായ മായയാണ് ഇത്. അവൾ തീർച്ചയായും ഭയങ്കരരാക്ഷസിയാണ്. അല്ലെങ്കിൽ പിശാചാണ്. ഇവിടെ ഈ ആപത്തൊക്കെ അവളാണു വരുത്തിക്കൂട്ടിയത്. അതിൽ ഒട്ടും സംശയമില്ല. ഈ സാർത്ഥത്തെ നശിപ്പിച്ച് നമുക്ക് അല്ലലുണ്ടാക്കിയ ആ ദുഷ്ടയെ കണ്ടുകിട്ടിയാൽ കല്ലുകൊണ്ട് എറിയണം. ചൂരൽകൊണ്ട് അടിക്കണം. മണ്ണുവാരി എറിയണം. വിറകിൻമുട്ടികൊണ്ടു ചതയ്ക്കണം. കൈമുട്ടുകൊണ്ട് ഇടിക്കണം. അങ്ങനെ ആ സാർത്ഥകൃത്തികയെ തീർച്ചയായും കൊല്ലണം." ഭയങ്കരമായ ഈ വാക്കു കേട്ട് അവൾ നാണിച്ചും ഭയപ്പെട്ടും മനസ്സുഴറി കാട്ടിനുള്ളിലേക്ക് ഓടി. അവൾ തന്നത്താൻ പരിദേവനംചെയ്തു.

ദമയന്തി പറഞ്ഞു: "ദൈവം എത്ര ദാരുണമായ പ്രവൃത്തിയാണ് എന്നിൽ ചെയ്യുന്നത്! ഇവിടേയും എനിക്കു കുശലം ലഭിക്കുന്നില്ലല്ലോ! ഏതു പാപകർമ്മത്തിന്റെ ഫലമാണിതെല്ലാം? എന്റെ മനസ്സിൽ അശുഭവിചാരം ഇന്നേവരെ ഉണ്ടായിട്ടില്ല. മനസ്സുകൊണ്ടോ വാക്കുകൊണ്ടോ ശരീരംകൊണ്ടോ ആർക്കും ഞാൻ ഒരു ലേശവും ദോഷംചെയ്തിട്ടില്ല. പിന്നെ ഏതു കർമ്മത്തിന്റെ ഫലംമൂലമാണ് ഈ ആപത്തുകൾ എനിക്കു സംഭവിക്കുന്നത്? അയ്യോ! ഭയങ്കരമായ ആപത്ത് എന്നെ പിന്തുടരുന്നുവല്ലോ! നിശ്ചയമായും ഇത് എന്റെ പൂർവ്വജന്മപാപഫലമാണ്. ഭർത്താവിനുണ്ടായ രാജ്യനഷ്ടം, സ്വജനത്തിന്നു നേരിട്ട പരാജയം, സ്വന്തം മക്കളുടെ വേർപാട്, ഭർത്താവിന്റെ വേർപാട്, അനാഥയായി സിംഹവ്യാഘ്രസങ്കുലമായ കാനനത്തിൽ അലഞ്ഞുതിരിയൽ, ഇങ്ങനെ ഒന്നിനു പിന്നെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന ആപത്തിന്ന് ഒരു അതിരുകാണുന്നില്ല."

ബൃഹദശ്വൻ പറഞ്ഞു: "പിറ്റേന്ന് ആ സംഘത്തിൽ അവശേഷിച്ചവർ ആ നാശം സംഭവിച്ച സ്ഥലംവിട്ടു. തങ്ങൾക്കു വന്നുചേർന്ന ആപത്തിനെപ്പറ്റി ദുഃഖിച്ചു തങ്ങളുടെ അച്ഛൻ, ഭ്രാതാക്കൾ, മക്കൾ, സ്നേഹിതന്മാർ എന്നിവർ മരിച്ചുപോയതോർത്ത് വിലപിച്ചുകൊണ്ട് കടന്നുപോകുന്നതു കണ്ട് വിദർഭരാജകുമാരി ഇങ്ങനെ പറഞ്ഞു കരയുവാൻ തുടങ്ങി."

ദമയന്തി പറഞ്ഞു: "ഈ വിജനമായ കാനനത്തിൽ എനിക്കു സഹായമായി ലഭിച്ച ഈ സാർത്ഥത്തെ ഗജയൂഥം പാഞ്ഞുവന്നാക്രമിച്ചു നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇതും എന്റെ ദുർഭാഗ്യം തന്നെ! ആ സാർത്ഥകന്മാരിൽ മരിക്കാതെ അവശേഷിച്ചവർ തങ്ങൾക്കുണ്ടായ ഘോരനാശത്തെപ്പറ്റി ഓർത്തു ദുഃഖിക്കുന്നു. അച്ഛൻ മരിച്ചവരും, സഹോദരൻ മരിച്ചവരും, പുത്രൻ മരിച്ചവരും, സഖാവു മരിച്ചവരും ആയി പലരും ഓർത്തോർത്ത് വിലപിച്ചുപോകുന്നത് എന്റെ ഹൃദയം പിളരുന്ന വിധം ഞാൻ കണ്ടുനില്ക്കേണ്ടിവന്നു. ആ ആനക്കൂട്ടം ദുഃഖിതയായ എന്നെ എന്തുകൊണ്ടു ചവിട്ടിക്കൊന്നില്ല? കാലമാകാതെ ആർക്കും ചാകുവാൻ പറ്റുകയില്ലെന്നാണല്ലോ വൃദ്ധന്മാർ പറയുന്നത്. എത്രകാലം ഞാൻ ഇങ്ങനെ ദുഃഖിച്ചു കഴിയും? ദൈവഹിതം ആരു കണ്ടു? മനുഷ്യർക്കുണ്ടാകുന്ന ഏതു സംഭവവും ദൈവം കല്പിക്കുന്നതാണ്. എന്റെ കർമ്മദോഷംകൊണ്ടാണ് ഈ ആപത്തൊക്കെ സംഭവിക്കുന്നതെന്ന് എനിക്കു തോന്നുന്നില്ല. ബാല്യത്തിലെ കളികൾക്കിടയിൽപ്പോലും പാപം ഒന്നും ചെയ്യാത്തവളാണു ഞാൻ. എന്തുകൊണ്ടാണ് എനിക്ക് ഈ ദുഃഖമുണ്ടായത്? സ്വയംവരകാലത്ത് എന്നെ കാമിച്ച ലോകപാലകന്മാരെ നളരാജാവിന്നുവേണ്ടി ഞാൻ പരിത്യജിച്ചു. അവരുടെ പ്രഭാവത്താലായിരിക്കാം ഈ ഘോരമായ ഭർത്തൃവിയോഗം എനിക്കുണ്ടായത് എന്നു ഞാൻ വിചാരിക്കുന്നു."

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ ഭൈമി പലതും പറഞ്ഞു വിലപിക്കുമ്പോൾ ആ സാർത്ഥവാഹകരിൽ ചാവാതെ അവശേഷിച്ച വേദജ്ഞരായ ബ്രാഹ്മണർ ആ വഴിക്കു വരികയാൽ അവരുടെകൂടെ ശരച്ചന്ദ്രലേഖപോലെ അവൾ പുറപ്പെട്ടു. കുറെനാൾ നടന്നതിന്നു ശേഷം ഒരു സായാഹ്നത്തിൽ സത്യദർശിയായ

digitized by www.sreyas.in

'സുബാഹു' എന്ന ചേദിരാജാവിന്റെ മഹാനഗരത്തിൽ ചെന്നു ചേർന്നു. കീറത്തുണിയുടുത്ത് അഴിഞ്ഞു ചിതറിയ തലമുടിയോടുകൂടി കൃശയും വിഹ്വലയും ദീനയുമായി ഉന്മത്തയെപ്പോലെ നടക്കുന്ന ദമയന്തിയെ പുരവാസികൾ വിസ്മയത്തോടെ നോക്കി. ഗ്രാമത്തിലെ കുട്ടികൾ കൗതുകത്തോടെ അവളെ പിന്തുടർന്നു. ചുറ്റും ആൾക്കൂട്ടത്തോടുകൂടി കൊട്ടാരത്തിന്നരികെ എത്തിയ ദമയന്തിയെ മാളികമുകളിൽ നിന്നിരുന്ന രാജമാതാവു കണ്ടു. ഉടനെ അവളെ തന്റെ മുമ്പിൽ കൂട്ടിക്കൊണ്ടു വരുവാൻ ധാത്രിയെ നിയോഗിച്ചു."

രാജമാതാവു പറഞ്ഞു: "എടോ ധാത്രി! നീ പോയി ആ സ്ത്രീയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ! ശരണാർത്ഥിയും ദുഃഖിതയുമായ ആ ബാല ആൾക്കൂട്ടത്തിൽ ക്ലേശിക്കുന്നു. വേഷം ഒരു ഉന്മാദിനിയുടെയാണെങ്കിലും അവളുടെ വിശാലനയനങ്ങൾ കാണുമ്പോൾ ലക്ഷ്മീദേവിയെപ്പോലെ സൗന്ദര്യവതിയും കല്യാണശീലയുമായി എനിക്കു തോന്നുന്നു. അവളെ ഇങ്ങോട്ടു കൊണ്ടുവരൂ! അവൾ എന്റെ ഗൃഹത്തെ ശോഭിപ്പിക്കട്ടെ."

ബൃഹദശ്വൻ പറഞ്ഞു: "ധാത്രി രാജമാതാവിന്റെ കല്പന പ്രകാരം വേഗത്തിൽച്ചെന്നു ജനക്കൂട്ടത്തെ മാറ്റി, ദമയന്തിയെ വിളിച്ച് മനോഹരമായ മാളികമുകളിലേക്ക്, രാജമാതാവിന്റെ മുമ്പിലേക്കു കൂട്ടിക്കൊണ്ടുപോയി. ഹേ രാജാവേ, അത്ഭുതസ്തിമിതയായി ധാത്രി ദമയന്തിയോടിങ്ങനെ ചോദിച്ചു."

ധാത്രി പറഞ്ഞു: "എടോ, ബാലേ! നീ വലിയ ദുഃഖത്തിൽ അകപ്പെട്ടിരിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാലും നിന്റെ രൂപസൗന്ദര്യം മഹത്തായിരിക്കുന്നു. ഈ വികൃതവേഷത്തിനിടയിൽ ആ സൗന്ദര്യം മഴക്കാറിന്നിടയിൽ മിന്നൽപ്പിണർപോലെ വിളങ്ങിക്കാണുന്നു. നീ ആരാണ്? ആരുടെയാണ്? ഭൂഷണങ്ങളൊന്നും അണിഞ്ഞിട്ടില്ലെങ്കിലും നിന്റെ രൂപം അമാനുഷമായി പ്രശോഭിക്കുന്നു. നിസ്സഹായയാണു നീയെങ്കിലും ഈ ജനങ്ങളുയെ നിന്ദ്യമായ ദ്രോഹം നിന്നെ ഒട്ടും കുപിതയാക്കിയില്ല. അപ്രകാരം ദിവ്യരൂപിണിയായ നീ ആരാണ്? "ധാത്രിയുടെ ഈ വാക്കുകൾ കേട്ട് ഭീമപുത്രി ഇങ്ങനെ മറുപടി പറഞ്ഞു.

ദമയന്തി പറഞ്ഞു: "ഞാൻ ഒരു മാനുഷിതന്നെയാണ്. ഭർത്താവിനെ എപ്പോഴും അനുവർത്തിക്കുന്ന ജോലിചെയ്തു ഉപജീവനം കഴിക്കുന്ന ഒരു കുലീനസ്ത്രീയാണു ഞാൻ. ഇഷ്ടം പോലെ ഇടംമാറി താമസിക്കുന്നവളായ ദാസിയുമാണു ഞാൻ. ഫലമൂലാദികളും ഭക്ഷിച്ച് സായാഹ്നത്തിൽ ചെന്നെത്തുന്നിടത്ത് കിടന്ന് അങ്ങനെ കഴിഞ്ഞുകൂടുകയാണ് ഞാൻ ഇപ്പോൾ. എന്റെ ഭർത്താവ് സീമാതീതഗുണങ്ങളോടുകൂടിയവനാണ്. എപ്പോഴും അദ്ദേഹം എന്റെ ഹിതംപോലെ പ്രവർത്തിക്കുന്ന ദയിതനാണ്. അദ്ദേഹത്തെ നിഴൽപോലെ പിന്തുടരുന്ന ഭക്തയാണു ഞാൻ. ദൈവവിധിയാൽ അദ്ദേഹത്തിന്നു ചൂതുകളിയിൽ ഏർപ്പെടേണ്ടതായി വന്നുകൂടി. ആ ചൂതുകളിയിൽ അദ്ദേഹം പരാജിതനായി, ഏകനായി കാടുകയറി. ഉന്മത്തനെപ്പോലെ വിഹ്വലനായി ഒറ്റ വസ്ത്രം ധരിച്ച് കാട്ടിലേക്കു പോകുന്ന എന്റെ ഭർത്താവിനെക്കണ്ട് അദ്ദേഹത്തെ സമാശ്വസിപ്പിക്കുവാൻ ഞാനും കൂടെ കാട്ടിലേക്കു പോയി. ഒരു ദിവസം വനത്തിൽവെച്ചു വിശന്നു തളർന്ന്, ബുദ്ധികെട്ടിട്ടോ മറ്റു കാരണത്താലോ എന്നറിയുന്നില്ല, ആ വീരൻ തന്റെ ഒറ്റവസ്ത്രംപോലും വെടിഞ്ഞ് നഗ്നനായി ഉന്മത്തനെപ്പോലെ മനസ്സുഴറി, ചുറ്റിത്തിരിയുന്ന എന്റെ ഭർത്താവിനെ ഞാൻ നിദ്രയും വെടിഞ്ഞ്, ഏകവസ്ത്രയായി, വളരെ നാൾ പിന്തുടർന്നു നടന്നു. ഒരു ദിവസം ഞാൻ തളർന്ന് ഉറങ്ങിപ്പോയി. ആ സന്ദർഭത്തിൽ അദ്ദേഹം എന്റെ വസ്ത്രത്തിൽനിന്നു പകുതി ഭാഗം മുറിച്ചെടുത്ത് അപരാധമൊന്നും ചെയ്യാത്ത എന്നെ വിട്ട് എങ്ങോട്ടോ പോയി. അതിന്നുശേഷം ഞാൻ ഭർത്താവിനെ തിരഞ്ഞു രാവും പകലും മനസ്സു നീറി നീറി ഇങ്ങനെ ചുറ്റുകയാണ്. എന്റെ പ്രാണനാഥനെ, എന്റെ പ്രഭുവിനെ, ആ പത്മാഭ പ്രദനെ കാണാതെ എന്റെ മനസ്സിന്നു ലേശവും ശാന്തികിട്ടാതായി" എന്നു തൊണ്ടയിടറിപ്പറഞ്ഞ് ദുഃഖാർത്തയായി കരയുന്ന ഭൈമിയോട് രാജമാതാവിന്ന് അലിവു തോന്നി.

രാജമാതാവു പറഞ്ഞു: "എടോ ശോഭനേ, നീ എന്നോടുകൂടി പാർത്തുകൊള്ളുക. എനിക്കു നിന്നിൽ ഏറ്റവും പ്രീതിയും ഉണ്ടായിരിക്കുന്നു. നിന്റെ ഭർത്താവിനെ തിരഞ്ഞുപിടിക്കുവാൻ എന്റെ ഭൃത്യന്മാരെ ഞാൻ വിടാം. അങ്ങുമിങ്ങും ചുറ്റിത്തിരിയുന്ന അദ്ദേഹം തന്നെത്താനേ ഈ നഗരത്തിലും വന്നേക്കാം. നീ ഇവിടെത്തന്നെ പാർത്തുകൊള്ളുക. താമസിയാതെ നിനക്ക് ഭർത്താവിനെ കാണുവാൻ സാധിക്കും. ഇവിടെ പാർക്കുന്ന നിനക്ക് ഭർത്താവിനെ കണ്ടുകിട്ടും." രാജമാതാവ് ഇപ്രകാരം പറഞ്ഞപ്പോൾ ദമയന്തി പറഞ്ഞു.

ദമയന്തി പറഞ്ഞു: "അല്ലയോ വീരമാതാവേ! പ്രത്യേകമായ ഒരു കരാറുപ്രകാരമല്ലാതെ എനിക്ക് ഇവിടെ പാർക്കുവാൻ നിവൃത്തിയില്ല. ഉച്ഛിഷ്ടം ഭുജിക്കുകയോ അന്യരുടെ കാൽ കഴുകുകയോ അന്യപുരുഷന്മാരോടു സംസാരിക്കുകയോ ഞാൻ ചെയ്യുകയില്ല. ആരെങ്കിലും ഒരുത്തൻ എന്നെ കാമിച്ചുവന്നാൽ ഭവതി അവന്നു ശിക്ഷകൊടുക്കണം. പിന്നെ, വീണ്ടും വീണ്ടും നിർബ്ബന്ധിച്ചാൽ ആ ദുർബുദ്ധി ഭവതിക്കു തീർച്ചയായും വദ്ധ്യനാകണം. ഇതാണ് എന്റെ വ്രതം. ഭർത്താവിനെ അന്വേഷിക്കുവാൻ പറഞ്ഞുവിടുന്ന ബ്രാഹ്മണനെ കാണുന്നതൊഴികെ മറ്റു പുരുഷന്മാരുമായി ഞാൻ ഇടപെടുകയില്ല. എന്റെ ഈ വ്രതത്തിന്നു ഭംഗംവരുന്നതല്ലെന്ന് ഭവതിക്കു കരാറുചെയ്യാമെങ്കിൽ ഞാൻ ഇവിടെ പാർത്തുകൊള്ളാം. അങ്ങനെയല്ലെന്നു തോന്നുന്നുണ്ടെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം."

രാജമാതാവ് ഈ കരാറു സമ്മതിച്ചു. "ഞാനിതെല്ലാം സമ്മതിക്കുന്നു. നിന്റെ ഈ വ്രതം ശ്ലാഘ്യമാണ്" എന്ന് രാജമാതാവു പറഞ്ഞു. ഉടനെതന്നെ തന്റെ പുത്രിയായ 'സുനന്ദ'യെ വിളിച്ചു പറഞ്ഞു.

രാജമാതാവ് പറഞ്ഞു: "എടോ സുനന്ദേ! ഈ ദേവരൂപിണിയെ നിന്റെ സൈരന്ധ്രിയായി സ്വീകരിക്കുക. പ്രായംകൊണ്ടു തുല്യരായ നിങ്ങൾ പരസ്പരം തോഴികളായി വാണുകൊള്ളുക. ഇവളോടൊത്തു മനസ്സന്തോഷത്തോടെ നീ ആനന്ദപൂർവ്വം ജീവിക്കൂ."

ബൃഹദശ്വൻ പറഞ്ഞു: "ഉടനെ വളരെ പ്രീതിയോടുകൂടി സുനന്ദ ദമയന്തിയേയും കൂട്ടിക്കൊണ്ടു തന്റെ ഗൃഹത്തിലേക്കു പോയി. അവിടെ അവൾ സഖിമാരോടുകൂടി സൽക്കാരമേറ്റു ഭയം കൂടാതെ വേണ്ട സൗകര്യങ്ങളോടുകൂടി സമാധാനപൂർവ്വം പാർത്തു."

66. നളോപാഖ്യാനം - നളകാർക്കോടകസംവാദം-

ബൃഹദശ്വൻ തുടർന്നു: "ഹേ രാജാവേ, നളൻ ദമയന്തിയെ വിട്ട് ഓടിമറഞ്ഞതിന്നുശേഷം കുറെ ദൂരം ചെന്നപ്പോൾ ആ കൊടും കാട്ടിൽ ഘോരമായ കാട്ടുതീ പിടിപെട്ടു കത്തിജ്ജ്വലിക്കുന്നതു കണ്ടു. ആ തീയിന്നുള്ളിൽ നിന്ന് ഒരു ദീനരോദനം കേട്ടു. 'പുണ്യശ്ലോകനായ നള! ഓടിവരൂ! ഓടിവരൂ!' എന്നു വീണ്ടും വീണ്ടും നിലവിളിക്കുന്നതായി നളൻ കേട്ടു. 'പേടിക്കേണ്ട! പേടിക്കേണ്ട' എന്നു പറഞ്ഞു നളൻ അഗ്നിമദ്ധ്യത്തിലേക്കു ചാടിക്കടന്നു. അവിടെ ഭയപ്പെട്ടു വിറച്ചു ചുറ്റിച്ചുരുണ്ട് ഒരു സർപ്പം കിടക്കുന്നു. അവൻ നളനെ കൈകൂപ്പി പേടിച്ചുവിറയ്ക്കുന്ന നിലയിൽ തന്റെ സ്ഥിതിയെപ്പറ്റി പറഞ്ഞു."

സർപ്പം പറഞ്ഞു: "മഹാരാജാവേ! ഞാൻ നാഗരാജാവായ കാർക്കോടകനാണ്. മഹാതപസ്വിയായ നാരദമഹർഷിയെ ഞാൻ ഒരു ദിവസം വഞ്ചിച്ചു എന്ന കുറ്റത്തിന്ന് ആ തപോധനൻ എന്നിൽ കോപിച്ചു ശപിച്ചു. 'നളൻ ഇവിടെ വന്നു നിന്നെ എടുക്കുന്നതുവരെ നീ സ്ഥാവരതുല്യം കിടക്കട്ടെ' എന്ന്. ആ മഹർഷിയുടെ ശാപംമൂലം എനിക്ക് ഒരടിപോലും നീക്കിവെയ്ക്കുവാൻ സാദ്ധ്യമല്ല. ഞാൻ ഭവാനു നന്മചെയ്യാം. ഭവാൻ എന്നെ രക്ഷിക്കുക! ഇന്നുമുതൽ ഞാൻ ഭവാന്റെ സഖാവാണ്. എന്നോടു തുല്യനായി വേറെ ഒരു നാഗവുമില്ല. എന്റെ ശരീരം ഞാൻ ചെറുതാക്കാം. ഭവാൻ എന്നെ വേഗത്തിൽ എടുത്തുകൊണ്ടുപോവുക."

digitized by www.sreyas.in

ബൃഹദശ്വൻ പറഞ്ഞു: "ആ നാഗേന്ദ്രൻ ഉടനെ അംഗുഷ്ഠപ്രായനായിത്തീർന്നു. നളൻ കാർക്കോടകനെ എടുത്തുകൊണ്ടു തീയില്ലാത്ത സ്ഥലത്തു ചെന്നുനിന്നു വിട്ടയയ്ക്കുവാൻ ഒരുങ്ങിയപ്പോൾ കാർക്കോടകൻ പറഞ്ഞു."

കാർക്കോടകൻ പറഞ്ഞു: "രാജാവേ! ഭവാൻ കാലടികൾ എണ്ണിക്കൊണ്ട് അല്പദൂരം നടക്കുക. അതിൽനിന്നു ഭവാനു നന്മ വരുവാൻ സാദ്ധ്യതയുണ്ട്."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം സർപ്പരാജാവ് പറഞ്ഞപ്പോൾ നളൻ കാലടി എണ്ണിക്കൊണ്ടു പാദമെടുത്തുവെച്ചു നടന്നു. പത്താമത്തെ അടിയിൽ കാർക്കോടകൻ നളനെ കടിച്ചു. കടി ഏറ്റ ഉടനെ നളന്റെ രൂപം തീരെ മാറിപ്പോയി. താൻ വികൃതരൂപിയായി മാറിയതു കണ്ട് നളൻ അത്ഭുതപ്പെട്ടു. കാർക്കോടകൻ സ്വന്തം രൂപം കൈക്കൊണ്ട് നളനോടു സാന്ത്വനപൂർവ്വം പറഞ്ഞു."

കാർക്കോടകൻ പറഞ്ഞു: "അല്ലയോ നളരാജാവേ! ഭവാന്റെ രൂപം ജനങ്ങളിൽനിന്നു മറച്ചുവെക്കുവാനാണ് ഞാൻ ഇങ്ങനെ ചെയ്തത്. ഭവാനെ ചതിച്ച് ഭയങ്കരമായ ദുഃഖത്തിൽപ്പെടുത്തിയവൻ ആരോ, അവൻ എന്റെ കഠിനമായ വിഷമേറ്റു തപിച്ചുകൊണ്ടാണ് ഇനി ഭവാനിൽ കുടികൊള്ളുക. അവൻ ഭവാനിൽനിന്നു വിട്ടുപോകുന്നതുവരെ തന്റെ ദേഹം മുഴുവൻ വിഷമേറ്റു ദുഃഖിച്ചുകൊണ്ടിരിക്കും. കുറ്റംചെയ്യാത്ത അങ്ങയെ അവൻ ചതിച്ചു. അകാരണമായി അങ്ങയോടുണ്ടായ വിരോധവും വെറുപ്പുംമൂലം അങ്ങയെ ചതിച്ച ആ ദുഷ്ടനിൽനിന്നും ഞാൻ അങ്ങയെ വിമോചിപ്പിച്ചുകഴിഞ്ഞു. ഇനി ഭവാനു സർപ്പങ്ങളിൽനിന്നോ, ശത്രുക്കളിൽനിന്നോ, ബ്രഹ്മജ്ഞന്മാരിൽനിന്നോ, എന്റെ പ്രസാദത്താൽ ഭയത്തിന് ഇടവരികയില്ല. വിഷപീഢ ഭവാന് ഒരിക്കലും ഉണ്ടാകുന്നതുമല്ല. യുദ്ധത്തിൽ വിജയം നേടും. ഇനി ഇന്നുതന്നെ ബാഹുകൻ എന്നു പേരായ സാരഥിയാണെന്നു പറഞ്ഞ് ഭവാൻ ഋതുപർണ്ണന്റെ മുമ്പിൽ ചെല്ലുക. ആ രാജാവ് അക്ഷവിദഗ്ദ്ധനാണ്. ഭവാൻ അദ്ദേഹത്തെ കാണുവാൻ ഉടനെ അയോദ്ധ്യയിൽ പോകണം. ഭവാൻ അശ്വഹൃദയവിദ്യ കൊടുത്ത് പകരം ഋതുപർണ്ണനിൽനിന്ന് അക്ഷഹൃദയവിദ്യ നേടുക. ഇക്ഷ്വാകുവംശോത്ഭവനായ ആ രാജാവ് ഭവാന്റെ മിത്രമായി ഭവിക്കും. അങ്ങയ്ക്ക് അക്ഷജ്ഞാനമുണ്ടാകുമ്പോൾ അതിൽ നിന്നു ശ്രേയസ്സുണ്ടായിക്കൊള്ളും. ഭവാന്ന് ഭാര്യയോടും മക്കളോടും കൂടിച്ചേരുവാൻ താമസംവിനാ സാദ്ധ്യമാകും ഒട്ടും വ്യസനിക്കരുത്. രാജ്യം മടക്കിപ്പിടിച്ച് മക്കളോടും ഭാര്യയോടുംകൂടി ഭവാൻ സസുഖം വാഴുന്ന കാലം വിദൂരമല്ല. ഇതു സത്യമാണ്. എപ്പോൾ ഭവാൻ സ്വന്തരൂപം പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്നുവോ, അപ്പോൾ എന്നെ സ്മരിച്ചുകൊണ്ട് ഇതാ ഞാൻ തരുന്ന ഈ വസ്ത്രം ധരിച്ചുകൊള്ളുക. ഉടനെ ഈ വികൃതമായ രൂപം പോവുകയും സ്വന്തം രൂപം വെളിപ്പെടുകയും ചെയ്യും."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം അനുഗ്രഹിച്ച് ആ നാഗം രണ്ടു ദിവ്യവസ്ത്രങ്ങൾ നളന്നു നല്കി. ഹേ കുരുനന്ദന, പിന്നീട് ഇങ്ങനെ നളനെ ഉപദേശിച്ചു വസ്ത്രം നല്കിയശേഷം, ആ പന്നഗേന്ദ്രൻ, രാജാവേ, അപ്പോൾത്തന്നെ അവിടെ മറഞ്ഞുപോയി."

67. നളോപാഖ്യാനം - നളവിലാപം - ബൃഹദശ്വൻ പറഞ്ഞു: "കാർക്കോടകൻ മറഞ്ഞുപോയതിന്നു ശേഷം നളരാജാവ് ഋതുപർണ്ണരാജാവിനെ കാണുവാൻ പുറപ്പെട്ടു. പത്താം ദിവസം അദ്ദേഹത്തിന്റെ മന്ദിരത്തിലെത്തി. രാജാവിന്റെ മുമ്പിൽ ചെന്ന് നളൻ സവിനയം പറഞ്ഞു."

നളൻ പറഞ്ഞു: "ബാഹുകൻ എന്നു പേരായ ഒരു സാരഥിയാണ് ഞാൻ. കുതിരകളെ നയിക്കുവാൻ ഈ ലോകത്ത് എന്നോടു തുല്യനായി മറ്റാരുംതന്നെയില്ല. എല്ലാ വിഷമപ്രശ്നങ്ങളും, കലാവിഷയമായ മറ്റേതു സംശയങ്ങളും തീർത്തുതരുവാൻ ഞാൻ കുശലനാണ്. പിന്നെ മറ്റൊരു വിശേഷപരിജ്ഞാനവും എനിക്കുണ്ട്. എല്ലാവരേക്കാളും വിശേഷമായി അന്നപാചകക്രമം എനിക്കറിയാം. ലോകത്തിലുള്ള പലവിധം ശില്പതന്ത്രങ്ങൾ ഞാൻ പഠിച്ചിട്ടുണ്ട്. അന്യർക്കാകാത്ത ദുഷ്കരമായ കർമ്മങ്ങൾ എനിക്കു ചെയ്യുവാൻ കഴിയും. എന്നെ ഭവാൻ സ്വീകരിച്ചു ഭരിച്ചാലും."

ഋതുപർണ്ണൻ പറഞ്ഞു: "ബാഹുക! നീ എന്റെകൂടെ പാർത്തുകൊള്ളുക. നിനക്ക് മംഗളംഭവിക്കട്ടെ! പറഞ്ഞതുപോലെയൊക്കെ ഭവാൻ ചെയ്യുക! ശീഘ്രയാത്രയിൽ എനിക്കെപ്പോഴും ആഗ്രഹം കൂടുതലുണ്ട്. എന്റെ കുതിരകളെ ഭവാന്റെ വിദ്യ പ്രയോഗിച്ച് ശീഘ്രഗാമികളാക്കുക. ഭവാനെ ഞാൻ അശ്വനാഥനാക്കി നിയമിക്കുന്നു! പതിനായിരം നാണ്യം ഭവാന് ശമ്പളം ഞാൻ നിശ്ചയിക്കുന്നു. ഈ വാർഷ്ണേയനും ജീവലനും ഭവാന്റെ കീഴിൽ എപ്പോഴും നിന്നുകൊള്ളും. അവരോടുകൂടി വിനോദിച്ച് ഭവാൻ എന്റെകൂടെ പാർത്തുകൊള്ളുക."

ബൃഹദശ്വൻ പറഞ്ഞു: "അങ്ങനെ നളൻ ബാഹുകനായി വാർഷ്ണേയനോടും ജീവലനോടുംകൂടി ഋതുപർണ്ണന്റെ രാജധാനിയിൽ താമസമാക്കി. ദമയന്തിയെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തിന്റെ ഉള്ളിൽ നിന്നു മാഞ്ഞില്ല. സന്ധ്യതോറും നളൻ ഒരു പാട്ട് പാടാറുണ്ട്. അത് ഇപ്രകാരമാണ്:

'ദാഹവും ക്ഷുത്തും സഹിച്ചുകൊണ്ടോമലാൾ
മോഹിച്ചു വാടിക്കിടപ്പതെങ്ങോ?
ഇന്നുമാ മന്ദനെ ചിന്തിച്ചു ദുഃഖിച്ചു
തന്നെയാപ്പാവം കഴിവതെങ്ങോ?'

നിത്യവും പാടുന്ന ഈ പാട്ടു കേട്ട് അതിന്നുള്ള കാരണമെന്താണെന്ന് ഒരു രാത്രി ജീവലൻ ബാഹുകനോടു ചോദിച്ചു.

ജീവലൻ പറഞ്ഞു: "എടോ ബാഹുക! നീ ഏതൊരു നാരിയെ ചിന്തിച്ചാണ് ഇങ്ങനെ അനുശോചിക്കുന്നത്? ആയുഷ്മൻ, നീ അനുശോചിക്കുന്ന ആ നാരി ഏതാണ്? ആരുടെയാണ്? എനിക്ക് അതറിയാൻ അതിയായ ആഗ്രഹമുണ്ട്."

ബാഹുകൻ പറഞ്ഞു: "മന്ദബുദ്ധിയായ ഒരാൾ ഗുണവതിയായ ഒരു പെണ്ണിനെ വിവാഹംചെയ്തു അവൾക്ക് താൻ എന്നും അധീനനായിരുന്നുകൊള്ളാമെന്നേറ്റു. എന്നാൽ, പിന്നെ അവൻ എന്തുകൊണ്ടോ അവളെ ഉപേക്ഷിച്ചുപോയി. വിരഹദുഃഖാർത്തനായി ആ മന്ദൻ ഇപ്പോൾ ചുറ്റിക്കറങ്ങുന്നു. അവൻ രാവും പകലും ശോകപീഡിതനായി കിടന്നു ദഹിക്കുന്നു. എല്ലാ രാത്രിയിലും അവളെ ചിന്തിച്ച് അവൻ പാടാറുള്ള പാട്ടാണ് ഇത്. അവൻ പലേടത്തും ചുറ്റിക്കറങ്ങിയശേഷം ഇപ്പോൾ എവിടെയോ ഒരിടത്തു ചെന്നുപാർക്കുന്നുണ്ട്. ദുഃഖത്തിന് അർഹനാണെങ്കിലും അവൻ ഭാര്യാവിരഹത്താൽ തപിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ത്രീയാണെങ്കിൽ അവനെ ഘോരവനത്തിൽക്കൂടിയും കഷ്ടപ്പെട്ടു പിന്തുടർന്നവളാണ്. ആ ഹതഭാഗ്യൻ ഉപേക്ഷിച്ചുകളഞ്ഞ അവൾ ജീവിച്ചിരിക്കുക ദുഷ്കരമാണ്. അവൾ മുമ്പൊരിക്കലും കഷ്ടപ്പെട്ടു ജീവിച്ചിട്ടില്ലാത്തവളാണ്. അവൾക്കു വഴിയറിയുകയില്ല. ആ പാവം ബാലിക വിശപ്പും ദാഹവും വർദ്ധിച്ച് കഷ്ടപ്പെട്ടു നടന്ന് ഇപ്പോൾ ജീവിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണ്. ഉണ്ടെങ്കിൽ അത് അത്ഭുതമാണ്. ഹിംസ്രമൃഗങ്ങൾ നിറഞ്ഞതും, ഘോരവും ദാരുണവുമായ വനത്തിൽ മന്ദഭാഗ്യനും മൂഢാത്മാവുമായ അവനാൽ പരിത്യക്തയായ ആ അബല എങ്ങനെ ജീവിക്കും?"

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തിയെ ചിന്തിച്ചുകൊണ്ട് നിഷധരാജാവായ നളൻ അവിടെ അജ്ഞാതനായി നിർബ്ബാധം പാർത്തു."

68. നളോപാഖ്യാനം - ദമയന്തീസുദേവസംവാദം - ബൃഹദശ്വൻ തുടർന്നു: "രാജ്യവും ധനവും നഷ്ടപ്പെട്ട് നളൻ ദമയന്തിയോടുകൂടി വനത്തിലേക്കു പോയ വർത്തമാനമറിഞ്ഞ് വിദർഭരാജാവായ ഭീമൻ പലവഴിക്കും അവരെ തെരഞ്ഞുപിടിക്കുവാൻ ബ്രാഹ്മണരെ വിട്ടു."

ഭീമൻ പറഞ്ഞു: "എന്റെ മകളായ ദമയന്തിയേയും നളമഹാരാജാവിനേയും അന്വേഷിച്ച് ഇവിടെ കൂട്ടിക്കൊണ്ടുവരുന്നവന്ന്

digitized by www.sreyas.in

ഞാൻ സമ്മാനമായി ആയിരം പശുക്കളെ നല്കുന്നതാണ്. അതിന്നും പുറമേ ധാരാളം വയലുകളും, നഗരതുല്യമായ ഒരു ഗ്രാമവും അവനു നല്കും. ദമയന്തിയേയും നളനേയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരുവാൻ കഴിഞ്ഞില്ലെങ്കിലും അവർ എവിടെ യാണെന്ന് അറിഞ്ഞുവരുന്നതായാലും അവനു ഞാൻ ആയിരം പശുക്കളെ നല്കുന്നതാണ്."

ബൃഹദശ്വൻ പറഞ്ഞു: "ഈ വിളബരം കേട്ട് വിപ്രന്മാർ ദമ യന്തീനളന്മാരെ അന്വേഷിച്ചു പിടിക്കുവാൻ നാനാദേശത്തേക്കും പോയി. അവർ പല നാടുകളിലും പല നഗരങ്ങളിലും തിരഞ്ഞു നടന്നു. അവിടെയെങ്ങും നളനേയോ ദമയന്തിയേയോ കാണു കയുണ്ടായില്ല. പിന്നെ സുദേവൻ എന്നു പേരായ ഒരു വിപ്രൻ രമണീയമായ ചേദിരാജ്യത്തിൽ അന്വേഷിച്ചു നടക്കുമ്പോൾ രാജ മന്ദിരത്തിൽവച്ച് വൈദർഭിയെ കണ്ടെത്തി. ഒരുദിവസം രാജാ വിന്റെ പ്രാർത്ഥനാസമയത്ത് രാജസന്നിധിയിൽ സുനന്ദയോടു കൂടി നില്ക്കുമ്പോഴാണ് അദ്ദേഹം ദമയന്തിയെ കണ്ടത്. മെലിഞ്ഞു തളർന്ന് മലിനമായി, ധൂമത്താൽ മൂടിയ അഗ്നിപോ ലെ, അവളുടെ പ്രഭ മങ്ങിയിരുന്നു. ആ വിശാലലോചനയെ കണ്ട പ്പോൾ സുദേവൻ അവൾ ദമയന്തിയാണെന്നു പല കാരണങ്ങ ളാലും തീരുമാനിച്ചു."

സുദേവൻ തന്നത്താൻ പറഞ്ഞു: "ഇവൾ ഞാൻ പണ്ടു കണ്ട ആ അംഗനാരത്നംതന്നെയാണ്. ദമയന്തിതന്നെയാണ് ഈ സുന്ദരി. ലക്ഷ്മീദേവിയെപ്പോലെ ലോകമനോഹരിയായ ഇവളെ കാണുവാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനായി. പൂർണ്ണചന്ദ്രനെപ്പോലെ വിളങ്ങുന്ന ഇവൾ, നിത്യയൗവനസമ്പ ന്നയായ ഈ സുന്ദരി, തന്റെ പ്രഭകൊണ്ട് ചുറ്റുമുള്ള ഇരുൾ അക റ്റുന്നു. താമരക്കണ്ണിയായ ഇവൾ കാമന്റെ ഭാര്യയായ രതിയെ പ്പോലെ ശോഭിക്കുന്നു. കാണുന്നവരുടെ കണ്ണിന്നു കുളുർമ്മ ചേർക്കുന്ന ഇവൾ പൂർണ്ണേന്ദുപ്രഭപോലെ ആനന്ദം നല്കുന്നു. ഇങ്ങനെയുള്ള ഈ സൗഭാഗ്യവതി വിദർഭപ്പൊയ്കയിൽനിന്നു പറിച്ചെടുക്കപ്പെട്ടതിനാൽ ചളിപുരണ്ട മൃണാളികപോലെ കാണ പ്പെടുന്നു. വാവിൻനാൾ രാഹുവിന്റെ വായിൽപ്പെട്ട ചന്ദ്രനെപ്പോ ലെ, ഗ്രഹണസമയത്തെ പൗർണ്ണമിയിലെ രജനിപോലെ ഇവൾ മങ്ങിക്കാണുന്നു. ഭർത്തൃശോകാകുലയായ ഇവൾ വേനൽക്കാ ലത്ത് ജലം വറ്റിവരണ്ട നദിപോലെ മെലിഞ്ഞിരിക്കുന്നു. ഇല കൾ കൊഴിഞ്ഞ് പക്ഷികൾ പേടിച്ചു പതറിപ്പോകുന്നവിധം, ഗജ രാജന്റെ തുമ്പികൊണ്ടുള്ള ആഘാതമേറ്റ് ഉലഞ്ഞ താമരപ്പൊ യ്കപോലെ ഭർത്തൃവിരഹസന്തപ്തയായ ഇവൾ ദയനീയയാ യിരിക്കുന്നു. രത്നപൂർണ്ണമായ പ്രാസാദത്തിൽ എപ്പോഴും ശോഭി ക്കേണ്ട സുകുമാരകളേബരയായ ഈ സുന്ദരി, കരയിൽ പറിച്ചി ടുകയാൽ വെയിലേറ്റു വാടിയ മൃണാളംപോലെ, നിറംമങ്ങി മെലി ഞ്ഞിരിക്കുന്നു. ഗുണവതിയും മനോമോഹിനിയുമായ ഇവൾ ഭൂഷണങ്ങൾ അണിയേണ്ടവളാണെങ്കിലും, അനലംകൃതയാണെ ങ്കിലും, കരിങ്കാർ മൂടിയാലും ചന്ദ്രക്കലപോലെ വിളങ്ങുന്നു. കാമ ഭോഗങ്ങൾ വെടിഞ്ഞവളും, ഭർത്താവുകൈവിട്ടവളും, ബന്ധു ക്കൾ പിരിഞ്ഞവളുമായ ഇവൾ ഭർത്താവിനെ കാണുവാനുള്ള ആഗ്രഹംകൊണ്ടുമാത്രം ദീനയായി പ്രാണധാരണം ചെയ്യുകയാ ണ്. സ്ത്രീയുടെ പരമമായ ഭൂഷണം ഭർത്താവാണല്ലോ. ഭൂഷണ മൊന്നുമില്ലെങ്കിലും ഭർത്താവുള്ളവൾ ശോഭിക്കും. ശോഭനയായ ഇവൾ ഭർത്തൃവിയോഗത്താൽ നിഷ്പ്രഭയായിരിക്കുന്നു. ഈ പതിവ്രതയിൽനിന്നു വിട്ടുപിരിയുകയാൽ നളന്റെ ജീവിതവും ദുഷ്കരമായിരിക്കും. അദ്ദേഹം ഇപ്പോഴും പ്രാണനെ ധരിക്കുന്നു ണ്ടെങ്കിൽ തീർച്ചയായും ശോകത്താൽ തളർന്നുകുഴങ്ങുന്നുണ്ടാ യിരിക്കും. കാർമേഘംപോലെ കചമുള്ള, നീലത്താമരപോലെ ദീർഘലോചനമുള്ള മനോഹാരിയായ ഇവൾ, സുഖാർഹയായ രാജപുത്രി ഇങ്ങനെ ദുഃഖിതയായിത്തീർന്നതിൽ എന്റെ മനസ്സു നീറുന്നു. രോഹിണി ചന്ദ്രനെയെന്നപോലെ ഈ ശോഭനാംഗി യായ സാധ്വി ഭർത്താവിനെ പ്രാപിച്ച് എന്നാണ് ദുഃഖത്തിൽ നിന്നു കരകയറുക? ഇപ്പോൾ നളൻ രാജ്യഭ്രഷ്ടനാണെങ്കിലും നഷ്ടമായ ഭൂമിയൊക്കെ വീണ്ടെടുത്ത്, ദമയന്തിയെ വീണ്ടും പ്രാപിച്ച്, സംപ്രീതനായി നിശ്ചയമായും രാജാവായിത്തന്നെ വാഴും.

ശീലം, വയസ്സ്, ആഭിജാത്യം, വിനയം എന്നിവയാൽ നളനു വൈദർഭിയും, വൈദർഭിക്കു നളനും ചേർന്നവരായി പ്രശോഭി ക്കുന്നു. മഹാവീര്യവാനും, അമേയപ്രഭാവനുമായ നളമഹാരാ ജാവിന്റെ ഇഷ്ടപത്നിയെ, ഭർത്തൃദർശനലാലസയെ സമാശ്വ സിപ്പിക്കേണ്ടത് എന്റെ കർത്തവ്യമാണ്. മുമ്പേ ഒരിക്കലും ഞാൻ ഈ മനസ്വിനിയെ ദുഃഖാർത്തയായി കണ്ടിട്ടില്ല. ഈ നിലയിൽ ചിന്താമഗ്നയായിക്കാണുന്ന അവളെ സമാശ്വസിപ്പിക്കാതിരുന്നു കൂടാ."

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം ചിന്തിച്ച് പല ഹേതു ചിഹ്നങ്ങൾ കണ്ടു സുദേവൻ, അവൾ ഭൈമിതന്നെയാണെന്നറി ഞ്ഞ്, അല്പസമയം ആലോചിച്ചശേഷം ദമയന്തിയുടെ സമീപ ത്തേക്കുചെന്ന് ഇപ്രകാരം പറഞ്ഞു."

സുദേവൻ പറഞ്ഞു: "അല്ലയോ, വിദർഭരാജപുത്രീ! ഭവതി യുടെ ഭ്രാതാവിന്റെ പ്രിയസഖാവായ സുദേവനാണ് ഞാൻ. ഭീമ രാജാവിന്റെ കല്പനപ്രകാരം ഞാൻ ഭവതിയെ അന്വേഷിച്ച് ഇവിടെ വന്നതാണ്. ഭവതിയുടെ അച്ഛനും, സഹോദരന്മാർക്കും കുശലംതന്നെയാണ്. ഭവതിയുടെ മക്കൾ ആയുഷ്മാന്മാരും, കുശലികളുമായി വാഴുന്നു. ബന്ധുജനങ്ങൾ ഭവതിയെ ചിന്തിച്ച് മരിച്ചവരെപ്പോലെയാണു ജീവിക്കുന്നത്. ഭവതിയെ അന്വേഷിച്ച് അനേകശതം വിപ്രന്മാർ ഭൂമിയിലെങ്ങും ചുറ്റിത്തിരിഞ്ഞു നട ക്കുകയാണ്."

ബൃഹദശ്വൻ പറഞ്ഞു: "സുദേവനെക്കണ്ട് ദമയന്തി അറി ഞ്ഞു. ഹേ, യുധിഷ്ഠിരാ! അവൾ മുറയ്ക്ക് ബന്ധുജനങ്ങളുടെ വൃത്താന്തമൊക്കെ ചോദിച്ചറിഞ്ഞു. അവൾ ദുഃഖം സഹിക്കാതെ വല്ലാതെ കരഞ്ഞു. അപ്രതീക്ഷിതമായി തന്റെ സഹോദരന്റെ പ്രിയസ്നേഹിതനും, വിപ്രശ്രേഷ്ഠനുമായ സുദേവനെ കണ്ട തിൽ അവൾക്കുണ്ടായ ശോകം കരകവിഞ്ഞൊഴുകി. അവൾ പൊട്ടിക്കരഞ്ഞു. കരയുന്ന അവളെക്കണ്ട് സുനന്ദയ്ക്കും സങ്ക ടമായി. ഏതോ ഒരു ബ്രാഹ്മണനെ കണ്ട് വിജനത്തിൽ സൈരന്ധ്രി വർത്തമാനം പറഞ്ഞു വിലപിക്കുന്നതായി സുനന്ദ അമ്മയോടു പറഞ്ഞു. വിശ്വാസംവരുന്നില്ലെങ്കിൽ നേരിട്ടു കാണുക എന്നു പറഞ്ഞു. ഉടനെ രാജമാതാവ് അന്തഃപുര ത്തിൽനിന്നിറങ്ങി, വിപ്രന്റെ സമീപത്തുനിന്നു കരയുന്ന പെൺകുട്ടിയുടെ സമീപത്തേക്കു ചെന്ന്, സുദേവനെ വിളിച്ചു കാര്യമെന്തെന്നു ചോദിച്ചു."

രാജമാതാവു പറഞ്ഞു: "അല്ലയോ, ബ്രാഹ്മണാ! ഈ ബാല ആരുടെ പത്നിയാണ്? ആരുടെ പുത്രിയാണ്? ഈ വാമലോച നബന്ധുക്കളും ഭർത്താവുമായി എങ്ങനെ വേർപെട്ടു? ഇവളെ എങ്ങനെയാണ് ഭവാൻ കണ്ടറിഞ്ഞത്? എല്ലാം ശരിയായി അറി യുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ദേവരൂപിണിയെപ്പറ്റി ഒന്നും മറച്ചുവയ്ക്കാതെ ഭവാൻ പറയണം."

ബൃഹദശ്വൻ പറഞ്ഞു: "അവൾ ഇപ്രകാരം ചോദിച്ചപ്പോൾ യുധിഷ്ഠിരാ! ആ സുദേവനെന്ന ബ്രാഹ്മണശ്രേഷ്ഠൻ സുഖമാ യിരുന്ന് ദമയന്തിയുടെ ശരിയായ വൃത്താന്തം പറഞ്ഞുതുടങ്ങി."

69. നളോപാഖ്യാനം - നളാന്വേഷണം - ബൃഹദശ്വൻ പറഞ്ഞു: "സുദേവൻ ദമയന്തിയുടെ വൃത്താന്തം പറയുവാൻ തുടങ്ങി. രാജമാതാവും സുനന്ദയും കേട്ടുകൊണ്ടിരുന്നു."

സുദേവൻ പറഞ്ഞു: "ധർമ്മാത്മാവും, മഹാദ്യുതിയുമായ വിദർഭരാജാവിന്റെ പുത്രിയാണ് ഈ കല്യാണി. ഭീമന്റെ പുത്രി യായ ദമയന്തി എന്ന വിശ്രുതയാണ് ഈ നില്ക്കുന്നവൾ. ധീമാനും പുണ്യശ്ലോകനും വീരസേനപുത്രനും നൈഷധനു മായ നളമഹാരാജാവിന്റെ പ്രിയപത്നിയാണ് ഇവൾ. നളമഹാ രാജാവ് ചൂതുകളിയിൽ സ്വന്തം ഭ്രാതാവിനാൽ പരാജിതനായി. രാജ്യഭ്രഷ്ടനായ അദ്ദേഹം സ്വന്തം പത്നിയോടുകൂടി ആരുമ റിയാതെ എങ്ങോട്ടോ പോയി. ഈ പാവനാംഗിയെ അന്വേഷിച്ച് ഞങ്ങൾ പലനാളായി ലോകത്തിലെങ്ങും ചുറ്റിത്തിരിയുകയാ

digitized by www.sreyas.in

ണ്. ഇപ്പോൾ ഭവതിയുടെ പുത്രന്റെ കൊട്ടാരത്തിൽവച്ച് എനിക്ക് ഇവളെ കണ്ടെത്തുവാൻ ഭാഗ്യമുണ്ടായി. രൂപഗുണത്താൽ ഇവളോട് കിടനില്ക്കുന്നവർ സ്വർഗ്ഗത്തിൽപ്പോലുമില്ല. ഈ മനോജ്ഞയുടെ പുരികങ്ങളുടെയിടയിൽ ഉത്തമവും പത്മസന്നിഭവുമായ ഒരു മറുക് സഹജമായുണ്ട്. ഈ മറുകു നോക്കിയാണ് ഞാൻ ഇവളെ തിരിച്ചറിഞ്ഞത്. വിഭൂതിയുടെ ചിഹ്നമായി വിരിഞ്ചൻ തീർത്തതാണ് ഈ മറുക്. ചന്ദ്രൻ കാറിനാലെന്നവിധം ഇതു ചളിയാൽ മറഞ്ഞിരിക്കയാണിപ്പോൾ. പ്രഥമതിഥിയിലെ ശോഭകുറഞ്ഞ ചന്ദ്രനെപ്പോലെ ഈ ചിഹ്നം ഞാൻ കണ്ടു. ചളി മൂടിയതുകൊണ്ടു രൂപത്തിന്റെ സൗന്ദര്യം നശിക്കുകയില്ലല്ലോ. ശുദ്ധിചെയ്യാതിരുന്നാലും അതു പൊന്നുപോലെ വിളങ്ങുകതന്നെചെയ്യും. ഈ വിളങ്ങുന്ന ശരീരവും ഈ മറുകുമായി ബാലയെ കണ്ടപ്പോൾ ഇവൾ ദമയന്തിതന്നെയാണെന്നു ഞാൻ തീർച്ചപ്പെടുത്തി. ചൂടുകൊണ്ട് തീയിനെ എന്നവിധം ചിഹ്നംകൊണ്ട് ഞാൻ ദേവതുല്യയായ അവളെ നിശ്ചയമായും അറിഞ്ഞു."

ബൃഹദശ്വൻ പറഞ്ഞു: "സുദേവൻ പറഞ്ഞതു കേട്ട്, സുനന്ദ ദമയന്തിയുടെ നെറ്റിയിൽനിന്നു ചളി തുടച്ചുനീക്കി. ഉടനെ ആ മറുകു തെളിഞ്ഞുകണ്ടു. കാറു നീങ്ങിയ ചന്ദ്രനെന്നപോലെ മറുകു ശോഭിച്ചു. രാജമാതാവും സുനന്ദയും അവളെ ആശ്ലേഷിച്ചു. കണ്ണുനീർ വാർത്തുകരഞ്ഞു. കുറച്ചുസമയം രാജമാതാവിന്ന് ഒന്നും പറയുവാൻ കഴിഞ്ഞില്ല."

രാജമാതാവു പറഞ്ഞു: "മകളേ, ദമയന്തീ! നീ എന്റെ ജ്യേഷ്ഠത്തിയുടെ മകളാണ്. ഈ മറുകു കണ്ടപ്പോഴേ എനിക്ക് അറിയുവാൻ കഴിഞ്ഞുള്ളു. ചാരുമുഖീ, നിന്റെ അമ്മയും ഞാനും ദശാർണ്ണരാജാവായ 'സുദാമാ'വിന്റെ പുത്രികളാണ്. എന്റെ ചേച്ചിയെ വിദർഭരാജാവായ ഭീമന്നും, എന്നെ ചേദിരാജാവായ 'വീരബാഹു'വിന്നും കൊടുത്തു. ദശാർണ്ണരാജ്യത്ത് എന്റെ അച്ഛന്റെ മന്ദിരത്തിൽവച്ചു നിന്നെ പ്രസവിച്ചപ്പോൾ, ഞാൻ അന്ന് അവിടെയുണ്ടായിരുന്നു. നിന്റെ പിതൃഗൃഹംപോലെതന്നെ എന്റെ ഈ ഗൃഹവും നിനക്ക് കരുതാം. എന്റെ ഐശ്വര്യമൊക്കെ നിന്റേതുമാണ്."

ബൃഹദശ്വൻ പറഞ്ഞു: "ഇതു കേട്ട് ദമയന്തി ചെറിയമ്മയുടെ മുൻപിൽ കുമ്പിട്ടു സന്തോഷത്തോടെ യുധിഷ്ഠിരാ, ഇപ്രകാരം പറഞ്ഞു."

ദമയന്തി പറഞ്ഞു: "ചെറിയമ്മേ! എന്നെ ഇതുവരെ തിരിച്ചറിഞ്ഞില്ലെങ്കിലും എനിക്ക് ഇവിടത്തെ ജീവിതത്തിൽ ഒരിക്കലും ഒരസുഖവും അനുഭവപ്പെട്ടിട്ടില്ല. സർവ്വ ആഗ്രഹങ്ങളും സാധിച്ചുകൊണ്ടുതന്നെ ഞാൻ ഇവിടെ സുരക്ഷിതയായിക്കഴിഞ്ഞു. എന്റെ ഇവിടത്തെ വാസം ഏറ്റവും സുഖപൂർണ്ണമായിരുന്നു. ഞാൻ നാടു വിട്ടിട്ട് വളരെക്കാലമായല്ലോ. ഇനി ഞാൻ പോകട്ടെ? ചെറിയമ്മ അതിന് എന്നെ അനുവദിക്കണം. അച്ഛന്റെ മന്ദിരത്തിലേക്കു കൊണ്ടുപോയ എന്റെ കുഞ്ഞുങ്ങളെ കാണുവാൻ എനിക്കു വലിയ ആഗ്രഹമുണ്ട്. അവർ അച്ഛനമ്മമാരെ കാണാതെ സദാസമയവും ദുഃഖിക്കുന്നുണ്ടാകും. എന്നെ വിട്ടുപിരിഞ്ഞ് എങ്ങനെ അവർ ജീവിക്കുന്നു എന്ന് എനിക്കു വിചാരിക്കുവാൻകൂടി വയ്യ. എനിക്കു വല്ല പ്രിയവും ചെയ്യുവാൻ ചെറിയമ്മ വിചാരിക്കുന്നുണ്ടെങ്കിൽ എന്നെ ഉടനെ ഒരു വാഹനത്തിൽക്കയറ്റി വിദർഭത്തിലേക്ക് എത്തിച്ചുതരണം."

ബൃഹദശ്വൻ പറഞ്ഞു: "രാജമാതാവ് ഉടനെ സമ്മതിച്ചു പുത്രന്റെ അനുമതിയോടുകൂടി സൈന്യങ്ങളുടെ രക്ഷയിൽ വഴിക്കു വേണ്ടുന്ന അന്നപാനാദികൾ തയ്യാർചെയ്ത്, എല്ലാ ഒരുക്കങ്ങളോടുംകൂടി അവളെ പല്ലക്കിൽക്കയറ്റി വിദർഭരാജ്യത്തേക്കയച്ചു. അവർ അതിവേഗത്തിൽ കൊണ്ടുപോയി അവളെ പിതൃഗൃഹത്തിലെത്തിച്ചു. ബന്ധുജനം ദമയന്തിയെ സന്തോഷത്തോടെ സ്വീകരിച്ചു.

തന്റെ മക്കളേയും ബന്ധുജനങ്ങളേയും മാതാപിതാക്കളേയും സഖിമാരേയും കുശലികളായിക്കണ്ട് ദമയന്തി സന്തോഷിച്ചു. ദേവതകളേയും, ബ്രാഹ്മണരേയും പൂജിച്ചു. പിറ്റേദിവസം അവൾ അമ്മയോട് തന്റെ കാര്യം തുറന്നുപറഞ്ഞു."

ദമയന്തി പറഞ്ഞു: "അമ്മേ! ഞാൻ ജീവിക്കണമെന്നു നിങ്ങൾക്കു മോഹമുണ്ടെങ്കിൽ വീരനായ നളരാജാവിനെ ഇവിടെ കൂട്ടിക്കൊണ്ടുവരുവാൻ ശ്രമിക്കണം. ഇതു സത്യമാണ്."

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തിയുടെ വാക്കു കേട്ട് മഹാദുഃഖത്തിൽ മുഴുകിയ രാജ്ഞി തൊണ്ടയിടറി മറുപടി പറയുവാൻ ശക്തയായില്ല. ഈ നിലയിൽ നില്ക്കുന്ന രാജ്ഞിയെ കണ്ട് അന്തഃപുരസ്ത്രീകൾ ഉറക്കെ കരഞ്ഞു. അനന്തരം രാജ്ഞി മകളുടെ വൃത്താന്തം പറയുവാൻ ഭർത്താവിന്റെ സമീപത്തെത്തി."

രാജ്ഞി പറഞ്ഞു: "അങ്ങയുടെ പുത്രിയായ ദമയന്തി കാന്തനെ ചിന്തിച്ചു ദുഃഖിക്കുന്നു. അവൾ അതു ലജ്ജ വെടിഞ്ഞ് എന്നോടു പറഞ്ഞു. ആ പുണ്യശ്ലോകനെ തിരയുവാൻ ഉടനെ അവിടുന്ന് ആൾക്കാരെ വിടുക."

ബൃഹദശ്വൻ പറഞ്ഞു: "രാജ്ഞി പറഞ്ഞ ഉടനെ ഭീമരാജാവ് തന്റെ ആൾക്കാരായ വിപ്രരെ വിളിച്ച്, ദിക്കുതോറും നളനെ അന്വേഷിച്ചു കൊണ്ടുവരുവാൻ പറഞ്ഞുവിട്ടു. വിദർഭാധിപന്റെ കല്പനപ്രകാരം അവർ ഭൈമിയുടെ സമീപത്തു വന്ന് നളനെ തിരയുവാൻ പോവുകയാണെന്നുണർത്തിച്ചു."

ഭൈമി അവരോടു പറഞ്ഞു: "നളമഹാരാജാവിനെ അന്വേഷിച്ചു നടക്കുന്ന നിങ്ങൾ ചെല്ലുന്ന രാജ്യത്തൊക്കെ അവിടവിടെനിന്ന് ജനങ്ങൾ കേൾക്കെ ഇങ്ങനെ വിളിച്ചുപറയണം:

'എന്നുടെ വസ്ത്രം പകുതി മുറിച്ചുടു-
ത്തെങ്ങുപോയ് ധൂർത്താ നീയെങ്ങുപോയി?
കാട്ടിൽക്കിടന്നുറങ്ങീടുന്ന കാന്തയെ
വിട്ടുപിരിഞ്ഞു നീയെങ്ങുപോയി?
അന്നു നീ കണ്ടപോൽ നില്ക്കുകയാണവൾ
ഇന്നും നിൻ ആഗമം നോക്കി നോക്കി.
അപ്പാതിവസ്ത്രവും ചുറ്റിയാപ്പെൺകൊടി-
യിപ്പോഴും ദുഃഖത്തിൽ നീറി നീറി!
എത്തുംപിടിയുമില്ലാത്ത കദനത്തി-
ലെത്തിയൊരെന്നെപ്പിടിച്ചുകേറ്റാൻ
എത്തുക വേഗം, കനിയുകീപ്പാവത്തിൽ;
ഉത്തരം ചൊല്ലുക ജീവനാഥ!'

ഇപ്രകാരം കേൾക്കുന്നവർക്ക് ദയതോന്നുംവിധം നിങ്ങൾ വിളിച്ചുപറയണം. വീണ്ടും വീണ്ടും കേൾപ്പിക്കണം. കാറ്റു വീണ്ടും വീണ്ടും അടിക്കുമ്പോൾ കാട്ടുതീ ആളിക്കത്തുന്നതാണല്ലോ. ഈ വാക്കുകൾ കേട്ടാൽ നളരാജാവിന്റെ ഹൃദയതാപം അടങ്ങുകയില്ല; നേരേ മറിച്ച് കത്തിക്കാളുകതന്നെ ചെയ്യും. നിങ്ങൾ അതിനെത്തുടർന്ന് ഇങ്ങനേയും വിളിച്ചുപറയണം:

'ഭർത്താവിനാൽ എപ്പോഴും ഭരിക്കേണ്ടവളും, രക്ഷിക്കേണ്ടവളുമാണ് ഭാര്യ. ഈ രണ്ടു കർത്തവ്യങ്ങളും ഭവാനിൽ എന്തുകൊണ്ട് നശിച്ചുപോയി? ഭവാൻ വിഖ്യാതനും, പ്രാജ്ഞനും, കുലീനനും, അനുതാപയുക്തനുമാണ്. ഭവാൻ നിർദ്ദയനായി പ്രവർത്തിച്ചത് എന്റെ ഭാഗ്യക്ഷയത്താലാണ്, സംശയമില്ല! ഹേ നരവ്യാഘ്രാ! ഭവാൻ ഇപ്പോഴെങ്കിലും ഇവളിൽ കനിഞ്ഞാലും! ദയാലുത്വമാണ് പരമമായ ധർമ്മമെന്ന് ഭവാൻതന്നെ എന്നോടു പറഞ്ഞിട്ടുണ്ടല്ലോ!' ഇപ്രകാരം നിങ്ങൾ ഉറക്കെ വിളിച്ചുപറയുക. ഇതിന്നു മറുപടിയായി ആരെങ്കിലും വല്ല ഉത്തരവും പറഞ്ഞാൽ അവൻ ആരാണെന്നും എവിടെയാണു താമസിക്കുന്നതെന്നും നിങ്ങൾ അന്വേഷിച്ചറിയണം. നിങ്ങൾ വിളിച്ചുപറയുന്നതിന്ന് മറുപടിയായി ആർ എന്തുതന്നെ പറഞ്ഞാലും ആ വാക്കുകൾ അതേവിധം നിങ്ങൾ എന്നെ അറിയിക്കണം. എന്നാൽ നിങ്ങൾ പറയുന്നത് എന്റെ വാക്കാൽ പറയുന്നതായി അവർ ആരും അറിയരുത്. ഞാൻ പറഞ്ഞുതന്നപ്രകാരം അവിടവിടെ

digitized by www.sreyas.in

നിന്നു വിളിച്ചുപറയുക മാത്രമേ ചെയ്യാവൂ. വല്ലവനിൽനിന്ന് വല്ല മറുപടിയും കേട്ടാൽ അതു ഗ്രഹിച്ചു തിരിച്ചുവരണം. അവൻ ധനവാനാണോ, ദരിദ്രനാണോ, കഴിവുള്ളവനാണോ എന്ന്, സത്യത്തിൽ അവനെക്കുറിച്ച് എല്ലാംതന്നെ, നിങ്ങൾ അറിയണം."

ബൃഹദശ്വൻ പറഞ്ഞു: "ഭൈമിയുടെ നിർദ്ദേശങ്ങൾ കേട്ട് ബ്രാഹ്മണർ പല ദിക്കിലേക്കുമായി പോയി. അവർ നിർഭാഗ്യവാനായ നളനെ തിരഞ്ഞ് ഘോഷങ്ങളിലും പുരങ്ങളിലും രാഷ്ട്രങ്ങളിലും ഗ്രാമങ്ങളിലും ആശ്രമങ്ങളിലും പോയി. പറഞ്ഞ പ്രകാരം വിപ്രന്മാർ ദമയന്തിയുടെ വാക്യം വിളിച്ചുപറഞ്ഞു. എന്നാൽ മറുപടിയൊന്നും പറഞ്ഞുകേട്ടില്ല. നളനെ കാണുകയുമുണ്ടായില്ല."

70. നളോപാഖ്യാനം - ദമയന്തിയുടെ രണ്ടാം സ്വയംവരകഥനം

- ബൃഹദശ്വൻ തുടർന്നു: "കുറെക്കാലം കഴിഞ്ഞതിന്നുശേഷം നളനെ അന്വേഷിച്ചു പോയവർ പലരും തിരിച്ചെത്തി. അവർ നളനെ കാണുകയുണ്ടായില്ല. എന്നാൽ ഒടുവിൽ 'പർണ്ണാദൻ' എന്നു പേരായ ഒരു ബ്രാഹ്മണൻ നഗരത്തിൽ തിരിച്ചുവന്ന് ഭൈമിയോടു പറഞ്ഞു."

പർണ്ണാദൻ പറഞ്ഞു: "ഞാൻ നിഷധരാജാവായ നളനെ തിരഞ്ഞ് പലേടത്തും നടന്നതിന്നുശേഷം അയോദ്ധ്യയിൽ എത്തി. അവിടെ ഭാംഗാസുരിയുടെ (ഋതുപർണ്ണന്റെ) മഹാസദസ്സിൽ പ്രവേശിച്ചു. ഭവതി പറഞ്ഞുതന്ന വാക്കുകൾ ഞാൻ അവിടെവെച്ച് ഉച്ചത്തിൽ ചൊല്ലിക്കേൾപ്പിച്ചു. ഞാൻ ആ വാക്കുകൾ പല പ്രാവശ്യവും ചൊല്ലി. എന്നാൽ ഋതുപർണ്ണനിൽനിന്നാകട്ടെ, മറ്റു സദസ്യരിൽനിന്നാകട്ടെ മറുപടിയൊന്നുമുണ്ടായില്ല. രാജാവിന്റെ അനുജ്ഞയോടുകൂടി ഞാൻ ആ സദസ്സു വിട്ട് പുറത്തേക്കു പോന്നു. അപ്പോൾ ഋതുപർണ്ണന്റെ ആളായ ബാഹുകൻ എന്ന ഒരുവൻ എന്റെ പിന്നാലെ പുറത്തേക്കു പോന്നു. ഒരു വിജനപ്രദേശത്തു ചെന്നപ്പോൾ എന്നോട് അവിടെ നില്ക്കുവാൻ പറഞ്ഞു. രാജാവിന്റെ സൂതനാണത്രേ ബാഹുകൻ. ഹ്രസ്വബാഹുവും (നീളം കുറഞ്ഞ കൈകൾ ഉള്ളവൻ) വിരൂപനുമായ ആ പുരുഷൻ വളരെ ശീഘ്രമായി കുതിരയെ ഓടിക്കുന്നതിലും ഭോജനപാനാദികൾ തയ്യാറാക്കുന്നതിലും നിപുണനാണെന്ന് എന്റെ അന്വേഷണത്തിൽനിന്ന് അറിയുവാൻ കഴിഞ്ഞു. ആ ബാഹുകൻ ഭവതിയുടെ വാക്കുകൾ കേട്ട് പല പ്രാവശ്യം നെടുവീർപ്പിട്ടു. പിന്നെ വീണ്ടും വീണ്ടും കരയുകയും ചെയ്തു. അയാൾ കുശലപ്രശ്നം ചെയ്തശേഷം ഇപ്രകാരം പറഞ്ഞു."

ബാഹുകൻ പറഞ്ഞു: "എത്ര വലിയ വിഷമാവസ്ഥയിൽപ്പെട്ടാലും കുലസ്ത്രീകൾക്കു തന്നത്താൻ രക്ഷകിട്ടും. സ്വർഗ്ഗത്തെപ്പോലും നേടാൻ പതിവ്രതകളായ അവർക്കു കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഭർത്താക്കന്മാർ പിരിഞ്ഞുപോയാലും അവരുടെ പേരിൽ വരനാരിമാർ കോപിക്കുകയില്ല. പാതിവ്രത്യമാകുന്ന കവചം ധരിച്ച അവർ ഏതുവിധേനയും ജീവിച്ചുകൊള്ളും. വിഷമത്തിൽപ്പെട്ട് കർത്തവ്യമറിയാതാകുന്ന മൂഢൻ ആ വിഷമാവസ്ഥയിൽ ഭാര്യയെ ഉപേക്ഷിച്ചാൽ അവനോട് അതിൽ അവന്റെ ഭാര്യ ക്രോധിക്കരുത്. അവശേഷിച്ച ആ ഒറ്റവസ്ത്രം കൂടിയും പക്ഷികൾ അപഹരിച്ചതിന്നുശേഷം ആധിയാൽ ദഹിച്ച് ഏറ്റവും കഷ്ടപ്പെട്ട് പ്രാണധാരണം ചെയ്യുന്ന ആളോട് ഒരിക്കലും കോപിക്കരുത്. രാജ്യം നഷ്ടപ്പെട്ട് രാജ്യഭ്രഷ്ടനായി, ധനം നഷ്ടപ്പെട്ട്, സ്ത്രീ നശിച്ച്, ദുഃഖാർത്തനായി വിശന്നുതളർന്ന ആ മനുഷ്യൻ ആദരിച്ചാലും അനാദരിച്ചാലും അതിനെപ്പറ്റി ചിന്തിച്ചു പരിഭവിക്കരുത്."

പർണ്ണാദൻ പറഞ്ഞു: "ഈ മറുപടി കേട്ട ഉടനെ ഞാൻ ഇങ്ങോട്ടു തിരിച്ചു. ഞാൻ കണ്ടതും കേട്ടതും എല്ലാം ഭവതിയെ അറിയിച്ചു കഴിഞ്ഞു. ഇനി ഈ വൃത്താന്തം രാജാവിനെ അറിയിച്ച് ഭവതി വേണ്ടതു പ്രവർത്തിച്ചാലും."

ബൃഹദശ്വൻ പറഞ്ഞു: "ഹേ യുധിഷ്ഠിരാ! പർണ്ണാദൻ പറഞ്ഞതു കേട്ട് അശ്രുപൂർണ്ണയായിത്തീർന്ന ഭൈമി അമ്മയോട് രഹസ്യമായി ഇങ്ങനെ പറഞ്ഞു."

ദമയന്തി പറഞ്ഞു: "അമ്മേ! അച്ഛൻ എന്റെ ഉദ്ദേശ്യത്തെ ഒരിക്കലും അറിയരുത്. ബ്രാഹ്മണോത്തമനായ സുദേവനോട് അമ്മയുടെ അരികിലേക്കു വരാൻ പറയാം. അമ്മ എന്റെ സുഖവും, സന്തോഷവും ഇച്ഛിക്കുന്നുവെങ്കിൽ എന്റെ ഉദ്ദേശ്യം അച്ഛനെ തീരെ അറിയിക്കാതിരിക്കണം. എന്നെ ബന്ധുക്കളുടെ അരികിലേക്കു വേഗം വരുത്താനിടയാക്കിയ അതേ ശുഭകർമ്മങ്ങൾ ചെയ്തശേഷം നളനെ കൊണ്ടുവരാനായി സുദേവൻ താമസം കൂടാതെ അയോദ്ധ്യാപുരിയിലേക്കു പോകട്ടെ."

ബൃഹദശ്വൻ പറഞ്ഞു: "പിന്നെ ദമയന്തി ക്ഷീണംമാറിയ പർണ്ണാദനെ അഭിനന്ദിച്ച് വളരെ ധനം കൊടുത്ത് സംതൃപ്തനാക്കി ഇങ്ങനെ പറഞ്ഞു."

ദമയന്തി പറഞ്ഞു: "അന്യസാദ്ധ്യമല്ലാത്ത മഹത്കൃത്യമാണ് ഭവാൻ ചെയ്തത്. അങ്ങയുടെ സേവനത്താൽ എനിക്കെന്റെ പ്രഭുവിനെ വേഗം വീണ്ടുകിട്ടും. നളൻ ഇവിടെ എത്തിയതിന്നുശേഷം വലിയ സംഭാവനകൾ നല്കുന്നതാണ്."

ബൃഹദശ്വൻ പറഞ്ഞു: "എന്ന് ആശ നല്കി സന്തുഷ്ടനാക്കി അയയ്ക്കുകയും ചെയ്തു. അതിന്നുശേഷം അസഹ്യമായ ദുഃഖത്താലും, വിഷമത്താലും, പീഡിതയായ ദമയന്തി സുദേവനെ വിളിച്ച്, യുധിഷ്ഠിരാ, അമ്മയുടെ മുമ്പിൽവച്ച് ഇങ്ങനെ പറഞ്ഞു."

ദമയന്തി പറഞ്ഞു: "അല്ലയോ ബ്രാഹ്മണോത്തമാ! ഭവാൻ ഉടനെ ഒരു പക്ഷിയെപ്പോലെ നേരെ അയോദ്ധ്യയിൽച്ചെന്ന് അവിടത്തെ രാജാവായ ഋതുപർണ്ണനെക്കണ്ട് ഇങ്ങനെ പറയണം. ഭീമപുത്രിയായ ദമയന്തിക്ക് പുനർസ്വയംവരം നിശ്ചയിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞു. അതിലേക്ക് രാജാക്കന്മാരും, രാജപുത്രന്മാരും പൊയ്ക്കൊണ്ടിരിക്കുന്നു. നിശ്ചയിച്ചുവച്ചിരിക്കുന്ന മുഹൂർത്തം നാളെയാണ്. കാലം തെറ്റാതെ എത്തുവാൻ കഴിയുമെങ്കിൽ ഭവാനും അതിൽ പങ്കുകൊള്ളുന്നത് നല്ലതാണ്. നളൻ ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്ന് അറിയുവാൻ നിവൃത്തിയില്ലാത്ത നിലയ്ക്ക് ദമയന്തി നാളെ സൂര്യോദയത്തിൽ രണ്ടാം ഭർത്താവിനെ വരിക്കും."

ബൃഹദശ്വൻ പറഞ്ഞു: "ഹേ മഹാരാജാവേ, ഇപ്രകാരം ദമയന്തി പറഞ്ഞപ്പോൾ ഋതുപർണ്ണനെ കാണുവാൻ സുദേവൻ അയോദ്ധ്യയിലേക്കു പോയി. അവിടെച്ചെന്ന്, ഋതുപർണ്ണനെ കണ്ട്, തന്നോടു നിർദ്ദേശിക്കപ്പെട്ടിരുന്ന വിധത്തിൽ എല്ലാം അതേപടി സുദേവൻ പറഞ്ഞു."

71. നളോപാഖ്യാനം - ഋതുപർണ്ണന്റെ വിദർഭഗമനം-

ബൃഹദശ്വൻ പറഞ്ഞു: "സുദേവന്റെ വാക്കു കേട്ടപ്പോൾ ഋതുപർണ്ണൻ ബാഹുകനെ വിളിച്ച് സ്നേഹപൂർവ്വം ഇപ്രകാരം പറഞ്ഞു."

ഋതുപർണ്ണൻ പറഞ്ഞു: "ബാഹുകാ, ദമയന്തിയുടെ സ്വയംവരത്തിന് കഴിയുമെങ്കിൽ ഒറ്റദിവസംകൊണ്ട് എത്തണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഭവാൻ അശ്വദക്ഷനാണല്ലോ."

ബൃഹദശ്വൻ പറഞ്ഞു: "ഹേ കുന്തീപുത്രാ, മഹാമനസ്വിയായ നളൻ, രാജാവു പറഞ്ഞതു കേട്ട് ദുഃഖത്താൽ മനസ്സു തകർന്ന് ചിന്താമഗ്നനായി നിന്നുപോയി.

'ഹാ! ദമയന്തി രണ്ടാംവിവാഹം ചെയ്യുകയോ? ദുഃഖത്താൽ പീഡിതയായതുകൊണ്ടായിരിക്കാം അവൾ അതു ചെയ്യുവാൻ തയ്യാറായത്? ക്ഷുദ്രനും, കൃപണനും, പാപബുദ്ധിയുമായ ഇവനാൽ നിർദ്ദയം വഞ്ചിക്കപ്പെട്ട ആ പാവം, ഭർത്താവിനെ കാണുവാനുള്ള കാംക്ഷകൊണ്ട് എന്നെ കണ്ടുപിടിക്കുവാൻ ആലോചിച്ച് നിശ്ചയിച്ച തന്ത്രമായിരിക്കുമോ ഇത്? നിഷ്കളങ്കയായ ഭൈമിയുടെ പ്രവൃത്തി ക്രൂരംതന്നെ! ഞാൻ ചെയ്തത് മഹാപരാധംതന്നെ. സ്ത്രീകളുടെ സ്വഭാവം ചപലമാണ്. ഞാനും വലിയ തെറ്റു ചെയ്തു. ഒരു പക്ഷേ, വേർപാടുമൂലം എന്നോടുള്ള സൗഹൃദം നശിച്ചുപോയിരിക്കാം. ഞാൻ കാരണം ദുഃഖിതയും നിരാശയുമായ അവൾ അങ്ങനെ ചെയ്യാനിടയില്ല! ഇല്ല! അവൾ

digitized by www.sreyas.in

അങ്ങനെ ചെയ്യില്ല. വിശേഷിച്ചും സന്താനവതിയായ അവൾക്ക് ഒരിക്കലും പുനർവിവാഹത്തിൽ മനസ്സു ചെല്ലുകയില്ല. ഈ പ്രസ്താവം സത്യമോ അസത്യമോ എന്ന് അവിടെ ചെന്നാൽ അറിയാം. അങ്ങനെ എന്റേയും ഋതുപർണ്ണന്റേയും ഉദ്ദേശ്യം സാധിക്കാം.'

ഇപ്രകാരം ചിന്തിച്ച് ബാഹുകൻ മനസ്സുഴറി ഋതുപർണ്ണന്റെ അഭിലാഷംപോലെ, ആകാമെന്ന് കൈതൊഴുത് ഉണർത്തിച്ചു. ഒറ്റപ്പകലുകൊണ്ട് വിദർഭപുരിയിൽ എത്താമെന്ന് ഉറപ്പുനല്കി. പിന്നെ ബാഹുകൻ അശ്വങ്ങളെ പരീക്ഷിക്കുവാൻ ഭാംഗാസുരി രാജാവിന്റെ ആജ്ഞപ്രകാരം അശ്വലായത്തിൽ പ്രവേശിച്ചു. ഋതുപർണ്ണൻ വേഗമാകട്ടെ എന്ന് തിടുക്കിത്തുടങ്ങി. ഉടനെ ബാഹുകൻ അശ്വങ്ങളെ അതിശ്രദ്ധയോടെ തെരഞ്ഞെടുത്തു. മെലിഞ്ഞവയെങ്കിലും ശക്തിയുള്ള അശ്വങ്ങളെ, ദീർഘയാത്രയ്ക്കു പറ്റിയവയെ, ബുദ്ധിപൂർവ്വം തെരഞ്ഞുപിടിച്ചു. മഹാഹനുക്കളും (വലിയ താടിയെല്ലുള്ളവ), വിശാലമായ മൂക്കും, ശക്തിയും, കാന്തിയും ഉള്ളവയും, നല്ല വർഗ്ഗത്തിൽപ്പെട്ടതും, നല്ല മെരുക്കമുള്ളതും, ദുർലക്ഷണമില്ലാതെ ശോഭനമായ പത്തു ചുഴികൾ വീതമുള്ളതും സിന്ധുദേശജാതങ്ങളുമായ അശ്വങ്ങളായിരുന്നു അവ. അവയെ കണ്ടപ്പോൾ ഋതുപർണ്ണന്, ഇഷ്ടം തോന്നിയില്ല."

ഋതുപർണ്ണൻ പറഞ്ഞു: "എടോ ബാഹുക! നീ എന്താണീ ച്ചെയ്യുന്നത്? നീ എന്നെ കളിയാക്കുകയാണോ! പുഷ്ടിയും ശക്തിയുമുള്ള എത്രയോ നല്ല കുതിരകൾ നില്ക്കുമ്പോൾ ഈ ചാവാലിക്കുതിരകളെയാണോ രഥത്തിൽ പൂട്ടുവാൻ പോകുന്നത്? വായുവിലും ബലത്തിലും ശക്തി കുറഞ്ഞ ഈ കുതിരകൾക്ക് നമ്മെ ചുമക്കുവാനുള്ള ശക്തിയുണ്ടോ? ഇവയെ ആശ്രയിച്ച് ബഹുദൂരം എങ്ങനെ സഞ്ചരിക്കാനാണ്?"

ബാഹുകൻ പറഞ്ഞു: "രാജാവേ, ഭവാൻ ഈ കുതിരകളെ ഒന്നു നല്ലപോലെ നോക്കിക്കാണുക. ഇവ ലക്ഷണയുക്തങ്ങളാണ്. പത്തു ലക്ഷണമൊത്ത ചുഴികൾ ഇവയ്ക്കുണ്ട്. നോക്കുക. നെറ്റിക്ക് ഒന്ന്, മൂർദ്ധാവിൽ രണ്ട്, ഇരുപാർശ്വങ്ങളിലും ഈരണ്ട്, വക്ഷസ്സിൽ രണ്ട്, മുതുകിൽ ഒന്ന് ഇങ്ങനെ പത്തു ലക്ഷണംതികഞ്ഞ ചുഴികൾ ഇവയ്ക്ക് ഓരോന്നിനുമുണ്ട്. ഇവ യഥാകാലം നിസ്സംശയം വിദർഭത്തിലെത്തും. അഥവാ വേറെ കുതിരകൾ വേണമെന്ന് ഭവാന്നു തോന്നുന്നുണ്ടെങ്കിൽ എനിക്കവയെ കാണിച്ചുതരൂ, ഞാൻ അവയെ പൂട്ടാൻ സന്നദ്ധനാണ്."

ഋതുപർണ്ണൻ പറഞ്ഞു: "ഹേ, ബാഹുക, ഭവാൻ അശ്വതത്ത്വജ്ഞനും കുശലനുമാണെന്നതിൽ സംശയമില്ല. ദ്രുതഗതിക്കും ദൂരദേശഗമനത്തിനും ഭവാൻ തീരുമാനിച്ചതിനെത്തന്നെ പൂട്ടുക."

ബൃഹദശ്വൻ പറഞ്ഞു: "അശ്വകുശലനായ നളൻ കുലശീലലക്ഷണങ്ങൾ തികഞ്ഞ ആ നാല് അശ്വങ്ങളെ പൂട്ടിയ രഥം തയ്യാറാക്കി നിർത്തി. അതിൽ രാജാവ് വേഗത്തിൽ കയറി. ഉടനെ ആ ഉത്തമാശ്വങ്ങൾ ഭൂമിയിൽ മുട്ടുകുത്തിവീണു. അപ്പോൾ നരശ്രേഷ്ഠനായ നളമഹാരാജാവ് ശക്തിയും കാന്തിയും കൂടിയ ആ കുതിരകളെ സാന്ത്വനം ചെയ്തു. സുതനായ വാർഷ്ണേയനെ തേരിൽ കയറ്റിയതിന്നുശേഷം കടിഞ്ഞാൺ വലിച്ച് കുതിരകളെ വിട്ടു.

ബാഹുകൻ ശാസ്ത്രവിധിപോലെ തെളിച്ചുവിട്ട കുതിരകൾ രഥത്തിലിരിക്കുന്നവർക്ക് മോഹം വളർത്തുന്നവിധം ആകാശത്തേക്കു കുതിച്ചുചാടി. വായുവേഗത്തിൽ പായുന്നതു കണ്ട് അയോദ്ധ്യാധിപന്ന് വലുതായ അത്ഭുതമുണ്ടായി. രഥത്തിന്റെ ശബ്ദവും കുതിരയെ ഓടിക്കുന്ന വിധവും കണ്ട് വാർഷ്ണേയന്ന് ചിന്തയായി. അവൻ ബാഹുകന്റെ കഴിവിനെപ്പറ്റി ചിന്തിച്ചു. എന്തൊരു രഥഘോഷം! എന്തൊരു അശ്വഗ്രഹണം! ഈ അശ്വജ്ഞനായ ബാഹുകൻ ആരാണ്? ദേവരാജസാരഥിയായ മാതലിയാണോ ഇദ്ദേഹം? അങ്ങനെ സംശയിക്കത്തക്ക ലക്ഷണം ഈ വീരനിൽ കാണുന്നുണ്ട്. അശ്വകുലതത്ത്വം ഗ്രഹിച്ച അശ്വശാസ്ത്രകർത്താവായ ഭഗവാൻ ശാലിഹോത്രൻ മനുഷ്യനായി അവതരിച്ചിരിക്കയാണോ? എന്നാൽ ദേഹം ശോഭനമായിക്കാണുന്നുമില്ല. അതോ സാക്ഷാൽ പരപുരഞ്ജയനായ നളരാജവാണോ? നളന്റെ ജ്ഞാനം മുഴുവനും ഇവനിൽ അതേപടികാണുന്നുണ്ട്. പ്രായംകൊണ്ടും തുല്യത കാണുന്നു. എന്നാലും മഹാവീര്യനായ നളനായിരിക്കയില്ല, ബാഹുകൻ. ശാസ്ത്രവിജ്ഞാനികളായ ചില മഹാത്മാക്കൾ ദൈവവിധിയാൽ വേഷപ്രച്ഛന്നരായി ഗൂഢമായി ഭൂമിയിൽ സഞ്ചരിക്കാറുണ്ട്? ദേഹ വൈരൂപ്യം കണ്ട് എന്റെ അറിവ് തെറ്റിപ്പോയോ? സാക്ഷാൽ നളൻതന്നെയായിരിക്കുമോ ഇദ്ദേഹം? വയസ്സുകൊണ്ടും ഉയരംകൊണ്ടും വിനയംകൊണ്ടും നളന്നു തല്യനായ മറ്റൊരാളായിരിക്കാം. എന്നാൽ ഒരുപക്ഷേ, നളന്റെ തേജസ്സു നഷ്ടപ്പെട്ട് ഈ രൂപം പൂണ്ടതായിരിക്കുമോ? രൂപം കൊണ്ടുമാത്രം യാതൊരു സാദൃശ്യവുമില്ല. ബാഹുകൻ നളൻതന്നെയാകുമോ?

പുണ്യശ്ലോകനായ നളന്റെ സാരഥിയായിരുന്ന വാർഷ്ണേയൻ ഇപ്രകാരം ഓരോന്നു ചിന്തിച്ച് നിശ്ശബ്ദനായിരുന്നു. ഋതുപർണ്ണൻ അപ്പോൾ ബാഹുകന്റെ ഏകാഗ്രത, ജാഗ്രത, ഉത്സാഹം, അശ്വഗ്രഹണകൗശലം, പരമമായ പ്രയത്നം ഇവ കണ്ട് ആ സൂതന്റെ അശ്വജ്ഞാനമോർത്ത് വലിയ സന്തോഷത്തോടെ ഇരുന്നു."

72. നളോപാഖ്യാനം - കലിനിർഗ്ഗമനം - ബൃഹദശ്വൻ പറഞ്ഞു: "യുധിഷ്ഠിരരാജാവേ! ഇങ്ങനെ ആ രഥം പുഴകളും, മലകളും, കാടുകളും, പൊയ്കകളും കടന്ന് പക്ഷി ആകാശത്തിലെന്നവണ്ണം അതിശീഘ്രം പാഞ്ഞുതുടങ്ങി. വളരെദൂരം ചെന്നതിന്നുശേഷം വഴിക്ക് ശത്രുപുരിനാശനനും ഭംഗാസുരിപുത്രനുമായ ഋതുപർണ്ണന്റെ ഉത്തരീയം താഴെ വീണുപോയി. വസ്ത്രം വീണയുടനെ മഹാമനസ്വിയായ രാജാവ് നളനോടിങ്ങനെ പറഞ്ഞു."

"ഹേ മഹാശയാ, എന്റെ വീണുപോയ വസ്ത്രം വീണ്ടെടുക്കണം. വാർഷ്ണേയൻ അത് എടുത്തുകൊണ്ടു വരുന്നതുവരെ മഹാവേഗമുള്ള കുതിരകളെ നിറുത്തുക."

വസ്ത്രം വീണസ്ഥലത്തുനിന്നു രഥം ഒരു യോജന പോയിക്കഴിഞ്ഞുവെന്നും ഇനി അതെടുക്കുവാൻ പ്രയാസമുണ്ടെന്നും നളൻ പറഞ്ഞു. അപ്പോൾ അടുത്തുള്ള കാട്ടിൽ ഫലപൂർണ്ണമായ ഒരു താന്നിമരം ഭംഗാസുരിപുത്രനായ രാജാവ് കണ്ടു തിടുക്കത്തിൽ ബാഹുകനോട് ഇങ്ങനെ പറഞ്ഞു."

ഋതുപർണ്ണൻ പറഞ്ഞു: "എടോ, സുതാ! നീ എന്റെ ഗണിതസാമർത്ഥ്യം കാണുക. എല്ലാം അറിയുന്നവരായി ആരുമില്ലല്ലോ. എല്ലാ ജ്ഞാനവും ഒരുവനിൽ തെളിഞ്ഞുകാണുക സംഭവ്യമല്ല. ഗണനവിഷയത്തിൽ എനിക്കു പ്രത്യേകമായ സാമർത്ഥ്യമുണ്ട്. ഇതാ ഈ താന്നിമരം നോക്കൂ! ഈ താന്നിമരത്തിന്റെ ചുവട്ടിൽ വീണുകിടക്കുന്ന ഇലകളും കായ്കളും അതിന്മേലുള്ളതിനേക്കാൾ നൂറ്റൊന്നെണ്ണം കൂടുതലാണ്. കായ്കളും ഇലകളും ഒരുപോലെ, അതിന്റെ രണ്ടു കൊമ്പുകളിലുംകൂടി അഞ്ചുകോടി ഇലയും രണ്ടായിരത്തിതൊണ്ണൂറ്റിയഞ്ചു കായ്കളുമുണ്ട്."

ബൃഹദശ്വൻ പറഞ്ഞു: "അപ്പോൾ നളൻ ഉടനെ രഥം നിർത്തി രാജാവിനോടു പറഞ്ഞു."

നളൻ പറഞ്ഞു: "ശത്രുകർശനനായ രാജാവേ, എനിക്കു പ്രത്യക്ഷമല്ലാത്ത ഒരു കാര്യം ഭവാൻ സ്വന്തം കഴിവായി കണക്കാക്കുന്നു. അതുകൊണ്ട് ഭവാൻ പറഞ്ഞതു ശരിയാണോ എന്നറിയുന്നതിന് ഇപ്പോൾത്തന്നെ ഈ താന്നി മുറിച്ചിട്ട് അതിന്റെ ഇലകളും കായ്കളും എണ്ണിനോക്കാം. അപ്പോൾ ഭവാൻ പറഞ്ഞതു ശരിയാണോ എന്ന് എനിക്ക് പ്രത്യക്ഷമായി അറിയാമല്ലോ. അതുവരെ വാർഷ്ണേയൻ കടിഞ്ഞാൺ പിടിക്കട്ടെ. ശരിയോ തെറ്റോ എന്ന് എനിക്കറിഞ്ഞുകൂടല്ലോ. ഭവാൻ കാൺകെത്തന്നെ ഞാൻ ഇതിന്റെ കായ്കൾ എണ്ണാം."

ഋതുപർണ്ണൻ പറഞ്ഞു: "ഇവിടെ നിന്നു കളയാൻ സമയമില്ല."

digitized by www.sreyas.in

ബാഹുകൻ വിനയത്തോടെ മറുപടി പറഞ്ഞു: "എനിക്കു വേണ്ടി ഭവാൻ അല്പസമയം കാക്കുക. ഒട്ടും വൈകിക്കുവാൻ വയ്യെങ്കിൽ വാർഷ്ണേയനെ സാരഥിയാക്കി ഭവാൻ മുമ്പേ പോകുന്നത് എനിക്ക് സമ്മതമാണ്. നോക്കൂ! ആ കാണുന്ന നല്ല വഴിയാണ് വിദർഭത്തിലേക്കുള്ള മാർഗ്ഗം."

ഇതു കേട്ടപ്പോൾ ബാഹുകനോട് സാന്ത്വനപൂർവ്വം പറഞ്ഞു.

ഋതുപർണ്ണൻ പറഞ്ഞു: "ബാഹുകാ! ഭവാനാണ് ലോകത്തിൽവെച്ച് ഏറ്റവും യോഗ്യനായ സാരഥി. അശ്വകോവിദനായ ഭവാൻതന്നെ എന്റെ രഥം വിദർഭത്തിലെത്തിക്കണം എന്നാണ് എന്റെ ആഗ്രഹം. ഭവാനെ ഞാൻ ശരണംപ്രാപിക്കുന്നു. സൂര്യൻ ഉദിക്കുന്നതിനുമുമ്പ് എന്നെ ഭവാൻ വിദർഭത്തിലെത്തിച്ചാൽ മതി. ഭവാന്ന് ആഗ്രഹമുള്ളതൊക്കെ ഞാൻ തരാം."

നളൻ പറഞ്ഞു: "ഈ താന്നിയിലെ ഇലകളും ഫലങ്ങളും എണ്ണി കണക്കാക്കിയതിൽപ്പിന്നെ വേണ്ടസമയത്തു വിദർഭത്തിൽ ചെന്നുചേരുവാൻ വേണ്ടുവോളം സമയമുണ്ട്. ഭവാൻ എന്നെ വിശ്വസിക്കുക."

ബൃഹദശ്വൻ പറഞ്ഞു: "ഒടുവിൽ ഋതുപർണ്ണൻ ഒരുവിധം ബാഹുകന്നു അനുജ്ഞനല്കി. തന്റെ കണക്കു ശരിയാണോ എന്നറിഞ്ഞാൽമതിയെങ്കിൽ, കൊമ്പുകളിൽ ഒരു ഭാഗം മാത്രം എണ്ണിനോക്കിയാൽ മതിയെന്ന് രാജാവും പറഞ്ഞു. നളൻ ഉടനെ തേരിൽ നിന്നിറങ്ങി ആ മരം വെട്ടിവീഴ്ത്തി. ഋതുപർണ്ണൻ പറഞ്ഞതുപോലെ കായ്കൾ എണ്ണിനോക്കി. കണക്കു ശരിയായിരിക്കുന്നതായിക്കണ്ട് അത്ഭുതപ്പെട്ടു തിരിച്ചുവന്നു."

നളൻ പറഞ്ഞു: "രാജാവേ, ഭവാൻ പറഞ്ഞതു തികച്ചും ശരിയായിരിക്കുന്നു. അവിടുത്തെ ഗണനസാമർത്ഥ്യം അത്ഭുതംതന്നെ. ഈ വിദ്യ ഭവാൻ എനിക്ക് ഉപദേശിച്ചുതരേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു."

വേഗത്തിൽ പോകാൻ ധൃതിപൂണ്ട രാജവ് ഇങ്ങനെ പറഞ്ഞു.

ഋതുപർണ്ണൻ പറഞ്ഞു: "എടോ ബാഹുക! എനിക്കു കണക്കുമാത്രമല്ല, അക്ഷഹൃദയവിദ്യയും നന്നായി അറിയാം."

നളൻ പറഞ്ഞു: "ഭവാൻ എന്നിൽനിന്ന് അശ്വഹൃദയത്തെ ഗ്രഹിച്ച് അതിന്നു പകരം അക്ഷഹൃദയം എനിക്ക് ഉപദേശിച്ചുതരിക."

ബൃഹദശ്വൻ പറഞ്ഞു: "തന്റെ സുപ്രധാന കാര്യസാദ്ധ്യം ബാഹുകനെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ബോധമുള്ളതിനാലും, അശ്വഹൃദയവിദ്യ മനസ്സിലാക്കാനുള്ള അതിയായ ആഗ്രഹത്താലും ഋതുപർണ്ണരാജാവ് ഇങ്ങനെ പറഞ്ഞു."

ഋതുപർണ്ണൻ പറഞ്ഞു: "അങ്ങനെയാകട്ടെ! അശ്വഹൃദയം തൽക്കാലം ഭവാനിൽത്തന്നെ നില്ക്കട്ടെ. അത് ഞാൻ യഥാസൗകര്യം ഗ്രഹിച്ചുകൊള്ളാം. ശ്രേഷ്ഠമായ അക്ഷവിദ്യ ഭവാൻ ഇപ്പോൾത്തന്നെ എന്നിൽനിന്നു ഗ്രഹിച്ചുകൊള്ളുക."

ബൃഹദശ്വൻ പറഞ്ഞു: "അപ്രകാരം നളൻ ഋതുപർണ്ണനിൽനിന്ന് അക്ഷഹൃദയം ഗ്രഹിച്ചു. നളൻ അക്ഷഹൃദയം ഗ്രഹിച്ച ഉടനെ കലി നളന്റെ ദേഹം വിട്ട്, തീക്ഷ്ണമായ കാർക്കോടകവിഷം ഛർദ്ദിച്ച് പുറത്തേക്കു ചാടി. ശോകാഗ്നിയിൽപ്പെട്ട് ആർത്തനായി, മൂഢനായി, ദമയന്തീശാപാഗ്നിയിൽ എരിഞ്ഞു വെന്തുനീറിയിരുന്ന കലി വിഷബാധയിൽനിന്ന് ഒഴിഞ്ഞ്, നളന്റെ ശരീരത്തിൽനിന്നു പുറത്തുവന്നപ്പോൾ, ആ ശാപാഗ്നിയും കലിയെ വിട്ടുപോയി. കാലം കുറച്ചായി നളനെ അശുദ്ധനെന്നവണ്ണം കലി ബാധിച്ചിട്ട്. കലിയെക്കണ്ടു ക്രുദ്ധനായ നളൻ ശപിക്കുവാൻ ഭാവിച്ചു. അതുകണ്ട് പേടിച്ചുവിറച്ച് കലി കൈകൂപ്പി നിന്നു പറഞ്ഞു."

കലി പറഞ്ഞു: "പ്രസാദിക്കണമേ! പ്രസാദിക്കണമേ! ക്ഷമാപാലനായ ഭവാൻ കോപത്തെ അടക്കണേ! ഭവാൻ വെടിഞ്ഞുപോയതിന്നുശേഷം ഇന്ദ്രസേനജനനിയായ ദമയന്തി കുപിതയായി എന്നെ ശപിച്ചു. അന്നുമുതൽ ഞാൻ തീവ്രദുഃഖം അനുഭവിച്ചുവരുന്നു. പിന്നെ നാഗേന്ദ്രവിഷത്താൽ ഞാൻ ദഹിക്കുകയായിരുന്നു. ആ നിലയിലാണു ഞാൻ ഭവാനിൽ പാർത്തിരുന്നത്. ഞാൻ ഇതാ ഭവാനെ ശരണംപ്രാപിക്കുന്നു. ഞാൻ ഭയാർത്തനാണ്. ശരണാഗതനുമാണ്. എന്നെ ഭവാൻ ശപിക്കാതെ വിട്ടയച്ചാൽ ഭവാന്റെ കീർത്തനം ചൊല്ലുന്ന മനുഷ്യർക്ക് എന്നിൽനിന്നുള്ള ഭയം ഉണ്ടാവുകയില്ല."

ബൃഹദശ്വൻ പറഞ്ഞു: "കലിയുടെ താണുകേണുള്ള അപേക്ഷ നളൻ നിരസിച്ചില്ല. പ്രസന്നനായ നളൻ കലിയെ വിട്ടു. കലി ഉടനെ താന്നിമരത്തിൽ കയറി. അന്നുമുതൽ ഋതുപർണ്ണനോ മറ്റുള്ളവരോ കലിയെ കാണുകയോ, കലിയും നളനും തമ്മിലുള്ള സംസാരം കേൾക്കുകയോ ഉണ്ടായില്ല.

ജ്വരം നീങ്ങി സന്തുഷ്ടനും തേജസ്വിയുമായിത്തീർന്ന നളരാജാവ് താന്നിമരത്തിലെ കായ് മുഴുവൻ ശരിക്ക് എണ്ണിനോക്കിയതിന്നുശേഷം സന്തുഷ്ടനായി തിരിച്ചു വന്ന് രഥത്തിൽ കയറി അശ്വങ്ങളെ വിട്ടു. കലി സ്പർശിച്ചതിനാൽ അന്നുമുതൽ ബിഭീതകവൃക്ഷം അപ്രശസ്തമായിത്തീർന്നു. നളപ്രേരിതമായ ആ ഉത്തമാശ്വങ്ങൾ വിദർഭനഗരത്തിലേക്കു പക്ഷികളെപ്പോലെ പറന്നുപോയി. നളൻ വളരെ ദൂരം പോയപ്പോൾ കലിയും തന്റെ ഗൃഹയിലേക്കു പോയി. മഹായശസ്വിയായ നളരാജാവ് കലിബാധയിൽനിന്നു വിമുക്തനായി മുമ്പത്തെപ്പോലെ തേജസ്വിയായിത്തീർന്നു. എന്നാലും യുധിഷ്ഠിരാ! നളൻ തന്റെ വികൃതരൂപം അപ്പോഴും ഉപേക്ഷിച്ചില്ല."

73. നളോപാഖ്യാനം - ഋതുപർണ്ണന്റെ ഭീമപുരപ്രവേശം – ബൃഹദശ്വൻ പറഞ്ഞു: "സന്ധ്യയോടുകൂടി സത്യവിക്രമനായ ഋതുപർണ്ണൻ വിദർഭത്തിലെത്തിയ വർത്തമാനം ജനങ്ങൾ ഭീമരാജാവിനെ അറിയിച്ചു. ഭീമരാജാവിന്റെ ക്ഷണം സ്വീകരിച്ച് അയോദ്ധ്യാധിപൻ രഥഘോഷത്താൽ ദിക്കെങ്ങും മുഴക്കിക്കൊണ്ട് കുണ്ഡിനപുരത്തിൽ പ്രവേശിച്ചു. കുണ്ഡിനത്തിൽ നിർത്തിയിട്ടുള്ള നളന്റെ അശ്വങ്ങൾ ഈ രഥനിർഘോഷം കേട്ട് മുമ്പ് നളന്റെ മുമ്പിലെന്നവിധം ഹർഷാരവമുണ്ടാക്കി. വർഷകാലത്തെ ഗംഭീരമന്ദ്രമായ മേഘധ്വനിപോലെ മഹാരവമുണ്ടാക്കുന്ന രഥഘോഷം ദമയന്തിയും കേട്ടു. മുമ്പ് നളൻ സ്വന്തം കുതിരകളെ പിടിച്ച് തേര് നടത്തിയിരുന്നകാലത്തെ, ദമയന്തിയും നളന്റെ കുതിരകളും അനുസ്മരിച്ചു. രഥനിർഘോഷം കേട്ട് ആനകളും, മയിലുകളും, കുതിരകളും മേഘധ്വനിയാണെന്നുള്ള ചിന്തയാൽ ഔത്സുക്യത്തോടെ തലപൊക്കി, മേല്പോട്ടുനോക്കി ശബ്ദമുണ്ടാക്കി."

ദമയന്തി തന്നത്താൻ പറഞ്ഞു: "ലോകമെങ്ങും മുഴക്കിക്കൊണ്ടുള്ള ഈ രഥനിർഘോഷം എന്റെ ഹൃദയം കുളുർപ്പിക്കുവാൻ എന്താണു കാരണം? തീർച്ചയായും ഇദ്ദേഹം നളമഹാരാജാവു തന്നെയാണ്. അനേകം ഗുണങ്ങൾക്കു വിളനിലമായ ആ വീരനെ, ആ ചന്ദ്രാഭമുഖനെ കണ്ടില്ലെങ്കിൽ ഞാൻ ഇപ്പോൾ മരിക്കും. ആ വീരന്റെ സുഖസ്പർശം ലഭിച്ചില്ലെങ്കിൽ ആ മഹാബാഹുവിന്റെ മാറിടത്തിൽ ഞാൻ അമർന്നിരുന്നാൽ, ഇന്നു ഞാൻ മരിക്കും! തീർച്ചയാണ്! മേഘസ്വനനായ നൈഷധൻ എന്റെ മുമ്പിൽ വന്നെത്തിയില്ലെങ്കിൽ പൊന്നിൻനിറത്തോടെ കത്തുന്ന തീയിൽ ഞാൻ ചാടി മരിക്കും! സിംഹവിക്രമനും ഗജഗാമിയുമായ ആ രാജാവ് എന്നോടു ചേർന്നില്ലെങ്കിൽ ഇന്നു ഞാൻ മരിക്കുകതന്നെ ചെയ്യും! ഞാൻ ഒരിക്കലും അസത്യമാകട്ടെ, അപകാരമാകട്ടെ നളനിൽനിന്നു കേട്ടിട്ടില്ല. കളിയായിപ്പോലും അദ്ദേഹം അസത്യം പറഞ്ഞിട്ടില്ല. എന്റെ ഭർത്താവ് വീരനും, ദാതാവും, ക്ഷമാശീലനും, നൃപാഗ്രണിയുമാണ്. അദ്ദേഹം വിവാഹകാലത്തെ ശപഥത്തിൽനിന്നു പിന്മാറുകയില്ല. പരസ്ത്രീവിഷയത്തിൽ അദ്ദേഹം ഷണ്ഡനെപ്പോലെയാണ്! അദ്ദേഹത്തിലുള്ള അത്തരം ഗുണങ്ങളെപ്പറ്റി രാവുംപകലും ഓർത്തുകൊണ്ടാണ് ഞാൻ കഴിയുന്നത്. അപ്രകാരമുള്ള എന്റെ പ്രിയന്റെ വിയോഗത്താൽ എന്റെ ഹൃദയം തകരുകയാണ്."

digitized by www.sreyas.in

ഇങ്ങനെയുള്ള വിചാരത്തോടെ ആ പുണ്യശ്ലോകനായ നളനെ കാണുവാൻ അത്യാകാംക്ഷയോടെ ദമയന്തി മാളികമുകളിൽ കയറിനിന്നു. വാർഷ്ണേയനോടും ബാഹുകനോടുംകൂടി ഋതുപർണ്ണൻ രാജധാനിയിൽ പ്രവേശിച്ചു. തേരു നിർത്തി. ബാഹുകനും വാർഷ്ണേയനും തേരിൽനിന്നിറങ്ങി. കുതിരകളെ അഴിച്ചുവിട്ട് ആ ഉത്തമമായ തേർ മാറ്റിനിർത്തി. ദീപ്തപരാക്രമനായ ഭീമരാജാവിനെ കാണുവാൻ ഋതുപർണ്ണൻ തേരിൽനിന്നിറങ്ങി. തന്റെ അതിഥിയെ കുണ്ഡിനാധിപൻ യഥോചിതം സൽക്കരിച്ചു. ഋതുപർണ്ണൻ ചുറ്റും നോക്കി. അവിടെ സ്വയംവരത്തിന്റെ ഘോഷമൊന്നും കണ്ടില്ല. ഋതുപർണ്ണൻ സംഭ്രമിച്ചു. അയോദ്ധ്യാധിപന്റെ വരവ് തന്റെ മകൾക്കുവേണ്ടിയാണെന്നറിയാത്ത ഭീമൻ സ്വാഗതാനന്തരം ആഗമനത്തിന്റെ കാര്യത്തെപ്പറ്റി ചോദിച്ചു. രാജാക്കന്മാരോ രാജപുത്രന്മാരോ വന്നു കാണായ്കയാലും, വിവാഹസംബന്ധമായ ആഘോഷങ്ങളോ, സജ്ജീകരണങ്ങളോ, ആഡംബരങ്ങളോ മറ്റോ കാണായ്കയാലും, ധീമാനായ രാജാവ് കാര്യം മറച്ചുവച്ച് ഇപ്രകാരം പറഞ്ഞു."

ഋതുപർണ്ണൻ പറഞ്ഞു: "ഭവാനെക്കണ്ടു വന്ദിക്കുവാൻ മാത്രം!"

ബൃഹദശ്വൻ പറഞ്ഞു: "ഋതുപർണ്ണന്റെ മറുപടി കേട്ട് ഭീമരാജാവ് പുഞ്ചിരിതൂകിക്കൊണ്ടു മനസ്സിൽ ചിന്തിച്ചു: 'അദ്ദേഹം പറഞ്ഞതു വാസ്തവമല്ല. പലപല രാജ്യങ്ങൾ കടന്ന് നൂറുയോജനയിലധികം ദൂരം പിന്നിട്ട് ഇത്ര പെട്ടെന്ന് ഇങ്ങോട്ടു വരുന്നതിന്ന് എന്തോ കാരണമുണ്ടെന്നു പിന്നീടറിയാം.' ഇപ്രകാരം ചിന്തിച്ച് വിദർഭൻ വേണ്ട സൽക്കാരങ്ങൾ ചെയ്തു. യാത്രയാൽ തളർന്ന ഋതുപർണ്ണനോട് വിദർഭൻ പറഞ്ഞു.

'ഭവാൻ യാത്രകൊണ്ടു ക്ഷീണിച്ചിരിക്കുന്നു. വിശ്രമിച്ചാലും!'

ഋതുപർണ്ണനെ മറ്റൊരു മന്ദിരത്തിലേക്കു രാജഭൃത്യന്മാരോടുകൂടെ അയച്ച് തന്റെ വ്യസതിയിൽ പ്രവേശിച്ചു.

ഋതുപർണ്ണരാജാവ് വാർഷ്ണേയനോടുകൂടെ പോയപ്പോൾ ബാഹുകൻ തേരുമായി രഥശാലയിൽ പ്രവേശിച്ചു. കുതിരകളെ അഴിച്ചുവിട്ട് ശാസ്ത്രാനുസരണമായി നടത്തി. അവയെ ആശ്വസിപ്പിച്ചതിന്നുശേഷം താനും തേർത്തട്ടിൽ ഇരുന്നു.

ഭൈമി ഋതുപർണ്ണനേയും, വാർഷ്ണേയനേയും, ബാഹുകനേയും കണ്ടു. നളനെ കണ്ടില്ല. ഭൈമി ചിന്താമഗ്നയായി: 'നളനാൽ എന്നപോലെ രഥനിർഘോഷം പുറപ്പെടുവിച്ചിരിക്കെ നളനെ ഇവരുടെയിടയിൽ കാണാഞ്ഞതെന്താണ്? നളന്നറിയുന്ന ആ അശ്വവിദ്യ വാർഷ്ണേയനും അറിഞ്ഞിരിക്കാം. അല്ലെങ്കിൽ ഋതുപർണ്ണരാജാവും നളന്നുതുല്യം അശ്വവിദ്യാവിശാരദനായിരിക്കാം. അതുകൊണ്ടാവാം ഇത്തരത്തിലുള്ള രഥനിർഘോഷം കേട്ടത്.' ഇപ്രകാരം സംശയഗ്രസ്തയായ ദമയന്തി നൈഷധനെ തിരയാൻ ഒരു ദൂതിയെ വിട്ടു."

74. നളോപാഖ്യാനം - നളകേശിനീസംവാദം -

ദമയന്തി കേശിനിയോടു പറഞ്ഞു: "എടോ കേശിനീ, നീ പോയി ആ വികൃതരൂപനും ഹ്രസ്വബാഹുവുമായ ആ സാരഥി ആരാണെന്ന് അന്വേഷിച്ചറിഞ്ഞു വരണം. മൃദുവായ സ്വരത്തിൽ, സൗമ്യമായി നീ ആ മനുഷ്യനോട് കുശലംചോദിക്കുക. അദ്ദേഹം നളനാണോ എന്ന് എനിക്കു വലുതായ ശങ്കയുണ്ട്. നളനെ കാണുമ്പോഴുള്ള സന്തോഷവും നിർവൃതിയും എനിക്ക് ആ മനുഷ്യനെ കാണുമ്പോൾ ഉണ്ടാകുന്നു. എല്ലാം വഴിപോലെ ചോദിച്ചറിഞ്ഞ്, പർണ്ണാദൻ പറഞ്ഞതിനെപ്പറ്റി അദ്ദേഹത്തോടു പറയുക. അതിന്ന് അദ്ദേഹം പറയുന്ന മറുപടി നീ സശ്രദ്ധം കേൾക്കുക."

ബൃഹദശ്വൻ പറഞ്ഞു: "ഉടനെതന്നെ ആ ദൂതി വളരെ ശ്രദ്ധയോടെ ബാഹുകന്റെ അടുത്തേക്കു നടന്നു. ദമയന്തി മാളികമുകളിൽനിന്ന് നോക്കിക്കണ്ടു. കേശിനി ബാഹുകന്റെ സമീപത്തെത്തി."

കേശിനി പറഞ്ഞു: "പുരുഷശ്രേഷ്ഠനായ ഭവാനു സ്വാഗതം. ഞാൻ ഭവാന് കുശലം ആശംസിക്കുന്നു! ദമയന്തി പറഞ്ഞയച്ചിരിക്കുന്നു; ഭവാൻ കേട്ടാലും: നിങ്ങൾ എപ്പോഴാണു പുറപ്പെട്ടത്? എന്തിനാണ് ഇങ്ങോട്ടു വന്നത്? സത്യം പറഞ്ഞുകേൾക്കുവാൻ ആഗ്രഹിക്കുന്നു."

ബാഹുകൻ പറഞ്ഞു: "വൈദർഭിക്ക് രണ്ടാംസ്വയംവരമുണ്ടെന്ന് ഒരു ബ്രാഹ്മണൻ പറഞ്ഞ് കീർത്തിമാനായ കോസലരാജാവു കേട്ടു. അതിൽ സംബന്ധിക്കണമെന്നാഗ്രഹിച്ച് വായുവേഗമുള്ള നൂറുയോജന ഓടാൻ ശക്തങ്ങളായ ഉത്തമാശ്വങ്ങളെ പൂട്ടിയ രഥത്തിൽക്കയറി അദ്ദേഹം യാത്ര ചെയ്ത് ഇവിടെ എത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ സാരഥിയാണു ഞാൻ."

കേശിനി പറഞ്ഞു: "അയോദ്ധ്യാധിപനും ഭവാനും പുറമേ, മൂന്നാമതൊരാൾകൂടി വന്നിട്ടുണ്ടല്ലോ. അയാൾ ആരാണ്? ഭവാൻ ആരുടെ പുത്രനാണ്? അങ്ങ് ഈ ജോലിക്ക് എങ്ങനെ വന്നു പെട്ടു?"

ബാഹുകൻ പറഞ്ഞു: "കൂടെ വന്നവന്റെ പേര് വാർഷ്ണേയൻ എന്നാണ്. അയാൾ മുമ്പ് നളരാജാവിന്റെ തേരാളിയായിരുന്നു. ഹേ സുന്ദരി, ആ പുണ്യപുരുഷൻ നാടുവിട്ടു പോയതിന്നുശേഷം ഭംഗാസുരിപുത്രനായ ഋതുപർണ്ണരാജാവിനെ ആശ്രയിച്ചു കഴിയുകയാണ്. ഞാനും ആ രാജാവിന്റെ സൂതനാണ്. അശ്വകുശലനാണ് ഞാൻ. ഭക്ഷണം തയ്യാറാക്കാനും സാരഥ്യം വഹിക്കാനുമായി കോസലാധിപൻതന്നെ എന്നെ നിയോഗിച്ചിരിക്കയാൽ അങ്ങനെ ഞാൻ ജീവിക്കുന്നു."

കേശിനി പറഞ്ഞു: "ആട്ടെ! ഞാൻ ഒന്നു ചോദിക്കട്ടെ! വാർഷ്ണേയൻ അറിവുണ്ടോ ,നളൻ എവിടെയാണെന്ന്? ആ സൂതൻ വല്ലപ്പോഴും അതിനെപ്പറ്റി പറഞ്ഞിട്ടുണ്ടോ?"

ബാഹുകൻ പറഞ്ഞു: "ആ പുണ്യചരിതന്റെ രണ്ടു മക്കളേയും ഇവിടെ കൊണ്ടുവിട്ടതിന്നുശേഷം വാർഷ്ണേയൻ നിഷധത്തിൽ പോവുകയോ, നൈഷധനെ കാണുകയോ ചെയ്തിട്ടില്ല. നളൻ എവിടെയാണെന്നറിയുന്നവർ ആരുമില്ല. ആ രാജാവ് പ്രച്ഛന്നവേഷനായി, ജന്മസിദ്ധമായ സൗന്ദര്യം നശിച്ച് ലോകത്തിൽ ഗൂഢമായി സഞ്ചരിക്കുന്നുണ്ട്. ഇപ്പോൾ നളനെ അറിയുന്നവൻ നളൻ മാത്രമേയുള്ളൂ. തന്റെ ചിഹ്നം അദ്ദേഹം ആർക്കും മനസ്സിലാക്കിക്കൊടുത്തിട്ടില്ല."

കേശിനി പറഞ്ഞു: "അയോദ്ധ്യയിൽ മുമ്പു ചെന്നിരുന്ന ബ്രാഹ്മണൻ ഈ നാരീവാക്യം വീണ്ടും വീണ്ടും ഉച്ചത്തിൽ പാടി നടന്നത് ഭവാൻ കേൾക്കുകയുണ്ടായില്ലേ?

എന്നുടെ വസ്ത്രം പകുതി മുറിച്ചുടു-
ത്തെങ്ങുപോയ്! ധൂർത്താ നീയെങ്ങുപോയി?
കാട്ടിൽക്കിടന്നുറങ്ങീടുന്ന കാന്തയെ
വിട്ടുപിരിഞ്ഞു നീയെങ്ങുപോയി?
അന്നു നീ കണ്ടപോൽ നില്ക്കുകയാണവൾ
ഇന്നും നിൻ ആഗമം നോക്കിനോക്കി.
അപ്പാതിവസ്ത്രവും ചുറ്റിയാപ്പെൺകൊടി-
യിപ്പോഴും ദുഃഖത്തിൽ നീറിനീറി!
എത്തുംപിടിയുമില്ലാത്ത കദനത്തി-
ലെത്തിയൊരെന്നെപ്പിടിച്ചു കേറ്റാൻ
എത്തുക വേഗം! കനിയുകീപ്പാവത്തിൽ!
ഉത്തരം ചൊല്ലുക, ജീവനാഥാ!

ഈ വാക്യത്തിന്ന് ഭവാൻ അന്നു കൊടുത്ത മറുപടി ഭവാനിൽനിന്ന് വീണ്ടും കേൾക്കുവാൻ ഭൈമി ഇച്ഛിക്കുന്നു. ആ മറുപടി ഒരിക്കൽക്കൂടി പറയുവാൻ ഭവാന് ദയയുണ്ടാകുമോ?"

ബൃഹദശ്വൻ പറഞ്ഞു: "ഇപ്രകാരം കേശിനി പറഞ്ഞപ്പോൾ, യുധിഷ്ഠിരാ! നളരാജാവിന്റെ ഹൃദയം പിടച്ചു. രണ്ടു

digitized by www.sreyas.in

കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിച്ചു. ആത്മാവിനെ അടക്കി ദുഃഖംകൊണ്ട് കത്തിയെരിയുന്ന ആ രാജാവ് തൊണ്ടയിടറി വീണ്ടും താൻ മുമ്പു പറഞ്ഞ മറുപടിവാക്യം ആവർത്തിച്ച് ഇപ്രകാരം കേൾപ്പിച്ചു:

'എത്ര വലിയ വിഷമാവസ്ഥയിൽപ്പെട്ടാലും കുലസ്ത്രീകൾക്കുതന്നെത്താൻ രക്ഷകിട്ടും. സ്വർഗ്ഗത്തെപ്പോലും നേടാൻ അവർക്കു കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഭർത്താക്കന്മാർ പിരിഞ്ഞുപോയാലും അവരുടെ പേരിൽ വരനാരികൾ കോപിക്കുകയില്ല. പാതിവ്രത്യമാകുന്ന കവചം ധരിച്ച അവർ ഏതുവിധേനയും ജീവിച്ചുകൊള്ളും. വിഷമത്തിൽപ്പെട്ട് കർത്തവ്യം അറിയാതാകുന്ന മൂഢൻ ആ വിഷമാവസ്ഥയിൽ ഭാര്യയെ ഉപേക്ഷിച്ചാൽ അവനോട് അവന്റെ ഭാര്യ ക്രോധിക്കരുത്. അവശേഷിച്ച ആ ഒറ്റവസ്ത്രം കൂടിയും പക്ഷികൾ അപഹരിച്ചതിന്നുശേഷം ആധിയാൽ ദഹിച്ച് ഏറ്റവും കഷ്ടപ്പെട്ട് പ്രാണധാരണംചെയ്യുന്ന ആളോട് ഒരിക്കലും കോപിക്കരുത്. രാജ്യം നഷ്ടപ്പെട്ട്, രാജ്യഭ്രഷ്ടനായി, ധനം നഷ്ടപ്പെട്ട്, ശ്രീ നശിച്ച്, ദുഃഖാർത്തനായി വിശന്നുതളർന്ന ആ മനുഷ്യൻ ആദരിച്ചാലും, അനാദരിച്ചാലും അതിനെക്കുറിച്ചു ചിന്തിച്ചു പരിഭവിക്കരുത്.'

ഇപ്രകാരം തൊണ്ടയിടറി വീണ്ടും പറഞ്ഞ നളൻ ദുഃഖപീഡിതനായി കണ്ണുനീർ തടയുവാൻ കഴിയാതെ തേങ്ങിത്തേങ്ങി കരഞ്ഞു. അതിന്നുശേഷം ദമയന്തിയുടെ അടുത്തേക്ക് മടങ്ങിപ്പോയി, ഉണ്ടായതെല്ലാം അങ്ങനെതന്നെ കേശിനി വൈദർഭിയോടു പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന്നുണ്ടായ വികാരഭേദങ്ങളും അവൾ ദമയന്തിയോടു വിസ്തരിച്ചു പറഞ്ഞുകൊടുത്തു."

75. നളോപാഖ്യാനം – കന്യാപുത്രദർശനം – ബൃഹദശ്വൻ പറഞ്ഞു: "എല്ലാം പറഞ്ഞു കേട്ടപ്പോൾ ദുഃഖപീഡിതയായ ദമയന്തി വികൃതാംഗനായ സൂതൻ നളൻതന്നെയാണെന്നു സംശയിച്ച് കേശിനിയോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "എടോ കേശിനി, നീ ഇനിയും പോയി പരീക്ഷിച്ചുനോക്കുക. അദ്ദേഹത്തോട് ഇനി ഒന്നും ചോദിക്കേണ്ടാ. അരികെനിന്ന് അദ്ദേഹത്തിന്റെ നടപടികൾ നോക്കി മനസ്സിലാക്കിയാൽമാത്രംമതി. അദ്ദേഹം എന്തെങ്കിലും ഒന്നു പ്രവർത്തിച്ചാൽ അത് എങ്ങനെ ചെയ്തുവെന്ന് അദ്ദേഹത്തിന്റെ ചേഷ്ടയിൽനിന്നു നീ അറിയണം. അദ്ദേഹം ആവശ്യപ്പെട്ടാൽപ്പോലും നീ തീയോ, വെള്ളമോ ഉടനെ കൊടുക്കരുത്. എല്ലാം നോക്കിക്കണ്ടു ബാഹുകനിൽ ദൈവികമോ, മാനുഷികമോ, മറ്റുവിധമോ ആയ എല്ലാ ചേഷ്ടിതങ്ങളും ശരിക്കുകണ്ടറിഞ്ഞ് എന്നെ ഒന്നും വിടാതെ അറിയിക്കണം."

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തി പറഞ്ഞതുകേട്ട് അവൾ ഉടനെ അശ്വജ്ഞനായ ബാഹുകന്റെ സമീപത്തെത്തി. എല്ലാ ചേഷ്ടകളും കണ്ടു മനസ്സിലാക്കി മടങ്ങി വീണ്ടും ദമയന്തിയുടെ സമീപത്തെത്തി. ബാഹുകന്റെ ദൈവികവും മാനുഷികവുമായ പണികൾ ഉണർത്തിച്ചു."

കേശിനി പറഞ്ഞു: "ദേവീ, ദമയന്തീ, അദ്ദേഹത്തെപ്പോലെ ഉപചാരശുദ്ധി മറ്റൊരു പുരുഷനിലും ഞാൻ ഇതേവരെ കണ്ടിട്ടില്ല; കേട്ടിട്ടുമില്ല. തീർച്ചയാണ്. അദ്ദേഹത്തിന്റെ കർമ്മങ്ങളെല്ലാം അമാനുഷമാണ്. ഉയരം കുറഞ്ഞ വാതിൽക്കൽക്കൂടിയും അദ്ദേഹത്തിന്നു കുനിയേണ്ടിവരുന്നില്ല. അത്തരം കുറിയ വാതിൽ അദ്ദേഹം കടക്കുവാൻ ചെല്ലുമ്പോൾ തനിയെ തന്നെ നീണ്ടുയരുന്നു. ഇടുങ്ങിയവഴികൾ അദ്ദേഹം ചെല്ലുമ്പോൾ തനിയെ വിസ്താരമുള്ളതായി ഭവിക്കുന്നു. ഋതുപർണ്ണരാജാവിന്റെ ഭോജനത്തിന്നായി വളരെ വിശേഷപ്പെട്ട മൃഗങ്ങളുടെ മാംസവും മറ്റും ഭീമരാജാവ് കൊടുത്തയച്ചിരുന്നു. അവിടെ വെള്ളമില്ലാത്ത കുടങ്ങൾ ധാരാളം വച്ചിരുന്നു. കറിക്കുള്ള വസ്തുക്കൾ കഴുകുന്നതിലേക്ക് വെള്ളം എടുക്കുവാൻ കുടത്തിൽ ഒന്നു നോക്കി. ഉടനെ ഒഴിഞ്ഞിരുന്ന കുടങ്ങളെല്ലാം ജലപൂർണ്ണങ്ങളായി. ആ വെള്ളംകൊണ്ട് ആ പദാർത്ഥങ്ങളൊക്കെ നല്ലപോലെ കഴുകി വൃത്തിയാക്കിവെച്ചു. പിന്നെ ഒരുപിടി ഉണക്കപ്പുല്ലെടുത്ത് സൂര്യന്റെ നേരെ കാണിച്ചു. അതു പെട്ടെന്നു തീപിടിച്ച് എരിഞ്ഞു തുടങ്ങി. ഈ അത്ഭുതംകണ്ട് ഞാൻ വിസ്മയിച്ചു നിന്നുപോയി. തീയുടെ സ്പർശനമേറ്റിട്ടും അദ്ദേഹത്തിന്റെ ശരീരം പൊള്ളുന്നില്ല. അദ്ദേഹം വിചാരിക്കുന്നേടത്ത് വെള്ളം നദിപോലെ ഒഴുകിച്ചെല്ലുന്നു. വേറേയും വലിയ ഒരാശ്ചര്യം ഞാൻ കണ്ടു. പുഷ്പങ്ങളെടുത്ത് അദ്ദേഹം മെല്ലെ കൈകൊണ്ടു തിരുമ്മി. അദ്ദേഹം മർദ്ദിച്ച പുഷ്പങ്ങളൊന്നും കേടുവന്നുപോയില്ല. മറിച്ച് അവ കൂടുതൽ വിടർന്ന നിലയിൽ പൂർവ്വാധികം സൗരഭ്യം തൂകി. ഇങ്ങനെയുള്ള അത്ഭുതങ്ങളൊക്കെ കണ്ടശേഷം ഞാൻ വേഗത്തിലിങ്ങോട്ടു പോന്നു."

ബൃഹദശ്വൻ പറഞ്ഞു: "പുണ്യശ്ലോകനായ നളന്റെ കർമ്മചേഷ്ടകൾ കേശിനി പറഞ്ഞുകേട്ടപ്പോൾ കർമ്മചേഷ്ടകൾകൊണ്ട് ആ ബാഹുകൻ തന്റെ ഭർത്താവുതന്നെയാണെന്നു വിചാരിച്ച് ദമയന്തി ദീനയായി കരഞ്ഞു. അവൾ ഒന്നുകൂടി പരീക്ഷിക്കുവാനായി ഋതുപർണ്ണപാചകനായ ബാഹുകൻ തയ്യാറാക്കിയിട്ടുള്ള മാംസക്കറിയിൽനിന്നു കുറെ തനിക്കായി ബാഹുകനറിയാതെ എടുത്തുകൊണ്ടുവരുവാൻ വെപ്പുപുരയിലേക്കയച്ചു. പ്രിയകാരിണിയായ കേശിനി ഉടനെ ബാഹുകന്റെ അടുത്തുചെന്ന് പാകംചെയ്ത മാംസം ചൂടോടുകൂടി വാങ്ങിക്കൊണ്ടുവന്ന് ഭൈമിക്കു കൊടുത്തു. നളൻ തയ്യാറാക്കിയിട്ടുള്ള മാംസക്കറി പല പ്രാവശ്യവും അനുഭവിച്ചിട്ടുള്ള ദമയന്തി ഈ മാംസം ഭക്ഷിച്ചു നോക്കിയപ്പോൾ ഇത് പാകംചെയ്തിട്ടുള്ള ആൾ നളൻതന്നെയാണെന്നുള്ള വിശ്വാസം ഒന്നകൂടി ഉറച്ചു. കണ്ണുനീർ വാർത്തു നനഞ്ഞ മുഖം വിക്ലബയായ അവൾ കഴുകിത്തുടച്ച് തന്റെ രണ്ടു സന്താനങ്ങളായ ഇന്ദ്രസേനനേയും, ഇന്ദ്രസേനയേയും കേശിനിയുടെകൂടെ ബാഹുകന്റെ സന്നിധിയിലേക്കയച്ചു. സഹോദരനോടുകൂടിയ ഇന്ദ്രസേനയെക്കണ്ട് ബാഹുകൻ ഓടിച്ചെന്ന് പുണർന്ന് അവരെ മടിയിൽ കയറ്റി. സുരപുത്രാഭരായ കുട്ടികൾ തന്റെ മക്കളാണെന്നറിഞ്ഞപ്പോൾ അദ്ദേഹം അടക്കുവാൻ വയ്യാത്ത ദുഃഖത്തോടെ ഉറക്കെ പൊട്ടിക്കരഞ്ഞു. പല വികാരങ്ങളും പ്രത്യക്ഷമായി. പിന്നീട് കേശിനിയുടെ മുമ്പിൽവച്ച് ഇത്ര പരസ്യമായി ചാപല്യംകാണിച്ചതു നന്നായില്ലെന്ന് അദ്ദേഹത്തിന്ന് തോന്നുകയാൽ ഉടനെ മക്കളെ വിട്ട് കേശിനിയോടു പറഞ്ഞു."

ബാഹുകൻ പറഞ്ഞു: "ഭദ്രേ! ഈ രണ്ടുകുട്ടികളേയും കണ്ടാൽ പ്രായംകൊണ്ടും, രൂപംകൊണ്ടും എന്റെ കുട്ടികൾക്കു തുല്യരായി തോന്നും. അതുകൊണ്ട് എന്റെ കുട്ടികളെ ഓർത്തു കരഞ്ഞതാണ്. നീ ഇവിടെ കൂടെക്കൂടെ വരുന്നത് ശരിയല്ല. ജനങ്ങൾ ദോഷം ശങ്കിക്കും. എന്തെന്നാൽ ഞങ്ങൾ അന്യദേശത്തുനിന്നും വന്ന അതിഥികളാണ്. അതുകൊണ്ട് ഭദ്രേ! നീ പൊയ്ക്കൊള്ളുക."

76. നളോപാഖ്യാനം – നളദമയന്തീസമാഗമം – ബൃഹദശ്വൻ പറഞ്ഞു: "കുട്ടികളെ കണ്ടപ്പോൾ ധീമാനായ ആ പുണ്യശ്ലോകൻ കാണിച്ച വികാരഭേദങ്ങൾ കേശിനി ദമയന്തിയെ അറിയിച്ചു. അപ്പോൾ ദമയന്തി ദുഃഖപൂർണ്ണമായ ഹൃദയത്തോടെ, തന്റെ ഭർത്താവിനെ കാണാനുള്ള ഉത്കണ്ഠയോടെ കേശിനിയോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "ഹേ കേശിനീ, ഇനി നീ ചെന്ന് അമ്മയോട് എന്റെ വാക്കായി ഇങ്ങനെ പറയുക: "ഋതുപർണ്ണരാജാവിന്റെ സാരഥിയായി വന്നിട്ടുള്ള ബാഹുകൻ നളരാജാവാണെന്ന് എനിക്ക് സംശയമുണ്ടാകയാൽ ഞാൻ പല പരീക്ഷകളും ചെയ്തുനോക്കി. കർമ്മംകൊണ്ട് ആ പുരുഷൻ നളൻതന്നെയാണെന്ന് എനിക്കുതോന്നുന്നു. രൂപംകൊണ്ടു മാത്രമേ ശങ്കയുള്ളു. ആ സംശയം തീർക്കുവാൻവേണ്ടി അദ്ദേഹത്തെ ഇവിടെ വരുത്തുവാൻ അമ്മ ഏർപ്പാടുചെയ്യണം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ മുൻപിൽ ചെല്ലുവാൻ അമ്മ എന്നെ അനുവദിക്കണം. അച്ഛനെ അറിയിച്ചോ, അറിയിക്കാതെയോ, അമ്മയുടെ ഇഷ്ടംപോലെ അമ്മ എന്റെ ഹിതം ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു."

digitized by www.sreyas.in

ബൃഹദശ്വൻ പറഞ്ഞു: "കേശിനി ഉടനെ ചെന്ന് ഈ സന്ദേശം രാജ്ഞിയെ ഉണർത്തിച്ചു. ശോകാർത്തയും, ഭർത്തൃദർശനലാലസയുമായ മകളുടെ സന്ദേശം അമ്മ അച്ഛനെ അറിയിച്ചു. ഭീമൻ പുത്രിയുടെ അഭിപ്രായം അനുവദിച്ചു. മാതാപിതാക്കളുടെ സമ്മതത്തോടെ അവൾ നളനെ താൻ വസിക്കുന്ന ഗൃഹത്തിലേക്കു പ്രവേശിപ്പിച്ചു.

ദമയന്തിയെ കണ്ട ഉടനെ നളൻ ശോകദുഃഖങ്ങൾകൊണ്ടു കണ്ണുനീരിൽ കുളിച്ചു. അപ്രകാരം നില്ക്കുന്ന നളനെക്കണ്ട് ദമയന്തിയും തീവ്രദുഃഖംമൂലം കണ്ണുനീരിൽ കുളിച്ചുനിന്നു. കാഷായവസ്ത്രം ധരിച്ച്, ജടപിടിച്ച കേശത്തോടും, ചളിപുരണ്ട ദേഹത്തോടുംകൂടി തീവ്രദുഃഖപരവശയായി കണ്ണുനീരിൽക്കുളിച്ചു നില്ക്കുന്ന ആ വരവർണ്ണിനി ബാഹുകനോടു പറഞ്ഞു."

ദമയന്തി പറഞ്ഞു: "ഹേ, ബാഹുക! ധർമ്മജ്ഞനായ ഭവാൻ മുമ്പെങ്ങാനും ഉറങ്ങുന്ന പെണ്ണിനെ കാട്ടിൽ ഉപേക്ഷിച്ചുപോയ പുരുഷനെ കാണുകയുണ്ടായോ? വിജനപ്രദേശത്ത് തളർന്നുകിടന്നുറങ്ങുമ്പോൾ, യാതൊരു കുറ്റവും തന്നിൽ ചെയ്യാത്ത പ്രിയപത്നിയെ, പുണ്യശ്ലോകനായ നളനല്ലാതെ മറ്റാരെങ്കിലും ഉപേക്ഷിച്ചതായി കേട്ടിട്ടുണ്ടോ? ആ രാജാവിന് ഞാൻ ബാല്യംമുതൽ വല്ല അപരാധവും ചെയ്തിട്ടുണ്ടോ, ഉറങ്ങുന്ന എന്നെ കാട്ടിൽ ഇട്ടെറിഞ്ഞുപോകുവാൻ? സാക്ഷാൽ ദേവകൾ എന്നെ വിവാഹം ചെയ്യുവാൻ ആഗ്രഹിച്ച് എന്റെ സ്വയംവരത്തിൽ വന്നു. അവരെ വിട്ടുകളഞ്ഞിട്ടാണ് ഞാൻ അദ്ദേഹത്തെ വേട്ടത്. അനുവ്രതയും, അനുരക്തയും, പുത്രവതിയുമായ എന്നെ അദ്ദേഹം എങ്ങനെ പരിത്യജിച്ചു? ദേവന്മാരുടെ മുമ്പിൽവെച്ച് അഗ്നിസാക്ഷിയായി പാണിഗ്രഹണംചെയ്ത ഘട്ടത്തിൽ ഞാൻ നിന്റേതുമാത്രമാണ് എന്നു ചെയ്ത സത്യം ഇപ്പോൾ എവിടെപ്പോയി?"

ബൃഹദശ്വൻ പറഞ്ഞു: "ദമയന്തി ഈ വാക്കുകൾ പറയുമ്പോൾ, അവളുടെ നയനങ്ങളിൽനിന്ന് അശ്രു ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. കടക്കണ്ണു ചുവന്ന് ആ മാൻകണ്ണി കണ്ണുനീർ ഒഴുക്കുന്നതു കണ്ട് നളനും ശോകാർത്തനായി."

നളൻ പറഞ്ഞു: "എടോ, ഭീരു! എന്റെ രാജ്യം നഷ്ടപ്പെട്ടത് ഞാൻ തന്നെത്താൻചെയ്ത കർമ്മംകൊണ്ടല്ല, അങ്ങനെ സംഭവിച്ചതും ഭവതിയെ ഞാൻ വെടിഞ്ഞതും കലി ചെയ്ത പണിയാലാണ്. നീ കാട്ടിൽ ചുറ്റിനടന്ന് എന്നെയോർത്തു രാപകൽ ദുഃഖിച്ചുകഴിയുമ്പോൾ, നീ ആ ധർമ്മകൃച്ഛ്റത്തിൽ ആ കലിയെ ശപിക്കുകയുണ്ടായി. ആ ശാപത്താൽ കലി അന്നുമുതൽ എന്നിൽ വെന്തുനീറിക്കൊണ്ടാണ് അധിവസിച്ചിരുന്നത്. നിന്റെ ശാപത്താൽ ദഗ്ദ്ധനായും എന്റെ തപോബലത്താൽ തളർന്നവനായും കലി തീയിനുള്ളിൽ തീയെന്നപോലെ എന്റെ ദേഹത്തിൽ എരിഞ്ഞുപൊരിഞ്ഞുകൊണ്ടാണു കഴിഞ്ഞത്. എടോ ശോഭനേ, ഇപ്പോൾ നമ്മുടെ ദുഃഖത്തിന്റെ അന്ത്യം നാം കണ്ടിരിക്കുന്നു. ആ പാപിയായ കലി എന്നെ വേർപെട്ടു പൊയ്ക്കഴിഞ്ഞു, ഞാൻ ഇവിടെ വന്നത് ഭവതിക്കുവേണ്ടിത്തന്നെയാണ്. അല്ലാതെ മറ്റു കാര്യങ്ങൾക്കൊന്നുമല്ല. പക്ഷേ, അനുവ്രതനും, അനുരക്തനുമായ ഭർത്താവിനെ ഉപേക്ഷിച്ച് അന്യനെ സ്വീകരിക്കുന്ന നാരി നീയല്ലാതെ മറ്റു വല്ലവരുമുണ്ടോ? തനിക്ക് ചേർന്നവനായ ഒരു ഭർത്താവിനെ ഭൈമി രണ്ടാമതും സ്വൈരമായി സ്വയംവരംചെയ്യുന്നുണ്ടെന്ന രാജകല്പന ദൂതന്മാർ ഭൂലോകത്തൊക്കെ സഞ്ചരിച്ച് പരസ്യംചെയ്തിരിക്കുന്നു. ഋതുപർണ്ണരാജാവ് അതു കേട്ടിട്ടാണ് ഇങ്ങോട്ടു വന്നിരിക്കുന്നത്."

ബൃഹദശ്വൻ പറഞ്ഞു: "പുനർവിവാഹത്തെപ്പറ്റി നളൻ പറഞ്ഞതുകേട്ട്, ദമയന്തി ഭയപ്പെട്ടു വിറച്ച് കൈകൂപ്പിനിന്നു."

ദമയന്തി പറഞ്ഞു: "ഹേ ശുഭചരിതാ! ഭവാൻ എന്നിൽ മംഗല്യദോഷം ശങ്കിക്കരുതേ! ദേവന്മാരെപ്പോലും തള്ളിക്കളഞ്ഞു ഭവാനെ വേട്ടവളാണ് ഈയുള്ളവൾ. അങ്ങയെ കണ്ടുപിടിക്കുവാൻ എല്ലായിടത്തും വിപ്രന്മാർ പോയി എന്റെ ഗാഥാവചനം പാടി നടന്നു. പിന്നെ പർണ്ണാദൻ എന്നു പേരായ പണ്ഡിതബ്രാഹ്മണൻ ഭവാനെ ഋതുപർണ്ണന്റെ മന്ദിരത്തിൽവച്ചു കണ്ടറിഞ്ഞു. അവൻ പറഞ്ഞതിന്നു ശരിയായ മറുപടി ഭവാനിൽനിന്നു മാത്രമേ ലഭിച്ചുള്ളൂ. ഇത്, ഹേ രാജാവേ, ഭവാനെ വരുത്തുവാൻ ഞാൻ പ്രയോഗിച്ച സൂത്രമാണ്. ഭവാനല്ലാതെ ഒരു പകൽകൊണ്ട് നൂറു യോജന അശ്വങ്ങളെ എത്തിക്കുവാൻ ആർക്കു സാധിക്കും?"

ഇതൊക്കെ സത്യമാണ്. ഭവാന്റെ കാൽപിടിച്ചു ഞാൻ പറയുന്നു: "ഇതൊക്കെ സത്യമാണെന്ന്. മനസ്സുകൊണ്ടുപോലും ഒരു പാപവും ഞാൻ ചെയ്യുന്നതല്ല. ഈ ലോകത്തിൽ സഞ്ചരിക്കുന്ന സർവ്വസാക്ഷിയായ വായുദേവൻ ഞാൻ പാപംചെയ്തിട്ടുണ്ടെങ്കിൽ എന്റെ ജീവൻ അപഹരിച്ചുകൊള്ളട്ടെ! ആകാശത്തിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സൂര്യദേവൻ എന്റെ പ്രാണനെ അപഹരിച്ചുകൊള്ളട്ടെ! സർവ്വ ലോകങ്ങളുടേയും അന്തശ്ചരനും കർമ്മസാക്ഷിയുമായ ചന്ദ്രൻ, ഞാൻ പാപംചെയ്തിട്ടുണ്ടെങ്കിൽ എന്റെ ജീവൻ അപഹരിച്ചുകൊള്ളട്ടെ! മൂന്നു ലോകങ്ങളേയും ധരിച്ചുകൊണ്ടിരിക്കുന്ന ഈ മൂന്നു ദേവന്മാരും സത്യം വെളിപ്പെടുത്തട്ടെ! അല്ലെങ്കിൽ എന്നെ പരിത്യജിക്കട്ടെ!"

ഉടനെ വായുദേവൻ ആകാശത്തിൽനിന്നു വിളിച്ചുപറഞ്ഞു: "നളരാജാവേ! ഇവൾ പാപമൊന്നും ചെയ്തിട്ടില്ല. ഈ പറഞ്ഞതു സത്യമാണ്. ദമയന്തി നിന്റെ രാജകുടുംബത്തിന്റെ സൽപ്പേരുനിലനിർത്തുക മാത്രമല്ല, വർദ്ധിപ്പിക്കുകകൂടി ചെയ്തു. ഇക്കഴിഞ്ഞ മൂന്നു സംവത്സരം മുഴുവൻ ഞങ്ങൾ ഇവളുടെ സംരക്ഷകരും, ഇവൾക്ക് സാക്ഷികളുമായിരുന്നു. ഇപ്പോൾ ഇവൾ ചെയ്ത ഈ പ്രസ്താവം ഭവാനെ കാണുന്നതിന്ന് പ്രയോഗിച്ച ഒരുപായം മാത്രമാണ്. ഒറ്റപ്പകൽകൊണ്ട് നൂറുയോജനദൂരം സഞ്ചരിക്കുവാൻ ഭവാനല്ലാതെ മറ്റാർക്കു കഴിയും? ഭവാനു ഭൈമിയേയും. ഭൈമിക്കു ഭവാനേയും കിട്ടിയിരിക്കുന്നു. അവളെ ഒട്ടും ശങ്കിക്കേണ്ടതില്ല. ഭവാൻ ഭാര്യയോടുകൂടി ചേർന്നാലും."

ബൃഹദശ്വൻ പറഞ്ഞു: "വായു ഇപ്രകാരം പറഞ്ഞപ്പോൾ ആകാശത്തുനിന്നു പുഷ്പവൃഷ്ടിയുണ്ടായി. ദേവദുന്ദുഭി മുഴങ്ങി. മന്ദമാരുതൻ വീശി. ഈ അത്ഭുതം കണ്ടതോടുകൂടി നളന്ന് ദമയന്തിയിലുണ്ടായ ശങ്ക തീരെ അകന്നു പോയി. പിന്നെ നളൻ നാഗരാജാവിനെ സ്മരിച്ച് ആ ദിവ്യവസ്ത്രം ധരിച്ചു. ഉടനെ നളൻ ശരിയായ രൂപത്തിൽ ദമയന്തിയുടെ മുമ്പിൽ പ്രശോഭിച്ചു. വികൃതരൂപം നീങ്ങി പൂർവ്വരൂപത്തെ പ്രാപിച്ച ഭർത്താവിനെക്കണ്ട്, ആ പുണ്യശ്ലോകനെ ദമയന്തി ആലിംഗനംചെയ്തു ഉറക്കെ കരഞ്ഞു. നളൻ ഭൈമിയേയും ആശ്ലേഷിച്ചു. ആ സുന്ദരരൂപൻ തന്റെ മുമ്പിൽ കരഞ്ഞ് തന്റെ മാറോടണച്ചു നില്ക്കുന്ന ആ പാവനാംഗിയെ വീണ്ടും വീണ്ടും ആശ്ലേഷിക്കുകയും മക്കളെ സസന്തോഷം മടിയിൽക്കയറ്റി ഓമനിക്കുകയുംചെയ്തു. ദുഃഖം പൂണ്ട് നെടുവീർപ്പിട്ടു നില്ക്കുന്നവളും, ചേറണിഞ്ഞ മുഖത്തോടുകൂടിയവളും, ശുചിസ്മിതയുമായ ആ സുമുഖിയെ വളരെ നേരം നളൻ വീണ്ടും വീണ്ടും ആർത്തിയോടെ ആശ്ലേഷിച്ചാശ്ലേഷിച്ചു സമാശ്വസിപ്പിച്ചു. ഭൈമിയുടെ മാതാവ് വൃത്താന്തമെല്ലാം അച്ഛനെ അറിയിച്ചു."

നളദമയന്തിമാർ തമ്മിൽ പുനസ്സമാഗമമുണ്ടായ വൃത്താന്തം അറിഞ്ഞു സന്തോഷിച്ച് ഭീമരാജാവ് പറഞ്ഞു."

ഭീമൻ പറഞ്ഞു: "നാളെ പ്രഭാതത്തിൽ ഞാൻ ദേഹശുദ്ധി വരുത്തിയതിന്നുശേഷം ദമയന്തിയോടുകൂടി നളനെ കണ്ടുകൊള്ളാം."

ബൃഹദശ്വൻ പറഞ്ഞു: "കാട്ടിൽവച്ചു നടന്ന സംഭവങ്ങളെപ്പറ്റി പരസ്പരം പറഞ്ഞു നളനും ദമയന്തിയും രാത്രി കഴിച്ചു. ഇപ്രകാരം നാലാമത്തെ സംവത്സരത്തിൽ നളന്ന് ദമയന്തിയെ പ്രാപിക്കുവാൻ സാധിച്ചു.

അന്യോന്യസുഖകാംക്ഷികളായ അവർ ഭീമരാജാവിന്റെ ഭവനത്തിൽ സസന്തോഷം മധുരമായ സങ്കല്പങ്ങളോടെ പാർത്തു. ഭാര്യയെ നാലാമത്തെ വർഷത്തിൽ തിരിച്ചുകിട്ടിയ നളൻ സർവ്വകാമങ്ങളും പൂർത്തിയാകുമാറ് ഭൈമിയോടുകൂടി സുഖമായി വസിച്ചു. ദമയന്തിയാകട്ടെ അപ്രകാരംതന്നെ ഭർത്തൃലബ്ധിയിൽ മോദിച്ചു സംതൃപ്തയായി. വെള്ളം കിട്ടാതെ വരണ്ട

digitized by www.sreyas.in

ഭൂമിയിൽ മഴ കിട്ടിയപ്പോൾ അർദ്ധപ്രാണയായ ലത എന്നവിധം ദമയന്തി ഭർത്തൃലബ്ധിയിൽ ആനന്ദിച്ചു."

ദുഃഖങ്ങൾവിട്ട് ആലസ്യം മാറി ഹർഷാഞ്ചിതസത്വയായി ഭൈമി, ചന്ദ്രൻ തെളിഞ്ഞുയർന്ന രാത്രി എന്നവിധം, പ്രസന്നയായി പ്രശോഭിച്ചു."

77. നളോപാഖ്യാനം - ഋതുപർണ്ണന്റെ സ്വദേശഗമനം – ബൃഹദശ്വൻ പറഞ്ഞു: "ആ രാത്രി അങ്ങനെ കഴിഞ്ഞതിന്നു ശേഷം പ്രഭാതമായപ്പോൾ നളൻ ശുദ്ധനായി ഭൂഷണങ്ങൾ അണിഞ്ഞ് അലംകൃതനായി ദമയന്തിയോടുകൂടി ശ്വശുരനെ ച്ചെന്നു മുഖം കാണിച്ചു. ദമയന്തിയും, നളനും രാജാവിനെ വന്ദിച്ചു. നളനെ രാജാവ് പുത്രനെപ്പോലെ സന്തോഷവാത്സല്യങ്ങളോടെ സ്വീകരിച്ച് യഥായോഗ്യം ഭീമരാജാവ് അവരെ സല്ക്കരിച്ചു സമാശ്വസിപ്പിച്ചു. ആ സല്ക്കാരം നളൻ സന്തോഷത്തോടെ സ്വീകരിച്ച്, തന്റെ പരിചര്യയ്ക്കുള്ള സന്നദ്ധത പ്രകടിപ്പിച്ചു.

ഈ വർത്തമാനം അറിഞ്ഞതോടുകൂടി നാട്ടിലെങ്ങും വലിയ കോലാഹലമുണ്ടായി. നളനെ അനുമോദിക്കുവാൻ ജനങ്ങൾ തോരണങ്ങളും, പതാകകളോടുകൂടിയ ധ്വജങ്ങളും നാട്ടി. പട്ടണമെങ്ങും മോടിപിടിപ്പിച്ചു. രാജവീഥികൾ നനച്ചുതേച്ച് പൂക്കൾ വിതറി അലങ്കരിക്കുകയും, ദ്വാരങ്ങൾതോറും പുഷ്പങ്ങളാൽ കമനീയമാക്കുകയും, ദേവാലയങ്ങളിൽ അർച്ചന നടത്തുകയുംചെയ്തു. ബാഹുകവേഷധാരിയായ പുരുഷൻ നൈഷധനാണെന്നും അദ്ദേഹം ദമയന്തിയുമായി വീണ്ടും ചേർന്നെന്നും അറിഞ്ഞപ്പോൾ ഋതുപർണ്ണന് വലിയ സന്തോഷമായി. അദ്ദേഹം നളനെ വിളിച്ചു മാപ്പുചോദിച്ചു. നളനും പല കാരണങ്ങൾ പറഞ്ഞ് അദ്ദേഹത്തോടു മാപ്പുചോദിച്ചു. വാക്ചതുരനും തത്ത്വജ്ഞനുമായ ഋതുപർണ്ണൻ വിസ്മിതനായി നളനോട് ഇങ്ങനെ പറഞ്ഞു."

ഋതുപർണ്ണൻ പറഞ്ഞു: "ഭാഗ്യത്താൽ ഭവാൻ ഭാര്യയോട് വീണ്ടും ചേർന്നതിൽ ഞാൻ അതിരറ്റ് ആഹ്ലാദിക്കുന്നു. ഹേ, നൈഷധാ, എന്റെ ഗൃഹത്തിൽ ഭവാൻ അജ്ഞാതവാസം ചെയ്തിരുന്നകാലത്ത് ഞാൻ ഭവാനോട് ഒതു തെറ്റും ചെയ്തിട്ടില്ല. വല്ല തെറ്റും അറിഞ്ഞോ അറിയാതെയോ ചെയ്തിട്ടുണ്ടെങ്കിൽ സഖേ, ഭവാൻ ക്ഷമിച്ചാലും!"

നളൻ പറഞ്ഞു: "ഹേ! രാജാവേ, ഭവാൻ എന്നോടു യാതൊരു തെറ്റും ചെയ്തിട്ടില്ല. ചെയ്താലും അതിൽ യാതൊരു തെറ്റുമില്ല. ഞാൻ ഭവാനോട് പൊറുക്കേണ്ടവനല്ലയോ? പണ്ടേതന്നെ ഭവാൻ എന്റെ സുഹൃത്താണ്. വിശേഷിച്ച് നാം ബന്ധുക്കളുമാണ്. ഇനി മേലാൽ ഞാൻ ഭവാനിൽ കൂടുതൽ പ്രീതനാകും. എല്ലാ കാമങ്ങളും എനിക്കു സാധിപ്പിച്ചുതന്ന് ഭവാനോടുകൂടി സുഖമായി പാർത്തവനല്ലേ ഞാൻ? ഭവാന്റെ ഗൃഹത്തിൽ എനിക്കുണ്ടായ സുഖങ്ങൾ എനിക്കെന്റെ ഗൃഹത്തിൽക്കൂടി സിദ്ധിക്കുന്നതല്ല. ഭവാന് ഹയജ്ഞാനം ഉപദേശിച്ചുതരേണ്ടതായ കടമ എനിക്കുണ്ട്. സമ്മതമാണെങ്കിൽ അത് ഭവാനു നല്കുവാനുള്ള ആഗ്രഹം എനിക്കുണ്ട്."

ബൃഹദശ്വൻ പറഞ്ഞു: "എന്നു പറഞ്ഞ് നളൻ ഋതുപർണ്ണന് ഹയജ്ഞാനം എന്ന വിദ്യ ഉപദേശിച്ചു. അത് യഥാവിധി ഋതുപർണ്ണൻ ഏറ്റുവാങ്ങുകയും ചെയ്തു. അശ്വഹൃദയം ഗ്രഹിച്ചതിന്നുശേഷം ഭാംഗാസുരിരാജാവ് നളന് അക്ഷഹൃദയം ഉപദേശിച്ചു. പിന്നെ ഋതുപർണ്ണൻ വേറെ ഒരു സൂതനേയുംകൂട്ടി എല്ലാവരോടും യാത്രപറഞ്ഞ് തന്റെ നഗരത്തിലേക്കു തിരിച്ചുപോയി. ഋതുപർണ്ണൻ പോയതിനുശേഷം നളരാജാവ് അധികനാൾ കുണ്ഡിനപുരത്തിൽ പാർത്തില്ല."

78. നളോപാഖ്യാനം - നളന്റെ സ്വപുരപ്രവേശം – ബൃഹദശ്വൻ തുടർന്നു: "ഹേ കുന്തീപുത്രാ! കുണ്ഡിനത്തിൽ ഒരു മാസം പാർത്തതിന്നുശേഷം നളൻ ഭീമന്റെ അനുജ്ഞയോടുകൂടി നിഷധത്തിലേക്കു പുറപ്പെട്ടു. വെളുത്ത ഒരൊറ്റത്തേരോടും, പതിനാറ് ആനകളോടും, അമ്പത് അശ്വത്തോടും, അറുനൂറു കാലാൾഭടന്മാരോടുംകൂടി ഗതിവേഗത്താൽ ഭൂമിയെ വിറപ്പിച്ചുകൊണ്ട് തന്റെ നഗരത്തിലെത്തിച്ചേർന്നു. ഉടനെ ആ വീരസേനപുത്രൻ വലിയ കോപത്തോടെ പുഷ്കരന്റെ അടുത്തുചെന്ന് ഇങ്ങനെ പറഞ്ഞു."

നളൻ പറഞ്ഞു: "എടോ, പുഷ്കരാ! ഇനി നമുക്കു തമ്മിലൊന്ന് ചൂതുകളിച്ചുനോക്കാം. വേണ്ടുവോളം ധനവും സമ്പാദിച്ചുകൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ എനിക്കുള്ള സകല സ്വത്തിനേയും എന്റെ ദമയന്തിയേയും പണയംവയ്ക്കുന്നു. നീ രാജ്യം പണയം വയ്ക്കുക. വീണ്ടും ചൂതുനടക്കണം. ഇതാണെന്റെ നിശ്ചയം. ഒരുങ്ങിക്കൊള്ളുക! ഒരേയൊരു കളികൊണ്ട് നമ്മുടെ ജയവും അപജയവും തീർച്ചപ്പെടുത്തണം. നമുക്കുള്ളവയെല്ലാം നമ്മുടെ ജീവനടക്കം എല്ലാം പണയം വയ്ക്കണം. അന്യന്റെ രാജ്യമോ, ധനമോ കീഴടക്കിയവൻ ധനം നഷ്ടപ്പെട്ട ആ അന്യൻ വന്നു ചൂതിന്നു വിളിക്കുമ്പോൾ, നിശ്ചയമായും ചെല്ലേണമെന്നാണ് ധർമ്മശാസ്ത്രവിധി. ദ്യൂതത്തിന് ഭാവമില്ലെങ്കിൽ യുദ്ധദ്യൂതം നടത്തണം. ദ്വന്ദ്വയുദ്ധം കൊണ്ടു നമ്മളിലൊരാൾക്കു ശാശ്വതസമാധാനമുണ്ടാകട്ടെ. പരമ്പരാഗതമായ രാജ്യം സ്വായത്തമാക്കാൻ ഏതുപായവും പ്രയോഗിക്കാമെന്നാണ് വൃദ്ധന്മാർ പറയുന്നത്. എടോ പുഷ്കരാ! ചൂതാടുവാൻ ഇറങ്ങുക! അല്ലെങ്കിൽ വില്ലുകുലയ്ക്കുക. രണ്ടിലൊന്ന് ഉടൻ നടക്കട്ടെ!"

ബൃഹദശ്വൻ പറഞ്ഞു: "ചൂതുകളിച്ചാൽ ഇപ്പോഴും ജയിക്കുക താൻതന്നെയായിരിക്കും എന്ന ഗർവ്വത്താൽ, നളന്റെ പോർവിളികേട്ട് പുഷ്കരൻ പുച്ഛരസത്തോടെ ചിരിച്ചു."

പുഷ്കരൻ പറഞ്ഞു: "എന്റെ ഭാഗ്യം! ഭവാൻ വീണ്ടും ചൂതിന്നുവേണ്ടി ധനവുംകൊണ്ടു വന്നിരിക്കുന്നു! എന്റെ ഭാഗ്യത്താൽ ദമയന്തിയുടെ കർമ്മദോഷവും നീങ്ങി! എന്റെ ഭാഗ്യത്താൽ ഭവാൻ സഭാര്യനായി ജീവിക്കുന്നു! ഭവാന്റെ ഈ ധനമെല്ലാം ഇതാ, എന്റേതാകുവാൻ പോകുന്നു. ഈ ഒറ്റക്കളിക്ക് ഞാൻ ജയിക്കും. അപ്പോൾ എന്നെ ഭൈമി ശക്രന് അപ്സരസ്സെന്നവിധം കാത്തുനില്ക്കുന്നതു കാണാം. ഞാൻ ഭവാനെ എന്നും പ്രതീക്ഷിക്കുകയായിരുന്നു. എന്താണു നളൻ വീണ്ടും വന്നുകാണാത്തതെന്ന് ചിന്തിക്കുകയായിരുന്നു. ഭവാനെപ്പോലുള്ള സുഹൃത്തുക്കളോടുകൂടിയല്ലാതെ അന്യജനങ്ങളുമായി ചൂതാടുവാൻ എനിക്കിഷ്ടമില്ല. വരാംഗിയും, ശുഭചരിതയുമായ ദമയന്തിയെ ലഭിച്ച്, ഇതാ ഞാൻ കൃതകൃത്യനാകുന്നു. അവൾ എന്റെ ഹൃദയത്തിൽ സദാകാലം കുടികൊള്ളുന്നവളാണ്."

ബൃഹദശ്വൻ പറഞ്ഞു: "പുഷ്കരന്റെ ഈ അധികപ്രസംഗം കേട്ടപ്പോൾ അവന്റെ ശിരസ്സ് ഉടനെതന്നെ ഛേദിച്ചുകളയുവാൻ നളനുതോന്നി. അത്രമാത്രം നളനിൽ ക്രോധം ജ്വലിച്ചു. രോഷംകൊണ്ട് രക്താക്ഷനായി എങ്കിലും നളൻ പുഞ്ചിരിതൂകി പറഞ്ഞു."

നളൻ പറഞ്ഞു: "നമുക്കു കളി തുടങ്ങുക. എന്തിനാണ് നീയിങ്ങനെ പറയുന്നത്? എന്നെ തോല്പിച്ചതിന്നുശേഷം നിനക്കെന്തുവേണമെങ്കിലും പറയാമല്ലോ."

ബൃഹദശ്വൻ പറഞ്ഞു: "അവർ തമ്മിൽ ചൂതാട്ടം നടന്നു. ഒറ്റക്കളിക്ക് പുഷ്കരൻ നിശ്ശേഷം തോറ്റു. തന്റെ ഭ്രാതാവിന്റെ രാജ്യവും ധനവും പ്രാണനും നളന്ന് അധീനത്തിലായിത്തീർന്നു. നളൻ പുഷ്കരനെ ജയിച്ച് ഇപ്രകാരം മന്ദഹാസത്തോടെ പറഞ്ഞു."

നളൻ പറഞ്ഞു: "എടോ രാജാധമാ, മൂഢാ! ഈ രാജ്യം മുഴുവനും എനിക്കധീനമായി. നിനക്കു ഭൈമിയെ ഒന്നു നോക്കുവാൻപോലുമുള്ള അർഹതയില്ല. നീയിപ്പോൾ പരിവാരങ്ങളോടുകൂടെ ഭൈമിയുടെ ദാസനായിത്തീർന്നിരിക്കുന്നു. പണ്ട് ഞാൻ നിന്നോടു കളിച്ചു തോറ്റത് നിന്റെ യോഗ്യതയാലല്ല. കലിയാണ് അതു ചെയ്യിച്ചത്. ഹേ, മൂഢാത്മാവേ! നീ അതറിഞ്ഞില്ല. അന്യൻ വരുത്തിവെച്ച ദോഷം ഞാൻ നിന്നിൽ ആരോപിക്കുകയില്ല. നിന്റെ പ്രാണനെ ഞാൻ ഇതാ വിട്ടുതരുന്നു. നീ സുഖമായി ജീവിച്ചുകൊള്ളുക. നിനക്കു ഞാൻ മുമ്പു തന്നിരുന്നതുപോലെയുള്ള

digitized by www.sreyas.in

ധനങ്ങളും, കുടുംബാധികാരാവകാശങ്ങളും ഞാൻ മേലിലും അനുവദിച്ചുതന്നേക്കാം. എനിക്കു നിന്നോടുള്ള പ്രീതിയും, സൗഹാർദ്ദവും ഒരിക്കലും ക്ഷയിക്കുകയില്ല. നീ എന്റെ ഭ്രാതാവല്ലേ! നൂറുവർഷം തികച്ചും നീ ജീവിക്കുക!"

ബൃഹദശ്വൻ പറഞ്ഞു: "ഇങ്ങനെ സത്യപരാക്രമനായ നളൻ സഹോദരനെ സാന്ത്വനംചെയ്ത് പിന്നെയും പിന്നെയും പുൽകി സ്വപുരത്തിലേക്കു പോകാൻ അനുവാദം നല്കി. പുഷ്കരൻ ആ പുണ്യപുരുഷനെ കൈകൂപ്പി നമസ്കരിച്ചു പറഞ്ഞു."

പുഷ്കരൻ പറഞ്ഞു: "ഭവാൻ നശിക്കാത്ത കീർത്തിയോടുകൂടി പതിനായിരം വർഷം ജീവിച്ചിരിക്കുവാൻ ഞാൻ ആശംസിക്കുന്നു. അപരാധിയായ എനിക്കു പ്രാണനും, നിലയും തന്ന ഭവാൻ പൂർണ്ണസുഖത്തോടെ വർത്തിച്ചാലും!"

ബൃഹദശ്വൻ പറഞ്ഞു: "ഒരു മാസം പുഷ്കരൻ നളനോടുകൂടി പാർത്തു. പിന്നെ പുഷ്കരൻ സ്വജനങ്ങളോടും സസന്തോഷം സൈന്യസന്നാഹങ്ങളോടുംകൂടി സ്വപുരിയിലേക്കും പോയി. അങ്ങനെ ആ പുരുഷർഷഭനായ നളൻ രണ്ടാം സൂര്യനെപ്പോലെ ഉജ്ജ്വലിച്ചു. ഇപ്രകാരം പുഷ്കരനെ ധനവാനും, ക്ലേശമോചിതനുമാക്കി നാട്ടിലേക്കയച്ച്, നളൻ തന്റെ ഏറ്റവും സുന്ദരമായ പുരത്തിലേക്കു പ്രവേശിച്ചു; തന്റെ പ്രജകളെ സമാധാനിപ്പിച്ചു. ഇതറിഞ്ഞ നാട്ടുകാർ സന്തോഷാധിക്യത്താൽ രോമാഞ്ചമണിഞ്ഞു. അമാത്യന്മാരും, പൗരന്മാരും, ജാനപദന്മാരും കൂട്ടമായിവന്ന് നളമഹാരാജാവിനെ കണ്ട് അഭിവാദ്യം ചെയ്തു. അവർ കൈകൂപ്പിനിന്ന് ഇപ്രകാരം പറഞ്ഞു."

ജനങ്ങൾ പറഞ്ഞു: "രാജാവേ! ഈ പുരത്തിലും, രാജ്യത്തിലുമുള്ള ഞങ്ങളെല്ലാം അങ്ങയുടെ ആഗമനത്തിൽ നിർവൃതി കൊള്ളുന്നു. ദേവന്മാർ ശതക്രതുവെ എന്നപോലെ അങ്ങയെ ഉപാസിക്കാൻ ഞങ്ങൾ വീണ്ടും വന്നിരിക്കുന്നു."

79. ബൃഹദശ്വഗമനം - ദ്യൂതാശ്വവിദ്യാരഹസ്യദാനവും നളോപാഖ്യാന കീർത്തനമാഹാത്മ്യവും- ബൃഹദശ്വൻ പറഞ്ഞു: "പുരം പ്രശാന്തമായി, സന്തോഷത്തോടെ മഹോത്സവം നടന്നുകൊണ്ടിരിക്കവേ മഹാസൈന്യത്തോടുകൂടി നളൻ ദമയന്തിയെ ആനയിച്ചു. ഭീമമഹാരാജാവ് മകളെ വേണ്ടവിധം മാനിച്ച് നിഷധത്തിലേക്കയച്ചു. മക്കളോടുകൂടി വൈദർഭി വന്നതിന്നുശേഷം നളമഹാരാജാവ്, ഇന്ദ്രൻ നന്ദനോദ്യാനത്തിലെന്നപോലെ, സന്തോഷത്തോടുകൂടി അധിവസിച്ചു. നളൻ ജംബൂദ്വീപിൽ ഏറ്റവും ഉജ്ജ്വലനായ രാജാവായി വാണു. താൻ വീണ്ടും പിടിച്ചടക്കിയ രാജ്യം വേണ്ടപോലെ പരിപാലിച്ചു. വിധിപ്രകാരം ദക്ഷിണയോടുകൂടി പല യജ്ഞങ്ങളും യജിച്ച്, മിത്രങ്ങളോടുകൂടി സസുഖം പാർത്തു.

ഇപ്രകാരം ചൂതുമൂലം പരപുരഞ്ജയനായ നളൻ കഷ്ടപ്പെട്ടു. ഭാര്യയോടൊപ്പം ഈ കഠോരമായ ദുഃഖം ചൂതുകളിമൂലം നളന് അനുഭവിക്കേണ്ടിവന്നു. ഈ ദുഃഖത്തിൽ നളന്ന് ആരും കൂട്ടുണ്ടായിരുന്നില്ല. പിന്നീട് ആ ദുഃഖത്തിൽനിന്ന് നളമഹാരാജാവ് വിമുക്തനാവുകയുംചെയ്തു. എന്നാൽ ഹേ, യുധിഷ്ഠിരാ! ഭവാൻ ഒറ്റയ്ക്കല്ല. ഭ്രാതാക്കന്മാരോടും, കൃഷ്ണയോടുംകൂടി ധർമ്മനിരതനായി ഈ ഘോരമായ വനത്തിൽ രമിക്കുകയാണല്ലോ ചെയ്യുന്നത്. വേദവേദാംഗജ്ഞന്മാരും, മഹാഭാഗന്മാരുമായ ബ്രാഹ്മണർ ഭവാനെ സദാ സേവിക്കുന്നു. ഈ സ്ഥിതിക്ക് നളനുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഭവാൻ ദുഃഖിക്കുന്നില്ല. എന്തിനു ദുഃഖിക്കുന്നു?

ഹേ, യുധിഷ്ഠിരാ, നാഗരാജാവായ കാർക്കോടകന്റേയും, ദമയന്തിയുടേയും, നളന്റേയും, രാജർഷിയായ ഋതുപർണ്ണന്റേയും കീർത്തനം കലിയെ നശിപ്പിക്കുന്നതാണ്. കലിനാശനമായ ഈ ഇതിഹാസം ഹേ അച്യുതാ! നിന്നെപ്പോലെയുള്ളവർ കേട്ടാൽ ഹൃദയതാപത്തിന്നു ശമനം ഉണ്ടാകുന്നതാണ്. അർത്ഥകാമങ്ങൾ അസ്ഥിരങ്ങളാണെന്നു ധരിക്കുക. അതിൽ വൃദ്ധിക്ഷയങ്ങൾ സംഭവിക്കുമ്പോൾ സന്തോഷിക്കുകയും ദുഃഖിക്കുകയും ചെയ്യാതിരിക്കുക. ഈ ഇതിഹാസം കേട്ട് നീ ദുഃഖത്തിന്ന് അടിമയാകാതിരിക്കുക. ദൈവം പിഴച്ചുനില്ക്കുന്ന കാലത്ത് പൗരുഷം ഫലിക്കാതെവന്നേക്കാം. എന്നാൽ അതിൽ ധീരന്മാരാരും ദുഃഖിക്കാറില്ല.

നിത്യവും മഹത്തായ ഈ നളചരിതം ചൊല്ലുന്നവർക്കും കേൾക്കുന്നവർക്കും ഒട്ടും അലക്ഷ്മി ബാധിക്കുകയില്ല. പുത്രപൗത്രന്മാർ വർദ്ധിക്കുകയും, പശു, ധനം മുതലായ ഐശ്വര്യങ്ങൾ ഏറിവരികയും, മർത്ത്യൻ ശ്രേഷ്ഠനും ആരോഗ്യവാനുമായിത്തീരുകയും ചെയ്യും. അതിൽ യാതൊരു സംശയവുമില്ല.

ഹേ, യുധിഷ്ഠിരാ! ഭവാൻ ഭയത്തോടെ വിചാരിക്കുന്നുണ്ടാകും. അക്ഷജ്ഞനായ ആരെങ്കിലും എന്നെ വീണ്ടും ചൂതിന്നു വിളിക്കുമോ എന്ന്. ഭവാന്റെ ആ ഭയം ഞാൻ ഇപ്പോൾത്തന്നെ തീർത്തുതരാം. അക്ഷഹൃദയം എല്ലാംതന്നെ എനിക്ക് അറിയാം. ഭവാൻ അതു സ്വീകരിച്ചാലും! ഞാൻ ഭവാനെ പഠിപ്പിച്ചുതരാം."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ സന്തോഷത്തോടെ രാജാവായ യുധിഷ്ഠിരൻ ബൃഹദശ്വനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ! അക്ഷഹൃദയം നന്നായി അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്; ഉപദേശിച്ചുതന്നാലും."

വൈശമ്പായനൻ പറഞ്ഞു: "ബൃഹദശ്വൻ മഹാമനസ്വിയായ പാണ്ഡുപുത്രന്ന് അക്ഷഹൃദയം ഉപദേശിച്ചു. അനന്തരം അശ്വവിദ്യയും യുധിഷ്ഠിരന്നു കൊടുത്തു. ആ മഹാതാപസൻ സ്നാനത്തിന്നായി പോയി. ബൃഹദശ്വൻ പോയതിന്നുശേഷം അർജ്ജുനൻ വായുമാത്രം ഭക്ഷിച്ച് ഉഗ്രമായ തപസ്സുചെയ്യുന്ന വർത്തമാനം ഓരോ തീർത്ഥങ്ങളിൽനിന്നും ശൈലകാനനങ്ങളിൽനിന്നും വരുന്നവരായ താപസബ്രാഹ്മണരിൽനിന്ന് യുധിഷ്ഠിരൻ അറിഞ്ഞു."

അവർ പറഞ്ഞു: "പാർത്ഥൻ ഘോരമായ തപസ്സാണു ചെയ്യുന്നത്. ഇപ്രകാരം ഘോരമായ തപസ്സുചെയ്യുന്ന മറ്റൊരാളേയും ഞങ്ങൾ കണ്ടിട്ടില്ല. ധനഞ്ജയൻ ധർമ്മരാജാവ് ശരീരമെടുത്തപോലെയാണ്. അവൻ ഏകാഗ്രനായി, ശ്രീമാനായി, മൗനിയായി ആ ഘോരകാനനത്തിൽ തപസ്സുചെയ്യുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഈ വർത്തമാനം കേട്ടപ്പോൾ, തന്റെ പ്രിയഭ്രാതാവായ ജയന്റെ, കുന്തീപുത്രന്റെ, കഠിനമായ തപസ്സിനെക്കുറിച്ച് രാജാവിന്ന് ഹൃദയവ്യഥയുണ്ടായി. അങ്ങനെ ദുഃഖാർത്തനായി ആ ഘോരകാന്താരത്തിൽ, തന്നോടൊപ്പം താമസിക്കുന്ന വിവിധ ജ്ഞാനികളായ ബ്രാഹ്മണരോടു സംഭാഷണം നടത്തി, ആശ്വാസം കണ്ടെത്താൻ രാജാവു ശ്രമിച്ചു."

തീർത്ഥയാത്രാപർവ്വം

80. അർജ്ജുനാനുശോചനം - അർജ്ജുനനെപ്പറ്റി ദ്രൗപദിക്കും പാണ്ഡവന്മാർക്കുമുള്ള ചിന്ത - ജനമേജയൻ പറഞ്ഞു: "എന്റെ പ്രപിതാമഹനായ അർജ്ജുനൻ കാമ്യകവനം വിട്ടുപോയതിന്നുശേഷം പാണ്ഡവർ എന്തുചെയ്തു? ആ സവ്യസാചി അവരെ വിട്ടുപോയതിന്നുശേഷം അവരെങ്ങനെ ജീവിച്ചു? ശത്രുജിത്തും, വില്ലാളിവീരനുമായ അർജ്ജുനൻ, ആദിത്യന്മാർക്ക് വിഷ്ണു എന്നതുപോലെ, പാണ്ഡവന്മാർക്കെല്ലാം ആശ്രയമാണല്ലോ. ഇന്ദ്രതുല്യനും, യുദ്ധത്തിൽ പിൻതിരിയാത്തവനുമായ അദ്ദേഹത്തെക്കൂടാതെ ആ പിതാമഹന്മാർ എങ്ങനെ ജീവിതം നയിച്ചു എന്നു ഭവാൻ വിസ്തരിച്ചു പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "സത്യപരാക്രമനായ അർജ്ജുനൻ വേർപെട്ടുപോയതിന്നുശേഷം അവരെല്ലാവരും ദുഃഖശോകപരായണരായിത്തീർന്നു. മാലയിലെ ചരട് ഊരിയ മുത്തുപോലെയും, ചിറകറ്റുപോയ പക്ഷികൾപോലെയും, പാണ്ഡവന്മാർ പ്രീതിയില്ലാതെ മങ്ങിയ മനസ്സായിത്തീർന്നു. അക്ലിഷ്ടകാരിയായ അർജ്ജുനൻ ഇല്ലാത്ത വനം, കുബേരൻ ഇല്ലാത്ത ചൈത്രരഥവനംപോലെ, നിഷ്പ്രഭമായിത്തീർന്നു. അങ്ങനെ സന്തോഷമില്ലാത്തവരായി ആ നരവ്യാഘ്രരായ പാണ്ഡവർ കാമ്യകത്തിൽ വസിച്ചു. മഹാരഥന്മാരായ അവർ ബ്രാഹ്മണർക്കു ഭക്ഷണം

digitized by www.sreyas.in

നല്കുവാൻ ബഹുവിധം മൃഗങ്ങളെ ശുദ്ധബാണങ്ങൾകൊണ്ടു കൊന്നു കൊണ്ടുവന്ന്, നിത്യവും അവയെ ആ പുരുഷവ്യാഘ്ര ന്മാർ ബ്രാഹ്മണർക്കു ശുചിയോടെ കൊടുത്തു. അങ്ങനെ ധന ഞ്ജയവിയോഗശേഷം ആ പുരുഷർഷഭന്മാർ ഉല്ക്കണ്ഠിത രായി കഴിഞ്ഞുകൂടി. വിശേഷിച്ചും പാഞ്ചാലി മദ്ധ്യമനായ കാന്തനെ ഓർത്ത് ഉദ്വിഗ്നയായി. യുധിഷ്ഠിരനോടു പറഞ്ഞു."

പാഞ്ചാലി പറഞ്ഞു: "രണ്ടു കൈയേ ഉള്ളുവെങ്കിലും അനേ കം കൈയുള്ള കാർത്തവീര്യാർജ്ജുനന്നു തുല്യനായ അർജ്ജു നനോടുകൂടാതെ വനത്തിനു യാതൊരു ശോഭയും എനിക്കു തോന്നുന്നില്ല. പുഷ്പങ്ങളും, തളിരുകളുമായി വനം മോടിപി ടിച്ചുനില്ക്കുന്നുണ്ടെങ്കിലും എന്റെ ഹൃദയത്തിന്ന് അതിൽ ഒരു സംതൃപ്തിയും തോന്നുന്നില്ല. ഭൂമിയൊക്കെ ശൂന്യമായിക്കാണു ന്നു. അത്ഭുതാശ്ചര്യത്തോടെ പൂത്തുനില്ക്കുന്ന, ഹൃദയം കവ രുന്ന കാനനം സവ്യസാചി ഒഴിയുകയാൽ രമ്യമായിക്കാണുന്നി ല്ല. നീലമേഘശ്യാമളവർണ്ണനും, മത്തമാതംഗഗാമിയും, പുണ്ഡ രീകാക്ഷനുമായ ആ വീരനെക്കൂടാതെ കാമ്യകം എനിക്കു കാമ്യ മായിത്തോന്നുന്നില്ല. ആ വീരന്റെ ധനുസ്സിന്റെ ഘോഷം, ഇടിമു ഴക്കംപോലെയുള്ള ഘോഷം, നാം ഇന്നു കേൾക്കുന്നില്ല. ആ സവ്യസാചിയെ ചിന്തിക്കുമ്പോൾ എന്റെ മനസ്സിനു യാതൊരു ശാന്തിയും തോന്നുന്നില്ല രാജാവേ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദ്രൗപദി ദുഃഖിച്ചു പറയുന്നതു കേട്ട് അരിമർദ്ദനനായ ഭീമസേനൻ കൃഷ്ണയോടു പറഞ്ഞു."

ഭീമൻ പറഞ്ഞു: "എടോ സുമദ്ധ്യമേ! നിന്റെ വാക്കുകൾ കേൾക്കുമ്പോൾ എന്റെ മനസ്സ് അമൃതപാനത്താലെന്നവിധം കുളുർക്കുന്നു. ഇരുമ്പുലക്കപോലെ നീണ്ടു പരിപുഷ്ടമായി ഇരു ണ്ടതും, ഞാൺതഴമ്പുചേർന്നതും, വാളും വില്ലും ധരിച്ചതും, നിഷ്കാംഗദം ചാർത്തിയതും, അഞ്ചുതലയുള്ള സർപ്പത്തേപ്പോ ലെയുള്ളതുമായ ബാഹുക്കളോടുകൂടിയ ആ വീരനില്ലാത്ത ഈ വനം, സൂര്യനില്ലാത്ത ആകാശംപോലെ, ഇരുണ്ടുപോയതായി എനിക്കു തോന്നുന്നു. പാഞ്ചാലന്മാരും, കൗരവന്മാരും, ദേവന്മാ രോടുപോലും എതിർക്കുവാൻ ശക്തരാകുന്നത് ഈ മഹാരഥന്റെ സഹായത്താലാണല്ലോ. ആ മഹാത്മാവിന്റെ കൈകളുടെ തുണ യുണ്ടെങ്കിൽ നമ്മളെല്ലാം ശത്രുക്കളെ ജയിച്ച് ഊഴിവീണ്ടെടുത്ത തായി കരുതുന്നു. ആ വീരനായ അർജ്ജുനനില്ലെങ്കിൽ കാമ്യകം ഇരുളടഞ്ഞതാണ്! ദിക്കു മുഴുവൻ ഇരുളടഞ്ഞതായി തോ ന്നുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ടു പാണ്ഡുനന്ദന നായ നകുലൻ അശ്രുകണ്ഠനായി പറഞ്ഞു."

നകുലൻ പറഞ്ഞു: "യുദ്ധത്തിൽ ഏതൊരുവന്റെ ദിവ്യ കർമ്മങ്ങളെപ്പറ്റി ദേവന്മാർകൂടി പ്രശംസിക്കുന്നുവോ ആ രണ വീരൻ പോയതുമൂലം നാം ദുഃഖിതരായിരിക്കുന്നു. വടക്കെ ദിക്ക് ആക്രമിച്ചുകയറി, വീരന്മാരായ ഗന്ധർവ്വമുഖ്യന്മാരെ ജയിച്ച്. അവൻ പല കുതിരകളേയും നേടി. 'തിത്തിരി' 'കൽമാഷം' എന്നീ വർഗ്ഗത്തിൽപ്പെട്ടവയും, വായുവേഗമുള്ളവയും നല്ല കാ ന്തിയുള്ളവയുമായ ആ കുതിരകളെ രാജസൂയത്തിൽ ജ്യേഷ്ഠ ന്നു കാഴ്ചവെച്ച ആ ഭീമാനുജനെ, ആ ഭീമധന്വാവിനെക്കൂടാ തെ, ദേവതുല്യനായ അർജ്ജുനനെക്കൂടാതെ, ഈ കാമ്യക ത്തിൽ വാഴുന്നത് അഭികാമ്യമായി എനിക്ക തോന്നുന്നില്ല. ഈ വനവാസം അമരതുല്യമായാലും എനിക്കു വേണ്ടാ."

വൈശമ്പായനൻ പറഞ്ഞു : "നകുല വിലാപത്തിന്നുശേഷം സഹദേവൻ പറഞ്ഞു."

സഹദേവൻ പറഞ്ഞു : "യുദ്ധത്തിൽ ജയിച്ച്, ധാരാളം ധന ത്തേയും, കന്യകമാരേയും നേടി യാദവന്മാരെ ഒറ്റയ്ക്കു തോൽ പ്പിച്ച്, രാജസൂയത്തിൽക്കൊണ്ടുവന്ന വാസുദേവന്റെ ഹിതത്തോ ടുകൂടി സുഭദ്രയെ കൊണ്ടുവന്ന, മഹാതേജസ്വിയായ ആ വീര ന്റെ, ദ്രുപദമഹാരാജാവിനെ തോല്പിച്ച് ദ്രോണാചാര്യന്നു ഗുരു ദക്ഷിണ നല്കിയ ആ ജിഷ്ണുവിന്റെ, പുൽക്കിടക്ക ശൂന്യമായി കാണുമ്പോൾ എന്റെ മനസ്സ് ഉഴറുന്നു. എന്റെ മനസ്സ് ഒട്ടും ശമം കൊള്ളുന്നില്ല. ഈ കാട് വിട്ടുപോകുന്നതാണു നല്ലതെന്ന് ഞാൻ വിചാരിക്കുന്നു. രാജാവേ, ആ വീരനില്ലാതെ ഈ വനം രമണീ യമായിത്തോന്നുന്നില്ല."

81. പാർത്ഥനാരദസംവാദം – വൈശമ്പായനൻ പറഞ്ഞു: "ധനഞ്ജയനിൽ ഉത്സുകന്മാരായി കൃഷ്ണയോടുകൂടി ഭ്രാതാ ക്കൾ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ ധർമ്മപുത്രന്ന് ദുഃഖമുണ്ടാ യി. അപ്പോൾ മഹാത്മാവും ദേവർഷിയുമായ നാരദൻ, ബ്രഹ്മ തേജസ്സുകൊണ്ടും യജ്ഞാദികൾകൊണ്ടും അഗ്നിപ്രഭനായ ഋഷി, അവിടെ വന്നുചേർന്നു. ആ മഹാത്മാവ് വന്നതു കണ്ട ഉടനേ ഭ്രാതാക്കളോടുകൂടി ധർമ്മപുത്രൻ യഥായോഗ്യം എതി രേറ്റ് പൂജിച്ചു. ദേവന്മാരോടു ചേർന്ന് ശതക്രതു വിളങ്ങുന്നതു പോലെ ദീപ്തിമാനായ യുധിഷ്ഠിരൻ സഹോദരന്മാരോടു ചേർ ന്നു ശോഭിച്ചു. സാവിത്രി വേദങ്ങളെയെന്നവിധം, യാജ്ഞസേനി കാന്തരെ നാലുപേരേയും വിടാതെ അവരോടു ചേർന്നുനിന്ന്, മേരുവെ അർക്കപ്രഭ എന്നപോലെ, പ്രശോഭിപ്പിച്ചുനിന്ന് നാര ദനെ പൂജിച്ചു. ആ പൂജയെ സ്വീകരിച്ച് അനഘനായ നാരദമുനി യുക്തിപൂർവ്വം ധർമ്മജനെ സമാശ്വസിപ്പിച്ചു. എന്നിട്ടു മഹാത്മാ വും, ധർമ്മരാജാവുമായ യുധിഷ്ഠിരനോട് ഇങ്ങനെ ചോദിച്ചു."

നാരദൻ പറഞ്ഞു: "ഹേ യുധിഷ്ഠിരാ! ഭവാൻ എന്തുവേണ മെന്ന് എന്നോടു പറയുക! ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് ആവശ്യപ്പെട്ടുകൊള്ളുക!

ഇതുകേട്ട് ധർമ്മിഷ്ഠനായ ധർമ്മപുത്രൻ ഭ്രാതാക്കളോടു കൂടി നാരദന്റെ മുമ്പിൽ കുമ്പിട്ട് ദേവന്മാർക്കുപോലും ആരാദ്ധ്യ നായ ആ മുനിയോടു കൈകൂപ്പി പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാഭാഗാ! സർവ്വലോകപൂജ്യ നായ ഭവാൻ എന്നിൽ ഇഷ്ടനാണെങ്കിൽ, എന്റെ ആഗ്രഹങ്ങ ളെല്ലാം ഭവാന്റെ പ്രസാദംകൊണ്ട് സാധിച്ചതായി ഞാൻ കരുതു ന്നു. ഹേ മുനിശ്രേഷ്ഠാ, ഹേ സുവ്രതാ, ഞാനും എന്റെ ഭ്രാതാ ക്കളും ഭവാന്റെ അനുഗ്രഹത്തിന്നു പാത്രമാണെങ്കിൽ, എന്റെ ഈ സംശയം തീർത്തുതന്നാലും. തീർത്ഥയാത്രാതത്പരരായി ഭൂമി മുഴുവൻ ചുറ്റുകയാണെങ്കിൽ, എന്തു ഫലമാണ് അതുകൊണ്ടു ലഭിക്കുകയെന്ന് അറിയിച്ചാലും!"

നാരദൻ പറഞ്ഞു: "ഹേ രാജാവേ, ഭവാൻ ശ്രദ്ധയോടുകൂടി ഞാൻ പറയുന്നതു കേൾക്കുക. മുമ്പ് ധീമാനായ ഭീഷ്മൻ പുല സ്ത്യമഹർഷിയിൽനിന്ന് കേട്ടിട്ടുള്ളതാണ് ഇതെല്ലാം. പണ്ട് ഭാഗീരഥീതീരത്ത് ഭീഷ്മൻ പിതൃവ്രതം സ്വീകരിച്ച് മുനിമാരോ ടുകൂടി ഇരിക്കുകയായിരുന്നു. ആ ഗംഗാദ്വാരം ശുഭമായ ഒരു പുണ്യസ്ഥാനമായിരുന്നു. ദേവർഷിമാരും, ദേവഗന്ധർവ്വന്മാരും വാണിരുന്ന ആ സ്ഥലത്താണ് ഭീഷ്മൻ താമസിച്ചിരുന്നത്. അവിടെ പിതൃക്കളേയും, ദേവന്മാരേയും ആ പരമദ്യുതി യഥാ വിധി തർപ്പിച്ചു.

ഭീഷ്മൻ ജപം പൂണ്ട് കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവിടെ പുലസ്ത്യമുനി പ്രത്യക്ഷനായി. ശ്രീകൊണ്ടു ഉദ്ദീപ്തനും, മഹാ തപസ്വിയുമായ മുനിയെക്കണ്ട് വളരെ അത്ഭുതത്തോടെ സന്തോ ഷിച്ചു. ഹേ ഭാരതാ, ധർമ്മിഷ്ഠരിൽ മുമ്പനായ ഭീഷ്മൻ അടു ത്തുവരുന്ന അദ്ദേഹത്തെ വന്ദിച്ച് അർഘ്യപാദ്യാദികളാൽ പൂജി ച്ച് അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സുകുനിച്ചു പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ഹേ സുവ്രതാ! അങ്ങയ്ക്ക് മംഗളം ഭവി ക്കട്ടെ! ഞാൻ ഭീഷ്മനാണ്. ഭവാന്റെ ദാസനാണ്. ഭവാനെ കാണു കയാൽത്തന്നെ ഞാൻ പാപവിമുക്തനായിരിക്കുന്നു."

നാരദൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് കൈകൂപ്പി നിശ്ശബ്ദ നായി ധർമ്മിഷ്ഠരിൽ ശ്രേഷ്ഠനായ ഭീഷ്മൻ നിന്ന് വ്രതസ്വാ ദ്ധ്യായനിയമങ്ങളാൽ വളരെ മെലിഞ്ഞതായിക്കണ്ട് മുനി മനസാ സന്തോഷിച്ചു."

82. പുലസ്ത്യതീർത്ഥയാത്ര – വിവിധ തീർത്ഥ മാഹാത്മ്യപ്രതിപാദനം – പുലസ്ത്യൻ ഭീഷ്മനോടു

digitized by www.sreyas.in

പറഞ്ഞു: "ഹേ ധർമ്മജ്ഞാ! നിന്റെ വണക്കവും അടക്കവും സത്യവും കണ്ട് ഞാൻ സന്തോഷിക്കുന്നു. സുവ്രതാ! പിതൃഭക്തിയോടുകൂടി ധർമ്മം ആചരിച്ച് പാപവിമുക്തനായതിനാൽ അനഘനായ നിനക്ക് എന്നെക്കാണുവാൻ സാധിച്ചു. എനിക്കു നിന്നിൽ പ്രീതി വളർന്നിരിക്കുന്നു. ഹേ ഭീഷ്മാ! നിനക്ക് ഞാൻ എന്താണ് ചെയ്തുതരേണ്ടത്? ഞാൻ അമോഘദർശിയാണ്. (എല്ലാം കാണാൻ കഴിവുള്ളവൻ) കുരുശ്രേഷ്ഠാ! നീ ആവശ്യപ്പെട്ടുകൊള്ളുക! ഞാൻ നിനക്കുവേണ്ടതു ചെയ്തുതരാം."

ഭീഷ്മൻ പറഞ്ഞു: "സർവ്വലോകപൂജിതനായ ഭവാൻ സന്തുഷ്ടനായാൽ, ഭവാനെ കാണുക എന്നതുതന്നെ പുണ്യമാണ്; അതുതന്നെ വലിയ ഒരനുഗ്രഹമാണ്; എന്നാൽ എനിക്ക് ചെറുതായ ഒരു സംശയമുണ്ട്. ഞാൻ അങ്ങയുടെ അനുഗ്രഹം അർഹിക്കുന്നുണ്ടെങ്കിൽ അതു ഭവാൻ തീർത്തുതന്നാലും. തീർത്ഥങ്ങളെപ്പറ്റി എനിക്ക് ഒരു ധർമ്മസംശയമുണ്ട്. അതു പറഞ്ഞുകേൾക്കുവാൻ എനിക്കു വലിയ ആഗ്രഹമുണ്ട്. അല്ലയോ അമരസന്നിഭാ! ഭൂമിയെ വലംവെച്ച് തീർത്ഥാടനം ചെയ്യുന്നവർക്ക് എന്താണ് ഫലസിദ്ധിയുണ്ടാവുക? വിപ്രർഷേ, ഭവാൻ അതിനെപ്പറ്റി എന്നോട് അരുളിയാലും."

പുലസ്ത്യൻ പറഞ്ഞു: "ഹേ പുത്രാ! നിന്നോട് ഋഷികൾക്ക് അവലംബനമായ തീർത്ഥങ്ങളേയും അവയുടെ ഫലത്തേയും ഞാൻ പറയാം. നീ ശ്രദ്ധയോടെ കേൾക്കുക. കാലും, കൈയും, മനസ്സും, തപസ്സും, കീർത്തിയും, വിദ്യയും ഏറ്റവും സംയമനം ചെയ്യുന്നവൻ തീർത്ഥത്തിന്റെ ഫലം അനുഭവിക്കുന്നതാണ്. ദാനം സ്വീകരിക്കാത്തവനും, സന്തുഷ്ടനും (ഉള്ളതുകൊണ്ട് തൃപ്തൻ), അഹങ്കാരമില്ലാത്തവനും, തീർത്ഥത്തിന്റെ ഫലം ഏല്ക്കുന്നതാണ്. പാപം ചെയ്യാത്തവനും, അഹിതകർമ്മങ്ങളിൽ ഏർപ്പെടാത്തവനും, അല്പം ഭക്ഷിക്കുന്നവനും, ഇന്ദ്രിയങ്ങളെ ജയിച്ചവനും, എല്ലാ പാപങ്ങളിൽനിന്നും വിമുക്തനും തീർത്ഥത്തിന്റെ ഫലം പ്രാപിക്കുന്നതാണ്. ക്രോധം വെടിഞ്ഞവനും, സത്യശീലനും, ദൃഢവ്രതനും, തന്നെപ്പോലെ എല്ലാ ഭൂതങ്ങളേയും കാണുന്നവനും തീർത്ഥത്തിന്റെ ഫലം ഏല്ക്കുന്നതാണ്. ഋഷികൾ യജ്ഞങ്ങളേയും അവയുടെ ഫലങ്ങളേയും, ഇഹത്തിലും പരത്തിലുമുള്ളവയെല്ലാം യഥാക്രമം വേദങ്ങളിൽ ശരിയായി പറഞ്ഞിട്ടുണ്ട്. ഹേ മഹീപതേ, ആ യജ്ഞങ്ങൾ ദരിദ്രന്മാർക്കു ചെയ്യുവാൻ കഴിയുന്നതല്ലല്ലോ. ആ യജ്ഞോപകരണങ്ങൾ സംഭരിക്കുവാൻ മന്നവന്മാർക്കേ കഴിയുകയുള്ളൂ. അവ നടത്തുവാൻ ചിലപ്പോൾ അവരെപ്പോലെ സമ്പന്നന്മാർക്കും സാധിച്ചെന്നുവരാം. ബന്ധുക്കളില്ലാത്തവർക്കും, ഒറ്റയായവർക്കും, ഭാര്യാപുത്രന്മാരില്ലാത്തവർക്കും, കഴിവില്ലാത്തവർക്കും, ദരിദ്രന്മാർക്കും ആ പുണ്യഫലം ലഭിക്കുവാൻ പറ്റിയ കർമ്മങ്ങളുണ്ട്. അവയും പുണ്യയജ്ഞഫലങ്ങൾക്കു തുല്യങ്ങളാണ്. ഹേ വീരാ, അതെന്താണെന്നു നിന്നോടു ഞാൻ പറയാം. ഋഷികൾക്ക് പരമഗുഹ്യവും പുണ്യവുമായ തീർത്ഥാടനം യജ്ഞങ്ങളേക്കാൾ മെച്ചപ്പെട്ടതാണ്.

മൂന്നു രാവ് ഉപവാസംചെയ്യാതിരിക്കുകയോ, തീർത്ഥയാത്ര ചെയ്യാതിരിക്കുകയോ, സ്വർണ്ണഗോദാനം ചെയ്യാതിരിക്കുകയോ ചെയ്യുന്നവൻ ദരിദ്രനായി ഭവിക്കും. വിപുലദക്ഷിണമായ അഗ്നിഷ്ടോമാദിയജ്ഞങ്ങൾകൊണ്ടുകൂടി തീർത്ഥയാത്രകൊണ്ടു ലഭിക്കുന്ന ഫലം സിദ്ധിക്കുന്നതല്ല. ഭൂലോകത്തിൽ ദേവന്മാർക്കുപോലും തീർത്ഥമായതും, ത്രൈലോക്യവിശ്രുതവുമാണ്. 'പുഷ്കരതീർത്ഥം.' പുഷ്കരത്തിൽ തീർത്ഥാടനത്തിന്നു ചെന്നുചേരുന്നവൻ ആ ദേവന്മാർക്ക് തുല്യനായിത്തീരും. പത്തുകോടി ആയിരം തീർത്ഥങ്ങളുടെ സാന്നിദ്ധ്യം പുഷ്കരത്തിനുണ്ട്. ത്രിസന്ധ്യകളിൽ (വെളുപ്പിനും ഉച്ചയ്ക്കും അസ്തമനസമയത്തും) ആദിത്യവസുരുദ്രന്മാരും, മരുത്സാദ്ധ്യഗണങ്ങളും ഗന്ധർവ്വാപ്സരസ്സുകളും നിത്യവും പുഷ്കരതീർത്ഥത്തിൽ വന്നെത്താറുണ്ട്. ആ സ്ഥലത്ത് തപസ്സുചെയ്തു ദേവദൈത്യമഹർഷികൾ മഹാപുണ്യം നേടി; ദിവ്യമായ യോഗം നേടി.

മനസ്വികൾ മനസ്സുകൊണ്ട് പുഷ്കരത്തെ ചിന്തിക്കുകയാണെങ്കിൽപ്പോലും പാപമൊക്കെയും തീർന്ന് സ്വർഗ്ഗലോകത്തിൽ പൂജ്യനായിത്തീരും. ആ തീർത്ഥത്തിൽ പണ്ട് കമലാസനനായ പിതാമഹൻ പരമപ്രീതനായി നിവസിച്ചു. ഹേ മഹാഭാഗ! പുഷ്കരത്തിൽ പണ്ടു ദേവന്മാരും, ഋഷിഗണങ്ങളും മഹാപുണ്യമാർജ്ജിച്ചു സിദ്ധിനേടിയല്ലോ. പിതൃദേവാർച്ചനാപരനായ പുരുഷൻ അവിടെപ്പോയി സ്നാനം ചെയ്യുന്നതായാൽ അശ്വമേധത്തേക്കാൾ പത്തിരട്ടി ഫലം സിദ്ധിക്കുമെന്ന് മഹർഷിമാർ പറയുന്നു. പുഷ്കരാരണ്യത്തിൽവെച്ച് ഒരു വിപ്രനെ ഊട്ടിയാൽ ഹേ ഭീഷ്മാ! അവൻ ഇഹത്തിലും പരത്തിലും മോദിക്കുന്നതാണ്. സസ്യങ്ങളോ, ഫലമൂലങ്ങളോ ഭക്ഷിച്ചു ജീവിക്കുന്നവൻ അതുതന്നെ ശ്രദ്ധയോടും, ഈർഷ്യകൂടാതേയും ഒരു ബ്രാഹ്മണന്നു കൊടുക്കുന്നതായാൽ അതുകൊണ്ടുതന്നെ ആ നരൻ അശ്വമേധഫലം നേടുന്നു. വിപ്രന്മാരും, ക്ഷത്രിയന്മാരും, വൈശ്യന്മാരും, ശൂദ്രന്മാരും ഈ തീർത്ഥത്തിൽ സ്നാനംചെയ്താൽ, ഏതു ജാതിയിൽപ്പെട്ടവനായാലും, പിന്നെ അവനു വീണ്ടും ജനിക്കേണ്ടിവരികയില്ല. വിശേഷിച്ചു കാർത്തികമാസത്തിൽ പുഷ്കരത്തിൽ ചെല്ലുന്നവൻ ബ്രഹ്മലോകത്തെ പ്രാപിക്കും. സന്ധ്യയ്ക്കും, പുലർകാലത്തും പുഷ്കരതീർത്ഥം ചിന്തിച്ചു കൈതൊഴുന്നവൻ സർവ്വതീർത്ഥത്തിലും പ്രഥമസ്ഥാനം നേടും. സ്ത്രീപുരുഷന്മാർ ജനിച്ചനാൾ മുതൽ ചെയ്തു പാപമൊക്കെ പുഷ്കരത്തിൽ സ്നാനം ചെയ്താൽ ഉടനെ നശിച്ചുപോകും. ദേവകൾക്കൊക്കെ ഇപ്രകാരം മധുസൂദനൻ ആദ്യനായി പ്രശോഭിക്കുന്നുവോ അപ്രകാരം പുഷ്കരം എല്ലാ തീർത്ഥങ്ങളിലും പ്രഥമസ്ഥാനം അലങ്കരിക്കുന്നു. നിയമവ്രതങ്ങളോടെ ശുചിയായി പന്തീരാണ്ടുകാലം പുഷ്കരത്തിൽ വസിക്കുന്നവൻ സർവ്വയാഗങ്ങളുടേയും ഫലം നേടുന്നതാണ്; ബ്രഹ്മലോകത്തിൽ എത്തുകയും ചെയ്യും. നൂറു കൊല്ലം അഗ്നിഹോത്രം ഉപാസിക്കുന്നവനും, കാർത്തികമാസത്തിൽ പുഷ്കരത്തിൽ ജീവിച്ചവനും ഫലം ഒപ്പമാണ്. മൂന്നു ശുഭ്രങ്ങളായ ശൃംഗങ്ങളും, മൂന്നു പ്രസ്രവങ്ങളും (ഉറവുകൾ) പുരാതനകാലംമുതൽ പുഷ്കരമെന്ന പേരിൽ അറിയപ്പെടുന്നു. പക്ഷേ, അതിന്നുള്ള കാരണം ആർക്കും അറിഞ്ഞുകൂടാ. പുഷ്കരത്തിൽ പോകുക ദുഷ്കരമാണ്. പുഷ്കരത്തിലെ തപസ്സു ദുഷ്കരമാണ്. പുഷ്കരത്തിലെ ദാനം ദുഷ്കരമാണ്. പുഷ്കരത്തിലെ വാസം ദുഷ്കരമാണ്.

നിയതനായി പന്ത്രണ്ടു രാത്രി അവിടെ താമസിച്ചു പ്രദക്ഷിണം വെച്ചുവേണം പിന്നെ 'ജംബൂമാർഗ്ഗ'ത്തിലേക്കു പോകുവാൻ. ദേവന്മാരും, പിതൃക്കളും, ഋഷികളും സേവിക്കുന്ന ജംബൂമാർഗ്ഗം പൂകുന്നവൻ അശ്വമേധയാഗത്തിന്റെ ഫലവും, സർവ്വകാമസിദ്ധിയും നേടുന്നു. അഞ്ചുരാത്രി അവിടെ നിവസിക്കുന്നവൻ സർവ്വപാപവിമുക്തനായിത്തീരുന്നു. അവൻ നരകത്തിലൊരിക്കലും താഴില്ല; മഹത്തായ വിജയവും നേടുന്നു.

ജംബുമാർഗ്ഗം വിട്ടുപോന്ന് 'തന്ദുളികാശ്രമ'ത്തിലെത്തണം. അവന്നു പിന്നെ ദുർഗ്ഗതിയില്ല. ബ്രഹ്മലോകത്തിൽ എത്തുകയും ചെയ്യും. 'ആഗസ്ത്യസരസ്സി'ൽപ്പോയി മൂന്നുരാത്രി ഉപവസിച്ച് പിതൃദേവന്മാരെ അർപ്പിക്കുന്നവൻ അഗ്നിഷ്ടോമഫലം നേടും.

അവിടെനിന്നും പോയി സസ്യങ്ങളും, ഫലങ്ങളും ഭക്ഷിച്ചുജീവിക്കുന്നവൻ കൗരവസ്ഥാനം പ്രാപിക്കും. പിന്നെ ലോകപൂജിതവും മനോഹരവുമായ 'കണ്വാശ്രമ'ത്തിൽ എത്തണം. ഭാരതത്തിലെ ആദ്യപുണ്യപുരാതനമായ ധർമ്മാരണ്യം അതാണ്. അതിൽ കടന്നുചെന്നാൽ സർവ്വപാപങ്ങളും നീങ്ങും. അവിടെ പിതൃദേവാർച്ചനംചെയ്തു നിയതാശനനായി, നിയതനായി ജീവിക്കുന്നവൻ എല്ലാ ആഗ്രഹങ്ങളും നേടിത്തരുന്ന യജ്ഞത്തിന്റെ ഫലം നേടും. വലംവെച്ച് അവിടെനിന്നും യയാതിയുടെ പതനസ്ഥലത്തേക്കു പോകുക. അശ്വമേധയാഗത്തിന്റെ ഫലം അവിടെ ചെല്ലുന്നവർക്കു ലഭിക്കുന്നതാണ്. പിന്നെ നിയതാശനനായി മഹാകാളത്തിൽച്ചെന്ന് 'കോടി' തീർത്ഥങ്ങളിൽ സ്നാനംചെയ്താൽ അശ്വമേധഫലം ലഭിക്കും.

പിന്നെ ധർമ്മജ്ഞൻ 'ഉമാപതി'യായ സ്ഥാണുവിന്റെ തീർത്ഥത്തെ പ്രാപിക്കുക. മൂന്നു ലോകത്തിലും 'ഭദ്രവടം' എന്നു കീർത്തിപ്പെട്ടതാണ് ആ തീർത്ഥം. അവിടെച്ചെന്ന് ഈശാനനെ

digitized by www.sreyas.in

കണ്ടാൽ ആയിരം ഗോക്കളെ ദാനംചെയ്ത പുണ്യം ലഭിക്കും. മഹാദേവപ്രസാദംകൊണ്ട് സമ്പത്തിന്നും, ശ്രീക്കും, നരോത്തമസ്ഥാനത്തിന്നും കാരണമായ ഗണനായകത്വവും ലഭിക്കുന്നതാണ്.

മൂന്നു ലോകത്തിലും പ്രസിദ്ധമായ നർമ്മദാനദിയിൽ സ്നാനം ചെയ്ത് അവിടെ പിതൃദേവാർച്ചനംചെയ്താൽ അഗ്നിഷ്ടോമഫലത്തേയും പ്രാപിക്കും. ബ്രഹ്മചാരിയായ ജിതേന്ദ്രിയൻ തെക്കേ സിന്ധുവിൽ സ്നാനംചെയ്താൽ ആ ഫലത്തിന്നുംപുറമേ വിമാനത്തിൽ കയറുവാനുള്ള പുണ്യവും നേടും. ചർമ്മണ്വതിയിൽ നിയതാശനനായി, നിയതനായി പ്രാപിച്ചാൽ രന്തിദേവാനുജ്ഞിതമായ അഗ്നിഷ്ടോമഫലത്തെ നേടുന്നതാണ്.

പിന്നെ ധർമ്മജ്ഞർ ഹിമവൽപുത്രനായ 'അർബ്ബുദ'ത്തിൽ ചെല്ലണം. പണ്ടുകാലത്ത് ഇവിടെ ഭൂമിക്കുള്ളിലേക്കൊരു ഗർത്തം (കുഴി) ഉണ്ടായിരുന്നു. ത്രിലോകവിശ്രുതമായ വസിഷ്ഠാശ്രമം അവിടെയാണ്. ഒരു രാവ് അവിടെ പാർത്താൽ ആയിരം ഗോക്കളെ ദാനംചെയ്ത പുണ്യഫലം നേടുന്നതാണ്. പിംഗതീർത്ഥത്തിൽ സ്നാനംചെയ്താൽ ബ്രഹ്മചാരിയും, ജിതേന്ദ്രിയനുമായ പുരുഷൻ നൂറു കപിലാദാനത്തിന്റെ ഫലം നേടുന്നതാണ്. പിന്നെ മുഖ്യമായ 'പ്രഭാസതീർത്ഥ'ത്തിൽ പോകണം. അവിടെ നിത്യവും സ്വരൂപത്തിൽ സന്നിഹിതനാണ് ഹുതാശനൻ. ദേവന്മാർക്കു വദനമാണ് ഹുതാശനൻ. വായുവിന്റെ സാരഥിയാണ് ജ്വലനൻ. ആ തീർത്ഥത്തിൽ സ്നാനംചെയ്ത പ്രയതനും, ശുചിയുമായ ആൾ 'അഗ്നിഷ്ടോമം' 'അതിരാത്രം' എന്നീ യജ്ഞങ്ങളുടെ ഫലം നേടുകയും ചെയ്യും.

പിന്നെ സരസ്വതിയും, കടലും സംഗമിക്കുന്ന സ്ഥലത്തെത്തിയാൽ ആയിരം പശുക്കളെ ദാനംചെയ്ത ഫലം നേടുന്നതാണ്. സ്വർഗ്ഗത്തിൽ പ്രവേശനവും അവന്നു ലഭിക്കുന്നതാണ്. നിത്യവും അഗ്നിയെപ്പോലെ ജ്വലിക്കുകയും ചെയ്യും. അവിടെ സലിലരാജാവിന്റെ (വരുണന്റെ) തീർത്ഥങ്ങളിൽ മുങ്ങി ശുദ്ധമനസ്സായി കുളിച്ച് മൂന്നുദിവസം പിതൃദൈവതതർപ്പണം ചെയ്യുന്നവൻ സോമന്നുതുല്യം പ്രശോഭിക്കും; അവന്ന് അശ്വമേധഫലവും കിട്ടും.

പിന്നെ 'വരദാനതീർത്ഥ'ത്തിൽ എത്തുക. അവിടെവെച്ചാണ് മഹാവിഷ്ണു ദുർവ്വാസാവിന്നു വരംനല്കിയത്. വരദാനസ്നാനം ചെയ്താൽ ആയിരം ഗോക്കളെ ദാനംചെയ്ത ഫലം നേടുന്നതാണ്. പിന്നെ നിയതനും നിയതാശനനുമായി ദ്വാരാവതിയിലെത്തുക. അവിടെ 'പിണ്ഡാരകതീർത്ഥ'ത്തിൽ സ്നാനംചെയ്ത നരൻ ധാരാളം സ്വർണ്ണം ദാനംചെയ്ത ഫലം നേടുന്നതാണ്. ആ തീർത്ഥത്തിൽ പത്മചിഹ്നമുള്ള മുദ്രകൾ ഇപ്പോഴും കാണുന്നുണ്ട്. ഇതു വലിയൊരു അത്ഭുതമാണ്. പിന്നെ ത്രിശൂലചിഹ്നങ്ങളും കാണുന്നുണ്ട്. അവിടെ മഹാദേവന്റെ സാന്നിദ്ധ്യവുമുണ്ട്.

സിന്ധുസാഗരസംഗമത്തിൽ ചെന്നതിന്നുശേഷം സലിലരാജതീർത്ഥത്തിൽ കുളിച്ച് ശുചിയായി, ശുചിയായ ചിത്തത്തോടെ പിതൃദേവർഷിവരന്മാരെ തർപ്പിച്ചാൽ സ്വതേജസ്സുകൊണ്ട് വിളങ്ങുകയും, വരുണലോകത്തിലെത്തുകയും ചെയ്യും. ശങ്കുകർണ്ണേശ്വരദേവനെ അർച്ചിച്ചാൽ അശ്വമേധത്തേക്കാൾ പത്തിരട്ടി ഫലം ലഭിക്കുന്നതാണെന്ന് മനീഷികൾ പറയുന്നു. പിന്നെ അവിടെ പ്രദക്ഷിണംവെച്ച് മൂന്നു ലോകത്തിലും കീർത്തിപ്പെട്ട 'ദമിതീർത്ഥ'ത്തിൽ ചെല്ലണം. അത് സർവ്വപാപഹരമാണ്. ബ്രഹ്മാദികളായ ദേവന്മാരും, ഋഷികളും അവിടെയാണ് മഹേശ്വരനെ ചൈത്രമാസത്തിലെ വെളുത്ത ചതുർദ്ദശിയിൽ ഉപാസിക്കുന്നത്. അതിൽ കുളിച്ച് ഹേ നരവ്യാഘ്രാ, ദേവന്മാരാൽ ചുറ്റപ്പെട്ട രുദ്രനെ ഉപാസിച്ചാൽ ജന്മംതൊട്ടുള്ള പാപങ്ങളൊക്കെ തീരും. അവിടെയാണ് സർവ്വദേവന്മാരാലും പൂജ്യനായി ഭവാൻ വസിക്കുന്നത്. അവിടെ സ്നാനംചെയ്താൽ അശ്വമേധയാഗഫലം ലഭിക്കും. ഹേ, മഹാപ്രാജ്ഞ, വിശ്വസ്രഷ്ടാവായ വിഷ്ണു, ദൈത്യദാനവരെ കൊന്നതിന്നുശേഷം, സ്നാനം ചെയ്തു ശുദ്ധിപൂണ്ടത് അവിടെ ചെന്നാണ്.

പിന്നെ കേൾവിപ്പെട്ട 'വാസോർദ്ധാര'യിൽ ചെല്ലുക. അവിടെച്ചെന്നാൽത്തന്നെ ഒരു അശ്വമേധത്തിന്റെ ഫലം ലഭിക്കും. അവിടെ സ്നാനംചെയ്തു ശുദ്ധനായി ശ്രദ്ധയോടെ പിതൃദേവഗണത്തെ തർപ്പിച്ചാൽ വിഷ്ണുലോകത്ത് പൂജ്യനായി വസിക്കാം.

ഈ തീർത്ഥത്തിൽ വസുക്കളുടെ ഒരു പുണ്യസരസ്സുണ്ട്. അതിൽ കുളിച്ചു സേവിച്ചാൽ വസുക്കൾക്ക് ഏറ്റവും ഇഷ്ടനായിത്തീരും. പിന്നെ 'സിന്ധൂത്തമം' എന്ന സരസ്സുണ്ട്. അതിൽ സ്നാനംചെയ്താൽ സർവ്വപാപവും നശിക്കും. എന്നുതന്നെയല്ല ധാരാളം ധനവും സ്വർണ്ണവും ദാനംചെയ്ത ഫലം സമ്പാദിക്കും. ശുചിയായി 'ഭദ്രതുംഗ'ത്തിൽ ചെന്നാൽ അവിടെ ചെല്ലുന്നവന്നുതന്നെ ബ്രഹ്മലോകം സിദ്ധിക്കും. പരമമായ ഗതി നേടുകയും ചെയ്യും. പിന്നെ സിദ്ധന്മാരാൽ സേവിതമായ ശക്രന്റെ കുമാരികളുടെ തീർത്ഥമുണ്ട്; അതിൽ സ്നാനംചെയ്ത മർത്ത്യൻ സ്വർഗ്ഗത്തിൽ എത്തുന്നതാണ്. അവിടെത്തന്നെയാണ് സിദ്ധന്മാർ സേവിക്കുന്ന 'രേണുകാതീർത്ഥം.' അതിൽ സ്നാനംചെയ്തു വിപ്രൻ ചന്ദ്രനെപ്പോലെ നിർമ്മലനായി ഭവിക്കും. പിന്നെ പഞ്ചനദം പ്രാപിച്ചാൽ വേദത്തിൽ ക്രമത്തിൽ പറഞ്ഞതായ അഞ്ച് യജ്ഞങ്ങളുടേയും സൽഫലം നേടുന്നതാണ്. പിന്നെ ഹേ, രാജാവേ! ഭീമന്റെ ഉത്തമമായ സ്ഥാനത്തു ചെല്ലണം. അതിൽ യോനി എന്ന തീർത്ഥത്തിൽ സ്നാനംചെയ്ത നരൻ ദിവ്യയോനിയിൽ ജനിച്ച് ദേവീകുമാരനായി രത്നകുണ്ഡലമണ്ഡിതനായി ഒരുലക്ഷം പശുക്കളെ ദാനംചെയ്ത ഫലം നേടുന്നതാണ്. മൂന്നുലോകത്തിലും വിശ്രുതമായ 'ശ്രീകുണ്ഡ'ത്തിൽ അണഞ്ഞ് പിതാമഹനെ നമസ്കരിച്ചാൽ ആയിരം പശുക്കളെ ദാനംചെയ്ത ഫലം ലഭിക്കും.

പിന്നെ ധർമ്മജ്ഞാ, 'വിമലം' എന്ന ഉത്തമമായ തീർത്ഥത്തിൽ ചെല്ലുക. അതിൽ ഇന്നും സ്വർണ്ണമയവും, വെള്ളിമയവുമായ മത്സ്യങ്ങളെ കാണാം. അതിൽ സ്നാനംചെയ്ത മർത്ത്യന് വാസവന്റെ ലോകം കിട്ടുന്നു. സർവ്വപാപങ്ങളും തീർന്ന് അവൻ ശുദ്ധനായി പരമമായ സൽഗതി നേടുകയും ചെയ്യും.

'വിതസ്ത'യിൽച്ചെന്ന് സ്നാനംചെയ്തു പിതൃദേവതർപ്പണം ചെയ്തവൻ വാജപേയയാഗഫലം നേടും. എല്ലാ പാപവും തീർന്ന് ശുദ്ധനായി പരസൽഗ്ഗതിയും നേടുന്നതാണ്. വിതസ്ത കാശ്മീരത്തിലാണ്. അത് നാഗങ്ങളുടേയും, തക്ഷകന്റേയും ആവാസഗേഹമാണ്. അവിടെ സ്നാനംചെയ്ത മനുഷ്യന്ന് വാജപേയഫലം സിദ്ധിക്കുന്നു. മാത്രമല്ല, പാപങ്ങളെല്ലാം നശിച്ച് അവൻ പുണ്യഗതയും നേടുന്നു.

പിന്നെ മൂന്നുലോകവും പുകഴ്ന്ന 'ബഡവ'യിൽ ചെല്ലണം. പശ്ചിമസന്ധ്യയ്ക്ക് വിധിപോലെ കുളിച്ച് അഗ്നിദേവന്ന് ഹവിസ്സ് നല്കണം. പിതൃക്കൾക്ക് അന്തമറ്റ ദാനമായി അതു ഭവിക്കുമെന്ന് അഭിജ്ഞർ പറയുന്നു.

ദേവർഷികളും, പിതൃക്കളും, ഗന്ധർവ്വന്മാരും, അപ്സരസ്സുകളും, യക്ഷകിന്നരസിദ്ധന്മാരും, വിദ്യാധരന്മാരും, മനുഷ്യരും, രക്ഷസ്സുകളും, ദൈത്യന്മാരും, രുദ്രന്മാരും, ബ്രഹ്മാവും നിയമത്തോടെ ആയിരം വർഷം ദീക്ഷയോടുകൂടി വിഷ്ണുപ്രസാദം ചെയ്തു ചരുശ്രപണമാർന്ന് ഏഴേഴ് ഋക്കുകളാൽ വിഷ്ണുവിനെ സ്തുതിച്ചു. അവർക്കെല്ലാം അഷ്ടഗുണൈശ്വര്യം നൽകി കേശവൻ നന്ദിച്ചു. പിന്നെ വീണ്ടും ഇഷ്ടപ്പെട്ട എല്ലാ കാമങ്ങളും നല്കി അനുഗ്രഹിച്ച് മേഘത്തിൽ മിന്നൽ എന്നവിധം മറിഞ്ഞു! അതിനാൽ അവിടം 'സപ്തചരു' എന്നു പേർ കേട്ടതായിത്തീർന്നു. അവിടെ അഗ്നിദേവന്ന് ചരു(പായസം) നിവേദിക്കുന്നത് ലക്ഷം ഗോദാനത്തിലും, നൂറു രാജസൂയത്തിലും, ആയിരം അശ്വമേധത്തിലും മെച്ചപ്പെട്ടതാണ്. പിന്നെ അവിടം വിട്ട് 'രുദ്രപദ'ത്തിൽ ചെല്ലണം. അവിടെച്ചെന്ന് മഹാദേവാർച്ചനം ചെയ്താൽ അശ്വമേധഫലത്തെ പ്രാപിക്കും. പിന്നെ മണിമാനിൽ ബ്രഹ്മചാരിയായി നിയതനായി ഒരു രാത്രി താമസിച്ചാൽ അഗ്നിഷ്ടോമഫലം നേടുന്നതാണ്. പിന്നെ പ്രസിദ്ധപ്പെട്ട 'ദേവിക'യിൽ എത്തണം. അവിടെയാണത്രേ വിപ്രന്മാരുടെ ഉത്ഭവസ്ഥാ

digitized by www.sreyas.in

നം. ത്രിലോകത്തിൽ പുകഴ്ന്ന ഉത്തമമായ ത്രിശൂലിസ്ഥാനവും ആ ദേവികയിലാണ്. അവിടെത്തന്നെ മഹേശ്വരനെ മർത്ത്യൻ കുളിച്ച് ശക്തിപോലെ ഹോമത്തിന്നുവേണ്ടി വയ്ക്കുന്ന പായസം (ചരു)നിവേദിച്ചിട്ട് ഭുജിച്ചാൽ സർവ്വകാമാഢ്യമായ യജ്ഞത്തിന്റെ ഫലം ഏല്ക്കുന്നതാണ്.

അവിടെത്തന്നെ കാമാഖ്യമെന്നു പേരായ രുദ്രതീർത്ഥമുണ്ട്. ദേവസേവ്യമായ ആ തീർത്ഥത്തിൽ സ്നാനംചെയ്താൽ വേഗം വിജയം സുനിശ്ചിതമാണ്. യജനം, യാജനം, ബ്രഹ്മവാലുകം, പുഷ്പാംഭസ്സ് ഇവയിൽ സ്നാനംചെയ്താൽ പിന്നെ മരണശേഷമുണ്ടാകുന്ന ജന്മത്തിൽ ഒട്ടും വിഷമിക്കേണ്ടിവരില്ല.

അരയോജന വിസ്താരവും അഞ്ചുയോജന നീളവും ദേവർഷിസേവിതയായ ദേവികയ്ക്കുമുണ്ട്. പിന്നെ ഹേ ധർമ്മജ്ഞാ! ദീർഘസത്രത്തിൽ ചെല്ലണം. അതിൽ ബ്രഹ്മാദികളായ ദേവന്മാരും, മഹർഷിശ്രേഷ്ഠന്മാരും, സിദ്ധന്മാരും, ദീക്ഷിതരും, നിയതവ്രതരുമായിച്ചേർന്ന് ഉപാസിക്കുന്നു. ആ ദീർഘസത്രത്തിൽ സ്നാനംചെയ്താൽ രാജസൂയാശ്വമേധങ്ങൾ ചെയ്ത ഫലത്തേക്കാൾ വലിയ ഫലം ലഭിക്കും. പിന്നെ 'വിനശന'ത്തിൽ എത്തുക. നിയതനും നിയതാശനുമായി അവിടെ ചെല്ലണം. മേരുപൃഷ്ഠത്തിൽ സരസ്വതി മറഞ്ഞുപോയത് അവിടെയാണ്. പിന്നെ ശ്രേഷ്ഠയായി വീണ്ടും ചമസം, ശിവോൽഭേദം, നാഗോൽഭേദം എന്നിവിടങ്ങളിൽ കാണപ്പെടുന്നു. അഗ്നിഷ്ടോമഫലം 'ചമസോൽഭേദ'ത്തിൽ സ്നാനംചെയ്താൽ സിദ്ധിക്കുന്നതാണ്. 'ശിവോൽഭേദ'സ്നാനം മൂലം ഗോസഹസ്രദാനഫലം സിദ്ധിക്കും. 'നാഗോൽഭേദ'സ്നാനം ചെയ്താൽ നാഗലോകത്തും എത്തും.

പിന്നെ 'ശശയാനം' എന്ന ദുർലഭതീർത്ഥത്തെ പ്രാപിക്കുക. കൊക്കുകൾ (കൊറ്റി) മുയലിന്റെ രൂപമെടുത്ത് അവിടെ നിന്നും മറഞ്ഞുപോകുന്നു. ഭാരതാ! വീണ്ടും അവ ആണ്ടുതോറും കാർത്തികമാസത്തിൽ സരസ്വതിയിൽവന്ന് കുളിക്കുന്നതു കാണാം. അതിൽ സ്നാനംചെയ്താൽ ശശിയെപ്പോലെ ശോഭിക്കുന്നതാണ്. ഗോസഹസ്രദാനഫലംകൂടി നേടുന്നതാണ്.

പിന്നെ നിയമംപൂണ്ട് 'കുമാരകോടി'യിൽച്ചെന്ന് സ്നാനം ചെയ്തു പിതൃദേവതർപ്പണം ചെയ്യുക. പതിനായിരം ഗോക്കളെ ദാനം ചെയ്ത ഫലം അവൻ നേടും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും.

പിന്നെ ഭവാൻ 'രുദ്രകോടി'യിലേക്കും ശ്രദ്ധചെലുത്തണം. അതിലാണ് ഒരുകോടി മുനികൾ പണ്ട് വന്നുചേർന്നത്. രുദ്രനെ കാണുവാൻ അവർ ഹർഷത്തോടെ വന്നുകൂടി. അവിടെ കൂടിയിരുന്ന ആ ഋഷികളെല്ലാം 'ഞാൻ മുൻപു കാണും' 'ഞാൻ മുൻപു കാണും' എന്ന് ഓരോരുത്തരും പറഞ്ഞിരുന്നു. ഉടനെ യോഗീശ്വരനായ മഹാദേവൻ, യോഗം കൈക്കൊണ്ട് ആ മഹാവ്രതരായ മുനീന്ദ്രന്മാരുടെ സങ്കടം തീർക്കുവാൻവേണ്ടി കോടി മുനികളുടെ മുമ്പിലും, കോടി രുദ്രന്മാരെ സൃഷ്ടിച്ച് ഓരോരുത്തന്റെ മുമ്പിലും പ്രത്യക്ഷനായി. അവർ എല്ലാവരും ഞാൻ മുമ്പു കണ്ടു, ഞാൻ മുമ്പു കണ്ടു എന്നു സന്തോഷിച്ചു. അങ്ങനെ ആ ജിതേന്ദ്രിയരായ മുനീന്ദ്രൻമാരെ ഒക്കെ മഹേശ്വരൻ പ്രീതിപ്പെടുത്തി. വളരെ ഭക്തിയോടെ പ്രസാദിച്ച് മഹേശ്വരൻ അവർക്കു വരംനല്കി. 'ഇന്നുമുതൽ നിങ്ങൾക്കെല്ലാം ധർമ്മവൃദ്ധി ഉണ്ടാകും.' ആ രുദ്രകോടിയിൽ ശുദ്ധമനസ്സായി സ്നാനംചെയ്ത ആൾ അശ്വമേധഫലം നേടും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും.

പിന്നെ പുണ്യമായ സരസ്വതി സാഗരവുമായി സംഗമിക്കുന്ന വിശ്വവിശ്രുതമായ സ്ഥലത്തു ചെല്ലുക. ബ്രഹ്മാദികളായ ദേവന്മാരും, തപസികളായ മുനീന്ദ്രന്മാരും ചൈത്രമാസത്തിലെ വെളുത്ത ചതുർദ്ദശിയിൽ അവിടെ വന്നുചേർന്ന്, ആ തീർത്ഥത്തിൽ കേശവനെ ഉപാസിക്കുന്നു. അവിടെച്ചെന്ന് അതിൽ സ്നാനംചെയ്താൽ അനേകം സ്വർണ്ണം ദാനംചെയ്ത ഫലം നേടുന്നതാണ്. ഹേ! പുരുഷവ്യാഘ്രാ എല്ലാ പാപവും തീർന്ന് ബ്രഹ്മലോകത്തിലെത്തുകയും ചെയ്യും. ഋഷികൾ അനേകം സത്രംചെയ്ത് ആ സ്ഥലത്തെത്തിയാൽ ഗോസഹസ്രദാനഫലം ലഭിക്കുന്നതാണ്."

83. പുലസ്ത്യതീർത്ഥയാത്ര – കുരുക്ഷേത്രത്തിലെ വിവിധ തീർത്ഥങ്ങളുടെ മഹത്ത്വം – പുലസ്ത്യൻ തുടർന്നു: "ഹേ, രാജേന്ദ്രാ! പിന്നെ ഭവാൻ കീർത്തിപ്പെട്ടു കുരുക്ഷേത്രത്തിലേക്കു പോവുക. അവിടം കണ്ടാൽത്തന്നെ ജീവികളുടെ പാപമൊക്കെ നശിക്കുന്നതാണ്. 'ഞാൻ കുരുക്ഷേത്രത്തിൽ പോകും, കുരുക്ഷേത്രത്തിൽ വസിക്കും.' എന്നു ദിവസേന ജപിക്കുന്നവന്നുകൂടി എല്ലാ പാപവും അറ്റുപോകും. കാറ്റിൽ പറക്കുന്ന കുരുക്ഷേത്രത്തിലെ പൊടികൂടി പാപിയായവന് അടുത്ത ജന്മത്തിൽ സൽഗ്ഗതി നല്കുന്നതാണ്. സരസ്വതിയുടെ തെക്കും, ദൃഷദ്വതിയുടെ വടക്കുമായുള്ള കുരുക്ഷേത്രഭൂമിയിൽ പാർക്കുന്നവർ സ്വർഗ്ഗത്തിൽ വാഴുന്നവരായി കണക്കാക്കപ്പെടുന്നു. അവിടെ ഭവാൻ ഒരു മാസം വാഴുക. അവിടെ ബ്രഹ്മാദിദേവന്മാരും, സിദ്ധചാരണതാപസന്മാരും യക്ഷഗന്ധർവ്വാപ്സരസ്സുകളും, നാഗങ്ങളും മഹാപുണ്യസ്ഥലമായ ബ്രഹ്മക്ഷേത്രത്തിൽ സാധാരണ വരുന്നുണ്ട്. കുരുക്ഷേത്രഗമനത്തെ മനസ്സുകൊണ്ട് ആഗ്രഹിക്കുന്നവന്നുകൂടി പാപങ്ങൾ ഒഴിഞ്ഞ് ബ്രഹ്മലോകം പൂകുവാൻ സാധിക്കുന്നതാണ്. ശുദ്ധമനസ്സായി കുരുക്ഷേത്രത്തിൽ ചെല്ലുന്നവന് രാജസൂയാശ്വമേധങ്ങളുടെ ഫലം സിദ്ധിക്കും.

ദ്വാരപാലകനായ 'മചക്രു' എന്ന ശക്തനായ യക്ഷനെ ചെന്നു വന്ദിച്ചാലുടനെ ആയിരം ഗോദാനപുണ്യം ലഭിക്കും. പിന്നെ അനുത്തമമായ 'വിഷ്ണുസ്ഥാന'ത്തിലേക്കു ചെല്ലുക. നിത്യവും അവിടെ ഹരിസാന്നിദ്ധ്യമുണ്ട്. അവിടെ ത്രിലോകപ്രഭവനായ ഹരിയെ കുളിച്ചുതൊഴുതാൽ അശ്വമേധഫലം ലഭിക്കുന്നതാണ്: വിഷ്ണുലോകത്തിലെത്തുകയും ചെയ്യും.

മൂന്നു ലോകത്തിലും കേൾവികേട്ട 'പാരിപ്ലവ'തീർത്ഥത്തിൽ ചെന്നാൽ അഗ്നിഷ്ടോമാതിരാത്രങ്ങളുടെ ഫലത്തേക്കാൾ വലിയ ഫലം ഹേ ഭാരത! സിദ്ധിക്കുന്നതാണ്. 'പൃഥിവീ' തീർത്ഥത്തിൽ സ്നാനംചെയ്താൽ ആയിരം ഗോക്കളെ ദാനം ചെയ്താലുള്ള പുണ്യം ലഭിക്കുന്നതാണ്. പിന്നെ 'ശാലുകിനി' എന്ന സ്ഥലത്തുള്ള 'ദശാശ്വമേധ'മെന്ന തീർത്ഥത്തിൽ സ്നാനം ചെയ്താൽ പത്ത് അശ്വമേധസ്നാനത്താലുള്ള ഫലം സിദ്ധിക്കും. നാഗങ്ങളുടെ മുഖ്യതീർത്ഥമായ 'സർപ്പദേവി'യിലെത്തിയാൽ അഗ്നിഷ്ടോമഫലം നേടുന്നതാണ്; നാഗലോകവും സിദ്ധിക്കും. ഹേ ധർമ്മജ്ഞാ! 'തരന്തുക' എന്ന ദ്വാരാധിപസ്ഥലത്ത് ഭവാൻ ചെല്ലുക; ഒരു രാവ് അവിടെ പാർത്താൽ ആയിരം പശുക്കളെ ദാനംചെയ്ത ഫലം സിദ്ധിക്കുന്നതാണ്. പിന്നെ നിയതാശയനായി 'പഞ്ചനദ'ത്തെ പ്രാപിച്ചാൽ, കോടിതീർത്ഥാഭിഷേകത്താൽ അശ്വമേധഫലത്തെ നേടും.

'അശ്വതീർത്ഥ'ത്തിൽ അണഞ്ഞ് സ്നാനംചെയ്താൽ സൗന്ദര്യമുള്ളവനായിത്തീരും. പിന്നെ അശ്വിനീദേവന്മാരുടെ തീർത്ഥത്തിൽ ചെല്ലണം; അവിടെച്ചെന്നാൽ സൗന്ദര്യസിദ്ധിയുണ്ടാകും. ഹേ ധർമ്മജ്ഞാ! 'വരാഹതീർത്ഥ'ത്തെ പ്രാപിക്കുക. പണ്ട് വിഷ്ണു വരാഹരൂപത്തിൽ നിന്നത് അവിടെയാണ്. അതിൽ കുളിച്ചാൽ അഗ്നിഷ്ടോമഫലം നേടും.

പിന്നെ ജയന്തിയിൽ 'സോമതീർത്ഥ'ത്തെ പ്രാപിക്കണം. അതിൽ സ്നാനംചെയ്താൽ രാജസൂയഫലം നേടും. പിന്നെ 'ഏകഹംസ'ത്തിൽ മുങ്ങിയാൽ ഗോസഹസ്രദാനഫലം നേടും. 'കൃതശൗച'ത്തിലെത്തിയാൽ ദർശനത്തിനു പുണ്ഡരീകഫലം നേടി പുണ്യവാനാകും. പിന്നെ 'മുഞ്ജവട'മെന്ന സ്ഥാണുസ്ഥാനത്തിലെത്തണം. ഒരു രാവ് അവിടെ പാർത്താൽ ഗണനായകത്വം ഉണ്ടാകും. അവിടെത്തന്നെ പ്രസിദ്ധമായ 'യക്ഷിണി' എന്ന തീർത്ഥത്തിൽ കുളിച്ചാൽ സർവ്വകാമങ്ങളും സാധിക്കും. അതാണല്ലോ ഭാരത! വിശ്രുതമായ കുരുക്ഷേത്രദ്വാരമായി കണക്കാക്കപ്പെടുന്നത്. ആ തീർത്ഥത്തെ പ്രദക്ഷിണംചെയ്ത് പുഷ്കരാംഭസ്സിൽ സ്നാനംചെയ്ത് പിതൃദേവാർച്ചന ചെയ്താൽ

digitized by www.sreyas.in

കൃതാർത്ഥനായി അശ്വമേധഫലത്തെ നേടും. പുഷ്കരതുല്യ മായ ആ തീർത്ഥം ജമദഗ്നിപുത്രനും, മഹാത്മാവുമായ രാമനാണ് തീർത്തത്.

പിന്നെ 'രാമഹ്രദ'ത്തിൽച്ചെന്ന് തീർത്ഥസേവ ചെയ്യുക. മഹാതേജസ്വിയും വീരനുമായ രാമൻ ക്ഷത്രത്തെ മുടിച്ചതിന്നു ശേഷം അഞ്ചു ജലാശയങ്ങൾ കുഴിച്ചുണ്ടാക്കി. അതിൽ ക്ഷത്രി യന്മാരുടെ രക്തംകൊണ്ടു നിറച്ചിട്ടാണ് ആ പഞ്ചഹ്രദങ്ങളുണ്ടാ ക്കിയതെന്ന് ഇന്നു പറഞ്ഞുവരുന്നു. അവൻ അതിൽ തന്റെ പിതാ ക്കളേയും പിതാമഹന്മാരേയും തർപ്പിച്ചു. അപ്പോൾ അവനിൽ സന്തുഷ്ടരായി പിതാക്കൾ രാമനോട് ഇപ്രകാരം പറഞ്ഞു."

പിതൃക്കൾ പറഞ്ഞു: "ഹേ! രാമ! രാമ! മഹാഭാഗാ! ഭാർഗ്ഗവാ! ഞങ്ങൾ നിന്റെ പിതൃഭക്തിയാലും വിക്രമത്താലും പ്രീതരായി രിക്കുന്നു. വിഭോ, ഞങ്ങളിൽനിന്ന് നീ വരം വരിച്ചാലും. നിനക്ക് എന്ത് ഇച്ഛയുണ്ടെങ്കിലും അതു പറയുക, നന്നായിവരും!"

പുലസ്ത്യൻ പറഞ്ഞു: "ഇപ്രകാരം പിതൃക്കൾ പറഞ്ഞ പ്പോൾ രാമൻ വാനിൽ നില്ക്കുന്ന പിതൃക്കളെ കൈകൂപ്പി ഉണർ ത്തിച്ചു."

പരശുരാമൻ പറഞ്ഞു: "നിങ്ങൾ എന്നിൽ പ്രസാദിക്കുന്നു ണ്ടെങ്കിൽ, ഞാൻ അനുഗ്രാഹ്യനാണെങ്കിൽ, ഞാൻ പിതൃപ്രസാ ദകരമായ തപസ്സിനായി വീണ്ടും ഇച്ഛിക്കുന്നു. ഞാൻ ക്രോധിച്ച് ക്ഷത്രിയവംശംമുഴുവൻ മുടിച്ചവനാണല്ലോ. ഭവാന്മാരുടെ പ്രസാ ദത്താൽ എനിക്കു ബാധിച്ച എല്ലാ പാപവും നീങ്ങേണമേ! ലോക പ്രസിദ്ധമായ തീർത്ഥങ്ങളാകട്ടെ എന്റെ ഈ ഹ്രദങ്ങൾ!"

പുലസ്ത്യൻ പറഞ്ഞു: "ഇപ്രകാരം രാമന്റെ ശുഭങ്ങളായ വാക്യം കേട്ട് പിതൃക്കൾ വളരെ പ്രീതിയോടെ രാമനോട് സസ ന്തോഷം പറഞ്ഞു."

പിതൃക്കൾ പറഞ്ഞു: "നിനക്കു തപസ്സ് വർദ്ധിക്കട്ടെ! വിശേ ഷിച്ചും പിതൃഭക്തികൊണ്ട് വർദ്ധിക്കട്ടെ! നീ ക്രോധിച്ച് ക്ഷത്രി യവംശംമുടിച്ചതിൽ നിനക്ക് പാപം തീരെയില്ല. എന്തെന്നാൽ അവർ സ്വന്തം കർമ്മംകൊണ്ടു മൃതരായവരാണ്. ഈ ഹ്രദങ്ങൾ തീർത്ഥങ്ങളാണ്. അതിൽ യാതൊരു സംശയവുമില്ല. സ്നാനം ചെയ്ത് ആ ഹ്രദംതോറും പിതൃതർപ്പണം നല്കിയാൽ അവ നിൽ പിതൃക്കൾ പ്രീതരാകും. അതിദുർല്ലഭമായ അഭീഷ്ടങ്ങൾ നല്കും. ശാശ്വതമായ സ്വർഗ്ഗലോകവും നല്കും."

പുലസ്ത്യൻ പറഞ്ഞു: "ഇപ്രകാരം ആ പിതൃക്കൾ രാമന്ന് വരം നല്കി, രാമനോടു യാത്രപറഞ്ഞ് അവിടെത്തന്നെ മറഞ്ഞു. അങ്ങനെ ഭാർഗ്ഗവന്റെ ഹ്രദങ്ങൾ ശുഭദങ്ങളായിത്തീർന്നു. രാമ ഹ്രദത്തിൽ സ്നാനം ചെയ്യുന്ന ബ്രഹ്മചാരിയായ ശുഭവ്രതൻ, രാജാവേ രാമാർച്ചനംചെയ്താൽ അനവധി സ്വർണ്ണം ദാനം ചെയ്ത ഫലം നേടുന്നതാണ്.

പിന്നെ 'വംശമൂലകതീർത്ഥ'ത്തിൽ സ്നാനംചെയ്യുന്നവൻ വംശോദ്ധാരകനാകും. 'കായശോധനതീർത്ഥ'ത്തിലെത്തി ആ തീർത്ഥത്തിൽ കുളിച്ചാൽ തീർച്ചയായും കായശുദ്ധി വരുന്നതാ ണ്. ദേഹം ശുദ്ധിയായി അവൻ പുണ്യലോകങ്ങളിൽ എത്തുന്ന തുമാണ്.

പിന്നെ ത്രൈലോക്യവിശ്രുതമായ 'ലോകോദ്ധാര'തീർത്ഥ ത്തിൽ ചെല്ലുക. പണ്ട് വിഷ്ണു ലോകത്തെ ഇവിടെവെച്ചാണ് ഉദ്ധരിച്ചത്. വിശ്വവിശ്രുതമായ ആ പുണ്യതീർത്ഥത്തിൽ കുളി ച്ചവൻ അനേകം പുണ്യലോകങ്ങൾ നേടുന്നതാണ്. പിന്നെ നിയ തനായി 'ശ്രീതീർത്ഥ'ത്തിൽ സ്നാനംചെയ്ത് പിതൃദേവ തർപ്പണം ചെയ്യുന്നവൻ വേണ്ടത്ര സമ്പത്തു നേടുന്നു. പിന്നെ ബ്രഹ്മചാരിയായി 'കപിലാതീർത്ഥ'ത്തിൽച്ചെന്നു കുളിച്ച് പിതൃ ദേവതർപ്പണംചെയ്താൽ ആയിരം കപിലഗോക്കളെ ദാനം ചെയ്ത പുണ്യം ലഭിക്കും. പിന്നീട് 'സൂര്യതീർത്ഥ'ത്തിലെത്തി കുളിച്ച് നിയതാശയനായി പിതൃദേവാർച്ചനംചെയ്ത് ഉപവസി ച്ചാൽ അഗ്നിഷ്ടോമഫലം നേടും. സൂര്യലോകത്തിലെത്തുകയും ചെയ്യും. പിന്നെ 'ശോഭവനതീർത്ഥ'ത്തിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം നേടുന്നതാണ്. 'ശംഖിനീതീർത്ഥ'ത്തിൽ ചെന്നു തീർത്ഥസേവചെയ്ത് അവിടെയുള്ള 'ദേവീതീർത്ഥ' ത്തിൽ മുങ്ങിയാൽ ഉത്തമരൂപത്തെ നേടുന്നതാണ്.

പിന്നെ 'അരന്തുക' എന്ന തീർത്ഥത്തെ, ഹേ രാജാവേ! ഭവാൻ പ്രാപിക്കുക. ദ്വാരപാലകനായ യക്ഷേന്ദ്രന്റെ ആ തീർത്ഥ വും സരസ്വതിയിൽത്തന്നെയാണ്. അതിൽ സ്നാനംചെയ്തവൻ അഗ്നിഷ്ടോമഫലം നേടുന്നതാണ്. പിന്നെ 'ബ്രഹ്മവർത്ത തീർത്ഥ'ത്തിലേക്കു പോകുക. ബ്രഹ്മവർത്തതീർത്ഥത്തിൽ കുളി ച്ചവൻ ബ്രഹ്മലോകത്തിലെത്തുന്നതാണ്.

ദേവന്മാരോടൊപ്പം പിതൃക്കൾ എപ്പോഴും അവിടെയുണ്ട്. അവിടെ സ്നാനംചെയ്തു പിതൃക്കളേയും ദേവന്മാരേയും പൂജി ക്കണം. അങ്ങനെ ചെയ്താൽ അശ്വമേധഫലവും, പിതൃലോ കവും സിദ്ധിക്കുന്നു. അതുകൊണ്ടാണ് അംബുവദിയിലുള്ള സുതീർത്ഥത്തെ മഹത്തായി കണക്കാക്കുന്നത്. പിന്നെ അത്യു ത്തമമായ 'സുതീർത്ഥ'ത്തിൽ എത്തുക. കാശീശ്വരന്റെ തീർത്ഥ ത്തിൽ സ്നാനംചെയ്താൽ എല്ലാ വ്യാധികളും നീങ്ങി ബ്രഹ്മ ലോകത്തു പൂജ്യനായി ഭവിക്കുന്നതാണ്. അവിടെത്തന്നെയുള്ള 'മാതൃതീർത്ഥ'ത്തിൽ സ്നാനംചെയ്യുന്നവന്ന് നിത്യവും സന്ത തിയും സമ്പത്തും വർദ്ധിക്കുന്നതാണ്. പിന്നെ 'സീതാവന' ത്തിലെത്തുക. ആ മഹാതീർത്ഥത്തിന്റെ മറ്റൊന്നിനുമില്ലാത്ത സവിശേഷത, ആ ദുർല്ലഭമായ തീർത്ഥം കണ്ടാൽത്തന്നെ ശുദ്ധ നായി ഭവിക്കും എന്നതാണ്. അതിൽ കേശം നനച്ചാൽ മഹാശു ദ്ധനായി ഭവിക്കും. അവിടെത്തന്നെയുള്ള മറ്റൊരു തീർത്ഥമാണ് 'ശ്വാവിലോമാപഹം.' അതിൽ സ്നാനംചെയ്തു പണ്ഡിതന്മാ രായ ബ്രാഹ്മണർ പരമപ്രീതി നേടുന്നു. അവിടെ ദ്വിജോത്തമന്മാർ പ്രാണായാമംചെയ്ത്, ആ തീർത്ഥത്തിൽ സ്നാനംചെയ്ത് പര സൽഗ്ഗതി നേടുകയും ചെയ്യുന്നു.

ആ തീർത്ഥത്തിൽത്തന്നെയാണ് 'ദശാശ്വമേധികവും.' അതിൽ സ്നാനംചെയ്താൽ ഹേ നരവ്യാഘ്രാ! സൽഗ്ഗതി നേടു ന്നതാണ്. പിന്നെ ലോകപ്രസിദ്ധമായ 'മാനുഷം' എന്ന തീർത്ഥ ത്തിൽ എത്തുക. ഹേ ഭൂപതേ! വേടർ എയ്ത അമ്പേറ്റ കൃഷ്ണ മൃഗങ്ങൾ ആ തീർത്ഥത്തിൽ ചെന്നു ചാടിയപ്പോൾ മാനുഷത്വം പ്രാപിച്ചിട്ടുണ്ട്. ആ തീർത്ഥജലത്തിൽ ബ്രഹ്മചാരിയും നിയത നുമായി സ്നാനംചെയ്താൽ സർവ്വപാപവും നീങ്ങി സ്വർഗ്ഗ ത്തിൽ പൂജ്യനായിത്തീരും. മാനുഷസരസ്സിൽനിന്ന് ഒരു വിളി പ്പാടു കിഴക്കായി 'ആപഗാ' എന്നു പേരുള്ള നദിയുണ്ട്. അതു സിദ്ധന്മാർ സേവിക്കുന്ന നദിയാണ്. അവിടെ പിതൃദേവന്മാർക്കു ചാമച്ചോറു നല്കിയാൽ വലിയ ഫലം സിദ്ധിക്കുന്നതാണ്. ഒരു വിപ്രനെ അവിടെ ഊട്ടിയാൽ ഇവിടെ ഒരു കോടി വിപ്രന്മാരെ ഊട്ടിയ ഫലം സിദ്ധിക്കുന്നതാണ്. അവിടെ സ്നാനംചെയ്ത് പിതൃദേവാർച്ചനം ചെയ്തു ഒരു രാവു വസിച്ചാൽ അഗ്നിഷ്ടോ മഫലം സിദ്ധിക്കുന്നതാണ്.

പിന്നെ ഉത്തമമായ ബ്രഹ്മസ്ഥാനത്തിൽ ചെല്ലണം. അവിടെ യാണ് പ്രസിദ്ധമായ 'ബ്രഹ്മോദംബരം.' സപ്തർഷികുണ്ഡവും അവിടെയാണ്. അവിടെത്തന്നെയാണ് മഹാത്മാവായ കപിലന്റെ കേദാരവും. അവിടെ സ്ഥിതിചെയ്യുന്ന ബ്രഹ്മാവിന്റെ അടുത്തു ചെന്നാൽ ശുചിയായി പ്രയതാശയനായിരിക്കുവാൻ സർവ്വപാ പങ്ങളും തീർന്ന് ബ്രഹ്മലോകത്തിൽ എത്തുന്നതാണ്.

പിന്നെ സുദുർലഭമായ കപിലന്റെ കേദാരത്തിലെത്തുക. അവിടെ തപസ്സുചെയ്തു പാപമറ്റവൻ അന്തർദ്ധാനശക്തി യേയും നേടുന്നതാണ്. പിന്നെ ലോകപ്രസിദ്ധമായ 'സരം' പ്രാപി ക്കുക. കറുത്ത ചതുർദ്ദശിയിൽ അവിടെ മഹാദേവസന്നിധിയി ലെത്തിയാൽ സർവ്വകാമങ്ങളും നേടുകയും സ്വർഗ്ഗലോകത്തി ലെത്തുകയും ചെയ്യും. ഹേ! കുരുവര! സരകത്തിലും രുദ്രകോ ടിയിലുമായി തീർത്ഥങ്ങൾ മൂന്നുകോടിയാണ്. 'ഇളാസ്പദം' എന്ന തീർത്ഥം അവിടെയുണ്ട്. അതിൽ സ്നാനംചെയ്തു പിതൃ ദേവപൂജ കഴിച്ചാൽ പിന്നെ അവന്നു ദുർഗ്ഗതി പറ്റുകയില്ല; എന്നു തന്നെയല്ല വാജപേയഫലം സിദ്ധിക്കുന്നതുമാണ്. പിന്നെ

digitized by www.sreyas.in

'കിന്ദാന'ത്തിലും 'കിഞ്ജപ്യ'ത്തിലും മുങ്ങിയാൽ അനന്തമായ ദാനജപ്യങ്ങൾ സിദ്ധിക്കുന്നതാണ്.

'കലശി' തീർത്ഥത്തിൽ സ്നാനം ചെയ്താൽ അനിഷ്ടോമ മഖത്തിന്റെ ഫലം സിദ്ധിക്കുന്നതാണ്. സരകത്തിന്റെ കിഴക്കുഭാഗത്തായി മഹാനായ നാരദന്റെ ഒരു തീർത്ഥമുണ്ട്. 'അംബാജന്' എന്നു കേൾവിപ്പെട്ടതാണത്. ആ തീർത്ഥത്തിൽ സ്നാനംചെയ്തവൻ മൃതിയടഞ്ഞാൽ നാരദാനുജ്ഞയാൽ പുണ്യലോകങ്ങൾ നേടുന്നതാണ്. വെളുത്തദശമിദിവസം പുണ്ഡരീകത്തിൽ എത്തിച്ചേരണം. അതിൽ സ്നാനംചെയ്താൽ പുണ്ഡരീകയാഗഫലം സിദ്ധിക്കുന്നതാണ്. പിന്നെ മൂന്നു ലോകത്തിലും അതിവിശ്രുതമായ 'ത്രിവിഷ്ടപത്തി'ലേക്കു പോവുക. അതിലാണ് പാപം നശിപ്പിക്കുന്ന പുണ്യമായ 'വൈതരണി' നദി. അതിൽ സ്നാനംചെയ്തു ത്രിശൂലിയായ വൃഷധ്വജനെ പൂജിച്ചാൽ സർവ്വപാപങ്ങളും തീർന്ന് പരസൽഗ്ഗതി നേടുന്നതാണ്.

പിന്നെ രാജേന്ദ്രാ, ഭവാൻ പുണ്യമായ 'ഫലകീവന'ത്തിൽ ചെല്ലുക. അവിടെ ദേവന്മാർ പ്രവേശിച്ച് അനേകായിരം വർഷം മഹാതപസ്സുചെയ്തിട്ടുണ്ട്. പിന്നെ 'ദൃഷദ്വതി'യിൽ ചെല്ലുക. അവിടെ സ്നാനംചെയ്തു ദേവാർച്ചന ചെയ്യുന്നതായാൽ അഗ്നിഷ്ടോ.ാതിരാത്രയാഗങ്ങളുടെ ഫലം നേടുന്നതാണ്. അവിടെത്തന്നെയുള്ള സർവ്വദേവകളുടേയും തീർത്ഥത്തിൽ സ്നാനംചെയ്താൽ ഗോസഹസ്രദാനത്തിന്റെ ഫലം നരൻ നേടുന്നതാണ്.

'പാണിഘാത'ത്തിൽ മുങ്ങി ദേവതൃപ്തിവരുത്തിയവൻ അഗ്നിഷ്ടോമാതിരാത്രങ്ങളുടെ ഫലം നേടുന്നതാണ്. മാത്രമല്ല, രാജസൂയഫലം നേടി ഋഷിലോകത്തിലെത്തുകയും ചെയ്യും. പിന്നെ ഉത്തമമായ 'മിശ്രകതീർത്ഥ'ത്തിലെത്തുക. മിശ്രകതീർത്ഥത്തിൽ സ്നാനം ചെയ്യുന്നത് എല്ലാ തീർത്ഥങ്ങളിലും സ്നാനംചെയ്യുന്നതിന്നു തുല്യമാണ്. പിന്നെ 'വ്യാസവന'മെന്ന തീർത്ഥത്തിൽ ചെല്ലണം. അവിടെ തീർത്ഥങ്ങൾ മിശ്രണംചെയ്തു പൂജിക്കുവാൻ വ്യാസൻ മഹർഷികൾക്ക് നിർമ്മിച്ചതായി കേൾക്കുന്നു. അതുകൊണ്ട് മിശ്രകത്തിൽ സ്നാനംചെയ്താൽ സർവ്വതീർത്ഥങ്ങളിലും സ്നാനംചെയ്ത ഫലം സിദ്ധിക്കുന്നതാണ്.

പിന്നെ, നിയതനായി, നിയതാശനനായി വ്യാസവനത്തിലെത്തുക. അവിടെയുള്ള 'മനോജവ' തീർത്ഥത്തിൽ സ്നാനംചെയ്താൽ ആയിരം ഗോക്കളെ ദാനംചെയ്ത പുണ്യം ലഭിക്കുന്നതാണ്. മധുപദിയിലുള്ള 'ദേവീതീർത്ഥത്തി'ൽച്ചെന്നു ശുദ്ധിയോടുകൂടി കുളിച്ച് പിതൃദേവന്മാർക്ക് അർച്ചനചെയ്ത പുരുഷൻ ദേവിയുടെ അനുഗ്രഹത്താൽ ഗോസഹസ്രഫലത്തെ പ്രാപിക്കും.

ദൃഷദ്വതീകൗശികികൾ കൂടുന്ന ദിക്കിൽ നിയതാഹാരനായി കുളിച്ചാൽ സർവ്വപാപവും അറ്റുപോകും. 'വ്യാസസ്ഥലി'യിലാണ് മഹാശയനായ വ്യാസൻ പുത്രശോകാർത്തനായി ദേഹത്യാഗം ചെയ്യുവാൻ ഒരുങ്ങിനിന്നത്. പിന്നെ ദേവന്മാരാണ് അദ്ദേഹത്തെ പുനരുദ്ധാനംചെയ്തത്. ആ വ്യാസസ്ഥലിയിൽച്ചെന്നാൽ ഗോസഹസ്രഫലം പ്രാപിക്കുന്നതാണ്. 'കിംദത്ത'യിൽച്ചെന്ന് ഇടങ്ങഴി എള്ളു ദാനംചെയ്താൽ കടങ്ങളെല്ലാം തീർന്ന് പരയായ സിദ്ധിനേടുന്നതാണ്. പിന്നെ, 'വേദി' എന്ന തീർത്ഥത്തിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം പ്രാപിക്കുന്നതാണ്. 'അഹസ്സ്' എന്നും, 'സുദിനം' എന്നും രണ്ടു വിശുദ്ധതീർത്ഥങ്ങളുണ്ട്. അതിൽ സ്നാനം ചെയ്താൽ സൂര്യലോകത്തിലെത്തുന്നതാണ്.

പിന്നെ മൂന്നു ലോകത്തിലും പുകഴ്ന്ന 'മൃഗധൂമ'ത്തിൽ എത്തണം. അവിടെ ഗംഗാജലത്തിൽ മുങ്ങണം. പിന്നെ മഹാദേവനെ അർച്ചിച്ചാൽ അശ്വമേധത്തിന്റെ ഫലം സിദ്ധിക്കുന്നതാണ്. ദേവതീർത്ഥത്തിൽ മുങ്ങിയാൽ ഗോസഹസ്രഫലം സിദ്ധിക്കുന്നതാണ്. പിന്നെ മൂന്നു ലോകവും പുകഴ്ന്ന 'വാമനകത്തി'ലെത്തുക. വിഷ്ണുപാദത്തിൽ മുങ്ങി വാമനനെ അർച്ചിച്ചാൽ എല്ലാ പാപങ്ങളും തീർന്ന് വിഷ്ണുലോകത്തിൽ എത്തുന്നതാണ്. പിന്നെ 'കുലമ്പുന'യിൽ കുളിച്ചാൽ അവന്റെ കുലംതന്നെ ശുദ്ധിയാകും. മരുത്തുക്കളുടെ തീർത്ഥമായ 'പവനഹ്രദ'ത്തിൽ മുങ്ങിയാൽ, ഹേ നരവ്യാഘ്രാ! അവൻ വിഷ്ണുലോകത്തിൽ പൂജ്യനാകുന്നതാണ്. 'അമരഹ്രദ'ത്തിൽച്ചെന്ന് സ്നാനംചെയ്തു അമരാധിപനെ പൂജിച്ചാൽ, ദേവലോകം നേടി അമരന്മാരോടൊപ്പം വിമാനസഞ്ചാരംചെയ്യും. സ്വർഗ്ഗലോകത്തിൽ പൂജ്യനാകുന്നതാണ്. ശാലിഹോത്രന്റെ തീർത്ഥമായ 'ശാലിസൂര്യ'ത്തിൽ സ്നാനംചെയ്താൽ ഹേ നരശ്രേഷ്ഠാ! ഗോസഹസ്രഫലം പ്രാപിക്കുന്നതാണ്. സരസ്വതിയിലെ ഒരു തീർത്ഥമാണ് 'ശ്രീകുഞ്ജം.' അതിൽ സ്നാനംചെയ്താൽ അഗ്നിഷ്ടോമഫലം സിദ്ധിക്കുന്നതാണ്. പിന്നെ 'നൈമിഷക കുഞ്ജ'ത്തിൽ ചെന്നെത്തുക. നൈമിഷാരണ്യത്തിലെ മഹാതപസ്വികളായ ഋഷികൾ പണ്ട് തീർത്ഥാടനത്തിന്നായി കുരുക്ഷേത്രത്തിൽ എത്തിയത്രേ. പിന്നീട് അവർ സരസ്വതിയിൽ ഒരു കുഞ്ജം ഉണ്ടാക്കി. ഋഷിമാർക്കു സുഖമായി കൂടുവാൻപറ്റിയ വിധമാണ് ഉണ്ടാക്കപ്പെട്ടത്. അവിടെ സരസ്വതിയിൽ കുളിച്ചാൽ അഗ്നിഷ്ടോമഫലം നേടുന്നതാണ്.

പിന്നെ ഉത്തമമായ കന്യാതീർത്ഥത്തിലെത്തുക. കന്യാതീർത്ഥസ്നാനം ചെയ്താൽ ഗോസഹസ്രദാനഫലം സിദ്ധിക്കുന്നതാണ്. പിന്നെ ഉത്തമമായ 'ബ്രഹ്മതീർത്ഥ'ത്തിലെത്തണം. അവിടെ താഴ്ന്ന ജാതിക്കാരൻ ബ്രാഹ്മണ്യതീർത്ഥത്തിൽ മുങ്ങിയാൽ അവൻ ബ്രാഹ്മണനാകുന്നതാണ്. ബ്രാഹ്മണനാണെങ്കിൽ ശുദ്ധനായി പരസൽഗ്ഗതി പ്രാപിക്കുന്നതുമാണ്.

പിന്നെ മുഖ്യമായ സോമതീർത്ഥത്തിലെത്തണം. അതിൽ സ്നാനം ചെയ്ത. നരൻ സോമലോകത്തിലെത്തുന്നതാണ്. പിന്നെ 'സപ്തസാരസ്വതം' എന്ന തീർത്ഥത്തിൽ എത്തണം. അതിലാണ് 'മങ്കണക'നെന്ന മുനി സിദ്ധനായി, മുനിമുഖ്യനായി, വിശ്രുതനായത്. പണ്ട് അവിടെച്ചെന്നു കുശാഗ്രത്താൽ മങ്കണകന്ന് കൈ മുറിഞ്ഞു. അപ്പോൾ ആ മുറിവിൽനിന്നു ശാകരസം (സസ്യങ്ങളുടെ നീര്) ഒഴുകി. അവൻ ശാകരസം കണ്ടപ്പോൾ അത്ഭുതത്തോടും സന്തോഷത്തോടുംകൂടി തുള്ളി. അവൻ തുള്ളിയപ്പോൾ ചരവും അചരവുമായ ജഗത്തുമുഴുവൻ തുള്ളി. ചരാചരം അവന്റെ തേജസ്സാൽ മയങ്ങിയപ്പോൾ ബ്രഹ്മാദികളായ വാനവന്മാരും, തപസ്വികളായ മുനീന്ദ്രന്മാരും മഹാദേവനെ ചെന്നുകണ്ട് ഉണർത്തിച്ചു. 'ഇനി ഇവൻ നൃത്തം വയ്ക്കാത്തവിധം ഭവാൻ ചെയ്താലും' എന്ന്. മഹാദേവനോട് അവർ അപേക്ഷിച്ച ഉടനെ, നൃത്തംവയ്ക്കുന്ന അവന്റെ മുമ്പിൽച്ചെന്ന് ദേവന്മാരുടെ ഹിതത്തിന്നായി ഇപ്രകാരം മഹാദേവൻ പറഞ്ഞു."

മഹാദേവൻ പറഞ്ഞു: "ഹേ മഹർഷേ! ഭവാൻ എന്താണ് ഈ വിധം ചാടിത്തുള്ളുന്നത്? എന്തു കാരണത്താലാണ് ഭവാൻ ഇങ്ങനെ നൃത്തംവയ്ക്കുന്നത്? പറഞ്ഞാലും!"

ഋഷി പറഞ്ഞു: "ഹേ ബ്രഹ്മൻ! തപസ്വിയായി ധർമ്മാനുഷ്ഠാനം ചെയ്യുന്ന എന്റെ കൈയിൽനിന്ന് ശാകരസം ഒഴുകുന്നത് ഭവാൻ കണ്ടാലും. അതു കണ്ടപ്പോഴുണ്ടായ ഹർഷാതിരേകത്താലാണ് ഞാൻ നൃത്തംവയ്ക്കുന്നത്."

പുലസ്ത്യൻ പറഞ്ഞു: "ഈ വാക്കുകൾ കേട്ടപ്പോൾ പുഞ്ചിരിയോടുകൂടി മഹാദേവൻ രാഗമോഹിതനായ ആ മുനിയോടു പറഞ്ഞു."

മഹാദേവൻ പറഞ്ഞു: "ഹേ വിപ്രാ! ഇതു കണ്ടിട്ട് എനിക്ക് യാതൊരത്ഭുതവും തോന്നുന്നില്ല. ഭവാൻ ഇങ്ങോട്ട് ഒന്നു നോക്കൂ."

പുലസ്ത്യൻ പറഞ്ഞു: "എന്നു പറഞ്ഞ് മഹേശ്വരൻ തന്റെ വിരൽത്തുമ്പുകൊണ്ട് തന്റെ പെരുവിരലിന്മേൽ ഒന്ന് അമർത്തി. ഉടനെ ആ ക്ഷതത്തിൽനിന്ന് ഹിമംപോലെ വെളുത്ത ഭസ്മം ചാടുകയായി. ഇതു കണ്ടപ്പോൾ മഹർഷിക്കു ലജ്ജയായി. തന്റെ അഹങ്കാരം പോവുകയും മഹാദേവന്റെ പാദത്തിൽ നമസ്കരിക്കുകയും മഹാദേവനേക്കാൾ മേലേ മറ്റൊന്നുമില്ലെന്നു ധരിക്കുകയും ചെയ്തു."

മുനി പറഞ്ഞു: "സുരാസുരലോകർക്കൊക്കെ ഗതി ശൂലപാണിയായ ഭവാനാകുന്നു. സകല ചരാചരങ്ങളുമടങ്ങിയ ജഗ

digitized by www.sreyas.in

ത്തൊക്കെ സൃഷ്ടിച്ചതും ഭവാനാകുന്നു! പ്രളയത്തിൽ സകല സൃഷ്ടിജാലത്തേയും ഗ്രസിക്കുന്നതും ഭവാനാകുന്നു. ഭവാനെ ശരിയായി അറിയുവാൻ ദേവന്മാർക്കുപോലും കഴിയുന്നില്ല. പിന്നെയുണ്ടോ ഈയുള്ളവന്നു കഴിയുന്നു? ലോകത്തിൽ സകലതും ചെയ്യുന്നവനും ചെയ്യിക്കുന്നവനും ഭവാനാണല്ലോ. ഭവാന്റെ പ്രസാദത്താൽ നിർഭയമായി ദേവകൾ മോദിക്കുന്നു. ബ്രഹ്മാദികളായ സുരവർഗ്ഗമെല്ലാം ഭവാനിൽ കാണപ്പെടുന്നു."

പുലസ്ത്യൻ പറഞ്ഞു: "ഇപ്രകാരം മുനി ശിവനെ വാഴ്ത്തി സ്തുതിച്ചു. മുനി തുടർന്നു: 'മഹാദേവാ, ഭവാന്റെ പ്രസാദത്താൽ എന്റെ തപസ്സ് ക്ഷയിക്കാതിരിക്കേണമേ' എന്ന്. ഉടനെ പ്രഹൃഷ്ടനായി മഹാദേവൻ ബ്രഹ്മർഷിയോടു പറഞ്ഞു."

മഹാദേവൻ പറഞ്ഞു: "എന്റെ പ്രസാദത്താൽ ഹേ ബ്രാഹ്മണ! നിന്റെ തപസ്സ് ആയിരമിരട്ടി വർദ്ധിക്കട്ടെ! നിന്നോടൊത്ത് ഞാൻ ഈ ആശ്രമത്തിൽ ഇരിക്കാം. മഹർഷേ! സപ്തസാരസ്വതസ്നാനം ചെയ്ത് എന്നെ പൂജിച്ചാൽ അവർക്കു ദുർല്ലഭമായി ഇഹലോകത്തിലും പരലോകത്തിലും ഒന്നുംതന്നെ ഉണ്ടാവുകയില്ല. സാരസ്വതമായ ലോകത്തെ അവർ പ്രാപിക്കുകയുംചെയ്യും. അതിൽ യാതൊരു സംശയവുമില്ല."

പുലസ്ത്യൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ശിവൻ അവിടെത്തന്നെ മറഞ്ഞു. അവിടെനിന്ന് ഹേ ഭാരത, ഭവാൻ പിന്നെ ത്രിലോകപ്രസിദ്ധമായ 'ഔശനസ' തീർത്ഥത്തിലേക്കു പോവുക. അതിൽ ബ്രഹ്മാദികളായ ദേവന്മാരും, തപസ്വികളായ മുനീന്ദ്രന്മാരും, കാർത്തികേയഭഗവാനും ത്രിസന്ധ്യകളിൽ ഭാർഗ്ഗവന്റെ സന്തോഷത്തിന്നായി സന്നിഹിതരാകുന്നു. 'കപാലമോചനം' എന്ന് അവിടെയുള്ള മറ്റൊരു തീർത്ഥം എല്ലാ പാപത്തേയും മുടിക്കുന്നതാണ്. അതിൽ സ്നാനംചെയ്താൽ എല്ലാ പാപവും അറ്റുപോകുന്നതാണ്. പിന്നെ അഗ്നിതീർത്ഥത്തിലേക്കു പോവുക. അതിൽ സ്നാനംചെയ്താൽ അഗ്നിലോകത്തിൽ എത്താം; കുലം ഉദ്ധരിക്കുകയും ചെയ്യാം. പിന്നെ അവിടെത്തന്നെയുള്ള 'വിശ്വാമിത്രതീർത്ഥ'ത്തിലെത്തുക. അതിൽ സ്നാനം ചെയ്താൽ ബ്രാഹ്മണത്വം ലഭിക്കും. 'ബ്രഹ്മയോനി' എന്ന തീർത്ഥത്തിൽ പ്രവേശിച്ച് ശുചിയായി, ശുദ്ധമാനസനായി സ്നാനംചെയ്താൽ ബ്രഹ്മലോകത്തിലെത്തുന്നതാണ്. മേലോട്ടും കീഴോട്ടുമുള്ള ഏഴു തലമുറ അതുമൂലം ശുദ്ധിപ്രാപിക്കുന്നു.

പിന്നെ ത്രിലോകവിശ്രുതമായ കാർത്തികേയന്റെ തീർത്ഥമായ 'പൃഥൂദക'ത്തിലേക്കു പോവുക. മുപ്പാരിൽ വിശ്രുതമായ ആ തീർത്ഥത്തിൽ സ്നാനംചെയ്ത് പിതൃദേവാർച്ചനചെയ്യണം. ആണായാലും, പെണ്ണായാലും അറിഞ്ഞും, അറിയാതെയും ചെയ്ത സകല ദുഷ്കൃതങ്ങളും അതിൽ സ്നാനംചെയ്താൽ തീർന്നുപോകുന്നതാണ്. അവന്നു സുരലോകവും അശ്വമേധഫലവും സിദ്ധിക്കുന്നതുമാണ്. കുരുക്ഷേത്രം പുണ്യമാണ്. അതിനേക്കാൾ ശ്രേഷ്ഠമാണ് സരസ്വതി. അതിനേക്കാൾ ശ്രേഷ്ഠമാണ് എല്ലാ തീർത്ഥങ്ങളും കൂടിയാൽ. എന്നാൽ എല്ലാ തീർത്ഥത്തേക്കാളും ശ്രേഷ്ഠമാണ് 'പൃഥൂദകം' എന്നു പണ്ഡിതന്മാർ പറയുന്നു. പൃഥൂദകത്തിൽ ജപംകൊണ്ടിരുന്നു മരിച്ചാൽ പിന്നെ അവന്നു ജന്നമരണങ്ങൾ ഉണ്ടാവുകയില്ല. സനൽക്കുമാരനും, മഹാത്മാവായ വ്യാസനും ഇങ്ങനെ പാടിയിട്ടുണ്ട്. അതുകൊണ്ട് ഭവാൻ തീർച്ചയായും പൃഥൂദകം പ്രവേശിക്കണം. പൃഥൂദകത്തേക്കാൾ പുണ്യമായ തീർത്ഥം വേറെയില്ല. അതു മേധ്യമാണ്, ശുദ്ധമാണ്, പാവനവുമാണ്. പൃഥൂദകത്തിൽ സ്നാനംചെയ്താൽ പാപികളാണെങ്കിൽക്കൂടി അവർ സ്വർഗ്ഗം പ്രാപിക്കും എന്നു മനീഷികൾ പറയുന്നു. അവിടെ 'മധുസ്രവം' എന്ന തീർത്ഥമുണ്ട്. അതിൽ സ്നാനംചെയ്താൽ ഗോസഹസ്രദാനപുണ്യം നേടാം. പിന്നെ സരസ്വതിയും, അരുണനും സംഗമിക്കുന്ന വിശ്വവിശ്രുതമായ തീർത്ഥത്തിൽ സ്നാനംചെയ്യുക. മൂന്നു രാത്രി ഉപവസിച്ച് അഗ്നിഷ്ടോമാതിരാത്രങ്ങളുടെ ഫലത്തേക്കാൾ വലിയ ഫലം നേടാം. ബ്രഹ്മഹത്യാപാപംപോലും നീങ്ങും. ഏഴു തലമുറ ശുദ്ധി വരുത്തുകയും ചെയ്യാം.

'അർദ്ധകീലം' എന്ന തീർത്ഥവും അവിടെത്തന്നെയാണ്. വിപ്രന്മാരിൽ കനിവോടെ 'ദർഭി' പണ്ടു തീർത്തതാണത്. അവിടെ വ്രതോപനയനത്തോടും, ഉപവാസത്തോടും, ക്രിയാമന്ത്രത്തോടും ചേർന്ന ഒരുവൻ ബ്രാഹ്മണനായിത്തീരും. അവിടെ കുളിച്ചാൽ ക്രിയാമന്ത്രം ഇല്ലാത്തവൻ പണ്ഡിതനും മന്ത്രശക്തിയുള്ളവനുമാകുമെന്ന് പണ്ടു വിവരമുള്ളവർ കണ്ടിട്ടുണ്ട്. ദർഭി പണ്ടു നാലു സമുദ്രത്തേയും അവിടെ വരുത്തിയിട്ടുണ്ട്. അതിൽ സ്നാനംചെയ്തവന്ന് ദുർഗ്ഗതി പറ്റുന്നതല്ല. നാലായിരം ഗോദാനത്തിന്റെ ഫലവും അവൻ നേടുന്നതാണ്. പിന്നെ 'ശതസഹസ്രതീർത്ഥ'ത്തിലേക്കു പോവുക. അവിടെത്തന്നെ 'സഹസ്രകം' എന്ന തീർത്ഥമുണ്ട്. അവ ബഹുവിശ്രുതമാണ്. രണ്ടിലും സ്നാനംചെയ്താൽ ഗോസഹസ്രഫലം നേടുന്നതാണ്. അതിൽ സ്നാനംചെയ്താൽ ദാനത്തിന്റെയും ഉപവാസത്തിന്റെയും ഫലം ആയിരം ഇരട്ടിയായിത്തീരും.

പിന്നെ ഉത്തമമായ 'രേണുകാതീർത്ഥ'ത്തിലെത്തുക. അവിടെ പാർത്ത് പിതൃദേവാർച്ചനം സ്നാനാനന്തരം ചെയ്യുക. എന്നാൽ സർവ്വപാപങ്ങളും തീരുന്നതാണ്. അഗ്നിഷ്ടോമഫലം സിദ്ധിക്കുന്നതുമാണ്. പിന്നെ 'വിമോചന'ത്തിൽ സ്നാനംചെയ്യുക. ജിതേന്ദ്രിയനായ അവൻ ദാനം സ്വീകരിച്ചതിന്റെ ദോഷങ്ങളൊക്കെ വിട്ടൊഴിഞ്ഞു പോകുന്നതാണ്. പിന്നെ ബ്രഹ്മചാരിയായി ജിതേന്ദ്രിയനായി പഞ്ചവടിയിൽ ചെല്ലുക. അതിൽ സ്നാനംചെയ്താൽ പുണ്യം നേടി പൂജ്യരുടെ ലോകം പ്രാപിക്കും. പിന്നെ സ്വതേജസ്സാൽ ഉജ്ജ്വലിക്കുന്ന 'തൈജസം' എന്ന വരുണന്റെ തീർത്ഥത്തിൽ ചെല്ലുക. അവിടെ യോഗേശനായ സ്ഥാണു, വൃഷധ്വജനായി ഇരിക്കുന്നു. ആ ദേവേശ്വരനെ അർച്ചിക്കുവാൻ പോയാൽ സിദ്ധനായി വരുന്നതാണ്.

'തൈജസ' മെന്ന വാരുണതീർത്ഥത്തിൽവെച്ചാണ് ബ്രഹ്മാദികളായ ദേവന്മാരും, തപസ്വികളായ മുനീന്ദ്രന്മാരും ദേവന്മാരുടെ സേനാനിയായി ഗുഹനെ അഭിഷേകംചെയ്തത്. തൈജസത്തിന്റെ കിഴക്കാണ് കുരുതീർത്ഥം. കുരുതീർത്ഥസ്നാനം കൊണ്ടു ബ്രഹ്മചാരിയായ ജിതേന്ദ്രിയൻ സർവ്വപാപങ്ങളും തീർന്ന് ബ്രഹ്മലോകത്തെ പ്രാപിക്കുന്നതാണ്.

പിന്നെ 'സ്വർഗ്ഗദ്വാര'ത്തിലേക്ക് പോവുക. അതിൽ സ്നാനം ചെയ്താൽ സ്വർഗ്ഗലോകത്തിലും ബ്രഹ്മലോകത്തിലും എത്തുന്നതാണ്. പിന്നെ 'അനരക'ത്തിലേക്കു പോവുക. അതിൽ തീർത്ഥസ്നാനം ചെയ്തവന്ന് പിന്നെ ദുർഗ്ഗതിയുണ്ടാകയില്ല. അതിലാണ് നാരായണനെ മുൻനിർത്തി ബ്രഹ്മാദിദേവന്മാരും നിത്യോപാസനചെയ്യുന്നത്. അവിടെ രുദ്രപത്നിയുടെ നിത്യസാന്നിദ്ധ്യമുണ്ട്. ആ ദേവിയെ ദർശിച്ചാൽ അവന്നു ദുർഗ്ഗതിയുണ്ടാകുന്നതല്ല.

അവിടെത്തന്നെ ഉമാനാഥനായ വിശ്വേശ്വരമഹാദേവനെ വന്ദിച്ചാൽ പിന്നെ എല്ലാ പാപവും നശിക്കുന്നതാണ്. അവിടെ നാരായണനെ വന്ദിച്ചാൽ അവൻ വിളങ്ങി വിഷ്ണുലോകത്തിലെത്തുന്നതാണ്.

പിന്നെ സർവ്വദൈവതതീർത്ഥങ്ങളിൽ സ്നാനംചെയ്യുക; സർവ്വദുഃഖങ്ങളും വേർപെട്ട് ശശിയെപ്പോലെ ശോഭിക്കും. പിന്നെ 'സ്വസ്തിപുര'ത്തിലേക്കു പോവുക. അവിടെ സ്നാനംചെയ്തു പ്രദക്ഷിണംവെച്ചാൽ ഗോസഹസ്രഫലം സിദ്ധിക്കുന്നതാണ്. 'പാവനതീർത്ഥ'ത്തിൽച്ചെന്നു പിതൃദേവതർപ്പണം ചെയ്യുക. അഗ്നിഷ്ടോമയജ്ഞത്തിന്റെ ഫലം സിദ്ധിക്കുന്നതാണ്. 'ഗംഗാഹ്രദ'വും 'കൂപ'വും അതിനടുത്തുതന്നെയാണ് മൂന്നു കോടി തീർത്ഥങ്ങൾ ആ കൂപത്തിലുണ്ട്. അതിൽ സ്നാനംചെയ്ത മർത്ത്യൻ സ്വർഗ്ഗലോകത്തിലെത്തുന്നതാണ്. 'ആപഗാ' തീർത്ഥത്തിൽ സ്നാനംചെയ്തു മഹേശ്വരനെ അർച്ചിച്ചാൽ ഗണനായകസ്ഥാനം നേടുകയും കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. പിന്നെ മൂന്നു ലോകത്തിലും പുകഴ്ന്ന 'സ്ഥാണുവട'ത്തെ പ്രാപിക്കുക. അവിടെ കുളിച്ച് ഒരു ദിവസം വസിച്ചാൽ രുദ്രലോകം നേടുന്നതാണ്.

digitized by www.sreyas.in

'ബദരീപാചന'ത്തിൽ എത്തി വസിഷ്ഠാശ്രമത്തിൽ ചെല്ലുക. മൂന്നുനാൾ അവിടെ ഉപവസിച്ച് ബദരീഫലം തിന്നുക. പന്ത്രണ്ടു വർഷം ബദരീഫലം തിന്നവന്നു തുല്യമായ ഫലം അവിടെ മൂന്നുരാവ് ഉപവസിക്കുന്നവന്നു ലഭിക്കുന്നതാണ്. ഇന്ദ്രമാർഗ്ഗത്തിൽ പ്രവേശിച്ച് തീർത്ഥസ്നാനംചെയ്ത് ഒരു അഹോരാത്രം ഉപവസിച്ചാൽ ഇന്ദ്രലോകത്തിൽ അവൻ പൂജ്യനായി ഭവിക്കുന്നതാണ്. 'ഏകാരാത്രി' തീർത്ഥത്തിൽ എത്തി അസത്യം വെടിഞ്ഞ് ഒരു രാവ് ഉപവസിച്ചാൽ അവൻ ബ്രഹ്മലോകത്തു പൂജ്യനായി ഭവിക്കുന്നതാണ്.

പിന്നെ തേജസ്വിയായ ആദിത്യന്റെ ആശ്രമത്തിലെത്തുക. ത്രിലോകവിശ്രുതമായ 'ആദിത്യതീർത്ഥ'ത്തിൽ സ്നാനം ചെയ്തു വിഭാവസുവിനെ ഭജിച്ചാൽ അവൻ ആദിത്യലോകത്തിലെത്തുന്നതാണ്. സ്വന്തം കുലത്തേയും സമുദ്ധരിക്കുന്നു. സോമതീർത്ഥസ്നാനം ചെയ്തു സോമനെ ഭജിച്ചാൽ സോമലോകത്തിലെത്തുന്നതാണ്. 'ദധീച' തീർത്ഥത്തിൽച്ചെന്നു സ്നാനംചെയ്യുക. ലോകവിശ്രുതമായ പുണ്യതീർത്ഥമാണത്. അതിലാണ് സാരസ്വതനും, തപോനിധിയുമായ അംഗിരസ്സു ജനിച്ചത്. അതിൽ സ്നാനംചെയ്ത നരൻ അശ്വമേധഫലം നേടുന്നതാണ്. സരസ്വതീലോകസിദ്ധിയും ഉണ്ടാകും. പിന്നെ നിയതനും ബ്രഹ്മചാരിയുമായി കന്യാശ്രമത്തിൽ ചെല്ലണം. അവിടെ മൂന്നു രാത്രി നിയതനും നിയതാശനനുമായി താമസിച്ചാൽ ദിവ്യരായ നൂറു കന്യകമാരെ അവൻ നേടുന്നതാണ്; സ്വർഗ്ഗലോകത്തിൽ എത്തുന്നതുമാണ്.

പിന്നെ 'സന്നിഹിതീതീർത്ഥ'ത്തിലും ചെല്ലുക. അതിൽ ബ്രഹ്മാദികളായ ദേവന്മാരും, തപോനിധികളായ ഋഷികളും മാസംതോറും വന്നുചേരുന്നു. രാഹു ദിവാകരനെ ഗ്രസിക്കുന്ന സമയത്ത് (സൂര്യഗ്രഹണം) സന്നിഹിതീസ്നാനം ചെയ്തവൻ ശാശ്വതമായ നൂറ് അശ്വമേധം ചെയ്ത ഫലം നേടും. മാത്രമല്ല, എന്തു കർമ്മം ചെയ്താലും അതിന്റെ ഫലം ശാശ്വതമായിരിക്കും. ഭൂമിയിലും ആകാശത്തിലും ഏതെല്ലാം തീർത്ഥങ്ങളുണ്ടോ അവയെല്ലാംതന്നെ, എല്ലാ തടാകങ്ങളും ചെറുതും വലുതുമായ എല്ലാ നദികളും, ഉറവുകളും, സരസ്സുകളും വിവിധ ദേവതകളുടെ തീർത്ഥങ്ങളും – ചുരുക്കത്തിൽ എല്ലാ തീർത്ഥങ്ങളും ഹേ നരവ്യാഘ്രാ, നിസ്സംശയം പ്രതിമാസം അമാവാസിയിൽ സരസ്വതിയുമായി സംഗമിക്കുന്നു. അതുകൊണ്ടാണ് തീർത്ഥസന്നിഹനത്താൽ മാത്രമാണ്, 'സന്നിഹത്യാ' എന്ന പേർ വിശ്രുതമായത്. അവിടെ സ്നാനപാനങ്ങൾ ചെയ്താൽ സ്വർഗ്ഗലോകത്തു പൂജ്യനായിത്തീരുന്നതാണ്. അമാവാസിയിൽ ദിവാകരൻ രാഹുഗ്രസ്തനാകുമ്പോൾ ശ്രാദ്ധംകഴിക്കുന്ന മർത്ത്യന്ന് ലഭിക്കുന്ന പുണ്യഫലങ്ങൾ ഇപ്രകാരമാണ്. ആ തീർത്ഥത്തിൽ കുളിച്ചതിന്നുശേഷം ശ്രാദ്ധംകഴിച്ചാൽ ആയിരം അശ്വമേധത്തിന്റെ ഫലം ലഭിക്കുന്നതാണ്. പാപം വല്ലതും ചെയ്ത സ്ത്രീപുരുഷന്മാർ അതിൽ സ്നാനംചെയ്താൽ എല്ലാ പാപവും തീരുന്നതാണ്. പത്മവർണ്ണമായ വിമാനത്തിൽ ബ്രഹ്മലോകത്തും എത്തുന്നതാണ്. യക്ഷന്മാരുടെ ദ്വാരപാലനായ 'മചക്രുക'നെന്ന യക്ഷനെ അഭിവാദ്യംചെയ്ത് കോടിതീർത്ഥ സ്നാനം ചെയ്താൽ ധാരാളം സ്വർണ്ണം ദാനംചെയ്ത ഫലം ലഭിക്കുന്നതാണ്.

അവിടെത്തന്നെയാണ് 'ഗംഗാഹ്രദ'മെന്ന തീർത്ഥം. ബ്രഹ്മചാരിയായ സമാഹിതൻ അതിൽച്ചെന്നു മുങ്ങട്ടെ. അവൻ രാജസൂയാശ്വമേധയാഗങ്ങളുടെ ഫലം നേടുന്നതാണ്. ഭൂലോകത്തിൽ നൈമിഷതീർത്ഥം; സ്വർഗ്ഗലോകത്തിൽ പുഷ്കരതീർത്ഥം; മൂന്നു ലോകത്തിലുംവെച്ച് വിശിഷ്ടമായതു കുരുക്ഷേത്രമാണ്. കാറ്റിൽ പറക്കുന്ന കുരുക്ഷേത്രപാംസുക്കൾകൂടിയും ദുഷ്കൃത്യം ചെയ്തവന്റെ പാപം നശിപ്പിച്ച് അവന്നു സൽഗ്ഗതി നല്കുന്നതാണ്. 'സരസ്വതി'യുടെ തെക്കും ദൃഷദ്വതിയുടെ വടക്കുമായി സ്ഥിതിചെയ്യുന്ന കുരുക്ഷേത്രത്തിൽ ജീവിക്കുന്നവൻ സാക്ഷാൽ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത്. 'ഞാൻ കുരുക്ഷേത്രത്തിൽപ്പോകും, ഞാൻ കുരുക്ഷേത്രത്തിൽ വസിക്കും' എന്ന് ഒരു പ്രവാശ്യം പറഞ്ഞവന്നുകൂടി പാപം നശിക്കുന്നതാണ്. ബ്രഹ്മവേദിയായ കുരുക്ഷേത്രം പുണ്യമാണ്. ബ്രഹ്മർഷിസേവിതമായ അതിൽ പാർക്കുന്നവർ പുണ്യവാന്മാരാകും. അവർ ഒന്നുകൊണ്ടും ശോച്യരായി വരുന്നതല്ല. തരന്തുകയ്ക്കും, അരന്തുകയ്ക്കും, രാമമചക്രുകാതടാകങ്ങൾക്കും ഇടയ്ക്കുള്ള സ്ഥലമായ ഈ കുരുക്ഷേത്രം, അതായത് സമന്തപഞ്ചകം, പിതാമഹന്റെ ഉത്തരവേദികൂടിയാകുന്നു."

84. പുലസ്ത്യതീർത്ഥയാത്ര പുലസ്ത്യൻ പറഞ്ഞു: "ഹേ രാജാവേ! പിന്നെ ഭവാൻ ഉത്തമമായ ധർമ്മതീർത്ഥത്തിൽ ചെല്ലണം. അതിലാണ് മഹാഭാഗനായ ധർമ്മൻ വലിയ തപംചെയ്തത്. തന്റെ പേരുകൊണ്ടു വിശ്രുതമായ ആ പുണ്യതീർത്ഥം ധർമ്മൻ തീർത്തതാണ്. അതിൽ സ്നാനംചെയ്ത മർത്ത്യൻ ധർമ്മശീലനാകും. തന്റെ കുലം ഏഴു തലമുറവരെ അവൻ ശുദ്ധമാക്കുകയും ചെയ്യുന്നു. പിന്നെ മുഖ്യമായ 'ജ്ഞാനപാപനതീർത്ഥ'ത്തിലെത്തുക. അതിൽ സ്നാനംചെയ്താൽ അഗ്നിഷ്ടോമഫലം നേടി മുനിലോകത്തിൽ എത്തുന്നതാണ്.

പിന്നെ സൗഗന്ധികവനത്തിൽ ചെല്ലുക. അതിൽ, ബ്രഹ്മാദികളായ വാനവന്മാരും, തപസ്വികളായ ഋഷിമാരും, സിദ്ധചാരണഗന്ധർവ്വകിന്നരന്മാരും, മഹോരഗങ്ങളും വാഴുന്ന ആ വനത്തിൽ പ്രവേശിച്ചാൽ ഉടനെ പാപമൊക്കെ വിട്ടുപോകുന്നു. പിന്നെ സരിത്തുക്കളാൽ ശ്രേഷ്ഠമായ 'പ്ലക്ഷദേവി' എന്ന പേരിൽ അറിയപ്പെടുന്ന മഹാപുണ്യയായ സരസ്വതീനദിയിൽ സ്നാനംചെയ്യണം. അവിടെ പുറ്റിൽനിന്ന് ഒഴുകുന്ന ജലത്തിൽ സ്നാനംചെയ്തു പിതൃദേവാർച്ചനം ചെയ്താൽ അശ്വമേധഫലം സിദ്ധിക്കുന്നതാണ്. അവിടെ ആ പുറ്റിന്നടുത്ത് ആറു ശമ്യാനിപാതം (ഒരു വടി എറിഞ്ഞെത്തുന്ന ദൂരം) ദൂരെ സുദുർല്ലഭമായ 'ഈശാനാദ്ധ്യുഷിത' തീർത്ഥമുണ്ട്. അതിൽ കുളിച്ചാൽ ആയിരം കപിലപശുക്കളെ ദാനംചെയ്ത ഫലവും, ഒരു അശ്വമേധഫലവും സിദ്ധിക്കുന്നതാണ്. അതിൽ കുളിച്ചാൽ ഈ ഫലം ലഭിക്കുന്നതാണെന്നു പുരാതനകാലം മുതൽ പ്രസിദ്ധമാണ്. പിന്നെ 'സുഗന്ധം', 'ശതകുംഭം', 'പഞ്ചയജ്ഞം' എന്നിവിടങ്ങളിൽച്ചെന്നാൽ സ്വർഗ്ഗത്തിലെത്തുന്നതാണ്.

പിന്നെ 'ത്രിശൂലഖാത'തീർത്ഥത്തിൽ എത്തുക. അതിൽ സ്നാനം ചെയ്തു പിതൃദേവാർച്ചനാപരനായ പുരുഷൻ ഗണാധിപത്യത്തെ മരണാനന്തരം നേടുന്നതാണ്. പിന്നെ ദേവീസ്ഥാനത്തിലെത്തുക. 'ശാകംഭരീ' എന്ന് ത്രിലോകപ്രസിദ്ധവും, സുദുർല്ലഭവുമായ ആ സ്ഥാനത്താണ് ദേവി ആയിരം ദിവ്യവർഷം സുവ്രതയായി ശാകംമാത്രം ഭക്ഷിച്ച് തപസ്സുചെയ്തത്. അതു കണ്ട് ദേവീഭക്തിയോടെ തപോനിധികളായ മഹർഷിമാർ അവിടെയെത്തി. അവർക്ക് ശാകംകൊണ്ട് ദേവി അതിഥികളെ സല്ക്കരിച്ചു. അതുകൊണ്ട് ആ സ്ഥലത്തിന്ന് 'ശാകംഭരി' എന്നു പേരുണ്ടായി. ശാകംഭരിയുടെ പാർശ്വത്തിലെത്തി ബ്രഹ്മചാരിയും, സമാഹിതനുമായി മൂന്നു രാവ് ശാകം തിന്ന് ഉപാസിക്കുന്ന നരൻ ശുദ്ധനാകും. ശാകംകൊണ്ട് പന്ത്രണ്ടുവർഷം ജീവിക്കുന്നവനു കിട്ടുന്ന മഹത്തായ പുണ്യം ദേവിയുടെ അനുഗ്രഹത്താൽ ലഭിക്കുന്നതാണ്.

പിന്നെ മൂന്നു ലോകത്തിലും പുകഴ്ന്ന 'സുപർണ്ണ'ത്തിൽ എത്തണം. പണ്ട് രുദ്രൻ പ്രസാദിക്കുവാൻ വിഷ്ണു രുദ്രനെ അവിടെ സേവിച്ചു. ദേവന്മാർക്കുപോലും കിട്ടാൻ വിഷമമുള്ള അനവധി വരം വിഷ്ണു നേടി. അന്ന് ത്രിപുരഘ്നൻ പരമസന്തുഷ്ടനായി പ്രസാദിച്ച് ഇപ്രകാരം പറഞ്ഞു: "ഹേ കൃഷ്ണാ! ലോകത്തിൽവച്ച് നീ ഏറ്റവും പ്രിയനായിത്തീരും. ലോകത്തിൽ എല്ലാറ്റിന്നും മീതെയുള്ളവൻ നീയായിരിക്കും'. ഹേ രാജേന്ദ്രാ! ഭവാൻ അവിടെച്ചെന്ന് വൃഷധ്വജനെ പൂജിച്ചാൽ അശ്വമേധഫലം സിദ്ധിക്കുന്നതാണ്; ഗണപത്യസ്ഥാനം കിട്ടുന്നതുമാണ്.

പിന്നെ 'ധൂമാവതിയി'ലേക്കു പോവുക. അവിടെച്ചെന്ന് മൂന്നുരാവ് ഉപവസിച്ചാൽ മനസ്സിൽ വിചാരിക്കുന്ന ഇഷ്ടങ്ങളൊക്കെ സംശയംകൂടാതെ നേടുന്നതാണ്. ദേവിയുടെ വലത്തുഭാഗത്താണ് 'രഥാവർത്തം'. അതിൽ ധർമ്മജ്ഞനായ ഭവാൻ

digitized by www.sreyas.in

ശ്രദ്ധയോടുകൂടി ജിതേന്ദ്രിയനായി കയറുക. മഹാദേവന്റെ പ്രസാദംമൂലം പരഗതി നേടുന്നതാണ്. പിന്നെ അവിടെ പ്രദക്ഷിണം ചെയ്തു സർവ്വപാപഹരമായ 'ധാര'യിൽച്ചെല്ലുക. അതിൽ സ്നാനംചെയ്തവൻ പിന്നെ ദുഃഖിക്കുകയില്ല.

പിന്നെ മഹാഗിരിയെ നമസ്കരിച്ച് സ്വർഗ്ഗദ്വാരത്തിന്നു തുല്യമായ ഗംഗാദ്വാരത്തിൽ ചെല്ലുക. അവിടെ കോടീതീർത്ഥത്തിൽ സ്നാനംചെയ്തവൻ പുണ്ഡരീകയാഗഫലത്തെ നേടുന്നതാണ്; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. അവിടെ ഒരു രാവു പാർത്താൽ ഗോസഹസ്രഫലത്തെ നേടുന്നതാണ്.

അതിന്നടുത്തുള്ള 'സപ്തഗംഗം', 'ത്രിഗംഗം', 'ശക്രാവർത്തം' ഇവയിൽ സ്നാനംചെയ്ത് പിതൃദേവതർപ്പണംചെയ്തവൻ തീർച്ചയായും പുണ്യലോകത്തിലെത്തുന്നതാണ്. പിന്നെ കനഖലയിൽ സ്നാനം ചെയ്ത് മൂന്നു രാവ് ഉപവസിച്ചാൽ അശ്വമേധഫലം നേടുകയും സ്വർഗ്ഗലോകത്തിലെത്തുകയും ചെയ്യും.

പിന്നെ 'കപിലാവട'ത്തിൽച്ചെന്നു സ്നാനംചെയ്ത് ഒരു രാത്രി ഉപവസിച്ചാൽ ഗോസഹസ്രദാനഫലം പ്രാപിക്കുന്നതാണ്. മഹാത്മാവായ കപിലൻ എന്ന നാഗരാജാവിന്റെ തീർത്ഥം പേരുകേട്ടതാണ്. ആ 'നാഗതീർത്ഥ'ത്തിൽ സ്നാനംചെയ്യണം. ആയിരം കപിലാഗോക്കളെ ദാനംചെയ്ത പുണ്യം നേടുന്നതാണ്.

പിന്നെ 'ലലിതക'ത്തിലെത്തുക. അത് മുഖ്യമായ ശാന്തനുതീർത്ഥമാണ്. അതിൽ സ്നാനംചെയ്ത മനുഷ്യന്നു ദുർഗ്ഗതി വരികയില്ല. പിന്നെ ഗംഗായമുനകൾ ചേരുന്ന സ്ഥലത്തു ചെല്ലുക. ആ തീർത്ഥത്തിൽ കുളിക്കുന്നവൻ ദശാശ്വമേധഫലം നേടുന്നതാണ്; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും.

പിന്നെ ത്രിലോകപ്രസിദ്ധമായ 'സുഗന്ധ'ത്തിൽ എത്തുക. അതിൽ സ്നാനംചെയ്തവൻ സർവ്വപാപങ്ങളും തീർന്ന് ബ്രഹ്മലോകം പ്രാപിക്കുന്നതാണ്.

പിന്നെ 'രുദ്രാവർത്ത'ത്തിലേക്കു പോവുക. അതിൽ സ്നാനംചെയ്തവൻ സ്വർഗ്ഗലോകത്തെത്തുന്നതാണ്. പിന്നെ ഗംഗാസരസ്വതികളുടെ സമാഗമത്തിലെത്തുക. അതിൽ സ്നാനംചെയ്താൽ അശ്വമേധഫലം നേടും; സ്വർഗ്ഗലോകത്തിൽ എത്തുകയും ചെയ്യും. പിന്നെ 'ഭദ്രകർണ്ണേശ്വര'ത്തെത്തി ദേവന്മാരെ പൂജിച്ചാൽ ദുർഗ്ഗതി ഉണ്ടാവുകയില്ല. നാഗലോകത്ത് പൂജ്യനാവുകയും ചെയ്യും.

പിന്നെ 'കുഞ്ജാമ്രക'ത്തിൽ പ്രവേശിക്കുക. ആ തീർത്ഥത്തിൽ സ്നാനംചെയ്താൽ ആയിരം ഗോക്കളെ ദാനംചെയ്ത പുണ്യം നേടുന്നതാണ്; സ്വർഗ്ഗവും പൂകും. പിന്നെ 'അരുന്ധതീവട'ത്തിലെത്തുക. പിന്നെ 'സമുദ്രക'ത്തിലെത്തുക. അവിടെ ബ്രഹ്മചാരിയും, സമാഹിതനുമായി മൂന്നു രാത്രി ഉപവസിച്ചാൽ അശ്വമേധഫലം നേടുന്നതാണ്. ഗോസഹസ്രഫലവും കുലസമുദ്ധാരണവും നേടും.

പിന്നെ ബ്രഹ്മചാരിയും സമാഹിതനുമായി 'ബ്രഹ്മാവർത്ത'ത്തിലേക്കു പോവുക. അശ്വമേധഫലം നേടുകയും സോമലോകത്തിലെത്തുകയും ചെയ്യും. 'യമുനാപ്രഭ'വത്തിൽച്ചെന്ന് യമുനാസ്നാനം ചെയ്താൽ അശ്വമേധഫലം നേടി സ്വർഗ്ഗലോകത്ത് പൂജ്യനായിത്തീരും. 'ദർവീസംക്രമണം' എന്ന വിശ്വപൂജ്യമായ തീർത്ഥത്തിലെത്തുക. അതിൽ സ്നാനംചെയ്താൽ അശ്വമേധഫലം നേടും. സ്വർഗ്ഗലോകത്തിലെത്തുകയും ചെയ്യും.

പിന്നെ സിദ്ധഗന്ധർവ്വസേവിതമായ 'സിന്ധുപ്രഭ'വത്തിലെത്തി അഞ്ചു രാവ് അവിടെ താമസിച്ചാൽ അനേകം സ്വർണ്ണം ദാനം ചെയ്ത ഫലം നേടുന്നതിന്ന് ഇടവരും. പിന്നെ ഏറ്റവും ദുർഗ്ഗമമായി 'വേദി' തീർത്ഥത്തിൽ ചെല്ലുന്നതായാൽ അശ്വമേധത്തിന്റെ ഫലം സിദ്ധിക്കുന്നതാണ്. സ്വർഗ്ഗലോകത്തിലെത്തുകയും ചെയ്യും.

പിന്നെ 'ഋഷികുല്യ'യിലും 'വാസിഷ്ഠ'ത്തിലും എത്തുക. ഏതു ജാതിയിൽപ്പെട്ടവനും വാസിഷ്ഠത്തിൽച്ചെന്നാൽ ദ്വിജനാകും. ഋഷികുല്യയിൽ സ്നാനംചെയ്തു പാപം നശിച്ച പുരുഷൻ ഒരു രാത്രം ശാകംമാത്രം ഭക്ഷിച്ച് പിതൃദേവപൂജ ചെയ്താൽ ഋഷിലോകത്തിലെത്തുന്നതാണ്.

പിന്നെ ഭൃഗുതുംഗം പ്രാപിച്ചാൽ അശ്വമേധഫലം കിട്ടുന്നതാണ്. ഹേ വീരാ! പിന്നെ 'വീരപ്രമോക്ഷ'ത്തിലെത്തുക. എത്തിയാൽത്തന്നെ പാപമൊക്കെ അറ്റുപോകുന്നതാണ് 'കാർത്തിക', 'മാഘം', എന്നീ തീർത്ഥങ്ങളിൽ സ്നാനംചെയ്താൽ 'അഗ്നിഷ്ടോമം,' 'അതിരാത്രം' എന്നീ യജ്ഞങ്ങളുടെ ഫലം നേടുന്നു. പിന്നെ സന്ധ്യയ്ക്ക് ഉത്തമമായ 'വിദ്യാതീർത്ഥ'ത്തെ പ്രാപിച്ചു സ്നാനംചെയ്താൽത്തന്നെ വേണ്ടുന്ന വിദ്യയൊക്കെ ലഭിക്കുന്നതാണ്. പിന്നെ 'മഹാശ്രമ'ത്തിൽച്ചെന്ന് ഒരു രാത്രി പാർത്താൽ എല്ലാ പാപവും തീരുന്നതാണ്. ഒരു നേരം അവിടെ ഉപവസിച്ചാൽ വളരെ ശുഭലോകങ്ങളെ പ്രാപിക്കാം. 'മഹാലയ'ത്തിൽ ചെന്ന് ആറുനേരം ഉപവസിക്കുന്നവന്ന് സർവ്വപാപങ്ങളും നീങ്ങുന്നു; ധാരാളം സ്വർണ്ണം ദാനംചെയ്ത ഫലവും കിട്ടുന്നു. പത്തു തലമുറ മേലും പത്തു തലമുറ കീഴും കുലത്തെ ഉദ്ധരിക്കുന്നതുമാണ്.

പിതാമഹനിഷേവിതമായ 'വേതസിക'യിൽ പിന്നെ ചെന്നെത്തുക. എന്നാൽ അശ്വമേധഫലത്തെ പ്രാപിക്കും; ഉശനസ്സിന്റെ (ശുക്രന്റെ) ഗതിയിൽ ചെന്നെത്തുകയും ചെയ്യും.

പിന്നെ സിദ്ധന്മാർ സേവിക്കുന്ന 'സുന്ദരികാ' തീർത്ഥത്തിലെത്തുക. അതിൽ സ്നാനംചെയ്താൽ മഹാസുന്ദരനാകും. പണ്ടുള്ളവർ ഇതു കണ്ടിട്ടുള്ളതാണ്. പിന്നെ ബ്രഹ്മചാരിയും ജിതേന്ദ്രിയനുമായി 'ബ്രാഹ്മണി'യിലെത്തുക. അതിൽ സ്നാനം ചെയ്താൽ പത്മവർണ്ണവിമാനത്തിൽ ബ്രഹ്മലോകത്ത് എത്തുന്നതുമാണ്. പിന്നെ സിദ്ധൻമാർ സേവിക്കുന്ന 'നൈമിഷ'ത്തിലെത്തുക. അതിൽ ദേവന്മാരോടുകൂടി ബ്രഹ്മാവ് നിത്യവും വസിക്കുന്നുണ്ട്. നൈമിഷത്തേക്കു പോകാനൊരുങ്ങിയാൽത്തന്നെ പകുതി പാപം നശിക്കുന്നതാണ്. അതിൽ സ്നാനംചെയ്താൽ സകല പാപങ്ങളും നശിക്കുന്നതാണ്.

ഹേ ഭാരതസത്തമാ! തീർത്ഥതത്പരനായ ഭവാൻ ഒരു മാസം അവിടെ പാർക്കണം. ലോകത്തിൽ ഏതൊക്കെ തീർത്ഥങ്ങളുണ്ടോ, അതൊക്കെ നൈമിഷത്തിലുണ്ട്. അതിൽ നിയതനും, നിയതാശനനുമായി സ്നാനംചെയ്താൽ ഗോമേധയജ്ഞത്തിന്റെ ഫലം നേടുന്നതാണ്. മുമ്പും പിമ്പുമുള്ള ഏഴു തലമുറ ശുദ്ധമാക്കുകയും ചെയ്യുന്നു. ഉപവാസംചെയ്തു നൈമിഷത്തിൽ പ്രാണൻ ത്യജിക്കുന്നവൻ എല്ലാ ലോകത്തും മോദിക്കുന്നതാണ് എന്ന് മനീഷികൾ പറയുന്നു. എന്നും പുണ്യവും മേദ്ധ്യവുമാണ് 'നൈമിഷം'.

പിന്നെ 'ഗംഗോൽഭേദ'ത്തെ പ്രാപിച്ച് മൂന്നു രാവ് ഉപവസിക്കുന്നവൻ വാജപേയഫലത്തെ നേടുന്നു; ബ്രഹ്മതുല്യനുമായിത്തീരുന്നു. സരസ്വതിയിൽച്ചെന്നു സ്നാനംചെയ്തു പിതൃദൈവതതർപ്പണം ചെയ്താൽ അവൻ സാരസ്വതലോകത്തിൽ നന്ദിക്കുന്നതാണ്. പിന്നെ ബ്രഹ്മചാരിയും ജിതേന്ദ്രിയനുമായി 'ബാഹുക'യിൽ പോവുക. അവിടെ സ്നാനംചെയ്തു ഒരു രാവു വസിച്ചാൽ സ്വർഗ്ഗലോകത്ത് പൂജ്യനായിത്തീരുന്നതാണ്. 'ദേവസത്ര'മഖത്തിന്റെ ഫലം നേടുന്നതുമാണ്. പുണ്യവും പുണ്യവ്രതന്മാരാൽ സേവിതവുമായ ക്ഷീരവതിയിലേക്കു പോവുക. അവിടെ സ്നാനംചെയ്തു പിതൃദേവാർച്ചന ചെയ്താൽ വാജപേയഫലം നേടുന്നതാണ്. പിന്നെ 'വിമലാശോക'ത്തിലെത്തുക. അവിടെ ഒരു രാത്രി ബ്രഹ്മചാരിയും സമാഹിതനുമായി താമസിച്ചാൽ സ്വർഗ്ഗലോകത്തു പൂജ്യനാകുന്നതാണ്.

പിന്നെ 'ഗോപ്രതാരം' എന്ന സരയൂതീർത്ഥത്തിലെത്തുക. ഇവിടെവെച്ചാണ് ഈ തീർത്ഥത്തിന്റെ തേജസ്സാൽ ഭൃത്യവാഹനമൃഗസമേതം രാമൻ സ്വർഗ്ഗംപ്രാപിച്ചത്. ആ തീർത്ഥത്തിൽ സ്നാനംചെയ്തവൻ രാമപ്രസാദത്താൽ സർവ്വപാപങ്ങളും നശിച്ച് സ്വർഗ്ഗത്തിലെത്തുന്നതാണ്. പിന്നെ ഗോമതിയിലുള്ള രാമതീർത്ഥത്തിൽ ചെല്ലുക. അവിടെ സ്നാനംചെയ്താൽ അശ്വ

digitized by www.sreyas.in

മേധഫലം നേടുകയും കുലത്തെ ശുദ്ധമാക്കുകയും ചെയ്യും.

പിന്നെ 'ശതസാഹസ്രക' തീർത്ഥത്തിലെത്തുക. അതിൽ നിയതനും, നിയതാശനനുമായി സ്നാനംചെയ്താൽ പുണ്യമായ ഗോസഹസ്രദാനഫലം നേടുന്നതാണ്. പിന്നെ ഉത്തമമായ 'ഭർത്ത്യസ്ഥാന' ത്ത്, ഹേ രാജേന്ദ്ര, ഭവാൻ എത്തിയാലും. അശ്വമേധഫലം ആ തീർത്ഥത്തിൽ സ്നാനംചെയ്തവൻ നേടുന്നതാണ്. പിന്നെ 'കോടിതീർത്ഥ' ത്തിൽ സ്നാനംചെയ്ത് ഗുഹനെ പൂജിക്കുക. ഗോസഹസ്രത്തെ ദാനം ചെയ്ത് ഫലം നേടാം. ആ നരൻ തേജസ്വിയായി ഭവിക്കുകയും ചെയ്യും.

പിന്നെ, 'വാരാണസി' യിലെത്തി വൃഷഭധ്വജനെ പൂജിക്കുക. അവിടെ കപിലാഹ്രദത്തിൽ സ്നാനംചെയ്താൽ രാജസൂയത്തിന്റെ ഫലം നേടുന്നതാണ്. 'അവിമുക്ത' ത്തിലെത്തി ദേവന്മാരുടെ ദേവനെ കണ്ടാൽ ബ്രഹ്മഹത്യാപാപംപോലും നശിക്കും. അവിടെ ദേഹം ത്യജിച്ചാൽ മോക്ഷംപ്രാപിക്കുകയുംചെയ്യും. ഹേ, രാജേന്ദ്രാ! ദുർല്ലഭമായ 'മാർക്കണ്ഡേയ' തീർത്ഥത്തിൽച്ചെല്ലുക. പ്രസിദ്ധമായ ഗോമതീഗംഗാസംഗമത്തിലെത്തുക. അഗ്നിഷ്ടോമഫലം അതുകൊണ്ട് ലഭിക്കും; കുലം ഉദ്ധരിക്കുകയും ചെയ്യും.

പിന്നെ, 'ഗയ' യിൽച്ചെല്ലുക. അവിടെ ബ്രഹ്മചാരിയും, സമാഹിതനുമായി സ്നാനംചെയ്താൽ അശ്വമേധഫലത്തെ നേടും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. ത്രൈലോക്യത്തിൽ പ്രസിദ്ധമായ 'അക്ഷയവടം' അവിടെത്തന്നെയാണ്. അവിടെവച്ചു പിതൃക്കൾക്കു ചെയ്യുന്ന കർമ്മങ്ങളെല്ലാം തന്നെ അക്ഷയമായിരിക്കും. പിന്നെ മഹാനദിയിൽ സ്നാനം ചെയ്ത് പിതൃദേവ തർപ്പണം ചെയ്ക്കാൻ അക്ഷയമായ ലോകത്തിലുളള നേടും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും.

പിന്നെ, ധർമ്മാരണ്യത്തിലുള്ള 'ബ്രഹ്മസരസ്സി' ൽ പോവുക. ഒരുദിവസം അവിടെ പാർത്തവൻ ബ്രഹ്മലോകത്തേയും പ്രാപിക്കും. അവിടെ ശ്രേഷ്ഠമായ ഒരു യൂപം ബ്രഹ്മാവ് സ്ഥാപിച്ചിട്ടുണ്ട്. ആ യൂപത്തെ പ്രദക്ഷിണംചെയ്താൽ വാജപേയഫലം നേടുന്നതാണ്.

പിന്നെ, ലോകവിശ്രുതമായ 'ധേനുക' ത്തിലെത്തുക. ഒരു രാവ് അവിടെ താമസിച്ച് എള്ളും, പശുവും ദാനംചെയ്യുക. അവൻ സർവ്വ പാപങ്ങളും നീങ്ങി സോമലോകത്ത് എത്തുന്നതാണ്. അവിടെയുള്ള പർവ്വതങ്ങളിൽ 'കപിലാ' എന്നു പേരായ ധേനു കിടാവിനോടുകൂടി നടന്നിരുന്നു. അവ നടന്ന കാൽപ്പാടുകൾ ഇപ്പോഴും കാണാം. ആ പദങ്ങളിൽ സ്നാനംചെയ്താൽ എന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ അതൊക്കെ നീങ്ങുന്നതാണ്.

പിന്നെ, 'ഗൃദ്ധ്റവട' ത്തിലേക്കു പോവുക. മഹാദേവന്റെ സ്ഥാനമാണത്. ഭസ്മസ്നാനംചെയ്ത് അവിടെ വൃഷധ്വജദർശനം ചെയ്താൽ അവൻ ബ്രാഹ്മണനാണെങ്കിൽ പന്ത്രണ്ടു വത്സരം വ്രതമെടുത്താലത്തെ ഫലം നേടുന്നു. മറ്റു ജാതിക്കാരാണെങ്കിൽ എല്ലാ പാപവും നശിക്കുകയും ചെയ്യും. പിന്നെ, ഗീതനാദം മുഴങ്ങുന്ന 'ഉദ്യന്ത' പർവ്വതത്തിലെത്തുക. അവിടെ സാവിത്രിയുടെ കാലടി കാണാം. അതിൽ സന്ധ്യാർച്ചന ചെയ്യുന്ന വ്രതനിഷ്ഠയുള്ള ബ്രാഹ്മണൻ പന്തീരാണ്ടു സന്ധ്യാർച്ചന ചെയ്ത ഫലം നേടും. അവിടെയാണ് പ്രസിദ്ധമായ 'യോനീദ്വാരം.' അതിൽച്ചെന്നാൽ പുരുഷന് യോനീസങ്കടമെല്ലാം തീരുന്നതാണ്. (പുനർജ്ജന്മദുഃഖമില്ലാതായിത്തീരുന്നു)

ശുക്ലപക്ഷത്തിലും, കൃഷ്ണപക്ഷത്തിലും, ഗയയിൽ താമസിക്കുന്നവന്റെ മുമ്പും പിമ്പുമുള്ള ഏഴു തലമുറകൾ ശുദ്ധമാകും. അനവധി മക്കളുണ്ടാകുവാൻ ആരും ആഗ്രഹിക്കണം. എന്തെന്നാൽ, ഒരു പക്ഷേ, ഒരുത്തനെങ്കിലും ഗയയ്ക്കു പോയെന്നോ, അശ്വമേധം കഴിച്ചെന്നോ, നീലക്കാളയെ ദാനംചെയ്തെന്നോ വരാം.

പിന്നെ, 'ഫൽഗു' വിലെത്തുക. അശ്വമേധഫലം ലഭിക്കും. മഹാസിദ്ധിയും പ്രാപിക്കുന്നതാണ്. പിന്നെ, 'ധർമ്മപ്രസ്ഥ' ത്തിലെത്തുക. ഹേ, രാജേന്ദ്രാ! അവിടെ ധർമ്മൻ നിത്യവും സ്ഥിതി ചെയ്യുന്നുണ്ട്. അവിടെയുള്ള കിണറ്റിലെ ജലം കുടിച്ചശേഷം സ്നാനം ചെയ്തിട്ട് വിശുദ്ധനായി പിതൃദേവകളെ തർപ്പിച്ചാൽ പാപം തീർന്നു സ്വർഗ്ഗം പ്രാപിക്കുന്നതാണ്. അവിടെയാണ് മഹാത്മാവായ മതംഗമഹർഷിയുടെ ആശ്രമം. ശ്രീമത്തായ ആ പുണ്യാശ്രമം കയറിയാൽ എല്ലാ ശോകവും നശിച്ചുപോകും. 'ഗവാമയന' യജ്ഞത്തിന്റെ ഫലം മനുഷ്യൻ നേടുകയും ചെയ്യും. അവിടെയുള്ള ധർമ്മദേവനെ (പ്രതിമ) സ്പർശിച്ചാൽ അശ്വമേധഫലം നേടുകയുംചെയ്യും.

പിന്നെ, അത്യുത്തമമായ 'ബ്രഹ്മസ്ഥാന' ത്തിലെത്തുക. അവിടെ ബ്രഹ്മാവിനെ ചെന്നു കണ്ടാൽ രാജസൂയം, അശ്വമേധം എന്നീ യാഗങ്ങളുടെ ഫലം നേടുന്നതാണ്. പിന്നെ, 'രാജഗൃഹ' ത്തിലെത്തുക. ആ തീർത്ഥത്തിൽ സ്നാനംചെയ്താൽ 'കാക്ഷീവാൻ' എന്ന ഋഷിയെപ്പോലെ സന്തുഷ്ടനാകും. അവിടെ ശുചിയായി യക്ഷിണീനൈവേദ്യം ഭക്ഷിക്കുക. യക്ഷിണിയുടെ പ്രസാദത്താൽ ബ്രഹ്മഹത്യാപാപംകൂടി നശിക്കുന്നതാണ്. പിന്നെ, 'മണിനാഗ' ത്തിലെത്തുക. എങ്കിൽ, ആയിരം പശുക്കളെ ദാനം ചെയ്ത ഫലം ലഭിക്കുന്നതാണ്. മണിനാഗന്റെ തീർത്ഥത്തിൽ നിന്ന് എന്തെങ്കിലും ഭക്ഷിക്കുന്നവന്ന് എത്ര ഉഗ്രനായ പാമ്പു കടിച്ചാലും വിഷം ഏല്ക്കുകയില്ല. അവിടെ ഒരു രാത്രി താമസിച്ചാൽ ഗോസഹസ്രഫലം നേടുന്നതാണ്.

പിന്നെ, ബ്രഹ്മർഷിയായ ഗൗതമന്റെ പ്രിയപ്പെട്ട വനത്തിലെത്തുക. അവിടെയുള്ള 'അഹല്യാഹ്രദ' ത്തിലെത്തിയാൽ പരസൽഗ്ഗതി നേടുന്നതാണ്. പിന്നെ, ആശ്രമത്തിലെ ശ്രീദേവിയുടെ രൂപം ദർശിക്കുന്നവൻ ശ്രീ നേടുന്നതുമാണ്. പിന്നെ അവിടെയുള്ള ത്രിലോകവിശ്രുതമായ കിണറ്റിൽ കുളിച്ചാൽ അശ്വമേധത്തിന്റെ ഫലം നേടുന്നതാണ്. ജനകമഹാരാജാവിന്റെ കൂപവും, ദേവപൂജിതമാണ്. അതിൽ സ്നാനംചെയ്താൽ വിഷ്ണുലോകത്തിൽ ചെന്നുചേരുന്നതാണ്. പിന്നെ, 'വിനശനം' എന്ന സർവ്വപാപഹരമായ തീർത്ഥത്തിലെത്തുക. അവിടെ കുളിക്കുന്നവൻ വാജപേയഫലംനേടും; സോമലോകത്തിലെത്തുകയും ചെയ്യും. സർവ്വതീർത്ഥങ്ങളിലേയും വെള്ളത്താൽ നിർമ്മിതമായ 'ഗണ്ഡകി' നദിയിൽ സ്നാനംചെയ്താൽ വാജപേയഫലം നേടുന്നതാണ്; സൂര്യലോകത്തിലെത്തുകയും ചെയ്യും.

പിന്നെ, ത്രൈലോക്യവിശ്രുതമായ 'വിശല്യ' നദിയിൽ പ്രവേശിച്ചാൽ അഗ്നിഷ്ടോമഫലം നേടും; സ്വർഗ്ഗലോകത്തിലെത്തുകയും ചെയ്യും. 'അധിവംഗ' എന്ന തപോവനത്തിൽ കയറിയാൽ ഗുഹ്യകന്മാരോടുകൂടി മോദിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സിദ്ധന്മാർ സേവിക്കുന്ന കമ്പനാനദിയിൽ സ്നാനംചെയ്താൽ പുണ്ഡരീകഫലം നേടുന്നതാണ്; സ്വർഗ്ഗലോകത്തിലെത്തുകയുംചെയ്യും. പിന്നെ, 'മാഹേശ്വരീ' ധാരയിലെത്തിയാൽ അശ്വമേധഫലം നേടുന്നതാണ്; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും.

ദേവന്മാരുടെ പുഷ്കരണിയിൽ പ്രവേശിച്ചാൽ ദുർഗ്ഗതി പറ്റുന്നതല്ല; അശ്വമേധഫലം നേടുകയും ചെയ്യാം. പിന്നെ, ബ്രഹ്മചാരിയും സമാഹിതനുമായി 'സോമപദ' ത്തിലെത്തുക. അവിടെയുള്ള 'മഹേശ്വരപദ' തീർത്ഥത്തിൽ സ്നാനംചെയ്താൽ അശ്വമേധഫലം പ്രാപിക്കുന്നതാണ്. ആ തീർത്ഥത്തിൽ ഒരു കോടി തീർത്ഥങ്ങളുണ്ടെന്ന് സുപ്രസിദ്ധമാണ്. അവിടെവച്ചാണ് ആമയുടെ രൂപമെടുത്ത ഒരു ദുരാത്മാവായ അസുരൻ ആ തീർത്ഥത്തെ കട്ടുകൊണ്ടുപോകുമ്പോൾ വിഷ്ണു അവനെ കൊന്നത്. ആ തീർത്ഥത്തിൽ ഭവാൻ സ്നാനംചെയ്യണം. പുണ്ഡരീകഫലം നേടുന്നതിന്നുപുറമേ വിഷ്ണുലോകത്തിലെത്തുകയും ചെയ്യും. പിന്നെ, 'നാരായണ' സ്ഥാനത്തു ഭവാൻ അണയണം. അവിടെ എപ്പോഴും സന്നിഹിതനായി വിഷ്ണുവസിക്കുന്നു. അതിൽ ബ്രഹ്മാദികളായ വാനവന്മാരും, തപോധനരായ ഋഷികളും, ആദിത്യവസുരുദ്രന്മാരോടുകൂടി ജനാർദ്ദനനെ ഉപാസിക്കുന്നു. അത്ഭുതംകാട്ടുന്ന വിഷ്ണു 'സാളഗ്രാമം' എന്ന പേരിനാൽ അവിടെ അറിയപ്പെടുന്നു. ത്രിലോകേശനും വരദനുമായ വിഷ്ണുവിനെ ചെന്നുകണ്ടാൽ അശ്വമേധഫലം നേടുകയും

digitized by www.sreyas.in

വിഷ്ണുലോകം പ്രാപിക്കുകയും ചെയ്യും. അവിടെ സർവ്വപാപവിനാശകമായ ഒരു കിണറുണ്ട്. എന്നും നാലു സമുദ്രങ്ങളും അതിൽ എപ്പോഴും സന്നിഹിതങ്ങളാണ്. അതിൽ സ്നാനം ചെയ്തവന്ന് പിന്നെ ദുർഗ്ഗതിയുണ്ടാകുന്നതല്ല. അവിടെ അവ്യയനും മഹാദേവനുമായ രുദ്രനെ ചെന്നു കാണുന്നതായാൽ അവൻ മേഘവിമുക്തനായ സോമനെപ്പോലെ ശോഭിക്കും.

'ജാതിസ്മര'ത്തിൽ ശുചിയും പ്രയതമാനസനുമായ പോയി സ്നാനംചെയ്യുന്നവന്ന് ജാതിസ്മരത്വം (മുജ്ജന്മങ്ങളെക്കുറിച്ചുള്ള ജ്ഞാനം) ഉണ്ടാകുമെന്ന കാര്യം നിസ്സംശയമാണ്. പിന്നെ 'മഹേശ്വരപുര'ത്തിൽച്ചെന്നു വൃഷഭധ്വജനെ പൂജിക്കുക. ഉപവസിച്ച് മഹേശ്വരപൂജകഴിച്ചാൽ എല്ലാ അഭീഷ്ടങ്ങളും അവൻ നേടുന്നതാണ്. 'വാമന'ത്തിൽ പോയാൽ സർവ്വപാപങ്ങളും തീരും. ഹരിയെച്ചെന്നു നമസ്കരിച്ചാൽ പിന്നെ ദുർഗ്ഗതിയുണ്ടാവുന്നതല്ല. പിന്നെ സർവ്വപാപങ്ങളും ഇല്ലാതാക്കുന്നു 'കുശികാ'ശ്രമത്തിലെത്തുക. മഹാപാപങ്ങൾ പോക്കുന്നതായ 'കൗശികി'യിൽ സ്നാനംചെയ്താൽ രാജസൂയമഖത്തിന്റെ ഫലം നേടാം. പിന്നെ ഹേ, രാജേന്ദ്ര, ഉത്തമമായ 'ചമ്പകാര'ണ്യത്തിൽ എത്തുക. അവിടെ ഒരു രാത്രി കഴിച്ചാൽ ആയിരം ഗോക്കളെ ദാനംചെയ്ത ഫലം നേടാം. പരമദുർല്ലഭമായ ജ്യേഷ്ഠില തീർത്ഥത്തിൽ പിന്നീടു ചെല്ലുക. ഒരു രാവ് അവിടെ താമസിച്ചാൽ ഗോസഹസ്രഫലം നേടുന്നതാണ്. അവിടെ ദേവിയോടുകൂടി മഹാദ്യുതിയായ വിശ്വേശ്വരന്റെ ദർശനത്താൽ മിത്രാവരുണന്മാരുടെ ലോകത്തെ പ്രാപിക്കാം. അവിടെ മൂന്നു രാത്രി ഉപവസിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടുന്നതാണ്. 'കന്യാസംവേദ്യ'ത്തിൽച്ചെന്നു നിയതനും, നിയതാശനനുമായി തീർത്ഥത്തിൽ മുങ്ങിയാൽ മനുപ്രജാപതിയുടെ സ്ഥാനത്തെത്തുന്നതാണ്. അവിടെ ആ കന്യാതീർത്ഥത്തിൽ അല്പമായ ദാനംചെയ്താൽപ്പോലും അത് അക്ഷയമായ ദാനമായി ഭവിക്കുമെന്നു സുവ്രതന്മാരായ ഋഷികൾ പറയുന്നു.

പിന്നെ മൂന്നു ലോകത്തിലും കേൾവികേട്ട 'നിശ്ചിര'യിൽ ചെല്ലുക. അശ്വമേധഫലം നേടി വിഷ്ണുലോകത്തിൽ എത്തുന്നതാണ്. ഹേ നരശാർദ്ദുലാ, നിശ്ചിരാസംഗത്തിൽവെച്ചു ദാനം ചെയ്യുന്നവർക്ക് അനാമയമായ ശക്രലോകം സിദ്ധിക്കുന്നതാണ്. മൂന്നു ലോകത്തിലും പ്രസിദ്ധമായ വസിഷ്ഠാശ്രമം അവിടെയാണ്. അവിടെ സ്നാനംചെയ്തവന്ന് വാജപേയഫലം സിദ്ധിക്കുന്നതാണ്.

ബ്രഹ്മർഷികൾ സേവിക്കുന്ന ദേവകൂടത്തിൽ പിന്നെ പോവുക. അവിടെ എത്തിയാൽ അശ്വമേധഫലം നേടുകയും കുലത്തെ ഉദ്ധരിക്കുകയും ചെയ്യാം. പിന്നെ കൗശിക മുനിയുടെ തടാകത്തിൽ ചെല്ലുക. അതിടെയാണ് കൗശിക പുത്രനായ വിശ്വാമിത്രൻ പരമസിദ്ധി പ്രാപിച്ചത്. കൗശികിയുടെ തീരത്ത് ഒരു മാസം പാർത്താൽ അശ്വമേധത്തിന്റെ പുണ്യം ഒരുമാസം കൊണ്ടു നേടാൻ കഴിയും. എല്ലാ തീർത്ഥത്തിലുംവച്ചു ശ്രേഷ്ഠമായ 'മഹാഹ്രദ'ത്തെ പ്രാപിച്ചവൻ എല്ലാ ദുർഗ്ഗതിയും നീങ്ങി, അനേകം സ്വർണ്ണം ദാനംചെയ്തഫലം നേടുന്നതുമാണ്. പിന്നെ 'വീരാശ്രമ'ത്തിൽ നിവസിക്കുന്ന കുമാരന്റെ സമീപത്തെത്തിയാൽ അശ്വമേധഫലം കിട്ടുമെന്ന കാര്യം സംശയാതീതമാണ്. പിന്നെ ത്രിലോകവിശ്രുതമായ അഗ്നിധാരയിൽച്ചെന്നു സ്നാനം ചെയ്യുക. അതിന്നുശേഷം അവ്യയനും മഹാദേവനും വരദനുമായ വിഷ്ണുവെ ദർശിച്ചാൽ അഗ്നിഷ്ടോമഫലം നേടാം. പിന്നെ ശൈലരാജസമീപത്തുള്ള പിതാമഹസരസ്സിലും ചെല്ലുക. അതിൽ സ്നാനംചെയ്യുന്നവന്ന് അഗ്നിഷ്ടോമഫലം സിദ്ധിക്കുന്നതാണ്.

പിതാമഹസരസ്സിൽനിന്നാണ് പാവനിനദിയും, മൂന്നു ലോകത്തിലും പ്രസിദ്ധമായ 'കുമാരധാര'യും തുടങ്ങുന്നത്. അതിൽ സ്നാനംചെയ്താൽ അവൻ കൃതാർത്ഥനാകും. അവിടെ മൂന്നു ദിവസം ഉപവാസംചെയ്താൽ ബ്രഹ്മഹത്യയും വിട്ടുപോകും. പിന്നെ മഹാദേവിയായ ഗൗരിയുടെ ത്രിലോകപ്രസിദ്ധമായ 'ഗൗരീശിഖര'ത്തിലെത്തുക. അതു കയറി 'സ്തനകുണ്ഡ'ത്തിൽ എത്തണം. സ്തനകുണ്ഡസ്നാനം ചെയ്താൽ വാജപേയഫലം നേടാവുന്നതാണ്. അതിൽ സ്നാനംചെയ്തു പിതൃദേവാർച്ചനചെയ്തവൻ അശ്വമേധഫലം നേടുകയും ഇന്ദ്രലോകത്തെത്തുകയും ചെയ്യും. ബ്രഹ്മചാരിയും സമാഹിതനുമായി 'താമ്രാരുണ'ത്തിലെത്തിയാൽ അശ്വമേധഫലം നേടുകയും ബ്രഹ്മലോകത്ത് എത്തുകയും ചെയ്യാം. അവിടെ 'നന്ദിനി'യിൽ ദേവന്മാർ ഉപാസിക്കുന്ന കൂപത്തിൽ എത്തിയാൽ നരമേധത്തിന്റെ പുണ്യം നേടുന്നതാണ്.

കൗശികി, അരുണ എന്നിവയുടെ സംഗമസ്ഥാനമായ 'കാളികാസംഗമ'ത്തിലെത്തി മൂന്നു രാത്രി ഉപവാസംചെയ്താൽ പാപങ്ങളൊക്കെ അറ്റുപോകുന്നതാണ്. പിന്നെ 'ഉർവ്വശീതീർത്ഥ'ത്തിൽച്ചെന്ന് 'സോമാശ്രമ'ത്തിലും 'കുംഭകർണ്ണാശ്രമ'ത്തിലും പോവുക. എന്നാൽ അവൻ ഭൂമിയിൽ പൂജ്യനായിത്തീരും.

'കോകാമുഖ'ത്തിൽ സ്നാനംചെയ്യുന്ന ബ്രഹ്മചാരിയും യതവ്രതനുമായ നരൻ ജാതിസ്മരത്വം നേടുമെന്നു പണ്ടേ അറിവുള്ളതാണ്. 'പ്രാങ്നദി'യിലണഞ്ഞ ദ്വിജൻ കൃതാത്മാവാകും. സർവ്വപാപങ്ങളും തീർന്ന് ശക്രലോകത്തിൽ എത്തും. പിന്നെ മേദ്ധ്യവും, ക്രൗഞ്ചങ്ങളെ (കൊറ്റി) നശിപ്പിക്കുന്നതുമായ 'വൃഷഭദ്വീപി'ലെത്തുക. അവിടെ സരസ്വതിയിൽ സ്നാനംചെയ്താൽ അവൻ വിമാനത്തിൽ കയറി വിരാജിക്കും.

പിന്നെ മുനിസേവിതമായ 'ഔദ്ദാലക' തീർത്ഥത്തിലെത്തുക. അതിൽ സ്നാനംചെയ്താൽ എല്ലാ പാപവും നശിച്ചുപോകുന്നതാണ്. ബ്രഹ്മർഷിസേവിതവും പുണ്യവും ആയ 'ധർമ്മതീർത്ഥ'ത്തിൽ പോയാൽ വാജപേയഫലം നേടി വിമാനത്തിൽ ക്കയറി പൂജ്യനായി ശോഭിക്കും."

85. നാരദവാക്യം – പുലസ്ത്യൻ തുടർന്നു: "സന്ധ്യയാകുമ്പോൾ ഉത്തമമായ 'സംവേദ്യ' തീർത്ഥത്തിൽച്ചെന്നു ജലസ്പർശംചെയ്താൽ വിദ്യ ലഭിക്കും; അതിൽ ഒട്ടും സംശയമില്ല. രാമന്റെ പ്രഭാവംകൊണ്ടു മുമ്പേ തീർക്കപ്പെട്ടതാണ് 'ലൗഹിത്യതീർത്ഥം' അതിൽ കുളിച്ചാൽ അവന് വളരെ സ്വർണ്ണം ദാനം ചെയ്ത ഫലം സിദ്ധിക്കും. 'കരതോയ'യിൽച്ചെന്നു മൂന്നു രാത്രി ഉപവസിക്കുക. എന്നാൽ അശ്വമേധഫലം നേടുമെന്നത് പ്രജാപതിയുടെ വിധിയാണ്.

പിന്നെ ഗംഗ സമുദ്രവുമായി സംഗമിക്കുന്ന സ്ഥാനത്തുചെന്ന് സ്നാനംചെയ്താൽ പത്തിരട്ടി അശ്വമേധഫലം നേടുന്നതാണ്. ഗംഗയുടെ മറുകരയ്ക്കു ചെന്നു സ്നാനംചെയ്തിട്ട് മൂന്നു രാത്രി ഉപവസിക്കുന്ന മനുഷ്യൻ ചെയ്ത പാപമൊക്കെ അറ്റുപോകും. പിന്നെ പാപമൊക്കെ നശിപ്പിക്കുന്ന 'വൈതരണി'ക്കു പോകണം. അവിടെ 'വിരജതീ'ർത്ഥത്തിൽ സ്നാനംചെയ്താൽ ചന്ദ്രനെപ്പോലെ വിരാജിക്കുന്നതാണ്. കുലം ശുദ്ധവും പുണ്യവുമാകും. സർവ്വപാപങ്ങളും നശിച്ചുപോകുന്നതുമാണ്; കുലത്തെ ശുദ്ധമാക്കുന്നതിനുപുറമേ ഗോസഹസ്രഫലം നേടുകയും ചെയ്യും.

'ജ്യോതിരഥി,' 'ശോണ' എന്നിവയുടെ സംഗമസ്ഥലത്ത് നിയതനും ശുചിയുമായി, പിതൃക്കൾക്കും ദേവന്മാർക്കും തർപ്പിക്കുന്നവൻ അഗ്നിഷ്ടോമഫലം നേടുന്നതാണ്. ശോണം നർമ്മദയുമായി ചേരുന്നിടത്തുള്ള 'വംശഗുൽമ'യിൽ സ്നാനംചെയ്തവന്നു വാജപേയഫലം സിദ്ധിക്കുന്നതാണ്. കോസലത്തിലെ 'ഋഷഭതീർത്ഥ'ത്തിൽച്ചെന്നു മൂന്നു രാവ് ഉപവസിച്ചാൽ വാജപേയഫലം സിദ്ധിക്കുന്നതാണ്; ഗോസഹസ്രദാനഫലം നേടുകയും കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. കോസലത്തിൽച്ചെന്ന് 'കാലതീർത്ഥ'ത്തിൽ കുളിച്ചാൽ പതിനൊന്നു കാളകളെ ദാനം ചെയ്ത ഫലം സിദ്ധിക്കും. പിന്നെ 'പുഷ്പവതി'യിൽച്ചെന്ന് അതിൽ മുങ്ങിക്കുളിച്ച് മൂന്നു രാത്രി ഉപവസിച്ചാൽ ഗോസഹസ്രഫലം നേടും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. പിന്നെ 'ബദരികാതീർത്ഥ'ത്തിൽ സ്നാനംചെയ്താൽ അവൻ ദീർഘായുഷ്മാനാവുകയും സ്വർഗ്ഗലോകത്തിൽ പിന്നീടു ചെന്നു ചേരുകയും ചെയ്യും.

digitized by www.sreyas.in

പിന്നെ 'ചമ്പ'യിൽ ഭാഗീരഥീസ്നാനംചെയ്തു 'ദണ്ഡനെ' കണ്ടാൽ ഗോസഹസ്രദാനഫലം നേടുന്നതാണ്. പിന്നെ പുണ്യശോഭിതമായ 'ലപേടിക'യിൽ എത്തുക. എന്നാൽ വാജപേയഫലം നേടുന്നതാണ്. ദേവന്മാർക്കുപോലും അവൻ പൂജ്യനായി ഭവിക്കും. ജാമദഗ്ന്യൻ അധിവസിച്ചിരുന്ന 'മഹേന്ദ്ര'ത്തിൽച്ചെന്ന് രാമന്റെ തീർത്ഥത്തിൽ സ്നാനംചെയ്താൽ അശ്വമേധഫലം സിദ്ധിക്കുന്നതാണ്. അവിടെ മാതംഗന്റെ 'കേദാര'മെന്ന തീർത്ഥവുമുണ്ട്. ഹേ കുരുശ്രേഷ്ഠാ, അതിൽ സ്നാനം ചെയ്താൽ ഗോസഹസ്രഫലം ലഭിക്കുന്നതാണ്. 'ശ്രീ' പർവ്വതത്തിൽച്ചെന്ന് നദീതീരസ്നാനംചെയ്ത് വൃഷഭധ്വജനെ പൂജിച്ചാൽ അശ്വമേധഫലം ലഭിക്കും.

'ശ്രീ' പർവ്വതത്തിൽ മഹാദ്യുതിയായ മഹാദേവൻ ദേവിയോടു കൂടി വസിക്കുന്നു; ദേവന്മാരോടുകൂടി ബ്രഹ്മാവും പരമപ്രീതിയോടെ വസിക്കുന്നു. അവിടെ 'ദേവ'മെന്ന തടാകത്തിൽ ശുദ്ധനും, പ്രയതമാനസനുമായി സ്നാനംചെയ്താൽ അശ്വമേധഫലം നേടുകയും മഹത്തായ സിദ്ധി പ്രാപിക്കുകയും ചെയ്യും.

പാണ്ഡ്യഭൂമിയിൽ ദേവന്മാർ ഉപാസിക്കുന്ന 'ഋഷഭം' എന്ന പർവ്വതത്തിലെത്തിയാൽ വാജപേയഫലം നേടുകയും സ്വർഗ്ഗത്തിൽ സുഖമായി ജീവിക്കുകയും ചെയ്യും.

പിന്നെ അപ്സരസ്ത്രീഗണങ്ങൾ ചേർന്ന 'കാവേരി'യിലെത്തുക. അതിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം പ്രാപിക്കുന്നതാണ്. പിന്നെ സമുദ്രതീരത്തിലുള്ള 'കന്യാതീർത്ഥ'ത്തിൽ മുങ്ങുക. ആ ജലം സ്പർശിക്കുന്നവന്റെ സകല പാപവും നശിക്കുന്നതാണ്. പിന്നെ ത്രൈലോക്യവിദിതമായ 'ഗോകർണ്ണ'ത്തിലെത്തുക. ഹേ രാജാവേ! കടൽമദ്ധ്യത്തിൽ സർവ്വലോകരാലും നമസ്കരിക്കപ്പെടുന്ന ആ പുണ്യമായ ഗോകർണ്ണം. അതിൽ ബ്രഹ്മാദികളായ ദേവന്മാരും, തപോനിധികളായ മുനിമാരും, സിദ്ധചാരണഗന്ധർവ്വന്മാരും, മർത്ത്യരും, പന്നഗരും, നദികളും, സാഗരങ്ങളും, പർവ്വതങ്ങളും ഉമേശനായ ഈശ്വരനെ ഉപാസിക്കുന്നു. ഈശാനനെ കൂപ്പി മൂന്നു രാവ് ഉപവസിച്ചാൽ അശ്വമേധഫലം നേടുകയും 'ഗണപത്യ' സ്ഥാനം നേടുകയും ചെയ്യും. പന്ത്രണ്ടു രാത്രി അവിടെ പാർത്താൽ ആ നരൻ പരിശുദ്ധനായി ത്തീരുന്നതാണ്. പിന്നെ ത്രിലോകവിശ്രുതമായ 'ഗായത്രി'യിൽ ചെല്ലുക. മൂന്നു രാത്രി പാർത്താൽ ഗോസഹസ്രഫലം നേടുന്നതാണ്. രാജാവേ, അവിടെ അത്ഭുതകരമായ ഒരു കാര്യം ബ്രാഹ്മണർക്കു സംഭവിക്കുന്നു. ഇത് ബ്രാഹ്മണർക്കു പ്രത്യക്ഷമായ ദൃഷ്ടാന്തമാണ്. അവിടെ ഒരു ബ്രാഹ്മണൻ ബ്രാഹ്മണിയിൽ ജനിച്ചവനായാലും അല്ലെങ്കിലും ഗായത്രി ചൊല്ലിയാൽ അപ്പോൾ അതു സംഗീതാത്മകമായ ഗാനമായിത്തീരുന്നു. പക്ഷേ, രാജാവേ, ബ്രാഹ്മണനല്ലാത്തവന് അതു വേണ്ടവിധത്തിൽ പാടാൻ പോലും പറ്റാതെ വരുന്നു. പിന്നെ സംവർത്തവിപ്രർഷിയുടെ ദുർല്ലഭമായ വാപിയിൽച്ചെല്ലുക. അവിടെ സ്നാനംചെയ്താൽ അഴകും സൗഭാഗ്യവും പ്രാപിക്കുന്നതാണ്.

പിന്നെ 'വേണ'യ്ക്കു പോയി മൂന്നു രാവ് ഉപവസിച്ചാൽ മയിലും, അരയന്നങ്ങളും വഹിക്കുന്ന വിമാനത്തിൽ അവൻ സഞ്ചരിക്കും.

പിന്നെ നിത്യവും സിദ്ധന്മാർ ചെന്നെത്തുന്ന 'ഗോദാവരി'യിൽ എത്തിയാൽ ഗോമേധഫലം നേടുകയും വാസുകിയുടെ ലോകത്തിലെത്തുകയും ചെയ്യുന്നു. വേണാസംഗമത്തിൽ കുളിച്ചാൽ അശ്വമേധഫലം പ്രാപിക്കും. 'വരദാസംഗമ' സ്നാനത്താൽ ഗോസഹസ്രഫലം നേടും. ബ്രഹ്മസ്ഥാനത്തു ചെന്ന് മൂന്നു രാത്രി ഉപവസിച്ചാൽ സ്വർഗ്ഗലോകത്തിൽ എത്തും; ഗോസഹസ്രദാനഫലവും കിട്ടുന്നു. 'കുശപ്ലവ'ത്തിൽച്ചെന്ന് ബ്രഹ്മചാരിയും സമാഹിതനുമായി മൂന്നു രാത്രി വ്രതമെടുത്തു സ്നാനം ചെയ്താൽ അശ്വമേധഫലം പ്രാപിക്കുന്നതാണ്.

പിന്നെ 'ദേവഹ്രദ'മെന്ന ആരണ്യഭൂമിയിലെത്തി കൃഷ്ണ, വേണ എന്നിവയുടെ ജലത്താലുണ്ടായ തീർത്ഥത്തിലും അതുപോല 'ജാതിസ്മര' ഹ്രദത്തിലും സ്നാനംചെയ്താൽ അവന് മുജ്ജന്മസ്മരണയുണ്ടാകും. അവിടെ നൂറു യാഗംചെയ്തിട്ടാണ് ദേവരാജാവ് സ്വർഗ്ഗം കയറിയത്. അവിടെച്ചെന്നെത്തിയാൽ മതി അപ്പോൾത്തന്നെ അവന് അഗ്നിഷ്ടോമഫലം സിദ്ധിക്കും. പിന്നെ 'സർവ്വദേവഹ്രദ'ത്തിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം നേടുകയുംചെയ്യും.

പിന്നെ മഹാപുണ്യമായ 'പയോഷ്ണീ' സരസ്സിൽച്ചെന്നു സ്നാനം ചെയ്തു പിതൃദേവാർച്ചനചെയ്താൽ ഗോസഹസ്രഫലം സിദ്ധിക്കുന്നതാണ്. പിന്നെ പുണ്യമായ 'ദണ്ഡകാരണ്യ' തീർത്ഥത്തിൽ ചെന്നു സ്നാനംചെയ്യുക; ഉടനെ ഗോസഹസ്രഫലം നേടാം. പിന്നെ ശരഭംഗാശ്രമത്തിലും പിന്നെ മഹാത്മാവായ ശുകന്റെ ആശ്രമത്തിലും ചെല്ലുക. എന്നാൽ പിന്നെ അവന് ദുർഗ്ഗതി പറ്റുകയില്ല; കുലശുദ്ധിയും ഉണ്ടാകും.

പിന്നെ ജാമദഗ്ന്യൻ താമസിച്ചിരുന്ന 'ശൂർപ്പാരക'ത്തിലെത്തുക. ആ രാമതീർത്ഥത്തിൽ സ്നാനംചെയ്താൽ അവൻ അനേകം സ്വർണ്ണം ദാനംചെയ്ത ഫലം നേടും. പിന്നെ 'സപ്തഗോദാവര'സ്നാനം നിയതനും, നിയതാശനനുമായി ചെയ്താൽ മഹാപുണ്യം നേടി ദേവലോകത്ത് എത്തുന്നതാണ്. പിന്നെ നിയതനും നിയതാശനനുമായി 'ദേവപഥ'ത്തിലെത്തിയാൽ 'ദേവസത്ര'ത്തിന്റെ പുണ്യഫലം അവൻ നേടുന്നതാണ്. പിന്നെ ബ്രഹ്മചാരിയും സമാഹിതനുമായി 'തുംഗകാരണ്യ'ത്തിലെത്തുക. അവിടെവച്ചാണ് 'സാരസ്വതൻ' എന്ന മുനി പണ്ട് ഋഷികളെ വേദങ്ങൾ പഠിപ്പിച്ചിരുന്നത്. വേദങ്ങളൊക്കെ നശിച്ച കാലത്ത് അംഗിരസ്സിന്റെ പുത്രൻ ഋഷികളുടെ ഉത്തരീയം ഇട്ടിരുന്ന് വ്യക്തമായി ഉറപ്പിച്ച് 'ഓംകാരം' ഉച്ചരിച്ച സമയത്ത് അവർ പഠിച്ച വേദങ്ങളെല്ലാം മുനിമാർക്കു വീണ്ടും ഓർമ്മയിൽവന്നു. ഇവിടെത്തന്നെയാണ് ഋഷിമാർ, ദേവന്മാർ, അഗ്നി, വരുണൻ, പ്രജാപതികൾ, ഹരി എന്നു പറയപ്പെടുന്ന നാരായണൻ, മഹാദേവൻ, ഭഗവാനായ പിതാമഹൻ ഇവർ ചേർന്ന് മഹാദ്യുതിയായ ഭൃഗുവിനെ യാഗംചെയ്യാൻ നിയോഗിച്ചത്. അവിടെ ആ മുനിമാർക്കുവേണ്ടി ഭൃഗു വിധിപ്രകാരം യാഗംചെയ്തു. അഗ്നിയിൽ നിയമാനുസൃതം നെയ്യൊഴിച്ചു പൂജിച്ചു യാഗംചെയ്തു. അതിനുശേഷം ആ ഋഷികളും, ദേവന്മാരും സ്വന്തം ഭവനത്തിലേക്കു മടങ്ങിപ്പോയി. ആ 'തുംഗക'വനത്തിൽച്ചെന്നാൽ ആണിനും പെണ്ണിനും ഏതു പാപമുണ്ടെങ്കിലും നശിക്കുന്നതാണ്. അവിടെ ഒരു മാസം നിയതനും നിയതാശനനുമായി പാർക്കുന്നതായാൽ ഹേ രാജാവേ, അവൻ ബ്രഹ്മലോകം പ്രാപിക്കും; കുലത്തെ ഉദ്ധരിക്കുകയും ചെയ്യും. 'മേധാവി'കത്തിൽച്ചെന്നു പിതൃദേവതർപ്പണം ചെയ്താൽ അഗ്നിഷ്ടോമഫലം നേടുകയും അവന് ബുദ്ധിയും ഓർമ്മയും ഉണ്ടാവുകയുംചെയ്യും.

അവിടെ ലോകവിശ്രുതമായ 'കാലഞ്ജര'മെന്ന പർവ്വതമുണ്ട്. അതിലുള്ള ദേവസരസ്സിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം സിദ്ധിക്കുന്നതാണ്. 'കാലഞ്ജര'ത്തിൽ സ്നാനം ചെയ്തവൻ സ്വർഗ്ഗലോകത്തിൽ പൂജ്യനായി ഭവിക്കും എന്നതിൽ യാതൊരു സംശയവുമില്ല. പിന്നെ ചിത്രകൂടപർവ്വതങ്ങളിൽചെല്ലുക. അവിടെയുള്ള പാപമൊക്കെ തീർക്കുന്ന 'മന്ദാകിനി'യിൽച്ചെന്നു സ്നാനംചെയ്തു പിതൃദേവതർപ്പണം ചെയ്യുക. എന്നാൽ അശ്വമേധഫലം നേടുകയും പരമസൽഗ്ഗതി പ്രാപിക്കുകയും ചെയ്യും. പിന്നെ അനുത്തമമായ ഭർത്ത്യസ്ഥാനത്തിൽ ചെന്നെത്തുക. അതിലാണ് മഹാസേനാനിയായ ഗുഹൻ നിത്യവും അധിവസിക്കുന്നത്. അവിടെ ചെന്നാൽപ്പോലും അവൻ സിദ്ധനാകും. 'കോടി' തീർത്ഥത്തിൽ സ്നാനംചെയ്താൽ ഗോസഹസ്രഫലം നേടുകയുംചെയ്യും; പിന്നെ കോടിയെ പ്രദക്ഷിണംവെച്ച് 'ജ്യേഷ്ഠസ്ഥാന'ത്തിൽ എത്തുക. അവിടെ മഹാദേവനെ പ്രണമിച്ചാൽ അവൻ ചന്ദ്രനെപ്പോലെ വിരാജിക്കുന്നതാണ്. ഹേ ഭരതർഷഭാ, അവിടെ പ്രസിദ്ധമായ ഒരു കിണറുണ്ട്. ആ കിണറ്റിൽ നാലു സമുദ്രങ്ങളുമുണ്ട്. അതിൽ സ്നാനം ചെയ്ത് പിതൃദേവാർച്ചനചെയ്തു നിയതാത്മാവായ നരൻ പരമഗതി പ്രാപിക്കുന്നു.

digitized by www.sreyas.in

പിന്നെ ശ്രേഷ്ഠമായ 'ശൃംഗവേരപുര'ത്തിലെത്തുക. അതിലെയാണ് പണ്ടു ദശരഥപുത്രനായ രാമൻ ഗംഗ കടന്നത്. ഹേ, മഹാബാഹോ, ആ തീർത്ഥത്തിൽ സ്നാനംചെയ്താൽ സകല പാപങ്ങളും നശിച്ചുപോകും. ബ്രഹ്മചാരിയും സമാഹിതനുമായി ഗംഗയിൽ സ്നാനംചെയ്താൽ പാപങ്ങളൊക്കെ നീങ്ങി വാജപേയഫലം നേടുന്നതാണ്. പിന്നെ ധീമാനായ ദേവന്റെ സ്ഥാനമായ 'മുഞ്ജവട'ത്തിലെത്തുക. മഹാദേവാന്തികത്തിൽച്ചെന്ന് അഭിവാദ്യംചെയ്ത് പ്രദക്ഷിണംവെച്ചാൽ ഗണപത്യസ്ഥാനം ലഭിക്കുന്നതാണ്. അവിടെ 'ജാഹ്നവി' (ഗംഗാ) തീർത്ഥത്തിൽ സ്നാനംചെയ്താൽ സകല പാപങ്ങളും അറ്റുപോകുന്നതാണ്.

പിന്നെ ഋഷികളാൽ പ്രകീർത്തിക്കപ്പെട്ട പ്രയാഗയിലെത്തുക. അതിൽ ബ്രഹ്മാദികളായ ദേവന്മാരും, പത്തുദിക്കും ദിഗീശന്മാരും, ലോകപാലകന്മാരും, സാദ്ധ്യരും, ലോകസമ്മതരായ പിതൃക്കളും, അംഗിരസ്സ്, സനൽക്കുമാരൻ മുതലായ മഹർഷിമാരും, നാഗങ്ങളും, സുപർണ്ണന്മാരും, സിദ്ധന്മാരും, പുഴകളും, സമുദ്രങ്ങളും, ഗന്ധർവ്വന്മാരും, അപ്സരസ്സുകളും, പ്രജാപതി മുമ്പായി ഭഗവാനായ ഹരിയും വാഴുന്നു. അവിടെ മൂന്ന് അഗ്നികുണ്ഡമുണ്ട്. അവയുടെ ഇടയ്ക്ക് ജാഹ്നവി സർവ്വതീർത്ഥശ്രേഷ്ഠയായി വേഗത്തിൽ ഒഴുകുന്നു. അവിടെവെച്ചു തപനപുത്രിയും (സൂര്യപുത്രി) ലോകപാവനിയും (ലോകം ശുദ്ധമാക്കുന്ന) ത്രിലോകവിശ്രുതയുമായ യമുന ഗംഗയോടുകൂടിച്ചേരുന്നു. ഗംഗായമുനകളുടെ ഇടയ്ക്കുള്ള പ്രദേശം ഭൂമിയുടെ ജഘനമായി കണക്കാക്കുന്നു. അതിൽ പ്രയാഗ ആ ജഘനത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ സ്ഥലമായും ധീമാന്മാരായ ഋഷികൾ പറയുന്നു.

'പ്രയാഗാ', 'പ്രതിഷ്ഠാനം', 'കംബളം', 'അശ്വതരം', 'ഭോഗവതി' എന്നീ തീർത്ഥങ്ങൾ പ്രജാപതിയുടെ വേദികളാണ്. അവിടെ 'വേദങ്ങൾ', 'യജ്ഞങ്ങൾ' എന്നിവ മൂർത്തീകരിച്ച് തപോധനരായ ഋഷികളോടൊപ്പം ബ്രഹ്മാവിനെ ഉപാസിക്കുന്നു. ദേവന്മാരും ചക്രവർത്തിമാരും അവിടെ യജ്ഞങ്ങൾ ചെയ്യുന്നു. പക്ഷേ, പ്രയാഗയാണ് ഈ തീർത്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത്. മൂന്നു ലോകത്തിലുമുള്ള എല്ലാ തീർത്ഥങ്ങളേക്കാളും മേലെയാണ് പ്രയാഗ എന്നു പണ്ഡിതർ പറയുന്നു. ആ തീർത്ഥത്തിൽ ചെല്ലുകയോ ആ പേരു സങ്കീർത്തനംചെയ്യുകയോ അവിടത്തെ മണ്ണ് അല്പം എടുക്കുകയോ ചെയ്താൽ പാപം വിട്ടൊഴിയുന്നതാണ്. ആ തീർത്ഥത്തിൽ സ്നാനം ചെയ്താൽ ലോകവിശ്രുതനാവുകയും രാജസൂയാശ്വമേധങ്ങളുടെ ഫലം നേടുകയുംചെയ്യും. ഇതാണ് ദേവകൾക്കുള്ള ശുദ്ധമായ യജ്ഞഭൂമി. അതിൽവെച്ച് അല്പമായി ചെയ്യുന്ന ദാനംപോലും മഹത്തായിത്തീരുന്നു. വേദവചനത്താലും ലോകരുടെ വാക്കാലും 'പ്രയാഗ'യിൽവെച്ച് മരിക്കണമെന്ന നിന്റെ ആഗ്രഹത്തിൽനിന്നും നീ വ്യതിചലിക്കാതിരിക്കട്ടെ!

അറുപതുകോടി പതിനായിരം തീർത്ഥങ്ങളുടെ സാന്നിദ്ധ്യം അവിടെയുണ്ടെന്നാണ് കുരുനന്ദനാ, വിദ്വാന്മാർ പറയുന്നത്. ചതുർവിദ്യന്നു ലഭിക്കുന്ന പുണ്യവും, സത്യവാദിക്കു ലഭിക്കുന്ന പുണ്യവും ഈ ഗംഗായമുനാസംഗമസ്നാനത്തിൽനിന്നുതന്നെ ലഭിക്കുന്നതാണ്. അതിൽത്തന്നെയാണ് 'ഭോഗവതി' എന്ന വാസുകീതീർത്ഥം. അതിൽ സ്നാനംചെയ്യുന്നവന്ന് അശ്വമേധഫലം സിദ്ധിക്കുന്നതാണ്; മൂന്നു ലോകത്തിലും പ്രസിദ്ധമായ ഗംഗയിലെ 'ഹംസപതന'മെന്ന തീർത്ഥം അവിടെത്തന്നെയാണ്. അതിൽ സ്നാനംചെയ്താൽ പത്ത് അശ്വമേധയജ്ഞത്തിന്റെ ഫലം ലഭിക്കും. കുരുക്ഷേത്രഗമനത്തിന്നു തുല്യമാണ് ഗംഗയിലെവിടെ സ്നാനംചെയ്താലും ഉള്ള ഫലം. 'കനഖല'യിൽ തീർത്ഥസ്നാനംചെയ്യുന്നതു മാത്രമാണ് ഈ തത്ത്വത്തിൽ നിന്നും വിഭിന്നമായത്. (അതായത്, ഗംഗയിലെവിടെയെങ്കിലും സ്നാനംചെയ്താൽ, കുരുക്ഷേത്രത്തിലെ 'കനഖല' എന്ന തീർത്ഥത്തിൽ സ്നാനംചെയ്യുന്നതിന്നു തുല്യമാകയില്ല എന്ന്.) പക്ഷേ, പ്രയാഗയുടെ മഹത്ത്വം മറ്റൊരു തീർത്ഥത്തിന്നുമില്ല. നൂറു ദുഷ്കർമ്മം ചെയ്തശേഷം ഗംഗാസ്നാനംചെയ്താൽ അതൊക്കെ ഗംഗ അഗ്നി വിറകിനെയെന്നപോലെ ദഹിപ്പിക്കും. എല്ലാ തീർത്ഥങ്ങളും കൃതയുഗത്തിൽ പുണ്യമാണ്. ത്രേതായുഗത്തിൽ ശ്രേഷ്ഠം പുഷ്കരം മാത്രമാണ്. ദ്വാപരത്തിൽ പുണ്യമായത് കുരുക്ഷേത്രമാണ്. കലിയുഗത്തിൽ പുണ്യമായത് ഗംഗമാത്രമാണ് എന്നു പറയപ്പെടുന്നു.

'പുഷ്കര'ത്തിൽ തപസ്സുചെയ്യുക, 'മഹാലയ'ത്തിൽ ദാനം ചെയ്യുക! 'മലയപർവ്വത'ങ്ങളിൽ ചിതയിൽ കയറണം. 'ഭൃഗുതുംഗ'ത്തിൽ ഉപവസിച്ച് ജീവൻ വെടിയണം. പുഷ്കരം, കുരുക്ഷേത്രം, ഗംഗാസംഗമങ്ങൾ എന്നീ തീർത്ഥങ്ങളിൽ സ്നാനംചെയ്താൽ മേലോട്ടും കീഴോട്ടും ഏഴു തലമുറ പരിശുദ്ധിപ്രാപിക്കും. ഗംഗയെ പ്രകീർത്തിച്ചാൽ പാപം തീരും; കണ്ടാൽ അഭിവൃദ്ധിയുണ്ടാകും; സ്നാനം ചെയ്താലും അതിലെ വെള്ളം കുടിച്ചാലും ഏഴു തലമുറ മേലോട്ടും കീഴോട്ടും ശുദ്ധമാകും.

മനുഷ്യന്റെ അസ്ഥി ഗംഗാജലം തൊട്ടുകിടന്നാൽ ആ കാലമൊക്കെ ആ മർത്ത്യൻ സ്വർഗ്ഗത്തിൽ പൂജ്യനായി ഭവിക്കുന്നതാണ്. പുണ്യസ്ഥലങ്ങളിലേക്കും, പുണ്യതീർത്ഥങ്ങളിലേക്കും തീർത്ഥാടനം ചെയ്ത് പുണ്യം നേടിയവൻ എങ്ങനെയോ അതുപോലെ. ഗംയയ്ക്കുതുല്യമായി തീർത്ഥങ്ങളില്ല, കേശവന്നു മേലെയായി ദേവന്മാരില്ല, ബ്രാഹ്മണരേക്കാൾ മേലെയായി ആരുമില്ല, എന്ന് പിതാമഹൻ പറഞ്ഞിട്ടുണ്ട്. ഗംഗയുള്ളേടമൊക്കെ തപോവനങ്ങളായി കണക്കാക്കണം. അതുപോലെ ഗംഗാതീരത്തുള്ള സ്ഥലങ്ങളൊക്കെ തീർത്ഥങ്ങളുമാണ്. അവയൊക്കെ സിദ്ധക്ഷേത്രങ്ങളാണെന്നു കരുതണം. ഈ സത്യത്തെ (തീർത്ഥങ്ങളെക്കുറിച്ചുള്ള) ദ്വിജന്മാർക്കും, സാധുക്കൾക്കും, മക്കൾക്കും സുഹൃത്തുക്കൾക്കും ശിഷ്യന്മാർക്കും ആശ്രിതർക്കും മാത്രം ചെവിയിൽ ഉപദേശിക്കുക. ഇതു ധന്യമാണ്, മേദ്ധ്യമാണ്, സ്വർഗ്ഗ്യവുമാണ്, ഉത്തമവുമാണ്; ഇതു പുണ്യമാണ്, രമ്യമാണ്. മഹർഷികൾക്കറിയാവുന്ന ഇത് സർവ്വപാപവിനാശകമായ ഉത്തമധർമ്മ്യവുമാണ്. ദ്വിജമദ്ധ്യത്തിൽ ഇതു പറഞ്ഞാൽ നിർമ്മലനായി അവൻ സ്വർഗ്ഗംപ്രാപിക്കുന്നതാണ്. ഹേ ശ്രീമൻ, ഇത് ശ്രീമത്തായ പുണ്യസ്വർഗ്ഗ്യമാണ്; ശത്രുവിനാശകമാണ്, ശിവമാണ്, ബുദ്ധി വർദ്ധിപ്പിക്കുന്നതാണ്. എല്ലാ കീർത്തനങ്ങളുടെയും അഗ്രിമസ്ഥാനമർഹിക്കുന്നതാണ് തീർത്ഥങ്ങളുടെ കീർത്തനം. തീർത്ഥങ്ങളെ കീർത്തിക്കുന്നവൻ പുത്രനില്ലാത്തവനാണെങ്കിൽ അവന്നു പുത്രലാഭമുണ്ടാകും. ദരിദ്രന്നു ധനമുണ്ടാകും; രാജാവിന്നു ഭൂമി മുഴുവൻ വിജയിക്കുവാൻ സാധിക്കും; വൈശ്യൻ ധനികനാകും; ശൂദ്രന്നു സർവ്വാഭീഷ്ടങ്ങളും സാധിക്കും; ബ്രാഹ്മണൻ (സംസാരമാകുന്ന) സാഗരം വിഷമമെന്യേ കടക്കും. നിത്യവും ശുചിയായി തീർത്ഥകീർത്തനം ശ്രവിച്ചാൽ അവന്നു പല മുജ്ജന്മസ്മരണകളുമുണ്ടാകും; നാകലോകം നേടി സുഖിക്കും.

ഈ പറഞ്ഞ തീർത്ഥങ്ങളിൽ പലതിലും എളുപ്പത്തിൽ ചെല്ലാവുന്നതാണ്; എന്നാൽ പലതും ദുഷ്കരവുമാണ്. പക്ഷേ, തീർത്ഥാടനം, ഇവയിലെല്ലാം ഇച്ഛിക്കുന്നവൻ മനസ്സുകൊണ്ടെങ്കിലും അങ്ങോട്ടു പൊയ്ക്കൊള്ളുക. ഇതൊക്കെ വസുക്കളും, സാദ്ധ്യന്മാരും, ആദിത്യന്മാരും, മരുത്തുക്കളും, അശ്വിനികളും, ദേവതുല്യരായ ഋഷിശ്രേഷ്ഠന്മാരും പുണ്യലബ്ധിക്കുവേണ്ടി സ്നാനംചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഹേ കൗരവ്യാ, സുവ്രതനായ ഭവാൻ ഞാൻ പറഞ്ഞ വിധിപ്രകാരം തീർത്ഥയാത്ര കഴിക്കുക. ഭവാൻ പുണ്യവും, പുണ്യം വർദ്ധിപ്പിക്കുന്നതുമായ തീർത്ഥസേവ ചെയ്യുക. ഭവാൻ നിയതനായി ഈശ്വരവിശ്വാസത്തോടെ വേദോക്തപ്രകാരം ആ തീർത്ഥങ്ങളിലെത്തുക. ശാസ്ത്രം അറിയുന്നവരും, ശുദ്ധമാനസരും, സുവ്രതരുമായ സൽപുരുഷന്മാർക്കെല്ലാം ആ തീർത്ഥങ്ങളെയെല്ലാം പ്രാപിക്കാം.

വ്രതമെടുക്കാത്തവനും മനോനിയന്ത്രണമില്ലാത്തവനും, അശുദ്ധനും, തസ്കരനും, വക്രബുദ്ധിയുമായവൻ തീർത്ഥസ്നാനം ചെയ്യുന്നതു വെറുതെയാണ്. വിശ്വാസമില്ലാത്തവന്നു ഫലം സിദ്ധിക്കയില്ല. എന്നും ധർമ്മാർത്ഥദർശിയും ശുദ്ധമാനസനുമായ ഭവാൻ അങ്ങയുടെ ധർമ്മത്താൽ പിതൃപൈതാമഹന്മാരേയും, പ്രപിതാമഹരേയും, പിതാമഹാദികളായ ദേവന്മാരേ

digitized by www.sreyas.in

യും, ഋഷിഗണങ്ങളേയും നിന്റെ ധർമ്മാചരണംമൂലം സന്തുഷ്ട രാക്കിയിട്ടുണ്ട്. അതിനാൽ വാസവോപമനായ ഭവാൻ വസുക്ക ളുടെ ലോകങ്ങളിൽ ചെല്ലും. ഭൂമിയിൽ എന്നും നിലനില്ക്കുന്ന കീർത്തിയും മഹാമതിയായ ഭീഷ്മാ! ഭവാൻ നേടും."

നാരദൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മനോടു പ്രീതിയോടെ പുലസ്ത്യൻ യാത്രപറഞ്ഞ് സസന്തോഷം അപ്പോൾ അവിടെ ത്തന്നെ മറയുകയുംചെയ്തു. ഹേ കുരുശാർദ്ദൂലാ! ശാസ്ത്രത ത്വങ്ങളുടെ അർത്ഥം കണ്ടവനായ ഭീഷ്മൻ പുലസ്ത്യന്റെ ഉപ ദേശമനുസരിച്ച് ഭൂമി ചുറ്റിസ്സഞ്ചരിക്കുകയും ചെയ്തു. ഇപ്രകാരം സർവ്വപാപവിമോചകവും മഹാപുണ്യവുമായ തീർത്ഥങ്ങളെല്ലാം യഥാക്രമം കണ്ട് പ്രയാഗയിലെത്തി മഹാഭാഗനായ ഭീഷ്മൻ തന്റെ തീർത്ഥയാത്ര അവസാനിപ്പിച്ചു. ഇപ്രകാരം യഥാവിധി ഒരു വൻ ഭൂമി ചുറ്റുന്നതായാൽ നൂറിൽപ്പരം അശ്വമേധം ചെയ്തവന്നു ലഭിക്കുന്ന ഫലം സിദ്ധിക്കുന്നതാണ്. മോക്ഷം സിദ്ധിക്കുകയും ചെയ്യുന്നു. ഹേ പാർത്ഥാ! ഭവാനും അഷ്ടഗുണങ്ങളായ ഉത്തമ ധർമ്മത്തെ കുരുപ്രവരനായ ഭീഷ്മൻ പണ്ടു നേടിയവിധം നേടു ക. ഭവാൻ ഈ ഋഷികളെയൊക്കെ കൊണ്ടുപോവുകയാണെ ങ്കിൽ ഭവാനു ലഭിക്കുന്നു പുണ്യം അതിനേക്കാളുപരിയായിരി ക്കും. രാക്ഷസന്മാർ ഈ തീർത്ഥങ്ങളിൽ എപ്പോഴുമുണ്ടായിരി ക്കും. അതിനാൽ രാജാക്കന്മാരിൽ നിനക്കൊഴികെ മറ്റാർക്കും അവിടെയൊക്കെ പോകുവാൻ കഴികയില്ല. ദേവർഷികളാൽ നിർമ്മിതമായ ഈ സർവ്വതീർത്ഥങ്ങളെയുംകുറിച്ചുള്ള കീർ ത്തനം എന്നും കാലത്തുണർന്നുചൊല്ലുന്നവന്ന് എല്ലാ പാപവും അറ്റുപോകും. ഋഷിമുഖ്യന്മാരായ വാല്മീകി, കാശ്യപൻ, ആത്രേ യൻ, കുണ്ഡജഠരൻ, വിശ്വാമിത്രൻ, ഗൗതമൻ, അസിതൻ, ദേവ ലൻ, മാർക്കണ്ഡേയൻ, ഗാലവൻ, ഭരദ്വാജൻ, വസിഷ്ഠൻ, ഉദ്ദാ ലകൻ, മകനോടുകൂടി ശൗനകൻ, തപസികളിൽ ശ്രേഷ്ഠനായ വ്യാസൻ, മുനിശ്രേഷ്ഠനായ ദുർവ്വാസാവ്, മഹാതപസിയായ ജാബാലി തപോധനരായ ഈ ഋഷിവരന്മാരെല്ലാം നിന്നെ പ്രതീ ക്ഷിച്ചിരിക്കുന്നു. ഇവരെയെല്ലാം മഹാരാജാവേ! ഭവാൻ തീർത്ഥ ങ്ങളിൽ കണ്ടുമുട്ടും. ഇപ്പോൾ മഹാതേജസിയായ ലോമശമ. ഹർഷി നിന്റെ സമീപത്തെത്തുന്നതാണ്. അദ്ദേഹത്തേയും എന്നെയും ഭവാൻ അനുഗമിക്കുക. പിന്നെ യഥാക്രമം പുണ്യ തീർത്ഥങ്ങളിലെല്ലാം ചെല്ലുക. നീ മഹാഭിഷനെപ്പോലെ മഹാ കീർത്തി നേടുകയും ചെയ്യും. ധർമ്മാത്മാവായ യയാതിയെപ്പോ ലെയും, പുരൂരവസ്സിനെപ്പോലെയും ഹേ, രാജശാർദ്ദൂല! നീ സ്വന്തം ധർമ്മത്താൽ വളരെ ശോഭിക്കും. ഭഗീരഥനെപ്പോലെയും, വിശ്രുതനായ ശ്രീരാമനെപ്പോലെയും നീ രാജാക്കന്മാരുടെ മദ്ധ്യ ത്തിൽ സൂര്യനെപ്പോലെ ശോഭിക്കും. മനുവിനെപ്പോലെയും, ഇക്ഷ്വാകുവിനെപ്പോലെയും, പൂരുവിനെപ്പോലെയും, വൈന്യു വിനെപ്പോലെയും ഭവാൻ വിശ്രുതനാണ്.

വൃത്രാരി പണ്ട് എങ്ങനെ ശത്രുവർഗ്ഗത്തെ മുടിച്ച് ക്ലേശം നീങ്ങി പാലിച്ചുവോ, അപ്രകാരം, നീ മൂന്നു ലോകങ്ങളും ശത്രു ക്ഷയംചെയ്ത് പ്രജാപാലനം ചെയ്യും. ഹേ, രാജീവലോചനാ, സ്വധർമ്മാനുസൃതം മുഴുവൻഭൂമി നേടി ഭവാൻ കാർത്തവീ ര്യാർജ്ജുനനെപ്പോലെ ധർമ്മത്താൽ ഖ്യാതി നേടുന്നതാണ്."

വൈശമ്പായനൻ തുടർന്നു: "ഇപ്രകാരം നാരദഭഗവാൻ യുധിഷ്ഠിരനെ ആശ്വസിപ്പിച്ച് രാജാനുജ്ഞയോടെ അവിടെ ത്തന്നെ അന്തർദ്ധാനംചെയ്തു ധർമ്മാത്മാവായ യുധിഷ്ഠിരൻ അതുതന്നെ ചിന്തിച്ച്, തീർത്ഥയാത്രയിലുള്ള പുണ്യത്തെക്കുറിച്ച് ഋഷിമാരോടു പ്രകീർത്തിച്ചുതുടങ്ങി."

86. ധൗമ്യതീർത്ഥയാത്ര – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ ഭ്രാതാക്കളുടേയും, ധീമാനായ നാരദന്റേയും അഭി പ്രായം മനസ്സിലാക്കി പിതാമഹതുല്യനായ ധൗമ്യനോടു പറ ഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എന്റെ അഭിപ്രായമനുസരിച്ച് നര വ്യാഘ്രനായ ജിഷ്ണു ദിവ്യാസ്ത്രങ്ങൾ നേടുവാൻ പോയിരി ക്കയാണല്ലോ. മഹാബാഹുവായ അവൻ സമർത്ഥനും, സ്നേഹ ശീലനും, തപോധനനുമാണ്. അസ്ത്രപ്രയോഗത്തിൽ സത്യപ രാക്രമിയായ അവൻ സമർത്ഥനും വാസുദേവോപമനുമാണ്. എനിക്കു വിക്രാന്തരായ അവരെ രണ്ടുപേരെയും മഹാനായ വ്യാസനറിയുന്നതുപോലെ അറിയാം. കൃഷ്ണധനഞ്ജയന്മാർ ആറു ഗുണങ്ങളും ചേർന്ന പുണ്ഡരീകാക്ഷനല്ലാതെ മറ്റാരുമ ല്ല. നാരദനും ഇക്കാര്യം നന്നായി അറിയാം. അദ്ദേഹവും എന്നോ ടിതു പറഞ്ഞിട്ടുണ്ട്. നരനാരായണഋഷികളാണ് അവരെന്ന് ഞാൻ അറിയുന്നുണ്ട്. അവൻ ശക്തനാണെന്നറിഞ്ഞിട്ടാണ് ഞാൻ അവനെ പറഞ്ഞയച്ചത്. ഇന്ദ്രതുല്യനും ശക്രപുത്രനുമായ അവനെ, സുരാധിപനിൽനിന്ന് അസ്ത്രം ലഭിക്കുവാൻ കഴിവു ള്ളവനാണെന്നറിഞ്ഞിട്ടാണ് അയച്ചത്.

ഭീഷ്മനും ദ്രോണനും അതിരഥന്മാരാണ്. കൃപനും ദ്രോണ പുത്രനും ദുർജ്ജയന്മാരാണ്. മഹാരഥന്മാരായ ഇവരെ തന്റെ സഹായത്തിന്നായി ധൃതരാഷ്ട്രപുത്രൻ യുദ്ധത്തിന്റെ ഉത്തരവാ ദിത്വം മുഴുവൻ ഏല്പിച്ചിരിക്കുന്നു. അവർ എല്ലാവരും വേദജ്ഞ ന്മാരും ശൂരന്മാരും സർവ്വാസ്ത്രനിപുണന്മാരുമാണ്. അവരെല്ലാം പാർത്ഥനുമായി പൊരുതുവാൻ കാത്തിരിക്കുന്ന മഹാബലന്മാ രാണ്. ദിവ്യാസ്ത്രവിജ്ഞനായ സൂതപുത്രൻ കർണ്ണൻ മഹാര ഥനാണ്. അവൻ അസ്ത്രവേഗത്തിൽ വായുവിന്നുതുല്യം ശക്തി യുള്ളവനാണ്. അഗ്നിയാകുന്ന അവൻ അസ്ത്രമാകുന്ന തീനാ മ്പുകളോടെ യുദ്ധരംഗത്തിലെ പൊടിപടലമാകുന്ന പുകയിൽ ധൃതരാഷ്ട്രപുത്രന്മാരുടെ പ്രേരണയാകുന്ന കാറ്റിന്റെ സഹായ ത്താൽ യുഗാന്തത്തിലെ അന്തകനെപ്പോലെ ഉജ്ജ്വലിച്ച് എന്റെ സൈന്യമാകുന്ന ഉണക്കപ്പുല്ലിനെ ദഹിപ്പിക്കും. അർജ്ജുനനാ കുന്ന വീരനായ കാർമേഘം മാത്രമേ കൃഷ്ണനാകുന്ന കാറ്റിന്റെ സഹായത്താൽ, ദിവ്യാസ്ത്രങ്ങളാകുന്ന ഭീകരമായ ഇടിമിന്ന ലോടും, വെള്ളക്കുതിരകളാകുന്ന അതിന്നടിയിൽ പറക്കുന്ന വെള്ളിൽപ്പക്ഷിസമൂഹങ്ങളോടും, അതിന്നുമീതെ അത്യുഗ്രമായ ഗാണ്ഡീവമാകുന്ന ഇന്ദ്രധനുസ്സോടും (മഴവില്ല്) കൂടി സുദീപ്ത മായ കർണ്ണനാകുന്ന ഘോരാഗ്നിയെ ക്രോധത്തോടെ ഇടതടവി ല്ലാതെ ശരവർഷമാകുന്ന വർഷം ചൊരിഞ്ഞു കെടുത്താൻ ശക്ത മാകൂ. പരപുരഞ്ജയനായ ബീഭത്സു ശക്രനിൽനിന്നും ദിവ്യാ സ്ത്രങ്ങളൊക്കെ സമ്പാദിക്കും. അവർക്കെല്ലാം ഈ ഒരുത്തൻ മതിയെന്നാണ് എന്റെ വിശ്വാസം. അതല്ലെങ്കിൽ കൃതാസ്ത്രരായ ആ ശത്രുക്കളെ യുദ്ധത്തിൽ ഒന്നിച്ചു തോല്പിക്കുക എന്നത് അസാദ്ധ്യമായ കാര്യമാണ്.

എല്ലാ ദിവ്യാസ്ത്രങ്ങളും നേടിയ ശത്രുജിത്തായ ബീഭത്സു വെ നമുക്കു കാണാൻ കഴിയും. എന്തെന്നാൽ, ഒരു കാര്യം ഏറ്റെ ടുത്താൽ പിന്നെ അതിന്റെ ഭാരം താങ്ങാനാവില്ലെന്നു കരുതി അവൻ ഒരിക്കലും പിൻതിരികയില്ല; തീർച്ചയാണ്. ആ വീരന്റെ അസാന്നിദ്ധ്യംമൂലം ഈ കാമ്യകവനം, കൃഷ്ണയടക്കം ഞങ്ങൾ ക്കെല്ലാവർക്കും ശാന്തി നല്കുന്നില്ല. ഭവാൻ ഒരു കാര്യം ചെയ്യ ണം. ഫലമൂലങ്ങളും ഭക്ഷണപദാർത്ഥങ്ങളും ധാരാളമുള്ളതും, പുണ്യകർമ്മസേവിതവും, രമ്യവുമായ മറ്റൊരു കാടു കാട്ടിത്ത രിക. പുണ്യവാന്മാർക്കു പാർക്കുവാൻ പറ്റുന്ന ഒരു സ്ഥലം തിര ഞ്ഞുപിടിച്ച് വീരനും സത്യവിക്രമനുമായ അർജ്ജുനൻ വരു ന്നതും കാത്ത്, വൃഷ്ടികാമ (വേഴാമ്പൽ, കർഷകൻ എന്നും) മഴക്കാർ കാക്കുന്നതുപോലെ കാത്തിരിക്കുക.

ദ്വിജന്മാർക്കു പ്രവേശനമുള്ളതും അവർ പറഞ്ഞുകേട്ടതു മായ ആശ്രമങ്ങളെപ്പറ്റിയും നദികളെപ്പറ്റിയും സരസ്സുകളെപ്പ റ്റിയും രമണീയമായ പർവ്വതങ്ങളെപ്പറ്റിയും ഹേ, ബ്രാഹ്മണാ. ഭവാൻ പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഹേ, ബ്രാഹ്മണാ, എന്റെ മനസ്സിന്ന് യാതൊരു ശാന്തിയും ലഭിക്കുന്നി ല്ല. അർജ്ജുനനെ കൂടാതെ ഈ കാമ്യകവനത്തിൽ പാർക്കുവാൻ ഞങ്ങളിഷ്ടപ്പെടുന്നില്ല. നമുക്കു മറ്റൊരു സ്ഥലത്തേക്കു പോകാം."

87. ധൗമ്യതീർത്ഥയാത്ര-കിഴക്ക് – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാരെല്ലാം ദീനമാനസരും ഉത്സാഹശൂന്യ

digitized by www.sreyas.in

രുമായി നില്ക്കുന്നതു കണ്ട് ബൃഹസ്പതിക്കു തുല്യനായ ധൗമ്യൻ അവരെ സാന്ത്വനംചെയ്തു പറഞ്ഞു."

ധൗമ്യൻ പറഞ്ഞു: "ബ്രാഹ്മണർ അംഗീകരിച്ചിരിക്കുന്ന പുണ്യാശ്രമങ്ങളും ദേശങ്ങളും തീർത്ഥങ്ങളും ശൈലങ്ങളും ഞാൻ പറയാം. ഹേ! യുധിഷ്ഠിരാ, അവയെപ്പറ്റി കേട്ടാൽ ഭവാന്റെ ശോകമൊക്കെ തീരും, ഭ്രാതാക്കളോടും ദ്രൗപദിയോടുംകൂടി അവ കേൾക്കുക. അവയെപ്പറ്റി കേട്ടാൽത്തന്നെ ഭവാൻ പുണ്യവാനാകും.

അവയിൽ പ്രവേശിച്ചാൽ നൂറിരട്ടി പുണ്യം ലഭിക്കുകയും ചെയ്യും. ഹേ! നരോത്തമാ, രാജർഷികൾ സേവിക്കുന്ന പൂർവ്വദിക്കിലുള്ളവയെപ്പറ്റി എന്റെ ഓർമ്മപോലെ ആദ്യമായി പറയാം. ദേവർഷികൾ വളരെ മാനിക്കുന്നതാണ് 'നൈമിഷം'. അതിൽ ദേവന്മാർക്കു വെവ്വേറെ അനേകം പുണ്യതീർത്ഥങ്ങളുണ്ട്. പുണ്യവും, രമ്യവുമായ ഗോമതി, ദേവന്മാരുടെ യജ്ഞഭൂമിയും സൂര്യദേവന്റെ മേധസ്ഥലവുമാണ്. (യാഗത്തിന്നായി മൃഗങ്ങളെ കൊല്ലുന്ന സ്ഥലം) പുണ്യവും, രാജർഷിസേവിതവും, ഗിരിശ്രേഷ്ഠനുമായ ഗയപർവ്വതം അവിടെത്തന്നെയാണ്. അവിടെത്തന്നെയാണ് ശിവവും, രാജർഷികൾ ഉപാസിക്കുന്നതുമായ ബ്രഹ്മസരസ്സ്. ഇതിനെപ്പറ്റി പണ്ടുള്ളവർ ഇങ്ങനെ പറയാറുണ്ട്: "ആരും അനേകം പുത്രന്മാരുണ്ടാകുവാൻ ആഗ്രഹിക്കണം; എന്തെന്നാൽ അവരിലൊരാളെങ്കിലും ഗയയിൽ തീർത്ഥാടനത്തിന്നു പോയേക്കാം. അശ്വമേധംചെയ്യുക, ഒരു നീല വൃഷഭത്തെ ദാനം ചെയ്യുക. എന്നിവയിലേതെങ്കിലും ഒന്നു ചെയ്യുകയും ആകാം. അങ്ങനെ ചെയ്താൽ പത്തു തലമുറ കീഴും മേലും ധരിക്കുകയും ചെയ്തേക്കാം. അവിടെ മഹാനദിയും ഗയശിരസ്സുമുണ്ട്. വിപ്രന്മാർ അവിടെയുള്ള പുണ്യവും അക്ഷയവുമായ ഒരു വടവൃക്ഷത്തെ വാഴ്ത്തുന്നു. ഇവിടെവെച്ച് പിതൃക്കൾക്കു നല്കുന്ന അന്നം അക്ഷയമായിത്തീരുന്നു. അതിനാൽ ഫൽഗു എന്ന പേരിലാണ് അവിടെ മഹാനദി അറിയപ്പെടുന്നത്. ഹേ, ഭരതർഷഭാ, അവിടെയാണു ഫലമൂലങ്ങൾ ധാരാളമുള്ള 'കൗശികി'. അവിടെവെച്ചാണ് വിശ്വാമിത്രൻ ബ്രാഹ്മണത്വം നേടിയത്. അതേ ഭാഗത്തുതന്നെയുള്ള പുണ്യമായ ഗംഗാതീരത്തുവെച്ചാണ് ഭഗീരഥൻ അനേകം ദക്ഷിണയോടുകൂടിയ യജ്ഞങ്ങൾ പലതും ചെയ്തത്. പാഞ്ചാലരാജ്യത്തിൽ 'ഉല്പല'മെന്ന വനമുണ്ട്. കൗശികവംശജനായ വിശ്വാമിത്രൻ പുത്രനോടുകൂടി അവിടെയാണു യാഗം ചെയ്തത്. ഭഗവാൻ ജാമദഗ്ന്യൻ കൗശികനായ വിശ്വാമിത്രന്റെ ആ അതിമാനുഷമായ കർമ്മത്തിന്റെ വിഭൂതി (യാഗത്തിന്റെ അവശിഷ്ടങ്ങൾ) കാണുകയാൽ ആ വംശത്തെ പ്രകീർത്തിച്ചു. 'കന്യാകുബ്ജ'ത്തിൽ ഇന്ദ്രനുമൊത്തു വിശ്വാമിത്രൻ സോമപാനം ചെയ്തു. പിന്നെ കൗശികൻ ക്ഷാത്രം ഉപേക്ഷിച്ച് 'ഞാൻ ബ്രാഹ്മണനാണ്' എന്നു പറഞ്ഞു.

പാവനവും, ത്രിലോകവിശ്രുതവും, പാപനാശകവും, ഋഷിമാർ ചൂഴുന്ന ഉത്തമസ്ഥാനവുമാണ് 'ഗംഗായമുനാസംഗമം'. സർവ്വഭൂതാത്മാവായ് പിതാമഹൻ അവിടെ പണ്ട് യാഗംചെയ്തിട്ടുണ്ട്.

പ്രയാഗ എന്ന പേര് പിതാമഹൻ യാഗംചെയ്തതുകൊണ്ട് ആ സ്ഥലത്തിന് സിദ്ധിച്ചു. അവിടെ അഗസ്ത്യമുനിയുടെ വിഖ്യാതമായ ആശ്രമമുണ്ട്. ആ 'താപസ'മെന്ന വനം താപസശ്രേഷ്ഠന്മാർ അധിവസിക്കുന്നതാണ്.

'കാലഞ്ജരാ' പർവ്വതങ്ങളിൽ 'ഹിരണ്യബിന്ദു' എന്ന തീർത്ഥമുണ്ട്. 'അഗസ്ത്യപർവ്വതം' എന്ന രമ്യവും, പുണ്യവും, ശിവവുമായ ഗിരിശ്രേഷ്ഠനും അവിടെത്തന്നെയാണ്. മഹാനായ ഭാർഗ്ഗവന്റെ 'മഹേന്ദ്രപർവ്വ'തവും അവിടെയുണ്ട്. അവിടെയാണ് ആദ്യമായി പിതാമഹൻ യജിച്ചത്. ഹേ യുധിഷ്ഠിരാ, പുണ്യമായ 'ഭാഗീരഥിസരസ്സും', 'ബ്രഹ്മശാല' എന്ന പുണ്യവും ഖ്യാതവുമായ സരസ്സും ഇവിടെത്തന്നെയാണ്. അവയെ കാണുന്നതുതന്നെ പാപവിനാശകമാണ്. പാപം നീങ്ങിയവർ വാഴുന്ന സ്ഥലമാണ് അത്. പവിത്രവും, മംഗളകരവും, ലോകവിശ്രുതവും, പ്രസിദ്ധവുമായ 'കേദാര'മെന്നു പേരായ മതംഗാശ്രമം ഇവിടെയാണ്.

ഫലമൂലങ്ങൾ ധാരാളമുള്ള 'കുണ്ഡോദരം' എന്ന പർവ്വതവും അവിടെയാണ്. നൈഷധൻ (നളൻ) ദാഹിച്ചു വലഞ്ഞ് അവിടെയാണു വെള്ളംകുടിച്ച് സുഖമായി വിശ്രമിച്ചത്. അവിടെ താപസന്മാരാൽ ശോഭിക്കുന്ന പുണ്യമായ ദേവവനമുണ്ട്. 'ബാഹുദാ', 'നന്ദ' എന്നീ നദികൾ ആ പർവ്വതശൃംഗത്തിലാണ്. കിഴക്കൻദിക്കിലുള്ള എല്ലാ പുണ്യതീർത്ഥങ്ങളെക്കുറിച്ചും ശൈലങ്ങൾ, നദികൾ എന്നിവയെപ്പറ്റിയും ഞാൻ പറഞ്ഞുകഴിഞ്ഞു. മറ്റു മൂന്നു ദിക്കിലുമുള്ള തീർത്ഥങ്ങൾ, നദികൾ, പർവ്വതങ്ങൾ എന്നിവയെക്കുറിച്ചും ഇനി ഞാൻ പറയാം."

88. ധൗമ്യതീർത്ഥയാത്ര-തെക്ക് – ധൗമ്യൻ പറഞ്ഞു: "ഹേ ഭാരത! ഇനി ഭവാൻ തെക്കൻദിക്കിലുള്ള പുണ്യതീർത്ഥങ്ങളെ കേട്ടാലും. ഞാൻ വിസ്തരിച്ചു യഥാബുദ്ധിപറയാം. വിഖ്യാതയും പുണ്യയുമായ ഗോദാവരിനദി ആ ദിക്കിലാണ്. വളരെ ആരാമങ്ങളുള്ളതും ധാരാളം ജലംനിറഞ്ഞതും താപസന്മാർ സാധാരണ സേവിക്കുന്നതുമാണ് ആ നദി. പാപഭയങ്ങൾ നശിപ്പിക്കുന്നതും, മൃഗപക്ഷികൾ നിറഞ്ഞതും താപസാലയഭൂഷിതങ്ങളുമായ 'വേണ', 'ഭീമരഥി' എന്നീ നദികൾ ഇവിടെത്തന്നെ ഉള്ളവയാണ്. 'നൃഗൻ' എന്ന രാജർഷിയുടെ പുണ്യതീർത്ഥമായ പയോഷ്ണി 'രമ്യവും', പുണ്യജലം നിറഞ്ഞതും ദ്വിജസേവിതവുമാണ്. അവിടെവച്ച് മഹായശസ്വിയായ മാർക്കണ്ഡേയമഹർഷി നൃഗമഹാരാജാവിന്റെ വംശത്തെക്കുറിച്ചു പുകഴ്ത്തിപ്പാടി. ഈ 'അനുവംശ്യം ഗാഥ' യജ്ഞംചെയ്യുന്ന നൃഗന്റെ മുൻപിൽവെച്ചു ചൊല്ലിയത് ഇവിടെവെച്ചാണെന്നു ഞാൻ കേട്ടിട്ടുണ്ട്. ഇന്ദ്രൻ സോമത്താലും, ദ്വിജന്മാർ ദക്ഷിണയാലും മദിച്ചത് പയോഷ്ണിയുടെ തീരത്തുള്ള വരാഹമെന്ന ഉത്തരതീർത്ഥത്തിൽവെച്ച് അന്ന് ആ യാഗം ചെയ്യുമ്പോഴാണ്. ആ പയോഷ്ണിയിൽനിന്നുള്ള വെള്ളമെടുത്താലും വെള്ളം ഭൂമിയിലൂടെ ഒഴുകിയാലും അതിൽനിന്നും വരുന്ന ജലാംശമുള്ള കാറ്റേറ്റാലും മരണംവരെ ചെയ്യുന്ന പാപങ്ങളെല്ലാം അറ്റുപോകുന്നതാണ്. സ്വർഗ്ഗത്തേക്കാൾ പൊങ്ങിയതും, സ്വയം ഉണ്ടായി നല്കപ്പെട്ടതുമായ ശിവന്റെ പ്രതിമ കണ്ടാൽത്തന്നെ മർത്ത്യൻ പുണ്യംനേടി ശിവാലയത്തിലെത്തും. ഒരു ഭാഗം ഗംഗതൊട്ടു വെള്ളമുള്ള നദികളുടെയെല്ലാം ഗുണം, മറുഭാഗത്ത് പയോഷ്ണീതീർത്ഥംകൊണ്ടുള്ള ഗുണംമാത്രം. ഇതിൽ രണ്ടാമത്തേതുകൊണ്ടുള്ള പുണ്യം മറ്റേതിനേക്കാൾ കൂടുതലാണെന്നാണ് എന്റെ അഭിപ്രായം. 'മാഠരം' എന്ന പുണ്യവും ശിവവുമായ കാനനം ഫലമൂലങ്ങൾ ധാരാളമുള്ളതാണ്. അതും ഒരു പുണ്യയൂപവും 'വരുണസ്രോതസ്സെ'ന്ന ആ ഭാഗത്തുള്ള ഗിരിയിലാണ്.

പ്രവേണിക്കു വടക്കാണ് പുണ്യമായ കണ്വാശ്രമം; അവിടെയുള്ള താപസാരണ്യങ്ങൾ പ്രസിദ്ധമാണ്. 'ശൂർപ്പാരക'ത്തിൽ പൂജ്യനായ ജമദഗ്നിയുടെ രമ്യമായ 'പാഷാണതീർത്ഥം', 'പുനശ്ചതീർത്ഥം' എന്നീ രണ്ടു വേദികളുണ്ട്. വളരെ ആശ്രമങ്ങളുള്ള അശോകതീർത്ഥം അവിടെയാണ്. പാണ്ഡ്യരുടെ 'അഗസ്ത്യതീർത്ഥവും, വാരുണതീർത്ഥവും' അവിടെയാണ് പാണ്ഡ്യനാട്ടിൽത്തന്നെയാണ് പുണ്യതീർത്ഥമായ 'കുമാരികൾ' എന്ന തീർത്ഥവും.

'താമ്രപർണ്ണി'യെപ്പറ്റി പറയാം. അവിടെയാണ് മോക്ഷം കാംക്ഷിച്ച് ആശ്രമത്തിൽ ദേവന്മാർ തപസ്സുചെയ്തത്. അതുകൊണ്ടാണ് 'ഗോകർണ്ണം' മൂന്നു ലോകത്തിലും പ്രസിദ്ധമായത്. ശീതജലം നിറഞ്ഞതായ ആ തീർത്ഥം ശുഭവും ശിവവുമാണ്. അതിലെ ഹ്രദം അകൃതാത്മാക്കൾക്ക് അപ്രാപ്യമാണ്. അവിടെ വൃക്ഷങ്ങളും തൃണങ്ങളും നിറഞ്ഞതും, ഫലമൂലങ്ങൾ സമൃദ്ധിയായി ഉള്ളതുമായ അഗസ്ത്യശിഷ്യാശ്രമം നില്ക്കുന്ന ദേവസമയെന്ന ഗിരി സ്ഥിതിചെയ്യുന്നു. അവിടെ മണിമയവും, ശിവവുമായ വൈഡൂര്യപർവ്വതത്തിലുള്ള അഗസ്ത്യാശ്രമം ഫലമൂലസമൃദ്ധമായി വിളങ്ങുന്നു.

ഇനി 'സുരാഷ്ട്രത്തിലെ' പുണ്യക്ഷേത്രങ്ങൾ, ആശ്രമങ്ങൾ, നദികൾ, സരസ്സുകൾ എന്നിവയെപ്പറ്റി പറയാം. 'ചമസോൽഭേദനം', പ്രഭാസം എന്നീ വിഖ്യാതമായ തീർത്ഥങ്ങൾ

digitized by www.sreyas.in

അവിടെയാണെന്ന് വിപ്രന്മാർ പറയുന്നു. ശിവവും താപസസേവിതവുമായ 'പിണ്ഡാരക'വും അവിടെയാണ്. ഉടനെ സിദ്ധി വരുത്തുന്ന 'ഉജ്ജയന്ത' എന്ന വലിയ പർവ്വതവും അവിടെയാണ്. അതിനെക്കുറിച്ച് ദേവർഷിവര്യനായ നാരദൻ ഒരു പുരാണ ശ്ലോകം ചൊല്ലിയിട്ടുണ്ട്. അത് ഹേ, യുധിഷ്ഠിരാ! ഭവാൻ കേൾക്കുക: സുരാഷ്ട്രത്തിലെ മൃഗങ്ങളും പക്ഷികളും നിറഞ്ഞ ഉജ്ജയന്തയിൽ തപസ്സുചെയ്യുന്ന മനുഷ്യർ, സുരലോകത്തുപോലും പൂജ്യരായി ഭവിക്കും.

പുണ്യമായ 'ദ്വാരാവതിയും' പ്രസിദ്ധമാണ്. അവിടെ സാക്ഷാൽ പുരാണപുരുഷൻ മധുസൂദനൻ അധിവസിക്കുന്നു; സനാതനമായ ധർമ്മം പാലിക്കുന്നു. വേദജ്ഞരും അദ്ധ്യാത്മജ്ഞാനമുള്ളവരുമായ വിപ്രന്മാർ പറയുന്നു, 'സനാതനനാ'യ കൃഷ്ണൻ ധർമ്മമാണ്. പവിത്രങ്ങളിൽ പവിത്രവും പുണ്യങ്ങളിൽ പുണ്യവും മംഗളങ്ങളിൽ മംഗളവുമാണ് പുണ്ഡരീകാക്ഷനായ ദേവദേവൻ. സനാതനനും അവ്യയനും അവ്യയരൂപനും അചിന്ത്യാത്മാവും മധുസൂദനനും ക്ഷേത്രജ്ഞനും പരമേശനുമായ ഹരി അവിടെ വാഴുന്നു."

89. ധൗമ്യതീർത്ഥയാത്ര-പടിഞ്ഞാറ് – ധൗമ്യൻ തുടർന്നു: "ആനർത്തകർക്കു പടിഞ്ഞാറുള്ള ദിക്കിലെ തീർത്ഥങ്ങളെപ്പറ്റി ഇനി പറയാം. അവിടെ പല പവിത്രതീർത്ഥങ്ങളും പുണ്യക്ഷേത്രങ്ങളുമുണ്ട്. തെന, മാവ് ഇവ നിരന്ന്, ചൂരൽക്കാടുകൾ നിറഞ്ഞ്, പടിഞ്ഞാറോട്ട് പുണ്യയമായ നർമ്മദാനദി ഒഴുകുന്നു. ഈ ലോകത്തിലുള്ള സർവ്വ തീർത്ഥങ്ങളും ദേവതകളും, ദേവികളും വനദേവതകളും പിതാമഹാദികളായ ദേവന്മാരും സിദ്ധരും ഋഷികളും ചാരണന്മാരും അവിടെ എന്നും കുളിക്കാനെത്തുന്നു. അവിടെ വിശ്രവസ്സ് മഹർഷിയുടെ ആശ്രമമുണ്ടായിരുന്നതായി കേൾക്കുന്നു. അവിടെയാണ് മഹർഷിയുടെ പുത്രനായി നരവാഹനനായ ധനപതി (കുബേരൻ) ജനിച്ചത്.

ആ ഭാഗത്തുള്ള 'വൈഡൂര്യശിഖരം' പുണ്യവും ശിവവുമായ പർവ്വതമാണ്. എന്നും പുഷ്പിച്ച് പച്ചപിടിച്ചുനില്ക്കുന്ന വൃക്ഷങ്ങൾ അവിടെയുണ്ട്. ആ പർവ്വതത്തിന്റെ മുകളിൽ പുണ്യമായ പൊയ്കയുണ്ട്. താമരകൾ നിറഞ്ഞുനില്ക്കുന്ന ആ പൊയ്കയെ, ദേവഗന്ധർവ്വന്മാർ എന്നും ഉപാസിക്കുന്നു. ദേവർഷികൾ സേവിക്കുന്ന പുണ്യസ്വർഗ്ഗസന്നിഭമായ ആ പർവ്വതത്തിൽ പല മഹാത്ഭുതങ്ങളും കാണപ്പെടുന്നു. ഹേ, പരപുരഞ്ജയാ! അവിടെയുള്ള 'വിശ്വാമിത്ര'മെന്ന പുണ്യനദി, വിശ്വാമിത്രരാജർഷിയുടെ അനേകം പുണ്യതീർത്ഥങ്ങൾ നിറഞ്ഞ നദിയാണ്. അതിന്റെ തീരത്താണ്, ധർമ്മിഷ്ഠരുടെ മദ്ധ്യത്തിൽ നഹുഷാത്മജനായ യയാതി സ്വർഗ്ഗത്തിൽനിന്നും താഴോട്ടു വീണത്. പിന്നെ വീണ്ടും യയാതി നിത്യമായ പുണ്യലോകം നേടി.

അവിടെ വിഖ്യാതമായ 'മൈനാക'മെന്ന പർവ്വതവും 'പുണ്യ'മെന്ന സരസ്സും സ്ഥിതിചെയ്യുന്നു. ഫലമൂലങ്ങൾ നിറഞ്ഞ 'അസിത' പർവ്വതവുമുണ്ട്. 'കക്ഷസേന' എന്ന പുണ്യാശ്രമവും പ്രസിദ്ധമായ ച്യവനാശ്രമവും അവിടെയാണ്. അവിടെ അല്പമായ തപസ്സുകൊണ്ടും, ജനങ്ങൾ മഹത്തായ സിദ്ധിനേടുന്നു. പിന്നെ 'ജംബൂമാർഗ്ഗം' കാണാം. മൃഗപക്ഷികൾ നിറഞ്ഞതും ഋഷികളുടെ ആശ്രമങ്ങൾ നിറഞ്ഞതുമായ ആ സ്ഥലം ശ്രേഷ്ഠമാണ്. പിന്നെ നിത്യവും താപസന്മാർ സേവിക്കുന്നതും അതിപുണ്യവുമായ 'കേതുമാല, മേദ്ധ്യം, ശ്രേഷ്ഠമായ ഗംഗാദ്വാരം' എന്നിവ കാണാം. പ്രസിദ്ധമായ 'സൈന്ധവാരണ്യം' പുണ്യമാണ്; ദ്വിജന്മാരാൽ നിഷേവിതവുമാണ്. 'പുഷ്കരം' എന്ന പിതാമഹസരസ്സും പ്രസിദ്ധമാണ്. സിദ്ധന്മാരും, വൈഖാനസന്മാരും, ഋഷികളും ഇഷ്ടപ്പെടുന്ന പുണ്യാശ്രമമാണ് ആ സ്ഥലം. ഹേ, കുരുശ്രേഷ്ഠാ! അതിന്റെ സംരക്ഷണാർത്ഥം പ്രജാപതി പുഷ്കരത്തിൽവെച്ച് ഇങ്ങനെ പാടിയിട്ടുണ്ട്: "പുഷ്കരതീർത്ഥത്തെപ്പറ്റി മനസ്സുകൊണ്ടുപോലും അഭികാമിക്കുന്ന മനുഷ്യർ പാപമെല്ലാം നശിച്ചുപോയി നാകലോകത്തിൽ സുഖമായി ജീവിക്കും എന്ന്."

90. ധൗമ്യതീർത്ഥയാത്ര-വടക്ക് – ധൗമ്യൻ പറഞ്ഞു: "ഹേ രാജശാർദ്ദൂലാ, ഇനി വടക്കേ ദിക്കിലുള്ള എല്ലാ പുണ്യതീർത്ഥങ്ങളേയും ഞാൻ പറയാം. ശ്രദ്ധിച്ചു കേൾക്കുക. ഇതു കേട്ടാൽത്തന്നെ ശുദ്ധമനസ്സായിത്തീരും; ശുഭം ഭവിക്കും. ഈ വശത്തുള്ള് 'സരസ്വതീ' നദി വളരെ പുണ്യതീർത്ഥങ്ങൾ ഉള്ളതാണ്. അവിടെ ശക്തിയോടെ ഒഴുകി സമുദ്രത്തിൽച്ചെന്നെത്തുന്ന യമുനാനദിയുമുണ്ട്. ശുഭമായ 'പ്ലക്ഷാവതരണം' എന്ന പുണ്യതീർത്ഥം അതിലാണ്. യാഗം കഴിഞ്ഞതിന്നുശേഷം ആ തീർത്ഥത്തിൽ സാരസ്വതീയാഗം കഴിഞ്ഞ് അവഭൃഥസ്നാനം ചെയ്യാൻ ദ്വിജന്മാർ പോകാറുണ്ട്. അവിടെ ശിവവും പുണ്യവും ദിവ്യവുമായ അഗ്നിശിരസ്സ് എന്ന വിശ്രുതതീർത്ഥമുണ്ട്. സഹദേവൻ അവിടെ ശാമ്യമെറിഞ്ഞ അളവിൽ ആ ദിക്കിൽ യജിച്ചിട്ടുണ്ട്. അതിനാലാണ് ഇന്ദ്രൻ സഹദേവനെ പ്രകീർത്തിച്ചുള്ള തന്റെ ഗീത പാടിയത്. ആ പാട്ട് യുധിഷ്ഠിരാ, ബ്രാഹ്മണർ ഇന്നും പാടുന്നു.

സഹദേവൻ യമുനയിൽ അഗ്നിയെ സേവിച്ച് നൂറായിരം ദക്ഷിണയോടെ യജിച്ചു. അവിടെത്തന്നെ മഹാശയനായ ഭരത ചക്രവർത്തി മുപ്പത്തഞ്ചുവട്ടം അശ്വമേധം കഴിച്ചിട്ടുണ്ട്. ദ്വിജന്മാർക്ക് വളരെ ഇഷ്ടംചെയ്തു പേരെടുത്ത ശരഭംഗന്റെ പുണ്യാശ്രമം അവിടെയുണ്ട്. ഹേ പാർത്ഥാ! എപ്പോഴും സത്തുക്കൾ സരസ്വതിയെ പൂജിക്കുന്നു. പണ്ട് ബാലഖില്യന്മാർ മഖംചെയ്തത് അതിന്റെ തീരത്താണ്. പിന്നെ വിശ്രുതയും മഹാപുണ്യയുമായ ദൃഷദ്വതീനദിയും ഈ ഭാഗത്തുതന്നെയാണ്.

ന്യഗ്രോധമെന്ന 'പാഞ്ചാല്യം', 'ദാൽഭ്യഘോഷം', 'ദാർഭ്യം' എന്നിവ മഹാതേജസ്വിയും സുവ്രതനുമായ അനന്തയശസ്സിന്റെ പുണ്യാശ്രമങ്ങളാണ്. മൂന്നു ലോകത്തിലും പ്രസിദ്ധമായ ഈ ആശ്രമങ്ങൾ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ഏതാപർണ്ണൻ, അപവർണ്ണൻ എന്നീ വേദജ്ഞന്മാരും, വേദവിദ്വാന്മാരും, വേദവിദ്യജ്ഞരും, വിശ്രുതരുമായ മഹാശയന്മാർ, പുണ്യവും മുഖ്യവുമായ യജ്ഞംചെയ്തതും ഇവിടെയാണ്. പണ്ട് ഇന്ദ്രൻ, വരുണൻ, തൊട്ട പല ദേവകളും ഇവിടെയുള്ള പുണ്യസ്ഥലമായ വിശാഖയൂപത്തിൽ തപസ്സുചെയ്യുകയാൽ അതു പുണ്യമായി.

മഹർഷിയും മഹാഭാഗനുമായ ജമദഗ്നി യജ്ഞംചെയ്ത് പുണ്യസ്ഥലമായ 'പലാശക'ത്തിൽ വസിച്ചു. അന്ന് എല്ലാ നദികളും രൂപംപൂണ്ട് താന്താങ്ങളുടെ തീർത്ഥജലവുമായി ആ ഋഷിസത്തമനെ ചെന്നു സേവിച്ചുനിന്നു. ആ മഹാത്മാവിന്റെ യജ്ഞദീക്ഷ കണ്ട് വിശ്വാവസു ഇപ്രകാരം പുകഴ്ത്തിപ്പാടി:

'മഹാത്മാവാം ജാമദഗ്നി ദേവപൂജ നടത്തവെ,

മധുവാൽ വിപ്രരെസ്സേവചെയ്തുപോലും സരിത്തുകൾ.'

ഗന്ധർവ്വന്മാരും, യക്ഷന്മാരും, അപ്സരസ്സുകളും ഭജിക്കുന്നതും, കിരാതകിന്നരന്മാർ വസിക്കുന്നതുമായ ശ്രേഷ്ഠപർവ്വതത്തെ പിളർന്ന് ശക്തിയായി ഗംഗയൊഴുകുന്ന സ്ഥലമാണ് 'ഗംഗാദ്വാരം'. ആ സ്ഥലം പ്രസിദ്ധമാണ്; ബ്രഹ്മർഷിഗണസേവിതവുമാണ്. അതും 'കനഖല'യും സനൽക്കുമാരസേവിതമാണ്. പുരൂരവസ്സ് 'പുരു' എന്ന അവിടെയുള്ള പർവ്വതത്തിൽ പ്രവേശിച്ചിട്ടുണ്ട്. അവിടെ മുനിമാരോടുകൂടി ഭൃഗു തപസ്സുചെയ്തു. തന്മൂലം 'ഭൃഗുതുംഗം' എന്ന് അതിന്നു പേരുണ്ടായി.

ഭൂതവും ഭവ്യവും ഭവിഷ്യത്തും പുരുഷോത്തമനും, ശാശ്വതനും നാരായണനുമായ വിഷ്ണുവിന്റെ ത്രിലോകവിശ്രുതമായ 'ബദര്യാശ്രമം' അവിടെ സ്ഥിതിചെയ്യുന്നു. അവിടെ ശീതജലവാഹിനിയായ ഗംഗ പണ്ട് അതിയായ ചൂടുള്ളതായിരുന്നു. പൊൻമണൽത്തരിയൊത്ത ആ ഗംഗാതീരപ്രദേശത്ത് മഹാഭാഗൗജസ്സു ചേർന്ന ദേവന്മാരും, ഋഷികളും, പ്രഭുവായ നാരായണനെ നിത്യവും ചെന്നു ഭജിക്കുന്നു. എവിടെ ദേവനാരായണൻ വസിക്കുന്നുവോ അവിടം തീർത്ഥമാണ്. ലോകത്തിലുള്ള എല്ലാ തീർത്ഥങ്ങളും പുണ്യസ്ഥലങ്ങളും അവിടെയുണ്ട്. പരമമായ ദൈവവും ഭൂതങ്ങൾക്കൊക്കെ ഈശ്വരനും, ശാശ്വതനും, പരമേശ്വരനുമായ ധാതാവാണ് അവൻ. പരമമായ പദവും അതുതന്നെ.

digitized by www.sreyas.in

അവനെ കണ്ട ശാസ്ത്രദൃഷ്ടികളായ വിദ്വാന്മാർ ദുഃഖിക്കുകയില്ല. അവിടെ സർവ്വദേവർഷിസിദ്ധന്മാരും, സർവ്വതപോധനന്മാരും അവനെ സേവിക്കുന്നു. ആദിദേവനും മഹായോഗിയുമായ മധുസൂദനൻ എവിടെയുണ്ടോ, അവിടം പുണ്യങ്ങൾക്കും പുണ്യമാണ്. അതിൽ ഒട്ടും നിനക്കു സംശയം വേണ്ട.

ഈ ലോകത്തിലെ പുണ്യങ്ങളായ തീർത്ഥക്ഷേത്രങ്ങളെയൊക്കെ ഞാൻ പ്രകീർത്തിച്ചു. ഈ തീർത്ഥങ്ങളെ വസുക്കൾ, ആദിത്യർ, സാദ്ധ്യന്മാർ, മരുത്തുക്കൾ, അശ്വിനികൾ, ദേവകല്പരായ ഋഷികൾ എന്നിവരെല്ലാം ഉപാസിക്കുന്നു. ഹേ കൗന്തേയാ! ഭവാൻ ഈ പുണ്യസ്ഥാനങ്ങളെ ബ്രാഹ്മണോത്തമരോടും; മഹാഭാഗരായ ഭ്രാതാക്കളോടും കൂടി ചുറ്റിസ്സഞ്ചരിച്ച്, ഉത്കണ്ഠയെ വെടിഞ്ഞാലും."

91. ലോമശസംവാദം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധൗമ്യൻ യുധിഷ്ഠിരനോട് തീർത്ഥങ്ങളെപ്പറ്റി പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അവിടെ മഹാതേജസ്വിയായ ലോമശമഹർഷി കയറിവന്നു. ആ മഹാഭാഗനായ മുനിയെ യുധിഷ്ഠിരൻ വിപ്രരോടുകൂടി ആദരിച്ച് സല്ക്കരിച്ചു. ശക്രനുചുറ്റും അമരന്മാർ ഇരിക്കുന്നവിധം ആദരിച്ച് യഥാന്യായം പൂജിച്ച് ആ മഹാഭാഗനുചുറ്റും ഇരുന്നു. വന്ന കാര്യത്തെപ്പറ്റിയും സഞ്ചാരത്തിന്നുള്ള ഹേതുവിനെപ്പറ്റിയും യുധിഷ്ഠിരൻ വിനയപുരസ്സരം ചോദിച്ചു. പാണ്ഡുപുത്രന്റെ ചോദ്യംകേട്ട് ആ മുനീശ്വരൻ പാണ്ഡവന്മാർക്കെല്ലാം അതിരറ്റ സന്തോഷം ഉണ്ടാകുന്നവിധം മറുപടി പറഞ്ഞു."

ലോമശൻ പറഞ്ഞു: "ഹേ കൗന്തേയാ! സർവ്വലോകസഞ്ചാരിയായ ഞാൻ ഒരുദിവസം ശക്രന്റെ ഭവനത്തിൽ ചെന്നു; സുരേശ്വരനെ കണ്ടു. അവിടെവച്ച് നിന്റെ അനുജനും വീരനുമായ സവ്യസാചിയേയും കണ്ടു. അർജ്ജുനൻ ഇന്ദ്രനൊപ്പം ശക്രന്റെ അർദ്ധാസനത്തിൽ ഇരിക്കുന്നതായി ഞാൻ കണ്ടു. പാർത്ഥൻ ആ സ്ഥാനത്ത് ആ നിലയിൽ ഇരിക്കുന്നതായിക്കണ്ടതിൽ എനിക്ക് വിസ്മയമുണ്ടായി. ഹേ പുരുഷശാർദ്ദൂലാ, അവിടെവച്ച് ദേവേശൻ എന്നോടു പറഞ്ഞു: "ഭവാൻ ഭൂലോകത്തിൽച്ചെന്ന് പാണ്ഡുസുതന്മാരെക്കണ്ട് അർജ്ജുനന്റെ വൃത്താന്തം അറിയിക്കുക" എന്ന്. പുരുഹൂതന്റെയും, മഹാത്മാവായ പാർത്ഥന്റെയും വാക്കനുസരിച്ച് ഞാൻ ഉടനെ നിന്നെയും, ഹേ പാണ്ഡുപുത്രാ, നിന്റെ അനുജന്മാരേയും കാണുവാൻ ഇങ്ങോട്ടുവന്നു. ഞാൻ നിനക്ക് ഏറ്റവും ഇഷ്ടമായ കാര്യമാണ് പറയുവാൻ പോകുന്നത്. ഋഷിമാരോടും കൃഷ്ണയോടുംകൂടി ഭവാൻ അതു കേൾക്കുക. മഹാബാഹുവായ അർജ്ജുനനോട് ഏത് അസ്ത്രം വാങ്ങാനാണ് നീ നിയോഗിച്ചുവിട്ടത് അവൻ രുദ്രന്റെ കൈയിൽനിന്ന് രൗദ്രമായ ആ മഹാസ്ത്രത്തെ വാങ്ങി. രുദ്രന്ന് തപസ്സാൽ സിദ്ധിച്ച അസ്ത്രമാണ് ബ്രഹ്മശിരസ്സ്. അമൃതത്തിൽനിന്ന് ഉത്ഭവിച്ചതുമാണത്. രൗദ്രമായ അത് തൊടുക്കാനും, സംഹരിക്കാനുമുള്ള മന്ത്രങ്ങളോടൊപ്പം സവ്യസാചി നേടി. അതിനെക്കുറിച്ചുള്ള എല്ലാ മന്ത്രങ്ങളും അവൻ നേടിയിട്ടുണ്ട്. അമിതവിക്രമിയായ പാർത്ഥൻ, ഹേ യുധിഷ്ഠിര, വജ്രങ്ങളും ദണ്ഡുകളും മറ്റും യമൻ, കുബേരൻ, വരുണൻ, ഇന്ദ്രൻ എന്നിവരിൽനിന്നു നേടിയിട്ടുണ്ട്. ഹേ കുരുനന്ദനാ! വിശ്വാവസുവിന്റെ പുത്രനിൽനിന്ന് ഗീതം, നൃത്യം എന്നിവയും, സാമവും (സാമവേദം) വാദ്യങ്ങളും യഥാന്യായം യഥാവിധി പഠിച്ചു. ഇപ്രകാരം കൃതാസ്ത്രനായ കൗന്തേയൻ സർവ്വഗാന്ധർവ്വവേദവും നേടി. ഇപ്പോൾ ബീഭത്സു സുഖമായി ഇന്ദ്രനോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുകയാണ്. ഹേ യുധിഷ്ഠിരാ, ഇനി സുരശ്രേഷ്ഠൻ എന്നോടു പറഞ്ഞതു പറയാം. കേൾക്കുക. ഇന്ദ്രൻ പറഞ്ഞ വാക്കുകൾതന്നെ പറയാം."

ഇന്ദ്രൻ പറഞ്ഞു: "ഹേ ദ്വിജോത്തമാ, ഭവാൻ മനുഷ്യലോകത്തു ചെല്ലും; അതിനു സംശയമില്ല. അപ്പോൾ ഭവാൻ എന്റെ ഈ വചനം യുധിഷ്ഠിരനോടു പറയുക: "നിന്റെ അനുജനായ അർജ്ജുനൻ അസ്ത്രങ്ങളൊക്കെ നേടി ഭൂമിയിലെത്തും. ഇവിടെ ദേവന്മാർക്ക് സാധിക്കാത്ത ഒരു മഹാകാര്യം നിർവ്വഹിച്ചിട്ടു വേണം അങ്ങോട്ടു പുറപ്പെടുവാൻ. ഭവാനും ഭ്രാതാക്കളോടുകൂടി തപോയോഗം അനുഷ്ഠിക്കുക. തപസ്സിന്നുമീതെ മറ്റൊന്നുമില്ല. തപസ്സാൽ മുക്തി ലഭിക്കുന്നതാണ്. ഞാൻ കർണ്ണനെ നല്ലപോലെ അറിയും. അവൻ സത്യസന്ധനാണ്, മഹോത്സാഹിയാണ്, മഹാവീര്യനാണ്, മഹാബലനാണ്, മഹാരണത്തിൽ നിസ്തുല്യനാണ്, മഹായുദ്ധവിശാരദനാണ്, മഹാധനുർദ്ധരനായ വീരനാണ്, മഹാസ്ത്രനും മഹാസുന്ദരനുമാണ്. മഹേശ്വരപുത്രന് (സുബ്രഹ്മണ്യൻ) സമനും ആദിത്യതനയനും പ്രഭുവുമാണ്. അപ്രകാരംതന്നെ അതിസ്കന്ധനും അതിപൗരുഷനുമാണ് അർജ്ജുനനും. എന്നാൽ ആ കർണ്ണൻ യുദ്ധത്തിൽ അർജ്ജുനന്റെ പതിനാറിൽ ഒരംശത്തിനുപോലും ഒക്കുകയില്ല. നിന്റെ മനസ്സിൽ കിടക്കുന്ന കർണ്ണഭയം സവ്യസാചി അവിടെ വന്നെത്തുമ്പോൾ താനേ നീങ്ങിക്കൊള്ളും. ഹേ വീരാ! നിന്റെ ഉള്ളിലുണ്ടായ തീർത്ഥയാത്രയ്ക്കുള്ള ആഗ്രഹം സഫലമാകുവാൻ വേണ്ട മാർഗ്ഗം ലോമശമഹർഷി വേണ്ടവിധം പറഞ്ഞുതരും. തീർത്ഥയാത്രയുടേയും തപസ്സിന്റേയും ഫലങ്ങളെപ്പറ്റി മഹർഷി വിസ്തരിച്ചുപറയും. ബ്രഹ്മർഷി പറയുന്നത് ഭവാൻ എല്ലാം ശ്രദ്ധയോടെ ഗ്രഹിക്കുക. ശ്രദ്ധ പിഴയ്ക്കാതെ അനുഷ്ഠിക്കുക."

92. ലോമശതീർത്ഥയാത്ര – ലോമശൻ പറഞ്ഞു: "ഇനി ധനഞ്ജയൻ എന്നോടു പറഞ്ഞതും ഞാൻ അതേവിധം ഭവാനോടു പറയാം."

അർജ്ജുനൻ പറഞ്ഞു: "അല്ലയോ മഹർഷേ! പരമധർമ്മജ്ഞനും തപോനിധിയുമായ ഭവാൻ എന്റെ ജ്യേഷ്ഠനായ യുധിഷ്ഠിരനെ എന്നും സമ്പത്തിനു നിദാനമായ ധർമ്മത്തിൽ തത്പരനാക്കിയാലും. രാജാക്കന്മാർക്കുചേർന്ന ധർമ്മങ്ങൾ എല്ലാം വേദജ്ഞനായ ഭവാന്ന് അറിയാമല്ലോ. പാണ്ഡവന്മാർക്ക് ശ്രേഷ്ഠവും പാവനവുമായ തീർത്ഥപുണ്യം നേടുവാൻ ഭവാൻ വഴികാണിച്ചുകൊടുക്കണം. രക്ഷസ്സുകളിൽനിന്നും, ദുർഗ്ഗങ്ങളിൽനിന്നും, വിഷമങ്ങളിൽനിന്നും രക്ഷിച്ച് ഭവാൻ അവരെ തീർത്ഥാടനത്തിൽ സഹായിക്കുന്നു. രക്ഷോരക്ഷണവും ദുർഗ്ഗദുർഘടരക്ഷയുംചെയ്ത് അവരെ കാക്കുക. ദധീചൻ ദേവേന്ദ്രനേയും, അംഗിരസ്സ് രവിയേയും കാത്തതുപോലെ കൗന്തേയരെ രാക്ഷസരിൽനിന്ന് ദ്വിജോത്തമനായ ഭവാൻ സംരക്ഷിച്ചാലും. പർവ്വതോപമരായ ധാരാളം രാക്ഷസന്മാർ വഴിമദ്ധ്യത്തിൽ കണ്ടുമുട്ടും. ഭവാൻ കൂടെയുണ്ടെങ്കിൽ, ഭവാന്റെ സംരക്ഷണത്തിലുള്ള കൗന്തേയരുടെനേരെ അവരാരും അടുക്കുകയില്ല."

ലോമശൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ നിയോഗിക്കുകയാലും ഇന്ദ്രൻ പറയുകയാലും എല്ലാ ഭയങ്ങളിൽനിന്നും ഭവാനെ രക്ഷിച്ചുകൊണ്ട് ഞാൻ കൂടെ സഞ്ചരിക്കുവാൻ ഉദ്ദേശിക്കുന്നു. ഹേ കുരുനന്ദനാ! ഞാൻ എല്ലാ തീർത്ഥങ്ങളും രണ്ടുവട്ടം കണ്ടിട്ടുണ്ട്. ഇനി മൂന്നാമത്തെവട്ടം ഭവാനോടൊന്നിച്ചു കാണുവാൻ വിചാരിക്കുന്നു. പുണ്യകർമ്മങ്ങൾ ചെയ്ത മനു മുതലായ രാജർഷികൾ ഈ തീർത്ഥങ്ങളിൽ പോയിട്ടുണ്ട്. തീർത്ഥയാത്ര ചെയ്താൽ ഭയങ്ങളെല്ലാം നീങ്ങിപ്പോകും.

അസത്യവാനും, അകൃതാത്മാവും, വിദ്യയില്ലാത്തവനും, പാപിയും, വക്രബുദ്ധിയുമായ മനുഷ്യൻ തീർത്ഥസ്നാനം ചെയ്യുവാൻ പോവുകയില്ല. ഭവാൻ ധർമ്മമതിയാണ്; ധർമ്മജ്ഞനാണ്. സത്യത്തിൽ മനസ്സുറച്ചവനാണ്. ഭവാൻ സർവ്വസംഗങ്ങളിൽനിന്നും വിമുക്തനാകും. ഹേ പാണ്ഡവ, ഭവാൻ ഭഗീരഥൻ, 'ഗയൻ', 'യയാതി' എന്നിവരെപ്പോലെയും അവരെപ്പോലുള്ള മറ്റുള്ളവരെപ്പോലെയും ആയതുകൊണ്ട് ഈ കാര്യത്തിൽ തർക്കമില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "അതിരറ്റ സന്തോഷത്താൽ മറുപടി പറയുവാൻ ഞാൻ അശക്തനായിരിക്കുന്നു. ദേവരാജാവുപോലും സ്മരിക്കുന്ന എന്നേക്കാൾ ഭാഗ്യവാനായി വേറെയാരുണ്ട്! ഭവാന്റെ സംഗമത്താൽ അനുഗ്രഹിക്കപ്പെട്ടും വാസവനാൽ ഓർമ്മിക്കപ്പെട്ടും ഇരിക്കുന്ന എന്നെപ്പോലെ, ധനഞ്ജയനെപ്പോലുള്ള ഭ്രാതാവുള്ള എന്നെപ്പോലെ, ഭാഗ്യവാനായി ആരുണ്ട്? തീർത്ഥയാത്രയ്ക്കു പുറപ്പെടേണമെന്ന് ഭവാൻ എന്നോട് പറഞ്ഞുവല്ലോ. ഞാൻ ധൗമ്യന്റെ ഉപദേശപ്രകാരം

digitized by www.sreyas.in

അതിനു തയ്യാറായിരിക്കുകയാണ്. ഭഗവാനേ! ഭവാൻ എപ്പോൾ കല്പിക്കുന്നുവോ, അപ്പോൾ പുറപ്പെടുകയായി; അതാണ് എന്റെ നിശ്ചയം! ഞാൻ സന്നദ്ധനാണ്."

വൈശമ്പായനൻ തുടർന്നു: "തീർത്ഥയാത്രോത്സുകനായ യുധിഷ്ഠിരനോട് ലോമശൻ ഇങ്ങനെ പറഞ്ഞു."

ലോമശൻ പറഞ്ഞു: "പരിവാരങ്ങളുടെ എണ്ണം കഴിയുന്നിടത്തോളം കുറയ്ക്കണം. എന്നാലേ സൗകര്യമായി യാത്രചെയ്യുവാൻ കഴിയൂ."

യുധിഷ്ഠിരൻ പറഞ്ഞു: "അങ്ങനെയാണെങ്കിൽ ഭിക്ഷാഭോജികളായ ബ്രാഹ്മണരും, യതികളുമൊക്കെ മടങ്ങിപ്പൊയ്ക്കൊള്ളട്ടെ! വിശപ്പും ദാഹവും മാർഗ്ഗക്ലേശവും ആയാസവും ശീതാർത്തിയും സഹിക്കുവാൻ അവർക്കു ശക്തിയില്ല. പാകം ചെയ്ത ഭക്ഷണവും ലേഹ്യപാനയങ്ങളും മാംസവും സുഖമായി ഭക്ഷിച്ചു ജീവിക്കുന്ന ബ്രാഹ്മണരും മടങ്ങിപ്പൊയ്ക്കൊള്ളട്ടെ. പാചകരെ ആശ്രയിച്ചു ജീവിക്കുന്നവരും മടങ്ങിപ്പൊയ്ക്കൊള്ളട്ടെ. ഞാൻ സാധാരണ ശമ്പളം കൊടുത്തു വന്നിരുന്ന, രാജഭക്തികൊണ്ട് എന്നെ പിന്തുടർന്നുവന്നിട്ടുള്ള, പൗരന്മാരും ഇവിടെ നിന്നും പോയി ധൃതരാഷ്ട്രരാജാവിനെ ചെന്ന് ആശ്രയിക്കട്ടെ! അവർക്കൊക്കെ ശമ്പളം ആ രാജാവു നല്കും. അദ്ദേഹം അങ്ങനെ ചെയ്യാതിരുന്നാൽ ഞങ്ങളുടെ പ്രിയവും ഹിതവും കാംക്ഷിക്കുന്ന പാഞ്ചാല്യൻ വേണ്ടുന്നതു ചെയ്യും."

വൈശമ്പായനൻ തുടർന്നു: "യുധിഷ്ഠിരന്റെ ആജ്ഞകേട്ട് ദ്വിജന്മാരും യതികളും പൗരന്മാരും കാര്യംഗ്രഹിച്ച് ഹസ്തിനപുരിയിലേക്കു തിരിച്ചു. ധർമ്മരാജാവിനോടുള്ള പ്രേമത്താൽ അംബികാസുതനായ ധൃതരാഷ്ട്രരാജാവ് അവരെ വിധിപ്രകാരം സ്വീകരിച്ച് ധനം നല്കിയും മറ്റും തൃപ്തിപ്പെടുത്തി. കുന്തീപുത്രൻ ചുരുക്കം ചില ബ്രാഹ്മണരോടും ലോമശനോടുംകൂടി തീർത്ഥയാത്രയ്ക്കൊരുങ്ങി മൂന്നു രാത്രികൂടി കാമ്യകത്തിൽ അവരോടൊപ്പം സസന്തോഷം പാർത്തു."

93. ലോമശതീർത്ഥയാത്ര – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ തീർത്ഥയാത്രയ്ക്കൊരുങ്ങിയതറിഞ്ഞ് വനവാസികളായ ബ്രാഹ്മണർ ആ കൗന്തേയന്റെ മുമ്പിൽ ചെന്നുകൂടി ഇപ്രകാരം പറഞ്ഞു."

ബ്രാഹ്മണർ പറഞ്ഞു: "രാജാവേ, ഭവാൻ പുണ്യതീർത്ഥങ്ങൾ ദർശിക്കുവാൻ ഭ്രാതാക്കളോടുകൂടി പുറപ്പെട്ടിരിക്കുകയാണല്ലോ. ഞങ്ങളെക്കൂടി ഭവാൻ കൊണ്ടുപോകേണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഭവാനോടുകൂടിയല്ലാതെ ഞങ്ങൾക്കു പുണ്യതീർത്ഥസ്നാനം നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. ചെന്നായ്ക്കൾനിറഞ്ഞ് ദുർഗ്ഗമങ്ങളും വിഷമങ്ങളുമായ ആ തീർത്ഥങ്ങളിൽ സാധാരണക്കാർക്ക് പ്രവേശിക്കുവാൻ സാധിക്കുകയില്ല. ഭവാന്റെ ഭ്രാതാക്കന്മാർ വില്ലാളിവീരന്മാരും ശൂരന്മാരുമാണല്ലോ. ഭവാന്റെ രക്ഷയിൽ ഞങ്ങളും തീർത്ഥങ്ങളെല്ലാം സന്ദർശിക്കട്ടെ. ഭവാന്റെ പ്രസാദത്താൽ തീർത്ഥസ്നാനം ചെയ്തു ഞങ്ങൾ പാപംനീങ്ങി ശുദ്ധരായി പുണ്യം നേടട്ടെ. തീർത്ഥസ്നാനം കൊണ്ട് ഭവാൻ, കാർത്തവീര്യരാജാവും അഷ്ടകനും രാജർഷിയായ ലോമപാദനും വീരനും സാർവ്വഭൗമനുമായ ഭരതനും നേടിയ ദുഷ്പ്രാപ്യമായ പുണ്യലോകങ്ങളിൽ പ്രവേശിക്കും. പ്രഭാസാദിതീർത്ഥങ്ങളും മഹേന്ദ്രാദിപർവ്വതങ്ങളും ഗംഗാദ്യയായ നദികളും പ്ലാക്ഷാദി മഹാവൃക്ഷങ്ങളും കാണുവാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. അത് അങ്ങു സാധിപ്പിച്ചുതന്നാലും. രാജാവേ, അങ്ങയോടുകൂടി അതെല്ലാം കാണുവാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. ഹേ, ജനാധിപാ, ബ്രാഹ്മണരിൽ ഭവാനു പ്രീതിയുണ്ടെങ്കിൽ ഞങ്ങളുടെ ആഗ്രഹം അനുവദിക്കുക. എന്നാൽ ഭവാന് ശ്രേയസ്സുണ്ടാകും.

ഹേ, മഹാബാഹോ, തീർത്ഥങ്ങളിൽ തപസ്സിനെ വിഘ്നപ്പെടുത്തുന്ന രാക്ഷസന്മാരുണ്ട്. അവരിൽനിന്നു ഞങ്ങളെ രക്ഷിക്കുക. ധൗമ്യനും ധീമാനായ നാരദനും പറഞ്ഞ എല്ലാ തീർത്ഥങ്ങളും ദേവർഷിയും തപസ്വിയുമായ ലോമശൻ പറഞ്ഞ തീർത്ഥങ്ങളും ഭവാൻ വിധിപോലെ മഹാത്മാവായ ലോമശന്റെ സംരക്ഷണത്തോടെ ഞങ്ങളോടുകൂടി സന്ദർശിക്കുക. പാപം നീങ്ങി അങ്ങു ശോഭിക്കട്ടെ."

വൈശമ്പായനൻ പറഞ്ഞു: "അവർ പൂജിക്കുന്ന ആ രാജാവ്, ആ ബ്രാഹ്മണർ ഇങ്ങനെ അഭ്യർത്ഥിക്കുന്നതും ആശീർവ്വദിക്കുന്നതുംകേട്ട് സന്തോഷാശ്രുവിൽ കുളിച്ചു. ഭീമസേനൻ മുതലായ സോദരന്മാരാൽ ചുറ്റപ്പെട്ട ആ പാണ്ഡവർഷഭൻ സന്തോഷാശ്രുനിറഞ്ഞ കണ്ണുകളോടെ അങ്ങനെയാകട്ടെ എന്നു പറഞ്ഞ് അവരുടെ അപേക്ഷസ്വീകരിച്ചു.

പിന്നെ ആ പാണ്ഡവശ്രേഷ്ഠൻ വശികളായ ഭ്രാതാക്കന്മാരോടും, അനവദ്യാംഗിയായ ദ്രൗപദിയോടുംകൂടി, ലോമശന്റേയും, പുരോഹിതനായ ധൗമ്യന്റേയും അനുജ്ഞയോടെ യാത്രയ്ക്കൊരുങ്ങി. ഉടനെ മഹാഭാഗനായ വ്യാസനും, മനീഷികളായ പർവ്വതനും, നാരദനും കാമ്യകത്തിൽ പാണ്ഡവനെ കാണുവാൻ വന്നുചേർന്നു. അവരെ യുധിഷ്ഠിരരാജാവ് യഥാവിധി പൂജിച്ചു സല്ക്കരിച്ചു. സല്ക്കാരമേറ്റ ആ മഹാഭാഗന്മാർ യുധിഷ്ഠിരനോടു പറഞ്ഞു."

ഋഷികൾ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഭീമ! നകുലസഹദേവന്മാരേ! നിങ്ങൾ ഹൃദയത്തിൽ ആർജ്ജവത്തോടുകൂടി, മനഃശുദ്ധിയോടുകൂടി, തീർത്ഥങ്ങളെ പ്രാപിക്കുവാൻ പോകുക. ശരീരനിയമം മാനുഷവ്രതവും മനോവിശുദ്ധിയുണ്ടാക്കുന്ന ബുദ്ധി ദൈവവ്രതവുമാണെന്ന് പണ്ഡിതന്മാരായ ദ്വിജന്മാർ പറയുന്നു. മനസ്സ് അദുഷ്ടമായിരുന്നാൽ ശുദ്ധമായി. എല്ലാവരോടും മൈത്രിയോടുകൂടിയ ബുദ്ധിയോടുംകൂടി നിങ്ങൾ തീർത്ഥങ്ങളെ ചുറ്റി സഞ്ചരിക്കുക. മനഃശുദ്ധിയോടും ശരീരനിയമാചരണത്തോടും ദൈവവ്രതത്തോടുംകൂടി തീർത്ഥങ്ങളിൽച്ചെന്നു നിങ്ങൾ ആ സൽഫലങ്ങളെ നേടുവിൻ."

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെയാകട്ടെ എന്നു പറഞ്ഞ് ആ ദേവർഷി മുനിമാരുടെ ആശീർവ്വാദങ്ങൾ സ്വീകരിച്ച് കൃഷ്ണയോടുകൂടി ലോമശന്റേയും, ദ്വൈപായനന്റേയും, നാരദന്റേയും, ദേവർഷിയായ പർവ്വതന്റേയും പാദങ്ങളിൽ കുമ്പിട്ടു നമസ്കരിച്ചതിന്നുശേഷം ധൗമ്യനോടും, തപസ്വികളായ വനവാസികളോടുംകൂടി കട്ടിയുള്ള മരവുരിയുമേന്തി ജടാധരരായി, ഉറപ്പുള്ള പലതരം ആയുധങ്ങളും, കവചങ്ങളുമണിഞ്ഞ് അഭേദ്യമായ തീർത്ഥയാത്രയ്ക്കു പുറപ്പെട്ടു. ഇന്ദ്രസേനാദികളായ ഭൃത്യന്മാരോടുകൂടി പതിന്നാലിൽപ്പരം തേരുകളിൽ, വില്ലും വാളും കെട്ടി തൂണിരബാണഗണങ്ങളോടെ, മറ്റു പരിചാരകന്മാരോടുംകൂടി കിഴക്കേ ദിക്കു നോക്കി ആ വീരന്മാരായ പാണ്ഡവന്മാർ പുറപ്പെട്ടു ജനമേജയാ!"

94. ലോമശതീർത്ഥയാത്ര – വൈശമ്പായനൻ പറഞ്ഞു: "മാർഗ്ഗമദ്ധ്യേ യുധിഷ്ഠിരൻ ലോമശനോടു ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ ദേവർഷിസത്തമാ, ഞാൻ ഗുണങ്ങളൊന്നും ഇല്ലാത്തവനാണെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുഃഖങ്ങളാണെങ്കിൽ മറ്റു രാജാക്കന്മാരാരും അനുഭവിക്കാത്ത മഹാദുഃഖമാണ് എന്നെനിക്കു തോന്നുന്നു. ഇതിന്ന് എന്താണു കാരണം? എന്റെ ശത്രുക്കളാണെങ്കിൽ നിർഗ്ഗുണരായ അധർമ്മചാരികളാണ്. അവർ ഈ ലോകത്തിൽ സമൃദ്ധിയെ പ്രാപിക്കുകയും ചെയ്തിരിക്കുന്നു. ഇത് എന്തൊരു വൈപരീത്യമാണ്! എന്താണ് ഇതിന്നു കാരണം?"

ലോമശൻ പറഞ്ഞു: "ഹേ, രാജാവേ! പാർത്ഥാ! ഇക്കാര്യത്തിൽ ഭവാന് ഒട്ടും ദുഃഖിക്കേണ്ടതില്ല. അധർമ്മപരന്മാർ അധർമ്മംകൊണ്ടു വർദ്ധിക്കുന്നതു കണ്ട് ഭവാൻ ദുഃഖിക്കരുത്. അധർമ്മംകൊണ്ടു ചിലർ ഉയരുകയും മേന്മ നേടുകയും ശത്രുക്കളെ ജയിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, അവർ മൂലത്തോടെ നശിക്കാതിരിക്കുകയില്ല. അധർമ്മം കൊണ്ട് ആദ്യം വർദ്ധിക്കുകയും പിന്നെ ക്ഷയിച്ചുപോവുകയുംചെയ്ത എത്രയോ ദൈത്യന്മാരേയും ദാനവന്മാരേയും ഞാൻ കണ്ടിട്ടുണ്ട്! മുമ്പ് ദേവയുഗ

digitized by www.sreyas.in

ത്തിൽ ഇതൊക്കെ ഉണ്ടായത് കണ്ടിട്ടുള്ളവനാണ് ഞാൻ. അന്ന് സുരന്മാർ ധർമ്മമാചരിച്ചു. അസുരന്മാർ ധർമ്മത്തെ നിരാകരിക്കുകയും ചെയ്തു. ദേവന്മാർ തീർത്ഥങ്ങളെ പ്രാപിച്ചു; അസുരന്മാർ അതിന്നു തയ്യാറായില്ല. അധർമ്മത്തിൽനിന്ന് അവരുടെ ഹൃദയത്തിൽ ഗർവ്വം വളർന്നു; ദുരഭിമാനമുണ്ടായി; അതിൽ നിന്നു ക്രോധവും, ക്രോധത്തിൽനിന്നു ഗർവ്വും, അതിൽനിന്ന് അലജ്ജയുമുണ്ടായി. ലോകാപവാദത്തിൽ ഭയമില്ലായ്മയാണ് അലജ്ജ. അതോടുകൂടി അവരുടെ നല്ല ചിത്തവൃത്തിയും പെരുമാറ്റരീതിയും നശിച്ചുപോയി. അങ്ങനെ അലജ്ജന്മാരും ധിക്കാരികളും ഹീനവൃത്തന്മാരും വൃഥാവ്രതരുമായ അവരിൽനിന്നു ക്ഷമയും ലക്ഷ്മിയും സ്വധർമ്മവും ക്ഷണത്തിൽ നിശ്ശേഷം അകന്നു മറഞ്ഞു. അപ്പോൾ അസുരന്മാരെ അലക്ഷ്മിയും, ദേവന്മാരെ ലക്ഷ്മിയും പ്രാപിച്ചു. ദർപ്പത്താൽ ചേതസ്സുകെട്ട് അലക്ഷ്മി കയറിയ ദൈത്യദാനവന്മാരിൽ കലി വന്നുകയറി. അങ്ങനെ ദർപ്പംപൂണ്ട് ക്രിയാഹീനരായി ചേതസ്സു കെട്ട്, ദുരഭിമാനത്താൽ അന്ധരായി അവർ നാശത്തിൽപ്പെട്ടു. യശസ്സു പോയി ആ ദൈത്യവീരന്മാരെല്ലാം നാശത്തിലായി. ധർമ്മശീലന്മാരായ ദേവന്മാരാകട്ടെ സാഗരങ്ങൾ, സരിത്തുക്കൾ, സരസ്സുകൾ മുതലായ പുണ്യതീർത്ഥങ്ങളിലും പുണ്യക്ഷേത്രങ്ങളിലും പോയി തപങ്ങൾ, ദാനങ്ങൾ, യാഗങ്ങൾ, ആശീർവ്വാദങ്ങൾ എന്നിവ ചെയ്ത് എല്ലാ പാപങ്ങളേയും നീക്കി വലിയ ശ്രേയസ്സിനെ പ്രാപിച്ചു. അങ്ങനെതന്നെ ഭവാനും സഹോദരന്മാരോടൊത്തു തീർത്ഥാടനംചെയ്യുക. നിശ്ചയമായും നഷ്ടപ്പെട്ട ശ്രീയെ വീണ്ടും പ്രാപിക്കുന്നതാണ്. ഇതു സനാതനമായ മാർഗ്ഗമാണ്. നൃഗൻ, ശിബി, ഔശീനരൻ, ഭഗീരഥൻ, പൂരു, വസുമനസ്സ്, പുരൂരവസ്സ്, ഗയൻ മുതലായവരെപ്പോലെ ഭവാൻ നിത്യവും തപസ്സാചരിച്ച് മഹാത്മാക്കളേയും തീർത്ഥങ്ങളേയും ദർശിച്ച് പുണ്യവും, യശസ്സും, വളരെ ധനവും ആർജ്ജിക്കുന്നതാണ്. പുത്രമിത്രങ്ങളോടുകൂടി ഇക്ഷ്വാകുവും, മുചുകുന്ദനും, മാന്ധാതാവും, മഹീപതിയായ മരുത്തനും, തപോബലംകൊണ്ടു ദേവന്മാരും, ദേവർഷികളും, കീർത്തനീയന്മാരായതുപോലെ ഭവാനും മഹത്തായ യശസ്സു നേടും. ധർത്തരാഷ്ട്രന്മാരാകട്ടെ. അധർമ്മത്താലും മോഹത്താലും വശീകൃതരായി കിടക്കുകയാണ്. അവർ ദൈത്യന്മാരെപ്പോലെ അചിരേണ നശിക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല."

95. ഗയയജ്ഞകഥനം – വൈശമ്പായനൻ പറഞ്ഞു: "ആ വീരന്മാർ കൂട്ടുകാരോടൊപ്പം ക്രമേണ നൈമിഷാരണ്യത്തിലെത്തി. ഗോമതീനദിയിലുള്ള പുണ്യതീർത്ഥങ്ങൾതോറും സ്നാനം ചെയ്തു പശുക്കളേയും ധനത്തേയും ദാനം ചെയ്തു. അവിടെ വീണ്ടും വീണ്ടും ദേവന്മാരേയും പിതൃക്കളേയും വിപ്രന്മാരേയും തർപ്പിച്ചു. കന്യാതീർത്ഥം, അശ്വതീർത്ഥം, ഗോതീർത്ഥം ഇവയിൽ യഥാക്രമം പ്രവേശിച്ചു. പിന്നെ 'കലാകോടി', 'വിഷപ്രസ്ഥഗിരികൾ' എന്നിവയിൽ കൂടിയശേഷം 'ബാഹുദ'യിലെത്തി; ആ നദിയിൽ സ്നാനംചെയ്തു. പിന്നെ, ദേവന്മാരുടെ യാഗഭൂമിയായ 'പ്രയാഗ'യിലെത്തി, ഗംഗായമുനാസംഗമത്തിൽപ്പോയി തപസ്സും സ്നാനവുംചെയ്തു പാപം നീക്കി. പിന്നീട് ബ്രാഹ്മണസമേതം തപസ്വികൾ ഉപാസിക്കുന്നതും, പിതാമഹന്റെ പുണ്യസ്ഥലവുമായ 'വേദീതീർത്ഥ'ത്തിൽച്ചെന്നു. അവിടെ സ്നാനംചെയ്തു തപസ്സുചെയ്തു വന്യമായ ഫലമൂലങ്ങൾ, നെയ്യ് എന്നിവ ദ്വിജർക്ക് ദാനം ചെയ്തു. പുണ്യവാനായ 'ഗയ'നെന്ന രാജർഷിയാൽ പവിത്രമായ 'മഹീധാര'മെന്ന സ്ഥലത്തു ചെന്നു. അവിടെയാണ് 'ഗയശിരസ്സ്' എന്ന പർവ്വതവും, രമ്യമായ പുളിനങ്ങൾ തോറും ചൂരൽക്കാടുകൾ നിറഞ്ഞ് മനോഹരമായി ഒഴുകുന്ന പുണ്യയായ മഹാനദിയും. ആ പവിത്രശിഖരത്തിലുള്ള ഋഷിസേവ്യമായ 'ബ്രഹ്മസരസ്സെന്ന' ഉത്തമതീർത്ഥത്തിൽക്കുളിച്ചു. അവിടെയാണ് അഗസ്ത്യൻ വൈവസ്വതനെ കാണാനെത്തിയത്. അവിടെ സനാതനനായ ധർമ്മരാജാവ് കുറച്ചുനാൾ സ്വയം താമസിച്ചു. എല്ലാ നദികളും അവിടെനിന്നുത്ഭവിക്കുന്നു. അതിൽ എന്നും പിനാകപാണിയായ മഹാദേവൻ വാണരുളുന്നു. അവിടെ 'ചാതുർമാസം' എന്ന യജ്ഞം വീരന്മാരായ പാണ്ഡവന്മാർ യജിച്ചു. 'ഋഷിയജ്ഞം' എന്ന യാഗം അതിന്റെ എല്ലാ കർമ്മാനുഷ്ഠാനങ്ങളോടു കൂടി ഈ 'അക്ഷയവടം' എന്ന ആലു സ്ഥിതി ചെയ്യുന്ന സ്ഥലത്തുവച്ചു ചെയ്തു. ഇവിടെവച്ചു ചെയ്യുന്ന ദേവയജ്ഞങ്ങളെല്ലാം അക്ഷയമായ ഫലം നല്കുന്നു. ഇവിടെ നിശ്ചയമാനസരായി അവർ ഉപവാസംചെയ്തു. അപ്പോൾ തപോധനരായ ബ്രാഹ്മണന്മാർ നൂറുകണക്കിന്നു വന്നുചേർന്നു. വേദപാരംഗതരും, വിദ്യാതപോധനന്മാരുമായ ബ്രാഹ്മണന്മാരും ആർഷവിധിപ്രകാരം 'ചാതുർമാസം' എന്ന യജ്ഞം അനുഷ്ഠിച്ചു. മഹാത്മാക്കളായ അവരെല്ലാം പല പുണ്യവിഷയങ്ങളെസ്സംബന്ധിച്ചും പറഞ്ഞുതുടങ്ങി. പല കഥകളും. അവിടെവച്ചാണ് ബ്രഹ്മചാരിയും സുവ്രതനും വിദ്വാനുമായ ശമഠൻ അമൂർത്തരയസ്സിന്റെ പുത്രനായ ഗയനെപ്പറ്റി പറഞ്ഞത്."

ശമഠൻ പറഞ്ഞു: "അമൂർത്തരയസ്സിന്റെ പുത്രനും, രാജർഷിസത്തമനുമാണ് ഗയൻ. അവന്റെ പുണ്യകർമ്മങ്ങൾ ഞാൻ പറയാം. ഹേ ഭാരത! കേട്ടാലും. ഗയൻ ഇവിടെ യജ്ഞംചെയ്തു വളരെ അന്നം നല്കി, വളരെ ദക്ഷിണയും നല്കി. ഈ യജ്ഞം കാരണം നൂറും ആയിരവും 'അന്നപർവ്വത'ങ്ങൾ ഉയർന്നു; 'നെയ്ത്തടാകമുണ്ടായി'; തയിർ പുഴകളായി ഒഴുകി. ആയിരക്കണക്കിന്നു രുചികരമായ കറികളും പുഴകളായി ഒഴുകി. വന്നുചേരുന്ന യാചകർക്കായി എന്നും അന്നം വേണ്ടത്ര ദാനം ചെയ്തു. വന്നുചേർന്ന ബ്രാഹ്മണർക്കും മറ്റു വിശിഷ്ടർക്കും ശുചിയായതും, നല്ലതുമായ അന്നം വേറെയും വേണ്ടത്ര കൊടുത്തു. ദക്ഷിണ സമയത്ത് സംതൃപ്തരായ ബ്രാഹ്മണരുടെ വേദഘോഷം സ്വർഗ്ഗത്തിലെത്തി. അവരുടെ ശബ്ദകോലാഹലത്താൽ മറ്റൊന്നും കേൾക്കാതായി. ഭൂമിയും ആകാശവും പത്തുദിക്കും ഘോഷത്താൽ മുഴങ്ങി. ഇതൊക്കെയായിരുന്നു ആ മഹാത്ഭുതങ്ങൾ. അന്നപാനതൃപ്തന്മാരായി എല്ലാവരും സന്തോഷത്തോടെ നാടുതോറും ഇങ്ങനെ പാടിനടന്നു."

നാട്ടുകാർ പറഞ്ഞു: "ഗയന്റെ യജ്ഞത്തിൽ പ്രാണികളിൽ ആർ വീണ്ടും ഭക്ഷിക്കാൻ ആഗ്രഹിക്കുന്നു? ഇരുപത്തിയഞ്ചു ചോറ്റുകുന്ന് ഇനിയും ശേഷിച്ചുനില്ക്കുന്നു! മുമ്പ് ആരും ഗയൻ ചെയ്തപോലെ സൽക്കർമ്മം ചെയ്തിട്ടില്ല; ഇനി ആരും ചെയ്യുകയുമില്ല. അമിതദ്യുതിയായ ഗയരാജർഷിയാൽ പതിതർപ്പിതമായ ഹവിസ്സുകാരണം ഇനി മറ്റുള്ളവരിൽനിന്നും ദേവന്മാർക്ക് ഒന്നും കഴിക്കാൻ ശക്തിയില്ലാതായിത്തീർന്നിരിക്കുന്നു! മണ്ണിൽ മണൽത്തരിപോലെ, ആകാശത്തിൽ നക്ഷത്രങ്ങൾപോലെ, വർഷത്തിലെ മഴത്തുള്ളികൾപോലെ എണ്ണിക്കണക്കാക്കുവാൻ വയ്യാത്തവിധം ഗയൻ യജ്ഞത്തിൽ ദക്ഷിണനല്കി."

വൈശമ്പായനൻ പറഞ്ഞു: "ഹേ, കുരുനന്ദനാ! ഈവിധത്തിലുള്ള അനേകം യജ്ഞങ്ങൾ ഈ സരസ്സിന്റെ സമീപത്തു വെച്ച് രാജർഷിയായ ഗയൻ ചെയ്തിട്ടുണ്ട്."

96. അഗസ്ത്യോപാഖ്യാനം – വാതാപിയുടെ കഥയും ലോപാമുദ്രയുടെ ജനനവും – വൈശമ്പായനൻ പറഞ്ഞു: "പിന്നെ വളരെ ദക്ഷിണകൾ നല്കുന്നതിൽ പേരുകേട്ട രാജാവായ യുധിഷ്ഠിരൻ അവിടെനിന്നും പറപ്പെട്ട് അഗസ്ത്യാശ്രമത്തിൽച്ചന്ന് 'ദുർജ്ജയ' എന്ന സ്ഥലത്തുപാർത്തു അവിടെ വെച്ച് ലോമശമഹർഷിയോട് സംഭാഷണചതുരനായ യുധിഷ്ഠിരരാജാവ് ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ! അഗസ്ത്യൻ എന്തിനു വാതാപിയെ കൊന്നു? മാനവാന്തകനായ ആ ദൈത്യൻ എന്തു മാത്രം പ്രഭാവമുള്ളവനായിരുന്നു? മഹാത്മാവായ അഗസ്ത്യന് എന്തു കാരണത്താലാണ് അവനോടു ക്രോധമുണ്ടായത്? എല്ലാം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ലോമശൻ പറഞ്ഞു: "ഹേ കൗരവനന്ദനാ, 'മണിമതി' എന്ന നഗരത്തിൽ പണ്ട് 'ഇല്വലൻ' എന്നു പേരായ ഒരു ദൈത്യൻ ഉണ്ടായിരുന്നു. ഒരുദിവസം 'ദിതി'യുടെ പുത്രനായ അവൻ മഹാതപസ്വിയായ ഒരു ബ്രാഹ്മണനോടു പറഞ്ഞു:

digitized by www.sreyas.in

'ഹേ ബ്രാഹ്മണാ, എനിക്കു ഭവാൻ ഇന്ദ്രതുല്യനായ ഒരു പുത്രൻ ഉണ്ടാകുവാൻ വരം തന്ന് അനുഗ്രഹിക്കുക.'

ആ ബ്രാഹ്മണൻ വാസവതുല്യനായ പുത്രനുണ്ടാകുവാൻ അനുഗ്രഹിച്ചില്ല. തന്മൂലം ആ അസുരൻ ആ ബ്രാഹ്മണനിൽ ക്രുദ്ധനായി. അന്നുമുതൽ അവൻ കൈയിൽക്കിട്ടിയ ബ്രാഹ്മണരെ സൂത്രത്തിൽ കൊല്ലുവാൻതന്നെ തീരുമാനിച്ചു. അങ്ങനെ അവൻ ഒരു ബ്രാഹ്മണഹന്താവായിത്തീർന്നു. അവരെ കൊല്ലുവാൻ ഒരുപായം പ്രയോഗിച്ചു. മായാവിയായ ആ അസുരൻ തന്റെ മായാവിദ്യകൊണ്ട് അനുജനായ വാതാപിയെ ഒരു ആടാക്കി. കാമരൂപിയായ വാതാപി ഉടനെ ആടായിത്തീർന്നു. വല്ല ബ്രാഹ്മണനും അതിഥിയായി വന്നാൽ ഉടനെ ആ ആടിനെ പിടിച്ചുവെട്ടിക്കൊന്നു പാകംചെയ്തു സുഖമായി ഭക്ഷണം നല്കും. മരിച്ചു കിടക്കുന്നവനെ വിളിച്ചാൽ ജീവിച്ചുവരുന്നതിനുള്ള മന്ത്രവിദ്യ ഇല്വലന് അറിയാമായിരുന്നു. അവൻ ഉച്ചത്തിൽ വിളിച്ചാൽ മരിച്ചവൻ വീണ്ടും ദേഹംപ്രാപിച്ചു വിളികേട്ട് എഴുന്നേറ്റുവരും. അങ്ങനെ അവൻ ഊട്ടിയ ബ്രാഹ്മണന്റെ വയർ പൊളിഞ്ഞ് അസുരനായ വാതാപി ചിരിച്ച് ഓടിവരികയായി. ബ്രാഹ്മണൻ ചത്തു വീഴുകയും ചെയ്യും. വീണ്ടും ഇപ്രകാരം ബ്രാഹ്മണരെ ഊട്ടുകയും കൊല്ലുകയും ചെയ്യുക ആ ദുഷ്ടന്റെ നിരന്തരമായപ്രവൃത്തിയായി.

ഇക്കാലത്ത് ഒരു ദിവസം അഗസ്ത്യമഹർഷി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗർത്തത്തിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന തന്റെ പിതൃക്കളെ കണ്ടു. ഇങ്ങനെ തലകീഴായി തൂങ്ങിക്കിടക്കുന്ന അവരോട് മുനി അതിന്റെ കാരണം ചോദിച്ചു. അബ്രഹ്മവാദികളായ അവർ മറുപടി പറഞ്ഞു."

പിതൃക്കൾ പറഞ്ഞു: "നിനക്കു സന്താനം ഉണ്ടാകാഞ്ഞതുമൂലം പിതൃക്കളായ ഞങ്ങൾക്കു ഗതികിട്ടാതായി. അതുകൊണ്ടാണ് ഞങ്ങൾ ഈ ഇടുക്കിൽ തൂങ്ങിനില്ക്കാൻ ഇടയായത്. ഹേ അഗസ്ത്യാ! നീ നല്ല ഒരു സന്താനത്തെ ഞങ്ങളുടെ ഗതി ഓർത്തു ജനിപ്പിക്കുക. ഞങ്ങളുടെ നരകം തീരട്ടെ! നിനക്കു സൽഗ്ഗതിയും ലഭിക്കട്ടെ!"

ലോമശൻ പറഞ്ഞു: "പിതൃക്കളുടെ വാക്കുകേട്ട് സത്യധർമ്മപരനും തേജസ്വിയുമായ അഗസ്ത്യൻ പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "പിതൃക്കളേ! ഞാൻ നിങ്ങൾ ആഗ്രഹിക്കുന്നപോലെ ചെയ്തുകൊള്ളാം; വിഷമിക്കേണ്ട."

ലോമശൻ പറഞ്ഞു: "പിന്നെ ഭഗവാനായ മഹർഷി സന്താനലാഭത്തിനുവേണ്ടി തനിക്കുചേർന്ന ഒരു സ്ത്രീയെ ലഭിക്കുവാൻ അന്വേഷിച്ചുനടന്നു. ഒരിടത്തും കണ്ടുകിട്ടിയില്ല. ഒടുവിൽ വിശിഷ്ടമായ വസ്തുക്കളെ സംഗ്രഹിച്ചുകൊണ്ട് ഒരു പെൺകുട്ടിയെ സൃഷ്ടിച്ചു. പുത്രാർത്ഥമായി അക്കാലത്തു തപസ്സുചെയ്യുന്ന വിദർഭരാജാവിനു താൻ തനിക്കുവേണ്ടി സൃഷ്ടിച്ച ആ കുട്ടിയെ നല്കി അനുഗ്രഹിച്ചു. അങ്ങനെ വിദർഭരാജാവിനു മിന്നൽക്കൊടിപോലെ സുന്ദരിയായ ഒരു പുത്രി ജനിച്ചു. വിളങ്ങുന്ന ദേഹത്തോടുകൂടി ആ ശുഭാനനയായ പെൺകുട്ടി വളർന്നുവന്നു.

കുട്ടി ജനിച്ച അന്ന് അവളെക്കണ്ടു സന്തുഷ്ടനായ വിദർഭരാജാവ് ഈ വിവരം ദ്വിജന്മാരെ അറിയിച്ചു. അവളെക്കണ്ട് ദ്വിജന്മാരൊക്കെ അഭിനന്ദിക്കുകയും 'ലോപാമുദ്ര' എന്നു നാമകരണം ചെയ്യുകയും ചെയ്തു.

അവൾ ദൈനന്ദിനം ചന്തത്തോടെ വളർന്നുവന്നു. വെള്ളത്തിൽ താമരപോലെയും, അഗ്നിയിൽ ജ്വാലപോലെയും അവൾ പ്രശോഭിച്ചു. യൗവനയുക്തയായ അവൾക്ക് അലംകൃതകളായ നൂറു കന്യകമാരെ തോഴിമാരായി രാജാവ്നല്കി. നൂറു ദാസിമാരെയും നല്കി. അവർ എല്ലാവരും ലോപാമുദ്രയെ ശുശ്രൂഷിച്ചുപോന്നു. നൂറു ദാസിമാരോടും നൂറു സഖിമാരോടുംകൂടി അവൾ ആകാശത്തിൽ രോഹിണീനക്ഷത്രം എന്നപോലെ പ്രശോഭിച്ചു.

യൗവനം തികഞ്ഞിട്ടും സുശീലയും സുന്ദരിയുമായ അവളെ ആഗ്രഹിച്ച് ഒരു പുരുഷനും വന്നുചേർന്നില്ല. രാജാവിനെക്കുറിച്ചുള്ള ഭയംമൂലം സത്യവതിയായ ലോപാമുദ്രയോടു തുല്യയായി രൂപസമ്പത്തിൽ അപ്സരസ്സുകൾപോലുമുണ്ടായിരുന്നില്ല. അവൾ ശീലഗുണംകൊണ്ട് അച്ഛനേയും, സ്വജനങ്ങളേയും സന്തോഷിപ്പിച്ചു. യൗവനംപൂണ്ട അവളെക്കണ്ട് അച്ഛനു മനസ്സിൽ വിചാരമായി, ഞാൻ ആർക്കുകൊടുക്കേണ്ടൂ എന്റെ മകളെ എന്ന്."

97. അഗസ്ത്യോപാഖ്യാനം - അഗസ്ത്യലോപാമുദ്രാവിവാഹം – ലോമശൻ തുടർന്നു: "അഗസ്ത്യൻ തനിക്ക് ലോപാമുദ്ര ഗാർഹസ്ഥ്യയോഗ്യയാണെന്നറിഞ്ഞ് വിദർഭരാജാവിനെ ചെന്നു കണ്ട് ഇപ്രകാരം പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "രാജാവേ, സന്താനലാഭത്തിനുവേണ്ടി ഞാൻ വേൾക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ലോപാമുദ്രയെ വരിക്കുന്നു. ഭവാൻ അവളെ എനിക്കു നല്കിയാലും."

ലോമശൻ പറഞ്ഞു: "ഇപ്രകാരം മുനി പറഞ്ഞപ്പോൾ രാജാവ് മോഹാലസ്യപ്പെട്ടുപോയി. മഹർഷിയുടെ വാക്കു തള്ളിക്കളയുവാനും, സ്വീകരിക്കുവാനും കഴിയാതെ രാജാവ് കുഴങ്ങി. ഉടനെ തന്റെ ഭാര്യയെക്കണ്ട് രാജാവ് പറഞ്ഞു."

വിദർഭരാജാവ് പറഞ്ഞു: "ഈ മഹർഷി വീര്യവാനാണ്. അദ്ദേഹം നമ്മുടെ ലോപാമുദ്രയെ വിവാഹംചെയ്യുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന നിരസിച്ചാൽ അദ്ദേഹം ക്രോധിച്ച് നമ്മെ ദഹിപ്പിക്കും."

ലോമശൻ പറഞ്ഞു: "ഇപ്രകാരം ദുഃഖിക്കുന്ന അമ്മയേയും പിതാവിനേയും കണ്ട് ലോപാമുദ്ര പറഞ്ഞു."

ലോപാമുദ്ര പറഞ്ഞു: "അച്ഛാ, ഞാൻമൂലം ഭവാൻ ദുഃഖിക്കരുത്. അച്ഛൻ എന്നെ അഗസ്ത്യനു നല്കി ആത്മാവിനെ രക്ഷിക്കുക."

ലോമശൻ പറഞ്ഞു: "മകൾ ഇപ്രകാരം പറഞ്ഞപ്പോൾ രാജാവ് മഹാത്മാവായ അഗസ്ത്യന് വിധിപ്രകാരം ലോപാമുദ്രയെ നല്കി. അഗസ്ത്യൻ ലോപാമുദ്രയെ സ്വീകരിച്ച് അവളോട് പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "ലോപാമുദ്രേ! നീ മഹർഷിയുടെ ഭാര്യയാണ്. വിലയേറിയ ആഭരണങ്ങളും, വിലയേറിയ പട്ടുവസ്ത്രങ്ങളും തപസ്വികൾക്കു ചേർന്നവയല്ല. അതുകൊണ്ട് അവയെല്ലാം ഉപേക്ഷിക്കുക."

ലോമശൻ പറഞ്ഞു: "ഭർത്താവിന്റെ വാക്കുകേട്ട ഉടനെ ലോപാമുദ്ര വിലയേറുന്ന, മൃദുവും രമ്യവുമായ, വസ്ത്രങ്ങൾ ഉപേക്ഷിച്ചു. ആ വിശാലാക്ഷിയായ രംഭോരു മരവുരിയും തോലും ഉടുത്തു. ഭർത്താവിനു യോജിച്ച വ്രതചര്യയോടും ആചാരത്തോടുംകൂടെ നിവസിച്ചു.

ഗംഗാദ്വാരത്തിലെത്തിയ അവർ ഉഗ്രമായി തപസ്സുചെയ്തു. അവൾ പ്രീതിയോടും ബഹുമാനത്തോടുംകൂടി ഭർത്താവിനെ ശുശ്രൂഷിച്ചു. അഗസ്ത്യനും ഭാര്യയിൽ പരമപ്രീതനായിത്തീർന്നു.

കുറച്ചുകാലം കഴിഞ്ഞപ്പോൾ തപസ്സുകൊണ്ടു ശോഭിക്കുന്ന ലോപാമുദ്ര ഋതുസ്നാതയായി അഗസ്ത്യൻ കണ്ടു. അവളുടെ പരിചര്യയും ശുദ്ധിയും ദമവും ശ്രീയും, അഴകുംകണ്ട് മഹർഷി പ്രീതനായി അവളെ രതിക്രീഡചെയ്യുവാൻ വിളിച്ചു. ആ ഭാമിനി ഭർത്താവിന്റെ ഇംഗിതം കേട്ട് ലജ്ജാമുഖിയായി കൈകൂപ്പി പ്രണയത്തോടെ ഭർത്താവിനോടു പറഞ്ഞു."

ലോപാമുദ്ര പറഞ്ഞു: "സന്താനലാഭത്തിനാണല്ലോ ഭർത്താവ് ഭാര്യയെ വരിക്കുന്നത്. ഭവാനിൽ എനിക്കുള്ള പ്രീതി മഹർഷേ! ഭവാൻ ശരിയാക്കിത്തന്നാലും. അച്ഛന്റെ വലിയികൊട്ടാരത്തിൽ എങ്ങനെയാണ് ഞാൻ മെത്തയിൽ കിടന്നിരുന്നത്, അങ്ങനെയുള്ള വിശിഷ്ടമായ മെത്തയിൽക്കിടന്ന് ഭവാൻ

digitized by www.sreyas.in

എന്നോടു ചേരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പൂമാലയും ഭൂഷണവും അണിഞ്ഞ ഭവാനെ ഞാൻ ദിവ്യാഭരണങ്ങൾ അണിഞ്ഞ് സംഗമിക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങനെയല്ലാതെ ചീരകാഷായവസ്ത്രയായി ഞാൻ ഭവാനോടു ചേരുകയില്ല. ഈ മഹത്തായ വേഷത്തെ ഭവാൻ അശുദ്ധമാക്കുവാൻ അനുവദിക്കരുത്, മഹാമുനേ!"

അഗസ്ത്യൻ പറഞ്ഞു: "എടോ ലോപാമുദ്രേ, അതിന്നുള്ള ധനം എനിക്കില്ലല്ലോ. എടോ കല്യാണീ, നിന്റെ പിതാവിനെപ്പോലെ ഞാൻ ധനവാനല്ലല്ലോ! സുമദ്ധ്യമേ, നീ ചിന്തിച്ചു നോക്കൂ!"

ലോപാമുദ്ര പറഞ്ഞു: "മഹർഷേ! ഭവാൻ എല്ലാറ്റിനും കഴിവുള്ള തപോധനനല്ലേ? ക്ഷണംകൊണ്ട് ഈ ജീവലോകത്തിൽ കാണുന്നതൊക്കെ നിർമ്മിക്കുവാൻ ഭവാന്നു വിഷമമില്ലല്ലോ!"

അഗസ്ത്യൻ പറഞ്ഞു: "ഭവതി പറഞ്ഞതു ശരിയാണ്. എന്നാൽ ഞാൻ നേടിയ തപസ്സ് ഇതിന്നായി ചെലവാക്കാമോ? എന്റെ തപസ്സു നശിക്കാത്ത മാർഗ്ഗമുണ്ടെങ്കിൽ പറയുക."

ലോപാമുദ്ര പറഞ്ഞു: "ഹേ, താപസാ! എനിക്കു ഋതുകാലം ഇനി അധികമില്ല. അതിന്നിടയ്ക്ക് എന്റെ നിശ്ചയത്തിന്നു വിപരീതമായി ഭവാനോടു ചേരുവാൻ ഞാൻ ഒരിക്കലും ഇച്ഛിക്കുന്നുമില്ല. ഞാൻ ഭവാന്റെ ധർമ്മലോപത്തിൽ ഒട്ടും കാംക്ഷിക്കുന്നുമില്ല. എന്റെ ആഗ്രഹത്തെ ഭവാൻ സാധിപ്പിച്ചുതരേണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു."

അഗസ്ത്യൻ പറഞ്ഞു: "നിന്റെ ഉള്ളിലുള്ള മോഹം സുദൃഢമാണെങ്കിൽ അതു സാധിപ്പിക്കുവാൻ ഞാൻ പോവുകയാണ്. ഭദ്രേ! അതുവരെ ഭവതി യഥേഷ്ടം ഇവിടെ കഴിയുക."

98. അഗസ്ത്യോപാഖ്യാനം – ലോമശൻ തുടർന്നു: "ഹേ കൗരവ്യാ! പിന്നെ അഗസ്ത്യൻ ധനം ഭിക്ഷയാചിച്ചു സമ്പാദിക്കുവാൻ പുറപ്പെട്ട് ആദ്യമായി അദ്ദേഹം രാജാക്കന്മാരിൽവെച്ച് ഏറ്റവും സമ്പത്തുള്ള 'ശ്രുതർവ്വ'ന്റെ സമീപത്തുചെന്നു. കുംഭത്തിൽനിന്ന് (കുടത്തിൽനിന്ന്) ജനിച്ച ആ മഹർഷി വരുന്നതു കണ്ട് ആ രാജാവ് അമാത്യരോടുകൂടിച്ചെന്ന് എതിരേറ്റു സൽക്കരിച്ചു. അർഘ്യാദികൾ യഥായോഗ്യം നല്കിയതിന്നുശേഷം രാജാവ് കൈകൂപ്പി മഹർഷിയുടെ ആഗമനത്തിന്റെ ഉദ്ദേശ്യമെന്തെന്നു ചോദിച്ചു."

അഗസ്ത്യൻ പറഞ്ഞു: "ഞാൻ ധനം യാചിക്കുവാനായി വന്നതാണ്. എനിക്കു നിന്റെ സമ്പത്തിന്റെ ഒരുഭാഗം തരിക. തരുന്നതുകൊണ്ട് മറ്റാർക്കും ദോഷം ബാധിക്കാത്തവിധത്തിൽ യഥാശക്തി ധനം തന്നാലും."

ലോമശൻ തുടർന്നു: "ഉടനെ രാജാവ് തന്റെ രാജ്യത്തുനിന്നു തനിക്കു ലഭിക്കുന്ന ധനത്തിന്റെ ആയവും, താൻ ചെലവുചെയ്യുവാൻ ബാദ്ധ്യതപ്പെട്ട ധനത്തിന്റെ വ്യയവും തുല്യമാണെന്നു കേൾപ്പിച്ചു. ഇതിൽനിന്ന് അങ്ങേയ്ക്ക് ഇഷ്ടമുള്ളത് എടുക്കാം എന്നു പറഞ്ഞു. അപ്പോൾ അഗസ്ത്യൻ രാജാവിന്റെ ആയവ്യയങ്ങൾ സമമാണെന്നു കണ്ട്, താൻ വല്ലതും എടുത്താൽ പ്രാണികൾക്കു പീഡയുണ്ടാകുമെന്നു കരുതി. ഉടനെ മഹർഷി ശ്രുതർവ്വാവുമൊത്ത് ബ്രദ്ധ്നശ്വന്റെ അടുത്തേക്കു പോയി. അവർ രണ്ടുപേരും ചെല്ലുന്നതറിഞ്ഞു ബ്രദ്ധ്നശ്വൻ അവരെ എതിരേറ്റു കൂട്ടിക്കൊണ്ടുപോയി അർഘ്യപാദ്യങ്ങൾ നല്കി സൽക്കരിച്ചു. അവരുടെ അനുജ്ഞയോടെ, രാജാവ് അവരോട് വന്നതിന്നുള്ള കാരണം ചോദിച്ചു."

അഗസ്ത്യൻ പറഞ്ഞു: "രാജാവേ, വിത്തം കാംക്ഷിച്ചു ഞങ്ങൾ അങ്ങയെ കാണുവാൻ വന്നതാണ്. അന്യർക്ക് ഉപദ്രവം വരാത്തവിധം യഥാശക്തി ധനം ഞങ്ങൾക്കു നല്കിയാലും."

ലോമശൻ പറഞ്ഞു: "ഉടനെ തന്റെ ആയവ്യയങ്ങൾ രാജാവ് അവരെ കേൾപ്പിച്ചു. അതറിഞ്ഞു തനിക്കിഷ്ടമുള്ളത്രകൊണ്ടുപൊയ്ക്കൊള്ളുവാൻ ആ രാജാവ് അവരെ അനുവദിക്കുകയും ചെയ്തു. സമമതിയായ ദ്വിജൻ, അപ്പോൾ, ആയവ്യയങ്ങൾ തുല്യമായിക്കാണുകയാൽ അതിൽനിന്നു ധനം വല്ലതും എടുത്താൽ പ്രാണികൾക്കുപീഡയുണ്ടാകുമെന്നു മനസ്സിലാക്കി. അവിടെനിന്നും ആ രാജാക്കന്മാരോടൊപ്പം ധനികനും 'പുരുകുത്സ'ന്റെ പുത്രനുമായ 'ത്രസദസ്യു'വിന്റെ സമീപത്തു പോയി. അഗസ്ത്യനും, ശ്രുതർവ്വാവും ബ്രദ്ധ്നശ്വക്ഷിതിപനുംകൂടി വരുന്നതു കണ്ടപ്പോൾ അതിർത്തിയിലെത്തി അവരെ ത്രസദസ്യു എതിരേറ്റു സൽക്കരിച്ചു സ്വീകരിച്ചു. യഥാന്യായം ആ ഇക്ഷ്വാകുവംശജനായ രാജസത്തമൻ പൂജിച്ചതിന്നുശേഷം മൂന്നുപേരുംകൂടി വരുവാനുള്ള കാരണം എന്തെന്നു ചോദിച്ചു."

അഗസ്ത്യൻ പറഞ്ഞു: "രാജാവേ, ഞങ്ങൾ വിത്തം കാംക്ഷിച്ചു വന്നതാണ്. അന്യർക്ക് ഉപദ്രവംവരാത്തവിധം യഥാശക്തി ഞങ്ങൾക്കു നല്കിയാലും."

ലോമശൻ പറഞ്ഞു: "ഉടനെ ആ രാജാവ് ആയവ്യയങ്ങളുടെ സമത്വം അവരെ കേൾപ്പിച്ചു. അതറിഞ്ഞ് തങ്ങൾക്കിഷ്ടമുള്ളത്ര എടുത്തുകൊള്ളുവാൻ വിരോധമില്ലെന്നും അറിയിച്ചു. അപ്പോൾ സമമതിയായ മഹർഷി ആയവ്യയം തുല്യമാണെന്നു കണ്ട്, അതിൽനിന്നും എന്തെങ്കിലും എടുത്താൽ പ്രാണികൾക്കു പീഡയുണ്ടാകുമെന്നു മനസ്സിലാക്കി ഒന്നും സ്വീകരിച്ചില്ല. അപ്പോൾ എല്ലാ രാജാക്കന്മാരും പരസ്പരംനോക്കി ഒന്നിച്ചിങ്ങനെ അഗസ്ത്യമഹർഷിയോടു പറഞ്ഞു."

രാജാക്കന്മാർ പറഞ്ഞു: "ഹേ ബ്രാഹ്മണാ, ഈ ലോകത്തിൽ വേണ്ടുവോളം ധനമുള്ള ഒരുത്തനുണ്ട്. അത് ഇല്വലൻ എന്ന ദാനവനാണ്. നമ്മളെല്ലാവരുംകൂടി അവന്റെ അടുത്തു ചെന്നു ധനം ആവശ്യപ്പെടുക."

ലോമശൻ തുടർന്നു: "ഇല്വലനോട് അഭ്യർത്ഥിക്കുന്നത് ഉചിതമാണെന്നുകണ്ട് അവർ എല്ലാവരും ഒന്നിച്ച് ഇല്വലന്റെ സമീപത്തേക്ക് അതിന്നുവേണ്ടി ഉടനെപോയി."

99. അഗസ്ത്യോപാഖ്യാനം – ജാമദഗ്ന്യതേജോഹാനികഥനം – ലോമശൻ പറഞ്ഞു: "മഹർഷിയോടുകൂടി രാജാക്കന്മാർ എത്തിയ വൃത്താന്തമറിഞ്ഞ് ഇല്വലൻ അമാത്യന്മാരോടുകൂടിച്ചെന്ന് എതിരേറ്റു രാജധാനിയിൽ കൊണ്ടുവന്ന് ആദരിച്ചു. അസുരശ്രേഷ്ഠനായ ഇല്വലൻ അവരെ വേണ്ടവിധം ആതിഥ്യംചെയ്തു. അനുജനായ വാതാപി (ആടായി മാറിയ)യെ തന്നെകൊന്ന് വേണ്ടവിധം പാകംചെയ്തു. വാതാപി എന്ന അവന്റെ തമ്പി ആടായിത്തീർന്നതാണെന്നും അതിനെയാണ് ഇപ്പോൾ കൊന്നുവേവിച്ചു തങ്ങൾക്കു സല്ക്കരിക്കുന്നതെന്നും അറിഞ്ഞ ആ രാജർഷിമാരെല്ലാവരും വിഷണ്ണരായി. രാജാക്കന്മാരുടെ വിഷാദഭാവം മനസ്സിലാക്കിയ അഗസ്ത്യൻ അവരോടു പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "രാജാക്കന്മാരേ! നിങ്ങൾ വിഷാദിക്കേണ്ട. വിളമ്പുന്ന അസുരമാംസം മുഴുവൻ ഞാൻതന്നെ ഭക്ഷിച്ചുകൊള്ളാം. ആ മഹാസുരനെ മുഴുവൻ ഞാൻ ആസ്വദിച്ചുകൊള്ളാം."

ലോമശൻ പറഞ്ഞു: "അഗസ്ത്യൻ ഇരിപ്പിടത്തിൽ കയറിയിരുന്നു. ബ്രാഹ്മണനെ ആദ്യം സല്ക്കരിക്കണമല്ലോ. ദൈത്യേന്ദ്രനായ ഇല്വലനു സന്തോഷമായി. അവൻ പുഞ്ചിരിയോടുകൂടി മാംസം അഗസ്ത്യന്നു വിളമ്പിക്കൊടുത്തുകൊണ്ടിരുന്നു. മഹർഷി വാതാപിയെ മുഴുവനും തിന്നുതീർത്തു. ഭക്ഷണം സുഖമായി കഴിഞ്ഞതിന്നുശേഷം ഇല്വലൻ തന്റെ അനുജനെ ഉറക്കെ വിളിച്ചു. ഉടനെ എന്താണ് ഉണ്ടായതെന്നോ? മഹാത്മാവായ അഗസ്ത്യമഹർഷിയുടെ ഉദരത്തിൽനിന്ന് ഒരു അധോവായു പുറത്തേക്കുപോയി. ഭയങ്കരമായ മേഘനിർഘോഷംപോലെ (ഇടിവെട്ടുന്നവിധം) ശബ്ദത്തിൽ! 'ഉണ്ണീ! വാതാപീ!' ഇല്വലൻ വീണ്ടും വാതാപിയെ വിളിച്ചു. അവൻ പുറത്തുവരുന്നതായിക്കണ്ടില്ല. അഗസ്ത്യമഹർഷി അവനോടു നല്ലപോലെ ചിരിച്ചുകൊണ്ടു പറഞ്ഞു: "വാതാപി എങ്ങനെ പുറത്തേക്കു വരും? അവനെ ഞാൻ ദഹിപ്പിച്ചു എന്ന്. തന്റെ അനുജനെ ആ മഹാത്മാവു ദഹിപ്പിച്ചതായി അറിഞ്ഞ് ഇല്വലൻ വിഷണ്ണനായി മന്ത്രി

digitized by www.sreyas.in

മാരോടുകൂടി അവൻ മഹർഷിയെ തൊഴുത് ഇപ്രകാരം ഉണർത്തിച്ചു."

ഇല്വലൻ പറഞ്ഞു: "ഹേ, മഹാനുഭാവന്മാരേ! നിങ്ങൾ എന്തിനാണ് ഇങ്ങോട്ടു വന്നത്? ഞാൻ എന്താണു ചെയ്യേണ്ടത്?"

ലോമശൻ പറഞ്ഞു: "ഇല്വലന്റെ വാക്കുകേട്ട് അഗസ്ത്യമഹർഷി ചിരിച്ചുകൊണ്ടു പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "ഹേ! അസുരാ! നീ ധനേശ്വരനാണെന്ന് ഞങ്ങൾക്കറിയാം. ഈ രാജാക്കന്മാർ വേണ്ടുവോളം ധനം ഇല്ലാത്തവരാണ്. എനിക്കു ധാരാളം ധനം ആവശ്യമുണ്ട്. മറ്റാർക്കും ദോഷം പറ്റാത്തവിധം നീ യഥാശക്തി ധനം ഞങ്ങൾക്കു തരിക."

ലോമശൻ പറഞ്ഞു: "ഉടനെ ഋഷിയെ അഭിവാദ്യംചെയ്തു ഇല്വലൻ പറഞ്ഞു."

ഇല്വലൻ പറഞ്ഞു: "ഞാൻ എന്താണ് നിങ്ങൾക്കു തരാനുദ്ദേശിച്ചതെന്ന് ഭവാൻപറയുക. എങ്കിൽ ഞാനതു തരുവാൻ സന്നദ്ധനാണ്."

അഗസ്ത്യൻ പറഞ്ഞു: "പതിനായിരം പശുക്കളും, അത്ര സ്വർണ്ണവും ഓരോ രാജാവിനും നല്കാൻ നീ ഉദ്ദേശിക്കുന്നു. അതിന്റെ ഇരട്ടി ധനവും ഹിരണ്മയമായ (സ്വർണ്ണംകൊണ്ടുള്ള) തേരും മനോജവമായ രണ്ടു കുതിരകളും എനിക്കു തരുന്നതിന്നും നീ ഉദ്ദേശിക്കുന്നു. ഹേ! മഹാസുര, ആ തേരു നീ നല്ലപോലെ നോക്കിക്കാണുക; അതു സ്വർണ്ണമയമാണ്."

ലോമശൻ പറഞ്ഞു: "ഇങ്ങനെ അഗസ്ത്യമഹർഷി പറഞ്ഞപ്പോൾ അവൻ തേരിനെപ്പറ്റി അന്വേഷിച്ചു. അത്ഭുതം! അതു പൊന്മയമായിരിക്കുന്നു! ഇതു കണ്ടതോടുകൂടി ദൈത്യൻ ദീനമാനസനായി വേണ്ടത്ര ധനവും ആ തേരും അവർക്കു കൊടുത്തു. 'വിരാവൻ', 'സുരാവൻ' എന്നീ രണ്ട് അശ്വങ്ങളേയും ആ തേരിൽ പൂട്ടി. അവ കണ്ണടച്ചുതുറക്കുംമുമ്പ് ആ രാജാക്കന്മാരേയും ധനത്തേയും മഹർഷിയേയും അഗസ്ത്യാശ്രമത്തിൽ എത്തിച്ചു. അഗസ്ത്യന്റെ സമ്മതത്തോടുകൂടി ആ രാജർഷികൾ തിരിച്ചുപോയി. ലോപാമുദ്രയുടെ എല്ലാ ആഗ്രഹങ്ങളും ഇപ്രകാരം അഗസ്ത്യൻ സാധിപ്പിച്ചു."

ലോപാമുദ്ര പറഞ്ഞു: "ഭഗവാനേ! ഭവാൻ എന്റെ കാമിതം സാധിപ്പിച്ചു. എനിക്കു വീര്യവാനായ ഒരു സന്താനത്തെ നല്കിയാലും."

അഗസ്ത്യൻ പറഞ്ഞു: "എടോ കല്യാണീ, എനിക്ക് നിന്റെ സൗശീല്യത്താൽ സന്തോഷമായിരിക്കുന്നു. ശോഭനേ, അപത്യത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. നിനക്ക് ആയിരം സന്താനങ്ങൾ വേണോ? അതോ പത്താൾക്കു തുല്യരായ നൂറു സന്താനങ്ങൾ വേണോ? അതോ നൂറാൾക്കു തുല്യരായ പത്തു സന്താനങ്ങൾ മതിയോ? അതോ ആയിരം ആൾക്കു സമനായ ഒരു സന്താനം മതിയോ? ഏതാണു വേണ്ടതെന്നു ചിന്തിച്ചു പറയുക."

ലോപാമുദ്ര പറഞ്ഞു: "ഹേ തപോധനാ! സഹസ്രസന്നിഭനായ ഒരു സന്താനം മതി എനിക്ക്. പല ദുഷ്ടന്മാരേക്കാൾ നല്ലത് നല്ലവനും വിദ്വാനുമായ ഒരുത്തനാണ്; അതു മതി."

ലോമശൻ പറഞ്ഞു: "അങ്ങനെയാകട്ടെ എന്നുപറഞ്ഞ് അഗസ്ത്യൻ ലോപാമുദ്രയുടെ അഭീഷ്ടംപോലെ യഥാകാമം രമിച്ചു. അങ്ങനെ രമിച്ചു വസിക്കവേ അവൾ ഗർഭിണിയായി. ലോപാമുദ്ര ഗർഭിണിയായപ്പോൾ അഗസ്ത്യൻ കാട്ടിൽ തപസ്സിന്നുപോയി. ഗർഭം ഏഴുകൊല്ലം വളർച്ചയെത്തിയശേഷം അവൾ ഒരു പുത്രനെ പ്രസവിച്ചു. തേജസ്വിയായ ആ പുത്രൻ 'ദൃഢസ്യു' എന്നു പേരായ മഹാകവിയായിത്തീർന്നു. പ്രഭാവത്താൽ ജ്വലിക്കുന്നവനും സാംഗോപനിഷത്ത്, വേദം ഇവ ജപിക്കുന്നവനും, തപസ്വിയും ആയി ആ മഹർഷിയുടെ പുത്രൻ വളർന്നു. ബാല്യത്തിൽത്തന്നെ അച്ഛന്റെ ആശ്രമത്തിലേക്കു ധാരാളം യജ്ഞത്തിനുള്ള വിറകിൻകെട്ടു ചുമന്നതുകൊണ്ട് 'ഇദ്ധ്മവാഹൻ' എന്ന പേരുകൂടി അവന്നു സിദ്ധിച്ചു. ആ നിലയിൽ തേജസ്വിയായ പുത്രനെക്കണ്ട് മുനിസത്തമനായ അഗസ്ത്യൻ സന്തോഷിച്ചു. ഹേ ഭാരത, ഇങ്ങനെയാണ് ഉത്തമനായ അഗസ്ത്യപുത്രൻ മൂലം പിതൃക്കൾ ഇഷ്ടലോകം പ്രാപിച്ചത്. അന്നുമുതൽ ആ സ്ഥലം 'അഗസ്ത്യാശ്രമം' എന്നു പ്രസിദ്ധമായിത്തീർന്നു. പ്രഹ്ലാദവംശജനായ വാതാപിയെ നശിപ്പിച്ച അഗസ്ത്യന്റെ രമണീയമായ ആശ്രമമാണ് നാം ഈ കാണുന്നത്, യുധിഷ്ഠിരാ!

മഹാനായ അഗസ്ത്യന്റെ ആശ്രമത്തിന്നരികിലൂടെ ദേവന്മാരും, ഗന്ധർവ്വന്മാരും സേവിക്കുന്ന പുണ്യയായ ഭാഗീരഥീനദി നഭസ്സിൽ കാറ്റിലിളകുന്ന പതാകപോലെ ഇതാ സുന്ദരമായി പ്രവഹിക്കുന്നു!

ഉയർന്ന ദിക്കിൽനിന്നും കുണ്ടിലേക്ക് ഊർന്നുവീണും ശിലാതലങ്ങളിൽ തട്ടിച്ചിതറിയും അവിടെനിന്ന് പന്നഗേന്ദ്രന്റെ വധുവിനെപ്പോലെ വളഞ്ഞുപുളഞ്ഞ് ഇഴഞ്ഞുനീങ്ങി തെക്കൻദിക്കിനെ അമ്മയെപ്പോലെ വെള്ളത്താൽ കുളിപ്പിച്ചുകൊണ്ട് പ്രവഹിക്കുന്നു. മഹാദേവന്റെ ജടയിൽനിന്നും ആരംഭിച്ച് അവസാനം സമുദ്രത്തിൽ ചെന്നെത്തുന്ന അവൾ സമുദ്രത്തിന്റെ പ്രിയമഹിഷിയെപ്പോലെ സമുദ്രവുമായി ചേരുന്നു. ഇഷ്ടംപോലെ ഭവാൻ ആ പുണ്യനദിയിലിറങ്ങി സ്നാനംചെയ്യുക, യുധിഷ്ഠിരാ!

ഹേ യുധിഷ്ഠിരാ! ഈ കാണുന്നതു മൂന്നു ലോകത്തിലും പ്രസിദ്ധമായതും മഹർഷിഗണങ്ങളാൽ സേവിതവുമായ ഭൃഗുതീർത്ഥമാണ്. ഇതിൽ സ്നാനംചെയ്തു പണ്ട് ഭൃഗുവംശജനായ രാമൻ തന്റെ നഷ്ടപ്പെട്ട തേജസ്സു വീണ്ടെടുത്തു. ഇതിൽ ഭ്രാതാക്കളോടും, കൃഷ്ണയോടുംകൂടി മുങ്ങി, പണ്ട് ഭൃഗുരാമൻ ശ്രീരാമനുമായുണ്ടായ രണത്തിൽ നഷ്ടപ്പെട്ട തന്റെ തേജസ്സ് വീണ്ടെടുത്തപോലെ, ദുര്യോധനൻ അപഹരിച്ച തേജസ്സ് ഭവാൻ വീണ്ടെടുക്കുക."

വൈശമ്പായനൻ തുടർന്നു: "ലോമശന്റെ ഉപദേശമനുസരിച്ച് യുധിഷ്ഠിരൻ കൃഷ്ണയോടും ഭ്രാതാക്കളോടുംകൂടി ആ തീർത്ഥത്തിൽ കുളിച്ച് പിതൃക്കളേയും ദേവകളേയും തർപ്പിച്ചു. തീർത്ഥസ്നാനം കഴിഞ്ഞ യുധിഷ്ഠിരൻ പരമദീപ്തരൂപനായി പ്രശോഭിച്ചു. ശത്രുക്കൾക്കു നോക്കാൻപോലും ശക്തിവരാത്തത്ര ദീപ്തിയോടെ അവൻ വിളങ്ങി. പിന്നെ, ആ പാണ്ഡുനന്ദനൻ ലോമശനോടു ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ! രാമന്റെ തേജസ്സ് എങ്ങനെയാണ് ഹൃതമായത്? പിന്നെ അത് എങ്ങനെ വീണ്ടെടുത്തു? ഞാൻ ആ കഥ കേൾക്കുവാൻ ആഗ്രഹിക്കുന്നു; പ്രഭോ, എല്ലാം പറഞ്ഞുതന്നാലും."

ലോമശൻ പറഞ്ഞു: "ഹേ രാജേന്ദ്രാ ഞാൻ ധീമാനായ ഭാർഗ്ഗവന്റെയും രാമന്റെയും ചരിത്രം പറയാം. ഭവാൻ കേട്ടാലും."

മഹാത്മാവായ ദശരഥന്നു പുത്രനായി രാമൻ ജനിച്ചു. വിഷ്ണു മനുഷ്യരൂപമെടുത്ത് രാവണനെ വധിക്കുവാനാണ് ദാശരഥിയായി ഭൂമിയിൽ അവതരിച്ചത്. ഞാൻ അയോദ്ധ്യയിൽച്ചെന്ന്, ദാശരഥിയായ രാമനെ കണ്ടിട്ടുണ്ട്. ഋചീകനന്ദനനും ഭാർഗ്ഗവവംശത്തിൽപ്പെട്ടവനും രേണുകാസുതനുമായ രാമൻ ദശരഥപുത്രനായ രാമനെപ്പറ്റിയുള്ള പ്രസിദ്ധി കേട്ടു. ജിജ്ഞാസയോടെ അയോദ്ധ്യയിലേക്കു തന്റെ വില്ലുമായി ചെന്നു. ക്ഷത്രിയരെ മുടിച്ച ആ വില്ലുമായിച്ചെന്നത് ദാശരഥി രാമന്റെ വീര്യത്തെ പരീക്ഷിക്കുവാനായിരുന്നു. അതിർത്തിയിൽ അവൻ വന്നതായി കേട്ട് ദശരഥരാജാവ് സ്വീകരിക്കാനായി രാമന്റെ അടുക്കലേക്ക് തന്റെ പുത്രനായ രാമനെ അയച്ചു. ആയുധങ്ങളും കൈയിലേന്തി അവൻ വന്നതു കണ്ട് ഭൃഗുരാമൻ ഇങ്ങനെ ചിരിച്ചു പരിഹാസത്തോടെ പറഞ്ഞു."

പരശുരാമൻ പറഞ്ഞു: "ഹേ രാജേന്ദ്രാ! ഞാൻ ഈ വില്ലുകൊണ്ട് അനേകം ക്ഷത്രിയന്മാരെ വധിച്ചിട്ടുണ്ട്. ഇതൊന്നു കുലയേറ്റുവാൻ സർവ്വശക്തിയുമുപയോഗിച്ച് ശ്രമിച്ചുനോക്കൂ!

ഇതു കേട്ട് ദശരഥപുത്രൻ പറഞ്ഞു: "ഹേ, മഹാത്മാവേ! അധിക്ഷേപിച്ചു പറയരുത്. ഞാൻ ദ്വിജനല്ല; ക്ഷത്രിയധർമ്മം

digitized by www.sreyas.in

പാലിക്കാത്തവനുമല്ല. ജാതിയിൽ താഴ്ന്നവനല്ല. ബാഹുവീര്യത്താൽ പൊങ്ങച്ചംപറയുന്ന സ്വഭാവം ഇക്ഷ്വാകുവംശജർക്കു പതിവില്ല."

ലോമശൻ പറഞ്ഞു: "അവൻ ഇപ്രകാരം പറഞ്ഞതുകേട്ടപ്പോൾ ഭൃഗുരാമൻ ഇങ്ങനെ പറഞ്ഞു."

പരശുരാമൻ പറഞ്ഞു: "വെറുംവാക്കു പറഞ്ഞിട്ട് എന്താണു കാര്യം? കഴിയുമെങ്കിൽ എടോ രാഘവ! ഈ വില്ലൊന്നു കുലയേറ്റുക!"

ലോമശൻ പറഞ്ഞു: "അനേകം ക്ഷത്രിയർഷഭരെ മുടിച്ച ആ ദിവ്യമായ വില്ല് ഭൃഗുരാമനിൽനിന്ന് ഉടനെ ദശരഥപുത്രനായ രാമൻ രോഷത്തോടെ വാങ്ങിച്ചു. ഉടനെതന്നെ ആ വില്ലു കുലയേറ്റുകയുംചെയ്തു. ആ വീര്യവാൻ യാതൊരു വിഷമവുംകൂടാതെ പുഞ്ചിരിതൂകി ലീലയാലെന്നപോലെ കുലയേറ്റി. ആ ശബ്ദം ഇടിവെട്ടുന്നപോലെ കേട്ട് ജീവികളൊക്കെ പേടിച്ചു. എന്നിട്ട് ഭൃഗുരാമനോട് ദാശരഥിയായ രാമൻ ചോദിച്ചു."

ശ്രീരാമൻ പറഞ്ഞു: "ഹേ ബ്രാഹ്മണാ, ഇതാ ഞാൻ വില്ലു കുലയേറ്റിയിരിക്കുന്നു. ഇനി എന്തു ചെയ്യണം?"

ലോമശൻ പറഞ്ഞു: "ഉടനെ ആ മഹാത്മാവിന് ജാമദഗ്ന്യൻ ദിവ്യമായ ഒരു ബാണം നല്കി പറഞ്ഞു. ഈ ദിവ്യമായ ബാണം ചെവിവരെ വലിച്ചു കുലയേറ്റുക എന്ന്. ഭാർഗ്ഗവരാമന്റെ വാക്കു കേട്ട് ശ്രീരാമൻ ദേഷ്യംകൊണ്ടു ജ്വലിക്കുന്നവിധം നിന്നു പറഞ്ഞു."

ശ്രീരാമൻ പറഞ്ഞു: "കേട്ടു! നീ പറഞ്ഞതു ഞാൻ കേട്ടു! പക്ഷേ, ഞാൻ ക്ഷമിക്കുന്നു! നീ വലിയ അഹങ്കാരിതന്നെയാണ് ഭാർഗ്ഗവ! നീ ക്ഷത്രിയർക്കുള്ളതിനേക്കാളുപരി തേജസ്സുനേടിയത് പിതാമഹന്റെ പ്രസാദംമൂലം മാത്രമാണ്. എന്നിട്ട് നീ എന്നെ അധിക്ഷേപിക്കുകയാണ്. കൊള്ളാം! ഇനി നീ എന്റെ സ്വരൂപം ഒന്നുകാണുക. ഞാൻ ദിവ്യചക്ഷുസ്സ് നല്കുന്നു."

ലോമശൻ പറഞ്ഞു: "ഉടനെ ശ്രീരാമന്റെ ദേഹത്തിൽ ഭാർഗ്ഗവൻ ആദിത്യവസുരുദ്രന്മാരെയും, മരുത്സാദ്ധ്യഗണങ്ങളെയും, പിതൃക്കളെയും, ഹുതാശനനെയും, നക്ഷത്രഗ്രഹവർഗ്ഗങ്ങളെയും, ഗന്ധർവ്വരക്ഷേശരഗണങ്ങളെയും, എല്ലാ നദീതീർത്ഥങ്ങളെയും, സനാതനരും ബ്രഹ്മകല്പന്മാരുമായ ബാലഖില്യമുനിമാരെയും, ദേവർഷിമാരെയും, സമുദ്രങ്ങളെയും, പർവ്വതങ്ങളെയും, വേദങ്ങളെയും, ഉപനിഷത്തുകളെയും, സ്വാഹാദ്ധ്വരവഷൽക്കൃതികളെയും, ചൈതന്യം, പൂജ, സാമങ്ങൾ, ധനുർവ്വേദം, മേഘവൃന്ദങ്ങൾ, മഴ, ഇടി, മിന്നൽ ഇവയേയുമൊക്കെ ഭൃഗുരാമൻ കണ്ടു. ഭഗവാൻ വിഷ്ണു ആ ബാണമെയ്തു. ഉടനെ ഇടിനാദത്താലും കൊള്ളിമീനാലും ഭൂമി നിറഞ്ഞു കുലുങ്ങി. ഉടനെ ഭൂമിയിൽ പൊടിവർഷവും, വാരിവർഷവുമുണ്ടായി. ഭൂകമ്പമുണ്ടായി. ഇടിനാദമുണ്ടായി. പ്രപഞ്ചം ഭയങ്കരമായി നടുങ്ങിപ്പോയി. രാമൻ വലിച്ച്എയ്ത ബാണം ജ്വലിച്ചുകൊണ്ടു പാഞ്ഞു. അതിന്റെ തേജസ്സാൽ ഭാർഗ്ഗവരാമനെ വിഹ്വലനാക്കി, തന്റെ കൈയിൽ മടങ്ങിവന്നു. വിഹ്വലനായ ഭൃഗുരാമൻ ബുദ്ധി വീണ്ടുകിട്ടിയപ്പോൾ ആ തേജസ്സിനെത്തന്നെ ശരണം പ്രാപിച്ചു. പിന്നെ വിഷ്ണുവിന്റെ ആജ്ഞയനുസരിച്ച് മഹേന്ദ്രപർവ്വതത്തിൽ ച്ചെന്ന് പേടിച്ച് ലജ്ജിച്ച് ഭാർഗ്ഗവൻ അവിടെ തപസ്സുചെയ്തു വാണു. അവിടെ തേജസ്സറ്റ് മദംപോയി ദുഃഖിച്ചു ലജ്ജിച്ച് ജീവിക്കവേ, ഒരുകൊല്ലം കഴിഞ്ഞപ്പോൾ പിതൃക്കൾവന്നു രാമനോടു പറഞ്ഞു."

പിതൃക്കൾ പറഞ്ഞു: "ഉണ്ണീ! നീ വിഷ്ണുവിനോട് എതിർത്തതു നന്നായില്ല. അവൻ മൂന്നു ലോകത്തിന്നും പൂജ്യനും മാന്യനുമാണല്ലോ. നീ വധൂസരയെന്ന പുണ്യനദിയിലേക്കു പോകുക. വത്സാ! ആ തീർത്ഥത്തിൽപോയി കുളിച്ചാൽ നിന്റെ തേജസ്സൊക്കെ വീണ്ടുംലഭിക്കും. ദീപ്തോദം എന്നാണ് ആ തീർത്ഥത്തിന്റെ പേര്. അതിൽ നിന്റെ പ്രപിതാമഹനായ ഭൃഗു ദേവയുഗത്തിൽ ഉത്തമമായ തപസ്സു ചെയ്തിട്ടുണ്ട്."

ലോമശൻ പറഞ്ഞു: "അവരുടെ ഉപദേശമനുസരിച്ച് അപ്രകാരം രാമൻചെയ്തു. ആ തീർത്ഥത്തിൽ മുങ്ങി വീണ്ടും നഷ്ടപ്പെട്ട തേജസ്സ് വീണ്ടെടുക്കുകയും ചെയ്തു."

അക്ലിഷ്ടകർമ്മാവായ രാമന് വിഷ്ണുവുമായുണ്ടായ സംഘട്ടനത്തിന്നുശേഷം ഇതാണു സംഭവിച്ചത്.

100. അഗസ്ത്യോപാഖ്യാനം - വജ്രനിർമ്മാണകഥനം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ ദ്വിജോത്തമാ! ധീമാനായ അഗസ്ത്യമഹർഷി ചെയ്ത മഹത്കർമ്മങ്ങൾ കേൾക്കുവാൻ എനിക്ക് ആഗ്രഹം വർദ്ധിക്കുന്നു; വിസ്തരിച്ചു പറഞ്ഞാലും."

ലോമശൻ പറഞ്ഞു: "ഹേ യുധിഷ്ഠിരാ! പറയാം. അതിമാനുഷവും ദിവ്യവും അത്ഭുതവുമായ അദ്ദേഹത്തിന്റെ അത്യുജ്ജ്വലപ്രഭാവത്തെക്കുറിച്ച് ഞാൻ പറയാം. പണ്ട് കൃതയുഗത്തിൽ ഘോരന്മാരും രണദുർമ്മദന്മാരുമായ കാലകേയന്മാർ എന്നു വിഖ്യാതരായ ദാനവന്മാരുണ്ടായിരുന്നു. അവർ അതിദാരുണന്മാരായിരുന്നു. അവർ വിവിധ ആയുധങ്ങളോടെ വൃത്രാസുരന്റെ നേതൃത്വത്തിൽ മഹേന്ദ്രാദികളായ സുരന്മാരെ ആക്രമിച്ച് പല ദിക്കിലേക്കും ഓടിച്ചു. ഉടനെ വൃത്രവധത്തിനായി ദേവകൾ പരിശ്രമിച്ചു. അവർ പുരന്ദരനെ പുരസ്കരിച്ച് ബ്രഹ്മാവിന്റെ അടുത്തു ചെന്നു. കൈകൂപ്പിനില്ക്കുന്ന ദേവന്മാരോട് പരമേഷ്ടി ഇങ്ങനെ പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "നിങ്ങൾ കാംക്ഷിക്കുന്ന കാര്യം സുരന്മാരേ, ഞാൻ അറിയുന്നുണ്ട്. വൃത്രനെ സംഹരിക്കുവാനുള്ള ഉപായം ഞാൻ പറഞ്ഞുതരാം. 'ദധീചൻ' എന്ന വിഖ്യാതനും, ഉദാരനുമായ ഒരു മഹർഷിയുണ്ട്. അവനെക്കണ്ട് നിങ്ങൾ വരം യാചിക്കുവിൻ. ധർമ്മാത്മാവായ അവൻ പ്രീതനായാൽ നിങ്ങൾക്കു വരം നല്കും. നിങ്ങൾ അവനോടു യാചിക്കേണ്ടത് എന്താണെന്നറിയാമോ? ഈ മൂന്നു ലോകത്തിന്റെയും രക്ഷയ്ക്കായി ആ മഹർഷിയോട് അവന്റെ അസ്ഥികളാണു യാചിക്കേണ്ടത്. അവൻ ആ മഹത്കൃത്യത്തിന്നുവേണ്ടി ദേഹംവെടിഞ്ഞു സ്വന്തം അസ്ഥികൾ നിങ്ങൾക്കുനല്കും. അവന്റെ അസ്ഥികൊണ്ട് അതിഘോരമായ ആയുധം നിർമ്മിക്കണം. അത് മഹാശത്രുഹരവും, ഘോരവും, ഭീമസ്വനമുള്ളതും, ആറുവശങ്ങളുള്ളതും, വജ്രം എന്ന പേരിൽ അറിയപ്പെടുന്നതുമായ ആയുധമായിരിക്കും. ആ വജ്രായുധംകൊണ്ട് ശതക്രതു വൃത്രനെ വധിക്കും. ഉടനെ അതിന്നു ശ്രമിച്ചുകൊള്ളുക."

ലോമശൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞപ്പോൾ അമരന്മാർ ഉത്സാഹത്തോടെ, ബ്രഹ്മാവിന്റെ സമ്മതത്തോടെ നാരായണനെ മുമ്പാക്കി ദധീചന്റെ ആശ്രമത്തിലെത്തി. സരസ്വതീനദിയുടെ അങ്ങേക്കരയിൽ നാനാവൃക്ഷലതാഢ്യമായ പ്രദേശത്ത് ആശ്രമം കണ്ടു. അവിടെ സാമഗാനം പാടുന്നപോലെ വണ്ടുകൾ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. കുയിലുകളുടെ കളഗാനം കേൾക്കുമാറായി. ചകോരകൂജനംകേട്ടു. കാട്ടുപോത്ത്, പന്നി, ചമരിമാൻ മുതലായ വന്യമൃഗങ്ങൾ, പുലികളെപ്പോലും ഭയപ്പെടാതെ അങ്ങുമിങ്ങും സഞ്ചരിക്കുന്നതായികണ്ടു. പിടിയാനകളും, മദംപൊട്ടിയ ആനകളും ചേർന്ന് പൊയ്കയിൽ കൂട്ടമായി കൂത്താടുന്നതുംകണ്ടു. സിംഹവും പുലിയും ഗർജ്ജിക്കുന്നതും കേട്ടു. ഇവയുടെ ശബ്ദത്താൽ ആ കാനനം ശബ്ദസങ്കുലമായി. ഇങ്ങനെ നാനാമൃഗങ്ങൾ ക്രീഡിക്കുന്നതും, നാനാപക്ഷികൾ വിഹരിക്കുന്നതുമായ ദധീചാശ്രമം കണ്ട് ആ സ്വർഗ്ഗവാസികൾ സ്വർഗ്ഗസന്നിഭമായ ആശ്രമത്തിലേക്കു കയറിച്ചെന്നു.

അവിടെ ദിവാകരനു തുല്യമായ തേജസ്സോടുകൂടിയ ദധീചനെ അവർ ദർശിച്ചു. ബ്രഹ്മാവിനെപ്പോലെ ഉജ്ജ്വലതേജസ്സോടെ ആ മഹർഷി വിളങ്ങുന്നു. അദ്ദേഹത്തെ അഭിവാദ്യം ചെയ്തു ദേവന്മാർ പ്രണമിച്ചു. എല്ലാവരും പരമേഷ്ടി (ബ്രഹ്മാവ്) പറഞ്ഞവിധം വരം ചോദിച്ചു. ദധീചൻ പരമപ്രീതനായി ആസുരോത്തമന്മാരോട് ഇപ്രകാരം പറഞ്ഞു."

ദധീചൻ പറഞ്ഞു: "ഹേ ദേവന്മാരേ! ഭവാന്മാർ എന്തിനായി ഇങ്ങോട്ടു വന്നു? എന്താണ് ഞാൻ നിങ്ങൾക്ക് സാധിപ്പിച്ചുതരേ

digitized by www.sreyas.in

ണ്ടത്? ഇഷ്ടമെന്തെന്നു പറഞ്ഞാലും. നിങ്ങളുടെ ഇഷ്ടം സാധിപ്പിക്കുവാൻ ഞാൻ എന്റെ സ്വന്തം ശരീരംപോലും ത്യജിക്കുവാൻ സന്നദ്ധനാണ്!"

ലോമശൻ പറഞ്ഞു: "എന്ന് പറഞ്ഞ്, വരിഷ്ഠനായ ആ മഹർഷി ദേവന്മാർക്കുവേണ്ടി അപ്പോൾത്തന്നെ ദേഹം വെടിഞ്ഞു.

ദേവന്മാർ ആ മഹർഷിയുടെ മൃതദേഹത്തിൽനിന്ന് അസ്ഥികളെടുത്ത് സന്തോഷത്തോടെ കൊണ്ടുപോയി. 'ത്വഷ്ടാവി' നോടു ചെയ്യേണ്ട കാര്യം പറഞ്ഞു. ത്വഷ്ടാവ് അവരുടെ വാക്കു കേട്ടു പ്രഹൃഷ്ടനായി വളരെ പണിപ്പെട്ട്, പ്രയത്നിച്ച് അത്യുഗ്രരൂപമുള്ള വജ്രായുധം ഉണ്ടാക്കി, സസന്തോഷം ശക്രനോട് ഇപ്രകാരം പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "ഹേ, ദേവരാജാവേ, ഭവാൻ ഈ വജ്രായുധത്താൽ സുരന്മാരുടെ ഉഗ്രനായ ശത്രുവെ ഭസ്മമാക്കുക. അവനെ കൊന്നു ദേവന്മാരോടൊപ്പം ഭവാൻ സ്വർഗ്ഗം സസുഖം പാലിക്കുക."

ലോമശൻ പറഞ്ഞു: "ഇപ്രകാരം ത്വഷ്ടാവ് പറഞ്ഞപ്പോൾ പുരന്ദരൻ സന്തോഷത്തോടും ബഹുമാനത്തോടുംകൂടി ആ വജ്രായുധം ഏറ്റുവാങ്ങി."

101. അഗസ്ത്യോപാഖ്യാനം - വൃത്രവധോപാഖ്യാനം – ലോമശൻ പറഞ്ഞു: "പിന്നെ വജ്രധാരിയായ ദേവേന്ദ്രൻ ശക്തരായ ദേവന്മാരോടുകൂടിച്ചെന്ന് ആകാശവും ഭൂമിയും തന്റെ ബലത്തിന്ന് അധീനമാക്കിയ വൃത്രനോട് എതിർത്ത് ശൃംഗങ്ങൾ ചേർന്ന പർവ്വതങ്ങൾപോലെ മഹാകായന്മാരായ കാലകേയന്മാർ അവനെ രക്ഷിക്കുവാൻ തയ്യാറായി ആയുധങ്ങളുമേന്തി നില്ക്കുന്നുണ്ടായിരുന്നു. ദേവന്മാരും ദാനവന്മാരും തമ്മിൽ ഭയങ്കരമായി ഏറ്റുമുട്ടി. മുഹൂർത്തസമയം മാത്രമുണ്ടായ ആ യുദ്ധം മൂന്നു ലോകങ്ങളും നടുങ്ങുമാറു ഭയങ്കരമായിരുന്നു. യുദ്ധവീരന്മാരുടെ കൈകൾ ഓങ്ങുമ്പോഴേക്കും വെട്ടിമുറിക്കുന്നതും, ദേഹത്തിൽ വീഴുന്ന വാളിന്റെ ശബ്ദവും, ആകാശത്തിൽനിന്ന് അറ്റുവീഴുന്നു തലകളുടെ അത്യുഗ്രമായ പതനശബ്ദവും, പനകളിൽനിന്നു പനന്തേങ്ങകൾ ഉതിരുമ്പോലെ അറ്റുവീഴുന്ന ശിരസ്സുകളുടെ കാഴ്ചയും, അത്ഭുതകരമായിരുന്നു. പൊൻചട്ടയിട്ട് പരിഘായുധരായ കാലകേയന്മാർ കത്തിജ്ജ്വലിക്കുന്ന പർവ്വതങ്ങൾപോലെ ദേവന്മാരുടെനേർക്ക് ഓടിയണഞ്ഞു. ഗർവ്വോടുകൂടി പാഞ്ഞടുക്കുന്ന അവരുടെ മഹാവേഗത്തേയും അവരുടെ പ്രഭാവത്തേയും താങ്ങാൻ കഴിയാതെ ദേവന്മാർ ഭയപ്പെട്ട് അണിമുറിച്ച് പാഞ്ഞുകളഞ്ഞു.

ദേവന്മാർ ഭയപ്പെട്ട് ഓടുന്നതും വൃത്രാസുരൻ വിജയിയാകുന്നതും കണ്ട് ഇന്ദ്രൻ അമ്പരന്നു. കാലകേയന്മാരെ പേടിച്ചു പുരന്ദരനും ഉഴന്നുപോയി. ദേവേന്ദ്രൻ ഉടനെ പ്രഭുവായ നാരായണനെ ശരണം പ്രാപിച്ചു. അമ്പരന്ന ശക്രനെക്കണ്ട് സനാതനനായ വിഷ്ണു ഇന്ദ്രനിൽ സ്വതേജസ്സു ചേർത്ത് ഇന്ദ്രനെ ശക്തനാക്കിത്തീർത്തു. വിഷ്ണു രക്ഷിക്കുന്ന ശക്രനെക്കണ്ട് ദേവന്മാർ താന്താങ്ങളുടെ തേജസ്സ് ഇന്ദ്രനു നല്കി. അമലരായ ബ്രഹ്മർഷിശ്രേഷ്ഠന്മാരും അവരുടെ തേജസ്സ് ദേവേന്ദ്രനു നല്കി. വിഷ്ണുവും ദേവന്മാരും മറ്റും തങ്ങളുടെ ശക്തി പകർന്നുകൊടുത്തു. അപ്പോൾ ശക്രൻ മഹാശക്തനായിത്തീർന്നു. ദേവേന്ദ്രൻ ഇങ്ങനെ വളരെ ബലംപ്രാപിച്ചവനായിക്കണ്ട് വൃത്രൻ കോപത്തോടെ അലറിയടുത്തു. അവന്റെ ഭയങ്കരമായ നാദത്താൽ ഭൂലോകവും, അന്തരീക്ഷവും, പർവ്വതവും, സ്വർഗ്ഗവും ഭയങ്കരമായി കുലുങ്ങി. അവന്റെ ഘോരശബ്ദത്താൽ മഹേന്ദ്രൻ നടുങ്ങി, ഭയപ്പെട്ടു വിറച്ചു പോയി. അവൻ ആർത്തടുക്കുന്നതു കണ്ട് ഉടനെ ഭയപ്പെട്ട് ഇന്ദ്രൻ മഹത്തായ വജ്രം അവന്റെ നേരെ വലിച്ചൊരേറുകൊടുത്തു. ശക്രന്റെ വജ്രം ദേഹത്തിൽ ചെന്നു വീണ ഉടനെ പൊന്മാലയണിഞ്ഞ ആ മഹാസുരൻ, പണ്ട് വിഷ്ണു മഹാശൈലമായ മന്ദരപർവ്വതം വലിച്ചെറിഞ്ഞപ്പോൾ, വീണതുപോലെ വീണു.

ആ ദൈത്യൻ മരിച്ചുവീണെങ്കിലും ഭയപ്പെട്ട ശക്രൻ സരസ്സിൽച്ചെന്ന് ഒളിക്കാൻ ഓടി. വജ്രം കൈയിൽനിന്നു വിട്ടതും വൃത്രൻ മരിച്ചതും ശക്രൻ പരിഭ്രമത്തിന്നിടയിൽ അറിഞ്ഞതേയില്ല. വൃത്രൻ മരിച്ചുവീണതു കണ്ടു ദേവന്മാരും, മഹർഷിമാരും സന്തോഷത്തോടെ ശക്രനെ വാഴ്ത്തി. ഉടനെ ദേവകൾ ഒന്നിച്ചു പാഞ്ഞു മുന്നോട്ടു കയറി. വൃത്രവധത്താൽ തപ്തരായ ദൈത്യന്മാരെ സുരന്മാർ യുദ്ധത്തിൽ കൂട്ടത്തോടെ സംഹരിക്കുവാൻ തുടങ്ങി. ദേവന്മാർ ഒന്നിച്ച് എതിർക്കുവാൻ തുടങ്ങിയപ്പോൾ പരിഭ്രാന്തരായ ദൈത്യന്മാർ ഭയപ്പെട്ട് സമുദ്രത്തിൽപ്പോയൊളിച്ചു. അനന്തമായ ആഴമുള്ളതും, മത്സ്യങ്ങളും, നക്രങ്ങളും നിറഞ്ഞതുമായ വലിയ സമുദ്രത്തിൽ അവർ രക്ഷപ്രാപിച്ചു.

മൂന്നു ലോകങ്ങളും നശിപ്പിച്ചുകളയാൻ എന്താണു വഴിയെന്ന് ദാനവന്മാരെല്ലാവരും ഒത്തുചേർന്ന് ഗൂഢാലോചനതുടങ്ങി. അതിൽ ചില ബുദ്ധിമാന്മാർ അതിന്നുള്ള മാർഗ്ഗവും നിർദ്ദേശിച്ചു. ഓരോരുത്തരും അവരവരുടെ ബുദ്ധിക്കനുസരിച്ചവിധത്തിൽ ഒരു തീരുമാനത്തിലെത്തിച്ചേർന്നു. അവർ വിദ്യയും തപോബലവും കൂടിയവരെ.ആദ്യം വധിക്കുവാൻ തീരുമാനിച്ചു. ലോകം നിലനില്ക്കുന്നതു തപസ്സുകൊണ്ടാണെന്നും, അതുകൊണ്ട് തപസ്സിനെ ആദ്യമായി നശിപ്പിക്കണമെന്നും, ധർമ്മജ്ഞന്മാരായി തപസ്സിൽത്തന്നെ മനസ്സുവെച്ച് ലോകത്തിന്നു നന്മചെയ്യുന്ന വളരെ ദ്രോഹികളുണ്ടെന്നും, അവരെ കൊല്ലുകതന്നെ വേണമെന്നും, എന്നാലേ ഈ ലോകം മുടിക്കുക എന്ന മഹാകർമ്മം അസുരന്മാർക്കു ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും, അവർ ദൃഢമായി നിശ്ചയിച്ചു.

ഇപ്രകാരം ബുദ്ധിശൂന്യമായ തീരുമാനത്തിൽ എത്തിച്ചേർന്ന് പരമസന്തുഷ്ടരായി അവർ ജഗത്തിന്റെ വിനാശത്തിന്നുവേണ്ടിയുള്ള ശ്രമം തുടങ്ങി. അവർ വലിയ തിരമാലകളാൽ ആവൃതമായ വരുണാലയത്തിൽ (സമുദ്രം) വലിയ ദുർഗ്ഗം ചമച്ച് അതിന്നുള്ളിൽ ആക്രമണത്തിന്നുവേണ്ടിയുള്ള സർവ്വ സജ്ജീകരണങ്ങളും ചെയ്തു താമസമാക്കി."

102. അഗസ്ത്യോപാഖ്യാനം - വിഷ്ണുസ്തവം – ലോമശൻ തുടർന്നു: "വരുണൻ അധിവസിക്കുന്ന സമുദ്രത്തിൽ രക്ഷപ്രാപിച്ച് അധിവാസമുറപ്പിച്ച് ദാനവന്മാരായ കാലകേയന്മാർ ത്രൈലോക്യവിനാശത്തിന്നായി ശ്രമം തുടങ്ങി. പുണ്യക്ഷേത്രങ്ങളിലും, ആശ്രമങ്ങളിലും വാഴുന്ന മുനിമാരെ രാത്രിതോറും ചെന്ന് ക്രുദ്ധരായി അവർ ആക്രമിച്ചു കൊന്നുതിന്നുവാൻ തുടങ്ങി. വസിഷ്ഠാശ്രമത്തിൽച്ചെന്ന് അവർ നൂറ്റിത്തൊണ്ണൂറ്റേഴു തപസികളെ പിടിച്ചു തിന്നുകളഞ്ഞു. ദ്വിജന്മാർ നിറഞ്ഞതും പാവനവുമായ ച്യവനാശ്രമത്തിൽ രാത്രി കയറിച്ചെന്ന് ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചുജീവിക്കുന്ന ബ്രഹ്മചാരികളായ നൂറു മുനിമാരെ പിടിച്ചുതിന്നു. ഇങ്ങനെ എന്നും രാത്രിയിൽ ആക്രമണം നടത്തും; പകൽ മുഴുവൻ കടലിൽ ഒളിച്ചിരിക്കും. ഭരദ്വാജാശ്രമത്തിൽ വെള്ളവും വായുവുമായി കഴിഞ്ഞുകൂടുന്ന നിയതരും, ബ്രഹ്മചാരികളുമായ ഇരുപതുപേരെ കൊന്നുതിന്നു.

ഇപ്രകാരം ആശ്രമങ്ങൾതോറും ചെന്ന് കൈയൂക്കിൽ മദംകൊണ്ട അവർ രാത്രി ചെന്നു ദ്രോഹിച്ചു. കാലൻ ബാധിച്ചവരായ കാലകേയന്മാർ ഇത്തരത്തിൽ അസംഖ്യം ബ്രാഹ്മണരെ കൊന്നൊടുക്കി. എങ്കിലും മനുഷ്യർക്ക് ഇവരുടെ അപ്രതീക്ഷിതമായ ആക്രമണം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. തപസ്സുചെയ്യുന്ന മഹർഷിമാരിൽ ഉപദ്രവംചെയ്യുന്ന ആ ദാനവന്മാരേയും, അവരുടെ പ്രവൃത്തിയേയും ആർക്കും കാണുവാൻ സാധിച്ചില്ല. എന്നാൽ പ്രഭാതമാകുമ്പോൾ കാണുന്നത് ദാരുണമായ കാഴ്ചയാണ്. നിയതാഹാരന്മാരായ താപസന്മാർ മരിച്ചുകിടക്കുന്നു. മാംസം മുഴുവനും തിന്നുകഴിഞ്ഞതിന്നുശേഷം, മജ്ജയും ആന്ത്രവുമൊക്കെ ഒഴിഞ്ഞുള്ള ദേഹങ്ങൾ, അസ്ഥിഖണ്ഡങ്ങൾ, ശംഖു ചിന്നിയവിധം ചിതറിക്കിടക്കുന്നു. അഗ്നിഹോത്രം തകർത്തു ചിന്നിയും, കലശങ്ങൾ തകർന്നുടഞ്ഞും ചിതറിയും കാണപ്പെട്ടു. സ്വാദ്ധ്യായ വഷൾക്കാരം ഇല്ലാതെ, യജ്ഞോത്സവമില്ലാതെ, കാലകേയഭയപീഡകൊണ്ട് ലോകം നിരുത്സാഹമായിത്തീർന്നു.

digitized by www.sreyas.in

ഇപ്രകാരം ജനങ്ങൾ ചത്തൊടുങ്ങുന്നതുകണ്ട് ശേഷിച്ച ആളുകൾ ആത്മരക്ഷയ്ക്കുവേണ്ടി പത്തുദിക്കിലേക്കും ഭീതരായി ഓടിത്തുടങ്ങി. ചിലർ ഗുഹയിൽപ്പോയൊളിച്ചു. ചിലർ വനനിർഝരികളിൽ ചാടി. ചിലർക്കു മരണഭയംകൊണ്ടുതന്നെ പ്രാണൻ നഷ്ടപ്പെട്ടു. ചില വില്ലാളിവീരന്മാർ വില്ലുമേന്തി ദാനവന്മാരെ അന്വേഷിച്ചു നടന്നു. വളരെ യത്നംചെയ്തെങ്കിലും കടലിൽപ്പാർക്കുന്ന അവരെയുണ്ടോ കാണുന്നു! അവർ വെറുതേ അന്വേഷിച്ചു വലഞ്ഞു നിരാശരായി. യജ്ഞോത്സവാദികർമ്മങ്ങൾ നശിക്കുകയാൽ ലോകം നശിക്കുവാൻ തുടങ്ങി. ഇതു കണ്ട് ദേവന്മാർ വലിയ ദുഃഖത്തിൽ അകപ്പെട്ടു. ദേവകൾ ഇന്ദ്രനോടുകൂടി ആലോചനനടത്തി. അവർ ശരണ്യനും വിഭുവുമായ നാരായണനെ ശരണംപ്രാപിച്ചു. അവർ അപരാജിതനായ വൈകുണ്ഠനെ ചെന്നുകണ്ടു. ദേവന്മാർ മധുസൂദനനോട് ഇപ്രകാരം ഉണർത്തിച്ചു."

ദേവന്മാർ പറഞ്ഞു: "ഭഗവാനേ! അങ്ങ് ഈ ജഗത്തിന്റെ സൃഷ്ടികർത്താവാണ്. അങ്ങ് ലോകത്തിന്നീശ്വരനാണ്. നടക്കുന്നതും നില്ക്കുന്നതുമായ ലോകം നീ ചമച്ചതാണല്ലോ. പണ്ടു കടലിൽ ആണ്ടുപോയ ലോകത്തെ ഹേ പുഷ്കരാക്ഷാ, ഭവാനാണല്ലോ വരാഹമായിച്ചെന്നു ജഗത്തിന്നായി ഉയർത്തിയത്? ഹിരണ്യകശിപു എന്ന മഹാവീര്യവാനായ ദൈത്യനെ പണ്ട് നരസിംഹരൂപത്തിൽ വന്നു നീയാണല്ലോ സംഹരിച്ചത്. പുരുഷോത്തമാ, സർവ്വഭൂതങ്ങൾക്കും അവദ്ധ്യനായ ബലിയെന്ന മഹാസുരനെ വാമനരൂപത്തിൽചെന്നു മൂന്നു ലോകത്തിന്റേയും ആധിപത്യത്തിൽനിന്നു ഭ്രംശിപ്പിച്ചതും നീയാണല്ലോ. മഹാപരാക്രമിയും, ജംഭൻ എന്നു വിശ്രുതനുമായ അസുരനെ, യജ്ഞക്ഷോഭകരനും, ക്രൂരനുമായ അവനെ, ഭവാനാണല്ലോ സംഹരിച്ചത്! ഇപ്രകാരമുള്ള മഹത്കർമ്മങ്ങൾ ചെയ്ത മധുസൂദനാ, അങ്ങയുടെ മഹത്കർമ്മങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണല്ലോ. ഭയഭീതരായ ഞങ്ങൾക്ക് മധുസൂദനാ, ഭവാനേ രക്ഷയായുള്ളു. അതുകൊണ്ട് ദേവദേവേശാ! ലോകത്തിന്നുവേണ്ടി ഞങ്ങൾ ഭവാനോട് അപേക്ഷിക്കുന്നു. ലോകത്തേയും ദേവന്മാരേയും ശക്രനേയും മഹാഭയത്തിൽനിന്ന് അങ്ങു രക്ഷിച്ചാലും."

103. അഗസ്ത്യോപാഖ്യാനം – അഗസ്ത്യമാഹാത്മ്യകഥനം – ദേവകൾ വിഷ്ണുവിനെ സ്തുതിച്ചു: "ചതുർവ്വിധമായ പ്രജകൾ ഭവാന്റെ പ്രസാദത്താലാണല്ലോ വർദ്ധിക്കുന്നത്. ഹവ്യാദികളാൽ അവർ ഞങ്ങളെ തൃപ്തിപ്പെടുത്തുന്നു. ലോകങ്ങൾ ഇപ്രകാരം അന്യോന്യം ആശ്രയിച്ചുകൊണ്ടു ജീവിക്കുന്നതും വർദ്ധിക്കുന്നതും ഭവാന്റെ പ്രസാദത്താലും പരിരക്ഷയാലുമാണ്. ദേവാ, ഭഗവാനേ, ഇതാ ലോകങ്ങൾക്ക് ഇപ്പോൾ ഭയങ്കരമായ ആപത്തു നേരിട്ടിരിക്കുന്നു. ആരാണെന്ന് അറിയുന്നില്ല; രാത്രിയിൽ ബ്രാഹ്മണരെ കൊന്നുകൊണ്ടിരിക്കുന്നു. ബ്രാഹ്മണർ ക്ഷയിച്ചാൽ ഭൂമിയും ക്ഷയിക്കും. ഭൂമിക്ഷയിച്ചാൽ സ്വർഗ്ഗവും ക്ഷയിക്കും. ഭഗവാനേ! ഭഗവാന്റെ പ്രസാദം കൊണ്ട് ലോകങ്ങൾ നശിച്ചുപോകാതെ കാത്തുകൊള്ളേണമേ!"

വിഷ്ണു പറഞ്ഞു: "ദേവന്മാരേ! പ്രജകളുടെ ക്ഷയത്തിന്നുള്ള കാരണം ഞാൻ അറിഞ്ഞിരിക്കുന്നു. നിങ്ങളോടു ഞാൻ പറഞ്ഞേക്കാം. ദുഃഖം വെടിഞ്ഞു കേൾക്കുവിൻ. കാലകേയന്മാർ എന്നു വിഖ്യാതരായ പരമദാരുണരായ ഒരുകൂട്ടം അസുരന്മാരുണ്ട്. അവർ വൃത്രന്റെ ആശ്രയത്തിൽ ഈ ജഗത്തു മുഴുവൻ നശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ധീമാനായ സഹസ്രാക്ഷൻ വൃത്രനെ കൊന്നതു കണ്ടപ്പോൾ അവർ ഭയപ്പെട്ട് പ്രാണരക്ഷയ്ക്കുവേണ്ടി കടലിൽ ചെന്നുകൂടിയിരിക്കുകയാണ്. അതിഘോരങ്ങളായ നക്രങ്ങളും, ഗ്രാഹങ്ങളും നിറഞ്ഞ മഹാസമുദ്രത്തിൽച്ചെന്നു മുങ്ങിക്കിടന്ന് ലോകം മുടിക്കുവാൻവേണ്ടി ഋഷിമാരെ ഹനിക്കുവാൻ രാത്രി ഇറങ്ങിപ്പുറപ്പെടുകയാണ്. സമുദ്രം വറ്റിക്കാതെ അവരെ പിടിച്ചുകൊല്ലുവാൻ കഴിയുകയില്ല. അതുകൊണ്ട് നിങ്ങൾ കടൽ വറ്റിക്കുവിൻ. കടൽ വറ്റിക്കുവാൻ ലോകത്തിൽ ആരാണുള്ളത്? അഗസ്ത്യനല്ലാതെ മറ്റാർക്കും അതിന്നുള്ള കഴിവില്ല. ആഴി വറ്റിക്കാതെ ആ അസുരന്മാരെ കൊല്ലുവാനും കഴിയുകയില്ല."

ലോമശൻ പറഞ്ഞു: "ഇപ്രകാരം മഹാവിഷ്ണു പറഞ്ഞ വാക്കുകേട്ട് വാനവന്മാർ ബ്രഹ്മാവിന്റെ അനുവാദത്തോടെ അഗസ്ത്യാശ്രമത്തിലേക്കു പോയി. അവിടെച്ചെന്ന് ദീപ്തതേജസ്വിയും, വരുണപുത്രനുമായ ആ മഹാത്മാവിനെക്കണ്ടു. ദേവന്മാർ ചൂഴുന്ന പിതാമഹനെപ്പോലെ, ഋഷികളാൽ ചുറ്റപ്പെട്ട മഹാത്മാവും മഹത്കർമ്മപരിവേഷിതനും, മിത്രവരുണന്മാരുടെ പുത്രനുമായ അഗസ്ത്യനെ കണ്ട് അവർ വാഴ്ത്തി."

ദേവകൾ പറഞ്ഞു: "ഭഗവാനേ, ഭവാൻ പണ്ട് നഹുഷനാൽ പീഡിപ്പിക്കപ്പെട്ട ലോകത്തിന്നു ഗതിയായി ഭവിച്ചു. ആ ലോകദ്രോഹിയെ സ്വർഗ്ഗൈശ്വര്യത്തിൽനിന്നു വലിച്ചെറിഞ്ഞ് സുരന്മാരെ രക്ഷിച്ചു. ഭാസ്കരന്റെനേരേ ക്രോധിച്ച് ഉയർന്നുവന്ന വിന്ധ്യപർവ്വതത്തെ ഭവാന്റെ വാക്കുമൂലം, ഭവാന്റെ ആജ്ഞ ധിക്കരിക്കാൻ ഭയമുള്ളതുമൂലം വർദ്ധിക്കാതാക്കിനിർത്തി. ലോകം തമസ്സിലാണ്ട് മൃത്യുപീഡ അനുഭവിക്കുന്ന ജനം നീ നാഥനായി നില്ക്കെ, പരിപൂർണ്ണരക്ഷനേടി. ഭയഭീതരായ ഞങ്ങൾക്കു നിത്യവും ഭവാനല്ലാതെ ഗതിയാരുണ്ട്? ആർത്തരായ ഞങ്ങൾക്ക് ഭവാൻ വരം തന്നാലും! അങ്ങ് എന്നും വരദനാണല്ലോ."

104. അഗസ്ത്യോപാഖ്യാനം – അഗസ്ത്യോദധിഗമനം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹർഷേ! എന്തിനാണ് വിന്ധ്യൻ ക്രുദ്ധനായി വളർന്നത്? അതു വിസ്തരിച്ചു കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്."

ലോമശൻ പറഞ്ഞു: "സൂര്യൻ, അദ്രിരാജനും മഹാശൈലവുമായ മഹാമേരു എന്ന കനകപർവ്വതത്തെ ഉദയാസ്തമയകാലങ്ങളിൽ വലംവയ്ക്കുന്നു. ഇതു കണ്ട് വിന്ധ്യപർവ്വതം സൂര്യനോടു പറഞ്ഞു."

വിന്ധ്യൻ പറഞ്ഞു: "ഹേ, ഭാസ്കരാ! നിത്യവും നീ മേരുപർവ്വതത്തെ പരിഗമിക്കുന്നുണ്ടല്ലോ. നീ മേരുവിനെ പ്രദക്ഷിണം ചെയ്യുന്നതുപോലെ എന്നെയും വലംവയ്ക്കുക!"

ലോമശൻ പറഞ്ഞു: "ഇപ്രകാരം വിന്ധ്യപർവ്വതം പറഞ്ഞപ്പോൾ സൂര്യൻ മറുപടി പറഞ്ഞു."

സൂര്യൻ പറഞ്ഞു: "ഹേ, ശൈലേന്ദ്രാ! എന്റെ ഇഷ്ടത്തിന് ഞാൻ മേരുപർവ്വതത്തെ വലംവയ്ക്കുകയല്ല. അത് ഈ ജഗത്തു സൃഷ്ടിച്ചവൻ നിശ്ചയിച്ച മാർഗ്ഗമാണ്."

ലോമശൻ പറഞ്ഞു: "സൂര്യൻ പറഞ്ഞ മറുപടി വിന്ധ്യന്ന് തീരെ പിടിച്ചില്ല. ഉടനെ ആ മഹാചലം കോപത്താൽ വലുതാകുവാൻതുടങ്ങി. പർവ്വതം വലുതായി സൂര്യചന്ദ്രന്മാരുടെ മാർഗ്ഗം അടയ്ക്കുവാൻതന്നെ മുതിർന്നു.

ഇതു കണ്ടപ്പോൾ ദേവകളൊക്കെ ഒന്നിച്ചുകൂടി, മഹാദ്രിരാജാവിന്റെ അടുത്തു ചെന്നു. ഉപായങ്ങൾ പറഞ്ഞ് തടുത്തുനോക്കി. അവർ പറഞ്ഞതൊന്നും വിന്ധ്യൻ സമ്മതിച്ചില്ല. ഉടനെ ദേവന്മാരൊക്കെക്കൂടി ആശ്രമത്തിൽ തപസ്സുചെയ്തു വാഴുന്ന ധർമ്മിഷ്ഠനും വരിഷ്ഠനുമായ അഗസ്ത്യമഹർഷിയെപ്പോയി കണ്ടു. അവർ കൈകൂപ്പി പറഞ്ഞു."

ദേവകൾ പറഞ്ഞു: "ഹേ! ദ്വിജോത്തമാ! സൂര്യചന്ദ്രന്മാരുടേയും നക്ഷത്രങ്ങളുടേയും മാർഗ്ഗം ഇതാ വിന്ധ്യൻ കോപിച്ച് വളർന്ന് അടയ്ക്കുന്നു. അവനെ തടയുവാൻ മറ്റാർക്കും പറ്റുകയില്ല. അതിനുള്ള കഴിവ് ഭവാനേയുള്ളു. ഹേ, മഹാഭാഗാ, അതുകൊണ്ട് ഭവാൻ ചെന്നു വിന്ധ്യനെ തടുത്താലും."

ലോമശൻ പറഞ്ഞു: "ദേവന്മാരുടെ വാക്കുകേട്ട് അഗസ്ത്യമഹർഷി വിന്ധ്യന്റെ സമീപത്തെത്തി. തന്റെ ഭാര്യയോടുകൂടിയാണ് മഹർഷി ചെന്നെത്തിയിരിക്കുന്നത്. മഹർഷി പർവ്വതത്തോടു പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "ഹേ, പർവ്വതോത്തമാ! ഞാൻ ഭാര്യയോടു കൂടി ഒരു കാര്യത്തിനായി ഭവാൻ തന്നവഴിയേ തെക്കോട്ടു

digitized by www.sreyas.in

പോവുകയാണ്. ഞാൻ മടങ്ങിയെത്തുന്നതുവരെ ഭവാൻ കാത്തു നില്ക്കണം. എന്റെ യാത്രകഴിഞ്ഞ് മടങ്ങിപ്പോന്നതിനുശേഷം ഭവാൻ ഇഷ്ടംപോലെ വർദ്ധിച്ചുകൊള്ളുക."

ലോമശൻ പറഞ്ഞു: "പർവ്വതം അഗസ്ത്യന്റെ പ്രഭാവംമൂലം കരാറു സമ്മതിച്ചു. അപ്രകാരമാകാമെന്നു സമ്മതിച്ച സത്യസന്ധനായ വിന്ധ്യൻ ഇന്നും തെക്കൻദിക്കിലേക്കുപോയ വരുണപുത്രനായ അഗസ്ത്യൻ മടങ്ങുന്നതു കാത്ത് വളരാതെ നില്ക്കുകയാണ്. അഗസ്ത്യൻ വടക്കോട്ടുപോകാതെ ദക്ഷിണദിക്കിൽത്തന്നെ പാർക്കുകയാണ്. ഇതാണ് യുധിഷ്ഠിരാ! വിന്ധ്യൻ വളരാതിരിക്കുവാൻ കാരണം."

ഇനി അഗസ്ത്യൻ എങ്ങനെയാണ് കാലകേയരെ സംഹരിക്കുവാൻ സഹായിച്ചത് എന്ന കഥ പറയാം. അതും കേൾക്കുക. ദേവന്മാർ സ്തുതിച്ചതുകേട്ട് മിത്രവരുണന്മാരുടെ പുത്രനായ അഗസ്ത്യൻ ചോദിച്ചു.

അഗസ്ത്യൻ പറഞ്ഞു: "ഹേ, ദേവന്മാരേ! നിങ്ങളുടെ ആഗമനോദ്ദേശ്യമെന്താണ്? എന്തു വരമാണ് ഞാൻ നിങ്ങൾക്കു തരേണ്ടത്?"

ദേവന്മാർ പറഞ്ഞു: "ഭഗവാനേ! ഞങ്ങളുടെ ആഗ്രഹം പറയാം. ഭവാൻ സമുദ്രമൊക്കെ കുടിച്ചുവറ്റിക്കണം. എന്നാൽ ശത്രുക്കളായ കാലകേയവർഗ്ഗത്തെ ഞങ്ങൾ കൊന്നുകളയാം."

ലോമശൻ പറഞ്ഞു: "ദേവന്മാരുടെ വാക്കുകേട്ട് ആ മുനി ഇങ്ങനെ അവരോടു പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "അപ്രകാരമാകാം. ലോകർക്ക് ക്ഷേമവും സുഖവും നല്കുന്ന നിങ്ങളുടെ ആഗ്രഹം ഞാൻ നിറവേറ്റാം."

ലോമശൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അഗസ്ത്യൻ സരിത്തുക്കളുടെ പതിയായ സമുദ്രത്തിന്റെ സമീപത്തുചെന്നു. ദേവന്മാരും, തപസ്സിദ്ധരായ ഋഷിമാരും ഈ അത്ഭുതകർമ്മം കാണുവാൻ അദ്ദേഹത്തോട് ഒന്നിച്ചുകൂടി. മനുഷ്യരും, ഉരഗങ്ങളും, യക്ഷന്മാരും, ഗന്ധർവ്വന്മാരും, കിമ്പുരുഷന്മാരും അഗസ്ത്യൻ സമുദ്രം കുടിച്ചുവറ്റിക്കുന്നതു കാണുവാൻ അവിടേക്ക് എത്തിക്കൊണ്ടിരുന്നു. എല്ലാവരും ഭീമനിസ്വനനായ കടലിന്റെ കരയിലേക്കു നടന്നു. തിരമാലയാൽ നൃത്തംവച്ചും, കാറ്റാൽ കുതിച്ചു ചാടിയും, നുരകൊണ്ടു ചിരിച്ചും, ഗുഹകളിൽ തട്ടി മറിഞ്ഞുവീണും, ഇടറിയും, നാനാഗ്രാഹങ്ങൾ ചേർന്നും, നാനാതരം പക്ഷികൾ നീന്തിയും തുള്ളിക്കളിക്കുന്ന മഹാസമുദ്രം വിളങ്ങി. ദേവന്മാരും, ഗന്ധർവ്വന്മാരും, മഹോരഗങ്ങളും, മഹാഭാഗരായ ഋഷികളും ചൂഴ്ന്ന അഗസ്ത്യമഹർഷി ആ മഹോദധിയെ സമീപിച്ചു."

105. അഗസ്ത്യോപാഖ്യാനം - അഗസ്ത്യന്റെ സമുദ്രപാനം - ലോമശൻ പറഞ്ഞു: "സമുദ്രത്തിനടുത്തുചെന്ന് വാരുണിയായ ഭഗവാൻ അഗസ്ത്യൻ, വന്നുനില്ക്കുന്ന ദേവന്മാരോടും, ഋഷിമാരോടും ഇപ്രകാരം പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "ഞാൻ ലോകത്തിന്റെ ഹിതത്തിനായി സമുദ്രത്തെ ഇതാ പാനംചെയ്യുന്നു. ഹേ, ദേവന്മാരേ! നിങ്ങൾ ചെയ്യുവാൻ വിചാരിക്കുന്നത് ഉടനെ ചെയ്തുകൊള്ളുവിൻ!"

ലോമശൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് മൈത്രാവരുണീപുത്രനായ മഹർഷി സമുദ്രത്തെ ക്രുദ്ധനായി പാനംചെയ്യുവാൻ തുടങ്ങി. ലോകം മുഴുവൻ ഈ അത്ഭുതകൃത്യം കണ്ടുനിന്നുപോയി. അഗസ്ത്യൻ സമുദ്രപാനം ചെയ്യുന്നതുകണ്ട് ഇന്ദ്രാദികളായ അമരന്മാർ അത്ഭുതപ്പെട്ട് അഗസ്ത്യനെ സ്തുതിച്ചു പൂജിച്ച് ഇങ്ങനെ പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "ഹേ, ലോകഭാവനാ! ഭവാൻ ത്രാതാവാണ്. വിധാതാവാണ്. ലോകത്തിനു രക്ഷിതാവാണ്. നിന്റെ പ്രസാദത്താൽ ലോകങ്ങളൊക്കെയും അതിന്റെ ദേവന്മാരും നശിക്കാതെ നിലനില്ക്കട്ടെ!"

ലോമശൻ പറഞ്ഞു: "ഇപ്രകാരം വാനവർ സ്തുതിക്കുമ്പോൾ, ഗന്ധർവ്വന്മാർ വാദ്യഘോഷങ്ങൾ മുഴക്കി ദിവ്യപുഷ്പങ്ങൾ വർഷിച്ചുകൊണ്ടിരിക്കുമ്പോൾ, അഗസ്ത്യൻ ആ മഹാസമുദ്രത്തെ നിർജ്ജലമാക്കിത്തീർത്തു. സമുദ്രത്തിലെ ജലം മുഴുവൻ വറ്റിയതായിക്കണ്ട് ദേവന്മാരൊക്കെ വലിയ ഹർഷത്തോടെ ദിവ്യായുധങ്ങളേന്തി ദാനവന്മാരുടെനേരെ പാഞ്ഞുചെന്നു. ആ മഹാബലന്മാരായ സുരന്മാർ അതിവേഗത്തിൽ ആ അസുരന്മാരെ വധിച്ചു. അസുരന്മാർക്ക് ദേവന്മാരുടെ ഊക്കു പൊറുക്കുവാൻ കഴിഞ്ഞില്ല. ദേവന്മാർ വധിക്കുന്ന സമയത്ത് ഭയങ്കരമായ ശബ്ദത്തോടുകൂടി അസുരന്മാർ ദേവന്മാരുമായി തുമുലമായ പോരാട്ടം മുഹൂർത്തനേരം നടന്നു. ആദ്യമേതന്നെ മഹർഷിമാരുടെ തപോബലംകൊണ്ട് നിർവ്വീര്യന്മാരായ അവർ അങ്ങേയറ്റം ശക്തിയോടെ പോരാടിയെങ്കിലും ദേവന്മാരാൽ നിശ്ശേഷം ഹതരായി."

സ്വർണ്ണാഭരണങ്ങളും, കുണ്ഡലങ്ങളും, കവചങ്ങളും അണിഞ്ഞ ദാനവന്മാർ കൂട്ടത്തോടെ ചത്തുകിടക്കുന്ന കാഴ്ച അത്ഭുതകരമായിരുന്നു. സ്വർണ്ണാഭരണങ്ങളണിഞ്ഞ് ചത്തുകിടക്കുന്ന ആവർ പൂത്ത കിംശുകംപോലെ രക്തത്തിൽ മുഴുകിക്കിടന്നു. ചത്തുശേഷിച്ച ചില കാലകേയർ ഭൂമിപിളർന്ന് പാതാളത്തിലേക്ക് ഓടിയൊളിച്ചു. ദാനവന്മാർ മരിച്ചതുകണ്ട് ദേവന്മാർ ആ മുനിപുംഗവനെ മാനിച്ചു സന്തോഷത്തോടെ പലപാടു കീർത്തിച്ച് ഇപ്രകാരം പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "മഹാഭാഗാ! ഭവാന്റെ പ്രസാദത്താൽ ലോകർ മഹത്തായ സുഖം പ്രാപിച്ചിരിക്കുന്നു. ഭവാന്റെ തേജസ്സാൽ കാലകേയർ നിഹതരായി. ഹേ, ലോകഭാവനാ! ഇനി ഭവാൻ കടലിനെ ജലം കൊണ്ടു നിറച്ചാലും! അങ്ങ് പാനംചെയ്ത ജലം വിട്ടുകൊടുത്താലും."

ലോമശൻ പറഞ്ഞു: "ഇപ്രകാരം ദേവന്മാർ പറഞ്ഞപ്പോൾ മുനിപുംഗവനായ ഭഗവാൻ ഇങ്ങനെ പറഞ്ഞു."

അഗസ്ത്യൻ പറഞ്ഞു: "ആ വെള്ളം ഞാൻ ദഹിപ്പിച്ചിരിക്കുന്നു. സമുദ്രത്തിലിനി വെള്ളം നിറയ്ക്കുവാൻ വേറെ മാർഗ്ഗം നിങ്ങൾ നോക്കിക്കൊള്ളുവിൻ."

ലോമശൻ പറഞ്ഞു: "അഗസ്ത്യൻ ഇപ്രകാരം പറഞ്ഞപ്പോൾ ദേവന്മാർ വിസ്മയിച്ചു വിഷണ്ണരായി നിന്നുപോയി. ദേവന്മാരെല്ലാവരും മഹർഷിയെ പ്രണമിച്ചു. പരസ്പരാനുജ്ഞയോടെ എല്ലാ പ്രജകളും വന്നവഴിക്കു പോയി. പിന്നെ ദേവന്മാർ വിഷ്ണുവിനോടുകൂടിച്ചെന്ന് പിതാമഹനെ കണ്ടു. സമുദ്രപൂരണത്തിനു വേണ്ടുന്ന കാര്യത്തെപ്പറ്റി പരസ്പരം വീണ്ടും വീണ്ടും ചർച്ചചെയ്തു; എല്ലാവരും കൈകൂപ്പി നിന്ന് സമുദ്രം ജലംകൊണ്ടു വീണ്ടും നിറച്ചുതരുവാൻ ബ്രഹ്മാവിനോട് അഭ്യർത്ഥിക്കുകയുംചെയ്തു."

106. അഗസ്ത്യോപാഖ്യാനം - സഗരസന്തതികഥനം-ലോമശൻ പറഞ്ഞു: "ബ്രഹ്മാവിനെ കൈകൂപ്പി സമുദ്രപൂരണത്തിന്ന് അപേക്ഷിച്ച ദേവന്മാരോടു ലോകപിതാമഹൻ പറഞ്ഞു."

ബ്രഹ്മാവ് പറഞ്ഞു: "ഹേ, ദേവന്മാരേ! നിങ്ങൾ എല്ലാവരും ഇപ്പോൾ യഥാകാമം ഇഷ്ടമുള്ളിടത്തു പൊയ്ക്കൊള്ളുവിൻ! കുറേക്കാലം കഴിയട്ടെ. സമുദ്രം മുമ്പത്തെപ്പോലെതന്നെ വാരിപൂർണ്ണമാകും. ജ്ഞാതികൾമൂലമായി മഹാരാജാവായ ഭഗീരഥൻ അതു നിർവ്വഹിക്കും."

ലോമശൻ പറഞ്ഞു: "പിതാമഹൻ പറഞ്ഞതുകേട്ട് എല്ലാ വിബുധസത്തമന്മാരും കാലത്തിന്റെ യോഗത്തെ പ്രതീക്ഷിച്ചുകൊണ്ട് മടങ്ങിപ്പോവുകയും ചെയതു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ബ്രഹ്മൻ, ജ്ഞാതികൾവഴിയായി എന്തു കാരണത്താൽ ഭഗീരഥൻ കടൽ ജലപൂർണ്ണമാക്കി! എങ്ങനെ ജലപൂർണ്ണമായി? തപോധനാ! ഹേ, വിപ്രാ! അതു വിസ്തരിച്ചു പറഞ്ഞു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ രാജാവിന്റെ ഉത്തമചരിത്രം പറഞ്ഞാലും."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "മഹാത്മാവായ ധർമ്മരാജാവ് ഇപ്രകാരം പറഞ്ഞപ്പോൾ വിപ്രേന്ദ്രനായ ലോമശമഹർഷി മഹാത്മാവായ സഗരന്റെ മാഹാത്മ്യം ഉടനെ പറഞ്ഞുകൊടുത്തു."

ലോമശൻ പറഞ്ഞു: "ഇക്ഷ്വാകുകുലത്തിൽ ജനിച്ച 'സഗരൻ' രൂപസത്വഗുണങ്ങളുള്ള മഹാനായ രാജാവായിരുന്നു. എന്നാൽ പ്രതാപിയായ അദ്ദേഹം പുത്രന്മാരില്ലാത്തതുകാരണം ദുഃഖിച്ചു. ഹേ ഭാരത, ആ രാജാവ് ഹേഹയന്മാരേയും, താലജംഘരേയും ജയിച്ച് രാജാക്കന്മാരെയെല്ലാം കീഴടക്കി, സ്വന്തം രാജ്യം പരിപാലിച്ചു വാണു. ഹേ ഭാരതശ്രേഷ്ഠ, അദ്ദേഹത്തിന്ന് രണ്ടു ഭാര്യമാരുണ്ടായിരുന്നു-'വൈദർഭിയും ശൈബ്യയും' (വിദർഭരാജകുമാരിയും ശിബിയുടെ വംശജയായ രാജകുമാരിയും.) ആ രണ്ടു സപത്നിമാരും സൗന്ദര്യത്താലും, യൗവനത്താലും അഹംഭാവമുള്ളവരായിരുന്നു.

പുത്രലബ്ധിക്കുവേണ്ടി രാജാവ് രണ്ടു ഭാര്യമാരോടുംകൂടി കൈലാസപർവ്വതത്തിൽപ്പോയി, യോഗം കൈക്കൊണ്ട് കഠിനവും മഹത്തുമായ തപസ്സുചെയ്തു. അങ്ങനെ തപസ്സുചെയ്തിരിക്കവേ ആ മഹാത്മാവിന്റെ മുമ്പിൽ ശിവൻ പ്രത്യക്ഷനായി. ത്രിനേത്രനും ത്രിപുരമർദ്ദനനും ശങ്കരനും ഭവാനീനാഥനും ശൂലപാണിയും പിനാകിയും ത്ര്യംബകനും ശിവനും ഉഗ്രേശനും ബഹുരൂപനും ആയ ഉമാപതിയെ കണ്ട ഉടനെ മഹാബാഹുവായ രാജാവ് പത്നിമാരോടുകൂടി പ്രണമിച്ച് പുത്രലബ്ധിക്കുവേണ്ടി പ്രാർത്ഥിച്ചു. ഭാര്യമാരോടുകൂടി പ്രണമിച്ച ആ നൃപസത്തമനോടു സന്തോഷത്തോടെ ഹരൻ പറഞ്ഞു."

ശിവൻ പറഞ്ഞു: "രാജാവേ, ഭവാൻ എന്നോടു വരം ചോദിച്ച സമയത്തിന്റെ മഹത്ത്വത്താൽ ശൂരന്മാരും, പരമദർപ്പിതരുമായ അറുപതിനായിരം പുത്രന്മാർ നിനക്ക് ഒരു പത്നിയിൽ ഉണ്ടാകും. അവർ എല്ലാവരും ഒന്നിച്ചു നശിക്കുകയും ചെയ്യും. മറ്റേ ഭാര്യയിൽ ശൂരനും വംശധരനും ആയ ഒരുത്തൻമാത്രം ഉണ്ടാകും."

ലോമശൻ പറഞ്ഞു: "രുദ്രൻ ഇപ്രകാരം പറഞ്ഞ് അവിടെത്തന്നെ മറഞ്ഞു. രാജാവായ സഗരൻ വളരെ സന്തോഷത്തോടെ പത്നിമാരോടുകൂടി കൊട്ടാരത്തിലേക്കു മടങ്ങി. ഹേ, മനുജശ്രേഷ്ഠാ, അവന്റെ സുന്ദരിമാരായ ഭാര്യമാർ, വൈദർഭിയും, ശൈബ്യയും, ഉടനെ ഗർഭിണികളായി. വൈദർഭി ഗർഭിണിയായി യഥാകാലം പ്രസവിച്ചത് ഒരു ചുരയ്ക്കയെയാണ്. ശൈബ്യ പ്രസവിച്ചത് ദേവരൂപനായ ഒരു പുത്രനെയും! ആ ചുരയ്ക്കകൊണ്ടുപോയി കളയുവാൻ രാജാവ് വിചാരിച്ചു. ഉടനെ ആകാശത്തുനിന്ന് ഗംഭീരനിസ്വനത്തോടെ ഈ വാക്കുകൾ കേട്ടു:

ഹേ രാജാവേ, സാഹസംചെയ്യരുതേ! മക്കളെ കളയരുതേ! നീ നിന്റെ പുത്രന്മാരെ വെടിയരുത്. ചുരയ്ക്കകീറി അതിലെ കുരുഎടുത്ത് ആ കുരുക്കൾ ഓരോന്നും ഭാഗികമായി നെയ്യ് നിറച്ച വേറെ വേറെ നീരാവിപൊങ്ങുന്ന ചൂടുള്ള പാത്രങ്ങളിൽ സൂക്ഷിച്ചു വെയ്ക്കുക. അവയിൽനിന്ന് ഭവാന് അറുപതിനായിരം പുത്രന്മാർ ഉത്ഭവിക്കും. മഹാദേവൻ പറഞ്ഞ വാക്കു മിഥ്യയാവില്ല. അദ്ദേഹം ഈവിധത്തിലാണ് നിന്റെ പുത്രന്മാരുടെ ജന്മം ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കാര്യം പ്രവർത്തിക്കുന്നതിൽനിന്നു നിന്റെ മനസ്സു തെറ്റിപ്പോകരുത്."

107. അഗസ്ത്യോപാഖ്യാനം - അഗസ്ത്യമാഹാത്മ്യകഥനം - ലോമശൻ പറഞ്ഞു: "ഹേ ഭാരതർഷഭ! ഇപ്രകാരം ആകാശത്തുനിന്ന് അശരീരിവാക്യം കേട്ടപ്പോൾ ശ്രദ്ധയോടുകൂടി രാജസത്തമനായ സഗരൻ അപ്രകാരം ഒക്കെ ചെയ്തു. വിത്തൊക്കെ വെവ്വേറെയാക്കി, കുംഭങ്ങളിൽ നെയ്യ് നിറച്ച് ഓരോ കുരുവും ഓരോ കുടത്തിലിട്ട് ഓരോന്നും കാത്തു. പുത്രരക്ഷണം ചെയ്യുവാൻ ഓരോ ധാത്രിയെ ഓരോ കുടത്തിന്നും ഏർപ്പാടു ചെയ്തു. ഒട്ടുനാൾ കഴിഞ്ഞപ്പോൾ ഓരോ കുടത്തിൽനിന്നും ശക്തനായ ഓരോ പുത്രൻവീതം പുറത്തുവന്നു. അപ്രതിമനായ രാജർഷിക്ക് അപ്രതിമതേജസ്വികളായ അറുപതിനായിരം പുത്രന്മാർ രുദ്രപ്രസാദത്താൽ ഉണ്ടായി.

അവർ ഘോരന്മാരും, ക്രൂരകർമ്മാക്കളുമായി വളർന്നുവന്നു. ആകാശത്തു സഞ്ചരിക്കുവാൻ കഴിവുള്ളവരായിരുന്നു അവർ. എണ്ണത്തിലും ബലത്തിലും വലിയവരായതുകൊണ്ട് അവർ ലോകത്തെ മുഴുവൻ, ദേവന്മാരെപ്പോലും ധിക്കരിച്ചു. ക്രൂരകർമ്മാക്കളായ അവർ ദേവന്മാരെയും, ഗന്ധർവ്വന്മാരെയും, രാക്ഷസവർഗ്ഗത്തെയും മാത്രമല്ല, ചുരുക്കത്തിൽ മൂന്നു ലോകങ്ങളിലുമുള്ള സകല ജീവജാലങ്ങളെയും ദ്രോഹിച്ചു. എല്ലാവരുമായും ആ ശൂരന്മാർ പോരാടി. മന്ദബുദ്ധികളായ അവർ ലോകരെയൊക്കെ വധിക്കുവാൻ തുടങ്ങിയപ്പോൾ എല്ലാ ലോകരും ദേവന്മാരോടുകൂടി ബ്രഹ്മാവിനെച്ചെന്ന് ആശ്രയിച്ചു. അവരോട് അപ്പോൾ മഹാഭാഗനായ സർവ്വലോകപിതാമഹൻ ഇങ്ങനെ പറഞ്ഞു."

ബ്രഹ്മാവു പറഞ്ഞു: "അല്ലയോ ദേവന്മാരേ! നിങ്ങൾ സർവ്വലോകരുംകൂടി പൊയ്ക്കൊള്ളുവിൻ! വളരെ വൈകാതെ സഗരപുത്രന്മാർക്ക് സ്വകർമ്മത്താൽത്തന്നെ മഹാഘോരമായ നാശം വന്നുകൂടും. അവരുടെ കർമ്മത്തിന്റെ ഫലം അവർക്ക് അനുഭവിക്കാൻ സമയമടുത്തു."

ലോമശൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞപ്പോൾ എല്ലാവരും പിതാമഹനെ നമസ്കരിച്ച് യാത്രപറഞ്ഞു തിരിച്ചുപോയി. പിന്നെ കുറച്ചുകാലം ചെന്നതിന്നുശേഷം സഗരരാജാവ് അശ്വമേധയാഗത്തിന്നു ദീക്ഷിച്ചു. പുത്രന്മാരുടെ രക്ഷയിൽ അശ്വം ഭൂമിചുറ്റി വെള്ളമില്ലാത്ത ഭീമദർശനമായ സമുദ്രത്തിൽ ചെന്നുചേർന്നു. അവിടെവച്ചു പെട്ടെന്ന് അശ്വത്തെ കാണാതായി. അവർ വളരെ പ്രയത്നത്തോടെ തിരഞ്ഞു. ഉത്തമമായ ആ കുതിരയെ ഒരിടത്തുനിന്നും കണ്ടുകിട്ടിയില്ല. അശ്വം അപഹരിക്കപ്പെട്ടു എന്നു വിചാരിച്ചു മടങ്ങിച്ചെന്ന് പിതാവിനോട് വിവരം അറിയിച്ചു, അശ്വത്തെ കാണാനില്ല എന്ന്. ഇതു കേട്ട് സഗരമഹാരാജാവ് പറഞ്ഞു, എല്ലാ ദിക്കിലും കുതിരയെ അന്വേഷിക്കുക എന്ന്. ഉടനെ അച്ഛൻ പറഞ്ഞതനുസരിച്ച് എല്ലാ ദിക്കിലും പോയി കുതിരയെ അന്വേഷിച്ചു. ലോകത്തിൽ ഇനി അവർ അന്വേഷിക്കാത്ത ഒരിടവുമില്ല.

സഗരപുത്രന്മാർ എല്ലാവരും ലോകം മുഴുവൻ സഞ്ചരിച്ചു കുതിരയെ തേടിനടന്നു. ഇങ്ങനെ തിരച്ചിൽ തകൃതിയായി നടന്നു. കുതിരയെയാകട്ടെ, അതിന്റെ മോഷ്ടാവിനെയാകട്ടെ കണ്ടുകിട്ടിയില്ല. അവർ പിതാവിന്റെ മുമ്പിൽച്ചെന്ന് തൊഴുകൈയോടെ പറഞ്ഞു."

സഗരപുത്രന്മാർ പറഞ്ഞു: "അച്ഛാ, ഞങ്ങൾ കുതിരയെ തിരയാത്ത ഇടമില്ല. സമുദ്രം, കാട്, ദ്വീപ്, പുഴ, ഗുഹ, സർവ്വപർവ്വതസാനുക്കൾ, നദീതീരങ്ങൾ എന്നിവ ചേർന്ന സകലദിക്കിലും, ഈ ഭൂമി മുഴുവൻ, ഞങ്ങൾ അച്ഛന്റെ കല്പനപ്രകാരം തിരഞ്ഞു. അശ്വത്തെ കണ്ടില്ല; അശ്വഹർത്താവിനേയും കണ്ടില്ല."

ലോമശൻ പറഞ്ഞു: "മക്കൾ ഇപ്രകാരം പറഞ്ഞപ്പോൾ വിഷണ്ണനായ രാജാവിന്ന് ഉഗ്രമായ കോപമുണ്ടായി. ദൈവവശാൽ ആ രാജാവ് അവരോട് സർവ്വരോടും ക്രുദ്ധനായി ഇങ്ങനെ പറഞ്ഞു."

സഗരൻ പറഞ്ഞു: "നിങ്ങളെ എന്തിന്നു കൊള്ളാം? യജ്ഞാശ്വത്തെ കാണാനില്ലെന്നു പറയുവാൻ ലജ്ജയില്ലല്ലോ. ഇതിൽപ്പരം ഒരവമാനം എന്തുണ്ട്? യജ്ഞാശ്വത്തോടുകൂടാതെ നിങ്ങളാരും തിരച്ചുവരേണ്ടാ. എവിടെപ്പോയി അശ്വം? കണ്ടുപിടിക്കുക. അതിന്നു കഴിവില്ലെങ്കിൽ മക്കളേ! നിങ്ങൾ എവിടെയെങ്കിലും പൊയ്ക്കൊള്ളുവിൻ!"

ലോമശൻ പറഞ്ഞു: "അച്ഛൻ കോപിച്ചു കല്പിച്ചപ്രകാരം ആ സഗരപുത്രന്മാർ പിന്നെയും ഭൂതലത്തിൽ അന്വേഷണം തുടർന്നു. അപ്പോൾ അവർ ഭൂമി പൊട്ടിപ്പിളർന്ന ഒരു പിളർപ്പു കണ്ടു. ആ ബിലത്തിൽച്ചെന്നു വീരന്മാരായ സഗരാത്മജർ ഖനനംചെയ്യുവാൻ തുടങ്ങി. മൺവെട്ടി, കൈക്കോട്ട് ഇവകൊണ്ട് അവർ വെട്ടിക്കുഴിക്കുവാൻ തുടങ്ങി. സമുദ്രത്തിലെ പിളർപ്പിൽ ഇങ്ങനെ തുരക്കുവാൻ തുടങ്ങിയപ്പോൾ അതിൽക്കണ്ട അസുരരേയും, ഉരഗങ്ങളേയും, രാക്ഷസരേയും, മറ്റു ജീവജാലങ്ങ

digitized by www.sreyas.in

ളേയും വധിക്കുവാനും തുടങ്ങി. അവയെല്ലാം കൂട്ടത്തോടെ ആർത്തനാദം മുഴക്കി. തലയറ്റും, ദേഹം മുറിഞ്ഞും, തൊലിയുരിഞ്ഞും, അസ്ഥികൾ തകർന്നും നൂറുകണക്കിനും, ആയിരക്കണക്കിനും ജീവികൾ സഗരപുത്രന്മാരാൽ നശിപ്പിക്കപ്പെട്ടു. ഇങ്ങനെ വരുണാലയമായ സമുദ്രം ഭയങ്കരമായി വെട്ടിക്കുഴിച്ചു. വരുണൻ വാഴുന്ന ആലയം ഇങ്ങനെ വളരെക്കാലം കുഴിച്ചു മഹാഗർത്തമാക്കിയിട്ടും അവിടെ അശ്വത്തെ കണ്ടുകിട്ടിയില്ല. ഒടുവിൽ സമുദ്രത്തിന്റെ പൂർവ്വോത്തരഭാഗത്തായി പാതാളത്തെ അവർ വാശിയോടെ പിളർന്നെത്തിയപ്പോൾ ആ മഹീതലത്തിൽ സഞ്ചരിക്കുന്ന അശ്വത്തെ കണ്ടെത്തി. അവിടെ മഹാതേജസ്വിയും മഹാത്മാവുമായ കപിലനേയും കണ്ടു. ആ മഹർഷി അഗ്നിജ്വാലപോലെ ഉജ്ജ്വലിക്കുന്ന ചേതസ്സോടെ വിളങ്ങുന്നു.

അങ്ങനെ അവരുടെ പരിശ്രമം സഫലമായി. നഷ്ടപ്പെട്ട അശ്വത്തെ കണ്ടപ്പോൾ സന്തോഷംകൊണ്ട് സഗരപുത്രന്മാർ രോമാഞ്ചകഞ്ചുകിതരായി. മഹാത്മാവായ കപിലനെ കൂസാതെ കാലചോദിതരായ അവർ ക്രുദ്ധരായി അശ്വത്തെ പിടിക്കുവാൻ പാഞ്ഞുചെന്നു. അതു കണ്ട് മുനിസത്തമനായ കപിലമഹർഷി കോപിച്ചു. കപിലമഹർഷിയെ കപിലവാസുദേവനെന്നാണ് മുനിപുംഗവന്മാർ വിളിക്കാറ്. മുനി ക്രുദ്ധനായി പുരികംചുളിച്ച് വികൃതദൃഷ്ടിയോടെ തന്റെ തേജസ്സ് അവരിൽ വീശി. മന്ദബുദ്ധികളായ സഗരപുത്രന്മാർ ആ അഗ്നിയിൽ ദഹിച്ചുപോയി. മഹാതപസ്വിയായ നാരദൻ സഗരപുത്രന്മാർ ഭസ്മമായതുകണ്ട് സഗരന്റെ അടുത്തുചെന്നു പറഞ്ഞു."

നാരദൻ പറഞ്ഞു: "ഹേ, സഗര! നിന്റെ പുത്രന്മാർ അറുപതിനായിരവും കപിലമഹർഷിയുടെ കോപാഗ്നിയിൽ ചാമ്പലായിപ്പോയി!"

ലോമശൻ പറഞ്ഞു: "മഹർഷിയുടെ മുഖത്തിൽ നിന്ന് ഈ ഘോരമായ വാക്കുകൾ കേട്ട സഗരൻ മുഹൂർത്തസമയം വിമനസ്സായി ഇരുന്നുപോയി! പിന്നെ അദ്ദേഹം ശിവന്റെ വാക്കിനെപ്പറ്റി ചിന്തിച്ചു. 'അസമഞ്ജന്റെ' പുത്രനായ 'അംശുമാൻ' എന്ന പൗത്രനെ വിളിച്ച്, ഹേ ഭരതശാർദ്ദൂലാ! ഇപ്രകാരം സഗരരാജാവു പറഞ്ഞു."

സഗരൻ പറഞ്ഞു: "അതീവ ഓജസ്വികളായ എന്റെ മക്കൾ അറുപതിനായിരവും എനിക്കുവേണ്ടി കപിലന്റെ തേജസ്സാൽ മൃതിയടഞ്ഞു. ഉണ്ണീ! നിന്റെ അച്ഛനേയും ഞാൻ പരിത്യജിച്ചു. ധർമ്മം സംരക്ഷിക്കുവാനും, പൗരന്മാർക്കു ഹിതത്തിന്നുംവേണ്ടി പ്രവർത്തിച്ചിട്ടാണ് ഇപ്രകാരം സംഭവിച്ചത്."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ തപോധനാ! ഞാൻ ഒന്നു ചോദിക്കട്ടെ. രാജശാർദ്ദൂലനായ സഗരരാജാവ് ദുസ്ത്യജനും, വീരനുമായ തന്റെ പുത്രനെ എന്തിനാണു ത്യജിച്ചത്?"

ലോമശൻ പറഞ്ഞു: "അസമഞ്ജസ് എന്നു പേരായ ഒരു പുത്രൻ ശൈബ്യയിൽ സഗരന്നു ജനിച്ചു. അവൻ പൗരന്മാരുടെ ദുർബ്ബലരായ കുട്ടികളെ പിടിച്ചു പുഴയിൽ മുക്കും. അശക്തരായ അവർ നിലവിളിച്ചാലും അവൻ വിടില്ല. അവൻ ആ കുട്ടികളെ കഴുത്തിൽപ്പിടിച്ചു ഞെക്കി പുഴയിൽ താഴ്ത്തിക്കൊല്ലുക പതിവായി. രസമുള്ള വിനോദം! ഭയശോകാർത്തരായ പൗരന്മാർ രാജാവിന്റെ അടുത്തുചെന്ന് ആവലാതിയായി."

ജനങ്ങൾ പറഞ്ഞു: "രാജാവേ, അങ്ങ് ഞങ്ങളെ എന്നും ആപത്തിൽനിന്നു രക്ഷിക്കുന്നവനാണ്. അതുകൊണ്ട് അങ്ങയുടെ പുത്രനായ അസമഞ്ജസ്സിൽനിന്നുള്ള ആപത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കുക. അവൻ ഞങ്ങളുടെ പുത്രന്മാരെ അസംഖ്യംപേരെ വെള്ളത്തിൽ പിടിച്ചുതാഴ്ത്തി ഞെക്കിക്കൊന്നിരിക്കുന്നു. അവനിൽനിന്ന് ഞങ്ങളുടെ സന്താനങ്ങളെ രക്ഷിക്കണേ! ഭയം തീർത്തുതരണേ!"

ലോമശൻ പറഞ്ഞു: "പൗരന്മാരുടെ ഈ വാക്കുകേട്ട് ആ രാജസത്തമൻ മുഹൂർത്തസമയം ദുഃഖിതനായി ഇരുന്നുപോയി; പിന്നീട് മന്ത്രിമാരെ വിളിച്ച് ആലോചന നടത്തി."

രാജാവു പറഞ്ഞു: "എന്റെ പുത്രനായ അസമഞ്ജസ്സിനെ ഈ നഗരത്തിൽനിന്ന് ഇന്നുതന്നെ ഓടിക്കണം. അവൻ ഇനി ഇവിടെ താമസിക്കുവാൻ പാടുള്ളതല്ല. എന്റെ പ്രിയം നിങ്ങൾ ഉടനെ ചെയ്യണം."

ലോമശൻ പറഞ്ഞു: "ഇപ്രകാരം രാജാവു പറഞ്ഞപ്പോൾ സചിവന്മാർ രാജാവ് എപ്രകാരം കല്പിച്ചുവോ അപ്രകാരം ചെയ്തു. ഇങ്ങനെ പ്രജാഹിതത്തിനുവേണ്ടി സഗരൻ പുത്രനെ ഉപേക്ഷിച്ചു. വില്ലാളിയായ അംശുമാനോട് മുത്തച്ഛനായ സഗരൻ പറഞ്ഞു. അതെല്ലാം ഞാൻ പറയാം; യുധിഷ്ഠിര! നീ കേൾക്കുക."

സഗരൻ പറഞ്ഞു: "എടോ! പൗത്രാ! നിന്റെ അച്ഛനെ ഉപേക്ഷിക്കുകകൊണ്ടും, മക്കൾ മരിക്കുകയാലും, അശ്വത്തെകിട്ടായ്കയാലും ഞാൻ സന്തപിക്കുകയാണ്. ഞാൻ യജ്ഞവിഘ്നം മൂലം ഏറ്റവും വലിയ ദുഃഖത്തിൽപ്പെട്ടിരിക്കുകയാണ്. പൗത്രാ! നീ ഹയത്തെ കൊണ്ടുവന്ന് എന്നെ നരകത്തിൽനിന്നും കരകയറ്റുക."

ലോമശൻ പറഞ്ഞു: "മഹാത്മാവായ തന്റെ മുത്തച്ഛൻ, സഗര രാജാവ്, ഇപ്രകാരം പറഞ്ഞതുകേട്ട് അംശുമാൻ ഉടനെ ദുഃഖത്തോടുകൂടി ഭൂമി പിളർന്ന ആ പ്രദേശത്തിലെത്തി. ആ വഴിയെത്തന്നെ അവൻ സമുദ്രത്തിൽക്കടന്ന് അവിടെ മഹാത്മാവായ കപിലമഹർഷിയേയും ആ തുരഗത്തേയും കണ്ടു. തേജോരാശിയും, പുരാണഋഷിസത്തമനുമായ കപിലനെ കണ്ടയുടനെ നിലത്തു ശിരസ്സുമുട്ടമാറ് പ്രണമിച്ച് താൻ വന്നകാര്യം ഉണർത്തിച്ചു. കപിലമഹർഷി അപ്പോൾ അംശുമാനിൽ പ്രസാദിച്ചു. എടോ അംശുമാൻ! ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. എന്തു വരമാണ് നിനക്കു വേണ്ടതെന്ന് ആ മഹാത്മാവ് ചോദിച്ചു. അവൻ ആദ്യമായി യജ്ഞത്തിന്ന് അശ്വത്തെ അപേക്ഷിച്ചു. രണ്ടാമതായി പിതൃക്കൾക്ക് പാവനത്വം അപേക്ഷിച്ചു. അവന്റെ അഭ്യർത്ഥന കേട്ട് മഹാതേജസ്വിയും, മുനിപുംഗവനുമായ കപിലമഹർഷി സന്തോഷിച്ച് ഇപ്രകാരം പറഞ്ഞു."

കപിലമഹർഷി പറഞ്ഞു: "കുട്ടീ! നന്നായി വരട്ടെ! അനഘാ! നീ ഇച്ഛിച്ചതെല്ലാം ഞാൻ തരുന്നു. ക്ഷമയും ധർമ്മവും സത്യവും നിന്നിൽ എന്നും പ്രതിഷ്ഠിതമാകട്ടെ! നിന്നാൽ സഗരൻ കൃതാർത്ഥനായി. നിന്റെ പിതാവ് പുത്രവാനുമായിരിക്കുന്നു! നിന്റെ പ്രഭാവത്താൽ സഗരാത്മജന്മാരൊക്കെ സ്വർഗ്ഗത്തിലെത്തിക്കൊള്ളും. നിന്റെ പൗത്രൻ ത്രിപഥഗയായ ഗംഗയെ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു വരുത്തുന്നതാണ്. സഗരപുത്രന്മാരെ പാവനരാക്കാൻ മഹേശ്വരനെ സന്തോഷിപ്പിച്ച് ഈ കാര്യം സാധിക്കും. ഹേ നരോത്തമാ! യജ്ഞാശ്വത്തെ കൊണ്ടുപൊയ്ക്കൊള്ളുക! മഹാത്മാവായ സഗരൻ ചെയ്യുന്ന യജ്ഞത്തെ പൂർത്തിയാക്കുക."

ലോമശൻ പറഞ്ഞു: "മഹാത്മാവായ കപിലൻ ഇപ്രകാരം പറഞ്ഞപ്പോൾ അംശുമാൻ അശ്വത്തേയുംകൊണ്ട് സസന്തോഷം യാത്രയായി. അവൻ മഹാത്മാവായ സഗരന്റെ യജ്ഞശാലയിൽ അശ്വത്തേയുംകൊണ്ട് എത്തിച്ചേർന്ന് മുത്തച്ഛനായ സഗരന്റെ പാദത്തിൽ കുമ്പിട്ടുനിന്നു. സഗരൻ പൗത്രനെ വാത്സല്യത്തോടെ ആശ്ലേഷിച്ച് മൂർദ്ധാവിൽ ഘ്രാണിച്ചു. അവൻ മുത്തച്ഛനോട് നടന്ന വൃത്താന്തമെല്ലാം പറഞ്ഞു. താൻ കണ്ടതും കേട്ടതും സഗരാത്മജന്മാർ ക്ഷയിച്ചതുമൊക്കെ വിസ്തരിച്ചു പറഞ്ഞു. അതു കേട്ടപ്പോൾ സഗരന് പുത്രദുഃഖമില്ലാതായി. അംശുമാനെ പൂജിച്ച് യജ്ഞത്തെ സമാപിപ്പിച്ചു. യജ്ഞം കഴിഞ്ഞ സഗരനെ ദേവന്മാരൊക്കെ പുകഴ്ത്തി. വരുണൻ വാഴുന്ന സമുദ്രത്തെ പുത്രനെപ്പോലെ രാജാവ് സ്നേഹിച്ചു. വളരെക്കാലം രാജ്യരക്ഷ ചെയ്തതിന്നുശേഷം രാജാവ് പൗത്രനിൽ രാജ്യഭാരമേല്പിച്ച് സ്വർഗ്ഗം പ്രാപിച്ചു.

ധർമ്മാത്മാവായ അംശുമാൻ ആഴിചുഴുന്ന രാജ്യത്തെ മുത്തച്ഛനെപ്പോലെത്തന്നെ രക്ഷിച്ചു. 'ദിലീപൻ' എന്നു പേരായി ധാർമ്മികനായ പുത്രൻ അവന്നുണ്ടായി. അവനെ രാജ്യഭാരമേ

digitized by www.sreyas.in

ല്പിച്ച് അംശുമാനും കാലഗതിയെ പ്രാപിച്ചു. പിന്നെ ദിലീപൻ പിതൃക്കളുടെ ദയനീയവിധത്തിലുള്ള നാശത്തെക്കുറിച്ചുകേട്ടു സന്തപിച്ച് അവർക്കു ഗതി നല്കുവാൻ ഗംഗയെ ഭൂമിയിൽ അവതരിപ്പിക്കുന്നതിന്ന് യജ്ഞം ചെയ്തു. യഥാബലം അവൻ പരിശ്രമിച്ചിട്ടും പ്രയത്നം സഫലമായില്ല. അവന്റെ പുത്രനായി ശ്രീമാനും സുന്ദരനും ധർമ്മപരായണനുമായ ഭഗീരഥൻ ഉണ്ടായി. പ്രസിദ്ധനും സത്യവാക്കും അസൂയഇല്ലാത്തവനുമായിരുന്നു അവൻ. അവനെ രാജാവാക്കി വാഴിച്ച് ദിലീപൻ വാനപ്രസ്ഥം സ്വീകരിച്ചു. ഹേ, ഭാരത, തപസ്സിദ്ധിനേടി ആ രാജാവ് വനത്തിൽ വാഴുമ്പോൾ കാലയോഗത്താൽ സ്വർഗ്ഗം പ്രാപിച്ചു."

108. അഗസ്ത്യോപാഖ്യാനം - ഭഗീരഥപ്രയത്നം - ലോമശൻ പറഞ്ഞു: "വില്ലാളിവീരനായ ഭഗീരഥൻ മഹാരഥനായ ചക്രവർത്തിയായി. ലോകർക്കെല്ലാം കണ്ണും കരളും കുളുർപ്പിക്കുന്നവനായി രാജ്യം ഭരിച്ചു. മഹാബാഹുവും മഹാകീർത്തിമാനുമായ അവൻ പൂർവ്വചരിത്രം കേട്ടു. മഹാനായ കപിലമഹർഷി പിതാക്കളെ കൊന്നതും അവർ സ്വർഗ്ഗംപ്രാപിക്കാതിരുന്നതുമായ വൃത്താന്തം ഗ്രഹിച്ചു. ഭഗീരഥന്റെ ഹൃദയം വ്യഥയാൽ ഉരുകി. രാജ്യം മന്ത്രിയിൽ ഏല്പിച്ച് തപസ്സുചെയ്യുവാൻ ഹിമവൽപാർശ്വത്തിലേക്ക് ആ നരേശ്വരൻ പോയി.

തപസ്സുകൊണ്ട് പാപം തീർത്ത് ഗംഗയെ പ്രസാദിപ്പിക്കുവാൻ ഉദ്ദേശിച്ച് അവൻ ഹിമവൽപാർശ്വത്തിലെത്തി. വിവിധധാതുക്കൾ നിറഞ്ഞതും വിവിധാകാരംപൂണ്ടതും കാറ്റേറ്റു പായുന്ന മേഘമാലകൾ ചുറ്റിപ്പറ്റി നിരന്നുനില്ക്കുന്നതുമായ ശൃംഗങ്ങൾ കണ്ടു. പുഴകളും വള്ളിക്കുടിലുകളും അവിടവിടെ ചിതറിക്കിടക്കുന്ന കൂർത്ത വലിയ പാറക്കല്ലുകളും ഗുഹാന്തരങ്ങളിൽ ഒളിച്ചിരിക്കുന്ന സിംഹവ്യാഘ്രങ്ങളും പല വർണ്ണത്തിൽ പലമാതിരി പാടുന്ന പക്ഷികളും കാണപ്പെട്ടു. ഭൃംഗരാജങ്ങളായ ഹംസങ്ങൾ, കുളക്കോഴികൾ, ദാത്യൂഹങ്ങൾ, ശതപത്രങ്ങൾ, മയിലുകൾ, ജീവഞ്ജീവങ്ങൾ, കോകിലങ്ങൾ, കറുത്ത കടക്കണ്ണുള്ള ചകോരങ്ങൾ, പുത്രപ്രിയങ്ങൾ ഇവ വിഹരിക്കുന്നതും, ജലം നിറഞ്ഞ് രമ്യങ്ങളും, പത്മങ്ങൾ പ്രശോഭിക്കുന്നതുമായ പൊയ്കകളും കണ്ടു. മധുരസ്വരമായി കൂകുന്ന സാരസങ്ങളാൽ സമലംകൃതമായി അപ്സരസ്സുകൾ, കിന്നരന്മാർ എന്നിവർ ഇരിക്കുന്ന ശിലാതലങ്ങൾ, ദിഗ്ഗജങ്ങൾ കൊമ്പുകൊണ്ട് കുത്തിത്തകർത്തിട്ട വന്മരങ്ങൾ, വിദ്യാധരന്മാർ നടന്നും, നാനാരത്നങ്ങൾ ചേർന്നും, ഭയങ്കര വിഷവും ദീപ്തജിഹ്വകളുമുള്ള പാമ്പുകൾ ഇഴയുന്നതുമായ കാടുകൾ ചില സ്ഥലങ്ങൾ കനകമയമായും, ചിലയിടങ്ങൾ വെള്ളിമയമായും, ചിലയിടങ്ങൾ അഞ്ജനമയമായും വിലസി. ഇങ്ങനെ നാനാവർണ്ണത്തിൽ വിചിത്രദർശനമായ ഹിമാലയ പർവ്വതത്തിൽ ഭഗീരഥൻ ഘോരമായ തപസ്സ് ആരംഭിച്ചു. ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചു ജലം മാത്രം പാനംചെയ്ത് അവൻ ആയിരംവർഷം തപസ്സുചെയ്തു. ആയിരം വർഷം കഴിഞ്ഞപ്പോൾ ഗംഗ അവന്റെ മുമ്പിൽ ദേവീരൂപയായി പ്രത്യക്ഷപ്പെട്ടു."

ഗംഗ പറഞ്ഞു: "ഹേ! മഹാരാജാവേ! ഭവാൻ എന്താണ് ഇച്ഛിക്കുന്നത്? ഞാൻ എന്താണു ഭവാനു നല്കേണ്ടത്? ഹേ നരശ്രേഷ്ഠാ, നീ ചോദിക്കുന്നതു ഞാൻ ചെയ്തുതരാം."

ലോമശൻ പറഞ്ഞു: "ഇങ്ങനെ ചോദിച്ച ഹൈമവതിയോട് അഞ്ജലീബദ്ധനായി പ്രണമിച്ച് ആ രാജാവ് പറഞ്ഞു."

ഭഗീരഥൻ പറഞ്ഞു: "ഗംഗാദേവീ, വരദേ, മഹാനദീ! എന്റെ പിതാമഹന്മാരെ കപിലമഹർഷി, അവർ അശ്വത്തെ തിരയുന്ന സമയത്ത്, യമലോകത്തിലേക്കയച്ചു. മഹാത്മാക്കളായ അറുപതിനായിരം സഗരന്മാർ കപിലന്റെ കോപാഗ്നിയിൽ പെട്ടെന്നു നശിച്ചുപോയി. ഇപ്രകാരം നശിച്ചവർക്ക് സ്വർഗ്ഗവാസം ലഭിക്കുകയില്ല. ആ ശരീരങ്ങൾ ദേവീ! ഭവതിയുടെ വെള്ളംകൊണ്ട് അഭിഷേകംചെയ്തില്ലെങ്കിൽ ആ സഗരപുത്രന്മാർക്കു ഗതികിട്ടുകയില്ല. സഗരാത്മജരായ എന്റെ എല്ലാ പിതൃക്കളേയും സ്വർഗ്ഗത്തിൽ കയറ്റിയാലും. അവർക്കുവേണ്ടി മഹാനദീ! ഞാൻ നിന്നോടു യാചിക്കുന്നു."

ലോമശൻ പറഞ്ഞു: "രാജാവിന്റെ ഇപ്രകാരമുള്ള വാക്കു കേട്ട് ലോകനമസ്കൃതയായ ഗംഗ ഭഗീരഥനോട് ഇപ്രകാരം സസന്തോഷം പറഞ്ഞു."

ഗംഗ പറഞ്ഞു: "ഹേ, മഹാരാജാവേ, അപ്രകാരമാകാം. നിന്റെ വാക്കു ഞാൻ നിസ്സംശയം അനുസരിക്കാം." ആകാശത്തുനിന്നു ഭൂമിയിൽ പതിക്കുന്ന എന്റെ വേഗം അസഹ്യമാണ്. മൂന്നു ലോകത്തിലും എന്റെ ചാട്ടത്തിന്റെ ഊക്കു താങ്ങുവാൻ ശക്തരായി ആരുമില്ല; വിബുധശ്രേഷ്ഠനും, നീലകണ്ഠനുമായ മഹേശ്വരൻ മാത്രമല്ലാതെ മറ്റാരുമില്ല. അതുകൊണ്ട് മഹാബാഹോ, ഭവാൻ തപസ്സാൽ വരദനായ ഹരനെ പ്രസാദിപ്പിക്കുക. ഞാൻ സ്വർഗ്ഗത്തിൽനിന്നു പതിക്കുമ്പോൾ ശിരസ്സുകാണിച്ച് ആ ദേവൻ താങ്ങിക്കൊള്ളും. മഹാദേവൻ നിന്റെ പിതൃക്കൾക്ക് ഹിതത്തിനുവേണ്ടി പ്രിയം ചെയ്യുന്നതുമാണ്."

ലോമശൻ പറഞ്ഞു: "അതു കേട്ടഉടനെ മഹാരാജാവായ ഭഗീരഥൻ കൈലാസപർവ്വതത്തിൽച്ചെന്ന് കുറേനാൾ ഉഗ്രമായ തപസ്സുചെയ്തു ശങ്കരനെ പ്രസാദിപ്പിച്ചു. അങ്ങനെ 'ഞാൻ ഗംഗയെ ധരിച്ചുകൊള്ളാം' എന്ന വരം ഭഗീരഥൻ ശിവനിൽനിന്ന്, തന്റെ പിതൃക്കളെ സ്വർഗ്ഗലോകം കയറ്റുന്നതിനുവേണ്ടി വാങ്ങിച്ചു."

109. അഗസ്ത്യോപാഖ്യാനം-അഗസ്ത്യമാഹാത്മ്യകഥനം - ആകാശഗംഗയുടെ ഭൂപതനം - ലോമശൻ പറഞ്ഞു: "ഭഗീരഥന്റെ അപേക്ഷ കേട്ട് ഭഗവാൻ വാനവർക്ക് പ്രിയത്തിനുവേണ്ടി ഇപ്രകാരം പറഞ്ഞു."

ശിവൻ പറഞ്ഞു: "എടോ ഭഗീരഥാ, ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ഹേ, നൃപസത്തമാ, നിന്റെ ആഗ്രഹം സാധിപ്പിച്ചുതരാം. നിനക്കുവേണ്ടി ശിവമായവളും, ദിവ്യയും, ദേവനദിയും, പുണ്യയുമായ ഗംഗയെ വാനിൽനിന്നു ഭൂമിയിലേക്കു വീഴുമ്പോൾ ഞാൻ താങ്ങിക്കൊള്ളാം."

ലോമശൻ പറഞ്ഞു: "എന്നു പറഞ്ഞു നാനാവിധങ്ങളും ഘോരങ്ങളുമായ ആയുധങ്ങൾ കൈയിലേന്തിയ പരിവാരങ്ങളാൽ ആവൃതനായി ശിവൻ ഹിമവൽപർവ്വതത്തിലെത്തി നരശ്രേഷ്ഠനായ ഭഗീരഥനോട് പറഞ്ഞു."

ശിവൻ പറഞ്ഞു: "ഭഗീരഥാ, ഭവാൻ ഇനി ശൈലരാജാവിന്റെ പുത്രിയായ നദിയോടു യാചിക്കുക. വാനിൽനിന്നു പതിക്കുന്ന സരിത്ശ്രേഷ്ഠയുടെ ധാരയെ ഞാൻ ഏറ്റുകൊള്ളാം."

ലോമശൻ പറഞ്ഞു: "ഇപ്രകാരം ശർവ്വൻ പറഞ്ഞ വാക്കു കേട്ട് ഭഗീരഥരാജാവ് പ്രിയതനായി നിന്നു പ്രണമിച്ചു ഗംഗയെ ധ്യാനിച്ചു. രാജാവ് ഇപ്രകാരം ചിന്തിച്ചുനില്ക്കവേ പുണ്യജലയും, രമ്യയുമായ ആ നദി ഈശാനൻ നില്ക്കുന്നതായിക്കണ്ട് ഗഗനത്തിൽനിന്നു കീഴോട്ടു ചാടി. ആകാശഗംഗ വീഴുന്നതായിക്കണ്ട് ദേവന്മാരും മഹർഷിമാരും യക്ഷഗന്ധർവ്വന്മാരും ഉരഗങ്ങളും ഗംഗയുടെ പതനം കാണുവാൻ വന്നുകൂടി. ഹിമവൽസുതയായ ഗംഗ ആകാശത്തുനിന്നു കീഴോട്ടുചാടി. മത്സ്യങ്ങളും മുതലകളും ഇളകിമറിയുന്ന ഗംഗ വലിയ ചുഴിയും പതയും ചേർന്നു പ്രവഹിച്ചു. ഗഗനമേഖലയായ ആ ഗംഗയെ ഹരൻ താങ്ങി. അവൾ ഒരു മുത്തുമാലപോലെ ശിവന്റെ നെറ്റിക്കുമീതെയായി വന്നു വീണു. ആഴിയിലേക്കു പോകുന്ന ആ ഗംഗ മൂന്നു കൈവഴികളായി തിരിഞ്ഞു. മൂന്നായിത്തിരിഞ്ഞു കടലിലേക്കു വേഗത്തിൽ ഒഴുകുന്ന അവൾ നുര നിറയുകയാൽ അരയന്നങ്ങളുടെ അനേകം നിരപോലെ സുന്ദരിയായി ശോഭിച്ചു. പരന്നും വളഞ്ഞും പുളഞ്ഞും ഇടറിയും നുരയാകുന്ന വെള്ളപ്പട്ടുടുത്ത് ഒഴുകുന്ന അവൾ മദ്യത്താൽ ഉന്മത്തയായ സ്ത്രീയെപ്പോലെ ഗമിച്ചു. ഇപ്രകാരം കുതിച്ചുചാടുന്ന നിനദത്തോടുകൂടി ആകാശത്തുനിന്ന് പൃഥിവിയിൽ വീണ് ഒഴുകുന്ന ആ ഗംഗ ഭഗീരഥനോട് ഇപ്രകാരം മനോഹരമായി പറഞ്ഞു."

ഗംഗ പറഞ്ഞു: "ഹേ ഭഗീരഥാ, ഞാൻ ഏതു വഴിക്കു പോകണം നീ പറഞ്ഞുതരിക. നിനക്കുവേണ്ടിയാണ് ഞാൻ ഭൂമിയിൽ ഇറങ്ങിവന്നത്!"

digitized by www.sreyas.in

ലോമശൻ പറഞ്ഞു: "ഗംഗയുടെ ഈ വാക്കു കേട്ട് ഭഗീരഥൻ മഹാത്മാക്കളായ സഗരപുത്രന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ കിടക്കുന്ന ദിക്കിലേക്കു ചൂണ്ടി. പുണ്യജലംകൊണ്ട് അവരെ അഭിഷേകം ചെയ്യുവാൻവേണ്ടി അങ്ങോട്ടു വഴികാണിച്ചുകൊടുത്തു.

ഗംഗയെ ധരിച്ച് ലോകനമസ്കൃതനായ ഹരൻ ദേവന്മാരോടുകൂടി പർവ്വതശ്രേഷ്ഠനായ കൈലാസപർവ്വതത്തിലേക്കു പോയി. ഭഗീരഥൻ ഗംഗയോടുകൂടി സമുദ്രത്തിലെത്തി. വരുണാലയമായ സമുദ്രത്തെ ജലംകൊണ്ടു നിറച്ചു. ഗംഗയെ ഭഗീരഥരാജാവ് തന്റെ മകളായി കണക്കാക്കി. പിതൃക്കൾക്ക് ഉദകം ചെയ്തു ഭഗീരഥൻ മനോരഥം പൂർണ്ണമാക്കി. ത്രിപഥഗയായ ഗംഗയെ ഇപ്രകാരം സമുദ്രപൂരണത്തിന് ഭഗീരഥൻ ഭൂമിയിൽ എത്തിച്ച കഥയും മഹാതപസ്വിയായ അഗസ്ത്യമഹർഷി സമുദ്രം കുടിച്ചുവറ്റിച്ച കഥയും ബ്രാഹ്മണഹന്താവായ വാതാപിയെ ഭക്ഷിച്ച കഥയും ഞാൻ പറഞ്ഞു. ഹേ യുധിഷ്ഠിരാ, ഭവാൻ ചോദിച്ച ഈ കാര്യങ്ങളെല്ലാം വിവരിച്ചു കഴിഞ്ഞു."

110. ഋഷ്യശൃംഗോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ അവിടെനിന്നു പോയി ക്രമത്തിൽ പാപഭയം ഇല്ലാതാക്കുന്ന 'നന്ദാ', 'അപരനന്ദാ' എന്നീ നദീതീർത്ഥങ്ങളിൽ സ്നാനംചെയ്തു. പിന്നെ അനാമയമായ 'ഹേമകൂടം' എന്ന പർവ്വതത്തിൽച്ചെന്നു. അവിടെ അചിന്ത്യവും അത്ഭുതവുമായ വളരെ കാഴ്ചകൾ കണ്ടു. ആരെങ്കിലും മിണ്ടിയാൽ ഉടനെ കാറ്റടിച്ചുകൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന മേഘവർഷവും പാറക്കഷണങ്ങളുടെ വർഷവും തടസ്സപ്പെടുത്തുന്നതിനാൽ ഈ ഭീകരസ്ഥലംകയറുവാൻ ഇതു കണ്ടു വിഷണ്ണരായ ജനങ്ങൾക്കു കഴിഞ്ഞിരുന്നില്ല. എപ്പോഴും കാറ്റുവീശുകയും, എപ്പോഴും മഴപെയ്യുകയും ചെയ്യുന്നതാണ് ആ പർവ്വതപ്രദേശം. സ്വാദ്ധ്യായഘോഷം എപ്പോഴും ആ പ്രദേശത്തു കേൾക്കാം; എന്നാൽ ആരെയും അവിടെ കാണുകയുമില്ല. എവിടെനിന്നാണ് ഈ ഘോഷം പുറപ്പെടുന്നതെന്ന് അറിയുന്നുമില്ല. ഭഗവാൻ ഹവ്യവാഹനെ സന്ധ്യക്കും പ്രഭാതത്തിലും കാണാം. തപസ്വികളുടെ തപസ്സിനെ ഭംഗപ്പെടുത്തുന്നവിധം ഈച്ചകൾ എപ്പോഴും കുത്തുകയും ചെയ്യും. നിർവ്വേദമുണ്ടാവുകയും ജനങ്ങൾക്കു ഗൃഹത്തെപ്പറ്റിയുള്ള സ്മരണയുണ്ടാവുകയും ചെയ്യും അവിടെയെത്തിയാൽ. ഇപ്രകാരം പല അത്ഭുതങ്ങളും കണ്ട് പാണ്ഡവൻ ലോമശനോട് ഈ അത്ഭുതങ്ങളെക്കുറിച്ചു ചോദിച്ചു."

ലോമശൻ പറഞ്ഞു: "ഹേ അരികർശനാ! ഞാൻ പണ്ട് ഇതിനെക്കുറിച്ചെല്ലാം കേട്ടിട്ടുണ്ട്. ഈ അത്ഭുതങ്ങൾ ഇവിടെ ഇങ്ങനെ ഉണ്ടാകാനുള്ള കാരണങ്ങളെല്ലാം ഞാൻ പറയാം. ശ്രദ്ധയോടെ കേൾക്കുക. ഇവിടെ ഋഷഭകൂടത്തിൽ 'ഋഷഭൻ' എന്നു പേരായി ഒരു താപസൻ വാണിരുന്നു. വളരെ നൂറ്റാണ്ടു ജീവിച്ച അദ്ദേഹം വലിയ കോപിഷ്ഠനായിരുന്നു. ജനങ്ങൾ എപ്പോഴും ഓരോന്നു വന്നു പറയുകമൂലം ആ തപസ്വി അവരെ തടയുവാൻവേണ്ടി ഇപ്രകാരം കല്പിച്ചു: "ഇവിടെ ആരെങ്കിലും വന്നു വല്ലതും പറഞ്ഞാൽ എടോ പർവ്വതമേ! നീ പാറക്കല്ലുകൾ അവരുടെ നേർക്കെറിയണം എന്ന്" പിന്നെ കാറ്റിനെ വിളിച്ചു പറഞ്ഞു, 'ഇവിടെ ആരും മിണ്ടിപ്പോകരുത്. ആരെങ്കിലും വന്നു മിണ്ടിയാൽ മേഘശബ്ദത്താൽ അതു തടയണം' എന്ന്. ഇങ്ങനെ ആ മഹർഷി പലവിധ അത്ഭുതകർമ്മങ്ങൾ ചെയ്തു. ചിലതു കോപത്താൽ നിഷിദ്ധമാക്കുകയുംചെയ്തു.

പണ്ട് ദേവന്മാർ നന്ദയ്ക്കുവന്നു എന്ന് ശ്രുതികേട്ടിട്ടുണ്ട്. ദേവന്മാരെ കാണുവാൻ പലരും വന്നുകൂടി. എന്നാൽ എല്ലാവർക്കും യഥേഷ്ടം കാണപ്പെടുവാൻ ഇഷ്ടമില്ലാതിരുന്ന ശക്രാദികളായ ദേവകൾ ഈ ഗിരിയെ കുന്നുകളാകുന്ന ദുർഗ്ഗങ്ങൾ ചുറ്റുമുണ്ടാക്കി സാധാരണക്കാർക്ക് ഈ സ്ഥലം അപ്രാപ്യമാക്കിത്തീർത്തു. അന്നുമുതൽ മനുഷ്യർ ഈ മല കാണുവാൻപോലും ശക്തരാകാറില്ല. പിന്നെ കയറുന്ന കാര്യം ഒട്ടും സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ? കഠിനമായ തപസ്സു ചെയ്യാത്തവർക്കാർക്കും ഈ മഹാഗിരിയെ കാണുവാൻ സാദ്ധ്യമല്ല. അങ്ങോട്ടു കയറാൻ പറ്റുകയില്ല. അവരും വായ അടയ്ക്കുകതന്നെവേണം. ഹേ കുന്തീപുത്രാ, നീയും ഒട്ടും ശബ്ദിക്കാതിരിക്കുക. ഇവിടെ വച്ചു ദേവന്മാർ വളരെ ഉത്തമമായ യജ്ഞങ്ങൾ ചെയ്തു. അതിന്റെ അടയാളം ഇപ്പോഴും കാണാം. ദർഭപ്പുല്ലുപോലെയുള്ള പുല്ലുകൾ നിറഞ്ഞതാണ് ഈ സ്ഥലം. ഇവിടം കുശപ്പുല്ലു നിറഞ്ഞിരിക്കുന്നു. യൂപപ്രാകാരമായി അനേകം വൃക്ഷങ്ങൾ ഇവിടെ നില്ക്കുന്നു. ദേവന്മാരും മുനിമാരും ഇന്നും ഇവിടെ വാഴുന്നുണ്ട്. സായംകാലത്തും പുലർ കാലത്തും അവരുടെ ഹോമാഗ്നി കാണാം. അവിടെ ചെന്നു സ്നാനം ചെയ്തവർക്കു പാപമെല്ലാം ഉടനെ നശിച്ചുപോകും. അതുകൊണ്ട് ഹേ, യുധിഷ്ഠിരാ! ഭവാൻ സോദരന്മാരോടുകൂടി നന്ദയിൽ സ്നാനംചെയ്യുക. പിന്നീട് നമ്മൾക്കു കൗശികിക്കു പോകണം. ഉഗ്രവും അനുത്തമവുമായ കഠിനതപസ്സ് വിശ്വാമിത്രൻ ചെയ്തത് അവിടെവെച്ചാണ്."

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ കൂട്ടുകാരൊന്നിച്ച് നന്ദയിൽ സ്നാനംചെയ്തു ശുഭവും പുണ്യവും രമ്യവും ശീതജലം നിറഞ്ഞതുമായ കൗശികീനദിയിലെത്തി."

ലോമശൻ പറഞ്ഞു: "ഹേ, ഭരതർഷഭാ! ഇതാണ് പുണ്യയായ കൗശികീനദി. വിശ്വാമിത്രന്റെ ആശ്രമം അതാ അവിടെ രമ്യമായി പ്രകാശിക്കുന്നു. അപ്പുറം കാണുന്നത് മഹാത്മാവായ കാശ്യപന്റെ പുണ്യാശ്രമമാണ്. സംയതേന്ദ്രിയനും, തപസ്വിയുമായ ഋഷ്യശൃംഗൻ അവന്റെ മകനാണ്. തപസ്സിദ്ധിയാൽ ഋഷ്യശൃംഗൻ വാസവനെക്കൊണ്ട് വലിയ മഴപെയ്യിപ്പിച്ചു. അനാവൃഷ്ടിയുള്ള കാലത്ത് വലവൃത്രഹന്താവായ ദേവേന്ദ്രൻ ആ മഹർഷിയെ ഭയപ്പെട്ടു വേണ്ടത്ര മഴ പെയ്യിച്ചു. മാൻപേട പ്രസവിച്ചുണ്ടായവനാണ് കാശ്യപപുത്രനായ ആ തേജസ്വി. ലോമപാദന്റെ രാജ്യത്ത് മഹത്തായ ഒരത്ഭുതമാണ് അവൻ ചെയ്തത്. മഴമൂലം സസ്യങ്ങൾ തഴച്ചുവളർന്നപ്പോൾ ലോമപാദരാജാവ് തന്റെ മകളായ ശാന്തയെ, സൂര്യൻ സാവിത്രിയെ എന്നപോലെ, ഋഷ്യശൃംഗനു നല്കി."

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ! ഋഷ്യശൃംഗൻ എങ്ങനെ കാശ്യപന്നു മൃഗിയിൽ ജനിച്ചു? വിരുദ്ധയോനീജാതൻ എങ്ങനെ തപസ്വിയായി? ധീമാനായ ആ കുട്ടിയെപ്പേടിച്ച് എന്തിന്നു വലവൃത്രനാശനനായ ഇന്ദ്രൻ വരൾച്ചയുള്ള കാലത്തു വർഷിച്ചു? യതവ്രതയും, രാജപുത്രിയുമായ ശാന്ത രൂപസമ്പത്തിൽ എങ്ങനെയുള്ള കുട്ടിയായിരുന്നു? അവൾ മൃഗീപുത്രനെപ്പോലും മയക്കുവാൻ എങ്ങനെ കഴിവുള്ളവളായി? രാജർഷിയായ ലോമപാദൻ ധാർമ്മികനാണെന്നു കേട്ടിട്ടുണ്ട്. പിന്നെ അവന്റെ നാട്ടിൽ എന്താണ് പാകശാസനനായ ഇന്ദ്രൻ മഴ പെയ്യിക്കാതിരുന്നത്? ഇതൊക്കെ ഭഗവൻ, എന്നോടു വിസ്തരിച്ചുപറഞ്ഞാലും. ഋഷ്യശൃംഗന്റെ ചേഷ്ടിതങ്ങളെക്കുറിച്ച് അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്."

ലോമശൻ പറഞ്ഞു: "പറയാം. ശ്രദ്ധിച്ചു കേൾക്കുക. അമോഘവീര്യനായി പ്രജാപതിക്കു തുല്യമായ തേജസ്സോടെ തപസ്സാൽ ഭാവിതാത്മാവായി വിഭാണ്ഡകനെന്നു പേരായി ഒരു വിപ്രർഷിയുണ്ടായിരുന്നു. ആ മഹർഷിക്ക് മഹാർഹനും, മഹാതേജസ്വിയും, വൃദ്ധസമ്മതനും, പ്രതാപിയുമായി ഋഷ്യശൃംഗൻ എന്ന ഒരു പുത്രൻ ഉണ്ടായി. ഒരുദിവസം ദേവസമ്മതനും കാശ്യപനുമായ വിഭാണ്ഡകൻ ഒരു വലിയ തടാകത്തിൽച്ചെന്നു കുറേനാൾ തപസ്സുചെയ്തു. അങ്ങനെ വളരെനാൾ അദ്ദേഹം കഠിനശ്രമം തുടർന്നു. ഒരുദിവസം അപ്സരസ്സായ ഉർവ്വശിയെ കണ്ടപ്പോൾ അവന്നു ശുക്ലം സ്രവിച്ചു. ജലത്തിലാണു സ്രവിച്ചത്. ഒരു മാൻപേട ദാഹിച്ചുവന്ന് ഉടനെ വെള്ളം കുടിച്ചപ്പോൾ ശുക്ലം അവളുടെ ഉദരത്തിൽ പ്രവേശിച്ചു. അതു സന്താനോല്പാദനക്ഷമമായ ഗർഭമായി. പണ്ട് അവളൊരു ദേവകന്യകയായിരുന്നു. അവളോട് ലോകകർത്താവായ ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു: "ഹേ, ദേവകന്യേ! നീ മാൻപേടയായി ഒരു മുനിയെ പ്രസവിച്ചതിന്നുശേഷം മുക്തയാകും" എന്ന്. അമോഘമായ വിധിവാക്കുമൂലവും ഭാവിദൈവേച്ഛമൂലവും ആ മാൻപേടയിൽ അവന്ന് ഒരു പുത്രൻ ജനിച്ചു. തപോനിത്യനായി 'ഋഷ്യശൃംഗൻ'

digitized by www.sreyas.in

വനത്തിൽത്തന്നെ വസിച്ചു, യുധിഷ്ഠിരാ! ആ ഋഷിക്കു തലയിൽ ശൃംഗം (കൊമ്പ്) മുളച്ചു. അതുകൊണ്ട് ഋഷ്യശൃംഗൻ എന്ന പേരും അവന്നു ലഭിച്ചു. അച്ഛനെയല്ലാതെ ലോകത്തിൽ ഒരു മനുഷ്യജീവിയേയും അവൻ കണ്ടിട്ടില്ല. അതുകൊണ്ട് അവന്ന് എന്നും മനസ്സ് ബ്രഹ്മചര്യത്തിൽ മാത്രമായിരുന്നു. മറ്റൊരുവിധ ചിന്തയും അവന്റെ ഉള്ളിൽ കടക്കുവാൻ ഇടയാകാതെ വളർന്നു. അക്കാലത്ത് 'ലോമപാദൻ' എന്നു പേരായ ഒരു രാജാവ് അംഗ രാജ്യം ഭരിച്ചിരുന്നു. ദശരഥന്റെ സുഹൃത്തായിരുന്നു ലോമപാദൻ. അവൻ കാമത്താൽ ബ്രാഹ്മണനെ നുണപറഞ്ഞു ചതിച്ചതുകൊണ്ടാണെന്നു കേൾക്കുന്നു, ആ രാജാവിനെ സകല ബ്രാഹ്മണരും വിട്ടുപോയി. അവന് അങ്ങനെ പുരോഹിതൻ പോലും ഇല്ലാതായിത്തീർന്നു. തന്മൂലം സഹസ്രാക്ഷൻ (ഇന്ദ്രൻ) അവന്റെ രാജ്യത്തു മഴ പെയ്യിച്ചില്ല. നാട്ടുകാർ ദുഃഖത്തിലായി. ദേവേന്ദ്രനെക്കൊണ്ട് മഴ പെയ്യിക്കുവാൻ വേണ്ടി സമർത്ഥരായ ബ്രഹ്മണരെ ചെന്നുകണ്ട് അവൻ ചോദിച്ചു."

ലോമപാദൻ പറഞ്ഞു: "മഴ പെയ്യുവാൻ എന്തുപായമാണ് ഉള്ളത്? നിങ്ങൾ ചിന്തിച്ചു പറയുവിൻ."

ലോമശൻ പറഞ്ഞു: "രാജാവിന്റെ വാക്കുകേട്ട് മനീഷികൾ ഓരോരുത്തരും താന്താങ്ങളുടെ വിവിധതരത്തിലുള്ള ഉപദേശങ്ങൾ നല്കി. എന്നാൽ അതിൽ ഒരു മുനിവരൻ ഇപ്രകാരം പറഞ്ഞു."

മുനി പറഞ്ഞു: "ഹേ, രാജാവേ! നീ ബ്രാഹ്മണരെ കോപിപ്പിച്ചു. അതിന്നു പ്രായശ്ചിത്തം ചെയ്യുക. പിന്നെ രാജാവേ! ഭവാൻ മുനിസുതനായ ഋഷ്യശൃംഗമഹർഷിയെ വരുത്തുക. അവൻ നാരികളെപ്പറ്റി ഒന്നുംതന്നെ അറിയാത്തവനാണ്. അവൻ വനത്തിൽത്തന്നെ ജീവിക്കുന്നവനും, ആർജ്ജവമുള്ളവനുമാണ്. ആ മഹാശുദ്ധനും, പുണ്യവാനുമായ മഹാതപസ്വി നിന്റെ രാജ്യത്തു കാൽകുത്തിയാൽ മതി ഉടനെ മേഘങ്ങൾ വർഷിക്കും. അതിൽ യാതൊരു സംശയവുമില്ല."

ലോമശൻ പറഞ്ഞു: "മഹാമുനിയുടെ ഈ വാക്കുകേട്ട രാജാവ് അപ്രകാരം ചെയ്യുവാൻ തീരുമാനിച്ചു. ബ്രാഹ്മണർക്കു പ്രായശ്ചിത്തമായി ധനം ദാനംചെയ്തു അവരുടെ അനുഗ്രഹം വാങ്ങി രാജാവുവന്നു. രാജാവു മടങ്ങിവന്നതറിഞ്ഞ് നാട്ടുകാർ അതിയായി സന്തോഷിച്ചു. പിന്നെ അംഗരാജാവ് മന്ത്രിമാരെ വിളിച്ച് ഋഷ്യശൃംഗനെ വരുത്തുവാനുള്ള മാർഗ്ഗം ചിന്തിച്ച് മന്ത്രിമാരുമായി ആലോചന നടത്തി. തന്റെ ശാസ്ത്രജ്ഞരും, ബുദ്ധിമാന്മാരുമായ അമാത്യന്മാരോടുകൂടി ആലോചന നടത്തി. രാജാവ് ഒടുവിൽ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ഉടനെ രാജാവ് വാരസ്ത്രീകളെ വരുത്തി. എല്ലാറ്റിന്നും കഴിവുള്ള സുന്ദരിമാരായ ആ വേശ്യമാരോട് പറഞ്ഞു."

ലോമപാദൻ പറഞ്ഞു: "നിങ്ങൾ ഉപായം പ്രയോഗിച്ച് ഋഷിപുത്രനായ ഋഷ്യശൃംഗനെ മയക്കി വിശ്വസിപ്പിച്ച് എന്റെ നാട്ടിലേക്കു കൊണ്ടുവരണം. ശോഭനമാരേ! നിങ്ങൾ അതിന്ന് ഉടനെ പുറപ്പെടണം."

ലോമശൻ പറഞ്ഞു: "ആ സ്ത്രീകൾ രാജാവിന്റെ കല്പന കേട്ടു ഭയപ്പെട്ടു. മുനി ശപിച്ചാലോ എന്ന ഭയവും, രാജകല്പന അനുസരിച്ചില്ലെങ്കിൽ ശിക്ഷിക്കുമെന്ന ഭയവും അവരിൽ ഒരുപോലെ ഉണ്ടായി. അവർ ചിന്തിച്ചു വിവർണ്ണരായി; ഗതചേതനരായി. ഇത് അസാദ്ധ്യകാര്യമാണെന്ന് വിഷമിച്ച് അവർ മറുപടി പറഞ്ഞു. എന്നാൽ ആ വേശ്യമാരിൽ വൃദ്ധയായ ഒരുത്തി ഇപ്രകാരം പറഞ്ഞു.

വൃദ്ധവേശ്യ പറഞ്ഞു: "മഹാരാജാവേ, ഞാൻ ആ തപോധനനെ കൊണ്ടുവരാൻ ശ്രമിക്കാം. എനിക്കുവേണ്ട സകല സൗകര്യങ്ങളും അങ്ങു ചെയ്തുതരണം. എന്നാൽ മുനിപുത്രനായ ഋഷ്യശൃംഗനെ ഞാൻ കൊണ്ടുവരാം."

ലോമശൻ പറഞ്ഞു: "അവൾ പറഞ്ഞപ്രകാരം എല്ലാ ഏർപ്പാടുകളും ചെയ്തുകൊടുക്കാമെന്ന് രാജാവു സമ്മതിച്ചു. അവൾക്കു വേണ്ടുവോളം ധനവും, പലതരം രത്നങ്ങളും നല്കി സന്തോഷിപ്പിച്ചു. രൂപയൗവനസമ്പന്നരായ ചില പെൺകൊടിമാരെ കൂട്ടിക്കൊണ്ട് അവൾ കാട്ടിലേക്കു പുറപ്പെട്ടു."

111. ഋഷ്യശൃംഗോപാഖ്യാനം – ലോമശൻ തുടർന്നു: "ആ വൃദ്ധവേശ്യ രാജകാര്യസിദ്ധിക്കായി വെള്ളത്തിൽ പൊന്തിക്കിടക്കുന്ന ഒരാശ്രമം നിർമ്മിച്ചു. രാജാവിന്റെ ആജ്ഞയാലും തന്റെ മനോധർമ്മത്താലും നിർമ്മിക്കപ്പെട്ട ആ നവ്യാശ്രമം മനോഹരമായി പ്രശോഭിച്ചു. ഭംഗിയായി പൂത്തും കായ്ച്ചും നില്ക്കുന്ന വൃക്ഷങ്ങളാലും, ലതകളാലും അതീവമനോഹരമായി ഒരു വനഭാഗമായി അതു വിളങ്ങി. മനോഹരമായ വള്ളിക്കുടിലും മറ്റും ചേർന്ന് രമ്യവും, കണ്ണിനും കരളിനും കുളുർമ്മയുണ്ടാക്കുന്നതും, അതിഭംഗി കലർന്നതുമായ ആ ആശ്രമം ആരെയും അങ്ങോട്ട് ആകർഷിക്കുന്നവിധം പ്രശോഭിച്ചു. അത്ര അത്ഭുതദർശനമായിരുന്നു ആ രമ്യമായ ആശ്രമം. ആ കൃത്രിമ തപോവനാശ്രമം പുഴയിൽക്കൂടി യാത്രചെയ്ത് കാശ്യപാശ്രമത്തിന്നു കുറച്ചകലെയെത്തിയപ്പോൾ കെട്ടിനിറുത്തി. ആൾക്കാരെ അയച്ച് രഹസ്യമായി മഹർഷിയുടെ ആശ്രമത്തിലെ സ്ഥിതിഗതികൾ അറിഞ്ഞു.

പിന്നെ തന്റെ മകളായ വേശ്യയോടു വേണ്ടവിധം പറഞ്ഞു ധരിപ്പിച്ച് ബുദ്ധിമതിയായ അവളെ കാശ്യപൻ അവിടെനിന്നു പോയിരിക്കുന്ന തക്കംനോക്കി ആ വൃദ്ധവേശ്യ ഋഷ്യശൃംഗന്റെ അടുത്തേക്കയച്ചു. കുശലയായ അവൾ ആശ്രമത്തിൽക്കടന്ന് മുനികുമാരനെ കണ്ടു."

വേശ്യ പറഞ്ഞു: "മാമുനേ, ഭവാനും മറ്റു താപസർക്കും ക്ഷേമം തന്നെയല്ലേ? താപസർക്കു കായും കിഴങ്ങും സുലഭംതന്നെയല്ലേ? അങ്ങയ്ക്ക് ഈ ആശ്രമത്തിൽ സുഖംതന്നെയല്ലേ? ഞാൻ ഭവാനെ കാണുവാൻ ആഗ്രഹിച്ചു വന്നതാണ്. തപസ്സു വർദ്ധിക്കുന്നില്ലേ താപസന്മാർക്ക്? ഭവാന്റെ അച്ഛന്നു തേജസ്സിന്ന് ഒട്ടും ഹാനി സംഭവിക്കുന്നില്ലല്ലോ? ഹേ വിപ്രാ, ഋഷ്യശൃംഗാ, ഭവാൻ സ്വാദ്ധ്യായം വേണ്ടവണ്ണം ചെയ്യുന്നില്ലയോ?"

ഋഷ്യശൃംഗൻ പറഞ്ഞു: "ഭവാൻ ഐശ്വര്യത്താൽ ജ്യോതിസ്സുപോലെ ശോഭിക്കുന്നതായി എനിക്കു തോന്നുന്നു. ഭവാൻ അഭിവന്ദ്യനാണെന്ന് ഞാൻ വിചാരിക്കുന്നു. ഭവാന് ഞാൻ യഥാകാമം ഇതാ പാദ്യംനല്കുന്നു. യഥാധർമ്മം ഫലമൂലങ്ങളേയും ഇതാ തരുന്നു. മാൻതോൽ മീതെ വിരിച്ച ദർഭപ്പുൽപ്പായയിൽ സുഖമായി ഇരിക്കുക. അങ്ങയുടെ മുഖം കാണുമ്പോൾ ഞാൻ അങ്ങ് ഒരു ദേവനാണെന്നു കരുതുന്നു. ഹേ, ബ്രാഹ്മണാ, ഭവാന്റെ ആശ്രമം എവിടെയാണ്? ഭവാൻ ആചരിക്കുന്ന വ്രതം എന്താണ്?"

വേശ്യ പറഞ്ഞു: "എന്റെ രമ്യമായ ആശ്രമം ഈ ശൈലങ്ങൾക്ക് അപ്പുറത്താണ്. ഇവിടെനിന്നു മൂന്നു യോജന അകലെയാണ്. ആരിൽനിന്നും അഭിവാദനം സ്വീകരിക്കരുത്, കാൽ കഴുകാൻ വെള്ളം സ്വീകരിക്കരുത് എന്നത് എന്റെ ധർമ്മമാണ്. അങ്ങയിൽ നിന്ന് അഭിവാദ്യം ഞാൻ അർഹിക്കുന്നില്ല. പക്ഷേ, ഭവാൻ എനിക്ക് അഭിവന്ദ്യനാണ്. അതുകൊണ്ട് ഞാൻ അങ്ങയെ അഭിവാദ്യംചെയ്യണം. ഇതാണ് ബ്രാഹ്മണാ! എന്റെ വ്രതം. അതായത്, ഞാൻ ഭവാനെ പുണരണം; അതാണ് എന്റെ ധർമ്മം."

ഋഷ്യശൃംഗൻ പറഞ്ഞു: "പഴുത്ത നല്ല പഴങ്ങൾ ഞാൻ ഭവാനു തരാം. താന്നിക്കയും നെല്ലിക്കയും തരാം. കരുഷകം, ഇംഗുദം, ധന്വനം ഇവയൊക്കെ തരാം. പിപ്പലവും തരാം. എല്ലാം സ്വീകരിച്ചാലും."

ലോമശൻ തുടർന്നു: "അതൊക്കെ അവൾ വാങ്ങി നീക്കിവെച്ച് വിശിഷ്ടമായ ഭക്ഷ്യപദാർത്ഥങ്ങൾ അവന്നു നല്കി. വളരെ രസമുള്ളതും, ഭംഗിയുള്ളതുമായ ഭക്ഷ്യസാധനങ്ങൾ ഋഷ്യശൃംഗന്നു നല്കി. അതെല്ലാം വാങ്ങി ഋഷ്യശൃംഗൻ രസമായി അനുഭവിച്ചു. അവന്നു വളരെ ഇഷ്ടപ്പെട്ടു. മണമുള്ള പൂമാലകൾ അവന്നു നല്കി. വിചിത്രമായ വസ്ത്രങ്ങളും നല്കി. വിശിഷ്ടമായ പാനീയങ്ങളും നല്കി. അതെല്ലാം അനുഭവിച്ചു രസിച്ചു പൊട്ടിച്ചിരിച്ച് അവനോടുകൂടി ഉല്ലസിച്ച് അവന്റെ അടുത്തുനിന്ന് അവൾ പന്തുകൊട്ടിക്കളിച്ചു. കുനിഞ്ഞുചാഞ്ചാടുന്ന ഒരു വല്ലി

digitized by www.sreyas.in

പോലെ അങ്ങനെ കളിക്കുമ്പോൾ, അവൾ ചാഞ്ചാടിയുലഞ്ഞാടി. ദേഹംകൊണ്ട് ഋഷ്യശൃംഗന്റെ ദേഹത്തിൽ ചാഞ്ഞുലഞ്ഞ് ഉരസി വീണ്ടും വീണ്ടും പുണർന്നു.

പൂവിട്ടുനില്ക്കുന്ന അശോകം, സർജ്ജം എന്നീ മനോഹരവൃക്ഷങ്ങളുടെ ശാഖ പിടിച്ചു കുനിച്ച്, കൈ ഉയർത്തി പൂവറുത്തു. ലജ്ജ ഭാവിച്ച് മദംപൂണ്ട് മഹർഷിപുത്രനെ പ്രലോഭിപ്പിച്ചു ഋഷ്യശൃംഗന്റെ മനസ്സു മയങ്ങിയെന്നു കണ്ടപ്പോൾ അവൾ വീണ്ടും വീണ്ടും വാരിപ്പുണർന്നു. അഹോ! അഗ്നിഹോത്രത്തിന്നുള്ള സമയമായി എന്നു പറഞ്ഞ് അവൾ തിരിഞ്ഞുനോക്കിക്കൊണ്ട് മെല്ലെ നടന്നുപോയി.

അവൾ പോയപ്പോൾ ഋഷ്യശൃംഗന്റെ മനസ്സ് കാമദേവന്റെ കളിമൂലം കെട്ടുപോയി. അവളെ ചിന്തിച്ച് അവൻ ശൂന്യചിത്തനായി. അവൻ നെടുവീർപ്പിട്ട് ആർത്തരൂപനായിത്തീർന്നു. മുഹൂർത്തസമയം കഴിഞ്ഞപ്പോൾ ഹരിപിംഗളാക്ഷനും, നഖാഗ്രംവരെ രോമം വളർന്നവനും, സ്വാദ്ധ്യായവാനും, പ്രവൃത്തിയിൽ പരിശുദ്ധനും, ധ്യാനത്തിൽ സദാ തത്പരനും, കാശ്യപപുത്രനുമായ വിഭാണ്ഡകമഹർഷി അവിടെ എത്തി.

മുനി ആശ്രമത്തിലെത്തിയപ്പോൾ ആശ്രമാന്തരീക്ഷമൊക്കെ കുഴഞ്ഞുമറിഞ്ഞപോലെ കണ്ടു. പുത്രൻ അവിടെ ഒറ്റയ്ക്ക് ചിന്തയിൽ മുഴുകി മേല്പോട്ടുനോക്കി നെടുവീർപ്പിട്ട് വിപരീതമനസ്സായി, ദീനനായി ഇരിക്കുന്നു! വിഭാണ്ഡകമുനി പുത്രനോട് പറഞ്ഞു."

വിഭാണ്ഡകൻ പറഞ്ഞു: "ഉണ്ണീ! നീ സമിത്തു (ചമത) മുറിച്ചില്ലല്ലോ. നീ അഗ്നിഹോത്രം ഹോമിച്ചില്ലേ? നീ 'സ്രുക്'; 'സ്രുവങ്ങൾ' കഴുകി വൃത്തിയാക്കിയില്ലേ? ഹോമധേനുവിനെ കുട്ടിയുമായി ചേർത്തുവോ? നിനക്കെന്തുപറ്റി? നീ മുമ്പത്തെപ്പോലെയല്ലാതായിരിക്കുന്നുവല്ലോ! മകനേ! നീ എന്താണു ചിന്താപരനായി ചേതസ്സറ്റവിധം ഇരിക്കുന്നത്? നീ എന്താണു ദീനനായിരിക്കുന്നത്? എന്നോടു പറയൂ. ഇവിടെ ആരെങ്കിലും ഇന്നു വന്നുവോ?"

112. ഋഷ്യശൃംഗോപാഖ്യാനം – ഋഷ്യശൃംഗൻ പറഞ്ഞു: "ഇവിടെ വളരെ വലിയ ജടയുള്ള ഒരു ബ്രഹ്മചാരി വന്നു. ആ മനസ്വി നീണ്ടവനല്ല; പൊക്കം തീരെ കുറഞ്ഞവനുമല്ല. നിറമാണെങ്കിൽ സ്വർണ്ണംപോലെ തിളങ്ങുന്നു. കണ്ണുകണ്ടാൽ താമരപ്പൂദളംപോലെ സുന്ദരമാണ്. ഒരു ദേവനെപ്പോലെ ശോഭയുണ്ട് കണ്ടാൽ. രൂപം വളരെ ചന്തമുള്ളതാണ്. സൂര്യനെപ്പോലെ തേജസ്സുണ്ട്. നീലലോചനങ്ങളോടുകൂടി വളരെ വെളുത്ത് മനോഹരമായ ദേഹമുള്ളവനാണ് അവൻ.

നീലനിറത്തിലുള്ള മിനുത്തുനീണ്ട അദ്ദേഹത്തിന്റെ ജട നല്ല സുഗന്ധമുള്ളതാണ്. ആ നീണ്ട ജട ഒറു പൊൻചരടുകൊണ്ട് കെട്ടിയിരിക്കുന്നു. വളരെ ആശ്ചര്യരൂപത്തിലുള്ള ഒരാഭരണം അവന്റെ കഴുത്തിൽ തിളങ്ങുന്നുണ്ട്. അത് അന്തരീക്ഷത്തിൽ മിന്നൽക്കൊടി എന്നപോലെ ശോഭിക്കുന്നു. അവന്റെ കഴുത്തിനു കീഴെയായി സുമനോഹരമായി, രോമമൊട്ടുമില്ലാത്ത രണ്ടു മുഴകളുണ്ട്. നാഭിപ്രദേശം, അരക്കെട്ട്, ഇടുങ്ങിയതാണ്; മൃദുവുമാണ്. ജഘനം തടിച്ചതാണ്. എന്റെ അരയിലെ ചരടുപോലെ ഒരു ചരട് അവന്റെ അരയിലുമുണ്ട്. എന്നാൽ, ഒരു വിശേഷം, അവന്റെ ചരട് തനി പൊന്നുകൊണ്ടുണ്ടാക്കിയതാണ്. പിന്നെ കാലിൽ രണ്ടിലും ആശ്ചര്യകരവും ചന്തമുള്ളതുമായ ചിലമ്പുകളുണ്ട്. കൈകൾ രണ്ടിലും നല്ലപോലെ കിലുങ്ങുന്ന കലാപമുണ്ട്. എന്റെ ജപമാലപോലെയിരിക്കുന്നു. അവൻ ഒന്നനങ്ങിയാൽ മതി അതൊക്കെ സരസ്സിൽ മത്തരായ അരയന്നങ്ങളുടെ ശബ്ദംപോലെ ഒന്നു കിലുങ്ങും. അവന് കണ്ടാൽ കൗതുകമുള്ള, അത്ഭുതദർശനങ്ങളായ ചീരങ്ങളുണ്ട്. അതുമാതിരി നല്ല വസ്ത്രം എനിക്കില്ല. അതിമനോഹരമാണ് അവന്റെ മുഖം. അവന്റെ സംഭാഷണമാണെങ്കിൽ മനസ്സിനെ ഏറ്റവും ആഹ്ലാദിപ്പിക്കുന്നതാണ്; ശബ്ദമാണെങ്കിൽ പുംസ്കോകിലത്തിന്റേതുപോലുള്ളതാണ്. കുയിൽനാദംപോലെയുള്ള അവന്റെ വാക്കുകേട്ട് എന്റെ അന്തരാത്മാവ് വ്യഥിതമായിത്തീർന്നിരിക്കുന്നു. വീണ്ടും അതു കേൾക്കുവാൻ ഒരു ദാഹം വളരുന്നു. മാധവമാസമദ്ധ്യത്തിൽ പൂവനം കാറ്റിൽ ഉലയുമ്പോഴുണ്ടാകുന്ന ശോഭപോലെ, ആ കാറ്റിലെ പൂമണംപോലെ, അവൻ പുണ്യമായ പൂമണം കാറ്റിൽ പരത്തിക്കൊണ്ടു വിളങ്ങുന്നു. നെറ്റിയുടെ നേരേ ജട രണ്ടായി പകുത്ത് ഭംഗിയായി ചീവിക്കെട്ടിയിരിക്കുന്നു. അതുകൊണ്ട് അവന്റെ ചെവിരണ്ടും വിചിത്രരൂപികളായ ചക്രവാകങ്ങളാൽ സമാവൃതമായപോലെ, അവന്റെ സുന്ദരരൂപത്തെ കൂടുതൽ ആകർഷകമാക്കിക്കൊണ്ടു വിളങ്ങുന്നു.

വലതുകൈകൊണ്ട് വിചിത്രമായ ഒരു ഉരുണ്ട കായ നിലത്തിട്ടു കൈകൊണ്ടു തട്ടുമ്പോൾ നിലം മുട്ടി വീണ്ടും മേല്പോട്ടു ചാടുന്നു. അതു വീണ്ടും തട്ടുന്നു; ചാടുന്നു. അത്ഭുതംതന്നെ! അതടിച്ച് കാറ്റിൽ ചാഞ്ചാടുന്ന പൂമരം പോലെ അവൻ തിരിയുന്നു. അച്ഛാ! അദ്ദേഹത്തെ കണ്ട് ഒരു പുത്രനോടെന്നപോലെ എനിക്ക് ഇഷ്ടം തോന്നുന്നു; അമിതമായ സന്തോഷവും എനിക്കു വളർന്നു.

അവൻ മുറുകെ എന്നെ ഇടയ്ക്കിടയ്ക്ക് കെട്ടിപ്പിടിച്ചു. എന്റെ ജടയ്ക്ക് അവൻ പിടിച്ച മുഖം മെല്ലെ കുനിച്ച്, എന്റെ മുഖത്തോടു ചേർത്തു ചുണ്ടുകൊണ്ട് അമർത്തി ശബ്ദം പുറപ്പെടുവിച്ച് എന്നെ രസിപ്പിച്ചു. പാദ്യം അവൻ ഒട്ടും കണക്കാക്കിയില്ല. നല്ല ഫലങ്ങൾ ഞാൻ കൊടുത്തു. അതൊന്നും അവൻ തിന്നില്ല. അതിന്ന് അദ്ദേഹം പറഞ്ഞത്, എന്റെ വ്രതം അങ്ങനെയാണ് എന്നാണ്. എനിക്കു വേറേ ഫലങ്ങൾ തന്നു. എന്തൊരു രസമായ പഴങ്ങൾ! ഇത്ര സ്വാദുള്ള ഒരു ഫലവും ഞാൻ ഇന്നേവരെ അനുഭവിച്ചിട്ടില്ല. സ്വാദ് ഓർത്തുനോക്കുമ്പോൾ അതിനോടു സദൃശമായി മറ്റൊന്നുമില്ല. നാം കഴിക്കാറുള്ള പഴംപോലെയല്ല. അതു തൊലിയില്ലാത്ത പഴം, കഴമ്പു മാത്രമായ ഫലം, അണ്ടിയില്ലാത്ത, കുരുവില്ലാത്ത, തൊലിയില്ലാത്ത, മനോഹരവും അമൃതമയവുമായ പഴം. ഉദാരരൂപനായ അവൻ അതിരസകരമായ പാനീയങ്ങൾ കുടിക്കുവാൻ തന്നു. കുടിച്ചപ്പോൾ എന്തൊരു സുഖം; എന്തൊരു മധുരം! ഭൂമി ചുറ്റുന്നതുപോലെ സന്തോഷാധിക്യം കൊണ്ടു തോന്നിപ്പോയി. പട്ടുനൂലിൽ സുഗന്ധമുള്ള പുഷ്പം കോർത്ത ഈ മാലകൾ ഇവിടെ ചിതറിയിട്ട് ആ തേജസ്വിയായ താപസൻ തന്റെ ആശ്രമത്തിലേക്കു പോയി.

അവൻ പോയതുകാരണം ഞാൻ വിചേതസ്സായിത്തീർന്നിരിക്കുന്നു. ദേഹവും ചുട്ടുനീറിക്കൊണ്ടിരിക്കുന്നു. അവന്റെ അരികിലേക്ക് എത്തുവാൻ, അവനെ കാണുവാൻ എനിക്കു ദാഹിക്കുന്നു, അവനുമായി ഇവിടെ ഒന്നിച്ച് ചുറ്റിക്കറങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു. താതാ! എനിക്ക് ഇപ്പോൾത്തന്നെ അവന്റെ അടുത്തേക്കു പോകണം. അയാളുടെ ബ്രഹ്മചര്യ എങ്ങനെയാണെങ്കിൽ ആ വ്രതചര്യ ആചരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ആര്യധാർമ്മികന്റെ തപസ്സ് അവനോടൊത്ത് ആചരിക്കുവാൻ ഞാനും വിചാരിക്കുന്നു. അയാളെ കണ്ടില്ലെങ്കിൽ അച്ഛാ! എന്റെ ഹൃദയം തകർന്നുപോകും."

113. ഋഷ്യശൃംഗോപാഖ്യാനം – വിഭാണ്ഡകൻ പറഞ്ഞു: "ഉണ്ണീ! നീ രാക്ഷസന്റെ മായയിൽപ്പെട്ടുപോയി. അത്യത്ഭുതരൂപമെടുത്തു നടക്കുന്ന രാക്ഷസന്മാർ കാട്ടിലുണ്ട്. അവർ അത്യുഗ്രവീര്യവാന്മാരാണ്. ചന്തമുള്ള രൂപങ്ങൾ കൈക്കൊണ്ട് തപോവിഘ്നം നടത്തുന്ന രാക്ഷസരാണവർ. വിവിധ രൂപങ്ങൾ ധരിച്ച് ഉഗ്രന്മാരായ അവർ മുനികൾക്ക് പുണ്യലോകങ്ങൾ ഇല്ലാതാക്കുന്നു. അവറ്റയെ നീ ഒരിക്കലും സേവിക്കരുത്. നല്ല ലോകത്തെ കാംക്ഷിക്കുന്ന ശുദ്ധനായ മഹർഷി ഒരിക്കലും സേവിക്കരുത്. ആ ദുഷ്ടന്മാർ തപോവിഘ്നംകൊണ്ട് സന്തോഷിക്കുന്നവരാണ്. അവരെ താപസന്മാർ കാണുവാനേ പാടില്ല. ഉണ്ണീ, നീ കുടിച്ച പാനീയങ്ങൾ നല്ലവയല്ല. അത് അസജ്ജനങ്ങൾ ഇഷ്ടപ്പെടുന്നതും പാപം നല്കുന്നതുമായ മദ്യങ്ങളാണ്. വിശിഷ്ടഗന്ധമുള്ള ആ മാല്യങ്ങളും മുനികൾക്കു ചേർന്നതല്ല. നീ കണ്ടതു രക്ഷസ്സാണ്; സംശയമില്ല."

ലോമശൻ പറഞ്ഞു: "എന്നു പറഞ്ഞ് പുത്രനെ തടയാൻ ശ്രമിച്ച് വിഭാണ്ഡകൻ ആ സ്ത്രീയെ തിരഞ്ഞുനടന്നു. മൂന്നുദി

digitized by www.sreyas.in

വസം തിരഞ്ഞിട്ടും അവളെ കാണുകയുണ്ടായില്ല. അദ്ദേഹം ആശ്രമത്തിൽ തിരിച്ചെത്തി. പിന്നീടു ഫലങ്ങൾ കൊണ്ടുവരാൻ കാശ്യപനായ അവൻ പുറത്തുപോയ തക്കംനോക്കി, ആ വേശാംഗന ഋഷ്യശൃംഗമുനിയെ പ്രലോഭിപ്പിക്കുവാൻ അവിടെ ചെന്നെത്തി. അവളെ കണ്ടുയുടനെ ഋഷ്യശൃംഗൻ പ്രഹൃഷ്ടനായി സസംഭ്രമം എഴുന്നേറ്റ് 'അച്ഛൻ വരുന്നതിന്നുമുമ്പ് നാം ഇവിടെ നിന്നു പോവുക. അങ്ങയുടെ ആശ്രമത്തിൽ വേഗം നാം ചെന്നു ചേരുക, എന്നു പറഞ്ഞു.'

പിന്നെ ആ കാശ്യപപുത്രനോടുകൂടി അവൾ ആ ചങ്ങാടത്തിലുള്ള കൃത്രിമാശ്രമത്തിൽ പ്രവേശിച്ചു. അവർ സസന്തോഷം ആശ്രമത്തിൽ കയറിയ ഉടനെ തോണി അഴിച്ചുവിട്ടു. പല സൂത്രങ്ങളും പറഞ്ഞ് പലവിധത്തിലും അവർ ഋഷ്യശൃംഗനെ സന്തോഷിപ്പിച്ചു. അംഗരാജാവിന്റെ അടുത്തേക്കെത്തുവാൻ വഞ്ചി തുഴഞ്ഞുവിട്ടു.

അതിശുഭ്രമായ ആ വഞ്ചി (വള്ളം) ആശ്രമത്തിൽനിന്നു കാണാവുന്നത്ര ദൂരെ നിർത്തി; കരയ്ക്കിറങ്ങി അവിടെത്തന്നെ 'നവ്യാശ്രമം' എന്ന പേരിൽ വിചിത്രമായ ഒരു വനമുണ്ടാക്കി. രാജാവ് വിഭാണ്ഡകന്റെ ഏക പുത്രനായ ഋഷ്യശൃംഗനെ അന്തഃപുരത്തിൽ താമസിപ്പിച്ചു. അപ്പോൾ ദേവന്മാർ പെട്ടെന്ന് മഴ പെയ്യിക്കുന്നതു കണ്ട് രാജാവ് സന്തോഷിച്ചു. വരണ്ട ഭൂമിയിൽ വർഷമുണ്ടാവുകയും ഭൂമി ജലസമൃദ്ധമാവുകയും ചെയ്തു. ആഗ്രഹമെല്ലാം നിറവേറിയ ലോമപാദൻ സന്തുഷ്ടനായി തന്റെ പുത്രിയായ ശാന്തയെ ഋഷ്യശൃംഗന്നു വിവാഹംചെയ്തു കൊടുത്തു.

മഹർഷിയായ വിഭാണ്ഡകൻ കോപിക്കാതിരിക്കുവാൻ കാലേതന്നെ ഏർപ്പാടുചെയ്തു. വിഭാണ്ഡകൻ മകനെത്തേടി വരുന്നവഴിക്ക് പശുക്കളെ ധാരാളം നിറുത്തുവാനും കൃഷിസ്ഥലങ്ങൾ ഉഴാനും പറഞ്ഞു. ധാരാളം പശുക്കളെ പശുപാലന്മാരെ ഏല്പിച്ച് ഇങ്ങനെ അവരോടു കല്പിച്ചു: "വിഭാണ്ഡകൻ ഈവഴിക്കു വരുമ്പോൾ അവന്റെ മുമ്പിൽ നിങ്ങൾ കൈകൂപ്പിനിന്ന് ഇപ്രകാരം പറയണം– 'മഹർഷേ! ഇക്കാണുന്നതൊക്കെ ഭവാന്റെ പുത്രന്റെ വകയാണ്. ഇക്കാണുന്ന പശുക്കളും പാടങ്ങളുമൊക്ക! ഭവാന് എന്തിഷ്ടമാണു ഞങ്ങൾ ചെയ്യേണ്ടത്? മഹർഷേ! ഞങ്ങളെല്ലാം ഭവാന്റെ വാക്ക് അനുസരിക്കേണ്ട ദാസന്മാരാണ്.'

വിഭാണ്ഡകമഹർഷി ഫലമൂലങ്ങളുമായി മടങ്ങിവന്ന് ആശ്രമത്തിൽ കടന്നു. ആശ്രമം ശൂന്യമായിരിക്കുന്നു! പുത്രനെ കാണുവാനില്ല. അന്വേഷിച്ചുനോക്കി, വിളിച്ചുനോക്കി, കണ്ടില്ല. മഹർഷി കോപംകൊണ്ടു ജ്വലിച്ചു; നടുങ്ങി! അവൻ ചിന്തിച്ചു. ഇത് ആ രാജാവു പറ്റിച്ച പണിയാണ് എന്ന്. മഹർഷി കോപംകൊണ്ടു വിറച്ചു. ഇപ്പോൾച്ചെന്ന് ഞാൻ രാജാവിന്റെ പുരവും രാഷ്ട്രവും രാജാവിനോടൊപ്പം ദഹിപ്പിച്ചുകളയും എന്നു പറഞ്ഞ് ദ്രുതഗതിയിൽ നടന്നു. കുറെ നടന്നപ്പോൾ ആ കാശ്യപന്ന് ക്ഷീണം തോന്നി. വിശന്നുവലഞ്ഞ അവൻ സമൃദ്ധമായ ഒരു ഘോഷത്തി (ഗോശാല)ലേക്കു കയറിച്ചെന്നു. ആ ഗോപന്മാർ മഹർഷിയെ കണ്ടയുടനെ വലിയ ആദരവോടെ അഭിവാദ്യം ചെയ്തു പൂജിച്ച് സൽക്കരിച്ചു അദ്ദേഹം രാജോചിതമായ ആദരവോടെ ഗോപന്മാരാൽ സൽക്കൃതനായി. അന്നു രാത്രി അവിടെ വിശ്രമിച്ചു. വലിയ ആദരവും പൂജയും കൈക്കൊണ്ട മഹർഷി ഗോപന്മാരോടു ചോദിച്ചു., നിങ്ങൾ ആരുടെ ഗോപന്മാരാണെന്ന്?

മഹർഷിയുടെ വാക്കുകേട്ട് അവർ തൊഴുതുനിന്നു പറഞ്ഞു, ഭവാന്റെ പുത്രന്റെ സ്വത്താണ് ഈ കാണുന്നതെല്ലാമെന്ന്.

മുനി അവിടെനിന്നും പോയി. പോകുന്ന ദേശത്തിലെല്ലാം മുനി പൂജിതനായി. ഗോപാലന്മാർ ആദരിക്കുകയും, സൽക്കരിക്കുകയും, മധുരവാക്കുകളാൽ ബഹുമാനിക്കുകയുംചെയ്തു. ഇത്തരം ഉപചാരങ്ങളേറ്റ മഹർഷിയുടെ കോപം അടങ്ങി. എല്ലായിടത്തും തന്റെ പുത്രൻ നരശ്രേഷ്ഠന്മാരാൽ, ദേവലോകത്ത് ദേവേന്ദ്രനെപ്പോലെ, പൂജിതനായിരിക്കുന്നതു കണ്ട് വിഭാണ്ഡകൻ ഏറ്റവും സന്തുഷ്ടനായി. തന്റെ സ്നുഷയും രാജപുത്രിയുമായ ശാന്ത മിന്നൽപ്പിണർപോലെ തിളങ്ങുന്നതുംകണ്ടു. ഗ്രാമങ്ങളും ഘോഷങ്ങളും ശാന്തയും തന്റെ മകന്റെയായിക്കണ്ടപ്പോൾ വിഭാണ്ഡകന്റെ കോപമൊക്കെപ്പോയി ശാന്തനായിത്തീർന്നു. രാജാവിൽ അതിരറ്റ പ്രീതിയുണ്ടായി. തന്റെ പുത്രനെ അവിടെയാക്കി സൂര്യാഗ്നിസമപ്രഭാവനായ ആ മുനി പറഞ്ഞു."

വിഭാണ്ഡകൻ പറഞ്ഞു: "എടോ, ഋഷ്യശൃംഗ! നിനക്ക് ഒരു പുത്രനുണ്ടാകുന്നതുവരെ നീ ഇവിടെ പാർത്തുകൊള്ളുക. അതിന്നുശേഷം നീ വനത്തിലേക്കു മടങ്ങിവരണം. രാജാവിന്റെ ഇഷ്ടമൊക്കെ സാധിപ്പിച്ചുകൊടുക്കുക."

ലോമശൻ പറഞ്ഞു: "അച്ഛന്റെ വാക്കനുസരിച്ച് ഋഷ്യശൃംഗൻ ആ രാജാവിന്റെ കൊട്ടാരത്തിൽ പാർത്തു. പിന്നീട് അച്ഛന്റെ അടുത്തേക്കു മടങ്ങിപ്പോയി. ശാന്ത ഋഷ്യശൃംഗനെ സസ്നേഹം പരിചരിച്ചു. സോമനെ രോഹിണിപോലെ, വസിഷ്ഠനെ സുഭഗയായ അരുന്ധതിപോലെ, അഗസ്ത്യനെ ലോപാമുദ്രപോലെ, നളനെ ദമയന്തിപോലെ, വജ്രധരനെ ശചീദേവിപോലെ, നാരായണിയായ ഇന്ദ്രസേന എന്നും അനുസരണയോടെ മൗൽഗ്യനെ എന്നപോലെ, ഋഷ്യശൃംഗനെ ശാന്ത പരിചരിച്ചു.

ആ ഋഷ്യശൃംഗമഹർഷിയുടെ പുണ്യാശ്രമമാണ് യുധിഷ്ഠിരാ! ഇക്കാണുന്നത്. ഈ വലിയ തടാകത്തിനു പുണ്യകീർത്തിയുള്ള ഈ ആശ്രമം ശോഭ വർദ്ധിപ്പിക്കുന്നു. ഈ പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്തു ഭവാൻ വിശുദ്ധനും കൃതാർത്ഥനുമായി മറ്റു തീർത്ഥങ്ങളിലേക്ക് പോവുക."

114. മഹേന്ദ്രാചലഗമനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ പാണ്ഡവൻ കൗശികീനദിയിൽനിന്നും പുറപ്പെട്ട് യഥാക്രമം മറ്റെല്ലാ പുണ്യക്ഷേത്രങ്ങളും സന്ദർശിച്ചു. ഗംഗ സമുദ്രവുമായി സംഗമിക്കുന്ന സ്ഥലത്തെത്തിച്ചേർന്നു. അവിടെ അഞ്ഞൂറു നദികളുടെ മദ്ധ്യത്തിൽ സ്നാനംചെയ്തു. പിന്നെ വീരന്മാരായ ഭ്രാതാക്കളോടൊപ്പം സമുദ്രതീരത്തിലൂടെ നടന്നു കലിംഗരാജ്യത്തിലെത്തി."

ലോമശൻ പറഞ്ഞു: "ഹേ കൗന്തേയാ, ഇതാണ് കലിംഗം. ഇവിടെയാണ് വൈതരണീനദി ഒഴുകുന്നത്. ഇവിടെ ദേവന്മാരെ ശരണംപ്രാപിച്ച് ധർമ്മൻ യജ്ഞംചെയ്തു. മലകൾ തിങ്ങിശോഭിക്കുന്ന വടക്കുഭാഗം ഋഷിമാർ അധിവസിക്കുന്ന സ്ഥലമാണ്. എന്നും ബ്രാഹ്മണസേവിതമായ ആ പ്രദേശം യാഗത്തിനു പറ്റിയതാണ്. സ്വർഗ്ഗം പ്രാപിക്കുന്നവർ സ്വർഗ്ഗത്തിലേക്കു പോകുന്ന ദേവമാർഗ്ഗത്തിനു സമാനമാണ് ഈ സ്ഥലം. ഇവിടെ പണ്ട് മറ്റു പല ഋഷികളും യജിച്ചിട്ടുണ്ട്. ഇവിടെവച്ചാണ് മഖത്തിൽ രുദ്രൻ യാഗപശുവിനെ തട്ടിയെടുത്തത്. പശുവിനെ എടുത്തിട്ട് ശിവൻ പറഞ്ഞു, ഇത് എന്റെ ഭാഗമാണ്; ഈ പശു എനിക്കുള്ളതാണ് എന്ന്. യാഗപുശുവിനെ രുദ്രൻ തട്ടിക്കൊണ്ടുപോയതു കണ്ട് ദേവന്മാർ ശിവനോടു പറഞ്ഞു, ധർമ്മത്തെയെല്ലാം ധിക്കരിച്ച് അന്യന്റെ ഭാഗത്തിൽ കൊതിക്കുന്നതു ശരിയല്ല എന്ന്.

പിന്നെ നല്ലവാക്കു പറഞ്ഞ് അവർ രുദ്രനെ സ്തുതിച്ചു. പിന്നീട് ഒരു യാഗത്താൽ അവനെ തൃപ്തിപ്പെടുത്തി സൽക്കരിച്ചു സംതൃപ്തനാക്കി. അപ്പോൾ ഉടനെ യാഗപശുവിനെ വിട്ട് ദേവപഥത്തിലൂടെത്തന്നെ അവൻ സഞ്ചരിച്ചു. ഇതിനുശേഷം രുദ്രന് എന്തു വന്നുചേർന്നെന്നു ഞാൻ പറയാം യുധിഷ്ഠിരാ; കേൾക്കുക. എന്നെന്നും, ശാശ്വതമായി, എല്ലാ ഭാഗങ്ങളിലും ഉത്തമനാമായാഭാഗം (യാഗാംശം) രുദ്രന് നീക്കിവയ്ക്കണമെന്ന് രുദ്രനോടുള്ള ഭയംമൂലം അന്നുമുതൽ ദേവന്മാർ തീരുമാനിച്ചു.

ഈ സംഭവത്തെക്കുറിച്ചുള്ള ഗാഥപാടി ഇവിടെ സ്നാനംചെയ്യുന്ന നരന് ദേവന്മാർ ഇരുന്നരുളുന്ന സ്ഥാനത്തേക്കുള്ള മാർഗ്ഗങ്ങളെല്ലാംതന്നെ സ്വന്തം കണ്ണുകൊണ്ടു തെളിഞ്ഞു കാണാം."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ വൈതരണിയിൽ ദ്രൗപദിയോടുകൂടി മഹാഭാഗരായ പാണ്ഡവന്മാർ സ്നാനം ചെയ്തു പിതൃക്കളെ തർപ്പിച്ചു."

digitized by www.sreyas.in

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ലോമശാ! വിധിപ്രകാരം ഈ നദിയിൽ കുളിച്ചപ്പോൾ തപോബലത്താൽ മനുഷ്യവിഷയം വിട്ട മട്ടിലായി ഞാൻ. ഹേ, മഹർഷേ! ഭവാന്റെ പ്രസാദത്താൽ ഞാൻ എല്ലാ ലോകങ്ങളും കാണുന്നു. ഹേ, സുവ്രതാ! ഞാൻ ഇതാ ജപിക്കുന്നവരും, മഹാത്മാക്കളും, വനവാസികളുമായ മുനിമാരുടെ ശബ്ദം കേൾക്കുന്നു."

ലോമശൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! മൂന്നൂറായിരം യോജന ദൂരെനിന്നാണ് ഈ ശബ്ദം നീ കേൾക്കുന്നത്. ഇവിടെ നീ നിശ്ശബ്ദനായിരിക്കണം. ഇതാ സ്വയംഭൂവിന്റെ ദിവ്യവനം പ്രകാശിച്ചു കാണുന്നു. ഇതിൽ പ്രതാപവാനായ വിശ്വകർമ്മാവ് യാഗംചെയ്തു. ആ യജ്ഞത്തിൽ മഹാത്മാവായ കശ്യപന് സ്വയംഭൂവാൽ ഭൂമി നല്കപ്പെട്ടു. പർവ്വതങ്ങളും, കാടുകളും നിറഞ്ഞ ഭൂമി ദക്ഷിണയായി നല്കി. ദാനം കൊടുത്തയുടനെ ഭൂമിദേവി ദുഃഖിച്ചും ക്രോധിച്ചും ഇപ്രകാരം പ്രഭുവായ ലോകേശ്വരനോടു പറഞ്ഞു."

ഭൂമിദേവി പറഞ്ഞു: "ഭഗവാനേ! ലോകേശ! ഭവാൻ എന്നെ വല്ലവർക്കും അർഹിക്കാത്തവർക്കും കൊടുക്കരുതേ! ഭവാന്റെ ഈ ദാനം വ്യർത്ഥമാകും. ഞാൻ പാതളത്തിലേക്കു പോവുകയാണ്."

ലോമശൻ പറഞ്ഞു: "ഭൂമിദേവി ഇപ്രകാരം കേഴുന്നതു കണ്ട് ഭഗവാനായ കാശ്യപമഹർഷി ഉടനെ ഭൂമിദേവിയെ പ്രസാദിപ്പിച്ചു. കാശ്യപൻ തപസ്സുചെയ്തു പ്രസാദിപ്പിച്ച ഭൂമി ജലത്തിൽനിന്നു വേദിപോലെ പൊങ്ങിനിന്നു. ഇതാണ് അതുണ്ടായ സ്ഥലം. ഇവിടെ കയറിനിന്നു നോക്കുക! ഭവാൻ വീര്യവാനായിത്തീരും. സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂമി ഒരു വേദിപോലെ ശോഭിക്കുന്നതു നോക്കുക. നീ ഈ വേദിയിലൂടെ കടൽ കടന്നങ്ങു ചെല്ലുക. എന്നാൽ നിനക്കു നന്മവരും. നിനക്ക് ഞാൻ സ്വസ്ത്യയനം കഴിക്കാം (മന്ത്രോച്ചാരണ പൂർവ്വകം മംഗളം നേരുക). എന്നാൽ നീ ശുദ്ധനാകും. നിനക്ക് ഈ വേദി കയറുവാൻ കഴിയും. ഹേ, ആജമീഢാ, മനുഷ്യൻ ചെന്നു തൊട്ടാൽ ആ വേദി ഉടനെ ആഴിക്കുള്ളിൽ താണുപോകുന്നതാണ്."

'ഓം. ഞാൻ വിശ്വഗുപ്തനെ കൈതൊഴുന്നു. ഞാൻ വിശ്വനാഥനെ കൈകൂപ്പുന്നു. ദേവേശാ! അങ്ങ് സാഗരത്തിന്റെ ലവണാംഭസ്സിൽ സാന്നിദ്ധ്യംചെയ്താലും. അഗ്നിക്കും സൂര്യനും യോനി ജലമാണ്. വിഷ്ണു രേതസ്സാണ് (ശുക്ലം). അങ്ങ് അമൃതത്തിന്റെ നാഭിയാണ്.1'

ഇപ്രകാരം ഹേ, പാണ്ഡവാ! ഈ സത്യവാക്യം പറഞ്ഞുകൊണ്ട് ഈ വേദിയിൽ വേഗം നീ കയറിക്കൊള്ളുക.

'അഗ്നി നിന്റെ യോനിയും, മഖം ശരീരവും, വിഷ്ണുരേതസ്സും അമൃതം നിന്റെ നാഭിയുമാകുന്നു.2.'

ഇപ്രകാരം ഈ സത്യവാക്യം പറഞ്ഞുകൊണ്ട് നദികളുടെ പതിയിൽ (സമുദ്രത്തിൽ) ഇറങ്ങണം. അല്ലാതെ ദേവയോനിയും ജലാധിപനുമായ ഈ മഹോദധിയെ ദർഭപ്പുൽത്തുമ്പുകൊണ്ടു പോലും സ്പർശിക്കാൻ പാടില്ലാത്തതാണ്."

വൈശമ്പായനൻ തുടർന്നു: "പിന്നെ ഉടനെ സ്വസ്ത്യയനം കഴിച്ച് മഹാത്മാവായ യുധിഷ്ഠിരൻ സമുദ്രത്തിൽ ഇറങ്ങി ലോമശൻ പറഞ്ഞപ്രകാരമൊക്കെ ചെയ്ത്, മഹേന്ദ്രപർവ്വതത്തിനു സമീപത്തെത്തി ആ രാത്രി അവിടെ താമസിച്ചു."

115. കാർത്തവീര്യോപാഖ്യാനം - വൈശമ്പായനൻ പറഞ്ഞു: "ഭൂപാലനായ യുധിഷ്ഠിരൻ ആ രാത്രി അവിടെ ഭ്രാതാക്കന്മാരോടുകൂടി പാർത്ത് താപസന്മാരെ സൽക്കരിച്ചു. താപസന്മാരെയൊക്കെ ലോമശൻ പറഞ്ഞു പരിചയപ്പെടുത്തി. ഭൃഗുക്കൾ, അംഗിരസന്മാർ, വാസിഷ്ഠന്മാർ, കാശ്യപന്മാർ ഇവരെയൊക്കെക്കണ്ട് ആ രാജർഷി തൊഴുത് അഭിവാദ്യം ചെയ്തു. അതിൽ രാമന്റെ അനുചരനായ അകൃതവ്രണനനും ഉണ്ടായിരുന്നു. ആ മഹർഷിയോട് യുധിഷ്ഠിരൻ ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "താപസന്മാർക്ക് എന്നാണ് രാമനെ കാണുവാൻ പറ്റുക? ഈ സന്ദർഭത്തിൽ ഞാൻ ഭാർഗ്ഗവരാമനെ കാണുവാൻ ഇച്ഛിക്കുന്നു."

അകൃതവ്രണനൻ പറഞ്ഞു: "ആത്മജ്ഞാനിയായ രാമൻ ഭവാൻ ഇവിടെ എത്തുമെന്നത് അറിയുന്നുണ്ട്. രാമന്നു നിന്നിൽ വളരെ പ്രീതിയുണ്ട്. നിനക്കു താമസിയാതെ രാമനെ കാണാൻ പറ്റും. ചതുർദ്ദശിയിലും, അഷ്ടമിയിലും രാമനെ പതിവായി താപസന്മാർ കാണുന്നുണ്ട്. ഈ രാത്രി ചതുർദ്ദശിയാണ്; നാളെ രാമനെ നീ കാണും."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാബലവാനായ ജാമദഗ്ന്യരാമന്ന് അനുഗാമിയായി ഭവാൻ പണ്ടു ചെയ്ത കാര്യങ്ങൾ ഒക്കെ നേരിട്ടു കണ്ടവനാണല്ലോ. രാമൻ ക്ഷത്രിയരെയൊക്കെ വെല്ലുവാൻ എന്താണു കാരണം? എങ്ങനെ പോരിൽ അവരെയൊക്കെ ജയിച്ചു? ഭവാനിൽനിന്ന് ആ കഥകളൊക്കെ ഭവാൻ കണ്ടമാതിരി കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

അകൃതവ്രണനൻ പറഞ്ഞു: "തീർച്ചയായും; സസന്തോഷം ഞാൻ പറഞ്ഞുതരാം ആ ഉത്തമമായ മഹാകഥകളൊക്കെ. ഭൃഗുവംശ്യന്റെ അത്ഭുതചരിതം പറയാം, കേൾക്കുക. ദേവസമ്മിതമായ ജാമദഗ്ന്യരാമന്റെയും ഹേഹയാധിപതിയായ കാർത്തവീര്യന്റെയും കഥ പറയാം.

രാമൻ ഹേഹയക്ഷിതിപനായ അർജ്ജുനനെ വധിച്ച കഥ ആദ്യം കേൾക്കുക. ഹേ, പാണ്ഡവാ! ആയിരം കൈയുള്ളവനായിരുന്നു കാർത്തവീര്യാർജ്ജുനൻ. ദത്താത്രേയപ്രസാദംമൂലം അവന് ഒരു സ്വർണ്ണവിമാനവും, ഐശ്വര്യവും, ലോകത്തിന്റെ സർവ്വാധിപത്യവും സിദ്ധിച്ചു. ആ മഹാത്മാവിന്റെ രഥം ഒരിടത്തും ആർക്കും തടുക്കാൻ കഴിയാതെ സഞ്ചരിക്കുന്നതായിരുന്നു. വരവീര്യത്താൽ അഹങ്കാരിയായിത്തീർന്ന അവൻ ആ തേരിൽക്കയറി എല്ലാ സമയവും സർവ്വദിക്കിലും ചെന്ന് ദേവയക്ഷന്മാരെയും ഋഷികളെയും മർദ്ദിച്ചു; എല്ലാ ജീവികളെയും പീഡിപ്പിച്ചു. ഉപദ്രവം സഹിക്കവയ്യാതായപ്പോൾ എല്ലാ ദേവന്മാരും മഹാവ്രതരായ ഋഷിമാരും, സുരാരിഘ്നനും, ദേവദേവനും സത്യപരാക്രമനുമായ മഹാവിഷ്ണുവിനെ ചെന്നു കണ്ടു സങ്കടമുണർത്തിച്ചു."

ദേവന്മാർ പറഞ്ഞു: "ഭഗവാനേ, ഭൂതരക്ഷയ്ക്കുവേണ്ടി ഭവാൻ അർജ്ജുനനെ സംഹരിച്ചാലും. ദിവ്യമായ വിമാനത്തിലേറി പ്രഭുവായ ഹേഹയാധിപതി മുകളിലൂടെ പറന്നുവന്ന് ശചീദേവിയോടുകൂടി ക്രീഡിച്ചുകൊണ്ടിരിക്കുന്ന സമയത്ത് വാസവനെ അപമാനിച്ചു."

അകൃതവ്രണനൻ പറഞ്ഞു: "വിഷ്ണു ദേവന്മാരുടെ ഇത്തരം പല ആവലാതികൾകേട്ടു പിന്നീട് വിഷ്ണു ശക്രനോടുകൂടി കാർത്തവീര്യൻ നശിക്കുവാനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചന നടത്തി. ഭൂതങ്ങൾക്കു ഹിതം ചെയ്യുവാനുള്ള മാർഗ്ഗത്തെപ്പറ്റി സുരേന്ദ്രൻ പറഞ്ഞതെല്ലാം വിഷ്ണു സമ്മതിച്ചു അതിന്നുശേഷം ലോകപൂജിതനായ ഭഗവാൻ രമ്യമായ ബദരീവനത്തിലുള്ള തന്റെ ആശ്രമത്തിലേക്കു പോകുകയും ചെയ്തു.

ഇങ്ങനെ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കെ കന്യാകുബ്ജത്തിലെ മഹാബലനായ 'ഗാധി' എന്നു പ്രസിദ്ധനായ രാജാവ് വനവാസത്തിന്നുപോയി. അവിടെവച്ച് രാജാവിന്ന് അപ്സരസ്ത്രീപോലെ സുന്ദരിയായ ഒരു കന്യകയുണ്ടായി. 'ഋചീകൻ' എന്ന ഭാർഗ്ഗവവംശജൻ അവളെ ഭാര്യയായി വരിച്ച് വിവാഹത്തിന്നപേക്ഷിച്ചു. സംശിതവ്രതനായ ആ ബ്രാഹ്മണനോടു ഗാധി പറഞ്ഞു."

1. ഓം നമോ വിശ്വഗുപ്തായ നമോ വിശ്വപരായ തേ,
സാന്നിദ്ധ്യം കുരു ദേവേശ സാഗരേ ലവണാംഭസി.
അഗ്നിർമിത്രോ യോനിരാപോഥ ദേവ്യോ
വിഷ്ണോ രേതസ്ത്വമമൃതസ്യ നാഭിഃ
2. അഗ്നിശ്ച തേ യോനിരിഡാ ച ദേഹോ,
രേതോധ വിഷ്ണോരമൃതസ്യ നാഭിഃ

digitized by www.sreyas.in

ഗാധി പറഞ്ഞു: "പണ്ട് ഞങ്ങളുടെ വംശത്തിൽ പൂർവ്വന്മാർ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ഒരു കാതു കറുത്തതും ദേഹം മുഴുവൻ വെളുത്തതുമായ ആയിരം കുതിരകളെ ശുല്ക്കമായി കല്പിച്ചിരിക്കുന്നു. ഭവാനോടും തരണമെന്നാവശ്യപ്പെടുവാൻ വയ്യ! അങ്ങയെപ്പോലെയുള്ള മഹാത്മാക്കൾക്കു കൊടുക്കേണ്ടവളാണ് എന്റെ പുത്രി."

ഋചീകൻ പറഞ്ഞു: "ഒരു കാതു കറുത്തതും അംഗം വെളുത്തതും നല്ല വേഗതയുള്ളതുമായ അശ്വങ്ങൾ ആയിരവും ഞാൻ തരാം. നിന്റെ മകൾ എന്റെ ഭാര്യയാകട്ടെ!"

അകൃതവ്രണൻ കഥ തുടർന്നു: "അവൻ അപ്രകാരം പറഞ്ഞ് അവിടെനിന്നു പോയി. വരുണനെക്കണ്ട് പറഞ്ഞു."

ഋചീകൻ പറഞ്ഞു: "ഒരു കാതു കറുത്ത് അംഗം വെളുത്ത് നല്ല വേഗത്തിൽപായുന്ന ഒരായിരം കുതിരകളെ ശുല്ക്കത്തിന്നായി ഭവാൻ എനിക്കു തരണം."

അകൃതവ്രണൻ പറഞ്ഞു: "അവന്ന് വരുണൻ ആയിരം അശ്വത്തെ പറഞ്ഞപ്രകാരം നല്കി. ആ അശ്വങ്ങൾ ഗംഗയിൽനിന്നാണ് പൊങ്ങിവന്നത്. അതുകൊണ്ട് ആ സ്ഥലം 'അശ്വതീർത്ഥ'മെന്നു വിഖ്യാതമായി. പിന്നീട് കന്യാകുബ്ജത്തിലെത്തി ഗാധിക്ക് ആ നൂറു കുതിരകളേയും കൊടുത്ത് മകളായ 'സത്യവതി'യെ വിവാഹംചെയ്തുകൊണ്ടുപോന്നു. അന്ന് സുരന്മാർ വധുവിന്റെ ബന്ധുക്കളായി ആ വിവാഹത്തിൽ സംബന്ധിച്ചിരുന്നു. ദ്വിജസത്തമനായ ഋചീകൻ ഇങ്ങനെ ആയിരം കുതിരകളേയും ദേവന്മാരുടെ താൽപര്യത്തേയും ധർമ്മത്താൽ നല്ല ഭാര്യയേയും നേടി. സുമദ്ധ്യയായ ഭാര്യയുമൊത്ത് അവൻ യഥാകാമം ലീലാലോലനായി.

കല്യാണം കഴിഞ്ഞതിൽപ്പിന്നെ ഭാര്യയോടൊത്ത പുത്രനെക്കാണുവാൻ ഭൃഗു ചെന്നു. അദ്ദേഹം തന്റെ ശ്രേഷ്ഠനായ പുത്രനെക്കണ്ട് വളരെ സന്തോഷിച്ചു. ദേവപൂജ്യനായ അച്ഛൻ വന്നപ്പോൾ ആ ഭാര്യാഭർത്താക്കന്മാർ അർച്ചിച്ചു ശുശ്രൂഷിച്ച് മുമ്പിൽ കൈകൂപ്പി നിന്നു. പ്രഹൃഷ്ടനായി ഭഗവാൻ ഭൃഗു തന്റെ സ്നുഷയോടു പറഞ്ഞു."

ഭൃഗു പറഞ്ഞു: "സുഭഗേ, ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. നീ വരം ചോദിക്കുക. നീ ഇച്ഛിക്കുന്നതു ഞാൻ തരാം."

അകൃതവ്രണൻ പറഞ്ഞു: അവന്റെ പ്രസാദത്താൽ പുത്രനുണ്ടാകണമെന്നാണ് അവൾ ആഗ്രഹിച്ചത്. തനിക്കും തന്റെ അമ്മയ്ക്കും പുത്രന്മാരുണ്ടാകണമെന്ന വരം അവൾ ആവശ്യപ്പെട്ടു."

ഭൃഗു പറഞ്ഞു: "ഋതുസ്നാനം ചെയ്ത് പുത്രന്മാരുണ്ടാകുവാനായി നീയും അമ്മയും വൃക്ഷത്തെ പുൽകണം. അമ്മ അശ്വത്ഥവും നീ ഉദുംബരവുമാണ് പുല്കേണ്ടത്. ഭദ്രേ! ഞാൻ രണ്ടു പാത്രങ്ങൾ (ചരു അടക്കം ചെയ്ത) ഇതാ നല്കുന്നു. ഇതിൽ ഒന്നു നിനക്കും മറ്റേത് നിന്റെ അമ്മയ്ക്കുമാണ്. വിശ്വത്തെ ആവാഹിച്ച് യത്നത്താൽ ഞാൻ സിദ്ധമാക്കിയതാണ് ഇവ രണ്ടിലുമുള്ളത്. വളരെ ശ്രദ്ധയോടെ ഇതിലുള്ളതു ഭക്ഷിക്കണം."

അകൃതവ്രണൻ പറഞ്ഞു: "എന്നു പറഞ്ഞ് ഋഷി പോയി. എന്നാൽ അമ്മയും മകളും വൃക്ഷാലിംഗനവും ചരുപ്രാശനവും പരസ്പരം മാറി ചെയ്തുപോയി. കുറേക്കാലം കഴിഞ്ഞതിന്നു ശേഷം ഭൃഗു വീണ്ടും ചെന്നു. ദിവ്യജ്ഞാനംകൊണ്ട് അവർക്കു പറ്റിയ തെറ്റിനെ കണ്ടുകൊണ്ടാണ് ഭഗവാൻ വീണ്ടും ചെന്നത്. സ്നുഷയായ സത്യവതിയോട് ഭൃഗു പറഞ്ഞു."

ഭൃഗു പറഞ്ഞു: "ചരു ഭക്ഷിച്ചതും, വൃക്ഷത്തെ ആലിംഗനം ചെയ്തതും ഭദ്രേ, മാറിപ്പോയിരിക്കുന്നു. ഹേ, സുഭ്രു, നിന്നെ നിന്റെ അമ്മ ചതിച്ചു. നിന്റെ പുത്രൻ ക്ഷത്രവൃത്തിയാകും. ജന്മനാ ബ്രാഹ്മണനാണെങ്കിലും അമ്മയ്ക്കുണ്ടാകുന്ന പുത്രൻ ബ്രാഹ്മണനെപ്പോലെ ശാന്തസ്വഭാവമുള്ള ക്ഷത്രിയനാകും; മഹാനുമാകും; അവൻ മഹാവീര്യനായി സന്മാർഗ്ഗം വിടാതെ നില്ക്കുകയും ചെയ്യും."

അകൃതവ്രണൻ പറഞ്ഞു: "ഇതുകേട്ട് അവൾ തന്റെ ശ്വശുരനെ പ്രസാദിപ്പിച്ചു വീണ്ടും വീണ്ടും പറഞ്ഞു: 'എന്റെ മകൻ അപ്രകാരമാകരുതേ. എന്റെ പൗത്രൻ അങ്ങനെയായിക്കൊള്ളട്ടെ' എന്ന്.

അങ്ങനെയാകട്ടെ എന്ന് അവൻ അവളിൽ പ്രസാദിച്ച് അനുഗ്രഹിച്ചു. യഥാകാലം ഭാർഗ്ഗവനന്ദനനായി ജമദഗ്നിയെ സത്യവതി പ്രസവിച്ചു. അവൻ തേജസ്വിയായി വിളങ്ങി. വേദാദ്ധ്യയനത്തോടുകൂടി അവൻ വളർന്നുവന്നു. അവനിൽ ധനുർവ്വേദമൊക്കെ തന്നത്താനെ വിളങ്ങി. ചതുർവ്വിധമായ അസ്ത്രഗണങ്ങളെ ഭാസ്കരോപമതേജസ്വിയായ അവൻ ആരും പഠിപ്പിക്കാതെ സ്വയം നേടി."

116. കാർത്തവീര്യോപാഖ്യാനം - ജമദഗ്നി വധം -

അകൃതവ്രണൻ തുടർന്നു: "മഹാതപസ്വിയും വേദജ്ഞനുമായ ജമദഗ്നി, ദേവന്മാർ തനിക്ക് അധീനരായിത്തീരത്തക്കവിധം തപസ്സുചെയ്തു. അവൻ 'പ്രസേനജിത്ത്' എന്ന രാജാവിനെ ചെന്നു കണ്ട് അദ്ദേഹത്തിന്റെ മകളായ 'രേണുക'യെ തനിക്കു നല്കുവാൻ അഭ്യർത്ഥിച്ചു. രാജാവു തന്റെ മകളെ അവന്നു നല്കി. രേണുകയെ ഭാര്യയാക്കിയതിന്നുശേഷം ഭാർഗ്ഗവനന്ദനൻ ആശ്രമത്തിൽ വാഴുന്ന അവളുടെ സഹായത്തോടെ തപസ്സുചെയ്തു. അവൾക്ക് നാലു പുത്രന്മാർ ഉണ്ടായതിന്നുശേഷം അഞ്ചാമത്തവനായി രാമനും ഉണ്ടായി. എല്ലാവരിലും താഴെ ഉണ്ടായ രാമനാണ് പ്രാപ്തിയിലും, തേജസ്സിലും ഒന്നാമനായത്.

ഒരിക്കൽ ആഹാരത്തിനായി ഫലം കൊണ്ടുവരുവാൻ പുത്രന്മാരെല്ലാവരും പോയ സമയത്ത് നിയതവ്രതയായ രേണുക കുളിക്കുവാൻ പോയി. അവൾ കുളിച്ചുമടങ്ങുമ്പോൾ യാദൃച്ഛയാ വഴിക്കുവച്ച് മാർത്തികാവതത്തിലെ 'ചിത്രരഥൻ' എന്ന രാജാവിനെ കണ്ടു. പത്മമാല അണിഞ്ഞ് ഭാര്യമാരോടുകൂടി ആറ്റിൽക്കുളിച്ചു ജലക്രീഡ ചെയ്യുന്ന ആ സുന്ദരനും ഋദ്ധിമാനുമായ രാജാവിനെക്കണ്ട് രേണുക കാമമോഹിതയായി. അവൾ മനസ്സുകൊണ്ട് അവനുമായി വ്യഭിചരിച്ചു. അവൾക്ക് ബീജസ്രവണമുണ്ടായി തളർന്നു മതികെട്ടു. ഉടനെതന്നെ അവൾ വ്രതഭംഗം വന്നതായി ഭയപ്പെട്ട് ആശ്രമത്തിൽ പ്രവേശിച്ചു. അവളുടെ ഭർത്താവ് അവളിലുണ്ടായ കാമവികാരം ഗ്രഹിച്ചു. ധൈര്യം നഷ്ടപ്പെട്ട്, ബ്രഹ്മതേജസ്സ് അറ്റ്, നിഷ്പ്രഭയായ അവളെ കണ്ടയുടനെ അവൻ ക്രോധംകൊണ്ടു ജ്വലിച്ചു. ഛീ! ഛീ! കുലടേ എന്ന് ആ വീര്യവാൻ അവളെ ഗർഹണം ചെയ്തു. ഉടനെ പുത്രരിൽ ജ്യേഷ്ഠനായ 'രുമണ്വാൻ' അവിടെയെത്തി. പിന്നാലെ സുഷേണനും, വസുവും, വിശ്വാവസുവുമെത്തി. അവരോട് അമ്മയെക്കൊല്ലുവാൻ അച്ഛൻ ക്രമാൽ കല്പിച്ചു. സ്നേഹശീലരായ അവർ ബുദ്ധികെട്ട് ഒന്നും മിണ്ടാതെ ഇരുന്നു. മഹർഷി കോപത്താൽ ശപിച്ചു. ശാപത്താൽ ബോധംവെടിഞ്ഞ് മൃഗങ്ങളെപ്പോലെയും പക്ഷികളെപ്പോലെയും ജഡതുല്യന്മാരായിത്തീർന്നു. രാമൻ ഒടുവിലാണ് ആശ്രമത്തിൽ വന്നത്. ജമദഗ്നി അവനോടു പറഞ്ഞു."

ജമദഗ്നി പറഞ്ഞു: " പാപിനിയായ നിന്റെ അമ്മയെ ഉടനെ കൊല്ലുക. മകനേ! ദുഃഖിക്കരുത്."

അകൃതവ്രണൻ പറഞ്ഞു: "അച്ഛന്റെ കല്പന കേട്ടയുടനെ രാമൻ പരശു(വെണ്മഴു) വീശി അമ്മയുടെ ശിരസ്സു ഛേദിച്ചു. ഉടനെതന്നെ മഹാത്മാവായ ജമദഗ്നിമഹർഷിയുടെ കോപം അടങ്ങി. രാമനിൽ പ്രസാദിച്ചു പ്രസന്നനായി ഇപ്രകാരം പറഞ്ഞു."

ജമദഗ്നി പറഞ്ഞു: "രാമാ! ഉണ്ണീ! അതിദുഷ്കരമായ കർമ്മമാണ് ധർമ്മജ്ഞാ! നീ എന്റെ വാക്കുമൂലം ചെയ്തത്. നീ മനസ്സാൽ ആഗ്രഹിക്കുന്നത് എന്തും എന്നിൽനിന്നു വരിക്കുക."

അകൃതവ്രണൻ പറഞ്ഞു: "ഉടനെ രാമൻ വരിച്ചത് ആദ്യമായി അമ്മ ജീവിക്കണമെന്നും, താൻ അമ്മയെ കൊന്നത് എന്നെന്നേക്കുമായി വിസ്മരിക്കണമെന്നും, അതുമൂലം പാപം സംഭവിക്കരുതെന്നുമാണ്. രണ്ടാമതായി, ജ്യേഷ്ഠന്മാർ മുമ്പത്തെമട്ടിൽ ആകണമെന്നും മൂന്നാമതായി, താൻ പോരിൽ അജയ്യനാകണമെന്നും തനിക്കു ദീർഘായുസ്സുണ്ടാകണമെന്നുമാണ്. മഹാ തപ

digitized by www.sreyas.in

സ്വിയായ ജമദഗ്നിമഹർഷി രാമന്റെ ആഗ്രഹമൊക്കെ നല്കി അനുഗ്രഹിച്ചു.

ഒരു ദിവസം ജമദഗ്നിയുടെ പുത്രന്മാരൊക്കെ പുറത്തു പോയ സന്ദർഭത്തിൽ വീരനായ കാർത്തവീര്യാർജ്ജുനൻ ആശ്രമത്തിൽ കയറിവന്നു. മുനിപത്നി അവനെ ആദരിച്ച് അർച്ചിച്ചു. യുദ്ധോന്മത്തനായ അവൻ അത്തരം പൂജയെ അത്ര കാര്യമായി കണക്കാക്കിയില്ല. കരയുന്ന ഹോമപ്പശുവിന്റെ കിടാവിനെ അവൻ ആശ്രമത്തിൽ നിന്നു പിടിച്ചു. ആശ്രമവൃക്ഷങ്ങൾ തല്ലിത്തകർക്കുകയും പശുക്കിടാവിനെ അപഹരിച്ചു കൊണ്ടുപോവുകയും ചെയ്തു. രാമൻ വന്നപ്പോൾ അച്ഛൻ വൃത്താന്തമെല്ലാം പുത്രനോടു പറഞ്ഞു.

പശുവിന്റെ കരച്ചിൽ കേട്ട് രാമൻ വല്ലാതെ ക്രുദ്ധനായി. അവൻ മരണമടുത്ത കാർത്തവീര്യനോടു ചെന്ന് ഏറ്റു. പോരിൽ വിക്രമം കാണിച്ച് ആക്രമിച്ച കാർത്തവീര്യന്റെ പരിഘസന്നിഭമായ (ഇരുമ്പുലക്കപോലുള്ള) ആയിരം കരങ്ങളും കത്തിയ മ്പെയ്ത് അറുത്തു. ഇങ്ങനെ രാമനുമായുണ്ടായ പോരിൽ അവൻ കാലധർമ്മം പ്രാപിച്ചു.

രാമനിൽ ക്രുദ്ധരായ കാർത്തവീര്യന്റെ ദായാദികൾ ആശ്രത്തിൽ രാമൻ ഇല്ലാത്ത തക്കംനോക്കി കടന്നുചെന്ന് ജമദഗ്നിയെ ഉപദ്രവിക്കാൻ ആരംഭിച്ചു. മഹാശക്തനായിരുന്നിട്ടും ധ്യാനനിരതനായിരുന്നതിനാൽ ജമദഗ്നി അവരോടു യുദ്ധം ചെയ്യുവാൻ ഒരുങ്ങിയില്ല. അവരുടെ പിടിയിൽപ്പെട്ട് രാമാ! രാമാ! എന്ന് ഉച്ചത്തിൽ നിലവിളിക്കെ, അവർ അവന്റെനേരെ പ്രയോഗിച്ച ശരങ്ങളേറ്റ് മഹർഷി മരിച്ചു. അവർ അതിന്നുശേഷം വന്നവഴിക്കു പോവുകയും ചെയ്തു. അവർ പോവുകയും ജമദഗ്നി മരിക്കുകയും ചെയ്തശേഷമാണ് രാമൻ വന്നത്. ദാരുണമായ കാഴ്ചയാണ് ചമതക്കെട്ടുമായി മടങ്ങിയെത്തിയ രാമൻ കണ്ടത്. അനർഹമായ വിധം അച്ഛൻ മരിച്ചുകിടക്കുന്നതുകണ്ട് വീരനായ രാമൻ ദുഃഖിച്ചു വിലപിച്ചു."

117. കാർത്തവീര്യോപാഖ്യാനം – പരശുരാമപൂജ – രാമൻ പറഞ്ഞു: " അച്ഛാ! എന്റെ അപരാധത്താൽ ഭവാൻ കൊല്ലപ്പെട്ടു. ക്ഷുദ്രന്മാരും, ബാലിശരുമായ കാർത്തവീര്യപുത്രന്മാർ ഭവാനെ കൊന്നു! കാട്ടിൽ വേടന്മാർ അമ്പെയ്തുകൊന്ന മാനിനെപ്പോലെ എന്റെ അച്ഛൻ ദുഷ്ടന്മാരാൽ ഹതനായി! ധർമ്മജ്ഞനായി, സൽപഥനിഷ്ഠനായി, യാതൊരു ജീവിയേയും ദ്രോഹിക്കാതെ, ജീവിച്ചുപോന്ന ഭവാന് ഇങ്ങനെ ഒരു മൃത്യു വന്നുചേരുവാൻ ഇടയായില്ലേ? തപസ്സുചെയ്യുന്ന വൃദ്ധൻ, പോരിന്നു തയ്യാറില്ലാത്തവൻ, മഹാസാധുവായ മനുഷ്യൻ – അങ്ങനെയുള്ള അങ്ങയെ കൂർത്തുമൂർത്ത അമ്പുകൊണ്ടു കൊന്ന ഘാതകന്മാർക്ക് എന്തു ക്രൂരകർമ്മമാണ് ചെയ്യരുതാത്തത്! എന്തു പാതകം അവർ ചെയ്യുകയില്ലാ? മന്ത്രിമാരുടെയും സുഹൃദ്ജനങ്ങളുടെയും മദ്ധ്യത്തിൽ അവർ എന്തു പറയും? പോരിന്നു വരാത്ത, ആരും സഹായത്തിനില്ലാത്ത, ആ ധാർമ്മികനെ നാണം കൂടാതെ വധിച്ച അവർ എന്തു സമാധാനം പറയും?"

അകൃതവ്രണൻ പറഞ്ഞു: "ഇങ്ങനെ പലതും പറഞ്ഞു വിലപിച്ച് പിതാവിന്റെ പ്രേതകാര്യങ്ങളൊക്കെ അവൻ ചെയ്തു. പിതാവിനെ അഗ്നികൂട്ടി ദഹിപ്പിച്ചതിന്നുശേഷം ആ പരപുരഞ്ജയൻ സർവ്വക്ഷത്രവധത്തിന്നു പ്രതിജ്ഞ ചെയ്തു.

ഉഗ്രമായ കോപത്തോടെ, മഹാബലവാനും, വീര്യവാനുമായ രാമൻ പോരിന്നായി ശസ്ത്രം എടുത്തു. താൻ ഒറ്റയ്ക്കു ചെന്നു കാർത്തവീര്യന്റെ സകല മക്കളെയും കൊന്നുകളഞ്ഞു. അവരുടെ അനുഗാമികളായ എല്ലാ ക്ഷത്രിയന്മാരെയും കൊന്നു. ഹേ, ക്ഷത്രയർഷഭ! ശിക്ഷിക്കുന്നവരിൽ ശ്രേഷ്ഠനായ രാമൻ ഇരുപത്തൊന്നു വട്ടം ഭൂമിയിലുള്ള സകല ക്ഷത്രിയന്മാരെയും കൊന്നൊടുക്കി. 'സമന്തപഞ്ചകം' എന്നു പേരായി അഞ്ചു തടാകങ്ങൾ അവരുടെ രക്തം കൊണ്ടു രാമൻ സൃഷ്ടിച്ചു. അതിന്നുശേഷം ആ രക്തഹ്രദങ്ങളിൽ ഭൃഗുക്കൾക്ക് ആ ഭൃഗുകുലോദ്വഹൻ പിതൃതർപ്പണം ചെയ്തു.

ഋചീകനെ നേരിൽ കണ്ടു; അദ്ദേഹം രാമനു വേണ്ടവണ്ണം നല്ല ഉപദേശങ്ങൾ നല്കി. പിന്നെ മഹായജ്ഞം കൊണ്ടു പ്രതാപവാനായ ജാമദഗ്ന്യൻ ദേവേന്ദ്രനെ തർപ്പിച്ചു. ഋത്വിക്കുകൾക്ക് അവൻ ഭൂമി നല്കി. മഹാനായ കാശ്യപന്നു പത്തു വ്യാമം നീളവും, വീതിയും, ഒമ്പതു വ്യാമം പൊക്കവുമുള്ള സ്വർണ്ണം കൊണ്ടുള്ള വേദി പണിചെയ്യിച്ചു നല്കി. കാശ്യപാനുമതിയോടുകൂടി അതു ഖണ്ഡം ഖണ്ഡമാക്കി ബ്രാഹ്മണർ പങ്കിട്ടെടുത്തു. രാജാവേ, അതിന്നുശേഷം അവരെല്ലാം 'ഖാണ്ഡവായന'രെന്ന് പ്രഖ്യാപിതരായി. ആ മഹാത്മാവായ കാശ്യപന്ന് ഭൂമിയൊക്കെക്കൊടുത്ത് ഈ ശൈലേന്ദ്രനായ മഹേന്ദ്രത്തിൽ വന്ന് ആ അതിവിക്രമൻ വസിക്കുന്നു. ഇപ്രകാരമാണ് രാമന് ലോകത്തുണ്ടായിരുന്ന ക്ഷത്രിയരുമായി വൈരമുണ്ടായതും, അമിത തേജസ്സായ അവൻ ഭൂമി മുഴുവൻ ജയിച്ചതും."

വൈശമ്പായനൻ തുടർന്നു: "പിന്നെ ചതുർദ്ദശിദിവസം മഹാത്മാവായ രാമൻ മുൻനിശ്ചയമനുസരിച്ച് സാനുജനായ ധർമ്മരാജാവിന്നു പ്രത്യക്ഷനായി രാജാവേ! അനുജന്മാരോടുകൂടി യുധിഷ്ഠിരൻ അവനെ പൂജിച്ചു. ബ്രാഹ്മണരേയും ആ നൃപതിസത്തമൻ പൂജ ചെയ്തു. ജാമദഗ്ന്യനെ അർച്ചിച്ചതിന്നുശേഷം അവർ രാമനാൽ അനുമോദിക്കപ്പെട്ട് അന്നുരാത്രി മഹേന്ദ്രപർവ്വതത്തിൽ പാർത്തു. പിറ്റേന്ന് അവിടെനിന്നു തെക്കോട്ടു യാത്രയാരംഭിച്ചു."

118. യാദവപാണ്ഡവസമാഗമം – വൈശമ്പായനൻ പറഞ്ഞു: "മഹാനുഭാവനായ യുധിഷ്ഠിരരാജാവ് കടൽപ്രദേശങ്ങളിൽ പലേടത്തുമുള്ള രമ്യങ്ങളും പുണ്യങ്ങളുമായ തീർത്ഥങ്ങളെല്ലാം നടന്നു കണ്ടു. വിപ്രന്മാരിൽ ഉപശോഭിതങ്ങളായ എല്ലാ തീർത്ഥങ്ങളും കണ്ടു. ഹേ, പാരിക്ഷിതാ! (പരീക്ഷിത്തിന്റെ പുത്രാ) നിന്റെ മുത്തച്ഛനായ അവൻ ആ തീർത്ഥങ്ങളിൽ അനുജന്മാരോടുകൂടി സ്നാനംചെയ്ത് പുണ്യതമയും പ്രശസ്തയുമായ ഒരു നദിയിലെത്തിച്ചേർന്നു. അവിടെയും ആ മഹാനുഭാവൻ സ്നാനം ചെയ്തു. പിതൃദേവസംതർപ്പണം ചെയ്ത് ദ്വിജന്മാർക്ക് അനേകം ധനം ദാനം ചെയ്തു. പിന്നീട് സമുദ്രത്തിലേക്കു നേരെ ഒഴുകുന്ന നദിയായ ഗോദാവരിയിലേക്കു പോയി. അതിൽ കുളിച്ച് വിപാപാത്മാവായി (പാപമെല്ലാം പോയി). പിന്നെ ദ്രാവിഡനാട്ടിലെത്തി കടൽത്തീരത്തെ ലോകപുണ്യമായ 'അഗസ്ത്യതീർത്ഥ'വും മഹാപവിത്രങ്ങളായ 'നാരീതീർത്ഥങ്ങ'ളും സന്ദർശിച്ചു. അവിടെവച്ച് ധനുർദ്ധരന്മാരിൽ ശ്രേഷ്ഠനായ അർജ്ജുനന്റെ അമാനുഷവും അശക്യവുമായ കർമ്മത്തെ കേട്ടു. മഹർഷിമാർ ചെയ്ത സൽക്കാരമേറ്റ് പാണ്ഡുപുത്രൻ ഏറ്റവും മോദിച്ചു.

കൃഷ്ണയോടും അനുജന്മാരോടുംകൂടി ആ തീർത്ഥങ്ങളിലൊക്കെ ഇറങ്ങിക്കുളിച്ചു ശരീരശുദ്ധിവരുത്തി. അർജ്ജുനന്റെ വിക്രമങ്ങളെക്കുറിച്ചു പ്രശംസിച്ചും ആദരിച്ചും അവിടെ സസന്തോഷം വാണു. പിന്നെ ആയിരക്കണക്കിന് പശുക്കളെവീതം ആ തീർത്ഥങ്ങളിലെല്ലാം ഭ്രാതാക്കളോടൊന്നിച്ചു ദാനം ചെയ്തു. അവർ അർജ്ജുനൻ പശുക്കളെ ദാനം ചെയ്യാറുള്ളതിനെ സങ്കീർത്തിച്ചു.

സമുദ്രതീരത്തിലുള്ള അനേകം പുണ്യതീർത്ഥങ്ങളിലും അവൻ ക്രമേണ പോയി; പരിപൂർണ്ണകാമനായി. പിന്നീടു പുണ്യതമമായ 'ശൂർപ്പാരകം' തീർത്ഥം കണ്ടു. ആ സമുദ്രതീരത്തുള്ള ഒരു ദേശം കടന്ന് പിന്നെ ഭൂമിയിൽ പ്രസിദ്ധമായ ഒരു വനത്തിൽച്ചെന്നു. അവിടെ സുരന്മാർ പണ്ടു തപസ്സുചെയ്തിട്ടുണ്ട്. പുണ്യപരന്മാരായ നരേന്ദ്രന്മാരും ഇവിടെ യാഗം ചെയ്തിട്ടുണ്ട്. അവിടെ ധനുർദ്ധരന്മാരിൽ അഗ്രിമനായ ഋചീകപുത്രന്റെ വേദി ആ കനത്ത കൈയുള്ള രാജാവ് കണ്ടു. അവിടം തപസ്വികളുടെ സംഘത്താൽ സമാവൃതമാണ്; പുണ്യപുരുഷന്മാർക്ക് അർപ്പിക്കാൻ പറ്റിയതുമാണ് ആ സ്ഥലം. പിന്നീട് പല ദേവന്മാരുടെയും പുണ്യതീർത്ഥങ്ങളുടെ സ്ഥാനത്തെത്തി. വസുധാധിപരായ അശ്വിനീദേവന്മാർ, വസുക്കൾ, മരുത്ഗണങ്ങൾ, വൈവസ്വതാദിത്യധനേശ്വരന്മാർ, ഇന്ദ്രൻ, വിഷ്ണു, വിഭുവായ സവിതാവ്,

digitized by www.sreyas.in

ഭവൻ, ചന്ദ്രൻ, ദിവാകരൻ, വരുണൻ, സാദ്ധ്യഗണങ്ങൾ, ധാതാവ്, പിതൃക്കൾ, മഹാത്മാവായ രുദ്രൻ തന്റെ ഗണങ്ങളോടെ, സരസ്വതി, സിദ്ധഗണങ്ങൾ, പുണ്യരായ മറ്റ് അമരന്മാർ ഇവരുടെയൊക്കെ സുമനോഹരങ്ങളായ ആയതനങ്ങൾ രാജാവായ യുധിഷ്ഠിരൻ ഭ്രാതാക്കളോടുകൂടി സന്ദർശിച്ചു.

അവയിലോരോന്നിലും ചെന്നു വിവിധമായ മട്ടിൽ ഉപവസിച്ച് ധാരാളം രത്നങ്ങൾ ദാനം ചെയ്തു. തീർത്ഥങ്ങളിലൊക്കെ കുളിച്ച് വീണ്ടും ശൂർപ്പാരകത്തേക്കു തിരിച്ചു. കടൽക്കരയിലുള്ള തീർത്ഥങ്ങൾ സന്ദർശിച്ചു കർമ്മങ്ങൾ ചെയ്ത് സോദരന്മാരോടും ബ്രാഹ്മണരോടും കൂടെ യുധിഷ്ഠിരൻ പൃഥ്വിയിൽ പ്രസിദ്ധതീർത്ഥമായ പ്രഭാസത്തിലെത്തി. അതിൽ ലോഹിതാക്ഷനായ അദ്ദേഹം അനുജന്മാരോടും കൃഷ്ണയോടും ബ്രാഹ്മണരോടും ലോമശനോടും കൂടി സ്നാനം ചെയ്ത് പിതൃക്കളേയും ദേവന്മാരേയും തർപ്പണം ചെയ്തു.

പന്ത്രണ്ടു ദിവസം വായുവും ജലവും മാത്രം ഭക്ഷിച്ച് തീർത്ഥസ്നാനം ചെയ്തു. രാവും പകലും ആ വരിഷ്ഠനായ ധർമ്മജ്ഞൻ ചുറ്റും ജ്വലിക്കുന്ന അഗ്നിയുണ്ടാക്കി തപസ്സുചെയ്തു. യുധിഷ്ഠിരൻ കഠിനമായി തപസ്സുചെയ്യുന്നതായി രാമനും ജനാർദ്ദനനും കേട്ട്, വൃഷ്ണിപ്രവരന്മാരോടും സൈന്യത്തോടുംകൂടി ആജമീഢനായ യുധിഷ്ഠിരരാജാവിന്റെ അരികത്തുചെന്നു.

ചളിപുരണ്ട് ആ പാണ്ഡുപുത്രന്മാർ നിലത്തു കിടക്കുന്നതുകണ്ട് ആവക ക്ലേശങ്ങൾ സഹിക്കുവാൻ ഒരിക്കലും അർഹതയില്ലാത്ത ദ്രൗപദിയേയും കണ്ട്, വലിയ ദുഃഖത്തോടെ വൃഷ്ണികൾ കരഞ്ഞുപോയി.

രാമനെയും, ജനാർദ്ദനനെയും, കൃഷ്ണപുത്രനായ സാംബനെയും, ശിനിയുടെ പൗത്രനെയും (സാത്യകി), മറ്റു വൃഷ്ണികളെയും കണ്ടപ്പോൾ യുധിഷ്ഠിരൻ അവരെ യഥാധർമ്മം സസന്തോഷം അഭിവാദ്യം ചെയ്തു സ്വീകരിച്ചു. വൃഷ്ണികളും പാർത്ഥരെ പൂജിച്ചു. അപ്രകാരം അവർ പാണ്ഡവരുടെ പൂജ കൈക്കൊണ്ട്, ഇന്ദ്രനു ചുറ്റും ദേവഗണങ്ങളെന്നപോലെ യുധിഷ്ഠിരന്റെ ചുറ്റും പ്രവേശിച്ചു. ശത്രുക്കൾ ചെയ്ത ഉപദ്രവങ്ങളും കാട്ടിൽക്കഴിഞ്ഞ കഥകളുമൊക്കെ യുധിഷ്ഠിരൻ അവരോടു പറഞ്ഞു. അർജ്ജുനൻ അസ്ത്രത്തിന്നായി ഇന്ദ്രലോകത്തു പോയതും, അവിടെ സസുഖം വാഴുന്നതുമൊക്കെ പരമപ്രീതിയോടെ പറഞ്ഞു. വൃഷ്ണികൾ പാണ്ഡവൻ പറഞ്ഞതെല്ലാം ശ്രദ്ധയോടെ കേട്ടു. അവർ കഷ്ടപ്പാടുകൊണ്ട് ഏറ്റവും ശോഷിച്ചിരിക്കുന്നതു കണ്ട്, ആ മഹാനുഭാവരായ വൃഷ്ണികളുടെ കണ്ണുകളിൽനിന്ന്, സന്താപത്താൽ കണ്ണുനീർ ധാരയായി ഒഴുകി."

119. ബലരാമവാക്യം – ജനമേജയൻ പറഞ്ഞു: "ഹേ, തപോധനാ, പ്രഭാസതീർത്ഥത്തിൽ ചെന്ന് പാണ്ഡവവൃഷ്ണികൾ എന്തൊക്കെയാണു ചെയ്തത്? എന്തൊക്കെയാണു പ്രസംഗിച്ചത്? അവരൊക്കെ മഹാത്മാക്കളും സർവ്വശാസ്ത്രവിശാരദന്മാരുമാണല്ലോ. പരസ്പരം സുഹൃത്തുക്കളുമാണല്ലോ."

വൈശമ്പായനൻ പറഞ്ഞു: "കടലിലെ പുണ്യതീർത്ഥമായ പ്രഭാസത്തിൽച്ചെന്ന് വൃഷ്ണികൾ പാണ്ഡവവീരന്മാർക്കു ചുറ്റുമായി ഒന്നിച്ചിരുന്നു. അവിടെവച്ച് പശുവിൻപാൽ, കുന്ദപുഷ്പം, മൃണാളം, ചന്ദ്രൻ എന്നിവയെപ്പോലെ വെണ്മയുള്ള നിറത്തോടുകൂടിയവനും, വനമാല ചാർത്തിയവനും, ഹലായുധനുമായ രാമൻ പുഷ്കരേക്ഷണനോട് ഇങ്ങനെ പറഞ്ഞു."

ബലദേവൻ പറഞ്ഞു: "ഹേ, കൃഷ്ണാ! ധർമ്മം ചെയ്താൽ മനുഷ്യർക്കു നന്മയുമില്ല, അധർമ്മം ചെയ്താൽ അധഃപതനവുമില്ല! നോക്കൂ, യുധിഷ്ഠിരൻ എത്ര ധർമ്മിഷ്ഠനും മഹാത്മാവുമാണ്! അവനല്ലേ ദുഃഖത്തിന്നു പാത്രമായിരിക്കുന്നത്? ജടാധരനായി ചീരവും ധരിച്ച് കാട്ടിലല്ലേ കിടക്കുന്നത്? ദുര്യോധനൻ ഭൂമി ഭരിക്കുന്നു; എന്നിട്ടും (ദുര്യോധനൻ ഇത്ര അധർമ്മിഷ്ഠനായിരുന്നിട്ടും) ഭൂമി അവനെ വിഴുങ്ങുന്നില്ല. തീർച്ചയായും ഇതു കണ്ടാൽ ധർമ്മത്തേക്കാൾ നല്ലത് അധർമ്മമാണെന്ന് അല്പബുദ്ധികളായ മനുഷ്യർ ധരിക്കും. ദുര്യോധനനാകട്ടെ വർദ്ധിക്കുന്നു. ധർമ്മപുത്രൻ രാജ്യം നഷ്ടപ്പെട്ട് കാട്ടിൽക്കിടന്നു ദുഃഖിക്കുന്നു. നാട്ടുകാർ ഇതു കണ്ടാൽ എന്താണ് തങ്ങളുടെ കർത്തവ്യമെന്ന് നിശ്ചയമായും ശങ്കിക്കും. അവർ പരസ്പരം ധർമ്മാധർമ്മങ്ങളെപ്പറ്റി മറിച്ചു വ്യാഖ്യാനിക്കും.

ഈ ധർമ്മപുത്രൻ ധർമ്മപ്രഭാവനാണ്, സത്യബുദ്ധിയാണ്, ഉദാരനാണ്. അവൻ കിടന്നു കഷ്ടപ്പെടുക! അധർമ്മിഷ്ഠൻ ശ്രീമാനായി വർത്തിക്കുക! ഇതെന്തു നീതിയാണ്?

ഭീഷ്മനും, കൃപനും, വിപ്രനായ ദ്രോണനും, കുലവൃദ്ധനായ ധൃതരാഷ്ട്രനും ഒക്കെ പാർത്ഥന്മാരെ കാടുകയറ്റി സുഖിക്കുന്നു. കഷ്ടം! ദുഷ്ടന്മാർതന്നെയാണ് സകല കൗരവ്യമുഖ്യന്മാരും. ആ പാപിയായ രാജാവ് പരലോകത്തു ചെന്നാൽ പിതൃക്കളോട് എന്തു പറയും? സൽസ്വഭാവികളായ പുത്രന്മാരെ നാട്ടിൽനിന്നോടിച്ചവരായ അവർ 'ഞങ്ങൾ മക്കളിൽ നീതിചെയ്തു' എന്നു പറയുവാൻ ധൈര്യപ്പെടുമോ? 'എന്തു കർമ്മം ചെയ്തിട്ടാണ് ഞാൻ അന്ധനായിപ്പോയത്' എന്നു ബുദ്ധിയാകുന്ന കണ്ണുകൊണ്ട് ആ കുരുടൻ രാജാവ് കാണുന്നുണ്ടോ? കൗന്തേയരെ കാടുകയറ്റുവാൻ പോന്ന ബുദ്ധികൊണ്ടല്ലേ ഈ ഭൂമിയിലുള്ള രാജാക്കന്മാരിൽ ഇവൻ മാത്രം അന്ധനായിത്തീർന്നത്? സമൃദ്ധിയായി ഭംഗിയിൽ പൂത്തുനില്ക്കുന്ന സ്വർണ്ണമയമായ മരങ്ങൾ നിറഞ്ഞ പിതൃലോകഭൂമി നിശ്ചയമായും വിചിത്രവീര്യന്റെ പുത്രൻ ഈ നൃശംസകൃത്യം ചെയ്ത സമയത്തു കണ്ടിരിക്കണം. ചുമൽ അവന്റെ നേരെ വളച്ച് വലിയ ചോരക്കണ്ണുകളുമായി അവനെ സൂക്ഷിച്ചുനോക്കുന്ന അവരുടെ (പുത്രന്മാരുടെയും അവരുടെ സ്നേഹിതന്മാരുടെയും) ദുഷ്ടമായ ഉപദേശം നിശ്ചയമായും ആ കുരുടൻ അനുസരിച്ചിരിക്കണം; അല്ലെങ്കിൽ യുധിഷ്ഠിരനെ ഉത്തമശസ്ത്രങ്ങളുള്ള അനുജന്മാരോടുകൂടി അവൻ വനവാസത്തിന്നയയ്ക്കുമായിരുന്നില്ലല്ലോ. ഇതുകൊണ്ട് ഇനി എന്താണു സംഭവിക്കാനിരിക്കുന്നത്? ദീർഘഭുജനായ ഈ ഭീമൻ നിരായുധനായിത്തന്നെ ശത്രുസൈന്യം മുഴുവൻ നശിപ്പിച്ചുകളയും. വൃകോദരന്റെ ഉഗ്രമായ ശബ്ദം കേട്ടാൽ മതി ശത്രുസൈന്യങ്ങൾക്കു ഭയംമൂലം ഉടനെ മലമൂത്രങ്ങൾ പോകും. ദാഹവും വിശപ്പും സഹിച്ചു കാട്ടിൽക്കിടന്നു യാത്രചെയ്തു കഷ്ടപ്പെട്ട് ഇവൻ മെലിഞ്ഞു എങ്കിലും നാനാവിധ ആയുധങ്ങളും ബാണങ്ങളുമേന്തി വനവാസകാലത്തെ കഷ്ടപ്പാടുകൾ ഓർത്ത് ഈ വൃകോദരൻ അവരെ ഒന്നിനെയും ബാക്കിവെക്കാതെ കൊന്നൊടുക്കും. അതിൽ യാതൊരു സംശയവുമില്ല. ഉറപ്പാണ് ഇക്കാര്യം!

വീര്യത്തിലും ബലത്തിലും ഭീമതുല്യനായി ഈ ലോകത്തിൽ ആരുണ്ട്? കാറ്റും മഞ്ഞും വെയിലുമേറ്റു കഷ്ടപ്പെടുന്ന ഇവൻ ശത്രുവർഗ്ഗം കൂട്ടത്തോടെ മുടിച്ചുകളയും. കിഴക്കുള്ള രാജാക്കന്മാരെയൊക്കെ അനുചരന്മാരോടുകൂടി രണത്തിൽ കീഴടക്കിയ വീരനാണവൻ. ക്ഷേമത്തോടുകൂടെ ജീവിച്ചുപോന്ന ഈ അതിരഥൻ ഇപ്പോൾ ചീരം ധരിച്ച് കാട്ടിൽക്കിടന്നുഴലുന്നതു നോക്കുക.

തെക്കുഭാഗത്തുള്ള രാജാക്കന്മാരെയൊക്കെ സമുദ്രതീരത്തുവെച്ച് ജയിച്ച ശക്തനായ സഹദേവൻ ഇപ്പോൾ താപസവേഷരൂപത്തിൽ നില്ക്കുന്നതു കണ്ടോ?

ഏകരഥനായി പശ്ചിമദിക്കിലുള്ള രാജാക്കന്മാരെ വെന്ന യുദ്ധശൗണ്ഡനായ ഇവൻ (സഹദേവൻ) കാട്ടിൽക്കിടന്നു ഫലമൂലങ്ങൾ തിന്നു ജടാധരനായി മലിനാംഗനായി നടക്കുന്നതു നോക്കൂ!

അതിരഥനായ രാജാവിന്ന് സത്രവേദീതലത്തിൽ നിന്നു ജനിച്ച പുത്രി! സകലസുഖങ്ങളും അനുഭവിച്ചു വാഴുവാൻ അർഹയായ സതി കാട്ടിൽ വാണ് ഈ ക്ലേശമൊക്കെ എങ്ങനെ സഹിക്കുന്നു? ത്രിവർഗ്ഗമുഖ്യന്റെയും (ധർമ്മരാജാവ്), സമീരണന്റെയും, ദേവേശ്വരന്റെയും, അശ്വിനീദേവന്മാരുടെയും പുത്രന്മാരായ ഇവർ സുഖാർഹരായിരിക്കെ കാട്ടിൽക്കിടന്ന് ഇത്രമാത്രം ദുഃഖിക്കുവാൻ എന്താണു കാരണം?

digitized by www.sreyas.in

ധർമ്മപുത്രൻ അനുജരോടും, ഭാര്യയോടും കൂടി തോല്പി ക്കപ്പെട്ട്, കൂട്ടുകാരോടുകൂടി ദുഃഖിക്കുമ്പോൾ ദുര്യോധനൻ ശ്രേയസ്സു വർദ്ധിക്കുന്നവനായിക്കാണുമ്പോൾ ശൈലങ്ങളോടു കൂടിയ ഈ ഭൂമി എന്തുകൊണ്ടു താണുപോകുന്നില്ലാ?"

120. യാദവാഗമനം – സാത്യകി പറഞ്ഞു: "ഹേ, രാമാ! ഇ പ്പോൾ വിലപിക്കേണ്ട കാലമല്ല. ഉടനടി നാം വേണ്ടതൊക്കെ ചെയ്യണം. ധർമ്മജൻ ഒന്നും പറഞ്ഞില്ലെങ്കിൽക്കൂടി ചെയ്യേണ്ടത് വൈകാതെ ചെയ്യുകതന്നെ വേണം. ഞങ്ങൾക്കു ക്ഷേമംചെയ്യു വാൻതക്ക കഴിവുള്ളവർ, അതിന്നു ബാദ്ധ്യസ്ഥരായവർ ഉണ്ടാ യിരിക്കെ ആരും താന്താങ്ങളുടെ ക്ഷേമത്തിന്നായി സ്വയം കർമ്മം സമാരംഭിക്കാറില്ല; അവരുടെ കാര്യങ്ങൾ ചെയ്യുന്നതു മറ്റുള്ളവ രാണ്. ശിബി മുതലായവർ യയാതിക്കെന്നപോലെ ഹേ, രാമാ! അങ്ങനെ സ്വന്തം അഭിപ്രായപ്രകാരം മറ്റുള്ളവരെ നാഥരായി ലോകത്തിൽ കണക്കാക്കുന്നവർ നാഥന്മാരുള്ളവരായി കരുത പ്പെടുന്നു. അവർ അനാഥരെപ്പോലെ ഒരിക്കലും ബുദ്ധിമുട്ടാറി ല്ല. ഈ രണ്ടുപേരും, രാമനും ജനാർദ്ദനനും, പിന്നെ പ്രദ്യുമ്നനും സാംബനും അവരോടൊപ്പം ഈ ഞാനും ഉള്ളപ്പോൾ മൂന്നുലോ കങ്ങളും കാക്കാൻ ശക്തരായ ഇവരുള്ളപ്പോൾ സോദരന്മാരോ ടുകൂടി പാർത്ഥൻ കാട്ടിൽക്കിടക്കുകയോ? പലതരത്തിലുള്ള ആയുധങ്ങളണിഞ്ഞ് ചിത്രവർമ്മങ്ങൾ ധരിച്ച്, ദാശാർഹസേന ഉടനെ പോകട്ടെ! വൃഷ്ണിബലത്താൽ തോല്പിക്കപ്പെട്ട് ധാർത്ത രാഷ്ട്രന്മാർ ബന്ധുക്കളോടുകൂടി യമപുരിയിലെത്തട്ടെ.

കോപിച്ചാൽ ഈ ഭൂമി മുഴുവൻ അടക്കുവാൻ ശാർങ്ഗധ ന്വാവായ അങ്ങുമാത്രം മതി. ബന്ധുക്കളോടുകൂടി നീ ധാർത്ത രാഷ്ട്രനെ പണ്ട് ദേവപതിയായ മഹേന്ദ്രൻ വൃത്രനെ കൊന്ന തുപോലെ, കൊല്ലുക.

അർജ്ജുനൻ എനിക്കു ഭ്രാതാവാണ്; ഇഷ്ടനാണ്; ഗുരു വാണ്; ജനാർദ്ദനന്ന് ആത്മസമാനനാണ്. മനുഷ്യർ സൽപ്പുത്ര ന്മാരെയും, ഗുരുക്കൾ തനിക്കു പ്രതികൂലമായി നില്ക്കാത്ത ശിഷ്യരെയും ഇച്ഛിക്കുന്നത് എന്തിനാണോ, ആ ഉത്തമമായ കാര്യം ദുഷ്കരമാണെങ്കിലും ഇതാ വന്നുചേർന്നിരിക്കുന്നു. അത് ഞാൻ കൈയേറ്റ് ദുര്യോധനന്റെ അസ്ത്രവർഷങ്ങളെയൊക്കെ ഉത്തമാസ്ത്രങ്ങൾകൊണ്ടു തടുത്തകറ്റി, സർപ്പം, വിഷം, അഗ്നി ഇവയൊക്കുന്ന അമ്പുകൾകൊണ്ട് യുദ്ധത്തിൽ ക്രുദ്ധനായി അവന്റെ തല ഞാൻതന്നെ അറുക്കുന്നതാണ്.

നിശിതമായ വാൾകൊണ്ടു ബലമായി അവന്റെ അനു യായികളുടെ തല ഞാൻ അറുക്കും. പിന്നെ ദുര്യോധനന്റെയും കൗരവന്മാരുടെ എല്ലാവരുടെയും തല ഞാൻ അരിയും. ഭീമാനു യായികൾ സഹർഷം അതു നോക്കിനിൽക്കട്ടെ. ഹേ, രോഹിണീ പുത്രാ, കുരുയോധമുഖ്യന്മാരെയെല്ലാം ഒറ്റയ്ക്ക് ഉണക്കപ്പുല്ല് തീപിടിച്ചപോലെ ഞാൻ ദഹിപ്പിക്കും. പ്രദ്യുമ്നൻ എയ്യുന്ന നിശി തമായ അസ്ത്രങ്ങൾ ഏല്ക്കുവാൻ അശക്തരാണ് കൃപദ്രോണ വികർണ്ണകർണ്ണന്മാർ.

ജയാത്മജന്റെ (അഭിമന്യുവിന്റെ) വീര്യത്തെ എനിക്കു നന്നായി അറിയാം. അവൻ രണത്തിൽ കൃഷ്ണപുത്രന്നുതുല്യ നാണ്. പിന്നെ സൂതനോടും, തേരോടും കൂടിയ ദുശ്ശാസനനെ സാംബൻ തന്റെ ബാഹുവീര്യത്താൽ മർദ്ദിച്ചുകൊള്ളും. ഉത്ക ടനും ക്രുദ്ധനുമായ ജാംബവതീസുതനെ യുദ്ധത്തിൽ നേരിടാൻ ആർക്കു കഴിയും? ബാലനായിരിക്കുമ്പോൾത്തന്നെ ശംബര നെന്ന ദൈത്യന്റെ സൈന്യത്തെ ഒറ്റയ്ക്കു ചതച്ചുവിട്ടവനാണ വൻ. ഉരുണ്ട തുടകളും, തടിച്ചുനീണ്ട കൈകളുമുള്ള 'അശ്വച ക്രനെ' ഒറ്റയ്ക്കു യുദ്ധത്തിൽ കൊന്ന വീരനാണ് സാംബൻ. രഥ ത്തിൽകയറിയ ആ മഹാരഥനായ സാംബന്റെ നേർക്ക് യുദ്ധ ത്തിന്നു ധൈര്യപ്പെടുന്നവനായി ആരുണ്ട്? അന്തകന്റെ (മരണ മടുത്ത കാലത്തിന്റെ) കൈയിൽപ്പെട്ട മനുഷ്യന്റെ കഥപോലെ യാണ് സാംബനോടടുക്കുന്നവന്റെ ഗതി. അവന്റെ കൈയിൽ പ്പെട്ട ആരാണ് പിന്നെ ജീവനുംകൊണ്ടു മടങ്ങുക?

മഹാരഥന്മാരായ ഭീഷ്മനും, ദ്രോണനും, സോമദത്തനും, പുത്രന്മാരും, സർവ്വസൈന്യങ്ങളും , ഈ വാസുദേവപുത്രന്റെ അസ്ത്രമാകുന്ന വലിയ തീയിൽ തീർച്ചയായും നശിച്ചുപോകും. ദേവന്മാരുടെ ലോകമടക്കം ഈ മൂന്നുലോകങ്ങളിലുമുള്ളവ രൊക്കെച്ചേർന്നാലും കൃഷ്ണൻ ഉത്തമാസ്ത്രങ്ങളും ചക്രായു ധവുമായി അപ്രതിമനായി യുദ്ധം ചെയ്യുമ്പോൾ തടുക്കാൻ കഴി യുമോ? അവന്ന് ഇവയെല്ലാം കൂടിയാലും, തുല്യമാകുകയില്ല. അനിരുദ്ധൻ വാളും ഉറയുമേന്തി ധാർത്തരാഷ്ട്രന്മാരുടെ കഴു ത്തറുത്ത് ഈ ഭൂമി നിറയ്ക്കട്ടെ. കഴുത്തറ്റു പ്രജ്ഞയില്ലാത്ത അവർ, അദ്ധ്വരങ്ങളിൽ വേദി കുശകളാൽ എന്നപോലെ ഭൂമിയെ കീർണ്ണമാക്കട്ടെ. ഗദൻ, ഉൽമുകൻ, ബാഹുകൻ, ഭാനു, നിഥൻ, കുമാരനും ശൂരനുമായ നിശഠൻ, രണോത്കടന്മാരായ സാരണ ചാരുദേഷ്ണന്മാർ എന്നിവർ കുലോചിതമായ വിധം ശത്രുസം ഹാരം നടത്തിക്കൊള്ളട്ടെ. വൃഷ്ണിഭോജാന്ധകന്മാരിലെ രണ ശൂരന്മാരുടെകൂടെ സാത്വതശൂരന്മാരുടെ സേന യുദ്ധത്തിൽ ധൃത രാഷ്ട്രപുത്രന്മാരെയൊക്കെ കൊന്നൊടുക്കി ഈ ലോകത്തിൽ അവരുടെ യശസ്സ് വർദ്ധിപ്പിക്കട്ടെ. പിന്നീട് ധർമ്മിഷ്ഠരിൽ വരി ഷ്ഠനായ യുധിഷ്ഠിരൻ, ആ കുരുസത്തമൻ ചൂതിൽവെച്ച് ഏറ്റ തായ വ്രതം ചെയ്തുതീർക്കുന്നതുവരെ രാജ്യം അഭിമന്യു പാലി ക്കട്ടെ. പിന്നീടു നാം എയ്ത അമ്പാൽ ശത്രുവർഗ്ഗം മുടിച്ച ഭൂമി ധർമ്മരാജാവു മടങ്ങിവന്നു ഭരിക്കട്ടെ. അങ്ങനെ ഭൂമി ധാർത്ത രാഷ്ട്രന്മാരില്ലാതെ, സൂതപുത്രൻ ഹതനായിത്തീരട്ടെ. ഇതാണ് യശസ്സിന്നുവേണ്ടി നാം ചെയ്യേണ്ട കാര്യം."

വാസുദേവൻ പറഞ്ഞു: "ഹേ, മാധവാ! സത്യമാണ് നീ പറ ഞ്ഞത്. നിന്റെ വാക്കു ഞാൻ സ്വീകരിക്കുന്നു. എന്നാൽ അതിൽ ഒരു വൈഷമ്യം കിടപ്പുണ്ട്. അതു നീ ഓർക്കുന്നില്ല. സ്വന്തം ഭുജ ത്താൽ ജയിക്കാത്ത ഭൂമി ഈ കൗരവർഷഭൻ ഇച്ഛിക്കുകയില്ല. കാമം, ഭയം, ലോഭം ഇവകൊണ്ടൊന്നും യുധിഷ്ഠിരൻ സ്വധർമ്മം കൈവെടിയുകയില്ല; അതുപോലെ അതിരഥന്മാരായ ഭീമാർജ്ജു നന്മാരും യമന്മാരും ദ്രുപദപുത്രിയായ ഈ കൃഷ്ണയും. യുദ്ധ ത്തിൽ അതുല്യരും ഭൂമിയിൽ അജയ്യരുമാണ് വൃകോദരധനഞ്ജ യന്മാർ. അവർക്കു പുറമേ അദ്ദേഹത്തെ സദാ അനുസരിക്കു കയും കാക്കുകയും ചെയ്യുന്ന രണ്ടു മാദ്രീസുതന്മാരും ഉള്ള പ്പോൾ ഊഴികാക്കാതിരിക്കാൻ എന്താണു ന്യായം? മഹാത്മാ വായ പാഞ്ചാലരാജാവും, ചേദിരാജാവും കേകയരാജാക്കന്മാരും നമ്മളും ഒത്ത് രണത്തിൽ എതിർത്താൽ വൈരികൾ അപ്പോൾ ത്തന്നെ അവസാനിക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "മാധവാ! നീ പറഞ്ഞത് അത്ഭുത മല്ല. എനിക്കു സത്യം രാജ്യത്തേക്കാൾ ഉപരി രക്ഷിക്കേണ്ടതായി തോന്നുന്നു. എന്നെ ശരിക്കും മനസ്സിലാക്കിയവനാണ് കൃഷ് ണൻ. അപ്രകാരം തന്നെ ഞാൻ കൃഷ്ണനെയും ധരിച്ചിരിക്കു ന്നു. ആ പുരുഷശ്രേഷ്ഠൻ വിക്രമത്തിന്നു കാലം എന്നാണോ കാണുന്നത്, അന്ന് ഹേ, മാധവാ! അങ്ങ് സുയോധനനെ വെല്ലും. ദാശാർഹവീരന്മാർ ഇന്നു തിരിച്ചുപൊയ്ക്കൊള്ളട്ടെ! നരലോക ത്തിന്നു നാഥരായ അവരാണ് എന്റെ നാഥന്മാർ. അവരെ കാണാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. അല്ലയോ വീരന്മാരേ, നിങ്ങൾ ധർമ്മം തെറ്റിക്കാതെ നോക്കുവിൻ. ഞാൻ നിങ്ങളെ വീണ്ടും സന്തോഷത്തോടെ ഒന്നിച്ചു കാണാമെന്നു പ്രതീക്ഷിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അവർ തമ്മിൽ പറഞ്ഞ് പരസ്പരം അഭിവാദ്യം ചെയ്ത് വയസ്സിന്നു മൂത്തവർ താഴ്ന്നവരെ തഴുകി, പിന്നെ ആ യദുപ്രവീരന്മാർ താന്താങ്ങളുടെ ഗൃഹങ്ങളിലേക്കു മടങ്ങിപ്പോയി. പാണ്ഡവന്മാർ തീർത്ഥാടനം തുടർന്നു. യുധിഷ്ഠിരൻ കൃഷ്ണനെ പിരിഞ്ഞശേഷം വിദർഭ രാജാവിനാൽ ഉണ്ടാക്കപ്പെട്ട പുണ്യസ്ഥലം സ്ഥിതിചെയ്യുന്ന പുണ്യയായ പയോഷ്ണിനദിയിലേക്ക് ലോമശനോടും ഭ്രാതാ ക്കളോടും ഭൃത്യന്മാരോടും കൂടി പ്രവേശിച്ചു. സോമം ഇടകലർന്ന വെള്ളമുള്ള തീർത്ഥമാണ് പയോഷ്ണി. ആ തീർത്ഥത്തിന്റെ കര

digitized by www.sreyas.in

യിൽച്ചെന്ന് ആ മഹാത്മാവ് ദ്വിജന്മാരുടെ സ്തുതികൾകേട്ട് അവിടെ പാർത്തു."

121. സുകന്യോപാഖ്യാനം – ലോമശൻ പറഞ്ഞു: "ഈ പയോഷ്ണിയുടെ കരയിൽവെച്ചു പണ്ട് നൃഗരാജാവ് യാഗം ചെയ്തപ്പോൾ സോമംകൊണ്ട് പുരന്ദരനെ തർപ്പിച്ചു എന്നു കേൾക്കുന്നു. ഹേ, യുധിഷ്ഠിര! ഇന്ദ്രൻ അതിൽ തൃപ്തനായി മോദിച്ചു ഇവിടെ ഇന്ദ്രനോടൊപ്പം ദേവന്മാരും, പ്രജാപതികളും ഭൂരിദക്ഷിണമായ ബഹുവിധ യജ്ഞങ്ങൾ ചെയ്ത ഇവിടെവെച്ച് 'ആമൂർത്തരയസ' രാജാവ് പ്രഭുവായ വജ്രധരനെ ഏഴ് അശ്വമേധത്തിലും സോമം കൊണ്ടു തർപ്പണം ചെയ്തു. യജ്ഞങ്ങളിൽ മണ്ണു കൊണ്ടും, മരംകൊണ്ടും യജ്ഞാവശ്യത്തിന്നുണ്ടാക്കാറുള്ള കോപ്പുകളെല്ലാം ആ രാജാവ് സ്വർണ്ണംകൊണ്ടാണുണ്ടാക്കിയത്. യൂപം, ചഷാലം, ചമസം, താലം, സ്രുക്പാത്രം, സ്രുവം ഇവയെല്ലാം ഏഴു യാഗത്തിന്നും വേറെ വേറെ ഉണ്ടാക്കിയെന്നു കേൾക്കുന്നു. ഓരോ യൂപത്തിന്നു മുകളിലും ഏഴേഴു ചഷാലങ്ങളും ഉണ്ടായിരുന്നു. അവന്റെ യജ്ഞയൂപങ്ങൾ ഒക്കെയും പൊന്മയമായിരുന്നു. യുധിഷ്ഠിരാ, അവയെല്ലാം ദേവന്മാർതന്നെ ദേവേന്ദ്രനോടുകൂടി ഇറങ്ങിവന്നു നാട്ടി. ആ പൃഥ്വീപതിയായ ഗയന്റെ ആ ഏഴു മഹായജ്ഞങ്ങളിലും സോമത്താൽ ഇന്ദ്രനും, ദക്ഷിണയാൽ ദ്വിജന്മാരും മദിച്ചു. ഈ ഭൂമിയിലെ മണൽത്തരി പോലെയും, ആകാശത്തിൽ നക്ഷത്രങ്ങൾപോലെയും മഴപെയ്യുമ്പോൾ വീഴുന്ന മഴത്തുള്ളിപോലെയും ആർക്കും എണ്ണുവാൻ സാധിക്കാത്തവിധം അത്രയധികം ധനം ഗയൻ ദാനംചെയ്തു. ആ ഏഴു യജ്ഞങ്ങളിലും സദസ്യർക്ക് ഇപ്പറഞ്ഞമാതിരിയൊക്കെ ചെയ്തു. മറ്റെന്തും എണ്ണി തിട്ടപ്പെടുത്താം; പക്ഷേ, ആ ഉദാരനായ രാജാവ് ദാനംചെയ്ത ദക്ഷിണ കണക്കാക്കുവാൻ പറ്റുകയില്ല. വിശ്വകർമ്മാവ് സ്വർണ്ണംകൊണ്ടുണ്ടാക്കിയ സരസ്വതീദേവിയുടെ എണ്ണവും അസംഖ്യമായിരുന്നു. അവ നാനാദിക്കിൽനിന്നും വന്നെത്തുന്ന ബ്രാഹ്മണർക്കു നല്കി രാജാവ് അവരെ തൃപ്തരാക്കി. യജ്ഞം ചെയ്യുന്ന മഹാത്മാവായ ഗയന്റെ ചൈത്യം (യാഗശാല) ബ്രാഹ്മണരാൽ നിറയുകയാൽ ഭൂമിയിൽ സ്ഥലം വേറെയില്ലാതായി. ഹേ, ഭാരത, ആ കർമ്മംമൂലം അവൻ ഇന്ദ്രലോകം പ്രാപിച്ചു. പയോഷ്ണിയിൽ സ്നാനം ചെയ്തവൻ, അവൻ (ഗയൻ) നേടിയ ലോകങ്ങളെല്ലാം ചെന്നെത്തും. അതുകൊണ്ട് മഹാരാജാവേ! നീ ഭ്രാതാക്കളോടുകൂടി ഇവിടെ സ്നാനം ചെയ്യുക: പാപങ്ങളൊക്കെത്തീരും."

വൈശമ്പായനൻ തുടർന്നു: "അനന്തരം ആ നരശ്രേഷ്ഠൻ സോദരന്മാരോടുകൂടി പയോഷ്ണിയിൽ സ്നാനം ചെയ്തു. വൈഡൂര്യപർവ്വതത്തിലും നർമ്മദാമഹാനദിയിലും ആ തേജസ്വി സോദരന്മാരോടുകൂടി ചെന്നു. അവരോടൊക്കെയും ഭഗവാൻ ലോമശമഹർഷി നല്ല തീർത്ഥങ്ങളെപ്പറ്റിയും, പുണ്യക്ഷേത്രങ്ങളെപ്പറ്റിയും പറഞ്ഞുകൊടുത്തു. ഭ്രാതാക്കളോടുകൂടി യുധിഷ്ഠിരൻ യഥായോഗ്യം യഥാപ്രീതി രമണീയവും പുണ്യവുമായ തീർത്ഥങ്ങളിൽ സ്നാനം ചെയ്തു. ആയിരക്കണക്കിനു ബ്രാഹ്മണർക്ക് ചെന്നേടത്തൊക്കെവെച്ച് വേണ്ടത്ര ധനം ദാനംചെയ്തു."

ലോമശൻ പറഞ്ഞു: "ഹേ, കൗന്തേയാ! ദേവന്മാരും പുണ്യശീലരായ രാജാക്കന്മാരും നേടുന്ന ലോകങ്ങളൊക്കെ ഈ വൈഡൂര്യപർവ്വതം കണ്ട് നർമ്മദയിൽ സ്നാനം ചെയ്താൽ സിദ്ധിക്കും. ഇത് (ഈ കാലഘട്ടം) ത്രേതാദ്വാപരയുഗങ്ങളുടെ സന്ധികാലമാണ്. ഇത് ഏവർക്കും എല്ലാ പാപവും നീങ്ങിക്കിട്ടുന്ന കാലമാണ്. ഇതാ 'ശര്യാതി' യജ്ഞം ചെയ്ത സ്ഥലം കാണുന്നു. സാക്ഷാൽ അശ്വികളോടുചേർന്ന് ഇവിടെവച്ച് കൗശികൻ സോമം കുടിച്ചു. ഇവിടെ വച്ച് ദേവേന്ദ്രന്റെ നേരെ മഹാതപസ്വിയായ ഭാർഗ്ഗവൻ കോപിച്ചു; പ്രഭുവായ വാസവനെ ച്യവനൻ സ്തംഭിപ്പിച്ചു; അവൻ രാജപുത്രിയായ സുകന്യയെ ഭാര്യയായി കൈക്കൊള്ളുകയും ചെയ്തു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മുനേ! ഭഗവാൻ പാകശാസനനെ എങ്ങനെയാണ് ച്യവനൻ സ്തംഭിപ്പിച്ചത്? എന്തിനാണ് തപോനിധിയായ ഭാർഗ്ഗവൻ കോപിച്ചത്? ഹേ, ബ്രഹ്മൻ! നാസത്യരെ എങ്ങനെ സോമപാനം ചെയ്യുന്നവരാക്കി? ഇതൊക്കെ ഉണ്ടായവിധം ഭഗവാൻ എന്നോടു പറഞ്ഞാലും."

122. സുകന്യോപാഖ്യാനം – ലോമശൻ പറഞ്ഞു: "മഹർഷിയായ ഭൃഗുവിന് ച്യവനൻ എന്നു പേരായ ഒരു പുത്രനുണ്ടായി. മഹാദ്യുതിയായ അവൻ ഈ സരസ്സിന്റെ സമീപത്തു തപസ്സുചെയ്ത്, വീരമെന്ന യോഗം സ്വീകരിച്ചിരുന്നു. ആ തേജസ്വി തൂണുപോലെ ഒരേ സ്ഥാനത്തുതന്നെ, വളരെക്കാലം തപസ്സു ചെയ്ത് അങ്ങനെ നിശ്ചലനായി നിന്നു. ആ മുനിയുടെ ദേഹത്തിൽ വള്ളി ചുറ്റിപ്പടർന്നു. മുനിയുടെ ചുറ്റും പുറ്റു വന്നുയർന്നു. മുനി ആകെക്കൂടി ഒരു മൺപുറ്റായിത്തീർന്നു. ആ പുറ്റിനുള്ളിൽ ഇരുന്ന് മഹർഷി തപസ്സുചെയ്തു. വളരെക്കാലം കഴിഞ്ഞിട്ടും ചിതൽ വന്നു പിടിച്ചുമൂടിയിട്ടും ധീമാനായ ആ മുനി കഠോരമായി തപസ്സു തുടരുകതന്നെയായിരുന്നു.

വളരെക്കാലത്തിനുശേഷം 'ശര്യാതി'യെന്ന രാജാവ് ഉത്തമമായ ഈ രമ്യസരസ്സിൽ വിഹരിക്കുവാൻ വന്നു. ആ രാജാവിന്ന് ഭാര്യമാരായി നാലായിരം സ്ത്രീകളുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്ന് സുന്ദരമായ പുരികമുള്ള, 'സുകന്യ' എന്നു പേരായി ഒരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളു.

സുന്ദരിയായ അവൾ ദിവ്യാഭരണങ്ങൾ ചാർത്തി തോഴിമാരോടുകൂടി സഞ്ചരിച്ച് ആ ഭാർഗ്ഗവന്റെ പുറ്റുള്ള സ്ഥലത്തെത്തി. അവിടെ സുന്ദരമായ ദൃശ്യങ്ങൾ കണ്ടുകൊണ്ട് സഖിമാരോടുകൂടി പൂമരങ്ങളുടെ ഉള്ളിൽക്കൂടി സഞ്ചരിച്ചു വിഹരിച്ചുകൊണ്ട് ആ വനത്തിന്നുള്ളിൽ ചുറ്റിനടന്നു.

ചന്തവും യൗവനവും മദവും തള്ളലുമുള്ള അവൾ നാനാവൃക്ഷങ്ങളുടെയും പൂത്തുനില്ക്കുന്ന ചില്ലകൾ ഒടിച്ചു. അവൾ ഒറ്റയ്ക്ക് ഒരിടത്ത് ഏകവസ്ത്രയായി ആഭരണഭൂഷിതയായി നടക്കുമ്പോൾ ധീമാനായ ഭാർഗ്ഗവൻ അവളെ നടക്കുന്ന മിന്നൽപോലെ കണ്ടു. വിജനത്തിൽ തേജസ്വിയായ അവൻ അവളെക്കണ്ട് ആസക്തനായി. നേരിയ ശബ്ദമുള്ള ആ വിപ്രർഷി, തപോബലനായ ച്യവനൻ, അവളോട് എന്തോ സംസാരിച്ചു. എന്നാൽ അവൾ ഒന്നും കേട്ടില്ല. അതിന്നുശേഷം സുകന്യ പുറ്റിനടുത്തു ചെന്നു. ഭാർഗ്ഗവന്റെ കണ്ണുകൾ യദൃച്ഛയാ പുറ്റിനുള്ളിൽ കണ്ടു. അവൾ ബുദ്ധിമോഹത്താലും, കൗതൂഹലത്താലും ഒരു മുള്ളെടുത്തുകുത്തി. 'ഇത് എന്തൊരു വസ്തുവാണ്' എന്നു പറഞ്ഞ് കണ്ണുരണ്ടും കുത്തിത്തുളച്ചു.

ഉടനെ കഠിനമായ വേദന അനുഭവപ്പെട്ട മഹർഷി അവൾ കണ്ണിൽക്കുത്തിയപ്പോൾ സഹിക്കാതെ മഹാക്രുദ്ധനായിത്തീർന്നു. മഹർഷിയുടെ കോപംമൂലം ശര്യാതിയുടെ സൈന്യങ്ങൾക്കു മലമൂത്രങ്ങൾ തടഞ്ഞുപോയി. മലമൂത്രം തടഞ്ഞു വിഷമത്തിൽപ്പെട്ട തന്റെ സൈന്യത്തെ കണ്ടപ്പോൾ രാജാവ് അന്വേഷണം തുടങ്ങി.

ശര്യാതി പറഞ്ഞു: "തപോനിത്യനും, മഹാവൃദ്ധനും, വിശേഷിച്ച് അതികോപിഷ്ഠനും, മഹാത്മാവുമായ ഭാർഗ്ഗവന്നു പിഴ ചെയ്തത് ആരാണ്? അറിവുണ്ടെങ്കിലും ഇല്ലെങ്കിലും വേഗം പറയണം."

ലോമശൻ പറഞ്ഞു: "അവനോടു സൈന്യങ്ങൾ യാതൊരു കുറ്റവും ചെയ്തതായി അറിവില്ലെന്നു പറഞ്ഞു. എല്ലാ ഉപായങ്ങളും പ്രയോഗിച്ച് രാജാവുതന്നെ കണ്ടെത്തണമെന്നും അവർ പറഞ്ഞു. പിന്നെ രാജാവുതന്നെ സാമവും, ഔഗ്ര്യവും (ദണ്ഡം) പ്രയോഗിച്ചുനോക്കി. ബന്ധുക്കളോടു ചോദിച്ചു. ആരും അറിഞ്ഞില്ലെന്നു പറഞ്ഞു. വയർ വീർത്ത് മലമൂത്രം പോകാതെ കഷ്ടത്തിലായി തന്റെ സൈന്യമെല്ലാം ദുഃഖിക്കുന്നതു കണ്ടും, ദുഃഖിക്കുന്ന അച്ഛനെക്കണ്ടും സുകന്യ സമീപത്തുചെന്ന് അച്ഛനോടു പറഞ്ഞു."

സുകന്യ പറഞ്ഞു: "അച്ഛാ! ഒരു സംഭവമുണ്ടായി. ഞാൻ നടക്കുമ്പോൾ ഒരു പുറ്റു കണ്ടു. അതിന്റെ ഇടയിൽക്കൂടി എന്തോ മിന്നുന്നതായി കണ്ടു. മിന്നാമിനുങ്ങാണെന്നു വിചാരിച്ച് ഞാൻ അതിനെ മുള്ളുകൊണ്ടു കുത്തി."

digitized by www.sreyas.in

ലോമശൻ പറഞ്ഞു. "മകൾ പറഞ്ഞതുകേട്ട് രാജാവ് ആ പുറ്റിന്റെ അരികിൽച്ചെന്നു. തപോവൃദ്ധനും, വയോവൃദ്ധനുമായ ഭാർഗ്ഗവനെ രാജാവു കണ്ടു. തന്റെ സൈന്യത്തിന്റെ ആപത്തു നീക്കിത്തരേണമെന്നു ശര്യാതി തൊഴുതു പ്രാർത്ഥിച്ചു."

ശര്യാതി പറഞ്ഞു: "അറിയാതെ വിവരക്കേടുകൊണ്ട് എന്റെ ബാലചെയ്ത അപരാധം ഭവാൻ പൊറുക്കണേ!"

ഉടനെ ഭാർഗ്ഗവനായ ച്യവനൻ പറഞ്ഞു: "അഹങ്കാരം മുറ്റിയ ഇവൾ എന്നെ അവമാനിച്ച് രണ്ടുകണ്ണിലും കുത്തി. രൂപൗദാര്യങ്ങളോടുകൂടിയ ഇവൾ, ലോഭമോഹങ്ങളാലാണ് ഇതു ചെയ്തത്. എന്നാൽ രാജാവേ! ഭവാന്റെ മകളെ എനിക്കു ഭാര്യയായിത്തന്നാൽ ഞാൻ എല്ലാ അപരാധവും ക്ഷമിച്ചുകൊള്ളാം. ഞാൻ സത്യമാണ് ഈ പറഞ്ഞത്."

ലോമശൻ പറഞ്ഞു: "ശര്യാതി ഇതു കേട്ടപ്പോൾ യാതൊരു ശങ്കയും മടിയും കാണിക്കാതെ തന്റെ മകളെ മഹാത്മാവായ ച്യവനമഹർഷിക്ക് ഉടനെ കൊടുത്തു. ആ കന്യകയെ സ്വീകരിച്ച് ഭഗവാൻ പ്രീതനായി. മഹർഷിയുടെ പ്രസാദംവാങ്ങി രാജാവ് സൈന്യങ്ങളോടുകൂടി പുരിയിലേക്കു തിരിച്ചു. തപസ്വിയായ ഭർത്താവിനെ കിട്ടിയ സുകന്യ തപോനിയമങ്ങൾ സ്വീകരിച്ച് ഭർത്താവിനെ പ്രീതിയോടെ നിത്യവും പരിചരിച്ചുവന്നു. അഗ്നിയേയും അതിഥികളേയും യാതൊരു അസൂയയും കൂടാതെ അവൾ ശുശ്രൂഷിച്ചു. ച്യവനനെ ആ ശുഭാനനയായ സുകന്യ ആരാധിച്ചു ജീവിച്ചുപോന്നു!"

123. സുകന്യോപാഖ്യാനം – ലോമശൻ കഥ തുടർന്നു: "കുറേനാൾ കഴിഞ്ഞപ്പോൾ അശ്വിനീദേവകൾ സുകന്യയെ കണ്ടു. അവൾ കുളിച്ചു നഗ്നയായി നില്ക്കുന്ന സമയത്താണു കണ്ടത്. ദേവരാജപുത്രിക്കു തുല്യമായ അഴകുള്ള അവളെ കണ്ടയുടനെ നാസത്യരായ (മൂക്കിൽനിന്നു ജനിച്ച) അശ്വിനീദേവന്മാർ അവളുടെ സമീപത്തേക്കു ചെന്ന് ഇപ്രകാരം പറഞ്ഞു."

അശ്വിനീദേവകൾ പറഞ്ഞു: "എടോ, സുന്ദരീ! നീ ആരുടെയാണ്? ഈ കാട്ടിൽ നീ എന്താണു ചെയ്യുന്നത്? ഭദ്രേ! നിന്റെ വൃത്താന്തം അറിയുവാൻ ഞങ്ങൾക്കു മോഹമുണ്ട്. ശോഭനേ, സത്യം പറഞ്ഞാലും!"

ലോമശൻ പറഞ്ഞു: "അപ്പോൾ സുകന്യ അവരുടെ മുമ്പിൽ നാണിച്ചുനിന്നുകൊണ്ട് പറഞ്ഞു."

സുകന്യ പറഞ്ഞു: "ഞാൻ ശര്യാദിരാജാവിന്റെ പുത്രിയാണ്. ച്യവനന്റെ ഭാര്യയാണ്."

ലോമശൻ പറഞ്ഞു: "അവൾ പറഞ്ഞതുകേട്ട് ദേവകൾ കളിയാക്കി ചിരിച്ചു. അവർ അവളോടു പറഞ്ഞു."

അശ്വിനീദേവകൾ പറഞ്ഞു: "എടോ, കല്യാണീ! നിന്നെ നിന്റെ അച്ഛനെന്താണ് ഈ കിഴവന്നു പിടിച്ചുകൊടുത്തത്? ഹേ, ഭീരു! നീ മിന്നൽക്കൊടിപോലെ ഈ കാട്ടിൽ ശോഭിക്കുന്നല്ലോ. നിന്നെപ്പോലെ കാണുവാൻ ചന്തമുള്ള ഒരു പെൺകിടാവ് ദേവലോകത്തുകൂടിയില്ല. ആഭരണങ്ങളൊന്നുമില്ലാതെ, നല്ല വസ്ത്രങ്ങൾ ധരിക്കാതെ അനലംകൃതയായിട്ടുകൂടി ഈ കാടിനെപ്പോലും നീ ശുഭേ! ശോഭിപ്പിക്കുന്നു. എല്ലാ ഭൂഷണങ്ങളും ചാർത്തി നല്ല വസ്ത്രം ഉടുക്കുന്നതായാൽ നീ എന്തുമാത്രം ശോഭിക്കുമായിരുന്നു, ചേറണിഞ്ഞ നീ ഇമ്മട്ടു ശോഭിക്കുമ്പോൾ! ഇത്തരത്തിൽ സർവ്വാനവദ്യാംഗിയായ നീ ജരാനരകൾ ബാധിച്ച നിന്റെ ഭർത്താവിനെ സേവിക്കുന്നുവല്ലോ. രക്ഷിക്കുവാൻ അസമർത്ഥനും, കാമഭോഗബഹിഷ്കൃതനുമായ ച്യവനമഹർഷിയെ എടോ, ശുചിസ്മിതേ! നീ ഉപേക്ഷിക്കൂ. ഞങ്ങളിൽ ഒരുത്തനെ നീ സ്വീകരിക്കുക. ദേവഗർഭാഭേ, നീ നിന്റെ യൗവനം പാഴാക്കേണ്ട."

ലോമശൻ പറഞ്ഞു: "ഇങ്ങനെ ആ ദേവന്മാർ പറഞ്ഞതു കേട്ട് സുകന്യ ഇപ്രകാരം പറഞ്ഞു."

സുകന്യ പറഞ്ഞു: "പതിയായ ച്യവനനിൽ ഭക്തയാണ് ഞാൻ. മറ്റുവിധത്തിൽ ചിന്തിച്ച് നിങ്ങളെന്നെപ്പറ്റി ശങ്കിക്കരുത്."

അശ്വിനീദേവകൾ അവളോടു പറഞ്ഞു: "ഹേ, സുമുഖീ! ഞങ്ങൾ ദേവവൈദ്യന്മാരാണ്. നിന്റെ പതിയെ ഞങ്ങൾ യുവാവും രൂപയൗവനസമ്പന്നനുമാക്കിത്തരാം. പിന്നെ അദ്ദേഹവും ഞങ്ങളും നില്ക്കാം. ഇതിൽ ഒരാളെ നീ സ്വീകരിക്കണം. ഈ കരാറുപ്രകാരം നീ നിന്റെ ഭർത്താവിനെ വരുത്തുക."

ലോമശൻ പറഞ്ഞു: "അശ്വിനീദേവകൾ പറഞ്ഞതനുസരിച്ച് അവൾ ഭർത്താവിന്റെ സമീപത്തുചെന്ന് അവർ പറഞ്ഞതെല്ലാം അറിയിച്ചു. എല്ലാം കേട്ട് ച്യവനൻ പറഞ്ഞു, 'ആകട്ടെ, അവർ പറഞ്ഞപ്രകാരം ചെയ്തുകൊള്ളുക' എന്ന്."

കരാറനുസരിച്ച് ദേവന്മാർ പറഞ്ഞു: 'എടോ, ഭദ്രേ! നിന്റെ ഭർത്താവ് ഈ വെള്ളത്തിലിറങ്ങി മുങ്ങട്ടെ' എന്ന്! രൂപാർത്ഥിയായ ച്യവനൻ ഉടനെ അവർ കാണിച്ചുകൊടുത്ത ജലത്തിൽ ചാടി മുങ്ങി. അശ്വിനികളും അപ്പോൾ ആ സരസ്സിൽ മുങ്ങി. മുഹൂർത്തസമയം കഴിഞ്ഞ് എല്ലാവരും സരസ്സിൽനിന്നു പൊങ്ങി. അത്ഭുതം! എല്ലാവരും ദിവ്യരൂപന്മാർ! യുവാക്കൾ! ഭംഗിയേറിയ കുണ്ഡലമണിഞ്ഞവർ! തുല്യവേഷം ധരിച്ചവർ! മനസ്സിന്ന് സന്തോഷം വളർത്തുന്നവർ! അവരെല്ലാവരും ഒപ്പം പറഞ്ഞു:

"ശുഭേ! നിനക്കീ ഞങ്ങളിൽ ഇഷ്ടപ്പെട്ട ഒരാളെ ഭർത്താവായി നീ സ്വീകരിക്കുക. ഹേ, വരവർണ്ണിനി! നിനക്ക് ഏതവനിൽ കാമമുണ്ടോ അവനെ നീ വരിക്കുക!"

ഒരുപോലെ സുന്ദരരായ അവരെ കണ്ടപ്പോൾ അവൾ മനസ്സുകൊണ്ടു ചിന്തിച്ച് ബുദ്ധിപൂർവ്വം സ്വന്തം പതിയെ മനസ്സിലാക്കി, അവനെത്തന്നെ വരിച്ചു. രൂപസമ്പത്തും, യുവത്വവും ഇങ്ങനെ ച്യവനൻ നേടി. തന്റെ ഭാര്യയേയും നേടി. സന്തോഷത്തോടെ മഹർഷി നാസത്യന്മാരോടു പറഞ്ഞു."

ച്യവനൻ പറഞ്ഞു: "രൂപയൗവനസമ്പത്ത് ഈവിധം നിങ്ങൾ വൃദ്ധനായ എനിക്കു നല്കി. നിങ്ങൾ വലിയ ഉപകാരമാണ് എനിക്കു ചെയ്തുതന്നത്. വൃദ്ധനായ ഞാൻ എന്റെ ഭാര്യയേയും നേടി. നിങ്ങളിൽ ഞാൻ പ്രീതനായി. എന്റെ പ്രസാദത്താൽ ഞാൻ നിങ്ങളെ സോമപാനം ചെയ്യുന്നവരാക്കാം. ദേവരാജന്റെ മുമ്പിൽവെച്ചു ഞാൻ നിങ്ങളെ സോമപാനം ചെയ്യിക്കാം. ഈ പറഞ്ഞതു സത്യമാണ്!"

ലോമശൻ പറഞ്ഞു: "ഇതുകേട്ടു സന്തോഷിച്ച് അവർ സ്വർഗ്ഗത്തിലേക്കു പോയി. ദേവന്മാരെപ്പോലെ ച്യവനനും സുകന്യയോടുകൂടി സസുഖം വസിച്ചു."

124. സുകന്യോപാഖ്യാനം – ലോമശൻ കഥ തുടർന്നു: "ച്യവനനെ യുവാവാക്കിയെന്ന് ശര്യാതിരാജാവ് കേട്ട് സന്തുഷ്ടനായി സൈന്യത്തോടുകൂടി ഭാർഗ്ഗവാശ്രമത്തിലെത്തി. ദേവന്മാരുടെ മക്കളെപ്പോലെ സുകന്യയേയും ച്യവനനേയും കണ്ടു. ഭൂമിയൊക്കെ നേടിയ മട്ടിൽ സംപ്രീതനായ രാജാവും ഭാര്യയും സന്തോഷിച്ചു. ആ ഋഷി ഭാര്യയോടുകൂടി രാജാവിനെ സല്ക്കരിച്ചു; രാജാവ് അടുത്തിരുന്ന് അവരോടു നല്ലവാക്കുകൾ പറഞ്ഞ് അദ്ദേഹത്തെ ആശ്വസിപ്പിച്ചു. രാജാവിനോട് ഭാർഗ്ഗവൻ ഇപ്രകാരം പറഞ്ഞു."

ച്യവനൻ പറഞ്ഞു: "ഹേ, രാജാവേ! ഭവാനെ ഞാൻ യജിപ്പിക്കാം. വേണ്ട യാഗവസ്തുക്കൾ ഒരുക്കുക."

ലോമശൻ പറഞ്ഞു: "ശര്യാതി സന്തോഷത്തോടുകൂടി ച്യവനൻ പറഞ്ഞ വാക്കിനെ ബഹുമാനത്തോടെ സ്വീകരിച്ചു. യജ്ഞത്തിന്നു പറ്റിയ സുദിനത്തിൽ സർവ്വകാമസമൃദ്ധമായി രാജാവ് യാഗശാല ഗംഭീരമായി നിർമ്മിച്ചു. അവിടെവെച്ച് ച്യവനൻ രാജാവിനെ യജിപ്പിച്ചു. അതിൽ ചില അത്ഭുതങ്ങൾ ഉണ്ടായത് ഞാൻ പറയാം; കേൾക്കുക. സോമം കൈയിലെടുത്ത് അശ്വിനീദേവകൾക്ക് ച്യവനൻ ഭാഗിച്ചുകൊടുക്കുമ്പോൾ ഇന്ദ്രൻ അതു തടഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഇവർ നാസത്യരാണ്. ഇവർ സോമപാനത്തിന്ന് അർഹരല്ലെന്നാണ് എന്റെ മതം. ഇവർ സ്വർഗ്ഗത്തിൽ

digitized by www.sreyas.in

ദേവന്മാർക്കു വൈദ്യന്മാരാണ്. അതുകൊണ്ട് ഇവർ യോഗ്യതയിൽ താണവരാണ്."

ച്യവനൻ പറഞ്ഞു: "ഇവർ മഹോത്സാഹരാണ്. മഹാത്മാക്കളാണ്. മഹാസുന്ദരന്മാരാണ്. ഹേ, ഇന്ദ്ര! ഇവർ എന്നെ ഒരു ദേവനെപ്പോലെ ജരയില്ലാത്തവനാക്കിത്തീർത്തു. അങ്ങേക്കും, മറ്റു ദേവന്മാർക്കും ഉള്ള സോമപാനത്തിന്നുള്ള യോഗ്യത എന്തുകൊണ്ടിവർക്കില്ലാ? ഹേ, പുരന്ദരാ! അശ്വിനീദേവകളും ദേവന്മാർതന്നെയാണ്."

ഇന്ദ്രൻ പറഞ്ഞു: "ചികിത്സ ചെയ്യുന്ന ഇവർ വെറും വേലക്കാരാണ്. ഇവർ കാമരൂപികളായി മനുഷ്യലോകത്തിൽ സഞ്ചരിക്കുന്നവരാണ്. ഇവർ എങ്ങനെ ദേവന്മാരാകും?"

ലോമശൻ കഥ തുടർന്നു: "ഈ വാക്കു വീണ്ടും വീണ്ടും ദേവരാജാവു പറയവേ ഇന്ദ്രനെ വകവെക്കാതെ ഭാർഗ്ഗവൻ ഭാഗം കൈക്കൊണ്ട് ഉത്തമമായ സോമം അശ്വിനികൾക്കായി എടുക്കുവാൻ മുതിർന്നു. അപ്പോൾ വലഭിത്തായ ദേവേന്ദ്രൻ ഇതുകണ്ട് ഭാർഗ്ഗവനോട് ഇപ്രകാരം സഗൗരവം പറഞ്ഞു: 'ഇവർക്കുവേണ്ടി സോമത്തെ ഭവാൻ എടുക്കുന്നതായാൽ ഞാൻ നിന്റെമേൽ ഘോരരൂപമുള്ളതും അനുത്തമവുമായ വജ്രം പ്രയോഗിക്കും' എന്ന്. ഇന്ദ്രൻ ശുണ്ഠിയെടുത്തു പറഞ്ഞപ്പോൾ ഭാർഗ്ഗവൻ പുഞ്ചിരി തൂകി. സോമം അശ്വിനീദേവന്മാർക്കു നല്കുവാൻ കൈയിലെടുത്തു. അപ്പോൾ ശചീപതി അവന്റെ നേർക്ക് ഘോരമായ വജ്രം പ്രഹരിക്കുവാൻ വീശി. വീശുവാൻ കൈ ഉയർത്തിയ ഉടനെ അവന്റെ കൈ ഭാർഗ്ഗവൻ സ്തംഭിപ്പിച്ചു. ച്യവനൻ ഇങ്ങനെ ഇന്ദ്രനെ സ്തംഭിപ്പിച്ച് മന്ത്രം ജപിച്ച് അശ്വിനീദേവന്മാർക്കു വേണ്ടി യാഗാഗ്നിയിൽ സോമം ഹോമിച്ചു. തന്റെ ഉദ്ദേശ്യം നടത്തിയ ച്യവനൻ ദേവഹിംസയ്ക്കായി തപോബലം കൊണ്ട് 'മദൻ' എന്ന മഹാകുറ്റനും, മഹാവീര്യവാനുമായ മഹാസുരനെ സൃഷ്ടിച്ചു. ദേവന്മാർക്കും അസുരന്മാർക്കും മദന്റെ ദേഹം ഇന്നവിധമാണെന്നു പറയുവാൻ പ്രയാസമാണ്. കൂർത്ത ദംഷ്ട്രങ്ങളോടുകൂടി ഘോരവും ഉഗ്രവുമാണ് അവന്റെ വലിയ മുഖം. അവന്റെ താടി ഒന്നു ഭൂമിയിലും, മറ്റൊന്ന് ആകാശത്തുമാണ്. നൂറു യോജന നീളത്തിലായി ദംഷ്ട്രങ്ങൾ നാലെണ്ണമുണ്ട്. മറ്റു പല്ലുകളൊക്കെ പത്തുയോജന നീണ്ടതാണ്. പ്രാസാദശിഖരംപോലെ നീണ്ട പല്ലിന്റെ അഗ്രം കൂർത്ത് ശൂലത്തിന്റെ മുനപോലെയാണ്. കൈകൾ പർവ്വതംപോലെ പതിനായിരം യോജന നീണ്ടതാണ്. കണ്ണുകൾ സൂര്യചന്ദ്രന്മാർക്കു തുല്യങ്ങളാണ്. വായ് കാലാഗ്നിസന്നിഭമാണ്. മിന്നൽപോലെയുള്ള നാവുകൊണ്ട് വക്ത്രത്തെ നക്കി ഉഗ്രദൃക്കായി വായ് തുറന്ന് വിശ്വം മുഴുവൻ വിഴുങ്ങുവാൻ പോകുന്നപോലെ ആ മഹാഭൂതം നിന്നു. അവൻ ശതക്രതുവായ ദേവേന്ദ്രനെ തിന്നുവാൻ കോപത്തോടെ പാഞ്ഞെത്തി. ഘോരമായ വലിയ രൂപത്തോടുകൂടിയ അവൻ ലോകം മുഴക്കുന്നവിധം ഭയങ്കരമായി അട്ടഹസിച്ചു."

125. സുകന്യോപാഖ്യാനം – ലോമശൻ കഥ തുടർന്നു: "ഘോരവദനനായ ആ മദൻ, ശതക്രതുവായ ദേവനെ വായ് തുറന്ന് അന്തകനെപ്പോലെ വിഴുങ്ങുവാൻ പാഞ്ഞടുത്തു. ഭുജം സ്തംഭിച്ച ഇന്ദ്രൻ വീണ്ടും വീണ്ടും ചിറിനക്കി നനച്ച് ഭയപീഡിതനായി ച്യവനനോടു പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഭാർഗ്ഗവാ! ഇന്നുതൊട്ട് അശ്വിനീദേവന്മാർ സോമാർഹരാണ്. ഈ വാക്കു സത്യമാണ്. വിപ്രാ! നീ എന്നിൽ പ്രസാദിച്ചാലും! ഭവാന്റെ സമാരംഭം ഒരിക്കലും മിഥ്യയായി വരികയില്ല എന്നെനിക്കു നന്നായി അറിയാം. ഹേ, വിപ്രർഷേ! ഞാൻ ഭവാന്റെ വീര്യം അറിയുന്നുണ്ട്. പാഴായി ഭവാൻ ഒന്നും ചെയ്യുകയില്ല. ഇന്ന് അശ്വിനികൾക്ക് സോമാർഹത്വം ഭവാൻ നല്കി. ഞാൻ ഇപ്രകാരം പെരുമാറിയത് ലോകം നിന്റെ വീര്യം വേണ്ടവിധം മനസ്സിലാക്കാൻ ഇടവരട്ടെ യെന്നു കരുതിയാണ്. ഈ സുകന്യയുടെ പിതാവിന്റെ പേര് എല്ലായിടത്തും പരക്കണം. ഇതു മാത്രമായിരുന്നു എന്റെ ഉന്നം. ഞാൻ നിന്റെ വീര്യം പ്രകാശിപ്പിക്കുവാൻ അവസരമുണ്ടാക്കിയതാണ്. അതുകൊണ്ട് എന്നിൽ നീ പ്രസാദിക്കുക. നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ!"

ഇപ്രകാരം ശക്രൻ പറഞ്ഞപ്പോൾ മഹാത്മാവായ ഭാർഗ്ഗവന്റെ കോപം അടങ്ങി. പുരന്ദരനെ വിട്ടയച്ചു. വീര്യവാനായ ഭാർഗ്ഗവൻ മദനെ മറ്റൊരു രൂപത്തിലാക്കി, മദമാക്കി ഭാഗിച്ചു. അവ പലതിലുമാക്കി വെച്ചു. മദം മദ്യത്തിലും, സ്ത്രീയിലും, ചൂതിലും, നായാട്ടിലും ആക്കി വെച്ചു. മുമ്പേ പലപ്പോഴും സൃഷ്ടിച്ച മദത്തെ ഇപ്രകാരമാക്കിത്തീർത്തു. ഇങ്ങനെ മദനെ വെടിഞ്ഞ് സോമത്താൽ തർപ്പിച്ച് ഇന്ദ്രനെ തൃപ്തനാക്കി. ഇപ്രകാരം അശ്വിനികളടക്കം സർവ്വദേവന്മാരേയും യജിക്കുന്നതിൽ ശര്യാതിയെ സഹായിച്ചശേഷം, ലോകത്തിൽ മുഴുവൻ തന്റെ ശക്തിയെ വിഖ്യാതമാക്കിയശേഷം, ച്യവനൻ കാട്ടിലേക്കു മടങ്ങി. പിന്നെ സുകന്യയോടുകൂടി ആ കാട്ടിൽ ആ മുനി രമിച്ചു. പക്ഷിക്കൂട്ടങ്ങളുടെ കോലാഹലത്താൽ പ്രകാശിക്കുന്ന ഇക്കാണുന്ന സരസ്സ് അവന്റെയാണ്. ഇതിൽ ഭവാൻ സോദരന്മാരോടുകൂടി സ്നാനം ചെയ്ത് പിതൃദേവതർപ്പണം ചെയ്യുക. ഇതുകണ്ടതിന്നുശേഷം 'സികതാക്ഷ'വും, പിന്നീട് സൈന്ധവാരണ്യത്തിൽച്ചെന്ന് അവിടെയുള്ള കുല്യകളും കണ്ടുകൊള്ളുക. എല്ലാ പുഷ്കരങ്ങളിലും ഇറങ്ങി തീർത്ഥസ്നാനം കഴിക്കണം; അപ്പോഴെല്ലാം സ്ഥാണു മന്ത്രം ജപിച്ചു സിദ്ധി നേടുക.

ത്രേതാദ്വാപരയുഗത്തിന്റെ മേളനം ഇതാണ്. ഇത് (ഈ കാലഘട്ടം) സർവ്വപാപവിനാശകമാണ്. എല്ലാ പാപങ്ങളെയും തീർക്കുന്ന ഈ കാലത്ത് തീർത്ഥങ്ങളിലെല്ലാം സ്നാനം ചെയ്യുക. മനീഷികൾ നിവസിക്കുന്ന 'ആർച്ചികപർവ്വതം' എന്നും ഫലങ്ങളും അരുവികളും നല്ല കാറ്റും ഉള്ള ഉത്തമസ്ഥലമാണ്. ഇതു ദേവന്മാരുടെ പലതരം ചൈത്യങ്ങൾ നിറഞ്ഞതാണ്. അവർക്കിഷ്ടപ്പെട്ടതാണ് ഈ സ്ഥലം. ഋഷികൾ ഉപാസിക്കുന്ന ചന്ദ്രതീർത്ഥം ഇതാ കാണുന്നു. കാട്ടിൽ താമസിക്കുന്ന മുനികളും ബാലഖില്യന്മാരും വായുഭക്ഷകരായ പാവകന്മാരും ഈ തീർത്ഥത്തെ ഉപാസിക്കുന്നുണ്ട്.

ഇതാ മൂന്നു പുണ്യശൃംഗങ്ങളും മൂന്നു പുണ്യപ്രസ്രവണങ്ങളും കാണുന്നു. എല്ലാറ്റിലും ചെന്നു പ്രദക്ഷിണംവെച്ച് യഥേഷ്ടം തീർത്ഥങ്ങളിൽ സ്നാനം ചെയ്യുക. ഇവിടെ ശന്തനുവും, നരാധിപനായ ശുനകനും, നരനാരായണന്മാരും സനാതനസ്ഥാനം പ്രാപിച്ചു. ഇവിടെ നിത്യവും ദേവകളും പിതൃക്കളും മഹർഷികളും ശയിക്കുന്നു. ആർച്ചികപർവ്വതത്തിൽ അവരെല്ലാം തപസ്സുചെയ്തു. ഹേ, യുധിഷ്ഠിരാ, അവരെ യജിക്കുക. ഇവിടെയാണ് അവരും ഋഷികളും 'ചരു' ഭുജിച്ചത്.

കൃഷ്ണൻ തപസ്സുചെയ്ത അക്ഷയസ്രോതസ്സായ 'യമുന' ഇവിടെയാണ്. ഹേ, പാണ്ഡവാ! യമന്മാരും, ഭീമനും, കൃഷ്ണയും ഞങ്ങളെല്ലാവരും അങ്ങയോടുകൂടി അങ്ങോട്ടുപോകാം. ഇവിടെയുള്ള ഈ പുണ്യമായ പ്രസ്രവണം ഇന്ദ്രന്റെയാണ്. ഈ തീർത്ഥത്തിൽ ധാതാവും വിധാതാവും വരുണനും ഉയർന്നുവന്നു. രാജാവേ! ഇവിടെ ക്ഷാന്തരും പരമധർമ്മിഷ്ഠരുമായി അവർ നിവസിക്കുകയും ചെയ്തു. ഋജുബുദ്ധികളും മൈത്രിയുള്ളവരുമായവർക്കുള്ളതാണ് ഈ ശുഭപർവ്വതം. ഇതാണ് മഹർഷിഗണസേവിതയായ ആ യമുന. നാനായജ്ഞങ്ങൾ ചെയ്യപ്പെടുന്ന പാപഭയവിനാശിനിയായ പുണ്യനദിയാണിത്. ഇവിടെ 'മാന്ധാതാവ്' എന്ന രാജാവ് യജ്ഞം ചെയ്തു. ഹേ, പാർത്ഥ! അതുപോലെ പണ്ടു സഹദേവപുത്രനും ദാനശീലനുമായ 'സോമക'നെന്ന രാജാവും ഇവിടെത്തന്നെയാണ് യജ്ഞം ചെയ്തത്."

126. മാന്ധാതോപാഖ്യാനം – മാന്ധാതാവിന്റെ ഉത്പത്തി – യുധിഷ്ഠിരൻ പറഞ്ഞു: "മൂന്നു ലോകത്തിലും പേരുകേട്ട രാജശാർദ്ദൂലനും യുവനാശ്വപുത്രനുമായ, മാന്ധാതാവ്, എങ്ങനെയാണ് ഉത്ഭവിച്ചത്? ഈ മൂന്നു ലോകങ്ങളും മഹാത്മാവായ വിഷ്ണുവിന്റെ അധീനത്തിലായപോലെ എങ്ങനെ ആ അമിതദ്യുതിയുടെ കീഴിലായി? ആ ധീമാന്റെ ചരിത്രം കേൾക്കുവാൻ ആഗ്രഹമുണ്ട്. എങ്ങനെയാണ് മാന്ധാതാവ് എന്ന പേര്

digitized by www.sreyas.in

ശക്രതുല്യപരാക്രമനായ അവന്നുണ്ടായത്? എല്ലാം വിസ്തരിച്ചു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ വീരൻ എങ്ങനെ ജനിച്ചു? പറയൂ, ഭവാൻ സംഭാഷണകുശലനാണല്ലോ."

ലോമശൻ പറഞ്ഞു: "മാന്ധാതാവ് എന്ന് ആ മഹാത്മാവായ രാജാവിന്നു പേരുണ്ടാകുവാനുള്ള കാരണം ആദ്യം പറയാം. ഭവാൻ മനസ്സിരുത്തിക്കേട്ടാലും. ഇക്ഷ്വാകുവംശത്തിൽ 'യുവനാശ്വൻ' (സൗദ്യുമ്നി) എന്നൊരു രാജാവുണ്ടായിരുന്നു. ഭൂരിദക്ഷിണമായ യജ്ഞങ്ങൾ ആ രാജാവു കഴിച്ചു. ആയിരം അശ്വമേധങ്ങൾ ആ ധാർമ്മികൻ ചെയ്തു. അനേകം ദക്ഷിണയോടെ മറ്റു പല മുഖ്യമായ യാഗങ്ങളും ചെയ്തു. സന്താനമില്ലാത്ത ദുഃഖത്താൽ ആ രാജാവ് രാജ്യഭാരം മന്ത്രിമാരെ ഏല്പിച്ചു കാട്ടിൽപ്പോയി, ശാസ്ത്രവിധിപ്രകാരം ആത്മയോഗം എടുത്തു.

ഒരു ദിവസം ആ രാജാവ് ഉപവാസത്താൽ വിഷമിച്ചു കുഴങ്ങുമ്പോൾ ദാഹിച്ച് ശുഷ്കഹൃദയനായി ഭൃഗുമഹർഷിയുടെ ആശ്രമത്തിൽ ചെന്നു. ആ രാത്രിതന്നെ മഹാത്മാവായ ഭൃഗുപുത്രൻ സൗദ്യുമ്നിക്ക് (യുവനാശ്വന്) ഒരു പുത്രനുണ്ടാകുവാൻ വേണ്ടി യാഗകർമ്മംചെയ്ത് മന്ത്രം ജപിച്ച് വീര്യം കലർത്തിയ വെള്ളം ഒരു കലശത്തിലാക്കി മുമ്പെതന്നെ വെച്ചിട്ടുണ്ടായിരുന്നു. ആ ജലം കുടിച്ചാൽ ഉടനെ രാജ്ഞി ശക്രസമനായ പുത്രനെ പ്രസവിക്കും. ആ കലശം വേദിയിൽവെച്ച് മഹർഷിമാർ ക്ഷീണിച്ച് കിടന്നുറങ്ങുകയായിരുന്നു. രാത്രി ഉറങ്ങാതെ പകൽ കിടന്നുറങ്ങുന്ന അവരുടെ മുമ്പിൽ സൗദ്യുമ്നി (യുവനാശ്വരാജാവ്) തൊണ്ടവറ്റി, ദാഹം വർദ്ധിച്ച്, ആശ്രമത്തിൽ ചെന്നു കയറി വെള്ളം ചോദിച്ചു. തളർന്നു തൊണ്ടവറ്റി മെല്ലെ വെള്ളം ചോദിക്കുന്ന രാജാവിന്റെ പക്ഷിസ്വരംപോലെയുള്ള ശബ്ദം അവർ കേട്ടില്ല. രാജാവ് ഉടനെ വെള്ളം നിറച്ചുവെച്ചിരിക്കുന്ന കലശം കണ്ടു. കടന്നുചെന്ന് ആ ചെറുകുടത്തിലുണ്ടായിരുന്ന ജലം മുഴുവൻ മോന്തിക്കുടിച്ചു.

ദാഹിച്ച രാജാവ് ആ കുളുർജലം കുടിച്ച് സംതൃപ്തനായി സുഖമായി ഇരുന്നു. അപ്പോഴേക്കും മുനിമാരും, താപസന്മാരുമൊക്കെ ഉണർന്നെഴുന്നേറ്റു. കലശം വെള്ളമില്ലാതെ ഒഴിഞ്ഞിരിക്കുന്നതായി അവർ കണ്ടു. 'ആരു ചെയ്തു ഇത്?' എന്ന് അവരെല്ലാവരും അത്ഭുതത്തോടെ ഒന്നിച്ചു ചോദിച്ചു. ഇതുകേട്ട് യുവനാശ്വൻ സത്യം തുറന്നു പറഞ്ഞു."

യുവനാശ്വൻ പറഞ്ഞു: "അത് ഞാൻ എടുത്തുകുടിച്ചു. നിങ്ങളെ വിളിച്ചപ്പോൾ എല്ലാവരും ഗാഢനിദ്രയിലായിരുന്നു. നിങ്ങളെ ഉപദ്രവിക്കുന്നതു ശരിയല്ലെന്നു വിചാരിച്ച് പാത്രത്തിലെ വെള്ളമെടുത്തു ഞാൻ മുഴുവനും കുടിച്ചു."

ഭാർഗ്ഗവൻ പറഞ്ഞു: "രാജാവേ! അങ്ങു ചെയ്തത് ശരിയായില്ല. ഈ പാത്രത്തിലെ ജലം തപസ്സുകൊണ്ടു സംഭരിച്ച് അങ്ങയ്ക്കു പുത്രലാഭത്തിനുവേണ്ടി വെച്ചതായിരുന്നു. അതിൽ എന്റെ തപസ്സാൽ സിദ്ധിച്ച ദാരുണമായ ബ്രഹ്മം മുഴുവൻ ഞാൻ തപസ്സുകൊണ്ടു കയറ്റിയിട്ടുണ്ട്. ഭവാന് ഒരു പുത്രൻ ഉണ്ടാകുവാൻ വേണ്ടിയാണ് മഹാബലവും, മഹാപരാക്രമവുമായ ഈ കർമ്മം ഞാൻ ചെയ്തത്. മഹാശക്തനും, മഹാവീര്യനും, തപോബലമുള്ളവനും, വീര്യംകൊണ്ട് ശക്രനെപ്പോലും കൊല്ലുവാൻ പോന്നവനും ജനിക്കണം എന്ന സങ്കല്പത്താൽ ഞാൻ ഈ മഹത്കർമ്മം ചെയ്തുവെച്ചതാണ്. അങ്ങ് ഈ വെള്ളം കുടിച്ചത് കഷ്ടമായിപ്പോയി. ഇനി അത് മറ്റുവിധത്തിലാക്കുവാൻ ഞങ്ങൾക്ക് അസാദ്ധ്യമാണ്. അങ്ങ് ഇപ്പോൾ ഈ വിധം ചെയ്തതോർക്കുമ്പോൾ ദൈവഹിതം തന്നെ ഇത് എന്നു ഞങ്ങൾ വിചാരിക്കുന്നു. വിവിധമന്ത്രം ജപിച്ചുവെച്ച് എന്റെ തപസ്സിനാൽ സംഭരിച്ച ഈ ജലം ദാഹം സഹിക്കവയ്യാതെ ഭവാൻ കുടിച്ചു. അതുകൊണ്ട് രാജാവേ ഭവാൻതന്നെ ഇപ്രകാരം യോഗ്യനായ പുത്രനെ പ്രസവിക്കും. അതുകൊണ്ട് ഞങ്ങൾ ഭവാനുവേണ്ടി ഇനി മഹത്തായ മറ്റൊരു ഇഷ്ടി ചെയ്യാം. അതുകൊണ്ട് ഭവാൻ തന്നെ വീര്യവാനായി ശക്രതുല്യനായ പുത്രനെ പ്രസവിക്കും. എന്നാൽ ഗർഭധാരണദുഃഖം അങ്ങയ്ക്കു പറ്റുന്നതല്ലതാനും."

ലോമശൻ പറഞ്ഞു: "അങ്ങനെ ഒരു നൂറ്റാണ്ട് രാജാവ് ഗർഭം ധരിച്ചുനടന്നു. ഒരു ദിവസം രാജാവിന്റെ വയറ് ഇടത്തുഭാഗത്തു പിളർന്ന് സൂര്യനെപ്പോലെ തേജസ്വിയായ ഒരു പുത്രനെ പ്രസവിച്ചു. യുവനാശ്വരാജാവോ പുത്രന്റെ ഈ വിഷമപ്രസവംമൂലം മരിക്കുകയുമുണ്ടായില്ല. അത് വലിയ ഒരാശ്ചര്യമായിത്തീർന്നു. കുട്ടിയെ കാണുവാൻ അനവധി ജനങ്ങൾ വന്നു. ഉടനെ മഹാതേജസ്വിയായ ശക്രനും കുട്ടിയെ കാണുവാൻ വന്നു. അപ്പോൾ ദേവന്മാർ ഇന്ദ്രനോട് ഇവൻ എന്തു കുടിക്കും? എന്നു ചോദിച്ചു. ഉടനെ ദേവേന്ദ്രൻ തന്റെ ചൂണ്ടാണിവിരൽ വായിൽക്കൊടുത്തു പറഞ്ഞു. 'മാം ധാസ്യതി' (എന്നെ കുടിക്കും). ഇങ്ങനെ വജ്രി പറയുകയാൽ ഇന്ദ്രാദിദേവന്മാർ സന്തോഷത്തോടുകൂടി അവന് 'മാന്ധാതാവ്' എന്നു പേർ നല്കി. ഉടനെ ഇന്ദ്രൻ വായിൽവെച്ചുകൊടുത്ത ചൂണ്ടാണിവിരൽ ശിശു കുടിച്ചു. ഉടനെ അവൻ പതിമൂന്നു ചാൺ (കിഷ്കം) വളർന്നു; മഹാതേജസ്വിയുമായിത്തീർന്നു. വേദധനുർവ്വേദങ്ങളും ദിവ്യാസ്ത്രങ്ങളും, ഈശ്വരനെ അവൻ ധ്യാനിച്ച മാത്രയിൽ, വന്നു സേവിച്ച് ചുറ്റും നിന്നു. വിഖ്യാതമായ 'ആജഗവം' എന്ന വില്ലും കൊമ്പുകൊണ്ടുള്ള ശരങ്ങളും അഭേദ്യമായ കവചവും അവന് ഉടനെ സിദ്ധിച്ചു. ശക്രൻ തന്നെ, രാജാവായി അവനെ അഭിഷേകം ചെയ്തു. വിക്രമത്താൽ അവൻ വിഷ്ണുവിനെപ്പോലെ ധർമ്മാനുസൃതം മൂന്നുലോകവും ജയിച്ചു.

ആ മഹാത്മാവിന്റെ രഥം ആരും തടുക്കാതെ സഞ്ചരിച്ചു. സ്വയമേവ രത്നങ്ങൾ വന്ന് അവനെ സേവിച്ചു. അവന്റെയാണ് ഈ ധനസമ്പൂർണ്ണമായ ഭൂമി മുഴുവൻ അനേകം ദക്ഷിണയോടുകൂടി അനവധി യജ്ഞങ്ങളും അവൻ ചെയ്തു. മഹാതേജസ്വിയും മഹാശക്തനുമായ അവൻ അനേകം ചൈത്യങ്ങളുണ്ടാക്കി; അനേകം ധാർമ്മികമായ കാര്യങ്ങൾ ചെയ്തു. അമിതദ്യുതിമാനായ അവൻ ശക്രന്റെ അർദ്ധാസനത്തേയും നേടി.

ധീമാനും ധർമ്മനിത്യനുമായ അവൻ ഈ രത്നാകരങ്ങളും (സമുദ്രം) പട്ടണങ്ങളും നിറഞ്ഞ ഭൂമിയൊക്കെ തന്റെ ശാസനയാൽ ജയിച്ചു. അവന്റെ ചൈത്യങ്ങൾകൊണ്ട്, ദക്ഷിണാഢ്യങ്ങളായ വലിയ യാഗങ്ങളിലെ, നാലതിർത്തിക്കുള്ളിലുള്ള ഈ മഹീതലം, മൂടാതെ ഒരിടവുമില്ലാതായി. മഹാത്മാവായ അവൻ പതിനായിരം പത്മം പശുക്കളെ ബ്രാഹ്മണർക്ക് ദാനംചെയ്തു എന്ന് ഇന്നും ജനങ്ങൾ പറയുന്നു.

പന്തീരാണ്ടുകാലം മഴയില്ലാതെ സസ്യവർഗ്ഗം ക്ഷയിച്ചപ്പോൾ ആ മഹാത്മാവ് സ്വന്തം ശക്തികൊണ്ട് വജ്രപാണിയായ ഇന്ദ്രൻ നോക്കിനില്ക്കെത്തന്നെ മഴപെയ്യിച്ചു. സോമവംശജനും, മഹാനുമായ ഗാന്ധാരരാജാവ് മഹാമേഘം പോലെ ഗർജ്ജിച്ച് പ്രമത്തനായി യുദ്ധത്തിനുവന്നപ്പോൾ അവനെ അമ്പുകൾ എയ്തു കൊന്നുകളഞ്ഞു.

കൃതാത്മാവായ അവൻ നാലുവർണ്ണങ്ങളായ തന്റെ പ്രജകളെ വേണ്ടപോലെ പരിപാലിച്ചു. അതിതേജസ്വിയായ ആ രാജാവ് ലോകങ്ങളെയെല്ലാം സ്വതപസ്സാൽ സംരക്ഷിച്ചുവന്നു. സൂര്യനെപ്പോലെ തേജസ്വിയായ അവന്റെ ദേവയജനസ്ഥലം പുണ്യതമമായ കുരുക്ഷേത്രമദ്ധ്യത്തിൽ ഇതാ കാണുന്നു. ഇങ്ങനെയൊക്കെയാണ് മാന്ധാതാവിന്റെ മഹത്തായ ചരിതം. അതെല്ലാം ഭവാൻ ചോദിച്ചതുകൊണ്ട് ഞാൻ പറഞ്ഞു."

വൈശമ്പായനൻ തുടർന്നു: "ഹേ, ഭാരത, ഇതെല്ലാം കേട്ടശേഷം ആ കൗന്തേയൻ പിന്നെ സോമകനെപ്പറ്റി ലോമശമഹർഷിയോടു ചോദിച്ചു."

127. ജന്തൂപാഖ്യാനം – യുധിഷ്ഠിരൻ പറഞ്ഞു: "സോമകൻ എന്ന രാജാവ് എത്രത്തോളം വീര്യവാനായിരുന്നു? അവന്റെ കർമ്മപ്രഭാവം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ലോമശൻ പറഞ്ഞു: "സോമകൻ ധാർമ്മികനായിരുന്നു. അവന്ന് തുല്യഗുണസമ്പന്നരായ നൂറു ഭാര്യമാരുണ്ടായിരുന്നു. വളരെനാൾ ചെന്നിട്ടും അവരിൽ ആർക്കെങ്കിലും ഒരു സന്താനം ജനിച്ചില്ല. വളരെ സത്കർമ്മങ്ങൾ ചെയ്തതിന്റെ ഫലമായി ആ

digitized by www.sreyas.in

നൂറുപേർക്കുംകൂടി ഒരു പുത്രനുണ്ടായി. അവന്റെ പേര് 'ജന്തു' എന്നായിരുന്നു. ആ ഒരു പുത്രനെ സ്നേഹിച്ച് ചുറ്റും നൂറമ്മമാരും ഇരിപ്പായി. അമ്മമാർ താന്താങ്ങളുടെ കാമസുഖങ്ങളെപ്പോലും ഉപേക്ഷിച്ച് അവനെ പാലിച്ചുപോന്നു.

ഒരു ദിവസം അവന്റെ ചന്തിയിൽ ഒരു കട്ടുറുമ്പു കടിച്ചു. കുട്ടി വേദന സഹിക്കാതെ ഉച്ചത്തിൽ കരഞ്ഞു. കുട്ടി കരയുവാൻ തുടങ്ങിയപ്പോൾ അമ്മമാർ നൂറുപേരുംകൂടി അവന്റെ ചുറ്റും വളഞ്ഞിരുന്നു മുറവിളി കൂട്ടി. ഈ ഭയങ്കരമായ കൂട്ടനിലവിളി, ഋത്വിക്കിനോടു കൂടെ മന്ത്രിമദ്ധ്യത്തിൽ ഇരിക്കുന്ന രാജാവു കേട്ട് അമ്പരന്നു. ഉടനെ സംഭവമെന്തെന്നറിയുവാൻ ആളെ വിട്ടു. ദൂതൻ ഉടനെ മടങ്ങിവന്ന് വൃത്താന്തം അറിയിച്ചു. ഉടനെ മന്ത്രിമാരോടുകൂടി സോമകൻ പുത്രന്റെ അടുത്തെത്തി അവനെ സമാശ്വസിപ്പിച്ചു. പുത്രനെ സമാശ്വസിപ്പിച്ചതിന്നുശേഷം രാജാവ് അന്തഃപുരം വിട്ടു. പിന്നെ രാജാവ് ഋത്വിജനോടും മന്ത്രിമാരോടുംകൂടിയിരിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു."

സോമകൻ പറഞ്ഞു: "ഏകപുത്രത്വം വളരെ മോശംതന്നെ. അതിനേക്കാൾ ഭേദം അപുത്രത്വമാണ്. ഏകപുത്രന് സങ്കടം നിത്യവും ഉണ്ടാകും. ഹേ, ആചാര്യ! ഞാൻ ഈ നൂറു ഭാര്യമാരേയും സന്താനലാഭത്തിനുവേണ്ടി വേണ്ടവിധ പരീക്ഷകൾ നടത്തി തൃപ്തനായതിന്നുശേഷമാണ് സ്വീകരിച്ചത്. കഷ്ടം! എന്നിട്ട് അവരിൽ സന്തതി ഉണ്ടായില്ല. എത്ര പണിപ്പെട്ടാണ് ഈ ഒറ്റ സന്തതിയുണ്ടായത്! ഇതിലും ദുഃഖമെന്താണ്? എനിക്കും എന്റെ പത്നിമാർക്കും വയസ്സായിത്തുടങ്ങി. ഇവർക്കൊക്കെ എന്റെ ഏകപുത്രനിലാണ് ജീവൻ. അതുകൊണ്ട് നൂറുമക്കൾ ഉണ്ടാകുവാൻ ഉതകുന്ന കർമ്മമുണ്ടോ എന്നു ചിന്തിക്കുക. വലുതോ, ചെറുതോ, അസാദ്ധ്യമോ, ദുസ്സാദ്ധ്യമോ? ചിന്തിച്ചു പറയുക!"

ഋത്വിക്ക് പറഞ്ഞു: "നൂറുമക്കൾ പിറക്കുവാൻ തക്കതായ കർമ്മമുണ്ട്. ഭവാന് അതുചെയ്യുവാൻ പറ്റുമെങ്കിൽ ഞാൻ പറയാം."

സോമകൻ പറഞ്ഞു: "നൂറു പുത്രന്മാർ ഉണ്ടാകുമെങ്കിൽ ഏതു കർമ്മവും, കൃത്യമായാലും അകൃത്യമായാലും ഞാൻ ചെയ്യാം. ഭഗവാൻ പറഞ്ഞാലും."

ഋത്വിക്ക് പറഞ്ഞു: "ഞാൻ ഹോമം നടത്താം. ഇതിൽ ജന്തുവിനെ ഹോമിക്കണം. എന്നാൽ ഉടനെ ശ്രീമാന്മാരായ നൂറു മക്കൾ പിറക്കും. ജന്തുവിന്റെ ശരീരം ഹോമിക്കുമ്പോഴുണ്ടാകുന്ന ധൂമം അമ്മമാർ ഘ്രാണിച്ചാൽ, പിന്നെ മഹാവീര്യവാന്മാരായ പുത്രന്മാരെ അവർ പ്രസവിക്കും. അവളിൽത്തന്നെ (ജന്തുവിന്റെ അമ്മയിൽത്തന്നെ) നിന്റെ പുത്രനായ ജന്തു വീണ്ടും പിറക്കും. അവന്റെ പുറത്ത് സ്വർണ്ണമയമായ ഒരടയാളമുണ്ടായിരിക്കും."

128. ജന്തൂപാഖ്യാനം – സോമകൻ പറഞ്ഞു: "ഹേ! ബ്രാഹ്മണാ! ഭവാൻ യാഗത്തിന്നു വേണ്ടതൊക്കെ ചെയ്തുകൊള്ളുക. പുത്രകാമനായ ഞാൻ ഭവാൻ പറഞ്ഞതൊക്കെ ചെയ്യാം."

ലോമശൻ കഥ തുടർന്നു: "സോമകനെക്കൊണ്ട് ഋത്വിക്ക് യജിപ്പിച്ചു. കുട്ടിയെ അമ്മമാരിൽനിന്ന് എടുക്കുമ്പോൾ അവർ വിടാൻ കൂട്ടാക്കാതെ നിലവിളിയായി. 'അയ്യോ നശിച്ചു! ഞങ്ങളൊക്കെ!' എന്ന് ഉച്ചത്തിൽ മുറവിളി കൂട്ടി, അവർ അവന്റെ വലത്തുകൈ പിടിച്ചു. യാജകൻ അവന്റെ ഇടംകൈ പിടിച്ചുവലിച്ചു. അങ്ങനെ അമ്മമാരും യാജകനും തമ്മിൽ കുറച്ചു നിമിഷത്തെ ഒരു പിടിവലി നടന്നു. കുരരികൾപോലെ ആർത്തനാദം മുഴക്കിക്കൊണ്ടിരിക്കുന്ന അമ്മമാരുടെ പിടിയിൽനിന്ന് യാജകൻ കുട്ടിയെ വലിച്ചെടുത്തു. അവൻ ജന്തുവിനെ അറുത്തുനുറുക്കിവെച്ച് ഹോമിച്ചു. അങ്ങനെ വപാഹോമം കഴിക്കുമ്പോൾ അതിൽനിന്നുണ്ടാകുന്ന ധൂമഗന്ധം ഏറ്റ് അമ്മമാർ ദുഃഖിച്ച് അസ്വസ്ഥരായി നിലത്തുവീണു.

പിന്നെ ആ ഉത്തമസ്ത്രീകൾ എല്ലാവരും ഗർഭിണികളായി. പത്തുമാസം കഴിഞ്ഞ് അവരെല്ലാവരും പ്രസവിച്ചു. അങ്ങനെ സോമകന് നൂറുമക്കളുണ്ടായി. ജ്യേഷ്ഠനായി ജന്തു മുമ്പേ പ്രസവിച്ച അമ്മയിൽത്തന്നെ ജനിച്ചു. അവനെ എല്ലാവർക്കും മറ്റെല്ലാകുട്ടികളേക്കാളും ഇഷ്ടമായിരുന്നു. മുൻപറയപ്പെട്ടതുപോലെ അവന്റെ പിൻഭാഗത്ത് പൊൻമയമായ മറുകുണ്ടായിരുന്നു. എല്ലാവരിലും വെച്ച് ഗുണത്തിൽ മികച്ചവനും അവൻതന്നെയായിരുന്നു.

കുറേനാളുകൾക്കുശേഷം ആ സോമകന്റെ ഗുരു പരലോകം പ്രാപിച്ചു. കുറേനാൾ കഴിഞ്ഞപ്പോൾ സോമകരാജാവും പരലോകം പ്രാപിച്ചു. അപ്പോൾ രാജാവു കണ്ടതെന്താണ്? അത്ഭുതം! ആ ആചാര്യനെ നരകാഗ്നിയിലിടുന്നതാണ്. രാജാവ് അവനോടു ചോദിച്ചു. ഹേ ദ്വിജ! എന്താണു ഭവാനെ നരകത്തീയിൽ ഇടുവാൻ കാരണം, എന്ന്. തീയിൽക്കിടന്നു പിടഞ്ഞുകൊണ്ട് ആചാര്യൻ മറുപടി പറഞ്ഞു: രാജാവേ! ഭവാനെ യാഗം ചെയ്യിപ്പിച്ചതിന്റെ ഫലമാണ് ഞാൻ അനുഭവിക്കുന്നതെന്ന്. ഇതുകേട്ട് ദുഃഖിതനായ രാജർഷി ധർമ്മരാജാവിനോടു ചോദിച്ചു."

സോമകൻ പറഞ്ഞു: "ദേവാ! ഞാൻ ഈ അഗ്നിയിൽ ചാടിക്കൊള്ളാം. എന്റെ യാജകനെ ഭവാൻ വിട്ടയച്ചാലും. ഞാൻ കാരണമാണ് ആ മഹാഭാഗൻ നരകാഗ്നിയിൽ വേവുന്നത്."

ധർമ്മരാജാവു പറഞ്ഞു: "അവരവർ ചെയ്തതിന്റെ ഫലം അന്യൻ അനുഭവിക്കുകയില്ല. അവനവൻ തന്നെ അനുഭവിക്കണം. ഭവാനുള്ള ഫലം, അങ്ങോട്ടുനോക്കൂ, ആ കാണുന്ന പുണ്യലോകങ്ങളാണ്."

സോമകൻ പറഞ്ഞു: "ഈ ബ്രഹ്മവാദി കൂടാതെ എനിക്കു പുണ്യലോകം ആവശ്യമില്ല. ഇദ്ദേഹത്തോടുകൂടി സുരാലയത്തിൽ വാഴാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞങ്ങൾ തുല്യകർമ്മാക്കളാണ്. ദേവാ! അതുകൊണ്ട് പുണ്യപാപങ്ങളുടെ ഫലം ഞങ്ങൾ തുല്യമായി അനുഭവിച്ചുകൊള്ളാം."

ധർമ്മരാജാവു പറഞ്ഞു: "അങ്ങനെയാണ് ആഗ്രഹമെങ്കിൽ ഭവാൻ അവനോടുകൂടി നരകഫലം അനുഭവിക്കുക. രണ്ടുപേരും സമമായി തുല്യമായ കാലം അനുഭവിച്ച് പിന്നെ രണ്ടുപേരും സൽഗതി നേടുക!"

ലോമശൻ തുടർന്നു: "ഇപ്രകാരം രാജീവലോചനനായ ആ രാജാവ് അവനോടൊപ്പം നരകാഗ്നിയിൽ ചാടി ഒപ്പം ദുഃഖം അനുഭവിച്ചു. പാപം തീർന്നതിന്നുശേഷം ഗുരുവിനോടുകൂടി അവൻ നരകം വിട്ടുപോന്നു. സ്വന്തം കർമ്മംകൊണ്ടുനേടിയ ഇഷ്ടലോകങ്ങളിൽ ചെന്നെത്തി. അങ്ങനെ ഗുരുവിനോടുകൂടെ ആ ഗുരുപ്രിയൻ സ്വർഗ്ഗസുഖം അനുഭവിച്ചു. യുധിഷ്ഠിരാ! ഭവാന്റെ മുമ്പിൽ കാണുന്നത് ആ മഹാത്മാവിന്റെ പുണ്യമായ ആശ്രമസ്ഥലമാണ്. ക്ഷമയോടെ ആറു ദിവസം ഇവിടെ താമസിച്ചാൽ സൽഗ്ഗതി ലഭിക്കും. ഇവിടെ നാം നിയതാത്മാക്കളായി ആറുദിവസം പാർക്കുക. ഹേ, കുരൂദ്വഹാ, ഭവാൻ ഇതിന്നു തയ്യാറായാലും."

129. ലോമശതീർത്ഥയാത്ര – പ്ലക്ഷാവതരണഗമനം

ലോമശൻ പറഞ്ഞു: "ഇവിടെവെച്ചു പ്രജാപതി 'ഇഷ്ടീകൃതം' എന്നുപേരായ യജ്ഞം ആയിരം വർഷം കഴിച്ചു. യമുനാതീരത്തിൽ നാഭാഗപുത്രനായ അംബരീഷരാജാവും യജിച്ചു. അന്ന് അദ്ദേഹം പത്തു 'പത്മം' ധനം സദസ്യർക്കു ദാനംചെയ്തു. യജ്ഞത്താലും തപസ്സാലും അവൻ സിദ്ധിനേടി. ഈ സ്ഥലത്തുവെച്ചാണ് പുണ്യകർമ്മാവും, നഹുഷപുത്രനുമായ യയാതി യാഗം ചെയ്തത്. അമിത ഓജസ്വിയും, സാർവ്വഭൗമനുമായിരുന്ന അദ്ദേഹം യജ്ഞത്താൽ ശക്രനെപ്പോലും സ്പർദ്ധിച്ചു. നോക്കൂ! പല മട്ടിൽ അഗ്നി ചിന്നിയ മഹീതലം! യയാതിയുടെ യജ്ഞത്താൽ താഴ്ന്നുപോയ മട്ടിലല്ലേ ഈ സ്ഥലം കിടക്കുന്നത്? ഇതാണ് ഏകപത്രമായ ശമീവൃക്ഷം. ഉത്തമമായ സരസ്സും ഇതാ കാണുന്നു.

രാമഹ്രദങ്ങളും നാരായണാശ്രമവും ഇതാ നോക്കുക! യോഗനിബദ്ധനായി ഭൂമി ചുറ്റുന്ന ഋചീകപുത്രന്റെ രൗപ്യയിലെ പ്രസർപ്പണവും ഇതാണ്. ഞാൻ അനുവംശപഠനം ഇവിടെ ചെയ്യുന്ന സമയത്ത്, ഉരൽ കാതിൽ തോടയായി ഇടുന്ന പിശാചസ്ത്രീ ഇങ്ങനെ പറയുന്നതു കേട്ടു:

digitized by www.sreyas.in

'യുഗാന്തരത്തിൽ തയിർ കുടിക്കുക; അച്യുതസ്ഥലത്ത് പാർക്കുക; ഭൂതാലയത്തിൽ സ്നാനംചെയ്തശേഷം പുത്രന്മാരോടൊപ്പം ജീവിക്കുക.' ഇവിടെ ഒരു രാത്രി താമസിച്ചാൽ പിറ്റേന്നു രാത്രി, പകൽ സംഭവിച്ച കാര്യങ്ങൾ നേരെ മറിച്ചായിത്തീരും.

ഇന്നു രാവ് ഇവിടെത്തന്നെ നാം പാർക്കുക. ഇത് കുരുക്ഷേത്രത്തിന്റെ കവാടമാണല്ലോ? ഇവിടെവച്ചാണ് ആ നഹുഷപുത്രനായ യയാതി യജ്ഞം ചെയ്തത്. ഇവിടെ യയാതി രത്നം വിതറി ദാനം ചെയ്ത ദിക്കാണ്. ഇന്ദ്രൻ അതിൽ സന്തുഷ്ടനായി.

ഇതാ, ഉത്തമയമുനാതീർത്ഥമായ പ്ലക്ഷാവതരണം. മനീഷികൾ പറയുന്നു, ഇത് സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗമാണെന്ന്. ഇതിൽ പരമർഷികൾ സാരസ്വതയജ്ഞങ്ങൾ പലതും ചെയ്തിട്ടുണ്ട്. യജ്ഞാന്ത്യത്തിൽ അവഭൃതപ്ലവവും ഇവിടെ ചെയ്തു.

ഇവിടെവച്ച് ഭരതരാജാവ് പല യജ്ഞങ്ങളും ചെയ്തിട്ടുണ്ട്. ഹയമേധത്തിനുള്ള കറുത്ത നിറമുള്ള മേധ്യാശ്വത്തെ ഇവിടെ അഴിച്ചു വിട്ടു. ആ മഹാരാജാവ് ധർമ്മത്താൽ ഈ ഊഴി മുഴുവൻ നേടി. ഹേ, പുരുഷവ്യാഘ്രാ, മരുത്തൻ സംവർത്തനനെന്ന ഋഷിമുഖ്യന്റെ രക്ഷയിൽ സത്രം ചെയ്തതും ഇവിടെവച്ചാണ്. ഇതിൽ സ്നാനം ചെയ്താൽ സകല പാപങ്ങളും നീങ്ങി എല്ലാ പുണ്യലോകവും നേടാം."

വൈശമ്പായനൻ തുടർന്നു: "ഇവിടെ ഭ്രാതാക്കന്മാരോടുകൂടി മഹർഷിമാരാൽ പ്രകീർത്തിക്കപ്പെട്ട് പാണ്ഡവശ്രേഷ്ഠനായ യുധിഷ്ഠിരൻ സ്നാനം ചെയ്തു. അനന്തരം ലോമശനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ മഹർഷേ! സത്യവിക്രമ, ഞാൻ തപസ്സുകൊണ്ട് എല്ലാ ലോകവും കാണുന്നു! ശ്വേതവാഹനനായ പാണ്ഡവശ്രേഷ്ഠനെ, അർജ്ജുനനെ ഞാൻ ഇവിടെനിന്നു കാണുന്നുണ്ട്!"

ലോമശൻ പറഞ്ഞു: "ഇപ്രകാരം തന്നെയാണ് മഹർഷികൾ ദർശിക്കുന്നത്. പുണ്യവാന്മാർക്ക് ശരണ്യയും, പുണ്യയുമായ സരസ്വതി ഇതാണ്. ഇതിൽ സ്നാനം ചെയ്തവന്ന് പാപമൊക്കെ തീരും. സുരർഷികൾ ഇവിടെവച്ച് സാരസ്വതയജ്ഞം ചെയ്തിട്ടുണ്ട്. മഹർഷിമാരും, രാജർഷിമാരും ആ മഖം ചെയ്തിട്ടുണ്ട്. അഞ്ചുയോജന വീതിയും നീളവുമുള്ള ഈ വേദി പ്രജാപതിയുടെ വേദിയാണ്. യജ്ഞശീലരും മഹാത്മാക്കളുമായ കുരുക്കളുടെ ക്ഷേത്രമാണ് ഇത്."

130. ശ്യേനകപോതീയം – ലോമശൻ പറഞ്ഞു: "ഹേ, ഭാരത! ഈ പുണ്യസ്ഥലത്തുവച്ചു മരിക്കുന്നവർ സ്വർഗ്ഗം പ്രാപിക്കും. മരിക്കുവാൻ സമയമടുത്ത അനവധിപേർ ഇവിടെ എത്തുന്നു. പണ്ട് ഈ സ്ഥലത്ത് ദക്ഷൻ യാഗം ചെയ്തിട്ട് ഇപ്രകാരം ഒരനുഗ്രഹം ഈ സ്ഥലത്തിന്നു നല്കിയിട്ടുണ്ട്. 'ഇവിടെവച്ചു മരിക്കുന്നവർ സ്വർഗ്ഗം നേടുന്നു' എന്നാണ് അനുഗ്രഹം.

ഇതാ, ദിവ്യയും മനോഹരിയും ജലപൂർണ്ണയുമായ സരസ്വതി. ഇതാ, സരസ്വതിയുടേതായ 'വിനശനം'. നിഷാദരാഷ്ട്രത്തിന്റെ ദ്വാരം ഇവിടെയാണ്. അവരുടെ ദോഷംമൂലം സരസ്വതി 'അവർ എന്നെ കാണരുത്' എന്നു പറഞ്ഞ് ഭൂമിക്കുള്ളിൽപ്പോയി ഒളിച്ചു. ഇക്കാണുന്നതാണ് 'ചമസോൽഭേദം'. ഇവിടെവച്ച് സരസ്വതി വീണ്ടും ദൃശ്യയായി. ഇവിടെ എല്ലാ പുണ്യനദികളും മേളിക്കുന്ന സരസ്വതിയെ കാണാം. ഇതാ മഹത്തായ 'സിന്ധുതീർത്ഥം' കാണുന്നു. ഇവിടെവച്ചാണ് അഗസ്ത്യനെ ലോപാമുദ്ര വരിച്ചത്. ഇതാ പുണ്യവും പവിത്രവും പാപഹരവും ഇന്ദ്രൻ ഇഷ്ടപ്പെട്ടതും ഭാസ്കരനെപ്പോലെ പ്രകാശിക്കുന്നതുമായ 'പ്രഭാസതീർത്ഥം' കാണുന്നു. ഈ കാണുന്നത് 'വിഷ്ണുപദ' തീർത്ഥമാണ്. ഇതു പരമപാവനിയായ 'വിപാശാ'നദിയാണ്. ഇവിടെയാണ് പുത്രദുഃഖം മൂലം ഭഗവാൻ വസിഷ്ഠമഹർഷി ദേഹം കയറുകൊണ്ടു വരിഞ്ഞ് വെള്ളത്തിൽച്ചാടി ആത്മഹത്യയ്ക്കൊരുങ്ങിയതും, കയറുപൊട്ടി കയറിപ്പോന്നതും. അക്കാണുന്നത് 'കാശ്മീരമണ്ഡല'മാണ്. വലിയ പുണ്യസ്ഥാനമാണ്. അവിടെ മഹർഷിമാർ ഉപാസിക്കുന്ന ആ സ്ഥലം അനുജന്മാരോടുകൂടി ചെന്നു ദർശിക്കുക. ഇവിടെവച്ച് വടക്കൻ ഭാഗത്തുള്ള മഹർഷിമാരൊക്കെയും നഹുഷപുത്രനും അഗ്നിയും കാശ്യപനുമായി സംവാദം ചെയ്തു.

ഇതാ, 'മാനസസരസ്സി'ന്റെ മാർഗ്ഗം കാണുന്നു. ശ്രീമാനായ രാമൻ ഈ മാർഗ്ഗം ഗിരിമദ്ധ്യത്തിൽ തീർത്തു. ഹേ, സത്യവിക്രമാ, ഈ കാണുന്നതാണ് 'വാതികഷണ്ഡം'. ഇതു വിദേഹത്തിന്നു തൊട്ടാണെങ്കിലും അതിന്നു വടക്കായി കിടക്കുന്നു. ഇനി ഒരത്ഭുതം ഈ സ്ഥലത്തെപ്പറ്റി പറയാം. ഓരോ യുഗവും അവസാനിക്കുമ്പോൾ ശിവൻ ഉമയോടും തന്റെ ഭൂതഗണങ്ങളോടുമൊത്ത് കാമരൂപനായി ഇവിടെ പ്രത്യക്ഷമാകും. ചൈത്രമാസത്തിൽ സ്വപരിവാരത്തിന്ന് (കുടുംബത്തിന്ന്) ശുഭം കാംക്ഷിക്കുന്നവർ, ഈ സരസ്സിൽ ശ്രദ്ധയോടുകൂടി ജിതേന്ദ്രിയരായി സ്നാനം ചെയ്ത് പിനാകപാണിയെ പൂജിച്ചു യജിക്കുന്നു. അവർ പാപം നീങ്ങി ശുഭലോകങ്ങളിലെത്തുമെന്നുള്ളതിൽ സംശയമില്ല. ഇത് 'ഉജ്ജാനക'മെന്ന പുണ്യതീർത്ഥമാണ്. വസിഷ്ഠഭഗവാൻ അരുന്ധതിയുടെ സഹായത്തോടെ ഇവിടെവച്ച് മനശ്ശാന്തി നേടി. 'കുശവാൻ' എന്ന ഹ്രദം ഇതാണ്. ഇതിൽ 'കുശേശയ'മെന്ന താമരയുണ്ട്. ഇവിടെ 'രുക്മിണി'യുടെ ആശ്രമമുണ്ട്. അവിടെവച്ച് അവൾ കോപത്തെ ജയിച്ചു ശാന്തയായി.

ഇതാ നോക്കൂ! ഭവാൻ കേട്ടിട്ടുള്ള ധ്യാനനിഷ്ഠനായ ഭൃഗുതുംഗപർവ്വതം. രാജാവേ, സർവ്വപാപങ്ങളും തീർക്കുന്ന 'വിതസ്താ'നദി കാണുക! മഹർഷിമാർ ചൂഴുന്ന ഇത് നിർമ്മലവും ശീതളവുമായ വെള്ളം നിറഞ്ഞതാണ്. ഇതാ, പുണ്യനദികളായ 'ജല'യും 'ഉപജല'യും; യമുനയുടെ രണ്ടു വശത്തുമായി സമീപത്തിലാണ് ഇവ. ഇവിടെ യജ്ഞം ചെയ്ത് ഉശീനരൻ വാസവനേക്കാൾ മഹാനായിത്തീർന്നു.

ആ രാജാവിന്റെ അരികിലേക്ക് ഇന്ദ്രനും, അഗ്നിയും അദ്ദേഹത്തെ പരീക്ഷിക്കുവാൻ യജ്ഞസ്ഥലത്തു ചെന്നു. വരദന്മാരായ അവർ ഉശീനരന്റെ പ്രഭാവം കാണുവാനാണ് പരീക്ഷ നടത്തിയത്.

ഇന്ദ്രൻ പരുന്തും, അഗ്നി കപോതവും (മാടപ്രാവും) ആയി രാജാവിന്റെ യജ്ഞശാലയിൽ പറന്നുചെന്നു. പരുന്തിനെ പേടിച്ചു പ്രാവ് രാജാവിന്റെ മടിയിൽ രക്ഷപ്രാപിച്ചു. ഭയപ്പെട്ടു വിറച്ച് പ്രാവ് രാജാവിന്റെ മടിയിലേക്കു പറന്നുചെന്ന് ഇരുന്നു."

131. ശ്യേനകപോതീയം പരുന്തു പറഞ്ഞു: "ഭൂമിയിലെ എല്ലാ രാജാക്കന്മാരും പറയുന്നു ഭവാൻ ധർമ്മാത്മാവാണെന്ന്. എന്നാൽ സർവ്വധർമ്മത്തിന്നും തെറ്റായ കർമ്മം എന്താണ് ഭവാൻ ചെയ്യുന്നത്? വിശന്നു വലഞ്ഞു വരുന്നവനാണു ഞാൻ. എനിക്കു വിഹിതമായ ഭക്ഷണം നീ സംരക്ഷിക്കുകയാണോ? എന്നാൽ ഭവാൻ ധർമ്മലോഭം മൂലം ധർമ്മമില്ലാത്തവനായിത്തീരും."

രാജാവു പറഞ്ഞു: "ഹേ മഹാദ്വിജാ! നിന്നെപ്പേടിച്ചു പാഞ്ഞുവന്ന് എന്നെ ശരണം പ്രാപിച്ചവനാണ് ഇവൻ. പ്രാണനിൽ ആകാതിമൂലം എന്റെ അരികെ വന്നവനാണ് ഈ പക്ഷി. ഇപ്രകാരം പേടിച്ചുവന്ന ഈ മാടപ്രാവിന്നു രക്ഷ കൊടുക്കുന്നതു ധർമ്മമാണ് എന്ന് എന്തുകൊണ്ടു ഭവാൻ കരുതുന്നില്ല? പാവം കപോതം! ഇതാ അമ്പരന്നു നിന്നെ നോക്കി വിറയ്ക്കുന്നതു കാണുന്നില്ലേ? ജീവരക്ഷയ്ക്കു വേണ്ടി എന്നെ അഭയം പ്രാപിച്ച ഒരു ജീവിയെ ഉപേക്ഷിക്കുന്നതിൽപ്പരം നിന്ദ്യമായി മറ്റെന്തുണ്ട്? ദ്വിജഹിംസകന്നും, ലോകമാതാവയ പശുവിനെ ഹിംസിക്കുന്നവന്നും ശരണാഗതനെ ത്യജിക്കുന്നവന്നും ഉള്ള പാപം തുല്യമാണ്."

പരുന്തു പറഞ്ഞു: "ഹേ രാജാവേ! ആഹാരത്താൽ ജീവജാലം ഉണ്ടാകുന്നു. ആഹാരംകൊണ്ടു വളരുന്നു. അതുകൊണ്ട് ജന്തുക്കൾക്കു ജീവിക്കുവാൻ ആഹാരം വേണം. ത്യജിക്കുവാൻ വിഷമമുള്ള സ്വത്ത് ഉപേക്ഷിച്ചും വളരെക്കാലം ജീവിക്കാം. എന്നാൽ ഭക്ഷണംകൂടാതെ വളരെക്കാലം ജീവിക്കുവാൻ ആർ

digitized by www.sreyas.in

ക്കും സാധിക്കുകയില്ല. ഇന്ന് ഭക്ഷണം ലഭിച്ചില്ലെങ്കിൽ, അല്ലയോ രാജാവേ, എന്റെ ജീവൻ ദേഹം വെടിഞ്ഞ്, ഇത്തരം ഭയങ്ങളില്ലാത്ത മാർഗ്ഗത്തിലെത്തുന്നതാണ്. (അതായതു മരിക്കും എന്നർത്ഥം.)

ഞാൻ മരിച്ചാൽ എന്റെ പുത്രന്മാരും ഭാര്യയും മരിക്കും. അങ്ങ് ഈ ഒരു പ്രാവിനെ രക്ഷിച്ചാൽ അതുമൂലം പല ജീവികൾക്കും നാശം സംഭവിക്കും. മറ്റൊരു ധർമ്മത്തെ വിപരീതമായി ബാധിക്കുന്ന ധർമ്മം ധർമ്മമാവുകയില്ല. അതു ധർമ്മമല്ല; കുധർമ്മമാണ്. ധർമ്മത്തെ ബാധിക്കാത്ത ധർമ്മമേ ധർമ്മമാവുകയുള്ളു. സത്യവിക്രമാ! ഭവാൻ ചിന്തിച്ചുനോക്കൂ! പരസ്പരം വിരോധമുള്ള കാര്യങ്ങൾ വരുമ്പോൾ തമ്മിൽ അവയുടെ വലിപ്പച്ചെറുപ്പം ചിന്തിച്ചുനോക്കി ദോഷം കുറഞ്ഞ പാപം ചെയ്യുകയാണു വേണ്ടത്. മറ്റൊരു ധർമ്മത്തിനും ബാധയില്ലാത്തവിധമുള്ളതാണു സ്വീകരിക്കേണ്ടത്. ധർമ്മാധർമ്മങ്ങളുടെ തീരുമാനത്തിൽ വലുതും ചെറുതുമേതെന്ന് ആദ്യം തീരുമാനിക്കുക. വലിയധർമ്മം ഏതാണോ അതു ചെയ്യുക."

രാജാവു പറഞ്ഞു: "ഹേ വിഹഗോത്തമാ! നീ ധർമ്മജ്ഞനെപ്പോലെ ഉത്തമമായ കാര്യം പറയുന്നു. നീ, ധർമ്മജ്ഞനായ സുപർണ്ണൻ, പക്ഷിരാജാവായ ഗരുഡൻ തന്നെയാണ്; തീർച്ചയാണ്. അവനെപ്പോലെ നീ ഭംഗിയായി ധർമ്മം പ്രസംഗിക്കുന്നു. നിനക്ക് അറിവില്ലാത്തത് ഒന്നുമില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ശരണാർത്ഥിയായ ഒരുത്തനെ ഉപേക്ഷിക്കുന്നത് ഉചിതമാണെന്ന്, നല്ലതാണെന്ന്, നീ എന്താണു വിചാരിക്കുന്നത്? ഹേ വിഹംഗമാ! ഭവാന്റെ ഈ യത്നമൊക്കെ ഭക്ഷണത്തെ ചിന്തിച്ചാണല്ലോ. ഈ കൊച്ചുപ്രാവിനെക്കാൾ അധികം തിന്നുവാൻ കെല്പുള്ളവനുമാണ് നീ. അതുകൊണ്ടു വല്ല കാളയോ, പശുവോ, പന്നിയോ, പോത്തോ എന്തു വേണമെങ്കിലും വയറു നിറയേ ഞാൻ തരാം. ഈ പ്രാവിനെ വിട്ടു മറ്റെന്തു വേണമെന്നു പറയുക."

പരുന്തു പറഞ്ഞു: "പന്നിയോ, കാളയോ, മറ്റു മൃഗങ്ങളോ ഒന്നും ഞാൻ തിന്നുകയില്ല. പിന്നെ മറ്റുള്ള തിന്നാത്ത സാധനങ്ങൾ എനിക്ക് എന്തിനാണ്? ഹേ, രാജാവേ! എനിക്ക് ദൈവം കല്പിച്ച ഭക്ഷണം മാടപ്രാവാണ്. അതിനെ ഭവാൻ പിടിച്ചുവെക്കാതെ വിട്ടുതരിക! പരുന്ത് പ്രാവുകളെ തിന്നുമെന്നുള്ളതു പണ്ടേയുള്ള ചട്ടമാണ്. ബലമില്ലാത്ത വാഴയെപ്പോലെയുള്ള ബലഹീനമായ ധർമ്മത്തിൽ മനസ്സുവെച്ച് ആ വാഴക്കൈയിന്മേൽ ഭവാൻ കയറിയിരിക്കയാണോ?"

രാജാവു പറഞ്ഞു: "ഹേ, ഖേചരാ! എന്റെ പുഷ്ടമായ ശിബിരാജ്യം തന്നെ ഞാൻ ഭവാനു തരാം. ഭവാൻ എന്ത് ആഗ്രഹിക്കുന്നുവോ അതൊക്കെ ഞാൻ തരാം. ശരണാർത്ഥിയായി ആഗതനായ ഈ പക്ഷിയെ ഒഴിവാക്കി മറ്റെന്ത് ആവശ്യപ്പെട്ടാലും ഞാൻ തരാം. എന്തു ചെയ്താൽ നീ ഇവനെ വിടുമോ അതു പറയൂ. ഈ കപോതത്തെ ഞാൻ തരുന്നതല്ല."

പരുന്തു പറഞ്ഞു: "ഹേ ഉശീനരാ! ഈ കപോതത്തിൽ അങ്ങയ്ക്ക് അത്ര ഇഷ്ടമുണ്ടെങ്കിൽ ഞാൻ വിട്ടുതരാം. എന്നാൽ ഈ കപോതത്തിന്റെ തൂക്കത്തോളം മാംസം ഭവാന്റെ ദേഹത്തിൽനിന്നു മുറിച്ചെടുത്ത് തൂക്കിത്തരണം. എന്നാൽ ഞാൻ സന്തോഷിക്കാം."

രാജാവു പറഞ്ഞു: "ശ്യേനാ! ഭവാനു നന്ദി! നിന്റെ ഈ പ്രാർത്ഥന അനുഗ്രഹമായി ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് എന്റെ മാംസം ഞാൻ തൂക്കിത്തരാം. വാങ്ങുവാൻ സന്നദ്ധനായാലും!"

ലോമശൻ തുടർന്നു: "ഇപ്രകാരം പറഞ്ഞ് ഉടനെതന്നെ രാജാവ് തുലാസ്സ് കൊണ്ടുവരുവിച്ചു. അതിൽ പ്രാവിന്റെ തൂക്കത്തിന്നു തുല്യം മാംസം സ്വശരീരത്തിൽനിന്നു മുറിച്ചെടുത്ത് തുലാസ്സിൽ വെച്ചു. തൂക്കുന്ന സമയത്ത് പ്രാവുതന്നെ അധികം തൂങ്ങുന്നു! വീണ്ടും രാജാവ് മാംസം മുറിച്ചെടുത്തു തുലാസ്സിൽ വെച്ചു. പല പ്രാവശ്യവും രാജാവ് മാംസം മുറിച്ചെടുത്തുവെച്ചിട്ടും പ്രാവിന്റെ തൂക്കത്തിന്നു ശരിയാക്കുവാൻ രാജാവിന്നു കഴിഞ്ഞില്ല. ഇനി അറുത്തെടുക്കുവാൻ മാംസം രാജാവിന്നില്ലാതെയായി. അവസാനം മാംസമെല്ലാം പോയ രാജാവ് താൻതന്നെ തുലാസ്സിൽ കയറിയിരുന്നു. ഉടനെ അത്ഭുതപരതന്ത്രനായ പരുന്തു പറഞ്ഞു.

പരുന്തു പറഞ്ഞു: "ഹേ ധർമ്മജ്ഞാ! ഞാൻ ഇന്ദ്രനാണ്. ഈ മാടപ്രാവ് അഗ്നിദേവനാണ്. ഞങ്ങൾ നിന്റെ ധർമ്മത്തെ പരീക്ഷിക്കുവാൻവേണ്ടി നിന്റെ യജ്ഞശാലയിൽ വന്നതാണ്. ദേഹത്തിൽനിന്നു നീ മാംസം അറുത്തെടുത്തതുകൊണ്ടു നിനക്ക് മറ്റെല്ലാവരേക്കാളും ഉയർന്ന സൽക്കീർത്തിയുണ്ടാകും. ലോകമുള്ള കാലത്തോളം നിന്നെ എല്ലാ ലോകരും വാഴ്ത്തും. അത്ര കാലത്തോളം നിന്റെ സൽക്കീർത്തിയും നിലനില്ക്കും. എല്ലാകാലത്തും നീ കീർത്തിമാനായി ദിവ്യലോകത്തിൽ വിളങ്ങും!"

ലോമശൻ തുടർന്നു: "ഇപ്രകാരം ഇന്ദ്രൻ രാജാവിനോടു പറഞ്ഞു സ്വർഗ്ഗത്തിലേക്കുയർന്നു. വിശ്വത്തിലൊക്കെ ധർമ്മാത്മാവായ ഉശീനരന്റെ കീർത്തി വ്യാപിച്ചു. ഉശീനരന്റെ ശരീരം മുൻമട്ടിൽ അക്ഷതമായി പ്രശോഭിച്ചു. ഇങ്ങനെ തന്റെ കീർത്തി ഭൂമിയിലും സ്വർഗ്ഗത്തിലും വിഖ്യാതമാക്കിയശേഷം ആ രാജാവ് ശോഭയോടെ സ്വർഗ്ഗം പ്രാപിച്ചു. ഹേ യുധിഷ്ഠിരാ! ആ കാണുന്നത് ഉശീനരമഹാരാജാവിന്റെ സദനമാണ്. പുണ്യവാന്മാരും മഹാത്മാക്കളുമായ ബ്രാഹ്മണരോടൊപ്പം നിത്യവും അവിടെ ദേവന്മാരേയും താപസന്മാരേയും കാണാറുണ്ട്."

132. അഷ്ടാവക്രീയം – ലോമശൻ പറഞ്ഞു: "ലോകപ്രസിദ്ധനും മന്ത്രവിദഗ്ദ്ധബുദ്ധിയും ഉദ്ദാലകന്റെ പുത്രനുമായ 'ശ്വേതകേതു'വിന്റെ പുണ്യാശ്രമമാണ് ആ കാണുന്നത്. എന്നും ഫലസമൃദ്ധമായ തെങ്ങുകൾ അവിടെ നിറഞ്ഞുകാണാം. അവിടെ വച്ചു ശ്വേതകേതു സരസ്വതീദേവിയെ മാനുഷീരൂപത്തിൽ പ്രത്യക്ഷമായിക്കണ്ടു. എന്നെ വാക്സാമർത്ഥ്യമുള്ളവനാക്കിയാലും, എന്ന് ശ്വേതകേതു സരസ്വതിയോടു പറഞ്ഞു.

ആ യുഗത്തിൽ തർക്കശാസ്ത്രത്തിൽ അതിനിപുണരായ രണ്ടു മാതുലഭാഗിനേയന്മാർ ഉണ്ടായി. ഒന്നു കഹോഡപുത്രനായ 'അഷ്ടാവക്രനും', മറ്റേത് ഉദ്ദാലകപുത്രനായ 'ശ്വേതകേതു'വുമായിരുന്നു. വിദേഹരാജാവിന്റെ യജ്ഞസ്ഥലത്തേക്ക് ആ മാതുലഭാഗിനേയന്മാർ കടന്നുചെന്ന് ഒരു വിവാദത്തിൽ വന്ദിയെ തോല്പിച്ചു. അത്രമാത്രം അപ്രമേയപ്രഭാവന്മാരായിരുന്നു അവർ.

ഹേ കൗന്തേയാ! ഭവാൻ അനുജന്മാരോടുകൂടി അഷ്ടാവക്രദൗഹിത്രനായ മഹർഷിയുടെ മഹാപുണ്യാശ്രമത്തിലെത്തി സേവിക്കുക. അഷ്ടാവക്രൻ കുട്ടിയായിരിക്കുമ്പോൾത്തന്നെ വന്ദിയെ ജനകമഹാരാജാവിന്റെ യജ്ഞസ്ഥലത്തുവച്ച് വാദത്തിൽ തോല്പിച്ചു; അങ്ങനെ വന്ദിയെ നദിയിൽ മുക്കിക്കൊല്ലാൻ ഇടയാക്കുകയും ചെയ്തു."

യുധിഷ്ഠിരൻ പറഞ്ഞു: "ആ വിപ്രന്റെ പ്രഭാവം എന്തായിരുന്നു? വന്ദിയെ എങ്ങനെ ജയിച്ചു? അവൻ അഷ്ടാവക്രനായത് എങ്ങനെ? അവന്റെ ചരിത്രം കേൾക്കാൻ ആഗ്രഹിക്കുന്നു."

ലോമശൻ പറഞ്ഞു: "ഉദ്ദാലകന് ഇഷ്ടശിഷ്യനായി 'കഹോഡൻ' എന്നു വിശ്രുതനായ ഒരു വിപ്രനുണ്ടായിരുന്നു. അയാൾ ഗുരുവിനെ ശുശ്രൂഷിച്ച് വളരെനാൾ അദ്ധ്യയനം കഴിച്ചു. അവന്റെ ഗുരുശുശ്രൂഷയിൽ പ്രീതനായ ഉദ്ദാലകൻ തന്റെ പുത്രിയായ 'സുജാത'യെ ശിഷ്യന്നു ഭാര്യയായി നല്കി. യഥാകാലം അവൾക്ക് അഗ്നിതുല്യപ്രഭാവമായ ഗർഭമുണ്ടായി. ഒരു ദിവസം ആ ശിശു, ഗർഭത്തിലിരുന്ന്, അദ്ധ്യയനം ചെയ്യുകയായിരുന്ന അച്ഛനെ വിളിച്ചുപറഞ്ഞു: 'അങ്ങ് രാത്രിയൊക്കെയിരുന്നു അദ്ധ്യയനം ചെയ്യുകയാണല്ലോ. ഈ പഠിപ്പൊന്നും ശരിയാകുന്നില്ല.' തന്റെ ശിഷ്യന്മാരുടെ മുമ്പിൽവച്ച് ഇപ്രകാരം അവമാനമേറ്റ മഹർഷിയായ അച്ഛൻ ആ ഗർഭസ്ഥശിശുവിനെ കോപംമൂലം ശപിച്ചു. ഗർഭത്തിലിരുന്നുകൊണ്ട് നീ എന്നെ അവമാനിക്കുകയാൽ നീ എട്ടു വളവുകളോടുകൂടിയവനായി ജനിക്കുക എന്ന്.

digitized by www.sreyas.in

അപ്രകാരം അവൻ, 'എട്ടു വളവോടു' കൂടിയവനായി ത്തന്നെ പിറന്നു. 'അഷ്ടാവക്രൻ' എന്നു തന്മൂലം അവന്നു പേരും സിദ്ധിച്ചു. അവന്റെ അമ്മാവനാണ് ശ്വേതകേതു. അവനും പ്രായംകൊണ്ട് അഷ്ടാവക്രന്നു തുല്യനായിരുന്നു.

വയറ്റിൽക്കിടക്കുന്ന പുത്രന്റെ പീഡ സഹിച്ച് ഒരു ദിവസം സുജാത തന്റെ ഭർത്താവിനോടു പറഞ്ഞു."

സുജാത പറഞ്ഞു: "നാഥാ! എനിക്കു പ്രസവത്തിന്നുള്ള കാലമായി. പത്തുമാസം തികഞ്ഞിരിക്കുന്നു.മഹർഷേ, പ്രസവ ശുശ്രൂഷയ്ക്കു ഭവാന്റെ പക്കൽ ധനമില്ല. ഞാൻ അതിൽ വ്യസ നിക്കുന്നു."

ലോമശൻ പറഞ്ഞു: "ഇപ്രകാരം തന്റെ പത്നിയുടെ വാക്കു കേട്ട് കഹോഡൻ ധനം സമ്പാദിക്കുവാൻ ജനകമഹാരാജാവിന്റെ രാജധാനിയിലെത്തി. അവിടെവച്ച് ആ വിപ്രനെ വാദവിദഗ്ദ്ധ നായ വന്ദി വാദത്തിൽ തോല്പിച്ച് വെള്ളത്തിൽ മുക്കി കൊന്നു കളഞ്ഞു. ഈ വർത്തമാനം ഉദ്ദാലകൻ കേട്ടു. തന്റെ മരുമകനെ വന്ദി വാദത്തിൽ തോല്പിച്ചു മുക്കിക്കൊന്നുകളഞ്ഞുവെന്ന്.

ഈ വർത്തമാനം സുജാതയോടു പറഞ്ഞു. അഷ്ടാവ ക്രനെ ഈ വൃത്താന്തം അറിയിക്കരുതെന്നും ഏർപ്പാടുചെയ്തു. അപ്രകാരം കുട്ടി പിറന്നു വളരെ വളർന്നിട്ടും സുജാത ഈ വൃത്താന്തം അറിയിച്ചില്ല. തന്റെ അച്ഛൻ ഉദ്ദാലകനും സഹോദ രൻ ശ്വേതകേതുവുമാണെന്ന് അഷ്ടാവക്രൻ വിചാരിച്ചുപോന്നു. പന്ത്രണ്ടുവയസ്സ് പ്രായമായപ്പോൾ ഒരു ദിവസം അഷ്ടാവക്രൻ ഉദ്ദാലകന്റെ മടിയിൽ ഇരിക്കുമ്പോൾ ശ്വേതകേതു അവനെ മടി യിൽനിന്നു വലിച്ചിഴച്ചു. അപ്പോൾ കരഞ്ഞ അഷ്ടാവക്രനോട് ശ്വേതകേതു പറഞ്ഞു ഇതു നിന്റെ അച്ഛന്റെ മടിയല്ല എന്ന്.

അവൻ പറഞ്ഞ ക്രൂരമായ വർത്തമാനം അഷ്ടാവക്രന്റെ ഹൃദയം വേദനിപ്പിച്ചു. ഉടനെ അമ്മയോടു ചോദിച്ചു. അമ്മേ, എന്റെ അച്ഛൻ എവിടെ എന്ന്.

സുജാത ഏറ്റവും വ്യസനിച്ചു. പുത്രന്റെ ശാപത്തെ ഭയപ്പെട്ട് അവൾ ഉണ്ടായ വർത്തമാനമൊക്കെ അവനോടു പറഞ്ഞു. അതു കേട്ട് ശ്വേതകേതുവിനോടു രാത്രിസമയത്ത് അവൻ പറഞ്ഞു."

അഷ്ടാവക്രൻ പറഞ്ഞു: "നമുക്കു ജനകന്റെ യജ്ഞത്തി ലേക്കു പോകാം. ആ യജ്ഞത്തെപ്പറ്റി പലരും വളരെ ആശ്ചര്യ ങ്ങൾ പറഞ്ഞുകേൾക്കുന്നു. അവിടെ നടക്കുന്ന ബ്രാഹ്മണർ തമ്മിലുള്ള വിവാദം നമുക്കും കേൾക്കാം. അതുകേട്ട് നമ്മൾക്കും ധാരാളം വിജ്ഞാനം നേടാം. നമുക്കു വേണ്ടത്ര ഭക്ഷണവും കിട്ടും. ആ ബ്രാഹ്മണഘോഷം ശിവവും ഹൃദ്യവുമാണത്രേ!"

ലോമശൻ പറഞ്ഞു: "അങ്ങനെ ആ മാതുലഭാഗിനേയന്മാർ ജനകമഹാരാജാവിന്റെ രാജധാനിയിലേക്കുപോയി. വഴിക്കുവച്ച് അഷ്ടാവക്രൻ രാജാവിനെ കണ്ടുമുട്ടി. അവർ തമ്മിൽ ഇങ്ങനെ സംഭാഷണമുണ്ടായി."

133. അഷ്ടാവക്രീയം – അഷ്ടാവക്രൻ പറഞ്ഞു: "ബ്രാഹ്മ ണനില്ലെങ്കിൽ ആദ്യം അന്ധനും, പിന്നെ ബധിരനും, പിന്നെ സ്ത്രീക്കും പിന്നെ ഭാരം വഹിക്കുന്നവനും, പിന്നെ രാജാവിനും ക്രമപ്രകാരം വഴിമാറിക്കൊടുക്കണം. ബ്രാഹ്മണനുണ്ടെങ്കിൽ അവനാണ് അതിന്ന് അവകാശം."

രാജാവു പറഞ്ഞു: "ഹേ, ബ്രാഹ്മണാ! ഞാൻ ഇതാ അങ്ങേ യ്ക്കു വഴിമാറിത്തരുന്നു. ഭവാൻ യഥേഷ്ടം യാത്രചെയ്താലും. അഗ്നിയിൽ ചെറുതെന്നും വലുതെന്നുമുള്ള വ്യത്യാസമില്ല. ഇന്ദ്രൻ പോലും ബ്രാഹ്മണരെ നിത്യവും നമസ്കരിക്കുന്നു. ഭവാൻ ചെറുപ്പമാണെങ്കിലും ബ്രാഹ്മണനല്ലെ?"

ലോമശൻ പറഞ്ഞു: "അങ്ങനെ രാജാവ് വഴി ഒഴിഞ്ഞുകൊ ടുത്തു. അവർ നേരെ നടന്ന് ഉദ്ദേശിച്ച സ്ഥലത്തുചെന്നു. അപ്പോൾ ദ്വാരപാലകൻ അവരെ തടഞ്ഞു. ഉടനെ അഷ്ടാവക്രൻ രാജാവിനെ സംബോധനചെയ്ത് ഇപ്രകാരം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു."

അഷ്ടാവക്രൻ പറഞ്ഞു: "ഹേ രാജാവേ! ഞങ്ങൾ യജ്ഞ ത്തിലേക്കു വന്നു. അതിഥികളായ ഞങ്ങൾ യജ്ഞശാലയി ലേക്കു കടക്കുവാൻ ഭവാന്റെ ദ്വാരപാലകന്റെ അനുവാദം കാത്തു കൊണ്ടു നില്ക്കുകയാണ്. ഹേ ഇന്ദ്രദ്യുമ്നന്റെ പുത്രാ, യജ്ഞം കാണുവാനും ജനകമഹാരാജാവിനെ കാണുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളെ ദ്വാരപാലകൻ തടുക്കുകയാൽ ഞങ്ങൾ ക്രോധാഗ്നിയിൽ ദഹിക്കുകയാണ്."

ദ്വാരപാലകൻ പറഞ്ഞു: "ഞങ്ങൾ വന്ദിയുടെ കല്പന നിർവ്വഹിക്കേണ്ടവരാണ്. ഞാൻ പറയുന്നത് ഭവാന്മാർ സാദരം കേട്ടാലും. ബാലന്മാരായ വിപ്രന്മാർക്ക് യാഗശാലയിലേക്കു പ്രവേശനമില്ല. വൃദ്ധരും, വിജ്ഞാനികളുമായ ബ്രാഹ്മണർക്കേ ഇതിന്നകത്തേക്കു കടക്കുവാൻ അനുവാദമുള്ളു."

അഷ്ടാവക്രൻ പറഞ്ഞു: "വൃദ്ധന്മാർക്ക് ഇതിന്റെ ഉള്ളി ലേക്കു കയറാമെന്നുണ്ടെങ്കിൽ ഇതിൽ ഞങ്ങൾക്കും കയറാം. ഞങ്ങൾ അതിവ്രതത്താൽ വൃദ്ധരാണ്.വേദപ്രഭാവമുള്ളവരാണ്. വൃദ്ധന്മാർ ആചരിക്കുന്നതൊക്കെ അറിയുന്നവരാണു ഞങ്ങൾ. ശുശ്രൂഷാപരന്മാരും ജിതേന്ദ്രിയരും ആഗമജ്ഞാനമുള്ളവരു മാണ് ഞങ്ങൾ. ചെറുപ്പമാണെന്നുവച്ചു നിങ്ങൾ ഞങ്ങളെ അപ മാനിക്കുകയാണ്. ചെറിയ തീയാണെങ്കിലും തൊട്ടാൽ പൊള്ളു മെന്നറിയാമോ?"

ദ്വാരപാലകൻ പറഞ്ഞു: "ബ്രഹ്മത്തെ പ്രതിപാദിക്കുന്ന ഏകാക്ഷരമാണ് 'ഓം'. സരസ്വതി ഓംകാരരൂപിണിയാണ്. മന്ത്രാർത്ഥവാദങ്ങൾകൊണ്ട് ആ ദേവി ബഹുരൂപിണിയാകുന്നു. മുനിസേവിതയായി പ്രകാശിക്കുന്ന ആ വാഗ്ദേവിയെ ഭവാൻ അറിഞ്ഞു സേവിക്കേണ്ടതാണ്. അല്ലയോ മുനികുമാരാ! ഞാൻ പറയുന്ന ശോഭനമായ വാക്കു ഭവാൻ ആദരിച്ചാലും. ആത്മപ്ര ശംസയായി വെറുംവാക്കു പറയരുത്. വിവരമുള്ളവർ ഈ ലോക ത്തിൽ വളരെ ദുർല്ലഭമാണ്."

അഷ്ടാവക്രൻ പറഞ്ഞു: "ദേഹം വലിയതായതുകൊണ്ട് ആൾ മഹാനാകുന്നില്ല. ഫലം നോക്കിയാണ് വൃദ്ധിയെ ഗണി ക്കേണ്ടത്. വൃദ്ധനായിട്ടും അവൻ നിഷ്ഫലജീവിയാണെങ്കിൽ എന്തുകാര്യം? ഇലവുമരത്തിന്ന് കായയുണ്ടായതുപോലെ, മൂത്ത തിന്നുശേഷം കാറ്റിൽ പറന്നുകളയുന്നതുപോലെ, ജീവികൾക്ക് എന്തു പ്രയോജനമാണ് അതുകൊണ്ടുള്ളത്? അങ്ങനെയുള്ള വൃദ്ധന്മാർ എങ്ങനെ പൂജനീയന്മാരാകും? ഫലഹീനൻ തീർച്ച യായും വൃദ്ധനാകയില്ല."

ദ്വാരപാലകൻ പറഞ്ഞു: "വൃദ്ധന്മാരുടെ വാക്കുകേട്ടു ബാല ന്മാർക്കു ജ്ഞാനം ഉണ്ടാകുന്നു. കാലം ചെല്ലുമ്പോൾ ബാലന്മാർ വൃദ്ധരായിത്തീരുന്നു. അല്പകാലംകൊണ്ടു വലിയ അറിവു നേടുവാൻ സാദ്ധ്യമാണോ? ഭവാന് ദീർഘകാലത്തെ വിദ്യാ ഭ്യാസം ഉണ്ടായിട്ടില്ല. പിന്നെ ബാലനായ നീ വൃദ്ധനായി നടിച്ചു പറയുന്നത് ശരിയാണോ?"

അഷ്ടാവക്രൻ പറഞ്ഞു: "തല നരച്ചതുകൊണ്ടുമാത്രം ഒരാൾ വൃദ്ധനാവുകയില്ല. വയസ്സുകൊണ്ടു ബാലനാണെങ്കിലും, വിജ്ഞാനമുള്ളവനെ ദേവന്മാർ വൃദ്ധനായി കണക്കാക്കുന്നു. ഒരുത്തന്റെ മേന്മ വയസ്സിലോ, തല നരച്ചതുകൊണ്ടോ, സമ്പത്തു കൊണ്ടോ, ബന്ധുക്കളെ നോക്കിയോ ആണ് നിശ്ചയിക്കേണ്ട തെന്ന് മഹർഷിമാർ പറഞ്ഞിട്ടില്ല. അവയൊന്നുമല്ല മഹത്ത്വത്തെ തീരുമാനിക്കാനുള്ള വഴി. വേദജ്ഞനാണ് മഹാൻ. രാജസദ സ്സിൽവച്ചു വന്ദിയെക്കാണുവാനാണു ഞങ്ങളിങ്ങോട്ടു വന്നത്. എന്റെ വരവ് പുഷ്കരമാല ചാർത്തിയ രാജാവിനെ ധരിപ്പിക്കു ക. ഞാൻ പണ്ഡിതന്മാരോടുകൂടി വാദിക്കുന്നതും വാദത്തിൽ മുന്നേറി ഞാൻ വന്ദിയെ ജയിക്കുന്നതും ഉടനെ കാണാവുന്നതാ ണ്. വിദ്യാപരിപൂർണ്ണന്മാരായ വിപ്രന്മാർ രാജാവിനോടും പുരോ ഹിതമുഖ്യന്മാരോടുംകൂടി എനിക്കു വാദത്തിൽ ഉയർച്ചയോ താഴ്ചയോ പറ്റുകയെന്നു ശാന്തമായി ഇരുന്നു കണ്ടുകൊള്ളട്ടെ!"

ദ്വാരപാലകൻ പറഞ്ഞു: "വിനീതന്മാരായ വിദ്വാന്മാർ ചെന്നുകയറേണ്ട സദസ്സിൽ പത്തുവയസ്സുമാത്രം പ്രായം ചെന്ന

digitized by www.sreyas.in

നീ നേരിട്ടു കടന്നുചെല്ലുകയോ? അത് എനിക്കു വിചാരിക്കുവാൻപോലും വയ്യ! ഭവാന് ഈ സഭയിൽ പ്രവേശിച്ചേ കഴിയൂ എന്നുണ്ടെങ്കിൽ ഞാൻ ഭവാനെ മറ്റൊരു വഴിക്കു കടത്തിവിടാം. ആ വഴിക്കുചെന്നാൽ ഭവാന് രാജാവിനെക്കാണുവാൻ സാധിക്കും."

അഷ്ടാവക്രൻ പറഞ്ഞു: "അല്ലയോ രാജാവേ, ഭവാൻ ജനകന്മാരിൽവെച്ചു ശ്രേഷ്ഠനാണ്. ഭവാൻ സമ്രാട്ടാണ്. ഭവാനിൽ എല്ലാ സമ്പത്തും സമൃദ്ധമായിരിക്കുന്നു. പണ്ട് യയാതി എന്നപോലെ ഇന്നു ഭവാൻ യജ്ഞകർമ്മങ്ങളിൽ മികച്ചുനില്ക്കുന്നു. ഇപ്പോൾ നടക്കുന്ന യാഗത്തിൽ വാദവിദഗ്ദ്ധനായ വന്ദി വാദത്തിൽ പല വൃദ്ധന്മാരേയും കീഴടക്കിയെന്നും വാദത്തിൽ തോറ്റവരെ ഒട്ടും ശങ്കകൂടാതെ ഭവാൻ നിയോഗിച്ചതുപോലെ, ഭവാന്റെ ആൾക്കാർ വെള്ളത്തിൽ മുക്കിക്കൊന്നുകളഞ്ഞു എന്നും ഞാൻ കേട്ടു. ഇപ്പോൾ ഞാൻ വന്നിരിക്കുന്നത് ആ വന്ദിയോട് അദ്വൈതബ്രഹ്മത്തെപ്പറ്റി ബ്രാഹ്മണസമക്ഷം വാദിക്കുവാനാണ്. ആ വന്ദി എവിടെയാണ്? നക്ഷത്രത്തെ ആദിത്യനെന്നപോലെ ഞാൻ ആ വന്ദിയെ ഇപ്പോൾ നശിപ്പിക്കും."

രാജാവു പറഞ്ഞു: "അന്യന്റെ വാക്യബലത്തെ ചിന്തിക്കാതെയാണ് ഭവാൻ വന്ദിയെ ജയിക്കുവാൻ ആഗ്രഹിക്കുന്നത്. വേദജ്ഞന്മാരായ ബ്രാഹ്മണർ പലരും വന്ദിയെ അറിയും; ഭവാന് അറിഞ്ഞുകൂടാ. ആ വാഗ്മിയെ വാദത്തിൽ ജയിക്കുവാനാണോ ഭവാൻ പുറപ്പെടുന്നത്? മുമ്പ് അയാളോട് എതിർത്ത ബ്രാഹ്മണരൊക്കെ സൂര്യപ്രകാശത്തിൽ നക്ഷത്രങ്ങൾ എന്നപോലെ ശോഭിക്കാതെ പോയത് ഭവാൻഅറിഞ്ഞിട്ടില്ലെന്നോ? വിജ്ഞാനമത്തന്മാർപോലും വന്ദിയുടെ മുമ്പിൽ എത്തുമ്പോഴേക്കും സദസ്യരുടെ മുമ്പിൽവെച്ചു മിണ്ടാൻപോലും ശക്തരാകാതെ നശിച്ചുപോയതോർക്കുമ്പോൾ ഭവാന്റെ ഈ പുറപ്പാടിനെപ്പറ്റി ഞങ്ങൾ എന്തുപറയട്ടെ!"

അഷ്ടാവക്രൻ പറഞ്ഞു: "എന്നെപ്പോലെയുള്ളവനോട് അവൻ വാദിച്ചിരിക്കുകയില്ല. അതാണ് അവൻ നിർഭയനായ സിംഹമായിത്തീരുവാൻ കാരണം. എന്നോട് എതിർത്തുവന്നാൽ വഴിക്കുവച്ചു തകർന്നുവീണ വണ്ടിപോലെ അവൻ നിഹതനാകുന്നതു കാണാം."

(അവന്റെ സാമർത്ഥ്യം കണ്ട് രാജാവ് ചില ചോദ്യങ്ങളാൽ അവനെ പരീക്ഷിച്ചു നോക്കി.)

രാജാവ് പറഞ്ഞു: "മുപ്പതു ഭാഗങ്ങളും പന്ത്രണ്ട് അംശങ്ങളും ഇരുപത്തിനാലു പർവങ്ങളും മുന്നൂറ്ററുപത് അരങ്ങളും ഉള്ള വസ്തുവിന്റെ അർത്ഥം അറിയുന്നവനെ മാത്രമേ ജ്ഞാനമുള്ളവനായി കണക്കാക്കാവൂ."

അഷ്ടാവക്രൻ പറഞ്ഞു: "ഇരുപത്തിനാലു പർവ്വങ്ങളും ആറു നാഭികളും പന്ത്രണ്ടു പരിധിയും മുന്നൂറ്ററുപത് അരങ്ങളുമുള്ള അനന്തം കറങ്ങുന്ന ആ ചക്രം അങ്ങയെ രക്ഷിക്കട്ടെ!"[1]

രാജാവു പറഞ്ഞു: "തേരിൽപ്പൂട്ടിയ രണ്ടു പെൺകുതിരകളെപ്പോലെ ഒന്നിച്ചു സഞ്ചരിക്കുന്നതും, പരുന്തിനെപ്പോലെ വേഗത്തിൽ പോകുന്നതും, ഉള്ളവ രണ്ടും ഏതു ദേവനിൽ സ്ഥിതി ചെയ്യുന്നു? അവ എന്തിനെ പ്രസവിക്കുന്നു?" (ജന്മം കൊടുക്കുന്നു.)

അഷ്ടാവക്രൻ പറഞ്ഞു: ഇവ രണ്ടും[2] അങ്ങയുടെ മാത്രമല്ല, അങ്ങയുടെ ശത്രുക്കളുടെ ഗൃഹത്തിലും വന്നുകൂടാതിരിക്കട്ടെ. കാറ്റ് സാരഥിയായുള്ളവൻ[3] ഇവ രണ്ടിനേയും സൃഷ്ടിക്കുന്നു; അവനെ ഇവ രണ്ടും സൃഷ്ടിക്കുന്നു."

രാജാവു പറഞ്ഞു: "കണ്ണടയ്ക്കാതെ ഉറങ്ങുന്നത് ഏതു ജീവിയാണ്? ജനിച്ചതിന്നുശേഷവും ഇളക്കമില്ലാത്തത് എന്തിനാണ്? ഹൃദയമില്ലാത്ത വസ്തുവേതാണ്? സ്വന്തം വേഗം കൊണ്ട് എന്താണു വർദ്ധിക്കുന്നത്?"

അഷ്ടാവക്രൻ പറഞ്ഞു: "കണ്ണടയ്ക്കാതെ ഉറങ്ങുന്ന ജീവി മത്സ്യമാണ്; ജനിച്ചതിന്നുശേഷവും ഇളക്കമില്ലാത്തത് മുട്ടയ്ക്കാണ്; ഹൃദയമില്ലാത്തതു കല്ലിന്നാണ്; സ്വന്തം വേഗത്താൽ വർദ്ധിക്കുന്നത് നദിയാണ്."

രാജാവു പറഞ്ഞു: "ഞാൻ നിന്നെ പരീക്ഷിക്കുവാനാണ് ഈ ചോദ്യങ്ങൾ ചോദിച്ചത്. ആ പരീക്ഷയിൽ എനിക്കു പരിപൂർണ്ണമായ തൃപ്തിയുണ്ടായിരിക്കുന്നു. ഇത്രയും വിദ്വാനായ ഭവാനെ വെറും ബാലനായിട്ടല്ല ദേവസത്വനായിട്ടാണ് ഞാൻ ഗണിക്കുന്നത്. ഭവാൻ കേവലം ബാലനല്ല, വൃദ്ധൻതന്നെയാണെന്ന് ഞാൻ സമ്മതിക്കുന്നു. വാഗ്മിത്വത്തിൽ ഭവാൻ അതുല്യപ്രഭാവനാണ്. അതുകൊണ്ട് ഭവാൻ ഈ വഴിക്കു പോയാലും! ഞാൻ അനുവദിക്കുന്നു. അതാ വന്ദി!"

134. അഷ്ടാവക്രീയം – അഷ്ടാവക്രൻ പറഞ്ഞു: "ഉഗ്രസേനൻ മുതലായ അപ്രതിമപ്രഭാവന്മാരായ രാജാക്കന്മാർ പലരും നിറഞ്ഞ ഈ സദസ്സിൽ വാദിപ്രവരനായ വന്ദിയെ ഇതുവരെ ഞാൻ തിരിച്ചറിഞ്ഞില്ല. മഹാജലത്തിൽനിന്നു ഹംസത്തെയെന്നപോലെ, ഈ മഹാസദസ്സിൽനിന്നു വന്ദിയെ ഞാൻ ഇതാ വാദത്തിന്നായി പിടികൂടുന്നു. തന്നെത്താൻ വാഗ്മിയാണെന്ന് അഭിമാനിക്കുന്ന ഈ വന്ദി എന്നോട് ഒന്നും മിണ്ടാത്തതെന്താണ്? എടോ വന്ദി! നീ എന്നോടു പന്തയത്തിന്നു തയ്യാറായാൽ നിനക്കു നദിയെപ്പോലെ സ്വച്ഛമായി ഒഴുകാൻ പറ്റില്ല. അത്യന്തം പ്രദീപ്തമായ അഗ്നിയെന്നപോലെയാണ് ഞാൻ എന്ന് അറിഞ്ഞുകൊണ്ട് എന്റെ മുമ്പിൽ ഉറച്ചുനിന്നുകൊള്ളുക."

വന്ദി പറഞ്ഞു: "ഉറങ്ങിക്കിടക്കുന്ന വ്യാഘ്രത്തെ ഉണർത്തരുതെന്നത് ഞാൻ ഭവാനെ പഠിപ്പിക്കാം. സർപ്പത്തിന്റെ തലയിൽ ചവിട്ടിയവനെ അതു വെറുതെ വിടുകയില്ല. അവൻ എത്ര ശക്തനായാലും എത്ര ഗർവ്വോന്മത്തനായിരുന്നാലും സർപ്പത്തിന്റെ കടി ഏല്ക്കുകതന്നെ ചെയ്യും. ദുർബ്ബലൻ ചെന്നു പർവ്വതത്തിന്മേൽ അടിച്ചാൽ അവന്റെ കൈ അല്ലാതെ മലയാണോ തകരുക!"

അഷ്ടാവക്രൻ പറഞ്ഞു: "ഹേ മിഥിലാധിപാ! പർവ്വതങ്ങളിൽ മൈനാകമെന്നപോലെ, മറ്റു രാജാക്കളിൽ ശ്രേഷ്ഠനാണ് ഭവാൻ. ഭവാന്റെ മുമ്പിൽ മറ്റുരാജാക്കളൊക്കെ, കാളക്കുട്ടികൾ കാളയുടെ മുമ്പിലെന്നപോലെയാണ്. സുരന്മാരിൽ മഹേന്ദ്രനും, നദികളിൽ ഗംഗയും മികച്ചുനില്ക്കുന്നപോലെ രാജാക്കളിൽ ഭവാൻ അതുല്യനായി മികച്ചുനില്ക്കുന്നു. ഈ വന്ദിയെ എന്നോടു വാദിക്കുവാൻ ഭവാൻ നിയോഗിച്ചാലും!"

ലോമശൻ പറഞ്ഞു: "ഇപ്രകാരം അഷ്ടാവക്രൻ സഭയിൽ കോപത്തോടെ ഗർജ്ജിച്ചുകൊണ്ടു പോരിന്നു വിളിച്ചു. ഞാൻ ചോദിക്കുന്നതിന്റെ ഉത്തരം നീ പറയണം. നീ ചോദിക്കുന്നതിന്റെ ഉത്തരം ഞാൻ പറയാം എന്നു പറഞ്ഞു വാദത്തിലേർപ്പെട്ടു."

വന്ദി പറഞ്ഞു: "ഒരേ ഒരു അഗ്നി പലരൂപത്തിൽ ഉജ്ജ്വലിക്കുന്നു; ഒരേ ഒരു സൂര്യൻ ലോകം മുഴുവൻ ശോഭിപ്പിക്കുന്നു; ഒരേ ഒരു വീരനായ ദേവരാജാവ് ശത്രുക്കളെ നശിപ്പിക്കുന്നു; യമൻ ഒരാൾ മാത്രമാണ് പിതൃക്കളുടെ ഈശ്വരൻ."

അഷ്ടാവക്രൻ പറഞ്ഞു: "കൂട്ടുകാരായി ഒന്നിച്ചു ചരിക്കുന്ന രണ്ടു പേരാണ് ഇന്ദ്രനും അഗ്നിയും; രണ്ടു ദേവർഷികളാണ് നാരദനും പർവ്വതനും; അശ്വിനികൾ രണ്ടാണ്; രഥത്തിന്റെ ചക്രങ്ങൾ രണ്ടെണ്ണമാണ്; വിധാതാവിനാൽ വിധിക്കപ്പെട്ടതിനാൽ ഭാര്യയും ഭർത്താവും രണ്ടാണ്."

വന്ദി പറഞ്ഞു: "കർമ്മത്താൽ പ്രജകൾ മൂന്നുതരമാണ്; മൂന്നു(വേദങ്ങൾ)ചേർന്നാണ് വാജപേയയാഗം ചെയ്യുന്നത്. മൂന്നു കാലങ്ങളിലാണ് അദ്ധ്വരങ്ങൾ ചെയ്യുന്നവർ ക്രിയകളാരം

1 ഈ ചക്രം കാലമാണ്. കാലോചിതമായ കർമ്മങ്ങളാൽ രാജാവിന് സ്വസ്തിയുണ്ടാകട്ടെ! എന്ന് അഷ്ടാവക്രൻ ഉദ്ദേശിക്കുന്നു.

2 ഇടിയും മിന്നലും.

3 മേഘം.

digitized by www.sreyas.in

ഭിക്കുന്നത്. ലോകങ്ങൾ മൂന്നാണ്; അതുപോലെതന്നെ ജ്യോതിസ്സുകൾ മൂന്നാണ്."

അഷ്ടാവക്രൻ പറഞ്ഞു: "ബ്രാഹ്മണനികേതനങ്ങൾ നാലാണ്; നാലു വർണ്ണങ്ങളും യജ്ഞം ചെയ്യുന്നു; ദിക്കുകൾ നാലാണ്; വർണ്ണങ്ങൾ നാലാണ്; അതുപോലെ പശുവിന്നു കാലു നാലാണെന്നതും പ്രസിദ്ധമാണ്."

വന്ദി പറഞ്ഞു: "അഗ്നി അഞ്ചുതരമാണ്; പങ്ക്തി പഞ്ചപദയാണ്! യജ്ഞങ്ങൾ അഞ്ചാണ്; അപ്സരസ്സുകൾ പഞ്ചചൂഡകളാണെന്നു വേദത്തിൽ കാണുന്നു; പുണ്യനദികൾ അഞ്ചാണെന്നതും ലോകപ്രസിദ്ധമാണ്."

അഷ്ടാവക്രൻ പറഞ്ഞു: "യാഗാരംഭത്തിൽ ആറുവിധദക്ഷിണകളാണ്; കാലചക്രത്തിന്ന് ആറ് ഋതുക്കളാണുള്ളത്. ഇന്ദ്രിയങ്ങൾ ആറാണ്; കൃത്തിക ആറാണ്; സാദ്യസ്കയാഗം ആറാണ് എന്നതും എല്ലാ വേദങ്ങളിലും കാണാവുന്നതുമാണ്."

വന്ദി പറഞ്ഞു: "വീട്ടുമൃഗങ്ങളുടെ എണ്ണം ഏഴാണ്; വന്യമൃഗങ്ങളും ഏഴാണ്; ഋഷികൾ ഏഴാണ്; അർഹണങ്ങൾ ഏഴാണ്; വീണ സപ്തതന്ത്രിയാണെന്നതു പ്രസിദ്ധവുമാണ്."

അഷ്ടാവക്രൻ പറഞ്ഞു: "നൂറിരട്ടി കൊള്ളുന്ന ശാണങ്ങൾ എട്ടാണ്. സിംഹഘാതിയായ ശരഭത്തിന്ന് കാലുകൾ എട്ടാണ്. ദേവന്മാരിൽ വസുക്കൾ എട്ടാണ്. സർവ്വയജ്ഞങ്ങളിലും യൂപങ്ങൾക്ക് എട്ടു മൂലകളാണെന്നതും പ്രസിദ്ധമാണ്."

വന്ദി പറഞ്ഞു: "പിതൃക്കൾക്കുള്ള ഹോമകർമ്മങ്ങളിൽ മന്ത്രങ്ങൾ ഒമ്പതാണ്; സൃഷ്ടിക്ക് ഒമ്പതു യോഗങ്ങളാണ്; ബൃഹതി നവാക്ഷരയാണ്; ഗണനത്തിൽ ഒമ്പത് അക്കങ്ങളാണെന്നത് ശാശ്വതമായ വസ്തുതയുമാണ്."

അഷ്ടാവക്രൻ പറഞ്ഞു: "മനുഷ്യലോകത്തിൽ ദിക്കുകൾ പത്താണ്; പത്തുനൂറുകൂടിയതാണ് ആയിരം; ഗർഭകാലം പത്തു മാസമാണ്; വിജ്ഞാനം ഉണ്ടാക്കുന്നവർ (പഠിപ്പിക്കുന്നവർ) പത്താണ്; അതിന്നു വിരോധികളായവർ പത്താണ്; അതർഹിക്കുന്നവരും പത്താണ്."

വന്ദി പറഞ്ഞു: "ജന്തുക്കൾക്ക് ഭോജ്യവസ്തുക്കൾ പതിനൊന്നാണ്; യൂപത്തിന്റെ എണ്ണം പതിനൊന്നാണ്; പ്രാണികൾക്കു വികാരം പതിനൊന്നാണ്; ദേവന്മാരുടെ ലോകത്തിൽ രുദ്രന്മാർ പതിനൊന്നുപേരാണ്."

അഷ്ടാവക്രൻ പറഞ്ഞു: "കൊല്ലത്തിൽ മാസങ്ങൾ പന്ത്രണ്ടാണ്; 'ജഗതി' (എന്ന വൃത്തത്തിന്ന്) പാദങ്ങളായി പന്ത്രണ്ടക്ഷരങ്ങളാണ്. പ്രാകൃതയജ്ഞങ്ങൾ പന്ത്രണ്ടാണ്. ആദിത്യന്മാർ പന്ത്രണ്ടാണെന്നും വിവരമുള്ളവർ പറയുന്നു."

വന്ദി പറഞ്ഞു: "പതിമ്മൂന്നാമത്തെ തിഥി ഏറ്റവും പുണ്യമാണ്; ഭൂമിയിൽ പതിമ്മൂന്നു ദ്വീപുകളാണെന്നതും വിഖ്യാതമാണ്..."

ലോമശൻ പറഞ്ഞു: "ഇത്രത്തോളം പറഞ്ഞിട്ടും ശ്ലോകാർദ്ധം ചൊല്ലാൻ കിട്ടാതെ വന്ദി മൂകനായി മിഴിച്ചുനിന്നു. അപ്പോഴേക്കും സദസ്സിൽ ആർപ്പും കൈകൊട്ടും ആഹ്ലാദപ്രകടനവുമായി. ഉടനെ അഷ്ടാവക്രൻ ശ്ലോകം പൂരിപ്പിച്ചു."

അഷ്ടാവക്രൻ പറഞ്ഞു: "കേശി ചെയ്ത അഹസ്സുകൾ പതിമ്മൂന്നാണ്; ആദിച്ഛന്ദസ്സുകൾ പതിമ്മൂന്നാണ്."

ലോമശൻ പറഞ്ഞു: "ഈ ശ്ലോകപൂരണം കഴിഞ്ഞപ്പോൾ കരഘോഷവും ആർപ്പുവിളിയുമുണ്ടായി. ജനങ്ങൾ ഇങ്ങനെ ആഹ്ലാദം പ്രകടിപ്പിക്കുമ്പോൾ സൂതപുത്രൻ, വന്ദി, മൂകനായി തലതാഴ്ത്തി നിന്നു. ഇങ്ങനെ അഷ്ടാവക്രൻ ജയിക്കുകയും വന്ദി തോല്ക്കുകയും ചെയ്തതു കണ്ടപ്പോൾ ജനങ്ങളുടെ ആഹ്ലാദം കരകവിഞ്ഞു. ഈ ബാലനായ അഷ്ടാവക്രനെ എല്ലാവരും മുക്തകണ്ഠം പ്രശംസിച്ച് അഭിനന്ദിക്കുന്ന ബഹളം അവിടെ മുഴങ്ങി. ബ്രാഹ്മണന്മാർ അവനെ ആനന്ദത്തോടെ കൈകൂപ്പി."

അഷ്ടാവക്രൻ പറഞ്ഞു: "ഇവൻ മുമ്പെ അനേകം ബ്രാഹ്മണരെ വാദത്തിൽ ജയിച്ച് വെള്ളത്തിൽ താഴ്ത്തിവിട്ടല്ലോ. അപ്രകാരം തന്നെ ഇപ്പോൾ ഈ വന്ദിയേയും ജലത്തിൽ ആഴ്ത്തിക്കളയണം. അതാണ് ധർമ്മം."

വന്ദി പറഞ്ഞു: "മാന്യരേ! ഞാൻ രാജാവായ വരുണന്റെ പുത്രനാണ്. അവിടെ അച്ഛന്റെ രാജധാനിയിൽ പന്ത്രണ്ടുകൊല്ലംകൊണ്ടു തീരുന്ന ഒരു സത്രം നടക്കുകയാണ്. ഹേ ജനകാ, അങ്ങയുടെ സത്രത്തിന്നു തുല്യമാണ് ആ സത്രവും. ഞാൻ അതിലേക്ക്, അതു കാണുവാനാണ് ദ്വിജശ്രേഷ്ഠന്മാരെ ജലത്തിൽ മുക്കി അങ്ങോട്ടുവിട്ടത്. വരുണന്റെ സത്രം കാണുവാൻ പോയ അക്കൂട്ടരെല്ലാം തിരികെ വന്നുകൊള്ളും. അഷ്ടാവക്രൻ പൂജ്യനാണ്. ഞാൻ അവനെ പൂജിക്കുന്നു. അവന്റെ അച്ഛനെ ഞാൻ ഉടനെ വരുത്താം."

അഷ്ടാവക്രൻ പറഞ്ഞു: "വിദ്വാന്മാരായ വിപ്രന്മാരെ വാക്കിനാലും ബുദ്ധിശക്തിയാലും ഇവൻ ജയിച്ച് കടലിൽ താഴ്ത്തിവിട്ടു. ഇന്ന് ആ വാക്കും ബുദ്ധിയും ഞാൻ വീണ്ടെടുത്തിരിക്കുന്നു. ഇനി സത്യസന്ധർ പറയട്ടെ! നന്മയും തിന്മയും അറിയുന്ന അഗ്നി, സ്വതേജസ്സാൽ സത്തുക്കളുടെ ഗൃഹങ്ങളെ ദഹിപ്പിക്കാതെ അവരോടു ദാക്ഷിണ്യം കാണിക്കുന്നതുപോലെ, സജ്ജനങ്ങൾ കുട്ടികളുടെ വാദങ്ങളേയും അഭിപ്രായങ്ങളേയും കേട്ടു വിധി കല്പിക്കട്ടെ! ഹേ! ജനകാ, ശ്ലേഷ്മാതകത്തിന്റെ കായ് തിന്നതുപോലെ അങ്ങ് ബുദ്ധിശൂന്യനായിട്ടോ അഥവാ സ്തുതി കേട്ട് മദോന്മത്തനായിട്ടോ എന്റെ വാക്കുകേട്ടിട്ടും ഗർവുള്ള ആനയെപ്പോലെ കേൾക്കാത്ത മട്ടിൽ നില്ക്കുന്നത്?"

ജനകൻ പറഞ്ഞു: "ഹേ അഷ്ടാവക്ര! ഞാൻ നിന്റെ വാക്കു കേൾക്കുന്നുണ്ട്. ദിവ്യമായും അമാനുഷമായും ഇരിക്കുന്ന വാക്കാണ് നീ പറയുന്നത്. ദിവ്യരൂപനാണ് ഭവാൻ. വാദത്തിൽ നീ വന്ദിയെ ജയിക്കുകയാൽ നിന്റെ ഇഷ്ടത്തിനുവേണ്ടി ഞാൻ അവനെ ഇതാ വിട്ടുതന്നിരിക്കുന്നു."

അഷ്ടാവക്രൻ പറഞ്ഞു: "ജീവിച്ചിരിക്കുന്ന ഈ വന്ദിയെക്കൊണ്ട് എനിക്കു യാതൊരു കാര്യവുമില്ല. ഇവന്റെ അച്ഛൻ വരുണനാണെങ്കിൽ ഇവനെ വെള്ളത്തിൽ താഴ്ത്തി വിടുക."

വന്ദി പറഞ്ഞു: "ഞാൻ വരുണരാജാവിന്റെ പുത്രനാണ്. വെള്ളത്തിൽ താഴ്ത്തിവിട്ടതുകൊണ്ട് എനിക്കൊരു ദോഷവും വരാൻ പോകുന്നില്ല. വളരെനാളായി മരിച്ചുപോയി എന്ന് അഷ്ടാവക്രൻ വിചാരിച്ചിരിക്കുന്ന അവന്റെ അച്ഛനായ കഹോഡനെ ഇപ്പോൾ കാണാൻ സാധിക്കും."

ലോമശൻ പറഞ്ഞു: "ഉടനെ മഹാത്മാവായ വരുണൻ പൂജിച്ചു പാർപ്പിച്ചിരുന്ന വിപ്രന്മാർ എല്ലാവരും പൊങ്ങിവന്നു ജനകന്റെ സമീപത്തുനിന്നു."

കഹോഡൻ പറഞ്ഞു: "ഹേ, ജനകരാജാവേ, ഇതിന്നാണ് ജനങ്ങൾ സത്കർമ്മങ്ങൾ ചെയ്ത് പുത്രന്മാരുണ്ടാകുവാൻ ഇച്ഛിക്കുന്നത്. എനിക്കു കഴിയാതിരുന്ന കാര്യം എന്റെ മകൻ ചെയ്തു. അശക്തനായ അച്ഛന് ശക്തനായ മകനുണ്ടാകാം. മൂഢന്നും പണ്ഡിതനായ മകനുണ്ടാകാം. അതുപോലെതന്നെ വിദ്യാഭ്യാസമില്ലാത്തവന്ന് വിദ്വാനായ പുത്രനുണ്ടാകാം. അങ്ങയ്ക്ക് ഭദ്രം ഭവിക്കട്ടെ! നിശിതമായ വെണ്മഴുകൊണ്ട് അങ്ങയുടെ ശത്രുക്കളുടെ ശിരസ്സ് അന്തകൻ അരിഞ്ഞുവീഴ്ത്തട്ടെ. ജനകരാജാവിന്റെ ഈ സത്രത്തിൽ മഹത്തായ 'ഉക്ഥഗാന'ങ്ങൾ ഗാനം ചെയ്യപ്പെടുന്നു; സോമം വേണ്ടത്ര പാനം ചെയ്യപ്പെടുന്നു; സാക്ഷാൽ ദേവന്മാർ സ്വയം, ഹൃഷ്ടരായി തങ്ങൾക്കുള്ള ഭാഗം സ്വീകരിക്കുന്നു!"

ലോമശൻ പറഞ്ഞു: "ആ വിപ്രന്മാരൊക്കെ പ്രഭയോടുകൂടി പൊങ്ങിവന്നതിന്നുശേഷം ജനകമഹാരാജാവിനോടു വിടവാങ്ങി വന്ദി സമുദ്രത്തിൽ പ്രവേശിച്ചു. അഷ്ടാവക്രൻ അച്ഛനെ പൂജിച്ചു. വിപ്രന്മാർ അഷ്ടാവക്രനെ അഭിനന്ദിച്ച് പൂജിക്കുകയും ചെയ്തു. വന്ദിയെ ജയിച്ച അഷ്ടാവക്രൻ അച്ഛനോടും മാതുലനോടും കൂടി ആശ്രമത്തിലേക്കു മടങ്ങി. അവിടെച്ചെന്ന് അമ്മ

digitized by www.sreyas.in

യുടെ മുമ്പിൽവച്ച് 'നീ ഈ സമംഗാനദിയിൽ വേഗം മുങ്ങിക്കുളിക്കുക' എന്ന് അച്ഛൻ പറഞ്ഞു.

പറഞ്ഞപ്രകാരം ആ തീർത്ഥത്തിൽ അഷ്ടാവക്രൻ മുങ്ങി. ഉടനെ അവന്റെ എട്ടു വളവുകളും പോയി. അവൻ സുന്ദരനാവുകയും ചെയ്തു. അതോടുകൂടി മധുബിലയെന്ന ആ നദിയും പുണ്യയായിത്തീർന്നു. അംഗങ്ങളെ സമമാക്കിത്തീർത്തതുകൊണ്ട് ആ നദിക്ക് 'സമംഗ' എന്നപേർ സിദ്ധിക്കുകയും ചെയ്തു.

ആ നദിയിൽ സ്നാനം ചെയ്താൽ പാപങ്ങൾ നശിച്ചുപോകും. ഭവാൻ ഇതിൽ സ്നാനപാനാവഗാഹകൃത്യങ്ങൾ ഭ്രാതൃഭാര്യാസമേതനായി ചെയ്താലും. ഹേ കൗന്തേയാ, നീ സഹോദരന്മാരോടും, വിപ്രരോടും കൂടി സന്തോഷത്തോടെ ഇവിടെ കുറച്ചുനാൾ വസിച്ചതിന്നുശേഷം പുണ്യസ്ഥലങ്ങൾ ഭക്തിയോടെ എന്നോടുകൂടി സഞ്ചരിച്ചു കണ്ട് ശുദ്ധനും ഭക്തനുമായി ഭവിക്കുക."

135. യവക്രീതോപാഖ്യാനം – ലോമശൻ പറഞ്ഞു: "ഹേ രാജാവേ! 'മധുബില' എന്ന് പണ്ടു പേരുണ്ടായിരുന്ന 'സമംഗ' ഇതാ കാണുന്നു. ഇതാണ് ഭരതന്റെ 'കർദ്ദിമില'മെന്ന അഭിഷേചനസ്ഥലം. വൃത്രവധത്തിന്നുശേഷം അലക്ഷ്മി പിടിപെട്ട ശചീപതി സമംഗയിൽ കുളിച്ച് എല്ലാ പാപത്തിൽനിന്നും വിമുക്തനായി. ഇതാ മൈനാകപർവ്വതത്തിന്റെ അന്തർഭാഗത്തായി 'വിനശനം' എന്ന തീർത്ഥം കാണുന്നു. അദിതി സന്തതിക്കായി അന്നം പാകം ചെയ്തത് ഇവിടെവെച്ചാണ്. ഈ പർവ്വതരാജനിൽ കയറിയാൽ അങ്ങയെ ബാധിച്ച അയശസ്കരമായ അലക്ഷ്മിപോലും അകന്നുപോകും. ഋഷിമാർക്കു പ്രിയപ്പെട്ട 'കനഖല' പർവ്വതങ്ങൾ ഇവയാണ്. ഗംഗാ മഹാനദി ഇതാ കാണുന്നു. ഭഗവാൻ സനൽക്കുമാരൻ പണ്ട് ഇതിലാണു സിദ്ധിപ്രാപിച്ചത്. ഇവിടെ ഇറങ്ങി ഹേ ആജമീഢാ! പാപങ്ങളൊക്കെ ഭവാൻ നീക്കിയാലും. 'പുണ്യമ'യെന്ന പുണ്യസരസ്സിലും, ഭൃഗുതുംഗപർവ്വതത്തിലും, തുഷ്ണീഗംഗകളിലും മന്ത്രിമാരോടുകൂടി ഭവാൻ പ്രവേശിച്ചാലും.

സ്ഥൂലശിരസ്സിന്റെ രമണീയമായ ആശ്രമം ഇതാ കാണുന്നു. മാനവും, ക്രോധവും ഭവാൻ അവിടെ ഉപേക്ഷിക്കണം. ശ്രീമാനായ രൈഭ്യന്റെ ആശ്രമം അതാ കാണുന്നു. ഭരദ്വാജനും, കവിയുമായ 'യവക്രീതൻ' ഇവിടെവെച്ചാണു നാശം പ്രാപിച്ചത്."

യുധിഷ്ഠിരൻ പറഞ്ഞു: "പ്രതാപിയായ രൈഭ്യൻ എങ്ങനെ മുക്തനായി? ഭരദ്വാജപുത്രനായ യവക്രീതൻ എങ്ങനെ പണ്ഡിതനായി എന്നും, എങ്ങനെ നശിച്ചു എന്നുമുള്ള കഥകൾ ഉണ്ടായവിധം കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. ദേവകല്പന്മാരായ അവരുടെ കർമ്മങ്ങളെക്കുറിച്ചു കേൾക്കുവാൻ എനിക്കു വലിയ താല്പര്യം തോന്നുന്നു."

ലോമശൻ പറഞ്ഞു: "ഭരദ്വാജനും രൈഭ്യനും വലിയ സുഹൃത്തുക്കളായിരുന്നു. അവർ പരസ്പരസ്നേഹത്തോടെ ഇവിടെ അധിവസിച്ചു. രൈഭ്യനു രണ്ടുമക്കളുണ്ടായിരുന്നു. അർവാവസു, പരാവസു ഇവരാണ് ആ മക്കൾ. ഭരദ്വാജന്ന് ഒരു പുത്രനേ ഉണ്ടായുള്ളു. അവനാണ് യവക്രീതൻ. രൈഭ്യനും മക്കളും വിദ്വാന്മാരാണ്. ഭരദ്വാജൻ വലിയ തപസ്വിയായിരുന്നു. ചെറുപ്പം മുതൽ രൈഭ്യനും ഭരദ്വാജനും തമ്മിൽ വളരെ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി ജീവിച്ചുവന്നു. തപസ്വിയായ തന്റെ അച്ഛൻ, ബ്രാഹ്മണരാൽ ആദരിക്കപ്പെടാതിരിക്കുന്നതും, വിദ്വാന്മാരായ രൈഭ്യനും മക്കളും പൂജിക്കപ്പെടുന്നതും കണ്ട് യവക്രീതന്ന് വലിയ ദുഃഖമുണ്ടായി. തനിക്കു വലിയ വേദജ്ഞനാകണം; അതു തപസ്സുകൊണ്ടു സാധിക്കുവാൻ അവൻ ഘോരമായ തപസ്സിന്നൊരുങ്ങി. യവക്രീതൻ വേദങ്ങൾ പഠിക്കാതെ തപസ്സുകൊണ്ട് വേദജ്ഞാനം ലഭിക്കുവാൻ വേണ്ടി കത്തുന്ന തീയിൽ സ്വശരീരം തപിപ്പിച്ചു. ഘോരമായ ഈ തപസ്സ് ഇന്ദ്രന്ന് സന്താപം ജനിപ്പിച്ചു. ഇന്ദ്രൻ യവക്രീതന്റെ സമീപത്തണഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഭവാൻ ഈ ഘോരമായ തപസ്സു ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണ്?"

യവക്രീതൻ പറഞ്ഞു: "ദ്വിജന്മാരിൽനിന്ന് അഭ്യസിക്കാതെ തന്നെ വേദങ്ങളൊക്കെ വശമാക്കുവാൻവേണ്ടിയാണ് സുരാധിപാ! ഞാൻ ഈ ഘോരമായ തപസ്സു ചെയ്യുന്നത്. സ്വാദ്ധ്യായത്തിന്നാണ് ഹേ പാകശാസനാ! എന്റെ ഉദ്യമം. തപസ്സാൽ എല്ലാ ജ്ഞാനവും ലഭിക്കണം. വേദങ്ങളൊക്കെ ഗുരുമുഖത്തിങ്കൽ നിന്നു പഠിക്കുവാൻ വളരെക്കാലം വേണ്ടിവരും. അതുകൊണ്ട് ഈ മാർഗ്ഗം ഞാൻ സ്വീകരിച്ചു."

ഇന്ദ്രൻ പറഞ്ഞു: "അല്ലയോ വിപ്രർഷേ! ഭവാൻ സ്വീകരിച്ച ഈ മാർഗ്ഗം ശരിയല്ല. ഉദ്ദേശം നല്ലതാണ്. ശരിയായ മാർഗ്ഗം ഗുരുമുഖത്തിൽനിന്ന് അഭ്യസിക്കുന്നതാണ്. അതുകൊണ്ട് ഉദ്ദേശ്യത്തിന്നു വിഘ്നം വരുത്താതെ ഗുരുവിനെ സമീപിക്കുക."

ലോമശൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ശക്രൻ മറഞ്ഞു. എന്നാൽ യവക്രീതൻ തപസ്സിൽനിന്നു പിന്മാറിയില്ല. ഇന്ദ്രൻ പറഞ്ഞതനുസരിക്കാതെ അതികഠിനമായ തപസ്സുചെയ്യുകതന്നെ ചെയ്തു. ഇന്ദ്രനെ അവൻ സന്തപിപ്പിച്ചു. ഇപ്രകാരം തീവ്രമായ തപസ്സുചെയ്യുന്ന ആ മഹാമുനിയെ ദേവേന്ദ്രൻ വീണ്ടും ചെന്നു കണ്ടു."

ഇന്ദ്രൻ പറഞ്ഞു: "മഹർഷേ! ഭവാന്റെ ശ്രമം അസാദ്ധ്യമാണ്. ആലോചിക്കാതെയാണ് ഭവാൻ ഈ സാഹസത്തിനൊരുങ്ങിയത്. നിനക്കും നിന്റെ അച്ഛനും പഠിക്കാതെ താനേ വേദം ഉണ്ടാകുമോ?"

യവക്രീതൻ പറഞ്ഞു: "എന്റെ ആഗ്രഹം അതാണ്. അതു സാധിപ്പിക്കുന്നില്ലെങ്കിൽ ഇതിനേക്കാൾ ഉഗ്രമായ തപസ്സിൽ പ്രവേശിക്കുവാൻ ഞാൻ തീർച്ചയാക്കിക്കഴിഞ്ഞു. കത്തുന്ന അഗ്നിയിൽ ഞാൻ എന്റെ ദേഹം മുറിച്ചു മുറിച്ചു ഹോമിക്കും. ഹേ, മഘവാനേ! ഭവാൻ ധരിച്ചാലും എന്റെ ദൃഢനിശ്ചയം! എന്റെ കാമം ഭവാൻ ഉടനെ സാധിപ്പിച്ചുതരിക. അല്ലെങ്കിൽ തപസ്സുചെയ്യുകതന്നെ ചെയ്യും!"

ലോമശൻ പറഞ്ഞു: "മഹാത്മാവായ മുനിയുടെ നിശ്ചയം മനസ്സിലാക്കി, അദ്ദേഹത്തെ അതിൽനിന്നു തടയുവാൻ എന്താണു വഴിയെന്ന് ബുദ്ധിമാനായ ഇന്ദ്രൻ ചിന്തിച്ചു. ദുർബ്ബലനും ക്ഷീണിതനും അനേകശതം പ്രായം ചെന്നവനുമായ ഒരു ബ്രാഹ്മണവൃദ്ധന്റെ വേഷം ഇന്ദ്രൻ സ്വീകരിച്ച്, യവക്രീതൻ ദേഹശുദ്ധി ചെയ്യുന്ന തീർത്ഥസ്ഥലത്തുചെന്ന്, മണൽകൂട്ടി ഗംഗയിൽ ചിറകെട്ടുന്നതിൽ ഏർപ്പെട്ടു. താൻ പറയുന്നതിനെ അനുസരിക്കാത്ത യവക്രീതന്നു കാണാവുന്ന വിധത്തിൽ മണൽത്തരികൾ കൈകൊണ്ട് വാരിക്കൊണ്ടുവന്നു ഗംഗയ്ക്കു ചിറകെട്ടുന്നതിൽ വൃദ്ധബ്രാഹ്മണവേഷധാരിയായ ഇന്ദ്രൻ പണിപ്പെട്ടു. യവക്രീതൻ ആ ബ്രാഹ്മണന്റെ ബുദ്ധിശൂന്യമായ പ്രവൃത്തികണ്ടു പൊട്ടിച്ചിരിച്ചു ചോദിച്ചു."

യവക്രീതൻ പറഞ്ഞു: "എടോ ബ്രാഹ്മണാ! ഭവാന്റെ പരിശ്രമമെന്തിനാണ്? എന്താണ് നിന്റെ ആഗ്രഹം? അസാദ്ധ്യമായ ഏത് ഉദ്യമത്തിലാണു ഭവാൻ ഏർപ്പെട്ടിരിക്കുന്നത്?"

ഇന്ദ്രൻ പറഞ്ഞു: "ഞാൻ ഗംഗയ്ക്ക് ഒരു ചിറകെട്ടുകയാണ്. ഉണ്ണീ, നദി കടക്കുവാൻ നല്ല ഒരു വഴി ഇതോടെ ലഭിക്കും. ജനങ്ങൾ എത്രനാളായി അക്കരകടക്കുവാൻ ബുദ്ധിമുട്ടുന്നു!"

യവക്രീതൻ പറഞ്ഞു: "ഒഴുക്കിന്നു നല്ല ശക്തിയുണ്ട്. ഇതു ഭവാന് അസാദ്ധ്യമായ ഒരു കാര്യമാണ്. അസാദ്ധ്യമായ കാര്യത്തിൽനിന്നു മനസ്സ് പിൻതിരിക്കുക. സാദ്ധ്യമായ കർമ്മങ്ങളിൽ ഏർപ്പെടുക."

ഇന്ദ്രൻ പറഞ്ഞു: "ഭവാൻ വേദത്തിനുവേണ്ടി തപസ്സുചെയ്യുന്ന മാതിരി എനിക്കും ഇത് അസാദ്ധ്യംതന്നെയാണ്. എന്നാലും ഒരു മറി നോക്കട്ടെ."

യവക്രീതൻ പറഞ്ഞു: "എന്റെ യത്നം ഇപ്രകാരമാണെന്നാണോ പാകശാസനാ! ഭവാൻ കരുതുന്നത്? എങ്കിൽ ഹേ, സുര

digitized by www.sreyas.in

ഗണേശ്വരാ! അങ്ങയുടെ ഇഷ്ടംപോലെ, കഴിവുപോലെ എന്നെ സഹായിക്കുക. മറ്റുള്ളവരിൽ ഞാൻ മേലെയാകണം. അതിന്നു തക്ക വരം എനിക്കുതരണം."

ലോമശൻ പറഞ്ഞു: "മഹാതപസ്വിയായ അവൻ ആവശ്യപ്പെട്ടതുപോലെ ഇന്ദ്രൻ അവന്നു വരം നല്കി. യവക്രീതനും അവന്റെ അച്ഛനും വേദം അഭ്യസിക്കാതെ വേദജ്ഞാനം അവരിൽ യഥേഷ്ടം തോന്നട്ടെ എന്ന് അനുഗ്രഹിച്ചു. 'മറ്റ് ആഗ്രഹങ്ങളും ഹേ, യവക്രീതാ! നിനക്കു സാധിക്കും' എന്ന് ഇന്ദ്രൻ അവനോടു പറഞ്ഞു. യവക്രീതൻ വിവരം ലഭിച്ച ഉടനെ അച്ഛന്റെ സമീപത്തിൽച്ചെന്നു."

യവക്രീതൻ പറഞ്ഞു: "വേദങ്ങളൊക്കെ എനിക്കും അതുപോലെതന്നെ അച്ഛനും പഠിക്കാതെതന്നെ തോന്നും. നാം അന്യരേക്കാൾ മേലെയാകും; അങ്ങനെ ഒരു വരം ഞാൻ ദേവേന്ദ്രനിൽനിന്നു വാങ്ങിച്ചു."

ഭരദ്വാജൻ പറഞ്ഞു: "ഉണ്ണീ! യഥേഷ്ടമായ വരസിദ്ധിമൂലം നിനക്കു ഗർവ്വുണ്ടാകും. ഗർവ്വു മൂത്താൽ കൃപണനായി ഉടനെ നശിക്കുകയും ചെയ്യും. അതിന്നുദാഹരണമായി ദേവന്മാർ പാടുന്ന പാട്ട് വെളിച്ചം കാണിക്കുന്നുണ്ട്. ആ കഥ ഞാൻ പറഞ്ഞുതരാം. പണ്ട് 'ബാലധി' എന്നു പേരായി വീര്യവാനായ ഒരു മുനിയുണ്ടായിരുന്നു. അവൻ പുത്രനുണ്ടാകാൻവേണ്ടി ദുഷ്കരമായ തപസ്സുചെയ്തു. എനിക്ക് അമർത്ത്യനായ പുത്രനുണ്ടാകണം എന്നായിരുന്നു അവന്റെ പ്രാർത്ഥന. ദേവന്മാർ പ്രസാദിച്ചു വരം നല്കി ഇപ്രകാരം പറഞ്ഞു."

ദേവന്മാർ പറഞ്ഞു: "മർത്ത്യൻ ഒരിക്കലും അമർത്ത്യനാവുകയില്ല. എന്നാൽ നിമിത്തായുസ്സായി വരട്ടെ!"

ബാലധി പറഞ്ഞു: "എന്നാൽ എന്നും നാശമില്ലാത്ത ഈ പർവ്വതമാകട്ടെ എന്റെ പുത്രായുസ്സിന്നു നിമിത്തം. സുരസത്തമന്മാരായ നിങ്ങൾ അതിന്ന് അനുവദിക്കണം."

ഭരദ്വാജൻ പറഞ്ഞു: "ബാലധി പറഞ്ഞപ്രകാരം ദേവന്മാർ വരം നല്കി. അവന്ന് ഒരു പുത്രനുണ്ടായി. അവന്റെപേര് 'മേധാവി' എന്നായിരുന്നു. വലിയ കോപശീലനായി മേധാവി വളർന്നു. അച്ഛന്റെ തപസ്സിന്റെ ഫലമായി തനിക്കു ലഭിച്ച പ്രതാപത്തിൽ അവൻ ഗർവ്വിയായിത്തീർന്നു. മുനിമാരായ സജ്ജനങ്ങളെയൊക്കെ അവൻ നിന്ദിച്ചു. മഹാവീര്യനും മനീഷിയുമായ 'ധനുഷാക്ഷനെ' അവൻ ചെന്നു ഭയങ്കരമായി നിന്ദിക്കുകയും ദ്രോഹിക്കുകയും ചെയ്തു. അവൻ ഉടനെ മേധാവിയെ ശപിച്ചു. നീ ഭസ്മമായി പോകട്ടെ എന്ന്. എന്നാൽ അവൻ ഭസ്മമായില്ല. മേധാവിക്ക് ഒരു കേടും പറ്റാഞ്ഞതുകൊണ്ട് ധനുഷാക്ഷൻ ചിന്തിച്ചു കാര്യം ഗ്രഹിച്ചു. അവന്റെ നിമിത്തമായി പർവ്വതത്തെ മഹിഷങ്ങളെ വിട്ടു തകർത്തു നശിപ്പിച്ചു. നിമിത്തം നഷ്ടമായപ്പോൾ മേധാവിയും മരിച്ചു. മൃതനായ പുത്രനെ എടുത്തു ദുഃഖിച്ചുകേഴുന്ന ബാലധിയുടെ ചുറ്റും മുനിമാർ കൂടി. വേദജ്ഞന്മാരായ അവർ ചൊല്ലിയ ഗാഥ നീ കേൾക്കുക; 'വിധി കല്പിച്ചതു തടുക്കുവാൻ മർത്ത്യന്ന് ഒരിക്കലും കഴിയുകയില്ല. മഹിഷങ്ങളാൽ മലപോലും തകർത്തു തരിപ്പണമാക്കാൻ ധനുഷാക്ഷനു കഴിഞ്ഞു!' ധനുഷാക്ഷൻ മലകളെ പിളർന്നു മേധാവിയെ നശിപ്പിച്ചതുപോലെ വരംകൊണ്ടു ഗർവ്വിക്കുന്ന ബാലതപസ്വികളും നശിച്ചുപോകും. അതുപോലെയായിത്തീരരുതു നീയും. രൈഭ്യൻ മഹാവീര്യവാനാണ്. അതുപോലെതന്നെയാണ് അവന്റെ പുത്രന്മാരും. അവനെതിരായി ഒന്നും ചെയ്യാതെ നീ കരുതി നില്ക്കണം. അവൻ കോപിഷ്ഠനാണ്. അവൻ ക്രുദ്ധനായാൽ നിനക്ക് ആപത്തു വന്നുകൂടും. അവൻ തപസ്വിയും, കോപിഷ്ഠനും മഹാമുനിയുമാണെന്ന് നീ ധരിക്കണം."

യവക്രീതൻ പറഞ്ഞു: "അച്ഛൻ പറഞ്ഞതുപോലെ ഞാൻ ചെയ്തുകൊള്ളാം. ലേശവും വിഷാദം ഇക്കാര്യത്തിൽ വേണ്ട. എനിക്കു ഭവാൻ അച്ഛനാണ്. അതുപോലെ രൈഭ്യനും എനിക്കു മാന്യനാണ്."

ലോമശൻ പറഞ്ഞു: "ഇപ്രകാരം യവക്രീതൻ അച്ഛനോടു ഭംഗിവാക്കു പറഞ്ഞെങ്കിലും അവൻ മുനിമാരെയൊക്കെ ധിക്കരിച്ചു പ്രവർത്തിച്ചുപോന്നു. അതിൽ അവൻ സന്തോഷം കൊണ്ടു."

136. യവക്രീതോപാഖ്യാനം – ലോമശൻ പറഞ്ഞു: "അങ്ങനെ വരബലംകൊണ്ട് അതിരറ്റ ആനന്ദത്തോടെ യവക്രീതൻ നിർഭയനായി സർവ്വദിക്കിലും സഞ്ചരിച്ചുപോന്നു. അങ്ങനെയിരിക്കെ വസന്തകാലം വന്നു. പൂത്തും തളിർത്തും മരങ്ങളും, ലതകളും കാടിനെ ഭംഗികൂട്ടി. രൈഭ്യന്റെ മനോഹരമായ ആശ്രമത്തിൽ യവക്രീതൻ ചെന്നുകയറി. വസന്തത്തിന്റെ മനോഹാരിത അവിടെയെങ്ങും നടമാടിയിരുന്നു.

അവിടെവെച്ച് കിന്നരസ്ത്രീപോലെ സുന്ദരിയായ ഒരു തരുണിയെ ആശ്രമത്തിൽ അവൻ കണ്ടു. അവൾ രൈഭ്യന്റെ പുത്രന്റെ ഭാര്യയല്ലാതെ മറ്റാരുമായിരുന്നില്ല. യവക്രീതൻ അവളുടെ സമീപത്തുചെന്നു. അവൾ ലജ്ജിച്ചുനിന്നു. ഉടനെ ലജ്ജവിട്ട് അവൻ അവളോടു പറഞ്ഞു."

യവക്രീതൻ പറഞ്ഞു: "ഹേ സുന്ദരീ, നീ ഇപ്പോൾ എന്നോടുകൂടി ചേരണം."

ലോമശൻ പറഞ്ഞു: "കാമമോഹിതനായ അവന്റെ മട്ടുകണ്ടിട്ട് അവന്റെ ശാപത്തിൽ ഭയപ്പെട്ടും രൈഭ്യന്റെ തേജസ്സിനെ ഓർത്തും 'അങ്ങനെയാകാം. ഏകാന്തമായ സ്ഥലത്തുചെന്നു തയ്യാറായിക്കൊള്ളുക.' എന്ന് അവൾ പറഞ്ഞു. അവിടെനിന്ന് അവൾ പോയി. യവക്രീതൻ വിജനത്തിൽപ്പോയി തയ്യാറെടുത്ത് അവളുടെ വരവും കാത്തുനില്പായി. എന്നാൽ ഈ അവസരത്തിൽ രൈഭ്യൻ തന്റെ ആശ്രമത്തിൽ കടന്നുചെന്നു. അപ്പോൾ തന്റെ സ്നുഷ വിലപിക്കുന്നതായിക്കണ്ട്, ഭംഗിയായി അവളെ സാന്ത്വനം ചെയ്ത് വൃത്താന്തം ചോദിച്ചു. ഉടനെ പരാവസുവിന്റെ ഭാര്യയായ അവൾ യവക്രീതൻ പറഞ്ഞതൊക്കെ മഹർഷിയോടു പറഞ്ഞു. യവക്രീതൻ സജ്ജനായി നില്ക്കുന്നതും അവൾ ശ്വശുരനു ചൂണ്ടിക്കാണിച്ചുകൊടുത്തു. യവക്രീതന്റെ ചേഷ്ടകളും മട്ടുമൊക്കെ അറിഞ്ഞപ്പോൾ രൈഭ്യന്റെ ഹൃദയം കോപം കൊണ്ടു ജ്വലിച്ചു. അതികോപിയായ തപസ്വി കോപം കൊണ്ടു ജൃംഭിച്ചു. തന്റെ ജട പൊട്ടിച്ചെടുത്ത് അഗ്നിയിൽ മന്ത്രം ചൊല്ലി ഹോമിച്ചു. ഉടനെ തന്റെ സ്നുഷയുടെ പകർപ്പായ ഒരു സ്ത്രീ അഗ്നിയിൽനിന്നു പുറത്തുവന്നു. ഉടനെ മറ്റൊരു ജട പൊട്ടിച്ച് വീണ്ടും ഹോമിച്ചപ്പോൾ അഗ്നിയിൽനിന്ന് ഘോരാകാരനും ഭീമദർശനനുമായ ഒരു രക്ഷസ്സും ഉണ്ടായി. അവർ രണ്ടുപേരും മുനിയെ നമസ്കരിച്ചു ചോദിച്ചു: 'ഞങ്ങൾ എന്തു ചെയ്യേണ്ടൂ! ആജ്ഞാപിച്ചാലും!'

മുനി പറഞ്ഞു: "നിങ്ങൾ പോയി യവക്രീതനെ കൊല്ലുവിൻ."

ലോമശൻ പറഞ്ഞു: "അവർ ആ കല്പന ഏറ്റ് അവിടെ നിന്നു പോയി. മഹർഷിയാൽ സൃഷ്ടിക്കപ്പെട്ട ആ സുന്ദരിയായ 'കൃത്യ' യവക്രീതന്റെ അരികിൽച്ചെന്നു കൊഞ്ചിക്കുഴഞ്ഞ് അവന്റെ കൈയിൽനിന്ന് കമണ്ഡലു കൈയിലാക്കി. ഊണു കഴിഞ്ഞ് കൈയിലും മുഖത്തും എച്ചിലായി കമണ്ഡലു നഷ്ടപ്പെട്ടു നില്ക്കുന്ന അവന്റെ നേരെ ഉഗ്രനായ രാക്ഷസൻ പാഞ്ഞടുത്തു. ഉടനെ അവൻ രാക്ഷസനെ ഭയപ്പെട്ട് ജലം കൊണ്ടു കൈയും മുഖവും കഴുകുന്നതിന്നുവേണ്ടി സരസ്സിന്റെ അടുത്തേയ്ക്കോടി. അവിടെ ചെന്നപ്പോൾ സരസ്സിൽ അവൻ ജലം കണ്ടില്ല. ഉടനെ ഓരോ സരസ്സിലേക്കും പാഞ്ഞു. എന്നാൽ, ചെന്ന സരസ്സിലൊന്നിലും വെള്ളം കണ്ടില്ല. ശൂലമേന്തിയ ഘോരരാക്ഷസനാൽ ഓടിക്കപ്പെടുന്ന അവൻ അച്ഛന്റെ അഗ്നിഹോമശാലയിൽ ഭയപ്പെട്ടു ചെന്നുകയറി. അവൻ കയറുന്ന സമയത്ത് കാവല്ക്കാരനായ അന്ധശൂദ്രൻ അവനെ തടുത്തു. ബലമായി, ആളെ അറിയാതെ, തടഞ്ഞ ഉടനെ അവൻ അവിടെ നിന്നു. ശൂദ്രൻ പിടിച്ചു നിർത്തിയ യവക്രീതനെ രക്ഷസൻ ശൂലംകൊണ്ടു കുത്തി ഹൃദയം കീറി കൊന്നു കളഞ്ഞു. യവക്രീതനെ കൊന്ന്, രാക്ഷ

digitized by www.sreyas.in

സൻ രൈഭ്യന്റെ സമീപത്തുചെന്ന് രൈഭ്യന്റെ അനുമതിയോടുകൂടി, ആ നാരിയോടുകൂടി വസിച്ചു."

137. യവക്രീതോപാഖ്യാനം – ലോമശൻ പറഞ്ഞു: "പിന്നെയുണ്ടായ കഥയും കേൾക്കുക. ഭരദ്വാജൻ സ്വാദ്ധ്യായകർമ്മങ്ങൾ കഴിഞ്ഞ് ചമതക്കെട്ടുമായി തന്റെ ആശ്രമത്തിൽ കയറിച്ചെന്നു. അവനെ കാണുമ്പോൾ മുമ്പൊക്കെ അഗ്നികൾ എഴുന്നേല്ക്കാറുണ്ട്. മകൻ മരിച്ചതുകൊണ്ട് അന്ന് അവനെ കണ്ടപ്പോൾ അഗ്നികൾ എതിരേറ്റില്ല. അഗ്നിഹോത്രത്തിലെ വൈകൃതം കണ്ട് ആ മഹാതപസ്വി ഗൃഹദ്വാരപാലകനായ കുരുടനോടു ചോദിച്ചു."

ഭരദ്വാജൻ പറഞ്ഞു: "എടോ ശൂദ്ര! ഞാൻ വരുമ്പോൾ ആദരിക്കാറുള്ള അഗ്നികൾ ഇന്ന് എന്തുകൊണ്ടാണ് എന്നെ കണ്ടിട്ടും ആദരിക്കാതിരിക്കുന്നത്? നീയും വല്ലാതിരിക്കുന്നുവല്ലോ! എന്താണു കാരണം? ഈ ആശ്രമത്തിൽ വല്ല അത്യാഹിതവും സംഭവിച്ചുവോ? എന്റെ അല്പബുദ്ധിയായ മകൻ രൈഭ്യന്റെ നേർക്കു വല്ലതും കാണിച്ചുവോ? വല്ലതും ഉണ്ടായോ? പറയൂ! എന്റെ മനസ്സു വിഷമിക്കുന്നു!"

ശൂദ്രൻ പറഞ്ഞു: "ഹേ മഹർഷേ! ഭവാന്റെ മന്ദബുദ്ധിയായ പുത്രൻ രൈഭ്യന്റെനേർക്കു ചെന്നു. അതുകൊണ്ട് ഇതാ നിന്റെ പുത്രനെ രാക്ഷസൻ കൊന്നു വീഴ്ത്തിയിരിക്കുന്നു. ശൂലമോങ്ങിപ്പിടിച്ച് ആ രക്ഷസ്സ് അവനെ ഓടിച്ചു. രക്ഷസ്സിനാൽ ഓടിക്കപ്പെടുന്ന അവൻ യജ്ഞശാലയ്ക്കടുത്ത നേരത്ത് ഞാൻ കൈകൊണ്ടു തടുത്തു. ജലാർത്ഥിയും, അശുചിയും, വിഹതാശനുമായ അവനെ ഞാൻ അറിയാതെ തടുത്തു. തന്മൂലം ശൂലം ഏന്തിവന്ന ആ രക്ഷസനാൽ അവൻ കൊല്ലപ്പെട്ടു."

ലോമശൻ പറഞ്ഞു: "ഭരദ്വാജൻ ശൂദ്രനിൽനിന്ന് ഇപ്രകാരം ദുഃഖകരമായ വൃത്താന്തം കേട്ടയുടനെ മരിച്ച പുത്രനെ ചെന്നെടുത്ത്, ദുഃഖിച്ചു വിലപിച്ചു."

ഭരദ്വാജൻ പറഞ്ഞു: "അല്ലയോ പുത്രാ! നീ ബ്രാഹ്മണർക്കുവേണ്ടി മഹാതപം ചെയ്തവനാണ്. ദ്വിജന്മാർക്ക് അദ്ധ്യയനംകൂടാതെ വേദം തോന്നണമെന്നായിരുന്നു നിന്റെ മഹാതപസ്സിന്റെ ഉദ്ദേശ്യം. ഇങ്ങനെ ബ്രാഹ്മണജാതിയിൽ മഹാത്മാവും കല്യാണശീലനുമായിരുന്നു നീ. ആർക്കും കുറ്റം ചെയ്യാത്തവനായ നീ ഈ ഗതിയെ പ്രാപിച്ചുവല്ലോ! നീ രൈഭ്യന്റെ ആശ്രമത്തിൽ പോകരുതെന്നു ഞാൻ ഉപദേശിച്ചതാണ്. കാലാന്തകനായ യമന്നു തുല്യനായ അവനെ നീ കണ്ടുമുട്ടി. നീ മാത്രമേ എനിക്ക് ഒരു പുത്രനായിട്ടുള്ളു. അതു ചിന്തിക്കാതെ നീ ദുർമ്മതിയായി അവന്റെ കോപത്തിന്നിരയായി. രൈഭ്യന്റെ കർമ്മം മൂലം ഞാൻ പുത്രശോകാർത്തനായി, ഇനി എനിക്കു ജീവിക്കുവാൻതന്നെ ആശയില്ലാതായിരിക്കുന്നു. പുത്രശോകാർത്തനായി ഞാൻ ഇപ്പോൾ മരിക്കും. അതുപോലെ രൈഭ്യന്റെ മൂത്തപുത്രൻ, കുറ്റം കൂടാത്തവനാണെങ്കിലും, രൈഭ്യനേയും കൊല്ലട്ടെ. പുത്രനില്ലാത്തവരാണു ഭാഗ്യവാന്മാർ. അവർ യാതൊരു പുത്രശോകവും കൂടാതെ സുഖമായി ജീവിക്കുന്നു. പുത്രദുഃഖം മൂലം ആകുലപ്പെടുന്നവർ തങ്ങളുടെ ആപ്തമിത്രങ്ങളെപ്പോലും ശപിക്കുന്നു. എന്നെപ്പോലെ ഇതിൽപ്പരം പാപിയായവരാരുണ്ട്? ഇപ്രകാരം ആപത്തു പറ്റിയവർ ഇന്ന് ആരുണ്ട് ഈ ലോകത്തിൽ!"

ലോമശൻ പറഞ്ഞു: "എന്നു പറഞ്ഞ് ഭരദ്വാജൻ തന്റെ സ്നേഹിതനായ രൈഭ്യനെ ശപിച്ചു. ചിതകൂട്ടി പുത്രനെ ചിതയിൽ വെയ്ക്കുകയും കത്തിക്കാളുന്ന ചിതയിൽച്ചാടി ഭരദ്വാജൻ ആത്മത്യാഗം ചെയ്യുകയും ചെയ്തു."

138. യവക്രീതോപാഖ്യാനം – ലോമശൻ പറഞ്ഞു: "ഇങ്ങനെയിരിക്കുന്ന കാലത്ത് പ്രതാപവാനായ 'ബൃഹദ്യുമ്നൻ' എന്ന രാജാവ് ഒരു സത്രം ചെയ്തു. അർവ്വാവസു, പരാവസു എന്നീ രണ്ടുരൈഭ്യപുത്രന്മാരെയും അവൻ സഹായത്തിന്നായി വരിച്ചു. അവർ അച്ഛന്റെ സമ്മതം വാങ്ങി സത്രത്തിന്നുപോയി. ആശ്രമത്തിൽ രൈഭ്യനും പരാവസുവിന്റെ ഭാര്യയും മാത്രം പാർത്തു.

ഒരു ദിവസം ഇതിന്നിടയ്ക്ക് പരാവസു തന്റെ ഭാര്യയെക്കാണുവാൻ ഗൃഹത്തിലേക്കു വന്നു. മങ്ങിയവെളിച്ചത്തിൽ അവൻ കാട്ടിൽ കൃഷ്ണാജിനം പുതച്ചുനില്ക്കുന്ന അച്ഛനെക്കണ്ടു. രാത്രി നിദ്രാന്ധനായി ആ ഗഹനാരണ്യത്തിലൂടെ നടക്കുകയായിരുന്നു അവൻ. അച്ഛനെക്കണ്ട്, അതു മാനാണെന്നു തെറ്റിദ്ധരിച്ച്, ദേഹരക്ഷയ്ക്കുവേണ്ടി, അച്ഛനെ കൊന്നു. ഉടനെതന്നെ താൻ ചെയ്ത അബദ്ധം വെളിവായി. പിന്നീട് അവൻ പിതൃകർമ്മങ്ങളെല്ലാംചെയ്തു തിരിച്ചുപോയി. സത്രത്തിൽ ചെന്ന്, ഉണ്ടായ സംഭവമെല്ലാം ഭ്രാതാവിനോടു പറഞ്ഞു."

പരാവസു പറഞ്ഞു: "ഹേ സഹോദരാ, ഈ കർമ്മം നീ തനിച്ച് ഇവിടെ ചെയ്യുവാൻ ആകാത്തതാണ്. ഞാനാണെങ്കിൽ മാനാണെന്നു ധരിച്ച് അച്ഛനെ കൊന്നുകളഞ്ഞു. അല്ലയോ ശ്രേഷ്ഠാ! നീ എനിക്കുവേണ്ടി ബ്രഹ്മവധവ്രതം ചെയ്യുക. ഞാൻ തന്നെയായാലും ഈ കർമ്മം നിർവ്വഹിക്കാം."

അർവ്വാവസു പറഞ്ഞു: "ധീമാനായ ബൃഹദ്യുമ്നന്റെ സത്രം ഭവാൻ നടത്തിയാലും. അങ്ങയ്ക്കുവേണ്ടി ഞാൻ നിയതേന്ദ്രിയനായി ബ്രഹ്മവധം ചെയ്തതിന്നായുള്ള കർമ്മം ചെയ്യുന്നതാണ്."

ലോമശൻ പറഞ്ഞു: അങ്ങനെ അർവ്വാവസു ബ്രഹ്മവദ്ധ്യവ്രതം ചെയ്തുതീർത്തു. വീണ്ടും അർവ്വാവസു മുനിസത്രത്തിലെത്തി. ഭ്രാതാവു വന്നപ്പോൾ പരാവസു ഹർഷഗദ്ഗദത്തോടെ ബൃഹദ്യുമ്നനോടു പറഞ്ഞു:"

പരാവസു പറഞ്ഞു: "ഇവൻ ബ്രാഹ്മണനെ കൊന്നവനാണ്. ഇവൻ യജ്ഞശാലയിൽ കയറരുത്. ബ്രഹ്മഘ്നനെ നീ കണ്ടാൽപ്പോലും അതു തീർച്ചയായും നിനക്കു പീഡാകരമാകും."

ലോമശൻ തുടർന്നു: "ഇതുകേട്ടപ്പോൾ രാജാവ് അവനെ പുറത്താക്കുവാൻ ഭൃത്യർക്ക് കല്പന കൊടുത്തു. അങ്ങനെ അവനെ ഭൃത്യർ മാറ്റിനിർത്തുമ്പോൾ 'ബ്രഹ്മഹന്താവേ, മാറിപ്പോകൂ' എന്നു പലവട്ടം വിളിച്ചുപറഞ്ഞു. ഇതുകേട്ടപ്പോൾ അർവ്വാവസു ഉറക്കെ പറഞ്ഞു."

അർവ്വാവസു പറഞ്ഞു: "ഞാനല്ല ബ്രഹ്മഹത്യ ചെയ്തത്. എന്റെ ഭ്രാതാവായ പരാവസുവാണ് ആ മഹാപാപം ചെയ്തത്. ഞാൻ അവന്നു മോക്ഷം കൊടുത്തവനാണ്."

ലോമശൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അർവ്വാവസു കാട്ടിലേക്ക്, തന്നെ ഭൃത്യന്മാർ പരിഹസിച്ചു ചിരിക്കുന്നതു കേട്ടുകൊണ്ട് പോയി. സൂര്യനെ ആശ്രയിച്ച് അവൻ ഉഗ്രമായ തപസ്സാരംഭിച്ചു. അവിടെവെച്ച് സൂര്യന്നായിക്കൊണ്ട് മഹർഷി ഒരു രഹസ്യവേദം ഉണ്ടാക്കി. അർവ്വാവസുവിന്റെ ആ കർമ്മം കണ്ട് സൂര്യൻ സന്തോഷിച്ചു സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പരാവസുവിനെ തള്ളിക്കളഞ്ഞ് ദേവകൾ അർവ്വാവസുവിനെ സ്വീകരിച്ചു. അഗ്നിമുതലായ ദേവന്മാർ ഉടനെ അവന്നു വരം നല്കി. അവൻ ദേവന്മാരോട് ഇപ്രകാരം ആവശ്യപ്പെട്ടു."

അർവ്വാവസു പറഞ്ഞു: "എന്റെ പിതാവ് വീണ്ടും ജീവിക്കണം. ഭ്രാതാവിന്റെ പാപം തീരണം. അച്ഛൻ മൃത്യുവിനെ ഓർക്കാതിരിക്കണം. ഭരദ്വാജനും അപ്രകാരം യവക്രീതനും ജീവിച്ച് എഴുന്നേല്ക്കണം. ഞാൻ നിർമ്മിച്ച സൗവേദത്തിനു ലോകത്തിൽ സ്ഥിരപ്രതിഷ്ഠയുണ്ടാകണം."

ലോമശൻ പറഞ്ഞു: "ദേവന്മാർ അപ്രകാരംതന്നെയാകട്ടെ എന്ന് അനുഗ്രഹിച്ചു. ഉടനെ മൃതിയടഞ്ഞവർ എല്ലാവരും എഴുന്നേറ്റു."

യവക്രീതൻ ദേവന്മാരോടു പറഞ്ഞു: "ഹേ ദേവന്മാരേ! എനിക്കു സർവ്വവേദങ്ങളും അറിയാം. ഞാൻ വ്രതങ്ങൾ ആചരിച്ചു. തപസ്സും അദ്ധ്യയനവുമുള്ള എന്നെ രൈഭ്യൻ ഈ വിധം കൊല്ലുവാൻ എങ്ങനെ ശക്തനായി?"

ദേവകൾ പറഞ്ഞു: "ഹേ യവക്രീത! ഒരിക്കലും പണ്ടു ചെയ്തത് ആവർത്തിക്കരുത്. നീ ഗുരുവിനെക്കൂടാതെയാണു വേദം പഠിച്ചത്. എന്നാൽ അവൻ വേദം പഠിച്ചതു വളരെ ക്ലേശിച്ച്, ഗുരുശുശ്രൂഷചെയ്ത്, വളരെക്കാലം മനസ്സുവെച്ചു ബുദ്ധി

digitized by www.sreyas.in

മുട്ടിയാണ്. ഗുരുമുഖത്തുനിന്ന് അപ്രകാരം പഠിക്കാത്ത വേദം കൊണ്ട് എന്തുഫലം?"

ലോമശൻ പറഞ്ഞു: "ഇങ്ങനെ യവക്രീതനോടു പറഞ്ഞ് അഗ്നിമുതലായ ദേവകൾ അവരെയൊക്കെ ജീവിപ്പിച്ചതിന്നു ശേഷം സ്വർഗ്ഗത്തിലേക്കുപോയി. ഹേ, യുധിഷ്ഠിരാ! ആ മഹർഷിയുടെ പുണ്യാശ്രമമാണ് സദാസമയവും പുഷ്പഫലദ്രുമങ്ങൾ നിറഞ്ഞ് ആ കാണുന്നത്. ഹേ, രാജശാർദ്ദൂലാ! അവിടെ താമസിച്ചാൽ എല്ലാ പാപവും നശിക്കും."

തീർത്ഥയാത്രാപർവ്വം

139. കൈലാസഗിരിപ്രവേശം – ലോമശൻ പറഞ്ഞു: "ഹേ ഭാരത! നമ്മൾ ഇപ്പോൾ ഉശിരബീജം, മൈനാകം, ശ്വേതം എന്നീ പർവ്വതങ്ങളും, കലാശൈലവും കടന്നുപോന്നു. ഇതാ ഗംഗാനദി ഏഴായി പ്രവഹിക്കുന്നതു നോക്കുക! പുണ്യമായ വിരജസസ്ഥാനവും കാണുക! ഇവിടെ എന്നും അഗ്നി ജ്വലിച്ചുകൊണ്ടിരിക്കും. ഇതു മാനുഷർക്ക് കാണുവാൻ കഴിയാത്ത അത്ഭുതസ്ഥാനമാണ്. നിങ്ങൾ ഇവിടം നല്ലപോലെ ശ്രദ്ധിച്ചുകാണണം. ദേവന്മാരുടെ കാലടിപ്പാടുകളുള്ള അവരുടെ ക്രീഡാസ്ഥാനങ്ങൾ കാണുന്ന കാലശൈലപർവ്വതം നാം കടന്നുപോകുമ്പോൾ കാണാം. ഇപ്പോൾ നമ്മൾ ശ്വേതഗിരിയായ മന്ദരപർവ്വതം കാണുന്നു. അവിടെയാണു മണിഭദ്രനും, യക്ഷരാജാവായ കുബേരനും, യക്ഷന്മാരും നിവസിക്കുന്നത്. ഇവിടെ എൺപതിനായിരം ശീഘ്രഗാമികളായ ഗന്ധർവ്വന്മാരും, അതിന്റെ നാലിരട്ടി യക്ഷന്മാരും, കിംപുരുഷന്മാരും, യക്ഷരാജാവായ മണിഭദ്രനെ സേവിക്കുന്നു. അവരെല്ലാം അനേകം രൂപം ഉള്ളവരും, നാനാ ആയുധം കൈവശമുള്ളവരുമാണ്. ഇവിടെ അവരുടെ ശക്തി മഹത്താണ്. അവർ വായുസമന്മാരാണ്. ഇന്ദ്രനെപ്പോലും സ്ഥാനഭ്രഷ്ടനാക്കത്തക്ക ശക്തിമാന്മാരാണ് അവർ.

ഈ ശക്തന്മാരുടെ രക്ഷയിൽ നില്ക്കുന്നതിനാൽ ഈ പർവ്വതങ്ങൾ ദുർഗ്ഗമങ്ങളാണ്. അതുകൊണ്ട് നീ സമാധിസ്ഥനാവുക. ഹേ, കുന്തീപുത്രാ! കുബേരസചിവന്മാരും, രൗദ്രന്മാരുമായ രാക്ഷസഗണങ്ങളും ഉണ്ട്. നാം അവരെ കണ്ടുമുട്ടും. അതുകൊണ്ടു നീ നിന്റെ വിക്രമം കാണിക്കുവാൻ തയ്യാറാവുക. കൈലാസപർവ്വതം ആറുയോജന ഉയരമുള്ളതാണ്. അവിടെ ദേവന്മാർ എത്തുന്ന വിശാല എന്ന സ്ഥലം കാണുന്നു.

ഹേ, കൗന്തേയാ! അസംഖ്യം യക്ഷരാക്ഷസകിന്നരന്മാരും, ഗന്ധർവ്വന്മാരും, നാഗങ്ങളും, സുപർണ്ണരും, കുബേരസദനത്തിലേക്ക് ഇതിലെ പോകുന്നു. എന്റെ തപശക്തിയുടേയും ദമത്തിന്റേയും രക്ഷയിലും, ഭീമന്റെ ബലത്താലും നീ മുന്നേറുക, നിനക്കു സ്വസ്തി! വരുണരാജന്നും, സമിതഞ്ജയനായ യമനും, ഗംഗയും, യമുനയും പർവ്വതങ്ങളും അശ്വിനികളും സ്വസ്തി നല്കട്ടെ! മരുത്തുക്കളും, പുഴകളും, പൊയ്കകളും, ദേവാസുര വസുക്കളിൽനിന്ന് അങ്ങയ്ക്കു സ്വസ്തി നല്കട്ടെ!"

'അല്ലയോ ഗംഗേ! ഇന്ദ്രന്റെ ജാംബൂനദപർവ്വതത്തിൽ (സ്വർണ്ണപർവ്വതം)നിന്ന് നിന്റെ ദിവ്യഘോഷം ഞങ്ങൾ കേൾക്കുന്നു! ഈ ആജമീഢർ പൂജിക്കുന്ന ഈ രാജാവിനെ ഭവതി ശൈലങ്ങളിൽനിന്ന് രക്ഷിക്കണേ! ദേവീ! ശൈലങ്ങളിൽ കയറുന്ന ഈ രാജാവിന്നു, ശൈലപുത്രീ! ഭവതി ശർമ്മം നല്കിയാലും.' ഇപ്രകാരം ആ വിപ്രൻ നദിയോട് അഭ്യർത്ഥിച്ചശേഷം ലോമശൻ യുധിഷ്ഠിരനോടു സൂക്ഷിച്ചിരിക്കുവാൻ ശാസിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ലോമശന്ന് അപൂർവ്വമായ സംഭ്രമം കാണുന്നു. കൃഷ്ണയെ നല്ലവണ്ണം രക്ഷിക്കുവിൻ. ഈ പ്രദേശം മഹാദുർഗ്ഗമമാണെന്ന് ,ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഏറ്റവും ശുചിയോടുകൂടിയിരിക്കുക."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ യുധിഷ്ഠിരൻ ഭീമനോടു പറഞ്ഞു. 'ഭീമാ, നീ കൃഷ്ണയെ നല്ലപോലെ കാത്തുകൊള്ളുക. ഉണ്ണീ, അർജ്ജുനൻ കൂടെയുണ്ടായാലും ഇല്ലെങ്കിലും കൃഷ്ണ ഭയംതീർക്കുവാൻ നിന്നെ മാത്രമാണ് ആശ്രയിക്കുക.' എന്നുപറഞ്ഞു മഹാത്മാവായ യുധിഷ്ഠിരൻ യമന്മാരുടെ അരികിൽച്ചെന്നു തന്നോടുചേർത്ത് തഴുകി ശിരസ്സിൽ ഘ്രാണിച്ച്, കണ്ണിൽനിന്നു കണ്ണുനീർ ഒഴുക്കിക്കൊണ്ട് അവരോട് 'ഭയപ്പെടേണ്ടാ, സൂക്ഷിച്ചു പോന്നുകൊള്ളുവിൻ' എന്നു പറഞ്ഞു."

140. ഗന്ധമാദനപ്രവേശം – ഭീമസേനന്റെ ഉത്സാഹം

യുധിഷ്ഠിരൻ പറഞ്ഞു: "ശക്തന്മാരായ ഘോരഭൂതങ്ങൾ മറഞ്ഞു നില്ക്കുന്നു. അഗ്നിയാലും തപസ്സാലും വൃകോദര, നമുക്ക് അങ്ങോട്ടു കയറിച്ചെല്ലാം. വിശപ്പും ദാഹവും ബലമായി തടുക്കുകതന്നെ വേണം. നീ നിന്റെ ശക്തിയും സാമർത്ഥ്യവുമൊക്കെ ഭീമാ! കൈക്കൊള്ളുക. കൈലാസപർവ്വതത്തെപ്പറ്റി ഋഷി പറഞ്ഞതു നീ കേട്ടില്ലേ? നീ ബുദ്ധിപൂർവ്വം ചിന്തിക്കുക! കൃഷ്ണ എങ്ങനെ മലകയറും? ഞാൻ ഒരു കാര്യം പറയാം. അതുമതി. നീ ധൗമ്യനോടും, സഹദേവനോടും, നമ്മെ അനുഗമിക്കുന്ന സൂതപൗരാദികളോടുംകൂടി പിൻവാങ്ങുക. തേരും, കുതിരകളും, വിപ്രന്മാരുമൊക്കെ ഇവിടെ നില്ക്കട്ടെ. ഞങ്ങൾ മൂന്നുപേർ മാത്രം പോകാം; ഞാനും, നകുലനും, മഹാതപസ്വിയായ ലോമശ മഹർഷിയും. ഞങ്ങൾ വരുന്നതും കാത്ത് ദ്രൗപദിയെ സംരക്ഷിച്ച് നീ ഗംഗാദ്വാരത്തിൽ സജ്ജനായി നില്ക്കുക. അതാണ് നല്ലത്."

ഭീമൻ പറഞ്ഞു: "രാജപുത്രിയായ കൃഷ്ണ തളർന്നിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അവൾക്കു വലിയ ദുഃഖമുണ്ടാകും അപ്രകാരമായാൽ. അർജ്ജുനനെക്കാണുവാൻ സാധിക്കുമെന്നുള്ള ആശ അവളിൽ ഉള്ളതുകൊണ്ട് അവൾ പോന്നുകൊള്ളും. അർജ്ജുനനെക്കാണാത്തതുകൊണ്ടുള്ള വിഷമം ഭവാനുമുണ്ടല്ലോ. അർജ്ജുനന്നു പുറമേ ഇനി ഞാനും, കൃഷ്ണയും, സഹദേവനും വിട്ടുപിരിഞ്ഞാൽ ഭവാന്റെ കഥയെന്താകും? ബ്രാഹ്മണരും, പരിചാരകന്മാരുമൊക്കെ തിരിച്ചുപൊയ്ക്കൊള്ളട്ടെ! എന്നാൽ ഞാൻ ഒരിക്കലും ഭവാനെ വിട്ടുപിരിയുന്നതല്ല. രാക്ഷസന്മാർ നിറഞ്ഞ ഈ ശൈലത്തിൽ മഹാദുർഘടമായ ദുർഗ്ഗങ്ങളും വിഷമങ്ങളുമുള്ള പ്രദേശത്ത് ഭവാനെ അയയ്ക്കുക വിഷമമാണ്. മഹാഭാഗയും പതിവ്രതയുമായ ഇവൾ അങ്ങയെക്കൂടാതെ പിന്മാറുവാൻ ഒരിക്കലും സമ്മതിക്കുകയില്ല. അപ്രകാരം സഹദേവനും ഭവാനിൽ അനുവ്രതനാണ്. അവനും തയ്യാറാവുകയില്ല. ഒരിക്കലും അവൻ പിന്മാറുകയില്ല എന്ന് എനിക്കറിയാം. എന്നുതന്നെയല്ല മഹാരാജാവേ, സവ്യസാചിയെ കാണുവാനുള്ള ആഗ്രഹത്തോടുകൂടിയവരാണ് നാമെല്ലാവരും. അതുകൊണ്ട് പിന്മാറുന്ന പ്രശ്നമേയില്ല. നമുക്ക് ഒന്നിച്ചുപോകാം. കുഴികൾ നിറഞ്ഞ കുന്നിന്മേൽ തേരിൽ സഞ്ചരിക്കുവാൻ വിഷമമുണ്ടെങ്കിൽ കാൽനടയായിപ്പോകാം. ഭവാൻ വിഷാദിക്കാതിരിക്കുക. വയ്യാത്ത സ്ഥലത്തൊക്കെ ഞാൻ പാഞ്ചാലിയെ എടുത്തു നടന്നുകൊള്ളാം. അതാണു നല്ലതെന്നു ഞാൻ കരുതുന്നു. വീരന്മാരും സുകുമാരന്മാരുമായ മാദ്രീനന്ദനന്മാരേയും, വയ്യെന്നു തോന്നുന്ന ദുർഗ്ഗങ്ങളൊക്കെ ഞാൻ കടത്തിക്കൊടുക്കാം."

യുധിഷ്ഠിരൻ പറഞ്ഞു: "ഇങ്ങനെ പറയുന്ന നിന്റെ ബലം വർദ്ധിക്കട്ടെ! വർദ്ധിക്കും. യശസ്വിനിയായ പാഞ്ചാലിയേയും യമന്മാരേയും ഏറ്റി നടക്കാമെന്നല്ലേ നീ കരുതുന്നത്! ശരി, അങ്ങനെയാകട്ടെ! ഇതു മറ്റാർക്കും കഴിയുന്നതല്ല. നിനക്കു ശുഭം ഭവിക്കും. ബലവും! യശസ്സും ധർമ്മവും കീർത്തിയും നിനക്കു വർദ്ധിച്ചുവരും. ഭ്രാതാക്കളെ കൃഷ്ണയോടുകൂടെ ചുമക്കുവാൻ നീ വിചാരിക്കുകകൊണ്ടു നിനക്കു ഗ്ലാനിയും, പരാജയവും ഒരിക്കലും ബാധിക്കുകയില്ല. തീർച്ചയാണ്."

അപ്പോൾ കൃഷ്ണ പുഞ്ചിരിതൂകി പറഞ്ഞു: "ഹേ, ഭാരത! ഞാൻ നടന്നുപോന്നുകൊള്ളാം; എന്നെയോർത്തു ഭവാൻ സന്തപിക്കേണ്ട."

ലോമശൻ പറഞ്ഞു: "ഗന്ധമാദനപർവ്വതത്തിൽ തപോബലം കൊണ്ടുമാത്രമേ കയറാൻ പറ്റൂ. അതുകൊണ്ട് കൗന്തേയ

digitized by www.sreyas.in

നാം തപസ്സുചെയ്തുകൊള്ളണം. നകുലനും, സഹദേവനും, ഭീമനും, ഞാനും അങ്ങയുമൊക്കെ ശ്വേതവാഹനനെ (അർജ്ജുനനെ) ഈ പോക്കിൽ കാണുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ പറഞ്ഞ അവർ സുബാഹുവിന്റെ ആനകളും, കുതിരകളും നിറഞ്ഞ രാജ്യം സസന്തോഷം കണ്ടു. കിരാതന്മാരും, തംഗണന്മാരും, നൂറുകണക്കിന്നു പുളിന്ദന്മാരും നിറഞ്ഞ അമരന്മാർ സാധാരണ വന്നെത്തുന്ന, അനേകം ആശ്ചര്യങ്ങൾ നിറഞ്ഞ, ഹിമവാനിൽവച്ച് സുബാഹു അവരെക്കണ്ട് എതിരേറ്റു പൂജിച്ചു കൂട്ടിക്കൊണ്ടുപോയി. പുളിന്ദന്മാരുടെ രാജാവായ സുബാഹുവിന്റെ സൽക്കാരമേറ്റതിൽപ്പിന്നെ കുറച്ചു പാർത്തശേഷം സൂര്യൻതെളിഞ്ഞ സന്ദർഭം നോക്കി ഹിമവാനിലേക്കായി യാത്രയാരംഭിച്ചു.

ഇന്ദ്രസേനൻ മുതൽപേരായ ഭൃത്യജനങ്ങളേയും, മറ്റ് ആശ്രിതരേയും, കൃഷ്ണയുടെ പരിബർഹങ്ങളേയും, സൂതരേയും, പുളിന്ദാധിപന്റെ പക്കൽ ഏല്പിച്ച് ആ മഹാരഥന്മാർ കാൽനടയായി മലകയറി. കൃഷ്ണയോടൊത്ത് പാണ്ഡവന്മാർ എല്ലാവരും മെല്ലെ കയറി. പോകുമ്പോൾ എല്ലാവരിലും ധനഞ്ജയനെക്കാണുവാനുള്ള കൗതുകമാണു മുന്നിട്ടിരുന്നത്."

141. ഗന്ധമാദനപ്രവേശം – ഗന്ധമാദനത്തിൽ പോകാനുള്ള ദൃഢനിശ്ചയം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ ഭീമസേനാ, നകുലാ, സഹദേവാ, പാഞ്ചാലീ, നിങ്ങൾ എല്ലാവരും ഒരു കാര്യം ധരിക്കണം. നാം കഴിഞ്ഞ കാലങ്ങളിൽ ചെയ്ത കർമ്മങ്ങൾക്കൊന്നിന്നും നാശം സംഭവിക്കുകയില്ല. നോക്കൂ! നാം കാട്ടിൽ ചരിക്കേണ്ടിവന്നിരിക്കുന്നു. ദുർബ്ബലന്മാരും, ക്ലിഷ്ടരുമായി നാം ഉഴലുന്നു. അർജ്ജുനനെക്കാണുവാൻ ആഗ്രഹിച്ച് അശക്യമായ കാര്യത്തിലാണു നാം ഏർപ്പെട്ടിരിക്കുന്നത്. ധീരനായ അർജ്ജുനനെ കാണായ്കകൊണ്ട് എന്റെ ശരീരം അഗ്നിയാൽ പഞ്ഞിക്കെട്ടെന്നപോലെ, ദുഃഖത്താൽ എരിഞ്ഞുകൊണ്ടിരിക്കുന്നു. അർജ്ജുനനെക്കാണുവാനുള്ള തൃഷ്ണയാലും, യാജ്ഞസേനിയെ അപമാനിച്ച ആ കാര്യത്തെ ഓർക്കയാലും ഞാൻ ദഹിക്കുന്നു. അനുജന്മാരോടുകൂടി ഈ വനങ്ങളിൽ അലഞ്ഞുനടക്കേണ്ടിവന്നത് ഓർക്കുമ്പോൾ ഞാൻ ഉരുകിപ്പോകുന്നു. അജേയനും, നകുലന്നു പൂർവ്വജനും അമിത ഓജസ്വിയുമായ പാർത്ഥനെ ഞാൻ കാണുന്നില്ല. ഓജസ്വിയും ഉഗ്രധന്വാവുമായ ധനഞ്ജയനെ ഹാ! എന്റെ അരികിൽ കാണുന്നില്ലല്ലോ! ആ വീരനെ കാണുവാനായി തീർത്ഥങ്ങൾതോറും, സരസ്സുകൾതോറും, വനങ്ങൾ തോറും, ഞാൻ എത്രനാളായി അന്വേഷിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. വൃകോദരാ, സത്യസന്ധനായ ബീഭത്സുവിനെ അഞ്ചുവർഷമായി കാണായ്കയാൽ എന്റെ ഹൃദയം നിരന്തരം എരിഞ്ഞുകൊണ്ടിരിക്കുന്നു. വൃകോദരാ! ഗുഡാകേശനും മഹാബാഹുവും സിംഹവിക്രാന്തഗാമിയുമായ അർജ്ജുനന്റെ അസാന്നിദ്ധ്യത്തിൽ ഞാൻ എങ്ങനെ സന്തപിക്കാതിരിക്കും? വൃകോദരാ, വില്ലെടുത്തവരിൽ അപ്രതിമനും, യുദ്ധവിദഗ്ദ്ധനും, കൃതാസ്ത്രനുമായ അർജ്ജുനന്റെ വേർപാടിൽ എനിക്കുണ്ടായ അന്തർദ്ദാഹം സഹിക്കുവാൻ ഞാൻ അശക്തനായിരിക്കുന്നു. വൃകോദരാ, ക്രുദ്ധനായ അന്തകനെപ്പോലെയും, മദം പൊട്ടിയൊഴുകുന്ന ഗജരാജനെപ്പോലെയും, ശത്രുസംഘമദ്ധ്യത്തിൽ സഞ്ചരിക്കുന്ന സിംഹവിക്രാന്തനായ ധനഞ്ജയനെ, ബലംകൊണ്ടും വീര്യംകൊണ്ടും ശക്രനിൽനിന്നും താഴാത്ത പാർത്ഥനെ, അമിതവിക്രമനും, മാദ്രേയപൂർവ്വജനുമായ ശ്വേതാശ്വനെ, വളരെനാളായി കാണായ്കയാൽ ഭയങ്കരമായ ദുഃഖമാണ് എന്നെ ബാധിച്ചിരിക്കുന്നത്. വൃകോദരാ, അന്യൻ ആക്ഷേപിച്ചാൽപ്പോലും അടങ്ങിനില്ക്കുന്ന ക്ഷമാശീലനാണ് അർജ്ജുനൻ. എപ്പോഴും നേർവഴിക്കു നടക്കുന്നവനും മംഗളപ്രദനും അഭയദാതാവുമാണ് അവൻ.

തെറ്റായ മാർഗ്ഗം അവലംബിച്ച് ഇടഞ്ഞുവന്നാൽ അവൻ വജ്രധരന്നുകൂടിയും കാലവിഷോപമനാണ്. ശത്രുക്കൾ ആശ്രയിച്ചുവന്നാൽ അവർക്ക് അഭയം നല്കുന്ന പ്രതാപവാനാണവൻ. മഹാത്മാവും മഹാബലനുമാണ്. യുദ്ധത്തിൽ ശത്രുക്കളെ മർദ്ദിക്കുന്ന അവനാണു നമുക്ക് ആശ്രയം. നമുക്കൊക്കെ സുഖാവഹനായ അവൻ അനവധി രത്നങ്ങൾ നേടിയിട്ടുണ്ട്. അവൻ മുമ്പ് എനിക്കായി സ്വവീര്യത്താൽ നേടിക്കൊണ്ടുവന്ന പലതരം ദിവ്യരത്നങ്ങളെല്ലാം ഇപ്പോൾ സുയോധനന്ന് അടങ്ങിയിരിക്കുന്നു. സർവ്വരത്നമയിയെന്നു മൂന്നുലോകത്തിലും പ്രസിദ്ധമായ ആ സഭ എനിക്കു ലഭിച്ചത് അർജ്ജുനന്റെ ബാഹുബലത്താലാണ്. വീര്യത്താൽ വാസുദേവതുല്യനും, യുദ്ധത്തിൽ കാർത്തവീര്യതുല്യനും, അജയ്യനുമായ ഫൽഗുനനെ ഇനി എന്നാണു നാം കാണുക? ഹേ ഭീമാ! മഹാവീര്യനായ സങ്കർഷണൻ, ശത്രുഹന്താവായ വാസുദേവൻ, അപരാജിതനായ നീ എന്നീ മൂന്നു പേരോട് വീര്യത്താൽ സമനാണ് അർജ്ജുനൻ. ബാഹുബലത്തിലും, പ്രഭാവത്തിലും, അവൻ പുരന്ദരനോടു തുല്യനാണ്. വേഗംകൊണ്ടു വായുവിനോടും, മുഖംകൊണ്ടു ചന്ദ്രനോടും, ക്രോധം കൊണ്ടു മൃത്യുവിനോടും എതിർക്കുന്ന ആ നരവ്യാഘ്രനെ കാണുവാൻ ഉഴറിക്കൊണ്ട് നാം ഈ ഗന്ധമാദനമലയിൽ കയറാം.

ഇവിടെ വിശാലമായ ബദരിയിൽച്ചെന്ന് നരനാരായണാശ്രമവും, യക്ഷന്മാർ അധിവസിക്കുന്ന പർവ്വതത്തേയും, രാക്ഷസന്മാരാൽ സേവിക്കപ്പെടുന്ന രമ്യമായ കുബേരനളിനിയേയും നമുക്ക് ഇവിടെ കാണാം.

വാഹനത്തിൽക്കയറി ഈ വഴിക്കു സഞ്ചരിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് അവിടെ നാം കാൽനടയായിത്തന്നെ ചെല്ലണം. മഹാതപസികളല്ലാതെ നൃശംസന്മാരോ, ലുബ്ധന്മാരോ, പ്രശാന്തരല്ലാത്തവരോ ഇവിടെ പ്രവേശിക്കുവാൻ ശക്തരാകയില്ല. മഹാവ്രതന്മാരായ ദ്വിജന്മാരോടുകൂടി വില്ലും വാളുമെടുത്ത്, വൃകോദരാ, നമ്മൾ അർജ്ജുനനെ അന്വേഷിക്കുവാൻ അങ്ങോട്ടു പോവുക! കൊതുക്, തേനീച്ച, സിംഹം, പുലി, സർപ്പങ്ങൾ ഇവ വ്രതമില്ലാത്തവരെ ആക്രമിക്കും. എന്നാൽ നിയതന്മാരിൽ ഇവയുടെ ഉപദ്രവം ഉണ്ടാവുകയില്ല. അതിനാൽ നിയതാത്മാക്കളായി മിതമായ ഭക്ഷണം കഴിച്ച്, വ്രതമാചരിച്ച് നാം ധനഞ്ജയനെക്കാണുവാൻ ഗന്ധമാദനപർവ്വതത്തിൽ കയറുക!"

142. ഗന്ധമാദനപ്രവേശം – നരകാസുരവധവും വരാഹാവതാരവും – ലോമശൻ പറഞ്ഞു: "പല പർവ്വതങ്ങളും, പല നദികളും, പല പുരങ്ങളും, പല കാടുകളും നിങ്ങൾ കണ്ടു കഴിഞ്ഞുവല്ലോ. ഇനി ഈ വഴിക്കുചെന്നാൽ ദിവ്യമായ മന്ദരപർവ്വതം കാണാം. നിങ്ങൾ ഏകാഗ്രചിത്തന്മാരും നിർഭയന്മാരുമായി നടക്കണം. ആദ്യമായി നിങ്ങൾ ചെല്ലുന്നത് ദേവന്മാർ നിവസിക്കുന്ന സ്ഥലത്തേക്കാണ്. പുണ്യകർമ്മാക്കളായ മഹർഷിമാരുടെ ദിവ്യമായ വാസസ്ഥാനമാണ് അത്. ശുദ്ധയും പുണ്യവതിയുമായ മഹാനദിയാണ് ആ കാണുന്നത്. ബദരിയിൽനിന്ന് ഉത്ഭവിക്കുന്ന മഹാനദി സുരന്മാരാലും മുനിമാരാലും സേവിക്കപ്പെടുന്നു. മഹാത്മാക്കളായ ബാലഖില്യന്മാരും ഗന്ധർവ്വന്മാരും, ഇഷ്ടസിദ്ധിക്കായി ആകാശഗംഗയെ പൂജിക്കുന്നു. എപ്പോഴും സാമവേദം പാടുന്ന പുണ്യശബ്ദംകൊണ്ടു മുഖരിതമാണ് ഈ പ്രദേശം. മരീചി, പുലഹൻ, ഭൃഗു, അംഗിരസ്സ് എന്നീ മഹർഷിമാരും, മരുൽഗണത്തോടുകൂടി ദേവരാജാവും, സാദ്ധ്യന്മാരും, അശ്വിനികളും ഈ പുണ്യപ്രദേശത്തു വന്നു ഭജിക്കുന്നു. സൂര്യനോടുകൂടി ചന്ദ്രനും, ഗ്രഹങ്ങളും, ജ്യോതിർഗ്ഗണങ്ങളും അഹോരാത്രം ഇടവിട്ട് ഈ നദിയെ സേവിക്കുന്നു. ഈ നദീജലം ഗംഗാദ്വാരത്തിൽവെച്ചു വൃഷാംഗൻ ശിരസ്സിൽ വഹിച്ചു. ലോകസ്ഥിതിക്കുവേണ്ടിയാണ് ശിവൻ ഗംഗയെ ശിരസ്സിൽ വഹിക്കുന്നത്. നിങ്ങൾ എല്ലാവരും ശുദ്ധമാനസന്മാരായി ഭഗവതിയായ ഗംഗയെ ചെന്നു വന്ദിക്കുവിൻ."

മഹാത്മാവായ ലോമശന്റെ വാക്കുകേട്ടപ്പോൾ ശുദ്ധചിത്തരായി പാണ്ഡവർ ആകാശഗംഗയെ കൈകൂപ്പി അഭിവാദ്യം ചെയ്തു. പിന്നെയും വിശുദ്ധരായി സർവ്വഋഷിഗണങ്ങളോടുകൂടി ഏകാഗ്രതയോടെ നില്ക്കുമ്പോൾ മേരുപർവ്വതംപോലെ ഉയർന്ന ഒരു അസ്ഥിസഞ്ചയം കണ്ടു. അവിടെ അസ്ഥികൾ ചിന്നിക്കിട

digitized by www.sreyas.in

ക്കുന്നതായും കണ്ടു. അതിനെപ്പറ്റി കേൾക്കുവാൻ ആഗ്രഹിക്കുന്ന പാണ്ഡവന്മാരോട് ലോമശൻ പറഞ്ഞു:

"ഹേ പാണ്ഡവന്മാരേ, കേൾക്കുവിൻ! കൈലാസശിഖരം പോലെ വെളുത്തു ഭംഗിയായി ഉയർന്നു ചിന്നിക്കാണുന്ന ഈ വസ്തു എന്താണെന്നറിയാമോ? ഇത് നരകാസുരന്റെ അസ്ഥികൂടമാണ്. പർവ്വതപ്പരപ്പിൽ പർവ്വതംപോലെ അവ തിളങ്ങിക്കാണുന്നു. പുരാതനനും പരാത്മാവും പരാൽപ്പരനുമായ വിഷ്ണു ഭഗവാൻ ഇന്ദ്രന്റെ ഹിതത്തിന്നായി ആ ദൈത്യവീരനെ കൊന്നു.

തപസ്സും സ്വാദ്ധ്യായവും കൊണ്ടുള്ള വിക്രമത്താൽ ഇന്ദ്രസ്ഥാനം നേടണമെന്നു കരുതി ആ മഹാത്മാവായ ദൈത്യൻ പതിനായിരം വർഷം തപസ്സുചെയ്തു. അങ്ങനെ ഇന്ദ്രസ്ഥാനാർത്ഥിയായ അവൻ, മഹാതപോബലംകൊണ്ടും കൈയൂക്കുകൊണ്ടും ദുരാധർഷനായ അവൻ, നിത്യവും സുരന്മാരെ വിലവെക്കാതായി. അവന്റെ ബലവും തപോനിഷ്ഠയും കണ്ട് ഇന്ദ്രൻ ഭയപ്പെട്ടു. ഇന്ദ്രൻ സ്വരക്ഷയ്ക്കായി വിഷ്ണുവിനെ ധ്യാനിച്ചു. വിഷ്ണു ഇന്ദ്രന്നു പ്രത്യക്ഷനായി. ശ്രീമാനും സർവ്വവ്യാപിയും വിഭുവുമായ വിഷ്ണുവിനെ മഹർഷിമാരും ദേവകളും പുകഴ്ത്തി. ഇന്ദ്രൻ പ്രഭകെട്ടുനില്ക്കുന്നതായി വിഷ്ണു കണ്ടു. ഉടനെ ദേവഗണനാഥനായ ഇന്ദ്രൻ വിഷ്ണുവിനെ കൈകൂപ്പി, തനിക്ക് അഭയം നല്കണമെന്ന് അപേക്ഷിച്ചു."

വിഷ്ണു പറഞ്ഞു: 'ഹേ ഇന്ദ്രാ! നിന്റെ ഭയത്തിന്റെ കാരണമൊക്കെ ഞാൻ അറിഞ്ഞു. നീ നരകാസുരനെ ഭയപ്പെടുകയാണ്. അവൻ തപസ്സിദ്ധിയുടെ ശക്തിയാൽ നിന്റെ സ്ഥാനം കൊതിക്കുകയാണ്. അവൻ തപഃസംസിദ്ധനായാലും അവന്റെ ആത്മാവിനെ ദേഹവുമായി വേർപെടുത്തി വിടാം, മുഹൂർത്തസമയം കാത്തിരിക്കുക.' എന്നു പറഞ്ഞ് വിഷ്ണു തന്റെ കൈകൊണ്ട് നരകാസുരന് 'ഒന്നു കൊടുത്തു'. ഉടനെ അവൻ മലപോലെ മലർന്നടിച്ച് ഭൂമിയിൽ ചത്തുവീണു. ഇക്കാണുന്നതു മായാവിയായ അവന്റെ അസ്ഥിപഞ്ജരമാണ്! നോക്കൂ ഇതാ വിഷ്ണുവിന്റെ മറ്റൊരു മഹത്കർമ്മവും കാണുന്നു. ഭൂമി പണ്ട് പാതാളത്തിലേക്ക് ആണ്ടുപോയി. ഭൂമി നഷ്ടപ്രായയായി. ഒരു തേറ്റയുള്ള പന്നിയായി വിഷ്ണു ഭൂമിയെ പൊക്കിയെടുത്തു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനെ, മഹർഷേ! ഭവാൻ ആ കഥ വിസ്തരിച്ചു പറഞ്ഞുതന്നാലും. എങ്ങനെയാണ് ആണ്ടുപോയ ഭൂമിയെ നൂറുയോജന ഉയർത്തിയത്? എന്തുകൊണ്ടാണ് ശിവയും, മഹാഭാഗയും, വിശോൽപത്തിക്കു കാരണവുമായ ഭൂമിദേവി സ്ഥിരയായി നിലയ്ക്കു നില്ക്കുന്നത്? ആരുടെ ശക്തിയാലാണ് നൂറുയോജന താണുപോയത്? പരമാത്മാവിന്റെ വീര്യം അവിടെ കാണിച്ചത് ആരാണ്? ഇതൊക്കെ സവിസ്തരം ഭവാനിൽനിന്നു ഗ്രഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ലോമശൻ പറഞ്ഞു: "എന്നോട് ഈ കഥ ഭവാൻ ചോദിച്ചല്ലോ, അത് ഒന്നും വിടാതെ ഞാൻ പറയാം. ഭവാൻ കേൾക്കുക.

പണ്ട് ഉണ്ണീ! ഘോരമായി കൃതയുഗം നടക്കുമ്പോൾ ആദിദേവനും പുരാതനനുമായ ഭഗവാൻ യമത്വം ചെയ്തു. അതായത് നിഷ്ക്രിയനായി ഇരുന്നു. ബുദ്ധിശാലിയായ ദേവദേവൻ നിഷ്ക്രിയനായപ്പോൾ സംഹാരം നടക്കാതായി. ഭൂമിയിൽ ജീവജാലങ്ങൾ വർദ്ധിച്ചുതുടങ്ങി. ഒന്നിനും മരണമില്ല. മനുഷ്യരും, പക്ഷിമൃഗാദികളും മരിക്കുകയില്ലെന്നു മാത്രമല്ല, ജനിക്കുകയും വർദ്ധിക്കുകയും ചെയ്തു. ജീവജാലങ്ങൾ വെള്ളപ്പൊക്കം പോലെ വർദ്ധിച്ചു. പശുക്കളും, കുതിരകളും, മറ്റു മൃഗജാലങ്ങളും, എല്ലാ മാംസഭുക്കുകളും മനുഷ്യരും ആയിരവും പതിനായിരവുമായി വർദ്ധിച്ചു. അങ്ങനെ ഭയമുണ്ടാകുമാറ് ജീവജാലങ്ങളുടെ ബഹളമായി ഭൂമുഖം. അങ്ങനെ സഹിക്കവയ്യാത്ത ഭാരം മൂലം ഭൂമി നൂറുയോജന താണുപോയി. സർവ്വാംഗവും വേദനിച്ച് ഭാരം വഹിച്ച് വലഞ്ഞു വിഷമിച്ച് ഭൂമിദേവി ദേവശ്രേഷ്ഠനായ നാരായണനെ കണ്ടു സങ്കടം പറഞ്ഞു."

പൃഥ്വി പറഞ്ഞു: "ഭഗവാനേ, ഭവാന്റെ പ്രസാദത്താൽ ഞാൻ വളരെനാളായി സുഖമായി വർത്തിക്കുന്നു. എന്നാൽ ഇപ്പോൾ ഭാരം എന്നെ ആക്രമിക്കുകയാൽ ഞാൻ നില്ക്കുവാൻ അശക്തയായിരിക്കുന്നു. എന്റെ ഈ ഭാരത്തെ ഭഗവാൻ നീക്കിത്തരേണമേ! ഞാൻ ഭഗവാനെ ശരണം പ്രാപിക്കുന്നു. ദേവാ! പ്രസാദിച്ചാലും!"

അവൾ പറഞ്ഞ വാക്കുകേട്ടു ഭഗവാൻ വ്യക്തമായി പറഞ്ഞു.

വിഷ്ണു പറഞ്ഞു: "ഹേ വസുധാരിണീ, നീ ഭയപ്പെടേണ്ടാ. നിന്റെ ഭാരം കുറയ്ക്കാനുള്ള പണി ഞാൻ ചെയ്യാം. വിഷമിക്കാതിരിക്കുക."

ലോമശൻ പറഞ്ഞു: ശൈലങ്ങൾ കുണ്ഡലമായണിഞ്ഞ ഭൂമിയെ സമാശ്വസിപ്പിച്ചയച്ചതിന്നുശേഷം വിഷ്ണു ഒരു തേറ്റയുള്ള വരാഹത്തിന്റെ രൂപമെടുത്തു. തുടുത്ത കണ്ണുകളുള്ള ആ മഹാസത്വത്തെ കണ്ടാൽ ഏവനും ഭയപ്പെട്ടുപോകും. പുകപൊങ്ങുന്നവിധം അവൻ വലുതായി ഉയർന്നു. മിന്നുന്ന അവന്റെ തേറ്റകൊണ്ട് ഭൂമിയെ താങ്ങി നൂറുയോജന മേല്പോട്ടു പൊക്കി. ഭൂമി പൊക്കുന്ന സമയം ഭയങ്കരമായ ഒരു ഭൂകമ്പമുണ്ടായി. ദേവന്മാരും മുനിമാരും അതോടൊപ്പം കുലുങ്ങിപ്പോയി. ഭൂമിയും, ആകാശവും, പാതാളവും ഹാ! ഹാ! എന്ന ശബ്ദത്താൽ മുഖരിതമായി. എല്ലാ ജീവജാലങ്ങളും കുലുങ്ങിമറിഞ്ഞു. ആടിക്കൊണ്ടിരിക്കുന്ന ഭൂമിയിൽ കാലുറപ്പിച്ചുനില്ക്കുവാൻ കഴിയാതായി.

ഉടനെ ദേവന്മാരും, ഋഷിമാരും ബ്രഹ്മാവിനെ ആശ്രയിച്ചു. എല്ലാവരും ബ്രഹ്മാവിന്റെ മുമ്പിൽ കൈകൂപ്പിനിന്ന് ആവലാതിയായി. ഇപ്രകാരം പറഞ്ഞു:"

"ലോകമൊക്കെക്കിടന്നു കുലുങ്ങുന്നു. ചരാചരങ്ങളൊക്കെ ഉഴലുന്നു. സമുദ്രങ്ങൾ ക്ഷോഭിക്കുന്നു. ഭൂമി നൂറുയോജന പൊങ്ങിയിരിക്കുന്നു. ആട്ടവും കുലുക്കവും നില്ക്കുന്നില്ല. ആരുടെ വീര്യത്താലാണ് ഭൂമി ഇങ്ങനെ ആകുലമായത്? ഭഗവാനേ, രക്ഷിക്കണേ! ഞങ്ങൾ സംഭ്രാന്തരായിരിക്കുന്നു."

ബ്രഹ്മാവു പറഞ്ഞു: "ഹേ ദേവന്മാരേ! ഭയപ്പെടേണ്ടാ. ദൈത്യന്മാർ ചെയ്യുന്ന പണിയാണിതെന്നു നിങ്ങൾ ശങ്കിക്കുന്നുണ്ടാകാം. അതല്ല, നിങ്ങൾക്കു ദൈത്യഭയമില്ല. ഭൂമിയിലുണ്ടായ ഈ ക്ഷോഭത്തിന്റെ കാരണം ഞാൻ പറയാം. സർവ്വവ്യാപിയും, ധീമാനും, അക്ഷരാത്മാവുമായ വിഷ്ണുവിന്റെ പ്രഭാവത്താൽ ക്ഷോഭിച്ചതാണ്. നൂറുയോജന കീഴോട്ടുതാണുപോയ ഭൂമിയെ പരമാത്മാവായ വിഷ്ണു വീണ്ടും ഉദ്ധരിച്ചു. അത് ഉദ്ധരിക്കുന്ന സമയത്തു സംക്ഷോഭമുണ്ടായി. അതാണ് ഈ കണ്ടത്. നിങ്ങളുടെ ആശങ്ക തീർന്നുവോ?"

ദേവകൾ പറഞ്ഞു: "ഹർഷത്തോടെ ഭൂമിയെ മേല്പോട്ടു പൊക്കുന്ന ആ ഭൂതമെവിടെയാണ്? ഞങ്ങൾ അങ്ങോട്ടു പോകുവാൻ ആഗ്രഹിക്കുന്നു. ഭഗവാനെ, ആ സ്ഥലം എവിടെയാണെന്നു പറഞ്ഞാലും!"

ബ്രഹ്മാവു പറഞ്ഞു: "നിങ്ങൾക്കു നന്മ ഭവിക്കട്ടെ! നിങ്ങൾ നന്ദനത്തിൽ ചെല്ലുവിൻ അവിടെ നോക്കിയാൽ കാണാം. അവിടെ ഇതാ ഭഗവാൻ സുപർണ്ണൻ പ്രകാശിക്കുന്നു. വരാഹരൂപം കൈക്കൊണ്ട് ലോകഭാവനനായ ഭഗവാൻ കാലാനലനെപ്പോലെ, ലോകം ഉദ്ധരിക്കുന്ന ദേവനായി പ്രശോഭിക്കുന്നു. ഇവന്റെ മാറിൽ ശ്രീവത്സം വ്യക്തമായിക്കാണുന്നു. ഹേ ദേവകളേ, അനാമയമായ ഈ രൂപത്തെ എല്ലാവരും കണ്ടുകൊള്ളുവിൻ."

ലോമശൻ പറഞ്ഞു: "ഉടനെ പിതാമഹനെ മുൻനിർത്തി മഹാത്മാവിനെക്കണ്ട് അഭിനന്ദിച്ച് ദേവന്മാർ വന്ന സ്ഥലത്തേക്കു മടങ്ങിപ്പോയി."

വൈശമ്പായനൻ പറഞ്ഞു: "ഹേ ജനമേജയ! ഈ കഥ കേട്ട് ലോമശൻ കാണിച്ചുകൊടുത്ത വഴിയിലൂടെ പാണ്ഡവന്മാർ സന്തോഷത്തോടെ പോവുകയും ചെയ്തു."

143. ഗന്ധമാദനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ശൂരന്മാരായ പാണ്ഡവന്മാർ ലോമശൻ പറഞ്ഞ ദിവ്യകഥകൾ

digitized by www.sreyas.in

കേട്ട്, ആയുധധാരികളായി ഗന്ധമാദനപർവ്വതത്തിൽ പ്രവേശിച്ചു. ആത്മസംയമനംചെയ്ത് ഫലമൂലങ്ങൾ ഭക്ഷിച്ച് പാഞ്ചാലിയോടുകൂടി അവർ വനങ്ങളും, പൊയ്കകളും കണ്ടു. നാനാവിധ മൃഗങ്ങളെക്കണ്ടു. മഹർഷിമാരും, ദേവകളും സേവിക്കുന്നതും, ഗന്ധർവ്വർക്കും, കിന്നരന്മാർക്കും, അപ്സരസ്സുകൾക്കും പ്രിയപ്പെട്ടതുമായ ആ മഹാപർവ്വതത്തിൽക്കയറി. അപ്പോൾ വലിയ കാറ്റും കഠിനമായ മഴയുമുണ്ടായി. വീണുകിടക്കുന്ന ഇലകൾ ഇടകലർന്നു പൊടിപടലം പാറുന്നു. ആകാശവും, ഭൂമിയും പൊടികൊണ്ട് മൂടുകയാൽ ഒന്നും തിരിച്ചറിയുവാൻ വയ്യാതായി. തമ്മിൽ പറയുന്നതുപോലും കേൾക്കുവാൻ സാധിക്കാതായി. ചുറ്റിയടിക്കുന്ന കൊടുങ്കാറ്റാൽ പാറക്കല്ലുകൾ ഊക്കോടെ വിതറി. അന്ധകാരം വ്യാപിക്കുകയാൽ അവർക്കു പരസ്പരം കാണുവാൻകൂടി വയ്യാതായി. ഭയങ്കരമായ കാറ്റടിയിൽ ആകുലരായ അവർ ആകാശം ഇടിഞ്ഞുവീഴുമ്പോലേയും ഭൂമി പിളരുംപോലെയും ഭയപ്പെട്ടു. വല്ലാതെ അമ്പരന്ന് അന്ധരായി, പാണ്ഡവന്മാർ മരങ്ങളും, വള്ളികളും, പുറ്റുകളും തട്ടിത്തടഞ്ഞ് ഉഴന്നുനടന്നു. മഹാശക്തിമാനായ ഭീമൻ വില്ലുകൈയിലെടുത്ത് കൃഷ്ണയെയുമെടുത്ത് ഒരു വലിയ മരത്തെ ആശ്രയിച്ചു നില്പായി. ധർമ്മരാജാവും, നകുലസഹദേവന്മാരും, ലോമശധൗമ്യന്മാരും മരങ്ങളിലും മലയിടുക്കുകളിലും മറ്റും ഒളിച്ചിരുന്നു.

കാറ്റും പൊടിയും കുറേ കഴിഞ്ഞപ്പോൾ തീരെ ഒതുങ്ങി. പിന്നീടു വലിയ ജലധാരയോടുകൂടിയ ഒരു ഘോരവർഷമുണ്ടായി. വജ്രങ്ങൾ ചിതറുംപോലെ ചടചടാശബ്ദം ഉയർന്നു മേഘങ്ങളിൽനിന്ന് ഉജ്ജ്വലമായ മിന്നൽ ഇളകി. ആ ജലധാര ചരൽക്കല്ലുകൾ കലർന്ന് അതിഘോരമായിത്തീർന്നു. അതോടെ കൊടുംകാറ്റും ഉഗ്രമായിത്തീർന്നു. കലങ്ങിമറിഞ്ഞു നുരയും പതയുമായി പൊങ്ങിയ പെരുവെള്ളം സർവ്വത്ര പരന്നു നദികളായി സമുദ്രത്തിലേക്കു കുതിച്ചു. ഒഴുക്കിൽപ്പെട്ടു കാട്ടുമരങ്ങൾ മഹാശബ്ദത്തോടുകൂടി കൂട്ടംകൂട്ടമായി പുഴങ്ങി വീണു.

കുറേനേരം കഴിഞ്ഞപ്പോൾ പേമാരിയും കൊടുങ്കാറ്റും ഇരമ്പലും നിലച്ചു. വെള്ളമൊക്കെ കീഴോട്ട് ഒഴുകി. സൂര്യൻ തെളിഞ്ഞു. അപ്പോൾ പാഞ്ചാലിക്കും പാണ്ഡവന്മാർക്കും തമ്മിൽ കാണുവാൻ സാധിച്ചു. അവർ സസന്തോഷം ഒന്നിച്ചുകൂടി വീണ്ടും മലകയറുവാൻ തുടങ്ങി."

144. ഗന്ധമാദനപ്രവേശം – ഘടോൽക്കചാഗമനം–

വൈശമ്പായനൻ പറഞ്ഞു: "മഹാത്മാക്കളായ പാണ്ഡവന്മാർ ഒരു ക്രോശം മാത്രം മുന്നോട്ടു നടന്നപ്പോൾ വിഷമങ്ങൾ അനുഭവപ്പെട്ടു. നടക്കുവാൻ കഴിയാതെ പാഞ്ചാലി അവിടെ ഇരുന്നുപോയി. നടന്നുതളർന്നും, കാറ്റും, മഴയും ഏറ്റു സങ്കടപ്പെട്ടും ആ പാവപ്പെട്ട സുകുമാരി തീരെ വിമോഹിതയായി. തളർന്ന്, വിറച്ചുവിവശയായ അവൾ ഉരുണ്ടുനീണ്ട കൈകൊണ്ടു തുട താങ്ങിപ്പിടിച്ചു. ആനയുടെ തുമ്പിക്കരംപോലെ മനോഹരമായ തുടരണ്ടും പിടിച്ച്, വിറച്ച്, കദളിവാഴത്തണ്ടുപോലെ നിലത്തുവീണു. ഒടിഞ്ഞ ലത പോലെ വീഴുന്ന ആ മനോഹരാംഗിയെ വീര്യവാനായ നകുലൻ ഓടിച്ചെന്നു താങ്ങി."

നകുലൻ പറഞ്ഞു: "രാജാവേ, ഇതാ പാഞ്ചാലരാജപുത്രി തളർന്നുവീണു. അവളുടെ പാടുനോക്കൂ! മൃദുഗാമിനിയായ അവൾ ഇങ്ങനെ കഷ്ടപ്പെടേണ്ടവളല്ല. എന്തൊരു ദുഃഖമാണ് അവൾ അനുഭവിക്കുന്നത്! അവളെ ഒന്നു സമാശ്വസിപ്പിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "നകുലന്റെ വാക്കുകേട്ടു ദുഃഖിതനായ രാജാവ് അവളുടെ അടുത്തേക്കു ചെന്നു. ഭീമനും, സഹദേവനും ചെന്നു. രാജാവ് അവളെ തളർന്ന് അവശയായിക്കണ്ടു. ഉടനെ തന്റെ മടിയിൽ അവളെ എടുത്തുവെച്ച് ആതുരനായി വിലപിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "നല്ല അടച്ചുറപ്പുള്ള ഗൃഹത്തിൽ മണിമെത്തയിൽക്കയറി സുഖമായി കിടക്കേണ്ട രാജകുമാരി, സുഖാർഹയായ സുകുമാരി, വെറും നിലത്തല്ലേ വീണുകിടക്കുവാൻ ഇടയായത്! മൃദുലവും, സുന്ദരവുമായ കാലടിയും, താമരപ്പൂപോലുള്ള മുഖവും ഞാൻ മൂലം വിവർണ്ണമായിരിക്കുന്നു. ചൂതിൽ ഭ്രമിച്ച്, മോഹിതനായി, മൃഗങ്ങൾ നിറഞ്ഞ മഹാവനത്തിൽ ഇവളെ കൊണ്ടുവന്നതു വലിയ അന്യായംതന്നെ! പാണ്ഡവന്മാർ ഭർത്താവായാൽ കല്യാണിയായ ഇവൾക്ക് സുഖമാകും എന്നു ചിന്തിച്ചാണ് ഇവളുടെ അച്ഛൻ ഇവളെ വിവാഹം ചെയ്തു തന്നത്. അങ്ങനെയുള്ള ദ്രുപദപുത്രി ഇപ്പോൾ ശോകാർത്തയായി, പാപിയായ ഞാൻ കാരണം വെറും നിലത്തു വീണുകിടക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ധർമ്മരാജാവായ യുധിഷ്ഠിരൻ ഇപ്രകാരം വിലപിക്കെ, ധൗമ്യാദികളായ ദ്വിജോത്തമന്മാരൊക്കെ ആ സ്ഥലത്തേക്ക് ഓടിവന്നു. ആ ദ്വിജന്മാർ ആശ്വസിപ്പിച്ച് ആശീർവാദം നല്കി രക്ഷോഘ്നമായ മന്ത്രം ജപിച്ചു കർമ്മവും ചെയ്തു. ആ മഹർഷിമാർ ശാന്തിക്കായി മന്ത്രം ചൊല്ലിയ സമയം പാണ്ഡവന്മാർ അവരുടെ ശീതളമായ കൈകൊണ്ട് തലോടിക്കൊണ്ടിരിക്കവേ ജലം കലർന്ന കുളിർകാറ്റ് ദേഹത്തിലേറ്റപ്പോൾ പാഞ്ചാലി സുഖം പൂണ്ട് ഉണർന്നു. പതുക്കെ ബോധംവീണ അവളെ പാണ്ഡവന്മാർ കൃഷ്ണാജിനത്തിൽക്കിടത്തി വിശ്രമിപ്പിച്ചു. അവളുടെ രക്താരുണമായ പാദങ്ങൾ തഴമ്പുചേർന്ന കൈത്തലംകൊണ്ട് മാദ്രേയന്മാർ തലോടി. ധർമ്മരാജാവ് അവളെ ആശ്വസിപ്പിച്ചു. പിന്നെ അദ്ദേഹം ഭീമനോടു പറഞ്ഞു: "ഭീമാ! മഞ്ഞുമൂടിക്കിടക്കുന്നവയും ദുർഗ്ഗമങ്ങളുമായ അനേകം പർവ്വതങ്ങൾ ഇനിയും കയറേണ്ടതുണ്ട് കൃഷ്ണാ, എങ്ങനെ സഞ്ചരിക്കും?"

ഭീമൻ പറഞ്ഞു: "രാജാവേ, ഭവാനേയും, കൃഷ്ണയേയും, നകുലസഹദേവന്മാരേയും ഞാൻ കൊണ്ടുപോകാം. ഒട്ടും വിഷമിക്കേണ്ട. അല്ലെങ്കിൽ അങ്ങു സമ്മതിക്കുകയാണെങ്കിൽ ഹിഡിംബീപുത്രനായ ഘടോൽക്കചൻ വന്നു നമ്മളെ എല്ലാവരേയും എടുത്തുകൊണ്ടുപോകും. അവൻ മഹാവീര്യനും, ആകാശഗാമിയും, ബലത്തിൽ എന്നോടു തുല്യനുമാണ്."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മരാജാവ് സമ്മതിച്ചപ്രകാരം ഭീമൻ തന്റെ രാക്ഷസപുത്രനെ ധ്യാനിച്ചു. ഉടനെ അവൻ അടുത്തെത്തി പാണ്ഡവന്മാരെ നമസ്കരിച്ചു. ബ്രാഹ്മണരേയും വന്ദിച്ചു. എല്ലാവരുടേയും അഭിനന്ദനത്തിന് അവൻ പാത്രമായി. അവൻ അച്ഛനോടു പറഞ്ഞു: 'ഭവാൻ എന്നെ ഓർത്തപ്പോൾ ത്തന്നെ ഇതാ ഞാൻ പിതൃശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്നു. മഹാബാഹോ, ഭവാൻ കല്പിച്ചാലും! എന്തുവേണമെങ്കിലും ചെയ്യുവാൻ ഞാൻ സന്നദ്ധനാണ്.' ഇതുകേട്ട ഭീമൻ തന്റെ പുത്രനെ കെട്ടിപ്പുണർന്നു."

145. ഗന്ധമാദനപ്രവേശം – ബദരികാശ്രമപ്രവേശം

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഭീമാ! ഔരസപുത്രനായ ഈ രാക്ഷസപുംഗവൻ ശൂരനും ധർമ്മജ്ഞനും ബലവാനും സത്യസന്ധനുമാണ്. ഇവൻ നമ്മുടെ ഭക്തനുമാണ്. ഇവൻ നമ്മളെ എടുക്കട്ടെ. ഭീമപരാക്രമനായ നിന്റെ പുത്രന്റെ ബലംകൊണ്ടല്ലാതെ പാഞ്ചാലിയോടുകൂടി അക്ഷതനായി ഈ ഗന്ധമാദനം കേറുവാൻ ഞാൻ ശക്തനല്ല."

വൈശമ്പായനൻ പറഞ്ഞു: "ഭ്രാതാവിന്റെ വാക്കുകേട്ടപ്പോൾ നരവ്യാഘ്രനും ശത്രുകർശനുമായ ഭീമൻ തന്റെ പുത്രനോട് ഇങ്ങനെ ആജ്ഞാപിച്ചു."

ഭീമൻ പറഞ്ഞു: "ഉണ്ണീ, ഘടോൽക്കചാ! നിന്റെ അമ്മയായ ദ്രൗപദി ക്ഷീണിച്ചു പരവശയായി തളർന്നുകിടക്കുന്നത് നീ നോക്കൂ! നീ ആകാശത്തിലും ഭൂമിയിലും ഇഷ്ടംപോലെ സഞ്ചരിക്കുവാൻ കഴിവുള്ളവനാണല്ലോ. നിന്റെ അമ്മയെ എടുത്തു ചുമലിൽവെച്ച് പീഡയൊന്നും കൂടാതെ ആകാശമാർഗ്ഗത്തിലൂടെ നീ പതുക്കെ പോകണം. നിന്നോടൊരുമിച്ചു ഞങ്ങളും വരുന്നതാണ്. നിനക്കു നന്മ വരട്ടെ."

ഘടോൽക്കചൻ പറഞ്ഞു: "ധർമ്മരാജാവിനേയും അമ്മയായ കൃഷ്ണയേയും മാദ്രേയന്മാരേയും ധൗമ്യനേയും എടുത്തുകൊണ്ടു പോകുവാൻ ഞാൻ ഒരാൾ മതി. എന്നാൽ എനിക്കു

digitized by www.sreyas.in

കൂട്ടുകാർ ഉള്ളതുകൊണ്ട് എല്ലാവരേയും ഞാൻ തനിച്ച് എടുക്കേണ്ടതില്ല. നൂറുകണക്കിനു വീരന്മാർ എനിക്കു കൂട്ടുകാരായുണ്ട്. അവർ ഇഷ്ടംപോലെ രൂപം മാറുവാൻ കഴിവുള്ളവരും നഭശ്ചരന്മാരുമാണ്. ബ്രാഹ്മണരോടുകൂടി എല്ലാവരേയും അവർ എടുത്തുകൊള്ളും."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ഘടോൽക്കചൻ കൃഷ്ണയെ എടുത്തു. പാണ്ഡവന്മാരെ മറ്റുള്ളവരും എടുത്തു. മഹാദ്യുതിയായ ലോമശനാകട്ടെ, സ്വന്തം പ്രഭാവത്താൽ രണ്ടാം സൂര്യനെന്നപോലെ ശോഭിച്ചുകൊണ്ട് സിദ്ധന്മാരുടെ മാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ചു. ആ ബ്രാഹ്മണരേയും ഒക്കെ എടുത്തുകൊണ്ട് രാക്ഷസന്മാരും ഉയർന്നു. മഹാവേഗന്മാരും ഭീമപരാക്രമന്മാരുമായ വീരരാക്ഷസന്മാരും ചുമലിൽക്കയറി ചെല്ലുന്ന പാണ്ഡവന്മാരും കൃഷ്ണയും അല്പസമയംകൊണ്ട് ബഹുദൂരത്തിലെത്തി. രമണീയവനങ്ങളും നാനാരത്നങ്ങൾ വിളഞ്ഞു കിടക്കുന്ന മ്ലേച്ഛജനദേശങ്ങളും നാനാധാതുക്കൾ നിറഞ്ഞ ഗിരിപാദങ്ങളും കിന്നരകിംപുരുഷന്മാർ, ഗന്ധർവ്വവിദ്യാധരന്മാർ മുതലായവരുടെ നിവാസസ്ഥലങ്ങളും, പന്നികൾ, കാട്ടുപോത്തുകൾ, മാനുകൾ, കുരങ്ങുകൾ മുതലായവയുടെ നിവാസസ്ഥലങ്ങളും നിർബ്ബാധം ക്രീഡിക്കുന്ന വനങ്ങളും പക്ഷികുലങ്ങൾ നിറഞ്ഞ നദികളും കണ്ടുകൊണ്ട് വിവിധാശ്ചര്യങ്ങൾ നിറഞ്ഞ കൈലാസപർവ്വതം കണ്ടു. അതിന്നു സമീപത്തുള്ള നരനാരായണാശ്രമത്തിൽ അവർ പ്രവേശിച്ചു. എല്ലായ്പോഴും പൂവും കായും നിറഞ്ഞ് ദിവ്യമായി, മഹത്തായ ശാഖകളുള്ള ബദരീവൃക്ഷത്താൽ പ്രശോഭിതമാണ് ബദര്യാശ്രമം. അത്യന്തം ശ്രീയോടും, കുളുർമ്മയോടും നിരക്കെ നിഴൽ പരത്തി, കുളിർത്ത്, തളിർത്ത്, ഇടതിങ്ങി വളർന്ന ശോഭനപത്രങ്ങളും ഏറ്റവും സ്വാദുകലർന്ന്, സദാ തേൻ ഒഴുകുന്ന ദിവ്യഫലങ്ങൾ നിറഞ്ഞ്, മദോന്മത്തങ്ങളായ നാനാപക്ഷിഗണങ്ങളാൽ ആകുലമായി, മുനിഗണത്താൽ സേവിതമായി, വിശാലവും വിസ്തൃതവുമായ കൊമ്പുകൾ പരന്നുനില്ക്കുന്ന ബദരീവൃക്ഷത്താൽ പ്രശോഭിതമാണ് ആ പ്രദേശം. കടുന്നൽ, കൊതുക് മുതലായവയൊന്നുംതന്നെ അവിടെയില്ല. പച്ചപ്പുല്ലുകൾ പരന്ന്, തണുപ്പും മിനുപ്പും ചേർന്ന്, മുള്ളുകൾ ഇല്ലാതെ പ്രകൃത്യാ പ്രശോഭിക്കുന്ന ആ ഭൂഭാഗം നിരന്നു പരന്നു കിടക്കുന്നു. അവിടെയാണ് പാണ്ഡവന്മാർ പോയി ഇറങ്ങിയത്. അവർ നരനാരായണന്മാരുടെ ആ രമണീയാശ്രമത്തെ ചുറ്റിനടന്നു നോക്കി. സൂര്യകരങ്ങളാൽ പീഡിതമാകാതെതന്നെ അവിടെ എപ്പോഴും ഇരുളകന്നു പ്രശോഭിക്കുന്നു. ശോകനാശനമായ ആ പുണ്യസ്ഥലത്ത് ക്ഷുത്പിപാസകളാലോ ശീതോഷ്ണങ്ങളാലോ ദോഷമേല്ക്കുകയില്ല. മുനിഗണവ്യാപ്തവും വേദാത്മകവും ധർമ്മഹീനന്മാർക്കു ദുഷ്പ്രവേശവുമാണ് ആ ആശ്രമം.

ആ ആശ്രമം അടിച്ചുതേച്ചു വെടിപ്പാക്കി ബലിഹോമാർച്ചനം ചെയ്ത് ദിവ്യപുഷ്പോപഹാരത്താൽ എല്ലായിടവും വിരാജിതമായിക്കിടക്കുന്നു. യജ്ഞോപകരണങ്ങൾ നിറഞ്ഞ വിശാലങ്ങളായ അഗ്നിജ്വാലകൾ പലതും അവിടെയുണ്ട്. വേദഘോഷം എല്ലായ്പോഴും മുഴങ്ങുന്ന ശ്രമനാശനമായ ആ പുണ്യസ്ഥലം എല്ലാ ഭൂതങ്ങൾക്കും ശരണ്യമാണ്. ശ്രീപൂർണ്ണവും സത്യധർമ്മശോഭിതവുമായ ആ ദിവ്യാശ്രമം ആർക്കും വർണ്ണിക്കാവതല്ല. മാന്തോലുടുത്തും ഫലമൂലങ്ങൾ മാത്രം ഭുജിച്ചും ദാന്തന്മാരായി, സൂര്യാഗ്നിസമാനന്മാരായി, തപോനിധികളായി, മോക്ഷപരന്മാരായി, നിയതേന്ദ്രിയന്മാരായി, ബ്രഹ്മഭൂതന്മാരും ബ്രഹ്മവാദികളുമായി, മഹാഭാഗന്മാരായി, അവിടെ മഹർഷികൾ പലരും വാഴുന്നു. അവരെ ശുദ്ധഹൃദയനായി, ശുചിയോടുകൂടി, വിനീതനായി യുധിഷ്ഠിരൻ ഭ്രാതാക്കന്മാരോടുകൂടെ സന്ദർശിച്ചു. ദിവ്യജ്ഞാനികളും സ്വാദ്ധ്യായനിരതന്മാരുമായ മഹർഷികൾ യുധിഷ്ഠിരനെ എതിരേറ്റ് പ്രീതിയോടെ ആശീർവ്വദിച്ചു. അവർ പുഷ്പജലങ്ങളും ഫലമൂലങ്ങളും നല്കി യഥോചിതം സൽക്കരിച്ചു.

സൽക്കാരങ്ങൾ സ്വീകരിച്ചതിന്നുശേഷം യുധിഷ്ഠിരൻ കൃഷ്ണയോടും സഹോദരന്മാരോടുംകൂടി സ്വർഗ്ഗതുല്യവും ദിവ്യഗന്ധപൂരിതവും ഹൃദയഹാരിയും ശോഭായമാനവുമായ ആ പുണ്യപ്രദേശത്തേക്കു കടന്നു. അവിടെ ഗംഗാതീരത്ത് ദേവദേവർഷിപൂജിതമായി പ്രശോഭിക്കുന്ന നരനാരായണസ്ഥാനം ധർമ്മപുത്രൻ ദർശിച്ചു. തേനിറ്റുവീഴുന്ന ഫലവർഗ്ഗങ്ങൾ നിറഞ്ഞ ആ പുണ്യാശ്രമത്തിൽ പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി പാർത്ത് സാമോദം രമിച്ചു.

പക്ഷിജാലങ്ങളാൽ ആകുലമായ മൈനാകപർവ്വതത്തേയും ഹിരണ്യശിഖരത്തേയും ശോഭനമായ ബിന്ദുസരസ്സിനേയും കണ്ടുകൊണ്ട് അവർ അവിടെ വിഹരിച്ചു. അവിടത്തെ കാനനങ്ങൾ മനോമോഹനങ്ങളാണ്. ഇടതൂർന്നു തളിർത്ത പത്രങ്ങളോടും മനോഹരമായ ശീതളച്ഛായയോടും കോകിലകൂജിതത്തോടുംകൂടി ഫലഭാരത്താൽ തൂങ്ങിയ പൂവണിമരങ്ങൾ നിറഞ്ഞ് സർവ്വകാലത്തും കുസുമോജ്ജ്വലമായി സർവ്വത്ര രമണീയമായി പ്രശോഭിക്കുകയാണ് കാനനങ്ങൾ. ആമ്പലും താമരയും നിറയെ വളർന്നും നിർമ്മലജലം കലർന്നും വിചിത്രമായ സരസ്സുകൾ പ്രശോഭിക്കുന്നു. ഇവയെല്ലാം കൃഷ്ണയോടുകൂടി കണ്ട് അവർ ആനന്ദിച്ചു. സുഖസ്പർശത്തോടും പുണ്യഗന്ധത്തോടും കൂടിയ സമീരണൻ ദ്രൗപദിയേയും പാണ്ഡവന്മാരേയും ആഹ്ലാദിപ്പിച്ച് അവിടെ സസുഖം വീശി. രത്നവും പവിഴവുംകൊണ്ടുള്ള പടവുകളോടും ഇരുപുറത്തും ശോഭിക്കുന്ന വൃക്ഷങ്ങളോടുംകൂടിയ ഗംഗയിൽ മനോഹരമായ താമരകൾ നിറഞ്ഞ സീതാതീർത്ഥത്തിലും ദിവ്യപുഷ്പപൂർണ്ണമായി പ്രീതിവർദ്ധിപ്പിക്കുന്ന ബദര്യാശ്രമത്തിലും അവർ ക്രീഡിച്ചു. ദേവർഷിനിലയനവും പരമദുർഗ്ഗവുമായ പ്രദേശത്ത് ഭാഗീരഥിയിലെ പുണ്യജലത്തിൽ അവർ ദേവന്മാർക്കും പിതൃക്കൾക്കും തർപ്പണം ചെയ്തു. അമരപ്രഭാവന്മാരായ പാണ്ഡവന്മാർ കൃഷ്ണയുടെ ഉല്ലാസത്തോടുകൂടിയ വിചിത്രക്രീഡകൾ കണ്ടു രസിച്ച് ബ്രാഹ്മണരോടുകൂടി അവിടെ വിശ്രമിച്ചു."

146. കദളീവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "അവിടെ പരമശുദ്ധിയോടുകൂടി ആ പുരുഷവ്യാഘ്രന്മാർ അർജ്ജുനനെക്കാണുവാനുള്ള ആഗ്രഹത്തോടുകൂടി ആറു രാത്രി പാർത്തു. അന്നൊരുദിവസം വടക്കുകിഴക്കുഭാഗത്തുനിന്ന് കാറ്റിൽപ്പറന്ന് സൂര്യതേജസ്സുള്ള, ആയിരം ഇതളുള്ള, ഒരു താമരപ്പൂവ് യദൃച്ഛയാ അവരുടെ മുമ്പിൽ വന്നുവീണു. ദിവ്യമായ മണം പുറപ്പെടുന്നതും ഭംഗിയേറിയതുമായ ആ പുഷ്പം വന്നു വീഴുന്നത് പാഞ്ചാലി കണ്ടു. ശുഭമായ ആ സരോരുഹം ശുഭാംഗിയായ കൃഷ്ണ കണ്ട്, സന്തോഷത്തോടെ എടുത്ത് ഭീമനോടു പറഞ്ഞു."

കൃഷ്ണ പറഞ്ഞു: "ഹേ ഭീമാ! ഈ മനോഹരമായ പുഷ്പം കണ്ടുവോ? എന്തൊരു കൗതുകമാണിതിന്ന്! ഇതിൽപ്പരം വിശേഷമായി പുഷ്പങ്ങളില്ല. എന്തൊരു ഹൃദയാവർജ്ജകമായ ഭംഗി! എന്തൊരു മനം കുളുർപ്പിക്കുന്ന മണം! ഇത് ഞാൻ ധർമ്മരാജാവിന്നു കൊടുക്കട്ടെ! എനിക്കു പ്രിയത്തിന്നായി ഇത്തരം കുറെ പുഷ്പങ്ങൾ വനത്തിലേക്കു കൊണ്ടുവരിക! എന്നോട് ഭവാന് ഇഷ്ടമുണ്ടെങ്കിൽ ഈ പുഷ്പങ്ങൾ കുറെ കൊണ്ടുവരൂ! എന്നു പറഞ്ഞ് ദ്രൗപദി ആ പുഷ്പം ധർമ്മരാജാവിന്നു നല്കുവാനായി നടന്നു.

വൈശമ്പായനൻ പറഞ്ഞു: "പ്രിയയുടെ ഇഷ്ടം അറിഞ്ഞ് പുരുഷർഷഭനായ ഭീമൻ അവളുടെ ആഗ്രഹം സാധിപ്പിക്കുവാൻ പുറപ്പെട്ടു. പുഷ്പത്തെ ഇങ്ങോട്ടെത്തിച്ച കാറ്റിന്റെ ഗതിനോക്കി നടന്നു. പൊന്നണിഞ്ഞ വില്ലും, പാമ്പുപോലുള്ള ശരങ്ങളുമേന്തി, സിംഹത്തെപ്പോലെ ശൂരനും, മത്തഗജംപോലെ ഗംഭീരനുമായ ഭീമൻ നടന്നു. എല്ലാ ഭൂതങ്ങളും അവനെ നോക്കി. ഭീമന്നു ക്ഷീണമില്ല; ഉത്സാഹക്കുറവില്ല; ഭയമില്ല; സംഭ്രമമില്ല. വായുപുത്രനായ അവൻ ദ്രൗപദിയുടെ ഇഷ്ടം കൈയൂക്കുകൊണ്ടു നിർവ്വഹിക്കുവാൻ കരുതിത്തന്നെയാണു പുറപ്പെട്ടിരിക്കുന്നത്. അവൻ ധീരനായി മല കയറി. മരങ്ങൾ വള്ളിക്കുടിലുകൾ എന്നിവ കൊണ്ടു മൂടി കരിമ്പാറകൾ നിറഞ്ഞുകിടക്കുന്ന പർവ്വതമാണ് ഇത്. പല വർണ്ണങ്ങൾ കലർന്ന്, വിചിത്രധാതുക്കൾ ചേർന്ന്,

digitized by www.sreyas.in

വൃക്ഷങ്ങൾ ഇടകലർന്ന്, മൃഗപക്ഷികൾ നിറഞ്ഞ്, ഉയർന്നുനില്ക്കുന്ന ആ പർവ്വതം സർവ്വഭൂഷണങ്ങളും തികഞ്ഞ ഭൂമിയുടെ കരംപോലെ പ്രശോഭിക്കുന്നു. കുയിൽ കൂകിയും, വണ്ടുകൾ മുരണ്ടും, സർവ്വത്രരമണീയമായ ഗന്ധമാദനസാനുവിൽ നോക്കി താൻ എന്തുചെയ്യണമെന്നു തീരുമാനിച്ച്, കണ്ണും കരളും കാതും ഉറപ്പിച്ച്, ആ അമിതവിക്രമൻ നടന്നു.

സർവ്വർത്തുരമണീയമായി വികസിച്ചുനില്ക്കുന്ന വിവിധ പുഷ്പങ്ങളിൽനിന്ന് ഉയർന്നുവന്ന സുഗന്ധം മുകർന്ന് ഭീമൻ പതുക്കെ നടന്നു. അപ്പോൾ നാനാകുസുമഗന്ധത്തോടുകൂടി പുണ്യവും ശീതളവുമായി ഗന്ധമാദനത്തിൽ വീശുന്ന വായുവിൽനിന്നും താതസ്പർശസുഖം ഏറ്റു മത്തവാരണംപോലെ ഉദ്ദാമനായി ആ തേജോബലൻ അവിടെ സഞ്ചരിച്ചു. പിതാവായ വായു തളർച്ച തീർക്കുകയാൽ പുളകമണിഞ്ഞ ഭീമൻ സുരഗന്ധർവ്വയക്ഷന്മാരും, ബ്രഹ്മർഷികളും വാഴുന്ന പ്രദേശങ്ങളിൽ സൗഗന്ധികപുഷ്പത്തെ തിരഞ്ഞുനോക്കി. കറുത്തതും, വെളുത്തതും, മഞ്ഞച്ചതുമായ ധാതുക്കൾ ചേർന്ന മൂന്നു പർവ്വതങ്ങൾ ആകാശത്തിൽ മൂന്നുവിരൽകൊണ്ടു വരച്ച കുറിപോലെ ഉയർന്നുനില്ക്കുന്നു. ഇരുപുറത്തും വന്നുചേർന്ന മേഘപാളികൾകൊണ്ട് ആ പർവ്വതം ആകാശത്തിൽ ചിറകുവിരിച്ച് ആടുന്നതുപോലെ തോന്നിപ്പിക്കുന്നു. അരുവിയിൽനിന്നു ചിതറിവീഴുന്ന ജലകണങ്ങൾ ഒരു മുത്തുമാലയണിഞ്ഞതുപോലെ ആ ഗിരിയെ അലങ്കരിക്കുന്നു. മനോഹരമായ ഗുഹകളും, നികുഞ്ജങ്ങളും, വലിയ നിർഝരങ്ങളും, ചോലകളും പ്രശോഭിക്കുന്നു. അപ്സരസ്സുകളുടെ നൂപുരശിഞ്ജിതത്താൽ മയിലുകൾ ആടിരസിക്കുന്നു. ദിഗ്ഗജങ്ങൾ കൊമ്പുകൊണ്ടു കുത്തിനിരത്തിയ ശിലാതലങ്ങൾ കിടക്കുവാനും ഇരിക്കുവാനും പറ്റിയതായി വിളങ്ങുന്നു. അരുവിയിൽനിന്നു കവിഞ്ഞുവഴിഞ്ഞു നിശ്ചലമായിക്കിടക്കുന്ന ജലം അഴിഞ്ഞ വെള്ളപ്പട്ടുപോലെ കിടന്നു തിളങ്ങുന്നു. ഭയമെന്നത് എന്താണെന്നറിയാത്ത മാനുകൾ ഇളംപുല്ലു ചവച്ച് ഭീമനെ സകൗതുകം നോക്കി ഓടിപ്പോകാതെ സ്വസ്ഥമായി നിന്നു.

ഈ മനോജ്ഞമായ പ്രകൃതി സൗന്ദര്യം കണ്ടു തന്റെ പ്രിയതമയ്ക്കു പ്രിയംചെയ്യുവാൻ ചെല്ലുന്ന ശ്രീയുതനായ വായുപുത്രൻ പലപല വള്ളിക്കൂട്ടങ്ങളേയും സ്വന്തം കൈയൂക്കാൽ കുലുക്കിയുലച്ചു ക്രീഡിച്ചു. ദീർഘകായനും, കനകവർണ്ണാഭനും, സിംഹതുല്യദൃഢകായനും, മത്തഗജവിക്രാന്തനും, മത്തവാരണശക്തനും, മത്തവാരണതാമ്രാക്ഷനും, മത്തേഭത്തെപ്പോലും തടുത്തുനിർത്തുന്നവനുമായ പാണ്ഡവൻ പുരുഷസൗന്ദര്യത്തിന്റെ നവാവതാരംപോലെ രമണീയമൂർത്തിമാനായി രമണീയമായ ഗന്ധമാദനസാനുവിൽ വിഹരിക്കുന്നത്, പ്രിയതമന്മാരോടുകൂടി അദൃശ്യരായി വിഹരിക്കുന്ന യക്ഷഗന്ധർവ്വനാരികൾ, അവരുടെ ലീലാചേഷ്ടിതങ്ങൾ നിർത്തിവെച്ച് ഏകാഗ്രതയോടെ നോക്കി നിന്നു.

ഈ സമയത്തും വനവാസിയായിത്തീർന്നിരിക്കുന്ന ദ്രൗപദിക്കു പ്രിയം ചെയ്യുവാൻ മുതിർന്ന് ഉത്സാഹപൂർവ്വം ചെല്ലുന്ന ഭീമന്ന്, ദുര്യോധനൻ ചെയ്ത ക്ലേശങ്ങളെക്കുറിച്ചുള്ള സ്മരണയോ അർജ്ജുനനെപ്പറ്റിയുള്ള ചിന്തയോ വിട്ടുപോയില്ല. തന്റെ ജ്യേഷ്ഠന്റെ തൽക്കാലസ്ഥിതിയും ഓർത്തുകൊണ്ടിരുന്നു.

ഈ സമയത്ത് ഭീമന്റെ ഉള്ളിൽ ഒരു ചിന്ത പാഞ്ഞു: 'ഞാൻ മടങ്ങിച്ചെല്ലുവാൻ വൈകിയാൽ ജ്യേഷ്ഠൻ എന്നെ അന്വേഷിക്കുവാൻ നകുലനേയോ സഹദേവനേയോ അയയ്ക്കുമോ? അവരെ അകലെ അയച്ചാൽ ജ്യേഷ്ഠന്നും, ദ്രൗപദിക്കും ആരാണു തുണ? അവരുടെ ബലത്തിൽ ജ്യേഷ്ഠനു വിശ്വാസമില്ലാത്തതുകൊണ്ടും നകുലസഹദേവന്മാരിൽ അദ്ദേഹത്തിന്നുള്ള സ്നേഹംകൊണ്ടും അവരെ അദ്ദേഹം ദൂരേക്കയയ്ക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഏതായാലും ഒട്ടും താമസിക്കാതെ ആ പുഷ്പങ്ങൾ സമ്പാദിക്കണം. അതിന്ന് എന്താണു മാർഗ്ഗം?'

ഇങ്ങനെ വിചാരിച്ച് ഗരുഡനെപ്പോലെ ആ നരശാർദ്ദൂലൻ അതിവേഗത്തിൽ പാഞ്ഞു. അവന്റെ കണ്ണും കരളും പുഷ്പസമൃദ്ധമായ താഴ്‌വരയിൽ ചുറ്റിക്കറങ്ങി. അദ്ദേഹത്തിന്നു വിശക്കുമ്പോഴുള്ള 'വഴിച്ചോറ്' ദ്രൗപദീവാക്യം മാത്രമാണ്.

അശനിപാതംപോലുള്ള കാൽവെപ്പാൽ ഭൂമികുലുക്കി ആനക്കൂട്ടത്തെ വിറപ്പിച്ചു. ആ വായുവേഗനായ മഹാബലൻ പോകുന്ന പോക്കിൽ സിംഹക്കൂട്ടത്തെ മർദ്ദിച്ചു. മാമരങ്ങൾ പുഴങ്ങിവീണു. വള്ളിക്കൂട്ടങ്ങൾ വലിച്ചിഴയ്ക്കപ്പെട്ടു. സർവ്വവും തകർത്ത് ആ ഗജരാജവിക്രമൻ മലകയറി. ഇടിവെട്ടുന്നതുപോലെ ഭീമൻ ഗർജ്ജിക്കുകയാൽ ഞെട്ടിയുണർന്ന സിംഹങ്ങൾ ഭയപ്പെട്ടു ഗുഹ വിട്ട് അങ്ങുമിങ്ങും പാഞ്ഞു. മാൻകൂട്ടങ്ങൾ പേടിച്ച് ഉഴന്നു. പക്ഷികൾ ബോധംകെട്ടുവീണു. കരടികൾ മരങ്ങളേയും, സിംഹങ്ങൾ ഗുഹകളേയും വിട്ട് ഓടി. ഭീമന്റെ ഭീമഗർജ്ജനംകൊണ്ടു കാടൊക്കെ ഭയാകുലമായി വിറച്ചു. പക്ഷിമൃഗാദികൾ പേടിച്ച് അമ്പരന്നു പലവഴിക്കും പാഞ്ഞു. ഭയവിഭ്രാന്തിയിൽ അവ മലമൂത്രങ്ങൾ വിട്ടു. ഭീഷണവും രൗദ്രവുമായി വായതുറന്ന് അലറിപ്പായുന്ന സിംഹഗജാദിമൃഗങ്ങൾ തന്റെ മുമ്പിൽ എത്തിപ്പെട്ടവയെല്ലാം അടിച്ചുതകർക്കപ്പെട്ടു.

ഇങ്ങനെ വനാന്തരം ബാഹുബലത്താൽ കലക്കിമറിച്ച്, ഗർജ്ജനത്താൽ ദിക്കൊക്കെ മുഴക്കി, മഹാബലനായ ഭീമൻ, ആ ഗന്ധമാദനപർവ്വതത്തിന്റെ സാനുവിൽ ബഹുയോജനവിസ്താരത്തിൽ പ്രശോഭിക്കുന്ന ഒരു കദളീവനം കണ്ട് അതിന്റെ ഉള്ളിൽ പ്രവേശിച്ചു.

ആ വനത്തിൽ പനപോലെ ഉയർന്നുനില്ക്കുന്ന കദളിത്തടികൾ മദജലം വഴിയുന്ന മഹാഗജമെന്നപോലെ ഭീമൻ ചുറ്റിപ്പിടിച്ചു പുഴക്കി വലിച്ചെറിഞ്ഞു. സിംഹത്തെപ്പോലെ ഗർജ്ജിച്ച് അതിൽ കുടികൊള്ളുന്ന മഹാസത്വങ്ങളെയെല്ലാം വിറപ്പിച്ചു. അവയുടെ ശബ്ദംകൊണ്ടും, ഭീമന്റെ ഗർജ്ജനംകൊണ്ടും ചുറ്റുപാടുമുള്ള കാടുകളിലെ മൃഗപക്ഷികളെല്ലാം പേടിച്ചുവിറച്ചു. പെട്ടെന്നുണ്ടായ ഈ സംകുലധ്വനികേട്ട് ജലപക്ഷികൾ നനഞ്ഞ ചിറകുമായി മേല്പോട്ടു പറന്നു രക്ഷാസ്ഥാനം തേടി. അവയെ പിന്തുടർന്ന് ഭീമൻ പാഞ്ഞു. ഉടനെ അതിമനോഹരമായ ഒരു സരസ്സിൽ ചെന്നെത്തി. അതിന്റെ കരയിൽ ഇളംകാറ്റിൽ ആടിക്കൊണ്ടിരിക്കുന്ന കനകമയമായ കദളികൾ നിറയെ നില്ക്കുന്നു.

ആമ്പലും താമരയും നിറഞ്ഞ ആ സരസ്സിൽ ഇറങ്ങി ഒരു മത്തഗജത്തെപ്പോലെ ഉച്ച്യംഖലനായി ഭീമൻ യഥേഷ്ടം ക്രീഡിച്ചു. ക്രീഡകൾ കഴിഞ്ഞതിന്നുശേഷം അവൻ കരയ്ക്കുകയറി വന്മരങ്ങൾ നിറഞ്ഞ ഘോരവനത്തിലൂടെ പിന്നേയും നടന്നു. തന്റെ സകല ശക്തിയും പ്രയോഗിച്ച് ഭീമൻ ശംഖധ്വനി മുഴക്കുകയും ദിക്കുകൾ മുഴങ്ങുമാറു കൈകൊട്ടിയാർക്കുകയും ചെയ്തു. ഈ ഭീമശബ്ദം ഗിരിഗുഹകളിൽച്ചെന്നലച്ച് മാറ്റൊലിക്കൊണ്ടു. ഇടിനാദം പോലെയുള്ള കരഘോഷംകേട്ട് ഗുഹകളിൽ ഉറങ്ങിക്കിടന്നിരുന്ന സിംഹങ്ങൾ ഞെട്ടിയുണർന്ന്, ഭയപ്പെട്ടലറി. സിംഹനാദത്താൽ ഭീതരായ ഗജങ്ങൾ ഘോരമായി അലറി. പർവ്വതപ്രദേശം മാറ്റൊലിക്കൊണ്ടു.

ഈ ശബ്ദമെല്ലാം കേട്ടപ്പോൾ തന്റെ ഭ്രാതാവായ ഭീമസേനൻ വരുന്ന ഘോഷമാണിതെന്ന് വാനരപ്രവരനായ ഹനുമാൻ അറിഞ്ഞു.

ഉടനെ ഹനുമാൻ ഒരു കരുതൽ നടപടിക്കൊരുങ്ങി. ഭീമൻ ദേവമാർഗ്ഗത്തിൽക്കടന്നു ശാപമോ അപമാനമോ ഏല്ക്കാതെ മടങ്ങണമല്ലോ. അതിന്നുവേണ്ടി ആ വഴി നിരോധിച്ചു. ചുറ്റും കദളികൾ തിങ്ങിയ വനത്തിന്റെ ഇടുങ്ങിയ മാർഗ്ഗത്തിൽ ആ കപീന്ദ്രൻ ചെന്നു കിടന്നു.

മഴവില്ലുപോലെ തടിച്ചുനീണ്ട തന്റെ വാല് ഹനുമാൻ വീശിയടിച്ചപ്പോൾ ഇടിവെട്ടുന്നവിധം ഭയങ്കരമായ ശബ്ദമുണ്ടായി. ലാംഗുലാഘാതധ്വനി കേട്ടു ഭയപ്പെട്ടു മനസ്സുകലങ്ങി ആ പർവ്വതം ഛർദ്ദിക്കുന്ന ശബ്ദംപോലെ ഗുഹാമുഖത്തിൽനിന്നു മാറ്റൊലിയുണ്ടായി. ആ ലാംഗലാഘാതത്താൽ മഹാഗിരി കുലു

digitized by www.sreyas.in

ങ്ങുകയും, അതിന്റെ ശിഖരം ഉടഞ്ഞു തകരുകയും ചെയ്തു. മത്തവാരണഗർജ്ജനത്തെ അടക്കുന്ന ആ ലാംഗലാഘാതധ്വനി മലകൾതോറും മാറ്റൊലിക്കൊണ്ടു. ഈ ധ്വനികേട്ടപ്പോൾ ഭീമനു രോമാഞ്ചമുണ്ടായി. ആ ഭീമമായ ശബ്ദം പുറപ്പെട്ട ദിക്കുനോക്കി ഭീമൻ നടന്നു. അപ്പോൾ കദളീവനത്തിന്റെ മദ്ധ്യത്തിൽ പരന്ന പാറപ്പുറത്ത് മഹാബാഹുവായ വാനരാധിപൻ ഉറങ്ങുംപോലെ കിടക്കുന്നതു കണ്ടു. ഇടിപോലെ ശബ്ദിച്ചും, ഇടിവാൾപോലെ ചലിച്ചും, ഇടിവാൾപോലെ ദുർദ്ദർശനവും പിംഗളവുമായി ഭീകരാകാരനായ കപിശ്രേഷ്ഠൻ പാറപ്പുറത്തു കിടക്കുന്നു.

തടിച്ച് ഇടുങ്ങിയ കഴുത്ത് മടക്കിവച്ച കൈകളിൽ അണച്ചിരിക്കുന്നു. ഉയർന്ന ചുമലോടുകൂടിയ ദേഹത്തിന്റെ വളർച്ചയാൽ കടിപ്രദേശം അതിസൂക്ഷ്മമായിരിക്കുന്നു. അഗ്രം അല്പം വളഞ്ഞ ദീർഘരോമങ്ങളോടും, ധ്വജംപോലെ വിളങ്ങുന്ന ഉയർന്ന വാലോടും, ചെറിയ ചുണ്ടോടും, ചെമ്പിച്ച നാവോടും, ചലിക്കുന്ന പുരികങ്ങളോടുംകൂടിയ രക്തവർണ്ണപ്രഭനാണ് ഹനുമാൻ.

ധവളവും തീക്ഷ്ണവും ഉഗ്രവുമായി വെളിവായിക്കാണുന്ന തേറ്റകളോടുകൂടി ശോഭിക്കുന്ന ആ വാനരന്റെ മുഖം രശ്മികളോടുകൂടിയ ചന്ദ്രനെപ്പോലെ പ്രശോഭിച്ചു. ധവളദന്താലംകൃതമായ വായയോടുകൂടിയ ആ മുഖം ഉള്ളിൽ അല്ലികൾ നിറഞ്ഞ അശോകപുഷ്പം പോലെ ശോഭിക്കുന്നു. സ്വർണ്ണമയമായ കദളീവനത്തിന്റെ മദ്ധ്യത്തിൽ എരിയുന്ന അഗ്നിപോലെ ഒളിചിതറുന്ന ശരീരത്തോടുകൂടി മധുപോലെ പിംഗളമായ കണ്ണുകളാൽ നോക്കിക്കൊണ്ടു കിടക്കുന്ന അതികായനും മഹാബലനുമായ ആ വാനരശ്രേഷ്ഠനെ, ധീമാനായ ഭീമൻ നല്ലപോലെ ഒന്നു നോക്കി.

സ്വർഗ്ഗമാർഗ്ഗത്തെ പർവ്വതം വന്നു തടഞ്ഞപോലെ കാണപ്പെടുന്ന ആ കുരങ്ങിനെക്കണ്ട് നിർഭയനും മഹാബലനുമായ ഭീമൻ ഇടിനാദം പോലെ ഉഗ്രമായി സിംഹനാദം മുഴക്കി. ഈ ശബ്ദം കേട്ട് പക്ഷിമൃഗാദികൾ ഭയപ്പെട്ടു. ഹനുമാൻ തന്റെ മധുപിംഗളദൃഷ്ടികൾ അല്പം തുറന്ന് അവജ്ഞയോടും, പുഞ്ചിരിയോടുംകൂടി ഭീമസേനനെ ഒന്നു തിരിഞ്ഞുനോക്കി."

ഹനുമാൻ പറഞ്ഞു: "വാർദ്ധക്യംമൂലം ആർത്തനായി ഇവിടെക്കിടന്ന് ഉറങ്ങുന്ന എന്നെ നീ എന്തിനാണ് ഉണർത്തിയത്? അറിവുള്ള ഭവാന് അല്പമെങ്കിലും ഭൂതദയ വേണ്ടേ? തിര്യക്ജാതിയിൽപ്പെട്ട ഞങ്ങൾ ധർമ്മമെന്തെന്ന് അറിയാത്തവരാണ്. മനുഷ്യരാണെങ്കിൽ ബുദ്ധിമാന്മാരാണ്. അവർ എല്ലാ ജീവികളിലും കരുണ കാണിക്കുന്നു. എന്നാൽ ദേഹംകൊണ്ടും വാക്കുകൊണ്ടും ബുദ്ധികൊണ്ടും, ധർമ്മഘ്നവും ക്രൂരവുമായ പ്രവൃത്തിയിൽ നിങ്ങളെപ്പോലുള്ള ധീമാന്മാർ ഏർപ്പെടുന്നതു ശരിയാണോ?

നീ ധർമ്മം എന്താണെന്നറിഞ്ഞിട്ടില്ല. നീ യോഗ്യന്മാരെ സേവിച്ചിട്ടുമില്ല. അല്പബുദ്ധിയാണു നീ; മൂഢനാണ്. അല്ലെങ്കിൽ ഈ മൃഗാദികളെ കൊല്ലുവാൻ നീ പുറപ്പെടുമോ? നീ ആരാണ്? എന്തിനാണ് ഈ കാട്ടിലേക്ക് എഴുന്നള്ളിയത്? മനുഷ്യർക്ക് പ്രവേശിക്കുവാൻ പാടില്ലാത്ത ഇടമാണിത്. ഇവിടെ നിന്റെ പൗരുഷം വിളങ്ങുവാൻ പോകുന്നില്ല. നീ ഈ വഴിക്ക് എവിടേക്കാണു യാത്ര? ഹേ പുരുഷർഷഭാ! പറയൂ! ഇനി അങ്ങോട്ടുപോകാൻ പാടില്ല. ഈ മഹാചലം കയറുവാനും സാദ്ധ്യമല്ല. സിദ്ധന്മാർക്കു മാത്രമേ ഈ വഴിക്കുപോകാൻ കഴിയൂ. ദേവലോകത്തിന്റെ മാർഗ്ഗമാണിത്. മർത്ത്യർക്ക് ഏതുകാലത്തും അഗമ്യമാണ് ഈ മാർഗ്ഗം. ഞാൻ കരുണകൊണ്ടു നിന്നെ തടുത്തതാണ്. ഇനി നീ പോകരുത്. ഞാൻ പറയുന്നതു കേൾക്കുക. എടോ വീര! നീ ആശ്വസിക്കുക. എല്ലാംകൊണ്ടും ഞാൻ ഭവാനെ സ്വാഗതം ചെയ്യുന്നു. ഇവിടെ ഇരുന്ന് അമൃതതുല്യമായ ഫലമൂലങ്ങൾ ഭക്ഷിച്ചു തിരിച്ചുപോകാം. പറഞ്ഞതു കേൾക്കാതെ ഇനിയും മുന്നോട്ടുപോവുകയാണെങ്കിൽ വെറുതെ നീ ചാകാനിടയാകും. അതുകൊണ്ടു മടങ്ങിപ്പോവുക. എന്റെ വാക്കു കേൾക്കുകയാണു നിനക്കു നല്ലത്."

147. ഹനുമൽഭീമസംവാദം – വൈശമ്പായനൻ പറഞ്ഞു: "ധീമാനായ വാനരേന്ദ്രന്റെ വാക്ക് ഇപ്രകാരം കേട്ടപ്പോൾ അമിത്രകർശനനും വീരനുമായ ഭീമസേനൻ പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "ഭവാൻ ആരാണ്? എന്തിന്നാണ് ഭവാൻ ഈ വാനരരൂപം കൈക്കൊണ്ടിരിക്കുന്നത്? ബ്രാഹ്മണന്നു നേരെ താഴെ ക്ഷത്രിയജാതിയിൽപ്പെട്ടവനായ ഞാൻ ഭവാനോടു ചോദിക്കുകയാണ്. ഞാൻ കൗരവനാണ്. ചന്ദ്രവംശത്തിൽപ്പെട്ടവനാണ്. കുന്തിയുടെ ഗർഭത്തിൽ ജനിച്ചവനാണ്. വായുപുത്രനായ പാണ്ഡവനാണ്. ഭീമസേനൻ എന്ന പേരിൽ പ്രസിദ്ധനാണ് ഞാൻ."

വൈശമ്പായനൻ പറഞ്ഞു: "കുരുവീരൻ ഇങ്ങനെ പറഞ്ഞപ്പോൾ ഹനുമാൻ മുഖത്തു കളിയാടിയ ഒരു പുഞ്ചിരിയോടെ എല്ലാം കേട്ടു. ആ വായുപുത്രൻ വായുപുത്രനോടു പറഞ്ഞു."

ഹനുമാൻ പറഞ്ഞു: "ഞാൻ ഒരു കുരങ്ങാണ്. നിനക്ക് ഇഷ്ടംപോലെ പോകുവാൻ ഞാൻ മാർഗ്ഗം തരാൻ വിചാരിക്കുന്നില്ല. നീ പിന്തിരിയുക! നിനക്കു നന്മവരട്ടെ! ഞാൻ പറഞ്ഞതു കേൾക്കാതെ ആപത്തിൽപ്പെട്ടു പോകരുത്."

ഭീമസേനൻ പറഞ്ഞു: "എടാ, കുരങ്ങാ! വിരോധമോ എന്തോ വന്നുകൊള്ളട്ടെ! ഞാൻ അതിനെപ്പറ്റി ഒന്നും നിന്നോടു ചോദിച്ചില്ല. വഴിവിട്ട് നീ എഴുന്നേറ്റു മാറിനില്ക്കുക. നീ വെറുതെ ദുഃഖത്തിൽ ചെന്നുചാടരുത്!"

ഹനുമാൻ പറഞ്ഞു: "എനിക്ക് എഴുന്നേൽക്കാൻ വയ്യ! ഞാൻ രോഗബാധിതനായി കിടക്കുകയാണ്. പോകണമെന്നു തീർച്ചയാക്കിയോ? എന്നാൽ എന്നെ ചാടിക്കടന്നു പൊയ്ക്കൊള്ളുക!"

ഭീമസേനൻ പറഞ്ഞു: "നിർഗ്ഗുണമായ പരമാത്മാവ് എല്ലാ ദേഹത്തിലും വ്യാപിച്ചു നില്ക്കുന്നു. അതു നിന്റെ ദേഹത്തിലും വ്യാപിച്ചു നില്ക്കുന്നു. ജ്ഞാനംകൊണ്ടുമാത്രം വിജ്ഞേയനായ അവനെ ചാടിക്കടക്കുന്നതു ശരിയല്ല. അത് ആത്മനിന്ദയാണു താനും! ആ സർവ്വഭൂതകർത്താവായ പരമാത്മാവിനെ വേദങ്ങളാൽ ഞാൻ അറിയാതിരിക്കയായിരുന്നെങ്കിൽ ഹനുമാൻ സമുദ്രത്തെയെന്നപോലെ ഈ പർവ്വതത്തെത്തന്നെ ചാടിക്കടക്കുവാൻ കഴിവുള്ള എനിക്ക് നീ ഒരു തടസ്സമാകുമോ?"

ഹനുമാൻ പറഞ്ഞു: "ഹനുമാൻ എന്നു നീ പറഞ്ഞല്ലോ; ആരാണ് അത്; കടൽ ചാടിക്കടന്ന ആ മഹാപുരുഷൻ? എടോ നരശ്രേഷ്ഠാ! ഞാൻ ചോദിക്കുന്നു. പറയുവാൻ വിരോധമില്ലെങ്കിൽ പറയൂ!"

ഭീമസേനൻ പറഞ്ഞു: "എന്റെ ജ്യേഷ്ഠനാണ് ആ ധീമാൻ. സൽഗുണങ്ങളാൽ ശ്ലാഘ്യനും ബുദ്ധി, വീര്യം, ബലം എന്നിവയാൽ സമ്പൂർണ്ണനും രാമായണത്തിൽ അതിവിഖ്യാതനുമായ വാനരശ്രേഷ്ഠനാണ് അദ്ദേഹം. രാമപത്നിക്കുവേണ്ടി നൂറുയോജന വിസ്തൃതമായ സമുദ്രം ആ വാനരശ്രേഷ്ഠൻ ഒറ്റയ്ക്കു ചാടിക്കടന്നു. എന്റെ ജ്യേഷ്ഠനായ ആ മഹാവീര്യവാനോട് ഞാൻ തേജസ്സുകൊണ്ടു തുല്യനാണ്. ബലം, പരാക്രമം, യുദ്ധം എന്നിവയാൽ ഞാനും എന്റെ ഭ്രാതാവും സമന്മാരാണ്. അങ്ങനെയുള്ള ഞാൻ നിന്നെ കൊല്ലുവാൻ ശക്തിയുള്ളവനാണ്. നീ എഴുന്നേറ്റു വഴിതരിക. അതിന്നു നീ തയ്യാറില്ലെങ്കിൽ എന്റെ പൗരുഷം ഞാൻ നിനക്കു കാട്ടിത്തരും. എന്റെ കല്പന നീ അനുസരിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കൊന്നുകളയും!"

വൈശമ്പായനൻ പറഞ്ഞു: "ഭീമസേനൻ ബലംകൊണ്ട് ഉന്മത്തനും, ബാഹുവീര്യംകൊണ്ട് ദർപ്പിതനുമാണെന്നുകണ്ട് ഹനുമാൻ ഉള്ളുകൊണ്ടു ചിരിച്ചു."

ഹനുമാൻ പറഞ്ഞു: "ഭവാൻ എന്നിൽ പ്രസാദിക്കണേ! എനിക്കു തന്നത്താനെ എഴുന്നേൽക്കുവാൻ ശക്തിയില്ല. ജര എന്നെ അത്രമാത്രം ആക്രമിച്ചു കീഴടക്കിക്കളഞ്ഞു. എന്നോടു ദയയുണ്ടെങ്കിൽ ഈ വാലൊന്നു മാറ്റിവച്ചുപോയാലും."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ടപ്പോൾ വീര്യമോ പരാക്രമമോ ഇല്ലാത്ത ഒരു പാവമാണ് ഈ മുതുകുരങ്ങെന്നും, ഇവനെ വാലിൽപ്പിടിച്ച് അടിച്ചുകൊല്ലണമെന്നും ഗർവ്വിഷ്ഠനായ ഭീമൻ വിചാരിച്ചു. അവജ്ഞയോടെ ചിരിച്ച് ഭീമൻ ഇടതുകൈ കൊണ്ടു കുരങ്ങിന്റെ വാലിൽപിടിച്ചു പൊക്കിനോക്കി. അത് അല്പമൊന്നു നീക്കുവാൻപോലും ഭീമനു കഴിഞ്ഞില്ല. അപ്പോൾ വജ്രതുല്യം ശക്തിയേറിയ കൈകൾകൊണ്ട് ഭീമൻ വാൽപിടിച്ചുയർത്തുവാൻ ശ്രമം ചെയ്തു. അതിന്നൊരു ചലനവുണ്ടായില്ല. ചില്ലിക്കൊടി പൊക്കി, കണ്ണുതുറിച്ച്, കുടിലഭ്രുകുടീമുഖനായി ദേഹം വിയർത്തു ശ്രമിച്ചിട്ടും അല്പംപോലും പൊക്കുവാൻ ഭീമന്നു കഴിഞ്ഞില്ല. വാലുപോലും പൊക്കുവാൻ ശ്രമിച്ചിട്ടു സാധിക്കാതെ ഭീമൻ ആ വാനരന്റെ അടുത്തുചെന്നു തലതാഴ്ത്തി നിന്നു. കുമ്പിട്ടു തൊഴുതുകൊണ്ട് അവൻ പറഞ്ഞു."

ഭീമൻ പറഞ്ഞു: "ഹേ, കപിശാർദ്ദൂലാ! പ്രസാദിക്കുക. എന്റെ ദുർഭാഷണങ്ങൾ പൊറുക്കുക! ഭവാൻ സിദ്ധനാണോ? ദേവനാണോ? ഗന്ധർവ്വനാണോ? ഗുഹ്യകനാണോ? വാനരാകാരനായ ഭവാൻ ആരാണെന്നു പറയുക. കേൾക്കുവാൻ വിരോധമില്ലെങ്കിൽ എന്നെ ശിഷ്യനെപ്പോലെ കരുതി, ഭവാനു വിധേയനായ എന്നോടു പറഞ്ഞാലും!"

ഹനുമാൻ പറഞ്ഞു: "നിനക്ക് എന്നെ അറിയണമെന്നാഗ്രഹമുണ്ടെങ്കിൽ ഞാൻ പറയാം. നീ കേൾക്കുക. ലോകർക്കു പ്രാണനായ വായു കേസരീക്ഷേത്രത്തിൽ ജനിപ്പിച്ച വാനരനായ ഹനുമാനാണ് ഞാൻ. എടോ, ഭീമാ! നിന്റെ ഭ്രാതാവായ ആ ഹനുമാൻ ഈ ഞാൻ തന്നെയാണ്. സൂര്യപുത്രനായ സുഗ്രീവനേയും, ശക്രപുത്രനായ ബാലിയേയും, മറ്റു മഹാവീരന്മാരായ വാനരരാജാക്കന്മാർ പൂജിച്ചു വന്നു. കാറ്റും തീയുമെന്നപോലെ ഞാനും സുഗ്രീവനും കൂട്ടുകാരായിത്തീർന്നു. ജ്യേഷ്ഠനായ ബാലി ഒരു കാരണത്താൽ അവനെ തള്ളിക്കളയുകയാൽ ഋഷ്യമൂകത്തിൽ എന്നോടുകൂടി സുഗ്രീവൻ വളരെക്കാലം പാർത്തു. പിന്നെ, ദശരഥപുത്രനായ രാമൻ എന്ന മഹാബലൻ ജനിച്ചു. വിഷ്ണു മനുഷ്യരൂപം പൂണ്ടവനായ രാമൻ ഭൂമിയിൽ സഞ്ചരിച്ചു. അവൻ അച്ഛന്റെ പ്രിയത്തിന്നായി ഭാര്യയോടും അനുജനോടുംകൂടി വില്ലുമെടുത്തു ദണ്ഡകാരണ്യത്തിൽ വന്നു താമസിച്ചു. ജനസ്ഥാനത്തിൽ വച്ച് അവന്റെ ഭാര്യയെ മായാരൂപം ധരിച്ച് ദുരാത്മാവും രാക്ഷസരാജാവുമായ രാവണൻ അപഹരിച്ചുകൊണ്ടുപോയി. വിചിത്രമായി സ്വർണ്ണരത്നമയമായ മാനായി വന്ന മാരീചനെന്ന രാക്ഷസനാൽ അവൻ വഞ്ചിക്കപ്പെട്ടു. രാമനെ വഞ്ചിച്ചകറ്റി അവന്റെ ഭാര്യയെ അപഹരിച്ചു."

148. ഹനുമൽഭീമസംവാദം – ഹനുമാന്റെ ശ്രീരാമചരിത്രവർണ്ണനം

ചരിത്രവർണ്ണനം – ഹനുമാൻ പറഞ്ഞു: "ഭാര്യ അപഹരിക്കപ്പെട്ടപ്പോൾ അനുജനോടുകൂടി രാഘവൻ ഭാര്യയെ അന്വേഷിച്ച് നടന്നു. അങ്ങനെ നടക്കുന്ന സമയത്ത് മലയുടെ മുകളിൽവച്ചു സുഗ്രീവനെന്ന വാനരർഷഭനെ കണ്ടെത്തി. മഹാനായ രാഘവൻ അവനുമായി സഖ്യം ചെയ്തു. ബാലിയെ കൊന്ന് സഖ്യപ്രകാരം രാമൻ സുഗ്രീവനെ രാജാവാക്കി വാഴിച്ചു. രാജ്യം കിട്ടിയതിന്നു ശേഷം സുഗ്രീവൻ സീതാന്വേഷണത്തിന്നായി നൂറും ആയിരവും കുരങ്ങന്മാരെ പറഞ്ഞുവിട്ടു. അങ്ങനെ കോടി വാനരന്മാരോടുകൂടി ഞാൻ സീതയെ തിരയുവാൻ തെക്കൻദിക്കിൽ വന്നു ചേർന്നു. മഹാത്മാവായ സമ്പാതി എന്ന കഴുകനിൽനിന്ന് സീത രാവണന്റെ ഗൃഹത്തിലുണ്ടെന്ന് അറിവുകിട്ടി. അക്ലിഷ്ടകാരിയായ രാമന്റെ കാര്യസിദ്ധിക്കുവേണ്ടി ഞാൻ നൂറുയോജന വിസ്താരമുള്ള കടൽ ചാടിക്കടന്നു. മകരാലയമായ സമുദ്രം വീര്യംകൊണ്ടു ഞാൻ കടന്നു. സുതസുതോപമയായ സീതയെ രാവണന്റെ ഗൃഹത്തിൽ ഞാൻ ചെന്നുകണ്ടു, ഭാരതശ്രേഷ്ഠാ! രാഘവപ്രിയയായ സീതയെ കണ്ടതിന്നുശേഷം, കോട്ടയും കൊത്തളവും ചേർന്ന ലങ്ക ചുട്ടുകരിച്ച് ഇവിടെ തിരിച്ചുവന്നു. എന്റെ വാക്കുകേട്ട ഉടനെ രാജീവലോചനനായ രാമൻ സൈന്യങ്ങൾക്കുവേണ്ടി ആലോചനാപൂർവ്വം മഹോദധിയിൽ സേതു ബന്ധിച്ചു. അനേകകോടി വാനരന്മാരോടുകൂടി സമുദ്രം കടന്ന് രാമൻ തന്റെ വീര്യത്താൽ സർവ്വ രാക്ഷസന്മാരേയും കൊന്നു. രാക്ഷസഗണത്തോടൊപ്പം ലോകദ്രോഹിയായ രാവണനെ ബന്ധുപുത്രഭ്രാതാക്കളോടുകൂടി സംഹരിച്ചു. ലങ്കാരാജ്യത്തിലെ രാജാവായി ധാർമ്മികനും ഭക്തിമാനുമായ വിഭീഷണനെ വാഴിച്ചു. നഷ്ടപ്പെട്ട വേദശ്രുതിയെ എന്നപോലെ ഭാര്യയെ വീണ്ടെടുത്തു. ശ്രീമാനായ രാമൻ സാദ്ധ്വിയായ സീതയോടുകൂടി ച്ചേർന്നു. അതിവേഗം സ്വനഗരത്തിലേക്കു രാമൻ പുറപ്പെട്ടു ശത്രുവീരന്മാരാൽ അയോദ്ധ്യയായ അയോദ്ധ്യാപുരിയിൽ പ്രവേശിച്ചു. നൃപതിസത്തമനായ രാമൻ രാജ്യപ്രതിഷ്ഠ സ്വീകരിച്ചു. ഞാനും രാജീവലോചനനായ രാമനോടു വരം ചോദിച്ചു: 'ഹേ രാമാ! ഭവാന്റെ കഥ ലോകത്തിൽ എത്ര കാലത്തോളം നിലനില്ക്കുമോ, അത്ര കാലത്തോളം ഞാൻ ജീവിച്ചിരിക്കണം.' എന്റെ ആഗ്രഹംപോലെ 'അങ്ങനെയാകട്ടെ' എന്ന് അനുഗ്രഹിച്ചു സീതാപ്രസാദംകൊണ്ട് എന്നും എനിക്ക് ശത്രുഹന്താവേ, ഭീമസേന! ദിവ്യഭോഗങ്ങൾ യഥേഷ്ടം ലഭിക്കുന്നു.

പതിനോരായിരം വർഷം രാജ്യം ഭരിച്ചതിന്നുശേഷം രാമൻ പിന്നെ സ്വഭവനത്തിലേക്കു പോയി (സ്വർഗ്ഗം പ്രാപിച്ചു). എന്നാൽ ഇവിടെ അപ്സരസ്ത്രീകളും, ഗന്ധർവ്വന്മാരും എപ്പോഴും ആ വീരനായ രാമന്റെ ചരിതം പാടി എന്റെ മനസ്സിനെ രമിപ്പിക്കുന്നു.

ഈ മാർഗ്ഗം എടോ ഭീമാ! മനുഷ്യർക്ക് അഗമ്യമാണ്. അതുകൊണ്ടാണ് ഞാൻ ദേവമാർഗ്ഗം തടുത്തത്. ഭവാനെ ആരും ധർഷിക്കരുത്, ശപിക്കരുത് എന്നു വിചാരിച്ചാണ്. ഇതു ദിവ്യമായ ദേവമാർഗ്ഗമാണ്. ഇതിലെ മർത്ത്യർ പോവുകയില്ല. നീ അന്വേഷിച്ചുവന്ന ഈ മാർഗ്ഗത്തിലൂടെ പോകുക; അതാണ് അതിലേക്കുള്ള വഴി."

149. ഹനുമൽഭീമസംവാദം – ചതുർയുഗവർണ്ണനം

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഹനുമാനിൽനിന്നു കാര്യങ്ങൾ ഗ്രഹിച്ച ഭീമസേനൻ വളരെ സന്തോഷത്തോടെ ഭ്രാതാവിനെ നമിച്ചു. അനന്തരം ഭംഗിയായി ആ കീശേശനോട് ഇപ്രകാരം പറഞ്ഞു."

ഭീമൻ പറഞ്ഞു: "ജ്യേഷ്ഠാ! ഭവാനെ കാണുകയാൽ എന്നെപ്പോലെ ധന്യന്മാരാരുമില്ലെന്നു ഞാൻ കരുതുന്നു. ഭവാനെ കണ്ടതുമൂലം ഞാൻ അനുഗൃഹീതനായി. എനിക്ക് ഇഷ്ടമായി ഒരു കാര്യം ഭവാൻ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മത്സ്യങ്ങളുടെ ആലയമായ കടൽ ഭവാൻ ചാടിക്കടക്കുന്നസമയത്ത് ഭവാൻ എടുത്ത ആ ബൃഹത്തായ രൂപം കാണേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അത് ഒന്നു കാണിച്ചുതരണം. എന്നാൽ ഞാൻ സന്തുഷ്ടനാകും; ഞാൻ ഭവാന്റെ വാക്കു വിശ്വസിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞപ്പോൾ തേജസ്വിയായ ആ കപിശ്രേഷ്ഠൻ പുഞ്ചിരിതൂകി പറഞ്ഞു."

ഹനുമാൻ പറഞ്ഞു: "അതു കാണുവാൻ നിനക്കു സാദ്ധ്യമല്ല. അപ്രകാരം മറ്റാർക്കും കാണുവാൻ സാദ്ധ്യമല്ല. അന്നത്തെക്കാലത്തെ സ്ഥിതി ഒന്നു വേറെയാണ്. അത് ഇക്കാലത്തില്ല. കൃതയുഗത്തിൽ വേറെ, ത്രേതായുഗത്തിൽ വേറെ, ദ്വാപരയുഗത്തിൽ വേറെ. ഇങ്ങനെ അവസ്ഥ യുഗത്തിന്നനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഇതു തകർന്നുകൊണ്ടിരിക്കുന്ന കാലമാണ്. ഇന്ന് ആ രൂപവും എനിക്കില്ല. ഭൂമി, നദികൾ, വൃക്ഷങ്ങൾ, കുന്ന്, സിദ്ധന്മാർ, ദേവന്മാർ, മഹർഷികൾ ഇവയെല്ലാം യുഗംതോറും കാലത്തിന്നനുസരിച്ചു മാറിക്കൊണ്ടിരിക്കും. മറ്റു വസ്തുക്കളൊക്കെയും അങ്ങനെതന്നെയാണ്. ശക്തിയും ദേഹപ്രഭാവാദികളും കുറയുകയും കൂടുകയും ചെയ്യും. അതുകൊണ്ട് ആ രൂപം ഇന്നു കാണുവാൻ വയ്യ! കുരുകുലോദ്വഹ! ഞാൻ യുഗത്തിന്നനുസരിച്ചു നില്ക്കുകയാണ്. കാലത്തെ അതിക്രമിക്കുവാൻ ആർക്കും സാദ്ധ്യമല്ല."

ഭീമൻ പറഞ്ഞു: "യുഗസംഖ്യയും ഓരോ യുഗത്തിലെ യുഗാചാരങ്ങളും ധർമ്മാർത്ഥകാമങ്ങളും കർമ്മവീര്യവും ജന്മമരണങ്ങളും സംബന്ധിച്ച് ഭവാൻ പറഞ്ഞാലും. എല്ലാ തത്ത്വ

digitized by www.sreyas.in

ങ്ങളും കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

ഹനുമാൻ പറഞ്ഞു: ''ഉണ്ണീ! സനാതനമായ ധർമ്മം സമ്പൂർണ്ണമായി നിലനില്ക്കുന്നതു കൃതയുഗത്തിലാണ്. നല്ല തായ ആ യുഗത്തിൽ സർവ്വരും കൃതകൃത്യന്മാരാണ്. ആ ഉത്ത മമായ യുഗകാലത്ത് ആർക്കും യാതൊരു കർത്തവ്യവുമില്ല. അന്നു ധർമ്മം തളരുകയോ, പ്രജകൾ ക്ഷയിക്കുകയോ ചെയ്ക യില്ല. അതുകൊണ്ടാണ് കൃതയുഗം സർവ്വോത്തമമായിത്തീർന്ന ത്. അന്ന് ദേവന്മാരും ദാനവന്മാരും ഗന്ധർവ്വന്മാരും യക്ഷന്മാരും രാക്ഷസന്മാരും പന്നഗന്മാരും ഉണ്ടായിരുന്നില്ല. ക്രയവിക്രയ ങ്ങളും അന്നുണ്ടായിരുന്നില്ല. ഋക്ക്, യജുസ്സ്, സാമം എന്നീ വേദ ഭേദങ്ങളോ, കൃഷി മുതലായ മനുഷ്യരുടെ ക്രിയകളോ അന്ന് ഉണ്ടായിരുന്നില്ല. അന്നത്തെ ഒരേ ധർമ്മം സന്യാസമാണ്. വെറുതെ ധ്യാനിച്ചാൽമതി അന്നു സർവ്വവും ലഭിക്കും. ആ യുഗ ത്തിൽ വ്യാധികളോ, ഇന്ദ്രിയക്ഷയമോ, അസൂയയോ, ദുഃഖമോ, ഗർവ്വോ, കപടമോ, വൈരമോ, ആലസ്യമോ, ദ്വേഷമോ, പരദൂ ഷണമോ, ഭയമോ, ഈർഷ്യയോ, മത്സരമോ ഒന്നുമില്ലായിരുന്നു. പരമാനന്ദാത്മകമായ ബ്രഹ്മത്തെ പ്രാപിക്കുവാൻ നോക്കുന്ന യോഗികൾ മാത്രമാണ് അന്നുള്ളത്. അന്ന് സർവ്വഭൂതാത്മാവായ നാരായണൻ വെള്ളനിറമുള്ളവനായിരുന്നു. ബ്രാഹ്മണൻ, ക്ഷത്രി യൻ, വൈശ്യൻ, ശൂദ്രൻ എന്നിവർക്ക് ശമം, ദമം, തപസ്സ് മുത ലായ ലക്ഷണങ്ങൾ കൃതയുഗത്തിൽ സ്വതഃസിദ്ധമായി ഉണ്ട്. അന്നു സർവ്വപ്രജകളും സ്വകർമ്മനിരതരാണ്. ആശ്രയം, ആചാ രം, ജ്ഞാനം ഇവയൊക്കെ എല്ലാവർക്കും തുല്യം തന്നെ. അവ മൂന്നും ബ്രഹ്മവിഷയമായി മാത്രമേ അന്നുള്ളൂ. പ്രജകൾ ഏവരും ഒരുപോലെ കർമ്മംചെയ്തു ധർമ്മം നേടുന്നവരാണ്. അന്ന് ഒരേ ദൈവവും, പ്രണവമെന്ന ഒരേ മന്ത്രവും, വേദാന്തശ്രവണമെന്ന ഒരേ വിധിയും, ധ്യാനമെന്ന ഒരേ ക്രിയയും, തത്വപ്രതിപാദകമായ ഒരേ വേദവും, ജ്ഞാനനിഷ്ഠയെന്ന ഒരേ ധർമ്മവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ ചതുരാശ്രമങ്ങളിൽ കാലംപോലെ വർത്തിച്ച്, ഫലത്തെ കാമിക്കാതെ, കർമ്മംചെയ്ത് പരമഗതി പ്രാപിക്കുന്ന വരാണ് അന്നുള്ളവർ. ബ്രഹ്മത്തിൽ ഐക്യം പ്രാപിക്കുകയെന്ന ഒരേ ധർമ്മത്തോടുകൂടിയവരാണ് കൃതയുഗത്തിലെ പ്രജകൾ. സത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണഭേദങ്ങളും അന്നുണ്ടായി രുന്നില്ല. കൃതയുഗത്തിൽ നാലുവർണ്ണങ്ങളും ശാശ്വതവും സമ്പൂർണ്ണവുമായ ധർമ്മവുമുണ്ടായിരിക്കും.

ഇനി ത്രേതായുഗത്തെപ്പറ്റി ഞാൻ പറയാം; കേൾക്കുക. ത്രേതായുഗത്തിലാണ് യജ്ഞങ്ങളുടെ ആരംഭം. നാരായണൻ അന്നു രക്തവർണ്ണനാണ്. ധർമ്മത്തിന്റെ ഒരു പാദം (കാൽഭാഗം) അന്നു കുറയും. മനുഷ്യർ സത്യത്തിൽമാത്രം പ്രവർത്തിക്കുന്ന വരും, ക്രിയാധർമ്മങ്ങളിൽ തൽപരന്മാരുമായിരിക്കും. യജ്ഞ ങ്ങളും കർമ്മങ്ങളും ക്രിയകളും ആ യുഗത്തിൽ വിവിധങ്ങളായി പരിണമിക്കും. അന്നത്തെ ഭാവസങ്കല്പങ്ങളും ക്രിയാദാനങ്ങളും ഫലത്തെ നോക്കിയുള്ളവയാകുന്നു. അന്നുള്ളവർ ധർമ്മ ത്തിൽനിന്നു വ്യതിചലിക്കാത്ത തപോദാനനിരതന്മാരാണ്. സ്വധർമ്മസ്ഥന്മാരും കർമ്മനിരതന്മാരുമാണ് ത്രേതയിലെ മനു ഷ്യർ. ദ്വാപരയുഗത്തിൽ ധർമ്മത്തിന്റെ രണ്ടുപാദങ്ങൾ (പകുതി) നിർജ്ജീവങ്ങളായിത്തീരുന്നു. അന്നു വിഷ്ണു പീതവർണ്ണനാ ണ്. വേദം നാലായിപ്പിരിയുന്നത് ആ യുഗത്തിലാണ്. ചിലർ ചതുർവ്വേദന്മാരും, ചിലർ ത്രിവേദന്മാരും, ചിലർ ദ്വിവേദന്മാരും, ചിലർ ഏകവേദന്മാരും, ചിലർ ഹീനന്മാരുമാകും. ഇങ്ങനെ പല തരം വിഭാഗക്കാർ മനുഷ്യരിൽ ഉണ്ടാകും.

രജോഗുണപ്രധാനമാണ് ദ്വാപരയുഗം. ഏകദൈവത്തെക്കു റിച്ചുള്ള അജ്ഞാനത്താൽ വേദങ്ങളെ പലരൂപത്തിൽ മാറ്റും. ബുദ്ധിക്ഷയംമൂലം മർത്ത്യൻ സത്യം കാണാതാകും. സത്യത്തെ അവഗണിക്കുകകാരണം പലതരം രോഗങ്ങൾ ബാധിക്കും. മോഹങ്ങളും ഉപദ്രവങ്ങളും ദൈവവിഹിതമായി വർദ്ധിക്കും. അവമൂലം മനുഷ്യർ ഏറ്റവും പീഡിതരായി ഭവിക്കും. ചിലർ ഐഹികസുഖത്തേയും, ചിലർ സ്വർഗ്ഗത്തേയും കാമിച്ച്, യജ്ഞ ങ്ങളിലും തപസ്സിലും ഏർപ്പെടും. അങ്ങനെ ദ്വാപരത്തിൽ അധർമ്മത്താൽ പ്രജകൾ ക്ഷയിക്കും.

കലിയുഗത്തിൽ ധർമ്മത്തിന്ന് ഒരു പാദം മാത്രമായി നില്ക്കേണ്ടതായി വന്നുകൂടും. തമോഗുണപ്രധാനമായ ആ യുഗ ത്തിൽ കേശവൻ കൃഷ്ണവർണ്ണനായി ഭവിക്കും. ദേവാചാര ങ്ങളും ധർമ്മയജ്ഞക്രിയാദികളും ഇല്ലാതായി ഭവിക്കും. അതി വൃഷ്ടി, അനാവൃഷ്ടി മുതലായ ഈതിബാധകളും ആധിവ്യാ ധികളും ആലസ്യം, ക്രോധം മുതലായ ദോഷങ്ങളും വിശപ്പ്, ഭയം മുതലായ പല പല ഉപദ്രവങ്ങളും വർദ്ധിക്കും.

യുഗം മാറുന്നതനുസരിച്ച് ധർമ്മവും ഭേദിക്കുന്നു. ധർമ്മം നശിച്ചാൽ ലോകം നശിക്കും. ലോകം ക്ഷയിക്കുന്നതോടുകൂടി ലോകത്തെ പ്രവർത്തിപ്പിക്കുന്ന ഭാവങ്ങളും മാഞ്ഞുപോകും. യുഗക്ഷയത്തിലെ ധർമ്മങ്ങൾ പ്രാർത്ഥനയ്ക്കു വിപരീതമായി ട്ടാണ് ഭവിക്കുക.

ഇനി ഉടനെ കലിയുഗം തുടങ്ങുകയായി. ചിരംജീവികളായ ഞങ്ങൾ കാലത്തെ അനുസരിച്ചു വർത്തിക്കുന്നവരാണ്. എന്റെ പൂർവ്വരൂപത്തെ കാണുവാൻ നീ ആഗ്രഹിക്കുന്നത് നിഷ്പ്രയോ ജനമാണെന്നറിഞ്ഞ് തിരിച്ചുപൊയ്ക്കൊള്ളുക. നിനക്കു മംഗളം ഭവിക്കട്ടെ!''

150. ഹനുമൽഭീമസംവാദം - ചാതുർവർണ്ണ്യധർമ്മ പ്രതിപാദനം - ഭീമൻ പറഞ്ഞു: ''ജ്യേഷ്ഠാ! ഭവാന്റെ പൂർവ്വ രൂപം കാണാതെ ഞാൻ തിരിച്ചുപോകയില്ല; തീർച്ചയാണ്. ഭവാന് ഞാൻ അനുഗ്രാഹ്യനാണെങ്കിൽ എനിക്ക് ഭവാനെ കാണിച്ചുത രണം.''

വൈശമ്പായനൻ പറഞ്ഞു: ''ഭീമൻ ഇപ്രകാരം നിർബ്ബന്ധി ക്കുകയാൽ പുഞ്ചിരിയോടുകൂടി കടൽ ചാടുമ്പോൾ സ്വീകരിച്ച ആ മഹാരൂപം കാട്ടിക്കൊടുക്കുവാൻ ഹനുമാൻ തീരുമാനിച്ചു. തന്റെ സഹോദരന്റെ ഇഷ്ടത്തെ ചിന്തിച്ചു ശരീരം വലുതാക്കി. അപ്പോൾ ഹനുമാന്റെ ദേഹം ദീർഘവിസ്താരത്തോടെ ബൃഹ ത്തായി ഭവിച്ചു. മരങ്ങളൊത്ത കദളീവനത്തേയും വിട്ടുയർന്ന് ആ വാനരരൂപം പർവ്വതത്തിന്റെ അഗ്രത്തിൽ കവിഞ്ഞ് ഉയർന്നു നിന്നു. ശരീരം ഉയർന്നപ്പോൾ ഹനുമാൻ രണ്ടാമതൊരു വിന്ധ്യ പർവ്വതംപോലെ അവിടെ ഉയർന്നുശോഭിച്ചു. താമ്രേക്ഷണനനും, തീക്ഷ്ണദംഷ്ട്രനും, ഭ്രുകുടീവികടാനനുമായ ആ മഹാകായൻ ഉയർന്നുയർന്നു ദിക്കുമുഴുവൻ വ്യാപിച്ചമട്ടിൽ നിന്നു. ഭ്രാതാ വിന്റെ ആ രൂപം കണ്ട് കൗരവനന്ദനൻ വിസ്മയപ്പെടുകയും, ഹർഷംകൊള്ളുകയും ചെയ്തു. അർക്കതേജസ്സോടുകൂടിയ അവനെ പൊന്മലപോലെ ദീപ്തനായിക്കണ്ടിട്ട് ഭീമൻ കണ്ണുകൾ അടച്ചു. അപ്പോൾ ഹനുമാൻ പുഞ്ചിരിതൂകി ഭീമനോട് ഇപ്രകാരം പറഞ്ഞു:''

ഹനുമാൻ പറഞ്ഞു: ''എടോ ഭീമാ! എന്റെ രൂപം ഇത്ര ത്തോളം കാണുവാനേ നിനക്കു ശക്തിയുള്ളൂ. ഇനിയും ഞാൻ വളരാം. എന്റെ ഉള്ളിൽ വിചാരിക്കുന്നിടത്തോളം. വളരുവാൻ എനിക്കു സാധിക്കും. ഭീമാ, വൈരികൾ എന്നോട് എതിർത്താൽ അപ്പോൾ എന്റെ ഓജസ്സാൽ ഉടൽ വലുതാകും.''

വൈശമ്പായനൻ പറഞ്ഞു: ''അത്യത്ഭുതവും, മഹാരൗ ദ്രവും വിന്ധ്യപർവ്വതംപോലെ വിപുലവുമായ ഹനുമാന്റെ ദേഹ ത്തെക്കണ്ട് ഭീമൻ സംഭ്രാന്തനായിത്തീർന്നു. ഒടുവിൽ മനസ്സുതെ ളിഞ്ഞ് പുളകമണിഞ്ഞ് ഭ്രാതാവിനെ കൈകൂപ്പി ഇപ്രകാരം പറ ഞ്ഞു.''

ഭീമൻ പറഞ്ഞു: ''വിഭോ! ഭവാന്റെ രൂപത്തിന്റെ വിപുലമായ അളവ് ഞാൻ കണ്ടു. ഭവാൻ സ്വയം ആ രൂപത്തെ ചുരുക്കിയാ ലും. ഉദിച്ചുവരുന്ന സൂര്യന്റെ മുഖത്ത് എന്നപോലെ ഭവാന്റെ നേരെയും നോക്കുവാൻ ഞാൻ ശക്തനല്ല. ഭവാൻ മൈനാക പർവ്വതംപോലെ അപ്രമേയനായ ഉഗ്രമൂർത്തിയാണ്. എന്റെ മന സ്സിൽ വലിയ ഒരു വിസ്മയം ഇതു കണ്ടപ്പോൾ അങ്കുരിക്കുന്നു. എന്തെന്നു പറയാം. ഭവാനുള്ളപ്പോൾ എന്തിനാണ് രാമൻ രാവ

digitized by www.sreyas.in

ണനോടെതിർത്തത് എന്നാണ്! അങ്ങ് ഒരുത്തൻ മതിയല്ലോ യോദ്ധാക്കളും വാഹനങ്ങളുമടക്കം ലങ്കയെ സ്വന്തം കൈയൂക്കു കൊണ്ടു തകർക്കുവാൻ. അങ്ങയ്ക്ക് അസാദ്ധ്യമായി ഒന്നുംത ന്നെയില്ലല്ലോ വായുപുത്രാ! രാവണൻ കൂട്ടത്തോടെ വന്നാലും അങ്ങയ്ക്കു പോരിന്നു പോരല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "ഭീമൻ ഇപ്രകാരം പറഞ്ഞ പ്പോൾ വാനരോത്തമനായ ഹനുമാൻ സ്നിഗ്ദ്ധഗംഭീരനായി ഇപ്രകാരം പറഞ്ഞു."

ഹനുമാൻ പറഞ്ഞു: "ഹേ ഭാരത! ഭവാൻ പറഞ്ഞതു ശരി യാണ്. ദുഷ്ടരാക്ഷസന്മാരെല്ലാം കൂടിയാലും എനിക്ക് പോരിന്നു പോരാ. ലോകകണ്ടകനായ ആ രാക്ഷസാധമനെ ഞാൻ സംഹ രിക്കുകയാണെങ്കിൽ രാഘവന്റെ കീർത്തി കെട്ടുപോകുമല്ലോ. അതു ചിന്തിച്ചു വിട്ടതാണ്. കൂട്ടത്തോടെ രാക്ഷസന്മാരെ കൊന്ന് ആ വീരൻ സീതയെ സ്വപുരത്തേക്കു കൊണ്ടുവന്നു കീർത്തി നേടി. ഹേ, വിപുലപ്രജ്ഞാ! ഭവാൻ ഭ്രാതാക്കളുടെ പ്രിയഹിത ത്തിൽ നിരതനാണല്ലോ. അതുകൊണ്ട് ഞാൻ പറയുന്നതു നീ കേൾക്കുക. വഴിക്ക് യാതൊരു വിഘ്നവും കൂടാതെ ക്ഷേമത്തോ ടുകൂടി വായുവിനാൽ പരിരക്ഷിതനായി നീ തിരിച്ചുപോകുക.

ഹേ, കുരുശ്രേഷ്ഠാ! ഇതാ, ഈ വഴി സൗഗന്ധികവനത്തി ലേക്കുള്ളതാണ്. ഇതിലെ പോയാൽ യക്ഷരാക്ഷസന്മാരാൽ രക്ഷിതമായ കുബേരോദ്യാനം നിനക്ക് കാണുവാൻ കഴിയും. നീ അവിടെ തന്നത്താൻ ഊക്കോടെ ചെന്നുകയറി പൂവു പെട്ടെ ന്നു പറിക്കരുത്. മനുഷ്യർക്കു വിശേഷാൽ പൂജ്യരാണ് ദേവന്മാർ എന്നുള്ളത് നീ ഓർക്കണം. ഭക്തിപൂർവ്വം ചെയ്യുന്ന ബലി, ഹോമം, നമസ്കാരം എന്നിവകൊണ്ടാണ് ദേവന്മാർ പ്രസാദിക്കു ക. ഉണ്ണീ, നീ ഒരിക്കലും സാഹസത്തിൽ ചെന്നു ചാടരുത്. സ്വധർമ്മത്തെ എപ്പോഴും രക്ഷിക്കണം. ധർമ്മത്തിൽ നിന്നും വ്യതിചലിക്കാതെ പരമമായ ധർമ്മം മനസ്സിലാക്കി ബുദ്ധി അതി ലേക്കു തിരിക്കണം. സ്വധർമ്മമെന്തെന്നു ധരിക്കാതേയും, വൃദ്ധ ന്മാരെ ഉപാസിക്കാതേയും ധർമ്മാധർമ്മങ്ങളെ ഗ്രഹിക്കുവാൻ ബൃഹസ്പതിക്കു സമമായവർക്കുകൂടിയും കഴിയുകയില്ല. ധർമ്മത്തെ അധർമ്മമായും, അധർമ്മത്തെ ധർമ്മമായും ബുദ്ധി ശൂന്യർക്കു തോന്നുന്ന സന്ദർഭങ്ങളുണ്ട്. അവിടെ സത്യം ഏതെന്നു വേർതിരിച്ചു കാണുന്നതിൽ ബുദ്ധിഹീനതകൊണ്ടു മോഹിച്ചുപോകരുത്.

ആചാരത്തിൽനിന്നാണ് ധർമ്മം സംഭവിക്കുന്നത്. വേദ ങ്ങൾ ധർമ്മത്തിൽ നില്ക്കുന്നു. വേദങ്ങളെക്കൊണ്ടു യജ്ഞ ങ്ങൾ ഉണ്ടാകുന്നു. യജ്ഞങ്ങളിലാണ് ദേവന്മാരുടെ പ്രതിഷ്ഠ. വേദാചാരവിധിപ്രകാരമുള്ള യജ്ഞങ്ങളാൽ ദേവന്മാരും, ബൃഹ സ്പതിയുടേയും ശുക്രന്റേയും നീതികളെ അനുസരിച്ച് മനു ഷ്യരും ജീവിക്കുന്നു. കൂലിപ്പണി, വ്യവസായം, വാണിജ്യം, കൃഷി, ഗോരക്ഷണം എന്നിങ്ങനെ ധർമ്മോചിതമായ മാനുഷവൃത്തിക ളാലാണ് സർവ്വവും നിലനില്ക്കുന്നത്.

ബ്രാഹ്മണർക്കു വേദാദ്ധ്യയനവും, വൈശ്യർക്കു കൃഷിയും വാണിജ്യവും, ക്ഷത്രിയർക്കു ദണ്ഡനീതിയുമാണ് മനുഷ്യലോ കത്തിലെ മൂന്നുതരം ജീവിതവൃത്തികൾ. ഇവ വഴിപോലെ പ്രയോഗിച്ചിട്ടാണ് ലോകയാത്ര നിർവ്വഹിക്കേണ്ടത്. ഇവയെ മനു ഷ്യർ ധർമ്മത്തിൽ ഉൾപ്പെടുത്തുന്നില്ലെങ്കിൽ വൈദികധർമ്മങ്ങ ളും, ദണ്ഡനീതിയും, കൃഷിവാണിജ്യാദികളും മറഞ്ഞുപോ യാൽ ലോകത്തിലെ കഥയെന്താകും? മര്യാദകെട്ടു പ്രജകൾ നശിക്കും! ഈ മൂന്നു ജീവിതവൃത്തിയിലും മനുഷ്യൻ മനസ്സു വെച്ച് യഥാന്യായം പ്രവർത്തിച്ചുവന്നാൽ മാത്രമേ ധർമ്മം വർദ്ധി ക്കുകയുള്ളൂ. ദ്വിജന്മാർക്കുള്ള ഒരേ ഒരു ധർമ്മം ആത്മജ്ഞാന മാണ്. ഇത് എല്ലാ ബ്രാഹ്മണർക്കും എവിടേയും ഒരുപോലെയാ ണ്. യജ്ഞം, അദ്ധ്യയനം, ദാനം എന്നിവ മനുഷ്യർക്കു സാധാ രണയായി വേണ്ടതാണ്. യാജനം, അദ്ധ്യാപനം, പ്രതിഗ്രഹം എന്നിവ ബ്രാഹ്മണ ധർമ്മത്തിൽപ്പെട്ടതാണ്. ക്ഷത്രിയന്റെ ധർമ്മം പാലനവും, വൈശ്യധർമ്മം പോഷണവും, ശൂദ്രധർമ്മം ദ്വിജാ തിശുശ്രൂഷയുമാണ്. ഭിക്ഷാടനം, ഹോമം, വ്രതം, ഗുരുപരിച രണം ഇവ ശൂദ്രർക്കു വിധിച്ചിട്ടില്ല.

എടോ ഭീമാ! നീ ക്ഷത്രിയനാകയാൽ നിന്റെ ധർമ്മം രക്ഷ ണമാകുന്നു. അതാണ് ക്ഷത്രധർമ്മം. വിനീതനും നിയതേന്ദ്രി യനുമായി നീ സ്വധർമ്മത്തിൽ ഉറച്ചുനില്ക്കണം. വേദജ്ഞ ന്മാരും ബുദ്ധിമാന്മാരുമായ വൃദ്ധസജ്ജനങ്ങളോട് ആലോചിച്ചു കൊണ്ടു വർത്തിക്കുന്ന അനുഗൃഹീതനാണ് ദണ്ഡനീതിയാൽ പ്രജാശാസനം ചെയ്യുവാൻ ശക്തനാവുക. ദ്യൂതം, സ്ത്രീസേവ മുതലായ സപ്തവ്യസനങ്ങളിൽ ഏർപ്പെടുന്നവൻ ക്ഷാത്രാധി കാരത്തിൽനിന്ന് അധഃപതിച്ചുപോകയേയുള്ളൂ. വ്യവസ്ഥിത മായ മര്യാദകൾ ലോകത്തിൽ നിലനില്ക്കുന്നതിന് രാജാവു നിഗ്രഹാനുഗ്രഹകാര്യങ്ങളിൽ വഴിപോലെ പ്രവർത്തിച്ചകൊണ്ടി രിക്കണം. ദേശം, ദുർഗ്ഗം, ശത്രുബലം, മിത്രബലം, വൃദ്ധിക്ഷയ ങ്ങൾ എന്നിവ ചാരന്മാർമുഖേന എപ്പോഴും അറിഞ്ഞുകൊണ്ടി രിക്കണം. രാജാവിന്റെ ഉപായം മുഴുവനിരിക്കുന്നത് ചാരന്മാരി ലാണ്. ബുദ്ധി, മന്ത്രം, പരാക്രമം, നിഗ്രഹാനുഗ്രഹങ്ങൾ, കർമ്മ കുശലത എന്നിവയാണ് രാജാവിന്റെ കാര്യസാധനങ്ങൾ. സാമം, ദാനം, ഭേദം, ദണ്ഡം, ഉപേക്ഷണം എന്നിവ ഒരുമിച്ചോ, ഒറ്റ യ്ക്കായോ പ്രയോഗിച്ചു കാര്യങ്ങൾ നേടണം. ശരിയായ മന്ത്രം കൊണ്ടു മാത്രമേ നയങ്ങളും ചാരന്മാരും ശോഭിക്കുകയുള്ളൂ. ബ്രാഹ്മണരോടുകൂടി മന്ത്രിക്കുന്ന മന്ത്രത്തിന്നേ സിദ്ധിയുണ്ടാ വുകയുള്ളൂ. സ്ത്രീകൾ, മൂഢന്മാർ, ബാലന്മാർ, ലുബ്ധന്മാർ നിസ്സാരന്മാർ, കിറുക്കന്മാർ എന്നിവരോട് ഗൂഢകാര്യങ്ങളെക്കു റിച്ചു പറയരുത്. വിദ്വാന്മാരോടുകൂടി ആലോചന നടത്തുക; ശക്തന്മാരെക്കൊണ്ടു കാര്യം നേടുക. ഇഷ്ടമുള്ളവരെക്കൊണ്ടു നീതി ചെയ്യുക; മൂർഖന്മാരെ എപ്പോഴും ദൂരെയകറ്റുക.

ധർമ്മകാര്യങ്ങളിൽ ധാർമ്മികരെ, അർത്ഥകാര്യങ്ങളിൽ പണ്ഡിതന്മാരെ, സ്ത്രീകളിൽ ക്ലീബരെ, ക്രൂരകർമ്മങ്ങളിൽ ക്രൂരന്മാരെ ഇങ്ങനെയായിരിക്കണം നിയമനങ്ങൾ. ശത്രുക്കളുടെ ബലാബലങ്ങളേയും കാര്യാകാര്യചിന്തകളേയും കർമ്മങ്ങളി ലുള്ള ഔചിത്യത്തേയും, അവനവന്റേയും അന്യരുടേയും ആളു കളിൽനിന്നും അറിയണം. തന്നിൽ കൂറുള്ള, തന്നെ അഭയം പ്രാപിച്ച സജ്ജനങ്ങളിൽ അനുഗ്രഹങ്ങൾ ചെയ്യണം. ശിഷ്ടന്മാ രല്ലാത്തവരും മര്യാദകെട്ടവരുമായ ജനങ്ങളെ ശിക്ഷിക്കാതെ വിട രുത്. രാജാവു നിഗ്രഹാനുഗ്രഹങ്ങളെ വേണ്ടവണ്ണം നന്നായി പ്രവർത്തിച്ചാൽ ലോകത്തിലൊക്കെ മര്യാദ സുവ്യവസ്ഥിതമാ യിത്തീരും.

ഹേ പാർത്ഥാ! നിന്നോടു വളരെ ബുദ്ധിമുട്ടുള്ളതും ഘോര വുമായ ക്ഷത്രധർമ്മം ഞാൻ പറഞ്ഞുതന്നു. അതു നല്ലപോലെ ധരിച്ച് വിനയത്തോടെ പാലിക്കുക. തപസ്സ്, ദമം, യജ്ഞം എന്നീ ധർമ്മത്താൽ വിപ്രൻ സ്വർഗ്ഗം പ്രാപിക്കുന്നപോലെ ദാനം, ആതി ഥ്യം, ധർമ്മകർമ്മങ്ങൾ എന്നിവയാൽ വൈശ്യരും സൽഗ്ഗതി നേടുന്നു. അപ്രകാരംതന്നെ ക്ഷത്രിയന്മാർ നിഗ്രഹപാലനങ്ങ ളാൽ സ്വർഗ്ഗം പ്രാപിക്കുന്നു. കാമദ്വേഷങ്ങൾ കൂടാതെ ലുബ്ധി ല്ലാതെ, ക്രോധങ്ങൾ വെടിഞ്ഞ്, നല്ലപോലെ ദണ്ഡനീതി വേണ്ട പോലെ നടത്തുന്നവൻ എന്നും മഹത്തായ സൽപ്പുരുഷന്മാരുടെ ലോകത്തെ പ്രാപിക്കും."

151. ഹനുമൽഭീമസംവാദം – വൈശമ്പായനൻ പറഞ്ഞു: "തന്റെ ഇഷ്ടംപോലെ വളർന്ന് വിപുലമായ ശരീരത്തെ ചുരുക്കി ഭീമസേനനെ രണ്ടുകൈകൊണ്ടും ഹനുമാൻ പുല്കി. ഭ്രാതാവു സ്നേഹപൂർവ്വം പുല്കിയപ്പോൾ ഭീമസേനന്ന് എല്ലാ തളർച്ചയും തീർന്നു. ശോഭനമായ ഒരു നില അവനിലുണ്ടായി. തന്നോടു തുല്യമായ ബലം മറ്റാർക്കുമില്ലെന്നുള്ള ഒരു തോന്നലും ഭീമന്ന് അപ്പോൾ ഉണ്ടായി. ഹനുമാനു സ്നേഹംമൂലം കണ്ണുനീർ വന്നു. ഗദ്ഗദത്തോടെ ഇങ്ങനെ പറഞ്ഞു."

ഹനുമാൻ പറഞ്ഞു: "എടോ വീരാ! നീ സ്വന്തം ഗൃഹത്തി ലേക്കു മടങ്ങിക്കൊള്ളുക. എന്നെ ഇവിടെ കണ്ട വർത്തമാനം നീ ആരോടും പറയരുത്. ധനേശ്വരന്റെ ആലയത്തിൽനിന്ന് വിശി

digitized by www.sreyas.in

ഷ്ടരായ ദേവഗന്ധർവ്വന്മാരുടെ സ്ത്രീകൾ ഇവിടെ വന്നെത്തേണ്ട സമയമായി. ഇനി നീ ഇവിടെ നില്ക്കരുത്. നിന്നെ കാണുകയാൽ സഫലങ്ങളായിരിക്കുന്നു എന്റെ കണ്ണുകൾ. മർത്ത്യനായ നിന്നെ കാണുകയും സ്പർശിക്കുകയും ചെയ്തപ്പോൾ, രാമൻ എന്ന പേരോടുകൂടി മർത്ത്യാകാരം സ്വീകരിച്ച മഹാവിഷ്ണുവിനെ, സർവ്വജഗത്തിന്നും ആനന്ദദായകനായ ആ പുരുഷോത്തമനെ, സീതാമുഖമാകുന്ന താമരയ്ക്ക് അർക്കനും, രാവണനാകുന്ന അന്ധകാരത്തിന്നു ഭാസ്കരനുമായ ആ രാഘവനെ, എനിക്കു സ്മരിക്കുന്നതിന്നു സന്ദർഭമുണ്ടായി. ഹേ വീരാ, നീ എന്നെ കാണുവാനിടയായത് വെറുതെയായിപ്പോകരുത്. ഭ്രാതൃത്വത്തെ പുരസ്കരിച്ചുകൊണ്ട് നീ എന്നോടു വരം ചോദിച്ചുകൊള്ളുക.

ഞാൻ ഹസ്തിനപുരത്തിൽച്ചെന്ന് ആ ക്ഷുദ്രന്മാരായ ധാർത്തരാഷ്ട്രന്മാരെ കൊന്നൊടുക്കണമെങ്കിൽ അത് ഞാൻ ഉടനെ ചെയ്തുകൊള്ളാം. കല്ലെടുത്ത് ആ പുരം എറിഞ്ഞുതകർക്കണമെങ്കിൽ അതും ചെയ്യാം. ദുര്യോധനനെ പിടിച്ചു ബന്ധിച്ച് ഞാൻ നിന്റെ മുമ്പിൽ കൊണ്ടുവരണോ? വേണമെങ്കിൽ അതും ചെയ്യാം. നിന്റെ ആഗ്രഹം എന്താണെന്നു പറയൂ. അത് ഉടനെ ഞാൻ നിർവ്വഹിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഭീമസേനൻ മഹാത്മാവായ അവന്റെ വാക്കുകേട്ട് അങ്ങേയറ്റം സന്തുഷ്ടനായി ഇപ്രകാരം മറുപടി പറഞ്ഞു: 'ഭവാൻ എന്നോടു പറഞ്ഞ കാര്യങ്ങളെല്ലാം ഭവാൻ ചെയ്തുതന്നതായി എനിക്കു തോന്നുന്നു. ഭവാനു മംഗളം ഭവിക്കട്ടെ! ഞാൻ ഒരു ആഗ്രഹം ഭവാനോടു പറയുന്നു. അല്ലയോ മഹാബാഹോ, നീ എന്നോട് എന്നും പ്രീതിയുള്ളവനായിരിക്കണം. നീ നാഥനായിത്തീരുകയാൽ പാണ്ഡവന്മാർ സനാഥരായിത്തീർന്നു. ഭവാന്റെ തേജസ്സിനാൽത്തന്നെ ഞങ്ങൾ സർവ്വശത്രുക്കളേയും തോല്പിക്കും.' ഇതു കേട്ടപ്പോൾ ഹനുമാൻ ഭീമനോടു പറഞ്ഞു: 'ഭ്രാതൃത്വം, സൗഹാർദ്ദം ഇവകൊണ്ട് ഞാൻ നിന്റെ ഇഷ്ടം നിർവ്വഹിക്കുന്നതാണ്. ശക്തി വളരെയുള്ള ശത്രുസൈന്യത്തിൽ ചെന്ന് ഹേ വീരാ! നീ സിംഹനാദം മുഴക്കുമ്പോൾ നിന്റെ നാദം എന്റെ രവംകൊണ്ടു വർദ്ധിപ്പിക്കുന്നതാണ്. വിജയന്റെ ധ്വജത്തിൽ കയറിയിരുന്ന് ഞാൻ ഉഗ്രമായ നാദം മുഴക്കുന്നതാണ്. സുഖമായി നിങ്ങൾക്കു ശത്രുക്കളെ കൊന്നൊടുക്കാം.' ഹനുമാൻ ഇപ്രകാരം ഭീമനോടു പറഞ്ഞ് ഭീമന്നു വഴികാണിച്ചുകൊടുത്ത് അവിടെത്തന്നെ അന്തർദ്ധാനം ചെയ്തു."

152. സൗഗന്ധികാഹരണം - ഭീമസേനന്റെ സൗഗന്ധികവനഗമനം - വൈശമ്പായനൻ പറഞ്ഞു: "ആ ഹരിവരൻ പോയതിന്നുശേഷം ബലവാന്മാരിൽ ശ്രേഷ്ഠനായ ഭീമൻ ആ വഴിക്കു നടന്ന് ഗന്ധമാദനപർവ്വതത്തിൽ കയറി. ആ ഭ്രാതാവിന്റെ അതിരറ്റ ശ്രീയും ദേഹവും അനുസ്മരിച്ചുകൊണ്ട് ദാശരഥിയുടെ മാഹാത്മ്യവും ചിന്തിച്ച് അവൻ നടന്നു. ഏറ്റവും ഭംഗി കലർന്ന കാടും പൂങ്കാവും കണ്ട് സൗഗന്ധികവനം കാണുവാനുള്ള ആഗ്രഹത്തോടെ നടന്നു. പോകുന്ന വഴിക്കു ചുറ്റും മരങ്ങൾ പൂത്തുനില്ക്കുന്ന പൊയ്കകളും, തെളിഞ്ഞ പുഴകളും, പലതരം മനോജ്ഞപുഷ്പങ്ങൾ നിറഞ്ഞു പൂത്തകാടുകളും, ചേറ്റിൽ കുഴഞ്ഞുനനഞ്ഞു മഴപെയ്യുന്ന കാർമേഘം പോലുള്ള ആനക്കൂട്ടങ്ങളും അവൻ കണ്ടു. മാൻപേടകളോടുകൂടി തുള്ളിച്ചാടി പുല്ലുതിന്നുന്ന മാൻകൂട്ടത്തെക്കണ്ട് ഭീമൻ വേഗം നടന്നു. പന്നി, പോത്ത്, പുലി മുതലായ ജന്തുക്കൾ ജീവിക്കുന്ന മഹാദ്രിയിൽ പേടികൂടാതെ, ശൗര്യത്തോടെ, ഭീമസേനൻ പ്രവേശിച്ചു.

അന്തമറ്റ മലരുകൾ ചേർന്നു പൂമണം വീശുന്ന ചെന്തളിർക്കാന്തി ചേർന്നു കാറ്റിലുലയുന്ന വൃക്ഷങ്ങൾ യാചിച്ചു മാടിവിളിച്ചിട്ടെന്നവിധം അവൻ അങ്ങോട്ടു കയറിച്ചെന്നു.

താമരമൊട്ടുകളാകുന്ന കൈകൾ കൂപ്പി, വണ്ടുകളുടെ ശബ്ദംകൊണ്ടു മന്ത്രിച്ചു നില്ക്കുന്ന പ്രിയതീർത്ഥവനം ചേരുന്ന പൊയ്കതോറും ഭീമൻ നടന്നു. പൂത്തുനില്ക്കുന്ന മലഞ്ചെരിവിൽ കണ്ണും കരളും പതിഞ്ഞ ഭീമൻ ദ്രൗപദീവാക്യമാകുന്ന വഴിച്ചോറും ഉണ്ട് ഏറ്റവും വേഗത്തിൽ നടന്നു.

ഉച്ചതിരിഞ്ഞപ്പോൾ മാൻകൂട്ടം കാനനത്തിൽ മേഞ്ഞുനടക്കുന്നതു ഭീമൻ കണ്ടു. അവിടെ നല്ല പൊൻതാമരയുള്ള വലിയ ഒരു നദി കണ്ടു. ഹംസങ്ങളും കാരണ്ഡവങ്ങളും ചേർന്ന് ചക്രവാളങ്ങളിൽ പ്രശോഭിക്കുന്ന ആ ദീർഘമായ നദി, പർവ്വതം അണിഞ്ഞ താമരപ്പൂകൊണ്ടുണ്ടാക്കിയ മാല എന്നപോലെ തിളങ്ങി. ആ നദിയിൽ സൗഗന്ധികപുഷ്പങ്ങൾ കൂട്ടം കൂട്ടമായി നില്ക്കുന്നത് ബാലസൂര്യന്റെ നിറത്തിൽ ബലവാനായ ഭീമൻ കണ്ടു. അവന്റെ കണ്ണിന്നു കുളുർമ്മ ചേർക്കുന്നവിധം അതു പ്രശോഭിച്ചു. അതു കണ്ടപ്പോൾ ആ പാണ്ഡുനന്ദനൻ കാര്യം സാധിച്ചു എന്നുള്ള സന്തോഷത്തോടെ, വനവാസംകൊണ്ടു ദുഃഖിക്കുന്ന പ്രിയയുടെ സമീപത്തേക്ക്, മനസ്സുകൊണ്ടു ചെന്നെത്തി."

153. സൗഗന്ധികാഹരണം - വൈശമ്പായനൻ പറഞ്ഞു: "കൈലാസശിഖരത്തിന്നരികെയുള്ള ശോഭനമായ സൗഗന്ധികവനത്തിൽ രാക്ഷസന്മാരാൽ പരിരക്ഷിതമായി രമണീയമായ ഒരു താമരപ്പൊയ്കയുണ്ട്. മലഞ്ചോലകളിൽനിന്ന് ഒഴുകിവരുന്ന ജലം ഈ സരസ്സിനെ എപ്പോഴും നിറയ്ക്കുന്നു. കുബേരന്റെ ഭവനം ഈ പ്രദേശത്തുനിന്ന് ഒട്ടും ദൂരത്തല്ല. നാനാവൃക്ഷങ്ങളാലും, നാനാലതകളാലും, നാനാപക്ഷികളാലും ആകുലമായി വിപുലച്ഛായയാൽ സുരമ്യമായി, നിർമ്മലമായി, ശോഭനതീരങ്ങളോടുകൂടിയ ആ പൊയ്ക വിചിത്രവും അത്ഭുതദർശനവുമായി വിളങ്ങുന്നു. മരതകപ്പച്ചനിറമുള്ള ഇലകളോടും, പൊൻനിറമുള്ള പൂക്കളോടുംകൂടിയ താമരകൾ നിറഞ്ഞ ആ പൊയ്കയിലെ ലഘുവും ശുദ്ധവും ശീതളവുമായ അമൃതരസം കലർന്ന ശുദ്ധജലം കൊതിയോടെ കുടിക്കുവാനായി ഭീമൻ ഇറങ്ങി. ആ പൊയ്കയിൽ മനോമോഹനവും ബഹുവിചിത്രവുമായ ദിവ്യസൗഗന്ധികങ്ങൾ കാഞ്ചനമയമായ ദളങ്ങളോടും വൈഡൂര്യകാന്തി കലർന്ന നാളങ്ങളോടുംകൂടി മഹത്തായ സൗരഭ്യം കലർന്നു ശോഭിക്കുന്നു. ഹംസാദിപക്ഷികൾ ഉലച്ചുകൊണ്ടിരിക്കുകയാൽ ആ സൗഗന്ധികങ്ങളിൽ നിന്നു നല്ല പൂമ്പൊടി ചിതറിക്കൊണ്ടിരുന്നു.

രാജരാജനും മഹാത്മാവുമായ കുബേരന്റെ ക്രീഡാസ്ഥാനമാണത്. ദേവന്മാരാലും ഗന്ധർവ്വാപ്സരസ്സുകളാലും പൂജിതവും, മഹർഷികളാലും, യക്ഷകിമ്പുരുഷന്മാരാലും സേവിതവും, കുബേരനാലും രാക്ഷസകിന്നരന്മാരാലും രക്ഷിതവുമായ ആ ദിവ്യസരസ്സുകണ്ട് മഹാബലനായ ഭീമൻ പരമപ്രീതനായിത്തീർന്നു. വൈശ്രവണന്റെ ശാസനത്തെ വഹിച്ച് ചിത്രായുധധരന്മാരായി അനേകായിരം 'ക്രോധവശന്മാരെ'ന്നു പേരായ രാക്ഷസന്മാർ ആ സരസ്സിനെ സംരക്ഷിക്കുവാൻ കാവൽ നില്ക്കുന്നുണ്ട്.

തോലുടുത്ത്, സ്വർണ്ണകേയൂരങ്ങൾ ചാർത്തി, വാളേന്തി, നിശ്ശങ്കം പൂവറുക്കുവാനായി പൊയ്കയിലേക്കിറങ്ങുന്ന ഭീമപരാക്രമനായ ഭീമനെക്കണ്ട് ആ രാക്ഷസന്മാർ പരസ്പരം ഓരോന്നു പറഞ്ഞുതുടങ്ങി. ഉടുത്തിരിക്കുന്നതു തോലാണെങ്കിലും, ആയുധമേന്തിയിരിക്കുന്ന ഈ പുരുഷവ്യാഘ്രൻ എന്തു ചെയ്യുവാനാണ് ഇവിടെ വന്നിരിക്കുന്നതെന്ന് അവർ ശങ്കിച്ചു നിന്നു. ഒടുവിൽ അവരെല്ലാവരും ചേർന്നു തേജസ്വിയും മഹാബാഹുവുമായ ഭീമന്റെ മുമ്പിൽച്ചെന്ന് ഇപ്രകാരം ചോദിച്ചു:

"ഭവാൻ ആരാണ്? മുനിവേഷമാണു ഭവാൻ സ്വീകരിച്ചിട്ടുള്ളതെങ്കിലും, ഭവാൻ ആയുധം ധരിച്ചിരിക്കുന്നു! മഹാമതിയായ ഭവാൻ എന്തിനാണ് ഇവിടെ വന്നിരിക്കുന്നത്?"

154. സൗഗന്ധികാഹരണം - ഭീമന്റെ രാക്ഷസവിജയം - ഭീമൻ പറഞ്ഞു: "ധർമ്മരാജാവിന്റെ നേരെ താഴെ പിറന്നവനും പാണ്ഡുപുത്രനുമായ ഭീമസേനനാണ് ഞാൻ. രാക്ഷസന്മാരുടെ സഹായത്താൽ ഞാൻ ഇപ്പോൾ ഭ്രാതാക്കന്മാരോടുകൂടി വിശാലമായ ബദരിയിൽ വന്നിരിക്കയാണ്. അവിടെ കാറ്റിൽ പറന്നുവീണ സൗഗന്ധികപുഷ്പം പാഞ്ചാലി കണ്ടു. അതിൽ അവൾക്കു വലിയ ആഗ്രഹം ജനിച്ചു. എന്റെ ധർമ്മപത്നിയായ ആ അനവദ്യാംഗിക്കു പ്രിയം ചെയ്യുവാൻ കരുതി പൂവു പറിക്കുവാനാണ് ഞാൻ ഇങ്ങോട്ടു വന്നത്."

digitized by www.sreyas.in

രാക്ഷസന്മാർ പറഞ്ഞു: "ഇതു കുബേരന്റെ ഏറ്റവും ഇഷ്ടപ്പെട്ട ക്രീഡാസ്ഥാനമാണ്. മർത്ത്യധർമ്മത്തിൽ നില്ക്കുന്ന വെറും മനുഷ്യർക്ക് ഇവിടെ സഞ്ചരിക്കുവാൻ പാടില്ല. ദേവന്മാർ, ദേവർഷിമാർ, യക്ഷന്മാർ എന്നിവർപോലും വൈശ്രവണന്റെ അനുമതിയോടുകൂടിയല്ലാതെ ഈ പൊയ്കയിൽ കുടിക്കുവാനോ, കുളിക്കുവാനോ ഇറങ്ങാറില്ല. ഗന്ധർവ്വന്മാരും, അപ്സരസ്ത്രീകളും, യക്ഷരാജാവിനോടു ചോദിച്ചിട്ട് ഇവിടെ വിഹരിക്കാറുണ്ട്. കുബേരനെ അവഗണിച്ച് അന്യായമായി ഈ പൊയ്കയിൽ കുളിക്കുവാനിറങ്ങുന്ന ഏതൊരു ദുർവൃത്തനും നിശ്ചയമായും നശിക്കുകയേയുള്ളൂ. ഭവാൻ ധനപതിയെ അനാദരിച്ച് പൂവറുക്കുവാൻ ബലാൽ മുതിരുകയാണ്. ധർമ്മരാജാവിന്റെ അനുജനാണെന്നു പറയുന്ന ഭവാന് എങ്ങനെ ഇതു ധർമ്മമാകും? ആദ്യമായി യക്ഷരാജാവിനോടു ഭവാൻ സമ്മതം വാങ്ങുക. അല്ലാതെ ഞങ്ങൾ കാവൽനില്ക്കുന്ന ഈ പൊയ്കയെ നോക്കുവാൻ പോലും ഞങ്ങൾ സമ്മതിക്കുന്നതല്ല."

ഭീമൻ പറഞ്ഞു: "എടോ രാക്ഷസന്മാരേ! നിങ്ങളുടെ ആ ധനേശ്വരനെ ഞാൻ കാണുന്നില്ലല്ലോ. അദ്ദേഹത്തെ കണ്ടാലും ഞാൻ യാചിക്കുകയില്ല. രാജാക്കന്മാർക്കു യാചിച്ചുകൂടാ എന്നത് സനാതനമായ ധർമ്മമാണ്. ഞാൻ ഒരിക്കലും ക്ഷാത്രധർമ്മം വിട്ടു നടക്കുകയില്ല. ഈ സുന്ദരമായ പൊയ്ക മലഞ്ചോലകളിൽനിന്ന് ഉണ്ടായതാണ്. അതു സ്ഥിതിചെയ്യുന്നത് മഹാത്മാവായ കുബേരന്റെ ഭവനത്തിലല്ല. അതുകൊണ്ട് കുബേരനെന്നപോലെതന്നെ ഈ പൊയ്കയിൽ എല്ലാ ജീവികൾക്കും സമാവകാശമുണ്ട്. അതുകൊണ്ട് ഈ പൊതുസ്ഥലത്തു പ്രവേശിക്കുവാൻ ആര് ആരോടു യാചിക്കുവാൻ പോകുന്നു?"

വൈശമ്പായനൻ പറഞ്ഞു: "അധികം വാദിച്ചുനില്ക്കാതെ അമർഷണനായ ഭീമൻ ആ പൊയ്കയിൽ ചെന്നിറങ്ങി. രാക്ഷസന്മാർ ക്രുദ്ധരായി ചുറ്റുംനിന്ന് 'അരുത്! അരുത്!' എന്നു വിളിച്ചുപറഞ്ഞു തടുത്തു. ഭീമൻ നിന്നില്ല. ആ രാക്ഷസന്മാരെ പുല്ലുപോലെ അവഗണിച്ച് അവൻ പൊയ്കയിലേക്ക് ഇറങ്ങുകതന്നെ ചെയ്തു."

രാക്ഷസന്മാർ അലറി: "പിടിക്കുവിൻ, കെട്ടുവിൻ! ഈ ഭീമനെ പിടിച്ചുവച്ചു കടിച്ചുതിന്നാം." ഇപ്രകാരം ക്രോധത്തോടെ പറഞ്ഞ് കണ്ണുരുട്ടി ശസ്ത്രങ്ങളുമേന്തി പാഞ്ഞടുത്തു. ഉടനെ കനത്ത അന്തകദണ്ഡിനൊക്കുന്ന പൊൻകെട്ടുള്ള ഗദ കൈയിൽ എടുത്ത് ഊക്കോടെ അവരുടെ നേരെ ആഞ്ഞടുത്ത് ഭീമൻ 'നില്ക്കുക! നില്ക്കുക!' എന്നു പറഞ്ഞു. ആ രാക്ഷസന്മാർ തോമരപട്ടസാദികളായ ശസ്ത്രം പ്രയോഗിച്ച് അവനോട് അടുത്തു. ക്രോധത്തോടുകൂടി രാക്ഷസന്മാർ ഭീമനെ ചുറ്റുംനിന്ന് എതിർത്തു. കുന്തിക്ക് വായുവിലുണ്ടായ പുത്രൻ! ശൂരനും ബലിഷ്ഠനും രിപുവർഗ്ഗഘാതിയുമായ വീരൻ! സത്യധർമ്മാദികളെ വിടാത്തവൻ! വീര്യത്തിൽ പ്രസിദ്ധൻ! ശത്രുക്കൾക്ക് അധൃഷ്യൻ! ഇങ്ങനെ അപ്രതിമനായ ഭീമൻ അവരുടെ ശസ്ത്രഗണം തടുത്ത് അവരുടെ വഴിമുട്ടിച്ചുനിന്ന് ആക്രമിച്ച് നൂറിലധികം വീരാഗ്ര്യരെ വധിച്ചു വീഴ്ത്തി.

അവന്റെ വീര്യം, ബലം എന്നുവേണ്ട, വിദ്യാബലം, കരബലം എന്നിവയൊക്കെ അറിഞ്ഞ് എതിർക്കുവാൻ കഴിയാതെ വീരന്മാരായ രാക്ഷസന്മാർ ഓടിക്കളഞ്ഞു. ഉജ്ജ്വലിക്കുന്ന ക്രോധത്തോടെ ഭീമനെ കൊല്ലുവാനുള്ള മാർഗ്ഗമെന്തെന്നു ചിന്തിച്ച് അവർ കൈലാസ ശൃംഗങ്ങളിലേക്കു പാഞ്ഞു. ഭീമനാൽ മർദ്ദിക്കപ്പെട്ട അവരിൽ മുറിപ്പെടാത്തവരായി ആരും ഉണ്ടായിരുന്നില്ല. ശക്രൻ ദൈത്യദാനവന്മാരെയെന്നപോലെ ഭീമൻ ശത്രുസംഘത്തെ തോല്പിച്ചുവിട്ടു. അനന്തരം സ്വൈരമായി ആ പൊയ്കയിലിറങ്ങി ഇഷ്ടംപോലെ പൂക്കൾ അറുത്തുതുടങ്ങി.

ആ പുഷ്കരണിയിലെ അമൃതതുല്യമായ ജലം കുടിച്ചപ്പോൾ ഭീമന് വീര്യവും തേജസ്സും വർദ്ധിച്ചു.

ഉത്തമഗന്ധം വീശുന്ന സൗഗന്ധികപുഷ്പം വേണ്ടുവോളം പറിച്ചു കൈയിലാക്കി.

ഭീമന്റെ മുമ്പിൽ പരാജിതരായി പലായനംചെയ്ത ആ ക്രോധവശന്മാർ ധനേശ്വരന്റെ സമീപത്തുചെന്ന് കൈകൂപ്പി പാണ്ഡവന്നു യുദ്ധത്തിലുള്ള ബലവീര്യാദികളെപ്പറ്റി വളരെ ഭീതിയോടെ ഉണർത്തിച്ചു. കുബേരൻ അവരുടെ വാക്കുകൾ കേട്ട് കോപിക്കുകയല്ല, നേരെ മറിച്ച് മന്ദഹസിക്കുകയാണ് ചെയ്തത്.

കൃഷ്ണയ്ക്കുവേണ്ടി ഭീമൻ സൗഗന്ധികവനത്തിൽ വന്നിരിക്കുന്ന വൃത്താന്തം തനിക്കറിയാമെന്നും, വായുപുത്രനായ ഭീമൻ വേണ്ടുവോളം പുഷ്പങ്ങൾ പറിച്ചുകൊള്ളട്ടെ എന്നും ധനേശ്വരൻ അവരോടു പറഞ്ഞു. ധനേശ്വരൻ ഇപ്രകാരം പറഞ്ഞപ്പോൾ അവരുടെ രോഷം നീങ്ങി. അവർ ഭീമന്റെ പാർശ്വത്തിലേക്കു പോന്നു. അവർ പൊയ്കയുടെ സമീപത്തെത്തിയപ്പോൾ ഭീമൻ ആ സരസ്സിൽ പൂ പറിച്ചു നീന്തിക്കളിക്കുന്നതായി അവർ കണ്ടു.

155. സൗഗന്ധികാഹരണം – വൈശമ്പായനൻ പറഞ്ഞു: "മഹാർഹങ്ങളായ ആ ദിവ്യപുഷ്പങ്ങൾ, ബഹുരൂപത്തിലുള്ളവ വേണ്ടുവോളം അവൻ എടുത്തു.

എന്നാൽ ഇതിനിടയ്ക്ക് ചില സംഭവങ്ങൾ യുധിഷ്ഠിരന്റെ മുമ്പിൽ പ്രത്യക്ഷമായി. ഭീമനും ക്രോധവശന്മാരും തമ്മിൽ ഇടയുന്ന സമയത്ത് യുധിഷ്ഠിരൻ പല ദുർന്നിമിത്തങ്ങളും കണ്ടു. യുദ്ധസൂചകമായ പ്രകൃതിക്ഷോഭം ഉണ്ടായി. കൊടുങ്കാറ്റു വീശിയടിച്ച് ചരൽക്കല്ലുകൾ വർഷിച്ചു. ഘോരമായ ചുഴലിക്കാറ്റുണ്ടായി. വലിയ കൊള്ളിമീനുകൾ വന്നുവീണു. ഭയങ്കരമായി ഇടിവെട്ടി. തമസ്സുമൂടി. രശ്മികൾ മറഞ്ഞു. സൂര്യൻ നിഷ്പ്രഭനായി. ഭയങ്കരമായി പ്രകൃതിക്ഷോഭങ്ങൾ സംഭവിച്ചു. ഭൂമി കുലുങ്ങി. എല്ലായിടവും പൊടിപടലംകൊണ്ടു മൂടി. ദിക്കൊക്കെ അരുണവർണ്ണമായി. പക്ഷികളും മൃഗങ്ങളും അശുഭസൂചകമായ ശബ്ദം പുറപ്പെടുവിച്ചു. എല്ലാ ദിക്കിലും ഇരുട്ടു വ്യാപിച്ചു. ഒന്നും കാണാതായി. ഇപ്രകാരമുള്ള ദുർന്നിമിത്തങ്ങൾ കണ്ടപ്പോൾ യുധിഷ്ഠിരൻ അത്ഭുതപ്പെട്ടു. 'യുദ്ധദുർമ്മദരായ പാണ്ഡവന്മാരേ, ഭദ്രം ഭവിക്കട്ടെ! ശത്രുക്കൾ ആരോ നമ്മോടെതിർക്കുവാൻ വരുന്നുണ്ട്. പരാക്രമം കാണിക്കേണ്ട സമയം വന്നിരിക്കുന്നു. ഉടനെ നാം യുദ്ധസന്നദ്ധരാകേണ്ടിയിരിക്കുന്നു.' ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞ്, യുദ്ധദുർമ്മദന്മാരായ സഹോദരന്മാരെ വിളിച്ചു. എന്നാൽ ഭീമനെ അവിടെ കണ്ടില്ല. 'ഭീമൻ എവിടെ?' എന്ന് കൃഷ്ണയോടും യമന്മാരോടും യുധിഷ്ഠിരൻ അന്വേഷിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ പാഞ്ചാലീ, ഭീമൻ എവിടെയാണ്? വല്ല കാര്യത്തെപ്പറ്റിയും ചിന്തിച്ച് അവൻ വല്ലേടത്തും പോയിരിക്കയാണോ? അതോ, ആ സാഹസപ്രിയനായ വീരൻ വല്ല അപകടങ്ങളും ചെയ്തേക്കാം. ഘോരമായ യുദ്ധത്തെ സൂചിപ്പിക്കുന്ന ദുർന്നിമിത്തങ്ങൾ ചുറ്റും ഭയങ്കരമായി കാണുന്നുണ്ട്."

ഇതു കേട്ടപ്പോൾ മനസ്വിനിയും, ചാരുഹാസിനിയുമായ കൃഷ്ണ, യുധിഷ്ഠിരന്റെ പ്രിയമഹിഷി, ഇങ്ങനെ മറുപടി പറഞ്ഞു.

ദ്രൗപദി പറഞ്ഞു: "മഹാരാജാവേ! ഇവിടെ ഒരു സൗഗന്ധികപുഷ്പം കാറ്റടിച്ചു കൊണ്ടുവരികയുണ്ടായല്ലോ. ആ പുഷ്പത്തിൽ എനിക്കു വലിയ ഇഷ്ടമുണ്ടായി. അത് ഞാൻ ഭീമന്നു കാണിച്ചുകൊടുത്തു. അത്തരം പുഷ്പങ്ങൾ വേണ്ടുവോളം കൊണ്ടുവന്നു തരേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അതുകേട്ട് അങ്ങനെയാകാമെന്നു പറഞ്ഞ് ആ മഹാബാഹു വടക്കുകിഴക്കു ഭാഗത്തേക്കായി പോയിരിക്കയാണ്."

യുധിഷ്ഠിരൻ പറഞ്ഞു: "നാം ഉടനെ വൃകോദരൻ പോയേടത്തേക്കു പോകണം. കൃശന്മാരും തളർന്നവരുമായ വിപ്രന്മാരെ രാക്ഷസന്മാർ എടുക്കട്ടെ. എടോ, ഘടോൽക്കചാ! ദേവതുല്യനായ നീ കൃഷ്ണയെ എടുക്കണം. ഭീമൻ ഇപ്പോൾ വളരെ ദൂരത്തെത്തിക്കഴിഞ്ഞിരിക്കും. അവൻ വളരെനേരമായി പോയിട്ട്. വായുതുല്യമായ വേഗത്തിൽ അവന്നു പോകാൻ കഴിയും. വൈനതേയസദൃശനായ ആ ശക്തിമാന് ആകാശത്തിൽ കുതിക്കുവാനും ചാടുവാനും നല്ല കഴിവുണ്ട്. ഹേ രാക്ഷസന്മാരേ, നിങ്ങ

digitized by www.sreyas.in

ളുടെ കഴിവ് ഇപ്പോൾ കാണണം. നിങ്ങളുടെ കഴിവുകൊണ്ടു വേണം ഭീമന്റെ സമീപത്ത് ഉടനെ എത്തുവാൻ. ബ്രഹ്മവാദികളായ സിദ്ധന്മാരെ സംബന്ധിച്ച് ഭീമൻ വല്ല അപരാധവും ചെയ്യുന്നതിനുമുമ്പായി നാം അവിടെ എത്തണം."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ, ധർമ്മജൻ പറഞ്ഞതനുസരിച്ച് ഘടോൽക്കചൻ തുടങ്ങിയ രാക്ഷസന്മാർ കൃഷ്ണയേയും പാണ്ഡവന്മാരേയും വിപ്രന്മാരേയും എടുത്ത് ലോമശനോടുകൂടി പുറപ്പെട്ടു. രാക്ഷസന്മാർക്ക് അറിയാം കുബേരനളിനി എവിടെയാണെന്ന്. മനോഹരമായ സൗഗന്ധികപ്പൊയ്കയിൽ, ഭംഗിയേറിയ വനത്തിൽ, അവർ യാതൊരു താമസവും കൂടാതെ എത്തിച്ചേർന്നു. ആ പൊയ്കയുടെ തീരത്ത് ക്രോധത്താൽ കണ്ണുകൾ നിശ്ചലം തുറിച്ച്, മിഴിച്ച്, ചുണ്ടുകടിച്ച്, ദണ്ഡേന്തിയ അന്തകൻ പ്രളയകാലത്തു നില്ക്കുന്നപോലെ ഗദയോങ്ങിനില്ക്കുന്ന ഭീമനെ കണ്ടു. കണ്ണും കൈയും കാലും തലയും മുറിഞ്ഞുചതഞ്ഞ് മരിച്ചു വീണുകിടക്കുന്ന രാക്ഷസന്മാരെയും കണ്ട് യുധിഷ്ഠിരൻ ഓടിച്ചെന്നു ഭീമനെ കെട്ടിപ്പിടിച്ചു വീണ്ടും വീണ്ടും സാന്ത്വനം ചെയ്തു: 'എടോ ഭീമാ! നീ എന്തു സാഹസമാണു ചെയ്തത്? ദേവന്മാർക്കു പ്രിയമല്ലാത്ത ഈ കർമ്മം നീ എന്തിന്നു ചെയ്തു? എനിക്കു പ്രിയം ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇനി ഇത്തരം സാഹസം ചെയ്യരുത്! നിനക്കു നന്മ ഭവിക്കട്ടെ!'"

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ യുധിഷ്ഠിരൻ ഉപദേശിച്ചപ്പോൾ ഭീമൻ ശാന്തനായി. താൻ അറുത്തെടുത്ത പുഷ്പങ്ങളെല്ലാം യുധിഷ്ഠിരന്റെ കൈയിൽ കൊടുത്തു. യുധിഷ്ഠിരൻ അതു വാങ്ങി. പിന്നെ സുരോപമന്മാരായ പാണ്ഡവന്മാർ ആ സരസ്സിൽ ഇറങ്ങി വിഹരിച്ചു. ഈ ഘട്ടത്തിലാണ് ആ വനരക്ഷകന്മാരായ രാക്ഷസന്മാർ അവിടെ തിരിച്ചുവന്നത്.

ശിലായുധന്മാരായ ആ മഹാകായന്മാർ ഭീമസേനന്റെ സമീപത്തു നില്ക്കുന്ന ധർമ്മരാജാവിനേയും, ലോമശമഹർഷിയേയും, മറ്റു മഹർഷികളേയും, നകുലസഹദേവന്മാരേയും കണ്ടു വിനീതരായി നമസ്കരിച്ചു. ധർമ്മരാജാവ് അവരെ സാന്ത്വനം ചെയ്തു. അവർ പ്രസാദിച്ചു.

പിന്നെ കുബേരന്റെ സമ്മതത്തോടെ പാണ്ഡവന്മാർ കൂട്ടുകാരോടുകൂടി ആ പുണ്യപ്രദേശത്തു കുറേനാൾ പാർത്തു. ആ ഗന്ധമാദനപ്രദേശത്ത് ബീഭത്സുവിനെ കാണുവാനുള്ള ആശയോടെ ആ കുരൂദ്വഹന്മാർ അധിവസിച്ചു."

156. നരനാരായണാശ്രമഗമനം – വൈശമ്പായനൻ പറഞ്ഞു: "അവിടെ കുറച്ചുനാൾ താമസിക്കുന്നകാലത്ത് ഒരു ദിവസം ധർമ്മരാജാവായ യുധിഷ്ഠിരൻ ഭ്രാതാക്കളോടും കൃഷ്ണയോടും ബ്രാഹ്മണരോടുമായി അവരുടെ സന്നിധിയിൽവെച്ചു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നാം ഇപ്പോൾ പല പുണ്യങ്ങളും ശിവങ്ങളുമായ തീർത്ഥങ്ങൾ കണ്ടു. മനസ്സിന്ന് ആഹ്ലാദം തരുന്ന പല വനങ്ങളും കണ്ടു. മഹാത്മാക്കളായ ദേവന്മാരും മുനിമാരും കൂട്ടമായി പണ്ട് ഉപാസിച്ച ആ പുണ്യസ്ഥലങ്ങൾ ബ്രാഹ്മണരാൽ എന്നും പൂജിക്കപ്പെടുന്നവയാണ്. പണ്ടത്തെ പല മഹർഷിമാരുടെ ചരിത്രങ്ങളും രാജർഷിമാരുടെ ചരിത്രങ്ങളും മറ്റുപല സൽക്കഥകളും അതാതു പുണ്യാശ്രമഭാഗത്തു ചെന്നപ്പോൾ കേൾക്കുകയുണ്ടായി. വിപ്രരോടുകൂടി ആ പുണ്യതീർത്ഥങ്ങളിൽ യഥാവിധി സ്നാനംചെയ്യുകയും ചെയ്തു. പുഷ്പോദകങ്ങളാൽ ദേവപൂജയും ചെയ്തു. കിട്ടിയ ഫലമൂലങ്ങൾകൊണ്ടു പിതൃക്കൾക്കു തർപ്പണവും ചെയ്തു. രമ്യങ്ങളായ പർവ്വതങ്ങൾ, പുഴകൾ, പൊയ്കകൾ, മഹാപുണ്യമായ സമുദ്രം ഇവയിലും നാം കുളിച്ചു.

ഇളാ, സരസ്വതി, സിന്ധു, യമുന, നർമ്മദ എന്നീ പുണ്യനദികളിലും മറ്റനേകം രമ്യതീർത്ഥങ്ങളിലും ദ്വിജന്മാരോടുകൂടി തീർത്ഥസ്നാനവും ചെയ്തു. ഗംഗാദ്വാരം കടന്ന് പല പുണ്യാലയങ്ങളും, വളരെ ദ്വിജന്മാർ ചൂഴുന്ന ഹിമാലയമഹാദ്രിയും അതിൽ 'വിശാല' എന്ന ബദരിവൃക്ഷവും, നരനാരായണാശ്രമവും നാം കണ്ടു. സിദ്ധരായ ദേവർഷികൾ സേവിക്കുന്ന ഈ ദിവ്യസരസ്സും നാം കണ്ടു. യഥാക്രമം വിശേഷിച്ച് ദിവ്യക്ഷേത്രങ്ങളേയും മഹാത്മാവായ ലോമശൻ നമുക്കു കാട്ടിത്തരുന്നു. ഹേ, ദ്വിജശ്രേഷ്ഠന്മാരേ! ഇനി നമുക്കു വൈശ്രവണന്റെ പുണ്യവും സിദ്ധനിഷേവിതവുമായ ആവാസത്തിലേക്കു പോകാം. എടോ, ഭീമാ! കുബേരാലയത്തിലേക്കു പോകേണ്ട മാർഗ്ഗത്തെ നീ ചിന്തിച്ചു കാണുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞ സമയത്ത് ഒരു അശരീരി വാക്കു കേട്ടു."

അശരീരിവാക്ക്: "ഇനി ഇവിടുന്നങ്ങോട്ടു ദുർഗ്ഗമമാണ്. വൈശ്രവണാശ്രമത്തിലേക്ക് ഈ വഴിക്കു പോകുവാൻ പറ്റുകയില്ല. ഈ വന്ന വഴിക്കുതന്നെ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ. ഇനി ആദ്യം ബദര്യാശ്രമത്തിൽ പോവുക. ആ നരനാരായണാലയത്തിൽനിന്നു പിന്നെ സിദ്ധചാരണസേവിതവും പുഷ്പഫലാവൃതവുമായ വൃഷപർവ്വാവിന്റെ ശുഭമായ ആശ്രമത്തിലേക്കു പോവുക. അതുംകടന്നു പോയാൽ ആർഷ്ടിഷേണാശ്രമത്തിൽ ചെന്നെത്തും. അവിടെനിന്നു നോക്കിയാൽ കാണാം രാജാവേ, ധനേശ്വരന്റെ രാജധാനി."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ദിവ്യമായ ഗന്ധം വഹിച്ച് ശുദ്ധമാരുതൻ വീശുകയും സൗഖ്യമുണ്ടാക്കുമാറ് പുഷ്പവൃഷ്ടിയുണ്ടാവുകയും ചെയ്തു. ആകാശത്തുനിന്നു ദിവ്യമായ ഈ വാക്യം പുറപ്പെട്ടത് എല്ലാവരും കേട്ട് അത്ഭുതപ്പെട്ടു. ഋഷിമാരും, ബ്രാഹ്മണരും, രാജാക്കളും കേൾക്കത്തക്കവിധം പുറപ്പെട്ട ആ ആകാശവാണി ധൗമ്യനെ അത്ഭുതപ്പെടുത്തി. അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'അവഗണിക്കുവാൻ വയ്യ! പറഞ്ഞതുപോലെതന്നെയാകട്ടെ ഭാരത!'

ധൗമ്യൻ പറഞ്ഞപ്പോൾ യുധിഷ്ഠിരൻ ആ വാക്യം സ്വീകരിച്ചു. പറഞ്ഞപോലെ നരനാരായണാശ്രമത്തിൽ തിരിച്ചുവന്നു. ഭീമസേനൻ തുടങ്ങിയ അനുജന്മാരോടും പാഞ്ചാലിയോടും ബ്രാഹ്മണരോടും കൂടി യുധിഷ്ഠിരൻ അവിടെ സുഖമായി പാർത്തു."

ജടാസുരവധപർവ്വം

157. ജടാസുരവധം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ വിശ്വസ്തന്മാരായ ബ്രാഹ്മണരോടുകൂടി പാണ്ഡുപുത്രന്മാർ ആ പർവ്വതേന്ദ്രനിൽ പാർത്ഥന്റെ വരവുംകാത്തു പാർക്കുന്നസമയത്ത് ഒരു ദിവസം ഒരു വിഷമസംഭവമുണ്ടായി. രക്ഷസ്സുകളും ഭീമസേനപുത്രനായ ഘടോൽക്കചനും യദൃച്ഛയാ അവിടം വിട്ട ഘട്ടത്തിൽ, ഭീമസേനൻ അടുത്തില്ലാത്ത തക്കംനോക്കി, ധർമ്മരാജാവിനെ യമന്മാരോടും, കൃഷ്ണയോടുംകൂടി ഒരു അസുരൻ അപഹരിച്ചു.

ബ്രാഹ്മണനാണ്, മന്ത്രകുശലനാണ്, സർവ്വശാസ്ത്രജ്ഞനാണ്, ഉത്തമനാണ് താനെന്നു പറഞ്ഞ് പാണ്ഡവന്മാരെ സേവിക്കുകയായിരുന്നു അവൻ. വേഷംമാറി പാർത്തിരുന്ന അവൻ ജടാസുരൻ എന്ന ഒരു അസുരനായിരുന്നു. പാർത്ഥന്മാരുടെ ചാപകലാപങ്ങളിൽ കണ്ണുവെച്ചുകൊണ്ടും ദ്രൗപദീഹരണത്തിന്നു സന്ദർഭം നോക്കിക്കൊണ്ടും, അവൻ പാണ്ഡവന്മാരുടെ കൂടെത്തന്നെ താമസിക്കുകയായിരുന്നു. അവനെ ധർമ്മപുത്രർ സംരക്ഷിച്ചുപോന്നു. ചാരംകൊണ്ടു മൂടിയ അഗ്നിപോലിരിക്കുന്ന ആ ദുഷ്ടരാക്ഷസനെ അവർ അറിഞ്ഞില്ല.

നായാട്ടിന്നായി ഭീമൻ പോയ തക്കംനോക്കി, ഘടോൽക്കചൻ കൂട്ടുകാരോടുകൂടി എങ്ങോ പോയ സമയം നോക്കി, ലോമശൻ മുതലായ സമാഹിതമുനീന്ദ്രന്മാർ കുളിക്കുവാനും പുഷ്പങ്ങൾ കൊണ്ടുവരാനും പോയ നേരം നോക്കി, വലിയതും ഭയങ്കരവും വികൃതവുമായ മറ്റൊരു രൂപം മാറിയെടുത്ത്, ശസ്ത്രങ്ങളൊക്കെ കൈയിലാക്കി ദ്രൗപദിയേയും മൂന്നു പാണ്ഡവന്മാ

digitized by www.sreyas.in

രേയും എടുത്ത് ആ ജടാസുരൻ നടന്നു. സഹദേവൻ പണിപ്പെട്ടു കുതറി അവന്റെ പിടിയിൽനിന്നു വിട്ടുചാടി ശത്രുവിന്റെ പിടിവിട്ട് അവൻ വാൾ ഉറയിൽനിന്നൂരി ഭീമൻ പോയ മാർഗ്ഗം നോക്കി ഭീമനെ ഉറക്കെ വിളിച്ചു. ആ ജടാസുരനോട് യുധിഷ്ഠിരൻ ധർമ്മോപദേശം ചെയ്യുകയാണുണ്ടായത്.''

യുധിഷ്ഠിരൻ പറഞ്ഞു: ''എടോ, മൂഢാ! നീ ധർമ്മത്തെ കെടുത്തുന്ന പ്രവൃത്തിയാണു ചെയ്യുന്നത്. തത്ത്വം നീ നോക്കുന്നില്ലല്ലോ. മനുഷ്യരും പക്ഷിമൃഗാദികളും, വിശേഷിച്ച് രാക്ഷസന്മാരും ധർമ്മം നോക്കി നടക്കേണ്ടവരാണ്. രാക്ഷസന്മാരുടെ ജീവിതത്തിന്നു മുഖ്യമായും ധർമ്മമാണ് ആധാരം. ഉത്തമമായ ധർമ്മം അവർക്കറിയാം. നിനക്ക് അത് അറിഞ്ഞുകൂടെങ്കിൽ നീ ഞങ്ങളുടെ കൂടെ പാർത്തുകൊള്ളുക. ഞാൻ പഠിപ്പിച്ചു തരാം. ദേവന്മാർ, ഋഷികൾ, സിദ്ധന്മാർ, പിതൃക്കൾ, ഗന്ധർവ്വന്മാർ, ഉരഗരാക്ഷസന്മാർ മുതലായവരും പശുക്കൾ, പക്ഷികൾ, പുഴുക്കൾ, ഉറുമ്പുകൾ മുതലായവയും മനുഷ്യരെക്കൊണ്ടാണു കഴിഞ്ഞുകൂടുന്നത്. നീയും അപ്രകാരംതന്നെയാണു ജീവിച്ചുവരുന്നത്. മനുഷ്യലോകത്തിന്റെ അഭിവൃദ്ധിയിൽനിന്നാണ് നിങ്ങളുടെ ദേവാസുരലോകവും സമൃദ്ധമാവുക. ഈ ലോകം ദുഃഖത്തിൽപ്പെട്ടാൽ ദേവലോകം അനുശോചിക്കേണ്ടിവരും. ഈ ലോകത്തിൽനിന്നു വിധിപ്രകാരമുള്ള ഹവ്യഗവ്യാദിപൂജകളാലാണ് പരലോകം വർദ്ധിക്കുന്നത്. രാഷ്ട്രത്തെ നിർബ്ബാധം രക്ഷിക്കുന്നവരാണ് ഞങ്ങൾ. രാഷ്ട്രം അരക്ഷിതമായാൽ പിന്നെ സുഖസമൃദ്ധികൾ എങ്ങനെയുണ്ടാകും? കുറ്റം ചെയ്യാത്ത രാജാവിനെ രാക്ഷസനായ നീ എന്താണ് അപമാനിക്കുന്നത്? അതു പാടില്ല. ലേശം പോലും അപരാധം ഞങ്ങളിലില്ലല്ലോ. ദേവാസുരന്മാർ, ബ്രാഹ്മണർ മുതലായവരുടെ ഉച്ഛിഷ്ടാന്നം ഭുജിക്കുന്നവരാണു ഞങ്ങൾ. ആചാര്യന്മാർക്കും ബ്രാഹ്മണർക്കും വിധേയരായേ ഞങ്ങൾ നടക്കുകയുള്ളു. മിത്രങ്ങളെ ദ്രോഹിക്കരുത്. വിശ്വസ്തരെ ഒരിക്കലും ദ്രോഹിക്കരുത്. ചോറു നല്കുന്നവരെ ദ്രോഹിക്കരുത്. കിടക്കാൻ ഗൃഹം നല്കുന്നവരെ ദ്രോഹിക്കരുത്. നീ ഞങ്ങളുടെ ഗൃഹത്തിൽ പൂജയേറ്റു സുഖമായി ജീവിക്കുന്നവനാണല്ലോ! ചോറുതിന്നു ജീവിക്കുന്നതിന്നിടയ്ക്ക് എടോ ദുർബുദ്ധേ! നിനക്കു ഞങ്ങളെ അപഹരിക്കാൻ തോന്നിയല്ലോ! ഇങ്ങനെ വ്യഥാചാരനും വ്യഥാവൃദ്ധനും വ്യഥാമതിയും ആയ നീ വ്യഥാ മരണത്തെ അർഹിക്കുന്നവനാണ്. നീ ഇതാ അതുകൊണ്ടു വെറുതെ ചാകുവാൻ പോകുന്നു.

നീ സർവ്വധർമ്മങ്ങളും വർജ്ജിച്ച ദുർബ്ബുദ്ധിയാണെങ്കിൽ ആയുധം തന്നു ഞങ്ങളോടു യുദ്ധംചെയ്തു ജയിച്ചതിൽപ്പിന്നെ ദ്രൗപദിയെ ഹരിച്ചുകൊള്ളുക! നീ അറിവില്ലായ്മകൊണ്ട് അതും ചെയ്യുന്നില്ലെങ്കിൽ നിനക്ക് അധർമ്മവും, അപകീർത്തിയും മാത്രമേ ലഭിക്കുവാൻ പോകുന്നുള്ളു. ഈ മാനുഷിയെ നീ പിടികൂടിയത് അകാലമരണത്തിന്നുവേണ്ടിയാണ്. വിഷം കലക്കി കുടത്തിലാക്കി തന്നത്താൻ കുടിക്കുംപോലെയാണ് നിന്റെ പ്രവൃത്തി.''

വൈശമ്പായനൻ പറഞ്ഞു: ''ഈ ധർമ്മോപദേശം കേട്ടതിന്നുശേഷം അവന്ന് യുധിഷ്ഠിരൻ ഒരു ഗുരുത്വം കൂടിയ വസ്തുവായ്ത്തീർന്നു. വല്ലാത്ത ഭാരം. എടുത്തുനടക്കുവാൻ വല്ലാത്ത കനം. അതുകൊണ്ട് അവന്നു വേഗത്തിൽ പായുവാൻ കഴിയാത്തവിധം ഞെരുങ്ങി. അവന്റെ ഗതി മന്ദഗതിയായി. ധർമ്മരാജാവ് പാഞ്ചാലിയോടും നകുലനോടും പറഞ്ഞു: 'ഈ മൂഢരാക്ഷസനെ നിങ്ങൾ ഭയപ്പെടേണ്ട. അവന്റെ ഗതി ഞാൻ മന്ദിപ്പിച്ചുകളഞ്ഞു. അവന്റെ യാത്രയെ ഞാൻ മുടക്കിയിരിക്കുന്നു. ഭീമൻ വളരെ ദൂരത്തല്ല. ഒരു മുഹൂർത്തത്തിനുള്ളിൽ ഈ ദുഷ്ടരാക്ഷസന്റെ കഥ കഴിയും.'

ബുദ്ധിമങ്ങിയ രാക്ഷസനെക്കണ്ട് സഹദേവനും യുധിഷ്ഠിരനോടു പറഞ്ഞു: 'രാജാവേ! ശത്രുവിനോട് എതിർക്കേണ്ട കാലമായി. ഒന്നുകിൽ ശത്രുവിനെ കൊല്ലണം. അല്ലെങ്കിൽ ശത്രുവിന്റെ കൈകൊണ്ടു ചാകണം. ക്ഷത്രിയന്റെ ധർമ്മം അതാണ്. ഈ രാക്ഷസനെ നാം കൊന്നുകളയണം. അതിന്നു പറ്റിയ സ്ഥലവും കാലവും ഒത്തിരിക്കുന്നു. ഇവനുമായി ഒരു പോരാട്ടം കൂടിയേ കഴിയൂ. ക്ഷത്രധർമ്മാനുഷ്ഠാനത്തിന്നുള്ള കാലമായി. ജയിച്ചിട്ടോ മരിച്ചിട്ടോ സൽഗ്ഗതി നേടണം. സൂര്യൻ അസ്തമിക്കുന്നതിന്നുമുമ്പ് ഇവനെ അവസാനിപ്പിക്കുവാൻ സാധിച്ചില്ലെങ്കിൽ പിന്നെ ഞാൻ ക്ഷത്രിയനല്ല എന്ന് ശപഥം ചെയ്യുന്നു. എടാ രാക്ഷസ! പാണ്ഡുപുത്രനായ സഹദേവനാണു ഞാനെന്ന് നീ ഓർത്തുകൊള്ളുക. എന്നെ കൊന്നതിനുശേഷമല്ലാതെ ഈ കൃഷ്ണയെ നിനക്കു കൊണ്ടുപോകുവാൻ കഴിയുകയില്ല. എന്നാൽ ചാകുവാൻ പോകുന്നത് ഞാനല്ല, നീയാണ്.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം മാദ്രേയൻ പറഞ്ഞ ഉടനെ ഭീമസേനൻ യദൃച്ഛയാ ഗദയുമായി, വാസവൻ വജ്രവുമായി എത്തുന്നമാതിരി വന്നുചേർന്നു. സോദരന്മാരേയും ദ്രൗപദിയേയും എടുത്തുനില്ക്കുന്നതും സഹദേവൻ താഴെനിന്ന് അധിക്ഷേപിക്കുന്നതും കാലോപഹതനായി മാർഗ്ഗം തെറ്റി രാക്ഷസൻ ഉഴലുന്നതും ഭീമൻ കണ്ടു. ഭീമൻ ക്രോധാന്ധനായി.''

ഭീമൻ പറഞ്ഞു: ''എടാ, നീ പാപിയാണെന്നു മുമ്പുതന്നെ ഞാൻ അറിഞ്ഞിട്ടുണ്ട്. നീ ഞങ്ങളുടെ ശസ്ത്രങ്ങളെടുത്തു പരിശോധിക്കുന്നതു കണ്ടു മനസ്സിലാക്കിയിരുന്നു. പക്ഷേ, അന്നു നിന്നെ ഞാൻ വകവെക്കാഞ്ഞതുകൊണ്ടു കൊല്ലാഞ്ഞതാണ്. ബ്രാഹ്മണവേഷത്തിൽ ജീവിക്കുന്നവനും എന്നോട് അപ്രിയം പറയാത്തവനും പ്രിയം നോക്കി നില്ക്കുന്നവനും ആകയാലാണ് ഞാൻ അന്നു നിന്നെ വകവെക്കാതിരുന്നത്. പിഴയൊന്നും ചെയ്യാതിരിക്കെ, അപ്രിയം പ്രവർത്തിക്കാതിരിക്കെ, പാന്ഥനും ബ്രഹ്മരൂപിയുമായ ഒരുത്തനെ എങ്ങനെ കൊല്ലും? വേണ്ടെന്നുവച്ചിട്ടു വിട്ടു. രക്ഷസ്സാണെന്ന് ഞാൻ അറിയാതെയല്ല. നരകശങ്കകൊണ്ടു വിട്ടതാണ്. ഇപ്പോൾ നീ കാലത്തിന്റെ ചൂണ്ടലിൽപ്പെട്ട ഇരയെയാണ് ഗ്രസിച്ചിരിക്കുന്നത്. ചൂണ്ടലിൽപ്പെട്ട മത്സ്യത്തിന്ന് എങ്ങനെ രക്ഷപ്പെടുവാൻ കഴിയും? നീ എവിടേക്കാണു പോകുവാൻ ആഗ്രഹിക്കുന്നത്? അവിടെ നീ ഒരിക്കലും ചെന്നെത്തുന്നതല്ല. നീ എത്തുന്ന സ്ഥാനം ഞാൻ പറഞ്ഞു തരാം. ബകനും, ഹിഡിംബനും എത്തിയ സ്ഥലത്തുതന്നെ.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം ഭീമൻ പറഞ്ഞപ്പോൾ കാലചോദിതനായ രാക്ഷസൻ ഭയപ്പെട്ട് എല്ലാവരേയും വിട്ട് പോരിന്നൊരുങ്ങി. അവൻ കോപിച്ചു ചുണ്ടുവിറച്ചുകൊണ്ട് ഭീമനോടു പറഞ്ഞു: 'എടാ, പാപി! നീ എന്തു വിചാരിക്കുന്നു? ഞാൻ ഇവിടെ ദിക്ഭ്രമംകൊണ്ട് ഉഴലുകയാണെന്നായിരുന്നോ? നിനക്കു തെറ്റി. ഞാൻ നിന്നെ ഒന്ന് എന്റെ കൈയിൽ കിട്ടണമെന്നു വിചാരിച്ചു കാത്തുനിന്നതാണ്. നീ പല രാക്ഷസവീരന്മാരേയും കൊന്നതായി ഞാൻ കേട്ടു. അവർക്കൊക്കെ ഞാൻ നിന്റെ രക്തം കൊണ്ട് ഇപ്പോൾ ഉദകക്രിയ നടത്തും.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം രാക്ഷസൻ പറഞ്ഞപ്പോൾ ഭീമൻ നാവുകൊണ്ടു തന്റെ വരണ്ട ചുണ്ടു നക്കിനനച്ച് ക്രോധംകൊണ്ട് ഉജ്ജ്വലിച്ച് കാലാന്തകനെപ്പോലെ കൈയൂക്കു മാത്രം നോക്കി രക്ഷസ്സിന്റെ നേരെ ആഞ്ഞടുത്തു. യുദ്ധത്തിന്നു വരുന്ന ഭീമനെ നോക്കി, വീണ്ടും വീണ്ടും വായ പിളർന്നു ചിറി നക്കിനനച്ചു തുടച്ച് സംരംഭത്തോടെ, ബലി വജ്രധരനോട് എന്ന വിധം പാഞ്ഞടുത്തു. അവർ തമ്മിൽ ഉഗ്രമായി ബാഹുയുദ്ധം നടന്നു. ക്രുദ്ധരായി യമന്മാർ രണ്ടുപേരും പാഞ്ഞടുത്തു. ഭീമൻ ചിരിച്ച് അവരെ നിർത്തി പറഞ്ഞു: 'ഈ രാക്ഷസന്നു ഞാൻ മതി. നിങ്ങൾ നോക്കിക്കൊള്ളുക. ആത്മാവിനേയും, സോദരന്മാരേയും, ധർമ്മത്തേയും, പുണ്യത്തേയും, മഖങ്ങളേയും സാക്ഷിയാക്കി ഞാൻ ശപഥം ചെയ്യുന്നു. ഞാൻ ഈ നിശാചരനെ കൊല്ലുന്നതാണ്.'

ഇപ്രകാരം പറഞ്ഞ് അന്യോന്യസ്പർദ്ധയോടെ കൈകൊണ്ട് അവർ രണ്ടുപേരും പൊരുതി. ക്രുദ്ധരായ ഭീമരാക്ഷസന്മാർ തമ്മിൽ യുദ്ധം ഉൽക്കടമായി. ദൈത്യനും ദേവനും തമ്മിലെന്ന വിധം അമർഷം വർദ്ധിച്ച് മരം പറിച്ചു തമ്മിൽ അടിക്കുവാൻ തുടങ്ങി. ആ മഹാബലന്മാർ മേഘഗർജ്ജനംപോലെ സിംഹനാദം മുഴക്കി. തമ്മിൽ കൊല്ലുവാൻ കരുതിയ അവർ തുടകൊണ്ടു മര

digitized by www.sreyas.in

ങ്ങൾ തകർത്ത് യുദ്ധം തുടർന്നു. വൃക്ഷങ്ങൾ ധാരാളം പറിച്ചു പരസ്പരം യുദ്ധം ചെയ്ത് അനവധി വൃക്ഷങ്ങൾ നശിച്ചു. പണ്ട് ഒരു സ്ത്രീക്കുവേണ്ടി ബാലി സുഗ്രീവന്മാർ തമ്മിലുണ്ടായ യുദ്ധം പോലെ അവർ ഇരുവരും അട്ടഹസിച്ച് മരങ്ങൾകൊണ്ടു മുഹൂർത്തസമയം ഘോരമായ അടി നടന്നു. ആ സ്ഥലത്തുള്ള സകല വൃക്ഷങ്ങളും വീഴ്ത്തി. പിന്നെ പാറകൾ എടുത്തുപൊക്കി: മലകൾ തമ്മിൽ കാർമേഘപടലങ്ങൾ കൊണ്ടെന്നവിധം, യുദ്ധം ഉഗ്രമായി ഒരു മുഹൂർത്തം നടന്നു. ആ അമർഷണന്മാർ ഊക്കേറിയ വജ്രസമാനമായ പാറകൾകൊണ്ടു യുദ്ധം ഭയങ്കരമായി നടത്തി.

പിന്നെ ആ ബലദർപ്പിതന്മാർ തമ്മിൽത്തമ്മിൽ കെട്ടിപ്പിടിച്ച് ആനകളെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും വലിച്ചിഴച്ചു പൊരുതി. മുഷ്ടിചുരുട്ടി അവർ അന്യോന്യം ഇടിച്ചുതുടങ്ങിയപ്പോൾ കട കട എന്ന ശബ്ദം മുഴങ്ങി. അഞ്ചുതലയുള്ള സർപ്പംപോലെ ശക്തമായ തന്റെ കൈ ചുരുട്ടിപ്പിടിച്ച് ഭീമൻ രാക്ഷസന്റെ ചങ്കിൽ ആഞ്ഞ് ഒരിടി കൊടുത്തു. ആ ഇടിയാൽ അവൻ തളർന്നുപോയി. പരിശ്രാന്തനും, പരിഭ്രാന്തനുമായ ആ രാക്ഷസനെ ഭീമൻ ഉടനെ പൊക്കിയെടുത്ത് ഊക്കോടെ നിലത്ത് ഒരു കുത്തുകുത്തി മലർത്തിയിട്ട് ചവിട്ടിയരച്ചു. അതിന്നുശേഷം അവന്റെ ശരീരം അടിച്ചു പൊടിയാക്കി. അരിശം എന്നിട്ടും അടങ്ങാതെ ഭീമൻ അവന്റെ ശിരസ്സ് ഗദകൊണ്ട് അടിച്ചുതെറിപ്പിച്ചു ചുണ്ടുകടിച്ച്, രുധിരമണിഞ്ഞ്, കണ്ണുതുറിച്ച്, ആ ശിരസ്സ് പനന്തേങ്ങ വീഴുമ്പോലെ വീണു. അതിനെ ഭീമൻ ചവിട്ടിത്തകർത്തു. ഈ മഹാകർമ്മം നിർവ്വഹിച്ചതിന്നുശേഷം ഭീമൻ ധർമ്മജന്റെ സമീപത്തെത്തി. മരുത്തുക്കൾ വാസവനെയെന്നവിധം ബ്രാഹ്മണർ ഭീമനെ വാഴ്ത്തി."

യക്ഷയുദ്ധപർവ്വം

158. ആർഷ്ടിഷേണാശ്രമഗമനം – ഗന്ധമാദന പ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ജടാസുരനെ വധിച്ചതിന്നുശേഷം അവർ വീണ്ടും നരനാരായണാശ്രമത്തിൽ ചെന്നുചേർന്നു. ഒരു ദിവസം അവിടെ ഇരുന്ന് രാജാവായ യുധിഷ്ഠിരൻ അനുജനായ വിജയനെ സ്മരിച്ചു ചിന്തയിലാണ്ടു. സോദരന്മാരെയൊക്കെ അരികിൽ വിളിച്ച് അദ്ദേഹം ദ്രൗപദീസഹിതന്മാരായി നില്ക്കുന്ന ഭ്രാതാക്കളോട് ഇങ്ങനെ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നാം നാലു കൊല്ലമായി ശാന്തമായി കാട്ടിൽ ചുറ്റിത്തിരിഞ്ഞു കഴിഞ്ഞുകൂടുന്നു. അഞ്ചാമത്തെ ആണ്ടിൽ തീർച്ചയായും ഉദ്ദേശിച്ച കാര്യം നേടിയശേഷം തിരിച്ചുവരാമെന്നാണ് ബീഭത്സു പറഞ്ഞിട്ടുള്ളത്. അഞ്ചാംകൊല്ലം പർവ്വതരാജനായ ശ്വേതത്തിൽ വരുമെന്നാണ് ഏറ്റിരുന്നത്. കൊടുമുടികളിൽ ശ്രേഷ്ഠമായ ശ്വേതം കുയിലുകളും വണ്ടുകളും മയിലുകളും വേഴാമ്പലുകളും നിറഞ്ഞ് നിത്യോത്സവമായി പൂത്തുനില്ക്കുന്നു. വൃക്ഷങ്ങളാൽ പ്രശോഭിക്കുന്ന ഇവിടെ വ്യാഘ്രങ്ങളും പന്നികളും കാട്ടുപോത്തുകളും ഗവയങ്ങളും മാനുകളും വ്യാളങ്ങളും ചെന്നായ്കളും രുരുക്കളും തുള്ളിക്കളിക്കുന്നു. സഹസ്രപത്രങ്ങളായ താമരകളും ശതപത്രങ്ങളായ ഉൽപലങ്ങളും ഇന്ദീവരങ്ങളും വിടർന്നുപൊങ്ങിയ പൊയ്കകളാൽ മഹാരണ്യം സുരാസുരനിഷേവിതമായി പ്രശോഭിക്കുന്നു. ആ മനോഹരവും വിചിത്രവുമായ കൈലാസത്തിൽ ചെന്നു നാം അർജ്ജുനന്റെ വരവുനോക്കി വാഴുക. വിദ്യാഭ്യാസത്തിന്നു വേണ്ടി താൻ അഞ്ചുവർഷം പാർക്കും. അഞ്ചാം വർഷത്തിൽ മടങ്ങിവരുന്നതാണെന്ന് ആ വീരൻ എന്നോടു ശപഥം ചെയ്തിട്ടുണ്ട്. എല്ലാ അസ്ത്രങ്ങളും നേടി സിദ്ധാർത്ഥനായി ശത്രുഹരനായ ഗാണ്ഡീവപാണി ദേവലോകത്തുനിന്നു മടങ്ങിവരുന്നതു കാണുവാൻ നാം കൈലാസത്തിലേക്കു പോവുക." ഇപ്രകാരം ഭ്രാതാക്കന്മാരോടു പറഞ്ഞതിന്നുശേഷം യുധിഷ്ഠിരൻ എല്ലാ ബ്രാഹ്മണരേയും വിളിച്ച് അവരെ പ്രദക്ഷിണം ചെയ്ത് തന്റെ അഭിപ്രായം അറിയിച്ചു. തപോനിഷ്ഠരായ അവർ ഈ യാത്രയിൽ പാണ്ഡവന്മാർക്കു ശുഭം ആശംസിച്ച് അനുജ്ഞ നല്കി. 'ഇന്നത്തെ ക്ലേശത്തിൽനിന്ന് ഉടനെ വിമുക്തിയുണ്ടാകും. ക്ഷത്രധർമ്മത്താൽ ധർമ്മജ്ഞനായ ഭവാൻ എല്ലാ ക്ലേശങ്ങളും തീർത്തു ഭൂമി ഭരിക്കും!' എന്ന് അനുഗ്രഹിച്ചു.

വൈശമ്പായനൻ പറഞ്ഞു: "ആ തപസ്വികളുടെ ആശംസ സ്വീകരിച്ച് രാജാവു ദ്രൗപദിയോടും ഭ്രാതാക്കന്മാരോടും വിപ്രന്മാരോടും ഘടോൽക്കചൻ മുതലായ രാക്ഷസന്മാരോടും കൂടി ലോമശമഹർഷിയുടെ രക്ഷയിൽ മല കയറിത്തുടങ്ങി. ചിലേടത്തു കാൽനടയായും ചിലേടത്തു രാജാക്കന്മാരുടെ ചുമലിൽക്കയറിയും അതാതിടങ്ങളിൽ തമ്പിമാരോടുകൂടി തേജസ്വിയും സുവ്രതനുമായ യുധിഷ്ഠിരൻ യാത്ര ചെയ്തു. സിംഹങ്ങളും വ്യാഘ്രങ്ങളും നിറഞ്ഞ വടക്കുഭാഗത്തേക്കു കയറി. കൈലാസപർവ്വതവും മൈനാകപർവ്വതവും ഗന്ധമാദനപർവ്വതപാദങ്ങളും ശ്വേതാചലവും പർവ്വതത്തിന്റെ മേലെയൊഴുകുന്ന പല പുണ്യസരിത്തുക്കളും കണ്ടുകൊണ്ട് കയറിക്കയറി പതിനേഴാം ദിവസം പാണ്ഡവന്മാർ ഹിമവാന്റെ മുകളിൽ എത്തി. അവിടെ ഹിമവൽപർവ്വതത്തിന്റെ മുകളിൽ ഗന്ധമാദനത്തിന്നരികെ, നിർമ്മലജലാശയങ്ങളോടും പുഷ്പിതമായ വൃക്ഷലതകളോടും കൂടി ശോഭിതമായ വൃഷപർവ്വാശ്രമം അവർ കണ്ടു. അല്പസമയം ഗിരിയുടെ മുകളിൽ വിശ്രമിച്ച് യാത്രാക്ലേശം പരിഹരിച്ചതിന്നു ശേഷം ആ രാജർഷിയുടെ അരികിലേക്കു പാണ്ഡവന്മാർ ചെന്നു. വൃഷപർവ്വന്റെ മുമ്പിൽ അവർ നമസ്കരിച്ചു. ആ ഭാരതേന്ദ്രന്മാരെ രാജർഷിയായ വൃഷപർവ്വൻ സ്വന്തം മക്കളെപ്പോലെ സസ്നേഹം ശ്ലാഘിച്ചു. അവർ അവിടെ വൃഷപർവ്വാവിന്റെ സൽക്കാരമേറ്റ് ഏഴു ദിവസം നിവസിച്ചു. എട്ടാം ദിവസം വിശ്രുതനായ വൃഷപർവ്വാവിനോടു നന്ദി പറഞ്ഞ് യാത്രയ്ക്കൊരുങ്ങി. യജ്ഞപാത്രങ്ങൾ, രത്നങ്ങൾ, ആഭരണങ്ങൾ മുതലായവ രാജർഷിയെ ഏല്പിക്കുകയും കുറെ വിപ്രന്മാരെ യഥായോഗ്യം സൽക്കരിക്കുവാൻ ഏർപ്പാടുചെയ്യുകയും ചെയ്തു. അവരെ ആശ്രമത്തിലാക്കി യുധിഷ്ഠിരനും കൂട്ടുകാരും വടക്കോട്ടു മല കയറി. വൃഷപർവ്വാവ് അല്പദൂരം അവരെ അനുഗമിച്ചശേഷം ആശീർവ്വദിച്ച് സ്വസ്ഥാനത്തേക്കു മടങ്ങി. ആ രാജർഷി കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെ യുധിഷ്ഠിരൻ നടന്നു.

നാനാമൃഗങ്ങൾ നിറഞ്ഞ ആ പ്രദേശത്ത് സത്യവിക്രമനായ യുധിഷ്ഠിരൻ അനുജന്മാരോടുകൂടി കാൽനടയായി സഞ്ചരിച്ചു. നാനാവൃക്ഷങ്ങൾ തിങ്ങുന്ന ശൈലസാനുവിൽ വിശ്രമിച്ചു. നാലുദിവസം പർവ്വതാരോഹണം തുടർന്നു. പെരുംകാർനിരപോലെ വെള്ളമുള്ള ശുഭമായ ഒരു സ്ഥലം കണ്ടു. രത്നവും വെള്ളിയുംപോലെ ശോഭിക്കുന്ന പാറക്കൂട്ടവും കണ്ടു. വൃഷപർവ്വാവു പറഞ്ഞുകൊടുത്ത വഴിയേതന്നെ കയറി ഉദ്ദേശിച്ച മാതിരിയുള്ള പല പർവ്വതക്കൂട്ടങ്ങളും കണ്ടു മലകയറി. മലയിൽ പലയിടത്തും മേലെമേലെയായി ദുർഗ്ഗമങ്ങളായ ഗഹ്വരങ്ങൾ കണ്ടു. ദുർഗ്ഗമങ്ങളായ ആ മാർഗ്ഗങ്ങളൊക്കെ അവർ സുഖമായി കടന്നു. ധൗമ്യൻ, പാഞ്ചാലി, പാർത്ഥന്മാർ, ലോമശൻ, മുനീന്ദ്രന്മാർ എല്ലാവരും ഒപ്പം നടന്നു. ആർക്കും യാതൊരു ക്ഷീണവും ഇടിവും ഉണ്ടായില്ല. നാലാം ദിവസം അവർ മാല്യവാൻമാമലയിൽ എത്തി. ആ മല പക്ഷിമൃഗഘോഷം ചേർന്നും നാനാവൃക്ഷലതാദികൾ നിറഞ്ഞും ശാഖാമൃഗങ്ങളാൽ പരിസേവിതമായും ശോഭിച്ചു. ഇടയ്ക്കു മനോഹരവും പുണ്യവുമായ പൊയ്കകളും പല്വലങ്ങളും ഉള്ളതായിരുന്നു ആ നഗം.

പിന്നെ അവർ സിദ്ധചാരണന്മാർ സേവിക്കുന്നതും കിമ്പുരുഷന്മാർ അധിവസിക്കുന്നതുമായ ഗന്ധമാദനപർവ്വതം കണ്ട് രോമാഞ്ചകഞ്ചുകിതരായി.

കിന്നരസ്ത്രീകൾ ചേർന്നും വിദ്യാധരന്മാർ നിരന്നും ഗജസിംഹവ്യാഘ്രശരഭങ്ങൾ ആർത്തുതിമിർത്തും പലമാതിരി മൃഗഭേദങ്ങൾ വിലസിയും നന്ദനതുല്യം ശോഭിക്കുന്ന ഗന്ധമാദനകാനനത്തിൽ അവർ എത്തി. മനസ്സിന്ന് ആനന്ദം നല്കുന്ന ഗന്ധമാദനകാനനത്തെ അവർ വന്ദിച്ചു. ക്രമത്തിൽ അവർ ആ പുണ്യ

digitized by www.sreyas.in

മായ വനത്തിൽ കയറി. പാഞ്ചാലിയോടും ദ്വിജന്മാരോടും കൂടി ശുഭപ്രീതികരങ്ങളായ കളകൂജിതങ്ങൾ കേട്ടു. പ്രീതിജനകവും ശ്രവണരമ്യവും സുമധുരവുമായി പക്ഷികൾ ചൊരിയുന്ന മനോഹരനാദം കേട്ടുകൊണ്ടും സർവ്വകാലത്തും ഫലഭാരത്താൽ കുനിഞ്ഞതും സർവ്വഋതുക്കളിലും പൂക്കൾ നിറഞ്ഞതുമായ പല പല വൃക്ഷങ്ങൾ കണ്ടുകൊണ്ടും അവർ ആനന്ദത്തിൽ മുഴുകി യാത്ര തുടർന്നു. തേന്മാവ്, ആമ്രം, തെങ്ങ്, തിന്ദുകം, മുഞ്ജാതകം, ആജീരം, മാതളം, ബീജപൂരകം, പിലാവ്, നാരകം, ചിറ്റീന്തൽ, അമ്ലവേതസം, പാരാവതം, മുന്തിരി, കടമ്പ്, കപിത്ഥം, കൂവളം, ഞാറ, കുങ്കുമം, ബദരീദ്രുമം, ഉദുംബരം, വടം, പ്ലക്ഷം, അരയാൽ, ക്ഷീരികം, ഭല്ലാതകം, നെല്ലി, താന്നി, കടുക്കമരം, കരമർദ്ദം, ലന്ത ഇങ്ങനെയുള്ള മരങ്ങളൊക്കെ കായ്ച്ചുനില്ക്കുന്ന ഗന്ധമാദനസാനുവിൽ അവർ സഞ്ചരിച്ചു കണ്ടു. അമൃതൊക്കുന്ന സ്വാദുള്ള ഫലങ്ങൾ തിങ്ങിനില്ക്കുന്ന മരങ്ങളും അപ്രകാരം തന്നെ ചെമ്പകം, അശോകം, കൈനാറി, ബകുളം, പുന്ന, ഏഴിലമ്പാല, കൊന്ന, കേതകം, പാച്ചോറ്റി, മന്ദാരം, കുടജം, പാരിജാതം, കോവിദാരം, ദേവതാരം, പയിൻ, പന, പച്ചില, പിപ്പലം, ഹിംഗുകം, മുരുക്ക്, ഇലവ്, അശോകം, നെല്ലി, എലിഞ്ഞി, ചരളം എന്നീ മരങ്ങളും ചകോരം, ശതപത്രം, രാജഭൃംഗം, തത്ത, കളഹംസം, കുയിൽ, ഹാരീതം, ജീവജീവകം, പ്രിയകം, ചാതകം, പലമാതിരി പക്ഷികൾ ഇവ കർണ്ണാനന്ദകരമായി പാടുന്ന ജലചാരികളായ പക്ഷികൾ ചേർന്ന പൊയ്കകൾ, ആമ്പൽ, വെൺതാമരകൾ, ചെന്താമരകൾ, ഉൽപലങ്ങൾ, ക്ൽഹാരം, കമലം മുതലായ പുഷ്പങ്ങൾ നിറഞ്ഞ പൊയ്കകൾ, കാദംബരം, കുരരം, ചക്രവാകം, താറാവ്, വാത്ത്, കാരണ്ഡവങ്ങൾ, അന്നങ്ങൾ, കൊറ്റി, പൊന്മകൾ മുതലായ ജലപക്ഷികൾ ചേർന്നും, താമരത്തേൻ കുടിച്ചു മത്തരായി പൂമ്പൊടി പുരണ്ട്, മുരണ്ട് ഇണ്ടലാണ്ടു മണ്ടിനടക്കുന്ന വണ്ടുകൾ ചേർന്ന തണ്ടലർപ്പൊയ്കകളും ആ നരവ്യാഘ്രർ ഗന്ധമാദനസാനുവിൽ ദർശിച്ചു.

അപ്രകാരം പത്മഷണ്ഡമണ്ഡനം പൂണ്ടു ചുറ്റും മയിൽപ്പിടകളോടുകൂടി വള്ളിക്കുടിലുകളിൽ, ഇടിവെട്ടുമ്പോൾ വളരുന്ന മദനോന്മാദനത്തോടും, കേകയാകുന്ന സംഗീതം മധുരമായി പൊഴിച്ച്, മനോഹരമായ പീലിവിടർത്തി വിലാസത്താൽ മദാലസമായി നൃത്തമാടുന്ന മയിലുകളേയും അവർ കണ്ടു. മയിലുകൾ പിടയോടൊത്തു കുടജവൃക്ഷക്കൊമ്പിൽ കയറി രമിക്കുന്നതും, പീലിയൊക്കെ വിടർത്തി കിരീടംപോലെ നില്ക്കുന്നതും, മരപ്പഴുതിൽ വാഴുന്നതും അവർ കണ്ടു. ഉദാരമായ സിന്ദുവാരങ്ങൾ മാരന്റെ തോമരം പോലെ സുവർണ്ണവർണ്ണമായ പുഷ്പങ്ങളോടുകൂടി ഗിരിശൃംഗത്തിൽ പൂത്ത കർണ്ണികാരങ്ങൾ കർണ്ണപൂരംപോലെ ശോഭിക്കുന്നതും അവർ കണ്ടു. കാമവശ്യൗത്സുക്യമേറിയ കാമബാണംപോലെ പൂത്തുനില്ക്കുന്ന കുരവകങ്ങൾ പ്രശോഭിച്ചു. വനരാജിയണിഞ്ഞ തിലകം പോലെ തിലകപ്പൂക്കൾ പ്രശോഭിച്ചു. വണ്ടുകൾ മുരണ്ടു ചെന്നുകൂടിയ പൊന്നിൻ നിറമൊത്ത പുഷ്പങ്ങൾ കാട്ടുതീപോലെ പ്രശോഭിച്ചു. ചുവന്നും നീലനിറമായും, വൈഡൂര്യനിറമായും വൃക്ഷങ്ങൾ പർവ്വതസാനുവിൽ വിളങ്ങി.

ഏലം, പയിൻ, പച്ചില, പാച്ചോറ്റി, അശോകം മുതലായ വൃക്ഷങ്ങൾ പൂത്തു മാലകെട്ടിയപോലെ ഗിരിശൃംഗത്തിൽ നിരക്കനെ പ്രശോഭിച്ചു. സ്ഫടികനിറത്തിലുള്ള ചിറകുള്ള പക്ഷികൾ അരയന്നങ്ങളോടുചേർന്ന് സരസമായി കൂജനം ചെയ്തുകൊണ്ടിരിക്കുന്ന പല സരസ്സുകളും പാർത്ഥന്മാർ ശൈലസാനുവിൽ ദർശിച്ചു.

താമരയും ആമ്പലും ചിന്നി, സുഖവും ശീതളവുമായ ജലത്തോടുകൂടിയ പൊയ്കകൾ, ആ വീരർ നോക്കിനിന്നു. മണമേറുന്ന പൂവുകളും, രസമേറുന്ന കായകളും, ചന്തമേറുന്ന പൊയ്കകളും, ഭംഗിയേറിയ മരങ്ങളും കണ്ടുകൊണ്ട് വിസ്മയോൽഫുല്ലനേത്രരായി പാണ്ഡവന്മാർ കടന്നുപോയി. കമലം, ഉൽപലം, കൽഹാരം, പുണ്ഡരീകം എന്നിവയുടെ മണത്തോടുകൂടി ആ കാട്ടിൽ സുഖമായി വീശുന്ന കാറ്റുവന്നേല്ക്കുന്ന അവർ സന്തോഷം യാത്രചെയ്തു. യുധിഷ്ഠിരൻ പ്രീതിയോടെ ഭീമനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "നോക്കൂ ഭീമാ! ഗന്ധമാദനവനം ശ്രീമത്താണ്! ഈ ദിവ്യമായ കാനനത്തിൽ ദിവ്യമായ പൊൻവൃക്ഷങ്ങളും ഇലയും പൂവും കായുമുള്ള നാനാദിവ്യലതകളും, പുംസ്കോകിലങ്ങൾ കൂത്താടി, പൂത്തു ശോഭിക്കുന്നതു നോക്കുക! മുള്ളുള്ള ചെടികൾ ഇവിടെയില്ല. പൂവില്ലാത്ത ലതകളുമില്ല. വൃക്ഷങ്ങളെല്ലാം നിറയെ ഇലയും ഫലങ്ങളും ചേർന്നു വിളങ്ങുന്നു. വണ്ടുകൾ മുരണ്ടു ചുറ്റുന്ന പൊയ്ത്താരുള്ള പൊയ്കകളിൽ പിടിയോടൊത്ത് ആനകൾ ഇറങ്ങി കലക്കുന്നതു നോക്കൂ! കമലവും ഉൽപലവും ചേർന്നു ഭംഗിയേറിയ പൊയ്ക നോക്കൂ! മാല ചാർത്തിയ മെയ്യോടുകൂടിയ സാക്ഷാൽ ലക്ഷ്മീദേവിപോലെ വിളങ്ങുന്നു; നാനാപുഷ്പഗണത്തോടുകൂടിയ കാനനരാജികൾ വണ്ടുകൾചേർന്നു മുരണ്ടു വിളങ്ങുന്നു. അതിന്നു ചുറ്റും ശുഭമായ സുരോദ്യാനദേശം കാണുക! ഭീമാ! നാം അമാനുഷമാർഗ്ഗത്തിൽ എത്തിയിരിക്കുന്നു. വൃകോദര! നാം സിദ്ധരായി 'പൂത്തുനില്ക്കുന്ന വല്ലികളും പൂത്തുനില്ക്കുന്ന വൻമരങ്ങളും ഹേ പാർത്ഥാ! നല്ലപോലെ ചേർന്നു ശോഭിക്കുന്നതു നോക്കൂ! ഈ ഗന്ധമാദനഭൂമി എത്ര മനോഹരം! മയിൽപ്പേടകളോടു ചേർന്ന് ശിഖണ്ഡികൾ സഞ്ചരിക്കുന്നു. അവ കൂകുന്ന ഘോഷം ഭീമാ! നീ കേൾക്കൂ! ചെമ്പോത്ത്, ശതപത്രം, കുയിൽ, തത്ത എന്നീ പക്ഷികൾ പൂത്തുനിൽക്കുന്ന മരങ്ങളിൽ മദത്തോടെ വന്നണയുന്നു. പല ജീവജ്ജീവകങ്ങൾ ഇതാ പരസ്പരം, തുടുത്തു പച്ചനിറമായ കറുകപ്പുൽക്കൂട്ടത്തിന്നടുത്തു നിന്നു നോക്കുന്നു. മലഞ്ചോലയ്ക്കടുത്ത് അന്നങ്ങൾ കാണുന്നു. അവ ഭംഗിയിൽ ഏവരുടേയും ഹൃദയം കവരുംവിധം കൂകുന്നു. ഭൃംഗരാജോപചക്രങ്ങളും, ലോഹപൃഷ്ഠഖഗങ്ങളും, വെളുത്ത നാല്ക്കൊമ്പന്മാർ പിടികളോടുകൂടി വൈഡൂര്യനിറമേന്തിയ ഈ സരസ്സിനെ ഇതാ കലക്കിമറിക്കുന്നു. പെരുമ്പനപോലെ നീണ്ട കുന്നിന്മേൽനിന്ന് ഒഴുകുന്ന ചോലകളിൽ നിന്ന് ജലധാരകൾ ഉതിർന്നുവീഴുന്നു. സൂര്യരശ്മി തട്ടി ഗംഭീരമായി ശരൽക്കാർപോലെ രജതധാതുക്കൾ അദ്രിയെ ശോഭിപ്പിക്കുന്നു. പല ദിക്കിലും അഞ്ജനനിറം! ചില ദിക്കിൽ സ്വർണ്ണവർണ്ണം! ചിലേടം ഹരിതാലങ്ങൾ ചോരുന്നു. അപ്രകാരം ഹിംഗുകങ്ങളും ചോരുന്നു. എല്ലാം മനോഹരംതന്നെ. മനയോലഗുഹകൾ സന്ധ്യാമേഘംപോലെ ശോഭിക്കുന്നു. രജതധാതുക്കൾ പലതും അദ്രിയെ ശോഭിപ്പിക്കുന്നു. മുയൽച്ചോരയുടെ നിറത്തോടുകൂടിയ ശൈലധാതുക്കൾ ശുക്ലനീലാഭ്രവർണ്ണത്തിലും, ബാലാദിത്യനിറത്തിലും, മഹാപ്രഭയോടുകൂടി ശൈലം ശോഭിക്കുന്നതു നോക്കൂ! ഗന്ധർവ്വന്മാർ ഭാര്യമാരോടുകൂടി വൃഷപർവ്വാവു പറഞ്ഞ മട്ടിൽത്തന്നെ കിമ്പുരുഷന്മാരോടുകൂടി കാണുന്നുണ്ട്. താളത്തിനൊപ്പിച്ചു സാമത്തിന്റെ സംഗീതസ്വനം ഹേ, ഭീമാ! കേൾക്കുന്നു. പലമട്ടിലുള്ള ഈ ഗാനം ആരുടെ മനസ്സിനെ മോഹിപ്പിക്കുകയില്ല! പുണ്യയും ശുഭയുമായ ദേവനദിയായ ഗംഗയെ നോക്കൂ! കളഹംസങ്ങളോടുകൂടി കിന്നരന്മാരാലും ഋഷികളാലും നിഷേവ്യയായി വിളങ്ങുന്നു. ഹേ ഭീമാ! നീ ഈ അദ്രിയെ ഒന്നു നോക്കൂ! ധാതുക്കളാലും, ഈ നദിയാലും, കിന്നരന്മാരാലും, മൃഗപക്ഷികളാലും, ഗന്ധർവ്വന്മാരാലും, അപ്സരസ്സുകളാലും, അഴകേറുന്ന കാടുകളാലും പ്രശോഭിക്കുന്ന ഈ പർവ്വതേന്ദ്രനെ ഒന്നു കാണുക. എത്ര കണ്ടിട്ടും എനിക്കു തൃപ്തിയാവുന്നില്ല!"

വൈശമ്പായനൻ പറഞ്ഞു: "മുഖ്യമായ ഗതി കണ്ടവരായ ആ ശൂരന്മാർ സന്തുഷ്ടരായി. എന്നാൽ ശൈലേന്ദ്രനെ കണ്ട് സംതൃപ്തിയടഞ്ഞില്ല. വീണ്ടും വീണ്ടും ആ മനോഹരദൃശ്യം കണ്ട് കണ്ണും കരളും കുളുർത്തതു മതിയായില്ല. പിന്നെ പുഷ്പഫലങ്ങൾ ചൂഴുന്ന പാദപങ്ങളോടുകൂടിയ ആർഷ്ടിഷേണരാജർഷിയുടെ ആശ്രമം അവർ കണ്ടെത്തി. തീവ്രതപസ്സാൽ ഞരമ്പുപൊങ്ങി, മെലിഞ്ഞ്, കൃശനായ സർവ്വധർമ്മജ്ഞനായ ആർഷ്ടിഷേണനെ അവർ ചെന്നുകണ്ടു."

digitized by www.sreyas.in

159. ആർഷ്ടിഷേണയുധിഷ്ഠിരസംവാദം – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ അരികത്തു ചെന്ന് തപസ്സിനാൽ തന്റെ പാപങ്ങളൊക്കെ നശിപ്പിച്ചുകളഞ്ഞ ആർഷ്ടിഷേണന്റെ പാദത്തിൽ പ്രീതിയോടെ തലകുനിച്ച് തന്റെ പേരു പറഞ്ഞു വന്ദിച്ചു. അപ്രകാരം കൃഷ്ണയും, പിന്നെ ഭീമനും, യമന്മാരും, തപസികളും രാജർഷിയുടെ പാദത്തിൽ കുമ്പിട്ട് ചുറ്റും സേവിച്ചു നില്പായി. അപ്രകാരം ധാർമ്മികനും പാണ്ഡവന്മാരുടെ പുരോഹിതനുമായ ധൗമ്യനും യഥാന്യായം സംശിതവ്രതനായ ആ മഹർഷിയെ ചെന്നു കണ്ടു. ധർമ്മജ്ഞനായ മുനി ദിവ്യചക്ഷുസ്സുകൊണ്ട് കുരുശ്രേഷ്ഠരായ പാണ്ഡവരാണ് ഇവർ എന്നറിഞ്ഞ് ഇരിക്കുവാൻ പറഞ്ഞു. ആ മഹാതപസി കുരുശ്രേഷ്ഠനും കൗരവർഷഭനുമായ പാർത്ഥനെ പൂജിച്ചു. ഭ്രാതാക്കളോടുകൂടിയിരിക്കുന്ന അദ്ദേഹത്തോട് ഋഷി അനാമയമായി ചോദിച്ചു:

ആർഷ്ടിഷേണൻ പറഞ്ഞു: "ഭവാൻ അനൃതം കരുതുന്നില്ലല്ലോ? ധർമ്മം അനുഷ്ഠിക്കുന്നില്ലേ? ഭവാന്റെ വൃത്തി മാതാപിതാക്കളിൽ താഴ്ന്നതല്ലല്ലോ. ഗുരുവൃദ്ധബുധന്മാരെയൊക്കെ ഭവാൻ പൂജിക്കുന്നുണ്ടല്ലോ? പാപകർമ്മങ്ങളിൽ മനസ്സുവെക്കുന്നില്ലല്ലോ? ദുഷ്കൃതത്തെ വെടിഞ്ഞ് സുകൃതത്തെത്തന്നെ നീ ചെയ്യുന്നില്ലേ? ന്യായം പോലെ കണ്ട് നീ മേനി പറയാതിരിക്കുന്നില്ലയോ? സജ്ജനങ്ങൾ യഥായോഗ്യം പൂജിതരായി നിന്നെ അഭിവന്ദിക്കുന്നില്ലേ? ഭവാന് വനവാസമാണു വേണ്ടിവന്നതെങ്കിലും ഭവാൻ ധർമ്മത്തെത്തന്നെ അനുവർത്തിക്കുന്നില്ലയോ? ഭവാന്റെ നടപടികളാൽ ധൗമ്യന്ന് ദുഃഖമുണ്ടാകുന്നില്ലല്ലോ? ദാനം, ധർമ്മം, തപസ്സ്, ശൗചം, ക്ഷമ, ആർജ്ജവം ഇവയാൽ ഭവാന്റെ പിതൃപൈതാമഹമായ വൃത്തിയെത്തന്നെ പിന്തുടരുന്നില്ലയോ? പൂർവ്വന്മാരായ രാജർഷികൾ സഞ്ചരിച്ചുവന്നിട്ടുള്ള മാർഗ്ഗത്തിൽക്കൂടെത്തന്നെയല്ലയോ ഭവാന്റെ പ്രയാണം? പിതൃലോകത്തിൽ സ്ഥിതിചെയ്യുന്ന പിതൃക്കൾ താന്താങ്ങളുടെ കുലത്തിൽ ജനിക്കുന്ന പുത്രപൗത്രന്മാർ അപ്പോഴപ്പോൾ ചെയ്യുന്ന സുകൃതദുഷ്കൃതങ്ങൾ കണ്ട് ചിരിക്കുകയോ കരയുകയോ ചെയ്യും. അവന്റെ സുകൃതദുഷ്കൃതങ്ങളുടെ ഫലം പിതൃക്കൾക്കും നന്മതിന്മകളെ ചെയ്യുന്നു. പിതാവ്, മാതാവ്, അഗ്നി, ഗുരു, ആത്മാവ് (താൻതന്നെ) എന്നീ അഞ്ചുപേരെ ശരിയായി പൂജിക്കുന്നവൻ ഇഹലോകവും പരലോകവും കീഴടക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, അവിടുന്ന് ചോദ്യരൂപേണ ധർമ്മനിശ്ചയത്തേയാണ് എന്നെ ഗ്രഹിപ്പിച്ചത്. ശക്തിപോലെയും ന്യായംപോലെയും അവയൊക്കെയും ഞാൻ മുറയ്ക്കു ചെയ്യുന്നു."

ആർഷ്ടിഷേണൻ പറഞ്ഞു: "വെള്ളം മാത്രം പാനംചെയ്തു ജീവിക്കുന്നവരും, വായു മാത്രം ഭക്ഷിച്ചു ജീവിക്കുന്നവരും, ആകാശത്തിൽ സഞ്ചരിക്കുന്നവരുമായ മഹർഷികൾ വാവുദിവസം ഈ മലയിൽ എത്തുന്നതാണ്. തമ്മിൽ ഉള്ളിണങ്ങിയ കാന്തമാരോടുകൂടി കിമ്പുരുഷകാമികൾ ഇവിടെ ഈ പർവ്വതത്തിന്റെ കൊടുമുടിയിൽ കേളിയാടുന്നതു കാണാം. ഒരു ലേശവും പൊടിപറ്റാത്ത, അത്ര മിനുസമായ കൗശേയവസ്ത്രങ്ങൾ ചാർത്തി ഇവിടെ അപ്സരസ്സുകളേയും ഭവാനു കാണുവാൻ കഴിയും. മാലചാർത്തി സുന്ദരന്മാരായ വിദ്യാധരേന്ദ്രന്മാരും, മഹോരഗങ്ങളും, ഗരുഡന്മാരും ഇവിടെ ഇടയ്ക്കിടെ വരും. വാവുദിവസം ഇവിടെ ഈ പർവ്വതത്തിന്റെ മുകളിൽനിന്ന് ഭേരീമൃദംഗശംഖങ്ങളിൽനിന്നുള്ള നാദം നിങ്ങൾ കേൾക്കും. ഇതെല്ലാം ഇവിടെ ഇരുന്നുകൊണ്ടു കാണുകയും കേൾക്കുകയും ചെയ്യുന്നതല്ലാതെ മലയുടെ മുകളിൽ കയറിച്ചെല്ലുവാൻ നിങ്ങൾ വിചാരിക്കരുത്. അവിടെനിന്നു മേല്പോട്ട് ദേവന്മാരുടെ വിഹാരസ്ഥാനമാണ്. മർത്ത്യർക്കു പോകുവാനുള്ള മാർഗ്ഗം അങ്ങോട്ടില്ലാത്തതുകൊണ്ട് നിങ്ങൾക്ക് അങ്ങോട്ടുചെല്ലുവാൻ കഴിയുകയില്ല. ഇവിടെ അല്പമെങ്കിലും ചാപല്യം കാണിക്കുന്ന മനുഷ്യനെ എല്ലാ ഭൂതങ്ങളും ദ്വേഷിക്കും. രാക്ഷസന്മാർ വന്നു ക്രൂരമായി പ്രഹരിക്കും. ഈ കൈലാസപർവ്വതത്തിന്റെ അപ്പുറത്തേക്കു കടന്നാൽ പരമസിദ്ധന്മാരായ ദേവർഷിമാരുടെ മാർഗ്ഗം ശോഭിക്കുന്നു. ചാപല്യംകൊണ്ട് അവിടെ വല്ല മനുഷ്യനും ചെന്നാൽ അവനെ രാക്ഷസന്മാർ ഇരുമ്പുശൂലംകൊണ്ടു കുത്തിക്കൊല്ലും. നരവാഹനനായ വൈശ്രവണനും പർവ്വസന്ധികളിൽ അപ്സരസ്ത്രീകളോടുകൂടി ഈ പർവ്വതത്തിൽ വരാറുണ്ട്. അപ്പോൾ ആ യക്ഷരാക്ഷസേശ്വരൻ, ഗിരിശിഖരത്തിന്മേൽ ഉദയഭാസ്കരനെപ്പോലെ സർവ്വഭൂതങ്ങൾക്കും കാണുവാൻ ഇടവരും. ദേവദാനവന്മാരുടേയും, സിദ്ധന്മാരുടേയും, കുബേരന്റേയും ഉദ്യാനമാണ് ഈ ഗിരിശിഖരം. കുബേരനെ ഉപാസിക്കുന്ന തുംബുരു സാമഗാനം പാടുന്നത് ഇവിടെ കേൾക്കാം. ഇവയും ഇപ്രകാരമുള്ള പല അത്ഭുതങ്ങളും എല്ലാ പർവ്വസന്ധികളിലും എല്ലാവർക്കും ഇവിടെ കാണുവാൻ കഴിയും. മുനികൾ അനുഭവിക്കാറുള്ള രസമായ ഫലങ്ങൾ ഭുജിച്ച് അർജ്ജുനൻ വരുന്നതുവരെ നിങ്ങൾ ഇവിടെ വസിക്കുക. ഇവിടെ ഒന്നുകൊണ്ടും ചാപല്യം പറ്റിപ്പോകരുത്. ശ്രദ്ധ പിഴയ്ക്കാത്തപക്ഷം നിങ്ങൾക്ക് ഇവിടെ യഥേഷ്ടം വിഹരിക്കാം. ഉണ്ണീ, യുധിഷ്ഠിരാ! യഥാകാലം നീ ശസ്ത്രത്താൽ വിജയംനേടി ഈ ഭൂമി മുഴുവൻ പാലിക്കുന്നതാണ്! തീർച്ചയാണ്."

160. മണിമദ്വധം – ജനമേജയൻ പറഞ്ഞു: "ഗന്ധമാദനപർവ്വതത്തിൽ ആർഷ്ടിഷേണാശ്രമത്തിൽ എന്റെ പൂർവ്വപിതാക്കന്മാർ, ആ മഹാത്മാക്കളും ദിവ്യപരാക്രമികളുമായ പാണ്ഡുപുത്രന്മാർ, എത്രകാലം പാർത്തു? ശക്തരായ ആ വീരന്മാർ പിന്നെ എന്തു ചെയ്തു? ആ മഹാന്മാർ അവിടെ എന്തു ഭക്ഷണം കഴിച്ചാണു പാർത്തത്? ഭീമസേനന്റെ പരാക്രമങ്ങൾ എന്നോടു ഭവാൻ വിസ്തരിച്ചു പറയണം. ആ ഹൈമവതപർവ്വതത്തിൽ ആ മഹാബാഹു ചെയ്തതെല്ലാം വിടാതെ പറയണം. വീണ്ടും യക്ഷരോടും ഭീമൻ യുദ്ധത്തിന്ന് ഒരുങ്ങിയില്ലല്ലോ? വൈശ്രവണനുമായി അവർക്കു സമാഗമം ഉണ്ടായോ? ആർഷ്ടിഷേണൻ പറഞ്ഞതുപോലെ വിത്തേശനോടുകൂടി അവർ ചേർന്നുവോ? അതു കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. ഹേ തപോനിധേ! അവരുടെ കഥ കേട്ടിട്ട് എനിക്കു തൃപ്തി വരുന്നില്ല. വീണ്ടും വീണ്ടും വിസ്തരിച്ചു കേൾക്കുവാൻ ആഗ്രഹം തോന്നുന്നു."

വൈശമ്പായനൻ പറഞ്ഞു: "തനിക്ക് ഹിതമായവിധം ആർഷ്ടിഷേണന്റെ ശാസനംകേട്ട് എന്നും അതനുസരിച്ച് ആ ഭാരതർഷഭന്മാർ ജീവിച്ചുപോന്നു. മുനിഭോജ്യങ്ങളായ സ്വാദുള്ള കായ്കളും, ശുദ്ധബാണങ്ങളാൽ എയ്ത മൃഗങ്ങളുടെ മാംസങ്ങളും, ഹിമവൽപൃഷ്ഠഭാഗത്തു ലഭിക്കുന്ന ശുദ്ധമായ മധുക്കളും ഭക്ഷിച്ച് ഭാരതോത്തമരായ പാണ്ഡവർ ദിനങ്ങൾ കഴിച്ചു. ഇങ്ങനെ അവിടെ അധിവസിക്കുന്ന സമയത്ത് അഞ്ചാമത്തെ വർഷവും കഴിഞ്ഞു. ലോമശന്റെ ഉപദേശങ്ങളും കഥകളും കേട്ട് ദിവസങ്ങൾ കഴിഞ്ഞു. 'വേണ്ട സമയത്ത് ഞാൻ എത്തിക്കൊള്ളാം' എന്നു പറഞ്ഞ് ഘടോൽക്കചൻ എല്ലാ രാക്ഷസന്മാരോടുംകൂടി മുമ്പേതന്നെ പോയിക്കഴിഞ്ഞിരുന്നു.

ആർഷ്ടിഷേണാശ്രമത്തിൽ ആ ശ്രേഷ്ഠന്മാർ വസിക്കുമ്പോൾ അത്ഭുതങ്ങൾ കണ്ടുകണ്ട് പല മാസങ്ങളും കഴിഞ്ഞുപോയി.

അവിടെ വസിക്കുന്ന മുനിമാരും, ചാരണന്മാരും, അവിടെ വാണു രമിക്കുന്ന പാണ്ഡവന്മാരോടു പ്രീതരായി. ശുദ്ധാത്മാക്കളും യതവ്രതരുമായ അവർ പലരും പാണ്ഡവന്മാരെ കാണുവാൻ വന്നു. അവർ ആ പാണ്ഡവന്മാരുമായി ദിവ്യമായ സൽക്കഥകൾ പറഞ്ഞു.

ഇങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഒരുദിവസം വലിയ സരസ്സിൽ ജീവിക്കുന്ന ഋദ്ധിമാനായ ഒരു നാഗത്തെ സുപർണ്ണൻ റാഞ്ചിക്കൊണ്ടുപോയി. മലയൊക്കെ കുലുങ്ങുകയും മരങ്ങൾ മറിയുകയും ചെയ്തു. എല്ലാവരും ഈ അത്ഭുതം കണ്ടു. പാണ്ഡവന്മാരും കണ്ടു.

അപ്പോൾ ശൈലാഗ്രത്തിൽനിന്നു മാരുതൻ ശുഭമായ സൗരഭ്യമുള്ള പൂക്കളെ പാണ്ഡവന്മാരുടെ അരികെ കൊണ്ടുവന്നിട്ടു.

digitized by www.sreyas.in

പഞ്ചവർണ്ണങ്ങളോടുകൂടി അഴകേറുന്ന ആ ദിവ്യപുഷ്പങ്ങൾ പാണ്ഡവന്മാരും ദ്രൗപദിയും ഇഷ്ടജനസമക്ഷം കണ്ടു. ഈ പുഷ്പം കണ്ട് കൃഷ്ണ പർവ്വതത്തിൽ സ്വസ്ഥനായിരിക്കുകയായിരുന്ന ഭീമസേനനോടു പറഞ്ഞു: 'സുപർണ്ണന്റെ (ഗുരുഡന്റെ) ചിറകടിയാൽ ഉണ്ടായ കൊടുങ്കാറ്റേറ്റ് ഈ പഞ്ചവർണ്ണപുഷ്പങ്ങൾ അശ്വരഥനദിയിൽ വന്നു വീഴുന്നതായി എല്ലാവരും പറഞ്ഞുകേൾക്കുന്നു. ഖാണ്ഡവത്തിൽവച്ച് സത്യസന്ധനും മഹാത്മാവും അങ്ങയുടെ സഹോദരനുമായ അർജ്ജുനൻ, രക്ഷസ്സുകളേയും ഗന്ധർവ്വരേയും ഉരഗരേയും വാസവനെത്തന്നെയും തടുത്ത് ഉഗ്രന്മാരെയും മായാവികളെയും കൊന്നുകളഞ്ഞു. ഗാണ്ഡീവമെന്ന ധനുസ്സു നേടി. അങ്ങേക്കും അപ്രകാരംതന്നെ ഉഗ്രമായ തേജസ്സും അതുല്യമായ കൈയൂക്കുമുണ്ട്. അസഹ്യവും അപ്രധൃഷ്യവുമാണ് ശക്രതുല്യനായ ഭവാന്റെ പരാക്രമം. ഭവാന്റെ കൈയൂക്കുകൊണ്ടു പേടിച്ച് രാക്ഷസന്മാരൊക്കെ ഈ മലയിൽനിന്ന് ഓടിപ്പോകട്ടെ! പത്തു ദിക്കിലും പാഞ്ഞൊളിക്കട്ടെ! പിന്നെ വിചിത്രപുഷ്പങ്ങൾ നില്ക്കുന്ന ശിവമായ ഈ ഉത്തമശൈലത്തിന്റെ ശിഖരം ഭയം വെടിഞ്ഞ് ഭവാന്റെ സുഹൃത്തുക്കളൊക്കെ കണ്ടുകൊള്ളട്ടെ! ഇപ്രകാരം എന്റെ ഉള്ളിൽ വളരെ നാളായി ഒരു ആഗ്രഹം കടന്നുകൂടിയിട്ട്. ഹേ, ഭീമാ! ഭവാന്റെ ബാഹുരക്ഷയിൽ ഈ ശൈലാഗ്രം ഞാൻ കാണുമാറാകട്ടെ!'"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ദ്രൗപദിയാൽ പ്രഹരമേറ്റപോലെ തോന്നിയ ആ പരന്തപൻ, പ്രഹരം പൊറുക്കാത്ത കാളപോലെ അടങ്ങാതായി. സിംഹംപോലെയും ഋഷഭംപോലെയും ഗമിക്കുന്നവനും, ശ്രീമാനും ഉദാരനും കനകപ്രഭനും ധീരനും ശൂരനും ശക്തനും മാനിയും വൃഷസ്കന്ധനും മത്തേഭവിക്രമനും സിംഹദംഷ്ട്രനും ബൃഹൽസ്കന്ധനും സാലംപോലെ ഉന്നതനും മഹാത്മാവും സർവ്വാംഗസുന്ദരനും കംബുകണ്ഠനും മഹാഭുജനുമായ പാണ്ഡവൻ രക്തനേത്രനായി പൊന്നുകെട്ടിച്ച വില്ലും വാളും തൂണിയും ഏന്തി ഗർവ്വിഷ്ഠനായ സിംഹത്തെപ്പോലെ, മദിച്ച ആനയെപ്പോലെ, ഭയവും കൂസലും വിട്ട് മലകയറി. മൃഗേന്ദ്രനെപ്പോലെയും മത്തഗജത്തെപ്പോലെയും അവൻ ഉദ്ധതനായി വില്ലും അമ്പും ധരിച്ച് എത്തുന്നതായി എല്ലാവരും കണ്ടു. കൃഷ്ണയ്ക്ക് ഹർഷം വായ്ക്കുമാറ് അവൻ ഗദ കൈയിലെടുത്തു. ഭയവും കൂസലുമില്ലാതെ ശൈലരാജനിൽ എത്തി. ക്ഷീണമില്ല, ഭയമില്ല, മത്സരമില്ല. ആ വായുപുത്രന്ന് ഒരിക്കലും ആവക അല്ലലുകളൊന്നുമില്ല. വിഷമവും ഭീഷണവുമായ മാർഗ്ഗം അവൻ നേരെ കണ്ടു നടന്നു. പനപോലെ പൊങ്ങിനില്ക്കുന്ന ശൃംഗത്തിലേക്ക് ആ മഹാബലൻ കയറി.

കിന്നരന്മാരേയും നാഗങ്ങളേയും ഋഷിമാരേയും ഗന്ധർവ്വന്മാരേയും ആശരന്മാരേയും ഹർഷിപ്പിച്ച് ആ മഹാബലൻ അദ്രിശൃംഗത്തിൽ കയറിനിന്നു. പിന്നെ ആ ഭരതർഷഭൻ വൈശ്രവണാവാസം കണ്ടു. പൊന്മയവും സ്ഫടികപ്രായവുമായ വീടുകൾ ചേർന്ന് ചുറ്റും പൊന്മയമായ വലിയ മതിൽക്കെട്ടിനുള്ളിൽ സർവ്വരത്നപ്രഭയോടും, സർവ്വ ഉദ്യാനങ്ങൾ ചേർന്നും, കുന്നിനേക്കാൾ ഉയർന്ന കോട്ടകൊത്തളങ്ങളുടെ ഭംഗിയായ കമാനത്തോടും, കൊടിത്തറയോടും കാറ്റിൽ നൃത്തംവയ്ക്കുന്ന നല്ല കൊടിക്കൂറകളോടുംകൂടിയ വിത്തേശന്റെ നഗം വില്ലിന്റെ തല പിടിച്ചൂന്നി വളഞ്ഞ കൈയുമായി ഖേദത്തോടെ ഭീമൻ നോക്കിക്കണ്ടു. സർവ്വഭൂതങ്ങൾക്കും ആനന്ദം നല്കിക്കൊണ്ട് ഗന്ധമാദനമാരുതൻ സുഗന്ധമെല്ലാം ചിതറി സുഖമായി വീശി.

വിചിത്രമായ പൂങ്കുലയോടുകൂടി വിചിത്രവൃക്ഷങ്ങൾ നാനാവർണ്ണത്തോടുകൂടി അചിന്ത്യമായ ഭംഗിയോടെ ശോഭിച്ചു. ചുറ്റും രത്നജാലങ്ങളും ചിത്രപുഷ്പങ്ങളും ചേർന്ന് മനോഹരമായ രാക്ഷസാധിപന്റെ സ്ഥാനം ആ ഭരതർഷഭൻ കണ്ടു. ഗദയും വാളും വില്ലുമേന്തി ജീവൻ കളയുന്നവിധം മഹാബാഹുവായ ഭീമൻ നിശ്ചലനായി മലപോലെ നിന്നു. ശത്രുക്കൾ രോമാഞ്ചപ്പെടുമാറ് അവൻ ശംഖുവിളിച്ചു. കൈകൊട്ടിയാർത്ത് ഭൂതങ്ങൾക്കൊക്കെ മോഹം നല്കി. രോമാഞ്ചം പൂണ്ട് അവർ ശബ്ദം കേട്ട ദിക്കിലേക്കു പാഞ്ഞുകയറി. യക്ഷരാക്ഷസഗന്ധർവ്വന്മാരെല്ലാം പാണ്ഡവന്റെ സന്നിധിയിൽ എത്തി. പരിഘം, ഗദ, വാൾ, ശൂലം, വേല്, വെണ്മഴു എന്നിവ യക്ഷരാക്ഷസന്മാർ എടുത്തുനിന്നു. അവരും ഭീമനും തമ്മിൽ ഒരു പോരാട്ടം നടന്നു. മായാവിദ്യയുള്ള അവർ വിടുന്ന ശൂലം, വേൽ, മഴു എന്നിവ വലിയ ഊക്കോടെ കത്തിയമ്പ് എയ്തെയ്ത് ഭീമൻ അറുത്തുതുടങ്ങി. ആകാശത്തും ഭൂമിയിലും ഒത്തുനിന്ന് എതിർക്കുവാൻ തുടങ്ങിയപ്പോൾ, രാക്ഷസന്മാരുടെ ദേഹങ്ങൾ അറ്റുവീഴുവാൻ തുടങ്ങി. ആ മഹാബലനു ചുറ്റും രക്തമഴ പെയ്യുവാൻ തുടങ്ങി. ഗദാപരിഘമേന്തിയ രാക്ഷസഗണങ്ങളിൽനിന്നു ദേഹങ്ങൾ അറ്റുവീഴുകയും രക്തം ധാരധാരയായി പ്രവഹിക്കുകയും ചെയ്തു. ഭീമന്റെ കൈയൂക്കിനാൽ അനവധി ദേഹങ്ങളും, ശിരസ്സുകളും അറ്റുവീണുകൊണ്ടിരുന്നു. യക്ഷരാക്ഷസർ മൂടുന്ന രമ്യനായ പാണ്ഡുപുത്രനെ, കാറുമൂടുന്ന ഭാസ്കരനെപ്പോലെ കാണപ്പെട്ടു. അവൻ അംശുവിനാൽ അർക്കൻ എന്നപോലെ, അശനിപോലെയുള്ള ശരംകൊണ്ട് ഉജ്ജ്വലിച്ചു. അവകൊണ്ട് ഭീമൻ ഏവരേയും പ്രയോഗിച്ചു. ആ സത്യവിക്രമന് യാതൊരു കൂസലുമുണ്ടായില്ല. ഉല്ക്കടമായി അവർ ആർത്ത് ഒത്തുകൂടി തർജ്ജനം ചെയ്തുവെങ്കിലും സർവ്വരാക്ഷസവീരന്മാരും ഭീമനിൽ യാതൊരു മോഹവും ദർശിച്ചില്ല.

സർവ്വാംഗം വികൃതപ്പെട്ട യക്ഷന്മാർ ഭീമനിൽ ഭയാർത്തരായി മഹായുദ്ധത്തിൽനിന്നു പിന്മാറി ആർത്തനാദം മുഴക്കി. ഗദ, ശൂലം, വാൾ, വേല് എന്നിവ വിട്ട് ഭീമന്റെ ശരമേല്ക്കുമെന്നുള്ള ഭയംമൂലം തെക്കോട്ടുനോക്കി പാഞ്ഞുപോയി.

അവിടെ ശൂലഗദാധാരിയും വ്യൂഢോരസ്കനും മഹാഭുജനുമായി കുബേരതോഴനായി മണിമാൻ എന്ന ഒരു രാക്ഷസനുണ്ട്. അധികാരവും പൗരുഷവും കാട്ടി നില്ക്കുന്ന ആ മഹാബലൻ, തോറ്റോടിയെത്തുന്ന രാക്ഷസന്മാരെനോക്കി ചിരിച്ചു പറഞ്ഞു: "പോരിൽ ഒരു മനുഷ്യൻ പലപേരെ തോല്പിച്ചുവോ? കുബേരന്റെ രാജധാനിയിൽച്ചെന്ന് ഇനി എന്തു പറയും?" എന്നു പറഞ്ഞ് അവൻ പുറപ്പെട്ടു. ശക്തി, ശൂലം, ഗദ ഇവ ധരിച്ച് പാണ്ഡുപുത്രനോടു പാഞ്ഞേറ്റു. മത്തേഭത്തെപ്പോലെ പാഞ്ഞുകയറുന്ന അവന്റെ വയറ്റത്തു മൂന്നു വത്സദന്തങ്ങൾ എയ്തു ഭീമൻ അർദ്ദിപ്പിച്ചു. ഉടനെ മണിമാനും കോപത്തോടെ കൂറ്റൻഗദയെടുത്തു ചുഴറ്റി ഭീമസേനന്റെ നേർക്കു വിട്ടു. ഇടിത്തീപോലെ വരുന്ന ആ ഗദ അംബരത്തിൽവച്ച് ചാണയ്ക്കുവെച്ച അമ്പുകളാൽ എയ്ത് അറുക്കുവാൻ ഭീമൻ ശ്രമിച്ചു. ആ ബാണങ്ങളൊക്കെ ഗദയിൽത്തട്ടി ഉടഞ്ഞുതകർന്നു. ഗദാവേഗം തടുക്കുവാൻ ഭീമന്റെ ശരങ്ങൾക്കു കഴിഞ്ഞില്ല. ഗദായുദ്ധക്രമമറിഞ്ഞ ഭീമൻ വീര്യവാനായ അവന്റെ പ്രഹരത്തെയൊഴിച്ച്, മാറിക്കളഞ്ഞു. ഉടനെ സ്വർണ്ണപ്പിടിയുള്ളതും ഉരുക്കുകൊണ്ടുണ്ടാക്കിയതുമായ വേൽ ആ ലാക്കിൽത്തന്നെ മതിമാനായ രാക്ഷസൻ പ്രയോഗിച്ചു. ചീറുന്ന ഭീമന്റെ വലംകൈ പിളർന്ന് അഗ്നിജ്ജ്വാലയോടുകൂടി രൗദ്രമായി ഭൂമിയിൽച്ചെന്നു വീണു. വില്ലാളിവീരനും വേൽ ഏറ്റ അമിതവിക്രമനുമായ ഭീമൻ ക്രോധംകൊണ്ടു കണ്ണു കലങ്ങി, പൊൻപട്ടം കെട്ടിയതും അരികൾക്ക് അതിഭീതി വളർത്തുന്നതും ശൈത്യവും സർവ്വായസവുമായ ഗദയേന്തിയാർത്ത് ശക്തനായ മണിമാന്റെ നേർക്കു പാഞ്ഞെത്തി. ഉടനെ ജ്വലിക്കുന്ന മഹാശൂലം മണിമാനും ഉയർത്തി. മഹാവേഗത്തോടെ അലറി ഭീമന്റെനേർക്കു വിട്ടു. ഗദായുദ്ധജ്ഞനായ ഭീമൻ ആ ശൂലം ഗദാഗ്രംകൊണ്ട് ഒടിച്ചു. അവനെ കൊല്ലുവാൻ പാമ്പിന്റെ പിമ്പെ ഗരുഡൻ എന്നവിധം പാഞ്ഞു. ആകാശത്തേക്കു ചാടി മുറയ്ക്ക് ഗദ വീശി ആർത്ത് അവൻ മൂർദ്ധാവിൽ പ്രയോഗിച്ചു. വായുവേഗത്തിൽ ഇന്ദ്രൻ വിട്ട അശനിപോലെ, കൃത്യബാധയെന്നപോലെ, ആ രാക്ഷസനെ ഭീമൻ വീഴ്ത്തി. സിംഹം കാളയെ എന്നവിധം ആ മഹാബലനെ വീഴ്ത്തുന്നത് അവർ ഏവരും കണ്ടു മിഴിച്ചു നിന്നു. അവൻ മരിച്ചുവീണതുകണ്ട് ശേഷിച്ച നിശാചരന്മാർ ഭീമമായ ആർത്തസ്വരത്തോടുകൂടി കിഴക്കേ ദിക്കുനോക്കി പാഞ്ഞുപോയി."

161. കുബേരദർശനം – വൈശമ്പായനൻ പറഞ്ഞു: "ഗിരിഗുഹകളിൽ പലവിധ ശബ്ദങ്ങൾ മാറ്റൊലിക്കൊണ്ടു. ഭീമസേ

digitized by www.sreyas.in

നനെ കാണായ്കയാലും ശബ്ദകോലാഹലം കേൾക്കയാലും കൗന്തേയനായ അജാതശത്രുവിനും മാദ്രേയന്മാർക്കും, കൃഷ്ണയ്ക്കും, ധൗമ്യൻ, വിപ്രന്മാർ തുടങ്ങിയവർക്കും മനസ്സുകെട്ടു. ദ്രൗപദിയെ ആർഷ്ടിഷേണനെ ഏല്പിച്ച് മഹാന്മാരായ പാണ്ഡവന്മാർ ആയുധങ്ങൾ ധരിച്ച് ഭീമനെത്തിരഞ്ഞ് ഉടനെ മലകയറി. പർവ്വതാഗ്രത്തിൽ ചെന്നപ്പോൾ മഹാധനുർദ്ധരനായ ഭീമനേയും ആ ശൂരനു ചുറ്റും ചത്തുകിടക്കുന്ന മഹാകായന്മാരായ രാക്ഷസന്മാരേയും അവർ കണ്ടു. മഹാബലന്മാരും മഹാസത്വന്മാരുമായ രാക്ഷസഗണത്തെ കൊന്നുവീഴ്ത്തി. ചാപഗദാഖൾഗധാരിയായി, സർവ്വദാനവന്മാരേയും യുദ്ധത്തിൽ നിഗ്രഹിച്ച ദേവേന്ദ്രനെപ്പോലെ പ്രശോഭിച്ചുനില്ക്കുന്ന വൃകോദരനെക്കണ്ട് ഭ്രാതാക്കന്മാർ മൂന്നുപേരും ഓടിച്ചെന്നു കെട്ടിപ്പുണർന്നു. പിന്നെ, സൽഗ്ഗതിപ്രാപ്തരായ ആ നാലു മഹാരഥന്മാരും അവിടെ ഇരുന്നു. അപ്പോൾ ആ ഗിരിശൃംഗം, ദേവന്മാരായ ലോകപാലകന്മാരാൽ സ്വർഗ്ഗം എന്നപോലെ പ്രശോഭിച്ചു. കുബേരഭവനത്തേയും മരിച്ചുകിടക്കുന്ന രാക്ഷസന്മാരേയും കണ്ട് രാജാവ് അനുജനോടു പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഭീമാ! നീ എന്തൊരു പാപമാണു ചെയ്തത്! എന്തൊരു സാഹസമാണു ചെയ്തത്! നിനക്ക് എന്താണ് ഇങ്ങനെ ഒരു മോഹമുണ്ടാകാൻ? നീ പാപം ചെയ്തുപോയി! മുനിയെപ്പോലെ വനവാസിയായ നിനക്ക് ഇപ്പോൾ ഈ പ്രവൃത്തി യുക്തമായില്ല. ധർമ്മജ്ഞന്മാർ പറയുന്നതു രാജദ്രോഹം ചെയ്യരുതെന്നല്ലേ? ഇപ്പോൾ നീ ഈ ചെയ്തതു ദേവദ്രോഹമാണ്. അധർമ്മങ്ങൾ ചിന്തിക്കാതെ പാപത്തിൽ മനസ്സുവയ്ക്കുന്നവൻ പാപകർമ്മത്തിന്റെ ഫലം തീർച്ചയായും അനുഭവിക്കും. എന്റെ പ്രിയം നീ ചിന്തിക്കുന്നുണ്ടെങ്കിൽ ഇങ്ങനെ ചെയ്യരുത്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മാത്മാവായ യുധിഷ്ഠിരൻ പറഞ്ഞതുകേട്ട് ഭീമൻ അക്കാര്യത്തെ ചിന്തിച്ച് ഒരക്ഷരം പോലും ഉരിയാടാതെ, മിണ്ടാതെയിരുന്നു. അപ്പോൾ ഭീമസേനൻ കൊന്നവരിൽ ശേഷിച്ച രാക്ഷസന്മാർ ഒന്നിച്ചുകൂടി കുബേരന്റെ രാജധാനിയിലേക്കുചെന്ന് ഭീമസേനനിൽനിന്നുള്ള ഭയംകൊണ്ട് ആർത്തരായി നിലവിളി കൂട്ടി. അസ്ത്രങ്ങളും മറ്റ് ആയുധങ്ങളും കൈവിട്ടും, ചട്ടയിൽ ചോരപുരണ്ടും, മുടി ചിന്നിച്ചിതറിയും പാഞ്ഞുവന്ന അവർ സംഭ്രമത്തോടെ നിലവിളിച്ചു പറഞ്ഞു:

'ഹേ, ധനേശ്വരാ! കായബലംകൊണ്ട് പർവ്വതത്തെ കുലുക്കുന്ന ഒരു മനുഷ്യൻ ഭവാന്റെ പടയാളികളായ രാക്ഷസന്മാരെ കൊന്നൊടുക്കിയിരിക്കുന്നു. ഗദ, വാൾ, പരിഘം, കത്തി, തോമരം മുതലായ ആയുധം ധരിച്ച ഭവാന്റെ പ്രധാനികളായ യക്ഷരാക്ഷസേന്ദ്രന്മാരൊക്കെ കൂട്ടത്തോടെ ഒരേയൊരു മനുഷ്യനോടെതിർത്തു മൃതരായിരിക്കുന്നു. ദൈവാനുഗ്രഹത്താൽ ഞങ്ങൾ രക്ഷപ്പെട്ടു. മരിച്ചുകിടക്കുന്നവരുടെ കൂട്ടത്തിൽ ഭവാന്റെ സഖാവായ മണിമാനും പെടും. ആ മഹാനും ഹതനായി. ഒരു മനുഷ്യൻ കാട്ടിക്കൂട്ടിയ കടുംകൈയാണിതൊക്കെ. ഇനി എന്തുവേണമെന്ന് ഭവാൻ കല്പിച്ചാലും."

കിങ്കരന്മാർ പറഞ്ഞ വാക്കുകേട്ട് ആ യക്ഷരാജാവു ക്രുദ്ധനായിത്തീർന്നു. ക്രോധത്താൽ കണ്ണുചുവന്നു ഗർജ്ജിച്ചു: 'എന്ത്! ആ ഭീമസേനൻ വീണ്ടും എനിക്ക് അപരാധം ചെയ്തുവെന്നോ?' എന്നു പറഞ്ഞ് തേർ പൂട്ടുവാൻ ഭടന്മാരോട് ആജ്ഞാപിച്ചു.

ഉടനെ കാർനിറം പൂണ്ടതും കുന്നിന്റെ കൊടുമുടിപോലെ ഉയർന്നതുമായ തേരിൽ പൊന്നണിഞ്ഞ ഹയങ്ങളെപ്പൂട്ടി. സർവ്വഗുണങ്ങളും തികഞ്ഞ ആ അശ്വങ്ങൾ തേജോബലയുക്തങ്ങളും നാനാരത്നവിഭൂഷിതങ്ങളുമാണ്. ലക്ഷണയുക്തങ്ങളായ ആ കുതിരകൾ തേരിൽ പൂട്ടുമ്പോഴേക്കും വായുവേഗത്തിൽ പായുവാൻ ഒരുങ്ങി, ജയാവഹമായവിധം തമ്മിൽ ശബ്ദമുണ്ടാക്കി. ആ മഹാരഥത്തിൽ കയറി ഭഗവാൻ കുബേരൻ ദേവഗന്ധർവ്വസംഘം വാഴ്ത്തുമാറു പുറപ്പെട്ടു. ധനാധിപനെ രക്താക്ഷന്മാരും കാഞ്ചനവർണ്ണന്മാരും മഹാകായന്മാരുമായ ആയിരത്തിൽപ്പരം രാക്ഷസന്മാർ പിന്തുടർന്നു. അവർ ആകാശത്തെ കുലുക്കിക്കൊണ്ടു പറന്നു ഗന്ധമാദനത്തിലെത്തി.

പ്രിയദർശനനായ കുബേരൻ യക്ഷരാക്ഷസന്മാരാൽ ആവൃതനായി വരുന്നതുകണ്ട് പാണ്ഡവന്മാർ രോമാഞ്ചം പൂണ്ടുനിന്നു. വൈശ്രവണൻ വില്ലും അമ്പും ധരിച്ചുനില്ക്കുന്ന സത്വഗുണന്മാരായ പാണ്ഡുപുത്രന്മാരെ കണ്ടപ്പോൾ പെട്ടെന്നു പ്രീതനാവുകയാണുണ്ടായത്. ദേവകാര്യത്തെ ഓർത്ത് കുബേരന്റെ ഹൃദയത്തിൽ സന്തോഷം വളർന്നു.

ആ യക്ഷരാക്ഷസന്മാർ പക്ഷികൾപോലെ ക്ഷണത്തിൽ ഗിരിശൃംഗത്തിലെത്തി. ധനേശ്വരനെ മുന്നിലാക്കി പാണ്ഡവന്മാരുടെ മുമ്പിൽ അവർ നിന്നു.

കുബേരൻ പാണ്ഡവന്മാരിൽ പ്രീതനാണെന്നുകണ്ടപ്പോൾ യുദ്ധത്തിനുപോയ ദേവഗന്ധർവ്വന്മാർ നിർവ്വികാരരായി നില്പായി.

മഹാന്മാരായ പാണ്ഡവന്മാർ കുബേരനെ കൈകൂപ്പി. നകുലനും സഹദേവനും, ധർമ്മപുത്രനും അപരാധികളെപ്പോലെ കൈകൂപ്പി വിത്തേശന്റെ മുമ്പിൽ നില്പായി. വിശ്വകർമ്മാവ് നിർമ്മിച്ചതും വിചിത്രവും ദിവ്യവുമായ പുഷ്പകാസനത്തിൽ ധനേശ്വരൻ ഇരിക്കുകയാണ്. അദ്ദേഹത്തിനുചുറ്റും ചെവി കൂർത്തവരും, മഹാകായന്മാരുമായ അനവധി രാക്ഷസന്മാർ ഇരുന്നു. ഗന്ധർവ്വരും വളരെ അപ്സരസ്ത്രീകളും ദേവന്മാർ ഇന്ദ്രനെ എന്നപോലെ ചുറ്റി നിരന്നുനില്ക്കുന്നു.

ശുഭമായ പൊൻപൂമാല മൗലിയിൽ ചാർത്തി കയറും വില്ലും വാളുമേന്തി നില്ക്കുന്ന ഭീമസേനൻ കുബേരനെ ഒന്നു നോക്കി. രാക്ഷസന്മാർ നോക്കുമ്പോഴും ഭീമൻ ലേശവും കൂസാതെ നിന്നു. കൂർത്ത ബാണങ്ങളുമായി യുദ്ധത്തിനു നില്ക്കുന്ന കുബേരനെ കണ്ടപ്പോഴും ഭീമന് ഒട്ടും കൂസലുണ്ടായില്ല. ഭീമനെ നോക്കിക്കണ്ട് കുബേരൻ ധർമ്മപുത്രനോടു പറഞ്ഞു.

കുബേരൻ പറഞ്ഞു: "ഭവാൻ സർവ്വലോകർക്കും ഹിതകാരിയാണെന്നു സർവ്വരും അറിയുന്നു. ഭവാൻ നിർഭയനായി ഭ്രാതാക്കളോടുകൂടി പർവ്വതാഗ്രത്തിൽ പാർത്തുകൊള്ളുക. ഭീമസേനന്റെ പ്രവൃത്തിയിൽ നീ ദുഃഖിക്കേണ്ട. മരണമടഞ്ഞവർ കാലത്താൽ ഹതരായവരാണ്. നിന്റെ സോദരൻ ഒരു നിമിത്തം മാത്രമാണ്. സാഹസം ചെയ്തുപോയല്ലോ എന്നോർത്തു ലജ്ജിക്കുകയും വേണ്ട. യക്ഷരാക്ഷസന്മാരുടെ നാശം ദേവകൾ മുമ്പേ കണ്ടിട്ടുള്ളതാണ്. എനിക്കു ഭീമനോടു കോപമില്ലെന്നു മാത്രമല്ല, ഞാൻ അവനിൽ പ്രീതനാവുകയും ചെയ്തിരിക്കുന്നു. ഭീമന്റെ കർമ്മം കണ്ടിട്ട് എനിക്കു മുമ്പേതന്നെ തുഷ്ടിയുണ്ടായിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരനോട് വൈശ്രവണൻ പറഞ്ഞതിന്നുശേഷം ഭീമനോടു പറഞ്ഞു: "ഉണ്ണീ, ഭീമാ! കൃഷ്ണയ്ക്കുവേണ്ടി നീ ഈ കടുംകൈ ചെയ്തതിൽ ഞാൻ നിന്നോടു കോപിക്കുന്നില്ല. എന്നെയും ദേവന്മാരെയും അനാദരിച്ചു സ്വന്തം ബാഹുബലത്താൽ നീ യക്ഷരാക്ഷസന്മാരെ നിഗ്രഹിച്ചതിൽ ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. ഒരു ഘോരശാപത്തിൽനിന്നു ഞാൻ ഇപ്പോൾ വിമുക്തനായി. മുമ്പ് അഗസ്ത്യമഹർഷി ഞാൻ ചെയ്ത ഒരു അപരാധത്താൽ ക്രുദ്ധനായി എന്നെ ശപിക്കുകയുണ്ടായി. അതിന്റെ ഫലമാണ് ഇന്നലത്തെ അനുഭവം. എനിക്ക് ഇപ്രകാരം ഒരു നാശം സംഭവിക്കുമെന്ന് ഞാൻ മുമ്പേ കണ്ടിട്ടുള്ളതാണ്. നീ തെറ്റ് അല്പവും ചെയ്തിട്ടില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാത്മാവായ ഭഗവാൻ അഗസ്ത്യമഹർഷി ഭവാനെ ശപിക്കുവാനെന്താണ് കാരണം? ആ മഹൽപ്രഭാവനായ മഹർഷിയുടെ കോപാഗ്നിയിൽ ഭവാൻ ദഹിച്ചുപോകാഞ്ഞതു വലിയ ഒരത്ഭുതമാണല്ലോ! സൈന്യങ്ങളോടും ഭൃത്യന്മാരോടും കൂടെ ഭവാൻ ദഹിക്കാഞ്ഞത് ഭവാന്റെ മഹത്തായ പ്രഭാവംകൊണ്ടുതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു."

digitized by www.sreyas.in

ധനേശ്വരൻ പറഞ്ഞു: "ഹേ, നരേശ്വരാ! പണ്ട് കുശവതിയിൽവെച്ച് ഏതോ ഒരു കാര്യത്തെപ്പറ്റി ദേവന്മാർ തമ്മിൽ മന്ത്രാലോചനയുണ്ടായി. എന്നെ ക്ഷണിച്ചതുകൊണ്ട് ഞാൻ എന്റെ കൂട്ടുകാരോടുകൂടി പുറപ്പെട്ടു. ഘോരരൂപന്മാരും, വിവിധായുധധാരികളുമായ മുന്നൂറു മഹാപത്മം യക്ഷന്മാരോടുകൂടെ ഞാൻ പോകുമ്പോൾ മാർഗ്ഗമദ്ധ്യേ ഞാൻ അഗസ്ത്യമഹർഷിയെ കണ്ടു. ആ ഋഷി നാനാപക്ഷികൾ നിറഞ്ഞ, നാനാപുഷ്പിതവൃക്ഷങ്ങളാൽ ശോഭിതമായ യമുനാതീരത്തിൽ, ഘോരമായ തപസ്സിൽ മുഴുകിയിരിക്കുകയായിരുന്നു. അഗ്നിയെപ്പോലെ ജ്വലിച്ച് സൂര്യനെനോക്കി കൈകൂപ്പിനില്ക്കുന്ന ആ തേജോരാശിയെ എന്റെ സഖാവും രാക്ഷസാധിപതിയുമായ മണിമാൻ ആകാശത്തിൽനിന്നു നോക്കിക്കണ്ടു. അവൻ മൂർഖതകൊണ്ടും, അജ്ഞാനംകൊണ്ടും, ദർപ്പംകൊണ്ടും, മോഹംകൊണ്ടും ആകാശത്തിൽനിന്ന് ആ തേജസ്വിയുടെ ശിരസ്സിൽ തുപ്പി. അപ്പോൾ ദിക്കെല്ലാം ദഹിക്കുമാറ് ഭയങ്കരമായ കോപം അഗസ്ത്യമഹർഷിക്കുണ്ടായി. അഗസ്ത്യൻ എന്നെനോക്കി ഇപ്രകാരം ശപിച്ചു: 'എടോ ധനേശ്വരാ! നിന്റെ സഖാവായ ഈ ദുഷ്ടൻ എന്നെ അവഗണിച്ച് നീ കാൺകെ എന്നെ ധർഷിക്കയാൽ നിന്റെ സൈന്യത്തോടുകൂടി ഇവൻ ഒരു മനുഷ്യനാൽ സംഹരിക്കപ്പെടും. സൈന്യനാശത്താൽ ദുർമ്മതിയായ നീ ദുഃഖിക്കുകയും ചെയ്യും. എന്നാൽ, ആ മനുഷ്യനെ നീ നേരിട്ടുകാണുമ്പോൾ ഈ പാപത്തിൽനിന്നു നിനക്കു മോചനം സിദ്ധിക്കും. ഈ ദുഷ്ടന്റെ ആജ്ഞയിൽ നില്ക്കുന്ന യക്ഷരാക്ഷസന്മാർക്കല്ലാതെ നിന്റെ ആജ്ഞാനുവർത്തികളായ മറ്റു ഭടന്മാർക്കോ പുത്രപൗത്രന്മാർക്കോ ഈ ശാപം ബാധിക്കയില്ല.' ഇപ്രകാരം ആ മഹർഷി എന്നെ ശപിച്ചു. മഹാരാജാവേ, ഇപ്പോൾ നിന്റെ ഭ്രാതാവായ ഭീമൻ ആ ശാപത്തിൽനിന്ന് എന്നെ കരേറ്റിയിരിക്കുന്നു."

162. കുബേരവാക്യം – കുബേരന്റെ ഉപദേശം – കുബേരൻ പറഞ്ഞു: "ധൃതി, ദാക്ഷ്യം, പരാക്രമം, ദേശാനുകൂല്യം, കാലാനുകൂല്യം ഇങ്ങനെ അഞ്ചുവിധമാണ് ലോകതന്ത്രവിധാനങ്ങൾക്കുള്ള വിധികൾ. കൃതയുഗത്തിലെ സർവ്വമനുഷ്യരും ധൃതിമാന്മാരും അവരവരുടെ കർമ്മങ്ങളിൽ ദക്ഷന്മാരും പരാക്രമശീലരുമായിരുന്നു. ധൃതിമാനും ദേശകാലജ്ഞനും സർവ്വധർമ്മജ്ഞനുമായ ക്ഷത്രിയൻ ചിരകാലം ഈ ഭൂമി കൈയടക്കി വാഴും. എല്ലാ കാര്യത്തിലും ഈ അഞ്ചുവിധാനങ്ങളെ ഗ്രഹിച്ച് കർമ്മങ്ങളിൽ ഏർപ്പെടുന്നവൻ ഇഹലോകത്തിൽ കീർത്തിയും, പരലോകത്തിൽ സൽഗതിയും നേടും. ദേശകാലങ്ങൾ നോക്കി പരാക്രമം പ്രയോഗിച്ചിട്ടാണ് വൃത്രഹന്താവായ ഇന്ദ്രൻ വസുക്കളോടുകൂടി സ്വർഗ്ഗരാജ്യം നേടിയത്. വെറും കോപം കൊണ്ട് പതനം കാണാതിരിക്കുന്ന പാപാത്മാവ് എപ്പോഴും പാപത്തിൽത്തന്നെ കൈയിട്ട് കർത്തവ്യമെന്തെന്നു തിരിച്ചറിയാതെ ഇഹത്തിലും പരത്തിലും നശിക്കുകതന്നെ ചെയ്യും. കാലമോ കാര്യവിശേഷമോ അറിയാതെ വൃഥാചാരങ്ങളിൽ പ്രവേശിക്കുന്ന ദുർബുദ്ധിക്ക് ഇഹത്തിലും പരത്തിലും നിലകിട്ടുകയില്ല. എല്ലാത്തരം സാമർത്ഥ്യത്തിനും പോന്നവനാണു താനെന്ന് ഗർവ്വോടെ സാഹസങ്ങളിൽ ഇറങ്ങുകയും വഞ്ചനകൾ തുടരുകയും ചെയ്യുന്നവൻ പാപബുദ്ധിയാണ്. സർവ്വസാമർത്ഥ്യവും ആശിക്കുന്നവനും പാപിയാണ്; തീർച്ച! ധർമ്മം കാണാത്തവനും, ഗർവ്വിഷ്ഠനും, ബാലബുദ്ധിയും, അമർഷണനും, നിർഭയനുമാണ് ഭീമൻ. അവൻ ഇത്തരത്തിലാകയാൽ പുരുഷോത്തമനായ നീ അവനെ ശാസിക്കേണ്ടതാണ്. കൃഷ്ണപക്ഷത്തിൽ രാക്ഷസന്മാർക്കു ക്രൗര്യം കൂടാറുള്ളതുകൊണ്ട് അക്കാലത്ത് നീ ആർഷ്ടിഷേണന്റെ ആശ്രമത്തിൽ ചെന്ന് ശോകവും, ഭയവുംകൂടാതെ പാർത്തുകൊള്ളുക. എന്റെ നിയോഗത്താൽ അളകാപുരിയിൽ വസിക്കുന്നവരായ ഗന്ധർവ്വകിന്നരന്മാരും എല്ലാ ഗിരിവാസികളും ഉത്തമബ്രാഹ്മണരോടുകൂടിയ നിന്നെ എല്ലായ്പോഴും സംരക്ഷിക്കും. സാഹസത്താലാണ് ഈ കർമ്മത്തിൽ ഏർപ്പെട്ടതെന്ന് ഭീമനെ ഗ്രഹിപ്പിക്കുക. മേലാൽ ഇത്തരം സാഹസങ്ങളിൽ പ്രവേശിക്കരുതെന്ന് ധർമ്മജ്ഞനായ നീ ഉപദേശിക്കുക. ഇനിമേൽ വനവാസികളായ പലരും നിന്നെ വന്നുകാണുകയും വേണ്ടപോലെ സേവിക്കുകയും, പാലിക്കുകയും ചെയ്യും. സ്വാദുകൂടിയ അന്നപാനാദികൾ നിത്യവും എന്റെ കിങ്കരന്മാർ നിങ്ങൾക്കു കൊണ്ടുവന്നു നല്കും. മഹേന്ദ്രന് അർജ്ജുനനും, വായുവിന്ന് ഭീമനും, ധർമ്മദേവന്ന് നീയും, അശ്വിനികൾക്ക് നകുലസഹദേവന്മാരും എപ്രകാരമോ അപ്രകാരംതന്നെ എനിക്ക് നിങ്ങളെല്ലാവരും രക്ഷ്യന്മാരാണ്. അർത്ഥതത്ത്വക്രമങ്ങളും, സർവ്വധർമ്മക്രമങ്ങളും ശരിയായി ഗ്രഹിച്ചിട്ടുള്ള ഭീമാനുജനായ അർജ്ജുനൻ സ്വർഗ്ഗത്തിൽ സസുഖം വാഴുന്നുണ്ട്. സ്വർഗ്ഗോചിതമായ പരമസമ്പത്തു മുഴുവൻ ധനഞ്ജയനിൽ ജനനം മുതൽ പ്രകാശിച്ചുവരുന്നു. ദമം, ദാനം, ബലം, ബുദ്ധി, ശ്രീ, ധൃതി, ശൗര്യം എന്നിവ ആ മഹാസത്വനിൽ സദാ സ്ഥിതിചെയ്യുന്നു. ഗർഹിതമായ യാതൊരു കർമ്മവും ചെയ്യുവാനുള്ള വ്യാമോഹം ജിഷ്ണുവെ ബാധിക്കുകയില്ല. പാർത്ഥൻ അസത്യം പറഞ്ഞുവെന്ന് ഏതൊരുത്തനും പറയുവാൻ കഴിയുകയില്ല. കുരുവംശത്തിനു കീർത്തിവർദ്ധനനായ ആ വിജയൻ പിതൃക്കളാലും ദേവഗന്ധർവ്വന്മാരാലും മാനിതനായി അസ്ത്രങ്ങൾ അഭ്യസിച്ചുകൊണ്ട് ഇന്ദ്രപത്തനത്തിൽ വസിക്കുന്നു. നിന്റെ പിതാമഹനും, ധർമ്മത്താൽ എല്ലാ രാജാക്കളേയും വശീകരിച്ച് മഹാതേജസ്വിയുമായ ശന്തനു സ്വർഗ്ഗത്തിൽ അർജ്ജുനനാൽ ഏറ്റവും പ്രീതനായിരിക്കുന്നു. കുലധർമ്മം വിടാത്ത മഹാവീര്യവാനും നിന്റെ പ്രപിതാമഹനുമായ ശന്തനു മഹാതപസ്വിയായ പിതൃക്കളേയും, ദേവകളേയും, ഋഷിമാരേയും, വിപ്രന്മാരേയും പൂജിച്ചു തൃപ്തരാക്കി യമുനാതീരത്തിൽവച്ച് ഏഴ് അശ്വമേധയാഗങ്ങൾ ചെയ്ത് രാജാധിരാജനായി വാണിരുന്നു. ഇപ്പോൾ സ്വർഗ്ഗസ്ഥനായിരിക്കുന്ന ആ പുണ്യശാലി നിന്നോടു കുശലം ചോദിച്ചിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "വൈശ്രവണൻ പറഞ്ഞ ഈ വാക്കുകൾ കേട്ട സമയത്ത് പാണ്ഡവന്മാർ വളരെ സന്തോഷിച്ചു. ഉടനെ വാൾ, വേല്, വില്ല്, ഗദ ഇവയെല്ലാം കെട്ടി ഒരിടത്തുവെച്ച് വൃകോദരൻ കുബേരന്റെ മുമ്പിൽ നമസ്കരിച്ചുനിന്നു. ശരണം പ്രാപിച്ച ഭീമനോടു കുബേരൻ പറഞ്ഞു."

കുബേരൻ പറഞ്ഞു: "എടോ ഭീമാ! നീ ശത്രുക്കൾക്കു മാനം കെടുത്തുന്നവനായും, സുഹൃത്തുക്കൾക്കു നന്ദിവർദ്ധനനായും ഭവിക്കട്ടെ! ശത്രുനാശനന്മാരായ നിങ്ങൾ ഇവിടെത്തന്നെ രമണീയമായ ഗൃഹങ്ങളിൽ പാർത്തുകൊള്ളുക. നിങ്ങൾക്കുവേണ്ടുന്നതെല്ലാം അപ്പോൾ യക്ഷന്മാർ തന്നുകൊള്ളും. അവർ നിങ്ങളുടെ കാമിതങ്ങളെ ഒരുവിധത്തിലും തടയുന്നതല്ല. ഉടനെതന്നെ കൃതാസ്ത്രനായി ഇന്ദ്രന്റെ അനുജ്ഞയോടുകൂടി അർജ്ജുനൻ ഇവിടെ എത്തുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഗുഹ്യകാധിപൻ ഇപ്രകാരം സന്തോഷകരമായ വൃത്താന്തങ്ങൾ യുധിഷ്ഠിരനോടു പറഞ്ഞതിന്നുശേഷം ആ ശ്വേതപർവ്വതത്തിൽനിന്ന് അന്തർദ്ധാനം ചെയ്ത് സ്വന്തം ആലയത്തിലേക്കു തിരിച്ചുപോയി. ആ വിത്തേശനെ നാനാരത്നങ്ങളണിഞ്ഞ് ചിത്രകംബളം വിരിച്ച വിശിഷ്ട വാഹനങ്ങളിൽ കയറി അനേകായിരം യക്ഷന്മാരാലും, രാക്ഷസന്മാരാലും, അനുഗമിക്കപ്പെട്ട്, ഇന്ദ്രപുരിപ്രദേശത്തുകൂടി കുബേരസദനത്തിലേക്കു പോകുന്ന വാഹനങ്ങളിൽനിന്ന് പക്ഷികളുടെയെന്നപോലുള്ള നിർഘോഷം ആകാശത്തുനിന്നു പുറപ്പെട്ടു. കുബേരന്റെ കുതിരകൾ ഉടനെ ആകാശമാർഗ്ഗത്തിലൂടെ പാഞ്ഞു മേഘത്തെ വലിക്കുന്നപോലെയും, വായുവിനെ വലിച്ചു കുടിക്കുന്നപോലെയും അശ്വങ്ങൾ ദ്രുതഗതിയിൽ പാഞ്ഞു. പിന്നെ മരിച്ചുകിടക്കുന്ന രാക്ഷസന്മാരുടെ അംഗങ്ങളൊക്കെ വിത്തേശന്റെ കല്പനപ്രകാരം വലിച്ചെടുത്തു. അവർക്ക് അഗസ്ത്യൻ കല്പിച്ച ശാപകാലമായിരുന്നു അത്. അതുകൊണ്ടാണ് അവർ യുദ്ധത്തിൽ മൃതരായത്. അതോടെ ശാപവും തീർന്നു. മഹാത്മാക്കളായ പാണ്ഡവന്മാർ ആ ഭവനങ്ങളിൽ ഉദ്വേഗമൊന്നുംകൂടാതെ രാക്ഷസന്മാരാൽ പൂജിതന്മാരായി സസുഖം വാണു."

163. മേരുദർശനം – വൈശമ്പായനൻ പറഞ്ഞു: "പിറ്റേദിവസം സൂര്യോദയത്തിൽ ധൗമ്യൻ വഹ്നികർമ്മം ചെയ്തതിനു

digitized by www.sreyas.in

ശേഷം ആർഷ്ടിഷേണനോടുകൂടെ പാണ്ഡവന്മാരുടെ സമീപത്തെത്തി. ആർഷ്ടിഷേണന്റേയും ധൗമ്യന്റേയും പാദങ്ങളിൽ അഭിവാദ്യംചെയ്ത് പാണ്ഡവന്മാർ കൈകൂപ്പിനിന്ന് എല്ലാ ബ്രാഹ്മണരേയും യഥോചിതം പൂജിച്ചു. പിന്നെ ധൗമ്യൻ യുധിഷ്ഠിരന്റെ വലതുകൈ പിടിച്ച് കിഴക്കോട്ടു ചൂണ്ടിക്കാണിച്ച് ഇപ്രകാരം പറഞ്ഞു."

ധൗമ്യൻ പറഞ്ഞു: "മഹാരാജാവേ, ഈ ഭൂമി മുഴുവൻ മൂടിനിന്നുകൊണ്ട് സമുദ്രം വരെ ശൈലരാജാവായ മന്ദരം ശോഭിക്കുന്നതു നോക്കൂ! ഇന്ദ്രന്റേയും വൈശ്രവണന്റേയും സ്ഥാനമാണ് കാനനങ്ങളും, വനങ്ങളും, പർവ്വതങ്ങളും നിറഞ്ഞുശോഭിക്കുന്ന ഈ ദിക്ക്. ധർമ്മജ്ഞന്മാരും മനീഷികളുമായ മഹർഷികൾ പറയുന്നു മഹേന്ദ്രന്റേയും, വൈശ്രവണന്റേയും നികേതനമാണിതെന്ന്. ദേവന്മാർ, ഋഷികൾ, സിദ്ധന്മാർ, സാദ്ധ്യന്മാർ എന്നിവർ ഉൾപ്പെടെയുള്ള സർവ്വപ്രജകളും ആരാധിച്ചുവരുന്ന ആദിത്യഭഗവാൻ ഈ ശൈലത്തിൽനിന്നാണ് ഉയരുന്നത്. മൃതപ്രാണികളുടെ പ്രാപ്യസ്ഥാനമായ ഈ തെക്കൻദിക്കിൽ സർവ്വപ്രാണികൾക്കും പ്രഭുവായ യമധർമ്മരാജാവു വാഴുന്നു. സംയമനമെന്ന ഈ പുണ്യപ്രദേശം ഏറ്റവും അത്ഭുതദർശനമാണ്. പരമസമൃദ്ധിയോടുകൂടിയതാണ് പ്രേതരാജഭവനം. സവിതാവ് ഈ ദേശത്തെ പ്രാപിച്ച് സത്യത്താൽ നിലകൊള്ളുന്നു. ഇത് അസ്തപർവ്വതമാണെന്ന് മനീഷികൾ പറയുന്നു. ഈ പർവ്വതരാജാവിനേയും, സമുദ്രത്തേയും വരുണൻ അധിവസിച്ച് സർവ്വഭൂതങ്ങളേയും സംരക്ഷിച്ചുവരുന്നു. ബ്രഹ്മജ്ഞന്മാർക്കു പ്രാപ്യസ്ഥാനമായ മഹാമേരു വടക്കൻദിക്കിനെ പ്രകാശിപ്പിച്ചുകൊണ്ടു വീര്യവും മംഗളവും തികഞ്ഞ് ഉയർന്നുനില്ക്കുന്നു. അതിലാണ് ബ്രഹ്മസദസ്സ്. സർവ്വഭൂതാത്മാവായ പ്രജാപതി അതിൽ സ്ഥിതിചെയ്തുകൊണ്ടാണ് സർവ്വചരാചരങ്ങളേയും സൃഷ്ടിക്കുന്നത്. ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ ഏഴു ദക്ഷന്മാരും നിവസിക്കുന്നത് അനാമയവും, ശോഭനവുമായ മഹാമേരുവിൽത്തന്നെയാണ്. വസിഷ്ഠൻ മുതലായ സപ്തർഷികൾ ഈ പർവ്വതത്തിൽനിന്ന് ഉദിക്കുകയും ചെയ്യുന്നു. ഹേ യുധിഷ്ഠിര! പൊടി പറ്റാത്ത ഉത്തമപ്രദേശമായ മേരുശിഖരത്തെ ഭവാൻ കണ്ടാലും. ആത്മതൃപ്തനായ പിതാമഹൻ ദേവന്മാരോടുകൂടി അവിടെ സ്ഥിതിചെയ്യുന്നു.

ചതുർമ്മുഖന്റെ പത്തനത്തിൽനിന്ന് അപ്പുറത്താണ് സർവ്വഭൂതങ്ങളുടേയും പഞ്ചഭൂതാത്മകമായ പ്രകൃതിയുടെ മൂലപ്രകൃതിയും അനാദിനിധനനും പ്രഭുവുമായ നാരായണന്റെ ആസ്ഥാനം. സർവ്വതേജോമയമായ ആ ശുഭസ്ഥാനം ദേവന്മാർക്കുപോലും കാണുവാൻ കഴിയാത്തതാണ്. അർക്കനേക്കാളും, അഗ്നിയേക്കാളും ദീപ്തമായി സ്വയം പ്രഭയോടുകൂടിയ ആ വിഷ്ണുസ്ഥാനം ദേവദാനവാദികൾക്ക് ഒന്നു നോക്കുവാൻ പോലും ശക്തിയില്ല.

കിഴക്കൻ ദിക്കിലുള്ള ഈ നാരായണസ്ഥാനത്ത് സർവ്വപ്രകൃതിയുടേയും ആത്മാവായ ഭൂതേശൻ സർവ്വഭൂതങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ട് ശ്രീയോടുകൂടി വിളങ്ങുന്നു. ബ്രഹ്മർഷികൾക്കുപോലും പ്രാപിക്കുവാൻ ആവാത്ത ആ പ്രദേശം സാമാന്യതാപസന്മാർക്കു ചിന്താവിഷയംപോലുമാകുന്നില്ല. സർവ്വജ്യോതിസ്സുകളും അവിടെ എത്തിയാൽ നിഷ്പ്രഭമായിപ്പോകും. അചിന്ത്യാത്മാവായ നാരായണൻ അവിടെയത്രയും സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്നു. നാരായണഭക്തരായ യതികൾക്കു മാത്രമേ അവിടെ ചെല്ലുവാൻ കഴിയുകയുള്ളു.

മോഹതമസ്സകന്ന തപോയുക്തന്മാരും, ശുഭകർമ്മങ്ങളാൽ പരിശുദ്ധന്മാരും യോഗസിദ്ധന്മാരുമായ മഹാത്മാക്കൾക്ക് അവിടെ എത്തിക്കിട്ടിയാൽ പിന്നീട് ഈ ലോകത്തിലേക്കു തിരിച്ചുവരേണ്ടിവരികയില്ല. സ്വയംഭൂവും, സനാതനനും, ദേവദേവനും, മഹാഭാഗനുമായ ഈശ്വരന്റെ അക്ഷയവും അവ്യയവും ആയ ഈ സ്ഥാനത്തെ ഭവാൻ നമസ്കരിക്കുക!

സൂര്യചന്ദ്രന്മാർ ഈ മേരുവിനെ ദിവസേന പ്രദക്ഷിണംചെയ്യുന്നു. എല്ലാ ജ്യോതിസ്സുകളും ഈ ശൈലേന്ദ്രനെ സദാ ചുറ്റി സഞ്ചരിക്കുന്നു. ജ്യോതിസ്സുകളെ മുഴുവൻ ആകർഷിച്ചിട്ടുള്ള ആദിത്യഭഗവാൻ ഇരുട്ടുനീക്കുവാൻവേണ്ടി, അസ്തമിച്ച് സന്ധ്യ കഴിഞ്ഞാൽ വടക്കൻദിക്കിൽ വന്ന് മഹാമേരുവിനെ ഒന്നു ചുറ്റിയതിനുശേഷം കിഴക്കോട്ടുപോകുന്നു. അപ്രകാരംതന്നെ യഥാകാലം പർവ്വസന്ധികളാൽ മാസങ്ങളെ വേർതിരിക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളോടുകൂടി ഈ പർവ്വതത്തെത്തന്നെ ഭജിക്കുന്നു.

മഹാമേരുവിനെ കടന്ന് സർവ്വഭൂതങ്ങളേയും ഇപ്രകാരം പ്രകാശിപ്പിച്ച് സോമൻ വീണ്ടും മന്ദരപർവ്വതത്തിൽ പ്രവേശിക്കും. സ്വന്തം കിരണങ്ങളാൽ അന്ധകാരം നീക്കി ജഗത്തിനെ ശോഭിപ്പിക്കുന്ന ആദിത്യനും ഈ വഴിക്കുതന്നെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു.

ആ ദേവനായ ആദിത്യൻ ശിശിരകാലമുണ്ടാക്കുവാൻ ദക്ഷിണദിക്കിൽ ചെല്ലുന്നു. അപ്പോഴാണ് എല്ലാ ഭൂതങ്ങളും ശൈത്യമുള്ള ശിശിരത്തെ പ്രാപിക്കുന്നത്. ഗ്രീഷ്മകാലത്ത് സൂര്യൻ സ്വന്തം തേജസ്സാൽ സ്ഥാവരജംഗമങ്ങളിൽനിന്നു ചൂടു വലിച്ചെടുക്കുന്നു. ഗ്ലാനി, തളർച്ച, വിയർപ്പ്, ആലസ്യം ഇവയൊക്കെ അപ്പോഴാണ് മനുഷ്യന് അനുഭവപ്പെടുന്നത്. പ്രാണികൾ ഉറക്കത്തിൽപ്പെടുന്നതും അപ്പോഴാണ്.

ഇപ്രകാരം ആകാശമാർഗ്ഗത്തിൽ ചുറ്റിനടന്നു ഭാനുമാൻ പ്രജാരക്ഷയ്ക്കുവേണ്ടി വൃഷ്ടിയെ സൃഷ്ടിക്കുന്നു. കാറ്റ്, ചൂട്, മഴ എന്നിവ സകല ചരാചരങ്ങൾക്കും നല്കി, എല്ലാ ഭൂതങ്ങളേയും സുഖിപ്പിച്ച്, വർദ്ധിപ്പിച്ച്, മഹാതേജസ്വിയായ ആദിത്യൻ തിരിച്ചുപോകുന്നു. കാലചക്രത്തിൽ സദാ ചുഴന്നുകൊണ്ട് സർവ്വഭൂതങ്ങളേയും പ്രവർത്തിപ്പിക്കുന്ന സവിതാവ് എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു; ഒരിക്കലും അടങ്ങിയിരിക്കുന്നില്ല. എല്ലാവർക്കുമുള്ള തേജസ്സു ഗ്രഹിക്കുകയും വീണ്ടും നല്കുകയും ചെയ്യുന്നു. ഹേ, ഭാരത! എല്ലാ പ്രാണികൾക്കും ആയുസ്സും കർമ്മവും പങ്കിട്ടുകൊണ്ട് പകൽ, രാവ്, മുഹൂർത്തം, നിമിഷം എന്നീ കാലങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് വിഭുവായ ആദിത്യൻ വർത്തിക്കുന്നു."

164. അർജ്ജുനാഭിഗമനം – വൈശമ്പായനൻ പറഞ്ഞു: "മഹാത്മാക്കളായ പാണ്ഡവന്മാർ സുവ്രതന്മാരായി അർജ്ജുനനെ കാണുവാൻ ആഗ്രഹത്തോടെ പർവ്വതാഗ്രത്തിൽ പാർത്തുകൊണ്ടിരിക്കെ, അവിടത്തെ പ്രകൃതിവിഭവങ്ങൾ കണ്ട് അവർക്ക് അളവറ്റ സംതൃപ്തിയും സന്തോഷവുമുണ്ടായി. വീര്യവാന്മാരും, സത്യധൃതിപ്രധാനന്മാരും, വിശുദ്ധകാമന്മാരുമായ അവരെക്കണ്ട് അഭിനന്ദിക്കുവാൻ ഗന്ധർവ്വന്മാരും, മഹർഷിമാരും കൂട്ടം കൂട്ടമായി ഏറ്റവും പ്രിയത്തോടുകൂടി വന്നുകൊണ്ടിരുന്നു. പൂമരങ്ങൾ നിറഞ്ഞ ആ പർവ്വതത്തിൽ അധിവസിക്കുന്ന ആ മഹാരഥന്മാർക്ക് സ്വർഗ്ഗത്തെ പ്രാപിച്ച മരുത്ഗണത്തിനെന്നപോലെയുള്ള മനഃപ്രസാദം പരമമായി ഉണ്ടായി. മയിലുകളിൽനിന്നും അരയന്നങ്ങളിൽനിന്നും കളസ്വനം പൊഴിയുകയും പുഷ്പങ്ങൾ ഉതിർന്നുവീഴുകയും ചെയ്യുന്ന കൊടുമുടികളും താഴ്വരകളും കണ്ടുംകൊണ്ട് അവർ അതിരറ്റ് ആനന്ദിച്ചു. സാക്ഷാൽ കുബേരന്നുവേണ്ടി ചുറ്റും പടവുകൾ കെട്ടിയുണ്ടാക്കിയ സരസ്സ് താമരപ്പൂക്കൾ നിറഞ്ഞും ഹംസഘോഷം കലർന്നും അവിടെ വിളങ്ങുന്നു. സമൃദ്ധമായ സൗന്ദര്യം തികഞ്ഞും, വിശുദ്ധപുഷ്പങ്ങൾ നിറഞ്ഞും, നിർമ്മലമായ രത്നങ്ങൾ നിരന്നും മനോഹരവും ശോഭനവുമായ ക്രീഡാസ്ഥാനങ്ങൾ പലതും വൈശ്രവണന്നുവേണ്ടി അവിടെ നിർമ്മിച്ചിട്ടുണ്ട്. അനേകം വർണ്ണങ്ങളോടുകൂടിയ സുഗന്ധപുഷ്പങ്ങൾ നിറഞ്ഞ മഹാവൃക്ഷങ്ങൾ കൊണ്ടും, മേഘജാലങ്ങൾകൊണ്ടും, ആ പർവ്വതത്തിന്റെ കൊടുമുടികൾ തപഃപ്രധാനന്മാർക്കുകൂടി കണ്ടറിയുവാൻ കഴിയാതെ നില്ക്കുന്നു. ആ ഗിരീന്ദ്രന്ന് സ്വതഃസിദ്ധമായുള്ള തേജസ്സുകൊണ്ടും മഹത്തായ ഓഷധികളുടെ പ്രഭാവംകൊണ്ടും അവിടെ രാവും പകലും വേർതിരിച്ചറിയുക ദുഷ്കരമാണ്. ആരെ ആശ്രയിച്ച് അഗ്നി ചരാചരങ്ങളെ പ്രകാശിപ്പിക്കുന്നുവോ ആ സൂര്യന്റെ ഉദയവും അസ്തമയവും അവിടെനിന്നു ശരിയായി കാണുവാൻ കഴിയും. സൂര്യനെ അന്ധകാരം ബാധിക്കുന്നതും അതു വിട്ടു

digitized by www.sreyas.in

പോകുന്നതും സൂര്യൻ സ്വന്തം കിരണങ്ങൾകൊണ്ട് ഇരുട്ടുനീക്കി ദിക്കെല്ലാം പ്രകാശിപ്പിക്കുന്നതും ആ പർവ്വതാഗ്രത്തിൽനിന്നു നോക്കിയാൽ മറവില്ലാതെ കാണുവാൻ കഴിയും.

ഇതെല്ലാം കണ്ടുകൊണ്ട് സാദ്ധ്യായവാന്മാരായ കർമ്മശീലന്മാരും, ധർമ്മപ്രധാനന്മാരും, ശുചിവ്രതന്മാരും, സത്യസന്ധന്മാരുമായ പാണ്ഡവന്മാർ സത്യവ്രതനായ അർജ്ജുനന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ട് അവിടെ വസിച്ചു. ഈ ഗിരിശൃംഗത്തിൽവച്ചുതന്നെ കൃതാസ്ത്രനായ അർജ്ജുനനെക്കണ്ട് സന്തോഷിക്കുമാറാകട്ടെ എന്ന് അവർ തപോയോഗത്തോടുകൂടി പ്രാർത്ഥിച്ചു. അർജ്ജുനനെപ്പറ്റിയുള്ള സ്മരണകൊണ്ട് അവർക്ക് ഓരോ ദിവസവും ഓരോ വർഷംപോലെ തോന്നി.

ധൗമ്യന്റെ അനുമതിയോടുകൂടി ഫൽഗുനൻ ദേശസഞ്ചാരത്തിന്നായി ജടാധാരണം ചെയ്തത് എന്നോ അന്ന് അവരുടെ സന്തോഷം അസ്തമിച്ചിരിക്കുന്നു. അങ്ങനെയുള്ളവർക്ക് ഏതിലാണു രമിക്കുവാൻ കഴിയുക? മത്തവാരണഗാമിയായ പാർത്ഥൻ ജ്യേഷ്ഠന്റെ നിയോഗപ്രകാരം കാമ്യകവനത്തിൽനിന്ന് അകന്നുപോയ അന്നുമുതൽ മറ്റു പാണ്ഡവന്മാർ ശോകത്താൽ ആഹതന്മാരായിത്തീർന്നു. അസ്ത്രത്തിനുവേണ്ടി ഇന്ദ്രനെ ഭജിക്കുന്ന അർജ്ജുനനെത്തന്നെ ചിന്തിച്ച് ആ പർവ്വതത്തിൽ ഹേ, ജനമേജയാ! ഭാരതന്മാർ പണിപ്പെട്ടു മാസങ്ങൾ കഴിച്ചുകൂട്ടി.

വിജയൻ ഇന്ദ്രപുരിയിൽ അഞ്ചു സംവത്സരം അധിവസിച്ച് ദിവ്യാസ്ത്രങ്ങളൊക്കെ ഇന്ദ്രങ്കൽനിന്നു പഠിച്ചു. ആഗ്നേയം, വാരുണം, സൗമ്യം, വായവ്യം, വൈഷ്ണവം, ഐന്ദ്രം, പാശുപതം, ബ്രാഹ്മം, പാരമേഷ്ഠ്യം ഇവയും പ്രജാപതി, യമൻ, ത്വഷ്ടാവ്, ധാതാവ്, സവിതാവ്, ധനാധിപൻ ഇവരുടെ അസ്ത്രങ്ങളും ഇന്ദ്രന്റെ പക്കൽനിന്നു വാങ്ങി വണങ്ങി അനുവാദം വാങ്ങിച്ച് ധനഞ്ജയൻ ഇന്ദ്രനെ വലംവച്ചു സന്തോഷത്തോടെ ഗന്ധമാദനശൈലത്തിലേക്കു പുറപ്പെട്ടു."

നിവാതകവചയുദ്ധപർവ്വം

165. അർജ്ജുനസമാഗമം – വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനന്റെ വരവു കാത്തുകൊണ്ടു തന്നെയിരിക്കുന്ന മഹാരഥന്മാർ പെട്ടെന്ന് ആകാശത്തിൽ വിദ്യുൽപ്രഭപോലെയുള്ള മഹേന്ദ്രരഥം അശ്വങ്ങൾ വലിച്ചു പറന്നുവരുന്നതു കണ്ട് ഹർഷപുളകിതരായി. ധൂമമില്ലാത്ത അഗ്നിശിഖപോലെയും കാർമേഘത്തിനിടയിൽ പായുന്ന കൊള്ളിമീൻപോലെയും പ്രശോഭിക്കുന്ന ആ രഥം മാതലിയുടെ സാരഥ്യത്തിൽ ആകാശത്തെ പ്രശോഭിപ്പിച്ചു പറന്നുവന്ന് ആ പർവ്വതത്തിൽ ഇറങ്ങി. ആഭരണങ്ങൾ, പുതുപുഷ്പഹാരങ്ങൾ എന്നിവ അണിഞ്ഞ് ശ്രീമാനായ, ഇന്ദ്രതുല്യപ്രഭാവനായ, ധനഞ്ജയൻ ഇന്ദ്രരഥത്തിൽ സ്ഥിതിചെയ്യുന്നതുകണ്ട് യുധിഷ്ഠിരനും മറ്റുള്ളവർക്കും അകമഴിഞ്ഞ ആനന്ദമുണ്ടായി. ശൈലത്തിലെത്തിയ ഉടനെ ശ്രീമാനായ കിരീടി തേരിൽനിന്നു താഴെയിറങ്ങി. ആദ്യം ധൗമ്യനേയും പിന്നെ യുധിഷ്ഠിരനേയും അനന്തരം ഭീമസേനനേയും പാദംതൊട്ടു നമിച്ചു. നകുലസഹദേവന്മാർ ചെയ്ത അഭിവാദനത്തെ സ്വീകരിക്കുകയും, പാഞ്ചാലിയെക്കണ്ട് ആശ്വസിപ്പിക്കുകയും ചെയ്തതിനുശേഷം ജ്യേഷ്ഠഭ്രാതാവിന്റെ സമീപത്ത് വിനയാന്വിതം ഒതുങ്ങിനിന്നു. ദൈത്യന്മാരെ പലപ്രാവശ്യം കൂട്ടത്തോടെ സംഹരിക്കുന്നതിന് ദേവേന്ദ്രൻ കയറിച്ചെന്നിട്ടുള്ള ആ ദിവ്യരഥം തങ്ങളുടെ പുരോഭാഗത്തു നില്ക്കുന്നതുകണ്ട് പാണ്ഡവന്മാർ ആ രഥത്തെ സസന്തോഷം പ്രദക്ഷിണം ചെയ്തു. മാതലിയെ അവർ ഇന്ദ്രനെ എന്നപോലെതന്നെ ശ്രേഷ്ഠമായ സൽക്കാരംകൊണ്ട് സന്തോഷിപ്പിക്കുകയും അദ്ദേഹത്തോടു ദേവന്മാരിൽ ഓരോരുത്തരെപ്പറ്റിയും പ്രത്യേകം പ്രത്യേകം അന്വേഷിക്കുകയും ചെയ്തു. അച്ഛൻ സ്വന്തം മക്കളെയെന്നപോലെയാണ് പാണ്ഡവന്മാരെ മാതലി കൊണ്ടാടിയത്. അതുകഴിഞ്ഞ് നിസ്തുലപ്രഭയോടുകൂടിയ ആ രഥത്തെ നയിച്ച് മാതലി ഇന്ദ്രസന്നിധിയിലേക്കുപോയി. ശക്രവിരോധിഘാതിയായ ഇന്ദ്രാത്മജൻ, തനിക്കു സുരേശനിൽനിന്നു ലഭിച്ചതും, വിലപിടിച്ചതും, ഏറ്റവും അഴകേറിയതുമായ ആഭരണങ്ങൾ സുതസോമമാതാവായ പ്രിയതമയ്ക്ക്, ആ പ്രിയതമൻ നല്കി. പിന്നെ, സൂര്യാഗ്നിസമപ്രകാശന്മാരായ ആ കൗരവന്മാരുടേയും, വിപ്രർഷഭന്മാരുടേയും നടുവിൽവച്ച് യഥാക്രമം എല്ലാം പറഞ്ഞു. ശക്രൻ, അനിലൻ, ശിവൻ എന്നിവരോട് സമാധിയോടുകൂടി അസ്ത്രങ്ങൾ ഗ്രഹിച്ചതും, ഇന്ദ്രനോടുചേർന്ന് അമരന്മാർ തന്നെ സസന്തോഷം സൽക്കരിച്ചതുമായ കഥകളെല്ലാം സംക്ഷേപമായി ആ വിശുദ്ധാത്മാവ് അവരോടുപറഞ്ഞു. മാദ്രീസുതന്മാരോടുകൂടി സംസാരിച്ച് അന്നത്തെ രാത്രി അങ്ങനെ സസന്തോഷം കിടന്ന് ഉറങ്ങി."

166. ഇന്ദ്രാഗമനം – വൈശമ്പായനൻ പറഞ്ഞു: "അന്നത്തെ രാത്രി അങ്ങനെ കഴിഞ്ഞതിന്നുശേഷം പിറ്റേദിവസം പ്രഭാതത്തിൽ സോദരന്മാരോടുകൂടി അർജ്ജുനൻ ധർമ്മരാജാവിനെ ചെന്നു വന്ദിച്ചു. അപ്പോൾ ആകാശത്തുനിന്ന് എല്ലാവിധ വാദ്യഘോഷങ്ങളുംകൂടി ദേവന്മാരുടെ തുമുലശബ്ദം കേൾക്കുമാറായി. അതോടൊപ്പം രഥനേമിയുടെ സ്വരവും ഘണ്ടാനാദവും ഇടകലർന്ന് മുഴങ്ങിക്കേട്ടുതുടങ്ങി. വ്യാളാദികളായ മൃഗങ്ങളുടെ ഗർജ്ജനങ്ങൾക്കിടയിൽ പക്ഷികുലങ്ങളുടെ നാദമെന്നപോലെ വിചിത്രമായി ശബ്ദം മുഴങ്ങി.

സൂര്യപ്രഭങ്ങളായ വിമാനങ്ങളിൽ കയറി മഹത്തായ ശ്രീ ജ്വലിക്കുന്ന ദേവരാജാവ് പാണ്ഡവന്മാരെ സന്ദർശിക്കുവാൻ വരുന്ന ഘോഷമായിരുന്നു അത്. സൂര്യകാന്തി വിമാനത്തിൽക്കയറി വരുന്ന ഇന്ദ്രനെ ഗന്ധർവ്വാപ്സരോവർഗ്ഗമൊക്കെ പിന്തുടർന്നു. പൊന്നണിഞ്ഞ ഹരിദശ്വമഹാരഥം പർവ്വതാഗ്രത്തിലെത്തി. മേഘനിസ്വനം പൂണ്ട രഥത്തിൽനിന്നിറങ്ങിയ പുരന്ദരനെ യുധിഷ്ഠിരൻ ഭ്രാതാക്കളോടുകൂടി വിധിപോലെ പൂജിച്ചു. യശസ്വിയായ ധനഞ്ജയൻ ഇന്ദ്രനെ കുമ്പിട്ടു; ഭൃത്യനെപ്പോലെ അരികെ വണങ്ങിനിന്നു.

ദേവരാജാവിന്റെ സമീപത്തു ജടാധാരിയായി വിനീതനായി നില്ക്കുന്ന തപോയുക്തനും, തേജസ്വിയും, അകന്മഷനുമായ ധനഞ്ജയനെ യുധിഷ്ഠിരൻ അരികെ അണച്ചു ശിരസ്സിൽ ഘ്രാണിച്ചു. ഇന്ദ്രൻ പാർത്ഥന്മാരെക്കണ്ടു ഹർഷംകൊണ്ടു. അവർ ശക്രനെ വീണ്ടും വീണ്ടും പൂജിച്ചു. ഹർഷത്തിൽ മുങ്ങി ഇപ്രകാരം പരുങ്ങുന്ന യുധിഷ്ഠിരനോട് ബുദ്ധിമാനായ ഇന്ദ്രൻ വാത്സല്യപൂർവ്വം അരുൾചെയ്തു."

ഇന്ദ്രൻ പറഞ്ഞു: "ഹേ കൗന്തേയ! നീ ഈ ഭൂമി മുഴുവൻ ഭരിക്കുമാറാകും! നിനക്കു നന്മ ഭവിക്കട്ടെ! നീ വീണ്ടും കാമ്യകത്തിലേക്കു പൊയ്ക്കൊള്ളുക. വിശുദ്ധനായ അർജ്ജുനൻ എന്നിൽനിന്ന് അസ്ത്രങ്ങൾ എല്ലാം നേടിയിട്ടുണ്ട്. അവൻ എനിക്ക് വലിയ പ്രിയം ഉളവാക്കിയിരിക്കുന്നു. അവനെ ജയിക്കുവാൻ ഈ മൂന്നുലോകത്തിലും ആരുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മരാജാവിനോട് ഇപ്രകാരം പറഞ്ഞ് ആശ്വസിപ്പിച്ച് മഹർഷിമാരാൽ വാഴ്ത്തപ്പെടുന്ന പുരന്ദരൻ സ്വർഗ്ഗത്തിലേക്കുപോയി. എല്ലാവിധത്തിലും അത്യന്തം സന്തുഷ്ടരായ പാണ്ഡവന്മാർ കൃഷ്ണയോടും വിപ്രന്മാരോടുംകൂടി ആ പർവ്വതാഗ്രത്തിൽ സുഖിച്ചു.

ധനേശ്വരന്റെ ഗൃഹത്തിൽവച്ച് പാണ്ഡവന്മാർക്ക് ഇന്ദ്രനുമായുണ്ടായ സംഗമം വിദ്വാന്മാർ മനസ്സുവച്ചു നിത്യവും ചൊല്ലേണ്ടതായ ഒരു പുണ്യകഥയാണ്. ഈ കഥ ഒരു സംവത്സരം നിയതവ്രതനായ ബ്രഹ്മചാരി ചൊല്ലുന്നതായാൽ അവൻ സുഖമായി, രോഗഹീനനായി നൂറുവത്സരം ജീവിക്കുന്നതാണ്."

167. ഗന്ധമാദനവാസം, യുധിഷ്ഠിരാർജ്ജുനസംവാദം – വൈശമ്പായനൻ പറഞ്ഞു: "ദേവേന്ദ്രൻ പോയതിന്നുശേഷം അർജ്ജുനൻ കൃഷ്ണയോടുകൂടി ധർമ്മപുത്രനെ പൂജിച്ചു. തന്റെ പാദത്തിൽ നമസ്കരിക്കുന്ന അർജ്ജുനനെ മൂർദ്ധാവിൽ ഘ്രാണിച്ച് ഹർഷത്താൽ തൊണ്ടയിടറി യുധിഷ്ഠിരൻ പറഞ്ഞു."

digitized by www.sreyas.in

യുധിഷ്ഠിരൻ പറഞ്ഞു. "അർജ്ജുന! നീ സ്വർഗ്ഗത്തിൽ ഇത്ര കാലം എങ്ങനെ വാണു? നീ ശക്രനെ സന്തോഷിപ്പിച്ച് എങ്ങനെ അസ്ത്രങ്ങൾ സമ്പാദിച്ചു? വേണ്ടപോലെ അസ്ത്രങ്ങൾ നീ പഠിച്ചില്ലേ? ശക്രനും രുദ്രനും അസ്ത്രങ്ങൾ സന്തോഷത്തോടെയാണല്ലോ നല്കിയത്? നീ എങ്ങനെ ശക്രനേയും രുദ്രനേയും ദർശിച്ചു? എങ്ങനെ ആരാധിച്ചു? എന്തു പ്രിയം ചെയ്തു? എല്ലാം വിസ്തരിച്ചു കേൾക്കുവാൻ ഞാനാശിക്കുന്നു."

അർജ്ജുനൻ പറഞ്ഞു: "മഹാരാജാവേ! ഞാൻ ദേവേന്ദ്രനേയും, ഭഗവാൻ ശങ്കരനേയും കണ്ട വിവരം പറയാം. പ്രഭോ! ഭവാൻ ഉപദേശിച്ച മന്ത്രം ഗ്രഹിച്ച് ഭവാന്റെ ആജ്ഞയനുസരിച്ച് തപസ്സു ചെയ്യുവാനായി കാട്ടിൽ പ്രവേശിച്ചു. കാമ്യകം വിട്ട് ഭൃഗുതുംഗത്തിൽപ്പോയി തപസ്സുചെയ്യുവാനൊരുങ്ങുന്ന അവസരത്തിൽ വഴിക്കുവച്ച് ഒരു രാത്രിക്കുശേഷം ഒരു വിപ്രനെ കണ്ടു. അദ്ദേഹം എന്നോടു ചോദിച്ചു: 'നീ എവിടേക്കാണു പോകുന്നത്?' ഞാൻ ആ വിപ്രനോട് എല്ലാ കാര്യവും മറച്ചുവയ്ക്കാതെ പറഞ്ഞു. ഞാൻ സത്യമായി എല്ലാം പറഞ്ഞപ്പോൾ അദ്ദേഹത്തിന് എന്നിൽ പ്രീതി തോന്നി. അദ്ദേഹം എന്നോടു പറഞ്ഞു: 'നീ തപസ്സു ചെയ്യുക! തപസ്വിയായ നീ ഉടനെതന്നെ വിബുധേന്ദ്രനെ കാണും!' അദ്ദേഹത്തിന്റെ വാക്കുകേട്ട് ഞാൻ ഹിമാലയത്തിൽ പ്രവേശിച്ചു. അവിടെ ഫലമൂലങ്ങൾ ഭക്ഷിച്ച് ഒരുമാസം തപസ്സു ചെയ്തു. വെള്ളംമാത്രം കുടിച്ച് രണ്ടാമത്തെ മാസവും തപസ്സു ചെയ്തു. ആഹാരമൊന്നും കൂടാതെ മൂന്നാമത്തെ മാസവും കഴിച്ചു. നാലാമത്തെ മാസം മുഴുവൻ നിരാഹാരനായി കൈപൊക്കി നിന്നു തപം ചെയ്തു. എന്നിട്ടും എനിക്കു ശക്തിക്ഷയമുണ്ടായില്ല. അത് എന്നെ അത്ഭുതപ്പെടുത്തി! അഞ്ചാമത്തെ മാസത്തിൽ ഒന്നാംദിവസം ചെന്നപ്പോൾ ഒരു ഭൂതം പന്നിയുടെ വേഷത്തിൽ എന്റെനേർക്ക് അടുത്തു. മോന്തകൊണ്ടു നിലത്തു കുത്തി, കാലുകൊണ്ടു മണ്ണുമാന്തി, വയറുകൊണ്ട് ഉരസി, വീണ്ടും വീണ്ടും മറിഞ്ഞും തിരിഞ്ഞും അവൻ വന്നടുത്തു. അതിന്റെ പിന്നാലെ ഒരു കിരാതാകൃതിഭൂതവും പുറപ്പെട്ടു. അവൻ വില്ലും അമ്പും കൈയിലെടുത്തു സ്ത്രീകളോടുകൂടി അടുത്തു. വില്ലും അമ്പൊടുങ്ങാത്ത ആവനാഴിയുമായി ഞാൻ രോമാഞ്ചദായകനായ ആ പന്നിയുടെനേർക്കു ശരം വിട്ടു. ഉടനെ ആ കാട്ടാളനും ശക്തമായ വില്ലുവലിച്ച് എന്റെ ഉള്ള് കിടിലം കൊള്ളിക്കുമാറ് ശരം അതിന്റെ നേരേ വിട്ടു. എന്നിട്ട് അവൻ പറഞ്ഞു: 'എടോ, മനുഷ്യാ! നീ എന്തുചെയ്തു? ഇതാണോ നായാട്ടുമുറ? ഞാൻ മുമ്പേ എയ്ത പന്നിയെ നീ എയ്തതു ശരിയായ നടപടിയായോ? ഞാൻ എന്റെ തീക്ഷ്ണമായ ബാണങ്ങൾകൊണ്ടു നിന്റെ കുറുമ്പുനിർത്തും. നീ യോഗ്യനാണെങ്കിൽ എന്നോടെതിർക്കുക.' വില്ലേന്തിയ ആ കൂറ്റനായ കിരാതൻ ഇപ്രകാരം എന്നോടു പറഞ്ഞു. പിന്നെ, അവൻ എന്റെനേരെ ശരങ്ങൾ പ്രയോഗിച്ചു. അദ്രിപോലെ ശരനിരകൊണ്ട് എന്നെ മൂടി. ഞാനും ഒട്ടും കുറച്ചില്ല. അവന്റെ നേരെ ഞാനും ശരവൃഷ്ടി ചൊരിഞ്ഞു. വജ്രങ്ങൾകൊണ്ട് അദ്രിയെ എന്നപോലെ ഞാൻ അവനെ ശരവർഷംകൊണ്ടുമൂടി. അപ്പോൾ അവൻ നൂറും ആയിരവും രൂപമായി മാറി. അവന്റെ ആ മായാരൂപത്തിന്മേലൊക്കെ ഞാൻ ശരം പ്രയോഗിച്ചു. ഉടനെ ആ ദേഹങ്ങളൊക്കെ ഒന്നായിച്ചേർന്നു. ഉടനെ അവയെ ഞാനെന്റെ ശരപ്രയോഗംകൊണ്ടു തകർത്തു. ഉടനെ ആ ദേഹങ്ങളൊക്കെ ഒന്നായിച്ചേർന്നു. ഉടനെ അവയെ ഞാനെന്റെ ശരപ്രയോഗം കൊണ്ട് തകർത്ത. ഉടനെ ചെറിയ ഉടലും വലിയ ശിരസ്സുമായി നിന്നു പൊരുതി. പിന്നെ, എല്ലാം ചേർന്നും ഒറ്റയായി നിന്നും എന്നോടു പൊരുതി. ശരങ്ങളെയ്ത് അവനെ ജയിക്കുവാനാകാതെ ഞാൻ വായവ്യമെന്ന മഹാസ്ത്രം കൈയിലെടുത്ത്, അവന്റെ നേരെ വിട്ടു. അതുകൊണ്ട് അവന്റെ കഥകഴിഞ്ഞു എന്നു ഞാൻ വിചാരിച്ചു. എന്നാൽ, അതും അവനിൽ ഫലിച്ചില്ല. അതു വലിയ ഒരത്ഭുതമായി എനിക്കുതോന്നി. പിന്നേയും ഞാൻ അസ്ത്രങ്ങളെക്കൊണ്ട് അവനെ മൂടി. സ്ഥൂണാകർണ്ണജാലത്താലും, ഉൽബണമായ ശരവർഷത്താലും, ശലഭാസ്ത്രങ്ങളാലും, അശ്മവർഷങ്ങളാലും അവന്റെ നേരെ പ്രഹരിച്ച് അടുത്തു. ഞാൻ എയ്യുന്ന അസ്ത്രങ്ങളൊക്കെ അവൻ ഗ്രസിച്ചു. അതൊക്കെ അവൻ ഗ്രസിച്ചപ്പോൾ ഞാൻ ബ്രഹ്മാസ്ത്രം തന്നെ വിട്ടു. ജ്വലിച്ചു പാഞ്ഞു ചെന്ന അസ്ത്രമേറ്റപ്പോൾ അവൻ ഒന്നുകൂടി വലുതായി. അപ്പോൾ ഞാൻ വിട്ട ആ തേജസ്സുകൊണ്ടു ലോകമൊക്കെയും ജ്വലിച്ചു. ക്ഷണത്തിൽ എല്ലായിടവും എല്ലാ ദിക്കും ആകാശവും ജ്വലിച്ചു. മഹാതേജസ്വിയായ അവൻ ആ ബ്രഹ്മാസ്ത്രത്തെ കെടുത്തിക്കളഞ്ഞു. ബ്രഹ്മാസ്ത്രം കെട്ടതുകണ്ടപ്പോൾ എനിക്കു വലിയ ഭയമായി. പിന്നെ, വില്ലും അമ്പൊടുങ്ങാത്ത ആവനാഴിയുമായി ഞാൻ ശക്തിയെല്ലാം എടുത്ത് ആ ഭൂതത്തെ എയ്തു. ആ ഭൂതമാകട്ടെ, ആ ശരങ്ങളൊക്കെ വായ് പിളർന്നു വിഴുങ്ങിക്കളഞ്ഞു. എല്ലാ അസ്ത്രങ്ങളും എല്ലാ ആയുധങ്ങളും അവൻ തിന്നുതീർത്തപ്പോൾ ഞാൻ അസ്ത്രഹീനനായി. ഉടനെ ഞാനും അവനും തമ്മിൽ ബാഹുയുദ്ധം തുടങ്ങി. കൈ ചുരുട്ടി ഇടിച്ചു. കൈ പരത്തി അടിച്ചു. എന്തു ചെയ്തിട്ടും ആ ഭൂതത്തിന് ഒന്നും പറ്റിയില്ല. ഞാൻ മണ്ണിൽ ക്ഷീണിച്ചു വീണു. ഉടനെ ആ ഭൂതം പൊട്ടിച്ചിരിച്ച് അവിടെ മറഞ്ഞു. സ്ത്രീകളോടുകൂടി ആ കിരാതൻ മറഞ്ഞതുകണ്ട് ഞാൻ അത്ഭുതപ്പെട്ടു.

ഉടനെ ഭഗവാൻ വേഷം മാറിയെടുത്തു. ദിവ്യവും അത്ഭുതവുമായ അംബരം ചാർത്തി കാട്ടാളവേഷംവിട്ട് ഭഗവാൻ മഹാദേവൻ ദിവ്യമായ രൂപം പൂണ്ട് എന്റെ മുമ്പിൽ വിളങ്ങി! സാക്ഷാൽ വൃഷകേതനനായ ഭഗവാൻ, ബഹുരൂപനായ ഭൂതേശൻ സർപ്പങ്ങളെ അണിഞ്ഞ് ഉമാദേവിയോടുകൂടി എന്റെ മുമ്പിൽ പ്രകാശിച്ചു. ആ മഹാദേവൻ എന്നോടു പറഞ്ഞു: 'അർജ്ജുന! ഞാൻ സന്തുഷ്ടനായിരിക്കുന്നു! പരന്തപാ!'

പിന്നെ ആ വില്ലും അമ്പൊടുങ്ങാത്ത ആവനാഴിയും ഭഗവാൻ എനിക്കുതന്ന് ഇങ്ങനെ പറഞ്ഞു: "പാർത്ഥ! നീ വരം വാങ്ങിക്കൊള്ളുക! ഞാൻ എന്തു ചെയ്യണമെന്നു പറയുക! എന്താണ് നിന്റെ ആഗ്രഹം? എന്തുവരമാണ് നീ എന്നിൽനിന്ന് ആഗ്രഹിക്കുന്നത്? ഞാൻ തരുവാൻ സന്നദ്ധനാണ്! അമരത്വം ഒഴികെ എന്തുവേണമെങ്കിലും ഞാൻ തരുന്നതാണ്.

ഉടനെ ഞാൻ കൈകൂപ്പിനിന്നു മനസ്സുകൊണ്ടു ശർവ്വനെ കുമ്പിട്ടു പറഞ്ഞു: "ഞാൻ അസ്ത്രങ്ങൾ ആഗ്രഹിക്കുന്നു. ഭഗവാൻ എന്നിൽ പ്രസാദിക്കുന്നുണ്ടെങ്കിൽ എനിക്കിഷ്ടമായ വരം ഞാൻ പറയാം. ദേവന്മാരിലുള്ള അസ്ത്രമൊക്കെ ഗ്രഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ഉടനെ ഭഗവാൻ ശർവ്വൻ പറഞ്ഞു: "തരുന്നതാണ്! എന്റെ രൗദ്രമായ അസ്ത്രം ഇതാ നിനക്കു തരുന്നു!" ഇപ്രകാരം ത്രിനേത്രനായ ഭഗവാൻ എന്നിൽ പ്രീതനായി പാശുപതാസ്ത്രം എനിക്കു നല്കി. ശാശ്വതമായ ആ അസ്ത്രം നല്കിയതിന്നുശേഷം മഹേശ്വരൻ എന്നോടു പറഞ്ഞു: "ഹേ, അർജ്ജുന! ഇതു മനുഷ്യനിൽ നീ ഒരിക്കലും പ്രയോഗിക്കരുത്. അല്പതേജസ്സിൽ ഈ അസ്ത്രം പ്രയോഗിച്ചാൽ മൂന്നുലോകവും ദഹിച്ചുപോകും. ഏറ്റമായ പീഡയിൽപ്പെട്ടാൽ ഇതു പ്രയോഗിക്കാം. അസ്ത്രങ്ങളെ കെടുക്കാനായി ഇത് എപ്പോഴും പ്രയോഗിക്കാവുന്നതാണ്. സർവ്വാസ്ത്രഘാതകമാണ് ഈ അസ്ത്രം. ദിവ്യവും തടവറ്റതുമാണ് ഈ അസ്ത്രം."

ഇപ്രകാരം രുദ്രൻ പ്രസാദിച്ചു പറഞ്ഞ ഉടനെ അസ്ത്രം മൂർത്തിമത്തായി എന്റെ അടുത്തെത്തിക്കഴിഞ്ഞു. ശത്രുസൈന്യനാശനവും, ദുരാസദവും, ദേവദൈത്യരാക്ഷസന്മാർക്കും സുദുസ്സഹവുമായ ശരം എന്നിൽ വന്നുചേർന്നു. മഹാദേവന്റെ അനുവാദത്തോടുകൂടി ഞാൻ അവിടെത്തന്നെ നിന്നു. ഞാൻ നോക്കി നില്ക്കെത്തന്നെ മഹേശ്വരൻ അന്തർദ്ധാനം ചെയ്തു."

168. അർജ്ജുനവാക്യം – അർജ്ജുനന്റെ സ്വർഗ്ഗവാസകഥ – അർജ്ജുനൻ പറഞ്ഞു: "അന്നുരാത്രി ദേവദേവന്റെ പ്രസാദത്താൽ കൃതാർത്ഥനായി ഞാൻ അവിടെ പാർത്തു. പ്രഭാതത്തിൽ നിത്യകർമ്മങ്ങളൊക്കെക്കഴിഞ്ഞ്, ഞാൻ ആദ്യം കണ്ട ബ്രാഹ്മണനെ വീണ്ടും കണ്ടു. അവനോട് ഉണ്ടായ കഥയൊക്കെ പറഞ്ഞു. ഈ കഥയൊക്കെ കേട്ടപ്പോൾ പ്രീതനായ ദ്വിജശ്രേഷ്ഠൻ എന്നോടു പറഞ്ഞു: 'മറ്റാരും കാണാത്തമട്ടിൽ

digitized by www.sreyas.in

നീ മഹാദേവനെ കണ്ടിരിക്കുന്നു. വൈവസ്വതാദികളായ ലോകേശരോടെല്ലാം ചേർന്നാണല്ലോ ഭവാൻ കണ്ടത്! ദേവേന്ദ്രനെ ഭവാൻ കാണും. ഭവാന് ഇന്ദ്രൻ അസ്ത്രങ്ങൾ നല്കും.'

സൂര്യസന്നിഭനായ ആ ദിവ്യൻ ഇപ്രകാരം എന്നോടു പറഞ്ഞ് വീണ്ടും പുണർന്ന് യഥേഷ്ടം നടന്നുപോയി.

അന്ന് അപരാഹ്നമായപ്പോൾ പുണ്യമായ മന്ദമാരുതൻ വീശി. ഈ ലോകത്തിന്ന് ഒരു പുതിയ ചൈതന്യം ലഭിച്ചപോലെ തോന്നി. സുഗന്ധം പരത്തുന്ന പുതിയ ദിവ്യകുസുമങ്ങൾ വികസിച്ചുനില്ക്കുന്നതു ഞാൻ കണ്ടു. ഞാൻ നടന്നു ഹിമവാന്റെ അടിവാരത്തിലെത്തി. ഗംഭീരവും ദിവ്യവുമായ വാദ്യഘോഷങ്ങൾ ചുറ്റും കേൾക്കുവാൻ തുടങ്ങി. ഭംഗിയായി ശക്രനെ വാഴ്ത്തുന്ന സ്തോത്രങ്ങളും കേട്ടുതുടങ്ങി. ഗന്ധർവ്വവർഗ്ഗങ്ങളും, അപ്സരസ്ത്രീഗണങ്ങളും ദേവരാജാവിന്റെ സന്നിധിയിൽ പാട്ടുകൾ പാടി. മരുത്ഗണങ്ങൾ വിമാനം കയറി അവിടെ എത്തി. സ്വർഗ്ഗത്തിൽ പാർക്കുന്ന ദേവരാജ്യത്തെ ഭൃത്യഗണങ്ങൾ അലങ്കരിച്ച തേരിൽക്കയറി ശചീദേവിയോടും, ദേവഗണങ്ങളോടും കൂടി ഇന്ദ്രനും വന്നുചേർന്നു. അപ്പോൾ സാക്ഷാൽ നരവാഹനനായ കുബേരൻ ലക്ഷ്മീദേവിയോടുകൂടി നില്ക്കുന്നത് എനിക്കു കാണുവാൻ ഒട്ടൊട്ടു കഴിഞ്ഞു. അപ്രകാരം തെക്കൻ ദിക്കിൽ യമൻ നില്ക്കുന്നതും ഞാൻ കണ്ടു. യഥാസ്ഥാനം സുരശ്രേഷ്ഠനായ വരുണൻ വന്നു നില്ക്കുന്നതും ഞാൻ കണ്ടു. അവർ എന്നെ സാന്ത്വനം ചെയ്തു പറഞ്ഞു: 'ഹേ അർജ്ജുനാ! നീ കാണുക! ലോകപാലകന്മാരായ ഞങ്ങൾ വന്നതു നോക്കുക. സുരകാര്യം നടത്തുവാനായി നീ ദേവദേവനെ കണ്ടു. നീ ഞങ്ങളോട് എല്ലാ അസ്ത്രങ്ങളും വാങ്ങിക്കൊള്ളുക.'

ഞാൻ പ്രിയതനായി ദേവശ്രേഷ്ഠന്മാരെ വണങ്ങി. വിധിപോലെ മഹാസ്ത്രങ്ങൾ വിഭോ! ഞാൻ വാങ്ങി. അസ്ത്രങ്ങളെല്ലാം വാങ്ങിയതിന്നുശേഷം ദേവന്മാരുടെ സമ്മതത്തോടുകൂടി ഞാൻ അവിടെ നിന്നു. ദേവന്മാർ വന്നവഴിക്കുതന്നെ പോയി. അപ്പോൾ അമരശ്രേഷ്ഠനായ ഇന്ദ്രൻ പ്രശോഭിക്കുന്ന തേരിൽ ഇരുന്നുകൊണ്ട് എന്നോടു പറഞ്ഞു: 'അർജ്ജുനാ! നീ സ്വർഗ്ഗത്തിലേക്കു വരിക! നീ വരുന്നുണ്ടെന്നുള്ള വർത്തമാനം ഞാൻ മുമ്പേതന്നെ അറിഞ്ഞിരിക്കുന്നു. ഭരതർഷഭ, ഞാൻ നിനക്കു പ്രത്യക്ഷനായി വന്നിരിക്കുകയാണ്. നീ പലപ്രാവശ്യം തീർത്ഥസ്നാനം ചെയ്തു പുണ്യം നേടിയവനാണല്ലോ. ഇപ്പോൾ ഘോരമായ തപസ്സും നീ ചെയ്തു. നിനക്കു സ്വർഗ്ഗത്തിൽ കയറുവാൻ കഴിയും. വീണ്ടും നീ ഉത്തമമായ തപസ്സുചെയ്യണം. നീ വാനിൽ എത്തേണമെന്നുള്ളത് ഒഴിക്കുവാൻ വയ്യാത്തതാണ്. കൂടിയേ കഴിയൂ. ശത്രുസൂദനനായ നിന്നെ എന്റെ കല്പനപ്രകാരം മാതലി സ്വർഗ്ഗത്തിലെത്തിക്കുന്നതാണ്. ദേവന്മാരെല്ലാവരും, മാമുനിമുഖ്യന്മാരെല്ലാവരും, നിന്നെ അറിഞ്ഞിരിക്കുന്നു.' അപ്പോൾ ഞാൻ ഇന്ദ്രനോടു പറഞ്ഞു: "ഭഗവാനേ! എന്നിൽ കനിവുണ്ടാകണേ! ഞാൻ എന്റെ ജ്യേഷ്ഠന്നുവേണ്ടി അസ്ത്രങ്ങൾ വരിച്ചിരിക്കുന്നു."

ഇന്ദ്രൻ പറഞ്ഞു: "ക്രൂരകർമ്മാവായ അസ്ത്രത്തെ പഠിച്ചാൽ ഹേ പരന്തപാ! അസ്ത്രംകൊണ്ടുള്ള കാര്യം നീ നിർവ്വഹിക്കും."

ഇതുകേട്ടു ഞാൻ പറഞ്ഞു: "ശത്രുസൂദനാ! ഞാൻ അസ്ത്രവാരണം കൂടാതെ ദിവ്യാസ്ത്രം മാനുഷരിൽ പ്രയോഗിക്കുന്നതല്ല. അതുകൊണ്ട് എന്നെ ദിവ്യാസ്ത്രങ്ങൾ നല്കി അനുഗ്രഹിച്ചാലും. ഹേ സുരേശ്വരാ! ഞാൻ അസ്ത്രവാന്മാർക്കുള്ള ദിവ്യലോകം നേടുമാറാകട്ടെ."

ഇന്ദ്രൻ പറഞ്ഞു: 'ഹേ ധനഞ്ജയ! ഞാൻ നിന്നെ പരീക്ഷിക്കുവാനാണ് ഇപ്രകാരം പറഞ്ഞത്. എന്റെ പുത്രനായ നിനക്ക് നീ പറഞ്ഞതൊക്കെ സാധിക്കും. എന്റെ ഗൃഹത്തിൽ വന്ന് എല്ലാ അസ്ത്രങ്ങളും നീ പഠിക്കുക. വായു, അഗ്നി, വസു, വരുണൻ, മരുത്തുക്കൾ എന്നിവരിൽനിന്നുള്ള അസ്ത്രങ്ങളും, പിന്നെ പൈതാമഹം, ഗന്ധർവ്വം, ഉരഗം, രാക്ഷസം, വൈഷ്ണവം എന്നീ അസ്ത്രങ്ങളും, നൈരൃതങ്ങളായ അസ്ത്രങ്ങളും, പിന്നെ എന്റെ കൈവശമുള്ള എല്ലാ അസ്ത്രങ്ങളും നീ പഠിച്ചാലും.' എന്നോട് ഇപ്രകാരം പറഞ്ഞ് ഇന്ദ്രൻ അവിടെത്തന്നെ മറഞ്ഞു.

പിന്നെ അശ്വങ്ങളെപ്പൂട്ടിയ ഇന്ദ്രമഹാരഥം കണ്ടു. മാതലിയാൽ തെളിക്കപ്പെടുന്ന ആ ദിവ്യരഥം എന്റെ മുമ്പിൽ വന്നുനിന്നു. ലോകപാലകന്മാർ പോയതിന്നുശേഷം മാതലി എന്നോടു പറഞ്ഞു: ഹേ ധനഞ്ജയാ! നിന്നെക്കാണുവാൻ ദേവരാജൻ കാത്തിരിക്കുന്നു. മഹാദ്യുതേ, ഭവാൻ സിദ്ധനായാലും! കാര്യങ്ങൾ ഭവാൻ നിർവ്വഹിച്ചാലും! ഉടലോടുകൂടി സ്വർഗ്ഗത്തിലെത്തി ഭവാൻ പുണ്യലോകങ്ങൾ സന്ദർശിക്കുക. സാക്ഷാൽ സഹസ്രാക്ഷൻ നിന്നെക്കാണുവാൻ ആഗ്രഹിക്കുന്നു. ഇപ്രകാരം മാതലി പറഞ്ഞപ്പോൾ ഹിമാദ്രിയോടു യാത്രപറഞ്ഞ് ഞാൻ രഥത്തെ പ്രദക്ഷിണംവെച്ച് ആ ദിവ്യരഥത്തിൽക്കയറി. മനോജവമായ ആ രഥത്തെ മാതലി ഓടിച്ചു. ഹയതത്ത്വജ്ഞനായ മാതലി തേരോടിക്കവേ എന്റെ മുഖത്തേക്കുനോക്കി തേരിളകുമ്പോൾ വിസ്മയത്തോടെ എന്നോടു പറഞ്ഞു. ആശ്ചര്യവും അത്ഭുതവുമായി എനിക്കു തോന്നുന്നു ഭവാന്റെ സ്ഥിതി. ദിവ്യമായ ഈ തേരിൽക്കയറിയിട്ടും ഭവാന് ഒരു കുലുക്കവും കാണാത്തതു കാണുമ്പോൾ. ദേവേന്ദ്രൻ തന്നെ അശ്വങ്ങൾ ആദ്യം കുതിക്കുന്ന സമയത്തു ചലിക്കുന്നത് പലപ്രാവശ്യവും കണ്ടിട്ടുള്ളതാണ്. ഭവാനാകട്ടെ, തേരിളകുന്ന സമയത്തും നേരേ നില്ക്കുകയാണ്. ഈ നില്പ് ഇന്ദ്രനേക്കാൾ മെച്ചം കാണിക്കുന്നതായി എനിക്കു തോന്നുന്നു എന്നു പറഞ്ഞ് മാതലി നഭസ്സിലേക്ക് രഥം ഉയർത്തി ഓടിച്ചു. പോകുന്ന വഴിക്ക് ദേവഗൃഹങ്ങളേയും വിമാനങ്ങളേയും ഒക്കെ കാണിച്ചുതന്നു. അശ്വങ്ങൾപൂട്ടിയ ആ ഉത്തമരഥം വീണ്ടും വീണ്ടും പൊങ്ങി. വാനോരും മാമുനിമാരും അഭിവാദ്യം ചെയ്തു. ഞാൻ ധാരാളം സുരർഷികളുടെ ലോകം കണ്ടു. ഓജസ്സേറിയ ഗന്ധർവ്വാപ്സരോമാഹാത്മ്യങ്ങളേയും കണ്ടു. ദേവന്മാരുടെ പൂവനങ്ങളും ഉപവനങ്ങളും കണ്ടു. ഇവയെല്ലാം മാതലി എനിക്കു കാട്ടിത്തന്നു.

പിന്നെ ഇന്ദ്രപുരിയായ അമരാവതി കണ്ടു. ദിവ്യമായ വൃക്ഷങ്ങൾ, കാമഫലങ്ങൾ നല്കുന്നതും രത്നംചേർന്നു ശോഭിക്കുന്നതുമായ ഇടം കാട്ടിത്തന്നു. അവിടെ സൂര്യന്നു ചൂടില്ല, ശീതബാധയില്ല, ഉഷ്ണക്ലമമില്ല, പൊടിപടലമില്ല, ജരയില്ല, രജോബാധയില്ല, ശോകവും ദൈന്യവുമില്ല, ദുർബ്ബലതയില്ല, ദേവകൾക്ക് അവിടെ വാട്ടമില്ല, ക്രോധങ്ങളും ലോഭങ്ങളുമില്ല, ജീവജാലങ്ങൾ നിത്യതുഷ്ടമാണ്. വൃക്ഷങ്ങൾ നിത്യപുഷ്പങ്ങളും, നിത്യഫലങ്ങളും, പച്ചില നിറഞ്ഞതുമാണ്. പത്മസൗഗന്ധികമുള്ള പലമാതിരി പൊയ്കകൾ ശോഭിക്കുന്നു. അവയെ തലോടി കുളിർഗന്ധം വഹിച്ചു ശുചിയായും സുഖമായും മാരുതൻ വീശുന്നു. പുഷ്പം ചിന്നി സർവ്വരത്നചിത്രയായി ഭൂമി ശോഭിക്കുന്നു. പലതരം മനോഹരമായ പക്ഷികൾ! എല്ലാം മധുരമായി പാടുന്നു. ഇവയെല്ലാം ആകാശത്ത് പോകുന്നേടത്തു വഴിക്കു സുലഭമായി വിമാനത്തിൽ ഇരുന്നു കാണാമായിരുന്നു.

വസുക്കളേയും, രുദ്രന്മാരേയും, സാദ്ധ്യന്മാരേയും, മരുത്തുക്കളേയും, ആദിത്യന്മാരേയും, അശ്വികളേയും ഞാൻ കണ്ടു വന്ദിച്ചു. അവർ എനിക്ക് ആശിസ്സുകൾ നല്കി. അസ്ത്രം, സംഗ്രാമവിജയം, ബലം, വീര്യം, തേജസ്സ്, യശസ്സ് എന്നിവയുണ്ടാകട്ടെയെന്ന് എന്നെ അനുഗ്രഹിച്ചു. ദേവഗന്ധർവ്വന്മാർ പൂജിക്കുന്ന ആ ദിവ്യമായ പുരിയിൽ ഞാൻ പ്രവേശിച്ചു. സാക്ഷാൽ സഹസ്രാക്ഷനായ ഇന്ദ്രനെ ഞാൻ കണ്ടു. കൈ കൂപ്പി നമസ്കരിച്ചു. പ്രഭുവായ വാസവൻ എന്നെ പിടിച്ച് സ്വന്തം ആസനത്തിലിരുത്തി. അർദ്ധാസനം എനിക്കു നല്കി. ബഹുമാനത്തോടുകൂടി എന്റെ ദേഹം തലോടി. ദേവഗന്ധർവ്വന്മാരോടുകൂടി ഞാൻ (ഭൂരിദക്ഷിണമായ) അസ്ത്രത്തിന്നായി പാർത്ത് അസ്ത്രാഭ്യാസം തുടങ്ങി. വിശ്വാവസുസുതനായ ചിത്രസേനൻ എന്റെ തോഴനായി. എന്നെ ഗാന്ധർവ്വമൊക്കെ അവൻ ഗ്രഹിപ്പിച്ചു. ഞാൻ അവിടെ അസ്ത്രം ഗ്രഹിച്ചു മാനിതനായി വസിച്ചു. സുഖമായി ഇന്ദ്രമന്ദിരത്തിൽ എല്ലാ കാമങ്ങളും അനുഭവിച്ചു വസിക്കുമ്പോൾ സംഗീതവും

digitized by www.sreyas.in

ധീരമായ ഭേരീനാദവും കേട്ട് ഞാൻ സ്വർഗ്ഗത്തിലെ അതിസുന്ദരിമാരായ അപ്സരസ്ത്രീകൾ ചെയ്യുന്ന നൃത്തങ്ങളും കണ്ടു. അതൊന്നും വകവയ്ക്കാതെ, മനസ്സ് മറ്റൊന്നിലും തെറ്റിപ്പോകാതെ അസ്ത്രങ്ങളിൽത്തന്നെ മനസ്സു ചെലുത്തി ശ്രദ്ധയോടെ പാർത്തു പോന്നു. എന്റെ തീക്ഷ്ണമായ അസ്ത്രശ്രദ്ധ കണ്ട് വാസവൻ സന്തോഷിച്ചു. ഇങ്ങനെ സ്വർഗ്ഗത്തിൽ ഇത്രകാലം കഴിഞ്ഞപ്പോൾ ഞാൻ കൃതാസ്ത്രനായിത്തീർന്നു. ഇന്ദ്രൻ കൈ രണ്ടും എന്റെ തലയിൽവെച്ച് എന്നോട് അനുഗ്രഹത്തോടെ പറഞ്ഞു: 'നീ ഇനി പോരിൽ അമരഗണങ്ങൾക്കുപോലും അജയ്യനായി ഭവിക്കും. അകൃതാത്മാക്കളായ മർത്ത്യർക്കു ഭൂമിയിൽ നിന്നോട് എന്തുചെയ്യുവാൻ കഴിയും? അപ്രമേയനും, അധൃഷ്യനുമായ നീ പോരിൽ അതുല്യനായി ശോഭിക്കും.' പിന്നേയും ദേവൻ സസന്തോഷം തുടർന്നു പറഞ്ഞു: 'അസ്ത്രയുദ്ധത്തിൽ നിന്നോടു തുല്യനായി ആരുമില്ല; തീർച്ചയാണ്. ഒട്ടും തെറ്റപറ്റാത്തവനും, ദക്ഷനും, സത്യവാദിയും, ജിതേന്ദ്രിയനും, ബ്രാഹ്മണ്യനും, ശൂരനും, അസ്ത്രജ്ഞാനിയുമാണ് നീ. കുരുശ്രേഷ്ഠ! ഇപ്പോൾ നീ പതിനഞ്ച് അസ്ത്രങ്ങൾ സമ്പാദിച്ചിരിക്കുന്നു. അഞ്ചുവിധിയിങ്കലും ഹേ പാർത്ഥ! നിന്നോടു കിടയായി ഒരുത്തനുമില്ല. പ്രയോഗം, ഉപസംഹാരം, ആവർത്തനം, പ്രായശ്ചിത്തം, പ്രതീഘാതം ഇവയൊക്കെ നിനക്കു വശമായിരിക്കുന്നു. ഹേ പരന്തപാ! ഇനി ഗുരുദക്ഷിണ നല്കേണ്ട കാലമായിരിക്കുന്നു. നീ സത്യം ചെയ്യുക 'അതു സാധിക്കുന്നതിന്നു വേണ്ടതെന്തെന്നു പിന്നെ ഞാൻ പറയാം.'

ഇന്ദ്രൻ ഇപ്രകാരം പറഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തോട് അറിയിച്ചു: 'എനിക്കു കഴിവുള്ളതേതും ഞാൻ ചെയ്യുവാൻ സന്നദ്ധനാണ്.'

ഉടനെ വലവൃത്രാരിയായ ദേവൻ മന്ദസ്മിതത്തോടെ എന്നോടു പറഞ്ഞു: "നിനക്കു കഴിയാത്ത ഒരു കാര്യവും ഇന്ന് ഈ മൂന്നുലോകത്തിലുമില്ല. നിവാതകവചന്മാർ എന്ന് അറിയപ്പെടുന്ന എന്റെ ശത്രുക്കളായ ദാനവന്മാർ സമുദ്രകുക്ഷിദുർഗ്ഗത്തിൽ പാർത്തുവരുന്നുണ്ട്. സമരൂപബലന്മാരായ അവർ മൂന്നു കോടിയുണ്ട്. അവിടെച്ചെന്ന് അവരെ കൊല്ലണം. അതാണ് പാർത്ഥാ, എനിക്കുള്ള ഗുരുദക്ഷിണ."

പിന്നെ മാതലി കൂട്ടിച്ചേർത്തതും മയിൽപ്പീലിനിറമുള്ള അശ്വങ്ങളെ കെട്ടിയതും, പ്രശോഭിക്കുന്നതുമായ ഒരു ദിവ്യരഥം എനിക്കു നല്കി. ഈ ശിരസ്സിലിരിക്കുന്ന ഉത്തമമായ കിരീടം എന്റെ മൗലിയിൽ ബന്ധിച്ചു. സ്വരൂപത്തിന് ചേർന്നവിധം അംഗഭൂഷണം നല്കി. ശരീരത്തിലണിഞ്ഞാൽ സുഖം തോന്നിക്കുന്ന അഭേദ്യമായ ഈ കവചത്തേയും നല്കി. മുറിയാത്ത ഞാണും, ഗാണ്ഡീവത്തിൽ കെട്ടി. പിന്നെ ആ ദിവ്യവും ശോഭനവുമായ രഥത്തിൽക്കയറി ഞാൻ പുറപ്പെട്ടു. ആ തേരിലേറിയാണ് പണ്ട് ഇന്ദ്രൻ മഹാബലിയെ ജയിച്ചത്.

രഥഘോഷം കേട്ടപ്പോൾ ദേവകളെല്ലാം ഇന്ദ്രന്റെ വരവാണെന്നു തെറ്റിദ്ധരിച്ചു. എന്നെക്കണ്ടിട്ട് അവർ ചോദിച്ചു: 'ഹേ അർജ്ജുന! ഇപ്പോൾ എന്തിനാണ് ഭവാന്റെ പുറപ്പാട്?' അവരോടു ഞാൻ പറഞ്ഞു: 'നിവാതകവചന്മാരെ കൊല്ലുവാൻ ഞാൻ പോവുകയാണ്. നിങ്ങൾ എന്നെ അനുഗ്രഹിക്കുവിൻ!'

ഉടനെ അവർ എന്നെ ഇന്ദ്രനെയെന്നപോലെ വന്ദിച്ച് ശുഭം ആശംസിച്ചു: 'ഈ തേരിലേറിയാണ് പണ്ട് ഇന്ദ്രൻ ശംബരനെ വെന്നത്. വലൻ, നമുചി, വൃത്രൻ, പ്രഹ്ളാദൻ, നരകൻ മുതലായവരെ, അനേകലക്ഷം സൈന്യങ്ങളോടുകൂടിയ ദൈത്യവീരന്മാരെ, വാസവൻ പോരിൽ വെന്നത് ഈ തേരിൽക്കയറിയിട്ടാണ്. നീയും ഈ തേരിൽക്കയറി ഹേ പാർത്ഥ! നിവാതകവചന്മാരെ പോരിൽ വെല്ലും. പണ്ട് ഇന്ദ്രൻ വിക്രമത്തോടെ അസുരസംഹാരം ചെയ്തതുപോലെ ദാനവന്മാരെ വെല്ലുവാൻ നിനക്കു ചേർന്ന ശംഖ് ഇതാ നല്കുന്നു. മാന്യനായ സുരാധിപൻ ലോകങ്ങളെ വെന്നത് ഈ ശംഖുകൊണ്ടാണ്' എന്നു പറഞ്ഞ് ദേവന്മാർ എനിക്കു ദേവദത്തം എന്ന ജലോത്ഭവമായ ശംഖു നല്കി. വാനവന്മാർ ഇപ്രകാരം പുകഴ്ത്തിപ്പറയുന്നതിനിടയിൽ ഞാൻ ആ ശംഖു സ്വീകരിച്ചു.

ശംഖും, കവചവും, വില്ലും, അമ്പും കൈക്കൊണ്ട് ഞാൻ അത്യുഗ്രമായ ദാനവമന്ദിരത്തിൽ പോരാടുവാൻ പുറപ്പെട്ടു."

169. യുദ്ധാരംഭം - നിവാതകവചയുദ്ധം - അർജ്ജുനൻ പറഞ്ഞു: "മഹർഷിമുഖ്യന്മാർ എന്നെ എല്ലായിടത്തും ഇരുന്നു പ്രശംസിച്ചു. ഞാൻ ജലം നിറഞ്ഞുകിടക്കുന്ന സമുദ്രത്തെ ചെന്നു കണ്ടു. നുര ചിന്നിച്ചിതറിയും കൂടിച്ചേർന്നു പൊങ്ങിയും തിരമാലകൾ ചാഞ്ചാടുന്ന കുന്നുകൾപോലെ കാണപ്പെട്ടു. അതിൽ രത്നം നിറച്ച കപ്പലുകൾ അസംഖ്യമുണ്ടായിരുന്നു. തിമിംഗലങ്ങളും കൂർമ്മങ്ങളും മകരങ്ങളും മറ്റും അധിവസിക്കുന്നു. വെള്ളത്തിൽ എല്ലായിടത്തും അസംഖ്യം ശംഖുകളും ചെറുകാർ മൂടിയതിന്നുള്ളിൽ നക്ഷത്രങ്ങൾ എന്നപോലെ വിളങ്ങി. ഇപ്രകാരം അസംഖ്യം രത്നങ്ങൾ അതിൽ ഒഴുകുന്നു. കൊടുങ്കാറ്റിളകുമ്പോൾ കടൽ അത്ഭുതകരമായി തോന്നും. ഇങ്ങനെ ശക്തിമഹാസമുദ്രം കണ്ട് ഞാൻ അടുത്തു. പിന്നെ അസുരന്മാർ ചൂഴുന്ന ദൈത്യപട്ടണം കണ്ടു. കരയ്ക്ക് മാതലി രഥം നിർത്തി. പിന്നെ രഥയോഗജ്ഞനായ മാതലി രഥം തേരൊലിയാൽ ലോകം ത്രസിപ്പിക്കുമാറ് ഓടിച്ച് ആ പുരിയുടെ മുകളിലെത്തി. ആകാശത്തിൽ മേഘനിർഘോഷംപോലെ തേരൊലിയുണ്ടാക്കി. ദാനവന്മാർ എന്നെക്കണ്ട് ഇന്ദ്രനാണെന്നു വിചാരിച്ചു സംഭ്രമിച്ചു. എല്ലാ ദാനവന്മാരും അമ്പും വില്ലും കൈയിലെടുത്തു നിന്നു. അപ്രകാരം തന്നെ ശൂലം, മഴു, വാൾ, മുസലം, ഗദ എന്നിവയേന്തിയെങ്കിലും ധൈര്യമില്ലാതെ അവർ ഓടി അകത്തു കടന്നു വാതിലടച്ച് പുരരക്ഷയുറപ്പിച്ചു. അവിടെ ഒരാളേയും കാണുവാൻ കഴിഞ്ഞില്ല.

ഉടനെ ഞാൻ ദേവദത്തം എന്ന ശംഖെടുത്ത് ശബ്ദഘോഷമുണ്ടാക്കി. ആ ശബ്ദം അംബരം തിങ്ങി പ്രതിദ്ധ്വനിയുണ്ടാക്കി. ഉടനെ മഹാഭൂതങ്ങളുംകൂടി ഭയപ്പെട്ട് ഓടിയൊളിച്ചു.

അപ്പോൾ മോടിയോടുകൂടിയ നിവാതകവചന്മാർ പുറപ്പെട്ടു. വിവിധമായ അസ്ത്രങ്ങൾ ധരിച്ചവർ, ചട്ടയിട്ടവർ, വിചിത്രായുധങ്ങൾ ധരിച്ചവർ, ഇരുമ്പുശൂലം ധരിച്ചവർ, ഗദയെടുത്തവർ, പരിഘങ്ങളേന്തിയവർ, പട്ടസങ്ങളും, കരവാളങ്ങളും, ചക്രങ്ങളും, മുസൃണ്ഠികളും, മുൾത്തടികളും, പൊന്നണിഞ്ഞ വാളുകളും ഏന്തിയവരായ അസംഖ്യം ദൈത്യന്മാർ വെളിയിലേക്കു വന്നു. രഥമാർഗ്ഗം പല മട്ടിൽ നടത്തിയതിന്നുശേഷം സമുദ്രഭൂമിയിലേക്ക് മാതലി ഹയങ്ങളെ ഓടിച്ചു. അവൻ അശ്വങ്ങളെ വേഗത്തിൽ ആട്ടിവിട്ടപ്പോൾ അതിവേഗം മൂലം എനിക്ക് ഒന്നും കാണുവാൻ കഴിയാതായി. അത് ഒരു മഹാത്ഭുതമായി എനിക്കു തോന്നി. ഉടനെ ആ ദാനവന്മാർ പലതരം വാദിത്രങ്ങൾകൊണ്ടു വികൃതസ്വരത്തിൽ പലതരം ശബ്ദമുണ്ടാക്കി. ആ ശബ്ദം മൂലം സമുദ്രത്തിൽ അസംഖ്യം മത്സ്യങ്ങൾ മലപോലെ ചത്തുപൊങ്ങി ഒഴുകുന്നതായി കാണപ്പെട്ടു.

ഉടനെ ദാനവന്മാർ എന്റെ നേരെ ഊക്കോടെ അടുത്തു. അവർ നൂറും ആയിരവും ബാണങ്ങൾ എന്റെ നേരെ വർഷിച്ചു. ഞാനും അപ്രകാരം ശരവർഷം തുടർന്നു. ഘോരമായ പോരാട്ടം നടന്നു. നിവാതകവചന്മാരെ ഒടുക്കുവാൻ പോരുന്ന ആ പോരാട്ടം കാണുവാൻ ബ്രഹ്മർഷിസിദ്ധന്മാർകൂടി വന്നുചേർന്നു. അവിടെനിന്ന് യഥായോഗ്യം, യഥാവസരം, ജയാർത്ഥികളായ ആ മുനിമാർ ഇന്ദ്രനെയെന്നവണ്ണം എന്നെ പുകഴ്ത്തി."

170. നിവാതകവചവധം - അർജ്ജുനൻ പറഞ്ഞു: "അല്ലയോ ഭാരത! ഉടനെ ശക്തരായ ആ നിവാതകവചന്മാരെല്ലാം ആയുധവുമായി എന്റെ നേരെ പാഞ്ഞടുത്തു. തേരിന്റെ വഴിമുട്ടിച്ച് ഭയങ്കരശബ്ദത്തിൽ ആർത്ത് എല്ലാടവും വളഞ്ഞ് എന്റെ നേരെ ശരവർഷം ചൊരിഞ്ഞു. വേറെ ചില മഹാവീര്യന്മാർ, ശൂലം, പട്ടസം, മുസൃണ്ഠി മുതലായവയെടുത്ത് എന്റെ നേരെ പ്രയോഗിച്ചു. വേലും ഗദകളും ചേർന്ന ശൂലവർഷം അത്ഭുതജനകമായിരുന്നു. അവർ വിടുന്ന ആയുധാസ്ത്രങ്ങളെല്ലാം തേരിൽ

digitized by www.sreyas.in

അനവരതം വീണുകൊണ്ടിരുന്നു. വേറെ ഒരു വിഭാഗം നിവാത കവചർ പോരിന്നായി എന്റെനേർക്കു വന്നുകയറി. കാലന്മാരെപ്പോലെ ഭയങ്കരന്മാരായ കാലകേയന്മാർ കൂർത്ത ശസ്ത്രാസ്ത്രങ്ങൾ എന്റെ നേരേ തൂകി. ഊക്കോടെ ഞാൻ വിടുന്ന ഗാണ്ഡീവോത്ഥമായ ശരങ്ങളാൽ ഓരോന്നുകൊണ്ടും പതിപ്പത്തുപേരെ ഞാൻ പ്രഹരിച്ചു. ഞാൻ എയ്ത മൂർച്ചയുള്ള അമ്പുകൊണ്ട് സഹിക്കാതെ ചിലർ പിൻതിരിഞ്ഞ് ഓടി. അതിവേഗത്തിൽ മാതലി ഓടിക്കുന്ന അശ്വങ്ങൾ വായുവേഗത്തിൽ പല മാർഗ്ഗത്തിലും സഞ്ചരിച്ചു. മാതലി പ്രേരിപ്പിച്ചുകൊണ്ടിരിക്കെ, ഞാൻ പല ദൈത്യന്മാരെയും മർദ്ദിച്ചുവീഴ്ത്തി. എന്റെ അമ്പുതറച്ച നൂറായിരം ദൈത്യന്മാർ ചത്തുവീണു. കുതിരയുടെ ചവിട്ടേറ്റും, രഥചക്രം കയറിയും അനവധിപേർ ചതഞ്ഞു ചത്തു. കൈയിൽ വില്ലുപിടിച്ചു ചിലർ ചത്തുവീണു. സൂതൻ ചത്തവരായ ചിലരെ അനിയന്ത്രിതരായ അശ്വങ്ങൾ വലിച്ചുപാഞ്ഞു.

ദിക്കുകളേയും, വിദിക്കുകളേയും മൂടിക്കൊണ്ട് ആയുധമേന്തി നില്ക്കുന്ന അവർ പല ശസ്ത്രങ്ങളും പ്രയോഗിച്ചു. അതിൽ എന്റെ ഉള്ളു തെല്ലൊന്ന് ഉഴന്നുപോയി. ഈ സമയത്ത് മാതലിയുടെ വീര്യംകണ്ട് ഞാൻ അത്ഭുതപ്പെട്ടു. അപ്രകാരം അതിവേഗമുള്ള അശ്വങ്ങളെ അവൻ നിർത്തിപ്പിടിച്ചു. പിന്നെ താമസിക്കാതെ വിചിത്രാസ്ത്രങ്ങൾകൊണ്ടു ഞാൻ അനവധി അസുരേന്ദ്രന്മാരെ നൂറുകണക്കിന്നും ആയിരക്കണക്കിന്നും ആയുധത്തോടുകൂടി അറുത്തുവിട്ടു.

ഇപ്രകാരം സർവ്വശക്തിയും പ്രയോഗിച്ച് ഞാൻ രണത്തിൽ ചുറ്റുമ്പോൾ മാതലി എന്നിൽ പ്രീതനായിത്തീർന്നു. അനവധി പേർ കുതിരയുടെ ചവിട്ടേറ്റും ചക്രത്തിൽപ്പെട്ടും ചതഞ്ഞരഞ്ഞുപോയി. ചിലർ ശരങ്ങളേറ്റ് പൊറുതിമുട്ടി ഓടിത്തുടങ്ങി. ചിലർ ക്രോധം മൂത്ത് എന്റെ നേരേ ശരങ്ങൾ കഠിനമായി വർഷിച്ചു.

പിന്നെ ക്ഷണത്തിൽ ഞാൻ വിചിത്രമായ ബ്രഹ്മാസ്ത്രത്തെ കൈയിലെടുത്തു ജപിച്ചുവിട്ടു. അതേറ്റ് നൂറും ആയിരവും കൊല്ലപ്പെട്ടു. ഭയങ്കരമായ പീഡയിൽപ്പെട്ടു ചൊടിച്ച് ആ മഹാരഥന്മാർ ശൂലം, വാൾ മുതലായവ പ്രയോഗിച്ച് എന്നെ വല്ലാതെ പീഡിപ്പിച്ചു. പിന്നെ ഉഗ്രതേജസ്സുള്ള പരമാസ്ത്രത്തെ എടുത്തു. അത് ഇന്ദ്രന്ന് ഇഷ്ടപ്പെട്ട മാധവാസ്ത്രമായിരുന്നു. പെട്ടെന്നു തോമരം, ശൂലം, വാൾ എന്നിവ അസംഖ്യമെടുത്ത് എന്റെ നേരെ നീട്ടി. എന്നാൽ അവയെല്ലാം നിമിഷംകൊണ്ടു നുറുക്കപ്പെട്ടു. ആയുധങ്ങൾ അറുത്തുവിട്ടതിന്നുശേഷം ചുറ്റും നില്ക്കുന്ന അവരെ പതിപ്പത്തു ശരങ്ങൾകൊണ്ടു കോപത്തോടെ പ്രഹരിച്ചു. ഉടനെ കടുന്നൽക്കൂട്ടംപോലെ ഗാണ്ഡീവത്തിൽനിന്നു പുറപ്പെട്ട മഹാബാണങ്ങൾ ചാടുമ്പോൾ മാതലി ഭേഷ്! ഭേഷ്! എന്നു പറഞ്ഞു പ്രശംസിച്ചു. ആ അസുരന്മാരുടെ ബാണങ്ങൾ ഓരോന്നും വരുമ്പോൾ മാതലി അതിനേയും പ്രശംസിച്ചു. ഊക്കോടുകൂടി എന്റെ ദേഹത്തിൽ പതിക്കുന്ന ഓരോ അസ്ത്രവും ഇടയ്ക്കുവച്ച് ഞാൻ ഛിന്നഭിന്നമാക്കി.

ഞാൻ ഇങ്ങനെ സംഹാരം നടത്തിക്കൊണ്ടിരിക്കുമ്പോൾ നിവാതകവചന്മാർ ചുറ്റുംനിന്ന് എന്റെ നേരെ മഹാബാണവർഷം ചൊരിഞ്ഞ് എന്നെ തടഞ്ഞു. വളരെയധികം ശസ്ത്രാസ്ത്രനിരയെ ഞാൻ തടുത്തു. അവരിൽ പലരേയും ജ്വലിക്കുന്ന അസ്ത്രനിരയാൽ പിളർന്നു. മുറിപ്പെട്ടവരുടെ ദേഹങ്ങളിൽനിന്നു രക്തം പ്രവഹിച്ചു. മഴക്കാലത്ത് ചെഞ്ചോല ചാടുന്ന അദ്രിശൃംഗങ്ങൾ പോലെ രക്തം പ്രവഹിച്ചു. ഇടിത്തീപോലെ ഊക്കിൽ നേർക്കു പായുന്ന എന്റെ ശരങ്ങളാൽ ദാനവന്മാർ ഉദ്വിഗ്നരായി. നൂറായി പിളർന്ന ദേഹത്തോടുകൂടി ശസ്ത്രൗജസ്സുകൾകെട്ട അവർ ഞാനുമായി മായായുദ്ധം തുടങ്ങി."

171. മായായുദ്ധം - ദാനവന്മാരുടെ മായായുദ്ധം -

അർജ്ജുനൻ പറഞ്ഞു: "ഹേ, ഭാരത! അപ്പോഴേക്കും ഭയങ്കരമായ ശിലാവർഷം ചുറ്റുമുണ്ടായി. മലപോലെയുള്ള വലിയ പാറകൾ വന്നുവീഴാൻ തുടങ്ങി. ആ ശിലാവർഷംമൂലം ഞാൻ പീഡിതനായി. ആ മഹാരണത്തിൽ ഞാൻ വജ്രപ്രായമായ മഹേന്ദ്രാസ്ത്രം ജപിച്ച് എയ്ത് ശിലാവർഷത്തെ പൊടിച്ചുകളഞ്ഞു. അശ്മവർഷത്തെ പൊടിയാക്കി തൂളിക്കുവാൻ തുടങ്ങിയപ്പോൾ അഗ്നി പുറപ്പെട്ടു. പാറയുടെ പൊടികൾ തീപ്പൊരികളായി വീണു തുടങ്ങി. അശ്മവർഷം ശമിച്ചപ്പോൾ ജലവർഷമുണ്ടായി. ചൂതിനൊക്കുന്ന ജലധാരയുണ്ടായി. ആ ജലധാര ദിക്കുകളേയും വിദിക്കുകളേയും മൂടുംവിധം ചൊരിഞ്ഞു. ധാരാനിപാതത്താലും കൊടുംകാറ്റിനാലും ദൈത്യരുടെ ഗർജ്ജനംകൊണ്ടും ഒന്നും അറിയാത്ത മട്ടിലായി. ആകാശത്തും ഭൂമിയിലും എല്ലായിടത്തും കൂടുന്ന ജലധാര എപ്പോഴും ഭൂമിയിൽ വീണ് എന്നെ ഏറ്റവും വ്യാമോഹിപ്പിച്ചു. അപ്പോൾ ഇന്ദ്രൻ പഠിപ്പിച്ച 'വിശേഷണ' മെന്ന അസ്ത്രം വിട്ടു. മഹാഘോരവും ദീപ്തവുമായ ആ ശരത്താൽ ജലമൊക്കെ വറ്റി. അശ്മവർഷം തകർക്കുകയും അംബുവർഷം വറ്റിച്ചുവിടുകയും ചെയ്കയാൽ അഗ്നികൊണ്ടും വായുകൊണ്ടുമുള്ള മായകൾ ദാനവന്മാർ വിടുകതന്നെ ചെയ്തു. ഉടനെ സലിലാസ്ത്രം പ്രയോഗിച്ച് അഗ്നിയൊക്കെ ഞാൻ കെടുത്തി. ശൈലം എന്ന മഹാസ്ത്രംകൊണ്ട് വായുവേഗത്തെ ഞാൻ നിറുത്തി. അതും നിന്നപ്പോൾ ദുർമ്മദം കൊണ്ടവരായ ദാനവന്മാർ പല മായകൾ ഒന്നിച്ചു കൂട്ടിവിട്ടു. ഉടനെ രോമാഞ്ചപ്രദമായവിധം ഘോരമായ അസ്ത്രനിരയും തീയും കാറ്റും പാറയുമായി വർഷമുണ്ടായി. ആ മായാവൃഷ്ടി സംഗരത്തിൽ എന്നെ പീഡിപ്പിച്ചു. അപ്പോഴേക്കും കൂരിരുട്ടുണ്ടായി. ലോകമാകെ ഭയങ്കരമായ കൂരിരുട്ടിൽ മുങ്ങി. തന്മൂലം അശ്വങ്ങൾ പിന്മാറുകയും മാതലി ഇടറിപ്പോവുകയും ചെയ്തു. സ്വർണ്ണച്ചമ്മട്ടി മാതലിയുടെ കൈയിൽ നിന്നു താഴെ വീണുപോവുകയും ചെയ്തു. മാതലി ഭയപ്പെട്ടു. പാർത്ഥാ, അങ്ങ് എവിടെയാണ്? എന്നു ചോദിച്ചുപോയി. ഭരതർഷഭ! അദ്ദേഹം മോഹമാർന്നപ്പോൾ ഞാനും നന്നേ ഭയപ്പെട്ടുപോയി. ജ്ഞാനം നശിച്ച അവൻ എന്നോട് ഇപ്രകാരം ഭയചകിതനായി പറഞ്ഞു: 'ഭയങ്കരമായ ദേവാസുരമഹായുദ്ധങ്ങൾ പലതും പണ്ടുണ്ടായിട്ടുണ്ട്. അമൃതത്തിനുവേണ്ടി നടന്ന യുദ്ധവും ഞാൻ കണ്ടിട്ടുണ്ട്. ശംബരാസുരനിഗ്രഹത്തിന്നുവേണ്ടിയുണ്ടായ യുദ്ധവും ഞാൻ കണ്ടിട്ടുണ്ട്. അതിലും ദേവേന്ദ്രനു സാരഥ്യം വഹിച്ചതു ഞാനാണ്. വൃത്രവധത്തിന്നുണ്ടായ യുദ്ധത്തിലും ഞാൻ സാരഥ്യം വഹിച്ചിട്ടുണ്ട്. മഹാബലിയോടുണ്ടായ യുദ്ധവും ഞാൻ കണ്ടിട്ടുണ്ട്. ഈ മഹാഘോരയുദ്ധങ്ങളിലൊക്കെ ഏർപ്പെട്ടിട്ടുള്ള ഒരുവനാണു ഞാൻ. എന്നാൽ അതിൽ ഒന്നിൽവച്ചും എനിക്കു ജ്ഞാനഭ്രംശമുണ്ടായിട്ടില്ല പാണ്ഡവാ! പിതാമഹൻ പ്രജകളെ സംഹരിക്കുകയാണ് ഈ കാണുന്നത്. തീർച്ചയാണ്, ലോകക്ഷയത്തിലല്ലാതെ ഇത്തരം രണം ഉണ്ടാവുകയില്ല.' അവന്റെ വാക്കുകൾ കേട്ടപ്പോൾ ഞാൻ ആത്മാവിനെ അടക്കി. ദാനവന്മാരുടെ ഉഗ്രമായ മായാശക്തിയെ പോക്കുവാൻ ഞാൻ മുതിർന്നു. ഉടനെ ഞാൻ ഭീതനായ മാതലിയോടു പറഞ്ഞു. 'ഭവാൻ എന്റെ കൈയൂക്കു കാണുക! അസ്ത്രപ്രാഭവവും ഗാണ്ഡീവത്തിന്റെ പ്രാഭവവും ഞാൻ കാട്ടിത്തരാം. ഇവരുടെ ഈ ഉഗ്രമായ മായകളൊക്കെ ഞാൻ അസ്ത്രമായകൊണ്ടു നീക്കിക്കളയാം! കണ്ടോളൂ. ഹേ, സൂത! ഭയപ്പെടാതെ എഴുന്നേറ്റിരിക്കുക.'

ഇപ്രകാരം പറഞ്ഞ് ഞാൻ അസ്ത്രങ്ങളാൽ അസ്ത്രമായയെ നീക്കുവാൻ തുടങ്ങി. ജീവജാലം മയങ്ങുമാറ് അമരന്മാർക്കു ഹിതത്തിന്നായി ഞാൻ മായാസ്ത്രംകൊണ്ട് മായയെ നീക്കി. അസുരന്മാരുടെ മായകൾ ഓരോന്നും കെടുവാൻ തുടങ്ങിയപ്പോൾ അവൻ പുതിയ മായകൾ ഓരോന്നും പ്രയോഗിക്കുവാൻ തുടങ്ങി. വീണ്ടും തെളിഞ്ഞു; വീണ്ടും ഇരുട്ടിൽപ്പെട്ടു. ലോകം കാണാതാവുകയും പിന്നെ വെള്ളത്തിൽ ആണ്ടുപോവുകയും ചെയ്തു. പ്രകാശമായപ്പോൾ മാതലി അശ്വഗ്രഹണം ചെയ്തു. ലോമഹർഷണമായതോതിൽ ശ്രേഷ്ഠമായ തേർ നടത്തി. ഉടനെ ഉഗ്രരായ നിവാതകവചർ എന്നോടടുത്തു. പഴുതുനോക്കി അവരെ കാലപുരിക്ക് ഞാൻ അയച്ചു. നിവാതകവചധ്വംസകരമായ ആ പോർ നടന്നുകൊണ്ടിരിക്കുമ്പോൾ മായാമറയിൽ ഞാൻ ആ ദൈത്യന്മാരെ ആരെയും കാണുകയുണ്ടായില്ല."

digitized by www.sreyas.in

172. നിവാതകവചയുദ്ധം – നിവാതകവചന്മാരുടെ സംഹാരം – അർജ്ജുനൻ പറഞ്ഞു: "കാണാതെനിന്നു മായാവിദ്യകൊണ്ട് ദൈത്യന്മാർ പൊരുതി. കാണാതെതന്നെ അസ്ത്രവീര്യത്താൽ ഞാൻ അവരോടേറ്റ് യുദ്ധം തുടങ്ങി. നന്നായി അസ്ത്രപ്രയോഗംകൊണ്ട്, ഗാണ്ഡീവം വിടുന്ന ശരങ്ങൾ അവർ നില്ക്കുന്ന ദിക്കിലെത്തി, ചുറ്റും നില്ക്കുന്നവരുടെ ശിരസ്സുകൾ മുറിച്ചുവീഴ്ത്തി. പോരിൽ ഞാൻ നിവാതകവചന്മാരെ തല ഖണ്ഡിച്ചു വീഴ്ത്താൻ തുടങ്ങിയപ്പോൾ മായയൊക്കെ സംഗ്രഹിച്ച് അവർ പുരത്തിന്റെ ഉള്ളിലേക്ക് ഓടിക്കയറി. അസുരന്മാർ പാഞ്ഞുപോയപ്പോൾ എല്ലാം തെളിഞ്ഞു കണ്ടു. നൂറും ആയിരവും ദൈത്യന്മാർ ചത്തുവീണുകിടക്കുന്നതായി ഞാൻ കണ്ടു. അവരുടെ ആയുധങ്ങളും ഭൂഷണങ്ങളുമൊക്കെ പൊട്ടിത്തകർന്നു കിടക്കുന്നതായും കണ്ടു. അസംഖ്യം ദേഹങ്ങളും ചട്ടകളും പരന്നു ചിന്നിക്കിടക്കുന്നു. കുതിരകൾക്കു കാൽവെക്കുവാൻപോലും പഴുതു കണ്ടില്ല. മേല്പോട്ടു ചാടി കുതിരകൾ ആകാശത്തിൽ പൊങ്ങിനിന്നു. ഉടനെ നിവാതകവചന്മാർ ആകാശം ചുറ്റും മൂടി. അദൃശ്യമായി വന്നുനിന്നു വലിയ മലകൾ വർഷിച്ചു.

ഘോരദൈത്യന്മാർ ഭൂമിയുടെ ഉള്ളിൽ ഒളിച്ചിരുന്നു. അവർ കുതിരകളുടെ കാലുകളിലും രഥത്തിന്റെ ചക്രങ്ങളിലും പിടികൂടി. പൊരുതിക്കൊണ്ടുനില്ക്കുന്ന എന്റെ കുതിരകളേയും തേരും പിടിച്ചു തേരോടുകൂടി പർവ്വതങ്ങളുമായി എന്നോട് അവർ പൊരുതി. വീഴുന്നതും വീണതുമായ ശൈലനിരയാൽ ഞാൻ നില്ക്കുന്ന ആ പ്രദേശം ഗുഹപോലെയായി. അശ്വങ്ങളെ നിറുത്തി, മലയാൽ മൂടിയ ഞാൻ വലിയ വിഷമത്തിൽപ്പെട്ടു. അതു മാതലി മനസ്സിലാക്കി. ഞാൻ ഭയപ്പെട്ടുപോയി എന്നറിഞ്ഞ് മാതലി എന്നോടു പറഞ്ഞു: 'ഹേ, അർജ്ജുനാ! അർജ്ജുനാ! പേടിക്കേണ്ട; വജ്രാസ്ത്രം എയ്യുക! അവന്റെ വാക്കുകേട്ടപ്പോൾ ഞാൻ വജ്രാസ്ത്രം പ്രയോഗിച്ചു. ദേവേന്ദ്രന്നു വളരെ ഇഷ്ടപ്പെട്ടതാണ് രാജാവേ, ആ അസ്ത്രം.' അചലസ്ഥിതി കണ്ട് ഗാണ്ഡീവത്തെ മന്ത്രിച്ചു. വജ്രത്തിന്നൊക്കുന്ന തീക്ഷ്ണതരമായ ബാണങ്ങൾ ഞാൻ വർഷിച്ചു. ഉടനെ നിവാതകവചന്മാരിലും മായയിലും വജ്രചോദിതമായ ബാണങ്ങൾ വജ്രമായിച്ചെന്നുകയറി. വജ്രവേഗം ഏറ്റപ്പോൾ കുന്നുപോലെയുള്ള ദാനവന്മാർ തമ്മിൽ തട്ടിപ്പിണഞ്ഞ് ഭൂമിയിൽ വന്നു വീണു. ഭൂമിക്കുള്ളിൽ കടന്നിരുന്ന് അശ്വരോധം ചെയ്ത ദാനവന്മാരേയും ബാണങ്ങൾ കടന്നുചെന്നു സംഹരിച്ചു കാലപുരിയിലേക്കയച്ചു. വീഴുന്ന നിവാതകവചന്മാർ, കുന്നുപോലെ തടിച്ച ദാനവന്മാർ, ഭൂമിയിൽ ചിന്നിമൂടിയ പർവ്വതങ്ങൾപോലെ എല്ലായിടവും മൂടി. അശ്വങ്ങൾക്കു കേടൊന്നും പറ്റിയില്ല. തേരിന്നും മാതലിക്കും യാതൊരു പരിക്കുമേറ്റില്ല. എനിക്കും യാതൊരു കേടും പറ്റിയില്ല. അത് എല്ലാവരേയും അത്ഭുതപ്പെടുത്തി. ഉടനെ പുഞ്ചിരി തൂകി മാതലി എന്നോടു പറഞ്ഞു: 'ഹേ, അർജ്ജുന! നിന്നിൽക്കാണുന്ന ഈ വീര്യം ദേവന്മാർക്കുകൂടി ഇല്ലാത്തതാണ്.'

ദാനവന്മാർ മരിച്ചതിന്നുശേഷം അവരുടെ അസംഖ്യം ഭാര്യമാർ സരസ്സിൽ സാരസഗണംപോലെ പത്തനത്തിൽ വിലപിക്കുവാൻ തുടങ്ങി.

പിന്നെ മാതലിയോടുകൂടി ഞാൻ ആ പുരത്തിൽ കടന്നുചെന്നു. ചെല്ലുമ്പോഴുണ്ടായ രഥനേമീസ്വനം കേട്ട് ആ സ്ത്രീകൾ ഭയചകിതരായി. മയൂരനിറമായ പത്തുസഹസ്രം കുതിരകളെ കണ്ട്, സൂര്യാഭമായ തേരു കണ്ട് സ്ത്രീകൾ കൂട്ടമായി പാഞ്ഞ് ഓടിക്കളഞ്ഞു. പേടിയോടുകൂടി അവർ ഓടുമ്പോൾ ഉണ്ടായ ആഭരണങ്ങളുടെ കിലുക്കം മലയിൽ ശിലാജാലം വീഴുമ്പോഴുണ്ടാകുന്ന സ്വരം പോലെ മുഴങ്ങി. ഭയപ്പെട്ട ദൈത്യനാരികൾ അവരവരുടെ വിചിത്രരത്നഖചിതമായ സ്വർണ്ണഗൃഹങ്ങളിൽ ഓടിക്കയറി.

അത്ഭുതാകാരമായും സ്വർഗ്ഗത്തേക്കാൾ അത്ഭുതവുമായ ആ പുരം കണ്ട് ഞാൻ മാതലിയോടു ചോദിച്ചു. 'ഇത്തരം മനോഹരമായ പുരിയിൽ ദേവകൾ എന്താണു വാഴാതിരിക്കുന്നത്? പുരന്ദരപുരത്തേക്കാൾ മനോഹരമാണല്ലോ ഈ പുരം!'

മാതലി പറഞ്ഞു: "ഇതു പണ്ടു നമ്മുടെ ദേവേന്ദ്രന്റെ പുരമായിരുന്നു. ശക്തരായ നിവാതകവചന്മാർ ദേവന്മാരെ ഒഴിപ്പിച്ചു കീഴടക്കിയതാണ്. ഘോരമായ തപസ്സുചെയ്തു വിരിഞ്ചനെ പ്രസാദിപ്പിച്ച് പാർക്കുവാൻ ഈ പട്ടണവും വാനോരിൽനിന്ന് അഭയവും ഇവർ വാങ്ങി. സ്വയംഭൂവായ ഭഗവാനോട് ശക്രനും അർത്ഥിച്ചു: 'ആത്മാവിന്റെ ഹിതത്തിന്നായി അങ്ങിവർക്ക് അന്തം ഏകിയാലും.' അതുകേട്ട് ഭഗവാൻ 'തന്നിരിക്കുന്നു' എന്ന് അരുൾചെയ്തു. ദേഹാന്തരത്തിൽ നീ ഇവർക്കു ശത്രുവാകുന്നതാണ്. ഇവരെക്കൊല്ലുവാൻ ഇന്ദ്രൻ അങ്ങയ്ക്ക് അസ്ത്രങ്ങൾ നല്കിയതാണ്. നീ ഇപ്പോൾ കൊന്ന ദാനവന്മാർ ദേവന്മാർക്കും കൊല്ലുവാൻ കഴിയാത്തവരാണ്. കാലത്തിന്റെ പരിണാമത്താൽ പിന്നെ നീ ഇവർക്ക് അന്തകനായിത്തീർന്നു. അപ്രകാരം നീ നടത്തുകയും ചെയ്തു. ദാനവധ്വംസനത്തിന്നായി അസ്ത്രബലത്തേയും ഇന്ദ്രൻ നിന്നെ ഗ്രഹിപ്പിച്ചു. ഹേ പുരുഷേന്ദ്രാ! ഇത് അത്ഭുതം തന്നെ!'

അർജ്ജുനൻ പറഞ്ഞു: "പിന്നെ പുരപ്രശമനം ചെയ്ത്, ആ ദൈത്യന്മാരെ നിഗ്രഹിച്ച്, മാതലിയോടുകൂടി ഇന്ദ്രപുരത്തിലേക്കു മടങ്ങി."

173. ഹിരണ്യപുരദൈത്യവധം – അർജ്ജുനൻ പറഞ്ഞു: "തിരിച്ചുപോരുന്ന വഴിക്കുവെച്ച് ഞാൻ വേറെ ഒരു അത്ഭുതം ദർശിച്ചു. ദിവ്യവും അർക്കാഗ്നിപ്രകാശവും കാമഗവും ആയ ഒരു പുരമായിരുന്നു അത്. രത്നവൃക്ഷങ്ങളും മനോമോഹനസ്വരത്തോടുകൂടിയ പക്ഷികളും ചേർന്ന ആ മനോഹരപുരത്തിൽ പൗലോമരും കാലകേയന്മാരുമാണ് അധിവസിക്കുന്നത്. ഗോപുരം, കൊത്തളം, നാലു കോട്ടവാതിലുകൾ ഇവ ചേർന്നു സർവ്വരത്നമയമായി ശോഭിക്കുന്ന ആ പുരം ദിവ്യവും അത്ഭുതദർശനവുമായിരുന്നു.

പൂത്തും കായ്ച്ചും സർവ്വരത്നമയമായി ശോഭിക്കുന്ന വൃക്ഷങ്ങളിൽ മനോഹരവർണ്ണത്തിലുള്ള ദിവ്യഖഗങ്ങൾ പ്രശോഭിക്കുന്നു. അപ്രകാരമുള്ള വൃക്ഷങ്ങൾ ചുഴന്ന്, നിത്യസന്തുഷ്ടരായ അസുരന്മാർ അധിവസിക്കുന്നതും ശൂലം, ഋഷ്ടി, മുസലം, വില്ല്, മുൾത്തടി എന്നിവയെടുത്ത് എല്ലായിടത്തും ഭടന്മാർ നിറഞ്ഞതും അത്ഭുതാകാരമായതുമായ ആ ദൈത്യപത്തനത്തെ ഞാൻ കണ്ടു. ഞാൻ മാതലിയോട് ഈ കാണുന്ന അത്ഭുതം എന്താണെന്നു ചോദിച്ചു."

മാതലി പറഞ്ഞു: "കാലകേയരിൽപ്പെട്ട പുലോമ എന്ന ദൈത്യസ്ത്രീ ദിവ്യമായ ആയിരം സംവത്സരം ഘോരമായ തപസ്സു ചെയ്തു. തപസ്സുകൊണ്ടു പ്രസാദിച്ച് ബ്രഹ്മാവ് അവൾക്കു വരം നല്കി. പുത്രന്മാർക്കു ദുഃഖമില്ലായ്മയും സുരന്മാരാലും ഉരഗവർഗ്ഗങ്ങളാലും അസുരന്മാരാലും അവദ്ധ്യത്വവും അവൾ പിതാമഹനോടു വരമായി ആവശ്യപ്പെട്ടു. എന്നു മാത്രമല്ല മഹാപ്രഭയോടെ ആകാശത്തു ചുറ്റുന്ന രമ്യമായ പുരവും അവൾ ആവശ്യപ്പെട്ടു. അതു സർവ്വരത്നാഢ്യമാകണമെന്നും വിണ്ണവർക്കു ദുർദ്ധർഷമാകണമെന്നും അവൾ ആഗ്രഹിച്ചു. അവളുടെ ആഗ്രഹംപോലെയൊക്കെ പിതാമഹൻ വരം നല്കി. കാമ്യമായ സൽഗുണങ്ങൾ എല്ലാം ചേർന്നതും ആധിവ്യാധികൾ അടുക്കാത്തതുമായ പുരം ബ്രഹ്മാവ് കാലകേയന്മാർക്കായി സൃഷ്ടിച്ചു. അങ്ങനെ അവൾക്കു പിതാമഹൻ നല്കിയതാണ് ഈ പത്തനം. ദിവ്യമായ ഈ പത്തനം സുരന്മാരുടെ സഹായംകൂടാതെ ആകാശത്തിൽ ചുറ്റുന്നു. പൗലോമരും കാലകേയന്മാരും ഇതിൽ അധിവസിക്കുന്നു. ഈ ശ്രേഷ്ഠമായ പുരത്തിന്ന് ഹിരണ്യപുരം എന്നാണു പേര്. പൗലോമകാലകേയന്മാർ ഈ പുരത്തെ പാലിച്ചുവരുന്നു. നിത്യസന്തുഷ്ടരായ അവർ നിർഭയരായി അതിൽ പാർക്കുന്നു. ഇവർക്കു മരണം മർത്ത്യന്റെ കൈകൊണ്ടാണെന്ന് പത്മജൻ പറയുകയും ചെയ്തു. ഹേ, പാർത്ഥാ! ദുസ്സഹന്മാരും ശക്തന്മാരുമായ ഈ കാലകേയന്മാരെ ഉടനെ വജ്രായുധംകൊണ്ടു നശിപ്പിക്കണം."

digitized by www.sreyas.in

അർജ്ജുനൻ പറഞ്ഞു: "ദേവന്മാരാലും അസുരന്മാരാലും അവദ്ധ്യരാണ് അവർ എന്ന് മാതലിയിൽനിന്നു ഗ്രഹിച്ചപ്പോൾ ഞാൻ മാതലിയോടു പറഞ്ഞു. ഹേ മാതലി, എന്നാൽ ആ പുരത്തേക്കു തേർ നടത്തുക. ദേവേന്ദ്രദ്രോഹികളെ ഞാൻ അസ്ത്രം കൊണ്ടു വധിക്കുന്നതാണ്. വിബുധവൈരികൾ എനിക്ക് അവദ്ധ്യരാകയില്ല."

ഉടനെ മാതലി എന്നെ ഹിരണ്യപുരത്തിന്റെ സമീപത്തേക്ക് എത്തിച്ചു. എന്നെ കണ്ടയുടനെ ദൈത്യന്മാർ ചിത്രഭൂഷാഞ്ചിതരായി ചട്ടയിട്ടു തേരിൽക്കയറി ഊക്കോടെ യുദ്ധത്തിനു പാഞ്ഞു വന്നു. അവർ അമ്പ്, നാരാചം, കത്തിയമ്പ്, ഋഷ്ടി, തോമരം ഇവ എന്നിൽ വർഷിച്ചു. ഉഗ്രവീരന്മാരായ അവർ എയ്ത ശരവർഷത്തെ ഞാൻ വിദ്യാബലത്താൽ തടുത്തു. രഥമാർഗ്ഗങ്ങളാൽ മോഹിപ്പിച്ചു. എന്റെ പ്രയോഗം മൂലം അവർ തമ്മിൽത്തമ്മിൽ സമ്മൂഢരായി വെട്ടിവീഴ്ത്തുവാൻ തുടങ്ങി. അങ്ങനെ അവർ പരസ്പരം സമ്മൂഢരായി പാഞ്ഞുകയറുമ്പോൾ അവരുടെ തല ദിവ്യാസ്ത്രം കൊണ്ട് ഞാൻ അറുത്തുവീഴ്ത്തി. ഞാൻ കൊല്ലാൻ തുടങ്ങിയപ്പോൾ അവർ ഭയപ്പെട്ട് പുരത്തിനുള്ളിൽ ഒളിച്ചു. ദൈത്യമായകൊണ്ട് അവർ നഗരത്തോടുകൂടി മേല്പോട്ടുപൊങ്ങി. വലിയ ശരവർഷംകൊണ്ട് ഞാൻ അവരുടെ വഴി മൂടി ഗതി മുട്ടിച്ചു. സൂര്യാഭയോടുകൂടി അംബരത്തിൽ ചുറ്റുന്ന ആ കാമഗമായ പുരം, ദൈത്യന്മാർ വരദാനംമൂലം സുഖമായി ഒരിടത്തു നിറുത്തി. ആ പുരം നിലത്തുവന്നു വീഴുകയും ഉടനെ മേല്പോട്ടുപൊങ്ങുകയും, വിലങ്ങനെ പായുകയും, പിന്നെ വെള്ളത്തിൽ മുങ്ങുകയും ചെയ്ത്. അമരാവതിപോലെ മനോഹരമായ ആ കാമഗമായ പുരം പലവിധം ദിവ്യാസ്ത്രങ്ങൾകൊണ്ടു ഞാൻ തടുത്തു. ദിവ്യാസ്ത്രം അനുമന്ത്രിച്ചുവിട്ടപ്പോൾ ആ പുരം നിലത്തുവീണ് ഉടഞ്ഞു തകർന്നു. വജ്രവേഗത്തിൽ ഞാൻ എയ്ത ശരമേറ്റ് കാലചോദിതരായ അവർ പരിഭ്രമിച്ചു. ഉടനെ മാതലി അതിന്റെമേലേ വീഴുംപ്രകാരം തേരിനെ കീഴ്പോട്ടിറക്കി. ഉടനെ ക്രുദ്ധരായി ദൈത്യന്മാർ എന്നോടു പൊരുതുവാൻ പാഞ്ഞുവന്നു. എന്നാൽ തിരമാലകൾ പിന്നോക്കം ഒഴിയുന്ന പോലെ അവർ പിന്മാറി. 'മർത്ത്യനോട് എതിർത്തു ജയിക്കുവാൻ പ്രയാസമാണ്' എന്ന് അവർ തമ്മിൽ പറഞ്ഞു. ഞാൻ ദിവ്യാസ്ത്രങ്ങൾ ഓരോന്നായി മുറയ്ക്കുവിട്ടുതുടങ്ങി. അത്ഭുതം തന്നെ! ആ പരസഹസ്രം ദൈത്യരഥികൾ എന്റെ അസ്ത്രത്തെ തടുത്തുനിന്നു. വിചിത്രമായ രഥമാർഗ്ഗങ്ങൾ ചരിക്കുന്ന മഹാബലന്മാർ നൂറും ആയിരവും സംഗരാങ്കണത്തിൽ കാണപ്പെട്ടു.

വിചിത്രമകുടം ചാർത്തിയവരും, വിചിത്രകവചമണിഞ്ഞവരും, വിചിത്രാഭരണം ചാർത്തിയവരും എന്നെ ഉത്സാഹപ്പെടുത്തുമാറ് പോരാടി. അവരെ ഞാൻ മന്ത്രപൂർവ്വകം എയ്ത അസ്ത്രങ്ങളാൽ ദുഃഖിപ്പിക്കുവാൻ കഴിഞ്ഞില്ല. അവർ എന്നെ വിഷമിപ്പിച്ചു. യുദ്ധതന്ത്രജ്ഞന്മാരായ അവർ ഒത്തുചേർന്ന് എന്നെ പീഡിപ്പിക്കുകയാൽ ഞാൻ ഭയാക്രാന്തനായി. ഉടനെ ആ രണാങ്കണത്തിൽവെച്ച് മഹേശ്വരനെ കൈകൂപ്പി. ശിവനെ ധ്യാനിച്ചു ഭൂതങ്ങൾക്കു സ്വസ്തി പറഞ്ഞ് ദിവ്യമായ രൗദ്രം എന്നു പുകഴ്ന്ന അസ്ത്രം കൈയിലെടുത്തു. ശത്രുവിനാശനമായ ആ അസ്ത്രം കൈയിലെടുത്തപ്പോൾ മൂന്നു തലയും ഒമ്പതു കണ്ണുമായി, മൂന്നു മുഖവും ആറു കൈയുമായി, വഹ്നിജ്ജ്വാലാഗ്രംപോലുള്ള കേശത്തോടുകൂടിയ ഒരു വസ്തുവിനെ കണ്ടു. വായ് തുറന്ന നാഗങ്ങൾകൊണ്ടു ചീരം ധരിച്ച്, നിർഭയനും നിത്യഘോരനുമായ രൗദ്രാസ്ത്രമായിരുന്നു അത്. ആ അസ്ത്രത്തെ ഞാൻ ഗാണ്ഡീവത്തിൽ തൊടുത്തു. അതിന്റെ ശേഷം അപാരശക്തിയായ ശർവ്വനെ ഞാൻ മനസ്സാ വണങ്ങി. ഉടനെ ആ അസുരന്മാരുടെ തോൽവിക്കായി ഞാൻ ആ ശരം വിട്ടു. അതു വിട്ട ഉടനെതന്നെ നാനാരൂപങ്ങളായി. മൃഗങ്ങൾ, സിംഹം, വ്യാഘ്രങ്ങൾ എന്നുതന്നെയല്ല ഋക്ഷങ്ങൾ, കാട്ടുപോത്തുകൾ, പന്നഗങ്ങൾ, പശുക്കൾ, ശരഭങ്ങൾ, വരാഹങ്ങൾ, മാർജ്ജാരങ്ങൾ, ചെന്നായ്ക്കൾ, പ്രേതങ്ങൾ, ഭൂരുണ്ഡങ്ങൾ, കഴുക്കൾ, ഗരുഡന്മാർ, ചമരങ്ങൾ, വൃകങ്ങൾ, ഗിരികൾ, യക്ഷന്മാർ, അസുരന്മാർ, ഗുഹ്യകന്മാർ, ആശരന്മാർ, മത്സ്യങ്ങൾ, ആനത്തലയന്മാർ, ഉലൂകങ്ങൾ, അശ്വങ്ങൾ, മീനാകൃതികൾ, നാനാശസ്ത്രാഗ്നിപാണികൾ ഇങ്ങനെയുള്ളവരും ഗദാമുൽഗരപാണികളുമായ യാതുധാനന്മാർ, ഇവയും മറ്റു പല രൂപങ്ങളും ആ മഹാസ്ത്രം അയയ്ക്കുകയാൽ ലോകത്തിലെങ്ങും വ്യാപിച്ചുകണ്ടു.

മൂന്നു ശിരസ്സ്, നാലു മുഖം, നാലു കൈ, നാലു ദംഷ്ട്രങ്ങൾ ഇങ്ങനെ പല രൂപത്തിൽ മാംസമേദോവസാസ്ഥികൾ ഉള്ളവരായ മൂർത്തികൾ പാഞ്ഞുചെന്ന് ആ ദൈത്യന്മാരെ കൊന്നൊടുക്കി. ആദിത്യാഗ്നിജ്ജ്വാലയോടും, ഇടിത്തീയിന്റെ നിറത്തോടും കൂടിയ അദ്രിസാരമയമായ സായകങ്ങളും പാഞ്ഞുചെന്ന് അവരെയൊക്കെ കൊന്നൊടുക്കി. ഗാണ്ഡീവം വിട്ട ബാണങ്ങൾ ഏറ്റ് അവർ ഊഴിയിൽ ചത്തുവീണു. ഈ മഹാത്ഭുതം കണ്ടപ്പോൾ ത്രിപുരവൈരിയായ ആ മഹാദേവനെ ഞാൻ മനസാ കുപ്പി.

ദിവ്യാഭരണന്മാരായ ആ ദൈത്യന്മാരൊക്കെ രൗദ്രമായ അസ്ത്രശക്തിയാൽ തകർന്നുതരിപ്പണമായതു കണ്ടപ്പോൾ ഇന്ദ്രസാരഥി സന്തോഷിച്ചു. ദേവന്മാർക്കുപോലും അസാദ്ധ്യമായ ആ കർമ്മം കണ്ട് ഇന്ദ്രസാരഥി എന്നെ പൂജിച്ചു. മാതലി പ്രീതനായി ഇപ്രകാരം പറഞ്ഞു: 'ഭവാൻ സുരാസുരന്മാർക്കുപോലും അസാദ്ധ്യമായ ക്രിയയാണു നടത്തിയത്. പോരിൽ ഇപ്രകാരം സംഹാരം നടത്തുവാൻ ഇന്ദ്രൻപോലും ശക്തനല്ല. ദേവാസുരന്മാർക്ക് തകർക്കുവാൻ കഴിയുന്നതല്ല വ്യോമഗമായ ഈ പുരം. ഹേ, വീരാ! അതാണു നീ മഥിച്ചത്. അതു ഭവാന്റെ തപോവീര്യത്തിന്റെ ശക്തികൊണ്ടാണ്.'

ആ വ്യോമനഗരം തകർന്ന് അസുരന്മാർ നശിച്ചപ്പോൾ നഗരത്തിൽനിന്നു പുറത്തുവന്ന് അവരുടെ നാരിമാർ മുറയിട്ടു. കൂന്തൽ ചിന്നി സങ്കടപ്പെട്ട് കുരരികളെപ്പോലെ ആർത്തനാദം മുഴക്കി. നിലത്തുവീണ് ഭ്രാതാക്കന്മാരേയും, പിതാക്കന്മാരേയും, പുത്രന്മാരേയും വിളിച്ച് തൊണ്ടവറ്റുന്നതുവരെ കരഞ്ഞാർത്തു. അവർ വിധവകളായിരിക്കുന്നു. മാറത്തടിച്ചും പൂമാല വലിച്ചുപൊട്ടിച്ചും മണിഭൂഷണങ്ങൾ പൊട്ടിച്ചെറിഞ്ഞും ശ്രീ നശിച്ച അവർ ദുഃഖിച്ചു മുറവിളി കൂട്ടി. നാഥന്മാർ മരിച്ച് ശ്രീ കെട്ട് ആ ദൈത്യപട്ടണം മങ്ങിപ്പോയി. ഗന്ധർവ്വനഗരംപോലെ ശോഭയാർന്ന ആ പുരം, നാഗം പോയ കയംപോലെയും, ശുഷ്കവൃക്ഷമായ കാടുപോലെയും കാണുവാൻ കൊള്ളാത്തതായിത്തീർന്നു. സംഹൃഷ്ടനായ എന്നെ ഉടനെ ദേവരാജപുരത്തേക്കു മാതലി കൊണ്ടുപോന്നു. ഞങ്ങൾ ഹിരണ്യപുരവും വിട്ടു യാത്രതുടർന്നു.

അങ്ങനെ നിവാതകവചകാലകേയന്മാരെയൊക്കെ കൊന്ന് ഞാൻ ഇന്ദ്രന്റെ അടുത്തെത്തി. ഞാൻ ചെയ്ത എല്ലാ കർമ്മവും മാതലി ഇന്ദ്രനോടു സവിസ്തരം പറഞ്ഞുകൊടുത്തു. ഹിരണ്യപുരവിദ്ധ്വംസം, മായാഘാതം, നിവാതകവചസൈന്യങ്ങൾ പോരിൽ നശിച്ചത് ഇവ നടന്നപോലെയൊക്കെയും കേട്ടപ്പോൾ ഇന്ദ്രൻ മരുൽഗണത്തോടുചേർന്ന് 'ഭേഷ്! ഭേഷ്!' എന്നു സഹർഷം വാഴ്ത്തി.

പിന്നെ ദേവന്മാരോടുചേർന്ന് ദേവരാജൻ എന്നെ വീണ്ടും ഭംഗിയായി ആശ്വസിപ്പിച്ചു: "ദേവാസുരന്മാരേക്കാൾ നീ പോരിൽ മെച്ചം കാണിച്ചു. എന്റെ വൈരികളെ ധ്വംസിക്കുകയാൽ നീ ഗുരുദക്ഷിണ ചെയ്തുകഴിഞ്ഞിരിക്കുന്നു! ഇപ്രകാരം ധനഞ്ജയാ! എന്നും നീ പോരിൽ സ്ഥിരനാകട്ടെ! പകച്ചുപോകാതെ, മനസ്സു പതറാതെ, നീ അസ്ത്രപ്രയോഗം ചെയ്തുകൊള്ളുക. ദേവന്മാർക്കും ദൈത്യന്മാർക്കും ആശരന്മാർക്കും നീ പോരിൽ അവിഷഹ്യനാണ്. യക്ഷന്മാർക്കും ഗന്ധർവ്വന്മാർക്കും പക്ഷികൾക്കും അപ്രകാരംതന്നെ അവിഷഹ്യനാണ് നീ. ഹേ കൗന്തേയാ! നിന്റെ പരാക്രമത്താൽ കീഴടക്കിയ ഭൂമിയെ ധർമ്മമൂർത്തിയും കുന്തീപുത്രനുമായ യുധിഷ്ഠിരൻ പാലിക്കുന്നതാണ്."

174. അസ്ത്രദർശനസങ്കേതം – അർജ്ജുനൻ പറഞ്ഞു: "യുദ്ധംകൊണ്ട് എന്റെ ശരീരത്തിൽ പറ്റിയ മുറിവുകളൊക്കെ പൊറുത്തതിന്നുശേഷം ഒരു ദിവസം വളരെ വിശ്വാസത്തോടുകൂടി എന്നെ സ്വാഗതം ചെയ്ത് ഇരുത്തി ദേവേന്ദ്രൻ എന്നോടു

digitized by www.sreyas.in

പറഞ്ഞു: 'ഹേ ഭാരത! സർവ്വദിവ്യാസ്ത്രങ്ങളും നിന്നിൽ ഒത്തു നിൽക്കുന്നുണ്ട്. ഇനി നിന്നെ തോല്പിക്കുവാൻ തക്ക ഒരുവൻ മനുഷ്യരിൽ ആരു തന്നെയില്ല. നന്ദന! ഞാൻ യാഥാർത്ഥ്യം പറഞ്ഞുതരാം. ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, സൗബലൻ, മറ്റു രാജാക്കന്മാർ ഇവരിലാരുംതന്നെ നിന്റെ പതിനാറിലൊരംശത്തിന്നൊക്കുകയില്ല.'

പ്രഭുവായ ഇന്ദ്രൻ ഈ 'തനുത്രാണവും' എനിക്കു തന്നു. ഇത് അഭേദ്യമായ ദിവ്യകവചമാണ്. പിന്നെ പൊന്മയമായ ഈ മാലയും എനിക്കു നല്കി. ദേവദത്തം എന്ന മഹാനാദമായ ഈ ശംഖും എനിക്കു നല്കി. ഈ കിരീടം ഇന്ദ്രൻ താൻതന്നെ എന്റെ ശിരസ്സിൽ ചാർത്തിച്ചു. വളരെ ഭംഗിയുള്ള ഈ ദിവ്യവസ്ത്രങ്ങളും ഈ ദിവ്യാഭരണങ്ങളും എനിക്കു നല്കി. ഇപ്രകാരം വാസവന്റെ സൽക്കാരങ്ങളേറ്റ് രാജാവേ! ഞാൻ സുഖമായി പാർത്തു. ബാലന്മാരായ ഗന്ധർവ്വന്മാർ പുണ്യമായ ഇന്ദ്രപുരിയിൽ എനിക്കു കൂട്ടുകാരായി ഉണ്ടായിരുന്നു.

ഇന്ദ്രൻ എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു: ഹേ, അർജ്ജുനാ! നിനക്കു പോകേണ്ട കാലമായി. സോദരന്മാർ നിന്നെ സ്മരിക്കുന്നു.

ഇപ്രകാരം അഞ്ചു സംവത്സരം ഇന്ദ്രഗൃഹത്തിൽ ഞാൻ പാർത്തു. രാജാവേ! അപ്പോഴൊക്കെ ഞാൻ ചൂതിലെ കലി ഓർത്തുകൊണ്ടിരുന്നു. അങ്ങനെ ഇപ്പോൾ ഭ്രാതാക്കളോടുകൂടിയ ഭവാനെ ഗന്ധമാദനപർവ്വതത്തിന്റെ ശൃംഗഭാഗത്തുവച്ച് ഇതാ വന്നു കണ്ടിരിക്കുന്നു."

യുധിഷ്ഠിരൻ പറഞ്ഞു: "ധനഞ്ജയാ! നീ അസ്ത്രമൊക്കെ സമ്പാദിച്ചതു ഭാഗ്യമായി! ഭാഗ്യത്താൽ ദേവരാജാവായ ഇന്ദ്രൻ ഭവാനെ അർച്ചിച്ചു. മഹാദേവനായ സ്ഥാണു ദേവിയോടുകൂടി ഭവാന്റെ മുമ്പിൽ പ്രത്യക്ഷനായതു മഹാഭാഗ്യം തന്നെ! പോരുകൊണ്ടു നിന്നിൽ കനിഞ്ഞതും ഭാഗ്യം തന്നെ! ലോകേശന്മാരോടുകൂടി ഒത്തു ചേർന്നതും ഭാഗ്യമായി! ഭാഗ്യത്താൽ നമ്മൾ വർദ്ധിക്കുന്നു! നീ തിരികെ വന്നതും ഭാഗ്യം തന്നെ. ഇപ്പോൾ പുരനിരകളോടുകൂടിയ ഭൂമിദേവിയെ എല്ലാം വെന്നു എന്നുതന്നെ എനിക്കു തോന്നുന്നു. ധാർത്തരാഷ്ട്രന്മാരൊക്കെ നമുക്കു കീഴടങ്ങിയെന്നും തോന്നിപ്പോകുന്നു. ആ ദിവ്യാസ്ത്രങ്ങളൊക്കെ ഒന്നു കാണുവാൻ എനിക്കാഗ്രഹമുണ്ട്. ഹേ, ഭാരത! അവയാലാണല്ലോ നീ നിവാതകവചന്മാരെയൊക്കെ സംഹരിച്ചത്."

അർജ്ജുനൻ പറഞ്ഞു: "നാളെ പ്രഭാതത്തിൽ അങ്ങയ്ക്ക് അസ്ത്രങ്ങളൊക്കെ കാണാം. നിവാതകവചന്മാർ എന്ന ക്രൂരവർഗ്ഗത്തെയൊക്കെ മുടിച്ചുവിട്ട ആ ദിവ്യാസ്ത്രങ്ങളെയൊക്കെ നാളെ ഞാൻ ഭവാനു കാണിച്ചുതരുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ തന്റെ തിരിച്ചുവരവിന്റെ വിവരണങ്ങളൊക്കെ ഭ്രാതാക്കളോടു പറഞ്ഞതിന്നുശേഷം അവരോടുചേർന്നു സസന്തോഷം രാത്രി കഴിച്ചു."

175. അസ്ത്രദർശനം – വൈശമ്പായനൻ പറഞ്ഞു: "ആ രാത്രി കഴിഞ്ഞതിന്നുശേഷം ധർമ്മരാജാവ് ഉണർന്നെഴുന്നേറ്റു. അനുജന്മാരോടുകൂടി ആവശ്യമായ ക്രിയകളൊക്കെ കഴിഞ്ഞതിന്നുശേഷം ഭ്രാതൃപ്രീതികരനായ ധനഞ്ജയനോടു യുധിഷ്ഠിരൻ പറഞ്ഞു: 'ഹേ പാർത്ഥാ! നിവാതകവചന്മാരെ നശിപ്പിച്ച ദിവ്യാസ്ത്രങ്ങളൊക്കെ ഞങ്ങൾക്കു കാണിച്ചുതരിക!'

ഭ്രാതാവിന്റെ ആഗ്രഹം നിവർത്തിക്കുവാൻ ധനഞ്ജയൻ ദേവന്മാർ നല്കിയ ദിവ്യങ്ങളായ അസ്ത്രങ്ങൾ കാണിക്കുവാൻ സന്നദ്ധനായി.

തേജോരാശിയായ അർജ്ജുനൻ ശുദ്ധാന്തഃകരണനായി ഗിരി കൂബരപാദാക്ഷനായി ശുഭവേണുത്രിവേണുവായി പാർത്ഥിവത്തേർത്തട്ടിലേറി. ശോഭയേന്തിയ ധനഞ്ജയൻ വർച്ചസ്സ് ഏറുന്ന ദിവ്യ കവചത്തെ അണിഞ്ഞു. ഗാണ്ഡീവം വില്ലും ദേവദത്തം ശംഖും എടുത്തു. അങ്ങനെ ശോഭവീശുന്ന അർജ്ജുനൻ യഥാക്രമം ആ ദിവ്യാസ്ത്രങ്ങളെ ഓരോന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി. പിന്നെ ആവക ദിവ്യാസ്ത്രമെടുത്ത് എയ്യുവാൻ ഭാവിച്ചപ്പോൾ താൻ ചവിട്ടിനില്ക്കുന്ന ഭൂമി വൃക്ഷസമൂഹങ്ങളോടുകൂടി കുലുങ്ങി. പുഴയൊക്കെ കലങ്ങി. അപ്രകാരം തന്നെ സമുദ്രവും കലങ്ങി. മലകൾ തകർന്നുവീണു. കാറ്റ് വീശാതെ നിശ്ചലമായി. സൂര്യൻ മങ്ങി. അഗ്നി ജ്വലിക്കാതെയായി. ഭൂസുരന്മാർക്കു വേദങ്ങളൊന്നും തോന്നാതെയായി. ഭൂമിയിലുള്ള ജീവജാലങ്ങൾ ഹേ ജനമേജയാ! നിന്നേടത്തുനിന്നു മറിഞ്ഞുവീണു. അവ പിന്നെ അവിടെനിന്നെഴുന്നേറ്റ് അർജ്ജുനനെ ചുഴന്നു. വിറച്ചു കൈകൂപ്പി ഏവരും വികൃതമുഖങ്ങളോടെ നിന്നു. അസ്ത്രത്തിന്റെ അഗ്നിയിൽ ആർത്തരായി അർജ്ജുനനോടു വിനീതരായി അഭ്യർത്ഥിച്ചു. ഉടനെ ബ്രഹ്മർഷികളും സിദ്ധരായ ഋഷിമാരും ചരങ്ങളായ സകല ഭൂതങ്ങളും എല്ലാം ചേർന്നുനിന്നു. അപ്രകാരം മുഖ്യന്മാരായ ദേവർഷിമാരും ദേവമുഖ്യന്മാരും യക്ഷരാക്ഷസഗന്ധർവ്വന്മാരും പക്ഷിശ്രേഷ്ഠന്മാരും വ്യോമചാരികളായ ഭൂതങ്ങളൊക്കെയും വന്ന് ഒത്തുകൂടി നിന്നു. ഉടനെ തന്നെ പിതാമഹനും ലോകപാലകന്മാരായ ദേവന്മാരും ഗണങ്ങളോടുകൂടി അവിടെ പ്രത്യക്ഷമായി. ഭഗവാനായ മഹാദേവനും ഗണങ്ങളോടുകൂടി അവിടെ എത്തി. അപ്പോഴേക്കും മഹാരാജാവേ! ജനമേജയ! ദിവ്യചിത്രകുസുമങ്ങൾ ചിതറിക്കൊണ്ടു പാണ്ഡുപുത്രന്റെ ചുറ്റും കാറ്റുവീശി.

ഉടനെ സുരന്മാരുടെ പ്രേരണയാൽ പലവിധം ഗാനങ്ങൾ ഗന്ധർവ്വന്മാർ പാടി. അപ്സരസ്ത്രീകൾ കൂട്ടത്തോടെ നൃത്തം തുടങ്ങി.

ഈ സമയത്ത് ദേവന്മാർ പറഞ്ഞുവിട്ട നാരദമഹർഷി അർജ്ജുനന്റെ മുമ്പിൽ എത്തി ഇപ്രകാരം പറഞ്ഞു: 'ഹേ, അർജ്ജുനാ! അർജ്ജുനാ! ഭാരതാ! ദിവ്യാസ്ത്രങ്ങളൊന്നും തൊടുക്കരുത്! ഈ അസ്ത്രങ്ങളൊന്നും തന്നെ ലക്ഷ്യത്തിലല്ലാതെ ഒരിക്കലും തൊടുക്കരുത്! ലക്ഷ്യത്തിൽ തൊടുക്കുകയാണെങ്കിലും അതു സങ്കടത്തിലല്ലാതെ സ്വസ്ഥാവസ്ഥയിൽ തൊടുക്കരുത്. അസ്ത്രങ്ങൾ വിട്ടാൽ വലിയ ദോഷങ്ങൾ സംഭവിക്കും കുരുനന്ദന! വന്നപോലെതന്നെ അവയെ കാക്കുക! എന്നാൽ ഇവയൊക്കെ ബലത്തോടുകൂടി സുഖാർഹങ്ങളായി ഭവിക്കും. അതിൽ യാതൊരു സന്ദേഹവുമില്ല. സൂക്ഷിക്കാതിരുന്നാൽ ഇവ മൂന്നു ലോകത്തിന്നും നാശം വരുത്തിക്കൂട്ടും. അതു ഭവാൻ ചെയ്യരുത്. ഹേ, അജാതശത്രുവായ യുധിഷ്ഠിരാ! ഭവാന് ഇവയൊക്കെ രണാങ്കണത്തിൽവച്ചു കാണാമല്ലോ. ശത്രുക്കളെ മുടിക്കുന്നതിന്ന് പാർത്ഥൻ ഇവയൊക്കെ എടുത്തു പ്രയോഗിക്കുമല്ലോ. അപ്പോൾ എല്ലാം കാണാം.'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അസ്ത്രം കാണിക്കുന്നുതിൽനിന്ന് അർജ്ജുനനെ വിരമിപ്പിച്ചതിന്നുശേഷം ദേവന്മാരും ഗണങ്ങളും വന്നവഴിക്കുതന്നെ പോയി. അവരൊക്കെ പോയതിന്നുശേഷം പാണ്ഡവന്മാർ ആ കാട്ടിൽത്തന്നെ പാഞ്ചാലിയോടുകൂടി സസന്തോഷം പാർത്തു."

ആജഗരപർവ്വം

176. ഗന്ധമാദനപ്രസ്ഥാനം – പാണ്ഡവന്മാരുടെ ഗന്ധമാദനയാത്ര – ജനമേജയൻ പറഞ്ഞു: "അസ്ത്രങ്ങളൊക്കെ നേടി ആ മഹാരഥൻ ഇന്ദ്രപുരി വിട്ട് ഇവിടെ വന്നതിന്നുശേഷം ആ ശൂരനായ അർജ്ജുനനോടുകൂടി പാണ്ഡവന്മാർ എന്തു ചെയ്തു?"

വൈശമ്പായനൻ പറഞ്ഞു: "ആ കാനനത്തിൽ ആ നരേന്ദ്രവീരന്മാർ ഇന്ദ്രാഭനായ അർജ്ജുനനോടുകൂടെ മനോഹരമായ ആ പർവ്വതത്തിൽ കുബേരന്റെ പൂങ്കാവുകളിൽ വിഹരിച്ചു. നിസ്തുല്യമായ ഓരോ ഭവനങ്ങൾ കണ്ടും പല ദ്രുമങ്ങളുടെ ശോഭ കണ്ടും കിരീടി സന്തോഷത്തോടെ സഞ്ചരിച്ചു. കുബേരൻ അവർക്കു സസുഖം വസിക്കുവാൻ നല്കിയ ഗൃഹത്തിൽ വസിച്ച ആ രാജപുത്രന്മാർ മറ്റു സുഖങ്ങളൊന്നും കാംക്ഷിച്ചില്ല. അങ്ങനെ ശുഭമായി കാലം കഴിച്ചു.

digitized by www.sreyas.in

ഇങ്ങനെ അർജ്ജുനനോടുചേർന്നു സുഖമായി നാലു വർഷങ്ങൾ അവർ അവിടെ പാർത്തു. ഒരു രാവ് കഴിഞ്ഞ മട്ടിലേ ആ നാലുവർഷങ്ങൾ അവർക്കു തോന്നിയുള്ളു. അതിന്നു മുമ്പേ ആറു വർഷവും കഴിഞ്ഞു. ഇങ്ങനെ പാണ്ഡവന്മാരുടെ വനവാസകാലം പത്തു സംവത്സരം കഴിഞ്ഞു.

ബലിയായ വായുപുത്രനും, അർജ്ജുനനും, നകുലസഹദേവന്മാരും ഗൂഢമായി അടുത്തുചെന്ന് ധർമ്മപുത്രനോട് വിനയാന്വിതം ഉണർത്തിച്ചു:

"ഹേ, കുരുരാജാവേ! ഞങ്ങൾ ഭവാനു പ്രിയം ചെയ്യുവാൻ വേണ്ടി ഭവാന്റെ സത്യം പാലിച്ചിരിക്കുന്നു. ഇനി കാട്ടിൽനിന്നു പോയി, ഭടന്മാരോടുകൂടി ദുര്യോധനന്റെ ക്ഷയത്തിന്നുവേണ്ടി ശ്രമിക്കുവാൻ ഭവാൻ ആഗ്രഹിക്കുന്നില്ലേ? പതിനൊന്നുവർഷമായി ദുര്യോധനൻ സുഖമായി വസിക്കുന്നു. ഇനി അവനെ കബളിപ്പിച്ച് അജ്ഞാതവാസം സുഖമായി കഴിക്കാം. ഭവാന്റെ കല്പനയാൽ ഞങ്ങൾ ശങ്കകൂടാതെ മാനം വെടിഞ്ഞ് വനങ്ങൾ ചുറ്റിക്കറങ്ങി. സമീപത്തു നാമുണ്ടെന്നാണ് അവരുടെ വിചാരം. അകലത്താണ് നാമെന്ന് അവർ അറിയുന്നേയില്ല.

ഇനി ഒരു സംവത്സരം നാം ഒളിവിൽ കഴിച്ചാൽ ആ നരാധമനെ നമുക്കു സംഹരിക്കുകയും ചെയ്യാം. ആ അധമനായ മന്നവനിൽ വൈരം പൂത്തും ഫലിച്ചും വളരുകയാണ്. ഭൃത്യന്മാരോടുകൂടിയ ആ നരാധമന്റെ വൈരം ഇതോടുകൂടി അവസാനിപ്പിക്കാം. അനന്തരം ധർമ്മരാജാവേ! ഭവാൻ ഊഴി സംരക്ഷിച്ചാലും. സ്വർഗ്ഗാഭമായ ഈ ദിക്കിൽ സഞ്ചരിച്ച്, പാർത്ത്, കാലംപോക്കിയാൽ ദുഃഖം ഒക്കെ കെടുക്കുവാൻ നമുക്കു കഴിയും. പക്ഷേ, അതുകൊണ്ടായില്ലല്ലോ. പുണ്യചരിതനായ ഭവാന്റെ കീർത്തി ഇതോടുകൂടി ഒപ്പം ലോകത്തിൽ നശിക്കുന്നതാണ്. കുരുക്കളുടെ രാജ്യമൊക്കെ നേടിയതിന്നുശേഷം നമുക്ക് പുണ്യമായ വനവാസം നടത്താം. കുബേരൻ നല്കിയതു സിദ്ധിക്കുന്നത് എന്നും ഭവാനു ചേരുന്നതാണ്. ദ്രോഹിച്ച ശത്രുക്കളെ രണത്തിൽ മുടിക്കുവാൻ ഹേ, ഭാരതരാജാവേ! മനസ്സുവെച്ചാലും. ഭവാന്റെ ഉഗ്രമായ തേജസ്സിനെ സഹിക്കുവാൻ വന്നെതിർക്കുന്ന വജ്രിക്കുപോലും സാദ്ധ്യമല്ല. ദേവന്മാർ നേരിട്ടു പൊരുതുന്നതായാൽപ്പോലും അവർ രണ്ടുപേരും, അതായത് കൃഷ്ണനും സാത്യകിയും, കുലുങ്ങുകയില്ല. അവർ രണ്ടുപേരും ഭവാന്റെ കാര്യത്തിന്നു സന്നദ്ധരായി നില്ക്കുന്നവരാണ്. അപ്രകാരം ഞാനും, യുദ്ധസമർത്ഥന്മാരായ മാദ്രേയന്മാരും യുദ്ധസന്നദ്ധരായി നില്ക്കുന്നു. അതുകൊണ്ട് ശത്രുക്കളോടേറ്റു ശമനം വരുത്തുക."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ അവരുടെ മനസ്സറിഞ്ഞ് ധർമ്മരാജാവ് വൈശ്രവണന്റെ രാജധാനിയെ വലംവെച്ചു. ഗൃഹം, സരിത്തുകൾ, സരസ്സ്, രക്ഷസ്സുകൾ എന്നിവരോടു യാത്ര പറഞ്ഞു. താൻ വന്ന മാർഗ്ഗത്തെ നോക്കി, വീണ്ടും വീണ്ടും ഗിരിയെ നോക്കി നടന്നു. പോകുമ്പോൾ രാജാവ് ശൈലത്തോട് ഇപ്രകാരം പറഞ്ഞു: 'കാര്യം നിർവ്വഹിച്ച് ഇഷ്ടജനങ്ങളോടു കൂടി ശത്രുക്കളെ കൊന്ന് നാടുവാണതിന്നുശേഷം വനവാസത്തിന്നായി ഞാൻ വീണ്ടും ഭവാനെ പ്രാപിച്ചുകൊള്ളാം.'

സഹോദരന്മാരോടും ബ്രാഹ്മണരോടും കൂടി രാജാവ് ആ വഴിയേ നടന്നു. തന്റെ കൂട്ടുകാരായ രാക്ഷസന്മാരോടുകൂടി ഘടോൽക്കചൻ പർവ്വതനിർത്ധരത്തിൽ അവരെ എടുത്തു.

പിതാവ് പുത്രന്മാരെ എന്നവിധം ശാസിച്ച് ലോമശൻ സസന്തോഷം സ്വർഗ്ഗത്തിലേക്കു യാത്രപറഞ്ഞ് പിരിഞ്ഞുപോയി. പിന്നെ ആർഷ്ടിഷേണൻ പറയുന്നവിധം തീർത്ഥങ്ങളും ആശ്രമങ്ങളും മഹാസരസ്സുകളും കണ്ട് നരവീരമുഖ്യന്മാരായ പാർത്ഥന്മാർ നടന്നു."

177. പുനർദ്വൈതവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "മനോഹരമായ പർവ്വതം, ചോലകൾ, ദിഗ്ഗജങ്ങൾ, ഖഗാവലികൾ, കിന്നരന്മാർ ഇവ ചേർന്നു വിളങ്ങുന്ന സുഖമായ പാർപ്പിടം ഒഴിച്ചുപോരുന്നതിൽ പാണ്ഡവന്മാർക്കു വളരെ കുണ്ഠിതമുണ്ടായി. ആ ഭാരതന്മാരുടെ ഹൃദയം തെളിഞ്ഞില്ല.

അവർ കൈലാസപർവ്വതത്തെ തിരിഞ്ഞുനോക്കി. അവർ ഹർഷംകൊണ്ടു പുളകം കൊണ്ടു. മേഘമാലകൾക്കിടയിലൂടെ ഉയർന്നുകാണുന്ന ഗിരിശൃംഗത്തിൽ കുബേരന്റെ രാജധാനി പ്രശോഭിക്കുന്നതു കണ്ടപ്പോൾ അവർക്കു വീണ്ടും പ്രമാദമുണ്ടായി. ഉയർന്ന പർവ്വതദുർഗ്ഗങ്ങളിലെ മാർഗ്ഗം, സിംഹങ്ങൾ അധിവസിക്കുന്ന സ്ഥലം, ഗിരിമാലയണിഞ്ഞപോലെ വിളങ്ങുന്ന വെള്ളച്ചാട്ടം എന്നിവ കണ്ടുകൊണ്ടും അങ്ങനെ പല മനോഹര കാഴ്ചകളും പല പക്ഷിവർഗ്ഗഭേദങ്ങളും കണ്ടുകൊണ്ടും വില്ലും വാളുമേന്തിയ അവർ സസന്തോഷം നടന്നു.

നല്ല കാടുകൾ, വലിയ ചോലകൾ, സരസ്സുകൾ, ശൈലങ്ങൾ, ഗുഹാപ്രദേശങ്ങൾ, ഗിരിഗഹ്വരങ്ങൾ എന്നീ പ്രദേശങ്ങൾ ആ നരർഷഭന്മാർക്ക് രാത്രികാലങ്ങളിൽ നിവാസസ്ഥലങ്ങളായി.

പല ദുർഗ്ഗങ്ങളിലും വാണും അചിന്ത്യമായ കൈലാസം അകന്നു പോന്നും, അവർ ശ്രീ വൃഷപർവ്വാവിന്റെ വാസസ്ഥാനത്തെത്തി.

രാജർഷിയായ വൃഷപർവ്വാവിനെക്കണ്ടു. അദ്ദേഹത്തിന്റെ സൽക്കാരം സ്വീകരിച്ചു. അവിടെവച്ച് അദ്ദേഹത്തോടു ഗിരിപ്രവാസത്തെക്കുറിച്ചു വിസ്തരിച്ചു കേൾപ്പിച്ചു. മഹർഷിമാർ ചൂഴുന്ന വൃഷപർവ്വാവിന്റെ പുണ്യാശ്രമത്തിൽ അന്നു രാത്രി സസുഖം പാർത്തു. പിന്നെ വിശാലമായ ബദരിയിലേക്കു പോന്നു. പിന്നെ നരനാരായണാശ്രമത്തിലെത്തി. സിദ്ധന്മാരും അമരന്മാരും ചുഴലുന്ന ധനാധിപസരസ്സു കണ്ടു: "നരനാരായണാശ്രമത്തിൽ പാർത്തു. ആ പൊയ്കയിലിറങ്ങി പാണ്ഡവന്മാർ ശക്രന്റെ പൂങ്കാവിലെന്നവിധം രമിച്ചു.

പിന്നെ ആ നരവീരന്മാർ പോന്നവഴിക്കുതന്നെ ചെന്നു. അവർ ബദര്യാശ്രമത്തിൽ ചരിച്ചു. പിന്നെ സുബാഹു എന്നു പേരായ വേടരാജാവിന്റെ ദിക്കിൽ സഞ്ചരിച്ചു. പിന്നെ ചീനരുടെ പ്രദേശം, തുഷാരപ്രദേശം, ദരദപ്രദേശം, ഭൂരത്നമായ കളിന്ദനാട് ഇവയൊക്കെ കടന്ന് ദുർഗ്ഗമമായ ഹിമവൽപ്രദേശത്തിലെ സുബാഹുവിന്റെ ഗൃഹം കണ്ടു. പാണ്ഡുപുത്രന്മാർ തന്റെ അതിർത്തിയിലെത്തിയ വൃത്താന്തമറിഞ്ഞ് സുബാഹുപ്രവരൻ സസന്തോഷം ചെന്ന് അവരെ എതിരേറ്റു. അവർ ആ രാജാവിനെ അഭിനന്ദിച്ചു. സുബാഹു രാജാവിനോടുകൂടിച്ചേർന്ന് വിശോകൻ തുടങ്ങിയ പുത്രന്മാരോടും ഇന്ദ്രസേനൻ മുതലായ ഭൃത്യന്മാരോടും പശുക്കളോടും പാചകന്മാരോടുമെല്ലാം ചേർന്ന് സുഖമായി അവിടെ ആ രാത്രി കഴിച്ചു.

പിന്നെ അവർ രഥങ്ങളോടും സുതരോടും ചേർന്ന് ഭൃത്യന്മാരോടുകൂടിയ ഘടോൽക്കചനെ വിട്ടയച്ചു. പിന്നെ ചെഞ്ചോലചേർന്ന്, മഞ്ഞുമൂടിക്കിടക്കുന്ന ശ്വേതാരുണപ്രിയതടാചലത്തിൽ, യാമുനപർവ്വതത്തിൽ ചെന്നെത്തി. വിശാഖയൂപസ്ഥലത്തെത്തി അവർ പാർത്തു. വലിയ പന്നി, മാൻ, പക്ഷികൾ എന്നിവചേർന്ന് ആ കാനനം ചൈത്രരഥത്തിന്റെ ഭംഗികലർന്നുല്ലസിച്ചു. നായാട്ടുമായി ശുഭമായി പാർത്ഥന്മാർ സുഖമായി ഒരു സംവത്സരം ആ വനത്തിൽ വാണു. ആ ദിക്കിൽവച്ച് അദ്രിഗുഹാഭമായി ക്ഷുത്തു സഹിച്ചുകിടക്കുന്ന ഘോരാന്തകകല്പനായ ഒരു വലിയ പെരുമ്പാമ്പ് ഭീമനെ പിടികൂടി. ഭീമൻ വിഷാദമോഹാകുലനായിത്തീർന്നു.

ഉടനെ ഭീമന്റെ രക്ഷയ്ക്കായി, ധാർമ്മികരിൽ ഗരിഷ്ഠനും അനന്തതേജസ്വിയുമായ യുധിഷ്ഠിരൻ എത്തി. പെരുമ്പാമ്പ് ദേഹം വരിഞ്ഞുകെട്ടിയ കെട്ടുകൾ വിടർത്തിവിട്ടു. പന്ത്രണ്ടാമത്തെ കൊല്ലം വാഴുവാൻ തപസ്വിമാർ ചൈത്രരഥതുല്യം സസന്തോഷം സ്വീകരിച്ച ആ ശോഭനമായ വനവും വിട്ടു.

പിന്നെ മരുധന്വപാർശ്വത്ത് ധനുർവ്വേദരുചിപ്രധാനരായ അവർ സരസ്വതിയുടെ തീരത്തു വസിക്കുവാനായി, ശ്രേഷ്ഠസരസ്സുചേർന്ന ദ്വൈതവനത്തിൽ എത്തിച്ചേർന്നു. അവർ അവിടെ പാർത്തു. വിവരമറിഞ്ഞ് തപോധനന്മാർ അവരെ വന്നു കണ്ടു. തൃണാംബുപത്രാന്വിതരായ അശ്മകുട്ടരും, തപോദമാചാരസമാധിയുള്ളവരും അവരുടെ സമീപത്തെത്തി.

digitized by www.sreyas.in

ആല്, താന്നി, രൗഹീതകം, വേതസം, കരിങ്ങാലി, ലന്ത, വാക, കൂവളം, ഇംഗുദം, പീലു, ശമി, കരീരം ഇങ്ങനെ പലവിധം വൃക്ഷങ്ങൾ സരസ്വതീതീരത്തിൽ പ്രശോഭിച്ചുനില്ക്കുന്നതായി കണ്ടു.

ഗന്ധർവ്വന്മാരാലും യക്ഷന്മാരാലും മഹർഷിമാരാലും ദേവന്മാരാലും സേവിതമായ സരസ്വതീതീരത്തിൽ ചരിച്ച് ആ രാജപുത്രന്മാർ സസന്തോഷം രമിച്ചു."

178. അജഗരഗ്രഹണം - ഭീമനെ പെരുമ്പാമ്പു പിടിച്ച കഥ

കഥ – ജനമേജയൻ പറഞ്ഞു: "പതിനായിരം നാഗങ്ങളുടെ ബലമുള്ളവനും ഭീമപരാക്രമനുമായ ഭീമൻ ഒരു പെരുമ്പാമ്പിനാൽ പിടിക്കപ്പെട്ടു ഭീതനായിപ്പോയെന്നറിഞ്ഞ് ഞാൻ അത്ഭുതപ്പെടുന്നു. ആ സർപ്പത്തിന്റെ വീര്യത്തെ ഓർത്തും ഞാൻ അത്ഭുതപ്പെടുന്നു. ആരാണീ സർപ്പം? പുലസ്ത്യപുത്രനായ വൈശ്രവണനെ ഗർവ്വുകൊണ്ട് യുദ്ധത്തിനുവിളിച്ചവനും യക്ഷരാക്ഷസന്മാരെ പൊയ്കയിൽവച്ച് അടിച്ചുകൊന്നവനും ശത്രുനാശനനുമായ ഭീമൻ ഭയപ്പെട്ടുപോയി എന്നു ഭവാൻ പറഞ്ഞുവല്ലോ. ആ സംഭവം ഒന്നു വിസ്തരിച്ചു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "അത്യത്ഭുതകരമായ ആ കാട്ടിൽ വൃഷപർവ്വാവിന്റെ ആശ്രമം വിട്ടു വന്ന് ആ വില്ലാളികൾ പാർക്കുന്ന കാലത്ത് യദൃച്ഛയാ വില്ലും വാളുമേന്തി വൃകോദരൻ, ദേവഗന്ധർവ്വന്മാർ നിറഞ്ഞ ആ വനവും കണ്ടുകൊണ്ടു നടക്കുകയായിരുന്നു. അങ്ങനെ അവൻ ഹിമാലയത്തിൽ പല ശുഭസ്ഥലങ്ങളും കണ്ടു സഞ്ചരിച്ചു. അവിടെയൊക്കെ ദേവർഷിമാരും സിദ്ധന്മാരും ഗന്ധർവ്വന്മാരും അപ്സരസ്ത്രീകളും ഉണ്ടായിരുന്നു. ഉപചക്രചകോരങ്ങളും, ജീവഞ്ജീവകഗങ്ങളും, നല്ല വണ്ടുകളും, കുയിലുകളും നിറഞ്ഞ വൃക്ഷങ്ങൾ, പൂത്തും കായ്ച്ചും ഭംഗിയായി നിന്നിരുന്നു. അവയൊക്കെ കുളുർത്ത നിഴൽ വിരിച്ച് കണ്ണിനും കരളിനും കുളുർമ്മ നല്കി.

ഹംസകാരണ്ഡവാകീർണ്ണമായി, ഹിമസന്നിഭമായ വാരികൾ, വൈഡൂര്യനിറമായി വിളങ്ങുന്ന മലഞ്ചോലകൾ അവൻ കണ്ടു. മഴക്കാറുപോലെ ഇരുണ്ട ദേവതാരുവൃക്ഷങ്ങളും, രക്തചന്ദനവൃക്ഷങ്ങളോടിടകലർന്ന്, സൗരഭ്യം വീശുന്ന കാരകിൽ വൃക്ഷവനങ്ങളും അവൻ കണ്ടു. അങ്ങനെ ഭീമൻ കൗതുകങ്ങളൊക്കെ നോക്കിക്കണ്ട് നായാട്ടുചെയ്ത് മരുധന്വപ്പരപ്പിലേക്കു കയറി. മൃഗങ്ങളെ ശുദ്ധബാണങ്ങൾ എയ്തു കൊന്നു.

പ്രസിദ്ധനായ ഭീമസേനൻ ശക്തനായ ഒരു പന്നിയെ അമ്പെയ്തു കൊന്നു. പിന്നെ മാൻ, കാട്ടുപോത്ത്, ഇവകളെ അവിടവിടെ കൊന്നുകൊന്ന് നൂറ് ആനയ്ക്കൊക്കുന്ന ഊക്കുള്ളവനും നൂറു പേരെ ഒന്നിച്ചു തടഞ്ഞുനിർത്തുവാൻ പോന്നവനുമായ ആ ഭീമപരാക്രമൻ നടന്നു. സിംഹവ്യാഘ്രോഗ്രവിക്രാന്തനായ അവൻ മാമരങ്ങൾ പറിച്ച്, ഊക്കോടെ തച്ചൊടിച്ച്, ഭൂഭാഗങ്ങളും ആ കാടുമൊക്കെയിട്ടു കുലുക്കി. പർവ്വതാഗ്രം അടിച്ചുടച്ച്, സസന്തോഷം ആർത്തുകയറി. മരം പറിച്ചെറിഞ്ഞ് ഭൂമി കുലുക്കി, യാതൊരു ഭയവും കൂടാതെ പാഞ്ഞുകയറി. കൂക്കിയാർത്തുവിളിച്ചും, കൈകൊട്ടിയൊച്ചപ്പെടുത്തിയും, ഒട്ടുവളരെ ഗർവ്വുകാട്ടിയും, ആ കാട്ടിൽ ഭീമൻ ശബ്ദമുണ്ടാക്കിയപ്പോൾ മഹാബലന്മാരായ ആനകളും സിംഹങ്ങളുമൊക്കെ ഭയപ്പെട്ട് ഗുഹകളിൽ നിന്നു പുറത്തുചാടി ഓടിത്തുടങ്ങി. ചിലേടത്തിരുന്നും ചിലേടത്തു പാഞ്ഞും അവൻ നിർഭയനായി വനത്തിൽ ചുറ്റി. ഇങ്ങനെ വനചരോപമനായ അവൻ മൃഗങ്ങളെ തേടി ചുറ്റി കാൽനടയായി ആ കൊടുംകാട്ടിൽ പാഞ്ഞുകയറി, എല്ലാ ജീവികളേയും ഭയപ്പെടുത്തി. ഭീമന്റെ ആരവത്താൽ ഗുഹകളിൽ അധിവസിക്കുന്ന അഹികളൊക്കെ ഭയാക്രാന്തരായി പാഞ്ഞൊളിച്ചു. അവൻ മെല്ലെ ചെന്നപ്പോൾ അവിടെ രോമാഞ്ചപ്രദമായ ഒരു വലിയ പാമ്പിനെ കണ്ടു. ആ ഭയങ്കരസത്വം മെയ്കൊണ്ടു ഗുഹ മൂടി ഗിരിദുർഗ്ഗത്തിൽ വാഴുകയായിരുന്നു. പർവ്വതംപോലെ വമ്പിച്ച മെയ്യുള്ളതും, വളരെ ശക്തിയുള്ളതും, വിചിത്രരേഖകൾകൊണ്ടു ചിത്രാംഗമായിട്ടുള്ളതും, മഞ്ഞൾ നിറമുള്ളതും, നാലു ദംഷ്ട്രകളോടും, ദീപ്തനേത്രങ്ങളോടും കൂടിയതുമായിരുന്നു അതിന്റെ രൂപം. വലിയ ഗുഹപോലുള്ള അതിന്റെ വായിൽ നാവിട്ടിളക്കി എല്ലാവർക്കും ഭയമുണ്ടാക്കുന്ന കാലാന്തകനെപ്പോലെ അതു നിശ്വാസത്തിൽത്തന്നെ വിഷം വമിക്കുമാറു നില്ക്കുന്നതായും കണ്ടു. ഭീമനെ കണ്ടയുടനെ കോപത്തോടെ ചീറിപ്പാഞ്ഞുചെന്ന് അവന്റെ രണ്ടുകൈക്കും കൂടി ആ പെരുമ്പാമ്പു പിടിച്ചു. ആ പാമ്പ് തൊട്ടമാത്രയ്ക്കുതന്നെ ഭീമന്റെ ബോധം മറഞ്ഞു. അവന്റെ വരദാനബലം കൊണ്ടാണ് ഭീമന് അങ്ങനെ സംഭവിച്ചത്. പതിനായിരം ആനയുടെ ശക്തിയുള്ള ഭീമന്റെ കൈയൂക്ക് അതിരറ്റതാണെങ്കിലും, അതൊന്നും പാമ്പിന്റെ നേരേ ഫലിച്ചില്ല. അവൻ ആ പെരുമ്പാമ്പിന്റെ പിടിയിൽപ്പെട്ടുപോയി. ഭീമൻ തന്റെ ശക്തിയൊക്കെയിട്ടു കുടഞ്ഞുനോക്കി. എന്നാൽ അവന് അനങ്ങുവാൻ കഴിഞ്ഞില്ല.

നാഗായുതപ്രാണനും, സിംഹസ്കന്ധനും, മഹാഭുജനുമായ ഭീമൻ അവശനായി ബോധഹീനനായി. ഭീമൻ പെരുമ്പാമ്പിൽനിന്നു രക്ഷപെടുവാൻ അശക്തനായിക്കിടന്നു."

179. യുധിഷ്ഠിരഭീമദർശനം - യുധിഷ്ഠിരൻ ഭീമനെ കണ്ടെത്തുന്നു

കണ്ടെത്തുന്നു – വൈശമ്പായനൻ പറഞ്ഞു: "തേജസ്വിയായ ഭീമസേനനെ ഇപ്രകാരം പെരുമ്പാമ്പു പിടിച്ചപ്പോൾ ഭീമൻ ആ സർപ്പത്തിന്റെ ആശ്ചര്യകരമായ മഹാബലത്തെപ്പറ്റി കിടന്നകിടപ്പിൽ ചിന്തിച്ചു. അവൻ ആ മഹാസർപ്പത്തോടു ചോദിച്ചു. 'ഹേ, പന്നഗമേ! നീ താല്പര്യത്തോടെ എന്നോടു പറയൂ, ഭവാൻ ആരാണ് പന്നഗശ്രേഷ്ഠ? ഭവാൻ ഇപ്പോൾ എന്നെ എന്തിനാണ് പിടിച്ചിരിക്കുന്നത്? ഞാൻ ധർമ്മരാജാവിന്റെ സഹോദരനായ ഭീമസേനനാണ്. നാഗായുതസമപ്രാണനായ എന്നെ നീ എങ്ങനെ പിടിച്ച് ഒതുക്കിക്കളഞ്ഞു? സടചിന്നുന്ന സിംഹങ്ങളേയും, ഉഗ്രവ്യാഘ്രങ്ങളേയും, കാട്ടുപോത്തുകളേയും, അസംഖ്യം ആനകളേയും പോരാടി സംഹരിച്ചവനാണ് ഞാൻ. രാക്ഷസന്മാർ, പിശാചുക്കൾ, പന്നഗങ്ങൾ എന്നിവയൊന്നും എന്റെ കൈയുക്കു താങ്ങുവാൻ ശക്തരല്ലല്ലോ പന്നഗോത്തമാ! അങ്ങു വിദ്യാബലംകൊണ്ടോ, വരബലംകൊണ്ടോ, എന്തുമഹാബലംകൊണ്ടാണ് എന്നെ ബന്ധിച്ചത്? ഞാൻ എത്ര പ്രയത്നപ്പെട്ടുനോക്കി! എന്നിട്ടും നിന്റെ പിടിയിൽപ്പെട്ടുപോയി. നരന്മാരുടെ വിക്രമമൊക്കെ സത്യമായി എനിക്കു തോന്നുന്നില്ല. അല്ലെങ്കിൽ എന്റെ ഈ മഹാശക്തി ഹേ ഭുജംഗമ, നീ തടുത്തുവല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "അക്ലിഷ്ടകാരിയായ ഭീമൻ ഇപ്രകാരം പറഞ്ഞപ്പോൾ ആ സർപ്പം ഉടൽകൊണ്ട് അവനെ അമർത്തിപ്പിടിച്ച് ദേഹമൊക്കെ ചുറ്റിവരിഞ്ഞു. അവന്റെ കൈ രണ്ടും വിട്ടു. പിന്നെ ആ സർപ്പം അവനോട് ഇപ്രകാരം പറഞ്ഞു: "എടോ ഭീമാ! വിശക്കുന്ന എനിക്കു ദേവന്മാർ നിന്നെ തിന്നുവാൻ തന്നിരിക്കയാണ്. വളരെനാൾ കഴിഞ്ഞതിന്നുശേഷം കിട്ടിയ ഒരു ഭക്ഷണമാണു നീ. പ്രാണിക്കു പ്രാണനേക്കാൾ വലിയതായി മറ്റൊന്നുമില്ലല്ലോ. ഞാൻ ഇങ്ങനെ ഒരു സർപ്പരൂപത്തെ പ്രാപിച്ചതാണ്. അതും ഞാൻ നിന്നോടു പറയാം. അതു നിന്നോടു പറയേണ്ട കഥയാണ്. ഭവാൻ കേട്ടുകൊള്ളുക. മഹർഷിമാരുടെ കോപംമൂലം ഞാൻ ഈ നിലയിലെത്തിയതാണ്. ശാപത്തിന്റെ അവസാനമായെന്നു ഞാൻ കാണുന്നു. അതും ഞാൻ നിന്നോടു പറയാം.

രാജർഷിയായ നഹുഷനെപ്പറ്റി തീർച്ചയായും ഭവാൻ കേട്ടിട്ടുണ്ടാകും. ഭവാന്റെ പൂർവ്വന്മാർക്കും പൂർവ്വനായ വംശകൃത്തും, ആയുസ്സിന്റെ പുത്രനുമാണ് അവൻ. അവൻ ഈയുള്ളവൻതന്നെയാണ്. വിപ്രന്മാരെ നിന്ദിക്കുകമൂലം അഗസ്ത്യമഹർഷി എന്നെ ശപിച്ചു. അങ്ങനെ ഞാൻ ഈ അവസ്ഥയിലായിത്തീർന്നു. ദൈവശക്തി നോക്കൂ!

പ്രിയദർശനനും ദായാദനുമായ നീ എനിക്ക് അവദ്ധ്യനാണ്. അങ്ങനെയുള്ള നിന്നെ ഞാൻ ഇന്നു തിന്നുകയാണ്. ദൈവകല്പിതം നോക്കുക! എന്റെ പിടിയിൽപ്പെട്ടാൽ പിന്നെ ഒരുത്തനും രക്ഷയില്ല. വിട്ടുപോകാൻ സാദ്ധ്യമല്ല. കഷ്ടകാലത്താൽ

digitized by www.sreyas.in

വന്നുപെട്ട ആനയും പോത്തും എന്നുവേണ്ട, ഒന്നും തന്നെ എന്റെ പിടിയിൽനിന്നു വിട്ടുപോയിട്ടില്ല. ഞാൻ തിര്യക്‌യോനിയിൽ ഉൾപ്പെട്ട വെറും പന്നഗമല്ല. ഞാൻ നിന്നേയും പിടികൂടി. എനിക്കു കിട്ടിയ വരദാനം അങ്ങനെ ചെയ്യിച്ചു.

ഞാൻ ഇന്ദ്രാസനവിമാനത്തിൽനിന്നു വീഴുമ്പോൾ ശാപാവസാനം നല്കണമെന്ന് ഭഗവാനായ മുനിയോട് അഭ്യർത്ഥിച്ചു. തേജസ്വിയായ അദ്ദേഹം എന്നിൽ കനിഞ്ഞ് ഇപ്രകാരം പറഞ്ഞു: 'കുറേക്കാലം കഴിഞ്ഞാൽ രാജാവേ, നിനക്കു മോക്ഷം കിട്ടും.' ഞാനങ്ങനെ ഭൂമിയിൽ വീണു. എന്നാൽ, എന്റെ ബോധം നശിച്ചില്ല. ഞാൻ പണ്ടു പഠിച്ചതൊക്കെ ഇപ്പോഴും ഓർക്കുന്നുണ്ട്. 'നിന്റെ ചോദ്യത്തിനൊക്കെ ശരിയായ ഉത്തരം നല്കുന്ന വിദ്വാൻ നിനക്കു ശാപമോക്ഷം നല്കും' എന്ന് ആ മഹർഷി എന്നോടു പറയുകയും ചെയ്തു. പിന്നെ, ആ മുനി ഇപ്രകാരവും പറഞ്ഞു: "ബലമേറുന്ന ജീവിയായാലും രാജാവേ, ഭവാൻ പിടിച്ചാലുടനെ എല്ലാറ്റിന്നും സത്വഭ്രംശം പറ്റും. ഇത് ഏതു ജീവിയായാലും സംഭവിക്കുന്നതാണ്." ഇപ്രകാരവും മുനി എന്നെ അനുഗ്രഹിച്ചു. ഞാൻ വീഴുന്ന അവസരത്തിൽ കരഞ്ഞ് ഞാൻ ഈ വിവരങ്ങളൊക്കെ ധരിച്ചു. ആ മഹാപാപിയായ ഞാനിങ്ങനെ നരകത്തിൽ പതിച്ചു കിടക്കുകയാണ്. സർപ്പജാതിയിൽപ്പെട്ട് കാലത്താൽ രക്ഷിക്കപ്പെട്ടു ഞാൻ വാഴുന്നു."

ഇതുകേട്ട് ഭീമൻ ആ മഹാഭുജംഗത്തോടു പറഞ്ഞു: "ഹേ, മഹാസർപ്പമേ! എനിക്കു ഭവാനോടു കോപമില്ല. ആത്മനിന്ദയും എനിക്കില്ല. സുഖവും ദുഃഖവും സമ്പാദിക്കുവാനും പോക്കാനും സാമർത്ഥ്യമുണ്ടായാലും സാമർത്ഥ്യമില്ലാതിരുന്നാലും അതിൽ മനുഷ്യൻ ദുഃഖിക്കരുത്. ദൈവത്തെ പൗരുഷം കൊണ്ടു തോല്പിക്കുവാനായി ആരുണ്ട്? ദൈവം വലിയതുതന്നെ എന്നു ഞാനോർക്കുന്നു. പൗരുഷം നിഷ്ഫലം തന്നെ. നോക്കു, ദൈവം പിഴച്ചതുമൂലം മഹാബാഹുവായ ഞാൻ, ഒരു കാരണവും കൂടാതെ ഈ നിലയിലായതു നോക്കുക! ഞാൻ എന്റെ നാശം ഓർത്തു മാത്രം ദുഃഖിക്കുന്നില്ല. രാജ്യം നഷ്ടപ്പെട്ടു കാട്ടിൽ ഉഴലുന്ന ഭ്രാതാക്കന്മാരെ ചിന്തിച്ചാണ് എനിക്കു വ്യസനം. യക്ഷരാക്ഷസന്മാരുള്ള ഈ ഹിമവൽപർവ്വതം മഹാദുർഗ്ഗമമാണ്. എന്നെ അന്വേഷിച്ചു കാണാതെ എന്റെ ഭ്രാതാക്കൾ സങ്കടപ്പെട്ട് ഉഴലും. ഞാൻ മരിച്ചുപോയി എന്നറിഞ്ഞാൽ അവർ നിരുത്സാഹരാകും. രാജ്യാർത്ഥിയായ ഞാൻ മൂലം ആ ധർമ്മിഷ്ഠന്മാർ കഷ്ടത്തിലാകും.

അല്ലെങ്കിൽ എന്തിന്നു ഞാൻ വ്യസനിക്കുന്നു? ധീമാനായ അർജ്ജുനനില്ലേ? അവനൊരിക്കലും വ്യസനിക്കില്ല. സർവ്വാസ്ത്രജ്ഞനും, ദേവഗന്ധർവ്വാശരന്മാർക്കെല്ലാം സുദുസ്സഹനുമാണ് അവൻ. അവനൊറ്റയ്ക്കു മതി ദേവേന്ദ്രനെപ്പോലും സ്ഥാനത്തുനിന്നു വീഴ്ത്തുവാൻ. പിന്നെയാണോ, കള്ളച്ചൂതു കളിക്കുന്ന ധാർത്തരാഷ്ട്രന്മാരെ ഓടിക്കുവാൻ. ലോഭമോഹാന്ധനായി, സർവ്വദ്വേഷിയായിരിക്കുന്ന ആ ദുഷ്ടനെപ്പറ്റി പിന്നെ പറയേണ്ടതുണ്ടോ? എനിക്ക് അമ്മയെപ്പറ്റിയാണ് വിചാരം. സാധുവായ അമ്മ! പുത്രവത്സലയായ അമ്മ! ശത്രുക്കളേക്കാൾ മെച്ചം ഞങ്ങൾക്കുണ്ടാകണമെന്ന് കൊതിച്ചുകൊണ്ടു വസിക്കുന്ന അമ്മ! അനാഥയായ എന്റെ അമ്മ! അയ്യോ! എന്റെ അമ്മ, എന്റെ നാശം മൂലം ആശ തകർന്ന് എന്തു മട്ടാകും? എന്നെക്കുറിച്ചുള്ള അവരുടെ മനോരാജ്യമൊക്കെ തകരുവാനാണു പോകുന്നത്. ജ്യേഷ്ഠന്മാരെ അനുവർത്തിക്കുന്നവരായ നകുലസഹദേവന്മാർ എന്റെ ബാഹുരക്ഷയിൽ പുരുഷമാനികളായി ജീവിക്കുന്നവരാണ്. അവർ വീര്യവും വിക്രമവും കെട്ടു നിരുത്സാഹികളാകുവാൻ പോവുകയാണ്." ഇങ്ങനെ പലതും പറഞ്ഞ് വൃകോദരൻ വിലപിച്ചു. ആ പാമ്പിനാൽ ചുറ്റപ്പെട്ട ഭീമൻ അനങ്ങുവാൻ വയ്യാതെ കിടന്നു.

ഈ സമയത്ത് യുധിഷ്ഠിരൻ ഘോരമായ പല ദുശ്ശകുനങ്ങളും കണ്ടു. ഘോരമായ ഉൽപാതങ്ങൾ കണ്ട് യുധിഷ്ഠിരന്റെ ഹൃദയം അസ്വസ്ഥമായി. വലത്തുഭാഗത്തുനിന്ന് കുറുക്കൻ ഉഗ്രമായി ഓരിയിട്ടു! ആ സൃഗാലൻ ആശ്രമത്തിൽ ദീപ്തമായ ദിക്കിൽ ഭയപ്പെട്ടു പറ്റിനിന്നു. ഒറ്റക്കണ്ണും, ഒറ്റക്കാലും ഒറ്റച്ചിറകുമായി ഘോരമായ കാഴ്ചയിൽ വർത്തിക സൂര്യനെനോക്കി ഉൽക്കടമായി ചോര കക്കുന്നതും കണ്ടു. ചരൽപ്പൊടി പറപ്പിച്ചു രൂക്ഷമായി ചുഴലിക്കാറ്റടിച്ചു. മൃഗങ്ങളുടേയും, പക്ഷികളുടേയും നാദം, അപസവ്യങ്ങളായി പിന്നിൽനിന്നു കരിങ്കാക്ക പോക! പോക! എന്നു പറയുന്നതുപോലെ യുധിഷ്ഠിരന്നു തോന്നി. അവന്റെ ദക്ഷിണഭുജം വീണ്ടും വീണ്ടും വിറച്ചു. ഇടങ്കാലും ഹൃദയവും ഏറ്റവും പരിതപിച്ചു. അനിഷ്ടകരമായി ഇടങ്കണ്ണിളകുന്നതും കണ്ടു.

മേധാവിയായ യുധിഷ്ഠിരൻ ആപത്തു നിനച്ച്, പാഞ്ചാലിയോടു ചോദിച്ചു: 'ഭീമനെവിടെപ്പോയി?'

'ഭീമൻ പോയിട്ടു വളരെ നേരമായി' എന്നു പാർഷതി മറുപടി പറഞ്ഞു. ഉടനെ രാജാവ് ധൗമ്യനോടുകൂടി പുറപ്പെട്ടു. 'പാഞ്ചാലിയെ കാത്തുകൊള്ളുക' എന്ന് അർജ്ജുനനോടു പറഞ്ഞു. വേഗത്തിൽ നടന്നു. മാദ്രേയന്മാരോട് ദ്വിജന്മാരെ സംരക്ഷിക്കണമെന്നും പറഞ്ഞു. അങ്ങനെ മഹാവനത്തിൽ യുധിഷ്ഠിരൻ ഭീമനെ തിരഞ്ഞു നടന്നു. കിഴക്കേഭാഗത്തായി കൊമ്പനാനകളെ കണ്ടു. അവിടെ നടക്കുമ്പോൾ ഭൂമിയിൽ ഭീമൻ പോയതിന്റെ ചിഹ്നങ്ങൾ കണ്ടു. ഉടനെ മൃഗസഹസ്രങ്ങളും മൃഗരാജശതങ്ങളും വീണുകിടക്കുന്നതായി കണ്ടു. ആ വഴിക്ക് അവർ കാടുകയറി നടന്നു. മൃഗങ്ങളെ പിടിക്കുവാൻ വായുവേഗത്തിൽ അവൻ ഓടുമ്പോഴുണ്ടാകുന്ന കാറ്റേറ്റ് ഒടിഞ്ഞ മരങ്ങൾ രാജാവു കണ്ടു. ആ അടയാളം നോക്കി ആ വഴിക്കു നടന്ന് അവർ ഒരു ഗിരിഗഹ്വരത്തിലെത്തി. നിഷ്പത്രവൃക്ഷമായി രൂക്ഷമായ കാറ്റു വീശുന്ന ഒരിടത്തെത്തി. അവിടം വെള്ളമില്ലാതെ ഊഷരമായ ഒരു പ്രദേശമാണ്. ധാരാളം മുൾവൃക്ഷങ്ങളുണ്ട്. കല്ലും മരക്കുറ്റിയുമായി വളരെ ദുർഘടമായ സ്ഥലത്ത് ദുർഗ്ഗമമായ ആ പ്രദേശത്ത് പെരുമ്പാമ്പു ചുറ്റി ചേഷ്ടയില്ലാതെ കിടക്കുന്ന ഭീമനെ യുധിഷ്ഠിരൻ കണ്ടു."

180. യുധിഷ്ഠിരസർപ്പസംവാദം – വൈശമ്പായനൻ പറഞ്ഞു: "പെരുമ്പാമ്പു ചുറ്റി നിശ്ചേഷ്ടനായിക്കിടക്കുന്ന ഭീമനെക്കണ്ട് യുധിഷ്ഠിരൻ അടുത്തുചെന്നു വ്യസനത്തോടെ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പ്രിയസഹോദരാ! നീ എങ്ങനെ ഈ ആപത്തിൽപ്പെട്ടു? മലപോലെ ഭയങ്കരനായ ഈ പന്നഗശ്രേഷ്ഠൻ ആരാണ്?"

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് ഭീമൻ എല്ലാ വർത്തമാനവും ജ്യേഷ്ഠനോട് അവിടെക്കിടന്നു പറഞ്ഞു."

ഭീമൻ പറഞ്ഞു. "ജ്യേഷ്ഠാ! ബലവാനായ ഇവൻ എന്നെ തിന്നുവാൻ പിടിച്ചതാണ്. രാജർഷിയായ നഹുഷൻ ശാപത്താൽ പാമ്പായിത്തീർന്നതാണ്!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, സർപ്പമേ! ആയുഷ്മാനേ! ഭവാൻ എന്റെ സഹോദരനെ വിട്ടയയ്ക്കുക! ഭവാന് വിശപ്പടക്കുവാൻ ഞാൻ വേറെ ഇര നല്കാം."

സർപ്പം പറഞ്ഞു: "ഞാൻ ഇര കിട്ടുവാൻ കൊതിച്ചിരിക്കുമ്പോൾ എനിക്കു കിട്ടിയ ഇരയാണിവൻ. നീ നില്ക്കേണ്ട! പൊയ്ക്കൊള്ളുക. ഇവിടെ നിന്നാൽ നാളേക്ക് നിന്നേയും ഞാൻ പിടിച്ചു തിന്നും. ഇത് എന്റെ വ്രതമാണ്. എന്റെ താവളത്തിൽ വന്നവരെയാരേയും ഞാൻ വിടില്ല. നീയും എന്റെ സങ്കേതത്തിൽ വന്നെത്തിയവനാണ്. വളരെ നാൾ കഴിഞ്ഞതിന്നുശേഷം എനിക്കു ലഭിച്ച ഇരയെ ഞാൻ വിടില്ല. വേറെ ഒന്നും എനിക്കു വേണ്ട. ആഗ്രഹവുമില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "ഭവാൻ ദേവനാണോ? ദൈത്യനാണോ? നാഗം തന്നെയാണോ? നേരു പറയുക. യുധിഷ്ഠിരനാണ് ചോദിക്കുന്നത്. ഭീമസേനനെ നീ എന്തിനാണു പിടിച്ചത്? നീ എന്തായാലും ഇവനെ വിടണം. എന്തു തീറ്റ വേണമെങ്കിലും തരാം."

സർപ്പം പറഞ്ഞു: "ഞാൻ നഹുഷൻ എന്ന രാജാവാണ്. നിന്റെ പൂർവ്വികനാണ്. പ്രസിദ്ധനായ സോമനിൽനിന്നും അഞ്ചാ

digitized by www.sreyas.in

മനാണ് ഞാൻ. ആയുസ്സുരാജാവിന്റെ പുത്രനാണ്. യജ്ഞം, തപസ്സ്, അദ്ധ്യയനം, ദമം എന്നിവയാൽ ഞാൻ മൂന്നുലോകത്തിന്നും അധീശ്വരനായി വാണു. ഞാൻ വിക്രമംകൊണ്ട് പ്രസിദ്ധനായിരുന്നു. അപ്രകാരം ഐശ്വര്യവാനായ എന്നെ ഗർവ്വു ബാധിച്ചു. എന്റെ പല്ലക്കെടുക്കുവാൻ ആയിരം ആര്യബ്രാഹ്മണരെ ഞാൻ നിയമിച്ചു. ഐശ്വര്യമദമത്തനായ ഞാൻ ആര്യബ്രാഹ്മണരെ നിന്ദിച്ചതുകൊണ്ട് അഗസ്ത്യന്റെ ശാപത്താൽ ഈ നിലയിൽ പെട്ടുപോയി രാജാവേ! എനിക്ക് ഇന്നും പ്രജ്ഞ നശിച്ചിട്ടില്ല. അതു മഹാത്മാവായ അഗസ്ത്യന്റെ വരം കൊണ്ടാണ്. ആറാമത്തെ തലമുറ വന്നപ്പോൾ നിന്റെ സഹോദരൻ എനിക്ക് ആഹാരമായി ഇവിടെ എത്തി. അവനെ ഞാൻ വിടില്ല. വേറെ ഒന്നിലും എനിക്കു കാംക്ഷയുമില്ല. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം പറയുവാൻ നിനക്കു കഴിയുമോ? പറയാമെങ്കിൽ ഞാൻ നിന്റെ അനുജനെ വിട്ടുതരാം."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, സർപ്പമേ! ഭവാൻ യഥേഷ്ടം ചോദിച്ചാലും! ഞാൻ ഉത്തരം പറയാം. ഭവാന്റെ പ്രീതി നല്കുവാൻ എന്റെ ഉത്തരം പര്യാപ്തമാകുമെങ്കിൽ ആകട്ടെ! ബ്രാഹ്മണന് അറിയേണ്ടതെന്തെന്ന് ഭവാനറിയുന്നുണ്ടല്ലോ! ഹേ, സർപ്പരാജാവേ! ചോദിക്കുക! കേട്ടാൽ ഞാൻ മറുപടി പറയാം."

സർപ്പം പറഞ്ഞു: "ആരാണു ബ്രാഹ്മണൻ? അറിയപ്പെടേണ്ടത് (വേദ്യം) എന്താണ്? ഹേ, യുധിഷ്ഠിര! നീ ബുദ്ധിമാനാണെന്നു കരുതുന്നുണ്ടെങ്കിൽ പറയുക.

യുധിഷ്ഠിരൻ പറഞ്ഞു: "സത്യം, ദാനം, ക്ഷമാശീലം, ആനൃശംസ്യം, തപം, ദയ ഇവ ചേർന്നവനാണ് ബ്രാഹ്മണൻ! പിന്നെ പരമമായത് ബ്രഹ്മമാണ്. അത് സുഖദുഃഖഹീനമാണ്. അതാണ് വേദ്യം! അറിയേണ്ട വസ്തു അതാണ് പന്നഗശ്രേഷ്ഠാ! അവിടെയെത്തിയാൽ അല്ലൽ എന്നുള്ളതില്ല. ഭവാന് എന്താണ് ഇനി പറയുവാനുള്ളത്?"

സർപ്പം പറഞ്ഞു: "നാലു ജാതിക്കും ഹിതമായ പ്രമാണം സത്യവേദമാകുന്നു. ശൂദ്രന്മാരിലും സത്യം, ദാനം, അക്രോധം എന്നീ ഗുണങ്ങൾ ഉണ്ടാകാം. ആനൃശംസ്യവും, അഹിംസയും, ദയയും ഉണ്ടാകാം. ദുഃഖവും, സൗഖ്യവും കൂടാത്തതാണല്ലോ വേദ്യമായത്? ഹേ, രാജാവേ! ഇവ രണ്ടും വിട്ടതായ ഒരിടവും എന്റെ കാഴ്ചയിൽ ഞാൻ കാണുന്നില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "ശൂദ്രനിൽ കണ്ടതായ ഈ ഗുണചിഹ്നം ദ്വിജനിൽ കണ്ടില്ലെങ്കിൽ ആ ശൂദ്രൻ ശൂദ്രനല്ല; വിപ്രൻ വിപ്രനുമല്ല. ഈ വൃത്തം തികഞ്ഞവനാണ് ബ്രാഹ്മണൻ. ഈ വൃത്തം തികയാത്ത ബ്രാഹ്മണൻ ശൂദ്രനാണ് എന്നു തീരുമാനിക്കണം. പിന്നെ ഭവാൻ പറഞ്ഞില്ലേ? വേദ്യം ഇല്ലെന്ന്? കേവലം സുഖദുഃഖങ്ങളൊഴിഞ്ഞ പദമില്ലെന്ന്? അതു ശരിയാണ്! രണ്ടുമില്ലാത്ത ഇടമില്ല. ശീതോഷ്ണങ്ങളിൽ ഉഷ്ണശീതങ്ങൾ ചേരാത്തവിധം! ഇങ്ങനെ സുഖദുഃഖങ്ങൾ ഇല്ലാത്ത പദമില്ലതന്നെ. ഇതാണ് എന്റെ മതം. ഹേ, സർപ്പമേ! ഭവാൻ എന്തു ചിന്തിക്കുന്നു ഇതിൽ?"

സർപ്പം പറഞ്ഞു; ബ്രാഹ്മണൻ അവന്റെ വൃത്തിയോടുകൂടിയവനാണെന്നു ഭവാൻ വിചാരിക്കുന്നുണ്ടെങ്കിൽ വൃത്തിയോടുകൂടാതെയുള്ള ജാതിനാമം വെറുതെയാണ്."

യുധിഷ്ഠിരൻ പറഞ്ഞു: "ജാതി എന്നത് മനുഷ്യരിൽ കാണുവാൻ വിഷമമാണ്. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദികളെ പ്രത്യക്ഷമായി തിരിച്ചറിയുവാൻ സാദ്ധ്യമല്ല. വർണ്ണസങ്കരം മൂലം ചിന്തിച്ചറിയുവാനും പണിയാണ്. എല്ലാ ജാതിക്കാർക്കും ഏതു ജാതിക്കാരിലും മക്കളുണ്ടാകും! വാക്കും മൈഥുനവും, ജനനവും, മരണവുമൊക്കെ ഏതു ജാതിയിലും മനുഷ്യരിൽ ഒന്നുപോലെതന്നെയാണ്. ഞാൻ യജിക്കുന്നു എന്ന് ഒരുത്തനു തോന്നുന്നുവെങ്കിൽ അവൻ ശ്രേഷ്ഠകർമ്മാവായി. തത്ത്വദർശികൾ ശീലത്തെയാണു പ്രധാനമായി കണക്കാക്കുന്നത്; ജന്മത്തെയല്ല. നരന്മാരുടെ ജാതകർമ്മം പൊക്കിൾക്കൊടി മുറിക്കുന്നതിന്നു മുമ്പാണ്. അവിടെ അമ്മ സാവിത്രിയും അച്ഛൻ ആചാര്യനുമായി വരുന്നു. അതുവരെ ശൂദ്രതുല്യനാണ്, വേദത്തിൽപ്പെടാത്തതുകൊണ്ട്. സംശയാസ്പദമായ കാര്യത്തിൽ ഇപ്രകാരമാണല്ലോ സ്വായംഭൂ. മനു പറഞ്ഞത് (ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ). വൃത്തിയെന്നൊന്ന് ഇല്ലെങ്കിൽ ജാതിക്കാരൊക്കെ കൃതകൃത്യന്മാരാകും. സങ്കരവർണ്ണത്തിൽ ഇതാണ് തൽസംബന്ധമായി ഒരു കാര്യം പറയാം: "സംസ്കാരം ചേർന്ന വൃത്തി ഏതൊരുവനിൽ കാണുന്നുവോ അവൻ ബ്രാഹ്മണനാണ് എന്നാണ് എന്റെ അഭിപ്രായം."

സർപ്പം പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! വേദ്യവേദിയായ ഭവാൻ പറഞ്ഞ വാക്കു ഞാൻ കേട്ടു. ഇനി എങ്ങനെയാണ് ഞാൻ ഭീമനെ തിന്നുക?"

181. ഭീമമോചനം – യുധിഷ്ഠിരൻ പറഞ്ഞു: "വേദവേദാംഗങ്ങളുടെ മറുകരയെത്തിയവനാണ് ഭവാൻ. ഞാൻ ഭവാനോട് ഒന്നു ചോദിക്കുവാൻ ആഗ്രഹിക്കുന്നു. എന്തു കർമ്മം ചെയ്താലാണ് ഉത്തമമായ ഗതി (മോക്ഷം) ലഭിക്കുക?"

സർപ്പം പറഞ്ഞു; ഹേ, ഭാരതശ്രേഷ്ഠാ! പാത്രത്തിൽ ദാനം ചെയ്യുക, പ്രിയം പറയുക, സത്യം പറയുക, അഹിംസാപരനാവുക; എന്നാൽ സ്വർഗ്ഗമായി സൽഗ്ഗതിയായി, എന്നാണ് എന്റെ മതം. യുധിഷ്ഠിരൻ പറഞ്ഞു: "ദാനവും സത്യവും എന്നു പറഞ്ഞുവല്ലോ. ഇതിൽ ഏതാണു വലുത്? അതുപോലെതന്നെ പ്രിയം, അഹിംസ ഇവയിൽ ഏതാണു വലുത്? ഇവയുടെ ഗുരുലഘുത്വങ്ങളെക്കുറിച്ചും പറഞ്ഞാലും."

സർപ്പം പറഞ്ഞു: "ദാനം, സത്യം, പ്രിയം, അഹിംസ എന്നിവയുടെ കാര്യത്തിൽ ഓരോന്നിന്റേയും നിലപോലെയാണ് ഗുരുലാഘവങ്ങൾ. ചില ദാനത്തേക്കാൾ സത്യം മെച്ചപ്പെട്ടതാകും. സത്യവാക്കിനേക്കാൾ ചിലേടത്തു ദാനവും മെച്ചപ്പെട്ടതാകും, അപ്രകാരം തന്നെ ഹേ മഹേഷ്വാസാ! പ്രിയമായ വാക്കിലും മേലെ അഹിംസയാകും, അഹിംസയിലും മേലെ പ്രിയവാക്കു മാകും. ഇങ്ങനെ സന്ദർഭം പോലെ ഗുരുലഘുത്വങ്ങൾ മേലുകീഴായി വരും. രാജാവേ! ഇനി അങ്ങയ്ക്ക് എന്താണഭീഷ്ടം? ചോദിച്ചാലും."

യുധിഷ്ഠിരൻ പറഞ്ഞു: "ദേഹം വെടിഞ്ഞവന്ന് എങ്ങനെ സ്വർഗ്ഗസിദ്ധി? ധ്രുവമായ കർമ്മഫലം, വിഷയങ്ങൾ ഇവയെക്കുറിച്ചും പറഞ്ഞുതന്നാലും!"

സർപ്പം പറഞ്ഞു: "സ്വന്തം കർമ്മംമൂലം ഗതികൾ മൂന്നുവിധമായിക്കാണുന്നു. മാനുഷം, സ്വർഗ്ഗവസതി, തിര്യക്യോനിത ഇവയാണ് അവ മൂന്നും. അതിൽ മാനുഷലോകത്തിൽനിന്ന് അഹിംസാഫലത്തോടുചേർന്ന് ദാനാദികാരണത്താൽ ആത്മാവിന്ന് സ്വർഗ്ഗസിദ്ധിയുണ്ടാകും. മറിച്ചുണ്ടാകുന്ന കാരണംകൊണ്ട് മർത്ത്യനായിത്തന്നെ പിറക്കും. അപ്രകാരം തന്നെയാണ് തിര്യക്ജാതിയും. അതിലെ ഭേദവും പറയാം. കാമക്രോധങ്ങൾ ഉള്ളിൽ വെച്ച് ഹിംസാലോഭങ്ങളോടുകൂടിയ മർത്ത്യൻ, മനുഷ്യനില നഷ്ടപ്പെട്ടു തിര്യക്കായി പിറക്കുന്നു. തിര്യക്ത്വം വിട്ടുള്ള മാറ്റം മർത്ത്യജാതിയിൽ വിധിച്ചിരിക്കുന്നു. പശു, കുതിര മുതലായവയിൽനിന്നിട്ട്, ദേവഭാവവും കാണുന്നു. ഇപ്രകാരം കാര്യവശാൽ ജീവിക്ക് ഈ വിധം ഗതി വന്നുകൂടും. നിത്യബ്രഹ്മത്തിൽ ആത്മലയം ദ്വിജൻ സാധിക്കുന്നു. അദൃഷ്ടഫലഭോക്താവായിത്തീരുന്ന ദേഹി ജനിക്കുകയാണെങ്കിൽ അവൻ ലോകതത്ത്വമറിഞ്ഞ നിഷ്കാമകർമ്മാവായി ഭവിക്കുന്നു."

യുധിഷ്ഠിരൻ പറഞ്ഞു: "ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവയിലുള്ള ആത്മാവിന്റെ സ്ഥിതിയെപ്പറ്റി സശ്രദ്ധം വേണ്ടപോലെ അരുളിച്ചെയ്താലും. ബുദ്ധിമാനേ! സർപ്പശ്രേഷ്ഠാ! ശബ്ദാദിവിഷയങ്ങളെല്ലാം ഒരുമിച്ചു ഗ്രഹിക്കുന്നില്ലേ? ഇത്രയും പറഞ്ഞാലും."

സർപ്പം പറഞ്ഞു: "അല്ലയോ ആയുഷ്മൻ! ദേഹത്തിൽ കുടികൊള്ളുന്ന ആത്മാവ് കരണങ്ങളെ ആശ്രയിച്ച് ഭോഗങ്ങളെ വിധിപോലെ അനുഭവിക്കുന്നു. ഹേ ഭരതർഷഭാ! ജ്ഞാനവും ബുദ്ധിയും മനസ്സും ആത്മാവിന്ന് ഭോഗാനുഭവത്തിൽ കാരണ

digitized by www.sreyas.in

ങ്ങളാണെന്നറിഞ്ഞാലും. ശരീരസ്ഥനായ ജീവാത്മാവ് മനസ്സു കൊണ്ടു ശബ്ദാദികളായ വിഷയങ്ങളെ ക്രമത്തിൽ പ്രാപിക്കുന്നു. അതിനാൽ അതു വിഷയസംബന്ധമായിത്തീരുന്നു. ഇക്കാര്യത്തിലേക്കായി മനസ്സു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മനസ്സ് ക്രമത്തിൽ വിഷയങ്ങളിൽ പ്രാപിക്കുന്നതിനാൽ വിഷയങ്ങളെ ഒരുമിച്ചു ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ഹേ, പുരുഷശ്രേഷ്ഠാ! ആ ആത്മാവ് ഭ്രൂമദ്ധ്യത്തിൽ സ്ഥിതിചെയ്തു പല വസ്തുക്കളിലും, പലവിധത്തിലുള്ള ബുദ്ധിയെ ഉളവാക്കി വിടുന്നു. ബുദ്ധി ഉദിച്ചതിന്നുശേഷം ബോധമുണ്ടാകുന്നതായി വിദ്വാന്മാർ കാണുന്നു. ഹേ രാജശ്രേഷ്ഠാ! ഇതാണ് ക്ഷേത്രജ്ഞനായ ആത്മാവിന്റെ അനുഭവസംബന്ധിയായ വിധി."

യുധിഷ്ഠിരൻ പറഞ്ഞു: "മനസ്സിന്നും ബുദ്ധിക്കുമുള്ള മുഖ്യലക്ഷണം പറഞ്ഞാലും. അധ്യാത്മജ്ഞാനികൾ ഇതറിയേണ്ട മുഖ്യകാര്യമായി വിധിച്ചിട്ടുള്ളതാണല്ലോ."

സർപ്പം പറഞ്ഞു: "ആത്മാനുസാരിയായ ബുദ്ധി ഉത്പാതം കൊണ്ട് ഉത്ഭവിക്കുന്നു. അത് അതിൽത്തന്നെ നില്ക്കുന്നു. ബുദ്ധി എപ്പോഴും ആത്മാവിനെ ആശ്രയിക്കുന്നു. ബുദ്ധി ഓരോ കാര്യം നിമിത്തമുണ്ടാകുന്നു. മനസ്സ് മുമ്പുതന്നെയുള്ളതാണ്. ബുദ്ധിക്ക് ഏതു ഗുണങ്ങൾ ഉണ്ടാകുന്നുവോ, അതേ ഗുണങ്ങൾ മനസ്സിന്നുമുണ്ടാകുന്നു. വത്സാ! ഇതാണു മനസ്സിന്നും ബുദ്ധിക്കുമുള്ള വ്യത്യാസം. നിനക്കതറിവുള്ളതാണല്ലോ. നീ എന്തു വിചാരിക്കുന്നു? നിന്റെ അഭിപ്രായമെന്ത്?"

യുധിഷ്ഠിരൻ പറഞ്ഞു: "അഹോ! ഭവാൻ ബുദ്ധിശാലികളിൽ ശ്രേഷ്ഠൻ തന്നെ! ഭവാന്റെ ബുദ്ധി ഏറ്റവും ശുഭമാണ്. അറിയേണ്ടത് അറിഞ്ഞവനാണു ഭവാൻ. എന്തിനാണ് എന്നോടു ചോദിക്കുന്നത്? സർവ്വജ്ഞനായ ഭവാൻ വാനിൽ വാഴുമ്പോൾ എങ്ങനെ മോഹത്തിൽപ്പെട്ടുപോയി? ഇങ്ങനെ അത്ഭുതകർമ്മാവായ ഭവാന് എങ്ങനെ ഈ പതനം സംഭവിച്ചു എന്നതാണ് എനിക്ക് അത്ഭുതം!"

സർപ്പം പറഞ്ഞു: "നല്ല പ്രജ്ഞയുള്ളവനായാലും ശൂരന്മാർക്ക് ഐശ്വര്യം മോഹത്തെ ഉണ്ടാക്കും. സുഖത്തിൽ വാഴുന്ന ഏവനും മോഹത്തിൽപ്പെട്ടുപോകുമെന്നാണ് എന്റെ അഭിപ്രായം. ഈ വിധമുള്ള ഞാൻ ഐശ്വര്യമോഹത്താൽ മദം മൂത്തവനായി യുധിഷ്ഠിരാ! ബോധവാനായിരുന്നിട്ടുകൂടി ഐശ്വര്യമദം എന്നെ ബാധിച്ചു. തന്മൂലം ഞാൻ പതിക്കുകതന്നെ ചെയ്തു. അതു നിന്നെയും ഞാൻ മനസ്സിലാക്കിത്തരാം. ഹേ, പരന്തപാ! ഭവാൻ എന്റെ കാര്യം സാധിപ്പിച്ചു. സാധുവായ ഭവാനുമായി സല്ലപിക്കെ എന്റെ കൃച്ഛ്റമായ പാപം ഒഴിയുകയും ചെയ്തു.

ഞാൻ പണ്ട് ദിവ്യവിമാനത്തിൽ സ്വർഗ്ഗത്തിൽ പറക്കുന്നവനായിരുന്നു. അഭിമാനമതം മൂത്ത ഞാൻ ആരേയും വകവെച്ചില്ല. ബ്രഹ്മർഷിമാരും, ദേവഗണങ്ങളും, ഗന്ധർവ്വന്മാരും, യക്ഷന്മാരും, വിദ്യാധരന്മാരും, അഹികളും, ത്രൈലോക്യവാസികളുമൊക്കെ എനിക്കു കരം നല്കിയിരുന്നു. ഏതു ജീവിയെ ഞാൻ കണ്ണുകൊണ്ട് നോക്കിയോ, രാജാവേ! അവന്റെ തേജസ്സൊക്കെ ഞാനേല്ക്കുകയും ചെയ്തിരുന്നു. ഇത് എന്റെ പരമമായ ദൃഷ്ടിബലമാണ്. എന്റെ പല്ലക്കു ബ്രഹ്മർഷിവരന്മാർ ആയിരം പേർകൂടി എടുത്തു. എന്റെ ആ ദുർന്നയമാണ് എന്നെ ശ്രീയിൽനിന്നു വീഴ്ത്തിയത്. പല്ലക്ക് ഏറ്റുന്ന അഗസ്ത്യമുനിയെ ഞാൻ കാലുകൊണ്ടു തട്ടി. ഉടനെ 'നീ സർപ്പമായി ഭവിക്കുക' എന്ന് അഗസ്ത്യൻ എന്നോടു കോപിച്ചു പറഞ്ഞു. ലക്ഷണംകെട്ട്, ഉടനെ ഞാൻ ആ വിമാനത്തിൽനിന്നു കീഴോട്ടുവീണു. ഞാൻ സർപ്പമായി തലകീഴായി വീഴുകയാണെന്ന് ഉടനെ എനിക്ക് ഓർമ്മ വന്നു. 'ശാപമോചനം തരേണമെന്നു' ഞാൻ ആ വിപ്രനോടു യാചിച്ചു. 'മൂഢനായ എന്റെ തെറ്റിൽ ഭഗവാനേ! ക്ഷമിച്ചാലും!' എന്ന്.

വീഴുന്ന എന്നോടു കരുണയോടെ മഹർഷി കല്പിച്ചു: "ധർമ്മരാജാവായ യുധിഷ്ഠിരൻ ഭവാനു ശാപമോക്ഷം നല്കും." ദുരഭിമാനത്തിന്റെയും, ഉഗ്രപാതകത്തിന്റെയും ഫലം തീർന്നാൽ ഹേ, മഹാരാജാവേ! നീ പുണ്യത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും. ഇപ്പോൾ ഞാൻ എന്റെ തപസ്സിന്റെ ശക്തി കാണുകയാൽ എനിക്ക് അത്ഭുതം തോന്നുന്നു. അതുകൊണ്ടാണ് ഞാൻ നിന്നോടു ബ്രഹ്മത്തേയും ബ്രാഹ്മണ്യത്തേയും കുറിച്ചു ചോദിച്ചത്. സത്യം, ദമം, തപം, ദാനം, അഹിംസ, ധർമ്മനിഷ്ഠ എന്നിവയാണ് മനുഷ്യൻ സാധകമാക്കേണ്ടത്. ഈ ഗുണങ്ങളാണ് മനുഷ്യനെ മഹാനാക്കുന്നത്. അല്ലാതെ ജാതിയുടേയും തറവാടിന്റേയും മേന്മയല്ല. ഹേ! അരിനാശനാ! നിന്റെ തമ്പിയായ ഭീമസേനൻ മഹാബലവാനാണ്. നിനക്കു ശുഭം ഭവിക്കട്ടെ! രാജേന്ദ്രാ! ഞാൻ വീണ്ടും ഇതാ വാനിലേക്കുയരുകയാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് നാഗരൂപം വെടിഞ്ഞ് നഹുഷരാജാവ് ദിവ്യരൂപം കൈക്കൊണ്ട് വാനിലേക്കുയർന്നു. ഭ്രാതാവായ ഭീമനോടുകൂടെ ധർമ്മരാജാവായ യുധിഷ്ഠിരൻ ധൗമ്യനുമൊത്ത് ആശ്രമത്തിലേക്കു പോന്നു. അവിടെ ഒത്തുചേർന്ന ദ്വിജന്മാരോടൊക്കെ യുധിഷ്ഠിരൻ ഈ അത്ഭുതവൃത്താന്തം പറഞ്ഞു കേൾപ്പിച്ചു. അതുകേട്ട് ആ ദ്വിജന്മാരും, മറ്റു മൂന്ന് അനുജന്മാരും, കൃഷ്ണയും ലജ്ജിച്ചു നിന്നുപോയി. ആ ദ്വിജശ്രേഷ്ഠന്മാരൊക്കെ പാണ്ഡവന്മാരുടെ ഹിതത്തിന്നായി ഭീമനോടു പറഞ്ഞു: "ഹേ, ഭീമാ! ഇനി ഇത്തരം സാഹസങ്ങൾക്കൊന്നും അനാവശ്യമായി പുറപ്പെടരുത്."

ഭയം തീർന്നു മടങ്ങിയെത്തിയ മഹാബലനായ ഭീമനെ കണ്ട് പാണ്ഡവന്മാർ ഹർഷമുൾക്കൊണ്ടു വിഹരിച്ചു."

മാർക്കണ്ഡേയസമസ്യാപർവ്വം

182. കാമ്യകവനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ഗ്രീഷ്മകാലം കഴിഞ്ഞ് വർഷകാലം വന്നു. എല്ലാവർക്കും കടുത്ത ചൂടു പോവുകയാൽ സുഖം തോന്നി. ആകാശവും ദിക്കുകളും മൂടുമാറ് കാർമേഘമാലകൾ നിറയുകയും, രാവും പകലും തോരാതെ മഴപെയ്യുകയും ചെയ്തു. വേനൽ നില്ക്കുമ്പോഴേക്കും വന്നുകൂടിയ നൂറും ആയിരവും മേഘമാലകൾ സൂര്യനെ മറച്ച് ഇടിയും മിന്നലുമായി തകർത്തു വർഷിച്ചു. ഗർവ്വിഷ്ഠരായി ജീവികളെ കടിച്ചുകൊല്ലുന്ന സർപ്പങ്ങൾ അധിവസിക്കുന്ന പച്ചപ്പുൽപ്പരപ്പുകൾ വെള്ളത്തിൽ നനഞ്ഞ് നയനാനന്ദകരമായി പ്രശോഭിച്ചു. വർഷപാതം മൂലം ഭൂമി മൂടി. സ്ഥലങ്ങൾ തിരിച്ചറിയാത്ത മട്ടായി. കുണ്ടും പരപ്പും പുഴയും കരയും ഒക്കെ വെള്ളത്തിനടിയിലാകയാൽ എല്ലാം സമമായി. വെള്ളം കലങ്ങിമറിഞ്ഞ് ചീറുന്ന അമ്പുകൾപോലെ പായുന്ന ചോലകൾ കാടിന്റെ കൗതുകം വർദ്ധിപ്പിച്ചു. പന്നികൾ, മാനുകൾ, പക്ഷികൾ എന്നിവ കനത്ത മഴയിൽ മൂടുമ്പോൾ കാട്ടിനുള്ളിൽക്കിടന്നുണ്ടാക്കുന്ന ശബ്ദങ്ങൾ മുഴങ്ങി. വേഴാമ്പലുകളും മയിലുകളും കുയിലുകളും കൂട്ടത്തോടെ മദിച്ച് അങ്ങുമിങ്ങും പറന്നു. ദർപ്പമേറിയ തവളക്കൂട്ടങ്ങളുടെ ശബ്ദം മാറ്റൊലിക്കൊണ്ടു. കാറ്റ് ഇരമ്പിയടിച്ചു. ഇങ്ങനെ വർഷകാലം കാലത്തിന്റെ വിധത്തെ ആകെ മാറ്റി. അങ്ങനെ മരുധന്വത്തിൽ അവർ പാർക്കുമ്പോൾ വർഷകാലം വരികയും പോവുകയും ചെയ്തു.

പിന്നെ ക്രൗഞ്ചഹംസങ്ങൾ മദിക്കുന്ന ശരൽക്കാലം വന്നു. കാട്ടുചെടികൾ വളർന്നു. പുഴവെള്ളം തെളിഞ്ഞു. നക്ഷത്രങ്ങൾ ശോഭിച്ചു. അങ്ങനെ ശരൽക്കാലം തെളിഞ്ഞപ്പോൾ പാണ്ഡവന്മാരുടെ മനസ്സും തെളിഞ്ഞു. മൃഗങ്ങൾക്കും പക്ഷികൾക്കും മനസ്സിന്നു കുളുർമ്മയുണ്ടാക്കുന്ന ഘനശൈത്യത്തോടുകൂടിയ രാത്രികൾ ധൂളിയില്ലാത്തതായിത്തീർന്നു. കാലത്തിന്റെ മാറ്റം പാണ്ഡവന്മാർക്ക് ആനന്ദം നല്കി.

ഗ്രഹങ്ങളും നക്ഷത്രങ്ങളും ചന്ദ്രനും തെളിയുന്ന ആകാശം പോലെ ആമ്പലും താമരപ്പൂവും ചേർന്നു ശീതളമായ പൊയ്കകൾ ശോഭിച്ചു. ആറ്റുവഞ്ഞി നിരന്ന് ആകാശാകാരമുള്ള വാക്കുകളോടുകൂടിയ ഏഴു പുഴകളും സരസ്വതീപാർശ്വത്തിൽ ചരിക്കുന്നവർക്ക് ആനന്ദമുളവാക്കി. പ്രസന്നവും പുണ്യവുമായ നീരോടുകൂടിയ സരസ്വതിയെ അപ്രകാരം ആ ദൃഢധന്വാക്കൾ നോക്കിക്കണ്ടു വളരെ സന്തോഷിച്ചു.

digitized by www.sreyas.in

അവർക്കു ശരൽക്കാലത്തെ വെളുത്തവാവ് അത്യാഹ്ലാദമുണ്ടാക്കി. അങ്ങനെ സസുഖം അവിടെ പാർക്കുമ്പോൾ കാർത്തികമാസം വന്നുചേർന്നു. പുണ്യവാന്മാരും സത്വഗുണന്മാരുമായ മുനിമാരോടുകൂടി അവിടെ അവർ പാർത്തു. അതു വളരെ ഉത്തമമായി. അന്നു രാത്രിയായപ്പോൾ ധൗമ്യനോടും പരിചാരകന്മാരോടും കൂടി പാണ്ഡവന്മാർ കാമ്യകവനത്തിൽ പ്രവേശിച്ചു."

183. മാർക്കണ്ഡേയന്റെ കഥ – വൈശമ്പായനൻ പറഞ്ഞു: "ഹേ, ജനമേജയാ! ധർമ്മപുത്രൻ മുതലായവർ കാമ്യകത്തിൽ പ്രവേശിച്ച് കൃഷ്ണയോടുകൂടി മുനീന്ദ്രന്മാരുടെ ആതിഥ്യം സ്വീകരിച്ച് അവിടെ പാർത്തു. വളരെ വിശ്വാസത്തോടുകൂടി അവിടെ പാർക്കുന്ന പാണ്ഡുപുത്രന്മാരുടെ അരികെ വളരെ ബ്രാഹ്മണർ ചെന്നുകൂടി. അവിടെവച്ച് ദ്വിജന്മാരിൽ ഒരാൾ പറഞ്ഞു: 'ഹേ പാണ്ഡവന്മാരേ! നിങ്ങളെ കാണുവാൻ കൊതിച്ച് കൃഷ്ണൻ ഇവിടെ താമസിയാതെ എത്തുന്നതാണ്. ഉദാരധീയും വശിയും മഹാബാഹുവുമായ ഹരി നിങ്ങൾ ഇവിടെ എത്തിയ വിവരം അറിഞ്ഞിരിക്കുന്നു. നിങ്ങളെ കാണുവാൻ എന്നും ആഗ്രഹിക്കുന്നവനും നിങ്ങൾക്കു നന്മ തരുന്നവനുമായ ഹരിയും, ഏറെ നൂറ്റാണ്ടു ജീവിച്ചിരിക്കുന്നവനും തപഃസ്വാധ്യായവാനുമായ മാർക്കണ്ഡേയമഹർഷിയും നിങ്ങളുടെ സമീപത്തു വരുന്നതാണ്.'

ആ ബ്രാഹ്മണൻ ഇപ്രകാരം പറഞ്ഞുകൊണ്ടുനില്ക്കെ ത്തന്നെ ശൈബ്യസുഗ്രീവങ്ങളെ പൂട്ടിയ തേരിൽ തേരാളിസത്തമനായ കൃഷ്ണൻ സത്യഭാമാസമേതനായി കുരുസത്തമന്മാരെ കാണുവാൻ വന്നെത്തി.

കൃഷ്ണൻ തേർവിട്ടിറങ്ങി മുറയ്ക്ക് ധർമ്മപുത്രനെ നന്ദിച്ചു വന്ദിച്ചു. ധീമാനും ബലിയുമായ ഭീമനേയും വന്ദിച്ചു. ഉടനെ യമന്മാർ കൃഷ്ണന്റെ പാദത്തിൽ നമസ്കരിച്ചു. കൃഷ്ണൻ ധൗമ്യനെ പൂജിച്ചു. അർജ്ജുനനെ പുല്കി. കൃഷ്ണയെ സമാശ്വസിപ്പിച്ചു. വളരെനാളായി പിരിഞ്ഞിരിക്കുന്ന ഫൽഗുനനെ ദാശാർഹൻ വീണ്ടും വീണ്ടും കെട്ടിപ്പുണർന്നു.

സത്യഭാമ കൃഷ്ണയെ തഴുകി. പാണ്ഡവരുടെ ഇഷ്ടപത്നിയെ കൃഷ്ണന്റെ ഇഷ്ടമഹിഷി സമാശ്വസിപ്പിച്ചു. ഭാര്യാപുരോഹിതോപേതരായ പാണ്ഡവന്മാർ പങ്കജാക്ഷനെ അർച്ചിച്ചു ചുറ്റും ചെന്നുകൂടി.

ദാനവഘ്നാതിയായ കൃഷ്ണൻ ധനഞ്ജയനോടുചേർന്ന്, സാക്ഷാൽ ഉമേശൻ ഗുഹനോടുചേർന്നവിധം വിളങ്ങി. പിന്നെ അരണ്യത്തിൽ നടന്നതൊക്കെ പറഞ്ഞതിന്നുശേഷം സുഭദ്രയുടേയും, അഭിമന്യുവിന്റേയും കുശലം അന്വേഷിച്ചു. കൃഷ്ണൻ പാർത്ഥകൃഷ്ണാപുരോധസ്സുകളെ വിശേഷാൽ മാനിച്ച് ഒന്നിച്ചിരുന്ന് യുധിഷ്ഠിരരാജാവിനെ പ്രശംസിച്ച് ഇപ്രകാരം പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ഹേ, പാണ്ഡവാ! നാടിനേക്കാൾ ശ്രേഷ്ഠമായതു ധർമ്മമാണ്. അതിന്നു കാര്യം തപസ്സാണ്. സത്യത്തോടും ആർജ്ജവത്തോടും സ്വന്തം ധർമ്മത്തെ പ്രാപിച്ച് ഭവാൻ രണ്ടു ലോകത്തേയും നേടി വ്രതങ്ങളോടുകൂടി അദ്ധ്യയനം കഴിച്ചും നല്ലപോലെ ധനുർവ്വേദം അറിഞ്ഞും ക്ഷാത്രധർമ്മത്താൽ ധനം ആഹരിച്ചും ഭവാൻ പുരാണക്രതുവൊക്കെ ചെയ്തു. ഭവാനു ഗ്രാമ്യധർമ്മത്തിൽ (മൈഥുനം) ആഗ്രഹമില്ല. കാമത്തോടുകൂടി ഒരു കർമ്മവും ഭവാൻ ചെയ്യുകയുമില്ല. അർത്ഥത്തിലുള്ള ആഗ്രഹംമൂലം ഭവാൻ ധർമ്മത്തെ വെടിയുകയുമില്ല. ധർമ്മരാജാവ് പ്രാഭവത്താൽ ധർമ്മം വിടുകയില്ല. ദാനം, തപം, സത്യം, ബുദ്ധി, ശ്രദ്ധ, ക്ഷമ, ധൃതി ഇവയിലാണല്ലോ ഭവാന്നു താല്പര്യം. അതിന്ന് ഒട്ടും കുറവ്, രാഷ്ട്രവിത്തഭോഗങ്ങൾ എപ്പോഴും വന്നുചേർന്നാലും, ഭവാന് ഉണ്ടാകുന്നില്ലല്ലോ. അന്നു നാട്ടുകാരായ കുരുജാംഗലപ്രജകൾ സഭയിൽവെച്ച് അവമാനിക്കപ്പെട്ട കൃഷ്ണയെ കണ്ടു. ധർമ്മക്രമം വിട്ടു നടക്കുന്നത് അന്നു ഭവാനൊഴികെ ആർക്കു പൊറുക്കുവാൻ കഴിയും? എല്ലാ ആഗ്രഹങ്ങളും പരിപൂർണ്ണമായി, ഭവാൻ രാജ്യം ഭരിക്കും; തീർച്ചയാണ്, അധികം താമസമില്ല. ഈ ഞങ്ങൾ കുരുവർഗ്ഗത്തെയൊക്കെ കൊന്നുകളയും. ഭവാന്റെ സത്യം കഴിയുന്ന കാലം എത്തുകയേ വേണ്ടൂ."

വൈശമ്പായനൻ പറഞ്ഞു: "ധൗമ്യനോടും, ഭീമനോടും, ധർമ്മപുത്രനോടും, യമന്മാരോടും കൃഷ്ണയോടും കൃഷ്ണൻ പറഞ്ഞു: "ഭാഗ്യത്താൽ ലബ്ധാസ്ത്രനായി കിരീടി നിങ്ങളുടെ മുമ്പിൽ എത്തിയിരിക്കുന്നു!" പാഞ്ചാലിയെ നോക്കി സുഹൃൽസമേതനും യദുവംശനാഥനുമായ കൃഷ്ണൻ വീണ്ടും പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "ഭാഗ്യത്താൽ ഭവതി അർജ്ജുനനോടുകൂടി വീണ്ടും ചേർന്നിരിക്കുന്നു. കൃഷ്ണേ, ഭവതിയുടെ സുശീലരായ പുത്രന്മാർ ധനുർവ്വേദനിവിഷ്ടരാണല്ലോ. അവർ സുഹൃത്സജ്ജനവൃത്തിയോടെ വർത്തിക്കുന്നു. രാജ്യത്തോടുകൂടി രാഷ്ട്രഗണം കൊടുക്കുവാൻ നിന്റെ താതനും സോദരന്മാരും ഉറച്ചിരിക്കുന്നു. യജ്ഞസേനന്റെ ആത്മജന്മാരായ മാതുലന്മാരുടെ ഗൃഹങ്ങളിൽ, കിടാങ്ങൾ തൃപ്തിപ്പെടാതെ, ആനർത്തദേശത്തിൽ സുഖത്തോടെ എത്തി ധനുർവ്വേദം അഭ്യസിച്ച് വൃഷ്ണിപുരത്തിലെത്തി സുരത്വസംപൃഹവിട്ടു വാഴുകയാണ് കൃഷ്ണേ! അവർക്കു വേണ്ടതു നല്കുവാൻ കുന്തിയെപ്പോലെ സുഭദ്ര തയ്യാറാണ്. അനിരുദ്ധനും, അഭിമന്യുവും, സുനീഥനും എപ്രകാരമോ, അപ്രകാരം ഭാനുവിനും ആചാര്യനും നിന്റെ നന്ദനന്മാർക്ക് ആശ്രിതനായി, സഖിയായി, രൗഹിണേയനായ ബലഭദ്രൻ നില്ക്കുന്നു. ഗദ, അസി, ചർമ്മഗ്രഹം, അസ്ത്രങ്ങൾ, രഥാശ്വയാനങ്ങളിൽ നിന്നുകൊണ്ടു പ്രയോഗിക്കുവാനുള്ള ശിക്ഷകൾ എല്ലാം അവർക്ക് അഭിമന്യു പഠിപ്പിച്ചു. അവൻ മനസ്സുവെച്ചു ശസ്ത്രശിക്ഷാക്രമം മുറയ്ക്കു നല്കി. നിന്റെ പുത്രന്മാരുടേയും സൗഭദ്രന്റേയും പരാക്രമങ്ങൾ കണ്ട് രൗഹിണേയൻ ആദരിക്കുന്നു! വിഹാരമോരോന്നും മുറയ്ക്കുകണ്ട് ഹേ, യാജ്ഞസേനീ! അവർ സുഖമായി ജീവിക്കുന്നു. അവർക്ക് ഓരോരുത്തന്നും തുണയ്ക്കു നില്ക്കുകയാണ് തേര്, ആന, അശ്വം മുതലായ വാഹനങ്ങൾ."

പിന്നെ ധർമ്മപുത്രനോടു കൃഷ്ണൻ പറഞ്ഞു: "ഭവാന്റെ ഇച്ഛയനുസരിച്ച് ദാശാർഹരോടുകൂടി കുകുരാന്ധകന്മാർ ഭവാന്റെ ആജ്ഞ കേൾക്കുവാൻ തയ്യാറായി നില്ക്കട്ടെ! ധനുർവ്വേദമാകുന്ന കൊടുംകാറ്റിനോടുചേർന്ന് ബലൻ ഭരിക്കുന്ന യദുവീരന്മാരുടെ സൈന്യം ഭവാന്റെ കാര്യസിദ്ധിക്കുവേണ്ടി നടക്കട്ടെ! തേര്, ആന, അശ്വഗണങ്ങൾ ഇവയൊക്കെ അണിനിരന്നു നടക്കട്ടെ! അവയൊക്കെ പാപികളിൽ മഹാപാപിയായ ദുര്യോധനന്റെ നേരെ ചെല്ലട്ടെ!

പുത്രബന്ധുക്കളോടുകൂടി ഭൗമസൗഭാധിപന്മാർ പോയ മാർഗ്ഗം അവർക്കുപോകുവാൻ തെളിയിക്കുക. സഭയിൽവെച്ചു ശപഥംചെയ്ത നിലയ്ക്കുതന്നെ ഹേ, നരേന്ദ്രാ! ഭവാൻ അടങ്ങി നില്ക്കുക. എല്ലാ അരിവർഗ്ഗത്തേയും കൊന്നൊടുക്കിയശേഷം ഭവാന്റെ വരവ് ആ പുരം കാത്തുനില്ക്കും. ഭവാൻ അല്ലൽകൂടാതെ, പാപങ്ങളൊക്കെ അകന്ന്, വിചാരിക്കുന്ന ദിക്കിൽ വസിച്ച്, മുമ്പേ അധീനമാക്കപ്പെട്ട സ്വരാഷ്ട്രമായ ഹസ്തിനപുരത്തേക്കു സസന്തോഷം പ്രവേശിക്കുമാറാകട്ടെ.

പുരുഷോത്തമനായ കൃഷ്ണന്റെ അഭിപ്രായം ഗ്രഹിച്ച് മഹാനുഭാവനായ യുധിഷ്ഠിരൻ കൃഷ്ണന്റെ പ്രശംസയേറ്റ്, കൈകൂപ്പി ഇപ്രകാരം പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, കേശവാ! ഭവാൻ പാണ്ഡവന്മാർക്കൊക്കെ ആലംബമാണ്. ഈ പാണ്ഡവന്മാർ ഭവാന്റെ ആശ്രിതരാണ്. കാലം വരുമ്പോൾ ഈ പറഞ്ഞതും അതിലപ്പുറവും ഭവാൻ ചെയ്യുമെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്. അതിൽ ഞങ്ങൾക്കു ലേശവും സംശയമില്ല. പ്രതിജ്ഞപോലെ പന്ത്രണ്ടു വർഷം കാട്ടിൽ കഴിച്ചുകൂട്ടി അജ്ഞാതവാസം കഴിഞ്ഞതിന്നു ശേഷം പാണ്ഡവന്മാർ ഭവാന്റെ കീഴിൽ വന്നു നില്ക്കാം. ഭവാന് ഈ ബുദ്ധി എന്നും തോന്നട്ടെ! സത്യസ്ഥരായി കേശവപാണ്ഡവന്മാർ ഭാര്യാമിത്രാനുചരന്മാരോടുകൂടി സദാ ധർമ്മസ്ഥരാകട്ടെ! ഈ പാർത്ഥന്മാർ ഭവാന്റെയാണല്ലോ!"

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണനും ധർമ്മജനും തമ്മിൽ സംസാരിക്കുന്ന സമയത്ത് വളരെ നൂറ്റാണ്ടു പ്രായംചെന്നവനായ മാർക്കണ്ഡേയമുനി വരുന്നതായി കണ്ടു. ജരാമരണമില്ലാത്തവനും രൂപൗദാര്യങ്ങളുള്ളവനും, ഏതാണ്ട് ഇരുപത്തഞ്ചു വയസ്സുമാത്രം പ്രായം തോന്നിക്കുന്നവനും വളരെ നൂറ്റാണ്ടു ജീവിക്കുന്നവനുമായ ആ മഹാമുനി വന്നുകയറിയപ്പോൾ വിപ്രന്മാരൊക്കെ പൂജിച്ചു. കൃഷ്ണനും പാണ്ഡുപുത്രന്മാരും മഹർഷിയെ ആദരിച്ചു പൂജിച്ചിരുത്തി. പൂജയേറ്റ് വളരെ വിശ്വാസത്തോടുകൂടിയിരിക്കുന്ന ഋഷിയോട് പാർത്ഥന്മാരുടെ അനുമതിയോടെ ഇപ്രകാരം കേശവൻ ചോദിച്ചു."

കൃഷ്ണൻ പറഞ്ഞു: "പാർത്ഥന്മാരും, ഈ വിപ്രന്മാരും, ഞാനും പാഞ്ചാലിയും, സത്യഭാമയും ആഗ്രഹിക്കുകയാണ്, പുണ്യമായ പഴങ്കഥകളും സദാചാരക്രമങ്ങളും ഭവാൻ പറഞ്ഞു കേൾക്കണമെന്ന്. ഹേ, മഹർഷേ! മാർക്കണ്ഡേയാ! നരേന്ദ്രന്മാർക്കും അവരുടെ സ്ത്രീകൾക്കും മുനിമാർക്കും അതിൽ വളരെ കൗതുകമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "അവരെല്ലാവരും അങ്ങനെ ഇരിക്കുന്ന സമയത്ത് ദേവർഷിപ്രവരനായ നാരദൻ പാണ്ഡവന്മാരെ കാണുവാനായി അവിടെ വന്നെത്തി. മഹാത്മാവായ മഹർഷിയെ എല്ലാ പുരുഷർഷഭന്മാരും അർഘ്യപാദ്യാർച്ചനം ചെയ്ത് ആ മനീഷികൾ അഭിവാദ്യം ചെയ്തു. അവർ കഥ കേൾക്കുവാൻ ആഗ്രഹിച്ചിരിക്കുകയാണെന്നറിഞ്ഞപ്പോൾ നാരദൻ മാർക്കണ്ഡേയന്റെ കഥയിൽ ഏറ്റവും അനുമോദിച്ചു. അവനോടു കാലജ്ഞനായ പുരാണമുനി നാരദൻ സസ്മിതം പറഞ്ഞു: 'ഹേ, ബ്രാഹ്മണാ! പാണ്ഡവരോടു ചൊല്ലുവാനുള്ള കഥയൊക്കെ പറഞ്ഞുകേൾപ്പിക്കുക.' ഇപ്രകാരം നാരദമഹർഷി പറഞ്ഞപ്പോൾ അതിന്നു മാർക്കണ്ഡേയൻ ഇപ്രകാരം ഉത്തരം പറഞ്ഞു: 'ശ്രദ്ധയോടുകൂടി കേട്ടിരിക്കുവിൻ. വളരെ കഥകൾ നിങ്ങളോടു പറയേണ്ടതുണ്ട്.' മാർക്കണ്ഡേയൻ പറഞ്ഞതുകേട്ടപ്പോൾ പാണ്ഡവന്മാരും വിപ്രന്മാരും മനസ്സുവെച്ച്, മദ്ധ്യാഹ്നസൂര്യനെപ്പോലെ പ്രകാശിക്കുന്ന മുനിയെ നോക്കി അങ്ങനെ ഇരുന്നു."

വൈശമ്പായനൻ പറഞ്ഞു: "മുനിശ്രേഷ്ഠൻ പറയുവാൻ ചിന്തിക്കുമ്പോൾ, കഥയ്ക്കു പ്രസംഗവിഷയമുണ്ടാക്കി ഇപ്രകാരം യുധിഷ്ഠിരൻ ചോദിച്ചു: "ഭവാൻ ദേവന്മാരുടേയും, ദൈത്യന്മാരുടേയും ആര്യമഹർഷിമാരുടേയും എല്ലാ രാജർഷികളുടേയും ചരിതജ്ഞനായ പുരാതനനാണല്ലോ. ഉപാസ്യനും സേവ്യനുമായ ഭവാനെ ഞങ്ങൾ വളരെക്കാലമായി കാത്തിരിക്കുന്നു. ഈ സന്ദർഭം എല്ലാംകൊണ്ടും ശോഭനമാണ്. ഞങ്ങളെ കാണുവാൻ വാസുദേവനും വന്നിട്ടുണ്ട്. മഹർഷേ! എനിക്ക് ഒരു സംശയം തോന്നുന്നു. എന്റെ സുഖത്തിന്നു നാശവും ദുഷ്ടരായ ധാർത്തരാഷ്ട്രന്മാർക്കു വൃദ്ധിയും കാണുമ്പോൾ തോന്നിപ്പോകുന്ന സംശയബുദ്ധിയാണത്. അതു പറയാം: "ശുഭമോ അശുഭമോ ആയ കർമ്മം ചെയ്യുന്ന പുരുഷന്ന് അതിന്റെ ഫലം എങ്ങനെ ഏല്ക്കുന്നു? എങ്ങനെ ദൈവം അതിന്റെ ഫലം നല്കുന്നു? സുഖദുഃഖങ്ങളായി ഉണ്ടാവുകയാണെങ്കിൽ, മഹർഷേ! അത് ഇഹലോകത്തിലോ പരലോകത്തിലോ ആ ഫലം സിദ്ധിക്കുക? ദേഹി ദേഹം കൈവിട്ടാൽ ശുഭാശുഭങ്ങൾവഴിക്കുള്ള ഫലം പിന്നെ പരലോകത്തിലോ ചെയ്യുക, ഇഹലോകത്തിലോ? മരിച്ച മർത്ത്യന്ന് താൻ ചെയ്ത കർമ്മത്തിന്റെ ഫലം ഇഹലോകത്തിലുള്ളതോ, പരലോകത്തിലുള്ളതോ? എവിടെയാണതു നില്ക്കുക?"

മാർക്കണ്ഡേയൻ പറഞ്ഞു: "മഹാരാജാവേ! ഭവാനു ശരിക്കും ചേർന്നതുതന്നെയാണ് ഈ ചോദ്യം. ഹേ, വശിസത്തമാ! ലോകസ്ഥിതി അനുസരിച്ചു ചോദിച്ചതാണ് ഈ ചോദ്യം. അറിയേണ്ടത് അറിഞ്ഞവനാണു ഭവാനെങ്കിലും അതിനെപ്പറ്റി ഞാൻ പറയാം. മനസ്സുവെച്ചു കേൾക്കുക. രണ്ടുലോകങ്ങളിലും സുഖദുഃഖങ്ങൾ ഉണ്ടാകുന്നതെങ്ങനെയെന്നു ഞാൻ പറഞ്ഞുതരാം. ദേഹമുള്ളവർക്കൊക്കെ ധർമ്മതന്ത്രങ്ങളായ വിശുദ്ധശുചിദേഹങ്ങൾ ആദ്യനായ പ്രജാപതി സൃഷ്ടിച്ചു. സുവ്രതന്മാരും സത്യഫലരും അമോഘമായ ഫലത്തെ ചിന്തിക്കുന്നവരുമായ പണ്ടത്തെ നരന്മാർ പുണ്യവാന്മാരും ബ്രഹ്മകല്പന്മാരുമായിരുന്നു. എല്ലാ നരന്മാരും ദേവന്മാർക്കൊപ്പം നഭസ്സിൽ സഞ്ചരിക്കുന്നവരായിരുന്നു. അവർക്ക് ഇഷ്ടംപോലെ ഭൂമിയിലേക്കു തിരിച്ചുപോരുവാനും കഴിഞ്ഞിരുന്നു. അങ്ങനെ അവർ സ്വച്ഛന്ദചാരികളായിരുന്നു. സ്വച്ഛന്ദമരണന്മാരും സ്വച്ഛന്ദചരരും ആയിരുന്നു അന്നത്തെ മാനവർ. രോഗമില്ലാത്തവരും അല്ലലില്ലാത്തവരും സിദ്ധാർത്ഥരും നിരുപദ്രവികളും വാനവന്മാരേയും ഋഷീന്ദ്രന്മാരേയും കാണുവാൻ കഴിയുന്നവരുമായിരുന്നു. ധർമ്മം പ്രത്യക്ഷമായി കാണുന്നവരും ദാന്തന്മാരും മത്സരഹീനന്മാരുമായിരുന്നു. ആയിരം വർഷം ജീവിക്കുന്നവരും ആയിരം മക്കളുള്ളവരും ആയിരുന്നു അവർ. പിന്നെ കാലാന്തരത്തിൽ അവരുടെ സ്വച്ഛന്ദചാരിത്വം ഇല്ലാതായി. മന്നിൽമാത്രം ചരിക്കുന്നവരായി. കാമക്രോധാഭിഭൂതന്മാരും ചതികൊണ്ടും വ്യാജംകൊണ്ടും ഉപജീവിക്കുന്നവരായി, ലോഭമോഹങ്ങൾ മനസ്സിൽ കരുതി നടക്കുന്നവരായി. ദേഹങ്ങളാൽ സക്തരായി, അവർ അശുഭം ചെയ്യുകയാൽ തിര്യങ്നരകം പ്രാപിച്ച പാപികളായിത്തീർന്നു. നാനാസംസാരനിരയിൽ വീണ്ടും വീണ്ടും പതിക്കുന്നവരായി, ഇഷ്ടം നശിച്ച്, ആഗ്രഹം കെട്ട്, ബോധം വിട്ട് അവർ ജഡാശയന്മാരായി. എല്ലാറ്റിലും ശങ്കയോടെ ക്ലേശദായികളായി ഭവിച്ചു. പ്രായേണ അശുഭകർമ്മങ്ങൾകൊണ്ടു ചിഹ്നങ്ങളാർന്നവരായി, ദുഷ്കുലത്തിൽ ദീനമേറ്റ് ദുഷ്ടരായി, ശൗര്യമറ്റവരായി ഭവിച്ചു. ഉഗ്രമായ ഫലത്താൽ ആയുസ്സുകുറഞ്ഞു പിറക്കുകയായി. എല്ലാറ്റിലും നരന്മാർക്കു ദുരയായി. ബുദ്ധിയൊക്കെ മാറി. നാസ്തികരായി.

മരിച്ചവന്നു താൻ ജീവിക്കുന്ന കാലത്തു ചെയ്ത കർമ്മം കൊണ്ടു ഗതി ഉണ്ടാകുന്നു. പ്രാജ്ഞന്നും ബുദ്ധിഹീനന്നും കർമ്മം എവിടെ നില്ക്കുന്നുവെന്നും അത് എവിടെവെച്ച് ഏല്ക്കുന്നുവെന്നും അത് പുണ്യമോ പാപമോ എന്നും ഭവാൻ ചോദിച്ച ചോദ്യത്തിന്നും ഉള്ള ഉത്തരം ഞാൻ പറയാം. ഭവാൻ കേൾക്കുക.

ദൈവം നരനെ ആദ്യശരീരത്താൽ സൃഷ്ടിച്ചുവിട്ടു. അവൻ പിന്നെ വളരെ ശുഭവും അശുഭവുമായ ഫലങ്ങൾ സഞ്ചയിക്കുകയായി. ആയുസ്സു നീണ്ടുപോകുമ്പോൾ ക്ഷീണിച്ചുപോകുന്ന സ്ഥൂലശരീരം വിടുന്നവൻ ഇരുജന്മം ചേർന്നാണു നില്ക്കുന്നത്. സംസാരത്തെ വിട്ടൊഴിയുന്നില്ല. സ്വന്തം കർമ്മം അയാൾക്കു നിഴൽ എന്നപോലെ ഒപ്പം എപ്പോഴുമുണ്ടാകും. ഫലം നല്കുന്ന സുഖദുഃഖങ്ങൾക്കു ചേർന്ന ജന്മത്തിൽ അവൻ ചെന്നുപറ്റും. കൃതാന്തന്റെ വിധിക്കൊത്ത് ശുഭത്തിലോ അശുഭത്തിലോ വിടാതെ ആ ജീവി പറ്റിനില്ക്കുന്നത് ജ്ഞാനദൃഷ്ടിയുള്ളവർക്കു കാണാം. ഇപ്പറഞ്ഞത് ഹേ, യുധിഷ്ഠിരാ! അജ്ഞാനികളുടെ ഗതിയെപ്പറ്റിയാണ്.

ഇനി ജ്ഞാനികളുടെ മുഖ്യമായ സൽഗ്ഗതിയെപ്പറ്റി പറയാം. അതും മനസ്സിരുത്തി കേൾക്കുക. തപസ്സുചെയ്ത് സർവ്വവേദാവലംബികളായ മർത്ത്യർ ഗുരുശുശ്രൂഷചെയ്ത് സത്യവാന്മാരും ദൃഢവ്രതരുമായി ശീലം, ക്ഷമ, ദമം, തേജസ്സ് ഇവയോടുകൂടിയ യോഗികൾ ശുചിയായ ദേഹാന്തരത്തെ പ്രാപിക്കുന്നു. അവർ മിക്കവാറും ശുഭലക്ഷണന്മാരാണ്. അവർ ജിതേന്ദ്രിയന്മാരും വശികളും യോഗം മൂലം രോഗമറ്റവരും അല്പം ദുഃഖഭയത്താൽ ഉപദ്രവമൊഴിച്ചവരുമാണ്. വീണാലും ജന്മമെടുത്താലും ഗർഭം പ്രാപിച്ചാലും എപ്പോഴും ജ്ഞാനചക്ഷുസ്സാൽ സ്വാത്മപരബോധം അവർക്കുണ്ടാകും. മഹർഷിമുഖ്യരായ അവർ പ്രത്യക്ഷാഗമബുദ്ധികളാണ്. അവർ ഈ കർമ്മഭൂവിൽ വന്നാലും വീണ്ടും സ്വർഗ്ഗത്തിൽ എത്തുന്നതാണ്. ദൈവത്താലും ഹഠത്താലും കർമ്മത്താലും ചിലപ്പോൾ മർത്ത്യന്മാർ സിദ്ധി നേടുന്നു. ഹേ, രാജാവേ! ഇതിൽ ഭവാൻ ശങ്കിക്കരുത്. ഇതിൽ ഈയൊരു ദൃഷ്ടാന്തം ഭവാൻ ധരിക്കണം. മനുഷ്യലോകത്തിൽ ശ്രേയസ്സായിക്കാണുന്നത് (ഈ ലോകത്തിൽ) ഉള്ളവന് പരലോകത്തിൽ ഇല്ല. പരലോകത്തിൽ ഒരുത്തനുണ്ടെങ്കിൽ അവന് ഇഹലോകത്തിൽ. അങ്ങനെ ഒരു വിഭാഗം. പിന്നെ 'ഇങ്ങും' 'അങ്ങും' ഉള്ളവർ എന്ന ഒരു വിഭാഗക്കാർ. ഇങ്ങും അങ്ങും ഇല്ലാത്ത മറ്റൊരു കൂട്ടർ. ഇങ്ങനെയൊക്കെയാണ് ആത്മാക്കളുടെ സ്ഥിതി.

digitized by www.sreyas.in

വളരെ സമ്പത്തുനേടി ദേഹമൊക്കെ അലങ്കരിച്ച് സുഖത്തെ നോക്കി എപ്പോഴും രമിക്കുന്നതായാൽ അവർക്ക് ഇഹലോകം നന്നായി ഉണ്ടെന്നു വിചാരിക്കുക. എന്നാൽ ശത്രുജിത്തേ! അവർക്കു പരലോകം ഇല്ലതന്നെ!

യോഗത്തോടു ചേർന്നവിധം തപസ്സിരുന്ന്, സ്വാദ്ധ്യായവും ചെയ്ത്, ഉടൽ പോക്കുന്നവിധം ജിതേന്ദ്രിയന്മാരും അഹിംസക രുമായി ജീവിക്കുന്നവർക്ക്, ഹേ ശത്രുഘ്നാ! അവർക്കു പരലോ കമല്ലാതെ ഇഹലോകമില്ല.

പ്രധാന ധർമ്മസ്ഥരായി മുറയ്ക്കു ധർമ്മാനുസരണം നോ പാജ്ജനം ചെയ്ത് കാലേ സദാരന്മാരായി യാഗാദിപുണ്യകർമ്മ ങ്ങൾ ചെയ്യുന്നവർക്ക് ഇഹലോകവും പരലോകവും ഉണ്ടെന്നു ധരിക്കുക.

വിദ്യ, തപം, ദാനം ഇവയൊന്നും കൂടാതെ വിമൂഢരായി ജീവിച്ച് സന്തതിയേയും നേടാതെ സുഖാനുഭോഗങ്ങൾ പെ ടാതെ ജീവിക്കുന്നവർക്ക് ഇഹലോകവുമില്ല പരലോകവുമില്ല.

ഹേ, പാർത്ഥന്മാരേ! നിങ്ങളൊക്കെ അതിവീര്യന്മാരും ദിവ്യ മായ ഓജസ്സോടെ നല്ല ദേഹബലം ഉള്ളവരായി വാനിൽനിന്ന് ഈ ക്ഷിതിയിൽ വന്നു പിറന്നവരും, സുരാർത്ഥമായി വിദ്യ അഭ്യ സിച്ചവരും, പ്രശസ്ത കർമ്മങ്ങൾ ചെയ്ത ശൂരന്മാരും, തപോദ മാചാരവിഹാരശീലരും, വിധാനപ്രകാരം വേണ്ടവിധം ദേവത കൾക്കും ഋഷികൾക്കും പിതൃക്കൾക്കും തർപ്പണം കഴിച്ചവരു മാണ്. പുണ്യം വർദ്ധിച്ചവർക്ക് അണയേണ്ട വാനിൽ നിങ്ങൾ ക്രമേണ നിങ്ങളുടെ കർമ്മങ്ങൾ മൂലം ചെന്നെത്തുന്നതാണ്. അതിൽ ഒട്ടും ശങ്കിക്കേണ്ടതില്ല. സുഖാർഹനായ അങ്ങേയ്ക്ക് ഈ ദുഃഖം അനുഭവിക്കേണ്ടിവന്നതുകൊണ്ട് നിങ്ങൾക്ക് അതു സാദ്ധ്യമാകുമെന്നുള്ളതിൽ ഒട്ടും സംശയിക്കേണ്ടതില്ല."

184. ബ്രാഹ്മണമാഹാത്മ്യകഥനം – വൈശമ്പായനൻ പറഞ്ഞു: "യോഗ്യനായ മാർക്കണ്ഡേയനോട് പാണ്ഡവന്മാർ ചോദിച്ചു: "ഹേ, മഹർഷേ! ഞങ്ങൾക്കു ദ്വിജപ്രവരമാഹാത്മ്യം കേൾക്കുവാൻ ആഗ്രഹമുണ്ട്. ഭവാൻ അതു പറഞ്ഞാലും! ഇതു കേട്ടപ്പോൾ തപോധനനായ ഭഗവാൻ മാർക്കണ്ഡേയൻ അവ രോടു പറഞ്ഞു. മഹാതേജസ്വിയും ശാസ്ത്രജ്ഞനുമായ മഹർഷിയുടെ വാക്കിൽ അവർ ശ്രദ്ധാലുക്കളായി ഇരുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേഹയാന്വയകൃത്തായി ശോഭിക്കുന്ന കുമാരനായ രാജാവ് വേട്ടയാടുവാൻ വനത്തിൽ പ്രവേശിച്ചു. പുല്ലും ചെടികളും നിറഞ്ഞ കാട്ടിൽ അമ്പും വില്ലു മായി ചുറ്റുന്ന രാജാവ് കൃഷ്ണാഞ്ജനം ദേഹത്തണിഞ്ഞ ഒരു മുനീന്ദ്രനെ കണ്ടു. എന്നാൽ അവൻ ആ മുനിയെ കണ്ടപ്പോൾ ഒരു മാനാണെന്നു തെറ്റിദ്ധരിച്ച് കാട്ടിൽവച്ച് മഹർഷിയുടെ നേരെ ഒരു ശരംവിട്ടു. ഓടിച്ചെന്നു നോക്കിയപ്പോൾ രാജാവ് നടുങ്ങി പ്പോയി. ശരമേറ്റു മഹർഷി മരിച്ചുപോയി. രാജാവ് മുനിയെക്കൊ ന്നതിൽ സങ്കടപ്പെട്ടു. കുമാരരാജാവ് ദുഃഖിതനായി മടങ്ങി പ്രസി ദ്ധരായ ഹേഹയരാജാക്കന്മാരുടെ സമീപത്തിലെത്തി. അവരോടു നടന്ന ദുഃഖകഥ കേൾപ്പിച്ചു. 'ഫലമൂലങ്ങൾ തിന്നുന്ന മഹർഷി യെക്കൊന്ന മഹാപാപിയാണു ഞാൻ.' രാജാക്കൾ എല്ലാവരും ചെന്നു മരിച്ചുകിടക്കുന്ന മുനിയെക്കണ്ടു സങ്കടപ്പെട്ടു. ഇ വൻ ആരുടെയാണ്? എവിടെ അധിവസിക്കുന്നവനാണ്? എന്നു ള്ള കാര്യങ്ങളൊക്കെ അന്വേഷിച്ചറിയുവാൻ അവർ തീർച്ചയാ ക്കി. അങ്ങനെ തിരയുന്ന അവർ അരിഷ്ടനേമി എന്നറിയപ്പെടുന്ന താർക്ഷ്യന്റെ ആശ്രമത്തിൽ ചെന്നെത്തി. അവർ യതവ്രതനും യോഗ്യനുമായ ആ യോഗിയെ അഭിവാദ്യം ചെയ്തു. അവർ എല്ലാവരും അവിടെ നിന്നു. താർക്ഷ്യമുനി അവരെ പൂജിച്ചു."

അവർ ആ മുനിയോടു പറഞ്ഞു: "മഹർഷേ! ഞങ്ങൾ ഭവാന്റെ സൽക്രിയയ്ക്കു പാത്രമല്ല. ഞങ്ങൾ മഹാപാപികളാ ണ്. കർമ്മദോഷത്താൽ ഞങ്ങൾ ഒരു വിപ്രനെ കൊന്നവരാണ്."

ഇതുകേട്ട് ആ വിപ്രർഷി അവരോടു ചോദിച്ചു: "നിങ്ങൾ വിപ്രനെ കൊന്നുവെന്നോ? അവൻ എവിടെയാണെന്നു പറയു വിൻ. നിങ്ങൾ എന്റെ തപോബലം കണ്ടുകൊള്ളുക."

"അവർ നടന്ന കഥ വിവരിച്ച് അദ്ദേഹത്തോടു പറഞ്ഞു. ചെന്നു നോക്കി. മരിച്ചുവീണ ദിക്കിൽ മഹർഷിയെ കാണുന്നി ല്ല. അവർ അത്ഭുതപ്പെട്ടു. തിരഞ്ഞുനോക്കി. മരിച്ചുകിടക്കുന്ന മഹർഷിയെ കാണാതെ നാണിച്ചു സ്വപ്നത്തിലെന്നപോലെ അവർ ഉഴന്നു."

അവരോട് പുരപുരഞ്ജയനായ താർക്ഷ്യൻ ചോദിച്ചു: "ഹേ, രാജാവേ! നിങ്ങൾ കൊന്ന മുനി ഈ നില്ക്കുന്നവനാ ണോ? മന്നവന്മാരേ, ഇവൻ എന്റെ പുത്രനാണ്. തപോബലമു ള്ളവനാണ്."

അവർ ആ മുനിയെക്കണ്ട് ഏറ്റവും അത്ഭുതപ്പെട്ടു. "ഇതു വലിയ അത്ഭുതമാണല്ലോ എന്ന് അവർ പറഞ്ഞു. മരിച്ച ഈ മുനിയെ ഭവാൻ എങ്ങനെ ജീവിപ്പിച്ചു കൊണ്ടുപോന്നു? അതു തപശ്ശക്തിയാണോ വീണ്ടും ജീവൻ നല്കിയത്? കേൾക്കാവു ന്നതാണെങ്കിൽ ഞങ്ങളോടു പറയുക. ഞങ്ങൾക്ക് അതു കേൾക്കുവാൻ വളരെ ആഗ്രഹമുണ്ട്."

ഉടനെ ആ മഹർഷി അവരോടു പറഞ്ഞു: "ഹേ, രാജാക്കളേ! ഞങ്ങളിൽ മൃത്യു ഏൽക്കുന്നതല്ല! നിങ്ങളോട് അതിന്റെ ഹേതു പറയാം. യോഗമൊത്ത കാരണം ഇതാണ്. ഞങ്ങൾക്കു സത്യമേ അറിയൂ. അനൃതചിന്തയേ ഞങ്ങൾ ചെയ്യുകയില്ല. സ്വധർമ്മം ചെയ്യും. അതുകൊണ്ട് ഞങ്ങളിൽ മൃത്യുഭീതിയില്ല. കുശലം ബ്രാഹ്മണർക്ക് എന്തോ അതു നാം അവരോടു പറയും. ഞങ്ങൾ ദുർവൃത്തം പറയുകയില്ല. അതുകൊണ്ടു മൃത്യുഭീതി ഞങ്ങളിൽ ഇല്ല. അന്നപാനത്താൽ പാന്ഥരേയും അത്യശനത്താൽ ഭൃത്യ രേയും ഊട്ടിയതിന്നുശേഷമേ ശേഷിപ്പുള്ളത് ഞങ്ങൾ ഭക്ഷിക്കാ റുള്ളൂ. അതുകൊണ്ടു ഞങ്ങളിൽ മൃത്യുഭീതിയില്ല. ക്ഷാന്തരും ദാന്തരും ക്ഷമാശീലന്മാരും തപോദാനസമാദൃതന്മാരും പുണ്യ ദേശവാസികളുമാണ് ഞങ്ങൾ. അതുകൊണ്ട് ഞങ്ങളിൽ മൃത്യു ഭീതിയില്ല. ഹേ, മാത്സര്യഹീനന്മാരേ, ഇത് അല്പംമാത്രം ഞാൻ നിങ്ങൾക്കുവേണ്ടി പറഞ്ഞുതന്നു. ഇനി നിങ്ങൾ എല്ലാവരും ഒന്നിച്ചു പൊയ്ക്കൊള്ളുക. നിങ്ങളിൽ പാപഭയം വേണ്ടാ."

എന്നാൽ അങ്ങനെയാകട്ടെ, എന്നു പറഞ്ഞ് ആ നൃപന്മാർ മുനിയെ പൂജിച്ച് സ്വദേശത്തേക്കു സസന്തോഷം പുറപ്പെട്ടു.

185. ബ്രാഹ്മണമാഹാത്മ്യം – മാർക്കണ്ഡേയൻ പറഞ്ഞു: "വീണ്ടും ഞാൻ വിപ്രമഹാഭാഗത്വം ഭവാനെ കേൾപ്പിക്കാം. രാജർഷിയായ വൈന്യൻ അശ്വമേധത്തിന്നായി ദീക്ഷിച്ചു. ആ രാജർഷിയുടെ കൈയിൽനിന്നു വിത്തം ലഭിക്കുന്നതിന്നുവേണ്ടി അത്രി അദ്ദേഹത്തെ കാണുവാൻ ചെന്നു. ധർമ്മക്ഷയമോർത്ത് അധികം ധനം അവൻ ആഗ്രഹിച്ചില്ല. ആ കഥ പറയാം.

ഒരു ദിവസം ആ തേജോരാശിയായ അത്രി വിചാരിച്ചുവി ചാരിച്ച് വനവാസത്തിന്നുറച്ചു. തന്റെ പത്നിയേയും മക്കളേയും വിളിച്ച് ഇപ്രകാരം പറഞ്ഞു: 'നമുക്ക് തെറ്റില്ലാത്ത വലുതായ ഫലം നേടാം. അത് മറ്റൊന്നുമല്ല. ഗുണം കൂടിയ വനവാസമാ ണ്. നിങ്ങൾക്ക് അതു രുചിക്കണം.' ഇതുകേട്ട് അത്രിയുടെ ധർമ്മ പത്നി പറഞ്ഞു: "മഹാത്മാവായ വൈന്യനെക്കണ്ട് ഭവാൻ അർത്ഥം അർത്ഥിക്കുക. യാഗംചെയ്യുന്ന ആ രാജർഷി നാം ചെ ന്നു യാചിച്ചാൽ പണം തരാതിരിക്കയില്ല. അദ്ദേഹത്തോട് ധാരാ ളം വിത്തം വാങ്ങി ഭൃത്യന്മാർക്കും, പുത്രന്മാർക്കും ഭാഗിച്ചു നല് കിയതിന്നുശേഷം യഥേഷ്ടം കാട്ടിലേക്കുപോകാം. ഇതാണ് മുഖ്യമായ ധർമ്മം. ധർമ്മജ്ഞന്മാർ പറയുന്നതും ഇപ്രകാരം തന്നെയാണ്."

അത്രി പറഞ്ഞു: "മഹാഭാഗേ! മഹാത്മാവായ ഗൗതമൻ എന്നോടു പറഞ്ഞു, വൈന്യൻ ധർമ്മാർത്ഥവാനാണ്, സത്യവ്ര തനാണ് എന്ന്. എന്നാൽ നമ്മളോടു വിദ്വേഷമുള്ള വിപ്രന്മാർ അവിടെ പാർക്കുന്നുണ്ട്. അതും ഗൗതമൻ പറയുകയാലാണ് ഞാൻ അവിടെ പോകാത്തത്. ഞാൻ പറയുന്ന ധർമ്മകാമാർത്ഥ മൊത്ത ശുഭമായ വാക്കിനെ ഉടനെ അർത്ഥം വിട്ടു തെറ്റിച്ച് അവൻ വ്യാഖ്യാനിക്കും. എന്നാലും മഹാപ്രാജ്ഞേ! നീ പറ ഞ്ഞത് ഞാൻ അനുസരിക്കുന്നു. ഞാൻ അങ്ങോട്ടു പോയിവരാം.

digitized by www.sreyas.in

ഞാൻ ചെന്നാൽ വൈന്യൻ എനിക്കു ധാരാളം പശുക്കളേയും മറ്റു ധനവും തരാതിരിക്കയില്ല. നിന്റെ മൊഴി ഞാൻ തട്ടുന്നില്ല."

മാർക്കണ്ഡേയൻ കഥ തുടർന്നു: "എന്നു പറഞ്ഞ് ഉടനെ തപോനിധിയായ അത്രി വൈന്യന്റെ യജ്ഞത്തെ പ്രാപിച്ചു. യാഗശാലയിൽ എത്തിയ അത്രി മംഗളോക്തികളാൽ മാനിച്ചു വാഴ്ത്തിപ്പറഞ്ഞു."

അത്രി പറഞ്ഞു: "മഹാരാജാവേ! ധന്യനായ ഈശൻ ഭവാനാണ്. മന്നിൽ നീ ആദ്യമന്നവനാണ്. മുനികൾ ഭവാനെ വാഴ്ത്തുന്നു. നീയല്ലാതെ ആരുണ്ട് ധാർമ്മികനായി?"

ഗൗതമൻ ഈ പ്രശംസകേട്ടു കോപിച്ചു പറഞ്ഞു: "ഹേ, അത്രി! ഇപ്രകാരം പറയരുത്. നിന്റെ ബോധം ശരിയല്ല. നമുക്ക് ഇവിടെ മുമ്പിട്ടുനില്ക്കുന്നവൻ ഇന്ദ്രനായ പ്രജാപതിയാണ്."

ഗൗതമൻ പറഞ്ഞതുകേട്ട് അത്രി ഉത്തരം പറഞ്ഞു: "ഇവൻ വിധാതാവാണ്, ശക്രനാണ്, പ്രജാപതിതുല്യനാണ്. നീയോ മോഹം കൊണ്ടു പിഴച്ചു പറയുകയാണ്. നിനക്ക് അറിവില്ല; ബോധമില്ല."

ഗൗതമൻ പറഞ്ഞു: "എനിക്കല്ല തെറ്റിയത്. നിനക്കാണ്. നീയല്ലേ രാജാവിനെ കാണാൻ വന്ന് സദസ്സിൽനിന്നു പുകഴ്ത്തുന്നത്? നീ മുഖ്യമായ ധർമ്മം അറിഞ്ഞവനല്ല. പ്രയോജനം ഓർക്കുന്നുമില്ല. ബാലനാണു നീ. മൂഢനുമാണ്. നിനക്ക് ഇത്ര പ്രായമായിട്ട് എന്തു പ്രയോജനം!"

മാർക്കണ്ഡേയൻ തുടർന്നു: "മുനിമാരുടെ കണ്ണിനു മുമ്പിൽവച്ച് ഇപ്രകാരം അവർ വാദിച്ചുനിന്നു. ആ സദസ്സിലുള്ളവരൊക്കെ ചോദിച്ചു: "എന്താണ് ഇവരിങ്ങനെ? ആരാണ് വൈന്യസദസ്സിൽ ഇവരെ കേറ്റിവിട്ടത്? എന്തിനാണ് ഇവർ ഇങ്ങനെ തർക്കിച്ച് ഒച്ചയിടുന്നത്? ഈ സമയത്ത് സർവ്വധർമ്മജ്ഞനായ കാശ്യപൻ, വിവാദത്തിന്നായി രണ്ടുപേർ വന്നിട്ടുണ്ടെന്നുള്ള വൃത്താന്തം എല്ലാവരേയും അറിയിച്ചു. പിന്നെ സദസ്യരായ മുനീന്ദ്രന്മാരോട് ഗൗതമൻ പറഞ്ഞു: "ഞങ്ങൾ പറയുന്ന ഈ ചോദ്യം ദ്വിജമുഖ്യന്മാരേ! നിങ്ങൾ കേൾക്കുവിൻ! വൈന്യൻ വിധാതാവാണെന്ന് അത്രി പറയുന്നു. അതിനെക്കുറിച്ചു ഞങ്ങൾ തമ്മിൽ തർക്കമായി."

മാർക്കണ്ഡേയൻ തുടർന്നു. ഇതുകേട്ട് മഹാത്മാക്കളായ മഹർഷിമാർ ക്ഷണത്തിൽ എത്തി. എല്ലാവരും സനൽക്കുമാരന്റെ അരികെ സംശയം തീർക്കുവാൻ ചെന്നെത്തി. അവരുടെ വാക്കുകേട്ട് ആ മഹർഷി തത്ത്വംപോലെ, ധർമ്മാർത്ഥമൊക്കുന്ന വാക്കാൽ ഉത്തരം പറഞ്ഞു."

സനൽക്കുമാരൻ പറഞ്ഞു: "ബ്രഹ്മം ക്ഷത്രത്തോടു ചേരും. ക്ഷത്രം ബ്രഹ്മത്തോടും ചേരും. ഇവ രണ്ടുംചേർന്നു ശത്രുക്കളെ, കാറ്റും തീയും ചേർന്നു കാടുകളെ എന്നവിധം ചുട്ടുകളയും. രാജാവ് വിശ്രുതനായ ധർമ്മമാണ്. പ്രജാപതിയാണ് (പ്രജകളുടെ പതി). രാജാവ് ശക്രനാണ്, ശുക്രനാണ്, ധാതാവാണ്, ബൃഹസ്പതിയാണ്, വിരാട്ടാണ്, സമ്രാട്ടാണ്, ക്ഷത്രിയനാണ്, പതിയാണ്, നൃപനാണ്. ഈ ചൊല്ലുകളാൽ പുകഴ്ന്നവനെ ആരാണ് അർച്ചിക്കാത്തവൻ? പുരായോനി, യുധാജിത്ത്, മുദിതൻ, ഭവൻ, സ്വർഗ്ഗനേതാവ്, ബഭ്രു, സഹജിത്ത്, സത്യയോനി, പുരാവിത്ത്, സത്യധർമ്മപ്രവർത്തകൻ എന്നൊക്കെ രാജാവ് അറിയപ്പെടുന്നു. അധർമ്മഭീതിയാൽ ഋഷികൾ ബലം ക്ഷത്രത്തിന്നു നല്കിയിരിക്കയാണ്. ആകാശത്ത് ദേവന്മാരിൽ ആദിത്യൻ എപ്രകാരം ഇരുട്ടിനെ നീക്കുന്നുവോ അപ്രകാരം മന്നിലെ അധർമ്മങ്ങളെ മന്നവൻ എപ്പോഴും നശിപ്പിക്കുന്നു. പിന്നെ രാജാക്കന്മാർക്ക് ഉത്തമത്വം ശാസ്ത്രദൃഷ്ട്യാ ഉണ്ട്. ശാസ്ത്രപ്രമാണങ്ങളുടെ ദൃഷ്ടിയിൽ സമാധാനം കാണുന്നുണ്ട്. 'രാജാവ്' (ശോഭിക്കുന്നവൻ) എന്നുള്ള വാക്കുകൊണ്ടുതന്നെ അതു സിദ്ധമാണല്ലോ!"

മാർക്കണ്ഡേയൻ തുടർന്നു: "പിന്നെ മഹാശയനായ ആ രാജാവ് പ്രമാണപക്ഷസിദ്ധിയാൽ ഹൃഷ്ടനായി തന്നെ സ്തുതിച്ച അത്രിയോടു നന്ദിയോടെ പറഞ്ഞു: "ഹേ, മുനേ! ഭവാൻ എന്നെ മനുഷ്യരിൽ മികച്ചവനും, ദേവന്മാർക്കു തുല്യനും, ശ്രേഷ്ഠനുമായി വർണ്ണിച്ചുവല്ലോ! അതിൽ പ്രീതനായ ഞാൻ നാനാപ്രകാരം വളരെ ധനം ഇതാ ഭവാനു തരുന്നു. ഉടുത്തു മോടിയിൽ അണിഞ്ഞ യുവതികളായ ആയിരം ദാസിമാരേയും, പത്തുകോടി സ്വർണ്ണവും, പത്തുഭാരം രുഗ്മവും നല്കുന്നു. മുനേ, ഭവാൻ സർവ്വജ്ഞനാണ്. എന്റെ ദാനം ഭവാൻ സ്വീകരിച്ചാലും."

അത്രി അവയൊക്കെ വാങ്ങി രാജാവിന്റെ സൽക്കാരമേറ്റു സ്വന്തം ഗൃഹത്തിലേക്കു പോന്നു. തേജസ്വിയായ ആ തപോനിധി പ്രീതിയോടെ മക്കൾക്ക് ആ ധനമൊക്കെ നല്കി, തപസ്സു ചെയ്യുവാൻ കാട്ടിലേക്കു പോയി.

186. സരസ്വതീതാർക്ഷ്യസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ഇക്കാര്യത്തിൽ ധീമാനായ താർക്ഷ്യമുനി ചോദിക്കുക കാരണം സരസ്വതി പറഞ്ഞ വാക്കുകൾ ഭവാൻ കേട്ടാലും!"

താർക്ഷ്യൻ പറഞ്ഞു: "ഭദ്രേ! പുരുഷന്നു ശ്രേയസ്സ് എന്താണ്? എന്തു ചെയ്താൽ സ്വധർമ്മം പോവുകയില്ല? ഹേ മനോഹരി, നിന്റെ വാക്കനുസരിച്ചു ഞാൻ സ്വധർമ്മം പോകാതെ പ്രവർത്തിക്കുന്നതാണ്. അഗ്നിയെ ഹോമിച്ച് അർച്ചിക്കേണ്ടത് ഏതു കാലത്താണ്? എന്തു ചെയ്താൽ ധർമ്മം മങ്ങുകയില്ല? ഹേ, സുഭഗേ! ഇതൊക്കെ ഭവതി പറഞ്ഞുതന്നാലും! എനിക്കു പാപം കൂടാത്ത ലോകത്തിൽ എത്തുവാൻ ആശയുണ്ട്."

മാർക്കണ്ഡേയൻ തുടർന്നു: "സസന്തോഷം അവൻ പറഞ്ഞപ്പോൾ ആ ധീമാനായ താർക്ഷ്യവിപ്രൻ ധർമ്മാസക്തനും ഹിതനുമാണെന്നറിഞ്ഞ്, സരസ്വതീദേവി ഇപ്രകാരം പറഞ്ഞു."

സരസ്വതി പറഞ്ഞു: "ബ്രഹ്മത്തെ ധരിച്ചവനും, ഉചിതമായ പ്രദേശത്തു സ്വാദ്ധ്യായവാനും, ശുചിതെറ്റാതെ ഇരിക്കുന്നവനും ആയവൻ സ്വർഗ്ഗത്തിൽ ചെന്നുചേരുന്നതാണ്. അവിടെ വലിയതും ദുഃഖം ഏല്ക്കാത്തതും പൂവണിഞ്ഞതുമായ നല്ല പൊയ്ക, ചേറുകൂടാതെ മീനുകളോടും നല്ല തീർത്ഥങ്ങളോടുംകൂടി പൊന്മയപ്പൂക്കളോടൊത്തു ശോഭിക്കുന്നു. അതിന്റെ വക്കിൽ പാർക്കുന്നവരായ പുണ്യവാന്മാർ ശ്രേഷ്ഠകളായ അപ്സരസ്ത്രീകളാൽ മാനിക്കപ്പെടുന്നു. നല്ല പുണ്യഗന്ധത്തോടുകൂടി അണിഞ്ഞ് സ്വർണ്ണനിറത്തിലുള്ള അവരോടുചേർന്ന് ആ പുണ്യവാന്മാർ ഉല്ലസിക്കുന്നു. ഭാഗ്യം! മറ്റു ലോകത്തിലെത്തുന്ന പുണ്യവാന്മാർ അങ്ങനെയുള്ളവരാണെന്നു പറയാം. വൃഷങ്ങളെ ദാനം ചെയ്യുന്നവർ അർക്കലോകത്തിലെത്തുന്നതാണ്. വസ്ത്രം ദാനം ചെയ്യുന്നവർ ചന്ദ്രലോകത്തിലെത്തുന്നതാണ്. സ്വർണ്ണം ദാനം ചെയ്യുന്നവർക്ക് അമരത്വം ലഭിക്കും. നിറമുള്ളതും കറവു വറ്റാത്തതും പാട്ടിൽ നില്ക്കുന്നതുമായ പശുവിനെ കുട്ടിയോടുകൂടി ദാനം ചെയ്താൽ അതിന്ന് എത്ര രോമമുണ്ടോ അത്രവർഷം അവൻ സ്വർഗ്ഗത്തിൽ വാഴും. ഭാരം താങ്ങുന്നതും, ബലവും വീര്യവും ഉള്ളതും, നിലം ഉഴുന്നതുമായ കാളക്കിടാവിനെ ദാനംചെയ്താൽ അവന്ന് പത്തുപശുക്കളെ ദാനംചെയ്താൽ കിട്ടുന്ന ലോകം തീർച്ചയായും കിട്ടുന്നതാണ്. വസ്ത്രത്തോടും, കാംസ്യലോഹത്തോടും, പിന്നെ വിത്തത്തോടും ഒന്നിച്ചു കപിലധേനുവെ ദാനം ചെയ്താൽ അവന്ന് കാമധേനുത്വത്തോടെ എല്ലാം അവന്റെ അധീനത്തിൽ എത്തും. ആ ഗോവിന്ന് എത്ര രോമങ്ങളുണ്ടോ അത്രത്തോളം ഫലം ഗോദാനത്തിലുണ്ടാകും. പുത്രപൗത്രാദികുലത്തെ, ഏഴുതലമുറയെ, പരലോകത്തിലാക്കും. ദക്ഷിണയോടുകൂടി പൊന്നു കെട്ടിച്ച കൊമ്പ്, കാംസ്യം, ദോഹം എന്നീ മറ്റു വിത്തങ്ങളോടും കൂടി പശുവിനെ എള്ളിനോടുകൂടി വിപ്രന്നു നല്കിയാൽ അവന് വസുലോകം ലഭിക്കുന്നതാണ്.

സ്വന്തം ദുഷ്കർമ്മം കൊണ്ടു ദാനവഘോരമായി ഇരുളടഞ്ഞ നരകം പുകുന്നവനെ സമുദ്രമദ്ധ്യത്തിലെ കപ്പൽപോലെ അവൻ ചെയ്ത പശുദാനം അവനെ പരലോകത്തിലേക്കു കയറ്റും.

വിപ്രന്നു നല്കേണ്ട കന്യകയേയും ധരിത്രിയേയും നല്കുന്നവനും, വിധിപ്രകാരം ദാനംചെയ്യുന്നവനും പുരന്ദരന്റെ പുരത്തിൽ എത്തുന്നതാണ്. സുശീലനായി ശ്രദ്ധയോടെ അഗ്നിയിൽ ഏഴുവർഷം ഹോമിക്കുന്നവന്ന് ഹേ, താർക്ഷ്യാ! ഏഴു പിതാമ

digitized by www.sreyas.in

ഹന്മാർക്കു മേലോട്ടും ഏഴു പിതാമഹന്മാർക്കു കീഴോട്ടും ശുദ്ധി നല്കുന്നതാണ്."

താർക്ഷ്യൻ പറഞ്ഞു: "എന്താണ് അഗ്നിഹോത്രത്തിനുള്ള വ്രതം? ഹേ, ചാരുരൂപേ, ഭവതി പറഞ്ഞാലും. അഗ്നിഹോത്രത്തിന്നുള്ള പഴയ വ്രതത്തെ പറയുക."

സരസ്വതി പറഞ്ഞു: "അശുദ്ധനായും, കൈ കഴുകാതെയും, ബ്രഹ്മവിബോധം കൂടാതെയും ഹോമിക്കരുത്. ജ്ഞാനേച്ഛയോടും ശുചിയിൽ ശ്രദ്ധയോടുംകൂടി വാനവന്മാർ ഹവിസ്സു കൈക്കൊള്ളുന്നു. അശ്രോത്രിയൻ ദേവഹവ്യത്തിൽ എത്തരുത്. അവന്റെ ഹോമം വെറുതെയാണ്. അശ്രോത്രിയൻ അപൂർവ്വനാണ്. അവന്ന് അഗ്നിഹോത്രം ഹോമിക്കുവാൻ വയ്യ. വിനീതരായി ശ്രദ്ധയോടുകൂടി സത്യവ്രതന്മാർ ഹോമിക്കണം. അവർ ഹുതശേഷമേ ഭുജിക്കാവൂ. അവർ പുണ്യലോകത്തെ പ്രാപിക്കും. പരമായ ദൈവതം സത്യമാണെന്നു ധരിക്കണം."

താർക്ഷ്യൻ പറഞ്ഞു: "ക്ഷേത്രജ്ഞയായി പരലോകസ്വഭാവകർമ്മോദയജ്ഞാനവിശിഷ്ടയായ സുപ്രജ്ഞയായിരിക്കുന്ന ദേവീ, ചാരുസ്വരൂപിണീ, സുഭഗേ, നീ ആരാണെന്നു പറഞ്ഞാലും."

സരസ്വതി പറഞ്ഞു: "ഞാൻ അഗ്നിഹോത്രത്തിൽനിന്നു വരുന്നവളാണ്. ദ്വിജശ്രേഷ്ഠന്മാരുടെ ശങ്ക തീർക്കുന്നതിന്നു പുറപ്പെട്ടതാണ്. ഭവാനുമായി കണ്ടുമുട്ടി ഞാൻ തഥ്യമാകുന്നതു ഭാവം പാർത്തു പറയുകയാണ്."

താർക്ഷ്യൻ പറഞ്ഞു: "ഹേ ശുഭേ! നിന്നെപ്പോലെ ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല. നീ ലക്ഷ്മീദേവിയെപ്പോലെ ശോഭിക്കുന്നു. നിന്റെ സൗന്ദര്യം ദിവ്യവും അത്യുന്നതകാന്തി വഹിക്കുന്നതുമാണ്. നിന്റെ പ്രജ്ഞയും അപ്രകാരം തന്നെയാണ്."

സരസ്വതി പറഞ്ഞു: "ഹേ, മഹാശയ! ശ്രേഷ്ഠകർമ്മങ്ങൾ യജ്ഞത്തിൽ ചെയ്യുകയാൽ അവയാൽത്തന്നെ വളർന്നവളാണു ഞാൻ. എനിക്ക് അതാണു വിപ്രാ! സൗന്ദര്യം. വാനസ്പത്യം, പാർത്ഥിവം, ആയസം എന്നിവ ഓരോന്നും ഉപയോഗിക്കുകയാൽ ദിവ്യാകാരവും പ്രജ്ഞയും പൂണ്ടുവന്ന നിന്റെ സിദ്ധി ഞാനാണെന്ന് വിദ്വാനായ ഭവാൻ ധരിച്ചാലും."

താർക്ഷ്യൻ പറഞ്ഞു: "ഇതാണു ശ്രേയസ്സെന്നു വിചാരിച്ച് മാമുനീന്ദ്രന്മാർ സാദരം യത്നിക്കുകയാണ്. മാൽ അറ്റതും പരമവുമായ മോക്ഷം, ധീരന്മാർ എത്തുന്ന സ്ഥാനം, ഏതെന്ന് എന്നോടു പറയുക. യോഗീന്ദ്രരും സാംഖ്യരും കാണുന്ന പുരാണമായ അത് ഞാൻ കാണുന്നില്ല."

സരസ്വതി പറഞ്ഞു: "അതു വേദവിജ്ഞന്മാർ ആശ്രയിക്കുന്നു. പരങ്ങളേക്കാൾ പരമവും പുരാണവുമാണ് അത്. സ്വാദ്ധ്യായവാന്മാരും, വ്രതപുണ്യയോഗതപസ്സുകൾ ഉള്ളവരും വിമുക്തന്മാരും അതിന്റെ മദ്ധ്യത്തിൽ നില്ക്കുന്നു. അതു വേതസം, പുണ്യഗന്ധം, ശാഖാശതം എന്നിവ വാച്ചുവളർന്നു നില്ക്കുന്നു. അതിന്റെ ചോടെ ഓരോ പുഴകൾ പുണ്യമായും തേനൊഴുകുന്നതായും ഒഴുകുന്നു. ശാഖതോറും വൻപുഴകൾ മണലുള്ളവ പിഷ്ടാപൂപം, മാംസശാകം, കല്ല് എന്നിവയോടെ പൂകുന്നു. എവിടെ അഗ്നിമുഖന്മാരായ ദേവന്മാർ ഇന്ദ്രനോടും മരുത്തുക്കളോടുംകൂടി ശ്രേഷ്ഠമായ യജ്ഞങ്ങളെ ചെയ്തുവോ, അവിടമാണ് എന്റെ പരമമായ പദം."

187. മത്സ്യോപാഖ്യാനം - വൈശമ്പായനൻ പറഞ്ഞു: "പിന്നെ യുധിഷ്ഠിരൻ മാർക്കണ്ഡേയദ്വിജനോട് ഇനി വൈവസ്വതമനുവിന്റെ ചരിതം പറഞ്ഞുകേൾക്കാൻ ആഗ്രഹിക്കുന്നതായി അറിയിച്ചു."

മാർക്കണ്ഡേയൻ പറഞ്ഞു: "വിവസ്വാന്റെ പുത്രനായി പ്രതാപവാനായ മഹർഷീന്ദ്രൻ പ്രജാപതിക്കു തുല്യം യോഗ്യനായി ഉണ്ടായി. ഓജസ്സ്, ലക്ഷ്മി, തേജസ്സ്, തപസ്സ് എന്നിവയാൽ തന്റെ അച്ഛനേയും മുത്തച്ഛനേയും മനു അതിശയിച്ചു. കൈയും പൊക്കി വിശാലമായ ബദരീസ്ഥലത്ത് അവൻ ഒറ്റക്കാലിൽ നിന്നുകൊണ്ടു ഘോരമായ തപസ്സുചെയ്തു. പിന്നെ, തലകീഴായി കണ്ണുരണ്ടും അടയ്ക്കാതെ അവൻ പതിനായിരം വർഷം ഘോരമായ തപസ്സുചെയ്തു. ആർദ്രചീരജടാധാരിയായി തപം ചെയ്യുന്ന അവനോട് ഒരിക്കൽ ചീരിണീവക്കിൽവെച്ച് ഒരു മത്സ്യം പറഞ്ഞു: 'ഭഗവാനേ, ഞാനൊരു കൊച്ചുമീനാണ്. ബലമേറുന്ന മീനുകളെ ഞാൻ ഭയപ്പെടുന്നു. എനിക്ക് അഭയം തന്നാലും! സുവ്രതാ! ഭവാൻ എന്നെ രക്ഷിച്ചാലും. ബലം കൂടുന്ന മത്സ്യങ്ങൾ ബലമില്ലാത്തവയെ പിടിച്ചുതിന്നും. ഇന്ന് ഈ മഹാഭയത്തിൽ മുങ്ങി മങ്ങുന്ന എന്നെ രക്ഷിക്കുന്നതായാൽ അതിന്നു പകരം അങ്ങയ്ക്കു വേണ്ടതു ഞാൻ ചെയ്യും."

ഇപ്രകാരം മത്സ്യം പറയുന്നതുകേട്ടപ്പോൾ കരുണരസത്തോടെ ആ മീനിനെ വൈവസ്വതമനു കൈകൊണ്ടെടുത്തു. ആ മീനിനെ വെള്ളത്തിൽനിന്നെടുത്തു കരയ്ക്കെത്തിച്ച് ചന്ദ്രശ്രീയൊക്കുന്ന അലിഞ്ജരപാത്രത്തിലിട്ടു. അവിടെ മാനത്തോടെ അധിവസിക്കുന്ന മീൻ വളരുവാൻ തുടങ്ങി. അവനെ മനു പുത്രനെപ്പോലെ കരുതി.

കുറെക്കാലം കഴിഞ്ഞപ്പോൾ മത്സ്യം നന്നായി വളർന്നു. അതു മനുവിന്റെ അലിഞ്ജരപാത്രത്തിൽ കൊള്ളാതെയായി. പിന്നെ, മത്സ്യം മനുവിനോടു വീണ്ടും പറഞ്ഞു: "ഭഗവാനേ! ഭവാൻ എനിക്കു മറ്റൊരിടം തന്നാലും!"

പിന്നെ, മനു അലിഞ്ജരപാത്രത്തിൽനിന്നു കയറ്റി ആ മത്സ്യത്തെ ഒരു വലിയ കുളത്തിൽ കൊണ്ടുപോയി വിട്ടു. പിന്നെ, വളരെ നൂറ്റാണ്ട് ആ ജലാശയത്തിൽക്കിടന്നു മത്സ്യം വളർന്നു. രണ്ടു യോജനനീളവും ഒരു യോജനവീതിയുമുള്ള ആ വലിയ കുളത്തിലും മത്സ്യം ഒതുങ്ങാതായി. തുള്ളിക്കളിക്കുവാൻ കഴിയാതെയായപ്പോൾ മത്സ്യം മനുവിനോടു വീണ്ടും പറഞ്ഞു: 'ഭവാൻ എന്നെ കുറേക്കൂടി വിശാലമായ ജലാശയത്തിൽ കൊണ്ടുവിടുക. ഞാൻ പ്രിയപ്പെട്ട ഗംഗയിൽ വാണുകൊള്ളാം. ഭഗവാനേ, സാധുവായ ഭവാൻ കല്പിക്കുന്നവിധം ഞാൻ ഈർഷ്യ കൂടാതെ നില്ക്കുന്നതാണ്. ഭവാൻ കാരണമാണ് ഞാൻ ഇപ്രകാരം വർദ്ധിച്ചുവന്നത്.'

മത്സ്യം ഇപ്രകാരം പറഞ്ഞതുകേട്ട് മനു ആ മത്സ്യത്തെ കൊണ്ടുപോയി ഗംഗാനദിയിലെത്തിജലത്തിൽ വിട്ടു.

ആ മത്സ്യം ഗംഗാനദിയിൽ വളരെക്കാലം വളർന്നു. പിന്നെയും ആ മത്സ്യം മനുവിനെ കണ്ടു പറഞ്ഞു: 'വലിപ്പം വർദ്ധിക്കുകയാൽ ഗംഗാനദിയും എനിക്കു ജീവിക്കുവാൻ പോരാതെയായിരിക്കുന്നു. ഭഗവാനേ, പ്രസാദിച്ചാലും! എന്നെ സമുദ്രത്തിൽ കൊണ്ടുവിട്ടാലും!'

മനുതന്നെ മത്സ്യത്തെ ഗംഗാജലത്തിൽനിന്നേറ്റി സമുദ്രത്തിൽ കൊണ്ടുപോയി വിട്ടു. സ്പർശഗന്ധസുഖം തേടുന്ന മനുവിന്ന് ആ മഹാഝഷം യഥേഷ്ടം കൊണ്ടുപോകാൻ പറ്റിയമട്ടിൽ ഒതുങ്ങിനിന്നു; വലിയവനാണെങ്കിലും.

അങ്ങനെ മനു മഹാസമുദ്രത്തിൽ കൊണ്ടുവിട്ട ഉടനെ ആ മഹാമത്സ്യം പുഞ്ചിരിയോടെ മനുവിനോടു പറഞ്ഞു: 'ഭഗവാനേ! ഭവാൻ ചെയ്ത രക്ഷയൊക്കെ നന്നായി. ഇനി കാലാനുരൂപമായി ഭവാൻ ചെയ്യേണ്ടതുണ്ട്, അതു കേട്ടാലും. താമസിക്കാതെ ഈ പാരിലുള്ള ചരാചരം സമസ്തവും പ്രളയത്തിൽപ്പെടുന്നതാണ്. ലോകം മുക്കിക്കഴുകുന്ന കാലമാണ് ഈ വരുന്നത്. ഞാൻ അങ്ങയ്ക്കേറ്റവും ഹിതമായത് എന്താണെന്നു പറയാം. സകല ചരാചരങ്ങൾക്കും ഇളകുന്നതും ഇളകാത്തതുമായ എല്ലാറ്റിനും ഘോരമായ നാശം അടുത്തിരിക്കുന്നു. കെട്ടുവാനുള്ള കയറോടുകൂടിയ ഒരു തോണി ഭവാനുണ്ടാക്കിക്കണം. അതിൽ ഭവാൻ സപ്തർഷികളോടുകൂടി കയറണം. മുമ്പേ ദ്വിജന്മാർ പറഞ്ഞുവച്ചിട്ടുള്ള എല്ലാ ബീജങ്ങളേയും അതിൽ കയറ്റണം. എല്ലാ ഇനവും വേർതിരിച്ചു വളരെ ഭദ്രമായി വയ്ക്കണം. തോണിയിൽക്കയറിയ ഉടനെ എന്നെ മനസ്സിൽ വിചാരിക്കുക. ഞാൻ ഉടനെ വഞ്ചിക്കൊമ്പത്തു കൊമ്പുമായി എത്തുന്നതാണ്. ഇപ്രകാരം ഭവാൻ ചെയ്യണം. ഞാൻ യാത്ര പറയുന്നു. പോകട്ടെ, ഞാൻ കൂടാ

digitized by www.sreyas.in

തെ ആ വലിയ വെള്ളം കടക്കുവാൻ അസാദ്ധ്യമാണ്. എന്റെ വാക്കിൽ ഭവാനൊട്ടും സംശയിക്കരുത്.'

മനു അപ്രകാരം ചെയ്യാമെന്നു മത്സ്യത്തോടു സമ്മതിച്ചു പറഞ്ഞു. അങ്ങനെ യാത്രപറഞ്ഞ് അവർ പിരിഞ്ഞു.

പിന്നെ, മനു മത്സ്യം പറഞ്ഞപ്രകാരം ബീജമൊക്കെയെടുത്ത് നല്ല ഒരു തോണിയിൽ കയറി സമുദ്രത്തിൽ തുഴഞ്ഞു. മനു ആ മത്സ്യത്തെ ചിന്തിച്ചു. അവൻ ചിന്തിച്ചതറിഞ്ഞ് ആ മത്സ്യം കൊമ്പുമായി അവിടെ എത്തി. മത്സ്യം കടലിൽ വരുന്നതുകണ്ട ഉടനെ മനു കയറുമായി നിന്നു. പറഞ്ഞ രൂപത്തിൽ മലപോലെ മത്സ്യം ഉയർന്നു. കെട്ടുവാനുള്ള കയർ ആ മത്സ്യത്തിന്റെ മൗലിയിലുള്ള കൊമ്പിൽ മനു എറിഞ്ഞു പിടിച്ചുകെട്ടി. ആ പാശത്താൽ ചുറ്റിക്കെട്ടിയ മത്സ്യം ഉപ്പുവെള്ളത്തിൽ വലിയ ഊക്കിൽ തോണി വലിച്ചുകൊണ്ടുപോയി. മത്സ്യം അവനെ തോണിയാൽ കടത്തുവാനായിരുന്നു ശ്രമിച്ചത്.

തിരയാൽ തുള്ളിയാർക്കുന്ന വെള്ളത്തിൽ ആ സമുദ്രത്തിന്റെ വൻ ചുഴിപ്പാട്ടിലിളകി ആ തോണിയും തുള്ളി. ഉന്മത്തയായ സ്ത്രീപോലെ ആ തോണി അലയിൽക്കിടന്നു നൃത്തം വച്ചു. ഭൂമിയും ദിക്കും വിദിക്കും കാണാതായി. ദ്യോവും ആകാശവും എല്ലായിടത്തും വെള്ളം തന്നെ! ഇപ്രകാരം ലോകം സങ്കുലമായപ്പോൾ സപ്തർഷികളും മനുവും മത്സ്യവും മാത്രം കാണപ്പെട്ടു. ഇപ്രകാരം വളരെ വർഷങ്ങളോളം തോണിയെ ആ മത്സ്യം ആ സമുദ്രത്തിൽ വലിച്ചു നടന്നു. മത്സ്യത്തിന്നു യാതൊരു ക്ഷീണവുമുണ്ടായില്ല!

പിന്നെ, ജലത്തിന്നുപരി ഉയർന്നുനില്ക്കുന്ന ഹിമവാന്റെ ശൃംഗമുള്ള സ്ഥലം നോക്കി വലിച്ചു. ആ തോണി ഹിമവൽശൃംഗത്തിലെത്തിച്ചു. പിന്നെ, മത്സ്യം പുഞ്ചിരിക്കൊണ്ട് ആ മുനീന്ദ്രനായ മനുവിനോടു പറഞ്ഞു: 'ഉടനെ ഈ ഹിമവൽശൃംഗത്തിൽ ഈ തോണി കെട്ടുക!'

ഉടനെ മുനികൾ ആ തോണി ഹിമവൽശൃംഗത്തിൽ കെട്ടി. തന്മൂലം ആ ഗിരിശൃംഗത്തിന്ന് 'നൗബന്ധനം' എന്നു പേർ വന്നു. ഈ പേർ ആ ശൃംഗത്തിന്ന് ഇന്നും പ്രസിദ്ധമാണ്.

പിന്നെ ആ മത്സ്യം മുനീന്ദ്രന്മാരോടു പറഞ്ഞു: 'ഹേ, മുനിമാരേ! പ്രളയത്തിൽ സമസ്തവും നശിച്ചിരിക്കുന്നു! ഞാൻ പ്രജാപതിയാണ്. ഞാനൊഴികെ മറ്റൊന്നുമില്ല. ബ്രഹ്മാവുമില്ല. ഞാൻ മത്സ്യരൂപമെടുത്തു നിങ്ങളെ ഭയത്തിൽനിന്നു മോചിപ്പിച്ചിരിക്കുന്നു. അല്ലയോ ഋഷിമാരേ, ഇനി മനു സദേവാസുരമാനുഷമായ വിശ്വം സൃഷ്ടിക്കണം. ചലിക്കുന്നതും ചലിക്കാത്തതുമായ ലോകമൊക്കെ സൃഷ്ടിക്കണം. വലിയ തപസ്സുകൊണ്ട് ഇവന്ന് അതിന്നുവേണ്ട പ്രതിഭയും ശക്തിയുമൊക്കെ ഉണ്ടാകും. പ്രജാസൃഷ്ടിക്ക് എന്റെ പ്രസാദം മൂലം ഒരിക്കലും തെറ്റുപറ്റുന്നതല്ല.' എന്നു പറഞ്ഞ് ഉടനെ മത്സ്യം അന്തർദ്ധാനം ചെയ്തു. പിന്നെ. അതിനെ കണ്ടില്ല. മറഞ്ഞുപോയി.

പിന്നെ വൈവസ്വതനായ മനു പ്രജാസൃഷ്ടിക്ക് ഒരുമ്പെട്ടു. സൃഷ്ടിയിൽ വിമൂഢനായ അവൻ ഘോരമായ തപസ്സു ചെയ്ത് വേണ്ട കെൽപ്പു സമ്പാദിച്ചതിന്നുശേഷം സൃഷ്ടിക്കുവാൻ മുതിർന്നു. ഹേ ഭരതർഷഭാ, ഇങ്ങനെ പ്രജകളെയൊക്കെ സാക്ഷാൽ മനു സൃഷ്ടിച്ചതാണ്.

ഇങ്ങനെ മാത്സ്യകമായ പുരാണം ബഹുവിശ്രുതമാണ്. പാപങ്ങളെയൊക്കെ ഹരിക്കുന്ന ആഖ്യാനമാണു ഞാൻ പറഞ്ഞത്. ആദ്യം മുതൽക്ക് ഈ മനുവിന്റെ ചരിതം കേൾക്കുന്ന നരൻ സുഖിയും സമ്പൂർണ്ണാർത്ഥനുമായി സർവ്വലോകത്തിലും എത്തുന്നതാണ്."

188. മാർക്കണ്ഡേയ പ്രശ്നം – വൈശമ്പായനൻ പറഞ്ഞു: "പിന്നെയും യുധിഷ്ഠിരൻ മാർക്കണ്ഡേയനോടു വിനയാന്വിതനായി ചോദിച്ചു: 'മുനേ, ഭവാൻ അനവധി യുഗസഹസ്രാന്തങ്ങൾ കണ്ടവനാണ്. അങ്ങയ്ക്കു തുല്യം ആയുസ്സുള്ളവനെ ആരും കണ്ടിട്ടില്ല. പരമേഷ്ടിയും മഹാത്മാവുമായ ബ്രഹ്മാവൊഴികെ മറ്റാരുമില്ല ഹേ, ബ്രഹ്മവിത്തമാ! അങ്ങയ്ക്ക് ശരിയായ ആയുസ്സുള്ളവരാരും ഭൂമിയിലില്ല. അന്തരീക്ഷം മാഞ്ഞ് സുരാസുരന്മാരൊക്കെ നശിച്ചകാലത്ത് ബ്രഹ്മസേവ ചെയ്തവൻ അങ്ങ് ഒരുത്തൻ മാത്രമാണ്.

പ്രളയം തീർന്ന ഉടനെ പിതാമഹൻ ഉണർന്ന് പിന്നെ ഭൂതങ്ങളെ സൃഷ്ടിക്കുന്നതു കണ്ടുനിന്ന ഒരേയൊരുവൻ അങ്ങുമാത്രമാണ്. ഹേ, വിപ്രർഷേ! ദിക്കൊക്കെ വായുവാക്കി അംഭസ്സ് ചുറ്റും അകറ്റി, അങ്ങനെ ലോകഗുരുവായ സാക്ഷാൽ പിതാമഹനെ, സമാധിയാർന്ന് നീ ആരാധിച്ചു പലതിന്നും പ്രമാണം നീ ചമച്ചു. വേധാക്കന്മാരെ വെന്ന്, വൻതപസ്സാലെ അങ്ങ് എത്തി. നീ നാരായണാങ്കത്തിൽ വിഖ്യാതനാണ്. പരലോകത്തിൽ പുകഴ്ന്നവനാണ്. വിശ്വമൂലമായ വിഷ്ണുവിൽ നീ പലകുറി കാമരൂപനായ ബ്രഹ്മന്റെ കർണ്ണികോദ്ധാരണം, രത്നാലങ്കാരയോഗ്യമായത്, നീ ദൃഷ്ടിയാൽ പണ്ടു കണ്ടവനാണ്. അതുകൊണ്ട് അന്തകനായ മൃത്യു മെയ്പോക്കുവാൻ വിടുന്ന ജരയും, പരമേഷ്ടിപ്രസാദത്താൽ നിങ്കൽ പറ്റുകയില്ല ആദിത്യനും, അഗ്നിയും, കാറ്റും, ചന്ദ്രനും, ആകാശവും, ഊഴിയും മറ്റുള്ളവയും ഇവയൊന്നും ഇല്ലാത്തത് എപ്പോഴോ, അന്ന് ഏകാർണ്ണമായിക്കിടക്കുന്ന ലോകത്തിൽ ചരാചരങ്ങൾ ഒഴിയുമ്പോൾ, ദേവാസുരന്മാർ നശിക്കുമ്പോൾ, മഹാഹികൾ മുടിയുമ്പോൾ, അമിതാത്മാവ് അംബുജത്തിന്നകത്ത് അരുളുമ്പോൾ, ഹേ, സർവ്വഭൂതേശാ, ഭവാൻ മാത്രമാണല്ലോ ബ്രഹ്മനെ സേവിക്കുന്നത്. ഈ പൂർവ്വവൃത്തമൊക്കെ നീ പ്രത്യക്ഷമായിക്കണ്ടുവല്ലോ. അതുകൊണ്ട് ഭവാനിൽനിന്ന് സർവ്വബീജാത്മകഥ കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. പലപാട് ഭവാൻ കണ്ട് അനുഭവിച്ച കാര്യങ്ങളാണല്ലോ അതെല്ലാം. ലോകത്തിൽ ഏതുകാലത്തും ഏതു സ്ഥലത്തും ഭവാൻ അറിയാത്തത് ഒന്നുംതന്നെയില്ലല്ലോ ദ്വിജോത്തമാ!"

മാർക്കണ്ഡേയൻ പറഞ്ഞു: "യുധിഷ്ഠിരാ! നിന്നോട് എല്ലാം പറയാം. ഞാൻ സ്വയംഭൂവിനെ കൈവണങ്ങി എല്ലാം പറയാം. സ്വയംഭൂ സാക്ഷാൽ ശാശ്വതനും, അവ്യയനും, അവ്യക്തനും, സൂക്ഷ്മനും, അഗുണനനും, ഗുണാത്മാവുമാണ്. അവൻതന്നെയാണ് പീതാംബരനായ ജനാർദ്ദനൻ. കർത്താവ് ഇവനാണ്. വികർത്താവും ഇവനാണ്. ഭൂതാത്മാവും, ഭൂതകൃത്തും, പ്രഭുവും, മഹത്തും, അചിന്ത്യവും, ആശ്ചര്യവും, പവിത്രവും എന്നു പറയുന്നതും, ആദ്യന്തഹീനമായ ഭൂതവും അവ്യയവും, അക്ഷയവുമായ വിശ്വവും ഇവനാണ്. കർത്താവാണ് ഇവൻ, കാര്യമല്ല. പൗരുഷത്തിനു ഹേതു ഇവനാണ്.

ഇവനെ ആർ ശരിയായി അറിയുന്നു? ആരും ശരിയായി അറിയുന്നില്ല. വേദങ്ങൾപോലും ഇവനെ അറിയുന്നില്ല. ആ പരാശക്തിയെ ഞാൻ വന്ദിച്ചു കഥ പറയാം.

എല്ലാം അത്ഭുതാശ്ചര്യമായിട്ടായിരുന്നു പ്രപഞ്ചം. ആദ്യം ലോകമൊക്കെ ക്ഷയിച്ചുനിന്നശേഷം കൃതയുഗമായി. നാലായിരം സംവത്സരമാണ് കൃതയുഗം എന്നു പറയുന്നത്. അതിന്ന് അത്രശതത്തോളം സന്ധിയുണ്ട്. സന്ധ്യംശവും അപ്രകാരംതന്നെ. പിന്നെ ത്രേതായുഗം മുവ്വായിരം സംവത്സരം എന്നു പറയുന്നു. അതിന്ന് അത്രശതം സന്ധിയും പിന്നെ സന്ധ്യംശം അതിന്നു മേലേയും ഉണ്ട്. അപ്രകാരം ദ്വാപരത്തിന്ന് രണ്ടായിരം വർഷവും കണക്കാക്കാം. അതിന്ന് ഇരുനൂറു സന്ധികളും അതേവിധം സന്ധ്യംശങ്ങളുമുണ്ട്. പിന്നെ ആയിരം വർഷമാണ് കലിയുഗം. അതിന്നു നൂറ്റാണ്ട് സന്ധിയും അതിൽപ്പരം സന്ധ്യംശവുമുണ്ട്. സന്ധിയും സന്ധ്യംശവും ശരിയായ കണക്കാണെന്ന് ഓർക്കണം. കലി എന്ന യുഗം തീർന്നാൽ പിന്നെ കൃതയുഗം വീണ്ടും തുടങ്ങും. പന്തീരായിരം വർഷം ഇപ്രകാരം യുഗസംഖ്യയുണ്ട്. ഇത് ആയിരം കൂടുമ്പോൾ ബ്രഹ്മാവിന്ന് ഒരു പകൽ ബ്രഹ്മഗൃഹത്തിൽ വിശ്വം ചുറ്റും പറ്റുന്നു. അതാണ് ലോകങ്ങൾക്കു പ്രളയം. അപ്പോൾ യുഗാന്തം അല്പംമാത്രമേ ബാക്കിയുണ്ടാകയുള്ളൂ.

സഹസ്രാന്തത്തിൽ മനുഷ്യരൊക്കെ കള്ളം പറയുന്നവരാകും. അല്ലയോ പാർത്ഥാ! അന്ന് യജ്ഞം പേരിന്നു മാത്രമാകും.

digitized by www.sreyas.in

ദാനവും പേരിന്നു മാത്രമായിത്തീരും. വ്രതവും അതുപോലെ തന്നെ പേരിന്നു മാത്രമായിത്തീരും. ബ്രാഹ്മണരൊക്കെ ശൂദ്രന്മാരുടെ കർമ്മം ചെയ്യുന്നവരാകും. ശൂദ്രന്മാർ സമ്പത്തു നേടുന്നവരുമാകും. അവർ ക്ഷത്രധർമ്മത്തേയും സാധിച്ച് ഭരണകർത്താക്കളാകും. യജ്ഞവും അദ്ധ്യയനവുമില്ലാതെ, ദണ്ഡവും അജിനവും കൂടാതെ വിപ്രന്മാർ സർവ്വവും തിന്നുന്നവരാകും. കലിയുഗത്തിൽ ഇങ്ങനെയൊക്കെയായി വരും.

ബ്രാഹ്മണർക്ക് ജപമുണ്ടാവുകയില്ല. ശൂദ്രന്മാർ വേദം പഠിച്ച് ജപിക്കുവാൻ തുടങ്ങും. കാലവിപരീതത്തിൽ ക്ഷയത്തിന്റെ ചിഹ്നമാണ് അതെല്ലാം. മ്ലേച്ഛരാജാക്കൾ പലരും മന്നിൽ ഉണ്ടാകും. വെറുതെ വിധിക്കുന്നവരും, നിഷ്ഫലമായി വാദം നടത്തുന്നവരും, പാപികളുമായ രാജാക്കൾ ഉണ്ടാകും. ശകന്മാരും, ആന്ധ്രന്മാരും, പുളിന്ദന്മാരും, യവനന്മാരുമൊക്കെ രാജ്യം ഭരിക്കുവാൻ തുടങ്ങും. കാംബോജന്മാരും, ബാൽഹീകന്മാരും, ശൂരരായ ആഭീരന്മാരും രാജാക്കളാകും. തങ്ങളുടെ ധർമ്മം നോക്കി നില്ക്കുന്ന വിപ്രന്മാർ അന്ന് ഒരുത്തനും ഉണ്ടാകുന്നതല്ല. ക്ഷത്രിയന്മാരും, വൈശ്യന്മാരും കർമ്മംതെറ്റിയ കർമ്മങ്ങൾ ചെയ്യുന്നവരാകും. അല്പായുസ്സുകളും, അല്പബലന്മാരും, അല്പവീര്യന്മാരും, അല്പവിക്രമന്മാരും, അല്പസാരന്മാരും, അല്പദേഹന്മാരും, അല്പസത്യന്മാരുമായിരിക്കും അന്നത്തെ ജനങ്ങൾ. ശൂന്യമായ നാടു പലതും മൃഗവ്യാളസങ്കേതങ്ങളാകും. യുഗാന്തം അടുക്കുമ്പോൾ ബ്രഹ്മവാദികൾ പാഴായിപ്പോകും. ശൂദ്രന്മാർ 'ഭോവാദി' മാരാകും. വിപ്രന്മാർ ആര്യവാദികളുമാകും. യുഗാന്തത്തിൽ മൃഗതുല്യമായ മനുഷ്യർ ധാരാളമുണ്ടാകും. എല്ലാ ഗന്ധങ്ങളും, ഘ്രാണത്തിന്നു പിടിക്കാത്തതാകും. രസങ്ങളും, സ്വാദില്ലാത്തവിധമാകും. സ്ത്രീകൾ ശീലാചാരം വിട്ട് മുണ്ഡികളാകും. സ്ത്രീകൾ ധാരാളം പ്രസവിക്കുന്നവരായിത്തീരും. യുഗക്ഷയത്തിൽ സ്ത്രീകൾ മുഖംകൊണ്ടു സുരതം ചെയ്യുന്നവരായി ഭവിക്കും. നാട്ടുകാർ ചോറു വില്ക്കുവാൻ തുടങ്ങും. ദ്വിജന്മാർ വേദം വില്ക്കും. സ്ത്രീകൾ യോനി വില്ക്കും. യുഗക്ഷയത്തിൽ ഇതൊക്കെ സംഭവിക്കും. പശുക്കൾക്കു പാൽ കുറയും. മരങ്ങൾക്കു പൂവും കായും കുറയും. കാക്കകൾ വർദ്ധിക്കും. ബ്രഹ്മഹത്യ നടക്കും. രാജാക്കന്മാരോടു ഭോഷ്ക് പറയും. ബ്രാഹ്മണർ പ്രതിഗ്രഹം വാങ്ങും. ലോഭമോഹാന്ധരായി അവർ മിഥ്യാധർമ്മം നടിക്കും. ബ്രാഹ്മണർ ഭിക്ഷാടനം ചെയ്തു ലോകം ചുറ്റും. കരം കൂട്ടുകയാൽ പേടിച്ച് ഗൃഹസ്ഥർ മോഷ്ടിക്കും. മുനിവേഷംകെട്ടി വാണിജ്യം നടത്തും. വെറുതെ ദ്വിജാതികൾ നഖവും രോമവും വളർത്തും. അർത്ഥലോഭത്താൽ ബ്രഹ്മചാരികൾ ആശ്രമസ്ഥിതി തെറ്റിച്ചു കള്ളുകുടിക്കും. ഗുരുപത്നിയെ പ്രാപിക്കും. മാംസരക്തവർദ്ധനമായ ലൗകികവസ്തുക്കൾ ഇച്ഛിക്കും. ജനങ്ങൾ യുക്തിവാദികളും, നാസ്തികന്മാരും, പാഷണ്ഡമിശ്രന്മാരുമായിത്തീരും. പരാന്നത്തെ പുകഴ്ത്തുന്നവരാകും. ആശ്രമസ്ഥരാകും. യുഗക്ഷയത്തിൽ ബ്രഹ്മചാരികൾ അത്തരത്തിലായിത്തീരും.

കാലങ്ങളിൽ മഴ പെയ്യാതെയാകും. ഭഗവാൻ പാകശാസനൻ യഥാകാലം അനുഗ്രഹിക്കയില്ല. എല്ലാ ബീജങ്ങളും നന്നായി മുളയ്ക്കുകയില്ല. ഹിംസാഭിരാമമായി ലോകം മുഴുവൻ അശുദ്ധമാകും. ഹേ, അനഘാശയാ! അന്ന് അധർമ്മഫലങ്ങൾ അത്യന്തമായി ഉണ്ടാകും. അന്ന് വല്ലവനും ധർമ്മപരനാണെങ്കിൽ അവൻ അല്പായുസ്സായി ഭവിക്കും. ധർമ്മം അല്പവും നില്ക്കുന്നതല്ല. കള്ളത്താപ്പുകൾ വെച്ച് ജനങ്ങൾ കച്ചവടം ചെയ്യും. കച്ചവടക്കാർ പെരുകും. ജനങ്ങൾ ചതിയന്മാരാകും. ധർമ്മിഷ്ഠന്മാർ ഇടിയുകയും പാപികൾ വർദ്ധിക്കുകയും ചെയ്യും. ധർമ്മത്തിന്റെ ഊക്കു കുറയുകയും, അധർമ്മം ശക്തിപ്പെടുകയും ചെയ്യും. അല്പായുസ്സോടുകൂടി ദാരിദ്ര്യവും ധർമ്മിഷ്ഠന്മാർക്കും ബാധിക്കും. നഗരത്തിൽ ക്രീഡകളിൽ ധൂർത്തന്മാർ യുഗക്ഷയത്തിൽ വർദ്ധിക്കും. നാട്ടുകാർ അധർമ്മോപായത്താൽ വ്യവഹാരം നടത്തും. അല്പം സമ്പത്തുള്ളവർ ആഢ്യരായി മദിക്കും. വിശ്വാസത്തോടെ ഏല്പിച്ച ധനം മിക്കതും ചതിച്ചു കൈയിലാക്കുവാൻ നോക്കും. അങ്ങനെ പാപാചാരന്മാരായിത്തീരും ജനങ്ങൾ.

'ഇത് ഒന്നും ഇല്ല' എന്നും അവർ നാണമില്ലാതെ പറഞ്ഞുനില്ക്കും.

പുരുഷാശനസത്വങ്ങളും, പക്ഷിക്കൂട്ടങ്ങളും, മൃഗങ്ങളും കേറി നഗരവിഹാരത്തിലും ചൈത്യത്തിലും കിടക്കും. ഏഴും എട്ടും വയസ്സിൽ സ്ത്രീകൾ ഗർഭിണികളാകും. പത്തും പന്ത്രണ്ടും വയസ്സായ പുരുഷന്മാർക്കു മക്കളുണ്ടാകും. പതിനാറുവയസ്സായ നരന്മാരും നരയ്ക്കും. മനുഷ്യർക്ക് അതിവേഗത്തിൽ ആയുസ്സിന്നു ക്ഷയം ബാധിക്കും. അല്പായുസ്സായ യുവാവ് വൃദ്ധനെപ്പോലെയാകും. യുവാക്കന്മാരുടെ ശീലം വൃദ്ധന്മാരിൽ കാണും.

യോഗ്യരായ ഭർത്താക്കളെ വഞ്ചിച്ച് സ്ത്രീകൾ വിപരീതമായി, ദുശ്ശീലമാരായി, ദാസന്മാരെക്കൊണ്ടും, മൃഗങ്ങളെക്കൊണ്ടും വ്യഭിചരിപ്പിക്കും. വീരപത്നികൾ മറ്റു നരന്മാരെ പറ്റിനിന്ന് ഭർത്താവു ജീവിച്ചിരിക്കുമ്പോളും വ്യഭിചരിക്കും. യുഗസഹസ്രാന്തമടുത്താൽ ആയുസ്സ് അറ്റുപോകും.

അപ്പോൾ മഴ പെയ്യാതെയാകും. വിശന്ന് ജീവികൾ ശക്തി കുറഞ്ഞവയാകും. അങ്ങനെ അവ ചത്ത് ഒടുങ്ങാൻ തുടങ്ങും.

പിന്നെ ഏറ്റം ജ്വലിച്ച് ആദിത്യൻ ഏഴു തിഗ്മരശ്മികൾ കൊണ്ട് ആഴി, പുഴ മുതലായവയൊക്കെ വറ്റിക്കും. ഉണക്ക, പച്ച വിറക്, പുല്ല് മുതലായവയൊക്കെ കത്തിച്ചാമ്പലാകും.

പിന്നെ കാറ്റുമായി സൂര്യന്മാർ നീർ വലിച്ചിട്ട് ലോകത്തിലൊക്കെ സംവർത്തകാഗ്നി പിടിപെടും. അതു പിന്നെ ഭൂമി പിളർന്നു പാതാളത്തിൽ കടന്ന് ദേവദാനവയക്ഷന്മാർക്കും ഭയമുണ്ടാക്കും. നാഗലോകത്തേയും ഈ മന്നിലുള്ളതും എല്ലാം ചുട്ടെരിച്ച് ഉടനെ താഴത്തുള്ളതും ഒക്കെ മഹീപതേ! ദഹിപ്പിക്കും. അപ്പോൾ നൂറായിരമിരുപത് യോജന ചുറ്റും സംവർത്തകാനലൻ ദുഷ്ടവായുവിനോടു ചേർന്നു ചുട്ടെരിക്കും. ദേവദാനവഗന്ധർവ്വയക്ഷനാഗാശരാകുലം ജ്വലിച്ച് ഈ ലോകമൊക്കെ വിഭു ചുട്ടെരിക്കും. ഉടനെ ആനകൾപോലെ മിന്നൽപ്പിണരണിഞ്ഞ് അത്ഭുതകാഴ്ചയിൽ പെരുങ്കാറുകൾ ആകാശത്തുയരും. നീലോല്പലനിറത്തിലും ചിലത് ആമ്പൽനിറത്തിലുമായിരിക്കും. ചില കാറുകൾ അല്ലിച്ഛായയിലും, ചിലത് മഞ്ഞച്ചും, ചിലത് തുടുത്ത മഞ്ഞൾനിറത്തിലും കാക്കമുട്ടപോലെയും, ചിലത് താമരച്ഛദം പോലെയും, ചിലത് ചായില്യനിറമുള്ളതുമാകും. ചിലത് പട്ടണം പോലെയും ചിലത് ആനക്കൂട്ടം പോലെയുമാകും. ചിലത് അഞ്ജനനിറമാകും. ചിലത് മകരാകൃതിയാകും. മിന്നൽപ്പിണരോടുകൂടി കാറുകൾ പൊങ്ങും. ഘോരാരവങ്ങളോടും ഘോരാകാരങ്ങളോടും കൂടി അവ പൊങ്ങും. ഉടനെ കാറ്റുകളൊക്കെ അംബരത്തിൽ പരക്കും. കാടും, മേടും, വഴികളും കൂടുന്ന പാരിടമൊക്കെ പരക്കും. ചാടുന്ന ജലപ്രവാഹത്തിൽ ധരണിയൊക്കെ മൂടും. ഉടനെ ഘനങ്ങളുടെ കടുഘോഷമുണ്ടാകും. പരമേഷ്ഠി പ്രേരണയാൽ ലോകം ജലത്തിൽ മുക്കും. ജലം ചൊരിഞ്ഞ് ധരാതലം നിറയും. ഘോരമായ അശിവോഗ്രാനലനെ കെടുത്തും.

വീണ്ടും പന്തീരാണ്ടുകാലം ഉപപ്ലവത്തിൽ പയോദങ്ങൾ മഹാത്മാവിന്റെ പ്രേരണയാൽ മഹാധാര ചൊരിയും. അപ്പോൾ സമുദ്രം കരയെ കടന്നാക്രമിക്കും. ശൈലങ്ങൾ തകരും. ഭൂമി മുഴുവൻ ജലത്തിൽ മുങ്ങും. ആകാശത്തിലൊക്കെ പറന്നുവന്ന കാറുകൾ കാറ്റേറ്റ് തമ്മിൽച്ചേർന്ന് എല്ലാം നശിക്കും. ആ ഘോരമാരുതനേയും, ധരണിയേയും സ്വയംഭൂവും, ആദിപത്മാലയനുമായ ദേവൻ വിഴുങ്ങി ഉറങ്ങിക്കിടക്കും. ചരാചരം നശിച്ച് പ്രപഞ്ചം ഏകാർണ്ണവമായിത്തീരും അപ്പോൾ. ദേവാസുരഗണം തീർന്ന്, യക്ഷരാക്ഷസന്മാർ അറ്റ് മർത്ത്യരില്ലാതെ ജന്തുക്കളും വൃക്ഷവുമൊക്കെ നശിച്ച് , ലോകം നിരാകാശമായിത്തീർന്ന അന്ന് ഞാൻ ഒറ്റയ്ക്ക് എല്ലായിടവും ചുറ്റി.

ഘോരമായ ഏകാംഭസ്സിൽ നടന്ന് ഹേ, രാജാവേ! ഞാൻ സർവ്വഭൂതങ്ങളെ കാണാതായി ഏറ്റവും വിവശനായിത്തീർന്നു. ഒട്ടേറെ നീളം നീന്തിപ്പോയതിന്നുശേഷം ഞാൻ അത്യധികം തളർന്നു. യാതൊരു പിടിയും കിട്ടിയില്ല.

digitized by www.sreyas.in

പിന്നീട് ഞാൻ ഒരിക്കൽ ആ പെരുംവെള്ളത്തിൽ പരന്നു വലുതായി നില്ക്കുന്ന ഒരു പേരാൽ കണ്ടു. ആ മരത്തിന്റെ വലിയ കൊമ്പിന്മേൽ ദിവ്യമായ മേൽവിരിപ്പുള്ള മെത്തയിൽ കിടക്കുന്ന പത്മേന്ദുസദൃശാസ്യനും പത്മദളാക്ഷനുമായ ഒരു ബാലനെ ക്കണ്ടു. അതു കണ്ടപ്പോൾ എനിക്കു വലുതായ ആശ്ചര്യം തോന്നി. ലോകമെല്ലാം നശിച്ചിട്ടും ഈ കുട്ടി എന്താണ് ഇങ്ങനെ കിടക്കുന്നത്? എന്റെ തപസ്സുകൊണ്ടു ഞാൻ ചിന്തിച്ചിട്ടും ആ കുട്ടിയെ അറിയുവാൻ കഴിഞ്ഞില്ല. ഭൂതഭവ്യഭവിഷ്യങ്ങളൊക്കെ അറിഞ്ഞവനായാലും ഞാൻ അറിഞ്ഞില്ല.

കായാംപൂ നിറമുള്ളവൻ, ശ്രീവത്സം അണിഞ്ഞവൻ, സാക്ഷാൽ ലക്ഷ്മിക്ക് ആവാസം എന്ന് എനിക്ക് അവനെപ്പറ്റി ഒരു തോന്നലുണ്ടായി. താമരക്കണ്ണനായ ആ ബാലൻ എന്നോടു പറഞ്ഞു. ശ്രീമാനും ശ്രീവത്സാങ്കിതനുമായ അവൻ ശ്രുതിമധുരമായി ഇപ്രകാരം പറഞ്ഞു: "ഞാൻ അറിയുന്നു. നീ തളർന്നിരിക്കുന്നു! വിശ്രമം നീ കാംക്ഷിക്കുകയാണെന്നും അറിഞ്ഞു. "ഹേ, മാർക്കണ്ഡേയാ! ഭവാൻ ഇഷ്ടം പോലെ ഇവിടെ വാണാലും. ഭാർഗ്ഗവ! ഹേ! മുനിസത്തമാ! നീ എന്റെ ദേഹത്തിന്നകത്തുകടന്ന് ഇരുന്നാലും. ഞാൻ അതിന്നുള്ള ഇടം നല്കാം. ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു."

ആ ബാലൻ ഇപ്രകാരം പറഞ്ഞപ്പോൾ എനിക്ക് എന്റെ ദീർഘായുസ്സിലും മനുഷ്യത്വത്തിലും വെറുപ്പുണ്ടായി. പിന്നീട് ആ കുട്ടി ഉടനെ വായ് തുറന്നു ദൈവയോഗത്താൽ ഞാൻ അവന്റെ വായിൽക്കടന്നു. ഞാൻ അവന്റെ കുക്ഷിയിൽച്ചെന്നു. അപ്പോൾ ഞാൻ അവിടെ പട്ടണങ്ങളും രാഷ്ട്രങ്ങളുമൊത്ത പാരിടം മുഴുവൻ കണ്ടു. ശതദ്രു, ഗംഗ, സീത, യമുന, കൗശികി, ചർമ്മണ്വതി, വേത്രവതി, ചന്ദ്രഭാഗ, സരസ്വതി, വിപാശ, സിന്ധു, ഗോദാവരി എന്നീ നദികളൊക്കെ കണ്ടു. വസ്വൗക, സാര, നളിനി, നർമ്മദ, താമ്ര, വേണ്ണ, പുണ്യതോയ, സുവേണു, കൃഷ്ണവേണു, മഹാനദി, ഇരാമ, വിതസ്ത, കാവേരി, ശോണ, കിമ്പുന, വിശല്യ എന്നിവയും മറ്റു പല നദികളും അവിടെ ആ മഹാത്മാവിന്റെ കുക്ഷിക്കുള്ളിൽ ഞാൻ ചുറ്റിക്കണ്ടു.

പിന്നെ യാദോഗണം വാഴുന്ന വൻകടൽ കണ്ടു. രത്നാകരവും ശത്രുഹരവുമായ മുഖ്യസമുദ്രവും കണ്ടു. അതിൽ സൂര്യചന്ദ്രന്മാർ വിളങ്ങുന്ന നഭസ്സും കണ്ടു. തേജസ്സുകൾ വിളങ്ങി അർക്കാഗ്നിസദൃശാഭയിൽ കാടുകളാൽ മനോഹരമായ ഭൂമിയേയും ഞാൻ കണ്ടു. പല മഖംകൊണ്ടും അപ്പോൾ ദ്വിജാതികൾ യജിക്കുന്നതായും ഞാൻ കണ്ടു. ക്ഷത്രിയന്മാർ സർവ്വവർണ്ണങ്ങളേയും അനുരഞ്ജിപ്പിക്കുന്നതും, വൈശ്യന്മാർ കൃഷിചെയ്യുന്നതും ഞാൻ കണ്ടു. ശൂദ്രന്മാരൊക്കെ ദ്വിജശുശ്രൂഷ ചെയ്യുന്നതും കണ്ടു. ആ മഹാത്മാവിന്റെ കുക്ഷിയിൽ ചുറ്റിയപ്പോൾ ഹിമാലയത്തേയും, ഹേമകൂടാദ്രിയേയും, നിഷധരാജ്യത്തേയും, രജതാന്വിതമായ ശ്വേതവും മഹാരാജാവേ! ഞാൻ കണ്ടു. പിന്നെ ഗന്ധമാദനപർവ്വതവും, മന്ദരപർവ്വതവും, നീലമലയും, സ്വർണ്ണ പർവ്വതവും, മേരുവും, മഹേന്ദ്രവും, വിന്ധ്യപർവ്വതവും, മലയവും, പാരിയാത്രാചലവും മറ്റു പർവ്വതങ്ങളും ഞാൻ കണ്ടു. അവന്റെ കുക്ഷിയിൽ എല്ലാ രത്നചിത്രങ്ങളും ഞാൻ കണ്ടു. സിംഹവ്യാഘ്രവരാഹങ്ങളേയും പിന്നെ മന്നിൽ എന്തെല്ലാമുണ്ടോ അവയൊക്കെയും സർവ്വജന്തുക്കളേയും അവിടെ ചുറ്റി നടന്നു ഞാൻ കണ്ടു. പിന്നെ ദിക്കുകൾ ചുറ്റിയപ്പോൾ ഇന്ദ്രൻ മുതലായ വാനോരൊക്കെയും കണ്ടു. സാദ്ധ്യന്മാരും, രുദ്രന്മാരും, ആദിത്യന്മാരും, ഗുഹ്യകന്മാരും, പിതൃക്കളും , സർപ്പങ്ങളും, നാഗങ്ങളും, ഗരുഡന്മാരും, അശ്വികളും, വസുക്കളും, യക്ഷന്മാരും, ഗന്ധർവ്വന്മാരും, അപ്സരസ്ത്രീകളും, മഹർഷികളും, ദൈത്യദാനവസംഘങ്ങളും, നാഗങ്ങളും, സിംഹികാസുതന്മാരും മറ്റ് അമരാരികളും, ലോകത്തിൽ കണ്ട സകല ചരാചരങ്ങളും എല്ലാം ഞാൻ ആ മഹാത്മാവിന്റെ കുക്ഷിയിൽ കണ്ടു.

പിന്നെ അവന്റെ ദേഹത്തിൽ നൂറ്റാണ്ടിൽപ്പരം സംവത്സരം ഞാൻ വസിച്ചു. അവന്റെ ദേഹത്തിന്റെ അന്തം ഞാൻ എത്ര സഞ്ചരിച്ചിട്ടും കാണുകയുണ്ടായില്ല. എല്ലായ്പോഴും ഓർത്തുകൊണ്ടുതന്നെ ഞാൻ നടന്നു. എന്നിട്ടും ആ മഹാത്മാവിന്റെ ഒരു അന്തവും ഞാൻ കണ്ടില്ല.

വിധിപോലെ ഞാൻ അവനെത്തന്നെ ശരണം പ്രാപിച്ചു. മനഃകർമ്മങ്ങളാൽ വന്ദ്യനും വരദനും വിഭുവുമായ ആ ദേവനെ ഞാൻ ശരണം പ്രാപിച്ചു. പിന്നെ ഞാൻ ഉടനെ വായുവേഗത്താൽ അവൻ തുറന്ന മുഖത്തുകൂടി പുറത്തേക്കു പോന്നു.

പിന്നെ ആൽമരത്തിന്റെ കൊമ്പിൽ ജഗത്തൊക്കെ ഉള്ളിലാക്കി അവൻ ഇരിക്കുന്നതായി ഞാൻ കണ്ടു. ശ്രീവത്സചിഹ്നമുള്ള ബാലശരീരത്തിലാണ് അപ്പോഴും ദേവൻ. ഹേ, നരവ്യാഘ്രാ! മഹാതേജസ്വിയായിട്ടാണ് അപ്പോഴും അവനെ ഞാൻ കണ്ടത്.

പിന്നെ ആ കുട്ടി എന്നെ നോക്കി ചിരിച്ചു. ശ്രീമാനും പീതാംബരനും മഹാകാന്തിമാനും, ശ്രീവത്സാങ്കിതനുമായ ആ ദേവൻ പറഞ്ഞു: 'എന്റെ ഈ ദേഹത്തിൽ വാണ് വിശ്രാന്തി തീർന്നില്ലേ മുനിസത്തമാ! മാർക്കണ്ഡേയാ! പറയു.'

മുഹൂർത്തംകൊണ്ട് എനിക്കു വീണ്ടും ഒരു പുതിയ ദർശനമുണ്ടായി. അതിൽ ഞാൻ മനസ്സുവെച്ചു. ഞാൻ മുക്തനായി എന്ന് എനിക്കു തോന്നി. അവന്റെ ചെന്തളിരൊളി ചിന്തുന്ന സുപ്രതിഷ്ഠിതമായ രക്താംഗുലികളാൽ ശോഭിക്കുന്ന പദദ്വയം ശ്രദ്ധയോടെ എന്റെ ശിരസ്സിൽ വെച്ചു. ഞാൻ വന്ദിച്ചുനിന്നു. അമിതമായ ഓജസ്സുള്ള ആ പ്രഭാവം അറിഞ്ഞ് വിനയത്തോടുകൂടി കൈകൂപ്പി ശ്രദ്ധയോടെ അടുത്തു ഭൂതാത്മാവായ അംബുജാക്ഷദേവനെ ഞാൻ വീണ്ടും ദർശിച്ചു. നമസ്കരിച്ചു തൊഴുതുനിന്ന് ഞാൻ ദേവനോടു പറഞ്ഞു: "ദേവാ, ഞാൻ ഭവാനേയും ഭവാന്റെ മായയേയും അറിയുവാൻ ഇച്ഛിക്കുന്നു. ഭഗവാനേ! മുഖത്തിലൂടെ ഭവാന്റെ ദേഹത്തിനുള്ളിൽ ഞാൻ എത്തി. ഞാൻ ഭവാന്റെ ഉദരത്തിൽ ഒന്നിച്ചു സകലത്തേയും കണ്ടു. ഹേ! ദേവാ! ഭവാന്റെ ഉള്ളിൽ ദേവദാനവരാക്ഷസന്മാരൊക്കെയുണ്ടല്ലോ. യക്ഷഗന്ധർവ്വനാഗങ്ങളും ചരാചരജഗത്തും എല്ലാം ഉണ്ട്. ഭവാന്റെ പ്രസാദത്താൽ ദേവാ! എനിക്കു സ്മൃതിക്ഷയവും ഇല്ല. ഭവാന്റെ ദേഹത്തിന്റെയുള്ളിൽ വേഗത്തിൽ ചുറ്റുമ്പോഴും ഞാൻ സ്മൃതിക്ഷയമില്ലാത്തവനാണ്. എന്റെ ഇച്ഛയാലല്ല, ഭവാന്റെ ഇച്ഛയാലാണ്, ഞാൻ ഇവിടെ എത്തിയത്. പ്രഭോ! പൂജ്യനായ ഭവാനെ അറിയുവാൻ എനിക്കു മോഹമുണ്ട്. എന്താണ് ഭവാൻ ഇവിടെ ശിശുവായി ജഗത്തൊക്കെ ഉള്ളിലാക്കി മേവുന്നത്? അതു പറഞ്ഞു തരേണമേ! ഭവാൻ എന്തിന് ഈ ജഗത്തൊക്കെ ഉള്ളിലാക്കിയിരിക്കുന്നു. എത്രകാലം ഭവാൻ ഇപ്രകാരം വസിക്കും? ഇതു കേൾക്കുവാൻ ഹേ, ദേവേശാ! ദ്വിജബുദ്ധിയാൽ ഞാൻ ആശിക്കുന്നു. വിസ്തരിച്ച് യഥാതത്ത്വം നിങ്കൽനിന്നു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കണ്ടതൊക്കെ മഹത്താണ്! അചിന്ത്യമാണ്!

ഇപ്രകാരം ഞാൻ പറഞ്ഞപ്പോൾ ശ്രീമാനും മഹാദ്യുതിയുമായ ദേവൻ സാന്ത്വനം ചെയ്ത് എന്നോടു പറഞ്ഞു."

189. ഭവിഷ്യൽകഥനം – ദേവൻ പറഞ്ഞു: "ഹേ, ദ്വിജാ! എന്നെ നന്നായി ശരിയായിട്ടു ദേവന്മാർ പോലും അറിയുകയില്ല. എനിക്ക് നിന്നോടുള്ള പ്രീതിയാൽ ഞാൻ ഈ പ്രപഞ്ചം സൃഷ്ടിച്ച കഥ പറഞ്ഞുതരാം. മുനേ! ഭവാൻ എന്നെ ശരണം പ്രാപിച്ചു. ഭവാനാണെങ്കിൽ പിതൃഭക്തനും നന്നായി ബ്രഹ്മചര്യം അനുഷ്ഠിച്ചവനുമാണ്. അതുകൊണ്ടാണ് ഭവാന് എന്നെക്കാണുവാൻ കഴിഞ്ഞത്. പണ്ട് ഞാൻ എന്റെ അപ്പുകൾ(ജലങ്ങൾ)ക്ക് നാരങ്ങൾ എന്നു പേർ കൊടുത്തു. എനിക്ക് എന്നും അതാണ് അയനം. നാരങ്ങളിൽ അയനം ചെയ്യുകയാൽ, ആശ്രയിക്കുകയാൽ, ഞാൻ നാരായണനായി. നാരായണനായ ഞാൻ പ്രഭവനും, നിത്യനും, അവ്യയനുമാണ്. സർവ്വഭൂതാത്മധാതാവും സംഹർത്താവുമാണ് ഞാൻ. ഞാൻ വിഷ്ണുവാണ്. ഞാൻ ബ്രഹ്മാവാണ്. ഞാൻ സുരനായകനായ ശക്രനാണ്. ഞാൻ വൈശ്രവണരാജാവാണ്. പ്രേതേശ്വരനായ യമനുമാണ്. ഞാൻ ശിവനാണ്. ഞാൻ സോമനാണ്. ഞാൻ കാശ്യപനാണ്. പ്രജാപതിയാണ്. ഞാൻ ധാതാവും വിധാതാവുമാണ്. ഞാൻ യജ്ഞവുമാണ് ദ്വിജോത്തമാ!

digitized by www.sreyas.in

എനിക്ക് അഗ്നി മുഖവും, ഭൂമി പാദവും, ചന്ദ്രാർക്കന്മാർ എന്റെ രണ്ടു കണ്ണുകളുമാണ്. ആകാശം മൂർദ്ധാവാണ്. ചുറ്റുമുള്ള ദിക്കുകൾ ചെവികളാണ്. വെള്ളം എന്റെ വിയർപ്പിൽനിന്നുണ്ടായതാണ്. ദിക്കുകൾ ചേർന്ന ഗഗനം എന്റെ ദേഹമാണ്. വായു എന്റെയുള്ളിൽ എപ്പോഴും നില്ക്കുന്ന വായുതന്നെയാണ്. ഈ ഞാൻ ആപ്തദക്ഷിണമായ യജ്ഞങ്ങൾ പലതും ചെയ്തവനാണ്. എന്നെ മഖസ്ഥലത്തിൽ വേദജ്ഞാനികൾ യജിക്കുന്നു. ഭൂമിയിൽ സ്വർഗ്ഗം ഇച്ഛിച്ച് മന്നവന്മാർ യജിക്കുന്നു. സ്വർഗ്ഗകാംക്ഷികളായ വൈശ്യന്മാരും എന്നെ യജിക്കുന്നു. മേരുവും മന്ദരവും ഭൂഷണമായി ചാർത്തി നാലുപാടും സമുദ്രത്താൽ ചുറ്റപ്പെട്ട ഊഴിയെ ശേഷനായി നിന്ന് ഞാൻ തന്നെയാണ് വഹിക്കുന്നത്. വരാഹമൂർത്തിയായി പണ്ടു ഞാൻ ഈ ധരിത്രിയെ വെള്ളത്തിൽ മുങ്ങുന്ന കാലത്ത് എന്റെ ശക്തിയാൽ താങ്ങി. ബഡവാമുഖമായ വഹ്നിയായി ഞാൻ വെള്ളം കുടിക്കുകയും വിടുകയും ചെയ്യുന്നു. ബ്രഹ്മം മുഖവും, ഭുജം ക്ഷത്രവും, തുട വൈശ്യരും, പാദം ശൂദ്രരും അങ്ങനെ വിക്രമക്രമങ്ങളോടെ ഭവിക്കുന്നു. ഋഗ്വേദം, സാമവേദം, യജുർവ്വേദം, അഥർവ്വവേദം എന്നിവ എന്നിൽനിന്ന് ഉളവാകുകയും, പിന്നെ എന്നിൽ ചേരുകയും ചെയ്യുന്നു. ശാന്തന്മാരും, ജിജ്ഞാസുക്കളും, യതാശയന്മാരും, കാമക്രോധലോഭങ്ങൾ വിട്ടവരും, നിസ്സംഗരും, അനഘാശയരും, സാത്വികന്മാരും, അഹങ്കാരം വിട്ടവരും, അദ്ധ്യാത്മജ്ഞരുമായ യതികൾ, വിപ്രന്മാർ, എപ്പോഴും എന്നെ സേവിക്കുന്നു. ഞാൻ സംവർത്തകാഗ്നിയാകുന്നു. ഞാൻ സംവർത്തകാനിലനുമാകുന്നു. ഞാൻ സംവർത്തകനായ സൂര്യനാകുന്നു. ഞാൻ സംവർത്തകാനലനുമാകുന്നു.

ആകാശത്ത് നക്ഷത്രങ്ങളായിക്കാണുന്നവയൊക്കെ എന്റെ രോമകൂപങ്ങളാണെന്ന് ഹേ, ദ്വിജോത്തമാ! ഭവാൻ ധരിക്കുക. നാലുപാടും ചൂഴുന്ന രത്നാകരമായ സമുദ്രം എന്റെ വസനവും ശയനവും വിലയവുമാകുന്നു. ദേവകാര്യം നടത്താൻ ഞാൻ പല രൂപത്തിൽ നില്ക്കുകയാണ്. കാമം, ക്രോധം, ഭയം, ഹർഷം, ലോഭം എന്നിവയെല്ലാം എന്റെ രോമങ്ങളാണെന്നു നീ ധരിച്ചാലും. വിപ്രന്മാർ ശുഭമായ കർമ്മം ചെയ്തു നേടുന്നതും, സത്യം, ദാനം, തപസ്സ്, അഹിംസ എന്നിവയും, എന്റെ വിധാനത്തിൽ ഉൾപ്പെട്ടവരും, എന്റെ മെയ്യിൽ വിഹരിക്കുന്നവരും ഞാൻ വിജ്ഞാനം കൊടുത്തിട്ടാണ്; അല്ലാതെ സ്വേച്ഛയാലല്ല പ്രവർത്തിക്കുന്നത്.

നന്നായി വേദം പഠിച്ചിട്ട് പല യാഗങ്ങൾ ചെയ്യുന്നവരും, ശാന്താത്മാക്കളും ജിതക്രോധരുമായ ദ്വിജാതികൾ ഇവിടെ എത്തുന്നു. ലോഭമോഹാക്രാന്തരായ കൃപണാകൃതബുദ്ധികൾ പാപം ചെയ്തിട്ട് അവിടെ ചെന്നുചേരാൻ കഴിയാത്തവരാകുന്നു. അതുകൊണ്ട് ഭാവിതാത്മാക്കൾക്ക് മഹാബലം സിദ്ധിക്കുമെന്നോർക്കുക. യോഗസേവിതമായ മാർഗ്ഗം മൂഢന്മാർക്ക് ഏറ്റവും അപ്രാപ്യമാണ്.

എപ്പോഴൊക്കെ ധർമ്മത്തിനു വാട്ടം തട്ടുന്നുവോ, ഹേ, സത്തമാ! അധർമ്മം എപ്പോഴൊക്കെ തലപൊക്കുന്നുവോ അപ്പോഴൊക്കെ ഞാൻ ആത്മാവിനെ സ്രജിക്കുന്നു.

ദേവന്മാർക്കു വധിക്കാൻ വയ്യാത്തവരും ഹിംസാപരന്മാരുമായ ദൈത്യന്മാരും, ഉഗ്രരാക്ഷസന്മാരും ലോകത്തിൽ എപ്പോൾ പിറക്കുമോ, അപ്പോൾ സൽക്കർമ്മികളുടെ ഗൃഹത്തിൽ ഞാൻ വന്നുപിറന്ന്, മനുഷ്യദേഹം പ്രാപിച്ച് എല്ലാ ദോഷവും ശമിപ്പിക്കുന്നു.

ദേവഗന്ധർവ്വാശരനാഗന്മാരെയൊക്കെയും സ്ഥാവരഭൂതചയങ്ങളെയും ഞാൻ സൃഷ്ടിക്കുകയും, അവയെ ഞാൻ എന്റെ മായയാൽ സംഹരിക്കുകയും ചെയ്യുന്നു. കർമ്മം വേണ്ടപ്പോഴൊക്കെ വീണ്ടും അചിന്ത്യമായ ദേഹം ഞാൻ സൃഷ്ടിക്കുന്നു. മര്യാദ നിയമിക്കുവാനാണ് ഞാൻ മനുഷ്യശരീരം പ്രാപിക്കുന്നത്.

കൃതയുഗത്തിൽ എന്റെ നിറം വെള്ളയാണ്. ത്രേതായുഗത്തിൽ ഞാൻ മഞ്ഞയാണ്. ദ്വാപരയുഗത്തിൽ ഞാൻ കറുപ്പാണ്. അധർമ്മത്തിന് അക്കാലത്തു മൂന്നു ഭാഗങ്ങളുണ്ട്. പ്രളയം വന്നടുക്കുമ്പോൾ ഞാൻ ഉഗ്രനായ കാലനായി ചരാചരമയമായ മൂന്നു ലോകവും മുഴുവൻ മുടിക്കും. ഞാൻ ത്രിവർത്മാവായ വിശ്വരൂപനാണ്. സർവ്വലോകസുഖപ്രദനുമാണ്. സ്വയംഭൂവും സർവ്വഗനും അനന്തനുമാണ്. ഹൃഷീകേശനും ഉരുക്രമനുമാണ്.

കാലചക്രം അരൂപനായി നടത്തുന്നവനും ബ്രഹ്മനും ഞാൻ തന്നെയാണ്. സർവ്വലോകോദ്യമത്തോടെ സർവ്വഭൂതപ്രശമനം ചെയ്യുന്നതും ഞാൻതന്നെയാണ്. ഇപ്രകാരം ഹേ, മുനിസത്തമാ! എന്റെ ആത്മാവ് ഒരുങ്ങിനില്ക്കുകയാണ്. ഹേ, വിപ്രേന്ദ്രാ! ഒന്നിലും എന്നെ ആരും അറിയുന്നില്ല. എന്നാൽ എല്ലാ ലോകത്തിലും ഭക്തന്മാർ എന്നെ പൂജിക്കുന്നു.

ഹേ, ദ്വിജാ! എന്നിൽ പ്രാപിച്ച് ഭവാൻ അല്പം ക്ലേശം പ്രാപിച്ചുവല്ലോ. അതെല്ലാം അങ്ങേയ്ക്ക് സുഖശ്രേയസ്സുകൾക്കാണ്. ലോകത്തിൽ ഭവാൻ കണ്ടതായ എല്ലാ ചരാചരങ്ങളും ഭൂതഭാവനനാകുന്ന എന്റെ ആത്മാവാകുന്നു. എന്റെ ദേഹത്തിന്റെ അർദ്ധഭാഗമാണ് സർവ്വലോകപിതാമഹനായ ബ്രഹ്മാവ്.

ഹേ, വിപ്രർഷേ! നാരായണാഖ്യനായ ഞാൻ, ശംഖ്, ചക്രം, ഗദ എന്നിവ ധരിച്ചവനാണ്. യുഗമെല്ലാം ആയിരം വട്ടമെത്തുന്നതുവരെ വിശ്വാത്മാവ് ഏവരേയും മയക്കുവാനായി ഇവിടെ ഉറങ്ങുന്നു. ഇപ്രകാരം എല്ലായ്പോഴും ഇവിടെ ഞാൻ വാഴുന്നു. ബ്രഹ്മാവ് ഉണരുന്നതുവരെ അബാലനായ ഞാൻ ബാലവേഷത്തിൽ വർത്തിക്കുന്നു.

ഹേ, വിപ്രേന്ദ്രാ! ബ്രഹ്മരൂപത്താൽ ഞാൻ ഭവാനു വരം തന്നു. വീണ്ടും ഞാൻ നിന്നിൽ സന്തോഷിച്ചിരിക്കുന്നു. ചരാചരം മുടിഞ്ഞ് വിശ്വം ഒറ്റക്കടലായിക്കണ്ടപ്പോൾ നീ ദുഃഖിച്ചു. അതറിഞ്ഞിട്ടാണ് ഞാൻ എന്നിൽ വിശ്വം നിനക്കു കാണിച്ചുതന്നത്. അങ്ങ് എന്റെ ദേഹത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ലോകം കണ്ട് അത്ഭുതപ്പെട്ടുപോയി. എന്നിട്ടും നീ ബോധം നേടുന്നില്ല. എന്നിട്ടു ഞാൻ എന്റെ മുഖത്താൽ ഹേ, വിപ്രർഷേ! വേഗത്തിൽ നിന്നെ വെളിയിലേക്കു വിട്ടു. സുരാസുരന്മാർക്കും അറിയപ്പെടാത്ത ആത്മാവിനെ ഞാൻ നിനക്കു പറഞ്ഞുതന്നു. തപസ്വിയായ ഭഗവാൻ ബ്രഹ്മാവ് ഉണരുന്നതുവരെ ഹേ, വിപ്രർഷേ! സുഖമായി ഇവിടെ വിശ്വാസത്തോടെ ചരിക്കുക! ബ്രഹ്മാവ് ഉണർന്നാൽ പിന്നെ വിശ്വപിതാമഹനോട് ഞാനും ഒന്നായിച്ചേർന്ന് ദേഹങ്ങൾ സൃഷ്ടിക്കുന്നതാണ്. ആകാശം, ഭൂമി, തേജസ്സ്, കാറ്റ്, വെള്ളം മുതലായ എല്ലാം, ലോകത്തിൽ പിന്നെയുള്ള ചരാചരങ്ങളെല്ലാം ഞാൻ സൃഷ്ടിക്കുന്നതാണ്."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് പരമാത്ഭുതനായ ആ ദേവൻ മറഞ്ഞു. ഞാൻ വിചിത്രവും വിവിധവുമായ പ്രജകളേയും കണ്ടു. ഞാൻ ഇങ്ങനെയെല്ലാം ആ പ്രളയത്തിൽ കണ്ടു. ആശ്ചര്യം രാജാവേ! ആശ്ചര്യം ധർമ്മജ്ഞാ!

പണ്ടു ഞാൻ കണ്ടതായ ആ പുണ്ഡരീകാക്ഷൻ ഈ ഇരിക്കുന്ന ഭവാന്റെ ബന്ധുവായ ജനാർദ്ദനനാണ്. ഈ മഹാത്മാവിന്റെ വരം മൂലമാണ് എനിക്ക് ഓർമ്മവിടാതെ നില്ക്കുന്നത്. ആ മഹാനുഭാവന്റെ അനുഗ്രഹത്താലാണ് ദീർഘായുസ്സും സ്വച്ഛന്ദമൃത്യുവും എനിക്കു ലഭിച്ചത്.

ഈ കൃഷ്ണൻ വാർഷ്ണേയനാണ്. പുരാണപുരുഷനാണ്. പ്രഭുവാണ്. അചിന്ത്യാത്മാവായ കൃഷ്ണൻ ലീലയിലെന്നപോലെ സ്ഥിതിചെയ്യുന്നു. ഇവൻ ധാതാവിന്നും വിധാതാവാണ്. സംഹാരമൂർത്തിയായ ശാശ്വതനാണ്. ശ്രീവത്സാങ്കിതനായ ഗോവിന്ദനാണ്. പ്രജാപതിയും പതിയും പ്രഭുവുമാണ്. ഈ വൃഷ്ണിനാഥനെക്കണ്ടിട്ട് എനിക്കു പ്രളയജലത്തിലെ ബാലനെ ഓർമ്മ വന്നതാണ്. ആദിദേവനും, വിഷ്ണുവും, പീതാംബരനും, പുരുഷനും, ഈശനുമായ ദേവനെ ഓർമ്മവന്നതാണ്. സർവ്വഭൂതങ്ങൾക്കും അച്ഛനും, അമ്മയും, സ്വാമിയും മാധവനാണ്. ശരണ്യനായ ഇവനെ ഹേ, കൗരവേന്ദ്രന്മാരേ! നിങ്ങൾ ശരണം പ്രാപിക്കുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മാർക്കണ്ഡേയൻ പറഞ്ഞതുകേട്ടപ്പോൾ പാണ്ഡവന്മാരും പാഞ്ചാലിയും മറ്റുള്ള

digitized by www.sreyas.in

വരും മുകുന്ദന്റെ മുമ്പിൽ നമസ്കരിച്ചു. കൃഷ്ണൻ വിധിപോലെ ചിന്തിച്ച് അവരെയെല്ലാം സാമത്താൽ സാന്ത്വനം ചെയ്തു."

190. ഭവിഷ്യൽകഥനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ ധർമ്മപുത്രൻ മാർക്കണ്ഡേയനോട് താൻ ഭരിക്കേണ്ടുന്ന ജഗത്തിന്റെ ഭാവിയാത്രയെപ്പറ്റി ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, വാഗ്മിപ്രവരനായ ഭാർഗ്ഗവർഷേ! ഭഗവാൻ കണ്ടതായ യുഗാദികളുടെ പ്രഭവക്ഷയങ്ങൾ നാം ആശ്ചര്യത്തോടെ കേട്ടു. വീണ്ടും ഈ കലിയുഗത്തെക്കുറിച്ച് കേൾക്കുവാൻ ആഗ്രഹിക്കുന്നു. ധർമ്മങ്ങൾ മിശ്രങ്ങളാകുമ്പോൾ ശേഷമുണ്ടാകുന്നത് എങ്ങനെയാണ്? മർത്ത്യർക്ക് അപ്പോൾ വീര്യമെന്ത്? ആഹാരമെന്ത്? വിഹാരമെന്ത്? എന്ത് ആയുസ്സ്? എന്ത് ഉടുപ്പ്? യുഗക്ഷയത്തിൽ ഇവയൊക്കെ ഏതുമട്ടാകും? എന്ത് അന്തം പിടിച്ചിട്ടാണ് വീണ്ടും കൃതയുഗം വരുന്നത്? ഇവയൊക്കെ ഭവാൻ വിസ്തരിച്ചു പറഞ്ഞാലും! ഭവാന്റെ കഥനം ഞങ്ങളെ ആശ്ചര്യപ്പെടുത്തുന്നു."

യുധിഷ്ഠിരന്റെ ചോദ്യം കേട്ട് വൃഷ്ണീന്ദ്രന്മാരേയും പാണ്ഡവന്മാരേയും രമിപ്പിക്കുവാൻ ആ മുനിശ്രേഷ്ഠൻ പിന്നേയും പറയുവാൻ തുടങ്ങി.

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, രാജാവേ! ഞാൻ പണ്ടു കണ്ടതും കേട്ടതും ദേവേശന്റെ കൃപകൊണ്ട് അനുഭവിച്ചതുമായ സർവ്വലോകത്തിന്റേയും ഭാവിവൃത്താന്തം പറയാം; കേട്ടുകൊള്ളുക. കലിയുഗത്തിൽ സംഭവിക്കുന്നത് ആദ്യം പറയാം.

കൃതയുഗത്തിൽ വഞ്ചനോപാധികൾ കൂടാതെ നാലു കാലും ഊന്നി വൃഷരൂപമായ ധർമ്മം മർത്ത്യനിൽ നില്ക്കും. അധർമ്മം അപ്പോൾ കാലുമുടന്തി, മൂന്നു കാല് ഊന്നി നില്ക്കും. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും ധർമ്മത്തിനു രണ്ടുകാലേയുള്ളു. മുക്കാലും അധർമ്മം വന്ന് ആക്രമിച്ചു കയറിനില്ക്കും.

തമസ്സേറിയ കലിയുഗത്തിലാകട്ടെ ധർമ്മം മർത്ത്യരെ ഒറ്റക്കാലുകൊണ്ടാണുപാസിക്കുക. ആയുസ്സ്, വീര്യം, ബുദ്ധി, ബലം, തേജസ്സ് ഇവ മർത്ത്യർക്ക് യുഗംതോറും കുറഞ്ഞുവരും. രാജാക്കൾ, വിപ്രന്മാർ, വൈശ്യർ, ശൂദ്രന്മാർ എന്നിവർ വ്യാജമായി ധർമ്മമായയാലാണ് (ധർമ്മനാട്യം) ധർമ്മം അനുഷ്ഠിക്കുക. നാട്ടിൽ തങ്ങൾ വിദ്വാന്മാരാണെന്നു സ്വയം അഭിമാനിച്ച് അസത്യവാന്മാരായി ജീവിക്കും. സത്യനാശം മൂലം അവർക്ക് ആയുസ്സ് അല്പമാകും. ആയുസ്സു ക്ഷയിക്കുക കാരണം വിദ്യസമ്പാദിക്കാൻ കഴിയാതെയാകും. അവിദ്യന്മാരെ അജ്ഞാനം മൂലം ലോഭം മയക്കും. ലോഭക്രോധാന്ധരായി മൂഢന്മാർ കാമം മൂലം വൈരം മൂത്ത് അന്യോന്യം കൊല്ലുവാൻ തുനിയും.

ബ്രാഹ്മണക്ഷത്രവൈശ്യന്മാർ തമ്മിൽച്ചേർന്നു സങ്കരമായി തപസ്സും സത്യവും വെടിഞ്ഞ് ശൂദ്രരെപ്പോലെയാകും. അന്ത്യന്മാർ മദ്ധ്യരാകും. മദ്ധ്യർ അന്ത്യന്മാരാകും. അതിൽ യാതൊരു സംശയവുമില്ല. യുഗാന്തം അടുക്കുമ്പോൾ നാട്ടുകാരൊക്കെ അങ്ങനെയായിത്തീരും. ചണനൂലുകൊണ്ടുണ്ടാക്കുന്ന വസ്ത്രമാണു നല്ലതെന്നു പറയും. ധാന്യങ്ങൾ വിളവെത്താതെ ദുഷിച്ചു നശിക്കും. ഭാര്യമാരിൽ അമിത്രത്വം വന്നുകൂടും. യുഗക്ഷയത്തിൽ പുരുഷന്മാർ അങ്ങനെയാകും. ആടുമാടുകളെ കറന്നു ജീവിക്കുന്നവർ മത്സ്യവും മാംസവും തിന്നു ജീവിക്കുന്നവരാകും. പശുക്കൾ മിക്കവാറും നശിച്ച് നിത്യവും വ്രതികൾപോലും യുഗാവസാനകാലത്തു ലോഭമുള്ളവരായിത്തീരും. അന്യോന്യം മോഷണം ചെയ്തും മർത്ത്യർ ഹിംസചെയ്തും ജപംകൂടാതെ നാസ്തികരായി കള്ളന്മാരായിത്തീരും.

പുഴവക്കുകളിൽ കുദ്ദാലത്താൽ (കൂന്താലി-പാക്കുറ്റി) സസ്യങ്ങൾ നടും. യുഗക്ഷയത്തിൽ അവർക്കതും നിഷ്ഫലമാകും. ശ്രാദ്ധദൈവക്രിയകളിൽ നിത്യവ്രതികൾപോലും ലോഭം കാരണം അന്യോന്യം ഊട്ടും. അന്നദാനം ചെയ്യുന്നതിൽ ലോഭം മൂലം ശ്രാദ്ധത്തിന്ന് അച്ഛൻ മകന്ന് ഊട്ടുകഴിക്കും. മകൻ അച്ഛനേയും ഊട്ടും. ഭോജ്യങ്ങളും ക്രമംവിട്ട വിധത്തിലാകും.

വ്രതങ്ങൾ ആചരിക്കാതെയാകും. ഭൂസുരന്മാർ വേദം നിന്ദിക്കും. യാഗം ചെയ്യാതാകും. അവർ യുക്തിവാദത്തിൽ മയങ്ങിപ്പോകും. പ്രത്യക്ഷത്തിൽ കാണുവാൻ യുക്തി കേട്ടു മയങ്ങിയവർ ആഗ്രഹിക്കും. കുണ്ടുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യും. പശുക്കളെ കരിക്കു പൂട്ടും. ഒരാണ്ടു പ്രായമായ മൂരികളെ പൂട്ടും. അച്ഛനെ മകൻ കൊല്ലും. മകനെ അച്ഛൻ കൊല്ലും. പിന്നെ കൂസലില്ലാതെ അഹം ബ്രഹ്മം എന്നു പറഞ്ഞുനടക്കും. നിന്ദ സഹിക്കയില്ല.

ക്രിയായജ്ഞങ്ങളില്ലാതെ ജഗത്തൊക്കെ മ്ലേച്ഛമയമാകും. ആനന്ദകരമായ ഉത്സവങ്ങൾ ഇല്ലാതാകും. ദരിദ്രന്റെ ധനവും ബന്ധുക്കളുടെ ധനവും വിധവകളുടെ ദ്രവ്യവും മാനവർ ബലമായി അപഹരിക്കും.

സ്വല്പവീര്യബലന്മാരായ ലോഭമോഹാന്ധർ തൃപ്തരായി, തന്നെ വാഴ്ത്തുന്ന ദുഷ്ടന്മാർക്കും നരർ തൃപ്തിപൂർവ്വം ധനം നല്കും. വിവാഹം കഴിക്കാതെ നില്ക്കുകയും, അവർ വെപ്പാട്ടികളോടു ചേരുകയും ചെയ്യും.

ഹേ, കൗന്തേയാ! ദുഷ്ടമതികളായ രാജാക്കൾ ബുധമാനികളായി ലോകർക്കെതിരായി ഭവിക്കും. ക്ഷത്രിയന്മാർ പ്രജകളെ രക്ഷിക്കാതെ പിശുക്കന്മാരായി, മാനാഹങ്കാരഗർവ്വികളായി ശിക്ഷിക്കുവാൻ മാത്രം സന്നദ്ധരായി ഭവിക്കും. സാധുക്കളുടെ വിത്തവും, സ്ത്രീകളേയും കടന്നാക്രമിച്ച്, അവർ കരഞ്ഞാലും വിടാതെ അനുഭവിക്കും.

കന്യകയെ ആരും ചോദിക്കയില്ല. കന്യകയെ ആരും കൊടുക്കുകയുമില്ല. യുഗാന്തമടുക്കുമ്പോൾ അവർ സ്വയം ഗ്രാഹകളാകും. തന്നത്താൻ ഇഷ്ടമുള്ളവരെ അവർ സ്വീകരിക്കും. തൃപ്തി കൂടാതെ രാജാക്കന്മാർ മൂഢാത്മാക്കളായി പരദ്രവ്യം, യുഗാന്തമടുക്കുമ്പോൾ ഉപായത്താൽ നേടും. ജഗത്തൊക്കെ മ്ലേച്ഛമയമാകും. യുഗാന്തമടുക്കുമ്പോൾ ഇടതുകൈ വലതുകൈയിനെ ചതിക്കും. സത്യം ചുരുങ്ങും. ബുധമാനികൾ മാനികളാകും. വൃദ്ധന്മാർ ബാലബുദ്ധികളാകും. ബാലന്മാർ വൃദ്ധബുദ്ധികളാകും. ഭീരുക്കൾ ശൂരാഭിമാനികളാകും. ശൂരന്മാർ ഭീരുക്കളെപ്പോലെയാകും. യുഗാന്തം അടുക്കുമ്പോൾ തമ്മിൽ വിശ്വസിക്കാതാകും. സ്ത്രീകളും പുരുഷന്മാരും മോഹലോഭമാർന്ന് എല്ലാം ഭുജിക്കും.

അധർമ്മം വർദ്ധിക്കും. ധർമ്മം നടക്കുകയല്ല, ഓടും! ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർ നശിക്കും. യുഗക്ഷയത്തിൽ മനുഷ്യരെല്ലാം ഒരൊറ്റ ജാതിയായി ഭവിക്കും. പുത്രനാൽ താതനും താതനിൽ പുത്രനും പൊറുക്കാതാകും. ഭാര്യമാർ ഭർത്തൃശുശ്രൂഷ ചെയ്യാതാകും. നാട്ടിൻപുറങ്ങളിൽ ഗോതമ്പും, യവവും, ചോറാകും. തോന്നിവാസികളായ ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ചുചേർന്നു പാർക്കും. തമ്മിൽ കണ്ടാൽ സഹിക്കാത്തവിധം ജനങ്ങൾ പരസ്പരം ശത്രുക്കളാകും.

ഹേ, യുധിഷ്ഠിരാ! യുഗാന്തമടുക്കുമ്പോൾ ലോകമെല്ലാം മ്ലേച്ഛമയമായിത്തീരും. ശ്രാദ്ധങ്ങൾകൊണ്ടു ദേവകൾക്കു മനുഷ്യർ തൃപ്തി നല്കുകയില്ല. ഒരുത്തൻ പറയുന്നത് മറ്റേവൻ കേൾക്കുകയില്ല. ഒരുത്തനു മറ്റേവൻ ഗുരുവാകയില്ല. ലോകം അന്ന് തമോഗ്രസ്തമായിത്തീരും. പതിനാറു വയസ്സായാൽ പൂർണ്ണാരോഗ്യമാകും. യുഗാന്തരമടുത്താൽ പിന്നെ പ്രാണൻ കളയും. അഞ്ചും ആറും വയസ്സെത്തുമ്പോൾ കന്യകമാർ പ്രസവിക്കും. ഏഴോ എട്ടോ വയസ്സായാൽ പുരുഷന്മാർ ഗർഭം ഉണ്ടാക്കും. ഭർത്താവിൽ സ്ത്രീയും ഭാര്യയിൽ പുരുഷനും സന്തോഷിക്കാതെയാകും. ദ്രവ്യംകെട്ടു വെറും ചിഹ്നത്തോടുമാത്രം ഹിംസകരായി ഭവിക്കും. യുഗക്ഷയത്തിൽ ആരും ആർക്കും ഒന്നും ദാനം ചെയ്യുകയില്ല. നാട്ടുകാർ ചോറുവില്ക്കും. ദ്വിജന്മാർ വേദം വില്ക്കും. സ്ത്രീകൾ യോനി വില്ക്കും. ഇപ്രകാരമാകും യുഗക്ഷയത്തിൽ. മ്ലേച്ഛാചാരത്തിൽ എല്ലാം തിന്നുന്ന ഉഗ്രക്രിയകൾ ചെയ്യുന്നവരാകും ജനങ്ങൾ.

കൊള്ളക്കൊടുക്കയിൽ ഏവനും ചതിക്കും. ലോഭംമൂലം യുഗാന്തരത്തിലതൊക്കെ ഭവിക്കും. അറിയേണ്ടതറിയാതെ ക്രിയ

digitized by www.sreyas.in

ചെയ്യും. യുഗക്ഷയമടുക്കുമ്പോൾ ഇഷ്ടംപോലെ നടക്കും. സ്വഭാവാൽ നരർ ക്രൂരകർമ്മാക്കളാവുകയും അന്യോന്യം നിന്ദ ചെയ്യുകയും ചെയ്യും.

യുഗക്ഷയമടുക്കുമ്പോൾ നരന്മാർ പൂങ്കാവും, മരവും മറ്റും വ്യഥ കൂടാതെ മുറിച്ചു കളയും. ദേഹികൾക്ക് പാരിൽ ജീവിത സംശയം ബാധിക്കും. അങ്ങനെ ജനങ്ങൾ ലോഭം മൂത്തവരാകും. ബ്രഹ്മസ്വത്തെ ഭുജിക്കുന്നവർ ബ്രാഹ്മണരെ കൊല്ലും. ശൂദ്രന്മാർ ബ്രാഹ്മണരെ പ്രഹരിക്കും. അവരെ പേടിച്ച് ഹാഹായെന്നാർത്ത് വിപ്രന്മാർ തങ്ങളെ രക്ഷിക്കുന്നവരെയാരേയും കാണാതെ ഭൂമിയിൽ ഉഴലും. ഉഗ്രന്മാരായ പ്രാണി ഹിംസകരും കൊലയാളികളുമായിത്തീരും ജനങ്ങൾ. ബ്രാഹ്മണരൊക്കെ അക്കാലത്തു പേടിച്ച് ഓടി വല്ല പുഴയിലും കുന്നിലും കുണ്ടിലും ചെന്നുകൂടും.

നികുതി വർദ്ധിപ്പിച്ചു ദുഷ്ടരാജാക്കന്മാർ പീഡപ്പെടുത്തും. കള്ളന്മാർ, പേടിപ്പെടുത്തുന്ന വിപ്രന്മാർ കാക്കകൾ പോലെ അലഞ്ഞു പറക്കും. അത്രയ്ക്കു ധൈര്യം വിട്ടവരാകും വിപ്രന്മാർ. അവർ ശൂദ്രന്മാർക്കു ദാസന്മാരായിത്തീരും. വികർമ്മങ്ങൾ നടത്തും. ശൂദ്രന്മാർ ധർമ്മം ഓതിക്കും. ദ്വിജന്മാർ ശൂദ്രന്മാരെ ഉപാസിക്കും. പ്രാമാണ്യനിഷ്ഠയോടുകൂടി അവർ പറയുന്നതു കേൾക്കുന്നവരുമാകും. ലോകമൊക്കെ മേലുകീഴായി, വിപരീതമായി മറിയും.

അസ്ഥിഭിത്തിക്ക് (ഭൗതികാവശിഷ്ടത്തിന്ന്) പൂജ നടത്തും. ദേവതാർച്ചനം വർജ്ജിക്കും. ശൂദ്രന്മാർ ബ്രാഹ്മണരെ ശുശ്രൂഷിക്കുകയില്ല. മുനീന്ദ്രന്മാരുടെ ആശ്രമഭാഗങ്ങളിലും, ബ്രാഹ്മണാലയദിക്കുകളിലും, ക്ഷേത്രചൈത്യങ്ങളിലും, സർപ്പക്കാവുകളിലും അസ്ഥിഭിത്തിപ്പടവുകൾ (മരിച്ചവരുടെ അവശിഷ്ടങ്ങൾ വെച്ച കുടീരങ്ങൾ) ദേവസ്ഥാനങ്ങൾ കൂടാതെ, യുഗാന്തത്തിൽ കാണും. ഇത് യുഗാന്തത്തിന്റെ ലക്ഷണമാണ്.

ധർമ്മം വിട്ട്, മാംസം തിന്ന്, കള്ളുകുടിക്കുന്ന രൗദ്രന്മാർ ധാരാളം വർദ്ധിച്ചുവരും. പുഷ്പത്തിൽ പുഷ്പവും, ഫലത്തിൽ ഫലവും കാണാം. ഇത് യുഗാന്തത്തിന്റെ ലക്ഷണമാണ്.

മേഘം അകാലത്തിൽ വർഷിക്കും. അക്രമപ്രവൃത്തികൾ മനുഷ്യൻ നടത്തും. ആശ്രിതരായ ശൂദ്രന്മാർ വിപ്രരോട് വിരോധം കാണിക്കും. പിന്നെ ലോകത്തിലൊക്കെ മ്ലേച്ഛന്മാർ നിറയും. നികുതി കൊടുക്കുന്നതിനെ ഭയന്ന് വിപ്രന്മാർ സ്ഥലം വിടും. നാട്ടുകാരൊക്കെ ഒരേവിധത്തിൽ അടിമപ്പെട്ട്, സങ്കടപ്പെട്ട്, ഭക്ഷണക്ഷാമം മൂലം ഫലമൂലങ്ങൾ ഭക്ഷിച്ച് ആശ്രമത്തിൽ ചെന്നു ജീവിക്കും. ഇപ്രകാരം ലോകം മിശ്രമായാൽ മര്യാദകിട്ടാതെയാകും. ശിഷ്യന്മാർ ഗുരുവിന്റെ ചൊല്പടിക്കു നില്ക്കാതെയാകും. കാശില്ലാത്ത ഗുരുവിനെ നിന്ദിച്ചു സംസാരിക്കും.

ധനസംബന്ധമായി ബന്ധുക്കൾ പിണങ്ങിപ്പിരിയും. യുഗാന്തത്തിൽ സർവ്വഭൂതത്തിന്നും അഭാവം ഉണ്ടാകും. ദിക്കുകളൊക്കെ കത്തിയെരിയും. നക്ഷത്രപ്രഭ മാഞ്ഞുപോകും. ജ്യോതിസ്സുകൾ പ്രതികൂലങ്ങളാകും. കാറ്റു കലമ്പും; മഹാഭയം കാണിക്കുന്നവിധം കൊള്ളിമീൻ ചാടും. ജലാശയങ്ങൾ വറ്റുമാറ് ആദിത്യൻ തപിക്കും. ഉഗ്രമായി ഇടിവെട്ടുകയും, ദിക്കുകളിൽ അഗ്നി പിടിപെടുകയും ചെയ്യും.

സൂര്യൻ ഉദയാസ്തമയങ്ങളിൽ കബന്ധംകൊണ്ടു (രാഹു) മൂടും. സഹസ്രാക്ഷൻ അകാലത്തിൽ വർഷിപ്പിക്കും. സസ്യങ്ങൾ മുളയ്ക്കാതെയാകും. എപ്പോഴും ക്രൂരവാക്കുകൾ, പുലഭ്യങ്ങൾ വിളിച്ചുപറഞ്ഞ് രൂക്ഷകളായി, കരഞ്ഞ് സ്ത്രീകൾ ഭർത്താക്കന്മാരുടെ ചൊല്പടിക്കുനില്ക്കാതെയാകും. പുത്രന്മാർ മാതാപിതാക്കളെ കൊല്ലും. സ്ത്രീകൾ മക്കളെ വെടിയുകയും, ഭർത്താക്കന്മാരെ കൊല്ലുകയും ചെയ്യും.

വാവില്ലാതേയും രാഹു സൂര്യനെ പിടികൂടും. യുഗാന്തത്തിൽ എല്ലാ ദിക്കിലും അഗ്നി ജ്വലിക്കും. തണ്ണീരും, അന്നവും ഇരന്നാലും കിട്ടാതെ, കിടക്കാൻ ഇടം കിട്ടാതെ യാത്രക്കാർ പെരുവഴിയിൽ കിടക്കും. യുഗാന്തം വന്നടുക്കുമ്പോൾ ഭയങ്കരമായി ഇടിമുഴങ്ങും. കാക്കകൾ ശബ്ദകോലാഹലമുണ്ടാക്കും. ആനകൾ അലറും; ശകുനം, മൃഗപക്ഷികൾ എന്നിവ ഘോരമായവിധം ശബ്ദിക്കും.

മിത്രസംബന്ധികളേയും, ജ്ഞാതിഭൃത്യജനങ്ങളേയും നരന്മാർ യുഗാന്തമടുക്കുമ്പോൾ കൈവെടിയും. പിന്നെ ദേശങ്ങളും, ദിക്കും, പത്തനങ്ങളും, പുരങ്ങളും ക്രമത്തിൽ ചെന്ന് ആശ്രയിക്കും. 'ഹാ, താതാ! ഹാ പുത്രാ!' എന്ന് ഓരോ വാക്ക് ദാരുണമായ വിധം വിളിച്ചുപറഞ്ഞു കേണ് ജനങ്ങൾ ഭൂമിയിൽ ചുറ്റും. പിന്നെ യുഗക്ഷയത്തിൽ തുമുലമായ സംഘാതമുണ്ടാകും.

വിപ്രന്മാർ തുടങ്ങിയ ലോകം പിന്നേയും ഉത്ഭവിക്കും! പിന്നെ കാലാന്തരത്തിൽ ലോകം വീണ്ടും വളരുവാൻ അനുകൂലമായ ചുറ്റുപാടുകൾ ദൈവം യദൃച്ഛയാ സംഭവിപ്പിക്കും.

പൂയം നക്ഷത്രത്തോടുകൂടി ചന്ദ്രനും, സൂര്യനും, വ്യാഴവും ഒരു രാശിയിൽ (കർക്കിടകം രാശിയിൽ) ഒത്തുചേരുന്ന കാലം കൃതയുഗം വരും. അപ്പോൾ മേഘം കാലങ്ങളിൽ മാത്രം വർഷിക്കുകയും നക്ഷത്രങ്ങൾ ശുഭങ്ങളായി ഭവിക്കുകയും ചെയ്യും. പ്രദക്ഷിണങ്ങളായ ഗ്രഹങ്ങൾ നേരെ ഗമിക്കും. ക്ഷേമം സുഭിക്ഷമാവുകയും അനാമയമായ ആരോഗ്യം ഉണ്ടാവുകയും ചെയ്യും.

കല്ക്കി, വിഷ്ണുയശസ്സെന്നു പേരായ വിപ്രൻ, കാലാജ്ഞകാരണം മഹാവീര്യനായി, മഹാബുദ്ധിപരാക്രമനായി ജനിക്കും. പുണ്യമായ ദ്വിജാലയത്തിൽ 'സംഭല' ഗ്രാമത്തിലാണ് ജനിക്കുക. അവന്ന് ആയുധങ്ങളും വാഹനങ്ങളും സങ്കല്പംകൊണ്ട് ഉണ്ടാകും. യോധന്മാരും വന്നുകൂടും. ശസ്ത്രങ്ങളും കവചങ്ങളും വന്നുകൂടും. ധർമ്മവിജയിയും രാജാവും ചക്രവർത്തിയുമായി അവൻ ഈ മിശ്രമായ ലോകം വീണ്ടും തെളിയിക്കും.

ഉത്സാഹിയും ദീപ്തനും ക്ഷയംതീർക്കുന്ന മഹാശയനും ബ്രാഹ്മണനും സർവ്വസംക്ഷേപകനുമായ അവൻ യുഗം മാറ്റി വരയ്ക്കുന്നവനാണ്. അവൻ യുഗപരിവർത്തകനാണ്. എല്ലാ ദിക്കിലും ചെന്നുകൂടിയ ക്ഷുദ്രമ്ലേച്ഛക്കൂട്ടത്തെ അവൻ ബ്രാഹ്മണരോടുകൂടെ ചെന്ന്, എല്ലാറ്റിനേയും സംഹരിക്കും."

191. യുധിഷ്ഠിരാനുശാസനം – മാർക്കണ്ഡേയൻ പറഞ്ഞു: "ചോരന്മാരെയൊക്കെ നശിപ്പിച്ച് പിന്നെ കല്ക്കി വിപ്രന്മാർക്ക് ഈ ഭൂമിയൊക്കെ അശ്വമേധമഖത്തിൽ വിധിപോലെ ദാനം ചെയ്യും. ഭൂമിയിൽ പിന്നെ ശുഭചര്യയ്ക്കു വേണ്ടുന്ന മര്യാദയൊക്കെ നിയമിച്ച് ആ പുണ്യകീർത്തികർമ്മാവ് നല്ല കാടു നോക്കി നടക്കും.

പിന്നെ അവന്റെ ശീലത്തെ ലോകത്തിൽ എല്ലാവരും അനുവർത്തിക്കും. വിപ്രന്മാർ ചോരക്ഷയം ചെയ്യുകയാൽ കൃതയുഗം ക്ഷേമപൂർണ്ണമാകും. കൃഷ്ണാജിനങ്ങളും, വേലും, ശൂലവും, മറ്റ് ആയുധങ്ങളും ജയിച്ച ദിക്കിലൊക്കെ സ്ഥാപിച്ച് ആ ദ്വിജപുംഗവനായ കല്ക്കി, വിപ്രന്മാരാൽ വാഴ്ത്തപ്പെടുന്നവനും വിപ്രന്മാരെ പൂജിക്കുന്നവനുമായ അവൻ, അന്നു ദസ്യുവധത്തിന്നായി പാരിൽ എങ്ങും ചരിക്കും. 'ഹാ മാതാവേ! താതാ! പുത്രാ!' എന്നു ദാരുണമായ വിധം വിളിച്ചു കരയുന്ന മ്ലേച്ഛന്മാരെയൊക്കെ മുടിക്കും.

പിന്നെ അധർമ്മം കെട്ടടങ്ങി, ധർമ്മം വർദ്ധിച്ചുവന്ന്, കൃതയുഗത്തിൽ ജനങ്ങൾ ക്രിയയുള്ളവരാകുന്നു. രമ്യോദ്യാനങ്ങൾ ചൈത്യങ്ങൾ, കുളങ്ങൾ, ഭവനങ്ങൾ, പലതരം പൊയ്കകൾ, ദേവതായതനങ്ങൾ, പല യജ്ഞക്രിയകൾ ഇവയൊക്കെ കൃതയുഗത്തിലുണ്ടാകും.

സാധുക്കളായ ബ്രാഹ്മണർ മുനിമാരായ തപസ്വികളാണ്. പാഷണ്ഡർ ചേർന്ന് ആശ്രമികളാകുമ്പോൾ അവരും സത്യസൽപ്രജരായി ഭവിക്കും. ദുഷ്ടബീജങ്ങളെയൊക്കെ നശിപ്പിക്കും. എല്ലാ ഋതുക്കളിലും സസ്യം ഉണ്ടാകും. നരന്മാർ ദാനപരന്മാരാകും. നിയതവ്രതസക്തരുമാകും. ദ്വിജന്മാർ ജപയജ്ഞപരന്മാരായി ധർമ്മാനന്ദികളായും ഭവിക്കും. രാജാക്കന്മാർ ധർമ്മമായ വിധം ഭൂമി പാലിക്കും. വൈശ്യന്മാർ കൃതയുഗത്തിൽ വർത്തകന്മാരാകും. വിപ്രന്മാർ സൽക്കർമ്മപരന്മാരും നൃപർ

digitized by www.sreyas.in

വിക്രമാശ്രയരുമാകും. അപ്പോൾ ശൂദ്രന്മാർ മൂന്നു ജാതികൾക്കും ശുശ്രൂഷകരാകും. ഇതാണ് കൃതയുഗത്തിലും, ത്രേതായുഗത്തിലും, ദ്വാപരയുഗത്തിലും ധർമ്മം. ഒടുക്കത്തെ യുഗമായ കലിയിൽ സംഭവിക്കുന്നത് ഞാൻ ഭവാനോടു പറഞ്ഞു. യുഗസംഖ്യയും ഏവർക്കും അറിയാമല്ലോ. ഇങ്ങനെ ഭൂതവും ഭവിഷ്യത്തും ഞാൻ ഭവാനോടു പറഞ്ഞു. ഋഷിസ്തുതമായി വായു പറഞ്ഞ പുരാണം സംസ്കരിച്ചു ഞാൻ നിന്നോടു പറഞ്ഞു. ചിരംജീവിയായ ഞാൻ പലപ്രാവശ്യം ഇപ്രകാരം സംസാരയാത്രയിൽ കണ്ടതും അനുഭവിച്ചതും എല്ലാം ഭവാനോടു പറഞ്ഞു. ഇനി വേറെ ഒന്നു പറയാം. ഭവാൻ സഹോദരന്മാരോടുകൂടി ധർമ്മസംശയം തീർക്കുവാൻ എന്നിൽനിന്നു ധരിക്കുക.

ഹേ ധർമ്മിഷ്ഠാ! ശ്രേഷ്ഠനായ ഭവാൻ എന്നും ധർമ്മത്തിൽ ആത്മാവിനെ അണയ്ക്കുക. ധർമ്മാത്മാവ് ഇഹത്തിലും പരത്തിലും സുഖം നേടും. ഭവാനോടു ഞാൻ പറയുന്ന ശുഭമായ വാക്കു ധരിക്കുക. ഒരിക്കലും ഭവാൻ ബ്രാഹ്മണരിൽ പരിഭവിക്കരുത്. കോപിച്ചാൽ ബ്രാഹ്മണൻ പ്രതിജ്ഞയാൽ ലോകം മുടിക്കും."

വൈശമ്പായനൻ പറഞ്ഞു: "മാർക്കണ്ഡേയന്റെ ഉക്തികൾ കേട്ട് കുരുപ്രവരമന്നവനായ യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "പ്രജാരക്ഷയിൽ ഞാൻ എങ്ങനെ നില്ക്കണം? എന്റെ ധർമ്മം എങ്ങനെ? ഞാൻ എങ്ങനെ നിന്നാലാണ് ധർമ്മച്യുതി ബാധിക്കാതിരിക്കുക?"

മാർക്കണ്ഡേയൻ പറഞ്ഞു: "എല്ലാറ്റിലും കനിവുള്ളവനാകുക! ഹിതം ചെയ്യുക! കൂറുള്ളവനാവുക! ഈർഷ്യ ഇല്ലാതിരിക്കുക! സത്യം പറയുക! മൃദുവായി പെരുമാറുക! ക്ഷമാവാനാവുക! പ്രജാരക്ഷയിൽ ആദരവുണ്ടാവുക! ധർമ്മം അനുഷ്ഠിക്കുക! അധർമ്മം ഉപേക്ഷിക്കുക! പിതൃദൈവതങ്ങളെ അർച്ചിക്കുക! ഈ പറഞ്ഞതിൽനിന്ന് നീ തെറ്റിപ്പോയാൽ ദാനംകൊണ്ട് അതു നീക്കുക! മാനം നോക്കേണ്ടവനായ നീ അന്യസാഹായ്യം സ്വീകരിക്കുക. അങ്ങനെ ലോകമൊക്കെ ജയിച്ച് സന്തോഷിച്ച് സുഖമായി ഇരിക്കുക! നിന്നോട് ഞാൻ ഇതാ ഭൂതഭാവിധർമ്മമൊക്കെ പറഞ്ഞിരിക്കുന്നു. ലോകത്തിൽ നീ അറിയാതെ ഒന്നുമില്ല. ഭൂതവും ഭാവിയുമൊക്കെ നിനക്കറിയാം. അതുകൊണ്ട് ഈ ക്ലേശങ്ങളൊന്നും നീ ഉള്ളിൽ ഓർക്കരുത്. 'കാലപീഡിതരായാലും ദുഃഖിക്കാറില്ല പണ്ഡിതർ.' ഇങ്ങനെയുള്ള കഷ്ടകാലങ്ങൾ ദേവന്മാർക്കുപോലും ഉള്ളതാണ്. കാലചോദനയാൽ ഉണ്ണീ! ജനങ്ങൾ മോഹത്തിൽ പെട്ടുപോകും. ഞാൻ പറഞ്ഞതിൽ നീ ഒട്ടും ശങ്കിക്കരുത്. എന്റെ വാക്കിൽ നീ സംശയിച്ചാൽ ധർമ്മലോപത്തിൽപ്പെട്ടുപോകും. പ്രസിദ്ധമായ കുരുവംശത്തിൽ ജാതനാണല്ലോ ഭരതർഷഭാ! ഭവാൻ. കർമ്മം, മനസ്സ്, വാക്ക് ഇവകൊണ്ട് ഇപ്രകാരം എല്ലാം അനുഷ്ഠിക്കുക."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ദ്വിജശ്രേഷ്ഠാ! ഭവാൻ പറഞ്ഞപ്രകാരം ഭവാന്റെ കല്പനപ്രകാരം ഞാൻ നടന്നുകൊള്ളാം. ഹേ, വിപ്രേന്ദ്രാ! എനിക്കു ലോഭമില്ല, ഭയമില്ല, മത്സരവുമില്ല. ഭവാൻ എന്നോടു പറഞ്ഞതൊക്കെ ഞാൻ ചെയ്യുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ബുദ്ധിശാലിയായ മാർക്കണ്ഡേയൻ പറഞ്ഞതെല്ലാം പാണ്ഡവന്മാർ ശാർങ്ഗപാണിയോടൊപ്പം സസന്തോഷം കേട്ടു. അവിടെ കൂടിനില്ക്കുന്ന എല്ലാ വിപ്രശ്രേഷ്ഠന്മാരും മാർക്കണ്ഡേയന്റെ കഥ കേട്ട് അത്ഭുതപ്പെട്ടു. അവർക്കെല്ലാം പുരാണം അറിവാൻ കഴിഞ്ഞതിൽ അതിരറ്റ സന്തോഷമായി."

192. മണ്ഡൂകോപാഖ്യാനം – ജനമേജയൻ പറഞ്ഞു: "മാർക്കണ്ഡേയമഹർഷി പാണ്ഡവന്മാർക്കു പറഞ്ഞുകൊടുത്ത ബ്രാഹ്മണമാഹാത്മ്യം പിന്നെയും ഞാൻ കേൾക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങു കുറേക്കൂടി അവയെല്ലാം പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ മാർക്കണ്ഡേയനോടു പിന്നേയും ബ്രാഹ്മണരുടെ മാഹാത്മ്യത്തെപ്പറ്റി പറയുവാൻ ആവശ്യപ്പെട്ടു. മാർക്കണ്ഡേയൻ ബ്രാഹ്മണരുടെ അപൂർവ്വമായ ചരിതം കുറേക്കൂടി കേട്ടാലും, എന്നു പറഞ്ഞു കഥ തുടർന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "അയോദ്ധ്യയിൽ ഇക്ഷ്വാകുവംശത്തിൽ പരീക്ഷിത്തെന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം നായാട്ടിന്നു പോയി. തനിയെ കുതിരയെ ഓടിച്ച് അദ്ദേഹം ഒരു മാനിനെ പിന്തുടർന്നു. മാൻ ഓടി അദ്ദേഹത്തെ വളരെ ദൂരത്തേക്കു കൊണ്ടുപോയി.

രാജാവിന്നു ക്ഷീണമായി. വിശപ്പും ദാഹവും വളർന്നു. ദൂരേക്കു നോക്കിയപ്പോൾ ഒരു കറുത്ത മരക്കൂട്ടം കണ്ടു. രാജാവ് അങ്ങോട്ടു നടന്നു. ആ കാട്ടിൽ കടന്നപ്പോൾ അദ്ദേഹം മരക്കൂട്ടത്തിന്റെ നടുവിൽ അതിവിശേഷമായ ഒരു പൊയ്ക കണ്ടു. ഉടനെ കുതിരയോടുകൂടിത്തന്നെ രാജാവ് അതിൽ ഇറങ്ങി, ആശ്വസിച്ചതിന്നുശേഷം താമരത്തണ്ടുകൾ വേരോടെ പറിച്ചെടുത്ത് കുതിരയുടെ മുമ്പിൽ കൊണ്ടുപോയി ഇട്ടുകൊടുത്തു. അദ്ദേഹം ആ പൊയ്കയുടെ തീരത്തു കിടന്നു. അപ്പോൾ മധുരമായ ഒരു സംഗീതം കേൾക്കുവാൻ തുടങ്ങി.

സംഗീതം കേട്ടപ്പോൾ അദ്ദേഹം ചുറ്റും നോക്കി. മനുഷ്യസഞ്ചാരം കാണാത്ത ഈ കാനനത്തിൽ ഈ പാട്ട് ആരുടേതായിരിക്കും എന്നു ചിന്തിച്ചുകൊണ്ടിരിക്കെ, അതിസുന്ദരിയായ ഒരു കന്യക പുവറുത്തു പാട്ടുപാടി നില്ക്കുന്നതായി രാജാവു കണ്ടു. അവൾ പതുക്കെ രാജാവിന്റെ അടുത്തേക്കു ചെന്നു. രാജാവിന്ന് അത്ഭുതമായി. അദ്ദേഹം അവളോടു ചോദിച്ചു. 'ഭദ്രേ! നീ ആരാണ്?'

'ഞാൻ ഒരു കന്യകയാണ്.' അവൾ മറുപടി പറഞ്ഞു.

'ഞാൻ നിന്നെ പ്രാർത്ഥിക്കുന്നു.' രാജാവ് ഉത്സുകനായി പറഞ്ഞു.

'അങ്ങയ്ക്ക് എന്നെ കിട്ടണമെങ്കിൽ ഒരു കരാറു ചെയ്യണം. അതിന്നു സമ്മതമുണ്ടെങ്കിലേ എന്നെ ഭവാനു ലഭിക്കയുള്ളു.' അവൾ പറഞ്ഞു.

'കൊള്ളാം! എന്താണു കരാറ്?' രാജാവു ചോദിച്ചു.

'എന്നെ വെള്ളം കാണിക്കരുത്!' അവൾ മറുപടി പറഞ്ഞു.

'അത്രേയുള്ളു? അങ്ങനെയാകാം.' രാജാവ് പുഞ്ചിരിയോടെ മറുപടി പറഞ്ഞു.

കരാറ് ഏറ്റ്, രാജാവ് അവളെ വിവാഹം ചെയ്തു. വേളി കഴിഞ്ഞതിന്നുശേഷം പരീക്ഷിത്തുരാജാവ് അവളുമായി ക്രീഡിച്ചു പരമസന്തുഷ്ടനായി. ആരോടും ഒന്നും മിണ്ടാതെ അവളുമായി കൂടിച്ചേർന്നു രമിച്ചുകൊണ്ട് ഇരിപ്പായി.

രാജാവ് ആ വനക്കൂട്ടത്തിൽ ഇങ്ങനെ ഇരിക്കുമ്പോൾ സൈന്യം രാജാവിനെ അന്വേഷിച്ച് അവിടെ വന്നുചേർന്നു. ആ സൈന്യം രാജാവിനെക്കണ്ടു സന്തോഷിച്ചു ചുറ്റും വന്നുനിന്നു.

അവർ ആശ്വസിച്ചതിന്നുശേഷം രാജാവ് സഹധർമ്മിണിയോടുകൂടി അലങ്കരിച്ച പല്ലക്കിൽക്കയറി പുറപ്പെട്ടു. അദ്ദേഹം തന്റെ നഗരത്തിലെത്തി. ഗൂഢമായ ഒരു സ്ഥലത്ത് അവളോടുകൂടി ഇരിപ്പായി. പരിചാരകജനങ്ങൾപോലും കാണാത്തവിധം അവർ നിഗൂഢതയിൽ ഇരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഒരു ദിവസം രാജാവിന്റെ പ്രധാനമന്ത്രി പരിചാരകസ്ത്രീകളോടു ചോദിച്ചു: 'ഇവിടെ നിഗൂഢമായി എന്താണു നടക്കുന്നത്?'

'അത് ഒരു അപൂർവ്വമട്ടിലാണു കാണുന്നത്. ഇവിടേക്കു വെള്ളം കടത്താറില്ല.' അവൾ പറഞ്ഞു.

മന്ത്രി അവിടെനിന്നു പോയി. പിന്നെ ഒരു കൃത്രിമവനമുണ്ടാക്കി. നല്ല പൂവും കായും നിറഞ്ഞ വൃക്ഷങ്ങൾ ഉള്ളതും, അതിന്റെ നടുവിൽ പിച്ചകലതാഗൃഹവും അതിന്നരികെ വെള്ളം സ്പഷ്ടമായി കാണാത്തവിധം പണിതതും മുത്തുവിരിച്ചു പടുത്തുകെട്ടി കുമ്മായം തേച്ചു ഭംഗിയായ മതിലോടുകൂടിയതുമായ ഒരു കുളവും നിർമ്മിച്ചു. അനന്തരം മന്ത്രി ഗൂഢമായ സ്ഥലത്തു ചെന്ന് രാജാവിനെ അറിയിച്ചു; 'ഇതാ അങ്ങയ്ക്ക് ഉദ്യാനം തയ്യാറാക്കിയിരിക്കുന്നു. ഈ ഉദ്യാനം വെള്ളം കാണാത്തതും വളരെ വിശേഷപ്പെട്ടതുമാണ്. ഇവിടെ നന്നായി രമിക്കാം.'

digitized by www.sreyas.in

രാജാവ് സന്തോഷിച്ചു. ദേവിയുമൊന്നിച്ചു പൂങ്കാവിൽ പ്രവേശിച്ചു. അവളോടുകൂടി ആ ഭംഗിയുള്ള പൂങ്കാവിൽ രാജാവ് വിഹരിച്ചു. രാജാവ് വിശപ്പും ദാഹവും സഹിച്ചു തളർന്നിരിക്കുന്ന സമയത്ത് ഒരു ദിവസം ആ പിച്ചകലതാഗൃഹം കണ്ടു. പ്രിയയോടുകൂടി രാജാവ് അതിന്നകത്തു കടന്നു. കുമ്മായം തേച്ചു പടവു കെട്ടി വൃത്തിയാക്കിയതും, ഭംഗിയുള്ളതും, നിർമ്മലജലം നിറഞ്ഞതുമായ കുളം കണ്ടെത്തി. അതു കണ്ട ഉടൻ രാജാവ് ആകൃഷ്ടനായി ദേവിയോടുകൂടി അതിന്റെ വക്കത്തു ചെന്നുനിന്നു.

രാജാവ് സസന്തോഷം പറഞ്ഞു: "കൊള്ളാം! ദേവീ, നമുക്ക് ഈ വെള്ളത്തിലിറങ്ങാം." അവൾ അതുകേട്ട് കുളത്തിലിറങ്ങി മുങ്ങി. പിന്നെ പൊങ്ങിയതുമില്ല.

രാജാവ് അവളെ തിരഞ്ഞുനോക്കി. കണ്ടില്ല. പിന്നെ കുളം തേവി വറ്റിക്കുവാൻ കല്പന കൊടുത്തു. വറ്റിച്ചുനോക്കിയപ്പോൾ കുഴിയിൽ ഒരു വലിയ തവളയെ കണ്ടു. രാജാവ് ക്രുദ്ധനായി കല്പന കൊടുത്തു: "എല്ലാ ദിക്കിലുമുള്ള എല്ലാ തവളകളേയും കൊല്ലണം. എന്നെക്കൊണ്ടു വല്ലവന്നും വല്ല ആവശ്യവുമുണ്ടെങ്കിൽ അവൻ എനിക്കു തവളകളെ കൊന്നു കാഴ്ച വയ്ക്കട്ടെ!"

പിന്നെ രാജ്യത്തു ഭയങ്കരമായ മണ്ഡൂകവധം നടന്നു. തവളപിടിത്തക്കാർ ചാക്കുമായി നാട്ടിലൊക്കെ നിറഞ്ഞു. തവളകൾക്കു പ്രാണഭയം വർദ്ധിച്ചു. അവർ മണ്ഡൂകരാജാവിന്റെ അടുത്തു സങ്കടം പറഞ്ഞു. മണ്ഡൂകരാജാവ് ഒരു മഹർഷിയുടെ വേഷത്തിൽ രാജാവിന്റെ സമീപത്തുചെന്ന് ഇപ്രകാരം അറിയിച്ചു: "രാജാവേ! കോപിക്കരുതേ! പ്രസാദിക്കണേ! നിരപരാധികളായ തവളകളെ ഇപ്രകാരം ഹനിക്കുന്നതു മഹാപാപമാണ്. മണ്ഡൂകങ്ങളെ ദ്രോഹിക്കുന്നത് പാപമാണെന്നു പണ്ടുള്ളവർ പറഞ്ഞുവന്നിരുന്ന രണ്ടു പദ്യശകലം ഞാൻ ചൊല്ലാം.

"തവളയെക്കൊല്ലല്ലേ! തവളയെക്കൊല്ലല്ലേ!
തവളയെക്കൊല്ലുകിലെന്തു കിട്ടും?
പാപമേറുന്നൊരീത്തെറ്റുചെയ്തിട്ടെന്തു
ലാഭമുണ്ടാകും? പൊറുക്കണേ നീ."

ഇപ്രകാരം പറയുന്ന മഹർഷിയോടു പ്രിയാശോകസന്തപ്തനായ രാജാവു മറുപടി പറഞ്ഞു: "ഞാൻ ക്ഷമിക്കുകയില്ല. തവളകളോടു ക്ഷമിക്കുകയോ? അതുണ്ടാവില്ല. ഇവറ്റയെയൊക്കെ ഞാൻ കൊല്ലും! ഇവറ്റ എന്റെ പ്രേമഭാജനത്തെ പിടിച്ചു വിഴുങ്ങിയിരിക്കുന്നു. എങ്ങനെയായാലും എനിക്ക് ഇവയെ കൊന്നേ തീരൂ! ഹേ, മഹാശയാ! എന്നെ ഈ വൈരനിര്യാതനത്തിൽനിന്നു പിന്തിരിപ്പിക്കരുത്."

രാജാവു പറഞ്ഞതുകേട്ടപ്പോൾ അവൻ നടുങ്ങി: "രാജാവേ, പ്രസാദിച്ചാലും! ഞാൻ ആയുസ്സ് എന്നു പേരായ മണ്ഡൂകരാജാവാണ്. അങ്ങയുടെ ഭാര്യ എന്റെ മകളാണ്. അവളുടെ പേർ 'സുശോഭന' എന്നാണ്. അവളുടെ പേരുപോലെയല്ല ശീലം. പല രാജാക്കന്മാരേയും അവൾ ഇപ്രകാരം ചതിച്ചു കഷ്ടത്തിലാക്കിയിട്ടുണ്ട്."

ഇതു കേട്ടപ്പോൾ രാജാവ് അത്ഭുതം കൊണ്ടു ഞെട്ടിപ്പോയി. രാജാവ് മണ്ഡൂകരാജാവിനോടു പറഞ്ഞു: "എങ്കിലും ഞാൻ അവളെ യാചിക്കുന്നു. എനിക്ക് അവളെ തരണം." രാജാവിന്റെ തീവ്രദുഃഖം കണ്ട് മണ്ഡൂകരാജാവ് മകളെ രാജാവിന്നു നല്കി. "രാജാവിനെ ശുശ്രൂഷിച്ചു വാഴുക" എന്നു പറഞ്ഞു. അതിന്നുശേഷം മകളുടെ ദുശ്ശീലത്തെക്കുറിച്ച് ഓർത്തുകോപിച്ച് ഇപ്രകാരം ശപിക്കുകയും ചെയ്തു. "എടീ, നീ വളരെ രാജാക്കന്മാരെ വഞ്ചിച്ചു. നിന്റെ ഈ ദുശ്ശീലം നിമിത്തം നിനക്ക് അബ്രഹ്മണ്യങ്ങളായ സന്താനങ്ങളുണ്ടാകട്ടെ!" രാജാവ് ഭാര്യയെ തിരിച്ചുകിട്ടിയതിൽ അതിരറ്റു സന്തോഷിച്ചു. അവൻ ഇടനെഞ്ചു പൊട്ടുമാറ് ആനന്ദം കൊണ്ടു കരഞ്ഞു. അവളുടെ സുരതസാമർത്ഥ്യത്തിൽ മനസ്സഴിഞ്ഞ രാജാവിന്നു ത്രൈലോക്യൈശ്വര്യം കിട്ടിയതുപോലെ തോന്നി. അദ്ദേഹം മണ്ഡൂക രാജാവിനെ നമസ്കരിച്ച് ആനന്ദാശ്രു പൊഴിച്ചു പറഞ്ഞു: "എനിക്കനുഗ്രഹമായി!"

മണ്ഡൂകരാജാവ് മകളോടു യാത്രപറഞ്ഞു മടങ്ങിപ്പോയി. കുറച്ചുകാലത്തിന്നിടയ്ക്ക് രാജാവിന്ന് അവളിൽ ശലൻ, ദലൻ, ബലൻ എന്നു മൂന്നു കുമാരന്മാരുണ്ടായി.

യഥാകാലം അവരിൽ മൂത്തവനായ ശലനെ രാജാവ് രാജ്യത്തിൽ അഭിഷേകം ചെയ്ത്, തപസ്സുചെയ്യുവാൻ കാട്ടിലേക്കു പോയി.

ഒരു ദിവസം ശലരാജാവ് നായാടുന്നതിന്നിടയ്ക്ക് ഒരു മാനിനെക്കണ്ടു പിന്നാലെ തേര് ഓടിച്ചു. എന്നെ വേഗത്തിലെത്തിക്കൂ എന്നു സൂതനോടു പറഞ്ഞു. സൂതൻ രാജാവിനോടു പറഞ്ഞു: "പിന്തുടരേണ്ടാ, അതിനെ പിടിക്കുവാൻ സാദ്ധ്യമല്ല. ഈ തേരിൽ വാമ്യങ്ങളെ പൂട്ടിയിരുന്നാൽത്തന്നെ അതിനെ പിടിക്കുവാൻ അങ്ങയ്ക്കു സാധിക്കയില്ല."

ഇതു കേട്ടപ്പോൾ തനിക്കു വാമ്യങ്ങളെ കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹമായി. അവൻ സൂതനോടു ചോദിച്ചു: "വാമ്യങ്ങൾ എവിടെനിന്നു കിട്ടും? വേഗം പറയൂ! പറയില്ലേ! എന്നാൽ ഞാൻ ഇപ്പോൾ നിന്നെ കൊല്ലും!"

രാജാവിന്റെ കോപത്തോടുകൂടിയ വർത്തമാനം കേട്ടപ്പോൾ ഭയമായി. വാമദേവശാപം ഉണ്ടാകും പറഞ്ഞുകൊടുത്താൽ. എന്തു ചെയ്യും? സൂതൻ ഒന്നും മിണ്ടാതെ പേടിച്ചു വിറച്ചു. ഉടനെ രാജാവ് വാൾ ഉറയിൽനിന്ന് ഊരി സൂതന്റെ നേരെ ഓങ്ങിപ്പിടിച്ചു ചോദിച്ചു: "നീ പറയുകയില്ലേ? വേഗം പറയൂ! അല്ലെങ്കിൽ ഞാൻ ഇപ്പോൾ നിന്റെ തല വീശിയെറിയും."

സൂതൻ രാജഭയപരവശനായി പറഞ്ഞു: "മനോവേഗങ്ങളായ വാമ്യങ്ങൾ വാമദേവന്റെ കൈവശമുണ്ട്."

ഉടനെ രാജാവു പറഞ്ഞു: "തിരിക്കൂ! രഥം. വാമദേവാശ്രമത്തിലേക്ക് ഓടിക്കൂ!"

രഥം വാമദേവാശ്രമത്തിൽ എത്തിയ ഉടനെ രാജാവ് മഹർഷിയോടു പറഞ്ഞു: "മഹർഷേ! ഞാൻ എയ്ത മാൻ ഓടിപ്പോകുന്നു. വാമ്യങ്ങളെ എനിക്കു തരുവാൻ മനസ്സുണ്ടാകണേ."

മഹർഷി പറഞ്ഞു: "ഞാൻ വാമ്യങ്ങളെത്തരാം. കാര്യം കഴിഞ്ഞാൽ ഉടനെതന്നെ എനിക്കു വാമ്യങ്ങളെ മടക്കിത്തരണം."

രാജാവ് അതിന്നു സമ്മതിച്ചു. ആ കുതിരകളെ പൂട്ടിയ തേരിൽക്കയറി മാനിന്റെ നേരെ രഥം ഓടിച്ചു. പോകുന്നവഴിക്കു രാജാവ് സൂതനോടു പറഞ്ഞു:

"ഈ അശ്വങ്ങൾ ബ്രാഹ്മണർക്കു ചേർന്നവയല്ല. ഇവയെ വാമദേവന്നു ഞാൻ മടക്കിക്കൊടുക്കുകയില്ല."

ആ അശ്വങ്ങളെ മാനിന്റെ നേരെ ഓടിച്ചു മാനിനെ പിടിച്ചു. സ്വനഗരത്തിലെത്തി അശ്വങ്ങളെ സ്വന്തം ആലയത്തിൽ നിറുത്തി.

അശ്വങ്ങളെ രാജാവു മടക്കിക്കൊണ്ടുവന്നില്ലെന്നു കണ്ടപ്പോൾ മഹർഷി വിചാരിച്ചു: "യുവാവായ രാജപുത്രൻ നല്ല വാഹനത്തെ കിട്ടിയതുമൂലം സുഖിക്കുകയാകാം. മടക്കിത്തരുന്നില്ല. കഷ്ടം തന്നെ!"

അങ്ങനെ മഹർഷി ആലോചിച്ചു മാസം ഒന്നു കഴിഞ്ഞു. ഒരു ദിവസം തന്റെ ശിഷ്യനെ വിളിച്ചു പറഞ്ഞു: "ആത്രേയ! നീ രാജാവിന്റെ അടുത്തേക്കു പോയി ആവശ്യം കഴിഞ്ഞെങ്കിൽ ഉപാദ്ധ്യായന്റെ അശ്വങ്ങളെ മടക്കിത്തന്നാൽക്കൊള്ളാമെന്നു പറയൂ!"

അവൻ നേരെ രാജാവിന്റെ അടുത്തുചെന്നു വിവരം അറിയിച്ചു. ഉടനെ രാജാവ് നിസ്സങ്കോചം പറഞ്ഞു: "ഇതു രാജാക്കന്മാർക്കു പറ്റിയ വാഹനമാണ്. ഇങ്ങനെയുള്ള രത്നങ്ങൾക്കു ബ്രാഹ്മണർ അർഹന്മാരല്ല. ബ്രാഹ്മണർക്ക് അശ്വങ്ങളെക്കൊണ്ട് എന്തുകാര്യം! കൊള്ളാം, പൊയ്ക്കൊള്ളുക."

അവൻ ചെന്നു രാജാവുപറഞ്ഞ വാക്കുകൾ മഹർഷിയോടു പറഞ്ഞു. അപ്രിയവാക്കുകേട്ട് വാമദേവൻ ക്രുദ്ധനായി താൻ തന്നെ രാജാവിന്റെ അടുക്കൽ ചെന്നു കുതിരയെ മടക്കിച്ചോദിച്ചു. രാജാവ് കൊടുത്തില്ല.

digitized by www.sreyas.in

വാമദേവൻ പറഞ്ഞു: "രാജാവേ! എന്റെ വാമ്യങ്ങളെ തരിക. അസാദ്ധ്യമായ കർമ്മം നീ അവയാൽ നിർവ്വഹിച്ചില്ലേ? ബ്രഹ്മക്ഷത്രങ്ങൾക്ക് ഇടയ്ക്കു നില്ക്കുന്ന നിന്നെ വലിയ പാശമെടുത്തു വരുണൻ സംഹരിക്കാതിരിക്കണമെങ്കിൽ വാമ്യങ്ങളെ എനിക്കു മടക്കിത്തന്നേക്കുക!"

രാജാവു പറഞ്ഞു: "ഹേ വാമദേവാ! വിപ്രന്മാർക്കു ചേർന്നതു രണ്ടു കാളകളെപ്പൂട്ടിയ വണ്ടിയാണ്. അതു ഞാൻ തരാം. പിന്നെ നിന്നെപ്പോലുള്ളവർക്കു വാഹനം ഛന്ദസ്സാണ്."

വാമദേവൻ പറഞ്ഞു: "എന്റെ കൂട്ടക്കാർക്ക് ഛന്ദസ്സുതന്നെയാണ് വാഹനം. പക്ഷേ, അത് ഇഹലോകത്തല്ല, പരലോകത്താണ്. ഈ ലോകത്തേക്ക് ആവശ്യമായ വാഹനം ഇതുതന്നെയാണ് എനിക്കും എന്റെ കൂട്ടുകാർക്കും."

രാജാവു പറഞ്ഞു: "വായുവേഗമുള്ള നാലു കഴുതകളോ, അല്ലെങ്കിൽ പെൺകുതിരയോ, അല്ലെങ്കിൽ കോവർ കഴുതയോ ഭവാനെ വഹിക്കട്ടെ. അവയെപ്പൂട്ടിയ വണ്ടിയിൽക്കയറി ഭവാൻ പോയാലും. വാമ്യങ്ങൾ അങ്ങയ്ക്കു ചേർന്നതല്ല. രാജാവായ എനിക്കു ചേർന്നതാണ്."

വാമദേവൻ പറഞ്ഞു: "ഹേ, രാജാവേ! ബ്രാഹ്മണർ ഘോരവ്രതന്മാരാണെന്നു കേട്ടിട്ടുണ്ടോ? ഹേ, രാജാവേ! ജീവനിൽ കൊതിയുണ്ടെങ്കിൽ കുതിരകളെ മടക്കിത്തന്നേക്കുക! അല്ലെങ്കിൽ ഇരുമ്പുപോലെ കട്ടിയായ ദേഹമുള്ള ശക്തന്മാരായ നാലു കൂറ്റൻ രാക്ഷസന്മാരെ ഞാൻ വിടും. അവർ നിന്നെ ശൂലത്താൽ കുത്തിക്കൊല്ലും."

രാജാവു പറഞ്ഞു: "ഹേ, വാമദേവാ! നീ ബ്രാഹ്മണനാണോ? നീ മനസ്സുകൊണ്ടും, വാക്കുകൊണ്ടും ഹിംസ ചെയ്യുന്നവനാണ്. ഞാൻ ഇപ്പോൾ എന്റെ ആൾക്കാരെ വിട്ട് ശൂലംകൊണ്ടു നിന്നെയും കൊല്ലും, നിന്റെ ശിഷ്യനേയും കൊല്ലും!"

വാമദേവൻ പറഞ്ഞു: "എടോ രാജാവേ! നീ എന്തു പറഞ്ഞിട്ടാണ് എന്റെ കൈയിൽനിന്ന് കുതിരകളെ കൊണ്ടുപോയത്? തിരിച്ചുതരാമെന്നു പറഞ്ഞിട്ടല്ലേ? എന്റെ വാമ്യാശ്വങ്ങളെ മടക്കിത്തരികയാണ് നിനക്കു നല്ലത്! ജീവിച്ചിരിക്കണമെന്നു മോഹമുണ്ടോ?"

രാജാവു പറഞ്ഞു: "നായാട്ട് വിപ്രന്മാർക്ക് നിശ്ചയിച്ചതല്ല. നീ അസത്യവാദിയാണ്. നിന്നോടു ഞാൻ ഒന്നും അനുശാസിക്കുന്നില്ല. നിന്റെ ആജ്ഞയൊക്കെ ഏറ്റ് ഞാൻ പുണ്യലോകം പൂകാൻ തയ്യാറാണ്."

വാമദേവൻ പറഞ്ഞു: "വിപ്രന്മാർക്ക് മനോവാക്കർമ്മങ്ങളാൽ അനുയോഗങ്ങളൊന്നുമില്ല. തപസ്സുകൊണ്ട് ബ്രഹ്മമൊക്കുന്ന വിദ്വാൻ ശ്രേഷ്ഠനായി ജീവിക്കും."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം ഹേ, യുധിഷ്ഠിരാ! വാമദേവൻ പറഞ്ഞപ്പോൾ ഘോരന്മാരായ രാക്ഷസന്മാർ അവിടെ ഉയർന്നുവന്നു. ശൂലംകൊണ്ട് അവനെ കുത്തുവാൻ തുടങ്ങി. അപ്പോൾ രാജാവ് ഇപ്രകാരം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു."

രാജാവു പറഞ്ഞു: "ഐക്ഷ്വാകുകരും, ദലനും, നാട്ടുകാരും എന്റെ കീഴിൽ നില്ക്കുന്നവരാണെങ്കിൽ ഞാൻ വാമദേവന്റെ വാമ്യങ്ങളെ വിട്ടുകൊടുക്കുന്നതല്ല. ഇത്തരം കർമ്മശീലം ഇക്കൂട്ടർക്കു പറ്റിയതല്ല. ബ്രാഹ്മണർക്ക് പറ്റിയതല്ല!"

ഇപ്രകാരം പറഞ്ഞപ്പോൾ രാക്ഷസന്മാർ കുത്തി അവനെ വീഴ്ത്തി. ആ രാജാവ് മരിച്ചുവീണു. രാജാവ് മൃതനായി എന്നറിഞ്ഞ് ഐക്ഷ്വാകുകന്മാർ ദലനെ രാജാവാക്കി.

വാമദേവൻ വിട്ടില്ല. ആ മഹർഷി ദലന്റെ അടുത്തുചെന്നു പറഞ്ഞു: "ഹേ, രാജാവേ! ഭവാന് അധർമ്മത്തിൽ ഭയമുണ്ടെങ്കിൽ ഉടനെ എന്റെ കുതിരകളെ വിട്ടുതന്നാലും."

ഇപ്രകാരം വാമദേവൻ പറഞ്ഞതുകേട്ടു ചൊടിച്ച് ആ രാജാവ് സൂതനോടു പറഞ്ഞു: "ഹേ, സൂതാ! വിചിത്രരൂപമായ ശരം വിഷത്തിൽ മുക്കിയെടുത്ത് വേഗം കൊണ്ടുവരിക. അതേറ്റ് ഉടനെ നായ്ക്കൾ കടിച്ചിഴയ്ക്കുമാറ് വാമദേവൻ ചത്തുവീഴണം."

വാമദേവൻ പറഞ്ഞു: "നിനക്കു നിന്റെ പത്നിയിൽ പിറന്ന പത്തുവയസ്സായ ഒരു പുത്രൻ ഇപ്പോൾ ഉണ്ടല്ലോ. നിനക്കു പ്രിയപ്പെട്ടവനായ ആ പുത്രനെ നീ വേഗം കൊല്ലുക. അതാണ് നീ ചെയ്യേണ്ടത്. ഇത് എന്റെ വാക്കാണ്."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം ആ വാമദേവൻ പറഞ്ഞപ്പോൾ വാമദേവന്റെ നേർക്കു പ്രയോഗിച്ച അത്യുഗ്രമായ ആ ബാണങ്ങൾ അന്തഃപുരത്തിലേക്കു പാഞ്ഞുചെന്ന് രാജാവിന്റെ പുത്രനെ കൊന്നു. ഈ വൃത്താന്തം കേട്ടപ്പോൾ ദലൻ ഇപ്രകാരം പറഞ്ഞു: 'ഹേ, ഐക്ഷ്വാകുകരേ! ഞാൻ നിങ്ങൾക്കു നന്ദി ചെയ്യാം. ഞാൻ ഇതാ ഈ വിപ്രനെ ശരങ്ങൾകൊണ്ടു സംഹരിക്കുന്നു. എന്റെ വീര്യം നിങ്ങൾ കണ്ടുകൊള്ളുവിൻ' എന്നു പറഞ്ഞ് അത്യുഗ്രമായ വേറെ ഒരു അമ്പ് സൂതനോട് എടുക്കുവാൻ ആജ്ഞാപിച്ചു.

വാമദേവൻ പറഞ്ഞു: "എടോ രാജാവേ! വിഷത്തിൽ മുക്കി ഊട്ടിയെടുത്ത മഹാഘോരമായ അസ്ത്രം നീ എന്നിൽ പ്രയോഗിക്കുവാനാണല്ലോ വിചാരിക്കുന്നത്. ആ ബാണവർഷം വിടുവാനും തൊടുത്തു പിടിക്കുവാനും നിനക്കു സാധിക്കുകയില്ല."

രാജാവു പറഞ്ഞു: "എടോ ഐക്ഷ്വാകുകരേ! എന്നെ ഇതാ സ്തംഭിപ്പിച്ചിരിക്കുന്നു. എനിക്ക് അമ്പെയ്യുവാൻ കഴിയാതായിരിക്കുന്നു. നിങ്ങൾ നോക്കുവിൻ, എനിക്ക് ഇദ്ദേഹത്തെ കൊല്ലുവാൻ സാധിക്കുന്നില്ല. പുണ്യവാനായ വാമദേവൻ, സാധു, ജീവിച്ചുകൊള്ളട്ടെ."

വാമദേവൻ പറഞ്ഞു: "നിന്റെ പത്നിയെ നീ ബാണം എയ്തു കൊല്ലുക. എന്നാൽ നിനക്ക് ഇതിലുള്ള പാതകം തീരുന്നതാണ്."

വാമദേവന്റെ വാക്കുകേട്ട് രാജാവ് അപ്രകാരം ചെയ്തു. ശരം ഏറ്റ് രാജപുത്രി മുനീന്ദ്രനോടു പറഞ്ഞു.

രാജപുത്രി പറഞ്ഞു: "നിത്യവും ഓരോ ക്രൂരകൃത്യങ്ങൾ ചെയ്യുവാൻ ഞാൻ ഇവനോടാജ്ഞാപിച്ചു. എന്നാൽ വിപ്രന്മാരുടെ നേരെ സത്യവും നല്ലവാക്കും കാത്തവളാണ് ഞാൻ. അതുകൊണ്ട് എനിക്കു പുണ്യലോകങ്ങൾകിട്ടുവാൻ ഭവാൻ അനുഗ്രഹിക്കണം!"

വാമദേവൻ പറഞ്ഞു: "എടോ ശുഭേക്ഷണേ! നീ രാജകുലം രക്ഷിച്ചിരിക്കുന്നു. നീ എന്നിൽനിന്നു മുഖ്യമായ വരം വാങ്ങിക്കൊള്ളുക. ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നീ മഹിതമായ ഇക്ഷ്വാകുരാജ്യം വാണ്, ഹേ, മാന്യയായ രാജപുത്രീ! സ്വജനങ്ങളെ ശാസിക്കുക."

രാജപുത്രി പറഞ്ഞു: "ഭഗവാനേ! ഞാൻ അങ്ങയോടു വരം അർത്ഥിക്കുന്നു. എന്റെ ഭർത്താവ് പാപത്തിൽനിന്നു കരകേറേണമേ! അദ്ദേഹം പുത്രമിത്രങ്ങളോടുകൂടി വർത്തിക്കുവാൻ ഭവാനോടർത്ഥിക്കുന്നു!"

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ആ മുനീന്ദ്രൻ രാജപുത്രിയുടെ അഭ്യർത്ഥന കൈക്കൊണ്ടു. 'നിന്റെ ആഗ്രഹം സാധിക്കട്ടെ!' എന്നു വരം നല്കി."

പിന്നെ രാജാവ് വാമദേവന്ന് നന്ദിയോടുകൂടി വാമ്യങ്ങളെ മടക്കിക്കൊടുത്തു."

193. ബകശക്രസംവാദം – വൈശമ്പായനൻ പറഞ്ഞു: "മാർക്കണ്ഡേയനോട് മഹർഷിമാരും ബ്രാഹ്മണരും ധർമ്മപുത്രനും ചോദിച്ചു:"

"ഹേ, മഹർഷേ! ബകമഹർഷി എന്തുകൊണ്ടാണു ദീർഘായുഷ്മാനായത്?"

മാർക്കണ്ഡേയൻ പറഞ്ഞു: "ബകമഹർഷി മഹാതപസ്വിയായിരുന്നു. അതാണ് ദീർഘായുസ്സായത്. അതിന്നു യാതൊരു സംശയവുമില്ല."

ഇതുകേട്ടു യുധിഷ്ഠിരൻ അനുജന്മാരോടുകൂടി മാർക്കണ്ഡേയനോടു പറഞ്ഞു: "മഹാന്മാരായ ബകനും, ദാൽഭ്യനും

digitized by www.sreyas.in

ചിരംജീവികളാണെന്നു ഞങ്ങൾ കേൾക്കുന്നു. അവർ ലോകപ്രസിദ്ധരായ മുനിമാരും ഇന്ദ്രന്റെ സുഹൃത്തുക്കളുമാണെന്നും കേൾക്കുന്നു. അവരെപ്പറ്റി അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. ഇന്ദ്രനും ബകനുമായുള്ള സമാഗമം മുതലായവയൊക്കെ പറഞ്ഞാലും. ഭവാൻ സുഖദുഃഖസമ്മിശ്രമായ ആ കാര്യങ്ങളൊക്കെ പറഞ്ഞു ഞങ്ങളെ അറിയിക്കണേ!"

മാർക്കണ്ഡേയൻ പറഞ്ഞു: "രോമാഞ്ചമഞ്ചുമാറ് ദേവാസുരന്മാർ തമ്മിലുള്ള യുദ്ധം കഴിഞ്ഞപ്പോൾ ഇന്ദ്രൻ മൂന്നുലോകത്തിന്നും നാഥനായിത്തീർന്നു. വർഷം വേണ്ടവിധം ഉണ്ടാവുകയും സസ്യങ്ങൾ സമൃദ്ധിയായി വളരുകയും ചെയ്തു. ജനങ്ങളൊക്കെ ധർമ്മിഷ്ഠരാവുകയും രോഗമൊക്കെ ഒഴിഞ്ഞുപോവുകയും ചെയ്തു. എല്ലാവരും നന്ദിയോടുകൂടി സ്വധർമ്മം തെറ്റാതെ നിഷ്ഠയോടുകൂടി നടന്നു.

സന്തോഷത്തോടെ ജീവിക്കുന്ന പ്രജകളെയെല്ലാം കണ്ട് ദേവരാജാവും ശതക്രതുവുമായ ഇന്ദ്രൻ ചോദിച്ചു. ഇന്ദ്രൻ ഐരാവതഗജത്തിന്റെ പുറത്തിരുന്നു സഞ്ചരിച്ച് ജനങ്ങളെയൊക്കെ കണ്ടുപോരിക പതിവായി.

വിചിത്രമായ ആശ്രമങ്ങൾ, ഗ്രാമങ്ങൾ, നാട്ടിൻപുറങ്ങൾ, സമൃദ്ധമായ പട്ടണങ്ങൾ, നാനാപുണ്യസ്ഥലങ്ങൾ, നദീസ്ഥലങ്ങൾ എന്നിവയേയും പ്രജാക്ഷേമതല്പരരും ധർമ്മിഷ്ഠരുമായ നൃപന്മാരേയും കിണറുകൾ, തണ്ണീർപ്പന്തലുകൾ, വാപികൾ, തടാകങ്ങൾ, പൊയ്കകൾ, നാനാബ്രഹ്മാചാരമുള്ള വിപ്രന്മാർ അധിവസിക്കുന്ന ഇടങ്ങൾ എന്നിവയുമൊക്കെ സന്ദർശിച്ചതിന്നുശേഷം ഭംഗിയേറിയ ഭൂമിയിൽ ഇറങ്ങുകയും രമ്യമായ പല വൃക്ഷങ്ങൾ നില്ക്കുന്ന പുണ്യസ്ഥലത്ത് കിഴക്കൻ ദിക്കിൽ അംഭോധിതടത്തിൽ രമ്യമായി വിളങ്ങുന്ന ആശ്രമത്തിൽ മൃഗദ്വിജഗണം ചൂഴുന്ന പുണ്യാശ്രമഭാഗത്തുവച്ച് ഇന്ദ്രൻ ബകരാജർഷിയെ കാണുകയും ചെയ്തു.

ബകൻ ഇന്ദ്രനെക്കണ്ട് ഏറ്റവും സന്തുഷ്ടചിത്തനായി പാദ്യാസനാർഘ്യഫലമൂലങ്ങളാൽ സൽക്കരിച്ചതിന്നുശേഷം സുഖമായി ഇരുന്നു. വരദനും വലനാശനനുമായ ഇന്ദ്രൻ ബകനോടു ചോദിച്ചു: "ഹേ, മാമുനേ! ഭവാൻ ജനിച്ചിട്ട് നൂറായിരം വർഷം ചെന്നുവല്ലോ. ഞാൻ ഒന്നു ചോദിക്കട്ടെ, ചിരംജീവികൾക്ക് എന്താണ് ദുഃഖമുളവാക്കുന്ന സംഗതി? അനുഭവം കൊണ്ടു ഭവാനു തോന്നുന്നതു പറഞ്ഞാലും!"

ബകൻ പറഞ്ഞു: "മഹേന്ദ്രാ! ഞാൻ പറയാം.അപ്രിയന്മാരോടു കൂടെയുള്ള നിവാസം ദുഃഖകരമാണ്. പ്രിയന്മാർ വിട്ടുപോകുന്നതും ദുഃഖമാണ്. അസത്തുക്കളുമായുള്ള സംസർഗ്ഗവും, മഹാസങ്കടമാണ്. പിന്നെ, പുത്രൻ, ഭാര്യ മുതലായവരുടെ മരണം ജ്ഞാതിമിത്രങ്ങളുടെ നാശം, പരാധീനത ഇവയിൽ അപ്പുറമായി കഷ്ടമായ ദുഃഖമെന്തുണ്ട്? ലോകത്തിൽ ഇവയിലും വലുതായ കഷ്ടമൊന്നുമില്ല എന്നാണ് എന്റെ അഭിപ്രായം."

"സമ്പത്തില്ലാത്ത നരനെ മറ്റുള്ളവർ നിരസിക്കുന്നു.കുലമില്ലാത്തവർക്ക് കുലോല്പത്തി, കുലീനന്മാർക്കു കുലക്ഷയം ഇവയുടെയൊക്കെ ചേർച്ചയും വേർപാടും, ഇവയൊക്കെ ചിരംജീവികൾ കാണുന്നു."

"ഹേ, ശതക്രതോ! ഭവാന് ഇതൊക്കെ പ്രത്യക്ഷാനുഭവമല്ലേ? സമ്പൽസമൃദ്ധരായ അകുലീനന്മാർ കുലം മാറുന്നില്ലേ? ദേവദാനവഗന്ധർവ്വന്മാരും മനുഷ്യഫണിരാക്ഷസന്മാരും വിപരീതഭാവം കൈക്കൊള്ളുന്നതും ഭവാൻ കാണുന്നില്ലേ? ഇതിലും വലിയ കഷ്ടം എന്താണ്?

"കുലീനന്മാർ ദുഷ്കുലജാതന്മാരുടെ പിടിയിൽക്കിടന്നു ക്ലേശിക്കുന്നു. ആഢ്യന്മാരുടെ ചൊല്പടിയിൽ ദരിദ്രന്മാർ നില്ക്കുന്നു. ഇതിലും വലിയ ദുഃഖം എന്തുണ്ട്? ഇങ്ങനെ പലമട്ടിലും ലോകത്തിൽ വൈധർമ്മ്യം കാണുന്നു. മൂഢന്മാർ സമ്പൽസമൃദ്ധി നേടുകയും സമർത്ഥന്മാരായ വിദ്വാന്മാർ ദാരിദ്ര്യാദിദുഃഖങ്ങളാൽ കുഴങ്ങുകയും ചെയ്യുന്നു. മാനുഷമായ ഇത്തരം ദുഃഖക്ലേശങ്ങൾ വളരെ കാണുന്നുണ്ട്."

ഇന്ദ്രൻ പറഞ്ഞു: "ഹേ, മഹാഭാഗ! ദേവർഷിഗണങ്ങളാൽ പൂജിക്കപ്പെടുന്ന ശ്രേഷ്ഠാ! ഭവാൻ ഇനി എന്നോടു പറയൂ, ചിരംജീവികൾക്ക് എന്താണു സുഖം എന്ന്?"

ബകൻ പറഞ്ഞു: "പറയാം മഹേന്ദ്ര! എട്ടോ പന്ത്രണ്ടോ ദിവസം ചെന്നാലേ അടുപ്പിൽ തീ പൂട്ടുന്നുള്ളുവെങ്കിലും, വെറും ചീര തിളപ്പിച്ചു കഴിക്കുന്നുള്ളുവെങ്കിലും, അതു ദുഷ്ടമിത്രങ്ങളുടെ സഹായം കൂടാതെയാണെങ്കിൽ അതിൽപ്പരം സുഖം മറ്റൊന്നുമില്ല. 'ഇയാൾ വന്നിട്ട് ഇന്നേക്ക് എത്രദിവസമായി' യെന്നും 'ഈയാൾ ഒരു പെരുതീനിതന്നെ' യെന്നും കേൾക്കാൻ ഇടവരാതെ ചീരക്കറിമാത്രം വെച്ചു കഴിക്കുകയാണെങ്കിലും അതാണ് സ്വഗൃഹത്തിൽ സുഖമായിട്ടുള്ളത്. പരസഹായം കൂടാതെ സ്വന്തം വീര്യംകൊണ്ടു നേടി സ്വഗൃഹത്തിൽവെച്ച കായോ ചീരയിലയോ ആണ് അനിന്ദ്യവും, മെച്ചവും, സുഖപ്രദവും. അന്യന്റെ വീട്ടിൽനിന്ന് ഉണ്ണുന്നവന്ന് പരിഭൂതിയിൽ എപ്പോഴും മൃഷ്ടാന്നമായാലും ശങ്കിച്ചുകൊണ്ടു കഴിക്കുന്ന ആ ആഹാരം സത്തുക്കൾക്ക് മെച്ചമായി ഭവിക്കുകയില്ല. വെള്ളം കുടിക്കുന്ന നായയെപ്പോലെ പരാന്നത്തെ കൊതിക്കുന്ന ദുഷ്ടലുബ്ധന്നു ലഭിക്കുന്ന ആ ഭക്ഷണത്തെപ്പോലെ നിന്ദ്യമായ ഭക്ഷണം മറ്റൊന്നുമില്ല.

പാന്ഥന്മാർക്കും, ജീവികൾക്കും, പിതൃക്കൾക്കും, നല്കിയതിന്നുശേഷം, ദ്വിജോത്തമന്മാർ അവശേഷിച്ച ആഹാരം കഴിക്കുന്നു. ഇതിനേക്കാൾ സുഖമായ ആഹാരം മറ്റെന്തുണ്ട്? ഇതിനേക്കാൾ മൃഷ്ടവും ഇതിനേക്കാൾ ശുദ്ധവുമായി വേറെ ആഹാരമൊന്നുമില്ല വാസവാ!

പാന്ഥന്മാർക്കു കൊടുത്ത്, നിത്യവും ഭക്ഷിക്കുന്ന ദ്വിജൻ എത്ര ചോറ്റുരുളകൾ ഉണ്ണുന്നുവോ അത്ര ഗോസഹസ്രദാനഫലം ആ ദാനശീലൻ ഏല്ക്കുന്നു. യൗവനത്തിൽ ചെയ്ത പാപങ്ങളൊക്കെ അവന്നു നശിക്കുകയും ചെയ്യും.

ദക്ഷിണയോടെ ബ്രാഹ്മണന്നു സദ്യ നല്കി അവന്റെ കൈയിലെ ജലം വെള്ളത്തിൽ ഏറ്റാൽ ഉടനെ പാപമൊക്കെ നശിക്കും."

ഇവയും മറ്റു പല ശുഭകഥയും പറഞ്ഞ് ബകനോടുകൂടി വളരെനേരം ദേവേന്ദ്രൻ സംസാരിച്ചിരുന്നതിന്നുശേഷം സസന്തോഷം വാനിലേക്കു പോവുകയും ചെയ്തു."

194. ശിബിചരിതം – വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ വീണ്ടും മാർക്കണ്ഡേയനോടു പറഞ്ഞു. "ബ്രാഹ്മണരുടെ മഹാഭാഗത്വത്തെപ്പറ്റി ഭവാൻ പറഞ്ഞുവല്ലോ. ഇനി രാജാക്കന്മാരുടെ മഹാഭാഗത്വവും കൂടി കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "എന്നാൽ ഇനി രാജാക്കന്മാരുടെ മഹാഭാഗത്വം പറയാം. നിങ്ങൾ കേട്ടുകൊള്ളുവിൻ."

കുരുവംശത്തിൽ സുഹോത്രൻ എന്നുപേരായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം രാജർഷിമാരെച്ചെന്നുകണ്ട് മടങ്ങിപ്പോരുമ്പോൾ വഴിക്കുവച്ച് തേരിൽക്കയറി നേരിട്ടുവരുന്ന ഔശീനരനായ ശിബിരാജാവിനെ കണ്ടു. നേരിട്ടുചെന്ന് അവർ രണ്ടുപേരും വയഃക്രമം പോലെ സൽക്കാരം ചെയ്തതിന്നുശേഷം ഗുണസാമ്യം കൊണ്ട് രണ്ടുപേരും തുല്യരാണെന്നു വിചാരിച്ച് അന്യോന്യം വഴിമാറിക്കൊടുക്കാതെ നിന്നു. അങ്ങനെ രണ്ടുപേരും നില്ക്കുന്ന സമയത്ത് നാരദമഹർഷി അവിടെ പ്രത്യക്ഷനായി. നാരദൻ ചോദിച്ചു: "ഹേ, രാജാക്കന്മാരേ! നിങ്ങൾ എന്താണ് പരസ്പരം വഴിമാറാതെ തടഞ്ഞുനില്ക്കുന്നത്?"

അവർ രണ്ടുപേരും നാരദനോടു പറഞ്ഞു: "ഭഗവാനേ! പൂർവ്വകർമ്മകർത്തൃത്വാദികൾകൊണ്ട് വിശിഷ്ടനോ, സമർത്ഥനോ ആയവന്ന് വഴിമാറിക്കൊടുക്കാറുണ്ട്. ഞങ്ങൾ തമ്മിൽ സഖികളാണ്. ആലോചിക്കുമ്പോൾ ഞങ്ങൾ തമ്മിൽ മേലും കീഴും കാണുന്നില്ല. ആർ ആർക്കു വഴിമാറിക്കൊടുക്കണമെന്നു കാണുന്നില്ല."

നാരദൻ പറഞ്ഞു: "ക്രൂരൻ മൃദുശീലനിൽ യോജിക്കയില്ല. ക്രൂരനിൽ മൃദുശീലനും യോജിക്കയില്ല. ദുർജ്ജനത്തിൽ

digitized by www.sreyas.in

സജ്ജനം യോജിക്കയില്ല. എന്നാൽ സജ്ജനം സജ്ജനത്തിൽ എന്തുകൊണ്ടു യോജിക്കുന്നില്ലാ? സാധുക്കളുടെ സ്വഭാവം എന്താണെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ഒരുത്തൻ ഒരു ഉപകാരം ചെയ്താൽ അവന്ന് നൂറിരട്ടി ഉപകാരം സാധുവായവൻചെയ്യും. അങ്ങനെയാണ് അവരുടെ മാതിരി. ഹേ, രാജാവേ! ഔശീനരൻ ഭവാനേക്കാൾ സാധുശീലനാണെന്നു വിചാരിക്കുക. പിശുക്കനെ ദാനംകൊണ്ടും, അസത്യവാദിയെ സത്യം കൊണ്ടും, ക്രൂരനെ ക്ഷമകൊണ്ടും, അസാധുവിനെ സാധുത്വം കൊണ്ടും ജയിക്കാം. എന്നാൽ ഉദാരന്മാരായ നിങ്ങൾ രണ്ടുപേരും എന്തുകൊണ്ട് അങ്ങനെ ചെയ്യുന്നില്ല? നിങ്ങൾ യോഗ്യരാണ്. നിങ്ങളിൽ ഒരാൾ ഒഴിഞ്ഞുമാറണം. നിങ്ങളുടെ ഉദാരത ഇപ്പോൾ വെളിപ്പെടുത്തുകയാണു വേണ്ടത്. "ഇപ്രകാരം പറഞ്ഞ് നാരദൻ മിണ്ടാതെ നിന്നു. ഇതുകേട്ട ഉടനെ കൗരവ്യരാജാവ് ശിബിരാജാവിനെ പ്രദക്ഷിണംവെച്ച് പല കർമ്മങ്ങളാലും പ്രശംസിച്ചുപോവുകയും ചെയ്തു." ഇങ്ങനെ നാരദൻ രാജാവിന്റെ മഹാഭാഗത്വത്തെപ്പറ്റി പറഞ്ഞു.

195. നാഹുഷചരിതം – നഹുഷപുത്രനായ യയാതിയുടെ ദാനം – മാർക്കണ്ഡേയൻ പറഞ്ഞു: "യുധിഷ്ഠിരാ! ഇനിയും പറയാം.

നഹുഷപുത്രനായ യയാതിമഹാരാജാവ് പൗരന്മാരോടുകൂടി രാജ്യത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ബ്രാഹ്മണൻ ഗുരുദക്ഷിണയ്ക്ക് ധനം അർത്ഥിക്കുവാനായി അവിടെ എത്തി. രാജാവിന്റെ സന്നിധിയിൽ ചെന്നെത്തി പറഞ്ഞു."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, മന്നവേന്ദ്രാ! ഗുരുദക്ഷിണയ്ക്കു വേണ്ട ദ്രവ്യം സമയവിധേയനായി (കരാറുപ്രകാരം) ഞാൻ ഭവാനോടു യാചിക്കുന്നു."

രാജാവു പറഞ്ഞു: "മഹാശയാ! സമയം (കരാറ്) എന്താണെന്നു പറഞ്ഞാലും."

ബ്രാഹ്മണൻ പറഞ്ഞു: "രാജാവേ! യാചിക്കുന്നവരിൽ ജനങ്ങൾക്കു വെറുപ്പുതോന്നുക സാധാരണമാണ്. അതുകൊണ്ട് ഞാൻ ഭവാനോട് എന്തുവേണമെന്നു പറയുന്നില്ല. സന്തോഷിച്ചു തരുന്നത് സന്തോഷിച്ചു വാങ്ങും."

രാജാവു പറഞ്ഞു: "ഹേ, ബ്രാഹ്മണാ! രാജാവായ ഞാൻ കൊടുത്തതിനെപ്പറ്റി ഒരിക്കലും ആത്മപ്രശംസ ചെയ്യുകയില്ല. യാചിച്ചാൽ അന്യനു കൊടുക്കാവുന്ന ധനമേ എന്റെ കൈവശമുള്ളു. കൊടുത്തുകഴിഞ്ഞതിന്റെ ശേഷം നഷ്ടമായ ധനത്തെപ്പറ്റി ഓർത്തു ദുഃഖിക്കയുമില്ല. സുഖത്തോടെതന്നെ ഇരിക്കും. യാചിച്ച് എന്റെ അരികെവരുന്ന ബ്രാഹ്മണനോട് എനിക്ക് ഇഷ്ടമേ തോന്നുകയുള്ളു. യാചിച്ചവനോട് ഞാൻ ഒരിക്കലും കോപിക്കുകയില്ല. ഭവാന് ഞാൻ ഈ ആയിരം പശുക്കളെ ദാനം ചെയ്യുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "രാജാവ് ആയിരം പശുക്കളെ ദാനം ചെയ്തു. ആ പശുക്കളെ ഏറ്റുവാങ്ങി ബ്രാഹ്മണൻ പോവുകയും ചെയ്തു."

196. സേദുകവൃഷദർഭചരിതം – പിന്നെയും മഹാഭാഗത്വത്തെപ്പറ്റി പറഞ്ഞാൽക്കൊള്ളാമെന്നു യുധിഷ്ഠിരൻ പറഞ്ഞപ്പോൾ മാർക്കണ്ഡേയൻ പറഞ്ഞുതുടങ്ങി:

"ഹേ, യുധിഷ്ഠിരാ! വൃഷദർഭനെന്നും, സേദുകനെന്നും പേരായി രണ്ടു രാജാക്കന്മാരുണ്ടായിരുന്നു. അവർ നീതിമാർഗ്ഗചാരികളും അസ്ത്രോപാസ്ത്രങ്ങളിൽ സമർത്ഥരുമായിരുന്നു. ബ്രാഹ്മണനു സ്വർണ്ണനാണ്യവും, വെള്ളിനാണ്യവുമല്ലാതെ മറ്റൊന്നും ദാനംചെയ്യരുതെന്നു ഗൂഢമായ വ്രതം വൃഷദർഭന്നു ചെറുപ്പത്തിൽത്തന്നെ സേദുകൻ ഉപദേശിച്ചിരുന്നു. വേദാദ്ധ്യയനം കഴിഞ്ഞശേഷം ഒരു ബ്രാഹ്മണൻ സേദുകന്റെ അടുക്കൽ ച്ചെന്നു. ഗുരുദക്ഷിണയ്ക്കായി ദ്രവ്യം യാചിച്ചു: "ഭവാൻ എനിക്ക് ആയിരം അശ്വങ്ങളെ തന്നാൽക്കൊള്ളാം. ഗുരുവിന്നു ദക്ഷിണ നല്കാനാണ്."

സേദുകൻ പറഞ്ഞു: "ഹേ ബ്രാഹ്മണാ! ഗുരുദക്ഷിണയ്ക്കു ദ്രവ്യം തരുവാൻ എന്റെ കൈയിൽ ഒന്നുമില്ല. അങ്ങ് വൃഷദർഭന്റെ അടുക്കൽച്ചെന്നു യാചിക്കുക. ആ രാജാവ് മഹാധർമ്മജ്ഞനാണ്. ഹേ, ബ്രാഹ്മണ! അവനോടു ചോദിച്ചാൽ അവൻ തരാതിരിക്കയില്ല. യാചിച്ചാൽ കൊടുക്കണമെന്ന് അവന്നു ഗൂഢമായ വ്രതമുണ്ട്."

സേദുകന്റെ വാക്കുകേട്ട് ആ ബ്രാഹ്മണൻ അവിടെനിന്നു പോയി വൃഷദർഭന്റെ അടുക്കൽച്ചെന്നു. അവൻ യാചിച്ചു: "രാജാവേ, ഗുരുദക്ഷിണയ്ക്കായി എനിക്ക് ആയിരം കുതിരകളെ തന്നാലും!"

അവന്റെ അഭ്യർത്ഥന കേട്ടയുടനെ രാജാവു ചമ്മട്ടിയെടുത്ത് ആ സാധുബ്രാഹ്മണന്റെ പുറത്തു പ്രഹരിച്ചു.

ബ്രാഹ്മണൻ അടികൊണ്ടു പുളഞ്ഞു ചോദിച്ചു: "ഹേ,രാജാവേ! ഭവാൻ എന്താണു നിരപരാധികളെ ഇങ്ങനെ പ്രഹരിക്കുന്നത്?" എന്നുപറഞ്ഞു ശപിക്കുവാൻ ഭാവിച്ചു. ഉടനെ രാജാവു ചോദിച്ചു: "ഭവാൻ ആരെയാണു ശപിക്കുവാൻ വിചാരിക്കുന്നത്? ചോദിച്ച മുതൽ തരാത്തവനെയാണോ ശപിക്കുന്നത്? അതോ ബ്രഹ്മണ്യനായ മറ്റുവല്ലവനെയോ ശപിക്കുന്നത്?"

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, രാജാവേ! സേദുകൻ പറഞ്ഞയച്ചിട്ടാണ് ഞാൻ ഇങ്ങോട്ടു വന്നത്. അവൻ പറഞ്ഞുതന്നപ്രകാരമാണ് ഞാൻ ഭവാന്റെ അടുത്തുവന്നു യാചിച്ചത്."

ഇതുകേട്ടു രാജാവു ബ്രാഹ്മണനോടു പറഞ്ഞു: "ഹേ, ബ്രാഹ്മണ! ഇന്ന് എനിക്കു കിട്ടുന്ന കരം മുഴുവൻ അങ്ങയ്ക്കു പൂർവ്വാഹ്നത്തിൽ തരുന്നതാണ്. ചമ്മട്ടികൊണ്ട് അടിച്ചവനെ വെറുതെ വിട്ടയയ്ക്കുവാൻ പാടുണ്ടോ?"

എന്നുപറഞ്ഞു രാജാവ് ആ ബ്രാഹ്മണനു തന്റെ ഒരുദിവസത്തെ പിരിവു മുഴുവൻ കൊടുത്തു. അനേകം അശ്വസഹസ്രങ്ങളെ വാങ്ങാൻ ആ വക മതിയായിരുന്നു."

197. ശിബിചരിതം – മാർക്കണ്ഡേയൻ പറഞ്ഞു: ഹേ, യുധിഷ്ഠിരാ! ദേവകളുടെ ഇടയിൽ ഒരു സംസാരമുണ്ടായി: 'നമുക്കു ഭൂമിയിൽ ഔശീനരനായ ശിബിരാജാവിനെ നല്ലവണ്ണം ഒന്നു പരീക്ഷിച്ചുനോക്കണം.' ഇന്ദ്രനും അഗ്നിയും പറഞ്ഞു: "അങ്ങനെ തന്നെ; നമുക്കു പുറപ്പെടാം."

അഗ്നി മാടപ്രാവിന്റെ രൂപത്തിലും ഇന്ദ്രൻ പരുന്തിന്റെ രൂപത്തിലും പുറപ്പെട്ടു.

മാടപ്രാവിന്റെ പിന്നാലെ മാംസാർത്ഥിയായ വിധം പരുന്തു പറന്നു. കപോതം പേടിച്ചുവിറച്ച് ദിവ്യാസനസ്ഥനായ രാജാവിന്റെ മടിയിൽച്ചെന്നുവീണു. ഉടനെ പുരോഹിതൻ രാജാവിനോടു പറഞ്ഞു: "പ്രാണരക്ഷയ്ക്കുവേണ്ടി പരുന്തിനെ ഭയപ്പെട്ട് ഭവാനെ ഈ കപോതം ശരണം പ്രാപിച്ചിരിക്കുന്നു! ദിഗന്തനാഥനായ രാജാവ് ഇതിന്നു പ്രതിവിധി ചെയ്യണം. കപോതപാതം ദുശ്ശകുനമാണെന്നാണു പറയുന്നത്."

ഇതുകേട്ടു കപോതം രാജാവിനോടു പറഞ്ഞു: "പ്രാണരക്ഷയ്ക്കുവേണ്ടി പരുന്തിനെ ഭയപ്പെട്ടു ഞാൻ ഭവാനെ ഇതാ ശരണം പ്രാപിക്കുന്നു. മുനിയായിരുന്ന ഞാൻ പരകായപ്രവേശം ചെയ്തവനാണ്. പ്രാണരക്ഷയ്ക്കു ഭവാനല്ലാതെ എനിക്കു ശരണം ആരുമില്ല. ഞാൻ സ്വാദ്ധ്യായകർശിതനായ ബ്രഹ്മചാരിയാണെന്നു ഭവാൻ അറിയണേ! തപസ്സും ദമവുമുള്ളവനും ആചാര്യന്ന് അപ്രതികൂലവാക്കു പറയുന്നവനുമാണ്. അപ്രകാരമുള്ള ഞാൻ നിർദ്ദോഷിയാണെന്നു ഭവാൻ അറിഞ്ഞാലും. ഞാൻ ഛന്ദസ്സു ശീലിച്ചവനാണ്. പ്രത്യക്ഷരം എല്ലാ വേദവും പഠിച്ചവനാണ്. ശ്രോത്രിയനെ ദാനമായി നല്കുന്നതു നന്നല്ല. ഞാൻ വെറും പ്രാവല്ല. ശ്യേനന്ന് എന്നെ നല്കരുതേ!"

ഉടനെ ശ്യേനൻ പറന്നുവന്നു രാജാവിന്റെ മുമ്പിൽ നിന്നു പറഞ്ഞു: "ജന്മംതോറും സ്ഥിതി മാറിവരുന്നു.ഭവാൻ കപോതത്തിനേക്കാൾ മുമ്പ് ഉണ്ടായവനാണ്. ഭവാൻ ഈ പ്രാവിനെ പിടിച്ചുവെച്ച് എനിക്കു വിഘ്നം ഉണ്ടാക്കരുതേ രാജാവേ!"

digitized by www.sreyas.in

രാജാവു പറഞ്ഞു: "ഈ ശകുന്തങ്ങൾ സംസ്കൃതമായ വാക്കുകൾ ഉച്ചരിക്കുന്നു. ഇമ്മാതിരി പക്ഷികളെ ഞാൻ കണ്ടിട്ടില്ല. പ്രാവും പരുന്തും എന്നമട്ടിൽ ഇവറ്റ സംസാരിക്കുന്നു. ഇവറ്റയെ അറിഞ്ഞ് എങ്ങനെ നന്മ ചെയ്യും? മഹാപാപം ചെയ്താൽ അവനു വേണ്ടകാലത്തു മഴലഭിക്കുകയില്ല. വിത്തുവിതച്ചാൽ വേണ്ടകാലത്തു മുളയ്ക്കുകയില്ല. ഭയപ്പെട്ടു വന്നവനെ ശത്രുവിന്റെ കൈയിൽ പിടിച്ചുകൊടുത്താൽ അവന്നു ത്രാണകാലത്തിൽ രക്ഷ ലഭിക്കുന്നതല്ല.

കൊച്ചുകുട്ടികൾ അവന്നു പിറന്നാൽ ഉടനെ മരിച്ചുപോകും. പിതൃക്കളും അവനിൽ പ്രസാദിക്കുകയില്ല. പേടിച്ച് അഭയം പ്രാപിച്ചവനെ ശത്രുക്കൾക്കു പിടിച്ചുകൊടുത്താൽ അവന്റെ ഹവ്യം സുരന്മാർ ഏല്ക്കുകയുമില്ല.

ഔദാര്യമില്ലാത്തോൻ നല്കുന്ന അന്നത്തിന്നും പുണ്യം ഇല്ലാതാകും. അവൻ ക്ഷണത്തിൽ സ്വർഗ്ഗഭ്രഷ്ടനുമാകും. പേടിച്ചു ശരണം പ്രാപിച്ചവനെ ശത്രുക്കൾക്കു നല്കിയാൽ ഇന്ദ്രാദികളായ ദേവന്മാർ അവന്റെ ശിരസ്സിൽ വജ്രം വീശിവിടും.

എടോ പരുന്തേ! നിനക്കു വിശപ്പടക്കുകയല്ലേ വേണ്ടൂ! വലിയ കാളയെ വെച്ചു ചോറുമായി വേവിച്ചു ധാരാളം തരാം. പ്രാവിന്നു പകരം. ഏതേതിടത്തിൽ നിനക്കു സുഖമായി രമിക്കേണമോ അതാതിടത്തിൽ നിന്നെ ഈ ശിബിനാട്ടുകാർ കൊണ്ടുപോകും."

ശ്യേനൻ പറഞ്ഞു: "എനിക്കു വലിയ കാളയും വേണ്ട ചോറും വേണ്ട; വേറെയൊന്നും വേണ്ട. ഈ പ്രാവിനേക്കാൾ അധികം മാംസം എനിക്കാവശ്യമില്ല. രാജാവേ! ഇവൻ ദേവന്മാർ എനിക്കു കല്പിച്ച ഇരയാണ്. അത് എനിക്കു തരിക."

രാജാവു പറഞ്ഞു: "വലിയ കാളയോ മച്ചിപ്പശുവോ മുഴുവനുമായി കൊണ്ടുവരട്ടെ! ഭടന്മാരെ, നിങ്ങൾ അന്വേഷിച്ചു കൊണ്ടുവരുവിൻ! ഈ പേടിച്ചുവിറയ്ക്കുന്ന പക്ഷിക്കു പകരം എന്തുവേണമെങ്കിലും കൊണ്ടുവരിക. എന്നാലും ഹേ ശ്യേന! നീ ഈ ഭീതനായ കപോതത്തെ കൊല്ലരുത്. ഞാൻ എന്റെ പ്രാണനെത്തന്നെ ത്യജിക്കാം; എന്നാലും ഞാൻ ഈ പ്രാവിനെ തരികയില്ല.

ഹേ, പരുന്തേ! ഒന്നിങ്ങോട്ടു നോക്കൂ? എത്ര സൗമ്യനാണ് ഇവൻ! പേടിച്ചു വിറയ്ക്കുകയാണു പാവം! ഹേ, സൗമ്യനായ ശ്യേന! നീ ഇവനെ ക്ലേശിപ്പിക്കരുത്! എന്തുതന്നെയായാലും ഞാൻ പ്രാവിനെ തരികയില്ല; തീർച്ചയാണ്. കർമ്മത്തിന്റെ ശ്രേഷ്ഠതമൂലം ശിബിനാട്ടുകാർ എന്നെ എന്നെന്നും നന്ദിയോടെ ഓർത്തുവാഴ്ത്തുന്നവിധത്തിൽ എടോ ശ്യേന! നീ എന്നോടു ശാസിക്കുക! എന്തു പറയുന്നുവോ അതു ഞാൻ തരുവാൻ തയ്യാറാണ്."

ശ്യേനൻ പറഞ്ഞു: "ഹേ, രാജാവേ! അങ്ങനെയാണു ഭവാന്റെ നിർബ്ബന്ധമെങ്കിൽ ഞാൻ പ്രാവിനെ വിട്ടുതരാം. എന്നാൽ ആ പ്രാവിന്നുപകരം അതിന്റെ തൂക്കത്തോളം മാംസം ഭവാന്റെ വലത്തെ തുടയിൽനിന്ന് അറുത്തെടുത്തു തരണം. എന്നാൽ മാടപ്രാവിന്നു നല്ല രക്ഷയായി. ശിബി നാട്ടുകാർ പ്രശംസിക്കും. എനിക്കും ഭവാൻ പ്രിയം ചെയ്തതായി ഭവിക്കും."

ഉടനെ പ്രാവിനെ തുലാസ്സിന്റെ തട്ടിൽവെച്ച് മറ്റേത്തട്ടിൽ രാജാവിന്റെ തുടയിൽനിന്ന് മാംസക്കട്ട വെട്ടിയെടുത്തുവച്ചു തൂക്കിനോക്കി. എന്നാൽ മാടപ്രാവിന്നു തൂക്കം അധികമായി ക്കണ്ടു. പിന്നെയും കുറെ മാംസം അറുത്തെടുത്തുവെച്ചു. മാടപ്രാവിന്നുതന്നെ തൂക്കം കൂടുതൽ! പിന്നെയും മാംസം അറുത്തെടുത്തു തുലാസ്സിൽ വെച്ചു. അപ്പോഴും മാടപ്രാവിന്റെ തൂക്കം തന്നെ കൂടുതൽ! അങ്ങനെ ശരീരത്തിലെ മാംസമൊക്കെ അറുത്തു തുലാസ്സിലിട്ടിട്ടും പ്രാവിന്റെ തൂക്കത്തോളം ആയില്ല. മാടപ്രാവിന്നുതന്നെ ഘനം കൂടുതലെന്നുകണ്ടപ്പോൾ രാജാവു താൻതന്നെ തുലാസ്സിൽ കയറിയിരുന്നു. രാജാവിന്നു യാതൊരു കുറ്റവും ഇല്ലാതായി. (കൃതാർത്ഥതയുടെ സന്തോഷം രാജാവിൽ വിളങ്ങി.) ഇതു കണ്ടപ്പോൾ പരുന്ത് 'രക്ഷിച്ചു' എന്നു പറഞ്ഞു പൊയ്ക്കളഞ്ഞു.

രാജാവു പറഞ്ഞു: "ഹേ, കപോതമേ! ശിബികൾ നിന്നെ കപോതമായി ധരിക്കുന്നു. ഹേ പക്ഷിവര്യ! ആരാണ് ആ ശ്യേനൻ? ഞാൻ കേൾക്കുവാൻ ആഗ്രഹിക്കുന്നു. ഒരു രാജാവും ഇപ്രകാരം ചെയ്യുകയില്ല. ഭഗവാനെ, ഈ ചോദ്യത്തിന്നു ഭവാൻ മറുപടി പറയണം."

കപോതം പറഞ്ഞു: "വൈശ്വാനരനും ധൂമകേതുവുമായ അഗ്നിയാണ് ഞാൻ. ശ്യേനൻ യഥാർത്ഥത്തിൽ ശ്യേനനല്ല. അവൻ സാക്ഷാൽ ശചീപതിയായ ഇന്ദ്രനാണ്. ഹേ, സൗരഥേയാ! (സുരഥയുടെ പുത്ര!) അങ്ങയെ നല്ലപോലെ പരീക്ഷിച്ചറിയാൻ ഞങ്ങൾ ഭവാന്റെ സമീപത്തു വന്നതാണ്. എനിക്കുവേണ്ടി വാളുകൊണ്ടു സ്വന്തം മാംസം അറുത്തു ഭവാൻ നല്കിയല്ലോ! ഹേ, രാജേന്ദ്രാ! നിങ്ങൾക്കു സ്വർണ്ണത്തിന്റെ നിറവും, പുണ്യവും മനോജ്ഞവുമായ ഗന്ധവും ലഭിക്കട്ടെ! ഇതു നിങ്ങൾക്കു ചിഹ്നമാകട്ടെ!

ഈ നാട്ടുകാരെ സംരക്ഷിക്കുന്ന കീർത്തിശാലിയും സുരർഷിമാർക്കു സമ്മതനുമായി ഭവാൻ ഭവിക്കട്ടെ! എന്നുമാത്രമല്ല, അങ്ങയ്ക്കു സ്വശരീരത്തിൽനിന്ന് ഒരു പുത്രൻ ജനിക്കും. അവന്റെ നാമം കപോതരോമാവ് എന്നുമാകും! ഹേ, നൃപപുംഗവ! ദൃഢശരീരനും, കീർത്തിമാനും, ശൂരനും, സൗരഥന്മാരിൽ ശ്രേഷ്ഠനുമായി അങ്ങയ്ക്കു കാണുവാൻ കഴിയും."

198. ശിബിചരിതം - രാജന്യമഹാഭാഗ്യം - വൈശമ്പായനൻ പറഞ്ഞു: "ഇനിയും മഹാഭാഗത്വത്തെപ്പറ്റി പറഞ്ഞാലും എന്ന് പാണ്ഡവന്മാർ പറഞ്ഞു. മാർക്കണ്ഡേയൻ കഥ തുടർന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "വിശ്വാമിത്രപുത്രനായ അഷ്ടകൻ എന്ന രാജർഷിയുടെ അശ്വമേധയാഗത്തിൽ എല്ലാ രാജാക്കന്മാരും വന്നുകൂടിയിരുന്നു. അഷ്ടകന്റെ ഭ്രാതാക്കന്മാരായ പ്രതർദ്ദനനും, വസുമനസ്സും, ഔശീനരനായ ശിബിയും ഉണ്ടായിരുന്നു. അവൻ യജ്ഞം കഴിഞ്ഞതിന്നുശേഷം ഭ്രാതാക്കന്മാരോടുകൂടി വിമാനത്തിൽക്കയറി. അവർ പോകുന്ന വഴിക്ക് നേരിട്ടുവരുന്ന നാരദമഹർഷിയെക്കണ്ട് അഭിവാദ്യം ചെയ്തു തേരിൽക്കയറുവാൻ ക്ഷണിച്ചു. നാരദൻ അവരുടെ ആഗ്രഹമനുസരിച്ചു തേരിൽക്കയറി. അങ്ങനെ പോകുമ്പോൾ ആ തേരിൽ ഇരിക്കുന്നവരിൽ ഒരാൾ നാരദമഹർഷിയോടു ചോദിച്ചു: "ഭഗവാനേ! പ്രസാദിക്കണം! ഞാൻ ഒന്നുചോദിക്കുവാൻ ആഗ്രഹിക്കുന്നു."

നാരദൻ പറഞ്ഞു: "ചോദിക്കാമല്ലോ!"

അവൻ ചോദിച്ചു: "ഇതിൽ ഇരിക്കുന്ന ആയുഷ്മാന്മാർ എല്ലാ ഗുണങ്ങളും തെളിഞ്ഞുവിളങ്ങുന്നവരാണല്ലോ. എന്നാൽ ദീർഘകാലം വസിക്കേണ്ടതായ സ്വർഗ്ഗത്തിലേക്ക് ഇതിൽ നാലുപേർക്കേ പോകുവാൻ അനുവാദമുള്ളൂ എന്നുവച്ചാൽ ഒരാൾ താഴെ ഇറങ്ങേണ്ടിവരുമല്ലോ. അങ്ങനെ ഇറങ്ങേണ്ടിവന്നാൽ ഇതിൽ ആരായിരിക്കും താഴെ ഇറങ്ങേണ്ടവൻ ?"

നാരദൻ പറഞ്ഞു: "ഈ അഷ്ടകൻ ഇറങ്ങും."

അവൻ അത്ഭുതത്തോടെ ചോദിച്ചു: "അത് എന്തുകൊണ്ടാണ്?"

നാരദൻ പറഞ്ഞു: "എന്തുകൊണ്ടാണെന്നു ഞാൻ പറയാം. ഞാൻ അഷ്ടകന്റെ ഗൃഹത്തിൽ പാർത്തിരുന്നു. അവൻ എന്നെ ഒരു ദിവസം തേരിൽക്കയറ്റിക്കൊണ്ടുപോയി. പോകുന്നവഴിക്കു പലനിറത്തിൽ തരം തിരിച്ച് അനേകായിരം പശുക്കൾ ഒരിടത്തു നില്ക്കുന്നതായി ഞാൻ കണ്ടു. അവനോടു ഞാൻ ഇവ ആരുടെ പശുക്കളാണ് എന്നു ചോദിച്ചു. 'ഇവയൊക്കെ ഈ ഞാൻ ദാനം ചെയ്ത വകയാണ്' എന്ന് അവൻ പറഞ്ഞു. അങ്ങനെ ആത്മപ്രശംസ ചെയ്ത കാരണം ഇവൻ ഇറങ്ങണം."

അവൻ ചോദിച്ചു: "ഇനി മൂന്നാൾക്കേ പോകുവാൻ അനുവാദമുള്ളൂ എന്നുവന്നാലോ? ആരാണ് ഇറങ്ങേണ്ടത്?"

നാരദൻ പറഞ്ഞു: "പ്രതർദ്ദനനാണ് ഇറങ്ങേണ്ടത്."

digitized by www.sreyas.in

അവൻ പറഞ്ഞു: "അതിന്ന് എന്താണു കാരണം?"

നാരദൻ പറഞ്ഞു: "കാരണം പറയാം. പ്രതർദ്ദനന്റെ ഗൃഹത്തിലും ഞാൻ പാർത്തിട്ടുണ്ട്. അവൻ എന്നെ തേരിൽക്കയറ്റിക്കൊണ്ടുപോയി. പോകുന്നവഴിക്ക് ഒരു ബ്രാഹ്മണൻ വന്നു യാചിച്ചു: "രാജാവേ! എനിക്ക് ഒരു കുതിരയെ തരണം. ഇതുകേട്ടു രാജാവു പറഞ്ഞു: "ഹേ, ബ്രാഹ്മണാ! കുതിരയെത്തരാം; ഞാൻ തിരിച്ചുവരട്ടെ!" ബ്രാഹ്മണൻ ഇതുകേട്ടു പറഞ്ഞു: "എനിക്ക് ഇപ്പോൾത്തന്നെ, വേഗത്തിൽ തരണം. "എന്നാൽ ഉടനെതന്നെയാകാം" എന്നുപറഞ്ഞ് പ്രതർദ്ദനൻ വലത്തുഭാഗത്തു പൂട്ടിയ ഒരു കുതിരയെ അഴിച്ച് അവന്നു ദാനം ചെയ്തു. അങ്ങനെ വീണ്ടും തേരോടിച്ചുപൊയ്ക്കൊണ്ടിരിക്കെ വേറെ ഒരു ബ്രാഹ്മണനും വന്നു. അവനും അശ്വത്തെ ആവശ്യപ്പെട്ടു. അവനോടും മടക്കത്തിന്നു തരാമെന്നു പറഞ്ഞു. എന്നാൽ അവനും സമ്മതിച്ചില്ല. ഉടനെതന്നെ കിട്ടണമെന്നായി. ഉടനെ അവനു പിൻകുതിരയെ അഴിച്ചു ദാനം ചെയ്തു. പിന്നേയും വന്നു വേറെ ഒരു ബ്രാഹ്മണൻ. അവനും ഉടനെതന്നെ കുതിരയെ കിട്ടണമത്രെ; മടക്കത്തിന്നു പോരാ. ഉടനെതന്നെ അവന്ന് ഇടത്തെ ഭാഗത്തു പൂട്ടിയ കുതിരയെ അഴിച്ചുകൊടുത്തു. കുതിരയേയും കൊണ്ട് അവനും പോയി. കുറച്ചുകഴിഞ്ഞപ്പോഴുണ്ട് വേറൊരു ബ്രാഹ്മണൻ അശ്വത്തിന്നായി വരുന്നു! രാജാവു പറഞ്ഞു: "ഞാൻ വേഗം ചെന്നിട്ട് അശ്വത്തെത്തരാം." ബ്രാഹ്മണൻ വിട്ടില്ല. ഉടനെതന്നെ തരണമെന്നായി. ഉടനെ തേരിൽ കെട്ടിയിരിക്കുന്ന ആ ഒറ്റക്കുതിരയെ അഴിച്ച് അവന്നു നല്കി. അനന്തരം കുതിരയില്ലാത്തതുമൂലം താൻതന്നെ തേരിൽനിന്നിറങ്ങി, തേരിന്റെ നുകത്തിൽപ്പിടിച്ചു തേർവലിച്ചു പോകുകയായി. പോകുന്ന വഴിക്ക് പ്രതർദ്ദനൻ പറഞ്ഞു: "ബ്രാഹ്മണർക്കു യുക്തായുക്തവിചാരം ലേശവുമില്ല. വിവരമില്ലാത്ത കൂട്ടർ."

അങ്ങനെ ദാനം ചെയ്യുകയും പിന്നെ ദാനം ചെയ്ത കാര്യത്തെപ്പറ്റി അസൂയപ്പെടുകയും ചെയ്തു. ആ വാക്കുകൊണ്ട് പ്രതർദ്ദനരാജാവ് ഇറങ്ങേണ്ടിവരും."

അവൻ പറഞ്ഞു: "ഇനി ഞാൻ ഒന്നു ചോദിക്കട്ടെ! രണ്ടാൾക്കേ പോകാവൂ എന്നുവന്നാൽ പിന്നെ ആരാണ് ഇറങ്ങേണ്ടിവരിക?"

നാരദൻ പറഞ്ഞു: "അതോ! പറയാം. വസുമനസ്സ് ഇറങ്ങേണ്ടി വരും."

അവൻ പറഞ്ഞു: "എന്താണു കാരണം?"

നാരദൻ പറഞ്ഞു: "കാരണം പറയാം. ഞാൻ സഞ്ചരിക്കുന്നതിനിടയിൽ ഒരു ദിവസം വസുമനസ്സിന്റെ ഗൃഹത്തിലും ചെന്നു. പുഷ്പരഥത്തെക്കുറിച്ചു സ്വസ്തിവചനമുണ്ടായിരുന്നു. അവന്റെ കൂടെ ഞാനും പോയിരുന്നു. ബ്രാഹ്മണൻ സ്വസ്തിവചനം പറഞ്ഞുകഴിഞ്ഞതിന്നുശേഷം രാജാവ് ബ്രാഹ്മണർക്ക് ആ തേരു കാട്ടിക്കൊടുത്തു. ഞാൻ ആ തേരിനെക്കണ്ടു പ്രശംസിച്ചു. അപ്പോൾ രാജാവു പറഞ്ഞു: "ഭഗവാൻ ഈ തേരു പ്രശസ്തമാക്കിയല്ലോ! ഈ രഥം ഭഗവാന്റേതു തന്നെയാണേ!"

പിന്നേയും ഞാൻ ഒരു ദിവസം അവിടെ ചെന്നു. പിന്നേയും രഥത്തെപ്പറ്റി ക്രിയയുണ്ടായി. "കൊള്ളാം! ഇതു ഭഗവാന്റേതു തന്നെയാണ്." കുറെനാൾ കഴിഞ്ഞു. മൂന്നാമതും സ്വസ്തിവചനമുണ്ടായിരുന്നു. അതിന്നും ഞാൻ ചെന്നു. അപ്പോൾ രാജാവ് ബ്രാഹ്മണർക്കു തേരു കാട്ടിക്കൊടുത്തിട്ട് എന്റെ നേരെ നോക്കി 'ഭഗവാൻ പുഷ്പരഥത്തിന്റെ സ്വസ്തിവചനക്രിയകളൊക്കെ കണ്ടില്ലേ?' എന്നു ചോദിച്ചു. ഈ മിഥ്യാവചനം നിമിത്തം രഥം തന്റേതാണെന്നുള്ള കരുതലോടെ അന്യന്റേതാണെന്നുള്ള മിഥ്യാവചനം പറയുക കാരണം, വസുമനസ്സ് ഇറങ്ങേണ്ടി വരും."

അവൻ പറഞ്ഞു: "ആട്ടെ! ഇനി ഒരാൾക്കേ പൊയ്ക്കൂടു എങ്കിൽ ആരിറങ്ങും?

നാരദൻ പറഞ്ഞു: "ശിബി പോകും! ഞാൻ ഇറങ്ങും."

അവൻ പറഞ്ഞു: "അതിനെന്താണു കാരണം?"

നാരദൻ പറഞ്ഞു: "ഈ ഞാൻ ശിബിയോടു തുല്യനല്ല. അതുതന്നെയാണു കാരണം. ഞാൻ അദ്ദേഹത്തോടു തുല്യനല്ലെന്നുള്ളതു തെളിയിക്കാം."

ഒരു ദിവസം ഒരു ബ്രാഹ്മണൻ ശിബിയുടെ സമീപത്തു ചെന്നു പറഞ്ഞു: "ശിബിരാജാവേ, ഞാൻ അന്നം കൊതിച്ചു വന്നവനാണ്. എനിക്ക് ആഗ്രഹമുള്ള ഭക്ഷണം തരണം."

ശിബി പറഞ്ഞു: "എന്ത് അന്നമാണ് തയ്യാറാക്കേണ്ടത്? പറയൂ! ആഗ്രഹമുള്ളതു തരാം."

ബ്രാഹ്മണൻ പറഞ്ഞു: "രാജാവേ! അങ്ങയുടെ പുത്രനായ ബൃഹദ്ഗർഭനില്ലേ? അവനെ അറുത്ത് അവന്റെ മാംസം പാകം ചെയ്തു വയ്ക്കുക. ഊണു തയ്യാറാകുമ്പോഴേക്കും ഞാൻ എത്തിക്കൊള്ളാം."

ശിബി ബ്രാഹ്മണന്റെ ആഗ്രഹം സാധിപ്പിക്കാൻതന്നെ തീർച്ചയാക്കി. തന്റെ പുത്രനെ അറുത്തു പാകംചെയ്തു വിധിപോലെ പാത്രത്തിലാക്കി. ബ്രാഹ്മണന്റെ വരവുകാണുന്നില്ല. അവൻ അന്നം തലയിലേറ്റി ബ്രാഹ്മണനെ തിരഞ്ഞുനടന്നു. രാജാവു താൻ തന്നെ ഇപ്രകാരം തിരഞ്ഞുനടക്കുമ്പോൾ ഒരാൾ പറഞ്ഞു: "ഇതാ ഭവാൻ അന്വേഷിക്കുന്ന ബ്രാഹ്മണൻ നഗരത്തിൽ കടന്നു കോപത്തോടുകൂടി അവിടെയുള്ള ഗൃഹങ്ങളും, ഭണ്ഡാരസ്ഥാനങ്ങളും, ആയുധശാലയും, അന്തഃപുരവും, അശ്വശാലയും, ഗജശാല മുതലായവയും ചുട്ടെരിക്കുന്നു."

ഈ വർത്തമാനം കേട്ടപ്പോൾ ശിബിക്ക് ഒരു ഭാവമാറ്റവും മുഖത്തുണ്ടായില്ല. യാതൊരു മുഖവികാരവും കൂടാതെ ശിബി നഗരത്തിൽ കടന്ന് ആ ബ്രാഹ്മണനെ കണ്ട് ഇപ്രകാരം പറഞ്ഞു: 'ഭഗവാനേ! അന്നമുണ്ടാക്കിക്കഴിഞ്ഞു.' ബ്രാഹ്മണൻ ശിബി പറഞ്ഞതിനെ കേട്ടുവെങ്കിലും ഒന്നും മിണ്ടിയില്ല. ശിബി വിസ്മയത്തോടെ തലതാഴ്ത്തി, വീണ്ടും പറഞ്ഞു: 'ഭഗവാനേ! ഊണു തയ്യാറാക്കി ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഉണ്ടാലും!' എന്നു പറഞ്ഞു ബ്രാഹ്മണനെ പ്രസാദിപ്പിച്ചു. മുഹൂർത്തനേരം കഴിഞ്ഞ് ബ്രാഹ്മണൻ തലപൊക്കിനോക്കി, ശിബിയോടു പറഞ്ഞു: "രാജാവേ! അങ്ങു തന്നെ ഇപ്പോൾ അതു ഭക്ഷിക്കൂ!"

"ഓ! അങ്ങനെയാകാം" എന്നു പറഞ്ഞ് ശിബി വൈമനസ്യം കൂടാതെ പൂജിച്ച്, തലയോടു നീക്കിവെച്ച്, ഭക്ഷിക്കുവാൻ ഭാവിച്ചു. ഉടനെ ബ്രാഹ്മണൻ അവന്റെ കൈയ്ക്കുപിടിച്ചു പറഞ്ഞു: "മഹാനുഭാവാ! അങ്ങുന്നു ക്രോധത്തെ ജയിച്ചിരിക്കുന്നു. ബ്രാഹ്മണർക്കുവേണ്ടി ഉപേക്ഷിക്കുവാൻ വയ്യാത്തതായി ഒന്നുംതന്നെ അങ്ങേയ്ക്കില്ല". എന്നു പറഞ്ഞ് ബ്രാഹ്മണൻ ആ മഹാഭാഗനെ ബഹുമാനിച്ചു. ഉടനെ ശിബി നോക്കുമ്പോൾ തന്റെ പുത്രൻ ദേവകുമാരനെപ്പോലെ പുണ്യസൗരഭ്യത്തോടുകൂടി അലങ്കരിച്ചു മുമ്പിൽ നില്ക്കുന്നു! ഇങ്ങനെയെല്ലാം ചെയ്ത് ആ ബ്രാഹ്മണൻ മറഞ്ഞു. ആ രാജർഷിയെ പരീക്ഷിക്കുവാൻ ബ്രഹ്മാവ് ബ്രാഹ്മണവേഷത്തിൽ വന്നതായിരുന്നു.

ആ ബ്രാഹ്മണൻ മറഞ്ഞതിന്നുശേഷം മന്ത്രിമാർ രാജാവിനോടു ചോദിച്ചു: "എന്തുദ്ദേശിച്ചിട്ടാണ് ഭവാൻ അറിഞ്ഞുംകൊണ്ട് ഇങ്ങനെ ചെയ്തത്?"

ശിബി പറഞ്ഞു: "കീർത്തിക്കുവേണ്ടിയോ, ധനത്തിനുവേണ്ടിയോ, സുഖമാഗ്രഹിച്ചോ അല്ല ഞാൻ ദാനം ചെയ്യുന്നത്. അതു പാപം പറ്റാത്ത മാർഗ്ഗമാണ് എന്നറിഞ്ഞിട്ടാണ്. ഞാൻ പാപം പറ്റാത്ത ആ മാർഗ്ഗം സ്വീകരിച്ചു! സത്തുക്കൾ എന്നും ചെയ്യാറുള്ള പ്രവൃത്തിയാണല്ലോ പ്രശസ്തമായത്. അതുകൊണ്ട് എന്റെ ബുദ്ധി എപ്പോഴും പ്രശസ്തത്തിലേ ചെല്ലുന്നുള്ളു."

ഇതാണ് ശിബിയുടെ ശരിയായ മഹത്വം. രാജാക്കന്മാരുടെ മഹാഭാഗത്വം ശരിക്ക് അറിഞ്ഞവനാണു ഞാൻ."

199. ഇന്ദ്രദ്യുമ്നോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "മഹർഷിമാരും പാണ്ഡവന്മാരും മാർക്കണ്ഡേയനോടു ചോദിച്ചു: 'അങ്ങയേക്കാൾ മുമ്പുണ്ടായതായി വല്ലവനുമുണ്ടോ?' ഈ ചോദ്യം കേട്ട് മാർക്കണ്ഡേയൻ പറഞ്ഞു."

digitized by www.sreyas.in

മാർക്കണ്ഡേയൻ പറഞ്ഞു: "ഇന്ദ്രദ്യുമ്നൻ എന്നു പേരായി ഒരു രാജർഷിയെപ്പറ്റി ഞാൻ പറയാം. അദ്ദേഹം പുണ്യം ക്ഷയിക്കുകയാൽ സ്വർഗ്ഗത്തിൽനിന്നു താഴെവീണു. തന്റെ കീർത്തി നശിച്ചുപോയല്ലോ എന്നു വിചാരിച്ചു വ്യസനത്തോടെ അവൻ എന്റെ അടുത്തുവന്ന് എന്നോടു ചോദിച്ചു: 'ഭവാൻ എന്നെ അറിയുമോ?' ഞാൻ അവനോടു പറഞ്ഞു: 'വ്യാസഗൃഹത്തിൽ പാർക്കുന്നവരും ഒരു രാത്രി മാത്രം ഒരു ഗ്രാമത്തിൽ കഴിച്ചുകൂട്ടുന്നവരുമായ ഞങ്ങൾ പുണ്യകൃത്യവ്യാകുലത്വം കൊണ്ട് അങ്ങയെ അറിയുന്നില്ല. ആത്മാർത്ഥമായ അനുഷ്ഠാനമുണ്ടെങ്കിലും തപസ്സുകൊണ്ടു ദേഹം തപിപ്പിച്ചിട്ട്, ആത്മാർത്ഥാനുഷ്ഠാനത്തിന്ന് അതീതമായ അനാഗതജ്ഞാനത്തിന്നു ചെലവഴിക്കുകയുമില്ല.'

ഹിമാലയത്തിന്റെ മുകളിൽ പ്രാവാതകർണ്ണൻ എന്നുപേരായ ഒരു കൂമൻ പാർക്കുന്നുണ്ട്. അവൻ എന്നേക്കാൾ ചിരംജീവിയാണ്. അവൻ അങ്ങയെ അറിഞ്ഞു എന്നു വരാം. ഹിമാലയം ഇവിടെനിന്നു വളരെ ദൂരെയാണ്. അവൻ അവിടെയാണ് ഇരിക്കുന്നതും.

ഉടനെ അവൻ കുതിരപ്പുറത്ത് എന്നേയും കയറ്റി ആ കൂമനിരിക്കുന്നേടത്തേക്കു കൊണ്ടുപോയി. അദ്ദേഹം കൂമന്റെ അടുത്തു ചെന്നുചോദിച്ചു: "അങ്ങുന്ന് എന്നെ അറിയുമോ?" ആ കൂമൻ മുഹൂർത്തനേരം ആലോചിച്ചിട്ടു പറഞ്ഞു: "ഞാൻ അങ്ങയെ ഓർക്കുന്നില്ല. അറിയുന്നില്ല." ഇതുകേട്ട് ഇന്ദ്രദ്യുമ്ന രാജർഷി ആ കൂമനോടു വീണ്ടും ചോദിച്ചു: "ഭവാനേക്കാൾ ചിരംജീവിയായി വല്ലവനും ഭൂമിയിലുണ്ടോ?"

കൂമൻ പറഞ്ഞു: "ഇന്ദ്രദ്യുമ്നം എന്നു പേരായ ഒരു സരസ്സുണ്ടല്ലോ. അവിടെ നാഡീജംഘൻ എന്നുപേരായ ഒരു കൊക്ക് ഇരിക്കുന്നുണ്ട്. അവൻ എന്നേക്കാൾ മുമ്പ് ഉണ്ടായവനാണ്. അവനോടു ചോദിച്ചുനോക്കൂ!"

പിന്നെ ഇന്ദ്രദ്യുമ്നൻ എന്നേയും കൂമനേയും എടുത്ത് നാഡീജംഘൻ എന്ന കൊക്ക് അധിവസിക്കുന്ന തടാകത്തിലെത്തി. "അങ്ങുന്ന് ഈ ഇന്ദ്രദ്യുമ്നരാജാവിനെ അറിയുമോ?" എന്നു ഞങ്ങൾ അവനോടു ചോദിച്ചു. അവൻ അല്പം ആലോചിച്ചിട്ടു പറഞ്ഞു: "ഞാൻ ഇന്ദ്രദ്യുമ്നരാജാവിനെ അറിയുകയില്ല." ഇതുകേട്ടപ്പോൾ ഞങ്ങൾ അവനോടു ചോദിച്ചു: "അങ്ങയേക്കാൾ ചിരംജീവിയായി ലോകത്തിൽ വല്ലവരുമുണ്ടോ?" അവൻ ഞങ്ങളോടു പറഞ്ഞു: "ഈ സരസ്സിൽ അകൂപാരൻ എന്നുപേരായി ഒരു ആമയുണ്ട്.അവൻ എന്നേക്കാൾ വളരെ മുമ്പുണ്ടായവനാണ്. ഈ രാജാവിനെ അവൻ ഒരു സമയം അറിഞ്ഞേക്കും. ആ അകൂപാരകൂർമ്മത്തെക്കണ്ടു ചോദിച്ചുനോക്കുവിൻ!"

പിന്നെ ആ ബകം അകൂപാരകൂർമ്മത്തെ വിവരം അറിയിച്ചു: "ഞങ്ങൾക്ക് അങ്ങയോട് ഒരു കാര്യം ചോദിക്കുവാനുണ്ട്. ഇവിടേക്ക് ഒന്നുവന്നാൽക്കൊള്ളാം."

ഈ വാക്കുകേട്ട് ആമ സരസ്സിൽനിന്നു പൊങ്ങി. സരസ്സിന്റെ തീരത്തിൽ ഞങ്ങൾ നില്ക്കുന്നേടത്തേക്കു വന്നു. ഞങ്ങൾ അവനോടു ചോദിച്ചു: "ഭവാൻ ഇന്ദ്രദ്യുമ്നരാജാവിനെ അറിയുമോ?"

അവൻ രാജാവിനെക്കണ്ടു മുഹൂർത്തനേരം ധ്യാനിച്ചു. കണ്ണുകളിൽനിന്നു കണ്ണുനീർ ധാരയായി ഒഴുകി. അവൻ നടുങ്ങി വിറച്ചു ബോധഹീനനാകുന്ന മട്ടിലായി. അവൻ തൊഴുകൈയോടെ പറഞ്ഞു: "ഞാൻ ഇദ്ദേഹത്തെ അറിയാതിരിക്കുമോ? ഇദ്ദേഹം ഇവിടെ ചൈത്യങ്ങളിൽ അനേകം യൂപങ്ങൾ നാട്ടീട്ടുണ്ട്. ഈ സരസ്സുതന്നെ ഇദ്ദേഹം ദാനംചെയ്ത ഗോക്കൾ കടന്നുപോയ പാദാഘാതമേറ്റ് ഉണ്ടായതാണ്. ഇവിടെയാണ് ഞാൻ ചിരകാലമായി പാർത്തുവരുന്നതും."

കൂർമ്മം ഇപ്രകാരം പറയുന്നത് ഞങ്ങൾ കേട്ടുനില്ക്കുമ്പോൾ ദേവലോകത്തുനിന്നു ദേവരഥം ഇറങ്ങിവന്നു. ഇന്ദ്രദ്യുമ്നനോടായി ഇപ്രകാരം പറയുന്ന ശബ്ദം കേട്ടു: "അങ്ങയ്ക്കു സ്വർഗ്ഗം വീണ്ടും ലഭിച്ചിരിക്കുന്നു. ഉചിതംപോലെയുള്ള സ്ഥാനം സ്വീകരിച്ചാലും. കീർത്തിമാനായി യാതൊരു വ്യഗ്രതയും കൂടാതെ പുറപ്പെട്ടാലും!" ഇതിനെപ്പറ്റി ഒരു ഗാനം ഇന്നും പാടിവരുന്നുണ്ട്:

"പുണ്യത്താൽ കീർത്തിപരക്കും - അത്
മന്നിലും വിണ്ണിലുമെത്തും.
എത്രനാൾ കീർത്തി നിന്നീടും - മന്നിൽ
അത്രനാൾ സ്വർഗ്ഗത്തിൽ വാഴും.
ദുഷ്കീർത്തിയെത്രനാൾ നില്ക്കും - അവ-
ന്നത്രനാൾ ദുർഗ്ഗതി പറ്റും.
സൽഗതി നേടുവാൻ നിങ്ങൾ - നിത്യം
സദ്ധർമ്മമാശ്രയിച്ചാലും!"

ഇതുകേട്ട് രാജാവു പറഞ്ഞു: "നിൽക്കൂ! ഈ വൃദ്ധന്മാരെ ഞാൻ അവരുടെ സ്ഥാനങ്ങളിൽ കൊണ്ടുവിടുന്നതുവരെ നില്ക്കുക! ആ രാജാവ് എന്നേയും പ്രാവാരകർണ്ണനെന്ന കൂർമ്മത്തേയും യഥോചിതം യഥാസ്ഥാനം കൊണ്ടുചെന്നാക്കിയിട്ട്, ആ ദേവവാഹനത്തിൽ കയറി യഥോചിതം സ്വർഗ്ഗസ്ഥാനം പ്രാപിക്കുകയും ചെയ്തു. ചിരംജീവിയായ ഞാൻ ഇതു കണ്ട് അനുഭവിച്ചിട്ടുള്ളവനാണ് എന്ന് പാണ്ഡവന്മാരോടു പറഞ്ഞു."

പാണ്ഡവന്മാർ പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നു വീണ്ടും ഭൂമിയിൽ പതിച്ച ഇന്ദ്രദ്യുമ്നരാജാവിനെ സ്വസ്ഥാനത്തുതന്നെ ഭവാൻ എത്തിച്ചത് എത്രയും നന്നായി!"

പിന്നെയും മാർക്കണ്ഡേയൻ അവരോടു പറഞ്ഞു: "ഈ ദേവകീപുത്രനായ കൃഷ്ണനും നരകത്തിൽ മുങ്ങിപ്പോയ നൃഗരാജർഷിയെ ആ കൃച്ഛ്റത്തിൽനിന്നു കയറ്റി സ്വർഗ്ഗത്തിൽ കരേറ്റിയിട്ടുണ്ട്."

200. ദാനമാഹാത്മ്യം - വൈശമ്പായനൻ പറഞ്ഞു: "രാജർഷിയായ ഇന്ദ്രദ്യുമ്നന്ന് അപ്രകാരം സ്വർഗ്ഗസമർപ്പണം വീണ്ടും സിദ്ധിച്ചത് മാർക്കണ്ഡേയനിൽനിന്നു യുധിഷ്ഠിരൻ കേട്ടപ്പോൾ വീണ്ടും അദ്ദേഹത്തോടു യുധിഷ്ഠിരൻ ചോദിച്ചു."

മഹർഷേ! ഏതേത് അവസ്ഥയിൽ ദാനം ചെയ്താൽ പുരുഷൻ, ശക്രലോകത്തെ നേടും? ഗൃഹസ്ഥനിലയിൽ, ബാലനിലയിൽ, യുവത്വനിലയിൽ, വൃദ്ധനിലയിൽ ഇങ്ങനെ വ്യത്യസ്ത നിലകളിൽ ഫലഭോഗങ്ങൾ എന്തൊക്കെയാണെന്നു പറയണേ!"

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! പറയാം, കേട്ടുകൊള്ളുക:

പാഴ്ജന്മം നാലാണ്; പാഴ്ദാനം പതിനാറാണ്. ജന്മം പാഴായിട്ടുള്ളത് ആർക്കെന്നു പറയാം. പുത്രനില്ലാത്തവന്റേയും ധർമ്മമില്ലാത്തവന്റേയും പരാന്നത്തെ ഉണ്ടു ജീവിക്കുന്നവന്റേയും തനിക്കുവേണ്ടിമാത്രം വെച്ചുതിന്നു ജീവിക്കുന്നവന്റേയും, ഇങ്ങനെ നാലുകൂട്ടരുടേയും ജന്മം പാഴാണ്.

ഇനി പാഴായ ദാനങ്ങളെ പറയാം. ഏതു ദാനത്തിൽ ആദ്യം ഭുജിക്കുന്നുവോ ആ ദാനം നിഷ്ഫലമായ ദാനമാണ്. നൈഷ്ഠികഭ്രഷ്ടനിൽ ചെയ്യുന്ന ദാനം നിഷ്ഫലമാണ്. അന്യായമായി ആർജ്ജിച്ച മുതൽ ദാനം ചെയ്യുന്നതിൽ പുണ്യമില്ല. പതിതന്മാർക്കു ചെയ്യുന്ന ദാനവും പാഴിലാണ്. കള്ളബ്രാഹ്മണന്നു കൊടുക്കുന്ന ദാനംകൊണ്ടു യാതൊരു പുണ്യവും ലഭിക്കുന്നതല്ല. ഗുരുവിനെ വഞ്ചിക്കുന്നവന്നു ദാനംചെയ്തിട്ടു ഫലമില്ല. പാപിക്കും, കൃതഘ്നന്നും, ഗ്രാമയാജകന്നും, വേദം നില്ക്കുന്നവന്നും, ശൂദ്രപാചകഷും, വിപ്രാഭാസൻമാർക്കും, വൃഷലീകാന്തന്നും, സ്ത്രീകൾക്കും, പാമ്പുപിടത്തക്കാരന്നും, പരിചാരകന്മാർക്കും നല്കുന്ന ദാനം ഫലമില്ലാത്ത ദാനമാണ്. ഇങ്ങനെ പതിനാറുവിധം ദാനങ്ങളും നിഷ്ഫലമാണ്.

തമസ്സിൽനിന്നും, ക്രോധത്തിൽനിന്നും, ഭയത്തിൽനിന്നും രക്ഷ നല്കുന്നതായ ദാനത്തിന്റെ ഫലം ഗർഭസ്ഥരായ സന്താനങ്ങൾക്കും ലഭിക്കുന്നതാണ്. വിപ്രന്മാർക്കു നല്കുന്ന ദാനത്തിന്റെ ഫലം വൃദ്ധനായ നരന്നു ലഭിക്കും. സ്വർഗ്ഗമാർഗ്ഗജയാ

digitized by www.sreyas.in

കാംക്ഷിയായ നരൻ സർവ്വ അവസ്ഥയിലും സർവ്വവിധദാനങ്ങളും ബ്രാഹ്മണർക്കാണു നല്കേണ്ടത്."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹർഷേ! ചാതുർവ്വർണ്ണ്യത്തിന്നൊക്കെ പ്രതിഗ്രഹികളായ വിപ്രന്മാർ വിശേഷിച്ച് എന്തുകൊണ്ടാണ് മാർഗ്ഗം തരണം ചെയ്യിക്കുന്നത്?"

മാർക്കണ്ഡേയൻ പറഞ്ഞു: "ജപം, മന്ത്രം, ഹോമം, സ്വാദ്ധ്യായമുറ മുതലായവകൊണ്ടു വേദത്തെ തോണിയാക്കി സംസാരസമുദ്രത്തെ തരണം ചെയ്യുന്നു. ദേവകൾ ബ്രാഹ്മണപ്രീതി ചെയ്യുന്നവരിൽ പ്രീതരാകുന്നു. വിപ്രന്മാരുടെ അനുഗ്രഹവാക്കുകളാലും സ്വർഗ്ഗപ്രാപ്തരാകും. പിതൃദേവാർച്ചനകളാലും, ബ്രാഹ്മണാർച്ചനയാലും അനന്തമായ പുണ്യലോകം ഭവാൻ അണയും. പുണ്യമായ സ്വർഗ്ഗത്തെ അർത്ഥിക്കുന്നവൻ, രോഗിയായും, ബോധഹീനനായും, കഫാദിവ്യാപ്തനായും, മരിക്കാറായവനുമായ ബ്രാഹ്മണനെ ശുശ്രൂഷിക്കട്ടെ. ശ്രാദ്ധത്തിൽ ശ്രദ്ധയോടുകൂടെ അഗർഹിതരായ ബ്രാഹ്മണരെ ഊട്ടണം. പാണ്ടുള്ളവരും, കുഷ്ഠരോഗമുള്ളവരും, ചതിയന്മാരും, കുണ്ഡഗോളകന്മാരും, വില്ലുമമ്പുമേന്തി നടക്കുന്ന കൂട്ടരും ജുഗുപ്സിതന്മാരാണ്. അവരെയൊന്നും വിളിച്ചു ശ്രാദ്ധത്തിൽ ഊട്ടരുത്. അഗ്നി വിറകിനെയെന്നവിധം ശ്രാദ്ധത്തെ ചുട്ടുകളയും. ശ്രാദ്ധത്തിന്നു ചെകിടുപൊട്ടന്മാരും കുരുടന്മാരും ഊമകളും പറ്റുകയില്ല. എന്നാൽ വേദപാരംഗതന്മാരായ ബ്രാഹ്മണർക്ക് ഇവരെയൊക്കെ കൂടെ ചേർക്കാം.

പ്രതിഗ്രഹം കൊടുക്കേണ്ടത് ആർക്കൊക്കെയാണെന്നും പറയാം. ദാതാവിനേയും തന്നേയും തരണം ചെയ്യുവാനാണല്ലോ ദാനം. എല്ലാ ആഗമവും അറിയുന്ന ശക്തനായ ദ്വിജന്നാണു നല്കേണ്ടത്. അവന്നേ ദാതാവിനേയും തന്നേയും തരണം ചെയ്യിക്കുവാൻ കഴിയുകയുള്ളു. ഹവിസ്സ്, ഹോമം, ചന്ദനം, പൂവ് ഇവകൊണ്ടു മാനികൾ അതിഥിഭോജനം പോലെ നന്ദിക്കുകയില്ല. അതുകൊണ്ട് ഹേ, പാർത്ഥാ! നീ അതിഥികളെ ഭോജനം കൊണ്ടു സൽക്കരിക്കുവാൻ ഒരുങ്ങുക.

അതിഥികൾക്ക് കാൽ കഴുകുവാൻ ജലം നല്കുക. കാല്ക്കൽ നെയ്യും, വിളക്കും, ഇരിപ്പിടവും നല്കുന്ന ആതിഥേയൻ ഒരിക്കലും യമസന്നിധിയിൽ എത്തുകയില്ല. ദേവന്ന് അർച്ചിച്ച നിർമ്മാല്യങ്ങൾ മാറ്റുക. വിപ്രന്മാർ കഴിച്ച ഉച്ഛിഷ്ടം കഴുകി തുടച്ചു വൃത്തിയാക്കുക, വസ്ത്രമാല്യാദികൾ ദാനംചെയ്തുകൊണ്ടുള്ള ശുശ്രൂഷ ചെയ്യുക, ദേഹം തലോടിക്കൊടുക്കുക ഇങ്ങനെയുള്ള ശുശ്രൂഷയോരോന്നും ഗോദാനത്തേക്കാൾ ഉത്തമമാണ്. കപിലധേനുവെക്കൊടുത്താൽ മുക്തി ലഭിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ബ്രാഹ്മണന്ന് അലങ്കരിച്ച പശുവിനെ നല്കണം. ഇനി ദാനം കൊടുക്കേണ്ട ബ്രാഹ്മണൻ എങ്ങനെയുള്ളവനായിരിക്കണമെന്നും ഞാൻ പറയാം. വേദജ്ഞനാകണം, അഗ്നിഹോത്രിയാകണം, ദരിദ്രഗൃഹസ്ഥനാകണം, പുത്രദാരാദികൾ ഉള്ളവനാകണം, ഇങ്ങോട്ട് ഉപകാരം ചെയ്യുന്നവനാകരുത്. ഇങ്ങനെയുള്ളതൊക്കെ ചേർന്നവനായ ബ്രാഹ്മണന്നുകൊടുത്താലേ ഫലം സിദ്ധിക്കുകയുള്ളു. നേരെ മറിച്ച് സമൃദ്ധർക്കു നല്കരുത്. സമൃദ്ധന്മാർക്കു കൊടുത്തിട്ടെന്തു കാര്യം?

ദാനം ചെയ്യുന്ന ഒന്ന് ഒരുത്തന്നു മാത്രമായിരിക്കണം. പലർക്കും കൂടി ഒന്നിനെ ഒരിക്കലും ദാനം ചെയ്യരുത്. അങ്ങനെ പലർക്കുകൂടി ഒരു പത്തുപശുവിനെ ദാനം ചെയ്താൽ പുണ്യമല്ല, പാപമാണ് സിദ്ധിക്കുക. അങ്ങനെ പലർക്കുംകൂടി ദാനം ചെയ്ത പശുവിനെ വിറ്റാൽ കൊടുത്തവന്നു മൂന്നു തലമുറ വംശം മുടിയും. ബ്രാഹ്മണന്ന് ദോഷമൊന്നും ബാധിക്കയില്ല. വിശുദ്ധമായ സ്വർണ്ണം സുവർണ്ണത്തൂക്കം നല്കിയാൽ അവൻ സുവർണ്ണശതകം ശാശ്വതമായി നല്കിയ ഫലം ലഭിക്കും. ശക്തിയുള്ളവനും, ഭാരം വഹിക്കുന്നവനും ആയ കുറ്റനായ കാളയെ നല്കിയാൽ അവൻ ദുർഗ്ഗം കടന്ന് സ്വർഗ്ഗലോകത്തിലെത്തും. വിദ്വാനായ ബ്രാഹ്മണന്നു ഭൂദാനം ചെയ്താൽ കൊടുത്തവന്ന് ഇച്ഛിക്കുന്ന കാമങ്ങളൊക്കെ ലഭിക്കും. ആരാണ് മഹാകർമ്മം ചെയ്തതെന്ന് പലരും അന്വേഷിക്കും. പലരും അതിനെപ്പറ്റി പ്രശംസിക്കുകയും ചെയ്യും.

പൊടി കാലിൽപ്പുരണ്ടു നടന്നു തളർന്നെത്തുന്ന വഴിപോക്കരോട് 'അവിടെ വിശ്രമിച്ച് അവിടെച്ചെന്ന് ഊണുകഴിച്ചു പോകാം' എന്നു ചൂണ്ടിക്കാട്ടി പറഞ്ഞുകൊടുക്കുന്ന ബുധന്മാർ, ഊട്ടുകാട്ടിക്കൊടുക്കുന്നവർ, അന്നദാതാവിന്നു തുല്യന്മാരാണ്. അതിൽ യാതൊരു സംശയവുമില്ല. ഹേ, യുധിഷ്ഠിരാ! അതുകൊണ്ടു ഭവാൻ മറ്റു ദാനങ്ങളൊക്കെ വിട്ട് ചോറു ദാനം ചെയ്യുക. അന്നദാനത്തേക്കാൾ വലിയ പുണ്യദാനമില്ല.

യഥാശക്തി വിപ്രന്മാർക്കു സല്ക്കാരപൂർവ്വം അന്നം നല്കിയാൽ ആ കർമ്മംകൊണ്ട് അവൻ ബ്രഹ്മസാലോക്യത്തെ അണയും. അതുകൊണ്ട് ഏറ്റവും ശ്രേഷ്ഠമായത് അന്നദാനമാകുന്നു. അതിനേക്കാൾ മേലെ മറ്റൊന്നില്ല. ഇങ്ങനെ ഒരു ചൊല്ലുണ്ട്:

"അന്നമെന്നതു പ്രജാപതിയാണ്. അത് സംവത്സരമാണ്. സംവത്സരം യജ്ഞമാണ്. എല്ലാം യജ്ഞത്തിൽ പ്രതിഷ്ഠിതമാണ്. എല്ലാ ചരങ്ങളും എല്ലാ പ്രാണികളും അതിൽനിന്നാണ് ഉത്ഭവിക്കുന്നത്. അതുകൊണ്ടു സർവ്വോപരി പ്രാധാന്യം അന്നത്തിനുതന്നെ!"

ധാരാളം വെള്ളമുള്ള വാപികൾ, കൂപങ്ങൾ സത്രാവസ്ഥസ്ഥലങ്ങൾ, അന്നദാനം, പ്രിയ വാക്കുകൾ ഇവയുള്ള നരന്മാർക്ക് യമന്റെ മുമ്പിൽച്ചെന്ന് കണക്കുപറയേണ്ടതായി വരികയില്ല.

താൻ ബുദ്ധിമുട്ടി അദ്ധ്വാനിച്ചുണ്ടാക്കിയ ദ്രവ്യം കൊടുത്തു ധാന്യം വാങ്ങി സുശീലവാന്മാരായ ദ്വിജന്മാർക്ക് അന്നദാനം ചെയ്താൽ അവന്റെ നേരെ ഭൂമി അനുഗ്രഹിച്ച് ധാരാളം വിത്തം ജലധാരപോലെ വർഷിക്കുന്നതാണ്.

അന്നദാതാക്കൾ മുമ്പെ നടക്കും. സത്യം ചൊല്ലുന്നവൻ അതിന്റെ പിമ്പെ നടക്കും. ചോദിക്കാതെ തന്നെ നല്കുന്നവൻ അവരുടെയൊക്കെ ഒപ്പം പോകും. ഇങ്ങനെ മൂന്നുപേർക്കും ഫലം ഒപ്പമാണ്."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ യുധിഷ്ഠിരൻ അനുജന്മാരോടുകൂടെ കൗതൂഹലത്തോടുകൂടി മഹാശയനായ മാർക്കണ്ഡേയനോടു വീണ്ടും ചോദിച്ചു:"

"ഹേ മഹർഷേ, യമലോകത്തിലേക്കുള്ള മാർഗ്ഗം എങ്ങനെ? മനുഷ്യന്നുപോകാൻ വിഷമം എത്രത്തോളമുണ്ട്? ഏതുവിധമാണ്? എത്രകണ്ടു വിസ്താരമുള്ളതാണ്? പ്രയാസമുള്ളതാണ്? എന്തുപായം കൊണ്ടാണ് ആ മാർഗ്ഗം മനുഷ്യർ കടക്കുന്നത്? ഭവാൻ വിസ്തരിച്ചു പറഞ്ഞാലും!"

മാർക്കണ്ഡേയൻ പറഞ്ഞു: "ഈ കാര്യം എല്ലാറ്റിലും ഗൂഢമായിട്ടുള്ളതാണ്. ഋഷിസ്തുതമായിട്ടുള്ളതാണ്. വിശുദ്ധവുമാണ്. ഹേ ധർമ്മജ്ഞാ! ഈ ചോദ്യത്തിന്റെ ഉത്തരം പറയാം:

മർത്ത്യർക്കു പോകേണ്ട മാർഗ്ഗം യമലോകത്തേക്ക് എൺപതിനായിരം യോജനയാണ്. അതാണ് മനുഷ്യലോകവുമായിട്ടുള്ള അന്തരം. ആ മാർഗ്ഗം ആകാശവും, വെള്ളവുമില്ലാത്തതും, ഉഗ്രമായ കാടുപോലെയുള്ളതുമാണ്. അതിൽ മരങ്ങളുടെ നിഴൽപോലുമില്ല. കുടിയിടങ്ങളുമില്ല. യമദൂതന്മാർ യമകല്പനയാൽ ബലമായി പിടിച്ചുകൊണ്ടുപോകുന്ന മനുഷ്യർക്ക് മാർഗ്ഗക്ലേശം തീർക്കുവാൻ യാതൊരു ആശ്രയവുമില്ല. ആണുങ്ങളേയും പെണ്ണുങ്ങളേയുമൊക്കെ ഈ വഴിക്കുതന്നെ കൊണ്ടുപോകും. എന്നാൽ മനുഷ്യൻ ജീവിക്കുന്ന കാലത്ത് ബ്രാഹ്മണർക്ക് നാനാമട്ടിൽ അശ്വങ്ങൾ മുതലായവയെ ദാനം ചെയ്തിട്ടുണ്ടെങ്കിൽ ഈ മാർഗ്ഗത്തിൽ അശ്വങ്ങളിൽ കയറിപ്പോകുവാൻ അവന്നു സാധിക്കും. കുട ദാനം ചെയ്തവന്നു കുടയാൽ വെയിൽ കൊള്ളാതെ പോകുവാൻ കഴിയും. അന്നം ദാനം ചെയ്തവൻ തൃപ്തനായി പോകും. അന്നം ദാനം ചെയ്യാത്തവൻ അതൃപ്തനായും പോകും. വസ്ത്രം ദാനം ചെയ്തവൻ വസ്ത്രം ഉടുത്തു പോകും. വസ്ത്രം ദാനം ചെയ്യാത്തവൻ വസ്ത്രം ഇല്ലാതെ പോകും. സ്വർണ്ണം ദാനം ചെയ്തവൻ സ്വർണ്ണാഭരണങ്ങൾ ധരി

digitized by www.sreyas.in

ച്ചു നടന്നുപോകും. ഭൂമി ദാനം ചെയ്തവർ എല്ലാ കാമസുഖങ്ങളോടുംകൂടി പോകും. സസ്യം നല്കിയ മാനവന്മാർ ക്ലേശം കൂടാതെ പോകും. ഗൃഹം ദാനം ചെയ്തവർ സുഖമായി വിമാനത്തിൽക്കയറിപ്പോകും. ദാഹമില്ലാതെ ആനന്ദത്തോടെ പോകും വെള്ളം കൊടുത്തവർ. വിളക്കു ദാനം ചെയ്തവർ മാർഗ്ഗം പ്രകാശിപ്പിച്ച് സൗഖ്യമായിപ്പോകും. ഗോദാനം ചെയ്തവർ പാപമൊന്നും കൂടാതെ സുഖമായി പോകും. ഒരു മാസം ഉപവസിച്ചവർ ഹംസമുള്ള വിമാനത്തിൽക്കയറിപ്പോകും. ആറുദിവസം ഉപവസിച്ചവർ മയിലുള്ള വിമാനത്തിൽ കയറിപ്പോകും. ഒരു ഊണുകൊണ്ട് മൂന്നുദിവസം കഴിക്കുന്നവന്നും, ഇടയ്ക്കിടയ്ക്ക് ഭക്ഷണം കഴിക്കാത്തവന്നും, ലോകമൊക്കെ അനാമയമായിത്തീരും. വെള്ളം കൊടുത്തവന്ന് ദിവ്യഗുണം ചേർന്ന് പ്രേതപുരത്തിൽ സുഖമായിരിക്കാം.

അവർക്കു പുഷ്പോദകാ എന്നുപേരായ ഒരു മഹാനദിയുണ്ട്. അമൃതൊക്കുന്ന കുളുർജലം അവർ അമരാവതിയിൽ കുടിക്കും. പാപം ചെയ്യുന്നവർക്കു കുടിക്കുവാൻ ചലമാണ് കൊടുക്കുക. അങ്ങനെ എല്ലാ കാമങ്ങളും നല്കുന്നതാണ് ആ നദി.

അതുകൊണ്ട് ഹേ, യുധിഷ്ഠിരാ! ഭവാൻ, വഴിനടന്നു തളർന്നു വരുന്നവനും, വിശക്കുന്നവനും, കാലിൽ പൊടിപുരണ്ടവനും, ചോറിനുവേണ്ടി ആശിച്ച് വീട്ടിലെത്തുന്നവനുമായ ബ്രാഹ്മണനെ സ്വീകരിച്ച് ആദരിച്ചു പൂജിക്കുക. അവന്റെ കൂടെ ഇന്ദ്രാദിസുരന്മാരൊക്കെയുണ്ട്. അവനെ പൂജിച്ച് ആഹാരം നല്കിയാൽ എല്ലാ ദേവന്മാരും പ്രീതരാകും. പൂജിക്കുന്നില്ലെങ്കിൽ എല്ലാ ദേവന്മാരും നിരാശരുമാകും. അതുകൊണ്ട് ഹേ, നൃപതേ! യഥാവിധി അത്തരക്കാരെ പൂജിക്കുക. ഞാൻ ഇത് നൂറുവട്ടമായല്ലോ പറയുന്നു. ഇനി എന്താണ് ഭവാനു കേൾക്കേണ്ടത്?"

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ! ഇനിയും എനിക്ക് ആഗ്രഹമുണ്ട്. ധർമ്മവൃത്താന്തങ്ങൾ കേൾക്കുവാൻ ഹേ, ധർമ്മജ്ഞാ! പുണ്യമായ വൃത്താന്തം അങ്ങു പറഞ്ഞു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ധർമ്മത്തെപ്പറ്റി മറ്റൊന്നു ഞാൻ പറയാം. നീ അതിനെ നല്ലപോലെ മനസ്സുവെച്ചു കേട്ടുകൊള്ളുക. അതു സർവ്വപാപഹരമാണ്.

ഭൂദേവന്മാരുടെ കാൽ കഴുകിച്ചാൽ കപിലാഗോവിനെ ജ്യേഷ്ഠപുഷ്കരത്തിൽ കൊടുത്ത ഫലം സിദ്ധിക്കും. വിപ്രപാദോദകം കൊണ്ട് ഭൂമി നനഞ്ഞാൽ പിതൃക്കൾ താമരയിലകൊണ്ട് വെള്ളം കുടിക്കും. സ്വാഗതം പറഞ്ഞാൽ അഗ്നിയുടെ തൃപ്തിയും, പീഠത്തിലിരുത്തിയാൽ ഇന്ദ്രന്റെ തൃപ്തിയും, ലഭിക്കും. പാദശൗചത്താൽ പിതൃപ്രീതിയും, അന്നം മുതലായവ കൊടുത്താൽ ബ്രഹ്മതൃപ്തിയും ലഭിക്കും. പ്രസവത്തിൽ കിടാവിന്റെ തലയോ കാലോ വെളിയിൽ കണ്ടാൽ ഉടനെ മനഃശുദ്ധിയോടുകൂടി ഗോവിനെ നല്കണം. കിടാവ് വാനിലായവിധം യോനിയിൽ കണ്ടാൽ ഒരു ഗോവിനെ ദേവന്നു ദാനം ചെയ്യാമെന്നു മനസ്സിൽ വിചാരിക്കണം. ഗർഭം മോചിക്കുന്നതുവരെ ആ വിചാരം ഉള്ളിലുണ്ടാകണം. എന്നാൽ മോചിക്കും. യുധിഷ്ഠിരാ! ആ പശുവിന്നും കിടാവിന്നും എത്രരോമമുണ്ടോ സ്വർഗ്ഗത്തിൽ അത്രയുഗസഹസ്രം സൽക്കാരമേല്ക്കുന്നതാണ്. സുവർണ്ണനാസയായി നല്ല ഭംഗിയുള്ള കുളമ്പോടുകൂടിയ കറുത്ത പശുവിനെ രത്നാലംകൃതയായി എള്ളുകൊണ്ടുമൂടി ദാനം ചെയ്യണം. പ്രതിഗ്രഹം വാങ്ങി ഉടനെ സാധുവിന്നുകൊടുത്താൽ ഫലങ്ങൾക്കും ഫലം ആ ദാനംകൊണ്ടു നേടുന്നതാണ്. ആഴിയും, ഗുഹയും, കാടും, മേടും, കൂടിക്കലർന്ന് നാലതിർത്തിയുള്ള ഭൂമി നിസ്സംശയം ദത്തയാകും. അതിൽ യാതൊരു സംശയവുമില്ല. മുട്ടിന്നുള്ളിൽ കൈകൊടുത്ത് അന്നപാത്രം പിടിച്ച് നിശ്ശബ്ദമായി ഇരുന്ന് ഉണ്ണുന്ന വിപ്രൻ തരണത്തിന്നു തക്കവനാണ്. പാനം ചെയ്യാത്തവരും, മിണ്ടാത്തവരും, നിത്യവും ഓത്തു ജപിക്കുന്നവരുമായ ദ്വിജന്മാർ തരണത്തിന്ന് തക്കവരാണ്. ഹവ്യവും കവ്യവും മറ്റും ശ്രോത്രിയൻ അർഹിക്കുന്നു. സാധുവായ ശ്രോത്രിയന്നു നല്കിയാൽ അത് അഗ്നിയിൽ ഹോമിക്കുന്നതുപോലെയാണ്.

വിപ്രന്മാർ കോപായുധന്മാരാണ്. അവർ ശസ്ത്രമെടുക്കുന്ന യോദ്ധാക്കളല്ല. വിപ്രന്മാർ കോപത്താൽ കൊന്നുകളയും; ഇന്ദ്രൻ ദൈത്യരെ കൊല്ലുന്നവിധം കൊല്ലും.

ഹേ, അനഘാശയാ! ധർമ്മത്തെ സംബന്ധിക്കുന്ന ഈ വൃത്തം ഞാൻ പറഞ്ഞു. ഇതുകേട്ടു മുമ്പ് നൈമിഷാരണ്യത്തിലെ താപസന്മാർ സന്തോഷിച്ചു. ദുഃഖം, ഭയം, ക്രോധം ഇവ വിട്ട് പാപം തീണ്ടിയവൻ ഈ വൃത്തം കേട്ടാൽ പിന്നെ മനുഷ്യജന്മത്തിൽ വീണ്ടും പിറക്കുകയില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "വിപ്രൻ ശുചിത നേടുവാൻ എന്താകുന്നു ശൗചം? ഹേ, മഹാപ്രാജ്ഞാ! അതു കേൾക്കുവാൻ എനിക്ക് ആശയുണ്ട്."

മാർക്കണ്ഡേയൻ പറഞ്ഞു: "യുധിഷ്ഠിര! പറയാം. വാക്ശൗചം, കർമ്മശൗചം, ജലശൗചം ഇങ്ങനെ മൂന്നു ശൗചവും തികഞ്ഞവൻ സ്വർഗ്ഗിയാണ്. അതിൽ യാതൊരു സംശയവുമില്ല.

സന്ധ്യയ്ക്കും പുലർകാലത്തും സന്ധ്യോപാസകനായ ദ്വിജൻ, ശുദ്ധിയേറിയ ദേവമാതാവാകുന്ന ഗായത്രി ജപിക്കുന്നവൻ, ആ ദേവിയാൽ ശുദ്ധിയേന്തി പാപമറ്റവനാകുന്നു. ആഴി ചൂഴുന്ന ഈ ഊഴി മുഴുവൻ തനിക്കു ദാനമായിക്കിട്ടിയാലും സൂര്യാദിഗ്രഹങ്ങളൊക്കെ അയാൾക്കു പിഴച്ചുനിന്നാലും അവൻ കേഴുകയില്ല. അങ്ങനെയുള്ള ബ്രാഹ്മണന്ന് സൗമ്യമായി ശുഭമായിവരും ആഗ്രഹങ്ങളൊക്കെ. ആ വിപ്രനെ പിന്തുടർന്നാൽ ഭയങ്കരാകാരന്മാരായ ഘോരരാക്ഷസന്മാർ ആരുംതന്നെ ഒരാളേയും ആക്രമിക്കുകയില്ല.

അദ്ധ്യാപനം, യാജനം, അന്യൻ നല്കുന്ന പ്രതിഗ്രഹം ഇവയൊന്നും വിപ്രന്മാർക്ക് അഘമല്ല. കത്തുന്ന അഗ്നിപോലെയാണ് ദ്വിജൻ. ദുർവ്വേദന്മാരായാലും, സുവേദന്മാരായാലും, പ്രാകൃതന്മാരായാലും സംസ്കൃതന്മാരായാലും ദ്വിജന്മാർ ആരും നിന്ദ്യന്മാരല്ല. ഭസ്മം പൂശിയ അഗ്നിപോലെയാണ് അവർ. ശ്മശാനത്തിൽ കത്തിയാളുന്ന അഗ്നിക്കും ദോഷമില്ല. വിദ്വാനായാലും, മൂഢനായാലും ബ്രാഹ്മണൻ മുഖ്യമായ ദൈവതമാണ്. കോട്ടവാതിലും, മതിൽക്കെട്ടും, പലമാതിരി മേടകളും ഇവയൊക്കെയുണ്ടായാലും വിപ്രരില്ലെങ്കിൽ ആ പട്ടണത്തിന്നു ശോഭയുണ്ടാവുകയില്ല.

വേദാഢ്യന്മാരും, വൃത്തവാന്മാരും, ജ്ഞാനികളും, തപസ്വികളുമായ വിപ്രന്മാർ എവിടെ ഇരിക്കുന്നുവോ അവിടമാണ് രാജാവേ, നഗരം. വ്രജത്തിലോ, കാനനത്തിലോ ശ്രുതശാലികൾ ഇരുന്നാൽ ആ പട്ടണം തീർത്ഥമാണ്. രക്ഷിക്കുന്ന രാജാവിനേയും താപസനായ ദ്വിജനേയും ചെന്നുകണ്ട് അർച്ചനം ചെയ്താൽ ഉടനെ പാപം നശിക്കുന്നതാണ്.

പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്യുക, പവിത്രമായ കഥ പറയുക, സത്തുക്കളുമായി സല്ലപിക്കുക ഇവയൊക്കെ മുഖ്യമായ കാര്യമായി മനീഷികൾ പറയുന്നു.

സൽസംഗത്താൽ ശുദ്ധിയോടുകൂടി സദ്വാക്യാമൃതം ഏറ്റാൽ ആത്മാവു ശുദ്ധമായിത്തീരും എന്നും സജ്ജനങ്ങൾ ഓർക്കുന്നു.

ത്രിദണ്ഡു കൈയിലെടുക്കുക, മൗനിയാവുക, ജട വളർത്തുക, അല്ലെങ്കിൽ മൊട്ടയടിക്കുക, വല്ക്കലമോ തോലോ അരയിൽ ചുറ്റുക, വ്രതചര്യാഭിഷേകം ചെയ്യുക, അഗ്നിഹോത്രം ചെയ്യുക, കാട്ടിൽ വസിക്കുക, ശരീരം കൃശമാക്കുക ഇവകൊണ്ടൊന്നും യാതൊരു കാര്യവുമില്ല, വെറുതെയാണ്; ഭാവശുദ്ധി വന്നില്ലെങ്കിൽ.

അസാദ്ധ്യകാര്യമല്ല അനശനം. അശനം വിട്ട് ഇരിക്കാം. ഇന്ദ്രിയാനുഗമമായ കണ്ണു മുതലായവ ആറെണ്ണത്തിലും വിശുദ്ധിയും ആകാം. എന്നാൽ അവയൊക്കെ ഇളക്കുന്നതായ മനസ്സ് ദുഷ്കരമാണു രാജാവേ!

digitized by www.sreyas.in

മനസ്സുകൊണ്ടും, വാക്കുകൊണ്ടും, ശരീരംകൊണ്ടും പാപം ചെയ്യാത്തവർ ശരീരദോഷം ചെയ്യുന്ന മഹാത്മാരായ തപസ്വികളാകുന്നു. ജ്ഞാതിയിൽ ദയയില്ലാത്തവൻ, ശുക്ലദേഹൻ, ഇവർ കന്മഷന്മാരാകുന്നു. ഭക്ഷണം കഴിക്കാതിരിക്കുന്നത് തപസ്സാകുകയില്ല; തപസ്സിന്ന് ഹിംസയാകുന്നു അത്. ഗൃഹസ്ഥനായ മുനി, നിത്യം ശുദ്ധനും അലംകൃതനുമായവൻ, കനിവ് എല്ലാ ജീവിയിലുമുള്ളവൻ, ഇവർ നിഷ്പാപരാകുന്നു. പാപകർമ്മി ഉപവാസമെടുത്തതുകൊണ്ട് യാതൊരു കാര്യവുമില്ല. പട്ടിണികൊണ്ട് അവൻ ചെയ്യുന്ന പാപം ശുദ്ധീകരിക്കുകയില്ല. മാംസരക്തങ്ങൾ ചേർന്ന ദേഹം ഭക്ഷണം കഴിക്കാഞ്ഞാൽ ക്ഷീണിക്കും. അറിവില്ലാത്ത ഈ പ്രവൃത്തികൊണ്ടു ക്ലേശം മാത്രം സിദ്ധിക്കും; പാതകം ഒട്ടു തീരുന്നതുമില്ല.

വിശ്വാസമില്ലാത്തവൻ ചെയ്യുന്ന കർമ്മം അഗ്നി സ്വീകരിച്ചു ദഹിപ്പിക്കുകയില്ല. പുണ്യത്താൽ പ്രവ്രജിക്കാം; പ്രവാസവും ആകാം.

അജ്ഞാനകർമ്മികൾ കായും കനിയും തിന്നാലും, മൗനമായിരുന്നാലും, വായുമാത്രം ആഹരിച്ചാലും മുണ്ഡനം ചെയ്താലും, ജീർണ്ണഗൃഹം ത്യജിച്ച് ഇരുന്നാലും, ജടാഭാരം ധരിച്ചാലും ചാണകം മെഴുകിയ വെറും നിലത്തു കിടന്നാലും, നിത്യവും പട്ടിണി കിടന്നാലും, അഗ്നിശുശ്രൂഷ ചെയ്താലും, അംഭസ്സിൽ ആണ്ടുകിടന്നാലും യാതൊരു ഫലവും അവർക്കു ലഭിക്കയില്ല.

എന്നാൽ ജ്ഞാനകർമ്മങ്ങൾ ചെയ്യുന്നവന്ന് താനേ ജരാമരണങ്ങൾ അകന്നുപോകും. രോഗങ്ങൾ ക്ഷയിച്ചുപോകും. ഉത്തമമായ പദം ലഭിക്കുകയും ചെയ്യും.

തീയിൽ വെന്താൽ ആ വിത്തുപിന്നെ മുളയ്ക്കുകയില്ല. അതുപോലെ ജ്ഞാനത്തിൽ വെന്താൽ പിന്നെ ആ ക്ലേശം ആത്മാവിൽ പ്രവേശിക്കുകയില്ല. ആത്മാവില്ലാത്ത ശരീരം വിറകും ഭിത്തിയും പോലെയാകുന്നു. അവ സമുദ്രത്തിൽ നശിക്കുന്ന നുരകൾപോലെയാകും.

സർവ്വാന്തര്യാമിയായ ആത്മാവിനെ കാണുകയാണെങ്കിൽ ശ്ലോകംകൊണ്ടോ പാതിശ്ലോകം കൊണ്ടൊ അയാൾക്കു കാര്യം സാധിക്കുന്നതാണ്. ശ്ലോകത്തിലെ പദത്തിന്റെ രണ്ടുവർണ്ണം കൊണ്ട് ചിലരും മറ്റു ചിലർ നൂറായിരം പദം കൊണ്ടും നിശ്ചയമായും മോക്ഷത്തെ പ്രാപിക്കും.

സംശയാലുക്കൾക്ക് ഇഹലോകവും പരലോകവും സിദ്ധിക്കയില്ല. ജ്ഞാനികളായ വൃദ്ധർ മോക്ഷലക്ഷണത്തെ ഇപ്രകാരം പറയുന്നു:

വേദാർത്ഥമറിയുന്നവൻ സർവ്വവേദപ്രയോജനം കാണുന്നു. അവന്ന് വേദകർമ്മത്തിൽ കാട്ടുതീയിനോടെന്നപോലെ ഭയമുണ്ടാകും. ശ്രുതിസ്മൃതികൾ ശുഷ്കതർക്കം വെടിഞ്ഞ് നീ കൈക്കൊള്ളുക. ഏകാക്ഷരമായ, പരമായ തത്ത്വത്തെ ഹേതുയുക്തികൊണ്ട് ഇച്ഛിക്കുക. ഹേതു തെറ്റിപ്പോയാൽ അവന്ന് നിശ്ചയമായും ബുദ്ധി യോജിക്കുന്നതല്ല. വിബുധന്മാരുടെ ആയുസ്സും കർമ്മങ്ങളുടെ വിശേഷവും യുഗംതോറും ദേഹികളുടെ പ്രഭാവവും പാരിൽ വേദോക്തം പോലെ തന്നെ ഫലിക്കുന്നു. ഇന്ദ്രിയങ്ങളുടെ നൈർമ്മല്യംകൊണ്ട് ഇത് ഒഴിവാക്കണം. എന്നാൽ അനശനവും ഇന്ദ്രിയനിഗ്രഹവും ദിവ്യമായിത്തീരും, തപസ്സുകൊണ്ട് സ്വർഗ്ഗഗമനം സാധിക്കും, ദാനത്താൽ ഭോഗസിദ്ധിയുണ്ടാകും, ജ്ഞാനത്താൽ മോക്ഷം ലഭിക്കും, തീർത്ഥസ്നാനം കൊണ്ട് പാപനാശവും ഉണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മാർക്കണ്ഡേയൻ പറഞ്ഞതുകേട്ട് യുധിഷ്ഠിരൻ വീണ്ടും ചോദിച്ചു: ഭഗവാനേ! മുഖ്യമായ പ്രധാനവിധി കേൾക്കുവാൻ ഞങ്ങൾ കാംക്ഷിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "രാജേന്ദ്രാ! പറയാം. നീ ഇച്ഛിക്കുന്നതു ദാനധർമ്മങ്ങളാണല്ലോ. അതു നമുക്ക് അതിന്റെ ഗൗരവംകൊണ്ട് അഭീഷ്ടമാണെന്നു നീ ധരിക്കുന്നു. എന്നാൽ ശ്രുതിസ്മൃതികളിൽ കാണുന്നവിധം ദാനമർമ്മങ്ങളെ ഞാൻ പറയാം. അതു നീ കേട്ടാലും! ആനയുടെ ചെവിക്കാറ്റ് ഏറ്റ് അതിന്റെ നിഴലിൽ ചാത്തം ഊട്ടിയാൽ അതിന്റെ ഫലം പത്തു കല്പായുതകാലത്തോളം നശിക്കുന്നതല്ല. ജീവിതത്തിന്ന് ധനം നല്കി അലിവുള്ള വൈശ്യാധികാരിയെ വെച്ചാൽ യജ്ഞം എല്ലാം കഴിച്ചതായി കണക്കാക്കാം. ഒഴുക്കിന്നെതിരായി ചിത്രവാഹാന്നങ്ങളെ നടത്തുന്നവൻ ആ പ്രവാഹത്തിൽ തോണി മുങ്ങി നശിച്ചുപോകുന്നപോലെ പാപങ്ങളൊക്കെ നശിച്ചുപോകുന്നതാണ്. അക്ഷയമായ വിപ്ലവത്തിൽ തേൻ, തയിർ എന്നിവ വിപ്രന്മാർക്കു നല്കുന്നതായാൽ, വാവിൻനാൾ ദാനം ചെയ്താൽ ഫലം ഇരട്ടിയാണ്. ഋതുവിൽ ദാനംചെയ്താൽ പത്തിരട്ടിയാണ്. അയനം, വിഷുവം, കന്നി, മീനം, മിഥുനസംക്രമങ്ങൾ, സൂര്യേന്ദുഗ്രഹണങ്ങൾ ഈ കാലങ്ങളിൽ നല്കുന്ന ദാനത്തിന്റെ ഫലം ഒരിക്കലും ക്ഷയിക്കുന്നതല്ല.

ദശഗുണമാണ് ഋതുവിൽക്കൊടുത്ത ദാനം. ശതഗുണമാണ് ഋത്വയനാദിയിൽ കൊടുത്ത ദാനം. ദശശതഗുണമാണ് ഗ്രഹണസമയത്തെ ദാനം. വിഷുദിവസത്തെ ദാനത്തിന്നു ക്ഷയവുമില്ല. ഹേ, ഭൂപാ! ഭൂമി നല്കാത്തവൻ ഭൂമി ഭുജിക്കയില്ല. വാഹനം നല്കാത്തവൻ വാഹനത്തിൽ ഗമിക്കുകയില്ല. വിപ്രന്മാർക്ക് ഏതൊക്കെയാണ് ഇഷ്ടമെന്നറിഞ്ഞു ദാനംചെയ്യുന്നവൻ എല്ലാ ഇഷ്ടവും അനുഭവിക്കും. അഗ്നിയുടെ സന്താനമാണ് സ്വർണ്ണം. ഭൂമിദേവി വിഷ്ണുവിന്റേതാണ്. ഗോക്കൾ സൂര്യജാതകളാണ്. അങ്ങനെയുള്ള സുവർണ്ണഗോഭൂമികൾ നല്കുന്നവർ മൂന്നുലോകവും നല്കിയതായി കണക്കാക്കാം.

ദാനത്തേക്കാൾ ശാശ്വതമായി മറ്റൊന്നില്ല. ത്രിലോകത്തിൽ ഭവ്യമായി ഭവാനു മറ്റെന്തുണ്ട്? എന്നാൽ പ്രധാനവും പരമവുമായിട്ടുള്ളതു ദാനമാണെന്നാണ് ലോകത്തിലെ അഗ്ര്യബുദ്ധികൾ പറയുന്നത്."

201. ധുന്ധുമാരോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "രാജർഷിയായ ഇന്ദ്രദ്യുമ്നന്ന് സ്വർഗ്ഗലോകം നല്കിയതായ ആ കഥ മഹാശയനായ മാർക്കണ്ഡേയൻ പറഞ്ഞതുകേട്ട് ഹേ, ജനമേജയാ! യുധിഷ്ഠിരൻ ഇപ്രകാരം മഹർഷിയോടു ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ദീർഘായുഷ്മാനും തപോവൃദ്ധനുമായ ഭവാൻ അറിയാത്തത് എന്തുണ്ട്? ധർമ്മജ്ഞനായ ഭവാൻ ദേവദൈത്യാശരവ്രജങ്ങളെയൊക്കെ അറിയും. പല രാജവംശങ്ങളേയും അറിയും. ശാശ്വതമായ ഋഷികുലങ്ങളേയും അറിയും. ഭവാൻ അറിയാത്തതായി ഈ പ്രപഞ്ചത്തിൽ ഒന്നുമില്ല. മഹർഷേ! ഭവാൻ മർത്ത്യനാഗരാക്ഷസവൃത്തങ്ങളൊക്കെ അറിയുന്നു! ദേവ ഗന്ധർവ്വാപ്സരസ്ത്രീ യക്ഷ കിന്നര വൃത്തങ്ങളും അറിയുന്നു! തത്ത്വത്തോടുകൂടി അതൊക്കെ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കുവലാശ്വൻ എന്ന അപരാജിതനായ ഇക്ഷ്വാകുവംശജൻ പേരുമാറി 'ധുന്ധുമാരൻ' ആയിത്തീർന്നത് എങ്ങനെ? ശരിയായി ഈ കഥ അറിയുവാൻ ഭാർഗ്ഗവോത്തമാ! എനിക്ക് ആഗ്രഹമുണ്ട്. ധീമാനായ കുവലാശ്വന്റെ പേര് എങ്ങനെ മാറ്റി?"

ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ മാർക്കണ്ഡേയമഹർഷി ധുന്ധുമാരോപാഖ്യാനം വിസ്തരിച്ചു പറഞ്ഞു.

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ധർമ്മനിഷ്ഠമായ ധുന്ധുമാരോപാഖ്യാനം ഞാൻ പറയാം. ഭവാൻ സശ്രദ്ധം കേൾക്കുക."

ഇക്ഷ്വാകുവംശജനായ കുവലാശ്വൻ എന്ന രാജാവ് ധുന്ധുമാരനായ കഥ പറയാം: "ഉത്തങ്കൻ എന്നു പ്രസിദ്ധനായ ഒരു മുനിയുണ്ട്. ഹേ, കൗരവാ! അദ്ദേഹത്തിന്റെ ആശ്രമം മരുധന്വത്തിലാണ്. ഉത്തങ്കൻ വിഷ്ണുവിനെ പ്രസാദിപ്പിക്കാൻ വളരെക്കാലം ഉഗ്രമായ തപസ്സുചെയ്തു. ഭഗവാൻ അവനിൽ പ്രീതിയോടെ പ്രത്യക്ഷനായി. ഭഗവാനെ കണ്ടപ്പോൾ ഭക്തിയോടെ സ്തോത്രം ചെയ്തു മഹർഷി കുമ്പിട്ടു."

digitized by www.sreyas.in

ഉത്തങ്കൻ പറഞ്ഞു: "ഭവാൻ ഈ പ്രജകളെയെല്ലാം, ചരാചരങ്ങളും മനുഷ്യരുമടങ്ങിയ പ്രജകളെയെല്ലാം സൃഷ്ടിച്ചു. അപ്രകാരം സ്ഥാവരജംഗമ ഭൂതങ്ങളെയൊക്കെ സൃഷ്ടിച്ചു. മഹാദ്യുതേ! ഭവാൻ വേദ്യമായ ബ്രഹ്മവേദങ്ങൾ സൃഷ്ടിച്ചു.

അല്ലയോ ദേവാ! വ്യോമം നിന്റെ മൗലിയാകുന്നു. കണ്ണുകൾ അർക്കചന്ദ്രന്മാരാകുന്നു. വായു ഭവാന്റെ നെടുവീർപ്പാകുന്നു. തേജസ്സ് അഗ്നിയാകുന്നു. ദിക്കുകളെല്ലാം ഭവാന്റെ കരങ്ങളാകുന്നു. അർണ്ണവം ഭവാന്റെ കുക്ഷിയാകുന്നു. ദേവാ! ഭവാന്റെ തുട ശൈലങ്ങളാണല്ലോ. ആകാശം ഭവാന്റെ ജംഘയാണല്ലോ. ഹേ, മധുസൂദനാ! നിന്റെ പാദം ഭൂമിയാകുന്നു. ചെടികൾ രോമങ്ങളാകുന്നു.

ഇന്ദ്രശുക്രാഗ്നിവരുണന്മാരും ദേവാസുരഫണീന്ദ്രന്മാരും പലേ സ്തോത്രങ്ങളാലും ഭവാനെ വാഴ്ത്തി കുമ്പിട്ടുനില്ക്കുന്നവരാണല്ലോ. ഭുവനേശ്വരാ! ഭവാൻ സർവ്വഭൂതത്തിലും വ്യാപിച്ചവനാണ്. മഹാവീര്യരായ മഹർഷിമാർ നിന്നെ വാഴ്ത്തുന്നു. നീ സന്തോഷിച്ചാൽ ജഗത്തിന്നു സ്വാസ്ഥ്യമായി. കോപിച്ചാൽ മഹാഭയമായി. ഹേ, പുരുഷോത്തമാ! ഭവാനാണല്ലോ ഭയങ്ങൾ സമസ്തവും തീർക്കുന്നവൻ. വാനവർക്കും മാനവർക്കും മാത്രമല്ല, എല്ലാവർക്കും സുഖം നല്കുന്നതു ഭവാനാണല്ലോ. ഭവാൻ മൂന്നടിവച്ച് മൂന്നുലോകവും ഹരിച്ചവനാണല്ലോ! സമൃദ്ധരായ ദൈത്യന്മാരെ നശിപ്പിച്ചവൻ നീയാണല്ലോ. നിന്റെ വിക്രമണത്താൽ (ചുവടുവെപ്പിനാൽ) വിണ്ണോർ മഹാസൗഖ്യത്തെ പ്രാപിച്ചു. നീ ചൊടിച്ചപ്പോൾ ദൈത്യേന്ദ്രന്മാരൊക്കെ തോറ്റുപോയി. മഹാദ്യുതേ, ഇങ്ങു ചുറ്റുമുള്ള ഭൂതങ്ങൾക്കൊക്കെ കർത്താവും വികർത്താവും ഭവാനാണല്ലോ. നിന്നെ സേവിച്ചാണല്ലോ ദേവന്മാർ എങ്ങും സുഖമായി വാഴുന്നത്!"

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം മഹാത്മാവായ ഉത്തങ്കൻ പുകഴ്ത്തിയപ്പോൾ മധുസൂദനനായ വിഷ്ണു ഉത്തങ്കനോടു പറഞ്ഞു: "ഹേ, ഉത്തങ്കാ! ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. നീ എന്നിൽ നിന്നു വരം വരിച്ചുകൊള്ളുക!"

ഉത്തങ്കൻ പറഞ്ഞു: "എനിക്കു പൂർണ്ണമായ വരം ഭവാനിൽനിന്നു ലഭിച്ചിരിക്കുന്നു. ഭവാനെ പ്രത്യക്ഷമായി കണ്ടതുതന്നെയാണ് മഹത്തായ വരം! ശാശ്വതനും, ദിവ്യനും, ലോകസ്രഷ്ടാവും, ഈശ്വരനുമായ പുരുഷനെ ഞാൻ എന്റെ കൺമുമ്പിൽ നേരിട്ടു കണ്ടിരിക്കുന്നു!"

വിഷ്ണു പറഞ്ഞു: "ഹേ, സത്തമാ! ഭവാന്റെ അലോഭത്താലും ഭക്തിയാലും ഞാൻ പ്രസാദിക്കുന്നു. നീ അവശ്യമായ വരം എന്നിൽ നിന്നു വാങ്ങിക്കുക!"

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം വരം വാങ്ങുവാനായി വിഷ്ണു കല്പിച്ചപ്പോൾ ഉത്തങ്കൻ തൊഴുതു വരം ആവശ്യപ്പെട്ടു."

ഉത്തങ്കൻ പറഞ്ഞു: "ഭഗവാനേ, പങ്കജാക്ഷാ! എന്നിൽ ഭവാൻ പ്രസാദിക്കുന്നുവെങ്കിൽ ഭവാൻ എനിക്കു ധർമ്മം, സത്യം, ദമം എന്നിവയിൽ ബുദ്ധി ഉണ്ടാക്കിത്തരേണമേ! നിന്നിൽ വിടാത്ത ഭക്തിയും എനിക്കുണ്ടാക്കേണമേ!"

ഭഗവാൻ പറഞ്ഞു: "എന്റെ പ്രസാദത്താൽ നിന്നിൽ അതൊക്കെ ഉണ്ടാകുന്നതാണ്. അതുകൊണ്ട് ദേവന്മാർക്കും യോഗം പ്രകാശിക്കും. ഭവാൻ മൂന്നുലോകത്തിന്നും വേണ്ടതായ മഹാകാര്യം നിർവ്വഹിക്കും. ലോകം മുടിക്കുവാൻവേണ്ടി ധുന്ധു എന്നുപേരായ ഒരു മഹാസുരൻ ഇപ്പോൾ ഘോരമായ തപസ്സു ചെയ്യുന്നുണ്ട്. ഭവാൻ കേൾക്കുക. ആ മഹാസുരനെ സംഹരിക്കുവാൻ ഇക്ഷ്വാകുകുലത്തിൽ ബൃഹദശ്വൻ എന്നു പേരായി അപരാജിതനായ ഒരു രാജാവു ജനിക്കും. ശുചിയും ദാന്തനുമായി കുവലാശ്വൻ എന്നു പേരായ ഒരു പുത്രൻ അദ്ദേഹത്തിനുണ്ടാകും. അവൻ എന്റെ യോഗബലത്തോടു ചേർന്ന് ഹേ, വിപ്രർഷേ! നിന്റെ ആജ്ഞപ്രകാരം 'ധുന്ധുമാര'നായി ഭവിക്കും."

ഇപ്രകാരം അവനോടു പറഞ്ഞ് വിഷ്ണു അവിടെ അന്തർദ്ധാനം ചെയ്തു."

202. ധുന്ധുമാരോപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ഇക്ഷ്വാകുവിന്നുശേഷം പരമധർമ്മിഷ്ഠനായ ശശാദൻ ലോകം മുഴുവൻ ജയിച്ച് അയോദ്ധ്യാധിപനായി. ശശാദന്റെ പുത്രനായി കകുൽസ്ഥൻ രാജാവായി. അദ്ദേഹം മഹാവീര്യവാനായിരുന്നു. അവന്റെ പുത്രനായി അനേനസ്സുണ്ടായി. അനേനസ്സിന്റെ മകനായി പൃഥു ഉണ്ടായി. പൃഥുവിന്റെ സുതന്മാരായി വിഷ്വഗശ്വനും, അദ്രിയുമുണ്ടായി. അദ്രിക്ക് യുവനാശ്വനെന്ന പുത്രൻ ജനിച്ചു. അവന്റെ പുത്രനായി ശ്രാവൻ ഉണ്ടായി. ശ്രാവന്റെ പുത്രനായി ശ്രാവസ്തകനുണ്ടായി. അവനാണ് പ്രസിദ്ധമായ ശ്രാവസ്തീപുരി നിർമ്മിച്ചത്. ശ്രാവസ്തകന്റെ പുത്രനായി മഹാബലനായ ബൃഹദശ്വനുണ്ടായി. ബൃഹദശ്വന്റെ പുത്രനായി പ്രസിദ്ധനായ കുവലാശ്വനും ജനിച്ചു.

കുവലാശ്വന്ന് ഇരുപത്തേഴായിരം പുത്രന്മാരുണ്ടായി. എല്ലാവരും ശക്തന്മാരും, ദുരാസദന്മാരും, വിദ്യാവിനീതന്മാരുമായിത്തീർന്നു. അച്ഛനേക്കാൾ ഗുണനിധിയായിത്തീർന്നു കുവലാശ്വൻ. പിതാവായ ബൃഹദശ്വൻ അവനെ രാജാവാക്കി. ഹേ, യുധിഷ്ഠിരാ! ധാർമ്മികനും ശൂരനുമായ കുവലാശ്വന് ധാരാളം സമ്പത്തും അച്ഛൻ നല്കി. അങ്ങനെ രാജ്യഭാരം പുത്രനിൽ ഏല്പിച്ച് ശത്രുജിത്തായ ബൃഹദശ്വൻ തപസ്സിനായി കാട്ടിലേക്കു പുറപ്പെട്ടു. ഈ വൃത്താന്തം ഉത്തങ്കൻ കേട്ടു. ഉത്തങ്കൻ ഉടനെ ചെന്നു രാജാവിനെ തടഞ്ഞ്, ഇപ്രകാരം പറഞ്ഞു."

ഉത്തങ്കൻ പറഞ്ഞു: "ഹേ, രാജാവേ! ഭവാൻ ഞങ്ങളെയൊക്കെ രക്ഷിക്കാതെ കാട്ടിൽപ്പോവുകയാണോ? ഭവാന്റെ പ്രസാദത്താൽ ഞങ്ങൾ ഉദ്വേഗംവിട്ടു വാഴുമാറാകണം. മഹാത്മാവായ ഭവാൻ സംരക്ഷിച്ചുവരുന്ന ഭൂമി ഇപ്പോൾ യാതൊരല്ലലും അറിയുന്നില്ല. ഭവാൻ കാടുകയറരുത്. പ്രജാരക്ഷയിൽത്തന്നെ മഹത്തായ ധർമ്മം കാണുന്നുണ്ടല്ലോ. അപ്രകാരമുള്ള മഹത്ത്വം കാട്ടിൽ വാണാൽ സിദ്ധിക്കുകയില്ല. അതുകൊണ്ട് കാടുകയറാതിരിക്കുന്നതാണു നല്ലത്. ഭവാന്റെ മനസ്സു മാറ്റാതിരിക്കുക. ഒരേടത്തും ഇപ്രകാരമുള്ള ധർമ്മത്തോളം, പൂർവ്വരാജർഷികൃതമായ പ്രജാരക്ഷയിലുള്ള ധർമ്മത്തോളം, മഹത്ത്വം മറ്റു ധർമ്മങ്ങൾക്കു ഞാൻ കാണുന്നില്ല. ഭവാൻ പ്രജകളേയും ഭവാനേയും സംരക്ഷിക്കുക. ഉദ്വേഗം കൂടാതെ തപസ്സുചെയ്യുവാൻ സാധിക്കാത്തവിധം ചില സംഭവങ്ങളുണ്ട്. അതു പറയാം.

എന്റെ ആശ്രമത്തിനടുത്ത് ഉജ്ജാലകം എന്നുപേരായി ഒരു മരുഭൂമിയുണ്ട്. ആ മണൽക്കാടു സമമായി പരന്നു മരുധന്വസ്ഥലത്തു കാണാം. അതിന്നു വളരെ യോജനനീളവും വീതിയുമുണ്ട്. വിസ്താരമേറിയതാണ് ആ മണൽക്കടൽ. അതിൽ മഹാക്രൂരനും മഹാവീര്യപരാക്രമനും, ദാരുണനും, മധുകൈടഭസന്താനവുമായ 'ധുന്ധു' എന്ന ദാനവേന്ദ്രൻ അധിവസിക്കുന്നു. ഘോരവിക്രമനായ അവൻ ഭൂമിയുടെ ഉള്ളിലാണ് കിടക്കുന്നത്. അവനെ കൊന്നതിന്നുശേഷം നീ കാട്ടിലേക്കു പോവുക. ഘോരമായ തപസ്സുചെയ്തു ലോകം മുടിക്കുവാൻ തന്നെ ഒരുങ്ങിയിട്ടാണ് അവൻ കിടക്കുന്നത്. അവൻ ദേവന്മാരേയും ലോകത്തേയും മുടിക്കുവാനാണ് അവിടെ കിടക്കുന്നത്. അവനെ കൊല്ലുവാൻ ദേവന്മാർക്കും, ദൈത്യന്മാർക്കും, അസുരന്മാർക്കും ദാനവേന്ദ്രന്മാർക്കും സാധിക്കയില്ല. അതുപോലെതന്നെ ഭുജംഗഗന്ധർവ്വയക്ഷന്മാർക്കും സാദ്ധ്യമല്ല, അവനെ കൊല്ലുവാൻ. അവൻ അതിന്നുള്ള വരം ബ്രഹ്മാവിൽനിന്നു വാങ്ങിക്കഴിഞ്ഞു. അവനെ ഭവാൻ കൊല്ലുക. ഭവാനു നന്മ വരും. ഭവാന്റെ ബുദ്ധി മാറരുതേ! നിത്യമായ സൽക്കീർത്തി ഭവാനു ലഭിക്കും.

മണ്ണിന്റെ ഉള്ളിൽക്കിടക്കുന്ന അവൻ ഒരാണ്ടു തികയുമ്പോൾ ഒരു നെടുവീർപ്പു വിടും. ഉടനെ കാടും മലയും അടക്കമുള്ള ഈ നാടു കുലുങ്ങും. അവൻ നെടുവീർപ്പിടുമ്പോഴുണ്ടാകുന്ന കാറ്റുകൊണ്ടു പൊടിപടലം പരക്കും. സൂര്യമാർഗ്ഗത്തെ അതു മറയ്ക്കും. ഏഴു ദിവസം ഭൂകമ്പം ഉണ്ടായിക്കൊണ്ടിരിക്കും. ഭയങ്കരമായി മണ്ണും ജ്വാലയുംകൂടി ഉരുകി പുകയായി ആകാശത്തിൽ പൊങ്ങും. അതുകൊണ്ട് ഈ ആപത്തിനെപ്പറ്റി ഓർത്ത് ആശ്രമത്തിൽ പാർക്കുവാൻ എനിക്കു ശക്തി തോന്നുന്നില്ല.

digitized by www.sreyas.in

ലോകങ്ങളുടെ ഹിതത്തിന്നായി രാജാവേ! ഭവാൻ അവനെ കൊല്ലുക. തേജസ്വിയായ ധുന്ധുവിനെ തേജസ്സുകൊണ്ടു നശിപ്പിക്കുവാൻ അല്പതേജസ്വികൾ പോരാ. ആ ദൈത്യനെ കൊന്നാൽ ലോകത്തിന്നു സ്വാസ്ഥ്യം ലഭിക്കും. അവനെ കൊല്ലുവാൻ ഭവാൻ മതി എന്നാണ് എന്റെ അഭിപ്രായം. തേജസ്സാൽ ഭവാന്റെ തേജസ്സ് വിഷ്ണു പുഷ്ടിപ്പെടുത്തും. വിഷ്ണു എനിക്കു മുമ്പേതന്നെ വരം തന്നിട്ടുണ്ട്. ഏതു രാജാവ് ആ ഘോരദൈത്യനെ കൊലചെയ്യുവാൻ പുറപ്പെടുന്നുവോ അപ്പോൾ ദുരാസദമായ വിഷ്ണുതേജസ്സ് അവനിൽ ചേർന്നിണങ്ങും എന്നാണു വരം. ദുസ്സഹമായ ആ തേജസ്സുൾക്കൊണ്ട് ഭവാൻ രൗദ്രവിക്രമനായ ആ ദൈത്യനെ സംഹരിച്ചാലും! തേജസ്വിയായ ധുന്ധുവിനെ അല്പതേജസ്സുകൊണ്ടു ദഹിപ്പിക്കുവാൻ ശക്യമല്ല. രാജാവേ, എത്ര നൂറ്റാണ്ടു പ്രയത്നിച്ചാലും അല്പതേജസ്വികൾക്ക് അവനെ കൊല്ലുവാൻ സാധിക്കയില്ല."

203. ധുന്ധുമാരോപാഖ്യാനം – മാർക്കണ്ഡേയൻ തുടർന്നു: "ഇപ്രകാരം ഉത്തങ്കൻ പറഞ്ഞപ്പോൾ അപരാജിതനായ രാജർഷി ഉത്തങ്കനോടു കൈകൂപ്പി ഉണർത്തിച്ചു: 'ഹേ, ബ്രഹ്മൻ! ഭവാൻ ഇവിടെവന്ന് എന്നോടുചെയ്ത അപേക്ഷ ഒരിക്കലും പാഴാവുകയില്ല. ഭഗവാനേ, എന്റെ പുത്രനായ കുവലാശ്വനെ നോക്കൂ! ഇവൻ ധൃതിമാനും ഉടനെ കാര്യം നിർവ്വഹിക്കുന്നവനും, പാരിൽ അപ്രതിമനായ വീരനും ആണ്. അതുല്യപരാക്രമിയാണ്! അങ്ങയുടെ ഇഷ്ടമെന്തോ അതൊക്കെ ഇവൻ ചെയ്യും. അതുകൊണ്ടു സംശയിക്കരുത്. പരിഘം കൈയിലേന്തുന്നവരായ വളരെ പുത്രന്മാരോടുകൂടിയവനാണ് ഇവൻ. എന്നെ ഭവാൻ പോകാനനുവദിക്കുക! ഞാൻ ആയുധം ഉപേക്ഷിച്ചവനാണ്.' 'എന്നാൽ ഭവാന്റെ ഇഷ്ടംപോലെയാകട്ടെ!' എന്ന് തേജസ്വിയായ ഉത്തങ്കൻ പറഞ്ഞു. ഉടനെ രാജാവ് തന്റെ പുത്രനെ വിളിച്ച് ഉത്തങ്കമഹർഷിയെ ഏല്പിച്ചു പറഞ്ഞു: 'മഹർഷിയുടെ അഭീഷ്ടം നിറവേറ്റുക.'

അനന്തരം രാജർഷി ഉത്തമമായ അരണ്യത്തിലേക്കു നടന്നു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, തപോധനാ! ആരാണ് ഈ ദൈത്യൻ? ഇവൻ ആരുടെ പുത്രനാണ്? ആരുടെ പൗത്രനാണ്? എല്ലാം അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്ര ശക്തനായ ഒരു അസുരനെക്കുറിച്ച് ഞാൻ ഇന്നേവരെ കേട്ടിട്ടില്ല. തപോധനാ, യഥാതത്ത്വം അറിയുവാൻ എനിക്കു വലിയ ആഗ്രഹമുണ്ട്. വിസ്തരിച്ച് ഉള്ളതൊക്കെ പറഞ്ഞാലും!"

മാർക്കണ്ഡേയൻ പറഞ്ഞു: "രാജാവേ, യുധിഷ്ഠിര! ഞാൻ നടന്ന വിധം എല്ലാം പറയാം. ഭവാൻ കേൾക്കുക. ലോകം ഒറ്റക്കടൽ പ്രായമായി ചരാചരങ്ങളൊക്കെ ഒടുങ്ങി. സർവ്വഭൂതങ്ങളും നശിച്ചു. പ്രഭവനും, വിശ്വകർത്താവും, ശാശ്വതനും, അവ്യയനും, സർവ്വലോകേശൻ എന്നു സിദ്ധർഷികൾ പുകഴ്ത്തുന്നവനുമായ വിഷ്ണുഭഗവാൻ പ്രളയജലത്തിൽ മഹാതേജസ്വിയായ ശേഷനാഗത്തിന്റെ ദേഹമാകുന്ന മെത്തയിൽ യോഗത്താൽ നിദ്രപ്രാപിച്ചു. വിശ്വകൃത്തും, ഭഗവാനും, അച്യുതനുമായ ഹരി മഹാഭുജംഗഭോഗത്തിൽ ഭൂമിദേവിയെ പുല്കിയാണു നിദ്രചെയ്യുന്നത്. ആ ദേവൻ അങ്ങനെ നിദ്രചെയ്യുമ്പോൾ സൂര്യാഭമായ ഒരു താമര നാഭിയിൽനിന്ന് ഉയർന്നു. ദിവ്യമായ ആ താമരയിൽ പിതാമഹൻ ഉണ്ടായി. ആ പത്മത്തിൽ ലോകഗുരുവും, സൂര്യസന്നിഭനും, ചതുർവ്വേദനും, ചതുർമ്മൂർത്തിയും, ചതുർമ്മുഖനും ആയ സാക്ഷാൽ ബ്രഹ്മാവു ജനിച്ചു. അപ്രധൃഷ്യനും സ്വപ്രഭാവത്താൽ മഹാബലപരാക്രമനുമാണ് ആ ദേവൻ.

ഒട്ടുനാൾ കഴിഞ്ഞപ്പോൾ വീര്യവാന്മാരായ ദാനവന്മാർ, മധുവും കൈടഭനും, പ്രഭുവായ വിഷ്ണുവിനെ കണ്ടു. മഹാദ്യുതിയോടുകൂടി വിഷ്ണു ദിവ്യനാഗമെത്തമേൽ കിടക്കുന്നു. വളരെ യോജന നീളവും വീതിയുമുള്ള കിടക്കയിലാണ് വിഷ്ണുവിന്റെ കിടപ്പ്. കിരീട കൗസ്തുഭങ്ങളണിഞ്ഞ് പീതാംബരം ചുറ്റി തേജസ്സേറിയ വപുസ്സോടെ ശ്രീയാൽ ദീപ്തനായി വിളങ്ങുന്നു. ആ വിധം നിദ്രയിൽ ലയിച്ചു കിടക്കുന്ന ദേവന്റെ സഹസ്രസൂര്യപ്രഭ അവർ കണ്ട ഉടനെ അത്ഭുതപ്പെട്ടു പോയി. മധുകൈടഭന്മാർ അത്യധികം വിസ്മയപ്പെട്ടു.

അവർ പിന്നെ പത്മത്തിൽ ഇരിക്കുന്ന പത്മനേത്രനായ ബ്രഹ്മാവിനെക്കണ്ടു. അമിതൗജസ്വിയായ വിധിയെ അവർ ചെന്നു ഭയപ്പെടുത്തി. പലപാട് അവർ ഭയപ്പെടുത്തുവാൻ തുടങ്ങിയപ്പോൾ കീർത്തിശാലിയായ ബ്രഹ്മാവ് താൻ ഇരിക്കുന്ന താമരത്തണ്ടു കുലുക്കി. ഉടനെ കേശവൻ നിദ്രയിൽനിന്ന് ഉണർന്നു. വിഷ്ണു ഉണർന്നുനോക്കിയപ്പോൾ വീര്യവാന്മാരായ മധുകൈടഭന്മാരെ കണ്ടു. കണ്ടയുടനെ ഗോവിന്ദൻ പറഞ്ഞു: 'മഹാശക്തന്മാരേ! നിങ്ങൾക്കു സ്വാഗതം! നിങ്ങൾക്കു ഞാൻ നന്നായി വരം നല്കാം. നിങ്ങളിൽ എനിക്കു പ്രീതി തോന്നുന്നു.'

ബലദർപ്പങ്ങളാൽ ഉദ്ധതരായ അവർ ചിരിച്ച് ഹരിയോട് ഉത്തരം പറഞ്ഞു: 'ഹേ, ദേവാ! ഞങ്ങൾക്കു വരമോ? കൊള്ളാം! ഞങ്ങൾ വരദന്മാരാണ്! അങ്ങയ്ക്കുവേണമെങ്കിൽ ഞങ്ങൾ വരം തരാം! ഹേ, സുരോത്തമാ! പറയൂ, എന്തു വരം വേണമെന്ന്.'

ഭഗവാൻ പറഞ്ഞു: 'ഹേ, വീരന്മാരേ! ഞാൻ വരം വാങ്ങിക്കൊള്ളാം. എനിക്കു വരം ഇഷ്ടമാണ്! നിങ്ങൾ മഹാവീര്യവാന്മാരാണ്. നിങ്ങൾക്കു തുല്യം ആരുമില്ല. ഹേ, വീരന്മാരേ! സത്യവിക്രമന്മാരേ! ഭവാന്മാർ എനിക്കു വദ്ധ്യരാകണം. എനിക്കു നിങ്ങളെ കൊല്ലണം. ലോകത്തിന്റെ ഹിതത്തിന്നായി ഈ വരമാണ് ഞാൻ ഇച്ഛിക്കുന്നത്.'

മധുകൈടഭന്മാർ പറഞ്ഞു: 'ഞങ്ങൾ കളിയിൽപ്പോലും അസത്യം പറയാത്തവരാണ്. ഞങ്ങൾ സത്യധർമ്മസ്ഥന്മാരാണെന്ന്, ഹേ, പുരുഷോത്തമാ! ഭവാൻ നിനച്ചാലും! ബലം, രൂപം, ശമം, ശൗര്യം ഇവയ്ക്കു ഞങ്ങളോടു തുല്യരായി ആരുമില്ല. പോരാ ധർമ്മം, ദാനം, തപം, ശീലം, സത്വം, ദമം ഇവയ്ക്കു ഞങ്ങളോടു സമനായി ഈ പ്രപഞ്ചത്തിൽ ആരും ഇല്ല. ഈ ഞങ്ങൾക്കു മഹോപപ്ലവം അടുത്തിരിക്കുന്നു. കേശവാ! ഭവാൻ പറഞ്ഞ വിധം ചെയ്തുകൊള്ളുക. കാലം ദുരതിക്രമമാണല്ലോ! ഹേ, ദേവ! ഭവാന്ന് ഒരു കാര്യമുണ്ട് ചെയ്യുവാൻ. അതു പറയാം: മൂടലില്ലാത്ത അംബരത്തിൽവെച്ച് സുരോത്തമാ, ഞങ്ങളെ കൊല്ലുക. ഹേ, ചാരുലോചനാ! ഭവാന്റെ പുത്രഭാവം ഞങ്ങൾക്കു സിദ്ധിക്കുകയും വേണം. ഈ വരം ഞങ്ങൾ ഭവാനോട് അഭ്യർത്ഥിക്കുന്നു. അത് അനൃതമാക്കരുതേ ദേവാ!'

ഭഗവാൻ പറഞ്ഞു: 'ആവാം! അങ്ങനെ ഞാൻ ചെയ്യാം. എല്ലാം ശരിയായി വരും!' ഇപ്രകാരം പറഞ്ഞ് ഗോവിന്ദൻ എല്ലായിടത്തേക്കും കണ്ണോടിച്ചു. അനാവൃതമായി ഒരിടവും കണ്ടില്ല. ആകാശത്തും ഭൂമിയിലും വാനിലുമൊക്കെ വിഷ്ണു നോക്കി. ഒടുവിൽ ആ മധുസൂദനൻ തന്റെ തുട മൂടലില്ലാതെ കണ്ടു. ഉടനെ ആ മധുകൈടഭന്മാരെ തുടയിൽക്കിടത്തി മൂർച്ചയേറിയ തന്റെ ചക്രായുധംകൊണ്ട്, കീർത്തിമാനായ ആ ദേവൻ അവരുടെ ശിരസ്സുകൾ ഛേദിച്ചു."

204. ധുന്ധുമാരോപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിര! ആ മധുകൈടഭന്മാരുടെ പുത്രനായി തേജസ്വിയായി ധുന്ധു ഉണ്ടായി. മഹാവീര്യപരാക്രമനായ അവൻ മഹാതപം ചെയ്ത് ഒറ്റക്കാലിൽ നിന്നു തപസ്സുചെയ്തു. കൃശനായി ഞരമ്പുകൾ പിടച്ച് ഘോരമായ തപസ്സുചെയ്തപ്പോൾ ബ്രഹ്മാവ് അവനിൽ പ്രസാദിച്ചു. 'ദേവദാനവഗന്ധർവ്വന്മാർക്കും, രാക്ഷസന്മാർക്കും, ഉരഗർക്കും ഞാൻ അവദ്ധ്യനായി വരണം' എന്ന് അവൻ പിതാമഹനോട് വരം അർത്ഥിച്ചു. 'അപ്രകാരം ആകട്ടെ! പൊയ്ക്കൊള്ളുക' എന്ന് ബ്രഹ്മാവ് അവനോടു പറഞ്ഞു. അവൻ നന്ദിയോടെ ബ്രഹ്മാവിന്റെ കാല്ക്കൽ നമസ്കരിച്ചു വരം വാങ്ങി പോവുകയും ചെയ്തു. അങ്ങനെ മഹാബലപരാക്രമനായ ധുന്ധു വരംനേടി. അച്ഛന്മാരെ കൊന്നതു ചിന്തിച്ച് അവൻ വിഷ്ണുവിന്റെ സന്നിധിയിലെത്തി. ദേവഗന്ധർവ്വവർഗ്ഗത്തെയൊക്കെ ജയിച്ച് അമർഷണനായ ധുന്ധു വിഷ്ണുവിനേയും ദേവന്മാരേയും പലവട്ടം ചെന്നു ബാധിച്ചു.

digitized by www.sreyas.in

പിന്നെ ദുഷ്ടനായ അവൻ ഉജ്ജാലകം എന്ന മണൽക്കടലിൽ വന്ന് ആ ദിക്കിൽ ഉത്തങ്കന്റെ ആശ്രമത്തെ ശക്തിയായി ബാധിച്ചു. മണലിൽ മൂടി ഭൂമിയുടെ ഉള്ളിലേക്കു കടന്ന്, മധുകൈടഭസന്താനമായ ധുന്ധു കിടക്കുകയാണ്. ലോകനാശത്തിന്നു വേണ്ടി ആ ഉഗ്രതപോബലനായ അവൻ ഉത്തങ്കാശ്രമപാർശ്വത്തിൽ അഗ്നിജ്വാലകൾ ചുറ്റും വിട്ടുകൊണ്ടുകിടക്കുകയായിരുന്നു.

ഇക്കാലത്ത് ബലവാഹനവാനായ കുവലാശ്വരാജാവ് ഉത്തങ്കനോടും മക്കളോടുംകൂടി അങ്ങോട്ടു ചെന്നു.

ശക്തന്മാരായ ഇരുപത്തോരായിരം മക്കളോടുകൂടി ശത്രുമർദ്ദനനായ കുവലാശ്വൻ അങ്ങോട്ടു ചെന്നപ്പോൾ ലോകഹിതത്തിന്നായി ഉത്തങ്കൻ പറഞ്ഞപ്രകാരം ഭഗവാൻ വിഷ്ണു അവനിൽ തേജസ്സാൽ ചേർന്നു.

ദുർദ്ധർഷനായ അവൻ പുറപ്പെട്ടപ്പോൾ വാനിൽ ഘോഷമുണ്ടായി: 'ശ്രീമാനും അവദ്ധ്യനുമായ ഇവൻ ധുന്ധുമാരനായി ഭവിക്കും.' ദേവന്മാർ അവനെ പുഷ്പവൃഷ്ടികൊണ്ടു മൂടി. ദേവദുന്ദുഭികൾ കൊട്ടാതെതന്നെ സ്വയം ശബ്ദിച്ചു. ആ ധീമാന്റെ യാത്രയിൽ ശീതളമാരുതൻ മന്ദം മന്ദം വീശി. മന്നിൽ പൊടി പറക്കാതിരിക്കത്തക്ക വണ്ണം ഇന്ദ്രൻ ലഘുവായ വർഷം പൊഴിച്ചു, യുധിഷ്ഠിരാ! ദേവന്മാരുടെ വിമാനങ്ങൾ ആകാശത്തുനിരന്നു. ധുന്ധു കിടക്കുന്നതിന്നു മുകൾഭാഗത്തായി വിമാനങ്ങൾ കാണപ്പെട്ടു.

കുവലാശ്വൻ ധുന്ധുവുമായി പോരാടുന്നത് സസന്തോഷം കാണുവാൻ ദേവഗന്ധർവ്വന്മാരോടുകൂടി മഹർഷിമാർ നോക്കിനിന്നു. ഹേ, കൗരവ്യാ! അവൻ വിഷ്ണുതേജസ്സാൽ വളർന്നുനിന്നു. ആ രാജാവ് ഉടനെ ചെന്ന് മക്കളെ ചുറ്റും നിർത്തി മണൽക്കടൽ കുഴിപ്പിച്ചു. അങ്ങനെ കുവലാശ്വന്റെ പുത്രന്മാർ ആ മണൽക്കടൽ ഏഴുദിവസം കുഴിച്ചപ്പോൾ ശക്തനായ ധുന്ധുവിനെ കണ്ടെത്തി. മണൽ മൂടിക്കിടക്കുന്ന അവന്റെ വലിയ ശരീരം കണ്ടാൽ ഭയപ്പെടാത്തവർ ഉണ്ടാവുകയില്ല. അവൻ തേജസ്സാൽ സൂര്യനെപ്പോലെ ഉജ്ജ്വലിച്ചു. അപ്പോൾ ധുന്ധു പടിഞ്ഞാറെ അറ്റത്തു മറഞ്ഞ് ആ കാലാനലാഭൻ നിദ്രചെയ്യുകയാണ്. കുവലാശ്വന്റെ പുത്രന്മാരെല്ലാം ചുറ്റും വളഞ്ഞു. അവർ പാഞ്ഞടുത്തു. തീക്ഷ്ണബാണം, മുസലം, ഗദ, പട്ടസം, പ്രാസം, പരിഘം, തീക്ഷ്ണമായി മിന്നുന്ന വാൾ ഇവ അവന്റെ ദേഹത്തിൽ പ്രയോഗിച്ചു.

പീഡപ്പെടുത്തപ്പെട്ട അവൻ പെട്ടെന്ന് എഴുന്നേറ്റു. കോപത്തോടെ എഴുന്നേറ്റ അവൻ അവർ പ്രയോഗിക്കുന്ന ആയുധങ്ങളൊക്കെ വിഴുങ്ങി. പ്രളയാഗ്നിസദൃശമായ അഗ്നി വായിൽനിന്നു വിട്ട് ആ രാജപുത്രന്മാരെയൊക്കെ അവൻ തന്റെ തേജസ്സാൽ ചുട്ടുകളഞ്ഞു. പണ്ടു കപിലൻ സഗരാത്മജന്മാരെ കോപത്താൽ ചുട്ടു ഭസ്മമാക്കിയപോലെ മുഖാഗ്നികൊണ്ട് ലോകം മുഴുവൻ ഭസ്മമാക്കുമാറ്, ഒരുനിമിഷം കൊണ്ട് ആ രാജപുത്രന്മാരെ വെണ്ണീറാക്കിക്കളഞ്ഞു; അത്ഭുതം തന്നെ!

അവന്റെ കോപാഗ്നിയിൽ അവർ വെന്തതിന്നുശേഷം മറ്റൊരു കുംഭകർണ്ണനെപ്പോലെ, നിദ്രവിട്ട് അവൻ യുദ്ധത്തിന്ന് ഒരുങ്ങി. ഉടനെ കുവലാശ്വരാജാവ് എതിർത്തടുത്തു. അപ്പോൾ അവന്റെ ശരീരത്തിൽനിന്നു ജലം പ്രവഹിക്കുവാൻ തുടങ്ങി. ആ വാരിമയമായ തേജസ്സിനെ രാജാവ് പാനം ചെയ്തു. ആ യോഗി യോഗാംബുകൊണ്ട് ആ വഹ്നിയേയും കെടുത്തി. ബ്രഹ്മാസ്ത്രം പ്രയോഗിച്ച്, ഹേ, യുധിഷ്ഠിരാ! ക്രൂരവിക്രമിയായ ആ ദൈത്യനെ സർവ്വലോകത്തിന്റെയും അഭയത്തിന്നായി, രാജർഷിയായ കുവലാശ്വൻ ദഹിപ്പിച്ചു. വീരനായ ദേവാരിയെ മറ്റൊരു ഇന്ദ്രൻ എന്നപോലെ കുവലാശ്വൻ കൊന്നു.

ധുന്ധുവെ കൊന്നതിനാൽ മഹാശയനായ കുവലാശ്വരാജാവ് ധുന്ധുമാരനായി. അദ്ദേഹം എതിരില്ലാത്തവനായിത്തീർന്നു. മുനിമാരോടുചേർന്ന് ദേവന്മാർ പ്രീതരായി. 'രാജാവേ! വരം വാങ്ങുക' എന്നു പറഞ്ഞു. രാജാവ് അപ്പോൾ കൈകൂപ്പി അതിരറ്റ സന്തോഷത്തോടെ ഇപ്രകാരം പറഞ്ഞു: 'ഞാൻ വിപ്രന്മാർക്കു വിത്തം നല്കണം! അരിദുർജ്ജയനാകണം! വിഷ്ണുവിനോടു സഖ്യം ഉണ്ടാകണം. ഭൂതദ്രോഹങ്ങൾ ബാധിക്കാതാകണം. ധർമ്മത്തിൽ എന്നും രതിയുണ്ടാകണം. അക്ഷയമായ സ്വർഗ്ഗവാസം ലഭിക്കണം.' 'അപ്രകാരം ഭവിക്കട്ടെ!' എന്നു ദേവന്മാർ ആ രാജാവിനെ നന്ദിപൂർവ്വം അനുഗ്രഹിച്ചു. ഗന്ധർവ്വന്മാരും, മുനികളും, ധീമാനായ ഉത്തങ്കനും പിന്നെ സംഭാഷണം ചെയ്തു. കുവലാശ്വന്നു നാനാവിധത്തിലുള്ള ആശിസ്സു നല്കി.

അനന്തരം ദേവന്മാരും, മുനികളും സ്വസ്ഥാനങ്ങളിലേക്കു മടങ്ങി. ആ രാജാവിന്ന് മൂന്നുമക്കൾ മാത്രമേ ശേഷിച്ചുള്ളു; ദൃഢാശ്വൻ, കപിലാശ്വൻ, ചന്ദ്രാശ്വൻ ഇവർ മൂന്നുപേർ മാത്രം. ആ മൂന്നുപേർവഴിക്കാണ് യോഗ്യരായ ഇക്ഷ്വാകുവംശക്കാർ നിലനിന്നത്. തേജസ്വികളായ ഇക്ഷ്വാകുവംശജന്മാരുടെ പരമ്പര ഇവരിൽനിന്നാണ്.

ഇപ്രകാരമാണ് കുവലാശ്വൻ മധുകൈടഭസന്താനമായ ധുന്ധുവിനെ കൊന്നത്. അങ്ങനെയാണ് കുവലാശ്വക്ഷിതിപതി ധുന്ധുമാരനുമായിത്തീർന്നത്. നാമത്താൽ ആ ഗുണനിധി അന്നുതൊട്ട് ഈ പേരിൽ അറിയപ്പെടുന്നു. ഹേ, യുധിഷ്ഠിരാ! എന്നോടു ചോദിച്ചവിധം ഇതൊക്കെ ഞാൻ ഭവാനോടു പറഞ്ഞു. അദ്ദേഹത്തിന്റെ കർമ്മത്താൽ ധുന്ധുമാരോപാഖ്യാനം വിശ്രുതമായി. ഈ ആഖ്യാനം പുണ്യമായിട്ടുള്ളതും വിഷ്ണുവിന്റെ കീർത്തനവുമാണ്. ഈ ആഖ്യാനം കേട്ടാൽത്തന്നെ അവൻ ധാർമ്മികനാകും. പുത്രസന്താനവാനുമായി ഭവിക്കും. ആയുഷ്മാനും ഭൂതിമാനുമാകും. പർവ്വംതോറും ഇതുകേൾക്കുകയാണെങ്കിൽ യാതൊരു രോഗവും ബാധിക്കാതെ അവൻ വിജ്വരനുമാകും.

205. പതിവ്രതോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "വീണ്ടും യുധിഷ്ഠിരരാജാവ് ശ്രീമാനായ മാർക്കണ്ഡേയനോട് ദുർബ്ബോധമായ ധർമ്മപ്രശ്നം ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ, സ്ത്രീകളുടെ മാഹാത്മ്യം വളരെ ഉത്തമമായിട്ടുള്ളതാണല്ലോ. സൂക്ഷ്മമവും ധർമ്മ്യവുമായ ആ മാഹാത്മ്യം ഭവാനിൽനിന്ന് അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സൂര്യൻ, ചന്ദ്രൻ, വായു, ഭൂമിദേവി, അഗ്നി, അമ്മ, അച്ഛൻ, ഗുരുനാഥൻ ഇവരൊക്കെ പ്രത്യക്ഷമായി കാണുന്ന ദേവകളാണല്ലോ. വിപ്രർഷിസത്തമാ! ദേവക്ലൃപ്തമായി വേറെ എന്തുണ്ട്? ഗുരുക്കന്മാരെല്ലാവരും മാന്യരാണ്. ഏകവധുക്കളും മാന്യരാണ്. പതിവ്രതാസേവ ഇതിൽവെച്ച് ഏറ്റവും ദുസ്സാദ്ധ്യമാണെന്നാണ് എന്റെ അഭിപ്രായം. മഹർഷേ! പതിവ്രതാമാഹാത്മ്യം ഞങ്ങളോടു പറയുക. ഇന്ദ്രിയങ്ങൾ തടഞ്ഞ് ഉള്ളടക്കി പതിയെ ദൈവമാണെന്നു വിചാരിച്ച് പതിവ്രതമാർ നില്ക്കുന്നു. ഭഗവാനെ, ദുഷ്കരമാണ് ഇതെന്നു ഞാൻ ഓർക്കുന്നു.

മാതാപിതാക്കളുടെ ശുശ്രൂഷയും, സ്ത്രീകൾക്കു ഭർത്തൃശുശ്രൂഷയും ദുഷ്കരമാണെന്ന് എനിക്കു തോന്നുന്നു. എന്നാൽ സ്ത്രീധർമ്മത്തേക്കാൾ ദുഷ്കരമായ മറ്റൊന്നും ഞാൻ കാണുന്നില്ല. ഹേ, ബ്രാഹ്മണോത്തമാ! സാദ്ധ്വാചാരകളായ സ്ത്രീകൾ ആദരവോടെ അച്ഛനമ്മമാരെപ്പറ്റിചെയ്യുന്ന ക്രിയകൾ ദുഷ്കരക്രിയകളാണ്. സത്യസന്ധകളും, ഏകപത്നികളുമായ സ്ത്രീകളും, തന്റെ വയറ്റിൽ പത്തുമാസം ഗർഭംധരിച്ചു പ്രസവിക്കുന്നവരായ സ്ത്രീകളും കാലത്തിന്റെ അത്ഭുതസൃഷ്ടികളാകുന്നു. അതിൽ എന്താണ് അത്ഭുതം! ജീവൻ സംശയസ്ഥിതിയാർന്നും ഏറ്റവും വേദനപ്പെട്ടും വളരെ ക്ലേശിച്ചുമാണ് അവർ പുത്രന്മാരെ പ്രസവിക്കുന്നത്. പിന്നെ അവർ മഹാസ്നേഹത്തോടെ സന്താനങ്ങളെ പോറ്റുന്നു. ജുഗുപ്സിതമായ ക്രൂരജാതിയിൽപ്പെട്ടവർ കൂടി എന്നും സ്വകർമ്മം ചെയ്യുന്നു. ഇതു ദുഷ്കരമാണെന്നാണ് എന്റെ അഭിപ്രായം. ഹേ, ദ്വിജാ! ക്ഷത്രധർമ്മസമാചാരതത്ത്വം എന്നോടു പറഞ്ഞാലും. മഹാന്മാരിൽ നൃശംസയ്ക്കു ധർമ്മം ദുർല്ലഭമാണ്! ഈ പ്രശ്നത്തിന്നുള്ള ഉത്തരം ഭവാൻ പറഞ്ഞാലും."

മാർക്കണ്ഡേയൻ പറഞ്ഞു: "പറയുവാൻ വളരെ ദുർഘടമായ പ്രശ്നം ഞാൻ ഇതാ നിന്നോടു പറയുന്നു. യഥാർത്ഥമായി

digitized by www.sreyas.in

ഹേ, ഭരതശ്രേഷ്ഠാ! ഞാൻ പറയുന്നതു കേട്ടാലും. ചിലർ പറയുന്നു, പ്രാധാന്യം അമ്മയ്ക്കാണെന്ന്, ചിലർ പറയുന്നു, പ്രാധാന്യം അച്ഛനാണെന്ന്. മക്കളെ പോറ്റുന്ന അമ്മ ചെയ്യുന്ന കർമ്മം ദുഷ്കരം തന്നെ. തപം, ദേവാർച്ചനം, സേവ, തിതിക്ഷ ഇവയാലും ആഭിചാരോപായത്താലും പിതാക്കൾ മക്കളെ കാക്കുന്നു. ഇപ്രകാരം പണിപ്പെട്ട് ദുർല്ലഭപുത്രനെ നേടിയതിന്നുശേഷം ഇനി അവൻ ഏതു നിലയ്ക്കാകും എന്നു ഗാഢമായി എപ്പോഴും ചിന്തിക്കുകയാണ് മാതാപിതാക്കന്മാർ. അവർ പുത്രന്മാരുടെ ഉന്നതിയെ കാംക്ഷിക്കുന്നു. യശസ്സ്, കീർത്തി, ഐശ്വര്യം, സന്താനം, ധർമ്മം എന്നിവയാണ് അവർ പുത്രന്മാരിൽ ആശിക്കുന്നത്. അവരുടെ ആശ നിറവേറ്റുന്നവൻ അവർക്കു സന്തോഷം ഉളവാക്കുന്നവനാണ്. ഇഹത്തിലും പരത്തിലും അവന്നു സൽക്കീർത്തിയുണ്ടാകും. ധർമ്മവുമുണ്ടാകും.

യജ്ഞക്രിയാശ്രാദ്ധോപവാസങ്ങൾ ഒന്നുംകൂടാതെ ഭർത്തൃശുശ്രൂഷയാൽത്തന്നെ സ്ത്രീകൾ സ്വർഗ്ഗം വെല്ലുന്നു. ഈ പ്രസംഗത്തെപ്പറ്റി ഹേ, യുധിഷ്ഠിരരാജാവേ! പതിവ്രതമാർക്കുള്ള നിഷ്ഠാകർമ്മം ഭവാൻ കേട്ടാലും."

206. പതിവ്രതോപാഖ്യാനം – മാർക്കണ്ഡേയൻ തുടർന്നു: "ഒരുബ്രാഹ്മണശ്രേഷ്ഠൻ വേദം ചൊല്ലി ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം വേദാദ്ധ്യായിയും, തപോനിധിയും, ധർമ്മശീലനും ആയിരുന്നു. കൗശികൻ എന്നാണ് അദ്ദേഹത്തിന്റെ പേര്. വേദങ്ങളും അംഗോപനിഷത്തും അദ്ദേഹത്തിന്നു ഹൃദിസ്ഥമാണ്. ആ ദ്വിജോത്തമൻ അങ്ങനെ വേദം ചൊല്ലി ഇരിക്കുന്ന സമയത്ത് ഒരു വലാക (വെള്ളിൽപ്പക്ഷി) മരത്തിന്റെ മുകളിൽ അദ്ദേഹത്തിന്റെ തലയ്ക്കുമുകളിൽ ഇരുന്ന് ആ ബ്രാഹ്മണന്റെ ശിരസ്സിൽ കാഷ്ഠം വിട്ടു. ഉടനെ ബ്രാഹ്മണൻ മേല്പോട്ടുനോക്കിയപ്പോൾ പക്ഷിയെ കണ്ടു. ബ്രാഹ്മണൻ കോപിച്ച് മനസ്സുകൊണ്ടു ധ്യാനിച്ച് അതിനെ ഉഗ്രമായി ഒന്നുനോക്കി. വിപ്രന്റെ ശാപദൃഷ്ടി തട്ടി അതു നിലവിളിച്ചു ഭൂമിയിൽവീണു. അത് അവിടെക്കിടന്നു പിടഞ്ഞു ചത്തു! പക്ഷി ബ്രാഹ്മണന്റെ ശാപമേറ്റു ചത്തതുകണ്ടപ്പോൾ അദ്ദേഹം അനുശോചിച്ചു. അയാൾ ചിന്തിച്ചു: രോഷരാഗപരാധീനനായി ഞാൻ അകൃത്യം ചെയ്തുപോയി."

മാർക്കണ്ഡേയൻ കഥ തുടർന്നു: "അദ്ദേഹത്തിന്റെ ഹൃദയം തന്മൂലം ശോകാകുലമായി. പലതും പറഞ്ഞു വ്യസനത്തോടെ ഭിക്ഷയ്ക്ക് ഒരു ഗ്രാമത്തിൽച്ചെന്നു. ശുദ്ധിയുള്ള ഒരു കുലം അന്വേഷിച്ച് ഒരു വീട്ടിൽച്ചെന്നുകയറി, 'ഭിക്ഷ തന്നാലും!' എന്ന് അയാൾ പറഞ്ഞു. 'നിൽക്കൂ! തരാം!' എന്ന് ഒരു സ്ത്രീ അദ്ദേഹത്തോടു പറഞ്ഞു. 'ഞാൻ ഈ പാത്രങ്ങൾ ഒന്നു തേച്ചു കഴുകട്ടെ.' ആ ബ്രാഹ്മണൻ അവിടെ നിന്നു. അതിന്നിടയ്ക്ക് വിശന്നുതളർന്ന് അവളുടെ ഭർത്താവു കയറിവന്നു.

ആ സാദ്ധ്വി തന്റെ പതിയെ കണ്ടമാത്രയിൽ പണിയൊക്കെ നിർത്തിവച്ച്, ആ ബ്രാഹ്മണനെ വിട്ട്, അവളുടെ ഭർത്താവിന്നു പാദ്യം, ആചമനീയം, ആസനം എന്നിവ നല്കി. അനന്തരം വണങ്ങി, പതിയെ ശുശ്രൂഷിച്ച്, ആ സുന്ദരി സ്വാദേറുന്ന ഭക്ഷ്യഭോജ്യങ്ങൾ നല്കി. ഭർത്താവിനെ വേണ്ടവിധം ഊട്ടിയതിന്നുശേഷം ഉച്ഛിഷ്ടം ഭുജിച്ചു. ഭർത്താവിനെ അവൾ ദൈവമാണെന്ന് ഓർത്തു. ഭർതൃചിത്താനുവൃത്തിയാലും മനോവാക്കർമ്മങ്ങളാലും പതിസക്തിയാലും അന്യചിന്തകൂടാതെ, സർവ്വഭാവത്തോടുമൊത്ത് അവൾ ഭർത്തൃശുശ്രൂഷ ചെയ്തു.

അവൾ ശുദ്ധസാദ്ധ്വാചാരദക്ഷയാണ്. കുടുംബഹിതമോർക്കുന്നവളാണ്. ഭർത്താവിന്ന് എന്താണു ഹിതമെന്നാൽ അത് എപ്പോഴും നോക്കിനില്ക്കുന്നവളുമാണ്. ദേവതകൾക്കും, അതിഥികൾക്കും, വിപ്രന്മാർക്കും, ശ്വശ്രുവിന്നും, ശ്വശുരന്നും നിത്യം ശുശ്രൂഷ ചെയ്യുന്നവളുമാണ് അവൾ. എപ്പോഴും അവൾ നിയതേന്ദ്രിയയുമാണ്.

അവൾ ആ ബ്രാഹ്മണനെ ഓർത്തു. അദ്ദേഹം ഭിക്ഷ കാംക്ഷിച്ച് ഇപ്പോഴും അവിടെ നില്ക്കുകയാണ്. പതിശുശ്രൂഷ ചെയ്യുമ്പോഴും ഈ വിചാരം അവൾക്കുണ്ടായിരുന്നു. ഹേ, ഭാരതസത്തമാ! ആ സാദ്ധ്വി നാണംപൂണ്ട്, വിപ്രന്നു ഭിക്ഷയുമായി പുറത്തേക്കു വന്നു."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വരാംഗനേ! നീ എന്നോടു നില്ക്കുവാൻ പറഞ്ഞിട്ട്, എന്നെ ഇത്രയധികം സമയം വിട്ടയയ്ക്കാതെ താമസിച്ചത് എന്താണ്?"

മാർക്കണ്ഡേയൻ പറഞ്ഞു: "യുധിഷ്ഠിരാ! ഇപ്രകാരം പറഞ്ഞ് ആ ബ്രാഹ്മണൻ തേജസ്സാൽ എരിയുന്നവിധം ക്രോധം പൂണ്ടു നിന്നു. അവന്റെ ക്രോധംകണ്ട് അവൾ ബ്രാഹ്മണനെ സാന്ത്വനം ചെയ്തു."

സ്ത്രീ പറഞ്ഞു: ക്ഷമിക്കണേ, ബുധശ്രേഷ്ഠാ! എന്റെ ഭർത്താവ് എന്റെ പരദൈവമാണ്. വിശന്നുവലഞ്ഞുവന്ന അവനെ ശുശ്രൂഷിച്ചു വൈകിപ്പോയതിൽ ഭവാൻ ക്ഷമിക്കണമെന്നപേക്ഷിക്കുന്നു."

ബ്രാഹ്മണൻ പറഞ്ഞു: "നീ എന്തു പറഞ്ഞു? ബ്രാഹ്മണരേക്കാളും മേലെയാക്കി നീ നിന്റെ ഭർത്താവിനെ, അല്ലേ? ഗൃഹസ്ഥാശ്രമിയായ നീ വിപ്രന്മാരെ നിന്ദിക്കുകയാണ്. ഇന്ദ്രനുംകൂടി ബ്രാഹ്മണരെ കുമ്പിടുന്നു. പിന്നെ മർത്ത്യരുടെ കഥയെന്ത്? എടോ, ഗർവ്വിഷ്ഠേ! നീ അജ്ഞയാണ്. വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടില്ലേ നീ? തീയ്യിന്നൊക്കും ബ്രാഹ്മണന്മാർ, ചുട്ടീടും ഭൂമിയേയുമേ!"

സ്ത്രീ പറഞ്ഞു: "ഹേ, വിപ്രാ! ഞാൻ 'വെള്ളിൽപ്പക്ഷി' യല്ല. തപോനിധേ! ഭവാൻ കോപിക്കാതിരിക്കൂ! ഈ ക്രുദ്ധനോട്ടംകൊണ്ട്, ക്രുദ്ധനായ ഭവാൻ എന്നിൽ എന്തുചെയ്യും? ദേവാഭന്മാരായ ധീരവിപ്രന്മാരെ ഞാൻ നിന്ദിക്കയില്ല. ഹേ, അനഘാശയാ! ഭവാൻ എന്റെ ഈ തെറ്റിനെ പൊറുത്താലും. വിപ്രന്മാരുടെ തേജസ്സും മഹാഭാഗത്വവും ഞാൻ അറിയുന്നുണ്ട്. ക്രോധംമൂലം സമുദ്രത്തെ കുടിക്കാൻകൊള്ളാത്ത ഉപ്പുവെള്ളമാക്കിത്തീർത്തതും എനിക്കറിയാം. ഉദ്ദീപ്തതപസികളും ഭാവിതാത്മാക്കളുമായ മഹർഷിമാരുടെ ക്രോധാഗ്നി ദണ്ഡകാരണ്യത്തിൽ ഇന്നും കെട്ടടങ്ങിയിട്ടില്ല. ദുഷ്ടാത്മാവായ വാതാപി എന്ന അസുരൻ വിപ്രനിന്ദനിമിത്തം അഗസ്ത്യമുനിയിൽച്ചെന്നു വെന്തുപോയി. ഇങ്ങനെ യോഗ്യരായ ബ്രാഹ്മണരുടെ പ്രഭാവം പലതും ഞാൻ കേട്ടിട്ടുണ്ട്. യോഗ്യന്മാർക്കു ക്രോധവും വലുതാണ്. പ്രസാദവും വലുതാണ്. എന്റെ ഈ തെറ്റിൽ അനഘാശയനായ ഭവാൻ ക്ഷമിച്ചാലും! എനിക്ക് ഏറ്റവും ശ്രേഷ്ഠമായ ധർമ്മം പതിശുശ്രൂഷയാണ്. എല്ലാ ദൈവതങ്ങളിലുംവച്ച് എനിക്കു പരദൈവം ഭർത്താവാണ്. ഞാൻ അദ്ദേഹത്തിന്നു യാതൊരു ഭേദവും കൂടാതെ ഈ ധർമ്മം അനുഷ്ഠിക്കും. ഹേ, ബ്രാഹ്മണാ! ഭവാൻ പതിശുശ്രൂഷയുടെ ഫലം കണ്ടാലും! ഭവാൻ വലാകയെ രോഷത്താൽ ചുട്ടു എന്ന് ഞാനറിഞ്ഞു. എന്നാൽ ഞാൻ ഭവാനോടു പറയട്ടെ! മർത്ത്യന്നു ശത്രു അവന്റെ ഉള്ളിലെ കോപമാണ്. ഹേ, ദ്വിജോത്തമാ! ക്രോധലോഭങ്ങൾ വിട്ടവനാണ് ദേവസമ്മതനായ ബ്രാഹ്മണൻ. സത്യങ്ങൾ ചെയ്യുന്നവനും, ഹിംസിച്ചാലും ഹിംസിക്കാത്തവനുമാണ് ദേവാസത്തമനായ ബ്രാഹ്മണൻ. ജിതേന്ദ്രിയനും, ധർമ്മപരനും, സ്വാദ്ധ്യായനിരതനും, ശുചിയും, കാമക്രോധങ്ങൾ വെന്നവനുമായ ബ്രാഹ്മണനാണ് ദേവസമ്മതൻ. വേദം പഠിപ്പിക്കുന്നവനും, യജിക്കുന്നവനും, യഥാശക്തി കൊടുക്കുന്നവനുമായ ബ്രാഹ്മണനാണ് ദേവസമ്മതൻ. ബ്രഹ്മചാരിയും, വേദാദ്ധ്യായിയും, സ്വാദ്ധ്യായിയും, അപ്രമത്തനുമായ ബ്രാഹ്മണനാണ് ദേവസമ്മതൻ.

ബ്രാഹ്മണർക്ക് എന്താണ് കുശലമായതെങ്കിൽ അത് അവരോടു പറയണം. സത്യം ചൊല്ലുന്ന അവർക്ക് അനൃതത്തിൽ ഒരിക്കലും മനസ്സുപെടുകയില്ല. ദമം, സ്വാദ്ധ്യായം, ആർജ്ജവം, ഇന്ദ്രിയജയം ഇവയാണ് ബ്രാഹ്മണർക്കു ധർമ്മം. ധർമ്മജ്ഞന്മാർ പറയുന്നു സത്യവും ആർജ്ജവവും ധർമ്മമാണെന്ന്. ശാശ്വതധർമ്മം സത്യത്തിൽ നില്ക്കുന്നു. ധർമ്മശാസനം ശ്രുതിപ്രമാണമായ ധർമ്മമാണെന്ന് അനുശാസിക്കുന്നു. ധർമ്മം പലവിധത്തിൽ നാം

digitized by www.sreyas.in

കാണുന്നു. അതു സൂക്ഷ്മചിന്തനയ്ക്കു വിധേയമാണ്, ദ്വിജോത്തമാ!

ഭവാൻ സ്വാദ്ധ്യായനിരതനും, ശുചിയും, ധർമ്മജ്ഞനുമാണല്ലോ. എന്നാൽ ഞാൻ ഒന്നു പറയട്ടെ. ഭവാൻ ധർമ്മതത്ത്വം അറിയുന്നവനല്ല എന്നാണ് എന്റെ അഭിപ്രായം. വിപ്രനായിട്ട് ഈ പരമമായ ധർമ്മം അറിയുന്നില്ലെങ്കിൽ, ഭവാൻ മിഥിലയിൽ ചെന്ന് ധർമ്മവ്യാധനോടു ചോദിക്കുക. ജനനീതാതശുശ്രൂഷകനും, സത്യവാദിയും, ജിതേന്ദ്രിയനുമായ ആ വ്യാധൻ മിഥിലയിൽ അധിവസിക്കുന്നവനാണ്. അവൻ നിനക്കു ധർമ്മം ഉപദേശിച്ചു തരും. ഭവാൻ അങ്ങോട്ടുചെല്ലുക ദ്വിജോത്തമാ! ഇഷ്ടംപോലെ നന്മ വരും.

ഞാൻ അധികമായി പ്രസംഗിച്ചെന്നു ഭവാനു തോന്നുന്നുണ്ടെങ്കിൽ മാന്യനായ ഭവാൻ എന്നിൽ പൊറുത്താലും! ധർമ്മം നോക്കുന്ന സ്ത്രീകൾ ഏവർക്കും അവദ്ധ്യകളാണല്ലോ!"

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, ശോഭനേ! ഞാൻ നിന്നെ അഭിവന്ദിക്കുന്നു. നിനക്കു നന്മ വരട്ടെ! എന്റെ കോപം തീർന്നിരിക്കുന്നു. നീ പറഞ്ഞതായ നിന്ദനം, ഉപാലംഭം, എന്റെ ശ്രേയസ്സിനാണെന്ന് എനിക്കു ബോദ്ധ്യമായി. നിനക്കു ശുഭം ഭവിക്കട്ടെ! ഞാൻ പോകട്ടെ ശോഭനേ, കാര്യം സാധിക്കട്ടെ!"

മാർക്കണ്ഡേയൻ പറഞ്ഞു: "അവളുടെ അടുത്തുനിന്നു പോന്ന ആ കൗശികബ്രാഹ്മണൻ തന്റെ നിലയെപ്പറ്റി ചിന്തിച്ച്, തന്നെത്തന്നെ നിന്ദിച്ചുകൊണ്ടു സ്വഗൃഹത്തിൽ ചെന്നു ചേർന്നു."

207. ബ്രാഹ്മണവ്യാധസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ആ സ്ത്രീ പറഞ്ഞതായ ആശ്ചര്യമൊക്കെ ചിന്തിച്ച് ആ ബ്രാഹ്മണൻ കുറ്റം ചെയ്തവനെപ്പോലെ ആത്മനിന്ദചെയ്തു ഗൃഹത്തിൽ ഇരുന്നു. സ്വധർമ്മത്തിന്റെ സൂക്ഷ്മമായ ഗതി ചിന്തിച്ച് അവൻ തന്നത്താൻ പറഞ്ഞു: 'മനസ്സു ശ്രദ്ധയോടുകൂടി ഇരിക്കണം. അതുകൊണ്ട് ഞാൻ മിഥിലയ്ക്കു പോവുകയാണ്. കൃതാത്മാവും, ധർമ്മജ്ഞനുമായ വ്യാധൻ അവിടെയാണല്ലോ. ആ തപസ്വിയോട് ധർമ്മം ചോദിച്ചറിയുവാൻ ഞാൻ പേവുകയാണ്.' എന്ന് ആ ബ്രാഹ്മണൻ മനസ്സിൽക്കരുതി. ആ സ്ത്രീ പറഞ്ഞ വാക്കിൽ ശ്രദ്ധയോടുകൂടി, വലാകയെ താൻ ശപിച്ചുകൊന്നതോർത്ത്, പതിവ്രതയായ ആ സ്ത്രീയുടെ ശുഭധർമ്മോക്തിയാൽ പ്രേരിതനായി, അവൻ കുതൂഹലത്തോടുകൂടി മിഥിലയിലേക്കു പുറപ്പെട്ടു.

കാടും, ഗ്രാമങ്ങളും, പട്ടണങ്ങളും കടന്ന് അവൻ ജനകമഹാരാജാവു വാണരുളുന്ന മിഥിലയിൽ ചെന്നെത്തി. അവിടെയെത്തിയപ്പോൾ ആ പട്ടണത്തിന്റെ കാഴ്ച അവനെ അത്ഭുതപ്പെടുത്തി.

ധർമ്മസേതുക്കൾ ചേർന്ന് യജ്ഞോത്സവം നടക്കുന്നു. ഗോപുരം, മേൽത്തട്ട്, കോട്ട, കൊത്തളം എന്നിവയും ഭംഗിയിൽ തീർത്ത വെൺമാടങ്ങൾ, മതിലുകൾ എന്നിവചേർന്നു വിളങ്ങുന്ന ആ മനോഹരപുരിയിൽ പ്രവേശിച്ച് അവൻ നടന്നു. അങ്ങാടിത്തെരുവോടുകൂടിയ വിസ്തൃതമായ പാതയിലൂടെ അവൻ നടന്നു.

തേര്, ആന, അശ്വം ഇവയൊക്കെ പല ഭാഗത്തും ഇടചേർന്നു നില്ക്കുന്നതും, സന്തോഷത്തോടും പരിപുഷ്ടിയോടുംകൂടി ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും, നിത്യോത്സവത്തിന്റെ പ്രതീതിയുളവാക്കുന്നതും പല പല വൃത്താന്തങ്ങൾ ചേർന്നതുമായ പുരത്തിലേക്ക് ആ ദ്വിജോത്തമൻ കയറി. അവൻ ധർമ്മവ്യാധന്റെ വസതി എവിടെയാണെന്ന് ദ്വിജരോടു ചോദിച്ചു. അവർ കാട്ടിക്കൊടുത്ത മാർഗ്ഗത്തിലൂടെ നടന്ന് മാംസം വില്ക്കുന്ന തെരുവിലൂടെ പോയി, അവനെ കണ്ടെത്തി.

മാൻ, പോത്ത് മുതലായ മൃഗങ്ങളുടെ മാംസം വില്ക്കുന്ന ആ തപസ്വിയെ കണ്ടെത്തി. മാംസം വാങ്ങുവാൻ വരുന്നവരുടെ തിരക്കുമൂലം ബ്രാഹ്മണൻ ഒരറ്റത്തു ചെന്നുനിന്നു. ബ്രാഹ്മണൻ വന്നതറിഞ്ഞയുടനെ അവൻ പെട്ടെന്ന് എഴുന്നേറ്റ് വിപ്രൻ ഒറ്റയ്ക്കു നില്ക്കുന്ന സ്ഥലത്തേക്ക് അദ്ദേഹത്തെ കാണുവാൻ ചെന്നു."

ധർമ്മവ്യാധൻ പറഞ്ഞു: "ഭഗവാനേ, വിപ്രസത്തമാ! ഞാൻ അങ്ങയെ കൈകൂപ്പുന്നു. അങ്ങ് അന്വേഷിക്കുന്ന വ്യാധൻ ഞാനാണ്. ഞാൻ ഭവാന് എന്തുചെയ്യണം എന്നുപറഞ്ഞാലും! അങ്ങയ്ക്കു ശുഭം ഭവിക്കും! മിഥിലയ്ക്കു പോകുവാനായി ഭവാനോടു പതിവ്രത പറഞ്ഞതും ഭവാൻ ഇവിടെ വരുവാനുള്ള എല്ലാ കാരണവും ഞാൻ അറിഞ്ഞിരിക്കുന്നു."

അവൻ പറഞ്ഞ ആ വാക്കുകേട്ട് വിപ്രൻ അത്ഭുതപ്പെട്ടു. ഇത് അത്ഭുതം തന്നെ! ഇതു രണ്ടാമത്തെ ആശ്ചര്യമായിരിക്കുന്നു എന്നു വിപ്രൻ വിചാരിച്ചു.

വ്യാധൻ പറഞ്ഞു: "അങ്ങയ്ക്ക് ഈ നില്പു ചേർന്നതല്ല; ഈ സ്ഥാനം അങ്ങയ്ക്കു നില്ക്കാൻ പറ്റിയ ഇടമല്ല. ഇവിടെ ഭവാനു വിഷമം തോന്നുന്നുണ്ടാകും. അതുകൊണ്ട് ഭഗവാനേ! അങ്ങയ്ക്ക് ഇഷ്ടമാണെങ്കിൽ എന്റെ ഗൃഹത്തിലേക്കു പോകാം!"

മാർക്കണ്ഡേയൻ പറഞ്ഞു: "അങ്ങനെയാകട്ടെ എന്നു വിപ്രൻ സന്തോഷത്തോടെ പറഞ്ഞപ്പോൾ വ്യാധൻ അവനെ മുമ്പിൽ നടത്തി, തന്റെ ഗൃഹത്തിൽ ചെന്നെത്തി. അവന്റെ രമ്യമായ ഗൃഹത്തിൽ ഇരുത്തി പൂജിച്ചു സൽക്കരിച്ചു. ദ്വിജൻ അവന്റെ പാദ്യവും ആചമനീയവും ഏറ്റു. പിന്നെ സസുഖം ഇരുന്ന് ആ വ്യാധനോടു പറഞ്ഞു."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വ്യാധാ! ഭവാന് ഈ തൊഴിൽ യോജിച്ചതല്ലെന്നാണ് എന്റെ അഭിപ്രായം. ഈ ഘോരമായ കൃത്യം കണ്ടിട്ടു ഞാൻ ദുഃഖിക്കുന്നു."

വ്യാധൻ പറഞ്ഞു: എന്റെ അച്ഛനും മുത്തച്ഛനും ചെയ്തുവന്ന കുലധർമ്മം ഇതാണ്. ഞാനും ആ കുലധർമ്മത്തിൽ നില്ക്കുന്നതുകണ്ട് ഭവാൻ ദുഃഖിക്കരുത്. ധാതാവ് പണ്ടേ നിശ്ചയിച്ച ആ സ്വധർമ്മത്തെ സംരക്ഷിച്ച് ഞാൻ ശ്രദ്ധയോടുകൂടി, ഹേ വൃദ്ധാ! വൃദ്ധരായ ഗുരുക്കളെ പൂജിച്ചുജീവിക്കുന്നു. സത്യമേ ഞാൻ പറയൂ. ഈർഷ്യ എനിക്കില്ല. യഥാശക്തി ഞാൻ ദാനം ചെയ്യും. ദേവതകൾക്കും, അതിഥികൾക്കും, ഭൃത്യന്മാർക്കും നല്കിയതിന്നുശേഷമേ ഞാൻ ഭുജിക്കുകയുള്ളു. ഞാൻ ആരേയും നിന്ദിക്കുകയില്ല. ബലിഷ്ഠനോടു ഞാൻ ഗർവ്വിക്കയില്ല. മുജ്ജന്മകർമ്മം ചെയ്തവനെ അനുവർത്തിച്ചാണ് ഞാൻ ജീവിക്കുന്നത്.

കൃഷി, കച്ചവടം, ഗോരക്ഷ ഇവകൊണ്ടാണ് ലോകർ ജീവിക്കുന്നത്. ദണ്ഡനീതി, വേദത്രയം ഇവയാൽ ലോകം നിലനില്ക്കുന്നു. ശൂദ്രന്നു ദാസ്യവും വൈശ്യന്നു കൃഷിയും നൃപന്നു യുദ്ധവും വിപ്രന്നു ബ്രഹ്മചര്യം, വ്രതം, മന്ത്രം, സത്യം എന്നിവയുമാണ് വിധിച്ചിട്ടുള്ളത്. സ്വധർമ്മത്തോടുകൂടി ജീവിക്കുന്ന പ്രജകളെ രാജാവു ധർമ്മാനുസരണം സംരക്ഷിക്കുന്നു. വികർമ്മസ്ഥന്മാരെ രാജാവ് സ്വകർമ്മത്തിൽ നില്ക്കുവാൻ ശാസിക്കുന്നു. നൃപന്മാരെ ഭയപ്പെടണം. അവർ പ്രജകളുടെ അധീശന്മാരാണല്ലോ. അമ്പിനാൽ മാനിനെയെന്നപോലെ രാജാവു കർമ്മംതെറ്റി നടക്കുന്നവരെ നിലയ്ക്കു നിർത്തും.

ഹേ, വിപ്രർഷേ! ജനകരാജാവിന്റെ നാട്ടിൽ വികർമ്മസ്ഥന്മാർ ഇല്ല! നാലു ജാതിക്കാരും സ്വകർമ്മപരന്മാരാണ്. ജനകമഹാരാജാവു സ്വകർമ്മം തെറ്റിനടക്കുന്നവരെ, സ്വപുത്രനായാൽപ്പോലും, അവൻ ശിക്ഷാർഹനായാൽ ശിക്ഷിക്കും. എന്നാൽ ധർമ്മിഷ്ഠനെ ഒരിക്കലും വലയ്ക്കുകയില്ല. ചാരദൃക്കായ രാജാവ് ധർമ്മത്താൽ എല്ലാം കാണും. ശ്രീയും നാടും ദണ്ഡനവും എല്ലാം മന്നവന്മാർക്കുള്ളതാണ് ദ്വിജോത്തമാ! രാജാക്കന്മാർ സ്വധർമ്മത്താൽ ലക്ഷ്മിയെ ധാരാളമായി ഇച്ഛിക്കുന്നു. എല്ലാ ജാതിയേയും സംരക്ഷിക്കുന്നവനാണ് രാജാവ്.

ഹേ, വിപ്രാ! മറ്റുള്ളവർ കൊന്ന പോത്ത്, പന്നി എന്നിവയെ ഞാൻ വില്ക്കുകയാണ്. കൊല്ലുന്നതു ഞാനല്ല. ഞാൻ മാംസം

digitized by www.sreyas.in

തിന്നാറില്ല. ഞാൻ ഋതുഗാമിയാണ് (ഋതു കഴിഞ്ഞ് പതിനാറു നാൾക്കുള്ളിൽ പുത്രോൽപ്പാദനാർത്ഥം മാത്രം ഭാര്യയെ പ്രാപിക്കുന്നവൻ). ഞാൻ നിത്യവും ഉപവസിക്കുന്നവനാണ്. രാത്രിമാത്രമേ ഞാൻ ഉണ്ണുകയുള്ളു. മനുഷ്യർ സ്ഥിരമായി ചീത്തയാണെന്നു വിചാരിക്കരുത്. ശീലംകെട്ട മനുഷ്യനും ശീലവാനായി ഭവിക്കാം. കൊലപാതകിയുംകൂടി ധാർമ്മികനായി വരും.

രാജാക്കന്മാർ തെറ്റി പ്രവർത്തിച്ചാൽ ലോകം സങ്കരത്തിലാകും. അധർമ്മം വന്നുകയറും. പ്രജകളും സങ്കരത്തിലാകും. തന്മൂലം എന്തൊക്കെ സംഭവിക്കുമെന്നറിയാമോ? സ്വധർമ്മവിരുദ്ധാചാരന്മാരും, മുണ്ടന്മാരും, കൂനന്മാരും, പെരുന്തലയന്മാരും, നപുംസകങ്ങളും, കുരുടന്മാരും, പൊട്ടന്മാരും, തുറുകണ്ണന്മാരും ഉണ്ടാകും. രാജാക്കൾ ചെയ്യുന്ന അധർമ്മംകൊണ്ടു നാട്ടുകാർക്കു നിത്യവും ആപത്തുണ്ടാകും.

ഈ മന്നവേന്ദ്രനായ ജനകൻ ധർമ്മത്താൽ ലോകരെ കാക്കുന്നു! സ്വധർമ്മമുള്ള നാട്ടുകാരെയൊക്കെ അദ്ദേഹം സംരക്ഷിക്കുന്നു.

എന്നെ വാഴ്ത്തുന്നവരേയും എന്നെ നിന്ദിക്കുന്നവരേയും ഭേദം കൂടാതെ എല്ലാവരേയും ഞാൻ എന്റെ കർമ്മംകൊണ്ടു പ്രീതരാക്കുന്നു. നരനായകന്മാർ ധർമ്മംകൊണ്ട് ഉപജീവിച്ചു രക്ഷിക്കുന്നവരാണ്. മറ്റൊന്നുകൊണ്ടുമല്ല ദാന്തരും ഉത്സാഹശാലികളുമായ അവർ ഉപജീവിക്കുന്നത്.

നിത്യവും ശക്തിക്കൊത്തവിധം അന്നദാനം, ധർമ്മനിഷ്ഠ, സഹനശക്തി, സർവ്വഭൂതത്തിലും നിത്യം അർഹതയ്ക്കുചേർന്ന വിധം പൂജ ഇവ വേണം. മർത്ത്യർക്കു ദാനമില്ലാതെ ഗുണം ലഭിക്കുന്നതല്ല. പാഴ്വാക്കു പറയരുത്. പറയാതെതന്നെ ഇഷ്ടം അറിഞ്ഞു പ്രവർത്തിക്കണം. ധർമ്മം കൈവിടരുത്. കാമം, ദ്വേഷം, വാശി, ഭയം ഇവകൊണ്ടു തന്റെ ധർമ്മം ഉപേക്ഷിക്കരുത്. പ്രിയകാര്യങ്ങൾ സംഭവിക്കുമ്പോൾ അതിൽ അധികമായി സന്തോഷിക്കരുത്. അപ്രിയകാര്യങ്ങളിൽ ദുഃഖിക്കയുമരുത്. ധനസംബന്ധമായ ബുദ്ധിമുട്ടുവരുമ്പോൾ ഉഴലരുത്; ധർമ്മം തെറ്റുകയും ചെയ്യരുത്. ഒരു കർമ്മം വേണ്ട ദിക്കിൽ മറ്റൊരു കർമ്മം നടത്തരുത്. ആത്മാവ് ശുഭമാണെന്നു ചിന്തിക്കുന്നതിൽ മനസ്സു വെക്കണം. കുറ്റത്തിനെതിരായി കുറ്റം ചെയ്യരുത്. എന്നും സാധുവായി ജീവിക്കണം. പാപം ചെയ്യുവാൻ മനസ്സിൽ കരുതുന്ന പാപി ആത്മഹതനാണ്; സ്വയം കൊല്ലപ്പെട്ടവനാണ്. അതിൽ യാതൊരു സംശയവുമില്ല. അധർമ്മം ചെയ്തു ദുഃഖിക്കുന്ന ദുഷ്ടന്റെ കാര്യം കള്ളന്റെ മട്ടിലാണ്. ധർമ്മമില്ലെന്നുപറഞ്ഞ് നല്ല ജനങ്ങളെ നിന്ദിക്കുന്നവൻ ധർമ്മശ്രദ്ധ വെടിഞ്ഞ കള്ളനാണ്. അവൻ നശിക്കുകതന്നെ ചെയ്യും. ഊതിവീർക്കുന്ന ഉലപോലെ അധർമ്മം എപ്പോഴും മൂഢന്മാരായ ഗർവ്വികൾക്കു വലുതായി വരികയും പിന്നെ ചുരുങ്ങി ഒന്നും ഇല്ലാത്ത നിസ്സാരമായ നിലയിൽ എത്തിക്കുകയും ചെയ്യും. ഭാനു ദിവ്യരൂപം കാണിക്കുംപോലെ ശരിയായ രൂപം അവന്ന് ആത്മാവു കാണിച്ചുകൊടുക്കും.

ദുഷ്ടൻ നാട്ടിൽ ഒരിക്കലും ശോഭിക്കുകയില്ല. ആത്മപ്രശംസ ദുഷ്ടന്മാർ വളരെ ചെയ്യും. അതുകൊണ്ട് എന്തു പ്രയോജനം? ധനമില്ലാത്തവനാണെങ്കിലും വിദ്വാൻ നല്ലപോലെ വിളങ്ങും. ആരേയും നിന്ദചെയ്യാതെയും തന്നത്താൻ വാഴ്ത്തിപ്പറയാതെയും ഗുണവാനായി ജീവിക്കുന്ന ഒരുത്തനേയും ഞാൻ ഭൂമിയിൽ കാണുന്നില്ല.

തെറ്റുചെയ്തുപോയാൽ അതിൽ പശ്ചാത്തപിച്ചാൽ ചെയ്ത തെറ്റിന്റെ പാപം ഹേ, ബ്രാഹ്മണാ! വിട്ടൊഴിഞ്ഞുപോകും. ഇനി ഞാൻ തെറ്റുചെയ്യുന്നതല്ല എന്നു മനസ്സിൽ ഉറപ്പിക്കണം. വീണ്ടും ആ തെറ്റു ചെയ്യാതിരിക്കുകയും വേണം. ഏതു കർമ്മംകൊണ്ടാണോ പാപം തീണ്ടിയത് അത് കർമ്മാനുഷ്ഠാനംകൊണ്ടു പരിഹരിക്കാം. അപ്രകാരം ശ്രുതിയുമുണ്ട്: 'മുമ്പേ ചെയ്ത പാപങ്ങളെ അറിയുന്നില്ലെങ്കിൽ ധർമ്മശീലന്ന് ഇടിവു പറ്റും. തെറ്റുകൊണ്ടു ചെയ്തതായ പാപങ്ങളേയും ധർമ്മം പോക്കുന്നതാണ്.'

പാപം ചെയ്തതിന്നുശേഷം 'അതു ഞാനല്ല ചെയ്തത്! അതു ഞാനല്ല ചെയ്തത്!' എന്നു പറയുന്നവനെ ദേവന്മാരും അവന്റെ അന്തരാത്മാവും കാണുന്നുണ്ടല്ലോ. ശ്രദ്ധവെച്ച് ഈർഷ്യകൂടാതെ ശുഭംചെയ്യുവാൻ മനുഷ്യൻ ഒരുങ്ങണം. സജ്ജനങ്ങൾക്ക് അതു പഴുതടയ്ക്കുവാൻ വസ്ത്രം എന്നപോലെ ഉപയോഗപ്പെടും. ഒരുത്തൻ പാപം ചെയ്തു എന്നുവെച്ച് പിന്നെ അവൻ ശുഭം ചെയ്യാതിരിക്കരുത്. നിരന്തരം ചെയ്യുന്ന ശുഭകർമ്മം പാപത്തെ നീക്കംചെയ്യും. കാറുപോയി തിങ്കൾ തെളിയുന്നതുപോലെ പാപം പോയ മർത്ത്യൻ തെളിയും. ശുഭകർമ്മം ചെയ്യുന്നവൻ ഇരുട്ടുനീക്കിത്തെളിയുന്ന ആദിത്യനെപ്പോലെ പാപങ്ങളൊക്കെ നീങ്ങി തെളിയുന്നതാണ്.

പാപങ്ങൾക്കുള്ള അടിസ്ഥാനം ലോഭമാണ്. അധികം ജ്ഞാനമില്ലാത്ത ലുബ്ധന്മാർ പാപത്തിൽ ഏർപ്പെടുന്നു. പുല്ലിനാൽ കൂപം എന്നതുപോലെ അധാർമ്മികർ അധർമ്മത്താൽ ധർമ്മത്തെ മൂടുന്നു. അവർക്കുമുണ്ട് ദമവും, ശുദ്ധമായ ധർമ്മത്തിലുള്ള ചേർച്ചയും."

മാർക്കണ്ഡേയൻ തുടർന്നു: "വ്യാധൻ പറഞ്ഞതുകേട്ട് മഹാപണ്ഡിതനായ ദ്വിജൻ വ്യാധനോടു ചോദിച്ചു."

ബ്രാഹ്മണൻ പറഞ്ഞു: "ഹോ നരോത്തമാ! 'വിശിഷ്ടന്മാരുടെ ആചാരം' എന്നു നീ പറഞ്ഞുവല്ലോ. എന്താണു വിശിഷ്ടാചാരം? അതു ശരിയായി കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. നിനക്കു നന്മഭവിക്കട്ടെ! ബുദ്ധിമാനായ ഭവാൻ വിസ്തരിച്ചു പറഞ്ഞാലും."

വ്യാധൻ പറഞ്ഞു: "ഹേ, ബ്രാഹ്മണാ! ഞാൻ പറയാം. യജ്ഞം, ദാനം, തപം, വേദം, സത്യം പവിത്രങ്ങളായ ഇവ അഞ്ചുമാണ് ശിഷ്ടാചാരങ്ങൾ. കാമം, ക്രോധം, ദംഭം, മാനം, ആർജ്ജവം ഇവയെ ജയിച്ച് കേവലം ധർമ്മം വിടാതെ ജീവിക്കുന്ന ശിഷ്ടസമ്മതർ എന്നും ശിഷ്ടരാകുന്നു. യജ്ഞസ്വാധ്യായശീലന്മാരായ അവർക്ക് കാമ്യമായി ഒന്നുമില്ല. ആചാരലക്ഷണമെന്നത് രണ്ടാമത്തേതായ ശിഷ്ടലക്ഷണമാണ്. ഗുരുശുശ്രൂഷ (അച്ഛനമ്മമാരെ ശുശ്രൂഷിക്കൽ), സത്യം, ക്രോധമില്ലായ്മ, ദാനം ഇങ്ങനെ നാലാണ് നിത്യമായ ശിഷ്ടാചാരം. ശിഷ്ടാചാരത്തിൽ മനസ്സുവെച്ച് എല്ലായിടത്തും നല്ല ഉറപ്പോടുകൂടി നേടേണ്ടകാര്യം അവ കൂടാതെ ഒരിക്കലുമിവിടെ സിദ്ധിക്കുന്നതല്ല. വേദത്തിന്റെ കാതലാണ് സത്യം. സത്യത്തിന്റെ കാതലാണ് ദമം. ദമത്തിന്റെ കാതലാണ് ത്യാഗം. അതു നിത്യമായ ശിഷ്ടാചാരമാണ്. ധർമ്മത്തിൽ ഈർഷ്യവെയ്ക്കുന്നവർ, ബുദ്ധിമോഹം ബാധിച്ചവർ, ദുർമ്മാർഗ്ഗത്തിൽ നടക്കുന്നവർ ഈ കൂട്ടരെ പിന്തുടരുന്നവർക്ക് ദുഃഖമാണു ഫലം. ശ്രുതിയും ത്യാഗവും അവലംബിച്ചു ജീവിക്കുന്നവരായ ശിഷ്ടർ സത്യധർമ്മാവലംബികളായി ധർമ്മംവഴിക്കു കയറുന്നതാണ്. ഏറ്റവും ഉയർന്ന ബുദ്ധിയോടുകൂടി, ശ്രേഷ്ഠാചാരം അനുഷ്ഠിച്ച് ഗുരുവിന്റെ കീഴിൽ ധർമ്മാചാരം ദർശിച്ചു ജീവിക്കുന്നവർ വിജയികളാകുന്നു. മര്യാദകെട്ട ക്രൂരന്മാർ, പാപബുദ്ധികൾ, നാസ്തികന്മാർ എന്നീക്കൂട്ടരെ ജ്ഞാനിയായവൻ ധാർമ്മികസേവയാൽ ഒഴിവാക്കി വിടണം.

കാമലോഭങ്ങളാകുന്ന മുതലകൾ ജീവിക്കുന്ന പഞ്ചേന്ദ്രിയജലം നിറഞ്ഞ പുഴ ജന്മദുർഗ്ഗങ്ങളാണ്. ആ പുഴയെ ധൃതി (ധൈര്യം)യാകുന്ന വഞ്ചിയാൽ തരണംചെയ്യണം. ബുദ്ധിയോഗമയമായ ധർമ്മം ക്രമത്തിൽ അനുഷ്ഠിക്കുകയാണെങ്കിൽ മനുഷ്യൻ ശിഷ്ടാചാരനാകും. ശുഭ്രമായ വസ്ത്രത്തിൽ ചായം എങ്ങനെ പറ്റുമോ അതുപോലെ അവനിൽ ശിഷ്ടാചാരം വന്നുചേരും. അഹിംസ, സത്യഭാഷണം ഇവ എല്ലാ ഭൂതത്തിന്നും ഏറ്റവും ഹിതമാകുന്നു. അഹിംസ ഏറ്റവും വലിയ ധർമ്മമാണ്. ആ അഹിംസയാകട്ടെ, സത്യത്തിൽ നില്ക്കുന്നതാണ്. സത്യത്തിൽ ഊന്നിനിന്നാണ് പ്രവൃത്തികൾ നടക്കുന്നത്. ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതു സത്യമാണ്.അതു ശ്രേഷ്ഠാചാരങ്ങൾക്ക് അവലംബനവുമാണ്. ആചാരം സാധുധർമ്മമാണ്; സജ്ജനങ്ങൾ ആചാരപരന്മാരാണ്. ജീവിക്കു പ്രകൃതിയേതോ അതിന്റെ ഫലം അവൻ അനുഭവിക്കുന്നു.

digitized by www.sreyas.in

അനാത്മജ്ഞനായ പാപി കാമക്രോധങ്ങൾകൊണ്ടുള്ള ദോഷങ്ങൾ ഏല്ക്കുന്നതാണ്. ന്യായത്തോടുകൂടിയ ഒരു ആരംഭംതന്നെ ധർമ്മമാണെന്നു കാണുന്നു. അനാചാരം അധർമ്മമാണെന്നാണ് ശിഷ്ടന്മാർ പറയുന്നത്. ക്രോധം, ഈർഷ്യ, അഹങ്കാരം, മാത്സര്യം ഇവ കൂടാതെ ആർജ്ജവത്തോടുകൂടിയ ശാന്തന്മാർ ശിഷ്ടാചാരന്മാരായിത്തീരും.

ത്രൈവിദ്യന്മാരും (മൂന്നുവേദങ്ങൾ പഠിച്ചവർ), വൃദ്ധന്മാരും, ശുദ്ധന്മാരും, സുശീലന്മാരും, മനസ്വികളും, ഗുരുസേവകന്മാരും, ദാന്തന്മാരുമായവർ ശിഷ്ടാചാരന്മാരായി ഭവിക്കും. അവർ അസാദ്ധ്യാചാരകർമ്മാക്കളും, സത്വവാന്മാരും ആയിത്തീരും. സ്വകർമ്മപരന്മാരായ അവർക്ക് നിർദ്ദയത്വംകൊണ്ടുണ്ടാകുന്ന പാപം നശിക്കുന്നതാണ്. പുരാണവും, ശാശ്വതവും, നിത്യവുമായ ആ സദാചാരം അത്ഭുതം തന്നെയാണ്. ധർമ്മം ധർമ്മംകൊണ്ടു കണ്ട് മനീഷികൾ വാനിൽ എത്തുന്നു. ദുരഭിമാനമില്ലാത്ത ആസ്തികന്മാർ വിപ്രന്മാരെ പൂജിക്കുന്നവർ, അറിവും ശീലവും ചേർന്നവർ, സത്വഗുണന്മാർ ഇവർ സ്വർഗ്ഗത്തിൽ വാഴും. പരമമായ ധർമ്മം വേദോക്തമാണ്. അന്യമായ ധർമ്മം ശാസ്ത്രോക്തമാണ്. ശിഷ്ടന്മാർക്കു ധർമ്മം ശിഷ്ടാചാരമാണ്. ഇങ്ങനെ ധർമ്മലക്ഷണം മൂന്നുവിധമാകുന്നു. സദാചാരത്തിന്നു നിദർശനം, ക്ഷമ, സത്യം, ആർജ്ജവം, ശൗചം ഇവയാകുന്നു.

എല്ലാവരിലും കനിയുന്നവർ എപ്പോഴും അഹിംസാപരന്മാരാണെന്നു വിചാരിക്കാം. പരുഷം പറയാത്തവർ നിത്യസത്വന്മാരും വിപ്രഭക്തന്മാരുമാണെന്നു കരുതാം. ശുഭാശുഭങ്ങളായ കർമ്മങ്ങളുടെ ഫലത്തിന്റെ പരിപാകം അറിയുന്ന ശിഷ്ടന്മാർ ശിഷ്ടസമ്മതരാണ്. ന്യായവാന്മാരും, ഗുണാഢ്യന്മാരും, സർവ്വലോകഹിതൈഷികളും, സ്വർഗ്ഗം നേടുന്നവരുമായ ശുദ്ധർ നല്ലവരും സൽപഥത്തിൽ നില്ക്കുന്നവരുമാണ്. ദാനം ചെയ്യുന്നവരും, കിട്ടുന്നതു പങ്കിടുന്നവരും, ദീനന്മാരെ രക്ഷിക്കുന്നവരും, അറിവാകുന്ന ധനമുള്ളവരും, തപസ്വികളും, സർവ്വഭൂതദയാവാന്മാരും, പൂജ്യന്മാരുമായവർ ശിഷ്ടസമ്മതരായ ശിഷ്ടന്മാരാകുന്നു. ദീനശിഷ്ടന്മാർ സുഖലോകവും ലക്ഷ്മിയും നേടും. ഭാര്യാഭൃത്യാദികൾക്ക് പീഡ കൂടാതെ ശ്രദ്ധയോടുകൂടി സത്തുക്കൾ ചെന്നാൽ, സത്തുക്കൾക്കുവേണ്ടി അവർ വേണ്ടുവോളം നല്കും. ലോകയാത്രാധർമ്മവും ആത്മഹിതവും നോക്കുന്നവരായി ഇപ്രകാരം വാഴുന്ന സത്തുക്കൾ വളരെ വത്സരം അഭിവൃദ്ധി പ്രാപിക്കും.

അഹിംസ, സത്യഭാഷണം, ആനൃശംസ്യം, ആർജ്ജവം, അദ്രോഹം, ഗർവ്വമില്ലായ്മ, നാണം, ശാന്തി, ശമം, ദമം, ഭൂതാനുകമ്പ, ധൃതി, ബുദ്ധി ഇവ ചേർന്നവരും കാമദ്വേഷങ്ങൾ വിട്ടവരുമായ സജ്ജനങ്ങൾ ലോകസാക്ഷികളാകുന്നു.

സജ്ജനങ്ങൾക്ക് ഉത്തമപദം മൂന്നാണെന്ന് സജ്ജനങ്ങൾ പറയുന്നു. ദ്രോഹിക്കരുത്, ദാനം ചെയ്യണം, എപ്പോഴും സത്യം പറയണം.

എല്ലായിടത്തും സങ്കടം കാണുന്ന സജ്ജനം കഷ്ടപ്പെടുന്നവരിൽ കനിയും. മുഖ്യമായ ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കുകയും ചെയ്യും. ധർമ്മനിശ്ചയമുള്ള ശിഷ്ടാചാരന്മാരായ മഹാജനങ്ങൾ അനസൂയ, ക്ഷമ, ശാന്തി, സന്തോഷം, പ്രിയഭാഷണം, കാമക്രോധങ്ങൾ വിടുക ഇങ്ങനെ ശിഷ്ടാചാരാവലംബികളായിത്തീരും. അറിവോടുകൂടി ചെയ്യുന്ന കർമ്മം മുഖ്യമായ സന്മാർഗ്ഗമാകുന്നു. നിത്യവും ധർമ്മതല്പരരായ ജനങ്ങൾ ശിഷ്ടാചാരത്തിൽ അടിയുറച്ചുനില്ക്കുന്നു.

പ്രജ്ഞയാകുന്ന പ്രാസാദത്തിൽ കയറിനില്ക്കുന്നവർ മഹാഭയത്തിൽനിന്നു വിട്ടുനില്ക്കുന്നു. അവർ പലമട്ടിലുള്ള ലോകതത്ത്വത്തെ നോക്കിക്കാണുകയും ചെയ്യുന്നു.

ഹേ, ദ്വിജവരോത്തമാ! ഇങ്ങനെയാണ് അതിപുണ്യങ്ങളും, പാപങ്ങളും. ഇവയൊക്കെ ഞാൻ എന്റെ അറിവും കേൾവിയും അടിസ്ഥാനമാക്കി, ശിഷ്ടാചാരത്തെ മുൻനിർത്തി എന്നാൽ കഴിയുന്ന വിധം ഭവാനോടു പറഞ്ഞു."

208. ബ്രാഹ്മണവ്യാധസംവാദം – ധർമ്മവ്യാധൻ പിന്നെ ആ വിപ്രനോടു പറഞ്ഞു: "ഹേ, വിപ്രാ! ഭവാൻ പറഞ്ഞുവല്ലോ ഇതു ഘോരമായ കർമ്മമാണെന്ന്. ശരി, ഞാൻ സമ്മതിക്കുന്നുണ്ട്, അതിൽ യാതൊരു സംശയവുമില്ല. ഘോരകർമ്മംതന്നെ! ബ്രാഹ്മണാ, വിധിബലാൽത്തന്നെയാണ് അതു ലഭിച്ചത്. അതിനെ കടക്കുവാൻ സാദ്ധ്യമല്ല. മുജ്ജന്മകൃതമായ കർമ്മത്തിന്റെ ഫലമാണ് അത്. ഞാൻ ചെയ്ത കർമ്മദോഷത്തിന്റെ ഫലമാണ്. ഈ ദോഷത്തെ കളയുവാൻ ഞാൻ യത്നിക്കുന്നുണ്ട്. ഭവാൻ ചിന്തിക്കുക! വിധി മുമ്പെ കൊന്ന ജീവിയുടെ കാര്യത്തിൽ ഘാതകൻ ഒരു നിമിത്തം മാത്രമാണ്. ആയുസ്സ് അവസാനിക്കുമ്പോൾ ഒരു നിമിത്തം എത്തുന്നു എന്നുമാത്രം. ഈ കർമ്മത്തിന്ന് ഈ ഞാൻ അപ്രകാരം ഒരു നിമിത്തം മാത്രമാണ്. കൊന്ന ജന്തുക്കളുടെ മാംസം ഞാൻ വില്ക്കുകയാണല്ലോ. വേണ്ടപോലെ ഉപയോഗപ്പെടുത്തി ഭക്ഷിക്കുകയാണെങ്കിൽ ഇതും ധർമ്മമാകുന്നതു കാണാം. എങ്ങനെയെന്നാൽ ഭക്ഷണം ആദ്യമായി പിതൃദേവാതിഥികൾക്കും ഭൃത്യർക്കും നല്കിയിട്ടു ഭക്ഷിക്കുകയാണെങ്കിൽ അതും ധർമ്മമായി പരിണമിക്കുന്നു.

സസ്യങ്ങളും ഔഷധികളും പശുപക്ഷിമൃഗങ്ങളും ലോകർക്കുവേണ്ടി ആദ്യമായി ഉണ്ടായി എന്നു വേദം പറയുന്നുണ്ടെന്നു കേൾക്കുന്നു.

തന്റെ മാംസം കൊടുത്ത് ഔശീനരനായ ശിബി ദുർഗ്ഗമമായ സ്വർഗ്ഗം ക്ഷമയോടെ നേടിയില്ലേ? പണ്ട് രന്തിദേവന്റെ കശാപ്പുശാലയിൽ ദിവസേന രണ്ടായിരം പശുക്കളെ കൊന്നിരുന്നുവത്രേ! അതു മാംസംകൂട്ടി ചോറു ദാനംചെയ്യുവാനായിരുന്നുവത്രേ! അതിന്റെ ഫലമായി ആ രാജാവിന്ന് അതുല്യമായ യശസ്സുണ്ടായില്ലേ? നിത്യം പശുക്കളെ ചാതുർമ്മാസ്യത്തിൽ കൊല്ലുമെന്നും അഗ്നികൾ മാംസം കാംക്ഷിക്കുന്നു എന്നും വേദത്തിൽ പറയുന്നുണ്ടെന്നു കേൾക്കുന്നു.

വിപ്രന്മാർ നിത്യവും യജ്ഞത്തിൽ പശുക്കളെ വധിക്കുന്നു. മന്ത്രപാകംകൊണ്ട് അവറ്റയും വാനിലെത്തുന്നു. മുമ്പേതന്നെ അഗ്നികൾ മാംസകാംക്ഷികളായിരുന്നില്ലെങ്കിൽ ഇന്നു മാംസം ആരും ഭക്ഷിക്കുകയില്ലായിരുന്നു ദ്വിജോത്തമാ!

ഹേ, ബ്രാഹ്മണാ! സ്വധർമ്മം കൈവിട്ടവന്ന് അധർമ്മം വന്നുകാണും. സ്വധർമ്മനിഷ്ഠയുള്ളവനാണ് ധർമ്മം ചെയ്യുന്നവൻ എന്നാണ് നിശ്ചയം.

മുൻജന്മത്തിൽ ചെയ്ത കർമ്മം ദേഹിയെ വിട്ടുപോകുന്നതല്ല. ധാതാവുകണ്ടതായ വിധിയാണ് ഈ ധർമ്മവും. ക്രൂരകർമ്മത്തിൽ നില്ക്കുന്നവൻ താൻ ചെയ്യുന്ന കർമ്മത്തെക്കുറിച്ചു ബോധവാനാകണം. ശുഭമായി വരുന്നതും പരാഭവം ഒഴിയുന്നതുമായ ഘോരകർമ്മത്തിന്നും പലപാടു നിർണ്ണായകമുണ്ട്.

ദാനത്തിലും സത്യവാക്കിലും ഞാൻ എപ്പോഴും സക്തനാണ്. ഞാൻ ദുരഭിമാനവും അഹിതമായ വാദവും വിട്ടുനില്ക്കുന്നവനാണ്. അതിനെ ഞാൻ വെറുക്കുന്നു.

ചിലർ പറയുന്നു കൃഷി നല്ല തൊഴിലാണ്, അതിൽ ഹിംസയൊന്നുമില്ല എന്ന്. ഞാൻ അതിലും ഹിംസ കാണുന്നു. കരികൊണ്ട് ഉഴുതുമറിക്കുന്നവർ മണ്ണിലുള്ള പലതരം ജീവജാലങ്ങളെ കൊല്ലുന്നു. നെല്ലുതൊട്ടുള്ള നാനാബീജധാന്യങ്ങളൊക്കെ നാം ഭക്ഷിക്കുന്നു. അവയെല്ലാം ജീവികളാകുന്നു. ഞാൻ അതിൽ എന്താണു ദ്വിജാ, പറയേണ്ടത്?

അപ്രകാരം തന്നെ പശുക്കളേയും കൊന്നുതിന്നുന്നു. വൃക്ഷലതാദികൾ മനുഷ്യർ വെട്ടുന്നു. വൃക്ഷഫലങ്ങളിൽ പല ജീവികൾ ആശ്രയിച്ച് അധിവസിക്കുന്നുണ്ട്. വെള്ളത്തിലും പലതരം ജീവികളുണ്ട്. ഹേ, ബ്രാഹ്മണാ! ഞാൻ അതിൽ എന്താണു വിചാരിക്കേണ്ടത്?

അല്ലയോ ബ്രാഹ്മണാ! എല്ലായിടത്തും പ്രാണികളെ തിന്നുന്ന പ്രാണികളെ നാം കാണുന്നു. മത്സ്യത്തെ മത്സ്യം തിന്നുന്നു. ഇതിൽ ഹേ ഭൂസുരാ! ഞാൻ എന്താണു ചിന്തിക്കേണ്ടത്?

digitized by www.sreyas.in

പ്രാണിയെ തിന്നാണ് പ്രാണി ജീവിക്കുന്നത്. പലവട്ടവും ഇതാവർത്തിക്കുന്നു. പിന്നെ തമ്മിൽ പിടിച്ചുതിന്നുന്ന ജന്തുക്കളുമുണ്ട്. ഇവ കാണുമ്പോൾ ഹേ, ദ്വിജോത്തമാ! ഞാൻ എന്താണു ചിന്തിക്കേണ്ടത്?

നടക്കുന്ന സമയത്തുതന്നെ നിലത്തുള്ള പലജീവികളേയും മർത്ത്യർ ചവിട്ടിക്കൊല്ലുന്നു. ഹേ, ദ്വിജാ! ഞാൻ ഇതിൽ എന്താണ് ഓർക്കേണ്ടത്?

ഇരിക്കുമ്പോഴും കിടക്കുമ്പോഴും പല ജീവികളേയും കൊല്ലുന്നു. ജ്ഞാനവാന്മാരും വിജ്ഞാനികളും അങ്ങനെ ചെയ്യുന്നു. ഹേ, ദ്വിജാ! ഞാൻ ഇതിൽ എന്താണ് ഓർക്കേണ്ടത്?

ജീവജാലം നിറഞ്ഞതാണ് ഈ ആകാശവും ഭൂമിയും. അനവധിജീവികൾ നാം അറിയാതെ നമ്മലാൽ കൊല്ലപ്പെടുന്നുണ്ട്. ഹേ, ദ്വിജാ! ഇതിൽ ഞാൻ എന്താണ് ചിന്തിക്കേണ്ടത്?

പണ്ടുള്ളവർ 'അഹിംസ'യെന്നു വിസ്മയത്തോടെ പറഞ്ഞില്ലേ? ജീവഹിംസ ചെയ്യാത്ത ഒരു ഒറ്റ മനുഷ്യനെങ്കിലും ഉണ്ടോ ഈ ലോകത്തിൽ, ദ്വിജോത്തമാ?

ഞാൻ വളരെ ഇതിനെക്കുറിച്ചു ചിന്തിക്കുന്നുണ്ട്. എന്നാൽ ഹിംസിക്കാത്ത ഒരുത്തനേയും കാണുന്നില്ല. യതിമാർ അഹിംസാതൽപ്പരന്മാരാണ്. എന്നാൽ അവരും ഹിംസ ചെയ്യുന്നുണ്ട്. ഒരു കാര്യം ചെയ്യാൻ പറ്റും യത്നിക്കുകയാണെങ്കിൽ. ഹിംസ ചുരുക്കുവാൻ കഴിയും.

എണ്ണപ്പെട്ട പുരുഷന്മാർ, ഗുണവാന്മാർ, ഉന്നതകുലജാതന്മാർ ഇവർ ഘോരകർമ്മങ്ങൾ ചെയ്യുന്നു. അവർ അതിൽ ലജ്ജിക്കുന്നില്ലതാനും. ഇഷ്ടന്മാർ ഇഷ്ടന്മാരെയും വൈരിമാർ വൈരിമാരെയും നന്നായി നടക്കുന്നവരെയും നന്നായി നോക്കാത്തവരേയും സമൃദ്ധരായ ബാന്ധവന്മാരെയും ബന്ധുക്കൾ നിന്ദിക്കുന്നില്ല. അവരിൽ സന്തോഷത്തോടെ നോക്കുന്നില്ല.

പണ്ഡിതമാനികളായ മൂഢന്മാർ ഗുരുവിനെ നിന്ദിക്കുന്നു. ഇങ്ങനെ ലോകത്തിൽ പലതും തെറ്റിക്കാണുന്നു. ദ്വിജോത്തമാ, അധർമ്മം ധർമ്മത്തോടു ചേർന്നും കാണുന്നു. ഹേ ദ്വിജോത്തമാ! അതിൽ ഞാൻ എന്താണ് ഓർക്കേണ്ടത്?

ധർമ്മാധർമ്മക്രിയകളിൽ പലതും പറയുവാൻ കഴിയും. എന്നാൽ സ്വധർമ്മപരനായി, സ്വകർത്തവ്യപരനായി ജീവിക്കുന്നവൻ തീർച്ചയായും കീർത്തി നേടുന്നതാണ്!"

209. ബ്രാഹ്മണവ്യാധസംവാദം - മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ആ ധർമ്മവ്യാധൻ നിപുണമായ വിധത്തിൽ വീണ്ടും വിപ്രേന്ദ്രനോട് ഇപ്രകാരം പറഞ്ഞു. അല്ലയോ രാജാവേ! അതു ഭവാൻ കേട്ടാലും!

വ്യാധൻ പറഞ്ഞു: "വൃദ്ധന്മാർ പറയുന്ന ഈ ധർമ്മം എന്നു പറയുന്നത് ശ്രുതിപ്രമാണമാണ്. എന്നാൽ ധർമ്മത്തിന്റെ ഗതി വളരെ സൂക്ഷ്മമാണ്. അതു ബഹുശാഖകളോടുകൂടി അനന്തമായി പോകുന്നു. പ്രാണൻ നശിക്കുമെന്നു വരുമ്പോൾ രക്ഷ കിട്ടുമെങ്കിൽ നുണ പറയാം. വേളി നടത്തുന്നതിനുവേണ്ടിയും നുണ പറയാം. അനൃതം കൊണ്ടു സത്യമുണ്ടാകും; സത്യംകൊണ്ട് അനൃതവും വന്നുപെടും. ഏറ്റവും ഭൂതഹിതമായിട്ടുള്ളത് സത്യമാണെന്നാണ് നിശ്ചയം. ധർമ്മം മറിച്ചും വരാം. ധർമ്മസൂക്ഷ്മത കാണുക! ശുഭമായ കർമ്മം ചെയ്താൽ അതിന്റെ ഫലം ശുഭമായിരിക്കും. അശുഭമായ കർമ്മം ചെയ്താൽ അതിന്റെ ഫലം അശുഭമാകും. അതിൽ യാതൊരു സംശയവുമില്ല.

വിഷമസ്ഥിതിയിൽ അകപ്പെട്ടവൻ ദൈവതങ്ങളെ നിന്ദിക്കും. അറിവില്ലാത്ത മൂഢൻ താൻ ചെയ്ത കർമ്മദോഷങ്ങളെ അറിയുകയുമില്ല. ചതിക്കുന്ന മൂഢൻ ചപലനായ മർത്ത്യനാണ്. അവൻ സുഖദുഃഖങ്ങൾ മാറി മാറി അനുഭവിക്കും. അവനെ ബുദ്ധി, പൗരുഷം, ഗുരുശിക്ഷ ഇവയൊന്നും രക്ഷിക്കയില്ല. ആര് എന്ത് കാമമിച്ഛിക്കുന്നുവോ ആ കാമം അവൻ ഏല്ക്കും. ക്രിയാഫലം പൗരുഷത്തിന്ന് സ്വാധീനമാകണം. മനസ്സിനെ അടക്കുവാൻ കഴിയുന്നവർ സമർദ്ധന്മാരും ബുദ്ധിമാന്മാരുമായിത്തീരുന്നു.

എല്ലാ കർമ്മവും നിഷ്ഫലമായി ഫലം തെറ്റിപ്പോകുന്നത് കാണുന്നില്ലേ? ചിലർ ഭൂതൗഘങ്ങളെയൊക്കെ ഹിംസിക്കുവാൻ മുതിരുന്നു. ലോകവഞ്ചകനാവുകയും ചെയ്യുന്നു. എന്നാലും അവൻ സൗഖ്യത്തോടെ വാഴുന്നതായി നാം കാണുന്നു. ചിലർ യാതൊരു പ്രയത്നവും ചെയ്യാതിരിക്കുന്നു. എന്നിട്ടും അയാളിൽ ധാരാളം ധനൈശ്വര്യങ്ങൾ വന്നുചേരുന്നു. വേറെ ഒരുത്തൻ നിരന്തരം പണിയെടുക്കുന്നു. എന്നാലും കിട്ടേണ്ടതു കിട്ടുന്നുമില്ല. പിന്നെ ഒരുത്തന്റെ കഥ കാണുക. ദേവന്മാർക്ക് യജ്ഞം ചെയ്ത് തപസ്സുചെയ്ത് നല്ല പുത്രനുണ്ടാവാൻ കൊതിക്കുന്നു. അയാൾക്ക് അവന്റെ ഭാര്യ പത്തുമാസം ഗർഭം ചുമന്ന് പ്രസവിച്ചുണ്ടാകുന്ന സന്താനം വംശം കെടുത്തുന്നവനായിത്തീരുന്നു. വേറെ ചിലർക്ക് മംഗളകർമ്മംകൊണ്ട് ധനധാന്യങ്ങളും അച്ഛൻ നേടിത്തന്ന ഭാഗ്യവും ചേർന്നു വർദ്ധിച്ച് ഉണ്ടായിവരുന്നു. രോഗങ്ങളും മനുഷ്യർക്കുണ്ടാകുന്നത് കർമ്മജമായിട്ടാണ്. വ്യാധൻ മാനുകളെയെന്നവിധം ആധികളും മനുഷ്യനെ ബാധിക്കുന്നു.

നല്ല മരുന്നുള്ള വൈദ്യപ്രമാണികൾ, വ്യാധൻ മാനുകളെ കൊല്ലുന്നതുപോലെ വ്യാധികളെ കൊല്ലുന്നു. ഉണ്ണുവാൻ വകയുള്ളവരും ഗ്രഹണീരോഗം ബാധിച്ച് ഉണ്ണുവാൻ വയ്യാതെ കേഴുന്നതും കാണുന്നില്ലേ, ധർമ്മിഷ്ഠസത്തമാ! വേറെ ചില ബലിഷ്ഠന്മാരായ ജനങ്ങൾ എത്ര പണിപ്പെട്ടിട്ടാണ് ആഹാരം നേടുന്നത്! ഇപ്രകാരം ജനങ്ങൾ നിസ്സഹായരായി, ശോകമോഹാർത്തരായി വലുതായ കർമ്മപ്രവാഹത്തിൽപ്പെട്ട് ഒഴുകുകയാണ്. 'സ്വന്തകർമ്മവശരായ്ത്തിരിഞ്ഞിടുന്നന്തമറ്റ ബഹുജീവകോടികൾ.'

വിചാരിച്ച കാര്യം എല്ലാവർക്കും എപ്പോഴും സാധിക്കുമെങ്കിൽ ആരും ചാവുകയില്ല. ജരയേല്ക്കുകയുമില്ല. വശിത്വം ഉള്ളവരാണെങ്കിൽ അവർ അപ്രിയം കാണുകയില്ല. ലോകത്തിന്റെ മീതെ പലതും ചെയ്യുവാൻ എല്ലാവരും കരുതും. ശക്തിപോലെ യത്നിച്ചാലും വിചാരിച്ചമട്ടിൽ നടക്കുന്നുമില്ല.

പലരും തുല്യനക്ഷത്രലഗ്നന്മാരായിപ്പിറന്നാലും ജാതകം ഒരേ ഗ്രഹനിലയോടുകൂടിയിരുന്നാലും ഫലം കർമ്മസന്ധിയിൽ വളരെ അധികം മാറിക്കാണുന്നു.

ഹേ, ബ്രാഹ്മണാ! ചിലർക്കു തന്നത്താൻ സമ്പാദിക്കുവാൻ സാധിക്കയില്ല. ചില പ്രാകൃതന്മാർക്ക് കർമ്മസിദ്ധി കാണുന്നുമുണ്ട്. ശ്രുതിപ്രകാരം, ഹേ ബ്രാഹ്മണാ! സനാതനനായത് ജീവൻ ആകുന്നു. ലോകത്തിൽ പ്രാണികൾക്കൊക്കെ ശരീരം നശ്വരമാണ്. ശരീരത്തെ വധിക്കുമ്പോൾ നാശം ശരീരത്തിന്നു മാത്രമേ ബാധിക്കുന്നുള്ളു. കർമ്മബന്ധംപോലെ ജീവൻ മറ്റൊരേടത്തു പോയി കയറും."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, കർമ്മവേദി ശ്രേഷ്ഠാ! എങ്ങനെയാണ് ജീവൻ നിത്യനായി നില്ക്കുന്നത്? തത്ത്വമായി ഇതറയുവാൻ എനിക്കാഗ്രഹമുണ്ട്, വാഗ്മിസത്തമാ.

വ്യാധൻ പറഞ്ഞു: "ഉടൽ മാറുമ്പോൾ ജീവൻ നശിക്കുകയില്ല. മരണം എന്ന വിമൂഢവാദം തെറ്റാണ്. ആത്മാവിന്നു മരണമില്ല. ജീവൻ ദേഹാന്തരം പ്രാപിക്കുകയാണ്. ശരീരം പഞ്ചത്വത്തേയും പ്രാപിക്കുന്നു. പഞ്ചത്വം എന്നത് പഞ്ചഭൂതാത്മകമായ ദേഹം വീണ്ടും പഞ്ചഭൂതങ്ങളിൽ ചേരുന്നു എന്നതാണ്. മനുഷ്യലോകത്തിൽ ഒരുത്തന്റെ കർമ്മഫലം മറ്റൊരുത്തൻ ഭുജിക്കുകയില്ല. താൻ ചെയ്ത കർമ്മത്തിന്റെ ഫലം താൻതന്നെ ഏല്ക്കും. അതിന്നു യാതൊരു നാശവും സംഭവിക്കുന്നതല്ല. പുണ്യശീലന്മാർ സുപുണ്യവാന്മാരായി ഭവിക്കും. പാപിഷ്ഠന്മാർ നീചമനുഷ്യരുമാകും. തന്റെ കർമ്മത്തെത്തന്നെ പിൻതുടരുന്ന മർത്ത്യൻ അവനവന്റെ കർമ്മത്തിന്റെ പരിപാകംപോലെ പിറക്കുന്നതാണ്."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വ്യാധാ! യോനിപ്പിറപ്പ് ഏതു പ്രകാരമാണ്? പുണ്യപാപങ്ങളുടെ ഗതി ഏതുവിധമാണ്? ഹേ, സന്മതേ! പുണ്യപാപാഢ്യമായ ജാതിയാത്രയും എപ്രകാരമാണ്?"

digitized by www.sreyas.in

വ്യാധൻ പറഞ്ഞു: "ഗർഭാധാനസമായോഗം നോക്കിയിട്ടാണ് കർമ്മദർശനം. ഹേ, ദ്വിജാ! അതു ഞാൻ ഭവാനോടു ചുരുക്കമായി പറയാം. സംഭാരങ്ങൾ ഒരുക്കിയതിന്റെ ശേഷം ജന്മം ഉണ്ടാകുന്നു. ശുഭയോനിയിൽ ശുഭവാനും പാപയോനിയിൽ പാപിയും ജനിക്കുന്നു. ശുഭങ്ങൾ ചെയ്താൽ ദേവത്വവും ശുഭാശുഭത്വം കലർന്നാൽ മർത്ത്യഭാവവും പ്രാപിക്കും. പാപി താഴ്ന്നതും തമസ്സേറിയതുമായ തിര്യക്‌യോനിയിൽപ്പെടും.

ജന്മമൃത്യുജരാദുഃഖവ്യാകുലത്വം കലർന്ന് താൻ ചെയ്ത കർമ്മപാപങ്ങൾ പ്രാപിച്ച് നരൻ ഉഴലും. പല തിര്യക്‌യോനികളിൽ കിടന്നും നരകത്തിൽ കിടന്നും ജീവങ്ങൾ കർമ്മബന്ധം അനുസരിച്ചു ചുറ്റിത്തിരിയും. ജന്തു താൻ ചെയ്ത കർമ്മങ്ങളാൽ, ചത്തു ദുഃഖിച്ച് അതാതു ദുഃഖങ്ങൾ ഏല്ക്കുവാനായി പാപയോനിയിൽ ചെന്നുപെടും. പിന്നേയും പുതുതായി പല കർമ്മങ്ങൾ ചെയ്യും. വീണ്ടും ദുഃഖമനുഭവിച്ച് അപഥ്യങ്ങളെ ആഗ്രഹിക്കുന്ന രോഗിയെപ്പോലെ, എപ്പോഴും ദുഃഖിച്ച് സുഖത്തെത്തന്നെ ചിന്തിച്ച് ബന്ധം നിലയ്ക്കാതെ കർമ്മം വീണ്ടും ഉദിക്കുക കാരണം സംസാരത്താൽ, തിരിയുന്ന ചക്രം പോലെ, ഏറ്റവും ആർത്തനായി തിരിയും. കർമ്മബന്ധം ക്ഷയിച്ചാൽ കർമ്മത്താൽ ശുദ്ധനായി തപോയോഗത്തിൽ ആരംഭിക്കുകയായി ദ്വിജസത്തമാ! പിന്നെ പല കർമ്മംകൊണ്ട് ലോകങ്ങളും നരൻ നേടും. ബന്ധം അഴിച്ചാൽ അവൻ കർമ്മത്താൽ രുദ്ധനാവുകയും അവിടെ എത്തിയാൽ ദുഃഖമില്ലാത്തതായ പുണ്യലോകം നേടുകയും ചെയ്യും.

പാപം ചെയ്യുന്ന പാപശീലൻ പാപത്തിന്റെ കരയിലെത്തി രക്ഷപ്പെടുവാൻ കഴിയാതെ കിടക്കും. അതുകൊണ്ട് നരൻ പുണ്യം ചെയ്യുകയും പാപം വർജ്ജിക്കുകയും വേണം.

കൃതജ്ഞൻ, ഈർഷ്യയില്ലാത്തവൻ എന്നിവർ ശുഭങ്ങളെ സേവിക്കും. അവൻ സുഖങ്ങളും, ധർമ്മവും, അർത്ഥവും, സ്വർഗ്ഗവും നേടും. സംസ്കാരം സിദ്ധിച്ചവനും, ദാന്തനും, നിയതനും, യതമാനസനും, പ്രാജ്ഞനുമായ നരൻ ഇഹലോകത്തിലും പരലോകത്തിലും വൃത്തിനേടും. ഹേ, ബ്രാഹ്മണാ! ഭവാൻ സാധുധർമ്മം അനുസരിക്കുക. ശിഷ്ടാചാരക്രിയകൾ ചെയ്യുക. ലോകത്തിന്ന് പീഡയുണ്ടാക്കാതെയുള്ള വൃത്തി ഇച്ഛിക്കുക. സ്വധർമ്മത്താൽ സങ്കരം കൂടാതെ കർമ്മം ചെയ്യുക!

ശാസ്ത്രം അറിയുന്നവരും ആഗമം അറിയുന്നവരുമായ ശിഷ്ടർ ലോകത്തിലുണ്ടല്ലോ. പ്രാജ്ഞന്മാർ ധർമ്മത്താൽ സന്തോഷിക്കുന്നു; ധർമ്മത്താൽ വൃത്തിനേടുകയും ചെയ്യുന്നു. ഹേ, ദ്വിജോത്തമാ! അധർമ്മത്താൽ കിട്ടുന്ന ധനത്താൽ മർത്ത്യൻ ഗുണം എന്തിങ്കൽ കാണുന്നുവോ, അതിന്റെ വേരു മാത്രമേ നനയ്ക്കുകയുള്ളു. എന്നാൽ ധർമ്മാത്മാവ് ഇപ്രകാരമാണ്; അവന്റെ ഹൃദയം തെളിഞ്ഞിരിക്കും. അവൻ മിത്രജനങ്ങളെ പ്രീതിപ്പെടുത്തും. അവൻ ഇഹത്തിലും പരത്തിലും ശബ്ദം, സ്പർശം, രൂപം, ഇഷ്ടമായ ഗന്ധങ്ങൾ ഇവയാൽ സുഖിക്കും. പിന്നെ അവൻ പ്രഭുത്വവും നേടും. ഇതാണ് ധർമ്മത്തിന്റെ ഫലം.

ധർമ്മത്തിന്റെ ഫലം സിദ്ധിച്ചാലും അവൻ തൃപ്തനാവുകയില്ല. അതൃപ്തനായി നിർവ്വേദം (വൈരാഗ്യം) ജ്ഞാനദൃഷ്ടിയാൽ അവൻ പ്രാപിക്കും. ജ്ഞാനദൃഷ്ടിയുള്ള മർത്ത്യൻ ദോഷത്തിൽ ഏർപ്പെടുകയില്ല. അവൻ ഇച്ഛപോലെ വിരക്തനാകും. ധർമ്മം വിടുകയുമില്ല. ലോകം നശ്വരമായിക്കണ്ട് സർവ്വത്യാഗത്തിനുതന്നെ അവൻ നിശ്ചയിക്കും. ഉപായംവിട്ട് അല്ലുപോയാൽ പിന്നെ മോക്ഷത്തിന്നു നിനയ്ക്കും. ഇപ്രകാരം അവൻ നിർവ്വേദവും നേടും; പാപകർമ്മം വെടിയും; ധർമ്മശീലനായിത്തീരും; പിന്നെ മോക്ഷവും നേടും.

ജ്ഞാനം മോക്ഷത്തിന്നു മൂലമാകുന്നു. അതിന്റെ മൂലം ശമവും ദമവുമാകുന്നു. അവകൊണ്ട് ഉള്ളിലുള്ള കാമമൊക്കെ ലഭിക്കും. ഇന്ദ്രിയങ്ങളെ ജയിക്കുന്നത് സത്യം, ദമം ഇവകൊണ്ടാണ്. അതുകൊണ്ട് ഹേ, ബ്രാഹ്മണശ്രേഷ്ഠാ! ബ്രാഹ്മണൻ പരമമായ പദത്തെ നേടും."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, യതവ്രതാ! ഏതെല്ലാമാണ് ഇന്ദ്രിയങ്ങൾ? അവ എങ്ങനെ നിഗ്രഹിക്കും? നിഗ്രഹിച്ചാൽ എന്താണു ഫലം? അങ്ങനെയുള്ളവർക്കു ഫലം എങ്ങനെ ലഭിക്കുന്നു? ഈ ധർമ്മതത്ത്വം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

210. ബ്രാഹ്മണവ്യാധസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഇപ്രകാരം വിപ്രൻ പറഞ്ഞപ്പോൾ ധർമ്മവ്യാധൻ വിപ്രനോടു പറഞ്ഞ ഉത്തരം ഭവാൻ കേട്ടാലും!"

വ്യാധൻ പറഞ്ഞു: "മനുഷ്യർക്ക് അറിവിന്നായി ആദ്യം മാനസം പ്രവർത്തിക്കുന്നു. അതുചെന്ന് കാമം, ക്രോധം ഇവയിൽ ഏല്ക്കുന്നു. അതിന്നുവേണ്ടി പിന്നെ യത്നിച്ചു കർമ്മം ചെയ്യുന്നു. ഇഷ്ടപ്പെട്ട രൂപം, ഗന്ധം എന്നിവ ശീലിച്ച് അതു വർദ്ധിക്കുന്നു. പിന്നെ രാഗവും അതിന്നുമേലെ ദ്വേഷവും ജനിക്കുന്നു. അതിന്നുമേലെ ലോഭവും അതിന്നുമേലെ മോഹവും ജനിക്കും. പിന്നെ ലോഭത്തിൽപ്പെട്ട രാഗദ്വേഷാർത്തന്ന് ധർമ്മത്തിൽ ബുദ്ധി നില്ക്കുകയില്ല, ചേരുകയില്ല. ധർമ്മം ദംഭത്താൽ നടത്തും. വ്യാജമായി ധർമ്മം ഭാവിക്കും, വ്യാജാൽ അർത്ഥം കൊതിക്കും. അങ്ങനെ പടിപടിയായി വ്യാജാൽ സിദ്ധിക്കുന്ന അർത്ഥത്തിൽ ബുദ്ധി രമിച്ചിട്ട് പാപം ചെയ്യുവാൻ ഒരുങ്ങും. ഇഷ്ടന്മാരും ദ്വിജന്മാരും തടുത്താൽ ശ്രുതിമാർഗ്ഗത്തിലെത്തുകയില്ല. ഉത്തരമായി ശ്രുതിവാക്യങ്ങൾ പറയുകയും ചെയ്യും. രാഗദ്വേഷത്താൽ മൂന്നുവിധം അധർമ്മവും അവന്നുണ്ടാകും. മനസ്സുകൊണ്ടും, വാക്കുകൊണ്ടും, കർമ്മം കൊണ്ടും ഇങ്ങനെ മൂന്നുവിധം അധർമ്മം അവനിലുണ്ടാകും. അധർമ്മത്തിൽപ്പെട്ടവന്ന് സൽഗ്ഗുണമൊക്കെ നശിക്കും. പാപംചെയ്യുവാൻ അത്തരക്കാർ വേഴ്ചക്കാരായും വരും. അതിൽ അയാൾ ദുഃഖം ഏല്ക്കും. പരലോകത്തിൽ കെട്ടുപോകും. ഇങ്ങനെ പാപാത്മാവുണ്ടാകും. ഇനി ധർമ്മലാഭം കേൾക്കുക:

മുൻകൂട്ടി ബുദ്ധികൊണ്ട് ഈ ദോഷം പുരുഷൻ കാണുന്നു. സുഖദുഃഖങ്ങളിൽ ദക്ഷനായവൻ സജ്ജനങ്ങളെ സേവിക്കും. അവന്ന് സാധുയജ്ഞത്താൽ ധർമ്മത്തിൽ ബുദ്ധിചെല്ലും."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വ്യാധാ! സുനൃതമായ ധർമ്മം നീ പറയുന്നു. ഇവ ഇത്ര ഭംഗിയായി പറയുവാൻ മറ്റൊരാൾക്കും സാധിക്കയില്ല. ദിവ്യപ്രഭാവനായ ഭവാൻ ആര്യനായ മഹർഷിയാണെന്നാണ് എന്റെ മതം."

വ്യാധൻ പറഞ്ഞു: ബ്രാഹ്മണന്മാർ യോഗ്യരാണ്. ആദ്യം അവർക്കും പിതൃക്കൾക്കും നല്കിയേ ഭോജനം കഴിക്കാവൂ. എല്ലാംകൊണ്ടും അവർക്ക് അറിവുള്ളവർ ഇഷ്ടം ചെയ്യണം. അവർക്ക് എന്താണ് ഇഷ്ടമെന്നുള്ളതും ഹേ, ദ്വിജസത്തമാ! ഞാൻ പറയാം. ബ്രാഹ്മണർക്കു വണങ്ങി ആ ബ്രാഹ്മിയായ വിദ്യ എന്നിൽനിന്നു കേൾക്കുക.

ഈ അജയ്യമായ വിശ്വമാകുന്ന ജഗത്തൊക്കെ എങ്ങും മഹാഭൂതാത്മകമായ ബ്രഹ്മമാണ്. അതില്ലാതെ ഒരിടംപോലുമില്ല. മഹാഭൂതങ്ങൾ എന്താണെന്നു പറയാം. ആകാശം, വായു, അഗ്നി, ജലം, പൃഥിവി എന്നിവയാണ്. ഇവയുടെ ഗുണം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവയാണ്. അവയ്ക്കും ഗുണങ്ങളുണ്ട്. ഗുണവൃത്തി കൂടിക്കലർന്നുകാണും. കാമാൽ ഗുണികൾ മൂന്നിനും മുമ്മൂന്നു ഗുണങ്ങളുണ്ട്. ആറാമത്തേതു ചേതനയാണ്, അതാണു മനസ്സ് എന്നു പറയുന്നത്. ഏഴാമത്തേതാണ് ബുദ്ധി; അതിൽപ്പിന്നെയാണ് അഹങ്കാരം. അഞ്ച് ഇന്ദ്രിയങ്ങൾ ആത്മാവ്, സത്വം, രജസ്സ്, തമസ്സ്. ഇപ്പറഞ്ഞ പതിനേഴെണ്ണം അവ്യക്താഭിധമാണ്. ഇന്ദ്രിയാർത്ഥങ്ങളായ ഗൂഢവ്യക്താവ്യക്തങ്ങൾ ചേർന്നുനില്ക്കുന്നു. ഇതാണ് ഇരുപത്തിമൂന്ന് വ്യക്താവ്യക്തമയമായ ഗുണം. ഇതൊക്കെ ഞാൻ പറഞ്ഞുകഴിഞ്ഞു. ഹേ, ബ്രാഹ്മണാ! ഭവാന് ഇനി എന്താണു കേൾക്കേണ്ടത്?"

211. ബ്രാഹ്മണവ്യാധസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഇപ്രകാരം ആ വ്യാധൻ പറഞ്ഞതുകേട്ട് മനസ്സിൽ പ്രീതി വർദ്ധിക്കുന്ന പ്രശ്നം വിപ്രൻ വീണ്ടും തുടർന്നു."

digitized by www.sreyas.in

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, ധർമ്മവിത്തമാ! ഭവാൻ മഹാഭൂതങ്ങൾ അഞ്ചെണ്ണമെന്നു പറഞ്ഞുവല്ലോ. അവയുടെ ഓരോന്നിന്റേയും ഗുണം വെവ്വേറെ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പറഞ്ഞാലും!"

വ്യാധൻ പറഞ്ഞു: "ഭൂമി, വെള്ളം, തേജസ്സ്, വായു, ആകാശം ഇവ ക്രമമാൽ ഗുണോത്തരങ്ങളാണ്. അവയുടെ ഗുണങ്ങളേയും ക്രമത്തിൽ പറയാം. ഭൂമിക്ക് ഗുണം അഞ്ച്, അംഭസ്സിന്ന് ഗുണം നാല്, തേജസ്സിന്നു മൂന്നു ഗുണം, വായുവിനും നഭസ്സിനുകൂടി മൂന്നുഗുണം (വായുവിനു രണ്ടും നഭസ്സിന് ഒന്നുമാണ്). ഭൂമിയുടെ ഗുണങ്ങൾ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം. ഭൂമിയുടെ ഈ അഞ്ചുഗുണങ്ങൾ ഏറ്റവും ഉയർന്നതാണ്.

ശബ്ദം, സ്പർശം, രൂപം, രസം ഇവ നാലും അംഭസ്സിനുണ്ട്. തേജസ്സിന് ശബ്ദം, സ്പർശം, രൂപം ഇങ്ങനെ മൂന്നു ഗുണങ്ങളുണ്ട്. വായുവിന് ശബ്ദവും സ്പർശവും ഇങ്ങനെ രണ്ടു ഗുണങ്ങൾ മാത്രം. നഭസ്സിന് ശബ്ദം മാത്രം. ഇങ്ങനെയാണ് ക്രമപ്രകാരം ഗുണങ്ങൾ. ഇപ്രകാരം പഞ്ചഭൂതങ്ങൾക്ക് പതിനഞ്ചു ഗുണങ്ങളുണ്ട്. ലോകങ്ങൾ നിലനില്ക്കുന്ന ഭൂതത്തിലൊക്കെ ഈ ഗുണങ്ങളുണ്ട്. ആയവ തമ്മിൽ ചേരാതെ നില്ക്കുകയില്ല. അവ ചരാചരങ്ങൾ വിഷയീഭവിക്കുമ്പോൾ ശോഭിക്കുന്നു. കാലശക്തിയാൽ ദേഹി മറ്റൊരു ദേഹത്തിൽ കയറുന്നു. ക്രമത്തിൽ നശിക്കുകയും പിന്നെ ജനിക്കുകയും ചെയ്യുന്നു. പാഞ്ചഭൗതികമായും ധാതുക്കൾ അങ്ങനെ അതാതിൽ കാണും. ഈ ചരാചരമായ വിശ്വം അവയാലൊക്കെ ആവൃതമാകുന്നു. ഇന്ദ്രിയസംസർഗ്ഗം പെട്ടതൊക്കെയും വ്യക്തമാണ്. ലിംഗഗ്രാഹ്യമായ അതീന്ദ്രിയം അവ്യക്തമാണ് എന്നു ധരിച്ചാലും. ഈ ശബ്ദാദികൾക്ക് ഇന്ദ്രിയങ്ങൾ വേണ്ടപോലെ ഗ്രാഹകങ്ങളാകുന്നു.

ദേഹി ധാരകനെന്നപോലെ ഇന്ദ്രിയങ്ങളെ തപിപ്പിക്കുന്നു. താൻ (ആത്മാവ്) ലോകത്തിലെങ്ങും പരന്നു വ്യാപിച്ചുനില്ക്കുന്നവനാകുക, അല്ലെങ്കിൽ ലോകത്തെ തന്നിൽ ഒതുക്കിനിർത്തുന്നവായിത്തീരുക. പരാപരജ്ഞനായ ഏവന്ന് അതിന്നു കെല്പുണ്ടോ അവനാണ് ശരിയായും ഭൂതത്തെ ദർശിക്കുന്നവൻ. സർവ്വാവസ്ഥയിലും സർവ്വവും സർവ്വദാ കാണുന്നവിധം ബ്രഹ്മഭൂതന്ന് അശുഭസംയോഗം ഉണ്ടാകുന്നതല്ല. ജ്ഞാനമൂലാത്മകമായ ക്ലേശം തീർന്നവന്ന് പുരുഷാർത്ഥവും ഉണ്ടാവുകയില്ല. ലോകവൃത്തി തെളിഞ്ഞ ജ്ഞാനമാർഗ്ഗത്തിൽ അനാദ്യന്തനും, നിത്യനും, ആത്മയോനിയും, അവ്യയനും, ഉപമാമൂർത്തിരഹിതനുമായ ജീവൻ ചേരുമെന്ന് ബുദ്ധിമാനായ വിഭു പറഞ്ഞു. ഭവാൻ എന്നോടു ചോദിച്ചവയ്ക്കെല്ലാം മൂലം തപമാകുന്നു. തപസ്സ് ഇന്ദ്രിയജയത്താൽ മാത്രമേ സാധിക്കൂ. അല്ലാതെ അതിന്നു മറ്റു മാർഗ്ഗങ്ങളില്ല.

സ്വർഗ്ഗവും, നരകവും ഇവ രണ്ടും എല്ലാം ഇന്ദ്രിയങ്ങൾതന്നെയാണ്. ഇന്ദ്രിയം നിഗ്രഹിച്ചാൽ സ്വർഗ്ഗം. അഴിച്ചിട്ടാൽ നരകം! സമ്പൂർണ്ണമായ യോഗവിധി ഈ ഇന്ദ്രിയനിഗ്രഹമാണ്. തപസ്സിനും നരകത്തിനും ഇതു മൂലമാകുന്നു. ഇന്ദ്രിയങ്ങളുടെ സംഗത്താൽ ദോഷം നേടുമെന്നുള്ളതിൽ സംശയമില്ല. അവയെ അടക്കിയാൽ സിദ്ധി നേടുന്നതാണ്. നിത്യങ്ങളായ ഇവ ആറിനേയും ആത്മാവിൽ കീഴടക്കിയാൽ അവൻ ജിതേന്ദ്രിയനാകും. അവന്ന് പാപവുമില്ല, അനർത്ഥവുമില്ല.

പുരുഷന്ന് അവന്റെ ശരീരം രഥമാണ്. ആത്മാവ് സുതനാണ്. ഇന്ദ്രിയങ്ങൾ കുതിരകളാണ്. ആ കുതിരകളെ തെറ്റാതെ മെരുക്കിക്കൊണ്ടുപോയാൽ ധീരൻ സുഖമായി രഥിയെപ്പോലെ പോകും.

വഴിക്കു കുതിരകളെപ്പോലെ പായുന്ന ആറ് ഇന്ദ്രിയങ്ങളെ നടത്തുവാനുള്ള ധൈര്യം കൈക്കൊള്ളുക. ധൈര്യത്താൽ, ധൃതിയാൽ, എല്ലാം ജയിക്കാം.

ചരിക്കുന്ന ഇന്ദ്രിയങ്ങളെ മനസ്സു തുണയ്ക്കും. വെള്ളത്തിൽ തോണിയെ കാറ്റു കൊണ്ടുപോകുന്നപോലെ ബുദ്ധിയാൽ കൊണ്ടുപോകുന്നതാണ്. മോഹംകൊണ്ട് ഈ ആറ് ഇന്ദ്രിയങ്ങളിലും ഫലാഗമം ആശിക്കുന്നു. അവയിൽ ത്യാഗം ചിന്തിക്കുന്നവനോ സമാധിഫലത്തെ പ്രാപിക്കുകയും ചെയ്യുന്നതാണ്."

212. ബ്രാഹ്മണവ്യാധസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, ഭാരതാ! ധർമ്മവ്യാധൻ സൂക്ഷ്മമായി ഇപ്രകാരം പറഞ്ഞപ്പോൾ ബ്രാഹ്മണൻ സൂക്ഷ്മമായി ചിലതുകൂടി അറിവാനായി ചോദിച്ചു."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ വ്യാധാ! സത്വം, രജസ്സ്, തമസ്സ് എന്നിവകളുടെ (ഗുണത്രയങ്ങളുടെ) ഗുണങ്ങൾ ഭവാൻ തത്ത്വമായി എന്നോടു പറഞ്ഞാലും!"

വ്യാധൻ പറഞ്ഞു: "ഹേ, ബ്രാഹ്മണാ! ഭവാനോടു ഞാൻ അവയുടെ ഗുണങ്ങൾ വെവ്വേറെ പറയാം; കേൾക്കുക. തമസ്സ് മോഹകമാണ്. രജസ്സ് പ്രവർത്തകമാണ്. സത്വം പ്രകാശാത്മകമാണ്. അത് ഇവയിൽ ശ്രേഷ്ഠമാണെന്നു പറയപ്പെടുന്നു.

അവിദ്യാപ്രായനായി, മൂഢനായി, നിദ്രാലസനായി, ജളനായി, ദുസ്ഥേന്ദ്രിയനായി, ക്രോധനനായി, മടിയനായി ഇരിക്കുന്നവൻ താമസനാണ്; തമോഗുണക്കാരനാണ്.

ഉത്സാഹം, അഭിമാനം,ആത്മാഭിമാനം എന്നിവയുടെ ആധിക്യത്താൽ അകാരണമായി മറ്റൊരാൾക്കു വഴങ്ങാത്തവനായിരിക്കുന്ന പുരുഷൻ രാജസനാണ്.

നല്ലപോലെ പ്രസന്നതയുള്ളവനും, ധീരനും, എന്തെങ്കിലും ചെയ്യുവാനുള്ള അത്യാഗ്രഹംകൊണ്ടുള്ള എടുത്തുചാട്ടമില്ലാത്തവനും, അനീഷ്യനും, ധീമാനും, കോപമില്ലാത്തവനും, ദാന്തനുമായവൻ സത്വഗുണൻ, സാത്വികൻ ആകുന്നു.

മതിമാനായ സാത്വികൻ ലോകവൃത്തത്തിൽ ഖേദിക്കും. അറിയേണ്ടത് അറിഞ്ഞിട്ട് അവൻ ലോകവൃത്തത്തെ വെറുക്കും. വൈരാഗ്യത്തിൽ പൂർവ്വരൂപം മുൻകൂട്ടി തുടങ്ങും. മൃദുവായിരിക്കും; ഗർവ്വുണ്ടായിരിക്കയില്ല. ആർജ്ജവത്തിൽ സന്തോഷിക്കും. ദ്വന്ദ്വങ്ങൾ (സുഖദുഃഖങ്ങൾ, മാനാപമാനങ്ങൾ) എന്നിവയിലുള്ള ദ്വൈധീഭാവം അവനെ ഉലയ്ക്കുകയില്ല. അവന്ന് ഒരിടത്തും, ഒരിക്കലും പരസ്പരം സന്ദേഹം കാണുന്നതല്ല.

ശൂദ്രജാതിയിൽ ജനിച്ചവനായാലും സൽഗുണോപാസനമൂലം വൈശ്യത്വം നേടും; ക്ഷത്രിയത്വവും നേടും. ആർജ്ജവത്തിൽ ഇരുന്നാൽ അവന്നു ബ്രാഹ്മണത്വവും സിദ്ധിക്കും. ഗുണങ്ങളൊക്കെ ഞാൻ ഭവാനോടു പറഞ്ഞു. ഇനി എന്താണ് ഭവാനു കേൾക്കേണ്ടത്?"

213. ബ്രാഹ്മണവ്യാധസംവാദം – ബ്രാഹ്മണൻ പറഞ്ഞു: "പാർത്ഥിവമായ ധാതുവിൽ ശാരീരാഗ്നി എങ്ങനെ ഉണ്ടാകുന്നു; അവകാശം പിടിച്ച് അഗ്നി എങ്ങനെ ചേഷ്ടിപ്പിക്കുന്നു?"

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം ബ്രാഹ്മണൻ ചോദിച്ചപ്പോൾ മഹാത്മാവായ ബ്രാഹ്മണനോട് ആ വ്യാധൻ ഉത്തരം പറഞ്ഞു."

വ്യാധൻ പറഞ്ഞു: "മൂർദ്ധാവിനെ ആശ്രയിച്ച് അഗ്നി ശരീരത്തെ പരിപാലിച്ചു നില്ക്കുകയാണ്. സംശ്രയനും പ്രാണനുമായി മൂർദ്ധാഗ്നി ചേഷ്ടിപ്പിക്കുന്നു. ഭൂതവും, ഭവ്യവും, ഭവിഷ്യവുമൊക്കെ പ്രാണനിൽ പ്രതിഷ്ഠിതമാണ്. അതുകൊണ്ട് ആ ഭൂതശ്രേഷ്ഠമായ ബ്രഹ്മയോനിയെ നാം സേവിക്കുന്നു. ആ ജീവൻ സർവ്വഭൂതാത്മാവായ ശാശ്വതപൂരുഷനാകുന്നു. മഹാനായ അവൻ ബുദ്ധിയും, അഹങ്കാരവും, ഭൂതങ്ങളുടെ വിഷയവും, അവ്യക്തനും, സത്യമെന്നറിയപ്പെടുന്നവനും, ജീവനും, കാലവും, പ്രകൃതിയും, പുരുഷനും, പ്രാണനുമെല്ലാം അവൻതന്നെയാണ് ദ്വിജോത്തമാ! ഇപ്രകാരമുള്ള അവനെ പ്രാണൻ സർവ്വഭാഗവും പാലിക്കുന്നു. താൻ തന്റെ ഗതി കൈക്കൊള്ളുമ്പോൾ പിമ്പേ സമാനനും കാക്കുന്നു. വസ്തി, മൂലം, ഗുദം ഇവയെ പറ്റി നില്ക്കുകയും മലമൂത്രങ്ങളെ വഹിക്കുകയും ഇളക്കുകയും ചെയ്യുന്നത് അപാനനാകുന്നു.

പ്രയത്നം, കർമ്മം, ബലം ഇവയിൽ മൂന്നുവിധത്തിൽ അവൻ പ്രവർത്തിപ്പിക്കുന്നു. അവനെ ഉദാനൻ എന്നു പറയുന്നു.

digitized by www.sreyas.in

അദ്ധ്യാത്മജ്ഞാനികൾ മനുഷ്യദേഹത്തിലെ സന്ധികൾതോറും ഇരിക്കുന്ന അനിലനെ വ്യാനൻ എന്നു പറയുന്നു.

ധാതുക്കളിൽ അഗ്നി പരത്തുന്ന വായു പ്രേരണകൊണ്ടു രസം, ധാതുക്കൾ, ദോഷങ്ങൾ എന്നിവയെ പ്രവർത്തിപ്പിച്ചു പായുന്നു. പ്രാണങ്ങളുടെ സന്നിപാതത്താൽ അതു സന്നിപാതമായി ഭവിക്കും. ദേഹികൾക്ക് അന്നം പചിക്കുന്ന ഊഷ്മാവാകുന്ന അഗ്നി.

സമാനോദാനമദ്ധ്യത്തിൽ പ്രാണനും അപാനനും ചേർന്നു സ്ഥിതി ചെയ്യുന്നു. അവർ ചേർന്ന് ഉത്ഭവിച്ച് അഗ്നി ദേഹപാകം നടത്തുന്നു. ഉള്ളിൽ ഗുദസംജ്ഞിതനായ അപാനവായു സഞ്ചരിക്കുന്നു. അതു മൂലമാകുന്നു ദേഹിയുടെ പ്രാണങ്ങൾക്കു നാഡികൾ കാണുന്നത്. അഗ്നിവേഗവഹനായ പ്രാണൻ ഗുദാന്തത്തിൽ ച്ചെന്ന് അടിക്കും. പിന്നെ, അവൻ വേഗം മേല്പോട്ടുപൊങ്ങി അഗ്നിയെ ഉയർത്തുന്നു. പക്വാശയം നാഭിയുടെ കീഴായും അതിന്നുമീതെ ആമാശയവും സ്ഥിതിചെയ്യുന്നു. നാഭിമദ്ധ്യത്തിലായി പ്രാണികളുടെ എല്ലാ പ്രാണങ്ങളും നില്ക്കുന്നു.

ഹൃദയത്തിൽനിന്ന് ഏന്തി, മേലും കീഴും വിലങ്ങുമായി പ്രാണയോഗത്താൽ അന്നരസം പത്തുനാഡികളും വഹിക്കുന്നു. യോഗികൾക്കു പരമമായ പദം പ്രയാസം കൂടാതെ പ്രാപിക്കുവാൻ ഇതാകുന്നു മാർഗ്ഗം. മൂർദ്ധാവിലാകുന്നു ആത്മാവ്.

ദേഹികൾക്കൊക്കെ ഈ വിധത്തിലാകുന്നു പ്രാണാപാന പ്രവൃത്തികൾ. പതിനൊന്നു വികാരാത്മാവും കലാസംഭാരവും ചേർന്നവൻ മൂർത്തിമാനാണെന്നു ചിന്തിക്കുക. നിത്യനും കർമ്മജിതാത്മകനുമാകുന്നു അവൻ.

അഗ്നി നിത്യവും സ്ഥാലി (ഉരുളി)യിൽ എന്ന മട്ടിലിരിക്കുന്നവനാണ്. അവൻ ആ ആത്മാവാണെന്നറിയുക. അവൻ നിത്യനും യോഗിജിതാത്മകനുമാണ്.

പത്മപത്രത്തിൽ വെള്ളം എന്നപോലെ അതിൽനില്ക്കുന്ന ദേവനെ ക്ഷേത്രജ്ഞനാണെന്നറിയുക. നിത്യനും യോഗജിതാത്മകനുമാണെന്നറിയുക. രജസ്സ്, സത്വം, തമസ്സ് എന്നിവയെ ജീവാത്മകങ്ങളാണെന്നറിയുക. ജീവൻ ആത്മാവാണ്; പരാത്മകനാണ്.

അചേതനമായ ജീവഗുണമെന്നു പറയപ്പെടുന്ന അവൻ എല്ലാറ്റിനേയും ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാകുന്നു. ഭുവനങ്ങൾ ഏഴും കല്പിക്കുന്ന പരനാണ് അവനെന്നു ജ്ഞാനികൾ പറയുന്നു.

ഇങ്ങനെ ഭൂതാത്മാവു ഭൂതത്തിലൊക്കെ പ്രകാശിക്കുന്നു. ജ്ഞാനവേദികൾ മുഖ്യമായ സൂക്ഷ്മബുദ്ധികൊണ്ട് എല്ലാം കാണുന്നു. ചിത്തപ്രസാദത്താൽ അങ്ങു ശുഭാശുഭമായ കർമ്മം തീർക്കുന്നു. ആത്മസ്ഥനായ പ്രസന്നാത്മാവ് അനന്തമായ സുഖമേന്തുന്നതാണ്.

തൃപ്തിയാൽ സുഖം സ്വപ്നംപോലെയാകുന്നു. പ്രസാദത്തിന്റെ ലക്ഷണമാണത്; കാറ്റില്ലാത്തേടത്തു തിരി തെളിഞ്ഞു കത്തുന്നതുപോലെ.

രാവിന്റെ ആദ്യകാലത്തും അന്ത്യകാലത്തും മനസ്സ് യോഗത്തിൽ വെക്കുന്നവൻ, ലഘുഭുക്കായ ശുദ്ധചിത്തൻ ബ്രഹ്മത്തെ ഉള്ളിൽ മനോദീപംകൊണ്ടു ദീപത്തിനാലെന്നവിധം കാണും. ആ ദുർഗ്ഗുണാത്മാവിനെക്കണ്ടാൽ അവനപ്പോൾ വിമുക്തനാകുന്നു. എല്ലാ ഉപായങ്ങൾകൊണ്ടും ലോഭത്തേയും ക്രോധത്തേയും വിനിഗ്രഹിക്കുന്നതും പവിത്രമായതുമായ തപസ്സ് ലോകർക്ക് ഒരു സേതുവാകുന്നു. ക്രോധത്തിൽനിന്നു തപസ്സിനെ രക്ഷിക്കുക. മത്സരത്തിൽനിന്നു ധർമ്മത്തെ രക്ഷിക്കുക, മാനാവമാനങ്ങളിൽനിന്നു വിദ്യയെ രക്ഷിക്കുക. തെറ്റിൽനിന്ന് ആത്മാവിനെ രക്ഷിക്കുക.

ആനൃശംസ്യം പരമമായ ധർമ്മമാകുന്നു. ക്ഷമയോ ഏറ്റവും വലിയ ബലമാകുന്നു. ആത്മജ്ഞാനമാണ് ഏറ്റവും വലിയ ജ്ഞാനം. സത്യമാകുന്നു വ്രതങ്ങളിൽവച്ച് ഏറ്റവും വലിയവ്രതം.

സത്യത്തിന്നു വാക്കാണ് മുഖ്യം. സത്യമെന്നത് ഹിതബോധനമാണ്. ഏറ്റവും ഭൂതഹിതമായിട്ടുള്ളതാണ് ഏറ്റവും മഹത്തായ സത്യം. എന്നും നിഷ്കാമമായി കർമ്മം ചെയ്യുന്നവനെല്ലാം ത്യാഗത്തിൽ ഹോമിക്കുന്നവനായ, ബുദ്ധിമാനായ ത്യാഗിയാണ്. ഗുരു ചൊല്ലിക്കൊടുക്കാതെ ഏതിനെ ഉപപാദിച്ചു അതാണ് ബ്രഹ്മയോഗം. എന്നാൽ, എന്റെ യോഗസംജ്ഞവിയോഗം ആരേയും ഹിംസിക്കരുത്, മൈത്രിയോടെ ചരിക്കണം, ഈ ജീവിതത്തിൽ ആർക്കും വൈരം ചെയ്യരുത്, നിഷ്കിഞ്ചനത്വം (ഒന്നും സമ്പാദിക്കായ്ക), സന്തോഷം, നിഷ്കാമത്വം, അചാപലം ഇതാണ് ഏറ്റവും വലിയ ജ്ഞാനം. ഉത്തമവും നല്ലതുമായ ആത്മജ്ഞാനം ഇതാകുന്നു. സത്വബുദ്ധിവെടിഞ്ഞു നിയതവ്രതനാവുക. ദൃഢമായ വൈരാഗ്യത്തോടെ ഇഹത്തിലും പരത്തിലും തപോനിത്യനായി, ദാന്തനായ മുനിയായി, ജയിക്കാൻ വയ്യാത്തതിനെ ജയിക്കുവാൻ സംഗങ്ങളിൽ അസംഗിയായി ഉദ്യമിക്കുക. സഗുണനും, അഗുണനും, അനാസംഗനും ഏകകാര്യവും മാറ്റമില്ലാത്തതും നാശമില്ലാത്തതും സുഖവുമായതു യാതൊന്നോ, ഹേ, ബ്രാഹ്മണാ! അതു ബ്രഹ്മമെന്നത് ഒന്നു മാത്രമാകുന്നു. ഏവനോ സുഖത്തെ ത്യജിക്കുന്നു, ദുഃഖത്തേയും ത്യജിക്കുന്നു; ഇവരണ്ടും കൈവിട്ടവൻ ബ്രഹ്മലോകത്തെ പ്രാപിക്കും.

ഹേ, ദ്വിജോത്തമാ! ഇതൊക്കെ യഥാശ്രുതം ചുരുക്കത്തിൽ ഞാൻ പറഞ്ഞു. ഇനി ഭവാനെന്താണ് കേൾക്കേണ്ടത്"

214. ബ്രാഹ്മണവ്യാധസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിര! മോക്ഷധർമ്മം എല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ വിപ്രൻ ദൃഢപ്രതിജ്ഞയോടെ ധർമ്മവ്യാധനോടു പറഞ്ഞു."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വ്യാധാ! ഭവാൻ ന്യായം ചേരുന്നവിധമാണ് ഈ പറഞ്ഞതൊക്കെയും. ധർമ്മങ്ങളിൽ ഭവാൻ അറിയാത്തതായി ഒന്നുംതന്നെയില്ല."

വ്യാധൻ പറഞ്ഞു: "ഹേ, ദ്വിജാ! എനിക്കു ധർമ്മം പ്രത്യക്ഷമാണ്. ഹേ, ബ്രാഹ്മണാ! ഭവാൻ കണ്ടുകൊള്ളുക. എന്തുകൊണ്ടാണ് ഈ സിദ്ധി എനിക്കു കിട്ടിയതെന്നും ഞാൻ പറയാം. ധർമ്മജ്ഞനായ ഭവാൻ എഴുന്നേറ്റ് എന്റെ ഗൃഹത്തിന്റെ ഉള്ളിൽ കടന്ന് എന്റെ മാതാപിതാക്കളെ കണ്ടാലും!"

മാർക്കണ്ഡേയൻ പറഞ്ഞു: "എന്നു പറഞ്ഞപ്പോൾ ബ്രാഹ്മണൻ എഴുന്നേറ്റു. അവർ രണ്ടുപേരുംകൂടി അകത്തേക്കു കടന്നു. ബ്രാഹ്മണൻ വിചിത്രമായ അവന്റെ മാളികകണ്ടു. വളരെ ഭംഗിയുള്ള നാലുകെട്ട്. ഒരു ദേവാലയംപോലെ പവിത്രമായി ശോഭിക്കുന്നു. ദേവപൂജിതമായ വിധം ശയ്യാസനങ്ങളും ദിവ്യമായ ഗന്ധവും ചേർന്ന് ആ പ്രദേശം ആനന്ദം നല്കുന്നു. പീഠങ്ങളിൽ, ശുഭ്രമായ വസ്ത്രം ചാർത്തി, പൂജയേറ്റ് ഊണുകഴിച്ച് സന്തോഷത്തോടെ അച്ഛനമ്മമാർ ഇരിക്കുന്നു. അവരെ കണ്ടയുടനെ ധർമ്മവ്യാധൻ കാൽക്കൽ നമസ്കരിച്ചു."

വൃദ്ധർ പറഞ്ഞു: "ധർമ്മജ്ഞനായ പുത്രാ! നീ എഴുന്നേൽക്കുക. ധർമ്മം നിന്നെ ഭരിക്കട്ടെ! നിന്റെ ശുചിയായ നടപടിയാൽ ഞങ്ങൾ സന്തോഷിക്കുന്നു! നീ ദീർഘായുഷ്മാനാകട്ടെ! വേണ്ടതായ ഗതി, തപം, ജ്ഞാനം, മേധ ഇവയോടുകൂടി ഹേ, സൽപ്പുത്രാ! നീ ഞങ്ങളെ വളരെക്കാലമായി പൂജിക്കുന്നു. നിനക്കു ദേവകളേക്കാൾ അപ്പുറമായി വേറെ ദൈവതമില്ല. ശുദ്ധികൊണ്ടു ബ്രാഹ്മണർക്കൊക്കുന്ന ദമം ഉള്ളവനാണ് നീ. ഹേ, പുത്രാ! നിന്റെ ദമത്താലും, നീ ഞങ്ങളെ പൂജിക്കുകയാലും അച്ഛന്റെ മുത്തച്ഛരും, മുതുമുത്തച്ഛന്മാരും നിന്നിൽ പ്രീതരായിരിക്കുന്നു. നിന്റെ ശുശ്രൂഷയ്ക്കു യാതൊരു കുറവും കാലപ്പഴക്കത്തിൽ മനോവാക്കർമ്മവൃത്തിയാൽ കാണുന്നില്ല. നിന്റെ ബുദ്ധി മാറിപ്പോകുന്നില്ല. ജാമദഗ്ന്യനായ രാമൻ ഏതു വൃദ്ധരെ പൂജിച്ചുവോ, അപ്രകാരവും അതിലധികവും നീ ഞങ്ങളിൽ ചെയ്തിരിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ ആ വിപ്രനെ ധർമ്മവ്യാധൻ അവർക്കു കാട്ടിക്കൊടുത്തു. അവർ ആ വിപ്രനെ സ്വാഗ

digitized by www.sreyas.in

തവാക്കുകൾകൊണ്ടു പൂജിച്ചു. അവരുടെ പൂജയേറ്റ് ദ്വിജൻ അവരോടു ചോദിച്ചു."

ബ്രാഹ്മണൻ പറഞ്ഞു: "പുത്രഭൃത്യാന്വിതമായി ഭവാന്മാർക്ക് ഈ ഗൃഹത്തിൽ സുഖമല്ലേ? നിങ്ങളുടെ ശരീരത്തിന്നു സുഖക്കേടൊന്നുമില്ലല്ലോ?"

വൃദ്ധർ പറഞ്ഞു: "ഞങ്ങൾക്കും എല്ലാ ഭൃത്യന്മാർക്കും ഈ ഗൃഹത്തിൽ സുഖംതന്നെ. ഭഗവാനേ! ഭവാന്റെ യാത്രയിൽ വിഘ്നങ്ങളൊന്നുമുണ്ടായില്ലല്ലോ?"

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! അവരുടെ വാക്കുകേട്ട് വിപ്രൻ നന്ദിയോടെ, സുഖമായിത്തന്നെ വന്നെത്തിയെന്നു മറുപടി പറഞ്ഞു. അനന്തരം ധർമ്മവ്യാധൻ ബ്രാഹ്മണനെ നോക്കി ഇപ്രകാരം പറഞ്ഞു."

വ്യാധൻ പറഞ്ഞു: "ഭഗവാനേ! എന്റെ ദൈവം എന്റെ അച്ഛനമ്മമാരായ ഇവരാണ്. ദേവകൾക്കു ചെയ്യേണ്ടതു ഞാൻ ഇവർക്കു ചെയ്യുന്നു. ഇന്ദ്രൻ മുതൽ മുപ്പത്തിമൂന്നു ദേവകൾ എങ്ങനെ എല്ലാവർക്കും പുജ്യരാകുന്നു, അപ്രകാരം ഈ വൃദ്ധന്മാർ എനിക്കു പൂജ്യരാകുന്നു. ദേവന്മാർക്കു വിപ്രന്മാർ എപ്രകാരം നിത്യം ഉപഹാരങ്ങൾ നല്കുന്നു, അപ്രകാരം ഞാൻ ഇളവുകൂടാതെ ഇവർക്കു നല്കുന്നു. എനിക്ക് ഇവരാണ് പരദൈവങ്ങൾ. ഇവരെ പൂവ്, കായ, രത്നങ്ങൾ ഇവ നല്കി ഞാൻ വന്ദിക്കുന്നു. ഇവരാണ് എനിക്കു മുനീന്ദ്രന്മാർ. വാഴ്ത്തപ്പെടുന്ന അഗ്നികളും ഇവരാണ്; യജ്ഞങ്ങളും, നാലു വേദങ്ങളും എനിക്ക് ഇവരാണ്. ഇവർക്കുവേണ്ടിയാണ് എന്റെ പ്രാണനും, ഭാര്യയും പുത്രന്മാരും, സുഹൃജ്ജനങ്ങളോടും പുത്രഭാര്യമാരോടുംകൂടി ഞാൻ ഇവരെ പൂജിക്കുന്നു. ശുശ്രൂഷിക്കുന്നു. ഇവരെ ഞാൻ കുളിപ്പിക്കുന്നു. കാൽ കഴുകിക്കുന്നു. മതിയാകുവോളം ആഹാരവും കൊടുക്കുന്നു, ദ്വിജോത്തമാ. ഇവരോട് അനുകൂലമല്ലാതെ അപ്രിയം ഞാൻ പറയുന്നില്ല. അധർമ്മമായാലും ഞാൻ അവരുടെ ഇഷ്ടമറിഞ്ഞു ചെയ്യും. ധർമ്മം ഗുരുവാണെന്നുകണ്ട് ഇളവുകൂടാതെ ശുശ്രൂഷിച്ചുവരുന്നു. ബുഭുക്ഷുവായ നരന്ന് അഞ്ചു ഗുരുക്കന്മാരുണ്ട് ദ്വിജ! അച്ഛൻ, അമ്മ, അഗ്നി, ആത്മാവ്, ആചാര്യൻ ഇവരാണ് അഞ്ചു പേർ.

ഇവരിൽ നല്ലപോലെ വർത്തിക്കുന്നതായാൽ ഹേ, ദ്വിജോത്തമാ! അവന്ന് അഗ്നികൾ എല്ലാം പ്രസാദിക്കും. അഗ്നികൊണ്ട് അനുഷ്ഠിക്കേണ്ട സൽക്കർമ്മങ്ങൾ അനുഷ്ഠിച്ച ഫലം ലഭിക്കും. ഗൃഹസ്ഥാശ്രമിക്ക് ഇതു ശാശ്വതമായ ധർമ്മമാകുന്നു."

215. ബ്രാഹ്മണവ്യാധസംവാദം - മാർക്കണ്ഡേയൻ പറഞ്ഞു: "വിപ്രനോട് വ്യാധൻ ആ ഗുരുക്കന്മാരായ പിതാക്കളെപ്പറ്റി പറഞ്ഞതിന്നുശേഷം വീണ്ടും ആ വിപ്രനോടു പറഞ്ഞു."

വ്യാധൻ പറഞ്ഞു: "ഞാൻ ദിവ്യചക്ഷുസ്സായി. തപസ്സിന്റെ ശക്തി ഭവാൻ അറിയുക. പതിശുശ്രൂഷ ചെയ്യുന്നവളും, ദാന്തയും, സത്യശീലയുമായ സ്ത്രീ 'മിഥിലയ്ക്ക് അങ്ങു പോവുക! അവിടെ ഒരു വ്യാധൻ പാർക്കുന്നുണ്ട്. അവൻ ഭവാനു ധർമ്മം പറഞ്ഞുതരും,' എന്നു പറയുവാൻ കാരണമെന്താണ്?"

ബ്രാഹ്മണൻ പറഞ്ഞു: "യതവ്രതയും സത്യശീലയുമായ ആ പതിവ്രത പറഞ്ഞ വാക്കുകേട്ടപ്പോൾ നീ ഗുണവാനാണെന്നു ഞാൻ തീരുമാനിച്ചു."

വ്യാധൻ പറഞ്ഞു: "അവൾ അപ്പോൾ എന്റെ പുരത്തെപ്പറ്റി പറഞ്ഞില്ലേ പ്രഭോ? ദ്വിജശ്രേഷ്ഠ! ആ പതിവ്രത കണ്ടതു സത്യമാണ്. അങ്ങയ്ക്ക് അനുഗ്രഹത്തിന്നുവേണ്ടിയാണ് ഞാൻ ഇതൊക്കെ കാട്ടിത്തന്നത്. ഹേ, താതാ! ഞാൻ പറയുന്ന ഹിതവാക്യത്തേയും ഭവാൻ കേൾക്കുക. നീ മാതാപിതാക്കളെ നിരാകരിച്ചിരിക്കയാണ്. നീ ഗൃഹംവിട്ടുപോന്നത് അവർ വിട്ടിട്ടല്ല. വൃദ്ധരായ അവരുടെ സമ്മതം കൂടാതെയാണ് നീ വേദം പഠിക്കുവാനായി വീടുവിട്ടത്. ഭവാൻ ആ ചെയ്തത് അയുക്തമാണ്. വൃദ്ധരും തപസ്വികളുമായ അവർ നീ പോന്നതുമൂലം നിന്നെത്തന്നെ ചിന്തിച്ചു ദുഃഖിച്ച് അന്ധരായി കഴിയുകയാണ്. അവരുടെ പ്രസാദത്തിന്നായി ഭവാൻ പോവുക. ഭവാനു ധർമ്മത്തിൽ തെറ്റുപറ്റരുത്. അങ്ങ് തപസ്വിയും, മഹാത്മാവും, ധർമ്മതല്പരനുമാണ്. ഉടനെ ചെന്ന് അവരെ പ്രസാദിപ്പിച്ചില്ലെങ്കിൽ ഈ ഗുണങ്ങളെല്ലാം നിഷ്ഫലമായിപ്പോകും. ഞാൻ പറഞ്ഞ വാക്യം ശ്രദ്ധയോടെ കേട്ട് അത് അനുഷ്ഠിക്കുക. മറിച്ചു ചെയ്യരുത്. ഹേ, ബ്രാഹ്മണാ! ഭവാൻ ഇപ്പോൾ പൊയ്ക്കൊള്ളുക. വിപ്രർഷേ! ഭവാന്റെ ശ്രേയസ്സിനുവേണ്ടി ഞാൻ ആശംസിക്കുന്നു!"

ബ്രാഹ്മണൻ പറഞ്ഞു: "ധർമ്മാചാരഗുണാംബുധേ! ഞാൻ ഭവാനിൽ പ്രീതനായിരിക്കുന്നു. ഭവാൻ പറഞ്ഞതെല്ലാം എന്നെപ്പറ്റി അക്ഷരംപ്രതി സത്യമാണ്. ഭവാനു മംഗളം ഭവിക്കട്ടെ!"

വ്യാധൻ പറഞ്ഞു: "പുരാതനവും, ശാശ്വതവും, പരമവുമായ ദൈവത്തെപ്പോലെയുള്ളവനായിത്തീർന്നിരിക്കുന്നു ഭവാൻ. അജ്ഞർക്ക് അപ്രാപ്യമായ ദിവ്യധർമ്മത്തെ ഭവാൻ ആശ്രയിച്ചിരിക്കുന്നു. ഉടനെ ആ കർമ്മത്തിൽ ഏർപ്പെടുക. മാതാപിതാക്കളെ മടികൂടാതെ പൂജിക്കുക. അതിലും മേലെയായി ഞാൻ മറ്റൊരു ധർമ്മത്തേയും കാണുന്നില്ല."

ബ്രാഹ്മണൻ പറഞ്ഞു: "ഹേ, വ്യാധാ! ഭാഗ്യത്താൽ ഞാൻ ഇവിടെ വന്നു. ഭാഗ്യം! ഞാൻ നിന്നോടണഞ്ഞു! ഇപ്രകാരം ധർമ്മം കാട്ടിക്കൊടുക്കുന്നവർ ഊഴിയിൽ ദുർല്ലഭമാണ്. ആയിരത്തിൽ ഒരാൾ ധർമ്മവിത്താകാം; ആയില്ലെന്നും വരാം. നിന്റെ സത്യത്താൽ ഞാൻ പ്രീതനായി. ഭവാന് ശുഭം ഭവിക്കട്ടെ! നരകത്തിൽ ചാടുന്ന എന്നെ പുരുഷർഷഭാ! ഭവാൻ കരകയറ്റി. ഹേ, അനഘാശയാ! ഇത് എന്റെ യോഗഫലം തന്നെ! സത്തുക്കളായ ദൗഹിത്രന്മാർ (പുത്രിയുടെ പുത്രന്മാർ) നരേന്ദ്രനായ യയാതിയെ, അദ്ദേഹം സ്വർഗ്ഗത്തിൽനിന്നു വീണപ്പോൾ കയറ്റി. നീ അതിലേറെ, വിപ്രനായ എന്നെ കയറ്റി. ഞാൻ നിന്റെ വാക്കാൽ മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ഇതാ പോകുന്നു. അകൃതാത്മാവ് ധർമ്മാധർമ്മവിനിശ്ചിതം പറയുകയില്ല. ദുർജ്ഞേയവും നിത്യവുമായ ധർമ്മം ശൂദ്രയോനിയിൽ നില്ക്കുന്നു. നീ ശൂദ്രനല്ല. എന്തോ കാരണംകൊണ്ട് അങ്ങനെ സംഭവിച്ചതാണെന്നു ഞാൻ വിചാരിക്കുന്നു. ഹേ, വ്യാധാ! ഭവാൻ എന്തു കാരണംകൊണ്ടാണ് ഇങ്ങനെ ശൂദ്രനായി പിറന്നത്? തത്ത്വത്തോടുകൂടെ അതും അറിയണമെന്ന് എനിക്കാഗ്രഹമുണ്ട്."

വ്യാധൻ പറഞ്ഞു: "ഹേ, വിപ്രാ! വിപ്രനെ തെറ്റിനില്ക്കുവാൻ എനിക്കു വയ്യ. എന്റെ മുൻജന്മത്തിലെ കഥ ഭവാൻ കേൾക്കുക:

എന്റെ മുൻജന്മത്തിൽ ഞാനൊരു ദ്വിജശ്രേഷ്ഠന്റെ പുത്രനായിരുന്നു. വേദാദ്ധ്യായിയും, ദക്ഷനും, വേദാംഗങ്ങൾ അറിഞ്ഞവനും ആയിരുന്നു. എന്നാൽ എന്റെ ദോഷംകൊണ്ടുതന്നെ ഞാൻ ഈ അവസ്ഥയിലായി.

എനിക്ക് ഇഷ്ടനായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹവുമായുണ്ടായ സംസർഗ്ഗത്താൽ എനിക്ക് അസ്ത്രപ്രയോഗത്തിൽ താൽപ്പര്യമുണ്ടായി. അദ്ദേഹം ധനുർവ്വേദപരായണനായിരുന്നു. ഞാൻ അസ്ത്രപ്രയോഗത്തിൽ പടുവായിത്തീർന്നു.

അക്കാലത്ത് അവൻ മന്ത്രിമാരോടുകൂടി നായാട്ടിന്നുപോയി. ധാരാളം യോദ്ധാക്കളും കൂടെപ്പോയി. വളരെ മൃഗങ്ങളെ രാജാവ് ആശ്രമസന്നിധിയിൽ എയ്തുകൊന്നു. അപ്പോൾ ഒരു അമ്പിനാൽ ഞാനും എയ്തു.

എന്റെ ശക്തമായ ശരം ചെന്ന് ഒരു മഹർഷിയിൽ തറച്ചു. അവൻ നിലവിളിച്ചു പിടഞ്ഞു നിലത്തുവീണു. 'ആർക്കും ഞാൻ ഒരു പിഴയും ചെയ്തിട്ടില്ല. ഈ ദുഷ്ടത ചെയ്തവൻ ആരാണ്?' എന്നു വിലപിച്ചു. രാജാവ് ഓടിച്ചെന്നു. അവൻ മാനാണെന്നു വിചാരിച്ച് അടുത്തുചെന്നപ്പോൾ കണ്ടത് മൂർച്ചയുള്ള ഒരു അമ്പു മെയ്യിലേറ്റു പിടയുന്ന മുനീന്ദ്രനെയാണ്. ആ കൃത്യം ചെയ്യുകയാൽ എന്റെ മനസ്സു വല്ലാതെ പിടഞ്ഞു. ആ പിടയുന്ന വിപ്രനോടു ഞാൻ പറഞ്ഞു: 'അറിയാതെ ഞാൻ തെറ്റു ചെയതു പോയി. മഹർഷേ, ഭവാൻ എന്നിൽ പൊറുക്കണം.'

digitized by www.sreyas.in

ക്രോധം മൂർച്ഛിച്ച് ആ മഹർഷി അപ്പോൾ എന്നോടു പറഞ്ഞു: 'നീ വ്യാധനാകും. ക്രൂരശൂദ്രജാതിയിൽ നീ പിറക്കും.' അദ്ദേഹം എന്നെ ശപിച്ചു."

216. ബ്രാഹ്മണവ്യാധസംവാദം - വ്യാധൻ കഥ തുടർന്നു: "ഇപ്രകാരം മുനി എന്നെ ശപിച്ചപ്പോൾ ഞാൻ മഹർഷിയോട് എന്നെ രക്ഷിക്കണമെന്നു യാചിച്ചു. മഹർഷിയെ ഞാൻ കനിയിച്ചു. 'അറിയാതെ ഞാൻ ഇങ്ങനെ ഒരു തെറ്റുചെയ്തുപോയി ഭഗവാനേ! എല്ലാം പൊറുക്കണേ! പ്രസാദിക്കണേ! എന്നു പറഞ്ഞു."

ഋഷി പറഞ്ഞു: "ശാപം ഒരിക്കലും മാറ്റുവാൻ കഴികയില്ല. അത് അപ്രകാരംതന്നെ സംഭവിക്കും. അനൃശംസ്യംകൊണ്ട് ഒന്നു ചെയ്യാം എന്നു ഞാൻ അനുഗ്രഹിക്കുന്നു. ശൂദ്രജാതിയിലായാലും നീ വലിയ ധർമ്മജ്ഞനായി ഭവിക്കും. അച്ഛനമ്മമാരെ നല്ലപോലെ ശുശ്രൂഷിക്കുകയും ചെയ്യും. അതിന്നു സംശയമില്ല. ആ ശുശ്രൂഷകൊണ്ട് നീ സിദ്ധിമാഹാത്മ്യം നേടുന്നതാണ്. മുജ്ജന്മം ഓർമ്മയുണ്ടാകും. സ്വർഗ്ഗത്തിൽ അണയുകയും ചെയ്യും. ശാപക്ഷയം വന്നാൽ നീ വീണ്ടും ബ്രാഹ്മണനാകും."

വ്യാധൻ പറഞ്ഞു: "ഇപ്രകാരം പണ്ട് ഉഗ്രതേജസ്സായ മുനി എന്നെ ശപിച്ചു. അവന്റെ ദേഹത്തിൽനിന്നു ഞാൻ അമ്പ് ഊരിയെടുത്തു. ഞാൻ അവനെ ആശ്രമത്തിൽക്കൊണ്ടെത്തിച്ചു. അവൻ മരിച്ചതുമില്ല. എന്റെ മുജ്ജന്മചരിതമാണ് ഇത്. എല്ലാം ഞാൻ അങ്ങയോടു പറഞ്ഞു. ഞാൻ സ്വർഗ്ഗത്തിൽ എല്ലായിടത്തും പോവുകയും ചെയ്യും, ദ്വിജോത്തമാ!"

ബ്രാഹ്മണൻ പറഞ്ഞു: "ഇപ്രകാരം മർത്ത്യൻ സുഖദുഃഖങ്ങൾ നേടും. ഹേ, മഹാശയ! ഭവാൻ അതിൽ ഉൽക്കണ്ഠപ്പെടേണ്ടതില്ല. സ്വജാതി അറിയുന്ന ഭവാൻ ദുഷ്കരമായ ക്രിയയാണു ചെയ്തത്. ലോകവൃത്താന്തം അറിഞ്ഞുകൊണ്ട് ധർമ്മപരായണനായ ഭവാൻ, കർമ്മദോഷത്തിനാൽ ആത്മജാതികൃത്യം നിർവ്വഹിച്ച്, ഒട്ടുനാൾ പാർക്കുക. പിന്നെ ഭവാൻ ബ്രാഹ്മണനാകും. ഇപ്പോഴും ഭവാൻ ബ്രാഹ്മണനാണെന്ന് എന്റെ മനസ്സു പറയുന്നു. അതിൽ യാതൊരു തർക്കവും ഇല്ല. പാതിത്യമായ വികർമ്മങ്ങൾ ചെയ്യുന്ന ഭൂസുരൻ, ദാംഭികനും, ദുഷ്കൃതിയും, ജളനും ആയ ഭൂസുരൻ, ശൂദ്രനെപ്പോലെയായിത്തീരും. ശൂദ്രൻ സത്യം, ദമം, ധർമ്മം ഇവ നിത്യവും നടത്തുകയാണെങ്കിൽ അവൻ ബ്രാഹ്മണനാണെന്നാണ് എന്റെ അഭിപ്രായം. വൃത്തിയാൽ അവൻ ദ്വിജനാകും. കർമ്മദോഷത്താൽ കഷ്ടവും ക്രൂരവുമായ ദുർഗ്ഗതിയും ഭവിക്കും. എല്ലാംകൊണ്ടും പാപം ക്ഷയിച്ചവനാണ് ഭവാൻ എന്നാണ് എന്റെ പക്ഷം നരോത്തമാ! ഭവാൻ ഒട്ടും ഉൽക്കണ്ഠപ്പെടേണ്ടതില്ല. ഭവാനെപ്പോലുള്ളവർ ഒരിക്കലും ദുഃഖിക്കയില്ല. ലോകവൃത്താനുവൃത്തജ്ഞർ എന്നും ധർമ്മപരായണരാണല്ലോ."

വ്യാധൻ പറഞ്ഞു: "മനോദുഃഖം ബുദ്ധികൊണ്ട് ഇല്ലാതാക്കുന്നു. ശരീരദുഃഖം മരുന്നിനാൽ ഇല്ലാതാക്കുന്നു. ഇതു വിജ്ഞാനസാമർത്ഥ്യമാണ്. ബാലരെപ്പോലെയാകരുത്. അനിഷ്ടം പറ്റിയാലും, ഇഷ്ടം പറ്റാതിരുന്നാലും, അല്പബുദ്ധികളായ മർത്ത്യർ മനോദുഃഖത്തിൽപ്പെട്ടുപോകും. ഗുണങ്ങൾ ജീവികളിൽ വന്നുകൂടുകയും വിട്ടുപോവുകയും ചെയ്യും. എല്ലാം സ്വഭാവമാണ്. അതിൽ ആർക്കും ദുഃഖിക്കാൻ വഴിയില്ല. അനിഷ്ടം വന്നുകാണുമ്പോൾ ഉടനെ വെറുക്കും. മറുകൈകൾ ചെയ്തു നോക്കും. പ്രയോഗം കണ്ടാൽ പ്രയോഗിച്ചു നോക്കും. ദുഃഖിച്ചാൽ ഒന്നും ഒക്കില്ല; ദുഃഖം തന്നെ. ദുഃഖവും സുഖവും താനേ കൈവിടുന്ന മർത്ത്യർ ജ്ഞാനംകൊണ്ടു തൃപ്തരാകും; മനീഷികൾ സുഖം നേടും. മൂഢന്മാർ അസന്തുഷ്ടരാകുന്നു. പണ്ഡിതന്മാർ സന്തോഷിക്കുന്നു. അസന്തോഷത്തിന്നു യാതൊരന്തവുമില്ല. പരമമായ സുഖം സന്തുഷ്ടിയാകുന്നു പരമമായ ഗതി കണ്ടവർ വഴിപോന്നതിൽ ദുഃഖിക്കയില്ല. വിഷാദത്തിൽ മനസ്സുവെക്കരുത്. വിഷാദം മുഖ്യമായ വിഷമാണ്. അറിവില്ലാത്ത ജളനെ ക്രുദ്ധനായ സർപ്പംപോലെ വിഷാദം കൊന്നുകളയും. വിക്രമം വേണ്ടനേരത്തു വിഷാദപ്പെടുന്നവന്റെ കഥ ഇപ്രകാരമാണ്. തേജസ്സു കെട്ടവന്നു പുരുഷാർത്ഥം ലഭിക്കുകയില്ല. കർമ്മം ചെയ്താൽ അതിന്റെ ഫലം കാണുമെന്നുള്ളതു തീർച്ചയാണ്. നിർവ്വേദപ്പെട്ടിരുന്നാൽ നന്മ തീരെ നേടുന്നതല്ല. എന്നാൽ ദുഃഖത്തെ നീക്കുവാൻ ഉപായം നോക്കുകയും വേണം. മാഴ്കാതെ ഇപ്രകാരം പ്രവർത്തിച്ചാൽ മുക്തൻ വ്യസനിയായിത്തീരുകയില്ല. ജീവികളിൽ നാശം കണ്ടു. ബുദ്ധിയുടെ അക്കരപറ്റിയവരായ പ്രജ്ഞയുള്ളവർ ഒരിക്കലും മാഴ്കുന്നതല്ല. പരയായ ഗതി കണ്ടവർ ഒരിക്കലും ദുഃഖിക്കയില്ല. ഹേ, പ്രാജ്ഞാ! ഞാൻ മാഴ്കുന്നില്ല. ഹേ, സത്തമാ! ഞാൻ മാഴ്കുന്നില്ല!"

ബ്രാഹ്മണൻ പറഞ്ഞു: "നീ മേധാവിയാണ്. കൃതപ്രജ്ഞനാണ്. നിന്റെ ബുദ്ധിയും വലുതാണ്. നിന്നെക്കുറിച്ചു ഞാനും ദുഃഖിക്കുന്നില്ല. നീ ജ്ഞാനതൃപ്തനായ ധാർമ്മികനാണ്. ഞാൻ പോയ്വരട്ടെ! നിനക്കു നന്മവരും! ധർമ്മം നിന്നെ തുണയ്ക്കും! ധർമ്മത്തിൽ തെറ്റുപറ്റാതെ ഹേ, ധാർമ്മികസത്തമ! നില്ക്കുക."

മാർക്കണ്ഡേയൻ പറഞ്ഞു: 'അങ്ങനെയാകട്ടെ!' എന്നു പറഞ്ഞ് വ്യാധൻ കൈകൂപ്പി. ബ്രാഹ്മണൻ അവനെ പ്രദക്ഷിണം വെച്ചു പോന്നു. ആ ബ്രാഹ്മണൻ ചെന്നു വൃദ്ധരായ പിതാക്കൾക്കു മുറപ്രകാരം നിയമത്തോടെ ശുശ്രൂഷകളെല്ലാം നടത്തി.

ഹേ, യുധിഷ്ഠിരാ! നീ ചോദിച്ച ചോദ്യത്തിന്നുള്ള ഉത്തരമെല്ലാം ഇതിൽ അടങ്ങുന്നു. പതിവ്രതയുടേയും, ബ്രാഹ്മണന്റേയും മാഹാത്മ്യം, പിതൃശുശ്രൂഷ ഇവയൊക്കെ ധർമ്മവ്യാധൻ ഇപ്രകാരം പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, വിപ്രാ! ഇത് ഒരു അത്യത്ഭുതം തന്നെ! ഉത്തമമായ ധർമ്മോപാഖ്യാനമാണ് ഇത്. സർവ്വധർമ്മജ്ഞവരനായ ഭവാൻ എല്ലാം പറഞ്ഞു. കേൾക്കുവാനുള്ള സുഖംകൊണ്ട് ഒരു മുഹൂർത്തംപോലെ സമയം പോയി. ഭഗവാനേ! ധർമ്മങ്ങൾ കേട്ടിട്ട് എനിക്കു തൃപ്തിയാകുന്നില്ല."

217. ആംഗിരസോപാഖ്യാനം - വൈശമ്പായനൻ പറഞ്ഞു: "ധർമ്മം ചേരുന്ന പുണ്യമായ കഥ കേട്ട് ധർമ്മപുത്രൻ മാർക്കണ്ഡേയനോടു വീണ്ടും ചോദിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "അഗ്നി കാടുപൂകുവാൻ എന്താണു കാരണം? അംഗിരസ്സ് അഗ്നിനാശത്തിൽ പണ്ട് അഗ്നിരൂപം പ്രാപിച്ച് എങ്ങനെ ഹവ്യം കൈക്കൊണ്ടു? അഗ്നി ഏകനാണെങ്കിലും കർമ്മത്തിൽ ബഹുരൂപനായി കാണുന്നു. ഭഗവാനേ, ഇതെല്ലാം വിശദമായി പറഞ്ഞാലും. കുമാരൻ എങ്ങനെ അഗ്നിഭൂവായി ജന്മമെടുത്തു? പിന്നെ ഗംഗാകൃത്തികമാർക്ക് എങ്ങനെ അവൻ രുദ്രസുതനായി? ഇവയൊക്കെ കേൾക്കുവാൻ വലിയ ആഗ്രഹമുണ്ട്."

മാർക്കണ്ഡേയൻ പറഞ്ഞു: "ഭവാന്റെ ചോദ്യത്തിന്നുത്തരം പറയാം. പണ്ടേതന്നെ ഇതിനെക്കുറിച്ചു നടപ്പുള്ള ഒരു കഥയുണ്ട്.

കോപത്തോടുകൂടി അഗ്നി തപസ്സിന്നായി കാടുപുകിയതും, ഭഗവാനായ അംഗിരസ്സ് അഗ്നിയായി ഇരുന്നതും, പ്രഭയാൽ തപിപ്പിച്ച് ഇരുട്ടൊക്കെ നീക്കിയതും എല്ലാം പറയാം.

മഹാബാഹോ, അംഗിരസ്സ് മുമ്പ് ആശ്രമത്തിൽ തപസ്സു ചെയ്ത് അഗ്നിയേക്കാൾ മികച്ചവനായി. അവൻ അഗ്നിയെപ്പോലെ ജഗത്തിന്നു പ്രകാശം നല്കി. അവന്റെ തേജസ്സിൽ അഗ്നിക്കു താപമുണ്ടായി. വാട്ടം പറ്റിയ ഹുതാശനൻ ആരും അറിയാത്തമട്ടിൽ ക്ഷീണനായിത്തീർന്നു. അപ്പോൾ ഹവ്യവാഹനനായ ഭഗവാൻ വിചാരിച്ചു: 'ബ്രഹ്മാവു ലോകർക്കുവേണ്ടി മറ്റൊരഗ്നിയെ സൃഷ്ടിച്ചിട്ടുണ്ട്. തപംചെയ്യുന്ന എനിക്ക് അഗ്നിസ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു. വീണ്ടും താൻ എങ്ങനെ അഗ്നിയാകും?' എന്നു വിചാരിക്കുവാൻ തുടങ്ങി. അങ്ങനെ അഗ്നി, അഗ്നിയെപ്പോലെതന്നെ ചുടുണ്ടാക്കുന്ന മഹർഷിയെക്കണ്ടു. മഹർഷിയെ കണ്ടയുടനെ അഗ്നി ഭയപ്പെട്ടു മാറിക്കളഞ്ഞു. അപ്പോൾ അംഗിരസ്സ് അഗ്നിയെ അടുത്തുവിളിച്ച് ഇങ്ങനെ പറഞ്ഞു:

digitized by www.sreyas.in

അംഗിരസ്സു പറഞ്ഞു: "ഹേ, ലോകഭാവനാ! ഭവാൻതന്നെ അഗ്നിയായിക്കൊള്ളുക. മൂന്നുലോകത്തിലുമുള്ള എല്ലാവരും നിന്നെ അറിയുന്നു. മുമ്പേ ബ്രഹ്മാവു സൃഷ്ടിച്ച അഗ്നി ഇരുൾ നീക്കുന്നവനാണെന്ന് എല്ലാവർക്കുമറിയാം. അങ്ങയുടെ സ്ഥാനം അങ്ങുതന്നെ ഏറ്റുകൊള്ളുക!"

അഗ്നി പറഞ്ഞു: "ഹേ, മഹർഷേ! ലോകത്തിൽ എന്റെ കീർത്തി നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഹുതാശനൻ ഭവാനായിരിക്കുന്നു. നാട്ടുകാർ ഇപ്പോൾ അഗ്നിയായിട്ടു ഭവാനെയാണ് അറിയുന്നത്. ഞാൻ എന്റെ അഗ്നിത്വം വിട്ടൊഴിയാം. അങ്ങു മുഖ്യനായ അഗ്നിയാവുക. ഞാൻ രണ്ടാമനായി പ്രജാപത്യകനെന്ന പേരിൽ നിന്നുകൊള്ളാം."

അംഗിരസ്സു പറഞ്ഞു: "പ്രജകൾ സ്വർഗ്ഗം ലഭിക്കുവാൻ തക്ക സൽപ്രവൃത്തി ഭവാൻ ചെയ്തുകൊള്ളുക. ഭവാൻ പുണ്യമായ അഗ്നിയാണ്. തിമിരാപഹനാണ്. ഹേ, അഗ്നിദേവാ! ഭവാൻ എന്നെ പ്രഥമപുത്രനായി കൈക്കൊണ്ടാലും!

മാർക്കണ്ഡേയൻ പറഞ്ഞു: "അംഗിരസ്സിന്റെ വാക്കുകേട്ട് അപ്രകാരം ജാതവേദസ്സ് (അഗ്നി) പ്രവർത്തിച്ചു. അംഗിരസ്സിന്നു പുത്രനായി ബൃഹസ്പതി പിറന്നിട്ടുണ്ട്. വഹ്നിയുടെ ആദ്യപുത്രൻ അംഗിരസ്സാണെന്നറിഞ്ഞ് ദേവകൾ ചെന്ന് അതിന്റെ കാരണം അംഗിരസ്സിനോടു ചോദിച്ചു. ദേവന്മാരുടെ ചോദ്യം കേട്ട് അവൻ അതിന്റെ കാരണം പറഞ്ഞു. അംഗിരസ്സിന്റെ ആ വാക്കു ദേവകൾ സ്വീകരിക്കുകയും ചെയ്തു.

ഇനി പ്രഭയേറുന്ന പല അഗ്നികളേയുംപറ്റി ഞാൻ ഭവാനോടു പറയാം. ആ അഗ്നികൾ പല കർമ്മങ്ങളിലും വിഖ്യാതരാണ്. വിപ്രന്മാർക്ക് അവർ നാനാർത്ഥദന്മാരുമാണ്."

218. ആംഗിരസോപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "അംഗിരസ്സ് ബ്രഹ്മാവിന്റെ മൂന്നാമത്തെ പുത്രനാണ്. അവന്റെ ഭാര്യ ശുഭയാണ്. അവളിൽ ഏഴു പുത്രന്മാരും എട്ടു പുത്രിമാരുമുണ്ടായി. ബൃഹൽകീർത്തി, ബൃഹൽജ്യോതി, ബൃഹൽബ്രഹ്മൻ, ബൃഹന്മനൻ, ബൃഹന്മന്ത്രൻ, ബൃഹൽഭാസൻ, ബൃഹസ്പതി ഇവരാണ് പുത്രന്മാർ. ഈ സന്തതികളേക്കാളൊക്കെ മനോഹരമായ രൂപത്തോടുകൂടി അംഗിരസ്സിന്ന് ഒന്നാമതായി ഉണ്ടായ പുത്രിയാണ് ഭാനുമതീദേവി. രണ്ടാമത്തെ പുത്രി ജീവികൾക്കൊക്കെ രാഗം നല്കുന്നതുകൊണ്ട് ആ പുത്രിക്ക് രാഗ എന്നു പേർ വന്നു. കപർദിസുതയായി, ദൃശ്യാദൃശ്യയായി, ലോകരാൽ പുകഴ്ത്തപ്പെട്ടവളും, ചെറുപ്പക്കാരിയുമായ സിനീബാലി അംഗിരസ്സിന്റെ മൂന്നാമത്തെ പുത്രിയാണ്. നാലാമത്തേവൾ അർച്ചിസുകൊണ്ട് അർച്ചിഷ്മതിയായി. അഞ്ചാമത്തേവൾ ഹവിസ്സാൽ ഹവിഷ്മതിയായിത്തീർന്നു. ആറാമത്തേവൾ മാഹിഷ്മതി. അവൾ പുണ്യവതിയാണ്. അംഗിരസ്സിന്റെ ദീപ്തിയേറിയ മുഖങ്ങളിൽ വിളങ്ങുന്ന ഏഴാമത്തെ മകൾ മഹാമതിയാണ്. ജനങ്ങൾ കാണുമ്പോൾത്തന്നെ 'കുഹു കുഹു' എന്ന് ആശ്ചര്യപ്പെടുന്നതുകൊണ്ട് അംഗിരസ്സിന്റെ എട്ടാമത്തെ പുത്രിക്ക് 'കുഹു' എന്നും പേർ ലഭിച്ചു."

219. ആംഗിരസോപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ബൃഹസ്പതിയുടെ ഭാര്യ പ്രസിദ്ധയായ ചാന്ദ്രമസിയാണ്. അവൾ ആറു പുണ്യാഗ്നികളേയും ഒരു പുത്രിയേയും പ്രസവിച്ചു. ഏത് അഗ്നിക്ക് ആദ്യമായി ഹവിസ്സു വിധിച്ചിരിക്കുന്നുവോ ആ മഹാവ്രതനായ 'ശംയു' എന്ന അഗ്നി ബൃഹസ്പതിയുടെ പുത്രനാണ്. അവൻ ചാതുർമ്മാസ്യം, അശ്വമേധേഷ്ടി ഇവകളാൽ ആദ്യം ഹോമിക്കുന്ന മൃഗത്തിന്റെ ഹവിസ്സിനെ സ്വീകരിക്കുന്നവനാണ്. ദീപ്തമായ അനേകം ജ്വാലയുള്ളവനായ അവൻ വീര്യവാനുമാണ്.

ശംയുവിന്റെ ഭാര്യയാണ് സത്യ. അവൾ ധർമ്മജയാണ്; സുന്ദരിയാണ്. ദീപ്തൻ എന്ന അഗ്നി അവരുടെ പുത്രനാണ്. പിന്നെ മൂന്നു പുത്രിമാരും ജനിച്ചു. അധ്വരത്തിൽ ആദ്യം അവൻ ആജ്യഭാഗം കൈക്കൊള്ളും. അവന്റെ പ്രഥമപുത്രൻ ഭരദ്വാജനാണ്. പൗർണ്ണമിയിലൊക്കെ സ്രുക്ക് വഹിക്കുന്ന ഹവിഷാജ്യാവാനാണ് അവൻ. ശംയുവിന്റെ രണ്ടാമത്തെ പുത്രൻ ഭരതൻ എന്ന അഗ്നിയാണ്. പിന്നെ അവന്നു മൂന്നു പുത്രിമാരുണ്ടായി. അവരുടെ പതിയായത് ഭരതനാണ്. അവന്റെ പുത്രനും ഭരതൻ എന്നാണു പേർ. പുത്രി ഭരതിയും. ഭരതാഗ്നിക്ക് ഭരതനും പ്രജേശന്ന് പാവകനും ജനിച്ചു. ഭരതസത്തമൻ മഹാനും പൂജ്യനുമാണ്.

ഭരദ്വാജന്റെ ഭാര്യ വീര; വീരന്റെ ഭാര്യ പിണ്ഡദ. ആജ്യം കൊണ്ട് ദ്വിജന്മാർ അവന്നു ചെയ്യുന്ന ഇഷ്ടി സോമന്ന് എന്നപോലെയാണെന്നു പറയുന്നു. രണ്ടാമത്തെ ഹവിസ്സ് സോമനോടൊപ്പം അവൻ ഏല്ക്കുന്നു. രഥപ്രഭു, രഥാദ്ധ്വാനൻ, കുംഭരേതസ്സ് എന്നൊക്കെ അവന്നു പേരുണ്ട്. ശരയു എന്നവളിൽ സിദ്ധിയെ സൂര്യപ്രഭനായ അവൻ ജനിപ്പിച്ചു. ആഗ്നേയാനയനത്താൽ മഹാനെ അവൻ ഉളവാക്കുന്നവനാണ്. ശ്രീയും യശസ്സും വർച്ചസ്സും എന്നും വിട്ടൊഴിയാത്തവനാണ് നിശ്ച്യവനൻ എന്ന അഗ്നി. പൃഥിവിയിൽ അവനെ എല്ലാവരും സ്തുതിക്കുന്നു. വിപാപ്മാവ് എന്ന അഗ്നി കലുഷം വിട്ടവനും ശുദ്ധനും ഏറ്റവും ജ്വലിക്കുന്നവനുമാണ്. സമയധർമ്മവാനായ സത്യൻ അവന്റെ പുത്രനാണ്. ആക്രോശിക്കുന്ന ജീവികൾക്ക് ഉപകാരം ചെയ്യുന്ന അഗ്നി നിഷ്കൃതി എന്നവനാണ്. അവനെ സേവിക്കുന്നവർക്ക് അവൻ തേജസ്സ് നല്ലപോലെ നല്കും. സ്വനൻ എന്ന അഗ്നിയുടെ പുത്രനാണ് രുജ ഉണ്ടാക്കുന്നത്. (ജനങ്ങൾ വേദനപ്പെട്ടു കരയുന്നത് അവൻ കാരണമാണ്.) ജഗത്തിന്റെ ഉടമസ്ഥത ഏറ്റവനാണ് വിശ്വജിത്ത് എന്നവൻ. വിശ്വജിത്തായ അഗ്നിയെന്നു പണ്ഡിതന്മാർ അവന് പേർ കൊടുത്തു. ദേഹമുള്ളവർ ഭക്ഷിക്കുന്നതൊക്കെ പചിപ്പിക്കുന്ന അന്തരാഗ്നിയാണ് വിശ്വഭുക്ക്. യജ്ഞത്തിൽ അവനെ 'വിശ്വഭുക്ക്' എന്നു പറയുന്നു. ബ്രഹ്മചാരിയും യതാത്മാവും വിപുലവ്രതനും ബ്രഹ്മജ്ഞനുമായ ഭൂസുരൻ ഈ അഗ്നിയെയാണ് പൂജിക്കുന്നത്. അവന്റെ ഭാര്യ ശുദ്ധയായ ഗോമതീനദിയാണ്. അതുകൊണ്ട് ആ നദിയിൽ ധർമ്മിഷ്ഠന്മാരൊക്കെ കർമ്മങ്ങൾ ചെയ്യുന്നു.

ഇനി കടൽവെള്ളം കുടിക്കുന്ന അഗ്നിയുണ്ട്. കടുത്ത ബഡവാഗ്നിയാണ്. ഊർദ്ധ്വഭാക്കായ അവൻ 'ഊർദ്ധ്വഭാക്ക്' എന്ന കവി പ്രാണസ്വരൂപിയാണ്. നിത്യവും ഗൃഹത്തിൽ ഉദക്ദ്വാരത്തിൽ ഹവ്യം ഗ്രഹിക്കുന്നവൻ സ്വിഷ്ടു എന്നവനാണ്. പ്രിയംചെയ്യുന്ന അവന്ന് ആജ്യം വളരെ ഇഷ്ടമാണ്.

ഭൂതപ്രശമനകാലത്ത് മന്യു നല്കുന്നവനായ ഒരു അഗ്നിയുണ്ട്. മന്യുമാൻ എന്നാണ് അവന്റെ പേര്. ക്രുദ്ധനായ അവന്ന് മന്യന്തീ എന്ന പുത്രിയുണ്ടായി. സ്വാഹ എന്നവൾ അത്യുഗ്രയാണ്. അവൾ വിശ്വം വ്യാപിച്ചുനില്ക്കുന്നു. രൂപംകൊണ്ട് അവൾക്കു തുല്യമായ സൗന്ദര്യം സ്വർഗ്ഗത്തിൽപ്പോലും ഒരുവൾക്കുമില്ല.

അതുല്യതകൊണ്ട് കാമൻ എന്നു ദേവകൾ പേരിട്ട ഒരു പാവകനുണ്ട്. അവൻ ഉത്സാഹത്താൽ ക്രോധം ഏല്ക്കുന്നവനും രഥിമാലിയും ധനുർദ്ധരനുമാണ്. പോരിൽ ശത്രുക്കളെ കൊല്ലുന്നവൻ അമോഘൻ എന്ന അഗ്നിയാണ്. ഉക്ഥൻ എന്ന മഹാഭാഗനായ അഗ്നി മൂന്ന് ഉക്ഥത്താൽ (സാമവേദമന്ത്രങ്ങളാൽ) സ്തുതിക്കപ്പെട്ടവനാണ്. മഹാവാക്കിനെ സമാശ്വാസൻ എന്നു പ്രസിദ്ധനായ അവൻ ഉണ്ടാക്കി."

220. ആംഗിരസോപാഖ്യാനം – മാർക്കണ്ഡേയൻ അഗ്നിപുരാണം തുടർന്നു: 'കാശ്യപൻ, വാസിഷ്ഠൻ, പ്രാണന്റെ പുത്രനായ പ്രാണൻ, അംഗിരസ്സിന്റെ പുത്രനായ ച്യവനൻ, സുവർച്ചകൻ ഈ അഞ്ചുപേരോടുകൂടി പുത്രസിദ്ധിക്ക് ഉക്ഥൻ തപസ്സു ചെയ്തു. യശസ്സുകൊണ്ടു ബ്രഹ്മതുല്യനും ധർമ്മിഷ്ഠനുമായ പുത്രനെ ലഭിക്കാനാണ് ദീർഘമായ തപസ്സുചെയ്തത്. അഞ്ചു മഹാവ്യാഹൃതിയാൽ തപസ്സുചെയ്യുമ്പോൾ പഞ്ചവർണ്ണനും തേജോമഹാർച്ചിസ്സുമായ പ്രഭാവനൻ ഉണ്ടായി.

അവന്റെ ശിരസ്സ് ദീപ്താഗ്നിയും, കൈകൾ സൂര്യനിഭങ്ങളുമായി. ത്വക്കും കണ്ണും സ്വർണ്ണവർണ്ണമായി. ജംഘ നീലവുമായി. തപസ്സാൽ പഞ്ചജനങ്ങളാൽ ഉണ്ടായ പഞ്ചവർണ്ണൻ പഞ്ച

digitized by www.sreyas.in

വംശകരനും വിഭുവുമായ 'പാഞ്ചജന്യ'നായി. അവൻ പിതൃസന്താനകാരകനായ ഘോരാഗ്നിയെ പത്തുസഹസ്രം വർഷങ്ങൾ തപസ്സുചെയ്തു ജനിപ്പിച്ചു. ബൃഹദ്രഥന്തരൻ മൂർദ്ധാവിൽ, തരസാഹരൻ വായിൽ, നാഭിയിൽ ശിവൻ, ശക്തിയിൽ ഇന്ദ്രൻ, വായുവും അഗ്നിയും പ്രാണനിൽ, കൈ രണ്ടുകളിലും ഉദാത്താനുദാത്തങ്ങൾ ഇവയെല്ലാം ഉത്ഭവിച്ചു. പിന്നെ, മനസ്സും വികാരങ്ങളും സൃഷ്ടിച്ചു. അങ്ങനെ പിതാക്കന്മാർക്ക് ഓരോരുത്തനെ ലഭിച്ചു. ബൃഹദ്രഥന്ന് പ്രണിധി, കശ്യപന്ന് മഹത്തരൻ, ച്യവനന്ന് ഭാനു, സുവർച്ചന്ന് സൗരഭൻ, പ്രാണന്ന് അനുദാത്തൻ. വിശ്രുതമായ അനുദാത്തം ഇരുപത്തഞ്ചാണ്. അഞ്ചും പത്തും യജ്ഞചോരന്മാരായ ദേവകളെ സൃഷ്ടിച്ചു. സുഭീമൻ, അതിഭീമൻ, ഭീമൻ, ഭീമബലൻ, ബലൻ ഇവരാണ് ദേവന്മാരിൽ 'തപം' സൃഷ്ടിച്ച അഞ്ച് യജ്ഞ ചോരന്മാർ. സുമിത്രൻ, മിത്രവാൻ, മിത്രജ്ഞൻ, മിത്രവർദ്ധനൻ, മിത്രധർമ്മാവ് എന്നിവരെ ദേവന്മാരിൽ 'തപം' സൃഷ്ടിച്ചു. സുരപ്രവീരൻ, വീരൻ, സുരവർച്ചസ്സ്, സുരേശൻ, സുരഹന്താവ് എന്ന് അഞ്ചുപേരേയും 'തപം' സൃഷ്ടിച്ചു. ഇവർ മൂന്നുപേരായി വേർതിരിഞ്ഞ് അഞ്ചുപേർ ഒന്നിച്ചുനില്ക്കുന്നു. ഇവിടെ നിന്ന് ഇവർ യജിക്കുന്നവരെ സുരാലയത്തിൽ മോഷ്ടിക്കുന്നു. അവർക്ക് ഇഷ്ടമായതിനെ ഹരിക്കുകയും ഹവിസ്സു കൊടുക്കുകയും ചെയ്യുന്നു. ഇവർ ഹവ്യവാഹസ്പർദ്ധമൂലം തേജസ്സു കെടുത്തുകയും ഹവിസ്സ് കവരുകയും ചെയ്യുന്നു. തന്മൂലം പണ്ഡിതന്മാർ ഇവർക്കു വേദിക്കുപുറത്തു ദാനംചെയ്യുന്നു. എന്നാൽ അഗ്നി നില്ക്കുന്ന ഇടങ്ങളിൽ അടുക്കുവാൻ ഇവർക്കു ഭയമുണ്ട്. പക്ഷങ്ങൾതോറും ഇവർ ആജ്യം ചിതാഗ്നിയിൽ വഹിക്കുന്നു. മന്ത്രംകൊണ്ട് ശമിപ്പിച്ചാൽ ഇവർ യാഗസാമഗ്രികൾ ഒന്നും കക്കുകയുമില്ല. ഭൂമിയെ സമാശ്രയിക്കുന്ന ബൃഹദുക്ഥൻ തപന്റെ പുത്രനാണ്. അഗ്നിഹോത്രത്തിൽ അവന്ന് ആഹുതി ഭൂമിയിൽ ചെയ്യുന്നു. രഥന്തരൻ എന്ന അഗ്നി തപസ്സിന്റെ വിശ്രുതനായ പുത്രനാണ്. മിത്രവിന്ദനായ അവന്ന് അദ്ധ്വര്യുക്കൾ ഹവിസ്സിനെ നല്കും. പ്രീതിയോടെ അവൻ മക്കളുമൊത്തു സുഖമായി വസിക്കുന്നു."

221. ആംഗിരസോപാഖ്യാനം – മാർക്കണ്ഡേയൻ ആംഗിരസം തുടർന്നു: "മഹാനിയമസംഭൂതനായ ഭരതൻ എന്ന അഗ്നി ഹവ്യവാഹകനാണ്. പുഷ്ടിമതി എന്ന അഗ്നിയോടുചേർന്ന് അവൻ പുഷ്ടി നല്കുന്നു. ഇവൻ ലോകങ്ങളെ ഭരിക്കുന്നതുകൊണ്ട് ഭരതൻ എന്ന പേരിൽ അറിയപ്പെടുന്നു. ശക്തിപൂജാപരനായ അഗ്നി 'ശിവൻ' ആകുന്നു. ദുഃഖിക്കുന്നവർക്കൊക്കെ ശിവം (ശുഭം) നല്കുകമൂലം ഇവന്റെ പേർ ശിവൻ എന്നായി. തപം വർദ്ധിച്ചുകാണുകയാൽ തപസ്സിന്നു ഫലം വർദ്ധിച്ചു. പുരന്ദരൻ അത് ഏല്ക്കുന്നതിന്നുവേണ്ടി അവന്റെ പുത്രനായി പിറന്നു. ഊഷ്മാവ് ഊഷ്മാവിൽനിന്നു ജനിച്ചവനാണ്. അഗ്നിയിൽ നാം അവനെ കാണുന്നു. ശംഭു എന്ന വേറെ ഒരു അഗ്നിയെപ്പറ്റി വേദജ്ഞന്മാർ പറയുന്നുണ്ട്. ആവസഥ്യനേയും ദീർഘഭാസ്സായ ഹുതാശനനേയും പറ്റി പറയുന്നുണ്ട്. ഊർജ്ജസ്സ് നല്കുന്ന ഹുതാവഹന്മാർ പൊന്നിന്റെ നിറമുള്ളവരാണ്. പിന്നേയും തപം അഞ്ച് യജ്ഞസുതന്മാരെ സൃഷ്ടിച്ചു. അന്തേവഹ്നി മഹാഭാഗനും, ശാന്തനുമായ ഗോപതിയാണ്. പിന്നെ പല ഘോരാസുരന്മാരേയും മാനുഷരേയും അവൻ സൃഷ്ടിച്ചു. 'തപം' മനുവെ സൃഷ്ടിച്ചു. അംഗിരസ്സ് 'ഭാനു'വെ സൃഷ്ടിച്ചു. വേദജ്ഞരായ വിപ്രന്മാരെല്ലാം അവനെ ബൃഹൽഭാനു എന്നു പറയുന്നു. ബൃഹൽഭാസ്സ് സൂര്യപുത്രിയാണ്. ഭാനുവിന്റെ ഭാര്യ സുപ്രഭയാണ്. അവൾക്ക് ആറു മക്കളുണ്ടായി. അവരുടെ സന്തതികളെപ്പറ്റി പറയാം. ദുർബ്ബലപ്പെട്ട ഭൂതങ്ങൾക്കൊക്കെ പ്രാണൻ കൊടുക്കുന്നവരാണ് അവർ. ഭാനുവിന്റെ ആദ്യപുത്രൻ ബലദനാണ്. ഭൂതപ്രശമനകാലത്ത് ഘോരമായ വഹ്നി അവനാണ്.

മന്യു എന്ന അഗ്നിയാണ് രണ്ടാമനായ ഭാനുപുത്രൻ. ഹവിസ്സിനെ കറുത്തവാവിൻനാളും വെളുത്തവാവിൻനാളും വിധിക്കുന്നവനാണ്. ധൃതിമാനായ അംഗിരസ്സ് വിഷ്ണു എന്നു പേരുള്ള അഗ്നിയാണ്. ഇന്ദ്രനുമൊത്ത് ആദ്യം ഹവിസ്സേല്ക്കുന്ന ദേവനാണവൻ. അവനും ഭാനുവംശജനാണ്. അവൻ ചാതുർമ്മാസ്യത്തിൽ ഹവിസ്സേന്തുന്നു. നാലു മക്കളുള്ള അവനും ഭാനുവംശജനാണ്. നിശ ഒരു കന്യകയേയും, അഗ്നി സോമന്മാരേയും പെറ്റു. മനുവിന്റെ ഭാര്യ അഞ്ച് അഗ്നികളേയും പ്രസവിച്ചു. ചാതുർമ്മാസ്യത്തിൽ ഒരിക്കൽ ഹവിസ്സേല്ക്കുന്ന അഗ്നി പർജ്ജന്യയുക്തനായ വൈശ്വാനരനാണ്. ഇവിടെ ലോകത്തിനൊക്കെ പ്രഭുവും അന്നം പചിക്കുന്നവനും വിശാപതി എന്നവനുമായ അഗ്നി രണ്ടാമനായ മനുപുത്രനാണ്. അവനാൽ ആജ്യം സ്വിഷ്ടുവാകും. അവൻ ഉത്തമനായ സ്വിഷ്ടുകൃത്താണ്. രോഹിണി എന്ന പുത്രിയാണ് ഹിരണ്യകശിപുപ്രജ. കർമ്മത്താൽ അവൾ വഹ്നിപ്രജാപതിയുടെ ഭാര്യയായി. പ്രാണസംശ്രയനായി ദേഹിയുടെ ദേഹമൊക്കെ നടത്തുന്നവനാണവൻ. അവന്റെ പുത്രനായ സന്നിഹിതൻ ശബ്ദരൂപങ്ങളൊക്കെ പ്രവർത്തിക്കുന്നവനാണ്. ശുക്ലകൃഷ്ണങ്ങളായ രണ്ടു ഗതികൾ നല്കുന്ന ഹുതാശനനാണവൻ. ക്രോധത്തെ സമാശ്രയിക്കുന്ന അവൻ അകല്മഷം കർമ്മങ്ങൾ ചെയ്യുന്നവനാണ്. കപിലാമുനി എന്ന് യതീന്ദ്രന്മാർ അവനെ പുകഴ്ത്തുന്നു. അവൻ സാംഖ്യയോഗപ്രവർത്തകനായ കപിലനായി. ഭൂതങ്ങൾക്കൊക്കെ അഗ്രഭാഗത്ത് അവൻ എത്തുന്നു. അവനാൽ എപ്പോഴും ഭൂതങ്ങൾ വിചിത്രകർമ്മാക്കളാകുന്നു. അവൻ എല്ലാറ്റിനും അഗ്രണിയാകുന്നു. ഇവരും മറ്റു പലരുമായി അഗ്നികളെ തീർത്തു.

അഗ്നിഹോത്രം ദുഷിച്ചാൽ ശക്തിയേറിയ പ്രായശ്ചിത്തം ചെയ്യണം. കാറ്റേറ്റ് അഗ്നികൾ അന്യോന്യം കൂട്ടിമുട്ടുവാൻ പാടില്ല. അങ്ങനെ മുട്ടിയാൽ അതിന്നു പ്രായശ്ചിത്തമായി ശുചി എന്ന അഗ്നിക്ക് അഷ്ടാകപാലകൊണ്ട് ഇഷ്ടി ചെയ്യണം. മറ്റു രണ്ടഗ്നിയാൽ ദക്ഷിണാഗ്നി തട്ടിയാൽ അഷ്ടാകപാലംകൊണ്ട് വീതി എന്ന അഗ്നിക്ക് ഇഷ്ടി ചെയ്യണം. സ്ഥാനത്തുള്ള അഗ്നികൾക്ക് ദവാഗ്നിയുടെ സ്പർശമുണ്ടായാൽ അഷ്ടാകപാലംകൊണ്ട് 'ശുചി' യഗ്നിക്ക് ഇഷ്ടി ചെയ്യണം. അഗ്നിഹോത്രാഗ്നിയെ രജസ്വലസ്ത്രീ തൊട്ടാൽ അഷ്ടാകപാലേഷ്ടി 'വസുമാൻ' എന്ന അഗ്നിക്കു ചെയ്യണം.

പശുവിന്റെ വധകൃത്യത്തിൽ ജീവൻ പോയി എന്നു കേട്ടാൽ അഷ്ടാകപാലേഷ്ടി 'സുരമതി' എന്ന അഗ്നിക്കു ചെയ്യണം. വിപ്രൻ ആർത്തനായി അഗ്നിക്കു മൂന്നുദിവസം ഹോമം നടത്തിയില്ലെങ്കിൽ അഷ്ടാകപാലംകൊണ്ട് ഉത്തരാഗ്നിക്ക് ഇഷ്ടി ചെയ്യണം. ദർശപൗർണ്ണമാസങ്ങളിൽ പ്രതിഷ്ഠയേല്ക്കണമെങ്കിൽ അഷ്ടാകപാലേഷ്ടി 'പഥികൃത്ത്' എന്ന അഗ്നിക്കു ചെയ്യണം. അഗ്നിഹോത്രാഗ്നിയിൽ സൂതികാഗ്നി തട്ടുന്നതായാൽ അഗ്നിമാൻ എന്ന അഗ്നിക്ക് അഷ്ടാകപാലേഷ്ടി ചെയ്യണം."

222. ആംഗിരസോപാഖ്യാനം – മാർക്കണ്ഡേയൻ പലമാതിരി ഹോമാഗ്നികളെപ്പറ്റി യുധിഷ്ഠിരനോടു വിവരിച്ചു പറഞ്ഞു; "ആപന്റെ ഭാര്യയായ ദുഹിത 'സഹ'ന്നു പരമപ്രിയയാണ്. ഭുവഭർത്താവായ ഭൂപതി വരനായ പാവകാഗ്നിയെ ജനിപ്പിച്ചു. അവനാണ് സർവ്വഭൂതപതിയായ പാവകൻ. സാന്വയദ്വിജന്മാർ പറയുന്നു ആത്മാവ് ഭുവനഭർത്താവാണെന്ന്. മഹാഭുവനതേജസ്സായി പാവകൻ സഞ്ചരിക്കുന്നു. എല്ലാ മഹാഭൂതങ്ങൾക്കും അവൻ പതിയാകുന്നു. ലോകർക്കുവേണ്ടി ഹുതമായ ഹവ്യം വഹിക്കുന്ന പാവകൻ, നിത്യവും യജ്ഞത്തിൽ അർപ്പിക്കപ്പെടുന്നവൻ, ഗൃഹപതിയായ അഗ്നിയാണ്. അംബുഗർഭനും, മഹാഭാഗനും, ഭൂർഭവങ്ങൾക്കു ഭർത്താവും, മഹത്തിന്റെ പതിയും ആണ് അവൻ. അവന്റെ മകനായ ഭരതാഗ്നിയാണ് മരിച്ചവരെ ദഹിപ്പിക്കുന്നവൻ. അവൻ അഗ്നിഷ്ടോമത്തിൽ നിയതനും ഭരന്നു ക്രതുശ്രേഷ്ഠനുമാണ്. പ്രഭുവായ ആ അഗ്നിയെ മുമ്പു ദേവന്മാർ അന്വേഷിച്ചു. നിയതൻ ഉടനെ പേടിച്ചു കടലിലേക്കോടി. ദിക്കൊക്കെത്തിരഞ്ഞ് ദേവകൾ കടലിലും ചെന്നു. അപ്പോൾ അഗ്നി അഥർവ്വാവോട് ഇപ്രകാരം പറഞ്ഞു: 'ദേവന്മാർക്കു ഹവ്യം നീ വഹിക്കുക. ഹേ, വീരാ! ഞാൻ ബലഹീനനാണ്. മദ്ധ്വക്ഷ! (പിംഗാക്ഷനായ അഗ്നി) നീ പോക. നീ എനിക്ക് ഇഷ്ടം ചെയ്യണം.' അങ്ങനെ അഥർവ്വാവെ വിട്ടു വഹ്നി മറ്റൊരിടത്തേക്കു

digitized by www.sreyas.in

പോയി. എന്നാൽ അവൻ പോയ മാർഗ്ഗം മത്സ്യങ്ങൾ ദേവകളോടു പറഞ്ഞുകൊടുത്തു. അവൻ തന്മൂലം മത്സ്യങ്ങളോടു കോപിച്ചു പറഞ്ഞു: 'നിങ്ങൾ പലപ്രകാരത്തിൽ ദേഹികൾക്കു ഭക്ഷണമാകും!' പിന്നെ ഹവ്യവാഹനൻ അഥർവ്വാവിനോടും പറഞ്ഞു നടന്നപ്പോൾ ദേവന്മാർ അവനോടു നല്ലവാക്കുകൾ പറഞ്ഞു പ്രസാദിപ്പിച്ചു. എന്നാൽ പിന്നെ ആ പാവകൻ ഹവ്യം വഹിപ്പാൻ ഇച്ഛിച്ചില്ല. ശരീരത്യാഗം ചെയ്തു ഭൂമിയിൽ പ്രവേശിച്ചു. അന്നുമുതൽ അവൻ ഭൂമിസ്പർശത്താൽ പല ധാതുക്കളേയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

പൂയത്താൽ തേജോഗന്ധങ്ങൾ, അസ്ഥിയാൽ ദേവദാരു, കഫത്താൽ സ്ഫടികം, പിത്തത്താൽ മരതകം, യകൃത്തിനാൽ കാരിരുമ്പ്. മൂന്ന് ഇനങ്ങളായി പ്രജകൾ അവന്റെ സംസർഗ്ഗത്താൽ ഉണ്ടായി പ്രശോഭിച്ചു. നഖങ്ങൾ അഭ്രപടലവും, ഞരമ്പുകൾ പവിഴങ്ങളുമായി. വേറേയും പല ധാതുക്കൾ അവന്റെ ദേഹസ്പർശം മൂലം ഭൂമിയിൽ ഉണ്ടായി.

ഇങ്ങനെ അവൻ ദേഹം കൈവിട്ടു വൻതപസ്സിൽ മുഴുകി. അപ്പോൾ അംഗിരസ്സ്, ഭൃഗു മുതലായവർ ചെന്ന് അവന്റെ തപസ്സു നിർത്തിച്ചു. തപസ്സുകൊണ്ടു പൂർണ്ണനായ ശിഖി തേജസ്സോടെ ജ്വലിച്ചു. ഋഷിയെക്കണ്ടു പേടിച്ച് അവൻ മഹാർണ്ണവത്തിലൊളിച്ചു. അവൻ നഷ്ടപ്രായനായപ്പോൾ ലോകം ഭയത്താൽ അഥർവ്വനെ പ്രാപിച്ചു. ദേവന്മാർതൊട്ടുള്ളവർ എല്ലാവരും അഥർവ്വനെ അർച്ചിച്ചു. അഗ്നിയെ നോക്കിക്കണ്ട് അഥർവ്വൻ ലോകങ്ങൾ സൃഷ്ടിച്ചു. എല്ലാ ലോകങ്ങളും കാൺകെ മഹാർണ്ണവം ഉന്മഥിച്ചു.

ഇപ്രകാരം അഗ്നി നശിച്ചപ്പോൾ, അഥർവ്വഭഗവാൻ ദേവന്മാർ പ്രാർത്ഥിക്കുകയാൽ സർവ്വഭൂതങ്ങൾക്കുംവേണ്ടി ഹവ്യം വഹിച്ചു. ഇപ്രകാരം അവൻ സൃഷ്ടിച്ച വേദോക്തലോകങ്ങൾ പലമാതിരിയുണ്ട്. അവൻ പല ദേശങ്ങളും ചുറ്റിസഞ്ചരിക്കുന്നു. നദം, പഞ്ചനദം, സിന്ധു, ദേവിക, സരസ്വതി, ശതകുംഭ, ഗംഗ, സരയു, ഗണ്ഡകം, ചർമ്മണ്വതി, മഹിമേധ്യാ, മേധാതിഥി, താമ്രവതി, വേത്രവതി, കൗശികി, തമസാ, നർമ്മദ, ഗോദാവരി, ഉപവേണ, വേണ, ഭീമ, ബഡവ, സുപ്രയോഗ, ഭാരതി, കാവേരി, മുർമ്മുര, തുംഗവേണ, കൃഷ്ണവേണ, കപിലാ, ശോണം ഇങ്ങനെയുള്ള നദികളെല്ലാം ധിഷ്ണ്യങ്ങൾക്ക് അമ്മമാരാകുന്നു.

അത്ഭുതന്റെ ഭാര്യയാണ് പ്രിയ. അവന്റെ മകൻ വിഭൂരസിയാണ്. എത്ര പാവകന്മാരുണ്ടോ അത്രതന്നെ സോമന്മാരുമുണ്ട്. അവർ അത്രിവംശത്തിൽ ജനിച്ചവരും ബ്രഹ്മാവിന്റെ മാനസപുത്രന്മാരുമാണ്. പുത്രസൃഷ്ടി നിനച്ച് അത്രി അവരെ തന്നിൽത്തന്നെ ധരിച്ചു. ആ ബ്രഹ്മമെയ്യിൽനിന്നാകുന്നു അഗ്നി കാര്യങ്ങൾ നിർഹരിക്കുന്നത്. ഇങ്ങനെ യോഗ്യന്മാരായ അഗ്നികളെപ്പറ്റി ഞാൻ പറഞ്ഞു. ഇവർ എല്ലാവരും ധീമാന്മാരും ഇരുട്ടിനെ നീക്കുന്നവരും ആകുന്നു. അവർ ജനിച്ച വിധങ്ങളൊക്കെ ഞാൻ പറഞ്ഞുതന്നു. അപ്രകാരം ചിന്തിക്കുക. ഹുതാശനൻ ഏകനാണ്. ഒന്നാമനായ അംഗിരസ്സും ഏകനായ ഭഗവാനാണ്. പലതായി ദേഹത്തിൽനിന്ന് ജ്യോതിഷ്ടോമക്രതുക്കൾ ഉണ്ടായി. ഇപ്രകാരം അഗ്നികളുടെ മഹാവംശം ഞാൻ പറഞ്ഞു. ഹവ്യം വഹിക്കുന്ന ഈ വംശക്കാർ എന്നും മന്ത്രപൂജിതന്മാരാകുന്നു."

223. ആംഗിരസോപാഖ്യാനം - സ്കന്ദോൽപത്തി-

മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഞാൻ പല അഗ്നിവംശങ്ങളെപ്പറ്റിയും പറഞ്ഞു. ഇനി ധീമാനായ കാർത്തികേയന്റെ ജന്മത്തെപ്പറ്റി ഹേ, കൗരവാ, ഭവാൻ കേട്ടാലും. തേജസ്സേറിയവനും അത്ഭുതനുമായ അത്ഭുതപുത്രനെപ്പറ്റി ഞാൻ പറയാം. ബ്രഹ്മർഷിമാരുടെ ഭാര്യമാർ പെറ്റവനായ ആ അമിതകീർത്തിയെപ്പറ്റി ഞാൻ പറയാം.

പണ്ട് ദേവാസുരന്മാർ പരസ്പരം പോരിൽ കൊന്നു. അന്നു ഘോരാകാരന്മാരായ അസുരന്മാർ അമർത്ത്യന്മാരെ തോല്പിച്ചു. അവർ പലരും ചേർന്ന് സുരന്മാരുടെ സൈന്യത്തെ കൊല്ലുന്നതായി ഇന്ദ്രൻ കണ്ടു. ഇന്ദ്രൻ ആവലാതിയോടെ ചിന്തിച്ചു: 'ഒരു സമർത്ഥനായ സേനാപതിയെ കിട്ടിയിരുന്നെങ്കിൽ!' എന്ന് ഇന്ദ്രൻ ആഗ്രഹിച്ചു. 'ദൈത്യന്മാർ ദേവസേനയെ തകർത്തുവിടുന്നു! വീര്യംകൊണ്ടു ദേവന്മാരെ രക്ഷിക്കുവാനാരുണ്ട്?'

ഇന്ദ്രൻ ഇപ്രകാരം ചിന്താവശഗനായി മാനസപർവ്വതത്തിൽ ചെന്നുനില്ക്കുന്ന സമയത്ത് ഒരു സ്ത്രീയുടെ രോദനം കേട്ടു: 'ഓടി വരുവിൻ! രക്ഷിക്കണേ! ഇതാ ഒരുത്തൻ എന്നെ പിടിക്കുവാൻ പാഞ്ഞു വരുന്നേ! എന്നെ രക്ഷിക്കണേ! എനിക്ക് ഒരു ഭർത്താവിനെ തരണേ! ഭവാൻതന്നെ എന്റെ ഭർത്താവായി എന്നെ കാക്കണേ!'

ഇതുകേട്ട് ഇന്ദ്രൻ അവളോട് 'ബാലേ, നീ ഭയപ്പെടേണ്ട' എന്നു പറഞ്ഞുനോക്കിയപ്പോൾ കണ്ടത് തന്റെ മുമ്പിൽ നില്ക്കുന്ന കേശിയേയാണ്. കിരീടം ധരിച്ച് ഗദയെടുത്ത് ധാതുമാനായ ഉന്നതഗിരിപോലെ അവൻ നില്ക്കുന്നു!'

വാസവൻ പറഞ്ഞു: "ആ പെണ്ണിന്റെ കൈപിടിച്ചു കേശിയുടെ നേരെ നോക്കി, 'എടോ, തെമ്മാടീ! നീ കന്യാഹരണം ചെയ്യുകയാണോ? ഞാൻ വജ്രിയാണെന്നു ധരിച്ചോളു! ഇവളെ തൊട്ടു പോകരുത്.'

കേശി പറഞ്ഞു: 'ഹേ, ശക്രാ! നീ ഇവളെ വിടു. ഞാൻ ഇവളെ സ്നേഹിക്കുന്നു. നീ സുഖമായി നിന്റെ പുരത്തിലേക്കു പൊയ്ക്കൊള്ളുക. ഹേ, പാകശാസനാ! അതാണു നിനക്കു നല്ലത്!' ഇപ്രകാരം പറഞ്ഞ് കേശി ഇന്ദ്രനെ കൊല്ലുവാൻ ഗദ ചുഴറ്റിവിട്ടു. പാഞ്ഞെത്തുന്ന ഗദ ഇന്ദ്രൻ വജ്രം കൊണ്ടു രണ്ടായിപ്പിളർന്നു വീഴ്ത്തി. ഇതു കണ്ടപ്പോൾ കേശി ഒരു പർവ്വതം ഇന്ദ്രന്റെ നേരേ എറിഞ്ഞു. പാഞ്ഞെത്തുന്ന ആ ശൈലശൃംഗത്തെക്കണ്ട് ഇന്ദ്രൻ വജ്രംകൊണ്ട് ആ പർവ്വതവും അറുത്തുവീഴ്ത്തി. വീഴുന്നസമയത്ത് പർവ്വതം കേശിയുടെ നെഞ്ചിൽച്ചെന്നടിച്ചു. ഉടനെ കേശി മാന്യയായ ആ കന്യകയെ വിട്ട് ഓടിക്കളഞ്ഞു. അസുരൻ പോയതിന്നുശേഷം ഇന്ദ്രൻ ആ കന്യകയോടു ചോദിച്ചു."

ഇന്ദ്രൻ പറഞ്ഞു: "ഹേ സുന്ദരീ, നീ ആരുടെ പുത്രിയാണ്? നീ ഇവിടെ എന്തു ചെയ്യുകയാണ്?"

224. ആംഗിരസോപാഖ്യാനം - സ്കന്ദോൽപത്തി-

കന്യക പറഞ്ഞു: "ഞാൻ പ്രജാപതിയുടെ പുത്രിയാണ്. 'ദേവസേന' എന്നാണ് എന്റെ പേര്. എന്റെ ജ്യേഷ്ഠത്തി 'ദൈത്യസേന'യാണ്. അവളെ കേശി കൊണ്ടുപോയി. അച്ഛന്റെ അനുവാദത്തോടുകൂടി ഞങ്ങൾ പതിവായി ഈ മാനസസരസ്സിൽ കുളിക്കുവാൻ വരാറുണ്ട്. ഞങ്ങളെക്കണ്ടു കൊതിച്ച് ഈ കേശി പതിവായി പ്രാർത്ഥിക്കാറുണ്ട്. എന്റെ ചേച്ചി അവന്റെ പ്രാർത്ഥന കൈക്കൊണ്ടു. ഞാൻ സമ്മതിച്ചില്ല. അവൻ അവളെ നേടി. ഭവാന്റെ ബലത്താൽ ഞാൻ ഇതാ അവനിൽനിന്നു രക്ഷപ്പെട്ടു! ഭവാൻ എനിക്കു ദുർജ്ജയനായ ഒരു ഭർത്താവിനെ നല്കണം, വാസവ!"

ഇന്ദ്രൻ പറഞ്ഞു: "ഓഹോ! നീ എന്റെ സഹോദരിയാണല്ലോ. നീ എന്റെ ചെറിയമ്മയുടെ മകളാണ്. എന്റെ അമ്മ ദക്ഷന്റെ പുത്രിയാണ്. നീ എന്നോട് നിന്റെ ബലത്തെപ്പറ്റിയെല്ലാം പറഞ്ഞറിയിക്കണം."

കന്യക പറഞ്ഞു: "മഹാബാഹോ! ഞാൻ അബലയാണ്. എനിക്കു ബലവാനായ പതിയെ, സുരാസുരന്മാരാൽ നമിക്കപ്പെടുന്ന ഒരു പതിയെ ലഭിക്കുമെന്ന് എന്റെ അച്ഛൻ എനിക്ക് ഒരു വരം തന്നിട്ടുണ്ട്."

ഇന്ദ്രൻ പറഞ്ഞു: "നിന്റെ ഭർത്താവിന്റെ ബലം ഏതുവിധമായിരിക്കും? മാന്യേ, നീതന്നെ അതു പറഞ്ഞുകേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

കന്യക പറഞ്ഞു: "ദേവദാനവയക്ഷാഹികൾക്കും, കിന്നരാശരന്മാർക്കും, ദുഷ്ടദൈത്യന്മാർക്കും ജേതാവായിരിക്കും അവൻ. മഹാവീര്യനും മഹാബലനുമായിരിക്കും അവൻ. എല്ലാ ഭൂതങ്ങളേയും ഭവാനോട് ഒത്തുചേർന്നു ജയിക്കുന്നവനുമാകും. ബ്രാഹ്മണ്യനും കീർത്തിവർദ്ധനനുമായിരിക്കും എന്റെ പതി."

digitized by www.sreyas.in

മാർക്കണ്ഡേയൻ പറഞ്ഞു: "അവളുടെ വാക്കുകേട്ട് ഇന്ദ്രൻ അവളെ വാഴ്ത്തി ചിന്തിച്ചുനിന്നു. നല്ലപോലെ ചിന്തിച്ചുനോക്കി. ഈ ദേവിക്ക് ഈ പറഞ്ഞവിധം ഒരുത്തനെ കാന്തനാക്കുവാൻ കാണുന്നില്ല. ഉദിച്ചുനില്ക്കുന്ന സൂര്യനെ അദ്ദേഹം നോക്കി. സൂര്യവിലീനനായി നില്ക്കുന്ന സോമനേയും കണ്ടു. കറുത്ത വാവിൻനാൾ രൗദ്രമുഹൂർത്തത്തിൽ ദേവാസുരഗണത്തെയും കണ്ടു. തുടുത്ത മേഘത്തോടുകൂടിയ പൂർവ്വസന്ധ്യയേയും കണ്ടു. സമുദ്രത്തേയും ഇന്ദ്രൻ നോക്കി. രക്തമയമായ വാരിയേയും കണ്ടു. പല മന്ത്രങ്ങളാൽ ഭൃഗു, അംഗിരസ്സ് എന്നിവരാൽ പൂജിതനായ ഹുതാശനനെ കണ്ടു. ഹവ്യം ഗ്രഹിച്ചു രവിയിൽ ചേരുന്നതായിട്ടാണു കണ്ടത്. ഇരുപത്തിനാലു പർവ്വം ചേർന്നു നിന്ന അർക്കനേയും കണ്ടു. ധർമ്മം പ്രാപിച്ച് ഉഗ്രനായ അർക്കനിൽ ചേരുന്ന ചന്ദ്രനേയും കണ്ടു. ഇപ്രകാരം അർക്കചന്ദ്രന്മാർ ഐക്യം പ്രാപിക്കുന്നതു കണ്ടപ്പോൾ രൗദ്രമായ ഒരു സമാഗമത്തെപ്പറ്റി വാസവൻ ചിന്തിച്ചു.

ഘോരമായി സൂര്യേന്ദുക്കൾക്കു പരിവേഷം കാണുന്നു. ഈ രാവു മുടിയുന്ന കാലം ഭയങ്കരമായ ഒരു യുദ്ധം ഉണ്ടാകും. ഈ സിന്ധുവും പുഴയും രക്തം ഒഴുക്കുന്നതുപോലെ കാണപ്പെടുന്നു. വായിൽ തീയുമായി പെൺകുറുക്കൻ സൂര്യനെ നോക്കി ഓരിയിടുന്നു. ഈ സംഘാതം മഹാതേജസ്സുചേർന്നു രൗദ്രമായിക്കാണുന്നു. ചന്ദ്രാഗ്നിസൂര്യന്മാരുടെ യോഗം ഏറ്റവും അത്ഭുതം തന്നെ. സോമൻ ജനിപ്പിക്കുന്ന പുത്രൻ ഈ ദേവിയുടെ ഭർത്താവാകും. എല്ലാ ഗുണങ്ങളും ചേർന്ന അഗ്നിദേവതയായ അഗ്നിയാകും. ഇവൻ ഗർഭം ജനിപ്പിച്ചാൽ അവൻ ഈ ദേവിയുടെ ഈശനാകും'. എന്നു ചിന്തിച്ച് വാസവൻ ദേവസേനയോടുകൂടി ബ്രഹ്മലോകത്തേക്കു പോയി. അവർ രണ്ടുപേരും ബ്രഹ്മാവിന്റെ മുമ്പിൽ എത്തി. വാസവൻ ബ്രഹ്മാവിനോട് അഭ്യർത്ഥിച്ചു: 'ഇവൾക്കു ശൂരനായ ഒരു ഭർത്താവിനെ അങ്ങു നല്കിയാലും!'

ബ്രഹ്മാവു പറഞ്ഞു: "ഞാൻ ഒരു കാര്യം വിചാരിക്കുകയായിരുന്നു. അതാണ് ഭവാൻ ഇപ്പോൾ വന്ന് എന്നോടു പറഞ്ഞത്. നീ പറയുന്ന വിധം ഒരു ഗർഭം ഉണ്ടാകുവാൻ പോകുന്നു. അവൻ ബലവാനും വിക്രമനുമാകും. അവൻ സേനാനിയായി ഭവിക്കും. നിന്നോടു കൂടിച്ചേരും. അവൻ ഈ ദേവിക്കു ഭർത്താവായി ഭവിക്കും."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം ബ്രഹ്മാവു പറഞ്ഞപ്പോൾ ഇന്ദ്രൻ അവളോടൊപ്പം ബ്രഹ്മാവിനെ നമിച്ചു. പിന്നീടു ദേവർഷിമാർ ഇരിക്കുന്ന ദിക്കിൽ എത്തി. മഹാബലന്മാരായ വിപ്രേന്ദ്രന്മാർ, വസിഷ്ഠൻ മുതലായവർ അദ്ധ്വരത്തിൽ സോമഭോഗം അവർക്കു നല്കുന്ന സമയത്ത് അതു പാനംചെയ്യുവാൻ ഇന്ദ്രൻ മുതലായ ദേവകൾ അവിടെ ചെന്നു. മുറയ്ക്ക് ഇഷ്ടി കഴിച്ചു നല്ലപോലെ കത്തിക്കാളുന്ന അഗ്നിയിൽ ആ മഹാത്മാക്കൾ ഹോമിച്ച ഹവിസ്സ് എല്ലാ സുരന്മാർക്കും ആഹുതനാകുന്ന അത്ഭുതാഗ്നി സൂര്യബിംബത്തിൽനിന്ന് ഉടനെ ഇറങ്ങിച്ചെന്നു. മിണ്ടാതെ വിധിപ്രകാരം പാവകൻ വിപ്രന്മാരാൽ ഹുതമായ നെയ്യ് മുതലായ ഹവ്യത്തെ ഋഷിമാരിൽനിന്നു വാങ്ങി ദേവകൾക്കായി ദാനംചെയ്തു.

അഗ്നി മടങ്ങിപ്പോരുന്ന സമയത്ത് ആ യോഗ്യന്മാരായ ഋഷിമാരുടെ ഭാര്യമാരെക്കണ്ടു. തങ്ങളുടെ മെത്തകളിൽ ഉറങ്ങുകയായിരുന്നു അവർ. രുക്മവേദികൾപോലെയും, ചന്ദ്രക്കലപോലെയും ശുദ്ധരായ അവരെ അഗ്നി ഒന്നു നോക്കിക്കണ്ടു. എല്ലാവരും അഗ്നിജ്ജ്വാലപോലെയും താരകങ്ങളെപ്പോലെയും സൗന്ദര്യകാന്തി ചിന്തുന്നവർ തന്നെ! അവരെ ആഗ്രഹത്തോടെ അഗ്നി നോക്കി. ഉടനെ അഗ്നിയുടെ ഇന്ദ്രിയം ക്ഷോഭിച്ചു. ആ ദ്വിജപത്നികളെക്കണ്ട് അവൻ കാമപരവശനായി. പിന്നെ അവൻ തന്നത്താൻ വിചാരിച്ചു: 'ഞാൻ അയുക്തമാണു കാണിച്ചത്. കാമവിജൃംഭിതനായതു നന്നായില്ല! അകാമരും സാധ്വികളുമായ മുനിപത്നിമാരിലല്ലേ ഞാൻ കാമം ഉള്ളിൽ വളർത്തിയത്! കാരണം കൂടാതെ ഇവരെ കാണുകയും തൊടുകയും ചെയ്തുകൂടല്ലോ. ഗൃഹസ്ഥാശ്രമസ്ഥനായി ഞാൻ ഇവരെ കണ്ടുകൊള്ളാം.'

മാർക്കണ്ഡേയൻ പറഞ്ഞു: "സ്വർണ്ണനിറത്തിൽ തിളങ്ങുന്ന ഇവരെ തന്റെ ജ്വാലകൊണ്ട് തൊടുന്നമട്ടിൽ കണ്ട് ആനന്ദത്തോടെ അഗ്നി ഗാർഹപത്യത്തിൽ നിന്നു. ഒട്ടേറെനേരം അവരുടെ സമീപത്തുനിന്നു. ആ സ്ത്രീകളിൽ കാമത്തോടെ അവരെ തൊട്ടുതലോടാൻതന്നെയാണ് അവൻ അവിടെ നിന്നത്. അവൻ കാമസന്തപ്തമാനസനായി അവിടെനിന്നു മടങ്ങി. അഗ്നിയുടെ ഉള്ളിൽ അഗ്നിയെരിഞ്ഞു. കാട്ടിൽപ്പോയി ആത്മഹത്യചെയ്യുവാൻ തന്നെ തീരുമാനിച്ചു. കാമസന്തപ്തനായ അഗ്നിയുടെ കാര്യം വിഷമത്തിലായി. ആ ബ്രാഹ്മണസ്ത്രീകളെയുണ്ടോ അവന്ന് ഇഷ്ടത്തിന്നു കിട്ടുവാൻ പോകുന്നു! അവൻ കാട്ടിൽക്കയറുകതന്നെ ചെയ്തു.

ഈ സമയത്തു മറ്റൊരു സംഭവമുണ്ടായി. ദക്ഷനന്ദിനിയായ സ്വാഹ അഗ്നിയെ മുമ്പേതന്നെ കാമിച്ചിരുന്നു. അവൾ അഗ്നിയെ കണ്ട് ആനന്ദിക്കുവാൻ പഴുതുനോക്കി. ചെന്നപ്പോൾ അഗ്നിദേവനെ കണ്ടില്ല. അവൻ കാടുകയറി എന്നറിഞ്ഞപ്പോൾ എന്തോ അല്ലലിൽപ്പെട്ടതായി അവൾക്കു തോന്നി. ഒരിക്കലും പ്രമാദം പറ്റാത്തവനും അല്ലലിൽപ്പെട്ടുകാണാത്തവനുമായ തന്റെ കാമുകൻ ഇപ്പോൾ കാടുകേറാനെന്തവകാശം? അവൾ ചിന്തിച്ചു: 'തീർച്ചയായും പന്തികേടുണ്ട്.' കാമസന്തപ്തനായിരിക്കുന്നു അവൻ; ആരിലാകാം? അവൾക്കു കാര്യം മനസ്സിലായി. 'ഞാൻ സപ്തർഷിപത്നികളുടെ വേഷം ധരിച്ചു വഹ്നിയെ കാമിക്കാം. അവരുടെ വേഷത്തിൽ ഞാൻ അവനെ മയക്കാം. എന്നാൽ അവന്നും രസമായി. എനിക്കു കാമസിദ്ധിയുമായി' എന്ന് അവൾ ഉറപ്പിച്ചു."

225. ആംഗിരസം – കുമാരോൽപത്തി – മാർക്കണ്ഡേയൻ പറഞ്ഞു: "ശീലഗുണവും രൂപഗുണവും ചേർന്നവളാണ് അംഗിരസ്സിന്റെ ഭാര്യയായ ശിവ. ആദ്യമേതന്നെ സ്വാഹ, ശിവയുടെ രൂപം ധരിച്ചു. ആ വരാംഗന അഗ്നിയുടെ അരികിൽച്ചെന്ന് ഇപ്രകാരം പറഞ്ഞു: 'ഹേ, അഗ്നേ, കാമാർത്ഥയായിട്ടാണ് ഞാൻ ഭവാന്റെ അരികിൽ വന്നിരിക്കുന്നത്. ഭവാൻ എന്നെ കാമിക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങ് അപ്രകാരം ചെയ്തില്ലെങ്കിൽ ഞാൻ ഉടനേ മരിക്കുന്നതാണ്. അത്രത്തോളം ഭവാനിൽ പ്രേമപാരവശ്യത്തോടെയാണ് ഞാൻ വന്നിട്ടുള്ളത്. ഞാൻ അംഗിരസ്സിന്റെ ഭാര്യയായ ശിവയാണ്, ഹുതാശനാ! ഞങ്ങൾ തമ്മിൽ ചിന്തിച്ചുറച്ച് മറ്റു സ്ത്രീകൾ എന്നെ ഇങ്ങോട്ടയച്ചു. ഞാൻ അങ്ങയോട് കാമാർത്ഥന ചെയ്യുന്നു!"

അഗ്നി പറഞ്ഞു: "ഹേ, ശിവേ! ഞാൻ നിന്നെ കാമിക്കുന്നു എന്ന് നീ എങ്ങനെ അറിഞ്ഞു? സപ്തർഷികളുടെ ഭാര്യമാരായ മറ്റുള്ളവരും എങ്ങനെ മനസ്സിലാക്കി?"

ശിവ പറഞ്ഞു: "ഹേ, ഹുതാശനാ! നിന്നിൽ ഞങ്ങൾ ഇഷ്ടപ്പെടുന്നു. നീ ഞങ്ങളുടെ പ്രിയനാണ്. എന്നും ഞങ്ങൾ നിന്നെ ഭയപ്പെടുകയാണ്. അങ്ങയുടെ ചിത്തം ഞങ്ങൾ ഇംഗിതംകൊണ്ട് അറിഞ്ഞിരിക്കുന്നു. നിന്റെ പാർശ്വത്തിലേക്ക് അവർ എന്നെ വിട്ടിരിക്കുകയാണ്. മൈഥുനം കാംക്ഷിച്ചാണ് ഞാൻ നിന്റെ സമീപത്തെത്തിയിരിക്കുന്നത്. നീ വേഗം കാമം നടത്തുക. കാര്യം കഴിഞ്ഞ് എനിക്ക് വേഗം പോകണം. യാതാക്കൾ (ഭർത്തൃസഹോദരഭാര്യമാർ) കാത്തിരിക്കുകയാണ് ഞാൻ ചെല്ലുന്നത്. ഹുതാശന, വേഗമാകട്ടെ! ഞാൻ പൊയ്ക്കോട്ടെ!"

മാർക്കണ്ഡേയൻ പറഞ്ഞു: "അഗ്നി ശിവയെ ഉടനെ അപ്പോൾത്തന്നെ പ്രീതിയോടെ ആശ്ലേഷിച്ചു. അഗ്നി വിട്ട ഉടനെ ദേവി സന്തോഷത്തോടെ, സംഗത്താൽ സ്രവിച്ച ശുക്ലം കൈയിൽ എടുത്തു. അവൾ ചിന്തിച്ചു: 'എന്റെ ഈ നിലയ്ക്കുള്ള രൂപം കാട്ടിലുള്ളവർ കണ്ടാൽ, ബ്രാഹ്മണസ്ത്രീയായ എന്നെ പഴിക്കും. അഗ്നിയിൽ ബ്രാഹ്മണസ്ത്രീകൾക്ക് അനൃതം ദോഷമായിപ്പറയും. അതുകൊണ്ട് അപവാദം സൂക്ഷിക്കണം. ഞാൻ ഒരു ഗരുഡപ്പിടയായേക്കാം. എളുപ്പത്തിൽ കാട്ടിൽനിന്നു പോകുവാനും കഴിയും!' അങ്ങനെ അവൾ ഒരു ഗരുഡപ്പിടയായി കാട്ടിൽനിന്നു പോന്നു. അപ്പോൾ അമക്കാടു വളർന്നുനില്ക്കുന്ന ശ്വേതപർവ്വതം കണ്ടു.

digitized by www.sreyas.in

ആ കാട് ഭയങ്കരമാണ്. ഏഴു പത്തിയുള്ളതും, ദൃഷ്ടിതന്നെ വിഷമായിട്ടുള്ളതുമായ സർപ്പങ്ങൾ കാക്കുന്നതും, രൗദ്രരൂപങ്ങളായ ഭൂതങ്ങളും, പിശാചുക്കളും, രാക്ഷസന്മാരും, രാക്ഷസിമാരും തിങ്ങിക്കൂടിയിട്ടുള്ളതും, മൃഗപക്ഷികുലാകുലമായിട്ടുള്ളതും, ദുർഗ്ഗമവുമാണ് ആ ശൈലം. അതിന്റെ പൃഷ്ഠത്തിലേക്ക് അവൾ ചെന്നു. ആ ശുഭാംഗി ഒരു ഹോമകുണ്ഡത്തിൽ ആ ശുക്ലം കൊണ്ടുപോയി സൂക്ഷിച്ചുവച്ചു. അങ്ങനെ സപ്തർഷിമാർ ഏഴു പേരുടേയും പത്നിമാരുടെ രൂപം അവൾ ഭംഗിയായി മാറിമാറി സ്വീകരിച്ച്, ഹുതാശനനെ കാമിച്ചു. എത്ര പണിപ്പെട്ടിട്ടും അരുന്ധതിയുടെ രൂപം മാത്രം എടുക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അരുന്ധതിക്കുള്ള തപശ്ശക്തിയും ഭർത്തൃശുശ്രൂഷയും മഹത്തായിരുന്നു. അതുകൊണ്ട് അവൾ അരുന്ധതിയുടെ രൂപം എടുക്കുന്നതിൽ പരാജിതയായി. മറ്റ് ആറുപേരുടെ രൂപവും ധരിച്ച് അവൾ പോയി അഗ്നിയുമായി ക്രീഡിച്ചു. അങ്ങനെ ആറുപ്രാവശ്യം ആ കുണ്ഡത്തിൽ സ്കന്നമായ (സ്ഖലിച്ച) ശുക്ലം കൊണ്ടുവച്ചു. പ്രതിപദത്തിൻനാൾ സ്വാഹ തന്റെ തേജസ്സാൽ ആ ശുക്ലസങ്കലനത്തെ പുത്രനാക്കിച്ചമച്ചു. ഋഷിപൂജിതമായ 'സ്കന്നം' സ്കന്ദഭാവത്തിലാക്കി.

ആറു തലയും പന്ത്രണ്ടു ചെവിയും പന്ത്രണ്ടു കണ്ണും പന്ത്രണ്ടു കൈകളുംചേർന്ന് ഉഗ്രവിക്രമനായ, ഒരു കഴുത്തും ഒരു വയറും ഉള്ള ഒരു കുമാരാകൃതിയിലായി. ദ്വിതീയയിൽ തെളിഞ്ഞ് ഒത്തുചേർന്നു. തൃതീയയിൽ കുട്ടിയായി അംഗങ്ങളൊക്കെ വേർതിരിഞ്ഞ് ഒത്തുചേർന്നു. പിന്നെ ചതുർത്ഥിയിൽ ഗുഹൻ ചുവന്ന പെരുംകാറും മിന്നലും ചേർന്നുനില്ക്കുമ്പോൾ, രക്താഭ്രത്തിൽ ഉയരുന്ന സൂര്യനെപ്പോലെയായി. ലോമഹർഷണമായ മഹാവില്ല് അവൻ എടുത്തു. ആ വില്ലുപുരാന്തകൻ വെച്ചതും സുരാരികളെ കൊല്ലുവാനുള്ളതുമാണ്. മഹത്തായ ആ വില്ലെടുത്തു ബലവാനായ അവൻ അലറി. ചരാചരങ്ങൾ നിറഞ്ഞ മൂന്നു ലോകവും മോഹിക്കുമാറ് അവന്റെ അട്ടഹാസം മുഴങ്ങി. ഭയങ്കരമായ ഇടിനാദംപോലുള്ള അവന്റെ ശബ്ദം കേട്ടപ്പോൾ മഹാനാഗങ്ങളായ ചിത്രനും, ഐരാവതനും എത്തി. അവർ പാഞ്ഞെത്തുന്നതു കണ്ടപ്പോൾ അർക്കസമപ്രഭനായ ആ ബാലൻ രണ്ടു കൈകൊണ്ട് അവരെ പിടിച്ച് മറുകൈകൊണ്ടു വേലും പിടിച്ചു. അഗ്നിപുത്രൻ മറ്റൊരു കൈകൊണ്ടു കുക്കുടത്തേയും പിടിച്ചു. ഊക്കേറിയ വലിയ ഒരു കുക്കുടത്തെ അണച്ച് എടുത്ത് ഊക്കോടെ അലറി ആ മഹാഭുജൻ കളിപ്പിച്ചു. രണ്ടുകൈകൊണ്ട് ഉത്തമമായ ശംഖ് എടുത്തു ബലവാന്മാരായ ഭൂതങ്ങളെ ഭയപ്പെടുത്തുമാറ് അലറി, രണ്ടുകൈകൊണ്ട് അംബരത്തിൽ പലപാടും അടിച്ചു. മൂന്നുലോകവും മുഖങ്ങളാൽ മിന്നുന്നവിധം പാവകപുത്രൻ കളിയാടി.

അപ്രമേയനും അതുല്യഭാസ്സുമായ അവൻ പർവ്വതാഗ്രത്തിൽ ഭാനുമാനെപ്പോലെ വിളങ്ങി. അവൻ ദിക്കുകളിലേക്കു ദൃഷ്ടികൾ പതിച്ചു. നാനാഭാഗത്തുള്ള മുഖങ്ങളാൽ എല്ലായിടത്തേക്കും നോക്കി പല വസ്തുക്കളേയും കണ്ട് അവൻ വീണ്ടും ഒന്ന് അലറി. അവന്റെ ആ നാദംകേട്ട് പലരും ഭയപ്പെട്ടു നിലത്തു വീണു. പേടിച്ചുഴന്നവർ ഓടിച്ചെന്ന് അവന്റെ പാദത്തിൽ വീണു.

ആ ദേവനെ സംശ്രയിച്ച നാനാവർണ്ണജനങ്ങളെ ബലിഷ്ഠരായ പാരിഷദന്മാർ എന്നു ഭൂസുരന്മാർ പറയുന്നു. ആ മഹാബാഹു എഴുന്നേറ്റ് അവർക്ക് ആശ്വാസം നല്കി. ചാപം വലിച്ചു ബാണങ്ങൾ ശ്വേതപർവ്വതത്തിലേക്കു വിട്ടു. ഹിമവൽപുത്രനായ ക്രൗഞ്ചപർവ്വതത്തെ അമ്പുകൊണ്ടു ഭേദിച്ചു. ആ വഴിക്കാണ് മേരുപർവ്വതത്തിൽ ഹംസങ്ങളും ഗൃദ്ധ്റങ്ങളും പ്രവേശിക്കുന്നത്. ഏറ്റവും ആർത്തസ്വരത്തോടുകൂടിയാണ് ക്രൗഞ്ചപർവ്വതം തകർന്നുവീണത്. ആ ശൈലം വീണതിന്നുശേഷം പർവ്വതങ്ങളും ഭയപ്പെട്ട് ആർത്തു.

ആർത്തരായ അവരുടെ നാദം കേട്ടപ്പോൾ മഹാബലനായ അവൻ പിന്മാറിയില്ല. ആ അമേയാത്മാവ് വേൽ ഏന്തി വീണ്ടും അലറി. ആ മഹാത്മാവു വിട്ട തെളിവേറിയ വേൽ ഊക്കിൽ ശ്വേതഗിരിയുടെ ശിഖരത്തെ പിളർന്നു. അവൻ പിളർന്ന ശ്വേതഗിരി, ശൈലങ്ങളോടൊപ്പം ഭൂമിവിട്ട് ആ മഹാത്മാവിനോടുള്ള ഭയത്താൽ ഉണർന്നു. അപ്പോൾ വ്യഥയോടുകൂടി ഭൂമി ചുറ്റും തകർന്നുപോയി. ആർത്തനായി സ്കന്ദനെ സേവിച്ച് ഉടനെ ബലംപ്രാപിക്കുകയും ചെയ്തു.

വീണ്ടും ഭൂമിയിൽ വന്നെത്തി. അവനെ അദ്രികൾ കൂപ്പി. ശുക്ലപക്ഷത്തിൽ ലോകർ സ്കന്ദനെ സേവചെയ്തു."

226. ആംഗിരസം – സ്കന്ദോൽപത്തി – മാർക്കണ്ഡേയൻ കഥ തുടർന്നു: "മഹാബലനും മഹാസത്വനുമായ മഹാസേനൻ ജനിച്ച ഉടനെ പലമാതിരി അശുഭസൂചകമായ ഘോരോൽപാതങ്ങളുണ്ടായി. സ്ത്രീപുരുഷന്മാർ തമ്മിൽ എല്ലായിടത്തും വിദ്വേഷങ്ങൾ, അപ്രകാരം തന്നെ എല്ലാ ദ്വന്ദ്വങ്ങൾക്കും ഉണ്ടായി. ദിക്കുകളും, ഗ്രഹങ്ങളും, ആകാശവും ജ്വലിച്ചു. ഭൂമിയിൽ ഇരമ്പമുണ്ടായി.

ഘോരമായ ഉൽപാതം കണ്ടപ്പോൾ മുനിമാരൊക്കെ ഉദ്വിഗ്നരായി, ലോകത്തിന്നു സ്വസ്തിക്കായി പ്രയത്നിച്ചു. അവിടെ ചൈത്രരഥാരണ്യത്തിൽ പാർക്കുന്ന മഹാജനങ്ങൾ പറയുവാൻ തുടങ്ങി: 'നമുക്ക് അനർത്ഥങ്ങളൊക്കെ അഗ്നി ഉണ്ടാക്കിവെച്ചു. ഇവൻ ഈ സപ്തർഷിപത്നിമാരിൽ ആറുപേരുമായി സംഗം ചെയ്തു ലോകം മുടിച്ചു.' ചിലർ ഗരുഡിയോടു പറഞ്ഞു: 'എടോ ഗരുഡീ! നീയാണ് ഈ അനർത്ഥമൊക്കെ വരുത്തിയത്.' സ്വാഹ ഗരുഡീരൂപം പൂണ്ടു പോകുന്നതുകണ്ടപ്പോൾ സ്വാഹയാണ് ഈ പണി പറ്റിച്ചത് എന്നു ജനങ്ങൾ അറിഞ്ഞില്ല. ഈ വാക്കുകേട്ടപ്പോൾ ഗരുഡി പറഞ്ഞു: 'ഇവൻ എന്റെ മകനാണ്.' അനന്തരം അവൾ പതുക്കെ സ്കന്ദന്റെ അടുത്തുചെന്നു പറഞ്ഞു: 'മകനേ, ഞാൻ നിന്റെ അമ്മയാണ്!'

സപ്തർഷിമാർ കേട്ടു. മഹൗജസ്സായ ഒരു പുത്രൻ സപ്തർഷിമാരുടെ ഭാര്യമാരിൽനിന്നു ജനിച്ചിരിക്കുന്നു എന്ന്. ഈ വർത്തമാനം കേട്ട ഉടനെ ഋഷിമാർ അവരുടെ പത്നിമാരെ, അരുന്ധതിയെ ഒഴികെ എല്ലാവരേയും ഉപേക്ഷിച്ചു. വനവാസികൾ പറഞ്ഞു: "ഞങ്ങൾ കണ്ടതാണ്. അവൻ ആറു സ്ത്രീകൾക്ക് ഉണ്ടായവനാണ്." ഇതു കേട്ടു സ്വാഹ സപ്തർഷികളെ ചെന്നു കണ്ടു പറഞ്ഞു: "അവൻ എന്റെ പുത്രനാണ്. നിങ്ങളുടെ ഭാര്യമാർക്കൊന്നും അതിൽ പങ്കില്ല." അവർ പറഞ്ഞു: 'എല്ലാം ഞങ്ങൾക്കു മനസ്സിലായി. നീ പറയുന്നതു ശരിയല്ല.'

വിശ്വാമിത്രമഹാമുനി സപ്തർഷികൾക്ക് ഇഷ്ടി ചെയ്തു. അറിയാതെ കാമിയായ ഹവ്യവാഹനെ അറിയിക്കാതെ വിശ്വാമിത്രൻ പിൻതുടർന്നു. അവൻ ഉണ്ടായവിധമൊക്കെ അറിഞ്ഞു.

ആദ്യമേതന്നെ വിശ്വാമിത്രൻ കുമാരനെ ശരണംപ്രാപിച്ചു. ദിവ്യമായ സ്തവം അവൻ മഹാസേനന്നു തീർത്തു. പതിമ്മൂന്നു കൗമാരകങ്ങളും എല്ലാവിധമംഗളങ്ങളും അദ്ദേഹം രചിച്ചു. ജാതകർമ്മക്രിയമുതൽ വേണ്ട കർമ്മങ്ങളെല്ലാം ആ മുനി ചെയ്തു.

ഷണ്മുഖന്റെ മാഹാത്മ്യവും, കുക്കുടത്തിന്റെ സിദ്ധിയും, ശക്തി ദേവീസിദ്ധിയും, പരിഷൽഗണസിദ്ധിയും എല്ലാം വിശ്വാമിത്രൻ ലോകഹിതത്തിന്നായി രചിച്ചു. തന്മൂലം വിശ്വാമിത്രമഹർഷി ഷണ്മുഖന്നു പ്രിയനായി. സ്വാഹയുടെ വേഷംമാറലും ആ മുനി സമ്മതിച്ചു. അദ്ദേഹം മുനിമാരെക്കണ്ടു പറഞ്ഞു: 'ഇക്കാര്യത്തിൽ നിങ്ങളുടെ ഭാര്യമാർ കുറ്റക്കാരല്ല.'

വിശ്വാമിത്രന്റെ വാക്കുകേട്ടിട്ടും ലോകഭയം ഹേതുവായി അവർ പത്നിമാരെ സ്വീകരിച്ചില്ല.

സ്കന്ദൻ ഉണ്ടായ വർത്തമാനവും അവന്റെ പരാക്രമങ്ങളുമൊക്കെ കേട്ട് ദേവകൾ ഇന്ദ്രനോട് ഉണർത്തിച്ചു: 'ഇന്ദ്രാ! ഈ സ്കന്ദന്ന് അസഹ്യമായ ഊക്കാണുള്ളത്. ഇവനെ വെച്ചിരുന്നുകൂടാ! ഇവനെ ഉടനെ പോയി കൊല്ലുക. ഇവനെ വെച്ചിരുന്നാൽ ഇവൻ ഭവാനെ പുറത്താക്കി ദേവേന്ദ്രനാകും. മൂന്നു ലോകവും നമ്മളേയും, ഹേ, ശക്രാ! ഭവാനേയും ഈ ശക്തിമാൻ കീഴടക്കും.' ഇതുകേട്ട് ഇന്ദ്രൻ അവരോടു പറഞ്ഞു: 'ഈ ശിശു ലോകസ്രഷ്ടാവിനെപ്പോലും പോരിൽ ഏറ്റുമുടിക്കുമെന്നു തോന്നുന്നു.

digitized by www.sreyas.in

അത്രശക്തനാണ് ഇപ്പോൾത്തന്നെ ഈ ബാലൻ. ബാലനെ കൊല്ലുന്നതു ശരിയല്ല.' ഇതുകേട്ടു ദേവന്മാർ പറഞ്ഞു. 'അങ്ങ് എന്താണീപ്പറയുന്നത്? അങ്ങു വീര്യമില്ലാത്തവനാണ്. അതാണ് ഇങ്ങനെ പറയുന്നത്. ഇനി എന്തുവേണം? ലോകമാതാക്കളൊക്കെ ആ കുമാരന്റെ അടുത്തു ചെല്ലട്ടെ! കാമവീര്യകളായ അവർ ഈ കുട്ടിയെ കൊന്നുകളയട്ടെ!' എന്നു പറഞ്ഞു ദേവകൾ പോയി.

ലോകമാതാക്കൾ അവന്റെ സമീപത്തുചെന്ന് അതുല്യബലനായ അവനെ കണ്ടു. അവരെല്ലാം വിഷണ്ണമുഖികളായി. ഇവൻ അശക്യനാണെന്നു കണ്ടപ്പോൾ എല്ലാവരും അവനെ ശരണം പ്രാപിച്ചു. അവർ ബാലനോടു പറഞ്ഞു: 'ഹേ, മഹാബല! ഭവാൻ ഞങ്ങൾക്കു പുത്രനാവുക! ഞങ്ങൾ സ്നേഹപ്രസൂതമാരാണ്. ഞങ്ങളെ അഭിനന്ദിക്കുക.'

ഇതുകേട്ടപ്പോൾ സ്കന്ദന്നു മുലകുടിക്കുവാൻ ആശയുണ്ടായി. അവൻ അവരെ മാനിച്ചു. അവർക്ക് ഇഷ്ടത്തെ നല്കി.

അപ്പോഴേക്കുമുണ്ട് ശക്തനായ അച്ഛൻ വരുന്നു, അഗ്നി! അവൻ മാതാക്കളോടുകൂടി (ഋഷിഭാര്യമാരോടുകൂടി) സൽക്കാരം ചെയ്തതു കൈക്കൊണ്ടു. കുട്ടി അവരുടെയൊക്കെ മുലകുടിച്ചു. അപ്പോൾ ശിവൻ മഹാസേനന്നു രക്ഷയ്ക്കായി ചുറ്റും നിന്നു. മാതാക്കളിൽ ശ്ലാഘ്യയും, നാരീക്രോധസമുത്ഭവയുമായ ശൂലിനി സ്കന്ദനെ മകനെപ്പോലെ രക്ഷിച്ചു. രക്താസ്യയും, ഉഗ്രയും, ചോരകുടിക്കുന്നവളുമായ സമുദ്രകന്യ സ്കന്ദനെ ഓമനിച്ച് പുൽകി മകനെപ്പോലെ രക്ഷിച്ചു. ശ്രുതിയിൽ പറഞ്ഞിട്ടുള്ളതുപോലെ ആടിന്റെ മുഖം ധരിച്ചവനായിട്ട്, മഹാഭുജനായ അഗ്നി കളിക്കോപ്പെടുത്തു കുന്നിൽ ബാലനെ കളിപ്പിച്ചു രസിച്ചു വസിച്ചു."

227. ആംഗിരസം – ഇന്ദ്രസ്കന്ദസമാഗമം – മാർക്കണ്ഡേയൻ പറഞ്ഞു: "ഗ്രഹങ്ങളും, ഉപഗ്രഹവർഗ്ഗങ്ങളും, മാതാക്കളും, മുനിമാരും, ഹുതാശനൻ മുതലായവരും, അഹങ്കാരികളായ പാരിഷദന്മാരും ഇവരും മറ്റു പലരുമായ ഉഗ്രന്മാരായ സ്വർഗ്ഗവാസികൾ മാതാക്കളോടൊത്ത് മഹാസേനന്നു ചുറ്റും നിന്നു. ജയം സംശയമാണെന്ന് ജയാർത്ഥിയായ സുരനായകന്നു തോന്നി. എങ്കിലും ഇന്ദ്രൻ ഐരാവതത്തിന്റെ കഴുത്തിലിരുന്ന് ദേവന്മാരോടുകൂടി ചെന്നു. സർവ്വദേവഗണത്തോടുംകൂടിയ വജ്രിയാണ് ചെന്നിരിക്കുന്നത്. മഹാസേനനെ വധിക്കുവാൻ സുരേശ്വരൻ എത്തിയിരിക്കുന്നു. അവനോടൊപ്പം ഉഗ്രതയുള്ളവരും പ്രഭയുള്ളവരുമായ അമരന്മാരുടെ സൈന്യം ചിത്രധ്വജവും കോപ്പും ചേർന്നതും നാനാവാഹനങ്ങളോടുകൂടിയതും ധനുസ്സോടുകൂടിയതും അതിഭംഗിയിൽ വിശിഷ്ടവസ്ത്രാലങ്കാരമണിഞ്ഞതും ആയുധക്കോപ്പുകൾ അണിഞ്ഞതും ഭംഗിയേറിയതുമായ സുരസൈന്യം സ്കന്ദനെ കൊല്ലുവാൻ പോകുന്ന ശക്രന്റെ പിന്നാലെ സഹായത്തിന്നായി പുറപ്പെട്ടു. ശക്തിമാനായ ദേവേന്ദ്രൻ ആർത്തുംകൊണ്ട് ഉടനെ ചെല്ലുകയായി. അമരപ്പട ആർപ്പുവിളിച്ച് ഇന്ദ്രനെ ഉത്സാഹഭരിതനാക്കി. ദേവന്മാരും മുനികളും പൂജിക്കുന്നവനായ ഇന്ദ്രൻ കാർത്തികേയന്റെ അരികിൽ ചെന്നുനിന്നു. സുരേശ്വരൻ സിംഹനാദംചെയ്ത് സുരന്മാരോടുകൂടി നിന്നു. ആ ശബ്ദം കേട്ടപ്പോൾ ഗുഹനും കടൽപോലെ അലറി. ശബ്ദംകേട്ട ഉടനെ കടലിന്നുതുല്യം ഉലഞ്ഞ അമരപ്പട ചൈതന്യംകെട്ട് വല്ലാതെ അങ്ങുമിങ്ങും ഉഴന്നുപോയി.

കൊല്ലുവാൻ വരുന്ന ദേവകളെ കണ്ടപ്പോൾ അഗ്നിപുത്രൻ ചൊടിച്ച് ആകാശത്തുനിന്ന് അഗ്നിജ്ജ്വാലകൾ വർഷിച്ചു. വിറയ്ക്കുന്ന ദേവസൈന്യങ്ങളെ ഭൂമിയിൽ ദഹിപ്പിച്ചു വീഴ്ത്താൻ തുടങ്ങി. തലയും ഉടലും വാഹനങ്ങളും അസ്ത്രങ്ങളുമൊക്കെ കത്തിജ്ജ്വലിച്ച് അവിടെ ചിന്നി. ആകാശത്തിൽ നക്ഷത്രങ്ങൾ എന്നവിധം ഭൂമി പ്രകാശിച്ചു വേകുവാൻ തുടങ്ങിയപ്പോൾ സൈന്യങ്ങൾ പാവകപുത്രനെ ശരണംപ്രാപിച്ചു. എല്ലാവരും വജ്രിയെവിട്ട് കുമാരനെ ശരണംപ്രാപിച്ചു ശാന്തി നേടി. ദേവന്മാരൊക്കെ ഓടിയപ്പോൾ ക്രുദ്ധനായ ഇന്ദ്രൻ ഗുഹന്റെ നേരെ വജ്രം വിട്ടു. സ്കന്ദന്റെ വലതുപള്ളയ്ക്ക് അതുചെന്നു പതിച്ചു. ആ മഹാന്റെ പാർശ്വം വജ്രമേറ്റു പിളർന്നു. വജ്രം കൊണ്ടപ്പോൾ അവനിൽനിന്ന് ഒരു പുരുഷൻ ഉയർന്നു, പൊൻചട്ടയിട്ട്, വേൽ കൈയിലേന്തി, ദിവ്യകുണ്ഡലമണിഞ്ഞ് ഉദിച്ച ആ യുവാവ് 'വിശാഖൻ' എന്നു പ്രസിദ്ധനായി. വജ്രം പ്രവേശിച്ചതുമൂലം ഉണ്ടായവൻ എന്നാണ് അർത്ഥം. കാലാഗ്നികല്പനായ മറ്റൊരുത്തൻ ഉണ്ടായിക്കണ്ടപ്പോൾ പേടിച്ച് ഇന്ദ്രൻ ഗുഹനെ ശരണംപ്രാപിച്ചു.

സൈന്യത്തോടുകൂടിയ ഇന്ദ്രന്ന് സ്കന്ദൻ അഭയം നല്കി. ഉടനെ ദേവന്മാർ സന്തോഷിക്കുകയും വാദ്യഘോഷങ്ങൾ മുഴക്കുകയും ചെയ്തു."

228. ആംഗിരസം – കുമാരോൽപത്തി – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! അത്ഭുതാകാരരായ സ്കന്ദപാരിഷദന്മാരെപ്പറ്റി ഇനി നീ കേൾക്കുക. സ്കന്ദന്നു വജ്രമേറ്റപ്പോൾ കുമാരന്മാരും കുമാരികളും പിറന്നു. ക്രൂരരായ അവർ ജാതഗർഭസ്ഥബാലന്മാരെ ഹരിക്കുകയായി. കുമാരന്മാർ വിശാഖനെ അച്ഛനാക്കി സങ്കല്പിച്ചു. അവൻ ഭഗവാന് സഖനായി കന്യാഗണത്തോടും പുത്രന്മാരോടുംകൂടി ആട്ടിൻമുഖം ധരിച്ചു മാതാക്കൾ നോക്കിനില്ക്കെ ഭദ്രശാഖനോടും, കൗസലനോടും ചേർന്നു പോരിൽ രക്ഷിച്ചു. നാട്ടുകാർ ഈ കുമാരഗണങ്ങൾക്ക് അച്ഛൻ മന്നിൽ സ്കന്ദനാണെന്നു പറഞ്ഞുവന്നു.

ദേശംതോറും രുദ്രനേയും, അഗ്നിയേയും, ഉമയേയും, സ്വാഹയേയും, പുത്രകാമന്മാരായ ജനങ്ങളും, പുത്രരുള്ളവരും യജിക്കുവാൻ തുടങ്ങി. തപസ്സെന്നുപേരായ വഹ്നി ജനിപ്പിച്ച കന്യകമാർ 'ഞങ്ങൾ എന്തു വേണ്ടൂ' എന്ന് സ്കന്ദനെക്കണ്ട് ആവലാതി പറഞ്ഞു.

കുമാരികൾ പറഞ്ഞു: 'ലോകത്തിന്നൊക്കെ ഞങ്ങൾ മുഖ്യമാതാക്കളായി ഭവിക്കണം. നിന്റെ പ്രസാദത്താൽ പൂജ്യമാരായി ഞങ്ങൾ ഭവിക്കണം. നീ ഞങ്ങൾക്കു വേണ്ടുന്ന ഇഷ്ടകാര്യങ്ങളെല്ലാം നടത്തിയാലും!'

സ്കന്ദൻ പറഞ്ഞു: 'അങ്ങനെ തന്നെ ഭവിക്കട്ടെ! നിങ്ങൾ നാനാമട്ടിൽ ഇരിക്കുക. ശിവാശിവകളായി ഭവിക്കുമാറാകട്ടെ'! സ്കന്ദൻ ഉദാരമനസ്സായി ഇപ്രകാരം അനുഗ്രഹിച്ചു. സ്കന്ദനെ പുത്രനായി കല്പിച്ച് ഉടനെ മാതാക്കൾ പോവുകയും ചെയ്തു. കാകി, ഹലിമ, മാലിനി, ബൃംഹത, ആര്യ, പലാല, മിത്ര ഇങ്ങനെ ഏഴുപേരാണ് 'ശിശുമാതാക്കൾ'.

ഇവർക്ക് വീര്യവാനായി അതിദാരുണനും, ഭയങ്കരനും, രക്തനേത്രനുമായി ഒരു ശിശു സ്കന്ദപ്രസാദത്താൽ ഉണ്ടായി. സ്കന്ദൻ മാതൃഗണം പ്രസവിച്ചുണ്ടായവനും ഇവൻ 'വീരാഷ്ടകൻ' എന്നവനുമാണ്. ആട്ടിൻമുഖത്തോടു ചേർന്ന ഇവൻ പുതിയതായി ലഭിച്ച ഈ പേരിൽ പുകഴ്ന്നവനാണ്. ആറാമത്തെ മുഖം ഛാഗമയമാണ്. അത് സ്കന്ദനാണെന്ന് അറിയണം. ഈ ആറു വക്ത്രത്തിലും നിത്യവും മാതൃഗണങ്ങൾ അർച്ചിക്കുന്നു. ഏറ്റവും പ്രധാനമായ മുഖം ദിവ്യശക്തി സൃഷ്ടിച്ച ഭദ്രശാഖമെന്ന മുഖമാണ്!

ഈ പലമട്ടായ വൃത്താന്തം നടന്നത് വെളുത്തപഞ്ചമിയിലാണ്. ഷഷ്ഠി ദിവസമാണ് ഘോരമായ യുദ്ധമുണ്ടായത്.

229. ആംഗിരസം – സ്കന്ദോപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "സ്കന്ദൻ സുവർണ്ണകവചവും മാലയും ചാർത്തി നിന്നപ്പോൾ മഹാപ്രഭനായ ഹിരണ്യാക്ഷൻ അവനെ ഹിരണ്യമകുടം ധരിപ്പിച്ചു. ചുവന്ന പട്ടുടുത്ത്, മിനുത്തു ശോഭിക്കുന്ന പല്ലുകളോടുകൂടി സർവ്വലക്ഷണങ്ങളുംചേർന്നു മനോഹരനായി ശോഭിച്ചു. മൂന്നുലോകത്തിലും അതിപ്രിയനും, യുവാവും, ശൂരനും, വരദനും, മിന്നുന്ന കുണ്ഡലമുള്ളവനുമായ അവനെ പരമാലയയായ ലക്ഷ്മി ശരീരമെടുത്തു വന്നു സേവിച്ചു. ലക്ഷ്മീവാനും, കീർത്തിശാലിയും, സുകുമാരാംഗനുമായ അവൻ ലോകർക്കു കാമ്യനായി, പൗർണ്ണമാസിയിലെ ചന്ദ്രൻ എന്നപോലെ കാണപ്പെട്ടു. ആ മഹാബലനെ പൂജ്യരായ ദ്വിജന്മാർ പൂജിച്ചു. മഹർഷികൾ ഇപ്രകാരം പറഞ്ഞു.

digitized by www.sreyas.in

മഹർഷികൾ പറഞ്ഞു: 'ഹേ, ഹിരണ്യഗർഭാ! നീ ശുഭമായ ശങ്കര(ശുഭം നല്കുന്നവൻ)നാവുക. പിറന്നതിന്റെ ആറാംദിവസം നീ ജഗത്രയം അധീനമാക്കിയല്ലോ! ഈ ജനങ്ങൾക്കൊക്കെ ഹേ, സുരോത്തമാ! നീ അഭയവും നല്കി. അതുകൊണ്ടു മൂന്നുലോകത്തിനും അഭയങ്കരനായ നീ ഇന്ദ്രനായി വാഴുക!'

സ്കന്ദൻ പറഞ്ഞു 'എല്ലാ ലോകർക്കും എന്താണ് ഇന്ദ്രൻ ചെയ്യുന്നത്? വാനവരെ സുരേശ്വരൻ നിത്യവും എങ്ങനെയാണു സംരക്ഷിക്കുന്നത്?'

ഋഷികൾ പറഞ്ഞു: 'ഇന്ദ്രൻ ഭൂതങ്ങൾക്കൊക്കെ ബലവും തേജസ്സും പ്രജാസുഖവും നല്കുന്നു. എല്ലാ കാമവും അവൻ തുഷ്ടനായി നല്കുന്നു. ദുഷ്ടരെ സംഹരിക്കുന്നു. വ്രതികൾക്കു വേണ്ടതു നല്കുന്നു. ഭൂതാനുശാസനം കാര്യത്തിൽ വലവൈരി നടത്തുന്നു. അർക്കനില്ലെങ്കിൽ ഇന്ദ്രൻ അർക്കനാകുന്നു. ചന്ദ്രനില്ലെങ്കിൽ ഇന്ദ്രൻ ചന്ദ്രനാകുന്നു. വേണമെങ്കിൽ അവൻ അഗ്നിയാകും. വായുവാകും. ഭൂമിയാകും. വെള്ളമാകും. ഇതാണ് ഇന്ദ്രന്റെ പ്രവൃത്തി. ഇന്ദ്രന്ന് അതിന്നുള്ള ശക്തിയുണ്ട്. ബലിശ്രേഷ്ഠനായ ഭവാൻ അതുകൊണ്ടു ഞങ്ങൾക്ക് ഇന്ദ്രനാകണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.'

ശക്രൻ പറഞ്ഞു: 'ഹേ, മഹാബാഹോ! ഭവാൻ ഇന്ദ്രനാവുക. ഞങ്ങൾക്കൊക്കെ ഭവാൻ സുഖാവഹനാണ്. ഭവാൻ ഇന്ദ്രപട്ടാഭിഷേകത്തെ ഏറ്റുകൊള്ളുക. അതിന്ന് അങ്ങു ചേർന്നവനാണ്.'

സ്കന്ദൻ പറഞ്ഞു: 'ഹേ, ഇന്ദ്രാ! നീതന്നെ മൂന്നുലോകവും കാത്തുകൊള്ളുക. നീ അവ്യഗ്രനും വിജയപ്രിയനുമാണ്. ശക്രാ! ഞാൻ നിന്റെ കിങ്കരനാണ്. എനിക്ക് ഇന്ദ്രപദവിയിൽ ആഗ്രഹമില്ല.'

ശക്രൻ പറഞ്ഞു: 'ഹേ, വീരാ! നിന്റെ ബലം അത്ഭുതം തന്നെ! നീ ദേവാരികളെ ജയിക്കുക. നിന്റെ വീര്യം കണ്ട് അത്ഭുതപ്പെട്ട് എന്നെ എല്ലാവരും നിന്ദിച്ചു. ബലംപോയി തോറ്റാലും ഇന്ദ്രപദവി എനിക്കു നിലനില്ക്കുന്നകാലത്തോളം നാം തമ്മിൽ ഛിദ്രമുണ്ടാകുവാൻ ഇടവരും. അതിന്നു യാതൊരു സംശയവുമില്ല. വിഭോ, ഭവാൻ തെറ്റിയാൽ പിന്നെ ലോകം രണ്ടായി പിരിയും. രണ്ടുഭാഗമായി ലോകം പിരിഞ്ഞാൽ നാം തമ്മിൽ യുദ്ധമുണ്ടാകും. അപ്പോൾ ലോകത്തിൽ മഹാഘോരമായ ഭൂതനാശം സംഭവിക്കും. ആ പോരിൽ നീ എന്നെ ഇഷ്ടംപോലെ ജയിക്കും. അതുകൊണ്ട് ഇപ്പോൾത്തന്നെ ഭവാൻ ഇന്ദ്രനായാലും! അതിൽ ശങ്കിക്കയേവേണ്ട.'

സ്കന്ദൻ പറഞ്ഞു: 'ഭവാൻ തന്നെ എനിക്കും മൂന്നുലോകത്തിന്നും രാജാവാകട്ടെ! ഭവാൻ കല്പിക്കുക; ഞാൻ എന്താണു ചെയ്യേണ്ടത്?'

ഇന്ദ്രൻ പറഞ്ഞു: നീ പറയുകയാണെങ്കിൽ ഞാൻ ഇന്ദ്രനായി ഇരുന്നുകൊള്ളാം. ഭവാൻ പറഞ്ഞതു തീർച്ചയായും അപ്രകാരമാണെങ്കിൽ –! എന്റെ കല്പനയെ ഭവാൻ ചെയ്യുമെങ്കിൽ ഭവാൻ ദേവസൈന്യത്തിന്റെ അധിപനായി അഭിഷേകം സ്വീകരിച്ചാലും!"

സ്കന്ദൻ പറഞ്ഞു: 'ദൈത്യനാശത്തിന്നും, ദേവകാര്യസിദ്ധിക്കും, ഗോബ്രാഹ്മണഹിതത്തിന്നുംവേണ്ടി ഭവാൻ എന്നെ ദേവസേനാനിയാക്കിയാലും!'

മാർക്കണ്ഡേയൻ പറഞ്ഞു: ഇന്ദ്രൻ ദേവഗണത്തോടുകൂടി സ്കന്ദനെ ദേവസേനാനിയായി അഭിഷേകം ചെയ്തു. മഹർഷിമാർ ചെയ്ത പൂജയേറ്റ് ഏറ്റവും ശോഭിച്ചു. തലയ്ക്കുമേൽ പിടിച്ച പൊന്നിൻകുട വിളങ്ങി. കത്തിക്കാളുന്ന വഹ്നിയുടെ മണ്ഡലം പോലെ ആ പൊന്നിൻകുട വിളങ്ങി. വിശ്വകർമ്മാവു നിർമ്മിച്ച പൊന്മാല അവനെ പുരാന്തകനായ ശിവൻ അണിയിച്ചു. വൃഷഭദ്ധ്വജനായ ദേവൻ ദേവിയോടുകൂടി അവിടെ എത്തി പ്രീതനായി സൽക്കരിച്ചു.

വിപ്രന്മാർ പറയുന്നു രുദ്രാഗ്നിയുടെ പുത്രനാണു സ്കന്ദനെന്ന്.

രുദ്രൻ ഉത്സർജ്ജിച്ച ശുക്ലം ശ്വേതപർവ്വതമായിയത്രെ! ശ്വേതാദ്രിയിൽ കൃത്യകമാർ കൂടി; അഗ്നീന്ദ്രിയത്തെ രുദ്രൻ പൂജിക്കുന്നതായി ദേവകളൊക്കെ കണ്ടു. ഗുണവാനായ ഗുഹനെ രുദ്രഭൂവാണ് എന്ന് അവർ വാഴ്ത്തി. രുദ്രൻ വഹ്നിയിൽ ആവേശിച്ചു ജനിപ്പിച്ചവനാണ് ഈ ശിശു. അതിൽ ഉണ്ടായവനായ സ്കന്ദൻ അങ്ങനെ രുദ്രപുത്രനുമായി. ഇങ്ങനെ രുദ്രന്നും അഗ്നിക്കും സ്വാഹയ്ക്കും പിന്നെ ആറ് ഋഷിപത്നിമാർക്കും ഇങ്ങനെ ഇവർക്കൊക്കെ പുത്രനായി ഗുഹൻ ജനിച്ചു. രക്തനിർമ്മലവസ്ത്രങ്ങൾ ചാർത്തുന്ന പാവകാത്മജൻ ചുവന്ന മേഘം ചേർന്ന അർക്കനെപ്പോലെ ശോഭിച്ചു. അവന്ന് അലങ്കരിച്ച കൊടിയായി അഗ്നി നല്കിയ കുക്കുടം ഉയർന്നു. കാലാഗ്നിപോലെ രക്തനിറത്തിൽ ശോഭിച്ചു. എല്ലാ ഭൂതങ്ങൾക്കും ചേഷ്ടയും, പ്രഭയും, ശാന്തിയും നല്കുന്ന 'ശക്തി', അവന്റെ മുമ്പിൽ, വാനവരുടെ വിജയം വർദ്ധിക്കുവാൻ നടക്കുന്നു. അവന്റെ മെയ്യിൽ സഹജമായ ചട്ടയുംചേർന്നു. യുദ്ധത്തിന്നൊരുങ്ങുമ്പോൾ മാത്രം അതു പ്രത്യക്ഷമാകും. സ്കന്ദനോടൊപ്പംതന്നെ ശക്തി, തേജോബലം, ധർമ്മം, കാന്തത്വം, സത്യം, ഉന്നതി, ബ്രഹ്മണ്യത്വം, പരുങ്ങായ്ക, ഭക്തരക്ഷണം, ശത്രുകൃന്തനം, ലോകരക്ഷ ഇവയൊക്കെ ഉണ്ടായിവന്നു.

ഇപ്രകാരം ദേവന്മാർ ചെയ്ത അഭിഷേകവും കൈക്കൊണ്ട് അലംകൃതനായി പ്രീതിയോടെ പരിപൂർണ്ണേന്ദുമണ്ഡലനായി തെളിഞ്ഞുശോഭിച്ചു. ഇഷ്ടസ്വാദ്ധ്യായഘോഷങ്ങളും, ദേവതൂര്യരവങ്ങളും, ദേവഗന്ധർവ്വഗീതങ്ങളും സ്വർവേശ്യാവർഗ്ഗങ്ങളോടുകൂടി ആഘോഷിച്ചു. ഇവരും മറ്റു പലരും ഹൃഷ്ടപുഷ്ടവിഭൂഷിതരായി. ദേവവർഗ്ഗപിശാചുക്കൾ കൂട്ടംചേർന്ന് അവനെ ദേവാഭിഷിക്തനായിക്കണ്ടപ്പോൾ അഗ്നി ഏറ്റവും പ്രീതനായി, ക്രീഡാലോലനായി ശോഭിച്ചു. അഭിഷേകം കഴിഞ്ഞ മഹാസേനനെ ദേവകൾ ഇരുൾനീക്കിത്തെളിയുന്ന സൂര്യനെപ്പോലെ കണ്ടു. അവനെ പിൻതുടർന്ന് ദേവസേനകൾ അസംഖ്യം എത്തി. 'ഭവാൻ ഞങ്ങളെ സ്വീകരിക്കുക. നീയാണു ഞങ്ങളുടെ പതി' എന്നു പറഞ്ഞു നിന്നു. അവരോടു ചേർന്നു ഭഗവാൻ സ്കന്ദൻ സർവ്വഭൂതഗണാന്വിതനായി, അവരുടെ പൂജയേറ്റ് അവരെ സാന്ത്വനം ചെയ്തു.

അങ്ങനെ സേനാനിയാക്കി അഭിഷേകം ചെയ്തതിന്നു ശേഷം ഇന്ദ്രൻ താൻ മുമ്പെ വിമുക്തയാക്കിയ 'ദേവസേന'യെപ്പറ്റി ഓർത്തു. ബ്രഹ്മാവ് അവൾക്കു പതിയായി കല്പിച്ചത് ഇവനെയാണ്; അതു തീർച്ച!'

ഇന്ദ്രൻ ഉടനെ സർവ്വാഭരണഭൂഷിതയായ ദേവസേനയെ വരുത്തി. വലാരിയായ ഇന്ദ്രൻ ഗുഹനോടു പറഞ്ഞു: 'ഹേ, ഗുണോത്തമാ! ഈ കന്യ നീയുണ്ടാകുന്നതിന്നുമുമ്പുതന്നെ നിന്റെ പത്നിയാകുമെന്നു 'വിധി' പറഞ്ഞിട്ടുള്ളവളാണ്. അതുകൊണ്ടു ഭവാൻ ഈ ദേവിയുടെ വലംകൈ വിധിമന്ത്രക്രമത്തോടെ പൊൽത്താർപോലെയുള്ള ഭവാന്റെ കൈകൊണ്ടു പിടിച്ചാലും!'

ഇന്ദ്രൻ പറഞ്ഞതനുസരിച്ച് ഗുഹൻ യഥാവിധി അവളുടെ പാണിഗ്രഹണം നടത്തി. ബൃഹസ്പതി പുരോഹിതനായി ജപിക്കുകയും മന്ത്രം ഉച്ചരിക്കുകയും ചെയ്തു. ഇപ്രകാരം ഗുഹൻ ദേവസേനാപതിയായി.

വിപ്രന്മാർ ഇവളെ ഷഷ്ഠിയെന്നും, ലക്ഷ്മിയെന്നും, സുഖപ്രദയെന്നുമൊക്കെ പറയുന്നു. സിനീവാലി, കുഹു, സദ്വൃത്തി, അപരാജിത എന്നും ഇവളെ പുകഴ്ത്തുന്നു.

ദേവസേനയ്ക്കു സേനാപതി ശാശ്വതനായ പതിയായി വന്നപ്പോൾ സ്വയം ശരീരമെടുത്ത് അവനെ ലക്ഷ്മിയും ആശ്രയിച്ചു. ശ്രീമാനായ ഗുഹൻ പഞ്ചമിയിൽ ശ്രീപഞ്ചമിയായതിൽ കൃതാർത്ഥനായി. അതുകൊണ്ട് ഷഷ്ഠി മഹാതിഥിയായി ഭവിച്ചു."

230. ആംഗിരസം – മനുഷ്യഗ്രഹകഥനം – ദേവസേനയുടെ പതിയായി ഗുഹൻ ശ്രീയോടു ചേർന്നപ്പോൾ സപ്തർഷിപത്നിമാരായ ആറു ദേവിമാർ ഗുഹന്റെ സന്നിധിയിൽ എത്തി.

digitized by www.sreyas.in

ഋഷിമാർ ഉപേക്ഷിച്ചവരും, മഹാവ്രതമാരും, ധർമ്മനിരതരുമായ അവർ പ്രഭുവായ ദേവസേനാപതിയോടു പറഞ്ഞു: "ഹേ, നന്ദനാ! ഞങ്ങൾ ദേവതുല്യരായ ഭർത്താക്കന്മാരാൽ ത്യജിക്കപ്പെട്ടവരാണ്. അവർ കാരണംകൂടാതെ ഞങ്ങളോടു കോപിച്ചു. ഞങ്ങളെ പുണ്യസ്ഥാനത്തുനിന്നു പുറത്തുതള്ളി. ആരോ പറഞ്ഞുവത്രെ നീ ഞങ്ങളിൽനിന്നും ജാതനായവനാണെന്ന്! അതു നേരാണെന്നു ഞങ്ങളുടെ ഭർത്താക്കന്മാർ കരുതുകയും ചെയ്തു. അതുകൊണ്ടു നീ ഞങ്ങളെ രക്ഷിക്കുക! അക്ഷയമായ സ്വർഗ്ഗം ഞങ്ങൾക്കു ലഭിക്കണം. നിന്റെ പ്രസാദത്താൽ പ്രഭോ, നീ ഞങ്ങളുടെ പുത്രനാകണം. അങ്ങനെ ചെയ്തു നീ ഞങ്ങളുടെ കടം വീട്ടുക."

സ്കന്ദൻ പറഞ്ഞു: "എനിക്കു നിങ്ങൾ അമ്മമാരാണ്. ഞാൻ നിങ്ങൾക്കു പുത്രനാണ്. നിങ്ങൾ എന്ത് ഇച്ഛിക്കുന്നുവോ അതൊക്കെ നിങ്ങൾക്കു സാധിക്കും!"

മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ എന്തോ പറയുവാനുദ്ദേശിച്ചു നില്ക്കുന്ന ഇന്ദ്രനോട് സ്കന്ദൻ പറഞ്ഞു: 'ഭവാന് ഇനി എന്താണു വേണ്ടത്; പറഞ്ഞാലും!' ഇതു കേട്ടപ്പോൾ ഇന്ദ്രൻ ദേവകളോടു പറഞ്ഞു: 'അഭിജിത്താകുന്ന രോഹിണി എനിക്കും അനുജത്തിയാണ്. അവൾ ജ്യേഷ്ഠത്തിയാകുന്നതിന്നു തപസ്സു ചെയ്യാൻ കാടുകേറി. അവൾ ശുഭയായ നക്ഷത്രമാവാൻ കൊതിച്ചു മാഴ്കുകയാണ്. സ്കന്ദാ, ഭവാൻ ബ്രഹ്മാവിനോടു കാലഗണനം ചിന്തിച്ചാലും. ധനിഷ്ഠാധികമായ കാലം പങ്കജൻ കല്പിച്ചിട്ടുണ്ട്. മുമ്പു രോഹിണിയായിനിന്നു കണക്കുകൂട്ടി ശരിപ്പെടുത്തിയിട്ടുമുണ്ട്.' ഇപ്രകാരം ഇന്ദ്രൻ പറഞ്ഞപ്പോൾ കൃത്തികമാർ വാനിൽ എത്തി. ആ സപ്തശീർഷാഭമായ നക്ഷത്രമാണ് വഹ്നിദൈവതം."

അപ്പോൾ വിനത സ്കന്ദനോടു പറഞ്ഞു: "ഹേ, പുത്രാ! നീ എന്റെ പിണ്ഡദനായ പുത്രനാവുക. എനിക്കു നിന്നോടൊപ്പം പാർക്കുവാൻ ആഗ്രഹമുണ്ട്."

സ്കന്ദൻ പറഞ്ഞു: "അപ്രകാരമാകാം. ഞാൻ അമ്മയെ നമസ്കരിക്കുന്നു. ഭവതി എന്നെ പുത്രനായി സ്വീകരിച്ചു ശാസിച്ചാലും! സ്നുഷയുടെ പൂജയേറ്റു ഭവതി എന്റെ കൂടെ പാർക്കുക!"

മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ മാതാക്കളെല്ലാംകൂടി സ്കന്ദനോട് ഇപ്രകാരം പറഞ്ഞു: 'ഞങ്ങളെ ലോകമാതാക്കൾ എന്നു കവികൾ പറയുന്നു. നിന്റെ മാതാക്കളുംകൂടിയാകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്രകാരം ഞങ്ങളെ ഭവാൻ പൂജിക്കുക."

സ്കന്ദൻ പറഞ്ഞു: "എനിക്കു നിങ്ങൾ മാതാക്കളാണ്. ഞാൻ നിങ്ങൾക്കു പുത്രനാണ്. നിങ്ങൾക്ക് എന്താണ് ഇഷ്ടം? പറയുക; ഞാൻ ചെയ്യാം."

മാതാക്കൾ പറഞ്ഞു. "ലോകമാതാക്കളായി മുമ്പു വാഴ്ത്തപ്പെട്ടവർക്കുള്ള സ്ഥാനം ഞങ്ങൾക്കു കിട്ടണം. അവർക്ക് ഇല്ലാതെയാവുകയും വേണം. ലോകപൂജ്യതയും ഞങ്ങൾക്ക് ഉണ്ടാകണം. അവർക്ക് ഉണ്ടാകയുമരുത്. അവർ പ്രജകൾക്കു തടസ്സം ചെയ്തു. അതു നീങ്ങുകയും വേണം."

സ്കന്ദൻ പറഞ്ഞു: "നിങ്ങൾക്കു ഞാൻ നല്കിയാലും ആ പ്രജാലാഭം സിദ്ധിക്കയില്ല. നിങ്ങൾക്കു ചേർന്നവിധം മറ്റുവിധത്തിൽ ഞാൻ പ്രജയെ തന്നുകൊള്ളാം."

മാതാക്കൾ പറഞ്ഞു: "ഞങ്ങൾക്ക് ആ മാതാക്കളുടെ മക്കളെ തിന്നുവാൻ തരണം. നീയുമായി വേർപെട്ടുനില്ക്കുന്ന അവരുടെ ഭർത്താക്കന്മാരുടെ മക്കളേയും തിന്നുവാൻ തരണം."

സ്കന്ദൻ പറഞ്ഞു: "നിങ്ങൾക്കു പ്രജകളെ ഞാൻ തരാം. എന്നാൽ ഈ പറഞ്ഞതു കടുപ്പമാണ്. നിങ്ങൾക്കു നന്മ വരട്ടെ! ഞാൻ നിങ്ങളെ നമിക്കുന്നു. പ്രജാരക്ഷണം നിങ്ങൾ ചെയ്യണം."

മാതാക്കൾ പറഞ്ഞു: "ഹേ, പുത്രാ! നീ ചിന്തിക്കുന്ന പ്രജകളെ ഞങ്ങൾ രക്ഷിക്കാം. സ്കന്ദാ! നന്മവരട്ടെ! ഞങ്ങൾക്കു നിന്നോടുകൂടി സുചിരം വാഴണം!"

സ്കന്ദൻ പറഞ്ഞു: "പതിനാറു വയസ്സായി യൗവനം വരുന്നതുവരെ നരന്മാരുടെ പ്രജകളെ നാനാമട്ടിൽ നിങ്ങൾ ബാധിച്ചുകൊള്ളുക. ഞാനും നിങ്ങൾക്ക് അവ്യയമായ രൗദ്രാത്മാവിനെ നല്കാം. അച്ഛനോടുകൂടി നിങ്ങൾ നല്ലപോലെ പൂജയേറ്റുവസിക്കുവിൻ!"

മാർക്കണ്ഡേയൻ പറഞ്ഞു: "അപ്പോൾ സ്കന്ദന്റെ അംഗത്തിൽനിന്ന് അഗ്നിസന്നിഭനായ ഒരു പുരുഷൻ മഹാപ്രഭനായി, മർത്ത്യപ്രജകളെ തിന്നുവാൻ പുറപ്പെട്ടു. ഉടനെ അവൻ സഹിക്കവയ്യാത്ത വിശപ്പുകൊണ്ടു മോഹിച്ചു ഭൂമിയിൽ വീണു. അവൻ സ്കന്ദന്റെ സമ്മതത്തോടെ രൗദ്രഗ്രഹവുമായി ഭവിച്ചു. ദ്വിജോത്തമന്മാർ ആ ഗ്രഹത്തെ 'സ്കന്ദാപസ്മാരഗ്രഹം' എന്നു പറയുന്നു. രൗദ്രയായ വിനത ശകുനിഗ്രഹമാണ്. പൂതനയെന്നു പേരായ രാക്ഷസിയാണ് പൂതനാഗ്രഹം.

വിഷമാചാരയും, രൗദ്രാംഗിയും, ഘോരയും, പിശാചിയും, നിശാചരിയുമാണ് ദാരുണാകാരയായ ശീതപൂതന. ആ പിശാചി മനുഷ്യസ്ത്രീകളുടെ ഗർഭം ഹരിക്കുന്നു. അദിതി, രേവതീരൂപയായ രൈവതം, അവളുടെ ഗ്രഹമാകുന്നു. ആ ഘോരഗ്രഹം ബാലകരെ ബാധിക്കുന്നു. മുഖമുണ്ഡിക എന്നവൾ ദൈത്യമാതാവായ ദിതിയാണ്. ബാലമാംസം അവൾക്കു വളരെ പ്രിയമാണ്.

സ്കന്ദനിൽനിന്ന് ഉത്ഭവിച്ച കുമാരിമാരും കുമാരന്മാരും ഗർഭം ഭക്ഷിക്കുന്നവരാണ്. ഘോരകർമ്മികളായ ആ പത്നികളുടെ ഭർത്താക്കന്മാർ പിറക്കുന്ന ബാലകരെയൊക്കെ തിന്നുവാൻ കൊതിക്കുന്നവരാണ്. പശുക്കളുടെ മാതാവായ സുരഭി അവരിൽപ്പെട്ട് ശകുനിയായി ശിശുക്കളെ തിന്നുന്നു. പട്ടികളുടെ മാതാവായ സരമാദേവി മനുഷ്യസ്ത്രീകളുടെ ഗർഭത്തെയൊക്കെ എടുക്കുന്നു. വൃക്ഷങ്ങളുടെ മാതാവായ കരിങ്ങാലിയിൽ അധിവസിക്കുന്നവൾ ഏറ്റവും സൗമ്യയും വരദയുമായ ഭൂതാനുകമ്പിനിയാണ്. അവളെ കരഞ്ജത്തിൽ തനയാർത്ഥികളായ ജനങ്ങൾ പൂജിക്കുന്നു. വേറെ പതിനെട്ടു മധുമാംസപ്രിയരായ ഗ്രഹങ്ങളുണ്ട്. അവർ പത്തുദിവസം പ്രസവഗൃഹത്തിൽ നില്ക്കും. സൂക്ഷ്മമായ ശരീരത്താൽ ഗർഭിണിക്കുള്ളിൽ കയറി കദ്രു ഗർഭം ഭക്ഷിക്കും. അതുകൊണ്ട് ഗർഭിണി സർപ്പത്തെ പ്രസവിക്കും. ഗന്ധർവ്വന്മാരുടെ മാതാവ് ഗർഭം എടുത്ത് ഓടിക്കളയും. അതുകൊണ്ടാണ് മനുഷ്യസ്ത്രീകളുടെ ഗർഭം അലസുന്നത്. അപ്സരസ്ത്രീകളുടെ മാതാവ് ഗർഭം കവരും. അതുകൊണ്ട് ഗർഭം വറ്റിപ്പോകുമെന്നു മനീഷികൾ പറയുന്നു.

രക്താസ്യയായ കടൽമകൾ സ്കന്ദന്റെ ഒരു മാതാവാണ്. ലോഹിതായനി എന്നാണ് അവളുടെ നാമം. കടമ്പിൽ ഇരുന്ന് അവൾ പൂജയേല്ക്കുന്നു. പൂമാന്മാരിൽ രുദ്രൻ എന്നപോലെ നാരിമാരിൽ അവൾ ആര്യയാണ്. കുമാരന്റെ മാതാവാണ് ആര്യ. കാമാർത്ഥം അവൾ പൂജയേല്ക്കുന്നു. ഇപ്രകാരം ഞാൻ കുമാരന്മാർക്കുള്ള മഹാഗ്രഹങ്ങളെ പറഞ്ഞുകഴിഞ്ഞു. ഇവർ പതിനാറു വയസ്സുവരെ ബാലന്മാർക്ക് അശുഭം ഉണ്ടാക്കുന്നവരാണ്; ഇപ്പറഞ്ഞവരാണ് മാതൃഗണവും പുരുഷഗ്രഹവർഗ്ഗങ്ങളും. എല്ലാവരും ഇവരെ സ്കന്ദഗ്രഹങ്ങളാണെന്നു ധരിക്കണം. അവർക്കു ശമനം ചെയ്യുന്നത് സ്നാനം, ധൂപം, അഞ്ജനം, ബലി, കർമ്മോപഹാരങ്ങൾ, വിശേഷാൽ സ്കന്ദപൂജ എന്നിവയാണ്. ഇപ്രകാരം അവരെ അർച്ചിച്ചാൽ അവർ മനുഷ്യർക്കു ശുഭം നല്കും. നല്ലപോലെ പൂജിച്ചു കുമ്പിട്ടാൽ ആയുസ്സും, ആരോഗ്യവും ലഭിക്കും.

പതിനാറു വയസ്സിന്നുമേൽ മർത്ത്യർക്കുണ്ടാകുന്ന ഗ്രഹങ്ങളെപ്പറ്റി മഹേശ്വരനെ വന്ദിച്ചു ഞാൻ പറയാം.

ജാഗ്രത്സ്വപ്നങ്ങളിൽ ദേവകളെ നരൻ കണ്ടാൽ ഉടനെ ഉന്മാദം അവന്നുണ്ടാകും; അതാണ് ദേവഗ്രഹം. ഇരിക്കുമ്പോഴും കിടക്കുമ്പോഴും നരൻ പിതൃക്കളെ കണ്ടാൽ ഉടനെ ഉന്മാദമുണ്ടാകും; അതാണത്രേ പിതൃഗ്രഹം. സിദ്ധന്മാരെ ധിക്കരിക്കയാൽ ക്രോധിച്ച് അവർ ശപിച്ചാൽ ഉടനെ ഉന്മാദം ഉണ്ടാകും; ഇതാണ് സിദ്ധഗ്രഹം. പലമട്ട് രസങ്ങളും, ഗന്ധവർഗ്ഗങ്ങളും ഘ്രാണിച്ചാൽ ഉടനെ ഉന്മാദം ഉണ്ടാകുന്നു; ഇതാണ് രാക്ഷസംഗ്രഹം.

digitized by www.sreyas.in

ദിവ്യരായ ഗന്ധർവ്വന്മാർ ആവേശിച്ച് നരന്മാർ ഭൂമിയിൽ ഉന്മാദം ഉള്ളവരായിത്തീരും; അതു ഗന്ധർവ്വഗ്രഹമാണ്. നിത്യവും പിശാചുക്കളുള്ളിൽക്കയറി മനുഷ്യർ ഉടനെ ഉന്മാദത്തെ പ്രാപിക്കും; അത് പിശാചഗ്രഹമാണ്.

കാലഭേദത്താൽ യക്ഷന്മാർ ആവേശിക്കുന്ന പുരുഷൻ ഉടനെ ഉന്മാദിയാകും; അത് യക്ഷഗ്രഹമാണ്. ദോഷകോപം പൂണ്ട് മനസ്സുമോഹിക്കുന്ന ദേഹി ഉടനെ ഉന്മാദിയായിത്തീരും. അതിന്ന് ശാസ്ത്രാനുസരണം സിദ്ധിയെ ചെയ്യുക. വൈക്ലബ്യത്താലും, ഭയത്താലും, ഭീഷണമായ കാഴ്ചയാലും ഉടനെ ഉന്മാദം ഉണ്ടാകും. അയാളെ സാന്ത്വനം ചെയ്യുകയാണു പ്രതിവിധി. രന്തുകാമനും, ഭോക്തുകാമനും, ഹന്തുകാമനും ഇങ്ങനെ മൂന്നു ഗ്രഹങ്ങൾ എഴുപതു വയസ്സുവരെ നരനെ ബാധിക്കും. അതിന്നു ശേഷം ദേഹികൾക്ക് ഗ്രഹസന്നിഭമായ ബാധജ്ജ്വരമാണ്. ഇന്ദ്രിയം പതറാത്ത ദാന്തൻ, ശാന്തൻ, അതന്ദ്രിതൻ, ശ്രദ്ധാവാനായ ആസ്തികൻ ഇവരെയൊക്കെ ഗ്രഹങ്ങൾ ഒഴിവാക്കും. ഇപ്രകാരം മനുഷ്യരെ ബാധിക്കുന്ന ഗ്രഹോദ്ദേശ്യത്തെ ഞാൻ പറഞ്ഞു. മഹേശഭക്തന്മാരായവരെ ഗ്രഹങ്ങളൊന്നും തൊടുന്നതല്ല.''

231. ആംഗിരസം – മഹിഷാസുരവധം – മാർക്കണ്ഡേയൻ പറഞ്ഞു: ''മാതാക്കൾക്ക് ഇപ്രകാരം സ്കന്ദൻ ആനുകൂല്യം ചെയ്തതിന്നുശേഷം അവനോടു സ്വാഹ പറഞ്ഞു:

'ഹേ, സ്കന്ദാ! നീ എന്റെ ഔരസപുത്രനാണ്. ദുർല്ലഭമായ പ്രീതി നിനക്ക് എന്നിൽ ഉണ്ടാകേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.'

അവളോടു സ്കന്ദൻ പറഞ്ഞു: 'അമ്മേ! ഏതുവിധത്തിലാണ് ഭവതി ഇച്ഛിക്കുന്ന പ്രീതി? പറഞ്ഞാലും!'

സ്വാഹ പറഞ്ഞു; 'ഹേ, മഹാബാഹോ! ഞാൻ സ്വാഹ എന്ന ദക്ഷകന്യകയാണ്. ബാല്യം മുതൽ ഞാൻ അഗ്നിയെ കാമിക്കുന്നവളാണ്. എന്നെ അഗ്നിദേവൻ കാമിനിയായി, സ്നേഹിക്കുന്നവളായി, നല്ലപോലെ കാണുന്നില്ല. ഞാൻ എന്നും അഗ്നിയോടുചേർന്ന് ഒന്നിച്ചു പാർക്കുവാൻ ആഗ്രഹിക്കുന്നു. പുത്രാ! അതാണ് എന്റെ ആഗ്രഹം.'

സ്കന്ദൻ പറഞ്ഞു: 'അല്ലയോ ശോഭനേ, ഭവതിയുടെ ആഗ്രഹം ഉചിതംതന്നെ! ഇന്നുമുതൽ ഹവ്യവും കവ്യവും (ദേവന്മാർക്കും പിതൃക്കൾക്കുമുള്ള നൈവേദ്യങ്ങൾ) ദ്വിജന്മാർ മന്ത്രം ജപിച്ച്, ദേവീ, 'സ്വാഹ' എന്നു ചൊല്ലിയിട്ടേ അഗ്നിയിൽ ഹോമിക്കുകയുള്ളു. സുവൃത്തരായ സൽപഥസ്ഥർ എല്ലാം ഇന്നുതൊട്ട് ഇപ്രകാരം ഹവ്യകവ്യങ്ങൾ നല്കുന്നതാണ്. എപ്പോഴും നിന്നോടുകൂടി അഗ്നി വാഴുകയും ചെയ്യും.'''

മാർക്കണ്ഡേയൻ പറഞ്ഞു: ''എന്നു സ്കന്ദൻ പറഞ്ഞതു കേട്ട് സ്വാഹ സന്തോഷിച്ചു. സ്കന്ദപൂജിതയായ അവൾ ഭർത്താവായ അഗ്നിയോടുചേർന്ന് സ്കന്ദനേയും പൂജിച്ചു. മഹാസേനനോട് പ്രജാപതിയായ പിതാമഹൻ പറഞ്ഞു: 'ഹേ, സ്കന്ദാ! പുരാന്തകനായ മഹാദേവൻ നിന്റെ പിതാവാണെന്ന് അറിഞ്ഞ് അങ്ങോട്ടു ചെല്ലുക. രുദ്രനായ അഗ്നിയിലും ഗൗരിയായ സ്വാഹയിലും ചേർന്നുണ്ടായവനാണ് നീ. സർവ്വലോകഹിതനായ നീ അപരാജിതനാണ്. മഹാരുദ്രന്റെ ശുക്ലം ഉമാദേവിയുടെ യോനിയെ നനച്ചതിന്നുശേഷം ആ ബീജം പർവ്വതത്തിൽ വീണു. അതിൽനിന്നു ബാലമാരെ ബാധിക്കുന്ന രണ്ടു ബാധകൾ 'മിഞ്ജികാമിഞ്ജികങ്ങൾ' എന്ന പേരിൽ ഉണ്ടായിവന്നു. അനന്തരം ആ ശുക്ലത്തിൽ ബാക്കി ലോഹിതമായ ചെങ്കടലിൽച്ചെന്നു വീണു. കുറെ സൂര്യരശ്മിയിലും കുറെ വേറെ മന്നിലും ചെന്നു പതിച്ചു. കുറെ വേറെ വൃക്ഷങ്ങളിലും ആ ശുക്ലം ചെന്നു പറ്റി. അത് അഞ്ചു ശകലമായി പതിച്ചു. അതിൽനിന്നാണ് നിന്റെ ഗണങ്ങളൊക്കെ ഉണ്ടായതെന്ന് അറിയുക. നിന്റെ ഈ പാരിഷദന്മാർ ഘോരന്മാരായ നരമാംസഭോജികളാണ്.' ഇതുകേട്ട് 'എന്നാൽ ഭവാൻ പറഞ്ഞവിധം ആകാം' എന്നു പറഞ്ഞ് പിതൃഭക്തനായ മഹാസേനൻ മഹേശ്വരനെ പൂജിച്ചു. ഈ അഞ്ചു ഗണങ്ങളേയും ധനാർത്ഥികൾ എരിക്കിൻപൂവുകൊണ്ട് അർച്ചിക്കുന്നു. രോഗശാന്തിക്കും അപ്രകാരംതന്നെ അവരെ പൂജിക്കണം. രുദ്രശുക്ലത്തിൽനിന്നു ജനിച്ച മിഞ്ജികാമിഞ്ജികങ്ങൾ എന്ന മിഥുനത്തെ രണ്ടിനേയും ബാലരുടെ ഹിതത്തിനുവേണ്ടി ഇച്ഛിക്കുന്നവർ എപ്പോഴും വന്ദിക്കണം.

വൃദ്ധികമാർ എന്നറിയപ്പെടുന്ന മർത്ത്യമാംസഭുക്കുകളായ ദേവിമാർ വൃക്ഷജാതകളാകുന്നു. അവരെ പുത്രരുണ്ടാകാൻ ആഗ്രഹിക്കുന്ന ദമ്പതിമാർ അർച്ചിക്കണം. ഇപ്രകാരം പിശാചുക്കൾക്ക് അസംഖ്യം ഗണങ്ങൾ ഉണ്ടായി. കൊടിയോടുകൂടിയ മണിയുടെ സംഭവവും ഹേ, യുധിഷ്ഠിരാ! ഭവാൻ കേൾക്കുക; ഞാൻ പറയാം.

രണ്ടു വൈജയന്തികൾ ഐരാവതത്തിന്റെ രണ്ടു ഘണ്ട(മണി)കളാണ്. അവ വരുത്തി ബുദ്ധിമാനായ ശക്രൻ ഗുഹന്ന് നല്കി. ഒരു ഘണ്ട വിശാഖനും മറ്റേതു സ്കന്ദന്നും നല്കി. പതാക കാർത്തികേയന്നും ലോഹിത വിശാഖന്നും നല്കി. ദേവകൾ നല്കിയ കളിക്കോപ്പുകൾകൊണ്ട് മഹാബലനും, മഹാസേനനുമായ ദേവൻ കളിക്കുന്നു. അവൻ ദേവപിശാചന്മാർ ചേർന്ന് ശ്രീയോടുകൂടി ഉജ്ജ്വലിച്ച് കാഞ്ചനപർവ്വതത്തിൽ ശോഭിച്ചു. ആ വീരനാൽ ശുഭമായ കാനനങ്ങളോടുകൂടിയ ആ ശൈലം, അംശുമാനാൽ മന്ദരപർവ്വതം എന്നപോലെ ശോഭിച്ചു.

പൂവിട്ടുനില്ക്കുന്ന സന്താനതരുക്കളും കരവീരവനങ്ങളും പാരിജാതവനങ്ങളും ജപാശോകവനങ്ങളും കടമ്പിൻകൂട്ടങ്ങളും ദിവ്യമായ പലതരം മൃഗങ്ങളും പക്ഷിക്കൂട്ടങ്ങളുമായി ശ്വേതപർവ്വതം ശോഭിച്ചു. അവിടെ നാനാദേവവർഗ്ഗങ്ങളും, ദേവർഷിമാരും കടൽപോലെ ഇരമ്പുന്ന ദേവഭേരീവാദ്യം മുഴക്കുന്ന ദിവ്യഗന്ധർവ്വന്മാരും കൂത്താടുന്ന അപ്സരസ്ത്രീകളും ചേർന്ന് ഹർഷിക്കുന്ന ഭൂതങ്ങളുടെ ആരവങ്ങളോടെ ആഹ്ളാദിച്ചു. ശ്വേതാദ്രിയിൽ ഇപ്രകാരം ഇന്ദ്രലോകം സ്കന്ദനെക്കണ്ടു തൃപ്തരായില്ല. വീണ്ടും വീണ്ടും നോക്കിനിന്നു. ഭഗവാനായ പാവകപുത്രന്ന് സേനാപത്യഭിഷേചനം കഴിഞ്ഞ്, ഹരൻ ഭദ്രപടത്തിലേക്ക് സൂര്യാഭമായ തേരിൽക്കയറി ഗൗരിയോടുകൂടി പുറപ്പെട്ടു. ആയിരം സിംഹങ്ങളെ തേരിൽപ്പൂട്ടി കാലചോദിതമായ ആ രഥം വാനിലേക്ക് ഉയർന്നു. അംബരം തിങ്ങുന്നവിധം ചരാചരങ്ങളെ കിടിലം കൊള്ളിച്ചു. ചാരുകേസരങ്ങളോടുകൂടിയ സിംഹങ്ങൾ ആകാശത്തിലേക്ക് അലറിപ്പാഞ്ഞു. ആ തേർത്തട്ടിൽ ശിവൻ ഉമയോടുകൂടി ശോഭിച്ചു. മിന്നലോടുകൂടിയ അർക്കൻ ഇന്ദ്രചാപാഢ്യനായി കാർമേഘത്തിൽ കയറിപ്പോകുന്നതുപോലെ ശോഭിച്ചു. ആ മഹാദേവന്റെ മുന്നിലായി ഗുഹ്യകാർച്ചിതനായി നരവാഹനനായ ഭഗവാൻ വിത്തേശൻ രമ്യമായ പുഷ്പകവിമാനത്തിൽ കയറിപ്പോകുന്നു.

ദേവന്മാരോടുകൂടി ഇന്ദ്രൻ ഐരാവതത്തിന്റെ പുറത്തുകയറി വരദനായ വൃഷഭധ്വജദേവനെ പിൻതുടർന്നു. മാലചാർത്തുന്നവനായ യക്ഷരക്ഷകനും, ജൃംഭകാഢ്യനും, അലംകൃതനും, അമോഘനുമായ മഹായക്ഷൻ യാത്രയിൽ വലത്തുവശത്തും നടക്കുന്നു. അവന്റെ വലത്തുവശത്തായി ചിത്രയോധികളായ വാനവർ ഗമിക്കുന്നു. അവരോടുകൂടി രുദ്രന്മാരും, വസുക്കളും നടക്കുന്നു. മൃത്യുവോടൊത്തു ഭീഷണാകൃതിയായ യമനും, ചുറ്റും ചുഴലുന്ന വിധം ഘോരവ്യാധിഗണങ്ങളോടുകൂടി ഭീഷണാകൃതിയായ മൃത്യുവും അകമ്പടി സേവിക്കുന്നു. യമന്റെ പിറകിലായി തീക്ഷ്ണമായ ത്രിശിഖവും, അതിന്റെ പിന്നിൽ രുദ്രന്റെ വിജയം എന്ന ശൂലവും അതിഭംഗിയിൽ പോകുന്നു. അതിന്നു പിന്നിലായി ഉഗ്രപാശനായ വരുണഭഗവാൻ ജലജന്തുക്കളോടുകൂടി മെല്ലെമെല്ലെ പോകുന്നു. വിജയത്തിന്റെ പിമ്പെ രുദ്രന്റെ പട്ടസവും പോകുന്നു. പട്ടസത്തെ പിൻതുടർന്നു ഗദാമുസലങ്ങളായ മുഖ്യായുധങ്ങളും അതിനെ പിൻതുടർന്ന് മഹാപ്രഭമായ രൗദ്രച്ഛത്രവും പോകുന്നു. അതിന്റെ പിമ്പെ മുനിഗണങ്ങൾ കമണ്ഡലു സേവിക്കുന്നു. അതിന്റെ വലത്തുവശത്തായി ഭംഗിയിൽ പോകുന്ന ദണ്ഡും ശോഭിക്കുന്നു. ഭൃഗു, അംഗിരസ്സ് മുതലായവർ ചേർന്ന് വാനോരുടെ പൂജയുമേറ്റ് ഇവയുടെ പിറകെ രുദ്രന്റെ തേരിൽ അമർന്ന് ആ ദേവസേനാനിയും ദേവകൾക്കെല്ലാം ഭാസ്സു

digitized by www.sreyas.in

കൊണ്ട് ഹർഷം വളർത്തുന്നവനായി പോകുന്നു. ഋഷിമാരും, ദേവകളും, ഗന്ധർവ്വരും, അഹിമുഖ്യന്മാരും, നദികളും, ഹ്രദങ്ങളും, സമുദ്രങ്ങളും, അപ്സരസ്ത്രീകളും, ഗ്രഹനക്ഷത്രജാലങ്ങളും, ദേവന്മാരുടെ മക്കളും, രുദ്രന്റെ പിമ്പെ സ്ത്രീകളും പലവിധം മോടിയിൽ പോകുന്നു. സുന്ദരാംഗികളായ അവർ പുഷ്പവൃഷ്ടി പൊഴിച്ചുകൊണ്ടിരിക്കുന്നു. പിനാകിയെ കൈവണങ്ങി പർജ്ജന്യം പിൻതുടരുന്നു. തലയ്ക്കുമീതെ ചന്ദ്രൻ വെൺകൊറ്റക്കുട പിടിച്ചു. അഗ്നിയും വായുവും അപ്പോൾ വെൺചാമരം വീശി നിന്നു. അവന്റെ പിറകെ ശ്രീമാനായ വാസവനും പോകുന്നു. എല്ലാ രാജർഷികളും ചേർന്ന് ഈശനെ സ്തുതിക്കുന്നു. ഗൗരി, വിദ്യ, ഗാന്ധാരി, കേശിനി, മിത്ര, സാവിത്രി ഇവർ ചേർന്ന് പാർവ്വതിയുടെ പിറകെ യാത്രചെയ്യുന്നു. കവിപുംഗവന്മാർ തീർത്ത എല്ലാ വിദ്യകളും കവിതകളും പിറകെ നടന്ന് അമരന്മാരോടുകൂടിയ ഇന്ദ്രനും ചമൂമുഖത്തിൽ പാടി വാഴ്ത്തുന്നു.

കൊടിപിടിച്ചു മുമ്പേ രാക്ഷസഗ്രഹം പോകുന്നു. രുദ്രന്റെ സഖി എപ്പോഴും ശ്മശാനത്തിൽ പണിയെടുക്കുന്നവനാണ്. പിംഗളനെന്നുപേരായ യക്ഷരാജാവ് ലോകത്തിന്ന് ആനന്ദം വളർത്തുന്നവനാണ്. ഇവരോടൊപ്പം ആ ദേവൻ യഥാസുഖം പോകുന്നു. മുൻപിലും പിൻപിലും കാണാത്തവിധം അവന്റെ ഗതി നിത്യയാണ്. സൽക്കർമ്മത്താൽ മർത്ത്യർ ഈ രുദ്രദേവനെ സേവചെയ്യുന്നു. ശിവൻ എന്നു പറയുന്ന അവനീശ്വരൻ പിതാമഹനായ രുദ്രനാണ്. നാനാപ്രകാരഭാവംകൊണ്ട് മഹേശനെ പൂജിക്കുന്നു. ദേവസേനകളോടുകൂടിയ കൃത്തികാസുതനായ ദേവസേനാപതി ദേവേശന്റെ പിന്നിലായി പോകുന്നു. ഈ സന്ദർഭത്തിൽ മഹേശ്വരൻ മഹാസേനനോട് മഹത്തായ ഒരു വാക്യം പറഞ്ഞു:

'സപ്തമം മാരുതസ്കന്ധം
രക്ഷിക്കൂ ശ്രദ്ധയോടുനീ.'

സ്കന്ദൻ പറഞ്ഞു:

'സപ്തമം മാരുതസ്കന്ധം
പ്രഭോ രക്ഷിപ്പതുണ്ടു ഞാൻ.
മറ്റെന്തുവേണമെന്നാലും
ചെയ്യാം കല്പിക്കണേ ഭവാൻ!'

രുദ്രൻ പറഞ്ഞു: 'ഹേ, പുത്രാ! എല്ലാ കാര്യത്തിലും എന്നെ എപ്പോഴും കണ്ടുകൊള്ളുക. എന്റെ ദർശനത്താലും ഭക്തിയാലും നിനക്കു പരമമായ ശ്രേയസ്സു ലഭിക്കും.'

മാർക്കണ്ഡേയൻ പറഞ്ഞു: "എന്നു പറഞ്ഞ് അവനെ ആശ്ലേഷിച്ച് മഹേശ്വരൻ വിട്ടയച്ചു. സ്കന്ദനെ വിട്ടസമയത്ത് ഉല്ക്കടമായ അത്ഭുതമുണ്ടായി. ഉടനെ ദേവന്മാർപോലും മോഹിച്ചുപോയി. നക്ഷത്രത്തോടുകൂടി ഗഗനം ജ്വലിച്ചു. ലോകം ഭയപ്പെട്ടുപോയി. ഇരമ്പവും ഭൂകമ്പവുമുണ്ടായി. ഉലകൊക്കെ പെട്ടെന്ന് ഇരുട്ടിലായി. ഘോരമായ ഈ നിമിത്തം കണ്ട് ഈശന്ന് ഉൾക്ഷോഭമുണ്ടായി. മഹാഭാഗയായ പാർവ്വതിയും, ദേവന്മാരും, മുനിമാരും എല്ലാവരും ഉഴന്നുപോയി. അപ്പോൾ ശൈലമേഘസങ്കാശമായി നാനാസ്ത്രങ്ങളുമേന്തി ഭയങ്കരമായ പെരുംപടയെ കണ്ടു.

ഘോരമായ ആ പെരുംപട പല ഭീഷണികളും പറഞ്ഞു വാനോരുടെനേരെയും ശിവന്റെ നേരേയും പാഞ്ഞടുത്തു. അവർ ആ സൈന്യത്തിൽ അസംഖ്യം ബാണങ്ങൾ പൊഴിച്ചു. ശതഘ്നി, പർവ്വതം, പ്രാസം, ഗദ, പരിഘം മുതലായ ഭീഷണമായ ആയുധങ്ങൾ ഏറ്റപ്പോൾ വിബുധന്മാരുടെ പട ക്ഷണംകൊണ്ട് ഒക്കെ പിൻതിരിഞ്ഞ് ഓടുവാൻ തുടങ്ങി. ആന, ആൾ, അശ്വങ്ങൾ എന്നിവയൊക്കെ അറ്റ് ചക്രങ്ങൾ മുറിഞ്ഞു തെറിച്ചു. ഇങ്ങനെ ദാനവന്മാരാൽ പീഡിപ്പിക്കപ്പെട്ട ദേവസൈന്യം വിമുഖമായി അസുരന്മാർ വധിക്കുവാൻ തുടങ്ങിയപ്പോൾ തീപിടിച്ച കാടുകളിൽ മരങ്ങൾ വെന്തുവീഴുംപോലെ എല്ലാം വീഴുവാൻ തുടങ്ങി. തലയും മെയ്യും അറ്റു ദേവകൾ ഓടുവാൻ തുടങ്ങി. ഭയങ്കരമായ യുദ്ധത്തിൽ മുടിഞ്ഞ സേനകൾ നാഥനില്ലാതെ ഉഴന്നു.

ആ പെരുംപട ഓടുന്നതുകണ്ട് ദേവനായ പുരന്ദരൻ ദൈത്യപീഡയാൽ ദുഃഖിക്കുന്നവർക്ക് ആശ്വാസം നല്കുമാറ് ഇപ്രകാരം പറഞ്ഞു: 'ഹേ, ദേവകളേ! നിങ്ങൾ ഭയപ്പെടരുത്. നമുക്കു നന്മ വരും. ശൂരന്മാരേ! നിങ്ങൾ ആയുധം എടുക്കുവിൻ! വിക്രമിക്കുവാൻ ഉദ്യമിക്കുവിൻ! നിങ്ങൾ ഒരിക്കലും സങ്കടപ്പെടരുത്. ഘോരന്മാരും ദുഷ്ടന്മാരുമായ അസുരന്മാരോടു പോരാടി ജയിക്കുവിൻ! എന്റെ ഒപ്പം നിന്നു ദാനവരിൽ പാഞ്ഞുചെല്ലുവിൻ! നിങ്ങൾക്കു ശുഭം വരും!'

ഇന്ദ്രന്റെ വാക്കുകേട്ട് തെല്ല് ആശ്വസിച്ചു ദേവകൾ ഇന്ദ്രനെ ഗതിയായിക്കണ്ട് ദൈത്യരോടു പോരാടി. ദേവന്മാരും ശക്തരായ മരുത്തുക്കളും എല്ലാവരും യോഗ്യരായ സാദ്ധ്യരും, വസുക്കളും ഒപ്പം എതിർത്തു. അവർ ക്രോധത്തോടെ ദേവകളിൽ അസ്ത്രം വിട്ടു. ദൈത്യദേഹത്തിലെ രക്തം അവരുടെ അമ്പുകൾ പാനം ചെയ്തു. ദൈത്യശരീരങ്ങൾ പിളർന്നു കൂർത്ത ബാണങ്ങൾ നഗങ്ങൾ വിട്ട സർപ്പങ്ങൾ പോലെ എല്ലായിടത്തും പതിക്കുവാൻ തുടങ്ങി. അമ്പുകൊണ്ടു പിളർന്ന ദൈത്യശരീരങ്ങൾ മുറിഞ്ഞു മഴക്കാറുകൾപോലെ അദ്രിമേൽ ചെന്നുവീണു. പോരിൽ ദേവഗണം ഭയപ്പെടുത്തുന്ന ദാനവപ്പട പല ബാണങ്ങൾ ഏറ്റു ദേഹം മുറിഞ്ഞു പിൻതിരിഞ്ഞു. അപ്പോൾ അസ്ത്രങ്ങൾ ഉയർത്തി ആർത്തു ദേവകൾ ആഹ്ലാദിച്ചു. മന്ദ്രവാദ്യങ്ങൾ മുഴക്കി. ഇങ്ങനെ തമ്മിൽ കലർന്ന് ഏറ്റവും ഉൽക്കടമായ രണം ഉണ്ടായി. വാനവരുടേയും ദൈത്യന്മാരുടേയും രക്തമാംസങ്ങൾ അരഞ്ഞു യുദ്ധക്കളം ചളിപ്രായമായി.

ഉടനെ ദേവന്മാരുടെ ഇടയിൽക്കയറി അക്രമം നടത്തുന്നതായി കണ്ടു. അപ്രകാരംതന്നെ ഘോരദൈത്യന്മാർ ദേവസമൂഹത്തെ ഹനിക്കുകയാണ്. അപ്പോൾ ഭേരീതൂര്യങ്ങളുടെ ഗംഭീരമായ ധ്വനി ഉയർന്നു. അതോടിടചേർന്നു ദാനവരുടെ സിംഹനാദങ്ങളും മുഴങ്ങി. ഘോരമായ ദൈത്യസൈന്യത്തിൽനിന്നു മഹാബലനായ മഹിഷാസുരൻ ഇറങ്ങി. ആ ദാനവേന്ദ്രൻ കൈയിൽ ഒരു മഹാശൈലം എടുത്തിരിക്കുന്നു. മേഘങ്ങൾ ചുഴന്ന അർക്കനെപ്പോലെ മഹിഷാസുരന്റെ ശൈലമേന്തിക്കൊണ്ടുള്ള വരവുകണ്ടു ദേവകൾ ഭയപ്പെട്ട് ഓടുവാൻ തുടങ്ങി. മഹിഷൻ പാഞ്ഞുചെന്നു ദേവന്മാരുടെ നേരെ ആ മഹാശൈലം എറിഞ്ഞു. ആ ഘോരമായ മല ചെന്നുവീണ് ദേവസൈന്യത്തിൽ പതിനായിരംപേർ മരിച്ചു ഭൂമിയിൽ വീണു. ദൈത്യന്മാരോടുകൂടി മഹിഷൻ പിന്നേയും ദേവവീരന്മാരിൽ, സിംഹം ക്ഷുദ്രമൃഗൗഘത്തിലെന്നപോലെ, പാഞ്ഞുകയറി. പാഞ്ഞടുക്കുന്ന മഹിഷാസുരനെക്കണ്ട് ഇന്ദ്രാദികളായ ദേവന്മാർ ശസ്ത്രവും കൊടിയുംവിട്ട് രണാങ്കണത്തിൽനിന്നും പ്രാണനുംകൊണ്ട് ഓട്ടമായി.

ഇങ്ങനെ ദേവന്മാർ ഓടുന്നതുകണ്ടപ്പോൾ മഹിഷൻ ക്രുദ്ധനായി രുദ്രന്റെ രഥത്തിന്നുനേരെ പാഞ്ഞുചെന്നു. അവൻ രുദ്രന്റെ തേരിന്റെ കൂബരം (രഥത്തിന്റെ നുകത്തിന്റെ തണ്ട്) ചാടിപ്പിടിച്ചു. രുദ്രന്റെ തേരിൽ മഹിഷൻ പാഞ്ഞണഞ്ഞ സമയത്ത് ആകാശവും ഭൂമിയും ഭയപ്പെട്ട് അലറി. മഹർഷികൾ മോഹിച്ചു. ഭയങ്കരന്മാരായ ദൈത്യന്മാർ ഭയാനകമായി ഇടിവെട്ടുംവണ്ണം അട്ടഹസിച്ചു. 'ഞങ്ങൾ ജയിച്ചു' എന്ന് അവർ ഉള്ളിൽ ഉറച്ചു. ആ സമയത്ത് ആ മഹിഷനെ ഭഗവാൻ അടിക്കുകയും ആ ദുഷ്ടന്റെ കാലനായ സ്കന്ദനെ സ്മരിക്കുകയും ചെയ്തു.

രൗദ്രനായ മഹിഷൻ രുദ്രരഥത്തിന്നുനേരെ ഭീഷണമായി ആർത്തു. വാനോർ ഭയപ്പെടുകയും ദാനവന്മാർ സന്തോഷിക്കുകയും ചെയ്യുന്നവിധം അവന്റെ അട്ടഹാസം മുഴങ്ങി. ദേവകൾക്ക് അപ്രകാരം ഒരു വിപത്തുണ്ടായപ്പോൾ ഉടനെ സൂര്യനെപ്പോലെ ഉജ്ജ്വലിക്കുന്ന ഗുഹൻ അവിടെ എത്തി.

ചുവന്ന പട്ടും രക്തമാലാഭൂഷണവുമായി ഗുഹൻ അവിടെ എത്തി. ലോഹിതാശ്വനും, മഹാബാഹുവും, പൊൻചട്ടയണിഞ്ഞവനും, പ്രഭുവുമായ ഗുഹൻ പൊൻനിറത്താൽ സൂര്യകാന്തിയേന്തുന്ന രഥത്തിൽ കയറി അവിടെ എത്തി. അവനെ കണ്ട ഉടനെ ദൈത്യസേന ഭയപ്പെട്ട് ഓടാൻ തുടങ്ങി. മഹാബലനായ മഹാസേനൻ ജ്വലിച്ചു. മഹിഷന്റെ ദേഹം പിളർക്കുമാറു വേൽ

digitized by www.sreyas.in

ചാട്ടി. അതുചെന്ന് മഹിഷന്റെ ശിരസ്സറുത്തു. തലവേർപെട്ട് മഹിഷൻ ഭൂമിയിൽ ചത്തുവീണു. ആ ശിരസ്സു പതിനാറുയോജന ദൂരെ ചെന്നുവീണു. പർവ്വതംപോലെ ആ ശിരസ്സ് മാർഗ്ഗം അടച്ചുകളഞ്ഞു. അതുകൊണ്ട് ആ മാർഗ്ഗം അഗമ്യമായി. അതിൽപ്പിന്നെ യഥാസുഖം ജനങ്ങൾ ഉത്തരകുരുരാജ്യത്തേക്കു പോകാറില്ല.

വേലുചാട്ടുമ്പോൾ പോകുന്നവഴിക്കുതന്നെ അനവധി ദൈത്യന്മാരെ സംഹരിച്ചു. ആ വേൽ വീണ്ടും സ്കന്ദന്റെ കൈയിൽ മടങ്ങിയെത്തുന്നതുവരെ ദേവാസുരവ്രജം കണ്ടു. അമ്പെയ്തു മിക്കവരേയും ബുദ്ധിമാനായ ഗുഹൻ കൊന്നു. മറ്റുള്ള ഘോരദൈത്യന്മാരൊക്കെ പേടിച്ചുഴറി ഓടി. സ്കന്ദന്റെ പാരിഷദന്മാർ അസംഖ്യം ദൈത്യന്മാരെ കൊന്നുതിന്നു. അവർ ദാനവന്മാരെ തിന്നുകയും ധാരാളം രക്തം കുടിക്കുകയും ചെയ്തു. ബഹുരസമായി അവരുടെ തീറ്റയും കുടിയും! അവർ സകല ദൈത്യരേയും തിന്ന് ലോകം ദൈത്യന്മാർ ഇല്ലാത്തമട്ടിലാക്കിത്തീർത്തു.

സൂര്യൻ ഇരുട്ടിനെ എന്നപോലെ, അഗ്നി വൃക്ഷത്തെയെന്നപോലെ, മേഘത്തെ കാറ്റ് എന്നപോലെ, സ്കന്ദൻ ശത്രുഗണത്തെ സ്വന്തം വീര്യംകൊണ്ടു ജയിച്ചു കീർത്തിമാനായി. വാനവന്മാരുടെ സ്തുതികൾക്കിടയിൽ സ്കന്ദൻ മഹേശനെ കൈവണങ്ങി. അങ്ങനെ കൃത്തികാപുത്രൻ ഭാനുമാനായ അർക്കനെപ്പോലെ ശോഭിച്ചു. ശത്രുക്കളെക്കൊന്ന് ഗുഹൻ മഹേശ്വരന്റെ പാർശ്വത്തിൽ ചെന്നപ്പോൾ സ്കന്ദനെ തഴുകിക്കൊണ്ട് ഇന്ദ്രൻ പറഞ്ഞു: 'ബ്രഹ്മാവിന്റെ വരം വാങ്ങിയവനായ മഹിഷനെ ഭവാൻ കൊന്നു. ഈ അസുരന്ന് ദേവന്മാർ തൃണപ്രായരായിരുന്നു. നീ അവനെ ജയിച്ചു! മഹാബാഹോ! ഭവാൻ ആ ദേവദ്രോഹിയെ കൊന്നു. മഹിഷനെപ്പോലെയുള്ള നൂറു ദൈത്യന്മാരേയും ഭവാൻ യുദ്ധത്തിൽ സംഹരിച്ചുകളഞ്ഞു. ഞങ്ങൾക്ക് ഇണ്ടലുണ്ടാക്കിക്കൊണ്ടിരുന്ന ദേവാരിവീരന്മാരെയെല്ലാം ഭവാൻ കൊന്നു. ഭവാന്റെ അനുയായികൾ കൂട്ടത്തോടെ ദൈത്യന്മാരെയൊക്കെയും തിന്നുതീർത്തു. പോരിൽ ശത്രുക്കൾക്ക് അജയ്യനായ ഉമേശനെപ്പോലെ നീ സർവ്വദൈത്യരേയും നശിപ്പിച്ചുകളഞ്ഞു. ഇതു ഭവാന്റെ പ്രഥമകർമ്മമായി ദേവകൾ എന്നും പുകഴ്ത്തും. മൂന്നുലോകത്തിലും ഭവാനു ക്ഷയിക്കാത്ത കീർത്തിയുണ്ടാകും. ഹേ, മഹാഭുജാ! ഭവാന്റെ പാട്ടിൽ ദേവകളൊക്കെ നില്ക്കുന്നതാണ്.

സ്കന്ദനോട് ഇപ്രകാരം പറഞ്ഞ് എല്ലാ ദേവഗണത്തോടുംകൂടി മുക്കണ്ണനായ ഭഗവാന്റെ സമ്മതത്തോടുംകൂടി വാസവൻ മടങ്ങി. രുദ്രൻ ഭദ്രവടത്തിലെത്തി. ദേവകൾ വിട്ടുപോരികയും ചെയ്തു. 'സ്കന്ദൻ ഞാനാണ് എന്നു നിങ്ങൾ ഓർത്തുകൊള്ളുവിൻ' എന്ന് രുദ്രൻ ദേവകളോടു പറയുകയും ചെയ്തു.

ദൈത്യവർഗ്ഗങ്ങളെ കൊന്നു മുനിമാരുടെ പൂജയേറ്റ് ഗുഹൻ ഒരു പകൽകൊണ്ടു മൂന്നുലോകത്തേയും ജയിച്ചു. മനസ്സിരുത്തി ഈ സ്കന്ദജന്മം ചൊല്ലുന്നവനായ ഭൂസുരൻ ഇഹലോകത്തിൽ പുഷ്ടിയോടെ ഇരിക്കുകയും അനന്തരം ഗുഹസാലോക്യം പ്രാപിക്കുകയും ചെയ്യും."

232. ആംഗിരസം – കാർത്തികേയസ്തവം – യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ മൂന്നുലോകത്തിലും പുകഴ്ന്ന മഹാത്മാവായ ഗുഹന്റെ നാമങ്ങൾ എല്ലാം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "മുനിമാരുടെ മദ്ധ്യത്തിൽവെച്ച് യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞപ്പോൾ ഭഗവാനായ മാർക്കണ്ഡേയമുനി ഇങ്ങനെ പറഞ്ഞു:

മാർക്കണ്ഡേയൻ പറഞ്ഞു: 'ഹേ, യുധിഷ്ഠിരാ!, ഗുഹന്റെ പവിത്രനാമങ്ങൾ ഞാൻ പറയാം; മനസ്സുവെച്ചു കേൾക്കുക. ആഗ്നേയൻ, സ്കന്ദൻ, ദീപ്തകീർത്തി, അനാമയൻ, മയൂരകേതു, ധർമ്മാത്മാവ്, ഭൂതേശൻ, മഹിഷാർദ്ദനൻ, കാമജിത്ത്, കാമദൻ, കാന്തൻ, സത്യവാക്ക്, ഭുവനേശ്വരൻ, ശിശുശീഘ്രൻ, ശുചി, ചണ്ഡൻ, ദീപ്തവർണ്ണൻ, ശുഭാനനൻ, അമോഘൻ, അനഘൻ, രൗദ്രൻ, പ്രിയൻ, ചന്ദ്രാനനൻ, പ്രശാന്താത്മാവ്, ദീപ്തശക്തി, ഭദ്രകൃത്ത് , കുടമോഹനൻ, ഷഷ്ഠീപ്രിയൻ, പവിത്രൻ, മാതൃവത്സലൻ, കന്യാഭർത്താ, വിഭക്തൻ, സ്വാഹേയൻ, രേവതീസുതൻ, വിശാഖൻ, പ്രഭു, നേതാവ്, നൈഗമേയൻ, സുദുശ്ചരൻ, സുവ്രതൻ, ലളിതൻ, ബാലക്രീഡൻ, അകപ്രിയൻ; ഖചാരി, ബ്രഹ്മചാരി, ശൂരൻ, ശരവണോത്ഭവൻ, വിശ്വാമിത്രപ്രിയൻ, ദേവസേനാപ്രിയൻ, വാനുദേവപ്രിയൻ, പ്രിയൻ, പ്രിയകൃത്ത് ഇങ്ങനെ കാർത്തികേയന്റെ ഈ ദിവ്യനാമങ്ങളെ ജപിക്കുന്നവൻ സ്വർഗ്ഗവും കീർത്തിയും സ്വത്തും നേടുന്നതാണ്. അതിൽ യാതൊരു സംശയവുമില്ല.'

ദേവർഷിമാരോടുകൂടി ശക്തിമാനും അതുല്യനുമായ ഗുഹനെ ഞാൻ സ്തുതിക്കുന്നു. ഷഡാനനൻ വീരനും ശക്തിമാനുമാണെന്ന് ഹേ, യുധിഷ്ഠിര! ഭവാൻ ധരിച്ചാലും!

ഹേ, കാർത്തികേയ! ബ്രഹ്മണ്യൻ, ബ്രഹ്മജൻ, ബ്രഹ്മവിത്ത്, ബ്രഹ്മേയൻ, ബ്രഹ്മവാന്മാരിൽ മുഖ്യൻ, ബ്രഹ്മപ്രിയൻ, ബ്രാഹ്മണസുവ്രതൻ, ബ്രഹ്മജ്ഞരായ ബ്രാഹ്മണർക്കൊക്കെ നാഥൻ, ഇങ്ങനെ ഭവാൻ പരമപവിത്രനാണ്. ഭവാൻ മന്ത്രസ്തുതനാണ്. കീർത്തിമാനായ ഷഡർച്ചിസ്സാണ്. ഭവാൻ സംവത്സരമാണ്. ആറ് ഋതുക്കളും ഭവാനാണ്. മാസാർദ്ധവും, മാസായനവും, ദിഗ്ഗണവും നീയാണ്. നീ പുഷ്കരാക്ഷനാണ്; നീ കമലാസ്യനാണ്. നീ സഹസ്രവക്ത്രനാണ്; സുസഹസ്രബാഹുവാണ്. നീ ലോകപാലനാണ്; പരമമായ ഹവിസ്സാണ്. എല്ലാ സുരാസുരന്മാർക്കും നീ ഭാവനനാണ്. നീ തന്നെയാണ് പ്രചണ്ഡനായ സേനാപതി. വിഭുവും പ്രഭുവും സർവ്വവിരോധിജിത്തും നീയാണ്. നീ സഹസ്രഭൂവാണ്. ക്ഷിതിയാണ്, സഹസ്രഭുക്കാണ്, സഹസ്രതുഷ്ടിയാണ്. സഹസ്രശീർഷനും, അനന്തനും, സഹസ്രപാദനും, ശക്തിമാനും ഭവാൻതന്നെയാണ്. ഹേ, ഗുഹാ! ശക്തിമാനായ ഗംഗാസുതനും ഹേ, ദേവാ! സ്വമതം പോലെ എല്ലാം അങ്ങാണ്. സ്വാഹ, മഹീ, കൃത്തിക എന്നിവരുടെ നന്ദനനാകുന്നു നീ. ഹേ, ഷണ്മുഖാ! നീ കുക്കുടത്താൽ ക്രീഡിച്ചു. യഥേഷ്ടം ഓരോ വഴിക്കു നീ കാമരൂപനാണ്. ദക്ഷസോമന്മാരും മരുത്തുക്കളും നീയാണ്. ധർമ്മം, മരുത്ത്, അദ്രീന്ദ്രൻ, ഇന്ദ്രൻ, സനാതനങ്ങൾക്കു ശാശ്വതനും നീയാണ്. പ്രഭുവ്രജത്തിൽ ഘോരചാപനായ പ്രഭുവാണ് നീ. ഋതം ചമയ്ക്കുന്നവനും ദിതിജാന്തകനും നീയാണ്. ശത്രുപ്രമാഥിയും, വിബുധപ്രധാനിയും നീയാകുന്നു. സൂക്ഷ്മവും വിശേഷാൽ പരമവുമായ തപം നീയാകുന്നു. പരാപരം കണ്ടവനായ പരാപരനാണ് നീ. ധർമ്മം, കാമം മുതലായവയെല്ലാം നിന്റെ തേജസ്സാൽ, ഈ ലോകത്തുള്ളതെല്ലാം വിളങ്ങുന്നു. മഹാത്മാവേ! നിന്റെ ശക്തി ലോകം നിറഞ്ഞുനില്ക്കുന്നു. ഹേ, സുരേന്ദ്രാ! ഞാൻ വാഴ്ത്തുന്നു. ഭവാൻ ലോകനാഥനാകുന്നു. ഈരാറു ഭുജങ്ങളും ഈരാറു നേത്രങ്ങളും ഉള്ള ഭവാനെ ഞാൻ നമസ്കരിക്കുന്നു. ഞാൻ മേല്പോട്ടു നിന്റെ ഗതി കാണുന്നില്ല.

മനസ്സുവെച്ച് ഈ സ്കന്ദജന്മം പഠിക്കുന്ന വിപ്രന്നും, വിപ്രന്മാരെ ചൊല്ലിക്കേൾപ്പിക്കുന്നവന്നും വിപ്രന്മാർ ചൊല്ലിക്കേൾക്കുന്നവന്നും വിത്തവും, ആയുസ്സും, നല്ല കീർത്തിയുമുണ്ടാകും. സന്താനങ്ങളെ നേടും; ശത്രുക്കളെ ജയിക്കും. പുഷ്ടിയും, തുഷ്ടിയും നേടും; സ്കന്ദസാലോക്യത്തെ പ്രാപിക്കുകയും ചെയ്യും."

ദ്രൗപദീസത്യഭാമാസംവാദപർവ്വം

233. ദ്രൗപദീകർത്തവ്യോപദേശം – വൈശമ്പായനൻ പറഞ്ഞു: "മഹാന്മാരായ പാണ്ഡവന്മാരും വിപ്രന്മാരും ചേർന്നു സംഭാഷണം നടന്നുകൊണ്ടിരിക്കെ, പാഞ്ചാലിയും സത്യഭാമയും ഒന്നിച്ച് അകത്തിരുന്നു പല രസങ്ങളും പറഞ്ഞു വിനോദിക്കുകയായിരുന്നു. അവർ ചിരിക്കുകയും പരസ്പരം സ്നേഹത്തോടും ആനന്ദത്തോടുംകൂടി സുഖമായി രസിക്കുകയുമായിരുന്നു. വളരെനാളായി കാണാതിരുന്നതുകൊണ്ട് ഇഷ്ടങ്ങൾ

digitized by www.sreyas.in

പലതും അവർക്കു പരസ്പരം പറയുവാനുണ്ടായിരുന്നു. കുരുക്കളേയും, യാദവരേയും സംബന്ധിക്കുന്ന പല വർത്തമാനങ്ങളും അവർ പറഞ്ഞ് ഇരുന്നു.

പിന്നെ കൃഷ്ണന്റെ ഇഷ്ടവല്ലഭയും, സത്രാജിത്തിന്റെ പുത്രിയും, സുഭഗയുമായ സത്യഭാമ ഇപ്രകാരം ഗൂഢമായി ദ്രൗപദിയോടു ചോദിച്ചു: 'പാർഷതീ, ഞാൻ ഒന്നു ചോദിക്കുന്നു! പാണ്ഡവന്മാരിൽ നീ ഏതു വൃത്തത്തിലാണു നില്ക്കുന്നത്? ലോകപാലകന്മാരെപ്പോലെ യോഗ്യന്മാരായ യുവാക്കളെ യോജിപ്പിച്ചു നീ എങ്ങനെ നിർത്തുന്നു? ശോഭനേ! അവർ പരസ്പരം കോപിക്കാതെ എങ്ങനെയാണു നിന്റെ പാട്ടിൽ നില്ക്കുന്നത്? അവർ എപ്പോഴും നിന്നിൽ വശ്യരായിക്കാണുന്നുവല്ലോ! ഹേ, പ്രിയദർശനേ! നിന്റെ മുഖം എല്ലാവരും നോക്കുന്നു! എന്താണ് ഇതിന്റെ തത്ത്വം? പറയൂ. വ്രതശക്തികൊണ്ടാണോ? തപഃശക്തികൊണ്ടാണോ? സ്നാനം, മന്ത്രം, ഔഷധിവിലാസം, വിദ്യാവീര്യം, മൂലവീര്യം, ജപം, ഹോമം, ഔഷധങ്ങൾ ഇങ്ങനെയൊക്കെയുണ്ടല്ലോ. ഇവയിൽ ഏതുകൊണ്ടാണ് ഭവതി ഈ വീരന്മാരെയൊക്കെ പാട്ടിൽ നിർത്തുന്നത്? യശസ്യവും, സൗഭഗായനവുമായ ആ രഹസ്യം പാഞ്ചാലീ, നീ എന്നോടു പറയൂ. എന്നാൽ എനിക്കും ഈ കൃഷ്ണൻ അധീനത്തിൽ നില്ക്കുമല്ലോ!'

ഇപ്രകാരം പറഞ്ഞ് സത്യഭാമ മൗനമായി ഇരുന്നു. മഹാഭാഗയും പതിവ്രതയുമായ പാർഷതി അവളോടു പതുക്കെ മറുപടി പറഞ്ഞു.

ദ്രൗപദി പറഞ്ഞു: "ഹേ, സത്യഭാമേ! നീ ചോദിച്ച ഈ ചോദ്യം നിനക്കു യോജിച്ചതല്ല. അസദ്വൃത്തരായ സ്ത്രീകൾക്കു ചേർന്ന ചോദ്യമാണ് നീ ചോദിച്ചത്. ദുഷ്ടാചാരമാർഗ്ഗത്തിലുള്ള പ്രസംഗംതന്നെ നിനക്കുചേർന്നതാണോ? ഇപ്രകാരമുള്ള ദുശ്ചോദ്യമോ, സംശയമോ നിനക്ക് ഒരിക്കലും ചേർന്നതല്ല. അങ്ങനെ ശുദ്ധമായുള്ള ബുദ്ധിയുള്ളവളും കൃഷ്ണന്റെ പ്രിയവല്ലഭയുമാണ് നീ. മന്ത്രമൂലങ്ങളും കൂടപ്രയോഗങ്ങളുമുള്ളവളാണ് പെണ്ണെന്ന് അറിഞ്ഞാൽ ഭർത്താവ് അവളെ വീട്ടിൽ വാഴുന്ന സർപ്പത്തെപ്പോലെ ഭയപ്പെടും. ഭയപ്പെട്ടാൽ ശാന്തി ലഭിക്കുമോ? ശാന്തിയില്ലാത്തവൻ എങ്ങനെ സുഖിക്കും? ഒരു കാലത്തും മന്ത്രംകൊണ്ടു വരൻ സ്ത്രീക്കു വശ്യപ്പെടുകയില്ല.

ശത്രുതകൊണ്ടു ഘോരമായ രോഗങ്ങളുണ്ടാക്കിവിടും. മൂലപ്രചാരത്താൽ കൊല്ലാൻവേണ്ടി വിഷവും കൊടുക്കും. നാവുകൊണ്ടോ ത്വക്കുകൊണ്ടോ അത് ഏല്ക്കുന്ന പുമാൻ കഷ്ടത്തിലാകും. വിഷദ്രാവകാദികളിൽ കൊടുക്കുന്ന ചൂർണ്ണങ്ങൾ ഉടനെ മുടിക്കുകയും ചെയ്യും. അതു തീർച്ചയാണ്. തന്മൂലം മഹോദരം ചിലർക്കുണ്ടാകും. ചിലർക്കു പാണ്ടുപറ്റും, ചിലർ നരയ്ക്കും. പുരുഷത്വം നശിക്കും, ജഡന്മാരാകും, അന്ധരാകും, ബധിരത്വം പറ്റും. സ്ത്രീകൾമൂലം ഈവകയൊക്കെ സംഭവിക്കും. ഭർത്തൃദോഷം ചെയ്യുന്ന സ്ത്രീകൾ പാപവൃത്തകളായി പാപിനികളാകും. ഒരിക്കലും നാരി ഭർത്താവിന്ന് അപ്രിയം ചെയ്യരുത്.

ഹേ, യശസ്വിനിയായ സത്യഭാമേ! യോഗ്യരായ പാണ്ഡവന്മാരിൽ ഞാൻ വർത്തിക്കുന്ന വൃത്തിയെ സത്യമായി ഒക്കെ നിന്നോടു പറയാം.

അഹങ്കാരവും കാമക്രോധങ്ങളും കൂടാതെ ശുദ്ധിയോടുകൂടി സഭാര്യരായ പാണ്ഡുപുത്രന്മാരെ ഞാൻ ഉപചരിക്കുന്നു. ഈർഷ്യയെ സംഹരിച്ച് ആത്മാവിനെ ആത്മാവിൽ നിർത്തി ഗർവ്വുകൂടാതെ, പതിമാരുടെ മനസ്സു പാർത്തു ഞാൻ ശുശ്രൂഷിക്കുന്നു. ഞാൻ ദുർവാക്കു പറയുകയില്ല. അവരോടു ദുർന്നിലയില്ല. ദുർന്നോട്ടവുമില്ല. ദുരാസിതം, ദുർന്നടപ്പ്, ഇംഗിതാക്ഷേപം ഇവയില്ല. ഇങ്ങനെ സൂര്യാഗ്നി സദൃശന്മാരും, ഉഗ്രവീര്യന്മാരും, പ്രതാപികളും, ചക്ഷുർഹന്താക്കളും (നോട്ടംകൊണ്ടുതന്നെ ശത്രുക്കളെ കൊല്ലുന്നവർ) ആയ പാണ്ഡവന്മാരെ ഞാൻ സേവിച്ചുപോരുന്നു. ദേവമാനുഷഗന്ധർവ്വന്മാരായ ഏതു യുവാവും, അലംകൃതനും, സുന്ദരനും, ധനവാനുമായ ഏതു യുവാവും അന്യനാണെങ്കിൽ അവനെ പുരുഷനായി ഞാൻ ചിന്തിക്കുകയില്ല. ഭർത്താവ് ഉണ്ണാതെ ഞാൻ ഉണ്ണുന്നതല്ല. ഭർത്താവു കുളിക്കാതെ ഞാൻ കുളിക്കുന്നതല്ല. ഭർത്താവു കിടക്കാതെ ഞാൻ കിടക്കുന്നതല്ല. ഭൃത്യരിൽപ്പോലും ഞാൻ അങ്ങനെയാണ്. ഭൃത്യന്മാർക്കു നല്കാതെ ഞാൻ ഭക്ഷിക്കയില്ല. ക്ഷേത്രം, ഗ്രാമം, കാട് ഇവയിൽനിന്നു ഭർത്താവു മടങ്ങി മന്ദിരത്തിൽ വരുമ്പോൾ ഞാൻ ആദരവോടെ എഴുന്നേറ്റ് ആസനം, വെള്ളം മുതലായവ നല്കി ആദരിക്കും. ശുദ്ധമായ ആഹാരം കഴിക്കുന്നവളും ശുദ്ധമായി ഗൃഹോപകരണങ്ങൾ സൂക്ഷിക്കുന്നവളുമാണ് ഞാൻ. കാലേതന്നെ, സമയം വൈകാതെ ഭക്ഷണം നല്കും. ധാന്യം സൂക്ഷിച്ച് അടച്ചുവെക്കുകയും ഗൃഹം വൃത്തിയായി വെക്കുകയും ചെയ്യും. ചീത്തവാക്കു പറയുകയില്ല. ദുഷ്ടസ്ത്രീകളുമായുള്ള സംസർഗ്ഗം എനിക്കില്ല. എപ്പോഴും ഭർത്താവിന്ന് അനുകൂലമായിത്തന്നെ ഞാൻ നില്ക്കും. അതിൽ ഞാൻ മടി കാണിക്കയില്ല.

വിനോദം കൂടാതെ വെറുതെ ചിരിക്കുക, വാതില്ക്കൽ നില്ക്കുക, നിരസിച്ചു പൂങ്കാവിൽ ഏറെനേരം നില്ക്കുക ഇതൊക്കെ എനിക്ക് ഇഷ്ടമില്ല. അധികം ചിരിക്കുക, കോപിക്കുക ഇവയൊക്കെ ഞാൻ വർജ്ജിക്കുന്നു. കോപകാര്യങ്ങളും അങ്ങനെതന്നെ. എന്നും ഭക്തിയോടും, ആദരവോടുംകൂടി ഭർത്തൃശുശ്രൂഷചെയ്യുന്നു. എനിക്ക് ഒരിക്കലും ഭർത്തൃവിരഹം പ്രിയമല്ല. ഭർത്താവു വല്ല ഗൃഹകാര്യങ്ങൾക്കും വിട്ടുപോകുമ്പോൾ പുഷ്പാലേപങ്ങൾ ഇല്ലാതെ വ്രതമായി ഞാൻ നില്ക്കുന്നു. ഭർത്താവു കുടിക്കാത്തതൊന്നും ഞാൻ കുടിക്കുകയില്ല. ഭർത്താവു ഭക്ഷിക്കാത്തതൊന്നും ഞാൻ ഭക്ഷിക്കുകയില്ല. ഭർത്താവു സേവിക്കാത്തതൊന്നും ഞാൻ സേവിക്കുകയില്ല. ഉപദേശംപോലെ ഞാൻ ഒതുങ്ങിനില്ക്കുന്നു.

അലങ്കരിച്ചു ശുചിയായിനിന്ന് ഭർത്തൃപ്രിയഹിതസ്ഥയായി, എന്റെ ശ്വശ്രു മുമ്പ് എന്നോട് ഉപദേശിച്ചവിധം ഭിക്ഷയും ബലിയും, വാവിൻനാൾ സ്ഥാലീപാകവും, ഇങ്ങനെ മാന്യമായ ആസനസൽക്കാരങ്ങളും, ഞാൻ അറിയുന്നവിധം, എല്ലാ രാവും പകലും യാതൊരു ഇളവുംകൂടാതെ, സർവ്വാത്മനാ വിനയത്തോടെ, നിയമങ്ങളെ സംശ്രയിച്ചു ചെയ്യാറുണ്ട്.

മൃദുവായി, സത്യപരായണന്മാരായി, സത്യധർമ്മസ്ഥരായി ഇരിക്കുന്ന ഭർത്താക്കന്മാർ ചൊടിച്ചാലും സർപ്പങ്ങളേപ്പോലുള്ള അവരെ ഞാൻ സേവിക്കും. സ്ത്രീകൾക്കു ശാശ്വതമായ ധർമ്മം പതിസംശ്രയമാണെന്നാണ് എന്റെ അഭിപ്രായം. ഭർത്താവു ദേവനാണ്. ഭർത്താവു ഗതിയാണ്. അങ്ങനെയുള്ളവനോട് ആർ അപ്രിയം ചെയ്യും?

ഭർത്താക്കന്മാരെ ഒന്നുംകൊണ്ടും കവിഞ്ഞ് ഞാൻ നില്ക്കുകയില്ല. കവിഞ്ഞ് ഉണ്ണുകയില്ല. കവിഞ്ഞ് അണിയുകയില്ല. ശ്വശ്രുവിനെ (ഭർത്താവിന്റെ അമ്മ) ഞാൻ ദുഷിക്കുകയില്ല. എപ്പോഴും ഞാൻ കീഴിൽ നില്ക്കും. ഹേ, സുഭഗേ! ഞാൻ മനസ്സിരുത്തി നിത്യമായ ഉദ്യമത്താലും, ഗുരുശുശ്രൂഷയാലും എന്റെ പാട്ടിൽ ഭർത്താക്കന്മാർ നില്ക്കുന്നു.

സത്യവതിയും വീരമാതാവുമായ കുന്തിയെ ഞാൻ എല്ലായ്പോഴും പാനം, അശനം, വസ്ത്രം എന്നിവയാൽ പരിചരിക്കുന്നു. ശ്വശ്രുവിനേക്കാൾ കവിഞ്ഞനിലയിൽ വസ്ത്രഭൂഷാശനാദികൾ ഞാൻ ഉപയോഗിക്കയില്ല. ഭൂമിദേവിക്ക് തുല്യയായ ആ പൃഥയെ ഞാൻ കുറ്റം പറയാറുമില്ല. എണ്ണായിരം ബ്രാഹ്മണന്മാർ ധർമ്മപുത്രന്റെ മന്ദിരത്തിൽ, അഗ്രത്തിൽ, പതിവുപോലെ, പൊന്നിൻകിണ്ണത്തിൽ ഊണുകഴിക്കുന്നു. പതിനെണ്ണായിരം ഗൃഹസ്ഥന്മാരും, സ്നാതകന്മാരുമായ ദ്വിജന്മാരും ഊണുകഴിക്കുന്നു. ഒരുത്തന്നു മുപ്പതുദാസിമാർ വീതമുണ്ട്. ഇവരെയൊക്കെ ധർമ്മപുത്രൻ ഭരിക്കുന്നു.

വേറെ നന്നായി പാകംചെയ്ത ഭോജനം ഊർദ്ധ്വരേതസ്സുകളായ യതീന്ദ്രർക്ക് പതിനായിരം പൊൻകിണ്ണങ്ങളിൽ വിളമ്പുവാൻ തയ്യാറാക്കുന്നുണ്ട്. അഗ്രഹാരങ്ങളിൽ വേദവേദികളായ വിപ്രന്മാരെയൊക്കെ യഥാർഹം ഞാൻ പൂജിക്കും. അവർക്കു പാനവസ്ത്രാശനങ്ങൾ ഞാൻ നല്കും. ശ്രേഷ്ഠനായ കുന്തീസു

digitized by www.sreyas.in

തന്ന് നൂറായിരം ദാസികളുണ്ട്. അവരൊക്കെ ശംഖുവളയിട്ടവരും പതക്കം കെട്ടിയവരുമാണ്. നല്ലപൂവു ചൂടിയവരും നിറംകൂടിയ ചന്ദനം പൂശിയവരുമാണ്. പാട്ടും കൂത്തും അറിഞ്ഞവരും, നല്ല പൊന്മണി അണിഞ്ഞവരുമാണ്. അവരുടെയൊക്കെ പേരും ആകൃതിയും, ഊണ്, ഉടുപ്പ്, മുതലായവയും അവർ ചെയ്യുന്നതും ചെയ്യാത്തതുമായ പ്രവൃത്തികളും ഒക്കെ ഞാൻ അറിയുന്നുണ്ട്. കുന്തീസുതന്റെ ആ നൂറായിരം ദാസിമാർ പാത്രത്തിൽ അന്നവുമെടുത്തു രാപ്പകൽ പാന്ഥന്മാരെ ഊട്ടുന്നു. നൂറായിരം കുതിരകളും നൂറായിരം ആനകളും ഇന്ദ്രപ്രസ്ഥം വാഴുന്ന ധർമ്മനന്ദനന്ന് അകമ്പടി സേവിച്ചിരുന്നു. ഇപ്രകാരമായിരുന്നു ഭൂമി ഭരിക്കുന്ന യുധിഷ്ഠിരന്ന്. അവർക്കുവേണ്ട സംഖ്യാവിധികളെല്ലാം ചോദിച്ചറിഞ്ഞ് ഞാൻ നല്കിയിരുന്നു. അന്തഃപുരത്തിലുള്ള എല്ലാ ഭൃത്യവർഗ്ഗത്തിന്നും എല്ലാ ഭാഗത്തും അജപാലകന്മാർ വരെ എല്ലാവരുടേയും കർമ്മങ്ങളിൽ കൃതങ്ങളും അകൃതങ്ങളുമൊക്കെ ഞാൻ കണ്ടിരുന്നു. രാജാവിന്നുണ്ടാകുന്ന ആയവ്യയങ്ങൾ എല്ലാം, ഹേ, കല്യാണീ! ഞാൻ തന്നെ കാണുന്നു. ഭരതർഷഭരായ പാണ്ഡവന്മാർ കുടുംബമൊക്കെ എന്നിൽ ഏല്പിച്ചു. അവർ ഉപാസനാപരന്മാരായി, ഹേ വരാംഗനേ! പ്രയത്നിക്കുന്നു.

ദുഷ്ടുള്ളവർ അടുക്കാതെയുള്ള ഈ ഭാരത്തെ ഞാൻ വഹിച്ചു. സുഖമൊക്കെ ഉപേക്ഷിച്ച് ഞാൻ രാപ്പകൽ യത്നിച്ചു. അധൃഷ്യമായ നിധി സമ്പൂർണ്ണമാണ്. വരുണന്ന് സമ്പൂർണ്ണസമുദ്രംപോലെയാണ് ഭർത്താക്കന്മാരുടെ ഭണ്ഡാരം. അതു ഞാൻ നോക്കുന്നു. രാവും പകലും, വിശപ്പും, ദാഹവും പൊറുത്ത് കൗരവ്യശുശ്രൂഷയിൽ മുഴുകിയ എനിക്ക് രാവും, പകലും ഒപ്പമാണ്. ഞാൻ മുൻകൂട്ടി ഉണരുകയും ഒടുവിൽ കിടക്കുകയും ചെയ്യും. സത്യഭാമേ! എന്നെന്നും ഇതാണ് എന്റെ 'വശ്യകൗശലം'. വലിയതായ ഈ 'ഭർത്തൃവശ്യപ്പണി' എനിക്കറിയാം. മുമ്പുപറഞ്ഞ ദുഷ്ടസ്ത്രീകളുടെ നടപടി ഞാൻ ചെയ്യുകയില്ല; ഇച്ഛിക്കുകയുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മം ഇണങ്ങുന്നതായ പാഞ്ചാലിയുടെ മൊഴി കേട്ടപ്പോൾ, ധർമ്മിഷ്ഠയായ പാർഷതിയോട് ബഹുമാനത്തോടുകൂടി സത്യഭാമ പറഞ്ഞു: 'യാജ്ഞസേനീ, ഞാൻ നിന്നോടു മാപ്പുചോദിക്കുന്നു. സഖികളോടു സ്വാതന്ത്ര്യത്തോടുകൂടി സഖികൾക്കു സംസാരിക്കാമല്ലോ! ഞാൻ നേരമ്പോക്കു പറഞ്ഞതാണ്, പൊറുക്കണം.'"

234. ദ്രൗപദീകർത്തവ്യകഥനം – ദ്രൗപദി സത്യഭാമയോടു വീണ്ടും പറഞ്ഞു: "ഹേ, സത്യഭാമേ! ഭർത്താവിന്റെ ഹൃദയം വശീകരിക്കുന്നതിനുള്ള മാർഗ്ഗം ഞാൻ ഒന്നു പറഞ്ഞുതരാം. അപ്രകാരം നിന്നാൽ സഖീ, നാരിമാരിൽനിന്നു ഭർത്താവിനെ നിനക്കു ഹരിക്കുവാൻ കഴിയും. ദേവന്മാർ ചേർന്ന ഈ ജഗത്തിൽ ഒരിടത്തും ഇപ്രകാരമുള്ള ദൈവതം ഇല്ല എന്ന് സത്യഭാമേ, നീ ആദ്യമായി അറിയണം. അവൻ പ്രസാദിച്ചാൽ നിന്റെ ഇഷ്ടമൊക്കെ ലഭിക്കുകയും അവൻ കോപിച്ചാൽ എല്ലാം മുടിക്കുകയും ചെയ്യും. അവനിൽനിന്നു സന്താനങ്ങൾ, നല്ല ശയ്യകൾ, ആസനങ്ങൾ, വസ്ത്രങ്ങൾ, മാല്യങ്ങൾ, സുഗന്ധവസ്തുക്കൾ, സ്വർഗ്ഗാലയം, വലിയ യശസ്സ് മുതലായ സുഖങ്ങൾ ലഭിക്കും. സുഖം കൊണ്ടു സുഖം നേടുവാൻ ഒരിക്കലും ഒരാൾക്കു കഴിയുകയില്ല. ഹേ, സാദ്ധ്വി! ദുഃഖത്തിനാൽ മാത്രമേ സുഖങ്ങൾ നേടുവാൻ ഒക്കുകയുള്ളൂ.

'സുഖത്താൽ നേടിടാ സൗഖ്യം

ദുഃഖത്താൽ നേടിടാം സുഖം.'

സത്യഭാമേ, നീ വേഴ്ചയാലും, പ്രേമത്തിനാലും, പരിചര്യയാലും കൃഷ്ണനെ സേവിക്കുക.

നല്ല പീഠഭേദങ്ങൾ, വിശിഷ്ടമാല്യങ്ങൾ, ഇഷ്ടത്തിന്നു ചേർന്നവിധം പല സുഗന്ധവസ്തുക്കൾ ഇവകൊണ്ടൊക്കെ പരിചരിച്ചു സേവിക്കുക. 'ഇവൾക്കു ഞാൻ വല്ലഭനാണ്' എന്നു നിന്നിൽ തനിച്ച് ഇണങ്ങുന്നവിധം നീ ചെയ്തുകൊള്ളുക.

വരന്റെ ശബ്ദം വാതില്ക്കൽ കേട്ടാൽ ഉടനെ അകത്തു കിടക്കുന്ന നീ എഴുന്നേറ്റു നില്ക്കുക. കടന്നുവന്നാൽ അവനെ ഇരുത്തുക. പാദ്യം നല്കി സൽക്കരിക്കുക. തന്റെ തോഴിയെ പ്രേരണചെയ്താൽ അവിടെ ചെന്നു താൻതന്നെ ഏറ്റ് എല്ലാം നടത്തണം. ഈ പരിചര്യ കണ്ടാൽ മുരാരി എന്തു വിചാരിക്കും? ഇവൾ എന്നെ ഭജിക്കുന്നവൾ തന്നെയാണെന്നു സത്യഭാമേ വിചാരിക്കും.

നിന്റെ മുമ്പിൽവെച്ച് പതി പറയുന്നതെല്ലാം പരസ്യമായ കാര്യമാണെങ്കിലും ഒളിച്ചുവെയ്ക്കണം, അവ വല്ലതും നിന്റെ ഒരു സപത്നി കേട്ടു പറഞ്ഞേക്കാം. അതറിഞ്ഞാൽ മുകുന്ദനു നിന്നോടു വിരക്തിയുണ്ടാകും.

പ്രിയന്നു കൂറുള്ള ഹിതമായ പ്രിയജനങ്ങൾക്കു പലമട്ടിലുള്ള ഭോജ്യം നീ നല്കുക. ഭർത്താവിന്റെ ശത്രുക്കളാണെങ്കിൽ അവരോടു താല്പര്യം കാണിക്കാതെ തെറ്റിനില്ക്കണം. വർജ്ജ്യരായ രിപുക്കളോടും കുടിലാശയരോടും തെറ്റിനില്ക്കുക. മെല്ലെ പുമാന്മാരോടു പറയാതെ, ഭാവം മറയ്ക്കുക; മൗനം കൈക്കൊള്ളുക.

പ്രദ്യുമ്നൻ, സാംബൻ എന്നീ പ്രിയപുത്രരോടുകൂടിയും രഹസ്സിൽ നീ ഒന്നിച്ച് ഇരിക്കരുത്. കുലീനമാരായും ദുരിതത്തിൽ പ്പെടാത്തവരായും ഉള്ള പതിവ്രതകളായ നാരിമാരോട് ഇഷ്ടത്തിൽ ജീവിക്കുക.

ക്രൗര്യം, വലിയ അന്തസ്സ്, വലിയ ഭക്ഷണക്കൊതി, കളവ്, ദുഷ്ട്, ചഞ്ചലത (അസ്ഥിരത) എന്നിവയുള്ളവരെ വീട്ടിൽ അടുപ്പിക്കരുത്.

ഇപ്പറഞ്ഞത് യശസ്യവും, ഐശ്വര്യദൈവതവും, സ്വർഗ്ഗ്യവും വിശേഷാൽ ഏറ്റവും ശത്രുഹരവുമാണ്. അതുകൊണ്ട് സത്യഭാമേ, നീ ഭർത്താവിനെ മഹാർഹമായ പുഷ്പാഭരണങ്ങളാലും അംഗരാഗങ്ങളാലും പുണ്യഗന്ധവസ്തുക്കളാലും സസ്നേഹം പരിചരിക്കുക."

235. കൃഷ്ണഗമനം – വൈശമ്പായനൻ പറഞ്ഞു: "മാർക്കണ്ഡേയൻ മുതലായ വിപ്രന്മാരും മാന്യരായ പാണ്ഡുപുത്രന്മാരും ചേർന്ന് ഇഷ്ടമായ കഥകൾ പറഞ്ഞ് ജനാർദ്ദനൻ അവരോടുംകൂടെ പാർത്തു. പിന്നീട് അവരോടു വേണ്ടവിധം മധുസൂദനൻ പറഞ്ഞു. തേരിൽ കയറുവാനായി സത്യഭാമയെ കേശവൻ വിളിച്ചു. അപ്പോൾ സത്യഭാമ ദ്രൗപദിയെ ആശ്ലേഷിച്ച്, ഇപ്രകാരം ഹൃദ്യമായി പറഞ്ഞു: 'എടോ, കൃഷ്ണേ! ഉൽക്കണ്ഠ വേണ്ട, വ്യസനിക്കരുത്. കരയുകയുമരുത്, വ്യസനിച്ച് ഉറക്കം ഒഴിഞ്ഞിരിക്കുകയുമരുത്, ദേവസന്നിഭന്മാരായ ഭർത്താക്കന്മാർ ജയിച്ച ഭൂമിയെ നീ നേടും. ഇപ്രകാരം ശീലഗുണവും മാന്യലക്ഷണവുമുള്ളവർ ഏറെക്കാലം കുഴങ്ങുകയില്ല. തീർച്ചയായും ശത്രുക്കൾ അറ്റ ഭൂമണ്ഡലത്തെ പ്രിയന്മാരോടുകൂടി നീ അനുഭവിക്കും. നീ ശത്രുക്കൾ ഇല്ലാത്തവളായി ഭവിക്കും എന്നു കേട്ടിട്ടുണ്ട്. ധാർത്തരാഷ്ട്രകുലത്തെ കൊന്നുമുടിച്ചു പകവീട്ടി യുധിഷ്ഠിരങ്കൽ ഈ ഭൂമി വന്നു ചേരുന്നതു നീ തീർച്ചയായും കാണും. നീ നാടുവിട്ടു പോകുമ്പോൾ ഗർവ്വമൗഢ്യത്താൽ ചിരിച്ചവരായ ആ കുരുസ്ത്രീകളൊക്കെ ആശകെട്ടവരായി നിനക്കു കാണുവാൻ സാധിക്കും. താമസമില്ല. സങ്കടപ്പെടുന്ന നിന്നിൽ അപ്രിയം ചെയ്തിരുന്നവർ കാലപുരിക്കു പുറപ്പെട്ടുനില്ക്കുന്നവരാണെന്നും പാർഷതീ, നീ ചിന്തിക്കുക. നിന്റെ പുത്രന്മാരായ പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതകർമ്മാവ്, ശതാനീകൻ, ശ്രുതസേനൻ ഇവരെല്ലാം കുശലികളും വീരശസ്ത്രജ്ഞരും ആണ്. അഭിമന്യുവിനെപ്പോലെ അവർ ദ്വാരകയിൽ വസിക്കുന്നു. സുഭദ്ര നിന്നെപ്പോലെ അവരിൽ വാത്സല്യത്തോടെ നില്ക്കുന്നു. നിന്റെ മക്കളിൽ അവൾ രണ്ടെന്നില്ലാത്തവിധം, സ്വന്തം മക്കളോടെന്നവിധംതന്നെ ഏകമനസ്സായി അവരുടെ സുഖത്തിൽ സുഖിച്ചും അവരുടെ ദുഖത്തിൽ ദുഃഖിച്ചും മാലെന്യേ വസിക്കുന്നു. മനസ്സുവെച്ച് അവരെ പ്രദ്യുമ്നന്റെ അമ്മയും നോക്കുന്നുണ്ട്. ഭാനു മുതലായ സ്വന്തം പുത്രന്മാരേക്കാളുമേറെ വാത്സല്യത്തോടും ശ്രദ്ധയോടുംകൂടി

digitized by www.sreyas.in

കേശവനും നോക്കുന്നുണ്ട്. അവർക്കു ഭോജനം, വസ്ത്രങ്ങൾ എന്നിവ നല്കുന്നതിൽ എന്റെ ശ്വശുരൻ തൽപരനായി അന്വേഷിക്കുന്നു. അങ്ങനെ രാമാദ്യന്മാരായ അന്ധകവൃഷ്ണികൾ എല്ലാവരും അവരെ ആദരിക്കുന്നുണ്ട്. ശോഭനേ, ഞങ്ങൾക്ക് അവരിലും പ്രദ്യുമ്നനിലും കൂറ് ഒപ്പമാണ്.' ഇപ്രകാരം ഇഷ്ടമായ സത്യം പറഞ്ഞ് സത്യഭാമ വാസുദേവന്റെകൂടെ തേരിൽ കയറുന്നതിനു മുമ്പായി കൃഷ്ണപത്നി കൃഷ്ണയെ വലംവെച്ചു. സത്യഭാമ തേരിൽ കയറി ഇരുന്നു കൈകൂപ്പി. കേശവൻ കൃഷ്ണയെ നോക്കി ഒന്നു കുളുർക്കെ ചിരിച്ച് ആശ്വസിപ്പിച്ച് ഹയങ്ങളെ ഓടിച്ചു. യദുനായകൻ അങ്ങനെ ദ്വാരകയിലേക്കു തിരിച്ചു."

ഘോഷയാത്രാപർവ്വം

236. ധൃതരാഷ്ട്രന്റെ ഖേദം – ജനമേജയൻ പറഞ്ഞു: "ഇപ്രകാരം വനത്തിൽ പാർക്കുന്ന രാജാക്കന്മാർ മഞ്ഞും ചൂടും വെയിലും കാറ്റും സഹിച്ച് ആ പുണ്യമായ കാന്താരസരസ്സിലെത്തിയതിന്നുശേഷം എന്താണു ചെയ്തത്?"

വൈശമ്പായനൻ പറഞ്ഞു: "സരസ്സിലെത്തിയ പാണ്ഡവന്മാർ ജനവാസമില്ലാത്ത ഒരിടംനോക്കി അവിടെ ഒരു പർണ്ണശാല കെട്ടിയുണ്ടാക്കി. ആ പ്രദേശത്തുനിന്നു നോക്കിയാൽ രമ്യങ്ങളായ കാടുകളും, പർവ്വതങ്ങളും, നദീപ്രദേശങ്ങളും കാണാമായിരുന്നു. ആ പ്രദേശത്തു താമസിക്കുമ്പോൾ സ്വാദ്ധ്യായവാന്മാരും, തപോധനന്മാരും, പുരാണവേദജ്ഞന്മാരുമായ ബ്രാഹ്മണർ അവിടെ പാണ്ഡവന്മാരെ കാണുവാൻ വന്നുചേർന്നു. ആ നരപുംഗവന്മാർ അവരെ പൂജിച്ചു സ്വാഗതം ചെയ്തു. പാണ്ഡവന്മാരുടെ പൂജയേറ്റ് കുശലങ്ങൾ അന്വേഷിച്ചുപോവുകയും ചെയ്തു.

ഒരുദിവസം കൗരവരാജധാനിയിലെത്തിയ കഥാകുശലനായ ഒരു വിപ്രൻ ധൃതരാഷ്ട്രരാജാവിന്റെ സന്നിധിയിലെത്തി. അവിടെ രാജാവിനാൽ സൽകൃതനായി ആസനസ്ഥനായ ബ്രാഹ്മണനോട് ധൃതരാഷ്ട്രൻ പാണ്ഡവന്മാരുടെ വൃത്താന്തം എന്തൊക്കെയാണെന്ന് അന്വേഷിച്ചു. അതിന്നു മറുപടിയായി ധർമ്മപുത്രനായ യുധിഷ്ഠിരനും, ഇന്ദ്രപുത്രനായ അർജ്ജുനനും, വായുപുത്രനായ ഭീമസേനനും, അശ്വിനീപുത്രന്മാരായ നകുലസഹദേവന്മാരും കാറ്റും വെയിലുംകൊണ്ടു വലഞ്ഞ് ഘോരദുഃഖത്തിൽ ആർത്തരായി മെലിഞ്ഞു തളർന്നുകഴിയുന്നതും, വീരന്മാരുടെ നാഥയും സൽഗുണവതിയുമായ ദ്രുപദപുത്രി അനാഥയെപ്പോലെ ക്ലേശിക്കുന്നതുമായ വൃത്താന്തം സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. ബ്രാഹ്മണൻ പറഞ്ഞതു കേട്ടപ്പോൾ ധൃതരാഷ്ട്രന്റെ ഹൃദയം തളർന്നുപോയി. ആ രാജപുത്രന്മാർ കാട്ടിൽ ചുറ്റിനടന്ന് അഴൽപ്പുഴയിൽ ഒഴുകുന്നതിന്നുള്ള കാരണം താൻതന്നെയാണെന്നുള്ള വിചാരം അദ്ദേഹത്തിന്റെ മനസ്സിനെ അലിയിച്ചു. നിശ്വാസത്താൽ വിവശനായ രാജാവ് മനസ്സ് ഉറപ്പിച്ച് പലതും പറഞ്ഞു വിലപിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ആര്യസ്വഭാവനും, ശുചിയും, സത്യവാനും, അജാതശത്രുവും, എന്റെ പുത്രന്മാരിൽ ജ്യേഷ്ഠനുമായ ധർമ്മരാജൻ മുമ്പ് മൃദുരോമംകൊണ്ടുണ്ടാക്കിയ മെത്തയിൽ കിടന്നു ശീലിച്ചവനാണ്. ഇപ്പോൾ അവൻ വെറുംനിലത്ത് എങ്ങനെയാണ് കിടന്നു കഴിയുന്നത്! മാഗധന്മാരും സൂതന്മാരും നിത്യം സ്തോത്രം ചെയ്ത് ഉണർത്തിയിരുന്ന ആ ഇന്ദ്രകല്പൻ ഇപ്പോൾ മണ്ണിൽക്കിടന്ന് ഉറങ്ങുമ്പോൾ, നേരം പ്രഭാതമാകുമ്പോൾ, കാട്ടുപക്ഷികളുടെ ശബ്ദം കേട്ടായിരിക്കും ഉണരുന്നത്! കാറ്റും വെയിലുമേറ്റു തളർന്നു വലഞ്ഞ് കോപത്തിൽ മഗ്നനായ വൃകോദരൻ - ആ മനോഹരാംഗൻ - പാഞ്ചാലി കാൺകെത്തന്നെ വെറുംമണ്ണിൽ കിടക്കുകയാണല്ലോ. എപ്പോഴും യുധിഷ്ഠിരന്റെ ചൊൽപ്പടിക്കു നില്ക്കുന്നവനും മനസ്വിയും സുകുമാരനുമായ അർജ്ജുനൻ ദേഹം വേദനിക്കുമ്പോൾ അമർഷം മൂലം രാത്രിയൊന്നും ഉറങ്ങുകയുണ്ടാകയില്ല. മാദ്രേയരേയും, കൃഷ്ണയേയും, യുധിഷ്ഠിരനേയും ഭീമനേയും സുഖഹീനരായിക്കണ്ട് അമർഷത്താൽ സർപ്പത്തെപ്പോലെ നിശ്വസിച്ചുകൊണ്ട് ഉഗ്രതേജസ്വിയായ അർജ്ജുനൻ ഒരു രാവിലും ഉറങ്ങുകയുണ്ടാവില്ല. ദേവകുമാരന്മാരെപ്പോലെ രൂപസമ്പന്നരായ മാദ്രേയന്മാർ സുഖത്തിന്നർഹരായിരുന്നിട്ടും സത്യധർമ്മങ്ങളാൽ ബദ്ധരായി അടങ്ങി വാഴേണ്ടിവരികയാൽ ഇപ്പോൾ ദുഃഖിതരും അശാന്തരുമായി ഒട്ടും ഉറക്കമില്ലാതെ ദിവസങ്ങൾ കഴിക്കുകയാവാം.

ബലംകൊണ്ടു വായുതുല്യനായ വായുപുത്രൻ, തന്റെ ജ്യേഷ്ഠനായ ധർമ്മപുത്രനാൽ ധർമ്മപാശബദ്ധനായി അമർഷം സഹിച്ച്, ആ മഹാബലൻ, തീർച്ചയായും നിശ്വസിച്ചു കിടക്കുകയായിരിക്കും. ആ യോധശ്രേഷ്ഠനായ ഭീമൻ എന്റെ മക്കളെക്കൊല്ലുവാൻ കാംക്ഷിച്ച്, സത്യധർമ്മങ്ങളാൽ ബദ്ധനായതുകൊണ്ട് പെട്ടെന്നു ചെയ്യുവാൻ കഴിവില്ലാത്തവനാകയാൽ അതിനുള്ള കാലം പാർത്ത് മണ്ണിൽക്കിടന്ന് ഉരുളുന്നുണ്ടാകും.

അജാതശത്രുവായ ധർമ്മപുത്രനെ വഞ്ചനയാൽ ജയിച്ചതും ദുശ്ശാസനൻ പരുഷവാക്കുകൾ പറഞ്ഞതും ഉണക്കപ്പുല്ലിൽ പിടിപെട്ട വനവഹ്നി വൃക്ഷങ്ങളെയെന്നപോലെ വൃകോദരന്റെ ഹൃദയത്തിൽ കടന്ന് അവന്റെ ദേഹത്തെ ദഹിപ്പിക്കുന്നുണ്ടാകും. പാപവിചാരം ഒരിക്കലും ധർമ്മപുത്രന്നുണ്ടായിരിക്കയില്ല. ധനഞ്ജയൻ എപ്പോഴും ധർമ്മപുത്രനെ അനുസരിച്ചു നില്ക്കും. വൃകോദരനിലാകട്ടെ, വനവാസംമൂലം, കാറ്റിനാൽ അഗ്നിക്കെന്നവിധം കോപം വർദ്ധിക്കും! ആ വീരൻ തന്റെ കൈ രണ്ടും തന്നത്താൻ കൂട്ടി ഞെരിച്ച് സഹിക്കവയ്യാത്ത കോപത്തോടെ എന്റെ പുത്രപൗത്രന്മാരെയൊക്കെ ദഹിപ്പിക്കുമാറ് ചുടുനെടുവീർപ്പു വിടുന്നുണ്ടാകും. മഹാവീര്യന്മാരും അന്തകസമന്മാരുമായ ഭീമാർജ്ജുനന്മാർ വജ്രം പോലെയുള്ള ശരങ്ങൾ ചൊരിഞ്ഞു ശത്രുസൈന്യത്തെ നാമാവശേഷമാക്കും.

ചൂതുകളിച്ചു രാജ്യത്തെ അപഹരിച്ചു വാഴുന്ന ദുര്യോധനൻ, ശകുനി, സൂതപുത്രനായ കർണ്ണൻ, ദുശ്ശാസനൻ എന്നിവർ കേവലം മന്ദബുദ്ധികളാണ്. അവർ തേൻ കണ്ട് അതു കൈയിലാക്കുവാൻ ഓടിച്ചെല്ലുന്നു. എന്നാൽ ആ പോക്കിൽ കീഴോട്ടു നോക്കായ്കമൂലം കാൽതെറ്റി കുണ്ടിൽ വീഴുന്നതിനെപ്പറ്റി ചിന്തിക്കുന്നതേയില്ല.

ശുഭമോ അശുഭമോ ആയ കർമ്മങ്ങൾ ചെയ്ത് ആ കർമ്മങ്ങളുടെ കർത്താവായ മനുഷ്യൻ അവയുടെ ഫലങ്ങളെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ആ ഫലങ്ങളാൽ മോഹിതനായി, അവശനായിക്കഴിയുന്ന മനുഷ്യന്ന് എങ്ങനെ അവയിൽനിന്നു മോചനമുണ്ടാകും? വയൽ നല്ലപോലെ ഉഴുതുമറിച്ച്, കേടില്ലാത്ത വിത്തുകൾ വിതച്ചതുകൊണ്ടു മാത്രമായില്ല. കാലം തെളിഞ്ഞു നല്ലപോലെ മഴപെയ്താൽ മാത്രമേ അതിൽനിന്നു ഫലം സിദ്ധിക്കുകയുള്ളു. ദൈവമാണ് ഫലപ്രാപ്തിക്കെല്ലാം ഹേതു. വൃദ്ധജനം ചെയ്ത ഹിതോപദേശങ്ങൾ, എന്റേയും എന്റെ പുത്രന്മാരുടേയും ഹൃദയത്തിൽ ഒട്ടുംതന്നെ ഫലിക്കാതെ പോയത് കാലം പിഴച്ചുനില്ക്കുന്നതുകൊണ്ടാണ്. സാധുവൃത്തനായ ആ പാണ്ഡവനെ സംബന്ധിച്ച് ശകുനി അശുഭകർമ്മത്തിൽ ഏർപ്പെട്ടപ്പോൾ ഞാൻ തടയാതെ അതിനെ ശരിവെക്കുകയാണു ചെയ്തത്. കൗരവന്മാർക്കു നാശകാലം അടുത്തതുകൊണ്ട് എനിക്ക് അങ്ങനെ ചെയ്യുവാൻ തോന്നി. ഗർഭിണിയായവൾ പ്രസവിക്കും. രാവു നീങ്ങിയാൽ പകൽ വരും, പകൽ ഒടുങ്ങിയാൽ രാത്രി വരും, ഇതൊക്കെ തീർച്ചയായ കാര്യമാണ്. പാപവിചാരം അകത്തു കടന്നാൽ നാശഫലവും നിശ്ചയമായും ഉണ്ടാകും. അതിന്നു യാതൊരു മാറ്റവുമുണ്ടാവുകയില്ല. സുഖദുഃഖങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുകൊണ്ടിരിക്കും. എന്റെ പുത്രന്മാരുടെ സുഖകാലവും പാണ്ഡുപുത്രന്മാരുടെ ദുഃഖകാലവും അസ്തമിക്കാറായിരിക്കുന്നു. ഈ ഞങ്ങൾക്കു ദുഃഖവും അവർക്കു സുഖവും ഉദിക്കാറായി. എല്ലാം ദൈവഗതിയാണ്.

ഈ പാപത്തിൽ ഞാൻ എന്തുകൊണ്ടു കൈകടത്തി? ആവുന്നതെല്ലാം ചെയ്ത് അന്യനിൽനിന്നു ധനം നേടുന്നതു മനുഷ്യസ്വഭാവമാണ്. സാധുജനങ്ങൾപോലും വിത്തത്തെ കൈവിടുന്നില്ല. വിത്തം നേടുന്നതിൽ കഷ്ടപ്പാടുകൾ ഉണ്ടായാലും ഉപാ

digitized by www.sreyas.in

യങ്ങൾ പലതും പ്രയോഗിച്ച് അതു നേടുവാൻ മനുഷ്യൻ ശ്രമിക്കുകതന്നെ ചെയ്യും. നേടിയ വിത്തത്തെ കുട്ടുപിരിയാതെയും ഇറ്റിറ്റു നഷ്ടപ്പെട്ടുപോകാതേയും തുള്ളിത്തുളുമ്പി തെറിച്ചുപോകാതേയും കാത്തുസൂക്ഷിക്കേണ്ടതു മനുഷ്യന്റെ ചുമതലയാണ്. അപ്രകാരം രക്ഷിച്ചില്ലെങ്കിൽ അതു കഷണംകഷണമായി വേർപെട്ട് ചിതറിത്തെറിച്ചു നശിച്ചുപോകും. അതുകൊണ്ടാണ് പാണ്ഡവന്മാർക്ക് അർദ്ധരാജ്യമോ അവർക്കുള്ള അംശമോ അഞ്ചു ഗ്രാമമോ ഞാൻ ഭാഗിച്ചു കൊടുക്കാതിരുന്നത്. ഈ വിത്താർജ്ജനംകൊണ്ടു പുത്രനാശം സംഭവിക്കുമെങ്കിൽ അതു ലംഘിക്കുവാൻ വയ്യാത്ത ദൈവവിധിയാണെന്നു സമാധാനിക്കയല്ലാതെ എന്താണു ഗത്യന്തരം?

രാജ്യഭ്രഷ്ടനും ദരിദ്രനുമായി കൊടുംകാട്ടിൽ ചുറ്റിനടക്കേണ്ടിവന്നിട്ടും ആ നിലയിൽത്തന്നെ അർജ്ജുനൻ ഇന്ദ്രലോകത്തു ചെന്നു ദിവ്യാസ്ത്രങ്ങളെല്ലാം നേടി ഭൂമിയിലേക്കു തിരിച്ചുവന്നിരിക്കുന്നുപോലും! അവന്റെ വീര്യം നോക്കൂ! അങ്ങനെയുള്ള പാണ്ഡവന്മാർക്ക് അർദ്ധരാജ്യം കിട്ടിയാലത്തെ കഥ എന്താകും? ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കു ചെല്ലുവാൻ കഴിഞ്ഞ ഏതു മനുഷ്യനാണ് പിന്നീടു തിരിച്ചുവരുവാൻ ആഗ്രഹിക്കുക? അർജ്ജുനൻ അങ്ങനെ ചെയ്തത് കാലഹതന്മാരായ കൗരവന്മാർ കൂട്ടത്തോടെ മരണത്തിലേക്കു പതിക്കുന്നതു സ്വർഗ്ഗത്തിൽനിന്നു കണ്ടിട്ടാണ്. സവ്യസാചി മഹാധനുർദ്ധരനാണ്. അവന്റെ ചാപം മഹാവേഗമായ ഗാണ്ഡീവമാണ്. അവന്റെ അസ്ത്രങ്ങൾ ദിവ്യങ്ങളാണ്. ഈ മൂന്നു തേജസ്സും സഹിക്കുവാൻ ആർക്കാണു കഴിയുക!

ധൃതരാഷ്ട്രരാജാവു പറഞ്ഞ ഈ വാക്കുകളെല്ലാം സുബലപുത്രനായ ശകുനി ഒളിച്ചുനിന്നു കേട്ടു. ഉടനെ ചെന്നു കർണ്ണനോടുകൂടിയിരിക്കുന്ന ദുര്യോധനനോട് എല്ലാം പറഞ്ഞു. അല്പബുദ്ധിയായ ദുര്യോധനൻ തന്റെ പിതാവിന്റെ വിചാരഗതി ചിന്തിച്ച് അസന്തുഷ്ടനായിത്തീർന്നു.''

237. കർണ്ണശകുനിവാക്യം – വൈശമ്പായനൻ പറഞ്ഞു: ''ധൃതരാഷ്ട്രന്റെ വാക്കുകൾ മറഞ്ഞുനിന്നു കേട്ട ശകുനി ഉടനെ ചെന്നു കർണ്ണനോടുകൂടിയിരിക്കുന്ന ദുര്യോധനനോട് എല്ലാം പറഞ്ഞു. ഇതു കേട്ടപ്പോൾ ദുര്യോധനന്നു വിഷാദമയമായ വിചാരമായി. കർണ്ണൻ ദുര്യോധനന്റെ സ്ഥിതി കണ്ടു സാന്ത്വനം ചെയ്തു.''

കർണ്ണൻ പറഞ്ഞു: ''വീരന്മാരായ പാണ്ഡവന്മാരെയെല്ലാം ഭവാൻ സ്വന്തം വീര്യംകൊണ്ട് അകറ്റിയോടിച്ച്, സ്വർഗ്ഗം ഭരിക്കുന്ന ഇന്ദ്രനെപ്പോലെ, ഈ ഭൂമിയെല്ലാം ഏകനായി ഭരിച്ചാലും! തെക്കും, വടക്കും, കിഴക്കും പടിഞ്ഞാറുമുള്ള സകല രാജാക്കന്മാരും ഭവാന് ഇപ്പോൾ കപ്പം തരുന്നുണ്ടല്ലോ? പണ്ട് പാണ്ഡവന്മാരെ സേവിച്ചിരുന്ന ലക്ഷ്മി ഇന്നു ഭ്രാതൃഗണത്തോടുകൂടിയ ഭവാനെയാണു സേവിക്കുന്നത്. അന്ന് ഇന്ദ്രപ്രസ്ഥത്തിൽവച്ചു യുധിഷ്ഠിരരാജാവിൽ വിളങ്ങിയിരുന്ന ശ്രീ ഇന്ന് ഭവാനിലാണു പരിലസിക്കുന്നത്. യുധിഷ്ഠിരനിൽനിന്നു ഭവാൻ ബുദ്ധികൗശലത്താൽ സ്വന്തമാക്കിയ ലക്ഷ്മി ഇപ്പോൾ സവിശേഷം ഭവാനിൽ ശോഭിച്ചുകൊണ്ടിരിക്കുന്നു.

രാജാക്കന്മാരെല്ലാം തങ്ങൾ ചെയ്യേണ്ടതെന്തെന്ന് അറിയുവാൻ ഭവാന്റെ അരുളപ്പാടു കേൾക്കുവാൻ ഇതാ സന്നദ്ധരായി കിങ്കരന്മാരായി നില്ക്കുന്നു. മഹാബാഹോ, ചിന്തിച്ചുനോക്കൂ! നാടുകളും, കാടുകളും, പർവ്വതങ്ങളും, നദികളും ചേർന്ന ഈ ഭൂമണ്ഡലം ആഴിചൂഴുന്ന ഈ ഊഴി മുഴുവൻ ഭവാനു കീഴിലായിരിക്കുന്നു. വാനിലെ വിണ്ണവർക്കിടയിൽ ആദിത്യനെന്നപോലെ പൗരുഷത്താൽ ഉജ്ജ്വലിക്കുന്ന ഭവാനെ ബ്രാഹ്മണർ സ്തുതിക്കുകയും, രാജാക്കന്മാർ പൂജിക്കുകയും ചെയ്യുന്നു. രുദ്രന്മാരോടുകൂടിയ യമനെപ്പോലെയും, മരുത്തുക്കളോടുകൂടിയ ഇന്ദ്രനെപ്പോലെയും, നക്ഷത്രങ്ങളോടുകൂടിയ ചന്ദ്രനെപ്പോലെയും ഭവാൻ കൗരവന്മാരോടു ചേർന്നു ശോഭിക്കുന്നു. ഭവാന്റെ ശാസനയിൻകീഴിൽ നില്ക്കുകയോ ഭവാന്റെ ആജ്ഞയെ ആദരിക്കുകയോ ചെയ്യാത്തതുമൂലം പാണ്ഡവന്മാർ ശ്രീ നശിച്ചു വനവാസികളായിത്തീർന്നിരിക്കുന്നു.

ദ്വൈതവനത്തിലെ സരസ്തീരത്തിൽ വനവാസികളായ വിപ്രന്മാരോടുകൂടി പാണ്ഡവന്മാർ ജീവിച്ചുവരുന്നതായി കേൾക്കുന്നു. തേജസ്സുകൊണ്ട് ആദിത്യസന്നിഭനും പരമശ്രീപൂർണ്ണനുമായ മഹാരാജാവേ, ഭവാൻ പാണ്ഡവന്മാരെ സന്തപിപ്പിക്കുവാനായി അങ്ങോട്ടു പുറപ്പെടുക. ഭവാന്റെ ഐശ്വര്യദീപ്തിയിൽ അവരുടെ തേജസ്സു നിഷ്പ്രഭമാകട്ടെ. രാജ്യം ഭരിക്കുന്നവൻ രാജ്യം പോയവരെ, ശ്രീയാർന്നവൻ ശ്രീവിഹീനന്മാരെ, സമൃദ്ധിയുള്ളവൻ സമൃദ്ധിയില്ലാത്തവരെ, ദുര്യോധനൻ പാർത്ഥന്മാരെ, ഒന്നു കാണട്ടെ! മഹത്തായ ആഭിജാത്യം തികഞ്ഞ് മംഗളംതികഞ്ഞ ഭവാനെ, നഹുഷപുത്രനായ യയാതിയെ എന്നപോലെ, പാണ്ഡവന്മാർ കാണട്ടെ!

പുരുഷനിൽ പ്രകാശിക്കുന്ന ഏതൊരു ശ്രീ മിത്രങ്ങൾക്കും ശത്രുക്കൾക്കും ഒരുപോലെ ദൃഷ്ടിവിഷയമാകുന്നുവോ ആ ശ്രീതന്നെയാണ് മിത്രങ്ങൾക്കു ഹർഷവും ശത്രുക്കൾക്കു ശോകവും ഒരേകാലത്തു വളർത്തുന്നത്. മലയുടെ മുകളിൽനിന്ന് താഴെ നില്ക്കുന്നവരെയെന്നപോലെ, സ്വസ്ഥനായി സുഖിച്ചു വാഴുന്നവൻ അസ്വസ്ഥനായി വിഷമിക്കുന്ന തന്റെ ശത്രുവിനെ നേരിട്ടുചെന്നു നോക്കിക്കാണുന്നതിൽപ്പരം സുഖം മറ്റെന്തുണ്ട്? ശത്രുദുഃഖം കാണുന്നതിനേക്കാൾ സുഖം പുത്രലാഭംകൊണ്ടോ, ധനലാഭംകൊണ്ടോ, സർവ്വരാജ്യലാഭം കൊണ്ടുതന്നെയോ ഉണ്ടാകുന്നതല്ല. മരത്തോലോ, മൃഗത്തോലോ ഉടുത്തു കാട്ടിൽ വെറും പർണ്ണശാലയിൽ ഇരിക്കുന്ന ആ കിരീടിയെ കൃതാർത്ഥനായ ഭവാൻ നേരിട്ടുചെന്നു കാണുകയാണെങ്കിൽ അതിലപ്പുറമായി ഭവാന് എന്തുസുഖമാണു വേണ്ടത്? വല്ക്കലം ചുറ്റി ദുഃഖിതയായി മേവുന്ന കൃഷ്ണയെ പട്ടുടയാട ചാർത്തിയ ഭവാന്റെ ഭാര്യമാർ അവിടെചെന്ന് ഒന്നു കാണട്ടെ! അവരെക്കണ്ട് ആ കൃഷ്ണ വീണ്ടും മാഴ്കട്ടെ! അവൾ അവളുടെ ഐശ്വര്യഹീനമായ ജീവിതത്തെ തന്നത്താൻ നിന്ദിക്കട്ടെ! സഭയിൽവച്ച് അവൾ അന്നു കാണിച്ച ധിക്കാരത്തിന്, സദസ്സിൽവച്ചു കാണിച്ച അധികപ്രസംഗത്തിന്, അവൾക്ക് ഇങ്ങനെയൊക്കെ പറ്റുകതന്നെവേണം. അതിഭംഗിയിൽ അലങ്കരിച്ചു വിളങ്ങുന്ന ഭവാന്റെ പത്നികളെക്കണ്ട് അവളുടെ മനസ്സ് ഇടിയട്ടെ!''

വൈശമ്പായനൻ പറഞ്ഞു: ''കർണ്ണൻ ദുര്യോധനനോട് ഇപ്രകാരം പറഞ്ഞു: ശകുനി കർണ്ണന്റെ അഭിപ്രായത്തെ ശരിവച്ചു. ഹേ, ജനമേജയാ! രണ്ടുപേരും അല്പസമയം മൗനമായി ഇരുന്നു.''

238. ഘോഷയാത്രാമന്ത്രണം – വൈശമ്പായനൻ പറഞ്ഞു: ''കർണ്ണൻ പറഞ്ഞതുകേട്ട് ദുര്യോധനൻ ആദ്യം ഒന്നു സന്തോഷിച്ചുവെങ്കിലും പിന്നീട് മ്ലാനഭാവത്തോടെ പറഞ്ഞു.''

ദുര്യോധനൻ പറഞ്ഞു: ''ഹേ, കർണ്ണാ! നീ പറഞ്ഞതൊക്കെ ഞാനും ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. പാണ്ഡവന്മാർ വസിക്കുന്ന ദിക്കിലേക്കു പോകുവാൻ അച്ഛൻ എന്നെ അനുവദിക്കുകയില്ല. ആ വീരന്മാരെപ്പറ്റി ഓർത്ത് ധൃതരാഷ്ട്രമഹാരാജാവ് വൃഥാരോദനം ചെയ്യുന്നത് നീ കാണുന്നില്ലേ? തപോബലംകൊണ്ട് പാണ്ഡവന്മാർ നമ്മളേക്കാൾ മേലെയാണെന്നാണ് അദ്ദേഹത്തിന്റെ വിചാരം. നമ്മുടെ ഈ പരിപാടി രാജാവ് അറിഞ്ഞേക്കാം. അപ്പോൾ അദ്ദേഹം ഭാവിശ്രേയസ്സിനെ ചിന്തിച്ച് പോകരുതെന്നു മുടക്കും. 'ദ്വൈതവനത്തിലേക്ക് ഈ സന്ദർഭത്തിൽ പോകേണ്ട ആവശ്യമൊന്നും കാണുന്നില്ല; അവരെ കാട്ടിൽനിന്ന് ഓടിക്കുക എന്ന ഒരു ആവശ്യമല്ലാതെ,' എന്നും അച്ഛൻ വിചാരിക്കും. ചൂതുകാലത്തു വിദുരൻ എന്നോടും ഭവാനോടും സൗബലനോടും പറഞ്ഞതൊക്കെ ഭവാൻ ഓർക്കുന്നില്ലേ? ആ വാക്കുകളും പിന്നീടുണ്ടായ ആവലാതികളും ചിന്തിച്ചാൽ എനിക്കു പാണ്ഡവന്മാർ താമസിക്കുന്നേടത്തു ചെല്ലുവാനോ അവരെ കാണുവാനോ അച്ഛന്റെ അനുവാദം കിട്ടുകയില്ലെന്നുള്ളതു തീർച്ചയാണ്.

digitized by www.sreyas.in

ഭീമനും അർജ്ജുനനും കൃഷ്ണയോടുകൂടി കാട്ടിൽക്കിടന്നു കുഴങ്ങുന്നതു കാണുവാൻ എനിക്കു വല്ലുതായ സന്തോഷമുണ്ട്. തോലും വല്ക്കലവും ചുറ്റിയ പാണ്ഡവന്മാരെ കാണുന്നേടത്തോളം സന്തോഷം എനിക്ക് ഈ ഭൂമി മുഴുവൻ കിട്ടിയാൽപ്പോലും ഉണ്ടാവുകയില്ല. ദ്രുപദപുത്രിയായ പാഞ്ചാലി കാഷായവസ്ത്രം ധരിച്ച് കാട്ടിൽ നടക്കുന്നത് എനിക്കു കാണുവാൻ കഴിഞ്ഞാൽ അതിൽ അപ്പുറമായി എന്തു സന്തോഷമാണ് എനിക്ക് ഉണ്ടാകേണ്ടത്? മഹാലക്ഷ്മിയോടുകൂടിയ എന്നെ ഈ ധർമ്മരാജനും ഭീമസേനനും കാണുന്നതായാലേ എന്റെ ജീവിതം ജീവിതമാകയുള്ളു. അന്നു ഞാൻ ഉശിരുള്ളവനായി! എന്നാൽ ആ വനത്തിലേക്കു പോകുന്നതിന്നു ഞാൻ ഉപായമൊന്നും കാണുന്നില്ല. അങ്ങോട്ടുപോകുവാൻ മഹാരാജാവിൽനിന്ന് എങ്ങനെ അനുവാദം കിട്ടും? നമുക്ക് ആ വനത്തിലേക്കു പോകുവാൻ തക്കതായ ഉപായം ഭവാൻ ശകുനിയോടും ദുശ്ശാസനനോടുംകൂടി ആലോചിച്ച് കണ്ടുപിടിക്കുക. ഞാൻ വനയാത്രയ്ക്കും നാം ആലോചിച്ച മറ്റു കാര്യങ്ങൾക്കും ഒരുങ്ങി മഹാരാജാവിന്റെ സന്നിധിയിലേക്ക് പ്രഭാതത്തിൽത്തന്നെ ചെല്ലാം. ഞാനും ഭീഷ്മപിതാമഹനും മഹാരാജാവും സ്ഥിതിചെയ്യുന്ന ഘട്ടത്തിൽ, ഭവാൻ സൗബലനോടുകൂടി വന്നു നിങ്ങൾ കണ്ടുവെച്ച ഉപായം അവിടെ പ്രസ്താവിക്കണം. അപ്പോൾ രാജാവും ഭീഷ്മനും പറയുന്നതെന്താണെന്നു കേട്ടിട്ടുവേണം പിതാമഹനെ പ്രസാദിപ്പിച്ച് യാത്രയ്ക്ക് ഒരുങ്ങുവാൻ.''

വൈശമ്പായനൻ പറഞ്ഞു: ''അപ്രകാരമാകാമെന്നു പറഞ്ഞ് അവരെല്ലാവരും പിരിഞ്ഞു. ആ രാത്രി കഴിഞ്ഞു. പ്രഭാതമായപ്പോൾ കർണ്ണൻ ദുര്യോധനന്റെ മുന്നിൽ എത്തി. ദുര്യോധനനെക്കണ്ട് പുഞ്ചിരിയോടെ കർണ്ണൻ പറഞ്ഞു.''

കർണ്ണൻ പറഞ്ഞു: ''ഞാൻ ഉപായം കണ്ടുപിടിച്ചു. ദ്വൈതവനത്തിൽചെന്ന് അവിടെയുള്ള ഘോഷങ്ങൾ (ഗോശാലകൾ) എല്ലാം പരിശോധിക്കേണ്ടത് രാജാവായ ഭവാന്റെ ചുമതലയാണ്. അതുകൊണ്ട് ഘോഷയാത്ര (ഗോശാലയിലേക്കുള്ള യാത്ര) യുടെ പേരു പറഞ്ഞ് നമുക്കു കാര്യം സാധിക്കാം. പലപ്പോഴും ഘോഷയാത്ര ചെയ്യേണ്ടത് രാജധർമ്മത്തിന്ന് ഉചിതമാകയാൽ അതിലേക്കുള്ള പുറപ്പാടിനെ അച്ഛൻ തടയുകയില്ല.''

വൈശമ്പായനൻ പറഞ്ഞു: ''കർണ്ണന്റെ ഈ ഉപായം കേട്ടപ്പോൾ ശകുനിയും ചിരിച്ചു. അവർ മൂന്നുപേരും സന്തോഷം കവിഞ്ഞു കവിഞ്ഞ് വീണ്ടും വീണ്ടും ചിരിച്ചു.''

ശകുനി പറഞ്ഞു: ''ഈ സൂത്രം പറ്റി. ഇത് ഞാനും ചിന്തിച്ചതാണ്. ഘോഷയാത്രാവ്യാജേന നമുക്കു പോകാം. രാജാവ് സമ്മതിക്കാതിരിക്കയില്ല.''

വൈശമ്പായനൻ പറഞ്ഞു: ''എന്നു പറഞ്ഞ് അവർ പരസ്പരം കൈകൊടുത്ത് വീണ്ടും വീണ്ടും ചിരിച്ചു.''

239. ദുര്യോധനപ്രസ്ഥാനം – വൈശമ്പായനൻ പറഞ്ഞു: ''ഹേ, ജനമേജയാ! എല്ലാവരും പോയി ധൃതരാഷ്ട്രമഹാരാജാവിനെ കണ്ടു. അവർ രാജസന്നിധിയിൽ കുശലപ്രശ്നങ്ങളും അഭിവാദനവും കഴിഞ്ഞുനില്ക്കുമ്പോൾ, അവർ കാലേ കണ്ടു ഗൂഢമായി ആസൂത്രണം ചെയ്ത പരിപാടിയനുസരിച്ച് സമംഗൻ എന്ന പശുപാലൻ രാജാവിന്റെ മുമ്പിൽ എത്തി പശുക്കളുടെ വൃത്താന്തം അറിയിച്ചു. ഈ സന്ദർഭംനോക്കി കർണ്ണനും ശകുനിയും തങ്ങൾ കരുതിവെച്ച ഉപായം പ്രയോഗിക്കുവാൻ തീരുമാനിച്ചു.''

അവർ പറഞ്ഞു: ''മഹാരാജാവേ! രമണീയവനപ്രദേശങ്ങളിൽ നമുക്ക് പല ഗോശാലകളുമുണ്ടല്ലോ. അവിടെയൊക്കെ ച്ചെന്ന് ഗോക്കളുടെ സംഖ്യയും അവയുടെ പ്രായം, വർണ്ണം, ഇനം, പേര് എന്നിവയുമൊക്കെ രേഖപ്പെടുത്തണം. പശുക്കുട്ടികളെ മുദ്രവെക്കുകയും വേണം. അതിന്നുള്ള കാലമായി. വിശേഷിച്ച് വേട്ടയാടുന്നത് അവിടത്തെ പുത്രന്നു നല്ലതുമാണ്. അതുകൊണ്ട് ദുര്യോധനന്നു വനത്തിൽപ്പോകുവാൻ ഭവാൻ അനുജ്ഞ നല്കിയാലും!''

ധൃതരാഷ്ട്രൻ പറഞ്ഞു: ''മകനേ, നായാട്ടും ഗോപരിശോധനയും നല്ലതുതന്നെ. പശുപാലന്മാരെ വിശ്വസിച്ച് നാം ഒന്നും നോക്കാതിരിക്കുന്നതു നല്ലതല്ല. എന്നാൽ എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. ആ നരവ്യാഘ്രന്മാരായ പാണ്ഡവന്മാർ അവിടെ അടുത്തെങ്ങോ ഉള്ളതായി ഞാൻ കേട്ടു. അതുകൊണ്ട് നിങ്ങൾ തനിച്ച് അങ്ങോട്ടു ചെല്ലുന്നത് ബുദ്ധിപൂർവ്വകമായി എനിക്കു തോന്നുന്നില്ല. നിങ്ങൾ അവരെ ജയിച്ചതു വഞ്ചനകൊണ്ടാണ്. അവർ തന്മൂലം ഇപ്പോൾ കാട്ടിൽക്കിടന്നു കഷ്ടപ്പെടുകയാണ്. അവർക്കു നിങ്ങളിൽ പകയുണ്ട്. അവർ സമർത്ഥന്മാരും മഹാരഥന്മാരുമാണ്. മാത്രമല്ല, തപോനിത്യന്മാരുമാണ്. ധർമ്മരാജന്നു ക്രോധമില്ലെന്ന് എനിക്കറിയാം. എന്നാൽ അങ്ങനെയല്ല ഭീമസേനൻ. അവൻ അമർഷണനാണ്. യാജ്ഞസേനാനിയാകട്ടെ, അഗ്നിയെപ്പോലെ കേവലം തേജോമൂർത്തിയാണെന്നും നീ ചിന്തിക്കണം. നിങ്ങൾ ഗർവ്വംകൊണ്ടു മതിമറന്നവരാകയാൽ അവിടെച്ചെന്നു വല്ല തെറ്റും ചെയ്തേക്കാം. തപസ്വികളായ അവർ, നിങ്ങൾ വല്ല തെറ്റും ചെയ്താൽ ചുട്ടെരിച്ചു കളയും. അല്ലെങ്കിൽ ദ്വേഷത്തിൽ മുങ്ങിയവരായ അവർ ആയുധധാരികളാണ്. മറ്റ് ആയുധധാരികളുടെ സഹായത്തോടുകൂടി അവർ നിങ്ങളെ ശസ്ത്രതേജസ്സാൽ നശിപ്പിച്ചേക്കും. നിങ്ങൾ വലിയ സൈന്യബലത്തോടുകൂടി അവരോട് എതിർക്കുവാനാണ് ചെല്ലുന്നതെങ്കിൽ അത് അനാര്യമായ കർമ്മമാണ്. അതിനെ ജനങ്ങൾ പഴിക്കും. ജനസമ്മതി നേടുവാനും നിങ്ങൾക്കു കഴിയുകയില്ല. നിങ്ങൾ അതിൽ ജയിക്കുകയുമില്ല. മഹാബാഹുവായ അർജ്ജുനൻ ഇന്ദ്രലോകത്തു ചെന്നു പാർത്ത് ദിവ്യാസ്ത്രങ്ങൾ നേടി കാട്ടിലേക്കു തിരിച്ചുവന്നിരിക്കുന്ന സമയമാണ് ഇപ്പോൾ. അസ്ത്രവിദ്യയിൽ ഇത്രയും കുശലനല്ലാതിരുന്ന കാലത്തുതന്നെ അർജ്ജുനൻ ഭൂമിയെ മുഴുവൻ കീഴടക്കിയവനാണ്. ഇപ്പോൾ കൃതാസ്ത്രനായ അവന്ന് നിങ്ങളെ കൊല്ലുവാനുണ്ടോ പ്രയാസം? ഇനി മറ്റൊരു കാര്യം പറയാം. ഞാൻ പറയുന്നതു കേട്ട് ഇണങ്ങി വനത്തിൽ അവരോടു പെരുമാറാമെന്നു കരുതി അതിന്നും നിങ്ങൾ പോകരുത്. അതിലും ദോഷമാണ് ഞാൻ കാണുന്നത്. അവർ സത്യവ്രതന്മാരാണെന്നു വിചാരിച്ച് അവരെ വിശ്വസിക്കരുത്. അവർ വനവാസംമൂലം മനസ്സു കലങ്ങിയാണു ജീവിക്കുന്നത്. പകവീട്ടുന്നതിന്നു കിട്ടുന്ന സന്ദർഭം അവർ വെറുതെ കളയുമെന്നു വിചാരിക്കുന്നതു വിഡ്ഢിത്തമാണ്. അതിന്നും പുറമേ മറ്റൊരു കാര്യം പറയാം. ഭടന്മാരിൽ വല്ലവരും വല്ല തെറ്റും യുധിഷ്ഠിരനെ സംബന്ധിച്ച് ചെയ്തു എന്നു വരാം. അത് അറിയാതെ ചെയ്തുപോയതായാലും നിങ്ങൾക്ക് അതു ദോഷത്തിന്നു ഹേതുവാകും. അതുകൊണ്ട് ഗോശാലകളെ പരിശോധിക്കുന്നതിന്ന് വിശ്വസ്തന്മാരായ ആൾക്കാരെ അയച്ചാൽ മതി. ദുര്യോധനൻ പോകുന്നത് എനിക്ക് ഇഷ്ടമില്ല.''

ശകുനി പറഞ്ഞു: ''ഞങ്ങളെക്കുറിച്ചോ പാണ്ഡവന്മാരെക്കുറിച്ചോ ഭവാൻ ഒട്ടും സംശയിക്കരുത്. പാണ്ഡവജ്യേഷ്ഠനായ യുധിഷ്ഠിരൻ പരമധർമ്മജ്ഞനാണ്. പന്ത്രണ്ടുവർഷം വനവാസം ചെയ്തുകൊള്ളാമെന്ന് സഭയിൽവെച്ചു ചെയ്ത പ്രതിജ്ഞ അദ്ദേഹം തെറ്റിക്കുകയില്ല. മറ്റു പാണ്ഡവന്മാരും ധർമ്മചാരികളാണ്. അവർ ജ്യേഷ്ഠനെ സർവ്വാത്മനാ അനുവർത്തിക്കുന്നവരുമാണ്. യുധിഷ്ഠിരൻ ഞങ്ങളിൽ ഒരിക്കലും കോപിക്കുകയില്ല. ഞങ്ങൾക്കു നായാട്ടിന്നു വലിയ ആഗ്രഹമുണ്ട്. ഘോഷങ്ങൾ പരിശോധിക്കുന്നതിന്നും നായാട്ടു നടത്തി വിനോദിക്കുന്നതിന്നും മാത്രമാണ് ഞങ്ങൾ വനത്തിലേക്കു പോകുന്നത്. പാണ്ഡവരെ ഞങ്ങൾ കാണുവാനേ ഉദ്ദേശിക്കുന്നില്ല. ദുർവൃത്തന്മാരായി ആ കാട്ടിൽ ആരും ഉണ്ടായിരിക്കയില്ല. അതുകൊണ്ട് ഞങ്ങൾ അറിയാതെ ആരെങ്കിലും പാണ്ഡവന്മാർക്കു വല്ല തെറ്റും ചെയ്യുമെന്നു ശങ്കിക്കുവാൻ അവകാശമില്ല. പാണ്ഡവന്മാർ പാർക്കുന്ന ദിക്കിൽ ഞങ്ങൾ പോകുന്നതല്ലെന്ന് രാജാവേ, അങ്ങയെ ഉണർത്തിച്ചുകൊള്ളുന്നു.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം ശകുനി പറഞ്ഞപ്പോൾ ധൃതരാഷ്ട്രരാജാവ് മനസ്സില്ലാമനസ്സോടെ അമാത്യന്മാ

digitized by www.sreyas.in

രോടുകൂടി പോകുവാൻ അനുവദിച്ചു. അനുമതി കിട്ടിയ ഉടനെ ദുര്യോധനൻ കർണ്ണനോടും ശകുനിയോടും ദുശ്ശാസനൻ മുതലായ ഭ്രാതാക്കന്മാരോടും വലിയ സൈന്യബലത്തോടും അനേകായിരം സ്ത്രീകളോടുംകൂടി ദ്വൈതവനത്തിലേക്കു പുറപ്പെട്ടു. മഹാബാഹുവായ ദുര്യോധനനെ പൗരന്മാർ ഭാര്യമാരോടുകൂടി അനുഗമിച്ചു. എണ്ണായിരം തേരുകളും മുപ്പതിനായിരം ആനകളും ഒമ്പതിനായിരം അശ്വങ്ങളും അനേകായിരം കാലാളുകളും മാത്രമല്ല, കച്ചവടക്കാർ, അപണങ്ങൾ, വേശ്യാസ്ത്രീകൾ, വന്ദികൾ, നായാട്ടുകാർ ഇങ്ങനെ ഒരു വലിയ അകമ്പടിയോടുകൂടിയാണ് ദുര്യോധനക്ഷിതിപന്റെ 'ഘോഷയാത്ര'. പിന്നെ രാജാവിന്റെ യാത്രയുടെ ഘോഷം മുഴങ്ങി. മഴക്കാലത്തിളകുന്ന കൊടുങ്കാറ്റിന്റെ ആരവം പോലെ മഹാശബ്ദം ദിക്കെങ്ങും മുഴങ്ങി.

അകമ്പടിയോടുകൂടിയ ദുര്യോധനൻ വനത്തിൽച്ചെന്ന് ദ്വൈതവനസരസ്സിൽനിന്ന് അധികം ദൂരെയല്ലാത്ത ഒരിടത്ത്, രണ്ടു വിളിപ്പാടുമാത്രം ദൂരെ, താവളം ഉറപ്പിച്ചു. ആ കാട്ടിൽ അവിടവിടെയുള്ള ഗോശാലകൾക്കു സമീപത്തായി, എല്ലാ സൗകര്യവുമുള്ള സ്ഥലത്ത്, നല്ല വെള്ളവും വലിയ മരങ്ങളുമുള്ള രമണീയമായ സ്ഥലത്ത്, ദുര്യോധനൻ തന്റെ ഭ്രാതാക്കൾക്കും കർണ്ണന്നും ശകുനിക്കും പ്രത്യേകം പ്രത്യേകം കൂടാരങ്ങൾ കെട്ടിച്ചു."

240. ഗന്ധർവ്വദുര്യോധനസേനാസംവാദം – വൈശമ്പായനൻ പറഞ്ഞു: "കൂടാരങ്ങൾ വെവ്വേറെ എല്ലാ മഹാരഥന്മാർക്കും കെട്ടിക്കഴിഞ്ഞതിന്നുശേഷം അവർ ഗോപരിശോധനയാരംഭിച്ചു. നൂറും ആയിരവും പശുക്കളെ പരിശോധിച്ചു. ആയിരക്കണക്കിന്നു പശുക്കളെ ഇനംതിരിച്ച് എണ്ണിക്കണക്കാക്കി ലക്ഷണങ്ങൾ രേഖപ്പെടുത്തി. ഇണക്കമുള്ള പശുക്കിടാങ്ങളെ മുദ്രവെച്ചു വേർതിരിച്ചു. കിടാങ്ങളോടുകൂടിയ പശുക്കൾ എത്രയുണ്ടെന്നു വേർതിരിച്ചു കണക്കാക്കി. എല്ലാറ്റിനേയും പരിശോധിച്ചു. മൂന്നു വയസ്സു പ്രായമുള്ളവയെ മുഴുവൻ തരംതിരിച്ചു. പിന്നെ സുയോധനൻ അജപാലന്മാരോടു പ്രീതിയോടെ സംഭാഷണമാരംഭിച്ചു. ആ പൗരജനങ്ങളും പടയാളികളും എല്ലാം ദേവന്മാരെപ്പോലെ ആ കാട്ടിൽ ഉല്ലസിച്ചു കളിച്ചു. ആ ഗോപന്മാരിൽ ആട്ടക്കാരും പാട്ടുകാരുമായവർ അലംകൃതകളായ കന്യകമാരോടുകൂടി ധാർത്തരാഷ്ട്രനെ സേവിച്ചു. സ്ത്രീജനത്താൽ ആവൃതനായ ദുര്യോധനൻ ഏറ്റവും സന്തുഷ്ടനായി. ആ ഗോപാലന്മാർക്കു ധാരാളം പണവും അന്നവും പലതരം പാനീയങ്ങളും നല്കി തൃപ്തരാക്കി അവരെ അയച്ചു.

ഗോശാലപരിശോധന കഴിഞ്ഞതിന്നുശേഷം ദുര്യോധനനും അനുയായികളും വേട്ടയ്ക്കായി പുറപ്പെട്ടു. പുലികൾ, കാട്ടുപോത്തുകൾ, മാനുകൾ, കരടികൾ, കാട്ടാനകൾ എന്നിവയെ ഇളക്കിവിട്ട് ഓടിക്കുകയും പലതിനേയും അസ്ത്രം പ്രയോഗിച്ചു കൊല്ലുകയും ചിലതിനെ ജീവനോടെ പിടിക്കുകയും ചെയ്തു. ധാർത്തരാഷ്ട്രന്മാർ ആ കാടുമുഴുവൻ കലക്കിമറിച്ചു കൂത്താടി. ഗോരസങ്ങൾ പാനംചെയ്തും പലമാതിരി സുഖഭോഗങ്ങളിൽ മനസ്സുചെലുത്തിയും ദുര്യോധനാദികൾ സഞ്ചരിച്ചു.

ആടുന്ന മയിലുകളെ കണ്ടു. പാടുന്ന വണ്ടുകളിലും, പൂത്തു നില്ക്കുന്ന പൂങ്കാവുകളിലും, അഴകേറിയ കാടുകളിലും, മരങ്ങളിലും, ലതകളിലും കണ്ണും കരളും ചെലുത്തി പുണ്യമായ ദ്വൈതവനപ്പൊയ്കയിലെത്തി.

ആ പ്രദേശം വളരെ മനോഹരമായിരുന്നു. മദിച്ച വണ്ടുകളും മയിലുകളും ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. ഏഴിലമ്പാലകളും അശോകവൃക്ഷങ്ങളും പുന്നമരങ്ങളും ധാരാളമായി ആ സരസ്തീരത്തിൽ പൂത്തുനില്ക്കുന്നു.

ഇക്കാലത്ത് വജ്രധരനായ ശക്രനെപ്പോലെ സമൃദ്ധിയോടെ ദ്വൈതവനത്തിലെ സരസ്തീരത്തിൽ ആശ്രമസ്ഥനായ യുധിഷ്ഠിരരാജർഷി ധർമ്മപത്നിയായ യാജ്ഞസേനിയോടുകൂടി ഒരേയൊരു പകൽകൊണ്ടു സാധിക്കുന്ന ഒരു യജ്ഞം ദിവ്യവിധിപ്രകാരം വന്യഫലങ്ങൾകൊണ്ട് അനുഷ്ഠിക്കുകയായിരുന്നു. ഈ സന്ദർഭത്തിലാണ് ദുര്യോധനനും കൂട്ടുകാരും സരസ്സിന്നരികെയെത്തി പാർപ്പിടം കെട്ടിയത്.

ഉടനെ ധാർത്തരാഷ്ട്രൻ തന്റെ അനേകായിരം ഭൃത്യന്മാരെ വിളിച്ച് അവിടെ ക്രീഡാഗൃഹങ്ങൾ നിർമ്മിക്കുവാൻ ആജ്ഞ നല്കി. രാജകല്പന നിർവ്വഹിക്കുവാൻ ദുര്യോധനന്റെ കിങ്കരന്മാർ സരസ്സിലേക്കു പോയി. കുളിപ്പുര തീർക്കുവാനായി അവർ സരസ്സിലേക്ക് ചെന്നപ്പോൾ വനമാർഗ്ഗത്തിൽവെച്ച് ഗന്ധർവ്വന്മാർ അവരെ തടഞ്ഞു. അവർ അവിടെ കുറച്ചുമുമ്പേ എത്തിയവരാണ്. ഗന്ധർവ്വരാജാവ് കുബേരഭവനത്തിൽനിന്ന് ആൾക്കാരോടുകൂടി അവിടെ എത്തിയതിന്നുശേഷം ആ സരസ്സിൽ കുളിക്കുവാനായി അപ്സരസ്ത്രീകളോടും ദേവകുമാരന്മാരോടുംകൂടി ഇറങ്ങിയ സന്ദർഭത്തിലാണ് ദുര്യോധനസേനയുടെ വരവ്. ഗന്ധർവ്വൻ തടഞ്ഞപ്പോൾ അവർ ഓടിപ്പോയി ദുര്യോധനനെ ക്കണ്ടു വിവരമറിയിച്ചു. ഇതുകേട്ടപ്പോൾ ദുര്യോധനന്നു കോപമായി. ധാർത്തരാഷ്ട്രൻ യുദ്ധദുർമ്മദന്മാരായ യോധന്മാരെ വിളിച്ച് ഗന്ധർവ്വന്മാരെ അടിച്ചോടിക്കുവാൻ കല്പനകൊടുത്തു. ആ രാജാവിന്റെ കല്പന നിർവ്വഹിക്കുവാൻ പോരാളിവീരന്മാർ ദ്വൈതാരണ്യപ്പൊയ്കയിൽച്ചെന്നു വിളിച്ചുപറഞ്ഞു."

പടയാളികൾ പറഞ്ഞു: "ധൃതരാഷ്ട്രപുത്രനും മഹാബലശാലിയുമായ ദുര്യോധനമഹാരാജാവ് ഈ സരസ്സിൽ ക്രീഡിക്കുവാനായി ഇതാ, എഴുന്നള്ളുന്നു. അതുകൊണ്ടു നിങ്ങളെല്ലാവരും മാറി ഒഴിഞ്ഞുപോകുവിൻ!"

വൈശമ്പായനൻ പറഞ്ഞു: "ഈ ശാസന കേട്ടപ്പോൾ ഗന്ധർവ്വന്മാർക്കു ചിരിവന്നു. അവർ പറഞ്ഞു."

ഗന്ധർവ്വന്മാർ പറഞ്ഞു: "നിങ്ങളുടെ രാജാവ് ഒരു വങ്കനാണ്. ദേവന്മാരായ ഞങ്ങളോട് വൈശ്യന്മാരോടെന്നപോലെ ആജ്ഞാപിക്കുന്ന ദുര്യോധനൻ 'മരമണ്ടൻ' തന്നെ. ദുർബുദ്ധികളായ നിങ്ങൾ മരിക്കുവാൻ ബദ്ധപ്പെട്ടു വന്നിരിക്കുകയാണ്. ജളന്മാരായ നിങ്ങൾക്കല്ലാതെ ആ മഹാവിഡ്ഢിയുടെ വാക്കുകേട്ട് ഇങ്ങനെ വന്നു പറയുവാൻ ധൈര്യം മറ്റാർക്കുണ്ടാകും? നിങ്ങൾക്കു പ്രാണനിൽ കൊതിയുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളുടെ രാജാവിന്റെ അടുത്തേക്കു പിൻതിരിഞ്ഞോടിക്കൊള്ളുവിൻ! അല്ലെങ്കിൽ ഇപ്പോൾത്തന്നെ കാലന്റെ അടുത്തേക്ക് അയച്ചുതരാം."

വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വന്മാർ ഇപ്രകാരം പറഞ്ഞപ്പോൾ കാര്യം പന്തിയല്ലെന്നുകണ്ട് അവർ ദുര്യോധനന്റെ അടുത്തേക്ക് ഓടി."

241. കർണ്ണപരാഭവം – വൈശമ്പായനൻ പറഞ്ഞു: "ഉടനെ കിങ്കരന്മാരൊക്കെ ഓടി ദുര്യോധനന്റെ അടുത്തെത്തി. ആ ഗന്ധർവ്വന്മാർ പറഞ്ഞവാക്കുകൾ ദുര്യോധനനെ ഉണർത്തിച്ചു. തന്റെ സൈന്യത്തെ ഗന്ധർവ്വന്മാർ തടഞ്ഞതറിഞ്ഞപ്പോൾ അമർഷിയായ ദുര്യോധനൻ ഇപ്രകാരം സൈനികരോടു പറഞ്ഞു."

ദുര്യോധനൻ പറഞ്ഞു: "എനിക്ക് അപ്രിയമായി അധർമ്മം ചെയ്ത പരിഷകളെ ഇനി വെച്ചേക്കരുത്! ദേവന്മാരോടെല്ലാവരോടുംകൂടി ദേവേന്ദ്രൻതന്നെ വന്നു ക്രീഡിക്കുകയാണെങ്കിലും ഒരൊറ്റയെണ്ണത്തേയും വിടരുത്! സകലത്തിനേയും പ്രഹരിക്കണം!"

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനമഹാരാജാവിന്റെ കല്പനകേട്ട് മഹാബലന്മാരായ ധാർത്തരാഷ്ട്രന്മാരും അനേകസഹസ്രം യോദ്ധാക്കളും യുദ്ധത്തിന്നു തയ്യാറായി. അവർ ഗന്ധർവ്വന്മാർ തടഞ്ഞതിനെ വകവെക്കാതെ ബലമായി വനത്തിലേക്കു കയറി. അവരിൽനിന്നു പൊങ്ങിയ സിംഹനാദത്താൽ ദിക്കുകളൊക്കെ മുഖരിതമായി. ഉടനെ കൗരവസൈന്യത്തെ ഗന്ധർവ്വന്മാർ തടഞ്ഞു. സാമം കൊണ്ടൊന്നും ഫലമില്ലെന്നും, രാജാവോടുകൂടിയ ഈ ധാർത്തരാഷ്ട്രന്മാർ പറഞ്ഞാൽ കേൾക്കുന്ന കൂട്ടരല്ലെന്നും അറിഞ്ഞ ഗന്ധർവ്വന്മാർ ഉടനെചെന്ന് തങ്ങളുടെ രാജാവായ ചിത്രസേനനെ ഇക്കാര്യം ഉണർത്തിച്ചു. ഏറ്റവും അമർഷണനായ ചിത്രസേനൻ 'ആ അനാര്യന്മാരായ

digitized by www.sreyas.in

കൂട്ടരെ വേണ്ടമാതിരി ശിക്ഷിക്കുവിൻ! പ്രഹരിക്കുവിൻ!' എന്നു തന്റെ കൂട്ടരോടു കല്പിച്ചു. രാജാവിന്റെ അനുമതി കിട്ടിയതോടുകൂടി ഗന്ധർവ്വന്മാർ ധാർത്തരാഷ്ട്രന്മാരുടെ നേരെ ഇടഞ്ഞു കയറി. ആയുധങ്ങളുമുയർത്തി ഗന്ധർവ്വന്മാർ പാഞ്ഞുവന്നപ്പോൾ ദുര്യോധനൻ കാൺകെത്തന്നെ കൗരവസൈന്യം ചിതറി ഓടിത്തുടങ്ങി. തന്റെ കൂട്ടുകാർ ഓടുന്നതു കണ്ടിട്ടും വീരനായ രാധേയൻ പിന്മാറിയില്ല. ഗന്ധർവ്വന്മാരുടെ തള്ളിക്കയറ്റത്തെ കർണ്ണൻ തന്റെ ഉൽക്കടമായ ശരധാരകൊണ്ടു നിറുത്തി. കത്തിയമ്പ്, ഉളിയമ്പ് മുതലായ ശരങ്ങൾ ഗന്ധർവ്വരിൽ സൂതപുത്രൻ ചൊരിഞ്ഞു. ഗന്ധർവ്വന്മാരുടെ ശിരസ്സോരോന്നു നിലത്തു വീഴ്ത്തിക്കൊണ്ടുനിന്നു പോരാടി. ക്ഷണംകൊണ്ടു ചിത്രസേനന്റെ സൈന്യത്തെ കഠിനമായി മർദ്ദിച്ചു. ധീമാനായ കർണ്ണൻ കൊല്ലുന്ന സമയത്തും ഗന്ധർവ്വഭടന്മാർ പിന്മാറാതെനിന്ന് എതിർത്തു. നൂറും ആയിരവും ഗന്ധർവ്വഭടന്മാരൊന്നിച്ചുകൂടി എതിർത്തു കയറി. ആ ധരണീതലം അപ്പോൾ ഗന്ധർവ്വമയമായിത്തീർന്നു. ചിത്രസേനന്റെ ഗന്ധർവ്വസൈന്യം വിടാതെ പൊരുതിനിന്നു.

ഇതുകണ്ട് ദുര്യോധനനും, ശകുനിയും, ദുശ്ശാസനൻ, വികർണ്ണൻ മുതലായ ധാർത്തരാഷ്ട്രന്മാരും ഗരുഡധ്വനി ചേർന്ന രഥങ്ങളിൽ കയറിവന്ന് കർണ്ണനെ മുൻനിർത്തി ശത്രുസൈന്യത്തോട് എതിർത്തു. സംഘബലത്തോടുകൂടി ആ മഹാരഥന്മാർ ശരിയായി തേർനടത്തി. കർണ്ണന്റെ രക്ഷയ്ക്കായി ഗന്ധർവ്വന്മാരിൽ ശരങ്ങൾ ചൊരിഞ്ഞുതുടങ്ങി. ഇങ്ങനെ ഗന്ധർവ്വന്മാരും കൗരവന്മാരും ഇടകലർന്നതുമൂലമായ ഘോരയുദ്ധം നടന്നു.

രോമഹർഷണമായ ആ യുദ്ധത്തിൽ ഗന്ധർവ്വന്മാർ ശരപീഡിതന്മാരായി തളർന്നു. കുഴങ്ങിവലഞ്ഞ ഗന്ധർവ്വന്മാരെ നോക്കി കൗരവന്മാർ ഹർഷാരവം മുഴക്കി. ഗന്ധർവ്വഭടന്മാർ ഭീതരായതുകണ്ടപ്പോൾ അമർഷണനായ ചിത്രസേനൻ ആസനത്തിൽ നിന്നെഴുന്നേറ്റ് ശത്രുസൈന്യത്തെ കൂട്ടത്തോടെ നശിപ്പിക്കുവാൻ തുടങ്ങി. മായാമാർഗ്ഗം സ്വീകരിച്ച് മായാസ്ത്രങ്ങളാൽ പോരാടി. ചിത്രസേനന്റെ മായായുദ്ധത്തിൽ കൗരവസേന മോഹിതരായി. ധാർത്തരാഷ്ട്രസൈന്യത്തിലെ ഓരോ ഭടനോടും മുപ്പതു ഗന്ധർവ്വന്മാർ വീതം എതിരിട്ടു. മഹത്തായ ഗന്ധർവ്വബലം കണ്ട് കൗരവഭടന്മാർ ഭീതരായി. അവർ ജീവനിൽ കൊതിയാൽ ഓടിയൊളിച്ചു.

കൗരവസൈന്യം ഇപ്രകാരം ചിന്നിച്ചിതറിയിട്ടും വൈകർത്തനനായ കർണ്ണൻ പർവ്വതംപോലെ കുലുങ്ങാതെതന്നെനിന്നു. കർണ്ണനോടൊപ്പം യുദ്ധത്തിൽ കഠിനമായ മുറിവുപറ്റിയ ദുര്യോധനനും, ശകുനിയും, ഗന്ധർവ്വന്മാരോട് ഇടഞ്ഞുനില്ക്കുക തന്നെ ചെയ്തു. ഗന്ധർവ്വന്മാർ ആയിരക്കണക്കിന്ന് കർണ്ണന്റെ നേരേ പാഞ്ഞു. വാൾ, കുന്തം, ശൂലം, ഗദ എന്നിവയാൽ കർണ്ണനെ കൊല്ലുവാൻ ചുറ്റുംകൂടി ആയുധങ്ങൾ പ്രയോഗിച്ചു. ചിലർ കർണ്ണന്റെ രഥത്തിലെ നുകത്തേയും, ചിലർ കൊടിയേയും, ചിലർ അച്ചുതണ്ടിനേയും, ചിലർ കുതിരകളേയും, ചിലർ സാരഥിയേയും, ചിലർ കുടയേയും, ചിലർ രഥത്തിന്റെ കീഴ്ത്തട്ടിനേയും, ചിലർ മേൽത്തട്ടിനേയും ശസ്ത്രപ്രയോഗംകൊണ്ടു തകർത്തുവീഴ്ത്തി. ഇപ്രകാരം അനേകായിരം ഗന്ധർവ്വന്മാർ കൂടി കർണ്ണരഥം പൊടിയാക്കി. ഉടനെ സൂതപുത്രൻ തേരിൽ നിന്നു ചാടി. ഒടുവിൽ കർണ്ണൻ ഗത്യന്തരമില്ലാതെ വാളും പരിചയുമെടുത്ത് ജീവരക്ഷയ്ക്കായി വികർണ്ണന്റെ രഥത്തിൽ ചാടിക്കയറി കുതിരകളെ ഓടിച്ച് അവിടെനിന്നു മറഞ്ഞു.

242. ദുര്യോധനാദിഹരണം – വൈശമ്പായനൻ പറഞ്ഞു: "ഹേ, ജനമേജയാ! കർണ്ണനെ ഗന്ധർവ്വന്മാർ ഓടിച്ചപ്പോൾ ധാർത്തരാഷ്ട്രൻ നോക്കിനില്ക്കെത്തന്നെ സൈന്യം പാഞ്ഞുപോയി. തന്റെ സൈന്യം പിൻതിരിഞ്ഞ് ഓടിക്കളഞ്ഞപ്പോഴും, തന്റെ ഭ്രാതാക്കന്മാർ തോറ്റ് ഓടിയിട്ടും, ദുര്യോധനൻ പിന്മാറിയില്ല. തന്റെ നേരെ ഇരമ്പിക്കയറുന്ന ഗന്ധർവ്വസൈന്യത്തിന്റെ നേരെ ആ ധാർത്തരാഷ്ട്രൻ മഹത്തായ ശരവർഷം ചൊരിഞ്ഞ് എതിർത്തുനിന്നു. ആ ശരവർഷത്തെ ഗണിക്കാതെ ദുര്യോധനവധത്തിന്നായി ഒരുങ്ങിയ ഗന്ധർവ്വന്മാർ ആ കൗരവന്റെ രഥത്തെ വളഞ്ഞു. അവന്റെ രഥത്തിന്റെ അച്ചുതണ്ട്, നുകം, തട്ട്, കൊടി, സാരഥി, കുതിരകൾ, മെത്ത എന്നിവയെല്ലാം ശരങ്ങൾകൊണ്ട് ഗന്ധർവ്വന്മാർ എള്ളിൻമണിപോലെ ശകലങ്ങളാക്കി തകർത്തുവിട്ടു. തേർ ഉടഞ്ഞതുമൂലം ദുര്യോധനൻ നിലത്തുവീണു. ദുര്യോധനനെ ജീവനോടെ പിടിച്ചുകെട്ടുവാൻ മഹാബാഹുവായ ചിത്രസേനൻ ഓടിച്ചെന്നു പിടികൂടി. അവനെ പിടിച്ചു ബലമായി കൈകാലുകൾ കൂട്ടിക്കെട്ടി. ഉടനെ രഥത്തിൽ സ്ഥിതിചെയ്യുന്ന ദുശ്ശാസനനേയും അവർ രഥത്തിൽ ചാടിക്കയറി പിടിച്ചുകെട്ടി. വിവിംശതി, വിന്ദൻ, അനുവിന്ദൻ മുതലായ മറ്റു ധാർത്തരാഷ്ട്രന്മാരേയും ബന്ധിച്ച് എല്ലാ രാജപത്നിമാരേയും ഗന്ധർവ്വന്മാർ കൂട്ടം കൂട്ടമായി വന്നു പിടിച്ചുകൊണ്ടുപോകുകയും ചെയ്തു. ഇങ്ങനെ ധാർത്തരാഷ്ട്രന്മാരെയൊക്കെയും ഗന്ധർവ്വരാജാവ് ചിന്നിച്ചിതറിച്ചപ്പോൾ മുമ്പേ തോറ്റോടിപ്പോയ സൈനികന്മാർ സാമാനങ്ങളൊക്കെ വാരിയെടുത്ത് പാണ്ഡവന്മാരെ ശരണം പ്രാപിച്ചു."

സൈനികന്മാർ പറഞ്ഞു: "മഹാബാഹുക്കളായ പാണ്ഡവന്മാരേ! മഹാബലനും പ്രിയദർശിയുമായ ദുര്യോധനനെ ഗന്ധർവ്വന്മാർ ഇതാ പിടിച്ചുകൊണ്ടുപോകുന്നു. ദുശ്ശാസനൻ, ദുർവ്വിഷഹൻ, ദുർമ്മുഖൻ, ദുർജ്ജയൻ മുതലായ ധാർത്തരാഷ്ട്രന്മാരേയും, എല്ലാ രാജപത്നിമാരേയും ഗന്ധർവ്വന്മാർ ബന്ധിച്ചു കൊണ്ടുപോകുന്നു."

വൈശമ്പായനൻ പറഞ്ഞു: "രാജാവിനെ മടക്കിക്കിട്ടുവാനായി കൗരവമന്ത്രിമാർ ഇപ്രകാരം ദുഃഖാർത്തരായി ധർമ്മപുത്രന്റെ അടുത്തുചെന്ന് നിലവിളിച്ച് അപേക്ഷിച്ചു. ഇപ്രകാരം വിലപിച്ച് അപേക്ഷിക്കുന്നതുകേട്ട് വൃകോദരൻ ദുര്യോധനന്റെ അമാത്യന്മാരോടും ഭൃത്യന്മാരോടും ഇപ്രകാരം പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "എടോ മന്ത്രിമാരേ! ഞങ്ങൾ ചെയ്യേണ്ട കൃത്യം ഇപ്പോൾ ഗന്ധർവ്വന്മാർ നിർവ്വഹിച്ചിരിക്കുകയാണ്. ആനകളേയും കുതിരകളേയും ചേർത്തു മഹത്തായ പ്രയത്നം ചെയ്ത് ഞങ്ങൾ അനുഷ്ഠിക്കേണ്ടതായ കർമ്മം ഏതോ അത് ഗന്ധർവ്വന്മാർ ഇപ്പോൾ അനുഷ്ഠിച്ചു! മറിച്ചു വല്ലതും ചെയ്യുന്നവർക്ക് ഫലവും മറിച്ചുതന്നെ. കള്ളച്ചൂത് ഉണ്ടാക്കിത്തീർത്ത ആ രാജാവിന്റെ ദുർമ്മന്ത്രഫലമാണ് ഇത്. അശക്തന്മാരെ ദ്വേഷിച്ചാൽ അവരെ അന്യന്മാർ ആരെങ്കിലും അടിച്ചുവീഴ്ത്താതിരിക്കയില്ലെന്ന് ഇപ്പോൾ മനസ്സിലായോ? ഗന്ധർവ്വന്മാർ ഇപ്പോൾ ചെയ്ത അതിമാനുഷകർമ്മം വളരെ നന്നായി. ഭാഗ്യത്താൽ ഈ ലോകത്തിൽ ഞങ്ങൾക്കു പ്രിയം ചെയ്യുന്നവരായി ചിലരുണ്ടെന്ന് ഇപ്പോൾ കാണുവാൻ കഴിഞ്ഞു. ഏതായാലും ഞങ്ങളുടെ ഭാരം ഇപ്പോൾ ഒഴിഞ്ഞു. അല്പം സുഖമായി.

വെയിലും തണുപ്പും കാറ്റുമേറ്റു തപസ്സുകൊണ്ടു തളർന്ന ഈ ഞങ്ങളെ, ഈ വിഷമസ്ഥന്മാരെ, സ്വസ്ഥനായി വസിക്കുന്ന ആ ദുർബ്ബുദ്ധിക്ക് ഒന്നുവന്നുകണ്ടു രസിക്കണമത്രേ! ദുരാത്മാവും അധർമ്മകർമ്മാവുമായ ആ ദുര്യോധനനും, അവനെപ്പോലെയുള്ള അവന്റെ കൂട്ടുകാരും, അവരുടെ ദുഷ്ടവിചാരത്തിന്റെ ഫലമായി ഇങ്ങനെ പരാഭവത്തിൽ കുടുങ്ങിയത് ഉചിതമായി. അധർമ്മം ചെയ്യുന്നവരെ ഇങ്ങനെതന്നെയാണ് ശിക്ഷിക്കേണ്ടത്. അയാൾ മര്യാദക്കാരനല്ല എന്ന് ഞാൻ നിങ്ങളോടു പറയുന്നു."

വൈശമ്പായനൻ പറഞ്ഞു: "ക്രോധത്താൽ ശബ്ദം മാറി ഇപ്രകാരം ദുര്യോധനമന്ത്രിമാരോട് ഭീമസേനൻ പരുഷവാക്കു പറയുന്നതുകേട്ട് യുധിഷ്ഠിരൻ തടഞ്ഞു പറഞ്ഞു: 'ഭീമാ! ഇതു കോപിക്കേണ്ട കാലമല്ല! നിർത്തുക!'"

243. ദുര്യോധനമോചനാനുജ്ഞ – യുധിഷ്ഠിരൻ പറഞ്ഞു: "ഉണ്ണീ, കഷ്ടത്തിൽപ്പെട്ട്, ഭയപ്പെട്ട്, നമ്മെ ശരണം പ്രാപിച്ചു വന്നിരിക്കുന്ന കുഴപ്പത്തിലായ കൗരവന്മാരോട് നിനക്ക് ഇപ്രകാരം പറയാമോ? ജ്ഞാതികൾ തമ്മിൽ പിണങ്ങും; കലഹിക്കും. അവർ തമ്മിൽ വൈരം എത്രതന്നെ വർദ്ധിച്ചാലും കുല

digitized by www.sreyas.in

ധർമ്മം ഒരിക്കലും നശിപ്പിക്കരുത്. ദായാദികളുടെ കുലം അന്യന്മാർ ആക്രമിക്കുകയോ, നിന്ദിക്കുകയോ ചെയ്താൽ അതു സജ്ജനം സമ്മതിക്കുകയില്ല. ആ ദുർബുദ്ധിയായ ദുര്യോധനൻ ഇപ്പോൾ ഇവിടെ വന്നത്, വളരെനാളായി കാട്ടിൽ പാർത്തുവരുന്ന നമുക്കു തീരെ വിരോധമായി അപ്രിയം ചെയ്യുവാനാണെന്ന് എനിക്കറിയാം. എന്നാൽ ദുര്യോധനനെ ഗന്ധർവ്വന്മാർ ബലമായി പിടിച്ചുകെട്ടിക്കൊണ്ടുപോകുകയും, കൗരവസ്ത്രീകളെ അന്യർ സ്പർശിക്കുകയും ചെയ്യുകയാൽ കുലനാശമല്ലേ നമുക്കു ബാധിച്ചിരിക്കുന്നത്? കുലത്തേയും ശരണാഗതന്മാരേയും രക്ഷിക്കുക എന്ന കാര്യങ്ങൾക്കായി നരവ്യാഘ്രന്മാരായ നിങ്ങൾ യുദ്ധത്തിന് ഒരുങ്ങി എഴുന്നേല്ക്കുവിൻ. ഒട്ടും താമസിച്ചുകൂടാ. വീരനും അപരാജിതനുമായ നീ നരോത്തമന്മാരായ അർജ്ജുനമാദ്രേയന്മാരോടുകൂടി അപഹൃതനായ ദുര്യോധനനെ മോചിപ്പിക്കുകതന്നെ വേണം. ഹേ, വീരന്മാരേ! ധൃതരാഷ്ട്രപുത്രന്മാരുടെ തേരുകൾ തെളിഞ്ഞ പൊൻകൊടികളോടുകൂടി ഇതാ നില്ക്കുന്നു. യുദ്ധസന്നദ്ധമായി എപ്പോഴും മുഴങ്ങിക്കൊണ്ടു നില്ക്കുന്ന ഈ രഥങ്ങളിൽക്കയറി കൃതാസ്ത്രന്മാരായ നിങ്ങൾ ഇന്ദ്രസേനപ്രമുഖന്മാരുടെ സാരഥ്യത്തിൽ ഗന്ധർവന്മാരോടു പൊരുതുവാൻ തയ്യാറാവുക. ദുര്യോധനനെ മോചിപ്പിക്കുവാൻ ഒട്ടും മടിക്കരുത്. ഒരുത്തൻ ശരണം പ്രാപിച്ചാൽ ഏതു രാജാവും സർവ്വശക്തിയും പ്രയോഗിച്ച് അവനെ രക്ഷിക്കും. ശരണാഗതന്മാരെ ഉപേക്ഷിക്കുന്നത് രാജധർമ്മമല്ല. സാമാന്യക്ഷത്രിയന്മാർപോലും ചെയ്യുന്ന ഇക്കാര്യത്തിൽ എടോ, വൃകോദരാ! നീ എന്താണ് പിന്മാറുകയാണോ? രക്ഷകനാകണേയെന്ന് അഭ്യർത്ഥിച്ച് കൈകൂപ്പി ശരണംപ്രാപിക്കുന്നവൻ ശത്രുതന്നെയായാലും അവനെ രക്ഷിക്കുന്നവൻ ആരോ, അവനാണ് ആര്യൻ. വരപ്രദാനം, രാജ്യം, പുത്രജന്മം ഈ മൂന്നിനേയുംകാൾ ക്ലേശത്തിൽനിന്നു ശത്രുവിനെ മോചിപ്പിക്കുക എന്നതാണ് ശ്രേയസ്കരം. ആപത്തിൽപ്പെട്ട സുയോധനൻ നിന്റെ ബാഹുബലത്തെ ആശ്രയിച്ചു സ്വന്തം ജീവനെ രക്ഷിക്കുവാൻ മാർഗ്ഗമന്വേഷിച്ചു പ്രാർത്ഥിക്കുകയാണ്. നിനക്ക് ഇതിൽപ്പരം അഭിമാനകരമായി മറ്റെന്തുണ്ട്? ഇങ്ങനെ ഒരു യാഗത്തിൽ ഞാൻ ഏർപ്പെട്ടില്ലായിരുന്നുവെങ്കിൽ ദുര്യോധനനെ രക്ഷിക്കുവാൻ ഞാൻ തന്നെ ഓടിച്ചെല്ലുമായിരുന്നു. എനിക്ക് ഇപ്പോൾ കഴിവില്ലാത്തതുകൊണ്ടാണ് ഞാൻ നിന്നോടു പറയുന്നത്.

എടോ ഭീമാ, സാമപൂർവ്വമായ സർവ്വഉപായങ്ങളും ആദ്യം പ്രയോഗിച്ചുനോക്കണം. അവനെ മോചിപ്പിക്കുവാൻ സാമം കൊണ്ട് ഗന്ധർവ്വന്മാർ പാട്ടിലാവുന്നില്ലെങ്കിൽ സുയോധനനെ വിടുവിപ്പിക്കുവാൻ പറ്റിയവിധം ഏറ്റവും മൃദുവായ പരാക്രമം പ്രയോഗിക്കുക. മൃദുയുദ്ധംകൊണ്ടും ഗന്ധർവ്വന്മാർ കൗരവന്മാരെ വിട്ടയയ്ക്കുന്നില്ലെങ്കിൽ ഉപായങ്ങൾ മുഴുവൻ പ്രയോഗിച്ചു നോക്കണം. അതുകൊണ്ടുമായില്ലെങ്കിൽ ശത്രുക്കളെ നിഗ്രഹിച്ചിട്ടെങ്കിലും കാര്യം സാധിക്കണം. എനിക്ക് ഇപ്രകാരം പറയുവാനല്ലേ കഴിയൂ? ഞാൻ യാഗകർമ്മത്തിൽ ഏർപ്പെട്ടിരിക്കുകയല്ലേ!"

വൈശമ്പായനൻ പറഞ്ഞു:"അജാതശത്രുവായ യുധിഷ്ഠിരന്റെ വാക്കുകേട്ട ഉടനെ ധനഞ്ജയൻ ജ്യേഷ്ഠന്റെ കല്പന നിർവ്വഹിക്കുന്നതാണെന്ന്, കൗരവന്മാരെ മോചിപ്പിച്ചുകൊള്ളാമെന്ന് ഏറ്റുപറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "സാമംകൊണ്ടു ധാർത്തരാഷ്ട്രന്മാരെ ഗന്ധർവ്വന്മാർ വിട്ടില്ലെങ്കിൽ ഇന്ന് ഗന്ധർവ്വരാജാവിന്റെ രക്തം ഭൂമി കുടിക്കും."

വൈശമ്പായനൻ പറഞ്ഞു:"സത്യവാക്കായ അർജ്ജുനന്റെ വാക്കുകേട്ടപ്പോൾ ചുറ്റും കൂടി വിലപിച്ചുനിന്നിരുന്ന കൗരവന്മാർക്ക് മനസ്സു തിരിച്ചുകിട്ടി രാജാവേ!"

244. പാണ്ഡവഗന്ധർവ്വയുദ്ധം – വൈശമ്പായനൻ പറഞ്ഞു:"യുധിഷ്ഠിരൻ പറഞ്ഞതുകേട്ട് ഭീമൻ മുതലായവരെല്ലാം ഹൃഷ്ടവദനന്മാരായി എഴുന്നേറ്റു. അഭേദ്യവും വിചിത്രവുമായ പൊൻചട്ടയണിഞ്ഞ് പലതരം ദിവ്യായുധങ്ങൾ ധരിച്ച് ആവനാഴിയെടുത്തു കൊടി ഉയർന്ന രഥത്തിൽ കയറി. കത്തിജ്ജ്വലിക്കുന്ന അഗ്നിപോലെ നരോത്തമന്മാരായ പാണ്ഡവന്മാർ പ്രശോഭിച്ചു. ആ രഥിശ്രേഷ്ഠന്മാർ വേഗംകൂടിയ കുതിരകളെ വേണ്ടുന്നതെല്ലാം ഒരുക്കിവെച്ചിട്ടുള്ള രഥങ്ങളിൽ പൂട്ടി വേഗത്തിൽ പുറപ്പെട്ടു. പാണ്ഡുപുത്രന്മാരുടെ വരവുകണ്ട് കൗരവസൈന്യത്തിൽനിന്നു വലുതായ ഹർഷാരവം മുഴങ്ങി. വിജയം നേടുകയാൽ സ്വസ്ഥാനത്തേക്കു തിരിച്ചുപോകുവാൻ തുടങ്ങിയ മഹാവേഗന്മാരായ ഗന്ധർവ്വന്മാർ ലോകപാലകന്മാരെപ്പോലെ പ്രശോഭിക്കുന്ന നാലു പാണ്ഡവന്മാർ തേരിൽക്കയറി വരുന്നതുകണ്ട് അവരോടെതിർക്കുവാൻ ആ കാട്ടിൽത്തന്നെ കൂട്ടംകൂടി അണിനിരന്നുനിന്നു. ധീമാനായ യുധിഷ്ഠിരന്റെ അഭിമതപ്രകാരം ക്രമംപോലെ മൃദുലമായ യുദ്ധത്തിലാണ് ആദ്യം പാണ്ഡവന്മാർ ഏർപ്പെട്ടത്. മന്ദബുദ്ധികളായ ഗന്ധർവ്വസൈനികർ ശ്രേയോലാഭത്തിന്നു വഴിയറിയാത്തവരാകയാൽ ഈ മൃദുലയുദ്ധംകൊണ്ടു കീഴടങ്ങുകയുണ്ടായില്ല. 'എന്റെ ഭ്രാതാവായ സുയോധനരാജാവിനെ വിട്ടയയ്ക്കുവിൻ!' എന്ന് പരന്തപനും യശസ്വിയുമായ അർജ്ജുനൻ പോർക്കളത്തിൽനിന്നു വിളിച്ചു പറഞ്ഞു. യുദ്ധത്തിൽ ദുർദ്ധർഷന്മാരായ ഗന്ധർവ്വന്മാർ അർജ്ജുനൻ സാന്ത്വനപൂർവ്വം പറഞ്ഞ വാക്കുകേട്ട് ഒരു ഗർവ്വുനിറഞ്ഞ ചിരിയോടുകൂടി ഇപ്രകാരം പറഞ്ഞു."

ഗന്ധർവ്വന്മാർ പറഞ്ഞു: "ഉണ്ണീ, ഞങ്ങൾ ഒരാൾ പറയുന്ന വാക്കേ ഈ ലോകത്തിൽ കേൾക്കുകയുള്ളു. അവൻ പറയുന്നതിനെ ഞങ്ങൾ അല്ലൽ കൂടാതെ അനുസരിക്കുന്നുണ്ട്. ആ ഒരുത്തന്റെ ശാസനയിൽ ഞങ്ങൾ നില്ക്കുന്നു. ദേവരാജാവായ ഇന്ദ്രനല്ലാതെ ഞങ്ങൾക്കു മറ്റൊരു ശാസ്താവുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ഗന്ധർവ്വന്മാർ ഇപ്രകാരം പറഞ്ഞപ്പോൾ കുന്തീപുത്രനായ ധനഞ്ജയൻ ഗന്ധർവ്വന്മാരോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഈ നിന്ദ്യമായ കർമ്മം ഗന്ധർവ്വരാജാവിന്നു ചേർന്നതല്ല. പരദാരങ്ങളെ സ്പർശിച്ചതും മനുഷ്യരുമായി ഇടപെട്ടതും ഗന്ധർവ്വേന്ദ്രൻ ചെയ്ത നീചകർമ്മമാണ്. ധർമ്മരാജാവിന്റെ ശാസനപ്രകാരം ഈ മഹാവീരന്മാരായ ധാർത്തരാഷ്ട്രന്മാരേയും അവരുടെ ഭാര്യമാരേയും നിങ്ങൾ വിട്ടയയ്ക്കുകയാണു നല്ലത്. സാമം കൊണ്ടു നിങ്ങൾ ഇവരെ വിടുകയില്ലെങ്കിൽ വിക്രമംകൊണ്ട് ഞാൻ തന്നെ സുയോധനനെ വിടുവിക്കുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് പാർത്ഥൻ ശരവുമായി നിന്നു. അവർ സാമത്തിന്ന് ഇണങ്ങിയില്ല. ഉടനെ ഗന്ധർവ്വന്മാരിൽ അർജ്ജുനൻ മൂർച്ചയുള്ള അമ്പുകൾ ചൊരിഞ്ഞു. അപ്പോൾ ബലഗർവ്വിതന്മാരായ ഗന്ധർവ്വന്മാർ ശരവർഷം ചൊരിഞ്ഞ് പാണ്ഡവന്മാരോട് എതിർത്തു. അങ്ങനെ വീരന്മാരായ ഗന്ധർവ്വന്മാരും ശക്തന്മാരായ പാണ്ഡവന്മാരും തമ്മിൽ ഭയങ്കരമായ ഒരു പോരാട്ടം നടന്നു."

245. ഗന്ധർവ്വപരാഭവം – വൈശമ്പായനൻ പറഞ്ഞു:"പൊന്മാലയണിഞ്ഞവരും ദിവ്യാസ്ത്രസമ്പന്നരുമായ ഗന്ധർവ്വന്മാർ പാണ്ഡവന്മാരെ ചുഴന്നുനിന്ന് ദീപ്തശരങ്ങൾ ചൊരിഞ്ഞു. വീരന്മാരായ നാലു പാണ്ഡവന്മാരും, അനേകായിരം ഗന്ധർവ്വന്മാരും തമ്മിൽ യുദ്ധം തുടങ്ങിയെന്നത് വലിയ ഒരത്ഭുതം സൃഷ്ടിച്ചു. കർണ്ണന്റേയും ദുര്യോധനന്റേയും രഥങ്ങൾ തകർത്തതുപോലെ പാണ്ഡവന്മാരുടേയും രഥങ്ങൾ പൊടിയാക്കിവിടുവാൻ അവർ കിണഞ്ഞുനോക്കി. എന്നാൽ നൂറും ആയിരവുമായി തള്ളിക്കേറി ശരങ്ങൾ ചൊരിയുന്ന ഗന്ധർവ്വന്മാരെയെല്ലാം പാണ്ഡവന്മാർ തടഞ്ഞുനിർത്തി. നാലുപാടും ശരങ്ങൾ ചൊരിഞ്ഞുകൊണ്ടിരുന്നതിനാൽ പാണ്ഡുപുത്രന്മാരെ സമീപിക്കുന്നതിന്ന് ഗന്ധർവ്വന്മാർക്കു കഴിഞ്ഞില്ല. ക്രുദ്ധന്മാരായ ഗന്ധർവ്വന്മാരുടെ നേരെ ക്രുദ്ധനായ അർജ്ജുനൻ ദിവ്യാസ്ത്രങ്ങൾ തുടരെത്തുടരെ പ്രയോഗിച്ചുകൊണ്ടു നിന്നു. ആഗ്നേയാസ്ത്രത്താൽ ബലോ

digitized by www.sreyas.in

ല്ക്കടനായ ധനഞ്ജയൻ അനേകായിരംപേരെ യമപുരിയിലേക്കയച്ചു യുദ്ധത്തിൽ മഹാബലനും, മഹാധനുർദ്ധരനുമായ ഭീമൻ ഊക്കോടെ എയ്തുവിട്ട ശരങ്ങൾ ഏറ്റ് അനേകശതം ഗന്ധർവ്വന്മാർ മൃതപ്രായരായി. തീവ്രമായ ബലത്തോടെ എതിർത്തുനില്ക്കുന്ന മാദ്രേയന്മാരും മുന്നോട്ടു കയറിച്ചെന്ന്, അനവധി ശത്രുക്കളെ സംഹരിച്ചു. ഈ മഹാന്മാർ വിടുന്ന ശരങ്ങൾ ഏറ്റു വളരെയധികംപേർ മൃതരാകുന്നതുകണ്ട് ഗന്ധർവ്വന്മാർ ധാർത്തരാഷ്ട്രന്മാരെയെടുത്തു മുകളിലേക്കുപോയി. അതുകണ്ട് സവ്യസാചി മഹത്തായ ശരജാലങ്ങൾകൊണ്ട് അവരെ ചുറ്റിവളഞ്ഞു തടുത്തു നിർത്തി. കൂട്ടിൽക്കുടുങ്ങിയ പക്ഷികളെപ്പോലെ ശരജാലങ്ങളാൽ ബദ്ധരായ ഗന്ധർവ്വന്മാർ ക്രുദ്ധരായി ഈട്ടി, വേല്, ഗദ മുതലായ ആയുധങ്ങൾ അർജ്ജുനന്റെ നേരെ പ്രയോഗിച്ചു. അവയൊക്കെ തടുത്ത് അസ്ത്രജ്ഞനായ അർജ്ജുനൻ ശരങ്ങളാൽ ഗന്ധർവ്വന്മാരുടെ ശരീരം പിളർന്നുതുടങ്ങി. തലകളും, കരചരണങ്ങളും ശിലാവർഷംപോലെ ആകാശത്തിൽനിന്നു വീണുകൊണ്ടിരുന്നു.

ഈ സ്ഥിതി വന്നുകൂടിയപ്പോൾ ഗന്ധർവ്വന്മാർ ഭീതരായി. അർജ്ജുനന്റെ ശരങ്ങൾ തറച്ച് ഗന്ധർവ്വന്മാർ ചാകുന്നത് ആകാശത്തു നിന്നു നോക്കിക്കാണുന്ന അവരുടെ കൂട്ടുകാർ ഭൂമിയിൽ നില്ക്കുന്ന പാണ്ഡവന്മാരിൽ ശരങ്ങൾ വർഷിച്ചു. അവയൊക്കെ പരന്തപനായ അർജ്ജുനൻ മുറിച്ചുകളഞ്ഞ്, തന്റെ ശരങ്ങളെ തടവില്ലാതെ ഗന്ധർവ്വന്മാരിൽ എയ്തുവിട്ടു.

സ്ഥൂണാകർണ്ണം, ഇന്ദ്രജാലം, സൗരം, ആഗ്നേയം മുതലായ അസ്ത്രങ്ങൾ പാർത്ഥൻ പ്രയോഗിച്ചപ്പോൾ വെന്തുനീറുവാൻ തുടങ്ങിയ ഗന്ധർവ്വന്മാർ ഇന്ദ്രനാൽ ദൈത്യന്മാരെയെന്നപോലെ ഏറ്റവും വലിയ കുഴപ്പത്തിലായി. അവർ മേല്പോട്ടുയർന്നുപോകുവാൻ തുടങ്ങുമ്പോൾ അർജ്ജുനൻ വിടുന്ന ശരജാലത്താൽ വഴിതടഞ്ഞു ശരീരം മുറിപ്പെടുവാനല്ലാതെ ഒരടി മുന്നോട്ടുപോകുവാൻ അവർക്കു കഴിഞ്ഞില്ല.

ഇപ്രകാരം ഗന്ധർവ്വന്മാരെ പാർത്ഥൻ ക്ലേശിപ്പിക്കുന്നതു കണ്ട് ചിത്രസേനൻ ഗദയെടുത്ത് സവ്യസാചിയോട് എതിർത്തു. ഗദാഹസ്തനായി പാഞ്ഞുവരുന്ന ഗന്ധർവ്വരാജാവിന്റെ ആ ഇരുമ്പുഗദയെ അർജ്ജുനൻ ശരങ്ങളെക്കൊണ്ട് ഏഴു ഖണ്ഡങ്ങളാക്കി ചിതറി. ഗദ പൊട്ടിച്ചിതറിയപ്പോൾ ചിത്രസേനൻ മറഞ്ഞുനിന്ന് തരസ്വിയായ പാണ്ഡവനോട് പോർ തുടങ്ങി. ആ ഗന്ധർവ്വൻ പ്രയോഗിച്ച സകലദിവ്യാസ്ത്രങ്ങളും സവ്യസാചി ദിവ്യാസ്ത്രങ്ങൾകൊണ്ടുതന്നെ തടുത്തു. തന്റെ സകല അസ്ത്രങ്ങളും നിഷ്ഫലമായപ്പോൾ ബലവാനായ ഗന്ധർവ്വരാജാവ് മായയാൽ അന്തർഹിതനായി. അങ്ങനെ മറഞ്ഞുനിന്നുകൊണ്ട് ചിത്രസേനൻ പോരാടി. അപ്പോൾ ക്രുദ്ധനായ അർജ്ജുനൻ ദിവ്യാസ്ത്രങ്ങൾ മന്ത്രിച്ചുവിട്ട് ഗന്ധർവ്വനെ പ്രഹരിക്കുകയും ശബ്ദവേധത്തെ പ്രയോഗിച്ച് നാനാരൂപങ്ങൾ ധരിച്ച ആ ഗന്ധർവ്വനെ മറവിൽനിന്നു വെളിയിൽ കൊണ്ടുവരികയും ചെയ്തു. മഹാത്മാവായ അർജ്ജുനന്റെ അസ്ത്രങ്ങളേറ്റ് തനിക്കു ജീവനാശം വരുമെന്ന നിലയിൽ എത്തിയപ്പോൾ ചിത്രസേനൻ അർജ്ജുനന്റെ സമീപത്തുചെന്നു സഖാവിനെപ്പോലെ ഭാവിച്ച് ഇപ്രകാരം പറഞ്ഞു: 'ഹേ, അർജ്ജുനാ! യുദ്ധം നിർത്തുക! ഞാൻ ഭവാന്റെ സഖാവാണ്!'

യുദ്ധത്തിൽ ബലഹീനനായി നില്ക്കുന്ന ആ ഗന്ധർവ്വൻ തന്റെ തോഴൻതന്നെയാണെന്ന് അർജ്ജുനൻ കണ്ട് വില്ലിൽ തൊടുത്ത അസ്ത്രം പിൻവലിച്ചു. അതുകണ്ടപ്പോൾ മറ്റു പാണ്ഡവന്മാരും യുദ്ധംനിർത്തി. പായുന്ന അശ്വങ്ങളേയും, അസ്ത്രജാലങ്ങളേയും പിൻവലിച്ചതിന്നുശേഷം ചിത്രസേനനും, ഭീമസേനാർജ്ജുനന്മാരും, മാദ്രീപുത്രന്മാരും അന്യോന്യം തേരുകളിൽനിന്നു കുശലം പറഞ്ഞു."

246. ദുര്യോധനനെ മോചിപ്പിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "പിന്നീട് അർജ്ജുനൻ ചിരിച്ചുകൊണ്ട് ചിത്രസേനനോടു പറഞ്ഞു. ആ ഗന്ധർവ്വരെല്ലാവരും അവരുടെ സൗഹാർദ്ദപൂർവ്വമായ സംഭാഷണത്തിൽ കൗതുകത്തോടെ നിന്നു."

അർജ്ജുനൻ പറഞ്ഞു: "ഹേ, സുഹൃത്തേ! ഭവാൻ എന്തിനാണ് കൗരവന്മാരെ തോല്പിച്ച് ദുര്യോധനനെ ഭാര്യമാരോടുകൂടി പിടിച്ചുകെട്ടിയത്? ഭവാൻ ഈ കർമ്മത്തിന്നൊരുങ്ങുവാൻ കാരണമെന്താണ്?"

ചിത്രസേനൻ പറഞ്ഞു: "ദുരാത്മാവായ ദുര്യോധനനും പാപാത്മാവായ കർണ്ണനും എന്തുകരുതിയാണ് ഇവിടെ വന്നതെന്ന് നിങ്ങൾക്കു മനസ്സിലായിരിക്കും. എന്നാലും ഞാൻ പറയട്ടെ! ഇവരുടെ ഉദ്ദേശ്യം നന്നായിരുന്നില്ല. അനാഥരെപ്പോലെ കാട്ടിൽ ചുറ്റി നടന്നു കഷ്ടപ്പെടുന്ന വിഷമസ്ഥരായ നിങ്ങളേയും, യശസ്വിനിയായ പാഞ്ചാലിയേയും ഇവിടെ വന്നുകണ്ട് സുഖപൂർണ്ണന്മാരുടെ നിലയിൽ അഹങ്കാരം പൂണ്ടു നിങ്ങളെ അപഹസിക്കണമെന്ന കരുതലോടെയാണ് ഇവർ വന്നത്. ഇവരുടെ ഈ മനോഗതം മനസ്സിലാക്കി ദേവേന്ദ്രൻ എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

'ഹേ, ചിത്രസേനാ! ഭവാൻ ഉടനെ പോയി അമാത്യന്മാരോടുകൂടെ ദുര്യോധനനെ ബന്ധിച്ച് ഇവിടെ കൊണ്ടുവരിക. ധനഞ്ജയനേയും ആ പാണ്ഡവന്റെ ഭ്രാതാക്കളേയും നാം സംരക്ഷിക്കേണ്ടതാണ്. അർജ്ജുനൻ ഭവാന്റെ പ്രിയസഖാവും ശിഷ്യനുമാണല്ലോ!' ഈ കല്പന ശിരസാവഹിച്ചുകൊണ്ടാണ് ഞാൻ ഇങ്ങോട്ടു വന്നത്. ഈ ദുഷ്ടനെ ഞാൻ ദേവപുരിയിലേക്ക് ഈ നിലയിൽ കൊണ്ടുപോകട്ടെ! പാകശാസനന്റെ ശാസന എനിക്കു തട്ടുവാൻ വയ്യാ!"

അർജ്ജുനൻ പറഞ്ഞു: "ഹേ, ചിത്രസേനാ! ധർമ്മരാജന്റെ സന്ദേശത്തെ എനിക്കു നിരസിക്കുവാൻ നിവൃത്തിയില്ല. ഭവാൻ ആ സന്ദേശമനുസരിച്ച് ഞങ്ങളുടെ ഭ്രാതാവായ സുയോധനനെ വിട്ടയയ്ക്കണം. എനിക്കു പ്രിയം ചെയ്യുവാൻ സഖാവായ ഭവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സുയോധനനെ വിട്ടയച്ചാലും!"

ചിത്രസേനൻ പറഞ്ഞു: "പാപാത്മാവും, മദോന്മത്തനുമായ ഇവൻ മോചനത്തിന്ന് അർഹനല്ല. ധർമ്മാത്മജനേയും, ദ്രൗപദിയേയും ചതിക്കുവാൻ ഒരുങ്ങിയവനാണ് ഇവൻ. സുഖിച്ചു വളരുന്നവൻ ദുഃഖിച്ചു വലയുന്നവരെ നേരിൽച്ചെന്നു കാണുന്നതു ബഹുരസമാണ് എന്നു കരുതിയാണ് ഈ പാപാത്മാവ് ഇവിടെ എത്തിയിരിക്കുന്നതെന്ന് ശുദ്ധാത്മാവായ യുധിഷ്ഠിരൻ അറിഞ്ഞിരിക്കയില്ല. അതുകൊണ്ട്, ഇവരെയൊക്കെക്കൊണ്ട് ധർമ്മരാജാവിന്റെ അടുത്തേക്കു നാം പോവുക. അദ്ദേഹത്തോടു കാര്യമൊക്കെ പറയുക. അദ്ദേഹത്തോടു ചോദിച്ചിട്ട് അദ്ദേഹം പറയുന്നതുപോലെ ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "അവർ എല്ലാവരുംകൂടി ധർമ്മജന്റെ സമീപത്തുചെന്ന് ദുര്യോധനന്റെ കുചേഷ്ടിതമൊക്കെ ഉണർത്തിച്ചു. യുധിഷ്ഠിരനാകട്ടെ, അക്കാര്യമൊന്നും ഗണിച്ചില്ല. അജാതശത്രുവായ ധർമ്മപുത്രൻ പറഞ്ഞു: 'ചിത്രസേനാ! അവനെ വിടൂ!' ധർമ്മപുത്രൻ പറഞ്ഞ ഉടനേ ആ ശ്രേഷ്ഠനായ ഗന്ധർവ്വൻ അവരുടെ കയറുകൾ അഴിച്ചുവിടുവിച്ചു. തന്റെ ഹിതം പ്രവർത്തിച്ചതിൽ യുധിഷ്ഠിരൻ ഗന്ധർവ്വന്മാരെ പുകഴ്ത്തി."

യുധിഷ്ഠിരൻ പറഞ്ഞു: "ഭാഗ്യം! ഭാഗ്യം! നിങ്ങൾ സർവ്വശക്തിയും തികഞ്ഞ മഹാബലന്മാരായിരുന്നിട്ടും ദുര്യോധനനെ കൊന്നുകളയാഞ്ഞതു ഭാഗ്യം! അവനെ ജ്ഞാതികൾ, അമാത്യന്മാർ, ബാന്ധവന്മാർ എന്നിവരടക്കം കൊന്നുകളയാഞ്ഞതു ഭാഗ്യം! നിങ്ങൾ ഇപ്പോൾ ഞങ്ങൾക്കുചെയ്തതു വലിയ ഒരു ഉപകാരമാണ്. ഈ ദുരാത്മാവിനെ വിട്ടയച്ചതിൽ എന്റെ കുലത്തിന്ന് ഹാനി പറ്റാതെ കഴിഞ്ഞു. നിങ്ങളെ കാണുകയാൽ ഞങ്ങൾ പ്രീതരായിരിക്കുന്നു. നിങ്ങളുടെ ഇഷ്ടമെന്താണെന്ന് ആജ്ഞാപിച്ചാലും! ഞങ്ങളുടെ ഇഷ്ടം നിങ്ങൾ നിറവേറ്റിയിരിക്കുന്നു. നിങ്ങൾക്കുപോകാം. നന്ദി!"

വൈശമ്പായനൻ പറഞ്ഞു: "ബുദ്ധിമാനായ ധർമ്മപുത്രന്റെ അനുജ്ഞപ്രകാരം ചിത്രസേനൻ മുതലായ ഗന്ധർവ്വന്മാർ അപ്സരസ്ത്രീകളോടുകൂടി അവിടെനിന്നു പോയി. യുദ്ധത്തിൽ കൗരവന്മാർ കൊന്ന ഗന്ധർവ്വന്മാരെ ദിവ്യാമൃതം വർഷിച്ച് ദേവേ

digitized by www.sreyas.in

ന്ദ്രൻ ജീവിപ്പിച്ചു. ജ്ഞാതികളേയും രാജസ്ത്രീകളേയും അസാദ്ധ്യമായ കർമ്മംചെയ്തു മോചിപ്പിച്ചതിൽ പാണ്ഡവന്മാർ സംപ്രീതരായി. യാഗമദ്ധ്യത്തിൽ അഗ്നികൾ എന്നപോലെ, ആ ഉത്തമന്മാർ, സ്ത്രീകളോടും ബാലന്മാരോടും ചേർന്ന കൗരവന്മാരാൽ പൂജിതരായി ഏറ്റവും പ്രശോഭിച്ചു. വിമുക്തനായ ദുര്യോധനനേയും മറ്റു ധാർത്തരാഷ്ട്രന്മാരേയും യുധിഷ്ഠിരൻ അരികെ വിളിച്ചുനിർത്തി സ്നേഹപൂർവ്വം ദുര്യോധനനോട് ഇങ്ങനെ പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഉണ്ണീ! ഇനിമേൽ ഇത്തരം സാഹസങ്ങൾ നീ ഒരിക്കലും ചെയ്യരുത്. സാഹസം ചെയ്യുന്നവർക്കു സുഖം വർദ്ധിക്കുകയില്ല. ഭ്രാതാക്കന്മാരോടുകൂടി കുരുനന്ദനനായ നീ സ്വസ്തിമാനായി വർത്തിക്കുക! ബുദ്ധിമങ്ങാതെ യഥാകാമം ഗൃഹത്തിലേക്കു പോകാം!"

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ പോകുവാൻ അനുജ്ഞ നല്കിയപ്പോൾ ദുര്യോധനൻ പഞ്ചേന്ദ്രിയങ്ങളുടെ ശക്തി ക്ഷയിച്ച രോഗിയെപ്പോലെ ധർമ്മപുത്രനെ കൈകൂപ്പി. ലജ്ജാഭാരത്താൽ ഞെരിയുന്നവനായ ദുര്യോധനൻ സ്വന്തം നഗരത്തിലേക്കു പോയി. ആ കൗരവൻ പോയതിന്നുശേഷം കുന്തീപുത്രനായ ധർമ്മരാജാവ് സോദരന്മാരുമായി ഭൂദേവാർച്ചിതനായി മഹർഷിമാരോടുചേർന്ന് ഇന്ദ്രസന്നിഭനായി ദ്വൈതാരണ്യത്തിൽ സസുഖം വസിച്ചു."

247. കർണ്ണദുര്യോധനസംവാദം – ജനമേജയൻ പറഞ്ഞു: "ശത്രുക്കൾ ജയിച്ചു പിടിച്ചു ബന്ധനം അനുഭവിച്ചവനും, മഹാന്മാരായ പാണ്ഡവന്മാരാൽ പിന്നെ മോചിപ്പിക്കപ്പെട്ടവനും, ദുർബുദ്ധിയും, ദുരഭിമാനിയും, ആത്മപ്രശംസകനും, അഹങ്കാരത്തള്ളലുള്ളവനും, വീര്യംകൊണ്ടും, ഔദാര്യംകൊണ്ടും പാർത്ഥന്മാരെ ധിക്കരിക്കുന്നവനും, പാപിയും, അഹങ്കാരിയുമായ ദുര്യോധനൻ വളരെ പണിപ്പെട്ട്, നാണിച്ച്, കുഴങ്ങിയിട്ടാണ് ഹസ്തിനപുരിയിലെത്തിയതെന്നാണ് എന്റെ അഭിപ്രായം. ദുഃഖംകൊണ്ട് ഉള്ളുകലങ്ങി, അവൻ അവിടെ ചെന്നെത്തിയ വർത്തമാനം വിസ്തരിച്ച്, ഹേ, വൈശമ്പായനാ! അങ്ങു പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "ധർമ്മപുത്രനാൽ വിമുക്തനായ ദുര്യോധനൻ നാണിച്ചു തലതാഴ്ത്തി, ദുഃഖംകൊണ്ടു തളർന്ന്, തന്റെ ചതുരംഗസൈന്യത്തോടുകൂടി, 'ഘോഷയാത്ര' കഴിഞ്ഞു മടങ്ങി. പരാജയത്തെക്കുറിച്ചു ചിന്തിച്ച്, ശോകത്താൽ മനസ്സുകെട്ട്, ധാർത്തരാഷ്ട്രൻ തന്റെ മുഖം പൗരന്മാരെ കാണിക്കുവാൻ മടിച്ച്, മാർഗ്ഗമദ്ധ്യത്തിൽ പുല്ലും വെള്ളവും ധാരാളമുള്ള ഒരു സ്ഥലത്ത് കുതിരകളെ അഴിച്ചുവിട്ട്, തേര്, ആന, കുതിര, കാലാൾ എന്നീ ചതുരംഗസൈന്യങ്ങളെ യഥാസ്ഥാനത്തു നിർത്തിയതിന്നുശേഷം ആ കൗരവൻ ഒരു വിജനസ്ഥലത്തു നിർബ്ബാധം ചെന്നിരുന്നു. താൻ ഇരിക്കുന്നതു പട്ടുമെത്തയിലാണെങ്കിലും അതു ദുര്യോധനന്ന് അഗ്നിമയമായിത്തോന്നി. രാത്രിക്ഷയത്തിൽ രാഹുഗ്രസ്തനായ ചന്ദ്രനെപ്പോലെ ദുര്യോധനൻ നിഷ്പ്രഭനായി. ഈ സമയത്ത് കർണ്ണൻ പതുക്കെ അടുത്തുചെന്ന് ദുര്യോധനനോടു പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "അഹോ, ഭാഗ്യം! ഭവാൻ ജീവിക്കുന്നു! ഭാഗ്യത്താൽ നാം തമ്മിൽ വീണ്ടും ചേരുമാറായി! യഥേഷ്ടം രൂപം മാറുവാൻ കഴിയുന്ന ഗന്ധർവ്വന്മാരെ ഭവാൻ ഭാഗ്യത്താൽ ജയിച്ച് ഭവാനോടൊപ്പം വിജയശാലികളായ ഭവാന്റെ സോദരന്മാരേയും കാണുമാറായി. ഭാഗ്യം തന്നെ! അവർ ആ ജയോത്സാഹികളായ ശത്രുക്കളെ ജയിച്ച വീരന്മാരെ പരാജയപ്പെടുത്തിയല്ലോ. ഞാനാണെങ്കിൽ ഗന്ധർവ്വന്മാരെല്ലാം എതിർത്തു കയറുന്ന സമയത്തു ഭയപ്പെട്ട് ഓടിപ്പോകുന്ന സൈന്യത്തെ നിലയ്ക്കു നിർത്തുവാൻ ശക്തനായില്ല. അവർ ഓടിപ്പോയി. അതുകൊണ്ട് അമ്പുകളേറ്റ് ദേഹം മുറിഞ്ഞ് ഏറ്റവും പീഡിതനായ ഞാൻ മടങ്ങിപ്പോരികയാണുണ്ടായത്. എന്നാൽ ഇത് അത്ഭുതം തന്നെ. മഹാരാജാവേ, ഭവാൻ കേടുകൂടാതെ, മുറിവുപറ്റാതെ, സ്ത്രീകളോടും വാഹനങ്ങളോടും, സൈന്യങ്ങളോടുംകൂടി ആ ദിവ്യമായ സംഗരത്തിൽനിന്നു വിട്ടുപോന്നതായി ഞാൻ കാണുന്നു! ഇപ്രകാരം അമാനുഷമായ ഒരു പോരാട്ടത്തിൽ ഗന്ധർവ്വന്മാരെ ജയിച്ചുപോരുവാൻ ഈ പാരിടത്തിൽ മറ്റൊരാളേയും ഞാൻ കാണുന്നില്ല. ഭവാൻ സോദരന്മാരോടുകൂടി ഈ മഹായുദ്ധത്തിൽ ചെയ്തപോലെയുള്ള മഹാകർമ്മത്തിന്ന് ഈ ലോകത്തിൽ മറ്റാരും ശക്തനല്ല!"

വൈശമ്പായനൻ പറഞ്ഞു: "എന്നു കർണ്ണൻ പറഞ്ഞപ്പോൾ നിറഞ്ഞ കണ്ണുകളോടുകൂടി തൊണ്ടയിടറി ദുര്യോധനൻ കർണ്ണനോടു പറയുവാൻ തുടങ്ങി."

248. ദുര്യോധനവാക്യം – ദുര്യോധനൻ പറഞ്ഞു: "ഹേ, കർണ്ണാ! ഭവാൻ കാര്യമറിയാതെയാണു പറയുന്നത്. അതിൽ എനിക്ക് ഒട്ടും പരിഭവമില്ല. ഞാൻ എന്റെ തേജസ്സാൽ ശത്രുക്കളായ ഗന്ധർവ്വന്മാരെ ജയിച്ചതായി നീ വിചാരിക്കുന്നു. എന്നാൽ, ആ വിചാരം ശരിയല്ല. എന്നോടൊപ്പം നിന്ന് എന്റെ സഹോദരന്മാർ ഗന്ധർവ്വന്മാരോടു വളരെ സമയം പൊരുതുകയുണ്ടായി. ആ പോരാട്ടത്തിൽ രണ്ടു കക്ഷിയിലുംപെട്ട അനവധിപേർ മരിച്ചു. ശൂരന്മാരും മായാവികളുമായ ആ ഗന്ധർവ്വന്മാർ ആകാശത്തിൽ നിന്നു പൊരുതി. അപ്പോൾ നമുക്ക് ആ ആകാശചാരികളോടു ശരിക്കുനിന്നു പൊരുതുവാൻ സാധിക്കാതെയായി. ഒടുവിൽ ഞങ്ങൾ തോറ്റുപോയി. എന്നുതന്നെയല്ല, ബന്ധനത്തിലും പെട്ടു. അമാത്യന്മാരോടും, പുത്രന്മാരോടും, ഭൃത്യന്മാരോടും, ഭാര്യമാരോടും, വാഹനബലങ്ങളോടുംകൂടി ഞങ്ങളെയൊക്കെ ഗന്ധർവ്വന്മാർ ബന്ധിച്ചു. ഞങ്ങൾ ദുഃഖത്തിലായി. ചിലർ നിലവിളിക്കുവൻ തുടങ്ങി. അവർ ആകാശത്തിൽക്കൂടി മേല്പോട്ടുകൊണ്ടുപോയി. ഉടനെ ഭൂമിയിൽ ചില അമാത്യന്മാരും സൈനികരും നിലവിളിച്ച് പാണ്ഡവന്മാരുടെ അടുത്തുചെന്ന് രക്ഷിക്കുവാൻ കെല്പുള്ള അവരെ ഉണർത്തിച്ചു:

സൈനികർ പറഞ്ഞു: "തമ്പിമാരോടുകൂടി ഇതാ ദുര്യോധനനെ ബന്ധിച്ചു ഗന്ധർവ്വന്മാർ ആകാശത്തിലേക്കു കൊണ്ടുപോകുന്നു. ഭാര്യമാരോടും അമാത്യന്മാരോടുംകൂടിയാണു കൊണ്ടുപോകുന്നത്. സഭാര്യനായ രാജാവിനെ ഉടനെ വിടുവിക്കുവിൻ! നിങ്ങൾക്കു നന്മ ഭവിക്കും! കുരുദാരങ്ങൾക്ക് അന്യകരസ്പർശദോഷം പറ്റാതെ നോക്കുവിൻ!"

ദുര്യോധനൻ പറഞ്ഞു: "ഇപ്രകാരം അവർ ചെന്ന് അപേക്ഷിച്ച് ആവലാതിപ്പെട്ടു കരഞ്ഞപ്പോൾ എന്റെ ജ്യേഷ്ഠനും ധർമ്മാത്മാവുമായ പാണ്ഡവൻ തന്റെ അനുജന്മാരെ പ്രസാദിപ്പിച്ചു ഞങ്ങളെ മോചിപ്പിക്കുവാൻ ആജ്ഞാപിച്ചു. ഉടനെ പുരുഷർഷഭരായ പാണ്ഡവന്മാർ അവിടെ ക്ഷണത്തിൽ എത്തി. അവർ ശക്തന്മാരും മഹാരഥന്മാരുമായിരുന്നിട്ടും ആദ്യം ഗന്ധർവ്വന്മാരോടു നല്ലവാക്കു പറഞ്ഞുനോക്കി. സാമംകൊണ്ടു ഗന്ധർവ്വന്മാർ ഞങ്ങളെ വിട്ടില്ല. അപ്പോൾ ബലോല്ക്കടന്മാരായ ഭീമാർജ്ജുനന്മാരും നകുലസഹദേവന്മാരും ഗന്ധർവ്വന്മാരിൽ ശരവർഷം ചൊരിഞ്ഞു. പാണ്ഡവരോട് എതിർത്തുനില്ക്കുവാൻ കഴിയാതെ ഗന്ധർവ്വന്മാർ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞ് ദുഃഖിക്കുന്ന ഞങ്ങളെ ബഹുരസമായി വലിച്ചിഴച്ചു മേല്പോട്ടുകയറി. അപ്പോൾ ഞങ്ങളുടെ ചുറ്റും ശരങ്ങളെക്കൊണ്ടു വലകെട്ടിയതായിക്കണ്ടു. അർജ്ജുനൻ അമാനുഷാസ്ത്രങ്ങൾ തെരുതെരെ വിടുന്നതും ഞങ്ങൾ കണ്ടു. പാണ്ഡവന്റെ കൂരമ്പുകളാൽ നാലുപാടും അടഞ്ഞുപോകയാൽ ഗന്ധർവ്വരാജാവും അർജ്ജുനസഖാവുമായ ചിത്രസേനൻ അർജ്ജുനന്റെ മുമ്പിൽച്ചെന്നു വെളിവായി നിന്ന് സസന്തോഷം അർജ്ജുനനോടു സംസാരിക്കുകയും അവർ പരസ്പരം പുല്കുകയും ചെയ്തു. അവർ പരസ്പരം കുശലം ചോദിച്ചു. ആ ഗന്ധർവ്വന്മാരും വീരന്മാരായ പാർത്ഥന്മാരും ഒന്നിച്ചുകൂടി. അവർ പടക്കോപ്പുകളൊക്കെ അഴിച്ചു പരസ്പരം കൂടിക്കലർന്നു സല്ക്കരിച്ചു രസിച്ചുതുടങ്ങി. ചിത്രസേനനും അർജ്ജുനനും തമ്മിൽ ഏറ്റവും സന്തോഷത്തോടെ അവിടെ പ്രശോഭിച്ചു."

digitized by www.sreyas.in

249. ദുര്യോധനപ്രായോപവേശം – ദുര്യോധനൻ തുടർന്നു: "അപ്പോൾ പുഞ്ചിരിതൂകി അർജ്ജുനൻ ചിത്രസേന നോട് ആണത്തത്തോടെ ഇപ്രകാരം പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഹേ, ഗന്ധർവ്വശ്രേഷ്ഠാ! ഭവാൻ എന്റെ ഈ വീരന്മാരായ ഭ്രാതാക്കന്മാരെ വിട്ടയയ്ക്കണം. പാണ്ഡവന്മാർ ജീവിച്ചിരിക്കെ ഇവരെ അന്യരാരും ദ്രോഹിക്കുവാൻ സമ്മതിക്കയില്ല.

ഞങ്ങൾ തമ്മിലെതിർക്കുമ്പോൾ

ഞങ്ങളഞ്ചവർ നൂറുപേർ

അന്യൻ വന്നാക്രമിക്കുമ്പോൾ

ഞങ്ങൾ നൂറ്റഞ്ചുപേർകളാം.

മഹാത്മാവായ അർജ്ജുനന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ഹേ, രാധേയാ! നാം ഇങ്ങോട്ടു പോരുമ്പോൾ ചെയ്ത ഗൂഢാലോചനകളെല്ലാം, അതായത് ദീനന്മാരും ദുഃഖിതരുമായ പാണ്ഡവന്മാരെ അവരുടെ ഭാര്യമാരോടുകൂടി നമുക്കു കണ്ടുരസിക്കണമെന്നു നാം കരുതിയ ആ രഹസ്യസംഭവം, ആ ഗന്ധർവ്വൻ പാണ്ഡവന്മാരെ അറിയിച്ചു. നാണക്കേട്! ഗന്ധർവ്വൻ ഇതു പറയുമ്പോൾ കേട്ടുനില്ക്കുന്നവനായ ഞാൻ നാണംകൊണ്ടുചൂളിഞ്ഞുപോയി. ഭൂമിക്കുള്ളിലേക്ക് വല്ല പഴുതുമുണ്ടെങ്കിൽ, താണുപോകുവാൻ തോന്നിപ്പോയി.

അതുകൊണ്ടുമായില്ല. പിന്നെ ഗന്ധർവ്വന്മാരും പാണ്ഡവന്മാരും ചേർന്ന് യുധിഷ്ഠിരന്റെ മുമ്പിൽ ചെന്ന് ഞങ്ങളെ ബന്ധിച്ച വർത്തമാനവും നാം ആസൂത്രണംചെയ്ത പരിപാടിയും ഒക്കെ ഉണർത്തിച്ചു. ആ സ്ത്രീജനങ്ങളുടെ മുമ്പിൽ ഞാൻ ദീനനായി, കാലും കൈയും ബന്ധിച്ച നിലയിൽ ശത്രുവശഗനായി യുധിഷ്ഠിരന്നു തിരുമുല്ക്കാഴ്ചവെച്ച ഒരു ദ്രവ്യമായി ഭവിച്ചു! ഇതിൽപ്പരം ഒരു ദുഃഖം എന്താണ് ഒരു പുരുഷന്നു സംഭവിക്കേണ്ടത്?

ഞാൻ എപ്പോഴും നിരാകരിച്ചും എപ്പോഴും ശത്രുക്കളായി കരുതിയും ഇരുന്നത് ആരെയോ ആ അവർ ജളനായ എന്നെ മോചിപ്പിച്ചു! എന്റെ ജീവനെ തിരികെത്തന്നു! ആ മഹായുദ്ധത്തിൽ ഞാൻ മരിച്ചിരുന്നെങ്കിൽ അത് എനിക്കെത്ര ശ്രേയസ്സാകുമായിരുന്നു! ഇത്തരത്തിലുള്ള അവമാനം കൈയേറ്റ് ഇനി എന്തിന്നു ജീവിക്കണം? ജീവിതത്തിൽ എന്തു സുഖമാണുള്ളത്? ഗന്ധർവ്വന്മാർ എന്നെ കൊന്നിരുന്നെങ്കിൽ എനിക്ക് യശസ്സു പരക്കുമെന്നു മാത്രമല്ല ഇന്ദ്രപുരിയിൽ അക്ഷയമായ പുണ്യലോകം സിദ്ധിക്കുകയും ചെയ്യുമായിരുന്നു. അപ്രകാരമല്ലല്ലോ സംഭവിച്ചത്. ഇനി എന്റെ നിശ്ചയമെന്താണെന്ന് പുരുഷവ്യാഘ്രന്മാരായ നിങ്ങൾ കേൾക്കുവിൻ. ഞാൻ ഇവിടെക്കിടന്നു പ്രായോപവേശം ചെയ്യുവാൻ (പട്ടിണികിടന്നു മരിക്കുവാൻ) ഉറച്ചിരിക്കുന്നു. നിങ്ങൾ നഗരത്തിലേക്കു പൊയ്ക്കൊള്ളുവിൻ. എന്റെ ഭ്രാതാക്കന്മാർ പുരത്തിലേക്കു പോകട്ടെ. കർണ്ണൻ മുതലായ സുഹൃത്തുക്കളും, എല്ലാ ബന്ധുജനങ്ങളും ഇവിടെനിന്നു പോകണം. ഒറ്റ ആളും ഇവിടെ നില്ക്കരുത്. എല്ലാവരും ദുശ്ശാസനനെ മുന്നിൽ നടത്തി നഗരത്തിലേക്കു പോകുവിൻ. ശത്രുക്കളാൽ അവമാനിതനായ ഞാൻ ഇനി പുരത്തിലേക്കു തിരിച്ചുവരികയില്ല. ഇതു തീർച്ചയായ കാര്യമാണ്. ശത്രുക്കളിൽനിന്ന് അവമാനം കൈയേറ്റ ഞാൻ ഇനി മടങ്ങുകയില്ല. ശത്രുക്കളുടെ മാനം നശിപ്പിക്കുകയും മിത്രങ്ങളുടെ മാനം വളർത്തുകയും ചെയ്തുകൊണ്ടിരുന്ന ഞാൻ ഇപ്പോൾ മിത്രദുഃഖദനായും, ശത്രുഹർഷദനായും തീർന്നിരിക്കുന്നു! ഹസ്തിനാപുരിയിൽച്ചെന്നു രാജാവിന്റെ മുഖം ഞാൻ എങ്ങനെ കാണും? എന്തു പറയും?

ഭീഷ്മൻ, ദ്രോണൻ, കൃപൻ, ദ്രൗണി, വിദുരൻ, സഞ്ജയൻ, ബാൽഹീകൻ, സൗമദത്തി, പിന്നെ വൃദ്ധസമ്മതന്മാരായ മറ്റുള്ളവർ, വിപ്രന്മാർ, തറപ്രമാണിമാർ, വെറും നാട്ടുകാർ ഇവരൊക്കെ എന്നോട് എന്തു പറയും? അവരോട് ഞാൻ എന്തു പറയും? ശത്രുക്കളുടെ തലയ്ക്കു കയറുകയും, മാറിൽ കാൽവയ്ക്കുകയും ചെയ്തവനായ ഞാൻ സ്വന്തം തെറ്റുകൊണ്ട് തെറ്റിവീണുപോയി. ഇനി അവരോട് എന്തുപറയും? ദുർവ്വിനീതന്മാർ ശ്രീയേയും, ഐശ്വര്യത്തേയും, വിദ്യയേയും നേടിയാൽ അത് ശോഭനമായി നീണാൾ നില്ക്കുകയില്ല. മദഗർവ്വിതനായ എന്റെ ഈ സ്ഥിതി തന്നെ മതിയായ ഉദാഹരണമാണ്. നോക്കൂ! അഹോ! കഷ്ടം! അരുതാത്ത ദുഷ്ടകർമ്മം ഞാൻ ചെയ്തു. തന്നെത്താൻ ദുർബുദ്ധികൊണ്ടു മോഹിച്ച് ഞാനിതാ ജീവിതസംശയത്തിൽ കുടുങ്ങിയിരിക്കുന്നു. ഇനി എനിക്കു ജീവിക്കുവാൻ വയ്യ! അതുകൊണ്ട് ഞാൻ പ്രായോപവേശം ചെയ്യുകയാണ്. കഷ്ടത്തിൽനിന്നു ശത്രുവിന്റെ സഹായത്താൽ രക്ഷപ്പെട്ട ഏതു മാനിയാണു ജീവിക്കുവാൻ കാംക്ഷിക്കുക? ശത്രുക്കളുടെ പരിഹാസത്തിന്നു പാത്രമായ, പൗരുഷഹീനനായി വിക്രമാഢ്യന്മാരായ പാണ്ഡവന്മാരാൽ പുച്ഛരസത്തോടെ വീക്ഷിക്കപ്പെടുന്നവനായ ഈ മാനി എങ്ങനെയാണു ജീവിക്കുക!" ഇപ്രകാരം ചിന്തിച്ചതിന്നുശേഷം ദുശ്ശാസനനെ വിളിച്ച് ദുര്യോധനൻ പറഞ്ഞു.

ദുര്യോധനൻ പറഞ്ഞു: "എടോ ദുശ്ശാസനാ, നീ എന്റെ വാക്കുകേൾക്കുക! ഞാൻ ചെയ്യുന്ന അഭിഷേകം കൈക്കൊണ്ടു നീ രാജാവാകുക. സമൃദ്ധമായ ഭൂമി കർണ്ണന്റേയും ശകുനിയുടേയും രക്ഷയിൽ നീ ഭരിച്ചുകൊള്ളുക. മരുത്തുക്കളെ ഇന്ദ്രൻ എന്നവിധം നീ നിന്റെ സഹോദരന്മാരെ വിശ്വാസപൂർവ്വം പാലിക്കണം. ദേവന്മാർ ഇന്ദ്രനെ എന്നവിധം ബാന്ധവന്മാർ നിന്നെ സേവിക്കട്ടെ! ബ്രാഹ്മണരെ സംബന്ധിച്ചു നീ എപ്പോഴും പ്രമാദം കൂടാതെ സുവൃത്തനായി നില്ക്കണം. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എന്നും നീ രക്ഷകനായി വർത്തിക്കണം. വിഷ്ണു ദേവഗണങ്ങളെ എന്നവിധം നീ ജ്ഞാതികളെ സംരക്ഷിക്കണം. ഗുരുജനങ്ങളെ നീ സർവ്വാത്മനാ ശുശ്രൂഷിക്കണം. ഇതു മാത്രമേ എനിക്കു നിന്നോടു പറയുവാനുള്ളൂ. സുഹൃത്തുക്കളെ മുഴുവൻ ആനന്ദിപ്പിച്ചുകൊണ്ടും, ശത്രുക്കളെ നിന്ദിച്ചുകൊണ്ടും നീ ഭൂമിയെ പാലിക്കുക. നീ എന്റെ കണ്ഠത്തിൽ കൈകൾവെച്ച് ഒന്ന് ആശ്ലേഷിക്കുക. ഇനി നിനക്കു പോകാം."

വൈശമ്പായനൻ പറഞ്ഞു: "ജ്യേഷ്ഠൻ ഇപ്രകാരം പറഞ്ഞതുകേട്ട് ദീനനും ദുഃഖാർത്തനും അശ്രുകണ്ഠനുമായിത്തീർന്ന ദുശ്ശാസനൻ കൈകൂപ്പി വണങ്ങി തൊണ്ടയിടറി 'പ്രസാദിച്ചാലും' എന്നു പ്രാർത്ഥിച്ചു മനസ്സു പൊരിഞ്ഞു കണ്ണുനീരിൽ മുഴുകി തന്റെ ഭ്രാതാവിന്റെ കാല്ക്കൽ ഭൂമിയിൽ വീണു. അനന്തരം ഗദ്ഗദത്തോടെ പറഞ്ഞു."

ദുശ്ശാസനൻ പറഞ്ഞു: "ജ്യേഷ്ഠാ! അങ്ങനെ ഒരിക്കലും ഭവിക്കുകയില്ല. ഭൂഗോളം പൊടിയായി തകർന്നുതൂളിയേക്കാം. സ്വർഗ്ഗവും തവിടുപൊടിയായേക്കാം. സൂര്യന്റെ പ്രഭ പോയേക്കാം. ചന്ദ്രൻ ശീതളത്വം വെടിഞ്ഞേക്കാം. വായു തന്റെ ശീഘ്രഗതി ഉപേക്ഷിച്ചേക്കാം. ഹിമാലയം സ്ഥാനംവിട്ടു സഞ്ചരിച്ചേക്കാം. സമുദ്രജലം വറ്റിപ്പോയേക്കാം. അഗ്നിക്ക് ഉഷ്ണമില്ലാതാകാം. എന്നാലും ഞാൻ ഭവാനെക്കൂടാതെ ഭൂമി പാലിക്കുകയെന്നത് ഉണ്ടാകയില്ല. ഭവാൻ പ്രസാദിക്കണം. നമ്മുടെ കുലത്തിന്ന് ഭവാൻ തന്നെ നൂറുവർഷം രാജാവായി ശോഭിക്കട്ടെ!"

ഇപ്രകാരം പറഞ്ഞ് അഭിമാനിയായ ദുശ്ശാസനൻ ഉറക്കെ കരഞ്ഞ് ജ്യേഷ്ഠന്റെ കാലുപിടിച്ചു കിടന്നു. ദുശ്ശാസനനും, ദുര്യോധനനും ദുഃഖാർത്തന്മാരായി കിടക്കുന്നതു കണ്ട് കർണ്ണൻ ഹൃദയവേദനയോടുകൂടി അവരെ സാന്ത്വനം ചെയ്തു.

കർണ്ണൻ പറഞ്ഞു: "ഹേ, കുരുവീരന്മാരേ! മൂഢന്മാരെപ്പോലെ നിങ്ങൾ എന്താണ് ഇങ്ങനെ കിടന്നു കരയുന്നത്? ഇത് എന്തു വിഡ്ഢിത്തമാണ്. ദുഃഖിച്ചിരിക്കുന്നവന്റെ ദുഃഖം ഒരിക്കലും ദുഃഖംകൊണ്ടു നീങ്ങുകയില്ല,

ദുഃഖിക്കുന്നവരുടെ ദുഃഖം അവർ മനസ്സുകൊണ്ടു മാറ്റുവാൻ ശ്രമിക്കുന്നില്ലെങ്കിൽ അതു നീങ്ങുവാൻ പോകുന്നില്ല. ദുഃഖമേറ്റ് ദുഃഖിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ നിങ്ങളുടെ കർത്തവ്യത്തെ എങ്ങനെ കാണുവാൻ കഴിവുള്ളവരാകും? നിങ്ങൾ ധൈര്യം കൈക്കൊള്ളണം. ദുഃഖിച്ചിരുന്ന് ശത്രുക്കളെ ആനന്ദി

digitized by www.sreyas.in

പ്പിക്കുകയല്ല ചെയ്യേണ്ടത്. പാണ്ഡവന്മാർ ഭവാനെ മോചിപ്പിച്ചതിൽ വിശേഷമൊന്നുമില്ല. അവർ അവരുടെ കർത്തവ്യമാണു ചെയ്തത്. നാട്ടിൽ അധിവസിക്കുന്നവർ ആ രാജ്യത്തെ രാജാവിന്റെ ഇഷ്ടം എപ്പോഴും ചെയ്യുവാൻ കടപ്പെട്ടവരാണ്. അവർ അല്ലൽകൂടാതെ അവിടെ വാഴുന്നത് നിന്റെ രക്ഷയിലാണല്ലോ. ഈ സ്ഥിതിക്ക് ജളന്മാരെപ്പോലെ ദുഃഖിക്കാതിരിക്കുക. നീ ഈ വിധം പ്രായോപവേശം തുടങ്ങിയപ്പോൾ നിന്റെ സോദരന്മാർ കേഴുന്നതു കണ്ടില്ലേ. എഴുന്നേൽക്കൂ! നടക്കൂ! നിനക്കു നന്മ വരും. നീ ഭ്രാതാക്കളെ സമാധാനിപ്പിക്കുക."

250. ദുര്യോധനപ്രായോപവേശം – കർണ്ണൻ തുടർന്നു: "ഹേ, രാജാവേ! അങ്ങയുടെ യോഗ്യതയ്ക്കു ഞാൻ യാതൊരു കുറവും കാണുന്നില്ല. വീരന്മാരായ പാണ്ഡവന്മാർ ഭവാനെ വിടുവിച്ചതിൽ എന്താണ് അത്ഭുതം? ഹേ, ശത്രുനിഷൂദനാ! പെട്ടെന്നു ശത്രുവിന്റെ പാട്ടിൽ കൗരവ്യസേനകളും മറ്റു നാട്ടുകാരും പെട്ടാൽ അറിഞ്ഞും അറിയാതെയും രാജാവിന്ന് ഇഷ്ടം ചെയ്യേണ്ടതു പ്രജകളുടെ കർത്തവ്യമാണ്. വിശേഷിച്ചും വീരന്മാർ ശത്രുസേനയെ എതിർക്കാതിരിക്കുമോ? പടജനം പോരിൽ ശത്രുവിന്റെ പിടിയിൽപ്പെടാറുണ്ട്. അതിനെ രാജാവിന്റെ സൈന്യങ്ങളും നാട്ടുകാരുംകൂടി വിടുവിക്കാറുമുണ്ട്. ഈ പാണ്ഡവന്മാരെപ്പറ്റി ഹേ, രാജാവേ! ഞാൻ ഒന്നു ചോദിക്കട്ടെ! അവർ ഭവാന്റെ രാജ്യത്ത് അധിവസിക്കുന്നവരല്ലേ? പ്രജകളല്ലേ? അവർ യദൃച്ഛയാ ശത്രുക്കളെ വേർപെടുത്തി എന്നുള്ളതിൽ ആവലാതിക്ക് എന്തുള്ളു? പിന്നെ ഒരു കാര്യം ഞാൻ പറയാം. പാണ്ഡവന്മാർ ഒരു കാര്യം ചെയ്യാതിരുന്നതു ശരിയായില്ല. ഭവാൻ സേനയോടുകൂടി എഴുന്നള്ളുന്ന സമയത്ത് ഭവാനോടുകൂടി അകമ്പടി സേവിച്ച്, അവരും വരേണ്ടതായിരുന്നു. അവർ അതു ചെയ്യാതിരുന്നത് അവരുടെപേരിലുള്ള തെറ്റാണ്. ശൂരന്മാരും ഏറ്റവും ശക്തന്മാരും, പോരിൽ പിന്തിരിഞ്ഞ് ഓടാതെ നില്ക്കുന്നവരുമായ ആ പാണ്ഡവന്മാർ നിന്റെ സഹായികളും ആദ്യമേതന്നെ നിന്റെ ദാസന്മാരായവരുമാണ്. ആ പാണ്ഡവന്മാരുടെ രത്നങ്ങളൊക്കെ ഇന്നും നീ നേടിവച്ചിരിക്കുന്നവനല്ലേ? എന്നിട്ടും ധീരന്മാരായ പാർത്ഥന്മാർ ആരെങ്കിലും പ്രായോപവേശം ചെയ്തുവോ? എഴുന്നേറ്റിരിക്കൂ! ഭവാനു ശുഭം വരും. ഇനി താമസിക്കരുത്. രാജാവിന്നു രാജാവിന്റെ പ്രജകളെല്ലാം തീർച്ചയായും പ്രിയം ചെയ്യണം. അതിൽ എന്താണ് ആവലാതികൊള്ളുവാനുള്ളത്? ഞാൻ ഈപറയുന്ന വാക്കു ഭവാൻ അനുസരിക്കുന്നില്ലെങ്കിൽ നിന്റെ തൃപ്പാദവും സേവിച്ചുകൊണ്ടു ഞാൻ ഇവിടെത്തന്നെ പാർക്കുവാനാണു വിചാരിക്കുന്നത്. ഭവാനെക്കൂടാതെ ജീവിക്കുവാൻ എനിക്കു സാദ്ധ്യമല്ല! ഭവാൻ പ്രായോപവേശം ചെയ്താൽ രാജാക്കന്മാർക്കു ഭവാൻ പരിഹാസ്യനായി ഭവിക്കുകയാണ് ഉണ്ടാവുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരമൊക്കെ കർണ്ണൻ പറഞ്ഞിട്ടും പ്രായോപവേശത്താൽ സ്വർഗ്ഗം പൂകുവാൻ ദൃഢനിശ്ചയം ചെയ്ത ദുര്യോധനൻ എഴുന്നേല്ക്കുവാൻ തയ്യാറായില്ല."

251. ദുര്യോധനപ്രായോപവേശം – വൈശമ്പായനൻ പറഞ്ഞു: "പ്രായോപവേശത്തിന്ന് ഒരുങ്ങിയ ദുര്യോധനനെ സാന്ത്വനം ചെയ്ത് ശകുനി ഇപ്രകാരം പറഞ്ഞു."

ശകുനി പറഞ്ഞു: "ഹേ, കൗരവശ്രേഷ്ഠ! കർണ്ണൻ ഭവാനോടു പറഞ്ഞതെല്ലാം സത്യമാണ്. ഞാൻ സമ്പാദിച്ചുതന്ന സമൃദ്ധമായ സമ്പത്തെല്ലാം നീ തള്ളിക്കളയുകയാണോ? രാജാവായ ഭവാൻ അല്പബുദ്ധികൊണ്ടാണ് പ്രാണനെ ഉപേക്ഷിക്കുവാൻ ഒരുങ്ങുന്നത്. അല്ലെങ്കിലും എനിക്കറിയാം ഭവാൻ വൃദ്ധജനങ്ങളെ സേവിക്കാത്തവനാണെന്ന്. അപ്പപ്പോൾ ഉണ്ടാകുന്ന ദുഃഖത്തേയും, ഹർഷത്തേയും അടക്കാതെ ജീവിക്കുന്നവൻ, നീറ്റിൽ പച്ചക്കളിമൺകുടംപോലെ ശ്രീ നേടിയശേഷം നശിച്ചുപോകും. ആത്മനാശത്തെപ്പറ്റി ശങ്കാകുലനായ ഭീരുവും, ദുഃഖപരിഹാരം കാണുവാൻ കഴിവില്ലാത്ത ക്ലീബനും വേണ്ട കാര്യം യഥാകാലം ചെയ്യാതെ വിളംബിക്കുന്ന ദീർഘസൂത്രനും സ്വകർമ്മത്തിൽ ശ്രദ്ധചെലുത്താത്ത പ്രമാദിയും ചൂതാട്ടം, മദ്യപാനം, നായാട്ട് മുതലായ വ്യസനങ്ങളിൽപ്പെട്ടു ധനകാമിനികളാൽ ആക്രമിക്കപ്പെട്ട വിഷയലമ്പടനും രാജത്വത്തിന്ന് അർഹനല്ല. അപ്രകാരമുള്ള രാജാവിനെ ജനങ്ങൾ ബഹുമാനിക്കുകയില്ല. അതുകൊണ്ടു ജനങ്ങളെ ഭവാൻ വെറുപ്പിക്കരുത്. നീ ഇപ്പോൾ ലജ്ജിച്ചിരിക്കുകയാണല്ലോ. അതിൽ ഒരർത്ഥവുമില്ല. ഒന്നുകൂടി ചിന്തിച്ചുനോക്കൂ! ഞാൻ പറയാം; ശ്രദ്ധിക്കുക.

പാണ്ഡവന്മാർ മഹത്തായ കർമ്മം അനുഷ്ഠിച്ചിരിക്കുന്നുവെന്നും അവരുടെ കരുണകൊണ്ടാണ് ഭവാൻ ജീവിച്ചിരിക്കുന്നത് എന്നുമാണല്ലോ ഭവാൻ വിചാരിക്കുന്നത്. എന്നാൽ അങ്ങനെതന്നെയാണെന്നു വിചാരിക്കുക. എന്നാലും അതിൽ ദുഃഖിക്കുവാൻ എന്താണവകാശം? അവർ സൽക്കർമ്മം ചെയ്തതിനാണോ ഭവാൻ ദുഃഖിക്കുന്നത്? നേരെ വിപരീതമായി അവർ ഭവാനോടു പ്രവർത്തിച്ചിരുന്നെങ്കിൽ ഭവാന്റെ സ്ഥിതിയെന്താകും? പാർത്ഥന്മാർ ശോഭനകർമ്മം ചെയ്തതിൽ നീ ദുഃഖിക്കേണ്ടതില്ല. നീ ദുഃഖത്തെ അടക്കുക. അവർ ചെയ്ത സൽക്കർമ്മത്തിന്ന് അവരോടു സന്തോഷിക്കുകയും, അവരെ വിളിച്ചു സൽക്കരിക്കുകയും ചെയ്യേണ്ട സമയത്തു നീ ദുഃഖിക്കുകയാണോ? ഇതു വിപരീതമായ പ്രവൃത്തിയാണ്. നീ പ്രസാദിക്കൂ! മരിക്കരുത്. ആ മഹാ സൽകൃത്യം ചെയ്ത പാണ്ഡവന്മാരെ വിളിച്ചു വരുത്തി നന്ദിയോടെ അവർക്കു രാജ്യം നല്കുക. എന്നിട്ടു സൽക്കീർത്തി സമ്പാദിക്കുക. അങ്ങനെ ചെയ്താൽ ഭവാൻ കൃതജ്ഞനാണെന്നുള്ള പ്രസിദ്ധി പരക്കും. ഭ്രാതൃസ്നേഹത്തോടുകൂടി ഭവാൻ പാണ്ഡവർക്ക് ഒരു നിലയുണ്ടാക്കിക്കൊടുക്കുക! അച്ഛന്റെ രാജ്യം അവർക്കു നല്കുക. അങ്ങനെ ഭവാൻ സുഖമായി കഴിയുക."

വൈശമ്പായനൻ പറഞ്ഞു: "ശകുനിയുടെ ഈ വാക്യം കേട്ടപ്പോൾ ദുര്യോധനൻ ചുറ്റുംനോക്കി. തന്റെ കാല്ക്കൽ ഭ്രാതൃസ്നേഹം മൂലം വീണുകിടക്കുന്ന ദുശ്ശാസനനെ നോക്കി അവനെപ്പിടിച്ചു ദുര്യോധനൻ എഴുന്നേല്പിച്ചു തഴുകി നന്ദിയോടെ ശിരസ്സിൽ ഘ്രാണിച്ചു. കർണ്ണനും ശകുനിയും പറഞ്ഞ മൊഴിയെല്ലാം കേട്ടിട്ടും അവൻ ആശ്വസിക്കുകയുണ്ടായില്ല. മനസ്സിൽ ലജ്ജ ഏറ്റ് വളരെയധികം നൈരാശ്യത്തോടെ, ആ സുഹൃത്ജനങ്ങൾ പറഞ്ഞതുകേട്ട് ദുഃഖത്തോടെ പറഞ്ഞു:"

ദുര്യോധനൻ പറഞ്ഞു: "എനിക്കു ധർമ്മംകൊണ്ടും, ധനംകൊണ്ടും, സുഖംകൊണ്ടും, ഐശ്വര്യംകൊണ്ടും, ആജ്ഞകൊണ്ടും, ഭോഗങ്ങൾകൊണ്ടും ഒരു കാര്യവുമില്ല. ഞാൻ ഒന്നിൽ ബുദ്ധിയുറപ്പിച്ചു കഴിഞ്ഞു. എന്നെ അതിൽനിന്നു തടയരുത്. ആ പ്രായോപവേശം ഞാൻ ചെയ്യുകതന്നെ ചെയ്യും. എല്ലാവരും നഗരത്തിലേക്കു പൊയ്ക്കൊള്ളുക. എന്റെ ഗുരുജനങ്ങളെ നിങ്ങൾ പൂജിക്കുവിൻ."

ഇതുകേട്ടപ്പോൾ ആ സുഹൃത്ജനങ്ങൾ പറഞ്ഞു: "ഹേ, രാജേന്ദ്ര! ഞങ്ങളും ഭവാനെ അനുഗമിക്കുകയാണ്. ഭവാന്റെ ഗതി തന്നെയാണ് ഞങ്ങളുടെയും ഗതി. ഭവാനെക്കൂടാതെ ഞങ്ങൾ നഗരത്തിലേക്കു മടങ്ങുകയില്ല. എങ്ങനെ ചെല്ലും?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സുഹൃത്തുക്കളും അമാത്യന്മാരും ഭ്രാതാക്കന്മാരും സ്വജനങ്ങളും പലപ്രകാരത്തിൽ പറഞ്ഞുനോക്കിയിട്ടും അവൻ നിശ്ചയത്തിൽനിന്നു ലേശം പിന്മാറിയില്ല. മനസ്സുറപ്പോടെ ദുര്യോധനൻ ദർഭപ്പുല്ലുവിരിച്ച് ആചമിച്ച് ശുചിയായി ജലസ്പർശംചെയ്ത് കുശപ്പുല്ലും മരവുരിയും ധരിച്ച് സ്വർഗ്ഗതിയെ കാമിച്ചുകൊണ്ട് മൗനിയായി ഇരുന്നു. സങ്കല്പംകൊണ്ടുതന്നെ ദഹിപ്പിക്കുവാൻ മനസ്സിന്നു സമീപത്തിൽ ചിതയുണ്ടാക്കി. സ്നാനപാനാദി ബാഹ്യകർമ്മങ്ങൾ ത്യജിച്ച് ആ കൗരവൻ മരണം പ്രതീക്ഷിച്ചു കിടന്നു. ദുര്യോധനന്റെ നിശ്ചയം അറിഞ്ഞപ്പോൾ ഉടനെ ദൈതേയന്മാരായ ദാനവന്മാർ സ്വപക്ഷക്ഷയം ചിന്തിച്ച് ഒരു യാഗം തുടങ്ങി. അവർ പണ്ട് ദേവന്മാരാൽ പരാജിതന്മാരായി പാതാളത്തിൽ അധിവസിക്കുന്ന രൗദ്രന്മാരാണ്. ബൃഹസ്പതിയും ശുക്രനും ഉപദേശിച്ചിട്ടുള്ള മന്ത്രങ്ങളെ

digitized by www.sreyas.in

കൊണ്ട് അഥർവ്വോക്തമായ ആരണ്യകമന്ത്രക്രിയകൾ ജപഹോമങ്ങളോടെ മന്ത്രവിശാരദർ ചെയ്തു. ദൃഢവ്രതന്മാരും വേദവേദാംഗപണ്ഡിതന്മാരുമായ ബ്രാഹ്മണർ ക്ഷീരം, ഹവിസ്സ് എന്നിവ മന്ത്രപൂർവ്വകം അഗ്നിയിൽ ഹോമിച്ചു. ആ കർമ്മങ്ങൾ അവസാനിച്ചയുടനെ ഹോമകുണ്ഡത്തിൽനിന്നു മഹത്തായ പല അത്ഭുതങ്ങളും ഉളവായി. ആ അഗ്നികുണ്ഡത്തിൽനിന്ന് ഒരു കൃത്യ ഉത്ഭവിച്ചു. കൃത്യ ദാനവന്മാരുടെ മുമ്പിൽ തൊഴുതു നിന്നു താൻ ചെയ്യേണ്ടതെന്താണെന്നു ചോദിച്ചു. അപ്പോൾ സന്തോഷത്തോടെ ദാനവന്മാർ പറഞ്ഞു: 'പ്രായോപവേശം ചെയ്യുന്ന ദുര്യോധനരാജാവിനെ ഇങ്ങോട്ടു കൊണ്ടുവരിക.' കൃത്യ ഉടനെ 'കല്പനപോലെ' എന്ന് ഏറ്റ് ഉടനെ ദുര്യോധനരാജാവു കിടക്കുന്ന സ്ഥലത്തെത്തി. ഉടനെതന്നെ അവൾ ആ രാജാവിനെ എടുത്ത് പാതാളത്തിലേക്കു പോവുകയും ചെയ്തു. പാതാളത്തിലെത്തി താൻ ദുര്യോധനനെ കൊണ്ടുവന്ന വൃത്താന്തം ഉണർത്തിച്ചു.

ദുര്യോധനൻ എത്തിയതറിഞ്ഞ് അവിടെ ആ രാത്രിയിൽ ഒത്തുകൂടിയ ദാനവന്മാരുടെ കണ്ണുകൾ സന്തോഷത്താൽ പ്രകാശിച്ചു. അവർ അഭിമാനത്തോടെ ദുര്യോധനനോടു സംസാരിച്ചു.''

252. ദുര്യോധനപുരപ്രവേശം – ദാനവന്മാർ പറഞ്ഞു:''അല്ലയോ ദുര്യോധനമഹാരാജാവേ! ഭരതകുലത്തിന്റെ നാഥാ! ഭവാൻ ശൂരന്മാരും മഹാന്മാരുമായ ശ്രേഷ്ഠന്മാരോടു ചേർന്നവനാണല്ലോ. അങ്ങനെയുള്ള ഭവാൻ എന്താണ് പ്രായോപവേശത്തിന്നു തുനിയുന്നത്? എന്തിനാണ് ഈ സാഹസത്തിന്നൊരുങ്ങിയത്? ആത്മത്യാഗിക്ക് പതനവും ദുഷ്കീർത്തിയും കുറച്ചിലുമാണ് അനുഭവിക്കുവാൻ പോകുന്നത്. ശത്രുജയത്തിന്നു വിപരീതമായി മൂലനാശം ചെയ്യുന്ന ആത്മഹത്യാദിപാപകാര്യങ്ങളിൽ ഭവാനെപ്പോലുള്ള ബുദ്ധിമാന്മാർ ഒന്നുകൊണ്ടും ഏർപ്പെടരുത്. ധർമ്മാർത്ഥസുഖങ്ങളെ നശിപ്പിക്കുന്നതായ ഇത്തരം ബുദ്ധി ഭവാൻ ഉപേക്ഷിക്കണം. യശസ്സും പ്രതാപവും വീര്യവും കെടുക്കുന്നതും, ശത്രുക്കൾക്ക് ഹർഷം വർദ്ധിപ്പിക്കുന്നതുമായ ഈ ദുർഗ്ഗതിയിൽ ഭവാൻ ചെന്നുചാടുകയാണോ? അരുത്. ഭവാന്റെ ദിവ്യത്വത്തെക്കുറിച്ചുള്ള തത്ത്വം ഞങ്ങൾ പറയാം. ഭവാന്റെ ശരീരം എങ്ങനെയാണ് സൃഷ്ടിച്ചിട്ടുള്ളതെന്നു ഞങ്ങൾ പറയാം. അതു കേൾക്കുമ്പോൾ ഭവാന് ധൈര്യമുണ്ടാകും. പണ്ട് ഞങ്ങൾ തപസ്സുകൊണ്ട് മഹേശ്വരനിൽനിന്നു നേടിയവനാണ് ഭവാൻ. ഭവാന്റെ ദേഹത്തിൽ നാഭിക്കുമീതെയുള്ള പൂർവ്വഭാഗം വജ്രസഞ്ചയംകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. അധോഭാഗമാകട്ടെ, അസ്ത്രശസ്ത്രങ്ങൾക്കെല്ലാം അഭേദ്യമായി പുഷ്പമയമായി സ്ത്രീജനങ്ങളുടെ ഹൃദയം ഹരിക്കുന്നവിധം മഹാദേവി നിർമ്മിച്ചതാണ്. അങ്ങനെ ഈശ്വരനും ദേവിയുംകൂടി നിർമ്മിച്ചതാണ് ഭവാന്റെ ദേഹം.

ഭവാൻ മനുഷ്യനല്ല, ദിവ്യനാണ്. ശൂരന്മാരും മഹാവീരന്മാരും ദിവ്യാസ്ത്രകുശലന്മാരുമായ ഭഗദത്തൻ മുതലായ ക്ഷത്രിയന്മാർ ഭവാന്റെ ശത്രുക്കളെ നശിപ്പിക്കും. ഭവാൻ വിഷാദിക്കരുത്. ഭവാന് ഭയം ഒരിക്കലും ഉണ്ടാവുകയില്ല. ഭവാന്റെ സഹായത്തിന്നു വീരന്മാരായ ദാനവന്മാർ ഭൂമിയിൽ ജനിച്ചിട്ടുണ്ട്. വേറെ അസുരന്മാർ ചെന്നു ഭീഷ്മൻ, ദ്രോണൻ, കൃപൻ മുതലായവരെ ബാധിക്കുന്നതാണ്. അസുരാവേശത്താൽ അവർ ഭയംവിട്ട് ഭവാന്റെ ശത്രുക്കളോടു പോരാടും. പുത്രന്മാരേയോ, ഭ്രാതാക്കന്മാരേയോ, പിതാക്കന്മാരേയോ, ബാന്ധവന്മാരേയോ, ശിഷ്യന്മാരേയോ, സ്വജനങ്ങളേയോ, വൃദ്ധന്മാരേയോ ശത്രുക്കൾ യുദ്ധത്തിൽ പ്രഹരിക്കുന്നതു കണ്ടാൽ ആ ഭീഷ്മദ്രോണാദികൾ അടങ്ങിയിരിക്കുകയില്ല. മനസ്സിൽ ദാനവന്മാർ പ്രവേശിക്കുമ്പോൾ, സ്നേഹം പോയി, അവർ നിർദ്ദയന്മാരാകും. അവർ പരവശന്മാരായി ശത്രുക്കളോട് എതിർക്കും.

ആ പുരുഷസത്തമന്മാർ കലുഷചിത്തന്മാരും സന്തുഷ്ടരുമായി വിധിവൈഭവത്താൽ മനസ്സു മറന്ന്, 'നിന്നെ ജീവനോടെ വിടുകയില്ല' എന്നു ശത്രുവിനെ നോക്കി ഗർജ്ജിച്ച് പൗരുഷത്തോടെ ശസ്ത്രങ്ങളും അസ്ത്രങ്ങളും പ്രയോഗിക്കും. അവർ തന്നത്താൻ ശ്ലാഘിച്ച് ജനങ്ങളെ നശിപ്പിക്കും. മഹാത്മാക്കളായ പഞ്ചപാണ്ഡവന്മാർ അവരോടെതിർക്കും. അവർ പാണ്ഡവന്മാരെ ദൈവയോഗത്താൽ കൊല്ലുകയും ചെയ്യും. ഇപ്പോൾ ക്ഷത്രിയന്മാരായി ജനിച്ചിട്ടുള്ള രാക്ഷസന്മാരും ദൈത്യന്മാരും വിക്രമം നിറഞ്ഞവരായി യുദ്ധത്തിൽ ഭവാന്റെ രിപുക്കളോടു പൊരുതും. പലതരത്തിലുള്ള ഗദകളും, മുസലങ്ങളും, ശൂലങ്ങളും അവർ പ്രയോഗിക്കും. അർജ്ജുനനെ സംബന്ധിച്ച് ഭവാന്റെ മനസ്സിൽ ഭയമുണ്ടെങ്കിൽ അത് ഉപേക്ഷിക്കണം.

അർജ്ജുനനെ കൊല്ലുവാൻ ശരിയായ ഉപായം ഞങ്ങൾ നിർദ്ദേശിച്ചുവെച്ചിട്ടുണ്ട്. കൃഷ്ണൻ പണ്ടുകൊന്ന നരകാസുരന്റെ ആത്മാവ് കർണ്ണനിൽ പ്രവേശിച്ചു നില്ക്കുന്നുണ്ട്. പൂർവ്വവൈരത്തെ സ്മരിച്ച് കർണ്ണരൂപിയായ നരകാസുരൻ കൃഷ്ണാർജ്ജുനന്മാരോട് എതിർക്കും. മഹാവീരനും, യുദ്ധവീരനും, ശത്രുജയത്തിൽ സമർത്ഥനുമായ കർണ്ണൻ അർജ്ജുനനേയും മറ്റെല്ലാ ശത്രുക്കളേയും ജയിക്കും. സവ്യസാചിയെ രക്ഷിക്കുവാൻ ഇന്ദ്രൻ വന്നു കർണ്ണന്റെ കവചകുണ്ഡലം വഞ്ചനയാൽ അപഹരിക്കും. അതുകൊണ്ട് ലേശവും ഭയപ്പെടേണ്ടതില്ല. ഞങ്ങൾ അനേകായിരം ദൈത്യന്മാരെ അയച്ചുതരുന്നുണ്ട്. അവർ സംശപ്തകന്മാർ എന്നപേരിൽ പ്രസിദ്ധരാകും. അവർ വീരനായ പാർത്ഥനെ കൊല്ലാതെ വിടുകയില്ല. അപ്പോൾ ശത്രുബാധയൊഴിഞ്ഞു ഭൂമിയെ മുഴുവൻ ഭവാനു ഭരിക്കുവാൻ സാധിക്കുന്നതാണ്. ഒരിക്കലും ഭവാൻ വിഷാദിക്കരുത്. ഭവാനു യുക്തമല്ല വിഷാദം. അതുകൊണ്ട് സ്വന്തം ബുദ്ധിയെ വേറെ വഴിക്കു തിരിക്കാതെ വീരനായ ഭവാൻ പോയാലും നീ നശിച്ചാൽ ഞങ്ങളുടെ ഭാഗവും നശിച്ചുപോകും. ഒരിക്കലും മനസ്സു മാറരുത്. ദേവന്മാർക്ക് പാണ്ഡവന്മാരെന്നവിധം അസുരന്മാരായ ഞങ്ങൾക്കു ഭവാനാണു ശരണം.''

വൈശമ്പായനൻ പറഞ്ഞു: ''ദാനവന്മാർ ഇപ്രകാരം പറഞ്ഞ് ദുരാധർഷനായ ദുര്യോധനനെ പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ ആലിംഗനം ചെയ്തു. പ്രിയമായ വാക്കുകൾ പറഞ്ഞ് ആ രാജാവിന്റെ ബുദ്ധിയെ ഉറപ്പിച്ചു. അദ്ദേഹത്തെ നല്ലവണ്ണം ആശ്വസിപ്പിച്ചതിന്നുശേഷം ജയാശംസചെയ്തു പോകുവാൻ അനുവാദം നല്കി. ഉടനെ കൃത്യ ദുര്യോധനനെ എടുത്ത് അദ്ദേഹം പ്രായോപവേശത്തിന്നായി കിടന്നിരുന്ന സ്ഥലത്തു ക്ഷണത്തിലെത്തി. അവൾ യഥോചിതം മാനിച്ച് രാജാവിന്റെ അനുമതി വാങ്ങി അന്തർദ്ധാനം ചെയ്തു. ദുര്യോധനന്ന് ഇവയൊക്കെ വെറും സ്വപ്നപ്രായമായാണ് തോന്നിയത്. എന്നാലും, യുദ്ധത്തിൽ പാണ്ഡവന്മാരെ തനിക്കു ജയിക്കുവാൻ കഴിയുമെന്ന വിചാരം ആ ധാർത്തരാഷ്ട്രന്നുണ്ടായി. ശത്രുഘാതികളായ സംശപ്തകന്മാരും കർണ്ണനും പാർത്ഥനെ കൊല്ലുവാൻ ശക്തരാണെന്ന് ദുര്യോധനൻ നിശ്ചയിച്ചു. പാണ്ഡവന്മാരെ ജയിക്കുവാൻ തനിക്കു കഴിയുമെന്നുള്ള ആശ ആ ദുർമ്മതിയായ ദുര്യോധനനിൽ വീണ്ടും ഉണ്ടായി.

നരകന്റെ അന്തരാത്മാവ് കർണ്ണന്റെ മനസ്സിൽ ആവേശിച്ചതുകൊണ്ട് ആ വീരൻ അർജ്ജുനവധത്തെപ്പറ്റി ക്രൂരബുദ്ധിയായി ഭവിച്ചു. രാക്ഷസാവേശംമൂലം വീരന്മാരായ സംശപ്തകന്മാർ രജസ്തമോ ഗുണാക്രാന്തരായി അർജ്ജുനവധത്തിൽത്തന്നെ ദൃഢമായി ചിന്തിച്ചു. ദൈത്യാവേശത്താൽ ഭീഷ്മൻ, ദ്രോണൻ, കൃപൻ എന്നിവർ പാണ്ഡവന്മാരിൽ പണ്ടത്തെപ്പോലെ സ്നേഹം കാണിക്കാതെയായി. തനിക്കു ലഭിച്ച ദാനവദർശനം സുയോധനൻ ആരേയും അറിയിച്ചില്ല.

ആ രാത്രി കഴിഞ്ഞപ്പോൾ കർണ്ണൻ ദുര്യോധനനെ സസ്മിതം തൊഴുതു വീണ്ടും സാന്ത്വനം ചെയ്തു.''

കർണ്ണൻ പറഞ്ഞു: ''ഹേ, ദുര്യോധന! മരിച്ചുപോയ മനുഷ്യന്ന് ശത്രുക്കളെ നശിപ്പിക്കുവാൻ സാധിക്കുമോ? ജീവിച്ചിരിക്കുന്നവനേ ഭവ്യം കാണുവാൻ കഴിയൂ. മരിച്ചവന്നു കഴിയുകയില്ല! ഹേ, രാജാവേ! ഭയത്തിന്നോ മരണത്തിന്നോ ഉള്ള കാലമല്ല ഇത്.''

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "എന്നുപറഞ്ഞ് മഹാഭുജനായ കർണ്ണൻ ദുര്യോധനനെ ആലിംഗനം ചെയ്തു. പിന്നേയും കർണ്ണൻ തുടർന്നു."

കർണ്ണൻ പറഞ്ഞു: "ശത്രുഹന്താവായ ഭവാനെഴുന്നേല്ക്കുക. എന്തിനാണ് ഇങ്ങനെ കിടന്നു വിഷാദിക്കുന്നത്? വീര്യം കൊണ്ടു ശത്രുക്കളെ തപിപ്പിച്ചിട്ടുള്ള ഭവാൻ മരിക്കുവാൻ ശ്രമിക്കുകയോ? അർജ്ജുനന്റെ പരാക്രമം കണ്ടിട്ടു ഭയം തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ ഇതാ ഞാൻ ഭവാനോടു സത്യപ്രതിജ്ഞ ചെയ്യുന്നു. ഞാൻ അർജ്ജുനനെ യുദ്ധത്തിൽ കൊല്ലുന്നതാണെന്ന് ആയുധംതൊട്ടു സത്യം ചെയ്യുന്നു! പതിമ്മൂന്നാമാണ്ടു കഴിഞ്ഞ് പാണ്ഡവന്മാർ തിരിച്ചുവരികയാണെങ്കിൽ അവരെ ഞാൻ ഭവാന്റെ കീഴിലാക്കിത്തരുന്നതാണെന്നു ശപഥം ചെയ്തുകൊള്ളുന്നു."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ പ്രതിജ്ഞ ദുര്യോധനനെ ധൈര്യപ്പെടുത്തി. ദൈത്യന്മാരുടെ വാക്ക് അവന്റെ ഹൃദയത്തെ ദൃഢപ്പെടുത്തി. ദുശ്ശാസനൻ മുതലായവർ കാല്ക്കൽ വീഴുകയാൽ ദുര്യോധനന്ന് ഭ്രാതൃസ്നേഹം ഉപേക്ഷിക്കുവാൻ കഴിഞ്ഞില്ല. ദുര്യോധനൻ ശയ്യയിൽനിന്നെഴുന്നേറ്റു. ദൈത്യവാക്കാൽ മനസ്സുറപ്പിച്ച് ധാർത്തരാഷ്ട്രൻ യാത്രയ്ക്ക് ആ സൈന്യത്തെ വിളിച്ചുകൂട്ടി. ആന, തേർ, കുതിര, കാലാൾ എന്നീ വിഭാഗങ്ങൾ ചേർന്ന ആ മഹാസൈന്യം ഗംഗാപ്രവാഹംപോലെ വന്നുചേർന്നു. പതാകകളും, വെൺകൊറ്റക്കുടകളും, വെൺചാമരങ്ങളും ആ സൈന്യവ്യൂഹത്തിൽ അവിടവിടെ ഉയർന്നു. ശരൽക്കാലത്തു മേഘങ്ങൾ നീങ്ങി തെളിഞ്ഞു വിളങ്ങിയ അംബരമെന്നപോലെ ധാർത്തരാഷ്ട്രൻ പ്രശോഭിച്ചു! ദ്വിജേന്ദ്രന്മാർ രാജാധിരാജനെ എന്നപോലെ ജയാശിസ്സുകളോടെ സ്തുതിക്കുന്ന ഗീതങ്ങൾ കേട്ട്, അനുചരന്മാരുടെ കൂപ്പുന്ന അഞ്ജലികൾ കണ്ട് അഗ്നിപോലെ ജ്വലിക്കുന്ന സുയോധനൻ കർണ്ണനോടും, ശകുനിയോടും, ദുശ്ശാസനൻ, ഭൂരിശ്രവസ്സ്, സോമദത്തൻ മുതലായവരോടുംകൂടി കുറച്ചുദിവസം യാത്രചെയ്ത് ഹസ്തിനപുരിയിലെത്തി."

253. കർണ്ണന്റെ ദിഗ്വിജയം – ജനമേജയൻ പറഞ്ഞു: "ആ കാട്ടിൽ മാന്യരായ പാണ്ഡവന്മാർ അധിവസിക്കുന്ന കാലത്ത് മഹാരഥന്മാരായ ധാർത്തരാഷ്ട്രന്മാർ എന്താണു ചെയ്തുകൊണ്ടിരുന്നത്? കർണ്ണൻ, ശകുനി, ഭീഷ്മൻ, ദ്രോണൻ, കൃപൻ എന്നിവരൊക്കെ അക്കാലത്ത് എന്തു ചെയ്യുകയായിരുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഘോഷയാത്രകഴിഞ്ഞു ദുര്യോധനൻ രാജധാനിയിൽ തിരിച്ചെത്തി. ഒരുദിവസം ഭീഷ്മൻ ദുര്യോധനനെക്കണ്ട് ഇപ്രകാരം പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "ഉണ്ണീ, നീ തപോവനത്തിലേക്കു പുറപ്പെട്ടപ്പോൾ ഈ യാത്ര അത്ര നന്നല്ലെന്നും ഈ ഉദ്യമം നിനക്കു ചേർന്നതല്ലെന്നും ഞാൻ പറഞ്ഞില്ലേ? അതു കേൾക്കാതെ നീ പോയതുകൊണ്ട് വീരനായ നിന്നെ ശത്രുക്കൾ ബലാൽ പിടികൂടുകയും ധർമ്മജ്ഞന്മാരായ പാണ്ഡവന്മാരെക്കൊണ്ട് നിനക്കു മോചനം സിദ്ധിക്കേണ്ടിവരികയും ചെയ്തു! അതിനെപ്പറ്റി ഇപ്പോൾ നിനക്കു ലജ്ജ തോന്നുന്നില്ലേ? നിന്റേയും നിന്റെ സൈന്യത്തിന്റേയും മുമ്പിൽ വച്ച് ആ യുദ്ധത്തിൽ ഗന്ധർവ്വന്മാരെ ഭയപ്പെട്ട് ഓടിപ്പോയില്ലേ ആ സൂതപുത്രൻ? നീ സൈന്യത്തോടുകൂടി ഭയപ്പെട്ടു നിലവിളിച്ചപ്പോൾ മഹാത്മാക്കളായ പാണ്ഡവന്മാരുടേയും സൂതപുത്രനായ കർണ്ണന്റേയും വിക്രമം നീ പ്രത്യക്ഷമായി കണ്ടില്ലേ? അസ്ത്രവിദ്യയിലോ, ശൗര്യത്തിലോ, ധർമ്മത്തിലോ പാണ്ഡവന്മാർക്കുള്ള പ്രശസ്തിയിൽ നാലിൽ ഒരംശംപോലും കർണ്ണനില്ലെന്ന് ധർമ്മവത്സലനായ നീ അറിഞ്ഞിരിക്കണം. അതുകൊണ്ട് സന്ധികുശലനായ നീ നിന്റെ ശ്രേയസ്സിനുവേണ്ടി മഹാത്മാക്കളായ പാണ്ഡവന്മാരോട് സന്ധി ചെയ്യുകയാണു നല്ലതെന്നു ഞാൻ വിചാരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ പറഞ്ഞപ്പോൾ ദുര്യോധനൻ മറുപടിയൊന്നും പറയാതെ, ഒന്നു ചിരിക്കുകമാത്രം ചെയ്ത്, ശകുനിയോടുകൂടി അവിടെനിന്നു പോയി. അപ്പോൾ ആ മഹാരഥനെ കർണ്ണനും ദുശ്ശാസനനും പിന്തുടരുന്നുമുണ്ടായിരുന്നു. ഇതെല്ലാം കണ്ട് കുരുപിതാമഹനായ ഭീഷ്മൻ ലജ്ജാഭാരത്താൽ മനസ്സു ഞെരുങ്ങി സ്വന്തം വസതിയിലേക്കു തിരിച്ചു. ഭീഷ്മൻ പോയതിന്നു ശേഷം ദുര്യോധനൻ മന്ത്രിമാരോടുകൂടി മേലാൽ വേണ്ടുന്ന കാര്യമെന്തൊക്കെയാണെന്ന് ആലോചന നടത്തി.

ദുര്യോധനൻ പറഞ്ഞു: "നമുക്കു ശ്രേയസ്സുണ്ടാവുകയാണു വേണ്ടത്. എന്തു ചെയ്താലാണ് അതുണ്ടാവുക? ഇനി എന്തൊക്കെയാണ് നമുക്കു ചെയ്യുവാൻ ബാക്കിയുള്ളത്? യഥോചിതം അത് എങ്ങനെയാണു നിർവ്വഹിക്കേണ്ടത്? നമുക്കു വിഹിതമായത് ഏതാണെന്നു ചിന്തിച്ചറിഞ്ഞ് അതു നാം തീരുമാനിക്കണം."

കർണ്ണൻ പറഞ്ഞു: "അല്ലയോ മഹാബാഹുവായ ദുര്യോധനാ! നമ്മെ എപ്പോഴും നിന്ദിക്കുകയും പാണ്ഡവന്മാരെ എപ്പോഴും പ്രശംസിക്കുകയുമാണ് ഭീഷ്മൻ ചെയ്യുന്നത്. ഭവാനോടുള്ള ദ്വേഷം കൊണ്ട് ആ വൃദ്ധൻ എപ്പോഴും ദ്വേഷിക്കുന്നു. ഭവാന്റെ മുമ്പിൽവച്ച് എന്നെ ഭീഷ്മൻ എല്ലായ്പോഴും നിന്ദിക്കുന്നു. ഭീഷ്മന്റെ ഈ നിന്ദ എനിക്കു സഹിക്കുവാൻ വയ്യാതായിട്ടുണ്ട്. പാണ്ഡവന്മാരെ സ്തുതിക്കുന്നതും ഭവാനെ നിന്ദിക്കുന്നതും കേട്ടുനില്ക്കുക വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. രണ്ടും എനിക്കു സഹിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ എന്റെ വീര്യം എല്ലാവർക്കും ഒന്നു കാണിച്ചുകൊടുത്തേക്കാം. ഭൃത്യന്മാരോടും സൈന്യങ്ങളോടും വാഹനങ്ങളോടും കൂടി എന്നെ ഭവാൻ അയയ്ക്കണം. കാടുകളും മലകളും ഉൾപ്പെടെയുള്ള ഈ ഭൂമി മുഴുവൻ ഞാൻ വിജയിച്ചുവരാം. ബലശാലികളായ പാണ്ഡവന്മാർ നാലുപേർകൂടി ജയിച്ച ഭൂമിയെ ഞാൻ ഒറ്റയ്ക്കു കീഴടക്കാം. ദുർബ്ബുദ്ധിയും കുരുകുലാധമനുമായ ഭീഷ്മൻ അതു കാണട്ടെ. നിന്ദ്യന്മാരെ പുകഴ്ത്തുകയും അനിന്ദ്യന്മാരെ അധിക്ഷേപിക്കുകയും ചെയ്യുന്ന ആ ഭീഷ്മൻ എന്റെ ബലം കണ്ട് തന്നത്താൻ നിന്ദിച്ചുകൊള്ളട്ടെ. യാത്രയ്ക്ക് എന്നെ ഭവാൻ അനുവദിക്കണം. നിശ്ചയമായും വിജയം സിദ്ധിക്കുമെന്ന് ഞാൻ ഈ ആയുധം തൊട്ടു സത്യപ്രതിജ്ഞ ചെയ്യുന്നു."

ദുര്യോധനൻ പറഞ്ഞു: "കർണ്ണാ! ഞാൻ ധന്യനായി. സർവ്വശത്രുധ്വംസനത്തിന്ന് വീരനായ ഭവാൻ പുറപ്പെടുകയാൽ ഞാൻ അനുഗൃഹീതനായി. മഹാബലനായ ഭവാൻ എന്നും എന്റെ ഹിതംപോലെ പ്രവർത്തിച്ചുവരുന്നതിനാൽ എന്റെ ജന്മം സഫലമായിരിക്കുന്നു. ഭവാൻ പുറപ്പെട്ടുകൊള്ളുക. ഭവാനു മംഗളം ഭവിക്കട്ടെ! വേണ്ടുന്നതെല്ലാം എന്നോട് ആജ്ഞാപിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനന്റെ അനുജ്ഞപ്രകാരം യാത്രയ്ക്കുവേണ്ടുന്നതൊക്കെ ആജ്ഞാപിച്ചു. എല്ലാം തയ്യാറായപ്പോൾ കർണ്ണൻ മംഗളസ്നാനം ചെയ്ത് ശോഭനമായ നക്ഷത്രത്തിൽ ശുഭമായ തിഥിയിൽ പുണ്യമായ മുഹൂർത്തത്തിൽ മംഗളദൈവതത്തിൽ ദ്വിജന്മാരാൽ പൂജിതനായി, വിജയാശംസകൾ കേട്ടുകൊണ്ട് ചരാചരാത്മകമായ ത്രൈലോക്യത്തെ രഥഘോഷത്താൽ മുഴക്കി വില്ലാളിവീരനായ കർണ്ണൻ ദിഗ്വിജയത്തിന്നായി പുറപ്പെട്ടു."

254. കർണ്ണന്റെ ദിഗ്വിജയം – വൈശമ്പായനൻ പറഞ്ഞു: "വില്ലാളിവീരനായ കർണ്ണൻ ആദ്യമായി പടയോടുകൂടി പോയി രമ്യമായ ദ്രുപദപുരം വളഞ്ഞു. ആ വീരനായ ദ്രുപദനോടു ഭയങ്കരമായി പോരാടി അവനെ കീഴ്പ്പെടുത്തി. സ്വർണ്ണവും വെള്ളിയും പലവിധം രത്നങ്ങളും കപ്പമായി ദ്രുപദനെക്കൊണ്ടു വെപ്പിക്കുകയും ചെയ്തു. പിന്നീട് ദ്രുപദരാജാവിന്റെ അനുഗാമികളായ മറ്റു രാജാക്കളേയും കീഴടക്കുകയും അവരുടെ കൈയിൽനിന്നും കപ്പം വാങ്ങുകയും ചെയ്തു. അതിന്നുശേഷം വടക്കോട്ടുപോയി. അവിടെയുള്ള രാജാക്കന്മാരേയും ഭഗദത്തനേയും പോരിൽ ജയിച്ചു. പിന്നെ രാധേയൻ മഹാശൈലമായ ഹിമാലയത്തിലേക്കു കയറി. അവിടെ എല്ലാ ദിക്കിലും ചെന്ന് ആ പർവ്വതത്തിലെ സകല രാജാക്കന്മാരേയും കീഴടക്കി. അവരിൽനിന്നെല്ലാം

digitized by www.sreyas.in

കർണ്ണൻ കപ്പം വാങ്ങി. നേപ്പാളത്തിലെ രാജാക്കളെ ജയിച്ചതിന്നുശേഷം വീരനായ രാധേയൻ മലയിറങ്ങി കിഴക്കോട്ടുപോയി. അവിടെ അംഗം, വംഗം, കലിംഗം, ശുണ്ഡികം, മിഥില, മാഗധം, കർക്കഖണ്ഡം, ആവശീരം, അയോദ്ധ്യ, അഹിക്ഷേത്രം എന്നീ രാജ്യങ്ങളെല്ലാം കർണ്ണന്നു കീഴടങ്ങി. കിഴക്കൻ രാജ്യങ്ങളെയെല്ലാം ആക്രമിച്ച് സൂതപുത്രൻ കോസലം, ത്രിപുരി, വത്സഭൂമി, മൂർത്തികാവതി എന്നീ രാജ്യങ്ങളിൽച്ചെന്നു കപ്പം വാങ്ങി. പിന്നീടു തെക്കോട്ടിറങ്ങി പല മഹാരഥന്മാരേയും ജയിച്ച് കർണ്ണൻ രുഗ്മിയോടെതിർത്തു ഘോരയുദ്ധം ചെയ്തു. ഒടുവിൽ രുഗ്മി, കർണ്ണന്നു കീഴടങ്ങി ഇപ്രകാരം പറഞ്ഞു."

രുഗ്മി പറഞ്ഞു: "രാജേന്ദ്രനായ കർണ്ണാ! ഭവാന്റെ ബലവും വിക്രമവും കണ്ട് ഞാൻ പ്രീതനായിരിക്കുന്നു. എന്റെ ക്ഷത്രധർമ്മം രക്ഷിക്കുവാനാണ് ഞാൻ ഭവാനോടു പോരാടിയത്. ഭവാന്ന് ഞാൻ ധാരാളം സ്വർണ്ണം പ്രീതിപൂർവ്വം നല്കുന്നു. ഭവാൻ സ്വീകരിച്ചാലും!"

വൈശമ്പായനൻ പറഞ്ഞു: "കർണ്ണൻ രുഗ്മിയോടുകൂടി തെക്കോട്ടിറങ്ങി. പാണ്ഡ്യൻ, ശ്രീശൈലൻ, കേരളൻ, നീലൻ, വേണു എന്നീ രാജാക്കന്മാരെയെല്ലാം തനിക്ക് കപ്പം തരുന്നവരാക്കി. തെക്കൻ പ്രദേശങ്ങളിലെ രാജാക്കന്മാരെ മുഴുവൻ തോല്പിച്ച് ആ മഹാബലൻ ശിശുപാലപുത്രനേയും ആ രാജാവിന്റെ കൂട്ടുകാരേയും, സാമം കൊണ്ട് അവന്തിയേയും, കീഴടക്കി. അതിന്നുശേഷം വൃഷ്ണികളോടു ചേർന്ന് പശ്ചിമ രാജ്യങ്ങളെ ആക്രമിച്ചു. യവനന്മാർ, ബർബ്ബരന്മാർ മുതലായ പശ്ചിമവാസികളെല്ലാം കർണ്ണനോടു യുദ്ധം ചെയ്തു നിശ്ശേഷം പരാജിതരായി. അങ്ങനെ തെക്കും, കിഴക്കും, പടിഞ്ഞാറുമുള്ള ഭൂമി മുഴുവൻ രാധേയന്റെ അധീനത്തിലായി. മ്ലേച്ഛന്മാർ, വനവാസികൾ, പർവ്വതവാസികൾ, രോഹിതകന്മാർ, ആഗ്നേയന്മാർ, ഭദ്രന്മാർ, മാളവന്മാർ എന്നീ ഗണങ്ങളും കർണ്ണന്നു കീഴടങ്ങി. അങ്ങനെ ഭൂമി മുഴുവൻ പുരുഷവ്യാഘ്രനായ കർണ്ണന്നു കീഴിലായി. കപ്പമായി വാങ്ങിയ നിരവധി ധനത്തോടുകൂടി ഹസ്തിനപുരിയിൽ തിരിച്ചുവന്നുചേർന്നു.

കർണ്ണൻ ദിഗ്വിജയം കഴിഞ്ഞു മടങ്ങിയെത്തുന്നതറിഞ്ഞ് ആ പുരുഷശ്രേഷ്ഠനെ ദുര്യോധനൻ പിതൃബാന്ധവന്മാരോടുകൂടി എതിരേറ്റ് യഥാവിധി പൂജിച്ചു. കർണ്ണന്റെ യുദ്ധവൈദഗ്ദ്ധ്യത്തേയും ശോഭനകർമ്മത്തേയും പ്രശംസിച്ചു."

ദുര്യോധനൻ പറഞ്ഞു: "ഹേ, മഹാബാഹോ! ഭവാനു മംഗളം ഭവിക്കട്ടെ! ഭീഷ്മൻ, ദ്രോണൻ, കൃപർ, ബാൽഹീകൻ എന്നീ മഹാരഥന്മാർക്കും സാധിക്കാത്ത മഹാകർമ്മമാണ് ഭവാൻ ചെയ്തിരിക്കുന്നത്. എന്റെ ഹിതമെന്തോ അത് ഭവാൻ മുഖേന ഞാൻ നേടിയിരിക്കുന്നു. സത്തമനായ ഭവാൻ നാഥനായി നില്ക്കുകയാൽ ഞാൻ സനാഥനായി ഭവിച്ചിരിക്കുന്നു! മറ്റൊന്നും പറയുവാൻ ഞാൻ ശക്തനല്ല. പഞ്ചപാണ്ഡവന്മാരും മറ്റു രാജാക്കന്മാരും ഭവാന്റെ പതിനാറിൽ ഒരു അംശത്തിന്നുപോലും യോഗ്യരല്ല. ഭവാൻ ധൃതരാഷ്ട്രമഹാരാജാവിനേയും, യശസ്വിനിയായ ഗാന്ധാരിയേയും, അദിതിയെ ഇന്ദ്രൻ എന്നവിധം, ഇപ്പോൾത്തന്നെ ചെന്നു കാൺക."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ വരവു കണ്ട് നഗരത്തിലെങ്ങും 'ഹാ! ഹാ!' വിളിയും വിജയഘോഷവുമുണ്ടായി. വിജയിയായി വരുന്ന കർണ്ണനെ പലരും പ്രശംസിച്ചു. എന്നാൽ അവനെ നിന്ദിക്കുന്നവരും അവിടെത്തന്നെ ഉണ്ടായിരുന്നു. ചില രാജാക്കന്മാർ അവിടെ പ്രശംസിക്കുവാനും പോയില്ല, നിന്ദിക്കുവാനും പോയില്ല.

ചുരുങ്ങിയ കാലംകൊണ്ട് പർവ്വതങ്ങളും, വനങ്ങളും, അവയ്ക്കിടയിലുള്ള പ്രദേശങ്ങളും, പത്തനങ്ങളും, നഗരങ്ങളും നിറഞ്ഞ പല രാജ്യങ്ങളും, ദ്വീപുകളും, ജലപൂർണ്ണപ്രദേശങ്ങളും ഉൾപ്പെടെയുള്ള ഭൂമി മുഴുവൻ ജയിച്ച് രാജാക്കന്മാരെയൊക്കെ കീഴടക്കി അക്ഷയമായ ധനം കൈയിലാക്കി, സ്വന്തം പുരിയിൽ തിരിച്ചുവരുന്ന കർണ്ണൻ സുയോധനനെ കണ്ടതിന്നുശേഷം അന്തഃപുരത്തിൽക്കടന്ന് ഗാന്ധാരീസമേതനായ ധൃതരാഷ്ട്രനെ ചെന്നു കണ്ടു. പുത്രൻ അച്ഛനെ എന്നവിധം അവൻ ധൃതരാഷ്ട്രനെ തൊഴുതു കാൽപിടിച്ചു വണങ്ങി. ധർമ്മജ്ഞനായ കർണ്ണനെ ധൃതരാഷ്ട്രൻ വാത്സല്യത്തോടെ പുണർന്നു സന്തോഷിപ്പിച്ചു. കർണ്ണൻ ഭൂമിയൊക്കെ ജയിച്ച വർത്തമാനം അറിഞ്ഞപ്പോൾ ആ ശസ്ത്രധാരിപ്രവരൻ പാണ്ഡവന്മാരെ യുദ്ധത്തിൽ ജയിച്ചുകഴിഞ്ഞു എന്നു ശകുനി തീരുമാനിച്ചു."

255. ദുര്യോധനയജ്ഞസമാരംഭം – വൈശമ്പായനൻ പറഞ്ഞു: "ഭൂമിയൊക്കെ ജയിച്ചതിന്നുശേഷം രിപുനാശനനും സൂതപുത്രനുമായ കർണ്ണൻ ദുര്യോധനനോട് ഇപ്രകാരം പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഹേ, ദുര്യോധനാ! ഭവാൻ എന്റെ ഈ വാക്കു കേൾക്കുക. കേട്ടതിന്നുശേഷം അപ്രകാരം ഭവാൻ ചെയ്താലും. ശത്രുക്കൾ ഇല്ലാതായിത്തീർന്ന ഈ ഭൂമി മുഴുവൻ ഭവാന്റേതായിരിക്കുന്നു. ഞാൻ നേടിയ ഈ ഭൂമിയെല്ലാം ഭവാന്റെ പാദങ്ങളിൽ ഇതാ സമർപ്പിക്കുന്നു. മഹിതാശയനും ഹതാരിയുമായ ഭവാൻ ഇന്ദ്രനെയെന്നപോലെ ഈ ഭൂമിയെ സംരക്ഷിച്ചാലും."

ദുര്യോധനൻ പറഞ്ഞു: "എനിക്കു സഹായിയായി, എന്നിൽ കൂറോടുകൂടി എന്റെ കാര്യത്തിന്നുവേണ്ടി ഉദ്യമിക്കുന്ന ഭവാനുള്ളപ്പോൾ എനിക്കു ദുർല്ലഭമായി ഈ ലോകത്തിൽ ഒന്നുംതന്നെയില്ല. എനിക്ക് ഒരഭിപ്രായമുണ്ട്. അതു ഭവാൻ ശരിക്കും മനസ്സിലാക്കണം. പാണ്ഡവന്മാർ രാജസൂയമഖം ചെയ്തതു കണ്ടപ്പോൾ അങ്ങനെ ഒരു മഖം എനിക്കും ചെയ്യണമെന്ന് ഒരാഗ്രഹം ഉദിച്ചതായിരുന്നു. ആ ഒരാഗ്രഹംകൂടി ഇനി ഭവാൻ നിർവ്വഹിക്കണം."

കർണ്ണൻ പറഞ്ഞു: "ഇന്ന് രാജാക്കന്മാരെല്ലാം ഭവാന്റെ കീഴിലായിരിക്കുന്നു. വിപ്രന്മാരെയെല്ലാം വിളിക്കുക. യജ്ഞത്തിന്നു വേണ്ടുന്ന ഉപകരണങ്ങളും മറ്റു സംഭാരങ്ങളും ഒരുക്കട്ടെ. വേദജ്ഞന്മാരായ ഋത്വിക്കുകൾ ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ക്രിയകൾ നടത്തട്ടെ. ധാരാളം അന്നപാനങ്ങളോടുകൂടി സമൃദ്ധമായ ഗുണം തികഞ്ഞ ഭവാനുവേണ്ടി ആ മഹായജ്ഞം കൊണ്ടാടട്ടെ."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ദുര്യോധനൻ പുരോഹിതനെ വിളിച്ച് അഭിപ്രായം അറിയിച്ചു."

ദുര്യോധനൻ പറഞ്ഞു: "രാജസൂയമഹായജ്ഞം ഭൂരിദക്ഷിണയോടുകൂടി ന്യായമായി ക്രമപ്രകാരം ഭവാൻ എനിക്കുവേണ്ടി നടത്തണം."

പുരോഹിതൻ പറഞ്ഞു: "രാജാവേ, രാജസൂയമഹായജ്ഞം നടത്തുവാൻ നിവൃത്തിയില്ലല്ലോ. ഭവാന്റെ ജ്യേഷ്ഠനായ ധർമ്മപുത്രൻ ഭവാന്റെ കുലത്തിൽ ജീവിച്ചിരിക്കുന്നു. പിന്നെയുമുണ്ട് ഒരു തടസ്സം. ഭവാന്റെ അച്ഛനായ ധൃതരാഷ്ട്രൻ ദീർഘായുസ്സായി ഇരിക്കുകയും ചെയ്യുന്നു. ഈ രണ്ടുകാരണങ്ങളാലും ഭവാന് രാജസൂയമഹാമഖം ചെയ്യുവാൻ പാടില്ല. രാജസൂയത്തിന്നു തുല്യമായ മറ്റു യജ്ഞങ്ങളുമുണ്ട്. ആ യജ്ഞം ചെയ്യുവാൻ വിരോധമില്ല. ഞാൻ പറയുന്നതു കേൾക്കുക. ഭവാനു കപ്പംതരുന്ന രാജാക്കന്മാർ തരുന്ന സ്വർണ്ണം, പണിചെയ്തതായാലും പണിചെയ്യാത്തതായാലും കൊള്ളാം, ആ സ്വർണ്ണംകൊണ്ട് ഭവാൻ ഒരു കരി (കലപ്പ) ഉണ്ടാക്കിക്കുക. യാഗഭൂമിയിൽ ആ കരികൊണ്ട് ഭവാൻ ഉഴണം. അവിടെവെച്ച് വേണ്ടുവോളം പാകംചെയ്ത അന്നത്തോടുകൂടി യഥാന്യായമായ യാഗം തടസ്സംകൂടാതെ നടക്കട്ടെ! സൽപ്പുരുഷന്മാർക്ക് ഉചിതമായ യജ്ഞമാണ് അത്. ആ യജ്ഞത്തിന്ന് 'വൈഷ്ണവയജ്ഞം' എന്നാണു പേർ. പുരാണപുരുഷനായ വിഷ്ണു ഒഴികെ മറ്റാരും ആ യജ്ഞം ചെയ്തിട്ടില്ല. രാജസൂയയജ്ഞത്തോടു മത്സരിക്കുന്ന യജ്ഞമാണ് അത്. ഞങ്ങൾക്ക് അത് ഏറ്റവും സമ്മതമായ, ശ്രേയസ്കരമായ, യജ്ഞമാണ്. നിർവ്വിഘ്നമായി അതു നടത്തിയാൽ ഭവാന്റെ മോഹം സഫലമാകും."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "എന്ന് ആ ദ്വിജൻ പറഞ്ഞപ്പോൾ ദുര്യോധനരാജാവ് കർണ്ണൻ, ശകുനി എന്നിവരോടും സോദരന്മാരോടും കൂടി ആലോചന നടത്തി."

ദുര്യോധനൻ പറഞ്ഞു: "വിപ്രന്മാർ പറഞ്ഞതൊക്കെ എനിക്കു ബോദ്ധ്യമായി. അതിൽ ഇനി തർക്കമൊന്നുമില്ല. നിങ്ങൾക്കും ബോദ്ധ്യമാണെങ്കിൽ ഇനി വൈകാതെ ഏർപ്പാടു ചെയ്യാം."

വൈശമ്പായനൻ പറഞ്ഞു: "ഇതുകേട്ട് അവരെല്ലാവരും അപ്രകാരമാകട്ടെ എന്നു സമ്മതിച്ചു. ഉടനെ ദുര്യോധനൻ വേലക്കാരേയും ശില്പിമാരേയും മറ്റും വിളിച്ച് ഉഴുവാനുള്ള കരി തീർക്കുവാൻ കല്പിച്ചു. ദുര്യോധനൻ പറഞ്ഞപോലെ എല്ലാം ശരിക്കു ചെയ്തു."

256. ദുര്യോധനയജ്ഞം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ എല്ലാ ശില്പികളും അമാത്യന്മാരിൽ മുഖ്യന്മാരും മഹാപ്രാജ്ഞനായ വിദുരനും ചേർന്ന് ദുര്യോധനനോട് വിവരം ഉണർത്തി: 'രാജാവേ! മഖം തയ്യാറായിരിക്കുന്നു, സമയവും സമാഗതമായി! സുവർണ്ണമയമായ 'ലാംഗലം' (കരി) പണികഴിഞ്ഞു.'

ഇതു കേട്ടപ്പോൾ നൃപോത്തമനായ ധാർത്തരാഷ്ട്രൻ യജ്ഞം തുടങ്ങുവാൻ കല്പന നല്കി. ആ യാഗം അർത്ഥസംഭാരങ്ങളോടുകൂടി, ശാസ്ത്രാനുസരണമായി, യഥാക്രമം ഗാന്ധാരീപുത്രൻ ദീക്ഷിച്ചു. ദുര്യോധനനോടൊപ്പം വിദുരനും, ഭീഷ്മനും, ദ്രോണനും, കൃപനും, കർണ്ണനും, ഗാന്ധാരീദേവിയും സന്തോഷിച്ചു.

വേഗത്തിൽ എത്തുവാൻ സാമർത്ഥ്യമുള്ള ദൂതന്മാരെ വിളിച്ച് നാനാരാജാക്കന്മാരുടെ അടുത്തേക്കും ക്ഷണങ്ങൾ അയച്ചു. വേഗതയുള്ള വാഹനങ്ങളിൽക്കയറി അവർ നാനാദിക്കിലേക്കും പോയി. അങ്ങനെ പോകുന്ന ദൂതന്മാരിൽ ഒരുത്തനെ പ്രത്യേകം വിളിച്ച് ദുശ്ശാസനൻ ഇപ്രകാരം പറഞ്ഞു: 'വേഗത്തിൽ പോയി ദ്വൈതവനത്തിൽ ചെന്ന് പാപപുരുഷന്മാരായ പാണ്ഡവന്മാരേയും ആ കാട്ടിലുള്ള വിപ്രന്മാരേയും യഥാന്യായം ക്ഷണിക്കുക.'

അവൻ പോയി പാണ്ഡവന്മാരുടെ മുമ്പിലെത്തി കൈവണങ്ങി ഇപ്രകാരം ഉണർത്തിച്ചു."

ദൂതൻ പറഞ്ഞു: "കുരുശ്രേഷ്ഠനും മഹാരാജാവുമായ ദുര്യോധനൻ സ്വന്തം വീര്യത്താൽ നേടിയ മഹാധനത്താൽ മഹായജ്ഞം തുടങ്ങിയിരിക്കുന്നു. അവിടെ ചുറ്റുമുള്ള രാജാക്കന്മാരും ബ്രാഹ്മണരും വന്നുകൊണ്ടിരിക്കുന്നു. മഹാത്മാവായ കൗരവേന്ദ്രൻ എന്നെ ഇങ്ങോട്ട് അയച്ചിട്ടാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. ആ ജനേശ്വരനായ ധാർത്തരാഷ്ട്രൻ ഭവാന്മാരെ ക്ഷണിക്കുന്നു. ഭവാന്മാർ അവിടെ വന്ന് ഇഷ്ടംപോലെ യാഗം കണ്ടാലും!"

യുധിഷ്ഠിരൻ പറഞ്ഞു: "ഭാഗ്യത്താൽ സുയോധനരാജാവ്, പൂർവ്വന്മാർക്കു കീർത്തി വർദ്ധിപ്പിക്കുമാറു മഹായാഗം നടത്തുമാറായി. ഞങ്ങളും അങ്ങുവരുമായിരുന്നു. എന്നാൽ ഇപ്പോൾ അതിന്നു കഴിവില്ലാതെയാണിരിക്കുന്നത്. കരാറു രക്ഷിക്കുവാൻ ഞങ്ങൾക്കു പതിമ്മൂന്നുവർഷം അകന്നു വാഴുകതന്നെ വേണം."

ഭീമസേനൻ പറഞ്ഞു: "എടോ ദൂതാ! കത്തിയെരിയുന്ന അസ്ത്രാഗ്നിയിൽ ദുര്യോധനനെ പ്രഹരിച്ചു വീഴ്ത്തുന്നതെന്നോ, അന്നാണ് ധർമ്മരാജാവ് അവിടെ വരികയെന്ന് അവനോടു ചെന്നു പറയുക. പതിമ്മൂന്നുവർഷം കഴിഞ്ഞിട്ട് യുദ്ധസത്രം തുടങ്ങിയിട്ട് അതിൽവച്ച് യുധിഷ്ഠിരരാജാവ് ധൃതരാഷ്ട്രപുത്രന്മാരിൽ ക്രോധഹവിസ്സു വിടുന്നത് എപ്പോഴാണോ, അപ്പോഴാണ് ഞാൻ അവിടെ വരികയെന്നും ആ ദുര്യോധനനോടു പറയുക!"

വൈശമ്പായനൻ പറഞ്ഞു: "മറ്റു പാണ്ഡവരാരുംതന്നെ ആ ദൂതനോട് അപ്രിയമൊന്നും പറഞ്ഞില്ല. അവിടെച്ചെന്ന് ദൂതൻ അവർ പറഞ്ഞതൊക്കെ അറിയിക്കുകയും ചെയ്തു. ഹസ്തിനാപുരിയിൽ പല ദേശങ്ങളിൽനിന്നും എത്തിയ രാജാക്കന്മാരും വിപ്രന്മാരും കൂട്ടംകൂട്ടമായി വന്നുചേർന്നു. അവർ യഥാക്രമം ശാസ്ത്രവിധിപ്രകാരം അർച്ചിതരായി. രാജാക്കന്മാർ പരമസന്തോഷത്തോടും പരമപ്രീതിയോടുംകൂടി അവിടെ വാണു.

എല്ലാ കൗരവന്മാരും നിറഞ്ഞ സന്തോഷത്തോടെ ചുറ്റും ഇരിക്കുമ്പോൾ രാജേന്ദ്രനായ ധൃതരാഷ്ട്രൻ മഹത്തായ ഹർഷത്തോടെ വിദുരനെ വിളിച്ചു പറഞ്ഞു: 'ക്ഷത്താവേ! എല്ലാ ജനങ്ങളും ഇഷ്ടമുള്ള ഭോജനങ്ങൾ കഴിച്ചു യജ്ഞസ്ഥലത്തു സുഖമായി കൂടുവാൻ വേണ്ടതൊക്കെ ചെയ്യുക!'

ഇതുകേട്ട് വിദുരൻ സർവ്വജനങ്ങളേയും പ്രമാണംപോലെ പൂജിക്കുകയും, അന്നപാനങ്ങളും, സുഗന്ധമാല്യങ്ങളും, വിവിധ വസ്ത്രങ്ങളും സസന്തോഷം നല്കുകയും, യഥാക്രമം വസതികൾ നിർമ്മിച്ചുകൊടുത്ത് വിവിധ വിത്തങ്ങൾ നല്കി എല്ലാവരേയും സംപ്രീതരാക്കുകയും ചെയ്തു. അങ്ങനെ അനവധി രാജാക്കന്മാരേയും, ഭൂസുരന്മാരേയും സൽക്കരിച്ചതിന്നുശേഷം ഭ്രാതാക്കന്മാരോടും കർണ്ണൻ, ശകുനി മുതലായവരോടും കൂടി ദുര്യോധനൻ ഹസ്തിനാപുരിയിൽ പ്രവേശിച്ചു."

257. യുധിഷ്ഠിരന്റെ ചിന്ത – വൈശമ്പായനൻ പറഞ്ഞു: "ഹസ്തിനാപുരിയിൽ പ്രവേശിക്കുന്ന സമയത്ത് വില്ലാളിവീരനായ സുയോധനനെ സൂതന്മാരും നാട്ടുകാരും നിരക്കെനിന്നു പുകഴ്ത്തുകയും, പൂക്കൾ തൂകുകയും, ചന്ദനപ്പൊടി വിതറുകയും ചെയ്തു. 'ദുര്യോധനന്റെ ഭാഗ്യം തന്നെ! ഈ മഹാസത്രം സമംഗളം നടന്നു!' എന്നു പ്രശംസിക്കുകയും ചെയ്തു. ഔചിത്യം അറിഞ്ഞുകൂടാത്തവരും, സംസാരിക്കുവാൻ വേണ്ട നയചാതുര്യം ഇല്ലാത്തവരുമായ ചില വാതികന്മാർ മാത്രം ഈ യാഗം യുധിഷ്ഠിരരാജാവു നടത്തിയ രാജസൂയം പോലെ നന്നായില്ല എന്നും അതിന്റെ പതിനാറിൽ ഒരംശത്തോളം പോലും ഈ യാഗം അർഹിക്കുന്നില്ല എന്നും ദുര്യോധനനോടുതന്നെ പറയുകയുണ്ടായി. ദുര്യോധനന്റെ സുഹൃത്തുക്കൾ പ്രശംസിച്ചത് ഈ യാഗം ഈ കുലത്തിൽ ഇതിന്നുമുമ്പുണ്ടായ മറ്റെല്ലാ യാഗത്തേക്കാളും വിശേഷപ്പെട്ടതായി എന്നും, ഈ മഹായജ്ഞംമൂലമാണ് യയാതി, നഹുഷൻ, മാംധാതാവ്, ഭരതൻ മുതലായവർ പുണ്യവാന്മാരായി സ്വർഗ്ഗലോകം പ്രാപിച്ചതെന്നുമാണ്. ഈ ശുഭോക്തി കേട്ട് സന്തുഷ്ടനായി ദുര്യോധനൻ രാജധാനിയിൽച്ചെന്ന് മാതാപിതാക്കളുടേയും ഭീഷ്മൻ, ദ്രോണൻ, കൃപൻ മുതലായവരുടേയും വിദുരന്റേയും കാലുപിടിച്ച് അനുജന്മാരുടെ അഭിവാദനമേറ്റ്, ഭ്രാതാക്കന്മാരാൽ ചുറ്റപ്പെട്ട് മുഖ്യമായ ആസനത്തിൽ ഇരുന്നു. അപ്പോൾ സൂതപുത്രൻ എഴുന്നേറ്റ് ദുര്യോധനമഹാരാജാവിനോട് ഇപ്രകാരം പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഭാഗ്യത്താൽ ഭരതശ്രേഷ്ഠനായ ഭവാന്റെ മഹായാഗം നിർവ്വിഘ്നം നടന്നു! ഇനി പോരിൽ പാണ്ഡവരെക്കൊന്ന് മഹാത്മാവായ ഭവാൻ രാജസൂയാധ്വരം നടത്തുമ്പോൾ എനിക്കു വീണ്ടും ഭവാനെ പൂജിക്കുവാൻ ഇടയാകട്ടെ!"

ദുര്യോധനൻ പറഞ്ഞു: "ഭവാൻ പറഞ്ഞതു ശരിയാണ്. ദുരാത്മാക്കളായ പാണ്ഡവന്മാരെ സംഹരിച്ചു രാജസൂയമഹായജ്ഞം നടത്തി വീരനായ ഭവാൻ എനിക്ക് അഭ്യുദയമുണ്ടാക്കും" എന്നു പറഞ്ഞ് ദുര്യോധനൻ കർണ്ണനെ ആശ്ലേഷിച്ചു. രാജസൂയമഹായജ്ഞത്തെപ്പറ്റി ചിന്തിച്ചു കൗരവന്മാരോടു ദുര്യോധനൻ പറഞ്ഞു: "അല്ലയോ കൗരവന്മാരേ! സർവ്വപാണ്ഡവന്മാരെയും കൊന്ന്, വളരെ ദ്രവ്യവ്യയത്തോടുകൂടിയ രാജസൂയമഹായാഗം എന്നാണ് ഞാൻ കൊണ്ടാടുക?"

കർണ്ണൻ പറഞ്ഞു: "ഹേ രാജകുഞ്ജരാ! ഭവാൻ എന്റെ ശപഥം കേട്ടാലും! അർജ്ജുനനെ കൊല്ലുന്നതുവരേക്കും ഞാൻ അന്യനെക്കൊണ്ട് എന്റെ കാൽ കഴുകിക്കുകയില്ല. അതുവരേക്കും മാംസം ഭക്ഷിക്കുകയാകട്ടെ മദ്യം കുടിക്കുകയാകട്ടെ ചെയ്യുകയില്ല; ആരെങ്കിലും വന്ന് എന്തെങ്കിലും ഇരന്നാൽ ഞാൻ ഇല്ലെന്നു പറയുകയുമില്ല."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ ഈ ശപഥം കേട്ടപ്പോൾ ധാർത്തരാഷ്ട്രന്മാരായ വീരന്മാർ സന്തോഷാധിക്യ

digitized by www.sreyas.in

ത്താൽ ഉറക്കെ ആർത്തു. ഈ പ്രതിജ്ഞ കേട്ടപ്പോൾ പാണ്ഡവന്മാരെയൊക്കെ ജയിച്ചുകഴിഞ്ഞു എന്ന് ധാർത്തരാഷ്ട്രന്മാർ വിചാരിച്ചു. ശ്രീമാനായ ദുര്യോധനൻ വന്നുചേർന്നവരെയെല്ലാം വിട്ടയച്ചതിന്നുശേഷം ചൈത്രരഥതുല്യമായ സ്വഗൃഹത്തിൽ പ്രവേശിച്ചു.

ഹസ്തിനാപുരിയിൽ നടന്ന സംഭവങ്ങളെല്ലാം ചാരന്മാർ മുഖേന അറിഞ്ഞുകൊണ്ടിരുന്ന പാണ്ഡവന്മാർക്ക് ആ കാര്യം മനസ്സിൽ അസുഖം വളർത്തിക്കൊണ്ടിരുന്നു. അർജ്ജുനനെ കൊല്ലുവാൻ കർണ്ണൻ ശപഥംചെയ്തു എന്നു കേട്ടപ്പോൾ ധർമ്മപുത്രന്റെ മനസ്സു കലങ്ങിമറിഞ്ഞു. ധർമ്മപുത്രൻ ഉദ്വേഗപ്പെട്ടു. കർണ്ണൻ അഭേദ്യമായ കവചമുള്ളവനും, അത്ഭുതവുമായ ഉഗ്രവീര്യമുള്ളവനുമാണെന്ന് ധർമ്മപുത്രന്നറിയാം. ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ചിന്തിച്ച് ധർമ്മപുത്രന്റെ മനസ്സിന്നു സമാധാനം കിട്ടാതായി. ചിന്താകുലനായ ആ മന്നവൻ വളരെ വ്യാളമൃഗങ്ങളാൽ ആകുലമായ ആ ദ്വൈതവനത്തിൽനിന്ന് ഒന്നു മാറി മറ്റൊരിടത്തു താമസമാക്കുവാൻ വിചാരിച്ചു.

ദുര്യോധനനാകട്ടെ, വീരന്മാരായ ഭ്രാതാക്കളോടും, ഭീഷ്മദ്രോണകൃപന്മാരോടും, യുദ്ധവിദഗ്ദ്ധനായ കർണ്ണനോടും കൂടി ഭൂമിയെ പരിപാലിച്ചു. മറ്റു രാജാക്കന്മാർക്കൊക്കെ പ്രിയം ചെയ്തുകൊണ്ടും എന്നും ഭൂരിദക്ഷിണമായ യജ്ഞങ്ങളാൽ വിപ്രന്മാരെ പൂജിച്ചുകൊണ്ടും സഹോദരന്മാരെ സന്തോഷിപ്പിച്ചുകൊണ്ടും ദാനം ചെയ്തതിന്റെ ഭോഗഫലമാണ് വിത്തമെന്നു നിശ്ചയിച്ച് അപ്രകാരം പ്രവർത്തിച്ചും പരന്തപനും വീരനുമായ ദുര്യോധനൻ പ്രശോഭിച്ചു."

മൃഗസ്വപ്നോത്ഭവപർവ്വം

258. കാമ്യകപ്രവേശം – ജനമേജയൻ പറഞ്ഞു: "ബലവാന്മാരായ പാർത്ഥന്മാർ ദുര്യോധനനെ വിമോചിപ്പിച്ചതിന്നുശേഷം ആ കാട്ടിൽവെച്ചു പിന്നെ അവർ എന്തൊക്കെ ചെയ്തു? ഭവാൻ അതൊക്കെ പറഞ്ഞാലും"

വൈശമ്പായനൻ തുടർന്നു: "ഒരുദിവസം ദ്വൈതവനത്തിൽവെച്ചു യുധിഷ്ഠിരന്ന് ഒരു സ്വപ്നമുണ്ടായി. ദ്വൈതവനത്തിൽ കൊല്ലപ്പെടാതെ ശേഷിച്ചിട്ടുള്ള മൃഗങ്ങൾ കണ്ണുനീരോടുകൂടി വന്ന് യുധിഷ്ഠിരന്റെ മുമ്പിൽ കൈകൂപ്പി വിറച്ചുകൊണ്ടു നിന്നു. അവയോട് യുധിഷ്ഠിരൻ ചോദിച്ചു: 'ഹേ, മൃഗങ്ങളേ, നിങ്ങൾ എന്തു പറയുവാനാണ് എന്റെ അരികെ വന്നിരിക്കുന്നത്? നിങ്ങളുടെ കാംക്ഷിതമെന്താണ്?' ഇപ്രകാരം കുന്തീപുത്രൻ ചോദിച്ചപ്പോൾ ആ മൃഗങ്ങളെല്ലാം ഇപ്രകാരം പറഞ്ഞു: ഈ ദ്വൈതവനത്തിൽ മൃഗങ്ങൾ അല്പമാത്രമായി അവശേഷിച്ചിരിക്കുന്നു. അവരാണ് ഞങ്ങൾ. ഞങ്ങൾകൂടി അടുത്തുതന്നെ അവസാനിക്കും. ഞങ്ങളെ മുടിക്കാതിരിക്കണേ! ഭവാൻ ഇവിടത്തെ വാഴ്ച അവസാനിപ്പിച്ചു മറ്റൊരു ദിക്കിലേക്കു താമസം മാറ്റിയാലും! ഭവാന്റെ സഹോദരന്മാർ ശൂരന്മാരും അസ്ത്രകോവിദന്മാരുമാണ്. അവർ ഈ കാട്ടിലെ ജന്തുവംശങ്ങളെയൊക്കെ നശിപ്പിച്ചു. ഇനി അല്പം മാത്രമേ ബാക്കിയായിട്ടുള്ളു. കുലം നശിക്കാതിരിക്കാൻ ബീജത്തിന്നുവേണ്ടിമാത്രം ഞങ്ങൾ അവശേഷിച്ചിരിക്കയാണ്. അവിടത്തെ പ്രസാദത്താൽ ഞങ്ങൾ ജീവിച്ചു കുലം വർദ്ധിപ്പിച്ചുകൊള്ളട്ടെ!'"

വൈശമ്പായനൻ പറഞ്ഞു: "ബീജത്തിന്നുമാത്രം ശേഷിച്ച്, പേടിച്ചുവിറച്ചു നില്ക്കുന്ന മൃഗങ്ങളെക്കണ്ട് ധർമ്മരാജാവായ യുധിഷ്ഠിരൻ ദുഃഖിച്ചു. എല്ലാ ഭൂതങ്ങൾക്കും ഹിതം ചെയ്യുന്നതിൽ തല്പരനായ യുധിഷ്ഠിരൻ അവയോടു പറഞ്ഞു: 'ഹേ, മൃഗങ്ങളേ! നിങ്ങൾ പറയുന്നവിധം ചെയ്തുകൊള്ളാം. വ്യസനിക്കരുത്!'

പ്രഭാതത്തിൽ ഉണർന്ന ധർമ്മരാജാവ് സഹോദരന്മാരെ വിളിച്ച് മൃഗങ്ങളിൽ ദയമൂലം താൻ കണ്ട സ്വപ്നത്തെപ്പറ്റി പറയുകയും മേലിൽ ചെയ്യേണ്ടതെന്തെന്ന് ആലോചിക്കുകയും ചെയ്തു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭ്രാതാക്കന്മാരേ! ഈ കാട്ടിൽ കൊല്ലപ്പെടാതെ ബാക്കിയായ മൃഗങ്ങൾ ഇന്നലെ രാത്രി സ്വപ്നത്തിൽ എന്നെ വന്നു കണ്ടു. തങ്ങൾ കുലത്തിന്റെ നിലനില്പിന്ന് ബീജത്തിന്നുമാത്രമായി അവശേഷിച്ചിട്ടുള്ളവയാണെന്നും, തങ്ങളിൽ ദയ തോന്നണമെന്നും അഭ്യർത്ഥിച്ചു. വന്യജീവികളിൽ നമുക്കു ദയയുണ്ടാകണമെന്ന് അവ പറഞ്ഞതു സത്യംതന്നെയാണ്. നാം ഒരു വർഷവും എട്ടു മാസവുമായി അവയെ കൊന്നുതിന്നുവാൻ തുടങ്ങിയിട്ട്. ഇനി നാം പാർപ്പിടമൊന്നു മാറണം. രമ്യവും ഉത്തമവുമായ കാമ്യകം ഇപ്പോൾ വീണ്ടും മൃഗസമൃദ്ധമായിട്ടുണ്ടാകും. മരുഭൂമിയുടെ തലസ്ഥാനവും തൃണബിന്ദുസരസ്സിന്റെ തടവുമായ ആ പ്രദേശത്തു ചെന്ന് ഇനിയുള്ള മാസങ്ങൾ നമുക്കു വിഹരിച്ചു കഴിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ധർമ്മരാജാവിന്റെ കല്പന കേട്ട ഭ്രാതാക്കൾ കൂടെപ്പാർക്കുന്ന ബ്രാഹ്മണരോടും ഇന്ദ്രസേനൻ മുതലായ ഭൃത്യന്മാരോടുംകൂടെ നല്ല ധാന്യം വളരുന്നതും നിർമ്മലമായ ജലം ഉള്ളതുമായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ച്, തപോവ്രതന്മാർ താമസിക്കുന്നതും ധാരാളം ആശ്രമങ്ങൾ ഉള്ളതുമായ കാമ്യകത്തിൽ ചെന്നു. വിപ്രർഷികളാൽ ചുറ്റപ്പെട്ട പാണ്ഡവന്മാർ, സുകൃതികൾ സ്വർഗ്ഗത്തിൽ എന്നവിധം, ആ കാമ്യകവനത്തിൽ പ്രവേശിച്ചു."

വ്രീഹിദ്രൗണികപർവ്വം*

259 ദാനദുഷ്കരത്വകഥനം – വൈശമ്പായനൻ പറഞ്ഞു: "മഹാത്മാരായ പാണ്ഡവന്മാർ കാമ്യകത്തിൽ വന്നു വീണ്ടും പാർപ്പുറപ്പിച്ചു. അങ്ങനെ വസിക്കുമ്പോൾ കഷ്ടപ്പാടുനിറഞ്ഞ പതിനൊന്നാമത്തെ വർഷവും കഴിഞ്ഞു. ആ സുഖാർഹന്മാരായ പുരുഷശ്രേഷ്ഠന്മാർ ഫലമൂലങ്ങൾ ഭക്ഷിച്ച്, കാലവും പ്രതീക്ഷിച്ചു ദുഃഖങ്ങളൊക്കെ സഹിച്ചു ദിവസങ്ങൾ കഴിച്ചു. രാജർഷിയായ യുധിഷ്ഠിരൻ താൻ ചെയ്ത തെറ്റുമൂലം തന്റെ ഭ്രാതാക്കന്മാർക്കുണ്ടായിരിക്കുന്ന ഘോരദുഃഖത്തെപ്പറ്റി ചിന്തിച്ചു ചിന്തിച്ച് ഹൃദയത്തിൽ ശല്യം തറച്ചതുപോലെ വേദനപ്പെട്ട്, നന്നായി ഒന്ന് ഉറങ്ങുവാൻപോലും കഴിയാതെ, നാളുകൾ കഴിച്ചു. ചൂതിന്നു കാരണക്കാരായ ശകുനി മുതലായവരുടെ ദുഷ്ടതയെക്കുറിച്ച് ഓർത്തു. സൂതപുത്രന്റെ പരുഷവാക്കുകൾ ചിന്തിച്ചു നെടുവീർപ്പിടുകയും ആർത്തനാവുകയും ചെയ്തു. യുധിഷ്ഠിരനിൽ കോപവിഷം ഉജ്ജ്വലിച്ചു. അദ്ദേഹം ഏറ്റവും ദീനനായി ചിന്തയിൽ മുഴുകി നെടുവീർപ്പിട്ട് ഇരിക്കുകയായി.

അർജ്ജുനനും, നകുലസഹദേവന്മാരും യശസ്വിനിയായ ദ്രൗപദിയും, മഹാബലനായ ഭീമസേനനും യുധിഷ്ഠിരന്റെ വേദത്തോടുകൂടിയ സ്ഥിതി കണ്ട് തങ്ങൾക്കുള്ള ദുഃഖം സഹിച്ചു. ഈ നിലയിൽ ഇനി അല്പകാലം കൂടിയല്ലേ കഴിയേണ്ടതുള്ളൂ എന്നുകണ്ട് അവർ ഉത്സാഹത്താലും അമർഷചേഷ്ടകൾ കൊണ്ടും ആകാരം മറച്ചു ജീവിച്ചു.

ഒരു ദിവസം സത്യവതീപുത്രനും മഹായോഗിയുമായ വ്യാസൻ പാണ്ഡവന്മാരെ കാണുവാനായി അവിടെ വന്നു. മഹർഷി വരുന്നതുകണ്ട് കുന്തീപുത്രനായ യുധിഷ്ഠിരൻ എതിരേറ്റ് യഥാവിധി സ്വീകരിച്ചു. അദ്ദേഹത്തെ ശുശ്രൂഷിച്ച് ഇരുത്തിയശേഷം താനും ആസനസ്ഥനായി. ഉപചാരപൂർവ്വം യുധിഷ്ഠിരൻ വണങ്ങി സ്വീകരിച്ച വ്യാസൻ കാട്ടിലെ ജീവിതരീതി കൊണ്ട് ദേഹം മെലിഞ്ഞ തന്റെ പൗത്രന്മാരെക്കണ്ട്, കനിവോടെ തൊണ്ടയിടറി ഇപ്രകാരം പറഞ്ഞു."

വ്യാസൻ പറഞ്ഞു: "ധർമ്മജ്ഞനും മഹാബാഹുവുമായ യുധിഷ്ഠിരാ! ഞാൻ പറയുന്നത് ഭവാൻ ശ്രദ്ധാപൂർവ്വം കേൾക്കുക! തപസ്സിൽ തപിക്കാത്ത ഒരുവനും ഈ ലോകത്തിൽ മഹത്തായ സുഖമൊന്നും സിദ്ധിക്കുകയില്ല. സുഖവും ദുഃഖവും നരൻ മാറിമാറി എടുത്തുകൊണ്ടിരിക്കും. ബ്രഹ്മവിദ്യായുക്തരായ

* ഇടങ്ങഴി നെല്ലിന്റെ കഥ. വ്രീഹി = നെല്ല്. ദ്രൗണി = ഇടങ്ങഴി (ഒരളവ്).

digitized by www.sreyas.in

പ്രാജ്ഞന്മാരല്ലാതെ മറ്റാരുംതന്നെ അനന്തമായ സുഖം നേടുന്നതല്ല. ലോകത്തിന്റെ ഉൽപത്തിസ്ഥിതിനാശങ്ങൾക്കു കാരണമായ ആ ബ്രഹ്മത്തെ അറിയുന്നവൻ സുഖിക്കയില്ല, ദുഃഖിക്കയുമില്ല. കർഷകർ തങ്ങൾ വിതച്ച സസ്യങ്ങളുടെ ഫലത്തെയെന്നപോലെ, പ്രാരബ്ധകർമ്മഫലമായ സുഖദുഃഖങ്ങളെ യഥാകാലം കൈക്കൊള്ളുവാൻ മനുഷ്യർ ഒരുങ്ങിയിരിക്കണം. ജ്ഞാനത്തേക്കാൾ അപ്പുറമായി മറ്റൊന്നില്ല. ജ്ഞാനംകൊണ്ട് ബ്രഹ്മത്തെ അറിയാം. ജ്ഞാനപൂർവ്വമായ തപസ്സിന്ന് അസാദ്ധ്യമായി യാതൊന്നും ഇല്ലെന്നു നീ അറിയേണ്ടതാണ്. സത്യം, ആർജ്ജവം, അക്രോധം, ഇന്ദ്രിയസംയമം എന്നിവയാണ് പുണ്യകർമ്മാക്കളായ മനുഷ്യർക്കുള്ള പാവനമായ ശീലങ്ങൾ. തിര്യഗ്ഗതിയിൽ ചെന്നു പെടുവാൻപോകുന്ന അധർമ്മപരരായ ജനങ്ങൾ ദുർഗ്ഗതി പ്രാപിച്ച് എന്നും ദുഃഖിച്ച് സുഖംകിട്ടാതെ കഴിയും. ഇഹലോകത്തിൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം പരലോകത്തിൽ ഭുജിക്കാതിരിക്കുകയില്ല. അതുകൊണ്ട് തപോനിയമങ്ങൾ ശരീരത്തിൽ ചേർക്കുകയാണ് മനുഷ്യർ ഇഹലോകത്തിൽ ചെയ്യേണ്ടത്. യഥാശക്തി മനുഷ്യൻ പൂജിച്ചും വണങ്ങിയും ദാനധർമ്മങ്ങൾ ചെയ്യണം. ദാനകാലത്ത് മത്സരം വെടിഞ്ഞ് സന്തോഷത്തോടെ വർത്തിക്കണം. സത്യവാദിക്ക് ദീർഘായുസ്സും, ആർജ്ജവവും ഉണ്ടാകും. അവന്റെ ക്ലേശങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യും. ക്രോധവും അസൂയയും വിട്ടവൻ മോക്ഷസുഖം നേടും. ദാന്തനും ശമപരനുമായ മനുഷ്യൻ ക്ലേശിക്കുകയില്ല. പരനിൽ ശ്രീ ചേർന്നുകണ്ടാൽ ദാന്താത്മാവ്, ആത്മനിയന്ത്രണം ശീലിച്ചവൻ, തപിക്കുകയില്ല. ഭോജനപാനാദികൾ പങ്കിടുകയും ധനത്തെ വേണ്ടപോലെ കൊടുക്കുകയും ചെയ്യുന്ന അഹിംസകൻ സുഖഭോഗങ്ങളോടുകൂടിയ ആരോഗ്യവാനാകും. മാന്യന്മാരെ മാനിക്കുന്നവൻ മഹാകുലത്തിൽ വന്നുപിറക്കും. ജിതേന്ദ്രിയനായ മനുഷ്യൻ സ്ത്രീ, മദ്യം, ദ്യൂതം മുതലായ വ്യസനങ്ങളിൽ മനസ്സുവെക്കുകയില്ല. ശുഭാശംസകനായ ബുദ്ധിമാൻ മരണത്തെ പ്രാപിച്ചാലും ശുഭശീലനായി, അവന്റെ ഹൃദയശുദ്ധിക്കൊത്ത ജന്മത്തെ പ്രാപിക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ! ദാനം, ധർമ്മം, തപസ്സ് ഇവയിൽ ഏതാണ് ഏറ്റവും ദുഷ്കരം? ഇവയിൽ ഏതാണു പരലോകത്തിൽ അധികം ശ്രേഷ്ഠമായത്?"

വ്യാസൻ പറഞ്ഞു: "ഉണ്ണീ, ദാനത്തെപ്പോലെ അത്ര ദുഷ്കരമായി മറ്റൊന്നില്ല. അർത്ഥം നേടുവാൻ എല്ലാവർക്കും വലുതായ തൃഷ്ണയുണ്ട്. എന്നാൽ അതു നേടുവാൻ വളരെയധികം ക്ലേശിക്കണം. ധനത്തിന്നായി പ്രാണനെപ്പോലും വെടിയുവാൻ ഒരുങ്ങി വീരന്മാരായ നരന്മാർ കാട്ടിലേക്കും കടലിലേക്കും ചെല്ലുന്നു. ധനാർത്ഥികളായ ചിലർ കൃഷിയിലും ഗോരക്ഷയിലും ഏർപ്പെടുന്നു. വേറെ ചിലർ ഭൃത്യരായി പണിയെടുക്കുന്നു. ഇങ്ങനെ ക്ലേശത്തോടെ സമ്പാദിച്ച ധനം ത്യജിക്കുകയെന്നത് ദുഷ്കരമായ ഒരു കാര്യമാണ്. അതുകൊണ്ട് ദാനംപോലെ ദുഷ്കരമായി മറ്റൊന്നില്ല. ദാനത്തെയാണ് ഞാൻ ശ്രേഷ്ഠമായി കരുതുന്നത്. ദേശവും കാലവും, ആളും തരവും നോക്കിവേണം ദാനംചെയ്യുവാൻ. ന്യായമായി ധനം നേടി ദേശവും, കാലവും, പാത്രവും നോക്കി സജ്ജനങ്ങൾക്കുതന്നെ നല്കണം. അന്യായമായി നേടിയ ധനം ദാനംചെയ്യുന്നതായാൽ ആ ദാനകർത്താവിന് മഹത്തായ ഭയത്തിൽനിന്നു രക്ഷകിട്ടുവാൻ പോകുന്നില്ല. കാലം നോക്കി സൽപാത്രത്തിൽ മനോവിശുദ്ധിയോടെ അല്പം മാത്രം ദാനം ചെയ്താലും പരലോകത്തിൽ ആ ദാനത്തിന്ന് അനന്തമായ ഫലം കിട്ടും. ഒരു പാത്രം അരി കൊടുത്തിട്ട് വലിയ ഫലം നേടിയ മുൽഗലന്റെ കഥ ഇതിന്നുദാഹരണമായി പണ്ടുള്ളവർ പറയാറുണ്ട്."

260. മുദ്ഗലോപാഖ്യാനം - സ്വർഗ്ഗഗുണത്തെപ്പറ്റിയുള്ള ചോദ്യം - യുധിഷ്ഠിരൻ പറഞ്ഞു: ഒരു പാത്രം അരി മഹാത്മാവായ മുൽഗലൻ എന്തിനാണ് പരിത്യജിച്ചത്? ആർക്കാണ് അദ്ദേഹം ദാനം ചെയ്തത്? ഏതു വിധിപ്രകാരമാണ് അദ്ദേഹം ദാനം ചെയ്തത്? ധർമ്മത്തെ അറിയുന്ന ഈശ്വരൻ ഏതൊരുവന്റെ കർമ്മത്താൽ സന്തുഷ്ടനാകുന്നുവോ, ആ ധർമ്മകൃത്തിന്റെ ജന്മം സഫലംതന്നെ!"

വ്യാസൻ പറഞ്ഞു: "വല്ലേടവും ഉതിർന്നുവീണ നെന്മണി പെറുക്കിയെടുത്ത് അന്നന്നു കിട്ടുന്ന ധാന്യംകൊണ്ടു വിശപ്പടക്കി ജീവിക്കുന്ന ഒരാളായിരുന്നു മുൽഗലൻ. അവൻ സത്യവാദിയും, അസൂയയില്ലാത്തവനും, സംയതേന്ദ്രിയനും, ധർമ്മാത്മാവും ആയിരുന്നു. അദ്ദേഹം കുരുക്ഷേത്രത്തിലാണ് അധിവസിച്ചിരുന്നത്.

അതിഥികളെ സൽക്കരിക്കുകയും ചുരുങ്ങിയ സമ്പാദ്യത്താൽ തൃപ്തിപ്പെടുത്തുകയും എപ്പോഴും കർമ്മത്തിൽ ഏർപ്പെടുകയും ചെയ്തുകൊണ്ട്, ആ മഹാതപസ്വി 'ഇഷ്ടീകൃത'മെന്ന യജ്ഞത്തെ അനുഷ്ഠിച്ച് പുത്രന്മാരോടും ദാരങ്ങളോടും കൂടി പതിനഞ്ചു ദിവസം കൂടുമ്പോൾ മാത്രം ആഹാരം കഴിച്ച് ഉപജീവിച്ചു.

അല്പാല്പമായി ശേഖരിച്ച് ഒരു പാത്രം അരി പക്ഷംതോറും മുൽഗലൻ നേടിവെക്കും. മത്സരം വെടിഞ്ഞ് അമാവാസിയിലും പൗർണ്ണമാസിയിലും വ്രതം അനുഷ്ഠിച്ച്, അതിഥികളേയും ദേവതകളേയും പൂജിച്ച്, അവശേഷിക്കുന്നതുകൊണ്ട് മുൽഗലൻ ശരീരം സംരക്ഷിക്കും. സാക്ഷാൽ ത്രിലോകേശ്വരനായ ഇന്ദ്രൻ ദേവന്മാരോടുകൂടി പർവ്വംതോറും വന്ന് തന്റെ അംശം മുൽഗലനിൽനിന്നു പതിവായി വാങ്ങി അനുഭവിച്ചുകൊണ്ടിരുന്നു.

വൈശ്വദൈവം മുതലായ പർവ്വങ്ങളെ സംബന്ധിച്ചുള്ള കർമ്മങ്ങൾ യഥാകാലം അനുഷ്ഠിച്ച് മുനിവൃത്തിയോടുകൂടിയ ആ ബ്രാഹ്മണൻ അതിഥികൾക്കെല്ലാം സന്തുഷ്ടചിത്തനായി ഭക്ഷണം നല്കും. താൻ നേടിയ ആ ഒരു പാത്രം അരികൊണ്ട് നിർമ്മത്സരനായ ആ മഹാശയൻ അന്നദാനം ചെയ്താൽ അതിഥിദർശനംകൊണ്ട് വേറെ അന്നം പാത്രത്തിൽ തനിയെ വർദ്ധിച്ചുകൊണ്ടിരിക്കും. ആ അന്നത്താൽ പണ്ഡിതന്മാരായ നൂറു വിപ്രന്മാരെ ഊട്ടും. ത്യാഗത്താൽ വിശുദ്ധനായ ആ മുനിയുടെ പാത്രത്തിൽ വീണ്ടും അന്നം വർദ്ധിച്ചുകൊണ്ടിരിക്കും.

തീക്ഷ്ണവ്രതനും ധർമ്മിഷ്ഠനുമാണ് മുൽഗലൻ എന്നു പറഞ്ഞുകേട്ട് ദിഗംബരനായ ദുർവ്വാസാവ് ഒരു ദിവസം അവിടെ വന്നു. ഉന്മത്തനെപ്പോലെ വികൃതവേഷനായി, വെറുതെ ചിരിക്കുകയും പലതരം പരുഷവാക്കുകൾ പറയുകയും ചെയ്തുകൊണ്ട് ദുർവ്വാസാവ് മുൽഗലന്റെ മുമ്പിൽച്ചെന്ന്, താൻ വന്നിരിക്കുന്നത് ചോറു കിട്ടുന്നതിന്നാണ് എന്നറിയിച്ചു. ഉടനെ മുൽഗലൻ സ്വാഗതം പറഞ്ഞ് ആ മുനിക്ക് പാദ്യം (കാൽ കഴുകുവാനുള്ള ജലം), ആചമനീയം (കുടിക്കുവാനുള്ള ജലം), ഉത്തമമായ അർഘ്യം (പൂജാദ്രവ്യം) എന്നിവ കൊടുത്ത് സൽക്കരിച്ചതിന്റെ ശേഷം ഉണ്ണുവാൻ ക്ഷണിച്ചു.

അതിഥിവ്രതനായ മുൽഗലൻ വിശന്നു വന്നിരിക്കുന്ന ആ താപസന്ന് അന്നം ദാനംചെയ്തു. ഉന്മത്തനായിരുന്നാലും വിശന്നുവലഞ്ഞ ആ മുനി രസമേറിയ ഭക്ഷണം ശ്രദ്ധയോടെ ഉണ്ടു. വിശപ്പു തീരുന്നതുവരെ മുൽഗലൻ അദ്ദേഹത്തിന്നു ചോറു വിളമ്പിക്കൊണ്ടിരുന്നു. ചോറു മുഴുവൻ ഉണ്ടുകഴിഞ്ഞപ്പോൾ ആ ഉന്മത്തൻ ഉച്ഛിഷ്ടം എടുത്തു ദേഹത്തിലൊക്കെ തേച്ച് അവിടെ നിന്നു നടന്നു.

അടുത്ത പക്ഷത്തിലേക്കു വേണ്ടുന്ന ധാന്യം മുൽഗലൻ സമ്പാദിച്ചു തയ്യാറാക്കി. തനിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കിയ സമയത്ത് വീണ്ടും ആ ദുർവ്വാസാവ് അവിടെയെത്തിയിരിക്കുന്നു! അന്നും ആ മുനി മുൽഗലന്റെ സൽക്കാരമേറ്റു ചോറു തയ്യാറാക്കിയതുമുഴുവൻ ഉണ്ടതിന്റെശേഷം തന്റെ പാട്ടിൽ പോവുകയും ചെയ്തു. മുൽഗലന്ന് അന്നും ആഹാരം കഴിക്കുവാൻ ബാക്കിയുണ്ടായിരുന്നില്ല.

വിശപ്പോടുകൂടിത്തന്നെ ആ ബ്രാഹ്മണൻ ധാന്യങ്ങൾ പെറുക്കിയെടുത്ത് ഭക്ഷണത്തിന്നുള്ള അരി സമ്പാദിച്ചു. വിശന്നിട്ടും മുൽഗലന്നു യാതൊരു വികാരഭേദവും ഉണ്ടായില്ല. ക്രോധമാ

digitized by www.sreyas.in

കട്ടെ, മാത്സര്യമാകട്ടെ, നിന്ദയാകട്ടെ, സംഭ്രമമാകട്ടെ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ അങ്കുരിച്ചില്ല. കഷ്ടപ്പെട്ട് അല്പാല്പം ധാന്യാവശേഷം നേടി. ഭാര്യയോടും പുത്രന്മാരോടുംകൂടി ഉപജീവിക്കുന്ന മുൽഗലൻ ആഹാരമൊന്നും കഴിക്കാതിരുന്നിട്ടും പ്രശാന്തനായിത്തന്നെ ജീവിച്ചു.

ദുർവ്വാസാവ് ഈമാതിരി പക്ഷംതോറും കാലംനോക്കിക്കൊണ്ടിരുന്നു! തുടർച്ചയായി ആറുപ്രാവശ്യം കരുതലോടെ തന്നെ വന്ന് മുൽഗലൻ സമ്പാദിച്ചുവെച്ച അന്നമെല്ലാം കഴിച്ച്, ആ മുനിസത്തമനെ നിരാഹാരനാക്കിവിട്ടു നടന്നു. ഇങ്ങനെ പലപ്രാവശ്യം തുടർച്ചയായി ദ്രോഹിച്ചിട്ടും മുൽഗലന്റെ മനസ്സ് ഇളകിയില്ല. ആ മഹാത്മാവിന്റെ മനസ്സു ചലിച്ചില്ല. ആ ശുദ്ധാത്മാവിന്റെ നിർമ്മലമായ മനസ്സു കണ്ടപ്പോൾ ദുർവ്വാസാവ് പ്രീതനായി അനുഗ്രഹിച്ചു.

'ഹേ, മുൽഗലാ! ഭവാനെപ്പോലെ മാത്സര്യം വെടിഞ്ഞ ദാതാവ് ഈ ഭൂമിയിലില്ല. ധർമ്മജ്ഞാനത്തെ നശിപ്പിക്കുന്ന ഒന്നാണ് വിശപ്പ്. വിശപ്പു വർദ്ധിച്ചാൽ അതു ധൈര്യത്തെ നശിപ്പിക്കും. ഭവാൻ നിരാഹാരനായിരുന്നിട്ടും ഭവാനിൽ ധർമ്മബോധം കെട്ടുപോയില്ല. ധൈര്യം നശിക്കുകയും ചെയ്തില്ല. രസങ്ങളെ ആസ്വദിച്ചുകൊണ്ടിരിക്കുന്ന നാവ് എപ്പോഴും രസങ്ങളെ കൊതിച്ചുകൊണ്ടിരിക്കും. ഭവാൻ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുകയാൽ നാവിന്റെ അടിമയായില്ല. പ്രാണന്ന് ആധാരം ആഹാരമാണ്. ആ പ്രാണനേയും ഭവാൻ അടക്കിയിരിക്കുന്നു. ചഞ്ചലവും അടക്കുവാൻ പ്രയാസമേറിയതുമാണ് മനസ്സ്. ഭവാൻ തപസ്സുകൊണ്ടു മനസ്സിനേയും ഇന്ദ്രിയങ്ങളേയും ഏകാഗ്രമാക്കി, ദൃഢമാക്കി നിർത്തിയിരിക്കുന്നു. പണിപ്പെട്ടു സമ്പാദിച്ചത് ഉള്ളുതെളിഞ്ഞു നല്കുവാൻ വളരെ വിഷമമുണ്ട്. 'ഹേ, സാധോ! ഭവാൻ അതെല്ലാം വേണ്ടവിധം സാധിച്ചു. ഭവാനോട് ഇടപെട്ട ഞാൻ ഭവാന്റെ സന്തോഷത്താൽ പ്രീതനും, അനുഗൃഹീതനുമായിരിക്കുന്നു. ഇന്ദ്രിയനിഗ്രഹം, ധൈര്യം, ദമം, ശമം, ദയ, സത്യം, ധർമ്മം എന്നിവ ഭവാനിൽ ഉറച്ചുതന്നെ നില്ക്കുന്നു. സ്വന്തം കർമ്മങ്ങൾകൊണ്ട് ഭവാൻ ലോകങ്ങളെ കീഴടക്കി, പരമമായ ഗതിയെ പ്രാപിച്ചിരിക്കുന്നു. ഭവാന്റെ മഹത്തായ ദാനശീലത്തെ സ്വർഗ്ഗവാസികൾ ഇതാ പ്രശംസിക്കുന്നു. സുപരിചിതനായ ഭവാൻ ഉടലോടുകൂടിത്തന്നെ സ്വർഗ്ഗത്തിലേക്കു പോകും.' ദുർവ്വാസാവ് ഇപ്രകാരം അഭിനന്ദിച്ചു പറഞ്ഞ ഉടനെ ഒരു ദേവദൂതൻ വിമാനത്തോടുകൂടി മുൽഗലന്റെ മുന്നിൽ വന്നെത്തി. കിങ്ങിണീമാലകളോടും ദിവ്യസൗരഭ്യത്തോടും കൂടിയ വിചിത്രമായ ആ രഥം, ഹംസസാരസസംസക്തമായ ആ രഥം, ഇഷ്ടംപോലെ എവിടേയും സഞ്ചരിക്കുവാൻ കഴിവുള്ളതാണ്.

ആ ദേവദൂതൻ ആ ബ്രഹ്മർഷിയോടു പറഞ്ഞു: 'ഭവാൻ സ്വന്തം കർമ്മവൈഭവത്താൽ ഈ വിമാനം നേടിയിരിക്കുന്നു. ഭവാൻ മഹാസിദ്ധി നേടിക്കഴിഞ്ഞു. ഈ വിമാനത്തിൽ കയറിക്കൊള്ളുക.' ഇപ്രകാരം പറഞ്ഞ ദേവദൂതനെ നോക്കി ആ മഹർഷി പറഞ്ഞു:

'ഹേ, ദേവദൂതാ! സ്വർഗ്ഗവാസികൾക്കുള്ള ഗുണങ്ങൾ എന്താണെന്ന് എനിക്കു കേൾക്കുവാൻ ആഗ്രഹമുണ്ട്. അവർക്കുള്ള തപോഗുണം, ധർമ്മനിശ്ചയം ഇവയൊക്കെ എന്താണ്? സ്വർഗ്ഗത്തിലെ സുഖം എങ്ങനെ? അവിടെ ദോഷങ്ങൾ എന്തൊക്കെയാണ്? ഞാൻ ചോദിക്കുന്നതിൽ ഭവാൻ വിഷമിക്കരുത്. ഏഴു പദങ്ങൾ പറയുവാൻ ഇടയായാൽ അവർ തമ്മിൽ മിത്രങ്ങളായി എന്നാണ് കുലീനന്മാർ പറയുന്നത് (സാപ്തപദീനം സഖ്യം). ആ നിലയ്ക്ക് ഭവാൻ എന്റെ മിത്രമായെന്ന ധാരണയോടെ ചോദിക്കുന്നതാണ്. ശങ്കകൂടാതെ യാഥാർത്ഥ്യങ്ങൾ അറിയുവാൻ ആഗ്രഹിച്ചാണ് ഞാൻ ചോദിക്കുന്നത്. ഭവാനിൽനിന്നു കേട്ടതിന്നു ശേഷം വേണ്ടതു ചെയ്യാം."

261. മുദ്ഗലദേവദൂതസംവാദം – ദേവദൂതൻ പറഞ്ഞു: "മഹർഷേ! ആര്യനായ ഭവാൻ ഏറ്റവും ബഹുമാന്യമായ ഉത്തമ സ്വർഗ്ഗസുഖം കൈയിൽ വന്നിട്ടും അതിനെപ്പറ്റി മൂഢനെപ്പോലെ എന്താണു തർക്കിച്ചുനില്ക്കുന്നത്? സ്വർഗ്ഗം ഏറ്റവും ഉയർന്ന ലോകമാണ്. സൽപഥത്തിൽ ചരിക്കുന്നവർ എന്നും, വിമാനസ്ഥരായി മേല്പോട്ടുയർന്നു സ്വർഗ്ഗത്തിൽ ചെല്ലും. തപസ്സിൽ തപിക്കാത്തവരോ, യജ്ഞം ചെയ്യാത്തവരോ, സത്യം പറയാത്തവരോ, ദാനം ചെയ്യാത്തവരോ സ്വർഗ്ഗത്തിൽ എത്തുകയില്ല. ജിതേന്ദ്രിയരും, ധർമ്മാത്മാക്കളും, ശമദമസമ്പന്നന്മാരായ നിർമ്മത്സരന്മാരും ദാനധർമ്മരതന്മാരും സമരവീരന്മാരായ ശൂരന്മാരും, സ്വർഗ്ഗത്തെ പ്രാപിക്കും. ശമദമാത്മകമായ ശ്രേഷ്ഠധർമ്മങ്ങളെ ആചരിച്ച് സജ്ജനങ്ങൾ പുണ്യലോകത്തെ പ്രാപിക്കുന്നു. ദേവന്മാർ, സാദ്ധ്യന്മാർ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ, മഹർഷികൾ എന്നിവരുടെ ആവാസങ്ങളായി വേറെവേറെ അനേകം ലോകങ്ങളുണ്ട്. ആ ശുഭലോകങ്ങൾ എല്ലാം തേജോമയങ്ങളും എല്ലാ കാമങ്ങളും തികഞ്ഞു ശോഭിക്കുന്നവയുമാണ്.

മുപ്പത്തിമുവ്വായിരം യോജന മേൽപ്പരപ്പുള്ള മേരുപർവ്വതത്തിലാണ് നന്ദനം മുതലായ ദേവോദ്യാനങ്ങൾ. അവിടെ പുണ്യകർമ്മങ്ങൾ സദാ വിഹരിക്കുന്നു. സ്വർഗ്ഗത്തിൽ വിശപ്പോ, ദാഹമോ, വാട്ടമോ, ഉഷ്ണമോ, കുളിരോ, ഭയമോ ഉണ്ടാകയില്ല. അശുഭമോ ബീഭത്സമോ ആയ യാതൊന്നും അവിടെയില്ല. സർവ്വത്ര മനോജ്ഞഗന്ധം വ്യാപിച്ചിരിക്കുന്നു. എല്ലാം സുഖസ്പർശമായിട്ടുള്ളതാണ്. കാതിന്നും കരളിന്നും സുഖം ചേർക്കുന്ന ശബ്ദമേ അവിടെയെങ്ങും കേൾക്കുകയുള്ളു. ശോകമോ ജരയോ ക്ലേശമോ രോദനമോ അവിടെയില്ല. അപ്രകാരമുള്ള ലോകത്തിലാണ് സ്വന്തം സുകൃതഫലത്താൽ മനുഷ്യൻ എത്തുന്നത്. അവിടെ ചെന്നാൽ ശരീരം തേജോരൂപമായിത്തീരും. മാതാപിതാക്കൾ ചെയ്ത കർമ്മംകൊണ്ടല്ല, സ്വന്തം കർമ്മംകൊണ്ടാണ് മനുഷ്യൻ ഈ ലോകത്തെ പ്രാപിക്കുക.

അവിടെ വിയർപ്പോ ദുർഗ്ഗന്ധമോ മലമൂത്രങ്ങളോ ഇല്ല. അവിടെ വാഴുന്നവരുടെ വസ്ത്രങ്ങളിൽ പൊടി പറ്റുകയില്ല. പൂമാലകൾ ദിവ്യഗന്ധത്തോടുകൂടി വാടാതെനില്ക്കുകയും പ്രശോഭിക്കുകയും ചെയ്യും. ഈമാതിരിയുള്ള വിമാനങ്ങളും സ്വർഗ്ഗവാസികൾക്കുണ്ട്.

ഈർഷ്യ, ശോകം, മോഹം, മാത്സര്യം എന്നിവയൊന്നുമില്ലാത്ത പുണ്യാത്മാക്കൾ സ്വർഗ്ഗത്തിലെത്തി സുഖമായി വാഴുന്നു. ഈ ലോകം കൂടാതെ ഇവയുടെ മീതെയായി സുഖപൂർണ്ണമായ ദിവ്യലോകങ്ങൾ വേറെയുമുണ്ട്. ആദ്യമായി കാണുന്നത് ശുഭങ്ങളും തേജോമയങ്ങളുമായ ബ്രാഹ്മണലോകങ്ങളാണ്. സ്വന്തം ശുഭകർമ്മങ്ങളാൽ പരിപൂതന്മാരായ മഹർഷികളാണ് അവിടെ ചെല്ലുക. മറ്റൊരു ലോകത്തിൽ ദേവന്മാരുടെ ദേവതകളായ ഋഭുക്കൾ പാർക്കുന്നു. അവരുടെ മീതെയുള്ള ലോകത്തിലാണ് ദേവതകൾ യാഗം ചെയ്യുന്നത്. ഈ ലോകങ്ങളെല്ലാം സ്വയം പ്രഭങ്ങളും സർവ്വകാമങ്ങളും നല്കുന്നവയുമാണ്. അവിടെ വാഴുന്നവർക്കു സ്ത്രീവിഷയമായ ദുഃഖമോ ഐശ്വര്യമത്സരമോ ഇല്ല. അമൃതം ഭുജിക്കുന്ന അവർ ആഹുതികളെക്കൊണ്ടല്ല വർത്തിക്കുന്നത്. ആ ദിവ്യരൂപന്മാരെല്ലാവരും അശരീരികളാണ്. സനാതനന്മാരായ ആ ദേവരൂപന്മാർ എന്നും ആനന്ദിക്കുന്നവരാണ്. അവർക്ക് ഒരിക്കലും സുഖത്തെ തേടേണ്ടിവരുന്നില്ല. കല്പം മാറുന്ന കാലത്തും അവർക്കു മാറ്റമില്ല. ജര, മൃത്യു, ഹർഷം, പ്രീതി എന്നിവയൊന്നും അവർക്കില്ല. സുഖദുഃഖങ്ങളോ രാഗദ്വേഷങ്ങളോ അവരെ ബാധിക്കുകയില്ല. ഈ പരമമായ ഗതിയെ ദേവന്മാർപോലും കാംക്ഷിക്കുന്നു. പരമമായ ഈ സിദ്ധി ആർക്കും എളുപ്പത്തിൽ സിദ്ധിക്കുകയില്ല. കാമപരന്മാർക്ക് അത് ഒരിക്കലും സിദ്ധിക്കയില്ല.

മുപ്പത്തിമൂന്നുകോടി ദേവന്മാർക്കുള്ള സ്വർഗ്ഗലോകത്തെ വിധിപൂർവ്വകമായ മാനങ്ങൾകൊണ്ടും ശ്രേഷ്ഠനിയമങ്ങൾ കൊണ്ടും പണ്ഡിതന്മാർ പ്രാപിക്കും. ദാനത്താൽ കൃതമായ ഈ സമ്പത്ത് ഭവാൻ സസുഖം നേടിയിരിക്കുന്നു. തപസ്സുകൊണ്ട് ഉജ്ജ്വലിക്കുന്ന ഭവാൻ സുകൃതത്താൽ നേടിയ ഈ സിദ്ധി കൈയേറ്റാലും!

digitized by www.sreyas.in

നാനാലോകങ്ങളേയും അവയുടെ ഗുണങ്ങളേയും സ്വർഗ്ഗ സുഖത്തേയും പറ്റി ഞാൻ പറഞ്ഞുവല്ലോ. ഇനി സ്വർഗ്ഗത്തിലെ ദോഷങ്ങൾ എന്തൊക്കെയാണെന്നു പറയാം. ഭൂമിയിൽവെച്ച് ഏതേതു കർമ്മങ്ങൾ ചെയ്തിട്ടുണ്ടോ അവയുടെ ഫലങ്ങൾ മാത്രം സ്വർഗ്ഗത്തിലെത്തിയാൽ അനുഭവിക്കാൻ കഴിയും. സ്വർഗ്ഗത്തിൽച്ചെന്നതിന്നുശേഷം പുതിയ വ്യാപാരങ്ങളൊന്നും ചെയ്യുവാൻ കഴിയുകയില്ല. പൂർവ്വകർമ്മഫലത്തെ മൂലച്ഛേദം ചെയ്ത് അനുഭവിക്കുകയാണ് അവിടെ ചെയ്യുന്നത്. അതു മോക്ഷമാണെന്നാണ് എന്റെ അഭിപ്രായം. ഫലങ്ങൾ അനുഭവിച്ചുകഴിഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽനിന്നു പതിക്കും. സുഖസമ്പൂർണ്ണചിത്തന്മാരായി ഇരിക്കുന്നതിന്നിടയിൽ അവർ പെട്ടെന്നു പതിക്കുന്നു. ഇനി വേറേയും ഒരു ദോഷമുണ്ട്. താഴെ ലോകങ്ങളിൽ സ്ഥിതി ചെയ്യുന്നവർ ഉപരിലോകങ്ങളിൽ പാർക്കുന്നവർക്ക് കൂടുതലായി സിദ്ധിച്ച ദീപ്തശ്രീ കണ്ടു സന്തോഷം നശിച്ചു പരിതപിക്കും. ബുദ്ധിമോഹം ബാധിച്ചാൽ അവൻ പൊടിയേറ്റ് അശുചിയാകും. അപ്പോൾ അവൻ അണിഞ്ഞതായ പൂക്കൾ വാടാൻ തുടങ്ങുകയായി. അതുകണ്ടാൽ തനിക്ക് താഴോട്ടുവീഴുവാനുള്ള കാലമായെന്നറിഞ്ഞ് അവൻ ഭയപ്പെടും. ബ്രഹ്മലോകംവരെ ഈ ദാരുണദോഷങ്ങൾ കാണുന്നതാണ്.

സ്വർഗ്ഗത്തിൽനിന്നു പതിക്കുന്നതായാലും അവരിൽ വേറെ ഗുണങ്ങൾ പ്രശോഭിച്ചുകാണും. ശുഭമായ വിചാരം അവരിൽ ഉള്ളതുകൊണ്ട് അവർ മനുഷ്യരായേ വീണ്ടും ജന്മമെടുക്കുകയുള്ളു. മനുഷ്യലോകത്തിൽ അവർ മഹാന്മാരായി, സുഖികളായി ജീവിക്കും. അവർക്ക് ധർമ്മബോധമില്ലാതെവന്നാൽ അവർ അധമത്വത്തിൽ പതിക്കും. ഇഹത്തിൽ ചെയ്യുന്ന കർമ്മഫലങ്ങൾ എല്ലാം മനുഷ്യർക്ക് ഭുജിക്കുവാനുള്ള ഇടങ്ങളാണ് പരലോകങ്ങൾ. അതുകൊണ്ട് ഇഹലോകത്തെ കർമ്മഭൂമിയെന്നും പരലോകത്തെ ഫലഭൂമി എന്നും പറയുന്നു.''

മുൽഗലൻ പറഞ്ഞു: "സ്വർഗ്ഗത്തിന്നുള്ള മഹത്തായ ദോഷങ്ങൾ എന്തൊക്കെയാണെന്നു ഭവാൻ പറഞ്ഞുവല്ലോ. തീരെ ദോഷങ്ങളില്ലാത്ത വല്ല ലോകവും ഉണ്ടെങ്കിൽ അത് ഏതാണെന്നു കേട്ടാൽ കൊള്ളാം.''

ദേവദൂതൻ പറഞ്ഞു: "ബ്രഹ്മലോകത്തിന്റെ ഉപരിയായി പരമമായ വിഷ്ണുപദം സ്ഥിതിചെയ്യുന്നു. ശുദ്ധവും സനാതനവും ജ്യോതിർമ്മയവുമായ പരബ്രഹ്മസ്ഥാനമാണ് അത്. വിഷയാത്മാക്കളായ പുരുഷന്മാർ അവിടെ ചെല്ലുകയില്ല. ദംഭം, ലോഭം, ക്രോധം, മോഹം, ദ്രോഹം എന്നിവയാൽ പീഡിതരായവർക്ക് ആ ലോകം അപ്രാപ്യമാണ്. മദമില്ലാത്തവരും അഹങ്കാരമില്ലാത്തവരും നിർദ്വന്ദ്വന്മാരും ജിതേന്ദ്രിയന്മാരും ആയ ധ്യാനയോഗപരന്മാർ മാത്രമേ അവിടെ ചെല്ലുകയുള്ളു. ഭവാൻ ചോദിച്ചതിനെല്ലാം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. സാധുവായ ഭവാൻ സദയം വൈകാതെ പുറപ്പെട്ടാലും!''

വ്യാസൻ പറഞ്ഞു: "ഈ വാക്കുകൾ കേട്ടു മുൽഗലൻ ബുദ്ധിപൂർവ്വം ആലോചിച്ചു. അല്പസമയം ചിന്തിച്ചതിന്നുശേഷം ആ മുനിശ്രേഷ്ഠൻ ദേവദൂതനോട് ഇപ്രകാരം പറഞ്ഞു:

'ഹേ ദേവദൂതാ! ഭവാന് നമസ്കാരം! ഭവാൻ യഥേഷ്ടം പൊയ്ക്കൊള്ളുക. മഹാദോഷങ്ങളോടുകൂടിയ ആ സ്വർഗ്ഗസുഖം എനിക്ക് ആവശ്യമില്ല. പതിക്കുന്നസമയത്ത് മഹാദുഃഖവും ഘോരമായ പരിതാപവും സ്വർഗ്ഗവാസികൾ അനുഭവിക്കുന്നുവല്ലോ! അതുകൊണ്ട് അങ്ങനെയുള്ള സ്വർഗ്ഗലാഭത്തിന് എനിക്ക് ആശ അശേഷവും ഇല്ല. അവിടെയെത്തിയാൽ ശോകമില്ല, ഭയമില്ല, വ്യഥയില്ല, ചാഞ്ചല്യമില്ല. ആ സ്ഥാനം നിത്യമായി ലഭിക്കുവാൻ ഞാൻ പരിശ്രമിച്ചുകൊള്ളാം.' ഇപ്രകാരം പറഞ്ഞ് 'ആ ധാന്യം പെറുക്കി'യായ ബ്രാഹ്മണൻ ദേവദൂതനെ മടക്കിയയച്ചു. ആ മുൽഗലൻ ദേവദൂതനെ മടക്കിയയച്ച് തന്റെ കർമ്മം കൊണ്ട് ഉപജീവിച്ച് ശമചിത്തനായി വസിച്ചു. സ്തുതിയേയും നിന്ദയേയും അവൻ ഒരുപോലെ തന്നെ കരുതി. മണ്ണും കല്ലും പൊന്നും ആ ബ്രാഹ്മണന്നു തുല്യമായേ തോന്നിയുള്ളു. യാതൊരു വ്യത്യാസവും അവന്റെ ബുദ്ധിയിൽ തോന്നാതായി. ശുദ്ധമായ ജ്ഞാനയോഗംകൊണ്ട് ആ മുനി ധ്യാനനിഷ്ഠനായി. ധ്യാനയോഗംകൊണ്ട് വൈരാഗ്യം വളർത്തി ബ്രഹ്മജ്ഞാനം നേടി മുൽഗലൻ നിർവ്വാണലക്ഷണം ചേർന്ന ശാശ്വതമായ പരമസിദ്ധിയെ പ്രാപിക്കുകയും ചെയ്തു.''

വ്യാസൻ തുടർന്നു: "ഹേ, കൗന്തേയാ! ആ മുൽഗലനെപ്പോലെ നീ ശോകത്തെ തീരെ ത്യജിക്കുക. സമൃദ്ധമായ രാജ്യത്തിൽനിന്നു നീ ഭ്രഷ്ടനാണെങ്കിലും, അതു നീ തപസ്സുകൊണ്ടു നേടും. സുഖാനന്തരം ദുഃഖവും ദുഃഖാനന്തരം സുഖവുമായി ഇവ രണ്ടും ചക്രംപോലെ ചുറ്റിത്തിരിഞ്ഞു മാറിമാറി വന്നുകൊണ്ടിരിക്കും. അങ്ങനെയുള്ള സുഖദുഃഖങ്ങളെ നീ പരിഗണിക്കരുത്. കരാറുപ്രകാരമുള്ള പതിമ്മൂന്നുസംവത്സരം കഴിഞ്ഞാൽ അമിതവിക്രമനായ ഭവാൻ പൈതൃകമായ രാജ്യം നിശ്ചയമായും നേടും. നീ ഒട്ടും മനസ്താപപ്പെടരുത്.''

വൈശമ്പായനൻ പറഞ്ഞു: "ധീമാനായ വ്യാസൻ ഇപ്രകാരം യുധിഷ്ഠിരനോടു പറഞ്ഞ് വീണ്ടും തപസ്സിന്നായി ആശ്രമത്തിലേക്കു പോയി.''

ദ്രൗപദീഹരണപർവ്വം

262. ദുർവ്വാസ ഉപാഖ്യാനം – ദുർവ്വാസാവുമഹർഷിയുടെ ആഗമനം – ജനമേജയൻ പറഞ്ഞു: "മഹാന്മാരായ പാണ്ഡവന്മാർ കാട്ടിൽ ഇപ്രകാരം അധിവസിക്കുമ്പോൾ, മുനിമാരോടുകൂടി വിചിത്രമായ കഥകൾ പറഞ്ഞു സുഖിക്കുമ്പോൾ, സൂര്യൻ കൊടുത്ത അക്ഷയാന്നംകൊണ്ട് കൃഷ്ണയുടെ അശനംവരെ എത്തുന്ന ബ്രാഹ്മണരെയൊക്കെ ഊട്ടി തൃപ്തിപ്പെടുത്തുമ്പോൾ പല മട്ടിലുള്ള കാട്ടുജന്തുക്കളുടെ മാംസംകൊണ്ട് അതേവിധം മറ്റുള്ളവരേയും തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കെ ദുര്യോധനൻ മുതലായ ദുഷ്ടധാർത്തരാഷ്ട്രന്മാരും ദുശ്ശാസനനും കർണ്ണനും ശകുനിയും അവരുടെയൊക്കെ ദുഷ്ടരായ കൂട്ടുകാരും ഒക്കെച്ചേർന്ന് ആ സമയത്ത് എന്തുചെയ്തിരുന്നു? എല്ലാം വിടാതെ കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

വൈശമ്പായനൻ പറഞ്ഞു: "പാണ്ഡവന്മാർ പട്ടണത്തിൽ അധിവസിക്കുമ്പോൾ എന്നപോലെ സകലവിധശ്രേയസ്സോടും കൂടി അതിഥികളേയും ബ്രാഹ്മണരേയും ഒക്കെ പൂജിച്ചു സൽക്കാരങ്ങൾ നല്കി ഒന്നിനും ക്ഷാമംകൂടാതെ കാട്ടിൽ ജീവിക്കുന്നതായി കേട്ടപ്പോൾ സുയോധനന്ന് അവരിൽ പാപചിന്ത വളർന്നു. ചതിപ്രയോഗങ്ങളിൽ കൈ തെളിഞ്ഞവരായ കർണ്ണനോടും ദുശ്ശാസനനോടും കൂടി ഉപായങ്ങൾ ചിന്തിക്കുവാൻ തുടങ്ങി.

അങ്ങനെ ഉപായങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുന്ന കാലത്ത് ഒരു ദിവസം പതിനായിരം ശിഷ്യന്മാരോടുകൂടി തപസ്വിയും യശസ്വിയും ധർമ്മാത്മാവുമായ ദുർവ്വാസാവ് സ്വച്ഛന്ദം ഹസ്തിനാപുരിയിലെത്തി. കോപിഷ്ഠനായ ആ മുനിശ്രേഷ്ഠൻ വരുന്നതുകണ്ട് ദുര്യോധനൻ വിനയത്തോടെ ചെന്ന് അടങ്ങി ഒതുങ്ങിനിന്ന് ആതിഥ്യത്തിന്നായി ക്ഷണിച്ചു. ആ ധാർത്തരാഷ്ട്രൻ ഒരു കിങ്കരനെപ്പോലെ നിന്നു മുനിയെ പൂജിച്ചു. ആ മഹർഷി ദുര്യോധനന്റെ സൽക്കാരം സ്വീകരിച്ചു കുറേദിവസം അവിടെ പാർക്കുകയും ചെയ്തു. അത്രയും നാൾ ദുര്യോധനൻ ആ മുനിയുടെ ശാപം ഭയപ്പെട്ടു രാപ്പകലൊഴിവില്ലാതെ ഉത്സാഹത്തോടെ ശുശ്രൂഷിച്ചു. 'എനിക്കു വിശക്കുന്നു. ചോറു വേഗം തരണം' എന്നു തിരക്കുകൂട്ടി ദുർവ്വാസാവ് കുളിക്കുവാൻപോയാൽ അന്നു കുളികഴിഞ്ഞുവരുന്നതു വളരെ വൈകിയിട്ടായിരിക്കും. 'ഇന്ന് ഊണിന്ന് ആഗ്രഹമില്ല. വിശപ്പ് ഇല്ല' എന്നുപറഞ്ഞു വല്ലേടത്തും പോയാൽ പിന്നെ പെട്ടെന്ന് വന്ന് 'ഉടനെ ചോറുതരണം' എന്ന് കല്പിക്കുകയായി. ചിലപ്പോൾ വഞ്ചന മനസ്സിൽ കരുതി പാതിരാസമയത്ത് ദുര്യോധനനെ വിളിച്ചുണർത്തി ഭക്ഷണം തയ്യാറാക്കിക്കും. തയ്യാറായി ഉണ്ണാനിരിക്കുമ്പോൾ എന്തെങ്കിലും ദോഷംപറഞ്ഞ് ഉണ്ണാതെ എഴുന്നേറ്റുപോകും.

digitized by www.sreyas.in

ഇങ്ങനെ പല പരീക്ഷണങ്ങൾ നടത്തിയിട്ടും ദുര്യോധനനു ക്രോധമോ മനശ്ചാഞ്ചല്യമോ ഉണ്ടായില്ല. ഇതു കണ്ടപ്പോൾ ദുർവ്വാസാവിന്നു സന്തോഷമായി. ദുര്യോധനന്നു വരം നല്കുവാൻ ഉറച്ചു.

ദുർവ്വാസാവ് പറഞ്ഞു: 'ഹേ, ദുര്യോധന! നീ എന്നോടു വരം ചോദിക്കുക. നീ വിചാരിക്കുന്ന കാര്യം നന്നായി വരും. ഞാൻ പ്രസാദിച്ചാൽ നിനക്കു സാധിക്കാത്തതായി യാതൊരു ധർമ്മ്യവുമുണ്ടാവുകയില്ല.'

വൈശമ്പായനൻ പറഞ്ഞു: 'ഭാവിതാത്മാവായ ആ മുനീന്ദ്രൻ ഇപ്രകാരം കല്പിച്ചപ്പോൾ മുനിയുടെ പ്രസാദത്താൽ തനിക്കു പുനർജ്ജന്മമുണ്ടായതുപോലെ തന്റെ ജീവിതത്തിന്നു പുതുമ തോന്നുകയാൽ ഏറ്റവും സന്തുഷ്ടനായിത്തീർന്ന ആ ദുർമ്മതി കർണ്ണദുശ്ശാസനാദ്യന്മാരുമായി മുൻകൂട്ടി ആലോചിച്ച് ഉറപ്പിച്ചുവച്ചിരുന്ന പരിപാടിയനുസരിച്ച് ഇപ്രകാരം സഹർഷം പ്രാർത്ഥിച്ചു.

ദുര്യോധനൻ പറഞ്ഞു: 'ഹേ, മഹാശയനായ മുനീശ്വരാ! എന്റെ അതിഥിയായി ശിഷ്യരോടുകൂടി ഭവാൻ വാണതുപോലെ എന്റെ ജ്യേഷ്ഠനും എന്റെ കുലത്തിലെ മഹാനായ മഹാരാജാവുമായ യുധിഷ്ഠിരന്റെ ആതിഥ്യവും ഭവാൻ സ്വീകരിക്കണം. ഗുണവാനും ശീലസമ്പന്നനുമായ അദ്ദേഹത്തിന്റെ അതിഥിയായി ഭവാൻ പോവുക. യശസ്വിനിയും വരവർണ്ണിനിയും സുകുമാരിയുമായ രാജപുത്രി എല്ലാ ദ്വിജന്മാർക്കും ഭർത്താക്കന്മാർക്കും ഭോജനം നല്കിയതിന്നുശേഷം താൻ ഊണുകഴിച്ചു വിശ്രമിക്കുന്ന സമയത്തു ഭവാൻ അവിടെ ചെല്ലുക. അങ്ങനെയാണ് ഭവാൻ അനുഗ്രഹിക്കേണ്ടത്.'

'അതാണ് ഭവാന്റെ പ്രീതിക്കു വേണ്ടതെങ്കിൽ ഞാൻ അങ്ങനെ ചെയ്തുകൊള്ളാം' എന്നുപറഞ്ഞ് ദുർവ്വാസാവ് അവിടെനിന്നു പോയി. 'ഞാൻ കൃതാർത്ഥനായി' എന്നു സുയോധനൻ സന്തോഷിച്ചു കർണ്ണന്റെ കൈപിടിച്ച് 'ഭേഷ്' എന്നുപറഞ്ഞു ചിരിച്ചു കുലുക്കി. അപ്പോൾ ഭ്രാതാക്കന്മാരോടുകൂടി സന്തുഷ്ടനായി നില്ക്കുന്ന ദുര്യോധനനോടു കർണ്ണൻ പറഞ്ഞു.'

കർണ്ണൻ പറഞ്ഞു: 'ഭാഗ്യത്താൽ നമ്മുടെ ആഗ്രഹം സഫലമായി. നമ്മുടെ ഭാഗ്യത്താൽ നമ്മുടെ ശത്രുക്കൾ ദുസ്തരമായ ദുഃഖസമുദ്രത്തിൽ ആണ്ടുപോയിരിക്കുന്നു. ദുർവ്വാസാവിന്റെ കോപാഗ്നിയിൽ പാണ്ഡവന്മാർ വീഴുകയാണ്. അവർ സ്വന്തം പാപത്താൽ ഇനി വെളിച്ചം കാണാത്ത ഇരുട്ടിൽത്തന്നെ!

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ചതിയന്മാരായ ദുര്യോധനാദികൾ തങ്ങൾ ആസൂത്രണംചെയ്ത വഞ്ചന ലക്ഷ്യത്തിൽത്തന്നെ ചെന്നുകൊണ്ടു എന്നു വിചാരിച്ച് സംപ്രീതരായി താന്താങ്ങളുടെ ഗൃഹങ്ങളിലേക്കുപോയി."

263. ദുർവ്വാസാവോപാഖ്യാനം - ദ്രൗപദീസ്മരണയാൽ കൃഷ്ണന്റെ ആഗമനം - വൈശമ്പായനൻ പറഞ്ഞു: "അടുത്തുതന്നെ ഒരു ദിവസം പാണ്ഡവന്മാർ സുഖമായി ഇരിക്കുമ്പോൾ പാഞ്ചാലിയുടെ ഭോജനം കഴിഞ്ഞു എന്നറിഞ്ഞ ഉടനെ തന്റെ പതിനായിരം ശിഷ്യന്മാരോടുകൂടി ദുർവ്വാസാവു മഹർഷി ആ വനത്തിൽ ചെന്നെത്തി. അതിഥിയെക്കണ്ട് ശ്രീമാനായ യുധിഷ്ഠിരൻ സഹോദരന്മാരോടുകൂടി എതിരേറ്റു കൂട്ടിക്കൊണ്ടുപോയി. വേണ്ടപോലെ കരംകൂപ്പി മാനിച്ച് ശ്രേഷ്ഠമായ ഇരിപ്പിടം നല്കി പൂജിച്ചു. ആതിഥ്യത്തിന്നായി ക്ഷണിച്ചു. ആഗ്നികം അനുഷ്ഠിച്ച് ഭക്ഷണത്തിന്നു വേഗത്തിൽ വരണമെന്ന് അറിയിച്ചു. തന്നെ ഏതുവിധത്തിലാണ് പാണ്ഡവന്മാർ അന്നം കൊണ്ടു സൽക്കരിക്കുക എന്നു വിചാരിക്കുകകൂടി ചെയ്യാതെ ആ അനഘനായ മഹർഷി ശിഷ്യന്മാരോടുകൂടി നദിയിലേക്കു കുളിക്കുവാൻ പോയി. വെള്ളത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ പാഞ്ചാലി പർണ്ണശാലയിൽ ഇരുന്നു വ്യസനത്തോടെ ചിന്തിച്ചു: 'എങ്ങനെയാണ് അതിഥികൾക്കു ഭോജനം തയ്യാറാക്കേണ്ടത്?'

അവൾ വലുതായ വിഷമചിന്തയിലായി. പലമട്ടും ചിന്തിച്ചുനോക്കിയിട്ടും അന്നമുണ്ടാക്കുവാൻ യാതൊരു മാർഗ്ഗവും കണ്ടില്ല. ആ സ്ത്രീരത്നം അനിർവ്വചനീയമായവിധം അല്ലലിൽ മുഴുകി. ആ പതിവ്രത എന്തുചെയ്യും? അവൾ മനസ്സിൽ ആകുലതയോടെ കംസാരിയെ ചിന്തിച്ചു: 'കൃഷ്ണാ! കൃഷ്ണാ! മഹാബാഹോ! ദേവകീനന്ദനാ! അച്യുതാ! വാസുദേവാ! ജഗന്നാഥാ! കൈകൂപ്പുന്നവരുടെ ദുഃഖത്തെ നശിപ്പിക്കുന്നവനേ! വിശ്വമൂർത്തേ! വിശ്വകരാ! വിശ്വഹൃത്തേ! പ്രഭോ! അവ്യയാ! പ്രപന്നപാലാ! ഗോപാലാ! പ്രജാപാലാ! പരാൽപരാ! ആകൂതിച്ചിത്തികൾ (ആഗ്രഹവും ധാരണയും) നടത്തുന്നവനേ! ഞാൻ ഭഗവാനെ സാഷ്ടാംഗം പ്രണമിക്കുന്നു. വരേണ്യ, ആനന്ദ, വരൂ! ഭവാനല്ലാതെ ഗതികെട്ടവർക്കു മറ്റാരാണ് ഗതിയായിട്ടുള്ളത്! ഹേ, പുരാണപുരുഷാ! പ്രാണമനോവൃത്തികൾക്ക് അഗോചരനായവനേ! കനിഞ്ഞ് ആശ്രയിക്കുന്നവരിൽ കനിയുന്നവനേ! നീ എന്നെ രക്ഷിക്കണേ! നീലോല്പലശ്രീനീലാഭാ! ചെന്താമരക്കണ്ണാ! പീതാംബരാ! മിന്നുന്ന കൗസ്തുഭമണിഞ്ഞ ദേവാ! ഭൂതങ്ങൾക്കൊക്കെ ആദിയും അന്തവും ഭവാനാണല്ലോ. പരായണൻ നീ ഒരുത്തൻ മാത്രമാണല്ലോ. പരാൽപരമായ ജ്യോതിസ്സേ, വിശ്വമൂർത്തേ, വിശ്വമുഖാ! സർവ്വസമ്പത്തിനും ദാതാവായതും നീയാണല്ലോ. ഭവാൻ നാഥനായുള്ളപ്പോൾ ഞങ്ങൾക്ക് ഒരു അപായത്തിലും ഭയമില്ലല്ലോ നാഥാ! മുമ്പ് സഭയിൽ ദുശ്ശാസനനിൽനിന്ന് എന്നെ സംരക്ഷിച്ചതുപോലെ, ഈ ദുഃഖത്തിൽനിന്നും ഭവാൻ എന്നെ കരകേറ്റണേ!'

വൈശമ്പായനൻ പറഞ്ഞു: 'ഇപ്രകാരം പുകഴ്ത്തപ്പെടുന്ന സമയത്ത് ഭക്തവത്സലനായ ആ ദേവൻ പാഞ്ചാലിയുടെ സങ്കടം ഗ്രഹിച്ച് അരികെ കിടക്കുന്ന രുഗ്മിണിയെ വിട്ട് ക്ഷണത്തിൽ പുറപ്പെട്ട് ദ്വൈതവനത്തിൽ എത്തി. അചിന്ത്യവേഗത്തിൽ ആ ദേവൻ അവിടെ എത്തിയതുകണ്ട് പാഞ്ചാലി പരമസന്തോഷത്തോടെ നമസ്കരിച്ച്, ദുർവ്വാസാവ് അതിഥിയായി എത്തിയിരിക്കുന്ന വർത്തമാനം അറിയിച്ചു. ഉടനെ കൃഷ്ണൻ പാഞ്ചാലിയോടു പറഞ്ഞു: 'ഹേ, കൃഷ്ണേ, ഞാൻ വിശന്നുവലഞ്ഞാണു വന്നിരിക്കുന്നത്. നീ ആദ്യം എന്നെ ഊട്ടുക. പിന്നെ നിനക്ക് ഒക്കെ സാധിക്കും. ഉടനെ എനിക്കു ചോറു തരൂ!'

കൃഷ്ണൻ പറഞ്ഞതുകേട്ട് പാഞ്ചാലി ലജ്ജയോടെ അമ്പരന്നു പറഞ്ഞു: 'ആദിത്യഭഗവാൻ തന്ന പാത്രത്തിൽ, എന്റെ ഊണു കഴിഞ്ഞാൽ ചോറ് ഉണ്ടാവുകയില്ല. എന്റെ ഊണു കഴിയുന്നതുവരെ മാത്രമേ ഉണ്ടാവുകയുള്ളൂ. എന്റെ ഊണു കഴിഞ്ഞുവല്ലോ! ദേവാ! അതുകൊണ്ട് ലേശംപോലും ചോറില്ലാതായ ഞാൻ ദുഃഖിക്കുന്നു. എന്തു ചെയ്യേണ്ടൂ?'

ഇതുകേട്ട് കൃഷ്ണൻ പാഞ്ചാലിയോടു പറഞ്ഞു: 'കൃഷ്ണേ, ഞാൻ വിശന്നുഴലുകയാണ്. നേരമ്പോക്കു പറയേണ്ട സമയമല്ല ഇത്. വേഗം പോയി ആ പാത്രം ഇങ്ങോട്ടു കൊണ്ടുവന്നു കാണിക്കൂ, ഞാനൊന്നു നോക്കട്ടെ!'

എന്നു നിർബ്ബന്ധിച്ച് ആ പാത്രം കൃഷ്ണൻ തന്റെ മുമ്പിൽ കൊണ്ടുവരുവിച്ചു. അപ്പോൾ കൃഷ്ണൻ ആ പാത്രം എടുത്ത് അതിന്റെ വക്കിൽ പറ്റിയിരിക്കുന്ന ചീരക്കറിയുടെ ശകലം കണ്ടിട്ട് അതെടുത്തു തൃപ്തിയോടെ ഭക്ഷിച്ചതിന്നുശേഷം ഇപ്രകാരം പറഞ്ഞു: 'ഞാൻ ഭുജിച്ച ഈ ചീരക്കറികൊണ്ട് യജ്ഞഭുക്കും വിശ്വാത്മാവും ഈശ്വരനുമായ ഹരി പ്രീതിയോടെ സന്തോഷിക്കട്ടെ!'

അനന്തരം ക്ലേശനാശനനായ കൃഷ്ണൻ സഹദേവനോടു പറഞ്ഞു. 'ആ മുനിമാരോടു വേഗത്തിൽ വന്ന് ഉണ്ണുവാൻ പറയുക!'

സഹദേവൻ വേഗത്തിൽ മുനിമാരുടെ അടുത്തേക്കുപോയി.

കുളിക്കുവാൻ പോയ മഹർഷിയും ശിഷ്യന്മാരും വെള്ളത്തിലിറങ്ങി അഘമർഷണം ചെയ്യുകയായിരുന്നു. (ഋഗ്വേദത്തിലെ ഒരു സൂക്തമാണിത്. ജലത്തിലിറങ്ങി ഈ സൂക്തം മൂന്നുപ്രാവശ്യം ഉച്ചരിച്ചാൽ അതുവരെ ചെയ്ത പാപമെല്ലാം നീങ്ങുമെ

digitized by www.sreyas.in

ന്നാണ് വിധി.) അവർക്കു പെട്ടെന്ന് അന്നരസം തേട്ടിവന്നു. സുഖമായി വിഭവസമൃദ്ധമായ ഒരു സദ്യയുണ്ടവിധം സംതൃപ്തി അവരിലുണ്ടായി. വെള്ളത്തിൽനിന്നു കയറിയ അവർ പരസ്പരം നോക്കി. (എല്ലാവരുടേയും വയർ നിറഞ്ഞിരിക്കുന്നു.) അവർ എല്ലാവരും ദുർവ്വാസാവിനോടു പറഞ്ഞു: “രാജാവിനെക്കൊണ്ടു ഭക്ഷണം തയ്യാറാക്കിച്ച് നാം കുളിക്കുവാൻ പോന്നു. ഇപ്പോൾ ആകണ്ഠം ഊണുകഴിച്ച തൃപ്തിയോടെയാണല്ലോ നമ്മുടെ സ്ഥിതി! ഇനി നാം എങ്ങനെ ഊണു കഴിക്കും?”

ദുർവ്വാസാവു പറഞ്ഞു: ‘വെറുതെ നാം ഭക്ഷണം പാകം ചെയ്യിപ്പിച്ചു. ആ രാജർഷിയോടു നാം വലിയ തെറ്റാണു ചെയ്തത്. ആ രാജർഷി കോപിച്ച് ക്രൂരമായ ഒരു നോട്ടം നോക്കിയാൽ മതി നാം ദഹിച്ചുപോകും! ആ അംബരീഷരാജാവിന്റെ അനുഭവത്തെയോർത്ത് ഞാൻ വിഷ്ണുഭക്തന്മാരെ ഭയപ്പെട്ടുകൊണ്ടാണിരിക്കുന്നത്. വിപ്രന്മാരേ, പാണ്ഡവന്മാർ മഹാത്മാക്കളും ധർമ്മചാരികളുമാണ് എന്നു മാത്രമല്ല, അവർ എല്ലാവരും ശൂരന്മാരും, വിദ്യാസമ്പന്നരും, വ്രതനിഷ്ഠന്മാരും, തപസ്വികളുമാണ്; സദാചാരനിരതന്മാരും വാസുദേവാവലംബികളുമാണ്. കോപിച്ചാൽ അവർ അഗ്നി പഞ്ഞിയെ എന്നവിധം ചുട്ടുകളയും. അതുകൊണ്ടു ശിഷ്യന്മാരേ! നാം അവരോട് ഒന്നും പറയാതെ സ്ഥലം വിടുകയാണു നല്ലത്. എല്ലാവരും ഓടിക്കൊള്ളുവിൻ!’

വൈശമ്പായനൻ പറഞ്ഞു: “ഗുരുവായ മഹർഷി ഇപ്രകാരം പറഞ്ഞപ്പോൾ സകല വിപ്രന്മാരും പാണ്ഡുപുത്രന്മാരെ ഭയപ്പെട്ട് പത്തുദിക്കിലേക്കും ഓടിക്കളഞ്ഞു. സഹദേവൻ ഗംഗയിൽ ചെന്നപ്പോൾ അവിടെ വിപ്രന്മാരെയാകട്ടെ മുനിയെയാകട്ടെ, കാണുകയുണ്ടായില്ല. പല തീർത്ഥങ്ങളിലും പോയി തിരഞ്ഞു നോക്കി. ഒരിടത്തും അവരെ കണ്ടെത്തിയില്ല. അവിടെവെച്ചു ചില മഹർഷിമാരെക്കണ്ട് അവരോടു സഹദേവൻ അന്വേഷണം നടത്തി: ‘ഈ വഴിക്ക് ദുർവ്വാസാവുമഹർഷിയും ശിഷ്യന്മാരും പോകുന്നതു കാണുകയുണ്ടായോ?’ അവർ പറഞ്ഞു: ‘മഹർഷിയും ശിഷ്യന്മാരും എങ്ങോട്ടോ ബദ്ധപ്പെട്ട് ഓടിപ്പോകുന്നതു കാണുകയുണ്ടായി.’ സഹദേവൻ മടങ്ങിച്ചെന്നു ജ്യേഷ്ഠനോട് മുനിമാർ പറഞ്ഞുകേട്ട വൃത്താന്തം ഉണർത്തിച്ചു. പിന്നെ ജിതാത്മാക്കളായ പാണ്ഡവന്മാർ ദുർവ്വാസാവിനെ കാത്ത് കുറെക്കൂടി ഇരുന്നു. ആ മഹാശയന്മാർ ഇപ്രകാരം പറഞ്ഞു: ‘ഇനി അദ്ദേഹം നമ്മളെ വഞ്ചിക്കുവാൻ അർദ്ധരാത്രിയാകുമ്പോൾ വന്ന് ചോറ് ആവശ്യപ്പെടും. ദൈവം വരുത്തുന്ന ഈ കഷ്ടപ്പാട് എങ്ങനെ നീക്കുവാൻ സാധിക്കും?’ ഇപ്രകാരം പറഞ്ഞ് അവർ നെടുവീർപ്പിട്ടുകൊണ്ടിരിക്കുമ്പോൾ കൃഷ്ണൻ അവരുടെ സമീപത്തുചെന്ന് ഇപ്രകാരം പറഞ്ഞു: ‘നിങ്ങൾക്കു കോപിഷ്ഠനായ ദുർവ്വാസാവിൽനിന്നു ഞാൻ ആപത്തിനെ ദർശിച്ചു. പാഞ്ചാലി എന്നെ ധ്യാനിച്ചതുമൂലം ഞാൻ ഇവിടെ വേഗത്തിൽ എത്തിയതാണ്. ആ മുനിയിൽനിന്ന് നിങ്ങൾ ഇനി ഒട്ടും ഭയം ബാധിക്കുമെന്നു കരുതേണ്ടാ. നിങ്ങളുടെ തേജസ്സിൽ ഭയന്നിട്ടാണ് അവൻ അപ്പോൾത്തന്നെ ഓടിക്കളഞ്ഞത്! നിത്യവും ധർമ്മം ആചരിക്കുന്നവർ ഒരിക്കലും കുഴങ്ങുകയില്ലെന്ന് അറിയുക. ഞാൻ യാത്ര ചോദിക്കുന്നു. പോകട്ടെ. നിങ്ങൾക്ക് എന്നും ശുഭം ഭവിക്കും!’

വൈശമ്പായനൻ പറഞ്ഞു: “കേശവൻ പറഞ്ഞതുകേട്ട് സന്താപം ഒഴിഞ്ഞ് സ്വസ്ഥചിത്തരായ പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി ആ ഭക്തവത്സലനെ കൈകൂപ്പി ഇപ്രകാരം പറഞ്ഞു:

‘ഹേ, ഗോവിന്ദാ! ഞങ്ങളുടെ നാഥനായ ഭവാൻ ദുർഘടമായ സങ്കടത്തിൽനിന്നു ഞങ്ങളെ കയറ്റിയിരിക്കുന്നു. കടലിൽ താണുപോകുന്നവനെ തോണിയാൽ എന്നപോലെ ഭവാൻ ഞങ്ങളെ കരകേറ്റിയിരിക്കുന്നു.’ ‘നിങ്ങൾക്കു സ്വസ്തി! മംഗളം ഭവിക്കട്ടെ!’ എന്നു പാണ്ഡവന്മാർക്ക് നന്മയാശംസിച്ച് കൃഷ്ണൻ ദ്വാരകയിലേക്കു പോയി. പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി പ്രഹൃഷ്ടമാനസന്മാരായി കാടുതോറും സഞ്ചരിച്ചു സസന്തോഷം വിഹരിച്ചു. ഇങ്ങനെ പാണ്ഡവന്മാരിൽ ദുര്യോധനൻ പ്രയോഗിച്ച ചതി പാഴിലായി. ഹേ, ജനമേജയാ! ഭവാൻ ചോദിച്ചതിന്ന് ഞാൻ പറഞ്ഞ മറുപടി ഇപ്പോൾ ആയല്ലോ.”

264. ജയദ്രഥാഗമനം – വൈശമ്പായനൻ പറഞ്ഞു: “ധാരാളം മൃഗങ്ങളുള്ള കാമ്യകവനത്തിൽ അവിടവിടെ ചുറ്റിനടന്ന് മഹാരഥന്മാരായ പാണ്ഡവന്മാർ ദേവന്മാരെപ്പോലെ വിഹരിച്ചു. പൂത്തുനില്ക്കുന്ന വനസമൂഹങ്ങളേയും ഋതുക്കൾ മാറുന്നതിനനുസരിച്ചു മാറിക്കൊണ്ടിരിക്കുന്ന കാനനപ്രകൃതിയേയും സകൗതുകം വീക്ഷിച്ച് ഇന്ദ്രതുല്യരായ അവർ സഞ്ചരിച്ച് വേട്ടയാടി ഉല്ലാസപൂർവ്വം വസിച്ചു.

ഒരു ദിവസം ആ പാണ്ഡവന്മാർ അഞ്ചുപേരും കൂടി, ബ്രാഹ്മണർക്കുവേണ്ടി മാംസാഹാരം സമ്പാദിക്കുവാൻ നായാട്ടിന്നു നാലുദിക്കിലേക്കും പോയി. അപ്പോൾ അവർ തൃണബിന്ദുമഹർഷിയുടെ അഭിപ്രായം സ്വീകരിച്ച് തങ്ങളുടെ പുരോഹിതനും തപോധനനുമായ ധൗമ്യമഹർഷിയെയാണ് ദ്രൗപദിയെ രക്ഷിക്കുവാൻ ഏല്പിച്ചത്.

അക്കാലത്ത് ഒരു സംഭവമുണ്ടായി. സിന്ധുരാജാവായ വൃദ്ധക്ഷത്രന്റെ പുത്രനായ ജയദ്രഥൻ ഒരു വിവാഹത്തിന്നായി പോവുകയായിരുന്നു. പ്രസിദ്ധനായ ആ രാജകുമാരൻ രാജയോഗ്യങ്ങളായ പാരിബർഹങ്ങ(വധുവിന്നു നല്കേണ്ട സമ്മാനങ്ങൾ)ളോടുകൂടി പല രാജാക്കന്മാരോടുമൊന്നിച്ച് സാല്വപുരിക്കു പോവുകയായിരുന്നു. വഴിമദ്ധ്യത്തിൽ അവർ കാമ്യകവനത്തിലെത്തി. ആശ്രമദ്വാരത്തിൽ നിർജ്ജനകാനനത്തിൽ കാന്തിവീശുന്ന ദ്രൗപദിയെ അവർ കണ്ടു. അവളുടെ ശരീരശോഭ കണ്ട് അവർ അത്ഭുതപ്പെട്ടു. കാർമേഘത്തെ മിന്നലെന്നപോലെ അവൾ കാടിനെ പ്രശോഭിപ്പിക്കുന്നു. ആരാണിവൾ? ഇവൾ അപ്സരസ്സാണോ? ദേവന്മാരുടെ മായയാണോ? രാജാക്കന്മാരൊക്കെ അത്ഭുതംകൊണ്ട് അവളെ കൈകൂപ്പി. അപ്പോൾ സിന്ധുരാജാവായ ജയദ്രഥൻ ആ ദിവ്യസുന്ദരിയെക്കണ്ടു വിസ്മയിച്ച് കാമമോഹിതനായി തന്റെ സുഹൃത്തായ കോടികാസ്യനോട് ഇപ്രകാരം പറഞ്ഞു: ‘ഹേ, കോടികാസ്യാ! ഈ കാണുന്ന പെണ്ണ് ഏതാണ്? ആരുടെ പുത്രിയാണ് ഈ സുന്ദരി? ഇവൾ അമാനുഷിയായിരിക്കുമോ? ഈ മനോഹരിയോടു കൂടിച്ചേരുകയാണെങ്കിൽ എനിക്കു വേറെ വിവാഹം ഒന്നും വേണ്ട. വിവാഹത്തിന്നു പോകുകയും വേണ്ട. ഇവളെത്തന്നെ മതി. ഇവളെ എന്റെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകണം. ഹേ, സൗമ്യാ! ഭവാൻ അവളുടെ സമീപത്തണഞ്ഞ് നല്ലമട്ടിൽ അവളോടു വിവരങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കുക. അവൾ ആരുടെ പുത്രിയാണ്? ഭർത്താവ് ഉണ്ടോ? ആരുടെ ഭാര്യയാണ്? ഈ മുള്ളുനിറഞ്ഞ കാട്ടിലേക്ക് സുഭ്രുവായ ഇവൾ എന്തിനാണു വന്നത്? വൃത്താന്തമൊക്കെ ഒന്നു ചോദിച്ചറിയുക. ദീർഘലോചനയും, സുദതിയും, തനുമദ്ധ്യമയുമായ ഈ ലോകസുന്ദരി എന്നെ വരിക്കയില്ലേ? ഞാൻ ഈ വരാംഗിയോടു ചേർന്ന് കാമസിദ്ധി നേടുകയില്ലേ? ഹേ, കോടികാസ്യാ! വേഗം പോയി ഇവളുടെ നാഥൻ ആരാണെന്ന് അറിഞ്ഞുവരൂ.”

265. കോടികാസ്യപ്രശ്നം – കോടികാസ്യന്റെ അന്വേഷണം – വൈശമ്പായനൻ പറഞ്ഞു: “ജയദ്രഥൻ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ കോടികാസ്യൻ തന്റെ കർണ്ണങ്ങളിലെ കുണ്ഡലങ്ങൾ കുലുങ്ങുമാറ് ചാടി തേരിൽനിന്നിറങ്ങി, കുറുക്കൻ പെൺവ്യാഘ്രത്തിന്റെ മുമ്പിലേക്ക് എന്നവിധം ചെന്ന് ഇപ്രകാരം ചോദിച്ചു: ‘എടോ, വരാംഗനേ! കടമ്പിൻ കൊമ്പു താഴ്ത്തിപ്പിടിച്ച് ആശ്രമദ്വാരത്തിൽ കാന്തിവീശിക്കൊണ്ടുനില്ക്കുന്ന ഭവതി ആരാണ്? രാത്രിയിൽ ഇളങ്കാറ്റിൽ ആടുന്ന ദീപശിഖപോലെ സൗന്ദര്യസമ്പത്തുകൊണ്ടു പ്രശോഭിക്കുന്ന ഭവതി ഈ കാട്ടിൽ ഭയംകൂടാതെ നില്ക്കുന്നതെന്താണ്? ഭവതി യക്ഷിയാണോ? ദേവിയാണോ? ദാനവിയാണോ? ശ്രേഷ്ഠയായ അപ്സരസ്സാണോ? ദിതിയുടെ ഭാര്യയാണോ? മൂർത്തിമതിയായ പന്നഗരാജകന്യകയാണോ? കാട്ടിൽ ജീവിക്കുന്ന രാത്രിഞ്ചരനാരിയാണോ? യമൻ, സോമൻ, കുബേരൻ, വരുണൻ ഇവരുടെയാരുടെയെങ്കിലും പത്നിയാണോ? വിധാതാവിന്റെയോ ശക്രന്റെയോ മന്ദിരംവിട്ട് ഇങ്ങോട്ടിറങ്ങിവന്ന ദിവ്യനാരിയാണോ? ഭവതി

digitized by www.sreyas.in

ഞങ്ങൾ ആരാണെന്നു ചോദിക്കുന്നില്ല! ഭവതിയുടെ നാഥനെ പ്പറ്റി ഞങ്ങൾ ഒന്നും അറിയുന്നില്ല! ഭവതിയുടെ പിതാവായ ആ പ്രഭു ആരാണ്? ആരൊക്കെയാണ് ഭവതിയുടെ ബന്ധുക്കൾ? ആരാണ് ഭവതിയുടെ ഭർത്താവ്? കുലം ഏതാണ്? ഭവതി ഇവിടെ എന്തു ചെയ്യുന്നു? പറഞ്ഞാലും! എന്താണ് ഒന്നും മിണ്ടാത്തത്?

ഞങ്ങൾ ആരൊക്കെയാണെന്നു പറയാം. സുരഥരാജാവിന്റെ പുത്രനാണു ഞാൻ. ദുർഗ്ഗമമായ പുരത്തിന്റെ നാഥന്മാരിൽ മുഖ്യനായതുകൊണ്ടു 'കോടികാസ്യൻ' എന്ന പേരിൽ ഞാൻ പ്രസിദ്ധിപ്രാപിച്ചവനാണ്. യാഗവേദിയിൽ ഹുതാഗ്നിപോലെ ഈ സ്വർണ്ണരഥത്തിൽ സ്ഥിതിചെയ്യുന്ന കമലലോചനനായ ഈ വീരൻ ത്രിഗർത്തരാജാവായ ക്ഷേമംകരനാണ്. ആ രാജാവിന്റെ പിന്നിൽ മഹാധനുർദ്ധരനായി നില്ക്കുന്നവൻ കുളിന്ദരാജപുത്രനാണ്. പത്മഭൂഷണനും പർവ്വതവാസശീലനും വിപുലായതലോചനനുമായ അവൻ ഇതാ ഭവതിയെ നോക്കിക്കൊണ്ടുതന്നെ നില്ക്കുന്നതു നോക്കുക! എടോ സുന്ദരീ, പൊയ്കയ്ക്കടുത്തു നില്ക്കുന്ന ആ സുമുഖനായ യുവാവ് ഇക്ഷ്വാകുരാജാവായ സുബലന്റെ പുത്രനാണ്. ശത്രുജനത്തെ നിശ്ശേഷം ഹനിക്കുവാൻ കെല്പുള്ളവനാണ് ഈ സുന്ദരൻ. ഇവന്റെ സൈന്യം വളരെ കേൾവിപ്പെട്ടതാണ്. അംഗാരകൻ, കുഞ്ജരൻ, ഗുപ്തകൻ, ശത്രുഞ്ജയൻ, സുപ്രവൃദ്ധൻ, ഭയങ്കരൻ, ഭ്രമരൻ, രവി, ശൂരൻ, പ്രതാപൻ, കുഹനൻ എന്നീ സൗവീരവംശജന്മാരായ പന്ത്രണ്ടുരാജാക്കന്മാർ സൈന്യാധിപത്യം വഹിച്ച് ശോണാശ്വം വഹിക്കുന്ന തേരുകളിൽ കൊടി ഉയർത്തി യാഗവേദിയിൽ ഹവ്യവാഹനന്മാരെപ്പോലെ സ്ഥിതിചെയ്ത്, ഈ വീരനെ അനുഗമിക്കുന്നു. ചതുരംഗസൈന്യങ്ങളോടുകൂടി പതിനായിരം രഥികൾ ഈ വീരനെ അകമ്പടി സേവിക്കുന്നു. ആരാണ് ഈ വീരൻ എന്നു ഭവതി കേട്ടിരിക്കും. സൗവീരരാജാവായ 'ജയദ്രഥ'നാണ് ആ നില്ക്കുന്ന വീരൻ. മഹാശക്തന്മാരും യുവത്വം തുളുമ്പുന്നവരും പ്രവരന്മാരും സൗവീരകവീരന്മാരുമായ വലാഹകൻ, അനീകവിദാരണൻ തുടങ്ങിയ ഭ്രാതാക്കളും ജയദ്രഥരാജാവിനെ പിന്തുടർന്നിട്ടുണ്ട്. ഈ മഹാന്മാരോടുകൂടി മരുൽഗണത്താൽ ആവൃതനായ ഇന്ദ്രനെപ്പോലെ ജയദ്രഥൻ ഇവിടെ എത്തിയിരിക്കുന്നു. ഹേ, സുകേശിനി! ഭവതി ആരുടെ പുത്രിയാണ്? ആരുടെ ഭാര്യയാണ്? ഞങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നു!"

266. ദ്രൗപദീവാക്യം – ദ്രൗപദിയുടെ മറുപടി – വൈശമ്പായനൻ പറഞ്ഞു: "ശിബിപ്രൗഢനായ ആ ക്ഷത്രിയൻ ഇപ്രകാരം പറഞ്ഞപ്പോൾ രാജപുത്രിയായ പാർഷതി അദ്ദേഹത്തെ നോക്കി. മെല്ലെ വൃക്ഷശാഖവിട്ടു കൈകൊണ്ടു പട്ടുടയാടയിൽ പിടിച്ചുനിന്നുകൊണ്ടു സ്വൈരമായി മറുപടി പറഞ്ഞു: 'ഹേ രാജപുത്രാ! നിന്റെ ആഗ്രഹം എനിക്കു മനസ്സിലായി. നിന്നെപ്പോലെയുള്ളവരോട് എന്നെപ്പോലെയുള്ളവർ ഇങ്ങനെ നേരിട്ടുനിന്നു സംസാരിക്കുന്നതു ശരിയല്ല. എന്നാൽ പാന്ഥനായ നീ ചോദിച്ച ചോദ്യത്തിന്നു മറുപടി തരുവാൻ മറ്റൊരു ആണോ പെണ്ണോ ഇവിടെയില്ല. ഇപ്പോൾ ഇവിടെ ഞാൻ മാത്രമേയുള്ളു. അതുകൊണ്ടു ഞാൻ തന്നെ ഭദ്രനായ ഭവാനോടു മറുപടി പറയാം. ഈ കാട്ടിൽ ഒറ്റയ്ക്കു നില്ക്കുന്ന ഞാൻ ഒറ്റയ്ക്കുതന്നെ എന്റെ മുമ്പിൽ വന്നു നില്ക്കുന്ന ഭവാനോട് ഇപ്രകാരം സംഭാഷണം ചെയ്യുന്നതു ധർമ്മരതയായ എനിക്ക് എങ്ങനെ ധർമ്മമാകും? ഭവാൻ കോടികാസ്യൻ എന്നു വിഖ്യാതനായ സുരഥപുത്രനാണെന്നറിയുകയാൽ ഹേ ശൈബ്യാ, ആതിഥ്യമര്യാദയോർത്തു ഞാൻ സംസാരിക്കുകയാണ്. എന്റെ ബന്ധുവർഗ്ഗവും കുലവുമൊക്കെ പറയാം. ഞാൻ ദ്രുപദരാജാവിന്റെ പുത്രിയാണ്. കൃഷ്ണ എന്നാണ് എന്റെ പേര്. ജനങ്ങൾ അങ്ങനെയാണു വിളിക്കുന്നത്. ഹേ ശൈബ്യാ, ഞാൻ അഞ്ചുപുരുഷന്മാരെ ഭർത്താക്കന്മാരായി സ്വീകരിച്ചിട്ടുണ്ട്. ഖാണ്ഡവപ്രസ്ഥത്തിൽ രാജ്യം ഭരിച്ചിരുന്ന അവരെപ്പറ്റി ഭവാൻ കേട്ടിരിക്കും. അവർ യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, പിന്നെ മാദ്രേയന്മാരായ രണ്ടു പുരുഷവീരന്മാർ ഇവരാണ്. അവർ എന്നെ ഈ പർണ്ണശാലയിൽ ഇരുത്തി നാലു ദിക്കിലേക്കും നായാട്ടിന്നു പോയിരിക്കയാണ്. ധർമ്മപുത്രൻ കിഴക്കോട്ടും, ഭീമൻ തെക്കോട്ടും, അർജ്ജുനൻ പടിഞ്ഞാറോട്ടും, നകുലസഹദേവന്മാർ വടക്കോട്ടും പോയി. മഹാരഥന്മാരായ അവർ മടങ്ങിയെത്താൻ സമയമായിരിക്കുന്നു. അതു തീർച്ചയാണ്. നിങ്ങൾ അവരുടെ സൽക്കാരം കൈക്കൊണ്ടതിന്നുശേഷം പോയാൽ മതി! കുതിരകളെയൊക്കെ അഴിച്ചുവിട്ടു സമാശ്വസിപ്പിക്കുക. ധർമ്മപുത്രനാണെങ്കിൽ പാന്ഥന്മാരെ സൽക്കരിക്കുന്നതിൽ താല്പര്യമുള്ള ഒരു ആര്യശീലനാണ്. നിങ്ങളെ കണ്ടാൽ അദ്ദേഹം സന്തോഷിക്കും.'

ഇപ്രകാരം ദ്രൗപദി ആ ശൈബ്യാത്മജനോട് പറഞ്ഞ് ആ അതിഥികളെ സൽക്കരിക്കുവാൻ വേണ്ടുന്നതൊക്കെ ഒരുക്കുന്നതിന്നായി സസന്തോഷം പർണ്ണശാലയിലേക്കു നടന്നു."

267. ജയദ്രഥദ്രൗപദീസംവാദം – വൈശമ്പായനൻ പറഞ്ഞു: "കോടികാസ്യൻ തന്റെ കൂട്ടുകാരുടെ അടുത്തേക്കു വേഗത്തിൽ നടന്നു. ആ രാജാക്കന്മാർ ഇരിക്കുന്നേടത്തു ചെന്നു. അവൻ ദ്രൗപദി പറഞ്ഞ വർത്തമാനങ്ങളൊക്കെ പറഞ്ഞു. കോടികൻ പറഞ്ഞതുകേട്ടപ്പോൾ ജയദ്രഥൻ ശൈബ്യനോടു പറഞ്ഞു.

ജയദ്രഥൻ പറഞ്ഞു: 'ഭവാനോടു സംഭാഷണം ചെയ്തുകൊണ്ടുനിന്ന ആ സീമന്തിനീമണിയിൽ എന്റെ മനസ്സു രമിച്ചുകൊണ്ടിരിക്കെ അവളെ അവിടെവിട്ടു ഭവാൻ ഇങ്ങു വെറുംകൈയായി പോന്നതു കഷ്ടമായി. അവളെ കണ്ടതോടുകൂടി അന്യസ്ത്രീകളൊക്കെ എനിക്കു പെൺകുരങ്ങുകളായിത്തീർന്നിരിക്കുന്നു. സത്യമാണ് ഞാൻ പറഞ്ഞത്. ദർശനംകൊണ്ടുതന്നെ അവൾ എന്റെ ഹൃദയം അപഹരിച്ചുകഴിഞ്ഞു. എടോ കോടികാ, അവൾ മനുഷ്യസ്ത്രീതന്നെയാണോ?'

കോടികാസ്യൻ പറഞ്ഞു: 'ഇവൾ കീർത്തിരതിയായ കൃഷ്ണയാണ്; പാഞ്ചാലപുത്രിയാണ്. പാണ്ഡവന്മാർ അഞ്ചുപേർക്കും സമ്മതയായ ഭാര്യയാണ്. പാർത്ഥന്മാരുടെ പ്രിയതമയായ ആ മാന്യയോടുകൂടി ഭവാൻ വേഗം സൗവീരത്തേക്കു പൊയ്ക്കൊള്ളുക.'

വൈശമ്പായനൻ പറഞ്ഞു: "കോടികാസ്യൻ പറഞ്ഞ ഉടനെ 'എന്നാൽ ഞാൻതന്നെ ആ പാഞ്ചാലപുത്രിയെ ചെന്നു കാണാം' എന്നു പറഞ്ഞു ദുർവൃത്തനായ രാജാവ്, സൗവീരസിന്ധുഭൂമികളുടെ നാഥനായ ജയദ്രഥൻ, ചെന്നായ സിംഹക്കൂട്ടിലേക്ക് എന്നവിധം പർണ്ണശാലയുടെ ഉള്ളിലേക്കു കടന്നുചെന്നു. ആ കൂട്ടത്തിൽ ഏഴാമനായ അവൻ കൃഷ്ണയോട് ഇപ്രകാരം പറഞ്ഞു: 'എടോ തന്വീ, നിനക്കു മംഗളമല്ലേ! നിന്റെ ഭർത്താക്കന്മാർക്ക് അനാമയമല്ലേ? നീ നിനയ്ക്കുന്നവർക്കും കുശലമല്ലേ?'

ദ്രൗപദി പറഞ്ഞു: 'അല്ലയോ രാജാവേ! ഭവാന്റെ രാഷ്ട്രത്തിന്നും, സമ്പത്തിന്നും, സൈന്യത്തിന്നും ക്ഷേമമല്ലേ? ശിബികളേയും, സൗവീരന്മാരേയും, സൈന്ധവന്മാരേയും, മറ്റുള്ളവരേയും ഭവാൻ ഏകാധിപതിയായി ധർമ്മത്താൽ ഭരിക്കുന്നില്ലേ? മറ്റു രാജാക്കളേയും ഭവാൻ യഥാധർമ്മം പാലിക്കുന്നില്ലേ? കൗരവ്യനും കുന്തീപുത്രനുമായ യുധിഷ്ഠിരരാജാവിന്നും അദ്ദേഹത്തിന്റെ ഭ്രാതാക്കന്മാർക്കും ഈ എനിക്കും ഭവാൻ അന്വേഷിച്ച മറ്റുള്ളവർക്കും കുശലം തന്നെ. ഈ പാദ്യവും ഈ ആസനവും രാജപുത്രനായ ഭവാൻ സ്വീകരിച്ചാലും! ഭവാന്റെ പ്രാതലിന്നായി ഞാൻ അമ്പതു മൃഗങ്ങളെ പാകംചെയ്ത് ഇപ്പോൾ തരുന്നതാണ്. പിന്നെ, കരിമാൻ, പുള്ളിമാൻ, മറിമാൻ, മുയൽ, എട്ടടിമാൻ, ഋക്ഷങ്ങൾ, ഗവയം, രുരു, പന്നി, പോത്ത്, മാത്രമല്ല മറ്റു ജാതി മൃഗങ്ങളേയും ഭവാനു തനിച്ച് യുധിഷ്ഠിരൻ ഇവിടെ എത്തിയാൽ തരുന്നതാണ്.'

ജയദ്രഥൻ പറഞ്ഞു: 'എടോ, ശ്രീമതി! നീ എനിക്കു സൽക്കരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രഭാതഭോജനത്തിന്നു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എന്നാൽ ഇപ്പോൾ ഭവതി എന്നോടുകൂടി തേരിൽ കയറുക. അതാണ് ശരിയായ സുഖം ആ സുഖം ഭവതി അനുഭവിക്കുക. ശ്രീ പോയി, രാജ്യംവിട്ട്, ബുദ്ധികെട്ട്, ദാരിദ്ര്യത്തിൽ മുങ്ങി, കാട്ടിൽ പാർക്കുന്ന പാർത്ഥന്മാരോടു ചേരുവാൻ നീ യോഗ്യയല്ല. വിവരമുള്ള സ്ത്രീകളാരും ശ്രീ നശിച്ച ഭർത്താ

digitized by www.sreyas.in

വിനോടു ചേരുകയില്ല. പാർത്ഥന്മാരിലുള്ള ഭക്തികൊണ്ടു നീ ബുദ്ധിമുട്ടിയതു മതി. ഇനി ഈ ശ്രീയില്ലാത്തവരെ പൂജിച്ചു കാലം കളയരുത്. നീ അവരെയൊക്കെ വിട്ട് എന്റെ ഭാര്യയായി സുഖം അനുഭവിക്കുക. എന്റെ സിന്ധുസൗവീര രാജ്യങ്ങളുടെ ഐശ്വര്യമൊക്കെ അനുഭവിക്കുക. രാജ്യങ്ങളെല്ലാം ഭവതി നേടുക.'

വൈശമ്പായനൻ പറഞ്ഞു: "ഹൃദയത്തിന്നു ക്ഷോഭം ഉണ്ടാക്കുന്ന ഇത്തരം വാക്കുകൾ സിന്ധുരാജാവു പറഞ്ഞപ്പോൾ ഭ്രുകുടീമുഖിയായി പാഞ്ചാലി അവിടെനിന്നു കുറച്ച് അകന്നുനിന്നു. അവന്റെ ആ വാക്കു തീരെ ഉചിതമായില്ലെന്നും അധിക്ഷേപാർഹമാണെന്നും അവൾ പറഞ്ഞു. എന്നാൽ തന്റെ ഭർത്താക്കന്മാർ വന്നെത്തുന്നതുവരെ ആ സൈന്ധവനെ താമസിപ്പിക്കണമെന്ന കരുതലോടെ സുന്ദരിയായ ദ്രൗപദി വാക്കിന്നുവാക്കു പറഞ്ഞു നിന്നു. ആ രാജാവ് അവളുടെ വാക്കിൽ മയങ്ങി നിന്നു."

268. ദ്രൗപദീഹരണം – വൈശമ്പായനൻ പറഞ്ഞു: "ജയദ്രഥന്റെ വാക്കു കേട്ടപ്പോൾ ദ്രൗപദിയുടെ മുഖം രക്തവർണ്ണമായി. കണ്ണു തുടുത്തു. ചില്ലിക്കൊടി തുള്ളിവിറച്ചു. ഹൂൽക്കാരത്തോടെ പാഞ്ചാലരാജപുത്രി വീണ്ടും പറഞ്ഞു: 'യക്ഷന്മാരുടേയും രാക്ഷസന്മാരുടേയും മദ്ധ്യത്തിൽപ്പോലും നിവസിക്കുവാൻ ശക്തിയുള്ളവരും, സുകർമ്മനിരതന്മാരും, മഹേന്ദ്രതുല്യന്മാരും, യശസ്വികളും, തീക്ഷ്ണകോപവിഷന്മാരുമായ ആ മഹാരഥന്മാരെ ഇപ്രകാരം അധിക്ഷേപിക്കുവാൻ ഭവാനു ലജ്ജയില്ലേ! സ്തുത്യന്മാരായ ഗൃഹസ്ഥരേയും, വാനപ്രസ്ഥരേയും, പൂർണ്ണപാണ്ഡിത്യമുള്ള താപസന്മാരേയും കുറിച്ച് സജ്ജനങ്ങൾ ഒരിക്കലും പാപവചനങ്ങൾ പുറപ്പെടുവിക്കുകയില്ല. മഹാശയന്മാരെ നിന്ദിക്കുന്ന മനുഷ്യർ കേവലം ശൂനകതുല്യരാണ്. ഭയങ്കരമായ കുണ്ടിൽ വീഴുവാൻ പോകുന്ന ഭവാനെ കൈകൊടുത്തു രക്ഷിക്കുവാൻ ഈ ക്ഷത്രിയവർഗ്ഗത്തിൽ ഭവാനു സഹായികളായി ഒരാളുമില്ലെന്നാണ് എനിക്കു തോന്നുന്നത്. ധർമ്മരാജാവിനെ ജയിക്കുവാൻ ആഗ്രഹിക്കുന്ന ഭവാൻ ഹിമാലയസാനുവിൽ മദജലം സ്രവിച്ച്, ഗിരികൂടതുല്യനായി സഞ്ചരിക്കുന്ന ഗജയൂഥപനെ അതിന്റെ കൂട്ടത്തിൽനിന്ന് അങ്കുശംകൊണ്ടു പിടിച്ചുവലിക്കുവാൻ പുറപ്പെട്ടേക്കും. ക്രുദ്ധനായ ഭീമസേനനോടു ഭവാൻ ഇടഞ്ഞുചെല്ലുന്നത് ഉറങ്ങിക്കിടക്കുന്ന മഹാബലനായ സിംഹത്തെ മൗഢ്യത്താൽ ചെന്നു ചവിട്ടി അതിന്റെ നെറ്റിയിൽനിന്നു രോമങ്ങൾ പറിച്ചെടുത്ത് ഓടിപ്പോകുവാൻ ശ്രമിക്കുന്നവനെപ്പോലെയാണ്. പർവ്വതഗുഹയിൽ വളർന്ന മഹാബലനും ഘോരതരനും ഉഗ്രനും ക്രുദ്ധനുമായ കേസരിയെ ഉറങ്ങിക്കിടക്കുമ്പോൾ പുറംകാലുകൊണ്ടടിക്കുവാൻ ഭവാനു സാധിക്കുമെങ്കിൽ ഉഗ്രനും ക്രുദ്ധനുമായ അർജ്ജുനനോടു ഭവാനു പൊരുതുവാൻ നോക്കാം. പാണ്ഡവന്മാരിൽ ഇളയവരായ ആ പുരുഷോത്തമന്മാരെ ഭവാൻ പിണക്കിയാൽ തീക്ഷ്ണമുഖങ്ങളും ദ്വിജിഹ്വകളുമുള്ള കൃഷ്ണസർപ്പങ്ങളെ വാലിൽ ചവിട്ടിയാൽ അപ്പോൾ എന്തുണ്ടാകുമെന്നു ജളനായ നീ അറിയുന്നുണ്ടോ? വാഴ, ചൂരൽ, ഇല്ലി (പട്ടിൽ) മുതലായവ പൂത്താൽ അതിന്റെ കഥ കഴിഞ്ഞതുതന്നെ! തന്റെ ഗർഭം പൂർണ്ണമായിക്കഴിഞ്ഞാൽ ഞണ്ടിന്റെ ജീവിതവും അവസാനിച്ചു! പാണ്ഡവവീരന്മാരുടെ സഹധർമ്മിണിയായ എന്നിൽ ഭവാനു കാമം ഉദിച്ചാൽ ഭവാന്റെ നാശത്തിന്നു പിന്നെ വേറെ ഹേതു വേണ്ടാ!'

ജയദ്രഥൻ പറഞ്ഞു: 'എടോ കൃഷ്ണേ! നിന്റെ ഭർത്താക്കന്മാരായ രാജപുത്രന്മാർ എങ്ങനെയുള്ളവരാണെന്ന് എനിക്ക് അറിയാം. ഇത്തരം ഭീഷണികൊണ്ടൊക്കെ എന്നെ ഭയപ്പെടുത്താമെന്നു നീ വിചാരിക്കേണ്ട. പാഞ്ചാലീ, സൗവീരന്മാരായ ഞങ്ങൾ പതിനേഴു പ്രഭാവങ്ങളോടു ചേർന്ന അന്യൂനമായ വംശത്തിൽ പിറന്നവരാണ്. ശൗര്യം, തേജസ്സ്, വൃത്തി, ദാക്ഷിണ്യം, ദാനം, ഐശ്വര്യം എന്നിങ്ങനേയും സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, ആശ്രയം എന്നിങ്ങനേയുമുള്ള ആറു ഗുണങ്ങളോടുംകൂടി പാണ്ഡവന്മാരേക്കാൾ മികച്ചവരാണ്. ഈവകയൊന്നുമില്ലാത്ത പാർത്ഥന്മാർ ഞങ്ങളിൽനിന്നു വളരെ താഴെക്കിടക്കുന്നു. വെറുതെ വാക്കുകൊണ്ടു ഞങ്ങളെ തടുക്കുവാൻ ഭവതി ശക്തയല്ല. നീ വേഗം ഞങ്ങളോടൊപ്പം ആനപ്പുറത്തു കയറുക! അല്ലെങ്കിൽ രഥത്തിൽ കയറുക! ഭയപ്പെടുത്തി ഞങ്ങളെ ഓടിക്കാമെന്നു നീ വിചാരിക്കേണ്ട. നീ കൃപണോക്തികളോടെ ഈ സൗവീരരാജാവിന്റെ പ്രസാദത്തിന്നായി പ്രാർത്ഥിച്ചുകൊള്ളുക.'

ദ്രൗപദി പറഞ്ഞു: 'ബലിഷ്ഠയായ എന്നെ കേവലം അബലയായിട്ടാണോ ഈ സൗവീരരാജാവു കരുതുന്നത്? മർദ്ദനം കൊണ്ട് അധീനയായി ഞാൻ സൗവീരനോടു കിഴിഞ്ഞു പ്രാർത്ഥിക്കുമെന്നാണോ വിചാരിക്കുന്നത്? ആ മോഹം വെറുതെയാണ്! എന്നെ ഭവാൻ ബലമായി പിടിച്ചു കൊണ്ടുപോവുകയാണെങ്കിൽ കൃഷ്ണാർജ്ജുനന്മാർ ഒരേ തേരിൽക്കയറി അന്വേഷിച്ചുവരും. അങ്ങനെയുള്ള എന്നെ ദേവേന്ദ്രന്നുപോലും അപഹരിക്കുവാൻ സാധിക്കുന്നതല്ല. പിന്നെയാണോ ഈ കൃപണനായ മനുഷ്യന്ന് അതിന്നു കഴിയുന്നത്! വീരാന്തകരനായ കിരീടി ശത്രുക്കളെ ഭയപ്പെടുത്തി രഥത്തിൽ കയറി, വേനൽക്കാലത്ത് ഉണക്കക്കാടിനെ അഗ്നിയെന്നപോലെ, ഭവാന്റെ സൈന്യത്തിൽക്കടന്നു ചുട്ടുവെണ്ണീറാക്കും. വൃഷ്ണികളോടും, അന്ധകന്മാരോടുംകൂടി കേശവൻ, വില്ലാളിമാരായ കേകയന്മാരോടും, മറ്റു രാജാക്കളോടും ചേർന്ന് എന്നെത്തിരഞ്ഞ് സസന്തോഷം എത്തും. പാർത്ഥന്റെ കരത്തിൽനിന്നു ഗാണ്ഡീവമുക്തമായ ശരങ്ങൾ കഠോരമായി പുറപ്പെട്ടു മുഴങ്ങും. ഗാണ്ഡീവത്തിൽനിന്നു പുറപ്പെടുന്ന ഉഗ്രശരപ്രവാഹം കടന്നൽക്കൂട്ടംപോലെ പാഞ്ഞടുക്കുമ്പോൾ നീ ആ വീരനായ അർജ്ജുനനെക്കാണും. അപ്പോൾ നീ നിന്റെ ഇപ്പോഴത്തെ ബുദ്ധിയെപ്പറ്റി നിനയ്ക്കാതിരിക്കുകയില്ല! ശംഖം മുഴക്കി കൈത്തലഘോഷത്തോടെ തുടരെത്തൊടുത്തുവിടുന്ന ഗാണ്ഡീവിയുടെ ശരങ്ങൾ നിന്റെ മാറിൽ നിരന്നുകൊള്ളുമ്പോൾ, നിന്റെ ചിത്തവൃത്തി എന്താകും! അമർഷംകൊണ്ടുണ്ടാകുന്ന കോപവിഷം പൊഴിച്ച് ഭീമസേനൻ ഗദയെടുത്തു പാഞ്ഞുവരുമ്പോൾ, മാദ്രേയന്മാർ ചാടിയെത്തുന്നതും കാണുമ്പോൾ, മൂഢനായ നീ വല്ലാതെ വ്യസനിക്കും. എന്റെ ഭർത്താക്കന്മാരായ പാണ്ഡവന്മാർക്കു ഞാൻ മനസ്സുകൊണ്ടുപോലും പാപം ചെയ്യുകയില്ല. ആ സത്യം ഗ്രഹിച്ചിട്ടുള്ളവരാണ് അവർ. അങ്ങനെയുള്ള അവർ ഭവാനെ അടിച്ചമർത്തി വലിച്ചിഴയ്ക്കുന്നതു ഞാൻ കാണും. നൃശംസനായ നീ എന്നെ ബലാൽ പിടിച്ചിഴയ്ക്കുന്നതായാലും അതിൽ ഞാൻ ഭയപ്പെടുമെന്നു വിചാരിക്കേണ്ട. കുരുപ്രവീരന്മാരോടുകൂടി ഞാൻ വീണ്ടും ഈ കാമ്യകത്തിൽത്തന്നെ വന്നെത്തുമെന്ന് എനിക്കു നല്ലധൈര്യമുണ്ട്.'

വൈശമ്പായനൻ പറഞ്ഞു: "ആ സൗവീരന്മാർ ഉടനെ അവളെ ബലമായി പിടിക്കുവാൻ അടുത്തെത്തി. അതുകണ്ട് ആ ചടുലായതാക്ഷിയായ ദ്രൗപദി 'അരുത് അരുത്! എന്നെ തൊടുരുത്!' എന്നു ഭയത്തോടെ അവരെ തടഞ്ഞു വിലക്കി അധിക്ഷേപിച്ചു. പുരോഹിതനായ ധൗമ്യനെ ഉറക്കെ വിളിച്ചു. തന്റെ മേൽപ്പുടവയുടെ തുമ്പിൽ ജയദ്രഥൻ പിടിച്ചപ്പോൾ ദ്രൗപദി ബലമായി ഒരു തട്ടുകൊടുത്തു. ആ തട്ടുകൊണ്ടു പാപിയായ ജയദ്രഥൻ വെട്ടിമുറിച്ചിട്ട മരംപോലെ വീണു! ഉടനെതന്നെ മഹാവേഗത്തിൽ അവൻ എഴുന്നേറ്റു ദ്രൗപദിയെ പിടികൂടി. അവളെ വലിച്ചിഴയ്ക്കുമ്പോൾ ധൗമ്യൻ ഓടിയണഞ്ഞു. അവൾ ധൗമ്യന്റെ പാദത്തിൽ നമസ്കരിച്ച് ഗത്യന്തരമില്ലാതെ ആ തേരിൽക്കയറി ഇരുന്നു."

ധൗമ്യൻ പറഞ്ഞു: 'മഹാന്മാരായ പാണ്ഡവന്മാരെ ജയിക്കാതെ ദ്രൗപദിയെ നിങ്ങൾ ബലമായി പിടിച്ചുകൊണ്ടുപോകരുത്. ഹേ, ജയദ്രഥാ! പണ്ടേ ഉള്ളതായ ക്ഷത്രധർമ്മം നീ നോക്കുക! ക്ഷുദ്രമായ കർമ്മം ചെയ്യുന്ന നീ അതിന്റെ ഫലം അനുഭവിക്കുവാൻ പോകുന്നു. അതിൽ ഒട്ടും സംശയമില്ല. ധർമ്മജന്മാർ മുതലായ പാണ്ഡവന്മാരോട് ഏറ്റുമുട്ടി നീ ഫലം ഉടനെ അനുഭവിക്കും!'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് ധൗമ്യൻ ആ രാജപുത്രിയെ കാലാൾപ്പടയുടെ ഇടയിൽ പിൻതുടർന്നു."

269. പാർത്ഥാഗമനം – വൈശമ്പായനൻ പറഞ്ഞു: "ധനുർദ്ധരന്മാരായ പാണ്ഡവന്മാർ നാലുദിക്കിലും വേട്ടയാടി

digitized by www.sreyas.in

മാൻ, പന്നി, കാട്ടുപോത്ത് മുതലായവയെ കൊന്ന് ആ അഞ്ചുപേരും ഒരിടത്തു ചെന്നുകൂടി. പലവിധം മൃഗങ്ങളാൽ ആവൃതവും പക്ഷികുലനാദത്താൽ ആകുലവും ആയ കാമ്യകവനത്തിൽ മൃഗങ്ങളുടെ ശബ്ദംകേട്ട് അശുഭമായ നിമിത്തം ഓർത്ത് അവർ സംഭ്രാന്തരായി.

യുധിഷ്ഠിരൻ പറഞ്ഞു: 'സൂര്യൻ ജ്വലിക്കുന്ന ദിക്കിന്നഭിമുഖമായി ഇരുന്ന് ക്രൂരമായി മൃഗങ്ങളും, പക്ഷികളും ശബ്ദിക്കുന്നു. ഇത് ഒരു അശുഭനിമിത്തമാണ്. നമ്മുടെ ആശ്രമം ശത്രുക്കൾ ആക്രമിച്ച് ക്ലേശം ഉണ്ടാക്കിയിട്ടുണ്ട്. അതാണ് ഈ നിമിത്തസൂചന. ഇപ്പോൾ ഇതുമതി. എന്റെ മനസ്സു പിടയുന്നു. വെന്തുനീറുന്നു. എന്റെ ബുദ്ധി മങ്ങുന്നു. എന്റെ പ്രാണൻ പിടയുന്നു. ഗരുഡൻ റാഞ്ചുകയാൽ പാമ്പൊഴിഞ്ഞ പൊയ്കപോലെയും ശ്രീനശിച്ചു രാജാവില്ലാത്ത രാഷ്ട്രംപോലെയും അഥവാ ആന വന്നു കുടിക്കുകയാൽ വെള്ളം ഒഴിഞ്ഞ കുടംപോലെയുമാണ് ഞാൻ ഈ കാമ്യകത്തെ ദർശിക്കുന്നത്.'

ഉടനെ അവർ വായുവേഗത്തിൽ സഞ്ചരിക്കുന്ന സൈന്ധവാശ്വങ്ങളെ കെട്ടിയ തേരിൽക്കയറി ആശ്രമത്തിലേക്കു തിരിച്ചു. അപ്പോൾ അവരുടെ ഇടത്തുവശത്തുനിന്ന് കുറുക്കൻ ഉറക്കെ ഓരിയിട്ടു. 'ഈ നീചജീവിയായ കുറുക്കൻ ഇടത്തുവശത്തുനിന്നു ഘോരമായി ശബ്ദിക്കുകയാൽ ആ പാപികളായ കൗരവന്മാർ നമ്മെ അവഗണിച്ച് നമ്മുടെ ദാരങ്ങളെ സ്പർശിച്ചിട്ടുണ്ടാവണം.' എന്നു യുധിഷ്ഠിരൻ ഭീമനോടും അർജ്ജുനനോടും പറഞ്ഞു. അവർ ആശ്രമസമീപത്തുള്ള വനത്തിലെത്തിയപ്പോൾ ദാസഭാര്യയും ധാത്രീപുത്രിയുമായ ബാല അവിടെയിരുന്നു കരയുന്നതായിക്കണ്ടു. ഉടനെ ഇന്ദ്രസേനൻ തേർ നിറുത്തി ചാടിയിറങ്ങി ആ ധാത്രേയിയുടെ അരികെച്ചെന്നു കരയുന്നതിന്റെ കാര്യമെന്താണെന്നു ചോദിച്ചു.

ഇന്ദ്രസേനൻ പറഞ്ഞു: 'ഹേ കുട്ടീ, നീ എന്താണ് ഇങ്ങനെ നിലത്തുകിടന്നുരുണ്ടു വിലപിക്കുന്നത്? എന്താണ് നിന്റെ മുഖം വാടി വരണ്ടിരിക്കുന്നത്? വല്ല ക്രൂരന്മാരും കടന്നുവന്നു ദ്രൗപദിയെ ഉപദ്രവിച്ചുവോ? അവർണ്ണ്യമായ രൂപലാവണ്യമുള്ളവളും, സുന്ദരവിശാലലോചനയുമായ ആ രാജകുമാരി കുരുപ്രവീരന്മാരുടെ സ്വന്തം ശരീരത്തോടു തുല്യമായവളാണ്. ആ പാവനാംഗി ഭൂമിക്കടിയിൽപ്പോയാലും ആകാശത്തിലേക്കുയർന്നാലും സമുദ്രത്തിൽ പ്രവേശിച്ചാലും ആ വഴിക്കെല്ലാം ചെല്ലുവാൻ പാണ്ഡവന്മാർ തയ്യാറാണ്; സംശയമില്ല. ധർമ്മപുത്രന് അത്രമാത്രം വ്യസനം തോന്നുന്നു. ഈ പാണ്ഡവന്മാരെപ്പോലെ രിപുമർദ്ദനന്മാരായി ആരുണ്ട്? അപരാജിതന്മാർ ആരുണ്ട്? ക്ലേശം സഹിക്കുന്നവർ ആരുണ്ട്? അങ്ങനെയുള്ള ഇവരുടെ പ്രാണപ്രിയയെ, ശ്രേഷ്ഠമായ രത്നത്തെ മൂഢൻ എന്നപോലെ ആരാണ് അപഹരിച്ചത്? സനാഥയായ പാഞ്ചാലി പാണ്ഡവന്മാരുടെ പുറമെ കാണപ്പെടുന്ന കരളാണെന്ന് ഏതൊരു വിഡ്ഢി അറിഞ്ഞില്ലയോ, അവന്റെ ശരീരം ഘോരമായ ശരങ്ങൾ പാഞ്ഞു പിളർന്ന് ആ ശരങ്ങൾ ഭൂമിയിൽ ചെന്നു താഴും. ഭീരുവായ നീ ആ ദേവിയെ ചിന്തിച്ചു ദുഃഖിക്കരുത്! കൃഷ്ണ ഉടനെ തിരിച്ചെത്തും. എല്ലാ ശത്രുക്കളേയും കൂട്ടത്തോടെ സംഹരിച്ച് പാർത്ഥന്മാർ യാജ്ഞസേനിയോടുകൂടി ഇവിടെ വരും.'

ധാത്രീപുത്രി ഉടനെ മുഖം തുടച്ച് സൂതനോടു പറഞ്ഞു: 'പഞ്ചേന്ദ്രതുല്യരായ പാണ്ഡവന്മാരെ ധിക്കരിച്ചു ജയദ്രഥൻ വന്നു കൃഷ്ണയെ ഉപദ്രവിച്ച് അപഹരിച്ചുകൊണ്ടുപോയി. ആ ജയദ്രഥൻ പോകുമ്പോൾ വഴിതെളിയിക്കുവാൻ വീഴ്ത്തിയ വൃക്ഷങ്ങൾ വാടാതെതന്നെ കിടക്കുന്നു. ഉടനെ ഈ വഴിക്കുതന്നെ പോയി ദ്രൗപദിയെ കൂട്ടിക്കൊണ്ടുവരിക. രാജപുത്രി അധികം ദൂരത്തെത്തിയിട്ടുണ്ടാകയില്ല. ഇന്ദ്രതുല്യരായ ഭവാന്മാർ ചട്ടകളണിഞ്ഞ് വിലകൂടിയ വില്ലും ശരങ്ങളുമെടുത്ത് ഉടനെ ചെല്ലുക. ദൂഷണത്താലും മർദ്ദനത്താലും മോഹത്തിൽപ്പെട്ടു മനസ്സു തളർന്ന് മുഖം വരണ്ട് ആജ്യപൂർണ്ണമായ സ്രുവം (ഒരുതരം തവി-ഹോമത്തിനു നെയ്യെടുക്കുന്നത്) ഭസ്മത്തിലെന്നപോലെ ആ സതിയുടെ ശരീരം അനർഹമായ സ്ഥാനത്തു വീഴുന്നതിന്നുമുമ്പ് ഭവാന്മാർ അവിടെ എത്തുവിൻ. ഹവിസ്സിനെ ഉമിത്തീയിൽ ഹോമിക്കുന്നതുപോലെയും, പുഷ്പത്തെ ശ്മശാനത്തിൽ എറിയുന്നതുപോലെയും ആ ജയദ്രഥനിൽ പാഞ്ചാലിയെ സമർപ്പിക്കരുത്. വിപ്രന്മാരുടെ ശ്രദ്ധ തെറ്റുന്നതു നോക്കി യജ്ഞസോമത്തെ ചെന്നു നക്കുന്ന ശുനകനെപ്പോലെ ഭവാന്മാർ അന്യകാര്യനിരതരായി ആശ്രമത്തിൽനിന്നു പോയ തക്കത്തിൽ ജയദ്രഥൻ ദ്രൗപദിയെ ബാധിച്ചിരിക്കുന്നു. കാനനത്തിൽ ഇരതേടി നടന്ന കുറുക്കൻ താമരപ്പൊയ്കയിൽ വന്ന് ഇറങ്ങിയിരിക്കുന്നു. ഭവാന്മാരുടെ പ്രിയതമയായ ആ സുലോചനയെ, ചന്ദ്രപ്രഭമാകുന്ന മുഖത്താലും സുന്ദരമായ നാസികയാലും കമനീയമായ ആ ശരീരത്തെ, യാഗത്തിലെ ഹവ്യത്തെ ശുനകൻ എന്നപോലെ, അകൃത്യകൃത്തായ ഒരുവൻ സ്പർശിക്കുവാൻ ഇടയാകരുത്. ഈ വഴിക്ക് ഭവാന്മാർ പിന്തുടർന്നു ചെല്ലുക. കാലം വൈകിച്ചുകൂടാ.'

യുധിഷ്ഠിരൻ പറഞ്ഞു: 'ഭദ്രേ! പൊയ്ക്കൊള്ളുക. പറഞ്ഞതു മതി! ഞങ്ങളോട് ഉഗ്രമായ വാക്യമൊന്നും പറയരുത്. രാജാക്കളും രാജകുമാരന്മാരും ബലംകൊണ്ട് ഉന്മത്തരായാൽ വഞ്ചനയിൽപ്പെട്ടുപോകും.'

ഇപ്രകാരം പറഞ്ഞ് അവർ ധാത്രേയി കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെത്തന്നെ സർപ്പങ്ങളെപ്പോലെ ചീറ്റി, വില്ലിന്റെ ഞാൺ വീണ്ടും ഉലച്ചു ശബ്ദമുണ്ടാക്കി പാഞ്ഞു. കുറച്ചുദൂരം ചെന്നപ്പോൾ കുതിരയുടെ കുളമ്പടിയാൽ ധൂളി പറക്കുന്നതായി അവരുടെ ദൃഷ്ടിയിൽപ്പെട്ടു. അവർ സൈന്യത്തെ സമീപിച്ച ഉടനെ 'ഓടി വരുവിൻ, ഓടിവരുവിൻ' എന്നു ധൗമ്യൻ ഉറക്കെ വിളിച്ചുപറയുന്നത് അവർ കേട്ടു. ധൗമ്യന്റെ നിലകണ്ട് ദുഃഖിതരായ രാജപുത്രന്മാർ 'സസുഖം വരിക' എന്നു സാന്ത്വനം ചെയ്ത് പരുന്തുകൾ മാംസത്തെക്കണ്ടവിധം ആ സൈന്യത്തെ ലക്ഷ്യമാക്കി പാഞ്ഞു. രഥത്തിൽ സ്ഥിതിചെയ്യുന്ന തങ്ങളുടെ പ്രിയയേയും ജയദ്രഥനേയും കണ്ട് ആ ശക്രതുല്യവീരന്മാരിൽ കോപം ഉജ്ജ്വലിച്ചു. വൃകോദരനും, അർജ്ജുനനും, നകുലസഹദേവന്മാരും, ധർമ്മപുത്രനും വില്ലുമേന്തി ഇടഞ്ഞ് പോരിന്നു വിളിച്ചു പാഞ്ഞുചെന്നു. അപ്പോൾ വൈരിവീരന്മാർക്ക് ദിഗ്ഭ്രമമുണ്ടായി."

270. ദ്രൗപദീവാക്യം - പാണ്ഡവന്മാരുടെ പരാക്രമത്തെപ്പറ്റി ദ്രൗപദി ജയദ്രഥനോടു പറയുന്നു

വൈശമ്പായനൻ പറഞ്ഞു: "ഭീമാർജ്ജുനന്മാരെക്കണ്ടപ്പോൾ കോപിഷ്ഠരായ ക്ഷത്രിയന്മാരുടെ ഇടയിൽ ഉൽക്കടമായ ശബ്ദം പുറപ്പെട്ടു. ആ ശബ്ദം കൊണ്ട് കാടു മുഴങ്ങി. ദുരാത്മാവായ ജയദ്രഥരാജാവിന്നു കുരുപുംഗവന്മാരുടെ കൊടികളുടെ അഗ്രഭാഗം കണ്ടപ്പോൾത്തന്നെ ഉയിർ കെട്ടുപോയി. തേരിൽ ഇരിക്കുന്ന ദ്രൗപദിയോടു ചോദിച്ചു.

ജയദ്രഥൻ പറഞ്ഞു: 'എടോ, ദ്രൗപദി! ഇതാ അഞ്ചു മഹാരഥങ്ങൾ പാഞ്ഞുവരുന്നു. ഭവതിയുടെ ഭർത്താക്കന്മാരാണ് ഇവർ എന്നു ഞാൻ വിചാരിക്കുന്നു. ഈ ഓരോ രഥത്തിലും ഇരിക്കുന്നവർ ആരാണെന്നു വ്യക്തമാക്കിത്തരിക. അവരിൽ മുമ്പുമുമ്പു വരുന്നവർ ആരാണെന്നു ക്രമത്തിൽ പറഞ്ഞാലും!'

ദ്രൗപദി പറഞ്ഞു: 'ആയുസ്സ് അറ്റുപോകുവാൻ പറ്റിയക്രൂരകർമ്മം ചെയ്ത മൂഢനായ നിനക്ക് ഇനി അവരെ വേറെവേറെ മനസ്സിലാക്കിയിട്ട് ഇഹലോകത്തേക്ക് എന്തു കാര്യമാണുള്ളത്? മഹാവീരന്മാരായ എന്റെ ഭർത്താക്കന്മാർ എത്തിക്കഴിഞ്ഞു. ഇനി നിങ്ങളിൽ ഒറ്റ ഒരുത്തൻപോലും അവശേഷിക്കുകയില്ല. നീ ചാകുവാൻ പോകുന്ന നിലയിൽ ചോദിച്ചതാകയാൽ അതിന്നു മറുപടി പറയുന്നതു ധർമ്മമാണ്. അനുജന്മാരോടുകൂടി ധർമ്മരാജാവിനെ ഞാൻ കണ്ടുകഴിയുകയാൽ ഇനി എനിക്കു മനോവ്യഥയോ നിന്നിൽ ഭയമോ അശേഷവുമില്ല.

നന്ദമെന്നും ഉപനന്ദമെന്നും പേരോടുകൂടിയ രണ്ടു മൃദംഗങ്ങൾ ചേർന്നു ശ്രുതിമധുരമായി മുഴങ്ങുന്ന ധ്വജത്തോടുകൂടിയ യുധിഷ്ഠിരനെ, ധർമ്മനിശ്ചയത്തിലും അർത്ഥനിശ്ചയത്തിലും നിഷ്ഠയുള്ള ആ പാണ്ഡവജ്യേഷ്ഠനെ, കൃത്യനിഷ്ഠയുള്ളവരൊക്കെ അനുകരിക്കുന്നു. സുവർണ്ണംപോലെ നിർമ്മ

digitized by www.sreyas.in

ലമായ ശുചിയും ഗൗരവർണ്ണവും ഉയർന്ന നാസികയും വിടർന്ന നയനങ്ങളും ചേർന്ന കുരുപ്രവരനാണ് ധർമ്മാത്മജനായ എന്റെ ഭർത്താവായ യുധിഷ്ഠിരൻ. ആ നരസത്തമൻ ശരണാഗതന്മാരായ ശത്രുക്കൾക്കുപോലും പ്രാണദാനം ചെയ്യുന്ന ധർമ്മചാരിയാണ്. മൂഢനായ നീ ആയുധം താഴെവെച്ചു കൈകൂപ്പി ഉടനെ ചെന്നു ധർമ്മരാജാവിനെ ശരണം പ്രാപിക്കുക. നിനക്കു നല്ലത് അതാണ്. യുധിഷ്ഠിരന്റെ പിന്നിൽ സാലം പോലെ ഉയർന്ന്, കൈകൾ നീണ്ട്, ചുണ്ടു കടിച്ചു പുരികം വളച്ച് രഥത്തിൽ സ്ഥിതി ചെയ്യുന്ന മഹാബലനാണ് എന്റെ ഭർത്താവായ ഭീമസേനൻ. വളരെ ശക്തിയുള്ള ആജാനേയങ്ങൾ എന്ന ഇണങ്ങിയതും വാൽ നീണ്ടതുമായ കുതിരകളാണ് ആ വീരനെ വഹിക്കുന്നത്. അമാനുഷകർമ്മാവായ ഭീമനെ കേൾക്കാത്തവർ ആരുമില്ല. തനിക്ക് അപരാധം ചെയ്തവരെ അവൻ ബാക്കിവെക്കില്ല. ആ വൈരം വിസ്മരിക്കുകയുമില്ല. ശത്രുവിനെ സംഹരിച്ചാൽപ്പോലും അടങ്ങാത്തതാണ് അവന്റെ വൈരം.

ഭീമന്റെ പിറകെ വരുന്നവനാണു ധൃതിമാനായ എന്റെ ഭർത്താവ്, അർജ്ജുനൻ. ധനുർദ്ധരന്മാരിൽ മുഖ്യനും, കീർത്തിമാനും, ജിതേന്ദ്രിയനും, യുദ്ധവീരനും, യുദ്ധസേവകനും, യുധിഷ്ഠിരന്റെ അനുജനും ശിഷ്യനുമാണ് ആ പുരുഷപുംഗവൻ. കാമലോഭങ്ങളാലോ, ഭയത്താലോ, മറ്റെന്തിനാലോ ധർമ്മം വിടാതെ നൃശംസ്യം ചെയ്യാതെ സാക്ഷാൽ അഗ്നിതുല്യനായി, പ്രതാപനായി വിലസുന്ന കുന്തീപുത്രനായ ഈ പ്രമാഥി ശത്രുഹരനാണ്. ധർമ്മാർത്ഥതത്ത്വങ്ങൾ അറിഞ്ഞവനും ബുദ്ധിമാനും ഭയപ്പെട്ടവർക്ക് അഭയം നല്കുന്നവനും സുന്ദരനും, പ്രിയത്തോടെ പാണ്ഡവന്മാർ കാക്കുന്നവനും, പ്രാണൻ കൊണ്ടും ജ്യേഷ്ഠനെ സേവിക്കുന്നവനുമായ വീരനായ നകുലൻ അദ്ദേഹത്തിന്നു പിന്നിലായി വരുന്നു. അദ്ദേഹം എന്റെ കാന്തനാണ്. കൈവേഗത്തോടുകൂടി വാൾകൊണ്ടു ഭംഗിയായി പൊരുതുന്നവനും, ധീമാനുമായ സഹദേവനാണ് പിന്നെ വരുന്നത്. ദൈത്യേന്ദ്രസൈന്യത്തിൽ ശക്രൻ എന്നപോലെ ധീരമായ അവന്റെ കർമ്മം ഹേ മൂഢാ, നിനക്കു കാണാം. ശൂരനും, കൃതാസ്ത്രനും, ബുദ്ധിമാനും, മനസ്വിയും ധർമ്മപുത്രന് പ്രിയംചെയ്യുന്നവനും, ചന്ദ്രാർക്കപ്രഭനും ഒടുക്കത്തെ സഹോദരനും പാണ്ഡവർക്കെല്ലാം ഇഷ്ടപ്പെട്ടവനുമാണ് എന്റെ ഭർത്താവായ സഹദേവൻ. ബുദ്ധിയിൽ ഇവന്നു തുല്യമായി മറ്റു മനുഷ്യർ ഇന്നു ജീവിച്ചിരിക്കുന്നില്ല. വിദ്വജ്ജനങ്ങളുടെ ഇടയിൽ ശാസ്ത്രവാദത്തിൽ വാക്കിന്നു നിശ്ചയവും പ്രൗഢിയും തികഞ്ഞവനാണ്. ഇവൻ ശൂരനും അമർഷിയുമായ ബുധേന്ദ്രനാണ്. മരിച്ചാലും അഗ്നിയിൽ ചാടിയാലും, ഈ ധീരൻ ഒരിക്കലും ധർമ്മം തെറ്റിക്കുകയില്ല. നിത്യമായ ധീരതയും ക്ഷത്രധർമ്മത്തിൽ നിഷ്ഠയും ഇദ്ദേഹത്തിന്നുണ്ട്. കുന്തീദേവിക്കു പ്രാണനേക്കാൾ ഇഷ്ടപ്പെട്ടവനുമാണ്.

രത്നം നിറഞ്ഞ കപ്പൽ മകരമത്സ്യത്തിന്മേൽച്ചെന്ന് അടിച്ചു തകരുന്ന മാതിരി ഇപ്പോൾ നിന്റെ സൈന്യത്തിലെ സകല യോദ്ധാക്കളും തകർന്നുപോകും. നീ കണ്ടുകൊള്ളുക. ഞാൻ ഒന്നു പറയാം: 'നീ യോഗ്യരായ അവരെ നിരസിച്ച് എതിർത്തവനാണ്. അവരുടെ കൈയിൽനിന്നു രക്ഷപ്പെടാൻ, നീ ശരണംപ്രാപിച്ചാൽ, അതു നിനക്ക് ഒരു പുനർജ്ജന്മമാണെന്നു പറയാം. എങ്കിൽ നിനക്ക് ഇനിയും ജീവിക്കാം.'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദ്രൗപദി ജയദ്രഥനോടു പറയുന്നതിനിടയ്ക്ക് പഞ്ചേന്ദ്രതുല്യന്മാരായ പഞ്ചപാണ്ഡവന്മാർ തങ്ങളെക്കണ്ടു ഭയപ്പെട്ട് കൈകൂപ്പി നില്ക്കുന്ന കാലാൾപ്പടയെ ഗണിക്കാതെ, ക്രോധത്തോടെ ശത്രുസൈന്യത്തെ ശരവർഷംകൊണ്ട് ആക്രമിച്ച് സർവ്വത്ര അന്ധകാരമയമാക്കിത്തീർത്തു."

271. ജയദ്രഥപലായനം – വൈശമ്പായനൻ പറഞ്ഞു: "ഈ സമയത്തു ജയദ്രഥൻ തന്റെ കൂട്ടുകാരായ രാജാക്കന്മാരെ നോക്കി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'എണീക്കുവിൻ! പ്രഹരിക്കുവിൻ! ഉടനെ പാഞ്ഞുകയറുവിൻ!' ഉടനെ യുദ്ധത്തിന്നു ഭടന്മാർ തയ്യാറായി. യുദ്ധം ആരംഭിച്ചു. ഘോരമായ ശബ്ദം മാറ്റൊലിക്കൊണ്ടു. വ്യാഘ്രങ്ങളെപ്പോലെ ബലോൽക്കടന്മാരായ ഭീമാർജ്ജുനന്മാരെ ധർമ്മരാജാവിനോടുകൂടി കണ്ടപ്പോൾ ശിബിസൗവീരസിന്ധുഭടന്മാർ വിഷാദംകൊണ്ട് മ്ലാനവദനരായി.

സ്വർണ്ണംകൊണ്ടു വിചിത്രമായിക്കെട്ടിച്ച വലിയ ഇരുമ്പുഗദയെടുത്തു കാലചോദിതനായ സൈന്ധവനോടു ഭീമസേനൻ എതിർത്തു. ഉടനെ വലിയ തേർനിരകൊണ്ട് ഭീമസേനനെ ചുറ്റി കോടികാസ്യൻ തടഞ്ഞു. കുന്തം, ഈട്ടി, വേൽ മുതലായ ആയുധങ്ങൾ ആ ശത്രുഭടന്മാർ കൂട്ടത്തോടെ എറിഞ്ഞിട്ടും ഭീമൻ കുലുങ്ങിയില്ല. ആ മഹാബലൻ സൈന്ധവസൈന്യത്തിലെ ഗജങ്ങളെയും, ആനപ്പുറത്തുകയറിയ യോദ്ധാക്കളെയും കാലാളുകളെയും പതിന്നാലുവീതം ഓരോ പ്രഹരത്താൽ കൊന്നുവീഴ്ത്തി. അർജ്ജുനൻ സൗവീരനെ പിടികൂടുവാൻ പോകുന്നപോക്കിൽ ആ ശത്രുസൈന്യത്തിൽനിന്ന് അഞ്ഞൂറു വീരന്മാരെ യമപുരിയിലേക്കു യാത്രയയച്ചു. ധർമ്മരാജാവാകട്ടെ, യുദ്ധവീരന്മാരായ സൗവീരപ്രവരന്മാരിൽ നൂറുപേരെ ഒരേനിമിഷംകൊണ്ടു പോരിൽ നിഗ്രഹിച്ചു നിലംപതിപ്പിച്ചു. വാളുമെടുത്ത് നകുലൻ തേർത്തട്ടിൽനിന്നു ചാടിയിറങ്ങി ശത്രുക്കളുടെ ശിരസ്സുകളെ വിളകൊയ്യുംവിധം അരിഞ്ഞുതള്ളി. സഹദേവൻ ഗജയോധികളുടെ മദ്ധ്യത്തിൽ രഥത്തെ നടത്തി കൂരമ്പുകൾ വിട്ടു മരങ്ങളിൽനിന്നു മയിലുകളെ എന്നമാതിരി നിലംപതിപ്പിച്ചു.

ഇപ്രകാരം പാണ്ഡവന്മാർ പൊരുതുമ്പോൾ ധനുർദ്ധരനായ ത്രിഗർത്തരാജാവ് തന്റെ മഹാരഥത്തിൽനിന്നു കുതിച്ചു ചാടി, ഗദയുമായി പാഞ്ഞുകയറി യുധിഷ്ഠിരന്റെ രഥത്തിലെ നാലുകുതിരകളേയും അടിച്ചുകൊന്നു. ഇതുകണ്ട് ഭൂമിയിൽ നില്ക്കുന്ന ത്രിഗർത്തനെ യുധിഷ്ഠിരൻ അർദ്ധചന്ദ്രബാണം എയ്ത് വക്ഷസ്സു പിളർന്നു. അവൻ ഹൃദയം കീറി ചോര ഛർദ്ദിച്ച് അടിമുറിഞ്ഞ മരംപോലെ ധർമ്മരാജാവിന്റെ മുമ്പിൽ മരിച്ചുവീണു. ഇന്ദ്രസേനനോടുകൂടി തേർവിട്ടു ചാടി ധർമ്മജൻ, അശ്വങ്ങൾ വീഴുകയാൽ സഹദേവന്റെ തേരിൽ ചാടിക്കയറി.

മറ്റൊരിടത്ത് ക്ഷേമംകരൻ, മഹാമുഖൻ എന്നീ ശത്രുവീരന്മാർ നകുലന്റെ രണ്ടുഭാഗത്തും നിന്ന് തീക്ഷ്ണമായ ശരങ്ങൾ കൂട്ടത്തോടെ വർഷിച്ച് എതിരിട്ടു. കാറുകൾ മഴപെയ്യുംപോലെ ശരങ്ങൾ ചൊരിയുന്ന അവരെ മാദ്രേയൻ ഓരോ ബാണംകൊണ്ടുതന്നെ കാലപുരിക്കയച്ചു. അതു കണ്ട് ത്രിഗർത്തവംശത്തിലെ മറ്റൊരു ക്ഷത്രിയവീരനായ സുരഥൻ ഗജയാനജ്ഞനാകയാൽ അവൻ ഗജത്തെക്കൊണ്ടു തേർ വലിപ്പിച്ച് നകുലന്റെ രഥത്തിന്നുനേർക്കു പാഞ്ഞെത്തി. ശത്രുവിനെ നോക്കി ആ പാണ്ഡവൻ വാളും പരിചയുമെടുത്ത് ഭീകരസ്ഥാനത്തുചെന്ന് ഭയംകൂടാതെ നിശ്ചലമായ പർവ്വതംപോലെ ഉറച്ചുനിന്നു.

നകുലനെ കൊല്ലുവാനായി തന്റെ ഗജശ്രേഷ്ഠനെ സുരഥൻ പ്രയോഗിച്ചു. ആ ഗജം ക്രുദ്ധനായി തുമ്പി ഉയർത്തി പാഞ്ഞടുത്തു. അപ്പോൾ നകുലൻ അതിന്റെ ഗണ്ഡപ്രദേശത്തിൽ തന്റെ ഖൾഗം എടുത്തു പ്രയോഗിച്ചു. വെട്ടേറ്റ് ആനയുടെ കൊമ്പും തുമ്പിക്കൈയും അറ്റുവീണു. അതോടുകൂടി കിങ്ങിണിക്കോപ്പോടുകൂടിയ ആ ഗജം അതിഭയങ്കരമായി ഗർജ്ജിച്ച്, തലകുത്തിമറിഞ്ഞുവീണു. അതോടുകൂടി ആ ആനയുടെ പാപ്പാൻ ചതഞ്ഞു ചാവുകയും ചെയ്തു. ഈ മഹാകർമ്മം കഴിഞ്ഞതിന്നുശേഷം ശൂരനായ മാദ്രേയൻ ഭീമസേനന്റെ രഥത്തിൽ കയറി അവിടെ വിശ്രമിച്ചു.

അപ്പോൾ ഭീമൻ കോടികാസ്യനോടു പൊരുതി നില്ക്കുകയായിരുന്നു. കോടികാസ്യന്റെ സൂതനെ ഭീമൻ അമ്പെയ്തു ശിരസ്സ് അറുത്തുവീഴ്ത്തി. കൈയൂക്കുകൂടിയ കോടികാസ്യൻ തന്റെ സൂതനെ ഭീമൻ കൊന്നത് അറിഞ്ഞില്ല. സൂതൻ വീഴുകയാൽ ആ തേരിലെ കുതിരകൾ പോർക്കളത്തിൽ അവിടവിടെ പാഞ്ഞുതുടങ്ങി. അപ്പോഴേ കോടികാസ്യൻ അറിഞ്ഞുള്ളു, തന്റെ സാരഥി ഹതനായത്. ഉടനെ ആ ക്ഷത്രിയൻ ആത്മരക്ഷയ്ക്കായി പിന്തിരിയുവാൻ ഒരുങ്ങി. യുദ്ധകുശലനായ ഭീമസേനൻ അവനെ കുന്തംകൊണ്ടു കുത്തിക്കൊന്നു.

digitized by www.sreyas.in

മറ്റൊരിടത്ത് അർജ്ജുനൻ സൗവീരന്മാരോട് എതിർത്ത് ആ പന്ത്രണ്ടുപേരുടേയും വില്ലുമുറിച്ച് അവരുടെ ശിരസ്സറുത്തു വധിച്ചുവീഴ്ത്തി. ശിബികൾ, ഐക്ഷ്വാകുകന്മാർ, ത്രിഗർത്തന്മാർ, സൈന്ധവന്മാർ എന്നിവരിൽ തന്റെ ബാണങ്ങൾക്കു ചെല്ലാവുന്ന ഇടംവരെ എത്തുപെടുന്ന എല്ലാവരേയും മഹാരഥനായ അർജ്ജുനൻ കൊന്നൊടുക്കി. സവ്യസാചിയാൽ മർദ്ദിതരായ ശത്രുയോധന്മാർ അവിടവിടെ പലരും ചത്തു ചിന്നിക്കിടക്കുന്നതു കാണുമാറായി. പതാകകളോടുകൂടിയ ഗജങ്ങളേയും ധ്വജങ്ങളോടുകൂടിയ മഹാരഥങ്ങളേയും കൊണ്ടു പോർക്കളം സർവ്വത്ര മൂടി. അവർക്കിടയിൽ ശിരസ്സ് അറ്റ ഉടലുകളും ഉടൽ അറ്റ തലകളും അസംഖ്യമസംഖ്യം കൂടിക്കിടന്നു. നായ്ക്കൾ, കഴുകുകൾ, കങ്കങ്ങൾ, കുറുക്കന്മാർ മുതലായ ജീവികൾ, രണവീരന്മാരുടെ രക്തമാംസങ്ങളാൽ സംതൃപ്തിനേടി. കൂട്ടുകാരായ സകലവീരന്മാരും മരിച്ചുവീണപ്പോൾ പേടിച്ചുവിറച്ചു ജയദ്രഥൻ പാഞ്ചാലിയെ കൈയൊഴിച്ച് ഓടി വല്ലേടത്തും പോയി ഒളിക്കുവാൻ തുനിഞ്ഞു.

സൈന്യങ്ങൾ കൂടിക്കലർന്ന് എതിർക്കുന്നതിനുള്ളിൽ ആ നരാധമൻ പാഞ്ചാലിയെ താഴെ ഇറക്കിവിട്ട് പ്രാണരക്ഷയ്ക്കായി കാട്ടിനുള്ളിലേക്ക് ഓടി.

ധൗമ്യനെ മുന്നിൽ നടത്തി യാജ്ഞസേനി വരുന്നതുകണ്ടു ധർമ്മരാജാവ് വീരനായ മാദ്രീപുത്രനെക്കൊണ്ട് ആ പതിവ്രതയെ തന്റെ തേരിൽ കയറ്റിച്ചു.

ജയദ്രഥൻ ഓടിപ്പോയപ്പോൾ സൈന്യങ്ങൾ പിൻതിരിഞ്ഞു പായുവാൻ തുടങ്ങി. ഭീമൻ പാഞ്ഞുചെന്നു ശത്രുഭടന്മാരെ ശരങ്ങളാൽ കൊന്നുവീഴ്ത്തി. ഒളിച്ചോടുന്ന ജയദ്രഥനെക്കണ്ടപ്പോൾ സൈന്ധവസൈനികരെ നിഗ്രഹിച്ചുകൊണ്ടു നില്ക്കുന്ന ഭീമനെ ധനഞ്ജയൻ തടുത്തു.

അർജ്ജുനൻ പറഞ്ഞു: 'ആര് ചെയ്ത തെറ്റുകൊണ്ടാണോ നമുക്ക് ഈ ക്ലേശമൊക്കെ ഉണ്ടായത്, ആ ജയദ്രഥനെ ഇപ്പോൾ പോർക്കളത്തിൽ കാണുന്നില്ല. അവൻ എവിടെപ്പോയെന്ന് അന്വേഷിക്കുകയാണ് ഇനി നാം വേണ്ടത്. ആ വെറും ഭടന്മാരെ എന്തിനു കൊല്ലുന്നു? നമുക്ക് ഇരയില്ലാത്തവരാണ് ഇവർ. ഇതിൽ ഭവാന്റെ അഭിപ്രായം എന്താണ്?'

വൈശമ്പായനൻ പറഞ്ഞു: "ബുദ്ധിമാനായ അർജ്ജുനൻ പറഞ്ഞപ്പോൾ ഭീമൻ യുധിഷ്ഠിരന്റെ അടുത്തുചെന്ന് ഇപ്രകാരം പറഞ്ഞു: 'വീരന്മാർ മരിച്ചതിന്നുശേഷം ശത്രുക്കൾ എല്ലാവരും പല ദിക്കിലേക്കും ഓടിപ്പോയി. രാജാവേ, ഭവാൻ കൃഷ്ണയേയുംകൊണ്ട് ആശ്രമത്തിലേക്കു പോവുക. നകുലസഹദേവന്മാരും ധൗമ്യനും പോന്നുകൊള്ളട്ടെ! ഭവാൻ ആശ്രമത്തിലെത്തി കൃഷ്ണയെ സമാശ്വസിപ്പിക്കുക. ആ മൂഢനായ സിന്ധുരാജാവിനെ ഞാൻ ജീവനോടെ വിടുകയില്ല. അവൻ പാതാളത്തിലൊളിച്ചാലുംകൊള്ളാം, ഇന്ദ്രൻ സാരഥിയായാലും കൊള്ളാം, അവനെ ഞാൻ വിടില്ല.'

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഭീമാ! നീ ആ സൈന്ധവനെ കൈയിൽ കിട്ടിയാൽ ദുഷ്ടനാണെങ്കിലും അവനെ കൊല്ലരുത്. നമ്മുടെ സഹോദരിയായ ദുശ്ശളയേയും സാദ്ധ്വിയായ ഗാന്ധാരിയേയും നീ ഓർക്കണം."

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ പറഞ്ഞതുകേട്ടപ്പോൾ പാഞ്ചാലിയുടെ ഹൃദയം ഉഴന്നു, അവൾക്കു കോപവും, ലജ്ജയും ഹൃദയത്തിൽ ഉണ്ടായി. അവൾ ഭീമാർജ്ജുനന്മാരെ ഒന്നു നോക്കി, തന്റെ അഭിപ്രായം ഭീമനോടു പറഞ്ഞു."

ദ്രൗപദി പറഞ്ഞു: 'എനിക്കു പ്രിയം ചെയ്യണമെന്നുണ്ടെങ്കിൽ ആ പുരുഷാധമനെ കൊല്ലുകതന്നെ വേണം. അവൻ കുത്സിതനും പാപിയും, ദുർബുദ്ധിയും, കുലപാംസനനുമാണ്. രാജ്യത്തെ അപഹരിച്ച ശത്രുവിനേയും ഭാര്യയെ അപഹരിച്ച ശത്രുവിനേയും അപേക്ഷിച്ചാൽപ്പോലും പോരിൽ വിട്ടയച്ചുകൂടാ.'

ഇതുകേട്ട് നരവ്യാഘ്രന്മാരായ ഭീമാർജ്ജുനന്മാർ ഉടനെ തന്നെ ജയദ്രഥനെ അന്വേഷിച്ചു പുറപ്പെട്ടു. ധർമ്മജൻ ദ്രൗപദിയെ കൂട്ടിക്കൊണ്ടു പുരോഹിതനോടുകൂടി ആശ്രമത്തിലെത്തി. അവിടെച്ചെന്നപ്പോൾ ആശ്രമത്തിൽ ചിന്നിക്കിടക്കുന്ന ഉപകരണങ്ങൾ യുധിഷ്ഠിരൻ കണ്ടു.

ആശ്രമത്തിൽ അവർ എത്തുമ്പോൾ ദ്രൗപദിയെ ഓർത്തു ദുഃഖിച്ചിരിക്കുന്ന മാർക്കണ്ഡേയൻ മുതലായ വിപ്രന്മാരെ കണ്ട് നടന്ന കാര്യങ്ങളെല്ലാം അറിയിച്ചു. സൈന്ധവ സൗവീരന്മാരെ നിഗ്രഹിച്ചു ദ്രൗപദിയെ വീണ്ടെടുത്തു ഭ്രാതാക്കന്മാരോടുകൂടി തിരിച്ചുവന്ന യുധിഷ്ഠിരനെക്കണ്ടു വിപ്രന്മാരെല്ലാം സന്തോഷിച്ചു. ധർമ്മജൻ വിപ്രന്മാരുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുമ്പോൾ ദ്രൗപദി നകുലസഹദേവന്മാരോടുകൂടി ആശ്രമത്തിലേക്കു പോയി.

ജയദ്രഥനെ അന്വേഷിച്ചു ചെന്ന ഭീമാർജ്ജുനന്മാർ കേട്ടു, അവൻ ഒരു വിളിപ്പാട് ദൂരെ എത്തിയിട്ടുണ്ടെന്ന്. ഉടനെ കുതിരകളെ ദ്രുതഗതിയിൽ ഓടിച്ചു പാഞ്ഞുകയറി. അർജ്ജുനൻ അപ്പോൾ ഒരു അത്ഭുതകർമ്മം ചെയ്തു. ഒരു വിളിപ്പാടകലെയായി ദ്രുതഗതിയിൽ ഓടുന്ന ജയദ്രഥന്റെ കുതിരകളെ, സങ്കടത്തിൽ സംഭ്രമിക്കാത്തവനായ ധനഞ്ജയൻ ദിവ്യാസ്ത്രം മന്ത്രിച്ചയച്ചു കൊന്നുവീഴ്ത്തി. കുതിരകൾ ചത്തപ്പോൾ ഭീതനും വ്യാകുലചിത്തനുമായിത്തീർന്നു ജയദ്രഥൻ. ഒറ്റയ്ക്കുഴലുന്ന സൈന്ധവന്റെ നേരെ ഭീമാർജ്ജുനന്മാർ പാഞ്ഞുചെന്നു. കുതിരകൾ ചത്തു; അർജ്ജുനൻ അതിവിക്രമങ്ങൾ കാണിച്ചു. ഇതു കണ്ടപ്പോൾ സൈന്ധവൻ ഭയപ്പെട്ടു ദുഃഖിച്ച് ഒളിക്കുവാൻ ഇടം നോക്കി കാട്ടിലേക്കു പാഞ്ഞു. പിൻതിരിഞ്ഞ് ഓടുന്നതിൽ നിപുണനായ സൈന്ധവനെ അർജ്ജുനൻ പേരെടുത്തു വിളിച്ചു പിന്തുടർന്ന് ഇപ്രകാരം പറഞ്ഞു: 'ഇമ്മാതിരി പരാക്രമം കൊണ്ടാണോ നീ ഒരു സ്ത്രീയെ ബലാൽ കാമിച്ചത്? രാജപുത്രനായ നിനക്ക് ഇത് ഒരിക്കലും ചേർന്നതല്ല. ജയദ്രഥാ, പിന്തിരിഞ്ഞോളൂ! അനുചരന്മാരെയൊക്കെ വിട്ട് ശത്രുമദ്ധ്യത്തിൽ നീ ഓടുന്നത് എന്തിനാണ്?'

ഇപ്രകാരം അർജ്ജുനൻ വിളിച്ചുപറഞ്ഞിട്ടും അവൻ തിരിഞ്ഞുനോക്കാതെ ഓടി. 'നിൽക്കൂ! നിൽക്കൂ!' എന്നു വിളിച്ചു പറഞ്ഞു ഭീമൻ വേഗത്തിൽ പാഞ്ഞുചെന്നു. 'കൊല്ലരുതേ! കൊല്ലരുതേ!' എന്ന് അർജ്ജുനനും, അവനിൽ കനിഞ്ഞ്, വിളിച്ചുപറഞ്ഞു."

ജയദ്രഥവിമോക്ഷണപർവ്വം

272. ജയദ്രഥൻ ശിവനിൽനിന്നു വരം നേടുന്നു -
വൈശമ്പായനൻ പറഞ്ഞു: "ശസ്ത്രധാരികളായ ഭീമാർജ്ജുനന്മാരെക്കണ്ട് വലിയ വിഷമത്തോടെ, അഭിമാനം വിട്ട് ജീവനിൽ കൊതിയാൽ ജയദ്രഥൻ ഓടിത്തുടങ്ങി. അങ്ങനെ ദ്രുതഗതിയിൽ ഓടുന്ന സൈന്ധവനെ ഭീമൻ തേരിൽനിന്നു ചാടി ഓടിച്ചെന്ന് അമർഷത്തോടെ തലമുടി ചുറ്റിപ്പിടിച്ചു നിർത്തി. അവനെ പിടിച്ചു പൊക്കി ഭീമൻ നിലത്തിട്ട് ഒന്നു ചതച്ചു. പിന്നെ തലമുടി ചുറ്റിപ്പിടിച്ചു വീശി നിലത്ത് ഒരു അടിയടിക്കുകയും ചെയ്തു. ആ അടിയോടുകൂടി ജയദ്രഥൻ മോഹിച്ചു വീണുപോയി. അല്പസമയം കഴിഞ്ഞ് ബോധം വന്നപ്പോൾ എഴുന്നേൽക്കുവാൻ ശ്രമിച്ച സൈന്ധവന്റെ തലമണ്ടയ്ക്കു ഭീമൻ ഒരു പ്രഹരംകൂടി കൊടുത്തു. പ്രഹരത്താൽ പീഡിതനായ ജയദ്രഥൻ വീണ്ടും മോഹാലസ്യപ്പെട്ടു. ഉടനെ അർജ്ജുനൻ അടുത്തുചെന്ന്, ദുശ്ശളയ്ക്കു വേണ്ടി ധർമ്മരാജാവു പറഞ്ഞത് ഓർമ്മവേണമെന്നു പറഞ്ഞ്, ക്രുദ്ധനായ ഭീമനെ അക്രമത്തിൽനിന്നു തടഞ്ഞു."

ഭീമൻ പറഞ്ഞു: "ഈ മഹാപാപി എന്റെ കൈയിൽനിന്നു രക്ഷപെടുവാൻ അർഹനല്ല. ക്ലേശമേല്ക്കാൻ അർഹതയില്ലാത്ത കൃഷ്ണയെ ക്ലേശിപ്പിച്ച കുത്സിതനാണ് ഈ പാപി. ഞാൻ എന്തു ചെയ്യും! രാജാവ് എപ്പോഴും സ്ഥാനത്തും അസ്ഥാനത്തും കൃപ കാണിക്കുന്നു! നീയും എന്നെ അല്പബുദ്ധികൊണ്ടു കുഴയ്ക്കുകയാണ്." പിന്നെ ശേഷവും പകരവും ഒന്നും പറയാതെ ഭീമൻ അർദ്ധചന്ദ്രബാണമെടുത്തു പ്രയോഗിച്ച് ജയദ്രഥന്റെ തലമുടി

digitized by www.sreyas.in

അഞ്ച് ഇടങ്ങളിൽ മുറിച്ച് അഞ്ചു കുടുമ്മകൾ ഉണ്ടാക്കിനിർത്തി; അവനെക്കൊണ്ടു തെറ്റു പറയിച്ചു.

ഭീമൻ പറഞ്ഞു: "എടാ മൂഢ! നീ ഇനിയും ജീവിക്കുവാൻ തന്നെ കൊതിക്കുന്നുണ്ടെങ്കിൽ ഞാൻ ഒരു സൂത്രം പറഞ്ഞുതരാം. നാലുപേർ കൂടുന്ന സ്ഥലങ്ങളിലൊക്കെച്ചെന്ന് 'ഞാൻ ദാസനാണേ!' എന്നു നീ ഉറക്കെ വിളിച്ചു പറയണം. എന്നാൽ ഞാൻ നിന്റെ ജീവൻ തരാം. പോരിൽ തോറ്റവൻ ഇങ്ങനെയാണു ചെയ്യേണ്ടത്."

പോരിൽ എന്നും ശോഭിക്കുന്ന പുരുഷവ്യാഘ്രനായ ഭീമസേനൻ വലിച്ചിഴച്ച് ഇപ്രകാരം പറഞ്ഞപ്പോൾ ഭീമൻ പറയുന്നപോലെ ചെയ്യാമെന്നു ജയദ്രഥൻ സമ്മതിച്ചു. അടിയുടെ ഊക്കേറ്റു പിടയുന്ന സൈന്ധവനെ സംജ്ഞവിട്ടും പൊടിപുരണ്ടുമുള്ള നിലയിൽ കെട്ടിയെടുത്ത് ഭീമൻ തേരിൽ വലിച്ചിട്ട് അർജ്ജുനനോടു കൂടി ആശ്രമത്തിലേക്കു തിരിച്ചു. ആശ്രമത്തിൽ എത്തിയ ഉടനെ ഭീമൻ, വികൃതരൂപനും ബന്ധിക്കപ്പെട്ടവനുമായ ജയദ്രഥനെ എടുത്തു ധർമ്മരാജാവിന്റെ മുമ്പിൽ കാഴ്ചവെച്ചു. സൈന്ധവനെ വികൃതശീർഷനായ നിലയിൽ കണ്ടപ്പോൾ ആ ധർമ്മരാജാവിന്നുപോലും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

യുധിഷ്ഠിരൻ പറഞ്ഞു: "ഭീമാ! ഇവനെ വിട്ടയയ്ക്കുക!"

ഭീമസേനൻ പറഞ്ഞു: "ഈ പാപാത്മാവ് പാണ്ഡവന്മാരുടെ ദാസനായി എന്നു ദ്രൗപദിയോടു പറയണം."

ഇതു കേട്ടപ്പോൾ യുധിഷ്ഠിരൻ ഭീമനോടു സ്നേഹപൂർവ്വം പറഞ്ഞു: 'എടോ ഭീമാ! നീ ഈ നീചാചാരനെ വിട്ടയ്ക്കുക!'

ഇതു കേട്ടപ്പോൾ ധർമ്മജനെ നോക്കി അദ്ദേഹത്തിന്റെ ഹിതം ഗ്രഹിച്ച കൃഷ്ണയും പറഞ്ഞു: 'ഭവാൻ പഞ്ചശിഖവെപ്പിച്ച ഈ ദാസനെ ഇനി വിട്ടയയ്ക്കാം.'

ഇപ്രകാരം പാഞ്ചാലി പറയുകയാലും യുധിഷ്ഠിരൻ കല്പിക്കുകയാലും ഭീമൻ അപ്രകാരം തന്നെ ചെയ്തു. ബന്ധനവിമുക്തനായ ജയദ്രഥൻ യുധിഷ്ഠിരരാജാവിനേയും അവിടെയുള്ള മുനിമാരേയും വിറയ്ക്കുന്ന ശരീരത്തോടെ താണുവണങ്ങി നിന്നു.

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ജയദ്രഥാ! നീ അദാസനായിരിക്കുന്നു. സ്വൈരമായി പൊയ്ക്കൊള്ളുക! ഇനി മേലാൽ നീ ഇത്തരം അവിവേകം കാണിക്കരുത്. ക്ഷുദ്രസഹായനും ക്ഷുദ്രനുമായ നീ പെൺകൊതി നിമിത്തം കാണിച്ച വിക്രമങ്ങൾ വളരെ നിന്ദ്യം തന്നെ! ഹേ, പുരുഷാധമാ! നീയല്ലാതെ മറ്റ് ആരാണ് ഇമ്മാതിരി കൊള്ളരുതായ്മ കാണിക്കുക? അശുഭകർത്താവായ ജയദ്രഥൻ സത്വംകെട്ടവനാണെന്നുകണ്ട് യുധിഷ്ഠിരന് അവനിൽ അനുകമ്പ തോന്നി പൊയ്ക്കൊള്ളുവാൻ അനുജ്ഞ നല്കി: 'എടോ ജയദ്രഥാ! നിന്റെ ബുദ്ധി ധർമ്മത്തിൽ സ്ഥിതി ചെയ്യട്ടെ! അധർമ്മത്തിൽ ഒരിക്കലും മനസ്സുവെക്കരുത്. തേർ, കുതിര, കാലാൾ എന്നീ അകമ്പടിയോടുകൂടിത്തന്നെ പൊയ്ക്കൊള്ളുക. നിനക്കു മംഗളം ഭവിക്കട്ടെ!'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ അവൻ നാണിച്ചു തലതാഴ്ത്തി നിന്നു. പിന്നെ അവൻ ദുഃഖത്തോടുകൂടി ഗംഗാദ്വാരത്തേക്കു പോയി.

ഗംഗാദ്വാരത്തിൽച്ചെന്ന് അവൻ വിരൂപാക്ഷനായ ഉമാകാന്തനെ ശരണംപ്രാപിച്ചു. അവിടെ ഇരുന്ന് അവൻ തപസ്സുചെയ്തു. ഒരു ദിവസം വൃഷധ്വജൻ അവനിൽ പ്രീതനായി. ജയദ്രഥൻ മഹേശ്വരന്റെ കൈയിൽനിന്നു വരം വാങ്ങിച്ചു. അതും പറയാം. ജയദ്രഥൻ ശിവനോടു വരം ആവശ്യപ്പെട്ടു: 'എനിക്കു പ്രസിദ്ധന്മാരായ അഞ്ചുപാർത്ഥന്മാരേയും പോരിൽ ജയിക്കണം.' അതിന്നു സാദ്ധ്യമല്ലെന്നു ശിവൻ മറുപടി പറഞ്ഞു. ശിവൻ പറഞ്ഞു: 'അർജ്ജുനനെയൊഴികെ മറ്റെല്ലാ പാണ്ഡവന്മാരേയും അവർ അജയ്യന്മാരും അവദ്ധ്യന്മാരുമാണെങ്കിലും നീ അവരെ തടുക്കും. എന്നാൽ അർജ്ജുനനെ നിനക്കു തടുക്കുവാനുംകൂടി സാദ്ധ്യമല്ല. അവൻ നരനും, സുരേശനും, മഹാബാഹുവുമാണ്. ബദര്യാശ്രമത്തിൽ നാരായണനോടുകൂടി തപംചെയ്ത നരനാണ്. അവൻ സർവ്വലോകവിജയിയും ദേവന്മാർക്കുപോലും അധൃഷ്യനുമാണ്. ഞാൻ കൊടുത്ത ദിവ്യവും നിസ്തുല്യവുമായ പാശുപതം എന്ന അസ്ത്രം അവന്റെ കൈയിലുണ്ട്. ലോകപാലകന്മാർ നല്കിയ വജ്രം മുതലായ ശസ്ത്രങ്ങളും അവന്റെ കൈവശമുണ്ട്.

പാർത്ഥനെ എപ്പോഴും സഹായിച്ചുകൊണ്ടു നില്ക്കുന്നവനായ നാരായണൻ, സുരഗുരുവും, അനന്താത്മാവും, ദേവദേവനുമായ വിഷ്ണുവാണ്. വിശ്വാത്മാവും, വിശ്വമൂർത്തിയും, അവ്യക്തനുമായ ഉത്തമപുരുഷനാണ് ആ പ്രഭു. യുഗാന്തത്തിൽ പർവ്വതം, സമുദ്രം, ദ്വീപ്, വനം മുതലായവ ഉൾപ്പെടെയുള്ള ജഗത്തിനെ മുഴുവൻ കാലാഗ്നി ദഹിപ്പിക്കുകയുണ്ടായി. അതോടുകൂടി നാഗലോകവും പാതാളവാസികളായ സകലജീവികളും വെന്തു നശിച്ചു. അതുകഴിഞ്ഞതിന്നുശേഷം മിന്നൽപ്പിണരുകളോടുകൂടി, പല വർണ്ണങ്ങൾ ചേർന്ന വലാഹകങ്ങൾ ഘോരമായി അലറിക്കൊണ്ടു നഭോമണ്ഡലത്തിൽ പൊങ്ങി എല്ലായിടത്തും വർഷം ചൊരിഞ്ഞു. അച്ചുതണ്ടുപോലെ വണ്ണംകൂടിയ ജലധാരകളാൽ സർവ്വദിക്കും നനച്ച് ആ മേഘമാലകൾ കാലാഗ്നിയെ അടക്കി, അഗ്നി മുഴുവൻ കെടുത്തി. അപ്പോൾ ചരാചരങ്ങളെല്ലാം അടങ്ങി, സർവ്വത്ര ഒരേ ഒരു കടലായിത്തീർന്നു. അങ്ങനെ സൂര്യചന്ദ്രപവനന്മാർ നശിച്ച്, നക്ഷത്രഗ്രഹങ്ങളെല്ലാം ഒടുങ്ങി. ആയിരം ചതുര്യുഗങ്ങൾ അങ്ങനെ കഴിഞ്ഞതിൽപ്പിന്നെ ഭൂമി വെള്ളത്തിൽ മുങ്ങി. അന്നു സഹസ്രാക്ഷനും, സഹസ്രപാദനും, സഹസ്രശീർഷനുമായ നാരായണൻ തനിക്കുള്ള പകൽ കഴിയുകയാൽ ഉറങ്ങുവാൻ നിശ്ചയിച്ചു. ഒരായിരം സൂര്യന്മാർ ഉദിച്ചപോലെ അത്രയും അമിതതേജസ്സും മുല്ലപ്പൂവ്, തിങ്കൾ, മുത്ത്, പാൽ, താമരവളയം, ആമ്പൽ എന്നിവപോലെ അത്രയും ശുഭ്രവും ആയിരം മഹാഫണങ്ങളോടുകൂടിയതുമായ ശേഷതല്പത്തിന്മേൽ ഭഗവാൻ ആ സമുദ്രമദ്ധ്യത്തിൽ നിദ്ര ചെയ്തു. ആ ദേവൻ തന്റെ രാത്രിയെ നിശയാൽ അന്ധകാരമയമാക്കി. എന്നാൽ ആ വിഭു സത്വോദയത്തിൽ ഉണർന്നു പ്രാണിസഞ്ചാരഹീനമായ ലോകത്തെ ആ രാവിൽ, ആ ഉറക്കത്തിൽത്തന്നെ കണ്ടുകൊണ്ടിരുന്നു.

ആ രാത്രി കഴിയാറായപ്പോൾ വീണ്ടും പ്രജകൾ ഉണ്ടാകേണ്ടതിനെപ്പറ്റി ആ സനാതനൻ ധ്യാനനിമഗ്നനായി. ധ്യാനമാത്രയിൽത്തന്നെ ഭഗവാന്റെ നാഭിയിൽനിന്ന് ഒരു താമര ഉയർന്നു. ആ നാഭീപത്മത്തിൽനിന്നു ചതുർമ്മുഖനായ ബ്രഹ്മാവ് ആവിർഭവിച്ചു. ആ പത്മത്തിൽ ഇരുന്നുകൊണ്ടു ചുറ്റും നോക്കിയപ്പോൾ ജഗത്തു മുഴുവൻ ശൂന്യമായിരിക്കുന്നത് ലോകപിതാമഹൻ കണ്ടു. ഉടനെ ആ ദേവൻ മനസ്സുകൊണ്ട് മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, നാരദൻ, ഭൃഗു എന്നീ ആത്മതുല്യരായ ഒമ്പതു മഹർഷിമാരെ ആദ്യമായി സൃഷ്ടിച്ചു. പിന്നെ സ്ഥാവരങ്ങളേയും, ജംഗമങ്ങളേയും, സർവ്വഭൂതങ്ങളേയും, യക്ഷരാക്ഷസന്മാരേയും, ഭൂതപിശാചങ്ങളേയും, ഉരഗമാനുഷന്മാരേയും സൃഷ്ടിച്ചു. രജോഗുണത്തിന്റെ ഉൽക്കർഷത്തിൽ ബ്രഹ്മമൂർത്തിയായി സൃഷ്ടിനടത്തുക, സത്വഗുണത്തിന്റെ ഉൽക്കർഷത്തിൽ പൗരുഷാത്മകമായ വൈഷ്ണവാംശത്തെ പ്രാപിച്ചു രക്ഷചെയ്യുക, തമോഗുണത്തിന്റെ ഉൽക്കർഷത്തിൽ രുദ്രഭാവംപൂണ്ടു സംഹാരം നടത്തുക, എന്നീ മൂന്ന് അവസ്ഥകളാണ് പ്രജാപതിയായ ഈശ്വരന്നുള്ളത്.

എടോ സൈന്ധവാ! അത്ഭുതകർമ്മാവായ വിഷ്ണുവിനെക്കുറിച്ചുള്ള കഥകൾ വേദപാരംഗതന്മാരും മുനീന്ദ്രന്മാരുമായ ബ്രാഹ്മണരിൽനിന്നു നീ കേട്ടിട്ടില്ലേ? ആ മഹത്തായ കർമ്മങ്ങളിൽ ചിലതു ഞാൻ പറയാം. നീ ശ്രദ്ധാപൂർവ്വം കേൾക്കുക:

ഭൂതലം മുഴുവൻ ജലത്തിൽ മുങ്ങിക്കിടക്കുമ്പോൾ, വായുവും തേജസ്സും പൃഥ്വിയുമില്ലാതെ പ്രകാശം ആകാശമാത്രമായും ജലമാത്രമായും സ്ഥിതിചെയ്യുമ്പോൾ, എല്ലായിടത്തും വർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ആ നിശയിൽ പ്രഭുവായ

digitized by www.sreyas.in

നാരായണൻ മിന്നാമിനുങ്ങുപോലെ സഞ്ചരിച്ചുകൊണ്ട് ലോകത്തെ പ്രതിഷ്ഠാപനം ചെയ്യുവാൻ എന്തുചെയ്യേണമെന്നു ചിന്തിച്ചുനോക്കി. വെള്ളത്തിൽ താണുകിടക്കുന്ന ഭൂമിയെക്കണ്ട് അതിനെ ഉയർത്തുവാൻ ആഗ്രഹിച്ചു. ഏതുരൂപമാണ് ഭൂമിയെ ജലത്തിൽനിന്നു പൊക്കുവാൻ താൻ കൈക്കൊള്ളേണ്ടത്? അങ്ങനെ ചിന്തിച്ചസമയത്ത് ആ ദേവൻ ദിവ്യദൃഷ്ടികൊണ്ട് അതിന്നുള്ള മാർഗ്ഗം ദർശിച്ചു. ജലക്രീഡയിൽ അഭിരുചികൂടിയ വരാഹത്തിന്റെ രൂപം സ്വീകരിച്ചാൽ തന്റെ കാമം സഫലമാകുമെന്നു കണ്ടു. ഭഗവാൻ നാരായണൻ ചതുർവ്വേദമയവും യജ്ഞരൂപവുമായ വരാഹത്തിന്റെ ശരീരം സ്വീകരിച്ചു. പത്തു യോജനവീതിയും, നൂറുയോജന നീളവുമുള്ള മഹാപർവ്വതതുല്യമായ ശരീരവും പ്രദീപ്തങ്ങളും മൂർച്ചകൂടിയതുമായ ദംഷ്ട്രങ്ങളും നീലമേഘത്തിന്റെ വർണ്ണവും മേഘനിർഘോഷമൊത്ത ശബ്ദവും ചേർന്ന യജ്ഞവരാഹമായി ഭഗവാൻ നാരായണൻ ജലത്തിൽ പ്രവേശിച്ച് ഒരേ തേറ്റയാൽ ഭൂമിയെ ഉയർത്തി സ്വസ്ഥാനത്തിൽ കയറ്റിവെച്ചു.

പിന്നീടു മറ്റൊരു അപൂർവ്വശരീരം ആ മഹാബാഹു ധരിക്കുകയുണ്ടായിട്ടുണ്ട്; ശരീരത്തിന്റെ പകുതിഭാഗം മനുഷ്യന്റേയും പകുതിഭാഗം സിംഹത്തിന്റേയും മാതിരിയിൽ. അങ്ങനെ പുതിയ രൂപം കൈക്കൊണ്ട് ഭഗവാൻ കൈകൾ ഉരച്ചുകൊണ്ട് ദൈത്യേന്ദ്രന്മാരുടെ സഭയിൽ കയറിച്ചെന്നു. ദൈത്യന്മാരുടെ ആദിപുരുഷനായ ആ സുരാരി ഈ അപൂർവ്വ പുരുഷനെക്കണ്ട് ക്രോധത്താൽ രക്തനേത്രനായിത്തീർന്നു. കരിങ്കാർക്കൂട്ടംപോലെ ഇരുണ്ട ആ ദേവശത്രു, ഇടിവെട്ടുംപോലെ അലറുന്ന ആ അദിതിപുത്രൻ-കൈയിൽ ശൂലമേന്തിയ ആ വീരൻ-പൂമാല ചാർത്തിയ ആ ഹിരണ്യകശിപു, തന്റെ മുമ്പിൽ ഇടഞ്ഞുവന്ന ആ നരസിംഹത്തോട് ഊക്കോടെ പൊരുതി. ഉടനെ ആ മഹാബലനായ നരസിംഹമൂർത്തി മൃഗേന്ദ്രനുള്ള തീക്ഷ്ണനഖങ്ങൾകൊണ്ട് എതിർത്ത് ആ അസുരനെ കുത്തിപ്പിളർന്നു. അങ്ങനെ, ഭഗവാൻ ശത്രുഘാതകനായ ആ ദൈത്യേന്ദ്രനെ സംഹരിച്ചു.

മറ്റൊരു സന്ദർഭത്തിൽ ആ പുണ്ഡരീകാക്ഷൻ ലോകഹിതത്തിന്നുവേണ്ടി കശ്യപന്റെ പുത്രനായി അദിതിയുടെ ഗർഭത്തിൽ പ്രവേശിക്കുകയുണ്ടായി. ഒരു ആയിരം വർഷം കഴിഞ്ഞപ്പോൾ ആ ഉത്തമമായ ഗർഭം പരിപൂർണ്ണമായി. അദിതി ഒരു ബാലനെ പ്രസവിച്ചു. വാമനാകാരനായ ആ ബാലൻ വക്ഷസ്സിൽ ശ്രീവത്സത്താൽ ഭൂഷിതനായി, നീലമേഘശ്യാമളവർണ്ണനും ദീപ്തലോചനനുമായി, വിളങ്ങി.

ഇപ്രകാരം ബാലരൂപം ധരിച്ച ഭഗവാൻ ദണ്ഡകമണ്ഡലുധാരിയായി, ജടധരിച്ച്, യജ്ഞോപവീതം ധരിച്ച് ശ്രീമാനായി, ദാനവേന്ദ്രന്റെ യജ്ഞസ്ഥലത്തേക്കുപോയി. ബൃഹസ്പതിയുടെ സഹായത്താൽ ഈ ബാലൻ ദൈത്യരാജാവായ ബലിയുടെ യാഗശാലയ്ക്കുള്ളിൽ പ്രവേശിച്ചു. ഈ വാമനരൂപനെക്കണ്ടു സന്തുഷ്ടനായിത്തീർന്ന ബലി "ഭവാന്റെ ദർശനത്താൽ ഹേ, വിപ്രാ! ഞാൻ സംപ്രീതനായിരിക്കുന്നു. ഞാൻ ഭവാനുവേണ്ടി എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞാലും." എന്നു പറഞ്ഞു. അപ്പോൾ വാമനൻ പുഞ്ചിരിക്കൊണ്ടു മംഗളാശംസചെയ്ത് തന്റെ കാലിന്നു മൂന്നടിപ്പാടു വിസ്തീർണ്ണമുള്ള ഭൂമി തനിക്കു തന്നാലും എന്നു പറഞ്ഞു. അത്രയും സ്ഥലം ആ മഹാതേജസ്വിയായ വിപ്രന്ന് ദൈത്യേന്ദ്രൻ പ്രസന്നചിത്തനായി ദാനം ചെയ്തു. ആ സ്ഥലം അളക്കുവാൻ മുതിർന്നപ്പോൾ ദിവ്യവും അത്ഭുതതരവുമായ രൂപം ഭഗവാൻ കൈക്കൊണ്ടു. ആ മഹാരൂപത്താൽ മൂന്നടികൊണ്ടുതന്നെ ഭൂമിയെ മുഴുവൻ തന്റേതാക്കി. അനന്തരം തനിക്കു കിട്ടിയ ഭൂമയെ സനാതനദേവനായ വിഷ്ണു ഇന്ദ്രന്നു കൊടുത്തു. ഇങ്ങനെയാണ് വാമനാവതാരകഥ. ഈ സംഭവം മുതല്ക്കാണ് ദേവന്മാർ ഉയർന്നതും ലോകം വൈഷ്ണവമായതും.

ദുർജ്ജനങ്ങളെ നിഗ്രഹിക്കുന്നതിന്നും ധർമ്മത്തെ സംരക്ഷിക്കുന്നതിന്നും ഇപ്പോൾ ഭഗവാൻ യദുകുലത്തിൽ മനുഷ്യനായി അവതരിച്ചിരിക്കുന്നു. കൃഷ്ണൻ എന്നു പ്രസിദ്ധനായ ആ യാദവൻ സാക്ഷാൽ വിഷ്ണുഭഗവാൻ തന്നെയാണ്. അജനും, പ്രഭുവും, അനാദ്യന്തനും, ലോകനമസ്കൃതനുമാണ് ആ ദേവൻ. ആ അജിതന്റെ കർമ്മങ്ങളെ പണ്ഡിതന്മാർ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ഹേ, സൈന്ധവാ! മഞ്ഞപ്പട്ടുടയാട ചാർത്തിയ ശ്രീവത്സധാരിയും ശംഖചക്രഗദാധരനുമായ കൃഷ്ണൻ സർവ്വജനത്തിന്നും കീർത്തനീയനാണ്. അസ്ത്രജ്ഞന്മാരിൽ പ്രവരനായ അർജ്ജുനനെ കൃഷ്ണനാണ് സംരക്ഷിക്കുന്നതെന്നു നീ അറിയേണ്ടതാണ്.

ശ്രീമാനും അതുല്യവിക്രമനുമായ പുണ്ഡരീകാക്ഷൻ സഹായമായുള്ളപ്പോൾ അർജ്ജുനനെ ജയിക്കുവാൻ ആർക്കാണു സാധിക്കുക? ശത്രുനാശകനായ കൃഷ്ണൻ അർജ്ജുനനെ തന്നോടൊപ്പം ഒറ്റത്തേരിൽ കയറ്റിയിരുത്തിയാൽ ദേവന്മാർക്കുപോലും ആ ദുരാധർഷനായ പാർത്ഥനെ ജയിക്കുവാൻ കഴികയില്ല. ഈ സ്ഥിതിക്കു മനുഷ്യവർഗ്ഗത്തിൽപ്പെട്ട ആർക്കെങ്കിലും അർജ്ജുനനെ ജയിക്കുവാൻ കഴിയുമോ? അവനെ മാത്രം ഒഴികെ മറ്റു നാലു പാണ്ഡവന്മാരേയും നീ ഒരു ദിവസം ജയിക്കും!"

വൈശമ്പായനൻ പറഞ്ഞു: "എന്ന് സർവ്വപാപഹരനും, ഉമാകാന്തനും, പശുപതിയും, യജ്ഞഘ്നനും, ത്രിപുരാന്തകനുമായ ഹരൻ ആ മന്നവനോടു പറഞ്ഞു. കുറിയവരും, നീണ്ടവരും, കൂനന്മാരും, പെരുംചെവിയന്മാരും, തുറുകണ്ണന്മാരും, പലവിധം ആയുധം ധരിച്ചവരും, ഘോരരൂപികളുമായ തന്റെ പരിഷൽസമൂഹത്തോടൊത്ത്, ഭഗനേത്രം കളഞ്ഞവനും മുക്കണ്ണനുമായ ഭഗവാൻ ഭവാനിയോടുംകൂടി അവിടെ അന്തർദ്ധാനം ചെയ്തു.

മന്ദാത്മാവായ ജയദ്രഥൻ സ്വന്തം ഭവനത്തിലേക്കു മടങ്ങിപ്പോയി. ഹേ, ജനമേജയ! പാണ്ഡവന്മാർ ആ കാനനത്തിൽ ശാന്തരായിത്തന്നെ അധിവസിച്ചു."

രാമോപാഖ്യാനപർവ്വം

273. യുധിഷ്ഠിരപ്രശ്നം – ജനമേജയൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണാപഹരണംമൂലം കടുത്ത ക്ലേശം അനുഭവിച്ച ആ നരവ്യാഘ്രന്മാരായ പാണ്ഡവന്മാർ പിന്നെ എന്തുചെയ്തു?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ജയദ്രഥനെ ജയിച്ചു കൃഷ്ണയെ വീണ്ടെടുത്തു. അതിന്നുശേഷം ധർമ്മരാജാവ് മഹർഷിമാരുടെ മദ്ധ്യത്തിൽ ഇരുന്ന് ദ്രൗപദീഹരണവൃത്താന്തം അറിഞ്ഞു ദുഃഖിക്കുന്ന മഹർഷിമാരുടെ മദ്ധ്യത്തിൽവച്ച് മാർക്കണ്ഡേയമഹർഷിയോട് ഇപ്രകാരം പറഞ്ഞു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാനേ! ഭവാൻ ദേവർഷിമാരിൽ ഭൂതഭവ്യജ്ഞനാണല്ലോ! ഭവാനോടു ഞാൻ ഒരുകാര്യം ചോദിക്കട്ടെ! അങ്ങ് എന്റെ ഉള്ളിലുള്ള സംശയം തീർത്തുതന്നാലും. അയോനിജയായി, മഹാഭാഗയായി, വേദിമദ്ധ്യത്തിൽ ജനിച്ച ഈ ദ്രുപദപുത്രിക്ക്, മഹാനായ പാണ്ഡുവിന്റെ സ്നുഷയ്ക്ക്, ഇപ്രകാരമുള്ള കഷ്ടപ്പാടുകൾ ഉണ്ടാകുവാൻ എന്താണു കാരണം? ഭഗവാനേ, കാലവും ദൈവവും വിധികല്പിതമാണെന്ന് എനിക്കു തോന്നുന്നു. ജീവികൾക്കും ധർമ്മാധർമ്മങ്ങൾക്കും നന്മതിന്മകൾക്കും, കാലത്തിന്നും ബന്ധമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ജീവികൾക്ക് അതാതിന്നനുസരിച്ചു കാലം വന്നുകൂടുന്നു. ഭവിതവ്യതയെ അതിക്രമിക്കുവാൻ ഏതൊരു ജീവിക്കും കഴിയുകയില്ലെന്നു ഞാൻ അറിയാതിരിക്കുന്നില്ല. ധർമ്മജ്ഞയും ധർമ്മചാരിണിയുമായ ഞങ്ങളുടെ പത്നി ഇപ്രകാരം ഒരു പരാപഹരണത്തിന്ന് എങ്ങനെ, എന്തുകൊണ്ട്, പാത്രയായി? ശുദ്ധാത്മാവിൽ മോഷണസ്വഭാവവും അസത്യവിചാരവും അങ്കുരിക്കുക അസംഭാവ്യമാണെങ്കിൽ ധർമ്മനിരതയായ പാഞ്ചാലിയെ ഈ ആപത്തു ബാധിക്കുവാൻ എന്താണ് അവകാശം? പാഞ്ചാലി നിന്ദ്യമായ കർമ്മങ്ങളൊന്നിലും ഏർപ്പെട്ടിട്ടില്ല, പാപകർമ്മങ്ങൾ ഒന്നും അവൾ ചെയ്തിട്ടില്ല, ബ്രാഹ്മണരെ സംബന്ധിച്ച് മഹത്തായ ധർമ്മം അനുഷ്ഠിച്ചവളാണ്. എന്നിട്ടും

digitized by www.sreyas.in

എന്തുകൊണ്ട് അവൾക്ക് ഇങ്ങനെ സംഭവിച്ചു? മൂഢബുദ്ധിയായ ജയദ്രഥൻ അവളെ ബലാൽ അപഹരിച്ചുകൊണ്ടുപോയി. തന്മൂലം ആ മഹാപാപിക്കു കേശച്ഛേദനവും, സഹായികളടക്കം പരാജയവും സംഭവിച്ചു. സൈന്ധവസൈന്യത്തെ കൊന്നൊടുക്കി ദ്രൗപദിയെ വീണ്ടെടുത്തു എന്നതു ശരിതന്നെ. ഇതുകൊണ്ടൊന്നും ഞങ്ങളുടെ മനസ്സിന്നു സ്വാസ്ഥ്യം ലഭിക്കുന്നില്ല. ദാരാപഹരണം എന്ന ഒരു അപമാനം ഞങ്ങൾക്കു പറ്റുകതന്നെ ചെയ്തു. ഈ കാടുകളിൽ അലഞ്ഞുനടന്ന്, വേട്ടയാടി, ഭക്ഷണം സമ്പാദിച്ച്, കാടന്മാരായ ആളുകളോടുചേർന്ന്, ബന്ധുജനങ്ങളെ വിട്ട്, ഈ കള്ളത്താപസവേഷവും കെട്ടിയുള്ള ജീവിതമല്ലേ ഞങ്ങൾ നയിക്കുന്നത്? ഞാൻ ഇത്തരം ജീവിതചര്യയാൽ വലഞ്ഞു. എന്നെപ്പോലെ ഇത്ര ഭാഗ്യഹീനനായ ഒരു മനുഷ്യനെ ഭവാൻ വല്ലേടത്തും കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ? വളരെക്കാലത്തെ അനുഭവം അങ്ങയ്ക്കുണ്ടല്ലോ!"

274. രാമരാവണജന്മകഥനം – മാർക്കണ്ഡേയൻ പറഞ്ഞു: "ഹേ, ഭരതർഷഭാ! അതുല്യമായ ദുഃഖമാണ് രാമൻ അനുഭവിച്ചത്. അവന്റെ ഭാര്യയായ ജാനകിയെ ശക്തനായ രാവണൻ എന്ന രാക്ഷസൻ കട്ടുകൊണ്ടുപോയി. ദുരാത്മാവായ ആ രാക്ഷസരാജാവ് മായാവേഷത്തിൽ ആശ്രമത്തിൽകടന്ന് അവളെ ബലമായി പിടിച്ചുകൊണ്ടുപോകുമ്പോൾ തടുത്ത ഗൃദ്ധ്രമായ ജടായുവിനെ കൊന്നു. സുഗ്രീവന്റെ സൈന്യസഹായത്തോടെ സമുദ്രത്തിന്നുചിറകെട്ടി, നിശിതശരങ്ങളെക്കൊണ്ടു ലങ്ക ചുട്ട് രാമൻ അവളെ വീണ്ടെടുത്തു."

യുധിഷ്ഠിരൻ പറഞ്ഞു: "രാമന്റെ വംശമേതാണ്? വീര്യപരാക്രമങ്ങൾ എങ്ങനെ? ആരുടെ പുത്രനാണ് രാവണൻ? എന്താണ് അവന്നു രാമനിൽ വൈരം ഉണ്ടാകുവാൻ കാരണം? ഭഗവാനേ, ഈ സംഭവം എല്ലാം ഭവാൻ എന്നോടു പറയേണമേ! അക്ലിഷ്ടകാരിയായ രാമന്റെ കഥ കേൾക്കുവാൻ എനിക്കു വളരെ മോഹമുണ്ട്."

മാർക്കണ്ഡേയൻ പറഞ്ഞു: "പണ്ട് ഇക്ഷ്വാകുവംശത്തിൽ അജൻ എന്നുപേരായി ഒരു രാജാവുണ്ടായിരുന്നു. അജന്റെ പുത്രനായി ശുദ്ധനും സ്വാദ്ധ്യായവാനുമായി ദശരഥൻ എന്ന രാജാവുണ്ടായി. ദശരഥന്നു ധർമ്മകാമാർത്ഥദർശികളായി നാലു പുത്രന്മാർ ഉണ്ടായി. മഹാബലന്മാരായ അവർ രാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരാണ്. രാമന്റെ അമ്മ കൗസല്യയും, ഭരതന്റെ അമ്മ കൈകേയിയും, ലക്ഷ്മണശത്രുഘ്നന്മാരുടെ അമ്മ സുമിത്രയുമാണ്.

അക്കാലത്ത് വിദേഹരാജാവായ ജനകന്ന് സീത എന്നു പേരായ ഒരു മകൾ ഉണ്ടായി. രാമന്റെ ഭാര്യയാകുവാൻ ബ്രഹ്മാവ് അയോനിജയായി സൃഷ്ടിച്ചവളാണ് ആ ജാനകി. ഇങ്ങനെയാണ് രാമന്റേയും സീതയുടേയും ജന്മം.

ഇനി രാവണന്റെ ജന്മം എങ്ങനെയെന്നു പറയാം. രാവണന്റെ പിതാമഹൻ സാക്ഷാൽ ദേവനായ പ്രജാപതിയാണ്. സ്വയംഭൂവും സർവ്വലോകപ്രഭുവും മഹാതപസ്വിയുമായ ത്വഷ്ടാവിന്റെ പ്രിയപ്പെട്ട മാനസപുത്രനായ പുലസ്ത്യന്ന് 'ഗോവ്' എന്ന ഭാര്യയിൽ വൈശ്രവണൻ എന്ന പുത്രൻ ജനിച്ചു. സ്വന്തം പിതാവിനെ വെടിഞ്ഞുചെന്ന് തന്റെ പിതാമഹനായ ബ്രഹ്മാവിനോടുകൂടിയാണ് വൈശ്രവണൻ പാർത്തിരുന്നത്. മകന്റെ പോക്ക് അച്ഛന്ന് അത്ര പിടിച്ചില്ല. പുത്രനിൽ ക്രുദ്ധനായ പുലസ്ത്യൻ തന്നത്താൻ മറ്റൊരു രൂപത്തിൽ ജാതനായി. അങ്ങനെ പുലസ്ത്യന്റെ ആത്മാർദ്ധംകൊണ്ടുണ്ടായ വിപ്രനാണ് വിശ്രവസ്സ്. ക്രോധത്തോടുകൂടി വൈശ്രവണനോടു പ്രതികാരം ചെയ്യുവാൻ തന്നിൽനിന്നു പുലസ്ത്യൻ വിശ്രവസ്സിനെ സൃഷ്ടിച്ചപ്പോൾ ബ്രഹ്മാവിന്നു വൈശ്രവണനോട് പ്രീതി വർദ്ധിച്ചു; അവന്ന് അമരത്വം മാത്രമല്ല ധനേശ്വരത്വവും ലോകപാലകസ്ഥാനവും ശിവസഖ്യവും നല്കി അനുഗ്രഹിച്ചു. ബ്രഹ്മാവിന്റെ അനുഗ്രഹത്താൽ വൈശ്രവണന്ന് നളകൂബരൻ എന്ന ഒരു പുത്രൻ ജനിച്ചു. അതിന്നുപുറമേ രാജധാനിയായി രാക്ഷസന്മാർ നിറഞ്ഞ ലങ്കയും ഇഷ്ടംപോലെ സഞ്ചരിക്കുവാൻ കഴിവുള്ള പുഷ്പകവിമാനവും യക്ഷന്മാരുടെ ആധിപത്യവും രാജാധിരാജത്വവും അവൻ നേടി.

275. രാവണാദികളുടെ വരപ്രാപ്തി – പുലസ്ത്യമുനിയുടെ ക്രോധത്താൽ ആ മുനിയുടെ പകുതിഭാഗം യോഗബലത്താൽ വിശ്രവസ്സായി ജന്മമെടുത്തതിന്നുശേഷം, ആ വിശ്രവസ്സ് വൈശ്രവണന്റെ മുമ്പിൽച്ചെന്ന് ക്രോധത്തോടെ നോക്കി. തന്റെ ആ പിതാവു തന്നിൽ ക്രോധിച്ചിരിക്കുന്നതായി അറിഞ്ഞ് രാക്ഷസേശ്വരനായ കുബേരൻ പിതൃപ്രസാദത്തിന്നായി എപ്പോഴും പ്രയത്നിച്ചുകൊണ്ടിരുന്നു. ലങ്കേശ്വരനും നരവാഹകനുമായ ആ രാജരാജൻ പിതാവായ വിശ്രവസ്സിനെ നിത്യവും പരിചരിക്കുവാനായി മൂന്നു രാക്ഷസിമാരെ ഏർപ്പെടുത്തി. രാക, മാലിനി, പുഷ്പോല്കട എന്നിവരാണ് അവർ. നൃത്തം, ഗീതം എന്നിവയിൽ നിപുണകളായ ആ സുന്ദരികൾ ശ്രേയസ്സിനുവേണ്ടി പരസ്പരം സ്പർദ്ധിച്ച് മഹാത്മാവായ ആ മഹർഷിയെ സന്തോഷിപ്പിക്കുവാൻ സദാ യത്നിച്ചുകൊണ്ടിരുന്നു. ഈ പരിചര്യയാൽ ഭഗവാനായ വിശ്രവസ്സ് സന്തോഷിക്കുകയും ഓരോ പരിചാരികയ്ക്കും അവരവരുടെ ഇഷ്ടത്തിന്നനുസരിച്ച് ലോകപാലകതുല്യന്മാരായ പുത്രന്മാരുണ്ടാകുവാൻ വരം നല്കുകയും ചെയ്തു.

പുഷ്പോല്കടയുടെ പുത്രന്മാരായി രാവണനും, കുംഭകർണ്ണനും ജനിച്ചു. കുംഭകർണ്ണനും രാവണനും ബലംകൊണ്ട് അതുല്യന്മാരായി വിളങ്ങി. മാലിനിക്ക് ഒരു പുത്രനുണ്ടായി; അവനാണ് വിഭീഷണൻ. രാകയ്ക്കു രണ്ടു മക്കളുണ്ടായി: ഖരനും, ശൂർപ്പണഖയും. രൂപഗുണംകൊണ്ടു വിഭീഷണൻ മറ്റുള്ള എല്ലാവരേക്കാളും ഉത്തമനായി. മാലിനീപുത്രനായ അവൻ മഹാഭാഗനും, ധർമ്മരക്ഷകനും, കർമ്മകുശലനുമായി ശോഭിച്ചു. രാക്ഷസശ്രേഷ്ഠനായ ദശഗ്രീവൻ മഹോത്സാഹിയും മഹാവീര്യനും, മഹാസത്യപരാക്രമനുമായി മറ്റെല്ലാവരേക്കാളും ശ്രേഷ്ഠനായി ഉയർന്നു ശോഭിച്ചു.

കുംഭകർണ്ണൻ ശക്തികൊണ്ടു രണത്തിൽ എല്ലാവരേക്കാളും മേലെയായിത്തീർന്നു. അവൻ രൗദ്രനിശാചരനും മായാവിയും യുദ്ധദുർമ്മദനുമാണ്. ഖരൻ വിക്രാന്തനായ ധനുർദ്ധരനും, ബ്രാഹ്മണദ്വേഷിയും, മനുഷ്യമാംസം തിന്നുന്നവനുമായി തീർന്നു. ശൂർപ്പണഖ യാഗങ്ങൾക്കു വിഘ്നം വരുത്തുന്ന രൗദ്രിയായും തീർന്നു.

ഈ പുത്രന്മാരെല്ലാവരും വേദജ്ഞന്മാരും ശൂരന്മാരും സുചരിതവ്രതന്മാരുമായി വളർന്നുവന്നു. അവർ പിതാവായ വിശ്രവസ്സിനോടുകൂടി ഗന്ധമാദനപർവ്വതത്തിൽ കളിച്ചുവാഴുന്ന കാലത്ത് ഒരു ദിവസം നരവാഹനനായ വൈശ്രവണൻ പരമസമൃദ്ധിയോടുകൂടി സ്ഥിതിചെയ്യുന്നതു കണ്ടു. ഉടനെ അമർഷം വളർന്ന രാവണാദികൾ ദൃഢനിശ്ചയന്മാരായി തപസ്സിൽ ഏർപ്പെടുകയും ഏറ്റവും കഠോരമായ തപസ്സുകൊണ്ടു ബ്രഹ്മാവിനെ സന്തോഷിപ്പിക്കുകയും ചെയ്തു.

രാവണൻ വായു ഭക്ഷിച്ച്, പഞ്ചാഗ്നി മദ്ധ്യത്തിൽ ഏകാഗ്രചിത്തനായി ഒറ്റക്കാലിന്മേൽ ആയിരം വർഷം ഒരേ നിലയ്ക്കു നിന്നു തപം ചെയ്തു. കുംഭകർണ്ണൻ നിയതാഹാരനും, നിയതവ്രതനുമായി താഴെകിടന്നുകൊണ്ടാണു തപസ്സുചെയ്തത്. കൊഴിഞ്ഞുവീഴുന്ന ഒരു ആലില ഒരു ദിവസം തിന്ന്, അങ്ങനെ ആയിരം കൊല്ലം ഉപവാസവും ജപവും ധ്യാനവും ആയി വിഭീഷണൻ തപസ്സുചെയ്തു. ഖരനും ശൂർപ്പണഖയും തപസ്സിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരന്മാരെ സന്തുഷ്ടചിത്തരായി സംരക്ഷിക്കുകയും പരിചരിക്കുകയും ചെയ്തു. ഇപ്രകാരം ആയിരം സംവത്സരം കഴിഞ്ഞപ്പോൾ ദുരാധർഷനായ ദശാനനൻ തന്റെ ശിരസ്സു ഛേദിച്ച് അഗ്നിയിൽ ഹോമിച്ചു. ഉടനെ പ്രഭുവായ പിതാമഹൻ സന്തുഷ്ടനായി അവരുടെ മുമ്പിൽ പ്രത്യക്ഷനായി. പിതാമഹൻ ഓരോരുത്തരേയും കണ്ടു പ്രത്യേകം പ്രത്യേകം വരങ്ങൾ ദാനം ചെയ്തു. അങ്ങനെ വരദാനത്താൽ പ്രലോഭിപ്പിച്ച് അവരുടെ തപസ്സ് അവസാനിപ്പിച്ചു.

digitized by www.sreyas.in

ബ്രഹ്മാവു പറഞ്ഞു: 'മക്കളേ, ഞാൻ നിങ്ങളിൽ പ്രസാദിച്ചിരിക്കുന്നു. തപസ്സ് നിർത്തുക. വരം വാങ്ങിക്കൊള്ളുക. അമരത്വം ഒഴികെ എന്ത് ആവശ്യപ്പെട്ടാലും നിങ്ങൾക്കു സിദ്ധിക്കും. രാവണാ! നീ ശ്രേയസ്സിനെ കാംക്ഷിച്ച് നിന്റെ ശിരസ്സ് അറുത്ത് അഗ്നിയിൽ ഹോമിച്ചുവല്ലോ. അറുത്തു ഹോമിച്ച ശിരസ്സുകളെല്ലാം നിനക്കു വീണ്ടും ഉണ്ടാകും. വൈരൂപ്യമില്ലാത്തവനായി നീ ഭവിക്കുകയും ചെയ്യും. നീ സുന്ദരരൂപിയാവുകയും പോരിൽ വൈരികളെ ജയിക്കുകയും ചെയ്യും. അതിൽ യാതൊരു സംശയവും വേണ്ട.'

രാവണൻ പറഞ്ഞു: "പിതാമഹാ! ദേവാസുരന്മാരിൽനിന്നോ, യക്ഷകിന്നരന്മാരിൽനിന്നോ, നാഗഗന്ധർവ്വന്മാരിൽനിന്നോ, ഭൂതരാക്ഷസന്മാരിൽനിന്നോ എനിക്കു തോൽവി പറ്റരുത്."

ബ്രഹ്മാവു പറഞ്ഞു: "നിനക്ക് ഈ പറഞ്ഞവരിൽനിന്നൊന്നും ഭയം ബാധിക്കയില്ല. മർത്ത്യരെപ്പറ്റി നീ ആവശ്യപ്പെട്ടില്ല. അതു ഞാൻ ഒഴിവാക്കിയിരിക്കുന്നു. എന്റെ ഈ വിധി പോലെ ഭവിക്കും. നിനക്കു മംഗളം ഭവിക്കട്ടെ!"

മാർക്കണ്ഡേയൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞപ്പോൾ ദശഗ്രീവൻ തുഷ്ടനായി. ആ പുരുഷാധമൻ നരന്മാരെ നിരസിക്കുകയും ചെയ്തു. കുംഭകർണ്ണനോടും അപ്രകാരം തന്നെ പ്രപിതാമഹൻ ചോദിച്ചു: 'ഉണ്ണീ, കുംഭകർണ്ണാ! നീയും വരം വാങ്ങിക്കുക! ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു!'"

കുംഭകർണ്ണൻ തമോഗ്രസ്തനാകയാൽ 'നിദ്രാവത്വ'മാണ് (നിദ്രതന്നെ മതി) ആവശ്യപ്പെട്ടത്. അപ്രകാരം തന്നെ കുംഭകർണ്ണനും വരം നല്കിയതിന്നുശേഷം വിഭീഷണനോടു പറഞ്ഞു: 'ഉണ്ണീ വിഭീഷണ! നീ വരം വാങ്ങിക്കുക. ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു.'

വിഭീഷണൻ പറഞ്ഞു: 'ഭഗവാനേ! ഞാൻ അത്യാപത്തിൽ അകപ്പെട്ടുപോയാൽക്കൂടി എന്റെ മനസ്സു ധർമ്മത്തിൽത്തന്നെ ഉറച്ചു നില്ക്കേണമേ! പഠിക്കാതെതന്നെ എനിക്കു ബ്രഹ്മാസ്ത്രവിദ്യ തോന്നേണമേ!'

ബ്രഹ്മാവു പറഞ്ഞു: 'ശത്രുനിഷൂദനാ! നീ രാക്ഷസജാതിയിൽ ജനിച്ചിട്ടും നിന്റെ ബുദ്ധി ധർമ്മത്തിൽ വർത്തിക്കുന്നതിനാൽ ഞാൻ നിനക്ക് അമരത്വം നല്കുന്നു.'

മാർക്കണ്ഡേയൻ പറഞ്ഞു: "വരം വാങ്ങിയതിന്നുശേഷം ആദ്യമായി രാവണൻ ലങ്കയിലേക്കുചെന്നു പോരിൽ ധനേശനെ ജയിച്ച് അവനെ ലങ്കയിൽനിന്ന് ഓടിച്ചു. ലോകപാലകനായ ഭഗവാൻ വൈശ്രവണൻ യക്ഷരാക്ഷസന്മാരോടും, ഗന്ധർവ്വകിംപുരുഷന്മാരോടും കൂടി ലങ്കയെ വെടിഞ്ഞു ഗന്ധമാദനത്തിലേക്കു പോയി. വൈശ്രവണന്റെ പുഷ്പകവിമാനം രാവണൻ ബലമായി പിടിച്ചെടുത്തു. ഈ സംഭവത്തിൽ മനസ്സുകെട്ട് വൈശ്രവണൻ രാവണനെ ശപിച്ചു. 'ഈ വിമാനം നിന്റേതായി വരികയില്ല. നിന്നെ ആർ കൊല്ലുന്നുവോ, അവന്റേതായി വരും ഈ വിമാനം. ഭ്രാതൃത്വം വഴിക്ക് നിന്റെ ഗുരുവായ ഈ എന്നെ നീ അവമാനിക്കുകയാൽ നീ ഉടനെ നശിക്കും.!

ഇപ്രകാരം രാവണനെ ശപിച്ച് ഗന്ധമാദനത്തിലേക്കു പുറപ്പെട്ട ധനേശ്വരനായ വൈശ്രവണനെ, ധർമ്മാത്മാവും സന്മാർഗ്ഗസ്ഥിതനും പരമശ്രീയുതനുമായ വിഭീഷണൻ ഭ്രാതൃഭക്തിയോടെ അനുഗമിച്ചു. അതുകണ്ടു സന്തുഷ്ടനായ വൈശ്രവണൻ തന്റെ ഭ്രാതാവിന്ന് യക്ഷരാക്ഷസസൈന്യങ്ങളുടെ ആധിപത്യം നല്കി അനുഗ്രഹിച്ചയച്ചു.

നരന്മാരെ ഭക്ഷിക്കുന്നവരും മഹാബലന്മാരുമായ രാക്ഷസന്മാർ എല്ലാവരുംകൂടി രാവണനെ രാജാവായി അഭിഷേകം ചെയ്തു. ബലോല്ക്കടനായ രാവണൻ ദൈത്യന്മാരുടേയും ദാനവന്മാരുടേയും രത്നങ്ങളൊക്കെ കടന്നാക്രമിച്ചു കൈയിലാക്കി. നഭശ്ചരനായ രാവണൻ കാമരൂപിയായിരുന്നു. അവന്ന് ഇഷ്ടമുള്ള വേഷമെടുക്കുവാൻ കഴിഞ്ഞിരുന്നു; ആകാശത്തിൽ സഞ്ചരിക്കുവാനും കഴിഞ്ഞിരുന്നു; ഇങ്ങനെ വിശിഷ്ടമായ വസ്തുക്കളൊക്കെ അവന്നധീനമായി. *ലോകങ്ങൾക്കു രാവം (രോദനം) ഉണ്ടാക്കുക കാരണം ഈ ദശഗ്രീവന്ന് രാവണൻ എന്നു പേരുണ്ടായി. ബലശാലിയായ രാവണൻ ദേവകൾക്കു കൂടി ഭയം ജനിപ്പിച്ചു."

276. വാനരാദ്യുൽപത്തി – മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ ബ്രഹ്മർഷിമാരും, സിദ്ധന്മാരും, ദേവർഷിമാരും അഗ്നിയെ മുന്നിൽ നടത്തി ബ്രഹ്മാവിന്റെ അടുത്തു ശരണം പ്രാപിച്ചു."

അഗ്നി പറഞ്ഞു: "വിശ്രവസ്സിന്റെ പുത്രനായ ദശഗ്രീവൻ മഹാബലനായിത്തീർന്നിരിക്കുന്നു. ഭവാൻ മുമ്പു നല്കിയ വരം മൂലം അവൻ അവദ്ധ്യനുമാണല്ലോ. ശക്തനായ അവൻ ജനങ്ങളെ വല്ലാതെ പീഡിപ്പിക്കുന്നു. ഭഗവാനേ, ഞങ്ങളെയൊക്കെ രക്ഷിക്കണേ!"

ബ്രഹ്മാവു പറഞ്ഞു: "ഹേ വിഭാവസോ! ദേവന്മാർക്കും അസുരന്മാർക്കും അവനെ ജയിക്കുവാൻ സാധിക്കുകയില്ല. അവനെ വധിക്കുക എന്നതാണ് ഉടനെ ചെയ്യേണ്ട കാര്യം. അതിന്നുവേണ്ടി ചതുർഭുജനായ വിഷ്ണു എന്റെ അഭിപ്രായമനുസരിച്ചു ഭൂമിയിൽ അവതരിച്ചിട്ടുണ്ട്. വിഷ്ണു യോദ്ധാക്കളിൽ ശ്രേഷ്ഠനാണ്. അവൻ ആ ക്രിയ ചെയ്യുന്നതാണ്."

മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ പിതാമഹൻ അഗ്നികേൾക്കെത്തന്നെ ശക്രനോടു പറഞ്ഞു: 'എല്ലാ ദേവഗണത്തോടുംകൂടി ഭവാൻ ഭൂമിയിൽപ്പോയി ജന്മമെടുക്കുക. വിഷ്ണുവിന്റെ സഹായത്തിനായി കരടികളിലും വാനരിമാരിലും പോയി വേണ്ടുവോളം രൂപബലങ്ങളോടുകൂടിയ വീരപുത്രന്മാരെ ജനിപ്പിക്കുക!'"

ബ്രഹ്മാവിന്റെ കല്പനകേട്ട് ദേവന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ മുതലായവർ അന്യോന്യം ആലോചിച്ച് അവരവർക്കുള്ള അംശത്തെയും ഉപാംശത്തെയുംകൊണ്ടു ഭൂമിയിൽച്ചെന്നു ജനിക്കുവാൻ ഉടനെ തീരുമാനമെടുത്തു. അവരുടെ കൺമുൻപിൽ വെച്ചു തന്നെ പിതാമഹൻ ദുന്ദുഭിയെന്ന ഗന്ധർവ്വനാരിയെ വിളിച്ചു ശാസിച്ച്, കാര്യസിദ്ധിക്കായി പോകുവാൻ കല്പിച്ചു. അവൾ ഉടനെ മർത്ത്യജാതിയിൽ കുബ്ജയായ മന്ഥരയായി പിറന്നു. ഇന്ദ്രൻ മുതലായ എല്ലാ സുരശ്രേഷ്ഠന്മാരും വാനരർക്ഷാംഗനകളിൽ സന്താനങ്ങളെ ഉൽപാദിപ്പിച്ചു. അവർ മിക്കവാറും കീർത്തികൊണ്ടും ബലംകൊണ്ടും പിതൃസമന്മാരാണ്.

പർവ്വതങ്ങളുടെ കൊടുമുടികൾ അടിച്ചുതകർക്കുന്നതിനും, പയൻമരം, കരിമ്പന മുതലായ മരങ്ങൾ പറിച്ചും ശിലകൾ പുഴക്കിയെടുത്തും ആയുധങ്ങളാക്കി ഉപയോഗിക്കുന്നതിനും അവർക്കു കഴിവുണ്ടായിരുന്നു: എല്ലാവരും വജ്രകായന്മാരും നദീപ്രവാഹംപോലെ ശക്തിയുള്ളവരുമായിത്തീർന്നു. എല്ലാവരും കാമവീര്യബലന്മാരും യുദ്ധകോവിദന്മാരുമായി വളർന്നു. പതിനായിരം ആനയ്ക്കുതുല്യം ശക്തിയുള്ളവരും, വായുവേഗം പോലെ വേഗമുള്ളവരും, തോന്നുന്ന ദിക്കിൽ പാർക്കുന്നവരും, കാട്ടിൽത്തന്നെ നിവസിക്കുന്നവരും, ഇങ്ങനെ പലതരക്കാരുമായി അവർ ആവിർഭവിച്ചു.

പിതാമഹന്റെ നിർദ്ദേശമനുസരിച്ച് ഇപ്രകാരമൊക്കെ ദേവന്മാരാൽ ഭൂമിയിൽ വന്നുഭവിച്ചു. എങ്ങനെയാണ് കാര്യം നിർവ്വഹിക്കേണ്ടത് എന്നു പിതാമഹൻ തനിക്ക് ഉപദേശിച്ചുതന്നവിധം മന്ഥര അങ്ങിങ്ങുനടന്നു വൈരാഗ്നിയെ കത്തിജ്ജ്വലിപ്പിച്ചു."

277. രാമവനാഭിഗമനം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, മഹർഷേ! രാമൻ മുതലായവരുടെ ഉൽപത്തി ഭവാൻ പറഞ്ഞുതന്നുവല്ലോ. രാമൻ കാട്ടിലേക്കു പോകുവാനുള്ള കാരണം കേൾക്കുവാൻ എനിക്കു വളരെ മോഹമുണ്ട്. എങ്ങനെയാണു ദശരഥപുത്രന്മാരായ രാമലക്ഷ്മണന്മാർ സീതയോടുംകൂടി കാട്ടിൽവാണത് എന്നു കേൾക്കുവാൻ ആഗ്രഹിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "കർമ്മോത്സുകനും, ധർമ്മപരനും, വൃദ്ധസേവകനും ആയ ദശരഥൻ തനിക്ക് ഉണ്ണികൾ പിറ

* രാവയാമാസ ലോകാൻ യത് തസ്മാദ് രാവണ ഉച്യതേ.

digitized by www.sreyas.in

ന്നപ്പോൾ സന്തുഷ്ടനായി. തേജസ്വികളായ കുട്ടികൾ ഓജസ്സോടെ വളർന്നുവന്നു. അവർ വേദങ്ങളിലും ഉപനിഷത്തുകളിലും ധനുർവ്വേദങ്ങളിലും കുശലന്മാരായി. ബ്രഹ്മചര്യം യഥാവിധി അനുഷ്ഠിച്ചതിന്നുശേഷം ആ ദശരഥപുത്രന്മാർ വിവാഹം ചെയ്തു. ഇതെല്ലാം കണ്ട് ദശരഥമഹാരാജാവ് സംപ്രീതി വളർന്നു സസുഖം വാണു. അവരിൽ ജ്യേഷ്ഠനായ രാമൻ മനോഹാരിതയാൽ അച്ഛന്റെ മനസ്സിനെ കുളുർപ്പിച്ച്, അഭിരാമനായി ജനങ്ങളെ രമിപ്പിച്ചു.

ദശരഥൻ വാർദ്ധക്യത്തിലെത്തിയപ്പോൾ, മതിമാനായ അദ്ദേഹം, പുരോഹിതന്മാരോടും ധർമ്മജ്ഞരായ സചിവന്മാരോടുംകൂടി ആലോചിച്ച് രാമനെ യുവരാജാവായി അഭിഷേകം ചെയ്യുവാൻ തീരുമാനിച്ചു. കാലോചിതമായ കർമ്മംതന്നെയാണ് ഇതെന്നു മന്ത്രിസത്തമന്മാർ ശരിവെയ്ക്കുകയും ചെയ്തു, അരുണവർണ്ണമായ നേത്രങ്ങൾ, നീണ്ടുരുണ്ട കൈകൾ, മത്തഗജത്തെപ്പോലെ കൂസലില്ലാത്ത ഗതി, ശത്രുക്കൾക്കു തടുക്കാനാകാത്ത കൈയൂക്ക്, വിരിഞ്ഞുറച്ച മാർത്തട്ട്, ഇരുണ്ടു ചുരുണ്ട മുടി എന്നീ ലക്ഷണങ്ങൾ പൂർണ്ണമായ രാമൻ ശ്രീയാൽ ശോഭിക്കുന്നവനും, യുദ്ധത്തിൽ ക്രതുതുല്യനും, സർവ്വധർമ്മങ്ങളുടേയും മറുകരകണ്ടവനും, ബൃഹസ്പതിക്കു തുല്യനും, മതിമാനും, സർവ്വപ്രജകളിലും അനുരക്തനും, സർവ്വകലാകുശലനും, ശത്രുക്കളെപ്പോലും കണ്ണും കരളും കുളുർപ്പിക്കുന്ന സുന്ദരകളേബരനും, ദുർജ്ജനങ്ങളുടെ നിയന്താവും, ധർമ്മചാരികളുടെ രക്ഷകനുമായ ആ രാമൻ, ധൃതിമാനും, ജിതേന്ദ്രിയനും, അനാധൃഷ്യനും, ജേതാവും, പരാക്രമിയുമായി പ്രശോഭിച്ചു. കൗസല്യയിൽ ഉണ്ടായ ഈ കുമാരനെക്കണ്ട് ദശരഥന് അളവറ്റ ആനന്ദമുണ്ടായി. വീര്യവാനായ രാമന്റെ ഗുണങ്ങൾ കണ്ട് രാജാവ് പുരോഹിതനെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

ദശരഥൻ പറഞ്ഞു: "ഹേ, വിപ്രാ! ഭവാനു ശുഭം! ഇന്നു പൂയം നക്ഷത്രമാണ്. രാത്രിയാകുമ്പോൾ പുണ്യയോഗം വരുന്നതാണ്. വട്ടങ്ങളൊക്കെ ഒരുക്കുക. രാമനെ അറിയിക്കുക. നാളെ പൂയം നാളിൽ എന്റെ മകനായ രാമനെ പൗരന്മാരോടും മന്ത്രിമാരോടും കൂടി യുവരാജാവായി അഭിഷേകം ചെയ്യണം." രാജാവിന്റെ വാക്ക് ആരോ പറഞ്ഞു മന്ഥര അറിഞ്ഞു. കൈകേയിയെ ച്ചെന്നു കാലേ കണ്ട് ഇപ്രകാരം പറഞ്ഞു.

മന്ഥര പറഞ്ഞു: "എടോ, കൈകേയി, നിന്റെ ദൗർഭാഗ്യം രാജാവ് പരസ്യം ചെയ്തു. ദുർഭഗേ! നിന്നെ ഘോരവിഷമുള്ള സർപ്പം വന്നു ക്രോധത്തോടെ ദംശിക്കട്ടെ! ഭവതി ഈ ദുർജ്ജീവിതം എന്തിന്നു പേറുന്നു? ഭാഗ്യവതി കൗസല്യയാണുപോലും! ആ രാജ്ഞിയുടെ പുത്രനെയാണത്രേ യുവരാജാവായി അഭിഷേകം ചെയ്യുന്നത്. ഭവതിക്ക് എന്തു സൗഭാഗ്യമാണുള്ളത്? പിന്നെ എങ്ങനെ ഭവതിയുടെ പുത്രൻ രാജ്യത്തിന്നു നാഥനാകും?"

മാർക്കണ്ഡേയൻ പറഞ്ഞു: "മന്ഥര പറഞ്ഞത് കൈകേയിയുടെ മനസ്സിൽ നല്ലവണ്ണം തറച്ചു. സർവ്വാഭരണഭൂഷിതയും ഉത്തമരൂപസമ്പന്നയുമായ ആ കൃശാംഗി അപ്പോൾത്തന്നെ ചെന്ന് വിജനസ്ഥലത്തുവെച്ച് രാജാവിനെ കണ്ടു. അവൾ പുഞ്ചിരിക്കൊണ്ടു പ്രേമംകലർന്ന് ഇപ്രകാരം മധുരമായി പറഞ്ഞു."

കൈകേയി പറഞ്ഞു: "സത്യവ്രതനായ ജീവിതേശ്വരാ! ഞാൻ അർത്ഥിക്കുന്ന വരം വേണ്ടസമത്തു തന്നുകൊള്ളാമെന്നു ഭവാൻ മുമ്പു പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ. ആ പ്രതിജ്ഞ ഇപ്പോൾ നിർവഹിച്ചാലും. അങ്ങനെ ഭവാന്റെ ആ കടപ്പാട് ഇപ്പോൾ ഒഴിവാക്കിയാലും."

രാജാവു പറഞ്ഞു: "ആ വരം ഞാൻ ഇതാ തന്നുകൊള്ളുന്നു. നീ ഇഷ്ടമുള്ളതു വരിച്ചുകൊള്ളുക. ഏത് അവദ്ധ്യനാണ് ഇന്നു വദ്ധ്യനായിരിക്കുന്നത്? ഏതു വദ്ധ്യനെ ഞാൻ ഭവതിക്കു വേണ്ടി മോചിപ്പിക്കണം? ആർക്കു വിത്തം നല്കണം? ആരുടെ മുതൽ പിടിച്ചടക്കണം? ബ്രഹ്മസ്വമൊഴികെ എന്തെല്ലാം ധനം എനിക്കുണ്ടോ അതെല്ലാം ഭവതിക്കുള്ളതാണ്. ഞാൻ ഭൂമിയുടെ രാജാവാണ്. ചാതുർവ്വർണ്യം ഭരിക്കുന്നവനാണ്. അതുകൊണ്ട് നിന്റെ ഇഷ്ടം എന്തോ അതു പറഞ്ഞാലും. അല്ലയോ ശോഭനശീലേ! ഇനി താമസിക്കേണ്ട."

മാർക്കണ്ഡേയൻ പറഞ്ഞു: "രാജാവു പറഞ്ഞ വാക്കുകേട്ട്, അവൾ അദ്ദേഹത്തെ തന്റെ പാട്ടിലാക്കി. തന്റെ ബലം നല്ലപോലെ അറിഞ്ഞുകൊണ്ട് അവൾ രാജാവിനോട് ഇപ്രകാരം പറഞ്ഞു."

കൈകേയി പറഞ്ഞു: "രാമനുവേണ്ടി അങ്ങ് ഒരുക്കിയ അഭിഷേകകർമ്മം ഭരതൻ കൈക്കൊള്ളട്ടെ! രാമൻ കാട്ടിൽപ്പോകട്ടെ! പതിന്നാലു സംവത്സരം രാമൻ ദണ്ഡകാരണ്യത്തിൽ ജടകെട്ടി, മരവുരിയും മാൻതോലും ധരിച്ച് തപസ്വിയായി വാഴട്ടെ!"

മാർക്കണ്ഡേയൻ പറഞ്ഞു: "കഠോരമായ ഈ അപ്രിയവചനം കേട്ടു ദുഃഖാർത്തനായ ദശരഥൻ ഒന്നും തന്നെ മിണ്ടിയില്ല. അദ്ദേഹത്തിന്റെ ബുദ്ധി മരവിച്ചുപോയി. കാര്യം അറിഞ്ഞ് വീര്യവാനും ധർമ്മിഷ്ഠനുമായ രാമൻ അച്ഛന്റെ സത്യത്തെ രക്ഷിക്കുവാൻവേണ്ടി വനവാസം സ്വയംകൈക്കൊണ്ടു. വില്ലാളിവീരനും ശ്രീമാനുമായ ലക്ഷ്മണനും, ജനകപുത്രിയും തന്റെ ഭാര്യയുമായ സീതയും അദ്ദേഹത്തെ അനുഗമിച്ചു. രാമൻ കാട്ടിലേക്കുപോയ ഉടനെ ദശരഥൻ കാലധർമ്മം പ്രാപിക്കുകയും ചെയ്തു. രാമൻ കാട്ടിലേക്കു പോവുകയും രാജാവു മൃതിയടയുകയും ചെയ്തപ്പോൾ കൈകേയി ഭരതനെ വരുത്തി ഇപ്രകാരം പറഞ്ഞു."

കൈകേയി പറഞ്ഞു: "ദശരഥരാജാവ് സ്വർഗ്ഗസ്ഥനായി. രാമലക്ഷ്മണന്മാർ കാടുകയറി. കണ്ടകങ്ങൾ ഒഴിഞ്ഞ ഈ വിപുലമായരാജ്യം നീ ശത്രുക്കളുടെ ബാധകൂടാത്ത നിലയിൽ സ്വീകരിച്ചു ഭരിച്ചുകൊള്ളുക."

അമ്മയുടെ കർണ്ണകഠോരമായ വാക്കുകേട്ട് ധർമ്മിഷ്ഠനായ ഭരതൻ കുണ്ഠിതത്തോടെ ഇപ്രകാരം മറുപടി പറഞ്ഞു:

ഭരതൻ പറഞ്ഞു: "അയ്യോ! ഏറ്റവും ക്രൂരമായ കർമ്മമാണല്ലോ അമ്മ ചെയ്തത്! ധനലോഭം മൂലം അമ്മ ഭർത്താവിനെ കൊല്ലുകയും കുലം മുടിക്കുകയും ചെയ്തിരിക്കുന്നു! ഹേ, കുലപാംസനേ! ദുഷ്കീർത്തി എല്ലാം നീ എന്റെ തലയ്ക്കു വെച്ചുതന്നല്ലോ! അമ്മയുടെ കാമങ്ങൾ ഇതൊക്കെയായിരിക്കാം; അതു സാധിച്ചല്ലോ! ഇനി കാമസമ്പൂർണ്ണയായി അമ്മ വാണുകൊള്ളുക!" എന്നു പറഞ്ഞു ഭരതൻ വിലപിച്ചു.

മാർക്കണ്ഡേയൻ പറഞ്ഞു: "പ്രജകളുടെ മുമ്പിൽ അവൻ തന്റെ നിരപരാധിത്വം വെളിപ്പെടുത്തി. കാട്ടിൽപ്പോയ ജ്യേഷ്ഠനെ കൂട്ടിക്കൊണ്ടുവരുവാൻ അവൻ പുറപ്പെട്ടു. സുമിത്രയേയും, കൗസല്യയേയും, കൈകേയിയേയും വാഹനത്തിൽക്കയറ്റി മുമ്പേ നടത്തി, ശത്രുഘ്നനോടുകൂടി ദുഃഖത്തോടെ കാട്ടിലേക്കു പുറപ്പെട്ടു. വസിഷ്ഠൻ, വാമദേവൻ മുതലായ മറ്റ് അനേകം ദ്വിജന്മാരും, പൗരന്മാരും, ജാനപാദന്മാരും ഒക്കെച്ചേർന്ന് ജ്യേഷ്ഠനെ നാട്ടിലേക്കു തിരിച്ചുകൊണ്ടുവരുവാൻ പുറപ്പെട്ടു. ചിത്രകൂടത്തിൽ അവൻ എത്തി; താപസവേഷത്തിൽ ഒരു വില്ലും കൈയിലേന്തി നില്ക്കുന്ന രാമനെക്കണ്ടു. ഭരതന്റെ അപേക്ഷ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും അച്ഛന്റെ സത്യം പാലിക്കുന്നതിൽ താൻ ദൃഢവ്രതനാണെന്നും പറഞ്ഞ് ഭരതനെ ഒരുവിധം സമാധാനിപ്പിച്ചു മടക്കിയയച്ചു. അച്ഛന്റെ പ്രതിജ്ഞ പാലിക്കുന്ന രാമനാൽ പറഞ്ഞയയ്ക്കപ്പെട്ട ഭരതൻ കുണ്ഠിതത്തോടെ മടങ്ങി.

ചിത്രകൂടത്തിൽനിന്നു മടങ്ങിയ ഭരതൻ അയോദ്ധ്യയിൽ കടക്കാതെ നന്ദിഗ്രാമത്തിൽ ജ്യേഷ്ഠന്റെ പാദുകങ്ങൾവെച്ച് അവയെ പുരസ്കരിച്ചു രാജ്യം ഭരിച്ചു.

രാമനാകട്ടെ, നാട്ടുകാരും പൗരന്മാരും ഇനിയും വന്നെത്തുമെന്നുള്ള ശങ്കയാൽ ശരഭംഗാശ്രമംനോക്കി കൊടുങ്കാട്ടിന്നുള്ളിലേക്കു കയറി. അവിടെച്ചെന്നു ശരഭംഗനെ സൽക്കരിച്ച് ആ വഴിക്കു രാമലക്ഷ്മണന്മാർ ദണ്ഡകാരണ്യത്തെ പ്രാപിച്ചു. രമണീയമായ ഗോദാവരീതീരത്തു പാർപ്പുറപ്പിച്ചു. അവിടെ പാർക്കുന്ന കാലത്ത് ശൂർപ്പണഖകാരണം ജനസ്ഥാനത്തിൽ നിവസി

digitized by www.sreyas.in

ക്കുന്ന ഖരനോട് രാമന്നു മഹത്തായ വൈരമുണ്ടായി. അതുകൊണ്ട് ധർമ്മിഷ്ഠനായ രാമൻ താപസന്മാരുടെ രക്ഷയ്ക്കായി പതിനാലായിരം രാക്ഷസന്മാരെ യുദ്ധത്തിൽ കൊന്നൊടുക്കി. ഏറ്റവും ബലവാന്മാരായ ഖരദൂഷണന്മാരെ വധിച്ച് ധീമാനായ രാമൻ ആ ധർമ്മാരണ്യത്തിൽ ക്ഷേമം വളർത്തി. ജനസ്ഥാനവാസികളായ രാക്ഷസന്മാർ ഹതരായപ്പോൾ ചുണ്ടും മൂക്കും മുറിഞ്ഞ ശൂർപ്പണഖ തന്റെ ഭ്രാതാവിനെ കാണുവാൻ ലങ്കയിലേക്കു പോയി. മുഖത്തു രക്തം ഉണങ്ങിപ്പറ്റിയ നിലയിൽ ആ രാക്ഷസി രാവണനെക്കണ്ട് ദുഃഖമൂർച്ഛിതയായി, ആ ഭ്രാതാവിന്റെ കാല്ക്കൽ വീണു. അവളെ വികൃതരൂപിണിയായിക്കണ്ട രാവണൻ ക്രോധത്താൽ തന്നെത്താനെ മറന്നുപോയി. രാവണൻ ചാടിയെഴുന്നേറ്റു. പല്ലുകൾ ഇറുമ്മി. തന്റെ അമാത്യന്മാരെ വിളിച്ച് വിജനസ്ഥലത്തുവെച്ച് ക്രുദ്ധനായ അദ്ദേഹം സഹോദരിയോടു കാര്യമെന്തെന്നു ചോദിച്ചു."

രാവണൻ പറഞ്ഞു: "ഭദ്രേ! എന്നെക്കുറിച്ചു ചിന്തിക്കാതെ, എന്നെ അവമാനിക്കുന്നവിധം ആരാണ് ഇങ്ങനെ ചെയ്തത്? തന്റെ ശരീരം മുഴുവൻ തീക്ഷ്ണശൂലത്തിന്മേൽ കോർത്തുകൊണ്ടുവാഴുന്ന അവൻ ആരാണ്? തലയിൽ തീ എരിച്ചിട്ടു വിശ്വാസത്തോടെ സസുഖം കിടക്കുന്ന അവൻ ആരാണ്? ഘോരസർപ്പത്തെ ചവിട്ടിയത് ആരാണ്? മൃഗരാജാവായ സിംഹത്തിന്റെ കൂർത്ത തേറ്റകളിൽ സ്പർശിച്ചുനില്ക്കുന്നവൻ ആരാണ്?"

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം കോപത്താൽ ഗർജ്ജിക്കുന്ന ആ ദശഗ്രീവന്റെ സ്രോതസ്സുകളിൽനിന്ന് രാത്രിയിൽ കത്തിയെരിയുന്ന വൃക്ഷത്തിന്റെ പോടുകളിൽനിന്നെന്നപോലെ അഗ്നിജ്വാലകൾ പുറപ്പെട്ടു. രാവണനോട് ആ രാക്ഷസഭഗിനിയായ ശൂർപ്പണഖ രാമന്റെ പരാക്രമത്തേയും, ഖരദൂഷണപരാഭവത്തേയും, രക്ഷോഗണനാശത്തേയും മുഴുവൻ സംവിസ്തരം പറഞ്ഞു കേൾപ്പിച്ചു. അതെല്ലാം കേട്ടശേഷം മേലിൽ ചെയ്യേണ്ടതെന്തെന്നു നിശ്ചയിച്ച് സഹോദരിയെ സമാശ്വസിപ്പിച്ചു. നഗരം രക്ഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്ത്, രാവണൻ മേല്പോട്ടുയർന്നു. ത്രികൂടത്തേയും കാലപർവ്വതത്തേയും കടന്ന് തിമിംഗലങ്ങൾ നിറഞ്ഞ ഗംഭീരമായ മഹാസമുദ്രവും കടന്ന് ആ ദശാനനൻ ഗോകർണ്ണത്തിലെത്തി. അവ്യാകുലമായ ആ പ്രദേശം മഹാത്മാവായ ശൂലപാണിയുടെ പ്രിയപ്പെട്ട സ്ഥാനമാണ്. അവിടെ തന്റെ പൂർവ്വമന്ത്രിയായ മാരീചൻ രാമനെ ഭയപ്പെട്ട് തപോവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു."

278. സീതാപഹരണം – മാർക്കണ്ഡേയൻ പറഞ്ഞു: "മാരീചൻ രാവണനെ കണ്ടതോടുകൂടി വല്ലാതെ ഒന്നു പരിഭ്രമിച്ചു. ആ രാക്ഷസചക്രവർത്തിയെ ഫലമൂലാദികൾകൊണ്ടു സൽക്കരിച്ചു. വിശ്രമിച്ചശേഷം വാക്യകോവിദനായ ദശമുഖനോട് വാക്യജ്ഞനായ മാരീചൻ അർത്ഥഗൗരവത്തോടുകൂടി ആഗമനോദ്ദേശ്യം എന്തെന്ന് അന്വേഷിച്ചു."

മാരീചൻ പറഞ്ഞു: "ഭവാന്റെ വർണ്ണത്തിന്നു മാറ്റമൊന്നുമില്ലല്ലോ? (രാക്ഷസവർഗ്ഗത്തിന്നു കുഴപ്പമൊന്നുമില്ലല്ലോ?) ഭവാന്റെ പുരത്തിലൊക്കെ ക്ഷേമം തന്നെയല്ലേ? ഭവാന്റെ രാജ്യാംഗങ്ങൾ* ഭവാനെ വേണ്ടവിധം സേവിക്കുന്നില്ലേ? ഭവാൻ ഇത്രത്തോളം എഴുന്നള്ളിയതിന്റെ ഉദ്ദേശ്യം എന്താണ്? എത്ര ദുഷ്കരമായാലും അതു നിർവ്വഹിക്കപ്പെട്ടു എന്നുതന്നെ ഭവാൻ കരുതിയാലും!"

ക്രോധാന്വിതനും അമർഷപൂർണ്ണനുമായ ദശഗ്രീവൻ രാമന്റെ കുചേഷ്ടിതങ്ങളെയും മറ്റു കാര്യങ്ങളെയും ചുരുക്കമായി മാരീചനോടു പറഞ്ഞു. അതിന്നു താടകാത്മജനായ മാരീചൻ ചുരുക്കമായിത്തന്നെ മറുപടി നല്കി.

മാരീചൻ പറഞ്ഞു: "എടോ ദശഗ്രീവാ, നീ രാമനോട് ഒരിക്കലും എതിർക്കരുത്. അവന്റെ വീര്യം ഞാൻ കണ്ടതാണ്. ആ മഹാത്മാവിന്റെ ബാണവേഗം താങ്ങുവാൻപോരുന്നവൻ ആരുണ്ട്? എന്റെ ഈ സംന്യാസവൃത്തിക്കു ഹേതുഭൂതൻ ആ മഹാത്മാവാണ്. ഏതു ദുരാത്മാവാണ് ഭവാനെ ഈ നാശമാർഗ്ഗത്തിലേക്കു തള്ളിവിട്ടത്?"

മാരീചന്റെ ഈ ഹിതോപദേശം രാവണന്നു തീരെ പിടിച്ചില്ല. രാവണൻ മാരീചനെ നിന്ദിച്ചു: "എന്റെ വാക്കു നീ കേട്ടില്ലെങ്കിൽ നിനക്കു മരണം നിശ്ചയമാണ്." രാവണൻ ഇപ്രകാരം തീർത്തുപറഞ്ഞപ്പോൾ മാരീചൻ വിഷമിച്ചു. മാരീചൻ ചിന്തിച്ചു: "മരണം ഇപ്പോൾ തീർച്ചയായും സംഭവിക്കുന്നതാണെങ്കിൽ ശ്രേഷ്ഠനിൽനിന്ന് അതു സംഭവിച്ചുകൊള്ളട്ടെ! ആ മരണവും ശ്രേഷ്ഠമാണ്." രാവണന്റെ അഭിപ്രായംപോലെ ചെയ്തുകൊള്ളാമെന്ന് മാരീചൻ സമ്മതിച്ചു.

മാരീചൻ പറഞ്ഞു: "ഭവാന് എന്നെക്കൊണ്ട് എന്തു സഹായമാണു വേണ്ടത്? ഞാൻ പരാധീനനാകയാൽ വിസമ്മതത്തോടുകൂടിയാണെങ്കിലും, അവശനാണെങ്കിലും, പരവശനാണെങ്കിലും അതു ചെയ്തേക്കാം."

രാവണൻ പറഞ്ഞു: "രത്നമയമായ കൊമ്പുകളോടും, രത്നവിചിത്രമായ രോമങ്ങളോടും കൂടിയ പൊന്മാനായി ഭവാൻ ചെന്നു സീതയെ ഭ്രമിപ്പിക്കണം. അത്തരം ഒരു മാനിനെ കണ്ടാൽ അതിനെ പിടിക്കുവാൻ രാമനെ അവൾ വിടും. രാമൻ അകന്നുപോയാൽ ആ സീത എനിക്കു പാട്ടിലാകും. അവളെ ഞാൻ കൊണ്ടുപോന്നാൽ ഭാര്യാവിരഹംമൂലം ആ ദുർബ്ബുദ്ധിയായ രാമൻ നശിച്ചുപോകും!"

മാർക്കണ്ഡേയൻ പറഞ്ഞു: "രാവണൻ ഇപ്രകാരം പറഞ്ഞതുകേട്ടപ്പോൾ മാരീചൻ തന്റെ മരണം വരിച്ചുകഴിഞ്ഞു. തനിക്കുള്ള തിലോദകം (മരണാനന്തരമുള്ള കർമ്മം-ശേഷക്രിയ) താൻതന്നെ ചെയ്തു. മുമ്പിൽ നടക്കുന്ന രാവണനെ ദുഃഖത്തോടെ അവൻ പിൻതുടർന്നു. അവർ അക്ലിഷ്ടകാരിയായ രാഘവന്റെ ആശ്രമപ്രദേശത്തുചെന്ന് മുൻനിശ്ചയംപോലെയൊക്കെ പ്രവർത്തിച്ചു. രാവണൻ തലമൊട്ടയടിച്ച് കമണ്ഡലുവും ദണ്ഡും കൈയിലെടുത്തു നില്ക്കുന്ന ഒരു യതിയായും മാരീചൻ പൊന്മാനായും അവിടെ പ്രവേശിച്ചു. മൃഗരൂപധാരിയായ മാരീചനെക്കണ്ട് വൈദേഹി, വിധിയോഗമെന്നേ പറയേണ്ടു, ആ മൃഗത്തെ പിടിക്കുവാൻ മോഹത്തോടെ രാമനെ നിയോഗിച്ചു. തന്റെ പത്നിക്ക് ഇഷ്ടം ചെയ്യുവാനായി രാമൻ വില്ലുമെടുത്ത് ആശ്രമത്തിൽ സീതയ്ക്കു കാവലായി ലക്ഷ്മണനെയാക്കി, മൃഗത്തെ പിടിക്കുവാൻ പുറപ്പെട്ടു. ഉടുമ്പിൻതോലുകൊണ്ടുള്ള കൈയുറയും വാളും ആവനാഴിയും വില്ലുമായി രാമൻ ആ മാനിന്റെ പിമ്പേ ഓടി. പണ്ട് താരമാനി*ന്റെ പിമ്പേ ശിവൻ ഓടിയതുപോലെ. ആ രാക്ഷസൻ ഒളിഞ്ഞും തെളിഞ്ഞും മറഞ്ഞും രാമനെ അകറ്റി. കുറെദൂരം ചെന്നപ്പോൾ രാമന്നു കാര്യം മനസ്സിലായി. ഇവൻ രാക്ഷസനാണെന്നു ധരിച്ചയുടനെ ഒരു പാഴാകാത്ത അമ്പുകൊണ്ട് ആ മൃഗരൂപിയെ എയ്തു. അമ്പു കൊണ്ട സമയത്തു രാക്ഷസമായയാൽ രാമന്റെ തനിസ്വരത്തിൽ അവൻ വിലപിച്ചു: 'അയ്യോ! സീതേ! ലക്ഷ്മണാ!' എന്ന് ആർത്തനാദത്തോടെ കരഞ്ഞു. അവന്റെ ആ കരുണമായ നിലവിളി ആശ്രമത്തിലിരിക്കുന്ന സീത കേട്ടു. ആ ശബ്ദംകേട്ട ദിക്കിലേക്കു മൈഥിലി ഓടുവാൻ ഭാവിച്ചു. അപ്പോൾ ലക്ഷ്മണൻ സീതയെ തടുഞ്ഞു പറഞ്ഞു."

ലക്ഷ്മണൻ പറഞ്ഞു: "ഹേ, ഭീരു! ഭവതി ശങ്കിക്കേണ്ട. ഒട്ടും സംശയിക്കരുത്. രാമനെ പ്രഹരിക്കുവാൻ ഇന്നാരുണ്ട്? ഭവതിയുടെ ഭർത്താവായ രാമനെ ശുചിസ്മിതയായ ഭവതി ഇപ്പോൾ കാണുന്നതാണ്. ഉടനെ എത്തും!"

---

* രാജാവ്, മന്ത്രി, ബന്ധു, ഭണ്ഡാരം, രാജ്യം, കോട്ട, സൈന്യം എന്നീ ഏഴാണ് രാജ്യാംഗങ്ങൾ

* പണ്ടു പ്രജാപതി മാനിന്റെ രൂപമെടുത്തു തന്റെ പുത്രിയിൽ കാമമോഹിതനായി അവളെ പ്രാപിക്കുവാൻ ചെന്നു. ഉടനെ രുദ്രൻ ആ മാനിന്റെ പിന്നാലെ ശരവുമായി പാഞ്ഞുചെന്ന് അതിന്റെ കഴുത്തറുത്തു. ഉടലിൽനിന്നു വേർപെട്ട ആ മൃഗത്തിന്റെ ശീർഷം ഇന്നും ആകാശത്തിൽ തിളങ്ങിക്കാണുന്നു. അതാണ് 'മൃഗശീർഷം' എന്ന നക്ഷത്രഗണം. ഈ പുരാണകഥയാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്.

digitized by www.sreyas.in

മാർക്കണ്ഡേയൻ പറഞ്ഞു: "ലക്ഷ്മണൻ തന്നെ തടഞ്ഞുനിർത്തിയപ്പോൾ കരഞ്ഞുകൊണ്ടുനില്ക്കുന്ന സീതയ്ക്കു ലക്ഷ്മണനിൽ ശങ്കയുദിച്ചു. പതിവ്രതയും ചാരിത്രഭൂഷണയുമായ ജാനകി സ്ത്രീസഹജമായ സ്വഭാവത്താൽ മനസ്സുകെട്ടു പരുഷമായ വാക്കുകൾ സൗമിത്രിയോടു പറഞ്ഞു."

സീത പറഞ്ഞു: "എടാ, മൂഢാ! നിന്റെ ഉള്ളിൽക്കരുതുന്ന ഈ കാമം ഒരിക്കലും സഫലമാകുവാൻ പോകുന്നില്ല. ഞാൻ തന്നത്താൻ വെട്ടിമരിക്കും! അല്ലെങ്കിൽ ഗിരിശൃംഗത്തിൽക്കയറി കീഴോട്ടു ചാടും! അല്ലെങ്കിൽ തീയിൽച്ചാടും. ഏതുവിധേനയെങ്കിലും ഞാൻ ആത്മഹത്യ ചെയ്യും. ഭർത്താവായ രാമനെ വെടിഞ്ഞ് നീചനായ നിന്നെ ഞാൻ സ്വീകരിക്കുകയോ? അതുണ്ടാവുകയില്ല. പെൺപുലി ഒരിക്കലും കുറുക്കനെ വരിക്കയില്ല."

മാർക്കണ്ഡേയൻ പറഞ്ഞു: "കഠോരമായ ഈ വാക്കുകൾ സീതയുടെ വായിൽനിന്നു പുറപ്പെട്ടയുടനെ ആ ഭ്രാതൃപ്രിയനും, സദ്വൃത്തനുമായ ലക്ഷ്മണൻ രണ്ടുകൈകൊണ്ടും ചെവിപൊത്തി കലങ്ങിയ മനസ്സോടെ രാഘവൻ നില്ക്കുന്നിടത്തേക്കു പാഞ്ഞു. ധനുർദ്ധരനായ ലക്ഷ്മണൻ രാമന്റെ കാലടികൾ നോക്കി, ആ ബിംബാധരോഷ്ഠിയായ സീതയെ തിരിഞ്ഞുനോക്കാതെ ക്ഷണത്തിൽ പാഞ്ഞുപോയി. അവൻ കാട്ടിനുള്ളിൽ മറഞ്ഞു.

ഈ സന്ദർഭത്തിൽ രാവണൻ അവിടെ വെളിവായി വന്നു. ദുഷ്ടനായ അവൻ ശിഷ്യന്റെ വേഷത്തിലാണ് നില്ക്കുന്നത്. ഭസ്മം പൂശിയ അഗ്നിപോലെ, യതിയുടെ വേഷത്തിൽ ആ മാന്യസ്ത്രീയെ അപഹരിക്കാനാണ് അവൻ വന്നുനില്ക്കുന്നത്.

ധർമ്മജ്ഞയായ ജാനകി ആ യതി വന്നതുകണ്ട് ആതിഥ്യത്തിന്നായി ക്ഷണിച്ചു. ഫലമൂലങ്ങൾ കൊണ്ടുവന്ന് ആദരവോടെ അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു. അതൊക്കെ അവൻ നിരസിച്ചു. തന്റെ ശരിയായ രൂപം അവൾക്കു കാണിച്ചുകൊടുത്ത് രാവണൻ വൈദേഹിയെ പാട്ടിലാക്കുവാൻ ശ്രമിച്ചു."

രാവണൻ പറഞ്ഞു: "എടോ സീതേ! ഞാനാരാണെന്നു ഭവതി അറിയുമോ? രാവണൻ എന്ന വിശ്വവിശ്രുതനായ രാക്ഷസരാജാവിനെപ്പറ്റി കേട്ടിട്ടില്ലേ? അദ്ദേഹമാണ് ഈയുള്ളവൻ. എന്റെ രാജധാനി സമുദ്രത്തിൽ വളരെയകലെയുള്ള മനോഹരമായ ലങ്കയാണ്. എന്നോടുചേർന്നു ഭവതിക്കു മാനുഷികളുടെ മദ്ധ്യത്തിൽ സസുഖം ജീവിക്കാം. എടോ, സുശ്രോണീ! സുന്ദരീ! നീ താപസികനായ രാമനെ വിട്ട് എന്റെ ഭാര്യയാവുക."

രാവണൻ ഇപ്രകാരം പറയുവാൻ തുടങ്ങിയപ്പോൾ ജാനകി ചെവി പൊത്തി 'ഇല്ല! ഇല്ല!' എന്നു പറഞ്ഞു.

സീത പറഞ്ഞു: "താരാഗണങ്ങളോടുകൂടി ആകാശം വീണേക്കാം! ഭൂമി തകർന്നു പൊടിയായേക്കാം! അഗ്നി ശീതളമായിത്തീർന്നേക്കാം. എന്നാലും ഞാൻ രാഘവനെ വെടിയുകയില്ല. ഗണ്ഡസ്ഥലത്തുനിന്നു മദജലം പൊട്ടിയൊഴുകുന്ന കാട്ടാനത്തലവനെ ഉപേക്ഷിച്ച് ഒരു പിടിയാന ഒരു പന്നിയെച്ചെന്നു വേൾക്കുകയെന്നത് ഉണ്ടാകുമോ? പൂന്തേനും മുന്തിരിച്ചാറും കുടിക്കുന്ന ഒരു കാമിനി കഞ്ചാവിൽ രസിക്കുമെന്നു ഭവാൻ വിചാരിക്കുന്നുണ്ടോ?"

"ഇത്രയും പറഞ്ഞ് അവൾ അവിടെ നില്ക്കാതെ ആശ്രമത്തിന്റെ ഉള്ളിലേക്കു കടക്കുവാൻ ഭാവിക്കുമ്പോൾ പെട്ടെന്നു ചൊടിച്ച് ചുണ്ടുവിറച്ച്, രാവണൻ ആ സുശ്രോണിയെ എതിരേ ചെന്നു തടുത്തു. ബോധം മറിയുന്നവിധം രൂക്ഷമായ സ്വരത്തിൽ ഭർത്സിച്ച് അവളുടെ വാർമുടിയിൽ പിടിച്ചു മേല്പോട്ടു പൊങ്ങി. മലയിലിരിക്കുന്ന ജടായു എന്ന കഴുകൻ, അവളെ രാവണൻ കൊണ്ടുപോകുന്നതായി കണ്ടു. പോകുമ്പോൾ അവൾ 'രാമാ! രാമാ!' എന്ന് ഉറക്കെ വിളിച്ചുകേഴുന്നതും അവൻ കേട്ടു."

279. കബന്ധഹനനം – മാർക്കണ്ഡേയൻ പറഞ്ഞു: "അരുണപുത്രനായ ജടായുസ്സ് ദശരഥന്റെ ഇഷ്ടനായ ഗൃദ്ധ്റരാജാവാണ്. മഹാവീരനാണ്. അവന്റെ അഗ്രജനാണ് സമ്പാതി. സ്നേഹബന്ധം വഴിക്ക് തന്റെ സ്നുഷയായ സീതയെ രാവണൻ മടിയിൽവെച്ച് പറന്നുപോകുന്നതും, അവൾ 'രാമ! രാമ!' എന്ന് ഉറക്കെ വിളിച്ചു കരയുന്നതും മഹാവീരനായ ജടായുസ്സ് കണ്ടു. അവൻ ക്രോധത്തോടെ പറന്ന് രാവണന്റെ നേരെ അടുത്ത്, പറഞ്ഞു: 'എടാ, രാക്ഷസാ! വിടൂ! സീതയെ വിടൂ! ഞാൻ ജീവിച്ചിരിക്കെ നിശാചരാ, നിനക്ക് അവളെ കൊണ്ടുപോകാൻ കഴിയുകയില്ല. സീതയെ വിടുന്നില്ലെങ്കിൽ ഞാൻ നിന്നെ ജീവനോടെ വിടുകയില്ല. വധുവെ വിടുക!' എന്നു പറഞ്ഞ് അവൻ അവന്റെ നഖംകൊണ്ടു രാക്ഷസേശ്വരനെ മാന്തി. ഭയങ്കരമായി ആക്രമിച്ചു. കൊക്കുകൊണ്ട് കൊത്തുകയും, ചിറകുകൊണ്ട് എല്ലുതകരുമാറു തല്ലുകയും ചെയ്തു. ചോലയൊഴുകുന്ന മാമലപോലെയായി രാവണന്റെ ദേഹം. രാമന്നു പ്രിയംചെയ്യുന്ന ഗൃദ്ധ്റത്തിന്റെ ഹിംസയേറ്റ രാവണൻ വാൾ വലിച്ചെടുത്ത് പക്ഷിയുടെ ചിറകു രണ്ടും അറുത്തു. ഭിന്നമായ ശൃംഗംപോലുള്ള ആ ഗൃദ്ധ്റേശ്വരനെ വധിച്ച് അങ്കത്തിൽ സീതയെ എടുത്ത് ആ രാക്ഷസൻ ഉയർന്നു. ഏതേതു ദിക്കുകളിൽ ആശ്രമമോ പൊയ്കയോ പുഴയോ കണ്ടുവോ, ആ ദിക്കുകളിലോരോന്നിലും അവൾ അവളുടെ ഭൂഷണങ്ങൾ ഓരോന്നായി കീഴോട്ടിട്ടു. ഒരു പർവ്വതശിഖരത്തിൽ അഞ്ചു വാനരന്മാർ സ്ഥിതിചെയ്യുന്നതുകണ്ട ജാനകി തന്റെ ദിവ്യമായ മഹാവസ്ത്രത്തെ അവരുടെയിടയിലേക്ക് ഇട്ടുകൊടുത്തു. ആ മഞ്ഞപ്പട്ടു പറന്നുചെന്ന് മേഘങ്ങൾക്കിടയിൽ മിന്നൽപ്പിണർപോലെ ആ അഞ്ചു വാനരങ്ങളുടെ നടുവിൽ ചെന്നു വീണു.

രാവണൻ ഖേചരനായ ഒരു ഗന്ധർവ്വനെപ്പോലെ അതിവേഗത്തിൽ ആകാശമാർഗ്ഗം കടന്നു പറന്നുപോയി. പിന്നെ താമസിയാതെ നാനാദ്വാരങ്ങളോടുകൂടിയ ഭംഗിയാർന്ന മഹാനഗരം കാണപ്പെട്ടു. മതിലുകളും ഗോപുരവാതിലുകളും ചേർന്നു വിശ്വകർമ്മാവു നിർമ്മിച്ച ലങ്കാപുരത്തിലേക്ക് സീതയോടുകൂടി ആ രാക്ഷസരാജാവ് ചെന്നു കയറി.

സീതാപഹരണത്തിന്നുശേഷം പൊന്മാനെ കൊന്ന് രാഘവൻ മടങ്ങിവരുമ്പോൾ ലക്ഷ്മണനുണ്ടു വരുന്നു! 'രാക്ഷസന്മാർ നിറഞ്ഞ കാട്ടിൽ നീ സീതയെ ഒറ്റയ്ക്കാക്കി പോന്നതു നന്നായോ? എന്തിനാണു പോന്നത്?' എന്നു രാമൻ ലക്ഷ്മണനെ വിഗർഹിച്ചു. മാനായി രാക്ഷസൻ വന്നതും, അവൻ തന്നെ അകറ്റിക്കൊണ്ടുപോന്നതും, ആ നിലയിൽ കാര്യം വന്നുചേർന്നതിന്നിടയിൽ ലക്ഷ്മണൻ ഇങ്ങോട്ടുപോന്നതും ചിന്തിച്ച് രാമൻ വല്ലാതെ ദുഃഖിച്ചു. 'ലക്ഷ്മണാ! സീത ഇപ്പോൾ ജീവിക്കുന്നുണ്ടോ? അവളെ ഇനി കണ്ടുകിട്ടുമോ?' എന്നു രാമൻ ദുഃഖാക്രാന്തനായി ചോദിച്ചപ്പോൾ സീത തന്നോടു പറഞ്ഞതും, താൻ സീതയെ സമാശ്വസിപ്പിച്ചതും ഒടുവിൽ അവൾ പറഞ്ഞ ആ ചേരാത്ത കടുത്ത വാക്കുകളും സീത പറഞ്ഞവിധം തന്നെ രാമനോടു പറഞ്ഞുകേൾപ്പിച്ചു. എരിയുന്ന മനസ്സോടുകൂടി രാമൻ ആശ്രമത്തിലെത്തി. അപ്പോൾ രാവണനാൽ ചിറകു ഛേദിക്കപ്പെട്ട് ചാവാറായ ജടായുവിനെക്കണ്ടു. അവൻ ചോരയൊലിക്കുന്ന ഒരു കുന്നുപോലെ ഇരിക്കുന്നു! അവൻ രാക്ഷസനാണെന്നു വിചാരിച്ച് രാമൻ ഊക്കോടെ വില്ലുവലിച്ച് ലക്ഷ്മണനോടുകൂടെ അവന്റെ നേരെ പാഞ്ഞു ചെന്നു. അവർ വരുന്നതു കണ്ട് തേജസ്വിയായ അവൻ 'ഹേ, രാമലക്ഷ്മണന്മാരേ! നിങ്ങൾക്കു ശുഭം ഭവിക്കട്ടെ!' എന്ന് ആശംസിച്ചു. 'ഞാൻ ദശരഥരാജാവിന്റെ സുഹൃത്തായ ഗൃദ്ധ്റരാജാവാണ്' എന്നു പറഞ്ഞു.

തങ്ങളുടെ അച്ഛന്റെ പേർ പറഞ്ഞ ഇവൻ ആരായിരിക്കും എന്ന് ശങ്കയോടെ വില്ലു പിൻവലിച്ച് അരികിലേക്കു ചെന്നു. രണ്ടു ചിറകുകളും അറ്റുപോയ ഒരു പക്ഷിയാണ് എന്നു കണ്ടു. 'സീതയ്ക്കുവേണ്ടി രാവണനാൽ ഞാൻ ഹതനായി' എന്നു പറയുവാൻ മാത്രമേ അവന്നു കഴിഞ്ഞുള്ളു. 'രാവണൻ ഏതു ദിക്കിലേക്കാണു പോയത്?' രാമൻ ചോദിച്ചു. ജടായു തല ഒന്നിളക്കുകമാത്രം ചെയ്തു, അതോടുകൂടി ആ ഗൃദ്ധ്റരാജൻ മരിക്കുകയും ചെയ്തു. പക്ഷീന്ദ്രൻ കാണിച്ച ഭാവംകൊണ്ട് തെക്കോട്ടാണുപോയതെന്ന് രാമൻ ഗ്രഹിച്ചു.

digitized by www.sreyas.in

അവർ ആ പിതൃസുഹൃത്തിനെ മാനിച്ച് പൂജിച്ചതിന്നുശേഷം ദർഭപ്പുല്ലും ഉപകരണങ്ങളും ചിന്നിച്ചിതറിക്കിടക്കുന്ന ആശ്രമത്തിൽ കടന്നുചെന്നു. കുടങ്ങൾ ഉടഞ്ഞും കുറുക്കന്മാർ മുളഞ്ഞും ആ ആശ്രമം ശൂന്യമായിക്കിടക്കുന്നു. വൈദേഹീവിയോഗത്തിൽ ഭയങ്കരമായ ശോകത്താൽ ദുഃഖിതരായ അവർ ദണ്ഡകാരണ്യത്തിൽനിന്നു തെക്കോട്ടു തെക്കോട്ടു നടന്നുപോയി.

ആ മഹാവനത്തിൽ രാമലക്ഷ്മണന്മാർ സഞ്ചരിക്കുമ്പോൾ ഒരിടത്തു മൃഗസമൂഹങ്ങൾ നാലുദിക്കിലേക്കും ഓടുന്നതു കണ്ടു. കത്തിപ്പരന്ന കാട്ടുതീയിൽ എന്നപോലെ വനജീവികൾ ഘോരമായ ശബ്ദം പുറപ്പെടുവിക്കുന്നതു കേൾക്കുകയും ചെയ്തു. ഉടനെതന്നെ അവർ ഒരു അപൂർവ്വസത്വത്തെക്കണ്ടു. മാർത്തട്ടിൽ വട്ടമിഴികളും വലിയ വയറിന്മേൽ ഭയങ്കരമായി പിളർന്ന വായയും ചേർന്ന്, പർവ്വതതുല്യനായി, സാലസ്കന്ധനായി, ദീർഘബാഹുവായി, ഘോരരൂപനായ കബന്ധനെ അവർ കണ്ടു. പെട്ടെന്ന് ആ രാക്ഷസൻ പാഞ്ഞുവന്നു ലക്ഷ്മണനെ പിടിച്ച് തന്റെ വായിലേക്കാക്കുവാൻ ശ്രമം ചെയ്തുതുടങ്ങി. ലക്ഷ്മണൻ ദുഃഖിതനായി രാമനെ നോക്കി വിഷണ്ണനായി പറഞ്ഞു.''

ലക്ഷ്മണൻ പറഞ്ഞു: ''എന്റെ ദയനീയമായ സ്ഥിതി നോക്കൂ! സീതാപഹരണം, എന്റെ ഈ വിപത്ത്, അങ്ങയ്ക്കു രാജ്യഭ്രംശം, താതന്നു മരണം, കഷ്ടം! ഇനി അങ്ങയെ ഞാൻ കാണില്ല! സീതയോടുകൂടി ഭവാൻ ലോകത്തിൽ പിതൃപൈതാമഹമായ രാജാസനത്തിൽ അഭിഷിക്തനായി ഇരിക്കുന്ന ഭവാന്റെ പൂർണ്ണചന്ദ്രാനനം കാണുവാനുള്ള യോഗം എനിക്കില്ല!''

ധീമാനായ ലക്ഷ്മണൻ ഇത്തരത്തിൽ പലതും പറഞ്ഞു വിലപിക്കുമ്പോൾ കാകുൽസ്ഥൻ ധീരമായി പറഞ്ഞു.

രാമൻ പറഞ്ഞു: ''നരവ്യാഘ്രാ! ദുഃഖിക്കേണ്ട. ഞാൻ ജീവിക്കുമ്പോൾ ഇവൻ ബാക്കിയില്ല. ഈ ദുഷ്ടന്റെ വലം കൈ നീ വെട്ടൂ! ഇടംകൈ ഞാനിതാ വെട്ടിവീഴ്ത്തിക്കഴിഞ്ഞു.''

മാർക്കണ്ഡേയൻ പറഞ്ഞു: ''എന്നു പറഞ്ഞു രാമൻ മൂർച്ചയുള്ള വാൾകൊണ്ട് അവന്റെ ഇടംകൈ എള്ളിൻതണ്ടുപോലെ വെട്ടിവീഴ്ത്തി. ഒപ്പം തന്നെ ലക്ഷ്മണൻ അവന്റെ വലംകൈയും വെട്ടി. പിന്നെ ലക്ഷ്മണൻ രാമനെ നോക്കി കബന്ധന്റെ പള്ളയിൽ ഊക്കോടെ വെട്ടി. ആ രാക്ഷസന്റെ ശരീരം പിളർന്നു. ആ കൂറ്റൻ സത്വം ഭൂമിയിൽ ചത്തുവീണു.

ഉടനെ ഒരു അത്ഭുതമുണ്ടായി. അവന്റെ ശരീരത്തിൽനിന്നു ദിവ്യാകൃതിയിലുള്ള ഒരു പുരുഷൻ ആകാശത്തുയർന്നു. സൂര്യനെപ്പോലെ വാനിൽ പ്രശോഭിക്കുന്ന അവനോട് രാമൻ ചോദിച്ചു: 'ഭവാൻ ആരാണ്?' ഉടനെ ആ ഗന്ധർവ്വൻ പറഞ്ഞു: 'ഞാൻ വിശ്വാവസുവാണ്! രാജാവേ, വിപ്രശാപം നിമിത്തം ഞാൻ രാക്ഷസനായി ജനിക്കേണ്ടി വന്നു. ലങ്കാനിവാസിയായ രാവണനനാണ് സീതയെ അപഹരിച്ചത്. ഭവാൻ ഉടനെ ഈ വഴിക്കുതന്നെ പോയി സുഗ്രീവനെ കാണുക. അവനുമായി ചേരുക. ആ വാനരേന്ദ്രൻ ഭവാനെ സഹായിക്കും.

ഹംസം, കാരണ്ഡവം മുതലായ ജലപക്ഷികളാൽ ആകുലമായി, ശുദ്ധജലസമ്പൂർണ്ണമായി ഋഷ്യമൂകപർവ്വതത്തിന്റെ സമീപത്തുള്ള പമ്പാസരസ്സിന്റെ കരയിൽ നാലു മന്ത്രിമാരോടുകൂടി സുഗ്രീവൻ വാഴുന്നുണ്ട്. സ്വർണ്ണമാലാഭൂഷിതനായ ബാലി എന്ന വാനരേന്ദ്രന്റെ സഹോദരനാണ് സുഗ്രീവൻ. ആ വാനരേന്ദ്രനുമായി ചേർന്ന് നിങ്ങൾ നിങ്ങളുടെ ദുഃഖങ്ങൾ അറിയിക്കുക. നിങ്ങൾ സമാനശീലന്മാരാണ്. അതുകൊണ്ട് അവൻ നിങ്ങളെ സഹായിക്കുന്നതാണ്. രാവണന്റെ ആലയം അവൻ അറിയാതിരിക്കില്ല. എനിക്ക് ഒരു കാര്യം കണിശമായും പറയുവാൻ കഴിയും. ഭവാൻ ജാനകിയെ കാണും തീർച്ചയാണ്.' എന്നു പറഞ്ഞ് ആ കാന്തിമാൻ ആകാശത്തിൽ മറഞ്ഞു. ആ വീരന്മാരായ രാമലക്ഷ്മണന്മാർ അത്ഭുതപ്പെട്ടുപോയി.''

280. ത്രിജട സീതയെ സാന്ത്വനം ചെയ്യുന്നു – മാർക്കണ്ഡേയൻ പറഞ്ഞു: ''അവർ അവിടെനിന്നു പുറപ്പെട്ടു. സീതാപഹരണദുഃഖത്താൽ ആർത്തരായ രാമലക്ഷ്മണന്മാർ പത്മങ്ങളും ഉൽപലങ്ങളും ചേർന്നു വിളങ്ങുന്ന പമ്പാസരസ്സുകണ്ടു. രാമൻ സരസ്സിനെ സമീപിച്ചു. പീയൂഷംപോലെ കുളുർമ്മയും സൗരഭ്യവും നല്കുന്ന കാറ്റ് അവിടെ വീശിക്കൊണ്ടിരുന്നു. ആ കാറ്റ് ഏറ്റപ്പോൾ രാഘവൻ മനസ്സുകൊണ്ടു തന്റെ കാന്തയെ പ്രാപിച്ചു. മന്ദമാരുതൻ രാമനെ തഴുകിയപ്പോൾ കാന്താവിരഹദുഃഖം ഉൽക്കടമായി ഉദ്ദീപിച്ചു. രാമൻ കാമബാണന്റെ ശരങ്ങളാൽ പീഡിതനായി വിലപിച്ചു. ഈ ഭാവഭേദം കണ്ടപ്പോൾ സൗമിത്രി പറഞ്ഞു.''

ലക്ഷ്മണൻ പറഞ്ഞു: ''ജ്യേഷ്ഠാ! എന്താണു ഭവാൻ ധൈര്യം വിടുന്നത്? ഇതൊരിക്കലും ഭവാനു ചേർന്നതല്ല. ശരിയായി ജീവിക്കുന്ന വൃദ്ധനായ നരനെ വ്യാധിയെന്നപോലെ ഭവാനെ ദുഃഖം ബാധിക്കരുത്. വൈദേഹിയുടെയും രാവണന്റെയും വൃത്താന്തം നാം ഇപ്പോൾ ധരിച്ചുകഴിഞ്ഞു. ഇനി ബുദ്ധികൊണ്ടും പൗരുഷംകൊണ്ടും ജാനകിയെ വീണ്ടെടുക്കുവാനാണ് ഭവാൻ നോക്കേണ്ടത്. പർവ്വതത്തിൽ പാർക്കുന്ന ആ വാനരേന്ദ്രനായ സുഗ്രീവനെ നാം പോയി കാണുക. ഭവാന്റെ ശിഷ്യനായും ഭൃത്യനായും സഹായവാനായും ഞാൻ നില്ക്കുമ്പോൾ ഭവാനാശ്വസിക്കാമല്ലോ.''

മാർക്കണ്ഡേയൻ പറഞ്ഞു: ''ഇങ്ങനെ ലക്ഷ്മണൻ പലമട്ട് സാന്ത്വനം ചെയ്തപ്പോൾ സ്വസ്ഥതപ്രാപിച്ച് രാമൻ മേലാൽ വേണ്ടകാര്യത്തെപ്പറ്റി ചിന്തിച്ചു.

പമ്പാജലത്തിൽ ഇറങ്ങിക്കുളിച്ചു പിതൃതർപ്പണംചെയ്ത് വീരന്മാരായ ആ സഹോദരന്മാർ നടന്നു. ഫലമൂലവൃക്ഷനിബിഡമായ ഋഷ്യമൂകപർവ്വതത്തിൽ അവർ എത്തിയപ്പോൾ അതിന്റെ ഉപരിഭാഗത്ത് വീരന്മാരായ അഞ്ചുവാനരന്മാർ ഇരിക്കുന്നതായി കണ്ടു. ആഗതന്മാരായ ആ രണ്ടുപേരെയും കൂട്ടിക്കൊണ്ടുവരുവാനായി ഹിമാലയമഹാകായനും ബുദ്ധിമാനും വാനരശ്രേഷ്ഠനുമായ ഹനുമാൻ എന്ന സചിവനെ സുഗ്രീവൻ അയച്ചു. ആ ഭ്രാതാക്കന്മാരും ഹനുമാനും തമ്മിൽ കുറച്ചു സംഭാഷണങ്ങൾ നടത്തിയതിന്നുശേഷം അവർ സുഗ്രീവന്റെ അരികെ ചെല്ലുകയും രാമസുഗ്രീവന്മാർ തമ്മിൽ സഖ്യമുണ്ടാക്കുകയും ചെയ്തു. രാവണൻ അപഹരിച്ചുകൊണ്ടുപോകുമ്പോൾ സീത അഞ്ചുവാനരന്മാർക്കിടയിൽ ഇട്ടുകൊടുത്ത ദിവ്യവസ്ത്രം എടുത്തു സുഗ്രീവൻ അതു തനിക്കു കിട്ടിയത് എങ്ങനെയാണെന്നു പറഞ്ഞുകൊണ്ട് രാമന്റെ കൈയിൽ കൊടുത്തു. സുഗ്രീവൻ സീതയുടെ ഗതി അറിഞ്ഞിട്ടുണ്ടെന്നതിന്നു മതിയായ തെളിവു നല്കുന്ന ആ വസ്ത്രം കണ്ട് ഉടനെ ആ വാനരശ്രേഷ്ഠനായ സുഗ്രീവനെ ഭൂമിയിലെ വാനരന്മാർക്കെല്ലാം രാജാവായി രാമൻ അഭിഷേകം ചെയ്തു. യുദ്ധത്തിൽ ബാലിയെ കൊല്ലാമെന്നു രാമനും, വൈദേഹിയെ വീണ്ടെടുക്കാമെന്നു സുഗ്രീവനും പരസ്പരം വിശ്വസിച്ചു പ്രതിജ്ഞ ചെയ്തു. പിന്നെ അവരെല്ലാവരും യുദ്ധകാംക്ഷികളായി കിഷ്കിന്ധയിലേക്കു പോയി. അവിടെച്ചെന്ന് സുഗ്രീവൻ ജലപാതസ്വരംപോലെ ഘോരമായി ഗർജ്ജിച്ചു. ബാലിക്ക് അതു സഹിച്ചില്ല. ബാലി ഉടനെ സുഗ്രീവനെ പ്രഹരിക്കുവാൻ എഴുന്നേറ്റു. അതു ചെയ്യരുതെന്നു താര തടുഞ്ഞു.''

താര പറഞ്ഞു: ''നാഥാ, സുഗ്രീവന്റെ അലർച്ച കേൾക്കുമ്പോൾ അവൻ ഇപ്പോൾ പരസഹായത്താൽ ബലവാനായി തീർന്നിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. പിന്നിൽ ശക്തനായ ഒരുത്തനുണ്ടായിരിക്കും. അതുകൊണ്ട് ഇപ്പോൾ അങ്ങു തീർച്ചയായും പോകരുത്!''

അപ്പോൾ ജീവിതേശ്വരനായ ബാലി താരാനാഥമുഖിയായ താരയോടു ചോദിച്ചു.

ബാലി പറഞ്ഞു: ''താരേ, നീ സർവ്വഭൂതങ്ങളുടെയും ശബ്ദം കേട്ടു നിമിത്തംകൊണ്ടു കാര്യങ്ങൾ ഗ്രഹിക്കുന്നവളാണല്ലോ. എന്റെ ഭ്രാതാവ് ആരുടെ സഹായത്തോടെയാണു വന്നിരിക്കുന്നതെന്നു പറയുക.''

മാർക്കണ്ഡേയൻ പറഞ്ഞു: ''താരേശപ്രഭയായ താര അല്പസമയം ചിന്തിച്ചതിന്നുശേഷം സത്യം ഗ്രഹിച്ച് ഇപ്രകാരം പറഞ്ഞു.''

digitized by www.sreyas.in

താര പറഞ്ഞു: ''കപീശ്വരാ! ഞാൻ പറയാം. ദാശരഥിയായ രാമൻ, ഭാര്യ അപഹരിക്കപ്പെടുകയാൽ സുഗ്രീവനോടുകൂടി ചേർന്നു സഖ്യം ചെയ്തിരിക്കുന്നു. അവരുടെ രണ്ടുപേരുടെയും ശത്രുമിത്രങ്ങൾ രണ്ടുപേർക്കും തുല്യരായിരിക്കുന്നു. അവന്റെ അനുജനായ ലക്ഷ്മണൻ അപരാജിതനാണ്; മേധാവിയാണ്. അവൻ കാര്യം നടത്തുവാൻ തയ്യാറായി നില്ക്കുന്നു. മൈന്ദൻ, ദ്വിവിദൻ, ഹനുമാൻ, ജാംബവാൻ എന്ന ഋക്ഷരാജാവ് ഇവരെല്ലാം സുഗ്രീവന്നു മന്ത്രിമാരായി കൂടെയുണ്ട്. ഇവരൊക്കെ മഹാത്മാക്കളും ബുദ്ധിമാന്മാരും മഹാബലന്മാരുമാണ്. രാമനെ ആശ്രയിച്ച് അവരൊക്കെ മഹാബലന്മാരായിരിക്കുന്നു. അതുകൊണ്ട് ഭവാൻ ഒറ്റയ്ക്ക് സുഗ്രീവനോടെതിർത്തു നശിക്കാൻ പോകരുത്.''

മാർക്കണ്ഡേയൻ പറഞ്ഞു: ''താര ഹിതമായ കാര്യം പറഞ്ഞപ്പോൾ ബാലി അതു തള്ളിക്കളഞ്ഞു. സ്ത്രീഹൃദയം ആർക്കറിയുവാൻ കഴിയും? ഇവൾക്കു സുഗ്രീവനിലാണ് പ്രേമം എന്നു കരുതി ഈർഷ്യയോടെ പരുഷവാക്കുകൾ താരയോടു പറഞ്ഞ്, ഗുഹവിട്ടു പുറത്തേക്കു കടന്ന് സുഗ്രീവന്റെ അടുത്തുചെന്നു. മാല്യവാൻ എന്ന മലയുടെ പാർശ്വത്തിൽ പോരിന്നു വിളിച്ചു നില്ക്കുന്ന സുഗ്രീവന്റെ നേരെ ചെന്ന് ഇപ്രകാരം പറഞ്ഞു.''

ബാലി പറഞ്ഞു: ''എടാ, നീ ഇതിന്നുമുമ്പ് പല പ്രാവശ്യം എന്നോടെതിർത്ത് ജീവനുംകൊണ്ടു തോറ്റോടിപ്പോയവനല്ലേ? നീ എന്റെ ജ്ഞാതിയല്ലേ എന്നു വിചാരിച്ചു ഞാൻ അന്നൊക്കെ നിന്നെ വിട്ടയച്ചു. ഇപ്പോൾ തന്നത്താനെ ചാകാൻ ബദ്ധപ്പെട്ടാണോ വന്നത്?''

ഇതു കേട്ടു സുഗ്രീവൻ ജ്യേഷ്ഠനോടു യുക്തിയുക്തമായി പറഞ്ഞു.

സുഗ്രീവൻ പറഞ്ഞു: ''രാജാവേ, നീ എന്റെ രാജ്യം അപഹരിച്ചു. ഭാര്യയേയും അപഹരിച്ചു. ഇനി എന്റെ ജീവനെക്കൊണ്ട് എന്തുവിലയാണുള്ളത് എന്നു വിചാരിച്ചാണ് ഞാൻ വന്നിരിക്കുന്നത്!''

മാർക്കണ്ഡേയൻ പറഞ്ഞു: ''ഇപ്രകാരം അവർ തമ്മിൽ പ്പറഞ്ഞു തമ്മിലെതിർത്തു. ആ ബാലിസുഗ്രീവന്മാർ കല്ലുകളും സാലം താലം മുതലായ വൃക്ഷങ്ങളും പറിച്ചെടുത്ത് പരസ്പരം അടിച്ചും ഇടിച്ചും യുദ്ധംചെയ്തു. രണ്ടുപേരും മറിഞ്ഞുവീണു. ഉടനെ ചാടിയെഴുന്നേറ്റു രണ്ടുപേരും മുഷ്ടികൊണ്ടു പരസ്പരം ഇടിച്ചു. നഖംകൊണ്ടു മാന്തിയും പല്ലുകൊണ്ടു കടിച്ചും അവരുടെ ദേഹം മുറിഞ്ഞ് രക്തം പ്രവഹിച്ചു. ആ രണ്ടു വീരന്മാരും രക്തം ചിന്തി പൂത്ത മുരുക്കുപോലെ ശോഭിച്ചു. അങ്ങനെ പൊരുതുമ്പോൾ അവർക്കു തമ്മിൽ രൂപവ്യത്യാസം കാണാത്തതുകൊണ്ട് ഹനുമാൻ ഒരു മാല സുഗ്രീവന്റെ കഴുത്തിൽ അണിയിച്ചു. ആ വീരൻ ആ മാലയണിഞ്ഞ് വിശേഷാൽ ശോഭിച്ചു; കാർമേഘമാലയണിഞ്ഞ മലയപർവ്വതത്തിന്റെ കാന്തിവഹിച്ചു.

സുഗ്രീവനെ ഇപ്പോൾ രാമന്നു തിരിച്ചറിയുവാൻ സാധിച്ചു. ഉടനെ രാഘവൻ തന്റെ വില്ലിനെ ബാലിയെ ലക്ഷ്യംവെച്ചു വലിച്ചു. യന്ത്രനാദംപോലെ അവന്റെ ചെറുഞാണൊലി പൊങ്ങി. മാറിൽ അമ്പുചെന്നു കൊണ്ടപ്പോൾ ബാലി നടുങ്ങിപ്പോയി. ഹൃദയം പിളർന്ന ബാലി ചോര ഛർദ്ദിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ ലക്ഷ്മണനോടുകൂടി രാമൻ നില്ക്കുന്നതായിക്കണ്ടു. കാകുൽസ്ഥനെ ഗർഹണംചെയ്തു ബാലി മറിഞ്ഞുവീണു. താരേശ്വരനെപ്പോലെ ഓജസ്സാർന്ന അവനെ ഭൂമിയിൽ താര കണ്ടു.

ഇങ്ങനെ ബാലി മരിച്ചപ്പോൾ താരാപതിയായ സുഗ്രീവൻ കിഷ്കിന്ധയേയും, താരേശമുഖിയായ താരയേയും നേടി. നാലു മാസം മാല്യവാൻ മലയുടെ മുകളിൽ സുഗ്രീവന്റെ സേവനമേറ്റ് രാമലക്ഷ്മണന്മാർ പാർത്തു.

കാമവിക്ഷുബ്ധനായ രാവണൻ ലങ്കാപുരിയിൽച്ചെന്ന്, അശോകവനത്തിന്നരികെ താപസാശ്രമം പോലെ ശോഭിക്കുന്ന നന്ദനതുല്യമായ വനത്തിൽ സീതയെ പാർപ്പിച്ചു. ഭർത്തൃചിന്തയാൽ മെലിഞ്ഞ്, താപസീവേഷം ധരിച്ച് ഉപവാസവും തപോവൃത്തിയുമായി തപോനിഷ്ഠയോടെ ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചു ദുഃഖമയമായ ആ ഭവനത്തിൽ ദിവസങ്ങൾ കഴിച്ചു. അവളുടെ രക്ഷയ്ക്കായി രാവണൻ രാക്ഷസിമാരെ നിശ്ചയിച്ചു. കുന്തം, വാൾ, ശൂലം, വെണ്മഴു, കത്തി, കൊള്ളി എന്നീ ആയുധങ്ങളോടുകൂടിയാണ് 'രാക്ഷസസ്ത്രീകൾ സീതയെ കാത്തുരക്ഷിച്ചുകൊണ്ടിരുന്നത്. ഇരുകണ്ണി, മുക്കണ്ണി, നെറ്റിക്കണ്ണി, നാവില്ലാത്തവൾ, നാവുനീണ്ടവൾ, ഒറ്റക്കാലി, മൂന്നുമുലച്ചി, ഏകാക്ഷി, ത്രിജട എന്നിവരും വേറെ പലരും എരികണ്ണുള്ളവരും, എട്ടടിമാൻകേശികളും ഇങ്ങനെ പല രാക്ഷസികളും സീതയ്ക്കുചുറ്റുമായി വളരെപ്പേർ രാപ്പകൽ കൂടി. ആയതലോചനയായ അവളെ രൗദ്രകളും ഭയങ്കരികളുമായ പിശാചികൾ പരുഷസ്വരത്തിൽ ഓരോന്നു പറഞ്ഞു ഭയപ്പെടുത്തി. 'ഇവളെ നമ്മൾ തിന്നുക! ഇവളെ നമ്മൾ കൊല്ലുക! ഇവളെ നമ്മൾ ചീന്തിയിടുക! ഇവളെ എള്ളുപോലെ ശകലംശകലമാക്കി കൊത്തിനുറുക്കുക! നമ്മുടെ സ്വാമിയെ ധിക്കരിക്കുന്ന ഇവളെ, നിന്ദിക്കുന്ന ഇവളെ നാം കൊന്നുകളയുക!' ഇപ്രകാരം അധിക്ഷേപിച്ചു വീണ്ടും വീണ്ടും പേടിപ്പെടുത്തുന്ന സമയത്ത് ഭർത്തൃശോകാർത്തയായ സീത നെടുവീർപ്പിട്ട് അവരോട് ഇപ്രകാരം പറഞ്ഞു.''

സീത പറഞ്ഞു: ''ഹേ, ആര്യമാരേ! നിങ്ങൾ വേഗത്തിൽ എന്നെ തിന്നുവിൻ. എനിക്കു ജീവിക്കുവാൻ ആശയില്ല. ഇരുണ്ടു ചുരുണ്ട മുടിയോടുകൂടിയ ആ പുണ്ഡരീകാക്ഷനെക്കൂടാതെയുള്ള ജീവിതം എനിക്ക് എന്തിനാണ്? അല്ലെങ്കിൽ ജീവിതാശ വെടിഞ്ഞു നിരാഹാരയായി, ദേഹത്തെ ശോഷിപ്പിച്ച്, പനയിന്മേൽ കുടുങ്ങിയ സർപ്പത്തെപ്പോലെ ഞാൻ മരിക്കും! ഞാൻ രാഘവനെയല്ലാതെ മറ്റൊരു പുരുഷനെ ഒരിക്കലും കാമിക്കുകയില്ല. ഇതു സത്യമാണെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുക. ഇനി നിങ്ങൾക്ക് എന്തുവേണമെങ്കിലും ചെയ്യാം.''

മാർക്കണ്ഡേയൻ പറഞ്ഞു: ''സീതയുടെ ഈ പ്രതിജ്ഞ കേട്ടപ്പോൾ ഘോരസ്വരകളായ രാക്ഷസിമാർ വിവരം രാവണമഹാരാജാവിനെ ഗ്രഹിപ്പിക്കുവാൻ പോയി. ആ രാക്ഷസീസംഘം ഒഴിഞ്ഞപ്പോൾ ധർമ്മജ്ഞയും, പ്രിയവാദിനിയുമായ ത്രിജട എന്ന രാക്ഷസി വൈദേഹിയെ നല്ലവാക്കുകൾകൊണ്ടു സാന്ത്വനം ചെയ്തു.''

ത്രിജട പറഞ്ഞു: ''സീതേ, നീ എന്നെ അല്പമൊന്നു വിശ്വസിക്കൂ! ഞാൻ പറയുന്നതു കേൾക്കുക! ഭവതിയെ ഞാൻ സഖിയെപ്പോലെയാണു കരുതുന്നത്. ഭവതി ഒന്നുകൊണ്ടും ഭയപ്പെടേണ്ട. രാമന്റെ ഹിതം എല്ലായ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുന്ന വൃദ്ധനും ബുദ്ധിമാനും രാക്ഷസപുംഗവനുമായ അവിന്ധ്യൻ ഭവതിയുടെ എല്ലാ കാര്യവും എന്നോടു പറഞ്ഞിട്ടുണ്ട്. ഭവതിയെ സമാശ്വസിപ്പിച്ച്, പ്രസാദിപ്പിച്ചു പറയുവാൻ അവിന്ധ്യൻ എന്നെ ഏല്പിച്ച വൃത്താന്തം ഞാൻ പറയാം; ഭവതി കേൾക്കുക: 'ഭവതിയുടെ ഭർത്താവ് ലക്ഷ്മണനോടുകൂടെ കുശലിയായി വർത്തിക്കുന്നു. ശ്രീമാനായ ആ മഹാബലശാലി ഇന്ദ്രതുല്യം തേജോമയനായ സുഗ്രീവനുമായി സഖ്യംചെയ്തു ഭവതിയെ വീണ്ടെടുക്കുവാൻ യത്നിച്ചുവരുന്നു. എടോ ഭീരു, ലോകം മുഴുവൻ നിന്ദിച്ചുവരുന്ന രാവണനെ നീ ഭയപ്പെടേണ്ട. നളകൂബരന്റെ ശാപം മൂലം രാവണൻ ഭയപ്പെടുന്നു. അതുകൊണ്ടാണ് അവൻ നിന്നെ ദ്രോഹിക്കാതെ സംരക്ഷിക്കുന്നത്. നളകൂബരന്റെ പ്രേമഭാജനവും ആ നിലയ്ക്ക് തന്റെ സ്നുഷയുമായ രംഭയെ ഈ പാപി ബലാൽസംഗത്തിന്ന് ഒരുങ്ങുകയാൽ, അപ്പോഴുണ്ടായ ശാപംമൂലം ഈ രാക്ഷസരാജാവ്, തനിക്കു വശപ്പെടാത്ത അന്യസ്ത്രീകളെ ബലാൽ പ്രാപിക്കുന്നതിന്ന് അശക്തനായിരിക്കുന്നു. അങ്ങനെ ജിതേന്ദ്രിയനാണ് ഇക്കാര്യത്തിൽ അവൻ. ഭവതിയുടെ നാഥൻ സൗമിത്രിയോടുകൂടി സുഗ്രീവനാൽ രക്ഷിതനായി ഉടനെ ഇവിടെയെത്തും. ആ ധീരൻ ഭവതിയെ മോചിപ്പിച്ചുകൊണ്ടുപോകും.' അനിഷ്ടദർശനങ്ങളും മഹാഘോരങ്ങളായ സ്വപ്നങ്ങളും ഞാൻ കാണുകയുണ്ടായി. പൗലസ്ത്യവംശത്തിന്റെ ഘാതകനായ ഈ ദുർബുദ്ധി നശിക്കാറായി എന്നാണ് ആ സ്വപ്നങ്ങൾ സൂചിപ്പിക്കുന്നത്. ഈ ഭയങ്കരനായ നിശാച

digitized by www.sreyas.in

രൻ ദുഷ്ടാത്മാവും ക്ഷുദ്രകർമ്മാവുമാണ്. സ്വഭാവത്താലും; ശീലദോഷത്താലും ഈ രാവണൻ എല്ലാവർക്കും ഭയവർദ്ധന നാണ്. കാലചോദിതനായ ഈ ദുരാത്മാവ് എല്ലാ ദേവന്മാരേയും കോപിപ്പിച്ചിരിക്കുന്നു.

ഈ പാപി നശിക്കാറായി എന്നു ഞാൻ സ്വപ്നത്തിൽ കണ്ടു. രാവണൻ ശിരസ്സു മുണ്ഡനംചെയ്ത് എണ്ണതേച്ച് ചളിയിൽ മുഴുകി കഴുതകളെപ്പൂട്ടിയ തേരിൽക്കയറി ചാഞ്ചാടി നില്ക്കുന്നതും ഞാൻ സ്വപ്നത്തിൽ ദർശിച്ചു. കുംഭകർണ്ണൻ മുതലായവർ തലമുടി അഴിച്ചിട്ട് നഗ്നന്മാരായി, ചുവന്നപൂക്കൾ ചൂടി, ചുവന്ന കുറിയിട്ട് തെക്കോട്ടു പോകുന്നതും ഞാൻ കണ്ടു.

വെൺകൊറ്റക്കുട ചൂടി, വെൺപൂക്കൾ ചൂടി, വെൺതലപ്പാവു ധരിച്ച്, വെൺകുറികളിട്ട്, വെണ്മലയിൽ വിഭീഷണൻ കയറിനില്ക്കുന്നു. ആ ധർമ്മാത്മാവിനെപ്പോലെതന്നെ വെൺകുറികൾ ചാർത്തി, വെൺപൂക്കൾ ചൂടി നാലു മന്ത്രിമാരും ആ വെണ്മലയിൽ അവനെ ചുഴന്നു നില്ക്കുന്നു. വിഭീഷണനും ആ നാലു മന്ത്രിമാരും ഞങ്ങളെ മഹാഭയത്തിൽനിന്നു മോചിപ്പിക്കുന്നതും ഞാൻ കണ്ടിരിക്കുന്നു. രാമന്റെ ശരങ്ങൾ കടൽ ചൂഴുന്ന ഭൂമി മുഴുവൻ വ്യാപിച്ചിരിക്കുന്നതും ഭവതിയുടെ നാഥൻ യശസ്സിനാൽ ഭൂമി മുഴുവൻ നിറഞ്ഞിരിക്കുന്നതും ഞാൻ സ്വപ്നത്തിൽ ദർശിച്ചു.

അസ്ഥികൂടത്തിന്മേൽ കയറിനിന്നു മധുപായസം ഭുജിച്ച്, ദിക്കുമുഴുവൻ ദഹിപ്പിക്കുമാറു ചുറ്റും നോക്കി നില്ക്കുന്ന നിലയിലാണ് ഞാൻ ലക്ഷ്മണനെ ദർശിച്ചത്.

ദേഹം മുഴുവൻ ചോരയണിഞ്ഞ്, കരഞ്ഞ്, പുലികളുടെ അകമ്പടിയോടുകൂടി ഭവതി വടക്കോട്ടു പോകുന്നത് പലപ്രാവശ്യവും ഞാൻ സ്വപ്നത്തിൽ ദർശിച്ചു. സീതേ, നീ ഭർത്താവിനോടു ചേർന്ന് സഹർഷം ശോഭിക്കും. സഹോദരനോടുകൂടിയ രാഘവനോട് താമസിക്കാതെ ഭവതി ചേരും.''

''ഇപ്രകാരം ത്രിജട പറഞ്ഞതുകേട്ട് ബാലയായ ആ നീലലോചന നിരാശ വെടിഞ്ഞു. അവളുടെ ഉള്ളിലെ ഇരുട്ടിൽ നേരിയ ഒരു വെളിച്ചം പരന്നു. അവൾ ഭർത്താവിനെ കാണുവാനുള്ള ആശയോടെ ഇരുന്നു.

ഉടനെ രൗദ്രരൂപിണികളും ഭീഷണാകാരകളുമായ പിശാചികൾ വീണ്ടും വന്നു. അവർ ത്രിജടയോടുകൂടി മുമ്പത്തെമട്ടിൽത്തന്നെ ഇരിക്കുന്ന സീതയെ ദർശിച്ചു.''

281. സീതാരാവണസംവാദം – മാർക്കണ്ഡേയൻ പറഞ്ഞു: ''ഭർത്തൃശോകാർത്തയായ ആ സാധ്വീരത്നം മുഷിഞ്ഞ വസ്ത്രത്തോടും മംഗല്യസൂത്രം മാത്രമായ ആഭരണത്തോടും കൂടി മ്ലാനവദനയായി കരഞ്ഞുകൊണ്ട് രാക്ഷസിമാരാൽ ചുറ്റപ്പെട്ട് പാറയിന്മേൽ ഇരിക്കുമ്പോൾ അവളെക്കണ്ട് കാമാർത്തിയോടെ രാവണൻ മെല്ലെ സമീപത്തെത്തി. ദേവന്മാരാലും ദാനവന്മാരാലും ഗന്ധർവ്വന്മാരാലും യക്ഷകിന്നരന്മാരാലും ജയിക്കുവാൻ കഴിയാത്തവനായ രാവണൻ കാമതപ്തനായി അശോകവനത്തിലേക്കു വന്നു. ശ്രീമാനായി, ദിവ്യവസ്ത്രങ്ങൾ ചാർത്തി, മണികുണ്ഡലമണ്ഡിതനായി മൂർത്തിമത്തായ വസന്തംപോലെ, പൂക്കൾ ചൂടി ഭൂഷിതനാണെങ്കിലും, കല്പവൃക്ഷംപോലെയല്ല, ശ്മശാനചൈത്യവൃക്ഷം എന്നപോലെ, അലങ്കരിച്ചാലും ഭയങ്കരനായി ആ നിശാചരൻ സുന്ദരിയായ സീതയുടെ മുമ്പിൽ വന്നുനിന്നു. കാമബാണശരാർദ്ദിതനായ അവൻ തനുമദ്ധ്യയായ സീതയെ, രോഹിണിയെ ശനി എന്നപോലെ, നോക്കിനിന്നു. പിന്നെ അവൻ ശനിയുടെ മുമ്പിൽ പേടിച്ചുവിറയ്ക്കുന്ന രോഹിണിയെപ്പോലെ നില്ക്കുന്ന ആ അബലയായ സുശ്രോണിയെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

'എടോ സീതേ! നീ നിന്റെ ഭർത്താവിന്നുവേണ്ടി ചെയ്ത അനുഗ്രഹം ഇത്രയ്ക്കു മതി. ഇനിയെങ്കിലും മതിയാക്കുക. അല്ലയോ തന്വംഗീ, ഇനി നീ എന്നിൽ പ്രസാദിച്ചാലും! ഇനി നീ നിന്റെ ദേഹത്തിന്ന് ഒന്നു മോടികൂട്ടുക. നല്ലവിധം ഒന്ന് അലങ്കരിക്കുക. വിലയേറിയ വിശേഷപ്പെട്ട വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് എടോ സുന്ദരീ!, നീ എന്നിൽ ചേരുക. എന്റെ എല്ലാ നാരിമാരിലും വെച്ചു വരവർണ്ണിനിയായ ഭവതി ഉത്തമയായി ശോഭിക്കട്ടെ! എനിക്ക് സുരസ്ത്രീകളും ഗന്ധർവ്വസ്ത്രീകളും ദാനവസ്ത്രീകളും ദൈത്യാംഗനകളും ഉണ്ട്. അതിന്നും പുറമേ പതിന്നാലുകോടി പിശാചുക്കൾ എന്റെ ചൊല്പടിക്കു നില്ക്കുന്നുണ്ട്. മനുഷ്യഭുക്കുകളായ ഇരുപത്തെട്ടുകോടി ഉഗ്രരാക്ഷസന്മാരും എഴുപത്തിനാലുകോടി യക്ഷന്മാരും എന്റെ ചൊല്പടിക്കുനില്ക്കുന്നുണ്ട്. അതിൽ ചുരുക്കം ചിലർ മാത്രമാണ് എന്റെ ജ്യേഷ്ഠനായ വൈശ്രവണന്റെ കീഴിൽ നില്ക്കുന്നത്. ഭദ്രേ! ഞാൻ പറയുന്നതു കേൾക്കൂ! ഗന്ധർവ്വാപ്സരസ്ത്രീകൾ ഞാൻ മദ്യപാനക്കൂത്തുകൾക്ക് ഒരുങ്ങുമ്പോൾ എന്നെ ഹേ, വാമോരൂ! എന്റെ ജ്യേഷ്ഠനെയെന്നപോലെതന്നെ സേവിക്കുന്നു. ഞാനും വിപ്രർഷിയായ സാക്ഷാൽ വിശ്രവസ്സിന്റെ പുത്രനാണെന്നു ഭവതി അറിയണം. ലോകപാലകരിൽ അഞ്ചാമൻ ഞാനാണ് എന്നു പ്രസിദ്ധമായിരിക്കുന്നു. ഹേ, ഭാമിനീ! പലതരം ദിവ്യങ്ങളായ ഭക്ഷ്യഭോജ്യങ്ങളും പലമാതിരി ദിവ്യപാനങ്ങളും ദേവേന്ദ്രന്നുള്ളമാതിരിതന്നെ എനിക്കുമുണ്ട്. ഇങ്ങനെ സകലഭാഗ്യങ്ങളും തികഞ്ഞ ഞാൻ ഇതാ, നിന്റെ മുമ്പിൽ പ്രേമാഭ്യർത്ഥന ചെയ്തുകൊണ്ടു നില്ക്കുന്നു. സുന്ദരിയായ നീ എന്തിന്നിനി കാട്ടിൽ വാണു കഷ്ടപ്പെടുന്നു? ഭവതിക്കുള്ള ആ ദുരിതം ഇന്നത്തോടെ അവസാനിക്കട്ടെ. മണ്ഡോദരിയെപ്പോലെ ഭവതിയും എന്റെ ഭാര്യയായി വാഴുക!''

മാർക്കണ്ഡേയൻ പറഞ്ഞു: ''ഇപ്രകാരം രാവണൻ പറഞ്ഞപ്പോൾ വൈദേഹി തന്റെ ശുഭ്രമായ മുഖം തിരിച്ചുകളഞ്ഞു. എപ്പോഴും കണ്ണുകളിൽനിന്നു വാർന്നൊഴുകുന്ന അശുഭമായ കണ്ണുനീരുകൊണ്ട് തന്റെ വീഴാതെ നില്ക്കുന്ന മുലകളെ കുളുർപ്പിച്ചുകൊണ്ട്, ഭർത്താവിനെ ദൈവതമായിക്കരുതി നാൾകഴിക്കുന്ന ആ ബാല, തന്റെയും രാവണന്റെയും ഇടയ്ക്ക് ഒരു തൃണത്തെ നുള്ളിവെച്ചുകൊണ്ട് അതിനെ നോക്കി ആ ക്ഷുദ്രനായ രാക്ഷസനോട് പതിവ്രതയായ ജാനകി പറഞ്ഞു.

സീത പറഞ്ഞു: 'ഹേ, രാക്ഷസേശ്വരാ! ഭവാൻ ഇത്തരത്തിൽ വിഷാദപൂർവ്വം അഭ്യർത്ഥിക്കുന്നത് ഭാഗ്യഹീനയായ ഞാൻ പലപ്രാവശ്യം കേട്ടുകഴിഞ്ഞതാണ്. ഹേ, ഭദ്രമുഖാ! ഭവാനു മംഗളം ഭവിക്കുവാൻ ഈ അശുഭവിചാരം മനസ്സിൽനിന്നു കളയുക. മറ്റൊരുത്തന്റെ ഭാര്യയാണ് ഞാൻ. അന്യർക്കു കിട്ടുവാൻ കൊതിച്ചാലും ലഭ്യമാവുകയില്ല. എന്നും പാതിവ്രത്യനിഷ്ഠയോടുകൂടിയ ഒരു പാവപ്പെട്ട മാനുഷിയാണ് ഞാൻ. ഈ നിലയ്ക്കു ഞാൻ ഒരിക്കലും നിനക്കു ചേർന്ന ഭാര്യയാവുകയില്ല. പാട്ടിലാവാത്തവളെ ആക്രമിച്ചു പ്രാപിച്ചാൽ അതിൽ എത്രത്തോളം പ്രീതി ലഭിക്കും? ഇതൊക്കെ ചിന്തിച്ചുനോക്കാതെ പതിവ്രതയായ പരദാരങ്ങളെ അധീനമാക്കാൻ ശ്രമിക്കുന്നത് ശോഭനമല്ല. ബ്രഹ്മർഷിതുല്യനും പ്രജാപതിക്കൊത്തവനും ബ്രഹ്മപുത്രനുമാണല്ലോ നിന്റെ പിതാവ്. ലോകപാലകന്മാരോടു തുല്യനായ ഭവാൻ എന്താണ് ധർമ്മം സംരക്ഷിക്കാത്തത്? രാജരാജനായ മഹേശ്വരന്റെ സഖിയായ വൈശ്രവണൻ നിന്റെ ജ്യേഷ്ഠനാണെന്നു പറയുമ്പോൾ നിനക്കു ലജ്ജ തോന്നുന്നില്ലേ?'

എന്നു പറഞ്ഞ് കൃശാംഗിയായ സീത കൊങ്കകൾ ഉലയുമാറ് തേങ്ങിത്തേങ്ങിക്കരഞ്ഞു. കഴുത്തും മുഖവും വസ്ത്രംകൊണ്ടുമറച്ചു കരഞ്ഞു. കരഞ്ഞുകൊണ്ടിരിക്കുന്ന സീതയുടെ മിടഞ്ഞുനീണ്ട തലമുടി കറുത്തുമിനുത്ത പെൺനാഗംപോലെ ശിരസ്സിൽ കാണപ്പെട്ടു. സീത നിഷ്ഠുരയായി പറഞ്ഞ വാക്കുകേട്ടിട്ടും, താൻ നിരസിക്കപ്പെട്ടവനാണെന്നറിഞ്ഞിട്ടും, ദുഷ്ടതയോടെ ഇപ്രകാരം പറഞ്ഞു.''

രാവണൻ പറഞ്ഞു: 'എടോ സീതേ, കാമൻ എന്റെ അംഗങ്ങളെ എല്ലായിടത്തും വേദനപ്പെടുത്തുന്നുണ്ടെങ്കിലും, സുശ്രോണിയും സുഹാസിനിയുമായ ഭവതി എന്നെ കാമിക്കുന്നില്ലെങ്കിൽ ഞാൻ ഭവതിയെ സ്പർശിക്കുകയില്ല. ഞങ്ങളുടെ ആഹാരവസ്തുവാണ് മനുഷ്യൻ. അങ്ങനെയുള്ള രാമനിൽത്തന്നെയാണ് നിന്റെ മനസ്സ് ഇപ്പോഴും എന്നു വന്നാൽപ്പിന്നെ എനിക്ക് എന്തു ചെയ്യാൻ കഴിയും? ഞാനെന്തു കാട്ടും?'

digitized by www.sreyas.in

"രാക്ഷസരാജാവായ രാവണൻ ഇപ്രകാരം ശോഭനാംഗിയായ സീതയോടു പറഞ്ഞ് അവിടെനിന്ന് ഇഷ്ടപ്പെട്ട ദിക്കിലേക്കു പോയി. ശോകാർത്തയായ വൈദേഹി ദുഃഖിച്ചു മെലിഞ്ഞ് രാക്ഷസികളാൽ ചുറ്റപ്പെട്ട്, ത്രിജടയുടെ സേവ കൈക്കൊണ്ട് അവിടെത്തന്നെ വാണു."

282. ഹനുമൽപ്രത്യാഗമനം – മാർക്കണ്ഡേയൻ പറഞ്ഞു: "സുഗ്രീവന്റെ സംരക്ഷയിൽ ലക്ഷ്മണനോടുകൂടി രാഘവൻ മാല്യവാൻ പർവ്വതത്തിൽ വാഴുമ്പോൾ ആകാശം നിർമ്മലമായിക്കണ്ടു. തെളിഞ്ഞ ആകാശത്തിൽ ഗ്രഹങ്ങളും നക്ഷത്രങ്ങളും താരങ്ങളും ചന്ദ്രനെച്ചുഴന്നു പരിശോഭിക്കുന്നതായിക്കണ്ടു.

ആമ്പലും താമരയും വികസിച്ചു സൗരഭ്യം വഹിച്ച് മന്ദമാരുതൻ കുളുർക്കെ വീശി. ആ മാരുതസ്പർശമേറ്റാണ് അന്നു രാഘവൻ ഉണർന്നത്. പ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റ രാമൻ ലക്ഷ്മണനെ വിളിച്ചു ദുഃഖത്തോടെ, രാക്ഷസഗൃഹത്തിൽ ഇരിക്കുന്ന സീതയെ ചിന്തിച്ച്, ഇപ്രകാരം പറഞ്ഞു."

രാമൻ പറഞ്ഞു: "ലക്ഷ്മണാ! നീ കിഷ്കിന്ധയിൽച്ചെന്ന് ആ കപീന്ദ്രന്റെ മനോഭാവമെന്താണെന്ന് അറിഞ്ഞു വരൂ! സ്ത്രീസേവയിൽ മത്തുപിടിച്ച് ആ കൃതഘ്നൻ, ആ സ്വാർത്ഥതല്പരൻ, ഞാൻ രാജാവാക്കി വാഴിച്ച ആ മൂഢാത്മാവ് എന്തെടുക്കുന്നുവെന്ന് അറിഞ്ഞുവരിക. ആ നീചവംശത്തിലെ മൂഢാത്മാവിനെ ഞാൻ രാജാവാക്കിയതുമൂലമാണല്ലോ ഇന്ന് അവൻ കുരങ്ങുകളാലും ഗോപുച്ഛകരടിക്കുരങ്ങുകളാലുമൊക്കെ സേവ്യനായി ഭവിച്ചത്. കിഷ്കിന്ധയിലെ ഉപവനത്തിൽവെച്ച്, മഹാബാഹുവായ നിന്നോടുകൂടിച്ചെന്ന് ഞാൻ ആ ബാലിയെ ആർക്കുവേണ്ടിയാണു വധിച്ചത്, ആ വാനരൻ ഭൂമിയിൽവെച്ചു കൃതഘ്നനാണെന്ന് എനിക്കു തോന്നുന്നു. അവന്ന് ഈ ഉന്നതപദവി എങ്ങനെ ലഭിച്ചുവെന്ന് താൻ ചിന്തിക്കുന്നില്ല. അവൻ ചെയ്ത ശപഥം പാലിക്കണമെന്ന ബോധവും ആ സുഗ്രീവനില്ലെന്നു തോന്നുന്നു. ഉപകാരം ചെയ്ത എന്നെ അല്പബുദ്ധിയാൽ വിസ്മരിച്ച്, അവഗണിച്ച്, കർത്തവ്യം നിർവ്വഹിക്കാതെ കാമസുഖത്തിൽ മുങ്ങി കഴിയുകയാണ് അവനെങ്കിൽ, ബാലി പോയ വഴിക്കുതന്നെ ആ വാനരനെ നീ അയച്ചേക്കൂ! നേരേമറിച്ച് അവൻ നമ്മുടെ കാര്യത്തിൽ ജാഗരൂകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ, ആ കൃതജ്ഞനെ വൈകാതെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരിക."

"ഇപ്രകാരം ജ്യേഷ്ഠൻ പറഞ്ഞതുകേട്ട് ഗുരുവാക്യം സർവ്വഥാ നിർവ്വഹിക്കുവാൻ ബദ്ധകച്ഛനായ ലക്ഷ്മണൻ നല്ല ഞാണും അമ്പുമുള്ള വില്ലുമായി പുറപ്പെട്ടു. കിഷ്കിന്ധാദ്വാരത്തിൽച്ചെന്നു തടസ്സമൊന്നും കൂടാതെ അകത്തുകടന്നു. ലക്ഷ്മണൻ ക്രുദ്ധനായിട്ടാണു വന്നിരിക്കുന്നതെന്നറിഞ്ഞ്, ആ കപീശ്വരൻ ചെന്ന് വിനയാന്വിതനായി ദാരങ്ങളോടുകൂടി അരികെച്ചെന്ന് ആ രഘുവീരനെ അർഹതപോലെ സ്വീകരിച്ചു പൂജിച്ച് സംപ്രീതനാക്കി. ആ സല്ക്കാരം സ്വീകരിച്ചതിൽപ്പിന്നെ ലക്ഷ്മണൻ ലേശവും ഭയം കൂടാതെ രാമവാക്യം സുഗ്രീവനെ ധരിപ്പിച്ചു. അതെല്ലാം കേട്ട് ഭൃത്യന്മാരോടും ഭാര്യയോടുംകൂടി ആ വാനരാധിപനായ സുഗ്രീവൻ കൈകൂപ്പിനിന്ന് നരശ്രേഷ്ഠനായ ലക്ഷ്മണനിൽ സംപ്രീതനായി ഇപ്രകാരം മറുപടി പറഞ്ഞു."

സുഗ്രീവൻ പറഞ്ഞു: "ഹേ, ലക്ഷ്മണ! ഞാൻ കൃതഘ്നനോ, ദുർബ്ബുദ്ധിയോ, നിർദ്ദയനോ അല്ല. ഞാൻ സീതാന്വേഷണത്തിന്നായി ചെയ്ത യത്നം ഭവാൻ കേൾക്കുക. വിനീതരായ കപികളെ ഞാൻ എല്ലാ ദിക്കിലേക്കും അയച്ചുകഴിഞ്ഞു. എല്ലാവർക്കും ഒരു മാസമാണ് അവധി കല്പിച്ചത്. കാട്, മല, പുരം, ഗ്രാമം, ആകരങ്ങൾ, നഗരങ്ങൾ എന്നിവിടങ്ങളിലെല്ലാം നല്ലപോലെ തിരഞ്ഞുനോക്കുന്നതിന് അവർതന്നെ വേണം. അവർ അതിന്നു സമർത്ഥന്മാരാണ്. ഒരു മാസംകൊണ്ടു ചെയ്തുതീർക്കുവാൻ കല്പിച്ച കാര്യം അഞ്ചുദിവസംകൊണ്ടു ചെയ്തുതീർക്കുവാൻ കെല്പുള്ളവരാണ് അവരെല്ലാവരും. തിരിച്ചു വരുമ്പോൾ രാമനോടുകൂടി ഭവാന് ഏറ്റവും പ്രിയം കൂടിയ വാക്യം തീർച്ചയായും കേൾക്കുവാൻ കഴിയും."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം ബുദ്ധിമാനായ സുഗ്രീവൻ പറഞ്ഞപ്പോൾ ലക്ഷ്മണൻ കോപം വെടിഞ്ഞ് ഉത്സാഹത്തോടെ ആ കപീന്ദ്രനെ അഭിനന്ദിച്ചു. പിന്നെ സൗമിത്രിയോടുകൂടെ സുഗ്രീവൻ പുറപ്പെട്ട് മാല്യവാൻ പർവ്വതത്തിൽ വസിക്കുന്ന രാമനെ ചെന്നുകണ്ട് താൻ ആരംഭിച്ച കാര്യങ്ങളെല്ലാം ഉണർത്തിക്കുകയും ചെയ്തു.

പറഞ്ഞവിധം വാനരന്മാർ അസംഖ്യം വന്നുചേർന്നു. തെക്കോട്ടു പോയവരൊഴികെ മറ്റു മൂന്നു ദിക്കിലേക്കും പോയവർ മടങ്ങിവന്ന് രാമനെ അറിയിച്ചു: 'ആഴിചൂഴുന്ന ഈ ഊഴിയിൽ സർവ്വത്ര ഞങ്ങൾ തിരഞ്ഞു. രാവണനേയും സീതയേയും ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞില്ല.' തെക്കോട്ടു പോയവർ മടങ്ങിവരായ്കയാൽ ആ വാനരന്മാരിൽ ഉത്തമന്മാരായ ചിലരിൽ രാമൻ വിശ്വാസമുറപ്പിച്ച് ഉൽക്കണ്ഠിതനായി പ്രാണധാരണം ചെയ്തു.

ഇങ്ങനെ ദിവസങ്ങൾ പലതും കഴിഞ്ഞു. ഒരുദിവസം ചില വാനരന്മാർ ബദ്ധപ്പെട്ടു സുഗ്രീവന്റെ അടുത്തുവന്ന് ഇപ്രകാരം പറഞ്ഞു."

വാനരന്മാർ പറഞ്ഞു: 'ഹേ, സുഗ്രീവാ! മുമ്പു ബാലിയാലും, ഇപ്പോൾ ഭവാനാലും സംരക്ഷിക്കപ്പെടുന്നതും, മഹത്തരവും സമ്പുഷ്ടവുമായ മധുവനം ഭവാൻ തെക്കോട്ടയച്ച ഹനുമാനും അംഗദനും മറ്റു വാനരശ്രേഷ്ഠന്മാരുംകൂടി ആഹാരമാക്കിയിരിക്കുന്നു.' അവരുടെ ഈ അപനയത്തെക്കുറിച്ചു കേട്ടപ്പോൾ സുഗ്രീവന്നു കോപമുണ്ടായില്ല. 'കാര്യം സാധിച്ചു കൃതാർത്ഥരായ ജനങ്ങൾ അത്തരത്തിൽ ആഹ്ലാദിക്കുക സാധാരണയാണ്,' എന്നാണ് സുഗ്രീവൻ അവരോടു മറുപടി പറഞ്ഞത്. മേധാവിയായ വാനരശ്രേഷ്ഠൻ ഇക്കാര്യം രാമനോടു പറഞ്ഞപ്പോൾ തെക്കോട്ടുപോയ വാനരന്മാർ സീതയെ കണ്ടെത്തിയിരിക്കുന്നതായി രാഘവൻ അനുമാനിച്ചറിഞ്ഞു.

ഹനുമാൻ മുതലായവർ വഴിക്ക് അല്പം വിശ്രമിച്ചതിന്നുശേഷം, മാല്യവാൻ മലയിൽ രാമലക്ഷ്മണന്മാരോടുകൂടി സ്ഥിതിചെയ്യുന്ന സുഗ്രീവന്റെ മുമ്പിൽ എത്തിച്ചേർന്നു. ഹനുമാന്റെ ജാഗ്രതയും ഗതിയും പ്രസന്നമായ മുഖഭാവവും കണ്ടപ്പോൾ ആ വാനരശ്രേഷ്ഠൻ സീതയെ കണ്ടിട്ടുണ്ടെന്ന് രാമന്നു വിശ്വാസമായി. കൃതാർത്ഥതയാൽ മനസ്സുനിറഞ്ഞ ഹനുമൽപ്രമുഖന്മാരായ വാനരന്മാർ രാമനേയും, സുഗ്രീവനേയും, ലക്ഷ്മണനേയും യഥാവിധി വന്ദിച്ചുനിന്നു.

രാമൻ പറഞ്ഞു: "നിങ്ങൾ എന്നെ ജീവിപ്പിക്കുമോ? നിങ്ങൾ കൃതകൃത്യരാണോ? ഞാൻ അയോദ്ധ്യയിൽ പോയി രാജ്യം വാഴുമോ? വൈദേഹിയെ മോചിപ്പിക്കാതെ, ശത്രുക്കളെ സമരത്തിൽ വധിക്കാതെ ഹൃതദാരനും നിരസ്തനുമായി ഞാൻ തീർച്ചയായും ജീവിക്കുകയില്ല."

ഇപ്രകാരം പറയുന്ന രാമനോട് വായുപുത്രൻ ഉണർത്തി: "രാമാ! ഞാൻ അങ്ങയ്ക്ക് ഇഷ്ടമായ വർത്തമാനം പറയുന്നു. സീതയെ ഞാൻ കണ്ടു. ഞങ്ങൾ ഇവിടെനിന്നു പുറപ്പെട്ടു വനങ്ങളും പർവ്വതങ്ങളും മാടുകളും ഖനികളും നിറഞ്ഞ തെക്കൻദിക്കിൽ സഞ്ചരിച്ച്, തിരഞ്ഞുതളർന്ന്, അവധി തെറ്റി, വലിയ ഒരു ഗുഹയുടെ മുമ്പിൽ എത്തിച്ചേർന്നു. കീടങ്ങൾ നിറഞ്ഞ്, ഇരുളടഞ്ഞ്, കാടുപിടിച്ച്, വഴി തടഞ്ഞു വളരെ യോജന നീണ്ടുകിടക്കുന്ന ആ ഗുഹയിൽ ഞങ്ങൾ കയറിച്ചെന്നു. ആ ഗുഹയിലൂടെ നടന്നു വളരെ ദൂരം ചെന്നപ്പോൾ സൂര്യകിരണങ്ങൾ പ്രകാശിക്കുന്ന ദിവ്യമായ ഒരു ഭവനം കണ്ടു. ആ ദിവ്യഭവനത്തിന്റെ സമീപത്തേക്കു ഞാൻ നടന്നുചെന്നു. ആ മന്ദിരം ദൈത്യേന്ദ്രനായ മയന്റേതുപോലെ ശോഭിക്കുന്നു. പ്രഭാവതി എന്ന താപസി കഠിനമായി തപംചെയ്തുകൊണ്ടിരിക്കുന്ന ഗൃഹമാണത്. അവിടെനിന്നു ലഭിച്ച വിവിധ ഭോജ്യങ്ങളും വിവിധ പാനങ്ങളും അനുഭവിച്ചു വീണ്ടും ബലംകൂടിയ ഞങ്ങൾ ആ താപസി നിർദ്ദേശിച്ച മാർഗ്ഗത്തിൽക്കൂടി പിന്നേയും നടന്നു. അവിടെനിന്നു ഞങ്ങൾ എത്തിയത് സമുദ്രത്തിനടുത്താണ്. അവിടെനിന്നു നോക്കിയ

digitized by www.sreyas.in

പ്പോൾ സഹ്യം, മലയം, ദരം എന്നീ മലകൾ കണ്ടു. ഉടനെ മലയ പർവ്വത്തിന്നു മുകളിൽക്കയറി അടുത്തുള്ള കടൽ കണ്ടു. കടൽ കണ്ടതോടുകൂടി ഞങ്ങളുടെ ആശയെല്ലാം നശിച്ചു. ജീവിതത്തിൽത്തന്നെ ആശയില്ലാത്തവരായി. മത്സ്യങ്ങളും, മുതലകളും, തിമിംഗലങ്ങളും നിറഞ്ഞ് അനേകായിരം യോജന വിസ്തൃതമായിക്കിടക്കുന്ന ആ മഹാസാഗരത്തെക്കണ്ട് മുന്നോട്ടു കടക്കുവാൻ കഴിയാതെ ഞങ്ങൾ ദുഃഖിതരായിത്തീർന്നു. നിരാഹാരരായി ഞങ്ങൾ അവിടെയിരുന്നു. ഞങ്ങൾ ഓരോന്നു പറയുന്നതിനിടയ്ക്ക് ഗൃദ്ധ്രരാജാവായ ജടായുവിനെപ്പറ്റി പ്രസ്താവമുണ്ടായി. ആ സമയത്തു ഞങ്ങളെ അത്ഭുതപ്പെടുത്തുമാറ് പർവ്വതശൃംഗംപോലെ ഉയർന്ന ഘോരസ്വരൂപനും, മറ്റൊരു വൈനതേയനെപ്പോലെ ഭയങ്കരനുമായ ഒരു പക്ഷി ഞങ്ങളുടെ മുമ്പിൽ എത്തി. ഞങ്ങളെ ഭക്ഷിക്കുവാനായി അടുത്തുവന്ന അവൻ ഞങ്ങളോട് ഇപ്രകാരം പറഞ്ഞു: 'എടോ, ആരാണ് എന്റെ ഭ്രാതാവായ ജടായുസ്സിന്റെ കഥ പറഞ്ഞത്? ആ ജടായുസ്സിന്റെ ജ്യേഷ്ഠനായ സമ്പാതിയെന്ന പക്ഷിരാജാവാണു ഞാൻ. ഞങ്ങൾക്കു പരസ്പരമുണ്ടായ സ്പർദ്ധയാൽ ഒരിക്കൽ ഞങ്ങൾ സൂര്യമാർഗ്ഗത്തിലേക്ക് ഉയർന്നു. അതിൽ എന്റെ ചിറകുകൾ കരിഞ്ഞുപോയി. ആ ആപത്ത് ജടായുസ്സിന്നുണ്ടായില്ല. എന്റെ ആ പ്രിയസഹോദരനെ അന്നു മുതൽ എനിക്കു കാണുവാൻ കഴിഞ്ഞിട്ടില്ല. ചിറക് എരിഞ്ഞുപോയ ഞാൻ ഈ മഹാഗിരിയിൽ വീണു. അന്നുമുതൽ ഞാൻ ഇവിടെയാണു പാർത്തുവരുന്നത്.'

ഈ പക്ഷി പറഞ്ഞതുകേട്ടപ്പോൾ ഞങ്ങൾ ജടായുസ്സിന്റെ വൃത്താന്തം പറഞ്ഞു. ജടായുസ്സ് ഹതനായതും ഭവാൻ ദുഃഖത്തിലായതും ഞാൻ അവനോടു പറഞ്ഞു. ഭയങ്കരമായ ഈ അപ്രിയവൃത്താന്തം കേട്ടപ്പോൾ വിഷണ്ണചിത്തനായ സമ്പാതിക്ക് ആരാണ് രാമനെന്നും ആരാണു സീതയെന്നും ജടായുസ്സ് എങ്ങനെയാണ് ഹതനായതെന്നും വിസ്തരിച്ചറിയുവാൻ ആശയുണ്ടായി. അപ്രകാരംതന്നെ ഭവാന് എങ്ങനെയാണു വ്യസനം ഉണ്ടായതെന്നും ഞങ്ങൾ അവിടെ പ്രായോപവേശം ചെയ്യുമാറായത് എങ്ങനെയാണെന്നും ഉള്ള വൃത്താന്തം ഒന്നുംവിടാതെ പറഞ്ഞു കേൾപ്പിച്ചു. ഉടനെ ആ പക്ഷിരാജൻ ഞങ്ങളെ എഴുന്നേല്പിച്ച്, താൻ രാക്ഷസനായ രാവണനെയും, അവൻ അധിവസിക്കുന്ന ലങ്കാപുരിയെയും അറിയുമെന്നും, സമുദ്രതീരത്തിൽ ത്രികൂടഗിരിയുടെ താഴ്‌വരയിലായി സ്ഥിതിചെയ്യുന്ന ലങ്കാനഗരം താൻ കണ്ടിട്ടുണ്ടെന്നും, അവിടെ തീർച്ചയായും വൈദേഹിയെ കാണാമെന്നും ഞങ്ങളോടു പറഞ്ഞു. ഉടനെ ഞങ്ങൾ എഴുന്നേറ്റു കടൽ ചാടിക്കടക്കേണ്ടത് എങ്ങനെയാണെന്നു ചിന്തിച്ചുതുടങ്ങി. സമുദ്രത്തെ ലംഘിക്കുന്നതിന്നു മറ്റാരും ഒരുങ്ങുന്നില്ലെന്നു കണ്ടപ്പോൾ കടൽ ചാടുവാനുള്ള മന്ത്രം ഞാൻ ജപിച്ചു. എന്റെ പിതാവിനെ എന്നിൽ ആവേശിപ്പിച്ച് ആ വലയ കടലിന്റെ അക്കരയിലേക്കു കുതിച്ചുചാടി. ആകാശമാർഗ്ഗം പോകുന്ന എന്നെ തടഞ്ഞ ജലരാക്ഷസിയെ കൊന്ന് നൂറുയോജന വിസ്തീർണ്ണമുള്ള മഹാസമുദ്രം ചാടിക്കടന്നു ലങ്കയിൽച്ചെന്ന് രാവണന്റെ രാജധാനിയിലെത്തി, അന്തഃപുരത്തിൽ കടന്നുചെന്നു. അവിടെ ഞാൻ സീതയെക്കണ്ടു. ഉപവാസതപസ്സോടുകൂടി, ഭർത്തൃദർശനകാംക്ഷയോടെ, തപസ്വിനിയായി, ദീനയായി, കൃശയായി, ചിടകെട്ടിയ കേശത്തോടുകൂടി, മെയ്യിൽ ചേറണിഞ്ഞ്, അത്യാർത്തയായ ആ മഹതിയെ പല ചിഹ്നങ്ങളെക്കൊണ്ട് സീതയാണെന്നു തിരിച്ചറിഞ്ഞു. ഒറ്റയ്ക്ക് ഇരിക്കുന്ന സന്ദർഭംനോക്കി മെല്ലെ അടുത്തുചെന്നു ദേവിയെ ഉണർത്തിച്ചു:

'സീതേ, ഞാൻ രാമന്റെ ദൂതനാണ്. വായുപുത്രനായ വാനരനാണ്. ഭവതിയെക്കാണുവാൻ ആഗ്രഹിച്ച് ആകാശമാർഗ്ഗത്തിലൂടെ ഞാൻ ഇവിടെയെത്തി.

സഹോദരന്മാരായ രാജപുത്രന്മാർ, രാമലക്ഷ്മണന്മാർ, ക്ഷേമത്തോടുകൂടി, സർവ്വവാനരന്മാരുടെയും രാജാവായ സുഗ്രീവന്റെ രക്ഷയിൽ പാർക്കുന്നു. ലക്ഷ്മണനോടുകൂടിയ രാമൻ ഭവതിയോടു കുശലം ചൊല്ലുന്നു! സഖിത്വംകൊണ്ട് സുഗ്രീവനും ഭവതിയോടു കുശലം ചോദിക്കുന്നു! എല്ലാ വാനരസൈന്യങ്ങളോടുംകൂടി ഭവതിയുടെ ഭർത്താവ് ഇവിടെ വേഗത്തിൽ എത്തുന്നതാണ്. ദേവീ, എന്നെ വിശ്വസിക്കുക! ഞാൻ രാക്ഷസനല്ല.' എന്റെ വാക്കുകൾകേട്ട് മുഹൂർത്തസമയം ചിന്തിച്ചിരുന്നതിന്നു ശേഷം സീത ഉത്തരം പറഞ്ഞു."

സീത പറഞ്ഞു:'ഭവാൻ ഹനുമാനാണെന്ന് അവിന്ധ്യൻ പറഞ്ഞപ്രകാരം ഞാൻ ഊഹിക്കുന്നു. വൃദ്ധസമ്മതനായ ഉത്തമരാക്ഷസനാണ് അവിന്ധ്യൻ. അവൻ നിന്റെ കൂട്ടുകാരോടുകൂടിയ സുഗ്രീവനെപ്പറ്റിയും എന്നോടു പറഞ്ഞു. പൊയ്ക്കൊള്ളുക.'

"എന്നു പറഞ്ഞ് സീത ഈ രത്നം എന്റെ കൈയിൽ തന്നു. ഈ രത്നത്തെക്കൊണ്ടാണ് വൈദേഹി ഇത്രനാളും പ്രാണധാരണം ചെയ്തത്. വിശ്വാസത്തിന്ന് അടയാളമായി ഈ കഥയും ജാനകി പറഞ്ഞുതന്നിട്ടുണ്ട്:'പുരുഷവ്യാഘ്രനായ ഭവാൻ ചിത്രകൂടമഹാഗിരിയിൽവച്ച് ഒരു കാക്കയുടെ നേരെ ഇഷീകാസ്ത്രം (പുല്ക്കൊടിയാകുന്ന അമ്പ്) പ്രയോഗിച്ചത് ഓർക്കുന്നുണ്ടല്ലോ.'

പിന്നെ ഞാൻ ആ രാക്ഷസന്മാരെക്കൊണ്ട് എന്നെ പിടിപ്പിച്ചു. അതിന്നു പാകത്തിന്നു നിന്നു. പിന്നെ ഞാൻ ആ ലങ്കാപുരി ചുട്ടുദഹിപ്പിക്കുകയും ചെയ്തു. ഇത്രയും ചെയ്തിട്ടാണ് ഞാൻ വന്നിരിക്കുന്നത്."

"ഈ പ്രിയവൃത്താന്തം കേട്ട് രാമൻ പ്രിയവാദിയായ ഹനുമാനെ അഭിനന്ദിച്ചു പൂജിച്ചു."

283. സേതുബന്ധനം – മാർക്കണ്ഡേയൻ പറഞ്ഞു: "മാല്യവാൻ എന്ന പർവ്വതത്തിൽ രാമൻ അവരോടുകൂടി ഇരിക്കുമ്പോൾ സുഗ്രീവന്റെ ആജ്ഞപ്രകാരം വാനരന്മാർ കൂട്ടംകൂട്ടമായി അവിടെ വന്നുചേർന്നുകൊണ്ടിരുന്നു. ബാലിയുടെ ശ്വശുരനായ സുഷേണന്റെ നേതൃത്വത്തിൽ തരസ്വികളായ ആയിരംകോടി മഹാവീരന്മാരും, വാനരേന്ദ്രന്മാരായ ഗജന്റെയും ഗവയന്റെയും നേതൃത്വത്തിൽ വേറെ വേറെ നൂറുകോടിയും, ഭീമദർശനനും ഗോലാംഗുലനുമായ ഗവാക്ഷന്റെ നേതൃത്വത്തിൽ നൂറായിരം കോടിയും, ഗന്ധമാദനത്തിൽ വാഴുന്ന വിഖ്യാതനായ ഗന്ധമാദനന്റെ കീഴിൽ നൂറായിരം കോടിയും, മേധാവിയും മഹാബലനുമായ പനസന്റെ ആധിപത്യത്തിൽ അഞ്ചും പത്തും പന്ത്രണ്ടും മുപ്പതും കോടിയും വാനരയോദ്ധാക്കൾ കിഷ്കിന്ധയിൽ വന്നു നിറഞ്ഞു. ഭീമതേജസ്വികളായ മഹാസൈന്യത്തോടുകൂടി അതിവീര്യവാനും, വാനരവൃദ്ധനും, ശ്രീമാനുമായ ദധിമുഖൻ സുഗ്രീവസൈന്യത്തിൽ സമ്മേളിച്ചു. ഭീമകർമ്മാക്കളായ നൂറായിരം കോടി കരിങ്കരടികളോടുംകൂടി ജാംബവാനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇവരും മറ്റ് അസംഖ്യം വാനരവീരന്മാരും രാമകാര്യത്തിന്നായി സന്നദ്ധരായി. ഗിരികൂടതുല്യരായ വാനരന്മാർ സിംഹത്തെപ്പോലെ ഗർജ്ജിക്കുകയും അങ്ങിങ്ങു പായുകയും ചെയ്യുന്നതിൽനിന്ന് സർവ്വത്രഘോരശബ്ദം മുഴങ്ങി. ചിലർ പർവ്വതശിഖരം പോലെയുള്ളവരും, ചിലർ സ്വർണ്ണനിറമുള്ളവരും, ചിലർ ശരൽക്കാലത്തെ മേഘംപോലെ ശുഭ്രവർണ്ണമുള്ളവരും, ചിലർ ചായില്യത്തിന്റെ നിറമുള്ള മുഖത്തോടുകൂടിയവരുമായിരുന്നു. അവർ മേല്പോട്ടു ചാടിയും കുതിച്ചും ചിലർ ധൂളിപറപ്പിച്ചും ചുറ്റും വന്നണഞ്ഞു. വാനരേന്ദ്രന്മാരുടെ പെരുംപട ഒരു മഹാസമുദ്രംപോലെ വന്നുനിറന്നു. അവിടെ സുഗ്രീവന്റെ അനുമതിയോടുകൂടി അവർ പാർപ്പുറപ്പിച്ചു.

പിന്നെ എല്ലാ ദിക്കിൽനിന്നും വാനരന്മാർ വന്നുചേർന്നതിന്നുശേഷം നല്ല നക്ഷത്രവും പക്കവും മുഹൂർത്തവും നോക്കി അണിനിരന്ന്, ലോകമൊക്കെ വിറപ്പിക്കുമാറ് ശ്രീമാനായ സുഗ്രീവനോടുകൂടി രാമൻ പുറപ്പെട്ടു.

സൈന്യത്തിന്റെ മുഖമായി വായുപുത്രനായ ഹനുമാൻ നിന്നു. മദ്ധ്യഭാഗം ധീരനായ ലക്ഷ്മണൻ കാത്തു. ഉടുമ്പിൻതോൽ കൈയുറയിട്ട പരിവാരങ്ങളോടുകൂടി രാഘവൻ പുറപ്പെട്ടു. കീശാഢ്യന്മാരോടുകൂടിച്ചേർന്ന രാമലക്ഷ്മണന്മാർ ഗ്രഹങ്ങളോടുചേർന്ന സൂര്യചന്ദ്രന്മാർ എന്നവിധം ശോഭിച്ചു. പയിനും, പനയും, കല്ലും പറിച്ചെടുത്ത് ആയുധങ്ങളായി ധരിച്ച മർക്കടപ്പട സൂര്യോദയത്തിൽ അരുണകിരണമേറ്റ നെല്പാടംപോലെ

digitized by www.sreyas.in

പ്രശോഭിച്ചു. നളൻ, നീലൻ, അംഗദൻ, ക്രാഥൻ, മൈന്ദൻ, ദ്വിവിദൻ എന്നിവരാൽ സംരക്ഷിതമായ ആ മഹാസൈന്യം രാമകാര്യസിദ്ധിക്കായി പുറപ്പെട്ടു. പലമട്ടിൽ ശ്രേഷ്ഠമായും ഫലമൂലങ്ങൾ സമൃദ്ധിയായും നല്ല വെള്ളവും മധുമാംസങ്ങളും വേണ്ടുവോളം കിട്ടുന്നതുമായ ശുഭസ്ഥലങ്ങളിലും, മലയുടെ താഴ്വാരങ്ങളിലും സസുഖം പാർത്തുപാർത്ത് അവർ മഹാസമുദ്രത്തിന്റെ തീരത്തെത്തി. രണ്ടാമതൊരു കടൽപോലെ, നിരക്കെ കൊടികൾ ഉയർത്തിയ ആ മഹാസൈന്യം പ്രശോഭിച്ചു. അവർ കടല്ക്കരയ്ക്കടുത്ത ഒരു കാടുപറ്റി പാർപ്പുറപ്പിച്ചു.

എല്ലാവരും പാർപ്പുറപ്പിച്ചശേഷം ശ്രീമാനായ രാമൻ സുഗ്രീവനോടു കാലോചിതമായി ഇപ്രകാരം പറഞ്ഞു: 'ഈ സമുദ്രം കടക്കുന്നതിന്ന് നിങ്ങൾക്കെല്ലാം സുസമ്മതമായ ഉപായം എന്താണ്? നമ്മുടെ സേനയാണെങ്കിൽ വലിയതാണ്. സമുദ്രമാണെങ്കിൽ ദുസ്തരവുമാണ്.'

അപ്പോൾ മാനമേറിയ ചില വാനരന്മാർ പറഞ്ഞു, കടൽ ഞങ്ങൾ ചാടിക്കടക്കാമെന്ന്. അത് എല്ലാവർക്കും പറ്റുകയില്ലല്ലോ. ചിലർ പറഞ്ഞു, കപ്പലുകളിൽ കയറിക്കടക്കാമെന്ന്. ചിലർ ചങ്ങാടങ്ങളിൽ കടക്കാമെന്ന്. അഭിപ്രായങ്ങളൊക്കെ കേട്ടുകഴിഞ്ഞപ്പോൾ രാമൻ പറഞ്ഞു: 'നിങ്ങൾ പറഞ്ഞ അഭിപ്രായമൊക്കെ ഞാൻ കേട്ടു. അതൊന്നും പ്രായോഗികമല്ല.'

രാമൻ തുടർന്നു: 'നൂറുയോജന വിസ്താരമുള്ള ഈ കടൽ കടക്കുവാൻ എല്ലാ വാനരന്മാർക്കും കഴിയുകയില്ല. വീരന്മാരേ, അപ്പോൾ ആ അഭിപ്രായം മാറ്റിവെക്കുക! ഈ മഹാസൈന്യങ്ങൾക്കൊക്കെ കടക്കുവാൻ ആവശ്യമുള്ളിടത്തോളം കപ്പലെവിടെയാണ്? അതും ഇല്ലതന്നെ! എന്നെപ്പോലെയുള്ളവർ കച്ചവടക്കാർക്കു നാശംചെയ്യുമോ? പരന്ന നമ്മുടെ പട വഞ്ചിയിൽ യാത്ര ചെയ്യുകയാണെങ്കിൽ ശത്രു തഞ്ചം നോക്കി അവ മുക്കി നശിപ്പിക്കുവാൻ ശ്രമിക്കും. കപ്പലും, വഞ്ചിയും, ചങ്ങാടവും നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിന്നു മതിയാകയില്ല. അതുകൊണ്ട് ഞാൻ സമുദ്രത്തെ നല്ല മാർഗ്ഗം കാട്ടിത്തരുവാനായി ഭജിക്കുകയാണ്. ഞാൻ ഉപവാസം എടുത്തു വ്രതത്തോടെ കിടക്കാം. അപ്പോൾ സാഗരം നമുക്കു വഴികാട്ടിത്തരും. തന്നില്ലെങ്കിൽ ഞാൻ അവനെ അഗ്നിവായുക്കളേക്കാൾ ഉഗ്രവും തടുക്കുവാൻ വയ്യാത്തതുമായ അസ്ത്രശക്തികൊണ്ടു വറ്റിച്ചുകളയും.' എന്നു പറഞ്ഞ് ലക്ഷ്മണനോടുകൂടി ദർഭപ്പുല്ലു വിരിച്ച് വിധിപ്രകാരം കടലിനെ നോക്കിക്കിടന്നു. അങ്ങനെ കിടക്കുമ്പോൾ രാമന്നു സ്വപ്നത്തിൽ സാഗരം പ്രത്യക്ഷനായി വന്നു. നദനദീനാഥനായ ആ ദേവൻ ജലജീവിഗണങ്ങളാൽ ആവൃതനായി അനവധി രത്നാകാരങ്ങളോടുകൂടി ദാശരഥിയുടെ മുമ്പിൽ സവിനയം വന്നുനിന്ന് ഇപ്രകാരം പറഞ്ഞു.''

സാഗരം പറഞ്ഞു: ''അല്ലയോ പുരുഷർഷഭ! ഞാൻ എന്തു സഹായമാണു ഭവാനു ചെയ്യേണ്ടത്? ഐക്ഷ്വാകനാണ് ഞാനും. (സഗരപുത്രന്മാർ കുഴിച്ച് ഉണ്ടാക്കിയതാണല്ലോ സാഗരം.) ആ നിലയ്ക്കു നാം തമ്മിൽ ബന്ധുക്കളാണ്. എന്തുപകാരമാണ് ഞാൻ ഭവാനു ചെയ്യേണ്ടതെന്നു പറഞ്ഞാലും!''

രാമൻ പറഞ്ഞു: ''അല്ലയോ നദനദീനാഥ! സൈന്യങ്ങൾക്കു പോകുവാനുള്ള മാർഗ്ഗം ഭവാൻ കാണിച്ചുതരിക. അതിനാണ് ഞാൻ ഭവാനെ ഭജിച്ചത്. ആ വഴിക്കു പോയിട്ടുവേണം എനിക്ക് ആ പൗലസ്ത്യധൂർത്തനായ രാവണനെ കൊല്ലുവാൻ. ഇപ്രകാരം അഭ്യർത്ഥിക്കുന്ന എനിക്കു ഭവാൻ മാർഗ്ഗം തരുന്നില്ലെങ്കിൽ ദിവ്യാസ്ത്രം കൂട്ടി അമ്പെയ്തു ഞാൻ നിന്നെ വറ്റിച്ചുകളയും.''

രാമൻ ഇപ്രകാരം പറയുന്നതുകേട്ട് വരുണാലയമായ സമുദ്രം നടുങ്ങിപ്പോയി. കൈകൾ കൂപ്പിനിന്ന് ഇപ്രകാരം ഉണർത്തി.

സാഗരം പറഞ്ഞു: ''രാമാ! ഞാൻ പറയുന്നതു കേൾക്കുക. ഞാൻ ഒരിക്കലും ഭവാനു തടസ്സമായി നില്ക്കുന്നതല്ല. ഭവാന്റെ കാര്യത്തിന് ഞാൻ വിഘ്നം ചെയ്യുകയില്ല! ഭവാന്റെ അനുവാദത്താൽ ഞാൻ കടക്കുവാൻ വഴി നല്കിയാൽ വില്ലിന്റെ ബലത്താൽ വേറെയും ചിലർ എന്നോടു കല്പിക്കുവാൻ ഇടവരും. നിങ്ങളുടെ സൈന്യത്തിൽ ശില്പിവിജ്ഞനായി നളൻ എന്നൊരുത്തനുണ്ട്. ത്വഷ്ടാവാകുന്ന വിശ്വകർമ്മാവിന്റെ പുത്രനാണ് അവൻ. മഹാശക്തനുമാണ് അവൻ. മരമോ, പുല്ലോ, കല്ലോ എന്നിൽ എറിഞ്ഞാൽ അതൊക്കെ ഞാൻ താങ്ങിനില്ക്കാം. അവ ഭവാനു ചിറയായി ഭവിക്കും.''

സമുദ്രം ഇപ്രകാരം പറഞ്ഞു മറഞ്ഞപ്പോൾ രാമൻ നളനോടു പറഞ്ഞു: ''ഹേ നളാ! നീ കടലിൽ ചിറ കെട്ടിക്കൊള്ളുക; അതിനു നീ ശക്തനാണെന്നാണ് എന്റെ അഭിപ്രായം.''

അങ്ങനെ കാകുൽസ്ഥൻ സേതു ബന്ധിച്ചു. ആ സേതുവിന്നു പത്തുയോജന വീതിയും നൂറുയോജന നീളവുമുണ്ട്. ആ സേതുവിനെ ഇന്നും നളസേതു എന്നു പറഞ്ഞുവരുന്നു. ഭൂലോകത്തിൽ ഇന്നും അതു പ്രസിദ്ധിയാർന്ന ഒരു പുണ്യസ്ഥാനമാണ്. രാമന്റെ ആജ്ഞയാൽ പർവ്വതംകൊണ്ടാണ് ആ ചിറകെട്ടിയത്. അങ്ങനെ ചിറകെട്ടിക്കഴിഞ്ഞപ്പോൾ, രാക്ഷസേന്ദ്രനായ രാവണന്റെ സഹോദരനായ വിഭീഷണൻ നാലു മന്ത്രിമാരോടുകൂടി രാമന്റെ സമീപത്തുവന്നു. മഹാശയനായ രാമൻ അവനെ സ്വാഗതപൂർവ്വം സ്വീകരിച്ചു. ഇവൻ ചാരനായിരിക്കുമോ എന്ന ഒരു സംശയം സുഗ്രീവന്ന് ഉണ്ടായി. രാഘവനാകട്ടെ, വിഭീഷണന്റെ ചേഷ്ടകളും, ഇംഗിതങ്ങളും, ആചാരങ്ങളും നിഷ്കളങ്കമായിരിക്കുന്നതുകണ്ട് ഹാർദ്ദമായ സന്തുഷ്ടിയോടെ ആ രാവണാനുജനെ സ്വീകരിച്ച് സൽക്കരിക്കുവാൻ മടിച്ചില്ല. വിഭീഷണനെ ആശരന്മാരുടെ രാജാവായി അഭിഷേകം ചെയ്യുകയും മന്ത്രാലോചനകളിൽക്കൂടി അവൻ ലക്ഷ്മണന്റെ ഇഷ്ടനായിത്തീരുകയും ചെയ്തു.

വിഭീഷണന്റെ അഭിപ്രായം പോലെ രാമൻ സേതുവഴിക്കു സൈന്യങ്ങളോടുകൂടി സമുദ്രം കടന്നു. ഒരു മാസംകൊണ്ട് വാനരസൈന്യം അക്കരയിലെത്തി.

രാമൻ ലങ്കയിൽ കടന്ന ഉടനെ ലങ്കയിലെ ഉദ്യാനങ്ങളൊക്കെ കപികളെ അയച്ചു തകർത്തുവിട്ടു. അവയിൽ പലതും വലിയ ഉദ്യാനങ്ങളായിരുന്നു.

ഈ സന്ദർഭത്തിൽ രാവണന്റെ അമാത്യന്മാരായ ശുകസാരണന്മാർ ചാരന്മാരായി കപിവേഷത്തിൽ വാനരസൈന്യങ്ങൾക്കുള്ളിൽ കടന്നുവന്നു. അവരെ വിഭീഷണൻ പിടികൂടി. അവരെ പിടിച്ചുകെട്ടി രാമന്റെ മുമ്പാകെ ഹാജരാക്കി. ആ നിശാചാരന്മാർ രാക്ഷസരൂപംതന്നെ കൈക്കൊണ്ട് രാമനെ അഭയം പ്രാപിച്ചു. ഉടനെ രാഘവൻ അവരെ വിട്ടയച്ചു. അനന്തരം പുരോദ്യാനത്തിൽ വാനരസൈന്യത്തെ ഉറപ്പിച്ചുനിറുത്തി. അതിന്നു ശേഷം പ്രാജ്ഞനായ അംഗദനെ വിളിച്ച് രാവണന്റെ അടുത്തേക്കു ദൂതനായി അയച്ചു.''

284. ലങ്കാപ്രവേശം – മാർക്കണ്ഡേയൻ പറഞ്ഞു: ''എപ്പോഴും സമൃദ്ധിയായി വെള്ളവും കായ്കളും കിഴങ്ങുകളും കിട്ടുന്ന സ്ഥലത്ത് സൈന്യങ്ങളെ നിറുത്തി അവരെയൊക്കെ വേണ്ടപോലെ സംരക്ഷിച്ചു. രാമലക്ഷ്മണന്മാർ ലങ്കയിൽ വന്നിരിക്കുന്നതറിഞ്ഞ് ശാസ്ത്രാനുസൃതമായി രാവണൻ ലങ്കയിൽ സൈന്യങ്ങളെ ഒരുക്കി. സ്വതവേതന്നെ ലങ്ക ദൃഢമായ പ്രാകാരങ്ങളെക്കൊണ്ടും കമാനങ്ങളെക്കൊണ്ടും ദുരാധർഷമാണ്. മുതലകളും മത്സ്യങ്ങളും നിറഞ്ഞതും ആഴം കൂടിയതും കരിങ്ങാലിക്കുറ്റി നാട്ടിയതുമായ ഏഴു കിടങ്ങുകൾ ലങ്കാപുരിക്കു ചുറ്റും ഉണ്ട്. അതിനെ അതിക്രമിച്ച് ശത്രുക്കൾക്കു കടക്കുവാൻ സാധിക്കാത്തവിധം യന്ത്രവാതിൽ, ഗുഡം, പാറ ഇവയൊക്കെ വേണ്ടവിധം സ്ഥാപിച്ച് അപ്രധൃഷ്യമാക്കിയിരിക്കുന്നു നഗരം. സർപ്പക്കുടങ്ങളോടുകൂടിയ യോദ്ധാക്കൾ, നായ്ക്കരണപ്പൊടി, മുസലം, തീക്കൊള്ളിയമ്പ്, തോമരം, വാൾ, വെണ്മഴു, ശതഘ്നി, തേൻ പുരട്ടിയ തോമരം ഇവയൊക്കെ കൈയിലേന്തിയ കാവൽക്കാർ പുരദ്വാരങ്ങളിൽ സ്ഥിരമായും പലയിടത്തും സഞ്ചരിച്ചും പാലിച്ചുപോരുന്നു. ധാരാളം കാലാൾസൈന്യവും ധാരാളം ഗജസൈന്യങ്ങളും അശ്വസൈന്യങ്ങളും ഒരുക്കിനിറുത്തിയിട്ടുണ്ട്. അങ്ങനെയുള്ള ലങ്കാപുരിയിൽ ദ്വാരദേശത്തു ചെന്നു രാക്ഷസേന്ദ്രൻ

digitized by www.sreyas.in

അറിയെത്തന്നെ രാമദൂതനായ അംഗദൻ അകത്തുകടന്നു. മഹാബലനായ അവൻ വളരെയധികം രാക്ഷസകോടികളുടെ മദ്ധ്യത്തിൽ മേഘമാലകളാൽ ചുറ്റപ്പെട്ട ആദിത്യനെന്നപോലെ ശോഭിച്ചു. മന്ത്രിമാരാൽ ചുറ്റപ്പെട്ടു സ്ഥിതിചെയ്യുന്ന പൗലസ്ത്യനായ ലങ്കേശ്വരന്റെ മുമ്പിൽ നിർഭയം കടന്നുചെന്നു. വാഗ്മിയായ അംഗദൻ ആ രാക്ഷസേന്ദ്രനെ അഭിസംബോധനചെയ്ത് രാമസന്ദേശം അറിയിച്ചു."

അംഗദൻ പറഞ്ഞു: "രാജാവേ, കീർത്തിമാനായ കോസലരാജാവ്, രാമൻ, ഭവാനോടു പറയുന്നു. കാലോചിതമായ ഈ സന്ദേശംകേട്ട് അതു സ്വീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക. രാജാവ് ഇന്ദ്രിയങ്ങൾക്കു വശഗനായി നീതി തെറ്റി നടക്കുകയാണെങ്കിൽ, ആ ദുർന്നയനായ രാജാവുമൂലം നാടും നഗരവും നശിച്ചുപോകും. സീതയുടെ അപഹരണംമൂലം നീ നമുക്കു തെറ്റു ചെയ്തു. എന്നാൽ നീ ഒരാൾ ചെയ്ത തെറ്റുമൂലം കുറ്റം ചെയ്യാത്തവർ മുഴുവൻ മുടിയുവാനാണു പോകുന്നത്. ബലദർപ്പംകൊണ്ട് ഭവാൻ മുമ്പ് വനവാസികളായ മുനിമാരെ ഹിംസിക്കുകയും ദേവന്മാരെ അപമാനിക്കുകയും രാജർഷികളെ കൊല്ലുകയും ചെയ്തിരിക്കുന്നു. സ്ത്രീകളെ കടന്നുപിടിച്ച് അവർ കരയുന്നതിനിടയിൽത്തന്നെ ഭവാൻ കൊന്നിട്ടുണ്ട്. ആ വക ദുഷ്കർമ്മങ്ങളുടെയെല്ലാം ഫലം അനുഭവിക്കുവാൻ അടുത്തിരിക്കുന്നു. ഭവാനെ അമാത്യന്മാരടക്കം ഞാൻ കൊല്ലാതെ വിടുകയില്ല. നീ ആണത്തത്തോടുകൂടി വന്ന് എതിർക്കുക. മാനുഷനാണെന്നു വിചാരിച്ചു നീ എന്നെ നിസ്സാരനാണെന്നു കരുതുന്നുണ്ടെങ്കിൽ നീ യുദ്ധത്തിന്നിറങ്ങുക. അപ്പോൾ ഈ മാനുഷന്റെ വില്ലിന്റെ വീര്യം കാണിച്ചുതരാം. മോചനം കിട്ടേണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ നീ സീതയെ വിട്ടുതന്നേക്കുക! അല്ലെങ്കിൽ ഞാൻ എന്റെ കൂരമ്പുകളാൽ ഈ വിശ്വം അരാക്ഷസമാക്കും."

മാർക്കണ്ഡേയൻ പറഞ്ഞു: "രാമന്റെ സന്ദേശം അംഗദൻ ഉണർത്തിച്ചു. ഇപ്രകാരം ദൂതൻ പറഞ്ഞ പരുഷവാക്കുകൾ കേട്ടപ്പോൾ ക്രോധംമൂത്ത രാവണരാജാവിന്നു സഹിക്കാൻ കഴിഞ്ഞില്ല. നാലുരാക്ഷസന്മാർ അപ്പോൾ രാജാവിന്റെ ഇംഗിതം ഗ്രഹിച്ച്, പുലിയെ പക്ഷികൾ എന്നപോലെ നാലുപേർ നാല് അംഗത്തിൽ പിടികൂടി. അംഗങ്ങളിൽ പിടിച്ച രാക്ഷസന്മാരോടുകൂടി അംഗദൻ മേല്പോട്ടുയർന്ന് വെണ്മാടത്തിന്റെ തട്ടിൽ കയറിനിന്നു. പിന്നെ അവൻ അവിടെനിന്ന് ഊക്കോടെ ഒരു ചാട്ടംചാടി. ആ ചാട്ടത്തോടുകൂടി രാക്ഷസന്മാർ തെറിച്ചു താഴെവീണു. ആ പ്രഹരത്താൽ ഹൃദയം തകർന്ന് അവർ അവശരായി. വെണ്മാടത്തിൽ ഊന്നിക്കുതിച്ച് അംഗദൻ മടങ്ങിയെത്തി. ലങ്കാനഗരംവിട്ടു കുതിച്ചു സുവേലത്തിന്നടുത്തു ചെന്നു. വാനരൻ കോസലാധിപന്റെ സമീപത്തെത്തി എല്ലാം കേൾപ്പിച്ചു. രാഘവന്റെ ശ്ലാഘയ്ക്കു പാത്രമായി അവൻ വിശ്രമിച്ചു.

അനന്തരം വായുജവം ഉള്ളവരായ എല്ലാ വാനരന്മാരും ചേർന്ന് ലങ്കാപുരിയുടെ കോട്ട അടിച്ചുതകർത്തു. വിഭീഷണനേയും ജാംബവാനേയും പുരസ്കരിച്ച് ലക്ഷ്മണൻ ദുരാസദമായ തെക്കേ കോട്ടവാതിൽ പൊളിച്ചു. പോരിൽ സമർത്ഥന്മാരും കരഭാരുണപാണ്ഡുക്കളുമായ നൂറുനൂറായിരം വാനരന്മാർ ലങ്കയിൽ ഓടിക്കടന്നു. കൈത്തലം തുടകവിഞ്ഞു കണങ്കാൽവരെ നീണ്ടവരും, ധൂമ്രവർണ്ണമുള്ളവരുമായ കരടികൾ മൂന്നുകോടി ലങ്കാപുരിയിൽ കടന്നു. മേല്പോട്ടു ചാടി ഉള്ളിൽക്കടന്നുവീഴുന്ന വാനരന്മാരാൽ പൊടി പറപ്പിക്കപ്പെട്ടു. ആ ധൂളീപടലത്താൽ സൂര്യൻതന്നെ അദൃശ്യനായി. നെൽക്കതിർനിറമുള്ളവരും വാകപ്പൂവിന്റെ നിറമുള്ളവരും ബാലാർക്കകാന്തിയുള്ളവരും ചണപിംഗളന്മാരുമായ വാനരന്മാർ ചാടിവീണു. ആ കോട്ട പിംഗളവർണ്ണമാക്കി. രാക്ഷസഗണം ആബാലവൃദ്ധം അത്ഭുതപ്പെട്ടു. അവർ മണിത്തൂണുകൾ തട്ടിമറിച്ചു. യന്ത്രങ്ങൾ തട്ടിപ്പൊട്ടിച്ച് ഊരിയെറിഞ്ഞു. ഗുഡോപലങ്ങൾ, ചക്രങ്ങൾ, ശതഘ്നി എന്നിവ വലിച്ചെറിഞ്ഞു കൈയൂക്കോടെ ആർത്തു. കോട്ടയ്ക്കുമേലെ നില്ക്കുന്ന നിശാചരന്മാർ, കപീന്ദ്രന്മാർ ആർത്തടുത്തപ്പോൾ ഓടിക്കളഞ്ഞു.

ഈ സമയത്ത് രാവണരാജാവിന്റെ കല്പനയാൽ കാമരൂപികളായ രാക്ഷസന്മാർ വികൃതമായ ആകൃതിപൂണ്ട് നൂറും ആയിരവും അവിടെയെത്തി, മർക്കടങ്ങളെ ഓടിക്കുമാറ് അസ്ത്രവർഷം ചൊരിഞ്ഞു. അവർ കോട്ടയ്ക്ക് അഴകുചേർക്കുമാറ് ഉഗ്രമായി പോരാടി. ഉഴുന്നിൻകതിരിന്റെ വർണ്ണത്തിലുള്ള ഭീഷണന്മാരായ രാക്ഷസന്മാർ സമരം ചെയ്തു. വാനരന്മാരെയൊക്കെ കോട്ടയ്ക്കുപുറത്താക്കി. ശൂലം ദേഹത്തിൽ തറച്ചു ചില കപീന്ദ്രന്മാർ വീണു. തൂണും തോരണവും എടുത്തു പ്രഹരിച്ചു. ചില രാക്ഷസന്മാരേയും വാനരന്മാർ വീഴ്ത്തി. തല ചുറ്റിപ്പിടിച്ചും കടിച്ചും മാന്തിയും പരസ്പരം തിന്നും രാക്ഷസരും വാനരന്മാരും തമ്മിൽ സമരം നടന്നു. കിടന്നും ഉരുണ്ടും അവർ പോരാടി. ചത്തുവീണിട്ടും അവർ പരസ്പരം വിടാതെ കിടന്നു. രാമൻ ശരജാലങ്ങൾ കാർമേഘമെന്നപോലെ വർഷിച്ചുനിന്നു. ആ ശരങ്ങൾ ലങ്കയിൽക്കടന്ന് രാക്ഷസവീരന്മാരെ കൊന്നു. ദുർഗ്ഗത്തിൽ നില്ക്കുന്ന രാക്ഷസന്മാരെ എണ്ണിയെണ്ണി വീഴ്ത്തി ലങ്കാപുരിയെ ഇങ്ങനെ തകർത്തതിന്നുശേഷം രാമന്റെ ആജ്ഞപ്രകാരം എല്ലാ വാനരന്മാരും ശിബിരത്തിൽ പ്രവേശിച്ചു."

285. രാമരാവണദ്വന്ദ്വയുദ്ധം – മാർക്കണ്ഡേയൻ പറഞ്ഞു: "വിശ്രമത്തിന്നുശേഷം വാനരന്മാർ വീണ്ടും ആക്രമണം ആരംഭിച്ചു. രാവണസൈന്യങ്ങൾ പല ക്ഷുദ്രരാക്ഷസന്മാരും പിശാചുക്കളും പല സംഘങ്ങളുമായി കൂടിനിന്ന് എതിർത്തു. പർവ്വണൻ, പതനൻ, ജംഭൻ, ഖരൻ, ക്രോധവശൻ, ഹരി, പ്രരുജൻ, അരുജൻ, പ്രഘസൻ മുതലായ ദുരാത്മാക്കൾ അദൃശ്യരായി പാഞ്ഞുവന്നു വാനരന്മാരോട് എതിർത്തു. വിഭീഷണൻ ഉടനെ മുന്നോട്ടുവന്നു രാക്ഷസന്മാരുടെ അന്തർദ്ധാനശക്തിയെ കെടുത്തിവിട്ടു. അങ്ങനെ രാക്ഷസന്മാരെല്ലാം ദൃശ്യരായിത്തീർന്നപ്പോൾ ബഹുദൂരം കുതിച്ചുചാടുവാൻ കഴിവുള്ളവരായ കപികൾ ആ നിശാചരന്മാരെ കൊന്നുവീഴ്ത്തിത്തുടങ്ങി. ഉടനെ അമർഷണനായ രാവണൻ താൻതന്നെ തന്റെ സൈന്യത്തോടുകൂടി പുറപ്പെട്ടു. ഘോരപിശാചരാക്ഷസസൈന്യങ്ങളോടുകൂടി രണ്ടാം ശുക്രനെന്നപോലെ യുദ്ധശാസ്ത്രവിധാനജ്ഞനായ ലങ്കാധിപൻ പോർക്കളത്തിൽ വന്നു ശുക്രവ്യൂഹംകൂട്ടി കപികളെ വളഞ്ഞു. സൈന്യത്തെ അണിനിരത്തി. വന്നുനിന്ന രാവണനോട് ബൃഹസ്പതി വിധിപ്രകാരമുള്ള എതിർവ്യൂഹമുണ്ടാക്കി രാമൻ എതിർത്തു.

ഇന്ദ്രജിത്തിനോട് ലക്ഷ്മണൻ പോരാടി. വിരൂപാക്ഷനോട് സുഗ്രീവനും, താരനോടു നിഘർവ്വടനും, തുണ്ഡനോടു നളനും, പടുശനോടു പനസനും ഇങ്ങനെ എതിർക്കുവാൻ പോന്നവർ തമ്മിൽ പരസ്പരം പോരാടി. എതിരാളികൾ തമ്മിൽ കൈയൂക്കുപോലെ കിണഞ്ഞു മത്സരിച്ചു. പോരു കണ്ടു ഭീരുക്കൾ ഭയപ്പെട്ടു. ധീരന്മാർ രോമാഞ്ചകഞ്ചുകമണിഞ്ഞു. പണ്ടു ദേവന്മാരും അസുരന്മാരും തമ്മിലുണ്ടായ യുദ്ധത്തെ അനുസ്മരിപ്പിക്കുമാറു യുദ്ധം നടന്നു.

രാവണൻ ശൂലം, വാൾ, വേൽ, കുന്തം മുതലായവ രാമന്റെ നേരെ പ്രയോഗിച്ചു. രാമൻ കൂർത്തുമൂർത്ത ശരങ്ങൾകൊണ്ടു രാവണനേയും പീഡിപ്പിച്ചു. അപ്രകാരംതന്നെ ലക്ഷ്മണൻ മർമ്മം കീറുമാറ് ഇന്ദ്രജിത്തിന്റെനേരെ ശരങ്ങൾ പ്രയോഗിച്ചു. അപ്രകാരംതന്നെ ഇന്ദ്രജിത്ത് ലക്ഷ്മണന്റെ നേരെയും ശരങ്ങൾ പ്രയോഗിച്ച് ദേഹം മുറിപ്പെടുത്തി. വിഭീഷണൻ പ്രഹസ്തനേയും, പ്രഹസ്തൻ വിഭീഷണനേയും പക്ഷിച്ചിറകുവെച്ച അമ്പുകളാൽ മുറിവേല്പിച്ചു. മഹാസ്ത്രങ്ങൾ കൈവശമുള്ളവരായ ആ വീരന്മാർ തമ്മിൽ ഉൽക്കടമായ പോരാട്ടം നടന്നു. ചരാചരങ്ങളടങ്ങിയ മൂന്നു ലോകവും വിറച്ചു."

286. കുംഭകർണ്ണനിർഗമനം – കുംഭകർണ്ണനെ നിദ്രയിൽനിന്നു ബലമായി ഉണർത്തുന്നു – മാർക്കണ്ഡേയൻ പറഞ്ഞു: "കർക്കശമായ പോരാട്ടം നടന്നുകൊണ്ടിരിക്കെ പ്രഹസ്തൻ പാഞ്ഞുവന്ന് വിഭീഷണനു ഗദകൊണ്ട് ആഞ്ഞ് ഒരിടികൊടുത്തു. ശക്തിയേറിയ ആ ഗദാഘാതമേറ്റിട്ടും ബുദ്ധിമാ

digitized by www.sreyas.in

നായ വിഭീഷണൻ ഇളകാതെ ഹിമവാനെപ്പോലെ ഉറച്ചുനിന്നു. വിഭീഷണൻ നൂറുമണികൾ കെട്ടിയ വലിയ വേൽ എടുത്തു മന്ത്രം ജപിച്ച് അവന്റെ തലയ്ക്കുനേരെ ചാട്ടി. ഇടിത്തീപോലെ വന്നുപതിച്ച് ആ വേൽ ഏറ്റ് ആ നിശാചരന്റെ തല ദൂരെ തെറിച്ചു. കാറ്റേറ്റ വൃക്ഷംപോലെ അവൻ നിലംപതിച്ചു. പ്രഹസ്തൻ കൊല്ലപ്പെട്ടതുകണ്ട് വാനരസൈന്യത്തിലേക്ക് ഊക്കോടെ ധൂമ്രാക്ഷൻ പാഞ്ഞുകയറി. കാർമേഘതുല്യമായ അവന്റെ ഭീഷണസൈന്യങ്ങൾ പാഞ്ഞുവരുന്നതുകണ്ട് വാനരന്മാർ നാലുപാടും പാഞ്ഞു. ചിന്നിച്ചിതറുന്ന വാനരപ്പടയെക്കണ്ട് കപിശാർദ്ദൂലനായ ഹനുമാൻ ചെന്ന് എതിർത്തു. ആ വായുപുത്രൻ യുദ്ധത്തിൽ നില്ക്കുന്നതായി കണ്ടപ്പോൾ ഓടിപ്പോയ വാനരന്മാരൊക്കെ തിരിച്ചുവന്നു. പിന്നെ രോമാഞ്ചമഞ്ചുമാറ് ബഹുലമായ ആരവം പൊങ്ങി. രക്തപ്രവാഹമുണ്ടാക്കുന്ന ആ മഹായുദ്ധത്തിൽ ധൂമ്രാക്ഷൻ കപിസേനയെ ശരങ്ങൾ എയ്ത് ഓടിച്ചു. പാഞ്ഞണയുന്ന ആ രാക്ഷസവീരനോട് ഹനുമാൻ ശക്തിയായി എതിർത്തുകേറി. വാനരന്മാരും രാക്ഷസന്മാരും തമ്മിൽ അപ്പോൾ ഒരു ഭീകരസംഘട്ടനം നടന്നു. ഇന്ദ്രനും പ്രഹ്ളാദനും പോലെ ജയാശയാൽ അവർ ശക്തിയായി പോരാടി. ഗദാപരിഘജാലങ്ങളാൽ ആ വാനരനെ രാക്ഷസൻ മർദ്ദിച്ചു. കീശൻ ആശരനെ കൊമ്പുള്ള ഒരു വൃക്ഷം പറിച്ച് അടിച്ചു. പിന്നെ കോപത്തോടെ അശ്വങ്ങൾ, തേര്, സൂതൻ ഇവരോടുകൂടെ ക്രുദ്ധനായ ധൂമ്രാക്ഷനെ ഹനുമാൻ കൊന്നു. രാക്ഷസേന്ദ്രനായ ധൂമ്രാക്ഷനെ കൊന്നതുകണ്ട് ആത്മവിശ്വാസം വർദ്ധിച്ച വാനരന്മാർ രാക്ഷസസേനയെ കൊന്നു. വിജയികളായി ഊക്കു വർദ്ധിച്ചുകൊണ്ടിരിക്കുന്ന മർക്കടന്മാർ മുടിക്കുവാൻ തുടങ്ങിയതുകണ്ട് രാക്ഷസന്മാർ ആശ കെട്ട്, ഭയപ്പെട്ട് ലങ്കാപുരിയിലേക്കു പാഞ്ഞുപോയി. ചത്തുശേഷിച്ച രാക്ഷസന്മാർ ഭഗ്നാശരായി രാവണന്റെ സമീപത്തു ചെന്ന് ഉണ്ടായ സംഭവങ്ങളെല്ലാം ഉണർത്തിച്ചു.

അവർ പറഞ്ഞ് പ്രഹസ്തന്റെ വധവൃത്താന്തം അറിഞ്ഞ, രാവണൻ ധൂമ്രാക്ഷന്റെ കഥ ചോദിച്ചു. ധൂമ്രാക്ഷനും കൊല്ലപ്പെട്ടു എന്ന് അവർ പറഞ്ഞു. ഈ വർത്തമാനം കേട്ടപ്പോൾ രാവണൻ നെടുവീർപ്പിട്ട് പീഠത്തിൽനിന്ന് എഴുന്നേറ്റു പറഞ്ഞു: 'ഇനി കുംഭകർണ്ണൻ പ്രവർത്തിക്കേണ്ട കാലമായി.'

ഉടനെ കല്പനപ്രകാരം ഭയങ്കരമായ വാദ്യഘോഷങ്ങളുണ്ടാക്കി ഉറങ്ങിക്കിടക്കുന്ന കുംഭകർണ്ണനെ ഉണർത്തി. വളരെ പണിപ്പെടേണ്ടിവന്നു അവനെ ഉണർത്തുവാൻ.

കുംഭകർണ്ണൻ ഉണർന്നെഴുന്നേറ്റ് സ്വസ്ഥമായി ഇരിക്കുമ്പോൾ ദശാനനൻ അടുത്തു ചെന്നു പറഞ്ഞു: 'ഇത്രയും ഭയങ്കരമായ ആപത്ത് ലങ്കയിൽ വന്നുപെട്ടിട്ടും അതൊന്നും അറിയാതെ കിടന്നു സുഖമായി ഉറങ്ങുന്ന കുംഭകർണ്ണാ! നിന്നേക്കാൾ ഭാഗ്യവാനായി ലോകത്തിൽ മറ്റാരുണ്ട്? ഇതാ രാമൻ കടൽ ചിറകെട്ടി വാനരസൈന്യങ്ങളോടുകൂടി ലങ്കയിൽ വന്നുകയറിയിരിക്കുന്നു. നമ്മെ ധിക്കരിച്ചു വലുതായ കദനങ്ങൾ ചെയ്യുന്നു. അവന്റെ ഭാര്യയായ വൈദേഹിയെ ഞാൻ കൊണ്ടുപോന്നു. അവളെ വീണ്ടെടുക്കുവാനാണ് അവൻ ആഴിക്കുമീതെ ചിറകെട്ടി ഇങ്ങോട്ടുവന്നിരിക്കുന്നത്. അവൻ പ്രഹസ്തൻ മുതലായ സ്വജനങ്ങളെ കൊന്നു. ഹേ, അരിസൂദനനായ കുംഭകർണ്ണാ! നീയല്ലാതെ അവനെ കൊല്ലുവാൻ ഈ ലോകത്തിൽ ആരുണ്ട്? ഉടനെ ചട്ടയിട്ടു മഹാബലനായ നീ പുറപ്പെടുക. രാമാദികളായ സകല ശത്രുക്കളേയും കൊല്ലുക! ദൂഷണന്റെ അനുജന്മാരായ വജ്രവേഗനും പ്രമാഥിയും വലിയ സൈന്യങ്ങളോടുകൂടി നിനക്കു തുണയായി വരുന്നതാണ്.' ഇപ്രകാരം ശക്തനായ കുംഭകർണ്ണനോടു പറഞ്ഞ് ആ രാക്ഷസരാജാവ് വജ്രവേഗനോടും പ്രമാഥിയോടും വേണ്ട കാര്യങ്ങൾ ഉണർത്തിച്ചു. രാവണൻ പറഞ്ഞവിധം ചെയ്യുവാൻ വീരന്മാരായ ദൂഷണാനുജന്മാർ സമ്മതിച്ചു. കുംഭകർണ്ണനെ മുമ്പിൽ നടത്തി പുരത്തിൽ നിന്നിറങ്ങി."

287. കുംഭകർണ്ണാദികളുടെ വധം – മാർക്കണ്ഡേയൻ പറഞ്ഞു: "കുംഭകർണ്ണൻ ലങ്കാപുരംവിട്ടു കൂട്ടുകാരോടൊത്തു യുദ്ധരംഗത്തിലെത്തിയപ്പോൾ കണ്ടത് വാനരസേനകൾ ജയിച്ചു മുന്നിട്ടുനില്ക്കുന്നതാണ്. അവൻ രാമൻ എവിടെനില്ക്കുന്നുവെന്ന് ഉത്സുകതയോടെ വാനരസേനയിലേക്കു നോക്കി. അപ്പോൾ വില്ലു കൈയിലേന്തി നില്ക്കുന്ന ലക്ഷ്മണനെയാണു കണ്ടത്. കുംഭകർണ്ണന്റെനേരെ വാനരന്മാർ ചുറ്റുംകൂടി വലിയ വൃക്ഷങ്ങളുമായി വന്ന് എതിർത്തുതുടങ്ങി. പലമാതിരി പോരാട്ടം വശമുള്ളവരായ വാനരന്മാർ പലവിധം ആയുധംകൊണ്ട് ആ രാക്ഷസേന്ദ്രനെ പ്രഹരിക്കുവാൻ തുടങ്ങി. യാതൊരു ഭയവും കൂടാതെ ദേഹത്തിൽ ആക്രമിച്ചുകയറി ചിലർ മാന്തുകയും അടിക്കുകയും ചെയ്തു. അടിക്കുന്നസമയത്ത് കുംഭകർണ്ണൻ ചില വാനരന്മാരെ പിടിച്ചു ഭക്ഷിച്ചു. ബലനേയും, ചണ്ഡബലനേയും, വജ്രബാഹുവിനേയും അവൻ പിടിച്ചു വിഴുങ്ങിക്കളഞ്ഞു. വ്യഥയുണ്ടാക്കുന്ന ഈ ഭയങ്കര രാക്ഷസക്രിയ കണ്ടുപേടിച്ച് താരകൻ മുതലായവർ ഉറക്കെ നിലവിളിച്ചു.

കപിയൂഥപസൈന്യങ്ങൾ ആർക്കുന്നതുകേട്ട് നിർഭയനായി സുഗ്രീവൻ കുംഭകർണ്ണന്റെനേർക്കു പാഞ്ഞെത്തി. ചെന്നയുടനെ കുംഭകർണ്ണനെ ഊക്കോടുകൂടി പയിൻമരമെടുത്തു തലയ്ക്ക് ആഞ്ഞ് ഒരടികൊടുത്തു. മഹാത്മാവായ ആ കപികുഞ്ജരന്റെ അടികൊണ്ടു പയിൻമരം ഒടിഞ്ഞുതകർന്നതല്ലാതെ കുംഭകർണ്ണനെ വേദനിപ്പിച്ചില്ല. ആ സാലസ്പർശമേറ്റ് ഉന്മേഷത്തോടുകൂടിയ കുംഭകർണ്ണൻ ഘോരമായി ഒന്ന് അലറി. പെട്ടെന്ന് കുംഭകർണ്ണൻ സുഗ്രീവനെ പിടികൂടുകയും അവനേയുംകൊണ്ടു നടക്കുകയും ചെയ്തു. ഇതുകണ്ട് ഉടനെ സഖി സൗഖ്യദനായ സൗമിത്രി പാഞ്ഞുചെന്നു ശക്തിയേറിയ കാഞ്ചനം കെട്ടിച്ച സായകം കുംഭകർണ്ണന്റെനേർക്ക് എയ്തു. അവന്റെ ചട്ട പൊട്ടിച്ച് ആ സായകം ദേഹം പിളർന്ന് ആഴത്തിൽച്ചെന്നേറ്റു. നെഞ്ച് അസ്ത്രമേറ്റു പിളർന്നപ്പോൾ അവൻ സുഗ്രീവനെ വിട്ടു. വില്ലാളിയായ കുംഭകർണ്ണൻ പിന്നെ എടുത്തത് ഒരു കൂറ്റൻ പാറയാണ്. അവൻ ആ പാറയും എടുത്ത് ലക്ഷ്മണന്റെ നേർക്കു പാഞ്ഞെത്തി. പാഞ്ഞുവരുന്ന അവന്റെ രണ്ടുകൈയും തീക്ഷ്ണമായ ശരങ്ങൾകൊണ്ടു കണ്ടിച്ചു വീഴ്ത്തി. അപ്പോൾ രണ്ടു കൈകൾ പോയസ്ഥാനത്തു നാലുകൈകൾ മുളച്ചുവന്നു. പാറകൾ പൊക്കിയെടുത്ത ആ കൈകളൊക്കെയും ശരങ്ങൾകൊണ്ട് അസ്ത്രവേഗം കാട്ടി ലക്ഷ്മണൻ ഖണ്ഡിച്ചു. പെരുംകൂറ്റനായ അവന്ന് അപ്പോൾ പല കൈകാലുകളും പല ശിരസ്സുകളും മുളച്ചുവന്നു. അപ്പോൾ സൗമിത്രി ബ്രഹ്മാസ്ത്രത്താൽ ആ ശൈലതുല്യനെ പിളർന്നു. ആ ദിവ്യാസ്ത്രം ഏറ്റപ്പോൾ അവൻ വീണു. ഇടിത്തീയേറ്റ തളിർത്ത വൃക്ഷം എന്നപോലെ അവൻ നിലംപതിച്ചു. തരസ്വിയും വൃത്രതുല്യനുമായ കുംഭകർണ്ണൻ വീണതു കണ്ട് രാക്ഷസന്മാരെല്ലാം ഭയപ്പെട്ട് ഓടിക്കളഞ്ഞു.

ആ യോദ്ധാക്കളെല്ലാം പേടിച്ച് പായുന്നതു കണ്ടപ്പോൾ ദൂഷണാനുജൻ അവരെ തടഞ്ഞുനിർത്തി. അവൻ സൗമിത്രിയുടെനേർക്കു ക്രുദ്ധനായി പാഞ്ഞു. ക്രുദ്ധനായി കുതിച്ചുവരുന്ന ആ വജ്രവേഗനേയും പ്രമാഥിയേയും ലക്ഷ്മണൻ ഗർജ്ജിച്ചുകൊണ്ടു തടഞ്ഞ് ശരങ്ങളെക്കൊണ്ട് എതിർത്തു. അങ്ങനെ ധീമാനായ സൗമിത്രിയും ദൂഷണാനുജന്മാരും തമ്മിൽ ഏറ്റവും ഭയങ്കരവും രോമാഞ്ചജനകവുമായ യുദ്ധമുണ്ടായി. മഹാബാഹുവായ ലക്ഷ്മണൻ ആ രാക്ഷസന്മാരിലും അവർ ലക്ഷ്മണനിലും ഭയങ്കരമായ ശരങ്ങൾ വർഷിച്ചു. ആ ദാരുണമായ പോരാട്ടം ഒരു മുഹൂർത്തം നീണ്ടുനിന്നു. മാരുതപുത്രനായ ഹനുമാൻ പർവ്വതശൃംഗത്തെ ആയുധമാക്കിയെടുത്ത് ഓടിവന്ന് വജ്രവേഗരാക്ഷസനെ ആഞ്ഞടിച്ചു ചതച്ചുകൊന്നു. അതിനെത്തുടർന്ന് മഹാബലനായ നീലൻ പാഞ്ഞുവന്ന് ഒരു ഭയങ്കരമായ പാറയെടുത്തു ദൂഷണാനുജനായ പ്രമാഥിയെ ഇടിച്ചു തകർക്കുകയും ചെയ്തു. പിന്നീട് രാമരാവണസൈന്യങ്ങൾ തമ്മിൽത്തമ്മിൽ പാഞ്ഞിടഞ്ഞു. ഘോരമായ ഫലം ഉണ്ടാക്കുന്ന കടുത്ത പോരാട്ടം നടന്നു. വളരെ ആശരന്മാരെ വാനരന്മാരും വളരെ വാനരന്മാരെ രാക്ഷസന്മാരും അടിച്ചുതകർത്തു. മിക്കവാറും മരണം രാക്ഷസന്മാർക്കായിരുന്നു. വാനരന്മാരിൽ വളരെക്കുറച്ചു നാശമേ സംഭവിച്ചുള്ളൂ."

digitized by www.sreyas.in

288. ഇന്ദ്രജിത്തിന്റെ യുദ്ധം – ഇന്ദ്രജിത്തിന്റെ മായായുദ്ധവും രാമലക്ഷ്മണന്മാരുടെ മൂർച്ഛയും

മാർക്കണ്ഡേയൻ പറഞ്ഞു: "മഹാവീരനായ ധൂമ്രാക്ഷനേയും മഹാധനുർദ്ധരനായ പ്രഹസ്തനേയും അനുചരന്മാരോടുകൂടിയ കുംഭകർണ്ണനേയും ശത്രുക്കൾ പോരിൽ വധിച്ച വൃത്താന്തം രാവണൻ അറിഞ്ഞു. ഉടനെ തന്റെ വീരപുത്രനായ ഇന്ദ്രജിത്തിനെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

രാവണൻ പറഞ്ഞു: "അല്ലയോ അരിസൂദനനായ പുത്രാ! നീ ഉടനെ ചെന്നു രാമനേയും സുഗ്രീവനേയും ലക്ഷ്മണനേയും കൊല്ലണം. നീയാണ് എന്റെ സൽപുത്രൻ. എനിക്കു മഹത്തായ കീർത്തി വളർത്തുന്നതും നീയാണ്. ശചീപതിയും സഹസ്രാക്ഷനുമായ വജ്രിയെ പോരിൽ വെന്നവൻ നീയാണ്! നീയാണ് ആ മഹത്തായ കീർത്തി എനിക്കു നേടിത്തന്നത്. മറഞ്ഞുനിന്നോ നേരിട്ടോ വരബലം കൂടിയ ദിവ്യമായ ശരങ്ങൾകൊണ്ട് ശസ്ത്രജ്ഞവരനായ നീ എന്റെ ശത്രുക്കളെ സംഹരിക്കുക. അല്ലയോ അനഘാ! നിന്റെ ശരങ്ങളെ സഹിക്കുവാനുള്ള കരുത്ത് രാമലക്ഷ്മണന്മാർക്കും സുഗ്രീവനുമില്ല. പിന്നെയുണ്ടോ കൂടെയുള്ളവർക്കു കഴിയുന്നു? ഖരന്റെ പകവീട്ടുവാൻ പ്രഹസ്തനും, കുംഭകർണ്ണനും യുദ്ധത്തിൽ സാധിച്ചില്ല. നീ അതു സാധിക്കണം. ഇന്നു സൈന്യത്തോടുകൂടി ശത്രുവൃന്ദങ്ങളെ ശരങ്ങൾ എയ്തുകൊന്ന് പണ്ട് ഇന്ദ്രനെ ജയിച്ചതുപോലെ എന്റെ മനസ്സിന്നു സന്തോഷം വളർത്തുക."

മാർക്കണ്ഡേയൻ പറഞ്ഞു: "ഇപ്രകാരം രാവണൻ പറഞ്ഞ ഉടനെ പുത്രനായ ഇന്ദ്രജിത്ത് ചട്ടയിട്ടു പോരിന്നായി പുറപ്പെട്ടു. യുദ്ധക്കളത്തിൽ എത്തിയ രാക്ഷസശ്രേഷ്ഠൻ ലക്ഷണയുക്തനായ ലക്ഷ്മണനെ പേർപറഞ്ഞു പോരിന്നു വിളിച്ചു. ക്ഷണത്തിൽ അമ്പും വില്ലുമായി സിംഹം ക്ഷുദ്രമൃഗങ്ങളെയെന്നപോലെ ഹസ്തതാഡനത്താൽ ശത്രുക്കളെ വിറപ്പിക്കുന്ന ലക്ഷ്മണൻ മുന്നോട്ടു ചാടി. തനിക്കു ജയമുണ്ടാകണമെന്നുള്ള ആഗ്രഹത്താൽ അവർ പരസ്പരം തീവ്രമായി പോരാടി. ശരങ്ങൾകൊണ്ടു മെച്ചം നേടുവാൻ കഴിയാതെ മഹാബലനായ രാവണപുത്രൻ മറ്റൊരുവിധത്തിൽ അതിനേക്കാൾ വലിയ യത്നം ചെയ്യുവാൻ ശ്രമിച്ചു. ഉടനെ ഊക്കിൽ തോമരങ്ങൾ കൊണ്ടുള്ള പ്രയോഗം തുടങ്ങി. ലക്ഷ്മണൻ തന്റെ നേരെ വരുന്ന അവയെ അമ്പെയ്തു മുറിച്ചു. തീവ്രമായ ബാണങ്ങൾ ഏറ്റ് അവ ഭൂമിയിൽ അറ്റുവീണു. അംഗദൻ ഉടനെ കൈയിൽ വൃക്ഷവുമായി പാഞ്ഞുവന്ന് ഇന്ദ്രജിത്തിന്റെ തലയ്ക്കു പ്രഹരിച്ചു. കൂസൽകൂടാതെ അംഗദന്റെ മാറിൽ പ്രാസംകൊണ്ടു വീരനായ രാവണി കുത്തുവാൻ ഓങ്ങുമ്പോഴേക്കും ലക്ഷ്മണൻ അതു പെട്ടെന്ന് എയ്തു മുറിച്ചു. അടുത്തുവന്നു വീരനായ അംഗദനെ രാവണപുത്രൻ ഇടംപള്ളയ്ക്കു ഗദകൊണ്ട് അടിച്ചു. ആ തല്ലിനെ വകവയ്ക്കാതെ ശക്തനായ ബാലിപുത്രൻ പയിൻമരം വലിച്ച് ഇന്ദ്രജിത്തിന്റെ ദേഹത്തിൽ പ്രഹരിച്ചു. ഇന്ദ്രജിത്തിനെ വധിക്കുവാൻ അംഗദൻ വിട്ട ആ മരം ഇന്ദ്രജിത്തിന്റെ സൂതനേയും അശ്വങ്ങളേയും രഥത്തേയും തകർത്തു. ഉടനെ രാവണപുത്രൻ ആ സൂതാശ്വരഥങ്ങളെ വിട്ടുയർന്നു രക്ഷപ്പെട്ടു. ഉടനെ രാവണി മായയാൽ അവിടെത്തന്നെ മറഞ്ഞു.

മായാവിയായ ആ രാക്ഷസൻ മറഞ്ഞതറിഞ്ഞപ്പോൾ രാമൻ ആ ദിക്കിലേക്കെത്തി സൈന്യത്തെ കാത്തു. അവൻ രാമനെ ദിവ്യാസ്ത്രങ്ങളാൽ മുറിവേല്പിച്ചു. അപ്രകാരംതന്നെ ലക്ഷ്മണനേയും മുറിവേല്പിച്ചു. മായകൊണ്ട് മറഞ്ഞ് എങ്ങുനോക്കിയാലും കാണാത്ത രാവണപുത്രനുമായി രാമലക്ഷ്മണന്മാർ പോരാടി. ആ നൃസിംഹകന്മാരുടെ സർവ്വ അംഗത്തിലും രോഷത്തോടെ ഇന്ദ്രജിത്ത് നൂറും ആയിരവും ബാണങ്ങൾ വീണ്ടും വീണ്ടും എയ്തു. മറഞ്ഞുനിന്നു മൂർച്ചയുള്ള അമ്പുതൂകുന്ന അവനെ നോക്കുന്നവരായ മർക്കടന്മാർ ഭയങ്കരമായ കൂറ്റൻ പാറകൾ കൈയിലെടുത്ത് നഭസ്സിൽ കയറി. അപ്പോൾ രാവണി ആ വാനരന്മാരേയും രാമലക്ഷ്മണന്മാരേയും മറഞ്ഞുനിന്ന് അമ്പു വർഷിച്ചു. ഇങ്ങനെ മായാച്ഛന്നനായ രാവണി വളരെയധികം ശരങ്ങൾ നിർബ്ബാധം തൂകിനിന്നു. ഒടുവിൽ ഇന്ദ്രജിത്തിന്റെ ശരങ്ങൾ തറച്ച് രാമലക്ഷ്മണന്മാർ, ആകാശത്തിൽനിന്നു സൂര്യചന്ദ്രന്മാർ എന്നപോലെ ഭൂമിയിൽ വീണു."

289. ഇന്ദ്രജിദ്വധം – മാർക്കണ്ഡേയൻ പറഞ്ഞു: "ഭ്രാതാക്കളായ രാമലക്ഷ്മണന്മാർ വീണതു കണ്ടപ്പോൾ ഉടനെ രാവണി ദിവ്യാസ്ത്രങ്ങൾകൊണ്ട് അവരെ ബന്ധിച്ചു. ഇന്ദ്രജിത്തിന്റെ ശരബന്ധത്തിൽപ്പെട്ട് ആ നരർഷഭന്മാർ പഞ്ജരത്തിലെ പക്ഷികൾപോലെ പ്രശോഭിച്ചു.

അസംഖ്യം അസ്ത്രങ്ങൾ തറച്ച് അവർ വീണതു കണ്ടയുടനെ സുഗ്രീവൻ മർക്കടവീരന്മാരുമായി അവരുടെ ചുറ്റും കാവൽ നിന്നു. സുഷേണൻ, ദ്വിവിദൻ, മൈന്ദൻ, അംഗദൻ, കുമുദൻ, നളൻ, നീലൻ, താരൻ, ഹനുമാൻ എന്നിവരോടുകൂടി കപീശ്വരന്മാർ അവിടെയെത്തി. അപ്പോഴേക്കും വിഭീഷണൻ അവിടെയെത്തി പ്രജ്ഞാസ്ത്രം പ്രയോഗിച്ച് ആ വീരന്മാരെ ഉണർത്തി. സുഗ്രീവൻ ദിവ്യമന്ത്രം ചേർന്ന ദിവ്യവിശല്യൗഷധശക്തികൊണ്ടു വേഗത്തിൽ അവരെ വിശല്യരാക്കിത്തീർത്തു. ശല്യങ്ങൾ നീങ്ങി ബോധം വന്ന് ആ വീരന്മാർ എഴുന്നേറ്റു. ക്ഷണംകൊണ്ട് ആ മഹാരഥന്മാരുടെ തളർച്ചയും ക്ഷീണവും തീർന്നു.

ക്ഷീണം തീർന്നിരിക്കുന്ന ഇക്ഷ്വാകുനന്ദനനായ രാമനോട് ഹേ, പാർത്ഥാ! വിഭീഷണൻ കൈകൂപ്പി ഉണർത്തിച്ചു: 'ഈ വെള്ളവുംകൊണ്ട് കൈലാസത്തിൽനിന്നു ഭവാന്റെ അടുത്തേക്ക് ഒരു ഗുഹ്യകൻ വന്നിരിക്കുന്നു. വൈശ്രവണൻ കൊടുത്തയച്ചതാണ്. ഈ വെള്ളം അങ്ങയ്ക്ക് ധനേശ്വരൻ നല്കുന്നു. മറഞ്ഞിരിക്കുന്ന ജീവികളെ കാട്ടിത്തരുന്ന ദിവ്യജലമാണിത്. ഇതുകൊണ്ടു കണ്ണുകഴുകിയാൽ മറഞ്ഞിരിക്കുന്ന ഭൂതജാലങ്ങൾ ഭവാനു കാണുമാറാകും. ഭവാൻ ഇത് ആർക്കു നല്കുന്നുവോ അവന്നും ആ അനുഭവം തന്നെയുണ്ടാകും.'

ഉടനെ 'അങ്ങനെയാകട്ടെ' എന്നു പറഞ്ഞ് രാഘവൻ ആ ജലം വാങ്ങിച്ചു. താനും സൗമിത്രിയും രണ്ടു കണ്ണുകളും ആ ജലം കൊണ്ടു കഴുകി. പിന്നെ സുഗ്രീവനും, ജാംബവാനും, അംഗദനും, ഹനുമാനും, നീലനും, മൈന്ദനും, ദ്വിവിദനും, മിക്ക വാനരന്മാരും രാമൻ നല്കിയ ആ ജലത്താൽ കണ്ണുകൾ ശുദ്ധീകരിച്ചു. വിഭീഷണൻ പറഞ്ഞമാതിരിതന്നെ എല്ലാവർക്കും അനുഭവമുണ്ടായി. ഇവർക്ക് ഹേ, യുധിഷ്ഠിര! അതിന്ദ്രീയമായ കാഴ്ച ലഭിച്ചു.

മഹാകർമ്മം ചെയ്ത ഇന്ദ്രജിത്ത് താൻ ചെയ്ത പണി അച്ഛനെ ഉടനെ കേൾപ്പിച്ചു. വീണ്ടും പടത്തലയ്ക്കലെത്തി. ചുണയോടെ വീണ്ടും പോരിന്നായി പാഞ്ഞടുത്തു. ലക്ഷ്മണൻ അവനെ നേരിട്ട് വിഭീഷണന്റെ അഭിമതംപോലെ എതിർത്തു. ആഗ്നികകർമ്മം അനുഷ്ഠിക്കുന്നതിന്നുമുമ്പെ ആ വിജയഗർവ്വത്തോടുകൂടിയ രാക്ഷസന്മാരെ കൊന്നൊടുക്കണമെന്നു നിശ്ചയിച്ച്, വിഭീഷണൻ നല്കുന്ന സൂചനകളെ ഗ്രഹിച്ചുകൊണ്ട് ലക്ഷ്മണൻ ചുണയോടെ അമ്പുകൾ ചൊരിഞ്ഞു. അങ്ങനെ ലക്ഷ്മണനും ഇന്ദ്രജിത്തും തമ്മിൽ ജയകാംക്ഷയോടെ പൊരുതി. ശക്രനും പ്രഹ്ലാദനും തമ്മിലുണ്ടായ സംഗരംപോലെ പരമാത്ഭുതമായിരുന്നു ആ പോരാട്ടം. മർമ്മം പിളർക്കുന്ന ശരം ലക്ഷ്മണന്റെ നേരെ രാവണി പ്രയോഗിച്ചു. അഗ്നിതുല്യമായ അമ്പ് ലക്ഷ്മണൻ ഇന്ദ്രജിത്തിന്റെ നേരെ വിട്ടു. സൗമിത്രിയുടെ അമ്പുകൊണ്ടപ്പോൾ രാവണി ഉൾക്രോധം മൂർച്ഛിച്ച പാമ്പുപോലെ ഉഗ്രവിഷമുള്ള ശരം ലക്ഷ്മണന്റെ നേരെ വിട്ടു. ഉടനെ മൂന്ന് അഗ്നിതുല്യമായ ബാണങ്ങൾകൊണ്ട് വീരനായ ലക്ഷ്മണൻ ഇന്ദ്രജിത്തിനെ വധിച്ച വിവരം ഞാൻ പറയാം, കേൾക്കുക. ഒരു ശരംകൊണ്ട് ലക്ഷ്മണൻ അവന്റെ വില്ലു പിടിച്ച കൈയും മെയ്യും തമ്മിലുള്ള ബന്ധം വിച്ഛേദിച്ചു. രണ്ടാമത്തെ ശരംകൊണ്ട് അമ്പു പിടിച്ച കൈയും അറുത്തു. മൂർച്ചയോടെ തിളങ്ങുന്ന മൂന്നാമത്തെ ശരത്താൽ കുണ്ഡലം മിന്നുന്നതും ഭംഗിയേറിയ മൂക്കുള്ളതുമായ ശിരസ്സും അറുത്തു. അങ്ങനെ കൈയും കഴുത്തും ഖണ്ഡിച്ചു വിട്ട ഘോരമായ കബന്ധമായി അവനെ കൊന്നുവിട്ട

digitized by www.sreyas.in

ശരങ്ങൾ കൊണ്ടുതന്നെ ആ ബലവാൻ സൂതനേയും കൊന്നു. അശ്വങ്ങൾ തേരും വലിച്ച് ലങ്കാപുരിയിലേക്കോടി. പുത്രനില്ലാത്ത തേർ കണ്ടു രാവണൻ പുത്രനെക്കൊന്നതായി കണ്ടുപേടിച്ച് ഉള്ളുഴന്ന് സീതയെ സംഹരിച്ചുകളയുവാൻതന്നെ തീരുമാനിച്ചു. അശോകവകനിയിൽ രാമനെ കാത്തിരിക്കുന്ന സീതയുടെ നേരെ അവളെ കൊല്ലുവാൻ വാളുമായി പാഞ്ഞുചെന്നു. ആ ദുഷ്ടന്റെ പുറപ്പാടുകണ്ട് അവിന്ധ്യൻ ആ ദുർമ്മതിയെ ശാന്തനാക്കി. എങ്ങനെയാണ് ശാന്തമാക്കിയതെന്നു കേൾക്കുക.

അവിന്ധ്യൻ പറഞ്ഞു: 'ദീപ്തമായ മഹാരാജ്യത്തിന്റെ നാഥനായ ഭവാൻ പെണ്ണിനെ കൊല്ലരുത്. ഭവാന്റെ അന്തസ്സിനു നിരക്കാത്തതാണ് ആ പ്രവൃത്തി. ഭവാന്റെ അധീനത്തിൽ തടവിലിരിക്കുന്ന പെണ്ണ് ചത്തവളാണല്ലോ! ഇനി വേറെ ഒരു കൊല ആവശ്യമില്ല. ദേഹം വെട്ടിമുറിച്ചാലും ഇവൾ ചാവുകയില്ല എന്നാണ് എന്റെ അഭിപ്രായം. വേണ്ടത് ഇവളെ വെട്ടിക്കൊല്ലുകയല്ല; ഇവളുടെ പതിയെയാണു കൊല്ലേണ്ടത്. അവൻ ചത്താൽ ഇവൾ ചത്തതുതന്നെ. പലപ്പോഴും ഇന്ദ്രനോടുചേർന്ന സുരന്മാരെ ത്രസിപ്പിച്ചവനായ ഭവാൻ വിക്രമത്തിൽ സാക്ഷാൽ ദേവാധിരാജനേക്കാൾ മേലെയാണല്ലോ. അങ്ങനെയുള്ള ഭവാനു ചേർന്നതല്ല സ്ത്രീവധം.' ഈ മാതിരി പലതുംപറഞ്ഞ് അവിന്ധ്യൻ രാവണനെ ശാന്തനാക്കി. അവൻ ആ മൊഴി സ്വീകരിക്കുകയും ചെയ്തു. ഉടനെ ദശമുഖൻ വാൾ ഉറയിൽത്തന്നെ വെച്ചു. അനന്തരം പോരിന്നു പുറപ്പെടുന്നതിന്ന് തന്റെ രഥം സജ്ജമാക്കുവാൻ രാവണൻ കല്പന നല്കി."

290. രാവണവധം – മാർക്കണ്ഡേയൻ പറഞ്ഞു: "തന്റെ പ്രിയപുത്രന്റെ വധവൃത്താന്തമറിഞ്ഞു കോപിച്ച് രാവണൻ പൊന്മണിത്തേരിൽക്കയറി പോരിന്നായി പുറപ്പെട്ടു. പലവിധം ആയുധങ്ങളേന്തിയ ഘോരന്മാരായ രാക്ഷസന്മാരോടുകൂടെ കപീന്ദ്രന്മാരുമായി പൊരുതി രാമന്റെ നേരിട്ടടുത്തു. ക്രോധത്തോടെ വന്നടുക്കുന്ന അവനെ മൈന്ദൻ, നീലൻ, നളൻ, അംഗദൻ, ഹനുമാൻ, ജാംബവാൻ എന്നിവർ സൈന്യത്തോടു കൂടി വളഞ്ഞു. ആ വാനരശ്രേഷ്ഠന്മാർ ദശകണ്ഠന്റെ പടയെ മരങ്ങൾ പറിച്ച്, രാവണന്റെ മുമ്പിൽവെച്ചുതന്നെ, അവൻ കാൺകെ അടിച്ചുകൊന്നു. ശത്രുവീരന്മാർ തന്റെ സൈന്യത്തെ കൊന്നൊടുക്കുന്നതു കണ്ട് മായാവിയായ രാക്ഷസാധിപൻ മായ സൃഷ്ടിച്ചു. അവന്റെ മെയ്യിൽനിന്ന് നൂറും ആയിരവും രാക്ഷസന്മാർ അമ്പും ശൂലവും വടിയുമായി ചാടിപ്പുറപ്പെട്ടു. ആ രാക്ഷസൗഘത്തെയൊക്കെ രാഘവൻ ദിവ്യാസ്ത്രത്താൽ സംഹരിച്ചു. രാമലക്ഷ്മണരൂപങ്ങൾ പലതും മായയാൽ തീർത്ത് ദശാനനൻ രാമലക്ഷ്മണന്മാരുടെനേരെ പാഞ്ഞുചെന്നു. ആ രാമലക്ഷ്മണരൂപങ്ങളോട് രാമലക്ഷ്മണന്മാർ പൊരുതി. അപ്പോൾ നിശാചരൻ രാമലക്ഷ്മണന്മാരുടെ നേരെ വില്ലുമായി പാഞ്ഞുചെന്നു. രാക്ഷസേന്ദ്രന്റെ മായ കണ്ട് രാമൻ ലക്ഷ്മണനോടു വെമ്പലോടെ പറഞ്ഞു:

'ഹേ, ലക്ഷ്മണാ! നിന്റെ രൂപം പൂണ്ടു വരുന്ന നിശാചരന്മാരെയൊക്കെ നീ കൊല്ലുക. ശങ്കിക്കരുത്.' സ്വന്തം രൂപം എടുത്തുവന്ന നിശാചരന്മാരെയൊക്കെ രാമനും കൊന്നു. പിന്നെ, പച്ചക്കുതിരകളെ കെട്ടിയ സൂര്യശ്രീയുള്ള രഥവുമായ ഇന്ദ്രസാരഥിയായ മാതലി രാമന്റെ പാർശ്വത്തിൽ വന്നെത്തി ഇപ്രകാരം പറഞ്ഞു.

മാതലി പറഞ്ഞു: 'ഹേ, രാഘവാ! ഹര്യശ്വങ്ങളെക്കെട്ടിയ ജൈത്രം എന്ന ഇന്ദ്രരഥമാണ് ഇത്. ഇതിൽക്കയറിയാണ് ദൈത്യദാനവസമൂഹത്തെ ഇന്ദ്രൻ വധിച്ചത്. ഞാൻ നടത്തുന്ന ഈ മുഖ്യമായ തേരിൽക്കയറി ഹേ, നരശാർദ്ദൂലാ! രാവണനെ വേഗത്തിൽ വധിക്കുക. ഇനി ഒട്ടും താമസിക്കേണ്ട.' മാതലി സത്യമാണ് പറയുന്നതെന്നു വിചാരിച്ചെങ്കിലും, അതിലും രാമന്നു ശങ്കതോന്നി. 'ഇതു രാക്ഷസന്റെ മായയാണ്' എന്ന് അപ്പോൾ വിഭീഷണൻ അറിയിച്ചു. 'ഇതു ദുഷ്ടനായ രാവണന്റെ മായയല്ല. ഐന്ദ്രമായ ഈ തേരിൽ ഉടനെ കയറിയാലും!' എന്നു മാതലി പറഞ്ഞപ്പോൾ രാമൻ സസ്നേഹം വിഭീഷണനെ സമ്മതിപ്പിച്ച് അതിൽക്കയറി, രാവണന്റെ നേരെ കോപത്തോടെ, പാഞ്ഞുചെന്നു. രാവണന്റെ നേരെ രാമൻ ഇന്ദ്രരഥത്തിൽ കയറി അടുത്തപ്പോൾ 'ഹാ! ഹാ!' എന്ന ശബ്ദം എല്ലായിടത്തുനിന്നും പുറപ്പെട്ടു. ദിവ്യമായ ഭേരീനാദവും സിംഹനാദങ്ങളുമുണ്ടായി. എല്ലാ ദിക്കിലും അത്ഭുതാഹ്ലാദപ്രകടനങ്ങളുയർന്നു. രാജപുത്രന്മാരും, ദശാസ്യനും തമ്മിൽ ഉല്ക്കടമായ യുദ്ധമുണ്ടായി. മറ്റൊരു യുദ്ധവും അതിന്ന് ഉപമാനമായിട്ടില്ല. രാമരാവണയുദ്ധത്തിനു സമം രാമരാവണയുദ്ധംതന്നെ! രാമന്റെ നേർക്കു രാവണൻ ഇടിത്തീപ്രായമായും ബ്രഹ്മദണ്ഡംപോലെയും ഉല്ക്കടമായ ശൂലം ചാട്ടിവിട്ടു. ആ ശൂലം രാമൻ തീക്ഷ്ണമായ ശരംകൊണ്ടു ഖണ്ഡിച്ചു. ആ ദുഷ്ക്കരമായ സംഭവം രാവണനെ ഭയപ്പെടുത്തി. ഉടനെ ദശാനനൻ ചൊടിച്ചു നിശിതമായ ശരം വർഷിച്ചു. രാമനിൽ പലതരം ശസ്ത്രങ്ങൾ ആയിരവും പതിനായിരവും പ്രയോഗിച്ചുനോക്കി. ശൂലം, മുസൃണ്ഠി, മുസലം, പരശ്വധം, വേൽ, പലതരം കൂർത്ത കത്തിയമ്പുകൾ, ശതഘ്നി എന്നിവ രാവണൻ പ്രയോഗിച്ചു. രാവണന്റെ ഘോരവും വലിയതുമായ മായാവിദ്യകൾ കണ്ട് ചുറ്റും ഓരോ ദിക്കിലേക്കായി വാനരവീരന്മാർ ഭയപ്പെട്ടു പാഞ്ഞു. അപ്പോൾ നല്ല ചിറകും മുനയും മൊട്ടുമുള്ള സായകം രാമൻ തൂണിയിൽനിന്ന് എടുത്ത് ബ്രഹ്മാസ്ത്രത്തോടു ചേർത്തു. രാമൻ ബ്രഹ്മാസ്ത്രത്തെ ആ ബാണത്തിൽ മന്ത്രിക്കുമ്പോൾ അതു കണ്ട് ഇന്ദ്രാദികളായ ദേവന്മാരും ഗന്ധർവ്വന്മാരും ആഹ്ലാദിച്ചു. രാക്ഷസന്റെ ആയുസ്സിതാ ഒടുങ്ങുന്നു എന്ന് അവർ ഉറച്ചു. ബ്രഹ്മാസ്ത്രഗ്രഹണംകൊണ്ടു തങ്ങളുടെ വൈരി ഇതാ അവസാനിക്കുന്നു എന്ന് അവർ സന്തോഷം പ്രകടിപ്പിച്ചു.

രാവണാന്തകരവും ഘോരവും ബ്രഹ്മദണ്ഡസദൃശവുമായ ആ ബാണം രാമൻ നന്നായി വലിച്ചുവിട്ടു. ശരംവിട്ട മാത്രയ്ക്ക് ആ രാക്ഷസേശ്വരനും സൂതനും അശ്വങ്ങളും തേരും കത്തിജ്ജ്വലിച്ച് കാളുന്ന അഗ്നികുണ്ഡത്തിൽപ്പെട്ടമാതിരി ദഹിച്ചുപോയി. ഗന്ധർവ്വന്മാരോടും ചാരണന്മാരോടും കൂടിയ ദേവന്മാർ വളരെ വളരെ ഹർഷാഹ്ലാദംകൊണ്ടു മതിമറന്നു. ശ്ലാഘ്യകാരിയായ രാമൻ രാവണനെ കൊന്നതുകണ്ട് അവർ അതിരറ്റ് ആഹ്ലാദിച്ചു.

മഹാഭാഗനായ രാവണനിൽനിന്നു ബ്രഹ്മാസ്ത്രതേജസ്സാൽ പഞ്ചഭൂതങ്ങൾ അകന്ന്, രാക്ഷസൻ സർവ്വലോകങ്ങളിൽനിന്നും അകന്നു. അവന്റെ ദേഹധാതുക്കളായ മാംസവും ചോരയുമൊക്കെ ബ്രഹ്മാസ്ത്രത്താൽ ദഹിച്ചു. ആ രാക്ഷസന്റെ ഭസ്മംപോലും അവശേഷിച്ചില്ല."

291. ശ്രീരാമാഭിഷേകം – മാർക്കണ്ഡേയൻ പറഞ്ഞു: "സുരദ്വേഷിയും ക്ഷുദ്രരാക്ഷസേന്ദ്രനുമായ ദശാസ്യനെ വധിച്ച്, മിത്രങ്ങളോടും സൗമിത്രിയോടുംകൂടി രാമൻ ഹർഷിച്ചു. ദശമുഖനെ വധിച്ചതിന്നുശേഷം ദേവന്മാർ മുനിമാരോടുകൂടി ആ മഹാബാഹുവിന്നു വിജയാശംസകളർപ്പിച്ചു. എല്ലാ ദേവന്മാരും രാമനാകുന്ന പങ്കജാക്ഷനെ വാഴ്ത്തി സ്തുതിച്ചു. ഗന്ധർവ്വന്മാർ പുഷ്പവൃഷ്ടിചെയ്തു. ദേവകൾ ആശംസാവാക്യങ്ങൾകൊണ്ടും രാമനെ പൂജിച്ചു. അവരെല്ലാവരും വന്നവഴിക്കുപോയി. അപ്പോൾ ആകാശമെങ്ങും ഒരു മഹോത്സവത്തിന്റെ അലയടിച്ചു.

പ്രഭുവും വൈരിപുരഞ്ജയനുമായ രാമൻ ദശാസ്യന്റെ വധം കഴിഞ്ഞപ്പോൾ വിഭീഷണന്നു ലങ്കയെ നല്കി. സീതയെ പുരസ്കരിച്ചുകൊണ്ട് വിഭീഷണനോടുംകൂടി ബുദ്ധിമാനും വൃദ്ധാമാത്യനുമായ അവിന്ധ്യൻ ഇറങ്ങിവന്ന് ദൈന്യതയോടെ മാന്യനായ കാകുൽസ്ഥനോട് ഉണർത്തിച്ചു: 'മഹാത്മാവേ, സദ്വൃത്തയായ സീതാദേവിയെ സ്വീകരിച്ചാലും!' ഇപ്രകാരം അവിന്ധ്യൻ പറഞ്ഞതുകേട്ട് ശ്രേഷ്ഠരഥംവിട്ടു താഴത്തിറങ്ങിനിന്ന് ബാഷ്പാർദ്രയായ ജാനകിയെ ആ ഇക്ഷ്വാകുനന്ദനൻ ദർശിച്ചു. വാഹനത്തിൽ ശോകകൃശയായി, കറുത്ത വസ്ത്രം ധരിച്ച്, ചിടകെട്ടിയ മുടിയോടെ, ചേറാണ്ട ശരീരത്തോടെ, ആ സുന്ദരാംഗിയെ കണ്ടപ്പോൾ രാമൻ പരാപഹരണത്തെ ചിന്തിച്ചു പരാമർശവിശങ്കിതനായി ഇപ്രകാരം പറഞ്ഞു."

രാമൻ പറഞ്ഞു: "ഭദ്രേ, മൈഥിലീ! ഭവതിക്കു മോചനം ലഭിച്ചിരിക്കുന്നു. ഇനി ഭവതി പൊയ്ക്കൊള്ളുക. ഞാൻ ചെയ്യേണ്ട

digitized by www.sreyas.in

തെന്തോ അതു ഞാൻ ചെയ്തു കഴിഞ്ഞു രാക്ഷസഭവനത്തിൽ ഭർത്താവായ എന്നെ ഭവതി കാത്തുകിടന്നു നരയ്ക്കരുതെന്നു വിചാരിച്ച് ഞാനീ രാക്ഷസനെ യുദ്ധത്തിൽ വീഴ്ത്തി. അതോടെ എന്റെ ചുമതല നിർവ്വഹിക്കപ്പെട്ടു. ധർമ്മതത്ത്വം ശരിയായും അറിയുന്ന എന്നെപ്പോലെയുള്ളവൻ ക്ഷണനേരമെങ്കിലും പര ഹസ്തഗതയായ നാരിയെ കൈക്കൊള്ളുമോ?* ഭവതി സുവൃ ത്തയായിരിക്കാം, ദുർവൃത്തയായിരിക്കാം. അതെനിക്കു ചിന്തി ക്കേണ്ടതില്ല. നായ നക്കിയ ഹവിസ്സുപോലെ ഭവതി ഉപഭോഗ ത്തിന്നു സ്വീകരിക്കുവാൻ യോഗ്യയല്ലാത്തവളായിരിക്കുന്നു."

"പെട്ടെന്ന് ഈ ദാരുണമായ ക്രൂരവാക്കു കേട്ടപ്പോൾ ബാല യായ മൈഥിലി മുറിച്ചിട്ട വാഴത്തടിപോലെ മറിഞ്ഞുവീണു. ഹർഷം മൂലം അവളുടെ മുഖത്തു കണ്ട ആ പ്രസന്നമായ സന്തോഷഭാവം കണ്ണാടിയിൽ ശ്വാസമേറ്റപോലെ മങ്ങിപ്പോയി. രാമന്റെ ഈ വാക്കുകേട്ടതോടുകൂടി വാനരന്മാരൊക്കെ സൗമി ത്രിയോടൊപ്പം ചത്തപോലെ സ്തംഭിച്ചുപോയി. അപ്പോൾ വിമാ നത്തിൽ ശുദ്ധാത്മാവും, നാന്മുഖനും, പത്മജനും, വിശ്വകർമ്മാ വുമായ ബ്രഹ്മദേവൻ രാമന്റെ മുമ്പിൽ എത്തി. ഇന്ദ്രൻ, അഗ്നി, യമൻ, വായു, യക്ഷാധിനാഥൻ, ശുദ്ധരായ സപ്തർഷിമാർ, ദിവ്യ ഭാസ്സായ മൂർത്തിയോടെ ദശരഥൻ എന്നിവരെല്ലാം ഹംസമേ ന്തുന്ന വിമാനത്തിൽ വിളങ്ങി. അപ്പോൾ ദേവഗന്ധർവ്വന്മാരാൽ പൂരിതമായ ആകാശം ശരൽക്കാലത്തു താരാഗണങ്ങളാൽ വിള ങ്ങുന്ന ചിത്രഗഗനംപോലെ ശോഭിച്ചു. അവരുടെയിടയിൽ യശ സ്വിനിയായ സീത നിന്നു. കല്യാണിയായ ജാനകി വ്യൂഢോര സ്കനായ രാമനോടു പറഞ്ഞു."

സീത പറഞ്ഞു: "ഹേ, രാജപുത്രാ! സ്ത്രീപുരുഷന്മാരുടെ സ്ഥിതി അറിയുന്ന ഭവാനിൽ ഞാൻ കുറ്റം കാണുന്നില്ല. എന്നാൽ ഭവാൻ എന്റെ ഭാഷിതം കേട്ടാലും! ഞാൻ പാപം ചെയ്തിട്ടുണ്ടെ ങ്കിൽ, സർവ്വഭൂതങ്ങളുടേയും അന്തശ്ചരനും സദാഗതിയുമായ വായുഭഗവാൻ എന്റെ ജീവൻ മോചിപ്പിച്ചുകൊള്ളട്ടെ! അഗ്നിയും, അംഭസ്സും, ആകാശവും, പൃഥിയും, വായുവും എന്റെ ജീവൻ എന്നിൽനിന്നു മോചിപ്പിച്ചുകൊള്ളട്ടെ! ഹേ, വീരാ! ഭവാനെ വിട്ട് അന്യപുരുഷനെ ഞാൻ കിനാവിൽപ്പോലും ചിന്തിച്ചിട്ടില്ല. ദേവാ ജ്ഞയാലാണ് ഭവാൻ എന്റെ ഭർത്താവായത്. ഭവാൻ തന്നെ എന്നും എന്റെ ഭർത്താവായി ഇരിക്കുക!"

"അപ്പോൾ മഹാത്മാരായ വാനരന്മാർക്കു ഹർഷമുണ്ടാക്കു ന്നവിധം എല്ലായിടത്തും കേൾക്കത്തക്കവണ്ണം ആകാശത്തു നിന്നു ശബ്ദമുണ്ടായി."

വായു പറഞ്ഞു: "ഹേ, രാഘവാ! ഈ പറഞ്ഞതു സത്യമാ ണ്. ഞാൻ സദാഗതിയായ വായുവാണ്. രാജാവേ, സീത നിർദ്ദോ ഷയാണ്! ഭാര്യയുമായി ഭവാൻ ചേർന്നുകൊള്ളുക."

അഗ്നി പറഞ്ഞു: "ഭൂതങ്ങളുടെ ശരീരത്തിൽ വാഴുന്നവനായ അഗ്നിയാണു ഞാൻ. കാകുൽസ്ഥരാജാവേ! മൈഥിലി അല്പം പോലും അപരാധം ചെയ്തിട്ടില്ല."

വരുണൻ പറഞ്ഞു: "ഹേ, രാഘവാ! ദേഹികൾക്കു രസാം ശമായ ഭൂതം ഞാനാണ്. ഭവാനോടു പറയുന്നു: മൈഥിലിയെ സ്വീകരിച്ചാലും!"

ബ്രഹ്മാവു പറഞ്ഞു: "പുത്രാ! നീ രാജർഷിധർമ്മത്തിൽ ത്തന്നെ ഉറച്ചുനിൽക്കുന്നതിൽ എനിക്ക് ആശ്ചര്യമില്ല. സാധു വും, സദ്വൃത്തനുമായ നീ ഞാൻ പറയുന്നത് കേൾക്കുക. ദേവ ഗന്ധർവ്വന്മാർ, ഉരഗദാനവന്മാർ, യക്ഷകിന്നരന്മാർ എന്നിവരു ടേയും മഹർഷികളുടേയും ശത്രുവായ രാവണനെ നീ കൊന്നു കഴിഞ്ഞു. എന്റെ വരംമൂലം ഈ രാക്ഷസൻ സർവ്വഭൂതങ്ങൾക്കും അവദ്ധ്യനായിത്തീർന്നു. ഒരു കാരണംകൊണ്ടു ഞാൻ ഈ പാപിയെ ഇഷ്ടത്തിന്നു വിട്ടുകൊടുത്തു. ഈ ദുഷ്ടൻ ആത്മ നാശത്തിന്നായി സീതയെ അപഹരിച്ചു. നളകൂബരന്റെ ശാപം മൂലം ഞാൻ ഇവൾക്കു രക്ഷനല്കി. അകാമയായ മറ്റൊരുത്തി യുമായി ചേർന്നാൽ ഇവന്റെ തല നൂറായി പൊട്ടിപ്പോകുമെ ന്നാണ് മുമ്പേ ഉണ്ടായ ശാപം. ഇനി ഇവളിൽ ശങ്ക വേണ്ട. ഇവളെ കൈക്കൊള്ളുക. ഹേ, അമരപ്രഭാ! മഹാദ്യുതേ! ഭവാൻ അമര ന്മാർക്കു മഹാകാര്യമാണു സാധിച്ചത്."

ദശരഥൻ പറഞ്ഞു: "ഞാൻ നിന്റെ അച്ഛനായ ദശരഥനാ ണ്. ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. നിനക്കു നന്മ ഭവി ക്കട്ടെ! പുരുഷോത്തമാ! ഞാൻ സമ്മതം തന്നിരിക്കുന്നു. നീ രാജ്യം രക്ഷിക്കുക!"

രാമൻ പറഞ്ഞു: "നരേശ്വരാ! എന്റെ അച്ഛനെ ഞാൻ വന്ദി ക്കുന്നു. ഞാൻ ഭവാന്റെ ആജ്ഞയനുസരിച്ച് അയോദ്ധ്യാപു രിക്കു പൊയ്ക്കൊള്ളാം."

മാർക്കണ്ഡേയൻ പറഞ്ഞു: "വീണ്ടും പിതാവ് രക്താക്ഷ നായ രാമനോട് അയോദ്ധ്യാപുരി പാലിക്കുവാൻ സന്തോഷ ത്തോടെ പറഞ്ഞു: 'മഹാദ്യുതേ! പതിന്നാലുവർഷം നിനക്ക് ഇപ്പോൾ സമ്പൂർണ്ണമായിരിക്കുന്നു.'"

"പിന്നെ ദേവന്മാരെ കൂപ്പി സുഹൃത്തുക്കളുടെ പ്രീണനം ഏറ്റ്, ഇന്ദ്രൻ ശചിയോടെന്നപോലെ രാമൻ സീതയോടു ചേർന്നു. പിന്നെ അവിന്ധ്യന്നു പരന്തപനായ രാമൻ പരം നല്കി. ത്രിജടാ രാക്ഷസിയെ അർത്ഥമാനങ്ങൾകൊണ്ടു പ്രീതയാക്കി. പിന്നെ ഇ ന്ദ്രാദിദേവകളുമായി ചേർന്നുനിന്ന് ബ്രഹ്മാവ് രാമനോടു പറഞ്ഞു.

'കൗസല്യാപുത്രാ! ഞാൻ എന്ത് ഇഷ്ടവരമാണു നിനക്കു നല്കേണ്ടത്?' എന്നു ചോദിച്ചു. അതിന്നു രാമൻ പറഞ്ഞ മറുപ ടി, 'ശത്രുക്കളെ ജയിക്കുകയും ധർമ്മത്തിൽ നിഷ്ഠയും ഇവ എന്നുമുണ്ടാകണം. എന്നുതന്നെയല്ല, രാക്ഷസന്മാർ കൊന്നുവിട്ട വാനരന്മാരെ ജീവിപ്പിക്കുകയും വേണം' എന്നാണ്. 'അപ്രകാരം ഭവിക്കട്ടെ' എന്നു ബ്രഹ്മാവ് പറഞ്ഞു. ഉടനെ മൃതരായ വാനര ന്മാരെല്ലാം ചൈതന്യത്തോടെ എഴുന്നേറ്റു.

'ഹേ, മഹാഭാഗാ!' സീതാദേവി ഹനുമാനു വരംനല്കി. 'രാ മന്റെ കീർത്തി നിലനില്ക്കുന്നിടത്തോളംകാലം പുത്രാ! ഭവാൻ ജീവിക്കും! ദിവ്യമായ ഉപഭോഗങ്ങളും എന്റെ പ്രസാദത്താൽ ഹേ, ഹരിനേത്രാ! ഹനുമാനേ! നിനക്കും സിദ്ധിക്കും!' ഇപ്രകാരം അക്ലിഷ്ടകർമ്മാക്കളായ അവർ നോക്കിനില്ക്കെ സീതാദേവി അനുഗ്രഹിച്ചു. അങ്ങനെ എല്ലാവരും സംപ്രീതരായി നില്ക്കവേ, ദേവന്മാരെല്ലാം മറഞ്ഞുപോയി. രാമനെ സീതയോടുകൂടി ച്ചേർന്നു കണ്ടപ്പോൾ സാരഥി സുഹൃജ്ജനങ്ങളുടെ മദ്ധ്യത്തിൽ ഒട്ടേറെ അഭിനന്ദിച്ചു ഇങ്ങനെ പറഞ്ഞു:

'ഹേ, സത്യവിക്രമാ! ഭവാൻ ദേവഗന്ധർവ്വന്മാർ, ഉരഗദൈ ത്യന്മാർ, യക്ഷമാനുഷന്മാർ മുതലായവർക്കുണ്ടായിരുന്ന സങ്ക ടങ്ങളെല്ലാം ഇപ്പോൾ അകറ്റിയിരിക്കുന്നു. ആ ദേവഗന്ധർവ്വാദി കൾ ഉൾപ്പെട്ട സകല ലോകങ്ങളും ഭൂമി നില്ക്കുന്ന കാലത്തോളം ഭവാനെ പുകഴ്ത്തിക്കൊണ്ടിരിക്കും.'

ഇപ്രകാരം പറഞ്ഞ് ശസ്ത്രഭൃത്തായ രാമന്റ സമ്മതത്തോ ടുകൂടെ രാമനെ പൂജിച്ച് യാത്രപറഞ്ഞ് സൂര്യഭാസ്സായ രഥത്തോ ടുകൂടി മാതലി സ്വർഗ്ഗത്തിലേക്കു പോയി.

ലക്ഷ്മണനോടുകൂടി രാമൻ സീതയെ പുരസ്കരിച്ച് വിഭീ ഷണനോടും സുഗ്രീവൻ മുതലായ വാനരവീരന്മാരോടുംകൂടി, മന്ത്രിപ്രവരന്മാരാൽ ആവൃതനായി, സുരക്ഷിതമാക്കിത്തീർത്ത ലങ്കയിൽനിന്ന്, ആകാശത്തിൽ യഥേഷ്ടം സഞ്ചരിക്കുവാൻ കഴി വുള്ള ശോഭനമായ പുഷ്പകവിമാനത്തിൽ കയറി, സേതുവഴി മഹാസമുദ്രം കടന്ന് മറുകരയിൽ എത്തി. അനുചരന്മാരെല്ലാം സേതുവഴിക്കുതന്നെ കടന്നു. സമുദ്രത്തെ പ്രസാദിപ്പിക്കു വാൻവേണ്ടി നിരാഹാരവ്രതം സ്വീകരിച്ചു കിടന്ന പ്രദേശത്ത് ധർമ്മാത്മാവായ രാഘവൻ എല്ലാ വാനരന്മാരോടുംകൂടി വിശ്ര മിച്ചു. അവിടെവച്ച് എല്ലാ കീശരേയും പ്രത്യേകം വിളിച്ചു യഥാർ ഹം സൽക്കരിച്ചു രത്നങ്ങൾ ദാനംചെയ്തു സന്തോഷിപ്പിച്ചു.

* സുവൃത്താമസുവൃത്താം വാപ്യഹം ത്വാമദ്യ മൈഥിലീ
നോത്സഹേ പരിഭോഗായ ശ്വാവലീഢം ഹവിര്യഥാ.
തതഃ സാ സഹസാ ബാലാ തൽ ശ്രുത്വാ ദാരുണം വചഃ
പപാത ദേവീ വ്യഥിതാ നികൃത്താ കദളീ യഥാ.

digitized by www.sreyas.in

ഋക്ഷങ്ങൾ, വാനരങ്ങൾ, ഗോപുച്ഛശ്രേഷ്ഠന്മാർ എന്നിവരെല്ലാം പോയതിന്നുശേഷം വിഭീഷണനോടും സുഗ്രീവനോടും കൂടി പുഷ്പകവിമാനത്തിൽ ഇരുന്ന് സീതയെ വഴിക്കുള്ള വനങ്ങൾ കാണിച്ചുകൊടുത്ത് യോധാഗ്രണിയായ രാമൻ കിഷ്കിന്ധയിലെത്തി. അവിടെ ചെന്നതിന്നുശേഷം കർമ്മകുശലനായ അംഗദനെ യുവരാജാവായി അഭിഷേകംചെയ്തു. താൻ മുമ്പ് നാട്ടിൽനിന്നു കാട്ടിലേക്കു വന്ന വഴിയേതന്നെ അവരോടുകൂടി ലക്ഷ്മണസംയുതനായ രാമൻ സ്വപുരത്തേക്കു പോയി, അയോദ്ധ്യാനഗരത്തിലെത്തി.

അവിടെ എത്തിയതിന്നുശേഷം രാഷ്ട്രനായകൻ നഗരപ്രവേശത്തിന്നു മുമ്പായി ഹനുമാനെ ഭരതന്റെ അടുത്തേക്കു ദൂതനായി വിട്ടു. പ്രിയവർത്തമാനം ഉണർത്തിച്ച് ഭരതന്റെ ഇംഗിതങ്ങളെല്ലാം നോക്കിക്കണ്ട് വായുപുത്രൻ മടങ്ങിവന്നതിന്നുശേഷം രാമൻ നന്ദിഗ്രാമത്തിലെത്തി. ചളിപുരണ്ട ദേഹവും മരവുരിവസ്ത്രവുമായി മുമ്പിൽ രാമപാദുകങ്ങളുംവെച്ചു പീഠത്തിൽ ഇരിക്കുന്നതായിട്ടാണ് ഹനുമാൻ ഭരതനെ ദർശിച്ചത്. ഭരതനോടും, ശത്രുഘ്നനോടും രാമലക്ഷ്മണന്മാർ വീണ്ടും ചേർന്ന് ആനന്ദിച്ചു.

പിന്നെ ജ്യേഷ്ഠനോടു ചേർന്ന ഭരതശത്രുഘ്നന്മാർ സീതയെക്കണ്ടു. രണ്ടുപേരും അത്യാഹ്ലാദിതരായി. തന്നെ ഏല്പിച്ചിട്ടുള്ള രാജ്യം വളരെ ആദരവോടും സന്തോഷത്തോടു കൂടി ഭരതൻ രാമനെ തിരിച്ചേല്പിച്ചു.

വസിഷ്ഠനും വാമദേവനുംചേർന്ന് ശൂരനായ രാമനെ വൈഷ്ണവമായ ശുഭദിനത്തിൽ അഭിഷേകംചെയ്തു. പട്ടാഭിഷേകം കഴിഞ്ഞതിൽപ്പിന്നെ സുഹൃത്തുക്കളോടുകൂടിയ സുഗ്രീവനേയും, വിഭീഷണനേയും നാനാഭോഗങ്ങളാൽ മാനിച്ച്, ആനന്ദിപ്പിച്ച്, നന്ദിയോടെ സൽക്കരിച്ച് തങ്ങളുടെ ഗൃഹങ്ങളിലേക്കു യാത്രയയച്ചു. അയയ്ക്കുമ്പോൾ വേണ്ട കാര്യങ്ങളൊക്കെ ആലോചിച്ച് തീർച്ചയാക്കുകയും ചെയ്തു. വിട്ടുപിരിയുമ്പോൾ എല്ലാവർക്കും ആ വേർപാടിൽ അപാരമായ ദുഃഖമുണ്ടായി.

രാഘവൻ ആ പുഷ്പകവിമാനത്തെ പൂജിച്ച് അതിന്റെ ഉടമസ്ഥനായ വൈശ്രവണന്നുതന്നെ കൊടുത്തയച്ചു. ദേവർഷിമാരോടു കൂടി പിന്നീട് താൻ രാജ്യഭരണംചെയ്യവേ രാഘവൻ ഗോമതീതീരത്തുവെച്ച് പത്ത് അശ്വമേധയാഗങ്ങൾ ദക്ഷിണാഢ്യമായി തടവുകൂടാതെ കഴിച്ചു.''

292. യുധിഷ്ഠിരാശ്വാസനം-മാർക്കണ്ഡേയൻ - യുധിഷ്ഠിരനെ ആശ്വസിപ്പിക്കുന്നു - മാർക്കണ്ഡേയൻ പറഞ്ഞു: ''മഹാബാഹോ, യുധിഷ്ഠിരാ! അമിതതേജസ്വിയായ രാമൻ വനവാസത്താൽ അനുഭവിച്ച അത്യുഗ്രമായ ദുഃഖത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഭവാന്റെ ഈ കഷ്ടപ്പാട് ഏറ്റവും നിസ്സാരമാണ്. പുരുഷവ്യാഘ്രനായ നീ ദുഃഖിക്കുവാൻ പാടില്ല. ഭവാൻ പരന്തപനായ ക്ഷത്രിയനാണല്ലോ. നിസ്സംശയം പ്രത്യക്ഷഫലം നേടാവുന്ന ബാഹുവീര്യത്തെ ഭവാൻ ആശ്രയിച്ചുവർത്തിക്കുന്നു. പരമാണുവോളംപോലും ദോഷം ഭവാനു പറ്റീട്ടില്ല. ഭവാന്റെ ഈ മാർഗ്ഗത്തിലൂടെയാണ് ഇന്ദ്രാദികളായ സുരാസുരന്മാരും ചരിക്കുന്നത്. വൃത്രനേയും, ദുർദ്ധർഷനായ നമുചിയേയും, രാക്ഷസിയായ ദീർഘജിഹ്വയേയും, വജ്രപാണിയായ ഇന്ദ്രൻ മരുൽഗണത്തിന്റെ സഹായത്തോടുകൂടി വധിക്കുകയുണ്ടായി. സഹായികളുള്ളവന്ന് എല്ലാ കാര്യവും സാധിക്കും. ഭ്രാതാവായ അർജ്ജുനൻ പോരിൽ സഹായമായുള്ളവന്ന് എന്തു കാര്യമാണ് സാധിക്കാതിരിക്കുക? ഭീമപരാക്രമനായ ഭീമൻ ബലികളിൽവെച്ച് ശ്രേഷ്ഠനാണ്. വില്ലാളികളായ യുവാക്കന്മാരാണ് വീരന്മാരായ മാദ്രീകുമാരന്മാർ. ഇവർ പിന്തുണയുള്ളപ്പോൾ ഭവാന് എന്തു ദുഃഖമാണു ബാധിക്കുക? മരുത്തുക്കളോടുകൂടിയ ഇന്ദ്രനെപ്പോലും ഇവർ ജയിക്കും. ദേവരൂപന്മാരായ ഈ വില്ലാളിമാരോടുചേർന്ന് പോരിൽ സകല ശത്രുക്കളേയും ഭരതർഷഭനായ ഭവാൻ വെല്ലുന്നതാണ്!

ഇപ്പോൾ ഇവിടെ നടന്ന കാര്യത്തെപ്പറ്റിത്തന്നെ ഭവാൻ ചിന്തിച്ചുനോക്കുക. പാഞ്ചാലിയെ അപഹരിച്ച ദുരാത്മാവായ സൈന്ധവൻ മഹാബലനും വീര്യമത്തനുമായിരുന്നിട്ടും ഈ മഹാശയന്മാർ ദുഷ്കരമായ കർമ്മംചെയ്തു വീണ്ടെടുത്തു കൊണ്ടുവന്നതിന്നും പുറമേ ആ ജയദ്രഥനെ പരാജിതനാക്കി അടിമപ്പെടുത്തുകയുംചെയ്തു. രാമന്റെ കഥ നോക്കൂ! രാമൻ അസഹായനായിട്ടാണ് ഭീമവിക്രമനായ രാവണനെ യുദ്ധത്തിൽ കൊന്ന് വൈദേഹിയെ വീണ്ടെടുത്തത്, കരിങ്കുരങ്ങു, മൊച്ചക്കുരങ്ങ്, കരടി മുതലായ തിര്യക്കുകൾ മാത്രമായിരുന്നു രാമന്റെ കൂട്ടുകാർ. രാജാവേ! ഭവാൻ ബുദ്ധികൊണ്ടു ചിന്തിച്ചുനോക്കൂ! അതുകൊണ്ട് ഹേ, കുരുശ്രേഷ്ഠാ! ഭരതർഷഭാ! ഭവാൻ മാഴ്കരുത്. ഭവാനെപ്പോലെയുള്ള മഹാത്മാക്കൾ ഹേ, പരന്തപാ! ഒരിക്കലും ദുഃഖിക്കയില്ല.''

വൈശമ്പായനൻ പറഞ്ഞു: ''ഹേ, ജനമേജയാ! ധീമാനായ മാർക്കണ്ഡേയൻ ഇപ്രകാരം യുധിഷ്ഠിരരാജാവിനെ ആശ്വസിപ്പിച്ചു. ദുഃഖം കളഞ്ഞ് ഉത്സാഹത്തോടെ വീണ്ടും അദ്ദേഹം പറഞ്ഞു.''

പതിവ്രതാമാഹാത്മ്യപർവ്വം

293. സാവിത്ര്യുപാഖ്യാനം - യുധിഷ്ഠിരൻ പറഞ്ഞു: ''അല്ലയോ മഹർഷേ! ഞാൻ എന്നെപ്പറ്റിയോ, ഈ ഭ്രാതാക്കന്മാരെക്കുറിച്ചോ, രാജ്യാപഹരണത്തെക്കുറിച്ചോ അല്ല ചിന്തിച്ചു ദുഃഖിക്കുന്നത്. എന്റെ ദുഃഖം ഈ ദ്രുപദപുത്രിയെക്കുറിച്ചാണ്. ആ ദുരാത്മാക്കൾ ഞങ്ങളെ ചൂതിൽ ക്ലേശിപ്പിച്ചപ്പോൾ ഈ കൃഷ്ണയാണ് ഞങ്ങളെ രക്ഷിച്ചത്. ഞങ്ങൾക്കുവേണ്ടി വനവാസം അനുഭവിക്കുന്നു ഇവളെ ജയദ്രഥൻ കാട്ടിൽവെച്ച് ബലമായി അപഹരിച്ചു. ഇങ്ങനെ പതിവ്രതയും മഹാഭാഗയും ആയി പാഞ്ചാലിയെപ്പോലെ മറ്റൊരു പെണ്ണിനെ ഭവാൻ കണ്ടിട്ടോ, കേട്ടിട്ടോ ഉണ്ടോ?''

മാർക്കണ്ഡേയൻ പറഞ്ഞു: ''രാജാവേ, കേൾക്കുക. കുലസ്ത്രീകളുടെ മാഹാത്മ്യം ഞാൻ പറയാം. ഈ ഗുണങ്ങളെല്ലാം തികഞ്ഞ ഒരു രാജകന്യകയായിരുന്നു സാവിത്രി.

പണ്ട് മദ്രരാജ്യത്ത് പരമധാർമ്മികനും, ബ്രഹ്മണ്യനും, മഹാത്മാവും, സത്യസന്ധനും, ജിതേന്ദ്രിയനും, യജ്വാവും, ദാനേശ്വരനും, ദക്ഷനും, പൗരന്മാരോടും ജാനപദന്മാരോടും പ്രിയമുള്ളവനുമായി അശ്വപതി എന്നു പേരായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ശ്രീമാനും, സർവ്വഭൂതഹിതപ്രദനും ആയിരുന്നു. ഗുണസമ്പന്നനായ അദ്ദേഹത്തിന് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. വയസ്സ് വർദ്ധിക്കുന്തോറും സന്താനമില്ലാത്ത ആ രാജാവിന് സന്താപം വർദ്ധിച്ചു. ഒടുവിൽ അപത്യത്തെ ഉല്പാദിപ്പിക്കുവാനായി മദ്രാധീശ്വരൻ തീവ്രമായ വ്രതനിയമത്തിലേർപ്പെട്ടു. അദ്ദേഹം ജിതേന്ദ്രിയനും മിതാഹാരനുമായി ബ്രഹ്മചര്യം സ്വീകരിച്ച് ഒരു പകലിനെ എട്ടു ഭാഗമാക്കി വിഭജിച്ച് അതിൽ ആറാമത്തെ മുഹൂർത്തംതോറും സൂര്യകന്യകയായ സാവിത്രിയെ ഭജിച്ച് നൂറായിരം പ്രാവശ്യം ഹോമിച്ചു. ഇങ്ങനെ പതിനെട്ടു സംവത്സരം മുഴുവൻ ഈ വ്രതത്തെ ആ രാജസത്തമൻ അനുഷ്ഠിച്ചു. ഒരുദിവസം ഹർഷത്തോടെ സാവിത്രീദേവി മൂർത്തിമതിയായി അഗ്നിഹോമത്തിൽനിന്നുയർന്ന് രാജാവിന്ന് പ്രത്യക്ഷയായി. ആ വരദ നരേന്ദ്രനോടു പറഞ്ഞു.''

സാവിത്രി പറഞ്ഞു: ''ഹേ! പാർത്ഥിവാ! ഭവാന്റെ പരിശുദ്ധമായ ബ്രഹ്മചര്യത്താലും, ദമനിയമങ്ങളാലും, സർവ്വാത്മനാ പൂർണ്ണമായ ഭക്തിയാലും ഞാൻ ഭവാനിൽ സംപ്രീതയായിരിക്കുന്നു. ഇഷ്ടമുള്ള വരം ഭവാൻ വരിച്ചുകൊള്ളുക. ധർമ്മത്തിൽ ഭവാന് ഒരിക്കലും തെറ്റുപറ്റരുത്.''

അശ്വപതി പറഞ്ഞു: ''ധർമ്മകാംക്ഷകൊണ്ട് ഞാൻ സന്താനലാഭത്തെ ഇച്ഛിക്കുന്നു. കുലം വർദ്ധിപ്പിക്കുന്ന വളരെ സന്താനങ്ങൾ എനിക്കുണ്ടാകണം. ദേവി എന്നിൽ സന്തുഷ്ടയാണെ

digitized by www.sreyas.in

ങ്കിൽ ഞാൻ ഈ വരമാണ് വരിക്കുന്നത്. പരമമായ ധർമ്മമാണ് സന്താനമെന്ന് ദ്വിജാതികൾ പറയുന്നു.''

സാവിത്രി പറഞ്ഞു: ''ഭവാന്റെ ആഗ്രഹം ഞാൻ മുമ്പേതന്നെ അറിഞ്ഞിരിക്കുന്നു. ഭവാന് പുത്രന്മാരുണ്ടാകുവാൻ ഞാൻ പിതാമഹനോട് പറഞ്ഞിട്ടുണ്ട്. ആ സ്വയംഭൂവിന്റെ വിഹിതമായ പ്രസാദത്താൽ ഭവാന് തേജസ്വിനിയായ ഒരു കന്യക ഉടനെയുണ്ടാകും. അങ്ങുന്ന് ഇതിന്നുത്തരമായി ഒന്നും പറയരുത്. പിതാമഹന്റെ നിയോഗത്താൽ ഇത് ഞാൻ ഭവാനോട് പറയുകയാണ്.''

മർക്കണ്ഡേയൻ പറഞ്ഞു: സാവിത്രി കല്പിച്ചതായ മൊഴി അവൻ അപ്രകാരംതന്നെ സ്വീകരിച്ചു. സാവിത്രി അവനെ പ്രസാദിപ്പിച്ച് 'ഇത് ഉടനെ ഉണ്ടാകും' എന്നുതന്നെ പറഞ്ഞു. സാവിത്രി മറഞ്ഞപ്പോൾ രാജാവ് സ്വഗൃഹത്തിലേക്കു പോയി, സ്വരാജ്യം ധർമ്മത്തോടെ സംരക്ഷിച്ചു. കുറേക്കാലം കഴിഞ്ഞപ്പോൾ നിയമവ്രതനായ രാജാവ് ധർമ്മിഷ്ഠയായ മൂത്ത ഭാര്യയിൽ ഗർഭാധാനംചെയ്തു. മനുനന്ദിനിയായ ആ രാജപുത്രിയുടെ ഗർഭം ശുക്ലപക്ഷത്തിലെ തിങ്കൾപോലെ വളർന്നുവന്നു. കാലം തികഞ്ഞപ്പോൾ ആ പങ്കജാക്ഷി ഒരു കുമാരിയെ പ്രസവിച്ചു. അവൾക്കു വേണ്ട ക്രിയകളൊക്കെ നന്ദിയോടെ നൃപോത്തമൻ ചെയ്തു. സാവിത്രീപ്രസാദംകൊണ്ട് ഉണ്ടാവുകയാൽ അവൾക്ക് 'സാവിത്രി' എന്ന് രാജാവ് പേരു നല്കി. ആ നൃപകുമാരി ശരീരമെടുത്ത ലക്ഷ്മിയെപ്പോലെ വളർന്നുവന്നു. ആ കന്യക യഥാകാലം യൗവനത്തെ പ്രാപിച്ചു. തനുമദ്ധ്യയും, പൃഥുശ്രോണിയുമായ അവൾ സ്വർണ്ണപ്രതിമപോലെ മനോഹരിയായിത്തീർന്നു. അവളെ കാണുന്നവരെല്ലാം 'ഇവൾ ദേവകന്യകയാണോ!' എന്ന് അത്ഭുതപ്പെട്ടു. തേജസ്സുകൊണ്ട് തിളങ്ങുന്ന ആ പങ്കേരുഹാക്ഷിയെ, അവളുടെ സൗന്ദര്യാധിക്യംമൂലം, ആരും വരിക്കുവാൻ ധീരമായി മുന്നോട്ടുവന്നില്ല. അവൾ കുളിച്ച് ഉപവസിച്ച് ദേവതാർച്ചനചെയ്തു. വാവിൻനാൾ ഹോമംചെയ്തു വിപ്രന്മാരുടെ ആശീർവ്വാദം ഏറ്റ് പ്രസാപ്പൂവ് വാങ്ങി, പൂജ്യനായ പിതാവിന്റെ അടുത്തേയ്ക്ക് ലക്ഷ്മീദേവി ശരീരമെടുത്തപോലെ പതുക്കെ പോയി. അച്ഛന്റെ പാദത്തിൽ കുമ്പിട്ട് ആ പ്രസാദപ്പൂക്കൾ നല്കി. രാജാവിന്റെ സമീപത്തു തൊഴുത് നില്പായി. ലക്ഷ്മീദേവിക്കൊത്ത മകളെ യൗവനയുക്തയായി കണ്ടപ്പോൾ വരന്മാർ ആരും വന്ന് അർത്ഥിക്കാത്തതോർത്ത് രാജാവ് കുണ്ഠിതപ്പെട്ടു.''

രാജാവ് പറഞ്ഞു: ''പുത്രീ, നിന്നെ കെട്ടിച്ചുകൊടുക്കേണ്ട കാലമായി. ആരും എന്നോട് അഭ്യർത്ഥിക്കുന്നില്ല. തനിക്ക് ഒത്ത ഗുണം തികഞ്ഞ ഒരുത്തനെ നീതന്നെ തിരഞ്ഞെടുക്കണം. നീ ആഗ്രഹിക്കുന്നവനെ നീ എന്നോട് പറയണം. ഗുണദോഷങ്ങൾ ഞാൻ ചിന്തിച്ചശേഷം അവന്ന് കൊടുക്കുന്നതാണ്. നീ യഥേഷ്ടം പോയി വരിക്കുക. വിപ്രന്മാർ ഇപ്രകാരമാണ് ധർമ്മശാസ്ത്രത്തിൽ നിശ്ചയം ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഹേ കല്യാണി, നീ ഞാൻ പറയുന്നത് കേൾക്കൂ.''

''പെണ്ണിനെക്കെട്ടിക്കാഞ്ഞാലച്ഛനാണപരാധി,
പെണ്ണിനെ വേൾക്കാഞ്ഞാലോ തെറ്റ് പൂരുഷന്നത്രെ!
അച്ഛന്റെ അഭാവത്തിൽ അമ്മയെ നോക്കീടാഞ്ഞാൽ
പുത്രനാണത്രേ കുറ്റ, മെന്നു കേട്ടിരിപ്പൂ ഞാൻ!

മകളേ, സാവിത്രീ! നീ എന്റെ ഈ മൊഴികേട്ടു വേഗത്തിൽ വരനെ തെരഞ്ഞുപിടിക്കുക. ദേവന്മാർ എന്നെ പഴിക്കാതിരിക്കട്ടെ!''

മാർക്കണ്ഡേയൻ പറഞ്ഞു: ''എന്ന് പുത്രിയോട് പറഞ്ഞതിന്നുശേഷം വൃദ്ധമന്ത്രികളോട് വിവരം ഗ്രഹിപ്പിച്ചു യാത്രയ്ക്കായി പോകുവാൻ ഏർപ്പെടുത്തി അയച്ചു. അവൾ അച്ഛന്റെ പാദങ്ങൾ കൂപ്പി, ലജ്ജയോടുകൂടി തപോവ്രതയായി അച്ഛന്റെ വാക്കു സ്വീകരിച്ച്, ശങ്കവിട്ടു പുറപ്പെട്ടു. പൊന്മണിത്തേരിൽക്കയറി വൃദ്ധമന്ത്രികളോടുകൂടി രാജർഷികൾ അധിവസിക്കുന്ന പുണ്യാരണ്യഭാഗങ്ങളിൽച്ചെന്നു. അവിടെ പൂജ്യരായ വൃദ്ധന്മാരുടെ പാദങ്ങളിൽ അവൾ നമിച്ചു. എല്ലാ അരണ്യങ്ങളിലും രാജാവേ, അവൾ ചെന്നു. തീർത്ഥങ്ങൾതോറും ഇപ്രകാരം സഞ്ചരിച്ച് അവൾ വിപ്രശ്രേഷ്ഠന്മാർക്ക് ധനം നല്കി. അങ്ങനെ അവൾ ദിക്കുതോറും സഞ്ചരിച്ചു.''

294. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: ''ഒരു ദിവസം മദ്രരാജാവ് നാരദമഹർഷിയോടുകൂടി സഭാമദ്ധ്യത്തിൽ ഓരോ കഥയും പറഞ്ഞ് സസന്തോഷം ഇരിക്കുകയായിരുന്നു. അപ്പോൾ എല്ലാ തീർത്ഥങ്ങളും ആശ്രമങ്ങളും സന്ദർശിച്ച് മന്ത്രിമാരോടുകൂടി സാവിത്രി തിരിച്ചുവന്ന് പിതൃസന്നിധിയെ പ്രാപിച്ചു. അച്ഛൻ നാരദനോടുകൂടി ഇരിക്കുന്നതു കണ്ട് ആ ശുഭാംഗി രണ്ടുപേരുടേയും കാൽക്കൽ ശിരസ്സുകുനിച്ച് നമസ്കരിച്ചു.

നാരദൻ പറഞ്ഞു: ''രാജാവേ, ഭവാന്റെ പുത്രി ഇപ്പോൾ എവിടെപ്പോയിട്ടാണു വന്നിരിക്കുന്നത്? എന്തുകൊണ്ടാണ് ഭവാൻ ഈ യുവതിയെ ഒരു ഭർത്താവിനായി നല്കാത്തത്?''

അശ്വപതി പറഞ്ഞു: ''ഇക്കാര്യത്തിന്നായിത്തന്നെ ഇവൾ പോയി മടങ്ങിവന്നിരിക്കുകയാണ്. ദേവർഷേ! ഇവളോടു ചോദിക്കൂ, ഇവൾ ഏതൊരുത്തനെയാണു ഭർത്താവായി വരിച്ചിരിക്കുന്നതെന്ന്.''

മാർക്കണ്ഡേയൻ പറഞ്ഞു: 'വിസ്തരിച്ചുപറയുക' എന്ന് അച്ഛൻ പറഞ്ഞപ്പോൾ ആ ശുഭാംഗന ഇപ്രകാരം ഉണർത്തി.''

സാവിത്രി പറഞ്ഞു: ''സാല്വരാജ്യം ഭരിച്ചിരുന്ന ധർമ്മശീലനായ ദ്യുമത്സേനൻ എന്ന രാജാവ് കുരുടനായിത്തീർന്നു. പുത്രൻ ബാലനായിരുന്നു. കണ്ണില്ലാത്തവനും, ബാലനായ പുത്രനുള്ളവനുമായ അവന്റെ വൈരിയായിരുന്നു അയൽരാജ്യം ഭരിച്ചിരുന്നത്. അയാൾ ആക്രമിച്ച് രാജ്യം കൈയിലാക്കി. ഉടനെ അവൻ ചെറുപൈതലുള്ള ഭാര്യയോടുകൂടി നാടുവിട്ടോടി കാട്ടിൽവന്നു താമസമാക്കി. മഹാരണ്യത്തിൽ വന്നതിന്നുശേഷം അവൻ തപസ്സുചെയ്യുവാൻ തുടങ്ങി. ആ മഹാവ്രതന്ന് കാട്ടിൽ വെച്ച് ഉണ്ടായവനും, കാട്ടിൽ വളർന്നവനുമായ സത്യവാനെ എനിക്കു ഭർത്താവാകണമെന്നു വിചാരിച്ച് ഞാൻ വരിച്ചു.''

നാരദൻ പറഞ്ഞു: ''അയ്യോ പാവം! മഹാകഷ്ടമായി സാവിത്രി ചെയ്തത്. രാജാവേ, അവൾ കാര്യം അറിയാതെയാണു ഗുണവാനായ സത്യവാനെ വരിച്ചത്. അവന്റെ അച്ഛൻ സത്യസന്ധനാണ്. അമ്മയും സത്യവതിതന്നെ. അതോർത്ത് വിപ്രന്മാർ അവന്ന് സത്യവാൻ എന്നു പേർ കൊടുത്തു. ബാലനായ അവൻ അശ്വപ്രിയനാണ്. അവൻ കളിമണ്ണുകൊണ്ട് അശ്വങ്ങളെ ഉണ്ടാക്കും. ചിത്രത്തിൽ അശ്വങ്ങളെ ഭംഗിയായി വരയ്ക്കും. അതുകൊണ്ട് ചിത്രാശ്വൻ എന്നും അവന്ന് പേരുണ്ടായി.''

രാജാവ് പറഞ്ഞു: ''അവൻ തേജസ്വിയല്ലയോ? ധീമാനല്ലയോ? ക്ഷാന്തനല്ലയോ? പിതൃവത്സനായ സത്യവാൻ ശൂരനല്ലയോ?''

നാരദൻ പറഞ്ഞു: ''അവൻസൂര്യനെപ്പോലെ തേജസ്വിയാണ്. വ്യാഴത്തെപ്പോലെ ബുദ്ധിമാനാണ്. മഹേന്ദ്രനെപ്പോലെ വീരനാണ്. ക്ഷമയെപ്പോലെ ക്ഷമാവാനുമാണ്.''

അശ്വപതി പറഞ്ഞു: ''സത്യവാൻ ബ്രഹ്മണ്യനും, ദാതാവും, ഉദാരനും, സുന്ദരാകാരനും, പ്രിയദർശനുമല്ലേ ആ ക്ഷത്രിയൻ?''

നാരദൻ പറഞ്ഞു: ''സംകൃതിയുടെ പുത്രനായ ശ്രീ രന്തിദേവനെപ്പോലെ അവൻ ദാനശീലനാണ്. ഔശീനരനായ ശിബിക്കുതുല്യം അവൻ ബ്രഹ്മണ്യനും സത്യവാദിയുമാണ്. യയാതിയെപ്പോലെ അവൻ ഉദാരനാണ്. സോമനെപ്പോലെ അവൻ പ്രിയദർശനനാണ്. സൗന്ദര്യംകൊണ്ട് അവൻ അശ്വിനേയതുല്യനാണ്. അത്ര യോഗ്യനാണ് ശക്തനായ ദ്യുമത്സേനാത്മജൻ. അവൻ ദാന്തനാണ്, മൃദുശീലനാണ്. ശൂരനാണ്, സത്യനാണ്, ജിതേന്ദ്രിയനാണ്, അനസൂയനാണ്, മൈത്രനാണ്, ഹ്രീയുള്ളവനും ദ്യുതിമാനുമാണ്. അവന്നു നിത്യമായ ആർജ്ജവവും, നിത്യമായ സ്ഥിതിയും ഉണ്ട്. ഇങ്ങനെ ചുരുക്കത്തിൽ തപശ്ശീലമുള്ള വൃദ്ധന്മാർ പറയുന്നു.''

digitized by www.sreyas.in

അശ്വപതി പറഞ്ഞു: "അവന്റെ ഗുണങ്ങളെ ഭവാൻ പ്രശംസിക്കുന്നു. അതുമാത്രം പറഞ്ഞാൽ പോരാ, അവന്ന് വല്ല ദോഷവും ഉണ്ടെങ്കിൽ അതും ഭവാൻ പറഞ്ഞാൽ കൊള്ളാം."

നാരദൻ പറഞ്ഞു: "ഒരേ ഒരു ദോഷം മാത്രമേയുള്ളൂ. ആ ദോഷം എല്ലാ ഗുണത്തേയും കവിഞ്ഞുനില്ക്കുന്നതാണ്. ആ ദോഷം പ്രയത്നംകൊണ്ട് കടക്കുവാൻ കഴിവുള്ളതുമല്ല. ആ ഒരേ ഒരു ദോഷമല്ലാതെ വേറെ ദോഷമൊന്നുമില്ല. ഇന്നേക്ക് ഒരു വർഷം തികയുന്ന അന്ന് അവൻ മരിച്ചുപോകും. ദേഹം വെടിയും!"

രാജാവ് പറഞ്ഞു: "എടോ സാവിത്രീ, വരൂ! അച്ഛൻ ഒന്നു പറയട്ടെ! നീ മറ്റൊരാളെ അന്വേഷിച്ചുപിടിക്കുക. അവന്റെ ഈ ഒരു ദോഷം സകല ദോഷങ്ങളേക്കാൾ മീതെയാണല്ലോ. ദേവപൂജിതനായ നാരദഭഗവാനാണ് പറയുന്നത്, ഒരു വർഷം തികയുമ്പോൾ അവൻ മരിച്ചു ദേഹം വെടിയുമെന്ന്."

സാവിത്രി പറഞ്ഞു: "കന്യകയ്ക്ക് പുരുഷനിൽ അനുരാഗമുണ്ടാവുക, കന്യകയെ തരാമെന്ന് ഏറ്റുപറയുക, കന്യകയെ വേളികഴിച്ചുകൊടുക്കുക ഈ മൂന്നു കാര്യങ്ങളും ഒരിക്കലേ ചെയ്യുവാൻ പാടുള്ളൂ. ഈ മൂന്നും ഒരു പുരുഷനെ സംബന്ധിച്ച് ഒരിക്കൽ സംഭവിച്ചു കഴിഞ്ഞാൽ പിന്നെ മാറ്റുക വയ്യ. അവൻ ദീർഘായുസ്സോ, അല്പായുസ്സോ, അഗുണനോ ഗുണശാലിയോ ആകട്ടെ! ഞാൻ ഒരിക്കൽ അദ്ദേഹത്തെ പതിയായി വരിച്ചു. ഇനി അന്യനെ ഞാൻ വരിക്കുകയില്ല. ആദ്യം മനസ്സുകൊണ്ട് ഉറപ്പിക്കുന്നു. പിന്നെ വാക്കുകൊണ്ട് പറയുന്നു. പിന്നെ കാര്യം കർമ്മംകൊണ്ട് നടപ്പിലാക്കുന്നു. അതുകൊണ്ട് മനസ്സാണ് സർവ്വോപരി പ്രമാണമായിരിക്കുന്നത്."

നാരദൻ പറഞ്ഞു: "രാജാവേ, ഭവാന്റെ പുത്രിക്ക് ഉള്ളിൽ ഉറപ്പുണ്ട്. അതുകൊണ്ട് ധർമ്മത്തിൽ ഉറച്ചുനില്ക്കുന്ന അവളെ തടയരുത്. സത്യവാനുള്ളതായ സൽഗുണം മറ്റാരിലും കാണുകയില്ല. അതുകൊണ്ട് സാവിത്രിയെ സത്യവാന് നല്കാം എന്നാണ് എന്റെ അഭിപ്രായം."

രാജാവ് പറഞ്ഞു: "ഭവാൻ പറഞ്ഞതിന്ന് ഇളക്കമില്ല. ഭവാൻ പറഞ്ഞത് സത്യമാണ്. ഞാൻ അപ്രകാരം ചെയ്തുകൊള്ളാം. ഭഗവാനേ, അങ്ങയാണ് എന്റെ ഗുരു."

നാരദൻ പറഞ്ഞു: "ഭവാന്റെ പുത്രിയായ സാവിത്രിയുടെ വിവാഹം തടസ്സംകൂടാതെ മംഗളമായി നടക്കട്ടെ! ഞാൻ പോയി വരട്ടെ! അതുകൊണ്ട് നിങ്ങൾക്കെല്ലാവർക്കും ശുഭം ഭവിക്കട്ടെ."

മാർക്കണ്ഡേയൻ പറഞ്ഞു: "എന്നു പറഞ്ഞ് ഉടനെ നാരദൻ പൊങ്ങി ആകാശത്തിൽ മറഞ്ഞു. രാജാവ് പെൺകുട്ടിയുടെ വിവാഹത്തിന് വേണ്ടതൊക്കെ ഒരുക്കി."

295. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "പിന്നെ രാജാവ് കന്യകാദാനത്തിന്നു വേണ്ട കാര്യംതന്നെ ചിന്തിച്ചുറച്ച് വിവാഹത്തിന്നുള്ള ഒരുക്കങ്ങൾചെയ്തു. ഋത്വിജന്മാരേയും, പുരോഹിതന്മാരേയും, വൃദ്ധബ്രാഹ്മണരേയും വിളിച്ചുകൂട്ടി പുണ്യദിനത്തിൽ കന്യകയോടുകൂടി മദ്രേശ്വരനായ അശ്വപതി വിശുദ്ധാരണ്യത്തിൽ ദ്യുമൽസേനാശ്രമത്തിലേക്ക് പോയി. അവർ കാൽനടയായിട്ടാണ് രാജ്യഭ്രഷ്ടനായ രാജർഷിയെക്കാണുവാൻ പോയത്.

സാലവൃക്ഷച്ചുവട്ടിൽ കുശാസനത്തിൽ ഇരിക്കുന്ന മഹാഭാഗനായ അന്ധരാജർഷിയെ മദ്രാധിപൻ കണ്ട് യഥാർഹം പൂജിച്ച് വിനീതനായി നിന്ന്, താൻ ആരെന്ന് അറിയിച്ചു. ധർമ്മജ്ഞനായ ദ്യുമൽസേനൻ തന്റെ അതിഥിയെ അർഘ്യം, ആസനം, പശു എന്നിവയൊക്കെ കൊടുത്ത് പൂജിച്ചതിന്നുശേഷം ആഗമനകാര്യത്തെക്കുറിച്ച് അന്വേഷിച്ചു. അതിന്ന് അശ്വപതി സത്യവാനെക്കുറിച്ച് തന്റെ അഭിലാഷത്തേയും, ചെയ്യേണ്ടുന്ന കാര്യത്തേയും എല്ലാം ഒന്നുംവിടാതെ അറിയിച്ചു.

അശ്വപതി പറഞ്ഞു: "രാജർഷേ, എന്റെ പുത്രിയായ സാവിത്രി എന്ന ശോഭനകന്യക എന്നോടുകൂടെ ഇതാ ഇവിടെ വന്നുനില്ക്കുന്നു. ധർമ്മജ്ഞനായ ഭവാൻ യഥാധർമ്മം സ്നുഷയായി കൈക്കൊണ്ടാലും."

ദ്യുമത്സേനൻ പറഞ്ഞു: "രാജ്യത്തിൽനിന്ന് ഭ്രംശിച്ച് വനവാസത്തെ ആശ്രയിച്ചവരാണ് ഞങ്ങൾ. ധർമ്മനിത്യന്മാരായി തപസ്വികളായിട്ടാണ് ഞങ്ങൾ വർത്തിക്കുന്നത്. ഭവാന്റെ പുത്രി വനവാസത്തിന്ന് അനർഹയാകയാൽ ഈ ആശ്രമത്തിൽ പാർത്ത് കഷ്ടപ്പെടുന്നതിന്ന് അവൾക്ക് എങ്ങനെ സാധിക്കും?"

അശ്വപതി പറഞ്ഞു: "സുഖവും ദുഃഖവും ഉണ്ടാവുകയും നശിക്കുകയുംചെയ്യും. ഉൽപ്പത്തിക്ഷയങ്ങളോടുകൂടിയ സുഖദുഃഖങ്ങളുടെ ഗതി എനിക്കും എന്റെ മകൾക്കും നല്ലപോലെ അറിയാം. സുസ്ഥിരമല്ലാത്ത ഈ സുഖദുഃഖങ്ങളെ ഞങ്ങൾ വകവെച്ചിട്ടില്ല. എന്നെപ്പോലെയുള്ളവരോട് ഭവാൻ ഇങ്ങനെയൊന്നും പറയേണ്ടതില്ല. ദുഃഖമാണെങ്കിൽ അത് സ്വീകരിക്കുവാൻ നിശ്ചയിച്ചുതന്നെയാണ് ഞങ്ങൾ ഭവാന്റെ മുമ്പിൽ വന്നിരിക്കുന്നത്. ഭവാനെ വണങ്ങിക്കൊണ്ടുനില്ക്കുന്ന ഈ സുഹൃത്തിനെ ഭവാൻ നിരാശനാക്കരുത്. പ്രേമത്തോടുകൂടി മുമ്പിൽ വന്നുനില്ക്കുന്ന എന്നെ ഭവാൻ നിരസിക്കരുത്. കുലംകൊണ്ടും, സൗഹാർദ്ദംകൊണ്ടും നാം അനുരൂപരാണ്. അതുകൊണ്ട് എന്റെ കന്യകയെ ഭവാന്റെ സ്നുഷയായി, സത്യവാന്റെ ഭാര്യയായി സ്വീകരിക്കുക."

ദ്യുമത്സേനൻ പറഞ്ഞു: "ഭവാനുമായി ബന്ധുത്വമുണ്ടാകണമെന്ന് പണ്ടേതന്നെ ഞാൻ ഇച്ഛിച്ചതാണ്. എന്നാൽ ഞാൻ രാജ്യഭ്രഷ്ടനാകയാൽ ആ ആഗ്രഹം മറച്ചുവെച്ച് ഇപ്രകാരം തടഞ്ഞു പറഞ്ഞതാണ്. എന്റെ കാംക്ഷിതംപോലെതന്നെ ഇപ്പോൾ ഭവാൻ അർത്ഥിച്ചു വന്നിരിക്കുകയാൽ ഈ അഭിലാഷം നടന്നുകൊള്ളട്ടെ."

അപ്രകാരംതന്നെ തീരമാനിച്ച് ആശ്രമവാസികളായ വിപ്രന്മാരെയെല്ലാം ക്ഷണിച്ചുവരുത്തി, ആ രാജാക്കന്മാർ യഥാവിധി വിവാഹം നടത്തി. തന്റെ കന്യകയെ യഥാർഹം ധനവിഭവങ്ങളോടുകൂടി വേളികഴിച്ചു കൊടുത്തതിന്നുശേഷം അശ്വപതി സസന്തോഷം സ്വരാജ്യത്തേക്ക് തിരിച്ചുപോയി. എല്ലാ ഗുണങ്ങളും തികഞ്ഞ ഭാര്യയെ നേടുകയാൽ സത്യവാനും, ആശിച്ചപോലെ മനസ്സിൽ വിചാരിച്ച ഭർത്താവിനെ കിട്ടുകയാൽ സാവിത്രിയും ഒന്നുപോലെ സന്തോഷിച്ചു.

അച്ഛൻ പോയ ഉടനെ ആ രാജപുത്രി സർവ്വ ആഭരണങ്ങളും വെടിഞ്ഞ് വൽക്കലവും, കാഷായവസ്ത്രവും സ്വീകരിച്ചു. പരിചര്യാഗുണത്താലും, വണക്കത്താലും, ദമത്താലും, എല്ലാവരിലും യഥായോഗ്യം വേണ്ട കർമ്മങ്ങളാലും എല്ലാവർക്കും തുഷ്ടി നല്കി. ശ്വശ്രുവിനെ ദേഹസല്ക്കാരങ്ങളാകുന്ന വസ്ത്രങ്ങളാലും, ശ്വശുരനെ ദേവപൂജ, സത്യവാക്ക്, നിയതവ്രതം മുതലായ സൽക്കാരങ്ങളാലും ഭർത്താവിനെ അപ്രകാരംതന്നെ ഇഷ്ടമായ മൊഴി, നിപുണത, ശമം, ഗൂഢോപചാരം എന്നിവയാലും ആ രാജനന്ദിനി സന്തോഷിപ്പിച്ചു. ഇങ്ങനെ ആ നല്ല ജനങ്ങൾ ആശ്രമത്തിൽ തപസ്സിൽ ഏർപ്പെട്ട് കഴിയവെ കാലങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. രാവും പകലും വാട്ടം നല്കുന്നതായ ആ വാക്കുകൾ, നാരദൻ പറഞ്ഞ വാക്കുകൾ, സാവിത്ര്യയുടെ ഉള്ളിൽ മായാതെ കിടന്നു."

296. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു. മാസങ്ങൾ പലതും കഴിഞ്ഞു. അങ്ങനെ സത്യവാൻ മരിക്കേണ്ട കാലവും അടുത്തു. രാജാവേ! നാരദൻ പറഞ്ഞ വാക്കുകൾ എപ്പോഴും സ്മരിച്ചുകൊണ്ടിരുന്ന സാവിത്രി ദിവസങ്ങൾ ഓരോന്നായി എണ്ണിക്കൊണ്ടിരുന്നു. 'ഇന്നേക്ക് നാലാംദിവസമാണ് മരണം' എന്ന് ആ ഭാമിനി ചിന്തിച്ചു. മൂന്നുനാൾകൊണ്ട് പൂർത്തിയാകുന്ന തീവ്രമായ വ്രതം കൈക്കൊണ്ട്, രാവും പകലും അതിൽത്തന്നെ മനസ്സുചെലുത്തി നിന്നു. അവളുടെ വ്രതത്തെക്കുറിച്ചുള്ള വൃത്താന്തം കേട്ട് ഏറ്റവും ദുഃഖിതനായ രാജർഷി, വ്രതനിഷ്ഠയോടെ ഏകാഗ്രചിത്തയായി സ്ഥിതിചെയ്യുന്ന സാവിത്രയെ ചെന്നുകണ്ട് സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു."

digitized by www.sreyas.in

ദ്യുമത്സേനൻ പറഞ്ഞു: "രാജപുത്രീ, നീ തുടങ്ങിയിരിക്കുന്ന ഈ വ്രതം ഏറ്റവും തീവ്രമാണ്. മൂന്നുനാൾ പട്ടിണികിടക്കുകയെന്നത് ദുർഘടംതന്നെ."

സാവിത്രി പറഞ്ഞു: "താതാ, വ്യസനിക്കേണ്ട. ഈ വ്രതത്തെ ഞാൻ സാധിക്കാം. ഉത്സാഹത്താൽ ചെയ്യുന്നതാണ്. ഉത്സാഹമാണല്ലോ കാര്യസാധനം."

ദ്യുമത്സേനൻ പറഞ്ഞു: "വ്രതം മുടക്കുകയെന്ന് നിന്നോട് പറയുവാൻ ഞാൻ ശക്തനല്ല. വഴിപോലെ സമാപിപ്പിക്കുക എന്ന് ആശംസിക്കുകയാണ് എന്നെപ്പോലുള്ളവർക്ക് യുക്തമായത്."

മാർക്കണ്ഡേയൻ പറഞ്ഞു: "എന്നു പറഞ്ഞ് ദ്യുമത്സേനൻ ഒന്നും മിണ്ടാതെ നിന്നു. വ്രതം കൈക്കൊണ്ട് ധ്യാനനിമഗ്നയായി നില്ക്കുന്ന സാവിത്രി വിറകുകൊള്ളിപോലെയായി. ഭർത്തൃമരണം നാളെയാണെന്നായി. ദുഃഖത്തോടുകൂടി ആ രാത്രിയും വ്രതസ്ഥയായി അവൾ കഴിച്ചു. ആ ഘോരമായ ദിവസവും വന്നു പുലർന്നു. അവൾ ചിന്തയോടെ വഹ്നിയിൽ ഹോമിച്ചു. അർക്കൻ നുകപ്പാടുയർന്നപ്പോൾ അവൾ പൂർവ്വാഹ്നക്രിയചെയ്തു. വൃദ്ധദ്വിജന്മാരേയും, ശ്വശ്രുശ്വശുരന്മാരേയും ക്രമപ്രകാരം നമസ്കരിച്ചു അടങ്ങി നിന്നു. അപ്പോൾ തപോവനവാസികളായ ആ തപസികൾ എല്ലാവരും 'സാവിത്രിക്ക് നെടുമംഗല്യവും സകല ശുഭങ്ങളും ഉണ്ടാകട്ടെ!' എന്ന് അനുഗ്രഹിച്ചു. അവരുടെ ആ ആശംസകൾ അങ്ങനെതന്നെ ഭവിക്കട്ടെ എന്ന് ധ്യാനയോഗപരയായ സാവിത്രി മുനിമാർ പറഞ്ഞ വാക്കുകൾ മനസ്സാ സ്വീകരിച്ചു. ഈ സന്ദർഭത്തിലൊക്കെ നാരദവാക്യത്തെ സ്മരിച്ച് ഭർത്താവിന്റെ മരണകാലത്തെ-ആ ഘോരമായ മുഹൂർത്തത്തെ-കാത്തുകൊണ്ട് ആ പതിവ്രത ഏറ്റവും ദുഃഖിതയായി ഇരുന്നു. ശ്വശ്രുവും ശ്വശുരനും ആ രാജപുത്രിയോട് അവൾ ഒറ്റയ്ക്ക് ഒരു ദിക്കിൽ നില്ക്കുമ്പോൾ സമീപത്തുചെന്ന് പ്രീതിയോടെ പറഞ്ഞു.

ശ്വശുരൻ പറഞ്ഞു: "ഉപദേശിച്ച മാതിരി നീ വ്രതം വിധിപോലെ സമാപിപ്പിച്ചുവല്ലോ. ഇപ്പോൾ നിനക്ക് ആഹാരത്തിന്ന് സമയമായി. ഇനി നീ ആവക കാര്യങ്ങൾ ചെയ്യുക."

സാവിത്രി പറഞ്ഞു: "സൂര്യൻ അസ്തമിക്കട്ടെ. എന്നിട്ട് ഞാൻ കൃതാർത്ഥയായതിന്നുശേഷം ആഹാരം കഴിച്ചുകൊള്ളാം. എന്റെ സങ്കല്പം അങ്ങനെയാണ്. അങ്ങനെ ഞാൻ പ്രതിജ്ഞചെയ്തിട്ടുണ്ട്."

മർക്കണ്ഡേയൻ പറഞ്ഞു: "സാവിത്രി ആഹാരത്തെപ്പറ്റി ഇപ്രകാരം പറഞ്ഞുനിൽക്കുമ്പോൾ സത്യവാൻ പതിവുപോലെ ചുമലിൽ മഴുവേന്തി കാട്ടിലേക്കു പുറപ്പെട്ടു. അതുകണ്ട് സാവിത്രി ഭർത്താവിന്റെ മുമ്പിൽ ചെന്നു."

സാവിത്രി പറഞ്ഞു: "ഭവാൻ തനിച്ച് പോകരുത്. ഞാനും അങ്ങയോടുകൂടി വരാം. ഞാൻ ഭവാനെ വിട്ട് ഒഴിയുകയില്ല."

സത്യവാൻ പറഞ്ഞു: "എടോ, ഭാമിനി! നീ ഇതിന്നു മുമ്പ് കാട്ടിനുള്ളിൽ നടന്നിട്ടില്ല. വനത്തിലെ മാർഗ്ഗം മഹാദുർഘടമാണ്. ഭവതി ഉപവാസംമൂലം വളരെ ക്ഷീണിച്ചിരിക്കുകയാണല്ലോ. ഈ നിലയ്ക്ക് നീ എങ്ങനെയാണ് എന്നോടൊപ്പം വരുന്നത്."

സാവിത്രി പറഞ്ഞു: "ഉപവാസത്താൽ എനിക്കു ക്ഷീണമോ തളർച്ചയോ ഇല്ല. ഭവാനോടുകൂടി പോരുവാൻ ആഗ്രഹിക്കുന്ന എന്നെ ഭവാൻ തടയരുത്."

സത്യവാൻ പറഞ്ഞു: "പോരുവാൻ ഇഷ്ടമുണ്ടെങ്കിൽ ഞാൻ നിന്റെ ഇഷ്ടം അനുവദിക്കുന്നുണ്ട്. എന്നാൽ ഞാൻ തെറ്റുകാരനാകരുത്. അച്ഛനോടും, അമ്മയോടും അനുവാദം വാങ്ങിക്കൊള്ളുക."

മാർക്കണ്ഡേയൻ പറഞ്ഞു: ഉടനെ ആ മഹാവ്രത ചെന്ന് ശ്വശ്രുവിനേയും ശ്വശുരനേയും വന്ദിച്ച് അവരോട് പറഞ്ഞു. 'ഇതാ ഫലങ്ങൾ കൊണ്ടുവരുവാനായി എന്റെ ഭർത്താവ് കാട്ടിലേക്ക് പോകുന്നു. ആര്യരായ ഭവാന്മാരുടെ അനുവാദത്തോടുകൂടി, അദ്ദേഹത്തോടൊപ്പം പോകണമെന്ന് എനിക്ക് ഒരു ആഗ്രഹമുണ്ട്. അദ്ദേഹവുമായുള്ള വേർപാട് എനിക്ക് ഇപ്പോൾ വയ്യ. ഗുരുവിന്റെ അഗ്നിഹോത്രത്തിനുവേണ്ടിയുള്ള കാര്യത്തിനാണല്ലോ അദ്ദേഹം ഇപ്പോൾ കാട്ടിലേക്കു പോകുന്നത്. അതുകൊണ്ട് തടുത്തുകൂടാ. മറ്റു കാര്യത്തിനാണെങ്കിൽ ഈ വനയാത്രയെ തടുക്കാം. ഒരാണ്ടായിട്ട് ഞാൻ ആശ്രമത്തെ വിട്ടുപോയിട്ടുമില്ല. പൂത്തുനില്ക്കുന്ന കാട് കാണുവാൻ എനിക്കു കൗതുകം തോന്നുന്നുമുണ്ട്.' "

ദ്യുമത്സേനൻ പറഞ്ഞു: "സാവിത്രിയെ, അവളുടെ അച്ഛൻ എനിക്ക് സ്നുഷയായി തന്നതിന്നുശേഷം എന്നോട് യാതൊരു കാര്യവും അവൾ ആവശ്യപ്പെട്ടതായി എനിക്കോർമ്മയില്ല. ഇപ്പോൾ ആദ്യമായി ഒരു കാര്യം വധു ചോദിച്ചത് ഞാൻ തടയുന്നില്ല. അവൾ ആവശ്യപ്പെട്ടത് ഞാൻ അനുവദിക്കുന്നു. പുത്രീ, സാവിത്രീ! നീ പോകുന്നവഴിക്ക് സത്യവാനെ സൂക്ഷിക്കണേ!"

മാർക്കണ്ഡേയൻ പറഞ്ഞു: രണ്ടുപേരും സമ്മതിച്ചു. അവൾ പോയി. ഭർത്താവിനോടുകൂടി കളിച്ചു ചിരിച്ച് പോകുമ്പോഴും അവളുടെ ഉള്ള് നീറുന്നുണ്ടായിരുന്നു. മയിലുകളാൽ ശോഭിതമായി പലവിധത്തിലും വിചിത്രവും രമണീയവുമായ ആ വനപ്രദേശം ആ വിശാലാക്ഷി നോക്കിനോക്കി നടന്നു. പുണ്യമായ പുഴകളും, പൂത്തുനില്ക്കുന്ന മരങ്ങളും സത്യവാൻ അവൾക്ക് 'നോക്കൂ! നോക്കൂ!' എന്ന് കാണിച്ചുകൊടുത്തു. മധുരമായ സ്വരത്തിൽ പറയുന്ന വാക്കുകളും, മധുരമായ ഭാവത്തിൽ സത്യവാന്റെ ചേഷ്ടകളും അനിന്ദിതയായ സാവിത്രി ശ്രദ്ധിച്ച് ഉറ്റുനോക്കിക്കൊണ്ട് അനുഗമിച്ചു. മുനിവാക്യത്തെ സ്മരിച്ച് ഭർത്താവ് അന്ന് മരിക്കുമെന്നറിഞ്ഞ അവൾ മന്ദമായി, ഭർത്താവിനെ വിട്ടുപിരിയാതെ പിന്തുടർന്നു. ആ മരണകാലം ആസന്നമായെന്നോർത്ത് അവളുടെ ഹൃദയം രണ്ടായി പിളർന്നിരിക്കുകയാണ്."

297. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ഭാര്യയോടൊത്തു വീര്യവാനായ സത്യവാൻ കായ്കൾ പറിച്ച് പാത്രത്തിലാക്കിയതിന്നുശേഷം വിറകു വെട്ടുവാൻ തുടങ്ങി. മുട്ടിവെട്ടിക്കീറുന്ന സമയത്ത് അവൻ ഒന്ന് വിയർത്തു. ആ വ്യായാമംകൊണ്ട് അവന്ന് തലവേദനയുണ്ടായി, തളർന്നുഴന്ന അവൻ ഇഷ്ടപത്നിയോട് പറഞ്ഞു.

സത്യവാൻ പറഞ്ഞു: 'സാവിത്രീ, ഈ വ്യായാമംകൊണ്ട് എനിക്കു തലവേദന ഉണ്ടായിരിക്കുന്നു. അംഗങ്ങളൊക്കെ തളരുന്നു. കരൾ വല്ലാതെ പിടയുന്നു. ആത്മാവിന്ന് വല്ലാത്ത അസ്വാസ്ഥ്യം തോന്നുന്നു. ശൂലങ്ങൾ ശിരസ്സിൽ കുത്തിക്കോർത്തവിധം എനിക്ക് തോന്നുന്നു. ഹേ, കല്യാണീ! ഞാനൊന്ന് കിടക്കട്ടെ! എനിക്ക് നിൽക്കുവാൻ വയ്യ.' ഉടനെ സാവിത്രി അടുത്തചെന്ന് അവനെ താങ്ങി തല അവളുടെ മടിയിൽ വെപ്പിച്ച് ആ നിലയിൽ നിലത്ത് ഇരുന്നു. നാരദൻ പറഞ്ഞ വാക്ക് ആ തപസ്വിനി ഓർത്തു. ആ മുഹൂർത്തവും, ക്ഷണവും, നാളും, നേരവുമൊക്കെ ഒത്തിരിക്കുന്നു കൂട്ടിനോക്കിയപ്പോൾ!

ഉടനെ തുടുത്ത വസ്ത്രം ധരിച്ചവനും, തലമുടി കെട്ടിവെച്ചവനും, ആദിത്യതുല്യം ശോഭിക്കുന്നവനുമായ ഒരു പുരുഷനെ മുമ്പിൽക്കണ്ടു. കൈയിൽ ഒരു കയറുമുണ്ട്. ദേഹം കറുത്തിരുണ്ടിരിക്കുന്നു. കണ്ണ് രക്തനിറമാണ്. സത്യവാന്റെ അടുത്തുവന്ന് അവനെ നോക്കി നില്ക്കുന്നതായി അവൾ കണ്ടു. അവനെ കണ്ടപ്പോൾ അവൾ കാന്തന്റെ തല പതുക്കെ മടിയിൽനിന്ന് എടുത്ത് നിലത്തുവെച്ച് എഴുന്നേറ്റുനിന്ന് കൈകൾകൂപ്പി ആർത്തയായി നെഞ്ചു പിടച്ചുകൊണ്ടു പറഞ്ഞു."

സാവിത്രി പറഞ്ഞു: "അമാനുഷമായ ഈ ദേഹം കാണുമ്പോൾ ഭവാൻ ദേവനാണെന്ന് ഞാൻ വിചാരിക്കുന്നു. അല്ലയോ ദേവേശാ! ആരാണ് അങ്ങുന്ന്? എന്തു ചെയ്യുവാനാണ് ഭവാൻ ഒരുങ്ങുന്നത്?"

യമൻ പറഞ്ഞു: "സാവിത്രീ, നീ പതിവ്രതയാണ്. തപോവ്രതയുമാണ്. അതുകൊണ്ട് ഞാൻ നിന്നോടു സംസാരിക്കാം. ശുഭേ, ഞാൻ യമനാണ്. നിന്റെ ഭർത്താവായ ഈ രാജകുമാരൻ സത്യവാൻ ക്ഷീണായുസ്സായിരിക്കുന്നു. ഞാൻ അവനെ കെട്ടി

digitized by www.sreyas.in

കൊണ്ടുപോകാനാണ് വന്നിരിക്കുന്നത്. അതിന്നാണ് എന്റെ ഉദ്യമം.''

സാവിത്രി പറഞ്ഞു: ''ഭഗവാനേ, മർത്ത്യരെ കൊണ്ടുപോകുന്നതിന്ന് യമദൂതന്മാർ എത്തുമെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. എന്നാൽ ഇപ്പോൾ ഭവാൻതന്നെയാണല്ലൊ എത്തിയിട്ടുള്ളത്? അതിനു കാരണമെന്താണ്?''

മാർക്കണ്ഡേയൻ പറഞ്ഞു: ''സാവിത്രിയുടെ ഈ വാക്കു കേട്ടപ്പോൾ ഭഗവാനായ പിതൃപതി അവളുടെ പ്രിയത്തിനായി എല്ലാം പറയുവാൻ തുടങ്ങി.''

യമൻ പറഞ്ഞു: ''ഈ സത്യവാൻ ധാർമ്മികനും, ചാരുരൂപനും, സൽഗുണസാഗരനുമാണ്. അവനെ എന്റെ ദൂതന്മാരെ അയച്ച് കൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ തന്നെ എത്തിയതാണ്.'' സത്യവാന്റെ ശരീരത്തിൽനിന്നു കയറിട്ടുവരിഞ്ഞ് അംഗുഷ്ടമാത്രാംഗനായ പുരുഷനെ യമൻ ബലമായി ആകർഷിച്ചു. ഉടനെ ജീവൻ പോയി, ശ്വാസം നിന്നു. ശോഭ നശിച്ചു. ശരീരം നിശ്ചേഷ്ടമായി. അവന്റെ ശരീരം കാണുവാൻ സങ്കടമായി. യമൻ അവനെ കെട്ടിയെടുത്ത് തെക്കോട്ടു യാത്രയായി. സാവിത്രി ദുഃഖത്തോടെ അവനെ പിന്തുടർന്നു. നിയമവ്രതയും, മഹാഭാഗയും, പതിവ്രതയുമായ സാവിത്രി യമന്റെ പിന്നാലെ നടന്നു.

യമൻ പറഞ്ഞു: ''ഹേ സാവിത്രി, നീ തിരിച്ചുപോവുക. ഗൃഹത്തിൽച്ചെന്ന് അവന്നുവേണ്ട ശേഷക്രിയകൾ ചെയ്യുക. നീ ഭർത്താവിന്റെ കടംവീട്ടി. നിന്റെ കർത്തവ്യം നീ നിർവ്വഹിച്ചുകഴിഞ്ഞു. നിനക്ക് ചെല്ലാവുന്നിടത്തോളം നീ പിന്തുടരുകയും ചെയ്തു.''

സാവിത്രി പറഞ്ഞു: ''ഭവാൻ എന്റെ പതിയെ എങ്ങോട്ടുകൊണ്ടുപോകുന്നുവോ, ഭവാൻ എവിടേക്ക് പോകുന്നുവോ അവിടേക്ക് ഞാനും പോരും. ഇത് ശാശ്വതമായ ധർമ്മമാണ്. തപസ്സ്, ഗുരുഭക്തി, ഭർത്തൃസ്നേഹം, വ്രതങ്ങൾ ഇവകൊണ്ടും, ഭവാന്റെ പ്രസാദംകൊണ്ടും എന്റെ മാർഗ്ഗത്തിന് യാതൊരു തടസ്സവുമില്ല. തത്ത്വജ്ഞന്മാരായ ബുധന്മാർ പറയുന്നു സഖ്യം സാപ്തപദീനമാണെന്ന് (ഏഴ് പദങ്ങൾ പരസ്പരം സംസാരിച്ചാൽ സഖ്യമായി എന്ന് പൂർവ്വസമ്മതം). ആ സഖ്യത്തെ മുൻനിർത്തി ഞാൻ ഒന്നു പറയുന്നു, അത് ഭവാൻ കേട്ടാലും. ആത്മജ്ഞാനമില്ലാത്തവർ കാട്ടിൽ വന്ന് പാർത്താലും ഇന്ദ്രിയാധീനന്മാരായി ധർമ്മത്തിൽനിന്ന് തെറ്റിപ്പോകയേ ചെയ്യുന്നുള്ളൂ. ആത്മജ്ഞാനികൾ വനത്തിലായാലും ധർമ്മം ആചരിച്ചുകൊണ്ടിരിക്കും. ഇന്ദ്രിയാധീനന്മാർ ബ്രഹ്മത്തിന്നോ സന്യാസത്തിന്നോ അർഹരല്ല. ആത്മജ്ഞാനം സംഭവിക്കുന്നത് ധർമ്മത്തിൽനിന്നാണ്. അതുകൊണ്ട് എല്ലാറ്റിലും ഉപരിയായി നില്ക്കുന്നത് ധർമ്മമാണെന്ന് സജ്ജനങ്ങൾ പറയുന്നു. സജ്ജനസമ്മതം പോലെ ഗൃഹസ്ഥധർമ്മം ആചരിച്ചാൽ നമുക്കെല്ലാം ജ്ഞാനമാർഗ്ഗത്തെ പ്രാപിക്കാം. ബ്രഹ്മചര്യമോ സംന്യാസമോ സ്വീകരിച്ചാൽ മാത്രമേ ജ്ഞാനം പ്രകാശിക്കയുള്ളൂ എന്നില്ല. ധർമ്മം, ബ്രഹ്മചര്യം, സംന്യാസം എന്നീ മൂന്നിൽ ഞാൻ രണ്ടാമത്തേതിനേയോ, മൂന്നാമത്തേതിനേയോ ഇച്ഛിക്കുന്നില്ല. ഒന്നാമത്തേതും സർവ്വപ്രധാനവുമായ ധർമ്മത്തിലാണ് ഞാൻ ഉറച്ചുനില്ക്കുന്നത്. ധർമ്മത്തിന്നായി എന്റെ ഭർത്താവിനെ ഏത് അവസ്ഥയിലും ഏതിടത്തിലും എനിക്കു പിന്തുടരുകതന്നെ ചെയ്യേണ്ടിയിരിക്കുന്നു.''

യമൻ പറഞ്ഞു: ''എടോ അനിന്ദിതേ, സ്വരങ്ങളും, അക്ഷരങ്ങളും വ്യഞ്ജനങ്ങളും വേണ്ടപോലെ ചേർത്ത് യുക്തിയുക്തമായി നീ ചെയ്ത സംഭാഷണം കേട്ട് ഞാൻ ഏറ്റവും സന്തുഷ്ടനായി. ഇനി നീ തിരികെ പോകണം. നീ വരം വാങ്ങിച്ചുകൊള്ളുക; ഞാൻ തരാം. വരന്റെ ജീവൻ ഒഴികെ എന്ത് ചോദിച്ചാലും തരുവാൻ ഞാൻ ഒരുക്കമാണ്.''

സാവിത്രി പറഞ്ഞു: ''എന്റെ ശ്വശുരൻ അന്ധനായി തന്റെ രാജ്യത്തിൽനിന്ന് ഭ്രഷ്ടനായി വനവാസം സ്വീകരിച്ച് ആശ്രമത്തിൽ പാർത്ത് കാലം കഴിക്കുന്നു. ആ രാജാവിന്ന് വീണ്ടും കാഴ്ചലഭിക്കുകയും, ബലം വളർന്ന് ഉജ്ജ്വലസൂര്യനെപ്പോലെ ശോഭ വളരുവാനുമായി ഭവാൻ പ്രസാദിക്കണം.''

യമൻ പറഞ്ഞു: ''നീ ഇപ്പോൾ പ്രാർത്ഥിച്ചത് എങ്ങനെയോ അപ്രകാരം ഭവിക്കുന്നതിന്ന് ഞാൻ വരം നല്കുന്നു. നീ നടന്നു നടന്ന് തളർന്നിരിക്കുന്നതായി എനിക്ക് തോന്നുന്നു. നീ മടങ്ങിപ്പൊയ്ക്കൊള്ളുക. ഇനിയും നടന്നാൽ നീ വല്ലാതെ തളർന്നുപോകും!''

സാവിത്രി പറഞ്ഞു: ''എന്റെ ദയിതന്റെ സമീപത്തിൽ നില്ക്കുമ്പോൾ എനിക്ക് തളർച്ചയെന്ന ഒന്നില്ല. ഭർത്താവിന്റെ ഗതിയേതോ അതുതന്നെയാണ് എന്റേയും ഗതി. ഹേ സുരാധീശ്വരാ! ഭവാൻ എന്റെ ഭർത്താവിനെ എങ്ങോട്ടു കൊണ്ടുപോകുന്നുവോ അവിടേക്ക് ഞാനും പോരും. ഞാൻ പറയുന്നത് ഭവാൻ വീണ്ടും കേൾക്കുക. സത്തുക്കളുമായുള്ള സംഗമം ആർക്കും പ്രിയംകരമാണ്. സജ്ജനങ്ങളുമായുണ്ടാകുന്ന ആദ്യസംഗമത്തിൽനിന്നുതന്നെ ശ്രേഷ്ഠമായ മിത്രത്വം ഉണ്ടാകും. സൽപുരുഷന്മാരുമായുള്ള സംസർഗ്ഗം ഒരിക്കലും നിഷ്ഫലമാവുകയില്ല. സജ്ജനങ്ങളോടുചേർന്നുവേണം ഏതൊരുത്തനും എപ്പോഴും വാഴുവാൻ. അതാണ് ഞാൻ ഇവിടെ ചെയ്യുന്നത്.''

യമൻ പറഞ്ഞു: ''എടോ ഭാമിനീ, യുക്തിയുക്തമായും, മനസ്സിന്ന് അനുകൂലമായും, ബുധന്മാർക്കുപോലും ബുദ്ധിയെ വർദ്ധിപ്പിക്കുന്നതായുമുള്ള വാക്കുകൾ നീ പറയുന്നതുകേട്ട് എനിക്ക് സന്തോഷമുണ്ടാകുന്നു. സത്യവാന്റെ ജീവിതത്തെ ഒഴിച്ച് രണ്ടാമത് ഒരു വരം നീ വരിച്ചുകൊള്ളുക.''

സാവിത്രി പറഞ്ഞു: ''എന്റെ ശ്വശുരന്റെ രാജ്യം ശത്രുക്കൾ അപഹരിച്ചിരിക്കുകയാണ്. ആ രാജാവിന്ന് സ്വന്തം രാജ്യം വീണ്ടു കിട്ടുമാറാകണം. എന്റെ ഗുരുവായ ആ ധീമാൻ സ്വധർമ്മത്തിൽ നിന്ന് ഒരിക്കലും തെറ്റിപ്പോകരുത്. അതാണ് എനിക്ക് വേണ്ടുന്ന രണ്ടാമത്തെ വരം.''

യമൻ പറഞ്ഞു: ''നിന്റെ ശ്വശുരൻ സ്വന്തം രാജ്യം നേടും. രാജാവ് സ്വധർമ്മം കൈവിടുകയില്ല. ഞാൻ തന്ന വരത്തെ നീ സ്വീകരിച്ച് ഹേ, രാജപുത്രീ, നീ തിരികെ പോയാലും. ഇനിയും നടന്ന് തളർന്നുപോകരുത്!''

സാവിത്രി പറഞ്ഞു: ''പ്രജകളെ നിയമാനുസരണം നിഗ്രഹിച്ച് യഥാക്രമം നിയന്ത്രിച്ച്, കാമിതാർത്ഥങ്ങളോട് സംയോജിപ്പിക്കുന്നതുകൊണ്ട് ഭവാൻ യമനെന്ന പേരിൽ ദേവവിശ്രുതനായിത്തീർന്നു. നിയമത്തിൽ ദൃഢമായ നിഷ്ഠയോടുകൂടിയ ഭവാൻ ഇനിയും ഞാൻ പറയുന്നത് കേൾക്കുക. മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, കർമ്മംകൊണ്ടോ ഏതൊരു ജീവിയേയും ഉപദ്രവിക്കാതിരിക്കുകയും ദാനത്താലും, അനുഗ്രഹത്താലും ജീവികളെ ഉദ്ധരിക്കുകയുമാണ് സനാതനമായ സജ്ജനധർമ്മം. ശരണം പ്രാപിക്കുന്ന ശത്രുക്കളെക്കൂടിയും കനിഞ്ഞ് കൈക്കൊള്ളുന്നവരാണ് സത്തുക്കൾ. ഈ മനുഷ്യരാകട്ടെ ശക്തിയോ കുശലതയോ ലേശമില്ലാത്തവരാണ്. ഇതാണ് ലോകത്തിന്റെ ഗതി.''

യമൻ പറഞ്ഞു: ''ഹേ, ശുഭേ, ദാഹിച്ചുവലഞ്ഞവന് വെള്ളം കിട്ടുന്നതുപോലെ അത്രയും സുഖം നിന്റെ ചാരുഭാഷണം കേൾക്കുമ്പോൾ എനിക്ക് തോന്നുന്നു. സത്യവാന്റെ ജീവനൊഴികെ നീ എന്തു വരം ഇഷ്ടപ്പെടുന്നുവോ, അത് ഞാൻ തന്നുകൊള്ളാം.''

സാവിത്രി പറഞ്ഞു: ''എന്റെ പിതാവ് പുത്രഹീനനാണ്. ആ രാജാവിന്ന് ഔരസപുത്രന്മാരായി നൂറുപേർ ജനിക്കണം. അവരെല്ലാവരും കുലവർദ്ധനന്മാരായി ഭവിക്കുകയും വേണം. ഇതാണ് എനിക്കു വേണ്ടുന്ന മൂന്നാമത്തെ വരം.''

യമൻ പറഞ്ഞു: ''നീ ആവശ്യപ്പെട്ട വരം ഞാൻ തരുന്നു. തേജസ്വികളും കുലവർദ്ധനന്മാരുമായ നൂറ് പുത്രന്മാർ നിന്റെ അച്ഛന്നുണ്ടാകട്ടെ. ഈ വരസിദ്ധിയോടെ നീ ഇനി തിരിച്ചുപോവുക. രാജപുത്രിയായ നീ ഇപ്പോൾത്തന്നെ ബഹുദൂരം പോന്നു കഴിഞ്ഞു.''

digitized by www.sreyas.in

സാവിത്രി പറഞ്ഞു: ''ഭർത്താവിന്റെ സന്നിധിയിൽ എനിക്കു ദൂരം ഒരു പ്രശ്നമല്ല. എന്റെ മനസ്സ് വളരെ ദൂരെ ഓടിക്കൊണ്ടിരിക്കയാണ്. നടന്നുകൊണ്ടുതന്നെ ഞാൻ എന്റെ സംഭാഷണം തുടരട്ടെ! പ്രതാപവാനായ ഭവാൻ വിവസ്വാ (ആവരണഹീന)നായ സൂര്യന്റെ പുത്രനാവുകയാലാണല്ലോ വൈവസ്വതൻ എന്ന് പ്രസിദ്ധനായത്. ഭവാന്റെ ആജ്ഞയാൽ ഇഷ്ടമെന്നോ അനിഷ്ടമെന്നോ താരതമ്യവിചാരം കൂടാതെ ജനങ്ങൾ സമഭാവനയിൽ ധർമ്മത്തെ ആചരിക്കുന്നവരായിത്തീരുകയാൽ ഭവാൻ ധർമ്മരാജാവായും പ്രശോഭിക്കുന്നു. ഇപ്രകാരം ഭവാൻ ഏതുനിലയിലും സജ്ജനശ്രേഷ്ഠനാണ്. സൽപുരുഷനിലെന്നപോലെ അത്രയും സ്നേഹം സ്വന്തം ആത്മാവിൽപ്പോലും ആർക്കും ഉണ്ടാകാറില്ല. അതുകൊണ്ട് സജ്ജനങ്ങളെ സവിശേഷം സ്നേഹിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. സൗഹൃദംകൊണ്ടാണ് എല്ലാ ജീവികൾക്കും വിശ്വാസമുണ്ടാകുന്നത്. അതിനാൽ സൗഹൃദം തികഞ്ഞ സജ്ജനത്തെ എല്ലാ ജനങ്ങളും സവിശേഷം വിശ്വസിക്കും. എങ്ങും മറവില്ലാത്ത സൂര്യദേവന്റെ പ്രിയപുത്രനായി, സർവ്വഭൂതങ്ങളേയും ധർമ്മത്തിൽ നിലനിർത്തുന്ന ധർമ്മരാജാവായി, വിഖ്യാതനായ ഭവാനെ ഞാൻ സ്നേഹത്തോടും, വിശ്വാസത്തോടും പിന്തുടരുമ്പോൾ എനിക്ക് ക്ഷീണം എങ്ങനെയുണ്ടാകും?''

യമൻ പറഞ്ഞു: ''എടോ ശുഭാംഗനേ, ഇത്രയും ഹൃദയം കവരുന്ന സംഭാഷണം ഞാൻ നിന്നിൽനിന്നല്ലാതെ അതുപോലെ മറ്റൊരാളിൽ നിന്നും കേട്ടിട്ടില്ല. എനിക്ക് നിന്നിൽ സന്തോഷം വർദ്ധിച്ചുവരുന്നു. സത്യവാന്റെ ജീവനെയൊഴിച്ച് നാലാമത് ഒരു വരം കൂടി വരിച്ച് നീ പോയാലും.''

സാവിത്രി പറഞ്ഞു: കുലവർദ്ധനന്മാരും, ബലവീര്യശാലികളും സത്യവാന്റെ ഔരസന്മാരുമായി എനിക്ക് ഒരുനൂറ് പുത്രന്മാർ ഉണ്ടാവണം. അതാണ് ഞാൻ പ്രാർത്ഥിക്കുന്ന നാലാമത്തെ വരം.''

യമൻ പറഞ്ഞു: ''ഹേ! അബലേ, പ്രീതികരന്മാരും, ബലശാലികളുമായി ഒരുനൂറ് പുത്രന്മാർ നിനക്ക് ഉണ്ടാകും! വളരെ ദൂരം നടന്നു വന്നിരിക്കുന്ന രാജപുത്രീ, നീ ഇനിയും നടന്ന് തളരാതെ പിന്തിരിയുക. ഇപ്പോൾത്തന്നെ ബഹുദൂരം നീ സഞ്ചരിച്ചിരിക്കുന്നു.''

സാവിത്രി പറഞ്ഞു: ''നിത്യമായ ധർമ്മനിഷ്ഠയിൽ എന്നും ഉറച്ചുനില്ക്കുന്നവരാണ് സത്തുക്കൾ. അവർക്ക് അതിൽ ദുഃഖമോ ക്ഷീണമോ ഉണ്ടാവാറില്ല. സത്തുക്കളുമായുള്ള സംഗമം പാഴിലാവുകയില്ല. സൽപുരുഷന്മാരെ സജ്ജനങ്ങൾക്ക് ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല. പരന്മാർക്കുവേണ്ടി നന്മചെയ്തുകൊണ്ടിരിക്കുകയെന്നത് ആര്യന്മാർക്കു ചേർന്നതും ശാശ്വതവുമായ നടപ്പാകയാൽ അത് അറിഞ്ഞിട്ടുള്ള സത്തുക്കൾ പരോപകാരംചെയ്യുമ്പോൾ അത് അന്യനിൽ എങ്ങനെ ഏല്ക്കുന്നുവെന്നോ, അതിൽനിന്ന് എന്തു പ്രതിഫലം സിദ്ധിക്കുമെന്നോ ചിന്തിക്കാറില്ല. സൽപുരുഷന്മാരിൽ പ്രസാദം പാഴിലാവുകയോ, അർത്ഥം നശിക്കുകയോ, മാനംപോവുകയോ ഇല്ല, അവർ അന്യരിൽ പ്രസാദിക്കും. പ്രസാദത്താൽ മറ്റുള്ളവർ കൃതാർത്ഥരാകും; മാനികളുമാകും. പ്രസാദം, മാനം, അർത്ഥം എന്നീ മൂന്നും സജ്ജനങ്ങളിൽ എന്നും തികഞ്ഞുനില്ക്കുന്നതുകൊണ്ട് അവർ തന്നെയാണ് രക്ഷിതാക്കൾ.''

യമൻ പറഞ്ഞു: ''എടോ, പതിവ്രതേ, പദഭംഗിയോടെ അർത്ഥഗാംഭീര്യം തികഞ്ഞ് അനുകൂലമായി ധർമ്മത്തെക്കുറിച്ച് നീ പറയുംതോറും നിന്നിൽ വലുതായ ഇഷ്ടം എന്റെ മനസ്സിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ വരം നീ എന്നിൽനിന്ന് ഇനിയും വാങ്ങിക്കൊള്ളുക.''

സാവിത്രി പറഞ്ഞു: ''ഭവാൻ തന്ന വരം അനുസരിച്ച് ഞാൻ പുത്രഫലത്തെ പ്രാപിക്കണമെങ്കിൽ അടുത്തുതന്നെ എനിക്ക് ദാമ്പത്യയോഗമുണ്ടാകണം. അന്യഭർത്താവിനെ വരിക്കുകയെന്നത് എന്റെ ജീവിതത്തിൽ ഉണ്ടാവുകയില്ല. സത്യവാന്റെ ഔരസന്മാരായി എനിക്ക് നൂറ് പുത്രന്മാരുണ്ടാകുമെന്നാണല്ലോ ഭവാൻ വരം നല്കിയിട്ടുള്ളത്. ഈ സത്യവാൻ ജീവിക്കണമെന്നാണ് ഞാൻ വരിക്കുന്ന നാലാമത്തെ വരം. മാനപ്രദനായ ഭവാൻ മാനത്തിനും സദാചാരത്തിനും വിരുദ്ധമായി പ്രവർത്തിക്കുവാൻ എന്നെ നിശ്ചയമായും നിയോഗിക്കുകയില്ല. പതിവ്രതയായ എനിക്ക് പുത്രന്മാരുണ്ടാകണമെങ്കിൽ അത് സത്യവാനുമായുള്ള ദാമ്പത്യയോഗത്തിൽ നിന്നുതന്നെ വേണം. അതിന് സത്യവാൻ ജീവിക്കേണ്ടതല്ലേ? ഭർത്താവ് വിട്ടുപോയാൽ ഞാൻ വെറും നിർജ്ജീവയാകും. ഭർത്താവിനെക്കൂടാതെ എനിക്ക് യാതൊരു സുഖവും ആവശ്യമില്ല! ഭർത്താവില്ലെങ്കിൽ സ്വർഗ്ഗംകൊണ്ടും എനിക്ക് കാര്യമില്ല. ഭർത്താവ് വിട്ടുപോയാൽ എനിക്ക് എന്തിനാണ് ശ്രീ! ഭർത്തൃഹീനയായാൽ ജീവിക്കുവാൻതന്നെ എനിക്ക് വയ്യ! എനിക്ക് നൂറു പുത്രന്മാരുണ്ടാകുമെന്ന് വരം തന്നിട്ട് ഭവാൻ എന്റെ ഭർത്താവിനെ ഹരിച്ചുകൊണ്ടുപോകുന്നത് എന്താണ്? സത്യവാൻ ജീവിക്കുന്നതിന്ന് ഭവാൻ എനിക്ക് വരം തന്നാലും. ഭവാന്റെ വാക്ക് സത്യമായിവരട്ടെ!''

മാർക്കണ്ഡേയൻ പറഞ്ഞു: ''അങ്ങനെയാകട്ടെ എന്നു പറഞ്ഞ് ധർമ്മരാജാവും വൈവസ്വതനുമായ യമൻ സാവിത്രിയിൽ പ്രസാദിച്ച് കയർ അഴിച്ച് സത്യാവന്റെ ജീവനെ വിട്ട്, ഇപ്രകാരം സാവിത്രിയോടു പറഞ്ഞു.

''ഭദ്രേ, നിന്റെ ഭർത്താവിനെ ഞാൻ ഇതാ കാലപാശത്തിൽ നിന്നു മോചിപ്പിച്ചിരിക്കുന്നു. ഹേ കുലനന്ദിനീ, അരോഗനായിത്തീർന്ന ഇവനെ നീ കൂട്ടിക്കൊണ്ടുപോവുക, ഇവൻ സർവ്വാർത്ഥസിദ്ധികരനായി ഭവിക്കും. നാനൂറുവർഷം നിന്നോടുകൂടി ആയുഷ്മാനായി വസിക്കും. യജ്ഞങ്ങൾ ചെയ്ത് യഥാധർമ്മം ഇവൻ വിശ്വവിഖ്യാതനാകും. നിന്നിൽ ഇവൻ നൂറ് പുത്രന്മാരെ ജനിപ്പിക്കും. അവരൊക്കെ പുത്രപൗത്രന്മാരോടുകൂടി ക്ഷത്രിയവൃത്തി തെറ്റാതെ നിന്റെ പേരിൽ ഭൂമിയിൽ പ്രസിദ്ധന്മാരായി ഭവിക്കും. നിന്റെ പിതാവിന്നും നൂറ് പുത്രന്മാർ നിന്റെ അമ്മയായ മാളവിയിൽ, മാളവന്മാർ എന്ന പേരിൽ ഉണ്ടാകും. നിന്റെ ഭ്രാതാക്കന്മാരായ ആ ക്ഷത്രിയന്മാർ ദേവതുല്യന്മാരായി പുത്രപൗത്രന്മാരോടുകൂടി എന്നെന്നും വിഖ്യാതരാകും.''

ഇപ്രകാരം പ്രതാപവാനായ ധർമ്മരാജാവ് അവൾക്കു വരം നല്കി, സാവിത്രിയെ മടക്കി അയച്ച്, തന്റെ ഗേഹത്തിൽ എത്തിച്ചേർന്നു. സാവിത്രി യമൻ പോയതിന്നുശേഷം പതിയെ തേടി, ഭർത്താവിന്റെ ശവം വീണുകിടക്കുന്നദിക്കിലേക്കെത്തി. അവൾ ഭൂമിയിൽ കിടക്കുന്ന തന്റെ ഭർത്താവിനെക്കണ്ട് മടിയിൽ തല താങ്ങി മണ്ണിൽ ഇരുന്നു. അവന്ന് ഉടനെ ബോധം ഉണ്ടായി. സാവിത്രിയെ, അവൻ ദീർഘയാത്രകഴിഞ്ഞ് എത്തുമ്പോഴുണ്ടാകുന്ന ഇഷ്ടത്തോടെ നോക്കി, പറഞ്ഞു.

''ഏറെനേരം ഞാൻ ഉറങ്ങിപ്പോയി. എന്തേ നീ ഉണർത്താഞ്ഞത്? എന്നെയിട്ട് വലിച്ചിഴച്ച ആ കരിംപുരുഷൻ എവിടെപ്പോയി?''

സാവിത്രി പറഞ്ഞു: ''അങ്ങുന്ന് എന്റെ മടിയിൽക്കിടന്ന് സുഖമായി ഒരു ദീർഘനിദ്ര ചെയ്തു. അങ്ങ് കണ്ട പ്രജാസംയമനായ ദേവൻ, ഭഗവാൻ യമൻ, അല്പംമുമ്പ് ഇവിടെനിന്നു പോയി. മഹാഭാഗാ, വിശ്രാന്തനായ ഭവാൻ ഇപ്പോൾ നിദ്രവിട്ട് ഉണർന്നുവല്ലോ. രാത്രിയായി ഇരുട്ട് വ്യാപിച്ചു. ഭവാന് എഴുന്നേല്ക്കുവാൻ ശക്തിയുണ്ടെങ്കിൽ എഴുന്നേല്ക്കുക.''

മാർക്കണ്ഡേയൻ പറഞ്ഞു: ''സുഖമായി ഉറങ്ങിയുണർന്നവനെപ്പോലെ ബോധവാനായ സത്യാവൻ നാലുപാടുമുള്ള വനപ്രദേശങ്ങളിലേക്ക് നോക്കിയതിന്നുശേഷം ഇപ്രകാരം പറഞ്ഞു.''

സത്യവാൻ പറഞ്ഞു: ''എടോ, സുമദ്ധ്യമേ! ഫലങ്ങൾ പറിക്കുവാനായി ഭവതിയോടുകൂടി ഇവിടെ വന്ന ഞാൻ വിറകുവെട്ടിക്കൊണ്ടിരിക്കെ, എനിക്ക് തലവേദനയുണ്ടായതും എനിക്ക് നില്ക്കുവാൻപോലും വയ്യാതായതും ഉടനെ നിന്റെ മടിയിൽ തല വെച്ചു കിടന്നതും, ഉടനെ ഉറങ്ങിപ്പോയതും, എല്ലാം ഞാൻ

digitized by www.sreyas.in

ഓർക്കുന്നു. ഭവതിയുടെ ആശ്ലേഷമേറ്റ് കിടക്കുമ്പോൾ എന്റെ മനസ്സ് പെട്ടെന്ന് നിദ്രയിൽപ്പെട്ടു. അതിഘോരമായ അന്ധകാരത്തിൽ ഞാൻ മുങ്ങി. അപ്പോൾ മഹാതേജസ്വിയായ ഒരു പുരുഷൻ എന്റെ മുമ്പിൽ വന്നതായി ഞാൻ കണ്ടു. ആ പുരുഷൻ ആരായിരുന്നു? ഭവതിക്കറിയാമെങ്കിൽ പറയുക. ഞാൻ കണ്ടത് സ്വപ്നമോ സത്യമോ എന്ന് എനിക്കറിയണം.''

സാവിത്രി പറഞ്ഞു: ''ഇരുട്ട് വല്ലാതെ പരക്കുന്നു. ഇവിടെ നടന്ന കാര്യങ്ങളെല്ലാം നാളെ ഞാൻ ഭവാനോടു പറയാം. ഭവാന് ശുഭം ഭവിക്കട്ടെ! സുവ്രതനായ ഭവാൻ മാതാപിതാക്കളെക്കാണുവാൻ വേഗത്തിൽ പോവുക. സൂര്യൻ അസ്തമിച്ച് ഇരുട്ട് നല്ലപോലെ വർദ്ധിച്ചു പരന്നു. ക്രൂരവാക്കുകൾ മുഴക്കി സന്തോഷിച്ചാർത്ത് ഈ രാത്രിഞ്ചരന്മാർ സഞ്ചരിച്ചുതുടങ്ങി. മാനുകൾ ഓടുന്ന വിധം ശബ്ദം കാട്ടിൽനിന്ന് കേൾക്കുന്നു. ഘോരമൃഗങ്ങൾ പുറത്തിറങ്ങിത്തുടങ്ങിയെന്ന് ഊഹിക്കാം. തെക്കുപടിഞ്ഞാറുദിക്കിൽനിന്ന് ക്രൂരന്മാരായ കുറുനരികൾ ഉഗ്രമായി ഓരിയിടുന്നു. ഇതൊക്കെ കേൾക്കുമ്പോൾ എന്റെ മനസ്സിൽ ഭയം തോന്നുന്നു.''

സത്യവാൻ പറഞ്ഞു: ''കനത്ത കൂരിരുട്ടുകാരണം കാട് ഭീഷണമായിരിക്കുന്നു. വഴി നീ അറിയുകയില്ല. അതുകൊണ്ട് നീ ഈ കാട്ടിൽ ഈ കൂരിരുട്ടത്ത് എങ്ങനെയാണ് നടക്കുക?''

സാവിത്രി പറഞ്ഞു: ''ഈ കാട് കത്തിത്തീർന്നിട്ടും മരങ്ങൾ ജ്വലിക്കുന്നുണ്ട്. കാറ്റുതട്ടിത്തെളിഞ്ഞ് തീയും ഇടയ്ക്കിടെ ജ്വലിക്കുന്നുണ്ട്. ഞാൻ അവിടെപ്പോയി തീ കൊണ്ടുവന്ന് ഇവിടെയിട്ട് തീ ജ്വലിപ്പിക്കാം. ഇവിടെ ഈ വിറകുമുണ്ടല്ലോ. അതുകൊണ്ട് വിഷമിക്കേണ്ടതില്ല. നടക്കുവാൻ വയ്യെന്നുണ്ടോ? ഭവാന് ക്ഷീണമുണ്ടെന്ന് തോന്നുന്നുവല്ലോ. ഇരുട്ടടച്ച വഴി അറിയുവാൻ വിഷമമാണെങ്കിൽ ഭവാന്റെ അഭിപ്രായംപോലെ നാളെ പുലർച്ചയ്ക്കു പോകാം. ഭവാന് ഇഷ്ടമാണെങ്കിൽ ഒരു രാവ് ഇവിടെ കഴിച്ചുകൂട്ടാം.''

സത്യവാൻ പറഞ്ഞു: ''എന്റെ തലവേദനയൊക്കെ മാറി. ദേഹത്തിന്റെ അസ്വാസ്ഥ്യവും നീങ്ങി. നിന്റെ പ്രസാദംകൊണ്ട് അച്ഛന്റെ അടുത്തുചെല്ലുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ ആശ്രമത്തിൽ ഒറ്റദിവസവും വൈകി ചെന്നിട്ടില്ല. സന്ധ്യയാകും മുമ്പെ എത്തിയില്ലെങ്കിൽ അമ്മ സമ്മതിക്കയില്ല. പകൽ ഞാൻ വിട്ടുപോയാൽപ്പോലും എന്റെ അച്ഛനമ്മമാർക്ക് സങ്കടമാണ്. ഞാൻ ചെല്ലുവാൻ വൈകിയാൽ ആശ്രമത്തിലുള്ളവരുമായി അച്ഛൻ തെരഞ്ഞുപുറപ്പെടും. മനസ്സുവിഷമിച്ച് പിന്നെ എന്റെ അച്ഛനും അമ്മയും വരുവാൻ വൈകിയാൽ മുള്ളുവാക്കു പറയാറുണ്ട്. ഇപ്പോൾ ഞാൻ അവരുടെ അവസ്ഥയെപ്പറ്റി ഓർത്തു ദുഃഖിക്കുന്നു. എന്നെക്കാണാഞ്ഞാൽ അവർക്കുള്ള സങ്കടം ചെറുതല്ല. മുമ്പേ എന്നോടു കണ്ണുനീർ വാർത്തുകൊണ്ട് വൃദ്ധരായ മാതാപിതാക്കൾ പ്രീതിമൂലം പലപ്പോഴും പറഞ്ഞിട്ടുണ്ട്: "നീ പിരിഞ്ഞാൽ ഉണ്ണീ, ഞങ്ങൾ ക്ഷണനേരമെങ്കിലും ജീവിച്ചിരിക്കയില്ല. മകനേ നീയുള്ള കാലത്തോളം ഞങ്ങളുടെ ജീവിതം സുരക്ഷിതംതന്നെ. വൃദ്ധരും അന്ധരുമായ ഞങ്ങൾക്ക് ഊന്നുവടിയായിട്ടുള്ളതും നീയാണ്. ഞങ്ങളുടെ വംശവും നിന്നിലാണ് നില്ക്കുന്നത്. ഞങ്ങളുടെ പിണ്ഡം, കീർത്തി, സന്താനപരമ്പര ഇവയൊക്കെ നിന്നിലാണു സ്ഥിതിചെയ്യുന്നത്.'' അമ്മയാണെങ്കിൽ വൃദ്ധയാണ്. അച്ഛൻ വൃദ്ധനും അന്ധനുമാണ്. അവർക്ക് കണ്ണു ഞാനാണ്. അവർ എന്നെക്കണ്ടില്ലെങ്കിൽ ഏതുമട്ടിലായിരിക്കും രാത്രിയിൽ അവരുടെ സ്ഥിതി! എനിക്ക് വന്നുകൂടിയ നിദ്രയെപ്പറ്റി ഞാൻ വ്യസനിക്കുന്നു! ഞാനും സംശയത്തിൽപ്പെട്ടിരിക്കുന്നു; ഭയങ്കരമായ ആപത്തിലാണല്ലോ നാം ഇപ്പോൾ പെട്ടിരിക്കുന്നത്? എന്റെ അച്ഛനേയുംവിട്ട് ജീവിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ബുദ്ധി കണ്ണായിട്ടുള്ള എന്റെ അച്ഛൻ തീർച്ചയായും ബുദ്ധിയുഴന്ന് ആശ്രമസ്ഥന്മാരായ ഓരോരുത്തരോടും ഇപ്പോൾ ചോദിക്കുന്നുണ്ടാകും. ഞാൻ എന്നെ ഓർത്തല്ല ദുഃഖിക്കുന്നത്. ശുഭേ, എന്റെ അച്ഛനേയും ബലംപോയ നാഥനോടു ചേർന്ന അമ്മയേയും ഓർത്താണ് ഞാൻ ദുഃഖിക്കുന്നത്. ഞാൻ ചെയ്ത തെറ്റാൽ അവർ ഇപ്പോൾ വല്ലാത്ത വിഷമത്തിലായിരിക്കും. അവരെ ചിന്തിച്ച് ഞാൻ ജീവിക്കുന്നു. ഞാൻ അവരെ നോക്കേണ്ടവനാണ്. അവർക്ക് ഞാൻ ഇഷ്ടംചെയ്യണം. ഇതു മാത്രമേ എനിക്ക് അറിയാവൂ.''

മാർക്കണ്ഡേയൻ പറഞ്ഞു: ''എന്നുപറഞ്ഞ് ധർമ്മിഷ്ഠനും, ഗുരുപ്രിയനും, ഗുരുഭക്തനുമായ അവൻ കൈകൾ പൊക്കി ദുഃഖാർത്തനായി ഉറക്കെ നിലവിളിച്ചു. തന്റെ ഭർത്താവ് ഇപ്രകാരം ദുഃഖാർത്തനായി വിലപിക്കുന്നതു കണ്ട് സാവിത്രി, ധർമ്മചാരിണിയായ സാവിത്രി, ഭർത്താവിന്റെ കണ്ണുനീർ തുടച്ചുകൊണ്ട് സാന്ത്വനംചെയ്തു.

സാവിത്രി പറഞ്ഞു: ''ഞാൻ ദാനം, ഹോമം, തപസ്സ് എന്നിവ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ എന്റെ ശ്വശ്രുവിന്നും ശ്വശുരന്നും ഭർത്താവിന്നും ഈ രാവ് മംഗളമായി കലാശിക്കട്ടെ. ഞാൻ നേരമ്പോക്കായിട്ടുപോലും ഇതുവരെ ഒരിക്കലും അസത്യം പറഞ്ഞിട്ടില്ല. ആ സത്യത്താൽ എന്റെ ശ്വശ്രുശ്വശുരന്മാർ നിർബ്ബാധം ജീവിക്കട്ടെ!''

സത്യവാൻ പറഞ്ഞു: ''എടോ, സാവിത്രി, വൈകിക്കൂടാ. എനിക്ക് എന്റെ അച്ഛനേയും അമ്മയേയും ഉടനെ കാണണം. അച്ഛനോ അമ്മയ്ക്കോ വല്ല അനിഷ്ടവും വന്നുകണ്ടാൽ എന്റെ ആത്മാവാണ് സത്യം പിന്നെ ഞാൻ ജീവിച്ചിരിക്കയില്ല. സാവിത്രി! നിന്റെ ബുദ്ധി ധർമ്മത്തിലാണെങ്കിൽ, എന്റെ ജീവനിൽ നിനക്ക് ആശയുണ്ടെങ്കിൽ, എന്റെ ഇഷ്ടം കാര്യമായി നിനക്ക് തോന്നുന്നുണ്ടെങ്കിൽ, നാം ആശ്രമത്തിലേക്കു പോവുക!''

മാർക്കണ്ഡേയൻ പറഞ്ഞു: അപ്പോൾ സാവിത്രി എഴുന്നേറ്റ് തലമുടി കെട്ടിവച്ച് ഇരുകൈകൊണ്ടും താങ്ങിപ്പിടിച്ച് തന്റെ ഭർത്താവിനെ എഴുന്നേല്പിച്ചു. അങ്ങനെ എഴുന്നേറ്റ് സത്യവാൻ തന്റെ കൈകൾകൊണ്ട് ദേഹത്തിൽ പറ്റിയ പൊടിയെല്ലാം തുടച്ചു. ചുറ്റും നോക്കുന്നതിന്നിടയ്ക്ക് ദൃഷ്ടികൾ ഫലങ്ങൾനിറച്ച പാത്രത്തിൽ പതിഞ്ഞു. അപ്പോൾ സാവിത്രി പറഞ്ഞു: നാളെ വന്ന് ഫലങ്ങളൊക്കെ കൊണ്ടുപോകാം. ഭവാന്റെ യോഗക്ഷേമത്തിനായി ഞാൻ ഈ കോടാലി എടുത്തുകൊള്ളാം. അവൾ കായ് നിറച്ച കൊട്ട മരക്കൊമ്പത്തു തൂക്കി, മഴു കൈയിലെടുത്ത് തന്റെ പതിയുടെ സമീപത്തെത്തി. ഇടംചുമലിൽ ആ സുന്ദരി ഭർത്താവിന്റെ കൈ അണച്ചു. വലംകൈകൊണ്ടു തഴുകി ആ ഗജഗാമിനി മന്ദംമന്ദം ഗമിച്ചു.''

സത്യവാൻ പറഞ്ഞു: ''ഹേ ഭീരു, ഭയപ്പെടേണ്ട, നിത്യം പോയിവരുന്ന വഴിയാകയാൽ എനിക്ക് വഴി നല്ലപോലെ അറിയാം. മരങ്ങൾക്കിടയിലൂടെ കാണുന്ന നിലാവിനാൽ കാഴ്ചയും ഉണ്ട്. നാം ഏതു വഴിക്കു വന്നാണ് കായ്കൾ അറുത്തത് ആ വന്ന വഴിക്കുതന്നെ പോവുക ശുഭേ, അതിൽ ഒട്ടും ശങ്കിക്കേണ്ട. ഈ പിലാശിൻ കാട്ടിൽവെച്ചു വഴി രണ്ടായി പിരിയും. അതിൽ വടക്കേ വഴിയിൽക്കൂടി വേഗം നടക്കുക. ഞാൻ സ്വസ്ഥനായി ശക്തനായി. പിതാക്കളെ കാണുവാൻ വൈകിയിരിക്കുന്നു.''

എന്നു പറഞ്ഞ് ആശ്രമത്തിലേക്കു നടന്നു.

298. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: ''മഹാബലനായ ദ്യുമൽസേനന്ന് പെട്ടെന്ന് കണ്ണിന് കാഴ്ചയുണ്ടായി. അദ്ദേഹത്തിന് എല്ലാം കാണുവാൻ സാധിച്ചു. തന്റെ ഭാര്യയായ ശൈബ്യയോടുകൂടി പുത്രനെപ്പറ്റി ചിന്താകുലനായി ആശ്രമങ്ങൾതോറും കയറിയിറങ്ങി. ആ ദമ്പതികൾ ആ രാവിൽ നദികൾ, വനങ്ങൾ, സരസ്സുകൾ, ആശ്രമങ്ങൾ എന്നിവിടങ്ങളിലൊക്കെ തെരഞ്ഞുനോക്കി. വല്ല ശബ്ദവുമെങ്ങാനും കേട്ടാൽ മകൻ വരികയാണെന്നു വിചാരിച്ച് അവിടേക്കു നോക്കിനിന്ന് 'സാവിത്രിയും സത്യവാനും ഇതാ വരുന്നു' എന്നു പറയും. കർക്കശമായി പാദം കുത്തിക്കീറി മുറിഞ്ഞു ചോരയൊഴുകി, പുൽക്കൂട്ടങ്ങളാലും മുൾച്ചെടികളാലും ദേഹത്തിലെല്ലാം മുറിവുപറ്റി, അവർ ഉന്മത്തരെപ്പോലെ അവിടെയൊക്കെ ഓടിനടന്നു. അപ്പോൾ ആശ്രമത്തിൽ വസിക്കുന്ന വിപ്രന്മാർ ആ രാജദമ്പതികളുടെ അടുക്കൽ വന്നു ചുറ്റിനിന്ന് സാന്ത്വനവാക്കുകളാൽ സമാശ്വസിപ്പിച്ചു. അവരെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

digitized by www.sreyas.in

അവിടെ ദ്യുമത്സേനൻ ഭാര്യാസമേതനായി വൃദ്ധന്മാരായ തപോധനന്മാരാൽ ആവൃതനായി വിചിത്രാർത്ഥങ്ങൾ തികഞ്ഞ പൂർവ്വരാജകഥകൾ കേട്ടുകൊണ്ട് ഒട്ടുസമയം ആശ്വാസത്തോടെ നിന്നു. ആ മാതാപിതാക്കളുടെ ആശ്വാസം അധികനേരം നിലനിന്നില്ല. മകനെ കാണാഞ്ഞതുകൊണ്ടുള്ള സംഭ്രമം അവരിൽ വീണ്ടും വർദ്ധിച്ചുവന്നു. അവർ തന്റെ ബാല്യകാലത്തെ സംഭവങ്ങൾ ഓരോന്നായി ഓർത്തോർത്തു കണ്ണുനീരിൽ മുങ്ങി. ദുസ്സഹമായ ദുഃഖത്താൽ മനസ്സുടഞ്ഞ് 'അയ്യോ! മകനേ! അയ്യോ! മകളേ! നിങ്ങൾ എവിടെയാണ്? അയ്യോ! നിങ്ങൾ എവിടെയാണ്?' എന്ന് കരുണമായി നിലവിളിച്ചു. അവരെ ആശ്വസിപ്പിക്കുവാൻ സത്യവാന്മാരായ ബ്രാഹ്മണർ പരിശ്രമിച്ചു."

സുവർച്ചസ്സ് പറഞ്ഞു: "സത്യവാന്റെ പത്നിയായ സാവിത്രിയിൽ ദമം, തപം, ആചാരം എന്നീ ഗുണങ്ങൾ തികച്ചും ഉണ്ട്. ആ സാധ്വിയെ യാതൊരു ആപത്തും നേരിടുകയില്ല. ആ സതീരത്നം അനുഗമിക്കുന്നിടത്തോളം സത്യവാൻ സുരക്ഷിതനാണ്. അതുകൊണ്ട് യാതൊരാപത്തും പറ്റാതെ അവർ രണ്ടുപേരും ജീവിക്കുന്നുണ്ടെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു."

ഗൗതമൻ പറഞ്ഞു: "അംഗോപാംഗങ്ങളോടു കൂടിയ വേദം മുഴുവൻ അദ്ധ്യയനംചെയ്തിട്ടുള്ളവനാണ് ഞാൻ. മഹത്തായ തപോയോഗം നേടിയിട്ടുണ്ട്. ഗുരുവിനേയും അഗ്നിയേയും എപ്പോഴും പ്രസാദിപ്പിച്ച് വാഴുന്ന യുവബ്രഹ്മചാരിയുമാണ് ഞാൻ. എല്ലാ വ്രതങ്ങളും ഞാൻ ഏകാഗ്രചിത്തനായി വിധിപോലെ ആചരിച്ചിട്ടുണ്ട്. വായുമാത്രം ഭക്ഷിച്ച് ഞാൻ എന്നും ഉപവസിച്ചുവരുന്നു. ഇപ്രകാരമുള്ള തപശ്ശക്തിയാൽ പരഹൃദയം ഗ്രഹിക്കുവാനുള്ള ശക്തി എനിക്കു കിട്ടിയിട്ടുണ്ട്. സത്യവാൻ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടെന്നുള്ളതു സത്യമാണ്. ഭവാനെ ഞാൻ നിസ്സംശയം അറിയിച്ചുകൊള്ളുന്നു."

ശിഷ്യൻ പറഞ്ഞു: "എന്റെ ഗുരു അരുളിച്ചെയ്യുന്ന വാക്കുകളൊന്നും പിഴയ്ക്കാറില്ല. അതുകൊണ്ട് സത്യവാൻ നിശ്ചയമായും ജീവിച്ചിരിക്കുന്നു."

ഋഷികൾ പറഞ്ഞു: "സത്യവാന്റെ ഭാര്യയായ സാവിത്രിയിൽ നെടുമംഗല്യമുണ്ടാക്കുന്ന എല്ലാ ശുഭലക്ഷണങ്ങളും തികഞ്ഞു കാണുന്നുണ്ട്. അതുകൊണ്ട് സത്യവാന്റെ ജീവിതത്തെപ്പറ്റി ഒട്ടും ശങ്കിക്കേണ്ടതില്ല."

ഭരദ്വാജൻ പറഞ്ഞു: "സത്യവാന്റെ ഭാര്യയായ സാവിത്രിയിൽ തപം, ദമം, ആചാരം എന്നീ ഗുണങ്ങൾ സമ്പൂർണ്ണമായിട്ടുണ്ട്. അങ്ങനെയുള്ള ആ സാധ്വിയെ യാതൊരു ദോഷവും ഒരു വിധത്തിലും ബാധിക്കുകയില്ല. ആ സതീരത്നം അനുഗമിക്കുന്നിടത്ത് സത്യവാൻ സുരക്ഷിതനാണ്. സത്യവാൻ എന്നപോലെ സാവിത്രിയും ഇപ്പോൾ നിർബ്ബാധം ജീവിച്ചിരുപ്പുണ്ടെന്ന് ഞാൻ തീർത്തു പറഞ്ഞു കൊള്ളുന്നു."

ദാൽഭ്യൻ പറഞ്ഞു: "സാവിത്രി ഉഗ്രമായ വ്രതം അനുഷ്ഠിച്ചു നിരാഹാരയായിട്ടാണു കാട്ടിലേക്കു പോയിരിക്കുന്നത്. അതിൽപ്പിന്നെയാണ് ഭവാന് കണ്ണിന് കാഴ്ചകിട്ടിയതെന്ന് പ്രത്യേകം പ്രത്യേകം ഓർക്കണം. ആ സുവ്രത സമീപത്തുള്ളപ്പോൾ സത്യവാന്റെ ജീവന്ന് യാതൊരു ദോഷവും ബാധിക്കുകയില്ല.

അപസ്തംബൻ പറഞ്ഞു: "ശാന്തമായ ദിക്കിൽ ഇരുന്ന് മൃഗങ്ങളും പക്ഷികളും ശബ്ദിക്കുന്നു. രാജത്വയോഗ്യമായ ധർമ്മം ഭവാനെ സമീപിക്കുന്നു. അതുകൊണ്ട് സത്യവാൻ ജീവിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്."

ധൗമ്യൻ പറഞ്ഞു: "ഗുണങ്ങൾ എല്ലാം തികഞ്ഞവനും ജനപ്രിയനുമാണ് നിന്റെ പുത്രൻ. ദീർഘായുസ്സിന്റെ ചിഹ്നമുള്ളവനുമാണ് അവൻ. അതുകൊണ്ട് സത്യവാൻ ജീവിച്ചിരുപ്പുണ്ട്."

മാർക്കണ്ഡേയൻ പറഞ്ഞു: "ഋഷീന്ദ്രന്മാർ സത്യം പറഞ്ഞു. ഇപ്രകാരം ആശ്വാസം നല്കിക്കൊണ്ടിരിക്കെ, അതൊക്കെയും കണക്കാക്കി അവർ മനസ്സിനെ ഉറപ്പിച്ച് ഇരുന്നു. അല്പം കഴിഞ്ഞപ്പോൾ സാവിത്രി സത്യവാനോടുകൂടി രാത്രി ആശ്രമത്തിൽ സന്തോഷത്തോടെ വന്നുകയറി."

ബ്രാഹ്മണർ പറഞ്ഞു: "ഹേ, രാജാവേ! ഭവാന്റെ പുത്രൻ ഇതാ തിരിച്ചെത്തിയിരിക്കുന്നു. പുത്രനോടു ചേരുന്നതിനും കണ്ണു കാണുന്നതിനും ഭവാന് ഇപ്പോൾ ഭാഗ്യമുണ്ടായി. ഭവാന് അഭിവൃദ്ധിയുണ്ടാകട്ടെ! എന്നു ഞങ്ങൾ ആശംസിക്കുന്നു. പുത്രന്റെ ചേർച്ച, സാവിത്രിയുടെ ദർശനം, കണ്ണിന്ന് കാഴ്ച ഈ മൂന്നു കാര്യങ്ങൾ നേടുകയാൽ ഭവാൻ ഭാഗ്യവാനായി വർത്തിക്കുന്നു. ഞങ്ങൾ പറയുന്നതൊന്നും മറിച്ച് വരികയില്ല. ഭവാന് വീണ്ടും വീണ്ടും അഭിവൃദ്ധിയുണ്ടാകും."

പിന്നെ അവിടെ അവർ തീയിട്ട് എരിച്ച് ഹേ! പാർത്ഥാ! അവർ ദ്യുമൽസേനനരേന്ദ്രന്ന് ചുറ്റും കൂടി. രാജാവിന്റെ പുത്രനായ സത്യവാനോട് അവർ കൗതുകത്തോടെ ചോദിച്ചു.

ഋഷികൾ പറഞ്ഞു: "ഹേ രാജകുമാരാ! ഭവാൻ കാട്ടിൽനിന്ന് മടങ്ങിയെത്തുവാൻ എന്താണ് ഇത്ര താമസിച്ചത്. രാത്രി ഇത്ര മൂത്തനേരംവരെ എന്തെടുത്തിരുന്നു! ഭവാന് എന്തു വിഘ്നമാണു പറ്റിയത്? നിന്റെ അച്ഛൻ വലുതായ ഇണ്ടലിൽപ്പെട്ടുപോയി. ഞങ്ങളും അച്ഛനോടൊപ്പം വ്യസനിക്കുകയായിരുന്നു. കാരണം എന്താണെന്ന് ഞങ്ങൾ അറിയുന്നില്ല. എല്ലാം ഭവാൻ വിസ്തരിച്ചു പറയണം."

സത്യവാൻ പറഞ്ഞു: "ഞാൻ സാവിത്രിയോടുകൂടി അച്ഛന്റെ സമ്മതം വാങ്ങി കാട്ടിലേക്കു പോയി. പിന്നെ വിറകുകൾ വെട്ടുമ്പോൾ തലവേദനയുണ്ടായി. ആ തലവേദനയോടുകൂടി ഞാൻ കിടന്നുറങ്ങി. ആ ഉറക്കം കുറെ ദീർഘിച്ചുപോയി എന്ന് ഞാൻ ഓർക്കുന്നു. ഇത്ര നീണ്ട ഒരു ഉറക്കം ഇന്നേവരെ ഉണ്ടാകാത്തതാണ്. നിങ്ങൾക്കെല്ലാവർക്കും ഉൽക്കണ്ഠയുണ്ടാകരുതെന്ന് വിചാരിച്ച് ഞാൻ രാവ് വളരെ ചെന്നെങ്കിലും ഇങ്ങോട്ടു പോന്നു. വേറെ കാരണമൊന്നുമില്ല."

ഗൗതമൻ പറഞ്ഞു: "നിന്റെ അച്ഛനായ ദ്യുമൽസേനന്ന് പെട്ടെന്നാണ് കണ്ണുതെളിഞ്ഞത്. ഇതിന്റെ കാരണം നീ അറിയുകയില്ല. അത് സാവിത്രി പറയും. ഹേ, സാവിത്രീ! ഈ അത്ഭുത സംഭവത്തിന്റെ കാരണം കേൾക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. നീ പരാപരവേദിനിയാണ്, നീ സൂര്യപുത്രിയായ സാവിത്രിയെപ്പോലെ കാന്തിമതിയാണ്. ഹേ, സാവിത്രീ! ദ്യുമത്സേനന്ന് അന്ധത്വം നീങ്ങുവാനുള്ള കാരണം നീ അറിയും. ആ സത്യാവസ്ഥ നീ പറയുക. നിനക്ക് മറച്ചുവെക്കേണ്ടതില്ലെങ്കിൽ ഇക്കാര്യം ഞങ്ങളോടു പറയുക."

സാവിത്രി പറഞ്ഞു: "നിങ്ങൾ ഊഹിച്ചത് ശരിതന്നെയാണ്. തപോധനന്മാരായ നിങ്ങൾ സങ്കല്പിക്കുന്നത് മറിച്ചായി വരികയില്ലല്ലോ. എനിക്ക് രഹസ്യമായി യാതൊന്നുമില്ല. നിങ്ങളെ ഞാൻ സത്യം ഗ്രഹിപ്പിക്കാം. എന്റെ ഭർത്താവിന്റെ മരണകാലം മഹാത്മാവായ നാരദമഹർഷി മുമ്പേതന്നെ എന്നെ അറിയിച്ചിട്ടുണ്ട്. ആ മരണദിവസം ഇന്നായിരുന്നു. അതുകൊണ്ടാണ് ഞാൻ ഭർത്താവിനെ വിട്ടുപിരിയാഞ്ഞത്. അദ്ദേഹം ഉറങ്ങിക്കിടക്കുമ്പോൾ സാക്ഷാൽ യമധർമ്മരാജാവ് കിങ്കരന്മാരോടുകൂടി അരികെവന്ന് ഇദ്ദേഹത്തെ ബന്ധിച്ച് പിതൃരാജ്യത്തിലേക്കായി എടുത്തുകൊണ്ടുപോയി. അപ്പോൾ ഞാൻ യമനെ സത്യവാക്കുകൾകൊണ്ടു പ്രീതിപ്പെടുത്തി. എനിക്ക് അഞ്ചു വരങ്ങൾ ആ ദേവൻ തന്നു. എന്റെ ശ്വശുരന്ന് കണ്ണുണ്ടാകണം. നഷ്ടപ്പെട്ട സ്വരാജ്യം തിരിച്ചുകിട്ടണം. എന്റെ അച്ഛനും എനിക്കും നൂറു മക്കൾവീതം ഉണ്ടാകണം. എന്റെ ഭർത്താവായ സത്യവാൻ നാനൂറു വത്സരം ജീവിച്ചിരിക്കണം. ഇവയാണ് വരങ്ങൾ. ഞാൻ മൂന്നുനാളത്തെ വ്രതം അനുഷ്ഠിച്ചത് ഭർത്താവിന്റെ ജീവൻ കിട്ടുവാൻവേണ്ടിയാണ്. സുഖമെല്ലാം നശിച്ച് ഘോരമായ ദുഃഖത്തിൽ പതിച്ചിരുന്ന ഞാൻ ഇപ്പോൾ കരകയറി. ഇതാണ് ഇന്ന് ഉണ്ടായ സംഭവങ്ങളുടെ സത്യാവസ്ഥ."

ഋഷികൾ പറഞ്ഞു: "ഹേ പതിവ്രതേ, ഈ രാജാവിന്റെ കുലം അന്ധകാരമയമായ ഗർത്തത്തിൽ വീണ് തീവ്രമായ ദുഃഖ

digitized by www.sreyas.in

ത്തിൽ മുങ്ങിക്കിടക്കുമ്പോൾ അതിനെ സാധ്വിയും, കുലീനയും, സുശീലയും സുവ്രതയുമായ ഭവതി ഇതാ ഉദ്ധരിച്ചിരിക്കുന്നു."

മാർക്കണ്ഡേയൻ പറഞ്ഞു: "ആ വരാംഗനയെ, താപസന്മാർ പ്രശംസിച്ച് സൽക്കരിച്ചു. അതിന്നുശേഷം രാജാവിനോടും രാജപുത്രനോടും യാത്രപറഞ്ഞ് സന്തുഷ്ടരായി അവർ തങ്ങളുടെ ആശ്രമത്തിലേക്കു പോയി."

299. സാവിത്ര്യുപാഖ്യാനം – മാർക്കണ്ഡേയൻ പറഞ്ഞു: "ആ രാത്രി കഴിഞ്ഞ്, സൂര്യൻ ഉദിച്ചു. പൂർവ്വാഹ്നക്രിയകളെല്ലാം ആചരിച്ചതിന്റെശേഷം ആശ്രമത്തിൽ വീണ്ടും തപോധനന്മാർ സമ്മേളിച്ചു. സാവിത്രിയുടെ മഹാഭാഗത്വത്തെക്കുറിച്ച് ദ്യുമത്സേനനോട് വീണ്ടും പലകുറി പറഞ്ഞിട്ടും മഹർഷികൾക്ക് തൃപ്തി യുണ്ടായില്ല.

ഈ സന്ദർഭത്തിൽ ശാല്വരാജ്യത്തുനിന്ന് മന്ത്രിമാരുടെ സംഘം അവിടെ വന്ന് 'അങ്ങയുടെ പ്രധാനമന്ത്രി ശത്രുവിനെ കൊന്നിരിക്കുന്നു.' എന്ന് ദ്യുമത്സേനനെ അറിയിച്ചു. ശത്രുവിനെ മാത്രമല്ല, ആ ശത്രുവിന്റെ സഹായികളെയും, ബന്ധുക്കളെയും യുദ്ധത്തിൽ കൊന്നൊടുക്കിയെന്നും, ശത്രുസൈന്യം നിശ്ശേഷം പരാജിതരായി ഓടിക്കളഞ്ഞുവെന്നും, ശാല്വരാജ്യത്തിലെ പ്രജകൾക്കെല്ലാവർക്കും ദ്യുമത്സേനരാജാവിൽ ഏകാഭിപ്രായമാണുള്ളതെന്നും അവർ പറഞ്ഞു. "രാജാവേ, ഭവാന് കണ്ണുണ്ടായാലും ഇല്ലെങ്കിലും ഭവാൻതന്നെ രാജാവാകണമെന്നാണ് പ്രജകൾ എല്ലാവരും ചേർന്ന് നിശ്ചയിച്ചിരിക്കുന്നത്. ആ നിശ്ചയം അനുസരിച്ച് ഭവാന്റെ അടുത്തേക്ക് അയയ്ക്കപ്പെട്ടവരാണ് ഞങ്ങൾ. ഇവിടെ വന്നിരിക്കുന്ന ഭവാന്റെ ചതുരംഗസൈന്യങ്ങളേയും, വാഹനങ്ങളേയും ഭവാൻ കണ്ടാലും. രാജ്യത്തേക്ക് ഭവാനെ കൊണ്ടുപോകുവാനായി അകമ്പടി സേവിക്കുവാൻ അവർ ഇവിടെ എത്തി കാത്തുനില്ക്കുന്നു. ഭവാന് മംഗളം ഭവിക്കട്ടെ! എഴുന്നള്ളിയാലും. ഭവാന്റെ വിജയം ആഘോഷിക്കുവാൻ നഗരവാസികൾ കാത്തുനില്ക്കുന്നു. പൂർവ്വികമായുള്ള പദത്തിൽ ഭവാൻ അധിരോഹണംചെയ്ത് ചിരകാലം ശോഭിക്കട്ടെ."

അന്ധരാജാവിനെ കൊണ്ടുപോകുവാൻ വന്ന സചിവന്മാർ രാജാവ് നേത്രവാനും, രൂപവാനുമായി വാഴുന്നതു കണ്ടപ്പോൾ അത്ഭുതോൽഫുല്ലനേത്രന്മാരായി രാജാവിന്റെ മുമ്പിൽ കുമ്പിട്ടു. ആശ്രമവാസികളായ വൃദ്ധവിപ്രന്മാരെക്കണ്ട് യാത്രപറഞ്ഞ് അവരുടെ സൽക്കാരപൂർവ്വമുള്ള 'യാത്രയയപ്പ്' സ്വീകരിച്ച് നഗരത്തിലേക്ക് യാത്രയായി. ശൈബ്യയും, സാവിത്രിയും മനോഹരമായി അലങ്കരിച്ച പല്ലക്കിൽക്കയറി അകമ്പടിയോടുകൂടി യാത്രയായി.

ശാല്വപുരിയിൽ തിരിച്ചുവന്ന ദ്യുമത്സേനരാജാവിനെ പുരോഹിതന്മാർ ശുഭമുഹൂർത്തത്തിൽ അഭിഷേകംചെയ്തു. ദ്യുമത്സേനപുത്രനായ സത്യവാനെ യുവരാജാവാക്കുകയും ചെയ്തു.

പിന്നെ കാലം കുറെ കഴിഞ്ഞതിന്നുശേഷം സാവിത്രിക്ക് നൂറു മക്കൾ ഉണ്ടായി. അവർ പോരിൽ പിന്മാറാത്തവരും ശൂരന്മാരുമായി വളർന്നു. അവളുടെ സഹോദരന്മാരായി നൂറുപേരും ഉണ്ടായി. മദ്രേശന്ന് മാളവിയിലുണ്ടായ അവർ ശക്തന്മാരായിത്തീർന്നു. ഇങ്ങനെ തന്റെ അച്ഛൻ, അമ്മ, ശ്വശുരൻ, ശ്വശ്രു, ഭർത്താവ് എന്നിവരെയെല്ലാം ആപത്തിൽനിന്ന് സാവിത്രി കരകേറ്റി. അപ്രകാരം കുലസ്ത്രീയും, കല്യാണിയും, ശീലവതിയുമായ പാർഷതി, സാവിത്രിയെപ്പോലെ, നിങ്ങൾക്കെല്ലാം ഉൽക്കർഷം ഉണ്ടാക്കും."

വൈശമ്പായനൻ പറഞ്ഞു: "ആ മഹാത്മാവായ മാർക്കണ്ഡേയൻ ഇപ്രകാരം അനുനയിച്ച പാണ്ഡവൻ ദുഃഖവും പീഡയുംവിട്ട് കാമ്യകത്തിൽ വാണു. ഭക്തിയോടുകൂടി മുഖ്യമായ ഈ സാവിത്ര്യുപാഖ്യാനം ശ്രവിക്കുന്നവർ സുഖികളായും സർവ്വാർത്ഥസംസിദ്ധരായും ദുഃഖം ഒഴിഞ്ഞവരായും ഭവിക്കും."

കുണ്ഡലാഹരണപർവ്വം

300. സൂര്യനും കർണ്ണനും തമ്മിലുള്ള സംവാദം – ജനമേജയൻ പറഞ്ഞു: "ഹേ, ബ്രാഹ്മണാ! ദേവേന്ദ്രന്റെ വാക്കായി ലോമശൻ ധർമ്മരാജാവായ പാണ്ഡവനോട് ഒരു കാര്യം പറയുകയുണ്ടായല്ലോ. 'നിനക്ക്, മറ്റാരോടും നീ പറയാത്തതായ ഒരു തീവ്രഭയം നിന്റെ മനസ്സിൽ കിടപ്പുണ്ടല്ലോ. ഇവിടെനിന്ന് അർജ്ജുനൻ പോയിക്കഴിഞ്ഞാൽ അതും ഞാൻ തീർത്തു തന്നുകൊള്ളാം.' ഇന്ദ്രൻ ഈ തീർത്തുതന്നുകൊള്ളാമെന്നു പറഞ്ഞ ആ വലിയ ഭയം കർണ്ണനെപ്പറ്റിയാകുമോ?

വൈശമ്പായനൻ പറഞ്ഞു: "ഹേ, രാജശാർദ്ദൂലാ, ഭവാൻ ചോദിക്കുന്ന ആ കഥ ഇതാ ഞാൻ പറയാം. ഭരതശ്രേഷ്ഠനായ ഭവാൻ എന്റെ വചനം കേൾക്കുക.

പന്ത്രണ്ടാമത്തെ വർഷം അവസാനിച്ചു. പതിമ്മൂന്നാമത്തെ ആണ്ട് വന്നപ്പോൾ പാർത്ഥപ്രിയനായ ശക്രൻ കർണ്ണനോട് ഇരക്കുവാൻതന്നെ തീർച്ചയാക്കി. കുണ്ഡലങ്ങൾക്കുവേണ്ടി ദേവരാജാവായ ഇന്ദ്രൻ കർണ്ണന്റെ മുമ്പിൽ യാചിക്കുവാൻ പോകുന്നുണ്ടെന്നുള്ള ഇന്ദ്രന്റെ ഹൃദയം അറിഞ്ഞ് വിഭാവസുവായ സൂര്യദേവൻ കർണ്ണന്റെ സന്നിധിയിലെത്തി.

വിലയേറുന്നതും, നല്ല ഭംഗിയുള്ള മേൽവിരിപ്പ് വിരിച്ചതുമായ മെത്തയിൽ ബ്രഹ്മണ്യനായ ആ സത്യവാദി ശങ്കവിട്ട് ഉറങ്ങുമ്പോൾ, രാത്രിയിൽ ഉറക്കത്തിന്റെ അവസാനത്തിൽ പ്രത്യക്ഷമായി ആ രശ്മിമാൻ എത്തി. വളരെ കൃപയോടും, പുത്രസ്നേഹത്തോടും കൂടി യോഗത്തിന്റെയും, സമൃദ്ധിയുടെയും മൂർത്തിയായ സൂര്യൻ വേദജ്ഞനായ ദ്വിജന്റെ രൂപം എടുത്ത് കർണ്ണനോട് ഹിതത്തിന്നായി ഇപ്രകാരം സാന്ത്വനവചനങ്ങൾ പറഞ്ഞു.

സൂര്യദേവൻ പറഞ്ഞു: 'കർണ്ണാ! എന്റെ ഉണ്ണീ, സത്യവാന്മാരിൽ ശ്രേഷ്ഠാ! മഹാബാഹോ! ഞാൻ പറയുന്ന മൊഴി നീ കേട്ടാലും. ഞാൻ നിന്നോടുള്ള സ്നേഹവാത്സല്യംമൂലം ഹിതം ചിന്തിച്ച് പറയുന്നതാണ്. നിന്റെ സമീപത്ത് ഇന്ദ്രൻ പാണ്ഡവന്മാരുടെ ഹിതത്തിനായി ബ്രാഹ്മണവേഷത്തിൽ കർണ്ണകുണ്ഡലം കൈക്കലാക്കുവാൻ എത്തും. നിന്റെ ശീലം അവൻ അറിയും. ലോകത്തിലുള്ള മറ്റ് എല്ലാവരും നിന്നെപ്പറ്റി അറിയുന്നതാണല്ലോ, സത്തുക്കൾ യാചിച്ചാൽ അവർ ആഗ്രഹിക്കുന്നതെല്ലാം നീ നല്കുമെന്ന്. നീ ഇരക്കുകയില്ലെന്നും പ്രസിദ്ധമാണ്. ഉണ്ണീ, നീ വിപ്രൻ അർത്ഥിക്കുന്നതെന്തും കൊടുക്കുമല്ലോ. ധനം മാത്രമല്ല വേറെ എന്തു ചോദിച്ചാലും നീ നല്കും. ഒരാളോടും ഇല്ലെന്ന് നീ പറയുകയില്ല. നിന്റെ ഈ ഹൃദയം മനസ്സിലാക്കി, പാകശാസനൻ നിന്റെ കുണ്ഡലങ്ങളും ചട്ടയും ഇരക്കുവാൻ തനിയെ വന്നെത്തും. ഇരക്കുന്ന അവന്ന് നീ കുണ്ഡലങ്ങൾ കൊടുക്കരുത്. നീ അവനോട് ശക്തിയായി അനുനയം ചെയ്യണം. ഈ കുണ്ഡലങ്ങൾ നിനക്ക് വളരെ ഗുണം ചെയ്യുന്നതാണ്. ഉണ്ണീ, കുണ്ഡലം യാചിക്കുന്ന അവനെ പല യുക്തികൾ പറഞ്ഞ്, മറ്റ് ധനങ്ങൾ വേണ്ടുവോളം നല്കാമെന്നു പറഞ്ഞ്, ഈ യാചനയെ തടുക്കണം. കുണ്ഡലത്തിന്നു പകരം രത്നങ്ങളും, സ്ത്രീകളും, വളരെയധികം വിത്തവും നല്കാമെന്നു പറയണം, വളരെയധികം ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കണം. ഇങ്ങനെയൊക്കെ ആ കുണ്ഡലാർത്ഥിയായ സുരേന്ദ്രനെ തടയണം. ഹേ കർണ്ണാ! നീ സഹജവും ശ്രേഷ്ഠവുമായ കുണ്ഡലങ്ങൾ ദാനംചെയ്താൽ നിന്റെ ആയുസ്സ് അറ്റുപോകും. നീ മൃത്യുവിന്റെ അധീനത്തിലാകും. കവചവും, കുണ്ഡലവുമുള്ള നീ പോരിൽ ശത്രുക്കൾക്ക് അവദ്ധ്യനാണ് എന്നുള്ള പരമാർത്ഥം നീ അറിഞ്ഞിരിക്കണം. ഇതു രണ്ടും അമൃതോത്ഥിതമായ രത്നങ്ങളാൽ നിർമ്മിതങ്ങളാണ്. അതുകൊണ്ട് ജീവനിൽ നീ പ്രിയമുള്ളവനാണെങ്കിൽ ഇവ രണ്ടും നീ സൂക്ഷിക്കണം.'

കർണ്ണൻ പറഞ്ഞു: 'സൗഹൃദംകാട്ടി എന്നോട് ഇക്കാര്യം ഉപദേശിക്കുന്ന മഹാനുഭാവനായ ഭവാൻ ആരാണ്? ബ്രാഹ്മണരൂപധാരിയായ ഭഗവാനേ, ഭവാൻ ആരാണെന്ന് ഈയുള്ളവനെ അറിയിച്ചാലും!'

digitized by www.sreyas.in

ബ്രാഹ്മണൻ പറഞ്ഞു: 'ഉണ്ണീ, ഞാൻ സൂര്യനാണ്. നിന്നോടുള്ള ഇഷ്ടംകൊണ്ട് ഞാൻ നിന്റെ കണ്ണിനുമുമ്പിൽ വന്നതാണ്. ഞാൻ പറയുന്ന ഈ കാര്യം നീ ചെയ്യുക. നിനക്ക് അതുകൊണ്ട് വളരെ നന്മയുണ്ടാകും.'

കർണ്ണൻ പറഞ്ഞു: 'അങ്ങു പറഞ്ഞത് എനിക്കു നന്മ തന്നെയാണ്. അതിൽ ഞാൻ ഭവാനോടു നന്ദിപറയുന്നു. പ്രഭുവായ ഗോപതി ഇപ്രകാരം എന്റെ ഹിതത്തിന്നുവേണ്ടി ഉപദേശിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ വരദനും, മഹാത്മാവുമായ ഭഗവാൻ എന്നിൽ പ്രസാദിച്ചാലും. ഞാൻ അങ്ങയോടുള്ള പ്രണയത്താൽ ഉണർത്തുന്ന എന്റെ മൊഴി ഭഗവാനേ, കേട്ടാലും. ഭവാന് എന്നിൽ ഇഷ്ടമുണ്ടെങ്കിൽ എന്നെ ഈ വ്രതത്തിൽനിന്നു തടയാതിരിക്കണേ! എന്റെ വ്രതം ഈ ലോകത്തിലുള്ളവർക്കൊക്കെ അറിയാം. ബ്രാഹ്മണർക്കുവേണ്ടി ഞാൻ പ്രാണൻപോലും നല്കുന്നവനാണെന്ന്; ഇക്കാര്യം തീർച്ചയാണെന്ന്. ഹേ, ഖേചരോത്തമാ! ദേവേന്ദ്രൻ എന്റെ മുമ്പിൽ ദ്വിജന്റെ രൂപത്തിൽ പാണ്ഡവന്മാർക്കുവേണ്ടി പിച്ചപ്പാളയുമായി വന്നാൽ ഞാൻ എന്റെ കുണ്ഡലങ്ങളും കവചവും അവന്ന് ദാനംചെയ്യുകതന്നെ ചെയ്യും! മൂന്നു ലോകത്തിലും കേൾവികേട്ടിട്ടുള്ള എന്റെ കീർത്തി നശിക്കുവാൻ ഇടയാകരുത്. യശസ്സ് നഷ്ടപ്പെടുത്തി പ്രാണനെ രക്ഷിക്കുകയെന്നത് എന്റെമാതിരിയുള്ളവർക്ക് ചേർന്നതല്ല. യശസ്വിയായി മരിക്കുകയെന്നതാണ് ലോകസമ്മതമായിട്ടുള്ളത്. അങ്ങനെ ചിന്തിക്കുന്നവനാണ് ഞാൻ. വലവൃത്രാരിയായ ഇന്ദ്രൻ എന്റെ മുമ്പിൽ ഭിക്ഷാപാത്രവുമായി എത്തിയാൽ ഈ ഞാൻ എന്റെ ചട്ടയോടുകൂടി കുണ്ഡലങ്ങളും ഊരിക്കൊടുക്കും. പാണ്ഡവന്മാർക്ക് ഹിതത്തിന്നായി എന്റെ കുണ്ഡലം ഇരന്നുവാങ്ങിയാൽ എനിക്ക് അതു ലോകത്തിൽ കീർത്തിയും അദ്ദേഹത്തിന് അകീർത്തിയും വർദ്ധിപ്പിക്കും. ഭാനുമാനേ, ഞാൻ ജീവൻ നല്കിയും കീർത്തി വരിക്കുന്നതാണ്. കീർത്തിയുള്ളവൻ വാനിൽ വാഴും; കീർത്തികെട്ടവൻ നശിക്കും. അപ്രകാരം കീർത്തി പുരുഷനെ ജീവിപ്പിക്കുന്നു. അകീർത്തി, ജീവിക്കുന്നവന്റെ ജീവനെ നശിപ്പിക്കുകയും ചെയ്യുന്നു. ഹേ! വിഭാവസോ, ഈ പുരാണപദ്യം വിധിപാടിയതാണ്:

'കീർത്തിമാനെന്നും വിളങ്ങും — വാനിൽ
കീർത്തികെട്ടുള്ളോൻ നശിക്കും
മർത്ത്യന്നു ജീവൻ കൊടുക്കും — കീർത്തി;
മർത്ത്യനെ ദുഷ്കീർത്തി കൊല്ലും'

അല്ലയോ ലോകേശ്വരാ! നരന്ന് ആയുസ്സാകുന്നതു കീർത്തിയാണ്. പരലോകത്തിൽ പുരുഷന്ന് അവലംബം കീർത്തിതന്നെയാണ്. ഇഹലോകത്തിൽ ശുദ്ധമായ കീർത്തി ആയുസ്സിനെ വർദ്ധിപ്പിക്കും! അതിൽ വിശ്വസിക്കുന്നവനായ ഞാൻ, ശരീരജമായ കവചകുണ്ഡലങ്ങൾ നല്കി നിത്യമായ സൽക്കീർത്തി നേടുവാൻ ആഗ്രഹിക്കുന്നു. വിധിപ്രകാരമുള്ള ദാനം വിപ്രന്മാർക്കു നല്കിയും പോരിൽ ശരീരം ഹോമിച്ചും, ദുഷ്കരക്രിയ ചെയ്തും, ഏറ്റുമുട്ടുന്ന ശത്രുക്കളെ ജയിച്ചും കേവലമായ കീർത്തി ഞാൻ നേടും. പോരിൽ ജീവൻകൊതിക്കുന്ന ഭീതന്മാർക്ക് അഭയം നല്കിയും വൃദ്ധരും ബാലരുമായ ദ്വിജന്മാരെ വലിയ ഭയത്തിൽനിന്നു സംരക്ഷിച്ചും, ഞാൻ സ്വർഗ്ഗ്യമായ മുഖ്യയശസ്സിനെ ആർജ്ജിക്കുന്നതാണ്. ജീവൻകളഞ്ഞും കീർത്തിയെ കാക്കണം, സംരക്ഷിക്കണം, എന്നതാണ് എന്റെ വ്രതം. ഈ വ്രതത്തോടുകൂടിയ ഞാൻ ബ്രാഹ്മണനായി എന്റെ മുമ്പിൽ ഭിക്ഷാപാത്രവുമായി എത്തുന്ന ശക്രന്ന് ആ നല്ല ഭിക്ഷയെ ദാനംചെയ്തു ദേവലോകത്തിൽ ശ്രേഷ്ഠമായ സൽഗതി നേടുന്നതാണ്.''

301. സൂര്യനും കർണ്ണനും തമ്മിലുള്ള സംവാദം -

സൂര്യൻ പറഞ്ഞു: ''ഹേ, കർണ്ണാ! നീ അഹിതം ചെയ്യരുത്. തനിക്കും, സ്നേഹിതന്മാർക്കും, മക്കൾക്കും, ഭാര്യമാർക്കും, അമ്മയ്ക്കും, അച്ഛനും നീ അഹിതം ചെയ്യരുത്. ജീവികൾക്ക് ശരീരത്തിന്ന് കേടുതട്ടാതെതന്നെ യശസ്സ് സമ്പാദിക്കണം. സ്വർഗ്ഗത്തിൽ സ്ഥിരമായ കീർത്തിയും നേടണം. ശരിക്കും അതാണ് ഇഷ്ടമായ കാര്യം. നീയാകട്ടെ പ്രാണന്നു വിരോധമായിട്ടാണു ശാശ്വതമായ കീർത്തിയെ ആഗ്രഹിക്കുന്നത്. അതു നിശ്ചയമായും നിന്റെ പ്രാണനേയുംകൊണ്ടു പോവുകയും ചെയ്യും. ഈ ഉലകിൽ മക്കളും ബന്ധുക്കളും മാതാപിതാക്കന്മാരും എല്ലാം പൗരുഷത്തോടുകൂടി ജീവിക്കുന്നരോടു മാത്രമേ ബന്ധപ്പെടുന്നുള്ളു. രാജാക്കളും അപ്രകാരംതന്നെയാണ്. പൗരുഷത്തോടുകൂടി ജീവിക്കുന്നവരെ എല്ലാവരും ബഹുമാനിക്കുന്നു. ജീവിക്കുന്ന പുരുഷന്നാണ് നല്ല കീർത്തി ആവശ്യം. ചത്തു ചാമ്പലാകുന്ന ദേഹിക്ക് കീർത്തികൊണ്ടെന്തു കാര്യം? ചത്തവൻ കീർത്തി അറിയുന്നില്ല. ജീവിക്കുന്നവൻ കീർത്തി അനുഭവിക്കുന്നു! മരിച്ച മർത്ത്യന്നുള്ള കീർത്തി ശവത്തിനെ മാലയണിയിക്കുമ്പോലെയാണ്! നീ എന്നിൽ ഭക്തിയുള്ളവനാണെന്നു വിചാരിച്ചാണ് ഞാൻ നിന്നോടും ഹിതകാംക്ഷകൾ പറയുന്നത്. ഭക്തിയുള്ളവരെ കാക്കേണ്ടതാണല്ലോ എന്നുവെച്ചു പറയുന്നതാണ്. ഭക്തനായ നിനക്ക് എന്നിൽ ഉണ്ടായ പരമഭക്തി കണ്ട് എനിക്കു നിന്നിൽ ഭക്തിയുണ്ടായി. നീ എന്റെ വാക്കുകൾ കേൾക്കുക. അദ്ധ്യാത്മമായി ദേവകൃതമായ ഒരു കാര്യം ഇതിൽ നിഗൂഢമായിട്ടുണ്ട്. അതുകൊണ്ടുംകൂടിയാണ് ഞാൻ ഇതു പറയുന്നത്. നീ നിശ്ശങ്കമായി എന്റെ ഭാഷണം കേൾക്കുക. ദേവഗുഹ്യമായ ആ കാരണം നിനക്ക് അറിയുവാൻ കഴികയില്ല. അതുകൊണ്ട് ആ രഹസ്യം ഞാൻ നിന്നോടു പറയാം. നീ അത് യഥാകാലം പ്രത്യക്ഷമായി അറിയും. ഞാൻ വീണ്ടും എടുത്തു പറയുന്നു. ഹേ രാധേയാ, നീ ധരിക്കൂ! ഇന്ദ്രൻ വന്ന് ഇരന്നാലും നീ ഈ കുണ്ഡലങ്ങൾ കൊടുക്കരുത്. മഹാദ്യുതേ, ഭംഗിയുള്ള കുണ്ഡലങ്ങളാൽ നീ ശോഭിക്കുന്നു. തെളിഞ്ഞ ആകാശത്തിൽ വിശാഖനക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ തിങ്കൾപോലെയാണ് കുണ്ഡലങ്ങളാൽ നിന്റെ മുഖചന്ദ്രൻ ശോഭിക്കുന്നത്. ജീവിക്കുന്ന പുരുഷന്നാണല്ലോ നല്ല കീർത്തി ആവശ്യം. കുണ്ഡലവും യാചിച്ചു വരുന്ന സുരേന്ദ്രനെ നീ തള്ളിക്കളയണം. യുക്തിയുക്തമായ പല വാക്കുകളും പറഞ്ഞ് അവന്റെ കുണ്ഡലാകാംക്ഷയെ നീ കെടുത്തിവിടണം! കാരണം കാണിച്ചു നല്ലവാക്കുകൾ പറഞ്ഞ് അർത്ഥഗാംഭീര്യമുള്ള ഉപമകൾ കൊണ്ടും നീതിവാക്യങ്ങൾകൊണ്ടും ദേവരാജന്റെ ആ ദുർമ്മോഹത്തെ കർണ്ണാ! നീ കെടുത്തിവിടുക. കർണ്ണാ! നരവ്യാഘ്രാ! നീ എപ്പോഴും സവ്യസാചിയുമായി ഇടഞ്ഞുകൊണ്ടാണല്ലോ നില്ക്കുന്നത്. ശൂരനായ സവ്യസാചി പോരിൽ നിന്നോടു എതിർക്കുന്നതാണ്. ദേവരാജാവായ ദേവേന്ദ്രൻ നേരിട്ടുവന്ന് അർജ്ജുനനെ സഹായിച്ചാലും പോരിൽ ഭവാനെ വെല്ലുവാൻ സവ്യസാചിക്ക് കഴികയില്ല. ഈ കവചകുണ്ഡലങ്ങൾ നിന്റെ ദേഹത്തിലുള്ള കാലത്തോളം അർജ്ജുനന്ന് നിന്നെ ജയിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ കുണ്ഡലങ്ങൾ നീ ഇന്ദ്രന്ന് നല്കരുത്. നീ പോരിൽ അർജ്ജുനനെ ജയിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവന് അവ നല്കരുത്.''

302. സൂര്യനും കർണ്ണനും തമ്മിലുള്ള സംവാദം -

കർണ്ണൻ പറഞ്ഞു: ''അല്ലയോ ഗോപതേ, ഞാൻ ഭവാനിൽ ഭക്തനാണെന്ന് അങ്ങുന്ന് അറിയുന്നുണ്ടല്ലോ. അപ്രകാരംതന്നെ എനിക്ക് ദാനംചെയ്യുവാൻ വയ്യാത്തതൊന്നുമില്ലെന്നും ഭവാൻ അറിയുന്നുണ്ട്. എനിക്ക് ഭക്തികൊണ്ട് ഭവാനോട് ഉള്ളതിനേക്കാൾ ഇഷ്ടം എന്റെ ഭാര്യമാരോടും, മക്കളോടും, ആത്മാവിനോടും, ഇഷ്ടജനങ്ങളോടും ഇല്ല. ഇഷ്ടഭക്തന്മാർക്ക് മഹാത്മാക്കൾ എപ്പോഴും ഇഷ്ടത്തേയും ഭക്തിയേയും വളർത്തിക്കൊണ്ടിരിക്കും. ഇഷ്ടനും, ഭക്തനുമാണ് ഈ കർണ്ണൻ എന്ന് കേട്ടിട്ടാണല്ലോ സ്വർഗ്ഗത്തിലെ മറ്റൊരു ദേവനും ചെയ്യാത്തവിധം ഭവാൻ എന്നോട് ഹിതം പറയുന്നത്. തീക്ഷ്ണാംശുവാണ് ഭവാൻ. ഭവാന്റെ വാക്കു ലംഘിക്കുകയാണെന്നു വിചാരിച്ച് കോപിക്കരുത്. ഞാൻ ഭവാന്റെ പാദത്തിൽ വീണ്ടും നമസ്കരിച്ചു ഭവാന്റെ പ്രസാദത്തിനായി അഭ്യർത്ഥിക്കുന്നു. എന്നോടു ക്ഷമിക്കണം. എനിക്ക് അസത്യത്തിലുള്ള ഭയംപോലെ മൃത്യുവിൽ ഭയമില്ല. വിശേഷിച്ച് ഏതുകാലത്തും സജ്ജനങ്ങളായ ദ്വിജമുഖ്യന്മാർക്ക് ജീവൻപോലും നല്കുവാൻ എനിക്ക് യാതൊരു ശങ്കയുമില്ല.

digitized by www.sreyas.in

പാണ്ഡവനായ അർജ്ജുനനെപ്പറ്റി ഭവാൻ പറഞ്ഞുവല്ലോ. അർജ്ജുനന്റെ മുമ്പിൽ എന്റെ കഥയെന്താകുമെന്നുള്ള സന്താപം ഭവാൻ വെടിയുക. എന്നേയും അർജ്ജുനനേയുംപറ്റി ഭവാൻ താരതമ്യം ചെയ്തുനോക്കി വ്യസനിക്കേണ്ടാ. എന്റെ അസ്ത്രബലത്തെക്കുറിച്ച് അങ്ങയ്ക്ക് അറിവുള്ളതാണല്ലോ. അർജ്ജുനനെ യുദ്ധത്തിൽ ജയിക്കുവാൻ എനിക്ക് എപ്പോഴും കഴിവുണ്ട്. ദ്രോണനിൽനിന്നും പരശുരാമനിൽനിന്നും ഞാൻ നേടിയിട്ടുള്ള മഹത്തായ അസ്ത്രബലം ഭവാൻ അറിയാത്തതല്ല. അതുകൊണ്ട് അക്കാര്യത്തെപ്പറ്റി ഇവിടെ എന്തിന്നു ചിന്തിക്കുന്നു! എന്റെ വ്രതത്തെ രക്ഷിക്കുവാൻ ഭവാൻ എന്നിൽ പ്രസാദിച്ചാലും. ഇന്ദ്രൻ വന്നു യാചിച്ചാൽ എന്റെ ജീവനെപ്പോലും ഞാൻ നല്കും."

സൂര്യൻ പറഞ്ഞു: "അങ്ങനെ നീ ഇന്ദ്രന്നായി കവചകുണ്ഡലങ്ങൾ നല്കുകയാണെങ്കിൽ നീയും ഇന്ദ്രനോട് ഒരു കാര്യം വിജയത്തിനായി ആവശ്യപ്പെടണം. 'കരാറുപ്രകാരം ഞാൻ കുണ്ഡലങ്ങൾ നല്കാ' മെന്നു പറയുക. ഈ കുണ്ഡലങ്ങൾ അണിഞ്ഞവനായ നിന്നെ കൊല്ലുവാൻ ഒരു ഭൂതത്തിനും സാദ്ധ്യമല്ല. സുരേന്ദ്രനായ ഇന്ദ്രൻ അർജ്ജുനന്റെ കൈകൊണ്ട് നിന്റെ നാശത്തെ പോരിൽ പ്രാർത്ഥിച്ചുകൊണ്ടാണ് ഉണ്ണീ, കുണ്ഡലങ്ങൾ നേടുവാൻ വരുന്നത്. നീയും അവനെ ഭംഗിയേറിയ വാക്കുകൾകൊണ്ട് സൽക്കരിച്ച് അമോഘശക്തിയുള്ള ശക്തിക്കായി അഭ്യർത്ഥിക്കണം. 'എനിക്ക് ശത്രുഹരമായ അമോഘം എന്ന വേലിനെ ഭവാൻ നല്കുക! എന്നാൽ അങ്ങയ്ക്ക് ഹേ ഇന്ദ്ര! എന്റെ ചട്ടയും കുണ്ഡലങ്ങളും നല്കാം.' ഇങ്ങനെ ഒരു കരാറുപ്രകാരം നീ കവചകുണ്ഡലങ്ങൾ നല്കുക. ആ വേലുകൊണ്ട് ഹേ കർണ്ണാ! നീ ശത്രുക്കളെ പോരിൽ വധിക്കും. ദേവേന്ദ്രന്റെ ആ വേല് നൂറും ആയിരവും ശത്രുക്കളെ മുടിക്കാതെ അത് ദേവേന്ദ്രന്റെ കൈയിൽ തിരിച്ചുവരികയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് സഹസ്രാംശു ഉടനെ മറഞ്ഞു. പിന്നെ കർണ്ണൻ ജപാന്തത്തിൽ തലേന്നാൾ താൻ കണ്ട സ്വപ്നത്തെപ്പറ്റി സൂര്യനെ അറിയിച്ചു. രാവിൽ രണ്ടുപേരും തമ്മിൽ നടന്ന കൂടിക്കാഴ്ചയും, തമ്മിൽ സംസാരിച്ച വിഷയങ്ങളും അപ്പോൾ നടന്നതും മുഴുവൻ കർണ്ണൻ ധ്യാനത്തിൽ ക്രമത്തിൽ കേൾപ്പിച്ചു. അതു കേട്ട് തമോഹരനും, ദേവനുമായ ഭാനുഭഗവാൻ എല്ലാം ശരിതന്നെയെന്നു സസ്മിതം കർണ്ണനോടു പറഞ്ഞു. താൻ കണ്ട സ്വപ്നം സത്യമാണെന്ന് അറിഞ്ഞതിന്നുശേഷം വൈരിനാശനനായ രാധേയൻ ശക്തി (വേൽ)യെത്തന്നെ ആശ്രയമായിക്കരുതി ശക്രന്റെ വരവിനെ പ്രതീക്ഷിച്ച് ഇരുന്നു."

303. പൃഥോപദേശം – ജനമേജയൻ പറഞ്ഞു: "ആ രഹസ്യം അർക്കൻ എന്തുകൊണ്ടാണ് കർണ്ണനോടു പറയാഞ്ഞത്. ആ കുണ്ഡലങ്ങളുടെ യോഗ്യതയെന്താണ്? ആ ചട്ടയും കുണ്ഡലങ്ങളും എവിടെനിന്നുണ്ടായതാണ്? ഇതു കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. തപോനിധേ, ഭവാൻ പറഞ്ഞാലും!"

വൈശമ്പായനൻ പറഞ്ഞു: "രാജാവേ, ജനമേജയാ! ഞാൻ ഭാനുവിന്റെ രഹസ്യവും, ഏതു വിധമാണ് ആ കുണ്ഡലങ്ങൾ എന്നതും ആ ചട്ട എങ്ങനെയുള്ളതാണെന്നുമുള്ള വിവരങ്ങൾ എല്ലാം പറയാം.

മുമ്പ് കുന്തിഭോജന്റെ സമീപത്ത് ഒരു ബ്രാഹ്മണൻ ചെന്നു. അദ്ദേഹം സാധാരണ ബ്രാഹ്മണനായിരുന്നില്ല. ഉയർന്നവനും തിഗ്മതേജസ്സുള്ളവനും, ശ്മശ്രുദണ്ഡജടാധരനും, അനവഗനും വലിയ തേജസ്സാൽ എരിയുന്നവനും, ദർശനീയനും, മധുവർണ്ണനും, മധുരമായി പറയുന്നവനും, തപസ്വിയും സ്വാദ്ധ്യായഭൂഷണനും ആയിരുന്നു. ആ മഹാതപസ്വി രാജാവായ കുന്തിഭോജനോടു പറഞ്ഞു: 'ഹേ, വിമത്സരാ, ഞാൻ നിന്റെ ഗൃഹത്തിൽ ഭിക്ഷയുണ്ണുവാൻ ഇച്ഛിക്കുന്നു. അങ്ങയും അങ്ങയുടെ ഭൃത്യന്മാരും എനിക്ക് അപ്രിയമായി ഒന്നും ചെയ്യരുത്. എന്നാൽ അങ്ങനെ നിനക്ക് സമ്മതമാണെങ്കിൽ ഞാൻ നിന്റെ ഗൃഹത്തിൽ പാർക്കാം. എന്റെ ഇഷ്ടംപോലെ ഞാൻ പോവുകയും വരികയും ചെയ്യും. എന്റെ ശയ്യാസനങ്ങൾക്ക് യാതൊരു ദ്രോഹവും ആരും ചെയ്യരുത്.'

ഈ വാക്കുകൾ കേട്ടപ്പോൾ കുന്തിഭോജൻ പ്രീതിയോടുകൂടി ആ തപോധനനോടു പറഞ്ഞു: 'അപ്രകാരമാകാം.' ഇപ്രകാരം ഏറ്റതിന്നുശേഷം വീണ്ടും പറഞ്ഞു: മഹാപ്രാജ്ഞാ! എന്റെ കന്യക പൃഥ ശീലഗുണംചേർന്ന സാധ്വിയാണ്. അടക്കമുള്ള ഭാമിനിയാണ്. അവൾ അങ്ങയെ ശുശ്രൂഷിക്കും. യാതൊരു നിന്ദയും കൂടാതെ അവൾ ഭവാനെ പൂജിച്ച് ശുശ്രൂഷിക്കും. അവളുടെ ശീലവൃത്തത്താൽ ഭവാൻ സന്തോഷിക്കും. എന്നു പറഞ്ഞ് ആ ബ്രാഹ്മണനെ വിധിപകാരം പൂജിച്ചു.

പിന്നെ കുന്തിഭോജൻ വിശാലാക്ഷിയായ മകളെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

'ഈ ബ്രാഹ്മണൻ മഹാഭാഗനാണ്. വത്സേ, അദ്ദേഹം നമ്മുടെ ഗൃഹത്തിൽ പാർക്കുവാൻ ഇച്ഛിക്കുകയാണ്. അപ്രകാരമാകാമെന്ന് ഞാൻ അദ്ദേഹത്തോട് ഏല്ക്കുകയുംചെയ്തിരിക്കുന്നു. വത്സേ, നിന്നിൽ ഞാൻ ബ്രാഹ്മണന്റെ ശുശ്രൂഷയും ആശ്വാസവും കാണുന്നു. എന്റെ ആ വാക്ക് നീ അല്പവും മിഥ്യയാക്കരുത്. ഈ തപസ്വിയായ ഭഗവാൻ സ്വാദ്ധ്യായപരനായ ദ്വിജനാണ്; ആ തേജസ്വി എന്തു പറഞ്ഞാലും നീ യാതൊരു മത്സരബുദ്ധിയും കൂടാതെ അനുസരിക്കണം. ബ്രാഹ്മണൻ പരമമായ തേജസ്സാണ്. ബ്രാഹ്മണൻ പരമമായ തപമാണ്. അംബരത്തിൽ സൂര്യൻപോലും ശോഭിക്കുന്നത് ബ്രാഹ്മണാർച്ചനകൊണ്ടാണ്. മാന്യന്മാരെ മാനിക്കാത്തതുമൂലം വാതാപി എന്ന മഹാസുരൻ ബ്രഹ്മദണ്ഡത്താൽ ചത്തുപോയി. അതുപോലെതന്നെ താലജംഘനും മരിച്ചു.

വത്സേ, ഞാൻ ഈ മഹാഭാരം നിന്നിൽ ഏല്പിക്കുന്നു. നീ എപ്പോഴും കൃത്യമായി വിപ്രാരാധന ചെയ്യുക. ബാല്യംമുതൽ എല്ലാ വിപ്രരിലും ഗുരുബന്ധുജനത്തിലും നീ കരുതുന്ന നില എങ്ങനെയുള്ളതാണെന്ന് ഞാൻ അറിയുന്നുണ്ട്. എല്ലാ ഭൃത്യരിലും മിത്രസംബന്ധികളായ അംബാജനങ്ങളിലും എന്നിലും നീ വേണ്ടവിധം എല്ലായിടത്തും വ്യാപിച്ചുനില്ക്കുന്നവളാണ്. നിന്നിൽ പ്രീതിതോന്നാത്ത ഒരാളും ഈ പുരത്തിലും അന്തഃപുരത്തിലും ഇല്ല. ഹേ, അനവദ്യാംഗി, നിന്റെ നല്ല പെരുമാറ്റത്താൽ ഭൃത്യജനങ്ങൾക്ക് നിന്നോട് വളരെ ഇഷ്ടമാണ്. കോപശീലനായ ആ ബ്രാഹ്മണനെ സേവിക്കുവാൻ നിനക്കേ സാധിക്കൂ. അതുകൊണ്ടാണ് ഞാൻ നിന്നെ അയയ്ക്കുന്നത്. പൃഥേ, നീ ബാലയാണ്. എനിക്ക് ബോധ്യപ്പെട്ട മകളാണ്. വൃഷ്ണിവംശത്തിൽ ജനിച്ചവളും ശൂരന്റെ പ്രിയപുത്രിയുമാണ് നീ. നിന്റെ അച്ഛൻ എന്നിൽ പ്രീതിയോടെ പണ്ട് എനിക്കു തന്ന ബാലികയാണു നീ. വസുദേവന്റെ സഹോദരിയാണ്. എന്റെ പുത്രിമാരിൽ മുഖ്യയാണ് നീ. "എനിക്കുണ്ടാകുന്ന ആദ്യത്തെ മകളെ ഞാൻ നിങ്ങൾക്കു തരാം." എന്ന് നിന്റെ അച്ഛൻ എന്നോട് ആദ്യമേ വാഗ്ദാനംചെയ്തിരുന്നു. അങ്ങനെയാണ് നീ എന്റെ മകളായി തീർന്നത്. അങ്ങനെയുള്ള ഒരു കുലത്തിൽ ജനിച്ച് എന്റെ കുലത്തിൽ വളർന്ന നീ ഹ്രദത്തിൽനിന്ന് മറ്റൊരു ഹ്രദത്തിൽ എന്നപോലെ സുഖത്തിൽനിന്ന് സുഖത്തെ പ്രാപിച്ചിരിക്കുന്നു.

ദുഷ്കുലത്തിൽ ജനിച്ചവർ വിശേഷിച്ചും നിയന്ത്രണാധീനരായാൽപ്പോലും ബാല്യത്തിന്റെ തള്ളിച്ചയാൽ മിക്ക വധുക്കളും വികൃതികാട്ടും. പൃഥേ, നിന്റെ ജന്മമാണെങ്കിൽ രാജകുലത്തിൽ! രൂപമാണെങ്കിൽ അത്ഭുതജനകം! ഏതേത് ഗുണമൊക്കെ ഒരു പെൺകിടാവിന്ന് വേണമോ അതൊക്കെ വേണ്ടമാതിരി തികഞ്ഞവളാണ് നീ. അങ്ങനെയുള്ള നീ ഗർവ്വം, ദംഭം, മാനം ഇവയൊക്കെ കൈവിട്ട്, ഹേ, ഭാമിനീ, പൃഥേ, നീ ശ്രേഷ്ഠനായ ദ്വിജനെ സേവിച്ച് ശ്രേയസ്സിനെ പ്രാപിക്കും. അതു തീർച്ചയാണ്. ഇപ്രകാരമായാൽ ഹേ, കല്യാണീ!, നിനക്ക് മംഗളം ഭവിക്കും. ദ്വിജേന്ദ്രനെ കോപിപ്പിച്ചാലോ, എന്റെ കുലം വെന്തുപോവുകയും ചെയ്യും."

digitized by www.sreyas.in

304. കുന്തി ദ്വിജനെ ശുശ്രൂഷിക്കുന്നു – കുന്തി പറഞ്ഞു: "രാജേന്ദ്രാ! പ്രഭോ, ഞാൻ അടങ്ങിനിന്ന് പൂജയാൽ വിപ്രനെ സേവിച്ചുകൊള്ളാം. ഭവാന്റെ പ്രതിജ്ഞപോലെയാകാം. ഞാൻ പാഴിൽ പറയുന്നതല്ല. വിപ്രന്മാരെ പൂജിക്കുക എന്നത് എന്റെ സ്വഭാവമാണ്. അങ്ങയ്ക്ക് ഇഷ്ടം ചെയ്യുകയും വേണം. അത് എനിക്ക് ശ്രേയസ്സാണ്. സന്ധ്യയ്ക്കായാലും, പുലർകാലത്തായാലും, രാത്രിയായാലും, അർദ്ധരാത്രിയായാലും, എപ്പോൾ വന്നാലും ഭവാന് എന്റെനേരെ കോപം ഉണ്ടാവുകയില്ല. അപ്രകാരം ഞാൻ പരിചരിക്കാം. ഹേ, രാജേന്ദ്രാ! വിപ്രരെ അർച്ചിച്ചുംകൊണ്ട് ഭവാന്റെ കല്പന നടത്തി ഹിതംചെയ്ത് ജീവിക്കുന്നതിൽപ്പരം ലാഭം വേറെ എനിക്കില്ല. നരോത്തമാ! ഭവാൻ വിശ്വസിച്ചാലും. ഈ ഗൃഹത്തിൽ വാഴുന്ന ദ്വിജോത്തമൻ വിപ്രിയത്തെ ഏല്ക്കുകയില്ല. ഞാൻ സത്യമാണു പറയുന്നത്. ഈ ബ്രാഹ്മണന് ഇഷ്ടമെന്താണ്, ഹിതമെന്താണ്? അതേവിധം ഞാൻ ചെയ്തുകൊള്ളാം. ഭവാൻ ഹൃദയവ്യഥ വിടുക. മഹാന്മാരായ ബ്രാഹ്മണർ പൂജ ചെയ്യുന്നവരെ കരകേറ്റുവാൻ പോരുന്നവരാണ്. മറിച്ചായാൽ അവർ നശിപ്പിക്കുകയും ചെയ്യും. ഈ പരമാർത്ഥം അറിഞ്ഞുകൊണ്ടുതന്നെ ഞാൻ ദ്വിജേന്ദ്രനെ ആരാധിക്കാം. ഞാൻമൂലം ദ്വിജമുഖ്യനിൽനിന്ന് യാതൊരു ദുഃഖവും ഭവാന് ഉണ്ടാവുകയില്ല. പണ്ട് സുകന്യ ചെയ്ത തെറ്റിനാൽ ച്യവനനിൽനിന്ന് സുകന്യയുടെ പിതാവായ ആ രാജാവിന്ന് ആപത്തുണ്ടായത് ഞാൻ ഓർക്കുന്നുണ്ട്. ഞാൻ ഏറ്റവും നിയമത്തോടുകൂടിത്തന്നെ ഭവാൻ ഏറ്റുപറഞ്ഞപോലെ ആ ദ്വിജേന്ദ്രനെ ഉപാസിക്കാം."

ഇപ്രകാരം പറയുന്ന അവളെ വീണ്ടും വീണ്ടും തഴുകി, പ്രശംസിച്ച്, ചെയ്യേണ്ടതൊക്കെ ഉപദേശിച്ച് ഏല്പിച്ചു.

രാജാവു പറഞ്ഞു: "പറഞ്ഞവിധമൊക്കെ നീ ചെയ്യണം. അതിൽ യാതൊരു വ്യത്യാസവും ഉണ്ടാകരുത്. അതുകൊണ്ട് എന്റെ നന്മയ്ക്കും, ഗതിക്കും, കുലത്തിന്റെ ഗുണത്തിനും അത് ആവശ്യമാണ്."

എന്ന് കന്യകയോടു പറഞ്ഞേല്പിച്ച് കീർത്തിമാനായ കുന്തിഭോജൻ വിപ്രശ്രേഷ്ഠന്ന് ശുശ്രൂഷയ്ക്കായി പൃഥയെ നല്കി ഇപ്രകാരം പറഞ്ഞു: "ഹേ ബ്രാഹ്മണശ്രേഷ്ഠാ, ഇവൾ എന്റെ മകളാണ്. സുഖത്തോടെ പോറ്റിവളർത്തിയവളാണ്. അവൾ വല്ലതും തെറ്റു ചെയ്തുപോയാൽ പൊറുക്കണം. മഹാഭാഗാ, തപസ്വികളും ശിശുക്കളും വൃദ്ധരും തെറ്റുചെയ്താൽപ്പോലും അവരിൽ ദ്വിജന്മാർ ഒരിക്കലും കോപിക്കാറില്ല. വലിയ തെറ്റു ചെയ്താലും ബ്രാഹ്മണർ ക്ഷമിക്കും. യഥാശക്തി യഥോത്സാഹം ഇവൾ ചെയ്യുന്ന പൂജയെ ദ്വിജോത്തമാ! ഭവാൻ കൈക്കൊണ്ടാലും!"

"അങ്ങനെയാകട്ടെ" എന്ന് ആ ദ്വിജൻ പറഞ്ഞപ്പോൾ രാജാവ് സമാശ്വസിച്ച് തെളിഞ്ഞു. ഹംസത്തിന്റെ തൂവൽപോലെയും, വെൺനിലാവുപോലെയും ശുഭ്രമായ ഒരു ഗൃഹം അവന്നായി നല്കി. അതിൽ അഗ്നിഗൃഹത്തിലായി അവന്ന് വരാസനവും നല്കി. അങ്ങനെ എല്ലാവിധം ആഹാരാദികളും നല്കി. മടിയും അഭിമാനവുമൊക്കെ ആ രാജപുത്രി ഉപേക്ഷിച്ച് ബ്രാഹ്മണാരാധനത്തിന്നായി നല്ലപോലെ യത്നിച്ചുപോന്നു. ബ്രാഹ്മണന്റെ സമീപത്തെത്തി, ശുചിയായി സതിയായ പൃഥ, വിധിപോലെ ആ പൂജ്യനെ ദേവനെയെന്നപോലെ സന്തോഷിപ്പിച്ചു.

305. കുന്തി മന്ത്രം ഗ്രഹിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "മഹാരാജാവേ, ആ കന്യക സംശിതവ്രതയായി, സംശിതവ്രതനായ ആ വിപ്രനെ ശുദ്ധമായ മനസ്സിനാൽ സന്തോഷിപ്പിച്ചു. 'പുലർച്ചയ്ക്കു വരാം' എന്നു പറഞ്ഞ് ഒരിക്കൽ പോയ ദ്വിജസത്തമൻ പിന്നെയെത്തുന്നത് സന്ധ്യയ്ക്കോ, രാത്രിയിലോ ആയിരിക്കും. അവനെ എല്ലാ സമയത്തും ഭക്ഷ്യഭോജ്യങ്ങൾകൊണ്ടും, ആലയശുദ്ധീകരണംകൊണ്ടും മറ്റും നിത്യവും പ്രീതി വർദ്ധിക്കുന്നവിധം ആ കുമാരി പൂജിച്ചു. അന്നാദികളായ ഉപചാരങ്ങൾ, ശയ്യാസനാദികൾ എന്നിവയെല്ലാം ഒരുക്കിക്കൊടുത്തു. ഒന്നിലും കുറവില്ലാതെ ശുശ്രൂഷിച്ചു. ശകാരിക്കുകയും, കുറ്റം പറയുകയും, അപ്രിയം പറയുകയും ചെയ്യും. എന്നാലും ആ ബ്രാഹ്മണന് കുന്തി യാതൊരു അപ്രിയവും ചെയ്തില്ല. പലപ്പോഴും കാലംതെറ്റി എത്തും. ചിലപ്പോൾ എത്തുകതന്നെയില്ല. കിട്ടാനും തയ്യാറാക്കാനും വിഷമമുള്ള ഭക്ഷണസാധനങ്ങൾ ആവശ്യപ്പെടും. എല്ലാം തയ്യാറാക്കിച്ചെന്ന്, എല്ലാം തയ്യാറായി എന്ന് ഉണർത്തിക്കും. ശിഷ്യയെപ്പോലെയും, പുത്രിയെപ്പോലേയും, സഹോദരിയെപ്പോലെയും നിയമത്തോടുകൂടി ഇഷ്ടപ്രകാരംതന്നെ ആ ദ്വിജപ്രവരനിൽ അവൾ പ്രീതി വളർത്തി. യാതൊരു നിന്ദ്യത്വവും ആ കന്യകാമണിയിൽ കണ്ടില്ല. അവളുടെ സ്വഭാവഗുണത്തിൽ ആ ബ്രാഹ്മണശ്രേഷ്ഠൻ സന്തോഷിച്ചു. അവളുടെ അവധാനത്തിൽ പിന്നെയും യത്നിച്ചുകൊണ്ടിരുന്നു.

അവളോട് അച്ഛൻ സന്ധ്യയ്ക്കും പുലർകാലത്തും വന്ന് ചോദിക്കും. 'നിന്റെ ശുശ്രൂഷയിൽ ബ്രാഹ്മണൻ പ്രീതനാണോ? അദ്ദേഹം സന്തോഷിക്കുന്നുണ്ടോ?'- 'ഉവ്വ്' എന്ന് അച്ഛനോട് അവൾ മറുപടി പറയും. യശസ്വിനിയായ മകളുടെ ശുശ്രൂഷാനൈപുണ്യത്തിൽ മഹാശയനായ കുന്തിഭോജൻ പ്രീതനായി.

അങ്ങനെ ഒരു സംവത്സരം തികഞ്ഞു. അതിന്നിടയ്ക്ക് യാതൊരു തെറ്റും കുന്തിയിൽ ആ ബ്രാഹ്മണശ്രേഷ്ഠൻ കണ്ടില്ല. ആ ഭൂസുരൻ പ്രീതനായി അവളോട് പറഞ്ഞു.

ബ്രാഹ്മണൻ പറഞ്ഞു: "ഭദ്രേ, കുന്തീ, ഞാൻ നിന്റെ ശുശ്രൂഷയിൽ പ്രസാദിച്ചിരിക്കുന്നു. ഹേ! കല്യാണീ! മനുഷ്യർക്ക് സാധിക്കാത്ത മഹത്തായ വരം നീ എന്നിൽനിന്ന് നേടിക്കൊള്ളുക. ആ വരത്താൽ നീ എല്ലാ നാരികളേയും കീർത്തികൊണ്ട് ജയിക്കും."

കുന്തി പറഞ്ഞു: "ഹേ, ദ്വിജസത്തമാ!, ഭവാനും, പിതാവും എന്നിൽ പ്രീതരായിത്തീർന്നതുതന്നെ എനിക്ക് വലിയ ഒരു വരമാണ്. അതുകൊണ്ടുതന്നെ എല്ലാം സിദ്ധിച്ചിരിക്കുന്നു! വേറെ വരങ്ങളൊന്നും എനിക്ക് വേണ്ടതായി തോന്നുന്നില്ല."

ബ്രാഹ്മണൻ പറഞ്ഞു: "എന്നിൽനിന്ന് നിനക്ക് വരമൊന്നും വേണ്ടെങ്കിൽ ഹേ, ശുചിസ്മിതേ, ഭദ്രേ, ദേവന്മാരെ നിന്റെ മുമ്പിൽ വരുത്താനുള്ള ഒരു മന്ത്രം ഞാൻ ഉപദേശിച്ചുതരാം. നീ ഈ മന്ത്രംചൊല്ലി ഏതേത് ദേവനെ വിളിക്കുന്നുവോ അതാത് ദേവൻ നിന്റെ പാട്ടിലായി വരും. അവൻ കാമമില്ലാത്തവനായാലും കാമമുള്ളവനായാലും ശരി അവൻ നിന്റെ ചൊല്പടിയിൽ വരുന്നതാണ്. ഗൃഹത്തിലെ അഗ്നിപോലെ എത്ര ഉജ്ജ്വലനായാലും അവൻ നിന്റെ അധീനത്തിൽ മന്ത്രശക്തിമൂലം ശാന്തനായി ഭവിക്കും."

വൈശമ്പായനൻ പറഞ്ഞു: "രണ്ടാമതായിപ്പറഞ്ഞ ഈ മന്ത്രകാര്യം വേണ്ടെന്ന് പറയുവാനുള്ള ധൈര്യം കുന്തിക്കുണ്ടായില്ല. അദ്ദേഹം ശപിച്ചാലോ എന്നു കുന്തി ഭയപ്പെട്ടു. ആ മന്ത്രം അനവദ്യാംഗിയായ കുന്തിയെ ദ്വിജൻ ഗ്രഹിപ്പിച്ചു. അഥർവ്വോപനിഷത്തിലുള്ള ആ മന്ത്രം ഗ്രഹിപ്പിച്ചതിന്നുശേഷം ആ ദ്വിജൻ കുന്തിഭോജനോട് പറഞ്ഞു. 'ഹേ, മഹീപാലാ! എനിക്ക് സുഖമായി. ഭവാന്റെ കന്യക ശുശ്രൂഷകൊണ്ട് എന്നെ സന്തോഷിപ്പിച്ചു. ഭവാന്റെ ഗൃഹത്തിൽ വിധിപോലെ ഞാൻ നിത്യവും പൂജ കൈക്കൊണ്ടു. ഇപ്പോൾ ഞാൻ പോകട്ടെ!'

"ഇപ്രകാരം പറഞ്ഞ് ആ ബ്രാഹ്മണൻ അവിടെത്തന്നെ മറഞ്ഞു. ആ രാജാവ്, ആ ദ്വിജപ്രവരൻ അവിടെത്തന്നെ മറയുന്നതായിക്കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. തന്റെ മകളായ കുന്തിയെ ബഹുമാനിക്കുകയും ചെയ്തു."

306. സൂര്യാഹ്വാനം – വൈശമ്പായനൻ പറഞ്ഞു: "ആ ദ്വിജേന്ദ്രൻ പോയതിന്നുശേഷം ഒരു സംഭവഗതി കാരണം ആ കന്യക മന്ത്രത്തിന്റെ ബലാബലം ഒന്ന് ചിന്തിച്ചു നോക്കി.

'ആ മഹാത്മാവ് എനിക്കു തന്ന മന്ത്രത്തിന്റെ ശക്തി ഏതുവിധത്തിലായിരിക്കും? അതൊന്ന് ഉടനെ കണ്ട് അറിയേണമേ!' എന്നു ചിന്തിച്ചസമയത്ത് അവൾ യദൃച്ഛയാ ആർത്തവത്തെ

digitized by www.sreyas.in

കണ്ടു. കന്യ തീണ്ടാരിയായപ്പോൾ ലജ്ജിച്ചു. പിന്നെ വെണ്മാടത്തിൽ നല്ല മെത്തയിൽ കിടക്കുമ്പോൾ, കിഴക്കുദിച്ചുപൊങ്ങുന്ന സൂര്യമണ്ഡലത്തിൽ ആ സുമദ്ധ്യമ കണ്ണും കരളും വെച്ചു. ആ സന്ധ്യാസൂര്യരൂപത്തിനാൽ അവൾക്ക് സന്താപമുണ്ടായില്ല. അവൾക്ക് അപ്പോൾ ഒരു ദിവ്യദൃഷ്ടിയുണ്ടായി. ചട്ടയിട്ടും, കുണ്ഡലങ്ങളണിഞ്ഞും ശോഭിക്കുന്ന ദിവ്യസ്വരൂപനായ സൂര്യദേവനെ അവൾ ദിവ്യദൃഷ്ടികൊണ്ട് ദർശിച്ചു. അവൾക്ക് അപ്പോൾ മന്ത്രത്തെക്കുറിച്ച് ഒരു കൗതൂഹലമുണ്ടായി. ആ ദേവനെ ആ ഭാമിനി ഉടനെ ആഹ്വാനംചെയ്തു. പ്രാണായാമം ചെയ്തു സൂര്യനെ ആഹ്വാനംചെയ്ത ഉടനെ മന്ത്രപ്രഭാവത്താൽ ആ ദേവൻ, ദിവാകരൻ, ക്ഷണത്തിൽ അവളുടെ മുമ്പിൽ അണഞ്ഞു. മധുവർണ്ണനും, മഹാബാഹുവും, കംബുകണ്ഠനുമായ ദിവാകരൻ, കിരീടവും തോൾവളയും ധരിച്ച് മന്ദസ്മിതത്തോടുകൂടി ചുറ്റും ശോഭ പരത്തിക്കൊണ്ട്, യോഗശക്തികൊണ്ട് തന്റെ ശരീരം രണ്ടാക്കി, ഒന്നുകൊണ്ട് കുന്തിയുടെ സമീപത്ത് എത്തുകയും, മറ്റേ ഉടൽ കൊണ്ട് ലോകത്തെ തപിപ്പിക്കുകയുംചെയ്തുനിന്നു.

കുന്തിയുടെ സമീപത്തെത്തി സൂര്യദേവൻ ഇപ്രകാരം സാമത്തോടുകൂടി ഭംഗിയായി പറഞ്ഞു.

സൂര്യൻ പറഞ്ഞു: "ഭദ്രേ, ഞാൻ മന്ത്രശക്തികൊണ്ട് നിന്റെ അധീനത്തിൽ വന്നിരിക്കുന്നു. ഭവതിക്ക് അധീനനായ ഞാൻ ഇനി എന്താണു വേണ്ടത്? രാജ്ഞീ, പറഞ്ഞാലും. ഞാൻ അനുസരിക്കുവാൻ സന്നദ്ധനാണ്."

കുന്തി പറഞ്ഞു: "ഭഗവാനേ, അങ്ങ് വന്നവഴിക്കുതന്നെ പോയാലും! മന്ത്രകൗതുകംമൂലം ഞാൻ വിളിച്ചതാണ്. ഞാൻ ചെയ്ത തെറ്റിൽ ഭവാൻ ക്ഷമിക്കണേ! പ്രസാദിക്കണേ!"

സൂര്യൻ പറഞ്ഞു: "ഹേ, സുമദ്ധ്യമേ, നീ പറഞ്ഞവിധം ഞാൻ പൊയ്ക്കൊള്ളാം. എന്നാൽ ഒരു കാര്യം പറയാം. ആഹ്വാനംചെയ്തു വരുത്തിയതിന്നുശേഷം ദേവനെ വെറുതെവിട്ടയയ്ക്കുന്നത് ശരിയല്ല. സുഭഗേ, സൂര്യനിൽനിന്ന് പുത്രൻ ജനിക്കുവാനുള്ള യോഗം നിനക്കു വന്നുചേർന്നിരിക്കുന്നു. വീര്യം കൊണ്ട് എതിരില്ലാത്തവനും, പോർച്ചട്ടയും, കുണ്ഡലവും കൊണ്ട് അലംകൃതനുമായിരിക്കും ആ പുത്രൻ. അല്ലയോ ഗജഗാമിനീ, നീ എനിക്ക് ആത്മദാനം ചെയ്യുക. നീ സങ്കല്പിക്കുന്ന വിധത്തിലുള്ള പുത്രൻ നിനക്കുണ്ടാകും. ഹേ, സുസ്മിതേ! നീയുമായി ചേർന്നതിന്നുശേഷം ഞാൻ പൊയ്ക്കൊള്ളാം. ഈ പറഞ്ഞതാണ് എനിക്കിഷ്ടം. അതു നീ അനുസരിക്കുന്നില്ലെങ്കിൽ ഞാൻ ക്രോധിച്ച് ശപിക്കും. നിന്നെ മാത്രമല്ല നിന്റെ അച്ഛനേയും, വിപ്രനേയും ശപിക്കും. നീ കാരണം അവരെയൊക്കെ ദഹിപ്പിക്കും; സംശയമില്ല. നിന്റെ ദുർന്നയം ധരിക്കാത്തവനായ മൂഢനായ നിന്റെ അച്ഛനേയും, നിനക്കു മന്ത്രം ഉപദേശിച്ചുതന്ന ആ വിപ്രനേയും ശീലവൃത്തങ്ങൾ മനസ്സിലാക്കാഞ്ഞ തെറ്റിന്ന് തക്കതായി ശിക്ഷിക്കുന്നതാണ്. അവരെ പഠിപ്പിക്കാതെ വിടുകയില്ല. വാനിൽ ഇന്ദ്രൻ മുതലായ സർവ്വ ദേവന്മാരും നീ എന്നെ പറ്റിച്ച പണിനോക്കി ഹേ, ഭാമിനീ ചിരിക്കുന്നുണ്ട്! ഞാൻ ദിവ്യചക്ഷുസ്സ് മുമ്പെതന്നെ നിനക്കു തന്നില്ലേ? അതുകൊണ്ടാണല്ലോ നീ എന്നെ കണ്ടത്. നീ ആ ദേവകളേയും ഒന്നു നോക്കൂ! എങ്ങനെ? കണ്ടില്ലേ?"

വൈശമ്പായനൻ പറഞ്ഞു: "സൂര്യദേവന്റെ വാക്കുകേട്ട് രാജപുത്രി വാനിലേക്കു നോക്കി. അപ്പോൾ അവിടെ സർവ്വ ദേവന്മാരും അവരവരുടെ സ്ഥാനത്ത് പ്രകാശമാനനായ സൂര്യദേവനെപ്പോലെതന്നെ മഹാതേജസ്സോടും, മഹാപ്രഭാവത്തോടും സ്ഥിതിചെയ്യുന്നതായി ആ കന്യക ദർശിച്ചു. ആ ബാലിക അവരെക്കണ്ട് നാണിച്ചും, പേടിച്ചും ആദിത്യദേവനോട് പറഞ്ഞു."

കുന്തി പറഞ്ഞു: "അല്ലയോ ഗോപതേ, ഭവാൻ സ്വന്തം വിമാനത്തിൽക്കയറി ഉടനെ പോയാലും, ഞാൻ കന്യകയാണ്. ഭവാന്റെ മുമ്പിൽ ഏകാന്തതയിൽ ഇങ്ങനെ നില്ക്കുന്നതു തെറ്റാണ്! അതിൽനിന്ന് എനിക്കു ദുഃഖമാണ് ഫലം! കന്യകയുടെ ദേഹം ദാനം ചെയ്യുവാനുള്ള അധികാരം മാതാപിതാക്കന്മാർക്കും, ഗുരുജനങ്ങൾക്കുമാണ്. ലോകാചാരത്തെ ഞാൻ തെറ്റിക്കുകയില്ല! സ്ത്രീകളുടെ ദേഹരക്ഷ മുഴുവൻ അവരുടെ വൃത്തഗുണത്തിലാണ് സ്ഥിതിചെയ്യുന്നത്. ബാല്യത്വംകൊണ്ട്, മന്ത്രബലം കാണുവാനുള്ള കൗതുകംകൊണ്ട്, ഞാൻ ഭവാനെ ആഹ്വാനംചെയ്തുപോയി! ബാലയാണെന്നു ചിന്തിച്ച് മഹാഭാഗനായ ഭവാൻ പൊറുക്കണേ!"

സൂര്യൻ പറഞ്ഞു: "എടോ, കുന്തീ, നീ ബാലയാണെന്നു കരുതിത്തന്നെയാണ് ഞാൻ ഇത്രയൊക്കെ അനുനയം ചെയ്യുന്നത്. മറ്റാർക്കും എന്നിൽനിന്ന് ഇത്രയും നീതിലഭിക്കയില്ല. ഹേ, ഭീരു, നീ കന്യകയാണെങ്കിലും എനിക്ക് ആത്മദാനം ചെയ്യുവാൻ നീ ഭയപ്പെടേണ്ട. ഭവതിക്കു ശാന്തി ഭവിക്കും. ഭവതി എന്നെ മന്ത്രത്താൽ വിളിച്ചുവരുത്തിയ നിലയ്ക്ക് എനിക്കു വെറുതെ മടങ്ങിപ്പോകുവാനും വയ്യ. അങ്ങനെ തിരിച്ചുപോയാൽ ഞാൻ ലോകത്തിൽ പരിഹാസ്യനായി ഭവിക്കും. ദേവന്മാർക്കൊക്കെ കുറ്റം പറയുവാൻ ഒരു വസ്തുവായിത്തീരും. അതുകൊണ്ട് എന്നെ വിളിച്ചുവരുത്തിയ അനവദ്യാംഗിയായ ഭവതി എന്നോടു ചേരുക. അതിൽനിന്നും നിനക്ക് എന്നോടു തുല്യനായ പുത്രനെ ലഭിക്കുകയും ചെയ്യും. ഭവതി ലോകത്തിൽ വിശിഷ്ടയായിത്തീരും. അതിൽ യാതൊരു സംശയവുമില്ല."

307. സൂര്യ കുന്തീസമാഗമം – വൈശമ്പായനൻ പറഞ്ഞു: "ആ കന്യക പലതും ഭംഗിയിൽ പറഞ്ഞെങ്കിലും, സൂര്യന്ന് അനുനയം ചെയ്യുവാൻ ആ മനസ്വിനി ശക്തയായില്ല. സൂര്യദേവനെ മടക്കിഅയയ്ക്കുവാൻ ആകാഞ്ഞതുകൊണ്ട് ആ ബാലിക ശാപം പേടിച്ച് ദീർഘസമയം ധ്യാനിച്ചു. നിരപരാധിയായ അച്ഛന്ന് ശാപം! അങ്ങനെതന്നെ വിപ്രന്നും പറ്റും. ക്രുദ്ധനായ ഭാനുവിൽനിന്ന് ഇത് എങ്ങനെ ഏല്ക്കാതാകും? ബാലനായാലും തേജസ്സും തപസ്സുമുള്ളവർ പാപം ഹരിക്കുന്നവരായാലും സൂക്ഷിച്ചുവേണം അവരോടടുത്തു പെരുമാറുവാൻ. ഒഴിഞ്ഞുമാറേണ്ടവരാണ്. ആ ഞാൻ ഇപ്പോൾ ഭയപ്പെട്ടിരിക്കുന്നു. അദ്ദേഹം കൈയിന്മേൽ പിടികൂടി നില്ക്കുമ്പോൾ എങ്ങനെ ഞാൻ ചെയ്യാൻ പാടില്ലാത്ത ആത്മദാനം ചെയ്യും?"

ഇപ്രകാരം ശാപത്തെ ഭയന്ന് അവൾ പലതും ചിന്തിച്ചു. എന്നാൽ ആ തേജോരൂപത്തെ പ്രാപിക്കുന്നതിനുള്ള മോഹം ഉള്ളിൽക്കടന്ന് വീണ്ടും അവൾ പുഞ്ചിരിതൂകി. ആ ദേവനോട് ഹേ, നൃപോത്തമാ! അവൾ നാണിച്ചുഴന്നും, ശാപത്തെ ഭയപ്പെട്ടും ഇപ്രകാരം പറഞ്ഞു.

കുന്തി പറഞ്ഞു: "എന്റെ അച്ഛനും, അമ്മയും, ബന്ധുജനങ്ങളും ജീവിച്ചിരിക്കുന്നു. അവർ ജീവിച്ചിരിക്കുമ്പോൾ ഈ കർമ്മം വിധിലോപമാണ്. ഭവാനുമായി സംഗം ചെയ്യുന്നത് വിധിവർജ്ജിതമാണെങ്കിൽ, ഞാൻ കാരണമായി ഈ കുലത്തിന്റെ കീർത്തി നശിക്കും. അതല്ല, ഇതും ധർമ്മമാണെന്നു ഭവാൻ കാണുന്നുണ്ടെങ്കിൽ ബന്ധുക്കൾ ദാനം ചെയ്യാതെതന്നെ ഭവാന്റെ ആഗ്രഹം ഞാൻ സാധിപ്പിക്കാം. ഹേ, ദുർദ്ധർഷാ! ഞാൻ ആത്മദാനം ചെയ്താലും ഞാൻ സതിയാകണം. നിന്നിലാണല്ലോ ദേഹികൾക്ക് ധർമ്മവും, ആയുസ്സും, കീർത്തിയും, കേൾവികളുമെല്ലാം സ്ഥിതിചെയ്യുന്നത്."

സൂര്യൻ പറഞ്ഞു: "എടോ, ശുചിസ്മിതേ, നിന്റെ അച്ഛനും, അമ്മയും, ഗുരുജനങ്ങളും സ്വതന്ത്രരല്ല. സുഭഗേ, ഭദ്രമായ എന്റെ വാക്ക് നീ കേൾക്കുക. അല്ലയോ സുശ്രോണീ, എല്ലാം കാമിക്കുക എന്ന 'കാമി' ധാതുവിൽനിന്നാണു കന്യകയ്ക്ക് സ്വാതന്ത്ര്യം ഉണ്ടായത്. (എല്ലാവരേയും കാമിക്കുക എന്നർത്ഥമുള്ള 'കാമി' ധാതുവിൽനിന്നാണ് കന്യാശബ്ദത്തിന്റെ ഉല്പത്തിയെന്നും, അതുകൊണ്ട് കന്യകയ്ക്ക് ഈ വക കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടെന്നുമാണ് ഇതിന്റെ സാരം.) നീ പറയുന്നത് ലോകസ്വഭാവമാണ്. എന്നാൽ യുവഹൃദയങ്ങളുടെ വികാരം അതല്ല, മറ്റേതാണുതാനും (വിവാഹാദിബന്ധങ്ങളാണ് കൃത്രിമമായിട്ടുള്ളതെന്നും സ്ത്രീപുരുഷന്മാരുടെ സ്വാതന്ത്ര്യമാണ് പ്രകൃതിസിദ്ധവും, സ്വാഭാവികവും, അകൃത്രിമവും എന്ന് സ്ഥാപിക്കുന്നു.)

digitized by www.sreyas.in

അങ്ങനെയുള്ള നീ എന്നോട് ചേർന്നതിന്നുശേഷം വീണ്ടും കന്യകയായിത്തന്നെ ഭവിക്കും! നിനക്ക് മഹാബാഹുവും, കീർത്തിമാനുമായ പുത്രനുണ്ടാകും.''

കുന്തി പറഞ്ഞു: ''എനിക്കു ഭവാനിൽനിന്ന് കുണ്ഡലവും, ചട്ടയും ധരിച്ച ശൂരനും, മഹാബലനുമായ പുത്രൻ ഉണ്ടാകുമെങ്കിൽ—!''

സൂര്യൻ പറഞ്ഞു: ''പിന്നെ! ഉണ്ടാകും! മഹാഭുജനും, ദിവ്യവർമ്മകുണ്ഡലമണ്ഡിതനുമായിരിക്കും. അവന്ന് അതു രണ്ടും പീയൂഷമയമായിരിക്കും.''

കുന്തി പറഞ്ഞു: ''ഭവാൻ എന്നിൽ ഉളവാക്കുന്ന എന്റെ പുത്രന്ന് കേവലം അമൃതോത്ഭവമായ വർമ്മകുണ്ഡലങ്ങൾ ഉണ്ടാകുമെങ്കിൽ ഭഗവാൻ പറഞ്ഞവിധം ഞാനുമായുള്ള സംഗമം ദേവസമ്മതംതന്നെ. ഭവാന്റെ രൂപവും, വീര്യവും സത്വവും, ഓജസ്സും ചേർന്ന അവൻ ധാർമ്മികനാകണം.''

സൂര്യൻ പറഞ്ഞു: ''കുണ്ഡലം മത്തകാശിനിയായ അദിതി എനിക്കു തന്നതാണ്. ഹേ, ഭീരു! രാജ്ഞീ, അച്ച് ഞാൻ അവനു നല്കാം. മുഖ്യമായ ഈ ചട്ടയും നല്കാം.''

കുന്തി പറഞ്ഞു: ''ഭഗവാനേ, ഭവാൻ പറഞ്ഞവിധം പുത്രൻ എനിക്കുണ്ടാകുമെങ്കിൽ! ഭവാനുമായുള്ള സംഗമം എനിക്ക് സമ്മതമാണ്.''

വൈശമ്പായനൻ പറഞ്ഞു: ''കുന്തി സമ്മതിച്ച ഉടനെ യോഗാത്മാവും ആകാശചാരിയുമായ സൂര്യദേവൻ ആ കന്യകയുടെ നാഭിയിൽ സ്പർശിച്ചു. സൂര്യതേജസ്സാൽ ആ കന്യക വിഹ്വലയായി. സ്വബോധം വിട്ടതുപോലെ അവൾ മെത്തയിൽ വീണു.''

സൂര്യൻ പറഞ്ഞു: ''എടോ സുശ്രോണീ, ഇനി ഞാൻ പോകട്ടെ! എല്ലാ ശസ്ത്രധാരികളിലുംവെച്ച് ശ്രേഷ്ഠനായ പുത്രൻ ഭവതിക്കുണ്ടാകും. ഭവതി പിന്നെ കന്യകയായി ഭവിക്കുകയും ചെയ്യും.''

വൈശമ്പായനൻ പറഞ്ഞു: ''അല്ലയോ രാജേന്ദ്ര, ആ ബാല അപ്പോൾ നാണിച്ചുനിന്ന് തേജോനാഥനായ സൂര്യദേവന്റെ യാത്രയിൽ 'ആവട്ടെ'യെന്നു വന്ദനം പറഞ്ഞു.

ഇപ്രകാരം പറഞ്ഞ് ആ രാജപുത്രി ലജ്ജയോടുകൂടി സൂര്യഭഗവാനോടഭ്യർത്ഥിച്ചുകൊണ്ട്, സൂര്യസ്പർശത്താൽ പുണ്യമായ ആ മെത്തയിൽ ചെന്നു വീണു മോഹംപൂണ്ട് ആടുന്ന ലതപോലെ വാടിത്തളർന്ന് അവിടെ കിടന്നു. സൂര്യദേവൻ സ്വന്തം തേജസ്സുകൊണ്ട് മോഹിപ്പിച്ച് യോഗബലത്താലാണ് കുന്തിയിൽ പ്രവേശിച്ചത്. തനിക്ക് അധീനയായ ആ കന്യകയെ ഭാനുമാൻ ദുഷിപ്പിച്ചില്ല. വീണ്ടും കൃശാംഗിയായ കുന്തി മോഹംതീർന്ന് ഉണർന്നെഴുന്നേറ്റു.''

308. കർണ്ണപരിത്യാഗം – വൈശമ്പായനൻ പറഞ്ഞു: ''ഉടനെ പൃഥയ്ക്ക് വെളുത്തപക്ഷത്തിലെ ഏകാദശിയിൽ ആകാശത്ത് ചന്ദ്രനെന്നപോലെ, ഗർഭമുണ്ടായി. ആ ബാല ബന്ധുജനങ്ങളെ ഭയപ്പെട്ട് ഗർഭത്തെ മൂടിവെച്ചു. ആരെയും അറിയിക്കാതെ അവൾ ദിവസങ്ങൾ കഴിച്ചു. അവളുടെ വിശ്വസ്തയായ ഒരു ധാത്രിയല്ലാതെ അന്യസ്ത്രീകളാരും അറിഞ്ഞില്ല. രക്ഷാസാമർത്ഥ്യത്തോടെ അന്തഃപുരത്തിൽ അവൾ വാണു. കാലം വന്നപ്പോൾ അവൾ ദേവാഭനായ പുത്രനെ പ്രസവിച്ചു. ആ ദേവന്റെ പ്രസാദത്താൽ അവൾ വീണ്ടും കന്യകതന്നെയായി. പറഞ്ഞപോലെതന്നെ ആ കുട്ടി ചട്ടയിട്ട്, കുണ്ഡലങ്ങളണിഞ്ഞ്, സിംഹാക്ഷനായി, വൃഷസ്കന്ധനായി അച്ഛന്റെ രൂപത്തോടു തുല്യനായിത്തന്നെ ശോഭിച്ചു.

പിറന്ന ഉടനെ ആ ഗർഭത്തെ ആ ഭാമിനി തന്റെ ധാത്രിയോടുകൂടി നല്ല വിരിപ്പു വിരിച്ച് കിടക്കാൻ സുഖമുള്ളവിധം പറ്റിയതും നല്ല അടപ്പുള്ളതുമായ ഒരു പെട്ടിയിലാക്കി, അരക്കിട്ടു മിനുപ്പിച്ച്, അശ്വനദീതീരത്തു പോയി, മറ്റാരും അറിയാതെ, കരഞ്ഞുകൊണ്ട് ഒഴുക്കിവിട്ടു. കന്യക ഗർഭംധരിച്ചത് അറിയരുതെന്നു വിചാരിച്ച് അവൾ അങ്ങനെ ചെയ്തു. എന്നാൽ പുത്രസ്നേഹാർത്തയായി രാജാവേ, കരുണമായി കരഞ്ഞു.

ആ പെട്ടി അശ്വനദിയിൽ ഒഴുക്കിവിട്ടപ്പോൾ കരഞ്ഞുകൊണ്ട് കുന്തി എന്തൊക്കെയാണു പറഞ്ഞതെന്ന് രാജാവേ, ഭവാൻ കേൾക്കുക.''

കുന്തി പറഞ്ഞു: ''ആകാശത്തും ഭൂമിയിലും സ്വർഗ്ഗത്തിലും ജലത്തിലും ഉള്ള എല്ലാ ഭൂതങ്ങളും പുത്രാ! നിനക്കു സ്വസ്തി നല്കട്ടെ! നിനക്ക് വഴിയിലെങ്ങും ശുഭം ഭവിക്കട്ടെ! വൈരികൾ നേരിടാതിരിക്കട്ടെ! അഥവാ വല്ലവരും വന്നാലും അവർ നിന്നിൽ ദ്രോഹം ഏല്പിക്കാത്തവരാകട്ടെ! നിന്നെ ജലത്തിൽ ജലേശ്വരനായ വരുണരാജാവ് രക്ഷിക്കട്ടെ! അന്തരീക്ഷത്തിൽ അന്തരീക്ഷചരനായി സർവ്വത്ര വ്യാപിച്ചിരിക്കുന്ന വായുവും രക്ഷിക്കട്ടെ! നിന്റെ അച്ഛനും താപസോത്തമനുമായ തപനൻ, നിന്നെ ദിവ്യവിധിയാൽ എനിക്കു നല്കിയ ദേവൻ, എല്ലായിടത്തും കാക്കട്ടെ! ആദിത്യവസുരുദ്രന്മാരും വിശ്വദേവകളും സാദ്ധ്യരും ഇന്ദ്രനോടു ചേർന്ന മരുത്തുക്കളും ദിക്പാലകന്മാരോടുകൂടിയ ദിക്കുകളും എല്ലാ ദേവന്മാരും നിന്നെ സമത്തിലും വിഷമത്തിലും രക്ഷിക്കുമാറാകട്ടെ! ദേശംവിട്ടു പോയാലും ഞാൻ നിന്നെ നിന്റെ കവചത്താൽ അറിഞ്ഞേക്കാം. അല്ലയോ പുത്രാ! നിന്റെ അച്ഛനും ദേവനും ഭാനുവുമായ വിഭാവസു ധന്യൻതന്നെയാണ്. അദ്ദേഹം നിന്നെ എപ്പോഴും എവിടേയും കാണും. നിന്നെ വാഹിനിയിൽ അവൻ ദിവ്യചക്ഷുസ്സാൽ കാണുന്നുണ്ടാകും. നിന്നെ സ്വന്തം പുത്രനായി നേടുന്ന ആ സ്ത്രീയും ധന്യതന്നെയാണ്. ദേവപുത്രനായ നീ ദാഹിക്കുമ്പോൾ അവളുടെ മുലകുടിക്കില്ലേ! നീ വളരുക! വിരിഞ്ഞുനീണ്ട താമരക്കണ്ണുകൾ, ശോഭിക്കുന്ന ചെന്താമരപ്പൂമേനി, മനോഹരമായ നെറ്റി, അഴകേറിയ മുടി, ഇങ്ങനെ സൗന്ദര്യം വളർന്ന് ദിവ്യകവചധാരിയും ദിവ്യകുണ്ഡലാലംകൃതനും സൂര്യതുല്യതേജസ്വിയുമായ നിന്നെ പുത്രനായി വളർത്തുന്ന ആ സ്ത്രീക്ക് എന്തൊരു ദിവ്യസ്വപ്നമാണ് ഇപ്പോൾ കാണുവാൻ പോകുന്നത്! പൊടിയണിഞ്ഞ് നിലത്തു കിടന്നു നീന്തുകയും അവ്യക്തമധുരമായ വാക്കുകൾ പറയുകയും ചെയ്യുന്ന നിന്നെ ആ നിലയിൽ കാണുന്നവർ എത്ര ധന്യരാണ്! അനന്തരം ഹിമവൽകാന്താരത്തിൽ വളരുന്ന സിംഹത്തെപ്പോലെ നീ യൗവനത്തിൽ പ്രവേശിക്കുമ്പോൾ നിന്റെ ആ നില കാണുന്നവർ ധന്യരാണ്.''

വൈശമ്പായനൻ പറഞ്ഞു: ''ഇങ്ങനെ കരുണമായി ഓരോന്നു പറഞ്ഞുപറഞ്ഞ്, കരഞ്ഞുകരഞ്ഞ് കണ്ണുനീരൊഴുക്കി. പൃഥ ആ പെട്ടി അശ്വനദിയിൽ ഒഴുക്കിവിട്ടു. ആ പുത്രശോകാർത്തയും പങ്കജാക്ഷിയുമായ കുന്തി രാത്രിസമയത്ത് ധാത്രിയോടുകൂടി പുത്രേക്ഷണോത്സുകയാണെങ്കിലും അച്ഛൻ അറിയുമെന്നുള്ള ഭയത്താൽ മനസ്സില്ലാമനസ്സോടെ ആ പെട്ടി വെള്ളത്തിലൊഴുക്കി. മടങ്ങിപ്പോരുമ്പോഴും അവൾ ശോകാർത്തയായി തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ട് നടന്നു രാജഗൃഹത്തിലെത്തി.

ആ പെട്ടി അശ്വനദിയിൽ ഒഴുകി, അശ്വനദിവിട്ട് അതിന്റെ ശാഖയായ ചർമ്മണ്വതിയിലെത്തി; പിന്നെ യമുനയിലെത്തി. അവിടെനിന്നും ഒഴുകി ഗംഗയിൽ ചെന്നുചേർന്നു. ഗംഗയിൽ കൂടി ഒഴുകി സൂതരാജ്യത്തെത്തി. തിരതല്ലിയും ഒഴുക്കേറ്റും പെട്ടിയിലുള്ള കുട്ടി, അമൃതോത്ഭവമായ ദിവ്യകുണ്ഡലങ്ങളും ചട്ടയും മെയ്യിലുള്ള ആ കുട്ടി, അങ്ങനെ സഞ്ചരിച്ചു സഞ്ചരിച്ച് അവിടെനിന്നു ചമ്പാപുരിയിലും ചെന്നെത്തി. ആ കുട്ടിയെ വിധികല്പിതയോഗം കാത്തു പോന്നു എന്നു പറയാം.''

309. രാധയ്ക്ക് കർണ്ണനെ ലഭിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: ''ഈ സമയത്ത് ധൃതരാഷ്ട്രന്റെ സഖിയായ അതിരഥൻ എന്ന സൂതൻ ഭാര്യയോടുകൂടി ഗംഗയിലെത്തി. അവന്റെ ഭാര്യയായ രാധ അതിസുന്ദരിയായിരുന്നു. അവൾക്ക് പുത്രന്മാർ ഉണ്ടായിട്ടില്ലായിരുന്നു. സന്തതിയുണ്ടാകുവാൻവേണ്ടി പുണ്യകർമ്മങ്ങൾ ചെയ്ത് യത്നിക്കുന്ന കാലമായിരുന്നു.

digitized by www.sreyas.in

നദിയിൽ ഒഴുകിവരുന്ന ഒരു പെട്ടി രാധ ഭാഗ്യത്താൽ കണ്ടു. അവൾ അടുത്തേക്കുചെന്നു. രക്ഷാബന്ധനവും (ദേഹരക്ഷയ്ക്കായി കറുകപ്പുല്ലുകൊണ്ടും മറ്റും കെട്ടുന്ന ചരട്) മംഗളാലംഭനവും (മംഗളസൂചകമായി കുങ്കുമംകൊണ്ട് തൊടുവിക്കുന്ന തിലകം) ഉള്ളതായ ആ പെട്ടി ഗംഗാതരംഗങ്ങൾ നദീതീരത്ത്, അവളുടെ അരികെ, അണച്ചതായി അവൾ കണ്ടു. ആ ഭാമിനി കൗതുകത്തോടെ ആ പെട്ടി പിടിച്ച്, അതിരഥനെ അറിയിച്ചു. അവൻ വന്ന് ആ പെട്ടി വെള്ളത്തിന്റെ വക്കത്തുനിന്നെടുത്തു. യന്ത്രപ്രയോഗത്താൽ അത് തുറന്നു. അപ്പോൾ അതിൽ ഒരു ബാലനെ കണ്ടു. 'ഉൽഫുല്ലബാല രവിപോലെ കാന്തിമാ' നായും, പൊൻച്ചട്ടയണിഞ്ഞും, കുണ്ഡലംകൊണ്ടു വിളങ്ങുന്ന മുഖത്തോടും ആ കുട്ടിയെ കണ്ടപ്പോൾ അതിരഥൻ ഭാര്യയോടൊപ്പം അത്ഭുതോൽഫുല്ലനേത്രനായി. അവൻ ആ കുട്ടിയെ മടിയിവെച്ച് ഭാര്യയോട് പറഞ്ഞു. 'ഞാൻ ജനിച്ചതിന്നുശേഷം ഇത്രയും ആശ്ചര്യമായ ഒരു സംഭവം എനിക്ക് അനുഭവപ്പെട്ടിട്ടില്ല. ഭാമിനീ, ദേവകുമാരനെപ്പോലെ ശോഭിക്കുന്ന ഇവൻ നമ്മൾക്കായി വന്നതായിരിക്കണം. തീർച്ചായും അപുത്രനായ എനിക്ക് ദേവന്മാർ തന്നതാണ് ഈ പുത്രനെ; തീർച്ചയാണ്!' എന്നു പറഞ്ഞ് അവൻ ആ കുട്ടിയെ രാധയ്ക്കു നല്കി. ദിവ്യരൂപനും, ശ്രീമാനും, പത്മത്തിന്റെ അന്തർഭാഗത്തിന്റെ നിറത്തോടുകൂടിവനും, ദിവ്യഗർഭജാതനുമായ ആ ബാലനെ രാധ തന്റെ ഭർത്താവിന്റെ കൈയിൽനിന്ന് സസന്തോഷം ഏറ്റുവാങ്ങി. അവർക്ക് പിന്നെ വേറെ ഔരസപുത്രന്മാരും പിറന്നു.

സ്വർണ്ണവർണ്ണമായും, സ്വർണ്ണകുണ്ഡലാഢ്യമായും കണ്ട ആ ബാലന്ന് വിപ്രന്മാർ വസുഷേണൻ എന്ന് പേർ നല്കി. ഇങ്ങനെ അമിത വിക്രമനായ അവൻ സൂതപുത്രനായി. വസുഷേണൻ എന്നും വൃഷൻ എന്നും അവൻ പ്രസിദ്ധനായി. സൂതപുത്രനായി അവൻ അംഗരാജ്യത്ത് വളർന്നു. ദിവ്യകവചാഢ്യനായ അവനെ ചാരന്മാർമുഖേന കുന്തി അറിഞ്ഞു. അവൻ വളർന്നുവന്നപ്പോൾ അതിരഥൻ അവനെ ഹസ്തിനപുരത്തേക്കയച്ചു. ദ്രോണന്റെ സന്നിധിയിൽ അസ്ത്രവിദ്യകളെല്ലാം പഠിച്ചു. വീര്യവാനായ അവൻ ദുര്യോധനനുമായി സഖ്യവുമായി. ദ്രോണൻ, കൃപൻ, രാമൻ എന്നീ ഗുരുജനങ്ങളിൽനിന്ന് ചതുർവ്വിധമായ അസ്ത്രഗ്രാമം (പലവിധം ആയുധങ്ങൾ) നേടി. അങ്ങനെ അവൻ ലോകപ്രസിദ്ധനായ വില്ലാളിയായി. പാർത്ഥന്മാരുമായി കിടമത്സരംമൂലം അവൻ ധാർത്തരാഷ്ട്രന്മാരുമായിച്ചേരുകയും മഹാത്മാവായ ജിഷ്ണുവുമായി പൊരുതുവാൻ മോഹിക്കുകയും ചെയ്തു.

അർജ്ജുനനുമായി അവന്ന് നിത്യമായ സ്പർദ്ധ ജനിക്കുകയും ചെയ്തു. കണ്ട നാൾമുതൽ അർജ്ജുനന് കർണ്ണനോട് സ്പർദ്ധ അങ്കുരിച്ചു. **ഇതാണ് സൂര്യന്റെ ആ ഗൂഢമായ കൂടിക്കാഴ്ചയുടെ കാരണം. കർണ്ണൻ സൂര്യന്ന് കുന്തിയിലുണ്ടായവനാണല്ലോ.**

കവചകുണ്ഡലധാരിയായ കർണ്ണനെ കണ്ടപ്പോൾ യുധിഷ്ഠിരൻ തീർച്ചയാക്കി ഇവൻ പോരിൽ അവദ്ധ്യനാണെന്ന്. കർണ്ണൻ നട്ടുച്ചസമയത്ത് ഭാനുമാനായ ദിനേശ്വരനെ വെള്ളത്തിൽനിന്ന് കൈകൂപ്പി സ്തുതിക്കുമ്പോൾ അവന്റെ ചുറ്റും ബ്രാഹ്മണർ ധ്യാനത്തിനായി വന്നെത്തുക പതിവാണ്. ബ്രാഹ്മണർക്ക് നല്കുവാൻ വയ്യാത്തതായി അവന്ന് അപ്പോൾ ഒന്നും തന്നെ ഇല്ല. അവന്റെ മുമ്പിൽ 'ഭിക്ഷ തരികയെന്ന്' ഇന്ദ്രൻ ബ്രാഹ്മണരൂപത്തിൽ ചെന്ന് യാചിച്ചു. 'സ്വാഗതം ഭവാന്' എന്ന് രാധേയൻ അവനോട് മറുപടി പറഞ്ഞു."

310. കവചകുണ്ഡലദാനം – വൈശമ്പായനൻ പറഞ്ഞു: "ബ്രാഹ്മണവേഷത്തിൽ വ്യാജരൂപനായി വന്ന ഇന്ദ്രനെ കണ്ട ഉടനെ സ്വാഗതം പറഞ്ഞു. ആഗതന്റെ ഹൃദയം ഒട്ടും മനസ്സിലാക്കാതെ ചോദിച്ചു. 'സ്വർണ്ണഭൂഷണങ്ങളണിഞ്ഞ യുവതികളേയോ, പശുക്കൾ ധാരാളമുള്ള ഗ്രാമങ്ങളോ എന്താണ് ഞാൻ ഭവാന് നല്കേണ്ടത്? ഹേ വിപ്രാ, പറഞ്ഞാലും!"

ബ്രാഹ്മണൻ പറഞ്ഞു: "പൊന്നണിഞ്ഞ പെണ്ണുങ്ങളും മറ്റ് പ്രീതിതരുന്ന വസ്തുക്കളും കിട്ടുവാൻ എനിക്ക് ആഗ്രഹമില്ല. അത് അർത്ഥിക്കുന്നവർക്ക് അതു നല്കുക. ഹേ, അനഘാ! നീ സത്യവ്രതനാണെങ്കിൽ നിന്റെ സഹജമായ ചട്ടയും കുണ്ഡലങ്ങളും അടർത്തിയെടുത്ത് എനിക്ക് നല്കിയാലും! വേഗത്തിൽ തന്നാലും. അതിനാണ് എനിക്ക് ആഗ്രഹം. എല്ലാ ലാഭത്തേക്കാളും വലിയത് ഈ പറഞ്ഞ വസ്തുക്കളുടെ ലാഭമാണെന്നാണ് എന്റെ അഭിപ്രായം."

കർണ്ണൻ പറഞ്ഞു: "ജീവിക്കാൻ പറ്റിയ പുരയിടം, മങ്കമാർ, പശുക്കൾ, കൃഷിനിലങ്ങൾ ഇവയൊക്കെ ഞാൻ അങ്ങയ്ക്ക് തരാം. കവചകുണ്ഡലങ്ങൾ ഒഴികെ എന്തുവേണമെങ്കിലും തരാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പലതും തരാമെന്ന് കർണ്ണൻ പറഞ്ഞെങ്കിലും ആ യാചിക്കുന്ന ദ്വിജൻ മറ്റൊന്നും തന്നെ വരമായി പ്രാർത്ഥിച്ചില്ല. ശക്തിക്കൊക്കുന്ന സാന്ത്വനവും വിധിക്കൊക്കുന്ന പൂജയും ഏറ്റ് ആ ബ്രാഹ്മണൻ സന്തുഷ്ടനായെങ്കിലും വേറെ ഒന്നുംതന്നെ അവൻ കാമിച്ചില്ല. വേറെ വരമൊന്നും ആ ബ്രാഹ്മണശ്രേഷ്ഠൻ വരിക്കുന്നില്ലെന്നു കണ്ടപ്പോൾ രാധേയൻ അവനെ നോക്കി പുഞ്ചിരിയോടെ പറഞ്ഞു.

'ഹേ, ദ്വിജാ, അമൃതോത്ഭവമായ എന്റെ വർമ്മകുണ്ഡലങ്ങൾ സഹജങ്ങളാണ്. അത് മെയ്യിലുള്ള കാലത്തോളം മൂന്നു ലോകത്തിലും ഞാൻ അവദ്ധ്യനാണ്. അതുകൊണ്ട് ഞാൻ അതു കൈവിടുകയില്ല. നിഷ്കണ്ടകമായി ക്ഷേമമായി വിപുലമായ രാജ്യം ഹേ, ബ്രാഹ്മണാ! ഭവാൻ എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. സഹജമായ കുണ്ഡലങ്ങളും ചട്ടയും വിട്ടുപോയാൽ ഞാൻ വൈരികൾക്ക് വദ്ധ്യനായി ഭവിക്കും.'

പാകാരിയായ ഭഗവാൻ വേറെ വരമൊന്നും ചോദിക്കാതായപ്പോൾ കർണ്ണൻ വീണ്ടും ചിരിച്ചുകൊണ്ട് പിന്നേയും അവനോടു പറഞ്ഞു.

കർണ്ണൻ പറഞ്ഞു: "പ്രഭോ, ദേവദേവേശാ, ഭവാന്റെ വരവ് മുമ്പേതന്നെ ഞാൻ അറിഞ്ഞിട്ടുണ്ട്. അങ്ങയ്ക്ക് വെറുതെതന്നെ വരം നല്കുവാൻ പാടുള്ളതല്ല. അങ്ങ് സാക്ഷാൽ ദേവരാജനാണ്. ഭവാൻ എനിക്ക് വരം നല്കണം. മറ്റുള്ള ജീവികൾക്കും ഭൂതഭാവനനായ ഭവാൻ ഈശ്വരനാണല്ലോ. അങ്ങയ്ക്ക് ഞാൻ കുണ്ഡലവും ചട്ടയും നല്കിയാൽ ഞാൻ ശത്രുക്കളാൽ വദ്ധ്യനായിത്തീരും. അപ്പോൾ ഭവാനും പരിഹാസപാത്രമാകും. അതുകൊണ്ട് ഒരു കൈമാറ്റമായി എന്റെ കൈയിൽനിന്ന് ഭവാൻ യഥേഷ്ടം കവചകുണ്ഡലങ്ങളെ വാങ്ങുക. അല്ലാതെ മറ്റുവിധത്തിലാണെങ്കിൽ ഞാൻ തരുന്നതല്ല."

ശക്രൻ പറഞ്ഞു: "ശരി! ആദിത്യൻ ആദ്യമേതന്നെ അറിഞ്ഞിരിക്കുന്നു ഞാൻ നിന്റെ മുമ്പിൽ എത്തുമെന്ന്. അവൻ എല്ലാം നിന്നോട് പറഞ്ഞു. അതിൽ യാതൊരു സംശയവുമില്ല. എന്നാൽ അപ്രകാരംതന്നെയാകട്ടെ. ശ്രേഷ്ഠനായ കർണ്ണാ! യഥേഷ്ടമായി എന്റെ വജ്രമൊഴികെ എന്തുവേണമെങ്കിലും നീ ചോദിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ കർണ്ണൻ ഹൃഷ്ടനായി ഇന്ദ്രനെ വണങ്ങി നേരിട്ട് അമോഘമായ 'ശക്തി' സംതൃപ്തനായി വരിച്ചു."

കർണ്ണൻ പറഞ്ഞു: "ഹേ, വാസവാ, ചട്ടയും കുണ്ഡലവുമായി കൈമാറ്റംചെയ്തു പടയിൽ ശത്രുഹരവും ഒരിക്കലും പാഴിലാകാത്തതുമായ 'ശക്തി' (വേൽ) തന്നാലും."

കർണ്ണന്റെ വാക്കുകേട്ട് വാസവൻ അല്പസമയം വേലിനെപ്പറ്റി ചിന്തിച്ചു. അനന്തരം കർണ്ണനോടു പറഞ്ഞു.

ഇന്ദ്രൻ പറഞ്ഞു: "എനിക്ക് നിന്റെ ദേഹസഹജമായ ചട്ടയും കുണ്ഡലങ്ങളും നല്കുക. ശക്തിയെ നീ ഈ കരാറുപ്രകാരം വാങ്ങിക്കൊള്ളുക. അമോഘമായ ഈ വേൽ ഞാൻ വിട്ടാൽ, അനവധി ശത്രുവീരന്മാരെ സംഹരിച്ച് വീണ്ടും എന്റെ കൈയിൽ

digitized by www.sreyas.in

ത്തന്നെവന്നെത്തും ദൈത്യരെ സംഹരിച്ചുകൊണ്ടിരുന്ന വേലിന്റെ യോഗ്യത ഇതാണ്. ഈ വേൽ നിന്റെ കൈയിൽത്ത ന്നാൽ അത് ശക്തനായ ഒരേ ഒരു വൈരിയെ, ഗത്യന്തരമില്ലാത്ത നിലയിൽ കഷ്ടപ്പെടുത്തുന്ന സമയത്തുമാത്രം, പ്രയോഗിക്കാം. ആ ഒറ്റ വൈരിയെമാത്രം കൊന്ന് അതു വീണ്ടും എന്റെ കൈയിൽ എത്തും. ഈ കരാറിന്മേൽ ഞാൻ എന്റെ വേൽ മാറ്റമായി തരാം."

കർണ്ണൻ പറഞ്ഞു: "എനിക്ക് ഭയം വർദ്ധിക്കുമാറു ഗർജ്ജിച്ച് ആക്രമിച്ചുവന്ന് ദുഃഖമുണ്ടാക്കുന്ന ഒരേ ഒരു വൈരിയെ മാത്രമേ കൊല്ലേണ്ടതായുള്ളു. അതിന്നു മാത്രമേ ഞാൻ സംഗരത്തിൽ ഇച്ഛിക്കുന്നുള്ളു."

ഇന്ദ്രൻ പറഞ്ഞു: "ഗർജ്ജിച്ചു പോരാടുന്ന ബലവാനായ ഒരേ ഒരു ശത്രുവിനെ നീ യുദ്ധത്തിൽ കൊല്ലും. എന്നാൽ നീ കരുതുന്ന ആ ശത്രുവിനെ രക്ഷിക്കുവാൻ മഹാത്മാവായ ഒരാളുണ്ട്. വരാഹനെന്നും, അപരാജിതനെന്നും, നാരായണനെന്നും വേദജ്ഞന്മാർ വാഴ്ത്തുന്ന അചിന്ത്യാത്മാവായ കൃഷ്ണൻ, നീ ചിന്തിക്കുന്ന ആ പുരുഷനെ രക്ഷിക്കുന്നതാണെന്ന് നീ ഓർക്കണം."

കർണ്ണൻ പറഞ്ഞു: "എന്നാലും, ഭഗവാനേ! മുഖ്യനായ ഒരു വീരനെ കൊല്ലുവാൻ അത് ഉപകരിക്കുമല്ലോ. അതുകൊണ്ട് അമോഘമായ വേൽ എനിക്ക് തരിക. ഞാൻ ഒരു പ്രതാപിയെ അതുകൊണ്ട് കൊല്ലും. ഞാൻ ഇതാ അടർത്തെടുത്ത് ചട്ടയും കുണ്ഡലങ്ങളും നല്കുന്നു. എന്നാൽ മുറിച്ചെടുത്ത ദേഹത്തിൽ വൈരൂപ്യം ഉണ്ടാകാതിരിക്കേണമേ!"

ഇന്ദ്രൻ പറഞ്ഞു: "ഹേ, കർണ്ണാ! നിനക്ക് അതുമൂലം ലേശവും ബീഭത്സത ബാധിക്കുകയില്ല. നീ സത്യം പാലിക്കുക കാരണത്താൽ വ്രണവും ദേഹത്തിൽ ഉണ്ടാവുകയില്ല. നിന്റെ അച്ഛന്ന് ഏത് നിറവും തേജസ്സും ഉണ്ടോ, ഹേ, വാഗ്മിസത്തമാ! അപ്രകാരമുള്ള നിറം നിനക്കുമുണ്ടാകും. ശസ്ത്രങ്ങൾ കൈവശമുള്ളപ്പോൾ അത്യാപത്തിലല്ലാതെ അനർഹസമയത്ത് തെറ്റി പ്രയോഗിച്ചാൽ അത് തിരിച്ചു വന്ന് നിന്നിൽ ഏല്ക്കുന്നതായിരിക്കും."

കർണ്ണൻ പറഞ്ഞു: "അത്യാപത്തിൽപ്പെടുമ്പോൾ മാത്രമേ ശക്രശക്തി ഞാൻ അയയ്ക്കുകയുള്ളു. ഭവാൻ പറഞ്ഞവിധമേ ചെയ്യുകയുള്ളു! ഞാൻ സത്യമാണ് പറഞ്ഞത്!"

വൈശമ്പായനൻ പറഞ്ഞു: "കരാറുപ്രകാരം കർണ്ണൻ ഇന്ദ്രന്റെ കൈയിൽനിന്ന് ജ്വലിക്കുന്ന ശക്തിവാങ്ങി. മൂർച്ചയേറിയ ശസ്ത്രമെടുത്ത് ദേഹത്തിൽ മുറിച്ചു മുറിച്ചു കവചം അടർത്തുവാൻ തുടങ്ങി. കർണ്ണൻ തന്നെത്താൻ തന്റെ ശരീരം അറുക്കുന്നത് കണ്ടപ്പോൾ ദേവന്മാരും, മർത്ത്യരും, ദൈത്യന്മാരും സിംഹനാദം മുഴക്കി. ഈ സമയത്തും, വേദന അനുഭവിക്കുമ്പോഴും, കർണ്ണന്റെ മുഖത്തിന്ന് യാതൊരു ഭാവഭേദവും ഉണ്ടായില്ല. പുഞ്ചിരിതൂകിക്കൊണ്ട് കത്തിയാൽ ദേഹം അറുക്കുന്ന വീരനായ കർണ്ണനെ നോക്കി ദേവലോകത്തുനിന്ന് ദുന്ദുഭിഘോഷവും പുഷ്പവർഷവുമുണ്ടായി. ദേഹത്തിൽനിന്ന് മുറിച്ചെടുത്ത ദിവ്യകവചം ആ നനഞ്ഞമട്ടിൽത്തന്നെ ഇന്ദ്രന്ന് ദാനം ചെയ്തു. അപ്രകാരംതന്നെ കർണ്ണൻ തന്റെ കർണ്ണങ്ങളിൽനിന്ന് കുണ്ഡലങ്ങളേയും അടർത്തിയെടുത്ത് ഇന്ദ്രന്ന് ദാനംചെയ്തു. ആ കർമ്മത്താലാണ് വസുഷേണൻ കർണ്ണനെന്ന പേർ നേടിയത്."

തന്റെ ചതി ഫലിച്ചതിൽ ഇന്ദ്രൻ സസന്തോഷം ചിരിച്ചു. എന്നാൽ ആ ചിരി കർണ്ണന്റെ കീർത്തി ലോകത്തിലെങ്ങും പരത്തി വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

'പാണ്ഡവർക്കായി ഞാൻ നല്ല ഒരു കാര്യം ചെയ്തു' എന്ന കൃതാർത്ഥതയോടെ ഇന്ദ്രൻ സ്വർഗ്ഗത്തിലേക്ക് തിരിച്ചു. കർണ്ണൻ വഞ്ചിതനായ വർത്തമാനം അറിഞ്ഞപ്പോൾ ധാർത്തരാഷ്ട്രന്മാരെല്ലാം ഗർവ്വം കെട്ട് ഏറ്റവും ദീനരായിത്തീർന്നു. പാണ്ഡവന്മാരെ ഈ വൃത്താന്തം സന്തോഷിപ്പിക്കുകയും ചെയ്തു."

ജനമേജയൻ പറഞ്ഞു: "ഇന്ദ്രൻ വന്ന് കർണ്ണന്റെ കൈയിൽനിന്ന് കവചകുണ്ഡലങ്ങൾ യാചിച്ചു വാങ്ങുന്ന കാലത്ത് വീരന്മാരായ പാണ്ഡവന്മാർ എവിടെയാണ് വസിച്ചിരുന്നത്? ആർ പറഞ്ഞിട്ടാണ് ഈ ഇഷ്ടവൃത്താന്തം അവർ ഗ്രഹിച്ചത്? പന്ത്രണ്ടു സംവത്സരം കാട്ടിൽ വാണതിന്നു ശേഷം പിന്നെ അവർ എന്ത് ചെയ്തു? ഈ വൃത്താന്തങ്ങളൊക്കെ ഭഗവാൻ വിസ്തരിച്ചു പറഞ്ഞ് കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ജയദ്രഥൻ അപഹരിച്ചു കൊണ്ടുപോയ കൃഷ്ണയെ വീണ്ടെടുക്കുകയും ജയദ്രഥനെ വേണ്ടവിധം കശത്തുവിടുകയും ചെയ്തതിന്നുശേഷം ആ വിപ്രന്മാരോടുകൂടി കാമ്യകത്തിൽ ഓരോ കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് പൂർവ്വദേവർഷിമാർ വന്ന് കർണ്ണന്റെ കവചകുണ്ഡലങ്ങൾ ഇന്ദ്രൻ യാചിച്ചു വാങ്ങിയെന്ന വൃത്താന്തം വിസ്തരിച്ച് പാണ്ഡവന്മാരോടു പറഞ്ഞറിയിച്ചത്.

പിന്നെ ഉഗ്രമായ വനവാസം നിർവ്വഹിച്ചവരായ അവർ തേരുമായി സൂതപൗരോഗവാദ്യരായ ഭൃത്യരോടുകൂടി പുണ്യമായ ദ്വൈതവനത്തിൽ തിരിച്ചെത്തി."

ആരണേയപർവ്വം

311. മൃഗാന്വേഷണം – ജനമേജയൻ പറഞ്ഞു: "കൃഷ്ണാപഹാരംമൂലം വളരെ ക്ലേശം സഹിച്ചവരായ പാണ്ഡവന്മാർ കൃഷ്ണയെ വീണ്ടെടുത്തതിന്ന് ശേഷം എന്തു ചെയ്തു?"

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണാപഹാരത്തിൽ വലുതായ ക്ലേശം സഹിച്ച പാണ്ഡവന്മാർ വീണ്ടും ദ്വൈതവനസ്ഥലത്ത് എത്തി. സ്വാദുകൂടിയ ഫലമൂലങ്ങളാലും ചിത്രവൃക്ഷങ്ങളാലും ഹൃദയംകവരുന്നതായിരുന്നു ആ സ്ഥലം. മിതഭോജികളായ പാർത്ഥന്മാർ ഫലമൂലങ്ങൾ ഭക്ഷിച്ച് ഭാര്യയായ കൃഷ്ണയോടുകൂടി അവിടെ പാർത്തു.

അങ്ങനെ ദ്വൈതവനത്തിൽ പാർക്കുമ്പോൾ യുധിഷ്ഠിരനും, സഹോദരന്മാരായ ഭീമനും, അർജ്ജുനനും, മാദ്രീപുത്രന്മാരും ബ്രാഹ്മണർക്കുവേണ്ടി പ്രയത്നിച്ച് സുഖോദർക്കമായ ഒരു കൊടുംക്ലേശത്തിൽ അകപ്പെട്ടു സുഖോദർക്കമായ ക്ലേശം എന്താണെന്നു പറയാം.

തപസ്വിയായ ഒരു ബ്രാഹ്മണന്റെ അരണിക്കടക്കോലുകൾ (തീയുണ്ടാക്കാൻ കടയുന്ന അരണിമരത്തിന്റെ മുട്ടികൾ) ഉരസിക്കൊണ്ടിരുന്ന മാനിന്റെ കൊമ്പിന്മേൽ കുടുങ്ങി. അരണിയോടുകൂടിയ (കടകോൽ കുടുങ്ങിയ) മൃഗം അതുംകൊണ്ട് ഓടിക്കളഞ്ഞു. ആ മൃഗം പരിഭ്രമിച്ച് അതിശീഘ്രം ഓടിമറയുന്നത് ബ്രാഹ്മണൻ കണ്ടു. തന്റെ അരണി കിട്ടാതായാൽ വഹ്നിഹോത്രത്തിനു കഴിയാതെവരുമെന്നുള്ളതുകൊണ്ട് ആ വിപ്രൻ യുധിഷ്ഠിരന്റെ അടുത്തേക്ക് ഓടിവന്നു. അപ്പോൾ സഹജന്മാരോടുകൂടി ആ അജാതശത്രു ഇരിക്കുകയായിരുന്നു. രാജാവിന്റെ സന്നിധിയിലെത്തി ആ ബ്രാഹ്മണൻ ഇപ്രകാരം സങ്കടം ഉണർത്തിച്ചു:

'മരക്കൊമ്പത്തു വെച്ചിരുന്ന അരണിയും കടകോലും ഉരസിക്കൊണ്ടിരുന്ന മാനിന്റെ കൊമ്പിൽ തങ്ങിനിന്നു. അതിനേയും കൊണ്ട് ആ മൃഗം പരിഭ്രമിച്ച് അവിടെനിന്ന് ചാടി ഓടിക്കളഞ്ഞു. അതിന്റെ മാർഗ്ഗം നോക്കിച്ചെന്ന് മാനിനെ കണ്ടുപിടിച്ച് അഗ്നിഹോത്രം മുടങ്ങാതിരിക്കത്തക്കവണ്ണം, അത് കൊണ്ടുവന്നു തന്നാലും.'

വിപ്രന്റെ വാക്കുകേട്ട് വ്യസനത്തോടെ യുധിഷ്ഠിരൻ വില്ലും ശരവുമെടുത്ത് ഭ്രാതാക്കന്മാരോടുകൂടി ബ്രാഹ്മണന്നു വേണ്ടി മൃഗത്തിന്റെ മാർഗ്ഗത്തൂടെ പാഞ്ഞ് മാനിനെ പിന്തുടർന്നു. മാൻ അവരുടെ ദൃഷ്ടിയിൽപ്പെട്ടു. എന്നാലും കർണ്ണിനാളീകനാരാചശരം തുകുന്നവരായ ആ മഹാരഥന്മാർ മാനിന്റെ നേരെ ശരം പ്രയോഗിച്ചില്ല. അതിനെ പിടിക്കുവാനാണ് അവർ യത്നിച്ചത്. എന്നാൽ ആ മൃഗം അവരുടെ പിടിയിൽപ്പെടാതെ വീണ്ടും ഓടി എവിടെയോ മറഞ്ഞു. മാനിനെ അന്വേഷിച്ച് കാണാതെ ചുറ്റിനടന്നു വലഞ്ഞ് ഉഴന്ന് ദുഃഖിച്ച് ആ മനസ്വികൾ കൊടുംകാട്ടിൽ കുളുർനിഴൽവിരിച്ച ഒരു ആലിന്റെ ചുവട്ടിൽ, വിശപ്പും ദാഹവും സഹിച്ച്, ചെന്ന് ഇരിപ്പായി. അവർ ഇങ്ങനെ ദുഃഖിച്ചിരിക്കുമ്പോൾ പരവശനായ നകുലൻ ജ്യേഷ്ഠനോട് ഇപ്രകാരം പറഞ്ഞു:

"നമ്മുടെ വംശത്തിൽ ആലസ്യംമൂലം അർത്ഥത്തിന്നോ ധർമ്മത്തിന്നോ ലോപം പറ്റാറില്ല. രാജാവേ, ആരോടും ഉത്തരം

digitized by www.sreyas.in

പറയുവാനില്ലാത്തവരാണ് നാം. സർവ്വഭൂതങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്നവരായ നമ്മൾ ഇപ്പോൾ കഷ്ടപ്പാടിൽ പെട്ടു പോയോ?"

312. നകുലാദികളുടെ പതനം – യുധിഷ്ഠിരൻ പറഞ്ഞു: "ആപത്തിന്നു മര്യാദ എന്നൊന്ന് ഇല്ല. ഇന്നകാരണംകൊണ്ടാണ് ആപത്ത് വന്നതെന്നോ ഇന്നഫലമാണ് ആപത്തിനുള്ളതെന്നോ നിശ്ചയിക്കുവാൻ വയ്യ, ഒരു കാര്യമേ നാം അറിയേണ്ടതായിട്ടുള്ളു. പ്രാരാബ്ധരൂപമായ ധർമ്മമാണ് പുണ്യപാപഫലങ്ങളെ വേർതിരിച്ചു കാണിക്കുന്നത്."

ഭീമൻ പറഞ്ഞു: "പറഞ്ഞിട്ടെന്തു ഫലം? ആ പ്രാതികാമി പാഞ്ചാലിയെ സഭയിലേക്ക് ഒരു ദാസിയെയെന്ന പോലെ കൊണ്ടുവന്ന സമയത്ത് നല്ല സന്ദർഭമായിരുന്നു അവറ്റയെയൊക്കെ കൊന്നൊടുക്കുവാൻ. അന്ന് അത് ഞാൻ ചെയ്യാഞ്ഞതുകൊണ്ട് ഇന്ന് നാം ഈ സങ്കടത്തിൽപ്പെട്ടു."

അർജ്ജുനൻ പറഞ്ഞു: "അസ്ഥിപോലും പിളരുന്നവിധത്തിൽ അതിക്രൂരമായ തീക്ഷ്ണവാക്കുകൾ ആ സൂതപുത്രൻ പറഞ്ഞപ്പോൾ ഞാൻ അന്നു ക്ഷമിക്കുകയാണല്ലോ ചെയ്തത്. അതിന്റെ ഫലമാണ് ഇപ്പോൾ നമുക്കുണ്ടായിട്ടുള്ള ദുഃഖം."

സഹദേവൻ പറഞ്ഞു: "കള്ളച്ചൂതിൽ ഭവാനെ ശകുനി തോല്പിച്ചപ്പോൾ ആ ശകുനിയെ അന്നു ഞാൻ കൊല്ലാതിരുന്നതു കൊണ്ടാണ് നമ്മൾക്ക് ഇന്ന് ഈ അല്ലലുകളൊക്കെയുണ്ടായത്."

വൈശമ്പായനൻ പറഞ്ഞു: "തന്റെ സഹോദരന്മാരുടെ വാക്കുകൾ കേട്ട് യുധിഷ്ഠിരൻ നകുലനോട് പറഞ്ഞു: 'എടോ നകുലാ, നീ ഒരു വൃക്ഷത്തിന്റെ മുകളിൽ കയറി എല്ലാ ദിക്കിലേക്കും ഒന്നു നോക്കൂ! വെള്ളമോ വെള്ളത്തിന്റെ അടുത്തു നില്ക്കുന്ന മരങ്ങളോ കാണാനുണ്ടോ എന്നു നോക്കൂ. നിന്റെ ഭ്രാതാക്കൾ വല്ലാതെ ദാഹിച്ച് തളർന്നിരിക്കുന്നുവല്ലോ!'

'ഞാൻ ചെന്ന് നോക്കിവരാം' എന്നു പറഞ്ഞ് നകുലൻ പൊക്കമേറിയ ഒരു മരത്തിൽ പൊത്തിപ്പിടിച്ച് കയറി. ചുറ്റും നോക്കിയതിന്നു ശേഷം ജ്യേഷ്ഠന്റെ അടുത്തെത്തി ഇപ്രകാരം പറഞ്ഞു.

'രാജാവേ, ഞാൻ വളരെ ജലമുള്ള ഒരിടത്തെ മാതിരി മരക്കൂട്ടത്തെ കണ്ടു. സാരസങ്ങളുടെ ശബ്ദവും കേൾക്കുന്നു. അവിടെ തീർച്ചയായും ജലമുണ്ടാകും.'

അപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു: 'എടോ നകുലാ, നീ പോയി ആവനാഴിയിൽ വെള്ളം നിറച്ച് കൊണ്ടുവരിക."

"ഞാൻ ഉടനെ പോയിവരാം." എന്നുപറഞ്ഞ് എഴുന്നേറ്റ് നകുലൻ വെള്ളമുള്ളേടത്തേക്ക് ക്ഷണത്തിൽ പോയി. അവിടെ ചെന്നെത്തി. അവിടെ സാരസങ്ങൾ കളിക്കുന്ന നിർമ്മലമായ പൊയ്ക കണ്ടു. അവൻ അതിൽ ഇറങ്ങി വെള്ളംകുടിക്കുവാൻ ശ്രമിക്കുമ്പോൾ ഒരു ആകാശഭാഷിതം കേട്ടു: 'ഹേ, ശ്രേഷ്ഠാ! സാഹസം ചെയ്യരുത്. ഇത് എന്റെ പൂർവ്വസ്വത്താണ്. ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ നിനക്ക് കുടിക്കുകയും കൊണ്ടുപോകുകയുംചെയ്യാം. നകുലന് ദാഹം വല്ലാതെ ഉണ്ടായിരുന്നു. അവൻ ആ വാക്കു വിലവെക്കാതെ കുളുർജലം കുടിച്ചു. കുടിച്ചയുടനെ വീഴുകയുംചെയ്തു.' നകുലൻ പോയി മടങ്ങിവരാതെ വൈകിയപ്പോൾ യുധിഷ്ഠിരൻ ശത്രുജിത്തായ സഹദേവനോട് പറഞ്ഞു 'സഹദേവാ, നകുലനെ കാണാനില്ലല്ലോ! എന്താണ് താമസിക്കുന്നതെന്നറിയുന്നില്ല. നീ ഉടനെ അവനെയുംകൊണ്ട് വെള്ളവുമായി എത്തണം. പോവുക.' ജ്യേഷ്ഠൻ പറഞ്ഞ ഉടനെ സഹദേവൻ, നകുലൻ പോയ ദിക്കു നോക്കിചെന്നു. സരസ്സിന്റെ തീരത്തെത്തിയപ്പോൾ ജ്യേഷ്ഠനായ നകുലൻ ഭൂമിയിൽ ഹതനായി വീണുകിടക്കുന്നത് കണ്ടു. ഭ്രാതൃശോകാർദ്ദിതനും ദാഹംകൊണ്ട് ആർത്തനുമായ അവൻ വെള്ളത്തിലേക്ക് പാഞ്ഞുചെന്നു. അപ്പോൾ ഇപ്രകാരം ഒരു വാക്കു കേട്ടു: 'ഹേ, കുട്ടീ, സാഹസം ചെയ്യരുത്. ഇത് എന്റെ പൂർവ്വസ്വത്താണ്. ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ ഇച്ഛപോലെ ജലം കുടിക്കുകയും കൊണ്ടുപോവുകയും ചെയ്യാം.'

ആ വാക്ക് വിലവെക്കാതെ, ദാഹത്തിന്റെ ശക്തിമൂലം, സഹദേവനും ആ കുളുർവെള്ളം കുടിച്ചു. കുടിച്ച നിമിഷം മറിഞ്ഞു വീണു. പിന്നെ കുറെക്കഴിഞ്ഞിട്ടും രണ്ടുപേരെയും കാണാതായപ്പോൾ ധർമ്മപുത്രൻ അർജ്ജുനനോട് പറഞ്ഞു: 'എടോ ശത്രുകർശനനായ അർജ്ജുനാ! നിന്റെ തമ്പിമാരെ രണ്ടുപേരെയും കാണ്മാനില്ല. എന്തുകൊണ്ടാണ് അവർ വരാത്തതെന്നറിയുന്നില്ല. നീ ഉടനെ പോയി അവരെ രണ്ടുപേരേയും, വെള്ളവുംകൊണ്ട് ഉടനെ വരൂ! ദുഃഖിക്കുന്ന ഞങ്ങൾക്കൊക്കെ ഗുഡാകേശാ, നീയാണല്ലോ ഒരാശ്രയം.'

ഇപ്രകാരം ജ്യേഷ്ഠൻ പറഞ്ഞതുകേട്ട് അർജ്ജുനൻ അമ്പും വില്ലും വാളുമായി പുറപ്പെട്ടു. ആ മേധാവി സരസ്സിനടുത്ത് ചെന്നു. വെള്ളം കൊണ്ടുവരുവാൻ പോയ പുരുഷവ്യാഘ്രന്മാർ രണ്ടു പേരും അവിടെ ഹതരായിക്കിടക്കുന്നു. ആ പുരുഷസിംഹന്മാർ സുപ്തരെന്നപോലെ സരസ്സിന്റെ തീരത്ത് വീണുകിടക്കുന്നു. ദുഃഖത്തോടെ അർജ്ജുനൻ തന്റെ വില്ല് ഉയർത്തി ചുറ്റുപാടും ഒന്നു നോക്കി. ആ ഭയങ്കരമായ കാട്ടിൽ ഒരു ജീവിയെപ്പോലും കാണുകയുണ്ടായില്ല. പിന്നെ വെള്ളം കണ്ടപ്പോൾ ആ സവ്യസാചി അടുത്തുചെന്നു. തളർന്നവനായ അർജ്ജുനൻ വെള്ളത്തിന്റെ അടുത്തേക്കു പാഞ്ഞടുത്തപ്പോൾ ആകാശത്തുനിന്ന് ഒരു ഭാഷിതം കേട്ടു. 'എടോ കൗന്തേയാ, നീ വെള്ളത്തിലേക്കു പോകേണ്ട. ബലംകൊണ്ട് അതു സാദ്ധ്യമല്ല. ഞാൻ തരുന്ന ചോദ്യങ്ങൾക്ക് ശരിയായ മറുപടി പറഞ്ഞാൽ നിനക്ക് വെള്ളം കുടിക്കാം. വെള്ളംകൊണ്ടുപോവുകയും ചെയ്യാം.' ഇപ്രകാരം തടുത്ത ആ അദൃശ്യജീവിയോട് അർജ്ജുനൻ പറഞ്ഞു: നീ നേരെചൊവ്വെ എന്റെ കണ്ണിന് മുമ്പിൽവന്ന് വീരനാണെങ്കിൽ തടുക്കുക. അപ്പോൾ കാണാം! അമ്പേറ്റ് നീ പിന്നെ ഒന്നും പറയുകയില്ല.' എന്നു പറഞ്ഞ് അർജ്ജുനൻ ശരങ്ങൾ എടുത്തു ശബ്ദവേധം കാട്ടുന്ന വിധം ദിക്കിലൊക്കെ വർഷിച്ചു! കർണ്ണിനാളീകനാരാചങ്ങൾ വർഷിക്കുന്ന ആ പുരുഷർഷഭൻ അനേകം ശരങ്ങളെ തൃഷ്ണാർത്തിയോടുകൂടി വിട്ടു. അസംഖ്യം ശരവർഷങ്ങൾ ആകാശത്തും ചൊരിഞ്ഞു.

യക്ഷൻ പറഞ്ഞു: 'ഈ പ്രയത്നംകൊണ്ടൊന്നും എടോ, പാർത്ഥാ! യാതൊരു കാര്യവുമില്ല. ഞാൻ ചോദിക്കുന്ന ചോദ്യത്തിനുത്തരം പറഞ്ഞതിന്നുശേഷം വെള്ളം കുടിക്കുക. അല്ലാതെ നീ വെള്ളംകുടിച്ചാൽ ഉടനെ നിന്റെ കഥ കഴിയും.'

ഇപ്രകാരം യക്ഷൻ പറഞ്ഞതുകേട്ട് സവ്യസാചിയായ ധനഞ്ജയൻ ആ വാക്ക് വകവെക്കാതെ വെള്ളംകോരിക്കുടിച്ചു. ഉടനെ അവനും നിലത്തുവീണു.

അർജ്ജുനനേയും കാണാതായപ്പോൾ പരിഭ്രാന്തനായ ധർമ്മപുത്രൻ ഭീമനോട് പറഞ്ഞു: 'നകുലനും, സഹദേവനും, അർജ്ജുനനും വെള്ളത്തിനു പോയിട്ട് നേരം വളരെയായല്ലോ. അവരെ ആരെയും കാണ്മാനില്ലല്ലോ. ഭീമാ, നിനക്കു നന്മവരട്ടെ! നീ ഉടനെ പോയി അവരെയുംകൊണ്ട്, വെള്ളവുമായി ഉടനെ വരൂ.'

ഭീമസേനൻ അതുകേട്ട് ഉടനെ ആ പ്രദേശത്തേക്ക് ഓടി. അവിടെ ചെന്നപ്പോൾ അത്ഭുതം! തമ്പിമാരെല്ലാവരും വീണുകിടക്കുന്നു. അവരെക്കണ്ട് ദുഃഖിച്ചും ദാഹംകൊണ്ടു പൊരിഞ്ഞും അവൻ ഉഴന്നു. 'ഈ പണിചെയ്തത് യക്ഷരക്ഷസ്സുകളാണ്. ഇവരുമായി ഒരു പോരാട്ടം നടത്തുകതന്നെ വേണം എന്തായാലും വെള്ളം കുടിച്ചു ദാഹം ശമിപ്പിക്കട്ടെ.' ഇപ്രകാരം പറഞ്ഞ് വൃകോദരൻ ജലാശയത്തിന്റെ സമീപത്തേക്കു കുതിച്ചു.

യക്ഷൻ പറഞ്ഞു: 'ഹേ! ധീമൻ, ഭവാൻ സാഹസം ചെയ്യരുത്. ഇത് എന്റെ പൂർവ്വസ്വത്താണ്. ഞാൻ ചോദിക്കുന്ന ചോദ്യത്തിനുത്തരം പറഞ്ഞതിന്നു ശേഷം വെള്ളം കുടിക്കാം. കൊണ്ടുപോകുകയും ചെയ്യാം.'

ഇപ്രകാരം തേജസ്വിയായ യക്ഷൻ പറഞ്ഞപ്പോൾ വൃകോദരൻ ചോദ്യത്തിനുത്തരമൊന്നും പറയാതെ പോയി വെള്ളം കുടിക്കുകയും ഉടനെ വീഴുകയും ചെയ്തു.

ഭീമനേയും കാണാതായപ്പോൾ വളരെനേരം കാത്തിരുന്ന് ഇപ്രകാരം വീണ്ടും വീണ്ടും പറഞ്ഞു: 'എന്താണ് മാദ്രേയന്മാർ

digitized by www.sreyas.in

ഇങ്ങനെ അമാന്തിക്കുന്നത്? എന്താണ് അർജ്ജുനനെ കാണാത്തത്! ശക്തനായ ഭീമനേയും കാണുന്നില്ലല്ലോ? ഇനി ഞാൻ എന്തു ചെയ്യും? ഞാൻതന്നെ അവരെ അന്വേഷിക്കുവാൻ പൊയ്ക്കളയാം' എന്നുറച്ച് യുധിഷ്ഠിരൻ വെന്തുനീറന്ന ഹൃദയത്തോടുകൂടി പുറപ്പെട്ടു. പിന്നെയും ധർമ്മരാജാവ് ചിന്തിച്ചു തന്നെത്താൻ പറഞ്ഞു: ഈ കാട് ദുഷ്ടമാണോ? ആ മൃഗം ദുഷ്ടനാണെന്ന് വരുമോ? വല്ല മഹാനേയും അവർ നിന്ദിച്ച് ശാപഗ്രസ്തരായി വീണുപോയോ? അവർ ചെന്ന ദിക്കിൽ വെള്ളം കണ്ടില്ലെന്നു വരുമോ? കാട്ടിലെങ്ങും വെള്ളം കാണാതെ വെള്ളവും തേടി നടക്കുകയാണോ? ആ പുരുഷർഷഭന്മാർ മടങ്ങിയെത്താത്തതിന്റെ കാരണമെന്താണ്? ഇപ്രകാരം പലവിധം ചിന്തകളോടെ ധർമ്മരാജാവ് വിജനമായ ആ ഭയങ്കരവനത്തിൽ ചെന്നു. രുരു, മാൻ, പന്നികൾ പലതരം പക്ഷിക്കൂട്ടം ഇവകൾ ചേർന്നതും നീലിമയോടെ ശോഭിക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞതുമായ ഒരിടത്തുചെന്നു. വണ്ടും പക്ഷികളും ശബ്ദിച്ചുകൊണ്ടിരിക്കുന്ന ആ പ്രദേശം കണ്ടു. സ്വർണ്ണംകൊണ്ടു പടവുകെട്ടിയതും ഭംഗിയേറിയതും വിശ്വകർമ്മാവ് നിർമ്മിച്ചതുപോലെ ഹൃദയം കവരുന്നതുമായ പൊയ്ക കണ്ടു. താമരകൾ നിരന്ന് വികസിച്ചും, കരുനൊച്ചി, ആറ്റുവഞ്ഞി, കൈനാറി, കരവീരം എന്നീ മരങ്ങൾ തീരങ്ങളിൽ ചുറ്റം വളർന്നു നിരന്നും നിൽക്കുന്നതായ ആ പൊയ്ക ശ്രമാർത്തനായ യുധിഷ്ഠിരൻ അത്യത്ഭുതത്തോടെ നോക്കി നിന്നു."

313. യക്ഷപ്രശ്നം – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ കൗതുഹലത്തോടെ സരസ്സിന്റെ സമീപത്തേക്ക് എത്തി ഇറങ്ങുവാൻ ഭാവിക്കുമ്പോൾ കണ്ടകാഴ്ച ഭയങ്കരമായിരുന്നു. ഇന്ദ്രതുല്യന്മാരായ തന്റെ ഭ്രാതാക്കന്മാർ യുഗാവസാനകാലത്ത് സ്ഥാനത്തുനിന്നു വീണുപോയ ലോകപാലകന്മാരേപ്പോലെ ഹതന്മാരായി ഭൂമിയിൽ കിടക്കുന്നു. വില്ലും അമ്പും ചിതറിവീണു കിടക്കുന്ന നിലയിൽ അർജ്ജുനൻ കിടക്കുന്നു! ഭീമസേനനും മാദ്രേയന്മാരും മരിച്ചു നിശ്ചേഷ്ടരായികിടക്കുന്നു! ഹതന്മാരായി നിശ്ചേഷ്ടതപൂണ്ട് വീണുകിടക്കുന്ന ഭ്രാതാക്കളെ നോക്കി ശോകത്താൽ ചുട്ട നെടുവീർപ്പു വിട്ട്, കണ്ണുനീരൊഴുക്കി, ചിന്തകൊണ്ട് പരവശനായി നിൽക്കുന്ന യുധിഷ്ഠിരൻ എണ്ണിപ്പെറുക്കി ഓരോന്നു പറഞ്ഞ് വിലപിക്കുവാൻ തുടങ്ങി.

"എടോ വൃകോദരാ, ദുര്യോധനന്റെ തുടകൾ യുദ്ധത്തിൽ ഗദകൊണ്ട് അടിച്ചൊടിക്കാമെന്ന് നീ ശപഥംചെയ്തിട്ടില്ലേ മഹാബാഹോ! നിന്റെ ശപഥമൊക്കെ നീ വീണുപോയതുമൂലം പാഴിലായിപ്പോയില്ലേ? സാധാരണ മനുഷ്യർ വല്ലതുമൊക്കെപ്പറയുകയും അതു സാധിക്കാതിരിക്കുകയും ചെയ്യുക സാധാരണമാണ്. എന്നാൽ മഹാത്മാക്കളും മഹാബാഹുക്കളും കുരുകുലത്തിന്നു കീർത്തി വളർത്തുന്നവരുമാണല്ലോ നിങ്ങൾ. അപ്രകാരമുള്ള നിങ്ങളുടെ ദിവ്യമായ വാക്കുകൾ മിത്ഥ്യയായി പോകുമോ? എടോ, അർജ്ജുനാ! നിന്നെ പ്രസവിച്ചപ്പോൾ ദേവന്മാർ പറയുകയുണ്ടായി. 'കുന്തീ, നിന്റെ ഈ പുത്രൻ ശക്രനേക്കാൾ ഒട്ടും താഴാത്തവനാകും.' ഉത്തരദിക്കിലേക്ക് പോകുമ്പോൾ ഭൂതങ്ങൾ പറഞ്ഞില്ലേ, 'ഇവർക്ക് നഷ്ടമായ സകല ശ്രീയും ഇവൻ നേടും! ഇവനെ പോരിൽ ആർക്കും വെല്ലുവാൻ കഴിയുകയില്ല. ഇവൻ വെല്ലാതെ ഒരുത്തനും ഉണ്ടാവുകയില്ല.' ആ മഹാഭാഗനായ ജിഷ്ണു എങ്ങനെ മൃത്യുവശഗനായി? അയ്യോ, എന്റെ സകല ആശകളും തകർത്ത് നിരത്തിയിട്ടാണല്ലോ ധനഞ്ജയൻ വെറും നിലത്തു ഹതനായി കിടക്കുന്നത്! ഇവൻ ഞങ്ങൾക്കു നാഥനാണെന്നുവിചാരിച്ചല്ലേ ഈ ദുഃഖങ്ങളൊക്കെ ഞാൻ സഹിച്ചത്? പോരിൽ തെറ്റിപ്പോകാത്തവരും വൈരികളുടെ വേരറുക്കുന്നവരുമായ ഈ ബലശാലികൾ എങ്ങനെ ശത്രുക്കളുടെ പിടിയിൽപ്പെട്ടുപോയി! ഏത് അസ്ത്രങ്ങളുമേല്ക്കാത്തവരല്ലേ ഈ ഭീമസേനനും ധനഞ്ജയനും. ദുഷ്ടഹൃദയനായ എന്റെ മനസ്സ് കാരിരുമ്പാണ്; തീർച്ച! ഈ മാദ്രേയന്മാർ വീണുകിടക്കുന്നതു കണ്ടിട്ടും എന്റെ ആ മനസ്സ് തകരുന്നില്ലല്ലോ.

ശസ്ത്രജ്ഞരും, ദേശകാലജ്ഞരും, തപസ്വികളും, കർമ്മകുശലന്മാരുമായ നിങ്ങൾ തക്ക നടപടികൾ ശത്രുക്കളോട് എടുക്കാതെ എന്താണ് ഇങ്ങനെ പതിച്ചു പോകുവാൻ? ദേഹത്തിൽ യാതൊരു മുറിവും പറ്റിയതായിക്കാണുന്നില്ല. വില്ല് ഉടച്ചതായും കാണുന്നില്ല. നിങ്ങളെല്ലാവരും ഇങ്ങനെ മോഹിച്ചു വീഴുവാനെന്താണ് കാരണം?' സുപ്തമായ പർവ്വതസാനുക്കൾപോലെ മയങ്ങിക്കിടക്കുന്ന ഭ്രാതാക്കളെ കണ്ട് വിയർത്തു ദുഃഖിച്ചു. ഇങ്ങനെയൊക്കെ എങ്ങനെ സംഭവിച്ചു? ബുദ്ധിമാനായ ധർമ്മാത്മജൻ ശോകസമുദ്രത്തിൽ നീന്തിത്തുടിച്ച് ഇതിന്റെ കാരണമെന്താണെന്നു ചിന്തിച്ചു. ഇനി എന്തുചെയ്യണമെന്ന് ആ ദേശകാലജ്ഞൻ കണ്ടെത്തുകയുണ്ടായില്ല. ആ മഹാമതി നല്ലപോലെ ചിന്തിച്ചുനോക്കി. ഒരുപിടിയും കിട്ടിയില്ല. ഇങ്ങനെ പലതുംപറഞ്ഞ് വിലപിച്ചതിൽപ്പിന്നെ, മനസ്സിനെ ഉറപ്പിച്ചു നിർത്തി ധർമ്മാത്മാവായ യമധർമ്മന്റെ പുത്രൻ, തന്റെ ബുദ്ധികൊണ്ട് ആരാണ് ഈ വീരന്മാരെ വീഴ്ത്തിയതെന്ന് വീണ്ടും ഗാഢമായി ചിന്തിച്ചു.

ഇവരുടെ ദേഹത്തിലൊന്നും ശസ്ത്രാഘാതമേറ്റിട്ടില്ല. അടികിട്ടിയതിന്റെ പാടുമില്ല. അതുകൊണ്ട് മനുഷ്യരാരുമല്ല എന്റെ സഹോദരന്മാരെ വീഴ്ത്തിയത്. അക്കാര്യം തീർച്ചയാണ്. പിന്നെ ആരായിരിക്കും? ഭൂതമാണ്. അതിൽ യാതൊരു സംശയവുമില്ല. ഒന്നു മനസ്സിരുത്തി ചിന്തിക്കേണ്ട കാര്യമാണ്. ഏതായാലും വെള്ളം കുടിച്ചതിന്നുശേഷം ചിന്തിച്ചു കണ്ടുപിടിക്കാം. ഇതു ദുര്യാധനന്റെ ഗൂഢമായ പണിയാകാനാണ് ന്യായം. വക്രബുദ്ധിയായ ശകുനിയുടെ കുസൃതിവിദ്യയാണ് ഇത്. കാര്യവും അകാര്യവും ആ ദുഷ്ടന് ഒരുപോലെയാണ്. ഏതു വീരൻ ആ ദുരാഗ്രഹിയും ദുഷ്ടനുമായ അവനെ വിശ്വസിക്കും? ആ ദുഷ്ടന്റെ ഗൂഢപുരുഷന്മാർ പറ്റിച്ച പണിയാണിത്. അല്ലാതെ വേറെയൊന്നുമാകാൻ തരമില്ല. ആ മഹാശയൻ ഇങ്ങനെ പലവിധത്തിലും ചിന്തിച്ചു. ഈ വെള്ളം വിഷദൂഷിതമാണോ? അതും ആകുവാൻ വഴി കാണുന്നില്ല. കാരണം, മരിച്ചുകിടക്കുകയാണെങ്കിലും വൈകൃതമൊന്നും കാണപ്പെടുന്നില്ല. എന്റെ ഭ്രാതാക്കളുടെ മുഖവർണ്ണം തെളിഞ്ഞുതന്നെ കാണുന്നു. പ്രത്യേകിച്ചും മഹാപ്രവാഹവേഗന്മാരായ ഈ പുരാഗ്ര്യന്മാരെ കാലാന്തകയമനൊഴികെ എതിർക്കുവാൻ ശക്തിയുള്ളവരായി മറ്റാരുണ്ട്! ഇപ്രകാരം വിചാരിച്ചുറച്ചുകൊണ്ട് വെള്ളം കുടിക്കുവാനായി യുധിഷ്ഠിരൻ പൊയ്കയിലേക്കിറങ്ങി. ആ വെള്ളത്തിലേക്കിറങ്ങുന്ന സമയത്ത് ധർമ്മപുത്രൻ ആകാശഭാഷിതം കേട്ടു."

യക്ഷൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഞാൻ ചണ്ടിയും മത്സ്യങ്ങളും തിന്നുന്ന കൊക്കാണ്. നിന്റെ തമ്പിമാരെയൊക്കെ ഈ ഞാനാണ് കൊന്നത്. ഞാൻ ചോദിക്കുന്നതിന് ശരിയായ ഉത്തരം പറയാതിരുന്നാൽ അഞ്ചാമനായ നിന്നെയും ഞാൻ കൊല്ലും. എടോ, യുധിഷ്ഠിരാ! നീ സാഹസംചെയ്യരുത്. ഇത് എന്റെ പൂർവ്വസ്വത്താണ്. ചോദ്യത്തിന്നുത്തരം പറഞ്ഞിട്ട് നിനക്കു വെള്ളം കുടിക്കാം. കൊണ്ടുപോവുകയും ചെയ്യാം. അല്ലെങ്കിൽ നിന്റെയും കഥ നിന്റെ അനുജന്മാരുടേതുപോലെ തന്നെയാക്കും!"

യുധിഷ്ഠിരൻ പറഞ്ഞു: "ഭവാൻ ആരാണ്? വസുക്കൾ, രുദ്രന്മാർ, മരുത്തുക്കൾ എന്നിവരുടെ കൂട്ടത്തിൽ ഭവാൻ ആരുടെ നായകനാണ്? ഭവാൻ ഏതു ദേവനാണെന്ന് അറിയുവാൻ ഞാനാഗ്രഹിക്കുന്നു. ഭവാൻ പക്ഷിയല്ല, തീർച്ചയാണ്. പക്ഷിക്ക് ഇത്രയും ഗൗരവമേറിയ കാര്യം ചെയ്യുവാൻ കഴികയില്ലെന്ന് എനിക്കറിയാം. ഹിമാലയം, പാരിയാത്രം, വിന്ധ്യൻ, മലയം എന്നീ നാലു തേജസ്സേറിയ പർവ്വതങ്ങളെയാണ് അടിച്ചു താഴെ വീഴ്ത്തിയിരിക്കുന്നത്. അവർ കിടക്കുന്ന കിടപ്പ് നോക്കൂ! മഹാബലനായ ഭവാൻ ചെയ്ത കർമ്മം ഏറ്റവും വലിയതാണ്. ദേവന്മാർക്കും ദാനവന്മാർക്കും, ഗന്ധർവ്വന്മാർക്കും, യക്ഷന്മാർക്കും, അപ്സരസ്സുകൾക്കും പോരിൽ താങ്ങുവാൻ കഴിയാത്ത ഈ മഹാരഥന്മാരെ അടിച്ചുവീഴ്ത്തിയ ഭവാൻ സാധാരണ ദേവനൊന്നുമല്ല. ഇത് മഹാത്ഭുതംതന്നെ! ഭവാൻ എന്തു കാര്യത്തിനാണ് ഈ മഹാസാഹസം ചെയ്തത് ഭവാന്റെ അഭീഷ്ടം എന്താണെന്ന് ഈയുള്ളവൻ അറിയുന്നില്ല. എനിക്ക് ഇതിൽ വളരെ കൗതു

digitized by www.sreyas.in

കവും ഭയവും ഉളവായിരിക്കുന്നു. എന്റെ ഹൃദയം ഉഴലുകയും തല പുകയുകയും ചെയ്യുന്നു. അതുകൊണ്ട് ഞാൻ ചോദിക്കുന്നു, ഭവാൻ ആരാണ്? പറഞ്ഞാലും!"

യക്ഷൻ പറഞ്ഞു: "നിനക്ക് മംഗളം ഭവിക്കട്ടെ! ഞാൻ ജലചരനായ പക്ഷിയല്ല. നിന്റെ ശക്തന്മാരായ ഭ്രാതാക്കന്മാരെയൊക്കെ കൊന്നതു ഞാനാണ്."

വൈശമ്പായനൻ പറഞ്ഞു: "രൂക്ഷമായ അക്ഷരത്തോടു ചേർന്ന അമംഗളമായ ഈ വാക്കു കേട്ടപ്പോൾ യുധിഷ്ഠിരൻ അല്പം മാറിനിന്നു. രാജാവേ, അപ്പോൾ ഭരതർഷഭനായ ധർമ്മപുത്രൻ ആ യക്ഷന്റെ രൂപം ദർശിച്ചു. അധൃഷ്യനും, മഹാകായനും, വിരൂപാക്ഷനും, പർവ്വതതുല്യനും ഉജ്ജ്വലിക്കുന്ന സൂര്യനെപ്പോലെ പ്രകാശിക്കുന്നവനും പനയോളം നീണ്ട്, വൃക്ഷക്കൂട്ടത്തെ കവിഞ്ഞു നില്ക്കുന്ന നിലയിൽ അവനെക്കണ്ടു. ആ മഹാസ്വനൻ മേഘനിർഘോഷംപോലെ സംഭാഷണം തുടർന്നു:

യക്ഷൻ പറഞ്ഞു: 'നിന്റെ ഈ അനുജന്മാർ ഞാൻ വീണ്ടും വീണ്ടും തടുത്തിട്ടും ബലമായി ജലം അപഹരിക്കുവാൻ ശ്രമിച്ചതുകൊണ്ടാണ് ഞാൻ അവരെ മർദ്ദിച്ചുവിട്ടത്. ഭവാനു ജീവനിൽ കൊതിയുണ്ടോ? ഉണ്ടെങ്കിൽ ഈ ജലം കുടിക്കരുത്! നീ സാഹസം ചെയ്യരുത്. ഇത് എന്റെ പൂർവ്വസ്വത്താണ്. ഞാൻ ചോദിക്കുന്ന ചോദ്യത്തിന്നുത്തരം പറഞ്ഞുകഴിഞ്ഞാൽ നിനക്കു കുടിക്കുകയും കൊണ്ടുപോവുകയും ചെയ്യാം."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, യക്ഷാ! നിന്റെ പൂർവ്വസ്വത്തൊന്നും എനിക്കു വേണ്ട. എനിക്കൊട്ട് ആഗ്രഹവുമില്ല. സൽപുരുഷന്മാരാരും തന്നത്താൻ പുകഴ്ത്തുക എന്നുള്ളത് ചെയ്കയില്ല. ബുദ്ധിക്ക് അടുത്തവിധം നിന്റെ ചോദ്യത്തിന്നു മറുപടി പറയുവാൻ ശ്രമിച്ചുനോക്കാം. ഭവാൻ ചോദിച്ചുകൊള്ളുക."

യക്ഷൻ പറഞ്ഞു: "ആദിത്യനെ ഏന്തുന്നതാരാണ്? അവന്റെ അനുചരന്മാർ ആരാണ്? ആരാണ് അസ്തമിപ്പിക്കുന്നത്? എന്തിന്മേലാണ് സൂര്യന്റെ നിലനില്പ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ആദിത്യനെ ഏന്തുന്നത് ബ്രഹ്മമാണ്. ദേവന്മാരാണ് അനുചരന്മാർ. ആദിത്യനെ അസ്തമിപ്പിക്കുന്നതു ധർമ്മമാണ്. സത്യത്തിന്മേലാണ് സൂര്യന്റെ നിലനില്പ്."

യക്ഷൻ പറഞ്ഞു: "എങ്ങനെയാണ് ശ്രോത്രിയൻ ഉണ്ടാകുന്നത്? മഹത്തിനെ എങ്ങനെ അറിയുന്നു? സഹായവാനാകുന്നത് എങ്ങനെയാണ്? എന്തിനാലാണ് ബുദ്ധിമാനാകുന്നത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ആചാര്യന്റെ മുഖത്തുനിന്ന് വേദാർത്ഥങ്ങളെ അവധാരണംചെയ്യുന്നതിൽനിന്ന് വേദാദ്ധ്യായിയായ ശ്രോത്രിയൻ ഉണ്ടാകുന്നു. തപസ്സുകൊണ്ട് ശ്രുതാർത്ഥങ്ങളെ അവലോകനം ചെയ്യുമ്പോൾ മഹത്തിനെ, ബ്രഹ്മത്തെ അറിയുന്നു. ഇന്ദ്രിയവ്യാപാരങ്ങളെ നിയന്ത്രിക്കുന്ന അവ്യഭിചാരിണിയായ ബുദ്ധിയുള്ളവൻ സഹായവാനാകുന്നു. വൃദ്ധജനസേവകൊണ്ട് ബുദ്ധിമാനാകുന്നു."

യക്ഷൻ പറഞ്ഞു: "ബ്രാഹ്മണർക്ക് ദിവ്യത്വം എന്താണ്? സദാചാരമെന്താണ്? മനുഷ്യത്വം എന്താണ്? സത്തായ ധർമ്മം എന്താണ്? ദുഷ്ടമായ ധർമ്മം എന്താണ്?

യുധിഷ്ഠിരൻ പറഞ്ഞു: "ബ്രാഹ്മണർക്ക് സ്വാദ്ധ്യായം (വേദാദ്ധ്യയനം) ആണ് ദേവത്വം. സദാചാരം തപസ്സാണ്; ജനനമരണങ്ങളാണ് മാനുഷത്വം. അപവാദങ്ങൾ പറയുക എന്നതാണ് ദുഷ്ടമായ ധർമ്മം."

യക്ഷൻ പറഞ്ഞു: "ക്ഷത്രിയർക്കു ദേവത്വം എന്നത് എന്താണ്? സദാചാരം എന്താണ്? അവരുടെ മർത്ത്യഭാവം എന്താണ്? ദുഷ്ടന്റെ മട്ട് എന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ക്ഷത്രിയന്മാർക്ക് വരാസ്ത്രങ്ങളാണ് ദേവത്വം. യജ്ഞമാണ് സദാചാരം. ഭയമാണ് മർത്ത്യഭാവം. ശരണാഗതന്മാരെ ത്യജിക്കലാണ് ദുഷ്ടമായ ആചാരം."

യക്ഷൻ പറഞ്ഞു: "യജ്ഞീയമായ സാമമെന്താണ്? യജ്ഞീയമായ യജുസ്സെന്താണ്? യജ്ഞീയം എന്താണ്? യജ്ഞം എന്തിനെ വരിക്കുന്നു? യജ്ഞം എന്തിനെ അതിലംഘിക്കാതിരിക്കുന്നു?"

യുധിഷ്ഠിരൻ പറഞ്ഞു: "പ്രാണനാണ് യജ്ഞവിഷയമായ സാമം. മനസ്സാണ് യജ്ഞീയമായ യജുസ്സ്. ഋക്കിനെ യജ്ഞം സ്വീകരിക്കുന്നു. ഇവ മൂന്നിനേയുമാണ് യജ്ഞം അതിലംഘിക്കാത്തത്."

യക്ഷൻ പറഞ്ഞു: "ആവപത്തിൽ ശ്രേഷ്ഠമായത് എന്താണ്? നിവപത്തിൽ ശ്രേഷ്ഠമെന്താണ്? പ്രതിഷ്ഠമാനത്തിൽ ശ്രേഷ്ഠമെന്താണ്? പ്രസവത്തിൽ ശ്രേഷ്ഠമെന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ആവപത്തിൽ (കൃഷി) ശ്രേഷ്ഠം വർഷവും, നിവപത്തിൽ (വിളവിൽ) ശ്രേഷ്ഠം വിത്തും, പ്രതിഷ്ഠമാനത്തിൽ (സുഖജീവിതം കാമിക്കുന്നവർക്ക്) ശ്രേഷ്ഠം പശുക്കളും, പ്രസവത്തിൽ (പാരമ്പര്യം ഇച്ഛിക്കുന്നതിൽ) ശ്രേഷ്ഠൻ പുത്രനുമാണ്."

യക്ഷൻ പറഞ്ഞു: "ഇന്ദ്രിയസുഖങ്ങൾ അനുഭവിക്കുന്നവനും, ബുദ്ധിമാനും ലോകരാൽ മാനിതനും, ഏവർക്കും സമ്മതനുമായ ഒരുവൻ ശ്വസിച്ച് ജീവിക്കുന്നുണ്ടെങ്കിലും അവൻ ജീവിക്കുന്നവനല്ലെന്നു പറയുന്നത് എന്തുകൊണ്ടാണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ദേവതകൾക്കും അതിഥികൾക്കും, ഭൃത്യന്മാർക്കും, പിതൃക്കൾക്കും തനിക്കും ഈ അഞ്ചുപേർക്കും ആര് ബലി നല്കുന്നില്ലയോ, അവൻ ഉച്ഛ്വസിക്കുന്നുണ്ടെങ്കിലും ജീവിക്കുന്നവനല്ല."

യക്ഷൻ പറഞ്ഞു: "ഭൂമിയേക്കാൾ ഗുരുതരമായത് എന്താണ്? ആകാശത്തേക്കാൾ ഉയർന്നതെന്താണ്? കാറ്റിനേക്കാൾ വേഗം കൂടിയതെന്താണ്? തൃണത്തേക്കാൾ ബഹുതരമായതെന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ഭൂമിയേക്കാൾ ഗുരുതരമായത് അമ്മയാണ്. ആകാശത്തേക്കാൾ ഉയർന്നത് അച്ഛനാണ്. കാറ്റിനേക്കാൾ വേഗംകൂടിയത് മനസ്സാണ്. തൃണത്തേക്കാൾ ബഹുതരമായത് ചിന്തയാണ്."

യക്ഷൻ പറഞ്ഞു: "ഉറക്കത്തിൽ കണ്ണടയ്ക്കാത്തത് ഏതാണ്? ഉണ്ടായിട്ടും വളരാത്തത് ഏതാണ്? ഏതിന്നു ഹൃദയമില്ല? വേഗത്താൽ വർദ്ധിക്കുന്നത് ഏത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ഉറക്കത്തിൽ കണ്ണടയ്ക്കാത്തത് മത്സ്യമാണ്. ജാതമായതിൽപ്പിന്നെ വളരാത്തത് അണ്ഡമാണ്. ഹൃദയമില്ലാത്തത് കല്ലാണ്. വേഗത്തിൽ വർദ്ധിക്കുന്നത് നദിയാണ്."

യക്ഷൻ പറഞ്ഞു: "പ്രവസിക്കുന്നവന്നു മിത്രം എന്ത്? ഗൃഹസ്ഥന്ന് മിത്രം ആര്?"

യുധിഷ്ഠിരൻ പറഞ്ഞു: "പ്രവസിക്കു മിത്രം കൂട്ടുകാരനാണ്. ഗൃഹസ്ഥന്നു മിത്രം ഭാര്യയാണ്! രോഗാർത്തന്ന് മിത്രം വൈദ്യനാണ്. ചാകാൻ അടുത്തവന്ന് മിത്രം ദാനമാണ്."

യക്ഷൻ പറഞ്ഞു: "സർവ്വഭൂതങ്ങൾക്കും അതിഥി ആരാണ്? സനാതനമായ ധർമ്മം എന്താണ്? അമൃതം എന്താണ്? ജഗത്തിലൊട്ടുക്ക് എന്തുണ്ട്?"

യുധിഷ്ഠിരൻ പറഞ്ഞു: "സർവ്വഭൂതങ്ങൾക്കും അതിഥി അഗ്നിയാണ്. സനാതനമായ ധർമ്മം മോക്ഷഹേതുവാണ്. സോമംതന്നെയാണ് പശുവിൻപാലാകുന്ന അമൃതം. ജഗത്തിലൊട്ടുക്കുമുള്ളത് വായുവാണ്."

യക്ഷൻ പറഞ്ഞു: "ഏകനായി, തനിച്ച് ചുറ്റുന്നവൻ ആരാണ്? ജാതനായിട്ടു വീണ്ടും ജനിക്കുന്നവൻ ആരാണ്? ഹിമത്തിന്ന് വലിയ ഔഷധം എന്താണ്? വിളവുണ്ടാകുന്നതിൽ ഏറ്റവും മഹത്തായതെന്ത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ഏകനായി സഞ്ചരിക്കുന്നവൻ സൂര്യനാണ്. ചന്ദ്രൻ ജനിച്ചിട്ട് വീണ്ടും ജനിക്കുന്നു. ഹിമത്തിന്ന് വലിയ ഔഷധം തീയാണ്. വിളവുണ്ടാകുന്നതിൽ മഹത്ത്വം ഭൂമിക്കാണ്."

യക്ഷൻ പറഞ്ഞു: "ധർമ്മത്തിന്നും, യശസ്സിന്നും, സ്വർഗ്ഗത്തിന്നും, സുഖത്തിന്നും ഒരേ പര്യായസ്ഥാനമായി നില്ക്കുന്നത് ഏതേതാണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മത്തിന്ന് ദാക്ഷ്യവും യശസ്സിന്ന് ദാനവും, സ്വർഗ്ഗത്തിന്ന് സത്യവും, സുഖത്തിന്ന് ശീലവുമാണ് ഒരേ ഒരു ആശ്രയസ്ഥാനം."

യക്ഷൻ പറഞ്ഞു: "മനുഷ്യന്റെ ആത്മാവ് എന്താണ്? അവന്ന് ദൈവം തരുന്ന സഖാവാരാണ്? അവന്റെ ഉപജീവനം എന്താണ്? അവന്ന് പരായണമായത് എന്ത്?"

digitized by www.sreyas.in

യുധിഷ്ഠിരൻ പറഞ്ഞു: "പുത്രനാണ് മനുഷ്യന്റെ ആത്മാവ്, അവന്ന് ദൈവകൃതമായ സഖി ഭാര്യയാണ്. മഴപെയ്യുന്ന മേഘമാണ് ഉപജീവനം. ദാനമാണ് അവന്ന് പരായണമായിട്ടുള്ളത്."

യക്ഷൻ പറഞ്ഞു: "ധന്യങ്ങളിൽ ശ്രേഷ്ഠമെന്താണ്? ധനത്തിൽ ശ്രേഷ്ഠമായിട്ടുള്ളതെന്താണ്? ലാഭത്തിൽ ശ്രേഷ്ഠമായിട്ടുള്ളത് എന്താണ്? സുഖത്തിൽ ശ്രേഷ്ഠമായത് എന്ത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ധന്യങ്ങളിൽ ശ്രേഷ്ഠമായത് ദാക്ഷ്യമാണ്. ധനങ്ങളിൽ ശ്രേഷ്ഠമായത് വേദാദ്ധ്യയനമാണ്. ലാഭങ്ങളിൽ ശ്രേഷ്ഠമായത് ആരോഗ്യമാണ്. സുഖങ്ങളിൽ ശ്രേഷ്ഠമായത് സന്തുഷ്ടിയുമാണ്."

യക്ഷൻ പറഞ്ഞു: "ലോകത്തിൽ പരമമായ ധർമ്മം ഏതാണ്? സദാ ഫലവത്തായത് ഏതു ധർമ്മമാണ്? ഏതിനെ കീഴടക്കിയാൽ ദുഃഖിക്കേണ്ടിവരികയില്ലാ? എങ്ങനെയുള്ള സന്ധി എന്നും നശിക്കുകയില്ലാ?"

യുധിഷ്ഠിരൻ പറഞ്ഞു: "പരദ്രോഹം ചെയ്യാതിരിക്കൽ (അഹിംസ) ആണ് പരമമായ ധർമ്മം. ത്രയീധർമ്മമാണ് (അഃ ഉഃ മ് = ഓം) പ്രണവം. പ്രണവത്തെ ആശ്രയിച്ച് നില്ക്കുന്ന ധർമ്മമാണ് സദാ ഫലമായിട്ടുള്ളത്. മനസ്സിനെ അടക്കിയാൽ ദുഃഖിക്കേണ്ടിവരികയില്ല. സജ്ജനത്തോടുള്ള സന്ധി എന്നും കെടുകയില്ല."

യക്ഷൻ പറഞ്ഞു: "എന്ത് ഉപേക്ഷിച്ചാൽ ഇഷ്ടനായി വരും? എന്ത് ഉപേക്ഷിച്ചാൽ ദുഃഖിക്കയില്ല? എന്ത് ഉപേക്ഷിച്ചാൽ അർത്ഥവാനാകും? എന്ത് ഉപേക്ഷിച്ചാൽ സുഖം സിദ്ധിക്കും?"

യുധിഷ്ഠിരൻ പറഞ്ഞു: "ദേഹാഭിമാനം ഉപേക്ഷിച്ചാൽ ഇഷ്ടനാകും. ക്രോധം ഉപേക്ഷിച്ചാൽ ദുഃഖിക്കേണ്ടിവരികയില്ല. കാമം ഉപേക്ഷിച്ചാൽ അർത്ഥവാനാകും. ലോഭം ഉപേക്ഷിച്ചാൽ സുഖം സിദ്ധിക്കും."

യക്ഷൻ പറഞ്ഞു: "ബ്രാഹ്മണർക്കു ദാനം എന്തിനായിട്ടാണ്? കൂത്താട്ടക്കാർക്ക് ദാനം എന്തിനായിട്ടാണ്? ഭൃത്യന്മാർക്ക് ദാനം എന്തിനായിട്ടാണ്? രാജാക്കന്മാർക്ക് ദാനം എന്തിനായിട്ടാണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ബ്രാഹ്മണർക്ക് ദാനം ധർമ്മത്തിനായിട്ടാണ്. കൂത്താട്ടക്കാർക്ക് (നടന്മാർക്ക്) ദാനം യശസ്സിന്നായിട്ടാണ്. ഭൃത്യന്മാർക്ക് ദാനം ഭരണത്തിന്നായിട്ടാണ്. രാജാവിന്ന് ദാനം ഭയത്തിന്നായിട്ടുമാണ്."

യക്ഷൻ പറഞ്ഞു: "എന്തിനാൽ ലോകം മൂടിയിരിക്കുന്നു? ഏതിനാൽ പ്രകാശം ഉണ്ടാകുന്നു? എന്തിനാൽ ഇഷ്ടരെ വിടുന്നു? എന്തിനാൽ സ്വർഗ്ഗം പ്രാപിക്കുവാൻ കഴിയുകയില്ല?"

യുധിഷ്ഠിരൻ പറഞ്ഞു: "അജ്ഞാനത്താൽ ലോകം മൂടുന്നു. ബുദ്ധിയാൽ ലോകം തെളിയുന്നു. ലോഭത്താൽ ഇഷ്ടരെ വിടുന്നു. സംഗത്താൽ സ്വർഗ്ഗം പ്രാപിക്കുവാൻ കഴിയുന്നില്ല."

യക്ഷൻ പറഞ്ഞു: "പുരുഷൻ എങ്ങനെ മൃതനായി ഭവിക്കുന്നു? രാഷ്ട്രം എങ്ങനെ മൃതമാകുന്നു? ശ്രാദ്ധം എങ്ങനെ മൃതമാകുന്നു? യജ്ഞം എങ്ങനെ മൃതമാകുന്നു?"

യുധിഷ്ഠിരൻ പറഞ്ഞു: "ദരിദ്രനായ പുരുഷൻ മൃതനാണ്. അരാജകമായ രാഷ്ട്രം മൃതമാണ്. ശ്രോത്രിയനില്ലാത്ത ശ്രാദ്ധവും മൃതംതന്നെ! ദക്ഷിണയില്ലാത്ത യജ്ഞവും മൃതംതന്നെ!"

യക്ഷൻ പറഞ്ഞു: "ദിക്ക് എന്താണ്? ഉദകമെന്താണ്? അന്നം എന്താണ്? വിഷം എന്താണ്? ശ്രാദ്ധകാലം ഏത്? ഇതു കൂടി പറയുക. പിന്നെ വെള്ളം കുടിക്കാം. കൊണ്ടുപോവുകയും ചെയ്യാം."

യുധിഷ്ഠിരൻ പറഞ്ഞു: "സജ്ജനങ്ങളാണ് ദിക്ക് (മാർഗ്ഗദർശികൾ). ആകാശമാണ് ഉദകം. പശുവാണ് അന്നം. യാചനമാണ് വിഷം. ശ്രാദ്ധകാലം ബ്രാഹ്മണനാണ് (വേദജ്ഞനായ നല്ല ബ്രാഹ്മണനെ കിട്ടുന്നതുതന്നെയാണ് ശ്രാദ്ധത്തിനുള്ള സമയം). ഹേ യക്ഷാ! ഭവാന്റെ അഭിപ്രായമെന്താണ്?"

യക്ഷൻ പറഞ്ഞു: "തപസ്സിന് ചിഹ്നം എന്താണ്? ദമത്തിന്ന് എന്താണ് ചിഹ്നം? പരയായ ക്ഷമയെന്താണ്? ഹ്രീയെന്നാൽ എന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "സ്വധർമ്മവർത്തിത്വമാണ് തപസ്സിന്റെ ലക്ഷണം. മനസ്സിന്റെ അടക്കമാണ് ദമത്തിന്റെ ലക്ഷണം. സുഖദുഃഖാദിദ്വന്ദ്വങ്ങളുടെ സഹിഷ്ണുത്വം ക്ഷമയുടെ ചിഹ്നമാണ്. അകൃത്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നതാണ് ഹ്രീയുടെ ലക്ഷണം."

യക്ഷൻ പറഞ്ഞു: "ജ്ഞാനം എന്താണ്? ശമം എന്താണ്? പരയായ ദയ എന്താണ്? ആർജ്ജവം എന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "തത്ത്വാർത്ഥബോധമാണ് ജ്ഞാനം. ചിത്തപ്രശാന്തയാണ് ശമം. സർവ്വഭൂതസുഖേച്ഛയാണ് ദയ. സമചിത്തതയാണ് ആർജ്ജവം."

യക്ഷൻ പറഞ്ഞു: "ആരാണ് ദുർജ്ജയനായ ശത്രു? അനന്തമായ വ്യാധി എന്താണ്? സാധു ഏതുവിധക്കാരനാണ്? അസാധു ഏതു വിധക്കാരനാണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ദുർജ്ജയനായ ശത്രു ക്രോധമാണ്. അക്ഷയമായ വ്യാധി ലോഭമാണ്. ഏവർക്കും ഹിതനായവനാണ് സാധു. ദയവിട്ടവനാരോ അവനാണ് അസാധു."

യക്ഷൻ പറഞ്ഞു: "മോഹം എന്താണ്? രാജാവേ, മാനം എന്താണ്? ആലസ്യമെന്നാൽ എന്താണ്? ശോകം എന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മം പിഴയ്ക്കുന്നതാണ് മോഹം. ആത്മാഭിമാനമാണ് മാനം. ധർമ്മം (കർത്തവ്യം) ചെയ്യാതിരിക്കുകയാണ് ആലസ്യം. അജ്ഞാനമാണ് ശോകം."

യക്ഷൻ പറഞ്ഞു: "ഋഷിപ്രോക്തമായ സ്ഥൈര്യം എന്താണ്? ധൈര്യം എന്നാൽ എന്താണ്? മുഖ്യമായ സ്നാനം എന്താണ്? ദാനം എന്നാൽ എന്ത്?"

യുധിഷ്ഠിരൻ പറഞ്ഞു: "സ്വധർമ്മനിഷ്ഠയാണ് സ്ഥൈര്യം. ഇന്ദ്രിയനിഗ്രഹമാണ് ധൈര്യം. മനസ്സിലെ മലിനത നീക്കലാണ് സ്നാനം. ജീവികളെ രക്ഷിക്കുക എന്നതാണ് ദാനം."

യക്ഷൻ പറഞ്ഞു: "ആരാണ് പണ്ഡിതൻ? ആരാണ് നാസ്തികൻ? മൂർഖൻ ആരാണ്? കാമമെന്ത്? മത്സരമെന്ത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മജ്ഞനാണ് പണ്ഡിതൻ. നാസ്തികനാണ് മൂർഖൻ. സംസാരത്തിനു കാരണമായി ഭവിക്കുന്നത് കാമം. ഉള്ളിലെ താപമാണ് മത്സരം."

യക്ഷൻ പറഞ്ഞു: "എന്താണ് അഹങ്കാരം? എന്താണ് ദംഭം? പരമമായ ദൈവം എന്തൊന്നാണ്? പിശുനത്വം എന്താണ്?"

യുധിഷ്ഠിരൻ പറഞ്ഞു: "മൂർത്തത്തെപ്പറ്റിയുള്ള അജ്ഞാനമാണ് അഹങ്കാരം. ധർമ്മിഷ്ഠവേഷമാണ് ദംഭം. ദാനത്തിന്റെ ഫലമാണ് ദൈവം. പരദൂഷണമെന്നതാണ് പൈശൂന്യം."

യക്ഷൻ പറഞ്ഞു: "ധർമ്മം, അർത്ഥം, കാമം ഇവ പരസ്പരം വിരോധികളാണ്. നിത്യവും വിരുദ്ധമായ ഇവ ഒരിടത്ത് എങ്ങനെ ചേർന്നിരിക്കുന്നു?"

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മവും, ഭാര്യയും തമ്മിൽ ചേർന്നതിന്നാൽ മതി. എന്നാൽ ധർമ്മവും, അർത്ഥവും, കാമവും ഒരിടത്തു ചേർന്നു നിന്നുകൊള്ളും."

യക്ഷൻ പറഞ്ഞു: "ആർക്കാണ് അക്ഷയമായ നരകം ലഭിക്കുക? ചോദിക്കുന്ന എന്നോട് ഇതിന്റെ ഉത്തരം ഉടനെ പറയുക."

യുധിഷ്ഠിരൻ പറഞ്ഞു: "ദരിദ്രനായ വിപ്രനെ ദാനത്തിന്നായി വിളിച്ചുവരുത്തിയതിന്നുശേഷം ഒന്നുമില്ലെന്നു പറഞ്ഞ് മടക്കി അയയ്ക്കുന്നവന്ന് നിത്യമായ നരകം ലഭിക്കുന്നതാണ്. വേദങ്ങളിലും, ധർമ്മശാസ്ത്രങ്ങളിലും, ബ്രാഹ്മണരിലും, ദേവന്മാരിലും, പിതൃക്കളിലും ധർമ്മങ്ങളിലും യാതൊരു കാര്യവുമില്ലെന്ന് കരുതുന്നവനും അക്ഷയമായ നരകംതന്നെയാണ് ഫലം. ധനം നേടിയിട്ടും ദാനഭോഗങ്ങൾ കൂടാതെ ആരോടും ഇല്ലെന്നു പറയുന്നവനും എത്തുന്നത് നിത്യമായ നരകത്തിലേക്കായിരിക്കും."

യക്ഷൻ പറഞ്ഞു: "രാജാവേ, കുലം, വൃത്തം, സ്വാദ്ധ്യായം, ശ്രുതം എന്നിവയിൽ ഏതുകൊണ്ടാണ് ബ്രാഹ്മണ്യം നിലനില്ക്കുന്നത്? ഭവാൻ നിശ്ചയിച്ച് പറഞ്ഞാലും."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, യക്ഷാ! ഞാൻ പറയാം, കേട്ടാലും. ദ്വിജത്വത്തിന്ന് കാരണം കുവമല്ല, ശ്രുതമല്ല, സ്വാദ്ധ്യായമല്ല, വൃത്തം മാത്രമാണെന്നു ഞാൻ സംശയാതീതമായി പറയുന്നു. ബ്രാഹ്മണൻ വിശേഷേണ പ്രയത്നംചെയ്ത് വൃത്തത്തെ സംരക്ഷിക്കേണ്ടതാണ്. അക്ഷീണവൃത്തൻ ഒരിക്കലും ക്ഷീണനല്ല. എന്നാൽ ഹതവൃത്തൻ ഹതൻതന്നെയാണ്. പഠിക്കുന്നവ

digitized by www.sreyas.in

രായാലും പഠിപ്പിക്കുന്നവരായാലും ശാസ്ത്രചിന്തകന്മാരായാലും സ്വഭാവശുദ്ധിയില്ലെങ്കിൽ അവർ മൂർഖന്മാരാണ്. ക്രിയാവാൻ ആരോ അവനാണ് പണ്ഡിതൻ. നാലുവേദം അറിഞ്ഞവനായാലും അവൻ ദുർവൃത്തനാണെങ്കിൽ ശൂദ്രതുല്യനാണ്. അഗ്നിഹോത്രപരനായി ദാന്തനായി വർത്തിക്കുന്നവനാണ് ബ്രാഹ്മണൻ."

യക്ഷൻ പറഞ്ഞു: "പ്രിയവചനം പറയുന്നവന് എന്തു ലഭിക്കും? കരുതലോടെ പ്രവർത്തിക്കുന്നവന് എന്തു ലഭിക്കും? ബഹുമിത്രകരന്ന് എന്തു കിട്ടും? ധർമ്മരതന്ന് എന്തു കിട്ടും? രാജാവേ പറയുക."

യുധിഷ്ഠിരൻ പറഞ്ഞു: "പ്രിയമൊഴി പറയുന്നവൻ പ്രിയം നേടുന്നു. കരുതലോടെ പ്രവർത്തിക്കുന്നവൻ ജയം നേടുന്നു. ബഹുമിത്രങ്ങളെ നേടുന്നവൻ സുഖമായി വാഴുന്നു. ധർമ്മരതൻ സൽഗ്ഗതി നേടുന്നു."

യക്ഷൻ പറഞ്ഞു: "മോദിക്കുന്നവൻ ആരാണ്? എന്താണ് മാർഗ്ഗം? എങ്ങനെയുള്ളതാണ് വാർത്ത. ഈ നാലിനും ഉത്തരം പറഞ്ഞാൽ നിന്റെ ചത്ത സഹോദരന്മാർ ജീവിക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "അഞ്ചാറുദിവസം കൂടുമ്പോൾ തന്റെ ഗൃഹത്തിൽ ചീരക്കറിവെച്ച് ഉണ്ണുന്നവനും, കടം ഇല്ലാത്തവനും, തെണ്ടിനടക്കാത്തവനും, മോദിക്കുന്നവനാണ്! ദിവസം തോറും ജീവജാലങ്ങൾ യമപുരിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. ശേഷംപേർ തങ്ങൾക്ക് നാശമില്ലെന്നും ഇവിടെ സ്ഥിരമാണെന്നും വിചാരിക്കുന്നു. ഇതില്പരം ആശ്ചര്യം എന്താണ്! ഇതാണ് വാർത്ത. ഇനി മാർഗ്ഗം ഏതാണെന്ന ചോദ്യത്തിന്നും ഉത്തരം പറയാം. തർക്കത്തിൽക്കൂടി നോക്കുമ്പോൾ അതിന്റെ ഗതി നിർണ്ണയിക്കുവാൻ പ്രയാസമാണ്. ശ്രുതികളിൽ വിരുദ്ധാർത്ഥവാദങ്ങൾ കാണുന്നു. മഹർഷിമാരുടെ മതങ്ങൾ വിഭിന്നങ്ങളാണ്. അതുകൊണ്ട് മറ്റുള്ളവർക്ക് നില കാണുന്നില്ല. മഹാന്മാർ ഏതു മാർഗ്ഗത്തിലൂടെ പോകുന്നുവോ ആ മാർഗ്ഗം പിൻതുടരുകയെന്നതാണ് യുക്തം. ശരിയായ മാർഗ്ഗം മഹാജനം സഞ്ചരിച്ച മാർഗ്ഗംതന്നെയാണ്. ഇന്ന് ഈ മഹാമോഹമാകുന്ന വറവുചരക്കിൽ (പൊരിക്കുവാനുള്ള വലിയ പാത്രത്തിൽ--കടാഹത്തിൽ) കയറ്റിയിട്ട് അർക്കനാകുന്ന അഗ്നികൊണ്ട് രാത്രിയും പകലുമാകുന്ന വിറക് വെച്ചെരിച്ച് മാസമെന്നും ഋതുവെന്നും പേരുള്ള കടകോലിട്ട് കടഞ്ഞ് കാലൻ ഭൂതങ്ങളെയെല്ലാം വേവിക്കുന്നത് ഏതോ അതാണ് വാർത്ത."

യക്ഷൻ പറഞ്ഞു: "ഹേ പരന്തപാ! എന്റെ ചോദ്യത്തിന്നൊക്കെ നീ ശരിയായ ഉത്തരം പറഞ്ഞു. എളനി ആരാണ് പുരുഷനെന്നും ആരാണ് സർവ്വസ്വധനിയെന്നും പറയുക."

യുധിഷ്ഠിരൻ പറഞ്ഞു: "പുണ്യകർമ്മങ്ങളാൽ ഇഹത്തിലും പരത്തിലും പേരുകേട്ടവനാണ് പുരുഷൻ. അവന്റെ പേർ എത്രകാലം നിലനില്ക്കുന്നുവോ അത്രകാലം അവനിൽ പുരുഷത്വമുണ്ട്. പ്രിയത്തിലും അപ്രിയത്തിലും സുഖത്തിലും ദുഃഖത്തിലും ഭൂതത്തിലും ഭവിഷ്യത്തിലും തുല്യഭാവത്തോടെ വർത്തിക്കുന്നവനാണ് സർവ്വധനിയായ നരൻ."

യക്ഷൻ പറഞ്ഞു: "എന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞതുകൊണ്ട് നിന്റെ അനുജന്മാരിൽ ഒരാളെ ഞാൻ ജീവിപ്പിക്കാം. നീ ഇച്ഛിക്കുന്നവനാരാണ്?

യുധിഷ്ഠിരൻ പറഞ്ഞു: "ശ്യാമനും, രക്താക്ഷനുമായി മാറിടം വിരിഞ്ഞ് മഹാസാലതുല്യം ഉയർന്ന മഹാബാഹുവായ നകുലൻ ജീവിക്കട്ടെ!"

യക്ഷൻ പറഞ്ഞു: "ഭീമസേനനാണ് നിനക്ക് പ്രിയപ്പെട്ടവൻ. അർജ്ജുനനാണ് നിങ്ങൾക്ക് ആശ്രയം. പിന്നെ നിന്റെ അച്ഛന്റെ മറ്റൊരു ഭാര്യയിൽ പിറന്ന ഒരു സഹോദരൻ ജീവിക്കട്ടെ എന്ന് പറയുവാൻ എന്ത് അനുഭവമാണ് ഭവാനുണ്ടായത്? പാണ്ഡവന്മാർക്കൊക്കെ കയ്യൂക്കിനാൽ ആലംബമായിക്കണ്ട പാർത്ഥനെ വിട്ട് എന്തുകൊണ്ട് നകുലനെ ജീവിപ്പിക്കുവാൻ നീ വിചാരിക്കുന്നു."

യുധിഷ്ഠിരൻ പറഞ്ഞു: "ധർമ്മത്തെ ആര് നശിപ്പിക്കുന്നുവോ അത് അവനെ നശിപ്പിക്കും. ധർമ്മത്തെ ആര് കാക്കുന്നുവോ അത് അവനെ കാക്കുകയുംചെയ്യും. അതുകൊണ്ട് ഒരിക്കലും ഞാൻ ധർമ്മത്തെ ത്യജിക്കുകയില്ല. ധർമ്മത്തെ കെടുത്തി അതുവഴി എന്നെയും കെടുക്കുന്നതിന് ഞാൻ വിചാരിക്കുന്നില്ല. അത് ഞാൻ ചെയ്യുകയില്ല. പരമമായ ധർമ്മം ആനൃശംസ്യമാണെന്നാണ് എന്റെ സത്യമായ മതം. ആനൃശംസ്യം (ക്രൂരതയില്ലായ്മ) കൊണ്ട് നകുലൻ ജീവിക്കട്ടെ എന്ന് ഞാൻ കാംക്ഷിക്കുന്നു. ജനങ്ങൾ എന്നെ അറിയുന്നത് ധർമ്മശീലനായ രാജാവാണെന്നാണ്. യക്ഷാ! സ്വധർമ്മം ഞാൻ ഒരിക്കലും വിടുകയില്ല. യക്ഷാ! നകുലൻ ജീവിക്കുമാറാകട്ടെ! എന്റെ അച്ഛന് രണ്ടു ഭാര്യമാരാണ്. കുന്തിയും മാദ്രിയും. രണ്ടുപേരുടേയും മക്കൾ എനിക്കു തുല്യമാണ്. അതാണ് എന്റെ നിശ്ചയം. കുന്തിയെപ്പോലെതന്നെയാണ് എനിക്ക് മാദ്രിയും. അവരിലും ഭേദചിന്ത എനിക്കില്ല. ഞാൻ രണ്ടമ്മമാരേയും ഒരുപോലെ വിചാരിക്കുന്നവനാണ്. യക്ഷാ, നകുലൻ ജീവിച്ച് എഴുന്നേൽക്കട്ടെ!"

യക്ഷൻ പറഞ്ഞു: "ഹേ ഭരതർഷഭാ, അർത്ഥകാമങ്ങളേക്കാൾ ആനൃശംസ്യമാണ് ഭവാൻ ഉപരിയായിക്കാണുന്നത്. അതാണ് ഭവാന്റെ മതം. അതുകൊണ്ട് ഭവാന്റെ എല്ലാ സഹോദരന്മാരും ജീവിക്കും!"

314. നകുലാദികൾക്ക് ജീവനാദികളായ വരം ലഭിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "അപ്പോൾ യക്ഷൻ പറഞ്ഞപ്രകാരം പാണ്ഡവന്മാരെല്ലാം എഴുന്നേറ്റു. അവരുടെ വിശപ്പും ദാഹവും ഉടനെ ഇല്ലാതാവുകയും ചെയ്തു."

യുധിഷ്ഠിരൻ പറഞ്ഞു: "സരസ്സിൽ ഒറ്റക്കാലൂന്നിക്കൊണ്ടു നില്ക്കുന്ന അപരാജിതനായ ഭവാൻ ആരാണെന്നു പറഞ്ഞാലും. യക്ഷനല്ല ഭവാൻ എന്നാണ് എന്റെ അഭിപ്രായം. വസുക്കളിൽ ഒരാളാണോ ഭവാൻ? അഥവാ രുദ്രന്മാരിൽ ഒരുത്തനാണോ? അതോ ദേവന്മാരിൽ ശ്രേഷ്ഠനായ ഇന്ദ്രനാണോ? നൂറായിരം പേരോട് ഒരേസമയത്ത് എതിർത്ത് യുദ്ധംചെയ്യുവാൻ പോന്നവരായ എന്റെ തമ്പിമാരാണ് ഇവർ. ഇവരെയെല്ലാം വീഴ്ത്തുവാൻ കെല്പുള്ളവനായ ഒരു യോദ്ധാവിനേയും ഞാൻ കാണുന്നില്ല. ഉണർന്നതായ ഇവരുടെ ഇന്ദ്രിയങ്ങളൊക്കെ തെളിഞ്ഞുവെന്ന് ഞാൻ അറിയുന്നു. ഞങ്ങൾക്ക് ഭവാൻ സുഹൃത്തുമാത്രമല്ല, അച്ഛനാണെന്നുതന്നെ ഞങ്ങൾ കരുതുന്നു."

യക്ഷൻ പറഞ്ഞു: "ഞാൻ നിന്റെ അച്ഛൻതന്നെയാണ്. ഉണ്ണീ! മൃദുപരാക്രമാ, ഞാൻ ധർമ്മനാണ്. നിന്നെക്കാണുവാനാണ് വന്നതെന്ന് ധരിക്കുക. കീർത്തി, സത്യം, ദമം, ശൗചം, ആർജ്ജവം, ഹ്രീ, അചാപലം, ദാനം, തപം, ബ്രഹ്മചര്യം എന്നിവ എന്റെ ശരീരങ്ങളാണ്. അഹിംസ, ശാന്തി, മമത, തപം, ശൗചം, അമത്സരം ഇവ എന്റെ ദ്വാരങ്ങളാണ്. നീ എനിക്ക് എന്നും ഇഷ്ടപ്പെട്ടവനാണ്. ഭാഗ്യം! നീ അഞ്ചിലും തല്പരനാണ്. ശമം, ദമം, വിരക്തി, തിതിക്ഷ, ധ്യാനം എന്നീ അഞ്ചിലും തല്പരനാണ്. ഭാഗ്യം! ആറ് ധർമ്മങ്ങളേയും (വിശപ്പ്, ദാഹം, ശോകം, മോഹം, ജര, മൃത്യു) ജയിച്ചവനാണ്! ഇവയിൽ ആദ്യത്തെ രണ്ടെണ്ണം ചെറുപ്പത്തിലും, പിന്നത്തെ രണ്ടെണ്ണം യൗവനത്തിലും, ഒടുവിലത്തെ രണ്ടെണ്ണം വാർദ്ധക്യത്തിലും ബാധിക്കുന്നതാണ്. പാരത്രികമായി നീ എല്ലാം കീഴടക്കിയിരിക്കുന്നു. ഞാൻ ധർമ്മനാണ്. നിനക്ക് മംഗളം ഭവിക്കട്ടെ! നിന്നെ പരീക്ഷിച്ചറിയുവൻ വന്നതാണു ഞാൻ. ഭവാന്റെ ആനൃശംസ്യത്താൽ (അനിഷ്ഠൂരത, അഹിംസ) ഹേ, അനഘാ! ഞാൻ അഭിനന്ദിക്കുന്നു. വരം എന്നിൽനിന്ന് വരിച്ചുകൊള്ളുക. എന്റെ ഭക്തന്മാരായ പുരുഷന്മാർക്കാർക്കും ദുർഗ്ഗതി ഉണ്ടായിട്ടില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "ആരുടെ അരണിക്കൂട്ടമാണോ മാൻ എടുത്ത് ഓടിയത്, അവന്ന് അഗ്നിലോപം ഏല്ക്കരുത്. അതാണ് എനിക്ക് ആദ്യമായി തരേണ്ടതായ വരം!"

യക്ഷൻ പറഞ്ഞു: "ഈ ബ്രാഹ്മണന്റെ അരണിക്കൂട്ടം എടുത്തവൻ ഞാനാണ്. നിന്റെ തത്ത്വം അറിയുന്നതിന്നുവേണ്ടി ഹേ! കൗന്തേയാ, മാനായി വന്നത് ഞാനാണ്."

വൈശമ്പായനൻ പറഞ്ഞു: "തരുന്നു" എന്ന് ഭഗവാൻ മറുപടി പറഞ്ഞു. ശുഭമായ മറ്റൊരു വരം ഭവാൻ വരിക്കുക എന്ന് യുധിഷ്ഠിരനോടു പറഞ്ഞു.

digitized by www.sreyas.in

യുധിഷ്ഠിരൻ പറഞ്ഞു: "കാട്ടിൽ പന്തീരാണ്ട് ഞങ്ങൾ വാണു. പതിമൂന്നാമത്തെ വത്സരവും അടുത്തു. അക്കാലം അജ്ഞാതവാസത്തിൽ പ്രവേശിക്കുന്ന ഞങ്ങളെ ആരും എങ്ങും അറിയാതിരിക്കേണമേ!"

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരംതന്നെ! 'ഞാൻ വരംതരുന്നു' എന്ന് ഉത്തരം പറഞ്ഞുവെച്ചതിന്നുശേഷം സത്യവീര്യനായ പാണ്ഡവനെ പിന്നെയും ആശ്വസിപ്പിച്ചു. "സ്വന്തം രൂപംതന്നെ എടുത്ത് നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചാലും ഈ ലോകത്തിൽ നിങ്ങളെ ആരും അറിയുന്നതല്ല. പതിമൂന്നാമത്തെ ആണ്ടുമുഴുവൻ അപ്രകാരമായിരിക്കും നിങ്ങളുടെ നില. കുരുവീരന്മാരേ! ഞാൻ അതിന്നായി നിങ്ങളെ അനുഗ്രഹിക്കുന്നു. നിങ്ങൾ ഗൂഢമായി വിരാടരാജ്യത്ത് അജ്ഞാതവാസത്തിന്നു പൊയ്ക്കൊള്ളുവിൻ. നിങ്ങൾ ഏതുരൂപത്തിലാകണമെന്ന് സങ്കല്പിക്കുന്നുവോ, ആ രൂപത്തിൽ നിങ്ങൾ ഇഷ്ടംപോലെ നടന്നുകൊള്ളുവിൻ. ഈ അരണിക്കൂട്ടം ബ്രാഹ്മണന് കൊടുത്തുകൊള്ളുവിൻ. ഭവാനെ പരീക്ഷിക്കുവാൻ മാനിന്റെ വേഷത്തിൽ ഞാൻ കൊണ്ടുപോന്നതാണിത്. ഹേ, സൗമ്യാ, വേറെ ഇഷ്ടവരം ഭവാൻ വരിക്കുക. രാജാവേ! ഞാൻ തന്നുകൊള്ളാം. നിനക്ക് വരം തന്നിട്ട് എനിക്ക് മതിയാകുന്നില്ല നന്ദനാ! മൂന്നാമതും മഹിതമായ വരം വരിച്ചുകൊള്ളുക രാജാവേ, നീ എന്റെ പുത്രനാണ്. എന്റെ അംശമാണ് വിദുരൻ."

യുധിഷ്ഠിരൻ പറഞ്ഞു: "ശാശ്വതനും ദേവദേവനുമായ ഭവാനെ ഞാൻ പ്രത്യക്ഷമായി കണ്ടു. താതാ! ഭവാൻ സസന്തോഷം തരുന്ന വരം ഞാൻ വാങ്ങിച്ചുകൊള്ളാം. ലോഭമോഹങ്ങളേയും ക്രോധത്തേയും ജയിക്കുവാൻ എനിക്കു കഴിയണം. ദാനം, തപസ്സ്, സത്യം ഇവയിൽ എന്നും എന്റെ മനസ്സ് ചെല്ലുമാറാകണം."

ധർമ്മൻ പറഞ്ഞു: "സ്വഭാവത്താൽത്തന്നെ ഭവാൻ ഈ ഗുണങ്ങൾ ഉള്ളവനാണ്. ഹേ ഭാരതാ! അങ്ങ് ധർമ്മങ്ങൾതന്നെയാണ്. ഭവാൻ പറഞ്ഞപോലെതന്നെ എല്ലാം ഭവിക്കുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ലോകപാവനനായ ധർമ്മഭഗവാൻ ഇപ്രകാരം പറഞ്ഞ് മറഞ്ഞു. മനസ്വികളായ പാണ്ഡവന്മാർ നന്നായി ഉറങ്ങി ഉണർന്നപോലെ എഴുന്നേറ്റു. വീരന്മാരായ അവർ എല്ലാവരും ക്ലാന്തിതീർന്ന് ആശ്രമത്തിലേക്കു പോയി. ആ സാധുബ്രാഹ്മണന്ന് അരണിക്കൂട്ടം മടക്കി ഏല്പിച്ചു.

സമുത്ഥാനസമാഗമമായ പിതാസുതന്മാരുടെ ഈ കഥ മഹാത്ഭുതമാണ്. ഇത് പഠിക്കുന്നവൻ വശിയും ഇന്ദ്രിയങ്ങളെ ജയിച്ചവനുമായി പുത്രപൗത്രന്മാരോടുകൂടി നൂറുവർഷം ജീവിച്ചിരിക്കും. അവന്ന് അധർമ്മമോ സുഹൃദ്വിഭേദമോ ഏല്ക്കുകയില്ല. നിത്യവും സത്യമായ ഈ ചരിത്രം വായിക്കുന്നവർക്ക് പരന്മാരിൽനിന്ന് ധനാപഹരണം, പരദാരസംഗം, പിശുക്കുകൊണ്ട് തന്നേയും തന്നെ സംബന്ധിച്ചവരേയും പീഡിക്കുന്ന സ്വഭാവം ഇവയൊന്നും മനസ്സിൽ ഏല്ക്കുന്നതല്ല.

315. അജ്ഞാതവാസമന്ത്രണം - വൈശമ്പായനൻ പറഞ്ഞു: "ധർമ്മന്റെ സമ്മതത്തോടുകൂടി ആ സത്യവിക്രമന്മാരായ പാണ്ഡവന്മാർ, പതിമ്മൂന്നാമത്തെ ആണ്ടായപ്പോൾ, അജ്ഞാതവാസത്തിന്നായി ഒരുങ്ങി. വനവാസത്തിൽ അവരോടുകൂടി അധിവസിക്കുന്നവരും, അവരിൽ കൂറുള്ളവരും മഹാത്മാക്കളുമായ താപസൻമാരോട് ഒരു ദിവസം കൈകൂപ്പി നിന്നുകൊണ്ട് മഹാശയനായ യുധിഷ്ഠിരൻ പറഞ്ഞു: അജ്ഞാതവാസത്തിന്നായി ഒരുങ്ങുന്ന ഞങ്ങൾക്ക് ധൃതവ്രതന്മാരായ നിങ്ങൾ ആജ്ഞതന്നാലും. ധാർത്തരാഷ്ട്രന്മാർ ചതിയാൽ രാജ്യത്തെ തട്ടിയെടുത്തതും, ഞങ്ങളെ പല മട്ടിലും ഉപദ്രവിച്ചതും എല്ലാം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പന്തീരാണ്ടു കാലം ഞങ്ങൾ വനത്തിൽ കഷ്ടപ്പെട്ടു കഴിച്ചുകൂട്ടി. കരാറുപ്രകാരം പതിമ്മൂന്നാമത്തെ വർഷം അജ്ഞാതവാസത്തിന്നുള്ള കാലമാണ്. ഈ ഒരു വർഷം മുഴുവൻ ഞങ്ങൾ ഒളിച്ചു പാർക്കണമല്ലോ? അതിന്ന് ഭവാന്മാർ ഞങ്ങളെ അനുവദിക്കുവിൻ. ഞങ്ങളിൽ ദൃഢമായ വൈരമുള്ള ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നീ ദുഷ്ടബുദ്ധികൾ അറിഞ്ഞ് ഞങ്ങൾക്കും വൈഷമ്യങ്ങളുണ്ടാക്കും. ചാരന്മാരെ അയച്ച് കണ്ടുപിടിച്ച് ഞങ്ങൾക്കും, പൗരന്മാർക്കും, ബന്ധുജനങ്ങൾക്കും അവർ വൈഷമ്യങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കും. അതുകൊണ്ട് പൂർണ്ണസ്വരാഷ്ട്രന്മാരുടെ മാതിരി സ്വരാജ്യത്ത് ബ്രാഹ്മണരോടുകൂടി താമസിക്കുവാൻ പറ്റാതെ വന്നതിൽ വ്യസനിക്കുന്നു." ഇപ്രകാരം പറഞ്ഞ് ദുഃഖശോകാന്ധനായ യുധിഷ്ഠിരൻ തൊണ്ടയിടറി സങ്കടംകൊണ്ട് സംസാരിക്കുവാൻ വയ്യാത്ത മട്ടിൽ മൂർച്ഛിച്ചുപോയി. ദ്വിജന്മാർ സഹോദരന്മാരോടുകൂടി യുധിഷ്ഠിരനെ സമാശ്വസിപ്പിച്ചു.

അനന്തരം ധൗമ്യൻ അർത്ഥഗാംഭീര്യത്തോടെ രാജാവിനോട് ഇപ്രകാരം പറഞ്ഞു: "മഹാരാജാവേ, ഭവാൻ വിദ്വാനും, ദാന്തനും സത്യസന്ധനും ജിതേന്ദ്രിയനുമാണ്. ഭവാദൃശന്മാർ എന്താപത്തുവന്നാലും ഉഴലാറില്ലല്ലോ. ആപത്തിൽപ്പെട്ട് ദേവന്മാർപോലും അജ്ഞാതവാസം അനുഷ്ഠിച്ചിട്ടുണ്ട്. അതാതിടത്ത് അതാതുകാലത്ത് വൈരികളെ വധിക്കുവാനുള്ള ദൃഢനിശ്ചയത്തോടെയാണ് അവർ ഒളിവിൽ പാർത്തിട്ടുള്ളത്.

ഇന്ദ്രൻ നിഷധരാജ്യത്തുചെന്ന് ഗിരിപ്രസ്ഥാശ്രമത്തിൽ ശത്രുവധം ഉള്ളിൽക്കരുതി ഒളിവിൽ പാർത്തിട്ടുണ്ട്. അങ്ങനെ ശത്രുക്കളെ വധിക്കുകയും ചെയ്തു. വിഷ്ണു അശ്വശിരസ്സിൽ അദിതിയുടെ വയറ്റിലും ഒളിവിൽ പാർത്തു. ദൈത്യന്മാരെ വധിക്കുവാനാണ് ആ കഷ്ടപ്പാട് സഹിച്ചത്. വാമനാകൃതിയായി ഗൂഢം ബ്രാഹ്മണവ്യാജനായി മഹാബലിയുടെ രാജ്യം കാലടിയാൽ അളന്നുവാങ്ങിയ കഥ ഭവാൻ കേട്ടിട്ടുണ്ടാവുമല്ലോ. അഗ്നിഭഗവാൻ വെള്ളത്തിന്റെ ഉള്ളിൽ ഒളിച്ചു വസിച്ച് സുരകാര്യം നിർവ്വഹിച്ചതും ഭവാൻ കേട്ടിട്ടുണ്ടല്ലോ. അല്ലയോ ധർമ്മജ്ഞാ! വിഷ്ണു ഗൂഢമായി വൈരികളെ വധിക്കുന്നതിന്നുവേണ്ടി ഇന്ദ്രന്റെ വജ്രത്തിൽ കടന്നിരുന്ന് ദേവകൾക്കുവേണ്ടി ചെയ്ത കാര്യങ്ങളും ഭവാൻ കേട്ടിട്ടില്ലേ? ഇപ്രകാരം തന്നെ ഔർവ്വൻ എന്ന ബ്രഹ്മർഷി ഊരുവിൽ ഒളിച്ചിരുന്നിട്ടാണ് ദേവകാര്യം നടത്തിയത്. മഹാതേജസ്വിയായ വിവസ്വാൻ പ്രച്ഛന്നനായി ഭൂമിയിൽ പലയിടത്തും പാർത്ത് ശത്രുക്കളെ മുഴുവനും നശിപ്പിച്ചു. ഭീമകർമ്മാവായ വിഷ്ണു ദശരഥന്റെ ഗൃഹത്തിൽ പ്രച്ഛന്നനായി വസിച്ചിട്ടാണല്ലോ രാവണനെ വധിച്ചത്. ഇങ്ങനെ ഈ മഹാത്മാക്കൾ അതാതിടങ്ങളിൽ ഒളിച്ചു വസിച്ചിട്ടാണ് പോരിൽ ശത്രുക്കളെ വധിക്കുവാൻ അവർക്കു കഴിഞ്ഞത്. അപ്രകാരംതന്നെ ഭവാനും വിജയം ഉണ്ടാകുന്നതാണ്."

ഇപ്രകാരം ധൗമ്യൻ പറഞ്ഞപ്പോൾ ധാർമ്മികനായ യുധിഷ്ഠിരൻ സമാശ്വസിക്കുകയും ശാസ്ത്രബുദ്ധിവിചാരത്താൽ ദൃഢചിത്തനാവുകയും ചെയ്തു.

പിന്നെ മഹാബാഹുവും ശക്തരിൽ പ്രവരനും മഹാബലനുമായ ഭീമസേനൻ രാജാവിനോട് ഹർഷജനകമായവിധം ഇപ്രകാരം പറഞ്ഞു: "മഹാരാജാവേ, ഈ ഗാണ്ഡീവി ഭവാന്റെ ധർമ്മപാലനതല്പരതമൂലം ഭവാനെ നോക്കിയാണ് ധർമ്മനിഷ്ഠയോടുകൂടി സാഹസം ചെയ്യാതെ അടങ്ങിനില്ക്കുന്നത്. ഞാൻ എല്ലായ്പോഴും നകുലനേയും സഹദേവനേയും തടുത്തുനിർത്തിയിരിക്കുകയാണ്. അവർ ശത്രുക്കളെ നശിപ്പിക്കാൻ കരുത്തുള്ള ഭീമവീരന്മാരാണല്ലോ. ഭവാൻ എന്തിന്നുവേണ്ടി ആജ്ഞാപിക്കുന്നുവോ അത് ഞങ്ങൾ വിടുകയില്ല, തീർച്ചയാണ്! ഭവാൻ എന്ന് കല്പിക്കുന്നുവോ അന്നു ഞങ്ങൾ രിപുക്കളെ ജയിക്കും."

എന്ന് ഭീമൻ പറഞ്ഞപ്പോൾ വിപ്രന്മാരെല്ലാം ആശീർവ്വദിച്ചു. ബ്രാഹ്മണരെല്ലാം പാണ്ഡവന്മാരെ ആശീർവ്വദിച്ചതിനുശേഷം അവരോടു യാത്രപറഞ്ഞ് അവരവരുടെ ഗൃഹങ്ങളിലേക്കു യാത്രയായി.

വേദജ്ഞന്മാർ എല്ലാവരും മുഖ്യരായ സംന്യാസിമാരും മുനീന്ദ്രന്മാരും യഥാന്യായം ചേർന്ന് വീണ്ടും കാണാമെന്നുള്ള ആശയാൽ യാത്രപറഞ്ഞു പിരിഞ്ഞു.

പാണ്ഡവന്മാർ അഞ്ചുപേരും പാഞ്ചാലിയോടുകൂടി ആയുധങ്ങളുമായി പുറപ്പെട്ടു. വിളിപ്പാട് ചെന്നതിന്നുശേഷം നിമിത്തം കണ്ടപ്രകാരം, അജ്ഞാതവാസത്തിനുള്ള കാര്യാലോചന പിറ്റേദിവസത്തേക്കു മാറ്റിവച്ചു. ഗൂഢവാസത്തിന് എത്തിയ ആ മനുജവ്യാഘ്രർ, പ്രത്യേകിച്ച് എല്ലാവരും, ശാസ്ത്രവിജ്ഞന്മാരും മന്ത്രശാലികളും സന്ധിവിഗ്രഹകാര്യജ്ഞാനമുള്ളവരുമാണ്. അവർ കൂടിയാലോചിക്കുന്നതിനുവേണ്ടി അവിടെ താമസിച്ചു.

digitized by www.sreyas.in

വിരാടപർവ്വം

പാണ്ഡവപ്രവേശപർവ്വം

1. യുധിഷ്ഠിരാദിമന്ത്രണം – ജനമേജയൻ പറഞ്ഞു: "ഹേ മഹാബ്രാഹ്മണാ! എന്റെ പൂർവ്വപിതാമഹന്മാർ ദുര്യോധനനിൽ നിന്നുള്ള ഭയംമൂലം വിരാടനഗരത്തിൽ എങ്ങനെ അജ്ഞാതരായി വസിച്ചു? പതിവ്രതയും, മഹാഭാഗയും, ബ്രഹ്മവാദിനിയും, ദുഃഖിതയുമായ കൃഷ്ണയും എങ്ങനെ അജ്ഞാതവാസം നയിച്ചു?"

വൈശമ്പായനൻ പറഞ്ഞു: "വിരാടനഗരത്തിൽ ഭവാന്റെ പൂർവ്വപിതാമഹന്മാർ എങ്ങനെയാണ് അജ്ഞാതവാസം സാധിച്ചതെന്നു പറയാം. ഭവാൻ കേട്ടാലും. ധർമ്മിഷ്ഠനായ യുധിഷ്ഠിരൻ ധർമ്മനിൽനിന്നും വരം വാങ്ങിയതിനുശേഷം ആശ്രമത്തിൽ വന്നെത്തി. എല്ലാ ബ്രാഹ്മണരേയും വിളിച്ച് ഈ വൃത്താന്തമെല്ലാം അവരോടു പറഞ്ഞു. അതിന്റെശേഷം അരണിക്കെട്ട് ആ ബ്രാഹ്മണനു കൊടുത്തു. "പിന്നെ തന്റെ ഭ്രാതാക്കളെയെല്ലാവരേയും മഹാശയനായ ധർമ്മപുത്രർ അരികിൽ വിളിച്ചിരുത്തി പറഞ്ഞു: "നാം ഇപ്പോൾ രാജ്യംവിട്ട് വനത്തിൽ പാർപ്പു തുടങ്ങിയിട്ട് പന്ത്രണ്ടു സംവത്സരം കഴിയുകയാണ്. പതിമൂന്നാമത്തെ വർഷവും സമാഗതമായിരിക്കുന്നു. അത് വളരെ കൃച്ഛ്റവും, ദുസ്തരവുമാണ്. അതുകൊണ്ട് അർജ്ജുനാ, നമുക്കു പാർക്കുവാൻ പറ്റിയ നല്ല ഒരു ഇടംനോക്കി കണ്ടെത്തുക. പരന്മാരറിയാതെ ഒരു വർഷം നമുക്കു പാർക്കുവാൻ പററിയതാകണം."

അർജ്ജുനൻ പറഞ്ഞു: "ധർമ്മരാജാവിന്റെ വരദാനത്താൽത്തന്നെ നമുക്കു സഞ്ചരിക്കാം. നമ്മളെ ആരും അറിയുകയില്ല. അതിന്നു സംശയവുമില്ല. നമുക്കു പാർക്കുവാൻ പറ്റിയ രാഷ്ട്രങ്ങളിൽ ചിലതു പറയാം. ഗമ്യവും ഗുപ്തവുമായ മട്ടിൽ ഒന്ന് ഭവാൻ നോക്കിയെടുക്കുക. അന്നസമൃദ്ധമായ പല നാടുകളും കുരുനാടിന്നു ചുറ്റുമുണ്ട്. പാഞ്ചാലം, ചേദി, മത്സ്യം, ശൂരസേനം, പടച്ചരം, ദശാർണ്ണം, നവരാഷ്ട്രം, മല്ലം, സാലം, രുഗന്ധരം, കുന്തിരാഷ്ട്രം, സുരാഷ്ടം, അവന്തി. ഈ പറഞ്ഞതിൽ ഭവാനു ബോധിച്ചത് ഏതാണ്? അവിടെ നമ്മൾക്ക് ഒരു വത്സരം പാർക്കാം."

യുധിഷ്ഠിരൻ പറഞ്ഞു: "മഹാബാഹോ! അർജ്ജുനാ! നീ ഭഗവാനായ ധർമ്മൻ പറഞ്ഞതു കേട്ടില്ലേ? ആ പ്രഭുവും, സർവ്വഭൂതേശനും പറഞ്ഞ മട്ടിലേ കാര്യങ്ങൾ സംഭവിക്കുകയുള്ളു. താമസിക്കുവാൻ രമ്യവും, ശുഭവും, സുഖവുമായ സ്ഥലം നാം എല്ലാവരുംകൂടി ആലോചിച്ചു തീരുമാനിക്കണം. അങ്ങനെയുള്ള സ്ഥാനത്ത് ഭയരഹിതരായി പാർക്കുകയും വേണം. മത്സ്യരാജാവായ വിരാടൻ ബലവാനും പാണ്ഡവന്മാരിൽ കൂറുള്ളവനുമാണ്. ധർമ്മശീലനും, ദാനശീലനും, വൃദ്ധനും, പ്രിയമുള്ളവനുമാണ്. ഉണ്ണീ, മത്സ്യന്റെ രാജ്യത്ത് നമ്മൾ ഈ ഒരു വർഷം മുഴുവൻ അവന്നു വേലചെയ്തുകൊണ്ടു പാർക്കുക. ഹേ, കുരുമുഖ്യന്മാരേ, ഏതേതു ധർമ്മങ്ങൾ അവന്നു ചെയ്യുവാൻ നാം നിനയ്ക്കുന്നുവോ, അതാതു കർമ്മങ്ങൾ ചെയ്യുവാൻ തയ്യാറായി മത്സ്യന്റെ സമീപത്ത് നാം പോവുക."

അർജ്ജുനൻ പറഞ്ഞു: "അദ്ദേഹത്തിന്റെ രാജ്യത്ത്, വിരാടപുരിയിൽ, ഹേ രാജാവേ, ഭവാൻ എന്തു കർമ്മമാണ് ചെയ്യുക. സാധോ, ഭവാന് ഏതു വേലയിലാണ് ഇഷ്ടം? ഭവാനാണെങ്കിൽ ഹ്രീമാനും, മൃദുശീലനും, ദാനശീലനും, ധാർമ്മികനും, സത്യവിക്രമനും ആണ്. ഞങ്ങളുടെ സ്വാമിയായ ഭവാൻ ഈ ആപത്തിൽപ്പെട്ട് എന്തു വേലയാണ് ചെയ്യുവാൻപോകുന്നത്? മറ്റുള്ളവരെപ്പോലെ രാജാവ് ദുഃഖമൊന്നും അറിയുന്നില്ല. അങ്ങനെയുള്ള ഭവാൻ ഈ മഹാവിപത്ത് എങ്ങനെ കടക്കും?"

യുധിഷ്ഠിരൻ പറഞ്ഞു: "ഞാൻ വിരാടനഗരത്തിൽച്ചെന്ന് ചെയ്യുവാൻപോകുന്നത് എന്താണെന്ന് നിങ്ങൾ കേൾക്കുവിൻ. യോഗ്യനായ രാജാവിന്റെ സദസ്യനായി കൂടുവാനാണ് വിചാരിക്കുന്നത്. 'കങ്കൻ' എന്ന പേരിൽ ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ചൂതുകളിയിൽ താല്പര്യമുള്ളവനായി വിരാടന്റെ ഇഷ്ടം സമ്പാദിച്ചു ജീവിക്കണമെന്നാണ് എന്റെ വിചാരം. വൈഡൂര്യം, കാഞ്ചനം, ദാന്തം, ജ്യോതീരസബലങ്ങൾ, കൃഷ്ണാക്ഷലോഹിതാക്ഷങ്ങൾ എന്നിവ നന്നായി ഞാൻ കളിക്കുന്നതാണ്. മിത്രബന്ധുക്കളോടൊത്ത വിരാടന്ന് എന്നിൽ പ്രീതിയുണ്ടാവുകയും ചെയ്യും. എന്നെ ആരും അവിടെ അറിയുകയുമില്ല. രാജാവ് ചോദിക്കാൻ ഇടവന്നാൽ ഞാൻ പറയും: 'ഞാൻ പണ്ട് യുധിഷ്ഠിരന്റെ പ്രാണപ്രിയനായ സഖിയായിരുന്നു' എന്ന്. എന്റെ ഉദ്ദേശം ഞാൻ നിങ്ങളോടു പറഞ്ഞു. ഇനി വൃകോദരാ! നീ വിരാടന്റെ ഗൃഹത്തിൽ എങ്ങനെ ജീവിക്കുവാനാണ് ഉദ്ദേശിക്കുന്നത്?"

2. യുധിഷ്ഠിരാദിമന്ത്രണം – ഭീമസേനൻ പറഞ്ഞു: "ഞാൻ ഒരു വെപ്പുകാരനായ 'വല്ലവ'നാണ് എന്നു പറഞ്ഞ് വിരാടരാജാവിനെ സേവിക്കാമെന്നാണ് വിചാരിക്കുന്നത്. ഞാൻ സമർത്ഥനായ ഒരു പാചകനായി ആ രാജാവിന്നു കറിവെച്ച്, മുമ്പെ കറിവെച്ചിരുന്ന പാചകന്മാരെയൊക്കെ തോല്പിച്ച്, അദ്ദേഹത്തിന്റെ പ്രീതി സമ്പാദിക്കും. വളരെയധികം വിറകും വെട്ടിക്കൊണ്ടുവരും. ആ വലിയ ഭാരമേറിയ പണികൾ കാണുമ്പോൾ രാജാവ് എന്നെ പണിക്കാരനാക്കി നിശ്ചയിക്കും. എന്റെ അമാനുഷിക ക്രിയകൾ കാണുമ്പോൾ രാജാവിന്റെ ഭൃത്യന്മാരൊക്കെ എന്നെ രാജാവിനെപ്പോലെ ബഹുമാനിക്കും. അങ്ങനെ ഭക്ഷ്യം, അന്നം, രസം, പാനം മുതലായവ യഥേഷ്ടം വിനിയോഗിച്ച് രാജാവെന്നപോലെ ഞാൻ ജനങ്ങളുടെ പ്രീതി സമ്പാദിക്കും. ഇടഞ്ഞുവരുന്ന ആനകളോ, കാളകളോ, എത്ര ശക്തരായാലും, ഞാൻ അവയെ പിടിച്ചുനിർത്തിക്കളയും! മല്ലന്മാർ രാജസന്നിധിയിൽ വന്നാൽ ഞാൻ അവരോടു മൽപ്പിടുത്തം നടത്തി രാജാവിനെ സന്തോഷിപ്പിക്കും. അത്തരം ദ്വന്ദ്വയുദ്ധത്തിൽ ഞാൻ ആരേയും കൊല്ലുകയില്ല. മരണം സംഭവിക്കാത്ത മട്ടിൽ ഞാൻ അവരെ അടിച്ചു വീഴ്ത്തിക്കളയും. 'ആനക്കാരനായും, കാളക്കൂറ്റന്മാരെ ബന്ധിക്കുന്നവനായും, പാചകനായും, മല്ലനായും ഞാൻ യുധിഷ്ഠിരഗൃഹത്തിൽ പാർത്തിരുന്നവനാണ്' എന്ന് ചോദിക്കാൻ ഇടവന്നാൽ, അവരോടു പറയും. അങ്ങനെ ഞാൻ തന്നത്താൻ കാത്തുകൊണ്ടു നടക്കും. ഇപ്രകാരമാണ് ഞാൻ വിരാടനഗരത്തിൽ വിഹരിക്കുവാൻ ഉദ്ദേശിക്കുന്നത്."

യുധിഷ്ഠിരൻ പറഞ്ഞു: "ഖാണ്ഡവവനം ചുടുന്നതിനു വേണ്ടി അഗ്നിഭഗവാൻ വിപ്രന്റെ വേഷത്തിൽ, കൃഷ്ണനോടുകൂടി നില്ക്കുന്ന സന്ദർഭത്തിൽ ഏതു മഹാപുരുഷനെ ചെന്നു കണ്ടുവോ ആ മഹാവീര്യനും, മഹാബാഹുവും, അജിതനും, കുരുവര്യനുമായ ധനഞ്ജയൻ എന്തു പണിയെടുത്താണ് ഒരു സംവത്സരം വിരാടരാജസന്നിധിയിൽ ജീവിക്കുവാൻപോകുന്നത്? ഖാണ്ഡവക്കാടിനാൽ അഗ്നിഭഗവാനെ പ്രസാദിപ്പിച്ചവനും, ഇന്ദ്രനെ വെന്ന അഹിരാക്ഷസന്മാരെ ഒറ്റത്തേരാൽ വെന്നവനും, നാഗരാജാവായ വാസുകിയുടെ സഹോദരിയെ സൗന്ദര്യംകൊണ്ട് ഹരിച്ചവനും, പ്രതിരോധശ്രേഷ്ഠനുമായ അർജ്ജുനൻ എന്തു പണിയാണ് അവിടെ എടുക്കുവാൻപോകുന്നത്?"

തപിക്കുന്നവരിൽ ശ്രേഷ്ഠൻ സൂര്യനാണ്. മർത്ത്യരിൽ ശ്രേഷ്ഠൻ ബ്രാഹ്മണനാണ്. വിഷജന്തുക്കളിൽ കേമൻ സർപ്പമാണ്. തേജസ്സുള്ളവരിൽ ശ്രേഷ്ഠൻ അഗ്നിയാണ്. ശസ്ത്രങ്ങളിൽ ശ്രേഷ്ഠമായത് വജ്രമാണ്. ഗോക്കളിൽ ഗോവൃഷമാണ് ശ്രേഷ്ഠമായത്. കയങ്ങളിൽ ശ്രേഷ്ഠം സമുദ്രമാണ്. വർഷിക്കുന്നവരിൽ ശ്രേഷ്ഠം മേഘമാണ്. ഫണികളിൽ ശ്രേഷ്ഠൻ ധൃത

digitized by www.sreyas.in

രാഷ്ട്രനാണ്. ആനകളിൽ ശ്രേഷ്ഠൻ ഐരാവതമാണ്. പ്രിയജനങ്ങളിൽ ശ്രേഷ്ഠൻ പുത്രനാണ്. സുഹൃത്തുക്കളിൽ ശ്രേഷ്ഠത ഭാര്യക്കാണ്. ജാതിതോറും ഇങ്ങനെ ഓരോന്ന് ശ്രേഷ്ഠതവഹിക്കുന്നു. അപ്രകാരം ഹേ! വൃകോദരാ, വില്ലാളികളിൽ ശ്രേഷ്ഠനാണ് ഗുഡാകേശൻ. ഇന്ദ്രോപേന്ദ്രന്മാരേക്കാൾ താഴാത്തവനും, മഹാദ്യുതിയും ഗാണ്ഡീവധരനുമായ ഭീഭത്സു, ശ്വേതവാഹനൻ, വിരാടനഗരിയിൽ എന്തുചെയ്യും? അഞ്ചു സംവത്സരം ഇന്ദ്രന്റെ ഭവനത്തിൽ വസിച്ചവനും, ഭാസ്വത്തായ ദിവ്യരൂപത്താൽ ദിവ്യാസ്ത്രങ്ങളെ നേടിയവനുമായ അർജ്ജുനൻ പന്ത്രണ്ടാംരുദ്രനെപ്പോലെയും പതിമൂന്നാം ആദിത്യനെപ്പോലെയും ഒമ്പതാം വസുവിനെപ്പോലെയും പത്താം ഗ്രഹത്തേപ്പോലെയും ശോഭിക്കുന്നു! ഇവന്റെ ഇടതും വലതുമായ രണ്ട് ദീർഘബാഹുക്കളും, നുകത്തിന്റെ ഉരസൽകൊണ്ട് തഴമ്പുപിടിച്ച കാളക്കഴുത്തുപോലെ ഞാൺതഴമ്പുകൊണ്ടു കഠിനമായതാണ്. ഈ ബാഹുക്കളെ അർജ്ജുനന് എങ്ങനെ ഒളിപ്പിക്കുവാൻ കഴിയും? പർവ്വതങ്ങളിൽ ഹിമവാനെപ്പോലെയും, സരിത്തുക്കളിൽ സമുദ്രത്തെപ്പോലെയും, ദേവന്മാരിൽ ശക്രനെപ്പോലെയും, വസുക്കളിൽ അഗ്നിയെപ്പോലെയും, മൃഗങ്ങളിൽ വ്യാഘ്രത്തെപ്പോലെയും, ഖഗങ്ങളിൽ ഗരുഡനെപ്പോലെയും വില്ലാളികളിൽ ശ്രേഷ്ഠനായ അർജ്ജുനൻ വിരാടനഗരിയിൽ എന്തുചെയ്യുവാൻപോകുന്നു? എങ്ങനെ അജ്ഞാതനായി ജീവിക്കുവാൻ കഴിയുന്നു?"

അർജ്ജുനൻ പറഞ്ഞു: "രാജാവേ, ഞാൻ ഒരു ഷണ്ഡനാണെന്നു പറഞ്ഞുകൊണ്ട് പ്രതിജ്ഞ നിറവേറ്റിക്കൊള്ളാം. മറയ്ക്കുവാൻ എളുപ്പമല്ല എന്റെ ഞാൺതഴമ്പുകൾ. ആ തഴമ്പുകൾ ഞാൻ കൈനിറയെ വളയിട്ടു മറച്ചുകൊള്ളാം. കാതുകളിൽ കനൽമാതിരി ശോഭിക്കുന്ന കുണ്ഡലങ്ങളിട്ടും കൈകളിൽ ശംഖുവളയിട്ടും നപുംസകമായി, മുടി മെടഞ്ഞുകെട്ടി, പെണ്ണിന്റെ വേഷം സ്വീകരിച്ച്, 'ബൃഹന്നള' എന്ന പേരിൽ, പഴങ്കഥകൾ പറഞ്ഞ് രാജാവിനേയും അന്തഃപുരസ്ത്രീകളേയും ഞാൻ രമിപ്പിച്ച് അവിടെ വാഴാം. ആട്ടവും, പാട്ടും, കൊട്ടും, വാദ്യവും പല തരത്തിൽ വിരാടന്റെ അന്തഃപുരസ്ത്രീകളെ ഞാൻ പഠിപ്പിക്കാം. ഞാൻ എന്റെ മായാവിദ്യകൊണ്ട് ആളെ അറിയിക്കാതെ നാട്ടുകാർക്കും നല്ല നടപടി പറഞ്ഞുകൊടുത്ത് ഞാൻ എന്നെ മറച്ചുകൊള്ളാം. യുധിഷ്ഠിരഗൃഹത്തിൽ പാഞ്ചാലിയുടെ ദാസിയായിരുന്നു എന്ന്, ചോദിച്ചെങ്കിൽ, പറയുകയും ചെയ്യാം, ഈ കൗശലത്താൽ, മൂടിവെച്ച അഗ്നിപോലെ, ഞാൻ വിരാടനഗരത്തിൽ സുഖമായി വിഹരിച്ചുകൊള്ളാം."

3. യുധിഷ്ഠിരാദിമന്ത്രണം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പുരുഷപ്രവീരനും ധാർമ്മികരിൽ പ്രധാനിയുമായ അർജ്ജുനൻ പറഞ്ഞതിന്നുശേഷം മിണ്ടാതെയിരുന്നു. അപ്പോൾ രാജാവ് മറ്റേസോദരനോടു പറഞ്ഞു: 'ഉണ്ണീ, നകുലാ നീ ആ രാജാവിന്റെ രാജ്യത്തുപോയി എന്തു പണിയെടുത്താണ് ജീവിക്കുവാൻപോകുന്നത്? പറയുക! കുമാരനായ നീ ഏറ്റവും ശൂരനും സുന്ദരനും സുഖോചിതനുമാണല്ലോ."

നകുലൻ പറഞ്ഞു: "ഞാൻ വിരാടരാജാവിന്റെ കുതിരക്കാരനായിക്കൊള്ളാം. എനിക്ക് കുതിരകളെപ്പറ്റിയൊക്കെ നല്ല അറിവുണ്ട്. അവയെ രക്ഷിക്കുകയും ചെയ്യാം. പേര് 'ഗ്രന്ഥികൻ' എന്ന് മാറ്റാം. ഈ കുതിരവിചാരിപ്പുപണി എനിക്ക് വളരെ ഇഷ്ടമുള്ളതാണ്. അശ്വശിക്ഷയ്ക്കും അശ്വചികിത്സയ്ക്കും എനിക്കു നല്ല പരിജ്ഞാനമുണ്ട്. രാജാവേ, ഭവാനെപ്പോലെതന്നെ ഞാനും ഒരു കുതിരപ്രിയനാണ്. വിരാടപുരവാസികളെങ്ങാനും ചോദിച്ചാൽ ഞാൻ പറയും, 'ഞാൻ മുമ്പ് യുധിഷ്ഠിരരാജാവിന്റെ കുതിരവിചാരിപ്പുകാരനായിരുന്നു,' എന്ന്. ഇങ്ങനെ ഗൂഢമായി ഞാൻ വിരാടനഗരിയിൽ വാണുകൊള്ളാം."

യുധിഷ്ഠിരൻ പറഞ്ഞു: "സഹദേവാ, നീ എങ്ങനെ ആ രാജാവിന്റെ അടുത്തു പോയി വാഴും? എന്തു പണിയെടുത്താണ് അവിടെ ഗൂഢമായി വിഹരിക്കാൻ വിചാരിക്കുന്നത്?"

സഹദേവൻ പറഞ്ഞു: "വിരാടരാജാവിന്റെ ഗോസംരക്ഷകനായി ഞാൻ പശുക്കളെ മേയ്ക്കുവാനും, പശുക്കളെ കറക്കുവാനും, പരീക്ഷിക്കുവാനും പറ്റിയവനായി നിന്നുകൊള്ളാം. അതിന്നുള്ള കഴിവ് എനിക്കുണ്ട്. 'തന്ത്രിപാലൻ' എന്ന് ഞാൻ പേര് സ്വീകരിക്കാം. ഭവാൻ അറിയുന്നവിധംതന്നെ ജീവിക്കുകയും ചെയ്യാം. നല്ലപോലെ സൂക്ഷിച്ചു നടക്കുകയും ചെയ്യാം. എന്നെപ്പറ്റി ഭവാനു ശങ്കവേണ്ട. പണ്ട് എന്നെ ഭവാൻ പശുരക്ഷയ്ക്ക് ഏല്പിക്കുകയുണ്ടായില്ലേ? അന്ന് എന്റെ പരിജ്ഞാനത്തെപ്പറ്റി ഭവാന് അറിവുണ്ടല്ലോ. പശുക്കളുടെ ലക്ഷണം, അവയുടെ നടപടി, അവയുടെ മംഗളം, മറ്റു കാര്യങ്ങൾ ഇവയൊക്കെ എനിക്കു നല്ലവണ്ണം അറിയാം. കാളകളുടെ ലക്ഷണവും എനിക്കറിയാം ചില ലക്ഷണമുള്ള കാളകളുടെ മൂത്രത്തിന്റെ ഗന്ധം ശ്വസിച്ചാൽ മതി, മച്ചിപ്പശുകൂടി ഗർഭിണിയാകും. അങ്ങനെയുള്ള കാളകളുടെ ലക്ഷണംകൂടി എനിക്കറിയാം. ഞാൻ ഈ പറഞ്ഞ പ്രകാരം നടക്കാം. അതിൽ എനിക്ക് എന്നും പ്രിയമുള്ളതാണ്. ആരും എന്നെ അറിയുകയുമില്ല. അങ്ങനെ ഞാൻ രാജാവിനെ സന്തുഷ്ടനാക്കും."

യുധിഷ്ഠിരൻ പറഞ്ഞു: "നമ്മൾക്ക് ജീവനേക്കാൾ ഇഷ്ടവല്ലഭയായ ഇവൾ അമ്മയെപ്പോലെ പാലിക്കേണ്ടവളും ഏട്ടത്തിയെപ്പോലെ പൂജിക്കേണ്ടവളുമാണ്. എന്തു പണിയെടുത്താണ് പാഞ്ചാലി ആ രാജഗൃഹത്തിൽ താമസിക്കുവാൻ പോകുന്നത്? മറ്റു നാരികളെപ്പോലെ ഇവൾക്ക് തൊഴിലുകളൊന്നും അറിഞ്ഞുകൂടല്ലോ. ഇവൾ സുകുമാരാംഗിയായ രാജപുത്രിയല്ലേ? ഈ സുചരിത്രയായ മഹാഭാഗ എന്തു പണിയെടുത്തു പിഴയ്ക്കും? പൂമാലയും, കുറിക്കൂട്ടും, ഭൂഷണവും, വസ്ത്രഭേദങ്ങളും അല്ലാതെ അവൾക്ക് എന്തറിയാം? ജനിച്ചതു മുതൽക്ക് ഈ രാജകുമാരിക്ക് എന്തറിയാനാണ് ഇതല്ലാതെ?"

ദ്രൗപദി പറഞ്ഞു: "നാട്ടിൽ സങ്കരജന്യകളായ സൈരന്ധ്രിമാർ ദാസികളായി അന്യഗൃഹങ്ങളിൽ പാർക്കുകയും ഇഷ്ടംപോലെ സ്വവശരായി സഞ്ചരിക്കുകയും ചെയ്യും. അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെന്നാണ് ലോകനിശ്ചയം. അവർ അതുകൊണ്ട് എപ്പോഴും രക്ഷിതകളുമാണ്. അങ്ങനെ ഞാൻ ഒരു സൈരന്ധ്രിയായി വിരാടപുരിയിൽ പോകാം. മുടി മോടിപ്പെടുത്തുന്ന കർമ്മത്തിൽ ഞാൻ പ്രവേശിക്കാം. പേര് 'സൈരന്ധ്രി' എന്നാണെന്നു പറയാം. ചോദിച്ചാൽ 'ഞാൻ യുധിഷ്ഠിരഗൃഹത്തിൽ പട്ടമഹിഷിയായിരുന്ന പാഞ്ചാലിയുടെ ദാസിയായിരുന്നു' എന്നു പറയുകയും ചെയ്യാം. അങ്ങനെ ഞാൻ എന്നെത്തന്നെ മറച്ചു ജീവിക്കാം. ഞാൻ രാജഭാര്യയായ സുദേഷ്ണയുടെ അടുത്തേക്കാണ് പോകുന്നത്. അങ്ങനെ അവളുടെകൂടെ വസിക്കുന്ന എന്നെ അവൾ സംരക്ഷിക്കും. ഭവാൻ വ്യസനിക്കേണ്ട."

യുധിഷ്ഠിരൻ പറഞ്ഞു: "കൃഷ്ണേ! നീ ശോഭനമായ വാക്യമാണ് പറഞ്ഞത്. നീ കുലീനയായ ഭാമിനിയാണ്. പാപം എന്നാൽ എന്താണെന്നുതന്നെ നീ അറിയുന്നില്ല. സാദ്ധ്വിയായ നീ സാധുവ്രതത്തെ അറിയുന്നവളാണ്. ദുഷ്ടരായ പാപികൾ ഇനി സുഖിക്കുവാൻ ഇടയാകാത്തവിധം, അവർ കണ്ടറിയാത്തവിധം, ഹേ കല്യാണീ, നീ കരുതലോടെ എല്ലാം ചെയ്തുകൊള്ളുക."

4. ധൗമ്യന്റെ ഉപദേശം – യുധിഷ്ഠിരൻ പറഞ്ഞു: "നിങ്ങൾ ചെയ്യുവാൻ ഭാവിക്കുന്ന പണികളൊക്കെ പറഞ്ഞുവല്ലോ. എനിക്കും എന്റെ നോട്ടത്തിൽ നിങ്ങൾ നിശ്ചയിച്ചത് ബോദ്ധ്യമായി. ഇനി നമ്മുടെ പുരോഹിതനായ ധൗമ്യൻ അഗ്നിഹോത്രങ്ങൾ സംരക്ഷിക്കട്ടെ. സൂതന്മാർ മുതലായവർ ദ്രുപദന്റെ മന്ദിരത്തിലേക്കു പൊയ്ക്കൊള്ളട്ടെ. ഇന്ദ്രസേനാദികൾ വെറും തേരും കൊണ്ട് ദ്വാരകയിലേക്കു പോകട്ടെ, എന്നാണ് ഞാൻ നിശ്ചയിക്കുന്നത്. പാർഷതിയെ ശുശ്രൂഷിക്കുന്ന ഈ സ്ത്രീകൾ പാഞ്ചാലരാജ്യത്തേക്ക് സൂതപൗരോഗവന്മാരോടുകൂടി പൊയ്ക്കൊള്ളട്ടെ. എല്ലാവരും പറയണം ദ്വൈതവനത്തിൽവച്ച് ഞങ്ങളെ വിട്ട് പാണ്ഡവന്മാരെല്ലാവരും പോയി അവരെ കാണാതായി എന്ന്."

വൈശമ്പായനൻ പറഞ്ഞു: "എന്ന് അവർ തമ്മിൽ പറഞ്ഞൊത്ത് വെവ്വേറെ ഓരോ പണിയും നിശ്ചയിച്ചുറച്ച് ആ വൃത്താന്തം ധൗമ്യനെക്കണ്ടും പറഞ്ഞു."

digitized by www.sreyas.in

ധൗമ്യൻ പറഞ്ഞു: "പാണ്ഡവന്മാർക്കെല്ലാം മംഗളം ഭവിക്കട്ടെ! ബ്രാഹ്മണരോടും സുഹൃത്തുക്കളോടും എന്നപോലെ യാത്രയിലും, യുദ്ധത്തിലും, അഗ്നിഹോത്രകാര്യങ്ങളിലും എങ്ങനെ ഇടപെടണമെന്ന് ശാസ്ത്രപഠനംകൊണ്ട് ഗ്രഹിച്ചിട്ടുള്ളവരാണല്ലോ നിങ്ങൾ. അല്ലയോ യുധിഷ്ഠിരാ! ഭവാനും അർജ്ജുനനും പാഞ്ചാലിയെ നല്ലപോലെ കാക്കണം. പ്രാകൃതജനങ്ങളുടെ സ്വഭാവമെന്താണെന്ന് ഭവാന് അറിവുള്ളതാണ്. അറിവുണ്ടെങ്കിലും കൂറുള്ളവർ പിന്നെയും ഹിതോപദേശം ചെയ്യും. 'ഇത് ശാശ്വതധർമ്മമാണ്, കാമവും അർത്ഥവുമാണ്.' അതുകൊണ്ട് ഞാൻ പറയുന്ന സംഗതി നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക.

രാജഗൃഹത്തിൽ വസിക്കുക എന്നതിന്റെ ഗുണദോഷം നിങ്ങൾ രാജപുത്രന്മാരാണെങ്കിലും നിങ്ങളെ ഉണർത്തിക്കേണ്ടിയിരിക്കുന്നു. ഹേ കൗരവ്യാ! രാജഗൃഹത്തിൽനിന്നു ദോഷങ്ങൾ ബാധിക്കാതിരിക്കുന്നവിധം അവിടെ പാർക്കുവാൻ വളരെ വിഷമമാണ്. മാനം വിട്ടോ മാനം ഏറ്റിട്ടോ, ഗൂഢമായിട്ടോ ഒരാണ്ട് നിങ്ങൾ അവിടെ പാർക്കണം. പിന്നെ പതിനാലാമത്തെ ആണ്ടിൽ യഥാസുഖം സ്വതന്ത്രമായി സഞ്ചരിക്കുമല്ലോ. ആ വിചാരത്തോടെ നിങ്ങൾക്ക് ഇപ്പോൾ രാജപുത്രത്വത്തെ മറച്ച് രാജസേവയെ കൈക്കൊള്ളേണ്ടിയിരിക്കുന്നു. രാജാവ് ആർക്കും പ്രത്യേകം വിശ്വസിക്കേണ്ടവനല്ല. എല്ലാ പ്രജകൾക്കും ഒരുപോലെ നാഥനാണ്. അതുകൊണ്ട് എല്ലാ പ്രജകളോടും ഒരുപോലെ പ്രിയനുമായിരിക്കും രാജാവ്. രാജാവിന്ന് ആരോടും പ്രത്യേകതയില്ലാത്തതുകൊണ്ട് രാജാവിനെ ആരും പ്രത്യേകമായി വിശ്വസിച്ചുപോകരുത്. എത്ര സ്നേഹിക്കുന്നുണ്ടെങ്കിലും, മുന്നറിയിപ്പുകൊടുക്കാതെ രാജാവിനെ ചെന്നു കാണരുത്.

പരൻ വന്ന് ആക്രമിക്കാത്ത സ്ഥാനമേ കരുതാവൂ. വാഹനം, ശയനം, പീഠം, ആന, തേർ എന്നിവയിൽ താൻ രാജസേവകനാണെന്നു വിചാരിച്ചു കേറാതിരിക്കുകയാണെങ്കിൽ രാജധാനിയിൽ പാർക്കാൻ കഴിയും.

ഇവിടെ ഇരിക്കുമ്പോഴാണ് ദുഷ്ടന്മാരായ ചാരന്മാർ ശങ്കിക്കുന്നത്. അവിടെ ചെന്നിരിക്കാത്തവന് രാജധാനിയിൽ പാർക്കാം. ചോദിക്കാതെ രാജാവിനോട് ഒന്നും കയറിച്ചെന്നു പറയരുത്. ഒന്നും മിണ്ടാതിരിക്കുകയാണെങ്കിൽ അവിടെ നിൽക്കണം. കാലം നോക്കി പുകഴ്ത്തണം. സ്തുതിക്കുകയാണെങ്കിലും അസത്യം പറഞ്ഞു പുകഴ്ത്തരുത്. നുണപറയുന്നവരെ രാജാവു ദുഷിക്കും. മന്ത്രിയായാലും നുണ പറഞ്ഞാൽ രാജാവ് അവമാനിക്കാതെ വിടില്ല.

ഒരുകാലത്തും രാജഭാര്യമാരെ സേവിക്കുവാൻപോകരുത്; അന്തഃപുരവാസികളോടും, രാജാവിനെ ദ്വേഷിക്കുന്നവരോടും രാജാവിന്ന് അഹിതന്മാരായവരോടും ഒരിക്കലും മൈത്രിയുണ്ടാകരുത്. ചെറിയ കാര്യമായാലും രാജാവ് അറിയുന്നവിധത്തിലേ ചെയ്യാവൂ. ഇപ്രകാരം രാജാവിനോട് സൂക്ഷിച്ചു പെരുമാറിയാൽ അവന്ന് യാതൊരാപത്തും സംഭവിക്കുകയില്ല.

പുത്രൻ, പൗത്രൻ, സോദരന്മാർ എന്നിവരേയും മര്യാദവിട്ട മട്ടിലാണെങ്കിൽ രാജാക്കന്മാർ മാനിക്കുകയില്ല. രാജാവിനെ അഗ്നിയെപ്പോലെയും ദേവകളെപ്പോലെയും സൂക്ഷിച്ച് ശ്രദ്ധയോടെ ഉപചരിക്കണം. അനൃതംകൊണ്ടാണ് ഉപചരിക്കുന്നതെങ്കിൽ രാജാവ് ഉടനെ അവനെ അവസാനിപ്പിക്കും. സ്വാമി എന്തെന്തു കല്പിക്കുന്നുവോ അതാതിനൊത്തു നില്ക്കണം. അന്ധാളിത്തം, ഗർവ്വ്, കോപം ഇവയൊക്കെ ദൂരെയകറ്റണം.

കാര്യവിചാരത്തിൽ ഹിതവും ഇഷ്ടവുമായതേ പറയാവൂ. ഇഷ്ടത്തേക്കാൾ ഹിതമായിരിക്കണം. കാര്യത്തിലും കഥയിലും അനുകൂലിക്കണം. അനിഷ്ടവും അപ്രിയവും രാജാവിനെ നോക്കി പറയരുത്. 'ഞാൻ ഇവന്ന് ഇഷ്ടനാണെ' ന്നു വിചാരിച്ച് അറിവുള്ളവൻ സേവിക്കരുത്. അന്ധാളിത്തം വിട്ട് ഹിതവും പ്രിയവുമായ കാര്യങ്ങൾ നിത്യവും ചെയ്യുക. രാജാവിന്ന് അനിഷ്ടം ചെയ്യരുത്; പറയുകയും അരുത്. നിലവിട്ടു പ്രവർത്തിക്കരുത്. ഇങ്ങനെയായാൽ രാജസന്നിധിയിൽ വസിക്കാം.

ഇടത്തോ വലത്തോ പാർശ്വത്തിലോ പണ്ഡിതന്മാർ ഇരിക്കാം. ശാസ്ത്രം പഠിച്ച രക്ഷകന്മാർ നില്ക്കേണ്ടതു പിന്നിലാണ്. മുന്നിൽക്കയറി ഇരിക്കുന്നത് എന്നും വിരുദ്ധമായ കാര്യമാണ്. തിരുമുമ്പിൽവെച്ച് ഒന്നും കയറിച്ചെന്നു വാങ്ങരുത്. ദരിദ്രന്മാർക്കുപോലും അപ്രിയം ഉണ്ടാക്കുന്ന പ്രവൃത്തിയാണത്. രാജാക്കന്മാർ പറഞ്ഞ ഭോഷ്ക്ക് മറ്റാരോടും പറയരുത്. അനൃതം പറയുന്നവരെ രാജാവ് കുറ്റപ്പെടുത്തും. അപ്രകാരംതന്നെ പാണ്ഡിത്യം കാട്ടുന്നവനെ അപമാനിക്കുകയും ചെയ്യും. ശൂരന്മാർ ഗർവ്വു കാണിക്കരുത്. ബുദ്ധിമാനും അഹങ്കാരം കാണിക്കരുത്. രാജാവിന്ന് ഇഷ്ടംതന്നെ ചെയ്യുന്നവൻ ഇഷ്ടനായി സുഖിക്കുകയും ചെയ്യും.

വളരെ ഐശ്വര്യവും രാജസേവയും നേടിയാലും നൃപന്റെ ഇഷ്ടത്തിലും ഹിതത്തിലും അന്ധാളിത്തം പറ്റരുത്. ക്രോധം ബാധാകരമാണ്. പ്രസാദമോ വളരെ സൽഫലങ്ങളെ നല്കും. ഇപ്രകാരം രാജസന്നിധിയിൽ ജീവിക്കുന്നവന് ബുധസമ്മതരായ ആരും കുറ്റം ആരോപിക്കുകയില്ല.

ചുണ്ടും, കൈയും, മുട്ടിൻകൈയും, വാക്കും ഇളക്കിക്കൊണ്ടു നില്ക്കരുത്. എപ്പോഴും വായുവിടലും, വാക്കുപറയലും, തുപ്പലും മെല്ലെയേ ആകാവൂ. പരിഹാസത്തിനു ചിലർക്ക് കാരണമുണ്ടായാലും ഏറ്റം ഹർഷിക്കരുത്. കമ്പക്കാരനെപ്പോലെ ഉച്ചത്തിൽ ചിരിക്കരുത്. അതിധൈര്യം കാണിക്കുന്നതു നന്നല്ല. ഘനമുള്ളവനാണെന്ന് അപരാധം പറയും. സന്തോഷസൂചനത്തിന് മൃദുവായ പുഞ്ചിരി കാണിക്കണം.

ലാഭത്തിൽ ഹർഷിക്കരുത്. അവമാനിച്ചാൽ വ്യഥയും പാടില്ല. രാജസേവയിൽ ശ്രദ്ധയോടെ നിന്നാൽ രാജധാനിയിൽ പാർക്കാം.

രാജാവിനേയും, രാജപുത്രനേയും നിത്യം പുകഴ്ത്തുന്ന പണ്ഡിതനായ സചിവൻ രാജസന്നിധിയിൽ വളരെനാൾ നില്ക്കും.

കാരണംകൂടാതെ തരംതാഴ്ത്തിയാലും, അമാത്യൻ ശിക്ഷിച്ചാലും, രാജാവിന്നു ദോഷംപറയാത്തവൻ വീണ്ടും സമ്പത്തു നേടുന്നതാണ്. നേരിട്ടും ഒളിവായും രാജാവിന്നു ഗുണംപറയുന്നവനാണ് വിചക്ഷണൻ. അവൻ ഏതു നാട്ടിലിരുന്നാലും ആ രാജാവിന്റെ സേവകനായിത്തീരുന്നതാണ്.

രാജാവിനെ കൂസാതെ ഭോഗങ്ങൾ ഏല്ക്കുന്ന അമാത്യൻ ഏറെ നാൾ നിലനില്ക്കുകയില്ല അവൻ പ്രാണസങ്കടത്തിൽ ചെന്നു ചാടും. തന്റെ നന്മ കണ്ട് താൻ മറ്റവനേക്കാൾ മേലെയാണെന്ന് രാജാവിനോടു പറയരുത്. രാജാവിനെക്കാൾ മീതെയാണ് താനെന്നും ഭാവിക്കരുത്. രാജാവ് അന്യന്ന് ആജ്ഞകൊടുക്കുമ്പോൾ 'അടിയൻ എന്താണു വേണ്ടത് എന്നു കല്പിച്ചാൽ ചെയ്യാം' എന്നു ചെന്നു പറയുന്നവന് രാജധാനിയിൽ സുചിരം പാർക്കാം. രാജാവിനെ നിഴൽപോലെ പിന്തുടരുന്ന ബലവാനും, ശൂരനും, മൃദുഭാഷിയും, സത്യഭാഷിയും, ദാന്തനുമായവന്ന് രാജധാനിയിൽ സുചിരം പാർക്കാം.

അകത്തും പുറത്തും എപ്പോഴും രാജാവ് കല്പിച്ചാൽ കൂസൽകൂടാതെ ഏല്ക്കുന്നവന് രാജധാനിയിൽ പാർക്കാം. ഗൃഹം വിട്ട് അകലെപ്പോയാൽ ഭാര്യയെപ്പറ്റിയുള്ള വിചാരം വിട്ടവനും, ദുഃഖംകൊണ്ട് സുഖിക്കുന്നവനും രാജധാനിയിൽ പാർക്കാം. രാജാവിനെപ്പോലെയുള്ള വേഷാഡംബരങ്ങൾ അണിയാതിരിക്കുക. അടുത്തുതന്നെ രാജാവിനേക്കാൾ ഉയർന്ന നിലയിൽ ചെന്നിരിക്കുക, ഇവ ചെയ്യരുത്. അധികം മന്ത്രിക്കാതിരിക്കുക. ഇവ രാജസേവയാകും.

പണിക്കു നിശ്ചയിച്ചയച്ചാൽ പണത്തിൽ കൈവെയ്ക്കരുത്. ദ്രവ്യം ഹരിച്ചാൽ തടവോ വധമോ ലഭിക്കും. വാഹനം, ഭൂഷണം, വസ്ത്രം എന്നിവ രാജാവ് എന്തുതരുന്നുവോ അതേ നിത്യവും ധരിക്കാവൂ. എന്നാൽ അവർ രാജാവിന്ന് ഏറ്റവും ഇഷ്ടരായിത്തീരും.

digitized by www.sreyas.in

ഇപ്രകാരം മനസ്സടക്കി കരുതലോടെ ഹേ പാണ്ഡുപുത്രന്മാരേ, ഈ ഒരു സംവത്സരം നിങ്ങൾ ഐശ്വര്യത്തെ സംരക്ഷിക്കുവിൻ. പിന്നെ സ്വരാജ്യത്തുവന്നു നിങ്ങൾക്ക് ഇഷ്ടംപോലെ നടക്കാം."

യുധിഷ്ഠിരൻ പറഞ്ഞു: "മഹർഷേ! ഭവാനിൽനിന്ന് ഞങ്ങൾ ഉപദേശം വാങ്ങിയിരിക്കുന്നു! അങ്ങയ്ക്കു ശുഭം ഭവിക്കട്ടെ! ഇപ്രകാരം ഉപദേശം നല്കുവാൻ ഞങ്ങളുടെ അമ്മയായ കുന്തിയും, വിദുരരുമല്ലാതെ ആരുണ്ട്? ഇനി വേണ്ടതെല്ലാം ഭവാൻ നടത്തിക്കൊള്ളുമല്ലോ. ഈ ദുഃഖത്തിൽനിന്നു കരകയറ്റുവാനും യാത്രയ്ക്കു മംഗളമുണ്ടാകുവാനും വിജയം സിദ്ധിക്കുവാനും ഭവാൻ മംഗളകർമ്മങ്ങൾ ചെയ്യുക."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ വിപ്രേന്ദ്രനായ ധൗമ്യൻ യാത്രക്കാലത്തു ചെയ്യേണ്ടതായ വിധിയൊക്കെയും ചെയ്ത് അവർക്കുള്ള അഗ്നി ആളിച്ച് മന്ത്രപൂർവ്വകം ഹോമിച്ചു. സമൃദ്ധിക്കും വൃദ്ധിക്കും പൃഥിവീവിജയത്തിന്നും വേണ്ടി ഹോമിച്ചു. അഗ്നികൾക്കു വലംവെച്ച് പിന്നെ താപസബ്രാഹ്മണന്മാരേയും വലംവച്ച് യാജ്ഞസേനിയെ മുമ്പേ നടത്തി പാണ്ഡവന്മാർ യാത്രചെയ്തു.

ആ വീരന്മാർ പോയതിന്നുശേഷം താപസപുംഗവനായ ധൗമ്യൻ അഗ്നിഹോത്രങ്ങളുമായി പാഞ്ചാലപുരിയിലേക്കും പോയി. ഇന്ദ്രസേനാദികൾ പറഞ്ഞപ്രകാരംതന്നെ യാദവപുരത്തിലേക്കു പോയി രഥാശ്വങ്ങളെ രക്ഷിച്ചും കാര്യങ്ങൾ മറച്ചും സുഖമായി വാണു."

5. അസ്ത്രസംസ്ഥാപനം – പാണ്ഡവന്മാർ ശ്മശാനസമീപത്ത് ശമീവൃക്ഷത്തിൽ അസ്ത്രങ്ങൾ സ്ഥാപിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "ആ വീരന്മാർ വാളും, ആവനാഴിയും ധരിച്ച് ഉടുമ്പിൻതോൽകൈയുറകളുമിട്ട് യമുനാതീരത്തുകൂടി തെക്കേ വക്കുപറ്റി കാൽനടയായി നടന്നു. വനവാസം കഴിഞ്ഞ സന്തോഷത്തോടും, നാടു നേടാനുള്ള ശ്രമത്തോടുംകൂടിയാണ് അവരുടെ യാത്ര. കാലം വസന്തമായിരുന്നു. ആ വില്ലാളികൾ മനോഹരമായ ശൈലദുർഗ്ഗവനങ്ങളിൽക്കൂടെ പോയി. മൃഗങ്ങളെ കൊന്ന് വിശപ്പടക്കിയും, വനദുർഗ്ഗങ്ങൾ കടന്നും അവർ നടന്നു. ദശാർണ്ണത്തിന്റെ വടക്കും പാഞ്ചാലത്തിന്റെ തെക്കുമായി കൃല്ലോമത്തിന്റേയും ശൂരസേനത്തിന്റേയും ഇടയ്ക്കുള്ള വഴിയിൽക്കൂടെ കാട്ടിൽ വേടന്മാരുടെ വേഷത്തിൽ വിവർണ്ണരും, മീശയും താടിയും വളർത്തിയവരുമായി ആ മഹാബലന്മാർ നടന്നുനടന്ന്, മത്സ്യരാജ്യത്തിലെത്തി. അവിടെ ജനവാസമുള്ള സ്ഥലത്തെത്തിയപ്പോൾ, കാൽനടകൊണ്ട് പാഞ്ചാലി വല്ലാതെ തളർന്നുപോയി. അവൾ പറഞ്ഞു: 'ഒറ്റയടിപ്പാത കാണുന്നുണ്ട്. വിരാടരാജനഗരി ദൂരത്തായിരിക്കും. ഈ രാത്രി ഇവിടെ പാർക്കുക. എനിക്കു വല്ലാത്ത ക്ഷീണം തോന്നുന്നു.'

യുധിഷ്ഠിരൻ പറഞ്ഞു: "അർജ്ജുനാ! നീ പാഞ്ചാലിയെ പൊക്കിയെടുക്കുക, കാടുവിട്ടാൽ പിന്നെ ഗൂഢമായിട്ടുവേണം പുരിയിൽപ്പോയി പാർക്കുവാൻ."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ പാഞ്ചാലിയേയും എടുത്ത് ഒരു ഗജത്തെപ്പോലെ നടന്ന് നഗരത്തിനടുത്തെത്തിയപ്പോൾ അവളെ അർജ്ജുനൻ ഇറക്കി. നഗരത്തിലെത്തിയപ്പോൾ യുധിഷ്ഠിരൻ അർജ്ജുനനോടു പറഞ്ഞു: 'ഉണ്ണീ, അർജ്ജുനാ! ആയുധങ്ങളൊക്കെ നമുക്ക് ഇവിടെ വെച്ചിട്ടുവേണം പട്ടണത്തിലേക്കു കടക്കുവാൻ. നാം ആയുധങ്ങളുമായി പുരിയിൽ ചെല്ലുകയാണെങ്കിൽ ഈ നാട്ടുകാർക്ക് ഉദ്വേഗമുണ്ടാകും. അതിൽ യാതൊരു സംശയവുമില്ല. ഭൂമിയിൽ നാട്ടുകാരൊക്കെ അറിഞ്ഞിട്ടുള്ളതാണ് വലിയ ഗാണ്ഡീവം. ആ വലിയ ആയുധവുമായി നാം നഗരത്തിൽച്ചെന്നാൽ ഉടനെ നമ്മളെ മർത്ത്യരൊക്കെ അറിയും; അതിന്ന് യാതൊരു സംശയവുമില്ല. പിന്നെ നാം വീണ്ടും പന്ത്രണ്ടു സംവത്സരം കാട്ടിൽ വാഴേണ്ടതായും വന്നുകൂടും. ഒരുത്തനെ അറിഞ്ഞാലും മതിയല്ലോ. അങ്ങനെയാണല്ലോ സത്യം."

അർജ്ജുനൻ പറഞ്ഞു: "ഇതാ, ഈ കുന്നിന്റെ മുകളിൽ വലിയ ശാഖകളോടുകൂടിയ ഒരു ശമീവൃക്ഷം നില്ക്കുന്നു. സമീപത്തായി ഒരു ചുടുകാടും കാണുന്നുണ്ട്. മനുഷ്യരാരും അവിടെ ഇല്ലെന്നാണു തോന്നുന്നത്. ഹേ! പാണ്ഡുപുത്രന്മാരേ, നാം ആയുധങ്ങൾ അവിടെ വെച്ചാൽ ആരും കാണുകയില്ല. ഈ വൃക്ഷം വഴിയിൽനിന്ന് അകന്ന് മുകളിലാണ്. മാനും, പുലികളുമൊക്കെ കൂടുന്നതാണ് ആ സ്ഥലം. വിശേഷിച്ചും ഭയങ്കരമായി ചുടുകാടിന്റെ അടുത്താകയാൽ ജനങ്ങളുടെ സഞ്ചാരം കുറഞ്ഞിരിക്കും. നമ്മുടെ ആയുധങ്ങൾ ഈ ശമീവൃക്ഷത്തിൽ മറച്ചുവെച്ച് നമുക്ക് നഗരത്തിൽച്ചെന്നു ഭയം കൂടാതെ വിഹരിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ധർമ്മരാജാവായ യുധിഷ്ഠിരനോടു പറഞ്ഞ് ശസ്ത്രങ്ങൾ വയ്ക്കുവാനായി അർജ്ജുനൻ മുതിർന്നു. ഒറ്റത്തേരാൽ ദേവമർത്ത്യഗണത്തെ ജയിച്ചതും, ഉദാരഘോഷമായതും, സിദ്ധശത്രുന്മാരെ മുടിച്ചതും ആയ ഉഗ്രഗാണ്ഡീവത്തിന്റെ ഞാണ് ഫൽഗുനൻ അഴിച്ചു. പരന്തപനായ യുധിഷ്ഠിരൻ മുമ്പ് കുരുക്ഷേത്രം രക്ഷിച്ചതായ വില്ലിലെ കേടുതട്ടാത്ത ഞാണ് അഴിച്ചു. പാഞ്ചാലന്മാരെ പണ്ട് പോരിൽ ജയിച്ചതും, ദിഗ്ജയത്തിൽ തനിച്ച് ഏറെ വീരന്മാരെ തടുത്തതും, പോരിന്റെ ഞാണൊലികേട്ടാൽ ശത്രുക്കൾ പതറുന്നതും, പർവ്വതം പിളരുന്നവിധത്തിൽ ഇടിനാദം പോലെ ശബ്ദിക്കുന്നതും, ജയദ്രഥരാജാവിനെ കശക്കിവിട്ടതുമായ വില്ലിന്റെ ഞാണ് ശക്തനായ ഭീമസേനനും അഴിച്ചു. പാണ്ഡവനായ നകുലൻ, രക്താസ്യനും മഹാബാഹുവുമായ മാദ്രീപുത്രൻ, മിതഭാഷിയും, പോരിൽ സിംഹവിക്രമനുമായ ആ ധീരൻ, ഏതു വില്ലിനാലാണോ പടിഞ്ഞാറൻദിക്കു ജയിച്ചത് ആ വില്ലിന്റെ ഞാണും ആ സുന്ദരൻ അഴിച്ചു. സദാചാരനിരതനായ വീരൻ, സഹദേവൻ, ദക്ഷിണദിക്കു ജയിച്ചതായ വില്ലിന്റെ ഞാണും അഴിച്ചു. തിളങ്ങുന്ന നീണ്ട അസികളും, വിലയേറുന്ന ആവനാഴിയും, പലതരം ശരങ്ങളും വില്ലോടുകൂടിത്തന്നെ വെച്ചു. അതിന്നുശേഷം യുധിഷ്ഠിരൻ നകുലനോട് ആജ്ഞാപിച്ചു: 'ഈ ശമീവൃക്ഷത്തിന്റെ മുകളിൽക്കയറി ഈ വില്ലുകൾ വെച്ചുകൊള്ളുക.' കല്പന പോലെ നകുലൻ മരത്തിന്മേൽക്കയറി അതിന്റെ കോടരത്തിൽ വില്ലുകളും മറ്റും വെച്ചു. അതിന്നു പഴുതായി കണ്ട ദിവ്യരൂപങ്ങൾ, മഴപെയ്താൽ നനയുമെന്നു തോന്നിയിരുന്നവ, എല്ലാം കയറുകൊണ്ടു ഭദ്രമായി ചുറ്റിക്കെട്ടിയടച്ചു. ഉടനെ പാണ്ഡവന്മാർ ഒരു ശവശരീരം ദൂരെനിന്നുകാണാവുന്നവിധം ആ മരത്തിൽ കെട്ടിത്തൂക്കി. മനുഷ്യൻ ആ ശമീവൃക്ഷം ദൂരെനിന്നു കണ്ടാൽത്തന്നെ ഒഴിഞ്ഞു മാറിപ്പോകണം. അതിൽ ശവം നില്ക്കുന്നുണ്ട്, ദുർഗ്ഗന്ധമുണ്ട് എന്നു പറഞ്ഞ് ഒഴിയണം എന്നായിരുന്നു അതിന്റെ ഉദ്ദേശ്യം. 'ഇവൾ, ഞങ്ങളുടെ ബഹുശതമായുസ്സുള്ള അമ്മയാണ്; ഞങ്ങൾക്ക് വംശധർമ്മമാണ് അസ്ത്രഗോപനം. പണ്ടു പണ്ടേ നടപ്പുള്ളതുമാണ്.' ആയുധങ്ങളൊക്കെ വൃക്ഷകോടരത്തിൽ വെച്ചതിന്നുശേഷം അവർ ഇപ്രകാരം പറയുകയും ചെയ്തു.

ആ വഴിക്കു കണ്ട ആട്ടിടയന്മാരോടും ശമീവൃക്ഷത്തെ തങ്ങൾ അമ്മയായി കരുതുന്നുണ്ടെന്നു പറയുകയും ചെയ്തു.

ശത്രുകർശനന്മാരായ പാർത്ഥന്മാർ പുരത്തിന്റെ സമീപത്തെത്തി. ജയൻ, ജയന്തൻ, വിജയൻ, ജയത്സേനൻ, ജയൽബലൻ എന്നീ ഗൂഢനാമങ്ങളും അവർക്ക് യഥാക്രമം യുധിഷ്ഠിരൻ കല്പിച്ചു. പിന്നെ സത്യപ്രകാരം അവർ മഹാപട്ടണത്തിലേക്കു കയറി. രാഷ്ട്രത്തിൽ പതിമൂന്നാമത്തെ വർഷം അജ്ഞാതവാസത്തിന്നായി അവർ നടന്നു."

6. ദുർഗ്ഗാസ്തവം – വൈശമ്പായനൻ പറഞ്ഞു: "രമ്യമായ വിരാടനഗരത്തിലേക്കു കയറുമ്പോൾ യുധിഷ്ഠിരൻ ഭുവനേശ്വരിയായ ദുർഗ്ഗാദേവിയെ മനസ്സുകൊണ്ടു വാഴ്ത്തി."

യുധിഷ്ഠിരൻ പറഞ്ഞു: "യശോദ പെറ്റവളും, നാരായണന്ന് ഏറ്റവും ഇഷ്ടപ്പെട്ടവളും, നന്ദഗോപന്റെ വംശത്തിൽ പിറന്നവളും, മംഗല്യത്തേയും കുലത്തേയും വർദ്ധിപ്പിക്കുന്നവളും, കംസനെ വിദ്രവിപ്പിച്ചവളും, ദൈത്യന്മാരെ മുടിച്ചവളും, പാറപ്പു

digitized by www.sreyas.in

റത്തടിച്ചപ്പോൾ ആകാശത്തേക്കുയർന്നവളും, വാസുദേവന്റെ ഭഗിനിയുമായ ദേവിയെ ഞാൻ നമസ്കരിക്കുന്നു.

ദിവ്യമാല്യഭൂഷിതേ, ദിവ്യാംബരംപൂണ്ട ദേവീ, ഖൾഗചർമ്മ ങ്ങൾ ഏന്തിയവളേ, നിന്നെ ഞാൻ സ്തുതിക്കുന്നു."

പുണ്യഭാരാവതരണത്താൽ ഈ ശിവയെ സ്തുതിക്കുന്ന വരെ ചളിയിൽ താണുപോയ ഗോക്കളെയെന്നപോലെ അവൾ കരകേറ്റുന്നതാണ്. ആ ദേവിയെ കാണുവാനായി നാനാസ്തോത്രപദങ്ങൾ കൊണ്ട് അനുജന്മാരോടുകൂടി യുധിഷ്ഠിരൻ വീണ്ടും സ്തുതിച്ചു:

"വരദേ, കൃഷ്ണേ, കുമാരീ, ബ്രഹ്മചാരിണീ, ബാലാർക്ക കാന്തിയുള്ളവളേ, പൂർണ്ണചന്ദ്രാനനേ, ചതുർഭുജേ, ചതുർവക്ത്രേ, പീനശ്രോണിപയോധരേ, പിഞ്ഛശ്രീവളയിട്ടവളേ, കേയൂരാംഗദമണ്ഡിതേ, നീ വിഷ്ണുപത്നിയായ ലക്ഷ്മിയെപ്പോലെ പ്രശോഭിക്കുന്നു!

സ്പഷ്ടമാണല്ലോ ഖേചരീ, നിന്റെ രൂപവും ബ്രഹ്മചര്യവും. കൃഷ്ണമേഘംപോലെ നീ കൃഷ്ണനോടും സങ്കർഷണനോടും തുല്യയാണല്ലോ. ഇന്ദ്രദ്ധ്വജംപോലെ വലിയ കൈകളുള്ളവളേ, പാത്രവും, പത്മവും മണിയും ധരിച്ച വിശുദ്ധാംഗനേ, കയറും, വില്ലും ചക്രവും മറ്റ് ആയുധവും ധരിച്ചവളേ, കർണ്ണങ്ങൾ നിറയുംവിധം കുണ്ഡലങ്ങൾ അണിഞ്ഞവളേ, തിങ്കൾക്കെതിരായ മുഖംകൊണ്ട് വിളങ്ങുന്ന ദേവീ, ഞാൻ നിന്നെ സ്തുതിക്കുന്നു!

വിചിത്രമകുടം ചാർത്തുന്ന മുടി ഭംഗിയായി മെടഞ്ഞ് പ്രശോഭിക്കുന്നവളേ, പന്നഗാഭോഗവാസശ്രീ മിന്നുന്ന അരഞ്ഞാണുകൊണ്ട് ഭോഗിയാൽ മന്ദരംപോലെ നീ ശോഭിക്കുന്നു! ഉയർത്തിയ മയിൽപ്പീലിക്കൊടിയാൽ നീ പ്രശോഭിക്കുന്നു. കൗമാരവ്രതത്താൽ നീ സ്വർഗ്ഗത്തെ ശുദ്ധീകരിച്ചു. അതുകൊണ്ട് നിന്നെ വാഴ്ത്തുകയും പൂജിക്കുകയും ചെയ്യുന്നു. ദേവന്മാർ, മൂന്നു ലോകത്തിന്റെയും രക്ഷയ്ക്കായി മഹിഷാസുരമർദ്ദിനിയായ നിന്നെ പൂജിക്കുന്നു. ഹേ സുരശ്രേഷ്ഠേ, എന്നിൽ തെളിഞ്ഞ് നീ ശിവയായാലും! നീ ജയയാകുന്നു. നീ വിജയയാകുന്നു! പോരിൽ വിജയം നല്കുന്നവളാകുന്നു! എനിക്കു നീ വിജയം നല്കുക! വരം നല്കുക! നിന്റെ ശാശ്വതസ്ഥാനം വിന്ധ്യാദ്രീന്ദ്രനിലാണല്ലോ. കാളീ, കാളീ, മഹാകാളീ, മദ്യമാംസപശുപ്രിയേ, ഭൂതങ്ങൾ പിന്തുടർന്നവളാണല്ലോ നീ. സ്വതന്ത്രയും വരദയുമാണല്ലോ നീ. എന്നെ ഭാരാവതാരത്തിൽ നമസ്കരിക്കുന്നവർക്കും മന്നിൽ പ്രഭാതകാലത്ത് നമിക്കുന്നവർക്കും പുത്രപൗത്രാദികളിൽവെച്ച് ദുർല്ലഭമായി ഒന്നും ഉണ്ടാവുകയില്ല. ദുർഗ്ഗത്തിൽനിന്ന് നീ കരകയറ്റുന്നു. അതുകൊണ്ട് ദുർഗ്ഗയെന്ന് നിന്നെ ജനങ്ങൾ വിളിക്കുന്നു. കാട്ടിൽ കുഴക്കിൽപെട്ടവർക്കും, കടലിൽ താണവർക്കും കള്ളന്മാരുടെ കൈയിലകപ്പെട്ടവർക്കും നീ പരയായ ഗതിയാണല്ലോ! ജയയാത്ര, വലിയ കാട്, കൊടിയ കാട് ഇവയിൽ നിന്നെ യോർത്താൽ മഹാദേവീ മനുഷ്യരാരും കുഴങ്ങുകയില്ല.

നീ കീർത്തിയും, ശ്രീയും, സിദ്ധിയും, ധൃതിയും, ഹ്രീയും, വിദ്യയും, മതിയും, സന്തതിയുമാണ്. സന്ധ്യാ, നിദ്ര, പ്രഭ, നിശ, ജ്യോത്സ്നകാന്തി, ദയ, ക്ഷമ ഇവയും ദേവിയാണല്ലോ.

മർത്ത്യർക്ക് ബന്ധനം, മോഹം, പുത്രനാശം, ധനക്ഷയം, രോഗം, മൃത്യുഭയം ഇവയെല്ലാം നിന്നെ പൂജിച്ചാൽ നീ അകറ്റിക്കളയുമല്ലോ.

ദേവീ, ഞാനോ രാജ്യഭ്രഷ്ടനാണ്. നിന്നെ ശരണംപ്രാപിച്ചവനാണ്. ഞാൻ ശിരസ്സു കുമ്പിട്ട് നിന്നെ കൂപ്പുന്നു ദേവീ, സുരേശ്വരീ, ഞാൻ നിന്നെ കൂപ്പുന്നു. പത്മാക്ഷീ, എന്നെ കാത്താലും! സത്യേ, നീ സത്യയാകും. ദുർഗ്ഗേ, നീ ശരണമാവുക! ശരണ്യേ, ഭക്തവത്സലേ!"

ഇപ്രകാരം പാണ്ഡവൻ സ്തുതിക്കവേ, ആ ദേവി പ്രത്യക്ഷയായി അടുത്തു ചെന്ന് ആ രാജാവിനോട് ഇപ്രകാരം പറഞ്ഞു.

ദേവി പറഞ്ഞു: "കേൾക്കൂ രാജാവേ, മഹാബാഹോ, ഞാൻ പറയുന്ന വചനത്തെ. ഏറെ വൈകാതെ ഭവാൻ യുദ്ധത്തിൽ വിജയിയാകും. എന്റെ പ്രസാദത്താൽ നീ ശത്രുക്കളെ ജയിച്ചു കൗരവപ്പടയെ കൊന്ന് നിഷ്കണ്ടകമാക്കിത്തീർത്ത് രാജ്യത്തെ വീണ്ടും നേടി അനുഭവിക്കുന്നതാണ്. തമ്പിമാരോടുകൂടി രാജാവേ, നീ നന്ദിക്കുന്നതാണ്. എന്റെ പ്രസാദത്താൽ നിനക്കു സൗഖ്യവും ആരോഗ്യവുമുണ്ടാകും. നിഷ്കന്മഷമായ ഈ കീർത്തനം ചൊല്ലുന്നവർക്കു നന്ദിച്ച് രാജ്യവും, ആയുസ്സും, രൂപവും, പുത്രന്മാരും ഞാൻ നല്കുന്നതാണ്. പ്രവാസം, പട്ടണം, ശത്രുസങ്കടമായ രണം, അടവി, ദുർഗ്ഗം, കാന്താരം, കടൽ, ശൈലം ഇവയിലും ഭവാൻ ഇപ്പോൾ വിചാരിച്ച മാതിരി എന്നെ സ്മരിച്ചാൽ രാജാവേ, അവർക്ക് ഈ ഉലകത്തിൽ ദുർല്ലഭമായി ഒന്നുംതന്നെ ഉണ്ടാകുന്നതല്ല.

ഈ സ്തോത്രം ഭക്തിയോടുകൂടി കേൾക്കുന്നവനും ചൊല്ലുന്നവനും കാര്യങ്ങളൊക്കെ സാധിക്കുന്നതാണ്. എന്റെ പ്രസാദത്താൽ വിരാടന്റെ പുരത്തിൽ വാഴുന്ന നിങ്ങളെ കുരുക്കൾ അറിയുകയില്ല. ഇവിടെയുള്ള ജനങ്ങളും അറിയുകയില്ല."

ഇപ്രകാരം അരിന്ദമനായ ധർമ്മജനോട് ദേവി അരുളിച്ചെയ്ത്, പാർത്ഥന്മാരുടെ രക്ഷയ്ക്ക് അനുഗ്രഹിച്ച് അവിടെത്തന്നെ മറഞ്ഞു.

7. യുധിഷ്ഠിരപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ, യുധിഷ്ഠിരൻ രത്നമയങ്ങളും സ്വർണ്ണമയങ്ങളുമായ അക്ഷങ്ങളെ മുണ്ടിൽ പൊതിഞ്ഞു കക്ഷത്തിലൊതുക്കി, സഭാസ്ഥാനത്തിൽ വിരാടരാജാവിന്റെ മുമ്പിലേക്കു ചെന്നു.

മഹായശസ്വിയും, കുരുവംശവർദ്ധനനും, മഹാനുഭാവനും, നാഗേന്ദ്രസൽകൃതനും, ദുരാസദനും, ഉരഗതുല്യം തീക്ഷ്ണവിഷനും, രൂപംകൊണ്ട് ദേവതുല്യനുമായി പ്രശോഭിക്കുന്ന ആ പുരുഷവ്യാഘ്രൻ മേഘാവൃതനായ ആദിത്യനെപ്പോലെ, ഭസ്മസംവൃതമായ അഗ്നിയെപ്പോലെ വിരാടസന്നിധിയിൽച്ചെന്നു. തന്റെ മുമ്പിലേക്കു വരുന്ന ഈ മഹാനുഭാവൻ ആരായിരിക്കും എന്ന് വിരാടൻ ശങ്കയോടെ നോക്കി ചുറ്റും സ്ഥിതിചെയ്യുന്ന മന്ത്രിമാർ, ദ്വിജന്മാർ, സൂതന്മാർ, വൈശ്യന്മാർ എന്നിവരോടും അരികെ നില്ക്കുന്ന മറ്റുള്ളവരോടും ആ രാജാവ് പ്രത്യേകമായി ഇദ്ദേഹത്തെ അറിയുമോ എന്നു ചോദിച്ചു. 'ആരായിരിക്കും ഈ വരുന്നത്? സഭയിലേക്കു വരുന്ന ഇദ്ദേഹം ഒരു രാജാവിനെപ്പോലെ തോന്നുന്നു. ബ്രാഹ്മണന്റേതാണ് വേഷമെങ്കിലും എനിക്കു തോന്നുന്നത് ഇദ്ദേഹം ഒരു രാജാവാണെന്നാണ്. ഇവന്നു ദാസന്മാരും, രഥവും, ആനയും ഒന്നും അകമ്പടിയില്ലെങ്കിലും ഇവൻ ഇന്ദ്രനെപ്പോലെ പ്രശോഭിക്കുന്നതായിക്കാണുന്നു. ശരീരലക്ഷണം നോക്കുമ്പോൾ ഇവൻ രാജാവാകണമെന്നാണ് എന്റെ അഭിപ്രായം. നേരെ എന്റെ സമീപത്തേക്കാണ്. നിസ്സംശയം സരസ്സിലേക്കു വരുന്ന ഒരു ഗജരാജനെപ്പോലെ ഇദ്ദേഹം നിസ്സങ്കോചം വരുന്നു."

ശങ്കാകുലനായ വിരാടനോട് അടുത്തുചെന്ന് ധർമ്മപുത്രൻ പറഞ്ഞു: 'മഹാരാജാവേ, ഉപജീവനത്തിനുവേണ്ടി ഭവാന്റെ സന്നിധിയിലെത്തിയിരിക്കുന്ന ഒരു ബ്രാഹ്മണനാണ് ഞാൻ. എന്റെ സർവ്വധനവും നശിച്ചുപോയിരിക്കുന്നു. ഇനി ഭവാന്റെ അടുത്ത് ഇച്ഛാനുവർത്തിയായി പ്രഭോ, വസിക്കുവാൻ ആഗ്രഹിച്ച് വന്നിരിക്കുകയാണ്.'

ഉടനെ രാജാവ് അവനെ സ്വാഗതംപറഞ്ഞു സ്വീകരിച്ചു. ഇങ്ങനെ ഒരു മഹായോഗ്യനായ സുഹൃത്തിനെ കിട്ടിയതിൽ രാജാവു സന്തോഷിച്ചു. വളരെ സന്തോഷത്തോടെ രാജാവ് പറഞ്ഞു: 'ഭവാനോട് പ്രീതിയോടെ ഞാൻ ചോദിക്കുകയാണ്. ഭവാൻ ഏതു രാജ്യത്തുനിന്നാണു വരുന്നത്? ഭവാന്റെ ഗോത്രമേതാണ്, പേരെന്താണ്? വാസ്തവം പറയുക. ഭവാന് എന്ത് പണിയാണ് അറിയുക?

യുധിഷ്ഠിരൻ പറഞ്ഞു: "രാജാവേ, ഞാൻ പണ്ട് യുധിഷ്ഠിരന്റെ സഖാവായിരുന്നു. വൈയാഘ്രപാദ്യനാണ് (വ്യാഘ്രപദം

digitized by www.sreyas.in

എന്ന ഗ്രാമത്തിൽ ജനിച്ചവനെന്നും വ്യാഘ്രത്തെപ്പോലെ ചാടി വീഴുന്നവന്റെ, യമന്റെ പുത്രനാണെന്നും രണ്ടർത്ഥം. വ്യാസൻ യുധിഷ്ഠിരനെക്കൊണ്ട് നുണപറയിപ്പിക്കാതിരിക്കുവാൻ ശ്രമിക്കുന്നു), വിപ്രനാണ്. അക്ഷപ്രയോഗത്തിൽ എനിക്കു നല്ല ജ്ഞാനമുണ്ട്. കളിക്കുകയും ചെയ്യാം. പേരു കങ്കൻ എന്നാണ്."

വിരാടൻ പറഞ്ഞു: "ഭവാന് എന്തു വരമാണു വേണ്ടതെങ്കിൽ പറഞ്ഞാലും. ഭവാൻ ഇഷ്ടമായവിധം മത്സ്യരാജ്യം ഭരിച്ചാലും. എന്നെയും ഭരിച്ചാലും. ഞാൻ ഭവാന്നധീനനാണ്. ചൂതുകളിയിൽ പ്രിയംകൂടിയ ധൂർത്തന്മാരിൽ എനിക്കു വളരെ ഇഷ്ടമാണ്. ദേവോപമനായ ഭവാൻ രാജ്യം വാഴുവാൻതന്നെ യോഗ്യനാണ്!"

യുധിഷ്ഠിരൻ പറഞ്ഞു: "ചൂതുകളിയിൽ തോറ്റവൻ ജയിച്ചവനോട് വഴക്കടിക്കാതിരിക്കയില്ല. വലിയവരോട് എളിയവൻ ചൂതിൽ ജയിച്ചാൽ നിശ്ചയമായും കലഹമുണ്ടാകും. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്ന വരം 'കളിയിൽ എന്നോടു തോല്ക്കുന്നവരാരും എനിക്കു ധനമൊന്നും തരേണ്ടതില്ല' എന്നാണ്. ഈ ഒരു വരം ഭവാൻ എന്നിൽ കനിഞ്ഞു നല്കണം."

വിരാടൻ പറഞ്ഞു: "ഭവാന് അപ്രിയം ചെയ്യുന്നവനെ ഞാൻ കൊന്നുകളയും. ബ്രാഹ്മണനാണെങ്കിൽ അവനെ ഞാൻ നാടു കടത്തും. എന്റെ നാട്ടിലുള്ള ജനങ്ങളൊക്കെ കേട്ടുകൊള്ളട്ടെ! എന്റെ ക്ഷിതിക്ക് ഞാൻ നാഥനെന്നവിധം കങ്കനും നാഥനാണെന്നു ധരിക്കട്ടെ! വസ്ത്രം, പാനം, ഭോജനം, വാഹനം എന്നിവയിലെല്ലാം എന്നോടു തുല്യനായിരിക്കുന്നു ഇദ്ദേഹം. എന്റെ വാതിൽ ഭവാന്റെ മുമ്പിൽ ഇതാ നിർബാധം തുറന്നുവെച്ചിരിക്കുന്നു. അകത്തും പുറത്തും സ്വതന്ത്രനായി ഭവാനു പെരുമാറാം. ജീവിതവൃത്തിക്കു പോരാതെ കുഴങ്ങി വല്ലവരും അങ്ങയോടു സങ്കടപ്പെട്ടു പറയുന്നുണ്ടെങ്കിൽ ഭവാന്റെ ഹിതംപോലെ ചെയ്യുവാൻ ഞാൻ തയ്യാറാണ്; ഒരുവാക്ക് എന്നോടു പറഞ്ഞാൽ മതി. അവർക്കു വേണ്ടതെല്ലാം ഞാൻ അപ്പോൾ നല്കുന്നതാണ്. എന്റെ അടുക്കൽ പെരുമാറുന്നതിന്ന് അങ്ങയ്ക്ക് ഭയപ്പെടാനൊന്നുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിരാടരാജാവുമായി സംഗമം ലഭിച്ചതിന്നുശേഷം ആ നരർഷഭൻ സുഖമായി, മാനമായി അവിടെ പാർത്തു. ഈ ചരിത്രം ആരും അറിഞ്ഞില്ല."

8. ഭീമസേനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "അതിന്നുശേഷം മഹാബലനായ ഒരാൾ സിംഹത്തെപ്പോലെ നടന്ന് രാജാവിന്റെ സമീപത്തേക്കടുത്തു. അവന്റെ കൈയിൽ ഒരു ചട്ടകവും ഒരു കടകോലുമുണ്ട്. പിന്നെ ഉറയില്ലാത്ത ഒരു വാളുമുണ്ട്. അവൻ ഒരു പാചകനെപ്പോലെയാണ് കാഴ്ചയിൽ. എന്നാൽ അവൻ സൂര്യനെപ്പോലെ കാന്തിമാനാണ്. കറുത്ത വസ്ത്രമാണ് ഉടുത്തിരിക്കുന്നത്. എന്നാൽ അവൻ ഒരു മലയെപ്പോലെ ഗൗരവമുള്ളവനാണ്. രാജാവിന്റെ മുമ്പിലെത്തി അവൻ നിന്നു. രാജതേജസ്സുള്ള അവൻ വരുന്നതു കണ്ടപ്പോൾത്തന്നെ രാജാവ് സമീപസ്ഥന്മാരായ, ജനങ്ങളോടു പറഞ്ഞു: 'സിംഹത്തെപ്പോലെ ശോഭിക്കുന്നവനും, സുന്ദരരൂപനും, യുവാവുമായ ഇവൻ ആരായിരിക്കും? ഇവനെ മുമ്പെങ്ങും കണ്ടതായി ഓർക്കുന്നില്ല. ഇവൻ സൂര്യനെപ്പോലെ തേജസ്വിയാണ്. ഓർത്തിട്ട് ഒരു പിടിയും കിട്ടുന്നില്ല. നരർഷഭനായ ഇവൻ ഒരു അസാധാരണപുരുഷനാണ്! ഇയാൾക്ക് ഒരു കൂസലും കാണുന്നില്ല. ഗന്ധർവ്വരാജാവാണോ? അതോ ദേവരാജാവോ? ആരാണ് ഇവൻ? ആരായാലും അവൻ വിചാരിക്കുന്ന കാര്യം എന്തോ അത് ഞാൻ നല്കും.' വിരാടരാജാവു പറഞ്ഞുവിട്ട ഒരു ഭൃത്യൻ അവനെ രാജാവിന്റെ മുമ്പിലേക്കു കൊണ്ടുവന്നു. രാജാവ് അവനോടു ചോദിച്ചതിന്നുത്തരമായി അവൻ വിരാടരാജാവിന്റെ പാർശ്വത്തിൽ അധീനനായി നിന്നുകൊണ്ടു മറുപടി പറഞ്ഞു: 'രാജാവേ, ഞാൻ ഒരു വെപ്പുകാരനാണ്. എന്റെ പേര് വല്ലവൻ എന്നാണ്. എന്നെ ഭവാൻ സ്വീകരിച്ചാലും. നന്നായി കറികൾ പാകംചെയ്യുവാൻ എനിക്കറിയാം."

വിരാടൻ പറഞ്ഞു: "എടോ വല്ലവാ, നീ സൂതനാണോ? എനിക്കു ബോദ്ധ്യമാകുന്നില്ല. നീ സുരേന്ദ്രനെപ്പോലെ വിളങ്ങുന്നുവല്ലോ. ശ്രീയും, രൂപവും, വിക്രമവും തികഞ്ഞവനായി നീ ജനാവലിയിൽ രാജാവിനെപ്പോലെ ശോഭിക്കുന്നുവല്ലോ!"

ഭീമൻ പറഞ്ഞു: "ഹേ രാജാവേ, അങ്ങയുടെ ഭൃത്യനാകുന്ന എനിക്ക് വെറും കറിപ്രയോഗം മാത്രമല്ല അറിഞ്ഞുകൂടു. ആ പാചകയോഗങ്ങളൊക്കെ പണ്ട് യുധിഷ്ഠിരരാജാവ് സാദരിഞ്ഞിട്ടുള്ളവനാണ്. ശക്തിക്ക് എന്നോടു കിടയായി ഒരാളുമില്ല. കൈയാങ്കളി (മൽപ്പിടുത്തം) എനിക്കു നല്ലമാതിരി അറിയാം. ഞാൻ സിംഹങ്ങളോടു പൊരുതുന്നവനാണ്. ഭവാനു സന്തോഷത്തിന് അതും ഞാൻ ചെയ്യാം."

വിരാടൻ പറഞ്ഞു: "ഹേ വല്ലവാ, ഞാൻ നിനക്ക് ആവശ്യമുള്ള വരം തരുന്നുണ്ട്. ശുഭംപറയുന്നവനായ നീ മഹാനസത്തിന്റെ (അടുക്കളയുടെ) അധിപനായിക്കൊള്ളുക. പക്ഷേ, ഞാനീത്തരുന്ന തൊഴിൽ നിനക്കു ചേർന്നതല്ല. നീ സമുദ്രം ചൂഴുന്ന ഭൂമിയുടെയെല്ലാം അധിപനായിരിക്കുവാൻതക്ക യോഗ്യനാണ്. നിന്റെ അഭീഷ്ടം ഞാൻ ചെയ്തേക്കാം. നീ മഹാനസത്തിൽ മേലാളായി നിന്നുകൊള്ളുക. എല്ലാ പണിക്കാർക്കും നേതാവായി നീ ഇവിടെ ജോലിയിൽ പ്രവേശിച്ചുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "ഇങ്ങനെ വെപ്പുപുരയിൽ പ്രവേശിച്ച ഭീമൻ രാജാവിന്റെ സേവകനായിത്തീർന്നു. അങ്ങനെ തൊഴിൽ ചെയ്തു ജീവിക്കുന്ന ഭീമനെ അന്യരാകട്ടെ, തന്റെ കീഴിലുള്ളവരാകട്ടെ അറിഞ്ഞില്ല."

9. ദ്രൗപദീപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ കറുത്തു മിനുത്ത മൃദുവായ നല്ല തലമുടി തലയിൽ ചുറ്റി തൂത്തു ചാച്ചുകെട്ടി, പുഞ്ചിരിയോടുകൂടി, മുടി വലത്തോട്ടു മറിച്ചിട്ടു മറച്ച് ആ അസിതനേത്രയായ പാർഷതി മുഷിഞ്ഞ ഒരു നീണ്ട വസ്ത്രം ചുറ്റി മറച്ച്, സൈരന്ധ്രിയുടെ വേഷത്തിൽ ആർത്തയായി നടന്നു. അവളെക്കണ്ട് ധാരാളം പുരുഷന്മാരും പാഞ്ഞെത്തി ചുറ്റും കൂടി. അവർ ചോദിച്ചു: 'നീ ആരാണ്? എന്തു ചെയ്യാനാണുപോകുന്നത്?' അവരോടു പാർഷതി പറഞ്ഞു: 'ഞാൻ ഒരു സൈരന്ധ്രിയാണ്. എന്നെ വല്ലവരും വീട്ടിൽനിർത്തുകയാണെങ്കിൽ ഞാൻ പണിയെടുത്തുകൊള്ളാം.' അവളുടെ രൂപവും വേഷവും മധുരമായ വാക്കും കേട്ടവരൊക്കെ ഇവൾ ചോറിന്നു വന്ന ദാസിയല്ല എന്നു വിചാരിച്ചുപോയി. വിരാടരാജാവിന്റെ ഭാര്യയായ കൈകേയി നല്ല ഇഷ്ടമുള്ളവളാണ്. അവൾ ആ സമയത്ത് പ്രാസാദത്തിന്റെ മുകളിലിരുന്നു കീഴോട്ടു നോക്കിയപ്പോൾ ജനങ്ങളുടെ ഇടയിൽ പാഞ്ചാലിയെ കണ്ടു ഏകവസ്ത്രയും, അനാഥയുമായ ആ സുന്ദരിയെ കണ്ടപ്പോൾ അവൾ വിളിച്ചുചോദിച്ചു: 'ഭദ്രേ! നീ എന്തിനായിട്ട് ഇങ്ങോട്ടു വന്നു?' അവൾ മറുപടി പറഞ്ഞു: എനിക്കു പ്രവൃത്തിചെയ്യുവാൻ ആഗ്രഹമുണ്ട്. അതിനാണ് ഞാൻ വന്നത്. എന്നെ ആരെങ്കിലും നിറുത്തുകയാണെങ്കിൽ ഞാൻ അവർക്കുവേണ്ടി പണിയെടുത്തു ജീവിച്ചുകൊള്ളാം."

സുദേഷ്ണ പറഞ്ഞു: "ഇത്ര സൗന്ദര്യമുള്ളവർ ഇത്തരത്തിൽ ദാസ്യവേലയ്ക്ക് നില്ക്കുകയില്ല. അങ്ങനെ നില്ക്കേണ്ടവളല്ല നിയെന്നു നിന്നെ കണ്ടാൽ തോന്നുന്നു. കല്പന കേൾക്കേണ്ടവളല്ല നീ; കല്പിക്കേണ്ടവളാണ്. എത്രയോ ദാസിമാരോടും ദാസന്മാരോടും കല്പിച്ചു ജീവിക്കേണ്ടവളാണ്! അധികം പൊങ്ങാത്ത ഞെരിയാണിയുള്ളവളും, തമ്മിൽ ഉരുമ്മുന്ന തുടയുള്ളവളും, ശബ്ദം, ബുദ്ധി, നാഭി എന്നീ മൂന്നിനും (ത്രിഗംഭീര) ആഴമുള്ളവളും, ആറ് അവയവങ്ങളും പൂർണ്ണവളർച്ചയെത്തിയവളും (കാലിന്റെ പെരുവിരൽ, സ്തനങ്ങൾ, കടിപ്രദേശം, പൃഷ്ഠം, കാൽനഖം, ഉള്ളങ്കൈ എന്നീ ആറിലും പൂർണ്ണവളർച്ച പ്രാപിച്ചവൾ), അഞ്ചു രക്തത്തിലും (രണ്ട് ഉള്ളംകൈകളും രണ്ട് ഉള്ളംകാലുകളും മുഖവും) രക്തവർണ്ണമുള്ളവളും, ഹംസംപോലെ ഗദ്ഗദമായി സംസാരിക്കുന്നവളും, സുകേശിയും, സുസ്തനിയും, ശ്യാമയും, തടിച്ച മുലയും ശ്രോണിയുമുള്ളവളും, കാശ്മീരത്തിലെ പെൺകുതിരയെപ്പോലെ വേണ്ടതൊക്കെ തികഞ്ഞ അവയവഭംഗിയുള്ളവളും, പക്ഷ്മം വളഞ്ഞ കണ്ണുള്ള

digitized by www.sreyas.in

വളും, തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടുള്ളവളും, നല്ല അരക്കെട്ടുള്ളവളും, ശംഖുപോലെയുള്ള കണ്ഠമുള്ളവളും, ഗുപ്തമായ നാഡികളുള്ളവളും, പൂർണ്ണചന്ദ്രപ്രഭമായ മുഖമുള്ളവളുമായ നീ എങ്ങനെ ദാസീവൃത്തിക്ക് അർഹയാകും? ശാരദോല്പലപത്മാക്ഷിയായി, ശാരദോല്പലഗന്ധയായി പ്രശോഭിക്കുന്ന നീ, ശാരദോല്പലജാതയായ ലക്ഷ്മീദേവിയെപ്പോലെ വിലസുന്നു! ഭദ്രേ, നീ പറയുക, നീ ആരാണ്? ഒരിക്കലും ദാസിയാണെന്നു തോന്നുന്നില്ല. യക്ഷിയാണോ? ദേവിയാണോ? ഗന്ധർവ്വനാരിയാണോ? അപ്സരസ്സാണോ? വിദ്യാധരിയാണോ? കിന്നരിയാണോ? രോഹിണീദേവിയാണോ? ദേവകന്യകയാണോ? നാഗകന്യകയാണോ? പുരദേവിയാണോ? അതോ അലംബുഷ, മിശ്രകേശി, പുണ്ഡരീക, മാലിനി, ഇന്ദ്രാണി, വാരുണി ഇവരിൽ ആരെങ്കിലുമാകുമോ നീ? അതോ ത്വഷ്ടാവ്, ധാതാവ്, പ്രജാപതി ഇവരുടെയാരുടെയെങ്കിലും ഭാര്യയാണോ? ദേവിമാരിൽ ആരാണു നീ?"

ദ്രൗപദി പറഞ്ഞു: "ഞാൻ ഗന്ധർവ്വിയല്ല, രാക്ഷസസ്ത്രീയുമല്ല. ഞാൻ ഒരു ദാസിയാണ്. സൈരന്ധ്രിയാണ്. ഞാൻ പറഞ്ഞതു സത്യമാണ്. എനിക്കു തലമുടി വേണ്ടവിധം കെട്ടിവെപ്പിക്കാനറിയാം, കുറിക്കൂട്ടുകൾ അരച്ചുണ്ടാക്കാനറിയാം. മുല്ല, കരിംകൂവളം, ചമ്പകം മുതലായ പുഷ്പങ്ങൾകൊണ്ട് പലമാതിരി മാലകെട്ടുവാനറിയാം. ഞാൻ കൃഷ്ണന്റെ ഇഷ്ടപത്നിയായ സത്യഭാമയെ ആരാധിച്ചിട്ടുണ്ട്. കുരുസുന്ദരിയും കൗന്തേയപത്നിയുമായ പാഞ്ചാലിയേയും ഞാൻ സേവിച്ചിട്ടുണ്ട്. ഞാൻ പലേടത്തും സഞ്ചരിച്ച് നല്ല ഊണു കിട്ടുവാൻ തരമുള്ളേടത്തൊക്കെ കൂടും. ധാരാളം വസ്ത്രങ്ങൾ എനിക്കു കിട്ടും. ഇതിൽപ്പരം സന്തോഷമെന്തുണ്ട്? എന്റെ പേർ മാലിനിയെന്നാണ്. പേരിട്ടതു ദ്രൗപദിതന്നെയാണ്. അങ്ങനെയുള്ള ഞാൻ ദേവീ, സുദേഷ്ണേ, ഭവതിയുടെ ഗൃഹത്തിൽ വന്നെത്തി."

സുദേഷ്ണ പറഞ്ഞു: "ഹേ സൈരന്ധ്രി, നിന്നെ ഞാൻ തലയിൽ വെക്കും; യാതൊരു സംശയവും അക്കാര്യത്തിലില്ല. പക്ഷേ, രാജാവു കൊതിക്കാതെനോക്കണം. നീ എന്നിൽത്തന്നെ മനസ്സുവെച്ച് ഇവിടെ കഴിയണം. രാജഗൃഹത്തിലെ സ്ത്രീകളും, എന്റെ ഗൃഹത്തിലുള്ള സ്ത്രീകൾപോലും നിന്നെ സശ്രദ്ധം നോക്കുന്നു. പിന്നെ ഏതൊരു ആണിനെയാണ് നീ മയക്കാതിരിക്കുക? ശോഭനേ, നീ നോക്കൂ! എന്റെ ഗൃഹോപാന്തത്തിൽ നില്ക്കുന്ന വൃക്ഷങ്ങൾപോലും നിന്നെക്കണ്ടു തലകുനിക്കുന്നു. പിന്നെ പറയാനുണ്ടോ! നീ ഏതൊരു പുരുഷനെയാണ് മയക്കാതിരിക്കുക? ഹേ സുശ്രോണീ, വിരാടരാജാവ് നിന്റെ സുന്ദരമായ രൂപം കണ്ടാൽ എന്നെ വിട്ട് മനസ്സുകൊണ്ടു നിന്നിൽ അണയാതിരിക്കില്ല, തീർച്ചയാണ്! ഹേ അനവദ്യാംഗി! ചഞ്ചലായതലോചനേ, നീ ശ്രദ്ധയോടെ ഏതെങ്കിലും ഒരു പുരുഷനെ നോക്കിയാൽ അവന്റെ കഥ കഴിഞ്ഞു. പിന്നെ അവൻ കാമന്റെ കൈയിൽ തടവുകാരനായി! ഹേ! ചാരുഹാസിനീ, ഏതു പുരുഷനാണോ സർവ്വാനവദ്യാംഗിയായ നിന്നെ നോക്കുന്നത്, അവൻ ആ നിമിഷംമുതൽ കാമന്റെ കൈയിൽ അമർന്നതുതന്നെ! മനുഷ്യൻ ആത്മഹത്യയ്ക്കു മരത്തിന്മേൽ കയറുന്നതുപോലെയാണ് ഞാൻ ഈ ചെയ്യുവാൻപോകുന്നത്. രാജഗൃഹത്തിൽ ഞാൻ നിന്നെ പാർപ്പിച്ചാൽ അത് എന്റെ നാശത്തിനായിരിക്കും; സംശയമില്ല. മഹാദുർഘടമാകും. ഞണ്ട് തന്റെ മരണത്തിനായിട്ടാണ് ഗർഭംധരിക്കുന്നത്. അതുപോലെയാണ് നിന്നെ ഞാൻ എന്റെ ഗേഹത്തിൽ പാർപ്പിച്ചാൽ സംഭവിക്കുക."

ദ്രൗപദി പറഞ്ഞു: "വിരാടന്ന് എന്നെ കിട്ടുകയില്ല. വേറെ ഒരു മർത്ത്യനും കിട്ടുകയില്ല; യുവാക്കന്മാരായ അഞ്ചു ഗന്ധർവ്വരാണ് എന്റെ ഭർത്താക്കന്മാർ. സത്വഗുണവാനായ ഒരു ഗന്ധർവ്വേന്ദ്രന്റെ അഞ്ചു പുത്രന്മാരാണവർ. അവർ നിത്യവും എന്നെ സംരക്ഷിക്കും. അവർ അത്ര ദുസ്സാദ്ധ്യരാണ്. എച്ചിൽ തരാതെ, കാൽ കഴുകിക്കാതെ എന്നെ പാർപ്പിക്കുന്നവരോട് എന്റെ വല്ലഭന്മാരായ ഗന്ധർവ്വന്മാർക്കു പ്രീതിയുണ്ടാകും. മറ്റു പെണ്ണുങ്ങളെപ്പോലെ ഏതെങ്കിലും പുരുഷൻ കാമിച്ച് എന്നെ പ്രാപിക്കുവാൻ ശ്രമിച്ചാൽ അന്നു രാത്രിതന്നെ അവന്റെ ജീവൻ വേറെ ദേഹത്തിൽ കയറും. (മൃതിയടഞ്ഞ് പുനർജന്മമെടുക്കും.) രാജ്ഞി, എന്നെ ഭ്രമിപ്പിക്കുവാൻ ഒരുത്തനും കഴിയുകയില്ല. വാശിക്കാരായ എന്റെ ഭർത്താക്കന്മാർ മഹാബലന്മാരാണ്. അവർ ഒളിച്ചുനിന്ന് എന്നെ കാക്കുന്നവരാണ്."

സുദേഷ്ണ പറഞ്ഞു: "ഹേ, നന്ദിനീ, നിന്നെ ഞാൻ നിന്റെ ഇച്ഛപോലെ ഇവിടെ പാർപ്പിക്കാം. കാലും, എച്ചിലും നീ ഒരിക്കലും തൊട്ടുപോകരുത്."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണയെ ഇപ്രകാരം വിരാടന്റെ ഭാര്യ സാന്ത്വനപ്പെടുത്തി. പാർഷതി ആ പുരത്തിൽ പതിവ്രതയായി, സതീധർമ്മം തെറ്റാതെ പാർത്തു. ജനമേജയാ! അവളെ ശരിയായും ആരും അറിയുകയുണ്ടായില്ല."

10. സഹദേവപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "സഹദേവൻ ഗോപവേഷമെടുത്ത് അവർക്കു ചേരുന്ന ഭാഷയും സംസാരിച്ച് വിരാടന്റെ അടുത്തെത്തി. ഭവനത്തിന്റെ അടുത്തുള്ള തൊഴുത്തിനടുത്ത് നില്ക്കുമ്പോൾ രാജാവ് അത്ഭുതത്തോടെ അവനെ വീക്ഷിച്ചു. ഭൃത്യരെ അയച്ച് തന്റെ അടുത്തേക്കു വിളിച്ചു. ശോഭയോടുകൂടിയ ആ നരശ്രേഷ്ഠൻ വരുന്നതുകണ്ട് അടുത്തേക്കു വിളിച്ചു ചോദിച്ചു: 'അങ്ങ് ആരുടെ പുത്രനാണ്? ആരാണ്? എവിടെനിന്നു വരുന്നു? എന്തിനാണു വരുന്നത്? ഭവാനെ ഞാൻ മുമ്പു കണ്ടിട്ടില്ലല്ലോ! എന്താണ് ഭവാന്റെ ആഗ്രഹമെന്നു പറയുക!'

അമിത്രജിത്തായ രാജാവിന്റെ സമീപത്തു ചെന്ന് മഹൗഘമായ മേഘധ്വനിയോടെ അവൻ പറഞ്ഞു: 'രാജാവേ, ഞാൻ വൈശ്യജാതിയിൽപ്പെട്ടവനാണ്. അരിഷ്ടനേമിയെന്നാണ് എന്റെ പേര്. ഞാൻ കുരുമന്നവന്മാരുടെ പശുക്കളെ സംരക്ഷിക്കുന്നവനായിരുന്നു. എനിക്ക് ഭവാന്റെ അടുത്തു വാഴുവാൻ ആഗ്രഹമുണ്ട്. നൃസിംഹരായ പാണ്ഡവർ എവിടെപ്പോയി? പ്രവൃത്തികൂടാതെ ജീവിക്കുവാൻ വിഷമമാണ്. ഭവാനൊഴികെ ഇനി മറ്റൊരാളേയും ഞാൻ ഈശ്വരനായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല."

വിരാടൻ പറഞ്ഞു: "നീ വിപ്രനോ ക്ഷത്രിയനോ ആണെന്നേ നിന്നെക്കണ്ടിട്ടു തോന്നുന്നുള്ളു. രൂപംകൊണ്ട് രാജതേജസ്സുള്ള ഭവാൻ വൈശ്യവൃത്തിക്കു ചേർന്നവനായി എനിക്കു തോന്നുന്നില്ല. നേരു പറയൂ. നീ ഏതു രാജാവിന്റെ നാട്ടിൽനിന്നാണ് ഇങ്ങോട്ടു വന്നത്? എന്തു വിദ്യയാണു നിനക്ക് അറിയുക? നീ ഇവിടെ എങ്ങനെ എന്തു തൊഴിൽചെയ്തു ജീവിക്കുവാനാണ് ആഗ്രഹിക്കുന്നത്? എന്തു ശമ്പളം തരണം?"

സഹദേവൻ പറഞ്ഞു: "പഞ്ചപാണ്ഡവന്മാരിൽ ജ്യേഷ്ഠനായ യുധിഷ്ഠിരന്ന് നൂറുനൂറ് ഇനങ്ങളായി എട്ടു ലക്ഷം പശുക്കളുണ്ടായിരുന്നു. പതിനായിരം പശുക്കൾ വേറെയും. അതിൽ ഇരട്ടിച്ച് വേറെയും പലതരം പശുക്കളുണ്ടായിരുന്നു. അവയുടെയൊക്കെ സംരക്ഷകൻ ഞാനായിരുന്നു. പശുക്കളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും എനിക്കറിയാം. പത്തുയോജന ചുറ്റളവിലുള്ള സ്ഥലത്താണ് ഞാൻ പശുക്കളെ നിർത്തിയിരുന്നത്. അവയുടെ ഭൂതവും ഭവ്യവും ഭവിഷ്യത്തും സംഖ്യയുമൊക്കെ, ആ പത്തു യോജനയ്ക്കുള്ളിലുള്ളതൊക്കെ ഞാൻ അറിഞ്ഞിരുന്നു. ആ മഹാത്മാവിന്ന് അറിയാം എന്റെ ഗുണങ്ങളൊക്കെ. എന്നിൽ ആ കുരുവീരൻ അഭിനന്ദിച്ചിരുന്നു. എന്റെ രക്ഷയിൽ ഗോക്കൾ വർദ്ധിച്ചുവർദ്ധിച്ചുവരുന്നതും ആരോഗ്യത്തോടുകൂടിയിരിക്കുന്നതും എല്ലാം അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. യഥാകാലംവേണ്ട സംരക്ഷണോപായങ്ങളെല്ലാം എനിക്കു ശീലമാണ്. എന്റെ പ്രധാന ഉദ്യോഗം അതാണ്. മുഖ്യ ചിഹ്നങ്ങളുള്ള കാളകളെ കണ്ടാൽ എനിക്കറിയാം. അവയുടെ മൂത്രത്തിന്റെ നാറ്റം ശ്വസിച്ചാൽ മതി മച്ചിയുംകൂടെ പെറും."

വിരാടൻ പറഞ്ഞു: "ഗുണമുള്ള ലക്ഷണവും വർണ്ണവുമുള്ള ഒരു നൂറായിരം പശുക്കൾ എനിക്കുണ്ട്. ആ പശുക്കളെ അവയുടെ പാലകന്മാരോടുകൂടി ഞാൻ ഭവാനെ ഏല്പിച്ചുകൊള്ളാം.

digitized by www.sreyas.in

എന്റെ സകല പശുക്കളും ഇനിമേൽ ഭവാന്റെ ആശ്രയത്തിലായിരിക്കും."

വൈശമ്പായനൻ പറഞ്ഞു: "അപ്രകാരം രാജാവിന്റെ വിശ്വസ്തനായി സഹദേവൻ ആ നാട്ടിൽ സുഖമായി ജീവിച്ചു. ഒരുത്തനും അവനെ അറിഞ്ഞില്ല. യഥേഷ്ടം ശമ്പളം രാജാവ് അവന്നു നല്കുകയും ചെയ്തു."

11. അർജ്ജുനപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "പിന്നീട് കാമിനികളുടെ ഭൂഷണങ്ങൾ അണിഞ്ഞ അഴകാർന്ന ഒരു പുരുഷൻ കോട്ടവാതിൽ കടന്നുവന്നു. കുണ്ഡലങ്ങളും സ്വർണ്ണംകൊണ്ടു കെട്ടിയ ശംഖുവളകളും അണിഞ്ഞ് ചിന്നിക്കിടക്കുന്ന തലമുടിയോടുകൂടിയ മഹാഭുജനും ഗജരാജവിക്രമനുമായ അവൻ ഭൂമികുലുങ്ങുമാറു നടന്ന് വിരാടസഭയെ സമീപിച്ചു. പരമമായ തേജസ്സാൽ പ്രശോഭിതനായ ആ മഹാഭുജൻ വേഷം മാറിയിരുന്നതുകാരണം മഹേന്ദ്രപുത്രനാണെന്ന് ആരും അറിഞ്ഞില്ല. 'എവിടെനിന്നാണ് ഇവൻ വരുന്നത്? ഞാൻ കേട്ടിട്ടില്ലല്ലോ ഇത്തരം ഒരു പുരുഷനെപ്പറ്റി. ആരും കണ്ടതായും പറഞ്ഞില്ലല്ലോ' എന്ന് സദസ്യരോട് വിസ്മയത്തോടെ വിരാടൻ ചോദിച്ചു. ആരും ഉത്തരം പറഞ്ഞില്ല. അടുത്തു വന്ന ആ ധീരനോട് രാജാവു ചോദിച്ചു: 'ഈ കുണ്ഡലങ്ങളേയും പൊന്നണിഞ്ഞ ശംഖുവളകളേയും നീണ്ട മുടിയേയും ഉപേക്ഷിച്ച് സുകേശനായി, മാലചാർത്തി, ചട്ടയിട്ട്, അമ്പും വില്ലുമെടുത്ത് വാഹനത്തിൽക്കയറി എന്നെപ്പോലെയോ, എന്റെ പുത്രന്മാരെപ്പോലെയോ പുറപ്പെടേണ്ടവനാണല്ലോ ഭവാൻ. ഞാൻ വൃദ്ധനായിരിക്കുന്നു. ഭരണകാര്യത്തിൽ നിന്നു വിട്ടുപോകുവാൻ ആഗ്രഹിക്കുകയാണ്. എന്റെ രാജ്യം ഭവാൻ നോക്കി രക്ഷിച്ചുകൊള്ളുക. ഇത്തരത്തിലുള്ള ഒരു മഹാലക്ഷണം തികഞ്ഞ പുരുഷൻ ഒരിക്കലും ഷണ്ഡനായിരിക്കയില്ല എന്നാണ് എന്റെ അഭിപ്രായം."

അർജ്ജുനൻ പറഞ്ഞു: "രാജാവേ, ആടുവാനും പാടുവാനും കൊട്ടാനുമൊക്കെ എനിക്കറിയാം. നൃത്യഗീതാദികളിൽ ഞാൻ കുശലനാണ്. ഭവാൻ എന്നെ ഭവാന്റെ പുത്രിയായ ഉത്തരയുടെ അടുത്തേക്കയച്ചാലും. ആ ദേവിയുടെ നർത്തകനായി ഞാൻ അന്തഃപുരത്തിൽ വസിച്ചുകൊള്ളാം. എന്തു കാരണംകൊണ്ടാണ് എനിക്ക് ഈ രൂപം ഉണ്ടായതെന്ന് ഇവിടെ പറയുന്നത് എനിക്കു വല്ലാത്ത ദുഃഖം ഉണ്ടാക്കും. എനിക്ക് അച്ഛനും അമ്മയുമില്ല. എന്റെ പേര് 'ബൃഹന്നള' എന്നാണ്. ഞാൻ ഒരു കുമാരനോ, ഒരു കുമാരിയോ ആണ്."

വിരാടൻ പറഞ്ഞു: "ഹേ ബൃഹന്നളേ! ഞാൻ നിനക്കു വരം തരാം. നീ പറഞ്ഞതുപോലെ ചെയ്തുകൊള്ളുക. എന്നാൽ പെൺകുട്ടികളെ നൃത്തം പഠിപ്പിക്കുന്ന തൊഴിൽ നിനക്കു പറ്റിയതല്ലെന്ന് എനിക്കു തോന്നുന്നു. ഭവാനെക്കണ്ടാൽ ആഴിചൂഴുന്ന ഊഴിക്കു മുഴുവൻ അധീശനാകാനുള്ള യോഗ്യത കാണുന്നുവല്ലോ. എന്റെ മകളെ നൃത്തഗീതാദികൾ പഠിപ്പിച്ച് ഇവിടെ വാണുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "നൃത്യവാദ്യകലകളിൽ കുശലനായ ബൃഹന്നളയെ കുമാരികളുടെ വസതിയിലേക്കയയ്ക്കുന്നതിന്നു മുമ്പേ മന്ത്രിമാരുമായി കൂടിയാലോചന നടത്തി, സ്ത്രീകളെക്കൊണ്ടു പരിശോധിപ്പിച്ചു. 'ബൃഹന്നള നപുംസകംതന്നെ' എന്ന് അവരിൽനിന്നറിഞ്ഞു. അങ്ങനെ രാജാവിന്റെ നിയോഗപ്രകാരം അർജ്ജുനൻ അന്തഃപുരത്തിൽ പ്രവേശിച്ചു. അവൻ വിരാടരാജപുത്രിയെ പാട്ടും കൊട്ടും പഠിപ്പിച്ചു. അവരുടെ തോഴിമാരോടും ദാസിമാരോടും മുറയ്ക്ക് ധനഞ്ജയൻ ഇഷ്ടനായിത്തീർന്നു. അവരേയും പാട്ടും കൊട്ടും പഠിപ്പിച്ച് അവരുടെ പ്രിയത്തിന്നും പാത്രമായി ധീരനായ ധനഞ്ജയൻ ആരും ആളറിയാത്തമട്ടിൽ പാർത്തു. ഇപ്രകാരം പ്രച്ഛന്നവേഷനായ അർജ്ജുനനെ അകത്തും പുറത്തും ഉള്ളവരാരും ശരിയായി അറിഞ്ഞില്ല."

12. നകുലപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ആകാശംവിട്ട് സൂര്യമണ്ഡലം ഭൂമിയിലിറങ്ങി നടക്കുന്നതുപോലെ ആ രാജനന്ദനനായ നകുലൻ പിന്നീട് വിരാടപുരത്തിൽ പ്രവേശിച്ചു. നാട്ടുകാർ അത്ഭുതത്തോടെ അവനെ നോക്കി നിന്നു. അവൻ നഗരിയിൽ പ്രവേശിച്ചതിനു ശേഷം കുതിരകൾ നില്ക്കുന്ന സ്ഥലത്തു പോയി നോക്കുന്നതായി വിരാടരാജാവു കണ്ടു. ആ മത്സ്യരാജാവ് ഭൃത്യന്മാരോട് ചോദിച്ചു: 'ദേവതുല്യനായ ആ യുവാവ് ആരായിരിക്കും? ഇവൻ കുതിരകളെ നോക്കുന്നതിൽ സമർത്ഥനാണെന്നു തോന്നുന്നു. തീർച്ചയായും വിദഗ്ദ്ധനാണ് ഇവൻ. അവനെ എന്റെ അടുത്തേക്കു കൊണ്ടുവരിക. ഒരു ദേവനെപ്പോലെ അവൻ ശോഭിക്കുന്നതു നോക്കുക!' ഉടനെ അവൻ രാജാവിന്റെ അടുത്തെത്തി: രാജാവേ, ജയിച്ചാലും! അങ്ങയ്ക്കു ശുഭം ഭവിക്കട്ടെ! രാജസമ്മതനായ അശ്വജ്ഞനാണ് ഞാൻ. ഞാൻ ഭവാന്റെ വിചക്ഷണനായ സൂതനായി ഇവിടെ പാർക്കാം."

വിരാടൻ പറഞ്ഞു: "യാനം, ഗൃഹം, ധനം എന്നിവയൊക്കെ ഞാൻ ഭവാനു നല്കാം. ഭവാൻ എനിക്കു യോജിച്ച ഒരു സൂതനാവുക! എവിടെനിന്നു വരുന്നു? രാജ്യമേതാണ്? എന്തിനാണ് പോന്നത്? പേര് എന്താണ്? എന്തു പണിയാണ് ഭവാൻ പഠിച്ചിട്ടുള്ളത്?"

നകുലൻ പറഞ്ഞു: "പഞ്ചപാണ്ഡവന്മാരിൽ ശ്രേഷ്ഠനും ജ്യേഷ്ഠനുമായ യുധിഷ്ഠിരന്റെ അശ്വരക്ഷകനായിരുന്നു പണ്ട് ഞാൻ. എന്നെയാണ് അദ്ദേഹം ആ ജോലിയിൽ നിയമിച്ചത്. അശ്വങ്ങളുടെ പ്രകൃതിയൊക്കെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവയെ മെരുക്കുവാനും അറിയാം. കള്ളക്കുതിരകളെ ശരിപ്പെടുത്താനും അറിയാം. അവയ്ക്കുള്ള രോഗത്തിന്നുവേണ്ട ചികിത്സയും അറിയാം. ഞാൻ നോക്കിരക്ഷിക്കുന്ന കുതിരകൾക്കു ഭയം ഉണ്ടാകുകയില്ല. ഏതു പെൺകുതിരയേയും ഞാൻ ഇണക്കും. യുധിഷ്ഠിരരാജാവ് എന്നെ 'ഗ്രന്ഥികൻ' എന്നാണു വിളിക്കുക. ആ പേരുതന്നെ മറ്റു ജനങ്ങളും വിളിക്കുന്നു."

വിരാടൻ പറഞ്ഞു: "എന്റെ സകല കുതിരകളും വാഹനങ്ങളും സർവ്വവും നിനക്ക് അധീനമാണ്. എന്റെ കീഴിലുള്ള സാരഥികളും അശ്വപാലകന്മാരുമൊക്കെ ഇനിമേൽ ഭവാനെ ആശ്രയിച്ചു നില്ക്കും. ഭവാൻ അവരുടെയൊക്കെ മേലാളായി കാര്യങ്ങൾ അന്വേഷിക്കണം. ഭവാന്റെ ഇഷ്ടം ഇതാകയാൽ എനിക്കും അത് ഇഷ്ടമാണ്. എന്തു ശമ്പളം തരണം എന്നുകൂടി പറയുക. ദേവാഭനായ ഭവാന് കുതിരവിചാരിപ്പുകാരന്റെ ഉദ്യോഗം ചേർന്നതല്ല. ഒരു രാജാവിന്നു തുല്യമായ യോഗ്യത ഭവാനെക്കാണുമ്പോൾ തോന്നുന്നുണ്ട്. യുധിഷ്ഠിരരാജാവിനെ കാണുന്നതുപോലെയുള്ള സന്തോഷം എനിക്ക് നിന്നെക്കാണുമ്പോൾ തോന്നുന്നു. സ്വന്തം ഭൃത്യന്മാരെയൊക്കെ വിട്ട് വനത്തിൽ വസിച്ച് എങ്ങനെ ആ രാജാവ് സുഖം വെടിഞ്ഞു കഴിഞ്ഞുകൂടുന്നു?"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഗന്ധർവ്വസമനും യുവാവുമായ നകുലൻ വിരാടരാജാവിനാൽ സസന്തോഷം ആദരിക്കപ്പെട്ടു. ആരും അവനെക്കണ്ട് അറിഞ്ഞില്ല. പ്രിയപ്പെട്ടവർക്ക് അഭിരാമനായി അവൻ ആ പുരിയിൽ യഥേഷ്ടം സഞ്ചരിച്ചു.

ഇപ്രകാരം അമോഘദർശനരായ പാർത്ഥന്മാർ മത്സ്യരാജ്യത്ത് പ്രതിജ്ഞതെറ്റാതെ താമസിച്ചു. ആ സമുദ്രക്ഷിതീശന്മാരായ അവർ അജ്ഞാതവാസത്തിൽ സകല ശൗര്യവും അടക്കിവെച്ച് അവിടെ ദിനങ്ങൾ കഴിച്ചു."

സമയപാലനപർവ്വം

13. ജീമൂതവധം – ജനമേജയൻ പറഞ്ഞു: "മത്സ്യരാജാവിന്റെ പുരിയിൽ ഇപ്രകാരം പാണ്ഡവന്മാർ പാർത്തതിന്നുശേഷം പിന്നീട് എന്തൊക്കെ ചെയ്തു?"

വൈശമ്പായനൻ പറഞ്ഞു: "അങ്ങനെ പാണ്ഡവന്മാർ മത്സ്യപുരിയിൽ രാജസേവനടത്തി എന്തുചെയ്തു എന്നു പറയാം; കേൾക്കുക. തൃണബിന്ദുമഹർഷിയുടെ പ്രസാദത്തിനാലും, യമധർമ്മന്റെ പ്രസാദത്തിനാലും മത്സ്യന്റെ രാജധാനിയിൽ അജ്ഞാതരായി അവർ വസിച്ചു. സഭാസ്താരനായിത്തീർന്ന യുധിഷ്ഠിരൻ മത്സ്യന്മാർക്കൊക്കെ വളരെ പ്രിയപ്പെട്ടവനായി. അപ്രകാരം പുത്രനോടുകൂടിയ വിരാടനും യുധിഷ്ഠിരനോട്

digitized by www.sreyas.in

വലിയ ഇഷ്ടമായി അക്ഷഹൃദയം കണ്ടവനായ പാണ്ഡവൻ അവരുമായി കളിച്ച്, അവരെ കളിപ്പിച്ചു വസിച്ചു. ചൂതാട്ടത്തിൽ ചരടിന്റെ തുമ്പിൽക്കെട്ടിയ പക്ഷിയെ എന്നപോലെ മത്സ്യനെ കളിപ്പിച്ച്, യുധിഷ്ഠിരൻ ധനം നേടി, തന്റെ തമ്പിമാർക്കു വിരാടൻ അറിയാതെതന്നെ യഥാർഹം നല്കിക്കൊണ്ടിരുന്നു. ഭീമനും പലവിധത്തിലുള്ള ഭക്ഷ്യങ്ങളും, മാംസങ്ങളും, മത്സ്യൻ അനുവദിച്ചു നല്കുന്നവ, ധർമ്മജന്നു വില്ക്കുകയും ചെയ്തുകൊണ്ടിരുന്നു. അന്തഃപുരത്തിൽനിന്ന് യഥേഷ്ടം പഴയ വസ്ത്രങ്ങൾ സമ്പാദിച്ച് ധനഞ്ജയൻ വില്ക്കുന്നവിധം എല്ലാ പാണ്ഡവന്മാർക്കും നല്കി ഗോപവേഷത്തിലുള്ള സഹദേവൻ പാലും, നെയ്യും തൈരുമെല്ലാം പാണ്ഡവന്മാർക്കു നല്കി. നകുലൻ അശ്വരക്ഷയിൽ ധനം നേടി മന്നനെ പ്രീതനാക്കി, പാണ്ഡവന്മാർക്കു കൊടുത്തു. പാവമായ പാഞ്ചാലി അഞ്ചുപേരേയും കണ്ട് അറിയാത്ത മട്ടിൽ അങ്ങനെ സഞ്ചരിച്ചു. ഇങ്ങനെ ആ മഹാരഥന്മാർ അന്യോന്യം ക്രയവിക്രയങ്ങൾ ചെയ്തു സമ്പാദിച്ച് വിരാടപുരിയിൽ ഗർഭസ്ഥന്മാർ എന്നപോലെ വസിച്ചു. ദുര്യോധനൻ അറിഞ്ഞാലോ എന്ന ഭയത്തോടെ, പാഞ്ചാലിയെക്കണ്ടുകൊണ്ട്, ഒന്നും മിണ്ടാതെ അവർ ഗൂഢമായി ദിനങ്ങൾ കഴിച്ചു.

അങ്ങനെ നാലാമത്തെ മാസത്തിൽ ജനങ്ങളൊക്കെ ആഹ്ലാദത്തോടെ കൊണ്ടാടുന്ന ബ്രാഹ്മണോത്സവം വന്നുചേർന്നു. അതിന് പല ദിക്കിൽനിന്നും മത്സ്യരാജ്യത്ത് മല്ലന്മാർ, കയ്യാങ്കളിക്കാർ, വന്നുചേർന്നു. ശിവോത്സവംപോലെതന്നെ വലിയ ഘോഷത്തോടെ ബ്രഹ്മോത്സവവും ആഘോഷിച്ചുകൊണ്ടിരുന്നു. കൂറ്റന്മാരും, വീര്യവാന്മാരും, കാലകേയാസുരതുല്യന്മാരും, വീര്യധാർഷ്ട്യമുള്ളവരും, ശക്തന്മാരുമായ മല്ലന്മാർ വന്ന് രാജാവിന്റെ ആതിഥ്യം സ്വീകരിച്ചു. അതിൽവെച്ച് ഏറ്റവും ശക്തനായ ഒരുത്തൻ രംഗത്തുവെച്ച് മല്ലന്മാരെയൊക്കെ നോക്കി തന്നോട് ഒരു കൈ നോക്കുവാൻ കെല്പുള്ളവരുണ്ടെങ്കിൽ ഇറങ്ങുന്നതിന്നായി വെല്ലുവിളിച്ചു. അഹങ്കാരത്തള്ളലോടെ, അരങ്ങിൽ കലിതുള്ളിനില്ക്കുന്ന അവനോട് ഏറ്റുമുട്ടുവാൻ ആരും ഇറങ്ങിയില്ല. എല്ലാ മല്ലന്മാരും ബുദ്ധിമങ്ങി പിന്മാറുന്ന സമയത്ത് ആ മല്ലനെ തന്റെ സൂതനെക്കൊണ്ട് മത്സ്യരാജാവ് മത്സരിപ്പിച്ചു. വളരെ നിർബ്ബന്ധം ചെലുത്തിയതുമൂലമാണ് ഭീമൻ മത്സരിക്കുവാനൊരുങ്ങിയത്. സത്യംമൂലം, മടിക്കുന്നതിന്റെ സംഗതി രാജാവിനോടു വെളിപ്പെടുത്തിയില്ല.

പിന്നെ ആ പുരുഷപുംഗവൻ വ്യാഘ്രത്തെപ്പോലെ നടന്ന് മെല്ലെ രംഗത്തിലേക്കു കടന്നു. വിരാടരാജാവിനെ ഒന്നു കൈകൂപ്പി. കൂട്ടുകാരൊക്കെ ആഹ്ലാദിച്ചു. ഭീമൻ കച്ചകെട്ടി അരയും തലയും മുറുക്കി. വൃത്രനോടു തുല്യനായ മല്ലനെ ഭീമൻ വിളിച്ചു ജീമൂതൻ എന്നു പേരുകേട്ട ആ മല്ലൻ മുന്നോട്ടുവന്നു. രണ്ടുപേരും മഹോത്സാഹന്മാരും ഭീമവിക്രമമുള്ളവരുമാണ്. ആനയോടുതുല്യം കരുത്തുള്ള ആ മല്ലന്ന് വയസ്സ് അറുപതാണ്.

ആദ്യമായി അവർ തമ്മിൽ ബാഹുയുദ്ധം ആരംഭിച്ചു. തമ്മിൽ ജയിക്കുവാൻ നോക്കി, ഹർഷത്തോടെ പൊരുതിത്തുടങ്ങി. വജ്രവും അദ്രിയുമെന്നപോലെ ആ രണ്ടു വമ്പന്മാരും ഹർഷത്തോടെ തമ്മിൽത്തമ്മിൽ ജയിക്കുവാൻ നോക്കി പൊരുതി. ചുരുട്ടിയ കൈകൊണ്ട് രണ്ടുപേരും പരസ്പരം ചെയ്തതിന്നു മറുകൈ ചെയ്തു. അവയവങ്ങൾ തമ്മിലുള്ള സംഘട്ടനം, വിഘട്ടനം, മർദ്ദനം, ഉന്മർദ്ദനം, ഇടി, അടി, ആപ്പ്, തടികുലുക്കൽ, വജ്രമൊത്ത ഉള്ളംകൈകൊണ്ടുള്ള അടി, കണങ്കാൽപ്രയോഗം, കാൽകൊണ്ടുള്ള ചവിട്ട് ഇവയൊക്കെ ഉൽക്കടമായി. ശസ്ത്രം കൂടാതെ ശക്തികാട്ടുന്ന ആ യുദ്ധം ഘോരമായി. ശൂരന്മാരായ അവരുടെ ശക്തിയും ഊക്കും കണ്ട് ആ ഉത്സവഭൂമിയിൽ ജനങ്ങളൊക്കെ സസന്തോഷം ആർപ്പുവിളിച്ച് 'ഭേഷ്! ഭേഷ്!' കരഘോഷം മുഴക്കി. രംഗം മുഴുവൻ ആഹ്ലാദപ്രകടനംകൊണ്ട് മുഖരിതമായി. വൃത്രനെപ്പോലെയും, ഇന്ദ്രനെപ്പോലെയും പോരിൽ ബലികളായ അവർ പോരാടുന്നതു കാണുവാൻ ജനങ്ങളുടെ കൗതുകം വർദ്ധിച്ചു. പ്രകർഷണാകർഷണങ്ങൾ, ബലാൽക്കാരമായി പിടിച്ചുവലി, പിടിച്ചുതള്ളൽ, അത്യുച്ചത്തിൽ പരസ്പരം നിന്ദിച്ചുകൊണ്ടുള്ള വാഗ്വാദോൽഘോഷണം! കൈ നീണ്ട്, മാർവിരിഞ്ഞ് മല്ലയുദ്ധത്തിൽ ഉത്തമരായ അവർ ഇരുമ്പുലക്കപോലുള്ള കൈകൾകൊണ്ട് ഏറ്റ് എതിർത്തു. ആ മല്ലൻ ആർത്തപ്പോൾ ഭീമനും ആർത്തു. അവനെ കൈകൊണ്ട് ഉയർത്തി. ഭീമൻ ആനയെ ഒരു ശാർദ്ദൂലേന്ദ്രനെന്നവിധം ഉലച്ചു. കൈ രണ്ടുകൊണ്ടും പൊക്കി ആ മല്ലനെ ഭീമൻ തലയ്ക്കുചുറ്റും വീശി. വീര്യവാനായ ഭീമന്റെ പ്രവൃത്തി കണ്ടപ്പോൾ മല്ലന്മാരും മത്സ്യരാജാവും അത്ഭുതപ്പെട്ടു. ഭീമൻ തലയ്ക്കുചുറ്റും അവനെ നൂറുവട്ടം വീശി. അതോടുകൂടി മല്ലന്റെ സകല സത്വവും നശിച്ചു. ആ കുറ്റനെപ്പിടിച്ച് മാരുതി നിലത്തിട്ട് അരച്ചു. ലോകപ്രസിദ്ധനായ ജീമൂതൻ ചത്തപ്പോൾ വിരാടൻ ബന്ധുജനങ്ങളോടുകൂടി വളരെ സന്തോഷിച്ചു. അതിരറ്റ സന്തോഷത്താൽ അരങ്ങിൽവെച്ചുതന്നെ വല്ലവന്ന് മത്സ്യരാജാവ് വിത്തനാഥനെപ്പോലെ ധാരാളം വിത്തം നല്കി. ഇങ്ങനെ പല മല്ലന്മാരെയും കൊന്ന് ഭീമൻ മത്സ്യരാജാവിനെ സന്തോഷിപ്പിച്ചു.

വല്ലവന്നു സമനായി വേറെ മല്ലന്മാരെയൊന്നും കിട്ടാതായപ്പോൾ രാജാവ് സിംഹം, പുലി, മദംകൊണ്ട ആന മുതലായ ഹിംസ്രജന്തുക്കളോടു പോരാടുവാൻ അവനെ നിയോഗിച്ചു. അന്തഃപുരത്തിൽ സ്ത്രീജനങ്ങളുടെ മദ്ധ്യത്തിൽവെച്ചും വല്ലവനെ സിംഹങ്ങളെക്കൊണ്ടു മല്ലടിപ്പിച്ചു. പാട്ടുകൊണ്ടും, ആട്ടംകൊണ്ടും അർജ്ജുനൻ അന്തഃപുരത്തിലുള്ളവരെ സന്തോഷിപ്പിച്ചു. പല ദിക്കിൽനിന്നു വന്നുചേരുന്ന വേഗമുള്ള ഹയങ്ങൾകൊണ്ട് നകുലനും രാജാവിനെ സന്തോഷിപ്പിച്ചു. അവന്നു രാജാവ് വളരെ ധനം വിഹിതമായി നല്കി. വൃഷങ്ങളെ ഇണക്കിക്കാണുകയാൽ സഹദേവന്നും രാജാവ് ധാരാളം ധനം സമ്മാനിച്ചു.

ഈ മഹാരഥന്മാരെയെല്ലാം ക്ലിഷ്ടരായിക്കണ്ട് പാർഷതി അതിസന്തോഷമില്ലാത്തവളായി നെടുവീർപ്പിട്ടു. ഇപ്രകാരം ആ പുരുഷർഷഭന്മാർ ഗൂഢമായി വിരാടന്റെ രാജധാനിയിൽ ഭൃത്യകർമ്മങ്ങൾ ആചരിച്ചുകൊണ്ടു പാർത്തു."

കീചകവധംപർവ്വം

14. കൃഷ്ണയും കീചകനുമായുള്ള സംവാദം - വൈശമ്പായനൻ പറഞ്ഞു: "മത്സ്യരാജാവിന്റെ നഗരത്തിൽ പാർത്ഥന്മാർ ഗൂഢമായി ഇപ്രകാരം പാർത്ത് പത്തുമാസവും കഴിഞ്ഞു. സുദേഷ്ണയെ ദ്രൗപദി ശുശ്രൂഷിച്ച് ദുഃഖിച്ചു പാർത്തു. ശുശ്രൂഷയേല്ക്കേണ്ടവളായ രാജ്ഞി അന്യഗൃഹത്തിൽ അന്യസ്ത്രീയെ ശുശ്രൂഷിച്ചു പാർക്കുമ്പോൾ സുദേഷ്ണയ്ക്കും, മറ്റ് അന്തഃപുരസ്ത്രീകൾക്കും പാർഷതി പ്രീതി വർദ്ധിപ്പിച്ചു.

അങ്ങനെ ആ വത്സരം അവസാനിക്കാറായി. ആ സന്ദർഭത്തിൽ വിരാടന്റെ സൈന്യാധിപനായ കീചകൻ പാർഷതിയെ കണ്ടു. ദേവസ്ത്രീകളെപ്പോലെ ശോഭിക്കുന്ന അവളെ ദേവതയെപ്പോലെ കണ്ടപ്പോൾ കീചകൻ കാമബാണപീഡിതനായി. കാമത്തീച്ചൂടേറ്റ അവൻ സുദേഷ്ണയുടെ അടുത്തു ചെന്ന് ചിരിക്കുന്നവിധം ഇപ്രകാരം പറഞ്ഞു: 'സുന്ദരിയായ ഈ വനിതയെ ഞാൻ വിരാടഗൃഹത്തിൽ മുമ്പു കണ്ടിട്ടില്ലല്ലോ. രൂപഗുണംകൊണ്ട് ഇവൾ എന്നെ, മദ്യം അതിന്റെ ഗന്ധംകൊണ്ടെന്നപോലെ മയക്കിയിരിക്കുന്നു. എന്റെ ഹൃദയത്തിന്ന് ഇണങ്ങിയവളായ ഈ ശുഭദേവതാഭയായ സുന്ദരി ഏതാണ്? എവിടെനിന്നു വന്നു? ആരുടെയാണ് ഇവൾ? എന്തിന്നു വന്നു? എന്റെ ഹൃദയത്തെ മയക്കി ഇവൾ വശപ്പെടുത്തിക്കഴിഞ്ഞു. അവശമായ എന്റെ മനസ്സിന്ന് അവളല്ലാതെ വേറെ ഒരു മരുന്നും കാണുന്നില്ല. അമ്പോ! ഈ സുന്ദരി നിന്റെ പരിചാരികയാണെന്നോ? അതു ശരിയായില്ല. ഇവൾ പരിചാരികയാകാൻ പറ്റിയവളല്ല. എന്നോട് കല്പിക്കുന്നതായാൽ ഇവൾക്കുവേണ്ടി ഞാനെന്തിനും സന്നദ്ധനാണ്. അഭിനന്ദനത്തോടൊപ്പം വളരെ ആനകളും, കുതിരകളും, രഥങ്ങളും, മനോജ്ഞമായ പൊന്മണിഭൂഷണങ്ങളും, വലിയ മണിമാളികയും ഞാൻ ഇവൾക്കു നല്കാം. നീ ഒന്നു പറഞ്ഞു നോക്കൂ.'

digitized by www.sreyas.in

ഇപ്രകാരം സുദേഷ്ണയോട് പറഞ്ഞ്, കീചകൻ ദ്രൗപദിയുടെ സമീപത്തേക്ക് അവളെ ഇണക്കുവാനായി, കാട്ടിലെ കുറുക്കൻ സിംഹിയുടെ സമീപത്തിലേക്കെന്നവിധം കടന്നുചെന്നു.''

കീചകൻ പറഞ്ഞു: ''എടോ, കല്യാണീ! നീ ആരുടെ പുത്രിയാണ്? വിരാടപുരിയിലേക്ക് സുന്ദരിയായ നീ എവിടെനിന്നു വന്നു? ശോഭനേ, നീ ഉള്ള കാര്യം പറയുക. നിന്റെ സൗന്ദര്യം കൊള്ളാം! ഈ കാന്തിയും സൗകുമാര്യവും ഒന്നാന്തരംതന്നെ! നിന്റെ മുഖം തെളിഞ്ഞു ചന്ദ്രനെപ്പോലെ ശോഭിക്കുന്നു. ഹേ, സുന്ദരീ! നിന്റെ നീണ്ട കണ്ണുകളും, താമരപ്പൂവിന്നൊത്ത നിറവും എന്തൊരു ചന്തമാണ്! അല്ലയോ, സർവ്വാംഗസുന്ദരീ! നിന്റെ മൊഴി കുയിൽ നാദംപോലെ ഹൃദയം കവരുന്നു. നിന്നെപ്പോലെ ഇത്ര സുന്ദരിയായ പെണ്ണിനെ ഈ ഉലകത്തിൽ ഞാൻ കണ്ടിട്ടില്ല. താമരപ്പൂവിൽ വാഴുന്ന ലക്ഷ്മി ഇറങ്ങി ഇങ്ങോട്ടു വന്നതാണോ? സാക്ഷാൽ ഭൂതിതന്നെയാണോ നീ സുമദ്ധ്യമേ? ഹ്രീയോ, ശ്രീയോ, കീർത്തിയോ, കാന്തിയോ ആരാണ് നീ സുമുഖീ? അതിസുന്ദരിയായ നീ കാമന്റെ ദേഹം കെട്ടിപ്പുണരുന്ന രതിതന്നെയാണോ? നീ തിങ്കൾക്കാന്തിപോലെ ശോഭിക്കുന്നുവല്ലോ. നിന്റെ കറുത്ത കണ്ണിമകൾ ചിഹ്നമായി പുഞ്ചിരിയാകുന്ന പൂനിലാവോടുകൂടി ദിവ്യരശ്മി ചുഴന്ന് ദിവ്യഭംഗിയാൽ മനസ്സു കവർന്നു വിളങ്ങുന്ന പൂർണ്ണചന്ദ്രബിംബംപോലുള്ള നിന്റെ മുഖം നല്ല ലക്ഷ്മിയോടു ചേർന്നുകണ്ടാൽ ഈ ലോകത്തിൽ ഏതു പുരുഷനാണ് കാമന്റെ ദാസനാകാതിരിക്കുക? മുത്തുമാലയണിയേണ്ടതായ ഭംഗിതിങ്ങിയ കൊങ്കകൾ നന്നായി ഉയർന്ന് സമമായി തിങ്ങിവിങ്ങി വിളങ്ങുന്നു. താമരമൊട്ടിന്നു തുല്യമായ ആ രണ്ടു മുലകളും മാരന്റെ ചമ്മട്ടികൊണ്ടുള്ള അടിപോലെ എന്റെ മനസ്സിനെ ചുട്ടു വേദനിപ്പിക്കുന്നു. സുസ്മിതേ, സുന്ദരീ! ത്രിവലികളുടെ ശോഭനയോടെ ഭാരമേറിയ കൊങ്കക്കുടം താങ്ങി താണപോലെ പിടിയിലൊതുങ്ങാവുന്നത്ര ഇടുങ്ങിയതാണ് തനുമദ്ധ്യേ, നിന്റെ മദ്ധ്യം. പുഴയുടെ പുളിനംപോലെ വിസ്തൃതമായ നിതംബം കണ്ടപ്പോൾ ബാധിച്ച ആ അസാദ്ധ്യമന്മഥവ്യാധി എന്റെ ഉള്ളിൽ പെരുകിവരുന്നു. പൊന്നേ! ഭാമിനീ! മദനാഗ്നി നിർദ്ദയമായി കാട്ടുതീപോലെ കത്തിക്കാളുന്നു! നിന്നോടുകൂടിയുള്ള സംഗത്തെത്തന്നെ മനസ്സിൽ കണ്ടുകണ്ട് അതുതന്നെ വിചാരിച്ചു വിചാരിച്ച് കാമൻ എന്നെയിട്ടു വേവിക്കുകയാണ്! ആത്മാർപ്പണമാകുന്ന വർഷംകൊണ്ടും, സംഗമമാകുന്ന മഴക്കാറുകൊണ്ടും മന്മഥവഹ്നിയെ ഭവതി കെടുത്തിയാലും. ഘോരമായ മാരശരങ്ങൾ, നീയുമായി കെട്ടിപ്പുണരുവാനുള്ള ആശപോലെ തീക്ഷ്ണമായ, കൂർത്തുമൂർത്ത ശരങ്ങൾ, നിർദ്ദയമായി ഉള്ളിൽ ക്കടന്നു കരൾ കീറിപ്പിളർന്ന് ചണ്ഡവും, ഉച്ചണ്ഡവുമായി, ഭയങ്കരമായി മനസ്സിനെ ശിഥിലമാക്കുന്നു. ഇപ്പോൾ എന്നെ ബാധിച്ചിരിക്കുന്ന അത്യുന്മാദം തൃപ്ത്യുന്മാദമാക്കുമാറ് ആത്മദാനം ചെയ്ത് എന്നെ മരണത്തിൽനിന്നു രക്ഷിച്ചാലും. എടോ, വിലാസിനീ! വിചിത്രമായ മാലകളും, വിചിത്രമായ വസ്ത്രങ്ങളും ധരിച്ച് സർവ്വാഭരണഭൂഷിതയായി നീ എന്നോടുകൂടി കാമക്കൂത്തിന്നൊരുങ്ങുക. വരൂ! നീ സകല സുഖങ്ങളും അനുഭവിച്ചു ജീവിക്കേണ്ടവളാണ്. മറ്റുള്ളവരുടെ ദാസ്യവൃത്തിചെയ്ത് ദുഃഖിക്കേണ്ടവളല്ല. എടോ, മത്തേഭഗാമിനീ! നീ എന്നിൽനിന്ന് മഹാസൗഖ്യം അനുഭവിക്കേണ്ടവളാണ്. അമൃതിന്നു തുല്യം സ്വാദുള്ള പലവിധം മദ്യം സേവിച്ച് യഥാസുഖം എന്നോടുകൂടി കളിച്ചു കൂത്താടി, എന്നിൽനിന്നു പലവിധം ഭോഗോപചാരങ്ങളും അനുഭവിച്ച്, മുഖ്യസൗഭാഗ്യങ്ങളും അനുഭവിച്ച്, എല്ലാ സുഖാമൃതങ്ങളും പാനംചെയ്ത് വസിക്കുക. എന്തൊരു നല്ല ചെറുപ്പം! എന്തൊരു ചന്തം! നീ എന്തിന് ഇതു പാഴാക്കുന്നു? ഒന്നാന്തരം പൂമാല കെട്ടിയുണ്ടാക്കിയിട്ട് അതു ചാർത്താതിരുന്നാൽ അതിന്റെ അഴകുകൊണ്ട് എന്തു കാര്യം? നിന്റെ ചന്തമെന്തിനാണ്, അനുഭവിക്കാൻപറ്റില്ലെങ്കിൽ? നീ എന്നോടു ചേർന്നാൽ എന്റെ ആദ്യത്തെ പ്രിയമാരെയൊക്കെ ഞാൻ ഉപേക്ഷിക്കാം. അവരെയൊക്കെ നിന്റെ ദാസിമാരാക്കുകയുംചെയ്യാം. ഞാനും സുന്ദരീ! നിന്റെ ചൊല്പടിക്ക് നിന്റെ കാല്ക്കൽ എപ്പോഴും ദാസനായി നില്ക്കാം.''

ദ്രൗപദി പറഞ്ഞു: ''എടോ, സൂതപുത്രാ! നീ എന്താണു വിചാരിക്കുന്നത്? നീ പ്രാർത്ഥിക്കേണ്ടവളാണ് എന്നാണോ എന്നെപ്പറ്റി വിചാരിക്കുന്നത്? ഞാനൊരു സൈരന്ധ്രിയാണ്. തലമുടി കെട്ടിക്കൊടുക്കുന്ന നികൃഷ്ടമായ, നീചവർഗ്ഗത്തിൽപ്പെട്ട നാരിയാണ്. പരന്റെയാണ്. നിനക്കു ശുഭംവരട്ടെ! നിനക്കു ചേർന്നവളല്ല ഞാൻ. ജീവികൾക്കൊക്കെ ഇഷ്ടയാണ് പത്നി. ധർമ്മം ചിന്തിച്ചു നോക്കൂ! പരന്റെ ഭാര്യയിൽ നീ ഒരിക്കലും മനസ്സുവെക്കരുത്. ഒരിക്കലും പാടില്ല. അകാര്യങ്ങളിൽ പ്രവേശിക്കാതിരിക്കുക എന്നുള്ളതാണ് സൽപ്പുരുഷന്മാരുടെ വ്രതം. കിട്ടാത്ത വസ്തുവിൽ കൊതിക്കുന്ന പുരുഷൻ പാപിയാണ്. വ്യാമോഹത്തിൽപ്പെട്ട് അവൻ ഘോരമായ ദുഷ്കീർത്തി നേടും.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം സൈരന്ധ്രി പറഞ്ഞപ്പോൾ കാമമോഹിതനായ കീചകൻ അറിഞ്ഞുകൊണ്ടുതന്നെ പരദാരാഗ്രഹംമൂത്ത് വേണ്ടാത്തതിന്നൊരുങ്ങി. ദുർബ്ബുദ്ധിയായ ആ ദുഷ്ടൻ അടക്കുവാൻ വയ്യാതെ ആത്മനാശകമായ, ലോകനിന്ദ്യമായ ദോഷങ്ങൾ പറഞ്ഞു: 'എടോ ചാരുഹാസിനീ, നീകാരണമായി മന്മഥൻ എന്നെയിട്ടു പൊരിക്കുന്നു. ഞാൻ എരിപൊരികൊള്ളുന്നു. നീ ഇപ്രകാരം പറഞ്ഞ് എന്നെ നിരസിക്കരുത്. എത്രയും ഇഷ്ടത്തോടെ ഇഷ്ടം പറയുന്ന എന്നെ ഇപ്പോൾ നീ ഉപേക്ഷിച്ചാൽ തീർച്ചയായും നീ കഷ്ടത്തിലാകും. നീ ഇത്ര ഭീരുവാണോ? നീ പശ്ചാത്തപിക്കാനിടയാകും. എടോ സുമുഖീ, ഞാൻ ഈ നാടിന്നൊക്കെ പ്രഭുവാണ്. നിന്നെ പാർപ്പിക്കുവാൻ അനുവദിച്ചവനും ഞാൻ പ്രഭുവാണ്. അതു നിനക്കറിയാമോ? വീര്യംകൊണ്ട് എനിക്കെതിരായി ഈ രാജ്യത്ത് ആരുമില്ല. ഈ ഭൂമിയിൽ എന്നോടു കിടപിടിക്കുന്ന യോഗ്യന്മാരാരുമില്ല. അത്രയ്ക്കു സൗന്ദര്യവും, യൗവനവും, സൗഭാഗ്യവും, ശുഭമായ ഭോഗസാധനങ്ങളും എനിക്കുണ്ട്. നോക്കൂ, നിനക്കാണെങ്കിൽ കാമസമ്പത്തു ചേർന്ന എല്ലാ ഉപഭോഗങ്ങളുമുണ്ട്. എന്നിട്ട് എടോ കല്യാണീ, എന്തിന് അന്യരുടെ ദാസ്യവൃത്തിചെയ്തു ജീവിക്കുന്നു? എടോ സുന്ദരീ, എന്റെ മടിയിലേക്കു വരൂ! ഞാൻ ഇന്നു തരാം നിനക്ക് ഈ രാജ്യം. നീ എന്റെ നാഥയാവുക! സുന്ദരീ, നീ എന്നെ സ്വീകരിക്കുക. മുഖ്യമായ ഭോഗങ്ങളൊക്കെ അനുഭവിക്കുക.' അശുഭമായ ഇത്തരം വർത്തമാനം കീചകൻ പറഞ്ഞപ്പോൾ ആ സാദ്ധ്വി അവനോടു മറുപടി പറഞ്ഞു.''

സൈരന്ധ്രി പറഞ്ഞു: ''എടോ സൂതപുത്രാ! നീ ഭ്രമിക്കരുത്: നീ നിന്റെ പ്രാണനെ അപകടത്തിലാക്കരുത്. പ്രാണൻ കളയരുത്. ഘോരന്മാരായ അഞ്ചുപേരുണ്ട് എനിക്കു കാവൽക്കാരായിട്ട്. നിനക്കെന്നെ കിട്ടുകയില്ല. ആ അഞ്ചു ഭർത്താക്കന്മാരും ഗന്ധർവ്വന്മാരാണ്. അവർ കോപിച്ച് നിന്നെ കൊന്നുകളയും. നന്മ വിചാരിക്കുക. നശിക്കുവാൻ പോകേണ്ട. മനുഷ്യൻ കാണാത്ത വഴിയേ പോകുവാനാണ് നീ വിചാരിക്കുന്നത്. ബുദ്ധിയില്ലാത്ത കുട്ടി പുഴവക്കത്തു ചെന്നുനിന്ന് അക്കരയ്ക്കെത്തുവാൻ ശ്രമിക്കുന്നതുപോലെ നീ അപകടത്തിലാകുവാൻപോവുകയാണ്. നീ ഭൂമിയുടെ ഉള്ളിൽ കടന്നിരുന്നാലും, ദൂരെ ഓടിപ്പോയാലും, കടലിന്നപ്പുറത്തു കടന്നു ചെന്നിരുന്നാലും ആ ഗന്ധർവ്വന്മാരുടെ പിടിയിൽനിന്നു നിനക്കു രക്ഷകിട്ടുമെന്നു വിചാരിക്കേണ്ട. ഖേചരന്മാരായ ആ ദേവകുമാരന്മാർ ഇടിച്ചുപരത്തും. എടോ കീചകാ, മഹാരോഗി കാളരാത്രിയെ എന്നപോലെയാണ് എന്നെ നീ സേവിക്കുന്നത്. അമ്മ താങ്ങിനില്ക്കുന്ന കുട്ടി ചന്ദ്രനെ പിടിക്കുവാൻ കൊതിക്കുന്നതുപോലെയാണ് എന്നെ കിട്ടുവാനുള്ള നിന്റെ മോഹം. ആ ഗന്ധർവ്വന്മാരുടെ ഭാര്യയായ എന്നെ നീ കൊതിച്ചാൽ ഭൂമിയിലും ആകാശത്തിലും നിനക്കു പിന്നെ രക്ഷയില്ല, തീർച്ചയാണ്. ജീവിച്ചിരിക്കണമെന്ന ദീർഘദൃഷ്ടി നിനക്കില്ലെങ്കിൽ പിന്നെ നീ ചത്തതുതന്നെ!''

15. ദ്രൗപദീസുരാഹരണം – ദ്രൗപദിയെ മദ്യം കൊണ്ടുവരുവാൻ സുദേഷ്ണ കീചകഗൃഹത്തിലേക്കയയ്ക്കുന്നു – വൈശമ്പായനൻ പറഞ്ഞു: ''ദ്രൗപദി അവനെ തള്ളിക്കളഞ്ഞമട്ടിൽ വിട്ടപ്പോൾ മര്യാദയൊക്കെ അതി

digitized by www.sreyas.in

ലംഘിച്ചവിധം കാമബാധയിൽ മുഴുകിയ കീചകൻ അങ്ങനെ നേരെ സുദേഷ്ണയുടെ അടുത്തുചെന്ന് ആവലാതിയായി."

കീചകൻ പറഞ്ഞു: "സുദേഷ്ണേ, പെങ്ങളേ, കൈകേയീ, നീ എന്നെ മരണത്തിൽനിന്നു രക്ഷിക്കണം. സൈരന്ധ്രിയെ കിട്ടിയില്ലെങ്കിൽ ഞാൻ ചാവും. അവളെ എങ്ങനെയെങ്കിലും എന്റെ പാട്ടിലാക്കിത്തരണം. അയ്യോ! ഞാൻ മോഹിച്ചിട്ടാണ് സുദേഷ്ണേ, പറയുന്നത്. അവളെ കിട്ടാൻ നീ വിചാരിച്ചാലേ പറ്റുകയുള്ളൂ."

വൈശമ്പായനൻ പറഞ്ഞു: "അവൻ ഇപ്രകാരം വിലപിക്കുന്നതു കേട്ടപ്പോൾ വിരാടപത്നിയായ സുദേഷ്ണയ്ക്ക് വല്ലാത്ത ദയ അവനോടു തോന്നി. അവൾ ആലോചന നടത്തി കൃഷ്ണയുടെ മട്ടും മാതിരിയും കണ്ട് അവൾ ഒരു തീരുമാനത്തിലെത്തിച്ചേർന്നു. സുദേഷ്ണ കീചകനോടു പറഞ്ഞു: 'കീചക, നീ വാവിൻനാൾ ചോറും മദ്യവുമൊക്കെ ഒരുക്കിവെക്കുക. മദ്യം കൊണ്ടുവരാനായി ഞാൻ അവളെ അങ്ങോട്ടയയ്ക്കാം. അപ്പോൾ നീ യാതൊരു തടസ്സവുംകൂടാതെ ഇഷ്ടമായ വിധത്തിൽ സാന്ത്വനവാക്കുകളെക്കൊണ്ടു സന്തോഷിപ്പിച്ച് അവളുമായി രമിക്കുക!'"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സഹോദരിയായ സുദേഷ്ണ പറഞ്ഞപ്പോൾ അപ്രകാരമാകാമെന്നു പറഞ്ഞ് അവൻ ഇറങ്ങിപ്പോന്നു. രാജോചിതമായ വിശേഷമദ്യം തയ്യാറാക്കിച്ചു. പലവിധത്തിലുള്ള കറികളും തയ്യാറാക്കിവെച്ചു. അങ്ങനെ സമർത്ഥന്മാരായ പാചകന്മാർ തയ്യാറാക്കിയ സുശോഭനമായ അന്നപാനങ്ങളുമായി കീചകൻ സന്നദ്ധനായി സഹോദരിയായ സുദേഷ്ണയെ അറിയിച്ചു. സുദേഷ്ണ സൈരന്ധ്രിയെ വിളിച്ച് കീചകന്റെ അടുത്തേക്കു വിട്ടു."

സുദേഷ്ണ പറഞ്ഞു: "സൈരന്ധ്രീ, നീ കീചകന്റെ വസതിയിൽ വേഗം ചെന്ന് കുറച്ചുമദ്യം വാങ്ങിക്കൊണ്ടുവരിക. എനിക്കു ദാഹം വല്ലാതെയുണ്ട്."

സൈരന്ധ്രി പറഞ്ഞു: "ഹേ രാജപുത്രീ, ഞാൻ അവന്റെ ഭവനത്തിലേക്കു പോവുകയില്ല. അവൻ നാണം കെട്ടവനാണെന്ന് രാജ്ഞിക്കറിവുണ്ടല്ലോ. അനവദ്യാംഗിയായ നിന്റെ ഭവനത്തിൽ വാണിട്ട് കാന്തന്മാരിൽ ഒരുവിധത്തിലും പിഴചെയ്യുകയില്ല. അപ്രകാരം ഒരു കാമവൃത്തിക്ക് ഞാൻ തയ്യാറില്ല. ഞാൻ ഇവിടെ വന്നപ്പോൾ ഭവതിയോടുചെയ്ത നിശ്ചയം ഭവതി ഓർക്കുന്നില്ലേ? എടോ, സുകേശിനീ, കീചകൻ മൂഢനാണ്. മന്മഥദർപ്പിതനുമാണ്. അവൻ എന്നെ തരത്തിനു കൈയിൽ കിട്ടിയാൽ വിടില്ല. തീർച്ചയായും അപമാനിക്കും. അതുകൊണ്ട് ഞാൻ അവന്റെ അരികത്തേക്കു പോവുകയില്ല. രാജ്ഞി, ഭവതിയുടെ പാട്ടിൽ വേറെ ദാസികൾ വേണ്ടുവോളമുണ്ടല്ലോ. അവരിൽ ആരെയെങ്കിലും വിട്ടുകൂടേ? അതാണു നല്ലത്. ഞാൻ ചെന്നാൽ അവൻ തീർച്ചയായും അപമാനിക്കും."

സുദേഷ്ണ പറഞ്ഞു: "ഇല്ല, അവൻ ഹിംസിക്കുകയില്ല. ഞാനല്ലേ അയയ്ക്കുന്നത്." എന്നു പറഞ്ഞ് അടപ്പുള്ള പൊന്നിൻ പാത്രം അവളുടെ കൈയിൽ എടുത്തു കൊടുത്തു. അവൾ ശങ്കിച്ചു കരഞ്ഞ് 'ദൈവംതന്നെ രക്ഷ' എന്നു വിചാരിച്ച് മദ്യം കൊണ്ടുവരുവാൻ കീചകന്റെ ഗൃഹത്തിലേക്കു പോയി.

സൈരന്ധ്രി പറഞ്ഞു: "ഞാൻ എന്റെ പതികളെ വിട്ട് മറ്റൊരുത്തനേയും അറിയുകയില്ല. ഈ സത്യം എന്നെ കീചകനിൽനിന്നു രക്ഷിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ ആ അബലയായ സൈരന്ധ്രി സൂര്യദേവനെ മുഹൂർത്തസമയം സേവിച്ചു. സൂര്യൻ ആ തനുമദ്ധ്യയുടെ ഹൃദയം നല്ലപോലെ അറിഞ്ഞു. അവളെ കാക്കുവാനായി ഗൂഢമായി ഒരു രക്ഷസ്സിനേയും വിട്ടു. മാന്യയായ അവളെ വിട്ട് ആ രക്ഷസ്സു മാറിയില്ല; എല്ലായിടത്തും പിന്തുടർന്നു. മാൻപേടയെപ്പോലെ പേടിച്ചു വിറച്ച് അണയുന്ന കൃഷ്ണയെ, കടവുകടക്കുവാൻ എത്തുന്ന തോണി കണ്ട് സന്തോഷിച്ചടുക്കുന്ന പാന്ഥനെപ്പോലെ ആ കീചകൻ രസമായിച്ചെന്ന് എതിരേറ്റു."

16. ദ്രൗപദീപരിഭവം – കീചകൻ ദ്രൗപതിയെ അപമാനിക്കുന്നു – കീചകൻ പറഞ്ഞു: "സുകേശീ, സ്വാഗതം! നല്ല കണിയാണ് ഞാൻ ഇന്നു രാത്രി കാണുന്നത്. ഹാവൂ! എന്റെ ഹൃദയനാഥാ എന്റെ അടുത്ത് ഇപ്പോഴെങ്കിലും വന്നുവല്ലോ! എന്റെ കാമിതം നീ ചെയ്യുക! പൊന്മാലയും, ശംഖും പൊന്മണികുണ്ഡലങ്ങളും, നാനാനഗരവസ്തുക്കളും, ശോഭനമായ മണിരത്നങ്ങളും, വിശേഷവസ്ത്രങ്ങളും, പട്ടുടയാടകളും ഞാൻ ഉടനെ വരുത്താം. എന്റെ ദിവ്യമായ മെത്ത ഇതാ ഞാൻ നിനക്കായി വിരിച്ചിരിക്കുന്നു. വരൂ വരൂ! എന്റെ ഒപ്പം ഇരിക്കൂ. നമ്മൾക്കു മദ്യവും മധുവും കഴിക്കാം."

ദ്രൗപദി പറഞ്ഞു: "രാജപുത്രി എന്നെ മദ്യം കൊണ്ടുവരാനായി ഇങ്ങോട്ടയച്ചതാണ്. വേഗം മദ്യം തരൂ! അവൾ ദാഹിക്കുന്നുണ്ടെന്നു പറഞ്ഞ് എന്നെ വിട്ട് അവിടെ കാത്തിരിക്കുകയാണ്!"

കീചകൻ പറഞ്ഞു: "ഭദ്രേ!, അതു ഞാൻ മറ്റാരുടെയെങ്കിലും കൈയിൽ കൊടുത്തയയ്ക്കാം," എന്നു പറഞ്ഞ് കീചകൻ അവളുടെ വലത്തുകൈയിൽ പിടികൂടി.

ദ്രൗപദി പറഞ്ഞു: "മനസ്സുകൊണ്ടുപോലും ഞാൻ എന്റെ ഭർത്താക്കന്മാരെ തെറ്റി നടന്നിട്ടില്ല. എന്നിൽ സത്യമുണ്ടെങ്കിൽ, പാപാത്മാവായ നിന്നെ ചവിട്ടിമറിച്ച് വലിച്ചിഴയ്ക്കുന്നത് ഞാൻ കാണുമാറാകട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "കീചകനാകട്ടെ തന്നെ അധിക്ഷേപിച്ച് ധിക്കരിച്ച് ശകാരിച്ചുകൊണ്ടു നിൽക്കുന്ന ആ വിശാലാക്ഷിയെ കെട്ടിപ്പിടിക്കുവാൻ ഭാവിച്ചു. അപ്പോൾ അവൾ ഊക്കിൽ തട്ടി. അപ്പോൾ അവൻ വസ്ത്രത്തിന്റെ തലയ്ക്കൽ പിടിച്ചു വലിച്ചു. ശക്തനായ അവൻ പിടികൂടിയപ്പോൾ ആ രാജപുത്രി നെടുവീർപ്പിട്ടു. അവന്റെ പിടിച്ചുവലി സഹിക്കാതായപ്പോൾ അവൾ വിറച്ച് കോപത്തോടെ ബലമായി അവനെ തട്ടി. ആ തന്വിയുടെ തട്ടേറ്റ് ആ മഹാപാപി വേരറ്റ മരംപോലെ നിലത്തു വീണു.

തന്നെ പിടികൂടുവാൻ ശ്രമിച്ച കീചകനെ ഇപ്രകാരം ഭൂമിയിൽ തട്ടിവീഴ്ത്തി പാഞ്ചാലി യുധിഷ്ഠിരൻ സ്ഥിതിചെയ്യുന്ന രാജസഭയെ ശരണംപ്രാപിക്കുവാൻ ഓടി. രാജാവു കാൺകെ തന്നെ ഓടുന്ന അവളുടെ മുടി കീചകൻ പെട്ടെന്ന് ഓടിച്ചെന്ന് എത്തിച്ചുപിടിച്ച്, കാലുകൊണ്ട് അവളെ ചവിട്ടി വീഴ്ത്തി. അവൾക്കു രക്ഷയ്ക്കായി പിൻതുടർന്ന രാക്ഷസൻ വായുവേഗത്തിൽ കീചകനെ തട്ടിനീക്കി. ആ രാക്ഷസൻ ഊക്കോടെ തട്ടിയപ്പോൾ കീചകൻ മുറിച്ചിട്ട മരംപോലെ നിലത്തുവീണു പിടഞ്ഞു ബോധരഹിതനായി. ഭീമനും, ധർമ്മപുത്രനും അവളെ ഈ നിലയിൽ കണ്ടപ്പോൾ, കൃഷ്ണയെ കീചകൻ തൊട്ടതു കണ്ടപ്പോൾ, സഹിക്കാതായി. ആ ദുഷ്ടനെ ക്ഷണത്തിൽ വധിക്കുവാനായി ഭീമൻ പല്ലിറുമ്മിക്കടിച്ചുകൊണ്ട് നിന്നു. അക്ഷിരോമങ്ങൾ ഉയർന്ന ദൃഷ്ടി ധൂമനിറത്തിലായി ഭ്രൂകുടിനിടിലത്തിൽ തെളിഞ്ഞു. പരമർദ്ദനനായ അവൻ വിയർത്ത നെറ്റി കൈകൊണ്ടു തുടച്ചു കോപിച്ച് എഴുന്നേല്ക്കാനായി ഒരുങ്ങി. അപ്പോൾ രഹസ്യം വെളിവാകുമെന്ന ഭയത്താൽ യുധിഷ്ഠിരൻ തന്റെ കൈവിരൽകൊണ്ട് ഭീമന്റെ കാൽവിരൽ അമർത്തി തടഞ്ഞു. മത്തഗജത്തെപ്പോലെ ഭീമൻ അടുത്തു നില്ക്കുന്ന വൃക്ഷത്തിന്മേലേക്കു കണ്ണോടിച്ചു. വൃക്ഷം പറിച്ച് അടിക്കുവാൻ വിചാരിക്കുന്ന ഭീമനോട് യുധിഷ്ഠിരൻ ഗൂഢാർത്ഥത്തിൽ പറഞ്ഞു നിവാരണംചെയ്തു. 'എടോ സൂതാ! നീ എന്തിനാണു വൃക്ഷത്തിലേക്കു നോക്കുന്നത്? വിറകിന്നാണോ? വിറക് ആവശ്യമുണ്ടെങ്കിൽ പുറത്തുള്ള വല്ല മരവും പോയി മുറിക്കുക.'

ദ്രൗപദി സഭാദ്വാരത്തിലേക്ക് ഓടിക്കയറി. ദീനരായി നില്ക്കുന്ന കാന്തന്മാരെ അവൾ നോക്കി സഭാദ്വാരത്തിൽ കയറി. ധർമ്മസത്യത്തെ രക്ഷിക്കുവാനായി ആകാരം മറച്ച് എരിയുന്നവിധം ദ്രുപദാത്മജ രൗദ്രദൃഷ്ടിയായി മത്സ്യനോടു പറഞ്ഞു: 'ആറാമത്തെ നാട്ടിൽ – അഞ്ചുനാടുകൾക്ക് അപ്പുറത്ത് – ഇരി

digitized by www.sreyas.in

ക്കുകയാണെങ്കിലും ആ ശത്രു ആരെ ഭയപ്പെട്ടു രാത്രിപോലും ഉറങ്ങുന്നില്ല, അത്ര വീരന്മാരായ പുമാന്മാരുടെ ഭാര്യയായ എന്നെ ഒരു സൂതൻ ചവിട്ടിയിരിക്കുന്നു. ബ്രഹ്മണ്യന്മാരും, ദാനശീലന്മാരും, ദാനം വാങ്ങാത്തവരും, സത്യവാദികളുമായ ആ പുമാന്മാരുടെ മാന്യഭാര്യയായ എന്നെ ഒരു സൂതൻ ചവിട്ടിയിരിക്കുന്നു. ഭേരീഘോഷം പോലെ ഉഗ്രമായ ഞാണൊലി മുഴക്കുന്നവരായ ധീരന്മാരുടെ മാന്യഭാര്യയെ ഒരു സൂതൻ ചവിട്ടിയിരിക്കുന്നു. തേജസ്വികളും, ദാന്തന്മാരും, ബലവാന്മാരും, മാനികളും ആയ ധീരന്മാരുടെ മാന്യഭാര്യയെ ഒരു സൂതൻ ചവിട്ടിയിരിക്കുന്നു! ധർമ്മപാശക്കെട്ടു വിട്ടാൽ വിശ്വം മുഴുവൻ മുടിക്കുവാൻപോന്നവരാണ് അവർ. അങ്ങനെയുള്ള ധീരാത്മാക്കളുടെ മാന്യയായ ഭാര്യയെ ഒരു സൂതൻ ചവിട്ടിയിരിക്കുന്നു! ശരണാർത്ഥികൾ വന്നാൽ ഉടനെ ശരണം നല്കുന്നവരാണ് അവർ. ഗൂഢരായി വിശ്വം ചുറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. ആ മഹാരഥന്മാർ ഇപ്പോൾ എവിടെപ്പോയിരിക്കുന്നു? സൂതപുത്രൻ ഇങ്ങനെ ചവിട്ടി ദ്രോഹിച്ച സതിയായ പത്നിയെ ക്ലീബരും, ദുർബ്ബലരും ആയവരെപ്പോലെ ശക്തരായ അവർ പൊറുക്കുവാൻ എന്താണു കാരണം? അവരുടെ അമർഷവും വീര്യവും തേജസ്സുമൊക്കെ എവിടെ പോയിരിക്കുന്നു? ദുഷ്ടൻ ബാധിക്കുന്ന ഭാര്യയെ രക്ഷിക്കുവാൻ മുന്നോട്ടു വരാതിരിക്കത്തക്കവിധം അവർക്കെന്തുപറ്റി? മത്സ്യരാജാവ് ധർമ്മദൂഷകനായാൽ എന്തു ചെയ്യും? കുറ്റംചെയ്യാത്ത എന്നെ ഹിംസിക്കുന്നതു കണ്ട് അദ്ദേഹം സഹിച്ച് ഇരിക്കുകയല്ലേ ചെയ്തത്? കീചകൻചെയ്ത കുറ്റം കണ്ടിട്ടും അവനെ ശിക്ഷിക്കുവാൻ രാജാവു വിചാരിക്കുന്നില്ല. കള്ളന്മാരെപ്പോലെ നിന്റെ ധർമ്മം സഭാതലത്തിൽ ശോഭിക്കുന്നില്ല. ഇവൻ നിന്റെ മുമ്പിൽ എന്നെ ഹിംസിക്കുവാൻ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല. സഭാവാസികളേ, നിങ്ങളും കണ്ടില്ലേ? കീചകൻ ചെയ്യുന്ന അക്രമം കാണുന്നില്ലേ? കീചകന് ധർമ്മമറികയില്ല. ഈ മത്സ്യരാജാവിന്നും അറിഞ്ഞുകൂടല്ലോ! ഈ രാജാവിനെ ചുറ്റിനില്ക്കുന്ന മറ്റു കൂട്ടർക്കും ധർമ്മമറികയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പലതും പറഞ്ഞ് പാർഷതി കണ്ണുനീർവാർത്തു. ആ വരവർണ്ണിനി ഇപ്രകാരം മത്സ്യരാജാവിനെ ഉപാലംഭംചെയ്തു" (നിന്ദിച്ചുപറഞ്ഞു).

വിരാടൻ പറഞ്ഞു: "നിങ്ങൾ തമ്മിൽ ഗൂഢമായി വല്ല വൈരകാരണവുമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. കാര്യത്തിന്റെ തത്വം ഗ്രഹിക്കാതെ ഞാൻ വല്ലതും ചെയ്താൽ അതു ഭംഗിയാവുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "സദസ്യർ കാര്യം വിചാരണ ചെയ്തറിഞ്ഞിട്ട് കൃഷ്ണയെ മാനിക്കുകയും കീചകനെ നിന്ദിക്കുകയും ചെയ്തു. കൃഷ്ണ കുറ്റക്കാരിയല്ലെന്നും അവർ പറഞ്ഞു."

സഭ്യന്മാർ പറഞ്ഞു: "ഈ മനോഹരാംഗിയായ മാനിനി ആരുടെ ഭാര്യയാണോ അവൻ മഹാഭാഗ്യവാനാണ്. അവന്ന് ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. മനുഷ്യരിൽ ഇത്തരം വരവർണ്ണിനി സുലഭയല്ല. കണ്ടുകിട്ടുക വിഷമമമാണ്. സർവ്വാംഗസുന്ദരിയായ ഇവൾ മനുഷ്യനാരിയല്ല; ദേവിയാണെന്നു വിചാരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സഭാവാസികൾ കൃഷ്ണയെ മാനിച്ച് അഭിനന്ദിച്ചു. കോപംകൊണ്ട് യുധിഷ്ഠിരന്റെ നെറ്റി വിയർത്തുപോയി. പ്രിയപ്പെട്ട രാജപുത്രിയായ പത്നിയോട് കൗരവ ശ്രേഷ്ഠൻ പറഞ്ഞു: 'സൈരന്ധ്രീ, പോവുക. ഇവിടെ നില്ക്കേണ്ട. സുദേഷ്ണയുടെ ഗൃഹത്തിലേക്കു പോവുക. ഭർത്താവിനെ പിൻതുടർന്ന് കുഴങ്ങുന്ന വീരപത്നിമാർ ഭർത്തൃശുശ്രൂഷകൊണ്ടു ക്ലേശങ്ങൾ സഹിച്ച് പുണ്യലോകത്തെ പ്രാപിക്കും. ക്രോധത്തിനുള്ള കാലമാണെന്ന് നിന്റെ ഭർത്താക്കന്മാർ ഇപ്പോൾ കരുതുന്നില്ലായിരിക്കാം. അതുകൊണ്ടാവാം സൂര്യതുല്യന്മാരായ ആ ഗന്ധർവ്വന്മാർ ഇപ്പോൾ പാഞ്ഞുവരാഞ്ഞത്. സൈരന്ധ്രിയായ നീ ലജ്ജയില്ലാത്ത നടിയെപ്പോലെ ഇവിടെ കാലം നോക്കാതെ കേഴുന്നത് ശരിയല്ല. ഈ രാജസദസ്സിൽ മത്സ്യന്മാരുടെ ചൂതുകളിക്ക് നീ വിഘ്നം സൃഷ്ടിക്കരുത്. പോകൂ പോകൂ! ഗന്ധർവ്വന്മാർ വഴിപോലെ പ്രിയംചെയ്യും. നിന്റെ വിപ്രിയകാരിയിൽനിന്നു നിനക്കുണ്ടായ ദുഃഖം അവർ തീർക്കാതിരിക്കുകയില്ല.'"

സൈരന്ധ്രി പറഞ്ഞു: "ദയയുള്ള അവരുടെ ധർമ്മചാരിണിയാണ് ഞാൻ. ചൂതാടുന്ന ജ്യേഷ്ഠന്റെ കല്പനയ്ക്കു വിധേയരായി നില്ക്കുന്ന അവരെ ആർക്കും എന്തും ചെയ്യാവുന്നവിധം വദ്ധ്യരാക്കിത്തീർത്തല്ലോ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് പാഞ്ചാലി സുദേഷ്ണയുടെ ഗൃഹത്തിലേക്കു പോയി. പോകുമ്പോൾ ആ സുശ്രോണിയുടെ കണ്ണുകൾ കോപംകൊണ്ടു ചുവന്നിരുന്നു. മനോഹരമായ മുടി ചിന്നിച്ചിതറിക്കിടന്നിരുന്നു. കരഞ്ഞിരുന്ന അവളുടെ രുചിരമായ ആനനം കാറുനീങ്ങിത്തെളിഞ്ഞ ചന്ദ്രബിംബംപോലെ ശോഭിച്ചു."

സുദേഷ്ണ പറഞ്ഞു: "ഹേ ശോഭനേ! നിന്നെ ആരാണ് ഹിംസിച്ചത്? എന്തിനാണു കേഴുന്നത്? ആർക്കാണ് ഇന്നു ദുഃഖം പറ്റിയത്? നിന്നെ വല്ലവരും ഉപദ്രവിച്ചിട്ടാണോ? ഭദ്രേ! പറയുക."

ദ്രൗപദി പറഞ്ഞു: "മദ്യം കൊണ്ടുവരാൻപോയ എന്നെ കീചകൻ ഹിംസിച്ചു. സഭയിൽ ഭൂപൻ നോക്കിയിരിക്കെ അദ്ദേഹത്തിന്റെ മുമ്പിൽവെച്ച് വിജനമായ കാട്ടിൽവെച്ചിട്ടെന്നവിധം എന്നെ അവൻ ഹിംസിച്ചു."

സുദേഷ്ണ പറഞ്ഞു: "വേണമെങ്കിൽ സുകേശീ, ഞാൻ കീചകനെ വധിപ്പിക്കാം. കാമംമൂത്ത് ദുർല്ലഭയായ നിന്നെ നിന്ദിച്ചതിന്ന് അതാണ് തക്കശിക്ഷ."

സൈരന്ധ്രി പറഞ്ഞു: "ആർക്കാണ് അവൻ കുറ്റംചെയ്തതെങ്കിൽ അവർ അവനെ വധിക്കാതെ വിടുകയില്ല. തീർച്ചയാണ് അക്കാര്യം. ഈ ഖലൻ യമലോകത്തിലെത്തുമെന്ന കാര്യം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു."

17. ദ്രൗപദീഭീമസംവാദം – ദ്രൗപദി ഭീമസേനന്റെ അടുത്തു ചെല്ലുന്നു – വൈശമ്പായനൻ പറഞ്ഞു: "സൂതപുത്രനായ കീചകന്റെ ഉപദ്രവമേറ്റ ദ്രൗപദി കീചകവധത്തെത്തന്നെ മനസ്സിൽ കരുതി തന്റെ ഇരിപ്പിടത്തിലേക്കുതന്നെ മടങ്ങി. പിന്നെ അവൾ പോയി കുളിച്ചു വസ്ത്രം ശുദ്ധമാക്കി. ദേഹവും വസ്ത്രവും നല്ലപോലെ വെള്ളംകൊണ്ടു നനച്ചു ശുദ്ധമാക്കി. അവൾ കരഞ്ഞുകൊണ്ട് ആ ദുഃഖമുണ്ടാക്കിയവനെ കൊല്ലുവാൻവേണ്ട മാർഗ്ഗം ചിന്തിച്ചു: 'ഇനി ഞാൻ എന്തു ചെയ്യണം? എവിടെച്ചെന്നു സങ്കടം പറയണം? കാര്യം എങ്ങനെ തീരും?' ഇപ്രകാരം വിചാരിച്ച് അവൾ മനസ്സുകൊണ്ട് ഭീമനെത്തന്നെ കണ്ടെത്തി. 'എന്റെ ഹൃദയത്തിൽ തോന്നുന്ന പ്രിയങ്ങൾ സാധിപ്പിച്ചുതരുവാൻ ഭീമനല്ലാതെ മറ്റാരുമില്ല.' അവൾ രാത്രി തന്നെ എഴുന്നേറ്റ് മെത്തവിട്ടു പാഞ്ഞു. സനാഥയാണെങ്കിലും പാർഷതിനാഥനെത്തേടി പുറപ്പെട്ടു. മഹത്തായ മനോദുഃഖത്തിൽ അകപ്പെട്ട ആ ഭാമിനി, ഭീമസേനൻ പാർക്കുന്ന ദിക്കിലെത്തി."

സൈരന്ധ്രി പറഞ്ഞു: "എന്നെ ദ്വേഷിച്ച ആ പാപിയായ സൈന്യാധിപൻ ജീവനോടെ ഇരിക്കുമ്പോൾ ഭവാൻ ഇപ്രകാരം സുഖമായി ഉറങ്ങുകയാണോ?"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞുകൊണ്ട് ആ മനസ്വിനി ആ തളത്തിൽ ചെന്നുകയറി. ഭീമൻ സിംഹമെന്നപോലെ ശ്വസിച്ചുകൊണ്ടു കിടക്കുന്ന ഇടത്തിൽ ചെന്നുകയറി. അവളുടെ മട്ടും മാന്യനായ ഭീമന്റെ മട്ടും ചേർന്ന ആ തേജസ്സിനാൽ ആ സ്ഥലം നിശ്ചലമായി പ്രശോഭിച്ചു. അടുക്കളപ്പുരയിൽ ഭീമന്റെ പാർശ്വത്തിൽ ചെന്നുനില്ക്കുന്ന ആ ശുചിസ്മിതയായ പാർഷതി, കൂറ്റനെക്കാമിച്ച് അടുത്തുചെന്ന പുളച്ച പശുക്കിടാവിനെപ്പോലെ പുളകിതയായി നിന്നു. ഗോമതിക്കരയിൽ പൂത്തുനില്ക്കുന്ന സാലത്തെ ലതയെന്നപോലെ ആ പാണ്ഡുപുത്രന്റെ ദേഹത്തിൽ തന്റെ കൈകൾ ചുറ്റിവരിഞ്ഞ് പാഞ്ചാലി

digitized by www.sreyas.in

പുണർന്നു. അവനെ കൈയാൽ തഴുകി വനത്തിൽ ഉറങ്ങിക്കിടക്കുന്ന സിംഹത്തെ സിംഹിയെന്നവിധം, അഥവാ പിടിയാന ഗജരാജനെയെന്നപോലെ, പാർഷതി ഭീമസേനനെ ഉണർത്തി. ഗാന്ധാരഭാഷയിൽ വീണാനാദംപോലെ മധുരസ്വരത്തിൽ അവൾ പറഞ്ഞു: 'ഭീമാ, ഭവാനെന്താണ് ഈമാതിരി ചത്തവിധത്തിൽ കിടന്നുറങ്ങുന്നത്? ഭവാൻ ചത്തിട്ടില്ലെങ്കിൽ ഭാര്യയെ തൊട്ട ദുർമ്മതി ജീവിച്ചിരിക്കുമോ?'

രാജപുത്രി ഉണർത്തിയപ്പോൾ അവൻ മെത്തവിട്ട് എഴുന്നേറ്റു. ഉപധാനത്തിൽ കൈകുത്തി മേഘഗംഭീരനായ അവൻ നിവർന്നിരുന്നു. 'പ്രിയേ, എന്തു അനർത്ഥംമൂലമാണ് ഇപ്പോൾ നീ എന്റെ അരികിലേക്കു വന്നത്? നിന്റെ മുഖം മുമ്പത്തേമട്ടിലല്ലല്ലോ കാണുന്നത്. വല്ലാതെ വാടിവിളർത്തല്ലോ. എല്ലാം വിവരമായി പറയൂ. ഞാൻ ശരിയായി എല്ലാം കേൾക്കട്ടെ! വേണ്ടതു ചെയ്യാം. ഞാൻമാത്രമാണ് നിനക്ക് എന്നും എല്ലാറ്റിലും വിശ്വസ്തൻ. എന്തെന്നാൽ, ഞാനാണ് എപ്പോഴും നിന്നെ ആപത്തകളിൽനിന്നു രക്ഷിച്ചിട്ടുള്ളത്. പറയാനുള്ളതൊക്കെ വേണ്ടമാതിരി പറഞ്ഞ് അന്യന്മാരറിയുന്നതിന്നുമുമ്പ് നീ നിന്റെ മെത്തയിൽ കിടക്കുവാൻ പൊയ്ക്കൊള്ളുക."

18. ദ്രൗപദീഭീമസംവാദം – ദ്രൗപദി ഭീമസേനന്റെ അടുത്ത് തന്റെ ദുഃഖം ഉണർത്തിക്കുന്നു – ദ്രൗപദി പറഞ്ഞു: "യുധിഷ്ഠിരനെ ഭർത്താവായി ലഭിച്ച സ്ത്രീക്ക് ദുഃഖമില്ലായ്മ എന്നത് എങ്ങനെ ഉണ്ടാകും? എല്ലാ ദുഃഖവും അറിഞ്ഞ ഭവാൻ എന്താണീ ചോദിക്കുന്നത്? അന്ന് ആ സഭയിൽ പ്രാതികാമി എന്നെ കൊണ്ടുവന്നതും, ദാസിയെന്ന് അധിക്ഷേപം കേട്ടതും ഓർത്ത് ഇന്നും എന്റെ മനസ്സു ദഹിക്കുകയാണ്. പാഞ്ചാലിയൊഴികെ ഏതു രാജപുത്രിയാണ് ഇത്തരം മഹാസങ്കടങ്ങൾ ഏറ്റിട്ട് ജീവിച്ചിരിക്കുക? വനവാസത്തിൽ കഴിയുമ്പോഴല്ലേ ദുഷ്ടബുദ്ധിയായ ജയദ്രഥൻ ചെയ്ത രണ്ടാമത്തെ പരാമർശം? ഏതൊരുവൾ ഈ അവമാനം പൊറുക്കും? മത്സ്യരാജാവിന്റെ മുമ്പിൽ വെച്ച് ആ ചൂതാട്ടക്കാരനായ പ്രഭു കാൺകെയല്ലേ കീചകൻ എന്നെ പിടികൂടിയത്? എന്നെപ്പോലെയുള്ള ഏതൊരുവൾ ഇതു പൊറുത്തു ജീവിക്കും?

ഇപ്രകാരം പല കഷ്ടപ്പാടുകളും സഹിച്ച എന്നെ ഭവാൻ അറിയുന്നില്ല. എന്റെ ദുഃഖത്തിന്റേയും അപമാനത്തിന്റേയും ആഴം ഭവാൻ അറിയുന്നില്ല. ഇനി ഞാൻ ജീവിച്ചിരുന്നിട്ട് എന്തു ഫലം? ആ പാപിയായ കീചകൻ സേനാനിയാണ്, രാജ്ഞിയുടെ സഹോദരനുമാണ്. സൈരന്ധ്രിയായി രാജഗൃഹത്തിൽ വസിക്കുന്ന എന്നോട് അവൻ പലപ്പോഴും വന്നു പറയാറുണ്ട് 'എന്റെ ഭാര്യയാകണേ സൈരന്ധ്രീ!' എന്ന്. അവൻ ഇപ്രകാരം ക്ഷണിക്കുന്നത് കേൾക്കുമ്പോൾ, കൊല്ലേണ്ടവനായ ആ പാപി ഇപ്രകാരം പറയുമ്പോൾ യഥാകാലം പക്വമായ ഫലംപോലെ എന്റെ കരൾ വിള്ളുകയാണ്. പൊട്ടച്ചൂതാട്ടക്കാരനായ ജ്യേഷ്ഠഭ്രാതാവിനെയാണ് ഇക്കാര്യത്തിൽ അധിക്ഷേപിക്കേണ്ടത്. അദ്ദേഹം ചെയ്ത കർമ്മംകൊണ്ടാണ് ഞാൻ ഈ ദുഃഖമൊക്കെ അനുഭവിക്കേണ്ടിവന്നത്. രാജ്യവും, സർവ്വസ്വവും, ആത്മാവും ഒക്കെ പണയപ്പെടുത്തി തെണ്ടുവാൻ പൊട്ടച്ചൂതുകളിക്കാരനല്ലാതെ മറ്റാർ ഒരുങ്ങും? രാവിലെമുതൽ സന്ധ്യയാകുന്നതുവരെ എത്ര വേണമെങ്കിലും പണയംവെച്ചാലും തീരാത്തിടത്തോളം സ്വർണ്ണവും, വെള്ളിയും, വസ്ത്രങ്ങളും, ആനകളും, കുതിരകളും, വാഹനങ്ങളും, മൂരികളും, ആടുകളും, ചെമ്മരിയാടുകളും, അശ്വങ്ങളും, കോവർകഴുതകളും ഉണ്ടായിരുന്നില്ലേ? ഇദ്ദേഹം എന്നിട്ട് എന്താണു ചെയ്തത്? ചൂതിൽ ഏറ്റു തോറ്റു! തീരെ ശ്രീ നശിപ്പിച്ചില്ലേ? ഇപ്പോൾ കഴിഞ്ഞതിനെപ്പറ്റിയൊക്കെ ചിന്തിച്ച് മൂഢനെപ്പോലെ മിണ്ടാതിരിക്കുന്നു. പൊൻമാലയിട്ട് പതിനായിരം അശ്വങ്ങളും അത്രതന്നെ ഗജങ്ങളും അകമ്പടിയായി പിന്തുടർന്നിരുന്ന ഈ യുധിഷ്ഠിരരാജാവിന്നു വേണമോ ഇങ്ങനെ ചൂതുകളികൊണ്ടു ജീവിതം? അനവധി നൂറായിരം രഥങ്ങളോടുകൂടി ഓജസ്സേറിയ രാജാക്കന്മാർ ഇന്ദ്രപ്രസ്ഥത്തിൽ യുധിഷ്ഠിരരാജാവിനെ ഉപാസിച്ചുകൊണ്ടിരുന്നില്ലേ? അവിടെ ഊട്ടുപുരയിൽ നൂറായിരം ദാസിമാർ രാവും പകലും കൈയിൽ പാത്രവുമെടുത്ത് അതിഥികളെ ഊട്ടിയിരുന്നില്ലേ? ആയിരം പലം സ്വർണ്ണംവീതം അർത്ഥികൾക്കു ദാനംചെയ്തിരുന്നില്ലേ? അങ്ങനെയുള്ള രാജാവ് ദ്യൂതംമൂലം എത്ര വലിയ അനർത്ഥത്തിലാണ് കുടുങ്ങിക്കിടക്കുന്നത്! സുസ്വരന്മാരായ സൂതമാഗധന്മാർ മണികുണ്ഡലങ്ങളണിഞ്ഞ് ഇദ്ദേഹത്തെ പ്രഭാതത്തിലും സന്ധ്യയ്ക്കും കീർത്തനംചെയ്തുവന്നിരുന്നു. തപസ്വികളും ദേവജ്ഞന്മാരും സർവ്വകാമസമ്പൂർണ്ണന്മാരുമായ സഹസ്രം മഹർഷികൾ സദസ്യന്മാരായി നിത്യം വാണിരുന്നു. ഓരോരുത്തനും മുപ്പതു ദാസികൾവീതം പതിനെണ്ണായിരം സ്നാതകന്മാരെ ഇദ്ദേഹം സംരക്ഷിച്ചിരുന്നു. ഒരിക്കലും ദാനം വാങ്ങാത്ത ഊർദ്ധ്വരേതസ്സുകളായ പതിനായിരം യതികൾ എപ്പോഴും രാജാവിന്റെകൂടെ ഉണ്ടായിരുന്നു. അങ്ങനെ ജീവിച്ചിരുന്ന രാജാവാണ് ഇപ്പോൾ ഇവിടെ ഈ നിലയിൽ കഴിയാറായത്.

നൃശംസതകൂടാതെ ദയാപൂർണ്ണനായി സർവ്വസമ്പത്തും ഒപ്പം ദാനം ചെയ്തു ഭരിച്ചുവന്ന രാജാവാണ് ഇപ്പോൾ ഈ നിലയിലെത്തിയത്. അനാഥരേയും അന്ധന്മാരേയും ബാലന്മാരേയും വൃദ്ധന്മാരേയും ദരിദ്രന്മാരേയും പലരേയും പോറ്റി ആനൃശംസ്യംമൂലം എല്ലാം പങ്കിട്ടു നല്കി മഹാനായി രാജ്യം ഭരിച്ചിരുന്ന അദ്ദേഹം നരകത്തിൽ വീണ് മത്സ്യരാജാവിന്റെ ഭൃത്യനായി സഭയിൽ ചൂതുമായി കങ്കൻ എന്ന പേരിൽ പാർത്തുവരുന്നു.

ഇന്ദ്രപ്രസ്ഥത്തിൽ വാണിരുന്ന അന്ന് സമയംനോക്കി രാജാക്കന്മാർ കപ്പവുമായി കാത്തുനിന്നിരുന്ന രാജാവ് ഇന്ന് അന്യന്റെ ശമ്പളം വാങ്ങി ജീവിക്കുകയാണ്. ഭൂമി പാലിച്ചിരുന്ന രാജാക്കന്മാർ ആരുടെ കീഴിലായിരുന്നുവോ, ഇന്ന് ആ രാജാധിരാജൻ അവരുടെ കീഴിൽ നില്ക്കുകയാണ്! തേജസ്സുകൊണ്ടു സൂര്യനെപ്പോലെ ഭൂലോകത്തെ മുഴുവൻ തപിപ്പിച്ചുകൊണ്ടിരുന്ന യുധിഷ്ഠിരൻ ഇപ്പോൾ വിരാടന്റെ ഒരു സഭ്യനാണുപോലും! സദസ്സിൽ മുനിമാരോടുകൂടി രാജാക്കളാൽ സേവിക്കപ്പെട്ടിരുന്ന പാണ്ഡവൻ ഇപ്പോൾ അന്യനെ സേവിക്കുന്നത് ഹേ, പാണ്ഡവാ! നീ കാണുന്നില്ലേ? അന്യനെ സഭ്യനായി സേവിച്ച് ഇഷ്ടം പറഞ്ഞ് യുധിഷ്ഠിരൻ ഇരിക്കുന്നതു കാണുമ്പോൾ എന്റെ ഉള്ളിൽ കോപം വർദ്ധിക്കുകയാണ്. അതിന്നനർഹനും മതിമാനും ധർമ്മാത്മാവുമായ യുധിഷ്ഠിരൻ കൊറ്റിന്നുവേണ്ടി മാത്രം നില്ക്കുന്നതു കാണുമ്പോൾ ആർക്കാണു സങ്കടം തോന്നാതിരിക്കുക? ഹേ വീരാ! ഭൂലോകമൊട്ടുക്ക് സഭാന്തരത്തിൽ സേവിച്ചിരുന്നവൻ അന്യനെച്ചെന്ന് ഉപാസിക്കുകയല്ലേ ചെയ്യുന്നത്? ഒരു ഭാരത പുത്രന്റെ കഥ നോക്കൂ! ഇപ്രകാരം പലതരം ദുഃഖം പൂണ്ട് അനാഥയെപ്പോലെ ശോകസമുദ്രത്തിൽ ആണ്ടുപോയ എന്നെ ഹേ, ഭീമാ! നീ കാണുന്നില്ലേ?"

19. ദ്രൗപദീഭീമസംവാദം – ദ്രൗപദി ഭീമസേനന്റെ സന്നിധിയിൽ വിലപിക്കുന്നു – ദ്രൗപദി പറഞ്ഞു: "ഭാരതാ, ഭീമാ! ഞാൻ എന്റെ ഭയങ്കരമായ സങ്കടം നിന്നോടു പറയാം. എന്നോടു മുഷിയരുത്. സഹിക്കാൻ കഴിയാത്ത ദുഃഖംകൊണ്ടു പറയുന്നതാണ്. ഭവാൻ ഏറ്റവും മോശമായ വെപ്പുകാരനായി 'വല്ലവനാവുക' യാൽ ഹേ ഭാരതാ! ആരാണ് ദുഃഖിക്കാതിരിക്കുക? മത്സ്യസൂതനായ വല്ലവനായിട്ടല്ലേ ജനങ്ങൾ ഭവാനെ അറിയുന്നത്? അന്യന്റെ ദാസന്മാരിൽ ഇതിനേക്കാൾ താഴ്ന്ന ഉദ്യോഗം വേറെയുണ്ടോ? അടുക്കളപ്പണി കഴിഞ്ഞതിന്നുശേഷം വിരാടനെ ഉപാസിക്കുന്നു. അങ്ങ് വല്ലവൻ എന്ന സൂതനായതിനാൽ എന്റെ ഹൃദയം ഇടിഞ്ഞുപോയിരിക്കുന്നു. രാജാവ് സന്തോഷത്തോടെ ഭവാനെക്കൊണ്ട് ആനയുമായി പൊരുതിക്കുമ്പോൾ അന്തഃപുരസ്ത്രീകൾക്കൊക്കെ ചിരിയാണ്; എനിക്കാണെങ്കിൽ ഹൃദയം നടുങ്ങുകയാണ്. ഗൃഹത്തിൽ നീ പോത്ത്, പുലി, സിംഹം മുതലായവയോട് എതിർക്കുമ്പോൾ കൈകേയി കണ്ടുനില്ക്കുന്ന അവസരത്തിലും എനിക്കു ഹൃദയത്തിൽ കിടിലമാണ്. എന്റെ മുഖം പ്രസന്നമാകാത്തത് കണ്ട് കൈകേയി എല്ലാ ദാസിമാരോടും പറയും. അപ്പോൾ ദാസികളൊക്കെ കൈകേയിയോടു പറയാറുണ്ട്: 'മൃഗങ്ങളോടു മല്ലടിക്കുന്ന ആ മഹാവീരനെ

digitized by www.sreyas.in

നോക്കി ഈ ശുചിസ്മിത അനുശോചിക്കുന്നതുനോക്കുക! സഹവാസഗുണം കൊണ്ടുണ്ടായ സ്നേഹത്താലായിരിക്കാം ഈ സഹതാപം. സൈരന്ധ്രി കല്ല്യാണരൂപയാണ്! വല്ലവൻ സുന്ദരനുമാണ്! രണ്ടുപേരും രൂപഗുണംകൊണ്ട് ചേരും. സ്ത്രീകളുടെ ചിത്തം ആർക്കറിയാം? ഈ രാജകുലത്തിൽ ഒരേകാലത്ത് വന്നു പാർക്കുന്ന ഇവർ ദിവസേന കണ്ടുവരാറുള്ളതുകൊണ്ട് പരസ്പരം പ്രിയം ജനിച്ചിരിക്കും! അതുകൊണ്ടാകാം സൈരന്ധ്രിക്ക് വല്ലവനിൽ ഇത്ര കരുണ!' ഇപ്രകാരം പറഞ്ഞ് അവർ എന്നെ നിത്യവും കളിയാക്കാറുണ്ട്. ഇതു കേൾക്കുമ്പോൾ ഞാൻ ചൊടിക്കും. ആ ക്രോധവും അവരുടെ ശങ്കയേ ബലപ്പെടുത്തുകയാണ്. ഇവർ ഇപ്രകാരം പറയുമ്പോൾ വലിയ ദുഃഖത്തിൽ ഞാൻ മുഴുകും.

ഭീമവിക്രമനായ ഭവാൻ ഈ നരകദുഃഖം, അനുഭവിക്കുമ്പോൾ യുധിഷ്ഠിരനുണ്ടാക്കിയ ദുഃഖസമുദ്രത്തിൽ മുങ്ങിത്തുടിക്കുന്ന എനിക്ക് ജീവിക്കുവാൻ ആശയില്ലാതായിരിക്കുന്നു. മർത്ത്യന്മാരേയും അമർത്ത്യന്മാരേയുമൊക്കെ ഒറ്റത്തേരാൽ ജയിച്ച ആ യുവാവ്, വിരാടന്റെ പെൺകിടാങ്ങളുടെ നർത്തകനായിത്തീർന്നു. അഗ്നിയെ ഖാണ്ഡവത്തിൽ തർപ്പിച്ച മഹാശയനായ അർജ്ജുനൻ കിണറ്റിലെ അഗ്നിപോലെ ഛന്നനായി അന്തഃപുരത്തിൽ പാർക്കുന്നു. ശത്രുക്കൾക്കൊക്കെ ഭയമുണ്ടാക്കുന്ന·ധനഞ്ജയൻ ലോകനിന്ദിതമായ വേഷമല്ലേ കെട്ടി നടക്കുന്നത്? അവന്റെ ഞാൺതഴമ്പേറ്റതും പരിഘംപോലുള്ളതുമായ കരങ്ങൾ ശംഖുവളകൊണ്ടു മൂടി അവൻ ദുഃഖത്തോടെയല്ലേ വാഴുന്നത്? അവന്റെ ഞാണൊലി കേൾക്കുമ്പോൾ വൈരികൾ ഭയപ്പെട്ട് ഓടിക്കളയും. ഇപ്പോൾ എന്തൊരു വൈപരീത്യമാണ് സംഭവിച്ചത്! അവന്റെ പാട്ടു കേട്ട് ഇപ്പോൾ ചുറ്റും നാരിമാർ കൂടുന്നു! സൂര്യനു തുല്യമായ ആ പൊൻകിരീടം ശിരസ്സിൽ ധരിച്ചവൻ ഇപ്പോൾ തലമുടി മെടഞ്ഞു ചാർത്തി നടക്കുകയാണ്. ധനഞ്ജയൻ! ഘോരചാപനായ ധനഞ്ജയനെ തലകെട്ടി മെടഞ്ഞ വേഷത്തിൽ കന്യകമാരുടെ മദ്ധ്യത്തിൽ കാണുമ്പോൾ ഹേ ഭീമാ! എന്റെ മനസ്സു വാടുന്നു. ദിവ്യാസ്ത്രങ്ങളൊക്കെ അറിഞ്ഞവനായ ആ മഹാത്മാവ്, വിദ്യാനിധി, ഇപ്പോൾ കേവലം കുണ്ഡലങ്ങൾ ധരിച്ചു നടക്കുന്നു. തേജസ്സുകൊണ്ട് എതിരറ്റവനും, യുദ്ധത്തിൽ നാനാരാജാക്കന്മാർ കടൽ കരയെ എന്ന വിധം ആരെ തട്ടിക്കടക്കുന്നില്ലാ ആ യുവാവ്, വിരാടന്റെ പെൺകിടാങ്ങൾക്കു നർത്തകനായി വേഷം മാറി കന്യകാപരിചാരകനായി വസിക്കുകയാണ്. രഥഘോഷംകൊണ്ട് കാടും മേടും സർവ്വചരാചരങ്ങളും ചേർന്ന ഭൂമിയൊക്കെയിട്ടു കുലുക്കുന്നവനായ ആ മഹാൻ ഉണ്ടായപ്പോൾ കുന്തിയുടെ ദുഃഖമൊക്കെ അകന്നുപോയി. അവന്റെ ഇന്നത്തെ നില കാണുമ്പോൾ എന്റെ ഹൃദയം ദുഃഖത്തിലാണ്ടുപോകുന്നു. പൊന്നണിക്കുണ്ഡലങ്ങളിട്ട്, ശംഖുവള ചാർത്തി അവൻ വരുന്നതു കാണുമ്പോൾ എന്റെ മനസ്സു വാടിപ്പോകുന്നു. ഭൂമിയിൽ ചാപം എടുത്തവരിൽ വീര്യംകൊണ്ട് എതിരറ്റവനായ അർജ്ജുനൻ, ചുറ്റും പെൺകുട്ടികളുമായി ആടിപ്പാടി നടക്കുകയാണ്! ധർമ്മം, ശൗര്യം, സത്യം എന്നിവയ്ക്ക് എല്ലാവർക്കും അതിസമ്മതനായ പാർത്ഥനെ പെൺവേഷത്തിൽ കാണുമ്പോൾ സങ്കടമാകുന്നു. പെൺകുട്ടികളാൽ ചുറ്റപ്പെട്ടവിധം ആ ദേവരൂപി പിടിയാനകളാൽ ചുറ്റപ്പെട്ട മത്തേഭനെപ്പോലെ പ്രകാശിക്കുന്നു. പാർത്ഥനെ ധനവാനായ വിരാടന്റെ ഭൃത്യനായി, ഷണ്ഡനായി കാണുമ്പോൾ ശോകാന്ധതയാൽ ദിക്കുകൾ തിരിച്ചറിയുവാൻ കഴിയാത്തവിധം ഞാൻ കുഴങ്ങിപ്പോകുന്നു! ഹേ ആര്യാ, തീർച്ചയായും അർജ്ജുനന്റെ കഷ്ടത ആര്യനും അജാതശത്രുവുമായ കൗരവ്യൻ അറിയുന്നില്ല. അദ്ദേഹം ചൂതാടിത്തന്നെ കഴിയുകയാണല്ലോ.

ഇപ്രകാരംതന്നെ പശുക്കളുടെ നാഥനായി അനുജനായ സഹദേവനെ ഗോക്കളിൽ കൂറ്റൻ എന്നപോലെ കണ്ടിട്ട് ഞാൻ വിളറുന്നു. സഹദേവന്റെ തൊഴിൽ വീണ്ടും വീണ്ടും ചിന്തിച്ചു ഞാൻ ഉറങ്ങാറില്ല ഭീമാ! പിന്നെ എവിടെ സന്തോഷം? സഹദേവൻ സത്യവിക്രമനാണ്. അവന്ന് ഈ ദുഷ്കൃതം വന്നുകൂടുവാൻ വയ്യായിരുന്നു. നിന്റെ ഇഷ്ടനായ അനുജനെക്കണ്ട് ഞാൻ ദുഃഖിക്കുകയാണ്. ഗോക്കളുടെ ഇടയിൽ കാളയെപ്പോലെ മത്സ്യൻ വേലയ്ക്കുവെച്ചുവല്ലോ! ഗോരോചനം ചാർത്തി പശുപാലകന്മാരുടെ മുമ്പനായി പുറപ്പെട്ട് സഹദേവൻ വിരാടനെ സ്തുതിക്കുന്നതു കാണുമ്പോൾ എനിക്കു ജ്വരം ബാധിക്കുന്നു. സുശീലനും, സുവൃത്തനും, മഹാകുലീനനുമാണ് സഹദേവനെന്ന് കുന്തീദേവി നിത്യം പ്രശംസിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'അവൻ, നാണമുള്ളവനും, ഭംഗിപറയുന്നവനും, ധാർമ്മികനും, എനിക്കു വളരെ പ്രിയപ്പെട്ടവനുമാണ്. അവനെ കാട്ടിൽ നീ രാത്രിയിൽ നോക്കണം, യാജ്ഞസേനീ' എന്ന് എന്റെ ശ്വശ്രു എന്നോടു പറഞ്ഞിട്ടുണ്ട്. 'സുകുമാരനും, ശൂരനും, രാജാവിനെ അനുകരിച്ചു ജീവിക്കുന്നവനും, ജ്യേഷ്ഠഭക്തനും, വീരനുമായ അവനെ പാർഷതി നല്ല ശ്രദ്ധയോടെ ഊട്ടണം' എന്നും കുന്തി എന്നോടു കരഞ്ഞു പറഞ്ഞിട്ടുണ്ട്. വനത്തിലേക്കു പോകുമ്പോൾ, കുന്തീദേവി എന്നെ തഴുകി സമാശ്വസിപ്പിക്കുമ്പോൾ പറഞ്ഞ ആ വാക്കുകൾ എപ്പോഴും ഞാൻ ഓർക്കുന്നു. ഇപ്പോൾ പശുക്കളെ നോക്കി പൈക്കിടാങ്ങളുടെ ചാണകത്തിൽ രാത്രി കിടക്കുന്ന കഥയോർക്കുമ്പോൾ, ആ വീരനെ കണ്ട്, ഇനി ഞാൻ എന്തിനു ജീവിക്കുന്നു എന്നെനിക്കു തോന്നിപ്പോകുന്നു. സ്ത്രീകൾക്കു സമ്മതനും, രൂപവാനും, അസ്ത്രജ്ഞനും, ബുദ്ധിമാനുമായ നകുലൻ മത്സ്യന്റെ കുതിരക്കാരനായിരിക്കുന്നു. നോക്കൂ, കാലത്തിന്റെ വിപര്യയം! ആ 'ദാമഗ്രന്ഥി' (അജ്ഞാതവാസകാലത്തെ പേര്) യെ കാണുമ്പോൾ എന്റെ ഹൃദയം തകർന്നുപോകുന്നു. മഹാരാജാവു നോക്കിനില്ക്കെ അവൻ അശ്വശിക്ഷ നടത്തുമ്പോൾ ദുഃഖിച്ച് ഞാൻ അവശയാകുന്നു. ശ്രീമാനായി ശോഭിക്കുന്ന അവൻ മത്സ്യരാജാവിനെ സേവിച്ചു നില്ക്കുന്നതും വാജിരാജിയെ കാണിച്ചു നില്ക്കുന്നതും കാണുമ്പോൾ ഞാൻ എങ്ങനെ സുഖമുള്ളവളായി കഴിയും? ഹേ, പാർത്ഥാ! പരന്തപാ, ഭീമാ! ധർമ്മപുത്രൻകാരണം നൂറുനൂറു ദുഃഖങ്ങൾ അനുഭവിക്കുന്നു. അതിലും വലിയതായിട്ടും മറ്റു ദുഃഖങ്ങളുമുണ്ട്. അതും ഞാൻ പറയാം. ഭവാൻ കേൾക്കുക. നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ പല മാതിരി ദുഃഖങ്ങൾ എന്റെ ദേഹത്തെ ശോഷിപ്പിക്കുന്നു. ഇതിൽപ്പരം കഷ്ടം എന്തുണ്ട്?"

20. ദ്രൗപദീഭീമസംവാദം - ദ്രൗപദി ഭീമസേനനോട് തന്നെ ബാധിച്ച ദുഃഖം വിവരിക്കുന്നു - ദ്രൗപദി പറഞ്ഞു: "ഞാൻ സൈരന്ധ്രിവേഷവുംകെട്ടി രാജഗൃഹത്തിൽ ചുറ്റുകയും, സുദേഷ്ണയെ കുളിപ്പിക്കുകയും, അലങ്കരിപ്പിക്കുകയും ചെയ്തുകൊണ്ടു ജീവിക്കേണ്ട നില ഈ ചൂതാട്ടക്കാരൻ വരുത്തിത്തീർത്തതല്ലേ? ഹേ, പരന്തപാ! രാജനന്ദിനിയായ എനിക്കു വന്നു കൂടിയ മാറ്റം നീ നോക്കൂ! മനുഷ്യരെല്ലാം ദുഃഖം ഇല്ലാതാക്കാൻ യഥാകാലം ശ്രമിക്കണമെന്നും, ജയാപജയങ്ങളും, കാര്യസിദ്ധിയും അനിത്യങ്ങളാകയാൽ ഒരിക്കൽ ഉണ്ടായില്ലെങ്കിലും മറ്റൊരിക്കൽ ഉണ്ടാകുന്നതാണെന്നും ചിന്തിച്ച്, ഭർത്താക്കന്മാരുടെ ഉയർച്ചയെ കാംക്ഷിച്ച്, ഞാൻ ക്ഷമയോടെ നാൾകഴിക്കുകയാണ്. കാലചക്രം തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന്റെ തിരിച്ചിലിൽ കാര്യലാഭവും കാര്യനഷ്ടവും സംഭവിക്കും. ചക്രം തിരിഞ്ഞു കാര്യലാഭമുണ്ടാകുമെന്ന പ്രതീക്ഷയിൽ ഞാൻ ഭർത്താക്കന്മാരുടെ ഉയർച്ചയെ കാത്തുകൊണ്ട് ജീവിക്കുകയാണ്. ഏതാണോ മനുഷ്യർക്കു ജയംകിട്ടുവാൻ കാരണമാവുക അതുതന്നെയായിരിക്കും പരാജയത്തിന്നും കാരണമാവുക എന്നു ചിന്തിച്ച് ഞാൻ ക്ഷമയോടെ ജീവിക്കുകയാണ്! എടോ ഭീമാ! ഞാൻ മൃതയായി എന്ന് നീ വിചാരിച്ചുവോ? അങ്ങനെ വിചാരിക്കേണ്ടാ. ഒരിക്കൽ ദാതാവായവൻ പിന്നെ ഇരപ്പാളിയാകാം. അന്യനെ കൊല്ലാൻ കരുത്തുള്ളവൻ ഒരിക്കൽ അന്യന്മാരാൽ കൊല്ലപ്പെടുകയും ചെയ്യും. അന്യരെ താഴ്ത്തി അവമാനിച്ചവന്ന് അന്യന്റെ മുമ്പിൽ താഴ്ന്ന് അവമാനിതനായി നില്ക്കേണ്ടിവന്നേക്കാം. വീഴിച്ചവരെ വീഴിക്കും. ഇതൊക്കെ കാലചക്രത്തിരിച്ചിലിൽ വന്നുചേരും എന്ന് ഞാൻ കേട്ടിട്ടുണ്ട്. ദൈവത്തിന്ന് അസാദ്ധ്യമായി ഒന്നുമില്ല. അതിൽ അപ്പുറമായി ആരുമില്ല. ദൈവത്തിനാണ് പ്രാധാന്യമെന്നും, ദൈവത്തിന്ന് അധീന

digitized by www.sreyas.in

മാണ് ഞാനെന്നും വിചാരിച്ചുകൊണ്ട് ഇപ്രകാരം അടങ്ങിജീവിക്കുകയാണ്. സമുദ്രത്തിൽനിന്ന് ആവിയായി ആകാശത്തിലേക്കു പോകുന്ന ജലം പിന്നേയും ആ സമുദ്രത്തിൽത്തന്നെ വന്നുചേരുന്നുണ്ടല്ലോ. ഈ പരിണാമം എന്നേയും ബാധിക്കുമെന്നു ചിന്തിച്ചുകൊണ്ട്, വീണ്ടും ഉദയം തീർച്ചയായും ഉണ്ടാകുമെന്നു ചിന്തിച്ച് അതിന്റെ കാലത്തെ പ്രതീക്ഷിച്ചു കഴിയുകയാണ്. സന്മാർഗ്ഗത്തിൽ നേടിയ കാര്യം ദൈവം നഷ്ടപ്പെടുത്തുകയാണെങ്കിൽ അറിവേറുന്ന അവൻ ദൈവയോഗത്തെ പ്രതീക്ഷിച്ചു ശ്രമിച്ചുകൊണ്ടിരിക്കുകതന്നെ വേണം. ഞാൻ ഇപ്രകാരം ഇത്രയൊക്കെ പ്പറയുവാൻ എന്താണു കാരണമെന്ന് നീ വിചാരിക്കുന്നുണ്ടാകും. ദുഃഖിക്കുന്ന എന്നോടു ചോദിക്കൂ! കാരണം അപ്പോൾ ഇവൾ പറയും. പാണ്ഡവന്മാരുടെ മഹിഷി, പാഞ്ചാലരാജാവിന്റെ പുത്രിയാണ്, ഈ ദാസ്യവൃത്തി സ്വീകരിച്ചു ജീവിക്കുന്നത്! ഞാനല്ലാതെ ഈ ഉയർന്നനിലയിൽ എത്തിയ ഏതു സ്ത്രീയാണ് ഈ ക്ലേശം സഹിച്ചു ജീവിക്കുവാൻപോകുന്നത്? കുരുക്കൾക്കും, പാഞ്ചാലന്മാർക്കും, പാർത്ഥന്മാർക്കും, അവമാനകരമല്ലേ എന്റെ ഈ ദാസ്യവൃത്തി?

മാതാവ്, ശ്വശുരൻ, പുത്രന്മാർ ഇവരൊക്കെ ഒട്ടേറെയുള്ള ഒരു സ്ത്രീ ഈ നിലയിൽ ജീവിച്ചതായി ഭവാൻ കേട്ടിട്ടുണ്ടോ, ഈയുള്ളവളല്ലാതെ? മറ്റാരും ഈ ദുഃഖത്തിലകപ്പെടുകയില്ല. ബാലയായ ഞാൻ വിധാതാവിന്നു വല്ല അപ്രിയവും ചെയ്തിട്ടുണ്ടാകും. അതുകൊണ്ടായിരിക്കാം ഈ കഷ്ടപ്പാടുകൾ ഞാൻ അനുഭവിക്കേണ്ടതായി വന്നുകൂടിയത്. എന്റെ നിറക്കുറവ് നീ കണ്ടില്ലേ! നോക്കൂ! എനിക്കു കാട്ടിൽ വാഴുമ്പോഴും ഇത്ര ദുഃഖമുണ്ടായിരുന്നില്ല. ഭീമാ, അപ്പോഴത്തെ സുഖം നീ അറിഞ്ഞിരുന്നതല്ലേ! ആ ഞാൻ ഇപ്പോൾ ദാസിയായി, അസ്വതന്ത്രയായി, യാതൊരു ശാന്തിയുമില്ലാതെ ജീവിക്കാറായി. ദൈവയോഗം തന്നെ എന്നു ഞാൻ ഓർക്കുകയാണ്. ഭീമചാപനും, മഹാബാഹുവുമായ ധനഞ്ജയൻ ചാരത്താൽ മൂടിക്കിടക്കുന്ന തീപോലെയാണ് വാഴുന്നത്. ജീവികളുടെ ഗതി അറിയുവാൻ മനുഷ്യർക്കു കഴിയുകയില്ല. കരുതലില്ലാതെ വന്നുകൂടിയതാണ് ഈ തോൽവി എന്നു ഞാൻ വിചാരിക്കുന്നില്ല. എപ്പോഴും ഇന്ദ്രാഭന്മാരായ നിങ്ങൾ എന്റെ മുഖം നോക്കി നില്ക്കുന്നവരാണല്ലോ. അങ്ങനെയുള്ള ഞാൻ ഹീനയായ ഒരു സ്ത്രീയുടെ മുഖം നോക്കിനില്ക്കേണ്ടവളായി! ഇത് എനിക്കു തക്കതല്ലാത്ത നിലയാണെന്നു നിനക്കറിയാമല്ലോ നിങ്ങൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ ഈ കാലവൈപരീത്യം കാണുവിൻ! ആഴിചൂഴുന്ന ഈ ഊഴി മുഴുവൻ ഏതൊരുവളുടെ കാൽക്കീഴിലായിരുന്നുവോ, അവൾ ഇന്ന് സുദേഷ്ണയെ ഭയപ്പെട്ടു നില്ക്കേണ്ടവളായിരിക്കുന്നു. ഇന്ന് അവൾ സുദേഷ്ണയുടെ മുന്നിലും പിന്നിലും അകമ്പടി സേവിക്കുകയാണ്. ഹേ കൗന്തേയാ, എനിക്ക് അസഹ്യമായ ദുഃഖം നീ കേൾക്കുക. പണ്ട് എനിക്കുള്ള കുറിക്കൂട്ടുകൂടി ഞാൻ അരച്ചിരുന്നില്ല. കുന്തിക്കുവേണ്ടി മാത്രമേ ഞാൻ അരച്ചിട്ടുള്ളു. അങ്ങയ്ക്കു ശുഭംവരട്ടെ! ഇന്നു ഞാൻ സുദേഷ്ണയ്ക്കു ചന്ദനം അരയ്ക്കുകയാണ്. നോക്കൂ, എന്റെ രണ്ടു കൈകളും. ഇവ രണ്ടും മുമ്പ് ഇങ്ങനെയായിരുന്നോ?" എന്നു പറഞ്ഞ് തഴമ്പിച്ച അവളുടെ കൈകൾ ഭീമന്നു കാട്ടിക്കൊടുത്തു അവൾ വീണ്ടും തുടർന്നു: "കുന്തിയേയും നിങ്ങളേയും പേടിക്കുവാൻ ഒരുകാലത്തും ഇടയാകാത്ത ഞാൻ, പേടിക്കാത്ത ഞാൻ, ഇന്ന് ഈ വിരാടന്റെ മുമ്പിൽ ദാസിയായി ഭയപ്പെട്ടു നില്ക്കുകയാണ്! 'കുറിക്കൂട്ട് അസ്സലായോ?' എന്നു വിരാടൻ എന്നോടു ചോദിക്കും. അദ്ദേഹത്തിനു മറ്റാരും കുറിക്കൂട്ടരച്ചാൽ ബോദ്ധ്യമല്ലത്രെ!"

വൈശമ്പായനൻ പറഞ്ഞു: "ഭീമനോട് ഇപ്രകാരം സങ്കടം പറഞ്ഞ് ഭാമിനി മെല്ലെ കരഞ്ഞ് ഭീമന്റെ നേരെ നോക്കി നെടുവീർപ്പിട്ടു വീണ്ടും തൊണ്ട വിറയ്ക്കുമാറു പറഞ്ഞു."

ദ്രൗപദി പറഞ്ഞു: "ഭീമാ! ഞാൻ ദേവന്മാർക്കു ചെയ്ത പാതകം ചെറുതല്ല. നിർഭാഗ്യയായ ഞാൻ ചാകേണ്ട സമയത്തു ജീവിക്കുകയാണല്ലോ ചെയ്യുന്നത്."

വൈശമ്പായനൻ പറഞ്ഞു: "പത്നിയുടെ തഴമ്പുചേർന്ന ചെറുകൈകൾ പിടിച്ച് മുഖത്തു ചേർത്ത്വെച്ച് ശത്രുകർശനനായ വൃകോദരൻ കരഞ്ഞു. ആ കൈ പിടിച്ചു കണ്ണുനീർ വാർത്തതിന്നുശേഷം വീണ്ടും മഹാദുഃഖത്തിൽ മുഴുകി ഭീമൻ ഇപ്രകാരം പറഞ്ഞു."

21. ദ്രൗപദീ സാന്ത്വനം – ഭീമൻ പറഞ്ഞു: "മുമ്പെ അരുണവർണ്ണമായിരുന്നു നിന്റെ കൈത്തലം ഇപ്രകാരം വടുക്കെട്ടിയതു കാണുമ്പോൾ കഷ്ടം! എന്റെ കൈയൂക്കും, അർജ്ജുനന്റെ ഗാണ്ഡീവവും നിസ്സാരമാണെന്ന് എനിക്കു തോന്നിപ്പോകുന്നു! വിരാടന്റെ സഭയൊക്കെയും ഞാൻ മർദ്ദിച്ചേനെ. അതുകൊണ്ട് എന്റെ നേരെ കുന്തീകുമാരൻ നോക്കിനിന്നു. അല്ലെങ്കിൽ ഐശ്വര്യമദമത്തനായ കീചകന്റെ തല, കളിക്കുന്ന ആനയെപ്പോലെ ഞാൻ അടിച്ചുടയ്ക്കുമായിരുന്നു. നിന്നെ ആ കീചകൻ കാൽകൊണ്ട് തട്ടുന്നത് കണ്ടപ്പോൾ ഞാൻ ഉടനെ മത്സ്യന്മാരെ മുഴുവൻ മർദ്ദിക്കുവാൻ വിചാരിച്ചതാണ്. ഉടനെ എന്നെ ധർമ്മനന്ദനൻ കടക്കണ്ണുകൊണ്ടു തടഞ്ഞു. എടോ ഭാമിനീ, ജ്യേഷ്ഠന്റെ അഭിമതമറിഞ്ഞ് ഞാൻ അടങ്ങിയതാണ്. രാജ്യഭ്രംശവും, കൗരവന്മാരെ കൊല്ലാതിരിക്കുന്നതും, ദുര്യോധനൻ, കർണ്ണൻ, ശകുനി, ദുശ്ശാസനൻ ഇവരുടെ തല കൊയ്യാതെയിരുന്നതും ഓർത്ത് എന്റെ ശരീരം ദഹിക്കുകയാണ്. നെഞ്ചിൽ തറച്ച ശല്യംപോലെ വേദനിപ്പിക്കുകയാണ്.

"എടോ സുശ്രോണീ, നീ ധർമ്മം വിടരുത്. മഹാമതേ, നീ ക്രോധം വിടുക! നീ ചെയ്ത ഈ ഉപാലംഭമെങ്ങാൻ ധർമ്മരാജാവായ യുധിഷ്ഠിരൻ കേട്ടുപോയാൽ ജീവൻ അദ്ദേഹം നശിപ്പിച്ചുകളയും. നീ പറഞ്ഞ ഈ വാക്കുകൾ അർജ്ജുനനോ, നകുലനോ, സഹദേവനോ കേട്ടാൽ അവർ പിന്നെ ജീവിച്ചിരിക്കുകയില്ല. അവർ ലോകാന്തത്തെ പ്രാപിച്ചാൽ പിന്നെ എനിക്കു ജീവിക്കുവാൻ സാധിക്കയില്ല. പണ്ട് ഭൃഗുച്യവനമഹർഷിയെ അദ്ദേഹത്തിന്റെ ഭാര്യയായ സുകന്യ ഭർത്താവ് പുറ്റിൽ അടങ്ങിനിന്നിട്ടും, പിൻതുടരുകയുണ്ടായില്ലേ? ഇന്ദ്രസേനാഖ്യയായ നാളായണി സൗന്ദര്യത്തിൽ കേൾവിപ്പെട്ടവളായിരുന്നില്ലേ? ആയിരത്തൊന്നു വർഷമാണ് കിഴവനായ പതിയെ അവൾ ശുശ്രൂഷിച്ചു ജീവിച്ചത്. വൈദേഹിയായ ജനക പുത്രിയുടെ കഥ നീ കേട്ടിട്ടില്ലേ? അവൾ കൊടുംകാട്ടിൽ വാണ പതിയെ ശുശ്രൂഷിച്ചില്ലേ? രാക്ഷസൻ അവളെ അപഹരിച്ചുകൊണ്ടുപോയി ക്ലേശിപ്പിച്ചിട്ടും ആ സീതാദേവി ഭർത്താവായ രാമനെത്തന്നെ ആശ്രയിച്ചു. ലോപാമുദ്രയെപ്പറ്റി കേട്ടിട്ടില്ലേ! രൂപയൗവനസമ്പന്നയായിരുന്ന അവൾ സർവ്വമാനുഷകാമങ്ങളൊക്കെ ഉപേക്ഷിച്ച് അഗസ്ത്യനെ പ്രാപിച്ചു ദ്യുമത്സേനസുതനായ സത്യവാനെ അനിന്ദിതയായ സാവിത്രി ധീരയായി കാനനത്തിലും പിൻതുടർന്നില്ലേ? ഇപ്പറഞ്ഞ സുന്ദരാംഗികളായ പതിവ്രതമാരാണ് മുമ്പെ പറഞ്ഞവരെല്ലാം എടോ കല്യാണീ, നീയും അവരെപ്പോലെ സകല ഗുണങ്ങളും തികഞ്ഞവളാണ്. എടോ ദ്രൗപദീ, ഇനി വളരെക്കാലം ക്ഷമിക്കേണ്ടതില്ലല്ലോ. ഇനി പകുതി മാസമല്ലേ കഴിയേണ്ടു. പതിമൂന്നു സംവത്സരം കഴിയാറായി; കഴിഞ്ഞാൽപ്പിന്നെ നീ രാജാക്കന്മാരുടെ രാജ്ഞിയായി ശോഭിക്കും."

ദ്രൗപദി പറഞ്ഞു: "ഭീമാ! ഞാൻ രാജാവിനെ അധിക്ഷേപിക്കുകയില്ല ദുഃഖംകൊണ്ടു ഞാൻ കരഞ്ഞുപോയതാണ്. ദുഃഖം സഹിക്കാഞ്ഞിട്ട് ഞാൻ പറഞ്ഞുപോയതാണ്. കഴിഞ്ഞതൊക്കെ ഇനി എന്തിന്നു പറയുന്നു? അടുത്തകാലം ചെയ്യേണ്ടതെന്താണെന്നുവെച്ചാൽ അതിന്ന് ഒരുങ്ങുക! എന്റെ സൗന്ദര്യം കണ്ട് സുദേഷ്ണ എപ്പോഴും ശങ്കിച്ചുകൊണ്ടാണിരിക്കുന്നത്. രാജാവ് എന്നെ പ്രാപിക്കുമോ എന്ന് സുദേഷ്ണയ്ക്കു ഭയവുമുണ്ട്. കളവു കാണുവാൻ കീചകൻ മിടുക്കനാണ്. തന്റെ സഹോദരിയുടെ അന്തർഗ്ഗതം കീചകൻ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. എന്നിട്ടാണ് ആ ദുഷ്ടാത്മാവ് എന്നെ എപ്പോഴും കൊതിക്കുന്നത്. അവൻ എന്നെ തൊട്ടാൽ, രാജാവ് എന്നിൽ വിരക്തനാകുമെന്നാണ് അവരുടെ ഗൂഢചിന്ത. കീചകൻ എന്നെ അർത്ഥിച്ചപ്പോൾ എന്നിൽ കോപം വളർന്നുവെങ്കിലും അത് അടക്കിക്കൊണ്ടാണ് ആ കാമോന്മത്തനോട് ഞാൻ മറുപടി പറഞ്ഞത്.

digitized by www.sreyas.in

'ഭവാന് ജീവനിൽ ആശയുണ്ടെങ്കിൽ എന്നെ കാമിക്കാതിരിക്കുക. അഞ്ചു ഗന്ധർവ്വന്മാരുടെ പ്രിയ മഹിഷിയാണ് ഞാൻ. അവരെല്ലാവരും ശൂരന്മാരാണ്. ആ സാഹസികളുടെ ഭാര്യയെ ഭവാൻ സ്പർശിച്ചാൽ അവർ കോപിച്ച് ഭവാനെ കൊന്നുകളയും.'

ഞാൻ ഇപ്രകാരം പറഞ്ഞപ്പോൾ ആ ദുഷ്ടബുദ്ധി അത് അത്ര കാര്യമായി ഗണിച്ചില്ല.

'എടോ സൈരന്ധ്രി, എനിക്കു ഗന്ധർവ്വന്മാരെ ഒട്ടും ഭയമില്ല. നൂറോ ആയിരമോ ഗന്ധർവ്വന്മാർ വന്നാലും അവരെയൊക്കെ ഞാൻ ഒറ്റയ്ക്കു കൊന്നുകളയും. എടോ ഭീരു, ശുചിസ്മിതയായ നീ എന്നെ സ്വീകരിക്കുവാൻ മടിക്കേണ്ട.'

ഇപ്രകാരം പറയുന്ന കാമോന്മത്തനായ അവനോട് ഞാൻ ധീരമായി പറഞ്ഞു: 'പേരുകേട്ട ഗന്ധർവ്വന്മാരോട് ഇടയുവാൻ ഭവാനു കഴിയുകയില്ല. ഞാൻ ഒന്നുകൊണ്ടും ധർമ്മത്തിൽനിന്നു വ്യതിചലിക്കുകയുമില്ല. കുലത്തിന്നും, സ്വഭാത്തിന്നും എതിരായി ഞാൻ പ്രവർത്തിക്കുകയില്ല. എന്നെ ആരാനും ബലാൽ സ്പർശിച്ചാൽ അവൻ തീർച്ചയായും ഹതനാകും. ആരേയും വധിക്കണമെന്ന വിചാരം എനിക്കില്ലാത്തതുകൊണ്ടാണ്, ജീവനിൽ കൊതിയുണ്ടെങ്കിൽ ഒഴിഞ്ഞുപൊയ്ക്കൊള്ളുവാൻ ഞാൻ പറയുന്നത്.'

ഞാൻ ഇപ്രകാരം പറഞ്ഞപ്പോൾ ആ ദുഷ്ടൻ ഉറക്കെ പൊട്ടിച്ചിരിച്ചു. പിന്നെ അവനും സുദേഷ്ണയും തമ്മിൽ ആലോചിച്ചുറച്ച് എന്നെ ചതിക്കുവാൻ വട്ടംകൂട്ടി. ഭ്രാതാവിന്റെ പ്രിയം ഉള്ളിൽക്കരുതി അവൾ എന്നെ പ്രിയത്തോടെ വിളിച്ച് കീചകന്റെ വസതിയിൽച്ചെന്നു മദ്യം കൊണ്ടുവരുവാൻ നിയോഗിച്ചു. അവിടെ ഞാൻ ചെന്നപ്പോൾ കീചകൻ എന്നോട് പ്രിയവാക്കുകൾ പറയുവാൻ തുടങ്ങി. അവന്റെ സാന്ത്വനംകൊണ്ട് ഞാൻ അധീനയാകുന്നില്ലെന്നുകണ്ടപ്പോൾ അവൻ ക്രുദ്ധനായി, എന്നെ ബലമായി പിടിക്കുവാൻ മുതിർന്നു. ആ ദുഷ്ടനായ കീചകന്റെ സങ്കല്പം അറിഞ്ഞപ്പോൾ ഞാൻ രാജാവ് ഇരിക്കുന്നേടത്തേക്ക് ഓടിപ്പോന്നു. രാജാവിനെക്കാണ്കെത്തന്നെ അവൻ പിന്നാലെ ഓടിവന്ന് എന്നെപിടിച്ചു. അവൻ ബലമായി എന്നെ പിടിച്ചു മറിച്ചിട്ട് കാലുകൊണ്ട് അടിച്ചു. വിരാടരാജാവ് ഇതൊക്കെ നോക്കിനിന്നു. കങ്കനും നോക്കിനിന്നു. തേരാളികളും, നർത്തകന്മാരും, വർത്തകസംഘവും അപ്പോൾ അവിയെടുണ്ടായിരുന്നു. അവരുടെയൊക്കെ മുമ്പിൽവെച്ച് ആ ദുഷ്ടൻ എന്നെ അപമാനിച്ചു. ഞാൻ രാജാവിനെയും കങ്കനെയും അധിക്ഷേപിച്ചു മുള്ളുവാക്കു പറഞ്ഞു. രാജാവ് അവനെ തടുക്കുകയാകട്ടെ ദുർന്നയത്തെ അവസാനിപ്പിക്കുകയാകട്ടെ ചെയ്തില്ല. വിരാടരാജാവിന്റെ സൂതനായ കീചകൻ ധർമ്മം വിട്ടവനും ക്രൂരബുദ്ധിയും, രാജസ്ത്രീസേവയുള്ളവനുമാണ്. ഗർവ്വിയും, ശൂരനും, പാപബുദ്ധിയും, കാര്യത്തിൽ ധർമ്മമാർഗ്ഗം വെടിഞ്ഞവനുമാണ്. പരഭാര്യമാരെ സ്പർശിക്കുവാൻ മടിയില്ലാത്തവനാണ്. ഗർവ്വിയും, ശൂരനും, പാപബുദ്ധിയുമായ അവൻ ധാരാളം ധനം നേടുന്നുണ്ട്. മറ്റുള്ളവർ കരഞ്ഞാലും അവൻ വിത്തം തട്ടിപ്പറിക്കും. അവൻ സന്മാർഗ്ഗത്തിൽ നില്ക്കുകയില്ല. ധർമ്മത്തെ കാമിക്കുന്നുമില്ല. താപാത്മാവായ ആ പാപി കാമബാണവശത്തിൽപ്പെട്ട്, വിനയംകെട്ട് എന്നെക്കാണുമ്പോഴൊക്കെ ഹിംസിക്കുന്നതായിരിക്കും. ഞാൻ ചത്തുപോയെന്നും വരാം. അങ്ങനെ ധർമ്മപരന്മാരായ നിങ്ങളുടെ ധർമ്മം നശിച്ചുപോയെന്നും വരാം. സമയം കാത്ത് ക്ഷമിച്ചുനിന്നാൽ നിങ്ങൾക്കു ഭാര്യ നഷ്ടമാകും. ഭാര്യയെ രക്ഷിച്ചാൽ ആത്മാവിനെ രക്ഷിച്ചതായി വിചാരിക്കാം. പ്രജയെ രക്ഷിച്ചാൽ ആത്മാവിനെ കാത്തതായി വിചാരിക്കാം. ആത്മാവ് ഏതൊരുവളിൽ ജനിക്കുന്നുവോ അവളാണ് ജായ. ജായാപദത്തിന്റെ ഉല്പത്തി അങ്ങനെയാണ്. തന്റെ ഗർഭോല്പത്തിയോർത്ത് ഭാര്യ ഭർത്താവിനെ രക്ഷിക്കുന്നു. വിപ്രന്മാർ പറഞ്ഞ് വിപ്രവർണ്ണധർമ്മം ഞാൻ കേട്ടിട്ടുണ്ട്. ക്ഷത്രിയർക്ക് ശത്രുഹിംസയേക്കാൾ മീതെയായി വേറെ ധർമ്മമൊന്നുമില്ലെന്നാണ്. ധർമ്മരാജാവു കാൺകെ അദ്ദേഹത്തിന്റെ കണ്ണിന്നു മുമ്പിൽ വെച്ച് കീചകൻ കാൽകൊണ്ട് എന്നെ അടിച്ചു. അത് അങ്ങയും കണ്ടതാണല്ലോ? ഭീമാ! മഹാബലാ! അങ്ങ് ഘോരനായ ജടാസുരനിൽനിന്ന് എന്നെ രക്ഷിച്ചു. ജയദ്രഥനെയും ഭവാൻ ഭ്രാതാക്കന്മാരോടുചേർന്ന് ജയിച്ചു. എന്നെ നിന്ദിക്കുന്ന ഈ പാപബുദ്ധിയേയും ഭവാൻ വധിക്കുക. രാജസേവകനായ കീചകൻ എന്നെ വല്ലാതെ അലട്ടുന്നു. പാറയിന്മേൽ കുടം എന്നപോലെ ആ കാമിയെ നീ അടിച്ചുതകർക്കുക. എനിക്ക് ഏറ്റവും അനർത്ഥം ചെയ്തുകൊണ്ടിരിക്കുന്നവനാണ് അവൻ. അവൻ ജീവിച്ചിരിക്കെ നാളെ പ്രഭാതത്തിൽ സൂര്യൻ ഉദിക്കുകയാണെങ്കിൽ വിഷം ചേർന്ന ഭക്ഷണം ഞാൻ കഴിക്കും. കീചകൻ മര്യാദയ്ക്കു നില്ക്കുകയില്ല. ഭീമാ! നിന്റെ മുമ്പിൽവെച്ചു മരിക്കുകയാണു നല്ലത്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് പാർഷതി ഭീമന്റെ മാറിൽ തല ചായ്ച്ചു കരഞ്ഞു. ഭീമൻ അവളെ പുല്കി സാന്ത്വവചനങ്ങൾ പറഞ്ഞു. മാഴ്കുന്ന സുമദ്ധ്യയായ പാഞ്ചാലിക്ക് യുക്തിയും കാര്യവും ചേർന്ന വാക്കുകൾകൊണ്ട് ആശ്വാസം നല്കി. കണ്ണുനീർപൊഴിയുന്ന അവളുടെ മുഖം കൈയാൽ തുടച്ചു. ദുഃഖിക്കുന്ന അവളോട് അമർഷത്തോടെ ഭീമൻ പറഞ്ഞു."

22. കീചകവധം – കീചകഭീമസേനന്മാരുടെ മൽപ്പിടുത്തവും കീചകവധവും – ഭീമൻ പറഞ്ഞു: "എടോ ഭീരു! നീ വിചാരിക്കുന്ന മാതിരി തന്നെ ഞാൻ പ്രവർത്തിക്കാം. ഇന്ന് ആ കീചകനെ അവന്റെ ബന്ധുക്കളോടുംകൂടി ഞാൻ വധിക്കുന്നുണ്ട്. ഈ രാത്രിയുടെ ആദികാലത്തു തന്നെ അവനുമായി ക്രീഡിക്കാമെന്നു സമ്മതംകൊടുക്കുക. ദുഃഖവും ശോകവും ഒക്കെക്കളഞ്ഞ് പുഞ്ചിരിതൂകി അവനുമായി സംസാരിച്ച് ഏർപ്പാടുചെയ്യുക. മത്സ്യരാജാവു പണിയിച്ച നാടകപ്പുരയിൽ പകൽ നൃത്തംചെയ്യുന്ന പെൺകിടാങ്ങൾ രാത്രിയിൽ വീടുപൂകുന്നതാണല്ലൊ. അപ്പോൾ നൃത്തശാല വിജനമാകും. അവിടെ ബലമായി ഉറപ്പിച്ച ദിവ്യമായ ഒരു കട്ടിലുണ്ട്. അതിൽവെച്ച് അവന്റെ മരിച്ചുപോയ പൂർവ്വപിതാക്കന്മാരെ അവന്നു കാണിച്ചുകൊടുക്കാം. അവനുമായി നീ കരാറുചെയ്യുന്നത് ആരും കാണരുത്. അങ്ങനെ അവൻ വന്നുചേരത്തക്കവിധം വേണ്ടതു ചെയ്തുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "അവർ ഇപ്രകാരം പരസ്പരം പറഞ്ഞു ദുഃഖിച്ച്, കണ്ണുനീർതൂകി പിരിഞ്ഞു. മനസ്സിൽ ആ ഭയങ്കരമായ രാത്രി അവർക്ക് അതിദീർഘമായിത്തോന്നി. അന്നത്തെ രാത്രി ഉഗ്രമായിത്തന്നെ നീങ്ങി. പിറ്റേന്നു പ്രഭാതമായി. പ്രഭാതത്തിൽ എഴുന്നേറ്റ് കീചകൻ രാജധാനിയിൽ കടന്നുവന്ന് കൃഷ്ണയോടു പറഞ്ഞു."

കീചകൻ പറഞ്ഞു: "സഭയിൽ രാജാവു കാൺകെ ഞാൻ നിന്നെ കാൽകൊണ്ടു തട്ടിവീഴ്ത്തിയില്ലേ? ബലവാനായ ഞാൻ പിടിച്ചാൽ പിന്നെ അതിൽനിന്നു രക്ഷകിട്ടുമെന്ന് നീ വിചാരിക്കേണ്ട. ആ രാജാവ് മത്സ്യർക്കു പേരിന്നുമാത്രം ഒരു രാജാവാണ്. എന്നാൽ ശരിക്കും മത്സ്യന്മാർക്കു രാജാവായി ശോഭിക്കുന്നത് ഈയുള്ളവനാണ്. സൈന്യാധിപനും ഞാൻതന്നെയാണ്. എടോ ഭീരു! നീ എന്തിനു ഭയപ്പെടുന്നു? നീ സുഖമായി എന്നെ സ്വീകരിച്ചോളൂ! ഞാൻ നിന്റെ ദാസനാകാം. ഉടനെതന്നെ ഹേ സുശ്രോണീ, ഞാൻ നൂറു നിഷ്കങ്ങൾ തരാം. നൂറു ദാസികളേയും വേറെ ദാസന്മാരേയും തരാം. ഭംഗിയുള്ള പെൺകുതിരകളെപ്പൂട്ടിയ തേരും തരാം. നീ ഒന്നു കൊണ്ടും ഭയപ്പെടേണ്ട. നമുക്കു സുഖമായി ഒന്നുചേരണം."

ദ്രൗപദി പറഞ്ഞു: "എന്റെ നിശ്ചയത്തെ കീചകാ, നീ സ്വീകരിക്കുക. ഞാൻ നീയുമായി ചേരുന്ന കാര്യം ഏറ്റവും ഇഷ്ടപ്പെട്ട സഹോദരൻപോലും അറിയരുത്. ആ നിശ്ചയത്തിൽ എന്റെ സങ്കേതത്തിൽ നീ എത്തുക. പ്രസിദ്ധരായ ഗന്ധർവ്വന്മാർ ധരിക്കുന്നതിൽ എനിക്കു ഭയമുണ്ട്. എന്നോട് ഇക്കാര്യം ഏറ്റുപറഞ്ഞാൽ ഞാൻ നിന്റെ പാട്ടിലാകാം."

കീചകൻ പറഞ്ഞു: "എടോ സുശ്രോണീ! തങ്കമേ! നീ പറഞ്ഞമാതിരിതന്നെ ഞാൻ ചെയ്തുകൊള്ളാം. തനിച്ച് ആരും അറിയാതെ ഞാൻ നിന്റെ മന്ദിരത്തിലേക്കു വരാം. എടോ ഭീരു, നീ ഭയപ്പെടേണ്ട. നിന്റെ സൂര്യാഭന്മാരായ ഗന്ധർവ്വന്മാർ അറിയാത്തവിധം കാമമോഹിതനായ ഞാൻ നിന്റെ സംഗം കൊതിച്ച് ആരും അറിയാതെ ആരും ആരും കാണാതെ രഹസ്യമായി വരാം."

digitized by www.sreyas.in

ദ്രൗപദി പറഞ്ഞു: "മത്സ്യരാജാവു നിർമ്മിച്ച നർത്തകപ്പുരയുണ്ടല്ലോ. പകൽ നൃത്തം പഠിക്കുന്ന പെൺകുട്ടികൾ രാത്രിയായാൽ വീട്ടിലേക്കു പോകുമല്ലോ. ഇരുട്ടത്ത് അവിടേക്ക് എത്തുക. ഗന്ധർവ്വന്മാർ അത് അറിയുകയില്ല. അവിടെ ദോഷശമനമൊക്കെയുണ്ടാകും. അതിന്ന് യാതൊരു സംശയവുമില്ല."

വൈശമ്പായനൻ പറഞ്ഞു: "ആ കാര്യം കീചകനുമായി പറഞ്ഞ പാർഷതിക്ക് പകലിൽ പാതി സമയമേ കഴിയുവാനുള്ളുവെങ്കിലും അത് ഒരുമാസത്തെപ്പോലെ ദീർഘമായിത്തോന്നി. അവൾ പിന്നെ ഇക്കാര്യം ഭീമനോടു പോയിപ്പറഞ്ഞു. കീചകനാണെങ്കിൽ അത്യന്തം ആനന്ദത്തോടെ സ്വഗൃഹത്തിൽ പ്രവേശിക്കുകയും ചെയ്തു. മൂഢനായ അവൻ സൈരന്ധ്രിയുടെ രൂപം തന്റെ മൃത്യുവിന്റെ രൂപമാണെന്ന് അറിഞ്ഞില്ല. അവൻ അവളെ ചിന്തിച്ച് വിശേഷഗന്ധമാല്യഭൂഷണങ്ങൾ അണിഞ്ഞ് മോടികൂട്ടി വേണ്ടുവോളം വെമ്പലോടെ കാമഭ്രാന്തുപിടിപെട്ട് ഓരോ കമ്പങ്ങൾ ചെയ്തു മോടിവർദ്ധിപ്പിക്കുവാൻ ഒരുങ്ങി. തന്നത്താൻ അലങ്കരിച്ചു. പിന്നേയും സന്ധ്യയാകാത്തതുകൊണ്ട് അവൻ മനസ്സുകൊണ്ടു വിഷമിച്ചു. അന്നത്തെ പകൽ ദീർഘമായി അവന്നു തോന്നി. അവൻ ആ സുന്ദരിയെത്തന്നെ ചിന്തിച്ച് ഇരിപ്പായി. കെടുവാൻപോകുന്ന വിളക്കിന്റെ തിരി ആളിക്കത്തി പ്രശോഭിക്കുന്നതുപോലെ ശ്രീ വിടുവാൻപോകുന്ന കീചകൻ പൂർവ്വാധികം ശ്രീമാനായി പ്രശോഭിച്ചു. സൈരന്ധ്രിയെ വിശ്വസിച്ച് കാമമോഹിതനായ കീചകൻ അവളെത്തന്നെ ചിന്തിച്ചിരിക്കുകയാൽ, അവളുടെ സംഗമം കാത്തിരിക്കുകയാൽ പകൽ വേഗം പോയി. ഉടനെ അടുക്കളയിൽ ചെന്ന് ഭീമസേനനെക്കണ്ട് ചാരത്തുനിന്ന് പതിയായ കുരുവീരനെ സേവിച്ച് ആ സുകേശിയായ സൈരന്ധ്രി പറഞ്ഞു: 'ഹേ പരന്തപാ! നൃത്തഗൃഹത്തിൽ നീ പറഞ്ഞപോലെ കീചകന്നു സംഗമം ഞാൻ കുറിച്ചു. ശൂന്യമായ നൃത്തഗൃഹത്തിൽ കീചകൻ ഏകനായി വരും. മഹാബാഹുവായ ഭവാൻ ചെന്ന് അവനെ കൊല്ലണം. മദോന്മത്തനായ ആ കീചകനെ, ഇനി ബാക്കിവെക്കരുത്. നൃത്തശാലയിൽച്ചെന്ന് അവനെ കൊല്ലുക. ആ സൂതപുത്രൻ മദംകൊണ്ട് ഗന്ധർവ്വന്മാരെ നിന്ദിക്കുന്നു. കയത്തിൽനിന്നു സർപ്പത്തെയെന്നപോലെ ഈ ലോകത്തിൽനിന്ന് രണോദ്ധതനായ ഭവാൻ അവനെ അകറ്റുക. ദുഃഖിക്കുന്ന എന്റെ കണ്ണുനീർ ഭവാൻ തുടച്ചാലും. ആത്മാവിന്നും കുലത്തിന്നും നീ മാനം വളർത്തുക! ഭവാനു മംഗളം.'"

ഭീമൻ പറഞ്ഞു: "എടോ ഭദ്രേ, നീ ഭയപ്പെടേണ്ട. നീ പറഞ്ഞമാതിരിതന്നെ ഞാൻ ചെയ്തുകൊള്ളാം. നീപറഞ്ഞത് എനിക്കിഷ്ടമായി നിനക്കു സ്വാഗതം! എടോ സുന്ദരീ, എനിക്ക് അവനെ കൊല്ലുവാൻ ആരുടേയും സഹായം ആവശ്യമില്ല. എനിക്ക് കീചകരണം രസമാണെന്നു നീ പറഞ്ഞില്ലേ. ഹിഡിംബനെ കൊന്ന കാലത്ത് ആ രസം ഞാൻ അനുഭവിച്ചു. ഭ്രാതൃധർമ്മങ്ങളെ സാക്ഷിയാക്കി ഞാൻ സത്യം ചെയ്യാം: 'ഞാൻ കീചകനെ ശക്രൻ വൃത്രനെകൊന്നമാതിരി കൊല്ലുന്നതാണ്. ഒളിവായോ വെളിവായോ ഞാൻ തീർച്ചയായും കീചകനെ കൊല്ലുന്നതാണ്. പിന്നെ മത്സ്യർ പൊരുതിയാൽ അവരേയും ഞാൻ കൊന്നുകളയും. പിന്നെ വേഗത്തിൽ ദുര്യോധനനെ കൊന്നു ഭൂമിയും നേടും. മത്സ്യന്റെ മട്ട് എന്താണെന്നു കുന്തീപുത്രനായ യുധിഷ്ഠിരൻ പറയട്ടെ.'"

ദ്രൗപദി പറഞ്ഞു: "കുന്തീപുത്രാ! സത്യം കൈവിടാത്തനിലയിൽ എനിക്കുവേണ്ടി നീ ഗൂഢമായി കീചകനെ വധിച്ചുകൊള്ളുക."

ഭീമൻ പറഞ്ഞു: "എടോ ഭീരു! നീ പറഞ്ഞമാതിരി ഞാൻ ചെയ്യുന്നതാണ്. ഇന്ന് കീചകനെ ബന്ധുവൃന്ദത്തോടൊപ്പം മുടിക്കുന്നതാണ്. മാനിനീ, ഞാൻ ആരും കാണാതെ രാത്രി ഇരുട്ടത്തു ചെന്ന്, അലഭ്യമായ വസ്തു ആഗ്രഹിക്കുന്ന ദുഷ്ടനായ കീചകന്റെ ശിരസ്സ് ആന കൂവളക്കായയെ എന്നപോലെ ആക്രമിച്ചു ചവിട്ടിത്തകർത്തുവിടുന്നതാണ്."

വൈശമ്പായനൻ പറഞ്ഞു: "ഭീമൻ മുമ്പേതന്നെ ഒളിവായി, രാത്രിയിൽ സിംഹം ആനയെ എന്നപോലെ ഗൂഢമായി കീചകനെ കാത്ത് ഇരിപ്പായി. കീചകൻ കാമകേളിക്കുവേണ്ട മോടികളൊക്കെ വർദ്ധിപ്പിച്ച് യഥേഷ്ടം നടന്ന് കൃഷ്ണാസംഗാശ മനസ്സിൽവെച്ച് നൃത്തശാലയിൽ ചെന്നെത്തി. സങ്കേതം കരുതി ആ ഗൃഹത്തിൽക്കയറി. കൂരിരുട്ടു നിറഞ്ഞ ആ വലിയ ഗൃഹത്തിൽ അവൻ കടന്നു. മുമ്പിൽച്ചെന്നു കാത്തുനില്ക്കുന്ന ഉഗ്രവീര്യനായ ഭീമന്റെ അടുത്തെത്തി. ഒരു അറ്റത്തായിരുന്ന അവന്റെ അരികിലേക്ക് ആ ദുർമ്മതി ചെന്നു. കൃഷ്ണയെ ധർഷണംചെയ്തതു ചിന്തിച്ചു കോപിച്ച്, ഉഷ്ണിച്ചു കട്ടിലിൽ ഭീമസേനൻ കിടക്കുകയായിരുന്നു. അവന്റെ സമീപത്തു ചെന്ന് കട്ടിലിൽ ചേർന്നിരുന്നു സ്പർശിച്ച് സന്തോഷോന്മാദത്തോടെ പുഞ്ചിരിതൂകിപ്പറഞ്ഞു: 'ഓമനേ, ഞാൻ നിനക്കു പലതരം വിത്തം നല്കാം. രൂപലാവണ്യമുള്ള തരുണീജനങ്ങളോടുകൂടിയ കേളീകുതുകം വളർത്തുന്ന അന്തഃപുരങ്ങളും ധനവുമൊക്കെ നിന്നെക്കണ്ടതുമൂലം ഉപേക്ഷിച്ചിട്ടാണ് പൊന്നേ ഞാൻ ഇങ്ങോട്ടു പോന്നത്. ഗൃഹനാരിമാർ എന്നെപ്പറ്റി പുകഴ്ത്തുന്നതു കേൾക്കണോ! ഉടുപ്പും അഴകും ചേർന്നു നിന്നെപ്പോലെ അഴകുതികഞ്ഞ പുരുഷന്മാർ ഭൂലോകത്തിലില്ല! എന്ന്."

ഭീമൻ പറഞ്ഞു: "കൊള്ളാം! നീ ദർശനീയാംഗനാണ്. നിന്റെ ആത്മപ്രശംസ കേമംതന്നെ. ഈമാതിരി സ്പർശനം മുമ്പൊരിക്കലും നീ അറിഞ്ഞിരിക്കയില്ല. നീ കാമകല അറിഞ്ഞവനും സ്പർശജ്ഞനുമാണല്ലോ. സ്ത്രീകൾക്ക് ഇമ്പംകൂട്ടുന്നതിൽ നിന്നെപ്പോലെ യോഗ്യരായ പുരുഷന്മാരില്ല."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് മഹാബാഹുവും, ഭീമപരാക്രമനുമായ ഭീമൻ പെട്ടെന്നു കട്ടിലിന്മേൽനിന്നെഴുന്നേറ്റ് പൊട്ടിച്ചിരിച്ചു പറഞ്ഞു: 'മലപോലുള്ള മഹാഗജത്തെ സിംഹം എന്നപോലെ ദുഷ്ടനായ നിന്നെ ഞാൻ മണ്ണിലിട്ടിഴച്ചത് നിന്റെ സഹോദരി കാണട്ടെ! നീ ചത്തതിന്റെശേഷം സൈരന്ധ്രി തടസ്സംകൂടാതെ സഞ്ചരിക്കുന്നതാണ്. അവളുടെ ഭർത്താക്കന്മാരും സുഖമായി സഞ്ചരിക്കട്ടെ!' എന്നു പറഞ്ഞ് മാലചാർത്തിയ കീചകന്റെ മുടിക്കെട്ടിൽ മഹാബലനായ ഭീമൻ പിടികൂടി. ഊക്കോടെ മുടിയിൽ കൈവെച്ചപ്പോൾ ഞെട്ടിയ കീചകൻ തലചായ്ച്ച് തന്റെ എതിരാളിയെ രണ്ടു കൈകൊണ്ടും പിടികൂടി. അങ്ങനെ ആ പുരുഷകേസരികൾ രണ്ടുപേരും തമ്മിൽ ക്രുദ്ധരായി ബാഹുയുദ്ധം തുടങ്ങി. വസന്തകാലത്ത് പിടിയാനയ്ക്കുവേണ്ടി ഭയങ്കരന്മാരായ ഗജങ്ങൾ തമ്മിൽ എന്നപോലെ അവർ തമ്മിൽ ഇടഞ്ഞു. കീചകന്മാരിൽ മുമ്പനും, നരന്മാരിൽ പ്രവരനും തമ്മിലാണ് യുദ്ധം. ബാലിയും സുഗ്രീവനും തമ്മിലെന്നപോലെ അന്യോന്യം വാശിയോടെ തമ്മിൽ കൊല്ലുവാൻ മുതിർന്നു. കൈയുയർത്തി പടം അഞ്ചുള്ള സർപ്പംപോലെ തമ്മിൽ ക്രോധവിഷത്തോടുകൂടി ഉദ്ധതന്മാരായി നഖവും ദംഷ്ട്രകളും പരസ്പരം ഏല്പിച്ചു. ഊക്കുള്ളവനായ കീചകൻ കേറി ഊക്കോടെ പ്രഹരിച്ചു. സ്ഥിരപ്രജ്ഞനായ അവൻ നിന്നനിലയിൽനിന്ന് ഇളകിയില്ല. കുറ്റൻകാളകളെപ്പോലെ ശോഭിക്കുന്ന അവർ തമ്മിൽത്തമ്മിൽ വലിച്ച് തമ്മിൽ ബഹളമായി. രണം ഭീഷണമായിത്തീർന്നു. ക്രുദ്ധവ്യാഘ്രങ്ങളെപ്പോലെ നഖദന്തങ്ങളെ ആയുധങ്ങളാക്കി അവർ പരസ്പരം പ്രഹരിച്ചു. കീചകൻ അമർഷത്തോടെ ചാടി ഭീമനെ രണ്ടു കൈകൊണ്ടും കെട്ടിമുറുക്കി. രണ്ടു മദംപൊട്ടിയ ആനകൾ പരസ്പരം പോരാടുന്നവിധം ഭീമൻ കീചകനേയും പിടികൂടി. ബലവാനായ കീചകൻ പിടി വിട്ടുകിട്ടുവാൻ ബലമായി പിടഞ്ഞു. ഇരുവരുടേയും കൈകൾ തട്ടി ഉരസിയപ്പോൾ കരിങ്ങാലി പൊളിക്കുന്നവിധം ശബ്ദമുണ്ടായി. വൃകോദരൻ കീചകനെ അരക്കെട്ടിൽ പിടികൂടി വലിച്ചു. പ്രചണ്ഡമാരുതൻ വൃക്ഷത്തെയെന്നപോലെ പിടിച്ചു ബലമായി കുലുക്കി. അതിൽ കീചകൻ അല്പം കുഴങ്ങിയെങ്കിലും ഉടനെ തെളിഞ്ഞ് തന്റെ ബലം മുഴുവൻ പ്രയോഗിച്ച് ആഞ്ഞുതള്ളി. അതോടുകൂടി കാലുതെറ്റി നിലയിളകി ഭീമൻ ഭൂമിയിൽ മുട്ടുകുത്തി വീണുപോയി. ആ വീഴ്ചയിൽനിന്നു പെട്ടെന്നെഴുന്നേറ്റ ഭീമൻ ദണ്ഡധരനായ അന്തകനെപ്പോലെ ഘോരദർശനനായിരുന്നു. പിന്നെ ബലോന്മത്തരായ അവർ തമ്മിൽ പൂർവ്വാധികം ദാരുണമായി പോരാടി. നടുരാവിൽ

digitized by www.sreyas.in

ആ വിജനസ്ഥലത്ത് അവർ പരസ്പരം വലിച്ചിഴച്ചുതുടങ്ങി. ആ ശ്രേഷ്ഠമായ ഭവനത്തെയിട്ടു കുലുക്കി. ആ ക്രുദ്ധന്മാർ വീണ്ടും വീണ്ടും ഭയങ്കരമായി ഗർജ്ജിച്ചു. കൈത്തലത്താൽ ഭീമൻ അടിക്കുന്ന അടി കീചകൻ നിലതെറ്റാതെ തടുത്തുനിന്നു. എങ്കിലും ആ അടിയുടെ ഊക്കു സഹിക്കാൻ കഴിയാഞ്ഞതുകൊണ്ട് ക്രമേണ ആ സൂതപുത്രൻ തളർന്നു. അങ്ങനെ ഭീമന്റെ പ്രഹരമേറ്റ് കീചകൻ അല്പം വാടി.

ശത്രുവിന്നു ബലം ക്ഷയിച്ചു എന്നു കണ്ടപ്പോൾ അവനെപ്പിടിച്ച് (പ്രേമത്താൽ എല്ലൊടിയുംവിധം) മാറോടുചേർത്തു മോഹിതനാക്കി. ക്രോധാവേശത്താൽ വീണ്ടും വീണ്ടും നിശ്വസിക്കുന്ന വൃകോദരൻ ബലംകെട്ടുനില്ക്കുന്ന കീചകനെ മുടിയിൽ മുറുകെപ്പിടിച്ചു മാനിനെ പിടികൂടിയ രക്താർത്ഥിയായ വ്യാഘ്രത്തെപ്പോലെ ഉച്ചത്തിൽ അലറി, പിന്നെ ആ തളർന്ന മനുഷ്യനെ പശുവിനെ കയർ കൊണ്ടെന്നപോലെ കൈകൾകൊണ്ടു കെട്ടിവിരിഞ്ഞു. പൊളിഞ്ഞ പെരുമ്പറയുടെ നാദംപോലെ ഉറക്കെ ചിന്നംവിളിക്കുന്ന കീചകനെ പാണ്ഡവൻ പിന്നേയും പിന്നേയും പിടിച്ചു മുറുക്കി മോഹാലസ്യപ്പെടുമാറ് നിശ്ചേഷ്ടനാക്കി.

പിന്നെ അവന്റെ കഴുത്ത് ഭീമൻ രണ്ടു കൈകൊണ്ടും ബലമായി പിടിച്ചു ഞെക്കി. കൃഷ്ണമൂലം ഉണ്ടായ കോപത്തിന്റെ ആവേശം മാറുവാൻ തക്കവിധം അവനെ ഭീമൻ പീഡിപ്പിച്ചു. അംഗം തളർന്ന് അവന്റെ കൺപോള മറിഞ്ഞു. ആ സമയത്ത് മുട്ടുകുത്തി അരക്കെട്ടിൽ അമർത്ത് കൈകൊണ്ട് ഞെക്കി പശുവിനെ കൊല്ലുന്ന വിധം കൊന്നു. ആ കീചകൻ വിഷാദിച്ചു എന്നറിഞ്ഞ് പാണ്ഡവൻ നിലത്തു മറിച്ചിട്ടു പിന്നെയും ഇപ്രകാരം പറഞ്ഞു: 'ഭ്രാതൃഭാര്യാപഹാരിയെക്കൊന്ന് ഇന്നു ഞാൻ കടം വീട്ടി. സൈരന്ധ്രീദ്രോഹിയെക്കൊന്ന് അത്യന്തം ശാന്തി ഞാൻ നേടി' എന്ന് ആ കീചകനോടു പറഞ്ഞ് കോപംകൊണ്ടു ചുവന്ന കണ്ണോടുകൂടി, വസ്ത്രാംഗഭൂഷാദികൾ കൊഴിഞ്ഞ്, കണ്ണുതുറിച്ചു ചത്ത കീചകനെ വലിച്ചെറിഞ്ഞു. പിന്നെ ചുണ്ടുകടിച്ച് കൈ രണ്ടും ഞെരിച്ച് ആ ശക്തനായ ഭീമസേനൻ കോപത്തോടെ അവന്റെ ദേഹത്തിൽ കയറി ഒരു നിരപ്പുചവിട്ടി. അവന്റെ കൈയും കാലും തലയുമൊക്കെ ഒടിച്ച് മൃതശരീരത്തിന്റെ ഉള്ളിലേക്കു പശുവിന്റെ മെയ്യിലേക്ക് ഈശ്വരൻ ചെയ്തവിധം കുത്തിക്കയറ്റി അംഗം മർദ്ദിച്ചൊതുക്കി ആ മാംസപിണ്ഡസ്വരൂപനെ, കൃഷ്ണയെ വിളിച്ച് ഭീമസേനൻ കാണിച്ചുകൊടുത്തു. രമണീമണിയായ കൃഷ്ണയോട് തേജസ്വിയായ വൃകോദരൻ പറഞ്ഞു:

'പാഞ്ചാലീ, നോക്കൂ, വരൂ! ഈ കാമുകന്റെ കിടപ്പൊന്നു നോക്കൂ!' എന്നു പറഞ്ഞ് ഭീമപരാക്രമനായ ഭീമൻ കാൽകൊണ്ട് ആ ദുഷ്ടബുദ്ധിയുടെ ദേഹത്തെ തട്ടി. തീ ജ്വലിപ്പിച്ച് ആ ഇരുട്ടിൽ അവന്റെ ദേഹം കൃഷ്ണയ്ക്ക് കാട്ടിക്കൊടുത്തു. പാഞ്ചാലിയോട് വീരനായ അവൻ ഇങ്ങനെ പറഞ്ഞു: 'സുകേശീ, ശീലഗുണമുള്ള നിന്നെ കൊതിക്കുകയാണെങ്കിൽ അവരുടെ നില ഇപ്രകാരമായിരിക്കും. ഈ കീചകന്റെമാതിരിയിലാകും!' കൃഷ്ണയ്ക്ക് ഏറ്റവും പ്രിയപ്പെട്ട ഈ സാഹസദുഷ്കരക്രിയ ചെയ്ത് രോഷശാന്തി അണഞ്ഞതിന്നുശേഷം കൃഷ്ണയോട് യാത്രപറഞ്ഞ് ഭീമൻ പാചകശാലയിലേക്കു പോയി. കീചകധ്വംസനം ചെയ്യിച്ച നാരീമണിയായ പാർഷതി ഹർഷിച്ച്, ഉൾത്താപം വിട്ട്, നൃത്തശാലാപാലകരോടു പറഞ്ഞു: 'എന്റെ വല്ലഭരായ ഗന്ധർവ്വന്മാർ ഇതാ കീചകനെ കൊന്നിരിക്കുന്നു. കീചകൻ ഇതാ വീണുകിടക്കുന്നു. പരസ്ത്രീകാമിയായ അവനെ നിങ്ങൾ ഒന്നു ചെന്നുനോക്കുക.' അവൾ പറഞ്ഞ വാക്കു കേട്ട് നൃത്തശാലരക്ഷികൾ പെട്ടെന്നു പാഞ്ഞുചെന്നു ചൂട്ടുകത്തിച്ചു കൈയിൽവെച്ച് വളരെപ്പേർ അകത്തു കടന്നു. മരിച്ചുകിടക്കുന്ന കീചകനെ രക്തത്തിൽ മുഴുകിയ മട്ടിൽ ഭൂമിയിൽ കിടക്കുന്നതായി കണ്ടു കൈകാലുകളില്ലാതെ കിടക്കുന്ന അവനെ കണ്ട് അവർ നടുങ്ങി. കണ്ടവർ കണ്ടവർ ആശ്ചര്യത്തോടെ വീണ്ടുംവീണ്ടും നോക്കി. അമാനുഷമായ ഈ കർമ്മത്തെ അവരേവരും വീണ്ടും വീണ്ടും നോക്കി വിസ്മിതരായി നിന്നു. ഗന്ധർവ്വനാൽ ഹതനായ കീചകന്റെ കാലെവിടെ? കൈയെവിടെ? കഴുത്തെവിടെ? തലയെവിടെ? എന്ന് അവർ അവിടെയൊക്കെ സൂക്ഷിച്ചു തെരഞ്ഞു നോക്കിത്തുടങ്ങി."

23. ഉപകീചകന്മാരുടെ വധം – വൈശമ്പായനൻ പറഞ്ഞു: "കീചകനെ ഗന്ധർവ്വന്മാർ കൊന്നു എന്ന വൃത്താന്തം അറിഞ്ഞ് അവന്റെ ബന്ധുക്കളെല്ലാം അവൻ മൃതിയടഞ്ഞുകിടക്കുന്ന ദിക്കിൽ വന്നു. കീചകനെ നോക്കി ചുറ്റും കൂടി നിലവിളിയും കരച്ചിലുമായി. കരയ്ക്കുകേറ്റിയ ആമയെപ്പോലെ കാലും കൈയും തലയുമൊക്കെ ഉള്ളിലായ കീചകനെ കണ്ട് അവർ പേടിച്ചു വിറച്ചു കോൾമയിർക്കൊണ്ടു. ഇന്ദ്രൻ ദാനവരെ എന്ന വിധം ഭീമൻ സംഹരിച്ച ആ വമ്പനെ സംസ്കരിക്കുന്നതിന്നായി പുറത്തേക്കെടുക്കുവാൻ അവർ ഒരുങ്ങി. അപ്പോൾ വളരെ അകലെയല്ലാതെ ഒരു തൂണിനെ ചാരിനില്ക്കുന്ന കൃഷ്ണയെ ഈ സൂതപുത്രന്മാർ കണ്ടു. ആൾക്കൂട്ടത്തിൽ അവളെക്കണ്ട് ഉപകീചകന്മാർ പറഞ്ഞു: 'കീചകൻ ചാകുവാൻ ഇവളാണു കാരണം. ഉടനെ കൊല്ലണം ഈ സ്ത്രീയെ. അല്ലെങ്കിൽ തല്ലിക്കൊല്ലുകയല്ല വേണ്ടത്. ഇവളെ കാമിച്ച കീചകനോടൊപ്പം ചുട്ടുകളയുക. മരിച്ചാലും സൂതപുത്രന്റെ ഇഷ്ടം നാം അറിഞ്ഞു ചെയ്യുകയാണല്ലോ വേണ്ടത്.' അവർ ഓടിച്ചെന്ന് വിരാടരാജാവിനോടു സമ്മതം ചോദിച്ചു: 'കീചകൻ മരിച്ചത് സൈരന്ധ്രികാരണമാണ്. അതുകൊണ്ട് ചത്ത കീചകനോടൊപ്പം ചേർത്തുകെട്ടി ഇവളെ ചുടണം രാജാവേ; സമ്മതം തരിക.' സൂതന്മാരുടെ വിക്രമം കണ്ട് രാജാവ് അതിന്നനുവദിച്ചു. ഓടിച്ചെന്ന് പേടിച്ചു വിറയ്ക്കുന്ന പൊയ്ത്താർമിഴിയായ കൃഷ്ണയെ മോഹാലസ്യപ്പെടുമാറ് ഉപകീചകന്മാർ പിടികൂടി. അവളേയുംകൂടി കീചകന്റെ ശവത്തോടൊപ്പം വെച്ചുകെട്ടി. സുന്ദരിയായ അവളെ ചുടുകാട്ടിലേക്ക് എടുത്തുകൊണ്ട് നടന്നു. സൂതപുത്രന്മാർ അവളെ പിടികൂടി കൊണ്ടുപോകുമ്പോൾ മാന്യയായ അവൾ സനാഥയാണെങ്കിലും അനാഥയായി വിലപിച്ചു നാഥന്മാരെ വിളിച്ച് ഉറക്കെ നിലവിളിച്ചു."

ദ്രൗപദി പറഞ്ഞു: "ജയാ, ജയന്താ, വിജയാ, ജയൽസേനാ, ജയൽബലാ! നിങ്ങൾ കേൾക്കണേ! എന്നെ ഇതാ സൂതജന്മാർ കൊണ്ടുപോകുന്നു. ഇടിവെട്ടുന്നതുപോലെ കടുത്ത ചെറുഞാണൊലി സംഗരത്തിലുണ്ടാക്കുന്ന തരസ്വികളേ, രഥഘോഷം മുഴക്കുന്ന ഗന്ധർവ്വന്മാരേ, ബലശാലികളേ, നിങ്ങൾ കേൾക്കണേ. എന്നെ ഇതാ, സൂതപുത്രന്മാർ കൊണ്ടുപോകുന്നു!"

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണ സങ്കടപ്പെട്ടു വിലപിക്കുന്ന വാക്കുകൾ കേട്ടു ശയ്യാതലം വിട്ട് ഭീമസേനൻ പാഞ്ഞണഞ്ഞു."

ഭീമസേനൻ പറഞ്ഞു: "സൂതപുത്രന്മാരിൽ നിന്ന് ഹേ ഭീരു, നീ ഭയപ്പെടേണ്ടാ. സൈരന്ധ്രീ, നീ പറയുന്ന വാക്കു ഞാൻ കേൾക്കുന്നുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് മഹാബാഹുവായ ഭീമൻ ഒരു കൂട്ടക്കൊല നടത്തുവാൻതന്നെ തീരുമാനിച്ചു. ഉടനെ തന്റെ വേഷമൊന്നു മാറ്റി ദേഹം തളർത്തി വാതിൽ കൽക്കൂടിയല്ലാതെ പുറത്തേക്കു കടന്നു. ഭീമസേനൻ ക്ഷണത്തിൽ മതിൽ ചാടിക്കടന്നു. കീചകന്മാർ പോയ ചുടുകാട്ടിലേക്കു കുതിച്ചുപാഞ്ഞു. മതിൽ ചാടിക്കടന്ന് നഗരംവിട്ടു പോന്ന അവൻ ക്ഷണത്തിൽ സൂതന്മാരുടെ മുമ്പിൽ എത്തി. ചുടുകാടിന്നടുത്തെത്തിയപ്പോൾ അവിടെ ഒരു വലിയ മരം കണ്ടു. പനപോലെ വളർന്നതും വലിയ കൊമ്പുള്ളതും തല വാടിത്തളർന്നതുമായിരുന്നു ആ വൃക്ഷം. ഒരു ആനയെപ്പോലെ അവൻ ആ മരത്തെ ചുറ്റിപ്പിടിച്ചു. പത്തുകോൽ പൊക്കമുള്ള ആ മരം പറിച്ച് തോളിൽ വച്ചു. പത്തുകോൽ പൊക്കമുള്ളതും കൊമ്പുകളോടുകൂടിയതുമായ ആ മരം ഓങ്ങി, ദണ്ഡേന്തിയ അന്തകനെപ്പോലെ ഭീമൻ ആ സൂതന്മാരോട് എതിർത്തു. അവൻ പായുന്ന പാച്ചിലിൽ വായുതട്ടി പേരാല്, അരയാല്, പിലാശ് മുതലായ മരങ്ങൾ കൂട്ടമായി ഭൂമിയിൽ വീണുകിടക്കുന്നതായിക്കണ്ടു. ചൊടിച്ച സിംഹത്തെപ്പോലെ ഗന്ധർവൻ വരുന്ന വരവു കണ്ടപ്പോൾ പേടിച്ച്

digitized by www.sreyas.in

സൂതന്മാർ വല്ലാതെ വിറച്ചുപോയി. ദണ്ഡേന്തിയ അന്തകനെപ്പോലെ ഗന്ധർവ്വൻ വരുന്നതുകണ്ട് ജ്യേഷ്ഠന്റെ ദേഹദഹനത്തിനൊരുങ്ങുന്ന ഉപകീചകന്മാർ ഭയപ്പെട്ട് തമ്മിൽത്തമ്മിൽ പറഞ്ഞു: 'ശക്തനായ ഗന്ധർവ്വൻ ഇതാ വൃക്ഷവും പറിച്ചു വരുന്നു! ഇതാ വരുന്നു! നമ്മൾക്ക് ആപത്തുണ്ടാക്കിയ സൈരന്ധ്രിയെ ഉടനെ വിടുക.' ഭീമൻ ആ വൃക്ഷവും വീശി വരുന്നതു കണ്ട് ഉടനെ കൃഷ്ണയെ വിട്ട് അവർ പുരത്തിലേക്കു പാഞ്ഞു. ഓടുന്ന ഉപകീചകന്മാരെ, ശക്രൻ ദൈത്യരെയെന്നവിധം നൂറ്റിയഞ്ചുപേരേയും ഭീമൻ ആ മരംകൊണ്ട് കാലപുരിയിലേക്കു യാത്രയയച്ചു. പിന്നെ പാഞ്ചാലിയെ കെട്ടഴിച്ചിട്ട് സാന്ത്വനംചെയ്തു. മഹാബലനായ ഭീമൻ അവളുടെ മുഖത്ത് കണ്ണീർ കണ്ട്, ശത്രുക്കളുടെ നേരെ ചണ്ഡനായി, ഇപ്രകാരം പറഞ്ഞു: 'കുറ്റമില്ലാത്ത നിന്നെ ഉപദ്രവിക്കുന്നവരെ ഇങ്ങനെ ഞാൻ കൊന്നുകളയും കൃഷ്ണേ, ഭയപ്പെടേണ്ട; നീ നഗരത്തിലേക്കു പോവുക.'"

വൈശമ്പായനൻ പറഞ്ഞു: "നൂറ്റഞ്ചുപേരെ അവിടെവച്ച് ഭീമൻ സംഹരിച്ചുവിട്ടു. അവരൊക്കെ കിടക്കുന്നതു കണ്ടാൽ മരം വെട്ടിയിട്ട കാടുപോലെ തോന്നും. ഇപ്രകാരം നൂറ്റഞ്ച് ഉപകീചകന്മാരുടേയും കഥ അവസാനിപ്പിച്ചു. ആ സേനാപതിയെ അതിന്നു മുമ്പുതന്നെ കൊന്നുവിട്ടുവല്ലോ. അങ്ങനെ അന്ന് നൂറ്റാറുപേരുടെ കഥകഴിച്ചു. നരന്മാരും നാരിമാരും ഈ അത്ഭുതം കണ്ട് ആശ്ചര്യപ്പെട്ടു. എന്നാൽ ഒന്നും മിണ്ടുകയുണ്ടായില്ല, ജനമേജയരാജാവേ! ഭാരതാ! അവർ മിണ്ടുവാൻ ധൈര്യപ്പെട്ടില്ല."

24. കീചകന്റെ ശവദാഹം – വൈശമ്പായനൻ പറഞ്ഞു: "സൂതന്മാരെയെല്ലാം ഗന്ധർവ്വൻ കൊന്നുകളഞ്ഞതു കണ്ട ജനങ്ങൾ ഓടിച്ചെന്ന് രാജാവിനോട് വിവരം ഉണർത്തിച്ചു: 'അയ്യോ! ഗന്ധർവ്വന്മാർ ശക്തന്മാരായ സൂതപുത്രന്മാരെ കൊന്നുകളഞ്ഞു. വജ്രംകൊണ്ടു തകർന്ന കൊടുമുടിപോലെ സകലരും ഇതാ വീണുകിടക്കുന്നു. സൈരന്ധ്രിയും അവരുടെ കൈയിൽനിന്നു വിട്ടുപോന്ന് വീണ്ടും ഭവാന്റെ ഗൃഹത്തിൽ എത്തുന്നു. രാജാവേ, ഭവാന്റെ പുരി ഇപ്പോൾ സന്ദിഗ്ദ്ധാവസ്ഥയിലായി. സൈരന്ധ്രിയാണെങ്കിൽ അഴകുള്ളവളാണ്. ഗന്ധർവ്വന്മാരാണെങ്കിൽ ബലശാലികളുമാണ്. പുരുഷന്മാർക്കാണെങ്കിൽ സ്ത്രീസേവ കൂടാതെ കഴികയില്ല. സൈരന്ധ്രികാരണമാണ് ഭവാന്റെ പുരിക്ക് ഈ ആപത്തൊക്കെ വന്നുചേർന്നത്. ഉടനെ ഈ പുരി നശിക്കാത്ത വിധം ഭവാൻ നീതി ചെയ്യണേ!'

അവർ പറഞ്ഞ വാക്കു കേട്ട് സേനാനാഥനായ വിരാടൻ പറഞ്ഞു: 'എല്ലാ സൂതരേയും ഒന്നിച്ച് ചിതയിൽ ദഹിപ്പിക്കണം. അവരുടെ അപരക്രിയകളൊക്കെ വേണ്ടവിധം ചെയ്യണം. നല്ല ചന്ദനം മുതലായ മരങ്ങൾകൊണ്ടു വേണം ദഹിപ്പിക്കുവാൻ.' പിന്നെ രാജാവ് പട്ടമഹിഷിയായ സുദേഷ്ണയോടു പറഞ്ഞു: 'സൈരന്ധ്രി വന്നാൽ ഞാൻ പറഞ്ഞതായി നീ പറയണം, ഹേ സൈരന്ധ്രി, ശുഭാനനേ, നീ യഥേഷ്ടം പൊയ്ക്കൊള്ളുക നിനക്കു ശുഭം വരും. നൃപൻ ഗന്ധർവ്വാക്രമണത്തിൽ ഭയപ്പെട്ടിരിക്കുകയാണ്. ഗന്ധർവ്വന്മാർ കാക്കുന്ന നിന്നോടു നേരിട്ട് രാജാവു സംസാരിക്കുകയില്ല. സ്ത്രീകൾ പറയുന്നതിൽ തെറ്റില്ലെന്നു വിചാരിച്ച് ഞാൻ നിന്നോടു പറയുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "സൂതപുത്രന്മാരെയൊക്കെ കൊന്ന് ഭീമൻ മോചിപ്പിച്ചയച്ച കൃഷ്ണ, ഭയം തീർന്ന് വിരാടപുരിയിൽ മടങ്ങിയെത്തി. പുലിയാൽ ഉഴറ്റപ്പെട്ട മാൻപേടപോലെയുള്ള ആ മനസ്വിനി, ഭയംവിട്ട് വെള്ളത്തിലിറങ്ങി വസ്ത്രവും മെയ്യും കഴുകി ശുചിയാക്കി അവളെ കണ്ടതോടുകൂടി പുരുഷന്മാർ ഭയപ്പെട്ടു പാഞ്ഞ് പത്തുദിക്കിലേക്കും ഓടിക്കളഞ്ഞു. ചിലർ കണ്ടയുടനെ ഗന്ധർവ്വഭയംമൂലം കണ്ണടച്ചുനിന്നു. പിന്നെ അവൾ അടുക്കളവാതിൽക്കൽവെച്ച് ഭീമസേനനെ കണ്ടു. മെല്ലെ പുഞ്ചിരിതൂകി അവൾ സംജ്ഞയാൽ അവനോടു പറഞ്ഞു: 'എന്നെ മോചിപ്പിച്ചുതന്ന ഗന്ധർവ്വേന്ദ്രന്ന് വന്ദനം!'"

ഭീമൻ പറഞ്ഞു: "മുമ്പേ ഇവിടെ ചരിച്ചിരുന്ന നിന്റെ വശവർത്തികളായ പുരുഷന്മാർ ഇന്ന് നിന്റെ വാക്കു കേട്ട് അവരുടെ കടം തീർന്നതോർത്ത് കൃതകൃത്യരായി സന്തോഷിക്കും."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ അർജ്ജുനനെ, നൃത്തശാലയിൽവെച്ച് അവൾ വിരാടകന്യകയുടെ നൃത്താചാര്യനായ ആ ദീർഘബാഹുവിനെ, കണ്ടു. കന്യകമാരോടുകൂടി നൃത്തശാലയിൽനിന്ന് പാർത്ഥൻ ഇറങ്ങുകയായിരുന്നു. അപ്പോൾ കന്യകമാർ കൃഷ്ണയെ കണ്ടു. കുറ്റമില്ലാതെ കഷ്ടം അനുഭവിച്ച അവളെ കണ്ടപ്പോൾ കന്യകമാരൊക്കെ ഇപ്രകാരം പറഞ്ഞു."

കന്യകമാർ: "ഭാഗ്യം! സൈരന്ധ്രി മുക്തയായി. ഭാഗ്യം! നീ പുരത്തിലെത്തിയല്ലോ! ദുഷ്ടരായ സൂതരൊക്കെ ചത്തു. നിന്നെ കുഴക്കിയവരൊന്നും ബാക്കിയില്ല."

ബൃഹന്നള പറഞ്ഞു: "സൈരന്ധ്രി എങ്ങനെ വിട്ടുപോന്നു? എങ്ങനെ ആ ശഠന്മാർ ചത്തു? ഉണ്ടായപോലെ അതെല്ലാം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

സൈരന്ധ്രി പറഞ്ഞു: "ബൃഹന്നളേ, സൈരന്ധ്രിയെക്കൊണ്ട് നിനക്കെന്തു കാര്യം? കല്യാണിയായി നീ സുഖമായി കന്യാപുരത്തിൽ പാർക്കുകയാണല്ലോ. സൈരന്ധ്രിക്കകപ്പെടുന്ന സങ്കടം നിനക്കില്ല. അതുകൊണ്ടാണ് നീ ഇങ്ങനെ എന്നോടു ചിരിച്ചു പറയുന്നത്."

ബൃഹന്നള പറഞ്ഞു: "ബൃഹന്നളയ്ക്കും ഉല്ക്കടമായ ദുഃഖമുണ്ടെന്ന് എടോ, കല്യാണീ! നീ അറിയണം. ക്ലീബത്വത്തെ പ്രാപിച്ച എന്റെ ഇപ്പോഴത്തെ അവസ്ഥ ഭവതിക്ക് അറിയുവാൻ കഴിയുന്നില്ല നിന്നോടുകൂടി ഞാൻ പാർത്തു. സുശ്രോണി, നീ കുഴങ്ങുന്ന സമയത്ത് നിന്റെ ദുഃഖത്തെ ഓർക്കാത്തവർ ആരാണ്? ആരുണ്ട്? അന്യന്റെ ഹൃദയം എങ്ങനെയുള്ളതാണെന്നറിയുവാൻ ആർക്കും കഴിയുകയില്ല. 'തന്നതില്ല പരനുള്ളുകാട്ടുവാനൊന്നുമേ നരനുപായമീശ്വരൻ.' അതുകൊണ്ടുതന്നെയാണ് ഭവതി എന്നെ അറിയാതെയായത്."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ, കന്യകമാരോടുകൂടി രാജഗൃഹത്തിൽ കടന്ന് സുദേഷ്ണയുടെ സമീപത്തെത്തി. അപ്പോൾ അവളോടു വിരാടൻ പറഞ്ഞ വാക്ക് സുദേഷ്ണ പറഞ്ഞു: 'സൈരന്ധ്രീ, നീ വേഗം പൊയ്ക്കൊള്ളുക! നിനക്ക് എവിടെയാണ് പോകുവാനാഗ്രഹമെങ്കിൽ അവിടേക്കു പൊയ്ക്കൊള്ളുക. രാജാവിന്നു നിന്നിൽ ഗന്ധർവ്വബാധയുണ്ടെന്നറിഞ്ഞപ്പോൾ ഭയമായിരിക്കുകയാണ്. ഭദ്രേ! നീയാണെങ്കിൽ യുവതിയാണ്. സുഭ്രുവാണ്, ഭൂമിയിലെ സുന്ദരിമാരിൽ മുന്തിയവളാണ്. വിഷയത്തിൽ ആസക്തരാണ് പുരുഷന്മാർ; ഗന്ധർവ്വന്മാരാണെങ്കിൽ മഹാകോപികളുമാണ്.'"

സൈരന്ധ്രി പറഞ്ഞു: "ഹേ, ഭാമിനി! എന്നിൽ സ്വാമി പൊറുക്കട്ടെ പതിമ്മൂന്നു ദിവസംകൂടി. ഗന്ധർവ്വന്മാർ കൃതാർത്ഥരായിത്തീരും. അതിലൊട്ടും ശങ്കിക്കരുത്. പിന്നെ, നിന്നിൽ ഇഷ്ടം അവർ ചെയ്യുകയും എന്നെ അവർ കൊണ്ടുപോവുകയും ചെയ്യും. ബന്ധുക്കളോടുകൂടിയ രാജാവിന്നും ആ ഗന്ധർവ്വന്മാർ ശ്രേയസ്സരുളുന്നതാണ്. ഇതിൽ വിശ്വസിക്കുക. തീർച്ചയാണ്."

ഗോഹരണപർവ്വം

25. ചാരന്മാരുടെ പ്രത്യാഗമനം – വൈശമ്പായനൻ പറഞ്ഞു: "കീചകൻ അനുജന്മാരോടുകൂടി ചത്തുപോയ അത്യാഹിതത്തെ വിചാരിച്ചു നാട്ടുകാർ വല്ലാതെ അത്ഭുതപ്പെട്ടു. പട്ടണത്തിലും നാട്ടിൻപുറത്തും ജനങ്ങൾ പറയുവാൻ തുടങ്ങി: 'ശൗര്യംകൊണ്ടു രാജസേവകനും സേനാപതിയുമായിത്തീർന്ന മഹാസത്വനായ കീചകൻ ദുർമ്മതിയും, പാപാത്മാവും, പരസ്ത്രീധൂർത്തനുമാകയാൽ അവനെ ഗന്ധർവ്വന്മാർ കൊന്നുപോലും!' ഇപ്രകാരം ഘോരശത്രുസൈന്യഘാതിയായ കീചകന്റെ വധവൃത്താന്തം പല ജനങ്ങൾ നാടുതോറും സംസാരിച്ചുതുടങ്ങി.

ധാർത്തരാഷ്ട്രൻ വിട്ട ചാരന്മാർ പല നാടും നഗരവും ചുറ്റിക്കറങ്ങി ദേശംതോറും കേട്ടതായ വാർത്തകളൊക്കെ കുറിച്ച് കൃതകൃത്യരായി നാട്ടിലേക്കു മടങ്ങിയെത്തി. അവർ രാജധാനിയിൽച്ചെന്ന് കുരുരാജാവിനെ കണ്ടു. ദ്രോണൻ, കർണ്ണൻ, കൃപൻ, ഭീഷ്മൻ എന്നീ മഹാരഥന്മാരും, ഭ്രാതാക്കളും, ത്രിഗർത്താദി

digitized by www.sreyas.in

മഹാരഥന്മാരും കൂടിച്ചേർന്ന് ദുര്യോധനൻ സഭാമദ്ധ്യത്തിലിരിക്കുന്ന സമയത്ത് ദൂതന്മാർ ചെന്ന് ഇപ്രകാരം ഉണർത്തി."

ചാരന്മാർ പറഞ്ഞു: "മഹാരാജാവേ, ഞങ്ങൾ പാണ്ഡവാന്വേഷണത്തിൽ സദാ പ്രയത്നിച്ചു. പരപ്പേറിയ മഹാവിപിനത്തിൽ ഞങ്ങൾ അന്വേഷിച്ചു. ജനവാസമില്ലാത്തതും, മൃഗവർഗ്ഗങ്ങൾ ചിന്നിയതും, വൃക്ഷലതാകുലമായതും, വള്ളിപ്പിണർ പടർന്നു നികുഞ്ജമായി നില്ക്കുന്നതുമായ വനാന്തരങ്ങളിലൊക്കെ തിരഞ്ഞു. ഒരിടത്തും പാണ്ഡവന്മാരെ കണ്ടില്ല. പാർത്ഥന്മാർ പോയ മാർഗ്ഗം ഏതെന്നുപോലും അറിയുവാൻ കഴിഞ്ഞില്ല. പല ദിക്കിലും കാലടികൾ നോക്കി നടന്നു.

ശൈലശൃംഗങ്ങൾ, ദുർഗ്ഗങ്ങൾ, നാനാ നാട്ടിൻപുറങ്ങൾ, ജനനിബിഡമായ ദേശങ്ങൾ, പല നഗരങ്ങൾ, അങ്ങനെ പല നാട്ടിലും പോയി തിരഞ്ഞുനോക്കി; ഒരിടത്തും അവരെ കണ്ടില്ല. അവർ തീരെ നശിച്ചുപോയിരിക്കും. രാജാവിന്നു മംഗളം ഭവിക്കട്ടെ!

രഥികന്മാർ മാർഗ്ഗം അന്വേഷിച്ചിട്ടും ഹേ, രഥിസത്തമാ! അവർ പോയ വഴിയോ അവർ വസിക്കുന്ന ഇടമോ അറിഞ്ഞില്ല. വളരെ ദിവസം ഞങ്ങൾ സൂതന്മാരെ പിന്തുടർന്നു പോയി. ഞങ്ങൾ തത്ത്വം പോലെ കാര്യമറിഞ്ഞു. യുക്തിയുക്തമായ വിധം ഞങ്ങൾ കാര്യം ഗ്രഹിച്ചിരിക്കുന്നു. പാർത്ഥന്മാരോടുകൂടാതെ സൂതന്മാർ ദ്വാരകയിലെത്തിയിട്ടുണ്ട്. അതിൽ കൃഷ്ണയും പാണ്ഡുപുത്രരുമില്ല. അവർ തീർച്ചയായും നശിച്ചുകഴിഞ്ഞു. നരർഷഭന്ന് നമസ്കാരം. ആ യോഗ്യന്മാരുടെ യാത്രയും പാർപ്പിടവും ഞങ്ങൾ അറിയില്ല. അവരുടെ വർത്തമാനവും പ്രവൃത്തിയും ഞങ്ങൾ അറിഞ്ഞില്ല. സ്വാമി, ഭവാൻ കല്പിച്ചാലും ഇനി ഞങ്ങൾ എന്തു ചെയ്യണമെന്ന്. ഇനിയും പാണ്ഡവരെ അന്വേഷിക്കണമെങ്കിൽ അത് ഏതുപ്രകാരമാകണം? ഹേ, വീരനായ രാജാവേ, ഞങ്ങൾ പറയുന്ന ഈ രസമായ വർത്തമാനം ഭവാൻ കേൾക്കുക. മഹാബലവാനായിത്തീർന്ന് ത്രിഗർത്തന്മാരെ വധിച്ചവനും മത്സ്യരാജാവിന്റെ സൂതനുമായ കീചകനില്ലേ; അവനെ ഗന്ധർവ്വന്മാർ കൊന്നുവീഴ്ത്തിയിരിക്കുന്നു. അദൃശ്യരായി നിന്നാണ് സഹോദരന്മാരോടുകൂടി അവനെ കൊന്നുവീഴ്ത്തിയത്. ശത്രുക്കളുടെ പരാജയം ഭവാന് ഇഷ്ടപ്പെട്ട ഒരു വർത്തമാനമാണല്ലോ. അതു ഭവാൻ ഇപ്പോൾ കേട്ടിരിക്കുന്നു! ഹേ, കൗരവ്യ, ഭവാൻ കൃതകൃതാനായി! മേലിൽ വേണ്ടതു ചെയ്താലും."

26. കർണ്ണദുശ്ശാസനവാക്യം – വൈശമ്പായനൻ പറഞ്ഞു: "ചാരന്മാരുടെ വാക്കു കേട്ട് വളരെ നേരം വിഷാദത്തോടെ ഇരുന്നതിനുശേഷം ദുര്യോധനൻ സഭാവാസികളോടു പറഞ്ഞു: 'കാര്യങ്ങളുടെ പോക്കിന്റെ കലാശം ആലോചിക്കുമ്പോൾ ദുർഘടംതന്നെ! അതുകൊണ്ട് എല്ലാവരും ഗാഢമായി ഒന്നു ചിന്തിക്കണം. പാണ്ഡവന്മാർ എവിടെപ്പോയിരിക്കുന്നു? അവരുടെ അജ്ഞാതവാസം അവസാനിക്കുവാൻ ഇനി അല്പകാലമേയുള്ളു. പതിമ്മൂന്നാമത്തെ ആണ്ടും അവസാനിക്കുവാനാണു പോകുന്നത്. ഈയാണ്ടിൽ അല്പംകൂടിയുള്ളതു കഴിഞ്ഞാൽ കരാറുപോലെ എല്ലാം നിർവ്വഹിച്ചവരായി ചരിതവ്രതന്മാരായി അവർ പുറത്തു വരും എല്ലാവരും മത്തഹസ്തികളെപ്പോലെ സർപ്പതുല്യരാണ്. അവർ ക്രോധിച്ചടുത്താൽ കൗരവന്മാർക്കു തടുക്കുവാൻ കഴികയില്ല. എല്ലാവരും കാലം അറിയുന്നവരും കഷ്ടതയോടെ അതിനെ തരണംചെയ്യുന്നവരുമാണ്. ക്രോധംവെന്നവരായ അവർ വീണ്ടും നാട്ടിലേക്കു വരാതെ കാടുകയറുവാൻ ഇടയാകത്തക്കവിധം വേണ്ടതു ചെയ്യണം. അതിന്നുവേണ്ട മറുകൈ ഉടനെ ചെയ്യണം. എതിരില്ലാത്തവരായി, ശത്രുബാധയില്ലാത്തവരായി എന്റെ രാജ്യം നിലനില്ക്കുവാൻ വേണ്ടത് ഉടനെ ചെയ്യണം.'"

കർണ്ണൻ പറഞ്ഞു: "സാമർത്ഥ്യത്തോടുകൂടെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ മിടുക്കന്മാരായ വേറെ ചാരന്മാർ വേഗം ചെല്ലട്ടെ! പരപ്പേറിയ നാട്ടിൻപുറങ്ങളിലെല്ലാം അവർ ഗൂഢമായി സഞ്ചരിക്കട്ടെ. വിദ്വൽസഭകളിലും താപസാശ്രമങ്ങളിലും, രാജപുരങ്ങളിലും, തീർത്ഥങ്ങളിലും, ആകരങ്ങളിലും നല്ലപോലെ മനസ്സുവെച്ചു തിരയട്ടെ. ഉത്സാഹത്തോടെ സമർത്ഥചാരന്മാർ അന്വേഷിച്ചാൽ ഒളിച്ചുവസിക്കുന്ന അവരെ കണ്ടുകിട്ടാതിരിക്കുകയില്ല. നദീകുഞ്ജങ്ങൾ, തീർത്ഥങ്ങൾ, ഗ്രാമങ്ങൾ, നഗരങ്ങൾ, ആശ്രമങ്ങൾ, പർവ്വതങ്ങൾ, ഗുഹകൾ എന്നിവിടങ്ങളിലൊക്കെ നല്ല നിപുണതയോടെ തിരയട്ടെ!"

ദുശ്ശാസനൻ പറഞ്ഞു: "നമുക്കു വിശ്വാസമുള്ള ചാരന്മാർ നാം നല്കുന്ന രഥവുമായി പോയി തേടിപ്പിടിക്കട്ടെ! കർണ്ണൻ പറഞ്ഞതൊക്കെ ശരിയായ കാര്യമാണ്. ചാരന്മാരൊക്കെ ഉദ്ദേശിച്ചമാതിരി പലയിടത്തും തിരക്കിനോക്കണം. ഇവരും മറ്റു പലരും ദേശംതോറും തിരയുമ്പോൾ അവരെ കണ്ടുകിട്ടാതിരിക്കുകയില്ല. അവരുടെ ഗതിയും വാസവും പ്രവൃത്തിയുമൊക്കെ കണ്ടുപിടിക്കാം. ഏറ്റവം ഗൂഢമായ കടലിന്റെ അങ്ങേക്കരയിലേക്കും പോയിട്ടുണ്ടാകാം. അല്ലെങ്കിൽ ശൂരമാനികളായ അവർ വ്യാഘ്രങ്ങൾക്ക് ആഹാരമായിട്ടുണ്ടാകാം. അല്ലെങ്കിൽ ദുഃഖിച്ചു ദുഃഖിച്ച് മരിച്ചു പോയിട്ടുണ്ടാകാം. അതുകൊണ്ട് മനസ്സുറപ്പിച്ച് വിഷമിക്കാതെ വിചാരിച്ച കാര്യം ഉത്സാഹത്തോടെ ചെയ്യുകയാണു വേണ്ടത്."

27. ചാരപ്രത്യാചാരം : ദ്രോണവാക്യം – വൈശമ്പായനൻ പറഞ്ഞു: "ദുശ്ശാസനൻ പറഞ്ഞുകഴിഞ്ഞപ്പോൾ തത്ത്വങ്ങൾ കാണുന്നവനും മഹാവീര്യനുമായ ദ്രോണൻ പറഞ്ഞു: 'ആ ഗുണസമ്പന്നന്മാരായ പാണ്ഡവന്മാർ നശിക്കുകയോ തോല്ക്കുകയോ ഒരിക്കലും ഉണ്ടാവുകയില്ല. ശൂരന്മാരും, കൃതവിദ്യന്മാരും, ബുദ്ധിമാന്മാരും, ജിതേന്ദ്രിയന്മാരും, ധർമ്മജ്ഞന്മാരും, കൃതജ്ഞന്മാരും ആണ് അവർ. ഈ വിശേഷണങ്ങൾക്കു തികച്ചും അർഹരാണവർ, നീതി, ധർമ്മം, അർത്ഥം ഇവയെ അറിയുന്നവനും ധർമ്മിഷ്ഠനും സത്യസന്ധനുമായ ജ്യേഷ്ഠനെ അനുസരിക്കുന്നവരും അവന്റെ കീഴിൽ നില്ക്കുന്നവരുമാണ് അവർ. ജ്യേഷ്ഠനെ കാത്തുപോരുന്ന അനുജന്മാരുമാണ് ആ വീരന്മാർ. രാജാവാണെങ്കിൽ അജാതശത്രുവും ശ്രീമാനും ഭ്രാതൃവത്സലനുമാണ്. അപ്രകാരംതന്നെ തന്റെ പാട്ടിൽ എപ്പോഴും നില്ക്കുന്ന ആ യോഗ്യന്മാരിൽ നീതിയോടെ പെരുമാറുന്ന ധർമ്മപുത്രൻ ശ്രേയസ്സിനെ പ്രാപിക്കാതിരിക്കുമോ? അതുകൊണ്ട് അവർ കരുതിത്തന്നെ കാലത്തിന്റെ ആഗമം കാത്തു ജീവിക്കുകയാണ്. അവർ നാശത്തിൽപ്പെടുകയില്ലെന്ന് എന്റെ ബുദ്ധികൊണ്ടു ഞാൻ കാണുന്നു.

ചെയ്യേണ്ട കാര്യം വേഗത്തിൽ കാലം തെറ്റിക്കാതെ നല്ലപോലെ ചിന്തിച്ചു ചെയ്യുക. അവർ പാർക്കുന്ന സ്ഥലമേതെന്ന് കണ്ടുപിടിക്കുക. വേണ്ടപോലെ കാര്യങ്ങളെ കരുതിയിരിക്കുന്ന പാർത്ഥന്മാരുടെ കാര്യങ്ങൾ നാം ഗ്രഹിക്കുക. ആ ശൂരന്മാരെ ജയിക്കുവാൻ എഴുപ്പമല്ല. തപസ്സാൽ ആവൃതരായ അവരെ പിടിക്കുവാൻ സാധിക്കയില്ല. യുധിഷ്ഠിരനാകട്ടെ നീതിയും സത്യവും ശുചിത്വവും തികഞ്ഞ ശുദ്ധാത്മാവാണ്. ആ തേജോരാശിയെ അറിയുവാൻ ആർക്കും കഴികയില്ല. ആ ഗുണസമ്പന്നൻ നോട്ടം കൊണ്ടുതന്നെ ആരേയും വശീകരിക്കും. ഇതെല്ലാം അറിഞ്ഞ് മനസ്സിരുത്തി തിരയണം. അതിലേക്ക് സിദ്ധബ്രാഹ്മണരേയും അങ്ങനെയുള്ള മറ്റു പലരേയും ചാരന്മാരായി വിടണം."

28. ചാരപ്രത്യാചാരം : ഭീഷ്മവാക്യം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ ഭാരതന്മാരുടെ പിതാമഹനും, ദേശകാലജ്ഞനും, വിദ്വാനും, തത്വജ്ഞനും, ധർമ്മവിത്തമനും ആയ ഭീഷ്മൻ, ആചാര്യനായ ദ്രോണൻ പറഞ്ഞുവെച്ചപ്പോൾ അതിനെ പിന്തുടർന്ന് ഇപ്രകാരം പറഞ്ഞു: 'ധർമ്മജ്ഞനായ ധർമ്മജനെപ്പറ്റി ദ്രോണൻ പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. കൗരവന്മാരുടെ ഹിതത്തിനായി ആചാര്യവാക്യത്തിന്ന് അനുഗുണമായി പാണ്ഡവന്മാരെക്കുറിച്ച് ഞാനും ചിലതു പറയാം. ദ്രോണൻ പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. സർവ്വലക്ഷണങ്ങളും തികഞ്ഞവരും, സാധുവ്രതരും, ശ്രുതവും വ്രതവുമുള്ളവരും. നാനാശ്രുതികൾ അറിഞ്ഞവരും, വൃദ്ധോപദേശം കേൾക്കുന്നവരും, സത്യവ്രതമുള്ളവരും, സമയവും അസമയവും വേർതി

digitized by www.sreyas.in

രിച്ചറിയുന്നവരും, ശുചിവ്രതന്മാരും ആയ അവർ നിത്യവും ക്ഷത്രധർമ്മത്തിൽ നില്ക്കുന്നവരും കൃഷ്ണനെ പിൻതുടരുന്നവരുമാണ്. അവർ വീരപുരുഷന്മാരും, മഹാത്മാക്കളും, മഹാബലന്മാരുമാണ്. സജ്ജനങ്ങളുടെ ഭാരം വഹിക്കുന്ന അവർ ഒരിക്കലും തളർന്നുപോകുവാൻ ന്യായമില്ല. ധർമ്മത്താലും വീര്യത്താലും ഗുപ്തരായ പാണ്ഡവന്മാർ നശിച്ചുപോവുകയില്ലെന്നാണ് എന്റെ ദൃഢമായ വിശ്വാസം. വത്സാ, ദുര്യോധനാ, പാണ്ഡവന്മാരെപ്പറ്റി ഞാൻ പറയുന്നത് നിനക്കു നന്മയുണ്ടാകാൻവേണ്ടിയാണ്. സുനീതിപരന്റെ നീതിയെ അനീതിപരന്മാർ അന്വേഷിച്ചാൽ കണ്ടുകിട്ടുകയില്ല. പാണ്ഡവരെപ്പറ്റി നമുക്ക് കഴിയുന്നവിധം ബുദ്ധിയാൽ കണ്ടതു പറയാം; ദ്രോഹത്താൽ പറയുന്നതല്ല. ദുർജ്ജനങ്ങളോട് നീതിപറയുവാൻ എന്നെപ്പോലെയുള്ളവർ പുറപ്പെടുകയില്ല. അതു വൃഥാപ്രയത്നമാണ്. സജ്ജനങ്ങളോടാണ് അതു വേണ്ടത്. അനീതി ആരോടും പറയരുത്. വൃദ്ധന്മാരുടെ അനുശാസനത്തെ അനുസരിക്കുന്ന സത്യവ്രതൻ സജ്ജനമദ്ധ്യത്തിൽ ധീരമായി കാര്യം പറയുവാൻ മടിക്കുകയില്ല. ധർമ്മത്തെ കാംക്ഷിക്കുന്നവർ യഥാർത്ഥംതന്നെ പറയണം. പാണ്ഡവന്മാരിൽ മറ്റുള്ളവർ കാണുന്ന മട്ടിലല്ല ഞാൻ കാര്യം കാണുന്നത്. ഈ പതിമൂന്നാത്തെ ആണ്ടിൽ ധർമ്മരാജാവ് അജ്ഞാതമായി പാർക്കുന്നേടത്ത് യാതൊരു കോട്ടവും കുറവും ഉണ്ടാവുകയില്ല. ആ ലക്ഷണങ്ങൾ നോക്കി വേണം പാണ്ഡവവാസത്തെ കണ്ടുപിടിക്കുവാൻ. യുധിഷ്ഠിരൻ പാർക്കുന്നത് നഗരത്തിലായാലും ജനപദത്തിലായാലും അവിടെയുള്ള ജനങ്ങൾ ദാനശീലന്മാരും, പ്രിയംപറയുന്നവരും, ജിതേന്ദ്രിയന്മാരും, സത്യപരന്മാരുമായി ഭവിക്കും. ആ നാട്ടുകാർ ദാന്തന്മാരും, ശുചികളും, സുഖികളുമായി പുഷ്ടിയോടെ വർത്തിക്കും. അസൂയയോ, ഈർഷ്യയോ, ഗർവ്വോ, മാത്സര്യമോ ആ നാട്ടിൽ ഉണ്ടായിരിക്കുകയില്ല. അവിടെയുള്ളവർ സ്വയമേവ ധർമ്മനിഷ്ഠയിൽ നില്ക്കുന്നവരായിരിക്കും. വേദഘോഷവും പൂർണ്ണാഹുതിയോടെ അവിടെയൊക്കെ മുഴങ്ങുന്നുണ്ടാകും. അവിടെ ഭൂരിദക്ഷിണമായ യജ്ഞവും നടക്കും. അവിടെ എന്നും മഴയുണ്ടാകും. സസ്യങ്ങൾ നന്നായി വളരും. സ്വാദുള്ള ഫലങ്ങൾ സമൃദ്ധിയായി ഉണ്ടാകും. മണമേറിയ പുഷ്പങ്ങൾ ധാരാളം വികസിക്കും. അവിടെയുള്ളവരുടെ വാക്ക് ശുഭശബ്ദംകൊണ്ട് പൂർണ്ണമാകും. സുഖമായ കുളിർകാറ്റു വീശും. അവിടെ കാണുന്നവയൊക്കെ പ്രിയരൂപങ്ങളായിരിക്കും. ഭയം എന്ന ഒന്ന് ധർമ്മപുത്രൻ വസിക്കുന്നേടത്ത് ഉണ്ടാവുകയില്ല. പശുക്കൾ അവിടെ ധാരാളം അഭിവൃദ്ധിപ്രാപിക്കും. മെലിഞ്ഞവയും ബലഹീനമായവയും അവിടെ കാണുകയില്ല. പാലും, നെയ്യും, തയിരും നല്ല സ്വാദോടുകൂടി അവിടെ ഉണ്ടാകും. പാനീയങ്ങൾക്കൊക്കെ ഗുണം കൂടുതലുണ്ടാകും. ഭോജ്യങ്ങൾക്കും അപ്രകാരംതന്നെ രസം കൂടിയിരിക്കും. ധർമ്മജൻ വാഴുന്ന ദിക്കിലെ ലക്ഷണം ഇതൊക്കെയാണ്.

രസം, സ്പർശം, ഗന്ധം ഇവ ഗുണം കൂടിയ മട്ടിലായിരിക്കും. ദൃശ്യങ്ങളൊക്കെ തെളിഞ്ഞിരിക്കും. ഇതും ധർമ്മജൻ ഉള്ള ദിക്കിലെ ലക്ഷണമായിരിക്കും. അവിടെ സർവ്വദ്വിജസംസേവിതങ്ങളായിരിക്കും ധർമ്മങ്ങൾ. പതിമൂന്നാമത്തെ ആണ്ടിൽ സകല ഗുണങ്ങളും പൂർണ്ണമായി ആ പാണ്ഡവരുടെ സന്നിധിയിൽ കാണാം. ധർമ്മജന്റെ സന്നിധിയിൽ ആരും പൊളിപറയുകയില്ല. ശുഭവും മംഗളവും സത്യവുമായ ഭാഷണങ്ങളേ അദ്ദേഹത്തിന്റെ സന്നിധിയിൽ കേൾക്കുകയുള്ളു. ശുഭാർത്ഥിയും ശുഭധീയുമായ ധർമ്മജൻ വസിക്കുന്നിടത്ത് ഇഷ്ടവും പ്രിയവുമായ വ്രതം അനുഷ്ഠിച്ച മട്ടിലായിരിക്കും ജനങ്ങൾ. ഉണ്ണീ, ദുര്യോധനാ! ആ മഹാത്മാവിനെ അറിയുവാൻ ദ്വിജന്മാർക്കു പോലും സാദ്ധ്യമല്ല. പിന്നെയുണ്ടോ ഈ വിപ്രകൃതന്മാർ പാർത്ഥനെ ശരിയായി അറിയുന്നു?

സത്യം അവനിൽ ഉറച്ചതാണ്. ധൃതി, ദാനം, ശമം, ക്ഷമ, ഹ്രീ, ശ്രീ, കീർത്തി, ശ്രേയസ്സ്, ആനൃശംസ്യം, ആർജ്ജവം ഇവയും അദ്ദേഹത്തിൽ സ്ഥിരമായി നില്ക്കുന്നു. അതുകൊണ്ട് തന്നെത്താനെ മറച്ച് ആ ബുദ്ധിമാൻ അജ്ഞാതവാസം അനുഷ്ഠിക്കുന്നതും അദ്ദേഹത്തിന്റെ പരമമായ ജീവിതഗതിയും അറിയണം. മറിച്ച് ഒന്നും പറയുവാൻ എനിക്ക് സാദ്ധ്യമല്ല. ഇപ്രകാരം ചിന്തിച്ച് ഉണ്ണീ ദുര്യോധനാ! നീ ഹിതമായ ക്രിയ എന്താണെന്നുവെച്ചാൽ അതു ചെയ്യുക. എന്റെ വാക്ക് സമ്മതമായി നിനക്കു തോന്നുന്നുണ്ടെങ്കിൽ."

29. ചാരപ്രത്യാചാരം : കൃപവാക്യം – വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മർ പാണ്ഡവരെപ്പറ്റി പറഞ്ഞു കഴിഞ്ഞപ്പോൾ ശാരദ്വതനായ കൃപൻ ഇപ്രകാരം പറഞ്ഞു: 'വൃദ്ധനായ ഭീഷ്മർ പാണ്ഡവന്മാരെപ്പറ്റി പറഞ്ഞത് യുക്തമാണ്. അദ്ദേഹത്തിന്റെ ഭാഷണം ധർമ്മാർത്ഥയുക്തവും, മധുരവും, യുക്തിക്കുചേർന്നതും, വാസ്തവവുമാണ്. ഇനി നിങ്ങൾ എന്റെ വാക്കു കേൾക്കുവിൻ. ചാരന്മാരെ വിട്ട് പാണ്ഡവന്മാരുടെ ഗതിയും വാസവും വീണ്ടും അന്വേഷിക്കണം. ഹിതംപോലെ നീതിവിചാരം ചെയ്യേണ്ടതിന്ന് ഇപ്പോൾ കാലമായി. ഐശ്വര്യം കാംക്ഷിക്കുന്നവൻ തുച്ഛനായ വൈരിയേയും ഗണിക്കാതെ തള്ളിക്കളയരുത്. പിന്നെ, കുട്ടീ, സർവ്വാർത്ഥവേദികളായ പാർത്ഥരുടെ കഥ പറയുവാനുണ്ടോ? വേഷം മാറി ഗൂഢമായി ഗുപ്തരായി വാഴുന്ന മഹാത്മാക്കളായ പാണ്ഡവന്മാരുടെ പ്രതിജ്ഞാകാലം ഇതാ കഴിയാറായിരിക്കുന്നു. ഇപ്പോൾ സ്വന്തം രാജ്യത്തിലേയും മിത്രരാജ്യങ്ങളിലേയും സൈന്യബലം എത്രയാണെന്ന് സ്വയം അറിയേണ്ടതാണ്. പ്രതിജ്ഞ നിർവ്വഹിച്ച് പാണ്ഡവന്മാർ തീർച്ചയായും ഓജസ്വികളായി മഹോത്സാഹത്തോടെ വെളിയിൽ വരും. അതുകൊണ്ട് ബലം, നീതി, കോശം എന്നിവയെക്കുറിച്ച് ഇപ്പോൾ ചിന്തിക്കേണ്ടിയിരിക്കുന്നു. നീതികൊണ്ട് ബലത്തേയും കോശത്തേയും വർദ്ധിപ്പിക്കണം. ബലവും കോശവും നോക്കിവേണം ശത്രുക്കളോട് ഇണങ്ങുകയോ പിണങ്ങുകയോ വേണ്ടതെന്നു തീരുമാനിക്കുവാൻ. ആ തീരുമാനം നീതിയിലാണു നില്ക്കുന്നത്. ആത്മബലവും നീതിയും നല്ലവണ്ണം ധരിക്കണം. തനിക്കും തന്റെ മിത്രങ്ങൾക്കുംകൂടി എത്ര സൈന്യശക്തിയുണ്ടെന്ന് ശരിയായി അറിഞ്ഞ് അതു ശത്രുബലത്തേക്കാൾ താണതോ ഉയർന്നതോ അതിനോടു തുല്യമോ എന്ന് കണ്ടിരുന്നാലേ ശത്രുക്കളോട് എങ്ങനെയാണ് ഇടപെടേണ്ടതെന്നു നിശ്ചയിക്കുവാൻ കഴികയുള്ളു. ബാലാധിക്യത്തിൽ സന്തോഷമോ ബലക്കുറവിൽ സന്താപമോ കൂടാതെ നീതിയെപ്പറ്റി മാത്രമേ ചിന്തിക്കാവൂ. ദുർബ്ബലരായ ശത്രുക്കളെ താഴ്ത്തുന്നതിന്നും പ്രബലരായ ശത്രുക്കളെ ആക്രമിക്കുന്നതിന്നും സാമം, ദാനം, ഭേദം, ദണ്ഡം, കപ്പം എന്നിവ യഥോചിതം ഉപയോഗിക്കാം. ആദ്യം വേണ്ടത് തന്റെ ബലം ഗ്രഹിക്കുകയാണ്. മിത്രങ്ങളെ സാന്ത്വനത്താലും സ്വന്തം സൈന്യത്തെ ഭക്തവേതനം, മാനദാനം, പ്രിയവാക്ക് എന്നിവയാലും യോജിപ്പിച്ചു ചേർത്തു നിർത്തണം.

ബലവും കോശവും സംവൃദ്ധമായാൽ വിജയം തീർച്ചയായും സിദ്ധിക്കും. ബലവാന്മാരായ ശത്രുക്കൾ ഇടഞ്ഞു വന്നാൽ അവരോടു പൊരുതാതെ കഴിയുകയില്ല. പാണ്ഡവന്മാർ തങ്ങളുടെ ബന്ധുബലത്തോടുകൂടി വരികയാണെങ്കിൽ ആ ബലം ഇവിടെയുള്ളതിനേക്കാൾ താഴ്ന്നതോ ഉയർന്നതോ എന്നറിയാതെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഈ കാര്യങ്ങളെല്ലാം യഥാകാലം സ്വധർമ്മംപോലെ നിശ്ചയിച്ചു പ്രവർത്തിച്ചാൽ, രാജാവേ, നീ ദീർഘകാലം സുഖമായി വാഴും.''

30. സുശർമ്മാദികളുടെ മത്സ്യദേശഗമനം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ മഹാരഥനും ശക്തനുമായ ത്രിഗർത്തരാജാവായ സുശർമ്മാവ് കാലോചിതമായി പറയുവാൻ ഭാവിച്ചു. ഈ ത്രിഗർത്തൻ പല പ്രാവശ്യവും മത്സ്യരാജാവായ ശാല്വനാൽ തോല്പിക്കപ്പെട്ടവനാണ്. ബന്ധുക്കളോടുകൂടി ബലവാനായ മത്സ്യശാല്വൻ സൂതനായ കീചകന്റെ നേതൃത്വത്തിൽ പല പ്രാവശ്യവും ആക്രമണം നടത്തി പാരാജിതനാക്കിയിട്ടുണ്ട് ത്രിഗർത്തരാജാവിനെ. ആ രാജാവായ സുശർമ്മാവ് കർണ്ണനെ നോക്കി ഇപ്രകാരം ദുര്യോധനനോടു പറഞ്ഞു: 'മത്സ്യൻ പല പ്രാവശ്യവും എന്റെ നാടിനെ അവന്റെ ശക്തിയൊക്കെ പ്രയോഗിച്ച് എതിർത്തു. അന്ന് അവന്ന് ശക്തനായ പടനായകനായിരു

digitized by www.sreyas.in

ന്നത് കീചകനാണ്. അമർഷിയും, ഘാതകനും, ദുഷ്ടനും, ലോകത്തിൽ പേർകേട്ട വിക്രമിയും ആയിരുന്നു അവൻ. ആ പാപിയെ ഗന്ധർവ്വന്മാർ കൊന്നുകളഞ്ഞു. അവൻ ചത്തതുകാരണം യാതൊരു ആശ്രയവുമില്ലാത്തവനായിത്തീർന്നിരിക്കയാണ്, ഗർവ്വുകെട്ടവനായിരിക്കയാണ് ആ രാജാവ്. ഇപ്പോൾ മത്സ്യരാജാവായ വിരാടൻ ഉത്സാഹഹീനനായിരിക്കയാണെന്നു ഞാൻ വിചാരിക്കുന്നു. ഹേ മഹാശയാ! ഭവാൻ അങ്ങോട്ടു പൊരുതുവാൻ പോവുക. കൗരവന്മാർക്കൊക്കെ ഇക്കാര്യം ബോദ്ധ്യമാണെങ്കിൽ, കർണ്ണനും ഇക്കാര്യം യുക്തമാണെന്നു തോന്നുന്നുണ്ടെങ്കിൽ, അങ്ങോട്ടു പൊരുതുവാൻ പോകുന്നത് നമുക്കു ഗുണം ചെയ്യും. നാം ഉടനെത്തന്നെ ചെയ്യേണ്ട കാര്യം ഇതാണെന്നാണ് എന്റെ അഭിപ്രായം. വളരെ ധാന്യസമൃദ്ധിയുള്ള അവന്റെ നാട് നാം ആക്രമിച്ചു കയറണം. അവന്റെ പല രത്നങ്ങളും ധനങ്ങളും നാം കൈയിലാക്കണം. അവന്റെ രാജ്യവും ഗ്രാമവുമൊക്കെ നാം രണ്ടുഭാഗത്തുനിന്നും ആക്രമിച്ചു പിടിച്ചടക്കുക. അല്ലെങ്കിൽ ഒന്നാന്തരം പലവിധം പശുക്കളെ നമ്മൾ നഗരത്തിൽ കയറിച്ചെന്ന് ബലമായി ഹരിക്കുക. കൗരവന്മാരും, ത്രിഗർത്തന്മാരുംകൂടി ഈ ആക്രമണം നടത്തിയാൽ അവന്റെ പശുക്കളെയൊക്കെ നേടാം. നമ്മൾ രണ്ടുകൂട്ടരുംകൂടി അവന്റെ പൗരുഷത്തെ അടക്കണം. അവന്റെ പടയെ ഒക്കെ കൊന്ന് പാട്ടിൽ പിടിക്കണം. അങ്ങനെ ന്യായമായ നിലയിൽ അവനെ അധീനത്തിലാക്കി നമ്മൾക്കു സുഖമായി ഇരിക്കാം. ഭവാന് സൈന്യസമ്പത്തും, സമ്പത്തും ഈ പുറപ്പാടു കൊണ്ടു ലഭിക്കും; അതിൽ യാതൊരു സംശയവുമില്ല." സുശർമ്മാവു പറഞ്ഞതു കേട്ട് കർണ്ണൻ രാജാവിനോടു പറഞ്ഞു:

"സുശർമ്മാവിന്റെ വാക്ക് കാലോചിതമാണ്. നമ്മൾക്ക് ഹിതവുമാണ്. അതുകൊണ്ട് ഉടനെത്തന്നെ പടകൂട്ടി പുറപ്പെടുകയാണു വേണ്ടത്. സൈന്യം പകുത്തിട്ടു വേണോ? എന്താണ് ഭവാന്റെ അഭിപ്രായം? കുരുശ്രേഷ്ഠനും നമ്മൾക്കൊക്കെ പിതാമഹനുമായ ഭീഷ്മനും, ആചാര്യനായ ദ്രോണനും, കൃപാചാര്യനും എങ്ങനെ തീരുമാനിക്കുന്നുവോ അപ്രകാരം നമ്മൾക്ക് യാത്ര തീർച്ചപ്പെടുത്താം. ആലോചിച്ച പോകുക. കാര്യസിദ്ധിക്ക് ആലോചനക്കുറവു പാടില്ല. വീര്യവും, ശൗര്യവും, സമ്പത്തും കെട്ട പാർത്ഥരെക്കൊണ്ട് എന്തു കാര്യം? അവർ തീരെ നശിച്ചിരിക്കും. കാലപുരിയിലെത്തിയിരിക്കും. അല്ലൽകൂടാതെ രാജാവേ, നാം വിരാടപുരിയിലേക്കു പുറപ്പെടുക. അവന്റെ പശുക്കളേയും നാനാതരം വിത്തവും നാം ഉടനെ പിടിച്ചടക്കുക."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനരാജാവ് വൈകർത്തനനായ കർണ്ണന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ഉടനെത്തന്നെ ഇപ്രകാരം സഹോദരനായ ദുശ്ശാസനനോടു കല്പിച്ചു: 'നീ വൃദ്ധരോടുകൂടി ആലോചിച്ച് വേഗത്തിൽ പടകൂട്ടുക. നാം കൗരവന്മാരോടുകൂടി ഉദ്ദേശംപോലെ പോകണം. മഹാരഥനായ സുശർമ്മാവ് കരുതിയ ദിക്കിലേക്ക് ത്രിഗർത്തന്മാരോടുകൂടി ബലവാഹനപൂർണ്ണനായി പോകട്ടെ! അവൻ മുമ്പെതന്നെ മത്സ്യരാജ്യത്ത് ഉറപ്പോടുകൂടി ചെല്ലട്ടെ. പിമ്പെ പിറ്റേനാളിൽത്തന്നെ നമുക്കും ചെന്നുകയറണം. സമൃദ്ധി കൂടിയ മത്സ്യരാജ്യത്ത് ഒത്തുചേർന്ന് ആക്രമണം നടത്തണം. കൂട്ടത്തോടുകൂടി അവർ ചെന്ന് ഗോപാലന്മാരോടേറ്റ് അനവധി പശുധനത്തെ നേടട്ടെ! ശ്രീഗുണം തികഞ്ഞ നൂറായിരം നല്ല പശുക്കളെ നമുക്കും കൈക്കലാക്കാം. അങ്ങനെ സൈന്യം രണ്ടായി പകുത്ത് ആക്രമണം നടത്താം.'"

വൈശമ്പായനൻ പറഞ്ഞു: "അവർ കല്പിച്ചപ്രകാരം അഗ്നി കോണിൽ സർവ്വസന്നദ്ധന്മാരായ രഥികളും ഗർവ്വിഷ്ഠരായ സേനാനായകന്മാരും എത്തി. പകവീട്ടുവാൻ ഒരുങ്ങിയ മഹാബലന്മാരായ ത്രിഗർത്തന്മാർ സുശർമ്മാവിന്റെ നേതൃത്വത്തിൽ ഗോഹരണത്തിനായി കറുത്ത സപ്തമിദിവസം ചെന്നെതിർത്തു. പിറ്റേദിവസം അഷ്ടമിനാൾ കൗരവന്മാരെല്ലാവരും ചേർന്ന് അസംഖ്യം ഗോകുലങ്ങളെ പിടിച്ചു."

31. മത്സ്യരാജാവിന്റെ രണോദ്യോഗം – വൈശമ്പായനൻ പറഞ്ഞു: "മഹാരാജാവേ, പാണ്ഡവന്മാർ പ്രച്ഛന്നവേഷരായി വിരാടരാജാവിന്റെ ഭൃത്യരായി ജീവിച്ചുകൊണ്ടിരിക്കെ അവരുടെ ശപഥത്തിന്റെ കാവലും ശരിക്കു കഴിഞ്ഞു. കീചകൻ മരിച്ചതിന്നുശേഷം അരികുലനാശനനായ വിരാടൻ കുന്തീപുത്രന്മാരിൽ വളരെ സ്നേഹത്തോടെ സൽക്കാരങ്ങളൊക്കെ ചെയ്തു നാൾ കഴിച്ചു. പതിമൂന്നാമത്തെ സംവത്സരം അവസാനിക്കുന്ന ദിവസം ഒരു മഹാസംഭവം വിരാടരാജ്യത്തുണ്ടായി. സുശർമ്മാവ് വിരാടന്റെ മഹത്തായ ഗോധനം പെട്ടെന്ന് ആക്രമിച്ച് അപഹരിച്ചു; ഉടനെ വളരെ ബദ്ധപ്പെട്ട് ഗോപാലകൻ പുരത്തിലേക്കെത്തി. കുണ്ഡലങ്ങളണിഞ്ഞ അവൻ തേരുവിട്ടു ചാടിയിറങ്ങി. അപ്പോൾ രാജാവ് കുണ്ഡലാംഗദഭൂഷണങ്ങളണിഞ്ഞ ശൂരന്മാരായ യോദ്ധാക്കളാൽ ചുറ്റപ്പെട്ട് മന്ത്രീന്ദ്രരും, മഹാന്മാരായ പാർത്ഥന്മാരും മറ്റുമായിച്ചേർന്ന് എന്തോ ആലോചനയിലിരിക്കുകയായിരുന്നു. ഈ സമയത്താണ് ഗോപാലകൻ അവിടെച്ചെന്ന് രാജാവിനെ കണ്ടത്. അവൻ രാജാവിനെ തൊഴുത് ഇപ്രകാരം ഉണർത്തിച്ചു: 'രാജാവേ, ഞങ്ങളെയെല്ലാം പോരിൽ ജയിച്ച് കൂട്ടത്തോടെ അകറ്റി പശുക്കൾ നൂറായിരത്തേയും ഇതാ, ത്രിഗർത്തന്മാർ ബലമായി കൊണ്ടുപോകുന്നു. ഉടനെ ചെന്ന് അവരോടെതിർക്കുക. ഭവാന്റെ ഗോധനം നശിക്കരുത്.'

ഇതു കേട്ടതോടുകൂടി മത്സ്യരാജാവു ചാടിയെഴുന്നേറ്റ് തന്റെ പടകളെയെല്ലാം കല്പനകൊടുത്തു സജ്ജമാക്കി. തേർ, ആന, കാലാൾ, കുതിര, കൊടി എന്നിവയോടുകൂടി, ചട്ടകൾ ധരിച്ച് രാജാക്കന്മാരും രാജപുത്രന്മാരും പുറപ്പെട്ടു. വിചിത്രമായി തിളങ്ങുന്ന പലതരം ചട്ടകളും ആ വീരന്മാർ ധരിച്ചു. ഇരുമ്പും വജ്രവും അകത്തുള്ള സ്വർണ്ണനിർമ്മിതമായ ഒരു ചട്ട രാജാവിന്റെ ഇഷ്ടസോദരനായ ശതാനീകനും ധരിച്ചു. എല്ലാം ഇരുമ്പുകൊണ്ടുതന്നെ ഉള്ളതും വക്കത്തു മാത്രം പൊന്നണിഞ്ഞിട്ടുള്ളതുമായ ഒരു ചട്ട ശതാനീകന്റെ അനുജനായ മദിരാക്ഷനും ധരിച്ചു. ഭാനു, ചുഴി, തുള്ളി, കണ്ണി എന്നിവ നൂറുവീതമുള്ള, അറ്റുപോകാത്ത ചട്ട മത്സ്യരാജാവും ചാർത്തി. മുൻ ഭാഗത്ത് നൂറു പ്തമസൗഗന്ധികങ്ങൾ പതിച്ചതും പുറത്ത് സ്വർണ്ണത്താൽ സൂര്യാഭ ചേർന്നതുമായ ഒരു ചട്ട സൂര്യദത്തനും ധരിച്ചു. ഉറപ്പുള്ളതും അകത്ത് ഇരിമ്പുള്ളതുമായ ശതേക്ഷണമെന്ന വെള്ളച്ചട്ട വിരാടന്മാരിൽ അഗ്രജനായ ശംഖനും ധരിച്ചു. ദേവതുല്യം പൊരുതുന്ന മറ്റു യോദ്ധാക്കൾക്കും അസംഖ്യം ചട്ടകൾ പോരിൽ ഇറങ്ങുവാൻ ഒരുങ്ങിനിൽക്കുന്ന യോദ്ധാക്കൾക്കും നല്കി. നല്ല ഉപകരണങ്ങളോടു ചേർന്നതും പൊൻകോപ്പണിഞ്ഞതുമായ വെള്ളത്തേരുകളിൽ ആ മഹാരഥന്മാർ കയറി.

അപ്പോൾ സൂര്യചന്ദ്രപ്രകാശമുള്ള ദിവ്യമായ സ്വർണ്ണരഥത്തിൽ മഹാനുഭാവനായി ശോഭിക്കുന്ന മത്സ്യരാജാവിന്റെ ഉയർന്ന കൊടി പാറിക്കളിച്ചു. പിന്നെ വേറെയും പൊന്നണിഞ്ഞ ദ്വജങ്ങളും, ശൂരന്മാരായ ക്ഷത്രിയന്മാർ കയറിയ രഥങ്ങളുടെ മുകളിലായി പ്രശോഭിച്ചു.

അപ്പോൾ മത്സ്യരാജാവ് ശതാനീകനോടു പറഞ്ഞു: 'കങ്കൻ, വല്ലവൻ, ഗോപാലൻ, ദാമഗ്രന്ഥി എന്നിവർ ചുണയുള്ളവരാണ്. അവരും ഇന്ന് എന്റെ പക്ഷത്തിൽ നിന്നു പോരാടും. അതിൽ സംശയമില്ല. അവർക്കും ധ്വജചിഹ്നമുള്ള തേർ നല്കണം. ഉറപ്പുള്ള മൃദുലമായ വിചിത്രകവചങ്ങളും അവർക്കു നല്കണം. അവർ ദേഹത്തിൽ ആ ചട്ട ധരിച്ച് നല്ല ആയുധങ്ങളും എടുക്കട്ടെ. വീരാംഗം പൂണ്ട ആ പുരുഷന്മാർ നാഗരാജന്റെ കരംപോലുള്ള കരമുള്ളവരാണ്. അവർ യുദ്ധം ചെയ്യാതിരിക്കയില്ലെന്ന് ഒരു വിശ്വാസം എനിക്കുണ്ട്.'

ഇപ്രകാരം രാജാവു പറഞ്ഞപ്പോൾ മനസ്സിൽ ബദ്ധപ്പാടോടെ പാർത്ഥന്മാർക്ക് ശതാനീകൻ തേരുകൾ കൊണ്ടുവരുവാൻ കല്പിച്ചു. സഹദേവന്നും, ധർമ്മരാജാവിന്നും, ഭീമന്നും, നകുലന്നും തേരുകൾ ഉടനെ സൂതന്മാർ ഹർഷത്തോടെ സജ്ജമാക്കി കൊണ്ടുവന്നു. ഉറപ്പുള്ളതും മൃദുലവുമായ വിചിത്രകവ

digitized by www.sreyas.in

ചങ്ങളണിഞ്ഞ് ആ പരന്തപന്മാർ കെട്ടി. നല്ല കുതിരകളെപ്പൂട്ടിയ തേരിൽക്കയറി സസന്തോഷം ഇറങ്ങി. യുദ്ധകോവിദന്മാരും വേഷപ്രച്ഛന്നരുമായ അവർ എല്ലാവരും മഹാശക്തന്മാരാണെന്നു പറയേണ്ടതില്ലല്ലോ. സ്വർണ്ണാലംകൃതമായ തേരുകളിൽക്കയറി കുരുപുംഗവരായ അവർ വിരാടനെ പിന്തുടർന്നു. സത്യവിക്രമരും ശൂരരുമായ ആ നാലു പാണ്ഡവന്മാരും കന്നംപൊട്ടി മദജലമൊലിക്കുന്ന ഭീമാകാരന്മാരായ മത്തദിപങ്ങളും ചോലചാടുന്ന മലപോലുള്ള അറുപതുവയസ്സായ ആനകളും, യുദ്ധകൗശലമുള്ള ആനക്കാർ കേറി ശീലമുള്ള ഗജരാജന്മാരും, ചലിക്കുന്ന പർവ്വതങ്ങൾ പോലെ രാജാവിനെ പിന്തുടർന്നു. സാമർത്ഥ്യമുള്ളവരും അഭിനന്ദനാർഹമായ ശക്തിയുള്ളവരുമായ അനുയായികളും, എണ്ണായിരം തേരുകളും, പതിനായിരം ആനകളും, അറുപതിനായിരം കുതിരകളും ചേർന്ന സൈന്യത്തോടുകൂടി മത്സ്യന്മാർ പിന്തുടർന്നു. വിരാടരാജാവിന്റെ ആ സൈന്യം ശോഭിച്ചു. ആ സൈന്യങ്ങൾ പശുക്കൾ പോയ വഴിനോക്കി പുറപ്പെട്ടു. ആന, തേർ, കുതിര, കാലാൾ എന്നിവയോടു കൂടിയ വിരാടന്റെ സൈന്യം ദൃഢായുധഭടന്മാരോടുകൂടി ഇളകി പ്രശോഭിച്ചു."

32. വിരാടസുശർമ്മയുദ്ധം – വൈശമ്പായനൻ പറഞ്ഞു: "മത്സ്യസൈന്യങ്ങൾ കുതിച്ചു പാഞ്ഞു. വ്യൂഹം കെട്ടി സശസ്ത്രരായ മത്സ്യന്മാർ ത്രിഗർത്തന്മാരോട് ഏറ്റുമുട്ടുവാൻ യുദ്ധമദത്തോടെ ഓടി. സൂര്യൻ അസ്തമിക്കുവാനടുത്ത സമയമായി. അവർ ത്രിഗർത്തരുമായി ഏറ്റുമുട്ടി. ത്രിഗർത്തന്മാരും മത്സ്യന്മാരും പോരിൽ ഉന്മത്തരായി ഗോക്കളെക്കുറിച്ചു ശക്തിയായ പോരാട്ടം നടത്തി. തോട്ടി, തോമരം, പ്രചോദിതം മുതലായ ആയുധങ്ങൾ, ഉല്ക്കടമായ മത്തഹസ്തികൾ, സമർത്ഥരായ രാജനിയുക്തന്മാർ ഇങ്ങനെ എല്ലാം തികഞ്ഞ ആനകൾ തമ്മിലുള്ള യുദ്ധം ബഹളവും രോമഹർഷണവുമായി. അവർ തമ്മിൽത്തമ്മിൽ കൊന്ന് കാലപുരിപുഷ്ടിപ്പെടുത്തി. സൂര്യൻ ചാഞ്ഞസമയത്തെ ആ യുദ്ധം ദേവാസുരസമമായിരുന്നു. കാലാൾ, തേര്, ആന, കുതിരപ്പട ഇവയുടെ സംഘട്ടനത്താൽ അന്യോന്യം കൊന്നുതീർന്നുതുടങ്ങി പൊടിപറന്ന് ആ യുദ്ധക്കളം പരസ്പരം കാണാത്തമട്ടിലായി പടയിൽനിന്നുണ്ടായ പൊടി പറന്ന് ആകാശത്തു പറക്കുന്ന പക്ഷികളും നിലംപതിച്ചു. ആകാശത്തു ശരനിരകൾ പരന്ന് സൂര്യബിംബംതന്നെ മറഞ്ഞുപോയി. വില്ലാളികളുടെ പൊൻകെട്ടുള്ള വില്ലിന്റെ പ്രഭയാൽ ആകാശത്ത് മിന്നാമിനുങ്ങുകൾ എന്നപോലെ യുദ്ധരംഗം പ്രശോഭിച്ചു. ഇടവും വലവും ബാണങ്ങൾ തൂകി വീരന്മാർ എതിർക്കുവാൻ തുടങ്ങിയപ്പോൾ തേരു തേരിനോടും, കാലാൾ കാലാളോടും ഏറ്റുമുട്ടി. പലേടത്തും സാദി സാദികളോടും, ഹസ്തി ഹസ്തിയോടും എറ്റുമുട്ടി. വാൾ, വേല്, പട്ടസം, പ്രാസം, തോമരങ്ങൾ ഇവകൊണ്ടു പോരിൽ ചൊടിച്ച് ഏറ്റുമുട്ടി തമ്മിൽ കീറിപ്പിളർന്നു. പരിഘം പോലെ കൈയുള്ളവരായ ശൂരന്മാർ തമ്മിൽ പ്രഹരിച്ചു. ശൂരന്മാരെ പിൻതിരിപ്പിക്കാവാൻ ആ കോപികൾക്കു സാധിച്ചില്ല. മേൽച്ചുണ്ട് അറ്റതും, നല്ല മൂക്കോടുകൂടിയതും, മുടി കത്രിച്ചണിഞ്ഞതും, കുണ്ഡലം ചാർത്തിയതുമായ ശിരസ്സുകൾ അറ്റുവീണുകിടക്കുന്നതായി ധൂളിയുടെ ഇടയിൽ കണ്ടു. അമ്പേറ്റ് അറ്റുവീണുകിടക്കുന്ന കൈകളും കണ്ടു. പയിൻതടിപോലെ, രണഭൂമിയിൽ പാമ്പിന്റെ മെയ്യുപൊലെ ചന്ദനംചാർത്തിയ ഭടന്മാരുടെ ഭുജങ്ങൾ യുദ്ധക്കളത്തിൽ ചിതറി. കുണ്ഡലംചാർത്തിയ തലകളും ചിന്നി യുദ്ധക്കളം ശോഭിച്ചു.

തേരാളികൾ തേരാളികളുമായും, സാദികൾ സാദികളുമായും, പത്തികൾ പത്തികളുമായും പരസ്പരം കൈമെയ് മറന്ന് പോരാടി. പാരിൽനിന്നുയരുന്ന ധൂളി ചോരയിൽ നനഞ്ഞ് ഒതുങ്ങി, ഘോരമായ മോഹാലസ്യത്തിൽപ്പെട്ടു നിലവിട്ട നിലയിലായി. ശരങ്ങൾ കൊണ്ടു വേദനിച്ച് ഗരുഡന്മാർ ഇരുന്നുപോയി. വ്യോമചാരികൾക്ക് ശരങ്ങളുടെ മറവിനാൽ കാഴ്ച തടഞ്ഞു. പരിഘംപോലെ കൈയുള്ള വീരന്മാർ പരസ്പരം താഡിച്ചു. ശൂരന്മാരെ പിൻവലിപ്പിക്കുവാൻ കോപികൾക്കു കഴിയാതായി.

ശതാനീകൻ ശതം യോദ്ധാക്കളെ വീഴ്ത്തി. വിശാലാക്ഷൻ നാനൂറു യോദ്ധാക്കളെ കൊന്നുവീഴ്ത്തി. ത്രിഗർത്തന്മാരുടെ മഹാസൈന്യത്തിൽ മഹാരഥന്മാർ കയറി. മനസ്വികളായ ആ മഹാരഥന്മാർ മഹാസൈന്യത്തിൽ കയറി ശക്തിയായി പോരാടി. ചൊടിച്ച് ഏറ്റവരായ അവർ പരസ്പരം മുടിപിടിച്ചു വെട്ടി. തേരിൽനിന്നും പരസ്പരം പോരാടി തേർക്കൂട്ടം തകർത്തു. മുമ്പിൽ സൂര്യദത്തൻ കയറി; പിമ്പെ മദിരാക്ഷനും കയറി. വിരാടൻ ആ ഘോരസംഗരത്തിൽ അഞ്ഞൂറു തേരു തകർത്തുവിട്ടു. എണ്ണൂറ് അശ്വങ്ങളേയും, അഞ്ചു മഹാരഥന്മാരേയും അവൻ കൊന്നു അങ്ങനെ പലമട്ടിൽ തേരിൽ അവൻ ചുറ്റിപ്പറന്ന് പടപൊരുതി പൊൻതേരിലേറിയ ത്രിഗർത്തപ്രധാനിയായ സുശർമ്മാവിനോടെതിർത്തു. മഹാബലരായ അവർ തമ്മിൽ പോർ ചെയ്തു. തൊഴുത്തിൽ കാളകൾ എന്നപോലെ അവർ പരസ്പരം ആർത്ത് എതിർത്തു.

പിന്നെ ത്രിഗർത്തരാജാവായ സുശർമ്മാവ് രണോദ്ധതനായി മത്സ്യരാജാവിനോട് ഏറ്റു. ആ മനുജർഷഭന്മാർ പരസ്പരം തേരിൽ നിന്ന് എതിർത്തു. പിന്നെ തേരാളികൾ പരസ്പരം ഏറ്റുമുട്ടി. മേഘങ്ങൾ മഴപെയ്യുമ്പോലെ ശരങ്ങൾ വർഷിച്ചു. തമ്മിൽ ചൊടിപിടിച്ച് അവർ പരസ്പരം ഏറ്റുമുട്ടി ചുറ്റിക്കറങ്ങി. കൂർത്തുമൂർത്ത അമ്പുകൾ, വാളുകൾ, വേലുകൾ, ഗദകൾ ഇവകൊണ്ടൊക്കെ അവർ തമ്മിൽ പോരാടി.

പിന്നെ മത്സ്യരാജാവ് സുശർമ്മാവിൽ പത്തു ശരങ്ങൾ എയ്തു. അയ്യഞ്ചമ്പ് അവന്റെ നാലു കുതിരകളിലും എയ്തു. അപ്രകാരം സുശർമ്മാവ് മത്സ്യരാജാവിനെ കൂർത്തുമൂർത്ത അമ്പത് അമ്പുകളാൽ പ്രഹരിച്ചു. പരമാസ്ത്രജ്ഞനായ അവൻ രണോദ്ധതനായി. ഈ അത്ഭുതക്രിയ ചെയ്തപ്പോൾ മത്സ്യന്മാരുടേയും ത്രിഗർത്തന്മാരുടേയും സംഘട്ടനം മുറുകി. പടക്കളത്തിൽ ധൂളിപറന്ന് പരസ്പരം അറിയാത്ത മട്ടിലായി."

33. സുശർമ്മനിഗ്രഹം – വൈശമ്പായനൻ പറഞ്ഞു: "ഹേ, ഭാരതാ! ഇരുട്ടടച്ച് പോർക്കളം പൊടിയാൽ മൂടിയപ്പോൾ മുഹൂർത്തസമയം ശസ്ത്രങ്ങൾ ഏന്തി പ്രയോഗിക്കാതെ യോദ്ധാക്കൾ നിന്നു. പിന്നെ കൂരിരുൾ മാറ്റി ചന്ദ്രമണ്ഡലം ഉദിച്ചുയർന്നു. ചന്ദ്രൻ രാത്രിക്ക് നൈർമ്മല്യവും, യോദ്ധാക്കൾക്ക് ആനന്ദവും നല്കി. ചന്ദ്രപ്രകാശം പരന്നപ്പോൾ വീണ്ടും യുദ്ധം തുടങ്ങി. അതുവരെ ഘോരമായ നിലയിൽ അവർ പരസ്പരം നോക്കിനില്ക്കുകയായിരുന്നു. ത്രിഗർത്തനായ സുശർമ്മാവ് ഇളയ സഹോദരനോടുകൂടി ചുറ്റും തേർക്കൂട്ടത്തെ കൂട്ടി മത്സ്യരാജാവിനോട് എതിർത്തു. ക്ഷത്രിയർഷഭന്മാരായ അവർ തേർവിട്ട് ഭ്രാതാക്കന്മാരോടു ചേർന്ന് ഗദാപാണികളായി രഥങ്ങളുടെ നേരെ ആർത്തടുത്തു. അപ്രകാരംതന്നെ അവരുടെ സൈന്യങ്ങളൊക്കെ തമ്മിൽ പാഞ്ഞെതിർത്തു. ഗദ, വാൾ, പാശം, അറ്റംകൂർത്ത ഖൾഗം, പരശ്വധം എന്നിവയൊക്കെ കൈയിലെടുത്തു പോരാടി. സൈന്യത്താൽ മത്സ്യരാജാവിന്റെ സൈന്യത്തെ ത്രിഗർത്തരാജാവായ സുശർമ്മാവ് വധിച്ചു തോല്പിച്ചു, ബലമായി ശക്തനായ വിരാടനോട് എതിർത്ത് അടുത്തു. അവർ കുതിരകളെ കൊന്ന് പിൻപുറത്തെ സൂതരേയും വീഴ്ത്തി. അപ്പോൾ രഥം പോയ മത്സ്യരാജാവിനെ അവർ ജീവനോടെ പിടിച്ചു. ആ പിടുത്തം ബഹുരസമായിരുന്നു. കാമിയായ പുരുഷൻ തരത്തിന്നുകിട്ടിയ പെണ്ണിനെ പിടികൂടുന്നവിധമായിരുന്നു ആ പിടുത്തം. അതിൽനിന്നു കുതറി രക്ഷപ്പെടുവാൻ ആ മത്സ്യന്നു കഴിഞ്ഞില്ല. ശീഘ്രവാഹനനായ സുശർമ്മാവ് അവനെ പിടിച്ചു തേരിൽ വച്ച് ശീഘ്രം തേരോടിച്ചുപോയി. ശക്തനായ മത്സ്യരാജാവിനെ തേർ തകർത്തു പിടിച്ചപ്പോൾ ത്രിഗർത്തരിൽനിന്നു പീഡയേറ്റ മത്സ്യന്മാർ ഭയപ്പെട്ട് ഓടിക്കളഞ്ഞു.

അവർ ഭയപ്പെട്ട് പിൻതിരിഞ്ഞോടുമ്പോൾ കുന്തീപുത്രനായ യുധിഷ്ഠിരൻ ശത്രുജിത്തായ ഭീമനോട് ഇപ്രകാരം പറഞ്ഞു: 'മഹാബാഹോ! ഭീമാ! ത്രിഗർത്തനായ സുശർമ്മാവ് മത്സ്യരാജാവിനെ പിടിച്ചു. ഉടനെ അവനെ വേർപെടുത്തുക. വൈരി

digitized by www.sreyas.in

കളുടെ പാട്ടിൽ അവൻ പെടരുത്. എല്ലാ ആഗ്രഹങ്ങളും നമുക്കു സാധിപ്പിച്ച്. അവൻ നമ്മളെ സുഖമായി അവന്റെ ഗൃഹത്തിൽ പാർപ്പിച്ചു. അതിന്ന് ഒരു പ്രത്യുപകാരം നാം ചെയ്യാൻ ശ്രമിക്കണം."

ഭീമസേനൻ പറഞ്ഞു: "രാജാവേ, ഭവാന്റെ ആജ്ഞ ഞാൻ നിർവ്വഹിക്കാം. ഞാൻ അവനെ രക്ഷപ്പെടുത്താം. ഞാൻ ശത്രുക്കളുമായി ഒരു ഘോരമായ പോരാട്ടം നടത്താം. എന്റെ ആ പോരാട്ടം ഭവാൻ കാണണം. സ്വന്തം കൈയൂക്കിനാൽ ഭവാൻ തമ്പികളോടു കൂടി ഇവിടെ ഒരു അറ്റംപറ്റി നില്ക്കുക. അങ്ങനെ നിന്ന് എന്റെ പരാക്രമം എങ്ങനെയിരിക്കുന്നു എന്നൊന്നു നോക്കിക്കാണുക. വലിയ കൊമ്പുള്ള ഈ വൃക്ഷം മതി ഗദയ്ക്കു പകരം അതു പറിച്ചെടുത്ത് ഞാൻ ഈ ശത്രുവീരന്മാരെ ഓടിക്കാം."

വൈശമ്പായനൻ പറഞ്ഞു: "മദംപൊട്ടിയ ആനയെപ്പോലെ അവൻ വലിയ ഒരു മരത്തിലേക്കു കണ്ണുപതിച്ചു. അപ്പോൾ വീരനായ തമ്പിയോട് ധർമ്മരാജാവായ യുധിഷ്ഠിരൻ പറഞ്ഞു: 'എടോ ഭീമാ, സാഹസംചെയ്യരുത്. മരം അങ്ങനെ അവിടെ നില്ക്കട്ടെ. മരംകൊണ്ട് നീ അമാനുഷക്രിയ കാണിച്ച് എതിർത്താൽ ഇവൻ ഭീമനാണെന്നു കാണികൾ കരുതും. അതിന്നിടവരുത്തരുത്. അല്പംകൂടി ക്ഷമിക്കുക. വേറെ മനുഷ്യർക്ക് ചേരുന്ന ആയുധങ്ങൾ എടുക്കുക. വില്ലോ, വേലോ, വെൺമഴുവോ, വാളോ യഥേഷ്ടം എടുക്കുവാനുണ്ടല്ലോ. മറ്റുള്ളവർ അറിയാത്ത വിധത്തിൽ, മനുഷ്യോചിതമായ വിധത്തിൽ, ആയുധം കൈയിലേന്തി രാജാവിനെ മോചിപ്പിക്കുക. മഹാബലന്മാരായ മാദ്രേയന്മാർ ചക്രരക്ഷയ്ക്കായി ഇവിടെ നില്ക്കും. എല്ലാവരും ഒരുമിച്ച് അവിടെച്ചെന്ന് മത്സ്യരാജാവിനെ രക്ഷിക്കുക."

വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞപ്പോൾ മഹാബലനായ ഭീമസേനൻ നല്ല വില്ലെടുത്ത് ഏറ്റവും ശക്തിയോടെ, അനുജന്മാരോടുകൂടി, വെള്ളംനിറഞ്ഞ കാർമേഘം പോലെ ശരവർഷങ്ങൾ തൂകി. ഭീമകർമ്മാവായ സുശർമ്മാവിനോട് ഭീമൻ ഏറ്റുമുട്ടി. 'വിരാടനെ രക്ഷിക്കുവാനാണ് ഞാൻ എത്തിയിരിക്കുന്നത്. അവിടെ നിൽക്കൂ!' എന്ന് ഭീമൻ അലറി. ആ കാലാന്തകയമനെപ്പോലെയുള്ള ഭീമനെ,' പിൻപുറത്തു നിന്ന് നിൽക്കൂ! നിൽക്കൂ! എന്നു വിളിച്ചുപറയുന്ന മഹാകായനെ, സുശർമ്മാവ് തിരിഞ്ഞുനോക്കി. ഭീമൻ തുടർന്നു: 'ഇപ്പോൾ ഒരു വലിയ കർമ്മം ഞാൻ നിനക്കു കാണിച്ചു തരാം. ഒരുമഹാസംഘട്ടനം അടുത്തു.' ഈ വെല്ലുവിളി കേട്ടപ്പോൾ സുശർമ്മാവ് തമ്പിമാരോടുകൂടി തിരിഞ്ഞു. കണ്ണടച്ചു മിഴിക്കുന്നതിന്നുമുമ്പായി ആ തോരാളികൾ ഭീമനുമായി ഏറ്റുമുട്ടി. തേരുകൾ, ആനകൾ, അശ്വങ്ങൾ എന്നിവ യോധന്മാർ കേറിയിരിക്കുന്ന നിലയിൽ, നൂറും ആയിരവും തേരാളികളോടുകൂടി ഭീമനാൽ കൊല്ലപ്പെട്ടു. വിരാടൻ നോക്കിയിരിക്കെ ഗദയേന്തിയ ആ മഹാബലൻ കാലാൾപ്പടകളെ അടിച്ചുതമർത്തി. അപ്രകാരമുള്ള പ്രചണ്ഡയുദ്ധം കണ്ട് രണോദ്ധതനായ സുശർമ്മാവ് ചിന്തിച്ചു: 'ഈ നിലയ്ക്ക് എന്റെ സൈന്യത്തിൽ വല്ലതും ശേഷിച്ചുകിട്ടുമോ? എവിടെ നിന്നു വന്നു ഇവൻ? ഞാൻ മുമ്പെ തോല്പിച്ചോടിച്ച സൈന്യത്തിൽ ഇവനെ കണ്ടിരുന്നില്ലല്ലോ? അത്ഭുതംതന്നെ! ഇവൻ ചെവിയോളും നീട്ടിവലിച്ചു ശരങ്ങൾ വിടുന്നല്ലൊ!' കൂർത്ത മൂർത്ത അമ്പുകൾ സുശർമ്മാവു വീണ്ടും എയ്തു. ത്രിഗർത്തരിൽ ചൊടിച്ചു ശരങ്ങൾ വർഷിക്കുന്ന, ദിവ്യാസ്ത്രങ്ങൾ പ്രയോഗിക്കുന്ന, തേർതിരിച്ച് ആട്ടുന്ന പാണ്ഡവന്മാരെ കണ്ടപ്പോൾ ത്രിഗർത്തന്മാരുടെ പട ഓടാൻ തുടങ്ങി. വിരാടപുത്രനും ചൊടിച്ച് നല്ലപോലെ യുദ്ധംചെയ്തു. ആ കടുത്ത പോരിൽ യുധിഷ്ഠിരൻ ആയിരം ത്രിഗർത്തന്മാരെ കൊന്നു. ഭീമൻ ഏഴായിരംപേരെ കാലന്റെ പുരി കാണിച്ചുകൊടുത്തു. നകുലനും എഴുനൂറുപേരെ കൊന്നുവിട്ടു. പ്രതാപവാനായ സഹദേവൻ മുന്നൂറുപേരെയും സംഹരിച്ചു. ഇങ്ങനെ യുധിഷ്ഠിരന്റെ ആജ്ഞപ്രകാരം ആ വീരന്മാർ ശത്രുസൈന്യത്തെ നശിപ്പിച്ചു. പിന്നെ അത്യുഗ്രനായ സുശർമ്മാവ് ആയുധം ഉയർത്തി പാഞ്ഞടുത്തു. അപ്പോൾ ത്രിഗർത്തന്മാരുടെ ആ മഹാസൈന്യത്തെ ഭീമൻ മുടിച്ചു. ആയുധമേന്തി എതിരിട്ട സുശർമ്മാവിൽ യുധിഷ്ഠിരരാജാവ് വെമ്പലോടെ എതിർത്ത് ശക്തിയായി ശരങ്ങൾ വർഷിച്ചു. സുശർമ്മാവും ധർമ്മപുത്രനിൽ ശരങ്ങൾ ചൊരിഞ്ഞു. ഒമ്പത് അമ്പ് ധർമ്മപുത്രനിലും, നാല് അമ്പുകൾ നാലു ഹയങ്ങളിലും എയ്തു. അപ്പോൾ ഭീമൻ ക്ഷണത്തിൽ അവിടെ പാഞ്ഞെത്തി. സുശർമ്മാവിന്റെ നേരെ ചെന്ന് കുതിരകളെ അടിച്ചു കൊന്നു. അവന്റെ പിൻകാവല്ക്കാരെ അമ്പെയ്തു മുടിച്ചു. പിന്നെ സൂതനെയും തേർത്തട്ടിൽ നിന്നു വീഴ്ത്തി. ചക്രത്തെ രക്ഷിച്ചുകൊണ്ടു നിന്ന മഹാശൂരനും, കീർത്തിമാനുമായ മദിരാക്ഷൻ ത്രിഗർത്തനെ വിരഥനായിക്കണ്ടപ്പോൾ ഓടിച്ചെന്നു പ്രഹരിച്ചു. ആ തക്കത്തിന്ന് സുശർമ്മാവിന്റെ രഥം വിട്ടു ചാടി വിരാടൻ ഓടിപ്പോന്നു തന്റെ അണിയിൽക്കടന്ന് അവന്റെ ഗദ കൈയിൽ എടുത്ത് അവനോട് ഏല്ക്കുവാൻ സന്നദ്ധനായി. ആ വൃദ്ധൻ ഗദയും കൈയിലെടുത്ത് തരുണനെപ്പോലെ സഞ്ചരിച്ചു. അപ്പോൾ ഓടിപ്പോകുന്ന ത്രിഗർത്തനെക്കണ്ട് ഭീമൻ ഇപ്രകാരം വിളിച്ചുപറഞ്ഞു: 'എടോ രാജപുത്രാ! ഈ തിരിഞ്ഞോട്ടം ഭവാനു ചേർന്നതല്ല. ഇത്ര വീര്യവുംകൊണ്ടാണോ പുറപ്പെട്ടത്? ഈ വീര്യവുംകൊണ്ട് പശുക്കളെ മോഹിച്ചാൽ എങ്ങനെ കിട്ടും? തന്റെ കൂട്ടരെയൊക്കെ വിട്ട് ശത്രുമദ്ധ്യത്തിൽ കുഴങ്ങുകയാണോ?' ഇപ്രകാരം ഭീമൻ പരിഹസിച്ചപ്പോൾ സുശർമ്മാവ് ചുണച്ചു തിരിഞ്ഞുനിന്ന് ഭീമനോടു പറഞ്ഞു: 'നിൽക്കൂ! നിൽക്കൂ!'

ഭീമപരാക്രമനായ ഭീമനും തേരുവിട്ട് സുശർമ്മാവിനെ പിടിക്കുവാൻ ചാടി. ഓടുന്ന അവനെ ഭീമനും പിൻതുടർന്ന് ഓടി. സിംഹം മാനിനെപ്പിടിക്കുവാൻ ഓടുന്നതുപോലെ പിന്നാലെ പാഞ്ഞുചെന്ന് സുശർമ്മാവിന്റെ തലമുടിയിൽ പിടികൂടി, ഒന്ന് ഉയർത്തി നിലത്തിട്ട് ഒരു കുത്തുകൊടുത്തു. നിലവിട്ട് കരയുന്ന അവനെ കാലുകൊണ്ട് തലയ്ക്ക് ഒരു തട്ടുകൊടുത്തു. തന്റെ മുട്ടു വെച്ച് ഒന്നമർത്തി അരത്നിയാൽ ഒരു തട്ടുകൊടുത്തു. പ്രഹരമേറ്റ് ആ രാജാവ് മോഹിച്ചു വീണുപോയി.

ത്രിഗർത്തരാജാവ് വിരഥനായി ശത്രുക്കളുടെ പിടിയിൽ പെട്ടപ്പോൾ, ത്രിഗർത്തസൈന്യങ്ങളൊക്കെ ഭയപ്പെട്ട് ഉടഞ്ഞുചിതറി. മഹാരഥരായ പാണ്ഡവന്മാർ പശുക്കൂട്ടത്തേയും ആട്ടി തിരിച്ചുപോന്നു. സുശർമ്മാവിനെ പോരിൽ വെന്ന് ഇങ്ങനെ നഷ്ടപ്പെട്ട ധനമൊക്കെ വീണ്ടെടുത്തു. സ്വന്തം കൈയൂക്കുള്ളവരും, നാണിച്ചു കഴിഞ്ഞു കൂടുന്നവരും, യതവ്രതരുമായ പാണ്ഡവന്മാർ വിരാടന്റെ പരിക്ലേശം മുടിച്ചു. നേരിട്ട് എല്ലാവരും നില്ക്കുമ്പോൾ വൃകോദരൻ സുശർമ്മാവിനെ പിടിച്ച് ഇപ്രകാരം പറഞ്ഞു: 'ഈ പാപി എന്റെ കൈയിൽനിന്നു ജീവിക്കുവാൻ അർഹനല്ല. ഞാനെന്തു കാട്ടും, രാജാവ് നിത്യവും കൃപയുള്ളവനായാൽ!' കഴുത്തിൽ പിടികൂടി തന്റെ പാട്ടിൽ വന്ന രാജാവിനെ വൃകോദരൻ പിടിച്ചുകെട്ടി, ബോധം മറിഞ്ഞും ധൂളിയേറ്റും അവശനായ അവനെ തേരിൽക്കയറ്റി, കൊണ്ടുപോയി രണമദ്ധ്യത്തിൽ ധർമ്മരാജാവിന്റെ മുമ്പിലെത്തി. സുശർമ്മാവിനെ ധർമ്മജന്റെ മുമ്പിൽ തൂക്കിയെടുത്തുവെച്ചു പറഞ്ഞു: 'രാജാവേ, ഇതാ സുശർമ്മാവ്! പശുക്കളെ അപഹരിച്ച് ത്രിഗർത്തരാജാവ്!"

പോരിൽ ജയിച്ച ഭീമനോട് പുരുഷർഷഭനായ യുധിഷ്ഠിരൻ ചിരിച്ച് ആ മനുഷ്യനെ നോക്കിപ്പറഞ്ഞു: "ആ നീചമനുഷ്യനെ വിട്ടേക്കൂ!"

ഇപ്രകാരം ജ്യേഷ്ഠൻ പറഞ്ഞപ്പോൾ ഭീമൻ സുശർമ്മാവിനെ നോക്കിപ്പറഞ്ഞു:

"എടാ മൂഢാ! നിനക്കു ജീവിക്കണമെങ്കിൽ ഞാൻ ഒരു ഉപായം പറഞ്ഞുതരാം. നീ നാലുംകൂടിയ വഴിയിലും, ജനങ്ങൾ കൂടുന്ന അങ്ങാടിസ്ഥങ്ങളിലും, സഭകളിലും ചെന്നു നിന്ന് ഉറക്കെ വിളിച്ചുപറയണം: 'മഹാജനങ്ങളേ! ഞാൻ ദാസനാണേ! ദാസനാണേ!' എന്ന്. എന്നാൽ ഞാൻ നിനക്കു നിന്റെ ജീവൻ മടക്കിത്തരാം. പോരിൽ തോറ്റവന്റെ മുറ ഇതാണ്."

ഇതു കേട്ട് യുധിഷ്ഠിരൻ പ്രണയത്തോടെ ഭീമനോടു പറഞ്ഞു: "എടോ ഭീമാ! ഞാൻ പറയുന്നത് നിനക്കു പ്രമാണ

digitized by www.sreyas.in

മാണെങ്കിൽ കേൾക്കൂ! ഈ രാജാവ് വിരാടനൃപന്റെ ദാസനായി ത്തീർന്നിരിക്കുന്നു. അദാസനായി അവനെ വിട്ടിരിക്കുന്നു."

"ഇനി ഇങ്ങനെ ചെയ്യരുത്, കേട്ടോ!" യുധിഷ്ഠിരൻ സുശർമ്മാവിനെ നോക്കിപ്പറഞ്ഞു.

34. വിരാടജയഘോഷം – വൈശമ്പായനൻ പറഞ്ഞു: "ഇതു കേട്ട് സുശർമ്മാവ് ലജ്ജിച്ചു തലതാഴ്ത്തി, വിട്ടയച്ച അരചന്റെ നേരെ കൈകൂപ്പി, നടന്നുപോയി. ഹതവൈരികളായ പാർത്ഥന്മാർ സുശർമ്മാവിനെ വിട്ട്, സ്വന്തം കൈയൂക്കുള്ളവരാണെങ്കിലും, ലജ്ജയോടുകൂടി ഇരിക്കുന്ന ആ യതവ്രതന്മാർ പടത്തലയ്ക്കൽ വന്നു സുഖമായി പാർത്തു. അതിമാനുഷ പരാക്രമികളായ ആ കൗന്തേയവീരന്മാരെ വിരാടരാജാവ് ധനമാനങ്ങളാൽ അർച്ചിച്ചു."

വിരാടൻ പറഞ്ഞു: "എനിക്ക് ഇവിടെയുള്ള രത്നങ്ങളും, ധനങ്ങളുമൊക്കെ എങ്ങനെയോ അപ്രകാരംതന്നെ നിങ്ങൾക്കുമുള്ളതാണ്. നിങ്ങൾ എല്ലാവരും ഇഷ്ടംപോലെ യഥാസുഖം കാര്യങ്ങൾ നിർവ്വഹിക്കുക. അണിഞ്ഞൊരുങ്ങിയ സുന്ദരിമാരായ കന്യകമാരേയും നാനാധനങ്ങളേയും ഞാൻ നിങ്ങൾക്കു തരാം. മനോരഥംപോലെ തേരിൽക്കയറി ശക്തരായ നിങ്ങൾ ശത്രുക്കളെ നിഗ്രഹിച്ചുവല്ലോ. അതുകൊണ്ട് നിങ്ങൾ എല്ലാവരും മത്സ്യരാജ്യത്തിന്ന് അധീശന്മാരാണ്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറയുന്ന മത്സ്യനോട് കുരുനന്ദന്മാർ ഓരോരുത്തരും തൊഴുതുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'രാജാവേ, ഞങ്ങളെല്ലാം ഭവാന്റെ വാക്കിനെ അഭിനന്ദിക്കുന്നു. ശത്രുക്കൾ ഭവാനെ വിട്ട കാര്യംകൊണ്ടുതന്നെ ഞങ്ങൾ തൃപ്തരായിരിക്കുന്നു!'

പിന്നെ മഹാബാഹുവായ മത്സ്യരാജാവ് സസന്തോഷം യുധിഷ്ഠിരനോടു പറഞ്ഞു: 'വരൂ! ഞാൻ ഭവനെ രാജാവായി അഭിഷേകംചെയ്യാം. ഞങ്ങൾക്കു മഹാരാജാവ് ഭവാനാണ്. അങ്ങയ്ക്കു ഇഷ്ടമുള്ളത് എന്താണ് ഈ ലോകത്തിലെന്നുവെച്ചാൽ പറയുക. എല്ലാം സാധിപ്പിച്ചുതരാം. ഞങ്ങളുടെ എല്ലാറ്റിനും ഭവാൻ അർഹനാണ്. രത്നങ്ങൾ, പശുക്കൾ, സ്വർണ്ണം, മണികൾ, മുത്തുകൾ എല്ലാം ഭവാനു നല്കാം. ഹേ വൈയാഘ്രപാദ്യാ, വിപ്രേന്ദ്രാ! ഞാൻ സർവ്വഥാ ഭവാനെ കുമ്പിടുന്നു. ഭവാൻകാരണം ഇന്ന് ഞാൻ എന്റെ രാജ്യത്തേയും, എന്റെ മക്കളേയും വീണ്ടും കാണുവാൻ ഇടവന്നു. വാശിപൂണ്ട ശത്രുവിന്റെ കൈയിൽ പെട്ടുപോയിരുന്നെങ്കിൽ എന്റെ കഥ എന്തായേനേ!'

ഇതു കേട്ട് വീണ്ടും യുധിഷ്ഠിരൻ മത്സ്യരാജാവിനോടു പറഞ്ഞു, "രാജാവേ, ഭവാന്റെ വാക്കിനെ ഞാൻ പ്രശംസിക്കുന്നു. ഹേ മത്സ്യാ, ഭവാൻ രമ്യമായ വാക്കുകൾ പറഞ്ഞു. ആനൃശംസ്യശ്രദ്ധയോടുകൂടി ഭവാൻ സുഖമായി നിത്യവും വാഴുക. ഭവാന്റെ ദൂതന്മാർ ഉടനെ പുരിയിലേക്കു പോകട്ടെ. ഈ പ്രിയവൃത്താന്തം ഇഷ്ടജനങ്ങളോടു പറയുവാനും ഭവാന്റെ വിജയം ആഘോഷിക്കുന്നതിനും ഏർപ്പാടുചെയ്യുക.'

യുധിഷ്ഠിരന്റെ വാക്കു കേട്ടപ്പോൾ രാജാവ് ദൂതന്മാരെ വിരാടനഗരിയിലേക്കയച്ചു. ഇപ്രകാരം സന്ദേശം പറഞ്ഞുവിട്ടു: 'നിങ്ങൾ പുരത്തിൽപ്പോയി നമ്മുടെ വിജയവർത്തമാനം പറയുക. കന്യകമാർ കോപ്പുകളൊക്കെ അണിഞ്ഞ് എന്റെ പുരത്തിൽ നിന്ന് ഉടനെ എതിരേല്പിന്നു വരട്ടെ! എല്ലാവിധ വാദ്യങ്ങളും, മോടികൂട്ടിയ ദാസീവർഗ്ഗങ്ങളും ചേർന്ന് എതിരേല്ക്കട്ടെ!'

ഇപ്രകാരം മത്സ്യരാജാവു ചൊല്ലിവിട്ട ദൂതന്മാർ രാജശാസനശിരസാവഹിച്ച് ഹർഷത്തോടുകൂടി പുറപ്പെട്ടു. വിരാടനഗരാന്തത്തിൽ ജയഘോഷം നടത്തി."

35. ഗോപവാക്യം – വൈശമ്പായനൻ പറഞ്ഞു: "മത്സ്യൻ പശുക്കളെ രക്ഷിക്കുവാൻ ത്രിഗർത്തന്മാരോടെതിർക്കുന്ന തക്കം നോക്കി മത്സ്യരാജ്യത്ത് അമാത്യന്മാരോടുകൂടി സുയോധനൻ എത്തി. ഭീഷ്മൻ, ദ്രോണൻ, കർണ്ണൻ, പരമാസ്ത്രജ്ഞനായ കൃപൻ, ദ്രൗണി, സൗബലൻ, ദുശ്ശാസനൻ, വിവിംശതി, വികർണ്ണൻ, ചിത്രസേനൻ, ദുർമ്മുഖൻ, ദുശ്ശാസനൻ, ഈ മഹാരഥന്മാർക്കു പുറമെ വേറേയും മഹാരഥന്മാരോടുകൂടിയായിരുന്നു കൗരവന്മാരുടെ പുറപ്പാട്. ഇവർ മത്സ്യരാജ്യത്തു കടന്ന് വിരാടന്റെ ഗോശാലകളൊക്കെ നശിപ്പിച്ച് കൈയൂക്കുകൊണ്ട് ഗോക്കളെയൊക്കെ അപഹരിച്ചു. അറുപതിനായിരം പശുക്കളെ അടിച്ചാട്ടി നടന്നു. വലിയ തേർനിരയാൽ നാലുപാടും വളഞ്ഞു. ആ മഹാരഥന്മാർ മർദ്ദിക്കുന്ന ഗോപന്മാരുടെ ആർത്തനാദം ഭയങ്കരമായ രണത്തിൽ ഉഗ്രമായി മുഴങ്ങി. ഗോപാദ്ധ്യക്ഷൻ ഭയപ്പെട്ടു തേരിൽക്കയറി അതിവേഗത്തിൽ ആർത്തുവിളിച്ചു പട്ടണത്തിലേക്കു പോയി. പുരത്തിലെത്തി രാജാവു പാർക്കുന്ന രാജധാനിയിൽച്ചെന്ന് തേർവിട്ട് ഇറങ്ങി. ഉടനെ രാജാവിനോട് ഉണർത്തുവാനായി ചെന്നു. മാനിയായ ഭൂമിഞ്ജയനെ ചെന്നുകണ്ട് രാജ്യത്തുള്ള ഗോഗ്രഹണവൃത്താന്തമൊക്കെപ്പറഞ്ഞു: 'ഇതാ കൗരവന്മാർ വന്ന് അറുപതിനായിരം പശുക്കളേയും അടിച്ചാട്ടികൊണ്ടുപോകുന്നു. ആ ഗോധനം നേടുവാനായി രാഷ്ട്രവർദ്ധനാ! ചെന്ന് എതിർത്താലും. ഹേ രാജപുത്രാ! ഹിതപ്രാപ്തിക്കായി ഭവാൻ എഴുന്നള്ളിയാലും, മത്സ്യരാജാവ് ശൂന്യപുരരക്ഷയ്ക്കായി ഭവാനെ ആക്കിയല്ലോ. സഭാമദ്ധ്യത്തിൽവെച്ച് രാജാവ് ഭവാനെ പ്രശംസിച്ചുപറയാറുണ്ട് -എനിക്ക് സദൃശനായ പുത്രനാണ് അവൻ! കുലോദ്വഹനാണ് അവൻ! ഇഷ്വസ്ത്രദക്ഷനും എപ്പോഴും ധീരധീയുമാണ് അവൻ, എന്നെല്ലാം. ആ രാജേന്ദ്രൻ പറഞ്ഞത് ഭവാൻ അർത്ഥവത്താക്കണം; സത്യമാക്കണം. കുരുക്കളെ ജയിച്ച് പശുക്കളെ നേടുക. ആ കുരുസൈന്യങ്ങളെയൊക്കെ ഭവാൻ ശരവഹ്നികൊണ്ട് ചുട്ടു ചാമ്പലാക്കുക! പൊന്നുകെട്ടിയ ശരങ്ങൾകൊണ്ട്, യൂഥപൻ ഗജയൂഥത്തെ എന്നവിധം അരിയൂഥത്തെ ഭവാൻ പിളർന്നാലും.

ഭവാൻ വൈരിയിൽ രസമായി ആ ധനുർവ്വേദവീണയൊന്നു വായിക്കുക. പാശമാകുന്നു ഉപധാനം, ഞാണാകുന്ന കമ്പി, വില്ലാകുന്ന വീണത്തണ്ട്, ഉൽക്കടശബ്ദമായ ശബ്ദം, ശരമാകുന്ന വർണ്ണം ഇവചേർന്ന വില്ലാകുന്ന വീണ സുഖമായി ഒന്നു വായിക്കുക വൈരിയുടെ മുമ്പിൽ! നിന്റെ തേരിൽ വെള്ളിവെള്ളയായ ഹയങ്ങളെ വേഗം പൂട്ടിക്കൊള്ളട്ടെ! സിംഹചിഹ്നപ്പൊൻകൊടികൾ ഭവാനുവേണ്ടി ഉയർത്തുകയും ചെയ്യട്ടെ! പൊന്നുകെട്ടിച്ചതും തുമ്പു കടഞ്ഞു കൂർപ്പിച്ചതുമായ ശരങ്ങൾ നീ മന്നവന്മാരെ എയ്യുമ്പോൾ തുളഞ്ഞു പാഞ്ഞ് ആദിത്യനിൽ ചെന്നു മുട്ടട്ടെ രാജാവേ! ഇന്ദ്രൻ ദാനവരെ എന്നപോലെ നീ കുരുക്കളെയൊക്കെ അടക്കി വളരെ പ്രസിദ്ധി സമ്പാദിച്ച് ഈ പുരത്തിലേക്കു മടങ്ങിയെത്തുക.

മത്സ്യരാജകുമാരനായ ഭവാനാണ് നാടിന്ന് ആശ്രയം. പാണ്ഡവന്മാർക്ക് അർജ്ജുനനെന്നവിധം വിജയികളിൽ നീ വീരനാണ്. ഇപ്രകാരം നാട്ടിലുള്ളവർക്കെല്ലാം ആശ്രയം ഭവാനാണ്. നാട്ടിലുള്ളവരെല്ലാം ഭവാനെ ആശ്രയിച്ച് ഗതിയുള്ളവരായി ഭവിക്കട്ടെ."

വൈശമ്പായനൻ പറഞ്ഞു: "സ്ത്രീകളുടെ മുമ്പിൽവെച്ച് അന്തഃപുരത്തിൽ ചെന്ന് അവൻ അഭയം അർത്ഥിച്ചു. ഉത്തരരാജകുമാരനെ ശ്ലാഘിച്ചു പറഞ്ഞപ്പോൾ അവൻ ഇപ്രകാരം പറഞ്ഞു."

36. ബൃഹന്നളാസാരഥ്യകഥനം – ഉത്തരൻ പറഞ്ഞു: "എനിക്ക് അശ്വജ്ഞനായ നല്ല ഒരു സൂതനുണ്ടെങ്കിൽ ഇന്നു ഞാൻ നല്ല ഒരു വില്ലുമായിച്ചെന്ന് പശുക്കളെ പിന്തുടർന്നേനെ. എനിക്കു ശരിയായ സാരഥിയായി ഒരു മനുഷ്യനേയും ഞാൻ കാണുന്നില്ല. പോരിന്നു പോകാൻ എനിക്കു ചേർന്ന ഒരു സാരഥിയെ നിങ്ങൾ കണ്ടുവെക്കുവിൻ. മുമ്പ് ഇരുപത്തെട്ട് രാവോ ഒരു മാസംതന്നെയോ നടന്ന യുദ്ധത്തിൽവെച്ച് എന്റെ സമർത്ഥനായ സാരഥി മരിച്ചുപോയി. അവനുണ്ടായിരുന്നെങ്കിൽ ഇന്നു കാണാമായിരുന്നു കളി! എനിക്കുതക്കതായ ഒരു തേരാളിയെ കിട്ടിയാൽ ഉടനെ ചെന്ന് ആ പെരുംകൊടി ഉയർത്തിയതും ആന, തേർ, കുതിരംക്കൂട്ട ഇവയോടുകൂടിയതുമായ ശത്രപ്പടയിലേക്കു കടന്ന് ശരങ്ങൾ വിട്ട്, തകർന്നമ്പിയ കുരുസൈന്യങ്ങളെയൊക്കെ ജയി

digitized by www.sreyas.in

ച്ച്, പശുക്കളെയൊക്കെ ക്ഷണത്തിൽ കൊണ്ടുപോരാം. ആരുമില്ലാത്ത തക്കംനോക്കി ഭീരുക്കളായ കൗരവന്മാർ പശുക്കളെ കൊണ്ടുപോകുന്നു! ഞാൻ അപ്പോൾ ആ സ്ഥലത്തുണ്ടായിരുന്നെങ്കിൽ കാണാമായിരുന്നു! ഇന്ന് എന്റെ വീര്യം ആ കൗരവക്കൂട്ടം കാണട്ടെ! സാക്ഷാൽ പാർത്ഥൻതന്നെ വന്നെതിർത്താലും ഞാൻ വെറുതെവിടുമോ!''

വൈശമ്പായനൻ പറഞ്ഞു: ''രാജാവിന്റെ മകൻ ഇപ്രകാരം പറഞ്ഞപ്പോൾ ആ വൃത്താന്തം കൃഷ്ണ അർജ്ജുനനോടു ചെന്നു പറഞ്ഞു. കരാറുപ്രകാരമുള്ള അജ്ഞാതവാസം കഴിഞ്ഞ ദിവസമാണ് അന്ന്. മാന്യയായ പ്രിയപത്നി, തന്വിയായ ദ്രൗപദി, പാവകോത്ഭവയായ പാഞ്ചാലി, സത്യവും ആർജ്ജവവും ചേർന്നു വിളങ്ങുന്ന പതിവ്രത, അർജ്ജുനനോടു പറഞ്ഞപ്പോൾ സർവ്വാർത്ഥവിത്തമനായ അർജ്ജുനൻ കൃഷ്ണയോടു പറഞ്ഞു: 'കല്യാണീ, നീ പോയി ഉത്തരനോട് ഞാൻ പറഞ്ഞതായി പറയുക. പാർത്ഥന്റെ സാരഥ്യംവഹിച്ച ഒരാളാണ് ഈ ഞാൻ. മഹായുദ്ധങ്ങൾ പലതും അർജ്ജുനൻ ഇവന്റെ സാരഥ്യത്തിൽ ജയിച്ചിട്ടുണ്ട്. ഇവൻ നിന്റെ സാരഥിയാകാൻ തയ്യാറുണ്ട്.''

വൈശമ്പായനൻ പറഞ്ഞു: ''സ്ത്രീകളുടെ നടുവിൽവെച്ച് അയാൾ വീണ്ടും ഇപ്രകാരം അർജ്ജുനന്റെ പേരെടുത്തു പറഞ്ഞത് പാഞ്ചാലിക്കു സഹിച്ചില്ല. സ്ത്രീകളുടെ നടുവിൽ അവന്റെ മുമ്പിൽ നേരിട്ടു ചെന്ന് ആ തപസ്വിനി, നാണിക്കുന്ന വിധം നിന്ന് മെല്ലെ പറഞ്ഞു: 'വമ്പിച്ച ഗജേന്ദ്രന്നൊത്തവനായ യുവാവും, ശുഭദർശനനും, പാർത്ഥന്റെ സാരഥ്യംവഹിച്ചിരുന്നവനുമാണ് ബൃഹന്നളയെന്നവൻ. ആ മഹാത്മാവിന്റെ വില്ലാളികളിൽ യോഗ്യനായ ഒരു ശിഷ്യനാണ് അവൻ. പണ്ട് പാണ്ഡവന്മാരുടെ വീട്ടിൽ താമസിച്ചിരുന്ന കാലത്ത് ഞാൻ കണ്ടറിഞ്ഞിട്ടുള്ളതാണ്. പാവകൻ ഖാണ്ഡവം ചുട്ടെരിച്ചകാലത്തും അർജ്ജുനന്റെ മുഖ്യാശ്വങ്ങളെ അവനാണ് നടത്തിയിരുന്നത്. ഈ സൂതനോടൊത്ത് പാർത്ഥൻ സകലഭൂതങ്ങളേയും ഖാണ്ഡവപ്രസ്ഥത്തിൽ ജയിച്ചു. ഇപ്രകാരം യോഗ്യനായ ഒരു സാരഥിയെ കിട്ടുവാൻ ഞെരുക്കമാണ്.''

ഉത്തരൻ പറഞ്ഞു: ''സൈരന്ധ്രീ, ഇപ്രകാരം അറിയുന്ന യുവാവിന്ന് ഷണ്ഡത്വം ഒട്ടും ചേർന്നതല്ല. ബൃഹന്നളപ്പെണ്ണിനോട് ഇതു പറയുവാൻ എനിക്ക് ലജ്ജതോന്നുന്നു. 'നീ എന്റെ അശ്വങ്ങളെ പിടിക്കുക,' എന്ന് ആണായ ഞാൻ ഒരു പെണ്ണിനോടു പറയണ്ടേ? നാണക്കേട്!''

ദ്രൗപദി പറഞ്ഞു: ''എടോ, രാജകുമാരാ! നിന്റെ ഇളയ സഹോദരി ഉത്തരയില്ലേ, അവളോടു പറയൂ. അവൾ നീ പറഞ്ഞാൽ അവനോടു ചെന്നു പറയും, സംശയമില്ല. അപ്പോൾ അവൻ സമ്മതിക്കുകയും ചെയ്യും. അവൻ സാരഥിയായാലോ കുരുക്കളെ മുഴുവൻ ജയിച്ചു പശുക്കളെ കൊണ്ടുപോരാനും ഇടയാകും.'' എന്ന് സൈരന്ധ്രി പറഞ്ഞപ്പോൾ അവൻ പെങ്ങളെ വിളിച്ചുപറഞ്ഞു: ''ഉത്തരേ, ശുഭാംഗീ, നീ പോയി ബൃഹന്നളയെ കൊണ്ടുവരൂ.'' ചേട്ടൻ കല്പിച്ചപ്രകാരം അവൾ കൂത്തരങ്ങത്തു വേഷപ്രച്ഛന്നനായി പാർക്കുന്ന പാർത്ഥനെ കാണുവാൻ ഓടി.

37. ഉത്തരന്റെ യാത്ര - വൈശമ്പായനൻ പറഞ്ഞു: ''ജ്യേഷ്ഠൻ പറഞ്ഞ ഉടനെ സഹോദരിയായ ഉത്തര ബൃഹന്നളയുടെ അടുത്തേക്ക് ബദ്ധപ്പെട്ടു നടന്നു. പൊന്മാലചാർത്തി വേദിവിലഗ്നമദ്ധ്യയായ ആ സമർത്ഥത്തി, പൊൻതാമരപ്പൂവുപോലെ ശോഭിക്കുന്ന ശരീരകാന്തിയുള്ള ആ യശസ്വിനി, തന്വീമണിയായ ആ ശുഭാംഗി, കാഞ്ചിയണിഞ്ഞു ശ്രീയെഴുന്ന മത്സ്യരാജനന്ദിനി, വിശാലലോചന, നൃത്തശാലയിലേക്ക് മഴക്കാറിൽ പുതുമിന്നലെന്നപോലെ പ്രവേശിച്ചു. തുമ്പിക്കരം പോലെയുള്ള തുടകൾ തമ്മിൽ ചേർന്നിണങ്ങിയവളും, നല്ല ശോഭയുള്ള വെളുത്ത ദന്തങ്ങളുള്ളവളും, ഇടുങ്ങിയ അരക്കെട്ടുള്ളവളും, മനോജ്ഞമായ മാലയണിഞ്ഞവളുമായ ആ സുന്ദരി കൊമ്പന്റെ മുമ്പിൽ പിടിയാനയെന്നപോലെ ചെന്നെത്തി. രത്നംപോലെ ശോഭിക്കുന്ന ആ സുരസുന്ദരി! സുഭഗയായ ആ കീർത്തിമതി, വിരാടപുത്രി, നേരിട്ടു പാർത്ഥനെ പുകഴ്ത്തി. ചാരുവായ ഊരുക്കളോടുകൂടിയ, ആ സ്വർണ്ണവർണ്ണം കലർന്ന കന്യകയെ കണ്ട് അർജ്ജുനൻ ഇപ്രകാരം ആദരവോടെ പറഞ്ഞു: 'എന്താണ് ഈ സമയത്ത് ഇങ്ങോട്ടു ബദ്ധപ്പെട്ടു വന്നത്? എടോ, സുമുഖീ! എന്താണീ സംഭ്രമം? കാമിനീ, എന്താണ് നിന്റെ മുഖം ഇപ്രകാരം വാടിയിരിക്കുന്നത്? വേഗത്തിൽ സംഗതിയെന്തെന്നു പറയുക!''

വൈശമ്പായനൻ പറഞ്ഞു: ''രാജാവേ, ആ വിശാലാക്ഷിയായ രാജപുത്രിയെ ഒട്ടാകെ ഒന്നു നോക്കിക്കണ്ട് ചാരുഹാസത്തോടെ അർജ്ജുനൻ എന്തിനാണ് ഇപ്പോൾ ബദ്ധപ്പെട്ടു വന്നത് എന്നു ചോദിച്ചു. ആ നരർഷഭനെ ആകെ ഒന്നു നോക്കി ആ രാജപുത്രിയും പ്രണയം കലരുന്നവിധം സഖീമദ്ധ്യത്തിൽവെച്ച് ഇപ്രകാരം പറഞ്ഞു: 'ബൃഹന്നളേ, നാട്ടിലെ പശുക്കളെയെല്ലാം കൗരവർ ആട്ടിക്കൊണ്ടുപോകുന്നു. അവരെ വെല്ലുവാൻ എന്റെ ചേട്ടൻ വില്ലുമേന്തി പോവുകയാണ്. ചേട്ടന്റെ സാരഥി അടുത്തകാലത്താണ് മൃതിയടഞ്ഞത്. അവനെപ്പോലെ തേരു നടത്തുവാൻ പറ്റിയ ഒരാളേയും ചേട്ടന്നു കിട്ടിയിട്ടില്ല. യുദ്ധത്തിന്നൊരുങ്ങി പുറപ്പെടുവാൻ ചേട്ടൻ നില്ക്കുകയാണ്. ബൃഹന്നളേ, നിനക്കു തേർനടത്തുവാനുള്ള ഹയജ്ഞാനമുണ്ടെന്ന് സൈരന്ധ്രി പറഞ്ഞ് അറിഞ്ഞു. നീ മുമ്പ് അർജ്ജുനന്റെ ഇഷ്ടസൂതനായി പാർത്തിരുന്നുപോലും! നിന്റെ സഹായംകൊണ്ട് പാണ്ഡുപുത്രൻ ഭൂമി കീഴടക്കിപോലും! ആ നീ എന്റെ ചേട്ടന്നു പറ്റിയ ഒരു സാരഥിയാവുക. കുരുക്കൾ പശുക്കളെ ദൂരേക്ക് ആട്ടുന്നു. നീ അതു ചെയ്യണം. ചേട്ടന്റെ സാരഥിയാകണം. ഞാൻ പറഞ്ഞിട്ട് നീ കേട്ടില്ലെങ്കിൽ, ഞാൻ ഇഷ്ടംകൊണ്ടു പറഞ്ഞിട്ടും നീ കേട്ടില്ലെങ്കിൽ, ഞാൻ എന്റെ പ്രാണൻ കളയും.'

സുശ്രോണിയായ ആ തോഴി ഇപ്രകാരം പറഞ്ഞപ്പോൾ ആ പരന്തപനായ തേജസ്വി രാജപുത്രസന്നിധിയിലേക്കു നടന്നു. മത്തഹസ്തീന്ദ്രനെപ്പോലെ ബദ്ധപ്പെട്ടു പായുന്ന ആ പുരുഷശ്രേഷ്ഠനെ വിശാലാക്ഷിയായ ആ യുവതി കുട്ടിയെ പിൻതുടരുന്ന പിടിയാന എന്നപോലെ പിൻതുടർന്നു. ദൂരത്തുനിന്നുതന്നെ ബൃഹന്നളയെ കണ്ട് രാജപുത്രൻ പറഞ്ഞു: 'നീ സൂതനായി നില്ക്കേ അർജ്ജുനൻ ഖാണ്ഡവം അഗ്നിക്കു നല്കിയെന്നു പറഞ്ഞുകേൾക്കുന്നു. ഭൂമിയൊക്കെ കുന്തീപുത്രനായ അർജ്ജുനൻ ജയിച്ചതും നിന്റെ സാരഥ്യസാമർത്ഥ്യംകൊണ്ടാണെന്നു കേൾക്കുന്നു. പാർത്ഥരെ അറിയുന്നവളായ സൈരന്ധ്രി നിന്നെപ്പറ്റി പറഞ്ഞതു ഞങ്ങൾ കേട്ടു. എന്റെ അശ്വങ്ങളേയും ബൃഹന്നളേ, നീയൊന്നു നടത്തൂ. ഗോധനം നേടുവാനായി കുരുക്കളോട് എതിർക്കുമ്പോൾ നീ തന്നെയാകണം തേർ തെളിക്കുവാൻ. നീ പണ്ട് അർജ്ജുനന് ഇഷ്ടപ്പെട്ട സാരഥിയല്ലേ? നിന്റെ സഹായത്താൽ പാണ്ഡവൻ പാരിടം മുഴുവൻ ജയിച്ചില്ലേ?'

ഇപ്രകാരം ആ രാജകുമാരൻ പറഞ്ഞപ്പോൾ ബൃഹന്നള പറഞ്ഞു: 'പടത്തലയ്ക്കൽ സാരഥ്യം നിർവ്വഹിക്കുവാനുള്ള കഴിവുണ്ടോ എനിക്ക്? പാട്ടോ, നല്ല ആട്ടമോ, കൊട്ടോ, പലമാതിരി സംഗീതമോ, വീണവായനയോ മറ്റോ ഒക്കെ പടത്തലയ്ക്കൽ വെച്ച് ഒരു മറിനോക്കാം എന്നല്ലാതെ മറ്റു വിദ്യകളൊക്കെ ദുർഘടം!'

ഉത്തരൻ പറഞ്ഞു: 'ബൃഹന്നളേ, പാട്ടും കൊട്ടും ഒക്കെ ഇവിടെ വന്നിട്ടുമതി. നീ ഉടനെ തേരിൽക്കയറി കുതിരയെ നടത്തുക. യുദ്ധം കളിയല്ല, കേട്ടോ!' എന്ന് ഉത്തരൻ ഗൗരവഭാവത്തിൽ പറഞ്ഞു.''

വൈശമ്പായനൻ പറഞ്ഞു: ''സർവ്വജ്ഞനും അരിമർദ്ദനനുമായ അർജ്ജുനൻ വിനോദത്തിന്നുവേണ്ടി ആ ഉത്തരപ്പെൺകുട്ടി കാൺകെ പല രസങ്ങളും കാണിച്ചു. പിന്നെ, കവചമെടുത്തു മേപ്പോട്ടു പൊക്കിയിട്ടു വശമില്ലാത്ത വിഡ്ഢിയെപ്പോലെ ആ കവചം മറിച്ചുകെട്ടി. ആ കവചധാരണം കണ്ട് വിപുലാക്ഷികളായ ബാലത്തരുണികൾ കുണുങ്ങിക്കുണുങ്ങി ചിരിച്ചു. കാര്യം മനസ്സിലാകാത്ത നാട്യത്തിൽ പരുങ്ങുന്ന അവനെ കണ്ടു. അപ്പോൾ ഉത്തരൻ ബൃഹന്നളയ്ക്ക് നല്ല ഒരു ചട്ട കെട്ടിക്കൊടുത്തു 'ഇങ്ങനെയാണ് ചട്ടകെട്ടുക, മനസ്സിലായോ?' എന്നു പറ

digitized by www.sreyas.in

ഞ്ഞുകൊടുത്തു. പിന്നെ, അവനും മിന്നിത്തിളങ്ങുന്ന ചട്ട ദേഹത്തിലണിഞ്ഞു. സിംഹധ്വജം ഉയർത്തിയതിന്നുശേഷം ബൃഹന്നളയെ നോക്കി സാരഥിപ്പണിക്ക് ഉത്തരൻ കല്പന നല്കി. ബൃഹന്നള രാജകല്പന ശിരസാവഹിച്ച് അദ്ദേഹത്തിന്നുവേണ്ട വിലയേറുന്ന വില്ലുകളും മിന്നുന്ന നാനാതരം ശരങ്ങളും വിനീതനായി താങ്ങിയെടുത്തു. അങ്ങനെ ബൃഹന്നളാസാരഥി യാത്രയായി. അപ്പോൾ ഉത്തരയും മറ്റു പെൺകിടാങ്ങളും നോക്കിച്ചിരിച്ച് ഇപ്രകാരം പറഞ്ഞു: 'ബൃഹന്നളേ, യുദ്ധത്തിൽ ഭീഷ്മദ്രോണമുഖ്യന്മാരായ കുരുവീരന്മാരെയൊക്കെ വേഗത്തിൽ ജയിച്ച് ഒട്ടും താമസിക്കാതെ വരണം കേട്ടോ. പോരുമ്പോൾ ഒരു കാര്യം കൊണ്ടുവരണം. മുമ്പ് പാഞ്ചാലി മൂലം കൗരവന്മാർക്ക് കിട്ടിയ വിചിത്രവും മൃദുലങ്ങളും മനോഹരങ്ങളുമായ പട്ടുകളും വിലയേറിയ നല്ലനല്ല ഭംഗിയേറിയ വസ്ത്രങ്ങളും പോരിൽ ദ്രോണകൃപ ഭീഷ്മന്മാരെ ജയിച്ചു കൊണ്ടുവരണം.' കൂട്ടംകൂടിനിന്നു പറയുന്ന കന്യകമാരോട് പാർത്ഥൻ മേഘഗംഭീരമായ ഘനസ്വരത്തിൽ പറഞ്ഞു."

ബൃഹന്നള പറഞ്ഞു: "ഉത്തരൻ യുദ്ധത്തിൽ മഹാരഥന്മാരെ ജയിച്ചാൽ ഭംഗിയേറുന്ന ദിവ്യവസ്ത്രങ്ങളൊക്കെ ഞാൻ കൊണ്ടുവരാം. തീർച്ചയാണ് അക്കാര്യം!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് ബീഭത്സു ഹയങ്ങളെ പായിച്ചു. ആ ശൂരൻ നാനാധ്വജങ്ങളോടുകൂടി വിലസുന്ന കുരുക്കളുടെ നേരെ കുതിച്ചു. ബൃഹന്നളയോടുകൂടി മഹാഭുജനായ ഉത്തരൻ തേരിലേറുന്ന സമയത്ത് പെണ്ണുങ്ങളും, പെൺകിടാങ്ങളും, സാധുക്കളായ വിപ്രന്മാരും പ്രദക്ഷിണംവെച്ച് ഇപ്രകാരം പറഞ്ഞു: 'വൃഷേന്ദ്രനെപ്പോലെ നടക്കുന്നവനായ വിജയന്ന്, ഖാണ്ഡവം ചുടുമ്പോളുണ്ടായ മംഗളംപോലെ ഇപ്പോൾ യുദ്ധത്തിൽ കുരുക്കളെയൊക്കെ ജയിച്ചു ബൃഹന്നളേ, നീ ഉത്തരനോടുകൂടി മംഗളം നേടിയാലും!"

38. ഉത്തരാശ്വാസനം – ബൃഹന്നള ഉത്തരനെ ആശ്വസിപ്പിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "നഗരം വിട്ടിറങ്ങിയതിന്നുശേഷം ഒട്ടും കുസൽകൂടാതെ ഉത്തരൻ സൂതനോട്, കൗരവന്മാർ പോയ ദിക്കിലേക്കു പോകുവാൻ കല്പിച്ചു. ഒന്നിച്ചുജയമാശിക്കുന്ന കുരുവർഗ്ഗത്തെയൊക്കെ മുടിച്ച്, ഞാൻ പശുക്കളേയുംകൊണ്ട് ഉടനെ പുരത്തിലേക്കു തിരിച്ചുവരുന്നതാണ്.' ഇതു കേട്ട ഉടനെ പാണ്ഡവൻ ഹയങ്ങളെ ഓടിച്ചുവിട്ടു. ആ പുരുഷശ്രേഷ്ഠൻ വിടുന്ന പൊന്മാലകളണിഞ്ഞ നല്ല കുതിരകൾ ഗതിവേഗത്താൽ ആകാശത്ത് ഒരു രേഖപോലെ രഥമേന്തിപ്പാഞ്ഞു. ഒട്ടുദൂരം ചെന്നപ്പോൾ ആ ശത്രുഘാതികൾ, അർജ്ജുനനും മത്സ്യപുത്രനും, ബലമേറിയ കുരുസൈന്യങ്ങളെ കണ്ടു. ചുടുകാടിന്നടുത്തുവെച്ച് കുരുക്കളെ കണ്ടെത്തി. ആ ശമീവൃക്ഷം കണ്ടു. അവിടെ വ്യൂഹം കെട്ടിയ സൈന്യത്തേയും കണ്ടു. അവരുടെ ആ വൻപടയാകട്ടെ കടൽപോലെ ശോഭിച്ചു. വൃക്ഷങ്ങൾ പെരുകിയ കാട് ആകാശത്തിൽ വളർന്നുപൊങ്ങിയമാതിരി, പടകാരണം ധൂളി ആകാശത്തിൽ പടർന്നുപൊങ്ങിക്കാണുമാറായി. എല്ലാവരുടേയും കാഴ്ച മങ്ങുന്നവിധം ആകാശത്തിന്റെ അറ്റത്തോളം പൊടിപടലം പരന്നു.

ആന, തേർ, കുതിരക്കൂട്ടം ഇവ ചേർന്നതും, കർണ്ണൻ, ദുര്യോധനൻ, കൃപൻ, ഭീഷ്മൻ, ദ്രോണൻ, അശ്വത്ഥാമാവ് ഈ മഹാരഥന്മാർ കാക്കുന്നതുമായ സൈന്യങ്ങളെ കണ്ട് രോമാഞ്ചപ്പെട്ട് ഉഴറിക്കൊണ്ട് ഉത്തരൻ പാർത്ഥനോടു പറഞ്ഞു."

ഉത്തരൻ പറഞ്ഞു: "എടോ ബൃഹന്നളേ, എനിക്കു കുരുക്കളോട് ഏല്ക്കുവാൻ വയ്യാ! ഇതാ നോക്കൂ! എന്റെ ദേഹത്തിൽ രോമാഞ്ചമുണ്ടാകുന്നു! ഈ വീരന്മാരൊക്കെച്ചേർന്നുവന്നാൽ അവരോടെതിർക്കുവാൻ സുരന്മാർക്കുപോലും സാദ്ധ്യമല്ല. കരകാണാത്ത അത്ര വിപുലമാണ് കുരുസൈന്യം. എനിക്കു പൊരുതുവാനാവില്ല. വില്ലുയർത്തിയ ആ കുരുപ്പടയിൽ കയറുവാൻ എനിക്കു മോഹമില്ല. ആന, തേർ, കുതിര, കാലാൾ എന്നിവ ചേർന്ന് കൊടികൾ ഉയർത്തിനില്ക്കുന്ന ശത്രുക്കളെ കണ്ടതോടുകൂടി എന്റെ മനസ്സിൽ ഒരു പിടച്ചില്! ദ്രോണൻ, ഭീഷ്മൻ, കൃപൻ, കർണ്ണൻ, വിവിംശതി, വികർണ്ണൻ, അശ്വത്ഥാമാവ്, ബാൽഹീകൻ, സോമദത്തൻ, രഥിശ്രേഷ്ഠനായ ദുര്യോധനരാജാവ് ഇവരൊക്കെ മഹാ തേജസ്വികളായ ധനുർദ്ധരന്മാരും, യുദ്ധകോവിദന്മാരുമാണ്. പടകൂട്ടി ശസ്ത്രം ധരിച്ചുനില്ക്കുന്ന കുരുക്കളെ കണ്ടതോടുകൂടി ദേഹത്തിലൊക്കെ കോൾമയിർ കോരിയിട്ടു! എന്നുതന്നെയല്ല ഒരു തലചുറ്റ്. ഒരു ബോധക്കേടും എനിക്കു തോന്നുന്നു. എല്ലാ സൈന്യത്തോടുംകൂടിയാണ് അവർ വന്നിരിക്കുന്നത്. എനിക്ക് സേനകളില്ല. ഞാൻ ബാലനാണ്, മന്ദനാണ്, തനിച്ചാണ്. എങ്ങനെ അസ്ത്രജ്ഞന്മാരായ പലരോട് ഈ ഞാൻ ഒറ്റയ്ക്കുനിന്നു പൊരുതും? അയ്യോ! പൊരുതാൻ പോരാ. ബൃഹന്നളേ, നീ രഥം വേഗം പിൻതിരിക്കുക!"

ബൃഹന്നള പറഞ്ഞു: "എടോ ഉത്തരാ! നീ ശത്രുക്കൾ പരിഹസിക്കുമാറ് പേടിച്ച് അവശനായല്ലോ ശത്രുക്കൾ യുദ്ധമദ്ധ്യത്തിൽ ഒരു കർമ്മവും ചെയ്തിട്ടില്ലല്ലോ? നീ എന്നോട് ഏറ്റുപറഞ്ഞതല്ലേ, 'എന്നെ ഉടനെ കുരുപാർശ്വത്തിലെത്തിക്കുക' എന്ന്? ആ ഞാൻ അനേകം കൊടിയുള്ള ആ ഇടത്തിൽ എത്തിക്കും. ഹേ മഹാഭുജാ! ശസ്ത്രമേന്തി ഇരയന്വേഷിക്കുന്നവരും, പാരിൽ ആരോടും കുസൽകൂടാതെ പൊരുതുന്നവരുമായ കൗരവന്മാരുടെ നടുവിൽ ഞാൻ നിന്നെ കൊണ്ടെത്തിക്കും. സ്ത്രീകളോട് എല്ലാം പറഞ്ഞുറപ്പിച്ച് പുരുഷന്മാരോട് പൗരുഷം പറഞ്ഞുപോന്നിട്ട് ഇപ്പോൾ യുദ്ധം ചെയ്യാത്തതെന്താണു നീ? യുദ്ധത്തിൽ ജയിച്ച് പശുക്കളേയുംകൊണ്ടു സ്വന്തം ഗൃഹത്തിൽ തിരിച്ച് എത്തിക്കുന്നില്ലെങ്കിൽ നിന്നെ ആണുങ്ങളും പെണ്ണുങ്ങളും ഒരുപോലെ പരിഹസിക്കും. അതു തീർച്ചയാണ്! സൈരന്ധ്രി പറഞ്ഞിട്ട് നീ അറിഞ്ഞു, എനിക്കു സാരഥ്യം അറിയാമെന്ന്. അങ്ങനെ ഞാൻ നിനക്കു സാരഥിയായി ഒരുങ്ങിപ്പോന്നു. ഇനി പശുക്കളെ ജയിച്ചുപിടിക്കാതെ ഞാൻ പുരത്തിലേക്കു മടങ്ങുകയില്ല. സൈരന്ധ്രി വാഴ്ത്തുക മാത്രമല്ല, ഭവാനും എന്നെ പ്രശംസിച്ചു കൂട്ടിക്കൊണ്ടുപോന്നു. ഇനി കുരുക്കളെ ജയിക്കാതെ മടങ്ങാനോ ഭാവം? സാദ്ധ്യമല്ല! കുറച്ചു ധൈര്യം പിടിച്ചുനിർത്തുക!"

ഉത്തരൻ പറഞ്ഞു: "മത്സ്യന്മാരുടെ മഹാധനം കൗരവന്മാർ ഹരിക്കയാണെങ്കിൽ ഹസരിച്ചോട്ടെ! എന്നെ സ്ത്രീകളൊക്കെ ഹസിക്കുമെങ്കിൽ ഹരിച്ചോട്ടെ! ബൃഹന്നളേ, ഞാൻ പറയുന്നതു കേൾക്കൂ! എനിക്കു യുദ്ധമേ വേണ്ടാ. പൊയ്ക്കോട്ടെ പശുക്കളൊക്കെ. എന്റെ പട്ടണം ശൂന്യമാണ്. അവിടെ ആണുങ്ങളാരുമില്ല. ഞാൻ പോകുന്നു. എനിക്ക് അച്ഛനെ പേടിയുണ്ട്. മടങ്ങുക!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞു ഭയപ്പെട്ട് ഉത്തരൻ രഥത്തിൽനിന്നു തന്റെ പൊൻകടുക്കൻ കുണുങ്ങുമാറ് ഒരു ചാട്ടം ചാടി ഓടിക്കളഞ്ഞു. മാനവും, ഗർവ്വും, വില്ലും, അമ്പും ഒക്കെ കളഞ്ഞിട്ടാണ് അവന്റെ ആ ഓട്ടം!"

ബൃഹന്നള പറഞ്ഞു: "ശൂരന്മാരായ ക്ഷത്രിയന്മാർക്കു ചേർന്നതല്ല ഈ പിൻതിരിഞ്ഞോട്ടം! വീരക്ഷത്രിയന്മാർക്ക് ഉചിതമായത് യുദ്ധത്തിൽ മരണമാണ്. പേടിച്ചോടുകയല്ല!"

വൈശമ്പായനൻ പറഞ്ഞു: "എന്നു പറഞ്ഞ് അർജ്ജുനൻ തേരുവിട്ട് കുതിച്ചുചാടി അവന്റെ പിന്നാലെ പാഞ്ഞു മെടഞ്ഞു നീണ്ട മുടിയും, ശുഭ്രമായ വസ്ത്രവും ഉലച്ചു പായുന്ന അവനെ കണ്ട്, തിരിച്ചറിയാതെ, ചില യോധന്മാർ ചിരിച്ചു. അങ്ങനെ ഓടുന്ന അവനെ കണ്ട് കൗരവന്മാർ പറഞ്ഞു:

'ആരാണ് ഈ വേഷപ്രച്ഛന്നനായ തേജസ്വി? ഭസ്മത്താൽ മൂടിയ അഗ്നിപോലെ ശോഭിക്കുന്നുവല്ലോ. ചിലതൊക്കെ സ്ത്രീയുടെ മട്ടും ചിലതൊക്കെ പുരുഷന്റെ മട്ടും. അർജ്ജുനന്റെ ഛായയുണ്ട് ഇയാൾക്ക്. എന്നാൽ ഷണ്ഡന്റേതാണ് വേഷം. അർജ്ജുനന്റേതുപോലെ അംഗങ്ങൾ. അതേ കഴുത്ത്, അതേ തല, അതേ പരിഘബാഹുക്കൾ, അതേ നര! ഇയാൾ ജിഷ്ണു തന്നെ! അന്യനല്ല! തീർച്ചയാണ്. അമർത്ത്യരിൽ ദേവരാജൻ! മർത്ത്യന്മാരിൽ ധനഞ്ജയൻ! തനിച്ച് നമ്മളോട് എതിരിടുവാൻ അർജ്ജുനനല്ലാതെ മറ്റാരുണ്ട്? കൂടെയുള്ള ഒരുത്തൻ മത്സ്യരാ

digitized by www.sreyas.in

ജാവിന്റെ പുത്രനാണ്! പട്ടണം ശൂന്യമായ സന്ദർഭത്തിൽ അവൻ മാത്രമേ അവിടെ ഉണ്ടാകാനിടയുള്ളൂ. ഇയാൾ പൗരുഷംകൊണ്ട് ഇറങ്ങിയതാവുകയില്ല. ബാല്യത്തിന്റെ വിവരക്കേടുകൊണ്ട് ഇറങ്ങിയതാണ്. തീർച്ചയായും വേഷംമാറി ഒളിച്ചിരിക്കുന്ന അർജ്ജുനനെ സൂതനാക്കി പുറപ്പെട്ട് ഉത്തരൻ പുരം വിട്ടതാണ്. അവൻ നമ്മെ കണ്ടപ്പോൾ പേടിച്ചോടുകയാണെന്നു തോന്നുന്നു! അതാ നോക്കൂ! പേടിച്ച് ഓടിപ്പോകുന്ന അവനെ അർജ്ജുനൻ പിൻതുടർന്ന് ഓടിച്ചെന്നു ബലമായി പിടിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ആ കുരുക്കൾ ഓരോരുത്തരും വിചാരിച്ചെങ്കിലും എന്തോ മേല്പോട്ട് ഒന്നും തീർച്ചപ്പെടുത്തുവാൻ ആരും ശക്തരായില്ല. വേഷപ്രച്ഛന്നനായ അർജ്ജുനനെ കണ്ടിട്ട് അവർ മനസ്സിൽ ഓരോന്ന് ഊഹിക്കുക മാത്രം ചെയ്തു. ഉത്തരൻ പാഞ്ഞുപോകുമ്പോൾ അർജ്ജുനൻ പിൻതുടർന്ന് നൂറടിയോളം ഓടി മുടിക്കെട്ടിൽ എത്തിപ്പിടിച്ചു. പാർത്ഥൻ പിടിച്ചപ്പോൾ അവൻ ആർത്തനായി നിലവിളിച്ചു. പല മട്ടിലും വിരാടപുത്രൻ വിഷമിച്ചുപോയി."

ഉത്തരൻ പറഞ്ഞു: "എടോ കല്യാണീ, സുന്ദരീ, ചാരുമദ്ധ്യേ, ബൃഹന്നളേ! ഞാൻ പറയുന്നതു കേൾക്കൂ! തേരു വേഗം പിൻതിരിക്കൂ! ശുഭം വരണമെങ്കിൽ ജീവൻ കൈവശമുണ്ടാകണ്ടേ? ശുഭം വരട്ടെ നിനക്ക്! ഞാൻ നൂറുനിഷ്കം തങ്കപ്പൊന്നു തരാം; ഉടനെ തരാം. പൊന്നുകെട്ടിച്ചു മിന്നുന്ന എട്ടു വൈഡൂര്യരത്നപ്പതക്കം തരാം. ഇണങ്ങുന്ന അശ്വങ്ങളോടുകൂടിയതും പൊൻതണ്ടുള്ളതുമായ തേരുതരാം. പത്തു മത്തഗജങ്ങളെ തരാം. നീ എന്നെ ഒന്നു വിട്ടുതരൂ! ബൃഹന്നളേ! ഞാൻ എന്റെ ഗൃഹത്തിലെത്തട്ടെ."

വൈശമ്പായനൻ പറഞ്ഞു: "അവൻ ഇപ്രകാരം ബുദ്ധികെട്ട് പലതും പറഞ്ഞു വിലപിക്കെ, അർജ്ജുനൻ ചിരിച്ചുകൊണ്ട് അവനെ പിടിച്ച് തേരിന്റെ അരികിലെത്തിച്ചു. പിന്നെ പേടിച്ചുവിറയ്ക്കുന്ന അവനോട് അർജ്ജുനൻ പറഞ്ഞു: 'ശത്രുക്കളോടു പൊരുതാൻവയ്യെങ്കിൽ ശത്രുകർശനനായ നീ വരൂ! ഞാൻ വൈരികളോടു പൊരുതാം. നീ എന്റെ അശ്വത്തെ തെളിച്ചാൽ മതി. നീ തേർക്കൂട്ടത്തിന്റെ അണിയുടെ ഉള്ളിലേക്കു കയറിക്കൊള്ളുക. എന്റെ കൈയൂക്കിന്റെ രക്ഷയിൽ നിനക്കു കയറാം. അപ്രധൃഷ്യമായി അരിവീരന്മാർ കാക്കുന്നതാണെങ്കിലും നീ ഭയപ്പെടേണ്ട. ഒരിക്കലും നീ ഭയപ്പെടേണ്ടാ. ഹേ പരന്തപാ, നീ ക്ഷത്രിയനാണ്! ഹേ! പുരുഷവ്യാഘ്രാ! നീ എന്താണ് ശത്രുമദ്ധ്യത്തിൽ മാഴ്കുന്നത്? ഞാൻ കൗരവരുമായി പോരാടാം. നിന്റെ പശുക്കളെ പിടിക്കാം. ഹേ! നരശ്രേഷ്ഠാ! അപ്രധൃഷ്യവും ദുസ്സഹവുമായ തേരണിയുടെ ഉള്ളിൽക്കടന്ന് നീ സജ്ജനാവുക! ഞാൻ കുരുക്കളോടെതിർക്കാം.'

ഇപ്രകാരം പറഞ്ഞ് ഒരിക്കലും പിൻതിരിയാത്ത പാർത്ഥൻ മുഹൂർത്തംകൊണ്ട് മാത്സ്യേന്ദ്രപുത്രനായ ഉത്തരനെ ആശ്വസിപ്പിച്ചു. മനസ്സില്ലാതെ പേടിച്ചുവിറയ്ക്കുന്ന അവനെ അപ്പോൾ യുദ്ധംചെയ്യുന്നതിൽ ഉത്തമനായ പാർത്ഥൻ തേർത്തട്ടിൽ പിടിച്ചുകയറ്റി."

39. അർജ്ജുനപ്രശംസ – ദ്രോണൻ അർജ്ജുനനെ പ്രശംസിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "ക്ലീബവേഷധാരിയായ നരപുംഗവൻ ഉത്തരനോടുകൂടി രഥത്തിൽക്കയറി ശമീവൃക്ഷത്തിന്നു നേരെ ചെല്ലുന്നതു കണ്ടപ്പോൾ കൗരവസൈന്യത്തിലെ ഭീഷ്മദ്രോണാദികളായ രഥിപുംഗവന്മാർക്ക് ധനഞ്ജയഭയംമൂലം മനസ്സു കിടിലംകൊണ്ടു. ഉത്സാഹംകെട്ട യോധന്മാരേയും അത്ഭുതകരമായ ദുശ്ശകുനങ്ങളേയും കണ്ടപ്പോൾ ശസ്ത്രധരന്മാരിൽ മുഖ്യനായ ദ്രോണാചാര്യൻ ഇപ്രകാരം പറഞ്ഞു.

ദ്രോണൻ പറഞ്ഞു: "നോക്കൂ, ഇതാ ചരൽപ്പൊടി വർഷിച്ച് കൊടുങ്കാറ്റ് രൂക്ഷമായി അടിക്കുന്നു! ചാമ്പൽനിറം കലർന്ന് ഇരുട്ടുകൊണ്ട് ആകാശം മൂടിയിരിക്കുന്നു. രൂക്ഷവർണ്ണമായി അത്ഭുതരൂപത്തിൽ കാർമേഘം കാണുന്നു. ശസ്ത്രങ്ങൾ പലതും ഉറയിൽനിന്നു തനിയേ ഊരിവീഴുന്നു. സൂര്യൻ പ്രകാശിക്കുന്ന ദിക്കു നോക്കിനിന്നുകൊണ്ട് കുറുനരികൾ ദാരുണമായി ഓരിയിടുന്നു. കുതിരകൾ കണ്ണുനീർ പൊഴിക്കുന്നു. ഉറച്ചുനിൽക്കുന്ന കൊടികൾ തനിയേ നിന്നു തുള്ളുന്നു. ഇപ്രകാരമുള്ള രൂപഭേദങ്ങൾ ഇവിടെ കാണുന്നതുകൊണ്ട് ഘോരമായ ഒരു യുദ്ധം ആസന്നമായെന്നു നിശ്ചയിക്കണം. അതുകൊണ്ട് എല്ലാവരും തയ്യാറായി നിന്നുകൊള്ളുവിൻ! സൈന്യവ്യൂഹം നല്ലവണ്ണം നിലയുറപ്പിച്ച് ആത്മരക്ഷയ്ക്കായി ഒരുങ്ങി നിന്നുകൊള്ളുവിൻ. യുദ്ധത്തിൽ ആപത്തുണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. ഗോധനത്തെ നല്ലവണ്ണം രക്ഷിക്കണം. അല്ലയോ ഗംഗാപുത്രാ! വാനരകേതുവും ഒരു മഹാവൃക്ഷത്തിന്റെ പേരുള്ളവനു (അർജ്ജുനം-നീർമരുത്)മായ കിരീടിയാണ് ഈ ക്ലീബവേഷധാരിയെന്നതിൽ എനിക്കു സംശയമില്ല. ഹേ ഗാംഗേയാ, മഹാധനുർദ്ധരനും സർവ്വശസ്ത്രജ്ഞനും ഇന്ദ്രപുത്രനുമായ അർജ്ജുനനാണ് ഈ അംഗനാവേഷധാരി. സാക്ഷാൽ അർജ്ജുനൻ തന്നെയാണ് നമ്മെ ജയിച്ച് ഗോക്കളെ വീണ്ടുകൊണ്ടുപോകുവാൻ വന്നിരിക്കുന്നത്. മഹാവിക്രമിയായ സവ്യസാചി ഇതാ വരുന്നു! സുരാസുരന്മാർ എല്ലാവരുംകൂടി ഇടഞ്ഞാലും ഈ പരന്തപൻ എതിർക്കാതെ പിൻതിരിയുകയില്ല. കാടുകളിൽ ചുറ്റിത്തിരിഞ്ഞ് വളരെനാൾ ക്ലേശിച്ച ഈ ശൂരൻ ആ പകയോടുകൂടിയാണു വരുന്നത്. വാസവനാൽ ശിക്ഷിതനും യുദ്ധത്തിൽ ഇന്ദ്രതുല്യനുമായ അർജ്ജുനൻ അമർഷവശനായി ഇടയുമ്പോൾ അവനോട് എതിരിടുവാൻ ഞാൻ ഇവിടെ ആരേയും കാണുന്നില്ല. ഹിമവാനിൽവെച്ച് കിരാതവേഷധാരിയായി വന്ന മഹാദേവനെപ്പോലും യുദ്ധത്തിൽ അവൻ സന്തോഷിപ്പിച്ചതായി നാം കേട്ടിട്ടുണ്ടല്ലോ."

കർണ്ണൻ പറഞ്ഞു: "ആചാര്യാ! എന്തിനാണ് ഭവാൻ അർജ്ജുനനെപ്പറ്റി എന്നും ഈ വികത്ഥനം ചെയ്തുകൊണ്ടിരിക്കുന്നത്? എന്റേയും ദുര്യോധനന്റേയും പതിനാറിൽ ഒരു അംശത്തിന്നുപോലും അവൻ ഒക്കുകയില്ല."

ദുര്യോധനൻ പറഞ്ഞു: "എടോ രാധേയാ! ഇവൻ പാർത്ഥനാണെങ്കിൽ നമുക്കു ഗുണായി. നമ്മുടെ കാര്യം പ്രയാസംകൂടാതെ സാധിച്ചു എന്നു പറയാം. അറിഞ്ഞാൽ പന്ത്രണ്ടുസംവത്സരം വീണ്ടും അവർക്കു വനവാസം തീർച്ചപ്പെട്ടു! അഥവാ മറ്റൊരാളാണെങ്കിലോ അവനെ കൂർത്തുമൂർത്ത അമ്പുകൾ തൂകി ഞാൻ ഭൂമിയിൽ വീഴ്ത്തുകയും ചെയ്യും!"

ഇപ്രകാരം ധാർത്തരാഷ്ട്രൻ പറയുമ്പോൾ ഭീഷ്മൻ, ദ്രോണൻ, കൃപൻ, ദ്രൗണി എന്നിവർ ദുര്യോധനനെ പ്രശംസിച്ചു.

40. അർജ്ജുനാസ്ത്രകഥനം – ശമീവൃക്ഷത്തിൽ നിന്ന് അസ്ത്രം ഇറക്കുവാൻ ഉത്തരനോട് അർജ്ജുനൻ പറയുന്നു – വൈശമ്പായനൻ പറഞ്ഞു: "ആ ശമീവൃക്ഷത്തിന്റെ സമീപത്തെത്തിയപ്പോൾ അർജ്ജുനൻ ഉത്തരനോടു പറഞ്ഞു. ഏതായാലും ഉത്തരൻ യുദ്ധത്തിനു സമർത്ഥനല്ലെന്ന് അർജ്ജുനൻ മനസ്സിലാക്കി. അവനെ ഇനി മറ്റുപ്രകാരത്തിൽ ഉപയോഗപ്പെടുത്തണമെന്ന് അർജ്ജുനൻ വിചാരിച്ചു: 'എടോ, ഉത്തരാ, നീ എന്തു വിചാരിക്കുന്നു? നിന്റെ വില്ലുകളൊന്നും എന്റെ ശക്തിതാങ്ങുവാൻ പോരാ. അവകൊണ്ട് ശത്രുക്കളെ ജയിക്കുവാൻ പറ്റുകയില്ല. നീ ഈ ശമീവൃക്ഷത്തിൽ കയറുക. അവിടെ പാണ്ഡവന്മാരുടെ വില്ലുകൾ വെച്ചിട്ടുണ്ട്. യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ, എന്നിവരുടെയെല്ലാം വില്ലുകൾ അതിന്റെ മുകളിൽ വെച്ചിട്ടുണ്ട്. വില്ലുകൾ മാത്രമല്ല, ധ്വജങ്ങളും ശരങ്ങളും ശൂരന്മാരുടെ നല്ല കവചങ്ങളുമുണ്ട്. അതിൽ വിജയന്റെ വീര്യംകൂടിയ ഗാണ്ഡീവവുമുണ്ട്. നൂറായിരം വില്ലുകൾക്ക് എതിരായിട്ടുള്ള ആ ഒരോ ഒരു വില്ല് രാഷ്ട്രവിവർദ്ധനമാണ്. അത് ആയാസങ്ങളെ സഹിക്കുന്നതും പനപോലെ മഹത്തരവുമാണ്. എല്ലാ ആയുധങ്ങളും ചേർന്നാലും അതിനോടു കിടനില്ക്കുകയില്ല. ശത്രുക്കൾക്ക് ആ വില്ലുപോലെ നാശകാരിയായി മറ്റൊന്നില്ല. ദിവ്യവും, ശ്ലക്ഷ്ണവും, ആയതവും, അവ്രണവും, സുവർണ്ണകൃതവും, ദാരുണവും, ചാരുദർശനവുമായ ആ വില്ല് ഏതു മഹത്തരമായ ഭാരവും താങ്ങു

digitized by www.sreyas.in

ന്നതാണ്. അതുപോലെതന്നെ സുദൃഢവും ബലവത്തരവുമാണ് പാണ്ഡവന്മാരുടെ ഏത് ആയുധവും."

41. അസ്ത്രാവരോപണം – ഉത്തരൻ ശമീവൃക്ഷത്തിൽനിന്ന് ദിവ്യാസ്ത്രങ്ങൾ ഇറക്കുന്നു – ഉത്തരൻ പറഞ്ഞു: "ബൃഹന്നളേ, ഈ മരത്തിൽ ഒരു ശവം തൂങ്ങിക്കിടന്നിരുന്നതായി കേട്ടിരുന്നു. അങ്ങനെയുള്ള മരത്തെ രാജകുമാരനായ ഞാൻ തൊടുന്നതു ശരിയല്ല. ഞാൻ ക്ഷത്രിയവംശത്തിൽ പിറന്നവനാണ്. ഇത്തരം അശുദ്ധവസ്തുക്കളെ തൊടുവാൻ പാടില്ല. മന്ത്രജ്ഞനും മഹാനുമായ രാജപുത്രനാണ് ഞാൻ. ശുദ്ധനായ എന്നെക്കൊണ്ടു ശവം തൊടുവിച്ച് ശവം ചുമക്കുന്ന പറയനെപ്പോലെ അശുദ്ധനാക്കി, വല്ലവരെക്കൊണ്ടും ആക്ഷേപം പറയിക്കുവാൻ എന്നെ പാത്രമാക്കിത്തീർക്കുന്നതു ശരിയാണോ ബൃഹന്നളേ?"

ബൃഹന്നള പറഞ്ഞു: "ഹേ, രാജപുത്രാ! ഭവാൻ അപവാദിയാകുമെന്നു ഭയപ്പെടേണ്ട. ഈ മരത്തിൽ ശവം കാണുന്നില്ല. അതിൽ വില്ലുകൾ ഇരിപ്പുണ്ടുതാനും. അതുകൊണ്ട് ഭവാന്റെ പരിപാവനത്വത്തിന്ന് യാതൊരു കോട്ടവും തട്ടുകയില്ല. മനസ്വിയും കുലീനനും മത്സ്യരാജപുത്രനുമായ ഭവാനെക്കൊണ്ടു ഞാൻ നിന്ദ്യകർമ്മം ചെയ്യിക്കുമെന്നു വിചാരിക്കാമോ?"

വൈശമ്പായനൻ പറഞ്ഞു: "പാർത്ഥൻ പറഞ്ഞ ഉടനെ കുണ്ഡലങ്ങൾ കുണുങ്ങുമാറ് അവൻ തേരിൽനിന്നു ചാടി. അവശനായ ഉത്തരൻ ശമീവൃക്ഷത്തിൽ പൊത്തിപ്പിടിച്ച് കയറി. തേരിൽ നിന്നുകൊണ്ട് ശത്രുജിത്തായ അർജ്ജുനൻ ആജ്ഞാപിച്ചു: 'വൃക്ഷാഗ്രത്തിൽനിന്നു വേഗം വില്ലുകൾ ഇറക്കുക. അവ ചുറ്റിക്കെട്ടിയ പാശം ഉടനെ മാറ്റുക.' ഉടനെ ഉത്തരൻ വില്ലുകൾ ഇലകൾകൊണ്ടു മൂടിപ്പൊതിഞ്ഞുകെട്ടി വെച്ചിരിക്കുന്നതായിക്കണ്ടു. ആ കെട്ടുകളെല്ലാം അവൻ അഴിച്ചുനീക്കി. ഇലകളും കെട്ടുകളും നീക്കിയപ്പോൾ ഗാണ്ഡീവത്തോടൊപ്പം വേറെ നാലു വില്ലുകളും കണ്ടു. അഴിക്കുന്ന സമയത്തു വില്ലിൽനിന്ന് അർക്കകാന്തി പുറപ്പെട്ടതായി അവൻ കണ്ടു. ഗ്രഹോദയത്തിലെന്നപോലെ ദിവ്യരശ്മികൾ പുറപ്പെട്ടു. ഈ ശോഭാവിക്ഷേപം കണ്ടതോടുകൂടി ഉത്തരൻ രോമാഞ്ചപ്പെടുമാറു നടുങ്ങിപ്പോയി. തിളങ്ങുന്നതായ ആ മാഹാത്മ്യമുള്ള വില്ലുകൾ സ്പർശിച്ചശേഷം വിരാടപുത്രൻ പാർത്ഥനോട് ഉദ്വേഗത്തോടെ പറഞ്ഞു."

42. ഉത്തരവാക്യം – ഉത്തരന്റെ അസ്ത്രദർശനം – ഉത്തരൻ പറഞ്ഞു: "നൂറു സുവർണ്ണബിന്ദുക്കൾ പതിച്ചിട്ടുള്ളതും, ഉറപ്പുള്ള അറ്റങ്ങളോടുകൂടിയതും, ശോഭിക്കുന്നതുമായ ഈ മുഖ്യമായ കാർമ്മുകം ആരുടേതാണ്? പൊന്നിൻകമാനനിരപുറത്ത് അഴകോടെ പതിച്ചതും നല്ല വക്കും പിടിയും ചേർന്നതുമായ മുഖ്യമായകാർമ്മുകം ആരുടേതാണ്? തങ്കപ്പൊന്നുകൊണ്ട് ഇന്ദ്രഗോപത്തുമ്പിയുടെ ആകൃതിയിൽ പുറത്തു ഭംഗിപ്പെടുത്തി ചിത്രീകരിച്ചു ശോഭിച്ചുകാണുന്ന മുഖ്യമായ വില്ല് ആരുടേതാണ്? മൂന്നു പൊന്മയമായ സൂര്യന്മാരെ ചിത്രീകരിച്ചു ഭംഗിയിൽ ശോഭിക്കുന്നതും, തേജസ്സുകൊണ്ടു ജ്വലിക്കുന്നതുമായ മുഖ്യമായ വില്ല് ആരുടേതാണ്? പൊന്നുകൊണ്ടുപണിത ചിത്രശലഭം പതിച്ചതും, സ്വർണ്ണരമ്യങ്ങളായ കെട്ടുകളുള്ളതുമായ മുഖ്യമായ കാർമ്മുകം ആരുടേതാണ്? രോമം മുറിക്കുന്ന 'ആയിരം നാരാചം' ആരുടേതാണ്? ചുറ്റും കളധൗതാഗ്രമായി സ്വർണ്ണനിർമ്മിതമായ ആവനാഴിയിൽ കഴുകച്ചിറകുവെച്ച വിപാഠങ്ങൾ (ഒരുതരം അമ്പ്) ആരുടേതാണ്? സമങ്ങൾ മഞ്ഞനിറമായിരിക്കുന്ന ഇരുമ്പുവിശിഖങ്ങളും, പഞ്ചശാർദ്ദൂലചിഹ്നത്തോടെയുള്ള അസിതമായ വില്ലും ആരുടേതാണ്? പന്നിച്ചെവിയനായ പത്തുബാണം ഏന്തിയിരിക്കുന്നതും, ചന്ദ്രബിംബാർദ്ധരൂപത്തിൽ പൃഥുദീർഘങ്ങളായതും ആരുടെ വില്ലാണ്? ചുടുചോര കുടിക്കുന്ന 'എഴുനൂറുനാരാച' ആരുടേതാണ്? ആരുടേതാണ് മുൻഭാഗം ശുകത്തിന്റെ പക്ഷത്തിന്റെ നിറമുള്ളതും, മറ്റേഭാഗം ഇരുമ്പായി പൊന്നുകൊണ്ടു കെട്ടി തേച്ച് മൂർച്ചവെപ്പിച്ചിട്ടുള്ളതുമായ ശരങ്ങൾ? ഭാരം താങ്ങുന്നതും, ശത്രുക്കൾക്കു ഭയജനകമായതും, പൃഷ്ഠത്തിൽ തവളയുടെ ആകൃതിയുള്ളതും, തവളമുഖത്തോടുകൂടിയതുമായ ഈ ദിവ്യമായ ഖൾഗം ആരുടേതാണ്? സ്വർണ്ണപ്പിടിയുള്ളതും, പുലിത്തോലുകൊണ്ടുള്ള വലിയ ഉറയുള്ളതുമായ ഈ മണിസായകം ആരുടേതാണ്? ദിവ്യവും, അത്യന്തനിർമ്മലവുമായ ഈ പൊൻപിടിയുള്ള വാൾ ആരുടേതാണ്? കാളയുടെ തോലുകൊണ്ട് ഉറയിട്ടിട്ടുള്ള വാൾ ആരുടേതാണ്? അധൃഷ്യമായ പൊൻപിടിയുള്ളതും, നിഷധരാജ്യത്തുണ്ടാക്കിയതും, ഭാരസാധകവും, ഹേമവിഗ്രഹവും, ആട്ടിൻതോലുറയുള്ളതുമായ വാൾ ആരുടേതാണ്? വലുപ്പവും, ഭംഗിയുമുള്ളതും, ആകാശത്തിന്റെ നിറത്തിൽ ഊട്ടിയിട്ടുള്ളതും, സൂര്യകാന്തിയുള്ള പൊന്നുറയിൽ ഇട്ടിരിക്കുന്നതുമായ സായകം ആരുടെയാണ്? ഈ ഖൾഗം കനമുള്ളതും ഊട്ടിയതും കേടില്ലാത്തതും ആണ്. അസിതമായതും, പൊൻപുള്ളികൾ അണിഞ്ഞതുമാണ്. പാമ്പിനെപ്പോലുള്ളതും പരകായം പിളർക്കുന്നതും, വലിയ ഭാരം താങ്ങുന്നതും, ദിവ്യവും ശത്രുക്കൾക്കു ഭയജനകവുമാണ്. ഇങ്ങനെയുള്ള ഈ ഖൾഗം ആരുടേതാണ്? ഈ ചോദിച്ചവിധം ക്രമപ്രകാരം ആരുടേതാണെന്ന് ബൃഹന്നളേ, നീ പറഞ്ഞുതരിക!"

43. ആയുധവർണ്ണനം – ബൃഹന്നള പറഞ്ഞു: "ശത്രുസേനാഹാരിയായതും ആദ്യം എന്നോടു ചോദിച്ചതുമായ വില്ല് അർജ്ജുനന്റെ വിശ്വവിശ്രുതമായ ഗാണ്ഡീവമാണ്. സർവ്വ ആയുധങ്ങൾക്കും എതിരായതും ഭംഗിയിൽ പൊന്നു കെട്ടിച്ചതുമാണത്. ഇതാണ് പാർത്ഥന്റെ പരമാത്ഭുതമായ ഗാണ്ഡീവം. നൂറായിരത്തിന്നെതിരായ ഇത് രാഷ്ട്രവിവർദ്ധനമാണ്. അർജ്ജുനൻ ഈ വില്ലുകൊണ്ടാണ് ദേവന്മാരേയും മാനുഷന്മാരേയും പോരിൽ വെല്ലുന്നത്. പലവർണ്ണംകൊണ്ടു വിചിത്രവും ശ്ലക്ഷ്ണവും കേടില്ലാതെ നീണ്ടതും ദേവദാനവഗന്ധർവ്വന്മാർ വളരെ സംവത്സരം പൂജിച്ചിരുന്നതുമാണിത്. ഈ കാർമ്മുകം ആയിരം സംവത്സരം ബ്രഹ്മദേവൻ ധരിച്ചു. പിന്നെ പ്രജാപതി ധരിച്ചു. പിന്നെ ശക്രൻ മൂവായിരത്തി അഞ്ഞൂറ്റി എൺപത്തഞ്ച് സംവത്സരം ധരിച്ചു. സോമനാഥൻ അഞ്ഞൂറുവത്സരം, പിന്നെ അംബുനാഥൻ ഒരു നൂറുവത്സരം, ശ്വേതവാഹനനായ പാർത്ഥൻ അറുപത്തഞ്ചുവത്സരം. ഇങ്ങനെ വീര്യമുള്ളതും, മഹാദിവ്യവും, വില്ലുകളിൽ മികച്ചതുമാണത്.

ദിവ്യമായ ഈ കാർമ്മുകം പാർത്ഥന്ന് വരുണന്റെ കൈയിൽനിന്നു ലഭിച്ചതാണ്. ദേവമർത്ത്യാർച്ചിതമായ ഇത് മഹാ ആകാരം വഹിക്കുന്നതാണ്. സുപാർശ്വമായി പൊൻപിടിയുള്ള വില്ല് ഭീമന്റെയാണ്. അതുകൊണ്ടാണ് കിഴക്കൻദിക്കെല്ലാം ഭീമൻ ജയിച്ചത്. ഇന്ദ്രഗോപം അണിഞ്ഞ് ഭംഗിയുള്ള വില്ല് നീ കണ്ടില്ലേ? അത് യുധിഷ്ഠിരരാജാവിന്റെ മുഖ്യകാർമ്മുകമാണ്. തെളിഞ്ഞ സുവർണ്ണസൂര്യന്മാർ മിന്നുന്നതും ജ്വലിക്കുന്നതുമായ വില്ല് സഹദേവന്റെയാണ്. കത്തിക്കു തുല്യം രോമം അറുക്കുന്നവിധം മൂർച്ചയുള്ള 'സഹസ്രശരങ്ങൾ' അർജ്ജുനന്റേതാണ്. ഉത്തരാ! അത് വിഷോപമവുമാണ്. പോരിൽ ജ്വലിക്കുന്ന ഇവ ഭൂരിവേഗം പതിക്കുന്നവയാണ്. വൈരിവ്യൂഹത്തിൽ ആ വീരൻ കയറുമ്പോൾ ഈ ശരം ഒടുങ്ങുകയില്ല. ചന്ദ്രബിംബാർദ്ധരൂപത്തിൽ കൂർത്തു നീണ്ടുകനത്ത ഇവ ഭീമന്റെ ബാണങ്ങളാണ്. അവ വൈരിവർഗ്ഗത്തെ മുടിച്ചുകളയും. പൊന്നുകെട്ടിച്ചു മഞ്ഞളിച്ച് ചാണയ്ക്കിട്ടു കടഞ്ഞ ഈ ശരങ്ങൾ നകുലന്റെയാണ്. പഞ്ചശാർദ്ദൂലലക്ഷണം അതിന്നുണ്ട്. പടിഞ്ഞാറൻദിക്കുമുഴുവൻ നകുലൻ പോരിൽ ജയിച്ചത് ആ ശരംകൊണ്ടാണ്. ഭാസ്കരാകാരമായി ഉരുക്കുകൊണ്ടുണ്ടാക്കിയ ഈ ശരങ്ങൾ ചിത്രക്രിയയ്ക്കൊത്ത ധീമാനായ സഹദേവന്റെയാണ്. ചാണയ്ക്കുവെച്ച് ഊട്ടി പൊന്നുകെട്ടി മൂന്നു മൊട്ടുകളുള്ള ഈ സായകം രാജാവിന്റെയാണ്.

ഈ നീണ്ട ഖൾഗം ശിലീപൃഷ്ഠവും ശിലീമുഖവുമായതും ദൃഢമായതും പോരിൽ കനത്ത ഭാരം വഹിക്കുന്നതുമാണ്. ഇത് അർജ്ജുനന്റെയാണ്. പുലിത്തോലുറയുള്ള വലിയ വാൾ ഭീമന്റെയാണ്. ദിവ്യവും ഭയങ്കര ഭാരം താങ്ങുന്നതുമായ ഈ ഖൾഗം ശത്രുക്കൾക്ക് ഭയജനകമാണ്. പൊന്നിൻപിടിയുള്ളതും നല്ല അലകുള്ളതും ചിത്രമായ ഉറയുള്ളതും ആയ ഉത്തമമായ വാൾ

digitized by www.sreyas.in

ധീമാനായ ധർമ്മരാജന്റെയാകുന്നു. ചിത്രയോധനമായ പഞ്ചനഖകോശത്തിലിട്ട ഈ വാൾ നല്ല ഭാരം താങ്ങുന്നതും ദൃഢവുമാണ്. ഇത് നകുലന്റെയാണ്. കാളത്തോലുറയിൽ വെച്ചതും നീണ്ടതുമായ വാൾ സഹദേവന്റെയാണ്. സർവ്വ ഭാരങ്ങളേയും വഹിക്കുന്നതും ഉറപ്പുള്ളതുമാണ് ഈ ഖഡ്ഗം."

44. അർജ്ജുനപരിചയം – ഉത്തരൻ പറഞ്ഞു: "മഹാത്മാക്കളും കർമ്മങ്ങൾ ഉടനെ നടത്തുന്നവരുമായ പാർത്ഥന്മാരുടെ ഭംഗിയേറിയതും, പൊന്നണിഞ്ഞതുമായ ആയുധങ്ങൾ കാണുന്നുണ്ട്. എവിടെയാണ് പാർത്ഥനായ അർജ്ജുനൻ? കൗരവ്യനായ ധർമ്മപുത്രൻ എവിടെയാണ്? സഹദേവനും, നകുലനും, ഭീമനും എവിടെയാണ്? എല്ലാവരും മഹാത്മാക്കളാണ്. എല്ലാവരും വൈരിവിനാശകന്മാരുമാണ്. രാജ്യം ചൂതിൽ കളഞ്ഞിട്ട് നാടുവിട്ടുപോയതിന്നുശേഷം അവരെപ്പറ്റി ഒന്നും കേൾക്കുന്നുമില്ല. പേരുകേട്ട പെണ്മണിയായ പാഞ്ചാലിയെവിടെയാണ്? ചൂതിൽത്തോറ്റ അവരോടുകൂടി കാട്ടിൽപ്പോയ ആ ദ്രുപദരാജാപുത്രിയായ കൃഷ്ണ എവിടെയാണ്?"

അർജ്ജുനൻ പറഞ്ഞു: "ഞാനാണ് അർജ്ജുനൻ, സഭാസ്താരനാണ് യുധിഷ്ഠിരൻ, നിന്റെ അച്ഛന്റെ പാചകനായ വല്ലവനാണ് ഭീമൻ, അശ്വബന്ധനാണ് നകുലൻ, ഗോക്കളെ പാലിക്കുന്നവനാണ് സഹദേവൻ, സൈരന്ധ്രിയാണ് പാഞ്ചാലി. അവൾമൂലമാണ് കീചകൻ ചത്തത്."

ഉത്തരൻ അത്ഭുതത്തോടെ ചോദിച്ചു: "പാർത്ഥന്ന് പത്തു പേരുകളുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. എനിക്ക് അത് പറഞ്ഞുതന്നാൽ ഇതൊക്കെ ഞാൻ സമ്മതിക്കാം.

അർജ്ജുനൻ പറഞ്ഞു: "പത്തു പേരുകളും ഞാൻ ശരിക്കു പറയാം. നീ മുമ്പു കേട്ടിട്ടുള്ളതാണല്ലോ ഉത്തരാ! കേൾക്കുക. ഏകാഗ്രചിത്തനായി ശ്രദ്ധയോടുകൂടി കേൾക്കണം:

അർജ്ജുനൻ, വിജയൻ, ജിഷ്ണു,
കിരീടി, ശ്വേതവാഹനൻ,
ബീഭത്സു, ഫൽഗുനൻ, കൃഷ്ണൻ,
സവ്യസാചി, ധനഞ്ജയനൻ."

ഉത്തരൻ പറഞ്ഞു: "എന്തുകൊണ്ടാണ് നീ വിജയനായത്? എന്തുകൊണ്ടാണ് കിരീടിയായത്? എങ്ങനെയാണ് സവ്യസാചിയായത്? അർജ്ജുനൻ, ഫൽഗുനൻ, ജിഷ്ണു, കൃഷ്ണൻ, ബീഭത്സു, ധനഞ്ജയൻ ഈ പേരുകളും ഭവാന് എങ്ങനെ ലഭിച്ചു? ഇതിന്റെ യാഥാർത്ഥ്യം പറയുക. ഈ നാമങ്ങളുണ്ടാകുവാനുള്ള ഹേതുവൊക്കെ ഞാൻ കേട്ടിട്ടുണ്ട്. അതൊക്കെ നീ പറഞ്ഞാൽ എല്ലാം ഞാൻ സമ്മതിക്കാം."

അർജ്ജുനൻ പറഞ്ഞു: "നാടൊക്കെ ജയിച്ച് ധാരാളം വിത്തം നേടി ധനമദ്ധ്യത്തിൽ ഞാൻ നില്ക്കുകയാൽ 'ധനഞ്ജയനായി' പോരിൽ ഗർവ്വിഷ്ഠന്മാരോടേറ്റു പൊരുതുന്ന സമരത്തിൽ ഞാൻ ജയിക്കാതെ പിന്മടങ്ങുകയില്ല. അതുകൊണ്ട് ഞാൻ 'വിജയൻ' എന്ന പേരിൽ അറിയുവാൻ ഇടയായി. തേരിൽ പൊന്നണിക്കോപ്പുകളണിയുന്ന ശ്വേതാശ്വങ്ങളെ പൂട്ടിയാണ് പോരിന്നിറങ്ങുക. അതുകൊണ്ട് ഞാൻ 'ശ്വേതവാഹന' നായി. ഹേ, ഉത്തരാ, ഞാൻ ഫൽഗുനീനക്ഷത്രത്തിൽ പകൽ ഹിമവൽഗിരിപൃഷ്ഠത്തിലാണു പിറന്നത്. അതുകൊണ്ടാണ് ഞാൻ ഫൽഗുനനായത്. പണ്ട് ഞാൻ ദൈത്യവരരുമായി പൊരുതുമ്പോൾ ഇന്ദ്രൻ എന്റെ ശിരസ്സിൽ അർക്കാഭമായ കിരീടം അലങ്കരിച്ചു. അന്നുമുതൽ ഞാൻ 'കിരീടി' യായി. ഞാൻ യുദ്ധത്തിൽ ഒരിക്കലും ബീഭത്സമായ കാര്യം ചെയ്യുന്നതല്ല. അതുകൊണ്ട് ദേവന്മാരും മർത്ത്യരും എന്നെ 'ബീഭത്സു' എന്നു പറയുന്നു. ഗാണ്ഡീവമെന്നുപറയുന്ന എന്റെ വില്ലു വലിക്കുവാൻ എനിക്ക് ഇടത്തുകൈയും വലത്തുകൈയും ഒരുപോലെ സാധീനമാണ്. അതിനാൽ എന്നെ ദേവന്മാരും മർത്ത്യന്മാരും 'സവ്യസാചി' എന്നു പറയുന്നു. നാലതിർത്തിയുള്ള ഊഴിയിൽ എന്നപ്പോലെ നിറമുള്ളവരില്ല. ശുഭ്രമായ കർമ്മമേ ഞാൻ ചെയ്യുകയുള്ളു. അതുകൊണ്ട് ഇവൻ അർജ്ജുനനായി. ഞാൻ ദുർവ്വാരനാണ്, ദുരാധർഷനാണ്, ദമനനാണ്, ശക്രനന്ദനനാണ്. അതുകൊണ്ട് ദേവന്മാരും മർത്ത്യന്മാരും എന്നെ 'ജിഷ്ണു' എന്നു പറയുന്നു. 'കൃഷ്ണൻ' എന്ന പത്താമത്തെ നാമം എനിക്ക് അച്ഛനിട്ട പേരാണ്. കൃഷ്ണനെപ്പോലെ മനോഹരമായ നിറമുള്ളവൻ എന്നർത്ഥത്തിൽ ബാലനായ എന്നിൽ വാത്സല്യത്തോടെ ഇട്ടതാണ് ആ നാമം."

വൈശമ്പായനൻ പറഞ്ഞു: "ഉടനെ ഉത്തരൻ പാർത്ഥനെ അഭിവാദ്യംചെയ്തു: 'ഹേ ധനഞ്ജയ, ഞാൻ 'ഭൂമിഞ്ജയ' നാണ്! നാമംകൊണ്ടു പിന്നീട് ഉത്തരനായതാണ്! ഭാഗ്യം! പാർത്ഥാ, ഭവാനെ കണ്ടത് ഭാഗ്യം! ധനഞ്ജയാ, ഭവാനു സ്വാഗതം! ഗജരാജകരാകാരാ, ലോഹിതാക്ഷാ, മഹാഭുജാ! അറിയാതെ ഞാൻ പറഞ്ഞ വാക്കുകൾ ഭവാൻ ക്ഷമിക്കണേ! ഭവാൻ പണ്ടേ ചിത്രമായ ദുഷ്കരക്രിയ ചെയ്യുകയാൽ എന്റെ ഭയം തീർന്നുപോയി! ഞാൻ വളരെയധികം സന്തോഷത്തോടുകൂടിയവനായിരിക്കുന്നു."

45. അർജ്ജുനവാക്യം – അർജ്ജുനയുദ്ധാരംഭം – ഉത്തരൻ പറഞ്ഞു: "ഹേ, വീരാ! നല്ല തേരിൽക്കയറി സൂതനായ എന്നോടുകൂടി നീ ഏതു സൈന്യത്തിലേക്കാണു പോകുന്നതെന്നു പറയുക. ഞാൻ അവിടെക്കൊണ്ട് എത്തിക്കുന്നതാണ്."

അർജ്ജുനൻ പറഞ്ഞു: "ഹേ, പുരുഷവ്യാഘ്രാ! സന്തോഷം! നീ ഭയപ്പെടേണ്ട. പോരിൽ നിന്റെ വൈരിസമൂഹത്തെ ഞാൻ ജയിക്കാം; നീ സ്വാസ്ഥ്യത്തോടെ ഇരിക്കുക. ഞാൻ വീരന്മാരായ ശത്രുക്കളുമായി ഏറ്റുമുട്ടി ഭൈരവമായ ക്രിയചെയ്യുന്നത് നീ നോക്കിയിരുന്നാൽ മതി. ഈ ആയുധങ്ങളൊക്കെ നീ എന്റെ തേരിൽ ഉടനെ കയറ്റുക. പൊന്നണിഞ്ഞ് ഭംഗിയുള്ള ഈ വാളും എടുത്തുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനന്റെ വാക്കു കേട്ട് ഉടനെ ഉത്തരൻ പാർത്ഥന്മാരുടെ ആയുധങ്ങളെല്ലാമെടുത്ത് താഴത്ത് ഇറങ്ങിവന്നു."

അർജ്ജുനൻ പറഞ്ഞു: "കുരുക്കളുമായി ഞാൻ പൊരുതാം. നിന്റെ പശുക്കളെ അഭിമുഖീകരിക്കുകയും ചെയ്യാം. സങ്കല്പമാകുന്ന ദ്വാരങ്ങളോടുകൂടിയ നിലയും, ബാഹുക്കളാകുന്ന കോട്ടകമാനങ്ങളും, ത്രിദണ്ഡമാകുന്ന ആവനാഴിയും, ക്രോധകൃതമായി എരിയുന്ന ഞാണാകുന്ന കവണയും, ചക്രനിദ്ധ്വാനമാകുന്ന പ്രചണ്ഡവാദ്യവുമുള്ളതായ ഈ തേർത്തട്ട് നിന്റെ ഭവനംതന്നെ, സുരക്ഷിതമായ ഗൃഹംതന്നെ, എന്നു വിചാരിച്ച് സുഖമായി ഇരുന്നുകൊള്ളുക! അങ്ങനെ വരുന്നതുമാണ്. ഗാണ്ഡീവം വില്ലെടുത്ത് ഞാൻ പോരിൽ കയറുന്നതായ രഥം ശത്രുക്കൾക്കു ജയിക്കുവാൻ സാദ്ധ്യമല്ലാത്തതാണ്. അതുകൊണ്ട് വിരാടപുത്രാ! നീ ഭയം ഉപേക്ഷിക്കുക."

ഉത്തരൻ പറഞ്ഞു: "ഞാൻ ഇവരെ ഭയപ്പെടുന്നില്ല. നീ രണത്തിൽ സ്ഥിതനാണല്ലോ. പോരിൽ കേശവനോടും, സാക്ഷാൽ ഇന്ദ്രനോടും ഭവാൻ സദൃശനാണ്. ഒരു കാര്യം ചിന്തിക്കുമ്പോൾ മാത്രം ഞാൻ ശങ്കകൊണ്ടു പതറിപ്പോകുന്നു. മന്ദബുദ്ധിയായ എനിക്ക് ഒരു പിടിയും കിട്ടുന്നില്ല. അതെന്താണെന്നു പറയാം. ഇപ്രകാരം അംഗരൂപത്തോടുകൂടി ലക്ഷണം സൂചിപ്പിക്കുന്ന ഭവാൻ എന്തു കർമ്മവിപാകത്താലാണ് ഇന്നു ക്ലീബനായിത്തീർന്നത്? നിന്നെ ക്ലീബനായി ചുറ്റുന്ന ശിവനാണെന്നേ എനിക്കു ചിന്തിക്കുവാൻ കഴിയുന്നുള്ളു. അർദ്ധനാരീശ്വരനായ ശിവനാണെന്നേ തോന്നുന്നുള്ളു. ഗന്ധർവ്വരാജോപമനായ ഭവാൻ ഇന്ദ്രനാണെന്നും തോന്നിപ്പോകുന്നു."

അർജ്ജുനൻ പറഞ്ഞു: "എന്റെ ജ്യേഷ്ഠഭ്രാതാവ് കല്പിച്ചപ്രകാരം ഒരാണ്ടുകാലം ഞാൻ ഈ മഹാവ്രതം അനുഷ്ഠിക്കുകയാണ്. ഞാൻ പറഞ്ഞതു സത്യമാണ്. ഞാൻ ക്ലീബനല്ല. മഹാബാഹോ, ധർമ്മവാനായ ഞാൻ പരതന്ത്രനാണ്. എന്റെ ആ വ്രതം കഴിഞ്ഞു. ഇപ്പോൾ ഞാൻ അതിൽനിന്നു കയറിപ്പോന്നു. നൃപാത്മജാ! ഭവാൻ ഈ പരമാർത്ഥം അറിഞ്ഞാലും!"

digitized by www.sreyas.in

ഉത്തരൻ പറഞ്ഞു: "ഞാൻ അനുഗൃഹീതനായി. എന്റെ ശങ്ക പാഴായില്ല നരോത്തമാ! ഈമാതിരി രൂപഗുണവും തേജസ്സും തികഞ്ഞവർ ഒരിക്കലും ക്ലീബന്മാരാകാറില്ല. പോരിന്നെനിക്ക് തുണയുണ്ടായി. ഇനി സുരന്മാരോടുപോലും എതിർക്കാൻ എനിക്ക് ഒരു ധൈര്യം തോന്നുന്നു. എന്റെ ഭയമൊക്കെ തീർന്നു. എന്താണ് ഞാൻ ചെയ്യേണ്ടതെന്ന് ആജ്ഞാപിച്ചാലും. വൈരികളുടെ തേരു തകർക്കുവാൻ ഞാൻ കുതിരകളെ നടത്താം. സാരഥ്യം ഞാൻ ഗുരുവിൽനിന്നു പഠിച്ചിട്ടുണ്ട്. വാസുദേവന്ന് ദാരുകൻ എന്നപോലെയും, ശക്രന്ന് മാതലി എന്നപോലെയും ഞാൻ സാരഥ്യം ശീലിച്ചവനാണ്. നടന്ന കാലടിപ്പാട് മണ്ണിൽക്കാണാത്തവിധം പോകുന്ന ഈ വലത്തു പൂട്ടിയ ഹയം കൃഷ്ണന്റെ ഹയമായ സുഗ്രീവസമാനനാണ്. ഇടത്തു പൂട്ടി ശോഭിക്കുന്ന ഉത്തമമായ ഹയം വേഗത്താൽ മേഘപുഷ്പഹയത്തോടു സമാനനാണ്. പൊൻകോപ്പണിഞ്ഞു പിൻഭാഗത്ത് ഇടത്തായി നില്ക്കുന്ന ഈ അശ്വം വേഗതയിൽ ശൈഭ്യസദൃശമാണ്. നിയതവും ബലവത്തരവുമാണ്. വലത്ത് പിൻപുറത്തായി പൂട്ടിയ ഈ ഹയം വലാഹകത്തിലും വേഗതയുള്ളതും, വീര്യംകൂടിയതുമാണ്. ഈ തേര് വില്ലാളിയായ ഭവാനെത്തന്നെ എടുക്കണം. ഈ തേരിൽത്തന്നെ കേറി പോരാടാൻ തക്കതായ ഒരാളാണ് ഭവാൻ!"

വൈശമ്പായനൻ പറഞ്ഞു: "ഉടനെ കൈകളിൽനിന്നു വളയെല്ലാം മാറ്റി അർജ്ജുനൻ ശുഭവും, ചിത്രസമ്പൂർണ്ണവുമായ കോപ്പുകൾ അണിഞ്ഞു. കറുത്തുചുരുണ്ട കേശം വെള്ള വസ്ത്രം കൊണ്ടു ചുറ്റി പിന്നെ കിഴക്കോട്ടു തിരിഞ്ഞ് ശുചിയും ശുദ്ധമനസ്സുമായ അവൻ തേരിലിരുന്ന് എല്ലാ അസ്ത്രങ്ങളെയും ധ്യാനിച്ചു. നൃപാത്മജനായ പാർത്ഥനോട് അസ്ത്രങ്ങളൊക്കെയും ധ്യാനസമയത്തു പറഞ്ഞു: 'അല്ലയോ ഉദാരമതേ, പാണ്ഡുനന്ദനാ! ഞങ്ങൾ അങ്ങയുടെ ഭൃത്യന്മാർ, ഇതാ സന്നദ്ധരായിരിക്കുന്നു.' ഉടനെ പാർത്ഥൻ അവയെ വണങ്ങി കൈക്കൊണ്ടു സ്പർശിച്ച്, പറഞ്ഞു, 'മനസ്സിൽ നിങ്ങളെല്ലാവരും സന്നിധാനം ചെയ്യുക' എന്ന്. അർജ്ജുനൻ അസ്ത്രങ്ങൾ കൈകൊണ്ട് പ്രസന്നമുഖനായി. ഞാണു കെട്ടിയ ഗാണ്ഡീവം വില്ല് ഒന്നുലച്ചു. അർജ്ജുനൻ വില്ലുലച്ചപ്പോൾ കഠിനമായ ഒരു ധ്വനിയുണ്ടായി. മഹാദ്രിയിൽ അദ്രികൊണ്ട് അടിക്കുന്നവിധം ശബ്ദം ജനങ്ങളെ കിടിലംകൊള്ളിച്ചു. ഭൂമിയിൽ ഇടിമുഴങ്ങി. ദിക്കുകളിലെങ്ങും കാറ്റടിച്ചു. വലുതായ കൊള്ളിമീനുകൾ ചാടുകയും, ദിക്കുകൾ തെളിയാതാവുകയും ചെയ്തു. ആകാശത്തു പക്ഷികൾ പതറിപ്പറന്നു. വലിയ വൃക്ഷങ്ങൾ കുലുങ്ങി. കുരുക്കൾ ഇടിവെട്ടുന്ന് വിധത്തിലുള്ള ശബ്ദം കേട്ടു. അർജ്ജുനൻ തന്റെ ഗാണ്ഡീവം ഒന്നുലച്ചപ്പോൾ ഇപ്രകാരമുള്ള പ്രകൃതിക്ഷോഭങ്ങളൊക്കെ ഉണ്ടായി."

ഉത്തരൻ പറഞ്ഞു: "ഹേ പാണ്ഡവേന്ദ്രാ! ഞാൻ ഒന്നു ചോദിക്കട്ടെ. എനിക്കു വലുതായ ഒരു സംശയം കടന്നുകൂടിയിരിക്കുന്നു. ഭവാൻ ഒറ്റയ്ക്ക് എങ്ങനെ അനേകം രഥിവീരന്മാരെ വെല്ലും? അവരൊക്കെ സർവ്വാസ്ത്രപാരഗന്മാരുമാണല്ലോ! അല്ലയോ കൗന്തേയാ, ഭവാൻ നിസ്സഹായനാണ്. കുരുക്കളാകട്ടെ സഹായവാന്മാരാണ്. ആ ഒറ്റക്കാര്യം ചിന്തിക്കുമ്പോൾ ഞാൻ ഭവാന്റെ മുമ്പിൽ ഭയാക്രാന്തനായിത്തീരുന്നു."

ഇതു കേട്ടപ്പോൾ അർജ്ജുനൻ പൊട്ടിച്ചിരിച്ചു.

അർജ്ജുനൻ പറഞ്ഞു: "എടോ വീരാ! ഉത്തരാ! ഭവാൻ ഭയപ്പെടേണ്ട. ഘോഷയാത്രയിൽ ശക്തരായ ഗന്ധർവ്വന്മാരോടെതിർത്തനാളിൽ അന്ന് ആരാണ് എന്നെ സഹായിച്ചത്? അപ്രകാരം ഖാണ്ഡവത്തിൽ ദേവന്മാരും, ദൈത്യന്മാരുംചേർന്ന് ഭീഷണമായ സംഗരം നടത്തിയപ്പോൾ അന്ന് എനിക്ക് ആരായിരുന്നു സഹായി? നിവാതകവചന്മാരോടും, ശക്തരായ പൗലോമരോടും ഞാൻ ഇന്ദ്രനുവേണ്ടി പൊരുതിയപ്പോൾ അന്ന് ആരാണെനിക്കു സഹായിയായത്? കൃഷ്ണാസ്വയംവരത്തിൽ പല മന്നവരോടും ഞാൻ എതിർത്തു പൊരുതിയപ്പോൾ അന്ന് ആരാണ് എനിക്കു സഹായത്തിന്നുണ്ടായിരുന്നത്? ആചാര്യനായ ദ്രോണൻ, ഇന്ദ്രൻ, വൈശ്രവണൻ, യമൻ, വരുണൻ, വഹ്നി, കൃപൻ, കൃഷ്ണൻ, പിനാകി ഇവരെ സേവിച്ചവനായ ഞാൻ ഈ കൗരവന്മാരോട് ഏല്ക്കുവാൻ മതിയാകയില്ലെന്നാണോ നീ വിചാരിക്കുന്നത്? എന്റെ തേരു നീ വേഗം നടത്തുക. ഹൃദയജ്വരം കളയുക!"

46. ഉൽപാതം – വൈശമ്പായനൻ പറഞ്ഞു: "വിരാടപുത്രനെ സമാശ്വസിപ്പിച്ച് സൂതനാക്കി ശമീവൃക്ഷത്തെ വലംവെച്ച് ആയുധങ്ങളൊക്കെ എടുത്ത് അർജ്ജുനൻ പുറപ്പെട്ടു. മഹാരഥനായ ഉത്തരൻ സിംഹധ്വജം തേരിൽനന്നു പറിച്ച് ശമീവൃക്ഷമൂലത്തിൽ വെച്ചു. പിന്നെ അർജ്ജുനൻ തേരിൽ വിശ്വകർമ്മാവിന്റെ ദിവ്യമായയണച്ച് പൊന്മയവും സിംഹലാംഗുലവുമായ വാനരക്കൊടി ധ്യാനിച്ചു. ഉടനെ വാനരക്കൊടി കാഞ്ചനധ്വജത്തോടുകൂടി ദിവ്യവും മനോഹരവുമായ വിചിത്രാംഗത്തോടെ വൻതരം വേറെ കൊടിക്കൂറകളോടുകൂടെ ഉയർന്നുവന്നു. അഗ്നിപ്രസാദത്തെ സ്മരിച്ചപ്പോൾ ഭൂതങ്ങൾ ആ ദ്വജത്തിൽ പ്രവേശിച്ചു. അങ്ങനെയുള്ള രഥത്തെ അർജ്ജുനൻ ഇറങ്ങി വലംവെച്ച് വീണ്ടും അതിൽ കയറി. ഉടുമ്പിൽതോലുറ കൈകളിലിട്ട്, വില്ലെടുത്ത്, കപികേതനൻ രഥം വടക്കോട്ടു തിരിച്ചു. യുദ്ധത്തിന്നു പുറപ്പെട്ടപ്പോൾ ആ മഹാബലൻ മഹാസ്വനമുള്ള മഹാശംഖമെടുത്ത് ശത്രുക്കൾക്കു രോമഹർഷമുണ്ടാക്കുമാറ് ഊക്കോടെ ഊതി. ആ ശബ്ദംകേട്ട് ഭയപ്പെട്ട് കുതിരകൾ മുട്ടുകുത്തി വീണു. ഉത്തരൻ പേടിച്ചുവിറച്ച് തേർത്തട്ടിലിരുന്നു. ഉടനെ കൗന്തേയൻ കടിഞ്ഞാണു പിടിച്ച് കുതിരകളെ നിർത്തി. ഉത്തരനെ ആശ്ലേഷിച്ചു സമാശ്വസിപ്പിച്ചു."

അർജ്ജുനൻ പറഞ്ഞു: "എടോ, രാജപുത്രാ! നീ ഭയപ്പെടുകയാണോ? ഹേ പരന്തപാ, നീ ക്ഷത്രിയനാണെന്നോർക്കണം. പുരുഷശാർദ്ദൂലാ നീ വൈരിമദ്ധ്യത്തിൽ എന്താണ് ഇങ്ങനെ നടുങ്ങുന്നത്? നീ ശംഖനാദം കേട്ടിട്ടില്ലേ? ഭേരീരവങ്ങൾ കേട്ടിട്ടില്ലേ? പടക്കളത്തിന്നു നടുവിൽ നില്ക്കുന്ന ആനകളുടെ ശബ്ദവും കേട്ടിട്ടില്ലേ? അങ്ങനെയുള്ള നീ ശംഖിന്റെ ശബ്ദം കേട്ടു ഭയപ്പെട്ട് കേവലം പ്രാകൃതനെപ്പോലെ എന്താണു നടുങ്ങുന്നത്?"

ഉത്തരൻ പറഞ്ഞു: "ഞാൻ ശംഖനാദവും കേട്ടിട്ടുണ്ട്, ഭേരീനാദവും കേട്ടിട്ടുണ്ട്; പടനടുക്കു നില്ക്കുന്ന ആനകളുടെ ശബ്ദവും കേട്ടിട്ടുണ്ട്. എന്നാൽ ഇത്തരം ഭേരീനാദം ഞാൻ കേട്ടിട്ടില്ല. ഈമാതിരി ധ്വജത്തിന്റെ രൂപവും ഞാൻ ഇതിന്നുമുമ്പു കണ്ടിട്ടില്ല. ചെറുഞാണൊലിയും ഇത്തരത്തിൽ കേട്ടിട്ടില്ല! ഈ ശംഖിന്റെ ശബ്ദത്താലും ചെറുഞാണൊലിയാലും ധ്വജഭൂതങ്ങളുടെ അമാനുഷശബ്ദത്താലും രഥചക്രങ്ങളുടെ ആരവത്താലും എന്റെ മനസ്സു മോഹിച്ചുപോകുന്നു! ദിക്കുകളൊക്കെ വട്ടംതിരിയുന്നതുപോലെ തോന്നുന്നു! ഹൃദയം പിടയുന്നതായി തോന്നുന്നു. ധ്വജത്താൽ മൂടി ദിക്കുകളൊന്നും എനിക്കു തെളിയുന്നില്ല."

അർജ്ജുനൻ പറഞ്ഞു: "തേരിൽ കരുതിനിന്ന് കാലുകൊണ്ട് നന്നായി ഊന്നുക. കടിഞ്ഞാൺ മുറുക്കിപ്പിടിക്കുക! ഞാൻ വീണ്ടും ശംഖുവിളിക്കുകയാണ്!"

വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ വീണ്ടും ശംഖു വിളിച്ചു. പർവ്വതം പിളരുന്നവിധം ഭയങ്കരമായ ശബ്ദം അലതല്ലി. ശത്രുക്കൾക്കു ദുഃഖവും മിത്രങ്ങൾക്കു സന്തോഷവും ജനിപ്പിച്ചു ഗിരിഗർത്തവും, ദിക്കുകളും, പർവ്വതങ്ങളും നടുങ്ങി. ഉത്തരൻ നടുക്കത്താൽ തേർത്തട്ടിൽ ഇരുന്നുപോയി. ആ ശംഖനിനാദത്താലും തേരുരുൾ ധ്വനിയാലും ഗാണ്ഡീവഘോഷം കൊണ്ടും പാർത്ഥന് ഒന്നു വിറച്ചുപോയി. വീണ്ടും ധനഞ്ജയൻ ഉത്തരനെ ആശ്വസിപ്പിച്ചു."

ദ്രോണൻ പറഞ്ഞു: "മേഘനാദംപോലെ രഥഘോഷം കേൾക്കുകയാലും ഭൂകമ്പമുണ്ടാവുകയാലും ഇവൻ പാർത്ഥനല്ലാതെ മറ്റാരുമല്ലെന്നു തീർച്ചപ്പെടുത്താം. ശസ്ത്രങ്ങൾ തെളിയുന്നില്ല. വാജികൾ നന്ദിക്കുന്നില്ല. കത്തിക്കുന്ന അഗ്നികൾ തെളിയുന്നുമില്ല. അത് അമംഗളമാണ്. മൃഗങ്ങൾ സൂര്യനെ നോക്കി നില്ക്കുന്നു. ഇതു നമ്മൾക്ക് ആപൽസൂചകമാണ്. കൊടികളിന്മേൽ കാക്കകൾ കയറിയിരിക്കുന്നു. ഇതും അമംഗളമാണ്. ശകു

digitized by www.sreyas.in

നങ്ങൾ ഇടത്തുഭാഗത്തായി കാണുന്നത് മഹാഭയം സൂചിപ്പിക്കുകയാണ്. സൈന്യമദ്ധ്യത്തിൽ കുറുക്കൻ ഓരിയിട്ട് ഓടുന്നു. ആട്ടാതെതന്നെ അവ ഓടിപ്പോകുന്നു. ഇതു മഹാവിപത്തിനെ സൂചിപ്പിക്കുകയാണ്. നിങ്ങളുടെ ദേഹത്തിൽ കോൾമയിർ കോരിയിട്ടതായിക്കാണുന്നു. ഈവകയൊക്കെ ക്ഷത്രിയന്മാർക്ക് യുദ്ധത്തിൽ മഹാനാശം കാണിക്കുന്ന ശകുനങ്ങളാണ്. ജ്യോതിസ്സുകൾ വിളങ്ങുന്നില്ല. മൃഗപക്ഷികളൊക്കെ ഉഗ്രങ്ങളായി കാണുന്നു. ക്ഷത്രനാശനമായ ഉഗ്രോൽപാതങ്ങൾ പലതും കാണുന്നു. വിശേഷിച്ചും നമ്മൾക്കു ശകുനംകൊണ്ടു നാശമാണ് കാണുന്നത്. ജ്വലിക്കുന്ന കൊള്ളിമീൻ എന്റെ സേനയെ ബാധിക്കുന്നതായിക്കാണുന്നു. ഹർഷംകൂടാതെ വാഹനങ്ങൾ (കുതിര, ആന മുതലായവ) കരയുന്നു. രാജാവേ, ഭവാന്റെ സൈന്യങ്ങളെ കഴുക്കൾ സേവിക്കുന്നു. അവ തീറ്റ കാത്തു ചുറ്റിപ്പറക്കുന്നു. പാർത്ഥബാണംകൊണ്ട് ഉഴന്ന സൈന്യത്തെക്കണ്ട് നീ ദുഃഖിക്കുവാനാണ് പോകുന്നത്. നമ്മുടെ പട പോരിന്നാശയില്ലാതെ മടങ്ങിയിരിക്കുന്നു. മുഖം വിളറി യോദ്ധാക്കളൊക്കെ ബുദ്ധികെട്ടു നില്ക്കുകയാണ്. പശുക്കളെ വിട്ട് അസ്ത്രം കൈയിലെടുത്ത് വ്യൂഹംകെട്ടി നാം നില്ക്കുകയാണ് ഇപ്പോൾ വേണ്ടത്."

47. ദുര്യോധനവാക്യം – വൈശമ്പായനൻ പറഞ്ഞു: "അപ്പോൾ ദുര്യോധനരാജാവ് പോർക്കളത്തിൽവെച്ച് ഭീഷ്മനോടും രഥിവ്യാഘ്രനായ ദ്രോണനോടും തേരാളിയായ കൃപനോടും പറഞ്ഞു: 'ഞാൻ പറയുന്ന കാര്യം ഗുരുക്കളോടു രണ്ടു പേരോടും കർണ്ണനുമൊത്ത് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. വീണ്ടും ഞാൻ പറയുകയാണ്. ഒരിക്കൽ പറഞ്ഞതുകൊണ്ട് എനിക്കു മതിയാകുന്നില്ല. തോറ്റവർ പന്ത്രണ്ടു വത്സരം കാട്ടിൽ പാർക്കണം. നാട്ടിൽ അജ്ഞാതവാസവും ചെയ്യണം. ഇതാണ് കരാറ്. അവർക്ക് ഇപ്പോഴും പതിമൂന്നാമത്തെ ആണ്ടു തീർന്നിട്ടില്ല. അങ്ങനെയിരിക്കെ അജ്ഞാതവാസിയായ പാർത്ഥൻ നമ്മളോട് എതിരിട്ടിരിക്കയാണ്. അജ്ഞാതവാസം തീരുന്നതിനു മുമ്പ് അർജ്ജുനൻ വന്നാൽ വീണ്ടും അവർ പന്തീരാണ്ടുകാലം കാട്ടിൽ പാർക്കണം. ലോഭംകൊണ്ട് അവർ ഈ കാര്യം കാണാഞ്ഞിട്ടോ അതോ നമ്മൾക്കു പിഴപറ്റിയിട്ടോ? ഇക്കാര്യത്തിൽ ഏറ്റക്കുറച്ചിൽ ഭീഷ്മൻ അറിയേണ്ടതാണ്. അർത്ഥം രണ്ടുവഴിക്കു പോയാൽ സംശയം എപ്പോഴും പറ്റും. മറ്റുവഴിക്കു കാര്യം ഒത്തത് മറ്റുവഴിക്കു കലാശിക്കുകയും ചെയ്യും. സ്വാർത്ഥത്തിൽ എല്ലാവരും മോഹിക്കും. ജനങ്ങൾ ധർമ്മം കാണുകയും ചെയ്യും. പോരിന്ന് ഊന്നിയ മത്സ്യന്മാർക്ക് ഉത്തരം അന്വേഷിക്കുന്നതിനിടയിൽ അർജ്ജുനൻ വന്നു ചാടിയെങ്കിൽ അതിൽ നമ്മൾക്ക് എന്തു പിഴയാണ്?

ത്രിഗർത്തന്മാർക്കുവേണ്ടി മത്സ്യന്മാരോടു പൊരുതുവാൻ നമ്മൾ വന്നതാണ്. മത്സ്യന്മാർ ചെയ്ത ദോഷം നമ്മളോടും പറഞ്ഞു. പേടിപെട്ട അവർക്കായി നമ്മൾ ഏറ്റുപറയുകയും ചെയ്തു. അവർ മുമ്പേ മത്സ്യന്മാരുടെ ഗോധനത്തെ ഹരിക്കണമെന്നും അത് സപ്തമിദിനം അന്തിയാകുമ്പോഴാകണമെന്നും ആസൂത്രണംചെയ്തു. അഷ്ടമിദിവസം ആദിത്യൻ ഉദിക്കുമ്പോൾ നമ്മളും ഗോക്കളെ ഹരിക്കണമെന്നു നിശ്ചയിച്ചു. മത്സ്യൻ പശുക്കളെ പിടിക്കുവാൻ ത്രിഗർത്തന്മാരെ പിന്തുടരുന്ന തക്കത്തിന് ഈ പശുക്കളെച്ചെന്നു നമ്മളും പിടിക്കണം എന്നാണല്ലോ നിശ്ചയിച്ചുറപ്പിച്ചത്. അവർ ഗോഗ്രഹണം ചെയ്തുവോ? കേവലം തോറ്റുപോയോ? നമ്മളെ ചതിച്ച് മത്സ്യന്മാരുമായി സന്ധിചെയ്തുവോ? അല്ലെങ്കിൽ അവരെവിട്ട് മത്സ്യൻ നാട്ടുകാരോടുകൂടി ഭയങ്കരനിലയിലുള്ള സർവ്വസൈന്യങ്ങളോടുംകൂടി രാവൊക്കെ നടന്ന് നമ്മളോടു പോരിന്നെത്തിയെന്നോ? അതിൽവെച്ച് മഹാവീരനായ ഒരുത്തൻ മുമ്പിൽ എത്തിനില്ക്കുകയാകാം. അല്ലെങ്കിൽ നമ്മളോടു പൊരുതുവാനായി മത്സ്യൻതന്നെ വന്നു എന്നു വരാം. ഇത് മത്സ്യേന്ദ്രനായാലും അർജ്ജുനൻ വന്നതായാലും ആരുവന്നാലും ശരി പൊരുതണമെന്നുള്ളത് നമ്മൾ നിശ്ചയിച്ച കാര്യമാണ്. എന്നിട്ട് ഈ നരസത്തമന്മാർ എന്താണീമാതിരി വിഷണ്ണരായി നില്ക്കുന്നത്? മഹാരഥന്മാരായ ഭീഷ്മനും ദ്രോണനും കൃപനും വികർണ്ണനും ദ്രോണപുത്രനും എല്ലാവരും സമയം സമാഗതമായപ്പോൾ സംശയിച്ചു നില്ക്കുകയാണോ? പോരിൽ അല്ലാതെ മറ്റൊന്നിലുമല്ല ശ്രേയസ്സെന്ന് ഉള്ളിൽ കരുതുവിൻ! ഗോധനത്തെ ഹരിച്ചാൽ നമ്മോട് ദേവരാജനോ, യമനോ വന്ന് എതിർത്താൽ ഭയപ്പെട്ട് ഗോധനത്തെ ഉപേക്ഷിച്ച് ഹസ്തിനാപുരിയിലേക്കു മടങ്ങുമെന്നാണോ വീരന്മാർ വിചാരിക്കുന്നത്? ഗഹനവനത്തിൽ അമ്പുകളേറ്റു ചിന്നിച്ചിതറി വീഴേണ്ടിവന്നാലും പരാജയത്തോടെ ജീവിക്കുവാൻ നമ്മുടെ ഈ കാലാൾപ്പടയിൽ ആർക്കാണ് ആശയുണ്ടാവുക? അത്തരം ജീവിതം നമ്മുടെ അശ്വങ്ങൾപോലും സ്വീകരിക്കുമോ എന്ന് ഞാൻ സംശയിക്കുന്നു.'

ഇങ്ങനെ ദുര്യോധനൻ പറയുന്നതുകേട്ട് രാധേയൻ പറഞ്ഞു: 'ഈ യുദ്ധത്തിൽ ദ്രോണാചാര്യന്ന് വൈമുഖ്യമുണ്ടെങ്കിൽ അദ്ദേഹം പിന്നണിയിലേക്കു പൊയ്ക്കൊള്ളട്ടെ! നമുക്ക് നീതി നടത്താതിരിക്കുവാൻ വയ്യ! അവരുടെ അഭിപ്രായം കേൾക്കുമ്പോൾ നാം ഭയപ്പെടണം! നമ്മുടെ ശത്രുവായ അർജ്ജുനനിൽ ഏറെ പ്രീതിയുള്ളവനായ ഒരുത്തനോട് ആലോചിച്ച് നമ്മുടെ കാര്യംനടത്തുവൻ ഒരുക്കിയാൽ അപകടമാകും. അർജ്ജുനനോട് അദ്ദേഹത്തിന്നുള്ള പ്രീതികൊണ്ട് നമ്മെ തേജോവധം ചെയ്തു കാണിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. അതാണ് അർജ്ജുനൻ വന്നുകണ്ടപ്പോൾ വാഴ്ത്തുവാൻ കാരണം. സൈന്യം ഭഞ്ജിച്ചുപോകാത്തമട്ടിൽ നീതിനടത്തണം. അശ്വശബ്ദം കേട്ടയുടനെ സൈന്യങ്ങളെയൊക്കെക്കൂടിയൊന്ന് ഇളക്കിമറിക്കുകയാണ് ദ്രോണൻ ചെയ്യുന്നത്. നാഥനില്ലാത്ത നമ്മുടെ സൈന്യം ഈ വേനൽക്കാലത്ത് ശത്രുവിന്റെ അധീനത്തിൽപ്പെട്ടു പതറിപ്പോകാത്തമട്ടിൽ നീതിനടത്തണം. ആചാര്യന്ന് വിശേഷിച്ചും പാണ്ഡുപുത്രന്മാരിൽ ഇഷ്ടമുണ്ട്. ആ സ്വാർത്ഥപരന്മാരുടെ കാര്യങ്ങൾ എപ്പോഴും എടുത്തു പുകഴ്ത്തിപ്പറയും. കുതിര ചിലയ്ക്കുന്ന ശബ്ദംകേട്ടിട്ട് പ്രശംസിക്കുവാൻ ആരെങ്കിലും ഒരുങ്ങുമോ? വാജികൾ നില്ക്കുമ്പോഴും നടക്കുമ്പോഴുമൊക്കെ ശബ്ദിക്കാറുണ്ട്. കാറ്റ് എപ്പോഴും വീശാറുണ്ട്. ഇന്ദ്രൻ എന്നും വർഷിക്കാറുണ്ട്. ഇടിവെട്ടുന്ന ശബ്ദം നമ്മളൊക്കെ പലപ്പോഴും കേൾക്കാറുണ്ട്. ഇതിൽ അർജ്ജുനൻ എന്ത് അത്ഭുതമാണു ചെയ്തത്? എന്താണ് അവനെ ഇങ്ങനെ വാഴ്ത്തുവാൻ? പാണ്ഡവന്മാരുടെ ശ്രേയസ്സിൽ അഭിലാഷവും ഈ നമ്മളിൽ വിദ്വേഷവും ആരോപിക്കുകയല്ലേ ഈ പ്രശംസയുടെ അർത്ഥം?

ഏതായാലും പ്രാജ്ഞന്മാരായ ആചാര്യന്മാർ ഉപദേശം തരുവാൻ അർഹരാണെങ്കിലും അവർ കാരുണികരും അഹിംസാദർശികളുമാകയാൽ അത്യാപത്തുകാലത്ത് അവരോട് നമുക്കു യാതൊന്നും ആലോചിക്കേണ്ടതില്ല. ആലോചിച്ചാൽ അബദ്ധമാകും. സഭകളിലും ഉദ്യാനങ്ങളിലും വിചിത്രഗേഹങ്ങളിലും വിചിത്രമായ കഥകൾപറഞ്ഞ് അങ്ങനെ ശോഭിക്കുന്നവരാണ് പണ്ഡിതന്മാർ. മഹാജനങ്ങളെ നാനാപ്രകാരേണ വിനോദിപ്പിച്ചുകൊണ്ടും പണ്ഡിതന്മാർ ശോഭിക്കുന്നു. ഇന്ദ്രാസ്ത്രാപസ്ഥാനങ്ങളിൽ പണ്ഡിതന്മാർ ശോഭിക്കുന്നു. പരന്മാരുടെ കുറ്റം കാണുന്നതിലും മനുഷ്യചരിതം ഗ്രഹിക്കുന്നതിലും ആന, തേര്, അശ്വം എന്നീ യാനങ്ങളുടേയും കഴുതകൾ, ഒട്ടകങ്ങൾ, ആടുകൾ എന്നിവയുടേയും കർമ്മങ്ങളെപ്പറ്റിയുള്ള വിജ്ഞാനങ്ങൾ ഗ്രഹിക്കുന്നതിലും ഗോധനം, തെരുവുകൾ, മുഖ്യദ്വാരമുഖങ്ങൾ എന്നിവയിലുംവെച്ച് പാചകവസ്തുക്കളുടെ കുറ്റവും കുറവും കാണുന്നതിലും പണ്ഡിതന്മാർ ശോഭിക്കുന്നു. ശത്രുക്കളുടെ ഗുണത്തെ പുകഴ്ത്തുകയാണ് പണ്ഡിതന്മാർ ചെയ്യുന്നതെങ്കിൽ അവരെ പിന്നോട്ടു തള്ളിവിടുവാൻ ഒട്ടും മടിക്കരുത്. ശത്രുക്കളെ വധിക്കേണ്ടത് ഏതു നീതിയാലാണോ, അതു നാം ഇപ്പോൾ ചെയ്തേ കഴിയൂ. ഗോക്കളെ സംരക്ഷിക്കുവാൻ ആൾക്കാരെ നിർത്തി സൈന്യവ്യൂഹം ചമച്ച് നാം ശത്രുക്കളോടു പൊരുതുവാൻ മടിക്കരുത്."

48. കർണ്ണന്റെ മേനി ചൊല്ലൽ– കർണ്ണൻ പറഞ്ഞു: "ആയുഷ്മാന്മാരായ നിങ്ങളെല്ലാം ഭയപ്പെട്ട വിധം കാണുന്നു! യുദ്ധത്തി

digitized by www.sreyas.in

ന്നാഗ്രഹമില്ലാതെ എല്ലാവരും നിലവിട്ടതുപോലെ അമ്പരന്നു നില്ക്കുകയാണ്! ഇപ്പോൾ രഥത്തിൽ വന്ന യോഗ്യൻ മത്സ്യരാജാവായാലും അർജ്ജുനനായാലും ഞാൻ അവനെ സമുദ്രത്തെ കരയെന്നമാതിരി തടുത്തുനിർത്തും. എന്റെ വില്ലിൽനിന്ന് ഉതിരുന്ന കൂർത്തുമൂർത്ത അമ്പുകൾ സർപ്പത്തെപ്പോലെ ചീറ്റിപ്പായും. ചെന്നാൽ പിന്നെ അത് പിന്നോട്ടുവയ്ക്കുകയില്ല. പൊന്നു കെട്ടിച്ച് മുനകൂർത്ത് ഞാൻ ഊക്കിൽ വിടുന്ന ശരങ്ങൾ പാറ്റകൾ മരത്തെയെന്നപോലെ പാർത്ഥനെ മൂടട്ടെ! കടമുട്ടുവോളം ഞാണിൽ വലിച്ച് അമ്പുകൾ വിടുമ്പോൾ ഭേരീനാദംപോലെ തലഘോഷം കേൾക്കാറാകും. എട്ടും അഞ്ചും വർഷം കരുതിപ്പാർത്ത അർജ്ജുനൻ ഈ യുദ്ധത്തിൽ പ്രീതിയോടുകൂടി എന്റെ ദേഹത്തിൽ പ്രഹരിക്കാതിരിക്കയില്ല. ഗുണവാനായ ബ്രാഹ്മണനെപ്പോലെ പൃഥാസുതൻ വ്രതാനന്തരമുള്ള സമ്മാനത്തിന്നു പാത്രമാകട്ടെ. ഞാൻ നല്കുന്ന ശരസഞ്ചയമാകുന്ന സമ്മാനം അവൻ ഏറ്റുവാങ്ങട്ടെ. വില്ലാളിവീരനായ അവൻ മൂന്നുലോകത്തിലും കേൾവികേട്ടവനാണ്. നരശ്രേഷ്ഠനായ പാർത്ഥനേക്കാൾ ഒട്ടും താഴാത്തവനാണ് ഞാൻ. അങ്ങും ഇങ്ങും വിട്ട ഗൃദ്ധ്രപക്ഷങ്ങളുള്ള സ്വർണ്ണമയമായ ശരങ്ങൾകൊണ്ട് ശലഭങ്ങളെപ്പോലെ ആകാശം മൂടുന്നതായിക്കാണാം. പണ്ട് വാക്കാൽ ചൊല്ലിവെച്ചതും തീരാത്തതുമായ കടം പോരിൽ അർജ്ജുനനെ കൊന്ന് ഇന്നു ധാർത്തരാഷ്ട്രന്നു തീർത്തുകൊടുക്കും. എന്റെ വില്ലിൽനിന്ന് ഉതിർക്കുന്ന കൂർത്ത ശരങ്ങളുടെ നേരെ നില്ക്കുവാൻ ദേവാസുരഗണത്തിൽ ആരുണ്ട്? ഇടയ്ക്ക് അറുത്തുതകരുന്ന ദൃഢപുംഖശരങ്ങളെ ശലഭങ്ങളുടെ മട്ടിൽ ആകാശത്തു പറക്കുന്നതായി കാണാം. ഇന്ദ്രാശനിപോലെ തൊട്ടാൽപ്പൊള്ളുന്ന പാർത്ഥനെ തീക്കൊള്ളികൊണ്ട് ആനയെ എന്നപോലെ ഞാൻ പീഡിപ്പിക്കുന്നതാണ്. രഥാതിരഥനായ ശൂരനും, സർവ്വ അസ്ത്രജ്ഞന്മാരിൽ ഉത്തമനുമായ പാർത്ഥനെ, പാമ്പിനെ താർക്ഷ്യൻ എന്നവിധം ഞാനിന്നു തോല്പിച്ചടക്കുന്നതു കാണിച്ചുതരാം. അഗ്നിയെപ്പോലെ ദുർദ്ധർഷനും, വാൾ, വേൽ, ശരമയമായ ഇന്ധനത്തോടുകൂടിയവനും, ശത്രുക്കളെ ദഹിപ്പിച്ച് എരിയുന്നവനുമായ പാർത്ഥവഹ്നിയെ അശ്വവേഗമാകുന്ന കാറ്റോടും തേരിന്റെ ശബ്ദമാകുന്ന സ്തനിതത്തോടുംകൂടി ശരവർഷംചെയ്തു മുന്നേറുന്ന കാർമേഘംപോലെ ഞാൻ കെടുത്തിവിടും. എന്റെ വില്ലിൽനിന്നുതിരുന്ന പാമ്പുകൾ പോലുള്ള അമ്പുകൾ പാർത്ഥന്റെ ശരീരത്തിൽ പുറ്റിൽ സർപ്പങ്ങൾ കടക്കുംപോലെ കടക്കും. പൊൻപുംഖമായി കൂർത്തുമൂർത്ത ശരങ്ങളാൽ മൂടുന്ന പാർത്ഥനെ ഞാൻ കൊന്നുപൂത്തു നില്ക്കുന്ന മലയെന്നപോലെ കാണിച്ചുതരാം. ഋഷിശ്രേഷ്ഠനായ ഭാർഗ്ഗവനിൽനിന്നു ലഭിച്ച ശരത്തിന്റെ ശക്തിയാൽ, ആ വീര്യത്താൽത്തന്നെ, ഞാൻ ദേവേന്ദ്രനോടുപോലും പൊരുതും. അവന്റെ കൊടിമരത്തിൽ വാഴുന്ന വാനരൻ എന്റെ കത്തിയമ്പേറ്റ് ഘോരമായ ആർത്തസ്വരത്തോടെ ഇന്നു ഭൂമിയിൽ വീഴുന്നതു കാണാം. ഞാൻ മർദ്ദിക്കുന്ന ശത്രുവിന്റെ കൊടിമേൽ വാഴുന്ന ഭൂതഗണങ്ങളും പത്തുദിക്കിലേക്കും പാഞ്ഞുപോകുമ്പോഴുണ്ടാകുന്ന ശബ്ദം വാനിൽ പരക്കുമ്പോൾ നിങ്ങൾക്കു കേൾക്കാം. ദുര്യോധനന്ന് ഏറെനാളായി ഉള്ളിൽ അധിവസിക്കുന്ന ശല്യം ഇന്നു ഞാൻ തേരിൽനിന്ന് അർജ്ജുനനെ വീഴ്ത്തുന്നതോടുകൂടി വേരോടെ പറിച്ചെടുക്കപ്പെടും. അശ്വങ്ങൾ ചത്തു തേരുപോയി പൗരുഷത്തോടെ നില്ക്കുന്ന അർജ്ജുനൻ പാമ്പിനെപ്പോലെ ഗത്യന്തരമില്ലാതെനിന്നു ചീറ്റുന്നത് ഇന്ന് കൗരവർ കാണട്ടെ! കുരുക്കളൊക്കെ ധനവുമായി പൊയ്ക്കൊള്ളട്ടെ! തേർത്തട്ടിൽപ്പാർത്ത് എന്റെ യുദ്ധം കണ്ടാലും കൊള്ളാം; ഇല്ലെങ്കിലും കൊള്ളാം."

49. കൃപന്റെ അഭിപ്രായം– കൃപൻ പറഞ്ഞു: "എടോ കർണ്ണാ! നിന്റെ ബുദ്ധി എപ്പോഴും യുദ്ധത്തിൽ ക്രൂരമാണ് എന്നതു ശരിതന്നെ. എന്നാൽ കാര്യത്തിന്റെ സ്വഭാവം നീ കാണുന്നില്ല. അതിന്റെ ഫലമെന്തുണ്ടാകുമെന്നു നോക്കുന്നുമില്ല. ശാസ്ത്രത്തെപ്പറ്റി ഓർത്താൽ പല മായങ്ങളുമുണ്ട്. അതിൽ പണ്ടുള്ള പണ്ഡിതന്മാർ പറയുന്നു നാശകരമായിട്ടുള്ളതു യുദ്ധമാണെന്ന്. ദേശകാലങ്ങളെ നോക്കിയുള്ള യുദ്ധം വിജയമാകും. കാലം പിഴച്ചാൽ അതുകൊണ്ടുതന്നെ ഫലമില്ലാതാകും. ദേശവും കാലവും കണ്ടു പ്രവർത്തിക്കുന്ന വീര്യം കല്യാണപ്രദമായി ഭവിക്കും. കാര്യങ്ങളുടെ ആനുകൂല്യത്താൽ ഫലസിദ്ധി വിധിച്ചതാണ്. രഥം പണിത ആശാരിയുടെ പ്രശംസകേട്ട് പണ്ഡിതന്മാരായ യുദ്ധവീരന്മാരാരും ശക്തി പരിഗണിക്കാതെ യുദ്ധത്തിന്നു പോകാറില്ല. ആലോചിച്ചാൽ ഇപ്പോൾ നമ്മൾക്കു പാർത്ഥനുമായി യുദ്ധംചെയ്യുവാൻ പോകേണ്ട കാര്യമില്ല. തനിച്ചുതന്നെ കൗരവന്മാരുമായി ഏറ്റവനാണ് അവൻ. പരസഹായം കൂടാതെ തന്നെ വഹ്നിയെ തപിപ്പിച്ചവനാണ് അർജ്ജുനൻ. തനിയേതന്നെ അഞ്ചുവർഷം ബ്രഹ്മചര്യം അനുഷ്ഠിച്ചവനാണ് അർജ്ജനൻ. തനിച്ചുതന്നെ സുഭദ്രയെ തേരിലേറ്റി കൃഷ്ണനെപ്പോലും കൂട്ടാക്കാതെ കൊണ്ടുപോന്നവനാണ് അർജ്ജുനൻ. കള്ളവേടവേഷം കെട്ടിയ ശിവനുമായി തനിച്ചു പോരാട്ടം നടത്തിയവനാണ് അർജ്ജുനൻ. ഈ കാട്ടിൽവെച്ചും ഹരിക്കപ്പെട്ട കൃഷ്ണയെ അവൻ വീണ്ടെടുത്തു. തനിച്ച് അഞ്ചുവർഷം ഇന്ദ്രന്റെ അടുത്തു പോയി അസ്ത്രവിദ്യകളൊക്കെ പഠിച്ചു. തനിച്ച് കുരുവിദ്വേഷിയെ ജയിച്ചു പുകൾ നേടി. താനേ ഗന്ധർവ്വനായ ചിത്രസേനനെ ശത്രുമർദ്ദനനായ അവൻ ജയിച്ചു. പോരിൽ ഊക്കോടുകൂടി ദുർജ്ജയമായ പടയിൽ പ്രവേശിച്ച് നിവാതകവചക്കൂട്ടത്തേയും കാലകേയാസുരൗഘത്തേയും ജയിച്ചു. ദേവകൾക്കും അവദ്ധ്യനായ അവൻ പോരിലേറ്റ് ഒക്കെയും വീഴ്ത്തി. ഇങ്ങനെ മഹാത്ഭുതങ്ങളൊക്കെ ചെയ്തവനാണ് അർജ്ജുനൻ. ഇങ്ങനെ പഠിപ്പും; പരിചയവും, ത്യാഗവും ക്ലേശവുമൊക്കെ അനുഭവിച്ച് സൽക്കീർത്തി നേടിയ മഹായോഗ്യനാണ് അർജ്ജുനൻ. ഇനി നിന്റെ കാര്യം ഞാനൊന്നു ചോദിക്കട്ടെ.

നീ ഒറ്റയ്ക്ക് പണ്ട് എന്തുകാര്യമൊക്കെ ചെയ്തിട്ടുണ്ട്? അവർക്ക് രാജാക്കന്മാരെല്ലാം ഒറ്റയ്ക്കു പാട്ടിൽ വന്നവിധം നിനക്ക് അധീനത്തിലായിട്ടുണ്ടോ? ഇന്ദ്രൻപോലും പാർത്ഥനോടേറ്റു പൊരുതുവാൻ ശക്തനാവുകയില്ല. അങ്ങനെയുള്ളവനുമായി പൊരുതുവാൻ നോക്കുന്നവന്ന് തക്കതായ ചികിത്സയാണ് നിശ്ചയിക്കേണ്ടത്. (തലയ്ക്ക് ധാരയോ കുഴമ്പോ?) ക്രുദ്ധനായ മഹാവിഷസർപ്പത്തിന്റെ ദംഷ്ട്ര ചൂണ്ടാണിവിരൽകൊണ്ടു പറിക്കുവാനാണ് നീ നോക്കുന്നത്. അല്ലെങ്കിൽ തനിയെ കാട്ടിൽ ചുറ്റുന്ന മത്തഗജത്തെ നീ തോട്ടികൂടാതെ കയറി പുറത്തിലേക്കു പ്രവേശിക്കുവാൻ നിനയ്ക്കുകയാണ്. വസാമാംസങ്ങൾ ഹോമിച്ചു കത്തിക്കാളുന്ന അഗ്നിയിൽ നെയ്യിൽമുഴുകി വല്ക്കലം ചുറ്റിനിന്ന് ആക്രമിക്കുവാനാണ് നിന്റെ ഭാവം. കഴുത്തിൽ കല്ലു കെട്ടി തന്നെത്താനെ കടൽനീന്തുവാൻ ഒരുത്തൻ ചിന്തിക്കുകയാണെങ്കിൽ അതിലെന്തു പൗരുഷമാണുള്ളത്? അസ്ത്രജ്ഞനോട് അസ്ത്രജ്ഞാനമില്ലാത്തവൻ, ബലവാനോട് ദുർബ്ബലൻ, പൊരുതാനാഗ്രഹിക്കുകയാണ്. ഹേ, കർണ്ണാ! അപ്രകാരമാണ് ദുർമ്മതിയായ നീ പാർത്ഥനോട് ഏല്ക്കുവാനാഗ്രഹിക്കുന്നത്.

നമ്മൾ പതിമ്മൂന്നുവർഷം വഞ്ചിച്ചയച്ച ഇവൻ കെട്ടുപൊട്ടിച്ചു പാഞ്ഞുവരുന്ന സിംഹത്തെപ്പോലെ, ഇനി നമ്മളെ ബാക്കി വെക്കുകയില്ല. കിണറ്റിൽ തീപോലെ ഒരേടത്ത് ഗൂഢമായി വാഴുന്ന പാർത്ഥനെ അറിയാതെ ആക്രമിച്ച് അത്യാപത്തിൽ നാം പെട്ടുപോയി. യുദ്ധദുർമ്മദനായ പാർത്ഥൻ വന്നാൽ ഒന്നിച്ചു നമ്മളെതിർക്കുകയാണുവേണ്ടത്. ശസ്ത്രങ്ങളൊക്കെയേന്തി അണിയായി സേനകൾ ഒരുങ്ങിക്കൊള്ളട്ടെ! ദ്രോണൻ, ദുര്യോധനൻ, ഭീഷ്മൻ, ഭവാനും ദ്രൗണിയും എല്ലാവരുംകൂടി പാർത്ഥനോട് എതിർക്കുക. അല്ലാതെ കർണ്ണാ, നീ ഒറ്റയ്ക്ക് സാഹസത്തിൽ പ്രവേശിക്കരുത്. ഇന്ദ്രസമനും സന്നദ്ധനുമായി നില്ക്കുന്ന പാർത്ഥനോട് നാം ആറു തേരാളികളൊന്നിച്ചു സന്നദ്ധരായി എതിർക്കണം. വ്യൂഹംകെട്ടിയ സൈന്യങ്ങളും സന്നാഹത്തോടുകൂടിയ വില്ലാളികളുമൊത്ത് നമ്മൾ, സന്നദ്ധരായ ദൈത്യന്മാർ ഇന്ദ്രനോടെന്നവിധം, അർജ്ജുനനോടു പൊരുതണം."

50. ദ്രൗണിവാക്യം– അശ്വത്ഥാമാവിന്റെ മറുപടി– അശ്വത്ഥാമാവു പറഞ്ഞു: "നാം പശുക്കളെ പിടിച്ച് അതിർത്തി

digitized by www.sreyas.in

കടന്നിട്ടേയില്ല. ഹസ്തിനാപുരത്തിലെത്തിയിട്ടുമില്ല. എന്നിട്ട് കർണ്ണാ, നീ നിന്നു മേനിപറയുന്നു. പല യുദ്ധങ്ങൾ ജയിച്ചിട്ട് വളരെ സമ്പത്തു നേടിയാലും ശത്രുസൈന്യങ്ങളെ ജയിച്ചാലും ശൂരന്മാർ ആത്മപ്രശംസ ചെയ്യാറില്ല. അഗ്നി എത്രയോ വസ്തുക്കളെ ചുട്ടു ചാമ്പലാക്കുന്നു! എന്നിട്ടും ആത്മപ്രശംസ ചെയ്യുന്നില്ല. മൗനമായിട്ടാണ് അഗ്നി ദഹിപ്പിക്കുന്നത്. മൗനമായിത്തന്നെയാണ് സൂര്യനും പ്രകാശിക്കുന്നത്. ഒന്നും മിണ്ടാതെതന്നെ ഭൂമി ഈ ചരാചരങ്ങളെയൊക്കെ താങ്ങിനില്ക്കുന്നു. ബ്രഹ്മാവ് നാലുജാതിക്കും കർമ്മങ്ങൾ വിധിച്ചിട്ടുണ്ട്. അവർ എല്ലാവരും ദോഷംപറ്റാത്തവിധം ധനം നേടണം. വേദവിത്തായ ബ്രാഹ്മണൻ യാഗം ചെയ്യിക്കുക, യാഗം ചെയ്യുക. വില്ലെടുക്കുന്ന ക്ഷത്രിയന് യജിപ്പിക്കുകയാവാം, യാജനം പാടില്ല. വൈശ്യൻ ധനങ്ങൾ നേടി ബ്രാഹ്മണരെക്കൊണ്ട് ക്രിയകൾ ചെയ്യിക്കണം. ശൂദ്രൻ എപ്പോഴും മൂന്നുജാതിയേയും ശുശ്രൂഷിക്കണം. വഞ്ചനാപ്രയോഗവിധിയാൽ 'വേതസീവൃത്തി' (ആറ്റുവഞ്ചിയുടെ പ്രകൃതി, ശക്തിയുള്ള ഒഴുക്കിൽ തലചായ്ച്ചുകൊടുക്കുകയും ഒഴുക്കിന്റെ ശക്തികുറഞ്ഞാൽ തലപൊക്കുകയും ചെയ്യുന്ന പ്രകൃതി) സ്വീകരിച്ച് ശാസ്ത്രാനുസരണം ജീവിക്കുന്നവൻ ഭൂമി മുഴുവൻ ജയിച്ചാൽപ്പോലും ഗുരുക്കളെ പൂജിക്കുന്നു. ഗുരുക്കന്മാർ വിഗുണന്മാരായാലും അവരെ പൂജിക്കുന്നു. എടോ കർണ്ണാ! ഭവാനും ദുര്യോധനനും എന്റെ വാക്കു കേൾക്കുക! നിങ്ങൾ ചെയ്ത ഗുരുനിന്ദ ഞാൻ ഒരിക്കലും പൊറുക്കുന്നതല്ല. നിങ്ങൾ ധർമ്മം വെടിഞ്ഞാണു സംസാരിച്ചത്.

ചൂതാട്ടംകൊണ്ടു നാടു തട്ടിയെടുത്ത ക്ഷത്രിയൻ എങ്ങനെ പ്രശംസാർഹനാകും? ഈ നൃശംസകർമ്മത്തിൽ ഈ നിർല്ലജ്ജനായ ധാർത്തരാഷ്ട്രനല്ലാതെ മറ്റ് ഏതൊരു ക്ഷത്രിയൻ സന്തോഷിക്കും? വേടനെപ്പോലെ വഞ്ചനയും ചതിയുംകൊണ്ട് ധനം നേടി യോഗ്യനായി ഞെളിഞ്ഞ് മേനിപറയുവാൻ ലജ്ജയില്ലേ? എടോ, കർണ്ണാ! നീ അർജ്ജുനനെ വെന്ന ദ്വന്ദ്വയുദ്ധം ഏതാണ്? മാദ്രേയരോടും, അപ്രകാരം ഏതു യുദ്ധത്തിലാണ് ജയിച്ചത്? ധർമ്മജനെ ജയിച്ചത് ഏതു യുദ്ധത്തിലാണ്? ഭീമനെ ജയിച്ചത് ഏതു യുദ്ധത്തിലാണ്? അവരുടെ മുതലൊക്കെ നേടിയത് ഏതു യുദ്ധത്താലാണ്? പണ്ട് ഏതു യുദ്ധത്തിലാണ് ഇന്ദ്രപ്രസ്ഥം ജയിച്ചുപിടിച്ചത്? അപ്രകാരം കൃഷ്ണയേയും നീ ജയിച്ച യുദ്ധം ഏതായിരുന്നു? നാണമില്ലാതെ വിജയത്തെക്കുറിച്ചു പ്രശംസിക്കുന്നു! എടോ ദുർമ്മതേ, തീണ്ടാരിയായ ഒരു പെണ്ണിനെ ഒറ്റവസ്ത്രവുമായി സഭയിലേക്കു ബലമായി എത്തിച്ച നീച ദുർമ്മതികളല്ലേ നിങ്ങൾ? നിങ്ങൾ വേരിന്നു കോടാലിവെച്ചു! ധർമ്മമായ ചന്ദനമരത്തിന്റെ വേരിന്മേൽ നിങ്ങൾ കോടാലിവെച്ചു. എടോ, സൂതാ! അന്നു വിദുരനെന്താണ് നിങ്ങളോടു പറഞ്ഞത്? ഓർക്കുന്നുണ്ടോ? 'പല കാര്യങ്ങളിലും മനുഷ്യൻ യഥാശക്തി ക്ഷമിച്ചു എന്നുവന്നേക്കാം. ഈച്ച, ഉറുമ്പ് മുതലായ സത്വങ്ങളിൽപ്പോലും ക്ഷമകണ്ടേക്കാം. എന്നാൽ പാഞ്ചാലിയുടെ പരിക്ലേശം പാണ്ഡവന്മാർ ഒരിക്കലും ക്ഷമിക്കുകയില്ല!' അർജ്ജുനൻ ഇപ്പോൾ പ്രത്യക്ഷപ്പെട്ടത് ധാർത്തരാഷ്ട്രന്മാരുടെ ക്ഷയത്തിനായിട്ടാണ്. നീ പണ്ഡിതനായിനിന്ന് വാചകങ്ങളോരോന്നും അടിക്കുന്നു! വൈരാന്തം കണ്ടവനായ ജിഷ്ണു നിങ്ങളെയൊന്നും വെച്ചേക്കുകയില്ല. ദേവഗന്ധർവ്വദനുജരാക്ഷസപ്പടയോടുകൂടി എതിർക്കുവാൻ ചെന്നാലും തകർത്തുകളയും. പേടിച്ച് എതിർക്കാതെ പിൻവാങ്ങുന്നവനല്ല കുന്തീപുത്രനായ ധനഞ്ജയൻ. കോപിച്ച് യുദ്ധത്തിന്നായി ഇവൻ ആരിൽച്ചെന്നു പതിക്കുന്നുവോ, താർക്ഷ്യൻ വൃക്ഷത്തെയെന്നപോലെ അവനെ വീഴ്ത്തിയേ പിന്മാറുകയുള്ളു! അവൻ വീര്യത്തിൽ നിന്നേക്കാൾ മീതെയാണ്! പോരിൽ ഇന്ദ്രതുല്യനാണ്! പോരിൽ കൃഷ്ണസമനായ പാർത്ഥനെ ആരാണ് ആദരിക്കാതിരിക്കുക? ദേവന്മാരുമായി ദിവ്യായുധങ്ങൾകൊണ്ട് എതിർക്കും! മാനുഷികമായ ആയുധങ്ങൾകൊണ്ട് മനുഷ്യരോടും എതിർക്കും! അസ്ത്രത്തെ അസ്ത്രത്താൽ വെല്ലുന്നതിനു ശക്തനായി അർജ്ജുനസമനായി ആരുണ്ട്? ധാർമ്മികന്മാർ പറയുന്നു, ഗുരുവിന്നു പുത്രസമനാണ് ശിഷ്യൻ എന്ന്. ആ കാരണംകൊണ്ടും ദ്രോണർക്ക് ഏറ്റവും പ്രിയനാണ് അർജ്ജുനൻ. നീ ചൂതാട്ടം നടത്തിയപോലെയും, ഇന്ദ്രപ്രസ്ഥം നേടിയ മട്ടിലും, കൃഷ്ണയെ സഭയിൽക്കേറ്റിയ മട്ടിലും പാർത്ഥനുമായി ധീരധീരം പൊരുതുക! ഇതാ, നിന്റെ യോഗ്യനായ അമ്മാവൻ! പ്രാജ്ഞനും ധർമ്മവിചക്ഷണനുമായ അവൻ, ഗാന്ധാരനായ ശകുനി, വഞ്ചകനായ ചൂതാട്ടക്കാരൻ, യുദ്ധം ചെയ്യട്ടെ! അർജ്ജുനന്റെ ഗാണ്ഡീവത്തിൽനിന്ന്, വഞ്ചകനായ ചൂതാട്ടക്കാരൻ പറഞ്ഞാൽ കേൾക്കുന്ന കൃതവും ദ്വാപരവുമായ ചുക്കിണികളല്ല പുറപ്പെടുക. ജ്വലിക്കുന്ന ചുട്ടബാണങ്ങളാണ് ഗാണ്ഡീവം വിടുക. കഴുച്ചിറകുവെച്ച ഗാണ്ഡീവോത്ഥമായ തീക്ഷ്ണശരോൽക്കരങ്ങൾ ഉഗ്രങ്ങളാണ്. അവ കേവലം പർവ്വതത്തിൽപ്പോലും തടയുകയില്ല. അന്തകനോ, അഗ്നിയോ, മൃത്യുവോ, ബഡവാഗ്നിയോ പിടിപെട്ടാൽ വല്ലതും അവശേഷിച്ചു എന്നുവരാം. എന്നാൽ ക്രുദ്ധനായ അർജ്ജുനനുമായി ഏറ്റുമുട്ടിയാൽ അവൻ പിന്നെ ബാക്കിവെച്ചേക്കില്ല. അമ്മാമനോടുകൂടി സഭയിൽവെച്ചു ചൂതാടിയ മാതിരിതന്നെ യുദ്ധവും ചെയ്തുകൊള്ളുക. അമ്മാവന്റെ രക്ഷ വേണ്ടുവോളം ഉണ്ടല്ലോ, അതുമതി! യോധന്മാർ പൊരുതിക്കൊള്ളട്ടെ; ധനഞ്ജയനോട് ഞാൻ പൊരുതുകയില്ല. പശുക്കളെ തേടിയെത്തുന്ന മത്സ്യനോടുമാത്രം ഞങ്ങൾ പൊരുതാം."

51. ദ്രോണവാക്യം– ഭീഷ്മൻ പറഞ്ഞു: "ശോഭനമായ കാര്യമാണ് ദ്രൗണി കാണുന്നത്. കൃപൻ കാണുന്നതും ശോഭനമായ കാര്യമാണ്. എന്നാൽ കർണ്ണനാകട്ടെ ക്ഷത്രധർമ്മത്താൽ കേവലം പോരിന്നുതന്നെ ഇച്ഛിക്കുകയാണ്. അറിവുള്ള പുരുഷന്മാരാരും ആചാര്യനെ കുറ്റം പറയരുത്. ദേശകാലങ്ങൾ നോക്കിയിട്ട് യുദ്ധംചെയ്യണമെന്നാണ് എന്റെ മതം. ശസ്ത്രമേന്തിയ അർക്കാഭന്മാരായ അഞ്ചു വിദ്വാന്മാരായ വൈരികളുണ്ട്. അവർ ഉയർന്നുകഴിഞ്ഞാൽ ഉഴലാത്തവർ ആരുണ്ട്? സ്വാർത്ഥത്തിൽ ധർമ്മജ്ഞന്മാർപോലും മോഹിക്കാറില്ലേ? ആ മോഹത്തിന്നിടയ്ക്ക് വല്ലതും പറഞ്ഞാൽ അത് അത്ര സാരമാക്കാനില്ല. തേജസ്സുയർത്തുവാൻവേണ്ടിയുള്ളതാണ് കർണ്ണന്റെ വാക്കുകളെല്ലാം. ഗുരുപുത്രനായ ഭവാൻ അതൊക്കെ ക്ഷമിക്കേണ്ടതാണ്. വിരോധത്തിന്നുള്ള കാലമല്ല ഇത്. അർജ്ജുനൻ ഇതാ എതിർത്തുവരുന്നു. ഈ അവസരത്തിൽ കർണ്ണന്റേയും ദുര്യോധനന്റേയും വാക്കുകൾ കൃപനും, ദ്രോണനും ക്ഷമിക്കയാണുവേണ്ടത്. ഭവാന്മാരിൽ കൃതാസ്ത്രത്വവും, ബ്രാഹ്മണ്യവും, ബ്രഹ്മാസ്ത്രവും ഒരുപോലെ പ്രതിഷ്ഠിതമാണ്. ഒരിടത്ത് നാലുവേദങ്ങൾ മാത്രമേ കാണാറുള്ളു. മറ്റൊരിടത്ത് ക്ഷാത്രംമാത്രമേ കാണാറുള്ളു. എന്നാൽ അതുരണ്ടും പൂർണ്ണമായി ഒരിടത്തുതന്നെ കേട്ടിട്ടില്ല. സപുത്രനായ ഭാരതാചാര്യനിൽ ഒഴികെ മറ്റൊരിടത്തും അതു കാണുകയില്ല എന്നാണ് എന്റെ അഭിപ്രായം. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ദ്രോണനെപ്പോലെ ജാമദഗ്ന്യമഹർഷിക്കല്ലാതെ മറ്റാർക്ക് അറിയാം? ബ്രഹ്മാസ്ത്രവും മറകളും മറ്റൊരേടത്തും ഒന്നിച്ചുചേർന്നു കാണുകയില്ല. ഗുരുപുത്രൻ പൊറുക്കണം. ഛിദ്രിക്കുവാൻ പറ്റിയ കാലമല്ല. അർജ്ജുനൻ ഇങ്ങെത്തിക്കഴിഞ്ഞാൽ നാമെല്ലാവരുംകൂടി അവനോടെതിർക്കണം. പണ്ഡിതന്മാർ പറഞ്ഞുവരുന്നു ബലവ്യസനത്തിൽ ഏറ്റവും നാശകരമായത് ഛിദ്രമാണെന്ന്. ബുധന്മാരുടെ അഭിപ്രായം ഛിദ്രംപോലെ നാശകരമായി മറ്റൊന്നുമില്ലെന്നാണ്."

അശ്വത്ഥാമാവു പറഞ്ഞു: "ഞങ്ങളുടെ ന്യായം പുരുഷവർഷഭനായ ഭവാൻ തള്ളിക്കളയരുത്. കള്ളച്ചൂത് മുതലായ ദുഷ്കർമ്മങ്ങളെയോർത്ത് രോഷംവളരുകയാൽ ആചാര്യൻ അർജ്ജുനന്റെ ഗുണങ്ങളെ വർണ്ണിച്ചുപോയതാണ്. ശത്രുവിലായാലും ഗുണമുണ്ടെങ്കിൽ അതു ഗണനീയമാണ്. ഗുരുവിലായാലും ദോഷമുണ്ടെങ്കിൽ അതു പറയരുതാത്തതല്ലതാനും. ശിഷ്യന്റെ കാര്യത്തിൽ പുത്രന്റെ കാര്യത്തിലെന്നപോലെ സർവ്വഥാ ഹിതം പറയേണ്ടതല്ലേ? അതു തെറ്റല്ലല്ലോ!"

ദുര്യോധനൻ പറഞ്ഞു: "ആചാര്യൻ ക്ഷമിക്കണേ! ശമമുണ്ടാക്കുവാൻവേണ്ടതെന്തെന്നു കല്പിച്ചാലും. ആചാര്യൻ കോപിച്ച് ഇടയുകയാണെങ്കിൽ ഉദ്ദേശിച്ച കാര്യം നശിച്ചതുതന്നെ."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനൻ ദ്രോണനെ ക്ഷമിപ്പിച്ചു. കർണ്ണൻ, ഭീഷ്മൻ, കൃപൻ എന്നിവരൊക്കെ പറഞ്ഞപ്പോൾ ദ്രോണൻ അടങ്ങി."

ദ്രോണൻ പറഞ്ഞു: "ശാന്തനവനായ ഭീഷ്മൻ പറഞ്ഞ വാക്കുകൊണ്ട് ഞാൻ പ്രസന്നനായിരിക്കുന്നു. ഇനി നീതിനടത്തുകയാണ് ഞാൻ ചെയ്യേണ്ടത്. പോരിൽ ദുര്യോധനനോടു വ്യാമോഹംകൊണ്ടോ, സാഹസംകൊണ്ടോ പാർത്ഥൻവന്ന് എതിർക്കാതിരിക്കത്തക്കവിധം കാര്യങ്ങൾ ശരിയാക്കണം. ദുര്യോധനൻ വൈരിയുടെ കൈയിൽപ്പെടാതിരിക്കുകയും വേണം. വനവാസം അവസാനിക്കാതെ അർജ്ജുനൻ നേരിട്ട് എത്തുകയില്ല. ഗോധനം കിട്ടാതെ അവൻ അടങ്ങുകയുമില്ല. എന്നാൽ ദുര്യോധനനോടു പാർത്ഥൻ ഏല്ക്കാതിരിക്കത്തക്കവിധം ചെയ്യേണ്ടതിലേക്കു നാം വഴിനോക്കണം. സൈന്യം പരാജിതമാകാതിരിക്കയും വേണം. വനവാസകാലം കഴിഞ്ഞിട്ടുണ്ടോ എന്ന് ഭീഷ്മൻ ശരിക്ക് ഉത്തരം പറയണം. ദുര്യോധനനും ഈ കാര്യത്തെക്കുറിച്ചു ചോദിച്ചുവല്ലോ."

52. ഭീഷ്മസൈന്യവ്യൂഹം– ഭീഷ്മൻ പറഞ്ഞു: "കലകൾ, കാഷ്ഠങ്ങൾ, മുഹൂർത്തങ്ങൾ, ദിനങ്ങൾ, അർദ്ധമാസങ്ങൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, ഋതുക്കൾ എന്നിവയെല്ലാം ചേർന്നാണ് സംവത്സരമുണ്ടാകുന്നത്. ഇങ്ങനെയുള്ള കാലവിഭാഗത്തോടുകൂടി കാലചക്രം പ്രവർത്തിക്കുന്നു. ജ്യോതിസ്സിന്റെ ഗതിയാലും, കാലത്തിന്റെ വായ്പിനാലും അയ്യഞ്ചു സംവത്സരം ചെല്ലുമ്പോൾ ഈരണ്ട് അധിമാസങ്ങൾ ഉണ്ടാകുന്നു. ഇപ്രകാരം അധിമാസങ്ങൾ അഞ്ചും, പന്ത്രണ്ടുരാത്രിയും പതിമൂന്നുവർഷം കൂടുമ്പോൾ ഉണ്ടാകുമെന്നുള്ളത് ജ്യോതിർഗണിതത്തിൽ നിശ്ചയിക്കപ്പെട്ട കാര്യമാണ്. അത് എനിക്ക് ഉള്ളിലുണ്ട്. അങ്ങനെ കണക്കുകൂട്ടുമ്പോൾ പാണ്ഡവന്മാരുടെ പ്രതിജ്ഞാകാലം ഇപ്പോൾ കഴിഞ്ഞിരിക്കണം. ഏറ്റതുപോലെ കാര്യം നടത്തിക്കഴിഞ്ഞിട്ടില്ലെങ്കിൽ അർജ്ജുനൻ ഇന്ന് വെളിപ്പെടുകയില്ലായിരുന്നു. അതാണ് അർജ്ജുനൻ നേരിട്ടിരിക്കുന്നത്. എല്ലാ പാണ്ഡവന്മാരും മഹാത്മാക്കളാണ്. എല്ലാവരും ധർമ്മജ്ഞന്മാരാണ്. അവർക്കു നാഥൻ ധർമ്മജനാണ്. പിന്നെ എങ്ങനെ പിഴപറ്റുവാനാണ്? ലോഭമറ്റവരായ പാണ്ഡവന്മാർ അസാദ്ധ്യമായ ക്രിയ ചെയ്ത് ഉപായംകൂടാതെ വെറുതെ രാജ്യം ഇച്ഛിക്കുകയില്ല. ദുഷ്കര കർമ്മം ചെയ്യുവാൻ കെല്പുള്ള അലുപ്തരായ പാണ്ഡവന്മാർ ഉപവാസം പിഴച്ച് രാജ്യത്തെ ഇച്ഛിക്കുകയില്ല. അന്നേതന്നെ വിക്രമം പ്രയോഗിക്കുവാൻ അവർ വിചാരിച്ചിട്ടുമുണ്ട്. എന്നാൽ ധർമ്മപാശത്താൽ ബന്ധിക്കപ്പെട്ടവരായ അവർ ക്ഷത്രിയവ്രതത്തിൽനിന്ന് ഇളകുകയുണ്ടായില്ല. കാലംനോക്കി കാര്യം നടത്തുന്നതിൽ അവർ ജാഗരൂകരാണ്. അർജ്ജുനൻ അസത്യമാണു പ്രവർത്തിച്ചതെങ്കിൽ പാണ്ഡവന്മാർ വീണ്ടും പരാഭവം പ്രാപിക്കും. മരണത്തെ വരിക്കേണ്ടതായിവന്നാൽപ്പോലും അവരാരും അസത്യത്തിൽ കൈയിടുകയില്ല. കാലംനോക്കി കാര്യം നടത്തുന്നതിൽ നല്ല കണ്ണുള്ളവരാണ് അവർ. പ്രാപ്തമായ കാലത്തിൽ പ്രാപ്തമായതിനെ അവർ ഉപേക്ഷിക്കുകയില്ല. വജ്രപാണിതന്നെ വന്നു തടുത്താലും ആ മഹാവീരന്മാർ പിൻമാറുകയില്ല. ഇനി മറ്റൊന്നും ആലോചിച്ചുനില്ക്കാതെ ഈ വരുന്ന സർവ്വശസ്ത്രജ്ഞനോട് എതിർക്കുവാൻ തുടങ്ങണം. എന്നാൽ ലോകത്തിൽ സജ്ജനങ്ങൾ അനുഷ്ഠിക്കുന്ന എല്ലാ മംഗളകർമ്മങ്ങളും നിങ്ങൾ ചെയ്യണം. അല്ലെങ്കിൽ അർത്ഥം നശിച്ചുപോകും. യുദ്ധംതുടങ്ങിയാൽ ജയാപജയങ്ങളെക്കുറിച്ച് അനിശ്ചിതത്വമായി യുദ്ധത്തിൽ ജയവും തോൽവിയുമുണ്ടാകും. നമുക്ക് എന്താണുണ്ടാകുകയെന്ന് യുദ്ധത്തിന്നുമുമ്പു നിശ്ചയിച്ചുകൂടാ. നാം ഇവിടെ യുദ്ധോചിതമായ കർമ്മമോ, ധർമ്മസംഹിതമായ കർമ്മമോ ഏതാണ് മംഗളമായിട്ടുള്ളതെങ്കിൽ അതുചെയ്യണം. 'തീർച്ചയായും നാം ജയിക്കും' എന്ന് ആർക്കും പറയാവുന്നതല്ല. അതുകൊണ്ട് ഇപ്പോൾ ഉചിതമായത് ഉടനെ ചെയ്യുക. ധനഞ്ജയൻ വന്നടുത്തു."

ദുര്യോധനൻ പറഞ്ഞു: "പിതാമഹാ, ഞാൻ പാണ്ഡവർക്കു രാജ്യംകൊടുക്കുകയില്ല! അതുകൊണ്ട് യുദ്ധമര്യാദയ്ക്കു വേണ്ടതൊക്കെ നടത്തുക!"

ഭീഷ്മൻ പറഞ്ഞു: "ഇപ്പോൾ ഇതിന്ന് എനിക്കു തോന്നുന്ന ബുദ്ധി ഞാൻ പറയാം. ബോദ്ധ്യമാണെങ്കിൽ നീ കേട്ടുകൊള്ളുക. എന്തായാലും ഞാൻ ശ്രേയസ്സു പറയാം. അതിന്നേ എനിക്കു തോന്നുന്നുള്ളൂ. ഇപ്പോൾ ഇവിടെയുള്ള ബലത്തിൽ നാലിൽ ഒരു ഭാഗം പകുത്തു പുരിയിലേക്കു പോകട്ടെ. പശുക്കളേയുംകൊണ്ടു പിന്നെ നാലിലൊരുഭാഗം സൈന്യവും പോകട്ടെ. ഞങ്ങൾ പകുതി പടയുമായി പാർത്ഥനോടു പൊരുതാം. ഞാൻ, ദ്രോണൻ, കർണ്ണൻ, അശ്വത്ഥാമാവ്, കൃപൻ ഈ ഞങ്ങൾ പാർത്ഥനോട് ഏല്ക്കുവാൻ കരുതിനില്ക്കാം. പിന്നെ എത്തുന്ന മത്സ്യനേയും, വജ്രിയെപ്പോലും ഞാൻതന്നെ ആഴിയെ കരയെന്നപോലെ തടുത്തുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "മഹാഭാഗനായ ഭീഷ്മൻ പറഞ്ഞത് അവർക്കൊക്കെ ബോധിച്ചു. കൗരവന്മാർക്കു വേണ്ടുന്നതൊക്കെ അത്തരത്തിൽ രാജാവ് ചെയ്തു. ദുര്യോധനനെ ഭീഷ്മൻ ഗോധനത്തോടൊപ്പം യാത്രയാക്കി. സൈന്യമുഖ്യന്മാരെ നിർത്തി വ്യൂഹം കെട്ടുവാൻ തുടങ്ങി."

ഭീഷ്മൻ പറഞ്ഞു: "നടുക്ക് ദ്രോണൻ നില്ക്കണം. ഇടത്തുഭാഗത്ത് അശ്വത്ഥാമാവു നില്ക്കണം. ശാരദ്വതനായ കൃപൻ വലത്തുഭാഗം കാക്കണം. കവചം ധരിച്ച കർണ്ണൻ മുമ്പിൽ നില്ക്കട്ടെ. ഞാൻ എല്ലാ സൈന്യത്തിന്നും പിന്നിൽ കാത്തുനില്ക്കുന്നുണ്ട്."

53. ഗോക്കളെ വിടുവിക്കുന്നു– വൈശമ്പായനൻ പറഞ്ഞു: "കുരുക്കൾ ഇപ്രകാരം സൈന്യവ്യൂഹം ചമച്ചുകഴിഞ്ഞയുടനെ അർജ്ജുനൻ രഥഘോഷം മുഴക്കി അടുത്തെത്തി. അർജ്ജുനന്റെ ധ്വജാഗ്രം അവർ കണ്ടു. ഗാണ്ഡീവത്തിന്റെ കടുത്ത ശബ്ദവും കേട്ടു. അർജ്ജുനൻ വന്നടുത്തതുകണ്ട് ദ്രോണൻ ഇപ്രകാരം പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "ഇതാ, പാർത്ഥന്റെ കൊടി ദൂരത്തുനിന്നുതന്നെ കാണുന്നു. ഇതാ, തേരിന്റെ ശബ്ദം കേൾക്കുന്നു. വാനരം ശബ്ദിക്കുന്നു. ഇതാ, രഥത്തിൽനിന്ന് രഥിപ്രവരനായ അവൻ ഇടിവെട്ടുന്നപോലെ ഗാണ്ഡീവത്തെയിട്ടു വലിക്കുന്നു. ഇതാ, ഒപ്പം രണ്ട് അമ്പുകൾ എന്റെ പാദത്തിൽ വന്നുവീണു. ഇതാ, വേറെ രണ്ടു ശരങ്ങൾ എന്റെ ചെവിതൊട്ടു കടന്നുപോയി. വനവാസം നിർവ്വഹിച്ചും ദിവ്യകർമ്മം നടത്തിയും പാർത്ഥൻ എന്നെ അഭിവാദ്യം ചെയ്യുകയാണ്. ചെകിട്ടിൽ വന്നു പറയുകയുമാണ്. ഏറെനാളായി നമ്മൾ അവനെ കണ്ടിട്ട്. അവൻ ബുദ്ധിമാനും ബാന്ധവപ്രിയനുമാണ്. ശ്രീകൊണ്ട് ഏറ്റവും ജ്വലിക്കുന്നവനാണ്. അങ്ങനെയുള്ള പ്രിയശിഷ്യനാണ് പാണ്ഡുപുത്രനായ ധനഞ്ജയൻ. രഥം, ശരം, കൈയുറ, ആവനാഴി, ശംഖം, പതാക, കവചം, കിരീടം, വാൾ, വില്ല് ഇതെല്ലാമുള്ള പാർത്ഥൻ ആജ്യാഹുതി ചെയ്ത അഗ്നിക്കുതുല്യം പ്രശോഭിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "പോരിൽ നില്ക്കുന്ന കൗരവന്മാരെ നോക്കി അർജ്ജുനൻ മത്സ്യപുത്രനോട് കാലോചിതമായ വാക്കുകൾ പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "എടോ സാരഥേ, സൈന്യത്തിലേക്ക് ഞാൻ ഒരു അമ്പുവിടാം. അത് എത്തുന്ന സ്ഥലത്തുകൊണ്ടുപോയി രഥം നിർത്തുക. ഞാൻ ആ സൈന്യത്തിൽ കുരുകുലാധമനുണ്ടോ എന്നൊന്നു നോക്കട്ടെ. മറ്റാരേയും നോക്കാതെ ആ മാനി എവിടെയാണെന്നു നോക്കിക്കണ്ട് അവന്റെ മേൽ ഞാൻ ചാടിവീഴും. എന്നാൽ സർവ്വരും തോറ്റതുതന്നെ. ഹേ, ഉത്തരാ, നോക്കൂ! അതാ, നില്ക്കുന്നു ദ്രോണാചാര്യൻ. അതിന്നപ്പുറത്തായി ദ്രോണപുത്രനായ അശ്വത്ഥാമാവ് നില്ക്കുന്നു. ഭീഷ്മൻ, കൃപൻ, കർണ്ണൻ എന്നീ വില്ലാളിശ്രേഷ്ഠരോടുകൂടി നില്ക്കുന്നു. എന്നാൽ രാജാവിനെ ഇക്കൂട്ടത്തിൽ കാണുന്നില്ലല്ലോ. അവൻ പശുക്കളേയുംകൊണ്ടു പോയിരിക്കും. ജീവനിൽ

digitized by www.sreyas.in

കൊതികാരണം വലത്തുവശത്തുകൂടി നടന്നിട്ടുണ്ടാവണമെന്നാണ് എന്റെ അഭിപ്രായം. ഈ തേർക്കൂട്ടമൊക്കെ വിട്ട് ദുര്യോധനനുള്ളേടത്തു ചെല്ലുക. ഉത്തരാ! ഞാൻ അവിടെവെച്ച് ദുര്യോധനനോടു പൊരുതിക്കൊള്ളാം. അവനില്ലാതെ യുദ്ധത്തിന്ന് എരയില്ല. അവനെ ഞാൻ ജയിച്ച് വീണ്ടും പശുക്കളെ കൊണ്ടുപോരുന്നതാണ്.''

വൈശമ്പായനൻ പറഞ്ഞു: ''അർജ്ജുനൻ ഇപ്രകാരം പറഞ്ഞപ്പോൾ ഉത്തരൻ വളരെ പ്രയാസപ്പെട്ട് കുതിരകളെ കടിഞ്ഞാൺ പിടിച്ചു നിയന്ത്രിച്ച് ദുര്യോധനൻ പോയ വഴിനോക്കി തിരിച്ചടിച്ചു. പാർത്ഥൻ ദുര്യോധനൻ പോയവഴിക്കാണു പോയതെന്ന് മനസ്സിലാക്കി കൃപൻ ഇപ്രകാരം പറഞ്ഞു: 'രാജാവില്ലാതെ ഇവിടെ നില്ക്കുവാൻ ഫൽഗുനൻ ഇച്ഛിക്കുന്നില്ല. നമ്മൾ ഉടനെ അവന്റെ പിന്നിലെത്തണം. ഏറ്റവും ക്രോധിച്ചിരിക്കുന്ന ഇവനോട് ആരും ഒറ്റയ്ക്കു പൊരുതുന്നതല്ല. ദേവേന്ദ്രനോ ദേവകീപുത്രനായ കൃഷ്ണനോ അല്ലാതെ അർജ്ജുനനോട് എതിർക്കുവാൻ കെല്പുള്ളവരൊന്നും ഭൂമിയിലില്ല. പിന്നെ വേണമെങ്കിൽ ദ്രോണാചാര്യൻ പുത്രനോടുകൂടി ഒന്നു തടുക്കുവാൻ ശ്രമിച്ചാൽ പറ്റിയേക്കും.

ഗോധനങ്ങൾ അത്ര വലിയ കാര്യമല്ല. അസംഖ്യമായ ധനജാലവും വലിയ കാര്യമല്ല. ഇപ്പോഴത്തെ ആപത്തിനെപ്പറ്റി ചിന്തിക്കുമ്പോൾ പാർത്ഥനാകുന്ന സമുദ്രത്തിൽ ദുര്യോധനനാകുന്ന തോണി ഇപ്പോൾ മുങ്ങും!'

അപ്രകാരംതന്നെ ബീഭത്സു ദുര്യോധനനെ പേർവിളിച്ചു പറഞ്ഞ്, ശലഭംപോലെ ശരങ്ങൾ സൈന്യത്തിൽ വർഷിച്ചു. പാർത്ഥൻ എയ്യുന്ന ബാണങ്ങൾ ചിന്നിക്കയറി. ദുര്യോധനസേനകൾക്ക് അമ്പുകളാൽ ആകാശവും ഭൂമിയും തിരിച്ചറിയാതായി. വീഴുന്നവർക്കു പിന്തിരിഞ്ഞോടുവാനും കഴിഞ്ഞില്ല. പാർത്ഥന്റെ കൈവേഗം കണ്ട് ബുദ്ധിയാൽ പൂജിച്ച് ചിലർ നിന്നുപോയി. അരികൾക്കു രോമാഞ്ചമുണ്ടാകുമാറ് അർജ്ജുനൻ ശംഖ് ഊതി. ഇടിവെട്ടുംപോലെ വമ്പിച്ച വില്ലുവച്ച് ധ്വജഭൂതങ്ങളെ വിട്ടു. അവന്റെ ശംഖനാദത്താലും, തേരോടുന്ന ധ്വനിയാലും, ഗാണ്ഡീവത്തിന്റെ ഘോഷണത്താലും ഭൂമണ്ഡലം കുലുങ്ങി. ധ്വജത്തിൽ വാഴുന്ന ദിവ്യഭൂതകോലാഹലത്താൽ ഭയപ്പെട്ടു വാൽ പൊക്കി മെയ്കുടഞ്ഞ് അമറിക്കൊണ്ട് ചുറ്റും നോക്കിനിന്ന്, തെക്കോട്ടു നോക്കി ഉടനെ പശുക്കളൊക്കെ ഓടിപ്പോയി.''

54 കർണ്ണന്റെ ഓട്ടം– വൈശമ്പായനൻ പറഞ്ഞു: ''ഇങ്ങനെ ശത്രുസൈന്യത്തെ അടിച്ചുതകർത്ത് പശുക്കളെ അവയുടെ സ്ഥാനത്തേക്ക് ഓടിക്കുകയും ചെയ്ത് കൃതാർത്ഥനായിത്തീർന്ന അർജ്ജുനൻ ദുര്യോധനന്ന് അഭിമുഖമായിനിന്നു യുദ്ധംതുടങ്ങി. അപ്പോഴേക്കും കൗരവയോധന്മാർ അവിടെ എത്തി. ധ്വജബഹുലമായി അണിനിരന്നുവരുന്ന പെരുമ്പടയെ അർജ്ജുനൻ കണ്ടു.''

അർജ്ജുനൻ പറഞ്ഞു: ''എടോ സാരഥേ, നീ ഇപ്പോൾ വെള്ളക്കുതിരകളെ ആ കുരുസിംഹങ്ങളുടെനേരെ അതിവേഗത്തിൽ വിടുക. ദുർബുദ്ധിയായ കർണ്ണൻ എന്നോടു യുദ്ധത്തിന്ന് ആനയോട് ആന എന്നവിധം കാംക്ഷിക്കുന്നുണ്ട്. ദുര്യോധനന്ന് ആശ്രയം അവനാണ്. ഹേ രാജപുത്ര! ഗർവ്വിയായ അവന്റെനേരെ നീ ശ്വേതാശ്വങ്ങളെ വിടുക.''

''അർജ്ജുനൻ പറഞ്ഞ ഉടനെ പൊൻകോപ്പണിഞ്ഞ മഹാഹയങ്ങളെ വിരാടപുത്രൻ അടിച്ചുപായിച്ചു. തേർപ്പടയുടെ ഉള്ളിൽക്കൂടെ അണി ഭേദിച്ച് ഉത്തരൻ പാർത്ഥനെ യുദ്ധമദ്ധ്യത്തിലെത്തിച്ചു. കർണ്ണന്റെനേരെ അർജ്ജുനന്റെ വരവുകണ്ട് ജയൻ, ശത്രുസഹൻ, ചിത്രസേനൻ, സംഗ്രാമജിത്ത് എന്നീ മഹാരഥന്മാർ കർണ്ണന്റെ രക്ഷയ്ക്കായി തടുത്തെതിർത്തു. കൗരവന്മാരുടെ ആ തേർക്കൂട്ടത്തെ വനത്തെ അഗ്നിയെന്നപോലെ ശരാസനാർച്ചിസ്സായ അവൻ ദഹിപ്പിച്ചുതുടങ്ങി. ആ ഭയങ്കരമായ യുദ്ധത്തിനിടയ്ക്ക് അതിരഥനായ വികർണ്ണൻ അർജ്ജുനനോട് ഇടഞ്ഞുവന്നു. ഭീമമായി ശരവർഷം ചൊരിഞ്ഞു പൊരുതിയിട്ടും ഭീമാനുജനായ അർജ്ജുനന്റെ ബാണത്താൽ ധ്വജം മുറിഞ്ഞ് വികർണ്ണൻ പിന്തിരിഞ്ഞു. പിന്നെ 'ശത്രുന്തപൻ' എതിർത്തുവന്നു.

ശത്രുക്കളിൽ ബാധ തുടർന്ന് അർജ്ജുനൻ അമാനുഷമായ അത്ഭുതകർമ്മങ്ങൾ കാണിക്കുമ്പോൾ ഒട്ടും സഹിക്കാതെ ശത്രുന്തപൻ പാർത്ഥന്റെ നേരെ ശരവർഷം ചൊരിഞ്ഞു. ആ രാജവീരൻ ദൃഢമായി എയ്തപ്പോൾ കുരുപ്രവീരന്മാരുടെ പടയിൽക്കടന്നു പാർത്ഥൻ അഞ്ച് അമ്പ് ശത്രുന്തപനിൽ പ്രയോഗിച്ചു. അവന്റെ സൂതനിൽ പത്തെണ്ണത്തെയും അയച്ചു. അവൻ ചട്ടപിളർന്നു കേറുന്നതായ പാർത്ഥന്റെ ശരമേറ്റു മരം മുറിച്ചുതള്ളിയപോലെ ഭൂമിയിൽ മരിച്ചുവീണു. പ്രവീരനായ ആ നരർഷഭൻ മർദ്ദിച്ച വീരനരർഷഭന്മാർ പ്രഭാതത്തിലണയുന്ന കാറ്റിൽ കാട്ടുമരങ്ങൾ എന്നപോലെ വിറച്ചു വേഷം മറഞ്ഞ നരപ്രവീരൻ പാർത്ഥന്റെ ശരമേറ്റു മരിച്ചുവീണു. ഇന്ദ്രതുല്യരായ വസുപ്രവരന്മാർ, അർജ്ജുനൻ പോരിൽ പിന്മടക്കിയവർ സുവർണ്ണം അലങ്കരിച്ച ആയസമായ ചട്ടയിട്ടവർ, അവരെല്ലാം ഹിമാലയത്തിലെ പ്രൗഢഗജങ്ങൾപോലെ ശോഭിച്ചവരാണ്. അവരെയൊക്കെ ഗാണ്ഡീവി മുടിച്ചുകളഞ്ഞു. പാർത്ഥൻ രണത്തിൽ പത്തുദിക്കിലും ചുറ്റി, കാട്ടിൽ വേനൽക്കാലത്ത് അഗ്നി എന്നപോലെ.

വസന്തകാലത്തു കൊഴിഞ്ഞ ഇലകൾ പറപ്പിക്കുന്ന കാറ്റുപോലെ ശത്രുക്കളെ വീഴ്ത്തിവിടുന്ന കിരീടി രഥത്തിൽ അവിടെയെങ്ങും ചുറ്റിപ്പറന്നു. ആ അദീനസത്വനായ പാർത്ഥൻ സംഗ്രാമജിത്തെന്ന പേരുള്ള കർണ്ണസഹോദരന്റെ തേരിൽ പൂട്ടിയ ചുവന്നനിറമുള്ള കുതിരകളെ കൊന്നു. സംഗ്രാമജിത്തിന്റെ ശിരസ്സ് ഒരു ശരംകൊണ്ട് അറുത്തുവീഴ്ത്തി. തന്റെ സഹോദരനെ കൊന്നതുകണ്ടപ്പോൾ കർണ്ണൻ, വീര്യങ്ങൾ പുകഴ്ത്തിപ്പറയുന്ന സൂതപുത്രൻ, കൊമ്പുകൾ പൊക്കിയ ഗജത്തെപ്പോലെയും, വ്യാഘ്രത്തോടു വൃഷഭമെന്നപോലെയും പാഞ്ഞേറ്റു. കർണ്ണൻ ഉടനെ അർജ്ജുനന്റെ നേരെ പന്ത്രണ്ടു ബാണങ്ങൾ വലിച്ചുവിട്ടു. അവ കുതിരകളുടെ ദേഹത്തിലും തറച്ചു. വിരാടപുത്രന്റെ കരത്തിലും തറച്ചു. പാഞ്ഞെത്തുന്ന കർണ്ണന്റെ നേരെ ഊക്കോടുകൂടി വേഗത്തിൽ നേരിട്ടു. പക്ഷംവിടർത്തി ഗരുഡൻ മഹാസർപ്പത്തിന്റെ നേരെ ചെല്ലുന്നവിധത്തിൽ പാഞ്ഞ് എതിർത്തു. വില്ലാളിവീരന്മാരും, മഹാരഥന്മാരും, അരിമർദ്ദനന്മാരുമായ കൗരവന്മാർ കർണ്ണാർജ്ജുനന്മാരുടെ യുദ്ധംകണ്ട് അത്ഭുതത്തോടെ നിന്നു. ആ പാണ്ഡവൻ, കോപത്തോടുകൂടി തന്നെ ദ്രോഹിച്ച കർണ്ണനെ ഹർഷത്തോടെ നോക്കി. ക്ഷണത്തിൽ അവൻ വാജികളേയും, സൂതനേയും, തേരിനേയും എല്ലാം മൂടുമാറ് ശരങ്ങൾ വർഷിച്ചു. അപ്പോൾ ശരത്താൽ രഥങ്ങൾ, ആന, കാലാൾ എന്നിവ ചേർന്ന കുരുസൈന്യം ആർത്തു. കിരീടി ചൊരിയുന്ന ശരജാലം ഏറ്റു ഭീഷ്മാദികളുടെ രഥങ്ങളും, അശ്വജാലവും മറഞ്ഞു. ആ വീരനായ കർണ്ണൻ ഫൽഗുനനെയ്തുവിട്ട ശരങ്ങൾ അമ്പെയ്തു തകർത്തുനിന്നു. വില്ലും, കരത്തിൽ ശരവും പിടിച്ച് കർണ്ണൻ സ്ഫുലിംഗാഗ്നിപോലെ ശോഭിച്ചു.

പിന്നെ തലതാലശബ്ദമുണ്ടായി. ശംഖിനോടുചേർന്നു ഭേരിയുടേയും പണവത്തിന്റേയും പ്രണാദം ഉണ്ടായി. ക്ഷ്വേളാരവവും, ഞാണൊലിയും, ഭേരീരവവും, കുരുക്കളുടെ കൈയടിയും അപ്പോൾ കർണ്ണനെ പ്രോത്സാഹിപ്പിക്കുമാറു മുഴങ്ങി.

വാലുയർത്തി കൊടിപോലെയാക്കി ധ്വജത്തിൽ ഭീഷണമായ ആകാരത്തോടുകൂടിയ കീശധ്വജനായ ഗാണ്ഡീവിയെ, ചാപസ്തനിതം പുലർത്തുന്നവനായ പാർത്ഥനെ, നോക്കി കർണ്ണൻ ആർത്തു!

അശ്വങ്ങൾ, തേര്, സൂതൻ ഇവയോടൊത്തു ശോഭിക്കുന്ന കർണ്ണനെ അത്യാർത്തിവളർത്തുമാറ് കിരീടി പിതാമഹദ്രോണകൃപന്മാരുടെ സമീപത്തുവച്ചു പ്രഹരിച്ചു. വൈകർത്തനനായ കർണ്ണൻ പാർത്ഥനിലും വളരെ ശരങ്ങൾ കാറുപോലെ വർഷിച്ചു. ആ കർണ്ണനെ പാർത്ഥനും അപ്രകാരംതന്നെ തീക്ഷ്ണമായ ശരങ്ങൾകൊണ്ടുമൂടി. ഘോരമായ മഹാസ്ത്രയുദ്ധത്തിൽ കൂർത്തുമൂർത്ത ബാണങ്ങൾ ചൊരിയുന്ന കർണ്ണാർജ്ജുനന്മാരെ

digitized by www.sreyas.in

തേരിലിരുന്ന്, കാറിന്നിടയ്ക്കു വിളങ്ങുന്ന സൂര്യചന്ദ്രന്മാർ എന്ന പോലെ ലോകർ ദർശിച്ചു.

കൈവേഗമേറുന്ന കർണ്ണൻ പാർത്ഥന്റെ അശ്വങ്ങളിൽ ഉഗ്രമായ ബാണം പ്രയോഗിച്ചു. ചൊടിച്ച് സൂതനിലും മൂന്നു ശരം പ്രയോഗിച്ചു. കൊടിയിന്മേൽ മൂന്നെണ്ണവും എയ്തു. ശരംകൊണ്ടു രണത്തിൽ ശത്രുമർദ്ദനനായ കർണ്ണൻ, ഇപ്രകാരം പ്രയോഗിച്ചപ്പോൾ ഉണർത്തിവിട്ട സിംഹത്തെപ്പോലെ ഗാണ്ഡീവധന്വാവായ കുരുപ്രവീരൻ, ജിഷ്ണു, കർണ്ണന്റെ മേൽ ശരങ്ങൾ ചൊരിഞ്ഞു. ശരവർഷാഹതനായ ആ മഹാത്മാവ്, അമാനുഷമായ കൈയുകൾ പിന്നെ ആരംഭിച്ചു.

ശരങ്ങളാൽ കർണ്ണന്റെ രഥത്തെ ഭാനുരശ്മികളാൽ ജഗത്തു മൂടുന്നപോലെ മൂടി. ആവനാഴിയിൽനിന്നു ഭല്ലങ്ങൾ എടുത്ത് പാർത്ഥൻ കർണ്ണംവരെ ആഞ്ഞുവലിച്ച് കർണ്ണന്റെ ഗാത്രത്തിലേക്കുവിട്ടു. അർജ്ജുനന്റെ ആ കടന്ന കൈപ്രയോഗം അവന്റെ തുട, ശിരസ്സ്, നെറ്റി, കഴുത്ത് മുതലായ അംഗങ്ങളിൽ ഏറ്റു. ഗാണ്ഡീവത്തിൽനിന്നു പുറപ്പെട്ട ഇടിത്തീപോലുള്ള ശരഗണങ്ങളേറ്റ് ആനയാൽ പരാജിതനാക്കപ്പെട്ട ആനയെപ്പോലെ പടത്തലസ്ഥാനം വെടിഞ്ഞ്, പാർത്ഥാസ്ത്രത്താൽ സഹിക്കവയ്യാതെ, ചുട്ടുനീറുന്ന ശരീരത്തോടെ, കർണ്ണൻ ഓടിക്കളഞ്ഞു."

55. അർജ്ജുനകൃപസംഗ്രാമം- വൈശമ്പായനൻ പറഞ്ഞു: "കർണ്ണൻ ഓടിപ്പോയതിന്നുശേഷം തങ്ങളുടെ സൈന്യത്തോടുകൂടി ദുര്യോധനാദികൾ പാർത്ഥനോട് അമ്പെയ്ത് എതിർത്ത് വ്യൂഹം കെട്ടി പലപ്രാവശ്യം അമ്പെയ്യുന്ന സേനകളുടെ ശക്തി അർജ്ജുനൻ സമുദ്രത്തെ കരയെന്നപോലെ താങ്ങി. പിന്നെ ശ്വേതവാഹനനും ബീഭത്സുവുമായ കൗന്തേയൻ ചിരിച്ചു ദിവ്യാസ്ത്രത്തെ പ്രയോഗിച്ച് അടുത്തു. സൂര്യൻ രശ്മികളെക്കൊണ്ടെന്നവിധം ഗാണ്ഡീവം വിട്ട അമ്പുകളാൽ ധനഞ്ജയൻ ദിക്കുകളെല്ലാം മൂടി. തേര്, ആന, അശ്വം, ആൾക്കാർ, അവരുടെ ചട്ടകൾ ഇവയിൽ ഒന്നിലെങ്കിലും അമ്പേറ്റ് അറാതെ രണ്ടംഗുലം സ്ഥലമെങ്കിലും ഒഴിച്ചിട്ടില്ല. പാർത്ഥന്റെ ദിവ്യാസ്ത്രപ്രയോഗത്താലും ഉത്തരന്റെ ഹയങ്ങളിൽ ശിക്ഷാസാമർത്ഥ്യത്താലും അസ്ത്രങ്ങളുടെ പ്രയോഗത്താലും ജനങ്ങൾ അത്ഭുതപ്പെട്ടു. പാർത്ഥന്റെ വീര്യവും വേഗവും കണ്ട് ഏവരും പൂജിച്ചു.

കാലാഗ്നിയെപ്പോലെ ലോകം ദഹിപ്പിക്കുന്ന പാർത്ഥനെ ജ്വലിക്കുന്ന അഗ്നിയെ എന്നപോലെ നോക്കുവാൻ വൈരികൾക്കു സാദ്ധ്യമായില്ല. പാർത്ഥന്റെ ബാണം ചെന്നേറ്റ വൈരികൾ മലയിൽ സൂര്യകിരണംതട്ടുന്ന മഴക്കാറുകൾപോലെ ഏറ്റവും ശോഭിച്ചു. ശുഭപുഷ്പങ്ങളാൽ മൂടുന്ന മലയിലെ അശോകക്കാടുപോലെ പാർത്ഥബാണങ്ങൾ ഏറ്റ സൈന്യം ശോഭിച്ചു. അർജ്ജുനാസ്ത്രംകൊണ്ട് അറ്റുവാടുന്ന മാല്യങ്ങളും സുമങ്ങളും കുടയും കൊടിയുമൊക്കെ മാരുതൻ ആകാശത്തിൽ പറപ്പിച്ചു. അവ പത്തുദിക്കിലേക്കും പാഞ്ഞു. അവ പറക്കുന്നതു കണ്ടാൽ തന്റെ പക്ഷത്തിലുള്ളവർക്കു ഭയങ്കര നാശം സംഭവിച്ചിരിക്കുന്നുവെന്നും ഇനി ഇവിടെനിന്നാൽ രക്ഷയില്ലെന്നും വിചാരിച്ചു പേടിച്ചു പറന്നുപോവുകയാണെന്നു തോന്നിപ്പോകും. പാർത്ഥൻ കണ്ടിച്ച നുകവുംകൊണ്ട് കുതിരകൾ തേർവിട്ടു പാഞ്ഞു.

ചെവി, കക്ഷം, കൊമ്പ്, ചുണ്ടിന്റെ അകം എന്നീ മർമ്മസ്ഥാനങ്ങളിൽ ശരംവിട്ട് അവൻ ഗജങ്ങളെ വീഴ്ത്തി. കുരുസൈന്യത്തിൽ ചത്തുവീണ ഗജങ്ങളാൽ ക്ഷണംകൊണ്ടു ഭൂമി, മേഘങ്ങളാൽ ആകാശമെന്നപോലെ മൂടി. ചരാചരജഗത്തു മുഴുവൻ പ്രളയം വരുമ്പോൾ കാലക്ഷയത്തിൽ, എല്ലാമിട്ട് തീക്ഷ്ണശിഖനായ ശിഖി ചുടുന്നതുപോലെ പാർത്ഥൻ പോരിൽ രിപുക്കളെ ചുട്ടു. പിന്നെ സർവ്വാസ്ത്രതേജസ്സിനാലും, ചെറുഞാണൊലിയാലും, ധ്വജത്തിൽ വാഴുന്ന ദിവ്യഭൂതഘോഷത്താലും, വാനരൻ വിടുന്ന ഘോരതരമായ ആരവത്താലും പാർത്ഥന്റെ ശംഖധ്വനിയാലും ദുര്യോധനന്റെ ഭടന്മാരിൽ ബലവാനായ ആ വൈരിമർദ്ദനൻ ഭയം ജനിപ്പിച്ചു. ശത്രുക്കളുടെ തേരിന്റെ ശക്തി ആദ്യമായി ഭൂമിയിൽ പതിച്ചു. അവൻ പിന്നീട് അല്പം പിൻവാങ്ങി, സാഹസത്തോടെ ഖഗങ്ങളാൽ എന്നവിധം തൂകുന്ന തീക്ഷ്ണശരങ്ങളാൽ കയറി. രക്തം കുടിക്കുന്ന ബാണങ്ങളാൽ അർജ്ജുനൻ ആകാശം മൂടി. പാത്രത്തിൽ തിഗ്മാംശുവായ സൂര്യന്റെ രശ്മികൾ ഏല്ക്കുന്നവിധം, അസംഖ്യം അമ്പു ചിതറി ദിക്കൊക്കെ അടച്ചു. ഒരിക്കലേ പറ്റൂ വൈരികൾക്കു തേരോടടുക്കുവാൻ. പിന്നെ അവൻ ബാക്കിയില്ല. അശ്വം ഓടുന്ന തേരിൽനിന്ന് അവൻ വീണതുതന്നെ. ശത്രുദേഹങ്ങളിൽ പാർത്ഥബാണം കയറുന്നമാതിരിതന്നെ ശത്രുപ്പടയിൽ പാർത്ഥരഥം തങ്ങാതെ കയറും. അവൻ ആ ശത്രുസൈന്യത്തെ, ഊക്കോടെ കടലിൽ കളിയാടുന്ന അനന്തസർപ്പത്തെപ്പോലെ ഒന്നിട്ടിളക്കി.

അപ്പോഴും ഏറ്റവും ദ്രുതമായി എയ്തുകൊണ്ടിരിക്കുന്ന പാർത്ഥന്റെ ചെറുഞാണൊലി പണ്ടു കേൾക്കാത്തവിധം ജീവികൾക്കൊക്കെ കേൾക്കുവാൻ കഴിഞ്ഞു. ദേഹത്തിൽ സർവ്വത്ര അമ്പേറ്റ ആനകൾ യുദ്ധക്കളത്തിൽ രശ്മിതട്ടിച്ചുവന്ന കാറുകളെപ്പോലെ കാണുമാറായി. രണ്ടുകൈകൊണ്ടും എയ്ത് എല്ലായിടത്തും ചുറ്റുന്ന അവന്റെ വില്ല് ആ പോരിൽ എപ്പോഴും വട്ടത്തിൽ നില്ക്കുന്നതായിത്തന്നെ കണ്ടു. നിറമില്ലാത്ത വസ്തുവിൽ ദൃഷ്ടി പതിയുകയില്ലല്ലോ. അതുപോലെ ലാക്കിലല്ലാതെ ഗാണ്ഡീവി വിട്ട അമ്പുകൾ പതിക്കുകയില്ല. കാട്ടിൽ ധാരാളം ആനകൾ ഒപ്പം നടന്നുപോയപോലെ കിരീടിയുടെ രഥംപോയ മാർഗ്ഗം തിരിച്ചറിയാമായിരുന്നു.

'പാർത്ഥന് ജയം നല്കുവാനായി സർവ്വദേവകളോടുംകൂടി ഇന്ദ്രൻ ഇവിടെയെത്തി നമ്മളെ കൊല്ലുന്നു' എന്ന് പാർത്ഥനാൽ കൊല്ലപ്പെടുന്ന വൈരികൾ ഓർത്തു. ധാരാളം ശത്രുക്കളെ കൊല്ലുന്ന പാർത്ഥനെ കാണികൾ കണ്ടു: കാലൻ അർജ്ജുനനായി വന്ന് എല്ലാവരേയും സംഹരിക്കുകയാണെന്നും ഓർത്തുപോയി.

പാർത്ഥൻ കൊന്ന കുരുശരീരങ്ങൾ, പാർത്ഥൻ കൊന്നമാതിരിതന്നെ വീണുകിടക്കുന്നതുകണ്ടാൽ പാർത്ഥകർമ്മാനുശാസനം നിർവ്വഹിച്ചിട്ടാണെന്നു തോന്നും. നെല്ലുകൊയ്യുന്ന മാതിരി ശത്രുക്കളുടെ തലകൊയ്ത് അവൻ കയറി. കൗരവന്മാരുടെ വീര്യമൊക്കെ അർജ്ജുനഭീതിമൂലം നശിച്ചുപോയി. അർജ്ജുനക്കാറ്റിലറ്റ അർജ്ജുനശത്രുക്കളാകുന്ന വനങ്ങൾ രക്തധാരയാൽ ധരിത്രിയെ രക്തവർണ്ണമാക്കി.

ചോരപറ്റി പുരണ്ടതും കാറ്റിലെത്തുന്നതുമായ ധൂളിയാൽ ആദിത്യന്റെ കിരണവും ഏറ്റവും ചുവന്ന നിറമായി. ആദിത്യനോടുകൂടിയ ആകാശം അന്തിനേരത്തെന്നപോലെ രക്തവർണ്ണമായി. അർക്കൻ അസ്തമിച്ചതിന്റെശേഷം തിരിച്ചുവന്നു എന്നുവരാം. എന്നാൽ പാർത്ഥൻ ഒരിക്കലും ഒന്നിലൂന്നിയാൽപ്പിന്നെ മടങ്ങുകയെന്നതുണ്ടാവില്ല.

പൗരുഷം കാട്ടുന്ന ധന്വിമുഖ്യരെയൊക്കെ ശൂരനും അചിന്ത്യാത്മാവുമായ അവൻ ദിവ്യാസ്ത്രംകൊണ്ട് എതിർത്തു. എഴുപതും മൂന്നും കത്തിയമ്പുകൾ ദ്രോണനിൽ പ്രയോഗിച്ചു. ദുസ്സഹനിൽ പത്തു ശരങ്ങൾ, എട്ടു ശരങ്ങൾ അശ്വത്ഥാമാവിലും വിട്ടു. പന്ത്രണ്ടുശരങ്ങൾ ദുശ്ശാസനനിലും പിന്നെ മൂന്നു ശരങ്ങൾ കൃപനിലും പ്രയോഗിച്ചു. ഭീഷ്മരിൽ അറുപതും ദുര്യോധനനിൽ നൂറും ശരങ്ങൾ എയ്തു. കർണ്ണനെ കർണ്ണത്തിൽ കർണ്ണികൊണ്ടെയ്തു തേരും, കുതിരയും, സൂതനും പോയ വില്ലാളിവീരനായ കർണ്ണനെ വീണ്ടും പീഡിപ്പിച്ചു. ആ സൈന്യത്തെയൊക്കെ ചിന്നിയതിനുശേഷവും അർജ്ജുനൻ യുദ്ധത്തിന്നുതന്നെ തയ്യാറായി നില്ക്കുന്നതുകണ്ടപ്പോൾ അഭിപ്രായമറിയുവാനായി ഉത്തരൻ പാർത്ഥനോടു ചോദിച്ചു."

ഉത്തരൻ പറഞ്ഞു: "ജിഷ്ണോ! മഹത്തായ ഈ രഥത്തിൽ കയറി സൂതനായ എന്നോടുകൂടി ഭവാൻ ഏതു സൈന്യത്തിലേക്കു ചെല്ലണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ പറഞ്ഞാലും. ഞാൻ അങ്ങോട്ടു രഥം തെളിക്കാം."

അർജ്ജുനൻ പറഞ്ഞു: "എടോ ഉത്തരാ, ഭവാൻ ചുവന്ന നിറത്തിലുള്ള കുതിരയെ കെട്ടിയതും വ്യാഘ്രചർമ്മംകൊണ്ടു

digitized by www.sreyas.in

പൊതിഞ്ഞതുമായ രഥം കാണുന്നില്ലേ, നീലക്കൊടിക്കൂറ തേരിൽപ്പറക്കുന്നതും കാണുന്നില്ലേ? അത് കൃപന്റെ തേരാണ്. നീ എന്നെ അങ്ങോട്ട് എത്തിക്കുക. ദൃഢധന്വാവായ അദ്ദേഹത്തിൽ ഞാൻ എന്റെ തീക്ഷ്ണാസ്ത്രവൈഭവം കാട്ടിക്കൊടുക്കും. കൊടിയിൽ ശുഭമായ പൊന്നിൻകിണ്ടിയോടുകൂടിയവനായ അദ്ദേഹമാണ് ആചാര്യനായ ദ്രോണൻ. സർവ്വ അസ്ത്രജ്ഞന്മാർക്കും, എനിക്കും എന്നും അദ്ദേഹം മാന്യനാണ്. പ്രസന്നനായ ആ വീരനെ നീ വലംവെച്ച് ഗമിക്കുക. അങ്ങോട്ട് ചെല്ലുക. തേരിൽനിന്ന് ഇറങ്ങുക. ഇതു ശാശ്വതമായ ധർമ്മമാണ്. അദ്ദേഹം സർവ്വ അസ്ത്രജ്ഞന്മാരിലും ഉത്തമനാണ്. ദ്രോണൻ ഇന്ന് ആദ്യം എന്റെ ദേഹത്തിൽ എയ്യണം. പിന്നെ മാത്രമേ ഞാൻ അങ്ങോട്ട് എയ്യുകയുള്ളൂ. അദ്ദേഹത്തെ കോപിപ്പിക്കുവാൻ പാടില്ല. കൊടിയിൽ വില്ലടയാളമുള്ള അശ്വത്ഥാമാവാണ് അടുത്തു നില്ക്കുന്നത്. അവൻ ആചാര്യപുത്രനും ഏറ്റവും യോഗ്യനായ മഹാരഥനുമാണ്. അവന്റെ തേരിന്നുമുമ്പിൽ ചെന്നാൽ വീണ്ടും ഒന്നു പിന്നോട്ടു വിനയപൂർവ്വം ഒഴിയണം. എനിക്ക് എന്നും അവൻ മാന്യനാണ്; എല്ലാ അസ്ത്രജ്ഞന്മാർക്കും അപ്രകാരം തന്നെയാണ്.

ഇതാ മറ്റൊരു മാന്യൻ! തേർപ്പടയ്ക്കുള്ളിൽ പൊന്നണിഞ്ഞ ചട്ടയിട്ടവനും, പൊരുതാവുന്ന മൂന്നുപങ്കു പടയോടുംകൂടി നില്ക്കുന്നു. പൊന്നിൻ കൊടിമരത്തിന്മേൽ മിന്നുന്ന പാമ്പുള്ളവനും, ധീമാനുമായ സുയോധനരാജാവാണത്. അവന്റെ നേർക്ക് വീരനായ നീ ശത്രുക്കളുടെ തേരുകൾ ജയിച്ച തേരിനെ വിടണം. രാജാവായ ഇവൻ പ്രമാഥിയും സമരോദ്ധതനുമാണ്. ദ്രോണന്റെ ശിഷ്യന്മാരിൽ, ശീഘ്രാസ്ത്രജ്ഞന്മാരിൽ ഇവൻ മുമ്പനാണ്. ഇവന്നും ഞാൻ എന്റെ ശീഘ്രാസ്ത്രപാടവം കാട്ടിക്കൊടുക്കും.

ധ്വജാഗ്രത്തിൽ ഭംഗിയേറിയ ആനച്ചങ്ങലയുള്ളവനായ മറ്റേ മാന്യൻ വൈകർത്തനനായ കർണ്ണനാണ്. മുമ്പേ ഇവനെ ഭവാൻ കണ്ടതാണല്ലോ. ദുഷ്ടബുദ്ധിയായ ആ രാധേയന്റെ സമീപത്ത് നീ സന്നദ്ധനാകണം. പോരിൽ അവൻ എന്നോടു മത്സരിക്കുന്നവനാണ്.

നീലക്കൊടിക്കൂറയാടുന്ന പഞ്ചനക്ഷത്രധ്വജത്തോടുകൂടിയവനും കൈയുറയിട്ടവനും വില്ലുമേന്തി താരാർക്കചിത്രങ്ങളുള്ള വലിയ ധ്വജം തേരിലുള്ളവനും, തേരിൽ ഇരിക്കുന്നവനും തലയ്ക്കുമുകളിൽ വെൺകൊറ്റക്കുട ചൂടിയവനും നാനാധ്വജപതാകാഢ്യനും, സേനാരഥനിരയ്ക്കു മുകളിൽ മേഘമാലയ്ക്കു മുമ്പിൽ സൂര്യനെപ്പോലെ മുന്നിട്ടു നില്ക്കുന്നവനും, പൊൻതിങ്കൾ നിറമുള്ള ചട്ടയിട്ട് കാണുന്നവനും, പൊൻതലപ്പാവു വെച്ചവനും, എന്റെ മനസ്സിനെ സദാ തപിപ്പിക്കുന്നവനും എതിർക്കേണ്ടിവരുന്നുവല്ലോ എന്ന വിചാരംമൂലം എപ്പോഴും ദുഃഖിക്കുന്നവനുമായ ധീമാനെ നീ കാണുന്നില്ലേ? അദ്ദേഹമാണ് ഞങ്ങളുടെ പിതാമഹൻ. ശാന്തനവനായ ഭീഷ്മനാണ് ആ തേജസ്വരൂപി. രാജശ്രീവളർന്ന അദ്ദേഹം ദുര്യോധനന്റെ ഭാഗത്തു നില്ക്കുന്നവനാണ്.

പിന്നെ അദ്ദേഹത്തിന്റെ മുമ്പിലാണ് പോകേണ്ടത്. അപ്പോൾ എനിക്കു വിഘ്നം ഉണ്ടാകരുത്. ഇദ്ദേഹവുമായി പൊരുതുമ്പോൾ നീ നോക്കി തേർ നടത്തണം."

"എല്ലാം കേട്ടതിന്നുശേഷം വിരാടപുത്രൻ കൂസാതെ സവ്യസാചിയെ, ഉടനെ നൃപൻ നില്ക്കുന്നിടത്തേക്ക് എത്തിച്ചു."

56. ദേവാഗമനം- ദേവന്മാർ യുദ്ധം കാണുവാൻ എത്തുന്നു- വൈശമ്പായനൻ പറഞ്ഞു: "വില്ലാളികളായ കൗരവന്മാരുടെ സൈന്യങ്ങൾ വേനലിന്റെ അവസാനത്തിൽ കാലവർഷക്കാറ്റിൽ പറന്നുകയറുന്ന കാർമേഘംപോലെ കാണുമാറായി. ശസ്ത്രധാരികളായ മഹാരഥന്മാർ കയറുന്ന കുതിരപ്പട ഒത്തുനിന്നു. തോമരം, അങ്കുശം, നുന്നം, ഉഗ്രമായ മറ്റ് ആയുധങ്ങൾ ഇവയൊക്കെ ധരിച്ച് യോദ്ധാക്കൾ കയറിയ ഗജരാജികൾ ശോഭിച്ചു. അർജ്ജുനനും കൗരവശ്രേഷ്ഠന്മാരുമായുള്ള ഈ യുദ്ധം കാണുവാൻ ദേവേന്ദ്രൻ ദേവന്മാരോടുകൂടി വിമാനത്തിൽ കയറി ആകാശത്തു വന്നുനിന്നു. വിശ്വദേവാശ്വിമരുത്തുക്കളോടും ദേവഗന്ധർവ്വയക്ഷാഹികളോടും ചേർന്ന് വ്യോമമണ്ഡലം കാറില്ലാതെ തെളിഞ്ഞു വിളങ്ങുന്ന ഗ്രഹമണ്ഡലങ്ങൾ പോലെ ശോഭിച്ചു. മർത്ത്യരിൽ പെരുമാറുന്ന അസ്ത്രശക്തിയും കൃപനും അർജ്ജുനനും തമ്മിൽ നേരിട്ടു ചെയ്യുന്ന ഭീഷണമായ യുദ്ധവും കാണുവാൻ വെവ്വേറെ വിമാനത്തിൽ വാനവന്മാരെത്തി.

വിചിത്രമായിരുന്നു ദേവന്മാരുടെ വിമാനങ്ങൾ. നൂറുലക്ഷം സ്വർണ്ണമയത്തൂണുകളും വെവ്വേറെ രത്നമണിത്തൂണുകളും ചേർന്ന് ഭംഗിയിൽ ശോഭിക്കുന്ന ആകാശസഞ്ചാരിയായ സൗധത്തിൽ ദേവന്മാർ കയറിനിന്നു. ഇന്ദ്രന്റെ ആ കാമഗമായ വിമാനം സർവ്വവിധ ദിവ്യരത്നങ്ങളും അണിഞ്ഞതും യഥേഷ്ടം ആകാശത്തിൽ സഞ്ചരിക്കുന്നതുമാണ്. ഇന്ദ്രനോടുകൂടെ മുപ്പത്തിമൂന്നു ദേവന്മാരും ആ വിമാനസൗധത്തിൽ ഉണ്ടായിരുന്നു. പിന്നെ മഹാത്മാക്കളായ വേറെയും ദിവ്യന്മാർ അതിൽ സന്നിഹിതരായിരുന്നു. ഗന്ധർവ്വന്മാർ, രക്ഷസ്സുകൾ, നാഗങ്ങൾ, പിതൃക്കൾ, മഹർഷികൾ, രാജാവായ വസുമനസ്സ്, ബലവാനായ സുപ്രതർദ്ദനൻ, അഷ്ടകൻ, ശിബി, യയാതി, നഹുഷൻ, ഗയൻ, മനു, പൂരു, രഘു, ഭാനു, കൃശാശ്വൻ, സഗരൻ, നളൻ ഇവരൊക്കെ ഇന്ദ്രന്റെ വിമാനത്തിൽ സുപ്രഭന്മാരായി വിളങ്ങി. ഈശാനൻ, വരുണൻ, സോമൻ, വഹ്നി, പ്രജാപതി, ധാതാവ്, വിധാതാവ്, കുബേരൻ, യമൻ, അലംബുശൻ, ഉഗ്രസേനൻ തുടങ്ങിയ ഗന്ധർവ്വന്മാർ, തുംബുരു എന്നിവരുടെ വിമാനങ്ങൾ എല്ലാം ഈ യുദ്ധം കാണുവാൻതന്നെ അംബരത്തിൽ വന്നുതിളങ്ങി.

എല്ലാ ദേവന്മാരും എല്ലാ സിദ്ധന്മാരും മുനീന്ദ്രന്മാരും അവിടെ പാർത്ഥനും കൗരവരും തമ്മിൽ നടക്കുന്ന യുദ്ധം കാണുവാൻ അംബരത്തിൽ വന്നുചേർന്നു. ദിവ്യമാല്യങ്ങളുടെ പുണ്യമായ സൗരഭ്യം വസന്തകാലത്ത് വനങ്ങളിൽനിന്നെന്നപോലെ അവിടെയെങ്ങും പരന്നു. വാനവന്മാർ ചാർത്തുന്ന രത്നങ്ങൾ, ചിത്രങ്ങൾ, നല്ല വസ്ത്രങ്ങൾ, മാല, വെൺചാമരങ്ങൾ എന്നിവയും അവിടെ തിളങ്ങിക്കാണുമാറായി.

ഭൂമിയിൽനിന്നുയരുന്ന ധൂളി നില്ക്കുകയും രശ്മികൾ വ്യാപിക്കുകയും ചെയ്തു. ദിവ്യമായ ഗന്ധം വഹിച്ച് മന്ദമാരുതൻ യോധന്മാരുടെ അംഗങ്ങളെ തലോടി. നല്ലപോലെ ശോഭിക്കുന്ന ആകാശഭാഗം വിചിത്രമായവിധം അലങ്കരിക്കപ്പെട്ടതും ദേവന്മാർ വരുന്നതും നില്ക്കുന്നതും നാനാരത്നം തെളിഞ്ഞ വിചിത്രമായ ദേവവിമാനങ്ങൾ ശോഭിച്ചുനില്ക്കുന്നതുമായിരുന്നു. അവിടെ സുരന്മാരാൽ ആവൃതനായി തേജസ്വിയായ വജ്രിപത്മോല്പലം കോർത്ത മാലചാർത്തി പലരുമായി പൊരുതുന്ന തന്റെ പുത്രനെ എത്ര കണ്ടിട്ടും മതിയാകാതെ ഹർഷത്തോടെ നോക്കിനിന്നു."

57. കൃപാചാര്യന്റെ പിന്മാറ്റം- വൈശമ്പായനൻ പറഞ്ഞു: "അണിയായി നിരന്ന ആ കുരുസൈന്യത്തെക്കണ്ട് അർജ്ജുനൻ ഉത്തരനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'എടോ ഉത്തരാ, സ്വർണ്ണം കൊണ്ട് ഒരു വേദി കൊടിയിൽ കാണുന്നുണ്ടല്ലോ. അതിനെ വലംവെച്ചു പോവുക. അവിടെ ശാരദ്വതനായ കൃപൻ നില്ക്കുന്നുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ധനഞ്ജയൻ പറഞ്ഞതുകേട്ട് വേഗത്തിൽ വിരാടപുത്രൻ പൊന്നണിഞ്ഞ വെള്ളിക്കൊക്കുന്ന വെള്ളക്കുതിരകളെ താഡിച്ച് ക്രമത്തിലൊക്കെ കൂട്ടിച്ചേർത്തു. ഉത്തമമായ വേഗത്തിൽ തിങ്കൾപോലെ ശോഭിക്കുന്നതും ചൊടിയുള്ളതുമായ ആ ഹയങ്ങളെ തെളിച്ച് കുരുസൈന്യത്തിന്റെ അടുത്തെത്തി അശ്വപടുവായ ഉത്തരൻ വീണ്ടും ആ വായൂവേഗമായ കുതിരകളെ തിരിച്ചു. പിന്നെ വലം ചുറ്റിച്ചും, ഇടം ചുറ്റിച്ചും യാത്രാതത്ത്വജ്ഞനായ ഉത്തരൻ കൗരവന്മാരെ മയക്കി. പിന്നെ കൃപന്റെ നേരെ ചെന്ന് കൂസൽകൂടാതെ വിരാടപുത്രൻ വലംവെച്ചു ചുറ്റി മുമ്പിൽ കൊണ്ടുവന്ന് അശ്വങ്ങളെ നിർത്തി. മുഴക്കമേറിയ ദേവദത്തമെന്ന ശംഖം അപ്പോൾ അർജ്ജുനൻ തന്റെ പേരു വിളിച്ചുപറയുന്ന മട്ടിൽ ശക്തിയായി ഊതി. പോരിൽ

digitized by www.sreyas.in

ജിഷ്ണു ഊതിയ ശംഖത്തിന്റെ ശബ്ദം പർവ്വതം പിളരുന്ന വിധം ഏറ്റവും ഗംഭീരമായി അലച്ചു. കൗരവന്മാർ ആ ശംഖിനെ സൈന്യത്തോടൊത്തു പൂജിച്ചു. ഇത്ര ഭയങ്കരമായ ശക്തിയോടെ ഊതിയിട്ടും ആ ശംഖ് പൊളിയാത്തതാണത്രേ പൂജിക്കുവാൻ കാരണം! വാനിൽ വിങ്ങിപ്പരന്ന ശബ്ദം പിന്നെ തിരിച്ചുവന്ന് വീണ്ടും ഭൂമിയിൽ അലച്ചു. ഇന്ദ്രൻ അദ്രിമേൽ വജ്രം വീഴ്ത്തുന്നവിധം ആ പ്രതിധ്വനി വന്നലച്ചു.

ഇതിന്നിടയിൽ പരമദുർജ്ജയനായ കൃപൻ അർജ്ജുനന്റെ നേരെ ആ ശബ്ദത്തെ പൊറുക്കാതെ ചൊടിച്ച് പോരിന്ന് ഉന്നിക്കൊണ്ടു ചാടി. ഉടനെ വീര്യവാനായ കൃപൻ തന്റെ ശംഖെടുത്ത് ഏറ്റവും ശക്തിയായി വിളിച്ചു. ഗർജ്ജനംകൊണ്ട് ആ മഹാരഥൻ മൂന്നുലോകവും വിറപ്പിച്ചു. ആ മഹാരഥൻതന്നെ വലിയ വില്ലു കൈയിലെടുത്ത് ചെറുഞാണൊലികൂട്ടി. സൂര്യശ്രീയുള്ള ആ രഥങ്ങൾ ബലമായി പോരിന്ന് ഉന്നി. ശരൽക്കാലത്തെ മേഘങ്ങൾപോലെ അവനിന്നു ശോഭിച്ചു. പിന്നെ ശാരദ്വതൻ ശത്രുഘ്നാതിയായ പാർത്ഥനെ പത്തുശരങ്ങൾകൊണ്ട് മർമ്മം പിളർക്കുമാറ് പ്രയോഗിച്ചു. ഉടനെ പാർത്ഥൻ പോരിൽപ്പുകഴ്ത്തുന്ന ഗാണ്ഡീവമെന്ന പരമായുധമെടുത്തു വലിച്ച് ധാരാളം മർമ്മഭേദകമായ ശരങ്ങൾ പ്രയോഗിച്ചു. കൃപന്റെ ചോരകുടിക്കുവാൻ പാർത്ഥൻ വിട്ട ശരങ്ങൾ വന്നെത്തുന്നതിനുമുമ്പായി അറുത്തുവീഴ്ത്തി. അപ്പോൾ വിചിത്രകർമ്മങ്ങൾ കാണിക്കുന്നവനായ അർജ്ജുനൻ ചൊടിച്ച് അമ്പെയ്തു പത്തു ദിക്കും മൂടി. ഒരേ നിഴൽപ്രായമാക്കിത്തീർത്തു ആ പ്രഭ ആകാശം മുഴുവൻ. അമേയാത്മാവായ പാർത്ഥൻ കൃപനെ അമ്പുകൊണ്ടു മൂടി. അവൻ അമ്പേറ്റു കോപിച്ച് തീപോലുള്ള ശരങ്ങളെ ഓജസ്സേറിയ പാർത്ഥനിൽ പതിനായിരം എണ്ണം വർഷിച്ചു. കൃപൻ മഹാത്മാവിനെ അർദ്ദിപ്പിച്ച് യുദ്ധത്തിൽ ആർത്തു. ഉടനെ വീരനായ കൃപൻ പൊന്നുകെട്ടിച്ച പത്തു ശരങ്ങൾകൊണ്ട് പാർത്ഥനെ എയ്തു. ഗാണ്ഡീവം തൂകുന്ന നാലു ശരംകൊണ്ട് അവന്റെ വാജികൾ നാലിനേയും പിളർന്നു. ജ്വലിക്കുന്ന സർപ്പംപോലുള്ള ബാണമേറ്റ് കുതിരകൾ എല്ലാം ഒന്നിച്ചുചാടി. കൃപൻ വല്ലാതെ അമ്പരന്ന് ഇളകിപ്പോയി. നില വിട്ട കൃപനെക്കണ്ടിട്ട് ശത്രുഘ്നാതിയായ ആ കുരുനന്ദനൻ എയ്യുകയുണ്ടായില്ല. അപ്പോഴത്തെ ഗൗരവം അവൻ മനസ്സിലാക്കി. വീണ്ടും നിലയ്ക്കിരുന്ന് ഗൗതമൻ സവ്യസാചിയിൽ കഴുച്ചിറകുവെച്ച പത്തമ്പ് പെട്ടെന്ന് എയ്തു. ഉടനെ അവന്റെ വില്ലിനെ മൂർച്ചയുള്ള കത്തിയമ്പുകൊണ്ട് അർജ്ജുനൻ അറുത്തുകളഞ്ഞു. പിന്നെ കൈയുറയും വേറെ ഒരു ശരംകൊണ്ടു മുറിച്ചു. മർമ്മം പിളർക്കുന്ന നിശിതമായ ശരംവിട്ട് ചട്ടയും പൊട്ടിച്ചുവിട്ടു. കൃപന്റെ ദേഹത്തിന്നു പീഡ ബാധിച്ചു. ചട്ടപോയ അവന്റെ ശരീരം ഉറയൂരിയ പാമ്പിന്റെ ദേഹംപോലെ ശോഭിച്ചു.

പാർത്ഥൻ വില്ലു മുറിച്ചപ്പോൾ വേറെ വില്ലെടുത്ത് ഗൗതമൻ ഞാണുകെട്ടിയത് കാണികളെ അത്ഭുതപ്പെടുത്തി. ഞാണുകെട്ടിയ ആ വില്ലും പാർത്ഥൻ മറ്റൊരു അമ്പുകൊണ്ടു മുറിച്ചു. ഇങ്ങനെ പലവട്ടം കൃപാചാര്യന്റെ വില്ലുകൾ കൈവേഗം കാട്ടുമാറ് ശത്രുനാശനനായ പാർത്ഥൻ മുറിച്ചുതള്ളി. രഥശക്തിയെടുത്ത്, വില്ലറ്റവനായ ആ പ്രതാപവാൻ ജ്വലിക്കുന്ന ഇടിത്തീപോലുള്ള വേൽ പാർത്ഥന്റെ നേരെ വിട്ടു. പൊന്നണിഞ്ഞ ആ വേൽ വന്നടുക്കുന്ന സമയത്ത് അർജ്ജുനൻ ആകാശത്തുവെച്ചുതന്നെ പത്ത് അമ്പുകൾ വിട്ട് കൊള്ളിമീൻപോലെ മുറിച്ചുചിതറി. ബുദ്ധിമാനായ അർജ്ജുനൻ മുറിച്ചിട്ട ആ വേൽ പത്തുകഷണമായി ചിതറി. കത്തിയമ്പുകൾ ഏറ്റപ്പോൾ കൃപൻ വില്ലുകുലച്ചു. ഉടനെ പാർത്ഥനെ പത്ത് അമ്പ് എയ്തു ഭേദിച്ചു. ഉടനെ തേജസ്വിയായ പാർത്ഥൻ തീപോലുള്ള കൂർത്ത വിശിഖങ്ങളെ പതിമൂന്നെണ്ണം, കോപത്തോടെ എയ്ത് അവന്റെ നുകം ഒരു ബാണത്താലും, നാലു കുതിരകളെ നാലു ബാണത്താലും, ആറാമത്തെ ശരത്താൽ സൂതന്റെ കഴുത്തിനേയും അറുത്തുവിട്ടു. മൂന്നമ്പിനാൽ ത്രിവേണുവും രണ്ട് അമ്പുകൊണ്ട് അക്ഷവും (അച്ചുതണ്ട്), പന്ത്രണ്ടാമത്തെ കത്തിയമ്പുകൊണ്ട് ധ്വജത്തേയും മുറിച്ചു. പിന്നെ പതിമൂന്നാമത് വജ്രാശനിപോലുള്ള ബാണം ചിരിച്ചുകൊണ്ട് ഇന്ദ്രാഭനായ പാർത്ഥൻ കൃപന്റെ മാറിടത്തിൽ എയ്തു. വില്ലും, തേരും, കുതിരയും, സൂതനും പോയ കൃപൻ ഉടനെ ഗദയും കൈയിലെടുത്തു ചാടി, ഊക്കോടെ ആ ഗദയെടുത്ത് വീശിയടിച്ചു. കൃപൻ വിട്ടതായ ആ കനംകൂടിയ ഭംഗിയുള്ള ഗദ അർജ്ജുനൻ തൂകുന്ന ശരങ്ങളേറ്റ് തിരിച്ചുതന്നെ അടിച്ചു. വാശികൂടിയ കൃപനെ കാക്കുവാനായി യോദ്ധാക്കൾ പാർത്ഥനിൽ ചുറ്റും പോരിൽ ശരവർഷം ചൊരിഞ്ഞു. ഉടനെ വിരാടപുത്രൻ അശ്വങ്ങളെ ഇടംതിരിച്ചു. യമകം ചുറ്റി (ഇടത്തോട്ടുതിരിഞ്ഞ് വട്ടം ചുറ്റി) യോധന്മാരെ തടഞ്ഞു. അപ്പോൾ കൗരവഭടന്മാർ തേരുപോയ കൃപനെ പിടിച്ച് കൗന്തേയനായ അർജ്ജുനന്റെ മുമ്പിൽ നിന്നു മാറ്റി."

58. ദ്രോണാചാര്യന്റെ പിന്മാറ്റം– വൈശമ്പായനൻ പറഞ്ഞു: "കൃപൻ പിന്മാറിയപ്പോൾ ദ്രോണൻ വില്ലും, അമ്പും എടുത്ത്, ചുവന്ന കുതിരകളെക്കെട്ടിയ തേരിൽ അർജ്ജുനന്റെ നേരെ പാഞ്ഞടുത്തു. സ്വർണ്ണരഥനായ ഗുരു എത്തുന്നതു കണ്ട ഉടനെ അർജ്ജുനൻ ഉത്തരനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "എടോ സാരഥേ, നീ ദ്രോണന്റെ സൈന്യത്തിൽ എന്നെ കൊണ്ടെത്തിക്കുക. അതാ നോക്കൂ! പൊന്മയിയായ വേദി, ധ്വജത്തിൽ കാണുന്നതു നോക്കൂ! കൊടിക്കൂറകളോടുകൂടി ദണ്ഡത്തിന്മേൽ ഉയർന്നു ശോഭിക്കുന്നു. ശബ്ദിക്കുന്ന മനോഹാരികളായ ചുവന്ന അശ്വങ്ങളെ കാണുന്നില്ലേ, മിനുത്ത പവിഴംമാതിരി നന്നായി മുഖംചുവന്ന കുതിരകൾ! നല്ലപോലെ ശീലിച്ച കുതിരകളെ തേർത്തട്ടിൽ പൂട്ടിനില്ക്കുന്നു. ആ ദീർഘബാഹുവും, മഹാശക്തനും, ബലരൂപങ്ങളോടു ചേർന്നവനും, ലോകത്തിൽ മഹാനായ വിക്രമിയും ആണ് ആ പ്രതാപവാനായ ഭരദ്വാജൻ. ബുദ്ധിയിൽ ശുക്രസദൃശനും, നീതിയിൽ ഗുരുതുല്യനും, നാലുവേദങ്ങളും അപ്രകാരം ബ്രഹ്മചര്യവും സ്വീകരിച്ചവനും, സംഹാരക്ഷമമായ ദിവ്യാസ്ത്രങ്ങളൊക്കെയും, ധനുർവ്വേദം മുഴുവനും, ഒന്നിച്ചു ഗ്രഹിച്ചവനും , ക്ഷമ, സത്യം, ദമം, ആനൃശംസ്യം, ഋജുത്വം ഇവയും മറ്റു പല ഗുണങ്ങളും ചേർന്നവനുമാണ് ആ ദ്വിജൻ. ആ മഹാഭാഗനോടു പൊരുതുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ ആചാര്യന്റെ പാർശ്വത്തിലേക്ക് എന്നെ എത്തിച്ചാലും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ പറഞ്ഞ വാക്കുകേട്ട് ഉത്തരൻ ദ്രോണന്റെ തേരിന്റെ നേർക്ക് സ്വർണ്ണാലംകൃതമായ അശ്വങ്ങളെ ആട്ടിത്തെളിച്ചു. വേഗത്തിൽ എത്തുന്ന ആ രഥശ്രേഷ്ഠനായ പാണ്ഡുപുത്രനെക്കണ്ട് ദ്രോണൻ മത്തേഭം മത്തേഭത്തെയെന്നവിധം എതിർത്തു. പിന്നെ ഭേരീശതങ്ങളുടെ രവത്തോടു ചേർന്ന് ശംഖു വിളിച്ചു. അപ്പോൾ സൈന്യം കടൽപോലെയിളകി. ശോണാശ്വങ്ങളെ ശക്തമായ ഹംസവർണ്ണഹയങ്ങളുമായി കലർന്ന് പോരിൽക്കണ്ടപ്പോൾ കാണികൾ അത്ഭുതപ്പെട്ടുപോയി. പടത്തലയ്ക്കൽ വീരന്മാരായ അവർ തേരുകളിൽ സംഘട്ടനം തുടർന്നപ്പോൾ തോറ്റുപിന്മാറാത്തവരും പഠിച്ചവരും, മനസ്വികളുമായ ആ ഗുരുശിഷ്യന്മാർ, ദ്രോണാർജ്ജുനന്മാർ, യുദ്ധം തുടർന്നപ്പോൾ , അവരെ രണ്ടുപേരേയും കണ്ടുകൊണ്ട് കൗരവപ്പട കിടിലംകൊണ്ടു. ശ്വേതവാഹനനായ പാർത്ഥൻ ഹർഷത്തോടെ ചിരിച്ചുകൊണ്ട് ദ്രോണന്റെ തേരിനോടടുത്ത് തന്റെ തേരിനെയണച്ച് ഇപ്രകാരം മധുരവും, സാമവുമായ വാക്കുകളാൽ അഭിവാദ്യം ചെയ്തു: 'ഗുരോ, വന്ദനം! ഞങ്ങൾ വനവാസം കഴിഞ്ഞ് പകവീട്ടുവാൻ ആഗ്രഹിക്കുകയാണ്. സമരദുർജ്ജയാ! ഭവാന് എന്നിൽ തിരുവുള്ളക്കേടുണ്ടാകരുതേ! ഭവാൻ ഇങ്ങോട്ടെയ്തതിൽപ്പിന്നെ ഞാൻ അങ്ങോട്ടെയ്യുന്നതാണ്. അതാണ് എന്റെ മോഹം. പുണ്യാത്മാവേ, ഭവാൻ എന്റെ ആഗ്രഹം നടത്തിയാലും."

അർജ്ജുനന്റെ വാക്കുകേട്ടപ്പോൾ ദ്രോണൻ ഇരുപതിൽപ്പരം അമ്പുകൾ അർജ്ജുനന്റെ നേരെ പ്രയോഗിച്ചു. അവയെത്തുന്നതിന്നു മുമ്പുതന്നെ കൈവേഗത്തോടെ അർജ്ജുനൻ അറുത്തു. ഉടനെ സഹസ്രം ശരങ്ങൾകൊണ്ട് പാർത്ഥന്റെ തേരുനിറച്ച് ശീഘ്രാസ്ത്രം കാട്ടുന്നവിധം കഴുച്ചിറകുവെച്ച ശരങ്ങൾ

digitized by www.sreyas.in

കൊണ്ട് ശ്വേതാശ്വങ്ങളുടെ നേരെ പാർത്ഥൻ കോപിക്കുന്നവിധം എയ്തുവിട്ടു. ഇങ്ങനെ സംഗരത്തിൽ തീക്ഷ്ണബാണങ്ങളെ ഒപ്പം ചൊരിഞ്ഞ് ദ്രോണനും അർജ്ജുനനും തമ്മിൽ പോരാട്ടം തുടർന്നു.

രണ്ടുപേരും പേരുകേട്ടവരും, വായുവേഗമുള്ളവരും, ദിവ്യാസ്ത്രജ്ഞന്മാരും തേജസ്വികളുമാണ്. അവർ ശരജാലങ്ങൾകൂട്ടി നരേന്ദ്രന്മാരെ മോഹിപ്പിച്ചു. അവിടെ കൂടിനില്ക്കുന്ന യോധന്മാരെല്ലാം അത്ഭുതപ്പെട്ടുപോയി. അവർ അമ്പെയ്യുന്നതു കണ്ട് 'ഭേഷ്! ഭേഷ്' എന്നു വാഴ്ത്തി! 'പാർത്ഥനല്ലാതെ ആരുണ്ട് ദ്രോണരോട് യുദ്ധത്തിൽ പൊരുതുവാനായിട്ട്? ഈ ക്ഷത്രധർമ്മം രൗദ്രമാണ്! ഗുരുനാഥനോടുതന്നെ ശിഷ്യൻ പൊരുതേണ്ടിവന്നിരിക്കുന്നു!' ഇപ്രകാരം യുദ്ധം കണ്ടുനില്ക്കുന്നവർ പറഞ്ഞു.

വീരന്മാരായ ആ ഗുരുശിഷ്യന്മാർ കോപിച്ചു തമ്മിൽ ഇടഞ്ഞു. അപരാജിതന്മാരായ അവർ അന്യോന്യമേറ്റ് അമ്പെയ്തു മൂടി. പൊന്നുകെട്ടിച്ച വലിയ വില്ല് സുദുസ്സഹമായി ഉലച്ച് ഭാരദ്വാജൻ ക്രോധത്തോടുകൂടി ഉടനെ പാർത്ഥനിൽ എയ്തു.

അർജ്ജുനന്റെ രഥംനോക്കി ശരജാലം ചൊരിഞ്ഞ് കടഞ്ഞു മിന്നുന്ന ശരങ്ങളാൽ സൂര്യന്റെ രശ്മികളെ മൂടി. പാർത്ഥൻ എയ്യുന്ന മഹാവേഗത്തോടുകൂടിയ തീക്ഷ്ണമായ ശരങ്ങൾ കൊണ്ട്, കാറ് മഴയാൽ മലയെ എന്നപോലെ ദ്രോണനെ വേധിച്ചു. അപ്രകാരംതന്നെ ശത്രുഘ്നവും ഭാരസാധനവുമായ ദിവ്യമായ ഗാണ്ഡീവമെടുത്തു പൊന്നുകെട്ടിച്ച വിവിധശരങ്ങൾ വർഷിച്ചു. ഭാരദ്വാജന്റെ വിശിഖവർഷം പോക്കി. വീര്യവാനായ അർജ്ജുനൻ ഇതു ചെയ്തതുകണ്ടപ്പോൾ അത്ഭുതം പരന്നു. തേരിൽ ചരിക്കുന്ന ആ പാർത്ഥൻ ഒപ്പം എല്ലാ ദിക്കിലും ചുറ്റും അസ്ത്രങ്ങൾ വർഷിക്കുന്നതായി കാണപ്പെട്ടു. നേരേ നിഴലുവിരിച്ചപോലെ അംബരത്തിൽ ശരം തൂകുകയാൽ മഞ്ഞുകൊണ്ട് മൂടിയമട്ടിൽ ദ്രോണനെ കാണാതായി. ബാണങ്ങൾ കൊണ്ടു മൂടുകയാൽ അവന്റെ ആകൃതി മങ്ങി ചുറ്റും ജ്വലിച്ചുകാണുന്ന പർവ്വതംപോലെയായി. പാർത്ഥബാണങ്ങളാൽ തന്റെ രഥം മൂടിക്കാണുകയാൽ, ഇടിപോലെ മുഴങ്ങുന്ന തന്റെ വില്ലിട്ടുലച്ച് ചുറ്റിക്കുന്ന തീക്കൊള്ളിപോലെ ഘോരമായി വില്ലിനെ കർഷിച്ചു. ആ ബാണങ്ങളെയൊക്കെ പോരിൽ തെളിഞ്ഞവനായ ദ്രോണൻ അറുത്തു. മുളംകൂട് (പട്ടില്)കത്തുമ്പോലെ മഹാധ്വനിയുണ്ടായി. ചിത്രചാപത്തിൽനിന്നൂർന്നതും പൊന്നുകെട്ടിച്ചതുമായ ശരങ്ങളാൽ വീരൻ പത്തുദിക്കും മൂടി ആദിത്യന്റെ രശ്മിയും മറച്ചു. ഉടനെ പൊന്നുകെട്ടിച്ച ശരോൽക്കരങ്ങൾ കൂട്ടംകൂട്ടമായി ആകാശത്തിൽ പതറുന്നതായിക്കണ്ടു. ദ്രോണന്റെ വില്ലിൽനിന്ന് കടതൊട്ട് എത്തുന്ന അമ്പുകൾ ആകാശത്തിൽനീളെ തൊട്ടുതൊട്ടു സഞ്ചരിക്കുകയാൽ ഒറ്റദീർഘബാണംപോലെ കാണികൾക്കു തോന്നി.

ഇങ്ങനെ പൊന്നണിഞ്ഞ മഹാബാണങ്ങൾ തൂകുന്ന മഹാവീരന്മാരായ അവർ കൊള്ളിമീൻകൊണ്ടു നിറയുന്ന മട്ടിൽ ആകാശത്തെ പ്രശോഭിപ്പിച്ചു. അവരുടെ മയിൽകങ്കച്ചിറകേന്തിയ അമ്പുകൾ വാനിൽപ്പറക്കുന്ന അന്നപ്പിടക്കൂട്ടംപോലെ ശോഭിച്ചു. മഹാന്മാരായ ദ്രോണപാർത്ഥന്മാർ തമ്മിൽ ക്രോധിച്ചു ചെയ്യുന്ന സംഗരം വൃത്രനും വാസവനും തമ്മിലെന്നപോലെ ഘോരമായി. എതിർത്ത് ആനകൾതമ്മിൽ ദന്തത്താൽ കുത്തുംപോലെ അവർ തമ്മിൽ നന്നായി ശരം വലിച്ച് അന്യോന്യം പ്രഹരിച്ചു. ചൊടിച്ച് പോരിൽ വിലസുന്ന അവർ യുദ്ധത്തിൽ ഓരോ ദിവ്യാസ്ത്രപ്രയോഗം തുടങ്ങി. ആചാര്യപ്രവരൻ വിട്ട മൂർച്ചയേറിയ ശരങ്ങളെ കൂർത്ത ബാണങ്ങൾ എയ്തുമുറിച്ചു ആകാശമാകെ മൂടി. ഹനിക്കുവാൻ ഊക്കോടെ എത്തുന്ന നരവ്യാഘ്രനായ കിരീടിയെ ആചാര്യപ്രവരനായ ദ്രോണൻ പോരിൽ കൂർത്തുമൂർത്ത അമ്പെയ്ത് പാർത്ഥനുമായി ക്രീഡിക്കുമ്പോൾ, ആ ബഹളമായ പോരിൽ ദിവ്യാസ്ത്രം തൂകി. അസ്ത്രം അസ്ത്രംകൊണ്ടു തടുത്ത് അർജ്ജുനനോട് ഏറ്റു ക്രൂരന്മാരായ ആ നൃസിംഹന്മാർ തമ്മിൽ, ആകാശത്തുവെച്ച് പരസ്പരം ക്രോധിച്ച്, ദേവാസുരന്മാർ തമ്മിൽ നടന്നതുപോലെ, ഭയങ്കരമായിരുന്നു യുദ്ധം.

ഐന്ദ്രം, വായവ്യം, ആഗ്നേയം, എന്നീ അസ്ത്രം ദ്രോണൻ വിടുന്നമാത്രയ്ക്കുതന്നെ അർജ്ജുനൻ അസ്ത്രംകൊണ്ടു ഗ്രസിച്ചു. ഇപ്രകാരം തീക്ഷ്ണാസ്ത്രങ്ങൾ ചൊരിഞ്ഞ വില്ലാളിവീരന്മാർ ആകാശം ശരവൃഷ്ടികൊണ്ട് ഒരേ നിഴൽപ്രായമാക്കിത്തീർത്തു. അതിൽ അർജ്ജുനാസ്ത്രം ശരീരികളിൽ പതിക്കുന്ന ശബ്ദം വജ്രം ഗിരിയിൽ എന്നവിധം കേൾക്കുമാറായി. ആന, തേർ, കുതിരക്കൂട്ടം എന്നിവ ചോരയിലാറാടി പൂത്തുനിൽക്കുന്ന മുരുക്കുപോലെ കാണുമാറായി. കേയൂരമണിഞ്ഞ ബാഹുക്കളും, ചിത്രരൂപങ്ങളായ രഥങ്ങളും, പൊന്നണിഞ്ഞ ചട്ടകളും, ധ്വജങ്ങളും അറ്റുവീണു. പാർത്ഥബാണാർത്തരായി ചത്തുവീഴുന്ന യോദ്ധാക്കൾ അസംഖ്യം ദ്രോണാർജ്ജുനമഹാരണത്തിൽ ചിന്നി. ആ വീരന്മാർ ഭാരമുള്ള വില്ലുലച്ചു വലിച്ച് ബാണങ്ങൾ എയ്ത് അംഗം മൂടി പരസ്പരം കീറി. അവർ തമ്മിലുണ്ടായ സംഗരം മഹാബഹളമായി. ദ്രോണനും പാർത്ഥനും തമ്മിൽ, ബലിയും വാമനനും തമ്മിലെന്നപോലെ ഘോരമായി.

പിന്നെ നന്നായി വലിച്ച് കൂർത്തുമൂർത്ത ശരങ്ങളാൽ എയ്തു. പ്രാണൻ പണയമായ യുദ്ധച്ചൂതിൽ അവരുടെ ദേഹം കീറിമുറിഞ്ഞു. അപ്പോൾ വാനിൽനിന്ന് ദ്രോണനെ വാഴ്ത്തുന്ന ആരവം പൊങ്ങി: "പാർത്ഥനോട് ഏല്ക്കുന്ന ഈ സമരത്തിൽ അസാദ്ധ്യകർമ്മം ദ്രോണൻ ചെയ്യുന്നു! മഹാവീര്യനും, ശത്രുഘാതിയും ദൃഢമുഷ്ടിയും ദുരാസദനും സർവ്വദേവാസുരന്മാരെ ജയിച്ച രഥിയുമായ അർജ്ജുനനെയിട്ട് ഉലയ്ക്കുന്നു!"

ശിക്ഷയിൽ പരുങ്ങാതിരിക്കുക, കൈവേഗം കാട്ടുക, ദൂരമെയ്തു വിടുക ഈവക ഗുണങ്ങൾ അർജ്ജുനനിൽ മികച്ചുകണ്ടപ്പോൾ ദ്രോണന്ന് അത്ഭുതമുണ്ടായി. ഗാണ്ഡീവമുയർത്തി, അമർഷണനായ പാർത്ഥൻ രണ്ടുകൈകൊണ്ടും ഊക്കോടെ വലിച്ചുവിട്ടു. ഇയ്യാമ്പാറ്റകൾപോലെ എത്തുന്ന, അവൻ വിടുന്ന ശരങ്ങൾ കണ്ട്, എല്ലാവരും വിസ്മയിച്ച് 'ഭേഷ്, ഭേഷ്' എന്നു പുകഴ്ത്തി. അവൻ തൂകുന്ന അമ്പിന്നിടയ്ക്കു കാറ്റിന്നുപോലും സഞ്ചരിക്കുവാൻ പറ്റാതായി. അത്രവേഗത്തിൽ അമ്പുകൾതൊടുത്ത് എയ്തുവിട്ടു. പാർത്ഥൻ ശരങ്ങൾ എടുത്തു തൊടുക്കുമ്പോൾ അതിന്ന് ഒരു ഇട കാണുവാൻ കഴിയാതായി.

ഇപ്രകാരം ഘോരമായ ശീഘ്രാസ്ത്രപ്പോരു നടക്കുമ്പോൾ ശീഘ്രത്തിലും ശീഘ്രമായി പാർത്ഥൻ അമ്പുകൾ വർഷിച്ചു. അപ്പോൾ നൂറായിരം ശരോൽക്കരം ദ്രോണന്റെ തേരിന്നു നേർക്കായി ഒപ്പം ചെന്നു പതിച്ചു. ഗാണ്ഡീവി വിട്ട അമ്പുകൾകൊണ്ട് ദ്രോണൻ മൂടപ്പെടുമ്പോൾ സൈന്യങ്ങളൊക്കെ ഹാ! ഹാ! എന്നു വിലപിച്ചുപോയി. പാണ്ഡവന്റെ അസ്ത്രവേഗം കണ്ട് വാസവൻ മാനിച്ചു. അവിടെക്കൂടിയ ഗന്ധർവ്വന്മാരും അപ്സരസ്സുകളും ആഹ്ലാദിച്ചു.

ഇങ്ങനെ പോരാട്ടം നടക്കുമ്പോൾ രഥിപുംഗവനും ആചാര്യപുത്രനുമായ ദ്രൗണി വളരെ തേരുകളുംകൊണ്ട് പാർത്ഥനെ വളഞ്ഞു. അശ്വത്ഥാമാവ് മഹിമയേറിയ പാർത്ഥന്റെ കർമ്മവൈഭവം മനസ്സുകൊണ്ടു പൂജിക്കുകയും പ്രവൃത്തികൊണ്ട് കോപിക്കുകയും ചെയ്തടുത്തു. അവൻ കോപംകലർന്ന് പാർത്ഥനോടു സംഗരത്തിൽ ഏറ്റു. മഴപെയ്യുന്ന കാറുപോലെ അശ്വത്ഥാമാവ് ശരവർഷം ചൊരിഞ്ഞു. ദ്രൗണി നില്ക്കുന്നിടത്ത് അശ്വങ്ങളെ ഒന്നുതിരിച്ച് ഉടനെ പാർത്ഥൻ ദ്രോണർക്ക് ഒഴിയുവാൻ വഴിയുണ്ടാക്കിക്കൊടുത്തു. ഉടനെ ദ്രോണൻ കുതിച്ചുപായുന്ന ഹയങ്ങളെ താൻ കണ്ട പഴുതിൽക്കൂടി ഓടിച്ചു. ശൂരനായ ദ്രോണൻ ദേഹം മുഴുവൻ അമ്പേറ്റു മുറിഞ്ഞ്, ചട്ടമുറിഞ്ഞ്, കൊടിയറ്റ് രംഗത്തിൽനിന്നു പിന്മാറി."

59. അശ്വത്ഥാമാവും അർജ്ജുനനും തമ്മിലുള്ള യുദ്ധം

യുദ്ധം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ അശ്വത്ഥാമാവ് അർജ്ജുനനോടു പോരിൽ ഏറ്റു. കൊടുങ്കാറ്റുപോലെ ശക്തനായ അവനുമായി ദ്രൗണി മത്സരിച്ചു. മേഘംപോലെ ഉഗ്രമായ ശരവർഷം ചൊരിഞ്ഞ് അടുക്കുമ്പോൾ ദേവാസുരയുദ്ധംപോലെ ഭയാനകമായ യുദ്ധം നടന്നു. വൃത്രശക്രന്മാർപോലെ ശരജാലം

digitized by www.sreyas.in

ചൊരിഞ്ഞു. അപ്പോൾ ആദിത്യനെ കാണാതായി. കാറ്റ് അനങ്ങാതായി. ആകാശം ശരജാലംകൊണ്ടു തിങ്ങി നിഴൽപ്രായമായി. പോരാളിവീരന്മാർ പൊരുതുന്ന സമയം ചടചടാരവം പുറപ്പെട്ടു. മുളങ്കാട്ടിൽ തീപ്പിടിച്ചപോലെ പൊട്ടിത്തെറിശബ്ദം മുഴങ്ങി. അവന്റെ അശ്വങ്ങളെ അർജ്ജുനൻ അല്പപ്രാണങ്ങളാക്കി. മോഹിച്ചുപോയ അശ്വങ്ങൾക്കു ദിക്കുകൾ അറിയാതായി. ഉടനെ ദ്രൗണി ചുറ്റിത്തിരിയുന്ന അർജ്ജുനന്റെ വില്ലിന്റെ ഞാണ് തക്കം നോക്കി അറുത്തുവിട്ടു. അമാനുഷമായി അവൻ ചെയ്ത പണിയെ വാനവന്മാർ വാഴ്ത്തി. ദ്രോണൻ, ഭീഷ്മൻ, കൃപൻ, കർണ്ണൻ ഈ മഹാരഥന്മാരെല്ലാം അശ്വത്ഥാമാവിന്റെ അസാമാന്യകർമ്മവൈഭവത്തിൽ കൈയടിച്ചു പ്രശംസിച്ചു. പിന്നേയും ദ്രൗണി വില്ലുവലിച്ച് വീരനായ അർജ്ജുനനെ കങ്കപത്രങ്ങളാൽ എയ്തു. അപ്പോൾ മഹാബാഹുവായ പാർത്ഥൻ ഉച്ചത്തിൽ ചിരിച്ചു. പുതുതായ ഞാൺ ഗാണ്ഡീവത്തിൽ ശക്തിയായി ബന്ധിച്ചു. അർദ്ധചന്ദ്രം തിരിഞ്ഞു പിന്നെ പാർത്ഥൻ മത്തഹസ്തിയോടേറ്റ മത്തഹസ്തിയെപ്പോലെ അണഞ്ഞു. പിന്നെ പോർത്തട്ടിൽ മുഖ്യന്മാരായ ആ വീരന്മാർ തമ്മിൽ തുമുലമായ പോരാട്ടം നടന്നു. രോമഹർഷണമായിരുന്നു ഇരുവരുടേയും ഏറ്റുമുട്ടൽ! ആ വീരന്മാരെ എല്ലാ കുരുക്കളും വിസ്മയത്തോടെ നോക്കി. അവർ ഗജങ്ങളെപ്പോലെ തമ്മിൽ ഏറ്റു പൊരുതുകയാണ്. അന്യോന്യം എയ്ത ആ വീരന്മാർ, പുരുഷർഷഭന്മാർ, ജ്വലിക്കുന്ന വിഷവീര്യമുള്ള പാമ്പുകൾപോലുള്ള അമ്പുകൊണ്ട് പരസ്പരം പൊരുതി. പാർത്ഥന്റെ അമ്പ് ആവനാഴിയിൽ ഒടുങ്ങുകയില്ല. അതുകൊണ്ട് അചലംപോലെ ശൂരനായ അർജ്ജുനൻ ഉറച്ചുനിന്നു. അശ്വത്ഥാമാവിന്നു പോരിൽ ക്ഷിപ്രം എയ്യുന്ന അമ്പുകൾ എയ്തുകൊണ്ടിരിക്കെ ഒടുങ്ങിപ്പോയി. അതിൽ അർജ്ജുനൻ മെച്ചംനേടി. അപ്പോൾ കർണ്ണൻ തന്റെ മഹാചാപം ഊക്കോടെയിട്ടു വലിച്ച് ചെറുഞാണൊലിയിട്ടപ്പോൾ ഹാ! ഹാ! എന്നുള്ള ആർപ്പ് പുറപ്പെട്ടു. ഉടനെ അർജ്ജുനൻ ചെറുഞാണൊലി കേൾക്കുന്ന ദിക്കിലേക്കു കണ്ണുതിരിച്ചു. അവിടെ കർണ്ണനെ കണ്ടപ്പോൾ കോപം വളരെ വർദ്ധിച്ചു. കോപവ്യാകുലനായി കർണ്ണനെ കൊലചെയ്യുവാൻ കണ്ണുരുട്ടി മിഴിച്ച് കുരുപുംഗവനായ അർജ്ജുനൻ ഒന്നു നോക്കി. പാർത്ഥൻ ഒന്നുതിരിഞ്ഞസമയത്ത് വളരെ സായകങ്ങൾ ദ്രോണപുത്രന്ന് ക്ഷണത്തിൽ ആൾക്കാർ എത്തിച്ചു കൊടുത്തു. ദ്രോണപുത്രനെ വിട്ട് മഹാബാഹുവായ ധനഞ്ജയൻ ഊക്കോടുകൂടെ കർണ്ണൻ നില്ക്കുന്നേടത്തേക്കു നോക്കി കുതിച്ചു. അവന്റെ അടുത്തെത്തി കോപംകൊണ്ട് രക്താക്ഷനായി പാർത്ഥൻ അവനോട് ദ്വന്ദ്വയുദ്ധം ചെയ്യുവാൻ ഇച്ഛിച്ചുകൊണ്ടു പറഞ്ഞു.''

60. കർണ്ണന്റെ പിന്മാറ്റം– അർജ്ജുനൻ പറഞ്ഞു: ''എടോ കർണ്ണാ, നീ സഭയിൽ വികത്ഥനം ചെയ്യുകയുണ്ടായില്ലേ, 'ഞാൻ പോരിൽ എതിരില്ലാത്തവനാ'ണെന്ന്? അത് ഇന്ന് ഒന്നു കണ്ടറിയണം! എടോ കർണ്ണാ! ആ നീ ഇന്ന് എന്നോട് ഒന്നു പൊരുതിനോക്കൂ! അപ്പോൾക്കാണാം നിന്റെ ശക്തി എത്രത്തോളമുണ്ടെന്ന്. അന്യനെ നിന്ദിക്കുവാൻ എന്നിട്ടാകാം.

നീ ധർമ്മം കൈവിട്ട് രൂക്ഷമായ വാക്കു പറഞ്ഞില്ലേ? നിന്റെ ഈ ദുർമ്മോഹം നിശ്ചയമായും ഏറ്റവും ദുസ്സാദ്ധ്യമായതാണ്. എടോ, രാധേയാ! എന്നോട് എതിർക്കുന്നതിന്നുമുമ്പ് നീ പറഞ്ഞ പ്രകാരം ഇന്ന് ഈ കുരുമദ്ധ്യത്തിൽവെച്ചു ചെയ്യുക!

പാഞ്ചാലിയെ സഭയിൽവെച്ച് ആ ദുഷ്ടന്മാർ ആക്രമിച്ചപ്പോൾ സന്തോഷത്തോടെ നീ കണ്ടുനിന്നതിന്റെ ഫലം ഇപ്പോൾത്തന്നെ നിനക്കു തന്നേക്കാം. ധർമ്മപാശത്തിന്റെ കെട്ടിൽപ്പെട്ടു പോകയാൽ അന്ന് ഞാൻ അതൊക്കെ സഹിക്കേണ്ടിവന്നു. ആ കോപത്തിന്റെ ഫലം ഞാൻ അനുഭവിപ്പിച്ചേ വിടൂ! നിന്നെ തുലച്ചുവിടുന്നത് നീ നോക്കിക്കൊള്ളുക! കാട്ടിൽ പന്തീരാണ്ടുകാലം പൊറുത്തതിന്ന് ഹേ, ദുർമ്മതേ, ഇന്ന് ആ കോപത്തിന്റെ ഫലം നീ ഉടനെ കൈക്കൊള്ളും. ഹേ, കർണ്ണാ, വരൂ! രണത്തിൽ നീ എന്നോട് എതിരിടൂ! സൈന്യത്തോടൊത്ത് കൗരവന്മാരൊക്കെ കണ്ടുനില്ക്കട്ടെ!''

കർണ്ണൻ പറഞ്ഞു: ''എടോ അർജ്ജുനാ, വാക്കുകൊണ്ട് വലിയ വാചകമടിക്കാതെ കർമ്മംകൊണ്ട് വല്ലതും കഴിയുമെങ്കിൽ ചെയ്യൂ! നിന്റെ വാക്ക് കർമ്മത്തിനേക്കാൾ അധികം പ്രസിദ്ധി സമ്പാദിച്ചതാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. നീ മുമ്പ് എല്ലാം സഹിച്ചുവെന്നു പറഞ്ഞുവല്ലോ. നിന്നെക്കൊണ്ട് ആവാത്തതു കൊണ്ടു തന്നെയല്ലേ പൊറുക്കേണ്ടിവന്നത്? ധർമ്മപാശക്കെട്ടിൽ പെട്ടിട്ട് അന്ന് അതൊക്കെ സഹിച്ചു എന്നു നീ പറഞ്ഞുവല്ലോ. ആ കെട്ട് ഇന്നു നീങ്ങിയോ? അതു നീങ്ങിയിട്ടില്ല! നീങ്ങിയെന്നായിരിക്കും വിചാരിക്കുന്നത്! നീ പറഞ്ഞപ്രകാരം വനവാസം അവസാനിപ്പിച്ചെങ്കിൽ അത് ധർമ്മാർത്ഥജ്ഞന്മാർക്ക് അറിയുവാൻ കഴിഞ്ഞിട്ടില്ല. അതിന്നു മുമ്പ് നീ എന്നോട് എതിർക്കുവാൻ വന്നിരിക്കുന്നു. ഏതായാലും നിനക്കുവേണ്ടി ശക്രൻതന്നെ വന്നു പൊരുതിയാലും നിന്നോടു പോരാടുന്ന എനിക്ക് യാതൊരു വ്യഥയും വരുത്തുവാൻ കഴിയുകയില്ല. എന്നെ വെല്ലാമെന്നുള്ള വ്യാമോഹം കളഞ്ഞേക്കൂ! എന്നോട് ഏറ്റുമുട്ടുമ്പോൾ കാണാം എന്റെ ബലം.''

അർജ്ജുനൻ പറഞ്ഞു: ''നിന്റെ ബലം ഇപ്പോൾത്തന്നെയല്ലേ ഞാൻ കണ്ടത്? എന്നോട് എതിർത്തുനില്ക്കുവാൻ വയ്യാതെ പ്രാണനുംകൊണ്ട് ഇപ്പോൾത്തന്നെ ഓടിപ്പോയവനല്ലേ നീ? ഇങ്ങനെ ഓടുന്നതുകൊണ്ടാണ് ഇപ്പോഴും നീ ജീവിച്ചിരിക്കുന്നത്! നിന്റെ അനുജനെ ഞാൻ കൊന്നു. ഭ്രാതാവിനെ കൊന്നതു കണ്ടിട്ടും ചുണയില്ലാതെ ഓടിപ്പോയ മറ്റൊരു പുരുഷനേയും ഞാൻ കേട്ടിട്ടില്ല. എന്നിട്ട് വീണ്ടുംവന്ന് ഞെളിഞ്ഞുനിന്നു വീമ്പിളക്കാൻ നാണമില്ലല്ലോ!''

വൈശമ്പായനൻ പറഞ്ഞു: ''തോല്മപറ്റാത്തവനായ അർജ്ജുനൻ ഇപ്രകാരം കർണ്ണനോടു പറഞ്ഞ് മെയ്ച്ചട്ട പിളരുമാറ് ബാണങ്ങൾ തൂകുവാൻ തുടങ്ങി. കർണ്ണൻ ആ ശരങ്ങളൊക്കെ സന്തോഷത്തോടെ ഏറ്റു. ധാരാളം ശരങ്ങൾ കാർമേഘം വർഷം ചൊരിയുന്നമാതിരി ചൊരിഞ്ഞു. ഘോരരൂപങ്ങളായ ശരൗഘങ്ങൾ ചുറ്റും വന്നുയർന്നു. അർജ്ജുനന്റെ അശ്വങ്ങളിലും കൈകളിലും കൈയുറകളിലും ശരങ്ങൾ തറച്ചു. ഉടനെ അർജ്ജുനൻ ചുണച്ച് കർണ്ണന്റെ ആവനാഴിയുടെ കെട്ടിനെ കൂർത്തുമൂർത്ത ശരങ്ങൾ എയ്ത് പൊട്ടിച്ചു. ചെറുതൂണിയിൽനിന്ന് വേറെ അമ്പെടുത്ത് കർണ്ണൻ ഉടനെ പാർത്ഥന്റെ കൈയ്ക്കു പ്രയോഗിച്ചു. മുഷ്ടിയുടെ പിടി അപ്പോൾ അഴഞ്ഞു. ഉടനെ മഹാബാഹുവായ പാർത്ഥൻ കർണ്ണന്റെ വില്ല് അറുത്തു. ഉടനെ കർണ്ണൻ ഒരു വേൽ അർജ്ജുനന്റെ നേരെ വിട്ടു. അത് അർജ്ജുനൻ ആകാശത്തുവെച്ചുതന്നെ ശരം പ്രയോഗിച്ച് തകർത്തുകളഞ്ഞു.

അപ്പോഴേക്കും കർണ്ണനെ തുണയ്ക്കുവാൻ വളരെപ്പേർ എത്തി. ഗാണ്ഡീവം തൂകുന്ന അമ്പുകൊണ്ട് കർണ്ണസഹായികളെയൊക്കെ കാലപുരിയിലേക്കയച്ചു.

കർണ്ണംവരെ വലിച്ച് താങ്ങിവിടുന്ന തീക്ഷ്ണമായ ശരംകൊണ്ട് അർജ്ജുനൻ കർണ്ണന്റെ അശ്വങ്ങളെ എയ്തു. ശരം കൊണ്ട മാത്രയിൽ അവ വീണു. പിന്നെ ജ്വലിക്കുന്ന ശക്തമായ മറ്റൊരു ശരത്താൽ കർണ്ണന്റെ മാറുനോക്കി വീര്യവാനായ ബീഭത്സു എയ്തു. അവന്റെ ചട്ട കീറി ദേഹത്തിൽ തട്ടിയ ശരം കൊണ്ട് അവൻ മോഹാലസ്യപ്പെട്ട മട്ടിലായി ഒന്നും അറിയാതായി. വേദനയോടുകൂടി പോർക്കളം വിട്ട് കർണ്ണൻ വടക്കോട്ട് ഓടി. അപ്പോൾ അർജ്ജുനനും വിരാടപുത്രനും പൊട്ടിച്ചിരിച്ചു.''

ഗോഹരണപർവ്വം

61. അർജ്ജുനദുശ്ശാസനാദിയുദ്ധം– വൈശമ്പായനൻ പറഞ്ഞു: ''കർണ്ണനെ ജയിച്ചതിന്നുശേഷം അർജ്ജുനൻ ഉത്തരനോടു പറഞ്ഞു: 'എടോ ഉത്തരാ, ഇനി നീ ആ പൊന്മയമായ പന കാണുന്ന സൈന്യത്തിലേക്ക് എന്നെ എത്തിക്കുക. അവിടെ തേരിൽ എന്റെ പിതാമഹനായ ഭീഷ്മൻ, ശാന്തനവൻ, സുരസന്നിഭനായ ആ മഹാത്മാവ് ഞാനുമായി പൊരുതുവാൻ കാത്തുനില്ക്കുകയാണ്.' അമ്പേറ്റ് ഉഴന്നവനായ ഉത്തരൻ ആന, തേർ,

digitized by www.sreyas.in

കുതിരക്കൂട്ടം എന്നിവയോടുകൂടിയ വലിയ സൈന്യത്തെക്കണ്ട് പാർത്ഥനോടു പറഞ്ഞു: 'എടോ വീരാ, എനിക്ക് നിന്റെ ഹയങ്ങളെ നടത്തുവാൻ വയ്യാതായിരിക്കുന്നു. എന്റെ പ്രാണൻ തളരുന്നു. മനസ്സുമയങ്ങുന്നു. ഭവാനും കുരുക്കളായ മഹാരഥന്മാരും കാണിക്കുന്ന ദിവ്യാസ്ത്രപ്രാഭവംമൂലം പത്തുദിക്കുകളും എനിക്ക്, ഇപ്പോൾ വട്ടംകറങ്ങുന്നപോലെയാണ്. ചോരക്കൊഴുപ്പുള്ള സാദികളുടെ ഗന്ധം ശ്വസിച്ച് എന്റെ തല ചുറ്റിപ്പോകുന്നു. ഭവാന്റെ സന്നിധിയിൽവെച്ചുതന്നെ മനസ്സുരണ്ടായിത്തിരിഞ്ഞിരിക്കുന്നു. ഞാൻ ഒരു യുദ്ധത്തിലും വീരന്മാരുടെ ഇപ്രകാരമുള്ള ഒരു സംഘട്ടനം കണ്ടിട്ടില്ല. ഗദാഘാതത്താലും, ഉഗ്രമായ ശംഖനാദത്താലും, ശൂരന്മാരുടെ സിംഹനാദത്താലും ഗജങ്ങളുടെ ചിന്നംവിളികൊണ്ടും, ഇടിവെട്ടുംപോലെയുള്ള ഗാണ്ഡീവധ്വനിയാലും, ഹേ വീരാ, എന്റെ ശ്രുതിയും സ്മൃതിയും നശിച്ചു മങ്ങുകയാണ്. തീക്കൊള്ളി ചുറ്റിക്കുന്നവിധം ഗാണ്ഡീവം എപ്പോഴും വട്ടത്തിൽ വിക്ഷേപം ചെയ്തു വർഷിക്കുകകാരണം ഹേ വീരാ, എന്റെ കണ്ണ് ഉറയ്ക്കുന്നില്ല. എന്റെ ഹൃദയം തകരുന്നു. പോരിൽ ക്രുദ്ധനായ പിനാകപാണിക്കു തുല്യമായ നിന്റെ ഉഗ്രമായ രൂപവും പ്രയോഗിക്കുന്ന കൈകളും കണ്ട് എനിക്കു ഭയമാകുന്നു. അമ്പെടുത്തു തൊടുത്തുവിടുന്ന ഭവാനെ ഞാൻ കാണുന്നുണ്ടെങ്കിലും, കാണുന്നില്ല! എന്റെ ചൈതന്യം കെട്ടുപോയതുകൊണ്ട് കണ്ണുറയ്ക്കുന്നില്ല. പ്രാണൻ തളർന്നുപോകുന്നു. ഭൂമി വട്ടം ചുറ്റിക്കറങ്ങുന്നു. ചമ്മട്ടിയും കടിഞ്ഞാണും പിടിക്കുവാൻ കഴിയാതായിരിക്കുന്നു."

അർജ്ജുനൻ പറഞ്ഞു: "എടോ രാജപുത്രാ! ഭവാൻ പേടിക്കരുത്. ഉള്ളുറപ്പിക്കൂ! നരപുംഗവനായ ഭവാനും പോരിൽ അത്ഭുതകർമ്മങ്ങൾ പലതും ചെയ്തില്ലേ? മത്സ്യവംശജനായ രാജപുത്രനല്ലേ ഭവാൻ? ഒട്ടും ഭയപ്പെടേണ്ട. ശുഭം ഭവിക്കും. ശത്രുഘാതിയും കുലദീപവുമായ ഭവാൻ ഇപ്രകാരം പറയരുത്! മോശം! ധൈര്യത്തോടുകൂടി പൊരുതാം എന്റെ രഥത്തിൽ. രാജപുത്രാ! ശത്രുനാശനനായ നീ ഞാൻ പൊരുതുമ്പോൾ ഹയത്തെ നടത്തുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിരാടപുത്രനോടു പറഞ്ഞ് മഹാബാഹുവും നരോത്തമനും മഹാരഥനുമായ അർജ്ജുനൻ വീണ്ടും ഉത്തരനോടു പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഭീഷ്മന്റെ ഈ പടയുടെ മുമ്പിൽ നീ എന്നെ എത്തിക്കുക. ആ മഹാരഥന്റെ വില്ലും ഞാണും ഞാൻ സംഗരത്തിൽ അറുക്കുന്നുണ്ട്. ഈ യുദ്ധത്തിൽ ദിവ്യാസ്ത്രം ചിത്രമായി എയ്യുന്ന എന്നെ നീ കണ്ടുകൊള്ളുക. ആകാശത്ത് മേഘത്തിൽനിന്നു മിന്നൽ വീശുന്നതുപോലെ അതു നിനക്കു കാണാം. പൊൻകെട്ടുള്ള എന്റെ ഗാണ്ഡീവം ഞാൻ ഇടതും വലതുമായ കൈകളിൽ ഏതുകൊണ്ടാണ് എയ്യുന്നതെന്ന് ശത്രുക്കൾക്കു തിരിച്ചറിയാൻ വയ്യാത്തവിധമായിരിക്കും ഇനി നടത്തുവാൻപോകുന്ന സംഗരം. ഏതുകൊണ്ടാണെന്ന് ശത്രുക്കൾ തിരിച്ചറിയാതെ സംഭ്രമിക്കും.

ചോരയാകുന്ന ജലവും, തേരുകളാകുന്ന ചുഴികളും, ആനകളാകുന്ന മുതലകളും ഒത്തുചേർന്ന് പരലോകത്തേക്കു പ്രവഹിക്കുന്ന ദുർഘടമായ ഒരു നദി ഇന്ന് ഞാൻ ഇവിടെ ഉണ്ടാക്കും! കൈ, കാല്, തല, പുറം, കൈത്തണ്ട് ഇവ ചേർന്ന് നിരന്തരം ഞാൻ കൗരവക്കാട് കൂർത്തുമൂർത്ത ശരങ്ങളാൽ അറുത്തുതള്ളും. വില്ലെടുത്ത് ഇന്ന് ഒറ്റയ്ക്കു കൗരവപ്പടയെ ജയിക്കുവാൻ എനിക്ക് കാട്ടുതീയിനെന്നപോലെ പല മാർഗ്ഗങ്ങളുമുണ്ടാകും. ഞാൻ സൈന്യത്തെ ചക്രംപോലെയിട്ടു ചുറ്റിക്കുന്നതു നീ കണ്ടുകൊള്ളുക! ഇക്ഷ്വസ്ത്രാഭ്യാസം നിനക്കു ഞാൻ ഉടനെ കാട്ടിത്തരാം. നീ സമത്തിലും വിഷമത്തിലും തേരിൽ പരുങ്ങാതെ ധീരമായി നിന്നുകൊള്ളുക. ആകാശം മൂടിനില്ക്കുന്ന പർവ്വതമായാലും ഞാൻ അമ്പെയ്തു തകർത്തുകളയും. ഇന്ദ്രന്റെ കല്പനപ്രകാരം ഞാൻ പൗലോമകാലകേയൗഘത്തെ നൂറും ആയിരവും എണ്ണത്തെ ഒപ്പം രണത്തിൽ മുടിച്ചിട്ടുണ്ട്. എന്റെ ഞാൺപിടുത്തം ശക്രനോടും, കൈവേഗം ബ്രഹ്മനോടും തുല്യമാണ്. വിചിത്രവും ബഹളവുമായ പോരിൽ ഞാൻ പ്രജാപതിയോടു തുല്യരാണ്. ഞാൻ കടലിന്റെ അക്കരെച്ചെന്ന് ഹിരണ്യപുരവാസികളായ ദൈത്യന്മാരെ, മഹാരഥന്മാരും വില്ലാളികളുമായ അറുപതിനായിരംപേരെ, ജയിച്ചു. കൊടുങ്കാറ്റിൽ പഞ്ഞി പറപ്പിക്കുന്ന മാതിരി കുരുക്കളുടെ സൈന്യത്തെ വീഴ്ത്തുന്നതു കാണിച്ചുതരാം. കൊടിയാകുന്ന വന്മരവും കാലാളുകളാകുന്ന പുല്ലിൻകൂട്ടവും മഹാരഥന്മാരാകുന്ന സിംഹങ്ങളും നിറഞ്ഞ കൗരവസേനയാകുന്ന മഹാവനം ഞാൻ അസ്ത്രമാകുന്ന അഗ്നിയാൽ ചുട്ടു ദഹിപ്പിച്ചുകളയും. തേർത്തട്ടിൽനിന്നു ഞാൻ അവരെ ശക്തമായ ശരങ്ങളാൽ, സകലത്തിനെയും, പോരിന്നൊരുങ്ങിനില്ക്കുന്നവരെയൊക്കെയും, ദൈത്യന്മാരെ ശക്രൻ എന്നമാതിരി ഒറ്റയ്ക്കു വീഴ്ത്തുന്നതാണ്. ദിവ്യമായ പല അസ്ത്രങ്ങളും എന്റെ കൈവശമുണ്ട്. ഞാൻ രൗദ്രം രുദ്രനോടും, വാരുണം വരുണനോടും, ആഗ്നേയം അഗ്നിയോടും വായവ്യം വായുവിനോടും വാങ്ങിവെച്ചിട്ടുണ്ട്. വജ്രാദികളായ സകല ആയുധങ്ങളും ഇന്ദ്രനോടും വാങ്ങിച്ചിട്ടുണ്ട്. നൃസിംഹന്മാർ പാലിക്കുന്ന ക്രൂരമായ ധാർത്തരാഷ്ട്രക്കാടിനെ ഞാൻ പറ്റേ പറിച്ചു നീക്കും. എടോ വിരാടപുത്രാ! നീ ഇക്കാര്യത്തിൽ ഒട്ടും ശങ്കിക്കയേ വേണ്ട. ഭയപ്പെടേണ്ട."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സവ്യസാചി ആശ്വസിപ്പിച്ചപ്പോൾ ഉത്തരൻ, ഭീഷ്മൻ കാക്കുന്ന ഭീമമായ രഥക്കൂട്ടത്തിൽ ചെന്നുകയറി. കുരുക്കളെ ജയിക്കുവാൻ ആ മഹാബാഹു ചെന്നു നേരിട്ടപ്പോൾ ക്രൂരകർമ്മാവായ ഭീഷ്മൻ കൂസൽകൂടാതെതന്നെ എതിർത്തു. ജിഷ്ണു തിരിഞ്ഞ് അവന്റെ ധ്വജം ചോടോടെ അറുത്തു. തലയ്ക്കു പൊന്നണിഞ്ഞ അമ്പ് എയ്തതുമൂലം അതു താഴെവീണു. വിചിത്രമാല്യാഭരണന്മാരും, ധീരന്മാരും, അഭ്യാസമുള്ളവരും, ബലവാന്മാരുമായ നാലുപേർ ആ ഭീമചാപനോടെതിർത്തു. ദുശ്ശാസനൻ, വികർണ്ണൻ, ദുസ്സഹൻ, വിവിംശതി ഈ നാലു മഹാരഥന്മാർ ആ ഭീമചാപനായ പാർത്ഥന്റെ ചുറ്റും വന്നു വളഞ്ഞു. വീര്യവാനായ ദുര്യോധനൻ ഉത്തരനിൽ കത്തിയമ്പെയ്തു. രണ്ടാമതൊന്ന് ദൃഢമായി പാർത്ഥന്റെ മാറത്തേക്കും വിട്ടു. പാർത്ഥൻ തിരിഞ്ഞ് അവന്റെ പൊന്നുകെട്ടിച്ച വില്ലിനെ കഴുച്ചിറകുവെച്ച തീക്ഷ്ണബാണം കൊണ്ടു മുറിച്ചു. പിന്നീട് അഞ്ചമ്പുകൾ അവന്റെ മാറത്തേക്കും വിട്ടു. പാർത്ഥബാണാർത്തനായി പോർ വെടിഞ്ഞ് അവൻ പാഞ്ഞ് ഓടിക്കളഞ്ഞു. വികർണ്ണൻ അപ്പോൾ ഗൃദ്ധ്രപത്രംവെച്ച തീക്ഷ്ണശരങ്ങളാൽ ശത്രുജിത്തായ അർജ്ജുനനെ ആഞ്ഞെയ്തു. പാർത്ഥൻ അപ്പോൾ അവനേയും കൂർത്ത ശരംകൊണ്ടു നെറ്റിക്ക് ഒന്നു പ്രഹരിച്ചു. അതേറ്റ് ഉടനെ അവൻ തേർത്തട്ടിൽ വീണു. ഉടനെ വിവിംശതിയോടുകൂടി ദുസ്സഹൻ ഓടിച്ചെന്ന്, ഭ്രാതാവിനെ കാക്കുവാനായി തീക്ഷ്ണമായ ബാണങ്ങൾ തൂകി. ആ രണ്ടുപേരെയും പാർത്ഥൻ ഗൃദ്ധ്രപത്രശരങ്ങളെയ്ത് അവ്യഗ്രനായി അവരുടെ അശ്വങ്ങളേയും കൊന്നു. അശ്വങ്ങൾ ചത്ത് അംഗം മുറിഞ്ഞ ധൃതരാഷ്ട്രപുത്രനെ മറ്റുള്ളവർ പിടിച്ചു തേരിൽക്കയറ്റി കൊണ്ടുപോയി. തോൽവിപറ്റാത്ത അർജ്ജുനൻ എല്ലായിടവും പാഞ്ഞുകയറി. കിരീടമാലിയായ ബീഭത്സു, വിജയിയായ മഹാബലൻ, ചെല്ലാത്ത ഒരു സ്ഥലവും യുദ്ധക്കളത്തിലുണ്ടായില്ല."

62. അർജ്ജുനനുമായുള്ള സങ്കുലയുദ്ധം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ, കുരുക്കളിൽ മഹാരഥന്മാരായ എല്ലാവരുംകൂടിച്ചേർന്ന്, അർജ്ജുനന്റെ നേരെ പൊരുതി. ശരജാലങ്ങളെക്കൊണ്ട് ആ മഹാരഥന്മാരെയൊക്കെ മഞ്ഞാൽ മലകളെയെന്നവിധം ആ മഹാത്മാവു മൂടി. ഗജങ്ങളുടെ ശബ്ദങ്ങളും, അശ്വങ്ങളുടെ ആരവവും ഭേരീശംഖങ്ങളുടെ ധ്വനിയും ചേർന്ന് ഘോഷം മുഴങ്ങി. നരന്മാരുടേയും അശ്വങ്ങളുടേയും ദേഹങ്ങൾ തുളച്ചുപാഞ്ഞ്, ലോഹച്ചട്ടകൾ കീറി പാർത്ഥന്റെ ശരജാലങ്ങൾ അസംഖ്യം മറുപുറം കടന്നു. പോരിൽ തുരുതുരെ ബാണംതൂകി അർജ്ജുനൻ ശോഭിച്ചു. ഉച്ചയ്ക്ക് രശ്മി ചിതറുന്ന ശരൽക്കാലസൂര്യനെപ്പോലെ ശരങ്ങൾ ചിതറി അർജ്ജുനൻ വിളങ്ങി. രഥം വിട്ടു രഥികൾ ഭയപ്പെട്ടു പാഞ്ഞു. അശ്വത്തെ വിട്ട് അശ്വഭടന്മാരും

digitized by www.sreyas.in

അണികൾ വിട്ടു പദാതികളും പാഞ്ഞു. ചെമ്പും ഇരുമ്പും വെള്ളിയുമായുള്ള മഹാന്മാരുടെ ചട്ടകൾ അമ്പുകൊണ്ടു തകർക്കുന്നതിന്റെ ഉല്ക്കടമായ ശബ്ദം ചടചടാ മുഴങ്ങി. മൃതമായ ദേഹങ്ങൾകൊണ്ട് പോർക്കളം മൂടി. ഗജങ്ങളും, അശ്വങ്ങളും, സാദികളും ആരോഹകന്മാരുമൊക്കെ അമ്പുകൊണ്ടു ചത്തുമലച്ച് യുദ്ധക്കളം മൂടി. തേർത്തട്ടുവിട്ട് വീണവരെക്കൊണ്ട് പാർത്തട്ടു മൂടി. പോർക്കളത്തിൽ ചാപവുമേന്തി അർജ്ജുനൻ തുള്ളുന്നമട്ടിൽ കാണപ്പെട്ടു. ഇടിവെട്ടുന്നപോലുള്ള ഗാണ്ഡീവധ്വനി കേൾക്കുകയാൽ പേടിച്ച് പോർക്കളംവിട്ടു സൈന്യമൊക്കെ പരക്കം പാഞ്ഞ് ഓടിക്കളഞ്ഞു. തലപ്പാവും, കുണ്ഡലവും പൊന്മാലയും അണിഞ്ഞ ശിരസ്സുകൾകൊണ്ടു പടനിലം നിറഞ്ഞു. അമ്പേറ്റ് അറ്റ ദേഹങ്ങൾ, വില്ലെടുത്ത കൈകൾ എന്നിവ ആഭരണത്തോടു കൂടെ ചിന്നി ഭൂതലം ശോഭിച്ചു! ശരങ്ങളാൽ അറുക്കപ്പെട്ട് അറ്റുവീഴുന്ന ശിരസ്സുകൾ ആകാശത്തുനിന്നു പതിക്കുന്ന ശിലാവർഷംപോലെ കാണപ്പെട്ടു. രൗദ്രമായ ആത്മരൂപത്തെക്കാട്ടി ആ രൗദ്രവിക്രമൻ, പതിമ്മൂന്നുവർഷം മറവിൽപ്പാർത്ത ആ ഫൽഗുനൻ, കുരുക്കളിൽവെച്ച് മഹാവീരനായ പാണ്ഡവൻ ക്രോധാഗ്നി വർഷിച്ചു.

സൈന്യത്തെ ചുടുന്നതിൽ അർജ്ജുനന്റെ വിക്രമം കണ്ട്, ധാർത്തരാഷ്ട്രൻ കാൺകെത്തന്നെ യോധന്മാരൊക്കെ നിത്യശാന്തിയെ പ്രാപിച്ചു. ഭയപ്പെടുത്തി സൈന്യത്തേയും രഥിവീരന്മാരേയുമൊക്കെ ഓടിക്കുകയും ചെയ്തു. വിജയിയായ ഫൽഗുനൻ യുദ്ധക്കളത്തിൽ ചുറ്റിസ്സഞ്ചരിച്ചു. പ്രളയകാലത്തെ യമനെപ്പോലെ തിരതല്ലുന്ന രക്തനദിയെ ഒഴുക്കി. അസ്ഥികളാകുന്ന ചണ്ടിക്കൂട്ടത്തോടും ശരചാപങ്ങളാകുന്ന ചങ്ങാടത്തോടും കേശമാകുന്ന പായലുകളോടും തലപ്പാവും ചട്ടയുമാകുന്ന ഗജകൂർമ്മദിപങ്ങളോടും കൊഴുപ്പും മേദസ്സും ചേർന്ന പ്രവാഹം ഭയമുണ്ടാക്കുന്നവിധത്തിൽ രൗദ്രമായ രൂപത്തോടുകൂടി ക്രൂരശ്വാപദങ്ങൾക്കു പ്രിയംകരമായ വിധം ഒഴുക്കി. തീക്ഷ്ണശസ്ത്രങ്ങളാകുന്ന ഗ്രാഹങ്ങളോടും, മുത്തുമാലകളാകുന്ന തിരമാലകളോടും ഭൂഷണജാലങ്ങളാകുന്ന ബുൽബുദങ്ങളോടും ശരജാലങ്ങളാകുന്ന ചുഴികളോടും നാഗങ്ങളാകുന്ന മുതലകളോടും മഹാരഥങ്ങളാകുന്ന തുരുത്തുകളോടും ശംഖഭേരീരവമാകുന്ന രവത്തോടുകൂടിയതും ക്രവ്യാദങ്ങൾക്കു സേവ്യവും, ദുസ്തരവുമായ ആ രക്തനദിയെ പ്രളയകാലത്തു യമനാൽ നിർമ്മിക്കപ്പെട്ട മരണപ്പുഴയോ എന്നു തോന്നിക്കുന്നവിധം അർജ്ജുനൻ ഒഴുക്കി. സവ്യസാചി അമ്പെടുക്കുമ്പോഴും തെടുക്കുമ്പോഴും ഗാണ്ഡീവം ഉലയ്ക്കുമ്പോഴും അമ്പെയ്യുമ്പോഴും അതിന്നിടയിൽ ഒരു ഇടയും ആരും കണ്ടില്ല. "തമസ്ഥാനം കാണുവതില്ലലാതവലയത്തോടൊത്ത വേഗത്തിനാൽ."

63. അർജ്ജുനനുമായുള്ള സങ്കുലയുദ്ധം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ, ദുര്യോധനൻ, കർണ്ണൻ, ദുശ്ശാസനൻ, വിവിംശതി, പുത്രനോടുകൂടി ദ്രോണൻ, തേരാളിപ്രവരനായ കൃപൻ ഇവരെല്ലാവരുംകൂടി ധനഞ്ജയനെ വധിക്കുവാനായി ഒത്തുകൂടി. അവരെല്ലാവരും അവരവരുടെ ശക്തിയേറിയ വില്ലുലച്ച് ആർത്തു വളഞ്ഞു. കൊടിയാടുന്ന ആദിത്യശ്രീയുള്ള രഥത്താൽ വാനരധ്വജനായ അർജ്ജുനൻ അവരോടെല്ലാം ഏറ്റ് എതിർത്തു. ഉടനെ രഥിശ്രേഷ്ഠനായ കൃപൻ, ദ്രോണൻ, കർണ്ണൻ എന്നിവരെല്ലാം ഒപ്പം വീര്യവാനായ അർജ്ജുനനെ വളഞ്ഞു മഴക്കാറെന്നപോലെ ശരവർഷം കൂട്ടമായി എയ്ത്, ധനഞ്ജയനെ വീഴ്ത്തുവാൻതന്നെ കരുതി ഒരുങ്ങിനിന്നു. രോമം പിളർക്കുന്ന ബാണങ്ങളെ അസംഖ്യം അസംഖ്യം എയ്ത് ഒതുങ്ങി ഇളകാതാക്കുന്നവിധം ശരങ്ങളെക്കൊണ്ട് അവർ പാർത്ഥനെ ഇളകാത്ത മട്ടിലാക്കി. ദിവ്യാസ്ത്രങ്ങളേയും അവർ അപ്രകാരം സകല കഴിവുകളും വെച്ചു പ്രയോഗിച്ചു. അവന്ന് രണ്ടംഗുലം പോലും അമ്പേല്ക്കാതെയുണ്ടായില്ല. ഉടനെ അർജ്ജുനൻ ചിരിച്ച് ഐന്ദ്രാസ്ത്രത്തെ എടുത്ത് ആദിത്യതേജസ്സുചേർന്ന ഗാണ്ഡീവത്തിൽ തൊടുത്തു. ശരാംശു തൂകുന്നവനും, അർക്കാഭനുമായ പാർത്ഥൻ പോരിൽ കയറി. കിരീടമാലിയായ കൗന്തേയൻ കുരുക്കളെയൊക്കെ മൂടി. വായുവിൽ മിന്നലും ശൈലത്തിൽ തീയും പോലെ പൊതിഞ്ഞു. ഗാണ്ഡീവം ഇന്ദ്രചാപംപോലെ വളഞ്ഞുതന്നെ എപ്പോഴും കാണപ്പെട്ടു. മഴപെയ്യുന്ന ആകാശത്തിൽ മിന്നൽ മിന്നിത്തെളിഞ്ഞ് പത്തുദിക്കും ഭൂമിയും മിന്നിക്കുന്നവിധം, പത്തുദിക്കും മിന്നുമാറ് ഗാണ്ഡീവം ചിന്നിമിന്നി! ആന, തേര്, കുതിരക്കൂട്ടം എന്നിവയൊക്കെ മോഹത്തിൽപ്പെട്ടുപോയി. സംഭ്രമംമൂലം ബോധമില്ലാത്ത മട്ടായി. യോധന്മാരൊക്കെ ശാന്തരായി. മനസ്സു പിടിച്ചുനിർത്താൻ കഴിയാത്തവരായി. എല്ലാവരും ചൈതന്യം കെട്ട് യുദ്ധത്തിൽനിന്നു പിൻതിരിഞ്ഞു. ഇപ്രകാരം ആ സൈന്യമൊക്കെ സ്വജീവിതത്തിലുള്ള ആശയൊക്കെ കെട്ട് കണ്ട ദിക്കിലേക്കൊക്കെ പാഞ്ഞുപോയി."

64. ഭീഷ്മന്റെ പിന്മാറ്റം – വൈശമ്പായനൻ പറഞ്ഞു: "പിന്നെ, ഭാരതന്മാർക്കു പിതാമഹനും ശന്തനുപുത്രനുമായ ഭീഷ്മൻ, പാർത്ഥൻ യോധന്മാരെ സംഹരിച്ചുകൊണ്ടിരിക്കെ, പാഞ്ഞേറ്റു. പൊന്നുകെട്ടിച്ച നല്ല വില്ലു കൈയിലെടുത്ത് മർമ്മം പിളർന്നു മർദ്ദിക്കുന്ന തീക്ഷ്ണമായ ബാണങ്ങളെയെടുത്തു വിളങ്ങുന്ന ഭീഷ്മൻ, തലയ്ക്കു മുകളിൽ ശോഭിക്കുന്ന വെൺകൊറ്റക്കുടയോടുകൂടി, തലയ്ക്കുമുകളിൽ പ്രഭാതത്തിൽ രശ്മിതൂകുന്ന ഉദയസൂര്യൻ നില്ക്കുന്ന ഗിരി എന്നപോലെ ശോഭിച്ചു!

ധാർത്തരാഷ്ട്രൻ പ്രസാദിക്കുമാറ് ശംഖുവിളിച്ചു വലംവെച്ച് ഏറ്റ് ഗാംഗേയൻ സവ്യസാചിയെ തടഞ്ഞു. അവൻ എതിർക്കുവാനായി വരുന്നതുകണ്ടപ്പോൾ വൈരിവിനാശനനായ പാർത്ഥൻ ഹർഷിച്ചുംകൊണ്ട് മേഘത്തെ മല എന്നപോലെ കൈക്കൊണ്ടു. ഭീഷ്മൻ ഉടനെ പാർത്ഥന്റെ കൊടിമേൽ എട്ടമ്പ് എടുത്തു പ്രയോഗിച്ചു. ചീറ്റുന്ന പാമ്പുപോലുള്ള അവയെ ബലമായി തറച്ചു. പാണ്ഡുപുത്രന്റെ ധ്വജത്തിൽച്ചെന്ന് ആ ബാണങ്ങളൊക്കെ ധ്വജത്തിൽ ജ്വലിക്കുന്ന കപിയുടെമേലും ഭൂതഗണത്തിന്മേലും പതിച്ചു. മൂർച്ചയേറിയ കത്തിയമ്പെടുത്ത് പാണ്ഡവൻ ഭീഷ്മന്റെ കുട ഖണ്ഡിച്ചു. അത് ഭൂമിയിൽ വീഴുകയും ചെയ്തു. അവന്റെ കൊടിയും പാർത്ഥൻ ശരങ്ങളാൽ എയ്തു. വേഗം രഥാശ്വങ്ങളെയും പിൻപുറത്തുള്ള സൂതനേയും എയ്തും പാർത്ഥന്റെ ശരിയായ തത്വം ഗ്രഹിക്കുന്നവനാണ് ഭീഷ്മനെങ്കിലും അവന്റെ ഈ സാഹസം സഹിക്കാതെ ധനഞ്ജയനിൽ മഹാദിവ്യാസ്ത്രങ്ങളെ തൂകി. അപ്രകാരംതന്നെ പാർത്ഥനും ഭീഷ്മനെ ദിവ്യാസ്ത്രങ്ങളെടുത്ത് മേഘത്തെ മലയെന്നപോലെ തടഞ്ഞു. ബലിയും ശക്രനും തമ്മിൽ എന്നപോലെ അർജ്ജുനനും ഭീഷ്മനും തമ്മിൽ രോമാഞ്ചമഞ്ചുന്നവിധം ഉൽക്കടമായ പോരാട്ടം നടന്നു. കൗരവന്മാരും യോദ്ധാക്കളും സൈന്യങ്ങളും ഒക്കെ നോക്കിക്കൊണ്ടുനിന്നു. ഭീഷ്മാർജ്ജുനരണത്തിൽ കത്തിയമ്പുകൾ ആകാശത്ത് ഖദ്യോതംപോലെ മിന്നിപ്പറന്നു. അർജ്ജുനൻ രണ്ടുകൈകൊണ്ടും അമ്പുതൂകുന്ന ഗാണ്ഡീവം വട്ടംചുറ്റിക്കുന്ന അഗ്നിചക്രംപോലെ ശോഭിച്ചു. ഉടനെ കൂർത്തുമൂർത്ത ശരങ്ങൾകൊണ്ട്, അർജ്ജുനൻ ഭീഷ്മനെ ജലധാരകളാൽ ശൈലത്തെ മൂടുന്ന മേഘംപോലെ മൂടി. കോളിളക്കംപോലെ എത്തുന്ന ഘോരമായ ശരവൃഷ്ടിയെ അമ്പുകൾ എയ്ത് ഉടച്ച് ഭീഷ്മൻ പാണ്ഡുപുത്രനെ തടുത്തു. അപ്പോൾ ആ ശരജാലങ്ങൾ ശകലങ്ങളായി അറ്ററ്റ് പാർത്ഥന്റെ തേർത്തട്ടിലേക്കുതന്നെ തകർന്നു വീണു.

പിന്നേയും കടയ്ക്കു പൊന്നുകെട്ടിച്ച ശരങ്ങളുടെ നിര പാർത്ഥന്റെ തേരിൽനിന്ന് ഇയ്യാംപാറ്റകൾപോലെ വരുന്ന സമയത്ത് കൂർത്തുമൂർത്ത ശരംതൂകി ഭീഷ്മൻ അനവരതം തകർത്തുനിന്നു. അപ്പോൾ കുരുക്കളെല്ലാം 'ഭേഷ്! ഭേഷ്!' എന്ന് ഉച്ചത്തിൽ ആർത്തു. 'അസാദ്ധ്യകർമ്മം ഭീഷ്മൻ ചെയ്തു! യുവാവും ബലവാനും ദക്ഷനും ദ്രുതകർമ്മിയുമായ പാർത്ഥന്റെ ഊക്കു തടുക്കുവാൻ ഭീഷ്മനല്ലാതെ മറ്റാരുണ്ട്? ശാന്തനവനായ ഭീഷ്മനും, ദേവകീസുതനായ കൃഷ്ണനും, ശക്തനും ആചാര്യവരനുമായ ദ്രോണനുമൊഴികെ മറ്റാരുണ്ട്? എല്ലാവരുടേയും കണ്ണ് ആ മഹാരഥന്മാർ മങ്ങിച്ചിരിക്കുന്നു!' എന്ന് കണ്ടുനില്ക്കുന്നവരൊക്കെ പ്രശംസിച്ചു.

digitized by www.sreyas.in

പ്രാജാപത്യം, ഐന്ദ്രം, ആഗ്നേയം, രൗദ്രം, കൗബേരം, വാരുണം, യാമ്യം, വായവ്യം ഈവക ദിവ്യസായകങ്ങളെ പ്രയോഗിച്ച് ആ മഹാത്മാക്കൾ സംഗരത്തിൽ സഞ്ചരിച്ചു. അവരെക്കണ്ട് ജീവികളൊക്കെ അത്ഭുതപ്പെട്ടു. 'നന്നു പാർത്ഥാ! മഹാബാഹോ, ഭേഷ്! ഭേഷ്! നന്ന്, ഹേ! ഭീഷ്മാ, നന്ന്' എന്ന് പലയിടങ്ങളിൽ നിന്നും അഭിനന്ദനങ്ങൾ ഉയർന്നു. ഈ കാട്ടുന്നവിധം മഹത്തരമായ കർമ്മം മർത്ത്യസാദ്ധ്യമല്ല! ഭീഷ്മാർജ്ജുനന്മാർക്കു ചേർന്നതായ മഹാസ്ത്രപ്രക്രമക്രമം അത്ഭുതംതന്നെ!"

വൈശമ്പായനൻ പറഞ്ഞു: "സർവ്വാസ്ത്രജ്ഞന്മാരായ അവരുടെ ദിവ്യാസ്ത്രങ്ങൾകൊണ്ടുള്ള യുദ്ധം കുറെനേരം നടന്നു. അതിനുശേഷം ശരജാലങ്ങൾകൊണ്ടുള്ള യുദ്ധം തുടർന്നു. ഉടനെ പാർത്ഥൻ തിരിഞ്ഞു കത്തിയമ്പെടുത്തു പ്രയോഗിച്ചുതുടങ്ങി. ഭീഷ്മന്റെ പൊന്നുകെട്ടിച്ച വില്ല് പെട്ടെന്ന് അർജ്ജുനൻ മുറിച്ചു. കണ്ണടച്ചു മിഴിക്കുന്നതിന്നു മുമ്പായി ഭീഷ്മൻ വേറെയൊരു വില്ലെടുത്തു കുലയേറ്റി. ചൊടിച്ച് അനേകം ബാണങ്ങൾ പാർത്ഥനിൽ പ്രയോഗിച്ചു. അർജ്ജുനൻ തീക്ഷ്ണമായ ബാണങ്ങൾ ഭീഷ്മനിലും പ്രയോഗിച്ചു. ഭീഷ്മൻ പാണ്ഡവനിലും അപ്രകാരംതന്നെ പ്രയോഗിച്ചു. ദിവ്യാസ്ത്രവേദികളായ അവർ തീക്ഷ്ണാസ്ത്രം ചൊരിയുന്ന സമയത്ത് ചെറ്റും ഭയം ആ മഹാന്മാരിൽ കണ്ടില്ല. ഉടനെ ശരജാലംകൊണ്ടു പത്തുദിക്കും മൂടി. കിരീടധാരിയായ പാർത്ഥൻ ഭീഷ്മരിലും മേലെയായി. ഭീഷ്മൻ പാർത്ഥനിലും മേലെയായി. ഇങ്ങനെ അവർ രണ്ടുപേരും ആ യുദ്ധത്തിൽ അത്യാശ്ചര്യം ജനിപ്പിച്ചു.

പാർത്ഥൻ ശൂരനായ ഭീഷ്മന്റെ തേരിലെ കാവൽക്കാരെ കൊന്നു. ഹേ ജനമേജയാ! ആ ഭയങ്കരമായ പോരാട്ടത്തിൽ എത്രയോ അനവധി യോദ്ധാക്കൾ മരിച്ചു! പർത്ഥന്റെ തേരിനു ചുറ്റും യോദ്ധാക്കൾ ചത്തുനിലംമൂടിക്കിടന്നു. ഗാണ്ഡീവം വിടുന്ന ശരങ്ങൾ ശത്രുനാശോദ്യമത്തോടുകൂടി കടമുട്ടിക്കൊണ്ട് ശീഘ്രത്തിൽ പാഞ്ഞു. ശ്വേതാശ്വൻ വിടുന്ന ശരങ്ങൾ, പൊന്നിൻ ചിറകുവെച്ചവയും തേരിൽനിന്ന് ഉയരുന്നവയുമായ ശരങ്ങൾ, ആകാശത്തിൽ അരയന്നങ്ങളുടെ അണികൾപോലെ കാണപ്പെട്ടു. അവൻ ബഹുളമായി എയ്തുവിടുന്ന ദിവ്യാസ്ത്രനിരകൾ അംബരത്തിൽ നിന്നുകൊണ്ട് ഇന്ദ്രാദികളായ സുരന്മാരൊക്കെ കണ്ടുനിന്നു. അത്യത്ഭുതവും ചിത്രവുമായ ശരപ്രയോഗം കണ്ടുനിന്ന് ഗന്ധർവ്വസത്തമനായ ചിത്രസേനൻ ദേവേന്ദ്രനോടു പറഞ്ഞു: 'നോക്കൂ! പാർത്ഥൻ വിടുന്നതും തമ്മിൽ തൊട്ടുതൊട്ടു പോകുന്നതുമായ ശരങ്ങൾ! ഇത് ആശ്ചര്യംതന്നെ! ജിഷ്ണുവിന്റെ ദിവ്യാസ്ത്രപ്രൗഢകൗശലം ആശ്ചര്യംതന്നെ! മനുഷ്യർ ഇപ്രകാരം ചെയ്യുവാൻ ശക്തരല്ല. അവരിലൊന്നും ഇത്തരം പ്രയോഗചാതുര്യം കാണുകയില്ല. മഹാസ്ത്രരായ പൗരവരുടെ ഈ യുദ്ധം പരമാത്ഭുതംതന്നെ! അമ്പ് എടുക്കുമ്പോഴും തൊടുക്കുമ്പോഴും ഗാണ്ഡീവം വില്ല് ഉലയ്ക്കുമ്പോഴും എയ്യുമ്പോഴും അവന്ന് അതിൽ യാതൊരു ഇടയും കാണുകയുണ്ടായില്ല. ഉച്ചയ്ക്ക് വാനിൽ തപിപ്പിക്കുന്ന സൂര്യനെ എന്നപോലെ ആ പാണ്ഡവനെ നോക്കുവാൻ സൈന്യത്തിൽ ആർക്കുംതന്നെ സാദ്ധ്യമായില്ല. ഗാംഗേയനായ ഭീഷ്മനേയും അപ്രകാരംതന്നെ നോക്കുവാൻ ആരും ആളായില്ല. രണ്ടുപേരും വിശ്രുതകർമ്മാക്കളാണ്. രണ്ടുപേരും ഉഗ്രവിക്രമികളുമാണ്. രണ്ടുപേരും തുല്യകർമ്മാക്കളാണ്. രണ്ടുപേരും പോരിൽ ദുർജ്ജയരുമാണ്.

ഇപ്രകാരം അവൻ പറഞ്ഞപ്പോൾ ഇന്ദ്രൻ ഭീഷ്മാർജ്ജുനരണത്തെ പൂജിക്കുകയും ദിവ്യമായ പുഷ്പം വർഷിക്കുകയും ചെയ്തു.

ഈ സമയത്ത് പൊരുതിക്കൊണ്ടുനില്ക്കുന്ന അർജ്ജുനന്റെ ഇടത്തേ പള്ളയ്ക്ക് ഭീഷ്മൻ ആഞ്ഞ് അമ്പെയ്തു. ഉടനെ ചിരിച്ച് അർജ്ജുനൻ ഗൃദ്ധ്രപത്രശരത്താൽ അർക്കപ്രഭാവനായ ഭീഷ്മന്റെ വില്ലു മുറിച്ചു. പിന്നെ ഭീഷ്മന്റെ മാർത്തട്ടിൽ പത്തു ശരങ്ങൾ കിണഞ്ഞുപോരാടുമ്പോൾ, കുന്തീപുത്രനായ ധനഞ്ജയൻ ആഞ്ഞുവലിച്ചുവിട്ടു. പെട്ടെന്ന് സഹിക്കവയ്യാത്ത അവശതയാൽ ആ മഹാബാഹു രഥത്തിന്റെ കൂബരത്തിന്മേൽ പിടിച്ചു വീഴാതെ നിന്നു. അല്പസമയം ആ ഗംഗാപുത്രൻ നിന്നനിലയിൽത്തന്നെ നിന്നു. ബോധംകെട്ടുപോയ ആ ധീരയോദ്ധാവിനെ സാരഥി, ഉപദേശമുറ അനുസരിച്ച്, അവിടെനിന്നു കൊണ്ടുപോയി."

65. പടക്കളത്തിൽനിന്ന് ദുര്യോധനന്റെ ഓട്ടം -

വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മൻ പടക്കളം വിട്ടു പാഞ്ഞുപോയപ്പോൾ ധൃതരാഷ്ട്രപുത്രനായ ദുര്യോധനരാജാവ് പതാകവിട്ട് അർജ്ജുനന്റെ നേരെ പാഞ്ഞടുത്ത് അലറി. ദുര്യോധനൻ വിരോധിയായ ധനഞ്ജയനിൽ കർണ്ണംവരെ വില്ല് ആഞ്ഞുവലിച്ച് ഒരു ഭല്ലം നെറ്റിത്തടത്തിന്റെ നേരേ വിട്ടു. ഊക്കിൽ വലിച്ചുവിട്ട ആ പൊന്നണിഞ്ഞ ബാണം തറച്ചു പ്രശസ്തകർമ്മാവായ അർജ്ജുനൻ ഒറ്റശൃംഗത്തോടുകൂടിയ പർവ്വതംപോലെ ശോഭിച്ചു. അമ്പേറ്റു കീറുന്ന അവന്റെ നെറ്റിത്തടം പിളർന്നു ചുടുരക്തം ചാടി. ആ സുവർണ്ണപുംഖം നെറ്റിയിൽ ഭംഗിയോടെ ശോഭിച്ചു. ദുര്യോധനൻ ഇത്തരത്തിൽ കടന്ന ഒരു എയ്ത്ത് എയ്തപ്പോൾ തരസ്വിയായ അർജ്ജുനൻ വിഷാഗ്നികൾക്കൊത്ത ശരങ്ങൾ എടുത്തു നൃപന്റെ നേരെവിട്ടു. അങ്ങനെ ദുര്യോധനനെ പാർത്ഥനും, പാർത്ഥനെ ദുര്യോധനനും പരസ്പരം എതിർത്തു. ആ ആജമീഢന്മാർ ഇങ്ങനെ മത്സരിക്കുമ്പോൾ മലപോലെയുള്ള ഒരു മത്തഗജത്തിന്റെ പുറത്തുകയറി വികർണ്ണൻ രഥങ്ങളോടും, ഗജപാദരക്ഷകരോടുംകൂടി വന്ന് കുന്തീസുതനോട് എതിർത്തു.

പാഞ്ഞുവരുന്നതായ ആ ദന്തിയെ മസ്തകങ്ങളുടെ ഇടയിൽ നോക്കി ധനഞ്ജയൻ കർണ്ണംവരെ വലിച്ച് നല്ലതായ ഒരു ഇരുമ്പുബാണം ഊക്കിൽ എയ്തു. പാർത്ഥൻ വലിച്ചെയ്ത ഗൃദ്ധ്രപത്രബാണം ആ ആനയുടെ മസ്തകത്തിൽ കടയോളം ആണ്ടുപോയി. ഇന്ദ്രൻ പ്രയോഗിച്ച വജ്രം അദ്രിയെക്കീറി പ്രവേശിക്കുന്നമാതിരി കാണികൾക്ക് അത്ഭുതമുണ്ടാക്കി. അമ്പേറ്റ് അമ്പിയ കൊമ്പൻ അപ്പോൾ ഉള്ളംപിടയുന്നവിധം വിറച്ച്, ഭൂമിയിൽ തളർന്ന്, വജ്രമേറ്റ പർവ്വതശൃംഗംപോലെ വീണു. ഗജേന്ദ്രൻ ഭൂമിയിൽ വീണപ്പോൾ താഴെച്ചാടിയുഴറുന്ന വികർണ്ണൻ എണ്ണൂറടിപ്പാട് പിന്നോക്കം ഓടി വിവിംശതിയുടെ തേരിൽ ചാടിക്കയറി. കുന്നുപോലുള്ള ആ ദന്തിയെ വജ്രമൊത്ത വലിയൊരു അമ്പുകൊണ്ടു വലിച്ചുനീക്കി. മറ്റൊരമ്പുകൊണ്ട് ദുര്യോധനന്റെ മാറിടം കീറുകയും ചെയ്തു. ആ ആനയും ആ രാജാവും ഒപ്പം പിന്മടങ്ങി. വികർണ്ണനും കൂട്ടരും ഓടിപ്പോവുകയും ചെയ്തു. പിന്നെ അവിടെയുണ്ടായ ഓട്ടം അത്ഭുതമായിരുന്നു. ഗാണ്ഡീവത്തിൽനിന്നു പുറപ്പെടുന്ന ശരങ്ങൾ ഏറ്റു യോദ്ധാക്കൾ കണ്ടദിക്കിലേക്ക് ഓടിപ്പോയി.

പാർത്ഥൻ ആനയെ കൊലചെയ്തതു കാണുകയാലും യോദ്ധാക്കളൊക്കെ പാഞ്ഞുപോയതു കണ്ടും കുരുപ്രവീരനായ ദുര്യോധനൻ പാർത്ഥബാധയേല്ക്കാത്ത ദിക്കുനോക്കി രക്ഷപ്പെട്ടു. ആ കുരുവീരൻ യുദ്ധത്തിൽ പരാജിതനായി രക്തമൊലിച്ച് പലായനംചെയ്യുമ്പോൾ അരിവീരഘാതിയായ കിരീടി കൈകൊട്ടി പോരിന്നു വിളിച്ചു."

അർജ്ജുനൻ പറഞ്ഞു: "ഹേ! ദുര്യോധനാ! നിൽക്കൂ! നിൽക്കൂ! ഒന്നു പറഞ്ഞോട്ടെ! നല്ല കീർത്തിയും, യശസ്സുമൊക്കെ വിട്ട് നീ പടക്കളത്തിൽനിന്ന് ഓടുകയാണോ? നിന്റെ ഭേരിയുടെ ശബ്ദമൊക്കെ എവിടെപ്പോയി? ഞാൻ യുധിഷ്ഠിരന്റെ ദാസനും, കൗന്തേയരിൽ മൂന്നാമത്തേവനുമാണ്. എന്നെ ഭവാൻ അറിഞ്ഞുവോ? നീ മൂലം രാജ്യംവിട്ടു പോകേണ്ടിവന്ന യുധിഷ്ഠിരന്നുവേണ്ടി, ഭവാൻ ഇതാ! ഇങ്ങോട്ടൊന്നു മുഖംതിരിക്കൂ! രാജവൃത്തി ഭവാന് അറിഞ്ഞുകൂടേ? എടോ 'ദുര്യോധനാ!' നിനക്ക് ആരാണ് ഈ പേരു നല്കിയത്? പാഴിലായല്ലോ നിനക്ക് ഈ പേരിട്ടത്! യുദ്ധക്കളത്തിൽനിന്നു പേടിച്ചോടുന്ന നിന്നിൽ 'ദുര്യോധനത്വ'മൊന്നും കാണുന്നില്ലല്ലോ! ഭവാന്റെ വിജയവാദ്യഘോഷമൊക്കെയെവിടെ? മുൻപിലും പിൻപിലും രക്ഷകന്മാരേയും കാണാനില്ലല്ലോ! ഇനി ജീവനിൽ കൊതിയോടെ യുദ്ധഭൂമിയിൽനിന്നു പാഞ്ഞോടിയാലേ പാണ്ഡവനിൽനിന്നു ഭവാനു

digitized by www.sreyas.in

രക്ഷകിട്ടുകയുള്ളൂ. ഓടിക്കോ! തിരിഞ്ഞുനോക്കാതെ ഓടിക്കോ!"

66. എല്ലാ കൗരവന്മാരുടേയും തിരിഞ്ഞോട്ടം – വൈശമ്പായനൻ പറഞ്ഞു: "മഹാശയനായ പാർത്ഥൻ ഇപ്രകാരം വിളിച്ചപ്പോൾ ദുര്യോധനൻ അങ്കുശംകൊണ്ടു ഗജം എന്നപോലെ വാക്കാകുന്ന അങ്കുശമേറ്റ് തിരിഞ്ഞുനിന്നു. അവന് അർജ്ജുനന്റെ പരിഹാസം പൊറുക്കാൻ കഴിഞ്ഞില്ല. ശക്തിമാനായ അവൻ രഥവുമായി തിരിച്ചുചെന്നു. കാലുകൊണ്ടു ചവിട്ടേറ്റ സർപ്പത്തെപ്പോലെ ചീറിക്കുതിച്ചടുത്തു. അവൻ വീണ്ടും തിരിച്ചുചെല്ലുന്നതു കണ്ടപ്പോൾ, അമ്പേറ്റു വിവശനായിരുന്നെങ്കിലും മണിമാലയണിഞ്ഞ കർണ്ണനും സധൈര്യം തിരിച്ചുചെന്നു. ദുര്യോധനന്റെ പിറകെ ഭീഷ്മനും പൊൻചട്ടയിട്ട് ഉശിരോടുകൂടി അടുത്തു. ദ്രോണനും, കൃപനും, വിവിംശതിയും, ദുശ്ശാസനനും തിരിച്ചുചെന്നു. ആ സൈന്യങ്ങളൊക്കെ തിരിച്ചു വീണ്ടും വർദ്ധിച്ച ഒഴുക്കുപോലെ എതിർക്കുവാനായി വന്നത് അർജ്ജുനൻ കണ്ടു. വന്നുചേരുന്ന മേഘത്തെ കതിരവനെന്നപോലെ ധനഞ്ജയൻ തപിപ്പിച്ചുകൊണ്ട് അടുത്തു. അപ്പോൾ എല്ലാ വീരന്മാരും വിജയന്റെ ചുറ്റുമായി വളഞ്ഞു. ദിവ്യാസ്ത്രഗണങ്ങളാൽ പർവ്വതത്തിൽ മേഘങ്ങൾ എന്നപോലെ പാർത്ഥനിൽ ശരങ്ങളെക്കൊണ്ടു വർഷം തുടങ്ങി. ആ കൗരവന്മാർ ചൊരിയുന്ന അസ്ത്രമൊക്കെ ഗാണ്ഡീവി അസ്ത്രങ്ങളെക്കൊണ്ടുതന്നെ പോക്കിവിട്ടു. പരവീരഘാതിയായ അർജ്ജുനൻ അസഹ്യമായ സമ്മോഹനാസ്ത്രമെടുത്ത് എയ്തു. ഉടനെ മൂർച്ചയുള്ള ശരങ്ങൾ വിട്ടു ദിക്കുകളൊക്കെ ആ വീരൻ അടച്ചു. ശക്തനായ അവൻ ഗാണ്ഡീവചാപധ്വനിയാൽ ശത്രുക്കൾക്കു വ്യഥയുണ്ടാക്കി. പിന്നെ കടുത്ത ധ്വനിയുള്ള ശംഖ് എടുത്തു വളരെ ഉച്ചത്തിൽ പത്തു ദിക്കും മുഴങ്ങുമാറ് ഊതി. ആകാശത്തിലും, ഭൂമിയിലും അതിന്റെ ധ്വനി മുഴങ്ങി. ആ ഭയങ്കരമായ ശംഖധ്വനി കേട്ടപ്പോൾ സകല കൗരവവീരന്മാരും മോഹിച്ചുപോയി. സകലവീരന്മാരുടേയും കൈകളിൽനിന്നു വില്ലുകൾ വീണുപോയി. ബോധമില്ലാതെ എല്ലാവരും മങ്ങിമയങ്ങി നില്പായി. ഒരെണ്ണത്തിനെങ്കിലും ബോധമുണ്ടായില്ല. ഇങ്ങനെ എല്ലാ യോദ്ധാക്കളും മോഹിച്ചു നില്ക്കുന്നതു കണ്ടപ്പോൾ പാർത്ഥൻ ഉത്തരയുടെ വാക്ക് ഓർമ്മിച്ചു: 'നല്ല മൃദുവായ വിലപിടിച്ച വസ്ത്രങ്ങൾ കൗരവരെ ജയിച്ചു കൊണ്ടുവരണം' എന്നു പറഞ്ഞ വാക്കുകൾ ഓർമ്മിച്ചു. വിരാടപുത്രനോടു തേരിൽനിന്നിറങ്ങുവാൻ പറഞ്ഞു. 'എടോ ഉത്തരാ, ഈ കൗരവന്മാർ എല്ലാവരും മോഹിച്ചിരിക്കയാണ്. നീ അവരുടെ ദിവ്യമായ വസ്ത്രങ്ങളൊക്കെ അഴിച്ചെടുക്കണം. ആചാര്യനായ ശാരദ്വതന്റെ ശുഭമായ വസ്ത്രവും, കർണ്ണന്റെ മഞ്ഞനിറത്തിലുള്ള മനോജ്ഞവസ്ത്രവും, ദുര്യോധനന്റേയും ദ്രൗണിയുടേയും നീലപ്പട്ടുവസ്ത്രവും നീ അഴിച്ചെടുത്തുകൊള്ളുക. ഭീഷ്മന് ബോധം മറിയുകയില്ല. അദ്ദേഹത്തിന്നു ബോധം ഇപ്പോഴും ഉണ്ടായിരിക്കും. ദിവ്യാസ്ത്രത്തെക്കുറിച്ചുള്ള ജ്ഞാനം അദ്ദേഹത്തിന്നുണ്ടായിരിക്കും. അദ്ദേഹത്തിന്റെ രഥത്തെ ഇടത്തുവെച്ചുവേണം നീ പോകുവാൻ. ഇപ്രകാരം നീ മനസ്സിൽ കരുതി പോയി ഞാൻ പറഞ്ഞതുപോലെ ചെയ്യുക.'

അർജ്ജുനൻ പറഞ്ഞ ഉടനെ വീരനായ വിരാടപുത്രൻ കടിഞ്ഞാണുവിട്ട് താഴോട്ടു ചാടിയിറങ്ങി മഹാരഥന്മാരുടെ ഭംഗിയേറിയ പൊൻകസവുവെച്ച വസ്ത്രങ്ങളൊക്കെ ഓരോന്നോരോന്നായി അഴിച്ചെടുത്ത് ക്ഷണത്തിൽ വീണ്ടും തേർത്തടത്തിലെത്തി. പിന്നെ പൊന്നണിഞ്ഞ ഹയങ്ങളെ വീണ്ടും വിട്ടു. ആ ശ്വേതവാഹങ്ങൾ രഥിപ്രവീരന്മാരുടെ മദ്ധ്യത്തിൽനിന്ന് പാർത്ഥനേയും കൊണ്ടു നടന്നു. അങ്ങനെ പോകുന്ന ആ നരവീരനിൽ ശക്തനായ ഭീഷ്മൻ ശരങ്ങൾ തൂകി. ഭീഷ്മന്റെ കുതിരകളെ അർജ്ജുനൻ കൊന്ന് പത്തുശരങ്ങൾ പിന്നേയും എയ്തു. പാർത്ഥൻ വേഗത്തിൽ ഭീഷ്മനെ വിട്ട്, യന്താവായ ദുര്യോധനനേയും വിട്ട്, തേർക്കൂട്ടത്തേയുംവിട്ട് അകലെ ചെന്നുനിന്നു മേഘം പിളർന്ന ഭാനുമാനെപ്പോലെ സകലരേയും പരാജിതനാക്കി പ്രശോഭിച്ചു. തന്റേടം വന്ന കുരുക്കൾ ഇന്ദ്രാഭനായ പാർത്ഥനെക്കണ്ടു യുദ്ധം ഒക്കെ നിർത്തി അർജ്ജുനൻ നില്ക്കുന്നതു കണ്ടപ്പോൾ ദുര്യോധനൻ പറഞ്ഞു: 'എന്താണ് അവൻ നിങ്ങളെയൊക്കെ വിട്ടുപോയത്? അവനെ വിടരുത്. കേറി ആക്രമിക്കുവിൻ!' ദുര്യോധനന്റെ വീരവാദം കേട്ടു ചിരിച്ച് ഭീഷ്മൻ പറഞ്ഞു: "എടോ ദുര്യോധനാ, നിന്റെ ബുദ്ധിയും വീര്യവുമൊക്കെ എവിടെയായിരുന്നു? നിങ്ങൾ ഇവിടെ മയങ്ങി നില്ക്കുകയായിരുന്നുവല്ലോ! അമ്പും വില്ലുമില്ലാതെ യുദ്ധക്കളത്തിൽ നിന്നിരുന്ന നിങ്ങളെ എന്തേ അവൻ കൊല്ലാഞ്ഞതെന്നു മനസ്സിലായോ? ധർമ്മിഷ്ഠനായ ബീഭത്സു നൃശംസമായ കർമ്മം ഒരിക്കലും ചെയ്യുകയില്ല. പാപകർമ്മത്തിൽ അവന്റെ മനസ്സു ചെല്ലുകയില്ല. മൂന്നുലോകം സിദ്ധിച്ചാലും പാർത്ഥൻ സ്വധർമ്മം ഉപേക്ഷിക്കുകയില്ല. അതുകൊണ്ടാണ് ബോധം വെടിഞ്ഞ് അമ്പും വില്ലും കൈവിട്ട് നിശ്ചേഷ്ടരായി നില്ക്കുന്ന നമ്മെ അവൻ കൊല്ലാതെ വിട്ടത്. മനസ്സിലായോ? ഇനി നാം ഇവിടെ നില്ക്കേണ്ട. വേഗം സ്വഗൃഹത്തിലേക്കു മടങ്ങിപ്പോകുന്നതാണു നല്ലത്. പാർത്ഥൻ പശുക്കളേയും ജയിച്ച് പിടിച്ചുകൊണ്ടു പൊയ്ക്കൊള്ളട്ടെ! ഉണ്ണീ, മോഹം കൊണ്ട് അർത്ഥനാശം വരുത്തേണ്ട. അതുകൊണ്ട് കഴിയുന്ന വേഗം സ്ഥലംവിടുന്നതാണ് ഏറ്റവും നല്ല കാര്യം!"

വൈശമ്പായനൻ പറഞ്ഞു: "പിതാമഹൻ ഇപ്രകാരം പറഞ്ഞപ്പോൾ ദുര്യോധനൻ എല്ലാം കേട്ട്, യുദ്ധത്തിലുള്ള ആശയൊക്കെ കൈവിട്ട് അമർഷിയായി നെടുവീർപ്പിട്ടു മിണ്ടാതെയിരുന്നു. എല്ലാവരും ഭീഷ്മന്റെ ഹിതോക്തി കേട്ടും ധനഞ്ജയനാകുന്ന അഗ്നി എരിയുന്നതു കണ്ടും ദുര്യോധനന്റെ രക്ഷയ്ക്കു വേണ്ടി തിരിച്ചുപോകുവാൻ തന്നെ തീരുമാനിച്ചു. യാത്രയ്ക്ക് ഒരുങ്ങുന്ന കുരുവീരന്മാരെക്കണ്ടു ധനഞ്ജയൻ രസമായി ചിരിച്ച് ഒന്നും പറയാതെ ഭാവംകൊണ്ട് അനുനയം ചെയ്തു. അനുനയം ചെയ്ത് ഇപ്രകാരമാണ് യാത്രയയച്ചത്. മുത്തച്ഛനായ ഭീഷ്മനേയും, ആചാര്യനായ ദ്രോണനേയും ശിരസ്സുകുനിച്ചു വന്ദിച്ചു. ആചാര്യപുത്രൻ, കൃപൻ, കൗരവാഗ്ര്യന്മാർ ഇവരെ അമ്പുകൊണ്ട് അഭിവാദ്യം ചെയ്തു. ദുര്യോധനനോടു ചെയ്ത അഭിവാദ്യം അവന്റെ മണിരത്നവിചിത്രമായ കിരീടം അമ്പെയ്തു തകർത്തു വീഴ്ത്തിക്കൊണ്ടാണ്. ഇങ്ങനെ ആ മാന്യന്മാരോടൊക്കെ യാത്ര പറഞ്ഞ് ഗാണ്ഡീവഘോഷം ഭുവനത്തിൽ മുഴക്കി ദേവദത്തമെന്ന ശംഖു വിളിച്ച് ശത്രുക്കളുടെ ഉള്ളുപിളർന്ന് അങ്ങനെ പാർത്ഥൻ മടങ്ങുവാൻ ഭാവിച്ചു. പൊന്മാലതൂങ്ങുന്ന കൊടിയുമായി വീണ്ടും ശത്രുക്കളെ ജയിച്ചു വിളങ്ങുന്ന പാർത്ഥൻ അപ്പോൾ കുരുക്കൾ മടങ്ങിപ്പോകുന്നതു കണ്ട് പ്രഹൃഷ്ടനായി ഉത്തരനോടു പറഞ്ഞു: 'ഉത്തരാ, നീ അശ്വങ്ങളെ തിരിക്കുക. പശുക്കളെയൊക്കെ ആട്ടി പുരിയിലേക്കു പോകുക! ശത്രുക്കളൊക്കെ മടങ്ങിപ്പോയി.'

ദേവന്മാർ ആ കൗരവപാർത്ഥയുദ്ധം അത്യത്ഭുതത്തോടെ കണ്ടു രസിച്ച്, പാർത്ഥന്റെ കർമ്മങ്ങളെത്തന്നെ ചിന്തിച്ച്, അഭിനന്ദിച്ച് സ്വഗൃഹങ്ങളിലേക്കു തിരിച്ചു."

67. ഉത്തരന്റെ ആഗമനം – വൈശമ്പായനൻ പറഞ്ഞു: "അർജ്ജുനൻ കുരുക്കളെയൊക്കെ പോരിൽ ജയിച്ചതിന്നു ശേഷം വിരാടന്റെ ചിതറിയോടിയ ഗോക്കളെയൊക്കെ ആട്ടിത്തെളിച്ച് ഒന്നിച്ചുചേർത്തു. ധാർത്തരാഷ്ട്രന്മാരൊക്കെ തോറ്റുപിന്മാറിയപ്പോൾ കാട്ടിൽപ്പോയി പ്രാണരക്ഷാർത്ഥം ഒളിച്ചിരുന്ന കൗരവസൈനികന്മാർ പതുക്കെ പുറത്തുവന്നു. പേടിച്ചു വിറച്ച് അവരൊക്കെ ഒരിടത്ത് ഒത്തുകൂടി. അങ്ങനെയിരിക്കുമ്പോൾ പെട്ടെന്ന് അർജ്ജുനനെ കണ്ടതോടുകൂടി അവർ പൈദാഹത്താൽ അവശരായി അർജ്ജുനന്റെ നേരെ കൈകൂപ്പിക്കൊണ്ടു പറഞ്ഞു: 'പാർത്ഥാ, ഞങ്ങൾ ഭവാന്റെ കിങ്കരന്മാരാണ്. രക്ഷിക്കണേ!'"

അർജ്ജുനൻ പറഞ്ഞു: "സ്വസ്തി! നിങ്ങൾ പൊയ്ക്കൊള്ളുവിൻ. മംഗളം ഭവിക്കട്ടെ! ലേശവും ഭയപ്പെടേണ്ട. ആർത്തന്മാരെ ഞാൻ വധിക്കുകയില്ല. നിങ്ങൾക്ക് ഞാൻ യാതൊരു ഉപദ്രവവും ചെയ്യുകയില്ല."

digitized by www.sreyas.in

വൈശമ്പായനൻ പറഞ്ഞു: "അവന്റെ ആശ്വാസവാക്യം കേട്ട് ആ പടയാളികളൊക്കെ ഒന്നിച്ച് അർജ്ജുനനെ ആശംസിച്ചു: 'ഭവാന് ദീർഘായുസ്സും കീർത്തിയും ഉണ്ടാകട്ടെ!'"

ശത്രുക്കളെ ജയിച്ചു തിരിച്ചുപോരുന്ന മത്തഗജത്തെപ്പോലെ ശോഭിക്കുന്ന വിജയനോട്, വിരാടരാജ്യത്തേക്കു പോകുന്ന വഴിക്കു വെച്ച് എതിർക്കുവാൻ കൗരവന്മാർക്കു കഴിവുണ്ടായില്ല. മേഘംപോലെ ദ്രുതഗതിയിൽ പോകുന്ന വിരാടപുത്രനെ അർജ്ജുനൻ സസ്നേഹം പുല്കി ഇപ്രകാരം പറഞ്ഞു: 'എടോ ഉത്തരാ, നിന്റെ അച്ഛന്റെ പാർശ്വത്തിൽ പാണ്ഡവന്മാരൊക്കെ പാർക്കുന്നത് നിനക്കറിവുണ്ടല്ലോ. പുരത്തിൽ ചെന്നെത്തിയാൽ ആ രഹസ്യമൊന്നും വെളിവാക്കരുത്. അദ്ദേഹം പെട്ടെന്നറിഞ്ഞാൽ അമ്പരന്നു ഭയപ്പെട്ടു മരിച്ചുപോകും. അതുകൊണ്ട് നീ പറയേണ്ടതെന്തെന്ന് ഞാൻ പറഞ്ഞുതരാം: അച്ഛാ! ഞാൻ കൗരവന്മാരെയൊക്കെ ജയിച്ച് സൈന്യങ്ങളെയൊക്കെ ഓടിച്ച് ഗോധനത്തെയൊക്കെ വീണ്ടെടുത്തു - ഇപ്രകാരം പറഞ്ഞാൽ മതി.'"

ഉത്തരൻ പറഞ്ഞു: "ഭവാൻ സാധിച്ച കാര്യം അസാദ്ധ്യമാണ്. ഇപ്രകാരം ചെയ്യുവാനോ പറയുവാനോ ഉള്ള കെല്പ് എനിക്കില്ല. എന്നാൽ ഒരു കാര്യം ചെയ്യാം. ഭവാൻ എന്നോടു പറയുന്നതുവരെ ഭവാനെ വെളിപ്പെടുത്താതിരിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ശത്രുക്കളെ ജയിച്ച് ഗോധനമെല്ലാം വീണ്ടെടുത്ത് ശ്മശാനത്തിലെത്തി ശമീവൃക്ഷത്തിന്റെ സമീപത്തു ചെന്നു വിശ്രമിച്ചു. യുദ്ധത്തിൽ ധാരാളം മുറിവുകൾ ആ വീരന്റെ ദേഹത്തിൽ പറ്റിയിരുന്നു. ആ സമയത്ത് അഗ്നിപ്രഭനായ കപീന്ദ്രനും, ഭൂതങ്ങളും ആകാശത്തിൽ മറഞ്ഞു. അപ്രകാരംതന്നെ ആ മായാവിലാസവും അസ്തമിച്ചു. വീണ്ടും അവിടെ വെച്ചിരുന്ന സിംഹധ്വജമെടുത്ത് രഥത്തിൽ ഉറപ്പിച്ചു. പോരിൽ ജയംനേടിത്തന്ന വില്ലും ആ കുരുശ്രേഷ്ഠന്മാരുടെ അമ്പുകളും ആവനാഴിയും ആ വൃക്ഷത്തിൽത്തന്നെ സ്ഥാപിച്ച് സന്തോഷത്തോടെ അർജ്ജുനൻ സാരഥ്യം വീണ്ടും സ്വീകരിച്ചു. അങ്ങനെ ഉത്തരൻ തന്റെ പുരിയിൽ മടങ്ങിയെത്തി. ഇങ്ങനെ പാർത്ഥൻ ആര്യമായ കർമ്മം ചെയ്ത് ശത്രുക്കളെ കൊന്നു മടങ്ങിയശേഷം മുടി വീണ്ടും മെടഞ്ഞുകെട്ടി ഉത്തരന്റെ തേരിൽ ബൃഹന്നളയായി കടിഞ്ഞാൺപിടിച്ച് ഇരുന്നു. മാന്യനായ അർജ്ജുനൻ സൂതനായിത്തന്നെ മടങ്ങിയെത്തി."

വൈശമ്പായനൻ പറഞ്ഞു: "തോറ്റുമടങ്ങിയ കൗരവന്മാരൊക്കെ ദൈന്യഭാവത്തോടുകൂടി ഹസ്തിനാപുരിയിലെത്തി. വഴിക്കുവെച്ച് അർജ്ജുനൻ ഉത്തരനോടു പറഞ്ഞു: 'എടോ രാജപുത്രാ, നിന്റെ ഗോക്കളൊക്കെ വരുന്നതു കണ്ടോ? വീരന്മാരായ ഗോപാലന്മാർ അവരെ ചുറ്റുംനിന്ന് ആട്ടിത്തെളിച്ചു വരുന്നതു നോക്കൂ! നമ്മൾ വിരാടനഗരത്തിലേക്ക് അപരാഹ്നത്തിലെത്തിയാൽ മതി. കുതിരകളെ അഴിച്ച് വെള്ളം കാട്ടി തുടച്ച് അവയ്ക്ക് ആശ്വാസം നല്കിയതിന്നുശേഷം പോകാം. നീ ഗോപാലന്മാരെ ചൊല്ലിവിടുക! അവർ വേഗം പോകട്ടെ! വിജയവാർത്ത അവർ പോയി അറിയിക്കട്ടെ! വിജയഘോഷവും നടത്തട്ടെ!'"

വൈശമ്പായനൻ പറഞ്ഞു: "ഉടനെതന്നെ ഉത്തരൻ, പാർത്ഥന്റെ വാക്കനുസരിച്ച് അപ്പോൾത്തന്നെ ദൂതന്മാരെ ചൊല്ലിവിട്ടു: 'നിങ്ങൾ പോയി രാജാവിനോട് ഉണർത്തുക! നമ്മൾ ജയിച്ചിരിക്കുന്നു! ശത്രുക്കളൊക്കെ ഓടിപ്പോയി! പശുക്കളൊക്കെ പോന്നു! ഇപ്രകാരം ആ പാണ്ഡവനും മത്സ്യവീരനും ദൂതന്മാരെ വിട്ട് ശമീവൃക്ഷച്ചുവട്ടിൽ രണ്ടാമതും ചെന്ന് ആ ജയപ്രഹൃഷ്ടർ വെച്ച കോപ്പുകളൊക്കെ വീണ്ടുമെടുത്ത് അതിൽക്കയറ്റി. ശത്രുപ്പടകളൊക്കെ ജയിച്ച് പശുക്കളെയൊക്കെ കൗരവരിൽനിന്നു വീണ്ടെടുത്ത് ബൃഹന്നളാസൂതനോടുകൂടി വിരാടപുത്രൻ നഗരത്തിൽ പ്രവേശിച്ചു."

68. വിരാടനും ഉത്തരനുമായുള്ള സംഭാഷണം -

വൈശമ്പായനൻ പറഞ്ഞു: "ഗോധനം അപഹരിച്ച ത്രിഗർത്തന്മാരെ യുദ്ധത്തിൽ ജയിച്ച് സൈന്യങ്ങളോടുകൂടെ പശുക്കളെയൊക്കെ ആട്ടിത്തെളിച്ച് ശ്രീമാനായി വിരാടരാജാവ് നാലു പാണ്ഡവന്മാരോടുംകൂടി നഗരത്തിൽ സസന്തോഷം തിരിച്ചെത്തി. ഇഷ്ടജനങ്ങൾക്കൊക്കെ സന്തോഷമുണ്ടാക്കി പീഠത്തിൽ വാഴുന്ന വിരാടനെ ശത്രുഘാതികളോടുകൂടി പാർത്ഥന്മാർ ഉപാസിച്ചു. നാട്ടുകാരും ബ്രാഹ്മണരോടുകൂടി രാജാവിനെ ചെന്നു കണ്ട് അഭിനന്ദിച്ചു. സൈന്യത്തോടുകൂടി മഹാജനങ്ങളുടെ അഭിവാദ്യങ്ങൾ സ്വീകരിച്ച് ജനങ്ങളുടെ സന്തോഷത്തിൽ രാജാവ് അഭിനന്ദിച്ചു. ഉത്തരനെ കാണായ്കയാൽ അന്വേഷിച്ചു. അനന്തരം വിപ്രേന്ദ്രന്മാരേയും നാട്ടുകാരേയും ഉത്തരനെ അന്വേഷിക്കുവാനായി വിട്ടു. അപ്പോൾ അന്തഃപുരത്തിലെ സ്ത്രീകളും പെൺകിടാങ്ങളും അവന്റെ വൃത്താന്തം രാജാവിനെ അറിയിച്ചു.

കൗരവന്മാർ വന്ന് നമ്മുടെ ഗോധനത്തെ ആക്രമിച്ചു. അവരെ ജയിക്കുവാൻ വാശിയോടുകൂടി തനിച്ച് പൃഥിവിഞ്ജയൻ സാഹസത്തോടെ ബൃഹന്നളയോടുകൂടി പോയിരിക്കയാണ്. അവൻ ഭീഷ്മനേയും, കൃപനേയും, കർണ്ണനേയും, സുയോധനനേയും, ദ്രോണനേയും, ദ്രൗണിയേയും ഇങ്ങനെ ആറ് മഹാന്മാരേയും ജയിക്കുവാൻ പോയിരിക്കയാണ്.'"

വൈശമ്പായനൻ പറഞ്ഞു: "വിരാടരാജാവ് ഇതു കേട്ടപ്പോൾ വളരെയധികം സന്തോഷിച്ചു. മകൻ തനിച്ചാണു പോയതെന്നു കേട്ട് അഭിമാനത്തോടെ മന്ത്രിമാരോടു പറഞ്ഞു: 'തീർച്ചയായും കൗരവന്മാരും മറ്റുള്ള നരനാഥന്മാരും ത്രിഗർത്തൻ തോറ്റതായിക്കേട്ടാൽ പിന്നെ യുദ്ധത്തിന്നു നില്ക്കുകയില്ല. എന്നാൽ ഇനി താമസിക്കേണ്ട. നമ്മുടെ വലിയ സൈന്യത്തോടുകൂടി ഭടന്മാരൊക്കെ പോകട്ടെ. ത്രിഗർത്തന്മാരുമായി യുദ്ധം ചെയ്ത് പരുക്കുപറ്റാത്തവരെല്ലാം അവന്റെ രക്ഷയ്ക്കായി ഉടനെ പോകട്ടെ.' അശ്വങ്ങളും, ആനകളും, രഥങ്ങളും, കാലാൾപ്പടയും ക്ഷണത്തിൽ പുത്രന്റെ രക്ഷയ്ക്ക് സകല ആയുധങ്ങളോടുംകൂടി രാജാവ് അയച്ചു. ഇങ്ങനെ ചതുരംഗസൈന്യങ്ങളെയൊക്കെ അയച്ചതിന്നുശേഷം അവൻ തന്നെത്താനെയിരുന്നു പറഞ്ഞു: 'ജീവിച്ചിരിക്കുന്നുണ്ടോ ഇല്ലയോ, ആരറിയുന്നു? നപുംസകത്തെ സൂതനാക്കി പോയ എന്റെ പുത്രൻ ജീവിച്ചിരിക്കുന്നുണ്ടാവില്ല! തീർച്ച!'"

വൈശമ്പായനൻ തുടർന്നു: "വിരാടരാജാവ് സന്താപത്തോടെ ഇപ്രകാരം പറഞ്ഞതുകേട്ട് ധർമ്മരാജാവ് ചിരിച്ചു പറഞ്ഞു: 'ബൃഹന്നളയാണ് അവന്റെ സാരഥിയെങ്കിൽ ഭവാന്റെ പശുക്കളെ നേടിയേ പോരൂ! ശത്രുക്കൾക്കു കൊണ്ടുപോകാൻ കഴിയുകയില്ല. എല്ലാ മന്നവന്മാരേയും കുരുവീരന്മാരേയും സിദ്ധന്മാരേയും ദേവന്മാരേയും യക്ഷന്മാരേയും ജയിക്കുവാൻ മതിയായവനാകും; ആ സൂതനോടുകൂടിയാണ് ഭവാന്റെ പുത്രൻ പോയതെങ്കിൽ!'"

വൈശമ്പായനൻ തുടർന്നു: "ഉടനെതന്നെ ഉത്തരൻ പറഞ്ഞുവിട്ട ദൂതന്മാർ വിരാടനഗരത്തിലെത്തി, വിജയവാർത്തയറിയിച്ചു: 'കുരുക്കളൊക്കെ തോറ്റ് ഓടിക്കളഞ്ഞു! ഉത്തരൻ വിജയിയായി മടങ്ങിവരുന്നു. പശുക്കളെയൊക്കെ വീണ്ടെടുത്തു. ബൃഹന്നളയോടൊപ്പം മടങ്ങി എത്താറായി.'"

യുധിഷ്ഠിരൻ പറഞ്ഞു: "ഭാഗ്യം! പശുക്കളെയൊക്കെ നേടി! കുരുക്കൾ ഒക്കെ പാഞ്ഞുപോയി! നിന്റെ മകൻ കൗരവന്മാരെ ജയിച്ചത് എനിക്ക് ഒരു അത്ഭുതമായി തോന്നുന്നില്ല. ബൃഹന്നളയെ സൂതനാക്കിപ്പോയവൻ ജയിക്കാതെ മടങ്ങുകയില്ല, തീർച്ചയാണ്!"

വൈശമ്പായനൻ പറഞ്ഞു: "ഈ സന്ദേശം കേട്ടപ്പോൾ രോമാഞ്ചമണിഞ്ഞ വിരാടൻ അഭിമാനത്തോടും സന്തോഷത്തോടുംകൂടി ഭൃത്യന്മാർക്ക് വസ്ത്രങ്ങൾ നല്കി സന്തോഷിപ്പിച്ചതിന്നുശേഷം മന്ത്രിയോടു പറഞ്ഞു: 'എടോ അമാത്യാ, രാജവീഥികളിൽ കൊടി നാട്ടിക്കുക. ദേവാലയങ്ങളിലൊക്കെ പുഷ്പാരാധന കഴിക്കുക. കുമാരന്മാരും, യോധമുഖ്യന്മാരും, മോടിയോടെ വേശ്യമാരോടുകൂടി എല്ലാ വാദ്യങ്ങളോടുംകൂടി, പുത്രനെ എതിരേൽക്കണം. ആനപ്പുറത്തു കയറി ഒരാൾ മണികൊട്ടി നാലുംകൂടിയ വഴികളിലൊക്കെ ചെന്നു വിജയത്തെ പുകഴ്ത്തി അറിയിക്കണം. ശൃംഗാരമോടിയോടുകൂടിയ വേഷത്തോടെ ഉണ്ണിയെ എതിരേൽക്കുകയും വേണം.'

digitized by www.sreyas.in

വൈശമ്പായനൻ തുടർന്നു: "ഇപ്രകാരം രാജാവു പറഞ്ഞപ്പോൾ മംഗല്യസൂചകമായ എട്ടു പദാർത്ഥങ്ങളോടുംകൂടി ഭേരീശംഖാരവങ്ങൾ മുഴക്കി പുരത്തിൽനിന്നു വിരാടപുത്രനെ എതിരേൽക്കുന്നതിന്നായി ശുഭ്രമായ വേഷഭൂഷകളോടുകൂടി തമ്പംഗിമാരും മറ്റുള്ളവരും ചെന്നു."

വൈശമ്പായനൻ തുടർന്നു: "കന്യകമാരേയും വേശ്യമാരേയുമൊക്കെ മോടികൂട്ടി അയച്ചതിന്നുശേഷം മഹാപ്രാജ്ഞനായ മത്സ്യരാജാവ് ഹർഷത്തോടെ ഇപ്രകാരം പറഞ്ഞു: 'എടോ സൈരന്ധ്രി, അക്ഷങ്ങൾ കൊണ്ടുവരൂ. കങ്കാ! നമുക്ക് നന്നായി ഒന്നു കളിക്കണം. ചൂതാട്ടം നന്നായി ഒന്നു നടത്തണം.' ഇപ്രകാരം പറഞ്ഞ രാജാവിനോട് യുധിഷ്ഠിരൻ പറഞ്ഞു: അതിരറ്റു ഹർഷിക്കുന്ന ചൂതാട്ടക്കാരനുമായി ചൂതാടരുത് എന്നാണ് വിദ്വാന്മാരുടെ അഭിപ്രായം. മോദിക്കുന്ന ഭവാനുമായി ചൂതാടാൻ എനിക്കിഷ്ടമില്ല. എങ്കിലും ഭവാന് ഇഷ്ടമാണെങ്കിൽ ഞാൻ ചെയ്യാം.'"

വിരാടൻ പറഞ്ഞു: "പശുക്കളും പൊന്നും പെണ്ണും എന്നുവേണ്ട മറ്റു വിത്തങ്ങളൊന്നുംതന്നെ അങ്ങയുമായി ചൂതാടുന്നതിനു തുല്യം എനിക്ക് ആനന്ദം തരുന്നില്ല. എല്ലാറ്റിലുംവെച്ചു താല്പര്യം തോന്നുന്നത് ഭവാനുമായുള്ള ചൂതാട്ടമാണ്."

കങ്കൻ പറഞ്ഞു: "രാജാവേ, ദോഷഭൂയിഷ്ഠമായ ഈ ചൂതാട്ടം എന്തിനാണ്? ചൂതിൽ പല ദോഷങ്ങളുമുണ്ട്. അതുകൊണ്ട് അത് ഒഴിവാക്കുകയാണ് ഉത്തമം. പാണ്ഡുപുത്രനായ യുധിഷ്ഠിരനെ ഭവാൻ കണ്ടിട്ടും കേട്ടിട്ടുമുണ്ടാകാം. പരിപുഷ്ടമായ അവന്റെ രാജ്യത്തേയും ദേവാഭന്മാരായ അവന്റെ ഭ്രാതാക്കളേയും ഭവാൻ കണ്ടിട്ടും കേട്ടിട്ടുമുണ്ടായിരിക്കും. എല്ലാം അവൻ ചൂതാട്ടം കൊണ്ടു നശിപ്പിച്ചു. അതു ചിന്തിക്കുമ്പോൾ ചൂതാട്ടത്തിൽ ഒരു താല്പര്യവുമില്ല. എങ്കിലും ഭവാനു വേണമെങ്കിൽ കളിക്കാം."

വൈശമ്പായനൻ പറഞ്ഞു: "മത്സ്യൻ നിർബ്ബന്ധിക്കുക കാരണം കങ്കൻ കളിയിലേർപ്പെട്ടു. കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ രാജാവ് പാണ്ഡുപുത്രനോടു പറഞ്ഞു: 'എടോ കങ്കാ! ഇത്ര വീരന്മാരായ കുരുക്കളെയൊക്കെ എന്റെ പുത്രൻ ജയിച്ചില്ലേ! മിടുക്കൻ തന്നെ.' ഇതുകേട്ട് മഹാത്മാവായ യുധിഷ്ഠിരൻ പറഞ്ഞു: 'ബൃഹന്നള സൂതനായവന്ന് പോരിൽ എന്താണു ലഭിക്കാത്തത്?' ഈ ബൃഹന്നളാപ്രശംസ മത്സ്യരാജാവിന്ന് ഒട്ടും പിടിച്ചില്ല. രാജാവിന്നു കോപം വന്നു: 'എടോ ബ്രാഹ്മണാധമാ! നീ എന്റെ പുത്രനോടൊപ്പം ഷണ്ഡനെ സ്തുതിക്കുകയാണോ? പറയേണ്ടതും പറയേണ്ടാത്തതും മനസ്സിലാക്കാതെ നീ എന്നെ നിന്ദിക്കുകയാണ്. ഭീഷ്മദ്രോണാദ്യന്മാരെ അവൻ ജയിക്കാതിരിക്കുമോ! എടോ വിപ്രാ! നീ ഇഷ്ടനാണെന്നു വിചാരിച്ച് ഈ കുറ്റം ഞാൻ ഇപ്പോൾ ക്ഷമിക്കാം. ജീവിക്കുവാൻ നിനക്കു മോഹമുണ്ടെങ്കിൽ ഇനി മേലാൽ ഇപ്രകാരം മിണ്ടിപ്പോകരുത്.'"

യുധിഷ്ഠിരൻ പറഞ്ഞു: "ദ്രോണൻ, ഭീഷ്മൻ, കർണ്ണൻ, ദ്രൗണി, കൃപൻ, ദുര്യോധനൻ, മറ്റു മഹാരഥന്മാർ, മാത്രമല്ല, മരുത്ഗണം ചുഴന്ന സാക്ഷാൽ ദേവേന്ദ്രസന്നിഭരായ ആരായാലും അവരെയൊക്കെ എതിർക്കുവാൻ ബൃഹന്നളയ്ക്കല്ലാതെ മറ്റാർക്കാണ് കഴിയുക? അവൻ യുദ്ധംചെയ്യുന്നതു കണ്ടാൽ സന്തോഷം തോന്നാത്തവർ ആരുമുണ്ടായിരിക്കയില്ല. പോരിൽ അവൻ സുരാസുരന്മാരെയൊക്കെ വെന്നവനാണ്. അപ്രകാരമുള്ളവൻ സഹായിച്ചാൽ എങ്ങനെ ജയിക്കാതിരിക്കും?"

വിരാടൻ പറഞ്ഞു: "പലവട്ടമായി നീ അധികപ്രസംഗം പറയുന്നു. നീ വാക്ക് അടക്കുന്നില്ല. ശാസിക്കുവാൻ ആളില്ലെങ്കിൽ ഒരാളും ധർമ്മം ചെയ്യുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "'ഇനി ഇങ്ങനെ പറയുമോ?' എന്ന് രാജാവ് ക്രോധത്തോടെ പറഞ്ഞ് അക്ഷം കൈയിലെടുത്ത് യുധിഷ്ഠിരന്റെ മുഖത്ത് ഒരു ഏറു കൊടുത്തു. ആ ഏറ് ശക്തിയായി ഏറ്റപ്പോൾ യുധിഷ്ഠിരന്റെ മൂക്കിൽനിന്നു രക്തം പ്രവഹിച്ചു. യുധിഷ്ഠിരൻ ആ രക്തം നിലത്തുവീഴാതെ കൈകളിൽ എടുത്തു. അരികെ നില്ക്കുന്ന ദ്രൗപദിയെ നോക്കി. ഭർത്താവിന്റെ ഭാവം അറിഞ്ഞ് അവൾ പൊൻകിണ്ണത്തിൽ വെള്ളവുമായിച്ചെന്നു. മൂക്കിൽനിന്ന് ഒഴുകുന്ന രക്തം ജലപാത്രത്തിൽ വാങ്ങി. ഈ സമയത്ത് ഉത്തരൻ നാട്ടുകാർ അർപ്പിച്ച പുണ്യഗന്ധവർഷങ്ങളേറ്റ് നഗരത്തിലെത്തി. പൗരന്മാരും ജാനപദന്മാരും പൂജിക്കുന്നതും സ്വീകരിച്ച് ശ്രീമാനായി സന്തോഷിച്ച് ഭവനദ്വാരത്തിലെത്തി പിതാവിനെ അറിയിച്ചു. കാവൽക്കാർ ഉടനെ ചെന്ന് വിരാടനോട് പുത്രന്റെ ആഗമനത്തെ ഉണർത്തിച്ചു: 'ബൃഹന്നളയോടുകൂടി ഇതാ രാജപുത്രൻ എത്തിയിരിക്കുന്നു!' മത്സ്യരാജാവ് സന്തോഷത്തോടെ ക്ഷത്താവിനോട് (ദ്വാരപാലകനോട്) പറഞ്ഞു: 'വേഗം രണ്ടാളും വരട്ടെ! ഞാൻ അവരെ കാണുവാൻ കാത്തിരിക്കുകയാണ്!' ക്ഷത്താവിനോട് ആ കുരുശ്രേഷ്ഠൻ മെല്ലെ ചെവിയിൽ പറഞ്ഞു: 'ഉത്തരൻ വന്നാൽ മതി ബൃഹന്നള ഇപ്പോൾ കടക്കേണ്ട എന്നു പറയുക. അവന്ന് ഒരു വ്രതമുണ്ട്. എന്റെ ദേഹത്തിൽ വല്ല പരുക്കുമുണ്ടാക്കി രക്തം ചാടുന്നതു കണ്ടാൽ, ആ വ്രണം ഉണ്ടാക്കി രക്തം ചാടിച്ചവനാരോ അവൻ പിന്നെ യുദ്ധഭൂമിയിലല്ലാതെ ജീവിക്കുവാൻ പോകുന്നില്ല. എന്നെ ചോരയോടുകൂടി കണ്ടാൽ ക്രുദ്ധനായ അവൻ സഹിക്കുന്നതല്ല. സൈന്യത്തോടും വാഹനങ്ങളോടും മന്ത്രിയോടുംകൂടിയ രാജാവിനെ അവൻ വധിച്ചേക്കും!'"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ നൃപസുതന്മാരിൽ ജ്യേഷ്ഠനായ പൃഥിവിഞ്ജയൻ കടന്നുവന്ന് അച്ഛന്റെ പാദത്തിൽ വന്ദിച്ചു. പിന്നെ കങ്കനേയും വന്ദിച്ചു. അപ്പോൾ ചോരയൊലിച്ച് ക്ഷുബ്ധനായി, നിർദ്ദോഷിയായ കങ്കൻ സൈരന്ധ്രിയുടെ ശുശ്രൂഷയുമേറ്റ് ഇരിക്കുന്നതു കണ്ടപ്പോൾ ഉത്തരൻ സംഭ്രമത്തോടെ അച്ഛനോടു ചോദിച്ചു: 'ആരാണ് ഇദ്ദേഹത്തെ അടിച്ചത്? ഈ കുറ്റം ചെയ്തവൻ ആരാണ്?'"

വിരാടൻ പറഞ്ഞു: "ഞാനാണ് ഈ കുടിലനെ താഡിച്ചത്. ഇതുകൊണ്ടായില്ല. ഇതിലപ്പുറം കൊടുക്കേണ്ടതായിരുന്നു. ഞാൻ ശൂരനായ നിന്നെ പുകഴ്ത്തുമ്പോൾ ഇവൻ ആ ആണും പെണ്ണുംകെട്ടവനെ പ്രശംസിക്കുന്നു. എനിക്ക് അതു സഹിക്കുമോ?"

ഉത്തരൻ പറഞ്ഞു: "രാജാവേ, ഭവാൻ തെറ്റുചെയ്തുപോയി! വേഗത്തിൽ ഭവാൻ അദ്ദേഹത്തെ പ്രസാദിപ്പിക്കണം. ഘോരമായ ബ്രഹ്മവിഷം ഭവാനെ വേരോടെ നശിപ്പിച്ചുകളയും!"

വൈശമ്പായനൻ പറഞ്ഞു: "രാഷ്ട്രവർദ്ധനനായ വിരാടൻ പുത്രൻ പറഞ്ഞതുകേട്ടു. ചാമ്പൽ മൂടിയ അഗ്നിപോലെയിരിക്കുന്ന പാണ്ഡുപുത്രനെ അദ്ദേഹം ക്ഷമിപ്പിച്ചു. സാന്ത്വനം ചെയ്യുന്ന രാജാവിനോട് യുധിഷ്ഠിരൻ പറഞ്ഞു: 'രാജാവേ, ഞാൻ പൊറുക്കുന്നു. എനിക്ക് ഒട്ടും കോപമില്ല. എന്റെ മൂക്കിൽനിന്ന് ഈ രക്തം ഭൂമിയിൽ പതിച്ചെങ്കിൽ രാഷ്ട്രത്തോടുകൂടി രാജാവേ, ഭവാൻ നശിച്ചേനെ. രാജാവേ, ഞാൻ ഭവാനെ ദൂഷിക്കുകയില്ല. ദോഷമില്ലാത്തവനെ ദുഷിച്ചാൽ ബലവാനായ പ്രഭുവിന് നൃശംസത വന്നുകൂടും"

വൈശമ്പായനൻ പറഞ്ഞു: "ചോരയുടെ വരവു നിന്ന സമയത്ത് ബൃഹന്നള പ്രവേശിച്ചു. വിരാടനേയും കങ്കനേയും വന്ദിച്ചു. യുദ്ധം ചെയ്തു മടങ്ങിവന്ന പുത്രനേയും ആ കൗരവനേയും സമാശ്വസിപ്പിച്ചതിന്നുശേഷം അർജ്ജുനൻ കേട്ടുനില്ക്കെത്തന്നെ തന്റെ പുത്രനെ മത്സ്യരാജാവ് പ്രശംസിച്ചു: 'ഹേ കൈകേയീനന്ദനാ! ഞാൻ പുത്രവാനായിരിക്കുന്നു. എനിക്ക് നിന്നെപ്പോലെയുള്ള പുത്രന്മാർ പിറന്നിട്ടില്ല; ഇനി പിറക്കുകയുമില്ല. ആയിരം ലാക്കിൽ എയ്താലും ഒരു എയ്ത്തും പിഴയ്ക്കാത്തവനായ ആ കർണ്ണനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? മനുഷ്യലോകത്തിൽ എല്ലായിടത്തു നോക്കിയാലും കിടയറ്റവനാണ് ഭീഷ്മൻ. അവനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? വൃഷ്ണിവീരന്മാർക്കും, കൗരവന്മാർക്കും ആചാര്യനും, എല്ലാ ക്ഷത്രിയന്മാർക്കും ഗുരുവും, ബ്രാഹ്മണോത്തമനും, സർവ്വശസ്ത്രജ്ഞന്മാർക്കും സമ്മതനുമാണ് ദ്രോണൻ. അവനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? ആചാര്യതനയനും, സർവ്വശസ്ത്രജ്ഞന്മാർക്കും സമ്മതനുമാണ് പ്രസിദ്ധനായ അശ്വത്ഥാമാവ്.

digitized by www.sreyas.in

അവനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? അമ്പെയ്ത് പർവ്വതംപോലും പിളർക്കുന്ന രാജനന്ദനനാണ് ദുര്യോധനൻ. അവനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? പോരിൽ ഏറ്റാൽ സ്വത്തുപോയ വർത്തകനെപ്പോലെ ആക്കുന്നവനാണ് കൃപൻ. അവനോട് ഉണ്ണീ, നീ എങ്ങനെ സമരം ചെയ്തു? എന്റെ ശത്രുക്കളൊക്കെ തോറ്റമ്പി. കാറ്റ് സുഖമായി, ശാന്തമായി വീശുന്നു! കുരുക്കൾ കൈയിലാക്കിയ ധനം നീ തിരികെ പിടിച്ചു! നീ ഓടിച്ചപ്പോൾ, അവർ യുദ്ധക്കളത്തിൽനിന്ന് ഓടുമ്പോൾ, പുലി മാംസത്തെ എന്നപോലെ നീ ഗോധനത്തെ കൈയിലാക്കി!"

69. വിരാടനും ഉത്തരനും തമ്മിലുള്ള സംഭാഷണം

ഉത്തരൻ പറഞ്ഞു: "അച്ഛാ, അങ്ങു വിചാരിക്കുമ്പോലെയല്ല കാര്യം! ആ ഗോക്കളെ വെന്നതു ഞാനല്ല. രിപുക്കളെ ആരേയും ഞാൻ വെന്നില്ല. ആ കർമ്മങ്ങളൊക്കെ ചെയ്തത് ഒരു ദേവകുമാരനാണ്! ഞാൻ കൗരവസൈന്യത്തെക്കണ്ടു പേടിച്ച് ഓടുകയായിരുന്നു. അപ്പോൾ എന്നെ തടുത്ത് ആ ദേവകുമാരൻ ബലമായി പിടിച്ചു തേർത്തട്ടിലിരുത്തി. അവനാണ് പശുക്കളെ നേടിയതും, കുരുക്കളെ ജയിച്ചതും. അതൊക്കെ ആ വീരൻ ചെയ്ത കർമ്മങ്ങളാണ്; ഞാൻ ചെയ്തതല്ല. അവൻ എന്തൊക്കെ ചെയ്തു എന്നു പറയാനാവില്ല. ദ്രോണൻ, കൃപൻ, ദ്രൗണി മുതലായ ആറു മഹാരഥന്മാരേയും കർണ്ണനേയും ഭീഷ്മനേയുംകൂടി ശരങ്ങൾകൊണ്ടു പിന്തിരിപ്പിച്ചുകളഞ്ഞു. ദുര്യോധനനേയും ഗജേന്ദ്രാഭനായ വികർണ്ണനേയും തോല്പിച്ചു. പേടിച്ചുവിറയ്ക്കുന്ന രാജപുത്രനോട് ഇപ്രകാരം പറഞ്ഞു: 'എടോ ദുര്യോധനാ! നിനക്കു ഹസ്തിനപുരിയിൽപ്പോലും രക്ഷ ഞാൻ കാണുന്നില്ല. സാമർത്ഥ്യമുണ്ടെങ്കിൽ നീ ജീവൻ രക്ഷിച്ചുകൊള്ളുക! ഓടിയതുകൊണ്ടൊന്നും നീ വരുത്തിവച്ച ആപത്ത് ഒഴിയുകയില്ല. പോരിന്നേല്ക്കുകയേ ഗതിയുള്ളൂ. ജയിച്ചാൽ ഭൂമി നേടാം. മരിച്ചാൽ സ്വർഗ്ഗം നേടാം.' ഈ വാക്കുകേട്ട് ദുര്യോധനൻ എന്ന ആ നരവ്യാഘ്രൻ എത്ര ശക്തമായ വജ്രംപോലെയുള്ള ശരം എയ്യുന്നവനാണെങ്കിലും, മന്ത്രിമാരോടുകൂടിയവനാണെങ്കിലും, ചീറ്റുന്ന പാമ്പിനെപ്പോലെ ശൂരനാണെങ്കിലും, ആ ദേവകുമാരന്റെ മുമ്പിൽ പേടിച്ചു തുടവിറച്ചുതുള്ളി രോമാഞ്ചം പൂണ്ടു. അവന്റെ സിംഹതുല്യമായ സൈന്യത്തെ അമ്പുകൊണ്ടു മർദ്ദിച്ചു. സിംഹകായനായ ആ ദേവകുമാരൻ തേർക്കൂട്ടത്തെയൊക്കെ തകർത്ത്, ധരിച്ചിരുന്ന വസ്ത്രം ഹരിക്കപ്പെട്ട ആ കുരുവീരന്മാരെ കണ്ടു ചിരിച്ചു. ആ വീരൻ ഒറ്റയ്ക്ക് ആറു തേരാളിമാരേയും ജയിച്ചു. കാട്ടുജന്തുക്കളെ മദമേറിയ വ്യാഘ്രം എന്നപോലെ ഓടിച്ചുകളഞ്ഞു."

വിരാടൻ പറഞ്ഞു: "ആ വീരനായ ദേവപുത്രൻ എവിടെ? കീർത്തിമാനായ ആ മഹാബാഹു എവിടെ? കുരുക്കളിൽനിന്ന് എന്റെ ഗോധനത്തെ നേടിയ ആ ശക്തനെക്കണ്ടു പൂജിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്നേയും എന്റെ ഗോധനത്തേയും രക്ഷിച്ച ആ ദേവകുമാരൻ എവിടെപ്പോയി?"

ഉത്തരൻ പറഞ്ഞു: "ആ മഹാബലനായ ദേവപുത്രൻ അവിടെത്തന്നെ മറഞ്ഞു. നാളെയോ, മറ്റന്നാളോ അവൻ അങ്ങയുടെ മുമ്പിൽ പ്രത്യക്ഷനാകും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പുകഴ്ത്തപ്പെട്ട വേഷച്ഛന്നനായ പാണ്ഡുപുത്രൻ സമീപത്തുണ്ടായിട്ടും സൈന്യനായകനായ വിരാടരാജാവ് അറിയുകയുണ്ടായില്ല. പിന്നെ മഹാത്മാവായ വിരാടൻ സമ്മതിക്കുകയാൽ പാർത്ഥൻ വിരാടന്റെ മകൾക്ക് ആ വസ്ത്രങ്ങൾ, യുദ്ധക്കളത്തിൽനിന്നു നേടിയ വസ്ത്രങ്ങൾ നല്കി. വളരെ വിലപിടിച്ച കസവുകൾ പിടിപ്പിച്ച നൂതനങ്ങളും, വിവിധങ്ങളും, വിചിത്രങ്ങളുമായ ആ വസ്ത്രങ്ങൾ വാങ്ങിച്ച് ആ ഭാമിനി ആനന്ദിച്ചു!

പിന്നെ മഹാത്മാവായ ഉത്തരനോട് ആലോചിച്ച്, ധർമ്മപുത്രന്നു വേണ്ടതൊക്കെ നടത്തിച്ചു. മത്സ്യരാജപുത്രനോടുകൂടി അവർ സന്തോഷിച്ചു."

വൈവാഹികപർവ്വം

70. പാണ്ഡവന്മാർ വെളിയിൽ വരുന്നു – വൈശമ്പായനൻ പറഞ്ഞു: "പശുക്കളെ വീണ്ടെടുത്തതിന്റെ മൂന്നാംദിവസം പാണ്ഡവന്മാർ അഞ്ചുപേരും കുളികഴിഞ്ഞു ശുഭ്രവസ്ത്രം ധരിച്ച്, യഥാകാലം വ്രതങ്ങളൊക്കെ അവസാനിപ്പിച്ച് കൃതാർത്ഥതയോടെ, ഭൂഷണങ്ങളൊക്കെയണിഞ്ഞ് നടയിൽ അലങ്കരിച്ച, പൊന്നണിഞ്ഞ മത്തേഭന്മാരെപ്പോലെ പ്രശോഭിച്ചു. ആ മഹാരഥന്മാർ വിരാടസഭയിലേക്കു യുധിഷ്ഠിരനെ മുന്നിൽ നടത്തി, ആ അഗ്നി സദൃശന്മാർ, സ്ഥാനങ്ങളിൽ ചെന്ന് ഇരുന്നു. അവർ ഇരിക്കുന്ന സമയത്ത് വിരാടരാജാവ് രാജ്യകാര്യങ്ങൾ നടത്തുവാൻ സഭയിലേക്ക് ആഗതനായി. പഞ്ചാഗ്നികൾപോലെ ഉജ്ജ്വലിക്കുന്ന പാണ്ഡവന്മാരെ കണ്ടപ്പോൾ മുഹൂർത്തസമയം ചിന്തിച്ചു രോഷാകുലനായിത്തീർന്നു. പിന്നെ മത്സ്യൻ, മരുൽഗണത്താൽ ചുറ്റപ്പെട്ട ഇന്ദ്രനെപ്പോലെ ശോഭിക്കുന്നവനും, ദേവപ്രഭാവനും, വിശിഷ്ടാസനത്തിലിരിക്കുന്നവനുമായ കങ്കനോടു പറഞ്ഞു:

'എടോ കങ്കാ, നിന്നെ ഞാൻ ചൂതുകളിയിൽ സഭാസ്താരനായിട്ടല്ലേ സ്വീകരിച്ചത്? പിന്നെ എന്താണ് ഇമ്മാതിരിയൊക്കെ ചമഞ്ഞൊരുങ്ങി വിശിഷ്ടാസനത്തിൽ കയറിയിരിക്കുന്നത്?'"

വൈശമ്പായനൻ പറഞ്ഞു: "വിരാടന്റെ വാക്കുകേട്ടപ്പോൾ അർജ്ജുനൻ നേരമ്പോക്കിന്നു വകയായി എന്ന സന്തോഷത്തോടെ പുഞ്ചിരിതൂകി ഇപ്രകാരം പറഞ്ഞു."

അർജ്ജുനൻ പറഞ്ഞു: "ഹേ രാജാവേ, ഇദ്ദേഹം ഇന്ദ്രന്റെ അർദ്ധാസനം സ്വീകരിക്കുവാൻപോലും അർഹനാണ്. അത്രയ്ക്കു ബ്രഹ്മണ്യനും, പണ്ഡിതനും, ത്യാഗിയും, യാഗശീലനും, ദൃഢവ്രതനുമാണ്. ധർമ്മം മൂർത്തിയെടുത്തവനാണ്; വീരന്മാരിൽവെച്ച് വീരനാണ്! ലോകത്തിൽ ഏറ്റവും ഉയർന്ന ബുദ്ധിശാലിയാണ്! തപസ്സിന്ന് ഏകാവലംബം ഇവനാണ്! ചരാചരങ്ങൾ ചേർന്ന ഈ മൂന്നുലോകത്തിലും ഇവൻ നാനാ അസ്ത്രങ്ങൾ പഠിച്ചവരിൽ അഗ്രഗണ്യനാണ്; മറ്റാർക്കും ഇത്രത്തോളം ജ്ഞാനം ലഭിച്ചിട്ടില്ല. അറിയുവാനും പോകുന്നില്ല. ഇദ്ദേഹത്തോടു തുല്യനായി ഒരു സുരൻ വാനവന്മാരിൽ ഇല്ല, മർത്ത്യന്മാരിലില്ല, രാക്ഷസന്മാരിലില്ല, ഗന്ധർവ്വമുഖ്യന്മാരിലും കിന്നരോരഗമുഖ്യന്മാരിലും ഇല്ല! അതുല്യനായ ദീർഘദർശിയും, മഹാശക്തനും, പൗരജാനപദപ്രിയനുമാണ് ഈ മാന്യൻ. പാണ്ഡവന്മാരിൽ അതിരഥനും യജ്വാവും, ധർമ്മപരനും വശിയുമാണ്! മഹർഷിമാർക്കു തുല്യനായ രാജർഷിയാണ്. വിശ്വവിശ്രുതനും, ബലവാനും, ധൃതിമാനും, ദക്ഷനും, സത്യവാദിയും, ജിതേന്ദ്രിയനുമാണ്! ധനസഞ്ചയസമ്പത്തുകൊണ്ട് ഇന്ദ്രനോടും വിത്തേശനോടും തുല്യനാണ്! മനുവിനെപ്പോലെ തേജസ്വിയും, ലോകരെ പരിപാലിക്കുന്നവനുമാണ്! പ്രജാനുഗ്രഹകാരകനായ ഈ മഹാശക്തൻ, ഈ പറഞ്ഞപ്രകാരം വിളങ്ങുന്നവനാണ്! ഇദ്ദേഹത്തെ ഇനിയും അറിഞ്ഞില്ലെങ്കിൽ പറയാം. ഇദ്ദേഹം കുരുക്കളിൽ ശ്രേഷ്ഠനായ, ധർമ്മരാജാവായ, യുധിഷ്ഠിരനാണ്! ലോകത്തിൽ സർവ്വത്ര ഉദയസൂര്യന്റെ പ്രകാശംപോലെ ഇദ്ദേഹത്തിന്റെ കീർത്തി പരന്നിരിക്കുന്നു! സൂര്യന്റെ അംശുക്കൾപോലെ ഇദ്ദേഹത്തിന്ന് ഉജ്ജ്വലമായ യശസ്സുകളുണ്ട്. ഇദ്ദേഹത്തിന്റെ തേജസ്സ് ഉദയസൂര്യന്റെ രശ്മിപോലെയാണ്. ഈ രാജാവിനെ ശക്തികൂട്ടുന്ന പതിനായിരം ഗജങ്ങൾ കൗരവരാജ്യം ഭരിക്കുന്ന നാളിൽ അകമ്പടി സേവിച്ചിരുന്നു. അപ്രകാരം പൊന്നണിഞ്ഞ മുപ്പതിനായിരം രഥങ്ങൾ അകമ്പടി സേവിച്ചിരുന്നു. അവയിൽ നല്ല അശ്വങ്ങളെ പൂട്ടിയാണ് പിന്തുടർന്നിരുന്നത്. ഇദ്ദേഹത്തെ കുണ്ഡലം ചാർത്തിക്കുവാൻ എണ്ണൂറു സൂതന്മാർ തയ്യാറായി നിന്നിരുന്നു. മുനിമാർ മാഗധന്മാരോടുകൂടി ഈ രാജാവിനെ വാഴ്ത്തിയിരുന്നു. കൗരവന്മാർ കിങ്കരന്മാരെപ്പോലെ ഈ രാജാവിനെ സേവിച്ചു. എല്ലാ രാജാക്കന്മാരും ദേവകൾ വിത്തേശനെ എന്നവിധം, ഇദ്ദേഹത്തെ സേവിച്ചിരുന്നു. ഇദ്ദേഹം എല്ലാ രാജാക്കളേയും കരദന്മാരാക്കി. വിവശരായ വൈശ്യന്മാരെപ്പോലെ സ്വവശത്തിൽ അവരെ ആക്കിത്തീർത്തു. പതിനെണ്ണായിരം മാന്യ

digitized by www.sreyas.in

രായ സ്നാതകബ്രാഹ്മണേന്ദ്രന്മാരും വ്രതനിഷ്ഠയോടെ ജീവിക്കുന്ന ഈ നരേന്ദ്രനെ സേവിച്ചു.

ഇദ്ദേഹം വൃദ്ധന്മാരേയും, അനാഥരേയും, അന്ധരേയും, മുടന്തരേയും മക്കളെപ്പോലെ രക്ഷിച്ചു. നാട്ടുകാരെ ധർമ്മ്യമായി കാത്തു. ഈ മഹാൻ ധർമ്മം, ദമം, ക്രോധം ഇവയിലൊക്കെ ജിതേന്ദ്രിയനാണ്. മഹാപ്രസാദത്താൽ ബ്രഹ്മണ്യനും, സത്യവാദിയുമായ നരേന്ദ്രനാണ്. ഈ രാജാവിന്റെ ആവിധമുള്ള പ്രതാപത്താൽ സുയോധനൻ തപിക്കുന്നു. സുയോധനൻ എന്ന വിഭുവാകട്ടെ കർണ്ണസൗബലന്മാരോടു ചേർന്നവനാണ്. എന്നിട്ടും തപിക്കുകയാണ് അവൻ!

ഹേ രാജാവേ, ഈ മഹാശയന്റെ ഗുണങ്ങൾ കണക്കാക്കുവാൻ ഈയുള്ളവൻ അശക്തനാണ്. ക്രൂരതവിട്ട ധർമ്മപരനായ പാണ്ഡവശ്രേഷ്ഠനാണ് ഇദ്ദേഹം!

ഇപ്രകാരമുള്ള മഹാരാജാവ്, പാർത്ഥിവർഷഭനായ പാണ്ഡവൻ, രാജാർഹമായ പീഠത്തിന്ന് അർഹനല്ലെന്നാണോ വിരാടരാജാവേ, ഭവാൻ പറയുന്നത്?''

71. ഉത്തരാവിവാഹപ്രസ്താവം – വിരാടൻ പറഞ്ഞു: "ഇദ്ദേഹം യുധിഷ്ഠിരനാണെങ്കിൽ തമ്പിയായ അർജ്ജുനൻ ഏതാണ്? ബലിയായ ഭീമൻ ഏതാണ്? നകുലനും സഹദേവനും ഏതാണ്? കീർത്തിമതിയായ കൃഷ്ണയെവിടെ? ചൂതിൽതോറ്റ പാർത്ഥൻ എവിടെപ്പോയി എന്ന് അറിയുന്നില്ലല്ലോ!''

അർജ്ജുനൻ പറഞ്ഞു: "ഹേ രാജാവേ, ഭവാന്റെ വെപ്പുകാരനില്ലേ, വല്ലവൻ! ഭീമശക്തിപരാക്രമനായ ഭീമൻ! ഇവൻ ക്രോധവശന്മാരായവരെയൊക്കെ കൊന്നു. പാഞ്ചാലിക്കുവേണ്ടി ദിവ്യമായ സൗഗന്ധികം കൊണ്ടുപോന്നവനാണ്! ദുഷ്ടനായ കീചകനെ കൊന്ന ഗന്ധർവ്വൻ ഇവനല്ലാതെ മറ്റാരുമല്ല. അന്തഃപുരത്തിൽ വ്യാഘ്രം, ഋക്ഷം, പന്നി ഇവയെ വധിച്ചിരുന്നത് ഇവനാണ്. പിന്നെ ഭവാന്റെ അശ്വപാലകനായി നിന്നവൻ പരന്തപാഗ്രണിയായ നകുലനാണ്. ഗോക്കളുടെ നാഥനായി നിന്നവൻ മഹാരഥനായ സഹദേവനാണ്. ശൃംഗാരവേഷഭൂഷാഢ്യരും സുന്ദരന്മാരുമായ ഇവർ കീർത്തിമാന്മാരാണ്. ഇവർ ഓരോരുത്തരും ആയിരം മഹാരഥന്മാരോട് എതിർക്കുവാൻ കെല്പുള്ളവരായ പുരുഷർഷഭന്മാരാണ്. താമരക്കണ്ണിയും ചാരുമദ്ധ്യയും, ശുചിസ്മിതയുമായ സൈരന്ധ്രി പാഞ്ചാലിയാണ്. ഇവൾ മൂലമാണ് കീചകൻ ചത്തത്. മഹാരാജാവേ, ഞാനാണ് അർജ്ജുനൻ. ഭവാൻ തീർച്ചയായും എന്നെ കേട്ടിരിക്കും. ഭീമന്റെ അനുജനും, മാദ്രേയന്മാരുടെ പൂർവ്വജനുമാണ് ഞാൻ. ഞങ്ങൾ സുഖമായി ഭവാന്റെ മന്ദിരത്തിൽ പാർത്ത്, ഗർഭത്തിൽ വസിക്കുന്നതുപോലെ, അജ്ഞാതവാസം നിർവ്വഹിച്ചു!''

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം അർജ്ജുനൻ പാണ്ഡുപുത്രന്മാരെയൊക്കെ രാജാവിന്നു വെളിപ്പെടുത്തിക്കൊടുത്തപ്പോൾ ഉത്തരൻ വീണ്ടും ആ പാണ്ഡുപുത്രന്മാരെ പിതാവിന്നു കാട്ടിക്കൊടുത്തു.''

ഉത്തരൻ പറഞ്ഞു: "തങ്കവർണ്ണത്തിന്നൊത്ത ദേഹമുള്ളവനും സിംഹതുല്യനുമായ ഈ മഹാൻ, മൂക്കു നീണ്ടവനും വലിയ തുടുത്ത നേത്രങ്ങളുള്ളവനുമായ ഈ ധീമാനാണ് കുരുരാജാവായ യുധിഷ്ഠിരൻ! മത്തഗജേന്ദ്രഗാമിയും തങ്കംപോലെ ശുദ്ധിയുള്ള ഗൗരവർണ്ണത്തോടുകൂടിയവനും തടിച്ചതോളുള്ളവനും നീണ്ട കൈയുള്ളവനുമായ ഇവനാണ് വൃകോദരൻ. വേഗത്തിൽ ഇദ്ദേഹത്തെ തിരിച്ചറിയാം. ഇവന്റെ അടുത്തിരിക്കുന്ന ഈ മഹാധനുർദ്ധരൻ, ശ്യാമനായ യുവാവ്, ഗജരാജനെപ്പോലെ ശോഭിക്കുന്നവൻ, സിംഹത്തെപ്പോലെ ഉന്നതമായ തോളുള്ളവൻ, ഗജരാജനെപ്പോലെ സഞ്ചരിക്കുന്നവൻ, പത്മാക്ഷൻ, ഇവനാണ് വീരാഗ്രണിയായ അർജ്ജുനൻ! രാജാവിന്റെ അടുത്തിരിക്കുന്ന ഈ പുരുഷോത്തമന്മാർ ദേവാധിപനോടും വിഷ്ണുവിനോടും തുല്യന്മാരാണ്. ഇവർക്കു തുല്യമായ ബലം, സൗശീല്യം, രൂപം എന്നീ ഗുണങ്ങൾ ഒപ്പം ചേർന്നുവിളങ്ങുന്ന പുരുഷന്മാർ ഈ ലോകത്തിൽ വേറെയില്ല. ഇവരുടെ അടുത്തായി കനകംപോലെ ഉത്തമമായ അംഗഭംഗിയോടുകൂടി മൂർത്തിമത്തായ പ്രഭപോലെ നീലോല്പലത്തിന്റെ നിറമാർന്ന ഗൗരീദേവിപോലെ, ലക്ഷ്മീദേവിക്കു സദൃശയായി ശോഭിക്കുന്ന ഇവൾ സാക്ഷാൽ പാഞ്ചാലിയാണ്.''

വൈശമ്പായനൻ പറഞ്ഞു: "പഞ്ചപാണ്ഡവന്മാരെ രാജാവിന്ന് ഇപ്രകാരം പരിചയപ്പെടുത്തിക്കൊടുത്തതിന്നുശേഷം ഉത്തരൻ, അർജ്ജുനൻ ചെയ്ത വിക്രമങ്ങളെ കേൾപ്പിച്ചു.''

ഉത്തരൻ പറഞ്ഞു: "ഇദ്ദേഹം മാനുകളെ സിംഹം എന്നപോലെ ശത്രുക്കളെ കൊല്ലുന്ന പരാക്രമിയാണ്. തേർക്കൂട്ടത്തിൽ സഞ്ചരിച്ചു വലിയ തേരുനോക്കി വധിച്ചവനാണ്. ഇവൻ എയ്ത ഒറ്റയമ്പു തറച്ച്, പൊൻകോപ്പണിഞ്ഞ മഹാഗജം പോർക്കളത്തിൽ കൊമ്പുകുത്തി ചത്തുവീണു. ഇവൻ പശുക്കളെ വീണ്ടെടുക്കുവാൻ പോരിൽ കുരുക്കളെയൊക്കെ ജയിച്ചു! ഇവന്റെ ശംഖദ്ധ്വനി കേട്ടപ്പോൾ എന്റെ കർണ്ണങ്ങൾ അടഞ്ഞുപോയി!''

വൈശമ്പായനൻ പറഞ്ഞു: "ഉത്തരൻ പറഞ്ഞതുകേട്ടപ്പോൾ പ്രതാപവാനായ മത്സ്യരാജാവ്, യുധിഷ്ഠിരനെ അക്ഷംകൊണ്ട് എറിഞ്ഞതോർത്ത്, ഉത്തരനോടു പറഞ്ഞു: 'ഇപ്പോൾ വേണ്ടത് പാണ്ഡവനെ പ്രസാദിപ്പിക്കുകയാണ്. ഉത്തരയെ അർജ്ജുനന്ന് വിവാഹം ചെയ്തുകൊടുക്കാം; അദ്ദേഹത്തിന്നിഷ്ടമാണെങ്കിൽ.'''

ഉത്തരൻ പറഞ്ഞു: "അവർ ആര്യന്മാരും, പൂജ്യന്മാരും, മാന്യന്മാരുമാണ്. അച്ഛന്റെ അഭിപ്രായം ഞാൻ സമ്മതിക്കുന്നു. ഇപ്പോൾത്തന്നെയാകാം വിവാഹം. യോഗ്യന്മാരും പൂജ്യന്മാരുമായ പാണ്ഡുപുത്രന്മാരെ നമ്മൾ പൂജിക്കുക.''

വിരാടൻ പറഞ്ഞു: "ഈ ഞാനും യുദ്ധത്തിൽ ശത്രുക്കളുടെ പിടിയിൽ പെട്ടുപോയി. എന്നെ അവരിൽനിന്നു വേർപെടുത്തി പശുക്കളെയൊക്കെ നേടിയത് ഈ ഭീമസേനനാണ്. ഇവരുടെ കൈയൂക്കുകൊണ്ട് നമ്മൾ യുദ്ധത്തിൽ ജയിച്ചു. അമാത്യന്മാരോടുകൂടി നാം ധർമ്മപുത്രനെ പ്രസാദിപ്പിക്കുക! അനുജന്മാരോടുകൂടിയ ധർമ്മപുത്രനെ പ്രസാദിപ്പിച്ചാൽ നമുക്കു ശുഭം ഭവിക്കും. അറിയാതെ വല്ല തെറ്റും നമ്മൾ പറഞ്ഞെങ്കിൽ മഹാത്മാവായ പാണ്ഡവൻ അതൊക്കെ പൊറുക്കണം!''

വൈശമ്പായനൻ പറഞ്ഞു: "പിന്നീട് വിരാടൻ പരിതുഷ്ടനായി. ആ രാജാവ് തന്റെ രാജ്യം സൈന്യത്തോടും കോശത്തോടും പുരത്തോടുംകൂടി യുധിഷ്ഠിരന്റെ പാദത്തിൽ സമർപ്പിച്ചു. പിന്നെ ആ പാണ്ഡവന്മാരോട് അർജ്ജുനന്റെ മുമ്പിൽ ചെന്നുനിന്ന് 'ഭാഗ്യം! ഭാഗ്യം!' എന്നു പറഞ്ഞു. പിന്നെ ധർമ്മജനേയും മാദ്രേയന്മാരേയും മൂർദ്ധാവിൽ ഘ്രാണിച്ച് വീണ്ടും വീണ്ടും തഴുകി. എത്ര നോക്കിയിട്ടും മതിയാകാത്തവിധം ആനന്ദത്തിൽ മുഴുകിനിന്നു! വിരാടൻ സസന്തോഷം രാജാവായ യുധിഷ്ഠിരനോടു പറഞ്ഞു: 'ഭാഗ്യം! നിങ്ങൾ അരണ്യംവിട്ടു വന്നതു ഭാഗ്യം തന്നെ! ദുഷ്ടന്മാർ അറിയാതെ ഇവിടെ അജ്ഞാതരായി പാർത്തതും ഭാഗ്യം തന്നെ! ഈ രാജ്യവും ഇതിലുള്ളതു സകലതും പാർത്ഥനുളളതാണ്. അതൊക്കെ പാണ്ഡവന്മാർ ഏറ്റുവാങ്ങണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സവ്യസാചിയായ ധനഞ്ജയൻ ഉത്തരയെ കൈക്കൊണ്ടാലും. പുരുഷസത്തമനായ ഇവൻ ഇവൾക്കു ചേർന്ന ഭർത്താവാണ്.'

ഇപ്രകാരം വിരാടരാജാവു പറഞ്ഞപ്പോൾ ധർമ്മജൻ അർജ്ജുനനെ ഒന്നുനോക്കി. ജ്യേഷ്ഠൻ നോക്കിയതിന്റെ സാരം ഗ്രഹിച്ച് അർജ്ജുനൻ മത്സ്യരാജാവിനോടു പറഞ്ഞു: 'രാജാവേ, ഭവാന്റെ പുത്രിയെ ഞാൻ സ്വീകരിക്കാം. പക്ഷേ, ഭവാൻ പറഞ്ഞ നിലയിലല്ല. സ്നുഷയായി ഞാൻ സ്വീകരിക്കാം. മത്സ്യന്മാർക്കും പാണ്ഡവന്മാർക്കും തമ്മിൽ ബന്ധുതയുണ്ടാകുന്നതു യുക്തമാണ്.'''

72. ഉത്തരാവിവാഹം – വിരാടൻ പറഞ്ഞു: "ഹേ പാണ്ഡവശ്രേഷ്ഠാ, എന്റെ പുത്രിയെ ഞാൻ ഭവാനു നല്കി. എന്നാൽ ഭവാൻ എന്താണ് അവളെ ഭാര്യയായി സ്വീകരിക്കുവാൻ തയ്യാറാകാത്തത്?''

digitized by www.sreyas.in

അർജ്ജുനൻ പറഞ്ഞു: "രാജാവേ, ഞാൻ ഭവാന്റെ മകളെ കണ്ടുകൊണ്ട് അന്തഃപുരത്തിൽ പാർത്തു. പിതാവിനെപ്പോലെ ഒളിവിലും, വെളിവിലും വിശ്വാസത്തോടെ പെരുമാറി. പാട്ടുപാടി നൃത്തം അഭ്യസിപ്പിച്ച എന്നെ ആചാര്യനെപ്പോലെ പ്രിയത്തോടെ ബഹുമാനിക്കുന്നു. യൗവനം വന്നതിനുശേഷം അവളോടുകൂടി ഒരു വർഷം ഞാൻ പാർത്തു. ഞാൻ അവളെ ഭാര്യയായി സ്വീകരിച്ചാൽ എന്നെക്കുറിച്ച് ജനങ്ങൾക്കു ദുശ്ശങ്കയുണ്ടാകും; അങ്ങയ്ക്കും ഉണ്ടാകും. അതുകൊണ്ട് ഞാൻ അവളെ സ്നുഷയായി സ്വീകരിച്ചുകൊള്ളാം. ശുദ്ധനും, ദാന്തനും, ജിതേന്ദ്രിയനുമായി ഞാൻ ഉത്തരയെ ശുദ്ധിമതിയായിട്ടാണ് വളർത്തിയിരിക്കുന്നത്. ആ കുമാരിയെ എന്റെ മകളും പുത്രന്റെ ഭാര്യയുമായി അംഗീകരിച്ചാലേ ശങ്ക നീങ്ങി കർമ്മവിശുദ്ധിയുണ്ടാകയുള്ളൂ. ഞാൻ ഉത്തരയെ ഭാര്യയാക്കിയാൽ ലോകം ആക്ഷേപവാക്കുകൾ പുറപ്പെടുവിക്കും. അപവാദത്തിൽ ഞാൻ ഭയപ്പെടുന്നവനാണ്. അതുകൊണ്ട് ഭവാന്റെ പുത്രിയായ ഉത്തരയെ എന്റെ സ്നുഷയായി ഞാൻ സ്വീകരിക്കുന്നു. ശ്രീകൃഷ്ണന്റെ മരുമകൻ, സാക്ഷാൽ സുരസുതന്നു തുല്യൻ, ചക്രപാണിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ, സർവ്വഅസ്ത്രങ്ങളും അറിഞ്ഞവൻ, മഹാബാഹുവായ അഭിമന്യു, എന്റെ പുത്രനാണ്. ഇവൻ ഭവാനു ചേർന്ന ജാമാതാവാകും! ഭവാന്റെ പുത്രിക്കു ചേർന്ന വല്ലഭനാകും!"

വിരാടൻ പറഞ്ഞു: "കുരുശ്രേഷ്ഠനായ പാണ്ഡവന്ന് ഈ വാക്കുകൾ ചേർന്നതുതന്നെ! അറിവ് ഏറിയവനും ധർമ്മനിഷ്ഠനുമായ ഭവാൻ കാര്യം പറഞ്ഞതിൽ അത്ഭുതമില്ല. ഹേ പാർത്ഥാ! ഇനി വേണ്ടത് എന്താണെന്നുവച്ചാൽ അതു ഭവാൻ ചെയ്തുകൊള്ളുക. എന്റെ ആഗ്രഹങ്ങളെല്ലാം പാർത്ഥനുമായി ബന്ധപ്പെട്ടതിനാൽ പൂർണ്ണമായിരിക്കുന്നു!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം രാജാവ് പറഞ്ഞപ്പോൾ യുധിഷ്ഠിരമഹാരാജാവ് വിവാഹദിവസവും മുഹൂർത്തവും നിശ്ചയിച്ചു. മത്സ്യന്മാരും പാർത്ഥന്മാരും തമ്മിൽ നടക്കുവാൻ പോകുന്ന വിവാഹബന്ധത്തിനുള്ള മുഹൂർത്തം കുറിച്ചു. ഉടനെ സകലബന്ധുക്കൾക്കും, കൃഷ്ണനും കൗന്തേയൻ ദൂതന്മാരെ വിട്ടു. വിരാടരാജാവും അപ്രകാരംതന്നെ സർവ്വബന്ധുക്കൾക്കും ദൂതന്മാരെ വിട്ടു ക്ഷണിച്ചു. പതിമൂന്നാമത്തെ വത്സരം കഴിഞ്ഞതിന്നുശേഷം പാണ്ഡവന്മാർ വിരാടന്റെ ഉപപ്ലാവ്യമെന്ന നഗരത്തിലേക്കു താമസം മാറ്റി. അർജ്ജുനൻ അഭിമന്യുവിനേയും കൃഷ്ണനേയും വരുത്തി. ആനർത്തരാജ്യത്തുനിന്നു യാദവരേയും പാർത്ഥൻ ക്ഷണിച്ചുവരുത്തി. യുധിഷ്ഠിരനോടുള്ള പ്രീതിയാൽ ശൈബ്യനും, കാശിരാജാവും രണ്ട് അക്ഷൗഹിണിസൈന്യത്തോടുകൂടി എത്തി. മഹാബലനായ യജ്ഞസേനനും, വീരന്മാരായ ദ്രൗപദീസുതന്മാരും, മടങ്ങാത്തവനായ ശിഖണ്ഡിയും, ദുർദ്ധർഷനും സർവ്വശസ്ത്രജ്ഞനുമായ ധൃഷ്ടദ്യുമ്നനും ഒരു അക്ഷൗഹിണി സൈന്യവുമായി വന്നു. സമസ്ത അക്ഷൗഹിണീശന്മാരും, യജ്വാക്കളും ബഹുദക്ഷിണരും വേദാദ്ധ്യയനം ചെയ്യുന്നവരും ശത്രുക്കളെ സംഹരിക്കുന്നവരുമായിരുന്നു. ആ മഹാരഥന്മാർ ബന്ധുസമേതം വന്നുചേർന്നതു കണ്ടപ്പോൾ ധർമ്മജ്ഞസത്തമനായ മത്സ്യൻ ഭൃത്യന്മാരോടും, സേനകളോടും, വാഹനങ്ങളോടുംകൂടി അവരെ എതിരേറ്റ് സ്വാഗതം പറഞ്ഞു പൂജിച്ച് യഥാവിധി സല്കരിച്ചു. അഭിമന്യുവിന്ന് വിരാടൻ തന്റെ പുത്രിയെ നല്കുന്നതിൽ അവരെല്ലാം സന്തോഷിച്ചു.

രാജാക്കളൊക്കെ വന്നുചേർന്നതിന്നുശേഷം അവിടെ വനമാലിയായ വാസുദേവനും ഹലായുധനും ഹാർദ്ദികൃൻ കൃതവർമ്മാവും, യുയുധാനൻ എന്ന സാത്യകിയും, അനാധൃഷ്ടിയും, അക്രൂരനും, സാംബനും, നിശഠനും വേണ്ടുവോളം സൈന്യസന്നാഹങ്ങളോടും, മോടിയോടുകൂടിയ അകമ്പടിയോടും സുഭദ്രയോടുംകൂടി അഭിമന്യുവിനേയുംകൊണ്ടു പുറപ്പെട്ടു. ധാരാളം സംരക്ഷണത്തോടുകൂടി ഇന്ദ്രസേനാദ്യന്മാരായ സൂതന്മാരും അവരോടൊപ്പം വന്നുചേർന്നു. ഒരാണ്ട് വേർപെട്ടു താമസിച്ചിരുന്ന സൂതന്മാരായ അവരുടെ ആഹ്ലാദം അനല്പമായിരുന്നു. പതിനായിരം ആനകളും, ഒരു ലക്ഷം കുതിരകളും, അർബ്ബുദം തേരുകളും നിഖർവ്വം കാലാൾപ്പട്ടയും, പല മഹാന്മാരായ വൃഷ്ണികളും അന്ധകന്മാരും ഓജസ്വികളായ ഭോജന്മാരും ദ്യുതിമാനും വൃഷ്ണി ശാർദ്ദൂലനുമായ കൃഷ്ണനെ പിന്തുടർന്നു.

യോഗ്യന്മാരായ പാണ്ഡവന്മാർക്ക് മാധവൻ സമ്മാനങ്ങൾ നല്കി. സ്ത്രീകൾ, വസ്ത്രങ്ങൾ, രത്നങ്ങൾ എന്നിവയായിരുന്നു പാണ്ഡവന്മാർക്കു വെവ്വേറെ നല്കിയ സമ്മാനങ്ങൾ. അങ്ങനെ മത്സ്യപാർത്ഥന്മാർ തമ്മിലുള്ള വിവാഹം വളരെ മോടിയിൽ വിധിപ്രകാരം നടന്നു. ശംഖ്, പെരുമ്പറ, ഗോമുഖാഡംബരങ്ങൾ എന്നിവയുടെ ശബ്ദം മത്സ്യഗൃഹത്തിൽ മുഴങ്ങി. ചെറുതും വലുതുമായ പലതരം നല്ല മൃഗങ്ങളേയും പശുക്കളേയും കൊന്നു പാകം ചെയ്തു. സുരാ, മൈരേയം മുതലായ പലമാതിരി മദ്യങ്ങൾ വരുത്തിച്ചു. അങ്ങനെ സദ്യ വളരെ ഗംഭീരമായി. പാട്ടുകാരും, കഥാപ്രസംഗകന്മാരും, നടന്മാരും, സ്തുതിപാഠകന്മാരും, സൂതമാഗധമുഖ്യന്മാരും അവരെ വാഴ്ത്തിപ്പാടി. സുദേഷ്ണയെ മുമ്പിലാക്കി മത്സ്യപ്രവരകളായ സുന്ദരിമാർ വിളങ്ങുന്ന കുണ്ഡലങ്ങളണിഞ്ഞ് എത്തി. നല്ല വർണ്ണമുള്ളവരും, അഴകുള്ളവരും, ചമഞ്ഞൊരുങ്ങിയവരുമായ ആ സ്ത്രീഗണങ്ങളെയെല്ലാം രൂപംകൊണ്ടും, യശസ്സുകൊണ്ടും, ശ്രീകൊണ്ടും ദ്രൗപദി വിജയിച്ചു.

അലങ്കരിച്ച രാജകുമാരിയായ ഉത്തരയെ ഇന്ദ്രനന്ദിനിയെയെന്നപോലെ മുന്നിൽ നടത്തി അവർ എത്തി. ആ വിരാടപുത്രിയായ ശുഭാംഗിയെ കുന്തീപുത്രനായ ധനഞ്ജയൻ സൗഭദ്രനായ തന്റെ പുത്രന്നുവേണ്ടി സ്വീകരിച്ചു. അതിൽ ഇന്ദ്രപദവി കൈക്കൊണ്ടവനായ യുധിഷ്ഠിരരാജാവ് അവളെ സ്നുഷയായി സ്വീകരിച്ചു. കൃഷ്ണൻ എല്ലാറ്റിന്നും മുമ്പിലായി പ്രശോഭിച്ചു. അങ്ങനെ പാർത്ഥൻ അവളെ സ്വീകരിച്ചതിന്നുശേഷം മഹാത്മാവായ സൗഭദ്രന്റെ വേളി ചടങ്ങുപ്രകാരം നിർവ്വഹിച്ചു.

അപ്പോൾത്തന്നെ ഏഴായിരം വായുവേഗമുള്ള കുതിരകളേയും ഇരുന്നൂറ് ആനകളേയും ധാരാളം ധനവും അവിടെവച്ചു നല്കി. വിപ്രന്മാരെ പൂജിച്ചു. അഗ്നിയിൽ ഹോമിച്ചു. രാജ്യത്തേയും, സൈന്യത്തേയും, ഖജനാവിനേയും, ആത്മാവിനേയും വിരാടരാജാവ് അവർക്കു സമർപ്പിച്ചു.

വിവാഹംകഴിഞ്ഞ സമയം ധർമ്മപുത്രനായ യുധിഷ്ഠിരൻ വാസുദേവൻ പാണ്ഡവന്മാർക്കു കാഴ്ചവെച്ച ധനങ്ങളെല്ലാം വിപ്രന്മാർക്കായി ദാനംചെയ്തു. അനേകായിരം പശുക്കൾ, വസ്ത്രങ്ങൾ, പലമാതിരി രത്നങ്ങൾ, വിശേഷപ്പെട്ട ഭൂഷണങ്ങൾ, പലമാതിരി തേരുകൾ, ഹൃദ്യങ്ങളായ ഭോജനങ്ങൾ, പലമാതിരി പാനങ്ങൾ എന്നിവ നല്കി. ഉത്സവത്തിലെന്നപോലെ അനുഭവിക്കുന്ന ഹൃഷ്ടപുഷ്ടജനങ്ങളോടുകൂടിയ മത്സ്യരാജാവിന്റെ നഗരം പ്രശോഭിച്ചു!"

digitized by www.sreyas.in

ഉദ്യോഗപർവ്വം

സേനോദ്യോഗപർവ്വം

1. പുരോഹിതയാനം - വൈശമ്പായനൻ പറഞ്ഞു: "അഭിമന്യു ഉത്തരയെ വിവാഹംചെയ്തതിന്റെ പിറ്റേദിവസം പ്രഭാതത്തിൽ രാജാക്കന്മാരെല്ലാം സന്തോഷത്തോടുകൂടി വിരാടരാജാവിന്റെ സഭാമണ്ഡപത്തിൽ പ്രവേശിച്ചു. ആ രാജാവിന്റെ സദസ്സ് രത്നഖചിതമായ സിംഹാസനങ്ങളാലും, രാജോചിതമായ വിശേഷവസ്തുക്കളാലും അലംകൃതമായി പ്രശോഭിച്ചു! സ്വപക്ഷീയരായ രാജാക്കന്മാർ പീഠങ്ങളിൽ ചെന്നിരുന്നു. ആദ്യമായി മാന്യവൃദ്ധന്മാരായ വിരാടപാഞ്ചാലന്മാർ പീഠങ്ങളിലിരുന്നു. പിതാവിനോടൊപ്പം രാമനും ജനാർദ്ദനനും ഇരുന്നു. പാഞ്ചാലരാജാവിന്റെ സമീപത്ത് രൗഹിണേയനോടുകൂടി ശിനിപ്രവീരനും ഇരുന്നു. മത്സ്യരാജാവിന്റെ സമീപത്തായി ശ്രീകൃഷ്ണൻ ധർമ്മപുത്രനോടുംകൂടെ ഇരുന്നു. അപ്രകാരംതന്നെ പാഞ്ചാലരാജാവിന്റെ പുത്രന്മാരും, ഭീമാർജ്ജുനന്മാരും, മാദ്രീപുത്രന്മാരും പ്രദ്യുമ്നനും, സാംബനും, വിരാടരാജാവിന്റെ പുത്രന്മാരും, പാർത്ഥന്മാരുടെ പുത്രന്മാരും നിരന്നിരുന്നു. ഇങ്ങനെ രാജാക്കന്മാരും അവരോടു തുല്യമായ വീരശൗര്യരൂപവാന്മാരായ പുത്രന്മാരും സുവർണ്ണചിത്രാസനമണ്ഡലത്തിൽ ചിത്രവസ്ത്രാഭരണശോഭിതന്മാരായി പ്രശോഭിക്കെ ആ രാജസദസ്സ് ഗ്രഹങ്ങളാൽ പ്രശോഭിക്കുന്ന നഭോമണ്ഡലംപോലെ പ്രഭാപൂരിതമായി!

പിന്നെ, ആ സമ്മേളനത്തിൽ യോഗോചിതമായ കാര്യങ്ങൾ ഓരോന്നും പറഞ്ഞ് മുഹൂർത്തസമയം ചിന്തിച്ചതിന്നുശേഷം അവർ കൃഷ്ണന്റെ നേരെ ദൃഷ്ടിതിരിച്ചു. കൃഷ്ണൻ പാണ്ഡവന്മാരുടെ കാര്യഭംഗത്തെക്കുറിച്ചുള്ള വാർത്ത സംസാരിച്ചു. മഹത്തായ അഭ്യുദയം നല്കുന്ന ആ വാക്കുകൾ ആ രാജസിംഹന്മാർ ശ്രദ്ധാപൂർവ്വം കേട്ടിരുന്നു."

കൃഷ്ണൻ പറഞ്ഞു: "യുധിഷ്ഠിരനെ സൗബലൻ കള്ളച്ചൂതിൽ ജയിച്ച്, രാജ്യം അപഹരിച്ച്, വനവാസക്കരാറിൽ പെടുത്തിയത് നിങ്ങളൊക്കെ അറിഞ്ഞിട്ടുണ്ടല്ലോ. ശക്തന്മാരായ പാണ്ഡവന്മാർ ഭൂമി മുഴുവൻ കീഴടക്കുവാൻ സമർത്ഥരായിരുന്നിട്ടും, സത്യനിഷ്ഠയാൽ ആ ഉഗ്രമായ വ്രതം പതിമൂന്നുവർഷം അനുഷ്ഠിക്കുകയാണല്ലോ ചെയ്തത്. പതിമൂന്നാമാണ്ടത്തെ അജ്ഞാതവാസം വളരെയേറെ ദുഷ്കരമായ കാര്യമാണ്. അതും അവർ ഹേ, വിരാടരാജാവേ, ഭവാന്റെ അടുത്തു വസിച്ചു നിർവ്വഹിച്ചു. ദുസ്സഹമായ ക്ലേശങ്ങൾ പലതും വനവാസകാലത്ത് ഇവർ അനുഭവിച്ചു. ഒടുവിൽ പരന്മാരുടെ ദാസ്യവേല ചെയ്യുക എന്നുള്ളതും ഇവർക്ക് വേണ്ടിവന്നു. ഇനി രാജാവേ, യുധിഷ്ഠിരന്നും ദുര്യോധനന്നും ഹിതമായിട്ടുള്ളത് എന്തോ അതിനെപ്പറ്റി ധർമ്മാനുസൃതവും യശസ്കരവുമായവിധം നിങ്ങൾ ചിന്തിക്കുകയാണ് ഇപ്പോൾ വേണ്ടത്. അധർമ്മമായി സുരരാജ്യം പോലും കാംക്ഷിക്കുന്നവനല്ല ധർമ്മരാജാവ്. ധർമ്മയുക്തമായിട്ടാണെങ്കിൽ ഒരു ഗ്രാമം കിട്ടിയാലും തൃപ്തനാകും. പാണ്ഡവന്മാരുടെ രാജ്യം ധൃതരാഷ്ട്രപുത്രന്മാർ തട്ടിയെടുത്തതും, അധർമ്മമായ പ്രവൃത്തികളാൽ ദുസ്സഹക്ലേശങ്ങളിൽപെടുത്തിയതുമൊക്കെ നിങ്ങൾക്കറിവുള്ളതാണല്ലോ. ധൃതരാഷ്ട്രപുത്രന്മാർ സ്വന്തം വീര്യം കൊണ്ട് പാർത്ഥന്മാരെ യുദ്ധത്തിൽ ജയിക്കുകയല്ല ചെയ്തത്. എന്നിട്ടും ഈ ധർമ്മനിഷ്ഠൻ ധാർത്തരാഷ്ട്രന്മാരുടെ ക്ഷേമത്തെ ചിന്തിക്കുന്നു. രാജാക്കന്മാരെ യുദ്ധത്തിൽ ജയിച്ച് പാർത്ഥൻ നേടിയ രാജ്യത്തെ ഈ പുരുഷപ്രവീരന്മാരായ പാണ്ഡവന്മാർ ആഗ്രഹിക്കുന്നു. ബാല്യംമുതൽക്കേ ഈ പാണ്ഡവന്മാരെ വധിക്കുവാനും രാജ്യാപഹരണത്തിന്നുംവേണ്ടി കടുത്ത ദുഷ്ടന്മാരായ ധാർത്തരാഷ്ട്രന്മാർ പല പല കൗശലങ്ങളും പ്രയോഗിച്ചുനോക്കിയതും നിങ്ങൾക്ക് അറിവുള്ള സംഗതികളാണ്. അവരുടെ ലോഭവും ധർമ്മപുത്രന്റെ ധർമ്മവും വിശേഷിച്ച് ബന്ധുത്വവും കണക്കിലെടുത്ത് നിങ്ങൾ കൂട്ടായും വെവ്വേറെയും ചിന്തിച്ച് ഒരു തീർപ്പുണ്ടാക്കുക. ഇവർ സദാസത്യപരന്മാരാണ്. കരാറു പാലിച്ചവരാണ്. ക്രമംവിട്ടാണ് ധാർത്തരാഷ്ട്രന്മാർ പെരുമാറുന്നതെങ്കിൽ അവരെ കൂട്ടത്തോടെ മുടിക്കുവാൻ ഇവർ ശക്തരാണ്. ഇവരുടെ മിത്രങ്ങൾ, യാഥാർത്ഥ്യം അറിഞ്ഞവരാകയാൽ, ഇവരെ സഹായിക്കുകയും ചെയ്യും. യുദ്ധത്തിന്നിടയായാൽ ഇവർ അവരെ മുടിച്ചുകളയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അല്പംപേർ മാത്രമായ ഇവർ അവരെ എങ്ങനെ ജയിക്കും എന്ന ശങ്ക വേണ്ട. എല്ലാ സുഹൃത്തുക്കളും ചേർന്നാൽ അതിന്നു സാദ്ധ്യതയുണ്ട്.

ഏതായാലും ദുര്യോധനന്റെ ഉദ്ദേശ്യമെന്തെന്ന് നാം ആദ്യം അറിയേണ്ടതായിട്ടുണ്ട്. ആ ധാർത്തരാഷ്ട്രൻ എന്തു വിചാരിക്കുന്നു? പരപക്ഷം അറിയാതെ നമുക്ക് ഇപ്പോൾ ഒന്നും ചെയ്യുവാൻ വയ്യ. അതുകൊണ്ട് ശുദ്ധനും, കുലീനനും, സമർത്ഥനും, ശമശീലനുമായ ഒരുത്തനെ നാം ദൂതനായി അയയ്ക്കണം. പകുതി രാജ്യം ധർമ്മജന്ന് നല്കുവാൻ ധർമ്മാർത്ഥങ്ങൾ ചേർന്ന സാമവാക്കുകളാൽ ആ ദൂതൻ അവിടെ ചെന്ന് അറിയിക്കട്ടെ."

കൃഷ്ണൻ പറഞ്ഞ വാക്കുകേട്ട് ആ വാക്കിനെ ആദരിച്ച് കൃഷ്ണന്റെ ജ്യേഷ്ഠനായ ബലദേവൻ ഇപ്രകാരം പറഞ്ഞു.

2. ബലദേവന്റെ അഭിപ്രായം - ബലദേവൻ പറഞ്ഞു: "കൃഷ്ണൻ പറഞ്ഞ ധർമ്മാർത്ഥയുക്തമായ വാക്ക് ഭവാന്മാർ കേട്ടുവല്ലോ. അജാതശത്രുവായ രാജാവിന്നും, ദുര്യോധനരാജാവിന്നും നന്മയ്ക്കായിട്ടാണ് കൃഷ്ണൻ ഈ പറഞ്ഞത്. കൈവിട്ടുകളഞ്ഞ അർദ്ധരാജ്യം കൊടുത്താൽ ദുര്യോധനന്ന് നമ്മളോടുകൂടി സസന്തോഷം സുഖിച്ചു വസിക്കാം. രാജ്യംകിട്ടിയാൽ ഈ പാണ്ഡവന്മാർ ധാർത്തരാഷ്ട്രന്മാരോടു ചേർന്ന് സൗഹാർദ്ദപൂർവ്വം വാഴുകയും ചെയ്യും. ഇപ്രകാരം രണ്ടുപേരും പ്രശാന്തരായി സുഖം പ്രാപിച്ചാൽ അത് സകല പ്രജകളുടേയും ഹിതത്തിന്നും ശാന്തിക്കും ഹേതുവാകുന്നതാണ്. ഇക്കാര്യത്താൽ ദുര്യോധനന്റെ ഇഷ്ടമെന്തെന്നറിയുന്നതിന്നും, യുധിഷ്ഠിരന്റെ അഭിപ്രായം അറിയിക്കുവാനുമായി ഒരാൾ കുരുപാണ്ഡവന്മാരുടെ നന്മയ്ക്കുവേണ്ടി പോകുന്നത് എനിക്കും ഇഷ്ടമാണ്.

പോകുന്ന ദൂതൻ ഭീഷ്മനോടു നയം പറയട്ടെ. ധൃതരാഷ്ട്രനോടും സപുത്രനായ ദ്രോണനോടും, വിദുരനോടും കൃപനോടും ഗാന്ധാരനോടും കർണ്ണനോടും ധൃതരാഷ്ട്രപുത്രന്മാരോടും വിശേഷാൽ ബലം തികഞ്ഞവരും നിഗമം ധരിച്ചവരും ധർമ്മിഷ്ഠരും, ശോകവീരന്മാരും, കാലജ്ഞന്മാരും, പഠിപ്പുള്ളവരും, വൃദ്ധന്മാരുമായ മാന്യന്മാർ ചേർന്നിരിക്കുന്ന സദസ്സിൽ വെച്ച് അവരെ വണങ്ങി കൗന്തേയന്മാരുടെ കാര്യം ഫലപ്രദമാകുംവണ്ണം ഉണർത്തിക്കണം. അവരെ കോപിപ്പിക്കുന്നവിധമൊന്നും പറയരുത്. അവരുടെ കൈയിലാണല്ലോ കാര്യമിരിക്കുന്നത്. നമുക്ക് പ്രിയപ്പെട്ട ധർമ്മരാജാവ് സുഹൃജ്ജനങ്ങൾ തടുത്തുപറഞ്ഞ വാക്കിനെ പരിഗണിക്കാതെ ചൂതു കളിച്ചു. അവിജ്ഞനായ കുരുപ്രവീരൻ, ധർമ്മപുത്രൻ, തോറ്റുപോയി. അക്ഷജ്ഞനായ സൗബലനോടെതിർത്ത് ചൂതിൽ ഭ്രമത്തോടെ കളിച്ചു. ദുര്യോധനൻ, കർണ്ണൻ മുതലായവരെല്ലാം അവിടെയുണ്ടായിരുന്നിട്ടും, യുധിഷ്ഠിരന്നു കളിക്കുവാൻപറ്റിയ മറ്റുള്ള ചൂതാട്ടക്കാരെയൊക്കെ വിട്ട് സൗബലനെത്തന്നെ ചൂതാട്ടത്തിന്നു വിളിച്ച് അവനോടു കളിച്ച് ചൂതരങ്ങിൽ തോറ്റുപോയി. എപ്പോഴും അക്ഷങ്ങൾ പിഴച്ചുനില്ക്കുന്ന സന്ദർഭത്തിൽ വീണ്ടും വീണ്ടും കളിച്ച് എതിർത്തു വാശിയോടെ കളിച്ച് ധർമ്മപുത്രൻ അമ്പേ പരാജിതനായി. ഇക്കാര്യത്തിൽ ശകുനി തെറ്റുകാരനല്ല. ഇങ്ങനെയുള്ള യാഥാർത്ഥ്യം നല്ലപോലെ കണക്കിലെടുത്തു വണക്കത്തോടെ, സൗമ്യമായി, കോപം ജനിപ്പിക്കാത്ത പദങ്ങൾ

digitized by www.sreyas.in

പ്രയോഗിച്ച്, വിചിത്രവീര്യാത്മജനോടു പറയുക. എന്നാൽ അവൻ സ്വാർത്ഥമാർഗ്ഗത്താൽ കാര്യങ്ങളെ ഇണക്കി ദുര്യോധനനെ വശത്താക്കി കാര്യം നടത്തും. പോരിന്നായി ഒരുങ്ങരുത്. സാമത്താൽ കൗരവരെ സംബോധനചെയ്തു വിനയപൂർവ്വം സംസാരിച്ച് കാര്യം നേടുക. സാമംകൊണ്ട് നേടുന്നത് നന്മയാണ്. രണത്തിന്നൊരുങ്ങിയാൽ അനർത്ഥം വളരെ സംഭവിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മധുപ്രവീരനായ ബലദേവൻ പറഞ്ഞപ്പോൾ സാത്യകി ചാടിയെഴുന്നേറ്റ് അദ്ദേഹത്തിന്റെ വാക്കുകളെ ഖണ്ഡിച്ച്, നിന്ദിച്ച് കോപത്തോടെ ഇപ്രകാരം പറഞ്ഞു."

3. സാത്യകിക്രോധവാക്യം - സാത്യകി പറഞ്ഞു: "ഏതു മനുഷ്യനും ആത്മാനുരൂപമായേ സംസാരിക്കൂ! സ്വന്തം അന്തരാത്മാവിന്ന് അനുരൂപമായിത്തന്നെയാണ് ഭവാൻ ഈ പറഞ്ഞതൊക്കെ. അതിന്നു യാതൊരു സംശയവുമില്ല. ലോകത്തിൽ ശൂരപുരുഷന്മാരുമുണ്ട്; കുത്സിതപുരുഷന്മാരുമുണ്ട്. പുരുഷന്മാരിൽ ഇങ്ങനെ രണ്ടുകക്ഷിക്കാരെ എവിടെയും കാണാം. ഒരു വംശത്തിൽത്തന്നെ മഹാനും ജനിക്കും; ആണും പെണ്ണും കെട്ടവനും ജനിക്കും. ഒരു വൃക്ഷത്തിൽത്തന്നെ ഒരു കൊമ്പുകായ്ക്കുമ്പോൾ മറ്റേക്കൊമ്പ് കായ്ക്കാതിരിക്കുന്നതും നാം കാണുന്നുണ്ട്. അതുകൊണ്ട് ഭവാനെ ഞാൻ കുറ്റംപറയുന്നില്ല. ഭവാന്റെ വാക്കുകേൾക്കുന്ന ഈ സദസ്യരെയാണ് ഞാൻ അധിക്ഷേപിക്കുന്നത്. ധർമ്മരാജാവിൽ അല്പമെങ്കിലും ദോഷം കാണുന്ന ആൾക്ക് സഭാമദ്ധ്യത്തിൽ കൂസൽകൂടാതെ പ്രസംഗിക്കുവാൻ അവസരം കൊടുക്കുകയോ? അക്ഷജ്ഞനല്ലാത്ത യുധിഷ്ഠിരനെ അക്ഷകോവിദന്മാർ ചെന്നു ചൂതിന്നു വിളിച്ചിട്ടല്ലേ വന്നത്? ആ ജയം ധർമ്മോചിതമാണോ? തന്റെ ഭ്രാതാക്കളോടുകൂടി ധർമ്മപുത്രൻ സ്വഗൃഹത്തിൽ ക്രീഡിച്ചു വസിക്കുന്ന സന്ദർഭത്തിൽ അവിടെച്ചെന്നിട്ടാണ് കളിച്ചു ജയിച്ചതെങ്കിൽ ആ ജയം ധർമ്മാനുസരണമാണെന്നു വിചാരിക്കാം. ക്ഷത്രധർമ്മനിരതനായ രാജാവിനെ ക്ഷണിച്ച് കൂട്ടിക്കൊണ്ടുപോയി ചതിച്ചു ജയിച്ചത് ശുഭകർമ്മമാണെന്ന് ആര് പറയും? അതിൽ എന്തു ധർമ്മമുണ്ട്? കരാറുപോലെ എല്ലാം ശരിക്കു പാലിച്ച ഈ മഹാൻ ഇനി അവന്റെ മുമ്പിൽ വണങ്ങണംപോലും! വനവാസം കഴിഞ്ഞ് പൈതാമഹമായ ധനത്തിന്നർഹനായ യുധിഷ്ഠിരൻ ഇനി വണങ്ങണംപോലും! അന്യന്റെ ധനമാണ് യുധിഷ്ഠിരൻ ഇച്ഛിക്കുന്നതെങ്കിലും, യുധിഷ്ഠിരൻ അന്യരോടു യാചിക്കുമെന്ന് ഭവാൻ വിചാരിക്കുന്നുണ്ടോ? വനവാസപ്രതിജ്ഞ പാണ്ഡവന്മാർ വഴിപോലെ നിർവ്വഹിച്ചിട്ടും അവരെ അറിഞ്ഞു എന്ന് വെറുതെ പറഞ്ഞുപരത്തി രാജ്യം കൊടുക്കാതിരിക്കുന്ന ഇവരാണോ ധർമ്മയുക്തന്മാർ? ഭീഷ്മനും, ദ്രോണനും, വിദുരനും പറഞ്ഞ് അനുനയിച്ചാലും പാണ്ഡുപുത്രന്മാർക്ക് അച്ഛന്റെ മുതൽ നല്കുവാൻ അവർ കൂട്ടാക്കുകയില്ല. ആ കൂട്ടരെയൊക്കെ പോർക്കളത്തിൽ വെച്ച് നിശിതമായ ശരത്താൽ എയ്ത് മഹാത്മാവായ ധർമ്മജന്റെ കാല്ക്കൽ ഞാൻ വീഴ്ത്തുന്നത് കാണിച്ചുതരാം. അതല്ല, അവർ ഈ ധീമാനെ വണങ്ങുന്നില്ലെങ്കിൽ, അവനെ തീർച്ചയായും ഞാൻ മന്ത്രിമാരോടുകൂടി കാലന്റെ നഗരത്തിലേക്കയയ്ക്കും. കോപിച്ചുപൊരുതുന്ന ഈ യുയുധാനന്റെ ശക്തി തടുക്കുവാൻ വജ്രവേഗത്തെ പർവ്വതങ്ങൾക്കെന്നവിധം, അവർക്കു കഴിയുകയില്ല. പിന്നെയുണ്ടോ അവർക്ക് ഗാണ്ഡീവപാണിയായ അർജ്ജുനനേയും, ചക്രപാണിയേയും, ക്രുദ്ധനായ ഭീമനേയും, എന്നേയും തടുക്കുവാൻ കഴിയുന്നു? യമകാലോപമധനുർദ്ധരന്മാരായ യമന്മാരേയും, യമകാലപ്രശോഭിതന്മാരായ മത്സ്യപാഞ്ചാലരാജാക്കന്മാരേയും അവർക്കുണ്ടോ താങ്ങുവാൻ കഴിയുന്നു? ജീവനിൽ കൊതിയുള്ള ഏതൊരുത്തനാണ് ധൃഷ്ടദ്യുമ്നനോട് ചെന്നേല്ക്കുക? പാഞ്ചാലീപുത്രന്മാരായ അഞ്ചു പാണ്ഡവേയന്മാരും കീർത്തിമാന്മാരാണ്. അവർ പാണ്ഡവർക്കുതുല്യം ശക്തരും വീരന്മാരുമാണ്. വില്ലാളിമാരിൽ അഗ്രഗണ്യനായ അഭിമന്യുവിനോട് എതിർക്കുവാൻ ആരുണ്ട്? സൂര്യാഗ്നിസന്നിഭന്മാരായ ഗദൻ, സാംബൻ, പ്രദ്യുമ്നൻ എന്നിവരോടു ചേർന്ന് ഈ ഞങ്ങൾ ശകുനിയോടും കർണ്ണനോടും ചേർന്ന ദുര്യോധനനെ വധിച്ച്, ധർമ്മപുത്രനെ അഭിഷേകം ചെയ്യുന്നത് നിങ്ങൾക്കുകാണാം. എതിർക്കുന്ന ശത്രുക്കളെ വധിക്കുന്നതിൽ യാതൊരു അധർമ്മവുമില്ല. ശത്രുക്കളോട് ഇരക്കുന്നതിൽപ്പരം അധർമ്മ്യവും അയശസ്യവുമായി മറ്റെന്തുണ്ട്? അതുകൊണ്ട് യുധിഷ്ഠിരന്റെ ആഗ്രഹം എന്തോ അതു മടികൂടാതെ നിങ്ങൾ ചെയ്യുവിൻ! ധാർത്തരാഷ്ട്രനിൽനിന്ന് പാണ്ഡവൻ രാജ്യം നേടട്ടെ! ദുര്യോധനൻ യുധിഷ്ഠിരന്നു രാജ്യം കൊടുക്കാതിരിക്കുകയാണെങ്കിൽ കൗരവന്മാർ കൂട്ടത്തോടെ നിഹതരായി മണ്ണിൽ കിടന്നുറങ്ങുന്നതു കാണുമാറാകും."

4. ദ്രുപദവാക്യം - ദ്രുപദൻ പറഞ്ഞു: "ഭവാൻ പറഞ്ഞതുപോലെതന്നെയാണ് കാര്യം സംഭവിക്കുക. ദുര്യോധനൻ സന്തോഷത്തോടെ രാജ്യം കൊടുക്കുകയില്ല; തീർച്ചയാണ് അക്കാര്യം. സുതപ്രിയനായ ധൃതരാഷ്ട്രൻ അവന്റെ ഇഷ്ടം നോക്കും. ദൈന്യംകൊണ്ട് ഭീഷ്മദ്രോണന്മാരും, മൂർഖതകൊണ്ട് ശകുനിയും കർണ്ണനും, എന്റെ അറിവിൽപ്പെട്ടിടത്തോളം ബലഭദ്രന്റെ അഭിപ്രായത്തോടു യോജിക്കുന്നതായി കാണുന്നുണ്ട്. ബലദേവന്റെ അഭിപ്രായം സ്വീകാര്യമായി തോന്നുന്നില്ല. ധാർത്തരാഷ്ട്രന്മാരോട് ഒരിക്കലും മൃദുവാക്കു പറയുവാൻ പാടില്ല. ആ പാപബുദ്ധി മാർദ്ദവംകൊണ്ട് ഇണങ്ങുന്ന ആളല്ല എന്നാണ് എന്റെ അഭിപ്രായം. ദുര്യോധനനോടു മൃദുവാക്കു പറയുവാൻ വിചാരിക്കുന്നവൻ കഴുതയിൽ മൃദുത്വം കാണിക്കുകയും പശുക്കളിൽ തീക്ഷ്ണത കാണിക്കുകയും ചെയ്യുന്നവനാണ്. മൃദുവാക്ക് അശക്തിയുടെ ലക്ഷണമായിട്ടാണ് ആ പാപചിത്തൻ കരുതുക. മാർദ്ദവംകണ്ടാൽ ആ വിഡ്ഢി കാര്യം നേടിയതായും കണക്കാക്കും. അതുകൊണ്ട് നാം ഇപ്പോൾ ചെയ്യേണ്ടതു വേറെ വിധത്തിലാണ്. ആളെയയച്ച് മിത്രങ്ങളെ വരുത്തുകയും പടകൂട്ടുവാനായി യത്നിക്കുകയുമാണ്. ധൃഷ്ടകേതുവിനേയും, ജയത്സേനനേയും ശല്യനേയും, കേകയന്മാരേയുമൊക്കെ വരുത്തുവാൻ ദൂതന്മാരെ അയയ്ക്കണം. ഈ നിമിഷത്തിൽ സുയോധനൻ എല്ലായിടത്തേക്കും ആളെ അയയ്ക്കും. സജ്ജനങ്ങൾ ആര് മുമ്പെ ചെന്ന് ആശ്രയിക്കുന്നുവോ അവരോടുകൂടിച്ചേരും. അതുകൊണ്ട് കഴിയുന്ന വേഗത്തിൽ രാജാക്കളെ വിളിക്കുവാൻ നാം ആളെ വിടണം. അങ്ങനെ മഹത്തായ കാര്യം നിർവ്വഹിക്കേണ്ടിയിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. ശല്യന്റെ സമീപത്തേക്കും അവനോടു ചേർന്നുനില്ക്കുന്ന രാജാക്കളുടെ അടുത്തേക്കും ഉടനെ ദൂതന്മാരെ വിടുക. കിഴക്കൻകടലിന്റെ സമീപം വാഴുന്ന ഭഗദത്തരാജാവിന്റെ അടുത്തേക്കും ഉഗ്രനായ അമിതൗജസ്സിന്നും, ഹാർദ്ദിക്യന്നും, ആഹുകനും, ദീർഘപ്രജ്ഞന്നും, ശൂരന്നും, രോചമാനന്നും, ബൃഹന്തന്നും, സേനാബിന്ദുവിന്നും, സേനജിത്തിന്നും, പ്രതിവിന്ധ്യന്നും, ചിത്രവർമ്മാവിന്നും, സുവാസ്തുകന്നും ബാൽഹീകന്നും, മുഞ്ജകേശന്നും, ചൈദ്യാധിപതിക്കും, സുപാർശ്വന്നും, സുബാഹുവിന്നും, പൗരവന്നും ശകന്മാർക്കും പഹ്ലവന്മാർക്കും, ദരദരാജാക്കന്മാർക്കും, നദീജന്നും കർണ്ണവേഷ്ടന്നും, നീലന്നും, വീരധർമ്മാവിന്നും, വീര്യവാൻരാജാവിന്നും ദുർജ്ജയന്നും, ദന്തവക്ത്രന്നും, രുഗ്മിക്കും, ജനമേജയന്നും, ദൂതന്മാരെ ഉടനെ അയയ്ക്കണം. പിന്നെ ആഷാഢൻ, വായുവേഗൻ, പൂർവ്വപാലിക്ഷിതീശൻ, ഭൂരിതേജസ്സ്, ദേവകൻ, പുത്രന്മാരോടുകൂടിയ ഏകലവ്യൻ, കാരൂഷരാജാക്കന്മാർ, വീര്യവാനായ ക്ഷേമമൂർത്തി, ഋഷീകന്മാർ, കാംബോജന്മാർ, പശ്ചിമാനൂപനായകന്മാർ, ജയത്സേനൻ, കാശ്യൻ, പഞ്ചനദരാജാവ്, ദുർദ്ധർഷക്രാഥപുത്രൻ, പാർവ്വതീയരാജാക്കൾ, സുശർമ്മാവ്, ആജ്ജാനകി, മണിമാൻ, അതിമത്സകൻ, പാംസുരാഷ്ട്രാധിപൻ, ധൃഷ്ടകേതു, പൗണ്ഡ്രൻ, ദണ്ഡധാരൻ, ബൃഹത്സേനൻ, അപരാജിതൻ, നിഷാദൻ, ശ്രേണീമാൻ, വസുമാൻ, ബൃഹൽബലൻ, മഹൗജസ്സ്, ശത്രുജിത്തായ ബാഹു, സമുദ്രസേനൻ, പുത്രനോടുകൂടി വീര്യവാനായ ഉത്ഭവൻ, ക്ഷേമകൻ, വാടധാനൻ, ശ്രുതായുസ്സ്, ദൃഢായുസ്സ്, വീര്യവാനായ സാല്വപുത്രൻ, കലിംഗരാജാവ്, യുദ്ധദുർമ്മദനായ കുമാരൻ ഈ പറഞ്ഞ രാജാക്കളുടെയെല്ലാം അടുത്തേക്ക്

digitized by www.sreyas.in

ഉടനെതന്നെ ദൂതന്മാരെ വിടണമെന്നാണ് എന്റെ അഭിപ്രായം. രാജാവേ, എന്റെ പുരോഹിതനും പണ്ഡിതനുമായ ഈ പുരോഹിതൻ, ധൃതരാഷ്ട്രന്റെ അടുത്തേക്ക് ദൂതനായി പോകട്ടെ! അവൻ അവിടെച്ചെന്ന് പറയേണ്ടതായ വാചകങ്ങൾ പറഞ്ഞുകൊടുത്താലും. ദുര്യോധനനോടു പറയേണ്ടതും ഭീഷ്മനോട് പറയേണ്ടതും ധൃതരാഷ്ട്രനോട് പറയേണ്ടതും ദ്രോണനോട് പറയേണ്ടതുമായ വാക്യങ്ങൾ ഭവാൻ ദൂതന്ന് പറഞ്ഞുകൊടുത്താലും."

5. പുരോഹിതന്റെ യാത്ര – കൃഷ്ണൻ പറഞ്ഞു: "ഭവാൻ പറഞ്ഞ വാക്കുകൾ സോമകന്മാരുടെ ഭാരവാഹികൾക്കു ചേർന്ന തുതന്നെ! ഈ അഭിപ്രായംതന്നെയാണ് ഓജസിയായ പാണ്ഡവന്ന് അർത്ഥസിദ്ധികരമായിട്ടുള്ളത്. നല്ലപോലെ നീതി ചിന്തിക്കുന്നവർ മുൻകൂട്ടി കാര്യം കാണേണ്ടത് ഇങ്ങനെതന്നെയാണ്. ദീർഘദൃഷ്ടിയില്ലാതെ പ്രവർത്തിക്കുന്നവൻ ഒടുവിൽ മഹാവിഡ്ഢിയായിത്തീരും. എന്നാൽ ഞങ്ങൾക്കു കുരുക്കളിലും പാണ്ഡവന്മാരിലും ഒപ്പമാണല്ലോ ചാർച്ച. ഇഷ്ടത്തിന്നൊത്ത കൗന്തേയന്മാരോടും മറുവശത്തുള്ളവരോടും ഞങ്ങൾക്കു ബന്ധം* തുല്യമാണ്. ഭവാനെപ്പോലെ വിവാഹത്തിന്നു ക്ഷണിച്ചുവരുത്തിയവരാണ് ഞങ്ങളും. വേളികഴിഞ്ഞാൽ സന്തോഷം സ്വഗൃഹത്തിലേക്കു പോവുകയാണ്. വയസ്സുകൊണ്ടും അറിവുകൊണ്ടും ഇവിടെ സന്നിഹിതരായ രാജാക്കന്മാരിൽ ഭവാനാണ് വൃദ്ധൻ. ഈ ഞങ്ങളെല്ലാം ഭവാന്റെ ശിഷ്യരെപ്പോലെ ഭവാന്റെ കീഴിൽ നിന്നുകൊള്ളാം. ധൃതരാഷ്ട്രനും ഭവാനെ ബഹുമാനിക്കുന്നുണ്ടല്ലോ. ആചാര്യന്മാരായ ദ്രോണനും കൃപനും ഭവാൻ സ്നേഹിതനുമാണ്. അതുകൊണ്ട് ഭവാൻ പാണ്ഡവന്മാർക്കു വേണ്ടി ദൂതനോടു ദൗത്യവാചകം ചൊല്ലിക്കൊടുത്താലും. ഭവാൻ പറയുന്നത് ഈയുള്ളവർക്കൊക്കെ സമ്മതമാകും. കുരുപുംഗവനായ ദുര്യോധനൻ ശമം ചെയ്താൽ കൗരവപാണ്ഡവന്മാരുടെ സൗഭ്രാത്രത്തിന്നു ക്ഷയം ഭവിക്കുന്നതല്ല. അതിന്നു വിപരീതമായി ധാർത്തരാഷ്ട്രൻ ഗർവ്വിതനായി വേണ്ടതു ചെയ്യാതിരുന്നാൽ യുദ്ധസാഹായ്യത്തിന്നു മറ്റുള്ളവർക്ക് ആളെ വിടുന്ന കൂട്ടത്തിൽ ഞങ്ങളേയും വിളിക്കാം. പിന്നെ എന്തുണ്ടാകുമെന്ന് എനിക്കറിയാം. മന്ദബുദ്ധിയായ ദുര്യോധനൻ മന്ത്രിമാരോടും ബന്ധുക്കളോടുംകൂടി അർജ്ജുനന്റെ ക്രോധാഗ്നിയിൽ ദഹിച്ചു പോകും."

വൈശമ്പായനൻ പറഞ്ഞു: "വാർഷ്ണേയനെ സല്ക്കരിച്ച് വിരാടരാജാവ് ബന്ധുവർഗ്ഗങ്ങളോടുകൂടി സ്വഗൃഹത്തിലേക്കു യാത്രയാക്കി. കൃഷ്ണൻ ദ്വാരകയിലേക്കു പോയശേഷം ധർമ്മപുത്രൻ മുതലായവർ വിരാടരാജാവിനോടു കൂടിയാലോചിച്ചു പോരിന്നുവേണ്ട ഒരുക്കങ്ങളൊക്കെ കൂട്ടി. ബന്ധുക്കളോടു ചേർന്ന് ആലോചിച്ചതിന്നുശേഷം വിരാടൻ ദ്രുപദരാജാവിനോടുകൂടിച്ചേർന്നു ചിന്തിച്ച് എല്ലാ രാജാക്കന്മാർക്കും ദൂതന്മാരെ വിട്ടു. കുരുപ്രവരനായ യുധിഷ്ഠിരനും മത്സ്യപാഞ്ചാലന്മാരും ചേർന്നു ക്ഷണിക്കുകയാൽ രാജാക്കന്മാർ ഉത്സാഹത്തോടെ പടയോടുകൂടി പുറപ്പെട്ടു. പാണ്ഡവന്മാർക്കു സൈന്യങ്ങൾ വരുന്ന വൃത്താന്തം കേട്ടപ്പോൾ ദുര്യോധനനും രാജാക്കന്മാരെ വരുത്തി. ഭൂമിയെല്ലാം ഒന്നിളകി. കുരുപാണ്ഡവന്മാരുടെ യുദ്ധം കാരണം രാജാക്കന്മാർ പുറപ്പെട്ടപ്പോൾ ലോകമാകെ ആവേശഭരിതമായി. ചതുരംഗസൈന്യങ്ങൾ നാനാഭാഗങ്ങളിൽനിന്നും പുറപ്പെടുകയാൽ ഭൂമുഖമൊക്കെ, കാടും മലകളും ചേർന്ന പാരിടമൊക്കെ, തുള്ളുന്നവിധം പ്രകമ്പിതമായി.

പ്രജ്ഞാവൃദ്ധനും വയോവൃദ്ധനുമായ പുരോഹിതനെ ദ്രുപദൻ യുധിഷ്ഠിരന്റെ സമ്മതത്തോടുകൂടി കൗരവന്മാരുടെ അടുത്തേക്കയച്ചു."

6. പുരോഹിതൻ ഹസ്തിനാപുരത്തേക്കു പോകുന്നു

ദ്രുപദൻ പുരോഹിതനോട് ഇപ്രകാരം പറഞ്ഞു: "ഭൂതങ്ങളിൽവെച്ചു ജീവികളാണു ശ്രേഷ്ഠമായത്. ജീവികളിൽവെച്ചു ബുദ്ധിയുള്ള ജീവിയാണു ശ്രേഷ്ഠമായത്. ബുദ്ധിയുള്ള ജീവികളിൽവെച്ചു മനുഷ്യനാണു ശ്രേഷ്ഠജീവി. മർത്ത്യരിൽവെച്ചു ശ്രേഷ്ഠജീവികൾ ദ്വിജന്മാരാണ്. ദ്വിജന്മാരിൽ ശ്രേഷ്ഠൻ ബുധനാണ്, വിദ്വാനാണ്. ബുധന്മാരിൽ കൃതബുദ്ധികളാണ് ശ്രേഷ്ഠന്മാർ. കൃതബുദ്ധികളിൽ ശ്രേഷ്ഠൻ ഭവാനാണെന്നാണ് എന്റെ അഭിപ്രായം. കുലത്താലും വയസ്സാലും അറിവാലും ഭവാൻ വിശിഷ്ടനാണെന്നു ഞാൻ വിചാരിക്കുന്നു. ഭവാൻ വ്യാഴശുക്രന്മാരെപ്പോലെ ജ്ഞാനംകൊണ്ടു ശോഭിക്കുന്നു. ഭവാൻ കൗരവന്മാരുടേയും പാണ്ഡവന്മാരുടേയും എല്ലാ കാര്യങ്ങളും അറിയുന്നവനാണല്ലോ. ധൃതരാഷ്ട്രന്റെ അറിവോടുകൂടി പാർത്ഥന്മാരെ അവരുടെ ശത്രുക്കൾ വഞ്ചിച്ചു. വിദുരൻ നന്മ പറഞ്ഞുകൊടുത്തിട്ടും അതിനെ അവഗണിച്ച്, പുത്രന്റെ ഇഷ്ടത്തിന്നു വഴങ്ങി. കരുതലോടുകൂടി ശകുനി യുധിഷ്ഠിരനെ ചൂതിന്നു വിളിച്ചതാണ്. ധർമ്മിഷ്ഠനും, ശുചിയും, ക്ഷാത്രവ്രതസ്ഥനുമായ ധർമ്മപുത്രനെ, അക്ഷജ്ഞാനമില്ലാത്തവനെ, അക്ഷജ്ഞാനമുള്ള ശകുനി ചൂതിന്നുവിളിച്ചതാണ്. കരുതലോടുകൂടി വിളിച്ചുവരുത്തി തോല്പിച്ചു രാജ്യം തട്ടിയെടുത്ത അവർ ഇനി രാജ്യം സ്വമനസ്സാലെ വിട്ടുകൊടുക്കുക എന്നതുണ്ടാവുകയില്ല. അക്കാര്യം വിദുരൻ ഭവാനോടു ചേർന്നു സാധിപ്പിച്ചുതരികയും ചെയ്യും. ഭീഷ്മൻ, ദ്രോണൻ, കൃപൻ മുതലായവരിലും അഭിപ്രായഭിന്നതയുണ്ടാക്കിത്തീർക്കുവാൻ കഴിയും. അങ്ങനെ മന്ത്രിമാർ ഭിന്നിക്കുകയും, യോധന്മാർ വിമുഖരാവുകയും ചെയ്താൽ അവരെ ഒരുമിപ്പിക്കുവാൻ കൗരവന്മാർക്കു വളരെ വിഷമിക്കേണ്ടിവരും. അതിന്നിടയ്ക്ക് ഏകാഗ്രബുദ്ധികളായ പാണ്ഡവന്മാർക്കു പടകൂട്ടുവാനും ധനം സമാർജ്ജിക്കുവാനും സാധിക്കും. സ്വജനം ഭിന്നമായി നില്ക്കുമ്പോൾ, ഭവാൻ അവിടെപ്പോയി താമസിച്ച് അവരെ ഭിന്നിപ്പിക്കുന്നതായാൽ അവർക്കു പടകൂട്ടുവാൻ സാധിക്കാതെവരും. അതാണ് ഭവാന്റെ ദൗത്യംകൊണ്ടു പ്രധാനമായി ഉണ്ടാകുന്ന ഫലം (സമയലാഭം).

ധൃതരാഷ്ട്രൻ, ദൈവഗത്യാ ഭവാന്റെ ധർമ്മവാക്കുകൾ കേൾക്കുകയാണെങ്കിൽ ഭവാൻ അവരോടു ധർമ്മമാർഗ്ഗത്തെത്തന്നെ അവലംബിക്കുക. രാജാവ് അനുനയത്തിന്ന് ഇണങ്ങുന്നുണ്ടെന്നു കണ്ടാൽ കൃപാലുക്കളായ ജനങ്ങളോട് പാണ്ഡുപുത്രന്മാർ അനുഭവിച്ച ക്ലേശങ്ങളെ പറഞ്ഞുകൊടുക്കണം. വൃദ്ധന്മാരോടു കുലധർമ്മത്തെപ്പറ്റിയും, പണ്ടുള്ളവർ നടന്ന നടപടികളെപ്പറ്റിയും, വർണ്ണിച്ചു പറഞ്ഞുകൊടുക്കണം. എന്നാൽ അവരുടെ മനസ്സിന്നു തീർച്ചയായും മാറ്റമുണ്ടാകും. ഭവാൻ ഒരിക്കലും അവരെ ഭയപ്പെടേണ്ടതില്ല. വേദജ്ഞനായ വിപ്രനാണല്ലോ ഭവാൻ! വിശേഷിച്ചു ദൂതനായി വന്ന വൃദ്ധനാണല്ലോ ഭവാൻ. അതുകൊണ്ട് അവിടെച്ചെന്ന് ഭവാന് നിർഭയമായി സംസാരിക്കാം. പൂയം നക്ഷത്രത്തിൽ, വിജയമുഹൂർത്തത്തിൽ, ഭവാൻ പാണ്ഡവന്മാർക്ക് അർത്ഥസിദ്ധിക്കുവേണ്ടി കൗരവസന്നിധിയിലേക്കു പോവുക."

വൈശമ്പായനൻ പറഞ്ഞു: "മഹാത്മാവായ ദ്രുപദൻ ഇപ്രകാരം പ്രേഷണം ചെയ്തതനുസരിച്ച് പണ്ഡിതനും സാധുശീലനുമായ പുരോഹിതൻ ശിഷ്യരോടുകൂടി പുറപ്പെട്ടു. പാണ്ഡവന്മാരുടെ ഹിതത്തിന്നായി നീതിശാസ്ത്രകോവിദനായ ആ പണ്ഡിതൻ കൗരവന്മാരുടെ അടുത്തേക്ക്, ഹസ്തിനാപുരിയിലേക്കു പുറപ്പെട്ടു."

7. കൃഷ്ണസാരഥ്യസ്വീകാരം - ദുര്യോധനാർജ്ജുനന്മാർക്ക് ശ്രീകൃഷ്ണന്റെ സാഹായ്യം – വൈശമ്പായനൻ പറഞ്ഞു: "ഹസ്തിനാപുരത്തേക്ക് പുരോഹിതനെ വിട്ടതിനുശേഷം അവർ ദൂതന്മാരെ നാനാരാജ്യങ്ങളിലേക്കും പറഞ്ഞയച്ചു. അതിന്നുശേഷം നരർഷഭനായ അർജ്ജുനൻതന്നെ ദ്വാരകയിലേക്കു പോയി.

വൃഷ്ണികളോടും, ഭോജന്മാരോടും, അന്ധകന്മാരോടും കൂടി ആ ശ്രേഷ്ഠന്മാരായ രാമകൃഷ്ണമാധവന്മാർ പോയതിന്നു

* കുന്തിവഴിക്കും സുഭദ്രവഴിക്കും പാണ്ഡവന്മാരോടെന്ന പോലെ കൃഷ്ണപുത്രനായ സാംബൻ, ദുര്യോധനന്റെ പുത്രിയെ വേൾക്കുകയാൽ, കൗരവന്മാരോടു ബന്ധപ്പെട്ടിരിക്കുന്നു.

digitized by www.sreyas.in

ശേഷം പാണ്ഡവന്മാരുടെ നടപടികളൊക്കെ ദുര്യോധനൻ ചാരന്മാർമുഖേന അറിഞ്ഞു. മാധവൻ പോയ വൃത്താന്തം അറിഞ്ഞയുടനെ വായുവേഗമായ ഹയങ്ങളെ കെട്ടിയ തേരിൽ സൈന്യങ്ങളാകുന്ന അകമ്പടിയോടുകൂടി ദുര്യോധനനും ദ്വാരകയിലെത്തി. അന്നത്തെ ദിവസംതന്നെയാണ് രമ്യമായ ദ്വാരകയിലേക്ക് കുന്തീപുത്രനായ ധനഞ്ജയനും എത്തിയത്. ദ്വാരകയിൽ ഒപ്പം എത്തിയ ആ മർത്ത്യവ്യാഘ്രന്മാരായ രണ്ടു കുരുനന്ദനന്മാരും അകത്തുപ്രവേശിച്ചപ്പോൾ കൃഷ്ണൻ പള്ളിമഞ്ചത്തിൽക്കിടന്ന് ഉറങ്ങുന്നതായിക്കണ്ടു. അവർ മുറിക്കകത്തു കടന്നു. ദുര്യോധനൻ ഉറങ്ങിക്കിടക്കുന്ന കൃഷ്ണന്റെ ശിരസ്സിന്നടുത്തായി ഒരു പീഠത്തിൽ കയറിയിരിപ്പായി. അർജ്ജുനൻ സുയോധനന്റെ പിന്നാലെ കടന്ന് കൃഷ്ണന്റെ കാൽക്കൽ ചെന്നു തൊഴുകൈയുമായി നിന്നു.

അല്പം കഴിഞ്ഞപ്പോൾ ആ വാർഷ്ണേയൻ ഉണർന്ന് അർജ്ജുനനെ ആദ്യമായി കണ്ടു. പിന്നെ ദുര്യോധനനേയും കണ്ടു. രണ്ടുപേരേയും സ്വാഗതംപറഞ്ഞ് യഥാക്രമം സൽക്കരിച്ചു. 'എന്താണ് നിങ്ങൾ രണ്ടുപേരും ഇങ്ങോട്ടു പുറപ്പെട്ടത്?' എന്ന് രണ്ടുപേരേയും നോക്കി ചോദിച്ചു. അപ്പോൾ ദുര്യോധനൻ മന്ദഹാസത്തോടെ കൃഷ്ണനോടു പറഞ്ഞു: "ഈ സംഗരത്തിൽ ഭവാൻ എനിക്ക് സഹായം ചെയ്യണം. ഭവാന് എന്നിലും അർജ്ജുനനിലും ഇഷ്ടം തുല്യമാണല്ലോ. മാധവാ, ഭവാനുമായി ഞങ്ങൾക്കുള്ള ബന്ധുത്വവും തുല്യമാണല്ലോ. ഭവാനെ കാണുവാൻ ആദ്യംവന്നത് ഞാനാണ്. സജ്ജനങ്ങൾ ആദ്യം വന്നവരെ സഹായിക്കുക എന്നത് മുമ്പേ നടപ്പുള്ള ആചാരമാണ്. അങ്ങ് സജ്ജനങ്ങളിൽ അഗ്രിമനുമാണല്ലോ! എന്നും സൽഗുണവാനായ ഭവാൻ സദ്വൃത്തത്തെ സംരക്ഷിച്ചാലും!'"

കൃഷ്ണൻ പറഞ്ഞു: "ഭവാൻ മുമ്പെ വന്നു എന്നുള്ളതിൽ ഞാൻ സംശയിക്കുന്നില്ല. രാജാവേ, ഞാൻ മുമ്പേ കണ്ടത് അർജ്ജുനനെയാണ്. അങ്ങ് മുമ്പെ വരികയാലും ഇവനെ മുമ്പെ കാണുകയാലും ഞാൻ രണ്ടുപേരേയും ഒഴിവാക്കുന്നില്ല. രണ്ടു പേർക്കും സഹായം ചെയ്യുവാനാണ് ഞാൻ വിചാരിക്കുന്നത്. ആദ്യം ബാലന്മാരെ സൽക്കരിക്കണമെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. അതുകൊണ്ട് ആദ്യം ഇഷ്ടംനല്കുവാൻ അർഹൻ അർജ്ജുനനാണ്. എന്റെ ഒപ്പം ശരീരശക്തിയുള്ള അർബ്ബുദം സംഖ്യ (അനേകായിരം) നാരായണന്മാർ എന്ന പേരിലറിയപ്പെടുന്ന പടയാളികളുണ്ട്. ദുർദ്ധർഷന്മാരായ അവർ നിങ്ങളിൽ ഒരാളുടെ കൂടെ സൈനികരായി പോരും. മറുഭാഗത്ത് പൊരുതുവാൻ ആയുധമെടുക്കാതെയുള്ള ഞാനും പോരും. എടോ പാർത്ഥാ! തനിക്കു സമ്മതം ഏതാണെന്നു പറയൂ. ഭവാൻ ധർമ്മാനുസരണം ഏതാണു വേണ്ടതെന്നുവെച്ചാൽ അതു സ്വീകരിക്കുക. ഈ വരത്തിൽ ഏതാണ് ഭവാന് ഇഷ്ടമെങ്കിൽ അതു വരിക്കുക! ഭവാന്റെ ഇഷ്ടം ആദ്യം തന്നേക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണൻ പറഞ്ഞപ്പോൾ അർജ്ജുനൻ യുദ്ധത്തിൽ പൊരുതാത്ത കൃഷ്ണനെയാണ് വരിച്ചത്. ശത്രുഘാതിയും മായാമാനുഷമൂർത്തിയും സർവ്വരാജാക്കന്മാർക്കും ദേവന്മാർക്കും ദൈത്യന്മാർക്കും മുഖ്യവീരനായ നാരായണനെ മതിയെന്നുതന്നെ ധനഞ്ജയൻ തീരുമാനിച്ച്, വരിച്ചു. ദുര്യോധനൻ അപ്പോൾ സഹസ്രസഹസ്രം യോധവീരരെ വരിക്കുകയും ചെയ്തു. 'കൃഷ്ണൻ വെറുംകൈയായി പോയിട്ടെന്തു കാര്യം?' എന്ന് മനസ്സിൽ വലിയ ഒരു സന്തോഷവും ദുര്യോധനന്ന് ഉണ്ടായി. ദുര്യോധനൻ ഇങ്ങനെ സൈന്യങ്ങളെ മുഴുവൻ നേടിയതിന്നുശേഷം സസന്തോഷം ബലവാനായ ബലഭദ്രനെ ചെന്നു കണ്ടു. ഇപ്പോഴത്തെ യാത്രയുടെ ഉദ്ദേശമെല്ലാം. അദ്ദേഹത്തെക്കണ്ടു പറഞ്ഞു. അപ്പോൾ ആ ശൗരി ധാർത്തരാഷ്ട്രനോട് ഇപ്രകാരം പറഞ്ഞു."

ബലദേവൻ പറഞ്ഞു: "ഹേ നരവ്യാഘ്രാ! ഭവാൻ യാഥാർത്ഥ്യങ്ങളൊക്കെ അറിയുന്നവനാണല്ലോ. വിരാടന്റെ ഗൃഹത്തിൽവെച്ച് ഞാൻ വിവാഹത്തിന്നു ചെന്നപ്പോൾ പറഞ്ഞതൊക്കെ ഭവാൻ അറിഞ്ഞിരിക്കുമല്ലോ. ഭവാനുവേണ്ടി അവിടെ വെച്ച് ഞാൻ കൃഷ്ണനെ തടുത്തു പറഞ്ഞു. 'നമുക്കു രണ്ടുകൂട്ടരോടും ചാർച്ച തുല്യമാണല്ലോ' എന്ന്. എന്റെ വാക്കൊന്നും കേശവനിൽ ഫലിച്ചില്ല. ക്ഷണംപോലും കൃഷ്ണനെ വിട്ടിരിക്കുക എന്നത് എനിക്കു ചിന്തിക്കുവാൻപോലും വയ്യ. അതുകൊണ്ട് ഞാൻ പാർത്ഥനേയും സഹായിക്കുകയില്ല, ദുര്യോധനനേയും സഹായിക്കുകയില്ല. കൃഷ്ണന്റെ നില കണ്ടപ്പോൾ എനിക്ക് അങ്ങനെ മനസ്സിലുറപ്പിക്കാതെ തരമില്ല. എല്ലാ മന്നവന്മാരും മാനിക്കുന്ന പുരുഷർഷഭനല്ലേ നീ! നീ പോയി ക്ഷത്രധർമ്മംപോലെ പോരാടുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ബലദേവൻ പറഞ്ഞതുകേട്ടപ്പോൾ ദുര്യോധനൻ ബലഭദ്രനെ സന്തോഷപൂർവ്വം തഴുകി. കൃഷ്ണനും നിരായുധനായിട്ടല്ലേ പോകുന്നത് എന്നുകൂടി ഓർത്തപ്പോൾ യുദ്ധത്തിൽ വിജയം സിദ്ധിച്ചതുതന്നെ എന്ന് ദുര്യോധനൻ മനസ്സിൽ കരുതി. പിന്നെ കൃതവർമ്മാവിന്റെ അടുത്തുചെന്നു. അദ്ദേഹം അവന്ന് ഒരു അക്ഷൗഹിണിസൈന്യത്തെ നല്കി. ആ ഭയങ്കരമായ സൈന്യത്തോടുകൂടി ദുര്യോധനൻ ഇഷ്ടന്മാർക്കൊക്കെ ഹർഷം ജനിപ്പിക്കുമാറ് സന്തോഷത്തോടുകൂടി മടങ്ങി. പിന്നെ വിശ്വസ്രഷ്ടാവായ പീതാംബരൻ, ജനാർദ്ദനൻ, ദുര്യോധനൻ പോയതിന്നുശേഷം അർജ്ജുനനോടു ചോദിച്ചു: 'എടോ അർജ്ജുനാ! പോരുചെയ്യാത്തവനായ എന്നെ നീ വരിച്ചത് എന്തു ബുദ്ധി കണ്ടിട്ടാണ്?'"

അർജ്ജുനൻ പറഞ്ഞു: "കൗരവന്മാരെ മുഴുവൻ വധിക്കുവാൻ ഭവാൻ സമർത്ഥനാണെന്ന് എനിക്കറിയാം. ഞാൻ തനിച്ചുമതി അവരെയൊക്കെ കൊന്നൊടുക്കുവാൻ. 'പോരിൽ പേരുകേട്ടവനാണ് കൃഷ്ണൻ' എന്ന പ്രസിദ്ധി ഭവാനുണ്ട്. എനിക്കും വേണം അങ്ങനെ ഒരു പ്രസിദ്ധി. അതുകൊണ്ട് ഭവാൻ എന്റെ സാരഥ്യം ഏല്ക്കണമെന്നാണ് എന്റെ മോഹം. ഞാൻ വളരെക്കാലം ആഗ്രഹിച്ച ആ കാര്യം ഭവാൻ സാധിപ്പിച്ചുതരണം."

കൃഷ്ണൻ പറഞ്ഞു: "കൊള്ളാമല്ലോ അർജ്ജുനാ! നീ എന്നോടാണല്ലോ സ്പർദ്ധിക്കുന്നത്! ഞാൻ നിന്റെ സാരഥ്യം ഏല്ക്കുന്നു. നിന്റെ ആഗ്രഹം സാധിക്കട്ടെ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സന്തുഷ്ടനായ പാർത്ഥൻ യദുശ്രേഷ്ഠനായ കൃഷ്ണനോടുകൂടെ ധർമ്മജന്റെ സന്നിധിയിലേക്കു പോന്നു."

8. ശല്യവാക്യം - ദുര്യോധനൻ ശല്യനെ സത്കാരത്താൽ പ്രസന്നനാക്കി വരം വാങ്ങുന്നു - വൈശമ്പായനൻ പറഞ്ഞു: "ദൂതൻ പറഞ്ഞ് വർത്തമാനം അറിഞ്ഞ ഉടനെ ശല്യൻ വീരന്മാരായ പുത്രന്മാരോടുകൂടി മഹാസൈന്യത്തേയും കൂട്ടി പാണ്ഡവരുടെ അടുത്തേക്കു പുറപ്പെട്ടു. ശല്യന്റെ മഹാസൈന്യം അരയോജന വിസ്താരത്തിലാണ് നില്ക്കുന്നത്. അത്രവലിയ സൈന്യങ്ങളോടുകൂടിയവനാണ് ആ നരർഷഭൻ. ശല്യൻ അക്ഷൗഹിണിയുടെ നാഥനും മഹാവീര്യപരാക്രമനുമാണ്. ചിത്രമായ ചട്ടയിട്ടവനും, ചിത്രമായ വില്ലുള്ളവനും, ചിത്രമായ കൊടിയുള്ളവനുമാണ് ആ മഹാവീര്യപരാക്രമൻ. അവന്റെ സേനാനായകന്മാർ അസംഖ്യം പേർ അവരുടെ ദേശവേഷാഭരണങ്ങളോടുകൂടി പ്രശോഭിച്ചു. എല്ലാവരും ചിത്രമായ ചട്ടയോടും ചിത്രവിൽക്കൊടികളോടും, ചിത്രാഭരണങ്ങളോടും ചിത്രത്തേർവാഹനങ്ങളോടും ചിത്രമാല്യഭൂഷണങ്ങളോടും ചിത്രവസ്ത്രങ്ങളോടുംകൂടിയവരായിരുന്നു. ആ ക്ഷത്രിയർഷഭന്മാർ ജീവജാലങ്ങൾ നടുങ്ങുന്നവിധം ഭൂലോകം വിറപ്പിക്കുമാറ് ഇടയ്ക്കിടയ്ക്കു വഴിക്കു പലയിടത്തും സൈന്യത്തെ നിറുത്തി നിറുത്തി പാർത്ഥന്മാരുടെ സമീപത്തേക്ക് സാവധാനം പോന്നു. അപ്പോൾ മഹാരഥനും മാന്യനുമായ ശല്യൻ വരുന്നതറിഞ്ഞ് അങ്ങോട്ടു ചെന്ന് ദുര്യോധനൻ വഴിനീളെ അവനെ സല്ക്കരിക്കുവാൻ രഹസ്യമായി ഏർപ്പാടുചെയ്തു. അവൻ വരുന്നവഴി മനസ്സിലാക്കി സൈന്യം സാവധാനം എത്തുമ്പോഴേക്കും സൈന്യങ്ങളെ സത്കരിക്കുവാൻ സത്രങ്ങൾ പലയിടങ്ങളിലും തീർപ്പിച്ചു. മനോഹരമായി ചിത്രാലംകൃതമായി പല വിനോദങ്ങളും ആ സത്ര

digitized by www.sreyas.in

ത്തിൽ ശില്പികളാൽ സജ്ജമാക്കിച്ചു. നല്ല പൂമാലകളും നല്ല വസ്ത്രങ്ങളും വിശേഷപ്പെട്ട ഭക്ഷണങ്ങളും ഭോജ്യങ്ങളും ഹൃദയപ്രീതി വളർത്തുന്ന കിണറുകളും, കുളങ്ങളും പലതരം ഭോജനശാലകളും, വിശ്രമശാലകളും ശല്യൻ സൈന്യസമേതം ചെന്നു കയറുന്ന ദിക്കുകളിലൊക്കെ ഒരുക്കുകയും എല്ലായിടത്തും ഹൃദയപൂർവ്വം ഭടന്മാർ അവനേയും ഭടന്മാരേയും സത്കരിക്കുകയും ചെയ്തു. ഇങ്ങനെ വഴിനീളെ ദുര്യോധനനൃപൻ ചെയ്ത സത്കാരം കൈക്കൊണ്ട് അമരോപമനായ ശല്യൻ ദേവലോകം പോലെ മാഹാത്മ്യം തികഞ്ഞ ഒരു സത്രത്തിൽ ചെന്നെത്തി. അവിടെ ചെന്നെത്തിയ അദ്ദേഹത്തെ സത്രപാലകന്മാർ സ്വീകരിച്ചു സത്കരിച്ചു. ദിവ്യമായ സത്കാരം അനുഭവിച്ചതിന്നുശേഷം ശല്യൻ അഭിമാനവിജൃംഭിതനായി. അവൻ മനസ്സുകൊണ്ടു താൻ ഇന്ദ്രനേക്കാൾ മികച്ചവനാണെന്നും ഇന്ദ്രൻ തന്നേക്കാൾ തുച്ഛനാണെന്നും ചിന്തിച്ചുപോയി! ആ ക്ഷത്രിയർഷഭൻ ശിഷ്യരോടു ചോദിച്ചു: 'ഈ സത്രം പാലിക്കുന്ന യുധിഷ്ഠിരരാജാവിന്റെ ഭൃത്യന്മാരെവിടെ? ആരാണ് സത്രപാലകന്മാർ? സമ്മാനത്തിന്നർഹരാണവർ! അവരെ ഇങ്ങോട്ടു വിളിക്കുവിൻ! അവർക്കു ഞാൻ ഉചിതമായ സമ്മാനങ്ങൾ നല്കുന്നതാണ്. ധർമ്മപുത്രൻ അതിൽ സന്തോഷിക്കും!' ഇതു കേട്ട് ആൾക്കാർ ചെന്നു വിവരം വിസ്മയത്തോടെ ദുര്യോധനനെ ഗ്രഹിപ്പിച്ചു. 'ജീവനെപ്പോലും നല്കുവാൻ സന്നദ്ധനായവിധം ശല്യന് അത്രയ്ക്കു പ്രസാദിച്ചിരിക്കുന്നു!' എന്നു പറഞ്ഞു.

അമ്മാവിന്റെ മുമ്പിലേക്കു ദുര്യോധനൻ ഗൂഢമായി ആളെ അറിയിക്കാതെ ചെന്നു. അവനെ കണ്ടപ്പോൾ ഇവൻ യുധിഷ്ഠിരന്റെ ആളാണെന്നു ധരിച്ച് ഗാഢമായി പുണർന്നു പറഞ്ഞു: 'ഭവാന്റെ സത്കാരത്തിൽ ഞാൻ സംതൃപ്തനായിരിക്കുന്നു! ഭവാൻ എന്നിൽനിന്നു വരം വരിച്ചാലും!'"

ദുര്യോധനൻ പറഞ്ഞു: "ഭവാൻ സത്യവാക്കാകുക! ഭവാൻ എനിക്കു വരം തന്നാലും! ഭവാൻ എന്റെ സൈന്യത്തിന്നൊക്കെ നേതാവായി ഇരിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഞാൻ ഏറ്റിരിക്കുന്നു. ഇനി ഞാൻ എന്താണു ചെയ്യേണ്ടത്? എന്നു ശല്യൻ ചോദിച്ചപ്പോൾ 'എല്ലാം ഭവാൻ ചെയ്തുകഴിഞ്ഞു' എന്നു ദുര്യോധനൻ മറുപടി പറഞ്ഞു."

ശല്യൻ പറഞ്ഞു: "ദുര്യോധനാ! ഭവാൻ സ്വന്തം പുരത്തേക്കു മടങ്ങിക്കൊള്ളുക. ഞാൻ ഇപ്പോൾ ശത്രുജിത്തായ യുധിഷ്ഠിരനെ കാണുവാൻ പോകുകയാണ്. രാജാവേ, ഞാൻ ധർമ്മജനെ കണ്ടതിന്നുശേഷം വേഗം ഭവാന്റെ അരികിലെത്താം. പുരുഷശ്രേഷ്ഠനായ ധർമ്മജനെ കാണാതെ പറ്റില്ല. അതു തീർച്ചയാണ്."

ദുര്യോധനൻ പറഞ്ഞു: "ഹേ, ഭൂപാ! ഭവാൻ വേഗം തിരിച്ചുവരണം! പാർത്ഥനെക്കണ്ടു വൈകരുത്. ഞങ്ങൾ ഭവാന്റെ അധീനത്തിലാണ്. വരംതന്ന കഥ മറക്കരുത്!"

ശല്യൻ പറഞ്ഞു: "ഞാൻ വേഗത്തിൽ മടങ്ങിയെത്താം. ഭവാൻ പുരത്തിലേക്കു പൊയ്ക്കൊള്ളുക!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞു ശല്യനും ദുര്യോധനനും പരസ്പരം പുണർന്നു. ശല്യനോടു യാത്രപറഞ്ഞ് സുയോധനൻ സ്വപുരത്തേക്കു പോയി. കൗന്തേയന്മാരോട് അവൻ ചെന്ന ഉടനെ, ദുര്യോധനനു വരംനല്കിയ വൃത്താന്തം അറിയിച്ചില്ല.

ഉപപ്ലാവ്യത്തിലെത്തി ശല്യൻ കൈനിലയിൽ പ്രവേശിച്ച് പാണ്ഡവന്മാരെയൊക്കെ കണ്ടു. മഹാബാഹുവായ ശല്യൻ പാർത്ഥന്മാരോടു ചേർന്നു. പാദ്യാർഘ്യഗോക്കളെ പാർത്ഥന്മാർ നല്കി പൂജിച്ചു. അഭിവാദ്യം സ്വീകരിച്ചതിന്നുശേഷം ശല്യൻ സന്തോഷത്തോടെ ധർമ്മപുത്രനേയും, ഭീമാർജ്ജുനന്മാരേയും, ഭാഗിനേയരായ മാദ്രേയരേയും പുല്കിയതിന്നുശേഷം സത്കൃതനായി പീഠത്തിലിരുന്നു."

ശല്യൻ പറഞ്ഞു: "ഹേ! കുരുനന്ദനാ! രാജശാർദ്ദൂലാ! ഭവാനു കുശലമല്ലേ? ഭാഗ്യത്താൽ വനവാസമൊക്കെ കഴിഞ്ഞ് ഭവാൻ വിജയിയായിരിക്കുന്നു. ഭവാൻ അസാദ്ധ്യകർമ്മമാണു ചെയ്തത്. വിജനമായ കാട്ടിൽ അനുജന്മാരോടും പാഞ്ചാലിയോടുംകൂടി കഷ്ടപ്പെട്ടു വസിച്ചു. ഘോരമായ അജ്ഞാതവാസം അതിലേറെ ദുഷ്കരമായിട്ടുള്ളതാണ്. അതും നിങ്ങൾ സാധിച്ചു. രാജ്യഭ്രഷ്ടനായവന്ന് എവിടെയാണു സുഖം? ദുഃഖമല്ലാതെ സുഖമെവിടെ? ധാർത്തരാഷ്ട്രൻ ചമച്ച ഈ മഹാദുഃഖം നീങ്ങി. ഇനി ഇതിന്നപ്പുറം ഭവാനു സുഖമാണ്. ഭവാൻ സകല ശത്രുക്കളേയും കൊന്നു സുഖത്തെ പ്രാപിക്കും. മഹാരാജാവായ ഭവാൻ ലോകതന്ത്രം കണ്ടിട്ടുള്ളവനാണല്ലോ. അതുകൊണ്ട് ഭവാനിൽ ലാഭചേഷ്ട ഒട്ടും കാണുകയില്ല. പൂർവ്വന്മാരായ രാജർഷികളുടെ നടപ്പ് ഭവാൻ ചിന്തിച്ചുനോക്കുക. ദാനം, തപസ്സ്, സത്യം ഇവ ഉണ്ണീ, നീ ചെയ്യുക! സത്യം, ക്ഷമ, ദമം, അഹിംസ, എന്നിവ ഭവാൻ പാലിക്കുക. അത്യത്ഭുതമായ ലോകം നിന്നിൽ സ്ഥിരമായിട്ടുള്ളതാണ്. ഭവാൻ വദാന്യനാണ്, മൃദുശീലനാണ്, ദാതാവാണ്, ബ്രഹ്മണ്യനാണ്, ധർമ്മതല്പരനാണ്. ലോകസാക്ഷിയായ ധർമ്മമെല്ലാം നീ അറിയുന്നവനാണ്. ഉണ്ണീ, പരന്തപാ! നീ ലോകത്തെയൊക്കെ അറിയുന്നു. ഭാഗ്യശാലിയായ നീ ദുർഘടം കടന്നുപോന്നു. സഹാനുഗനും ധർമ്മാത്മാവുമായ നിന്നെ ഭാഗ്യത്താൽ ഞാൻ കാണുവാൻ സംഗതിയായിരിക്കുന്നു. ധർമ്മം കാക്കുന്ന ഭവാൻ അസാദ്ധ്യമൊക്കെ സാധിച്ചിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "ഇത്രയും പറഞ്ഞതിന്നുശേഷമാണ് ശല്യൻ ധർമ്മപുത്രനോട് താനും ദുര്യോധനനുമായുണ്ടായ സമാഗമത്തെക്കുറിച്ച് അറിയിച്ചത്. ദുര്യോധനൻ തന്നെ ശുശ്രൂഷിച്ചതും താൻ വരം നല്കിയതും ഒക്കെ യഥാതഥം അറിയിച്ചു."

യുധിഷ്ഠിരൻ പറഞ്ഞു: "ഭവാൻ സന്തോഷപൂർവ്വം ചെയ്തതും, ദുര്യോധനന്നു വാക്കുകൊടുത്തതും ഉത്തമമായ കാര്യമാണ്. നന്നായി വരട്ടെ! ഭവാൻ എനിക്കുവേണ്ടി ഒരു കാര്യം നിർവ്വഹിച്ചുതരേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് അകർത്തവ്യമായാലും എനിക്കുവേണ്ടി അത് ഭവാൻ ചെയ്യണം. എന്നെപ്പറ്റിയുള്ള ആ സംഗതി ഞാൻ പറഞ്ഞുതരാം. ഭവാൻ പോരിൽ സാക്ഷാൽ വാസുദേവനോടു തുല്യനാണ്. കൃഷ്ണാർജ്ജുനന്മാർ തമ്മിൽ പൊരുതുന്ന ദ്വൈരഥത്തിൽ നൃപോത്തമനായ ഭവാൻ കർണ്ണനു സാരഥ്യം ചെയ്യേണ്ടതായിവരും. തീർച്ചയാണ് ആ കാര്യം! ആ യുദ്ധത്തിൽ ഭവാൻ അർജ്ജുനനെ കാക്കണം. എനിക്കു ഭവാൻ ഇഷ്ടം ചെയ്യുമെങ്കിൽ അതാണു വേണ്ടത്. ഞങ്ങൾക്കു ജയം സിദ്ധിക്കുവാൻ ഭവാൻ കർണ്ണനെ തേജോവധം ചെയ്യണം. ഈ പണി അകർത്തവ്യമാണെങ്കിലും അമ്മാവൻ ഞങ്ങളുടെ ജയത്തിന്നുവേണ്ടി അത് ചെയ്തുതരണം."

ശല്യൻ പറഞ്ഞു: "ഹേ, പാണ്ഡവാ! ഭവാനു മംഗളം ഭവിക്കട്ടെ! ഭവാന്റെ ഇഷ്ടം ഞാൻ നിർവ്വഹിക്കാം. യുദ്ധഭൂമിയിൽ ഭവാനു ശുഭം ഉണ്ടാകട്ടെ! ഞാൻ യുദ്ധത്തിൽ നിശ്ചയമായും അവന്റെ സൂതനായി സാരഥ്യം സ്വീകരിക്കും. വാസുദേവന്നു തുല്യനാണ് ഞാൻ എന്ന് കർണ്ണൻ വിചാരിക്കുന്നുണ്ട്. അർജ്ജുനന്റെ സാരഥിയായ കൃഷ്ണനെ കാണുമ്പോൾ എന്നെ രാധേയൻ സാരഥിയാക്കാതിരിക്കുകയില്ല. സംഗരത്തിന്ന് ഒരുങ്ങുമ്പോൾ ഞാൻ അവന്നു വിരോധവും അഹിതവുമായ വാക്കുകൾ തീർച്ചയായും പറഞ്ഞുകൊള്ളാം. അവന്റെ സർവ്വഗർവ്വും പോയി തേജസ്സുകെട്ട് അവൻ അനായാസേന വധിക്കപ്പെടുവാൻ തക്ക പാകത്തിന്ന് ഞാൻ നിശ്ചയമായും ആക്കിത്തരുന്നതാണെന്ന് ഭവാന്റെ മുമ്പിൽ സത്യം ചെയ്യുന്നു. ഉണ്ണീ, പറയുന്ന വിധത്തിൽ ഇക്കാര്യം നടത്തിത്തന്നുകൊള്ളാമെന്നേല്ക്കുന്നു. എന്നാൽ കഴിയുന്നവിധം നിനക്കുവേറെയും ഇഷ്ടമായത് ചെയ്തുതരാം.

നീ കൃഷ്ണയോടുകൂടി ചൂതിൽ സങ്കടപ്പെട്ടതും, സൂതപുത്രൻ പറഞ്ഞ പരുഷവാക്കുകൾ കേട്ട് സഹിക്കേണ്ടിവന്നതും, ദമയന്തി കഷ്ടപ്പെട്ടമാതിരി പാഞ്ചാലി കാട്ടിൽക്കിടന്നു കഷ്ടപ്പെട്ടതും, ജടാസുരനിൽനിന്നും, കീചകനിൽനിന്നും ഏല്ക്കേ

digitized by www.sreyas.in

ണ്ടിവന്ന പരിക്ലേശങ്ങളും വിചാരിച്ച് ഭവാൻ ദുഃഖിക്കരുത്. ദുഃഖമൊക്കെ മേലാൽ സുഖത്തിന്നായി ഭവിക്കുന്നതാണ്. ഇനി നീ ഒട്ടും മാഴ്കരുത്. ദൈവം തന്നെ വലുത്. യുധിഷ്ഠിരാ! മഹാത്മാക്കൾക്കു ദുഃഖങ്ങൾ പറ്റാറുണ്ട്. ദേവന്മാർപോലും ദുഃഖങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. മാന്യനായ ദേവേന്ദ്രനുപോലും സഭാര്യനായി ഘോരമായ ദുഃഖം അനുഭവിക്കേണ്ടിവന്നില്ലേ?''

9. ഇന്ദ്രവിജയം - വൃത്രവാസവയുദ്ധം - യുധിഷ്ഠിരൻ പറഞ്ഞു: "മാന്യനായ ദേവേന്ദ്രൻ ഭാര്യയോടുകൂടി ഘോരമായ ദുഃഖത്തിന്നു പാത്രമായി എന്നോ? ആ കഥയൊന്നു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

ശല്യൻ പറഞ്ഞു: "രാജാവേ പണ്ടുനടന്ന ആ കഥ ഞാൻ പറയാം. ഭവാൻ ശ്രദ്ധാപൂർവ്വം കേൾക്കുക. മഹാതപസ്വിയും, ദേവശ്രേഷ്ഠനുമായ ത്വഷ്ടാപ്രജാപതി ഇന്ദ്രനോടുണ്ടായ വൈരംമൂലം മൂന്നു ശിരസ്സുള്ള ഒരു പുത്രനെ സൃഷ്ടിച്ചു. മഹാതേജസ്വിയായ ആ വിശ്വരൂപൻ ഇന്ദ്രസ്ഥാനം നേടുവാൻ ആഗ്രഹിച്ചു. സൂര്യൻ, അഗ്നി, ചന്ദ്രൻ എന്നിവരെപ്പോലെ അവന്റെ ഘോരമായ മൂന്നു വക്ത്രങ്ങളും പ്രശോഭിച്ചു. അതിൽ ഒരു മുഖം വേദാദ്ധ്യയനംചെയ്യുമ്പോൾ മറ്റേ മുഖം സുരാപാനംചെയ്യും. ആ സമയത്തുതന്നെ മൂന്നാമത്തെ മുഖം സർവ്വദിക്കും വിഴുങ്ങുന്ന മാതിരി നോക്കും. അപ്രകാരം ഭീകരനായ ആ ത്രിശിരസ്സ് മൃദുവും, ദാന്തനുമായി ധർമ്മാനുസരണം തപസ്സിൽ ഏർപ്പെട്ടു. തീവ്രവും ദുശ്ചരവുമായിരുന്നു അവന്റെ ആ തപസ്സ്. ആ തേജസ്വിയുടെ സത്യതപോവീര്യങ്ങൾ കണ്ടപ്പോൾ ഇവൻ ഇന്ദ്രപദം പ്രാപിച്ചേക്കുമോ എന്ന ഭയത്താൽ ഇന്ദ്രൻ ദുഃഖാർത്തനായിത്തീർന്നു. ദേവാധിനാഥൻ ചിന്തിച്ചു: 'ഈ ത്രിശിരസ്സ് ഇങ്ങനെ തപസ്സുചെയ്താൽ ഇവൻ ഇന്ദ്രപദത്തെ പ്രാപിക്കും. ഇവൻ ഇങ്ങനെ വർദ്ധമാനനായാൽ ഭുവനം മുഴുവൻ ഗ്രസിക്കും. ഈയാളെ ഈ തപസ്സിൽനിന്നു പിൻതിരിപ്പിക്കണം; സുഖാസക്തനാക്കിത്തീർക്കണം.' ഇങ്ങനെ പലതും ചിന്തിച്ചതിന്നുശേഷം ഇന്ദ്രൻ ത്വഷ്ടാവിന്റെ പുത്രനെ പ്രലോഭിപ്പിക്കുവാൻ അപ്സരസ്ത്രീകളെ അയച്ചു ത്രിശിരസ്സ് ഉടനെ കാമമോഹിതനാകുമാറ് വേണ്ട ഏർപ്പാടുകൾ ഇന്ദ്രൻ ചെയ്തു. 'നിങ്ങൾ വേഗം പോയി ത്രിശിരസ്സിനെ കാമഭോഗാസക്തനാക്കി ഉടനെ മോഹിപ്പിക്കുവിൻ! ശൃംഗാരവേഷത്തിൽ മുഴുകിയ സുശ്രോണിമാരേ, മണിഹാരങ്ങൾ ധരിച്ച് ഭാവഹാവങ്ങളോടെ അവന്റെ മുമ്പിൽ എത്തുവിൻ. സുന്ദരിമാരേ, നിങ്ങൾ അവനെ തപസ്സിൽനിന്നു പിൻതിരിപ്പിച്ചാൽ നിങ്ങൾക്കു നന്മ വരും. വരാംഗനമാരേ, നിങ്ങൾ എന്റെ ഭയം തീർക്കുവിൻ. എന്റെ ഹൃദയം അസ്വസ്ഥമായിരിക്കുന്നു. എന്നെ ബാധിച്ച ഘോരമായ ഭയം നിങ്ങൾ വിചാരിച്ചാൽ നീങ്ങുന്നതാണ്.'''

അപ്സരസ്സുകൾ പറഞ്ഞു: "അല്ലയോ വലാന്തകാ! അവനിൽനിന്ന് ഭവാന്റെ ഭയം അകലുമാറ് ഞങ്ങൾ അവനെ മോഹിപ്പിക്കുവാൻ പരിശ്രമിക്കാം. നോട്ടംകൊണ്ടുതന്നെ ദഹിപ്പിക്കുന്നവിധം സ്ഥിതിചെയ്യുന്ന ആ തപസ്വിയെ ഭ്രമിപ്പിക്കുവാൻ ഞങ്ങൾ എല്ലാവരുംകൂടി പോകാം. പാട്ടിലാക്കാൻ ഞങ്ങളാൽ കഴിയുന്നവിധം ശ്രമിക്കാം. ഭവാന്റെ ഭയംതീർക്കുവാൻ ഞങ്ങളിതാ പോകുന്നു.''

ശല്യൻ പറഞ്ഞു: "ഇപ്രകാരം ഇന്ദ്രന്റെ അനുജ്ഞയോടെ ആ മോഹനാംഗിമാർ ത്രിശിരസ്സിന്റെ സമീപത്തെത്തി. ആ വരാംഗനകൾ ശൃംഗാരഭാവാദികൾകൊണ്ട് അവനെ മയക്കുവാൻ ശ്രമിച്ചു. അവരുടെ അഴകൊഴുകുന്ന അംഗങ്ങളുടെ ഭംഗി കാട്ടി. ഇങ്ങനെ പലനാൾ അവർ പണിയെടുത്തു നോക്കിയിട്ടും ആ തപസ്വിയുടെ മനസ്സ് ചലിച്ചില്ല. ഹർഷത്തിന്റെ കണികപോലുമുണ്ടായില്ല. അവൻ ഇന്ദ്രിയങ്ങളെ അടക്കി നിശ്ചലനായിനിന്നു. പൂർവ്വാബ്ധിപോലെ അക്ഷോഭ്യനായിത്തന്നെ സ്ഥിതിചെയ്തു. ആ പെൺകിടാങ്ങൾ ലജ്ജിച്ച് പരാജിതരായി പിൻമടങ്ങി ഇന്ദ്രന്റെ സമീപത്തെത്തി. അവരെല്ലാവരും തൊഴുതുകൊണ്ട് ഇന്ദ്രനോടു പറഞ്ഞു: 'പ്രഭോ ദുർദ്ധർഷനായ അവന്റെ ധൈര്യം ഇളക്കുവാൻ കഴിയുന്നതല്ല. ഹേ മഹാഭാഗാ, ഇനി വേണ്ടകാര്യം ഭവാൻതന്നെ നടത്തിയാലും!' മഹാമതിയായ ഇന്ദ്രൻ അപ്സരസ്ത്രീകളെ സൽക്കരിച്ച് അയച്ചു. അതിന്നുശേഷം ഇനി അവനെ കൊല്ലുവാനുള്ള മാർഗ്ഗമെന്താണെന്നാണ് ഇന്ദ്രൻ ചിന്തിച്ചത്. മിണ്ടാതെ കുറേനേരം ഇന്ദ്രൻ വിചാരമഗ്നനായി ഇരുന്നു. ഒടുവിൽ അവനെ വധിക്കുവാൻ 'വജ്രായുധം വിടുകതന്നെ' എന്നു തീർച്ചപ്പെടുത്തി. വേറെ മാർഗ്ഗമൊന്നും കണ്ടില്ല. ശത്രുദുർബ്ബലനാണെങ്കിലും അവൻ വലുതായാൽ ഉപദ്രവിക്കും. അതുകൊണ്ട് ഇപ്പോൾത്തന്നെ അവനെ നശിപ്പിക്കണം. ഇങ്ങനെ ശാസ്ത്രബുദ്ധിയോടെ ചിന്തിച്ച് വധത്തിൽത്തന്നെ മനസ്സുറപ്പിച്ച് ത്രിശിരസ്സിൽ ക്രോധത്തോടെ ശക്രൻ വജ്രം പ്രയോഗിച്ചു. ശക്തിയോടെ വന്നു പതിച്ച വജ്രമേറ്റ് ത്രിശിരസ്സ് മരിച്ചുവീണു. കുന്നിന്റെ ഒരു വലിയ കൊടുമുടി ഇടിഞ്ഞുവീഴുന്നതുപോലെയാണ് അവൻ നിലംപതിച്ചത്. പർവ്വതതുല്യനായ അവൻ ചത്തുവീണിട്ടും ഇന്ദ്രൻ അവന്റെ തേജസ്സ് കണ്ടതോടുകൂടി അസ്വസ്ഥനായി. ചത്തുവീണ അവനിൽനിന്ന് സജീവമായ ദീപ്തശക്തി അനവരതം പുറപ്പെടുന്നതായിക്കണ്ടപ്പോൾ ഇന്ദ്രൻ അമ്പരന്നു. അറുത്തുവീഴ്ത്തിയ ശിരസ്സുകൾ ജീവിക്കുന്നവിധംതന്നെ പ്രകാശിച്ചു. ഇന്ദ്രൻ ഭയാക്രാന്തനായി വീണ്ടും ചിന്തിച്ചിരുന്നു. ഇനി എന്തു വേണം? അങ്ങനെ വിഷാദകലുഷിതനും ഭയചകിതനുമായി ഇന്ദ്രനിരിക്കുമ്പോൾ തോളിൽ മഴുവേന്തിയ ഒരു തക്ഷൻ ആ വഴിക്കുവന്നു. അവനെക്കണ്ടപ്പോൾ ഇന്ദ്രൻ പറഞ്ഞു: 'എടോ തക്ഷാ! നീ ഇവന്റെ ശിരസ്സ് ഉടനെ വെട്ടിപ്പിളർക്കുക. എന്റെ വാക്കു കേൾക്കുക!'''

തക്ഷൻ പറഞ്ഞു: "എന്റെ മഴുവിന്ന് ഇവന്റെ കട്ടിയുള്ള ചുമലിലെ തോൽ അറുക്കുവാൻ ശക്തിപോരാ. എന്നുതന്നെയല്ല, സജ്ജനങ്ങൾ നിന്ദിക്കുന്ന ഈ അനീതി ഞാൻ ചെയ്യുകയില്ല.''

ഇന്ദ്രൻ പറഞ്ഞു: "എന്റെ വാക്ക് നീ കേൾക്കുക! ഒരിക്കലും ഭയപ്പെടേണ്ട. എന്റെ പ്രസാദത്താൽ നിന്റെ ആയുധം വജ്രതുല്യമായിത്തീരും.''

തക്ഷൻ പറഞ്ഞു: "ഘോരമായ ഈ കർമ്മത്തിന്ന് എന്നെ പ്രേരിപ്പിക്കുന്ന ഭവാൻ ആരാണെന്നറിഞ്ഞാൽ കൊള്ളാം. അത് ശരിയായി അറിയുവാൻ എനിക്കാഗ്രഹമുണ്ട്. പറഞ്ഞാലും.''

ഇന്ദ്രൻ പറഞ്ഞു: "ഞാൻ ഇന്ദ്രനാണ്. ദേവന്മാരുടെ രാജാവാണ്; ഇനി നീ ശങ്കിക്കേണ്ട. നീ എന്റെ ഇഷ്ടം ചെയ്താലും.''

തക്ഷൻ പറഞ്ഞു: "ഹേ, ഇന്ദ്രാ! ഭവാൻ ഈ ക്രൂരകർമ്മം ചെയ്യുന്നതിൽ എന്താണു ലജ്ജിക്കാത്തത്? ഋഷിപുത്രനെ വധിച്ചാൽ ബ്രഹ്മഹത്യാപാപം പറ്റുകയില്ലേ?''

ശക്രൻ പറഞ്ഞു: "ഈ കർമ്മം കഴിഞ്ഞാൽ ഞാൻ പരിശുദ്ധിക്കുവേണ്ടി വേറെ ദുഷ്കരമായ കർമ്മങ്ങൾ ചെയ്തുകൊള്ളാം. വജ്രമെടുത്ത് വീര്യവാനായ ഈ എന്റെ വൈരിയെ ഞാൻ വധിച്ചതാണ്. എന്നിട്ടും അവന്റെ മുഖത്തുനോക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. നീ ഉടനെ അവന്റെ തല വെട്ടുക. നിനക്കു വേണ്ട അനുഗ്രഹങ്ങൾ ഞാൻ തന്നുകൊള്ളാം. യജ്ഞത്തിൽ പശുവിന്റെ തല നരന്മാർ നിനക്കു നല്കും. ഇതാണ് നിനക്കു ഞാൻ നല്കുന്ന അനുഗ്രഹം. ഇനി നീ എന്റെ ഇഷ്ടം സാധിപ്പിക്കുക.''

ശല്യൻ പറഞ്ഞു: "ഇപ്രകാരം ഇന്ദ്രൻ പറഞ്ഞയുടനെ തക്ഷൻ മഴുകൊണ്ട് ത്രിശിരസ്സിന്റെ ശിരസ്സുകളൊക്കെ വെട്ടിമുറിച്ചിട്ടു. അവ അറ്റുവീണയുടനെ കപിഞ്ജലം, തിത്തിരികൾ, കളപിംഗങ്ങൾ എന്നീ പക്ഷികൾ പുറപ്പെട്ടു. വേദംചൊല്ലി സോമപാനം ചെയ്യുന്ന മുഖത്തിൽനിന്ന് കപിഞ്ജലഖഗങ്ങളുടെ കൂട്ടം ഉടനെ പുറപ്പെട്ടു. ദിക്കുകൾ വിഴുങ്ങുമാറു നോക്കുന്ന മുഖത്തുനിന്ന് തിത്തിരിപ്പക്ഷികൾ പുറപ്പെട്ടു. സുരാപാനം ചെയ്യുന്ന ത്രിശിരസ്സിന്റെ മറ്റേ മുഖത്തുനിന്ന് കളപിംഗളമായ പരുന്തിൻ കൂട്ടം പുറപ്പെട്ടു. ഇങ്ങനെ മൂന്നുവിധം പക്ഷികൾ മൂന്നു ശിരസ്സുകളിൽനിന്നു പുറപ്പെട്ടു. ആ ശിരസ്സുകളൊക്കെ അറുത്തുതള്ളിയതിന്നുശേഷം സസന്തോഷം ഇന്ദ്രൻ സ്വർഗ്ഗത്തിലേക്കു പോയി. തക്ഷൻ അവന്റെ ഗൃഹത്തിലേക്കും പോയി. ദൈത്യശത്രുവായ

digitized by www.sreyas.in

ഇന്ദ്രൻ ശത്രുവിനെ സംഹരിച്ച് അങ്ങനെ കൃതാർത്ഥതയെ പ്രാപിച്ചു.

ശക്രൻ പുത്രവധം ചെയ്തതുകേട്ട് ത്വഷ്ടപ്രജാപതി കോപിച്ചു കണ്ണുചുവത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'നിത്യം തപസ്സിൽ തപിച്ചുകൊണ്ടിരിക്കുന്ന ക്ഷാന്തനും ദാന്തനുമായ എന്റെ പുത്രനെ അപരാധംകൂടാതെ വധിക്കുകയാൽ ഇന്ദ്രനെ കൊല്ലുന്നതിന്നു ശക്തിയുള്ള 'വൃത്രനെ' ഞാൻ സൃഷ്ടിക്കുന്നു. ലോകർ എന്റെ തപസ്സിന്റെ ശക്തിയും വീര്യവും കാണട്ടെ! പാപിയും ദുഷ്ടബുദ്ധിയുമായ ഇന്ദ്രനും കാണട്ടെ!'

എന്നു പറഞ്ഞ് ആ തപോധനൻ ആചമിച്ച് അഗ്നിയിൽ ഹോമിച്ചു. ഉടനെ അഗ്നിയിൽനിന്ന് ഘോരനായ വൃത്രൻ ഉയർന്നു വന്നു. അവനോട് ത്വഷ്ടാവു പറഞ്ഞു: 'ഹേ, ഇന്ദ്രശത്രോ! ഭവാൻ എന്റെ തപശ്ശക്തിയാൽ വളർന്നാലും!' അവൻ ഉടനെ ആകാശത്ത് അർക്കാഗ്നികൾപോലെ വളർന്നു. 'ഞാൻ എന്തു ചെയ്യേണ്ടു! കല്പിച്ചാലും!' എന്ന് കാലസൂര്യപ്രഭനായ അവൻ പറഞ്ഞു. 'നീ പോയി ഇന്ദ്രനെ വധിക്കുക!' എന്ന് ആ തപസ്വി കല്പിച്ചു. ഉടനെ ഭീമാകാരനായ വൃത്രൻ ആകാശത്തേക്കുയർന്നു. പിന്നെ വൃത്രനും ഇന്ദ്രനും തമ്മിൽ ഭയങ്കരമായ പോരാട്ടം നടന്നു. അവർ തമ്മിൽ ക്രുദ്ധരായി ഏറ്റുമുട്ടി. ഘോരമായ ആ പോരാട്ടത്തിൽ വീരനായ വൃത്രൻ ശതക്രതുവായ ഇന്ദ്രനെ പിടികൂടി. വൃത്രൻ തന്റെ വായ് പിളർന്ന് ഇന്ദ്രനെ വായിലേക്കാക്കി. വൃത്രൻ ഇന്ദ്രനെ പിടിച്ചു വിഴുങ്ങിയതറിഞ്ഞ് ദേവകൾ സംഭ്രാന്തരായി. വൃത്രനെ നശിപ്പിക്കുന്നതിന്നായി ദേവകൾ ഉടനെ ജൃംഭികയെ സൃഷ്ടിച്ചു വിട്ടു. ജൃംഭിക ചെന്ന് ഏറ്റ ഉടനെ വൃത്രൻ കോട്ടുവായിട്ടു (ജൃംഭാ = കോട്ടുവായ്). കോട്ടുവായിടുവാൻ വായ് തുറന്നയുടനെ വൃത്രന്റെ വായിൽനിന്ന് ഇന്ദ്രൻ തന്റെ അംഗം ചുരുക്കി പുറത്തേക്കു ചാടി. അന്നുമുതൽ ലോകപ്രാണികളിൽ ജൃംഭിക അധിവസിച്ചുവരുന്നു.

ഇന്ദ്രൻ പുറത്തുവന്നതായിക്കണ്ടപ്പോൾ ദേവകൾ എല്ലാവരും ആഹ്ലാദിച്ചു. പിന്നേയും വൃത്രനും ഇന്ദ്രനും തമ്മിൽ ഘോരമായ സംഘട്ടനം നടന്നു. ആ പോരാട്ടം വളരെക്കാലം നീണ്ടുനിന്നു. യുദ്ധത്തിൽ വൃത്രന്റെ ശക്തി വർദ്ധിച്ചു വർദ്ധിച്ചു വന്നുതുടങ്ങി. ത്വഷ്ടാവിന്റെ തേജസ്സു വഹിച്ചു വർദ്ധിക്കുന്ന അവനെക്കണ്ടു വാസവൻ പിൻവാങ്ങി. ഇന്ദ്രൻ പിൻവാങ്ങിയതു കണ്ടപ്പോൾ ദേവകൾ സംഭ്രാന്തരായി, വിഷാദിച്ചു. ദേവേന്ദ്രനോടൊത്തുകൂടി മുനിമാരും ദേവകളും കാര്യാലോചന നടത്തി. 'ഇനി വൃത്രനെ എങ്ങനെ സംഹരിക്കും?' എന്നായി ഭയാക്രാന്തരായ അവരുടെ ചിന്താവിഷയം. ദേവന്മാരും മഹർഷിമാരും മന്ദരാഗ്രത്തിൽച്ചെന്ന് വിഷ്ണുവിനെ ധ്യാനിച്ചു."

10. വൃത്രവധം – ഇന്ദ്രൻ പറഞ്ഞു: "ഈ അനശ്വരമായ വിശ്വത്തിൽ മുഴുവൻ വൃത്രൻ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇവനെ വധിക്കുവാൻ തക്കതായി ഞാൻ ഒന്നും കാണുന്നില്ല. മുമ്പ് സമർത്ഥനായിരുന്ന ഞാൻ ഇപ്പോൾ അസമർത്ഥനായിരിക്കുന്നു. ഇനി എന്താണു നമ്മുടെ നന്മയ്ക്ക് ഞാൻ ചെയ്യേണ്ടത്? തേജസ്വിയും, ദുർദ്ധർഷനും, യുദ്ധത്തിൽ അമിതവിക്രമനുമാണ് അവൻ. സുരന്മാരും, അസുരന്മാരും ചേർന്ന ഈ വിശ്വം മുഴുവൻ അവൻ വിഴുങ്ങുവാൻ നിൽക്കുന്നു. അതുകൊണ്ടു എന്റെ നിശ്ചയം നിങ്ങൾ കേട്ടുകൊള്ളുവിൻ! നാമെല്ലാവരും ഉടനെ വിഷ്ണുലോകത്തിലേക്കു പോവുക. അവിടെച്ചെന്ന് വിഷ്ണുവിനെക്കണ്ടു വിവരങ്ങളൊക്കെ അറിയിച്ച് വിഷ്ണുവുമായി ചിന്തിച്ചുറച്ച് ഈ ദുഷ്ടനെ വധിക്കുവാനുള്ള കൗശലം നിശ്ചയിക്കുക."

ശല്യൻ പറഞ്ഞു: "ഇപ്രകാരം ഇന്ദ്രൻ പറഞ്ഞപ്പോൾ ദേവന്മാരും, മുനിമാരും, മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു. ദേവേശനായ വിഷ്ണുവിനോട് വൃത്രഭയാർത്തരായ ദേവന്മാർ ചെന്ന് ഉണർത്തിച്ചു.

'മഹാദേവാ, ഭവാൻ പണ്ട് മൂന്നുലോകവും മൂന്ന് അടികൾകൊണ്ട് ആക്രമിച്ചവനാണല്ലോ. അമൃതു നേടിത്തന്നതും ഭവാനാണല്ലോ. ദൈത്യന്മാരെ പോരിൽ വധിച്ചതും ഭവാനാണല്ലോ. ദൈത്യേന്ദ്രനായ മഹാബലിയെ ബന്ധിച്ച് ശക്രന്നു ഇന്ദ്രത്വം നല്കിയതും ഭവാനാണല്ലോ. വിശ്വം വ്യാപിച്ചുനിൽക്കുന്ന ഭവാൻ ദേവകൾക്കെല്ലാം പ്രഭുവാണല്ലോ. എല്ലാവരും കൈതൊഴുന്ന ദേവനാണല്ലോ മഹാദേവനായ അങ്ങ്! ഹേ, അമരോത്തമാ, ഭവാൻ ശക്രാദികളായ ദേവന്മാർക്കൊക്കെ ഗതിയായി ഭവിച്ചാലും! ഹേ ദാനവസൂദനാ! വൃത്രൻ ലോകത്തിലൊക്കെ വ്യാപിച്ചിരിക്കുന്നു. ഞങ്ങൾ ഭയാക്രാന്തരായിരിക്കുന്നു!"

വിഷ്ണു പറഞ്ഞു: "നിങ്ങളുടെ ഹിതം ഞാൻ നിശ്ചയമായും ചെയ്യേണ്ടതുതന്നെയാണ്. അതുകൊണ്ടു വൃത്രനാശത്തിന്നുള്ള ഉപായം ഞാൻ പറഞ്ഞുതരാം. ആ വിശ്വരൂപൻ സ്ഥിതിചെയ്യുന്നിടത്തു ഗന്ധർവ്വന്മാരോടും ഋഷികളോടുംകൂടി നിങ്ങൾ ചെല്ലുവിൻ! സാമോപായംകൊണ്ട് അവനുമായി ഇണങ്ങിയാൽ നിങ്ങൾക്ക് ജയമുണ്ടാകും. എന്റെ തേജസ്സുകൊണ്ടു ശക്രൻ വിജയിയാകും. ആയുധശ്രേഷ്ഠമായ വജ്രത്തിൽ ഞാൻ അദൃശ്യനായി പ്രവേശിച്ചുകൊള്ളാം. നിങ്ങൾ മുനിമാരോടും ഗന്ധർവ്വന്മാരോടുംകൂടി വേഗം പൊയ്ക്കൊള്ളുക. പിന്നെ വൃത്രനും ഇന്ദ്രനുമായി സന്ധി ചെയ്യിക്കുക." എന്നു ദേവൻ പറഞ്ഞപ്പോൾ മുനിമാരോടുകൂടി ശക്രനെ മുമ്പിലാക്കി എല്ലാവരുംകൂടി അവിടെ നിന്നു പോന്നു.

മഹാശക്തരായ അവരെല്ലാം പത്തുദിക്കും ജ്വലിക്കുന്ന വിധം ഒന്നിച്ചുകൂടി. ത്രൈലോക്യത്തെ ഗ്രസിക്കുന്ന അർക്കേന്ദുക്കൾപോലെ അവർ ഒത്തുചേർന്നു. അപ്പോൾ ശക്രനോടുകൂടെ നിന്നു ദേവകൾ വൃത്രനെ കണ്ടു. മുനിമാർ വൃത്രന്റെ അരികെ ചെന്ന് ഇഷ്ടമായ വർത്തമാനങ്ങൾ പറഞ്ഞു. 'ഹേ ദുർജ്ജയാ! ഭവാന്റെ തേജസ്സ് വിശ്വത്തിലൊക്കെ വ്യാപിച്ചിരിക്കുന്നു. എന്നിട്ടും ബലിയായ ഇന്ദ്രനെ ജയിക്കുവാൻ നീ ശക്തനായില്ല! നിങ്ങൾ തമ്മിൽ ഏറെക്കാലമായല്ലോ പോരാടുന്നു. അതുകൊണ്ട് ദേവന്മാരും അസുരന്മാരുമായ നാട്ടുകാരൊക്കെ കുഴക്കിലായിരിക്കുന്നു. നീ നിത്യവും ശക്രനുമായി സഖ്യത്തിൽ വർത്തിക്കുക. എന്നാൽ നിനക്കു സൗഖ്യമുണ്ടാകും. ശാശ്വതമായ ശക്രലോകം ലഭിക്കുകയും ചെയ്യും.' മഹർഷിമാർ ഇപ്രകാരം പറഞ്ഞപ്പോൾ മഹാശക്തിമാനായ വൃത്രാസുരൻ ആ മഹർഷിമാരെ നമസ്കരിച്ച് ഇപ്രകാരം പറഞ്ഞു: നിങ്ങളൊക്കെ മഹായോഗ്യരായ ഗന്ധർവ്വന്മാരാണ്. നിങ്ങൾ പറഞ്ഞതൊക്കെ ഞാൻ കേട്ടു. എന്നാൽ പൂജ്യരേ, ഇനി ഞാൻ ഒന്നു ചോദിക്കട്ടെ. എങ്ങനെയാണു ഞാനും ശക്രനുമായി സഖ്യമുണ്ടാവുക. ഹേ ദേവന്മാരെ, ഈ രണ്ടു തേജസ്സുകൾ എങ്ങനെയാണ് ഒപ്പം കൂടിയിണങ്ങുക?'"

ഋഷിമാർ പറഞ്ഞു: "സജ്ജനസംഗമം ഒരു പ്രാവശ്യമെങ്കിലും സിദ്ധിച്ചാൽ അതിൽപ്പിന്നെ നന്മയല്ലാതെ ഭവിക്കുകയില്ല. സൽപുരുഷസംഗമത്തെ ആർക്കും അതിക്രമിക്കുവാൻ വയ്യ. അതു ബലത്തെ വർദ്ധിപ്പിക്കുന്നതാകയാൽ ആരും അതിനെ കൊതിക്കുന്നു. സൽസംഗമം എപ്പോഴും സുദൃഢമാണ്. അർത്ഥസങ്കടത്തിൽ കാര്യം കാണുവാൻ അതു ഹേതുവായി ഭവിക്കും. സൽപ്പുരുഷനുമായുള്ള ചേർച്ചകൊണ്ട് മഹത്തായ അർത്ഥം നേടാം. അങ്ങനെയുള്ള സജ്ജനത്തെ ധീരന്മാരായവർ ദ്രോഹിക്കുകയില്ല. ഇന്ദ്രനാകട്ടെ സജ്ജനസമ്മതനും മഹാത്മാക്കൾക്കൊക്കെ ആശ്രയവുമാണ്. സത്യവാദിയും, അനിന്ദ്യനും, ധർമ്മജ്ഞനും സൂക്ഷ്മനിശ്ചയനുമാണ്. ആ ശക്രനോട് അങ്ങുന്നു നിത്യവും സഖ്യത്തോടെ വർത്തിക്കുമാറാകട്ടെ! ഇപ്രകാരം ഭവാൻ വിശ്വസിക്കുക. ഈ നിലയിൽനിന്ന് ഭവാൻ തെറ്റിപ്പോകരുത്."

ശല്യൻ തുടർന്നു: "മുനിമാർ പറഞ്ഞതുകേട്ട് അവരോട് ആ മഹാതേജസ്വിയായ വൃത്രൻ പറഞ്ഞു: 'എനിക്ക് മാനനീയരാണല്ലോ ഭഗവാന്മാരായ തപസ്വികൾ. ഹേ വാനോർകളേ, ഞാൻ പറയുന്നതെല്ലാം ഭവാന്മാർ ചെയ്യുന്നതായാൽ ഈ ദ്വിജശ്രേഷ്ഠന്മാർ പറയുന്നതൊക്കെ ഞാനും ചെയ്തുകൊള്ളാം. ശുഷ്കമോ ആർദ്രമോ ആയ വസ്തുക്കൾകൊണ്ടോ, കല്ല്, മരം എന്നീ വസ്തുക്കൾകൊണ്ടോ ശസ്ത്രാസ്ത്രങ്ങൾകൊണ്ടോ രാവിലും

digitized by www.sreyas.in

പകലിലും ഞാൻ ഇന്ദ്രാദിദേവന്മാർക്കു വദ്ധ്യനാകരുത്. അങ്ങനെയാണെങ്കിൽ ഞാൻ ശക്രനുമായി സന്ധിചെയ്യാം.''

മഹർഷിമാർ 'അങ്ങനെയാകട്ടെ' എന്നു സമ്മതിച്ചു. അങ്ങനെ വൃത്രനും ഇന്ദ്രനുമായി സന്ധിയായി. ആ സന്ധി കഴിഞ്ഞപ്പോൾ വൃത്രൻ സന്തോഷഭരിതനായി. എപ്പോഴും ശക്രനും വൃത്രനും യോജിച്ചു സന്തോഷിച്ചു കഴിഞ്ഞു. വൃത്രനെ കൊല്ലുവാൻ വേണ്ട ഉപായങ്ങളും ഇന്ദ്രൻ ചിന്തിച്ചുകൊണ്ടിരുന്നു. ഭയത്തോടുകൂടിത്തന്നെയാണ് ഇന്ദ്രൻ പഴുതുനോക്കി പാർത്തിരുന്നത്.

ഒരുദിവസം കടൽവക്കത്തുവച്ച് ഇന്ദ്രൻ വൃത്രനെ കണ്ടുമുട്ടി. സന്ധ്യാകാലമടുത്ത അതിക്രൂരമായ മുഹൂർത്തത്തിലാണ് കണ്ടുമുട്ടിയത്. ഈ സമയത്ത് ഇന്ദ്രൻ ആ മഹാത്മാവിന്റെ വരത്തെപ്പറ്റി ഓർത്തു: 'ഇതാ രൗദ്രയായ സന്ധ്യയടുക്കുന്നു. രാവുമല്ല, പകലുമല്ല സമയം! എന്റെ സർവ്വസ്വഹരനായ ശത്രുവാണ് വൃത്രൻ. ഈ മഹാകായനായ ബലിഷ്ഠനെ ചതിച്ചുകൊല്ലാൻ പറ്റിയസമയമാണിത്. അവനെ കൊന്നില്ലെങ്കിൽ എനിക്ക് ഒരിക്കലും ശ്രേയസ്സുണ്ടാകുന്നതല്ല.' ഇപ്രകാരം ചിന്തിച്ചതിന്നുശേഷം ഇന്ദ്രൻ വിഷ്ണുദേവനെ ധ്യാനിച്ചു. അപ്പോൾ മലപോലെ ഒരു നുരക്കട്ട സമുദ്രത്തിൽ പൊങ്ങിവരുന്നതായി കണ്ടു. ഇന്ദ്രൻ ചിന്തിച്ചു: ' ഈ നുരക്കട്ടയെന്താണ്? ശുഷ്കമാണോ? അല്ല. ആർദ്രമാണോ? അല്ല. ശസ്ത്രമാണോ? അല്ല. ഇതെടുത്ത് ഈ സമയത്ത് വൃത്രനെ എറിയുക. എന്നാൽ അവൻ ഉടനെ ചത്തുപോകും.' സവജ്രമായ നുരയെടുത്ത് ഇന്ദ്രൻ വൃത്രന്റെ നേരെ എറിഞ്ഞു. നുരയിൽ പ്രവേശിച്ച് വിഷ്ണു വൃത്രനെ കൊന്നു. വൃത്രൻ മരിച്ചപ്പോൾ ഇരുട്ടുനീങ്ങി ദിക്കുകളൊക്കെ പ്രകാശിച്ചു. സുഖമായ കാറ്റുവീശി. നാട്ടുകാരൊക്കെ സന്തോഷിച്ചു. പിന്നീട് ദേവന്മാരും, ഗന്ധർവ്വന്മാരും, യക്ഷന്മാരും, രക്ഷസ്സുകളും, അഹികളും, മുനിമാരും, ദേവരാജനെ സ്തുതിച്ചു. എല്ലാവരും കൈകൂപ്പുന്ന ആ ദേവരാജാവ് എല്ലാവർക്കും ശാന്തി നല്കി. ശത്രുവിനെ നശിപ്പിച്ചതിന്നുശേഷം ഇന്ദ്രൻ ദേവകളോടുകൂടി സന്തോഷിച്ചു. ദേവഭീഷണനായ വൃത്രാസുരനെ കൊന്നതിന്നുശേഷം വിശ്വശ്രേഷ്ഠനായ ഇന്ദ്രൻ വിഷ്ണുവിനെ പൂജിച്ചു. ത്രിശിരസ്സിനെ കൊന്നതുകാരണം ബ്രഹ്മഹത്യ ബാധിച്ച ഇന്ദ്രൻ ലോകത്തിന്റെ അങ്ങേയറ്റത്തെ അതിർത്തിയിൽച്ചെന്ന് ബോധമില്ലാത്തവനായി. പ്രതിച്ഛന്നനായി, ആരും കാണാതെ, ഒന്നും അറിയാത്ത നിലയിൽ കിടപ്പായി. വെള്ളത്തിൽ പിടയുന്ന പാമ്പിനെപ്പോലെ ഇന്ദ്രൻ ഒളിച്ചുപാർത്തു. ഇപ്രകാരം ബ്രഹ്മഹത്യാപാപം ഏറ്റ് ഇന്ദ്രൻ നശിച്ചപ്പോൾ വൃക്ഷങ്ങൾ നശിച്ച്, കാടുകൾ ഉണങ്ങി ലോകം മുഴുവൻ നശിച്ചതുപോലെയായിത്തീർന്നു. നദിയിലെ ഒഴുക്കുനില്ക്കുകയും ക്രമേണ വെള്ളം വറ്റിപ്പോകുകയും ചെയ്തു. കുളം മുതലായ ജലാശയങ്ങളെല്ലാം വറ്റിവരണ്ടു. ഇന്ദ്രന്റെ അഭാവത്തിൽ മഴയില്ലാത്തതുകൊണ്ട് നാട്ടിലൊക്കെ ക്ഷോഭമായി. ദേവകളൊക്കെ ഭയപ്പെട്ടു. ഋഷിമാരും ഭയാക്രാന്തരായി. രാജാക്കളില്ലാതായി. ലോകം ദുഃഖത്തിൽ മുഴുകി. ദേവന്മാർ പറയുവാൻ തുടങ്ങി: 'ഇനി നമ്മൾക്ക് രാജാവാരാണ്?' സ്വർഗ്ഗത്തിൽ ദേവർഷിവരന്മാരും, ദേവരാജാവുമില്ലാതെ ദേവരാജ്യം ലഭിക്കണമെന്ന ആഗ്രഹംതന്നെ ആർക്കും ഇല്ലാതായിത്തീർന്നു.''

11. ഇന്ദ്രാണിയുടെ ഭയം – ശല്യൻ പറഞ്ഞു: ''മുനിമാരും, ദേവകളും സ്വർഗ്ഗത്തിന്റെ നായകന്മാരും ഈ സന്ദർഭത്തിൽ കൂടിയാലോചന നടത്തി. ഇന്ദ്രൻ പോയപ്പോൾ സ്വർഗ്ഗലോകം അനാഥമായിപ്പോകരുതെന്നു കരുതി അവരെല്ലാവരുംകൂടി തേജസ്വിയും, യശസ്വിയും, ധർമ്മനിഷ്ഠനുമായ നഹുഷന്റെ അടുത്തുചെന്ന് ദേവരാജാഭിഷേചനമേൽക്കണമെന്നഭ്യർത്ഥിച്ചു. നഹുഷൻ അവരുടെ അപേക്ഷ കേട്ടപ്പോൾ തന്റെ ഹിതം ചിന്തിച്ച് ആ മുനിമാരോടും പിതൃക്കളോടും ഇപ്രകാരം പറഞ്ഞു: 'ഹേ തപോധനന്മാരേ, പിതൃക്കളേ, ഞാൻ ദുർബ്ബലനാണ്. എനിക്കു നിങ്ങളെ ഭരിക്കുവാനുള്ള ശക്തിയില്ല. ബലവാനല്ലേ രാജാവാകേണ്ടത്? ആ മഹത്തായ ബലം ശക്രനിലല്ലേയുള്ളു?' ഇപ്രകാരം നഹുഷൻ പറഞ്ഞപ്പോൾ ഋഷിമാർ തുടങ്ങിയ ദേവന്മാർ അവനോടു പറഞ്ഞു: 'ഞങ്ങളുടെ തപോബലത്തെ കൈക്കൊണ്ട് ഭവാൻ സ്വർഗ്ഗരാജ്യം വാണാലും!'' രാജാവ് ഇല്ലാത്തതുകൊണ്ട് ഞങ്ങൾ പരസ്പരം ഭയപ്പെട്ടാണ് കഴിയുന്നത്. അതുകൊണ്ട് അഭിഷേകം കൈക്കൊണ്ട് ഭവാൻ ദേവരാജാവാകണം. ദേവദാനവയക്ഷന്മാർ, മുനിമാർ, രാക്ഷസന്മാർ, പിതൃഗന്ധർവ്വഭൂതങ്ങൾ എന്നിവരെ ഭവാൻ സ്വർഗ്ഗത്തിൽ സംരക്ഷിച്ചുകൊള്ളുക!' ഇപ്രകാരം പറഞ്ഞ് അദ്ദേഹത്തെ സമ്മതിപ്പിച്ച് അഭിഷേകം നടത്തി നഹുഷനെ വാനവന്മാരുടെ ഇന്ദ്രനാക്കി വാഴിച്ചു. സർവ്വലോകേശനായി നഹുഷൻ ധർമ്മത്തെ മുൻനിർത്തി സ്വർഗ്ഗലോകം വാണു. സുദുർല്ലഭമായ വരംനേടി ദേവരാജാവായ നഹുഷൻ ധർമ്മാത്മാവായി സ്വർഗ്ഗം പാലിച്ച് ക്രമേണ കാമാത്മാവായിത്തീർന്നു. സ്വഭാവത്തിൽ മാറ്റംവന്ന നഹുഷൻ ക്രീഡാലോലനായി. ദേവോദ്യാനത്തിലും, നന്ദനോപവനത്തിലും, കൈലാസപർവ്വതത്തിലും, ഹിമവൽപർവ്വതത്തിലും, മന്ദരപർവ്വതത്തിലും, ശ്വേതപർവ്വതം, മഹേന്ദ്രപർവ്വതം, മലയപർവ്വതം, പൊയ്ക, പുഴ, സമുദ്രം എന്നീ സ്ഥലങ്ങളിലുമൊക്കെ അപ്സരസ്ത്രീകളോടും ദേവകന്യകമാരോടും ഇടചേർന്നു ദേവരാജാവായ നഹുഷൻ പലമാതിരി ക്രീഡിച്ചു. പലതരം ദിവ്യകഥകൾ കർണ്ണാനന്ദകരമായി കേട്ടും, സർവ്വവിധം വാദ്യങ്ങളും ഗീതങ്ങളും ആസ്വദിച്ചും ദിനങ്ങൾ ആനന്ദകരമായി കഴിച്ചു. വിശ്വാവസു, നാരദൻ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ ഉടൽപൂണ്ട ആറ് ഋതുക്കൾ ഇവരൊക്കെ ആ സുരേന്ദ്രനെ ഉപാസിച്ചു. സൗരഭ്യവാഹിനിയായ മന്ദമാരുതൻ യഥാസുഖം വീശി. ഇങ്ങനെ ദിവ്യമായ സുഖങ്ങൾ അനുഭവിച്ചു സുഖിച്ചുകൊണ്ടിരിക്കെ ദുഷ്ടനായ നഹുഷൻ ഒരു ദിവസം യദൃച്ഛയാ ശക്രപത്നിയായ ശചീദേവിയെക്കണ്ടു. ശചിയെക്കണ്ട നഹുഷൻ തന്റെ സഭാവാസികളോടു പറഞ്ഞു: 'ഇന്ദ്രന്റെ പത്നിയായ ദേവി എന്തുകൊണ്ട് എന്നോടുകൂടി സമ്മേളിക്കുന്നില്ലാ? ഞാൻ ദേവന്മാർക്കെല്ലാം ഇന്ദ്രനായിരിക്കെ, ലോകങ്ങൾക്കൊക്കെ ഈശ്വരനായിരിക്കെ, ശചീദേവി എന്തുകൊണ്ട് എന്നെ പ്രാപിക്കുന്നില്ല? ഇത് അയുക്തമാണ്! ഉടനെ ശചീദേവി എന്റെ ഗൃഹത്തിലെത്തണം.' ഈ വാക്കുകേട്ട് ദേവി ദുഃഖത്തോടെ ബൃഹസ്പതിയെ ചെന്നുകണ്ടു. ''മുനേ, എന്നെ നഹുഷനിൽനിന്നു രക്ഷിക്കണേ! ഭവാനല്ലാതെ എനിക്കു ശരണം വേറെയില്ല. ബ്രഹ്മൻ, ഭവാൻ പറയാറില്ലേ 'നീ സർവ്വലക്ഷണങ്ങളും തികഞ്ഞവളാണ്. ദേവേന്ദ്രന്റെ പട്ടമഹിഷി! ഏറ്റവും സുഖയോഗ്യയായി, സുമംഗലിയായി, പതിവ്രതയായി, ഏകപത്നിയായി സുചിരം വാഴുക!' എന്ന്. ഭവാൻ എന്നെ പണ്ട് അനുഗ്രഹിച്ച ആ വാക്ക് സത്യമാക്കേണമേ! ഭഗവാനേ, ഭവാൻ പാഴ്വാക്കുകൾ പറയാറില്ലല്ലോ. ഭവാൻ പറഞ്ഞ വാക്കുകൾ സത്യമാക്കിയാലും.'' ഇപ്രകാരം ഭയചകിതയായിപ്പറയുന്ന ഇന്ദ്രാണിയോട് ബൃഹസ്പതി പറഞ്ഞു: 'ദേവീ, നിന്നോടു ഞാൻ പറഞ്ഞ വാക്കുകൾ തീർച്ചയായും സത്യമാകും. ദേവരാജാവായ ഇന്ദ്രനെ നീ ഉടനെ കാണുവാൻ ഇടയാകും. ഭവതി നഹുഷനെ ഭയപ്പെടേണ്ട. ഞാൻ ഈ പറയുന്ന വാക്ക് സത്യമാണ്. അധികം താമസിക്കാതെ ഞാൻ ഭവതിയെ ഇന്ദ്രനോടു ചേർക്കുന്നതാണ്.' ഇങ്ങനെ ഇന്ദ്രാണിയെ ബൃഹസ്പതി സമാശ്വസിപ്പിച്ചു. ഈ വൃത്താന്തം അറിഞ്ഞപ്പോൾ നഹുഷൻ കോപിച്ചു. ഇന്ദ്രാണി അംഗിരസ്സിനെ ശരണംപ്രാപിച്ചതുകേട്ട് നഹുഷൻ വല്ലാതെ ക്രുദ്ധനായിത്തീർന്നു.''

12. ഇന്ദ്രാണി നഹുഷനോട് കാലാവധി യാചിക്കുന്നു – ശല്യൻ പറഞ്ഞു: ''മുനിമാരും ദേവകളും ക്രുദ്ധനായ നഹുഷനെകണ്ടു. കോപത്താൽ ഉഗ്രരൂപനായ നഹുഷനോട് ദേവകൾ പറഞ്ഞു: 'ഹേ, ദേവരാജാവേ, ക്രോധിക്കാതിരിക്കുക. ഭവാൻ കോപിച്ചാൽ കിന്നരാസുരഗന്ധർവ്വോരഗങ്ങളെല്ലാം ഭയപ്പെട്ടുപോകും. ഹേ, സാധോ, ഭവാൻ കോപംവെടിഞ്ഞാലും. ഭവാദൃശന്മാർ ഒരിക്കലും കോപിക്കയില്ല. ശചീദേവി പരന്റെ ഭാര്യയല്ലേ? ഹേ, സുരേശ്വര! പ്രസാദിച്ചാലും. ഭവാൻ പരസ്ത്രീസംഗത്തിൽനിന്നു മനസ്സിനെ പിൻതിരിച്ചാലും. ഭവാൻ ധർമ്മത്താൽ ദേവേശനാണല്ലോ. വിശ്വം മുഴുവൻ സംരക്ഷിക്കുക! ഭവാന്

digitized by www.sreyas.in

മംഗളം ഭവിക്കും!' ഇപ്രകാരം ദേവകളും ഋഷിമാരും പറഞ്ഞ ഹിതോപദേശങ്ങളൊന്നും കാമമോഹിതനായ നഹുഷൻ സ്വീക രിച്ചില്ല. ഇതുകേട്ട് സുരന്മാരോട് സുരാധിപനായ നഹുഷൻ ഇപ്ര കാരം ചോദിച്ചു: 'എടോ, ദേവന്മാരേ, ഞാനൊന്നു ചോദിക്കട്ടെ! പണ്ട് മുനിപത്നിയായ അഹല്യയെ ഇന്ദ്രൻ ബലാൽ പ്രാപിക്കു വാനൊരുങ്ങിയപ്പോൾ എന്തേ, നിങ്ങൾ തടുക്കാതിരുന്നത്? അന്ന് ഭർത്താവിരിക്കുമ്പോഴല്ലേ അവൻ അതിന്നു മുതിർന്നത്? പണ്ട് ഇന്ദ്രൻ പല നൃശംസകർമ്മങ്ങളും ചെയ്തിട്ടുണ്ട്. ധർമ്മം തെറ്റി പല ചതികളും ചെയ്തിട്ടുണ്ട്. അന്നൊക്കെ നിങ്ങളെവിടെയാ യിരുന്നു? എന്തുകൊണ്ട് തടുത്തില്ലാ? എന്നോടുമാത്രം എന്താ ണിങ്ങനെ? ഞാൻ പറയുന്നു ദേവി എന്നോടു ചേരണം; അല്ലാതെ പറ്റില്ല. എനിക്ക് അവളെ കിട്ടിയേ പറ്റൂ! അവൾക്ക് അതു നല്ലതാണ്. നിങ്ങൾക്കും അതുകൊണ്ട് നന്മ ഭവിക്കും!'"

ദേവകൾ പറഞ്ഞു: "ഹേ, ദിവസ്പതേ! സ്വർഗ്ഗനാഥാ! ഞങ്ങൾ ഭവാന്റെ ഇഷ്ടപ്രകാരം ഇന്ദ്രാണിയെ കൊണ്ടുവരാം. ഹേ! വീരാ! ക്രോധം കളഞ്ഞാലും. സ്വർഗ്ഗനാഥാ, ഭവാൻ പ്രസാ ദിച്ചാലും!"

ശല്യൻ പറഞ്ഞു: "അവനോട് ഇപ്രകാരം മുനിമാരും വാന വന്മാരും പറഞ്ഞ് ബൃഹസ്പതിയുടെ അടുത്തുചെന്ന് ശചിക്ക് അഹിതമായ കാര്യം പറയുവാൻ തുടങ്ങി: 'ഹേ, വിപ്രാ! ശചീ ദേവി ഭവാന്റെ ഗൃഹത്തിൽ ശരണം പ്രാപിച്ച വർത്തമാനം ഞങ്ങൾ അറിഞ്ഞിരിക്കുന്നു. ഭവാൻ അഭയം നല്കിയെന്ന് ഞങ്ങ ളറിഞ്ഞു. മഹാദ്യുതേ, ദേവഗന്ധർവ്വമുനികളായ ഞങ്ങൾ ഭവാന്റെ മുമ്പിൽ കരുണയ്ക്കായി അപേക്ഷിക്കുന്നു. ഭവാൻ ശചീ ദേവിയെ നഹുഷന്നു വിട്ടുകൊടുത്താലും. നഹുഷൻ ശക്രനേ ക്കാൾ ശ്രേഷ്ഠനും, ദേവന്മാരുടെ രാജാവുമായ തേജോരൂപിയാ ണ്. വരവർണ്ണിനിയായ ശചീദേവി അവനെ വരനായി വരിച്ചുകൊ ള്ളട്ടെ! നഹുഷൻ ശക്രനേക്കാൾ ശ്രേഷ്ഠനായ ശ്രീമാനാണ്.' ഇപ്രകാരം ദേവന്മാരും ദേവർഷിമാരും പറയുന്നതുകേട്ടപ്പോൾ ശചീദേവി കണ്ണുനീർ വാർത്ത് ബൃഹസ്പതിയോടു പറഞ്ഞു: "ദേവർഷിസത്തമ! നഹുഷൻ എനിക്കു ഭർത്താവാകേണ്ടാ. മഹർ ഷേ, ഭവാനെ ശരണം പ്രാപിച്ച എന്നെ രക്ഷിക്കണേ!"

ബൃഹസ്പതി പറഞ്ഞു: "എടോ, ഇന്ദ്രാണീ! ഞാനൊരി ക്കലും ശരണാഗതരെ ഉപേക്ഷിക്കുകയില്ല. സത്യധർമ്മങ്ങൾ വിടാത്ത മാന്യേ, നിന്നെ ഞാൻ വെടിയുകയില്ല. ഞാനൊരു വിപ്ര നാണ്. അകൃത്യം ഒരിക്കലും ഞാൻ ചെയ്യുകില്ല. വിശേഷാൽ ഞാൻ ധർമ്മജ്ഞനും, സത്യസന്ധനും, ധർമ്മശാസ്ത്രജ്ഞനു മാണ്. ദേവകളുടെ ഈ അപേക്ഷ ഞാൻ കൈക്കൊള്ളുന്നില്ല. ദേവമുഖ്യന്മാരേ, നിങ്ങൾ വന്നവഴിക്കു പൊയ്ക്കൊള്ളുവിൻ! പണ്ട് ഈ വിഷയത്തെക്കുറിച്ച് ബ്രഹ്മാവു പറഞ്ഞത് ഞാൻ നിങ്ങ ളോടു പറയാം: 'പേടിച്ച് ശരണം പ്രാപിച്ച ഒരുത്തനെ ശത്രുവിന്നു പിടിച്ചുകൊടുക്കുന്നവന്ന് വേണ്ട കാലത്തു വിത്തുവിളയുകയി ല്ല. വേണ്ടകാലത്തു മഴ കിട്ടുകയില്ല. അവന്നു രക്ഷകിട്ടേണ്ട കാലത്ത് എങ്ങുനിന്നും രക്ഷകിട്ടുകയുമില്ല. അവന്റെ ധന മൊക്കെ വെറുതെ നശിച്ചുപോകും. അവൻ ദുർബ്ബലചിത്തനും, നഷ്ടചേഷ്ടനുമായി സ്വർഗ്ഗത്തിൽനിന്നു പതിക്കുകയും ചെയ്യും. ഭീതനായി ശരണംപ്രാപിച്ചവനെ കൈവിട്ടുകളയുന്ന വന്റെ ഹവ്യം ദേവന്മാർ സ്വീകരിക്കുകയില്ല. അവന്റെ പ്രജകൾ അകാലത്തിൽ മരിക്കും. പിതൃക്കൾ അവനിൽനിന്നകന്നുപോ കും. ഭയപ്പെട്ട് ശരണംപ്രാപിച്ചവനെ ശത്രുവിന്ന് ഏല്പിച്ചാൽ അവനെ ഇന്ദ്രാദിദേവന്മാർ വജ്രത്തിന്ന് ഇരയാക്കും.' ബ്രഹ്മാ വിന്റെ ഈ ഉപദേശം ദേവന്മാരേ, നിങ്ങൾ ഗ്രഹിക്കുവിൻ. ഞാൻ ശചീദേവിയെ നിങ്ങൾക്കു വിട്ടുതരികയില്ല. ശക്രന്റെ പ്രിയമഹി ഷിയും ലോകവിശ്രുതയുമായ ഇന്ദ്രാണിക്ക് ഏതാണോ ഹിതം അതുതന്നെയാണ് എനിക്കും ഹിതമായിട്ടുള്ളത്. ഞങ്ങൾക്കു ഹിതംചെയ്യുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ അതിന്നാണ് നിങ്ങൾ ശ്രമിക്കേണ്ടത്. ശചിയെ ഞാൻ വിട്ടുതരികയില്ല."

ശല്യൻ പറഞ്ഞു: "ഈ വർത്തമാനം കേട്ടപ്പോൾ ദേവ ന്മാരും ഗന്ധർവ്വന്മാരും, ബൃഹസ്പതിയോടു ചോദിച്ചു: 'ഹേ, ബൃഹസ്പതേ, ഇനി ഇതിലെന്താണു കൗശലം? ഭവാൻ അതി നെപ്പറ്റി ചിന്തിച്ചാലും!'"

ബൃഹസ്പതി പറഞ്ഞു: "ശചീദേവി ചെന്ന് നഹുഷനോടു ഒരു കാലാവധി അപേക്ഷിക്കട്ടെ! അത് ഇന്ദ്രാണിക്കെന്നപോലെ നമ്മൾക്കും ഹിതമാകും. വിഘ്നങ്ങൾ നിറഞ്ഞതാണല്ലോ കാലം. കാലാവധി കിട്ടിയാൽ അതിന്നിടയ്ക്കു കാലം എന്തെല്ലാം സംഭവിപ്പിക്കുകയില്ലാ? കാലത്തിന്റെ ഗതി കാലത്തിന്നുമാത്രമേ അറിയുവാനൊക്കൂ! അല്ലാതെ നഹുഷനോട് എതിർക്കുക സാദ്ധ്യമല്ല. അവൻ വരത്താൽ ശക്തനും ഗർവ്വിയുമായിത്തീർന്നി രിക്കയാണ്."

ശല്യൻ പറഞ്ഞു: "ബൃഹസ്പതി ഇപ്രകാരം പറഞ്ഞപ്പോൾ ദേവന്മാർ പ്രീതരായി ഇപ്രകാരം പറഞ്ഞു: "ബ്രഹ്മൻ! ഭവാൻ വാനവർക്കൊക്കെ ഹിതമായ നന്മയാണ് ഉപദേശിച്ചത്. ഈ കാര്യം പറഞ്ഞ് ഭവാൻ ദേവിയെ പ്രസാദിപ്പിച്ചാലും!'"

പിന്നെ അഗ്നി മുതലായ ദേവന്മാർ ലോകഹിതത്തിന്നായി ഇപ്രകാരം പറഞ്ഞു:

'ദേവി, ഭവതിയാണല്ലോ ചരാചരമായ ഈ ജഗത്തൊക്കെ ഭരിക്കുന്നത്. പതിവ്രതയും സത്യവതിയുമായ ഭവതി ദേവഹി തത്തിന്നായി നഹുഷന്റെ അടുക്കൽ പോയിവന്നാലും. ഭവതിയെ കാമിക്കുന്ന ആ പാപാത്മാവ് വേഗത്തിൽ നശിക്കും. സുരാധി പത്യം ശക്രന്നുതന്നെ ലഭിക്കുകയും ചെയ്യും.'

ഇപ്രകാരം ദേവന്മാർ പറഞ്ഞപ്പോൾ കാര്യം നേടുന്നതിന്നു വേണ്ടി ഘോരനായ നഹുഷന്റെ മുമ്പിൽ ശചീദേവി ലജ്ജാവ നതഭാവത്തോടെ എത്തി. രൂപം, യൗവനം എന്നിവ ചേർന്നു വിള ങ്ങുന്ന ദേവിയെ കണ്ടപ്പോൾ നഹുഷൻ ഹർഷിച്ചു. കാമത്താൽ കരൾകെട്ട ആ ദുർബുദ്ധി ശചീദേവിയെ കണ്ണെടുക്കാതെ നോക്കിനിന്നു സന്തോഷിച്ചു."

13. ഉപശ്രുതിയാചനം - ശല്യൻ കഥതുടർന്നു: "ദേവനായ കനായ നഹുഷൻ സസന്തോഷം ശചിയോടു പറഞ്ഞു: 'എടോ, സുന്ദരീ! നീ എന്തു വിചാരിക്കുന്നു? ഞാൻ മൂന്നു ലോകത്തിന്നും നായകനായ ഇന്ദ്രനാണ്. എടോ, വരവർണ്ണിനീ, നീ എന്നെ വരനായി വരിക്കുക!' ഇപ്രകാരം നഹുഷൻ പറഞ്ഞ വാക്ക് പതി വ്രതയായ ശചീദേവി കേട്ടപ്പോൾ കാറ്റേറ്റ കദളിവാഴപോലെ നടുങ്ങി വിറച്ചുപോയി. അവൾ ബ്രഹ്മാവിനെ കൈതൊഴുത് ശിരസ്സു കുമ്പിട്ടുനിന്നു. ആ നില്പിൽ നിന്നുകൊണ്ട് അവൾ ദേവ രാജാവായ നഹുഷനോടു പറഞ്ഞു: 'ഹേ, സുരനാഥാ, ഭവാൻ അല്പം കാലാവധി എനിക്കുതരണം. ശക്രൻ ജീവിച്ചിരിപ്പുണ്ടോ? എവിടെയാണ്, എന്താണ് സ്ഥിതി എന്നൊന്നും എനിക്കറിവില്ല! ഈ തത്ത്വം അന്വേഷിച്ചറിഞ്ഞതിന്നുശേഷം യാതൊരു വിവ രവും ലഭിക്കുന്നില്ലെങ്കിൽ പിന്നെ ഞാൻ ഭവാനോട് ചേർന്നുകൊ ള്ളാം. ഞാൻ ഈ പറഞ്ഞതു സത്യമാണ്!' ഇന്ദ്രാണി ഇപ്രകാരം പറഞ്ഞപ്പോൾ നഹുഷൻ സംപ്രീതനായി."

നഹുഷൻ പറഞ്ഞു: "എടോ സുശ്രോണീ, നീ പറഞ്ഞതു പോലെതന്നെയാകട്ടെ! നീ നിന്റെ ഭർത്താവ് എവിടെപ്പോയെന്ന് അറിഞ്ഞുവരിക. എന്നോടു ചെയ്ത സത്യം വിസ്മരിക്കരുത്."

"ഇങ്ങനെ പറഞ്ഞ് നഹുഷൻ അവളെ വിട്ടയച്ചു. അവൾ ക്ഷണത്തിൽ ബൃഹസ്പതിയുടെ ഗൃഹത്തിലേക്കു ചെന്നു. അവൾ പറഞ്ഞതുകേട്ട് അഗ്നി മുതലായ ദേവകൾ ശക്രൻ എവി ടെപ്പോയെന്ന് ഏകാഗ്രരായി ചിന്തിക്കുവാൻ തുടങ്ങി. ദേവദേ വനോടും വിഷ്ണുവിനോടും അവർ കൂടിച്ചേർന്ന് ആലോചന നടത്തി. അവർ ഉദ്വിഗ്നരായി വിഷ്ണുവിനോടു പറഞ്ഞു: 'ദേവ ന്മാരുടെ ഈശ്വരനായ ഇന്ദ്രൻ ബ്രഹ്മഹത്യാബാധയാൽ എങ്ങോ പോയി മറഞ്ഞിരിക്കുന്നു. പൂർവ്വദേവനും ജഗന്നാഥനുമായ ഭവാ നല്ലാതെ ഞങ്ങൾക്കു യാതൊരാശ്രയവുമില്ല. എല്ലാ ലോകവും കാത്തുരക്ഷിക്കുവാൻ ഭവാൻ വിഷ്ണുവായി നിലകൊള്ളുന്നു. അങ്ങയുടെ വീര്യത്താലാണല്ലോ വാസവൻ വൃത്രനെക്കൊന്നു ബ്രഹ്മഹത്യ നേടിയത്. മൂടലിൽപ്പെട്ടു മറഞ്ഞിരിക്കുന്ന അവന്ന് ഭവാൻ മോക്ഷം നല്കിയാലും.' ആ ദേവന്മാർ പറഞ്ഞ വാക്കു

digitized by www.sreyas.in

കേട്ട് വിഷ്ണു പറഞ്ഞു: 'ശക്രൻ എന്നെ യജിക്കട്ടെ! എന്നാൽ ഞാൻ അവനെ രക്ഷപ്പെടുത്താം. പുണ്യമായ അശ്വമേധത്താൽ എന്നെ യജിക്കുന്നതായാൽ പാകശാസനൻ വീണ്ടും നിർഭയനാകും. ദേവേന്ദ്രത്വം വീണ്ടും ലഭിക്കുകയും ചെയ്യും: ദുരാശയനായ നഹുഷൻ സ്വകർമ്മംകൊണ്ടുതന്നെ നാശത്തെ പ്രാപിക്കുകയും ചെയ്യും. ഒട്ടുകാലം കുടി ദേവകളേ, നിങ്ങൾ പൊറുക്കുവിൻ! എല്ലാം ശരിപ്പെടും!' പീയൂഷംപോലെയുള്ള വിഷ്ണുവിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ആചാര്യന്മാരും ഋഷിമാരും ദേവകളും ചേർന്നു ശക്രൻ ഭയപ്പെട്ടു പാർക്കുന്ന സ്ഥലത്തു ചെന്നു. മഹാത്മാവായ മഹേന്ദ്രന്നുവേണ്ടി അശ്വമേധമഹാമഖം ആരംഭിച്ചു. ബ്രഹ്മഹത്യാപാപം ഇന്ദ്രനിൽനിന്ന് അവിടെവെച്ചു മോചിപ്പിച്ചു. ആ ബ്രഹ്മഹത്യാപാപം അഞ്ചായി പങ്കുവെച്ച് മാമരം, പുഴ, പർവ്വതം, മദ്യം, പെണ്ണ് എന്നിവയ്ക്കായി നല്കി. ഇങ്ങനെ തന്നിൽ കുടികൊണ്ട ബ്രഹ്മഹത്യാപാപം പങ്കുവെച്ച് ഭൂതങ്ങളിൽ സമർപ്പിച്ചശേഷം ബാധയൊക്കെ നീങ്ങി പാപങ്ങളൊക്കെപ്പോയി വാസവൻ ആത്മവാനായി പ്രശോഭിച്ചു. അങ്ങനെ സ്വസ്ഥാനത്തേക്കു കയറിച്ചെല്ലുന്ന വാസവൻ തന്റെ സ്ഥാനത്തിരിക്കുന്ന വരബലപ്രതാപിയും ദുഷ്പ്രധർഷനുമായ നഹുഷനെ കണ്ടതോടുകൂടി, അവൻ തന്റെ സർവ്വതേജസ്സും വരബലത്താൽ നോട്ടംകൊണ്ടു തന്നെ, അപഹരിച്ചുകളയുമെന്നുള്ള ഭയത്താൽ, വീണ്ടും ഓടിയൊളിച്ചു. ആരും കാണാതെ കാലം സമാഗതമാകുന്നതു കാത്തുകൊണ്ട് സഞ്ചാരിയായിത്തീർന്നു. ശക്രൻ വീണ്ടും നശിച്ചതു കണ്ട് ശചീദേവി 'അയ്യോ! നാഥാ, ഭവാൻ എവിടെപ്പോയി' എന്നു ദുഃഖാർത്തയായി മുറവിളികൂട്ടി. 'ദാനം, ഹോമം, ഗുരുജനസേവ, പ്രീതി ഇവയൊക്കെ എനിക്കുണ്ടെങ്കിൽ, എനിക്കു സത്യമുണ്ടെങ്കിൽ, എനിക്ക് ഏകഭർത്തൃത്വം വന്നുപുലരണം. പുണ്യയായും, ദിവ്യയായും ഉത്തരായണത്തിൽ പ്രവർത്തിക്കുന്ന ദേവിയായ രാത്രിയെ ഞാൻ കൂപ്പുന്നു! എന്റെ മനോരഥം സാധിക്കേണമേ!' അവൾ ശുദ്ധയായി ഇപ്രകാരം നിശാദേവിയെ ഉപാസിച്ചു. പാതിവ്രത്യത്തെപ്പിടിച്ച് അവൾ ഉപശ്രുതീദേവിയോട ഭ്യർത്ഥിച്ചു: 'എന്റെ നാഥൻ എവിടെപ്പോയെന്ന് എനിക്കു കാണിച്ചുതരേണമേ! ഞാൻ സത്യമുള്ളവളാണെങ്കിൽ, ഞാൻ പതിവ്രതയാണെങ്കിൽ, എന്റെ സത്യത്താൽ ഉപശ്രുതീദേവീ, സത്യം കാണിച്ചുതരേണമേ!'"

14. ഇന്ദ്രാണീന്ദ്രസ്തവം - ശല്യൻ പറഞ്ഞു: "ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ ആ സതിയുടെ മുമ്പിൽ ഉപശ്രുതി മൂർത്തിമതിയായി കാണപ്പെട്ടു. രൂപയൗവനയുക്തയായ ദേവിയെ കണ്ടപ്പോൾ ഇന്ദ്രാണി ഹർഷത്തോടെ പൂജിച്ച് ഇപ്രകാരം പറഞ്ഞു: 'എടോ വരാനനേ, നീ ആരാണ്? നീ ആരാണെന്നറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്?'"

ഉപശ്രുതി പറഞ്ഞു: "എടോ ഭാമിനി! ഞാൻ നിന്റെ സത്യത്താൽ നിന്റെ മുമ്പിൽ പ്രത്യക്ഷയായ ഉപശ്രുതിയാണ്. നിന്റെ പാതിവ്രത്യം മൂലമാണ് എന്നെ നിനക്കു കാണുവാൻ കഴിഞ്ഞത്. പതിവ്രതായോഗം, യമനിയമങ്ങൾ എന്നിവയാൽ നീ നിന്റെ ഭർത്താവിനെ കാണുവാൻ അർഹയാണ്. നിന്റെ വ്രതചര്യമൂലം വൃത്രജിത്തായ നിന്റെ ഭർത്താവിനെ ഞാൻ കാണിച്ചുതരാം. വേഗം നടക്കൂ! സുരമുഖ്യനെ നീ കണ്ടെത്തും."

ഇങ്ങനെ പറഞ്ഞു ഉപശ്രുതിയുടെകൂടെ ഇന്ദ്രാണി ഇറങ്ങി. ദേവാരണ്യവും, പല പല മലകളും കടന്ന് ഹിമാദ്രിയുടെ വടക്കേ പാർശ്വഭൂമിയിൽ ചെന്നെത്തി വളരെ യോജന വിസ്താരമുള്ള സമുദ്രത്തിലെത്തി. വളരെ വൃക്ഷങ്ങൾ വളർന്നുനില്ക്കുന്ന വലിയ തുരുത്തുകളിലും ചെന്നെത്തി. അവിടെ ഒരിടത്ത് അനവധി പക്ഷികളോടുകൂടി നൂറുയോജന വിസ്താരത്തിൽ പ്രശോഭിക്കുന്ന ഒരു ദിവ്യമായ സരസ്സുകണ്ടു. ആ മനോഹരദിവ്യസരസ്സിൽ പഞ്ചവർണ്ണങ്ങളിലുള്ള താമരകൾ വിടർന്നുവിലസുന്നു. അവയിൽ മുരണ്ടുപറക്കുന്ന വണ്ടിൻകൂട്ടങ്ങൾ പ്രശോഭിക്കുന്നു. ആ സരസ്സിന്റെ മദ്ധ്യത്തിലായി വലുതായ ഒരു താമരക്കൂട്ടം കണ്ടു. അതിൽ വെളുത്തതും തണ്ടു നീണ്ടതുമായ ഒരു പത്മം കണ്ടു. പത്മനാളത്തെ പിളർന്ന് ഉപശ്രുതി ഇന്ദ്രാണിയോടുകൂടി അതിൽ കടന്നു. അപ്പോൾ ശതക്രതുവായ ഇന്ദ്രൻ താമരനൂലിന്റെ ഉള്ളിൽ സൂക്ഷ്മരൂപം പൂണ്ടിരിക്കുന്നതായിട്ടാണ് കണ്ടത്. ദേവിയായ ഉപശ്രുതിയും, ഇന്ദ്രാണിയും അപ്രകാരംതന്നെ സൂക്ഷ്മരൂപത്തെ കൈക്കൊണ്ടു. അവിടെവെച്ച് ഇന്ദ്രനെ ഇന്ദ്രാണി പൂർവ്വകർമ്മങ്ങളെ അനുസ്മരിക്കുമാറു സ്തുതിച്ചു. സ്തുതികേട്ട് ആ ദേവനായ പുരന്ദരൻ ശചീദേവിയോടു പറഞ്ഞു: "ഹേ, ദേവീ, നീ എന്തിനാണ് ഇങ്ങോട്ടുവന്നത്? എന്നെ എങ്ങനെയാണറിഞ്ഞത്?" പ്രിയന്റെ വാക്കുകേട്ടപ്പോൾ ശചീദേവി നഹുഷൻ പറഞ്ഞ വൃത്താന്തങ്ങൾ അറിയിച്ചു: "ദർപ്പത്തോടുകൂടി ആ ദുഷ്ടബുദ്ധി എന്നോട് അവനുമായി സംഗമിക്കേണമെന്ന് ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതായപ്പോൾ ഞാൻ കാലാവധി വാങ്ങിയിരിക്കയാണ്. എന്നെ ഭവാൻ രക്ഷിച്ചില്ലെങ്കിൽ അവൻ എന്നെ ബലമായി പാട്ടിലാക്കും. അതുകൊണ്ടാണ് ശക്രാ! ഞാൻ ഭവാന്റെ അരികത്തു വന്നത്. ഭവാൻ ആ പാപാത്മാവായ നഹുഷനെ കൊല്ലുക! സ്വന്തമായ ശരീരത്തെ ഭവാൻ പുറത്തേക്കു കാണിക്കുക. സ്വന്തമായ തേജസ്സു വീണ്ടെടുത്ത് ഭവാൻ ദേവരാജ്യം ഭരിച്ചാലും."

15. ബൃഹസ്പതിയും അഗ്നിയുമായുള്ള സംവാദം- ശല്യൻ കഥ തുടർന്നു: "ശചീദേവി ഇന്ദ്രനോട് ഇപ്രകാരം പറഞ്ഞപ്പോൾ ഭഗവാൻ ഇന്ദ്രൻ ശചീദേവിയോടു പറഞ്ഞു: 'എടോ ശചീ! ഇപ്പോൾ വിക്രമിക്കുവാൻ പറ്റിയ കാലമല്ല. നഹുഷൻ ഇപ്പോൾ മഹാശക്തനാണ്. മുനിമാർ ഹവ്യകവ്യങ്ങളാൽ വളർത്തിയെടുത്തവനാണ് അവൻ. ഞാൻ ഒരു ഉപായം ഭവതിയോടു പറയാം. അത് ദേവീ, നീ ചെയ്യുക. ഈ സംഗതി ഗൂഢമായി വെക്കണം. ആരോടും പറഞ്ഞുപോകരുത്. അല്ലയോ സുമദ്ധ്യമേ! നീ ഒറ്റയ്ക്കുചെന്ന് നഹുഷനെക്കണ്ടു പറയുക: "ജഗൽപ്പതേ! ഭവാൻ ദിവ്യർഷികൾ ചുമക്കുന്ന പല്ലക്കിൽ കയറി എന്റെ സമീപത്തേക്കു വരിക! എന്നാൽ ഞാൻ സന്തോഷിച്ച് ഭവാന്റെ അധീനത്തിലാകാം" എന്നു നീ പറയുക.' ഇപ്രകാരം ഇന്ദ്രൻ പറഞ്ഞുകൊടുത്ത സൂത്രം ധരിച്ച്, പങ്കജേക്ഷണയായ അവൾ 'അങ്ങനെയാകട്ടെ' എന്നു പറഞ്ഞ് നഹുഷന്റെ സമീപത്തെത്തി. അവളെക്കണ്ട് നഹുഷൻ പുഞ്ചിരി തൂകി: 'സ്വാഗതം! സുന്ദരീ, സുസ്മിതേ, ഭവതിക്ക് ഞാൻ എന്താണു ചെയ്യേണ്ടത്? ആജ്ഞാപിച്ചാലും! സേവിക്കുന്ന എന്നെ ഭവതി സേവിച്ചാലും. ഹേ കല്യാണീ, നിന്റെ അഭീഷ്ടം എന്തോ അതു ഞാൻ ചെയ്യുന്നതാണ്! എടോ സുശ്രോണീ, സുമദ്ധ്യമേ, നീ നാണിക്കുകയാണോ? വേണ്ടാ. നാണംവിടൂ! ദേവീ, നീ എന്നെ വിശ്വസിക്കൂ! ഞാൻ സത്യം ചെയ്യുന്നു. ദേവീ, നീ പറയുന്നതു ഞാൻ ചെയ്യുന്നതാണ്!'"

ഇന്ദ്രാണിപറഞ്ഞു: "ഹേ ജഗൽപതേ, ഭവാൻ തന്ന കാലാവധി കഴിയുന്നതുവരെ പൊറുത്താലും.അതിന്നുശേഷം ഭവാന് എന്റെ ഭർത്താവാകാം. ഹേ ദേവരാജാ! ഭവാൻ എനിക്കുവേണ്ടി ഒരു കാര്യം ചെയ്യണം. അതു ഞാൻ പറയാം. ഭവാന് എന്നിൽ ഇഷ്ടമുണ്ടെങ്കിൽ അതു സാധിപ്പിക്കുക. പ്രണയത്തോടെ ഞാൻ പറയുന്ന വാക്കു കേട്ടു പ്രവർത്തിച്ചതിന്നുശേഷം ഞാൻ ഭവാന്റെ അധീനത്തിലുണ്ടെന്നുതന്നെ ഉറച്ചുകൊള്ളുക. ഇന്ദ്രന്ന് ആന, കുതിര, തേർ മുതലായ വാഹനങ്ങളുണ്ടല്ലോ. എന്നാൽ അപൂർവ്വമായ ഒരു മഹാവാഹനം ഭവാനുണ്ടായിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിഷ്ണുവിന്നും, രുദ്രന്നും അസുരന്മാർക്കും ആശരന്മാർക്കും ഇല്ലാത്തതായിരിക്കണം ആ ശ്രേഷ്ഠമായ വാഹനം. മഹാപ്രഭുവായ ഭവാനെ മഹർഷിമാരെല്ലാവരുംകൂടി പല്ലക്കിൽ എടുക്കട്ടെ! എന്റെ ഭാവിവരൻ ഈ അപൂർവ്വവാഹനത്തിൽ പോകുന്നതുകാണുവാൻ എനിക്കു വളരെ ആഗ്രഹമുണ്ട്. അങ്ങനെയുള്ള വാഹനത്തിൽ സഞ്ചരിക്കുന്ന ഭവാനു കിടയായി ദേവാസുരന്മാരിൽ ആരും ഉണ്ടാവുകയില്ല. എല്ലാവരുടെ വീര്യവും ഭവാന്റെ ദൃഷ്ടിപാതത്താൽ ഭവാനിൽ ചെന്നു ചേരുന്നുണ്ടല്ലോ. വീര്യവാന്മാരായ ധീരന്മാരിൽ ഒരൊറ്റ ധീരനും ഭവാന്റെ മുമ്പിൽ നില്ക്കുവാൻ ശക്തനല്ലല്ലോ!"

ശല്യൻ തുടർന്നു: "ശചീദേവിയുടെ പ്രേമാഭ്യർത്ഥന കേട്ട് നഹുഷൻ ഹർഷപുളകിതനായി. ആ മാന്യയോടു പറഞ്ഞു:

digitized by www.sreyas.in

'എടോ വരവർണ്ണിനീ, നീ പറഞ്ഞ വാഹനം അപൂർവ്വംതന്നെ! നിന്നെ ഞാൻ അഭിനന്ദിക്കുന്നു. എനിക്കു ബോധിച്ചു നീ പറഞ്ഞത്. വരാനനേ, ഞാൻ നിന്റെ അധീനത്തിലാണ്. അല്പവീര്യരായ ആർക്കും മുനിമാരെ വാഹനമാക്കാൻ കഴിയുന്നതല്ല. ഞാനാണെങ്കിൽ തപസ്വിയും, ബലവാനും, ഭൂതഭവ്യഭവൽപ്രഭുവുമാണ്! ഞാൻ കോപിച്ചാലുണ്ടോ പിന്നെ വിശ്വം?—സർവ്വവും എന്നിൽ അധിഷ്ഠിതമാണല്ലോ! എടോ സുസ്മിതേ, ഈ പ്രപഞ്ചത്തിലുള്ള ദേവന്മാരും, ദാനവന്മാരും, ഗന്ധർവ്വന്മാരും, ഉരഗങ്ങളും, രാക്ഷസന്മാരുമൊക്കെ കൂടിയ ലോകമെല്ലാം ഞാനൊന്നു ക്രോധിച്ചാൽ പിന്നെ ഒന്നും അവശേഷിക്കയില്ല! ഞാൻ ആരെ ഒന്നു നോക്കുന്നുവോ അവന്റെ തേജസ്സൊക്കെ എന്നിൽ അമർന്നതുതന്നെ! അതുകൊണ്ട് ദേവീ, നീ പറഞ്ഞപ്രകാരംതന്നെ ഞാൻ ചെയ്യുന്നതാണ്. യാതൊരു സംശയവുമില്ല അക്കാര്യത്തിൽ. എന്നെ സപ്തർഷികൾ മാത്രമല്ല ബ്രഹ്മർഷിമാർകൂടി ഏറ്റുന്നതായിരിക്കും. നീ കാണുക. എന്റെ മാഹാത്മ്യങ്ങളൊക്കെ എന്റെ അഭിവൃദ്ധിയായി ഭവതി കൺകുളിരെ കണ്ടുകൊള്ളുക!"

ശല്യൻ കഥ തുടർന്നു: "ഇപ്രകാരം പറഞ്ഞ് നഹുഷൻ ആ സുമുഖിയായ ദേവിയെ അയച്ചു. പിന്നെ വിമാനത്തിൽ നാനാ നിയമസ്ഥന്മാരായ മുനിമാരേയും വിളിച്ചുകൂട്ടി. ദുഷ്ടനും, അബ്രഹ്മണ്യനും, ബലിയും, മദത്താലും ബലത്താലും ഉന്മത്തനും, കാമിയുമായ നഹുഷൻ ആ മുനിമാരെക്കൊണ്ട് പല്ലക്കെടുപ്പിച്ചു. ഉടനെ അവൾ ബൃഹസ്പതിയുടെ അടുത്തെത്തി ഇങ്ങനെ പറഞ്ഞു: 'മഹർഷേ നഹുഷൻ എനിക്കു തന്നതായ കാലാവധി കഴിയാറായിരിക്കുന്നു. വേഗത്തിൽ ശക്രനെ തിരഞ്ഞുപിടിച്ച് ഭക്തയായ എന്നെ രക്ഷിച്ചാലും.' ഉടനെ ബൃഹസ്പതി, 'അങ്ങനെയാകാം. നീ ദുഷ്ടനായ നഹുഷനെ ഭയപ്പെടേണ്ടാ. ഇനി അവൻ അധികകാലം നിലനില്ക്കുകയില്ല. ആ നരാധമന്റെ കഥ അവസാനിക്കുകയാണ്. ആ അധർമ്മിഷ്ഠൻ മുനികളെക്കൊണ്ടു പല്ലക്കെടുപ്പിച്ചത് അവന്റെ നാശത്തിന്നുതന്നെയാണ്. പോരെങ്കിൽ ആ ദുഷ്ടന്റെ നാശത്തിനു ഞാൻ യാഗം ചെയ്യുന്നുമുണ്ട്. ശക്രനെ നേടുവാൻ ഭയപ്പെടേണ്ടതില്ല. ഭവതിക്ക് ശുഭം വരും.' പിന്നെ മഹർഷി അഗ്നി വർദ്ധിപ്പിച്ച് അതിൽ ഹവിസ്സിനെ വിധിപോലെ ഹോമിച്ചു. ദേവേന്ദ്രനെ തിരികെക്കിട്ടുവാൻ ഹോമം ചെയ്തു. ഇന്ദ്രനെ തിരഞ്ഞുപിടിക്കുവാൻ അഗ്നിയോടായി ബൃഹസ്പതി അപേക്ഷിച്ചു. ഉടനെ അഗ്നി സ്ത്രീവേഷമെടുത്ത് അവിടെത്തന്നെ അന്തർദ്ധാനം ചെയ്തു. മനോവേഗത്തിൽ അഗ്നി അങ്ങനെ ദിക്കുകളും, വിദിക്കുകളും വലിയ കാടും മേടും ധരിത്രിയും ആകാശവും ചുറ്റിത്തിരിഞ്ഞ് ഏറ്റവും വേഗത്തിൽ അന്വേഷിച്ചു. അവിടെയെങ്ങും ഇന്ദ്രനെ കണ്ടില്ല. ഉടനെ തിരിച്ചെത്തി ബൃഹസ്പതിയോടു പറഞ്ഞു: 'ഹേ, ബൃഹസ്പതേ, ഞാൻ സർവ്വത്ര തിരഞ്ഞു. ഇന്ദ്രനെ കണ്ടെത്തിയില്ല. വെള്ളത്തിൽ മാത്രം ഞാൻ നോക്കിയില്ല. ജലത്തിൽ എനിക്കു പ്രവേശനമില്ലല്ലോ! എനിക്ക് അതിൽ ചെല്ലുവാൻ വയ്യാത്തതുകൊണ്ട് ഇനി എന്തു ചെയ്യണമെന്നു പറഞ്ഞാലും!' ഇതു കേട്ട് ബൃഹസ്പതി പറഞ്ഞു: "ഹേ, മഹാദ്യുതേ, ഭവാൻ വെള്ളത്തിലും ചെന്ന് അന്വേഷിക്കുക."

അഗ്നി പറഞ്ഞു: "എനിക്കു വെള്ളത്തിൽ ചെല്ലുവാൻ കഴിയുന്നതല്ല. അങ്ങനെ ചെയ്താൽ എനിക്കു ക്ഷയം ബാധിക്കും. ഭവാനല്ലാതെ വേറെയാരും എനിക്കാശ്രയമില്ല. മഹാദ്യുതേ, ഭവാന് സ്വസ്തി ഭവിക്കട്ടെ! വെള്ളത്തിൽ അഗ്നിയും, ബ്രഹ്മനിൽ ക്ഷത്രവും കല്ലിൽ ഇരുമ്പും ഉണ്ട്. അവയുടെ തേജസ്സ് എല്ലായിടത്തും വ്യാപിക്കും. എന്നാൽ അവയൊക്കെ അവയുടെ ഉത്ഭവസ്ഥാനങ്ങളിൽ പതിച്ചാൽ അടങ്ങുകയും ചെയ്യും!"

16. ഇന്ദ്രവരുണാദികളുമായി ബൃഹസ്പതിയുടെ സംഭാഷണം - ബൃഹസ്പതി പറഞ്ഞു: "ഹേ അഗ്നേ, നീ വാനവർക്കൊക്കെ മുഖ്യമായ ഹവ്യവാഹനനാണല്ലോ. സർവ്വഭൂതങ്ങളുടേയും ഉള്ളിൽ ഭവാൻ സാക്ഷിയെന്ന മട്ടിൽ ഗൂഢമായി സഞ്ചരിക്കുന്നു. കവികൾ ഭഗവാനെ ഏകനായും, ത്രിവിധനായും വർണ്ണിക്കുന്നു. ഹേ, ഹുതാശനാ! നീ വെടിഞ്ഞാൽ ജഗത്തൊക്കെ ഉടനെ അവസാനിക്കും. വിപ്രന്മാർ ഭവാനെ വണങ്ങി കളത്രപുത്രാദികളോടുകൂടി സ്വകർമ്മഫലമായ ശാശ്വതഗതിയെ പ്രാപിക്കുന്നു. ഹവ്യവാഹനനായ ഭവാൻതന്നെയാണ് പരമമായ ഹവിസ്സ്. സത്രങ്ങളാലും, യജ്ഞങ്ങളാലും അധ്വരത്തിൽ യജിക്കുന്നത് ഭവാനെത്തന്നെയാണ്. ഭവാനാണ് ഈ ത്രിലോകങ്ങളെ സൃഷ്ടിച്ചത്. കാലമായാൽ എല്ലാം കത്തിക്കാളി ദഹിപ്പിക്കുന്നതും ഭവാനാകുന്നു. വീണ്ടും എല്ലാം സൃഷ്ടിക്കുന്നതും ഭവാൻ തന്നെ. എല്ലാറ്റിന്റേയും ലയസ്ഥാനവും ഭവാൻതന്നെയാണല്ലോ. മഹർഷികൾ പറയുന്നു, മേഘവും മിന്നലും ഭവാനാകുന്നു എന്ന്. സർവ്വഭൂതങ്ങളേയും വഹിക്കുന്നത് ഭവാനിൽനിന്നുയരുന്ന രശ്മിയാകുന്നു. എല്ലാ ജലവും ഭവാനിൽ നില്ക്കുന്നു. ഈ ജഗത്ത് സർവ്വവും ഭവാനിൽ സ്ഥിതിചെയ്യുന്നു. ഹേ, പാവകാ! മൂന്നു ലോകത്തിലും ഭവാന് അറിഞ്ഞുകൂടാത്തതായി എന്തുണ്ട്? സ്വന്തം ഉത്ഭവസ്ഥാനത്തെ എല്ലാവരും സേവിക്കുന്നതുകൊണ്ട് ജലത്തിൽ ഭവാനു ശങ്കകൂടാതെ പ്രവേശിക്കാമല്ലോ. സനാതനമായ ബ്രാഹ്മമന്ത്രത്താൽ ഞാൻ ഭവാനെ വർദ്ധിപ്പിക്കാം." ഇപ്രകാരം ബൃഹസ്പതി അഗ്നിയെ വാഴ്ത്തിയപ്പോൾ ഭഗവാനും ഉത്തമനും കവിയുമായ ഹവ്യവാഹനൻ നല്ലപോലെ പ്രസാദിച്ച് ഇപ്രകാരം പറഞ്ഞു: "ബൃഹസ്പതേ, ഞാൻ ഇന്ദ്രനെ കാണിച്ചുതരാം; എന്റെ വാക്കു സത്യമാണ്."

ശല്യൻ കഥ തുടർന്നു: "പിന്നെ അഗ്നി ജലത്തിൽ പ്രവേശിച്ചു. പല്വലത്തിലും ആഴിയിലുമൊക്കെ പ്രവേശിച്ചു തിരഞ്ഞു. ഒടുവിൽ ഇന്ദ്രൻ ഒളിച്ചുവസിക്കുന്ന ആ സരസ്സിൽ വന്നുചേർന്നു. അതിൽ അഗ്നി പത്മങ്ങൾ തോറും തിരഞ്ഞു. അപ്പോൾ താമരത്തണ്ടിൽ ഒളിച്ചിരിക്കുന്ന ദേവേന്ദ്രനെ കണ്ടെത്തി. ഉടനെ തിരിച്ചുവന്നു ബൃഹസ്പതിയോടു വിവരം ഉണർത്തിച്ചു: 'പ്രഭുവായ ദേവേന്ദ്രൻ താമരനൂലിന്നുള്ളിൽ അണുവായി അധിവസിക്കുന്നതു ഞാൻ കണ്ടു.' ഉടനെ ബൃഹസ്പതി ദേവർഷിമാരോടും, ഗന്ധർവ്വന്മാരോടുംകൂടി അവിടെയെത്തി. പണ്ടത്തെ വീരചരിത്രങ്ങൾ ഓരോന്നും പറഞ്ഞ് അവർ ഇന്ദ്രനെ വാഴ്ത്തി.

'ക്രൂരാസുരനായ നമുചിയെ വധിച്ചത് ഹേ! ഇന്ദ്രാ, ഭവാനാണല്ലോ. ഉഗ്രവീര്യനായ വലനേയും, ശംബരനേയും വധിച്ചത് ഭവാനാണല്ലോ! ഹേ ശതക്രതോ! ഭവാൻ വളർന്നാലും! ശത്രുക്കളെ മുടിച്ചാലും! ഭവാൻ എഴുന്നേറ്റാലും! ഹേ ശക്രാ! വന്നുനില്ക്കുന്ന ദേവർഷിമാരെ തൃക്കൺപാർത്താലും! ഹേ ദേവേന്ദ്രാ! ഭവാൻ ദൈത്യന്മാരെ സംഹരിച്ചു ലോകത്തെ സംരക്ഷിച്ചു. വിഷ്ണുതേജസ്സോടുകൂടിയ വെള്ളത്തിൽ നുരയാൽ ഭവാൻ വൃത്രനെ സംഹരിച്ചു. ഹേ, ദേവരാജാവേ! ഭവാൻ വിജയിച്ചാലും. ഭവാൻ സർവ്വജീവികൾക്കും ശരണ്യനാണ്. ഭവാനു തുല്യമായി മറ്റൊന്നും ലോകത്തിലില്ല. എല്ലാ ഭൂതങ്ങളേയും വഹിക്കുന്നത് ഭവാനാണ്. ദേവന്മാരുടെ എല്ലാ മഹത്വവും ഭവാനാണല്ലോ. ഭവാൻ ബലം വീണ്ടും കൈക്കൊണ്ട് സർവ്വലോകങ്ങളേയും രക്ഷിച്ചാലും.'

ദേവന്മാരുടെ സ്തുതി കേട്ടപ്പോൾ ഇന്ദ്രൻ പതുക്കെപ്പതുക്കെ വളർന്നു സ്വന്തം ശരീരം കൈക്കൊണ്ടു ശക്തനായിത്തീർന്നു. ഇന്ദ്രൻ പറഞ്ഞു."

ഇന്ദ്രൻ പറഞ്ഞു: "ഹേ ദേവന്മാരെ, നിങ്ങൾക്ക് എന്തു കാര്യമാണ് ഞാൻ ചെയ്യേണ്ടതായിട്ടുള്ളത്? മഹാകായനായ ത്രിശിരസ്സിനേയും, മഹാസുരനായ വൃത്രനേയും ഞാൻ വധിച്ചുവല്ലോ!"

ബൃഹസ്പതി പറഞ്ഞു: "മനുഷ്യനായ നഹുഷരാജാവ് ദേവർഷികളുടെ തേജസ്സാൽ ദേവരാജ്യത്തെ നേടി ഞങ്ങളെയൊക്കെ ഭയങ്കരമായി ബാധിക്കുന്നു!"

ഇന്ദ്രൻ പറഞ്ഞു: "ദുർല്ലഭമായ ദേവരാജത്വം നഹുഷൻ എങ്ങനെ നേടി? അവൻ എത്രത്തോളം തപസ്സും വീര്യവും ഉള്ളവനാണ്?"

ബൃഹസ്പതി പറഞ്ഞു: "ഭവാൻ ഇന്ദ്രപദം ത്യജിച്ചപ്പോൾ അരാജകത്വത്താൽ ഭീതരായിത്തീർന്ന ദേവന്മാരും പിതൃക്കളും ഒന്നിച്ചുകൂടി നഹുഷനെ ചെന്നു കണ്ട് 'ഭവാൻ ദേവരാജാവായി

digitized by www.sreyas.in

ഭുവനത്തെ രക്ഷിക്കണ'മെന്ന് അപേക്ഷിച്ചു. അപ്പോൾ നഹുഷൻ പറഞ്ഞു: 'ഞാൻ അശക്തനാണ്. ദേവരാജാവാകുവാനുള്ള ശക്തി എനിക്കില്ല. നിങ്ങളുടെ തപസ്സുകൊണ്ട് എന്റെ ശക്തി വർദ്ധിപ്പിച്ചാൽ ഞാൻ ദേവരാജത്വം കൈയേൽക്കാം.' ഈ അഭിപ്രായം കേട്ടപ്പോൾ ദേവന്മാർ അവന്റെ ശക്തി വർദ്ധിപ്പിച്ചു. അങ്ങനെ ഘോരവീര്യനായി നഹുഷൻ ദേവരാജാവായി. മൂന്നു ലോകത്തിന്നും അധിപനായിത്തീർന്ന ആ ദുഷ്ടൻ മഹർഷിമാരെക്കൊണ്ട് പല്ലക്കെടുപ്പിച്ചു സഞ്ചരിക്കുന്നു. തേജസ്സിനെ ദൃഷ്ടിപാതംകൊണ്ടു ഹരിക്കുന്നവനാണ് ആ കഠോരൻ. അവനെ നീ നേരിട്ടുചെന്നു കാണരുത്. ദേവന്മാരൊക്കെ അവന്റെ നോട്ടത്തെ ഭയപ്പെട്ട് നേരെ ചെല്ലാതെ ഒളിവിലാണു സഞ്ചരിക്കുന്നത്."

ശല്യൻ കഥ തുടർന്നു: "ഇപ്രകാരം ബൃഹസ്പതി പറയുന്ന സമയത്ത് ലോകപാലകന്മാരായ കുബേരനും, യമനും സോമനും വരുണനും അവിടെ വന്നുചേർന്നു. അവരെല്ലാം ചേർന്ന് ദേവേന്ദ്രനോടു പറഞ്ഞു: 'ഭാഗ്യം! ത്വഷ്ടാവായ വൃത്രനെ ഭവാൻ വധിച്ചു. ഭാഗ്യം! ഭവാൻ അനാമയനായി ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞു. ശത്രുക്കളൊക്കെ നശിച്ച് ഭവാൻ വിജയിച്ചരുളുന്നു.'

ആ ലോകേശന്മാരോടുകൂടി സസന്തോഷം സമ്മേളിച്ചതിന്നുശേഷം മഹേന്ദ്രൻ അവരോടു ചോദിച്ചു: 'ദേവന്മാർക്കൊക്കെ ഈശ്വരൻ ഇപ്പോൾ ഘോരരൂപനായ നഹുഷരാജാവാണല്ലോ. നിങ്ങൾ ഇക്കാര്യത്തിൽ എന്നെ സഹായിക്കണം.' മറ്റുള്ളവരെല്ലാം ഇതുകേട്ടു പറഞ്ഞു: 'നഹുഷൻ ഘോരദൃഷ്ടിവിഷനാണ്. ഞങ്ങൾ അവനെ ഭയപ്പെടുന്നു. രാജാവായ നഹുഷനെ നീ വധിച്ചാൽ ഞങ്ങൾക്കും ഒരു ഭാഗം ലഭിക്കും.' ഇതുകേട്ട് ഇന്ദ്രൻ പറഞ്ഞു: 'രൂക്ഷാക്ഷനായ നഹുഷനെ ജയിക്കുവാൻ നമുക്ക് ഒത്തുചേർന്നു പരിശ്രമിക്കാം. വരുണനും യമനും കുബേരനും സുരന്മാരോടുചേർന്ന് അഭിഷിക്തരായി പോരിന്നു പുറപ്പെടാം.' ഉടനെ അഗ്നി പറഞ്ഞു: 'ഒരു ഭാഗം എനിക്കും തരണം. ഞാനും സഹായിക്കാം.' ഉടനെ ഇന്ദ്രൻ പറഞ്ഞു: 'ഹേ! അഗ്നേ! ഭവാനും ഒരു ഭാഗം ഇന്ദ്രാദികൾക്കൊപ്പം മഖത്തിൽ സിദ്ധിക്കുന്നതാണ്."

ശല്യൻ കഥ തുടർന്നു: "ഇപ്രകാരം ഭഗവാനായ പാകശാസനൻ ചിന്തിച്ച് കുബേരനെ എല്ലാ യക്ഷന്മാരുടേയും ധനത്തിന്റേയും രാജാവാക്കി. യമനെ പിതൃക്കളുടെ അധിപനാക്കി. വരുണനെ ജലങ്ങളുടെ അധിപനാക്കി. അനന്തരകരണീയത്തെപ്പറ്റി ചിന്തിച്ചു."

17. നഹുഷഭ്രംശം – അഗസ്ത്യമഹർഷി ഇന്ദ്രനോട് നഹുഷപതനവൃത്താന്തം അറിയിക്കുന്നു.

ശല്യൻ കഥ തുടർന്നു: "ബുദ്ധിമാനായ ദേവരാജാവ് ലോകപാലകന്മാരായ ദേവന്മാരോടുകൂടി നഹുഷന്റെ വധത്തെക്കുറിച്ചുള്ള ഓരോ ഉപായങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഭഗവാൻ അഗസ്ത്യമഹർഷി അവിടെ കയറിവന്നു."

അഗസ്ത്യൻ പറഞ്ഞു: "ഹേ ദേവരാജാവേ, ഭവാൻ വിജയിച്ചരുളുന്നു. ഭാഗ്യം! ഭാഗ്യം! വിശ്വരൂപനായ ത്രിശിരസ്സിനെ വധിക്കുകയാലും വൃത്രന്റെ നാശത്താലും ഭവാൻ വർദ്ധിക്കുന്നു! ഭാഗ്യം! ഇപ്പോൾ നഹുഷനും സ്വർഗ്ഗഭ്രഷ്ടനായി. ഹേ പുരന്ദരാ! ഭവാൻ ഹതശത്രുവായി, ഭാഗ്യവാനായി!"

ഇന്ദ്രൻ പറഞ്ഞു: "ഹേ, മുനിശ്രേഷ്ഠാ! ഭവാനു സ്വാഗതം! ഭവാന്റെ ദർശനം എന്നെ സന്തോഷത്തിൽ ആമഗ്നനാക്കി. പാദ്യവും, ആചമനീയവും, പശുവും, അർഘ്യവുമൊക്കെ കൈക്കൊണ്ടാലും."

ശല്യൻ കഥ തുടർന്നു: "ഇന്ദ്രൻ പൂജിച്ച് മുനിയെ പീഠത്തിൽ വാഴിച്ചു. പ്രഹൃഷ്ടമനസ്സായി ഇന്ദ്രൻ അഗസ്ത്യമഹർഷിയോടു ചോദിച്ചു: 'ഹേ, ദ്വിജോത്തമാ! മഹർഷേ! പാപിയായ നഹുഷൻ എങ്ങനെയാണ് സ്വർഗ്ഗഭ്രഷ്ടനായതെന്ന് അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

അഗസ്ത്യൻ പറഞ്ഞു: "ഹേ വിപ്രന്മാരേ, പ്രിയമായ വർത്തമാനം നിങ്ങൾ കേട്ടുകൊള്ളുവിൻ. ദുരാത്മാവായ ആ രാജാവ്, ഗർവ്വിതനും ദുർമതിയുമായ നഹുഷൻ, സ്വർഗ്ഗഭ്രഷ്ടനായ കഥ ഞാൻ പറയാം.

പാപിയായ നഹുഷനെ പല്ലക്കിലെടുത്തു തളർന്ന് ദേവർഷികളും, മഹാഭാഗന്മാരായ ശുദ്ധബ്രഹ്മർഷിമുഖ്യന്മാരും പോവുകയായിരുന്നു. ആ സമയത്ത് അവർ നഹുഷനോട് ഇങ്ങനെ ഒരു സംശയം ചോദിച്ചു: 'ഗോവിന്റെ പ്രോക്ഷണത്തിൽ ബ്രഹ്മോക്തങ്ങളായ മന്ത്രങ്ങൾക്ക് ഭവാൻ പ്രമാണമല്ലയോ?' എന്ന്. ഉടനെ നഹുഷൻ അവരോട് 'അല്ല' എന്ന് മതിഭ്രമത്തോടെ മറുപടി പറഞ്ഞു. ഉടനെ ഋഷികൾ പറഞ്ഞു: 'ഹേ, നഹുഷാ, ഭവാൻ അധർമ്മത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനാണ്. ധർമ്മം അറിയുന്നവനല്ല ഭവാൻ. ഞങ്ങൾക്ക് ഈ പറഞ്ഞതു പ്രമാണമാണ്. ഇത് പൂർവ്വന്മാരായ ഋഷികൾ പറഞ്ഞിട്ടുള്ളതാണ്. ഈ ധർമ്മം ഭവാന് പ്രമാണമല്ലെന്നു പറഞ്ഞതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു!"

അഗസ്ത്യൻ പറഞ്ഞു: "പിന്നീട് അവൻ ഇതിനെപ്പറ്റി മുനികളുമായി വാദിച്ചു. അധർമ്മപീഡിതനായ അവൻ കാലുകൊണ്ട് എന്റെ ശിരസ്സിൽ ചവിട്ടി. ആ ദുഷ്കർമ്മത്താൽ അവൻ ശക്തികെട്ടവനാവുകയും ശ്രീവിട്ടവനായിത്തീരുകയും ചെയ്തു. അവൻ ഉദ്വിഗ്നനും ആർത്തനുമായി നിന്നപ്പോൾ അവനോടു ഞാൻ പറഞ്ഞു: 'രാജാവേ, പണ്ട് മുനിമാർ അനുഷ്ഠിച്ച അദൃഷ്ടത്തെ ദുഷിപ്പിച്ച് എന്റെ ശിരസ്സിൽ ചവിട്ടിയതുകൊണ്ടും ദുരാസദന്മാരും ബ്രഹ്മകല്പന്മാരുമായ മഹർഷികളെക്കൊണ്ട് ഇപ്രകാരം വാഹനം ചുമപ്പിക്കുകയാലും മൂഢാത്മാവായ ഭവാൻ ഹതപ്രഭനായി സ്വർഗ്ഗത്തിൽനിന്നു പതിക്കട്ടെ! പാപാത്മാവായ ഭവാൻ ക്ഷീണപുണ്യനായി ഭൂമിയിൽ പതിക്കട്ടെ! പതിനായിരം സംവത്സരം പെരുമ്പാമ്പിന്റെ രൂപത്തിൽ ഭൂമിയിൽ ഇഴഞ്ഞുനടന്നതിന്നുശേഷം കാലമാകുമ്പോൾ വീണ്ടും ഭവാനു സ്വർഗ്ഗത്തിൽ വരാം.' ഹേ അരിന്ദമാ! എന്റെ ഈ ശാപത്താൽ നഹുഷൻ ദേവലോകത്തുനിന്നു താഴെവീണുപോയിരിക്കുന്നു. ഭാഗ്യം! ശക്രാ! നാം വർദ്ധിക്കുന്നു. ആ ബ്രഹ്മകണ്ടകൻ ഹതനായി. ഇനി സ്വർഗ്ഗത്തെ ഏറ്റുവാങ്ങി ഹേ ശചീപതേ, ഭവാൻ പാലിച്ചാലും! ഭവാനെ ഋഷിമാർ ജിതേന്ദ്രിയനും ജിതശത്രുവുമായി വാഴ്ത്തുമാറാകട്ടെ!"

ശല്യൻ പറഞ്ഞു: "പിന്നെ ദേവന്മാർ മഹർഷിമാരോടുകൂടി സന്തോഷിച്ചു. പിതൃക്കളും, യക്ഷന്മാരും അഹികളും, രാക്ഷസന്മാരും മറ്റുള്ളവരുമൊക്കെ ആഹ്ലാദിച്ചു. ഗന്ധർവ്വദേവസ്ത്രീവർഗ്ഗങ്ങളും അപ്സരസ്ത്രീഗണങ്ങളും, പൊയ്കകളും, കുന്നുകളും, പുഴകളും, കടലുകളും എല്ലാവരുംകൂടി ഇന്ദ്രന്റെ അടുത്തുചെന്ന് ശക്രനെ അനുമോദിച്ചു."

"ഭാഗ്യത്താൽ ശത്രുസൂദനനായ ഭവാൻ വർദ്ധിക്കുന്നു! അഗസ്ത്യൻ ദുഷ്ടനായ നഹുഷനെ ഹിംസിച്ചതു ഭാഗ്യമായി! നമ്മുടെ ഭാഗ്യം! ആ പാപി പാർത്തട്ടിൽ പാമ്പായി പതിച്ചു!"

18. ശല്യഗമനം – ശല്യൻ കഥ തുടർന്നു: "പിന്നെ ദേവന്മാരുടേയും ഗന്ധർവ്വന്മാരുടേയും അപ്സരസ്സുകളുടേയും സ്തുതികൾ കേട്ട്, ഐരാവതത്തിന്റെ പുറത്തുകയറി അഗ്നി, ബൃഹസ്പതി, യമൻ, വരുണൻ, കുബേരൻ എന്നീ മഹാശയന്മാരോടുചേർന്ന് ഗന്ധർവ്വന്മാരുടേയും വേശ്യമാരുടേയും അകമ്പടിയോടുകൂടി ആ ത്രിഭുവനപ്രഭുവായ വാസവൻ സ്വർഗ്ഗത്തിലെത്തി ഇന്ദ്രാണിയോടുകൂടി ദേവരാജാവു ചേർന്ന് പരമാനന്ദത്തോടെ ദേവരാജ്യം സംരക്ഷിച്ചു.

അപ്പോൾ ഭഗവാൻ അംഗിരസ്സ് ഇന്ദ്രനെ അധർവ്വവേദമന്ത്രം കൊണ്ട് അർച്ചിച്ചു. ഭഗവാൻ ഇന്ദ്രൻ നന്നായി ഹർഷിച്ചു. ഇന്ദ്രൻ അംഗിരസ്സിനെ അധർവ്വാംഗിരസ്സായി അനുഗ്രഹിച്ചു വരംനല്കി. 'അധർവ്വാംഗിരസാഖ്യാനം ഈ വേദത്തിൽ പ്രസിദ്ധമാണ്. ഈ വാക്യം യജ്ഞഭാഗത്തിൽ ഉപദേശിച്ചുവരികയും ചെയ്യും', എന്നു ഭഗവാൻ വാസവൻ അംഗിരസ്സിനെ മാനിച്ച് അയച്ചു. അപ്രകാരം സസന്തോഷം മറ്റു ദേവന്മാരേയും താപസന്മാരേയും പ്രീതിപ്പെടുത്തി അയച്ചു. ധർമ്മത്താൽ സുരലോകം രക്ഷിക്കുകയും ചെയ്തു.

digitized by www.sreyas.in

ഇപ്രകാരം ഭാര്യയോടുകൂടി ഇന്ദ്രൻ പോലും മഹാദുഃഖം അനുഭവിച്ചു. ശത്രുവധത്തിന്നുവേണ്ടി അജ്ഞാതവാസവും ചെയ്യേണ്ടിവന്നു. ഭവാൻ വനത്തിൽ ഇപ്രകാരമൊക്കെ ദ്രൗപദിയോടും സോദരന്മാരോടും കൂടി ക്ലേശിച്ചതോർത്ത് ഇനി ദുഃഖിക്കാതിരിക്കുക! ഇന്ദ്രൻ വീണ്ടും ഭാര്യയോടുകൂടി രാജ്യം പ്രാപിച്ചതുപോലെ ഭവാനും പൈതൃകമായ രാജ്യം പ്രാപിക്കുന്നതാണ്. വൃത്രനെ സംഹരിച്ച് ഇന്ദ്രൻ രാജ്യം നേടിയതുപോലെ ഭവാനും രാജ്യം നേടുന്നതാണ്. ദുരാചാരനായ നഹുഷൻ ബ്രഹ്മദ്വേഷിയായി, പാപം നേടി, അഗസ്ത്യശാപം ഏറ്റ് അധഃപതിച്ച്, വളരെക്കാലം നാശത്തിൽപ്പെട്ടുപോയതുപോലെ, നിന്റെ ശത്രുക്കളായ ദുഷ്ടന്മാർ, കർണ്ണദുര്യോധനാദികൾ, ഒക്കെ നശിച്ചുപോകും. ഭവാൻ ആഴിചൂഴുന്ന ഈ ഊഴിയൊക്കെ വാഴും. സോദരന്മാരും കൃഷ്ണയും ചേർന്നു ഭവാൻ വിജയശ്രീയോടുകൂടി സുഖിക്കും. ഈ ശക്രവിജയോപാഖ്യാനം വേദത്തിന്നൊത്തതാണ്. വ്യൂഹം കെട്ടി ജയംനേടുവാൻ ശ്രമിക്കുന്ന രാജാവു കേൾക്കേണ്ട ഉപാഖ്യാനമാണ് ഇത്. അതുകൊണ്ടാണ് ഈ വിജയകഥ ഞാൻ ഭവാനോടു പറഞ്ഞുതന്നത്. ഈ കഥ വാഴ്ത്തിയാൽ മഹാത്മാക്കൾ ബലവാന്മാരായി, ഉന്മേഷശാലികളായി വളർന്നുവരും. മഹാന്മാരായ ക്ഷത്രിയന്മാരൊക്കെ നശിക്കുവാൻ പോകുകയാണെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. ദുര്യോധനൻ ചെയ്ത അപരാധത്താലും, ഭീമന്റെ ബലത്താലും സർവ്വക്ഷത്രിയന്മാരും നശിക്കുകതന്നെ ചെയ്യും.

ഈ ഇന്ദ്രവിജയാഖ്യാനം മനസ്സുവെച്ചു പഠിക്കുന്നവൻ പാപം പോയി സ്വർഗ്ഗം നേടി ഇഹത്തിലും പരത്തിലും സുഖിക്കുന്നതാണ്. അവന്നു ശത്രുഭീതിയൊക്കെ നീങ്ങുകയും സന്താനലാഭം ഉണ്ടാകുകയും ചെയ്യും. ആപത്തൊന്നും പറ്റുകയില്ല. ദീർഘായുസ്സുണ്ടാവുകയും ചെയ്യും. അവന്ന് എല്ലാ ദിക്കിലും വിജയം ഉണ്ടാകും. ഒരിടത്തും തോൽക്കുന്നതുമല്ല." ഇപ്രകാരം ശല്യൻ രാജാവിനെ സമാശ്വസിപ്പിച്ചു. ശല്യന്റെ വാക്കുകേട്ട് യുധിഷ്ഠിരൻ ശല്യനെ വിധിപ്രകാരം പൂജിച്ചു ബഹുമാനിച്ചു. അനന്തരം മദ്രരാജാവായ ശല്യനോടു യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞു: "അമ്മാമാ! ഭവാൻ കർണ്ണന്റെ സാരഥ്യം ഏല്ക്കുമെന്നുള്ളതിൽ സംശയമില്ല. അപ്പോൾ കർണ്ണനെ തേജോവധം ചെയ്യുവാൻ അർജ്ജുനനെ ഭവാൻ വേണ്ടുവോളം സ്തുതിക്കണം."

ശല്യൻ പറഞ്ഞു: "ഞാൻ അപ്രകാരം ചെയ്യാം. ഭവാൻ പറയുന്നവിധം എല്ലാം ചെയ്യാം. വേറെ ഭവാനു ഹിതമായി വല്ലതും ചെയ്യേണ്ടതായി വന്നാൽ അതും ചെയ്യാം. എന്നാൽ കഴിയുന്നതൊക്കെ ഭവാനുവേണ്ടി ഞാൻ ചെയ്തുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "പിന്നെ യുധിഷ്ഠിരനോടു യാത്ര പറഞ്ഞ് മദ്രാധിപനായ ശല്യൻ തന്റെ വലിയ സൈന്യത്തോടുകൂടി ദുര്യോധനന്റെ അടുത്തേക്കുപോയി."

19. പുരോഹിതസൈന്യദർശനം - യുധിഷ്ഠിരദുര്യോധനന്മാരുടെ സമീപത്തുവന്നുചേർന്ന സഹായസൈന്യങ്ങളുടെ സംക്ഷിപ്തവിവരണം - വൈശമ്പായനൻ പറഞ്ഞു: "യദുക്കളിൽ വീരനും സാത്വത മഹാവീരനുമായ യുയുധാനൻ ധർമ്മജന്റെ അടുത്ത് ചതുരംഗസൈന്യത്തോടുകൂടി എത്തി. നാനാദേശത്തിൽനിന്നും വന്നുചേർന്നവരും പലതരം ആയുധങ്ങൾ കൈയിലുള്ളവരും ശൂരന്മാരുമായ യോദ്ധാക്കളെക്കൊണ്ട് ആ യാദവസൈന്യം പ്രശോഭിച്ചു. പരശ്വധം, ശൂലം, ഭിണ്ഡിപാലം, തോമരം, മുൽഗ്ഗരം, പരിഘം, ദണ്ഡ്, കയറ്, വാളുകൾ, ഉടവാൾ, വില്ല്, ആവനാഴി, പലവിധം അമ്പുകൾ എന്നീ ആയുധങ്ങൾകൊണ്ടും സുവർണ്ണാലങ്കാരങ്ങൾകൊണ്ടും ആ മഹാസൈന്യം മിന്നലോടുകൂടിയ കാർമേഘപടലംപോലെ വെട്ടിത്തിളങ്ങി. യുധിഷ്ഠിരന്റെ സൈന്യത്തിൽ ഈ അക്ഷൗഹിണിപ്പട കടലിൽ പുഴയെന്നമാതിരി ചെന്നുചേർന്നു. അപ്രകാരംതന്നെ ഒരു അക്ഷൗഹിണിപ്പടയുമായി ശക്തനായ ചേദിരാജാവ്, ധൃഷ്ടകേതു, ധർമ്മപുത്രന്റെ സമീപത്തെത്തിച്ചേർന്നു. ബലവാനായ ജരാസന്ധപുത്രൻ, മഗധരാജാവ്, ജയത്സേനൻ ഒരു അക്ഷൗഹിണിസൈന്യവുമായി ധർമ്മജന്റെ സമീപത്തെത്തി. കടൽവക്കത്തു പാർക്കുന്നവനായ പാണ്ഡ്യൻ ഒട്ടുവളരെ പടയാളികളോടുകൂടി ധർമ്മജന്റെ സമീപത്തെത്തി. അവന്റെ സൈന്യങ്ങൾ വളരെ മോടിയോടും ബലത്തോടുംകൂടി രമ്യമായി ശോഭിച്ചു. പിന്നെ നാനാദേശനിവാസികളായ ദ്രുപദന്റെ സൈന്യം ശൂരന്മാരായ പുരുഷന്മാരുമായി ദ്രുപദപുത്രന്മാരോടും കൂടി എത്തി. അപ്രകാരംതന്നെ മത്സ്യരാജാവായ വിരാടൻ, വാഹിനീശ്വരൻ, മലവാഴുന്ന മന്നവന്മാരോടും കൂടി ധർമ്മജന്റെ സമീപത്തെത്തി. പല ദിക്കുകളിൽനിന്നും നാനാതരം കൊടികളോടുകൂടി യോഗ്യന്മാരായ പാണ്ഡവന്മാർക്കു വന്നുചേർന്ന സൈന്യങ്ങൾ കൂടിയപ്പോൾ ഏഴ് അക്ഷൗഹിണി തികഞ്ഞു. കുരുക്കളുമായി പൊരുതുവാൻ അവർ സന്നദ്ധരായി എത്തിയതുകണ്ട് ധർമ്മപുത്രൻ സന്തോഷിച്ചു.

അപ്രകാരംതന്നെ ദുര്യോധനന് ഹർഷം വളർത്തുന്നവിധം സൈന്യങ്ങൾ വന്നുചേരുവാൻ തുടങ്ങി. സുവർണ്ണകവചം ധരിച്ച ചീനപ്പടയാളികളോടും കിരാതസൈനികരോടുംകൂടി ഒരു അക്ഷൗഹിണി സൈന്യവുമായി ഭഗദത്തരാജാവ് എത്തി. ഘോരമായ ആ സൈന്യം കൊന്നപൂത്ത കാടുപോലെ ശോഭിച്ചു. ശൂരനായ ഭൂരിശ്രവസ്സും, ശല്യനും വെവ്വേറെ ഓരോ അക്ഷൗഹിണി സൈന്യവുമായി ദുര്യോധനന്റെ അടുത്തെത്തി. ഹാർദിക്യൻ കൃതവർമ്മാവ്, ഭോജാന്ധകകരാന്വിതനായി ഒരു അക്ഷൗഹിണി സൈന്യവുമായി ദുര്യോധനന്റെ സമീപത്തെത്തി വനമാലയണിഞ്ഞ വീരന്മാർ കൂടുന്ന ആ സൈന്യം മത്തദ്വിപങ്ങൾ ചേർന്ന വനംപോലെ ഭംഗിയായി ശോഭിച്ചു. ജയദ്രഥൻ മുതലായ സിന്ധുസൗവീരവാസികളായ രാജാക്കന്മാർ വന്നുചേരുമ്പോൾ മലപോലും കുലുങ്ങിപ്പോയി. അവരുടെ അക്ഷൗഹിണിസൈന്യങ്ങൾ കാറ്റേറ്റുലയുന്ന കാരക്കാടുകൾപോലെ പ്രശോഭിച്ചു. ശകന്മാരോടും യവനന്മാരോടും കൂടി കാംബോജരാജാവായ സുദക്ഷിണൻ ഒരു അക്ഷൗഹിണിയോടുകൂടി ദുര്യോധനന്റെ അരികിലെത്തി. ആ സൈന്യങ്ങൾ ഇയ്യാമ്പാറ്റകണക്കേ ചേർന്നു പ്രശോഭിച്ചു. ആ സൈന്യവും കൗരവസൈന്യത്തിൽ ചെന്നു ചേർന്നു ലയിച്ചു. ഇപ്രകാരംതന്നെ മാഹിഷ്മതീനാഥനായ നീലൻ ദക്ഷിണാപഥത്തിൽനിന്ന് നീലായുധാഢ്യരായ രാജാക്കളോടുകൂടി എത്തി. അസംഖ്യം സൈന്യമുള്ള അവന്തി രാജാവ് വെവ്വേറെ ഓരോ അക്ഷൗഹിണിയുമായി ദുര്യോധനാന്തികത്തിലെത്തി. വീരന്മാരായ കേകയന്മാർ, അഞ്ചു സോദരന്മാരായ രാജാക്കൾ, ഒരു അക്ഷൗഹിണിസൈന്യത്തോടുകൂടി കൗരവ്യപ്രീതികരന്മാരായി എത്തിച്ചേർന്നു. പിന്നെ പലദിക്കിൽനിന്നുമായി മൂന്ന് അക്ഷൗഹിണിസൈന്യങ്ങൾ രാജാക്കളോടുകൂടി വേറെയും വന്നുചേർന്നു. ഇപ്രകാരം ആകെക്കൂടി ദുര്യോധനന്ന് പതിനൊന്ന് അക്ഷൗഹിണിയും തികഞ്ഞു. നാനാദേശത്തിൽനിന്നു വന്നവരും, നാനാകൊടികളോടുകൂടിയവരുമായ അക്ഷൗഹിണികൾ പാർത്ഥന്മാരോടു പൊരുതുവാനായി ഹസ്തിനാപുരിയിലേക്ക് എത്തിച്ചേർന്നു. എന്നാൽ ഈ അക്ഷൗഹിണികൾക്കൊക്കെ പാർക്കുവാൻ ഹസ്തിനാപുരിയിൽ സ്ഥലം ഇല്ലാത്തതുകൊണ്ട് പല ഇടങ്ങളിലായി അവരെ പാർപ്പിച്ചു. ധാരാളം ധനധാന്യങ്ങളും ജലസൗകര്യങ്ങളും ചേർന്ന പരപ്പുള്ള മൈതാനങ്ങളും നിവാസയോഗ്യങ്ങളായ ഇടങ്ങളും നോക്കി പടകുടീരങ്ങൾ നിർമ്മിച്ച് അവിടെ കൗരവന്മാരുടെ സൈന്യങ്ങളെ അധിവസിപ്പിച്ചു. പഞ്ചനദം, കുരുജാംഗലം, രോഹിതകാരണ്യം, കേവലമായ മരുഭൂമി, അഹിച്ഛത്രം, കാളകൂടം, ഗംഗാനദിയുടെ തീരം, വാരണം, വാടധാനം, യമുനാശൈലം എന്നിവിടങ്ങളിലൊക്കെ സൈന്യങ്ങൾ വന്നുകൂടി നിറഞ്ഞു.

ഇപ്രകാരം ഒത്തുചേർന്ന സൈന്യങ്ങളെക്കണ്ട്, പാഞ്ചാലരാജാവു ചൊല്ലി അയച്ച ദൂതനായ പുരോഹിതൻ, കൗരവന്മാരുടെ അടുത്തേക്ക്, ഹസ്തിനാപുരത്തേക്ക്, പോയി."

digitized by www.sreyas.in

സഞ്ജയയാനപർവ്വം

20. പുരോഹിതയാനം - വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രന്റേയും വിദുരന്റേയും ഭീഷ്മന്റേയും സൽക്കാരം കൈക്കൊണ്ടതിന്നുശേഷം ദ്രുപദന്റെ സന്ദേശവാഹകനായ പുരോഹിതൻ ദുര്യോധനനെ ചെന്നുകണ്ടു. രാജാവിന്റെ മുമ്പിൽ കുമ്പിട്ട് അനാമയമായി കുശലപ്രശ്നം ചെയ്തതിന്നുശേഷം എല്ലാ സേനാനാഥന്മാരും കേൾക്കത്തക്കവിധം ഇപ്രകാരം പറഞ്ഞു: "മഹാശയന്മാരേ, നിങ്ങൾക്കെല്ലാം സനാതനമായ രാജധർമ്മം അറിവുള്ളതാണല്ലോ. നിങ്ങൾക്ക് അറിവുള്ള കാര്യം കാര്യവശാൽ ഞാൻ പറയുകയാണ്. ധൃതരാഷ്ട്രനും പാണ്ഡുവും ഒരേ ഒരു രാജാവിന്റെ മക്കളാണ്. പൈതൃകമായ ധനം അവർക്കിരുവർക്കും ഒരുപോലെയാണ്. അതിൽ യാതൊരു സംശയവുമില്ല. ധൃതരാഷ്ട്രന്റെ പുത്രന്മാർക്ക് പിതൃധനം ലഭിച്ചു. എന്നാൽ പാണ്ഡുവിന്റെ പുത്രന്മാർക്ക് അതു കിട്ടാതായത് എങ്ങനെ? ധൃതരാഷ്ട്രൻ അടക്കിവെച്ചതുകൊണ്ടല്ലേ അതു കിട്ടാതായത്? പാണ്ഡവന്മാരെ കൊല്ലുവാൻ എന്തെല്ലാം ഉപായങ്ങൾ ഇവിടെ പ്രയോഗിച്ചുനോക്കി! എന്നാൽ ആയുസ്സിന്റെ വലിപ്പംകൊണ്ട് അവരെ കൊല്ലുവാൻ സാധിച്ചില്ല. മഹാനായ ആ രാജാവ് കരബലംകൊണ്ട് വർദ്ധിപ്പിച്ച രാജ്യവുംകൂടി ക്ഷുദ്രന്മാരായ ധാർത്തരാഷ്ട്രന്മാർ സൗബലനോടുചേർന്ന് ചതിച്ചിട്ടല്ലേ കൈയിലാക്കിയത്? ദുര്യോധനൻ കല്പിച്ചതുപോലെതന്നെ ആ കർമ്മവും സമ്മതിച്ച് പതിമൂന്നുവർഷം മഹാരണ്യത്തിലും പാർത്തു. ഭാര്യയോടുകൂടി സഭയിൽവെച്ച് ക്ലേശങ്ങൾ സഹിച്ചു. കാട്ടിലും പലവിധം ഉഗ്രമായ ക്ലേശങ്ങൾ സഹിച്ചു. ജന്മാന്തരം പോലെ വിരാടപുരിയിൽ പാപന്മാരെപ്പോലെ ആ മഹാത്മാക്കൾ വളരെ കഷ്ടപ്പെട്ടു. മഹാശയന്മാരായ അവർ കഴിഞ്ഞതേതായാലും കഴിഞ്ഞു എന്നുവെച്ച് ആ കുറ്റങ്ങളൊക്കെ പിന്നോട്ടു തള്ളി സാമത്തിന്നുതന്നെ ഇച്ഛിക്കുന്നു. സന്ധിയാകുന്നതിന്നു കാംക്ഷിക്കുന്നു. അവരുടെ മനഃസ്ഥിതിയും ദുര്യോധനന്റെ വൃത്തിയും കണക്കിലെടുത്ത് ഇഷ്ടന്മാരായ നിങ്ങൾ ധാർത്തരാഷ്ട്രനെ അനുനയിക്കണം. ആ വീരന്മാർ കൗരവന്മാരുമായി സംഗരം ഇച്ഛിക്കുന്നില്ല. ലോകം നശിക്കാതെ സ്വന്തം മുതൽ നേടുവാനാണ് പാണ്ഡവന്മാർ നോക്കുന്നത്. ബലവാന്മാരായ അവർ തങ്ങളുടെ കാര്യം നേടുവാൻ ശക്തരാണെങ്കിലും അവരാണ് യുദ്ധത്തിന്നു കാരണമെന്നു വരരുതെന്നു വിചാരിക്കുന്നു. ധർമ്മപുത്രന്ന് ഏഴ് അക്ഷൗഹിണിസൈന്യം തയ്യാറുണ്ട്. അവർ രാജാവിന്റെ കല്പന കേൾക്കുവാൻ സന്നദ്ധരായി നില്ക്കുകയാണ്. ആയിരം അക്ഷൗഹിണിക്കു തുല്യരായ വേറെ പുരുഷവ്യാഘ്രന്മാരും ഉണ്ട്. യുയുധാനൻ, ഭീമസേനൻ, യമന്മാർ ഇവരൊക്കെ അപ്രകാരമുള്ള മഹാബലന്മാരാണ്. ഒരിടത്തു പതിനൊന്ന് അക്ഷൗഹിണിസൈന്യത്തിന്ന് മറുവശത്ത് മഹാബാഹുവും ബഹുരൂപനും ആയ ധനഞ്ജയൻ ഒരാൾ മാത്രം മതി. കിരീടി ഈ സർവ്വസൈന്യത്തേക്കാളും മേലെ നില്ക്കുന്നു. അപ്രകാരംതന്നെ മഹാബാഹുവും മഹാദ്യുതിയുമായ വാസുദേവനും അർജ്ജുനനോടുകൂടെയുണ്ട്. പാണ്ഡവന്മാരുടെ സൈന്യശക്തിയും, കിരീടിയുടെ വീര്യവും, കൃഷ്ണന്റെ ബുദ്ധിയും, ഏകോപിച്ചുനില്ക്കുന്ന പാണ്ഡവന്മാരോടെതിർക്കുവാൻ ആരാണ് വിചാരിക്കുക? ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടത് ധർമ്മാനുസരണം കരാറുപോലെ കൊടുക്കേണ്ടതു കൊടുത്ത്, കാലം വൈകിക്കാതെ, ശാന്തി കൈക്കൊള്ളുകയാണ്."

21. പുരോഹിതയാനം - വൈശമ്പായനൻ പറഞ്ഞു: "പുരോഹിതന്റെ വാക്കുകേട്ട് പ്രജ്ഞാവൃദ്ധനും, മഹാതേജസ്വിയുമായ ഭീഷ്മൻ ആ ബ്രാഹ്മണനെ ആദരിച്ച് ഇപ്രകാരം പറഞ്ഞു: 'ഭാഗ്യത്താൽ അവർക്കെല്ലാം കൃഷ്ണനോടൊപ്പം കുശലം ഭവിക്കുന്നു! ഭാഗ്യത്താൽ അവർ സഹായമുള്ളവരായിരിക്കുന്നു! ഭാഗ്യത്താൽ അവർ സഹായമുള്ളവരായിരിക്കുന്നു! ഭ്രാതാക്കന്മാരായ ആ കുരുനന്ദനന്മാർ ഭാഗ്യത്താൽ സന്ധിയെ കാംക്ഷിക്കുന്നു! ബന്ധുക്കളോടു പാണ്ഡവന്മാർ പോരിന്നാഗ്രഹിക്കുന്നില്ല എന്നറിയുന്നതും ഭാഗ്യം തന്നെ! ഹേ, ബ്രാഹ്മണാ, ഭവാൻ പറഞ്ഞതൊക്കെ സത്യമാണ്. അതിൽ യാതൊരു സംശയവുമില്ല. ബ്രാഹ്മണ്യംമൂലം ഭവാന്റെ വാക്ക് തീക്ഷ്ണമായിപ്പോയി, എന്നൊരു അഭിപ്രായം എനിക്കുണ്ട്. ആ പാണ്ഡവന്മാർ കാട്ടിലും നാട്ടിലും ക്ലേശിച്ചു. വളരെ കഷ്ടപ്പാടുകൾ സഹിച്ചു. ധർമ്മത്താൽ പിതൃധനത്തിന്നർഹരായിരുന്നിട്ടും അവർ പരിക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു.

അർജ്ജുനൻ അസ്ത്രജ്ഞനാണ്; ബലവാനാണ്; മഹാരഥനാണ്. ആ പാണ്ഡവനോടെതിർക്കുവാൻ കെല്പുള്ളവനായി ഈ ലോകത്തിൽ ആരുണ്ട്? സാക്ഷാൽ വജ്രിതന്നെ ഇടഞ്ഞുവന്നാലും അവനോടേല്ക്കുവാൻ സമർത്ഥനാകയില്ല. മറ്റു ധന്വികളുടെ കഥ പിന്നെ പറയുവാനുണ്ടോ? മൂന്നു ലോകവും അവന്റെ നേരെ തിരിഞ്ഞാലും അവൻ എതിർത്തു തോല്പിച്ചുവിടും എന്നാണ് എന്റെ അഭിപ്രായം.'

ഇപ്രകാരം ഭീഷ്മൻ പറയുന്നതിന്നിടയ്ക്ക് അതിനെ തടഞ്ഞുകൊണ്ട് ദുര്യോധനനിൽ കണ്ണിട്ടുകൊണ്ട് കർണ്ണൻ പറഞ്ഞു: 'ലോകത്തിൽ ഒരു ജീവിപോലും അറിയാതെ കണ്ടില്ല ഇപ്പറഞ്ഞതൊക്കെ. അതു വീണ്ടും വീണ്ടും എടുത്തുപറഞ്ഞിട്ട് എന്താണു കാര്യം? ദുര്യോധനന്നുവേണ്ടി ശകുനി ചൂതിൽ അവരെ ജയിച്ചു. കരാറുപ്രകാരം പാണ്ഡുപുത്രനായ യുധിഷ്ഠിരൻ കാട്ടിലേക്കുപോയി. ആ കരാറുവിട്ട് അവർ ഇപ്പോൾ അച്ഛന്റെ മുതലിന്ന് ആഗ്രഹിക്കുന്നു. മൂർഖന്മാരെപ്പോലെ അവർ പാഞ്ചാലമത്സ്യന്മാരെ കൂട്ടുപിടിച്ച് ഇപ്പോൾ യുദ്ധത്തിന്നാണു പുറപ്പാട്. ദുര്യോധനൻ ഭയപ്പെട്ട് ഒരു അടി ഭൂമിയും കൊടുക്കുകയില്ല. ധർമ്മാനുസരണമാണെങ്കിലൊ ശത്രുവിന്നായാലും ദുര്യോധനൻ തന്റെ ഭൂമിയൊക്കെയും കൊടുക്കുവാൻ യാതൊരു വിഷമവും കാണിക്കാത്തവനാണ്. പിതൃപൈതാമഹമായ രാജ്യമാണ് ഇച്ഛിക്കുന്നതെങ്കിൽ കരാറിൽ പറഞ്ഞമാതിരി കാട്ടിൽ പോയി പാർക്കട്ടെ! അതു കഴിഞ്ഞു വന്നിട്ട് ദുര്യോധനന്റെ സമീപത്തു വന്ന് ഭയംകൂടാതെ പാർത്തുകൊള്ളട്ടെ! മൂർഖത്വംകൊണ്ടു മാത്രം അധർമ്മബുദ്ധി തോന്നാതിരിക്കട്ടെ. അതല്ല, ധർമ്മംവിട്ട് അവർ എതിർക്കുകയാണെങ്കിലോ അപ്പോൾക്കാണാം. കൗരവന്മാരോട് ഏല്ക്കുന്ന സമയത്ത് എന്റെ മൊഴി ഓർക്കേണ്ടതായി വരും അവർക്ക്!'

ഭീഷ്മൻ പറഞ്ഞു: "എടോ, രാധേയാ, ചുണയുള്ള വാക്കു പറഞ്ഞതുകൊണ്ടൊന്നും പ്രയോജനമില്ല. ആറു മഹാരഥന്മാരേയും പാർത്ഥൻ പോരിൽ ജയിച്ചത് ഇത്രവേഗം മറന്നുവോ? പലപ്പോഴും പോരാടി ജയിച്ച അവന്റെ കർമ്മം നീ കണ്ടതല്ലേ? ഈ ബ്രാഹ്മണൻ പറഞ്ഞമാതിരി നാം ചെയ്യാതിരിക്കുകയാണെങ്കിൽ അവന്റെ കൈകൊണ്ട് നാം മരിച്ചുവീണ് മണ്ണുകപ്പിക്കിടക്കേണ്ടിവരുമെന്ന് ഓർത്തുകൊള്ളുക."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണന്റെ ധിക്കാരപൂർവ്വമായ വാക്കുകേട്ടപ്പോൾ ധൃതരാഷ്ട്രന്ന് വിഷമം തോന്നി. അദ്ദേഹം ഭീഷ്മനെ മാനിച്ച് മനസ്സു സന്തോഷിപ്പിച്ച് രാധേയനെ ധിക്കരിച്ച് ഇപ്രകാരം പറഞ്ഞു:

'ഭീഷ്മൻ നമ്മൾക്കു ഹിതമായ കാര്യമാണു പറഞ്ഞത്. പാണ്ഡവന്മാർക്കും അതു ഹിതമായിട്ടുള്ള കാര്യമാണ്. മാത്രമല്ല എല്ലാവർക്കും, ഈ ലോകത്തിന്നു മുഴുവൻ നന്മയ്ക്കായിട്ടുള്ള വാക്കാണ് ശാന്തനവൻ പറഞ്ഞത്. ഞാൻ തന്നെത്താനെ ചിന്തിച്ച് സഞ്ജയനെ പാണ്ഡവരുടെ അടുക്കലേക്കയയ്ക്കാം. ഹേ ബ്രാഹ്മണാ! ഭവാൻ ഇപ്പോൾ പാണ്ഡവന്മാരുടെ അടുത്തേക്കു പൊയ്ക്കൊള്ളുക.'

ഇപ്രകാരം പറഞ്ഞ് ആ പുരോഹിതനെ സല്ക്കരിച്ചു പ്രസാദിപ്പിച്ച് ധൃതരാഷ്ട്രൻ പാണ്ഡവന്മാരുടെ അടുത്തേക്കയച്ചു. പിന്നെ സഭാമദ്ധ്യത്തിലേക്ക് സഞ്ജയനെ വിളിച്ച് ഇപ്രകാരം പറഞ്ഞു."

22. ധൃതരാഷ്ട്രസന്ദേശം - ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ, സഞ്ജയാ, പാണ്ഡവന്മാർ ഉപപ്ലാവ്യത്തിൽ വന്നിട്ടുണ്ടെന്നറിയുന്നു. നീ പോയി അവരെ കാണണം. ഭാഗ്യത്താൽ

digitized by www.sreyas.in

ഇപ്പോൾ ഭവാൻ പോകേണ്ടിവന്നിരിക്കുന്നത് അസ്ഥാനത്തല്ല. യുധിഷ്ഠിരനെ പൂജിച്ച് അവരോടൊക്കെ നന്നായി കുശലം ചോദിക്കുക. ക്ലേശിക്കാൻ അർഹതയില്ലാത്ത അവർ വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. കുറ്റമറ്റവരും നമ്മളിൽ കൂറുള്ളവരുമാണ് അവർ; അക്രോധന്മാരുമാണ്. ഒരിക്കലും പാണ്ഡവന്മാരിൽ മിഥ്യാവൃത്തി ഞാൻ കണ്ടിട്ടില്ല. അവർ സ്വവീര്യത്താൽ നേടിയ ധനം മുഴുവൻ നമ്മൾക്കായി വിട്ടുതന്നു. അവരെ നിന്ദിക്കുവാൻ എത്ര ചിന്തിച്ചിട്ടും ഞാൻ ഒരു ദോഷവും അവരിൽ കാണുന്നില്ല. ധർമ്മാർത്ഥങ്ങൾക്കു ചേർന്ന കർമ്മം ചെയ്താണ് അവർ സുഖമാർജ്ജിക്കുന്നത്. കാമംകൊണ്ട് ധർമ്മം അവർ വെടിയുന്നില്ല. ശീതോഷ്ണങ്ങളേയും ക്ഷുത്പിപാസകളേയും, നിദ്രാതന്ദ്രികളേയും, ഹർഷശോകങ്ങളേയും അവർ ധൃതിയാലും പ്രജ്ഞയാലും ശാന്തിയാലും ജയിച്ച് ധർമ്മാർത്ഥയോഗത്തോടെയാണ് പ്രയത്നിക്കുന്നത്. കാലാനുസരണം അവർ മിത്രങ്ങൾക്കു ധനം നല്കും. അവരുടെ സംവാദത്താൽ ഒരിക്കലും മൈത്രി നഷ്ടപ്പെടുന്നില്ല. അർഹതപോലെ പാർത്ഥന്മാർ ധനം കൊണ്ടും മാനംകൊണ്ടും മിത്രങ്ങളെ സന്തോഷിപ്പിക്കുന്നു. യുധിഷ്ഠിരപക്ഷത്തിൽ ദ്വേഷബുദ്ധികളായി ആരുമില്ല. പാപാത്മാവും, മന്ദബുദ്ധിയും, വിഷമദർശനനുമായ ഈ ദുര്യോധനനും ക്ഷുദ്രനായ കർണ്ണനുമല്ലാതെ സുഖഭോഗവിരക്തരായ ആ മഹാത്മാക്കളെ മറ്റാരും ക്രോധിപ്പിക്കുകയില്ല. പാണ്ഡവന്മാർ ജീവിച്ചിരിക്കെ അവരുടെ ധനം നേടാമെന്ന് ഉത്ഥാനവീര്യനും, സുഖഭോഗത്തിൽ വളർന്നവനുമായ ദുര്യോധനൻ മൗഢ്യത്താൽ കരുതുന്നു. അജാതശത്രുവായ യുധിഷ്ഠിരന്റെ സഹായികൾ ആരൊക്കെയാണെന്ന് ഭവാൻ അറിയുന്നുണ്ടോ? ജിഷ്ണുവും കൃഷ്ണനും വൃകോദരനും സാത്യകിയും മാദ്രേയന്മാരും സൃഞ്ജയന്മാരുമാണ്. അവരോടു പൊരുതിയാൽ രക്ഷകിട്ടുകയില്ല. അവരുടെ ഭാഗം വിട്ടുകൊടുക്കുകയാണു നല്ലത്. ഗാണ്ഡീവിയും മഹാരഥനുമായ സവ്യസാചിക്ക് ഈ ലോകം മുഴുവൻ ഏകനായി വിജയിക്കുവാൻ കഴിയുമെന്ന് നാം ഓർക്കണം. കേശവൻ മൂന്നു ലോകത്തിന്റേയും അധിപനായ മഹാത്മാവാണ്. എല്ലാ ലോകത്തിന്നും ഏകനായ വരേണ്യനാണ്. ആ അപ്രധൃഷ്യന്റെ നേരെ ഇടഞ്ഞുചെല്ലുവാൻ കെല്പുള്ളവർ ആരുണ്ട് ഈ പ്രപഞ്ചത്തിൽ?

പക്ഷിസംഘങ്ങളെപ്പോലെ മഹാവേഗത്തോടുകൂടിയ ശരജാലങ്ങൾ മേഘനിർഘോഷത്തോടെ ചൊരിഞ്ഞുകൊണ്ട് ഏകരഥനായിച്ചെന്നു വടക്കൻ രാജ്യങ്ങളെയെല്ലാം ജയിച്ച്, ധനം നേടുകയും ഇന്ദ്രാദികളായ ദേവന്മാരോടെതിർത്ത് ഖാണ്ഡവത്തെ അഗ്നിക്ക് ഉപഹാരമായി നല്കുകയും, പാണ്ഡവന്മാർക്ക് യശസ്സും മാനവും വർദ്ധിപ്പിക്കുകയും ചെയ്ത വീരനാണ് അർജ്ജുനൻ. ഗദാധരന്മാരിലും, ഗജാരോഹകന്മാരിലും, ഭീമനോടു തുല്യനായി ആരെങ്കിലും ഇന്നു ജീവിച്ചിരിപ്പുണ്ടോ? ആ സുശിക്ഷിതൻ രഥികളിൽ അർജ്ജുനതുല്യനും, ബാഹുബലം കൊണ്ട് ആയിരം ആനകളുടെ ശക്തിയുള്ളവനുമാണ്. പകയുള്ളവനായ അവൻ എന്റെ ഈ പുത്രന്മാരെ മുഴുവൻ മുടിച്ചുകളയും. ഇന്ദ്രന്നുപോലും ആ അമർഷിയെ ബലംകൊണ്ട് വെല്ലുവാൻ കഴിയുകയില്ല. അർജ്ജുനനാൽ സുശിക്ഷിതരായ മാദ്രേയന്മാർ മഹാബലന്മാരും ശീഘ്രഹസ്തന്മാരുമാണ്. അവർ ശ്യേനങ്ങൾ പക്ഷിക്കൂട്ടത്തെയെന്നപോലെ ശത്രുക്കളെ ആക്രമിച്ച് നിശ്ശേഷം മുടിക്കും.

നമുക്ക് ഇപ്പോഴുള്ള ബലം വമ്പിച്ചതാണെന്നു കരുതുന്നതു വിഡ്ഢിത്തമാണ്. പാണ്ഡവന്മാരുടെ മുമ്പിൽ അതു തുച്ഛമാണ്. അവരുടെ സഹായികളിൽ ഏറ്റവും മുഖ്യനാണ് ധൃഷ്ടദ്യുമ്നൻ. ആ സോമകശ്രേഷ്ഠൻ അമാത്യന്മാരോടുകൂടി പാണ്ഡവർക്കുവേണ്ടി മരിക്കുവാൻ തയ്യാറായി നിൽക്കുന്നുണ്ടെന്നാണു കേൾക്കുന്നത്. ധർമ്മജനോട് എതിർക്കുവാൻ ആരുണ്ട്? വൃഷ്ണിസിംഹനായ കൃഷ്ണന്റെ തുണയുള്ളവനോട് എതിർക്കുവാൻ ആർക്കു ധൈര്യമുണ്ട്? മത്സ്യരാജാവായ വിരാടൻ പുത്രന്മാരോടുകൂടി യുധിഷ്ഠിരപ്രിയനായി വന്നിരിക്കുന്നു. കേകയത്തിൽനിന്ന് പുറത്തായ പഞ്ചസഹോദരന്മാർ രാജ്യം നേടാമെന്ന വിചാരത്തിൽ പാണ്ഡവന്മാരോടു ചേർന്നിട്ടുണ്ട്. രാജാക്കളോടുകൂടിയ ആ വീരന്മാർ കൂറുള്ളവനായ ധർമ്മജന്റെ കീഴിൽ പ്രീതിയോടെ വന്നു പാർക്കുന്നു.

ഇങ്ങനെ പല പല രാജാക്കന്മാരും പാണ്ഡവന്മാർക്കു വേണ്ടി പൊരുതുവാൻ ഒരുങ്ങി യുധിഷ്ഠിരനെ ആശ്രയിച്ച് പ്രീതിയോടെ അധിവസിക്കുന്നു. മ്ലേച്ഛന്മാരും, വളരെ പരിശുദ്ധവംശക്കാരായ ഗിരിദുർഗ്ഗവാസികളും പലതരം ആയുധങ്ങളുമായി പാണ്ഡവന്മാരെ സേവിക്കുന്നു. നിസ്തുല്യനും, ലോകവീരനും, ഇന്ദ്രതുല്യനുമായ പാണ്ഡ്യൻ പലവിധം ആയുധാഭ്യാസികളായ വീരന്മാരോടുകൂടി കൗന്തേയന്മാരോടു ചേർന്നു നിൽക്കുന്നു. ഭീഷ്മദ്രോണന്മാരിൽനിന്നും, കൃഷ്ണാർജ്ജുനന്മാരിൽനിന്നും അസ്ത്രം ഗ്രഹിച്ചിട്ടുള്ള പ്രദ്യുമ്നതുല്യനായ സാത്യകിയും പാണ്ഡവപക്ഷത്തിലാണ്. ചേദികാരൂഷകന്മാരും പാണ്ഡവരോടു ചേർന്നിരിക്കയാണ്. കഷ്ടം! ആ ചേദികാരൂഷകന്മാർക്കിടയിൽ സൂര്യനെപ്പോലെ ശ്രീമാനായിരുന്ന ശിശുപാലനെ, ലോകത്തിലെ വില്ലാളികളിൽ അഗ്രഗണ്യനായി, യുദ്ധത്തിൽ ആർക്കും എതിരില്ലാതിരുന്ന ശിശുപാലനെ, കൃഷ്ണൻ കാലേതന്നെ സംഹരിച്ചുവിട്ടു. നരേന്ദ്രന്മാർക്കെല്ലാം ഉത്സാഹഭംഗം വരുത്തുമാറ് അവനെ വധിച്ചത് പാണ്ഡവന്മാർക്കു മാനവും യശസ്സും വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ്. ശിശുപാലനെ വധിക്കുന്നതു കണ്ടുകൊണ്ടുനിന്ന മറ്റു രാജാക്കൾ കൃഷ്ണനോട് എതിർക്കുവാൻ നില്ക്കാതെ സിംഹത്തിന്റെ മുമ്പിൽ ക്ഷുദ്രമൃഗങ്ങളെന്നപോലെ ഓടി മറയുകയാണല്ലോ ഉണ്ടായത്. ഏകരഥനായി ഇടഞ്ഞുവരുന്ന കൃഷ്ണനോട് ഏകരഥനായി പൊരുതുവാൻ കെല്പുള്ള ശിശുപാലനും കാറ്റിൽ കടപുഴങ്ങിവീണ കൊന്നമരംപോലെ, കൃഷ്ണന്റെ കൈകൊണ്ടു മൃതനായി നിലംപതിച്ചു. അതോർക്കുമ്പോൾ മറ്റു രാജാക്കന്മാരുടെ കഥയെന്തായിരിക്കും?

പാണ്ഡവന്മാർക്കുവേണ്ടി ഇപ്രകാരം കൃഷ്ണൻ പല പരാക്രമങ്ങളും ചെയ്യുന്നുണ്ട്. വിഷ്ണുവിന്റെ ഇത്തരം പ്രവർത്തനങ്ങളെ ഓർക്കുമ്പോൾ എനിക്ക് ഒരിക്കലും ശാന്തി ലഭിക്കുന്നില്ല. ആ വൃഷ്ണിസിംഹം സഹായമായി നില്ക്കുമ്പോൾ പാണ്ഡവന്മാരെ ജയിക്കാമെന്ന് ആരും മോഹിക്കേണ്ട. കൃഷ്ണന്മാരിരുവരും ഒരേ തേരിലാണെന്നു കേട്ട് എന്റെ ഹൃദയം ഭയംകൊണ്ടുവിറയ്ക്കുന്നു. എന്റെ പുത്രനായ ഈ മന്ദൻ അവരോടു യുദ്ധത്തിന്നു പുറപ്പെടുന്നത് നല്ലതിനല്ല. ആ വൃഷ്ണീന്ദ്രന്മാർ കൗരവകുലത്തെ, ദൈത്യകുലത്തെ എന്നപോലെ, ഒടുക്കിവിടും. ഇന്ദ്രതുല്യനാണ് അർജ്ജുനൻ. സാക്ഷാൽ സനാതനനായ മഹാവിഷ്ണുവാണ് കൃഷ്ണൻ. എന്റെ മകൻ അതൊന്നും ഓർക്കുന്നില്ല. കുന്തീപുത്രനായ യുധിഷ്ഠിരനാകട്ടെ തരസ്വിയും ധർമ്മാസക്തനുമാണ്. ദുര്യോധനനാൽ വഞ്ചിതനായ ആ ധർമ്മിഷ്ഠൻ ക്രുദ്ധനായാൽ മതി എന്റെ മക്കളൊക്കെ വെണ്ണീറാകാൻ. കൃഷ്ണാർജ്ജുനന്മാരെയോ, ഭീമമാദ്രേയന്മാരെയോ എനിക്കു യുധിഷ്ഠിരനിലുള്ളിടത്തോളം ഭയം തോന്നുന്നില്ല. ക്രോധദീപ്തനായ ധർമ്മരാജന്റെ ദുഃഖത്തെ ഓർത്താണ് ഞാൻ എപ്പോഴും ഭയപ്പെടുന്നത്. മഹാതപസ്വിയും ബ്രഹ്മചര്യാനിരതനുമായ ആ പാണ്ഡവന്റെ സകല സങ്കല്പവും സാധിക്കാതെ വരില്ല. യഥാസ്ഥാനത്താണ് യുധിഷ്ഠിരന്റെ ക്രോധമെന്നു കാണുമ്പോൾ എന്റെ ഭയം ഉപര്യുപരി വർദ്ധമാനമാകുന്നു.

ഈ നിലയ്ക്കു ഭവാൻ ചിന്തിച്ചുനോക്കുക. ഉടനെ തേരിൽക്കയറി പുറപ്പെടുക. പാഞ്ചാലരാജാവിന്റെ പടകുടീരത്തിൽ ചെല്ലുക. അവിടെച്ചെന്ന് അജാതശത്രുവായ യുധിഷ്ഠിരനെ ക്കണ്ടു വീണ്ടും വീണ്ടും പ്രീതിയോടെ കുശലപ്രശ്നംചെയ്യണം. ഉദാരനും, വീര്യവാനും, മഹാഭാഗനുമായ കൃഷ്ണനോടും പാണ്ഡവന്മാരോടും എന്റെ വാക്കാൽ കുശലപ്രശ്നംചെയ്തു ധൃതരാഷ്ട്രൻ ശാന്തിയെയാണ് ഇച്ഛിക്കുന്നതെന്ന് അറിയിക്കണം.

വാസുദേവൻ പറയുന്നപ്രകാരമല്ലാതെ യുധിഷ്ഠിരൻ പ്രവർത്തിക്കുകയില്ല. പാണ്ഡവന്മാരുടെ ആത്മസ്നേഹിതനായ കൃഷ്ണൻ അവരുടെ സകല കർമ്മങ്ങളോടും എപ്പോഴും

digitized by www.sreyas.in

ചേർന്നുനില്ക്കും. അതുകൊണ്ട് കൃഷ്ണനെ സവിശേഷം മാനിക്കുക. അവിടെ അവരോടുകൂടി വാഴുന്ന പാണ്ഡവന്മാർ, സൃഞ്ജയന്മാർ, കൃഷ്ണൻ, യുയുധാനൻ, വിരാടൻ, ദ്രൗപദേയന്മാരായ അഞ്ചുപേർ, എന്നിവരോടൊക്കെ എന്റെ വാക്കാൽ കുശലംചോദിക്കണം. അവിടെ ചെന്നെത്തിയാൽ ഭവാൻ സ്ഥിതിഗതികൾ മനസ്സിലാക്കി ഭാരതന്മാരുടെ ഹിതത്തിനു യോജിക്കുന്ന വിധത്തിൽ വേണ്ടതൊക്കെ പറയുകയും പ്രവർത്തിക്കുകയും ചെയ്യുക. യുദ്ധം ഉണ്ടാക്കിത്തീർക്കുവാൻ ഉതകുന്ന ഒന്നുംതന്നെ ആ രാജമദ്ധ്യത്തിൽ മിണ്ടിപ്പോകരുത്."

23. യുധിഷ്ഠിരപ്രശ്നം - സഞ്ജയൻ യുധിഷ്ഠിരനെ ചെന്നു കണ്ട്കുശലംചോദിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രരാജാവു പറഞ്ഞ വാക്കു കേട്ട് ഉപപ്ലാവ്യത്തിൽച്ചെന്നു ധർമ്മപുത്രനെക്കണ്ട്, അഭിവാദ്യം ചെയ്തു സഞ്ജയൻ ധർമ്മജനോട് സസന്തോഷം കുശലംചോദിച്ചു:

'ഭാഗ്യത്താൽ ഇന്ദ്രതുല്യനായ ഭവാനെ സഹായവാനും അരോഗനുമായി ഞാൻ കാണുന്നു! വൃദ്ധനും മനീഷിയുമായ ധൃതരാഷ്ട്രരാജാവ് ഭവാനോടു കുശലംചോദിക്കുന്നു. ഭീമന്നും, അർജ്ജുനന്നും, മാദ്രേയന്മാർക്കും കുശലമല്ലേ? ദ്രുപദപുത്രിയും വീരപത്നിയും പുത്രവതിയും സത്യവ്രതയുമായ പാഞ്ചാലിക്കും കുശലമല്ലേ? ഹേ, ശുഭാർത്ഥിയായ ഭാരതാ! നീ വിചാരിക്കുന്നതുപോലെ ഇഷ്ടങ്ങളൊക്കെ സാധിച്ചു കൊണ്ടല്ലേ വർത്തിക്കുന്നത്?"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, ഗാവൽഗണേ! സഞ്ജയാ! ഭവാനു സ്വാഗതം! ഭവാന്റെ ദർശനം ഞങ്ങളിൽ ആനന്ദം വളർത്തുന്നു. ഞാൻ സോദരന്മാരോടുകൂടി അനാമയനും കുശലിയുമായി വാഴുന്നു. കുരുവൃദ്ധനായ ധൃതരാഷ്ട്രരാജാവിന്റെ കുശലം പല വർഷങ്ങൾക്കുശേഷം ഇപ്പോൾ കേൾക്കുവാൻ സാധിച്ചതിൽ ഭവാനെ കാണുമ്പോൾ സാക്ഷാൽ രാജാവിനെ ദർശിക്കുമ്പോഴുള്ള സന്തോഷമാണ് ഞങ്ങൾക്കുണ്ടാകുന്നത്. വൃദ്ധപിതാമഹനും, തരസ്വിയും, മഹാവിദ്വാനും, സർവ്വധർമ്മജ്ഞനുമായ ഭീഷ്മന്നു കുശലമല്ലേ? ആ മഹാത്മാവിന്നു മുമ്പത്തെപ്പോലെ തന്നെ ഞങ്ങളിൽ പ്രീതിയില്ലേ? മഹാശയനായ ധൃതരാഷ്ട്രരാജാവ് പുത്രന്മാരോടുകൂടി കുശലിയായി വാഴുന്നില്ലേ? കൗരവപ്രവരന്മാരായ ബാൽഹീകൻ, സോമദത്തൻ, ഭൂരിശ്രവസ്സ് മുതലായവർക്കൊക്കെ കുശലമല്ലേ? സത്യവാനായ ശലന്നും, സപുത്രനായ ദ്രോണന്നും, വിപ്രമുഖ്യനായ കൃപന്നും കുശലമല്ലേ? ലോകത്തിലെ ധനുർദ്ധരന്മാരിൽ പ്രധാനികളായവരെല്ലാം കൗരവന്മാർക്കു ക്ഷേമം കാംക്ഷിക്കുന്നില്ലേ? ആ വില്ലാളികളേയും, സർവ്വശാസ്ത്രവിചക്ഷണന്മാരായ മഹാപ്രാജ്ഞന്മാരേയും കൗരവരാജാവ് യഥോചിതം മാനിക്കുന്നില്ലേ? കുരുമദ്ധ്യത്തിൽ പാർക്കുന്നവനും ദർശനീയനും ശീലസമ്പന്നനും മഹാധനുർദ്ധരനുമായ അശ്വത്ഥാമാവ് അരോഗിയായി വർത്തിക്കുന്നില്ലേ? മഹാപ്രാജ്ഞനും രാജപുത്രനുമായ യുയുത്സുവിന്നും മന്ദനായ ദുര്യോധനന്റെ ഹിതകാംക്ഷിയും, വിധേയനും, അമാത്യനുമായ കർണ്ണനും സുഖമല്ലേ? കൗരവന്മാരുടെ വൃദ്ധമാതാക്കൾ, സ്നുഷകൾ, പുത്രന്മാർ, ഭഗിനികൾ, ഭാഗിനേയന്മാർ, ദൗഹിത്രന്മാർ, അടുക്കളക്കാരികൾ, ദാസീദാസന്മാർ എന്നിവരൊക്കെ നിഷ്കപടമായി സുഖിക്കുന്നില്ലയോ? ബ്രാഹ്മണർക്കു രാജാവ് മുൻമട്ടിൽ ത്തന്നെ ജീവിതവൃത്തി നല്കുന്നില്ലേ? ഞാൻ മുമ്പേ ബ്രാഹ്മണർക്കു നല്കിയ ഗ്രാമങ്ങൾ അവർക്കു കൈവിടേണ്ടിവന്നിട്ടില്ലല്ലോ. സപുത്രനായ ധൃതരാഷ്ട്രരാജാവ് ഉപേക്ഷയാൽ ബ്രാഹ്മണരെ അതിക്രമിക്കുന്നില്ലല്ലോ? സ്വർഗ്ഗത്തിലേക്കു മാർഗ്ഗമായ ബ്രാഹ്മണപരിപാലനത്തിൽ നിന്നു രാജാവ് ഒരിക്കലും തെറ്റിപ്പോകുന്നില്ലല്ലോ? പരലോക പ്രകാശകവും ജീവലോകയശസ്കരവുമായ വിപ്രപൂജയെ ആ മന്ദന്മാർ ദൂഷിപ്പിക്കുകയാണെങ്കിൽ കൗരവന്മാർക്കു ഘോരമായ നാശം സംഭവിക്കുന്നതാണ്. ധൃതരാഷ്ട്രൻ ഇതൊക്കെ ഓർത്തുകൊണ്ടുതന്നെയാണോ പ്രവർത്തിക്കുന്നത്? അമാത്യവർഗ്ഗത്തെ രാജാവ് വേണ്ടപോലെ പോറ്റുന്നില്ലേ? അവരുടെ മദ്ധ്യത്തിൽ അമിത്രങ്ങൾ മിത്രഭാവത്തിൽ കടന്നുകൂടി ഭേദോപായം ചെലുത്തുന്നുണ്ടോ എന്നു രാജാവ് നോക്കാറില്ലേ? കൗരവന്മാരിൽ വല്ലവരും ഈ പാണ്ഡവന്മാരെക്കുറിച്ചു ദോഷം പറയാറുണ്ടോ? ദ്രോണനോ, കൃപനോ, അശ്വത്ഥാമാവോ ഞങ്ങളെക്കുറിച്ചു പഴിക്കാറുണ്ടോ? സപുത്രനായ ധൃതരാഷ്ട്രനിലല്ലേ കൗരവന്മാർ അപരാധം കാണുന്നത്? ശത്രുക്കൾ ഇടഞ്ഞുവരുമ്പോൾ യുദ്ധകുശലനായ അർജ്ജുനനെ അവിടെ എല്ലാവരും ചിന്തിക്കാറുണ്ടോ? ഈ ഗാണ്ഡീവധന്വാവ് ഇടിവെട്ടുന്നവിധം വില്ലുലച്ചു ഞാൺവലിച്ചു ചൊരിയുന്ന ശരങ്ങളെ അവിടെ എല്ലാവരും സ്മരിക്കുന്നില്ലയോ? അർജ്ജുനനെ കവിഞ്ഞോ, അർജ്ജുനനോടു തുല്യനായോ ഈ ലോകത്തിൽ മറ്റൊരു യോദ്ധാവില്ലെന്നും ഒരേ പിടിയിൽ അറുപതുശരങ്ങൾ ഒരേ സമയത്തു പ്രയോഗിക്കുവാൻ സവ്യസാചിക്കു സാധിക്കുമെന്നും അവർ അറിഞ്ഞിട്ടില്ലേ? പുൽക്കാട്ടിൽ മത്തഗജംപോലെ ശത്രുക്കളെ പ്രകമ്പിപ്പിച്ചുകൊണ്ടു ചുറ്റിനടക്കുന്ന ഗദാധരനായ ഭീമസേനനേയും അവർ സ്മരിക്കുന്നില്ലേ? കലിംഗന്മാരെ കൂട്ടത്തോടെ എതിർത്തു ജയിച്ചവനും ഇടവും വലവും ഒരുപോലെ ശരം വിടുന്നവനും ബലിഷ്ഠനുമായ സഹദേവനെ ഓർക്കുന്നില്ലേ? പണ്ടു പോരിൽ ശിബികളേയും, ത്രിഗർത്തരേയും വെന്നവനും, ബലിഷ്ഠനും പടിഞ്ഞാറേ ദിക്കിലെ രാജാക്കളെയൊക്കെ പോരിൽ ജയിച്ചവനുമായ നകുലനേയും ഓർക്കുന്നില്ലേ? ദുർമന്ത്രത്തിന്റെ ഫലമായി ഘോഷയാത്രയ്ക്കു പുറപ്പെട്ട് ദ്വൈതവനത്തിൽവെച്ച് ശത്രുക്കളുടെ പിടിയിൽപ്പെട്ടു ബന്ധിക്കപ്പെട്ട ആ മന്ദന്മാരെ ഭീമാർജ്ജുനന്മാർ ചെന്നു മോചിപ്പിച്ചയച്ചതും അവർ മറന്നിട്ടില്ലല്ലോ? പിന്നെ, യുദ്ധത്തിൽ അർജ്ജുനന്നു ഞാനും, ഭീമന്ന് മാദ്രേയന്മാരും പിൻതുണയായി നിന്നതും, അർജ്ജുനൻ ശത്രുസംഘത്തെ ഓടിക്കുകയാൽ ദുര്യോധനനും കൂട്ടുകാരും രക്ഷപെട്ട് സ്വഗൃഹത്തിൽ പ്രാണനുംകൊണ്ട് മടങ്ങിയെത്തിയതും അവർ മറന്നിട്ടില്ലല്ലോ? ഏതുവിധത്തിലും ജയം നേടുവാൻ ഞങ്ങൾ ശക്തരാണെന്നറിഞ്ഞിട്ടും അവർ ഇടഞ്ഞിട്ടാണല്ലോ നില്ക്കുന്നത്. ഈ നിലയ്ക്ക് നല്ലതായ ഒരു കർമ്മംചെയ്ത് ആ ധാർത്തരാഷ്ട്രനെ ഇണക്കി സുഖം നേടുവാൻ പറ്റുന്ന കാര്യമല്ലല്ലോ?"

24. സഞ്ജയവാക്യം - സഞ്ജയൻ പറഞ്ഞു: "ഹേ, രാജാവേ! ഭവാൻ ചോദിച്ച ആ കൗരവന്മാരും മറ്റുള്ളവരും അനാമയമായിരിക്കുന്നു. ധാർത്തരാഷ്ട്രന്റെ ഭാഗത്തു പാപാത്മാക്കളായ ചിലരുണ്ടെങ്കിൽ വൃദ്ധന്മാരായ സജ്ജനങ്ങൾ പലരുമുണ്ട്. ശത്രുക്കൾക്കുപോലും വേണ്ടുന്നതൊക്കെ കൊടുക്കാറുള്ള ദുര്യോധനൻ ബ്രാഹ്മണർക്ക് ദാനംചെയ്യുന്നതിൽ ഒട്ടും മടികാണിക്കാറില്ല. എന്നാൽ, നിങ്ങളെസ്സംബന്ധിച്ചിടത്തോളം അവന്റെ ഗതി ധർമ്മ്യമായിട്ടല്ല. അദ്രോഹത്തിൽ ദ്രോഹം ധർമ്മമല്ല. ആ ദുരാചാരൻ സാധുവൃത്തന്മാരായ നിങ്ങളെ ദ്രോഹിക്കുന്നത് ധൃതരാഷ്ട്രന്റെ അറിവോടുകൂടിയല്ല. ആ വൃദ്ധൻ വ്യസനിക്കുകയാണു ചെയ്യുന്നത്. മിത്രദ്രോഹം മഹാപാപമാണെന്ന് ബ്രാഹ്മണരിൽനിന്ന് അദ്ദേഹം കേൾക്കുന്നുണ്ട്. യുദ്ധത്തിൽ ശംഖും പെരുമ്പറയും മുഴങ്ങുമ്പോൾ, ഭവാനും, അർജ്ജുനനും, ഭീമനും, മാദ്രേയന്മാരും മഹാരഥന്മാരായി യാതൊരു കൂസലും കൂടാതെ യുദ്ധക്കളത്തിൽ സഞ്ചരിച്ചു സൈന്യങ്ങളിൽ ശരവർഷം ചൊരിയുന്നത്, അങ്ങനെയുള്ള ആ ഭാവം അവിടെ എല്ലാവരുടേയും സ്മരണയിൽ കാണുന്നുണ്ട്. എന്നാൽ, വരാൻപോകുന്ന കാര്യം, കഴിഞ്ഞിട്ടില്ലാത്ത കാര്യം, മുൻകൂട്ടിക്കാണുവാൻ നമുക്കു കഴിയുകയില്ലല്ലോ.

ഭവാൻ എല്ലാ ധർമ്മങ്ങളും തികഞ്ഞവനാണ്. എന്നിട്ടും കഷ്ടപ്പെട്ടില്ലേ? കഷ്ടപ്പാടുകളൊക്കെ അനുഭവിച്ചറിഞ്ഞ ഭവാൻ എല്ലാം ബുദ്ധികൊണ്ടു ചിന്തിച്ചു ശരിക്കാക്കിയാലും. ഇന്ദ്രോപമന്മാരായ പാണ്ഡവന്മാർ കാമത്തിന്നുവേണ്ടി ധർമ്മത്തെ ഉപേക്ഷിക്കുകയില്ലെന്നു കരുതുന്നു. ഹേ, അജാതശത്രോ! ഭവാൻ ബുദ്ധികൊണ്ട് എല്ലാം അറിഞ്ഞ് അവർക്കും സുഖമാകുമാറ് എല്ലാം ശരിപ്പെടുത്തിയാലും. പാണ്ഡവന്മാരും, ധാർത്തരാഷ്ട്രന്മാരും, സൃഞ്ജയന്മാരും, മറ്റു രാജാക്കന്മാരും ഇതു ധരിക്കേണ്ടതാണ്. പിതാവായ ധൃതരാഷ്ട്രരാജാവ് എന്നോടു പറഞ്ഞത്

digitized by www.sreyas.in

ഇനി ഞാൻ അജാതശത്രോ! ഭവാനെ അറിയിക്കാം. അമാത്യന്മാരോടും പുത്രന്മാരോടും ചേർന്ന് രാജാവേ, ഭവാൻ കേട്ടാലും!"

25. സഞ്ജയവാക്യം - യുധിഷ്ഠിരൻ സഞ്ജയനിൽ നിന്ന് ധൃതരാഷ്ട്രന്റെ സന്ദേശം കേൾക്കുന്നു - യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, സഞ്ജയാ! ഇതാ എന്റെ ഭ്രാതാക്കളും, കൃഷ്ണനനും, സാത്യകിയും, വിരാടനും എത്തിയിരിക്കുന്നു. എന്താണ് ധൃതരാഷ്ട്രൻ പറഞ്ഞയച്ചിരിക്കുന്നത്? സൂതപുത്രാ, ഗാവൽഗണേ, അദ്ദേഹത്തിന്റെ അനുശാസനം എന്താണെന്നു പറയൂ!"

സഞ്ജയൻ പറഞ്ഞു: "ധർമ്മജനും, ഭീമസേനനും, അർജ്ജുനനും, നകുലസഹദേവന്മാരും, വാസുദേവനും, ശൈനേയനും, വിരാടനും, വൃദ്ധനായ പാഞ്ചാലനും മാത്രമല്ല ധൃഷ്ടദ്യുമ്നൻ, ചേകിതാനൻ എന്നിവരും മറ്റ് എല്ലാവരും ഞാൻ പറയുന്നതിനെ കേട്ടുകൊള്ളുവിൻ. കൗരവന്മാരുടെ ശ്രേയസ്സിന്നുവേണ്ടിയാണ് ഞാൻ പറയുന്നത്. രാജാവായ ധൃതരാഷ്ട്രൻ ശമമാണ് നല്ലതെന്നു നിശ്ചയിച്ചിട്ടാണ് എന്നെ തിടുക്കത്തോടെ ഇങ്ങോട്ടയച്ചിരിക്കുന്നത്. ഭ്രാതാക്കന്മാരോടും, പുത്രന്മാരോടും, സ്വജനങ്ങളോടുംകൂടിയ ധർമ്മപുത്രന്നും ശമം തന്നെ രുചിക്കുമാറാകട്ടെ! സർവ്വസമ്പന്നരാണല്ലോ പാണ്ഡവന്മാരായ നിങ്ങൾ. നിലതെറ്റാതെ നേർവഴിക്കുന്നെ ഇണങ്ങിച്ചെല്ലുന്നവരുമാണ്. ഉഗ്രമായ കർമ്മങ്ങളിൽ വെറുപ്പും അരുതാത്ത കാര്യങ്ങളിൽ ലജ്ജയുമുള്ള കർമ്മനിശ്ചയന്മാരായ കുലജാതന്മാരുമാണ് നിങ്ങൾ. സാധുവൃത്തന്മാരായ നിങ്ങൾക്ക് ഹിംസ്രകർമ്മം യോജിക്കുന്നതല്ല. നിങ്ങളിൽ വല്ല പാപകർമ്മവും ചേർന്നാൽ ശുഭ്രവസ്ത്രത്തിൽ അഞ്ജനബിന്ദുപോലെ തെളിഞ്ഞുകാണും. യുദ്ധം നേരിട്ടാൽ സർവ്വക്ഷയമാണ് ഉണ്ടാവുക എന്ന് നിങ്ങൾ ചിന്തിക്കണം. എല്ലാം നശിക്കും. അതിൽപ്പരം പാപവും നരകവുമായി വേറെ എന്തുണ്ട്? സർവ്വക്ഷയത്താൽ ജയവും പരാജയവും ഒരുപോലെയല്ലേ? അങ്ങനെയുള്ള കർമ്മത്തിൽ ബോധവാന്മാർ പ്രവേശിക്കുമോ? നിങ്ങൾ നിന്ദ്യജീവിതം വെടിഞ്ഞു മുമ്പത്തെപ്പോലെ ജ്ഞാതികാര്യം ചെയ്തുകൊണ്ട് പുത്രന്മാരോടും, സുഹൃത്തുക്കളോടും, ബാന്ധവന്മാരോടുംകൂടി ധന്യമായി വാഴുകയാണെങ്കിൽ കുരുക്കൾക്ക് അത് നല്ലതു സംഭവിപ്പിക്കും. കുരുക്കളോട് ഇണങ്ങിനിൽക്കാതെ നിങ്ങൾ സർവ്വശത്രുവധത്തിന്നാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിൽ ആ കർമ്മംകൊണ്ട് നിങ്ങളുടെ ജീവിതം മൃതപ്രായമായിത്തീരും. ജ്ഞാതിവധത്താൽ എന്തു ജീവിതസുഖമാണുണ്ടാവുക? സാത്യകിയുടേയും ധൃഷ്ടദ്യുമ്നന്റെയും ബാഹുക്കളിൽ കേശവനോടുകൂടി നില്ക്കുന്ന നിങ്ങളെ ഇന്ദ്രന്റെ സഹായത്തോടുകൂടെ എത്തുന്ന ശത്രവിന്നുപോലും ജയിക്കുവാൻ സാധിക്കയില്ലെന്ന് എല്ലാവർക്കും അറിയാം. അതുപോലെതന്നെ ഭീഷ്മൻ, ദ്രോണൻ, അശ്വത്ഥാമാവ്, കൃപൻ, കർണ്ണൻ എന്നിവരുടെ രക്ഷയിൽ ശല്യാദിരാജാക്കന്മാരോടുകൂടെ നില്ക്കുന്ന കൗരവന്മാരെ ജയിക്കുവാനും ആർക്കും സാധിക്കുന്നതല്ല. ധാർത്തരാഷ്ട്രമഹാബലത്തെ ആരെങ്കിലും ജയിക്കുന്നതായാൽ അതോടുകൂടി ആ ജേതാവിന്ന് സർവ്വക്ഷയമുണ്ടാകുമെന്നതിന്ന് യാതൊരു സംശയവുമില്ല. അങ്ങനെയുള്ള ജയവും പരാജയവും തുല്യമാണ്. ആ ജയത്തിലോ പരാജയത്തിലോ ഞാൻ ഒരു ശ്രേയസ്സും കാണുന്നില്ല. ദുഷ്കുലജാതരായ നീചരെപ്പോലെ ധർമ്മാർത്ഥവിരുദ്ധമായ കർമ്മം ചെയ്യുന്നത് പാണ്ഡവന്മാർക്കു ചേർന്നതാണോ? അതുകൊണ്ട് കൗരവന്മാർക്ക് സ്വസ്തിയുണ്ടാകുമാറ് വാസുദേവപാഞ്ചാലന്മാർ പ്രസാദിക്കേണമെന്ന് ഞാൻ ഇതാ തൊഴുതു കുമ്പിട്ടു ശരണം പ്രാപിക്കുന്നു. ഈ വാക്കിന്നെതിരായി കൃഷ്ണാർജ്ജുനന്മാർ പ്രവർത്തിക്കാതിരിക്കട്ടെ. യാചിക്കുന്നവർക്ക് പ്രാണൻപോലും കൊടുക്കുന്നവരാണല്ലോ അവർ. അങ്ങനെയിരിക്കെ സന്ധികാര്യം സാധിക്കുന്നതിന്നുവേണ്ടിയുള്ള എന്റെ ഈ പ്രാർത്ഥന അവർ നിരസിക്കയില്ലെന്നു വിശ്വസിക്കുന്നു. ഞാൻ ഇപ്പോൾ ഈ പറഞ്ഞത് ഭീഷ്മന്റെ സന്നിധിയിൽവെച്ച് ധൃതരാഷ്ട്രരാജാവ് പറഞ്ഞയച്ചതാണ്. നിങ്ങൾക്കു ശാന്തി ഭവിക്കട്ടെ!"

26. യുധിഷ്ഠിരവാക്യം - ഇന്ദ്രപ്രസ്ഥം നല്കിയല്ലാതെ ശാന്തി ലഭിക്കയില്ലെന്ന് യുധിഷ്ഠിരൻ സഞ്ജയനു മറുപടി കൊടുക്കുന്നു - യുധിഷ്ഠിരൻ പറഞ്ഞു: "ഹേ സഞ്ജയാ, ഞാൻ യുദ്ധത്തെപ്പറ്റി ഒന്നും പറയുകയുണ്ടായില്ലല്ലൊ? യുദ്ധത്തിൽ എന്താണിത്ര ഭയം? യുദ്ധത്തേക്കാൾ ശ്രേഷ്ഠമല്ലേ യുദ്ധമില്ലായ്മ? യുദ്ധംകൂടാതെ കാര്യം സാധിക്കുമെങ്കിൽ പിന്നെ യുദ്ധത്തിന്ന് ആരാണ് ഒരുങ്ങുക? പുരുഷൻ വിചാരിക്കുന്ന കാര്യങ്ങൾ പരിശ്രമംകൂടാതെ സിദ്ധിക്കുമെങ്കിൽ പിന്നെ കർമ്മത്തിൽ ആരെങ്കിലും ഏർപ്പെടുമോ? കാര്യസിദ്ധിക്ക് യുദ്ധത്തേക്കാൾ ലഘുതരമായ വേറെ വല്ല മാർഗ്ഗവും കണ്ടാൽ അതല്ലേ മനുഷ്യൻ നോക്കുകയുള്ളു? മനുഷ്യരാരും തന്നെ യുദ്ധം കാംക്ഷിക്കുകയില്ല. ദൈവത്താൽ ശപിക്കപ്പെട്ടവനേ യുദ്ധത്തിൽ മനസ്സു ചെലുത്തുകയുള്ളൂ. പാർത്ഥന്മാരായ ഞങ്ങൾ ധർമ്മത്തിന്നു ഹിതമായും ലോകത്തിന്നു പത്ഥ്യമായുമിരിക്കുന്ന കർമ്മങ്ങൾ ജനങ്ങളുടെ ക്ഷേമത്തിന്നുവേണ്ടി ചെയ്യുന്നവരാണ്. ഞങ്ങൾ സുഖം കാണുന്നത് ധർമ്മോദയത്തിലാണ്. ക്ലേശസാദ്ധ്യമായതെല്ലാം കർമ്മദുഃഖമാണെന്ന് ഞങ്ങൾക്കറിയാം. ആ ദുഃഖം കഴിയുന്നതും കൂടാതെ കഴിയണമെന്ന് സുഖകാംക്ഷികളായ ഞങ്ങൾക്കു വിചാരമില്ലാതിരിക്കുമോ? ഇന്ദ്രിയപ്രീതിക്കുള്ള രസങ്ങൾമാത്രം നോക്കിക്കൊണ്ടിരുന്നാൽ അതു ദുഃഖമാണ്. ദേഹസുഖത്തെ നശിപ്പിക്കും. കാമേച്ഛ മനസ്സിൽ കുടികൊള്ളുമ്പോൾ അത് ദുഃഖത്തെ വർദ്ധിപ്പിക്കും. കത്തിക്കുന്ന തീ ജ്വലിക്കുന്നതുപോലെ വർദ്ധിപ്പിക്കും. കാമം എരിയുന്ന തീയിൽ നെയ്യൊഴിക്കുന്നതുപോലെയാണ്. കാമാർത്ഥലാഭങ്ങൾ എത്രത്തോളം കിട്ടുന്നുവോ അത്രത്തോളം അതൃപ്തിയാണു വളരുക. ധൃതരാഷ്ട്രരാജാവിന്ന് എത്ര മഹത്തായ ഭോഗസഞ്ചയമാണുള്ളതെന്നു നോക്കൂ! അതിൽ തൃപ്തനാകാതെയല്ലേ ഞങ്ങളെ ഓടിച്ച് ഞങ്ങൾക്കുള്ള ഐശ്വര്യംകൂടി കൈയ്ക്കലാക്കിയത്? മധുരമായ ഗാനം കേട്ടും, മാല്യഗന്ധമേറ്റും, കുറിക്കൂട്ടുചാർത്തിയും, ദിവ്യവസ്ത്രം ധരിച്ചും, ശ്രീമാനായി വാഴുന്നവനായിരുന്നിട്ടും രാജാവ് എന്തിന് കൗരവന്മാരിൽനിന്ന് ഞങ്ങളെ അകറ്റി? ശക്തിയായ അന്തർദ്ദാഹംകൊണ്ടല്ലേ? ഈ കാമം മന്ദബുദ്ധികൾക്കു ചേർന്നതുതന്നെ! അത് അവരുടെ ഹൃദയത്തെ അനവരതം വേദനിപ്പിച്ചുകൊണ്ടേയിരിക്കും. ഇങ്ങനെ രാജാവ് സ്വയം ദുഃഖത്തിലായിട്ടും പരൻ നേടുന്ന ധനത്തെ വീണ്ടും കാംക്ഷിക്കുന്നത് ശരിയാണോ? തന്റെ കാര്യമെന്നപോലെയാണ് അന്യന്റേയും കാര്യമെന്ന് അദ്ദേഹം ഓർക്കുന്നുണ്ടോ? വസന്തകാലത്തെ നട്ടുച്ചയ്ക്ക് പുല്ലുനിറഞ്ഞ മഹാവനത്തിൽ കൈയിൽക്കിട്ടിയ തീക്കൊള്ളിയെടുത്തെറിഞ്ഞ് അത് അവിടെക്കിടന്നു കാറ്റേറ്റ് ജ്വലിച്ച് പടർന്നു കത്തുമ്പോൾ അതിന്നിടയിൽ തനിക്കു യാതൊരു സുഖവും കിട്ടുന്നില്ലല്ലോ എന്ന് ആവലാതിപ്പെട്ട് ആ ചൂടിൽനിന്നു മുക്തനാകുവാൻ ശ്രമിക്കുന്നവനെപ്പോലെയല്ലേ രാജാവിന്റെ പ്രയത്നം? സത്യമില്ലാത്ത ദുർബുദ്ധിയും, മൂഢമന്ത്രികളോടുചേർന്ന മന്ദനുമായ ആ പുത്രന്റെ ഇഷ്ടംനോക്കിയല്ലേ രാജാവു നില്ക്കുന്നത്? ആപ്തവാക്കുകൾ പറഞ്ഞ വിദുരനെ അനാപ്തനെപ്പോലെ ധിക്കരിക്കുകയല്ലേ ദുര്യോധനൻ ചെയ്തത്? ധൃതരാഷ്ട്രരാജാവാകട്ടെ തന്റെ പുത്രന്റെ പ്രിയത്തിന്ന് അറിഞ്ഞുംകൊണ്ട് അധർമ്മത്തിൽ കൈകടത്തുന്നു. വാഗ്മിയും, ശീലവാനും, ബഹുശ്രുതനും, മേധാവിയും, കൗരവക്ഷേമകാംക്ഷിയുമായ വിദുരനെ കൗരവരാജാവായ ധൃതരാഷ്ട്രൻ പുത്രപ്രിയംമൂലം സ്മരിക്കാതായിരിക്കുന്നു. രാജാവ് ഇപ്പോൾ എങ്ങനെയുള്ളവനെയാണ് അധികം ഇഷ്ടപ്പെടുന്നതെന്ന് ഭവാൻ ഓർക്കുന്നുണ്ടോ? ധർമ്മങ്ങളെ അതിക്രമിച്ച് എപ്പോഴും ക്രോധശീലനായി, ദുർഭാഷണങ്ങൾ ചൊരിഞ്ഞ്, ദ്വേഷബുദ്ധി വളർന്ന്, പരോൽക്കർഷത്തിൽ സഹിഷ്ണുതയില്ലാതെ, ദുരാത്മാക്കളുടെ പൂജയേറ്റ്, കുലത്തിന്റെ മാനംകെടുത്തി, അതിമാനിത ഭാവിച്ച്, മിത്രങ്ങളെ ദ്രോഹിച്ച്, അശിക്ഷണീയനായി, ശ്രേയസ്സുനോക്കാതെ വളരുന്ന പാപബുദ്ധിയായ പുത്രനെയല്ലേ ധൃതരാഷ്ട്രൻ ധർമ്മാർത്ഥവിചാരംകൂടാതെ സ്നേഹിച്ചുവരുന്നത്?

digitized by www.sreyas.in

അന്ന് ചൂതുകളിക്കുമ്പോൾ എനിക്കു തോന്നീട്ടുണ്ട് കൗരവന്മാർക്കു നാശം അടുത്തുവെന്ന്. വിദുരൻ പറയുന്ന ഹിതോപദേശങ്ങൾ വല്ലതും ധൃതരാഷ്ട്രൻ അഭിനന്ദിക്കാറുണ്ടോ? കൗരവന്മാരുടെ നാശത്തിന്നാണ് അവർ വിദുരന്റെ വാക്കു ചെവിക്കൊള്ളാത്തത്. അദ്ദേഹത്തിന്റെ ബുദ്ധിപൂർവ്വമുള്ള വാക്കുകളെ അനുസരിക്കുന്ന കാലത്ത് കൗരവന്മാർക്കുണ്ടായിരുന്ന രാഷ്ട്രാഭിവൃദ്ധിയെപ്പറ്റി ഇപ്പോൾ അവർ ചിന്തിക്കുന്നില്ല. അർത്ഥലുപ്തനായ ആ ദുര്യോധനന്റെ മന്ത്രിമാർ ആരൊക്കെയാണെന്ന് ഭവാൻ ഒന്നു നോക്കൂ! കർണ്ണൻ, ശകുനി, ദുശ്ശാസനൻ ഇവരൊക്കെയല്ലേ? അവരുടെ സംമോഹമൊക്കെ ഭവാനറിഞ്ഞുകൂടേ? ഈ നിലയിൽ കുരുവംശത്തിന്റെ ഉറച്ച നിലനില്പിന്ന് മാർഗ്ഗം ഞാൻ കാണുന്നില്ല.

ദീർഘദർശിയായ വിദുരനെ അകറ്റുകയും അന്യന്റെ ഐശ്വര്യത്തെ സ്വന്തം അധീനത്തിലാക്കുകയുംചെയ്തിട്ട് ഭൂമിയിലെങ്ങും എതിരില്ലാത്ത മഹാരാജ്യം നേടുവാൻ ആഗ്രഹിക്കുകയുംചെയ്യുന്നു. എന്നെ വീണ്ടും കാട്ടിലേക്കു തള്ളിവിട്ട് സർവ്വസ്വവും തന്റേതാക്കുവാൻ ആ രാജാവ് ആഗ്രഹിക്കുന്നിടത്തോളംകാലം ശമത്തെക്കുറിച്ചു വിചാരിക്കയേ വേണ്ടാ.

യുദ്ധത്തിൽ അർജ്ജുനനെ ജയിക്കുവാൻ കർണ്ണൻ മതിയെന്ന് അവർക്കു തോന്നിയിട്ടുണ്ട്. ഇതിന്നുമുമ്പ് മഹായുദ്ധങ്ങൾ പലതും ഉണ്ടായിട്ടില്ലേ? അതിൽ ഏതിലാണ് അർജ്ജുനന്റെ കെല്പുതാങ്ങുവാൻ കർണ്ണന്നു കഴിഞ്ഞിട്ടുള്ളത്? അർജ്ജുനന്നു സമനായി മറ്റൊരു വില്ലാളിയുമില്ലെന്ന് കർണ്ണന്നും, ദുര്യോധനന്നും, ദ്രോണന്നും, ഭീഷ്മന്നും മാത്രമല്ല മറ്റു സകല കൗരവന്മാർക്കും അസ്സലായി അറിയാം. ആ ധനഞ്ജയനുണ്ടായിരുന്നിട്ടും ദുര്യോധനന്ന് ഇപ്പോൾ രാജ്യം ലഭിച്ചത് എങ്ങനെയാണെന്നുള്ളതും എല്ലാവർക്കും അറിയാം. എന്നിട്ടും ധനുർവ്വേദപാരംഗതനായ അർജ്ജുനനോടു യുദ്ധംചെയ്തു, ആ അജയ്യനോടു കൂടി വസിക്കുന്ന പാണ്ഡവന്മാരുടെ ധനത്തെ ധാർത്തരാഷ്ട്രന്ന് അപഹരിക്കണമത്രേ! മോഹം കൊള്ളാം. പനപോലുള്ള ഗാണ്ഡീവത്തിൽനിന്നു മുഴങ്ങുന്ന ആ ഘോരനാദം കേൾക്കാത്തതുകൊണ്ടാണ് ആ ദുര്യോധനൻ ജീവിച്ചിരിക്കുന്നതെന്ന് ഭവാൻ ഓർക്കുന്നുണ്ടോ? ക്രുദ്ധനായ ഭീമനെ നേരിട്ടുകാണുന്ന സമയംവരെമാത്രമേ ദുര്യോധനന്ന് അർത്ഥസിദ്ധിയെക്കുറിച്ചു വിചാരമുണ്ടാകുകയുള്ളൂ. ഭീമസേനൻ ജീവനോടെ ഇരിക്കുമ്പോൾ ഈയുള്ളവരുടെ ധനം ഹരിക്കുവാൻ ഇന്ദ്രൻപോലും തുനിയുകയില്ല; നിശ്ചയമാണ്. അങ്ങനെയുള്ള വീരന്മാരായ ഭീമനും, അർജ്ജുനനും, നകുലനും, സഹദേവനും ജീവിച്ചിരിക്കുമ്പോൾ അവരുടെ ധനം അപഹരിക്കുവാൻ കരുതുന്നതു തീർച്ചയായും ആപത്തിന്നാണ്. ആ വിചാരം പുത്രന്മാരോടുകൂടിയ ധൃതരാഷ്ട്രന്റെ ഉള്ളിൽ ഇല്ലാതിരുന്നാൽ മക്കൾക്കു രക്ഷയായി. അല്ലെങ്കിൽ രണത്തിൽ പാണ്ഡവക്രോധമാകുന്ന അഗ്നിയിൽ അദ്ദേഹത്തിന്റെ സകല പുത്രന്മാരും ദഹിച്ചു ചാമ്പലായിത്തീരും.

ഹേ, സഞ്ജയാ! എന്റെ വാക്കുകൾ കുറച്ചു കടുത്തുപോയെങ്കിൽ പൂജാർഹനായ ഭവാൻ ക്ഷമിച്ചാലും! ഇതിന്നു മുമ്പ് കൗരവന്മാർ ഞങ്ങളോടു ചെയ്ത കടുത്ത അനീതികളും, ഞങ്ങൾ അനുഭവിച്ച മഹാക്ലേശങ്ങളും, ആ സന്ദർഭങ്ങളിലൊക്കെ ഞങ്ങൾ ധാർത്തരാഷ്ട്രന്മാരോടു കാണിച്ച പെരുമാറ്റവും ഭവാൻ അറിഞ്ഞിട്ടുള്ളതാണല്ലോ. ഞങ്ങളുടെ നിലയ്ക്ക് ഇപ്പോഴും മാറ്റമില്ല. ഭവാൻ പറഞ്ഞവിധം ശമത്തിന്നു ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടേത് ഞങ്ങൾക്കു കിട്ടിയാൽ മതി. ഭാരതരാജാവായി ദുര്യോധനൻ ഹസ്തിനാപുരം വാഴുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. ഇന്ദ്രപ്രസ്ഥം ഞങ്ങൾക്കു കിട്ടാതെ ഒക്കുകയില്ല."

27. സഞ്ജയവാക്യം – സഞ്ജയൻ പറഞ്ഞു: "ധർമ്മനിത്യനായ ഭവാന്റെ ചേഷ്ടിതങ്ങൾ ലോകത്തിലെങ്ങും സുകീർത്തിതമാണ്. അനിത്യവും അചഞ്ചലവുമായ ജീവിതത്തിന്നുവേണ്ടി ഭവാൻ ധാർത്തരാഷ്ട്രന്മാരെ നശിപ്പിക്കുവാൻ ഒരുങ്ങരുത്. ഭവാന്റെ ഭാഗം കൗരവന്മാരിൽനിന്നു ലഭിക്കണമെങ്കിൽ യുദ്ധം കൂടാതെ കഴിയുകയില്ല. യുദ്ധംകൊണ്ടു നാശമാണ് ഫലം. യുദ്ധം ചെയ്ത് രാജ്യം നേടുന്നതിനേക്കാൾ ഭവാനു ശ്രേയസ്കരമായിട്ടുള്ളത് അന്ധകവൃഷ്ണിരാജ്യത്തുപോയി ഭിക്ഷാടനംചെയ്തു ജീവിക്കുകയാണ്. ചഞ്ചലമായ ജീവിതയാത്രയിൽ നിത്യദുഃഖമേ ഉള്ളൂ. അങ്ങനെയുള്ള ജീവിതത്തിന്നുവേണ്ടി പരപീഡനംചെയ്യുന്നത് ഭവാന്റെ കീർത്തിക്കുചേർന്നതല്ല. അതുകൊണ്ട് ഭവാൻ പാപത്തിൽ കൈവെക്കാതെ ജീവിക്കുക. ധർമ്മത്തിന്നു വിഘ്നമുണ്ടാക്കുന്ന കാമങ്ങൾ പലതും മനുഷ്യനെ ബാധിച്ചേക്കും. അത്തരം കാമങ്ങളെയെല്ലാം അകറ്റിവിടുന്ന മതിമാനായ മനുഷ്യന്ന് ലോകത്തിൽ കേടറ്റ പ്രസിദ്ധി സമ്പാദിക്കാം. ലോകത്തിലെ ബന്ധനമാണ് തൃഷ്ണ. ആ തൃഷ്ണ ധർമ്മത്തെ തടയുന്നു. എപ്പോഴും ധർമ്മത്തെ വിടാതെ പാലിക്കുന്നവനാണ് ബുദ്ധിമാൻ. കാമാസക്തനായ പുരുഷൻ അർത്ഥത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചു നശിക്കും. എല്ലാ കർമ്മങ്ങളിൽവെച്ച് ധർമ്മമാണ് മുഖ്യം. ധർമ്മത്തിൽ വേണ്ടതുപോലെ ചരിക്കുന്നവൻ സൂര്യനെപ്പോലെ മഹാപ്രതാപവാനായി ശോഭിക്കും. ധർമ്മഹീനൻ ഭൂമി മുഴുവൻ നേടിയാലും ആ പാപബുദ്ധി താണുതാണു പോവുകയേയുള്ളൂ. ബ്രഹ്മചാരിയും സ്വാദ്ധ്യായവാനുമായി യജ്ഞദാനങ്ങൾ ചെയ്തു പരലോകത്തെ അഭിമുഖീകരിച്ചു വർത്തിക്കുന്നവന് ബഹുകാലം ആത്മസുഖത്തോടെ വാഴാം. ചിത്തവൃത്തിനിരോധത്തെ അഭ്യസിക്കാതെ കാമഭോഗങ്ങളിൽ മനസ്സുവെക്കുന്നവൻ ധനക്ഷയത്തിൽ സുഖംനശിച്ചു കാമവേഗപീഡിതനായി ദുഃഖത്തിൽ ആണ്ടുപോകും. പരലോകശ്രദ്ധയില്ലാതെ ആത്മാനുബന്ധനത്തിൽ അനാസക്തനായി യജ്ഞാദികർമ്മങ്ങൾ വെടിഞ്ഞ് അധർമ്മം ചെയ്യുന്ന മൂഢൻ ദേഹം വേർപെട്ടു ചെല്ലുമ്പോൾ എപ്പോഴും എരിപൊരിക്കൊള്ളുകതന്നെ വേണ്ടിവരും. ഇഹലോകത്തു ചെയ്യുന്ന സൽക്കർമ്മങ്ങളുടേയും ദുഷ്കർമ്മങ്ങളുടേയും ഫലം പരലോകത്തിലെത്തുമ്പോൾ നശിച്ചുപോകുന്നില്ല. മനുഷ്യൻ പരലോകത്തെത്തുംമുമ്പുതന്നെ അവന്റെ പുണ്യപാപങ്ങൾ അവിടെ എത്തുന്നു. ഭവാൻ ശ്രദ്ധയോടെ ന്യായമായി ഭൂരിദക്ഷിണയോടെ യാഗാദികർമ്മങ്ങൾ ചെയ്ത് വിപ്രന്മാർക്കുഗന്ധരസം കലർന്ന ഭക്ഷണം നല്കി വിഖ്യാതനായി വർത്തിക്കുകയാണല്ലോ. മനുഷ്യന്ന് ഇഹലോകത്തിൽ മാത്രമേ കർമ്മങ്ങളുള്ളൂ. പരലോകത്തിൽ കർമ്മമൊന്നുമില്ല. സജ്ജനം പ്രശംസിക്കുമാറ് പരലോകത്തേക്കു വേണ്ടതായ പുണ്യകർമ്മങ്ങൾ വേണ്ടുവോളം ഭവാൻ ചെയ്തിട്ടുണ്ട്. പരത്തിൽ ഭവാനു ജരാമൃത്യുഭയങ്ങളോ ക്ഷുൽപിപാസാദി അപ്രിയങ്ങളോ ഇനി ഏല്ക്കേണ്ടതായി വരികയില്ല. ഇനി ഇന്ദ്രിയപ്രീണനത്തിന്നുവേണ്ടി ഇവിടെയോ അവിടെയോ ഭവാൻ ഒന്നും ചെയ്യേണ്ടതില്ല. കർമ്മഗതി ഇങ്ങനെയാണെന്നറിഞ്ഞ് ഭവാൻ മനസ്സിൽനിന്നു കാമത്തെ അകറ്റിക്കളയണം. ഹർഷക്രോധങ്ങൾക്ക് അധീനനായി ഭവാൻ ഇഹത്തേയും പരത്തേയും ഒന്നിച്ചു കെടുത്തിക്കളയരുത്. ഭവാൻ കർമ്മത്തിൽ ഏർപ്പെട്ട് സത്യം, ദമം, ആർജ്ജവം, ആനൃശംസ്യം എന്നീ ഗുണങ്ങൾ കൈവിടരുത്. അശ്വമേധം, രാജസൂയം മുതലായ യാഗങ്ങൾ ചെയ്തിട്ടുള്ള ഭവാൻ ഇനി പാപകർമ്മങ്ങളിലേക്കു ചെല്ലുകയാണോ? ദ്വേഷപൂർവ്വം പാപകർമ്മം ചെയ്യുവാൻ ഒരുങ്ങുകയാണ് പാർത്ഥന്മാരെങ്കിൽ എന്തിനാണ് അവർ ഇതിന്നുമുമ്പു വളരെ സംവത്സരം വനത്തിൽക്കിടന്നു കഷ്ടജീവിതം നയിച്ചത്? മഹത്തായ ബലം കൈയിലുണ്ടായിരുന്നിട്ടും ഭവാൻ എന്തിനാണ് അന്നു കാട്ടിലേക്കു പോയത്? വശ്യസചിവന്മാരായി ഭവാനോടൊന്നിച്ചു നിത്യം വാഴുന്നവരല്ലേ ജനാർദ്ദനനും യുയുധാനനും? യുദ്ധകുശലന്മാരായ പുത്രന്മാരോടുകൂടിയ മത്സ്യവിരാടന്മാരും മുമ്പെ ഭവാൻ ജയിച്ച രാജാക്കന്മാരും ഭവാനെ എപ്പോഴും ആശ്രയിച്ചു നില്ക്കുന്നില്ലേ? അങ്ങനെ വളരെ സഹായികളോടു കൂടിയവനും മഹാബലനുമായ ഭവാൻ കൃഷ്ണാർജ്ജുനന്മാരോടുകൂടി യുദ്ധത്തിലേർപ്പെട്ടു ശത്രുക്കളെ ഹനിച്ച് ആ ധാർത്തരാഷ്ട്രന്റെ ദർപ്പം എന്തുകൊണ്ട് അന്നു കെടുക്കുവാൻ നോക്കിയില്ലാ? വളരെക്കാലം വനവാസം ചെയ്ത് ശത്രുക്കളുടെ ശക്തി വർദ്ധിക്കുന്നതിന്നും സ്വന്തം സഹായികൾ ക്ഷീണിക്കുന്നതിന്നും ഇടയാക്കി

digitized by www.sreyas.in

യതിന്നുശേഷം, കാലം കെട്ടുപോയ ഈ സമയത്താണോ ഭവാൻ യുദ്ധത്തിന്നൊരുങ്ങുന്നത്? മൂഢനായ അജ്ഞൻ യുദ്ധംചെയ്താൽ ഐശ്വര്യം വളരുമെന്നും, പ്രാജ്ഞനായ ധാർമ്മികന്നു യുദ്ധം ചെയ്യാതിരുന്നാൽ ഐശ്വര്യം കെട്ടുപോകുമെന്നും ഭവാൻ വിചാരിക്കുകയാണോ? ഭവാൻ ഒരുവിധത്തിലും ബുദ്ധിയെ അധർമ്മത്തിൽ ചെലുത്തുകയാകട്ടെ, സംരംഭംകൊണ്ട് പാപത്തിൽ പതിക്കുകയാകട്ടെ ചെയ്തിട്ടില്ലല്ലോ? എന്തു കാരണത്താൽ ഭവാൻ ഇങ്ങനെ പ്രജ്ഞാവിരുദ്ധകർമ്മത്തിൽ പതിക്കുവാൻ ആഗ്രഹിക്കുന്നു? എന്നാൽ ഭവാനോടുള്ള ഈ ധർമ്മോപദേശം എന്തുകൊണ്ട് ദുര്യോധനനോടു ചെയ്യുന്നില്ല എന്ന് ഭവാൻ ശങ്കിക്കരുത്. ശിരോരോഗിക്ക് ആരോഗ്യകരമായ വസ്തു പോലും രുചിക്കുകയില്ല. യശസ്സിനെ നശിപ്പിക്കുന്ന പാപഫലോദയംപോലും ദുർജ്ജനം നല്ലതായി കരുതും. സജ്ജനം നല്ലതാണെന്നുവെച്ചു സ്വീകരിക്കുന്നതിനെ ദുർജ്ജനം ചീത്തയാണെന്നു പറഞ്ഞു തള്ളുന്നു. ഭവാൻ അത്തരം ദുർജ്ജനമല്ലല്ലോ. അതുകൊണ്ട് ഭവാൻ ദ്വേഷത്തെ നശിപ്പിക്കുകയാണു വേണ്ടത്.

ദ്വേഷം പാപമാണ്. അതുകൊണ്ട് ഭോഗാസക്തിവിട്ട് അടങ്ങിയാലും. ശാന്തനവനായ ഭീഷ്മനേയും, സപുത്രനായ ദ്രോണനേയും, കൃപൻ, ശല്യൻ, സൗമദത്തി, വികർണ്ണൻ, വിവിംശതി, കർണ്ണൻ, ദുര്യോധനൻ മുതലായവരെയൊക്കെ വധിച്ചിട്ട് ഭവാൻ നേടുന്ന സുഖം ഏതുവിധമുള്ളതാണെന്ന് രാജാവേ, ഒന്നു ചിന്തിച്ചു നോക്കുക.

കടലോളം പരന്ന ഭൂമി ഭവാൻ നേടിയാലും ജരാമൃത്യുക്കളെ ജയിക്കുവാൻ ഭവാനു കഴിയുമോ? സുഖദുഃഖങ്ങളും, പ്രിയാപ്രിയങ്ങളും അനുഭവിക്കാതിരിക്കാൻ ഭവാനു കഴിയുമോ? കഴിയുകയില്ലെന്ന് അറിഞ്ഞുവേണം യുദ്ധത്തിൽ പ്രവേശിക്കുവാൻ. അമാത്യന്മാരുടെ ഇഷ്ടത്തിന്നുവേണ്ടിയാണ് ഭവാൻ യുദ്ധസന്നദ്ധനാകുന്നതെങ്കിൽ അവർക്ക് ആ കർമ്മഫലം പങ്കുവെച്ചുകൊടുത്തതിന്നുശേഷം ഭവാൻ സ്വർഗ്ഗത്തിലേക്കുള്ള വിമാനമാർഗ്ഗംവിട്ടു താഴോട്ടു വീഴുന്നതായിരിക്കും."

28. യുധിഷ്ഠിരന്റെ മറുപടി - യുധിഷ്ഠിരൻ പറഞ്ഞു: "ഏതൊരുവനും എപ്പോഴും ധർമ്മത്തിലേ ചരിക്കാവൂ എന്നു ഭവാൻ പറഞ്ഞത് നിശ്ചയമായും സത്യം തന്നെയാണ്. എന്നാൽ ഞാൻ ഇപ്പോൾ ചെയ്യുന്നത് ധർമ്മമോ, അധർമ്മമോ എന്ന് ഭവാൻ ആദ്യം അറിയണം. എന്നിട്ടു വേണം എന്നെ നിന്ദിക്കുവാൻ. അധർമ്മത്തെ ധർമ്മത്തിന്റെ രൂപത്തിലും ധർമ്മത്തെ അധർമ്മത്തിന്റെ രൂപത്തിലും കണ്ടേക്കും. ഇങ്ങനെ സങ്കീർണ്ണമായിക്കിടക്കുന്ന ധർമ്മാധർമ്മങ്ങളെ വിദ്വാന്മാർ സ്വന്തം ബുദ്ധികൊണ്ട് വേർതിരിച്ചു കാണുന്നു. ആപൽക്കാലങ്ങളിൽ ധർമ്മാധർമ്മങ്ങൾ വ്യത്യാസപ്പെടും. ക്ഷത്രകർമ്മം ബ്രാഹ്മണവൈശ്യന്മാർക്ക് ആപത്തിൽ ധർമ്മമായിത്തീരും; അനാപത്തിൽ അത് അധർമ്മംതന്നെയാണ്. മറ്റുവർണ്ണങ്ങളെ സംബന്ധിച്ചും സ്ഥിതി അപ്രകാരംതന്നെ. എന്നാൽ സ്വന്തം കർത്തവ്യകർമ്മത്തെ പരനെക്കൊണ്ടു ചെയ്യിച്ചുകൂടാ. തനിക്ക് ആപൽഘട്ടത്തിൽ ക്ഷത്രവൃത്തി സ്വീകരിക്കേണ്ടിവന്നാലും ബ്രാഹ്മണൻ സ്വന്തം വൃത്തിയായ യാഗാദികർമ്മങ്ങൾ ക്ഷത്രിയനെക്കൊണ്ടു ചെയ്യിച്ചാൽ അത് അധർമ്മമാണ്. ഇങ്ങനെ കാലത്തിന്റേയും വർണ്ണത്തിന്റേയും അവസ്ഥാഭേദം നോക്കി വേണം ധർമ്മാധർമ്മങ്ങൾ നിർണ്ണയിക്കുവാൻ. ഉപജീവനത്തിന്നുള്ള ധനത്തിന്നു നഷ്ടം വന്നുപോയാൽ പരവർണ്ണവൃത്തിയിൽ ഏർപ്പെട്ടെങ്കിലും സ്വന്തം നിത്യകർമ്മങ്ങൾ പാലിക്കാതിരിക്കുന്നവൻ നിന്ദ്യനാണ്. ക്ഷത്രിയൻ, തന്റെ ഭൂമി, ശാസ്ത്രം എന്നീ ധനങ്ങൾ നശിച്ചുപോയാൽ സന്ധ്യോപാസനാദികർമ്മങ്ങൾ ശരിക്കും നടത്തുവാൻ ബ്രാഹ്മണവൃത്തിയായ ഭിക്ഷാടനത്തിൽ ഏർപ്പെടുന്നത് അധർമ്മമാകയില്ല. എന്നാൽ ഇത്തരം ആപൽക്കാലധർമ്മം സ്വന്തം ധനം ധാരാളമുള്ളവൻ ചെയ്യുകയാണെങ്കിൽ അവൻ നിന്ദ്യനാണ്. ആപത്തിൽപ്പെട്ടു നശിക്കാതിരിക്കുവാൻ ബ്രാഹ്മണൻ ചെയ്യുന്ന അന്യധർമ്മാശ്രയനത്തിന്ന് ബ്രഹ്മാവ് പ്രായശ്ചിത്തം വിധിച്ചിട്ടുണ്ട്.

ആപത്തിൽ സ്വന്തം നാശത്തെ ഗണിക്കാതെ സ്വകർമ്മത്തിൽത്തന്നെ നില്ക്കുന്നവനേയും, അനാപത്തിൽ അതിലോഭത്താൽ പരകർമ്മത്തിൽ ചരിക്കുന്നവനേയും ഒരുപോലെ നിന്ദിക്കേണ്ടതാണ്. എന്നാൽ ബുദ്ധിമാനായ ബ്രാഹ്മണൻ ആത്മാന്വേഷണത്തിന്നായി സർവ്വസംന്യാസപൂർവ്വം ആപത്തിലും അനാപത്തിലും ഒരേ സദ്വൃത്തിയോടെ വാണാലും അതു തെറ്റായി ഭവിക്കയില്ല. അബ്രാഹ്മണനാകട്ടെ വിദ്യാനിഷ്ഠയോടുകൂടിയവനായാലും ആത്മരക്ഷാർത്ഥം ഉചിതമായ മറ്റു കർമ്മങ്ങളെ താൽക്കാലികമായി കൈക്കൊള്ളേണ്ടതാണ്. അതുതന്നെയാണ് പൂർവ്വികന്മാരായ പിതൃപിതാമഹന്മാരും മറ്റെല്ലാവരും ചരിച്ചുപോന്നിട്ടുള്ള മാർഗ്ഗം. ആസ്തികനായ ഞാൻ അതിൽനിന്നു വ്യത്യാസപ്പെട്ടവനായ സംന്യാസിയല്ല. ക്ഷത്രിയനായ എനിക്ക് ആപദ്ധർമ്മമായി ചിലതു ചെയ്യേണ്ടിവന്നിട്ടുണ്ടെങ്കിലും പൈതൃകമായി എനിക്കുള്ള രാജ്യം വീണ്ടെടുക്കുവാൻ ഇപ്പോൾ ഞാൻ ശ്രമിക്കുന്നതിൽ യാതൊരു ധർമ്മലോപവും കാണുന്നില്ല; ലേശവുമില്ല. ഞാൻ അധർമ്മമായി ഭൂമിയേയോ, സ്വർഗ്ഗത്തേയോ കാംക്ഷിക്കുന്നവനല്ല. കുലധർമ്മത്തെ ഉപേക്ഷിച്ച് യുദ്ധം ചെയ്യാതിരിക്കുന്നതോ, യുദ്ധത്തിന്നിറങ്ങുന്നതോ ഏതാണ് നിന്ദ്യമാകുകയെന്ന് കേശവൻ വിധിക്കട്ടെ! ഞങ്ങളുടെ ഇരുകക്ഷികളുടേയും ശ്രേയസ്സ് ഒരുപോലെ കാംക്ഷിക്കുന്ന യശസ്വിയാണല്ലോ കേശവൻ. കുശലിയും, മനീഷിയും, നീതിമാനും, ധർമ്മഫലദാതാവും, ബ്രാഹ്മണോപാസകനുമായ കൃഷ്ണൻ മഹാബലന്മാരായ രാജാക്കന്മാരെ എല്ലാ പ്രകാരത്തിലും അനുശാസിക്കുന്നുണ്ട്. ചൈദ്യശൈനേയന്മാർ, അന്ധകവാർഷ്ണേയഭോജന്മാർ, കുകുരസൃഞ്ജയന്മാർ മുതലായവരും വാസുദേവന്റെ ബുദ്ധിയെ ഉപാസിച്ചുകൊണ്ടാണ് ശത്രുക്കളെ നിഗ്രഹിച്ച് സുഹൃത്തുക്കളെ ആനന്ദിപ്പിച്ച് വർത്തിക്കുന്നത്. വാസുദേവൻ കാണിച്ചുകൊടുക്കുന്ന മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതുമൂലം വൃഷ്ണ്യന്ധകന്മാരും, ഉഗ്രസേനാദികളും ഉൾപ്പെട്ട യാദവന്മാർ മുഴുവൻ ഇന്ദ്രകല്പന്മാരും, മനസ്വികളും, സത്യപരായണന്മാരും, മഹാബലന്മാരുമായി സസുഖം വർത്തിക്കുന്നു. കൃഷ്ണൻ ഭ്രാതാവും നാഥനുമായി ഭവിക്കുകയാലാണ് കാശ്യനായ ബഭ്രു ഉത്തമശ്രീ നേടിയിരിക്കുന്നത്. ഗ്രീഷ്മാവസാനത്തിൽ പ്രജകൾക്ക് മേഘമെന്നപോലെ വാസുദേവൻ ആ കാശ്യന്ന് സർവ്വകാമങ്ങളും വർഷിക്കുന്നു. അങ്ങനെയുള്ള കേശവൻ നമ്മുടെ ഈ കാര്യത്തിൽ എന്തു ചെയ്യണമെന്നു ചിന്തിച്ചിട്ടുള്ള വിജ്ഞാനിയാണ്. ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ടവനും സാധുവൃത്തനുമായ വാസുദേവന്റെ അഭിപ്രായം ഞങ്ങൾ ഒരിക്കലും ധിക്കരിക്കുകയില്ല."

29. കൃഷ്ണവാക്യം - സഞ്ജയനോട് കൃഷ്ണന്റെ മറുപടി - വാസുദേവൻ പറഞ്ഞു: "ഞാൻ പാണ്ഡവരുടെ ഭൂതിയേയും, പ്രിയത്തേയും, ക്ഷേമത്തേയും കാംക്ഷിക്കുന്നതുപോലെ ധൃതരാഷ്ട്രനും ആ രാജാവിന്റെ പുത്രന്മാർക്കെല്ലാവർക്കും അഭിവൃദ്ധിയെ പ്രാർത്ഥിക്കുന്നുണ്ട്. ഇരുകക്ഷികളിലും എപ്പോഴും ശമത്തെയല്ലാതെ ഞാൻ മറ്റൊന്നും കാംക്ഷിക്കുന്നുമില്ല. ധൃതരാഷ്ട്രനും ശമമാണ് പ്രിയമെന്ന് ഭവാൻ പറഞ്ഞുവല്ലോ. ആ മതം വളരെ നല്ലതുതന്നെയെന്ന് ഞാൻ പാണ്ഡവന്മാരുടെ മുമ്പിൽവെച്ച് അഭിനന്ദിച്ചുകൊള്ളുന്നു. എന്നാൽ സപുത്രനായ ധൃതരാഷ്ട്രന്ന് രാജ്യത്തിലുള്ള ആഗ്രഹം വർദ്ധിച്ചിരിക്കകൊണ്ട് ശമം ദുഷ്കരമായിട്ടാണല്ലോ യുധിഷ്ഠിരൻ കാണുന്നത്. എന്തായാലും ഇവർ തമ്മിലുള്ള കലഹം അതിരുകവിഞ്ഞ് മൂർച്ഛിക്കാതിരുന്നാൽ നന്ന്. എന്നിൽനിന്നോ, യുധിഷ്ഠിരനിൽ നിന്നോ ധർമ്മത്തിന്ന് ഇളക്കം ഉണ്ടാകുമെന്ന് ഭവാൻ കരുതരുത്. യഥാവിധി ഗാർഹസ്ഥ്യത്തിൽ വർത്തിച്ച് സ്വന്തം ധർമ്മത്തെ പാലിക്കുവാൻ ഉത്സാഹിച്ചുപോരുന്ന യുധിഷ്ഠിരനിൽ ഭവാൻ എങ്ങനെയാണ് ധർമ്മലോപം ദർശിച്ചത്? ജീവിതഗതി സംബന്ധിച്ച് ബ്രാഹ്മണരുടെ അഭിപ്രായം പലവിധമുണ്ട്. കർമ്മംകൊണ്ടും, കർമ്മത്യാഗംകൊണ്ടും സിദ്ധി നേടാമെന്നു വിധിച്ചിരിക്കുന്നു. സംന്യാസമെന്നതുപോലെ ഗാർഹസ്ഥ്യവും ശാസ്ത്രവിഹിതമാണ്. എന്നാൽ കർമ്മംകൂടാതെ സംന്യാസിക്കും ജീവിക്കു

digitized by www.sreyas.in

വാൻ സാദ്ധ്യമല്ല. ജ്ഞാനിയായാലും ഭക്ഷ്യഭോജ്യങ്ങൾകൂടാതെ ജീവിക്കുവാൻ കഴിയുമോ? ഭോജനാദികൾക്കായി സംന്യാസിക്കും ഗൃഹസ്ഥന്റെ കർമ്മഫലത്തെ ആശ്രയിക്കേണ്ടിവരുന്നു. കർമ്മത്തെ സാധിപ്പിക്കുന്നു. വിദ്യകളാലല്ലാതെ മറ്റൊന്നുകൊണ്ടും ഫലമില്ല. കർമ്മങ്ങൾക്കുള്ള ഫലം നാം കണ്ണിന്നുമുമ്പിൽത്തന്നെ കാണുന്നുണ്ട്. ദാഹാർത്തന്ന് വെള്ളം കുടിച്ച് ഉടനെ ദാഹം ശമിക്കുന്നു. ജ്ഞാനിക്കും ജീവിക്കുവാൻ കർമ്മംകൊണ്ടേ കഴിയൂ. അതുകൊണ്ട് കർമ്മമാണു മുഖ്യം. കർമ്മമൊന്നും ചെയ്യാതിരിക്കുകയാണ് നല്ലതെന്ന ദുർബ്ബലന്റെ പ്രലാപം വെറുതെയാണ്. കർമ്മംകൊണ്ടാണ് ദേവന്മാർ പ്രശോഭിക്കുന്നത്. കർമ്മത്താൽത്തന്നെയാണ് വായു വീശിക്കൊണ്ടിരിക്കുന്നതും. സൂര്യൻ മടികൂടാതെ നിത്യം ഉദിച്ച് അഹോരാത്രങ്ങളെ വേർതിരിക്കുന്നതും കർമ്മത്താലാണല്ലോ. പക്ഷങ്ങളേയും, മാസങ്ങളേയും, നക്ഷത്രയോഗങ്ങളേയും അതന്ദ്രിതനായി കർമ്മംചെയ്തുകൊണ്ട് ചന്ദ്രൻ പ്രാപിക്കുന്നു. മടികൂടാതെ വളർന്നുയർന്ന് എരിയുന്നത് അഗ്നി പ്രജകൾക്കുവേണ്ടി ചെയ്യുന്ന കർമ്മമാണ്. ഭൂമീദേവി ഈ മഹാഭാരത്തെ ക്ഷീണംകൂടാതെ സ്വന്തം ബലംകൊണ്ട് എല്ലായ്പോഴും താങ്ങിനില്ക്കുന്നു. നദികൾ ഉത്സാഹത്തോടെ ശീഘ്രമായി ഒഴുകിക്കൊണ്ട് എല്ലാ ഭൂതങ്ങളേയും സംതൃപ്തരാക്കുന്നു. ഇന്ദ്രന്ന് ദേവന്മാരിൽ ശ്രേഷ്ഠത്വം ലഭിക്കുവാൻ അതന്ദ്രിതനായി ബ്രഹ്മചാര്യം ആചരിക്കേണ്ടിവന്നു. സുഖങ്ങളും മനസ്സിലെ പ്രിയങ്ങളുമൊക്കെ വെടിഞ്ഞു കർമ്മംചെയ്യുകയാലാണ് ഇന്ദ്രന്ന് ശ്രേഷ്ഠത്വം ലഭിച്ചത്. സത്യധർമ്മങ്ങളെ പാലിച്ച് എല്ലായ്പോഴും അപ്രമത്തനായി വർത്തിക്കുകയാൽ ശക്രന്ന് ശ്രേഷ്ഠമായ ദേവരാജ്യം നേടുവാൻ കഴിഞ്ഞു. സുഖം വിട്ട് ഇന്ദ്രിയങ്ങളെ പ്രതിരോധിച്ച് ഏകാഗ്രചിത്തനും നിശിതവ്രതനുമായി ബ്രഹ്മചര്യത്തിൽ വർത്തിക്കുകകാരണം ബൃഹസ്പതി ദേവന്മാരുടെ ഗുരുവായി. രുദ്രന്മാർ, ആദിത്യന്മാർ, വസുക്കൾ, നക്ഷത്രങ്ങൾ, യമകുബേരന്മാർ, യക്ഷഗന്ധർവ്വന്മാർ മുതലായവരും എപ്പോഴും കർമ്മംചെയ്തുകൊണ്ടാണ് പ്രശോഭിക്കുന്നത്. ബ്രഹ്മചര്യത്തേയും ബ്രഹ്മവിദ്യയേയും സേവിച്ച് മഹർഷിമാർ വിളങ്ങുന്നു. ഇപ്രകാരമിരിക്കുന്ന സകലലോകധർമ്മം ഭവാൻ അറിഞ്ഞിട്ടുള്ളതാണല്ലോ! ബ്രഹ്മക്ഷത്രവൈശ്യധർമ്മങ്ങൾ എപ്രകാരമാണെന്നറിഞ്ഞിട്ടുള്ള ഭവാൻ അതെല്ലാം അറിയുന്ന ഈയുള്ളവരോട് കൗരവന്മാർക്കുവേണ്ടി ഇങ്ങനെ പറയുവാൻ സംഗതിയായതെന്തുകൊണ്ടാണ്? വേദങ്ങളോടും, അശ്വമേധം, രാജസൂയം മുതലായ യാഗങ്ങളോടുമെന്നപോലെ, യുധിഷ്ഠിരന്ന് ചാപങ്ങളോടും, ശസ്ത്രങ്ങളോടും, കവചങ്ങളോടും, ബന്ധമുണ്ടെന്ന് ഭവാൻ ഓർക്കണം. കൗരവന്മാരെ വധിക്കാതെ രാജ്യപ്രാപ്തിക്ക് ഉപായം വേറെയുണ്ടെങ്കിൽ അതാണ് പാർത്ഥന്മാർക്ക് ഇഷ്ടം. അഹിംസയാണ് പുണ്യവും ധർമ്മവുമെന്നു പറഞ്ഞ് ഭീമസേനനെ ഇവർ തടുത്തുനിർത്തിയിരിക്കയാണ്. പൈതൃകമായ ക്ഷത്രധർമ്മത്തിൽ വർത്തിച്ച് യുദ്ധംചെയ്യുമ്പോൾ ദൈവഗത്യാ മരണമുണ്ടാകാം. സ്വധർമ്മം യഥാശക്തി പാലിക്കുമ്പോൾ മരണം സംഭവിച്ചാൽ അതു പ്രശസ്തമാണ്. ഭവാൻ ശമത്തെ കാംക്ഷിക്കുന്നുണ്ടെങ്കിൽ യുദ്ധായുദ്ധപക്ഷങ്ങളുടെ ഇടയിൽ നിന്ന് രാജധർമ്മാനുഷ്ഠാനത്തിന്നു വിരുദ്ധമാകാത്തവിധം കാര്യം പറയുകായാണെങ്കിൽ അതു ഞാൻ കേൾക്കുവാൻ തയ്യാറാണ്.

ചാതുർവ്വണ്യവിഭാഗത്തേയും, ഓരോ വർണ്ണത്തിന്നുമുള്ള കർമ്മത്തേയും നോക്കിക്കണ്ട്, പന്നെ പാണ്ഡവന്മാർ ചെയ്യുന്നത് എന്താണെന്നറിഞ്ഞ് ഭവാൻ അവരെ നിന്ദിക്കുകയോ പ്രശംസിക്കുകയോ ചെയ്യുക.

അദ്ധ്യയനം, യാഗം, ദാനം, തീർത്ഥാടനം, അദ്ധ്യാപനം, യജ്ഞം, പ്രതിഗ്രഹം എന്നിവയാണ് ബ്രാഹ്മണകർമ്മങ്ങൾ. യഥാധർമ്മം പ്രജാരക്ഷണവും, അപ്രമാദമായ ദാനവും, സ്വാധ്യായവാനായി ദേവന്മാർക്കായി യാഗവുംചെയ്തു, ദാരങ്ങളോടുകൂടി പുണ്യകൃത്തായി, ഗൃഹത്തിൽ വാഴുകയാണ് ക്ഷത്രിയധർമ്മം. ആ ധർമ്മാത്മാവായ ക്ഷത്രിയൻ ധർമ്മംകൊണ്ട് നേടിയ പുണ്യത്താൽ ഇച്ഛപോലെ ബ്രഹ്മലോകം പ്രാപിക്കും. വൈശ്യൻ അദ്ധ്യയനംചെയ്തും, കൃഷി, വാണിജ്യം, ഗോരക്ഷണം എന്നിവയാൽ വിത്തംനേടി ആ നേട്ടത്തെ രക്ഷിച്ച് അപ്രമത്തനായി ബ്രാഹ്മണർക്കും, ക്ഷത്രിയർക്കും ഹിതം ചെയ്ത് ധർമ്മശീലനായി, പുണ്യകൃത്തായി ഗൃഹത്തിൽ വാഴുന്നു. വേദാദ്ധ്യയനവും, യജ്ഞവും കൂടാതെ ബ്രാഹ്മണരെ വന്ദിച്ചും, പരിചരിച്ചുംകൊണ്ട് നിത്യവും മടിവിട്ട് ഐശ്വര്യത്തിന്നായി ഉദ്യമിക്കുകയാണ് ശൂദ്രന്റെ ധർമ്മം. എല്ലാ വർണ്ണങ്ങളിലും അതാതിന്റെ ധർമ്മങ്ങളെ ചേർത്തുകൊണ്ട് രാജാവ് എല്ലാവരേയും രക്ഷിക്കണം. അധാർമ്മികനായി കാമത്തിൽ ഒഴുകാതെ, പ്രജകളിൽ സമഭാവനയോടെ, അകാമാത്മാവായി വേണം രാജാവ് വർത്തിക്കുവാൻ. അതുകൊണ്ട് രാജാവാണ് പ്രശസ്തതരൻ. ഈ സ്ഥിതിക്ക് സർവ്വധർമ്മസമ്പന്നനെന്ന് എല്ലാവരും അറിഞ്ഞിട്ടുള്ള യുധിഷ്ഠിരൻ രാജ്യം നേടി പ്രജകളെ അനുശാസിക്കുവാൻ ഒരുങ്ങുമ്പോൾ അത് ശരിയല്ലെന്ന് അനുമാനിക്കുവാൻ ന്യായമെന്താണ്? പരന്റെ ഐശ്വര്യത്തിൽ കൊതിമൂത്ത് വിധിദോഷത്താൽ ഒരു നൃശംസൻ യുദ്ധസന്നദ്ധനായിത്തീർന്നാൽ അപ്പോൾ ചാപകവചശസ്ത്രങ്ങൾ ധരിച്ച് ഇടഞ്ഞുപൊരുതാതിരിക്കുവാൻ സാദ്ധ്യമാണോ? ദസ്യുവധത്തിന്നായി യുദ്ധംചെയ്യുവാനാണ് ഇന്ദ്രൻ ചാപകവചശസ്ത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ദസ്യുവധംകൊണ്ട് പുണ്യമേ സിദ്ധിക്കുകയുള്ളൂ. ഇതാ ഇപ്പോൾ അനാര്യമായി തീവ്രരൂപമായ ദോഷം കൗരവന്മാർ ഉയർത്തിയിരിക്കുന്നു. ധർമ്മം ഗ്രഹിക്കാത്ത ആ അധർമ്മജ്ഞന്മാരുടെ പുറപ്പാട് ഒട്ടും നല്ലതിന്നല്ല; തീർച്ച!

പാണ്ഡവന്മാർക്കു ധർമ്മപ്രകാരം കിട്ടിയ രാജ്യം ധൃതരാഷ്ട്രരാജാവ് പുത്രന്മാരോടുകൂടി പെട്ടെന്ന് അപഹരിക്കുകയല്ലേ ചെയ്തത്? ആ രാജാവിനെ അനുസരിക്കുന്ന കൗരവന്മാർ ആരും പുരാതനമായ ധർമ്മത്തെ നോക്കുന്നില്ല. കാണാതെ മറഞ്ഞുനിന്നും, ബലമായി നേരെ വന്നും, കള്ളന്മാർ സ്വത്ത് അപഹരിക്കുന്നുണ്ട്. ഇതു രണ്ടും നിന്ദ്യമാണ്. ഇത്തരം കള്ളന്മാരും ധൃതരാഷ്ട്രരാജാവും തമ്മിൽ നിലകൊണ്ട് വ്യത്യസ്തമാണോ?

ലോഭത്താൽ ക്രോധവശനായി താൻ ആഗ്രഹിക്കുന്നതൊക്കെ ധർമ്മമാണെന്ന് ദുര്യോധനൻ കരുതുന്നു. വനവാസം കഴിഞ്ഞതിന്നു ശേഷം ഏറ്റുവാങ്ങിക്കൊള്ളാമെന്ന നിലയിൽ കൗരവന്മാരെ ഏല്പിച്ചിട്ടുള്ള പാണ്ഡവരുടെ ഭാഗം എന്തുകൊണ്ടാണ് പരന്മാരായ അവർ കൈയടക്കിവച്ചിരിക്കുന്നത്? പരരാജ്യത്തേക്കാൾ വിശിഷ്ടമല്ലേ പൈതൃകമായ രാജ്യം? ആ പങ്ക് ഞങ്ങൾക്കു കിട്ടുന്നതിന്നുവേണ്ടി യുദ്ധത്തിൽ ഏർപ്പെട്ടിട്ട് അതിൽ മരണം സംഭവിക്കുകയാണെങ്കിൽ അത് ഞങ്ങൾ ശ്ലാഘ്യമായേ കരുതുകയുള്ളൂ.

ഹേ സഞ്ജയാ, ഞാൻ ഇപ്പോൾ പറഞ്ഞ ധർമ്മക്രമമൊക്കെ രാജസഭയിൽവെച്ച് ഭവാൻ കൗരവന്മാരെ ഓർമ്മിപ്പിക്കണം. ദുര്യോധനൻ വിളിച്ചുകൂട്ടീട്ടുള്ള മൃത്യുവശഗരായ മൂഢാത്മാക്കളെല്ലാം ഇതു കേൾട്ടെ!

ഞങ്ങളുടെ ഈ ഒരുക്കം അന്ന് സഭാമദ്ധ്യത്തിൽ കൗരവന്മാർ ചെയ്തതിനേക്കാൾ പാപകർമ്മമാണെന്നാണോ ഭവാന്റെ അഭിപ്രായം?

പാണ്ഡവന്മാരുടെ പ്രിയഭാര്യയും, യശസ്വിനിയും, ശീലവൃത്ത സമ്പന്നയുമായ ദ്രൗപദിയെ ആ കാമാനുഗൻ ക്ലേശിപ്പിച്ചപ്പോൾ ഭീഷ്മപ്രമുഖന്മാരായ കൗരവന്മാർ അതു കണ്ടുകൊണ്ട് അടങ്ങിയിരിക്കുകയല്ലേ ചെയ്തത്? അന്ന് ദുശ്ശാസനനെ ആബാലവൃദ്ധം കൗരവന്മാർ തടുത്തിരുന്നുവെങ്കിൽ എനിക്ക് ധൃതരാഷ്ട്രൻ നല്ലവനായി തോന്നുമായിരുന്നു. അദ്ദേഹത്തിന്റെ പുത്രന്മാർക്കും അതു നന്മചെയ്യുമായിരുന്നു. ദുശ്ശാസനൻ കൃഷ്ണയെ ശ്വശുരന്മാരുടെ മദ്ധ്യത്തിൽ അക്രമമായി പിടിച്ചുകൊണ്ടു വന്നപ്പോൾ ആ ദീനയെ രക്ഷിക്കുവാൻ വിദുരനല്ലാതെ മറ്റാരെങ്കിലും മുന്നിട്ടുവോ? സഭയിൽ കൂടിയിരുന്ന രാജാക്കന്മാർ കാർപ്പണ്യം മൂലം ഒന്നുംതന്നെ തടുത്തുപറയുവാൻ ശക്തരായില്ല. ധർമ്മാർത്ഥജ്ഞനായ വിദുരൻ മാത്രമാണ് ധർമ്മബുദ്ധിയാൽ ആ അല്പ

digitized by www.sreyas.in

ബുദ്ധിയോട് എതിർത്തുപറഞ്ഞത്. അന്ന് ആ സഭയിൽവെച്ച് ധർമ്മത്തെക്കുറിച്ച് ഒന്നും പറയുവാൻ കഴിയാത്തവരാണോ ഇന്ന് പാണ്ഡവന്മാരോട് ധർമ്മോപദേശം ചെയ്യുവാൻ പറുപ്പെട്ടിരിക്കുന്നത്? കൃഷ്ണയാകട്ടെ സുദുഷ്കരമായ ശുദ്ധകർമ്മമാണ് അന്നു ചെയ്തത്. സമുദ്രത്തിൽനിന്ന് തോണിയെന്നവിധം ആ സങ്കടത്തിൽനിന്ന് പാണ്ഡവന്മാരേയും തന്നേയും പാഞ്ചാലി കരയേറ്റി. ആ സഭയിൽ ശ്വശുരന്മാരുടെ സമീപത്ത് ദ്രൗപദി നില്ക്കുമ്പോൾ ആ സൂതപുത്രൻ പറഞ്ഞത് എങ്ങനെ മറക്കുവാനാകും? 'എടോ യാജ്ഞസേനീ, ഭവതിക്ക് ഇനി വേറെ ഗതിയില്ല. ധാർത്തരാഷ്ട്രഗൃഹത്തിൽ ദാസിയായി വാണേക്കൂ! ഭവതിയുടെ ഭർത്താക്കന്മാർ പരാജിതരായി. ഇനി വേറെ ഒരാളെ ഭർത്താവായി വരിച്ചേക്കൂ!' എന്നു മർമ്മം തുളയ്ക്കുമാറ് കർണ്ണൻ പറഞ്ഞ ആ ഘോരമായ വാക്ക് ബീഭത്സുവിന്റെ ഹൃദയത്തിൽ അസ്ഥിപിളർന്നു കയറിക്കിടപ്പുണ്ട്. കർണ്ണന്റെ തീക്ഷ്ണമായ വാക്ശരം അർജ്ജുനന്റെ ഹൃദയത്തിൽ ഇന്നും ഉറച്ചുകിടക്കുന്നുണ്ട്. അതിന്നുംപുറമേ ദുശ്ശാസനനും ശകുനിയും പുറപ്പെടുവിച്ച ആ ദുർവചസ്സുകളെല്ലാം എങ്ങനെ പൊറുക്കും? 'ഒടുക്കത്തെ ഭ്രാതാവും പരാജിതനാവുകയാൽ ഇനി പണയത്തിന്ന് വേറെ വകയില്ലായ്കകൊണ്ട് പാഞ്ചാലിയെ പണയംവെച്ചു കളിക്കൂ,' എന്ന ദ്യൂതകാലത്ത് ആ വഞ്ചകനായ ശകുനി യുധിഷ്ഠിരനോടു പ്രത്യേകം പറയുകയുണ്ടായി. എന്നിട്ടും ആ അജിതയായ കൃഷ്ണയെ വെറും ദാസിയേക്കാൾ മോശമായിട്ടല്ലേ പിടിച്ചുവലിച്ചു ക്ലേശിപ്പിച്ചത്? ഹേ, സഞ്ജയാ, ചൂതാട്ടക്കാലത്തുണ്ടായ നിന്ദ്യവാക്കുകളും നിന്ദ്യകർമ്മങ്ങളുമൊക്കെ ഭവാൻ അറിഞ്ഞിട്ടുള്ളതാകയാൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

ഏതായാലും യുധിഷ്ഠിരന്നുണ്ടായ ഈ താഴ്ചയെ നികത്തുന്നതിന്നായി ഞാൻതന്നെ അങ്ങോട്ടൊന്നു വന്നേക്കാമെന്നു വിചാരിക്കുന്നുണ്ട്. പാണ്ഡവന്മാരുടെ ധനം വീണ്ടെടുക്കുന്നതിന്നും കൗരവന്മാരിൽ ശമം ചേർക്കുന്നതിന്നും കഴിയുന്നതായാൽ എന്റെ പ്രവൃത്തി വലുതായ ഒരു പുണ്യമാകുമെന്നു മാത്രമല്ല കൗരവന്മാരെ മൃത്യുവിന്റെ പാശത്തിൽനിന്നു രക്ഷിച്ചു എന്നും വരാം. അവിടെ ചെല്ലുന്ന എന്നെ കൗരവർ പൂജിക്കുമോ ഇല്ലയോ എന്നും, നീതിക്കു നിരക്കുന്നതും ധർമ്മാർത്ഥയുക്തവും ദോഷരഹിതവുമായി ഞാൻ പറയുന്ന വാക്ക് അവർ കേൾക്കുമോയെന്നും ഒന്ന് അറിഞ്ഞുവന്നേക്കാം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ അവരുടെ നാശം നിസ്സംശയമാണ്! മഹാരഥനായ അർജ്ജുനനാലും, യുദ്ധദുർമ്മദനായ ഭീമനാലും ധാർത്തരാഷ്ട്രന്മാർ തകർന്നുപോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ പാപാത്മാക്കൾ സ്വന്തം കർമ്മത്താൽത്തന്നെ ദഹിച്ചുപോകും. ദ്യൂതത്തിൽ പരാജിതരായ പാണ്ഡവരോടു രൗദ്രമായും, രൂക്ഷമായും താൻ പറഞ്ഞ വാക്കുകളെല്ലാം അപ്രമത്തനായ ഭീമൻ ഗദയുമായി അടുക്കുമ്പോൾ ആ ധാർത്തരാഷ്ട്രൻ ഓർത്തുപോകും! 'മന്യുവായ മഹാവൃക്ഷമാണ് ദുര്യോധനൻ. അതിന്റെ സ്കന്ധം കർണ്ണനും, ശാഖ ശകുനിയുമാണ്. സമൃദ്ധമായ ഫലപുഷ്പങ്ങൾ ദുശ്ശാസനനും, മൂലം അല്പബുദ്ധിയായ ധൃതരാഷ്ട്രനുമാണ്. യുധിഷ്ഠിരനാകട്ടെ ധർമ്മമയമായ മഹാദ്രുമമാണ്. അതിന്റെ സ്കന്ധം അർജ്ജുനനും, ശാഖയായി ഭീമനും, സമൃദ്ധഫലപുഷ്പങ്ങളായി മാദ്രീപുത്രന്മാരും, മൂലമായി വേദബ്രാഹ്മണരുൾപ്പെടെ ഞാനും സ്ഥിതിചെയ്യുന്നു.' ഇനി ഞാൻ മറ്റൊന്നുകൂടി പറയാം. 'സപുത്രനായ ധൃതരാഷ്ട്രൻ മഹാവനവും, പാണ്ഡുപുത്രന്മാർ അതിൽ വ്യാഘ്രങ്ങളുമാണ്. ആ സവ്യാഘ്രമഹാവനത്തെ വെട്ടി വീഴ്ത്തരുത്. വനത്തിൽനിന്ന് ആ വ്യാഘ്രങ്ങളെ നശിപ്പിക്കരുത്. വനമില്ലാതായാൽ വ്യാഘ്രങ്ങൾ വദ്ധ്യരായി ഭവിക്കും. വ്യാഘ്രങ്ങളില്ലാതായാൽ വനത്തെ കണ്ടവർ നശിപ്പിക്കും. ഇങ്ങനെ കാടിനെ വ്യാഘ്രങ്ങളും വ്യാഘ്രങ്ങളെ കാടും പരസ്പരം രക്ഷിക്കും. അങ്ങനെ വളരണം.' 'പാണ്ഡവന്മാർ, സാലങ്ങളും ധാർത്തരാഷ്ട്രന്മാർ ലതകളുമാണ്. വൃക്ഷത്തെ ആശ്രയിക്കാതെ ലതകൾക്കു വളരുവാനൊക്കുകയില്ല.' ഇക്കാര്യം രണ്ടു കക്ഷികളും നല്ലപോലെ ചിന്തിക്കട്ടെ! പാണ്ഡവന്മാർ രണ്ടിന്നും തയ്യാറാണ്. ശുശ്രൂഷണത്തിന്നും ആയോധനത്തിന്നും. അതിൽ ധൃതരാഷ്ട്രൻ ഏതാണ് കാംക്ഷിക്കുന്നതെങ്കിൽ അത് യുധിഷ്ഠിരൻ നടത്തിക്കൊടുക്കും. മഹാത്മാക്കളും ധർമ്മവാദികളുമായ പാണ്ഡവന്മാർ ശമസ്ഥന്മാരാണ്. അവർ സന്നദ്ധരായ യോദ്ധാക്കളുമാണ്. അവിടെച്ചെന്ന് ഞാൻ പറഞ്ഞതെല്ലാം ശരിക്ക് ഭവാൻ അറിയിച്ചേക്കൂ!"

30. യുധിഷ്ഠിരസന്ദേശം - സഞ്ജയൻ യാത്രപറയുമ്പോൾ യുധിഷ്ഠിരൻ പറഞ്ഞയയ്ക്കുന്ന സന്ദേശം

സഞ്ജയൻ പറഞ്ഞു: "അല്ലയോ പാണ്ഡവാ, ഇനി ഞാൻ പോകട്ടെ? എന്നെ അനുവദിച്ചാലും! ഭവാന് സ്വസ്തി ഭവിക്കട്ടെ! മനസ്സുചുട്ട കാര്യമായതുകൊണ്ട് വല്ലതും ഞാൻ കടന്നു പറഞ്ഞിട്ടുണ്ടെങ്കിൽ ഭവാൻ പൊറുക്കണം. ജനാർദ്ദനൻ, ഭീമൻ, അർജ്ജുനൻ, മാദ്രേയന്മാർ, സാത്യകി, ചേകിതാനൻ എന്നിവരോടെല്ലാം ഞാൻ ഇതാ യാത്ര പറയുന്നു. നിങ്ങൾക്കൊക്കെ സുഖവും മംഗളവും ഭവിക്കട്ടെ! നിങ്ങളെല്ലാം എന്നെ കനിവോടെ യാത്രയാക്കിയാലും!"

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ സഞ്ജയാ! ഭവാന് സ്വസ്തിയുണ്ടാകട്ടെ! ഭദ്രമായി ഭവാൻ ഗമിച്ചാലും. ഞങ്ങളിൽ അപ്രിയം കരുതരുത്. ഞങ്ങൾക്ക് ഭവാനെ നല്ലപോലെ അറിയാം. ശുദ്ധാത്മാവായ ഭവാൻ മദ്ധ്യസ്ഥനായിട്ടാണല്ലോ ഈ സദസ്സിൽ വന്നിരിക്കുന്നത്. ഭവാൻ കൈയേറ്റ ദൗത്യം ശരിക്കും നിർവ്വഹിച്ചു. ശീലവാനും, തൃപ്തിമാനും, കല്യാണവാക്കുമായ ഭവാൻ ഞങ്ങൾക്ക് എപ്പോഴും സുപ്രിയനാണ്. ഞങ്ങൾ വല്ല ദുർവ്വാക്കുകളും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതുകൊണ്ടൊന്നും ഭവാൻ കോപിക്കരുത്. രൂക്ഷമായോ, നീരസമായോ, കാര്യഹീനമായോ, മർമ്മസ്പൃക്കായോ ഭവാൻ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. ധർമ്മാനുസരണവും, അർത്ഥപൂർണ്ണവും, അഹിംസ്രവുമായ വാക്കാണ് ഭവാൻ പറഞ്ഞിട്ടുള്ളത്. ഏറ്റവും പ്രിയനായ ഭവാൻ ദൂതനായി വന്നതിൽ ഞങ്ങൾക്ക് വലുതായ സന്തോഷമുണ്ട്. ഭവാനെപ്പോലെ ഇത്ര പ്രിയതമനായ ദൂതൻ അവിടെനിന്നു വരുവാൻ പറ്റിയ മറ്റൊരാളുണ്ടെങ്കിൽ അത് വിദുരൻ മാത്രമാണ്. ധനഞ്ജയന്റെ ആത്മതുല്യനായ സഖാവാണ് ഭവാനെന്ന് ഞാൻ മുമ്പേതന്നെ കണ്ടിട്ടുള്ളതാണല്ലൊ. ഭവാൻ ഹസ്തിനാപുരിയിലെത്തിയാൽ എനിക്കുവേണ്ടി ആദ്യമായി പൂജാർഹരായ ബ്രാഹ്മണരെ കാണണം. വിശുദ്ധവീര്യന്മാരും, ബ്രഹ്മചാരികളും, കുലീനന്മാരും, സർവ്വധർമ്മജ്ഞന്മാരും, സ്വാദ്ധ്യായവാന്മാരും, ഭിക്ഷുക്കളും, തപോവ്രതന്മാരും, വനവാസികളുമായ എല്ലാ ബ്രാഹ്മണരേയും എന്റെ പേരിൽ ഭവാൻ അഭിവാദ്യംചെയ്യണം. അവിടെയുള്ള സകല വൃദ്ധന്മാരോടും എന്റെ വാക്കാൽ കുശലംപറയണം. ധൃതരാഷ്ട്രരാജാവിന്റെ പുരോഹിതനേയും, ആചാര്യന്മാർ ഋത്വിജന്മാർ എന്നിവരേയും ഭവാൻ ചെന്നു കണ്ട് എന്റെ വാക്കാൽ കുശലം പറയണം. ത്രൈവർണ്ണികന്മാരല്ലാത്ത ശൂദ്രജാതികളിൽ യഥാശക്തി ഒട്ടൊട്ട് ധർമ്മത്തിൽ ചരിക്കുന്നവരും ഞങ്ങളെ സ്മരിച്ചുകൊണ്ട് ക്ഷേമാശംസചെയ്യുന്നവരും ശീലബലയുക്തന്മാരുമായ വൃദ്ധമനസ്വികളോട് എന്റെ കുശലം അറിയിക്കണം. അവരുടെ അനാമയം ഈ യുധിഷ്ഠിരൻ അന്വേഷിക്കുന്നതായും പറയണം.

ബ്രഹ്മചര്യം കൈക്കൊണ്ട് വേദങ്ങളെയെന്നപോലെ മന്ത്രം, ഉപചാരം, പ്രയോഗം, സംഹാരം എന്നീ ചതുഷ്പദങ്ങളോടുകൂടി അർത്ഥങ്ങളേയും ഗ്രഹിച്ചിട്ടുള്ള നയകോവിദനും ഞങ്ങളുടെ പ്രിയനും ലോകവിധേയനുമായ ദ്രോണാചാര്യരെ എന്റെ പേരിൽ ഭവാൻ അഭിവാദ്യംചെയ്തു പ്രസാദിപ്പിക്കണം.

അധീനവിദ്യനും, ബ്രഹ്മചാരിയും, നാലംഗമായ അസ്ത്രവിദ്യ അറിഞ്ഞവനും, ഗന്ധർവ്വപുത്രതുല്യനുമായ അശ്വത്ഥാമാവിനോടും ഭവാൻ കുശലം പറയണം.

ആത്മജ്ഞാനിയും, മഹാരഥനും, ശാരദ്വതനുമായ കൃപൻ വസിക്കുന്നിടത്തുചെന്ന് ഭവാൻ ഏറ്റവും വിനയത്തോടെ കാലുപിടിച്ച് എന്റെ പേരിൽ കുശലം പറയണം.

ശൗര്യം, ആനൃശംസ്യം, തപസ്സ്, പ്രജ്ഞ, ശീലം, സത്വം, ധൃതി എന്നിവ തികഞ്ഞവനും കുരുസത്തമനുമായ ഭീഷ്മന്റെ പാദത്തിൽ കുമ്പിട്ട് ഭവാൻ എന്റെ കുശലം ഉണർത്തിക്കുക.

digitized by www.sreyas.in

പ്രജ്ഞാചക്ഷുസ്സും, കൗരവപ്രണേതാവും, ബഹുശ്രുതനും, വൃദ്ധസേവിയും, മനീഷിയുമായ വൃദ്ധരാജാവിനെ വണങ്ങി എന്റെ അനാമയത്തെ ഉണർത്തിക്കണം. ധൃതരാഷ്ട്രന്റെ ജ്യേഷ്ഠപുത്രനും, മന്ദനും, മൂർഖനും, ശഠനും പാപശീലനുമാണെങ്കിലും ഈ ഭൂമി മുഴുവൻ ഭരിക്കുന്നവനാകയാൽ ആ സുയോധനനോടും കുശലംപറയുക. ദുര്യോധനന്റെ കനീയഭ്രാതാവും ജ്യേഷ്ഠഭ്രാതാവിന്റെ സ്വാഭാവത്തിന്റെ നേർപകർപ്പുമായ മന്ദനും, കൗരവന്മാരിൽ അതിശൂരനും, മഹാധനുർദ്ധരനുമായ ദുശ്ശാസനനോടും എന്റെ കുശലം അറിയിക്കുക.

ഭാരതന്മാർക്കു ശമമുണ്ടാകണമെന്നല്ലാതെ മറ്റു കാമമൊന്നും കൂടാതെ വർത്തിക്കുന്ന മനീഷിയും, സാധുശീലനുമായ ബാൽഹീകരാജാവിനെ ഭവാൻ എനിക്കുവേണ്ടി അഭിവാദ്യംചെയ്യണം. അനേകം ശ്രേഷ്ഠഗുണങ്ങൾ ചേർന്ന വിജ്ഞാനിയും, അമർഷത്തെ സ്നേഹത്താൽ സഹിക്കുന്നവനും, ക്രൗര്യഹീനനുമായ സോമദത്തനും എനിക്കു പൂജനീയനാണ്. അദ്ദേഹത്തേയും ഭവാൻ പൂജിച്ച് എന്റെ കുശലം പറയുക.

കൗരവവര്യനായ സൗമദത്തി എന്റെ ഭ്രാതാവെന്നപോലെ സഖാവുമാണ്. ആ മഹാരഥനോടും ഭവാൻ കുശലംപറയണം. പിന്നെ കുരുമുഖ്യന്മാരായ, എന്റെ പുത്രപൗത്രഭ്രാതാക്കന്മാരായ, എല്ലാ യുവാക്കളോടും ഭവാനു യുക്തമെന്നു തോന്നുന്നവിധത്തിൽ എന്റെ കുശലം അറിയിക്കുക!

പാണ്ഡവന്മാരോട് യുദ്ധത്തിന്നായി തെക്കുനിന്നും, വടക്കുനിന്നും, കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും, പർവ്വതപ്രദേശങ്ങളിൽനിന്നും വന്നുചേർന്ന പല രാജാക്കന്മാരേയും ധാർത്തരാഷ്ട്രൻ വിളിച്ചു കൂട്ടിയിട്ടുണ്ടല്ലോ. വസാതിമാർ, സാല്വകന്മാർ, കേകയന്മാർ, അവന്ത്യന്മാർ, ത്രിഗർത്തന്മാർ ഇങ്ങനെ പല വീരയോധന്മാരും അവരിലുണ്ട്. അനൃശംസന്മാരും, ശീലവൃത്തന്മാരുമായ രാജാക്കന്മാരോടെല്ലാം എന്റെ കുശലം പറയണം. അവിടെയുള്ള രഥികൾ, സാദികൾ, പദാതികൾ, ഗജാരോഹകന്മാർ മുതലായ ആ മഹത്തായ ആര്യസംഘത്തോടും ഭവാൻ എന്റെ കുശലം കേൾപ്പിച്ച് അവരുടെയെല്ലാം അനാമയത്തെ ഞാൻ അന്വേഷിക്കുന്നതായി പറയണം. ധൃതരാഷ്ട്രരാജാവിന്റെ അമാത്യന്മാർ, സേനാപതികൾ, ആയവ്യയഗണകന്മാർ, അർത്ഥചിന്തകന്മാർ എന്നിവരോടും, എല്ലായ്പോഴും യുദ്ധത്തെ വെറുക്കുന്നവനും, സർവ്വധർമ്മജ്ഞനും, കുരുമദ്ധ്യത്തിൽ ശ്രേഷ്ഠനും, മഹാപ്രാജ്ഞനുമായ ആ വൈശ്യാപുത്രനോടും എന്റെ കുശലം പറയണം.

ചൂതുകളിച്ച് അർത്ഥം അപഹരിക്കുന്നതിൽ അദ്വിതീയനും, വഞ്ചനയെ മറച്ചുവെക്കുവാൻ സമർത്ഥനും, യുദ്ധത്തിൽ ദുർജ്ജയനായ ചിത്രസേനനേക്കാൾ യോഗ്യനും, എതിരില്ലാത്ത ധനാപഹാരിയായ ചൂതാട്ടക്കാരനും, ദുര്യോധനന്റെ മാനംകാക്കുന്ന മിഥ്യാബുദ്ധിയും ഗാന്ധാരരാജാവുമായ ശകുനിയോടും എന്റെ കുശലം അറിയിക്കുക. യുദ്ധം ആഗ്രഹിക്കാത്തവനും ധൃതരാഷ്ട്രന്റെ വൈശ്യാപുത്രനുമായ യുയുത്സുവിനോടും എന്റെ കുശലം പറയണം.

അപ്രധൃഷ്യന്മാരായ പാണ്ഡവന്മാരെ ഏകരഥത്താൽ ജയിക്കുവാൻ ഉത്സാഹിച്ച് ധാർത്തരാഷ്ട്രന്മാരെ മോഹിപ്പിക്കുന്ന അതുല്യ വീരപരാക്രമിയായ വൈകർത്തനനോടും (കർണ്ണൻ) ഭവാൻ എന്റെ കുശലം പറയുക.

ഭക്തൻ, ഗുരു, ഭർത്താവ്, പിതാവ്, മാതാവ്, സുഹൃത്ത് എന്നീ നിലകളിലെല്ലാം വർത്തിക്കുന്ന ഞങ്ങളുടെ മന്ത്രിയും അഗാധബുദ്ധിയും ദീർഘദർശിയുമായ വിദുരനോട് ഞാൻ കുശലം ചോദിച്ചതായി പറയണം. അവിടെയുള്ള ഗുണഗണങ്ങളിണങ്ങിയ വൃദ്ധസ്ത്രീകളെല്ലാം ഞങ്ങളുടെ മാതാക്കളാണ്. അവരെ എല്ലാവരേയും അഭിവാദ്യംചെയ്ത് അവരുടെ പുത്രന്മാരും പൗത്രന്മാരും വഴിപോലെ സ്നേഹപൂർവ്വം നടന്നുവരുന്നില്ലേ എന്നു ചോദിച്ച് സപുത്രനായ യുധിഷ്ഠിരൻ കുശലിയാണെന്ന് അറിയിക്കുക. അവിടെ ഭാര്യമാരായി വാഴുന്ന എല്ലാവരേയും കണ്ടു കുശലം പറഞ്ഞ് 'നിങ്ങൾ സുരക്ഷിതകളായി, നല്ല മോടിയോടുകൂടി അലങ്കരിച്ച്, അനവദ്യകളും, അപ്രമത്തകളുമായി നല്ല ഗൃഹിണിമാരായി വാഴുന്നില്ലേ?' എന്ന് ഞാൻ ചോദിച്ചതായി പറയണം. എന്നുതന്നെയല്ല. 'ക്രൂരത വെടിഞ്ഞ് ശ്വശുരന്മാരോട് കല്യാണവൃത്തിയോടെ ഇടപെട്ടുവരുന്നില്ലേ?' എന്നും, ഭർത്താക്കന്മാർക്ക് അനുകൂലമായ വൃത്തിയെ വേണ്ടവിധം നിലനിർത്തുന്നില്ലേ? എന്നും എന്റെ വാക്കാൽ ചോദിക്കണം. കുലവതികളും ഗുണവതികളും, സന്താനവതികളുമായ എല്ലാ സ്നുഷമാരോടും യുധിഷ്ഠിരൻ പ്രസന്നമാനസനായി കുശലപ്രശ്നം ചെയ്യുന്നുണ്ടെന്നു പറയണം. അന്തഃപുരത്തിലെ കന്യകമാരെ ചെന്നു കണ്ട് നിങ്ങൾ അലംകൃതകളായി, മോടിയോടുകൂടി വസ്ത്രാഭരണങ്ങൾ ധരിച്ച്, സുഗന്ധകളായി മാല്യാദികളാൽ പ്രശോഭിതകളായി, അനവദ്യകളായി സർവ്വസുഖങ്ങളോടുംകൂടി വാഴട്ടെ!' എന്നും നിങ്ങൾക്ക് അനുകൂലഭർത്താക്കന്മാർ ഉണ്ടായി നിങ്ങൾ അവരുടെ അനുകൂലപത്നിമാരായി ഭവിക്കട്ടെ!' എന്നും ഞാൻ ആശംസിക്കുന്നതായി അവരെ അറിയിക്കണം.

അവിടെയുള്ള വേശ്യമാർ, ദാസീദാസന്മാർ എന്നിവരോടും എന്റെ കുശലം പറയുക. അവരുടെ അനാമയത്തെക്കുറിച്ചു ചോദിക്കുക. കൗരവന്മാരെ ആശ്രയിച്ചുകഴിയുന്ന അവരോട് 'മുമ്പെന്നപോലെ നിങ്ങൾ ഇപ്പോഴും സുഖമായി ജീവിക്കുന്നില്ലേ? വേണ്ടുന്ന ധനം ധാർത്തരാഷ്ട്രൻ തരുന്നില്ലേ?' എന്നും ഞാൻ ചോദിച്ചതായി ഭവാൻ പറയണം. ധൃതരാഷ്ട്രൻ ഭരിച്ചുവരുന്ന അംഗഹീനന്മാർ, വാമനന്മാർ, അന്ധന്മാർ, വൃദ്ധന്മാർ എന്നിവരോടും 'ഞാൻ നിങ്ങൾക്കൊക്കെ അനാമയം പ്രാർത്ഥിക്കുന്നു' എന്നു പറയുക. 'ഈ ദുഃഖം ദുർജ്ജീവിതംകൊണ്ടും ഭയപ്പെടേണ്ടതില്ലെന്നും പൂർവ്വജന്മകൃതമായ പാപത്തിന്റെ ഫലമാണ് അനുഭവിക്കുന്നതെന്നും, ഞാൻ ശത്രുക്കളെ നിഗ്രഹിച്ച് സുഹൃത്തുക്കളെ അനുഗ്രഹിക്കുവാൻ ദൈവം അനുകൂലിക്കുമ്പോൾ നിങ്ങളെ ഭരിച്ചുകൊള്ളാമെന്നും, എന്റെ വാക്കു കേൾപ്പിച്ച് അവരെ സാന്ത്വനംചെയ്യണം. ഉപജീവനത്തിന്ന് ഒന്നും ചെയ്യുവാൻ ശക്തിയില്ലാത്ത മൂഢന്മാർ, അനാഥന്മാർ, ദുർബ്ബലന്മാർ എന്നിവരേയും എന്റെ വാക്കാൽ ഭവാൻ ആശ്വസിപ്പിക്കണം. നാനാദിക്കുകളിൽനിന്നും ആഗതരായി ധാർത്തരാഷ്ട്രന്മാരെ ആശ്രയിച്ചു ജീവിക്കുന്നവരോടും, അവിടെ എത്തിയിട്ടുള്ള നാനാദേശീയരായ രാജദൂതന്മാരോടും, ഏതു രാജാവിനേക്കാളും അധികമായി ധാർത്തരാഷ്ട്രൻ നേടിയിട്ടുള്ള യോധന്മാരോടും ഞാൻ കുശലിയാണെന്നു പറഞ്ഞ് അവരുടെ അനാമയം അന്വേഷിക്കുന്നതായി പറയുക.

ഹേ, സഞ്ജയാ! ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ അവിടെ എല്ലാവരേയും പ്രത്യേകം പ്രത്യേകം കണ്ട് കുശലപ്രശ്നംചെയ്യുകയും കുശലനിവേദനംചെയ്യുകയുംവേണം. ദുര്യോധനനോട് എനിക്ക് അധികമൊന്നും പറയുവാനില്ല. ദുര്യോധനൻ വരുത്തിയേടത്തോളം സൈന്യബലം ഭൂമിയിൽ മറ്റാർക്കും തന്നെയില്ല. അത്ര വലുതാണ് ദുര്യോധനന്റെ സൈന്യബലം. എന്നാൽ എനിക്കുള്ള ബലം നിത്യവും സത്യവുമായ ധർമ്മബലമാണ്. ശത്രുബലത്തെ മുടിക്കുവാൻ എനിക്കുള്ള മഹാബലം ധർമ്മത്തിന്റെ മഹാബലം ഒന്നുമാത്രമാണ്. ഈ വാക്കുകൂടി സഞ്ജയാ, ഭവാൻ ദുര്യോധനനോടു പറയണം. 'നിന്റെ ദേഹത്തിൽ കരൾനിറഞ്ഞു വാഴുന്നതായ കാമം വിദ്വേഷമായി മാറി കുരുവംശത്തെ മുടിച്ചുകളയും. ശത്രുബാധ കൂടാതെ കുരുവംശം മുഴുവൻ ഭരിക്കണമെന്നുള്ള കാമം തീർച്ചയായും വെറുതെയാണ്. അതു കുരുവംശത്തെ ഉന്മൂലനാശത്തിലെത്തിക്കും. നിന്റെ ഇഷ്ടം ഈ ഞങ്ങൾ സാധിപ്പിക്കുകയില്ല. ഒന്നുകിൽ ഇന്ദ്രപ്രസ്ഥം ഞങ്ങൾക്കുതരിക. അല്ലെങ്കിൽ യുദ്ധംതന്നെ. ഹേ, ഭാരതവീരാ! ഭവാൻ തയ്യാറായിക്കൊള്ളുക!"

31. യുധിഷ്ഠിരസന്ദേശം – യുധിഷ്ഠിരൻ പറഞ്ഞു: "ഹേ, സഞ്ജയാ, ശിഷ്ടനേയും, ദുഷ്ടനേയും, ബാലനേയും വൃദ്ധനേയും ശക്തനേയും അശക്തനേയും, വിധി ജയിക്കുന്നു. ഇവ

digitized by www.sreyas.in

രെല്ലാം വിധിക്കു വശഗരാണ്. ബാലനിൽ നല്ല പാണ്ഡിത്യവും പണ്ഡിതനിൽ ജളത്വവും കണ്ടേക്കാം. ശുക്രൻ മുമ്പിട്ട് കർമ്മ ഫലത്തെ ഉദ്ദീപിപ്പിച്ചതിന്നുശേഷമാണ് ഈശാനൻ, ദൈവം, ഏവർക്കും ഏതും നല്കുന്നത്. സൈന്യബലത്തെ പ്രധാനമായിക്കരുതുന്ന ദുര്യോധനനെ ഇതു നല്ലവണ്ണം അറിയിക്കുക. ഹേ സഞ്ജയാ, ഭവാൻ കുരുരാജ്യത്തു ചെന്ന് കൗരവന്മാരാൽ ചുറ്റപ്പെട്ട ധൃതരാഷ്ട്രരാജാവിനെ ചെന്നു കണ്ട് കുമ്പിട്ടു തൊഴുത് കുശലംചോദിച്ചതിന്നുശേഷം എന്റെ വാക്കായി ഇപ്രകാരം പറയണം: 'ഭവാന്റെ വീര്യത്താൽ മാത്രമാണ് പാണ്ഡവന്മാർ സസുഖം ജീവിക്കുന്നത്. ബാലന്മാരായ അവർ രാജ്യപ്രാപ്തന്മാരായത് ഭവാന്റെ പ്രസാദംകൊണ്ടാണ്. ആദ്യം അവരെ രാജ്യത്തിൽ വാഴിച്ച ഭവാൻ ഇപ്പോൾ അവരെ നാശഗർത്തത്തിൽ ഉപേക്ഷിച്ചുവിടരുത്. വിശ്വം മുഴുവൻ ഒരാൾക്കു കിട്ടിയാലും അവന്നു മതിയാവുക എന്നതുണ്ടാവില്ല. നാം ഒന്നിച്ചുചേർന്നു ജീവിക്കണം. അല്ലെങ്കിൽ ഭവാൻ ശത്രുവിന്റെ അധീനത്തിലായിത്തീരും.' ഇപ്രകാരം രാജാവിനോടു പറഞ്ഞതിന്നുശേഷം ഭാരതപിതാമഹനായ ഭീഷ്മനെ ചെന്നു കണ്ട് എന്റെ പേർ പറഞ്ഞു തലകുനിച്ചു വന്ദിച്ച് ഇങ്ങനെ അറിയിക്കണം: 'അല്ലയോ പിതാമഹാ, ഭവാൻ ഈ ശാന്തനുകുലം നശിച്ചപ്പോൾ ഉദ്ധരിച്ചവനാണല്ലോ. അങ്ങനെയുള്ള ഭവാന്റെ ഹിതത്താൽ ഭവാന്റെ പൗത്രന്മാർ ഭംഗിയായി ഐക്യത്തോടെ ജീവിക്കുവാൻ വേണ്ടതു ചെയ്താലും. പിന്നെ കുരുക്കളുടെ മന്ത്രധാരിയായ വിദുരനോട് പറയണം: 'യുധിഷ്ഠിരന്റെ ഹിതത്തിന്നായി ഭവാൻ യുദ്ധവിരുദ്ധമായ കാര്യത്തിന്ന് ഉപദേശിക്കണം; വാദിക്കണം.' പിന്നെ അമർഷിയായ ദുര്യോധനന്റെ അടുത്തു ചെന്നു കുരുക്കളുടെ നടുവിൽവെച്ച് യുദ്ധം പാടില്ലെന്നു സമ്മതിപ്പിക്കണം. സഭയിൽവെച്ച് അവർ പാഞ്ചാലിയോടു ചെയ്ത അക്രമത്തെപ്പറ്റി സംസാരിക്കണം. 'പാപഹീനയായ കൃഷ്ണയെ സഭയിൽ കൊണ്ടുചെന്ന് ഉപദ്രവിച്ചതിൽ ഞങ്ങൾക്കുള്ള ദുഃഖത്തെ കുരുവംശം നശിക്കാതിരിക്കുവാൻവേണ്ടി ഞങ്ങൾ ക്ഷമിക്കാം. അപ്രകാരംതന്നെ മുമ്പു നിങ്ങൾ ചെയ്ത എല്ലാ അപരാധങ്ങളും, നിങ്ങൾമൂലം അനുഭവിച്ച ക്ലേശങ്ങളും എല്ലാം ഞങ്ങൾ പൊറുക്കാം. ബലഹീനന്മാരായതുകൊണ്ടല്ല ഞങ്ങൾ ക്ഷമിക്കാൻ തീരുമാനിച്ചതെന്ന് കുരുക്കൾക്കൊക്കെ അറിയാവുന്നതാണ്. ഞങ്ങളെ തോലുടുപ്പിച്ച് നാടുകടത്തിയ ആ ദുഃഖത്തേയും അപമാനത്തേയും കൗരവന്മാരുടെ ക്ഷേമത്തിന്നുവേണ്ടി, അവർ മുടിയരുതെന്നു വിചാരിച്ചു ഞങ്ങൾ സഹിക്കാം. മാതാവായ കുന്തിയെപ്പോലും ഓർക്കാതെ ദുശ്ശാസനൻ നിന്റെ അനുമതിപ്രകാരം കൃഷ്ണയുടെ തലമുടി ചുറ്റിപ്പിടിച്ചു വലിച്ചതും ഞങ്ങൾ മനസ്സിൽനിന്നു വിട്ടുകളയാം. ഉചിതംപോലെ ഞങ്ങൾക്കുള്ള ഭാഗം ഞങ്ങൾക്കു കിട്ടുകയേ വേണ്ടൂ. പരദ്രവ്യത്തിൽ ഭവാനുള്ള ആഗ്രഹം മനസ്സിൽനിന്നു കളയുക. എന്നാൽ രാജാവേ, എല്ലാം ശാന്തിയിലെത്തിക്കും; തമ്മിൽ പ്രീതിയും വളരും. ശമം ചിന്തിക്കുന്ന ഞങ്ങൾക്കു രാജ്യാംശമെങ്കിലും തരിക! ശമത്തെ വിചാരിച്ച് രാജ്യത്തിലെ ഒരു ഒറ്റ ദേശമെങ്കിലും തരിക! കുശസ്ഥലം, വൃകസ്ഥലം, മാകന്ദി, വാരണാവതം എന്നിവയും വേറെ ഒന്നും ചേർന്ന് അഞ്ചു ഗ്രാമങ്ങൾ അഞ്ചു ഭ്രാതാക്കന്മാർക്കായി നല്കുക. മഹാപ്രാജ്ഞനായ സഞ്ജയാ! ജ്ഞാതികൾക്കെല്ലാം ശമമുണ്ടാകട്ടെ എന്നുവെച്ചു പറയുകയാണ്. ഭ്രാതാവ് ഭ്രാതാവോടു ചേരട്ടെ! ജ്ഞാതികൾ മൃതരാകാതെ വർത്തിക്കട്ടെ! പിതാവ് പുത്രനോടു ചേരട്ടെ! തമ്മിൽ ചിരിച്ചു കുരുക്കളും പാഞ്ചാലന്മാരും ഒന്നായി ചേരട്ടെ! ഞാൻ അതിന്ന് ആഗ്രഹിക്കുന്നു. എപ്പോഴും ഞാൻ ശമത്തിന്നു തയ്യാറാണ്. അതുപോലെ യുദ്ധത്തിന്നും തയ്യാറാണ്. ധർമ്മാർത്ഥങ്ങളിൽ മൃദുവായും ദാരുണമായും പ്രവർത്തിക്കുവാൻ ഞാൻ മതിയായവനാണെന്ന് അറിയുക."

32. ധൃതരാഷ്ട്രസഞ്ജയസംവാദം - സഞ്ജയൻ ഹസ്തിനാപുരിയിൽ ധൃതരാഷ്ട്രനെക്കണ്ട് സന്ദേശം ഉണർത്തിക്കുന്നു. - വൈശമ്പായനൻ പറഞ്ഞു: "സഞ്ജയൻ, മഹാനായ ധൃതരാഷ്ട്രന്റെ ആജ്ഞ നിർവ്വഹിച്ചതിന്നുശേഷം മടങ്ങിപ്പോന്നു. ഹസ്തിനാപുരിയിൽച്ചെന്ന് ഉടനെ കൊട്ടാരത്തിൽക്കടന്ന് അന്തഃപുരത്തിലേക്ക് ചെന്ന് പടികാവല്ക്കാരനോടു പറഞ്ഞു: 'ഹേ, ദ്വാരപാലകാ! നീ വേഗം പോയി ധൃതരാഷ്ട്രരാജാവിനോടു പറയുക. സഞ്ജയൻ പാണ്ഡവന്മാരുടെ അടുത്തുപോയി മടങ്ങിവന്ന് ഭവാനെ കാണുവാൻ നില്ക്കുന്നു' എന്ന്. നിദ്രയിൽനിന്ന് ഉണർന്നിരിക്കുകയാണോ എന്നു നോക്കി വിവരം ഉണർത്തിക്കുക. രാജാവിനെ അറിയിച്ചതിന്നു ശേഷം ഞാൻ അകത്തേക്കു വരാം. വളരെയധികം കാര്യങ്ങൾ എനിക്ക് അദ്ദേഹത്തോട് ഉണർത്തേണ്ടതായിട്ടുണ്ട്."

ഉടനെ ദ്വാരപാലകൻ പോയി രാജാവിനെക്കണ്ട് സഞ്ജയൻ വന്നുനില്ക്കുന്ന വർത്തമാനം അറിയിച്ചു.

ദ്വാസ്ഥൻ പറഞ്ഞു: "രാജാവേ, സഞ്ജയൻ തൊഴുതുകൊണ്ട് ഭവാനെക്കാണുവാൻ അന്തഃപുരത്തിന്റെ വാതില്ക്കൽ നില്ക്കുന്നു. പാർത്ഥന്മാരുടെ അടുത്തു പോയി മടങ്ങിവന്നിരിക്കുകയാണ്. എന്തുവേണമെന്നു പറഞ്ഞാലും."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഞാൻ സസുഖം ഇരിക്കുന്നതായി സഞ്ജയനോടു പറയൂ. സഞ്ജയന്ന് സ്വാഗതംപറഞ്ഞ് ഇങ്ങോട്ടയയ്ക്കുക. അവന്ന് എപ്പോഴും എന്റെ അടുത്തു വരാമല്ലോ. എന്തിന്ന് അവൻ ഉത്തരവു പ്രതീക്ഷിച്ചു തടഞ്ഞുനില്ക്കുന്നു?"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ രാജാവിന്റെ അനുമതിയോടുകൂടി ശൂരന്മാരാൽ സുരക്ഷിതമായ ആ മഹാവേശ്മത്തിൽ പ്രവേശിച്ച് സഞ്ജയൻ ആസനസ്ഥനായ ധൃതരാഷ്ട്രന്റെ മുമ്പിൽ കൈകൂപ്പി ചെന്നു നിന്നു. 'മഹാരാജാവേ, സഞ്ജയനായ ഞാൻ ഇതാ തിരുമേനിയെ നമസ്കരിക്കുന്നു. പാണ്ഡവന്മാരെ ചെന്നുകണ്ട് മടങ്ങി വന്നിരിക്കുകയാണ്. മനസ്വിയായ യുധിഷ്ഠിരൻ ഭവാനെ അഭിവാദ്യം ചെയ്തുകൊണ്ട് കുശലം ചോദിക്കുന്നു. പുത്രന്മാർ, പൗത്രന്മാർ, സചിവന്മാർ സുഹൃത്തുക്കൾ മുതലായവരോടുകൂടി സസുഖം ഭവാൻ വാഴുന്നില്ലേ? ഭവാന്റെ പുത്രന്മാർക്ക് കുശലമല്ലേ? എന്നു പാണ്ഡവൻ ചോദിച്ചു."

ധൃതരാഷ്ട്രൻ പറഞ്ഞു: "അജാതശത്രുവായ യുധിഷ്ഠിരനെ ഞാൻ സസന്തോഷം അഭിവന്ദിക്കുന്നു. ആ കൗരവരാജാവ് പുത്രന്മാരോടും അനുജന്മാരോടും അമാത്യന്മാരോടുംകൂടി കുശലിയായി വാഴുന്നില്ലേ?"

സഞ്ജയൻ പറഞ്ഞു: "അമാത്യന്മാരോടുകൂടി പാണ്ഡുപുത്രൻ കുശലിയായി വാഴുന്നു. ഭവാന്റെ മുമ്പിൽ മുൻപോലെ രാജ്യധനാദിയെ പ്രാപിക്കുവാൻ ആ മനസ്വി ആഗ്രഹിക്കുന്നു. ദോഷപങ്കഹീനനായി ധർമ്മാർത്ഥങ്ങളിൽ പ്രവർത്തിക്കുന്ന ബഹുശ്രുതനും, ദീർഘദർശിയുമായ ആ ശീലവാൻ വിത്തസഞ്ചയത്തേക്കാൾ മേലെയാണ് ആനൃശംസ്യമെന്നും (അഹിംസ, ദയ) കരുതുന്നു. ധർമ്മം തെറ്റിയ സുഖത്തിലോ പ്രിയത്തിലോ യുധിഷ്ഠിരന്റെ ബുദ്ധി പ്രവേശിക്കുകയില്ല. മരപ്പാവയെ അതിനുള്ളിൽ ബന്ധിച്ച ചരടിൽപ്പിടിച്ച് കളിപ്പിക്കുംപോലെയാണ്. ദൈവം മനുഷ്യരെ ചേഷ്ടിപ്പിക്കുന്നത്. പാണ്ഡവന്റെ ഇന്നത്തെ നിലയും, ഭവാന്റെ ഈ ഘോരവും, പാപോദർക്കവും, അവാച്യവുമായ കർമ്മദോഷവും നോക്കിയപ്പോൾ മനുഷ്യകർമ്മത്തേക്കാൾ ദൈവമാണു വലുതെന്ന് ഞാൻ അറിയുന്നു. കൊള്ളരുതാത്ത ജീർണ്ണത്വക്കിനെ എന്നപോലെ അജാതശത്രു പാപത്തെ നീക്കിയിരിക്കുന്നു. ഭവാനെക്കുറിച്ച് പാപവിചാരമൊന്നും കൂടാതെ ആ വീരനായ യുധിഷ്ഠിരൻ ആര്യവൃത്തനായി ശോഭിക്കുന്നു. എന്നാൽ ഭവാൻ കഷ്ടം! ധർമ്മാർത്ഥങ്ങൾക്കോ ആര്യവൃത്തത്തിന്നോ യോജിക്കാത്തതായ കർമ്മമല്ലേ ചെയ്തുവരുന്നത്? ഇതിൽനിന്ന് ഇഹത്തിൽ നിന്ദയ്ക്കും, പരത്തിൽ നരകത്തിന്നും ഭവാൻ പാത്രമാകുന്നു. കിട്ടുന്നതോ കിട്ടാത്തതോ എന്നു നിശ്ചയിക്കുവാൻ വയ്യാത്ത അർത്ഥത്തെ ഭവാൻ പുത്രന്ന് അധീനനായി കാംക്ഷിച്ചുകൊണ്ട് പാണ്ഡവന്മാരെ അകറ്റുകയാണല്ലോ ചെയ്യുന്നത്? ഭാരതാഗ്ര്യനായ ഭവാന് ഈ കർമ്മം ഒട്ടും

digitized by www.sreyas.in

ചേർന്നതല്ല. ഈ അധർമ്മപ്രവൃത്തിയാൽ ഭവാനു ലോകം മുഴുവൻ ദുഷ്കീർത്തിയാണുണ്ടാകുവാൻ പോകുന്നത്. പ്രജ്ഞാഹീനനായി ദുഷ്ക്കുലജാതനായി, നൃശംസനായി, ദീർഘവൈരനായി ക്ഷത്രവിദ്യയിൽ അധീരനായി നിർവീര്യനായ ദുഷ്ടൻ ഈവക ദുർഗ്ഗുണങ്ങൾമൂലം ആപത്തിൽ പതിക്കാതിരിക്കയില്ല. നല്ല കുലത്തിൽ ജനിച്ചവനും, ബലവാനും, യശസ്വിയും, ബഹുശ്രുതനും, സുഖജീവിയുമായ നിയതാത്മാവ് എപ്പോഴും കൂടിക്കലർന്നു കിടക്കുന്ന ധർമ്മാർത്ഥങ്ങളിൽ വകതിരിവോടെ പ്രവർത്തിച്ച് ഏതു കാര്യാലോചനയിലും വീഴ്ചപറ്റാത്ത ശ്രേഷ്ഠ മന്ത്രജ്ഞനും ആപല്ക്കാലത്തും ധർമ്മാർത്ഥങ്ങളിൽ എങ്ങനെ പ്രവർത്തിക്കണമെന്നറിഞ്ഞിട്ടുള്ള ബുദ്ധിമാനുമായ മനുഷ്യൻ നൃശംസകർമ്മങ്ങളിൽ വ്യാപൃതനാകുമോ? എന്നാൽ എല്ലായ്പോഴും കർമ്മോത്സാഹികളായി ഭവാനെ ചുറ്റിക്കൂടിയിരിക്കുന്ന ഈ മന്ത്രജ്ഞന്മാരാകട്ടെ, നിഗ്രഹപൂർവ്വകമായി അവർക്കുള്ള ബലവത്തരമായ നിശ്ചയംകൊണ്ട് കൗരവക്ഷയത്തിലാണ് മനസ്സുവെച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൗരവന്മാരുടെ നാശം ആകസ്മികമായ ഒന്നായി വരുന്നതല്ല. ഭവാന്റെ പാപകർമ്മംകൊണ്ട് ഗോത്രം നശിക്കുവാനുള്ള പാപകർമ്മത്തിൽ ഏർപ്പെടുവാൻ പോകുന്നു. ആ പാപംമൂലം ലോകത്തിലുണ്ടാകുന്ന അപവാദത്തിന്നും നിന്ദയ്ക്കും അജാതശത്രു നിന്നിലാണ് കാരണം കാണുന്നത്. ദൈവത്തിന്ന് അധീനമായല്ലാതെ യാതൊരു വിഷയവുമില്ലെന്നും പൗരുഷം നിശ്ചയമായും വെറുതെയാണെന്നും ഭവാൻ ഓർക്കണം. അർജ്ജുനൻ സ്വശരീരത്തോടെ സ്വർഗ്ഗത്തിലേക്കു കയറി സജ്ജനസമ്മതനായിത്തീർന്നത് ദൈവത്താലല്ലേ? ഭവാനിൽക്കാണുന്ന ഈ ഗുണങ്ങളൊന്നും നിലനില്ക്കുന്നവയല്ല. ഇവിടെയുള്ള സകല ഭാവങ്ങളും അഭാവങ്ങളും അനിത്യങ്ങളാണ്. മഹാശക്തനായ രാജാവിന്നുപോലും മുമ്പുമുമ്പുള്ള കർമ്മങ്ങളുടെ കാരണം ചിന്തിച്ച് അന്തം കാണുവാൻ കഴിയാതിരിക്കെ ദൈവമല്ലാതെ വേറെ കാരണമില്ലെന്ന് അറിയേണ്ടതാണ്. കണ്ണ്, ചെവി, മൂക്ക്, ത്വക്ക്, നാവ് എന്നിവയാണല്ലോ ജീവികൾക്കുള്ള ജ്ഞാനമാർഗ്ഗങ്ങൾ. ഇവയെ വിഷയസമർപ്പണംകൊണ്ട് ഒരിക്കലും തൃപ്തിപ്പെടുത്തുവാൻ കഴിയുന്നില്ല. അവയെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം ദുഃഖമാണു ഫലം. തൃഷ്ണ ജയിച്ചല്ലാതെ അവയ്ക്കു പ്രീതി ലഭിക്കുകയില്ല. ദുഃഖം ഒഴിയണമെന്നാഗ്രഹിക്കുന്നവർ ലാഭാലാഭങ്ങളിൽ വൈഷമ്യംകൂടാതെ ആ ഇന്ദ്രിയങ്ങളെ പിന്തിരിപ്പിക്കേണ്ടതാണ്. ഇന്ദ്രിയങ്ങളുടെ പിമ്പെ ചെല്ലുന്നതായ ആ പൗരുഷത്താൽ ഒരിക്കലും സംതൃപ്തിയും സുഖവും സിദ്ധിക്കുകയില്ല. അതുകൊണ്ട് ഭവാൻ ദൈവത്തെ ഓർത്ത് ഈ രാജ്യലോഭത്തെ അകറ്റണം. വേണ്ടപോലെ നല്ലവണ്ണം പ്രയോഗിച്ചാലും പുരുഷന്റെ കർമ്മം ഫലവത്തായി വർത്തിക്കാറില്ല. ജന്മത്തിലോ വളർച്ചയിലോ പൗരുഷത്തിന്ന് എന്തു കാര്യമാണുള്ളത്? മാതാവിന്റേയും പിതാവിന്റേയും കർമ്മംകൊണ്ടാണു ജനിക്കുന്നത്. അവരിൽനിന്ന് യഥാകാലം കിട്ടുന്ന ഭക്ഷണത്താൽ വളരുന്നു. പിന്നെ അവൻ സുഖദുഃഖങ്ങളും പ്രിയാപ്രിയങ്ങളും നിന്ദാപ്രശംസകളും ഏല്ക്കുന്നു. അപരാധം കണ്ടാൽ നിന്ദിക്കും, സാധുവൃത്തം കണ്ടാൽ പ്രശംസിക്കുകയും ചെയ്യും. ഈ നിലയ്ക്ക് എനിക്കു ഭവാനെ നിന്ദിക്കാതെ കഴികയില്ല.

ദൈവത്തെ പിന്തള്ളുകയും പൗരുഷത്തെ മുൻനിർത്തുകയും ചെയ്തിരിക്കുന്ന ഭവാൻ ഭാരതന്മാർക്കിടയിൽ വിരോധം വളർത്തിവിടുന്നതുകൊണ്ട് ഇതാ പ്രജകളൊക്കെ മുടിഞ്ഞുപോകാറായിരിക്കുന്നു. ഉണക്കക്കാട് അഗ്നിയാലെന്നപോലെ കൗരവവംശം ഭവാന്റെ പാപം മൂലം നശിക്കുവാൻ പോകുന്നു. ലോകത്തിൽ ഇത്രയേറെ പുത്രവശഗനായ ഒരാളെ കാണുകയില്ല. ദുരാഗ്രഹംകൊണ്ടു ചൂതുകളി നടത്തി, അതിൽ കൃതാർത്ഥനായിട്ടും ഭവാൻ ശമത്തെ പ്രാപിച്ചുവോ? ഇനി അതിന്റെയൊക്കെ ഫലമെന്താണെന്ന് ഭവാൻ കാണുവാൻ പോകുകയാണ്. ആപ്തരെ നിഗ്രഹിക്കുകയും അനാപ്തരെ അനുഗ്രഹിക്കുകയും ചെയ്താൽ ആ മാർഗ്ഗത്തിൽ ദൗർബ്ബല്യം ബാധിച്ച് ഈ പുഷ്ടമായ ഭൂമിയെ രക്ഷിക്കുവാൻ ഭവാൻ അശക്തനായി ഭവിക്കുകയില്ലേ?

ഇപ്പോൾ ഇതിലധികം പറയുവാൻ ഞാൻ അശക്തനാണ്. നൃസിംഹനായ രാജാവേ, തേരിലിരുന്ന് അലഞ്ഞുലഞ്ഞ് ഞാൻ തളർന്നിരിക്കുകയാണ്. അല്പമൊന്നു കിടന്നു വിശ്രമിക്കുവാൻ എനിക്ക് അനുവാദം തന്നാലും. നാളെ കാലത്ത് കൗരവസഭയിൽവെച്ച് അജാതശത്രു പറഞ്ഞ വാക്കുകൾ എല്ലാവർക്കും കേൾക്കാം."

ധൃതരാഷ്ട്രൻ പറഞ്ഞു: "എന്നാൽ ഞാൻ ഭവാന് അനുജ്ഞ നല്കുന്നു. ഭവാൻ സുഖമായി കിടന്നാലും. യുധിഷ്ഠിരന്റെ വാക്കുകൾ നാളെ കാലത്ത് കൗരവസഭയിൽവെച്ചു കേൾക്കാമെന്നല്ലേ പറഞ്ഞത്."

പ്രജാഗര*പർവ്വം

33. വിദുരഹിതവാക്യം – വൈശമ്പായനൻ പറഞ്ഞു: "സഞ്ജയൻ പോയതിന്നുശേഷം പ്രാജ്ഞനായ ധൃതരാഷ്ട്രരാജാവ് ദ്വാസ്ഥനെ വിളിച്ച് ഉടനെതന്നെ വിദുരനെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ദ്വാസ്ഥൻ വിദുരനെ ചെന്നു കണ്ടു പറഞ്ഞു: 'രാജാവ് ഭവാനെക്കാണുവാൻ കാത്തിരിക്കുന്നു. ഉടനെ എത്തണം.' വിദുരൻ ഉടനെത്തന്നെ പുറപ്പെട്ടു. രാജമന്ദിരത്തിന്റെ വാതിൽക്കൽ എത്തിയ വിദുരൻ ദ്വാസ്ഥനോടു പറഞ്ഞു: 'വിദുരൻ ഇതാ വന്നിരിക്കുന്നു എന്ന് രാജാവിനോട് ഉണർത്തുക.'

ദ്വാസ്ഥൻ പറഞ്ഞു: "രാജാവേ, ഇതാ വിദുരൻ അങ്ങയുടെ കല്പനപ്രകാരം വന്നുനില്ക്കുന്നു! തൃപ്പാദങ്ങളെ ദർശിക്കുവാൻ കാത്തുനില്ക്കുന്നു! എന്തുവേണമെന്ന് ആജ്ഞാപിച്ചാലും."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഇങ്ങോട്ടു കടത്തുക. ആ മഹാപ്രാജ്ഞനും ദീർഘദർശിയുമായ വിദുരന്ന് എന്നെക്കാണുവാൻ സമയം നോക്കേണ്ടതില്ല. എപ്പോഴും എന്റെ അടുത്ത് വരാം."

ദ്വാസ്ഥൻ പറഞ്ഞു: "ഹേ, വിദുരാ! ഭവാൻ ധീമാനായ മഹാരാജാവിന്റെ അന്തഃപുരത്തിൽ കയറിയാലും. ഭവാന് രാജാവിനെ കാണുവാൻ സമയം നോക്കേണ്ടതില്ലെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു."

വൈശമ്പായനൻ പറഞ്ഞു: "വിദുരൻ ധൃതരാഷ്ട്രന്റെ മന്ദിരത്തിലേക്കു പ്രവേശിച്ചു. ചിന്തയിൽ മുഴുകിയിരിക്കുന്ന രാജാവിനെ തൊഴുതുകൊണ്ട് പറഞ്ഞു: വിദുരൻ ഇതാ നില്ക്കുന്നു. മഹാപ്രാജ്ഞാ, ഭവാന്റെ കല്പനപ്രകാരം ഇതാ ഞാൻ എത്തിയിരിക്കുന്നു. വല്ലതും ചെയ്യുവാനുണ്ടെങ്കിൽ എന്നോട് ആജ്ഞാപിച്ചാലും."

ധൃതരാഷ്ട്രൻ പറഞ്ഞു: "ക്ഷത്താവേ, സഞ്ജയൻ വന്ന് എന്നെ കുറെ അധിക്ഷേപിച്ചുപോയിരിക്കുന്നു. അജാതശത്രു പറഞ്ഞവാക്കുകൾ നാളെ പ്രഭാതത്തിൽ സഭയിൽവെച്ചു പറയുന്നതാണ്. ഇപ്പോൾ ആ കുരുകുലവീരന്റെ വാക്ക് എന്തെന്നറിയാത്തതുകൊണ്ട് എന്റെ ദേഹം ചുട്ടുനീറുന്നു. ഉറക്കം വരുന്നുമില്ല. ഉറക്കംവരാതെ ഉള്ളുചുടുന്ന എന്നെ നീ കാണുന്നില്ലേ? ധർമ്മാർത്ഥകോവിദനായ ഭവാൻ എന്റെ ശ്രേയസ്സിന്നായി വേണ്ടതെന്തെന്നു പറഞ്ഞാലും. സഞ്ജയൻ പാണ്ഡവസദസ്സിൽ നിന്നു മടങ്ങിയെത്തിയപ്പോൾ എന്റെ മനസ്സിന്നു ലേശവും ശാന്തി ലഭിക്കുന്നില്ല. ഇന്ദ്രിയങ്ങളൊന്നും നിലയ്ക്കുനില്ക്കുന്നില്ല. അവൻ എന്താണാവോ പറയുവാൻ പോകുന്നത് എന്ന വിചാരം എന്നെ അസ്വസ്ഥനാക്കുന്നു."

വിദുരൻ പറഞ്ഞു: "ബലവാനോട് ഇടഞ്ഞവന്നും, ഉപജീവനത്തിന്നു വകയില്ലാത്തവന്നും, ധനം നഷ്ടപ്പെട്ടവന്നും, ബലഹീനന്നും, കാമിക്കും, ചോരന്നും ഉറക്കംവരികയില്ല. ഈ മഹാദോഷങ്ങളിൽ ഒന്നും ഭവാനെ ബാധിച്ചിട്ടില്ലല്ലോ? പരധനത്തിൽ ദുരാശമൂത്ത് ഭവാൻ പരിതപിക്കുന്നില്ലല്ലോ?"

ധൃതരാഷ്ട്രൻ പറഞ്ഞു: "നിന്റെ വാക്ക് ധർമ്മാനുസരണവും നന്മ വരുത്തുന്നതുമാണ്. അത് കേൾക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. ഈ രാജർഷികുലത്തിൽ ജനിച്ചവരിൽവെച്ച് ഏറ്റവും യോഗ്യനായ വിദ്വാൻ നീ ഒരാൾമാത്രമാണ്."

* പ്രജാഗരം = ഉറക്കം വരാതിരിക്കൽ (ഉണർന്നിരിക്കൽ)

digitized by www.sreyas.in

വിദുരൻ പറഞ്ഞു: "ലക്ഷണയുക്തനായ രാജാവ് മൂന്നു ലോകത്തിന്റേയും അധീശനായി ഭവിക്കും. ഭവാൻ ധർമ്മാത്മാവാണെങ്കിലും ഭവാനു വിധേയനായ യുധിഷ്ഠിരനെ കാട്ടിലേക്കയയ്ക്കുകകൊണ്ടും ആ കുമാരന്റെ രാജ്യാംശത്തെ സമ്മതിക്കാത്തതുകൊണ്ടും നേത്രരശ്മിയുടെ കുറവുകൊണ്ടും രാജലക്ഷണം ഭവാനിൽ ഏറ്റവും വിപരീതമായിട്ടാണ് കാണുന്നത്. അക്രൗര്യം, ദയാലുത്വം, ധർമ്മം, സത്യം, പരാക്രമം, ഭവാനിലുള്ള ഗുരുത്വം എന്നിവയാലാണ് യുധിഷ്ഠിരൻ ഈ ക്ലേശമൊക്കെ പൊറുക്കുന്നത്. ദുര്യോധനൻ, ശകുനി, കർണ്ണൻ, ദുശ്ശാസനൻ എന്നിവരിൽ ധനമൊക്കെ സമർപ്പിച്ചിട്ട് പിന്നെ ഭൂതിക്കുവേണ്ടി ഇച്ഛിക്കുകയാണോ? പണ്ഡിതന്മാരേയും അപണ്ഡിതന്മാരേയും ഭവാൻ ആദ്യമായി തിരിച്ചറിയണം. ആത്മജ്ഞാനം, മഹോത്സാഹം, തിതിക്ഷ (ക്ഷമ) ധർമ്മനിത്യത എന്നിവയോടുകൂടി അർത്ഥംവിടാതെ സംരക്ഷിക്കുന്നവനാണ് പണ്ഡിതൻ.

ക്രോധം, ഹർഷം, ദർപ്പം, ലജ്ജ, സ്തംഭം, മാന്യരെ മാനിക്കൽ ഇവയോടെ അർത്ഥത്തിന്നു നാശംവരുത്താതെ വർത്തിക്കുന്നവനെ പണ്ഡിതൻ എന്നു പറയുന്നു.

ചെയ്തുകഴിഞ്ഞ കർമ്മമല്ലാതെ ചെയ്യുവാൻപോകുന്ന കാര്യമോ അതിനെക്കുറിച്ചുള്ള തന്ത്രങ്ങളോ മറ്റാരേയും അറിയിക്കാതെയും ചെയ്തുകഴിഞ്ഞല്ലാതെ മറ്റാരും കൃത്യം അറിയാത്തവിധത്തിലും കാര്യം നടത്തുന്നവൻ ആരോ അവനാണ് പണ്ഡിതൻ.

തണുപ്പ്, ചൂട്, ഭയം, രതി, സമൃദ്ധി, ദാരിദ്ര്യം എന്നിവയാൽ കാര്യത്തിനു വിഘ്നം ബാധിക്കാതെ ആ വക തടസ്സങ്ങളെ അവഗണിച്ചു തള്ളി ഉത്സാഹത്തോടെ കാര്യം നടത്തുന്നത് ആരോ അവനാണ് പണ്ഡിതൻ.

ധർമ്മാർത്ഥങ്ങളിൽ പ്രജ്ഞ വ്യാപിച്ചുനില്ക്കുകയും കാമത്താൽ അർത്ഥം നേടുകയും ചെയ്യുന്നത് ഏവനാണോ അവനാണ് ശരിയായ പണ്ഡിതൻ.

ഉത്സാഹിക്കുകയും യഥാശക്തി പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഒന്നിനേയും നിസ്സാരമാക്കിത്തള്ളാതെ ബുദ്ധി ധർമ്മാർത്ഥങ്ങളിൽ പ്രവർത്തിച്ചുകൊണ്ടു വർത്തിക്കുന്നവൻ ആരോ അവനാണ് പണ്ഡിതൻ.

ക്ഷണത്തിൽ കാര്യം ധരിക്കുകയും, നല്ലപോലെ ചെവികൊടുത്ത് കാര്യങ്ങൾ ക്ഷമയോടെ കേൾക്കുകയും, അർത്ഥം കൈക്കൊള്ളുകയും, നിഷ്കാമമായി ദാനം ചെയ്യുകയും ചെയ്യുക എന്നത് പണ്ഡിതന്റെ പ്രധാനമായ ലക്ഷണമാണ്. കിട്ടാത്ത വസ്തുക്കളിൽ ആശവെക്കാതെയും നഷ്ടപ്പെട്ടതിനെപ്പറ്റി ദുഃഖിക്കാതെയും ആപത്തുകളിൽ മോഹിക്കാതെയും ഇരിക്കുന്നത് ആരോ അവനാണ് പണ്ഡിതൻ.

നല്ലതുപോലെ ചിന്തിച്ചുറച്ചതിന്നുശേഷമേ കാര്യങ്ങളിൽ ഏർപ്പെടുകയുള്ളൂ; തുടങ്ങിയ കാര്യം ഇടയ്ക്കുവെച്ചു നിർത്തുകയുമില്ല. സമയം വെറുതെ പാഴാക്കിക്കളയുകയില്ല. ഇങ്ങനെ ഏതൊരുത്തൻ പ്രവർത്തിക്കുന്നുവോ അവനാണ് പണ്ഡിതൻ.

ശ്രേഷ്ഠമായ കർമ്മത്തിന്നു ചേരുന്ന ഐശ്വര്യകരമായ കർമ്മങ്ങൾ ചെയ്യുകയും തനിക്കു നന്മവരുവാൻ ആഗ്രഹിക്കുന്ന ഹിതന്മാരായവരിൽ അസൂയപ്പെടാതിരിക്കുകയും ചെയ്യുന്നത് പണ്ഡിതന്റെ ലക്ഷണമാണ്.

തനിക്കു വന്നുചേരുന്ന ശ്രേയസ്സിലും മാനങ്ങളിലും അത്യധികം ഹർഷിക്കാതിരിക്കുകയും അവമാനകാര്യങ്ങൾ വന്നുപെട്ടാൽ ദുഃഖിക്കാതിരിക്കുകയും ഗംഗയുടെ കയംപോലെ അചഞ്ചലമാനസനായി നില്ക്കുകയും ചെയ്യുന്നത് ഏതൊരുത്തനോ അവനാണ് പണ്ഡിതൻ.

സർവ്വജീവികളുടേയും സ്വഭാവത്തെപ്പറ്റി അറിയുന്നവനായി, സർവ്വയോഗങ്ങളും അറിഞ്ഞവനായി, യഥാകാലം മനുഷ്യരുടേയും മറ്റ് ഭൂതങ്ങളുടേയും സ്വഭാവവും, പ്രകൃതിയും, ഉപായവും സന്ദർഭാനുസരണേ മനസ്സിലാക്കുന്നവനായി ആരാണ് കാണുന്നത് അവനാണ് പണ്ഡിതൻ.

ഭംഗിയായി സംസാരിക്കുകയും, താൻ ഏറ്റ കർത്തവ്യത്തെ വിസ്മരിക്കാതെ പ്രവർത്തിക്കുകയും ഗ്രന്ഥാർത്ഥങ്ങളെ അറിയാത്തവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നവൻ ആരോ അവനാണ് പണ്ഡിതൻ.

പ്രജ്ഞയ്ക്കനുസരിച്ച് ശാസ്ത്രജ്ഞാനവും ശാസ്ത്രാനുസാരമായ പ്രജ്ഞയും ചേർന്ന് ലോകമര്യാദ വിടാതെ പ്രവർത്തിക്കുന്നത് ഏവനോ അവനാണ് പണ്ഡിതൻ. മൂഢന്മാർ ഈപ്പറഞ്ഞതിൽനിന്നൊക്കെ വിരുദ്ധമായി പ്രവർത്തിക്കുന്നവരായിരിക്കും.

അറിവില്ലെങ്കിലും അറിവുണ്ടെന്നു ഗർവ്വിക്കുകയും, ശാസ്ത്രബോധമില്ലെങ്കിലും എല്ലാം അറിയാമെന്ന് ഭാവിക്കുകയും കൈയിൽ ഒന്നുമില്ലെങ്കിലും എല്ലാം തനിക്കാണ് എന്നുള്ള തൃഷ്ണ വർദ്ധിച്ച് അതിൽ ആശവെക്കുകയും പണിയൊന്നും എടുക്കാതെ വേതനം ലഭിക്കുവാൻ ആഗ്രഹിക്കുകയും ഇതൊക്കെ മൂഢന്റെ ലക്ഷണമാണ് എന്നു വിദ്വാന്മാർ പറയുന്നു.

സ്വന്തം അർത്ഥത്തെ കൈവെടിഞ്ഞും അന്യന്റെ അർത്ഥത്തിൽ ആശവെക്കുക, മിത്രങ്ങളെ സമ്പാദിക്കുവാൻ പാഴ്വേലകൾ ചെയ്തുകൊണ്ടിരിക്കുക ഇവ മൂഢന്റെ സ്വഭാവമാണ്.

തന്നിൽ പ്രേമമില്ലാത്തവരെ പ്രേമിച്ച് പിന്നാലെ നടക്കുകയും തന്നിൽ പ്രേമമുള്ളവരെ ഉപേക്ഷിക്കുകയും ചെയ്യുക, ബലവാന്മാരിൽ വിദ്വേഷം ഇളക്കിവിടുക, ഇത് മൂഢന്റെ ലക്ഷണമാണ്.

ശത്രുവായവനെ മിത്രമായിക്കരുതി കൊണ്ടുനടക്കുക. മിത്രങ്ങളെ ദ്വേഷിക്കുക, വളരെ ദുഷ്ടമായ കർമ്മങ്ങൾ ചെയ്യുക, അങ്ങനെയുള്ളവൻ മൂഢബുദ്ധിയാകുന്നു.

ചെയ്യേണ്ട കർമ്മങ്ങളിലെല്ലാം സംശയിച്ചുനില്ക്കുക, എങ്ങും ആരിലും സംശയിക്കുക, ഉടനെ ചെയ്യേണ്ട കാര്യങ്ങളിൽ അമാന്തിച്ചു ചെയ്യുക, ഇത് മൂഢന്റെ സ്വഭാവമാണ്.

പിതൃക്കൾക്കു ശ്രാദ്ധം നല്കാതിരിക്കുക, ദേവതകളെ അർച്ചിക്കാതിരിക്കുക, സുഹൃത്തുക്കളായ മിത്രങ്ങളെ നേടാതിരിക്കുക, ഇത് മൂഢന്റെ സ്വഭാവമാണ്.

അന്യന്റെ വീട്ടിൽ വിളിക്കാതെ കയറിച്ചെല്ലുക, തന്നോടു ചോദിക്കാതെതന്നെ ഇടയിൽക്കയറി ധാരാളം സംസാരിക്കുക, വിശ്വസിക്കവയ്യാത്തവരെ വിശ്വസിക്കുക, ഇത് ജളന്റെ സ്വഭാവമാണ്.

അന്യന്റെ കുറ്റങ്ങളെപ്പറ്റി പറയുക, തന്നിലുള്ള അതേ കുറ്റത്തെപ്പറ്റി ചിന്തിക്കാതിരിക്കുക, പറഞ്ഞാൽ കാരണം ചിന്തിക്കാതെ ക്രോധിക്കുക ഇത് മൂഢന്മാരുടെ ലക്ഷണമാണ്, തന്റെ ബലം എത്രയുണ്ടെന്നു താൻ ധരിക്കാതെ ഓരോ കാര്യത്തിൽ ഇടപെടുക, ധർമ്മാർത്ഥങ്ങളെ വർജ്ജിച്ച് അലഭ്യമായ കാര്യങ്ങൾ പ്രയത്നം കൂടാതെ എളുപ്പത്തിൽ സൂത്രവഴിക്ക് കിട്ടുവാൻ ആഗ്രഹിക്കുക ഇത് മൂഢന്റെ സ്വഭാവമാണ്.

ശിഷ്യനല്ലാത്തവനെ ശാസിക്കുക, ദാതാവല്ലാത്തവനെ ചെന്നു സേവിക്കുക, പിശുക്കന്മാരെ ഭജിക്കുക ഇങ്ങനെ ജീവിക്കുന്നവൻ മൂഢബുദ്ധിയാണ്. ഇത്തരം മൂഢാത്മാക്കളെ അകറ്റിവിടേണ്ടതാണ്.

വളരെ ധനവും, വളരെ പഠിപ്പും നേടി വലിയ ഐശ്വര്യത്തോടുകൂടിയ ഒരുത്തൻ ഗർവ്വുഭാവിക്കാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവൻ പണ്ഡിതനാണെന്നു ധരിച്ചോളൂ!

സുഖമായ ഭക്ഷണഭോജ്യങ്ങൾ, കൊതിച്ചുനില്ക്കുന്ന ആശ്രിതർക്ക് ഒട്ടും കൊടുക്കാതെ താൻതന്നെ ഭക്ഷിക്കുകയും, നല്ല വസ്ത്രം ആശ്രിതർക്കു നല്കാതെ താൻതന്നെ ചമഞ്ഞ് മോടിയിൽ നടക്കുകയും ചെയ്യുന്നവനെപ്പോലെ നൃശംസനായി മറ്റാരുണ്ട്?

ഒരുത്തൻ പാപകർമ്മം ചെയ്താൽ ആ പാപകർമ്മത്തിന്റെ ഫലം പരക്കെയുള്ള മഹാജനങ്ങളിൽ ഏല്ക്കുന്നു. കാലത്താൽ

digitized by www.sreyas.in

ഏല്ക്കുന്നവൻ ഒഴിവാകും; ചെയ്തവന്ന് അതിന്റെ ഫലം കിട്ടാതെ പോവുകയില്ല.

വില്ലാളി എയ്തുവിടുന്ന ശരം ഒരാളെ കൊന്നുവെന്നും കൊന്നില്ലെന്നു വരാം. എന്നാൽ ബുദ്ധിമാൻ വിടുന്ന ബുദ്ധിയാകുന്ന ശരം ഭൂമണ്ഡലത്തെ മുടിച്ചുവിടും.

ഭവാൻ * ഒന്നിനാൽ രണ്ടിനെ അറിഞ്ഞ് അതിൽ ഉറച്ച് നാലിനാൽ മൂന്നിനെ അടക്കി അഞ്ചിനെ ജയിച്ചിട്ട് ഏഴുവിട്ട് സുഖിച്ചാലും.

വിഷദ്രാവകം ഒരുത്തനെ കൊല്ലും, ശസ്ത്രം ഒരുത്തനെ കൊല്ലും, നാട്ടുകാർ വിപ്ലവത്തിനൊരുങ്ങിയാൽ രാജാവടക്കമുള്ള നാടുമുഴുവൻ മുടിച്ചുകളയും.

മധുരാന്നം അന്യന്നു നല്കാതെ ഒറ്റയ്ക്ക് ഇരുന്ന് അനുഭവിക്കരുത്. കാര്യങ്ങൾ ഒറ്റയ്ക്കുമാത്രം ചിന്തിച്ച് തീരുമാനത്തിലെത്തരുത്. ഏകനായി വഴിയാത്ര പോകരുത്. എല്ലാവരും ഉറങ്ങുമ്പോൾ ഒരുത്തൻമാത്രം ഉണർന്നിരിക്കരുത്.

രാജാവേ, ഭവാന് ഒന്നല്ലാതെ രണ്ടില്ല. (ഏക ഏവ അദ്വിതീയം) എന്നാണെങ്കിൽ ഭവാന് പാണ്ഡവന്മാരും കൗരവന്മാരും ഒരു പോലെയല്ലേ? ഭവാൻ സത്യത്തെ മറക്കരുത്. സത്യം സ്വർഗ്ഗത്തിലേക്കുള്ള സോപാനമാണ്. സത്യം സമുദ്രത്തിൽ തോണി പോലെ മനുഷ്യനെ ആപത്തിൽനിന്നു കയറ്റിവിടും. സത്യം പോലെ വിശിഷ്ടമാണ് ക്ഷമയും. ഒരു ദോഷത്തെ ക്ഷമിച്ചുകഴിഞ്ഞാൽ അവന്ന് രണ്ടാമത്തെ ദോഷം കാണായ്വരികയില്ല.

ക്ഷമാശീലനെ ചിലർ അശക്തനാണെന്നു കരുതും. അതിൽ അവന്ന് ദോഷമൊന്നും ഭവിക്കുകയില്ല. ക്ഷമയാണ് പരമമായ ധനം. ക്ഷമ അശക്തർക്കു ഗുണവും ശക്തന്മാർക്കു ഭൂഷണവുമാണ്.

ലോകത്തെ മുഴുവൻ വശീകരിക്കുവാൻ ക്ഷമയ്ക്കു കഴിയും. ക്ഷമയ്ക്കു സാധിക്കാത്തതായി ഒന്നുംതന്നെയില്ല.

ശാന്തിയാകുന്ന ഖഡ്ഗം കൈയിലെടുത്തവനെ ദുർജ്ജനത്തിന്ന് എന്തു കാട്ടുവാൻ കഴിയും? ഉണക്കപ്പുല്ലില്ലാത്തിടത്തു തീ വീണാൽ അതു തന്നെത്താനെ കെട്ടുപോവുകതന്നെ ചെയ്യുന്നില്ലേ?

ക്ഷമാഹീനൻ വലിയ ദോഷം തന്നിൽത്തന്നെ ചേർക്കുന്നു. ഏകമായ ധർമ്മം പരമശ്രേയസ്സെന്നപോലെ ഏകമായ ക്ഷമ ഉത്തമമായ ശാന്തിയാണ്. അതുപോലെ ഏകമായ വിദ്യ പരമതൃപ്തിയേയും ഏകമായ അഹിംസ പരമസുഖത്തേയും നല്കുന്നു.

ഇനി ഈ രണ്ടായിനില്ക്കുന്ന ഗുണദോഷങ്ങളെ ചൂണ്ടിക്കാണിക്കാം. ശത്രുനിഗ്രഹം ചെയ്യാത്ത രാജാവ്, ദേശാടനം ചെയ്യാത്ത ബ്രാഹ്മണൻ എന്നീ രണ്ടുകൂട്ടരേയും സർപ്പം എലിയെ എന്നപോലെ ഭൂമി വിഴുങ്ങിക്കളയും.

ഒരിക്കലും പരുഷവാക്കു പറയാതിരിക്കുക, ഒന്നുകൊണ്ടും ദുർജ്ജനത്തെ പൂജിക്കാതിരിക്കുക. ഈ കർമ്മങ്ങൾ രണ്ടു കൊണ്ടും മാത്രം മനുഷ്യൻ ഈ ലോകത്തിൽ പ്രശോഭിക്കും.

കാമികളെ കാമിക്കുന്ന സ്ത്രീകൾ, പൂജ്യരെ പൂജിക്കുന്ന ലോകർ, എന്നീ ഇരുവരാണ് പരവിശ്വാസകാരികൾ.

അധമന്റെ കാമം, അപ്രഭുവിന്റെ കോപം, ഇതു രണ്ടും ശരീരശോഷകമായ തീക്ഷ്ണകണ്ടകങ്ങളാണ്.

സ്വത്തില്ലാത്ത കാമുകനും, സ്വാതന്ത്ര്യമില്ലാത്ത കോപിയും ഈ രണ്ടുപേരും വിപരീതപ്രവൃത്തികളാൽ പ്രസാദിക്കുകയില്ല.

പ്രവൃത്തിയൊന്നും ചെയ്യാൻ തയ്യാറില്ലാത്ത ഗൃഹസ്ഥനും, കാര്യങ്ങളിൽ വ്യാപൃതനായ ഭിക്ഷുവും വിപരീതകർമ്മാക്കളായ നിഷ്പ്രഭന്മാരാണ്; സ്വർഗ്ഗഭ്രഷ്ടന്മാരാണ്.

ക്ഷമാവാനായ പ്രഭുവും, ദാനശീലനായ ദരിദ്രനും ഈ രണ്ടു പേരും സ്വർഗ്ഗത്തിന്നും ഉപരിയായി നിലകൊള്ളുന്നു. അപാത്രത്തിലെ ദാനവും, ശരിയായ പാത്രത്തിൽ ദാനം ചെയ്യാതിരിക്കലും ഇതു രണ്ടും ന്യായമായി നേടിയ ദ്രവ്യത്തിന്ന് അതിക്രമമായിട്ടാണു വരിക.

അദ്ധ്വാനിക്കാൻ തയ്യാറില്ലാത്ത ദരിദ്രനേയും, ദാനം ചെയ്യാത്ത ധനികനേയും, ഇവരെ രണ്ടുപേരേയും വലിയ കരിങ്കല്ലു കഴുത്തിൽ കെട്ടി അഗാധജലത്തിൽ താഴ്ത്തി വിടണം.

ഹേ പുരുഷവ്യാഘ്രാ, രണ്ടുപേർ സൂര്യബിംബത്തേയും പിളർന്നു പൊങ്ങുന്ന മഹാത്മാക്കളാണ്; ഒന്ന് യോഗയുക്തനായ സന്ന്യാസി; മറ്റേത് യുദ്ധരംഗത്തിൽ പോരാടി മരിച്ച വീരയോദ്ധാവ്.

കമനീയന്മാർ, മദ്ധ്യമന്മാർ, ശ്രേഷ്ഠന്മാർ എന്നീ മൂന്നു തരത്തിലാണു മനുഷ്യൻ. ഉത്തമൻ, അധമൻ, മദ്ധ്യമൻ ഇങ്ങനെ ഈ മൂന്നു വിധം ആൾക്കാരെ മൂന്നു വിധം തൊഴിലുകളിൽ ഏർപ്പെടുത്തണം.

ഭാര്യ, ദാസൻ, പുത്രൻ എന്നീ മൂന്നുപേർ നിർദ്ധനന്മാരാണ്. അവർ സമ്പാദിക്കുന്ന സ്വത്ത്, അവർ ആരുടെയാണോ അവർക്കുള്ളതാണ്.

ഭയങ്കരമായ മൂന്നു ദോഷങ്ങൾ പറയാം. പരന്റെ ദ്രവ്യം അപഹരിക്കുക, പരന്റെ ഭാര്യയിൽ പ്രവേശിക്കുക, സുഹൃത്തുക്കളെ പരിത്യജിക്കുക. ഇവ മൂന്നും ഭയങ്കരമായ ദോഷങ്ങളാണ്.

ആത്മനാശകമായ മൂന്ന് നരകമാർഗ്ഗങ്ങൾ പറയാം. കാമം, ക്രോധം, ലോഭം ഇവയാണ്. അതുകൊണ്ട് ഇവ മൂന്നും ത്യജിക്കണം.

ഭക്തിയുള്ളവനേയും ഭജിക്കുന്നവനേയും, 'ഞാൻ ഭവാന്റെ ആളാണ്' എന്നു പറയുന്നവനേയും, തന്നെ ആശ്രയിക്കുമ്പോൾ ആപത്തിൽനിന്നു രക്ഷിക്കണം. ഉപേക്ഷിക്കരുത്.

വരദാനം, രാജ്യാഭിലാഷം, പുത്രജന്മം എന്നീ മൂന്നു ലാഭവും ശത്രുവിനെ സങ്കടത്തിൽനിന്നു രക്ഷിക്കുക എന്ന ഒരേ ഒരു പ്രവൃത്തിയോടു തുല്യമാണ്.

ഇനി രാജാവ് കാര്യാലോചന ചെയ്യരുതാത്തവർ ആരൊക്കെയാണെന്നു പറയാം. അല്പജ്ഞൻ, ദീർഘസൂത്രക്കാരൻ, ഹർഷതരളൻ, മുഖസ്തുതിക്കാരൻ ഈ നാലുപേർ മന്ത്രാലോചനയ്ക്കു കൊള്ളാവുന്നവരല്ല.

ഗൃഹസ്ഥധർമ്മത്തിൽ ശ്രീമാനായി വർത്തിക്കുവാൻ കാംക്ഷിക്കുന്നവർ ഈ പറയുന്ന നാലുപേരെ വീട്ടിൽ പാർപ്പിക്കണം. വൃദ്ധനായ ജ്ഞാനി, ദരിദ്രനായ കുലീനൻ, ഇഷ്ടംചെയ്യുന്ന ദരിദ്രൻ, പുത്രനില്ലാത്ത സഹോദരി ഇവരാണ് ആ നാലുപേർ.

പണ്ടു ബൃഹസ്പതി ഇന്ദ്രനോടു പറഞ്ഞ നാലെണ്ണമാണ് ക്ഷണത്തിൽ ഫലം നല്കുന്നവ. ദേവന്മാരുടെ സങ്കല്പം, ധീമാന്മാരുടെ വൈഭവം, പഠിപ്പുള്ളവരുടെ വിനയം, പാപം ചെയ്യുന്നവരുടെ നാശം. ഇവയാണു നാലെണ്ണം. ഇവ വേഗത്തിൽ ഫലം നല്കും.

ഭയം നീക്കുന്നതിന്നു നാലുവിധം കർമ്മങ്ങൾ ഉണ്ട്. അവ ഏതെന്നു പറയാം. അഗ്നിഹോത്രം, മൗനം, അദ്ധ്യയനം, യജ്ഞം എന്നിവയാണ്. എന്നാൽ ഇവ മാനത്തിന്നുവേണ്ടി ചെയ്യുകയാണെങ്കിലോ അതിന്റെ ഫലം ഭയജനകമായിരിക്കും.

മനുഷ്യർക്കു പൂജിക്കേണ്ടതായ അഞ്ച് അഗ്നികളുണ്ട്. അവയെ പണിപ്പെട്ടു സേവിക്കേണ്ടതാണ്. അച്ഛൻ, അമ്മ, അഗ്നി, ആത്മാവ്, ഗുരു എന്നിവയാണ് ആ പഞ്ചാഗ്നികൾ.

അഞ്ചുപേരെ പൂജിച്ചാൽ പ്രസിദ്ധി നേടാം. പിതൃക്കൾ, ദേവന്മാർ, ഋഷികൾ, ഭിക്ഷുക്കൾ, പാന്ഥർ ഇവരാണ് ആ അഞ്ചുപേർ.

അഞ്ചുപേർ എവിടെച്ചെല്ലുമ്പോഴും അനുഗമിക്കും. അവർ മിത്രങ്ങൾ, അമിത്രങ്ങൾ, മദ്ധ്യസ്ഥർ, ഗുരുക്കന്മാർ, ഭൃത്യന്മാർ എന്നിവരാണ്.

---

* ഒന്ന് = ബുദ്ധി. രണ്ട് = കാര്യാകാര്യങ്ങൾ. നാല് = സാമം, ദാനം, ഭേദം, ദണ്ഡം. അഞ്ച് = പഞ്ചേന്ദ്രിയങ്ങൾ. ആറ് = സന്ധിവിഗ്രഹാദി ആറ് ഉപായങ്ങൾ. ഏഴ് = സ്ത്രീ, ദ്യൂതം, മൃഗയാ, പാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദൂഷണം.

digitized by www.sreyas.in

മനുഷ്യന്നുള്ള അഞ്ച് ഇന്ദ്രിയങ്ങളിൽ ഒന്നു ഛിദ്രമായെങ്കിൽ ബുദ്ധി ആ മാർഗ്ഗത്തിലൂടെ കുടത്തിന്റെ ദ്വാരത്തിലൂടെ ജലമെന്നപോലെ, ഒഴുകിപ്പോകുന്നു.

ഐശ്വര്യവും അഭിവൃദ്ധിയും ഇച്ഛിക്കുന്ന പുരുഷൻ ആറു ദോഷങ്ങളെ ഉപേക്ഷിക്കണം. നിദ്ര, തളർച്ച, ഭയം, കോപം, ആലസ്യം, ദീർഘസൂത്രത.

കടലിൽ ചീത്തയായ തോണിയെന്നപോലെ ഒഴുക്കിവിടേണ്ടവരായി ആറുപേരുണ്ട്. കാര്യം പറയാത്ത ആചാര്യൻ, വേദം പഠിക്കാത്ത വൈദികൻ, രക്ഷിക്കാത്ത രാജാവ്, ഇഷ്ടം പറയാത്ത ഭാര്യ, നാട്ടിൽ പാർക്കുവാൻ ഇഷ്ടപ്പെടുന്ന ഇടയൻ, കാട്ടിൽ പാർക്കുവാൻ ആഗ്രഹിക്കുന്ന ക്ഷൗരക്കാരൻ ഇവരെ ഉപേക്ഷിക്കുകതന്നെ വേണം.

മനുഷ്യൻ കൈവിടുവാൻ പാടില്ലാത്ത ആറ് ഗുണങ്ങളുണ്ട്. സത്യം, ദാനം, അനാലസ്യം, അനസൂയ, ധൈര്യം, ക്ഷമ.

രാജാവേ, ഈ ലോകജീവിതത്തിൽ സുഖം നല്കുന്ന ആറുകൂട്ടം കാര്യങ്ങൾ ഇനി ഞാൻ പറയാം. എപ്പോഴും അർത്ഥാഗമം, രോഗമില്ലായ്മ, പ്രിയംപറയുന്ന പ്രിയപ്പെട്ട ഭാര്യ, പറഞ്ഞപോലെ അനുസരിച്ചുനടക്കുന്ന പുത്രൻ, അർത്ഥകരമായ വിദ്യ ഇവയാറുമാകുന്നു ജീവിതത്തിൽ സുഖം നല്കുന്നവ.

കാമം, ക്രോധം, ശോകം, മോഹം, മദം, മാനം എന്നീ ആറിനേയും ഉള്ളിൽ അടക്കുന്നവൻ ഐശ്വര്യത്തെ പ്രാപിക്കും. അങ്ങനെയുള്ള ജിതേന്ദ്രിയനെ പാപങ്ങളോ അനർത്ഥങ്ങളോ ബാധിക്കയില്ല.

പ്രമത്തന്മാരെക്കൊണ്ട് ചോരന്മാരും, വ്യാധിഗ്രസ്തന്മാരെക്കൊണ്ട് വൈദ്യന്മാരും, കാമികളെക്കൊണ്ട് കാമിനിമാരും, യജമാനന്മാരെക്കൊണ്ട് (യാഗംചെയ്യുന്നവർ) യാജകന്മാരും, വിവാദമാനന്മാരെക്കൊണ്ട് രാജാവും (നിയമജ്ഞന്മാരും) മൂർഖന്മാരെക്കൊണ്ട് പണ്ഡിതന്മാരും ജീവിക്കുന്നു. ഈ ആറുപേരൊഴികെ ഏഴാമതൊരാൾ ഇത്തരക്കാരെക്കൊണ്ട് ജീവിക്കുന്നില്ല.

ആറുകാര്യങ്ങൾ നശിക്കുന്നതു പറയാം. പശുക്കൾ, സേവ, കൃഷി, ഭാര്യ, വിദ്യ, ശൂദ്രന്റെ സംഗമം, എന്നീ ആറും ഒരു നിമിഷം പോലും നോക്കാതിരുന്നാൽ നശിച്ചുപോകും.

മുമ്പെ ഉപകാരംചെയ്തു രക്ഷിച്ചവരെ അവഗണിക്കുന്നവരായി ആറുപേരുണ്ട്. പഠിച്ച ശിഷ്യൻ ഗുരുവിനെ, വേളി കഴിഞ്ഞ പുത്രൻ അമ്മയെ, കാമം തീർന്നവൻ കാമിനിയെ, ധനം ലഭിച്ചവൻ സഹായിയെ, കാട്ടിൽ ചെന്നവർ തോണിയെ, രോഗം മാറിയവൻ വൈദ്യനെ. ഈ ആറുപേർ തന്നെ സഹായിച്ചവരെ വിസ്മരിക്കുന്നതായികാണുന്നു.

രോഗമില്ലായ്മ, കടമില്ലായ്മ, വിദേശസഞ്ചാരം വേണ്ടായ്ക, സജ്ജനസംസർഗ്ഗം, സ്വന്തം വിശ്വാസത്തിന്നു ചേർന്ന ജീവിതവൃത്തി, നിർഭയമായ വാസം ഇവ ആറും ജീവലോകസുഖങ്ങളാണ്.

ഈർഷ്യയേറിയവൻ, നാണംകൂടിയവൻ, അസന്തുഷ്ടൻ, ക്രോധി, നിത്യശങ്കിതൻ, പരഭാഗ്യംകൊണ്ട് ഉപജീവിക്കുന്നവൻ എന്നീ ആറുകൂട്ടർ നിത്യദുഃഖിതരാണ്.

രാജാക്കന്മാർ തീരെ ഉപേക്ഷിക്കേണ്ടതും, വേരുറച്ചുപോയാൽ ദേവന്മാരെപ്പോലും നശിപ്പിക്കുന്നതുമായ സപ്തദോഷങ്ങൾ പറയാം: സ്ത്രീസേവ, ചൂതാട്ടം, നായാട്ട്, മദ്യപാനം, വാക്പാരുഷ്യം, കടുത്ത ശിക്ഷ, പരദൂഷണം, ഇവ ഏഴും നശിക്കുവാൻപോകുന്ന മനുഷ്യന്റെ പൂർവ്വചിഹ്നങ്ങളാകുന്നു.

ബ്രാഹ്മണദ്വേഷം, ബ്രാഹ്മണവിരോധം, ബ്രഹ്മസ്വഹരണം, ബ്രഹ്മഹിംസ, ബ്രാഹ്മണനിന്ദാപ്രിയം, ബ്രാഹ്മണസ്തോത്രനീരസം, ക്രിയകളിൽ ബ്രാഹ്മണവിസ്മരണം, ബ്രാഹ്മണയാചനയിൽ കുറ്റം പറയൽ, ഈ ദോഷങ്ങൾ ബുദ്ധിമാൻ കാണുകയും അവയെ വിട്ടൊഴിയുകയും ചെയ്യണം.

ഹർഷത്തിൽ സത്തായിട്ട് എട്ടെണ്ണമുണ്ട്. അവയെ ആത്മസുഖമായി കാണുന്നു. ഇഷ്ടജനങ്ങളുമായുള്ള സംസർഗ്ഗം, വലിയ ധനാഗമം, പുത്രാലിംഗനം, മൈഥുനയോഗം, യഥാസമയം പ്രിയംപറയുക, സ്വജനങ്ങളുടെ ഉയർച്ച, അഭീഷ്ടസിദ്ധി, സഭയിൽ ബഹുമാന്യത ഇവയാകുന്നു.

മനുഷ്യന്നു ശോഭനല്കുന്ന എട്ടുഗുണങ്ങൾ പറയാം. ബുദ്ധി, വംശശുദ്ധി, ദമം, പഠിപ്പ്, പരാക്രമം, വേണ്ടതു പറയുക, യഥാശക്തി, ദാനം, കൃതജ്ഞത ഇവയാണ്.

ഈ വീട് ഒമ്പതു ദ്വാരങ്ങൾ * (വാതിലുകൾ) ഉള്ളതാണ്. അതിന് മൂന്ന് തൂണുണ്ട്, അഞ്ചു സാക്ഷിയുണ്ട്. ക്ഷേത്രജ്ഞൻ വാഴുന്ന ഈ ഗൃഹത്തെ അറിയുന്നവൻ ആരോ അവനാണ് വിദ്വാനായ മഹാകവി.

ഹേ, ധൃതരാഷ്ട്രാ! പത്തുപേർ ധർമ്മം അറിയാത്തവരാണ്. മദ്യാദിയാൽ മത്തൻ, വിഷയാസക്തിയാൽ പ്രമത്തൻ, ശ്രാന്തൻ, കോപിച്ചിരിക്കുന്നവൻ, വിശന്നവൻ, വെമ്പലുള്ളവൻ, ലോഭി, ഭയാക്രാന്തൻ, ഉന്മത്തൻ (ഭ്രാന്തൻ) ഈ പത്തുപേരുമായി ഇടപെടുവാൻ പാടില്ല. ഇതിന്നുദാഹരണമായി സുധാമന്യു പുത്രന്നുവേണ്ടി പറഞ്ഞ ഒരു കഥ ഞാൻ പിന്നെ പറയുന്നതാണ്.

കാമക്രോധങ്ങളെ ജയിച്ച് സൽപാത്രങ്ങളിൽ ധനം സമർപ്പിച്ച് താരതമ്യജ്ഞനും, ശ്രുതവാനും, ക്ഷിപ്രകാരിയുമായി വർത്തിക്കുന്ന രാജാവാണ് സർവ്വലോകത്തിന്നും പ്രമാണം.

വിശ്വസ്തന്മാരെ രാജാവ് ശരിയായി അറിയണം. ദോഷം കണ്ടാൽ ദണ്ഡം പ്രയോഗിക്കുവാൻ ലേശവും മടിച്ചുകൂടാ. അപരാധത്തെ അനുസരിച്ചുവേണം ദണ്ഡത്തേയും ക്ഷമയേയും ചെലുത്തുവാൻ. അങ്ങനെയുള്ള രാജാവ് ശ്രീമാനായി പ്രശോഭിക്കും. ഏറ്റവും ദുർബ്ബലനായവനിൽപ്പോലും അവജ്ഞയില്ലാതിരിക്കുകയും, ഛിദ്രംനോക്കി ശത്രുവിനെക്കൂടിയും ബുദ്ധിപൂർവ്വം സേവിക്കുകയും, ബലവാന്മാരോടു പൊരുതുവാൻ ഒരുങ്ങാതിരിക്കുകയും, കാലംനോക്കി വിക്രമം പ്രയോഗിക്കുകയും ചെയ്യുക. അവനാണ് ധീരൻ.

ആപത്തുകളിലൊന്നും മനസ്സിളകാതെ എപ്പോഴും അപ്രമത്തനായി തന്റെ ഉദ്യമം തുടരുകയും ദുഃഖത്തെ അടക്കി കാര്യഭാരങ്ങളെല്ലാം സഹിക്കുകയും ചെയ്യുന്ന മഹാത്മാവിന്ന് ശത്രുക്കളെ മുഴുവൻ വെല്ലുവാൻ കഴിയും.

അനർത്ഥകമായി ഗൃഹത്തിൽനിന്നകന്ന് പാർക്കാതെയും, പാപാത്മാക്കളോടു ചേരാതെയും, പരദാരങ്ങളെ പ്രാപിക്കാതെയും, ദംഭം, ചോരണം, മദ്യപാനം എന്നിവ കൂടാതെയും വർത്തിക്കുന്നവൻ എന്നും സുഖിയാണ്. വാശികൊണ്ടു മാത്രം ധർമ്മാധർമ്മങ്ങളെ ആചരിക്കുകയോ, തന്നോടു ചോദിക്കാത്തവരോട് തത്ത്വത്തെ ബലമായി പറഞ്ഞുകേൾപ്പിക്കുകയോ, മിത്രങ്ങളോട് വിവാദത്തിന്നൊരുങ്ങുകയോ, തന്നെ പൂജിക്കാത്തവരോട് കോപിക്കുകയോ ചെയ്യുന്നത് മൂഢന്മാരുടെ ലക്ഷണമാണ്. അമൂഢന്മാർ അതിന്നൊരുങ്ങുകയില്ല.

അസൂയകൂടാതെ എല്ലാവരിലും അനുകമ്പയോടുകൂടെ വർത്തിക്കുകയും, ദുർബ്ബലാവസ്ഥയിൽ അന്യരോട് എതിർക്കാതിരിക്കുകയും അതിരുകവിഞ്ഞ് സംസാരിക്കാതിരിക്കുകയും, വാദപ്രതിവാദത്തിൽ ക്ഷമകാണിക്കുകയും ചെയ്യുന്നവന്ന് എല്ലായിടത്തും പ്രശംസ ലഭിക്കുന്നതാണ്.

ഉദ്ധതനായി അന്തസ്സുചമഞ്ഞു നടക്കുകയും നിലമറന്ന് കടുത്തവാക്കു പറയുകയും ചെയ്യാത്തവനിൽ ജനങ്ങൾ എപ്പോഴും പ്രിയത്തോടുകൂടി പെരുമാറും.

അടങ്ങിപ്പോയ വൈരം ഉയർത്തിവിടാതേയും ഗർവ്വിച്ചുചാടാതെയും, ദുർഗ്ഗതിയിൽപ്പോലും അകാര്യത്തിൽ പ്രവേശിക്കാതേയും ജീവിക്കുന്നവനെ ആര്യന്മാർ ആര്യശീലനെന്നു വിളിക്കുന്നു.

---

* ഒമ്പത് ദ്വാരങ്ങൾ = പഞ്ചേന്ദ്രിയങ്ങൾ അഞ്ചും, മനസ്സ് ബുദ്ധി, അഹങ്കാരം, സ്ഥൂലശരീരം എന്നീ നാലും. മൂന്നു തൂണുകൾ = അവിദ്യ, കാമം കർമ്മം. അഞ്ചു സാക്ഷികൾ = ശബ്ദം, സ്പർശം, രസം, ഗന്ധം, രൂപം. വീട് = ശരീരം വാഴുന്നവൻ = ചിദാത്മാവ്.

digitized by www.sreyas.in

സ്വന്തം സുഖത്തിലും അന്യന്റെ ദുഃഖത്തിലും ഒട്ടും ഹർഷിക്കാതിരിക്കയും, കൊടുത്തുകഴിഞ്ഞ ധനത്തെപ്പറ്റി പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുക എന്നത് ആര്യനായ പുരുഷന്റെ ലക്ഷണമാണ്.

ദേശാചാരങ്ങളേയും, ഭാഷാഭേദങ്ങളേയും, ജാതിധർമ്മങ്ങളേയും, ഉത്തമാധമധർമ്മവിവേകത്തോടുകൂടി വളർത്തുന്നവൻ എവിടെച്ചെന്നാലും അങ്ങേയറ്റം മഹാജനങ്ങളുടെ ആധിപത്യത്തിന്ന് അർഹനായി ഭവിക്കുന്നതാണ്.

ദംഭം, മോഹം, മത്സരം, പാപകൃത്യം, രാജദ്വേഷം, പിശുനത്വം, ബഹുജനവൈരം, മദോന്മത്തന്മാരോടും ദുർജ്ജനങ്ങളോടും വാഗ്വാദം എന്നിവയെ വർജ്ജിക്കുന്ന പ്രാജ്ഞൻ പ്രധാനനായി പ്രശോഭിക്കുന്നതാണ്.

ദമം, ശൗചം, ദൈവതാരാധനം, മംഗളകർമ്മങ്ങൾ, പ്രായശ്ചിത്തങ്ങൾ, വിവിധ ലോകകാര്യങ്ങൾ എന്നിവയൊക്കെ ശരിയായി നടത്തുന്നവനെ ദേവന്മാർ ഉയർത്തുന്നതാണ്.

ഹീനന്മാരോടു ചേരാതെ, സഖ്യവും, വിവാഹവും, വ്യാപാരവും, വ്യവഹാരവുമൊക്കെ സമന്മാരോടുമാത്രം നടത്തിക്കൊണ്ട് വിശിഷ്ടഗുണാന്വിതന്മാരെ പുരസ്കരിച്ച് വർത്തിക്കുന്നവന്റെ നടപടികളൊക്കെ നേർവഴിക്കു മാത്രമേ ചെല്ലുകയുള്ളൂ.

ആശ്രിതന്മാർക്ക് പങ്കുവെച്ചു കൊടുത്തും, മിതമായി ഭക്ഷിക്കുകയും, നല്ലവണ്ണം പണിയെടുത്ത് മിതമായി ഉറങ്ങുകയും, ശത്രുക്കൾ പോലും വന്നു യാചിക്കുകയാണെങ്കിൽ നൽകുകയും ചെയ്യുന്ന ധീമാനെ അനർത്ഥങ്ങൾ ബാധിക്കുകയില്ല.

വിരുദ്ധമായി വല്ല കർമ്മവും ചെയ്യേണ്ടിവന്നാൽത്തന്നെ ആരും അറിയാതെ രഹസ്യമായി സൂക്ഷിക്കേണ്ടതു സൂക്ഷിക്കുകയും, നല്ലവണ്ണം പ്രവർത്തിക്കുകയും, ചെയ്താൽ അർത്ഥം നശിക്കുകയില്ല.

എല്ലാവർക്കും ശമം നോക്കുന്നവനും, സത്യവാനും, ദാന്തനും, മാനിയും, ശുദ്ധശീലനുമായ പുരുഷൻ ജ്ഞാതിമദ്ധ്യത്തിൽ വ്യത്യസ്തനായി നല്ല രത്നംപോലെ ശോഭിക്കും.

സ്വന്തം തെറ്റിൽ സ്വയം ലജ്ജിക്കുന്ന സമാഹിതനായ മനസ്വി, സ്വതേജസ്സാൽ സൂര്യതുല്യം തേജസ്സു ചൊരിഞ്ഞ് സർവ്വലോകത്തിന്നും ഗുരുവായി ഭവിക്കും.

ഹേ, രാജാവേ, ഞാൻ ഇത്രത്തോളം പറഞ്ഞതിൽനിന്ന് ശ്രേയസ്സിന്നായി പുരുഷൻ അനുവർത്തിക്കേണ്ടതെന്തെന്ന് ഭവാൻ ഗ്രഹിച്ചുവല്ലോ.

ശാപദഗ്ദ്ധനായ പാണ്ഡുവിന്റെ പുത്രന്മാരായി കാട്ടിൽ വെച്ച് പ്രസവിച്ചുണ്ടായവരായ ആ അഞ്ചുപേർ ഇന്ദ്രതുല്യന്മാരാണ്. ആ ബാലന്മാരെ ഭവാനാണ് പഠിപ്പിച്ച് വളർത്തിയതെന്നും, അവർ ഭവാന്റെ ആജ്ഞ പാലിച്ചുകൊണ്ടാണ് വർത്തിക്കുന്നതെന്നും ഭവാൻ ചിന്തിക്കണം. ആ പാണ്ഡുപുത്രന്മാരുടേയും, ഭവാന്റെ പുത്രന്മാരുടേയും സ്ഥിതിഗതികൾ എങ്ങനെയിരിക്കുന്നുവെന്നു ഞാൻ പറഞ്ഞ ഹിതവാക്കുകളിൽനിന്ന് ഭവാന് ചിന്തിച്ചറിയുവാൻ കഴിയുന്നതാണല്ലോ.

പാണ്ഡവന്മാർക്കുള്ള രാജ്യം പാണ്ഡവന്മാർക്കുതന്നെ നല്കി ഭവാൻ പുത്രന്മാരോടുകൂടി മോദിച്ച് വാഴുക! അങ്ങനെയായാൽ ദേവന്മാർക്കാകട്ടെ, മനുഷ്യർക്കാകട്ടെ, ഭവാൻ ഒരു ആക്ഷേപപാത്രമായിത്തീരുന്നതല്ല."

34. വിദുരഹിതവാക്യം – ധൃതരാഷ്ട്രൻ പറഞ്ഞു: "ഉറക്കം വരാതെ ചിന്തയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ആൾക്ക് എന്താണു വേണ്ടതെന്ന് ധർമ്മാർത്ഥകുശലനായ ഭവാൻ പറയൂ! യുധിഷ്ഠിരന്ന് പത്ഥ്യമായും കൗരവന്മാർക്ക് ശ്രേയസ്കരമായും ഭവിക്കുന്നത് ഭവാൻ ബുദ്ധിപൂർവ്വം ഉപദേശിച്ചാലും. വരാൻപോകുന്ന ദുഃഖകരമായ സംഭവങ്ങളിൽ ശങ്കയോടെ പൂർവ്വാപരാധങ്ങളെ ഓർത്ത് ഞാൻ വ്യാകുലനായിരിക്കുന്നു. അപ്രകാരമിരിക്കുന്ന എന്നെ സർവ്വജ്ഞനായ ഭവാൻ ധർമ്മാത്മജന്റെ മനീഷിതമെല്ലാം ശരിയായി ഗ്രഹിപ്പിച്ച് എനിക്കൊരു സമാശ്വാസം നൽകിയാലും."

വിദുരൻ പറഞ്ഞു: "കാര്യങ്ങളിൽ തോല്മ പറ്റരുതെന്ന് വിചാരിക്കുന്നവനോട് ശുഭവും, അശുഭവും, പ്രിയവും, അപ്രിയവും ചോദിക്കാതെതന്നെ പറയാമെന്നാണ് പ്രമാണം. അതുകൊണ്ട് കൗരവർക്ക് ഹിതമായതു ഞാൻ പറയാം. ശ്രേയസ്കരവും ധാർമ്മികവുമായ വാക്കുകൾ ഭവാൻ കേട്ടാലും. അനീതിയായ മാർഗ്ഗങ്ങളിൽ നടത്തിയ കപടകർമ്മങ്ങളിൽനിന്ന് സിദ്ധിയുണ്ടായാൽത്തന്നെ അതിൽ മനസ്സു ചെലുത്തരുത്. യോഗഹിതവും ഉപായയുക്തവുമായ കർമ്മത്തിന് സിദ്ധിയുണ്ടായില്ലെന്നു വന്നാലും അതിൽ മനസ്സു വാടരുത്. ചതിയായിച്ചെയ്യുന്ന കർമ്മം കാര്യസാദ്ധ്യത്തിനായി ഭവിക്കുകയില്ല.

കർമ്മങ്ങളിൽ വേഗം പാടില്ല. കർമ്മങ്ങൾ മനസ്സുവെച്ച് ചെയ്യണം. പെട്ടെന്നു കാര്യം നടത്തരുത്. പ്രയോജനമെന്തെന്നു നിശ്ചയിച്ച് ഫലവത്തായ കർമ്മങ്ങളിൽ പുരുഷൻ ഏർപ്പെടണം. കർമ്മങ്ങളുടെ പ്രയോജനത്തേയും പരിപാകത്തേയും നോക്കാതെ ഉദ്യമങ്ങളിൽ ഇറങ്ങരുത്. കോശത്തിലും, രാജ്യത്തിലും, ജനപദത്തിലും, ദുർഗ്ഗത്തിലും, സൈന്യത്തിലും നിലകിട്ടണമെങ്കിൽ അവയുടെ വൃദ്ധിക്ഷയങ്ങളെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കണം. മനസ്സിലാക്കാതെ ഏർപ്പെടുന്നവന്ന് നിലകിട്ടുകയില്ല. അങ്ങനെ കണ്ടറിഞ്ഞ ധർമ്മജ്ഞനല്ലാതെ രാജ്യംനേടി ഏറെനാൾ വാഴുകയില്ല. ഈ പറയപ്പെട്ട കാര്യങ്ങൾ നല്ലപോലെ മനസ്സിലാക്കിയവൻ തീർച്ചയായും രാജ്യം നേടും. ഏറെനാൾ ഭരിക്കുകയും ചെയ്യും. രാജ്യം കൈയിലായി എന്നു വിചാരിച്ച് ഉചിതമല്ലാതെ പ്രവർത്തിച്ചുതുടങ്ങിയാൽ അവിനയം ശ്രീയെ എന്നപോലെ, സുന്ദരമായ രൂപത്തെ ജരയെന്നപോലെ അതു നശിപ്പിക്കും. ചൂണ്ടലിൽ ഇര കണ്ട മത്സ്യത്തെപ്പോലെ ലോഭമുള്ളവൻ കാര്യത്തിന്റെ ഭവിഷ്യത്തിനെപ്പറ്റി ചിന്തിക്കാതെ ഗ്രസിക്കുവാൻ കൊതിക്കുന്നു. ആപത്തിൽപ്പെടുകയും ചെയ്യുന്നു. വിഴുങ്ങിയാൽ ദഹിക്കുന്നതേ വിഴുങ്ങാവൂ! നന്മയെ പ്രതീക്ഷിക്കുന്ന ഏതൊരുത്തനും ഹിതമായി പരിണമിക്കുന്ന വസ്തു മാത്രമേ ഗ്രഹിക്കാവൂ. വൃക്ഷത്തിന്റെ പഴുക്കാത്ത ഫലം പറിച്ചെടുത്താൽ അതിന്ന് ആസ്വാദനയോഗ്യമായ രസം ഉണ്ടാവുകയില്ല. അതിന്റെ വിത്ത് മുളയ്ക്കുകയുമില്ല. യഥാകാലം പാകംവന്നു പഴുത്ത ഫലമാണ് സ്വീകരിക്കുന്നതെങ്കിൽ അത് ആസ്വദിക്കുവാൻ കൊള്ളാം. അവന്നു സുഖമായി അനുഭവിക്കാം. അതിന്റെ ബീജം മുളയ്ക്കുകയും അത് വീണ്ടും വൃക്ഷമായി ഫലത്തെ നല്കുകയും ചെയ്യും. പൂക്കൾക്കു കേടു സംഭവിക്കാതെ തേനീച്ച തേൻ സമ്പാദിക്കുന്ന മാതിരി മർത്ത്യരിൽനിന്ന് രാജാവ് അർത്ഥം നേടണം. അവരെ വേദനിപ്പിക്കാതെ നേടണം. പൂക്കൾതോറും തിരയണം; അവയെ മൂലച്ഛേദം വരുത്തരുത്.

പൂന്തോട്ടത്തിൽ പുഷ്പങ്ങൾ തേടുന്ന മാലാകാരനെപ്പോലെയല്ലാതെ മൂലച്ഛേദം ചെയ്യുന്ന വിറകുവെട്ടുകാരനെപ്പോലെയാകരുത്. ഏതൊരു കർമ്മത്തിനാരംഭിക്കുമ്പോഴും ഇങ്ങനെ ചെയ്യുന്നതുകൊണ്ട് തനിക്കെന്തു സംഭവിക്കുമെന്നും ഇങ്ങനെ ചെയ്യാതിരുന്നാൽ എന്തു സംഭവിക്കുമെന്നും നല്ലപോലെ ചിന്തിച്ചതിന്നു ശേഷംവേണം അതിൽ ഏർപ്പെടുകയോ ഏർപ്പെടാതിരിക്കുകയോ ചെയ്യുവാൻ. പൗരുഷത്താൽ ആകാത്തതും അരുതാത്തതുമായ കർമ്മങ്ങളിൽ ചെന്നു ചാടുന്നത് നിഷ്ഫലക്രിയനായി ഭവിക്കുവാൻ മാത്രമാണ്. പ്രസാദം കൊണ്ടും, ക്രോധം കൊണ്ടും യാതൊരു ഫലവുമില്ലാത്ത രാജാവിനെ ഭർത്താവായി ലോകർ, ഷണ്ഡനെ സ്ത്രീകൾ എന്നപോലെ, ഇച്ഛിക്കുകയില്ല.

അല്പോപായങ്ങളാൽ മഹാഫലങ്ങളോടുകൂടിയ അർത്ഥം നേടാമെന്നു കാണുമ്പോൾ മടിക്കാതെ ആ കാര്യത്തിൽ പ്രവേശിക്കണം. കണ്ണുകൊണ്ട് നുകരുന്നപോലെ കാര്യങ്ങൾ നേരെ കാണുന്നവൻ ഒന്നുംചെയ്യാതെ അടങ്ങിയിരുന്നാൽത്തന്നെ ജനങ്ങൾ എല്ലാം അവനിൽ ഇണങ്ങിനില്ക്കും. ചില വൃക്ഷങ്ങൾ നിറയെ പൂക്കും; എന്നാൽ അവ കായ്ക്കാറില്ല, കായ്കൾ നിറഞ്ഞ ചില വൃക്ഷങ്ങൾ ആർക്കും കയറുവാൻ പറ്റാത്തതായി

digitized by www.sreyas.in

നില്ക്കുന്നു. മറ്റു ചില വൃക്ഷങ്ങളിലെ കായ്കൾ പഴുക്കുകയി ല്ല. പക്വമായപോലെ തോന്നിപ്പിച്ച് ഒരിക്കലും കൊഴിഞ്ഞുവീ ഴാതെ അപക്വങ്ങളായി നില്ക്കുന്നു. ഗുണങ്ങളെല്ലാം തികഞ്ഞ തിലേ ജനങ്ങൾക്കു പ്രിയമുണ്ടാകൂ.

കണ്ണ്, കരള്, വാക്ക്, കർമ്മം എന്നീ നാലിനാലും ലോകത്തെ പ്രസാദിപ്പിക്കുന്നവനിൽ ലോകവും പ്രസാദിക്കും. മാനുകളെ വേടനെന്നപോലെ ലോകത്തെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന വൻ കടലോളം വിസ്തൃതമായ ഭൂമി മുഴുവൻ നേടിയാലും താഴെ വീഴുകയേയുള്ളൂ.

പിതൃപൈതാമഹമായ രാജ്യത്തെ നേടിയിട്ട് അപനയ ത്തിൽ നില്ക്കുകയാണെങ്കിൽ കാറ്റിനാൽ കാറെന്നപോലെ അവൻ ഭ്രംശിച്ച് അധഃപതിക്കും. പണ്ടുപണ്ടേ തുടങ്ങി സജ്ജനം നടന്നുവന്നപോലെ രാജാവ് ധർമ്മം ആചരിക്കുകയാണെങ്കിൽ വസുസമ്പൂർണ്ണമായ ഭൂമി ഐശ്വര്യവർദ്ധിനിയായി വർദ്ധിച്ചുവ രുന്നതു കാണാം. എന്നാൽ രാജാവു ധർമ്മത്തെ ഉപേക്ഷിച്ച് അധർമ്മത്തിന്നു തുനിയുകയാണെങ്കിൽ തീയിലിട്ട തോലു പോലെ ഭൂമി ചുക്കിച്ചുളിഞ്ഞുപോകും. രാജാവ് ശത്രുരാജ്യമർദ്ദ നത്തിന്നായി എത്രത്തോളം യത്നിക്കുന്നുവോ അത്രത്തോളം തന്നെ സ്വരാജ്യപരിപാലനത്തിലും പ്രയത്നം ചെയ്യണം. ധർമ്മാ നുസരണം രാജ്യം നേടുകയും ധർമ്മാനുസരണം രക്ഷിക്കു കയും വേണം. ധർമ്മത്താൽ ലഭിക്കുന്ന ശ്രീ ഒരിക്കലും നശിക്കു കയോ ക്ഷയിക്കുകയോ ഇല്ല.

ഉന്മത്തന്മാരുടെ പ്രലാപത്തിൽനിന്നും ബാലന്മാരുടെ ആലാപത്തിൽനിന്നും കാര്യങ്ങൾ ഗ്രഹിക്കാം. അവ അകാര്യ മായി കരുതരുത്. കല്ലിൽനിന്ന് സ്വർണ്ണം എടുക്കുന്നതുപോലെ അവയിലും കാര്യങ്ങൾ അടങ്ങിയിരിക്കാം. പണ്ഡിതന്മാരുടെ വാക്കുകൾ, പിതൃമാതൃഗുരുവാക്യങ്ങൾ, അവരാൽ ഉപദേശിക്ക പ്പെടുന്ന കാര്യങ്ങൾ എന്നിവയിൽനിന്നുള്ള കാര്യം, ശിലാഹരൻ (കല്ലരിച്ചെടുക്കുന്നവൻ) കല്ല് എടുക്കുന്നതുപോലെ അരിച്ചെടു ക്കണം. ഗന്ധംകൊണ്ട് പശുക്കൾ കാണുന്നു; വേദംകൊണ്ട് വിപ്ര ന്മാർ കാണുന്നു. ചാരന്മാരെക്കൊണ്ട് രാജാക്കന്മാർ കാണുന്നു. സാധാരണ ജനങ്ങൾ കണ്ണുകൊണ്ടു കാണുന്നു. കറക്കുവാൻ സമ്മതിക്കാത്ത പശുവിനെ കറക്കുവാൻ വളരെ ക്ലേശപ്പെടേണ്ടി വരുന്നു. സുഖമായി കറക്കുവാൻ സമ്മതിക്കുന്ന പശുവിനെ ആരും ക്ലേശിപ്പിക്കുകയില്ല. തപിക്കാതെ വണങ്ങുന്ന ഒന്നിനെ ആരും തപിപ്പിക്കുകയില്ല. താനേ വളഞ്ഞ വടിയെ പിന്നെ ആരും വാട്ടി വളയ്ക്കേണ്ടതായി വരുന്നില്ലല്ലോ. ഈ ദൃഷ്ടാന്തംകൊണ്ട് ധീരൻ ബലവാനെ വണങ്ങണം. ഇന്ദ്രനെ നമസ്കരിക്കുന്നതു പോലെയാണ് ബലവാനെ വണങ്ങുന്നത്.

മേഘത്തിന് അധീനകളാണു പശുക്കൾ! രാജാവിന്നു ബ ന്ധു മന്ത്രിയാണ്, സ്ത്രീക്ക് ഭർത്താവും, ബ്രാഹ്മണന്ന് വേദവും ബന്ധുവായി നില്ക്കുന്നു. ധർമ്മം സത്യത്താൽ രക്ഷിക്കപ്പെടു ന്നു. വിദ്യ അഭ്യാസത്താൽ കാത്തുരക്ഷിക്കപ്പെടുന്നു. നിത്യവും തുടയ്ക്കുന്നതുമൂലം അഴകും രക്ഷിക്കപ്പെടുന്നു. കുലം വൃത്ത ഗുണത്താൽ രക്ഷിക്കപ്പെടുന്നു. ധാന്യത്തിന്ന് അളവും, അശ്വ ത്തിന്നു വ്യായാമവും പശുവിന്നു ശുശ്രൂഷയും, സ്ത്രീക്ക് കുചേ ലതയുമാണു രക്ഷ.

വൃത്തഹീനൻ കുലീനനായതുകൊണ്ട് ശ്രേഷ്ഠനാകുന്നി ല്ല. അന്ത്യജനായാലും സ്ദ്വൃത്തനായാൽ ശ്രേഷ്ഠനാണ്. അന്യ ന്നുള്ള വിത്തം, രൂപം, വീര്യം, കുലം, സുഖം, സൗഭാഗ്യം, സൽ ക്കാരം മുതലായവ കണ്ട് ഈർഷ്യയുണ്ടായാൽ അത് അവന്നു സുഖസൗഭാഗ്യമാനങ്ങളെ ഹനിക്കുന്ന വ്യാധിയാകുന്ന അന്ത കനായി ഭവിക്കും.

അകാര്യങ്ങൾ ചെയ്യുന്നതിലും, വേണ്ടകാര്യം ചെയ്യാതിരി ക്കുന്നതിലും, അകാലത്തിലെ മന്ത്രഭേദത്തിലും ഭീതനായവൻ മാദനത്തെ (മദ്യസേവയെ) വർജ്ജിക്കണം.

വിദ്യാമദം, ധനമദം, കുലമദം ഇവ മൂന്നും ഗർവ്വിഷ്ഠന്മാ രുടെ 'മദ' മാണ്. ഇവ സത്തുക്കളിൽ 'ദമ' മാണ്. ദുർജ്ജനങ്ങ ളോട് എപ്പോഴെങ്കിലും വല്ല കാര്യവും സജ്ജനങ്ങൾ അർത്ഥി ച്ചുചെന്നാൽ ആ കാര്യം ഒരിക്കലും വേണ്ടതുപോലെ ചെയ്തു കൊടുക്കുകയില്ല. എന്നുമാത്രമല്ല ദുർജ്ജനമെന്ന് പ്രസിദ്ധരായ അവർ തങ്ങൾ സജ്ജനമാണെന്നു തന്നെത്താൻ ഭാവിക്കുന്ന തിന്നു സജ്ജനങ്ങളുടെ ആ അർത്ഥതയെ ഹേതുവാക്കിത്തീർ ക്കുകയും ചെയ്യും. സത്തുക്കളാണ് ആത്മവാന് ആശ്രയം. സത്തു ക്കൾതന്നെയാണ് സത്തുക്കൾക്ക് ഗതി. ദുർജ്ജനത്തിന്നും സത്തുക്കളേ ഗതിയായി ഭവിക്കുന്നുള്ളൂ. ദുഷ്ടൻ ഒരിക്കലും സജ്ജനത്തിന്നു ഗതിയായി ഭവിക്കുന്നില്ല.

മോടിയിൽ നല്ല വസ്ത്രം ധരിച്ചാൽ സഭയിൽ കയറിയിരി ക്കാൻ കഴിഞ്ഞേക്കാം. പശുവുള്ളവന്ന് ഉപജീവനം ലഭിക്കാം. വാഹനമുള്ളവന്ന് വഴിയെ ജയിക്കാം. ശീലവാനായ പുരുഷന്ന് എവിടേയും വിജയമാണ്! പുരുഷന്ന് ശീലമാണ് പ്രധാനം. ശീലം നശിച്ചാൽ അവന്ന് ധനംകൊണ്ടോ, ബന്ധുക്കളെക്കൊണ്ടോ, ജീവനെക്കൊണ്ടോ, യാതൊരു പ്രയോജനവുമില്ല. അവന്റെ ജീവൻ പാഴിലാണ്. ആഢ്യന്മാർക്കു മാംസവും, മദ്ധ്യമന്മാർക്ക് ഗോരസവും, ദരിദ്രന്മാർക്ക് തൈലവുമാണ് ഉത്തമായ ഭോജനം.

ദരിദ്രന്മാർ എപ്പോഴും വിശിഷ്ടവും ആസ്വാദ്യവുമായ ആ ഹാരമേ ഭുജിക്കുന്നുള്ളൂ. വിശപ്പാണല്ലോ ഭക്ഷണത്തിന്ന് സ്വാദു ണ്ടാക്കുന്നത്. അത് ആഢ്യന്മാർക്ക് അതിദുർല്ലഭമാണ്.

ലോകത്തിൽ പ്രായേണ ധനവാന്മാർ ഭോജനപാടവം കുറ ഞ്ഞവരാണ്. ദരിദ്രന്മാർക്കാകട്ടെ വിറകുതിന്നാൽപ്പോലും ദഹി ക്കും. ഉപജീവനത്തിന്നു മാർഗ്ഗം കാണാത്തതിലാണ് നീച ന്മാർക്കു ഭയം. മദ്ധ്യമന്മാർ മരണത്തെ ഭയപ്പെടുന്നു. എന്നാൽ ഉത്തമന്മാരുടെ ഭയം ഭക്ഷണമില്ലായ്മയിലോ, മരണത്തിലോ അല്ല. അവർ അവമാനത്തെയാണു ഭയപ്പെടുന്നത്.

മദ്യപാനാദികളായ എല്ലാ മദത്തേക്കാളും മേലെയുള്ള മദം ഐശ്വര്യമദമാണ്. ഐശ്വര്യദുർമ്മദോന്മത്തൻ വീഴ്ചപറ്റിയ ല്ലാതെ ഉണരുകയില്ല.

വിഷയങ്ങളിൽ നില്ക്കാത്തതായ ഇന്ദ്രിയങ്ങൾകൊണ്ട്, നിയന്ത്രിക്കാൻ കഴിയാത്ത ഇന്ദ്രിയങ്ങൾകൊണ്ട്, ഗ്രഹങ്ങളുടെ ആക്രമണത്താൽ നക്ഷത്രങ്ങളെന്നപോലെ ലോകത്തെ തപിക്കു ന്നതാണ്. സഹജമായി ജീവിതത്തെ വലയ്ക്കുന്ന പഞ്ചേന്ദ്രിയ ങ്ങൾക്ക് അധീനനായാൽ അവനിൽ ശുക്ലപക്ഷത്തിലെ ചന്ദ്രനെ തമസ്സെന്നപോലെ ആപത്തുവന്ന് കയറിക്കൂടും. സ്വന്തം മന സ്സിനെ കീഴടക്കാതെ അമാത്യന്മാരെ കീഴടക്കുവാൻ നോക്കിയിട്ട് ഫലമുണ്ടാകയില്ല. അമാത്യന്മാരെ കീഴടക്കാതെ ശത്രുക്കളോടും യുദ്ധത്തിന്നു പോയാൽ എങ്ങനെ അവൻ തോറ്റ് നശിച്ചുപോ കാതിരിക്കും? സ്വന്തം മനസ്സിനെത്തന്നെ ഒന്നാമത്തെ ശത്രുവായി കരുതണം. പിന്നെ അമാത്യന്മാരേയും ശത്രുവിനേയും കരുതു ക. അങ്ങനെ കരുതി പ്രവർത്തിക്കുന്നവന്ന് ഒരിക്കലും വിജയം സിദ്ധിക്കാതിരിക്കയില്ല. ഇന്ദ്രിയങ്ങളെ ജയിക്കുകയും, ആത്മാ വിനെ കീഴടക്കുകയും ചെയ്തതിന്നുശേഷം അപരാധികളെ ശിക്ഷിക്കുന്നതിൽ ജാഗ്രതയുള്ളവനായി സൂക്ഷിച്ചു പ്രവർത്തി ക്കുന്ന ധീരൻ ഐശ്വര്യത്തിന്ന് ആസ്പദനായി ഭവിക്കും.

പുരുഷന്ന് അവന്റെ ശരീരം രഥമാകുന്നു. മനസ്സ് സൂതനാ കുന്നു. ഇന്ദ്രിയങ്ങൾ കുതിരകളാകുന്നു. ഇണങ്ങിയ കുതിരകളെ പൂട്ടിയ രഥം പോലെ ഇന്ദ്രിയങ്ങളെ കീഴടക്കിയവൻ സുഖമായി ജീവിതയാത്ര ചെയ്യും. ഇണങ്ങാത്ത കുതിരകളെപ്പൂട്ടിയ രഥ ത്തിൽ സഞ്ചരിക്കുന്ന വിഡ്ഢിയായ സാരഥി മരണത്തിന്ന് പാത്ര മായേക്കാമെന്നപോലെ ഇന്ദ്രിയങ്ങളെ അടക്കാത്തവൻ അപക ടത്തിൽ ചാടുന്നതാണ്. അജിതേന്ദ്രിയനായ മൂഢൻ അനർ ത്ഥത്തെ അർത്ഥമായിക്കാണുന്നു. അർത്ഥത്തെ അനർത്ഥമായും കാണുന്നു. അവൻ ദുഃഖത്തെ സൗഖ്യമായും കാണുന്നു.

ഇന്ദ്രിയങ്ങൾക്ക് അധീനനായി ധർമ്മാർത്ഥങ്ങളെ പരിത്യ ജിക്കുന്നവൻ ശ്രീയേയും, ധനത്തേയും, പ്രാണനേയും, ദാരങ്ങ ളേയും ഉടനെ നശിപ്പിക്കും.

digitized by www.sreyas.in

അർത്ഥങ്ങളുടെ ഈശ്വരനായവൻ ഇന്ദ്രിയങ്ങൾക്ക് അനീശ്വരനാകുന്നു. അങ്ങനെ ഇന്ദ്രിയൈശ്വര്യമില്ലാത്തവൻ ഐശ്വര്യഭ്രഷ്ടനായിത്തീരുന്നു. ചിത്തം, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവയാൽ ആത്മാവിനെ ആത്മാവിൽ നിർത്തണം. തനിക്കു ബന്ധു താൻതന്നെയാണ്. തന്നെത്താൻ കീഴടക്കാത്തവന്ന് താൻതന്നെ ശത്രുവായി ഭവിക്കും. ആത്മാവിനാൽ ആത്മാവിനെ ജയിക്കുന്നവന്ന് ആത്മാവ് ബന്ധുവാകും. അടങ്ങിയാൽ അവൻ ബന്ധുവാകും; അടങ്ങാഞ്ഞാൽ അവൻ ശത്രുവാകും.

ചെറിയ കണ്ണിയുള്ള വലയിൽപ്പെട്ട വലിയ മത്സ്യം എങ്ങനെ വലയെപ്പൊളിക്കുന്നുവോ അതുപോലെ കാമക്രോധങ്ങൾ പ്രജ്ഞാനത്തെ അറുത്ത് ശിഥിലമാക്കും. ധർമ്മാർത്ഥങ്ങളെ നോക്കിയറിഞ്ഞ് ഒരുക്കംകൂട്ടുന്നവൻ, സംയമംചെയ്യുന്നവൻ, സുഖിക്കുന്നു.

മനോമയമായി ഉള്ളിലുള്ള അഞ്ചു വൈരിയേയും ജയിക്കാത്തവൻ മറ്റു ശത്രുക്കളെ ജയിക്കുവാൻ മുതിർന്നാൽ ശത്രുവായിരിക്കും ജയിക്കുന്നവൻ.

യോഗ്യന്മാരായ രാജാക്കന്മാർപോലും ഇന്ദ്രിയങ്ങൾക്ക് ദാസന്മാരായി ഐശ്വര്യവിലാസങ്ങൾകൊണ്ടും സ്വകർമ്മങ്ങൾകൊണ്ടും ബദ്ധരായി രാജ്യഭ്രാന്തന്മാരായിക്കാണുന്നത് കഷ്ടം തന്നെ!

ദുഷ്ടന്മാരെ ഉപേക്ഷിച്ചില്ലെങ്കിൽ അവരുടെയിടയിൽ നിൽക്കുന്ന ശിഷ്ടന്മാർക്കും തുല്യമായ ദുഃഖം വന്നുകൂടും. ഉണക്കക്കൊള്ളിയുടെ ഇടയിൽക്കിടക്കുന്ന പച്ചവിറകും കത്തിപ്പോകുന്നു. അതുകൊണ്ട് പാപാത്മാക്കളോട് ഒരിക്കലും ചേർന്നുനില്ക്കരുത്.

അഞ്ചു കാര്യത്തിന്നായി നില്ക്കുന്ന ആത്മശത്രുക്കളായ അഞ്ചു പേരേയും തെറ്റിദ്ധാരണമൂലം വിജയിക്കുവാൻ ശ്രമിക്കാത്തവനെ ആപത്തുവന്ന് വിഴുങ്ങിക്കളയും.

അനസൂയ, ആർജ്ജവം, ശൗചം, സംതൃപ്തി, പ്രിയഭാഷണം, ദമം, സത്യം, അചാപല്യം ഇവ എട്ടു ദുഷ്ടന്മാർക്കു കിട്ടാത്ത ഗുണങ്ങളാണ്. ഹേ ഭാരതാ, ആത്മജ്ഞാനം, അചാപല്യം, ധർമ്മനിഷ്ഠ, തിതിക്ഷ, ദാനം, സൂക്ഷിച്ചുള്ള സംസാരം ഇവയൊന്നും നീചന്മാർക്ക് ലഭിക്കുകയില്ല. രൂക്ഷമായ വാക്ക്, നിന്ദ ഇവകൊണ്ട് ബുധന്മാരെ ജളന്മാർ ഹിംസിക്കും. അവ പറയുന്നവൻ അതിന്റെ പാപം ഏല്ക്കുകയും ആ വാക്കുകേട്ടു സഹിക്കുന്നവൻ പാപമുക്തനാവുകയുംചെയ്യും. ദുഷ്ടന്മാർക്കു ബലം ഹിംസയാണ്; രാജാക്കന്മാർക്കു ബലം ദണ്ഡനമാണ്; സ്ത്രീകൾക്കു ബലം ശുശ്രൂഷയാണ്; മുനിമാർക്കു ബലം ക്ഷമയാണ്.

വാക്ക് അടക്കുക എന്നത് അസാദ്ധ്യമാണ്. രാജാവേ, സാരഗർഭമായും, ഭംഗിയായും സംസാരിക്കുവാനും വിഷമമാണ്. വാക്ക് നന്നായി പറയുകയാണെങ്കിൽ പല നന്മകളേയും ഉണ്ടാക്കുന്നു. ചീത്തയായി പറയുകയാണെങ്കിൽ ആ വാക്ക് പല അനർത്ഥങ്ങളും വരുത്തിക്കൂട്ടും.

അമ്പുകൊണ്ട് ഉണ്ടാകുന്ന വ്രണം ഉണങ്ങും. മഴുകൊണ്ടു വെട്ടിവീഴ്ത്തിയ കാട് വീണ്ടും മുളച്ചുതഴയ്ക്കും. എന്നാൽ കേൾക്കവയ്യാത്ത വാക്ക് പറഞ്ഞിട്ടുണ്ടാകുന്ന 'വാഗ്വ്രണം' ഒരിക്കലും പൊറുക്കുകയില്ല. കർണ്ണിനാളീകനാരാചങ്ങൾ ദേഹത്തിലേറ്റാൽ പറിച്ചുനീക്കാം. എന്നാൽ കരളിൽ ഏറ്റ വാക്ശരത്തെ പറിച്ചുനീക്കുവാൻ കഴിയുകയില്ല. വായിൽനിന്നു പറപ്പെടുന്ന വാക്കാകുന്ന ബാണം ഏറ്റവൻ രാവും പകലും വേദനിച്ച് ദുഃഖിതനാകുന്നു. അത് അന്യന്റെ മർമ്മത്തിലല്ലാതെ ചെന്നുകൊള്ളുകയുമില്ല. അങ്ങനെയുള്ള വാക്ശരം അന്യനെ നോക്കി പണ്ഡിതന്മാർ തൊടുത്തുവിടരുത്.

ദേവന്മാർ ഏതൊരുത്തനിൽ പരാജയത്തെ ദർശിക്കുന്നുവോ അവന്റെ ബുദ്ധിക്ക് അപകർഷം ബാധിച്ച് അവൻ നീചകർമ്മങ്ങളെ മാത്രം കാണുന്നു. ബുദ്ധിക്ക് കലുഷതപറ്റി നാശകാലം അടുത്താൽ അനീതി നീതിയായി അവൻ എപ്പോഴും ഉള്ളിൽ കരുതുന്നതായിരിക്കും.

ഹേ രാജാവേ, ഭവാന്റെ പുത്രന്മാർക്കു ബുദ്ധി പിഴച്ചിരിക്കുന്നു. പാണ്ഡവന്മാരിലുള്ള വൈരംനിമിത്തം ഭവാൻ അവരെ നോക്കുന്നുമില്ല.

ലക്ഷണയുക്തനായ രാജാവ് മൂന്നു ലോകത്തിന്നും അധിപനാകും. ഹേ ധൃതരാഷ്ട്രാ, നിന്റെ ശിഷ്യനാണ്. നീ പാലിക്കേണ്ടവനാണ് യുധിഷ്ഠിരൻ. നിന്റെ എല്ലാ പുത്രന്മാരിലുംവെച്ച് സൽഗുണംകൊണ്ട് ഭാഗ്യത്താൽ മുന്തിനില്ക്കുന്നവനാണ്. തേജസ്സും പ്രജ്ഞയും ചേർന്നവനാണ്, ധർമ്മാർത്ഥങ്ങളുടെ കാതൽ കണ്ടവനാണ്. കൃപയാലും ആനൃശംസ്യത്താലും അവൻ ധർമ്മിഷ്ഠന്മാരിൽവെച്ച് ശ്രേഷ്ഠനാണ്. ഹേ പ്രഭോ, ഭവാൻ ഗുരുവാണല്ലോ എന്നു ചിന്തിച്ച്, ആ സൽഗുണസമ്പന്നൻ എല്ല ക്ലേശങ്ങളേയും സഹിച്ചുവരികയാണ്."

35. വിദുരഹിതവാക്യം – ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, ബുദ്ധിമാനായ വിദുരാ! ധർമ്മാർത്ഥപൂർണ്ണമായ വാക്കുകൾ ഭവാൻ വീണ്ടും പറഞ്ഞാലും. ഭവാൻ വിചിത്രമായി മനോഹരമായി, പറയുന്ന വാക്കുകൾ കേൾക്കുംതോറും വീണ്ടുംവീണ്ടും കേൾക്കണമെന്ന് എനിക്കാഗ്രഹമുണ്ടാകുന്നു; തൃപ്തിവരുന്നില്ല."

വിദുരൻ തുടർന്നു: 'എല്ലാ തീർത്ഥത്തിലും സ്നാനംചെയ്യുന്നത് പുണ്യമാണ്. എല്ലാ ജീവികളിലും ആർജ്ജവമുണ്ടായാൽ അതും പുണ്യമാണ്. ഇവ രണ്ടും തുല്യമാണെന്നുണ്ടെങ്കിലും കനം കൂടിയ പുണ്യം ആർജ്ജവമാണ്. ആർജ്ജവമില്ലാത്തവന്ന് തീർത്ഥസ്നാനംകൊണ്ട് പ്രയോജനമൊന്നും ലഭിക്കുകയില്ല. ഭവാന് പുത്രന്മാരിൽ ആർജ്ജവമുണ്ടാകട്ടെ. അങ്ങനെ അവരിൽ ആർജ്ജവം കാണിച്ചാൽ ഭവാൻ സൽക്കീർത്തിമാനായി ഭവിക്കും. സൽക്കീർത്തി സമ്പാദിച്ചു മരിച്ചാൽ സ്വർഗ്ഗം ലഭിക്കും. പുണ്യമായ കീർത്തി ലോകത്തിൽ നില്ക്കുന്നിടത്തോളം കാലം ഭവാനു സ്വർഗ്ഗലോകത്ത് പൂജ്യമായ സ്ഥാനമുണ്ടായിരിക്കും. പുത്രസ്നേഹംമൂലം ആർജ്ജവം വിടരുതെന്നുള്ളതിന്ന് ഉദാഹരണമായി പണ്ടുള്ളവർ പറഞ്ഞുവരാറുള്ള ഒരു കഥ ഞാൻ പറയാം. കേശിനിക്കുവേണ്ടി സുധന്വാവും വിരോചനനും തമ്മിൽ നടന്ന ഒരു വിവാദമാണ് കഥാവിഷയം.

കേശിനി എന്ന അതിലാവണ്യവതിയായ ഒരു കന്യക സ്വയംവരത്തിന്നായി വിശിഷ്ടനായ ഒരു പതിയെ കിട്ടണമെന്ന് ആഗ്രഹിച്ചു നാൾകഴിച്ചു. സുധന്വാവ് എന്നുപേരായ ഒരു ബ്രാഹ്മണയുവാവിനെയാണ് അവൾ കാമിച്ചത്. എന്നാൽ പ്രഹ്ലാദന്റെ പുത്രനായ വിരോചനൻ എന്ന ദൈത്യൻ അവളെ കാംക്ഷിച്ച് അവിടെച്ചെന്നു. അപ്പോൾ ആ ദൈത്യനോടു കേശിനി പറഞ്ഞു.

കേശിനി പറഞ്ഞു: "ഹേ വിരോചനാ, ബ്രാഹ്മണരോ ദൈത്യന്മാരോ ആരാണ് മുന്തിനില്ക്കുന്നവർ? സുധന്വാവ് എന്നോടൊപ്പം മെത്തകയറുമ്പോൾ യോഗ്യതകൊണ്ട് ഭവാന് അത് തടയുവാൻ അർഹതയുണ്ടോ?"

വിരോചനൻ പറഞ്ഞു: "ഞങ്ങൾ പ്രജാപതിയിൽനിന്നു ജനിച്ച ശ്രേഷ്ഠന്മാരാണ്. ഈ ലോകമെല്ലാം ഞങ്ങളുടേതാണ്. സത്തമന്മാരായ ഞങ്ങളുടെ മുമ്പിൽ ഈ വാനരന്മാരെവിടെ? ബ്രാഹ്മണരെവിടെ?"

കേശിനി പറഞ്ഞു: "എന്നാൽ സുധന്വാവ് വരുന്നത് നമുക്കു കാത്തിരിക്കാം. ആ ബ്രാഹ്മണൻ നാളെ ഇവിടെ എത്തും. നിങ്ങളെ രണ്ടുപേരേയും ഒന്നിച്ച് ഞാൻ കാണട്ടെ!"

വിരോചനൻ പറഞ്ഞു: "ഹേ ഭദ്രേ, ഭീരു, എന്നാൽ അങ്ങനെ തന്നെയാവട്ടെ. നീ പറഞ്ഞവിധത്തിൽ ഞാൻ ചെയ്യാം. സുധന്വാവിനോടുകൂടി എന്നെ നാളെ പ്രഭാതത്തിൽ ഭവതിക്കു കാണാം."

വിദുരൻ പറഞ്ഞു: "രാത്രി കഴിഞ്ഞു. പിറ്റേദിവസം ആദിത്യൻ ഉദിച്ചുയർന്നു വിരോചനൻ കേശിനിയോടുകൂടി ഇരിക്കുന്ന സ്ഥലത്ത് സുധന്വാവ് ചെന്നെത്തി. പ്രഹ്ലാദപുത്രനായ വിരോചനനേയും കേശിനിയേയും അവൻ ദർശിച്ചു. ബ്രാഹ്മണൻ എത്തിയ ഉടനെ കേശിനി എതിരേറ്റ് ആസനംനല്കി. പാദ്യാർഘ്യങ്ങൾ നല്കി.

digitized by www.sreyas.in

സുധന്വാവ് പറഞ്ഞു: "ഹേ, പ്രഹ്ലാദപുത്രാ! നാം തമ്മിലുള്ള സൗഹൃദത്തെ, ചിന്തിച്ച് ഭവാന്റെ ഈ സ്വർണ്ണപീഠം ഞാൻ ഒന്നു തൊടുകമാത്രം ചെയ്യാം. ഭവാനോടൊപ്പം ഒരേയൊരു ആസനത്തിൽ എനിക്ക് ഇരിക്കുവാൻ പാടില്ല."

വിരോചനൻ പറഞ്ഞു: "യോഗ്യനായ ഭവാന് പലകയോ പുൽപ്പായയോ തരാം. ഹേ, സുധന്വാവേ, ഭവാന് എന്റെ ഒപ്പം ഇരിക്കുവാൻ യോഗ്യതയില്ല. അച്ഛൻ മക്കളോടൊപ്പം ഇരിക്കും. വിപ്രന്മാരും, ഭൂസുരേന്ദ്രന്മാരും ചേർന്നിരിക്കും. എന്നാൽ വൃദ്ധന്മാരായ വൈശ്യന്മാരും ശൂദ്രന്മാരും കൂടിക്കലർന്ന് ഇരിക്കാറില്ല. നിന്റെ അച്ഛൻ ഞാൻ ഇരിക്കുമ്പോൾ താഴെനിന്നു ഭജിക്കും. ഞാൻ ബാലനായിരുന്നകാലത്ത് കണ്ടിട്ടുള്ളതാണ്. ഭവാനും അത് അറിവുള്ളതല്ലേ?"

വിരോചനൻ പറഞ്ഞു: "എന്നാൽ നാം പണയംവെച്ചു തീരുമാനിക്കാം. ദൈത്യന്മാരുടെ സ്വർണ്ണവും, പശുക്കളും, കുതിരകളും പണയംവെച്ച് ആർക്കാണു ശ്രേഷ്ഠത്വമെന്നു തീരുമാനിക്കാം. വിദ്വാന്മാരോടു ചോദിക്കാം."

സുധന്വാവ് പറഞ്ഞു: "സ്വർണ്ണം, പശു, അശ്വം ഇതൊക്കെ അവിടെ നില്ക്കട്ടെ. നാം തമ്മിൽ പ്രാണൻതന്നെ പണയംവെച്ച് അറിവുള്ളവരോടു ചോദിക്കാം."

വിരോചനൻ പറഞ്ഞു: "പ്രാണൻ പണയമായി വെച്ച് ആരുടെ അടുത്തേക്കാണ് പോകേണ്ടത്? ദേവന്മാരുടേയോ മനുഷ്യരുടേയോ മുമ്പിലേക്കു ഞാൻ ഒരിക്കലും പോകുന്നതല്ല. അക്കാര്യം തീർച്ചയാണ്!"

സുധന്വാവ് പറഞ്ഞു: "നാം നിന്റെ അച്ഛന്റെ അടുത്തേക്കു തന്നെ പോവുക. പ്രാണൻ പണയംവെച്ചിട്ടാണ് വാദിക്കുന്നതെന്ന് അദ്ദേഹത്തോടു പറയുകയും ചെയ്യാം. പുത്രന്നുവേണ്ടിയായാലും പ്രഹ്ലാദൻ അസത്യം പറയുകയില്ല."

വിദുരൻ പറഞ്ഞു: "ഇപ്രകാരം പ്രാണൻ പണയംവെച്ച് വാശിയോടുകൂടി വിരോചനനും സുധന്വാവും പ്രഹ്ലാദന്റെ സമീപത്തുചെന്നു.

പ്രഹ്ലാദൻ പറഞ്ഞു: "ഒരുമിച്ചു സഞ്ചരിക്കാറില്ലാത്ത ഇവർ തമ്മിൽ സ്പർദ്ധിച്ച സർപ്പങ്ങൾപോലെ ഒരേവഴിക്കു വരുന്നത് എന്തു കാരണത്താലാണാവോ? എടോ വിരോചനാ, മുമ്പെങ്ങും ചേർന്നു നടന്നിട്ടില്ലാത്ത നിങ്ങൾ ഇപ്പോൾ സഹകാരികളായി ത്തീർന്നത് എങ്ങനെ? നീയും സുധന്വാവും തമ്മിൽ സഖ്യമുണ്ടോ വിരോചനാ?"

വിരോചനൻ പറഞ്ഞു: "എനിക്ക് സുധന്വാവുമായി സഖ്യമില്ല. ഞങ്ങൾ ജീവൻ പന്തയംവെച്ച് വാദിച്ചിരിക്കുകയാണ്. ഭവാനോടു ഞാൻ തത്ത്വം ചോദിക്കുന്നു. പൊളി പറയരുത്."

പ്രഹ്ലാദൻ പറഞ്ഞു: "സുധന്വാവിന്നായി ജലവും മധുപർക്കവും കൊണ്ടുവരട്ടെ! മധുപർക്കത്തിന്ന് തടിച്ചുകൊഴുത്ത വെള്ളപ്പശു തയ്യാറുണ്ട്. ബ്രാഹ്മണേന്ദ്രാ. ഭവാൻ പൂജ്യനാണല്ലോ!"

സുധന്വാവ് പറഞ്ഞു: "എനിക്കു വഴിക്കുവെച്ചുതന്നെ വെള്ളവും മധുപർക്കവും കിട്ടിയിരിക്കുന്നു. ഹേ പ്രഹ്ലാദാ, ഞാൻ ചോദിക്കുന്ന ചോദ്യത്തിന്ന് ഭവാൻ സത്യമായി മറുപടി പറയണം. ബ്രാഹ്മണരോ അതോ ഈ വിരോചനദൈത്യനോ ആരാണ് കൂടുതൽ യോഗ്യരായവരെന്നു പറഞ്ഞാലും!"

പ്രഹ്ലാദൻ പറഞ്ഞു: "ഒരാൾ എന്റെ പുത്രനാണ്. ഹേ, ബ്രാഹ്മണാ! ഭവാനാകട്ടെ, നേരെവന്ന് കയറിയ അതിഥിയാണ്. നിങ്ങൾ തമ്മിൽ വാദിച്ച് ചോദിച്ചാൽ ഞാൻ എന്തു പറയും?"

സുധന്വാവ് പറഞ്ഞു: "പശുക്കളേയോ ഇഷ്ടധനത്തേയോ ഭവാൻ പുത്രന്നായി നല്കിക്കൊള്ളുക. രണ്ടുപേർ തമ്മിൽ വാദിക്കുമ്പോൾ പുത്രനെന്നോ അതിഥിയെന്നോ നോക്കാതെ ധീമാനായ ഭവാൻ സത്യം പറയണം."

പ്രഹ്ലാദൻ പറഞ്ഞു: "സത്യമോ അസത്യമോ ഒന്നും പറയാതെയിരുന്നാൽ എന്താണ് ഉണ്ടാവുക? സുധന്വാവേ, ദുഷ്ടവാദി ചോദിക്കാം എവിടെയാണ് അവൻ നില്ക്കുകയെന്ന്."

സുധന്വാവ് പറഞ്ഞു: "ദുർവ്യാഖ്യാതാവിന്ന്, തെറ്റിപ്പറയുന്നവന്ന്, എന്തുണ്ടാകുമെന്ന് പറയാം. സപത്നി വന്നു കൈയേറിയ സ്ത്രീക്കും, ചൂതാടി തോറ്റുപോയവന്നും, ഭാര്യാർത്തന്നും ഉണ്ടാകുന്ന ദുഃഖകരമായ രാത്രി അവനുണ്ടാകും. യുദ്ധത്തിൽ പരാജിതനായി, വിശപ്പു സഹിക്കാതെ ഓടിപ്പോയവൻ നഗരത്തിന്നു പുറത്ത് തടഞ്ഞുനില്ക്കുമ്പോൾ വീണ്ടും ശത്രുക്കളെ കണ്ടുമുട്ടിയാൽ ഉണ്ടാകുന്ന ദുഃഖം എത്ര കനപ്പെട്ടതാണോ, അത്ര കടുത്ത ദുഃഖം കള്ളസ്സാക്ഷി പറഞ്ഞവന്ന് ലഭിക്കും. ആടിന്നു വേണ്ടി നുണ പറഞ്ഞവന്ന് അഞ്ചുപേരെ കൊന്ന പാപം ഉണ്ടാകും. പശുവിന്നുവേണ്ടി നുണപറഞ്ഞവന്ന് പത്തുപേരെ കൊന്ന പാപം ലഭിക്കും. കുതിരയ്ക്കുവേണ്ടി നുണ പറഞ്ഞവന്ന് നൂറുപേരെ വധിച്ചവന്നുള്ള പാപം ബാധിക്കും. പുരുഷനുവേണ്ടി നുണ പറഞ്ഞാൽ ആയിരംപേരെ കൊന്ന പാപമാണു ലഭിക്കുക. സ്വർണ്ണത്തിന്നു നുണ പറയുന്നവന്ന്, ജനിച്ചവരേയും ജനിക്കുവാൻപോകുന്നവരേയുമൊക്കെ കൊന്ന ഫലമാണ് ഉണ്ടാവുക. ഭൂമിക്കുവേണ്ടിയാണ് നുണ പറയുന്നതെങ്കിൽ അവന്ന് സർവ്വക്ഷയമാണു ഫലം ഭൂമിതുല്യയാണ് എനിക്ക് കേശിനി. ഭവാൻ ഇക്കാര്യത്തിൽ അസത്യം പറയരുത്."

പ്രഹ്ലാദൻ പറഞ്ഞു: "എടോ വിരോചനാ, സുധന്വാവിന്റെ പിതാവായ അംഗിരസ്സ് എന്നേക്കാൾ ശ്രേഷ്ഠനാണ്. നിന്നേക്കാൾ ശ്രേഷ്ഠനാണ് സുധന്വാവ്. നിന്റെ മാതാവിനേക്കാൾ സുധന്വാവിന്റെ മാതാവിന്ന് ശ്രേഷ്ഠത്വം കൂടും. അതുകൊണ്ട് നീ സുധന്വാവിനാൽ ജിതനായിരിക്കുന്നു. ഇപ്പോൾ നിന്റെ ജീവന്റെ ഈശ്വരൻ സുധന്വാവാണ്. ഹേ സുധന്വാവേ, ഭവാന് എന്നിൽ കരുണയുണ്ടാകണം. അങ്ങ് ഇപ്പോൾ എനിക്ക് വിരോചനനെ വിട്ടുതരുമെന്ന് ഞാൻ ആശിക്കുന്നു."

സുധന്വാവ് പറഞ്ഞു: "ഹേ പ്രഹ്ലാദാ, ഭവാൻ കാമത്താൽ അനൃതം പറഞ്ഞില്ല. സത്യത്തെത്തന്നെ പറഞ്ഞതുകൊണ്ട് ഞാൻ ഭവാനിൽ പ്രസാദിക്കുന്നു. ദുർല്ലഭനായ ഭവാന്റെ പുത്രനെ ഞാൻ വിട്ടുതരുന്നു. എന്നാൽ, ഹേ പ്രഹ്ലാദാ, ഞാൻ വിട്ടുതരുന്ന ഭവാന്റെ പുത്രൻ കേശിനിയുടെ മുമ്പിൽ വന്ന് എന്റെ കാൽ കഴുകിത്തരണം."

വിദുരൻ പറഞ്ഞു: "ഹേ ധൃതരാഷ്ട്രരാജാവേ, ഈ കഥ ഭവാൻ ഗ്രഹിക്കുക. ഭൂമിക്കുവേണ്ടി അനൃതം പറയുന്നത് ഘോരമായ പാപമാണ് എന്നു ധരിക്കുക. ആ പാപത്തിന്ന് ഭവാൻ പാത്രമാകരുത്. പുത്രന്നുവേണ്ടി സത്യം പറയാഞ്ഞാൽ പുത്രാമാത്യന്മാരോടുകൂടി ഭവാൻ നശിക്കും."

പശുപാലന്മാരെപ്പോലെ വടി കൈയിലെടുത്ത് പിന്നിൽ നിന്ന് ദേവന്മാർ നമ്മെ രക്ഷിക്കാറില്ല. രക്ഷിക്കേണ്ടവന്ന് ബുദ്ധി നല്കുകയാണ് അവർ ചെയ്യുന്നത്. എത്രത്തോളം പുരുഷന്ന് നന്മയിൽ മനസ്സു ചെല്ലുന്നുവോ, അത്രത്തോളം അവന്ന് നിസ്സംശയമായും അർത്ഥസിദ്ധിയുണ്ടാകും.

മായാവിയായി അസത്യത്തിൽ പ്രവർത്തിക്കുന്നവനെ ദുഃഖത്തിൽനിന്ന് വേദങ്ങളൊന്നും രക്ഷിക്കുന്നില്ല. ചിറകു മുളച്ചുകഴിഞ്ഞാൽ പക്ഷികൾ കൂടിനെയെന്നപോലെ, വിനാശകാലമടുക്കുമ്പോൾ അവനെ വേദങ്ങളൊക്കെ വിട്ട് അകന്നുപോകുന്നു.

മദ്യപാനം, കലഹം, ബഹുജമായ വൈരം, ജായാവരന്മാരുടെ വിരഹം, ജ്ഞാതിവൈരം, രാജദ്വേഷം, സ്ത്രീപുരുഷന്മാർ തമ്മിൽ വാഗ്വാദം എന്നിവ പാടില്ലാത്തതാണ്; ആ ദുർമ്മാർഗ്ഗത്തിലുള്ള സഞ്ചാരം വർജ്ജിക്കേണ്ടതാണ്.

സാമുദ്രികാലക്ഷണം പറയുന്നവൻ, കള്ളൻ, കച്ചവടക്കാരൻ, ശകുനശാസ്ത്രക്കാരൻ, ചികിത്സകൻ, തന്നിൽ ദ്വേഷമുള്ളവൻ, തന്റെ മിത്രം, നർത്തകീദാസൻ ഈ ഏഴുപേർ സാക്ഷിപറയുവാൻ കൊള്ളുന്നവരല്ല. അവരെ അക്കാര്യത്തിൽ നിയോഗിക്കരുത്.

അഗ്നിഹോത്രം കഴിക്കുക, മൗനവ്രതമെടുക്കുക, തപോവൃത്തിയെടുക്കുക, യജ്ഞം ചെയ്യുക ഇവ നന്നായി ചെയ്താൽ

digitized by www.sreyas.in

മാനം വർദ്ധിപ്പിക്കും. മുറവിട്ടിട്ട് മാനത്തിന്നായി അവ ചെയ്താൽ ഭയം വളർത്തുന്നതുമാണ്.

വീടിന്നു തീവെക്കുന്നവൻ, വിഷം കൊടുക്കുന്നവൻ, മിത്രദ്രോഹി, പരദാരങ്ങളെ പ്രാപിക്കുന്നവൻ, ഭ്രൂണഹന്താവ്, ഗുരുപത്നിയെ പ്രാപിക്കുന്നവൻ, മദ്യപിക്കുന്ന ബ്രാഹ്മണൻ, നാസ്തികൻ, വേദനിന്ദകൻ, രക്ഷിക്കുവാൻ പറയുമ്പോൾ കൊല്ലുന്നവൻ, അതിക്രൂരൻ ഇവർ ബ്രഹ്മഘ്നന്മാർക്കു തുല്യരാണ്.

തീയിനാൽ സ്വർണ്ണത്തേയും, ശീലത്താൽ ധർമ്മവാനേയും, വ്യവഹാരത്താൽ സജ്ജനത്തേയും വേർതിരിച്ചറിയാം.

ഭയത്തിൽ ശൂദ്രനേയും, ബുദ്ധിമുട്ടുകളിൽ ധീരനേയും, ദുർഭിക്ഷാദിവിപത്തിൽ ശത്രുമിത്രങ്ങളേയും വേർതിരിച്ചു കാണുവാൻ കഴിയും.

സൗന്ദര്യത്തെ ജരയും, ധൈര്യത്തെ ആശയും, പ്രാണനെ മൃത്യുവും, ധർമ്മചര്യയെ അസൂയയും, ശ്രീയെ ക്രോധവും, ഹ്രീയെ കാമവും, ശീലത്തെ അനാര്യസേവയും ഹരിക്കുന്നു. ഗർവ്വം സർവ്വത്തേയും ഹരിക്കുന്നു.

ശ്രീ മംഗളത്താൽ ഉണ്ടാവുകയും പ്രാഗല്ഭ്യംകൊണ്ട് വളരുകയും സാമർത്ഥ്യംകൊണ്ട് വേരൂന്നുകയും കാലത്താൽ ഉറയ്ക്കുകയും ചെയ്യുന്നു.

പുരുഷനെ പ്രശോഭിപ്പിക്കുന്നത് എട്ടു ഗുണങ്ങളാണ്. പ്രജ്ഞ, കുലം, ദമം, പഠിപ്പ്, പരാക്രമം, മിതമായ വാക്ക്, കൃതജ്ഞത്വം, ശക്തിപോലെയുള്ള ദാനം എന്നിവയാണ്. ഈ വലിയ ഗുണങ്ങൾക്ക് സഹായമായി ഒരേ ഒരു ഗുണം തെളിഞ്ഞുനില്ക്കുന്നു. രാജാവ് പ്രജകളെ എങ്ങനെ പൂജിക്കുന്നുവോ, അങ്ങനെ എല്ലാ ഗുണങ്ങളും പ്രകാശിക്കുന്നു. ഈ എട്ടു ഗുണങ്ങളാണ് സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടികൾ. ആദ്യം പറഞ്ഞ നാലെണ്ണം സത്തുക്കളോടു ചേർന്നു നില്ക്കുന്നു. പിന്നെ പറഞ്ഞ നാലെണ്ണം സത്തുക്കൾ സദാ ഭജിക്കുകയും ചെയ്യുന്നു. യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ് ഇവ നാലും സത്തുക്കളോടു ചേർന്നു നില്ക്കുന്നു. ദമം, സത്യം, ആർജ്ജവം, ആനൃശംസ്യം ഈ നാലിനേയും സത്തുക്കൾ ഭജിക്കുന്നു.

യജ്ഞം, അദ്ധ്യയനം, ദാനം, തപസ്സ്, സത്യം, ക്ഷമ, ദയ, അലോഭം ഇവയെട്ടും ധർമ്മത്തിന്റെ മാർഗ്ഗങ്ങളാണ്. ഇവയിൽ ആദ്യത്തെ നാലെണ്ണം ചിലർ ദംഭത്തിന്നായും ചെയ്യും. ഒടുക്കത്തെ നാലെണ്ണം മഹാത്മാക്കളിലേ കാണുകയുള്ളൂ.

വൃദ്ധന്മാരില്ലാത്ത സഭ സഭയാവുകയില്ല; ധർമ്മജ്ഞന്മാരല്ലാത്ത വൃദ്ധന്മാർ വൃദ്ധന്മാരുമല്ല. സത്യം കൂടാതെയുള്ളതു ധർമ്മമാവുകയില്ല; വ്യാജം ചേർന്നതൊന്നും സത്യമാവുകയുമില്ല.

സത്യം, രൂപം, ശ്രുതം, വിദ്യ, കുലം, ശീലം, ബലം, ധനം, ശൗര്യം, വിചിത്രവാക്ക് ഇവ പത്തും സ്വർഗ്ഗയോനികളാകുന്നു.

പുണ്യം ചെയ്യുന്ന പുണ്യകീർത്തിക്ക് എന്നും പുണ്യം ലഭിക്കും. അതുകൊണ്ടു സംശിതവ്രതനായ പുരുഷൻ പാപം ഒരിക്കലും ചെയ്യരുത്. പാപം വീണ്ടും വീണ്ടും നടത്തിയാൽ പ്രജ്ഞാക്ഷയം വന്നു ചേരും. പ്രജ്ഞ കെട്ടുപോയാൽ പിന്നെ പുരുഷൻ പാപം ഒന്നു മാത്രമേ ചെയ്യുകയുള്ളൂ.

പുണ്യം വീണ്ടും വീണ്ടും ചെയ്താൽ അതു പ്രജ്ഞയെ വർദ്ധിപ്പിക്കും. പ്രജ്ഞ വളർന്നാൽ പിന്നെ പുരുഷൻ പുണ്യം മാത്രമേ ചെയ്യുകയുള്ളൂ. അതുകൊണ്ട് പുരുഷൻ സമാധിയോടെ പുണ്യംതന്നെ ചെയ്യണം.

അസൂയക്കാരനും, വാക്കുകൊണ്ടു മർമ്മം പിളർക്കുന്നവനും, ക്രൂരനും, വൈരകൃത്തായ ശഠനും, പാപം ചെയ്ത് വലിയ സങ്കടത്തിൽ ചെന്നുചാടും.

ഈർഷ്യ വിട്ടവനും, കൃതപ്രജ്ഞനും, നിത്യവും നന്മചെയ്യുന്നവനും, മഹാകഷ്ടത്തിൽച്ചെന്നു പതിക്കുകയില്ല. അവൻ എല്ലായിടത്തും വിളങ്ങും.

പ്രാജ്ഞന്മാരിൽനിന്ന് പ്രജ്ഞയെ നേടുന്നവനാണ് പണ്ഡിതൻ; പ്രാജ്ഞൻ ധർമ്മാർത്ഥങ്ങളെ പ്രാപിച്ചു സുഖമായി വാഴുവാൻ ശക്തനാണ്.

രാത്രിയിൽ സുഖമായി കഴിയുവാൻ പകൽ പ്രയത്നിക്കണം. മഴക്കാലത്ത് സുഖമായി ഇരിക്കണമെങ്കിൽ അതിന്നുമുമ്പത്തെ എട്ടു മാസംകൊണ്ട് ധനം സമ്പാദിക്കണം. യൗവനത്തിൽ പ്രവർത്തിച്ചാലേ വാർദ്ധക്യത്തിൽ സുഖിക്കുവാൻ കഴിയൂ. അതുപോലെ പരലോകത്തു സുഖിക്കണമെന്നാഗ്രഹിക്കുന്നവൻ ഇഹലോകത്ത് വേണ്ട കർമ്മം ചെയ്യണം.

വേവിച്ച അന്നത്തിന്നും, യൗവനം കടന്ന ഭാര്യക്കും, യുദ്ധത്തിൽ ജയിച്ച ശൂരന്നും, കര കടന്ന തപസ്വിക്കുമാണ് പ്രശംസ ലഭിക്കുന്നത്.

തന്നിലുള്ള ഛിദ്രം (ദോഷം) അധർമ്മലബ്ധമായ ധനംകൊണ്ടു മൂടിവെക്കുവാൻ എത്ര ശ്രമിച്ചാലും അതു മൂടുകയില്ല. ഒരിടത്തു മൂടിയാൽ മറ്റൊരിടത്തു തുറക്കും.

ആത്മവാന്മാർക്ക് ശാസ്താവ് ഗുരുവാണ്. ദുഷ്ടന്മാർക്കു ശാസ്താവ് രാജാവാണ്. ഗൂഢപാപന്മാർക്ക് ശാസ്താവ് സാക്ഷാൽ വൈവസ്വതനായ യമൻ മാത്രമാകുന്നു.

ഋഷികളുടേയും, നദികളുടേയും, മഹാത്മാക്കളുടെ കുലത്തിന്റേയും, സ്ത്രീകളുടെ ദുശ്ചരിതത്തിന്റേയും, ഉത്ഭവസ്ഥാനം കാണുവാൻ വയ്യാ. അറിയത്തക്കതല്ല.

ദ്വിജപൂജാഭിരതൻ, ദാനശീലൻ, ജ്ഞാതികളിൽ ആർജ്ജവമുള്ളവൻ, ഈ ഗുണങ്ങളോടുകൂടിയ ക്ഷത്രിയൻ സൗശീല്യത്തോടെ വളരെ നാൾ ഭൂമി രക്ഷിക്കും.

ശൂരൻ, കൃതവിദ്യൻ, മഹാജനോപാസകൻ എന്നീ മൂന്നു പേർ ഭൂമിയെ സുവർണ്ണപുഷ്പങ്ങൾ നിറഞ്ഞതായി ദർശിക്കുന്നു.

ബുദ്ധിപ്രധാനമായ കർമ്മങ്ങളാണ് ശ്രേഷ്ഠങ്ങൾ, ബാഹുസാദ്ധ്യമായ കർമ്മങ്ങൾ മദ്ധ്യമങ്ങളാണ്, ചതിയും നുണയും കൊണ്ടു നേടുന്ന കർമ്മങ്ങൾ നീചങ്ങളും ഭാരങ്ങളുമായി ഭവിക്കുന്നു.

രാജാവേ, ധർമ്മതത്ത്വങ്ങൾ ഭവാൻ ചിന്തിച്ചുനോക്കൂ! ദുര്യോധനൻ, ശകുനി, ദുശ്ശാസനൻ, കർണ്ണൻ എന്നിവർക്ക് ഐശ്വര്യമൊക്കെ ഏല്പിച്ചിട്ട് ഭവാൻ ഭൂതിക്കുവേണ്ടി ഇച്ഛിക്കുകയാണോ? ആ ആഗ്രഹം വെറുതെയാണ്.

സർവ്വഗുണങ്ങളും തികഞ്ഞവരാണ് പാണ്ഡവന്മാർ. ഭവാനെ അച്ഛനെപ്പോലെയാണ് അവർ കാണുന്നത്. ഭവാൻ അവരെ പുത്രന്മാരെപ്പോലെ ദർശിച്ചാലും! സ്നേഹിച്ചാലും!"

36. വിദുരഹിതവാക്യം - വിദുരൻ പറഞ്ഞു: "ഈ പറഞ്ഞതിന്ന് ഉദാഹരണമായി പണ്ടുള്ളവർ പറഞ്ഞുകേട്ട ഒരു കഥ ഞാൻ പറയാം. ആത്രേയനും, സാദ്ധ്യന്മാരും തമ്മിൽ നടന്ന സംഭാഷണമാണ് വിഷയം. ഹംസത്തിന്റെ രൂപത്തിൽ പ്രാജ്ഞനും, സംശിതവ്രതനുമായ ആത്രേയ മഹർഷി നടക്കുമ്പോൾ സാദ്ധ്യർ ചോദിച്ചു."

സാദ്ധ്യർ പറഞ്ഞു: "ഹേ മഹർഷേ, ഞങ്ങൾ സാദ്ധ്യർ എന്നറിയപ്പെടുന്ന ദേവന്മാരാണ്. ഞങ്ങൾക്ക് ഭവാനെ മനസ്സിലാക്കുവാൻ ശക്തിപോരാ. ധീരനായ ഭവാൻ ശ്രുതത്താൽ ബുദ്ധിമാനാണെന്ന് ധരിക്കുന്നു. ഭവാൻ ഉൽകൃഷ്ടമായ കവിവാക്യങ്ങൾ പറഞ്ഞാലും."

ഹംസം പറഞ്ഞു: "ഞാൻ പറയുന്ന എന്റെ ഈ കാര്യങ്ങൾ നിശ്ചയമായ കാര്യങ്ങളാണ്. നിങ്ങൾ കേൾക്കുവിൻ.

സർവ്വ ഇന്ദ്രിയങ്ങളേയും അടക്കി, ദുഃഖത്തിൽ മനസ്സിളകാതെ, പ്രിയാപ്രിയങ്ങളെ ഒരുപോലെ കരുതി, സത്യധർമ്മങ്ങളെ അനുവർത്തിച്ച് അന്തഃകരണത്തെ ആത്മാവിൽ ലയിപ്പിക്കുന്നതാണ് വിദ്വാന്റെ ലക്ഷണം.

ആരേയും ശകാരിക്കുകയോ, അവമാനിക്കുകയോ ചെയ്യരുത്. മിത്രങ്ങളെ ദ്രോഹിക്കുകയും, നീചന്മാരെ സേവിക്കുകയു

digitized by www.sreyas.in

മരുത്. ശകാരിച്ചാൽ പകരം ശകാരിക്കരുത്. ക്ഷമിക്കയാണു സുകൃതം. ശകാരിച്ചവന്ന് ദുഃഖമുണ്ടാകും. ക്ഷമിച്ചവന്ന് പുണ്യം മുഴുവൻ ലഭിക്കുകയും ചെയ്യും.

ഉഗ്രമായ അധിക്ഷേപവാക്കുകൾ മർമ്മങ്ങളേയും, അസ്ഥിയേയും കരളിനേയും, പ്രാണനേയും ദഹിപ്പിച്ചുകളയും. ധർമ്മം കാംക്ഷിക്കുന്നവരാരും മുഷിപ്പിക്കുന്ന ക്രൂരവാക്കുകൾ പറയരുത്.

രൂക്ഷവും പരുഷവുമായ കൂർത്ത മുള്ളുവാക്കുകൊണ്ട് മനുഷ്യനെ തുളയ്ക്കുന്നവൻ ഏറ്റവും അശ്രീകനും, മുഖത്തു യമനെ കുടിവെച്ചു നടക്കുന്നവനുമാണ്. സുതീക്ഷ്ണങ്ങളും, സൂര്യാഗ്നിദീപ്തങ്ങളുമായ വാക്ശരങ്ങളെക്കൊണ്ട് അന്യൻ ശക്തിയായി തുളച്ചാൽ, മനസ്സു തുളഞ്ഞു ചുട്ടെരിഞ്ഞാൽപ്പോലും അവൻ തനിക്ക് സുകൃതമാണു ചെയ്തതെന്നേ പ്രാജ്ഞൻ കരുതാവൂ!

സജ്ജനത്തേയോ, ദുർജ്ജനത്തേയോ, ആരെ നിങ്ങൾ സേവിക്കുന്നുവോ അവന്റെ പാട്ടിൽ നിങ്ങൾ പെട്ടുപോകും. തപസ്വിയേയോ, തസ്കരനേയോ, ആരെ സേവിക്കുന്നുവോ ആ സേവ്യന്റെ ഭാവം വസ്ത്രത്തിൽ ചായമെന്നപോലെ നിങ്ങളിൽ പകരുന്നതുമാണ്.

അതിരുകടന്നു പറയുകയോ, പറയിപ്പിക്കുകയോ, അടികൊണ്ടാലും തിരിച്ചടിക്കുകയോ, അടിപ്പിക്കുകയോ, നശിപ്പിച്ചവനെ നശിപ്പിക്കുവാൻ നോക്കുകയോ ചെയ്യാതിരിക്കണം. അങ്ങനെയുള്ളവന്റെ ആഗമനം ദേവന്മാർ കാത്തുകൊണ്ടാണിരിക്കുന്നത്.

ഒന്നാമത്തെ കാര്യം, വല്ലതും പറയുന്നതിനേക്കാൾ ഭേദം ഒന്നും മിണ്ടാതിരിക്കുന്നതാണ്. രണ്ടാമത്തേത്, പറയുന്നതു സത്യമായിരുന്നാലേ ശ്രേഷ്ഠവാക്കാകയുള്ളൂ. മൂന്നാമത്തെ കാര്യം, ആ വാക്ക് പ്രിയംകൂടിയാൽ അധികം നന്നായി. നാലാമത്, അത് ധർമ്മാനുസൃതംകൂടിയായാൽ ഏറ്റവും നന്നായി.

ഏതു തരക്കാരോട് സഹവസിക്കുന്നുവോ, ഏതു തരക്കാരെ ആശ്രയിക്കുന്നുവോ, ഏതു തരക്കാരാകണമെന്ന് ഇച്ഛിക്കുന്നുവോ, ആ പുരുഷൻ ആ മട്ടിലായി മാറുന്നു.

ഏതേതിൽനിന്ന് ഒഴിയുന്നുവോ, അതാതിൽനിന്ന് അവൻ മുക്തനാകുന്നു. സർവ്വത്തിൽനിന്നും നിവർത്തിച്ചാൽ അവന്നു ദുഃഖമേ ഉണ്ടാവുകയില്ല.

തോല്ക്കുകയോ, തോല്പിക്കുകയോ, എതിർക്കുകയോ, തടുക്കുകയോ ചെയ്യാതെ നിന്ദയേയും പ്രശംസയേയും ഒരുപോലെ കരുതുന്നവനാരോ, അവൻ ഒരിക്കലും ദുഃഖിക്കേണ്ടി വരികയില്ല.

മൃദുവും, ദാന്തനും, സത്യവാദിയുമായി എല്ലാവരുടേയും മംഗളത്തെ ഇച്ഛിച്ചും അശുഭത്തിൽനിന്ന് മനുഷ്യനെ പിൻതിരിപ്പിച്ചും വാഴുന്നവനാണ് ഉത്തമനായ പുരുഷൻ. ആരേയും നിരർത്ഥകമായി സാന്ത്വനംചെയ്യാതെ പ്രതിജ്ഞയെ നടത്തി, എന്നാൽ അന്യന്റെ പഴുതുനോക്കി പ്രവർത്തിക്കുകയുംചെയ്യുന്നവൻ മദ്ധ്യമപുരുഷനാണ്.

അടിയേറ്റാലും, മുറിവേറ്റാലും, ഒഴിയാതെയും, ആരോടും ഇണങ്ങാതെയും, ക്രോധത്താൽ ദുശ്ശാസനനായി കൃതഘ്നനായി, ലോകാപവാദത്താൽ ദൂഷിതനായി, ദുരാത്മാവായിരിക്കുന്നവൻ അധമ സ്വഭാവനാണ്. അവന്ന് സ്വന്തം ആത്മാവിൽത്തന്നെ വിശ്വാസം ഉണ്ടായിരിക്കുകയില്ല.

മറ്റുള്ളവർ നന്മ പറഞ്ഞുതന്നാൽ ആത്മശങ്കമൂലം കേൾക്കുകയില്ല. ഇഷ്ടന്മാരെ ധിക്കരിക്കുകയും ചെയ്യും. ഈ തരക്കാരൻ അധമ പുരുഷനാണ്. ഉത്തമന്മാരെ സേവിക്കണം. കാലം നോക്കി മദ്ധ്യമരേയും സേവിക്കാം, അധമന്മാരെ ഒരിക്കലും സേവിക്കരുത്. സ്വന്തം ഐശ്വര്യത്തിൽ ആഗ്രഹമുള്ളവർ ചെയ്യേണ്ട കാര്യമാണിത്.

മനസ്സ് ദുർജ്ജനബലത്തോടു ചേർന്നാൽ പ്രജ്ഞകൊണ്ടോ, പൗരുഷംകൊണ്ടോ ശരിയായ പ്രശംസ നേടുവാൻ കഴിയുകയില്ല. അവന്ന് മഹാകുലവൃത്തത്തെ പ്രാപിക്കുവാനും കഴിയുകയില്ല. (ചീത്തക്കാര്യത്തിൽ മനസ്സുവെച്ച് അദ്ധ്വാനപൂർവ്വം ഉത്സാഹിച്ചാലും അവൻ ചേർന്ന മാന്യകുലപ്രശസ്തിയും സൽക്കീർത്തിയും മഹത്ത്വവും നേടുകയില്ല)"

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, വിദുരാ! ബഹുശ്രുതന്മാരും, ധർമ്മ നിത്യന്മാരുമായ ദേവന്മാർകൂടി മഹാകുലങ്ങളെ ആഗ്രഹിക്കുന്നു. ആ മഹാകുലങ്ങൾ എങ്ങനെയുള്ളവയാണെന്ന് എനിക്കു കേട്ടാൽ കൊള്ളാം."

വിദുരൻ പറഞ്ഞു: "തപം, ദമം, ശ്രുതി, വിത്തം, മഖങ്ങൾ, പാവനമായ വിവാഹം, സദാ അന്നദാനം എന്നീ ഏഴു ഗുണങ്ങളാൽ സാധുവൃത്തം തികഞ്ഞ് മഹാകുലങ്ങൾ വർത്തിക്കുന്നു. മൂലത്തേയും വൃത്തത്തേയും ചലിപ്പിക്കാതെ, ഹൃദയപ്രസാദത്തോടെ ധർമ്മം ആചരിച്ചും, അസത്യത്തെ ത്യജിച്ചും, വിശിഷ്ട കീർത്തിയെ ഇച്ഛിച്ചുംകൊണ്ടാണ് മഹാകുലങ്ങൾ വർത്തിക്കുന്നത്. യജിക്കാതിരിക്കുക, കുത്സിതവിഹാഹം നടത്തുക, വേദത്തെ തള്ളുക, ധർമ്മത്തെ അതിക്രമിക്കുക എന്നിവയാൽ സൽക്കുലങ്ങൾ ദുഷ്ക്കുലങ്ങളായി മാറുന്നു. ബ്രഹ്മസ്വം ഹരിക്കുക, ബ്രാഹ്മണരെ അതിക്രമിക്കുക എന്നീ ദോഷങ്ങൾ ചെയ്താൽ കുലങ്ങൾ ദുഷിച്ചുപോകും. ബ്രാഹ്മണപരിഭവത്താലും, അപവാദത്താലും സൂക്ഷിക്കുവാൻ ഏല്പിച്ചത് അപഹരിക്കയാലും കുലങ്ങൾ ദുഷിച്ചുപോകും. പശുക്കളും, ദാസന്മാരും, ധനവും ഉണ്ടായാലും വൃത്തം പിഴച്ചുപോയാൽ കുലം കുലമല്ലാതാകും. വൃത്തിതെറ്റാതിരുന്നാൽ ധനമില്ലെങ്കിലും കുലം അന്യൂനമായി നിലനില്ക്കുകയും സൽക്കീർത്തിയെ പ്രാപിക്കുകയും ചെയ്യും. അതുകൊണ്ട് യത്നത്തോടുകൂടി കുലത്തെ സംരക്ഷിക്കണം. ധനം കിട്ടുകയും പോവുകയും ചെയ്യും. അതു കുലത്തിന്ന് അടിസ്ഥാനമല്ല. വിത്തം ക്ഷീണിച്ചവൻ ക്ഷീണനാവുകയില്ല. ദുർവൃത്തികൊണ്ട് ഹതനായവൻ ഹതൻതന്നെയാണ്.

പശുക്കൾ, ആടുകൾ, വലിയ കൃഷി എന്നിവ ധാരാളമുണ്ടായതുകൊണ്ട് കുലം വളർന്നതായി ഗണിച്ചുകൂടാ. വൃത്തി തെറ്റി നടക്കാതിരുന്നാൽ മാത്രമേ കുലം വളരുകയുള്ളൂ.

നമ്മുടെ കുലത്തിൽ രാജാവാകട്ടെ, അമാത്യനാകട്ടെ, വൈരകൃത്തുക്കളായി പരസ്വാപഹാരികളായി, മിത്രദ്രോഹികളായി ആരും ഉണ്ടാകരുത്. കാപട്യവാൻ, അസത്യവാദി, പിതൃദേവതാതിഥികളെ ഊട്ടുന്നതിനുമുമ്പേ ഉണ്ണുന്നവൻ ഇങ്ങനെയുള്ളവരും ഉണ്ടാകരുത്. ബ്രാഹ്മണരെ ഹനിക്കുന്നവരോ, ബ്രാഹ്മണരെ ദ്വേഷിക്കുന്നവരോ, കൃഷിപ്പണി ചെയ്യുന്നവരോ ആരെങ്കിലും നമ്മുടെ കുലത്തിലുണ്ടെങ്കിൽ അവർ നമ്മുടെ സഭയിൽ കയററുത്. പുണ്യധർമ്മികളായ കർമ്മികൾക്ക് എപ്പോഴെങ്കിലും എന്തിനെങ്കിലും വല്ല കുറവുമുണ്ടോ? പരമമായ ശ്രദ്ധയോടെ അതിഥികളെ സൽക്കരിക്കുവാനായി തൃണങ്ങളും, ഭൂമിയും, ജലവും, നാലാമതായി സത്യവാക്കും സജ്ജനഗൃഹങ്ങളിൽ ഇല്ലാതെ വരികയില്ല. കോപത്താൽ പേടിപ്പിക്കുകയോ, ശങ്കയോടെ ഉപചരിക്കുകയോ ചെയ്യുന്നത് മിത്രത്തിന്നു പറ്റിയതല്ല. പിതാവിനെപ്പോലെ ആശ്വസിപ്പിക്കുന്നവനാണ് മിത്രം. അന്യരൊക്കെ കൂട്ടുകാർ മാത്രമാണ്.

യാതൊരു ബന്ധവുമില്ലെങ്കിലും മർത്ത്യൻ മിത്രഭാവത്തിൽ വർത്തിക്കുന്നതായാൽ അവൻതന്നെ ബന്ധുവും, മിത്രവും, ഗതിയും ആശ്രയവുമായി ഭവിക്കും.

മനസ്സ് ഒന്നിലും ഉറയ്ക്കാതെ ചലിച്ചുകൊണ്ടിരിക്കുകയും, വൃദ്ധന്മാരെ സേവിക്കാതിരിക്കുകയും ചെയ്യുന്നവന്ന് മിത്രലാഭം ഉണ്ടാവുകയില്ല. ചഞ്ചലചിത്തനും, അനാത്മാവും, ഇന്ദ്രിയവശഗനുമായവനിൽ വറ്റിയ പൊയ്കയിൽ ഹംസങ്ങളെന്നപോലെ അർത്ഥങ്ങൾ പ്രവേശിക്കുകയില്ല. ചഞ്ചലമായ മേഘം പോലെ പെട്ടെന്ന് അകാരണമായി പ്രസാദിക്കുകയും ചെയ്യുന്നത് ദുർജ്ജനത്തിന്റെ സ്വഭാവമാണ്.

digitized by www.sreyas.in

മിത്രങ്ങളെ സൽക്കരിക്കാതിരിക്കുകയും, കൃതാർത്ഥത നേടാതിരിക്കുകയുംചെയ്ത കൃതഘ്നന്മാർ മരിച്ചാൽ അവരെ പച്ചമാംസം തിന്നുന്ന കഴുകന്മാരും കുറുക്കന്മാരുംകൂടി തിന്നു കയില്ല.

ധനമുണ്ടായാലും ഇല്ലെങ്കിലും മിത്രങ്ങളെ എന്നും സൽക്ക രിക്കേണ്ടതാണ്. അവസരങ്ങൾ പാഴാക്കുന്നവന്ന് മിത്രപ്രീണന ത്തിന്റെ ഭംഗി അറിയുകയില്ല.

മിത്രങ്ങളെ പിണക്കിയാൽ എപ്പോഴും ദുഃഖിക്കേണ്ടിവരും. സന്താപംമൂലം സൗന്ദര്യം നശിക്കും. സന്താപംമൂലം ബലം ക്ഷയിക്കും. സന്താപംമൂലം ജ്ഞാനം നശിക്കും. സന്താപംമൂലം വ്യാധിയുണ്ടാവുകയുംചെയ്യും. ശോകം വളർന്നാൽ ഇഷ്ടങ്ങൾ സാധിക്കാതെവരും. ശത്രുക്കൾക്കു സന്തോഷിക്കുവാൻ അത് ഹേതുവാകുകയും ചെയ്യും. അതുകൊണ്ട് മിത്രദ്രോഹംമൂലമുള്ള ശോകത്തിൽ ഭവാൻ പെട്ടുപോകരുത്.

മനുഷ്യൻ വീണ്ടും വീണ്ടും ജനിക്കുകയും, മരിക്കുകയും ചെയ്യും. മനുഷ്യൻ വീണ്ടും വീണ്ടും അഭിവൃദ്ധിപ്പെടുകയും ക്ഷ യിക്കുകയും ചെയ്യും. മനുഷ്യൻ വീണ്ടും വീണ്ടും യാചിക്കുക യും, യാചന ചെവിക്കൊള്ളുകയും ചെയ്യും. വീണ്ടും വീണ്ടും ദുഃഖിക്കുകയും, ദുഃഖിപ്പിക്കുകയും ചെയ്യും. ഈ സംസാരത്തിൽ ഇത് തുടർന്നുകൊണ്ടിരിക്കും. സുഖദുഃഖങ്ങൾ, ലാഭാലാഭങ്ങൾ, ഭാവാഭാവങ്ങൾ, ജീവിതമരണങ്ങൾ എന്നിവയെല്ലാം മാറിമാറി വന്നുകൊണ്ടിരിക്കും. ധീരന്മാർ ഇവയിൽ സന്തോഷിക്കുകയോ, ദുഃഖിക്കുകയോ ചെയ്യുകയില്ല.

എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങൾ ആറുണ്ട് മനുഷ്യന്ന്. അവയിൽ ഏതേത്, എവിടെയെവിടെ പ്രവേശിക്കു ന്നുവോ, അതാതു മാർഗ്ഗങ്ങളിൽ ഓട്ടക്കുടത്തിൽ വെള്ളമെന്ന പോലെ ബുദ്ധി ഒഴുകിപ്പോകുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഞാൻ ചെയ്ത മിഥ്യയായ കർമ്മ ങ്ങൾ മന്ദന്മാരായ എന്റെ മക്കൾക്ക് യുദ്ധത്തിൽ നാശം വരുത്തി അവസാനിപ്പിക്കും. അക്കാര്യമോർക്കുമ്പോൾ ദുഃഖം എന്നെ വിടു ന്നില്ല. എന്നും ദുഃഖിപ്പിക്കുവാൻ വേണ്ടകാരണങ്ങളാണല്ലോ ചെയ്തതൊക്കെ. എന്റെ മനസ്സ് എപ്പോഴും ഭയത്താൽ ഉഴലുക യാണ്. ഹേ, വിദുരാ! ഇനി അഭയസ്ഥാനം, അനുദ്വേഗസ്ഥാനം ഏതാണെന്നു പറഞ്ഞു തരൂ!"

വിദുരൻ പറഞ്ഞു: "വിദ്യാതപസ്സുകൾ കൂടാതെയോ ഇന്ദ്രി യനിഗ്രഹം കൂടാതെയോ ഭവാന് ശാന്തി ലഭിക്കുന്നതല്ല. ബുദ്ധി യാൽ ഭയം ഒഴിഞ്ഞുപോകും. തപസ്സുകൊണ്ടു മഹത്ത്വത്തെ അറിയുകയും ചെയ്യും. ഗുരുശുശ്രൂഷകൊണ്ടു ജ്ഞാനവും, യോഗത്താൽ ശാന്തിയും ലഭിക്കും. ദാനപുണ്യമോ, വേദപുണ്യ മോ കൂടാതെതന്നെ, രാഗദ്വേഷങ്ങളെ വെടിഞ്ഞുകൊണ്ട് മുമു ക്ഷുക്കളായി സഞ്ചരിക്കുന്നവരുണ്ട്. നല്ലപോലെയുള്ള വേദാദ്ധ്യ യനം നല്ലകാര്യത്തിന്ന് സമരം, പുണ്യമായ സൽക്കർമ്മം, നല്ല തപസ്സ് ഇവ ചെയ്താൽ അവസാനം സുഖം സിദ്ധിക്കുന്നതാണ്. നന്നായി വിരിച്ച മൃദുലമായ കിടക്കയിൽ കിടന്നാലും, ഭേദദൃഷ്ടി യുണ്ടായാൽ അവന്ന് ഉറക്കം കിട്ടുകയില്ല. അവൻ സ്ത്രീകളിൽ രമിക്കുകയോ, സൂതമാഗധസ്തുതികളിൽ രസിക്കുകയോ ചെയ്യു കയില്ല. ജ്ഞാതികളിൽ ഭേദദൃഷ്ടിയുള്ളവൻ ധർമ്മം ചരിക്കു കയോ, സുഖം നേടുകയോ, ഗൗരവം പ്രാപിക്കുകയോ, ശമംകൊ ള്ളുകയോ ഇല്ലെന്നുള്ളത് തീർച്ചയാണ്. ഭേദബുദ്ധിയുള്ളവന്ന് പർത്ഥ്യവാക്കു പറഞ്ഞാൽ രസിക്കയില്ല. യോഗക്ഷേമം അവരിൽ ചേരുന്നതുമല്ല. ഭേദബുദ്ധി ബാധിച്ചവന്ന് സർവ്വനാശമല്ലാതെ വേറെ ഗതിയൊന്നും ഞാൻ കാണുന്നില്ല.

ഗോക്കളിൽനിന്നു സമ്പത്തു ലഭിക്കും. ബ്രാഹ്മണരിൽനിന്ന് തപസ്സു ലഭിക്കും. സ്ത്രീകൾക്കു ചാപല്യം സംഭാവ്യമാണ്. ജ്ഞാതികളിൽ ഭയവും സംഭവ്യമാണ്.

കനം കുറഞ്ഞ നൂലുകൾ കൂട്ടിപ്പിരിച്ചാൽ ബലപ്പെടുന്നു. ആ നൂലുകൊണ്ടു കാര്യമായ പല വേലകളും ചെയ്യുവാൻ കഴി യുന്നു. അടുപ്പിലെ കൊള്ളികൾ വേർതിരിച്ചിട്ടാൽ പുകയും. കൂട്ടി ച്ചേർന്നാൽ ജ്വലിക്കും. ഹേ, ധൃതരാഷ്ട്രാ! അതുപോലെയാണ് ജ്ഞാതികളുടെ കഥയും.

വിപ്രന്മാരോടും, സ്ത്രീകളോടും, ജ്ഞാതികളോടും, ഗോക്കളോടും ശൗര്യം പ്രയോഗിക്കുന്നവൻ ഞെട്ടറ്റ പഴംപോലെ താഴെ വീണുപോകും.

ബലമേറിയതും, നല്ലപോലെ ഉറച്ചുനില്ക്കുന്നതുമായ മഹാ വൃക്ഷം ഒറ്റയ്ക്കാണു നില്ക്കുന്നതെങ്കിൽ അതിനെ അതിന്റെ ശാഖകളോടുകൂടി മർദ്ദിച്ചുവിടുവാൻ കാറ്റിന്നു കഴിയും. ഉറച്ച് കൂട്ടമായി നില്ക്കുന്ന വൃക്ഷങ്ങളെ വീഴ്ത്തുവാൻ അവയുടെ സംഘടനാബലംമൂലം കൊടുങ്കാറ്റിന്നുപോലും സാധിക്കുകയി ല്ല. ഇപ്രകാരം ഒറ്റയ്ക്കു നില്ക്കുന്ന മാനുൻ എത്ര ഗുണംതി കഞ്ഞവനായാലും അവനെ വീഴ്ത്താമെന്ന് ശത്രുക്കൾക്കു തോന്നും.

അന്യോന്യം ആശ്രയിച്ച് കൈകോർത്തുനിന്നാൽ പൊയ്ക യിൽ പൊൻതാമരപോലെ ബന്ധുജനങ്ങൾ വർദ്ധിക്കും. ബ്രാഹ്മ ണരും, ഗോക്കളും, ദായാദികളും, ശിശുക്കളും, നാരിമാരും അവ ദ്ധ്യരാണ്. ചോറു നല്കുന്നവരെയും, ശരണംപ്രാപിച്ചവരെയും വധിക്കുവാൻ പാടില്ല. ജ്ഞാതിരക്ഷണംകൊണ്ടേ മർത്ത്യന്ന് അരോഗതയുണ്ടാകുകയുള്ളു. അരോഗതപോലെ മർത്ത്യന്നു അനുഗ്രഹമായി മറ്റെന്തു ഗുണമുണ്ട്? രോഗികൾ മൃതതുല്യ രാണ്! ഭവാന് അരോഗതയാൽ, അനാതുരത്വത്താൽ, മംഗളം ഭവി ക്കട്ടെ!

രോഗപീഡിതന്ന് യാതൊരു ഫലത്തിലും ആഗ്രഹമുണ്ടാ കുന്നില്ല. വിഷയങ്ങളിൽ ഇഷ്ടാനിഷ്ടവിവേകം ഉണ്ടാകുന്നില്ല. അവന്ന് എപ്പോഴും ദുഃഖമാണ്. സൗഖ്യത്തേയോ, ധനഭോഗങ്ങ ളേയോ അവൻ അറിയുകയില്ല. രാജാവേ, ഭവാൻ ദുഃഖാതുരനായി നാൾ കഴിച്ചിട്ട് എന്താണു കാര്യം?

ചൂതിൽ പാഞ്ചാലി പണയപ്പെട്ടതായിക്കണ്ടപ്പോൾ, ചൂതിൽ നിന്ന് ദുര്യോധനനെ പിന്മാറ്റണമെന്ന് ഞാൻ പറഞ്ഞില്ലേ? ദ്യൂത പ്രിയം പണ്ഡിതന്മാർക്ക് വർജ്ജ്യമാണെന്നും ഞാൻ പറഞ്ഞി ല്ലേ? ഞാൻ ആവലാതിപ്പെട്ട് അന്നു പറഞ്ഞത് ഭവാൻ കേൾക്കു കയുണ്ടായോ? മൃദുശീലനോട് ഇടയുന്നതു ബലമല്ലെന്നും ഞാൻ പറഞ്ഞില്ലേ? സൂക്ഷ്മമായ ധർമ്മത്തെ മുൻനിർത്തി അ ന്നുതന്നെ അവകാശിയുടെ മുതൽ ഭാഗം നടത്തിയിരുന്നുവെ ങ്കിൽ ഭവാൻ ഇന്ന് ഇപ്രകാരം വെമ്പൽ കൊള്ളേണ്ടതായ ആവ ശ്യമുണ്ടാകുമായിരുന്നോ? ക്രൂരനോടു ചേരുന്ന സമ്പത്ത് ഏറ്റ വും നാശകരമാണ്. അത് മൃദുവിനോടു ചേർന്നാൽ പുത്രപൗ ത്രന്മാർവഴിക്കു ദീർഘകാലം നില്ക്കുന്നതാണ്. ഭവാൻ ഇനിയെ ങ്കിലും നല്ലതു ചെയ്യുക. ധാർത്തരാഷ്ട്രന്മാർ കൗന്തേയരെ രക്ഷി ക്കട്ടെ! കൗന്തേയർ ധാർത്തരാഷ്ട്രന്മാരേയും രക്ഷിക്കട്ടെ! അ ങ്ങനെ പരസ്പരക്ഷമയോടെ വാഴുമാറാകണം. പാണ്ഡവന്മാ രുടെ ശത്രുമിത്രങ്ങൾ ധാർത്തരാഷ്ട്രന്മാരുടേയും, ധാർത്തരാ ഷ്ട്രന്മാരുടെ ശത്രുമിത്രങ്ങൾ പാണ്ഡവന്മാരുടേയുമാകണം. അങ്ങനെ കൗരവന്മാരെല്ലാം ഒന്നായി, ഒരേ മനസ്സായി ഇണങ്ങി, സമൃദ്ധരായി, സുഖമായി ജീവിക്കട്ടെ! ഭവാനാണല്ലോ കൗരവ ന്മാരുടെ അഗ്രസ്ഥാനത്തു നില്ക്കുന്നവൻ. ഭവാന്റെ കീഴിലാ ണല്ലോ എല്ലാ കൗരവന്മാരും. കാട്ടിൽപ്പോയവരായ ആ ബാല ന്മാരെ, കൗന്തേയന്മാരെ, ഭവാന്റെ കീർത്തിക്കു രക്ഷ നല്കുന്ന വിധം രക്ഷിക്കുക. കുരുക്കളെ പാണ്ഡവന്മാരോടു കൂട്ടിയിണ ക്കുക. ശത്രുക്കൾ ഭവാന്റെ അന്തരം നോക്കാതിരിക്കട്ടെ. ഭവാൻ കുരുക്കളെയെല്ലാം പാർത്ഥരോട് ഒന്നിച്ചുചേർക്കുക. അവരെല്ലാം സത്യത്തെ അതിക്രമിക്കാതെ നില്ക്കുന്നവരാണ്. രാജേന്ദ്രാ, ഭവാൻ ദുര്യോധനനെ വേണ്ടപോലെ നിയന്ത്രിച്ച് നിലയ്ക്കു നിർത്തുക!"

37. വിദുരഹിതവാക്യം – വിദുരൻ പറഞ്ഞു: "ഹേ, അംബി കാത്മജനായ ധൃതരാഷ്ട്രരാജാവേ, ലോകത്തിൽ പതിനേഴുതരം മൂർഖന്മാരുണ്ടെന്ന് സ്വായംഭുവമനു പറഞ്ഞിട്ടുണ്ട്. അവർ സ്വയം മുഷ്ടിചുരുട്ടി ആകാശത്തെ ഇടിച്ചുപൊടിക്കുമത്രെ! കുലയ്ക്കു

digitized by www.sreyas.in

വാൻ വയ്യാത്ത ഏതു ദൈത്യചാപവും കുലയ്ക്കുന്നവരാണത്രെ! കിട്ടാൻ വിഷമമുള്ള സൂര്യരശ്മികളുടെ കടപറിച്ചെടുക്കുമത്രെ! അങ്ങനെ അഹങ്കരിക്കുന്ന ആ പതിനേഴു മൂർഖന്മാർ ആരൊക്കെയാണെന്നും എങ്ങനെയുള്ളവരാണെന്നും പറയാം.

ശിഷ്യനല്ലാത്തവനെ (ശാസിക്കാൻ അർഹതയില്ലാത്തവനെ) ശാസിക്കുന്നവൻ, അല്പലാഭംകൊണ്ട് സന്തോഷിക്കുന്നവൻ, ശത്രുക്കളെ ഭജിക്കുന്നവൻ, സ്ത്രീകളുടെ രക്ഷയിലിരുന്നു സുഖിക്കുന്നവൻ, യാചിക്കുവാൻ പാടില്ലാത്തത് യാചിക്കുന്നവൻ, മേനി പറയുന്നവൻ, നല്ല കുലത്തിൽ ജനിച്ചിട്ടും അകാര്യംചെയ്യുന്നവൻ, അബലനായിരുന്നിട്ടും ബലവാന്മാരോട് നിത്യം വൈരം ഭാവിക്കുന്നവൻ, ശ്രദ്ധയില്ലാത്തവനോട് ഭാഷണം ചെയ്യുന്നവൻ, അകാമ്യമായതിനെ കാമിക്കുന്നവൻ, പുത്രന്റെ ഭാര്യയോടുകൂടി വിനോദിക്കുന്ന ശ്വശുരൻ, വധൂഗൃഹത്തിൽ അഭയംപ്രാപിച്ച് മാനത്തെ കാമിക്കുന്നവൻ, പരന്റെ ഭാര്യയിൽ ബീജാവാപംചെയ്യുന്നവൻ, സ്ത്രീകളെ അപമാനിക്കുന്നവൻ, മുമ്പു കിട്ടിയത് ഓർമ്മയില്ലെന്നു പറയുന്നവൻ, യാചിച്ചവന്ന് വല്ലതും കൊടുത്തതിന്നുശേഷം അതിനെപ്പറ്റി തന്നെത്താൻ പുകഴ്ത്തുന്നവൻ, ദുർജ്ജനത്തെ സജ്ജനവേഷം കെട്ടിക്കുന്നവൻ എന്നീ പതിനേഴുപേരും പാശബദ്ധന്മാരായി നരകത്തിൽ പതിക്കും.

തന്നോട് അന്യൻ എങ്ങനെ വർത്തിക്കുന്നുവോ താൻ അവനോടു അപ്രകാരംതന്നെ വർത്തിക്കണം. മായാപരനോട് മായ കൊണ്ട് തന്നെ ഇടപെടണം. സാധുവൃത്തനോട് സാധുത്വത്താൽത്തന്നെ ഇടപെടണം.

ജര സൗന്ദര്യത്തെ അറുത്തുകളയുന്നു. ആശ ധൈര്യത്തേയും, മൃത്യു പ്രാണനേയും, ഈർഷ്യ ധർമ്മത്തേയും, കാമം ലജ്ജയേയും, അനാര്യസേവ ശീലത്തേയും, ക്രോധം ശ്രീയേയും, ഗർവ്വ് സർവ്വത്തിനേയും അറുത്തു നശിപ്പിച്ചുകളയുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ശ്രുതികളിൽ മനുഷ്യൻ ശതായുസ്സാണെന്ന് പറയുന്നു. എന്നാൽ നൂറു തികയുന്നതിന്നുമുമ്പ് മനുഷ്യന്റെ ജീവിതമവസാനിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. അതിനെന്താണ് കാരണം?"

വിദുരൻ പറഞ്ഞു: "ഹേ ധൃതരാഷ്ട്രാ, അതിന്നുള്ള കാരണം ഞാൻ പറയാം. അതിമാനം, അതിവാദം, അത്യാശ, ക്രോധം, ഉദരപരായണം, മിത്രദ്രോഹം എന്നീ ആറും ആയുസ്സിനെ തീക്ഷ്ണമായ ശരങ്ങളാൽ എന്നപോലെ അറുത്തുമുറിക്കുന്നു. മനുഷ്യനെ കൊല്ലുന്നത് മൃത്യുവല്ല; മുൻപറഞ്ഞ ദോഷങ്ങളാണ്.

തന്റെ ഇഷ്ടന്റെ ഭാര്യയെ പ്രാപിക്കുന്നവൻ, ഗുരുവിന്റെ ഭാര്യയെ പ്രാപിക്കുന്നവൻ, വൃഷലീപതിയോ, മദ്യപനോ ആയ ബ്രാഹ്മണൻ, വൃത്തി തെറ്റിച്ച് കല്പനകൊടുത്ത് വിപ്രനെ ദാസനാക്കിവെക്കുന്നവൻ, ശരണാഗതരേയോ ബ്രാഹ്മണരേയോ കൊല്ലുന്നവൻ, ഇങ്ങനെയുള്ളവരോട് ആരെങ്കിലും ചേർന്നാൽ അവൻ ഉടനെ പ്രായശ്ചിത്തം ചെയ്യണമെന്നാണ് ശ്രുതി അനുശാസിക്കുന്നത്.

മിതഭാഷിയും, നീതിജ്ഞനും, ദാതാവും, ദാനശേഷാന്നഭോക്താവും, അഹിംസകനും, കൃതജ്ഞനും, മൃദുശീലനും, സത്യവാദിയുമായി അനർത്ഥകൃത്യങ്ങളിലൊന്നും ഏർപ്പെടാത്തവനായ വിദ്വാൻ സ്വർഗ്ഗത്തെ പ്രാപിക്കും.

എപ്പോഴും പ്രിയം പറയുന്ന വിദ്വാന്മാർ ലോകത്തിൽ ധാരാളമുണ്ട്. അപ്രിയമായ സത്യം പറയുന്നവർ വളരെ ദുർല്ലഭമായേ ഉള്ളു. സ്വാമിയുടെ പ്രിയാപ്രിയങ്ങൾ നോക്കാതെ ധർമ്മത്തെ മാത്രം ആശ്രയിച്ച് പത്ഥ്യം പറയുന്നവനാണ് രാജാവിന്റെ ശരിയായ സഹായവാൻ.

കുലത്തിനുവേണ്ടി ഒരു പുരുഷനെ ഉപേക്ഷിക്കാം. ഗ്രാമക്ഷേമത്തിന്നുവേണ്ടി ഒരു കുലത്തെ ഉപേക്ഷിക്കാം. നാടിന്റെ ഒട്ടാകെയുള്ള ക്ഷേമത്തിന്നുവേണ്ടി ഒരു ഗ്രാമത്തെ ഉപേക്ഷിക്കാം. ആത്മാവിന്നുവേണ്ടി ഭൂമിയേയും ഉപേക്ഷിക്കാം!

ആപത്തിൽനിന്നു രക്ഷനേടുവാൻ ധനം കരുതിവെക്കണം. ധനംകൊണ്ട് ഭാര്യയെ സംരക്ഷിക്കണം. ഭാര്യയാലും ധനത്താലും എന്നും ആത്മാവിനേയും പരിരക്ഷിക്കണം. ധനം നേടേണ്ടത് ദ്യൂതകർമ്മംകൊണ്ടല്ല. പൂർവ്വകാലങ്ങളിൽത്തന്നെ കണ്ടിട്ടുള്ളതാണ് ദ്യൂതം വൈരത്തിനു കാരണമാണെന്ന്. അതുകൊണ്ട് നേരമ്പോക്കിന്നായിട്ടുകൂടി ദ്യൂതം ബുദ്ധിമാന്മാർ സ്വീകരിക്കുകയില്ല.

ചൂതുകാലത്ത് ഞാൻ ഭവാനോട് പറഞ്ഞു, ഈ ദ്യൂതം ആപത്തുകൾ വരുത്തിവെക്കുമെന്ന്. ആതുരന്ന് പത്ഥ്യഔഷധം പോലെ എന്റെ വാക്ക് അന്നു ഭവാനു രുചിച്ചില്ല. വിചിത്രമായ പീലികളോടുകൂടിയ മയിലുകൾപോലെ ശോഭിക്കുന്ന പാണ്ഡവന്മാരെ ധാർത്തരാഷ്ട്രക്കാക്കകൾ തോല്പിക്കുകയോ? അതിന്നവർക്കു കഴിയുകയില്ല. സിംഹങ്ങളെ കൊന്നുകളഞ്ഞിട്ട് കുറുക്കന്മാരെ പോറ്റാനാണോ ഭവാന്റെ പുറപ്പാട്? ഈ സംരംഭത്തിന്റെ പരിണാമത്തിൽ ഭവാൻ ദുഃഖിക്കാതിരിക്കയില്ല.

കൂറുള്ളവനും ഹിതംചെയ്യുന്നവനുമായ ഭൃത്യനിൽ ഒരിക്കലും കോപിക്കാത്ത സ്വാമിയെ ആ ഭൃത്യന്മാർ വിശ്വസിക്കുകയും ആപത്തിൽ ഉപേക്ഷിക്കാതെ കൂടെ നില്ക്കുകയും ചെയ്യും.

ഭൃത്യന്മാരുടെ വൃത്തി മുടക്കി അന്യമായ രാജ്യധനങ്ങൾ ആശിക്കരുത്. ഇടഞ്ഞുനിന്നു ചതിച്ച് സുഖഭോഗങ്ങൾ കെടുത്തിയാൽ ആ രാജാവിനെ സ്നേഹവാന്മാരായ അമാത്യന്മാർപോലും പരിത്യജിക്കും.

ആദ്യമായി സാദ്ധ്യാസാദ്ധ്യങ്ങളായ കാര്യങ്ങളിൽ നിശ്ചയം ചെയ്തുറപ്പിച്ച് പ്രവേശിക്കണം. ഭൃത്യന്മാരുടെ ജീവിതത്തേയും ആയവ്യയാദികളേയും നിർണ്ണയിക്കണം. അനുരൂപന്മാരായ സഹായികളെ നേടണം. ഏതു ദുഷ്കരമായ കർമ്മങ്ങൾപോലും സഹായം കൊണ്ടു സാധിക്കുന്നതാണ്.

സ്വാമിയുടെ ഹൃദയം അറിഞ്ഞ് മടികൂടാതെ എല്ലാ കാര്യങ്ങളും ശക്തിക്കനുസരിച്ചു നിർവ്വഹിക്കുകയും, സ്നേഹത്തോടെ ഹിതവാക്കുകൾ പറയുകയും ചെയ്യുന്ന ആര്യശീലനെ സ്വന്തം ആത്മാവിനെപ്പോലെ അനുഗ്രഹിക്കേണ്ടതാണ്.

അനുശാസിച്ച വാക്യത്തെ അനാദരിക്കുക, നിയോഗത്തിന്നു വിപരീതമായി നടക്കുക, താൻ അഭിജ്ഞനാണെന്ന് അഭിമാനിക്കുക, പ്രതികൂലമായി വാദിക്കുക-ഇങ്ങനെയുള്ള ഭൃത്യനെ ഒരു നിമിഷംപോലും നിർത്താതെ പിരിച്ചുവിടണം.

അഹങ്കാരമില്ലാത്തവനും, കാര്യം നടത്തുവാൻ സമർത്ഥനും, വേഗത്തിൽ ചെയ്തുതീർക്കുന്നവനും, ദയാശീലനും, എല്ലാവർക്കും ഇഷ്ടം തോന്നിക്കുന്ന സ്വഭാവമുള്ളവനും, അന്യർക്ക് ഭേദിപ്പിക്കുവാൻ സാധിക്കാത്തവനും, രോഗമില്ലാത്തവനും, ഔദാര്യം പറയുന്നവനും-ഇങ്ങനെ എട്ടു ഗുണവിശേഷങ്ങളുള്ളവനായിരിക്കണം ദൂതൻ.

സമയംതെറ്റിയ നേരത്ത് അന്യന്റെ ഗൃഹത്തിൽ വിശ്വസിച്ച് ചെല്ലരുത്. നാലുംകൂടിയ പെരുവഴിയിൽ രാത്രികാലത്ത് ഒറ്റയ്ക്കു നില്ക്കരുത്. രാജമാന്യന്മാർ കാമിക്കുന്ന സ്ത്രീയെ ആഗ്രഹിക്കരുത്. കുത്സിതന്മാരുമായി ചേരരുത്. പലരോടും മന്ത്രിക്കരുത്. തന്റെ രഹസ്യം പുറത്തുപറയുകയും ചെയ്യരുത്. 'നിന്നെ വിശ്വസിക്കാൻ കൊള്ളില്ല' എന്ന് ആരോടും തുറന്നുപറയരുത്. ആവക സന്ദർഭത്തിൽ കാരണംകാണിച്ച് വ്യാജമായി മറ്റു വല്ലതും പറയണം.

ദയാലുവായ രാജാവ്, കുലട, രാജഭൃത്യൻ, സഹോദരൻ, പുത്രൻ, കുട്ടിയുള്ളവളായ വിധവ, പട്ടാളക്കാരൻ, സ്വത്തു നഷ്ടപ്പെട്ടവൻ, അധികാരം കൈവിട്ടവൻ എന്നിവരുമായി കൂട്ടുവ്യാപാരത്തിനൊരുങ്ങരുത്.

പുരുഷനെ ശോഭിപ്പിക്കുന്ന ഗുണങ്ങൾ എട്ടാണ്: പ്രജ്ഞ, കുലം, നല്ല ജ്ഞാനം, ദമം, പരാക്രമം, മിതമായ വാക്ക്, ശക്തിക്കൊത്ത ദാനം, ചെയ്തതിന്നുള്ള കൂറ് എന്നിവയാണ് ആ ഗുണങ്ങൾ.

digitized by www.sreyas.in

മുൻപറഞ്ഞ എല്ലാ ഗുണങ്ങളേയും ഒരേ ഒരു ഗുണം കൂടുതൽ പ്രശോഭിപ്പിക്കും. അവൻ രാജാവിനാൽ പ്രശംസിക്കപ്പെടുകയുംകൂടിയായാൽ അവനിലുള്ള എല്ലാ ഗുണങ്ങൾക്കും തേജസ്സു വർദ്ധിക്കും.

നിത്യവും കുളിക്കുന്നവനിൽ പത്തു ഗുണങ്ങൾ തെളിയും. ബലം, രൂപം, സ്വരവർണ്ണാദിശുദ്ധി, സ്പർശം, ഗന്ധം, ശുദ്ധത, ലക്ഷ്മി, ലാവണ്യം, നല്ല നാരിമാർ എന്നിവയാണ് ആ പത്തു ഗുണങ്ങൾ.

മിതമായി ഭക്ഷിക്കുന്നവന് ആറു ഗുണങ്ങൾ ഉണ്ടാകും. ആരോഗ്യം, ആയുസ്സ്, കരുത്ത്, സൗഖ്യം, നല്ല സന്താനലാഭം, 'പെരുവയറൻ' എന്ന ആക്ഷേപമില്ലായ്മ ഇവയൊക്കെയാണ് ആ ആറു ഗുണങ്ങൾ.

വീട്ടിൽ താമസിപ്പിക്കുവാൻ പറ്റാത്തവർ ആരെന്നു പറയാം. പണിയെടുക്കുന്നതിൽ ശീലമില്ലാത്തവൻ, ബഹുഭോജി, ലോകർ വെറുക്കുന്നവൻ, ചതിയൻ, ക്രൂരൻ, ദേശകാലജ്ഞാനമില്ലാത്തവൻ, ആഭാസവേഷൻ- എന്നിവരാണിവർ.

താഴെപ്പറയുന്നവരോട് യാതൊന്നും അഭ്യർത്ഥിക്കരുത്. ലുബ്ധൻ, ശകാരിച്ചുകൊണ്ടിരിക്കുന്നവൻ, മഹാമൂർഖൻ, കാടൻ, ധൂർത്തൻ, മാന്യന്മാരെ മാനിക്കാത്തവൻ, അലിവില്ലാത്തവൻ, തന്റെ ശത്രു, ദുഃഖാർത്തൻ, കൃതഘ്നൻ - ഈ കൂട്ടരോട് ഏതു വിഷമാവസ്ഥയിലും ഒന്നും അഭ്യർത്ഥിക്കരുത്.

അധികാരസ്ഥാനത്തു വെക്കാൻ പറ്റാത്തവർ ആരെന്നു പറയാം: പണി നിശ്ചയിച്ചാൽ പിറുപിറുത്ത് ചെയ്യുന്നവൻ, പിഴച്ചുനടക്കുന്നവൻ, എപ്പോഴും നുണ പറയുന്നവൻ, ഭക്തി ഉറയ്ക്കാത്തവൻ, സ്നേഹമില്ലാത്തവൻ, വലിയ ദുരഭിമാനി-- ഈ കൂട്ടരെ ഒന്നിലും പ്രവേശിപ്പിക്കരുത്.

ദ്രവ്യംകൊണ്ടു സഹായവും സഹായംകൊണ്ടു ദ്രവ്യവും ഉണ്ടാകും. അവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. അവ രണ്ടും ചേരാതെ രണ്ടും ലഭിക്കുന്നതല്ല.

ഒരു ഗൃഹസ്ഥൻ പുത്രന്മാരെ ജനിപ്പിച്ച് ആത്മീയമായ കടങ്ങൾ തീർക്കുകയും, അവർക്കു വേണ്ടുന്ന വൃത്തി നല്കുകയും, പെൺമക്കളെ കെട്ടിച്ചുകൊടുത്ത് സ്ഥാനത്താക്കുകയും ചെയ്തു കഴിഞ്ഞാൽ അവൻ പിന്നെ വനത്തിൽപ്പോയി പാർത്ത് മുനിവൃത്തിയെ അവലംബിക്കണം. എല്ലാവർക്കും തനിക്കും ഹിതവും, സുഖവുമായവിധം കർമ്മങ്ങൾ ഈശ്വരനിൽ സമർപ്പിച്ച് ചെയ്യണം. അതാണ് സർവ്വാർത്ഥസിദ്ധിക്കു കാരണമായി ഭവിക്കുക.

വൃത്തിനാശഭയം ഇല്ലാത്തവർ ആരൊക്കെയെന്നു പറയാം: പ്രഭാവം, ബുദ്ധി, തേജസ്സ്, സത്വം, ഉത്സാഹം, പ്രയത്നം ഇവയെല്ലാം തികഞ്ഞവന്ന് വൃത്തിനാശത്തിൽ ഭയമുണ്ടാകയില്ല.

ഹേ രാജാവേ, ഭവാൻ ചിന്തിക്കുക. ഈ ഗുണങ്ങൾ ആരിലാണ് ഉള്ളതെന്നു ചിന്തിക്കുക! പാർത്ഥന്മാരോട് യുദ്ധത്തിന്നൊരുങ്ങുന്നത് ദോഷംചെയ്യും. പുത്രന്മാരുമായി വൈരം, എന്നും ഭയവും യശോനാശവും വരുത്തിക്കൂട്ടും. ശത്രുക്കൾക്കു ചിരിക്കുന്നതിന്ന് വഴിയുംവെക്കും.

ഭീഷ്മന്റേയും, ഭവാന്റേയും, ദ്രോണന്റേയും യുധിഷ്ഠിരന്റേയും കോപം ആകാശത്ത് ഉദിച്ച് വിലങ്ങടിച്ചുനില്ക്കുന്ന ധൂമകേതുക്കൾ പോലെയാണ്. ഈ നാല് ധൂമകേതുക്കളുംകൂടി ഈ ലോകംമുഴുവൻ മുടിച്ചുവിടും.

ഭവാന്റെ നൂറു പുത്രന്മാരും, കർണ്ണനും, പഞ്ചപാണ്ഡവന്മാരും ചേർന്ന് ആഴി ചൂഴുന്ന ഈ ഊഴിയൊക്കെയും സംരക്ഷിച്ച് ഭരിച്ചുകൊള്ളട്ടെ!

നൂറ്റുപേർ വനമാണ്. പാണ്ഡവന്മാർ വ്യാഘ്രങ്ങളാണ്. വ്യാഘ്രങ്ങളുള്ള കാട് വെട്ടിമുറിക്കരുത്. കാടു വെട്ടി വ്യാഘ്രങ്ങളെ ഓടിക്കരുത്. വ്യാഘ്രങ്ങളില്ലെങ്കിൽ കാടില്ല. കാടില്ലെങ്കിൽ വ്യാഘ്രങ്ങളുമില്ല. വ്യാഘ്രങ്ങൾ കാടിനെ രക്ഷിക്കും. കാട് വ്യാഘ്രങ്ങളേയും രക്ഷിക്കും.

ബോധമില്ലാത്ത കൂട്ടർ അന്യന്റെ ഗുണത്തെപ്പറ്റി ചിന്തിക്കയില്ല. പാപികളുടെ മനസ്സ് ഇരുളടഞ്ഞതാണ്. അതുകൊണ്ടാണ് പരഗുണം കാണുന്നത്.

വലുതായ അർത്ഥം ഇച്ഛിക്കുന്നവർ ആദ്യമായി ധർമ്മം അനുസരിക്കണം. ധർമ്മം കൂടാതെയുള്ള അർത്ഥം അനുഭവിക്കയില്ല. സ്വർഗ്ഗംകൂടാതെ അമൃത് എങ്ങനെ പാനംചെയ്യുവാൻ ഒക്കും? ധർമ്മംകൂടാതെ അർത്ഥം എങ്ങനെ അനുഭവിക്കുവാൻ ഒക്കും?

പാപത്തിൽനിന്നു പിൻവാങ്ങി ചിത്തം പുണ്യത്തിൽ നിറുത്തിയവൻ പ്രകൃതിയേയും വികൃതിയേയും നല്ലപോലെ ഗ്രഹിച്ച പണ്ഡിതനാകുന്നു.

ധർമ്മത്തേയും അർത്ഥത്തേയും കാമത്തേയും യഥാകാലം സേവിക്കുന്നവന്ന് ധർമ്മാർത്ഥകാമയോഗത്തെ ഇഹത്തിലും പരത്തിലും നേടാം.

ഉയർന്നുവരുന്ന ക്രോധഹർഷങ്ങളുടെ ശക്തി അടക്കി നിർത്തുവാൻ കഴിവുള്ളവൻ ആപത്തുകളിൽ ഉഴലുകയില്ലെന്നു മാത്രമല്ല, ശ്രീക്ക് പാത്രമാവുകയും ചെയ്യും.

പുരുഷന്മാർക്ക് അഞ്ചുവിധം ബലങ്ങളുള്ളതിൽ ബാഹുബലം ഏറ്റവും താണതാണെന്നാണ് എന്റെ അഭിപ്രായം. അമാത്യലാഭം രണ്ടാമത്തെ ബലമാണ്. മൂന്നാമത്തെ ബലം വിത്തലാഭമാണെന്ന് മനീഷികൾ പറയുന്നു. പിതൃപൈതാമഹമായ ആഭിജാത്യബലം നാലാമത്തേതാണ്. ഈ എല്ലാ ബലങ്ങളേയും താങ്ങിനില്ക്കുന്നതായി ഒരു ബലമുണ്ട്; അതാണ് പ്രജ്ഞാബലം. അതുകൊണ്ട് ഏറ്റവും ശ്രേഷ്ഠമായ ബലം, ശരിയായ ഒന്നാമത്തെ ബലം പ്രജ്ഞാബലമാണ്.

ഭയങ്കരവും ഉഗ്രവുമായ അപകാരംചെയ്യുവാൻ കരുത്തുള്ളവനായ ഒരുത്തനിൽ വൈരമുണ്ടാക്കിവെച്ചതിന്നുശേഷം 'ഞാൻ ദൂരത്താണ്' എന്നു വിചാരിച്ച് ആശ്വാസംകൊള്ളരുത്; അത് വിഡ്ഢിത്തമാണ്.

പെണ്ണിലും, രാജാവിലും, പാമ്പിലും, ശത്രുവിലും, സുഖത്തിലും, ആയുസ്സിലും, ബുദ്ധിമാൻ വിശ്വാസംകൊള്ളുകയില്ല.

പ്രജ്ഞാശരം തറച്ച ജീവിക്ക് പിന്നെ ചികിത്സകനില്ലാ, മരുന്നുമില്ല. ഹോമവും, മന്ത്രവും, മംഗളക്രിയകളും, സിദ്ധരസങ്ങളും, വേദമന്ത്രങ്ങളും ഒന്നുമവനിൽ ഫലിക്കുവാൻ പോകുന്നില്ല.

സർപ്പം, അഗ്നി, സിംഹം, കുലപുത്രൻ ഇവർ ഹേ, ഭരതർഷഭാ! മനുഷ്യന്ന് നിന്ദ്യരല്ല. ഇവർ തേജസ്വികളാണ്. മഹാതേജസ്സായ അഗ്നി മരത്തിൽ ഗൂഢമായി സ്ഥിതിചെയ്യുന്നുണ്ട്. അന്യൻ ഒന്ന് എരിയിക്കയേ വേണ്ടൂ. അതില്ലെങ്കിൽ ഏതു വിറകും കത്തുകയില്ല.

മരം കടഞ്ഞാൽ അഗ്നിയുണ്ടാകും. ആ അഗ്നിയാൽ മരവും, കാടുമൊക്കെ കത്തി അമരുകയും ചെയ്യും. അപ്രകാരം കുലീനജാതന്മാർ അഗ്നിതേജസ്വികളാണ്. വിറകിൽ അഗ്നിയെന്നപോലെ യാതൊരു രൂപവും പുറത്തുകാണിക്കാതെ അവർ അടങ്ങിയിരിക്കും. ഹേ രാജാവേ, സപുത്രനായ ഭവാൻ ലതയാണ്. പാണ്ഡവന്മാർ മരങ്ങളാണ്. മരത്തിൽ ചുറ്റാതെയുണ്ടോ വള്ളിക്കൂട്ടത്തിന്നു പടരാൻ കഴിയുന്നു?

ഹേ അംബികേയാ, നിന്റെ പുത്രന്മാർ കാടുകളാണ്. ആ കാട്ടിലെ സിംഹങ്ങളാണ് പാർത്ഥന്മാരെന്ന് ചിന്തിക്കൂ! സിംഹങ്ങളില്ലെങ്കിൽ കാടു നശിക്കും. കാടില്ലെങ്കിൽ സിംഹങ്ങൾക്കും നാശമാണ്."

38. വിദുരഹിതവാക്യം – വിദുരൻ പറഞ്ഞു: "ഹേ, രാജാവേ, വൃദ്ധൻ അടുത്തുവരുമ്പോൾ യുവാവിന്റെ പ്രാണൻ ഉയർന്നു പൊങ്ങിപ്പോകുന്നു. എതിരേല്ക്കൽ അഭിവാദ്യംചെയ്യൽ എന്നിവകൊണ്ട് അത് തിരിച്ചെത്തുന്നു. അതുകൊണ്ട് വൃദ്ധജനങ്ങളെ വന്ദിച്ച് ഉപചരിക്കണം.

ആഗതനായ സജ്ജനത്തിന്ന് പീഠം നൽകുകയും, കാലുകൾ വെള്ളംകൊണ്ടു കഴുകിക്കുകയും, കുശലംചോദിക്കുകയും,

digitized by www.sreyas.in

സ്വസ്ഥിതിയെ അറിയിക്കുകയും ചെയ്തതിന്നുശേഷം തന്റെ മുമ്പിൽ അവന്ന് അന്നം സൽക്കരിക്കുകയും ചെയ്യേണ്ടതാണ്. ധീരന്മാർ അങ്ങനെയാണ് പെരുമാറുക.

ആരുടെ ഗൃഹത്തിൽ ലോഭം, ഭയം, ലുബ്ധ് ഇവയാൽ ജലവും മധുപർക്കവും, ഗോക്കളും, മന്ത്രജ്ഞന്മാർ പ്രതിഗ്രഹിക്കുന്നില്ലെങ്കിൽ (അതിന്ന് അവസരം നൽകുന്നില്ലെങ്കിൽ) ആ ഗൃഹസ്ഥന്റെ ജീവിതം വ്യർത്ഥംതന്നെ!

ചികിത്സകൻ, ശല്യങ്ങൾ ചെയ്യുന്നവൻ, ബ്രഹ്മചര്യം നശിപ്പിച്ചവൻ, കള്ളൻ, ക്രൂരൻ, മദ്യപൻ, ഭ്രൂണഹന്താവ്, പട്ടാളക്കാരൻ, വേദം വിൽക്കുന്നവൻ എന്നിവർ പ്രിയാതിഥികളായി ഗൃഹത്തിൽ വന്നാലും അവർ അവന്ന് പച്ചവെള്ളംപോലും കൊടുക്കരുത്. ഉപ്പ്, ചോറ്, പാൽ, നെയ്യ്, തൈലം, തയിർ, തേൻ, എള്ള്, മാംസം, ഫലം, മൂലം, ശർക്കര, ചീര, രക്തവസ്ത്രം, സുഗന്ധദ്രവ്യം ഇവയൊന്നും വീട്ടിൽ വിലയ്ക്കു വില്ക്കുവാൻ പാടില്ല. ഗൃഹസ്ഥൻ വില്ക്കരുതാത്തവയാണ് ഇവ.

മണ്ണും പൊന്നും ഒന്നുപോലെ കരുതി, രോഷവും ശോകവും വെടിഞ്ഞ്, സ്നേഹവൈരങ്ങളോടുകൂടാതെ നിന്ദാപ്രശംസികളിലും പ്രിയാപ്രിയങ്ങളിലും സമത്വത്തോടെ, ഒന്നിലും ആസക്തികൂടാതെ ഉദാസീനനായി വർത്തിക്കുന്നവനാണ് ഭിക്ഷുകൻ.

കാട്ടിലെ വരിനെല്ല്, ചീരയില, ഓടൽക്കായ എന്നിവയാൽ വിശപ്പടക്കി നിയതാത്മാവായി അഗ്നികാര്യങ്ങൾ നിർവ്വഹിച്ച്, അതിഥികളിൽ അപ്രമത്തനായി, പാന്ഥരിൽ ശ്രദ്ധയോടുകൂടി കാട്ടിൽപ്പാർത്ത് ഭാരങ്ങളെ വഹിക്കുന്ന പുണ്യവാനാണ് താപസൻ.

ബുദ്ധിമാന്മാർക്ക് ഉപദ്രവംചെയ്ത്, താൻ ദൂരസ്ഥനാണെന്നു കരുതി, ആശ്വസിക്കരുത്. ധീമാന്റെ കൈ നീണ്ടതാണ്. അവൻ അതുകൊണ്ട് ഹിംസിക്കും.

അവിശ്വസ്തനെ വിശ്വസിക്കരുത്. വിശ്വസ്തനിൽ അതിവിശ്വാസവും പാടില്ല. വിശ്വാസത്തിൽനിന്നുണ്ടാകുന്ന ഭയം ഉന്മൂലനാശം ചെയ്യും.

ഈർഷ്യകൂടാതെ, പ്രിയംവദനായി, വേണ്ടവർക്കു പങ്കിട്ടു നല്കി, സ്വഭാര്യയെ പുറത്തേയയ്ക്കാതെ രക്ഷിച്ചു വാഴുന്നവൻ ഭംഗിപറയുന്ന പെണ്ണുങ്ങളുടെ വലയിൽ കുടുങ്ങരുത്. പുണ്യകളും, മഹാഭാഗകളും, ഗൃഹദീപങ്ങളുമായ കുലസ്ത്രീകൾ പൂജനീയകളാണ്. ആ ഗൃഹലക്ഷ്മികളായ കുടുംബിനികളെ സവിശേഷം രക്ഷിക്കേണ്ടതാണ്. അച്ഛന്ന് അന്തഃപുരവും, അമ്മയ്ക്ക് അടുക്കളയും നല്കി തന്നെയെന്നപോലെ ഗോക്കളേയും ഭക്ഷണാദികളാൽ സംരക്ഷിച്ചു ഗൃഹസ്ഥൻ താൻ തന്നെ കൃഷിചെയ്യുവാൻ പോകണം. കച്ചവടം ഭൃത്യന്മാരെക്കൊണ്ടും ബ്രാഹ്മണപൂജ പുത്രന്മാരെക്കൊണ്ടും ചെയ്യിക്കണം.

തന്റെ മന്ത്രം (കാര്യാലോചന) ബാഹ്യമായും, ആഭ്യന്തരമായും വെളിപ്പെടുത്താതെ എല്ലായിടത്തും ദൃഷ്ടിപതിച്ചു വാഴുന്ന നൃപൻ ചിരകാലം ഐശ്വര്യം അനുഭവിക്കും?

ചെയ്യുവാൻ പോകുന്നത് ആരോടും പറയരുത്. ചെയ്തു കഴിഞ്ഞതേ അന്യർ കാണാവൂ. ധർമ്മാർത്ഥകാമങ്ങളിൽ മന്ത്രം ഒരിക്കലും പുറത്തുപോകരുത്. കുന്നിന്റെ മുകളിൽ ചെന്നിരുന്നോ, മാളികമുകളിൽ കയറിയിരുന്നോ, പുൽമറവില്ലാത്ത വിജനമായ കാട്ടിൽ ചെന്നിരുന്നോ മന്ത്രവിചാരം ചെയ്യണം.

സുഹൃത്തല്ലാത്തവനേയോ, സുഹൃത്തായിരുന്നാലും അപണ്ഡിതനായവനേയോ, പണ്ഡിതനായാലും ധൈര്യമില്ലാത്തവനേയോ മന്ത്രം അറിയിക്കരുത്. അർത്ഥാശയും, മന്ത്രരക്ഷയും, മന്ത്രിയിലായതുകൊണ്ട് നല്ലപോലെ പരീക്ഷണം കഴിഞ്ഞിട്ടേ നൃപൻ മന്ത്രിസ്ഥാനത്തിൽ ആളെ നിയോഗിക്കാവൂ.

ധർമ്മാർത്ഥകാമങ്ങളിൽ സദാസമയവും സഭാനടപടികൾ നോക്കിക്കൊണ്ടിരിക്കണം. മോഹത്താൽ നിന്ദ്യകർമ്മം ചെയ്തുപോയാൽ അതിന്റെ വിപരീതപ്രവർത്തനത്താൽ ആ കർത്താവ് ജീവിതത്തിൽനിന്നുതന്നെ ഭ്രംശിക്കുവാൻ ഇടവരും.

പ്രശസ്തമായ കർമ്മങ്ങൾ ചെയ്യുന്നത് ഏറ്റവും നല്ലതാണ്. അവ ചെയ്യാതിരുന്നാൽ തീച്ചയായും പശ്ചാത്താപത്തിന്നിടവരും.

ചാത്തം ഉണ്ണുവാൻ ഓത്തില്ലാത്ത ബ്രാഹ്മണൻ യോഗ്യനാവുകയില്ല. അതുപോലെതന്നെ ഷാഡ്ഗുണ്യം അറിയാത്തവൻ. (ഐശ്വര്യം, വീര്യം, വൈരാഗ്യം, വിജ്ഞാനം, ശ്രീ, യശസ്സ് ഇവ ആറും) മന്ത്രം കേൾക്കുവാൻ, കാര്യാലോചന ചെയ്യുവാൻ, അനർഹനാണ്.

സ്ഥാനങ്ങളുടെ വൃദ്ധിക്ഷയങ്ങൾ ദർശിച്ചും സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം എന്നീ ഷാഡ്ഗുണ്യജ്ഞാനം സമ്പാദിച്ചും, ശീലക്കേടു തീർന്നവന്ന് ഭൂമി അധീനമാകും.

ക്രോധമുണ്ടായാലും ഹർഷമുണ്ടായാലും അതു പാഴിലാകരുത്. എല്ലാ കൃത്യങ്ങളേയും താൻതന്നെ നോക്കിക്കൊണ്ടിരിക്കണം. ഭണ്ഡാരത്തിന്റെ കാര്യം താൻതന്നെ നോക്കണം. അങ്ങനെ വാഴുന്ന രാജാവിന്ന് ഭൂമി എപ്പോഴും ധനം നല്കിക്കൊണ്ടിരിക്കും.

രാജാവ് എന്ന ബഹുമാന്യതകൊണ്ടും, രാജചിഹ്നമായ വെൺകൊറ്റക്കുട മുതലായ ചിഹ്നങ്ങൾകൊണ്ടും, രാജാവു പ്രസാദിച്ചു വാഴണം. ധനമെല്ലാം ഭടന്മാർക്കും മറ്റുമായി നല്കണം. തനിക്കുവേണ്ടി താൻ ഒറ്റയ്ക്ക് എല്ലാം ഏറ്റ് നേടരുത്.

ബ്രാഹ്മണനേ ശരിക്കും ബ്രാഹ്മണനെ അറിയൂ. ഭർത്താവിനെ ഭാര്യയും, അമാത്യനെ രാജാവും, രാജാവിനെ രാജാവുമാണ് അറിയുക.

ശത്രുവിന്റെ കൈയിൽക്കുടുങ്ങി വദ്ധ്യതയെ പ്രാപിച്ചാൽ മോചനത്തിന്നുവേണ്ടി ആ ശത്രുവിനെ താണുവണങ്ങി സേവിക്കണം. ബലം കൈയിലാകുമ്പോൾ അവനെ വധിക്കാതെ വിടരുത്. അവനെ വെറുതെ വിട്ടയച്ചാൽ അടുത്തതന്നെ അവനിൽനിന്ന് മഹാഭയം നേരിട്ടേക്കും.

ദൈവതങ്ങളിലും, രാജാക്കളിലും, ദ്വിജന്മാരിലും, വൃദ്ധന്മാരിലും, ബാലന്മാരിലും, ആതുരന്മാരിലും, ക്രോധമുണ്ടായാൽ അത് മനസ്സുകൊണ്ട് അടക്കണം.

മൂഢന്മാരെ സേവിച്ച് നിരർത്ഥമായ കലഹം ബുദ്ധിമാന്മാർ ഉണ്ടാക്കരുത്. എന്നാൽ പാരിൽ പ്രസാദമുണ്ടാവുകയും, അനർത്ഥം ഒഴിയുകയും ചെയ്യും.

പ്രസാദവും ക്രോധവും നിഷ്ഫലമായ രാജാവിനെ ലോകർ ഭർത്താവായി കാംക്ഷിക്കുകയില്ല. ഷണ്ഡനെ സ്ത്രീകൾ ഭർത്താവായി കാംക്ഷിക്കുകയില്ലല്ലോ?

ബുദ്ധിമാനു ധനം ഉണ്ടാകുന്നില്ല, മൂഢാത്മാവിന്ന് ദാരിദ്ര്യവുമില്ല! ഈ ലോകഗതിയുടെ രഹസ്യം പ്രാജ്ഞനല്ലാതെ മറ്റ് ആര് അറിയുന്നു?

വിദ്യാവൃദ്ധൻ, വയോവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ധനവൃദ്ധൻ, കുലവൃദ്ധൻ എന്നീ വൃദ്ധന്മാരെ മൂഢന്മാർ എപ്പോഴും അവമാനിക്കും; നിന്ദിച്ച് സംസാരിക്കും.

ദുർന്നടപ്പുകാരനായ മൂഢനേയും, അസൂയകനേയും, അധാർമ്മികനേയും വാക്ദുഷ്ടനേയും, ക്രോധനനേയും ഉടനെ അനർത്ഥത്തിൽപ്പെട്ടുകാണാം. അതിന്നു യാതൊരു തർക്കവുമില്ല.

വഞ്ചനകൂടാതെ ദാനം, പറഞ്ഞവാക്കിനുള്ള സമയനിഷ്ഠ, യഥോചിതമായ സദ്ഭാഷണം ഇവ ഏതു മനുഷ്യനേയും അധീനത്തിലാക്കും.

ചതിയില്ലാത്തവനും, ദക്ഷനും, കൃതജ്ഞനും, ഋജുവും, ബുദ്ധിമാനുമായ രാജാവിന്റെ ഭണ്ഡാരം ശൂന്യമായാലും പരിവാരങ്ങൾ പിരിയുകയില്ല.

ശമം, ധൃതി, ദമം, ശൗചം, കാരുണ്യം, മൃദുവാക്ക്, മിത്രങ്ങളെ ദ്രോഹിക്കാതിരിക്കുക ഈ ഏഴുകൂട്ടം കാര്യം ലക്ഷ്മിയെ ഉദ്ദീപിപ്പിക്കുന്നതാണ്.

digitized by www.sreyas.in

വിത്തത്തെ ആർക്കും യഥാശക്തി പങ്കിടാത്തവനും, ദുഷ്ട ബുദ്ധിയും, കൃതഘ്നനും, ലജ്ജയില്ലാത്തവനുമായ രാജാവ് നാട്ടിൽ ഉപേക്ഷിക്കപ്പെടേണ്ടവനാണ്. പാമ്പുള്ള വീട്ടിൽ ആരെങ്കിലും രാത്രിയിൽപ്പോലും ഉറങ്ങുവാൻ വിചാരിക്കുമോ? എന്നാൽ ദുഷ്ടനായാലും അവനെക്കൊണ്ട് യോഗക്ഷേമത്തിന്ന് ഹാനിപറ്റുമെന്ന് കണ്ടാൽ അവനെ ദൈവതങ്ങളെപ്പോലെ എപ്പോഴും പ്രസാദിപ്പിക്കുകയും വേണം.

സ്ത്രീകൾക്കും, പ്രമത്തന്മാരായ പതിതന്മാർക്കും, അനാര്യന്മാർക്കും നല്കിയ ധനം തിരികെ കിട്ടുമെന്ന് ആശിക്കേണ്ടാ. കിട്ടുകയില്ല.

സ്ത്രീയുടേയോ, ധൂർത്തന്റേയോ, ബാലന്റേയോ കല്പനയ്ക്ക് കീഴ്പെട്ട് ജീവിക്കുന്നതായാൽ അവന്റെ കാര്യമൊക്കെ നദിയിൽ കൽത്തോണിയെന്നപോലെ മുങ്ങിപ്പോകും. യാതൊരു സംശയവുമില്ല.

ആധിക്യത്തെ വിട്ട് കാര്യത്തിന്റെ പ്രയോജനത്തെ പ്രധാനമായി കരുതുന്നവനാണ് പണ്ഡിതൻ. ആധിക്യമുണ്ടായാൽ കാര്യങ്ങൾ തട്ടിമുട്ടി കലമ്പുന്നതാണ്.

ധൂർത്തന്മാരുടേയും, ചാരന്മാരുടേയും, കുലടകളുടേയും സ്തുതി കേട്ടുകൊണ്ട് അതിൽത്തന്നെ രസിച്ചു ജീവിക്കുന്നവൻ വാസ്തവത്തിൽ ജീവിക്കുന്നവനല്ല.

രാജാവേ, ഭവാൻ എന്റെ ഹിതവാക്കുകൾ ഗ്രഹിച്ച് നേർവഴിക്കു ചെന്നാലും. ഓജസ്സേറിയ വില്ലാളിവീരന്മാരായ പാർത്ഥന്മാരെ ഉപേക്ഷിച്ച്, ഭാരതത്തിന്റെ മഹത്തായ ഐശ്വര്യത്തെ ദുര്യോധനന്നായി ഭവാൻ നല്കി. ഐശ്വര്യമദത്താൽ മൂഢനായ ബലി ലോകത്രയത്തിൽനിന്നു വീണുപോയത് ഭവാൻ കേട്ടിട്ടില്ലേ? അതുപോലെ ദുര്യോധനൻ ഈ ഐശ്വര്യമൊക്കെ വിട്ട് ഉടനെ അധഃപതിക്കുന്നത് ഭവാനു കാണേണ്ടിവരും!"

39. വിദുരഹിതവാക്യം – ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, വിദുരാ, ഭവാഭവങ്ങൾക്ക്, വരും വരായ്കകൾക്ക്, ഒന്നും മനുഷ്യനല്ലല്ലോ കർത്താവ്. നൂൽകോർത്തു പിടിച്ച 'പെൺമരപ്പാവ' പോലെയാണ് പുരുഷന്റെ സ്ഥിതി. ഞാനും ആ ധാതാവിന്റെ, വിധിയുടെ, അധീനത്തിലല്ലേ? വേറെ എന്താണ് എനിക്ക് വഴിയെന്നു പറയൂ!"

വിദുരൻ പറഞ്ഞു: "ഹേ, ഭാരതാ! കാലത്തിന്നു പറ്റാത്ത വചനം ബൃഹസ്പതിതന്നെ പറഞ്ഞാലും അതിൽ ബുദ്ധിമോശവും, തന്നിമിത്തം അവമാനവുമാണു വന്നുകൂടുക. ദാനംകൊണ്ടും പ്രിയവാക്കുകൊണ്ടുമാണ് അന്യന്റെ പ്രിയനാവുക. മന്ത്രബലത്താലും മൂലബലത്താലും പ്രിയം ചെയ്യുന്നവനും അന്യന്നു പ്രിയനായി വരുന്നു. ദ്വേഷിക്കുന്നവൻ സാധുവോ, മേധാവിയോ, പണ്ഡിതനോ അല്ല. പ്രിയം ചെയ്യുന്നവനിൽ പ്രിയകാര്യങ്ങളും വിദ്വേഷമുള്ളവനിൽ പാപകാര്യങ്ങളും ചേരും. ദുര്യോധനനെ പ്രസവിച്ച അന്നുതന്നെ ആ കുട്ടിയെ പരിത്യജിക്കേണമെന്നു ഞാൻ പറയുകയുണ്ടായില്ലേ? അവനെ കളഞ്ഞാൽ നൂറു മക്കൾക്ക് വൃദ്ധിയാണ്. അവനെ ത്യജിക്കാഞ്ഞാൽ ആ ഒരു പുത്രനെക്കൊണ്ട് ഭവാന്റെ നൂറുമക്കൾക്കും നാശംതന്നെ! ക്ഷയാവഹമായ വൃദ്ധിയെ വൃദ്ധിയായി ഗണിക്കരുത്. വൃദ്ധിയെ ഉണ്ടാക്കുന്ന ക്ഷയത്തെ അനാദരിക്കാൻ വയ്യാ. രാജാവേ, വൃദ്ധിയെ ഉണ്ടാക്കുന്ന ക്ഷയം ക്ഷയമല്ല. ബഹുനാശകമായ ലാഭമോ ക്ഷയമായിത്തന്നെ കണക്കാക്കുകയും വേണം. രാജാവേ, എന്ത് ധാരാളമുണ്ടായാൽ നാശമുണ്ടാകുമോ അതാണ് ക്ഷയമായിട്ടുള്ളത്. ലോകത്തിൽ ചിലർ ഗുണസമൃദ്ധന്മാരും ചിലർ ധനസമൃദ്ധന്മാരുമായി വരാം. ഗുണഹീനരാണ് ധനവൃദ്ധരെങ്കിൽ അവരെ ഉപേക്ഷിക്കുകതന്നെ വേണം."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഭാവിയിൽ ശ്രേയസ്സുണ്ടാകുവാൻ പ്രാജ്ഞന്മാർ സമ്മതിക്കുന്ന വാക്കുകളാണ് ഭവാൻ പറയുന്നത്. എന്നാൽ പുത്രനെ ഉപേക്ഷിക്കുവാൻ എനിക്ക് വയ്യ! എവിടെ ധർമ്മമുണ്ടോ അവിടെ ജയമുണ്ടാകട്ടെ! അല്ലാതെ ഞാനെന്തു ചെയ്യും!"

വിദുരൻ പറഞ്ഞു: "വലിയ ഗുണവാനും വിനയവാനും ആയ മഹാശയൻ ജീവികൾക്ക് ലഘുവായ ദോഷംപോലും ചെയ്യുന്ന പ്രവൃത്തിയെ പൊറുക്കുകയില്ല. പരാപവാദം പരത്തുകയും, പരന്മാർക്കു ദുഃഖം ഉണ്ടാക്കുകയും, പരന്മാർക്ക് വിരോധമായ കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവനെ കാണുവാൻകൂടി പാടില്ല. അത്തരക്കാരുമായി സഹവസിച്ചാൽ മഹത്തായ ഭയമാണുണ്ടാവുക. അവരുമായി കൊള്ളക്കൊടുക്കയും പാടില്ല. അവർക്കു പണം നല്കിയാൽ അതു ദോഷം ചെയ്യും. അവരോടു പണം വാങ്ങിയാൽ അതിലേറെ ദോഷമാണ്. മഹാഭയം ചെയ്യും. ശഠന്മാരും കാമികളും നിർലജ്ജന്മാരും ഭേദനശീലന്മാരുമായ കുപ്രസിദ്ധ പാപികളോട് ഒരിക്കലും മിണ്ടാൻകൂടി പാടില്ല. ഇപ്രകാരം ദോഷമുള്ളവരെ വർജ്ജിക്കണം. നീചനിൽ സ്നേഹമുണ്ടായാൽ സുഖവും, പ്രീതിയും, ഫലനിവൃത്തിയും നശിക്കും. ഫലസിദ്ധിയും സംസർഗ്ഗംകൊണ്ടുള്ള സുഖവും കെട്ടുപോകും. അപവാദം പറഞ്ഞു പരത്തുവാൻ തുനിയുകയും നശിപ്പിക്കുവാൻ നോക്കുകയും ചെയ്യും. അല്പമായ തെറ്റുപോലും അത്തരക്കാർ പൊറുക്കുകയില്ല. അതിൽ കലമ്പൽ കൂട്ടിക്കൊണ്ടിരിക്കും. മനസ്സിന്ന് അടക്കമില്ലാത്ത ക്രൂരന്മാരും നീചന്മാരുമായുള്ള സംസർഗ്ഗം ദോഷമാണെന്നു മനസ്സിലാക്കി വിദ്വാന്മാർ അവരെ ദൂരെ ത്യജിക്കണം.

ദരിദ്രനും, ദീനനും, രോഗിയുമായ ജ്ഞാതികളെ എപ്പോഴും സഹായിച്ച് അനുഗ്രഹിക്കണം. അങ്ങനെ ചെയ്യുന്നവൻ പുത്രധനസമൃദ്ധിയോടെ ശ്രേയസ്സു നേടും. ആത്മശുഭത്തെ ഇച്ഛിക്കുന്നവർ ജ്ഞാതിവൃദ്ധിക്കായി ശ്രമിക്കേണ്ടതാണ്. അതിൽനിന്നാണ് കുലം വൃദ്ധിപ്പെടുക. ജ്ഞാതിസൽക്കാരംകൊണ്ടേ ശ്രേയസ്സുണ്ടാകുകയുള്ളൂ. ഗുണഹീനന്മാരായ ജ്ഞാതികൾ പോലും സംരക്ഷരാണ്. അങ്ങനെയിരിക്കെ ഗുണവാന്മാരും ഭവാന്റെ പ്രസാദത്തെ കാംക്ഷിക്കുന്നവരുമായ പാണ്ഡവന്മാരിൽ ഭവാൻ എന്താണ് പ്രസാദിക്കാത്തത്?

അവർക്കു ജീവിക്കുവാൻവേണ്ടി ചില ഗ്രാമങ്ങൾ നല്കുക! എന്നാൽ ലോകത്തിൽ ഭവാന്റെ കീർത്തി പരക്കും. വൃദ്ധനായ ഭവാൻ പുത്രന്മാരെ ശാസിക്കണം. ഞാൻ ഭവാനോട് ഹിതം പറയണം; ഭവാന്റെ ഹിതകാംക്ഷിയല്ലേ ഞാൻ! നന്മ നിനയ്ക്കുന്നവൻ ദായാദികളെ ഉപേക്ഷിക്കരുത്. ഭവാൻ ദായാദികളുമായി സുഖിക്കുക! ഊണും, സല്ലാപവും തമ്മിൽച്ചേർന്നുള്ള രസങ്ങളുമായി നിങ്ങൾ ജീവിക്കണം. അല്ലാതെ ജ്ഞാതികളുമായി വിരോധത്തോടെ ഇരിക്കരുത്. കരകയറ്റുന്നവരും മുക്കിവിടുന്നവരുമുണ്ട് ജ്ഞാതികളിൽ; സുവൃത്തന്മാർ കരകയറ്റുകയും ദുർവൃത്തന്മാർ മുക്കിക്കളയുകയും ചെയ്യും. പാണ്ഡവന്മാരിൽ ഭവാൻ സുവൃത്തനായ ബന്ധുവാകണം.

ഭവാൻ അവരോട് ചേർന്നുനിന്നാൽ ശത്രുക്കൾക്ക് അധൃഷ്യനായി ഭവിക്കും. ജ്ഞാതികളിൽ ഇണങ്ങിനിന്നാൽ ഭവാൻ ശ്രീമാനായി ഭവിക്കും. പിണങ്ങിനിന്നാൽ ജ്ഞാതികൾ ദുഃഖിക്കുകയും വിഷം പുരട്ടിയ വ്യാധബാണങ്ങൾ ഏറ്റ മാനിനെപ്പോലെ കുഴങ്ങുകയും ചെയ്യും. ഭവാന് പശ്ചാത്താപത്തിനിടവരും. ഭവാന്റെ പുത്രന്മാരോ പാണ്ഡുവിന്റെ പുത്രന്മാരോ ഹതരായി എന്നു കേട്ടാൽ ഭവാനുണ്ടാകുന്ന അനുഭവം എന്താണ്? ഒന്നു ചിന്തിച്ചുനോക്കുക! കാട്ടിൽ കേറിയാൽ പിന്നെ ദഹിക്കലാണ്. മരിച്ചുവോ ഇല്ലയോ എന്നറിയുന്നതിനുമുമ്പ് എന്തിന്നു ചിതയിൽ കയറ്റുന്നു? അങ്ങനെ ചെയ്തു പരിതപിക്കുന്നതിനേക്കാൾ നല്ലത് അതിന്ന് ഒരുങ്ങാതിരിക്കുകയല്ലേ?

ഭവാന് രക്ഷയ്ക്ക് ഇനിയും വഴിയുണ്ട്. അനീതി ചെയ്യാത്ത ഒരാൾ ശുക്രൻ മാത്രമാണ്. മറ്റുള്ളവരൊക്കെ അനീതി ചെയ്തിട്ടുള്ളവരാണ്.

മേലാൽ വേണ്ടതിനെപ്പറ്റിയുള്ള ചിന്ത ബുദ്ധിമാന്മാരിലേ ഉണ്ടാകൂ. ദുര്യോധനൻ പണ്ട് പാണ്ഡവന്മാരിൽ പാതകം ചെയ്തിട്ടുണ്ടെങ്കിലും കുലവൃദ്ധനായ ഭവാൻ അതൊക്കെ നേരെയാക്കേണ്ടതാണ്. സ്ഥാനത്തിൽ അവരെ വാഴിക്കുക! ലോകത്തിൽ പാപഹീനനായി മനീഷികൾക്കു പൂജ്യനായി ഭവാൻ ഭവിച്ചാലും!

digitized by www.sreyas.in

ധീരന്മാർ പറയുന്ന നല്ലവാക്കുകൾ ഫലത്തിൽ കണ്ടറിഞ്ഞ് കാര്യങ്ങളിൽ ഉദ്യമിക്കുന്നവൻ വളരെക്കാലം കീർത്തിമാനായി പരിലസിക്കും.

മഹാകുശലന്മാർ ഉപദേശിച്ച തത്വങ്ങൾപോലും വഴിപോലെ ചെയ്തില്ലെങ്കിൽ നന്നായി എന്നു വരികയില്ല. ഗ്രാഹ്യങ്ങളെ ഗ്രഹിക്കാഞ്ഞാലും ഗ്രഹിച്ചാൽ അവ അനുഷ്ഠിക്കാഞ്ഞാലും വിദ്വാന് പാപമാണ് ഫലം. കർമ്മം ചെയ്തില്ലെങ്കിൽ പാപം വായ്ക്കും.

മുമ്പെ ചെയ്ത കുറ്റത്തെ ആലോചിക്കാതെ പിൻതുടർന്നാൽ ആ ദുരാശയൻ വിഷമവും അഗാധവുമായ ചളിക്കുണ്ടിൽ പതിക്കുന്നതാണ്.

മദം, നിദ്ര, ഗ്രഹിക്കായ്ക, തന്നിൽ ഉണ്ടാകുന്ന വികാരം, ദുഷ്ടമന്ത്രിമാരിലുള്ള വിശ്വാസം, മൂഢന്മാരായ ദൂതന്മാരുടെ പ്രയോഗങ്ങൾ ഈ ആറ് മാർഗ്ഗങ്ങളേയും നല്ലപോലെ മനസ്സിലാക്കി, മനസ്സിൽ മറച്ചുവെച്ച് ത്രിവർഗ്ഗത്തെ നടത്തുന്ന രാജാവ് ശത്രുക്കളെ ജയിക്കുന്നതാണ്.

വേദജ്ഞാനമോ വൃദ്ധസേവയോ കൂടാതെ ധർമ്മാർത്ഥങ്ങൾ ഗ്രഹിക്കുവാൻ ബൃഹസ്പതിതുല്യന്മാർക്കുപോലും കഴിയുകയില്ല. സമുദ്രത്തിൽ വീണു മുങ്ങിപ്പോയതു നഷ്ടപ്പെട്ടതു തന്നെ. ഗുരുമുഖത്തിൽ നിന്നു കേൾക്കാൻ കഴിയാതെപോയതും നഷ്ടപ്പെട്ടതുതന്നെ! മൂഢന്മാരുടെ ചെവിയിൽ ഉപദേശിക്കുന്ന ശാസ്ത്രവും നഷ്ടംതന്നെ! കെട്ട അഗ്നിക്ക് മീതെ ഹോമിക്കുന്ന ഹവ്യവും നഷ്ടംതന്നെ! ആത്മാവ് കെട്ടവനിൽ വേദോപദേശം കൊണ്ട് എന്തുകാര്യം?

ഒരുവൻ മൈത്രിയെ കൈക്കൊള്ളണമെങ്കിൽ, യുക്തികൊണ്ട് ചിന്തിക്കുകയും, ബുദ്ധികൊണ്ട് നിശ്ചയിക്കുകയും, മറ്റുള്ളവരിൽ നിന്ന് ചോദിച്ചറിയുകയും, താൻതന്നെ കാണുകയും, പ്രാജ്ഞരിൽനിന്ന് വീണ്ടും അറിയുകയുംവേണം. അങ്ങനെ ശരിയായി പരീക്ഷിച്ചിട്ടേ ബന്ധുക്കളെ തിരഞ്ഞെടുക്കാവൂ.

അകീർത്തിയെ വിനയം നശിപ്പിക്കും, അനർത്ഥത്തെ വീര്യം നശിപ്പിക്കും, ക്രോധത്തെ ക്ഷമ നശപ്പിക്കും, ആചാരം അശുഭത്തേയും നശിപ്പിക്കും.

ഒരു കുലത്തെ പരീക്ഷിച്ചറിയേണ്ടത് പരിജനം, ജന്മഭൂമി, ഗൃഹം, തൊഴിൽ, ഭക്ഷണം, ഉടുപ്പ് ഇവയൊക്കെ നോക്കിയിട്ടാണ്. കുലത്തിന്റെ മഹിമ ഇവയിൽനിന്നു ഗ്രഹിക്കാം. അടുത്തുവന്ന കാമത്തിന്ന് ഒരിക്കലും എതിർവാക്കു പറയരുത്. ദേഹം കൈവിട്ടത്യാഗിക്കുപോലും അതു രസിക്കുന്നതല്ല. പിന്നെയുണ്ടോ കാമനിരതൻ അടങ്ങുന്നു! സന്ദർഭം നോക്കി സംസാരിക്കാത്തവൻ അപകടത്തിൽപ്പെടും.

പാലിക്കേണ്ടവർ ആരൊക്കെയാണെന്നു പറയാം. ബുദ്ധിമാൻ, വിദ്വാൻ, സജ്ജനദർശനൻ, ധർമ്മിഷ്ഠൻ, ഇഷ്ടം ചെയ്യുന്നവൻ, പ്രിയം പറയുന്നവൻ ഇങ്ങനെയുള്ള സുഹൃത്തിനെ എപ്പോഴും രക്ഷിക്കേണ്ടതാണ്.

മര്യാദതെറ്റിക്കാതെ നടക്കുന്ന ഒരുവൻ ദുഷ്കുലത്തിൽ ജനിച്ചവനായാലും അവനെ കുലീനനായിത്തന്നെ കണക്കാക്കണം. മൃദുവും ഹ്രീമാനും ധാർമ്മികനുമായവൻ നൂറു കുലീനന്മാരേക്കാൾ ശ്രേഷ്ഠതരനാണ്.

ചിത്തവും കർമ്മവും ബുദ്ധിയും ആനന്ദവും തമ്മിലുള്ള മൈത്രി ഒരിക്കലും ക്ഷയിക്കുകയില്ല.

അകൃതാത്മാവും ദുർബ്ബുദ്ധിയുമായി, പുല്ലു മൂടിക്കിടക്കുന്ന കിണറുപോലെയുള്ള ഖലനോട് ബുദ്ധിമാൻ ഇടപെടരുത്. അത് ആപത്തു വരുത്തിവെക്കും.

ഗർവ്വിഷ്ഠന്മാർ, മൂർഖന്മാർ, രൗദ്രന്മാർ, സാഹസികന്മാർ, ധർമ്മഹീനന്മാർ എന്നിവരോട് വിദ്വാന് മൈത്രി പാടില്ല.

കൃതജ്ഞനും, ധാർമ്മികനും, സത്യവാദിയും, അക്ഷുദ്രനും, ദൃഢഭക്തിയുള്ളവനും, നില്ക്കേണ്ടിടത്തു നില്ക്കുന്നവനും, ജിതേന്ദ്രിയനും, നിലനിന്ന സ്നേഹമുള്ളവനുമാണ് ശരിയായ മിത്രം.

വിഷയങ്ങളിൽനിന്ന് വിട്ടുപിരിയുക എന്നത് മൃത്യുവിൽനിന്ന് വിട്ടുപിരിയുന്നതിനേക്കാൾ പ്രയാസമായ കാര്യമാണ്. എല്ലാം ത്യജിക്കുക എന്നത് ദേവന്മാരെപ്പോലും വിഷമത്തിലാക്കും.

എല്ലാ ഭൂതങ്ങളിലും മൃദുത്വവും, അനസൂയയും, ക്ഷമയും, ധൃതിയും മിത്രസൽക്കാരവുമുള്ളവൻ ദീർഘായുഷ്മാനാകും.

നീതിയാൽ നേടിയ ധനം അന്യായത്താൽ നഷ്ടമായാൽ അത് സുനയത്താൽ വീണ്ടെടുക്കുന്നതിന്ന് ദൃഢമായി മനസ്സു ചെലുത്തുന്നത് സൽപുരുഷന്മാരുടെ വ്രതമാണ്.

വരുവാൻപോകുന്നതിൽ മറുകൈ കണ്ടവനും വർത്തമാനസ്ഥിതി അറിഞ്ഞു ചെയ്യുന്നവനും കഴിഞ്ഞുപോയ കാര്യങ്ങളിൽ അനുഭവജ്ഞാനമുള്ളവനുമായ പുരുഷന്ന് അർത്ഥനാശങ്ങളൊന്നും വരികയില്ല. മനസ്സ്, കർമ്മം, വാക്ക് എന്നിവയാൽ നിത്യം എന്തിനെ സേവിക്കുന്നുവോ, അത് അവനെ വേണ്ടവഴിക്കു കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് എപ്പോഴും ശുഭത്തെ സേവിക്കുക. മംഗളസ്പർശനം സദാ സജ്ജനദർശനം, മംഗളയോഗം, പഠിപ്പ്, ഉദ്യമം, ആർജ്ജവം സജ്ജനങ്ങളുടെ സമ്മേളനം എന്നിവ ഐശ്വര്യത്തെ ഉണ്ടാക്കുന്നതാണ്. വെറുപ്പില്ലായ്മയാണ്, ശ്രീയുടെ മൂലം നിർവ്വേദംകൊള്ളാതെ (വെറുക്കാതെ) യിരിക്കുന്നവൻ മഹത്തായ ലാഭവും ശുഭമായ കാര്യവും നേടി സുഖമായി ജീവിക്കും.

പ്രഭുത്വമുള്ളവർ ക്ഷമിക്കുക എന്നതിൽപ്പരം പർത്ഥ്യമായും ഐശ്വര്യകരമായും മറ്റൊന്നുംതന്നെ ലോകത്തിലില്ല. അശക്തൻ എപ്പോഴും ക്ഷമിക്കട്ടെ! ധർമ്മമോർത്ത് ശക്തനും സദാ ക്ഷമിക്കണം. അർത്ഥത്തിലും അനർത്ഥത്തിലും തുല്യഭാവനയുള്ളവന്നും ക്ഷമതന്നെയാണ് ഹിതം.

ധർമ്മാർത്ഥഹീനമല്ലാത്ത ഏതു സുഖത്തേയും യഥാകാമം ഉപസേവിക്കാം. അതിൽ മൂഢസ്വഭാവം കൈക്കൊള്ളരുത്.

ദുഃഖാർത്തന്മാർ, പ്രമത്തന്മാർ, നാസ്തികന്മാർ, അലസന്മാർ, അദാന്തന്മാർ, ഉത്സാഹമില്ലാത്തവർ എന്നിവരിൽ ശ്രീ ഉണ്ടാവുകയില്ല.

ആർജ്ജവമുള്ള മനുഷ്യൻ ആർജ്ജവംകൊണ്ട് ഒതുങ്ങിവാഴുമ്പോൾ അവനെ അശക്തനെന്നു പറഞ്ഞ് കുബുദ്ധികൾ ഹസിക്കുന്നു.

ആഢ്യത്വത്തിൽ അതിരുകടന്നവൻ, അതിദാതാവ്, അതിശൂരൻ, അതിവ്രതൻ, അതിപ്രജ്ഞാഭിമാനി ഇത്തരം അതിരുകടന്നഭിമാനിക്കുന്ന കൂട്ടരിൽ ശ്രീ ഭയപ്പെട്ട് അടുക്കുന്നതല്ല. ഈ അതിഗുണവാന്മാരെപ്പോലെതന്നെയാണ് അതിഗുണഹീനന്മാരും. അതിഗുണങ്ങളെ ശ്രീ കാമിക്കുന്നതല്ല. ഗുണഹീനതയോട് ശ്രീ ഇണങ്ങുകയുമില്ല. ഇത്തരക്കാരെ കണ്ടാൽ ശ്രീ ഒരിടത്തു നില്ക്കാതെ വിരണ്ട പശുവിനെപ്പോലെ പേടിച്ച് അന്ധയായി ഓടിക്കളയുന്നു.

അഗ്നിഹോത്രഫലം വേദത്തിൽനിന്നും, ശീലവൃത്തഫലം വിദ്യയിൽനിന്നും, രതിപുത്രഫലം നാരിയിൽനിന്നും, ദത്തഭുക്തഫലം ധനത്തിൽനിന്നും നേടുന്നു. അധർമ്മത്താൽ നേടിയ അർത്ഥംകൊണ്ട് പരലോകസാധകമായ യജ്ഞദാനങ്ങൾ ചെയ്യുന്നവൻ അതിന്റെ ഫലം നേടുന്നതല്ല.

കാന്താരത്തിലോ വനദുർഗ്ഗത്തിലോ, കഷ്ടമായ ആപത്തുകൾ, സംഭ്രമം എന്നിവയിലോ, ശസ്ത്രപ്രഹരാദികളിലോ ധീരൻ ഭയപ്പെടുകയില്ല.

ഉത്സാഹം, സംയമം, ദാക്ഷ്യം, അപ്രമാദം, ധൃതി, സ്മൃതി, വഴിപോലെ നോക്കി കാര്യങ്ങളിൽ ഏർപ്പെടൽ എന്നിവയാണ് ഐശ്വര്യത്തിന്റെ മൂലം. താപസന്മാർക്ക് ബലം തപസ്സാണ്.

digitized by www.sreyas.in

ബ്രാഹ്മണർക്ക് ബലം വേദമാണ്. ദുർജ്ജനത്തിന്ന് ഹിംസയാണ് ബലം. ഗുണവാന്മാർക്ക് ബലം ക്ഷമയാണ്.

വ്രതം മുടങ്ങാതിരിക്കുവാൻ എട്ടെണ്ണമുണ്ട്. കായ, കിഴങ്ങ്, വെള്ളം, പാൽ, ഹവിസ്സ്, ബ്രാഹ്മണസേവ, ഗുരുവചനം, ഔഷധം എന്നിവയാണ് അവ.

തനിക്ക് അപ്രിയമായത് എന്തോ അവയൊന്നും മറ്റൊരുത്ത നിൽ ചെയ്യരുത്. അടക്കംകൊണ്ട് ധർമ്മമുണ്ടാകുന്നു. കാമം കൊണ്ട് അധർമ്മമുണ്ടാകുന്നു. ക്രോധവാനെ അക്രോധംകൊ ണ്ടും, അസാധുവിനെ സാധുത്വംകൊണ്ടും, ലുബ്ധനെ ദാനം കൊണ്ടും, അസത്യവാനെ സത്യംകൊണ്ടും ജയിക്കണം.

സ്ത്രീ, വിടൻ, മടിയൻ, ഭീരു, ക്രൂരൻ, നാസ്തികൻ, പൗരു ഷത്തിൽ ഗർവ്വിക്കുന്നവൻ, കൃതഘ്നൻ, കള്ളൻ ഈ പറഞ്ഞ വരെ ഒരിക്കലും വിശ്വസിച്ചുപോകരുത്.

നിത്യവും വണങ്ങി വൃദ്ധരെ സേവിക്കുന്നവർക്ക് കീർത്തി, യശസ്സ്, ആയുസ്സ്, ശക്തി എന്നീ നാലും വളരുന്നതാണ്.

വളരെ കഷ്ടപ്പെട്ട് സമ്പാദിച്ച ധനം, ധർമ്മം തെറ്റിച്ച് സമ്പാ ദിച്ച ധനം, ശത്രുവിനെ നമസ്കരിച്ച് കിട്ടുന്ന ധനം, ഈ പറഞ്ഞ ധനങ്ങളിൽ ഒരിക്കലും കൊതിവെക്കരുത്.

വിദ്യയില്ലാത്ത പുരുഷൻ ശോച്യനാണ്. സന്താനലാഭ ത്തിന്നു പറ്റാത്ത ഭാര്യയുമായുള്ള മൈഥുനം ശോച്യമാണ്. ഭക്ഷണം ലഭിക്കാത്ത നാട്ടിലെ പ്രജകൾ ശോച്യരാണ്. രാജാ വില്ലാത്ത രാജ്യവും ശോച്യമാണ്.

ദേഹികൾക്ക് ജര വഴിയാണ്. മലകൾക്ക് ജര ജലമാണ്. സ്ത്രീകൾക്ക് സംഭോഗമില്ലായ്മയാണ് ജര. മനസ്സിന്ന് ജര വാക്ശല്യമാണ്.

വേദങ്ങൾക്ക് അനഭ്യാസമാണ് മലം, ബ്രാഹ്മണർക്ക് അവ്ര തമാണ് മലം, ഊഴിക്ക് ബാൽഹീകരാണ് മലം, പുരുഷന്ന് അനൃ തമാണ് മലം, സാധ്വിക്കു കൗതൂഹമാണ് മലം, സ്ത്രീക്ക് പ്രവാ സമാണ് മലം, സ്വർണ്ണത്തിന്നു വെള്ളിയാണ് മലം, വെള്ളിക്കു പിച്ചളയാണ് മലം, പിച്ചളയ്ക്ക് ഈയമാണ് മലം, ഈയത്തിന്നു കറയാണ് മലം.

നിദ്രയെ ഉറങ്ങി ജയിക്കുവാൻ ആർക്കും സാദ്ധ്യമല്ല. കാമ സംഭോഗംകൊണ്ട് സ്ത്രീയെ ജയിക്കുവാൻ ആർക്കും സാദ്ധ്യ മല്ല. വിറകുകൊണ്ട് അഗ്നിയെ ജയിക്കുവാൻ സാദ്ധ്യമല്ല. കുടി കൊണ്ട് മദ്യത്തെ ജയിക്കുവാൻ സാദ്ധ്യമല്ല.

ദാനത്താൽ മിത്രത്തെ ജയിച്ചവനും, യുദ്ധത്താൽ ശത്രു വിനെ ജയിച്ചവനും, അന്നപാനങ്ങളാൽ ദാരങ്ങളെ ജയിച്ചവനും, ജന്മസാഫല്യത്തെ പ്രാപിച്ചവരാണ്.

ഹേ ധൃതരാഷ്ട്രാ, കൊറ്റിനില്ലാതെ ലോകത്തിൽ ആരും കഷ്ടപ്പെടേണ്ടിവരുമെന്ന് ഭയപ്പെടേണ്ട. ആയിരംവയസ്സുള്ള വരും നൂറുവയസ്സുള്ളവരും ഇന്നും ജീവിച്ചിരിപ്പുണ്ട്. അതു കൊണ്ട് ഭവാൻ ആഗ്രഹങ്ങളെ ഉപേക്ഷിക്കുക.

ലോകത്തിലുള്ള നെല്ല്, യവം, സ്വർണ്ണം, സ്ത്രീകൾ, പശു ക്കൾ ഇതെല്ലാം ഒരാൾക്കു ലഭിച്ചാൽപ്പോലും അയാൾക്ക് മതി യാകയില്ല. ഈ യാഥാർത്ഥ്യം നല്ലപോലെ മനസ്സിലാക്കിക്കഴി ഞ്ഞാൽ പിന്നെ ആരെങ്കിലും അവയിൽ ഭ്രമിക്കുമോ?

ഹേ ധൃതരാഷ്ട്രാ! ഞാൻ വീണ്ടും പറയുന്നു: ഭവാൻ മക്ക ളിലെല്ലാവരിലും സമഭാവനയോടെ പെരുമാറുക. പാണ്ഡവന്മാ രിലും പുത്രന്മാരിലും ഭവാൻ തുല്യമായ നില പുലർത്തുക."

40. വിദുരഹിതവാക്യം – വിദുരൻ പറഞ്ഞു: "സജ്ജനപൂ ജിതനായി, ആസക്തിയില്ലാത്തവനായി, തന്റെ ശക്തി ഉപയോ ഗപ്പെടുത്തി വേലചെയ്യുന്നതായാൽ ആ സജ്ജനത്തിന്ന് ഉടനെ യശസ്സുണ്ടാകും. അവനാൽ സത്തുക്കൾ സുഖികളും പ്രസന്ന രുമാകും. അധർമ്മത്തോടുകൂടിയ കാര്യം എത്ര മഹത്തായാൽ പ്പോലും യാതൊരു ഭ്രമവുംകൂടാതെ അത് ഉപേക്ഷിക്കുവാൻ തയ്യാറുള്ളവൻ ദുഃഖത്തിൽനിന്ന് വിമുക്തനായി ശാന്താത്മാവാ യിത്തീരുന്നു. പഴക്കമുള്ള ഉറ ഉപേക്ഷിക്കുന്ന സർപ്പത്തെപ്പോലെ അവൻ ദുഃഖത്തെ വിട്ട് ശാന്തനായി അടങ്ങുന്നു.

അസത്യംകൊണ്ടു ഉൽക്കർഷം നേടുക, രാജാവിൽ ഏഷ ണികൂട്ടുക, ഗുരുവിനെ വഞ്ചിക്കുക എന്നിവ ബ്രഹ്മഹത്യയ്ക്കു തുല്യമാണ്.

അസൂയ മൃത്യുവിന്റെ മറ്റൊരു പേരാണ്. അതിവാദം ലക്ഷ്മി യുടെ വധമാണ്. ഗുരുവിനെ ശുശ്രൂഷിക്കാതിരിക്കുക, എടുത്തു ചാട്ടം, ആത്മപ്രശംസ എന്നിവ മൂന്നും വിദ്യയുടെ ശത്രുക്കളാണ്.

ആലസ്യം, മദം, മോഹം ചാപല്യം, ഗോഷ്ഠി, ഔദ്ധത്യം, അതിമാനിത്വം, അദാനത്വം ഇവയേഴും വിദ്യാർത്ഥികൾക്കുള്ള ദോഷങ്ങളാണ്. ഇവയെ വർജ്ജിക്കണം.

സുഖം അർത്ഥിക്കുന്നവന്ന് എവിടെ വിദ്യയുണ്ടാകും? വിദ്യാർത്ഥിക്ക് എവിടെ സുഖം ലഭിക്കും? സുഖാർത്ഥി വിദ്യ യേയും വിദ്യാർത്ഥി സുഖത്തേയും ഉപേക്ഷിക്കണം. വിദ്യാർത്ഥി കൾ ഇതു ധരിക്കണം.

വിറകിനാൽ അഗ്നി തൃപ്തിയെ പ്രാപിക്കുന്നില്ല (തീയിന്നു മതിയാകുന്നില്ല). നദികൾ എത്ര ചെന്നു ചേർന്നാലും സമുദ്ര ത്തിന്ന് മതിയായി എന്നു വരുന്നതല്ല. അന്തകന്ന് എല്ലാ ഭൂതങ്ങ ളെക്കൊണ്ടും തൃപ്തിവരുന്നില്ല. എത്ര കൊന്നാലും യമന്ന് മതി യാകുകയില്ല. സ്ത്രീക്ക് പുരുഷന്മാരെക്കൊണ്ടും തൃപ്തിവരിക യില്ല.

ധൈര്യത്തെ ആശയും, സമൃദ്ധിയെ അന്തകനും, ശ്രീയെ ക്രോധവും, യശസ്സിനെ ലോഭവും, തീയിനെ വെള്ളവും, പശു വിനെ അപലനവും നശിപ്പിക്കും, ഒരേയൊരു ക്രുദ്ധബ്രാഹ്മണൻ മതി രാജ്യം മുഴുവനും നശിപ്പിക്കുവാൻ.

ആടുകൾ, ഓട്ടുപാത്രം, വെള്ളപ്പാത്രം, തേൻ, പക്ഷി, ശ്രോത്രിയൻ, വൃദ്ധനും, താഴാത്തവനും കുലീനനുമായ ബന്ധു, ഈ പറഞ്ഞതെല്ലാം ഗൃഹത്തിൽ എപ്പോഴും ഉണ്ടായിരിക്കേണ്ട താണ്. അതു ഗൃഹത്തിന്ന് ആവശ്യമായ അലങ്കാരമാണ്.

അജോക്ഷം, ചന്ദനം, വീണ, കണ്ണാടി, മധു, നെയ്യ്, വിഷം, ഔദുംബരം, ശംഖം, സാളഗ്രാമം, ധാന്യം എന്നിവ ഗൃഹത്തിൽ വെക്കണം. ഇവ ദേവന്മാരേയും, ബ്രാഹ്മണരേയും, അഥിതിക ളേയും, പൂജിക്കുവാൻവേണ്ടിയാണ്. മനു അനുശാസിക്കുന്ന താണ് ഇത്.

എല്ലാറ്റിലുംവെച്ച് മഹാവിശിഷ്ടമായ പുണ്യപദം, കർമ്മ ലോഭഭയങ്ങളാലോ, ജീവിതത്തിന്നുവേണ്ടിയോ, ധർമ്മത്തെ വെടിയാതിരിക്കുക എന്നതാകുന്നു. ധർമ്മം നിത്യമാകുന്നു. സുഖങ്ങളെല്ലാം അനിത്യങ്ങളാണ്. ജീവൻ നിത്യമാണെങ്കിലും അനിത്യമാണ് ജീവത്വഹേതുവായ അവിദ്യ. അനിത്യത്തെ ത്യജിച്ച് നിത്യത്തിൽ ഉറച്ചുനിന്ന് ഭവാൻ സന്തോഷിച്ചാലും! അതാണ് ഉൽകൃഷ്ടമായ ലാഭം. ധനധാന്യപൂർണ്ണമായ ഭൂമിയെ പാലിച്ചുകൊണ്ടിരുന്ന മഹാബലന്മാരും, മഹാനുഭാവന്മാരുമായ രാജേന്ദ്രന്മാർപോലും രാജ്യങ്ങളേയും, മഹത്തായ ഭോഗങ്ങളേ യും കൈവെടിഞ്ഞ് അന്തകന്റെ കൈയിൽപ്പെട്ടുപോയത് ഭവാൻ ഓർക്കേണ്ടതാണ്.

കഷ്ടപ്പെട്ടു പോറ്റിവളർത്തിയ മകനായാലും, അവൻ മരി ച്ചുവെങ്കിൽ അവന്റെ ദേഹത്തെ എടുത്തു ദൂരെ തള്ളിക്കളയു ന്നില്ലേ? അച്ഛനമ്മമാർ തലമുടി ചിന്നിച്ചിതറി സകരുണം രോദ നംചെയ്താലും അവനെ ചിതാമദ്ധ്യത്തിൽ വിറകെന്നപോലെ ഇട്ടുകൊടുക്കുകയല്ലേ ചെയ്യുന്നത്. മൃതനായവന്റെ ധനത്തെ അന്യന്മാർ എടുക്കുന്നു. ശരീരധാതുക്കളെ അഗ്നിയും ഭുജിക്കു ന്നു. പുണ്യമെന്നും പാപമെന്നുമുള്ള രണ്ടെണ്ണം മാത്രമാണ് പര ലോകത്ത് അവന്റെ കൂടെപ്പോകുന്നത്. പുഷ്പഫലങ്ങൾ ഒഴിഞ്ഞ വൃക്ഷത്തെ പക്ഷികൾ വിടുന്നതുപോലെ ജീവൻ വിട്ട മനു

digitized by www.sreyas.in

ഷ്യനെ പുത്രന്മാരും, ജ്ഞാതികളും, സുഹൃത്തുക്കളും കൈവിടുന്നു. അഗ്നിയിൽ വെന്ത പുരുഷനെ തുണയ്ക്കുവാൻ തന്റെ കർമ്മം മാത്രമേയുള്ളൂ. അതുകൊണ്ട് പുരുഷൻ കരുതലോടുകൂടി ധർമ്മം അനുഷ്ഠിക്കേണ്ടതാകുന്നു.

ഇഹലോകത്തിന്നു മീതേയും, പരലോകത്തിന്നു താഴേയുമായി മഹത്തായ തമസ്സ്, അന്ധകാരം, തിങ്ങിനില്ക്കുന്നുണ്ട്. ഇന്ദ്രിയങ്ങളെ അത് നല്ലപോലെ മയക്കുന്നു. അതിൽ ഭവാൻ ചെന്നു കുടുങ്ങരുത്. അന്ധതാമിസ്രമെന്ന നരകമാണ് അത്.

എന്റെ ഈ വാക്ക് ഭവാൻ സ്വീകരിക്കുകയാണെങ്കിൽ മറ്റുള്ളതൊക്കെ അറിയുവാനുള്ള കഴിവ് ഭവാനു താനേ ഉണ്ടാകും. അപ്പോൾ ഇഹത്തിൽ ഭവാൻ മഹായശസ്വിയായും, ഇഹത്തിലും പരത്തിലും നിർഭയനായും ഭവിക്കും.

ധൈര്യമായ തീരത്തോടുകൂടിയതും, ദയയാകുന്ന തിരമാലയോടുകൂടിയതും, സത്യത്തിൽനിന്നു ഉത്ഭവിക്കുന്നതുമായ പുണ്യതീർത്ഥമായ ജീവനദിയിൽ സ്നാനംചെയ്താൽ അവൻ വിശുദ്ധനും, ലോഭഹീനനും, പുണ്യാത്മാവും പുണ്യകർമ്മാവും ആകും.

കാമക്രോധാദികളായ മുതലകളുള്ള പഞ്ചേന്ദ്രമായ ജലം നിറഞ്ഞ നദിയിൽ ധൃതിയെ നൗകയാക്കി ഭവാൻ ജന്മമാകുന്ന ദുർഗ്ഗത്തെ കടക്കണം; മറുകരയെത്തണം.

പ്രജ്ഞാവൃദ്ധരേയും, ധർമ്മവൃദ്ധരേയും, വിദ്യാവൃദ്ധരേയും, സ്വബന്ധുക്കളേയും, പൂജിച്ച് പ്രസാദിപ്പിച്ച് കാര്യാകാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നവന്ന് ഒരിക്കലും മോഹിക്കേണ്ടതായി വരില്ല.

ധൈര്യത്താൽ ഭോഗേന്ദ്രിയത്തേയും വയറിനേയും, കണ്ണുകളാൽ കൈകാലുകളേയും, മനസ്സാൽ കണ്ണിനേയും കാതുകളേയും, പ്രവൃത്തിയാൽ മനോവാക്കുകളേയും ദോഷത്തിൽ നിന്നു കാത്തുരക്ഷിക്കണം.

നിത്യവും യഥാകാലം സ്നാനവും ആചമനവും ചെയ്യുക, എപ്പോഴും യജ്ഞോപവീതം ധരിച്ചിരിക്കുക, നിത്യം സ്വാദ്ധ്യായം ചെയ്യുക പതിതന്മാരുടെ അന്നത്തെ വർജ്ജിക്കുക, സത്യം പറയുക, ഗുരുശുശ്രൂഷ ചെയ്യുക, എന്നിവയനുഷ്ഠിക്കുന്ന ബ്രാഹ്മണൻ ബ്രഹ്മലോകത്തെ പ്രാപിക്കും. അവിടെനിന്നു വീണ്ടും പതിക്കുകയില്ല.

വേദാദ്ധ്യയനവും, അഗ്നിഹോത്രവും, യാഗങ്ങളും ചെയ്ത് പ്രജകളെ പരിപാലിച്ച്, ശസ്ത്രം ധരിച്ച്, ശുദ്ധാത്മാവായി, ഗോവിന്നും ബ്രാഹ്മണന്നുവേണ്ടി യുദ്ധംചെയ്തു മരണമടയുന്ന ക്ഷത്രിയൻ സ്വർഗ്ഗത്തെ പ്രാപിക്കുന്നതാണ്.

വൈശ്യൻ വേദം അഭ്യസിക്കുകയും, ധനം സമ്പാദിക്കുകയും, അതിൽ ഒരു ഭാഗം ബ്രാഹ്മണർക്കും, ക്ഷത്രിയർക്കും, ശൂദ്രർക്കും നല്കുകയും പുണ്യമായ ത്രേതാഗ്നിധൂമം ഏല്ക്കുകയും ചെയ്ത് പുണ്യാത്മാവായി മരണമടഞ്ഞാൽ ആ വൈശ്യൻ സ്വർഗ്ഗസുഖത്തെ അനുഭവിക്കും.

ബ്രാഹ്മണരേയും, ക്ഷത്രിയരേയും, വൈശ്യരേയും ക്രമാനുസരണം ന്യായമായി പൂജിച്ച് സന്തോഷിപ്പിച്ച ശൂദ്രൻ വ്യഥ കൂടാതെ പാപം നശിച്ച് ദേഹം വെടിയുമ്പോൾ സ്വർഗ്ഗസുഖം അനുഭവിക്കുന്നതാണ്.

ഞാൻ ഇപ്രകാരം ഭവാനോട് ചാതുർവർണ്ണ്യത്തിന്റെ ധർമ്മം പറഞ്ഞു. പറഞ്ഞതിന്റെ കാരണവും ഭവാൻ ധരിക്കണം. ക്ഷാത്രധർമ്മമായ പൃഥ്വിപാലനം പാണ്ഡവന്മാർക്ക് നഷ്ടപ്പെട്ടിരിക്കയാണ്. അവരെ വീണ്ടും രാജധർമ്മത്തിലേക്കു പ്രവേശിപ്പിക്കേണ്ട ചുമതല ഭവാനിലുണ്ട്. അതുകൊണ്ട് ഞാൻ ഇക്കാര്യം ഭവാനെ ഓർമ്മിപ്പിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ വിദുരാ, നീ എന്നോട് എപ്പോഴും പറയാറുള്ളതുപോലെ ഇപ്പറഞ്ഞതും ശരിയാണ്, ന്യായമാണ്. ഹേ, സൗമ്യാ, നീ പറഞ്ഞതുപോലെ ഇക്കാര്യം എനിക്കും തോന്നാറുള്ളതാണ്. എന്നും പാണ്ഡവന്മാരെപ്പറ്റി ചിന്തിച്ച് ഞാൻ നിശ്ചയിക്കും. എന്നാൽ ദുര്യോധനന്റെ അടുത്തു വരുമ്പോൾ അതൊക്കെ പിൻതിരിയുകയും ചെയ്യും. ആർക്കും അതിക്രമിക്കുവാൻ വയ്യാത്തതാണല്ലോ വിധി. ദൈവംതന്നെയാണ് വലുത്. പൗരുഷം വ്യർത്ഥംതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു."

സനത്സുജാതപർവ്വം

41. വിദുരൻ സനത്സുജാതനെ പ്രാർത്ഥിക്കുന്നു – ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ വിദുരാ! അങ്ങയുടെ വാക്കിൽ ആത്മവിദ്യയെക്കുറിച്ച് അവിടവിടെ സൂചിപ്പിക്കുകയോ ചെയ്തിട്ടുള്ളുവല്ലോ. എനിക്ക് അത് വിസ്തരിച്ചു പറഞ്ഞുതരണം. കേൾക്കുന്നതിന്ന് ആഗ്രഹമുണ്ട്. കേൾക്കേണ്ട ധർമ്മങ്ങളെക്കുറിച്ചെല്ലാം അങ്ങ് വളരെ ഭംഗിയായി പറയുന്നു."

വിദുരൻ പറഞ്ഞു: "ധൃതരാഷ്ട്രാ! എന്നും കുമാരനും, വളരെക്കാലം മുമ്പേ ജനിച്ചവനും, നിത്യനുമായ സനത്സുജാതമഹർഷി മരണം എന്ന് ഒന്നില്ലെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം ബുദ്ധിമാന്മാരിൽ ശ്രേഷ്ഠനാണല്ലോ. രഹസ്യങ്ങളായ യോഗാദികളേയും, പ്രകാശങ്ങളായ ശമാദികളേയും, ഹൃദയഗതങ്ങളായ ധർമ്മങ്ങളേയും അദ്ദേഹം പറഞ്ഞുതരും."

ധൃതരാഷ്ട്രൻ പറഞ്ഞു: "നിത്യനായ സനൽക്കുമാരമഹർഷി പറയുന്ന ആത്മതത്ത്വം അങ്ങേക്ക് അറിവുള്ളതല്ലേ? ആത്മബോധം ശേഷിച്ചിട്ടുണ്ടെങ്കിൽ വിദുരാ! അങ്ങുതന്നെ അത് പറഞ്ഞുതരണം."

വിദുരൻ പറഞ്ഞു: "സനൽക്കുമാരന്റെ അനശ്വരമായ ബുദ്ധിക്ക് അറിവുള്ള ആത്മതത്ത്വമെല്ലാം എനിക്കും അറിയാം. എങ്കിലും ഞാൻ ജാതിയിൽ ശൂദ്രനാകയാൽ അങ്ങയോട് ഉപദേശിക്കുന്നതല്ല. ഞാൻ അതിന്ന് അധികാരിയല്ല. ബ്രാഹ്മണനായ സനൽക്കുമാരൻ ഏറ്റവും രഹസ്യങ്ങളായ ആത്മതത്ത്വങ്ങളെ കൂടി അങ്ങയ്ക്ക് ഉപദേശിക്കും. ഞാൻ അവ ഉപദേശിക്കുന്നതായാൽ ദേവനിന്ദ്യനായിത്തീരും. അങ്ങനെ വരാതിരിക്കണമല്ലോ."

ധൃതരാഷ്ട്രൻ പറഞ്ഞു: "എനിക്ക് ഈ ദേഹത്തോടുകൂടിയിരിക്കുമ്പോൾ (ഈ ജന്മത്തിൽ) പുരാണനും നിത്യനുമായ അദ്ദേഹത്തെ എങ്ങനെ കാണുവാൻ കഴിയും? അദ്ദേഹവുമായി ചേർച്ച എങ്ങനെ ലഭിക്കും? വിദുരാ! അങ്ങ് പറയൂ."

വൈശമ്പായനൻ പറഞ്ഞു: "വിദുരൻ അപ്പോൾ മഹാതപസ്വിയായ ആ സനത്സുജാതനെ മനസ്സിൽ വിചാരിച്ചു. അപ്പോൾ അദ്ദേഹം വിദുരൻ തന്നെക്കുറിച്ച് വിചാരിക്കുന്ന കാര്യം അറിഞ്ഞ് അവിടെ എത്തി. വിദുരൻ അദ്ദേഹത്തെ മധുപർക്കാദികൾകൊണ്ടുപൂജിച്ച് ആസനത്തിൽ ഇരുത്തി. മുനി സുഖമായി ഇരുന്നു വിശ്രമിച്ചതിനുശേഷം അദ്ദേഹത്തോടു പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഭഗവാനേ, ധൃതരാഷ്ട്രന്റെ മനസ്സിൽ ഒരു സംശയമുണ്ട്. അതു തീർത്തുകൊടുക്കുന്നതിന് ശൂദ്രനായ ഞാൻ അനധികാരിയാണ്. അങ്ങ് ഉപദേശംകൊണ്ട് അത് ഇല്ലാതെയാക്കണം. അങ്ങയുടെ ആത്മതത്ത്വോപദേശം കേട്ടിട്ട് രാജാവ് ദുഃഖങ്ങളെയെല്ലാം ജയിക്കുന്നതിന് സമർത്ഥനായി ഭവിക്കണം.

ലാഭം, നഷ്ടം, ഇഷ്ടം, വിരോധം, ജര, മരണം, ഭയം, അമർഷം, വിശപ്പ്, ദാഹം, മദം, ഐശ്വര്യം, അരതി, മടി, കാമം, കോപം, ക്ഷയം, അഭിവൃദ്ധി എന്നിവയാണ് ദുഃഖങ്ങൾ. ധൃതരാഷ്ട്രന് ഇവയെ ജയിക്കുന്നതിനുവേണ്ടി ശക്തി ഉണ്ടാകത്തക്ക വിധമുള്ളതാകണം അങ്ങയുടെ ഉപദേശം."

42. സനത്സുജാതവാക്യം – വൈശമ്പായനൻ പറഞ്ഞു: "ബുദ്ധിമാനായ ധൃതരാഷ്ട്രരാജാവ് വിദുരൻ പറഞ്ഞ വാക്ക് മാനിച്ചു. പിന്നീട് മഹാത്മാവായ അദ്ദേഹം പരമാത്മവിഷയമായ

digitized by www.sreyas.in

ജ്ഞാനത്തെ അറിഞ്ഞ് അനുഭവിക്കുന്നതിനുവേണ്ടി വിജനസ്ഥലത്തുവെച്ച് സനത്സുജാതമുനി' യോടു ചോദിച്ചു.

ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ സനത്സുജാതമുനേ! മരണം ഇല്ലെന്ന് അങ്ങ് അഭിപ്രായപ്പെട്ടതായി വിദുരൻ പറഞ്ഞു. 2 ദേവന്മാരും അസുരന്മാരും, മൃത്യു സംഭവിക്കാതിരിക്കുന്നതിന്നുവേണ്ടി ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊണ്ട് ഗുരുകുലവാസം ചെയ്തതായി ശ്രുതികളിൽ പറഞ്ഞുകേട്ടിട്ടുണ്ട്. മൃത്യു ഇല്ലെങ്കിൽ അവർ എന്തിനായി അങ്ങനെ ചെയ്തു! യഥാർത്ഥത്തിൽ അങ്ങനെയൊന്ന് ഇല്ലെങ്കിൽ ഇപ്രകാരം ചെയ്യേണ്ട ആവശ്യമില്ലല്ലോ. മൃത്യു ഉണ്ടെന്നും ഇല്ലെന്നുമുള്ള ഈ അഭിപ്രായങ്ങളിൽ ഏതാണ് ശരിയായിട്ടുള്ളത്? അങ്ങു പറഞ്ഞുതരണം."

സനത്സുജാതൻ പറഞ്ഞു: "രാജാവേ, ചില വിദ്വാന്മാർ ബ്രഹ്മചര്യംകൊണ്ട് മൃത്യു നീങ്ങുമെന്ന് പറയുന്നു. സ്വഭാവേന മൃത്യു എന്ന് ഒന്നില്ലെന്നാണ് മറ്റു ചിലരുടെ അഭിപ്രായം. ഞാൻ നേരുപറയാം. അങ്ങ് സംശയംകൂടാതെ കേട്ടുധരിച്ചാലും.

[സംസാരത്തിൽ ജനനം മരണം എന്നിവ രണ്ടു മുഖ്യകാര്യങ്ങളാകുന്നു. സൂക്ഷ്മത്തിൽ ഇവതന്നെ സംസാരം. ഇവയുടെ അഭാവത്തിൽ സംസൃതിയില്ല. അത്രയ്ക്കു മുഖ്യത ഇവയ്ക്കുണ്ട്. ഇവയിൽ അധികം മുഖ്യമാണു മരണം. അത് സർവ്വജീവികളേയും ബാധിക്കുകയും ദുഃഖം അനുഭവിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സംസൃതിയിൽ പ്രധാനമായ മരണമെന്തെന്നും അതിൽനിന്ന് എങ്ങനെ രക്ഷനേടാമെന്നും പ്രതിപാദിച്ചുകൊണ്ട് അദ്ധ്യാത്മശാസ്ത്രമായ സനത്സുജാതീയം ആരംഭിക്കുന്നു.

ലൗകികനായ സംസാരിയുടേയും, ബ്രഹ്മജ്ഞനായ യോഗിയുടേയും ദൃഷ്ടിയിൽ (തത്ത്വപ്രകാരം) മരണം ഒന്നല്ല, രണ്ടുവിധത്തിലുള്ളതാണ്. ദേഹപ്രാണവിയോഗത്തെ ലൗകികന്മാർ മരണമെന്നു പറയുന്നു. സംസാരബന്ധത്തോടുകൂടിയ ജീവിതമാണ് യഥാർത്ഥത്തിൽ മൃത്യുവെന്നു അതിനെ ജയിക്കാമെന്നും ജയിക്കണമെന്നും ജ്ഞാനികൾ പറയുന്നു. അതിന് മാർഗ്ഗം ഉപദേശിക്കുകയാണ് മുഖ്യമായി ഈ ശാസ്ത്രം ചെയ്യുന്നത്.]

സൂക്ഷ്മത്തിൽ മൃത്യുവും അമൃത്യുവും എന്തെന്നു പ്രതിപാദിക്കാം. രാജാവേ, ഇവിടെപ്പറഞ്ഞ രണ്ട് അഭിപ്രായങ്ങളും നേരുതന്നെയാണ്. സൃഷ്ടിയുടെ ആരംഭകാലംമുതല്ക്ക് അവയുണ്ടായി നിലനില്ക്കുന്നു. മൃത്യുവും അമൃത്യുവും പരസ്പരം വിരുദ്ധങ്ങളായ ധർമ്മങ്ങളാണ്. ഈ സ്ഥിതിക്ക് ഇവയിൽ ഏതെങ്കിലും ഒന്നല്ലാതെ രണ്ട് ഉണ്ടെന്നുള്ള അഭിപ്രായം എങ്ങനെ സത്യമാകും എന്ന ചോദ്യത്തിന് അവകാശമുണ്ട്. ആത്മാവിലും അനാത്മാവിലും തദ്വിപരീത ഭാവനയുണ്ടാക്കുന്നതാണ് മോഹം. അതുതന്നെ അവിദ്യ. അത് മൃത്യുവെന്ന് ബ്രഹ്മജ്ഞാനികളായ മഹാന്മാർ സമ്മതിച്ച് പറയുന്നു. പ്രമാദം മൃത്യു എന്നും, അപ്രമാദം അമൃത്യു എന്നുമാണ് എന്റെ അഭിപ്രായം.

പ്രമാദം * ഹേതുവായി വിരോചനൻ മുതലായ അസുരന്മാർക്ക് പരാജയം നേരിട്ടു. വിവിധജന്മങ്ങളെടുത്ത് അവർ കഷ്ടതയനുഭവിച്ചു. അപ്രമാദംകൊണ്ട് ദേവന്മാർ ബ്രഹ്മഭൂതന്മാരായി. മൃത്യു, വ്യാഘ്രത്തെപ്പോലെ ജന്തുക്കളെ പിടിച്ച് തിന്നുന്നില്ല. കടുവായെപ്പോലെ അതിനെ കാണാവുന്നതുമല്ല. അതിന് രൂപം ഇല്ല.

പ്രമാദത്തിൽനിന്ന് മോഹവും (അജ്ഞാനം) അതിൽനിന്ന് അഹങ്കാരവും, അഹങ്കാരത്തിൽനിന്ന് സംസാരബന്ധവും, ബന്ധത്തിൽനിന്ന് ദുഃഖവുമുണ്ടാകുന്നു. പ്രമാദം ഓരോ നിലകളേയും അതിക്രമിച്ച് മുൻപോട്ടുപോയി ഒടുവിൽ കഠിനമായ സംസാരദുഃഖമായി പരിണമിക്കുന്നു. മനസ്സ് വിഷയങ്ങളിൽ പ്രവേശിക്കുമ്പോൾ അവയുടെ ഗുണങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. ആ സങ്കല്പത്തിൽനിന്ന് കാമം ഉണ്ടാകുന്നു. പ്രവൃത്തികൾക്കെല്ലാം ഈ കാമമാണ് മൂലം. പിന്നീട് സ്വസ്വരൂപത്തിൽ നിന്ന് പതനം നേരിടുന്നു. താഴെ വീഴുന്നവന് നാശമല്ലാതെ വീണ്ടും മേൽഗതിയില്ല. അതുകൊണ്ട് സങ്കല്പത്തെ വർജ്ജിക്കണം. അതാണ് സർവ്വാപത്തുകൾക്കും കാരണം. പ്രമാദംതന്നെ മൃത്യു. ചിത്തം സമാധാനത്തോടുകൂടിയിരിക്കണം. അതുകൊണ്ട് സിദ്ധി കൈവരുന്നു.

ഇത് മനഃശാസ്ത്രതത്ത്വമാകുന്നു. സ്ത്രീ, ഗൃഹം, ധനം, രാജ്യം, പ്രതാപം മുതലായവയിൽ മനസ്സുവെച്ച്, അവയുടെ ഗുണങ്ങളെപ്പറ്റി വിചാരിച്ച്, അവയുടെ ലാഭത്തിന്ന് ശ്രമിക്കുന്നവർ ഒടുവിൽ എങ്ങനെ നശിക്കുന്നു എന്ന് ഈ ഉപദേശത്തിൽനിന്ന് ഗ്രഹിക്കാം. പ്രമാദംകൂടാതെയിരിക്കുന്നതിന് കാമബീജമായ സങ്കല്പത്തെ ജയിക്കണം. അതാണ് മുഖ്യമായി വേണ്ടത്.

മൂഢന്മാരായ ചിലർ പുണ്യംചെയ്യുന്നവർക്കു സുഖത്തേയും പാപം ചെയ്യുന്നവർക്കു ദുഃഖത്തേയും കൊടുത്തുകൊണ്ട് പിതൃലോകം ഭരിക്കുന്നവനും എല്ലാ ജീവികളുടേയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നവനും, നാശമില്ലാത്തവനും, ബ്രഹ്മനിഷ്ഠനുമായിരിക്കുന്ന യമനാണ് മൃത്യു എന്നു പറയുന്നു. അജ്ഞാനാഖ്യമായ മൃത്യുവല്ലാതെ വേറെ ഒരു മൃത്യു ഉണ്ടെന്നാണ് മൂഢന്മാരുടെ അഭിപ്രായം.

ഈ യമന്റെ ആജ്ഞകാരണം മൃത്യു, കോപം, പ്രമാദം, ലോഭം മുതലായവയുടെ രൂപത്തിൽ ഉണ്ടാകുന്നു. പിന്നീട് അഹങ്കാരത്തോടുകൂടി ധർമ്മവിരുദ്ധമായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. അത് ഒരിക്കലും ആത്മയോഗത്തെ പ്രാപിക്കുന്നില്ല. 'ഞാൻ പണ്ഡിതൻ, എനിക്ക് യോഗ്യത കൂടും; ഞാൻ ധനവാനാണ്' ഇപ്രകാരമുള്ള വിചാരമാണ് അഹങ്കാരം. യമൻ അജ്ഞാനാഭിമാനിയായ ദേവനാണ്. അതുപോലെ ക്രോധാദ്യഭിമാനികളായ ദേവന്മാരുമുണ്ട്. അവർ യമന്റെ ഭൃത്യന്മാരാകുന്നു. അജ്ഞാനത്തിൽനിന്ന് ക്രോധാദികളുണ്ടാകുന്നു. അതുനിമിത്തം സംസൃതിയിൽ വീണു നശിക്കുന്നു.

ദേഹാദികളിൽ ആത്മബുദ്ധിയോടുകൂടിയവർ, അജ്ഞാനത്തിന്റെ പിടിയിൽനിന്നു വേർപെടാതെ വീണ്ടും ഭൂമിയിൽ വന്നു വീഴുന്നു. പിന്നേയും ഇന്ദ്രിയവികാരങ്ങൾക്ക് അധീനന്മാരായി ജനിക്കുകയും മരിക്കുകയും ചെയ്യുന്നു.

കർമ്മങ്ങൾ ചെയ്യുമ്പോൾ ജനങ്ങൾ സ്വർഗ്ഗാദിപ്രാപ്തിരൂപമായ ഫലത്തെ ആഗ്രഹിക്കുന്നു; അത് അനുഭവിക്കുകയും ചെയ്യുന്നു. അവർക്ക് സംസാരസമുദ്രത്തിന്റെ കരയിൽ ചെന്നെത്തുന്നതിനു കഴിയുന്നില്ല. കർമ്മം മോക്ഷത്തെ തരുന്നില്ല. ജീവാത്മാവും സച്ചിദാനന്ദമയമായ പരമാത്മാവും ഒന്നാണെന്ന ബോധംകൂടാതെ നിസ്സാരങ്ങളായ വിഷയസുഖങ്ങളിൽ ആശവച്ച് അവർ പ്രവർത്തിക്കുന്നു. ദേഹനാശം മാത്രംകൊണ്ടു മുക്തി ലഭിക്കുന്നില്ല.

യഥാർത്ഥത്തിൽ ഇല്ലാത്തവയാണ് ശബ്ദാദിവിഷയസുഖങ്ങൾ. ജീവന് അവയെ ആശ്രയിച്ചുള്ള പ്രവൃത്തി എന്നും ഉണ്ടായിക്കൊണ്ടിരിക്കും. അത് ഇന്ദ്രിയങ്ങൾക്കു മഹത്തായ മോഹത്തെ ഉണ്ടാക്കുന്നതാണ്. ഇല്ലാത്ത കാര്യങ്ങളോടുള്ള സംയോഗംകൊണ്ട് താൻ ബ്രഹ്മമാകുന്നു എന്ന ഭാവത്തിന് ഉടവുവരുന്നതിനും തന്നിമിത്തം സ്ത്രീസുഖാദികളെക്കുറിച്ചുതന്നെ ചിന്തിക്കുന്നതിനും അവയെ സേവിക്കുന്നതിനും ഇടയാകുന്നു. വിഷയാദികളുടെ സ്മരണംതന്നെ വർജ്ജിക്കേണ്ടതാണ്.

---

1. ബ്രഹ്മാവിന്റെ പുത്രന്മാരാണ് സനകാദികൾ. സനകൻ മുതലായ നാലു മുനികളെ സനകാദികൾ എന്നു പറയുന്നു. ഇവർ ആത്മജ്ഞാനികളാണ്. എന്നും വൃദ്ധന്മാരും അഞ്ചുവയസ്സു പ്രായമുള്ള കുമാരന്മാരുമാകുന്നു.

2. ഇന്ദ്രനും, വിരോചനനും ഗുരുവായ പ്രജാപതിയുടെ അധീനത്തിൽ പാർത്ത് ബ്രഹ്മചര്യം അനുഷ്ഠിച്ചതായി ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞിരിക്കുന്നു.

* ആത്മജ്ഞാനമില്ലാത്തവരും വിഷയലമ്പടന്മാരുമായവർ അസുരന്മാർ. ആത്മജ്ഞന്മാരും ബ്രഹ്മമായ തന്നിൽത്തന്നെ രമിക്കുന്നവരും സുരന്മാർ. ശാസ്ത്രജ്ഞാനവാസനനേടി തദനുസരണം പ്രവർത്തിക്കുന്നവർ ദേവന്മാർ. പ്രത്യക്ഷാനുമാനത്തെ പ്രമാണമാക്കി ദൃഷ്ടാന്തപ്രയോജനങ്ങളെ മാത്രം വിശ്വസിച്ച് പ്രവർത്തിക്കുന്നവൻ അസുരന്മാർ.

digitized by www.sreyas.in

അവനെ ആദ്യമായി അഭിദ്ധ്യ നശിപ്പിക്കുന്നു. വിഷയങ്ങളെക്കുറിച്ച് ഇടവിടാതെ സ്മരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ് അഭിദ്ധ്യ.

യോഗിയായിരിക്കുന്നവൻ ആത്മതത്ത്വചിന്തകൊണ്ട് കാമാദികളെ നശിപ്പിക്കണം. വസ്തുക്കൾ അശുചികളും തുച്ഛങ്ങളും എന്നു കാണുമ്പോൾ അവയിൽ ആദരം ഉണ്ടാകുകയില്ല. സ്ത്രീ, ധനം മുതലായവയെക്കുറിച്ചു ചിന്ത അല്പവും ഉണ്ടാകരുത്. അങ്ങനെ അവയെ ചിന്തിക്കാതിരിക്കുന്നവൻ മൃത്യുവിന്നും മൃത്യുവായി ഭവിക്കുന്നു. ഇപ്രകാരം വിദ്വാനായവൻ കാമങ്ങളെ നശിപ്പിക്കുന്നു. നിഷ്കാമനായവന്ന് മൃത്യുഭയം ഉണ്ടാകുന്നില്ല.

വിഷയങ്ങൾ നശ്വരങ്ങളാണ്. അവയെപ്പറ്റി വിചാരിച്ച് അവയുടെ പിന്നാലെ ഓടുന്നവൻ അവയെപ്പോലെ നശിക്കുന്നു. നേരെമറിച്ച് വിഷയങ്ങൾ ദോഷമയങ്ങളാണെന്നുകണ്ട് കാമങ്ങളെ ഉപേക്ഷിക്കുന്നവൻ ഈ ജന്മത്തിലും മറ്റു ജന്മത്തിലും നേടിയിരിക്കുന്ന രജസ്സിന്റെ ഫലങ്ങളായ പുണ്യപാപാദികർമ്മങ്ങളെ വിവേകജ്ഞാനംകൊണ്ട് നശിപ്പിക്കുന്നു. കാമാദിക്കടിപ്പെടുന്നവന്ന് നാശമാണ് ഫലം.

ജീവികളുടെ പുറമേ കാണുന്ന ഈ ശരീരം തമസ്സുപോലെ പ്രകാശമില്ലാത്തതാകുന്നു. അജ്ഞാനംകൊണ്ട് അത് ഉണ്ടെന്ന് തോന്നുന്നതാണ്. അത് നരകമാകുന്നു.

ഇപ്രകാരമുള്ള ശരീരം സർവ്വഥാ ത്യാജ്യമെന്ന് അറിയുന്നവന്ന് സ്ത്രീകളുടെ ദേഹങ്ങൾ അശുചികളും ബീഭത്സങ്ങളും ആണെന്ന വിചാരം ഉണ്ടാകും. അപ്പോൾ അവന്നു കാമം നശിക്കും. വിഷയങ്ങളുടെ പിന്നാലെയുള്ള ഓട്ടവും നില്ക്കും. നിലത്തു നോക്കാതെ മേല്പോട്ടു നോക്കി നടക്കുന്നവൻ കുഴിയിൽ വീഴുന്നു. അതുപോലെ അവിവേകിയായവൻ മൃത്യുമുഖത്തിൽ ചെന്നു ചാടുന്നു.

സ്ത്രീ മുതലായവകളിൽ ആഗ്രഹം വർദ്ധിച്ച് വിഷയലമ്പടനായി അവയുടെ പിന്നാലെ പാഞ്ഞുപോകുന്നവൻ അവയിൽനിന്ന് അന്യമായ പരമാത്മാവിനെപ്പറ്റി ചിന്തിക്കുന്നില്ല. അവൻ അദ്ധ്യാത്മശാസ്ത്രം പഠിക്കുന്നില്ല. അവന്റെ ശരീരം പുല്ലുകൊണ്ട് ഉണ്ടാക്കിവെച്ച വ്യാഘ്രത്തെപ്പോലെ നിഷ്പ്രയോജനമാകുന്നു. മോഹത്തിന്നു കാരണമായ കോപവും ലോഭവും കൊണ്ട് മോഹഭയങ്ങളോടുകൂടിയ അങ്ങയുടെ ശരീരത്തിൽ കാണുന്ന അങ്ങയുടെ ഈ ആത്മാവുതന്നെയാണ് മൃത്യു. അത് വിനാശംവരുത്തിക്കൂട്ടുന്നു. ഇന്ദ്രിയനിഗ്രഹം ചെയ്യാതെ കാമാദികൾക്കു വശംവദനായി പ്രവർത്തിക്കുന്നവൻതന്നെ അവന്റെ മൃത്യു.

ഇപ്രകാരം ക്രോധാദികളുടെ രൂപം കൈക്കൊണ്ട് ഉണ്ടാകുന്നതാണ് മൃത്യു * എന്നും അതാണ് ജനനമരണാദികളായ സർവ്വ അനർത്ഥങ്ങൾക്കും കാരണമെന്നും അറിഞ്ഞു ക്രോധാദികളെ നശിപ്പിച്ച് പരമാത്മജ്ഞാനത്തോടുകൂടി സ്ഥിതിചെയ്യുന്നവന്ന് മൃത്യുഭയം ഉണ്ടാകുന്നില്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "ബ്രാഹ്മണർ ജ്യോതിഷ്ടോമാദിയാഗങ്ങൾ ചെയ്തു പുണ്യവാന്മാരായ ജനങ്ങൾ ചെന്നുചേരുന്ന ഏറ്റവും പുണ്യത്തോടുകൂടിയ അനശ്വരസ്വർഗ്ഗാദിലോകങ്ങളെ പ്രാപിക്കുന്നതാണ് പരമപുരുഷാർത്ഥമെന്നു വേദങ്ങൾ പറയുന്നു. ആ നിലയ്ക്ക് ആ അത്യുൽകൃഷ്ടസ്ഥാനങ്ങളിൽ ചെല്ലുന്നതിന് ഉപകരണമായ കർമ്മം ജ്ഞാനിക്ക് എങ്ങനെയാണ് അനുഷ്ഠാനയോഗ്യമല്ലാതാകുന്നത്? കർമ്മംകൊണ്ട് ബ്രഹ്മലോകംവരെയുള്ള ഉന്നതസ്ഥാനങ്ങൾ പ്രാപിക്കുന്നതിനു കഴിയുന്ന സ്ഥിതിക്ക് ജ്ഞാനി അതിനെ വർജ്ജിക്കുന്നത് ശരിയാണോ?"

സനത്സുജാതൻ പറഞ്ഞു: "ബ്രഹ്മലോകാദികളിൽ സിദ്ധിക്കുന്ന സുഖം യഥാർത്ഥമാണെന്നു വിചാരിച്ച് വിഷയലമ്പടനായിരിക്കുന്ന അജ്ഞാനി അവയെ പ്രാപിക്കുവാൻ യാഗാദികർമ്മങ്ങൾ ചെയ്യുന്നു. എന്നാൽ ജ്ഞാനിയാകട്ടെ കർമ്മത്തിൽ അവിദ്യാദിദോഷങ്ങൾ കണ്ട് അതു ചെയ്യുന്നില്ല. തീയും ഉണക്കപ്പുൽക്കൂട്ടവും പ്രകാശവും ഇരുട്ടും എങ്ങനെയോ അതുപോലെയാണ് ജ്ഞാനവും കർമ്മവും. ജ്ഞാനം കർമ്മനാശകമാണെന്നു ധരിക്കുക."

ധൃതരാഷ്ട്രൻ പറഞ്ഞു: "ജനനമില്ലാത്തവനും അനാദിയുമായ ആത്മാവിനെ ഈ സംസാരത്തിൽ വന്നുചേരുന്നതിന്ന് പ്രേരിപ്പിക്കുന്നതാരാണ്? അതിന്നു പലേ ജന്മങ്ങൾ കൈക്കൊണ്ടിട്ട് എന്താണ് കാര്യമുള്ളത്? സംസാരിയാകാതെ ഇരുന്നതുകൊണ്ട് അതിന്ന് അസുഖം വല്ലതും ഉണ്ടാകുമോ? ഇവയെപ്പറ്റിയെല്ലാം ജ്ഞാനിയായ അങ്ങേയ്ക്ക് അറിവുണ്ടല്ലോ. അതൊക്കെ ഉള്ളതുപോലെ ക്രമപ്രകാരം പറഞ്ഞുതരണം."

സനത്സുജാതൻ പറഞ്ഞു: "ബ്രഹ്മത്തിനു നാനാത്വമുണ്ടെന്നു സങ്കല്പിക്കുന്നതായാൽ വലുതായ ദോഷംപറ്റും. അദ്വൈതത്തെ ആശ്രയിക്കുന്നവർ അസത്യവാദികളും വേദത്തിന്റെ പ്രാമാണ്യം അംഗീകരിക്കാത്തവരുമാണെന്ന് വന്നുകൂടും. ജീവാത്മാപരമാത്മാക്കൾക്ക് ഭേദമുണ്ടെന്നു പറയുന്നവൻ നാശമടയുന്നു എന്ന് ശ്രുതിയുണ്ട്. അവയ്ക്കു താത്ത്വികമായ ഭേദമില്ല. ഈ സിദ്ധാന്തം തെറ്റാകും. അനാദിയായ മായയോട് ചേർച്ചകൊണ്ടു ജീവാത്മാക്കൾ നിത്യങ്ങളാകുന്നു. ജീവാത്മാക്കൾക്ക് പല ഭാവങ്ങൾ ഉണ്ടാകുന്നതിന് മായാബന്ധമാണു കാരണം. അനാദിസിദ്ധമായ മായയോട് ചേർച്ചകൊണ്ട് അസംഖ്യം ജീവാത്മാക്കൾ ഉണ്ടാകുന്നു. വാസ്തവത്തിൽ അദ്വിതീയമായ ബ്രഹ്മം മായബന്ധംകൊണ്ടാണ് അനേകമായി തോന്നുന്നത്.

പരമാത്മഭൂതനാ*യി ഐശ്വര്യാദിയുക്തനായിരിക്കുന്ന പരമേശ്വരൻ നിത്യനാകുന്നു. അവൻ മായാവികാരം കൈക്കൊണ്ട് ഈക്ഷണാദിയാൽ ലോകത്തെ സൃഷ്ടിക്കുന്നു. അപ്രകാരം അതു സർവ്വം പരമശിവന്റെ ശക്തിയായ മായയാണു ചെയ്യുന്നത്. പരമാത്മാവിന്ന് കർത്തൃത്വമില്ല. പരമേശ്വരന്ന് അപ്രകാരം ശക്തിയുണ്ടെന്നുള്ളതിന്ന് വേദം പ്രമാണമാണ്."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഈ ലോകത്തിൽ ചിലർ അഗ്നിഷ്ടോമാദികളായ കർമ്മങ്ങളെ ആചരിക്കുന്നു. മറ്റു ചിലർ അങ്ങനെ ചെയ്യുന്നില്ല. പാപംകൊണ്ട് ധർമ്മം നശിപ്പിക്കപ്പെടുന്നുവോ? അതോ ധർമ്മം പാപത്തെ നശിപ്പിക്കുന്നുവോ? തുല്യബലങ്ങളാകുമ്പോൾ അവയിലൊന്ന് മറ്റൊന്നിനെ നശിപ്പിക്കുന്നതായി വരാമല്ലോ. അജ്ഞാനിക്ക് രണ്ടും അനുഭവമാണ്."

സനത്സുജാതൻ പറഞ്ഞു: "പുണ്യങ്ങളും അപുണ്യമയങ്ങളുമായ കർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നാലും ജ്ഞാനി എന്നും ജ്ഞാനംകൊണ്ട് ആ രണ്ടുവിധം കർമ്മങ്ങളേയും നശിപ്പിക്കുന്നു. അത് പ്രസിദ്ധമാണ്.

ആത്മജ്ഞാനമില്ലാത്തവൻ കർമ്മമാണ് ശ്രേഷ്ഠം എന്നു വിചാരിക്കുന്നു. മറ്റൊന്നും അറിയുന്നില്ല. അവൻ കർമ്മംചെയ്തു സ്വർഗ്ഗാദിലോകങ്ങളിൽ സ്ഥാനംപിടിച്ച് അവിടെ അല്പകാലം സ്ഥിതിചെയ്ത്, പിന്നെ ഈ ലോകത്തിലും ഇതിനേക്കാൾ നികൃഷ്ടങ്ങളായ മറ്റു ലോകങ്ങളിലും ചെന്നു ജനിക്കുന്നു.

---

* മൃത്യുവിന്റെ അധീനത്തിലായിട്ട് മനുഷ്യർ എങ്ങനെ നശിക്കുന്നുവോ അപ്രകാരം പരമാത്മജ്ഞാനിയുടെ അധീനത്തിലായിട്ട് മൃത്യുവിന്ന് മൃത്യു നേരിടുന്നു. ജ്ഞാനത്തിൽ അടിയുറച്ചു നിന്നുകൊണ്ട് ജ്ഞാനമാകുന്ന അഗ്നിയെ ജ്വലിപ്പിച്ചും ജ്ഞാനമാകുന്ന വജ്രായുധം ധരിച്ചുമിരിക്കുന്നവനാരോ ആ വീരൻ മൃത്യുവിനെ നശിപ്പിക്കുന്നു. അവന്ന് മത്സരാദിദോഷങ്ങൾ ഉണ്ടാകുന്നില്ല. ബന്ധം അജ്ഞാനകൃതമാണ്; അത് ജ്ഞാനത്താൽ നശിക്കുന്നു.

* ഒരേ പരമാത്മാവു തന്നെയാണ് എല്ലാ ജീവികളിലും ജീവനായി സ്ഥിതിചെയ്യുന്നത്. ഉപാധിഭേദംകൊണ്ട് വേറെ വേറെ തോന്നുന്നതാണ്. യഥാർത്ഥമായ പരമാത്മാവിന്റെ മേന്മയ്ക്ക് ഉപാധിഭേദം യാതൊരു ന്യൂനതയും വരുത്തുന്നില്ല. ജലത്തിൽ പ്രതിബിംബിക്കുന്ന ചന്ദ്രൻ ചലിക്കുന്നതുകൊണ്ട് ആകാശത്തിൽ പ്രകാശിക്കുന്ന സാക്ഷാൽ ചന്ദ്രന് ഇളക്കം സംഭവിക്കുന്നില്ല. അതുപോലെ സ്ഥൂലസൂക്ഷ്മങ്ങളായ ദേഹങ്ങളുടെ (ക്ഷേത്രങ്ങളുടെ) വികാരങ്ങൾ പരമാത്മാവിനെ ബാധിക്കുന്നതല്ല.

digitized by www.sreyas.in

അജ്ഞാനിയായിരിക്കുന്നവൻ പുണ്യവും പാപവുമായ കർമ്മംകൊണ്ട് അസ്ഥിരമായ സ്വർഗ്ഗത്തേയും നരകത്തേയും അനുഭവിക്കുന്നു. അനന്തരം സ്വസംസ്കാരാനുഗുണമായ കർമ്മത്തിന്റെ നിലയനുസരിച്ച് നാനാജീവികളുടെ ജന്മമെടുക്കുന്നു. കർമ്മംചെയ്യുകയും ഫലമനുഭവിക്കുകയും വീണ്ടും അങ്ങനെ തുടങ്ങുകയും ചെയ്യുന്നതുകൊണ്ട് കർമ്മത്തിൽനിന്നു മുക്തി കിട്ടുന്നില്ല."

ധൃതരാഷ്ട്രർ പറഞ്ഞു: "സ്വധർമ്മമനുഷ്ഠിക്കുന്ന ബ്രാഹ്മണർക്ക് അതിന്റെ ഫലമായി നിത്യങ്ങളായ ലോകങ്ങളിൽ സ്ഥാനം ലഭിക്കുമെന്ന് വിദ്വാന്മാർ പറയുന്നു. അതിന്റെ ക്രമങ്ങൾ പറഞ്ഞുതരണം. പിന്നീട് നിത്യാനന്ദത്തെ തരുന്ന മോക്ഷസുഖത്തെപ്പറ്റിയും പറയണം. സ്വധർമ്മത്തിൽനിന്ന് വിട്ട കാമ്യാദികർമ്മങ്ങളെക്കുറിച്ച് അറിയുവാൻ എനിക്ക് ആഗ്രഹമില്ല."

സനത്സുജാതൻ പറഞ്ഞു: "ബലത്തിൽ ബലവാന്മാർക്ക് എന്നതുപോലെ കർമ്മങ്ങളിൽ ആർക്കാണ് സ്പർദ്ധയുണ്ടാകുന്നത്, ആ ബ്രാഹ്മണൻ ഇഹലോകത്തിൽനിന്ന് ധൂമാദിമാർഗ്ഗങ്ങളെ ആശ്രയിച്ച് ഉയർന്ന് ഗതിചെയ്തു സ്വർഗ്ഗത്തിൽ ചെന്ന് നക്ഷത്രാദിരൂപം കൈക്കൊണ്ട് പ്രകാശിക്കുന്നു. ബലവാന്മാരായ രാജാക്കന്മാർക്ക് ബലമേറിയ മറ്റ് രാജാക്കന്മാരെ ജയിച്ചു സുഖിക്കുന്നതിന് ആഗ്രഹമുണ്ടാകുന്നു. അതുപോലെ മറ്റുള്ളവരെക്കാൾ കൂടുതൽ യജ്ഞാദികർമ്മങ്ങൾ ചെയ്ത് അധികം സ്വർഗ്ഗസുഖം അനുഭവിക്കണമെന്ന വിചാരം (സ്പർദ്ധ) കർമ്മരതന്മാരായ ആർക്കുണ്ടോ ആ ബ്രാഹ്മണരുടെ സ്ഥിതിയാണ് ഇത്.

വിഷയസുഖങ്ങളിൽ കൗതുകം സംഭവിക്കാതെ അനിത്യഫലപ്രദങ്ങളായ ജ്യോതിഷ്ടോമാദിയാഗങ്ങൾ നിഷ്കാമമായി ചെയ്യുന്നവരും അന്യോന്യം മത്സരമില്ലാത്തവരുമായവർക്ക് ആ യജ്ഞാദികർമ്മം അന്തഃകരണശുദ്ധിയേയും ജ്ഞാനത്തേയും ഉണ്ടാക്കുന്നു. നിഷ്കാമമായും ഈശ്വരാർപ്പണബുദ്ധിയോടുകൂടിയും കർമ്മം ചെയ്യുന്നവർക്ക് മനഃശുദ്ധിയും ജ്ഞാനവും ലഭിക്കും. അവർ ഈ ലോകത്തിൽനിന്നു മുക്തന്മാരായിട്ട് പൂർണ്ണാനന്ദമയമായ സ്വർഗ്ഗത്തെ പ്രാപിക്കുന്നു.

വേദജ്ഞന്മാരായ ജനങ്ങൾ അവന്റെ ശരിയായ നടപടി ഇന്നവിധം എന്നു പറയുന്നു. രോഗിയായിരിക്കുന്ന ഇവനെപ്പറ്റി പുറത്തും അകത്തുമുള്ളവർ അധികം വിചാരിക്കരുത്. പുത്രമിത്രാദികൾ തന്നെപ്പറ്റി വിചാരിക്കുന്നതിന് ഇടയാകാത്തവിധത്തിൽ (അവർക്ക് അഗോചരനായി) യോഗി അകലെ പാർക്കണം.

യോഗി വർഷകാലത്ത് പുല്ലും വെള്ളവും എന്നപോലെ ആഹാരത്തിനുവേണ്ട വസ്തുക്കൾ ഏതു സ്ഥലത്ത് ധാരാളം കിട്ടുമെന്നു വിചാരിക്കുന്നുവോ അവിടെ പാർക്കണം. ആ സ്ഥലം വിജനവും കള്ളന്മാരുടെ പീഡയേല്ക്കാത്തതുമാകണം. അന്നപാനത്തിന് യോഗിക്ക് ബുദ്ധിമുട്ടു വരരുത്. ആഹാരത്തിനു വേണ്ടത് കിട്ടാത്ത സ്ഥലത്ത് എങ്ങനെ ദേഹയാത്ര നിർവ്വഹിക്കുമെന്ന സങ്കടം യോഗിക്കു നേരിടും. അത് യോഗവൃത്തിക്ക് തടസ്സം ജനിപ്പിക്കും. അതിനിടയാകരുത്.

* ആ ദേശത്തു മൗനിയായി സ്വമാഹാത്മ്യം മറച്ചിരുന്ന് കിട്ടുന്നതെന്തെങ്കിലും ഭക്ഷിച്ചും, വല്ലതും വസ്ത്രമായുപയോഗിച്ചും, കിടക്കയാക്കിയും ലോകത്തെ കിട്ടുന്നത് തന്നെപ്പോലെ വിചാരിച്ച് യോഗി സ്ഥിതിചെയ്യണം.

തന്റെ യോഗ്യതകളെ പ്രശംസിച്ചു പറയുന്നവനെപ്പറ്റി യോഗി വ്യസനിക്കരുത്. യതിക്കും ബ്രഹ്മചാരിക്കും കൊടുത്തിട്ട് ആഹാരം കഴിക്കുന്നവന്റെ അന്നം യോഗിക്ക് സ്വീകരിക്കാവുന്നതാണ്.

ബ്രഹ്മജ്ഞനായ യോഗി എന്നും തന്റെ പ്രവൃത്തികൾ അന്യന്മാർ അറിയുവാൻ ഇടയാകരുത് എന്ന വിചാരത്തോടുകൂടിയിരിക്കണം. മറ്റുള്ളവർ അറിയത്തക്കവിധം അവൻ യോഗവൃത്തികൾ വെളിപ്പെടുത്തരുത്. പുത്രാദികളായ ബന്ധുജനങ്ങളുടെ നടുവിൽ സ്ഥിതി ചെയ്യുന്ന യോഗിക്ക് ആത്മസിദ്ധി ഉണ്ടാകുന്നില്ല. യോഗി അവരുമായി അകന്നിരിക്കണം.

പരമനും, അനുമാനും, മുതലായവകൊണ്ട് അറിയുവാൻ കഴിയാത്തവനും, സർവ്വത്ര വ്യാപിച്ചിരിക്കുന്നവനും, അസംഗനും, സജാതീയം, വിജാതീയം, സ്വഗതം എന്ന് മൂന്നുഭേദങ്ങൾ ഇല്ലാത്തവനുമായിരിക്കുന്ന ഈ ആത്മാവിനെ ഇപ്രകാരമുള്ള ചര്യകൂടാതെ ആർക്ക് അറിയുവാൻ കഴിയും? ആർക്കും സാധിക്കുകയില്ല.

ദ്വന്ദ്വധർമ്മം യാതൊന്നും ഇല്ലാത്തവനും, സച്ചിദാനന്ദമയനും, നിത്യനും, ബ്രഹ്മവുമാണ് ആത്മാവ്. അതിനെ അങ്ങനെയല്ലാതെ, അയഥാർത്ഥമായി ഭോക്താവ്, സുഖി, ദുഃഖി, കൃശൻ, സ്ഥൂലൻ, ബ്രാഹ്മണൻ, ക്ഷത്രിയൻ, രോഗി, ബലവാൻ ഇങ്ങനെ ബഹുവിധധർമ്മങ്ങളോടുകൂടിയതായിട്ട് അറിയുന്നവൻ എന്തു പാപമാണ് ചെയ്യാതിരിക്കുന്നത്? അനാത്മവസ്തുക്കളെ ആത്മാവായി വിചാരിക്കുന്നവന് സർവ്വപാപവും ചെയ്ത ഫലമുണ്ടാകുന്നു. എന്തെന്നാൽ അവൻ ആത്മാവിനെ തന്നിൽനിന്ന് അകറ്റുന്നവനും ചോരനും ആകുന്നു. ദേഹവിഷയാദികളിൽ ആത്മാവ് എന്ന ഭാവന ഉപേക്ഷിക്കണം.

ആത്മാവല്ലാത്ത ദേഹത്തിന്റെ ധർമ്മങ്ങളെ കൈക്കൊള്ളാതെയിരിക്കുന്നവൻ സംസാരവ്യാപാരങ്ങളിൽ ഏർപ്പെടുന്നില്ല. അവൻ അവയിൽനിന്ന് വേർപെട്ടവനാണ്. അശനപാനാദികൾക്ക് അവൻ കഷ്ടപ്പെടുന്നില്ല. അവൻ അവിദ്യാമൂലങ്ങളും ദേഹധർമ്മങ്ങളുമാണെന്ന് അവൻ അറിയുന്നു. ക്രോധഭയാദികൾ യോഗത്തിന്ന് തടസ്സങ്ങളായ ഉപദ്രവങ്ങളാകുന്നു. അവൻ അവയെ വർജ്ജിക്കുന്നു. അവൻ ശിഷ്ടനും, ബ്രഹ്മനിഷ്ഠനും, ബ്രഹ്മജ്ഞനും, ക്രാന്തദർശിയുമാകുന്നു. എങ്കിലും ഒന്നും അറിവില്ലാത്ത ജഡമൂകാദികളെപ്പോലെ അവൻ സഞ്ചരിക്കുന്നു.

*ശ്വാക്കൾ എന്നും ഛർദ്ദിച്ചതു ഭക്ഷിക്കുന്നു; അത് അനർത്ഥഹേതുകമായിത്തീരുന്നു. സ്വമാഹാത്മ്യത്തെ ഘോഷണംചെയ്തുകൊണ്ട്, വെളിവിൽ സഞ്ചരിച്ച് ലോകബഹുമതി നേടുന്ന യോഗികളും ഇതുപോലെ ഛർദ്ദിച്ചതു ഭക്ഷിക്കുന്നവരാണ്. അവൻ സ്വവീര്യത്തെത്തന്നെയാണ് ഛർദ്ദിച്ചു ഭക്ഷിക്കുന്നത്. യോഗി ഗൂഢവൃത്തിയായി അശിഷ്ടനെപ്പോലെയിരിക്കണം. അവന്റെ പ്രവൃത്തി കണ്ടാൽ ആരും യോഗിയാണെന്നു വിചാരിക്കുവാൻ ഇടയാകരുത്.

മാനുഷധനമായ പുത്രമിത്രകളത്രാദിയിൽ അസക്തന്മാരും, വേദപ്രതിപാദിതങ്ങളായ അഹിംസ, സത്യം, ദമം, ശമം, ബ്രഹ്മചര്യം മുതലായവയിൽ സക്തന്മാരുമായിരിക്കുന്ന ബ്രാഹ്മണർ ദുർദ്ധർഷന്മാരും ഒന്നുകൊണ്ടും ഇളകാത്ത ധീരന്മാരുമാകുന്നു. അവരെ ബ്രഹ്മരൂപഭൂതന്മാരെന്ന് അറിയണം.

* ഇന്നത് വേണമെന്ന് നിർബ്ബന്ധംകൂടാതെ, കിട്ടുന്നത് ഉപയോഗിച്ചും വസ്ത്രാഹാരശയനങ്ങൾ നിർവ്വഹിക്കുന്നവൻ ചക്രവർത്തിയെപ്പോലെ സുഖിക്കും. എന്നാൽ അവമാനാദികൾ ഉണ്ടാകും. യോഗി അന്യന്മാർ തനിക്കുചെയ്യുന്ന പൂജയെ അല്ല അപമാനത്തെയാണ് ശ്രേഷ്ഠം എന്ന് വിചാരിക്കേണ്ടത്. യോഗി താൻ സാധാരണജനങ്ങളെപ്പോലെ ഒരുവൻ എന്നല്ലാതെ അവരേക്കാൾ കേമനെന്ന് വിചാരിക്കുകയും യോഗസിദ്ധി മുതലായവ കാണിച്ച് അവരുടെ ബഹുമതി സമ്പാദിക്കുവാൻ ശ്രമിക്കുകയും അരുത്. യോഗി പരപീഡയേയും ബഹുമാനത്തേയും കണക്കാക്കരുത്. യോഗി തന്നെ ഒരു ബ്രഹ്മജ്ഞനെന്ന് അറിഞ്ഞ് അധികമായി ബഹുമാനിക്കുന്നവനേക്കാൾ, സാധാരണ നിലയിൽ കരുതി പൂജിക്കുന്നവനെ ഗുണവാനെന്ന് വിചാരിക്കണം.

* യോഗസിദ്ധികൾ കാണിച്ചു ജനങ്ങളെ ഭ്രമിപ്പിച്ച് യോഗി അവരുടെ ബഹുമതി നേടുന്നത് അതിനികൃഷ്ടമാണ്. ഇക്കാലത്ത് യോഗികൾ അധികം പേരും അല്പം എന്തെങ്കിലും സിദ്ധിയോ മറ്റോ ഉണ്ടായാൽ ജനങ്ങളുടെ ഇടയിൽ ചെന്ന് അതു കാണിച്ച് അവരുടെ ബഹുമതിയും സമ്മാനവും വാങ്ങുന്നതിന് ഉത്സാഹിക്കാറുണ്ട്. ജനങ്ങളെക്കൊണ്ട് വാഴ്ത്തിക്കുന്നതിന്ന് വേണ്ടതൊക്കെ അവർ ചെയ്യുന്നു. അവരുടെ പ്രവൃത്തി അല്പവും ശ്ലാഘ്യമല്ലെന്ന് ഈ പദ്യത്തിൽ ഉപദേശിച്ചിരിക്കുന്നു.

digitized by www.sreyas.in

അഗ്നി മുതലായ എല്ലാ ദേവന്മാരേയും ഉദ്ദേശിച്ച് യാഗാദി കർമ്മങ്ങൾ ചെയ്യുന്ന ഒരുവൻ ബ്രഹ്മജ്ഞനായവനോട് തുല്യനല്ല. അവൻ സന്തോഷിപ്പിക്കുന്ന വിശിഷ്ടനായ ദേവൻകൂടി യോഗിയോട് തുല്യനല്ല. പിന്നെ യജമാനാദികൾ എങ്ങനെ തുല്യന്മാരാകും? ഒരു കാലത്തും ആകുകയില്ല.

മൗനത്തോടുകൂടിയവനും ഗൂഢചാരിയും സ്വമഹിമാവിൽ സ്ഥിതിചെയ്യുന്നവനുമായ യോഗി (ബ്രഹ്മജ്ഞൻ) അവന്റെ സ്ഥിതി സൂക്ഷ്മമായി അറിഞ്ഞ വിദ്വാന്മാർ മാനിക്കുന്നതായാൽ അതിൽ അഭിമാനം വിചാരിക്കരുത്. അജ്ഞന്മാർ ജഡാദികളെപ്പോലെ സഞ്ചരിക്കുന്ന അവനെ അപമാനിച്ചാൽ അതിൽ അവൻ വിഷാദിക്കുകയുമരുത്.

കണ്ണടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത് ലോകസ്വഭാവമാകുന്നുവല്ലൊ. അതുപോലെ വിദ്വാന്മാർ ബ്രഹ്മജ്ഞന്മാരെ ബഹുമാനിക്കുന്നതും ലോകസ്വഭാവംതന്നെയാണ്. തന്റെ യോഗ്യതകൊണ്ടല്ല, വിദ്വാന്മാർ തന്നെ ബഹുമാനിക്കുന്നത് എന്ന് യോഗി വിചാരിക്കണം. അല്ലാതെ താൻ മാന്യനായല്ലോ എന്ന് അഭിമാനംകൊള്ളരുത്.

ധർമ്മസ്വഭാവം അറിയാത്തവരും അവിവേകത്തോടുകൂടിയവരും ശാസ്ത്രം പഠിക്കാത്തവരുമായ ജനങ്ങൾ മാന്യന്മാരെ മാനിക്കുന്നില്ല. അത് അവരുടെ സ്വഭാവമാണ്. അജ്ഞന്മാർ അവമാനിക്കുമ്പോൾ ബ്രഹ്മജ്ഞൻ അങ്ങനെ വിചാരിക്കണം. അല്ലാതെ വിഷാദിക്കരുത്. (അത്തരക്കാർ മാനിച്ചെങ്കിൽ അതാണ് അത്ഭുതം.)

മാനവും മൗനവും എപ്പോഴും ഒരിടത്ത് ഒരുമിച്ചിരിക്കുകയില്ല. പ്രത്യക്ഷമായിക്കാണുന്ന ഈ ലോകം (പ്രപഞ്ചം) മാനത്തിന്നും പരലോകമൗനത്തിന്നും വിഷയമാകുന്നു. മാനം സംസാരപ്രാപ്തിക്കും മൗനം ബ്രഹ്മപദസിദ്ധിക്കും ഹേതുവാകുന്നു.

മാനത്തോടും അർത്ഥത്തോടുംകൂടിയുള്ള സംവാസം നിമിത്തം ശ്രീ (സമ്പത്ത്) ശ്രേയസ്സിന്ന് പ്രതികൂലമാകുന്നു. ലോകത്തിൽ ഇരുന്ന് സ്വർഗ്ഗം, പശു, അന്നം മുതലായവയ്ക്കുവേണ്ടി കർമ്മങ്ങൾ അനുഷ്ഠിക്കുന്നവന്ന് സമ്പത്ത് ഉണ്ടാകും. അത് മുക്തിമാർഗ്ഗത്തിന്നു തടസ്സമാകുന്നു. ഇപ്രകാരമുള്ള ശ്രീക്ക് വശംവദനായിത്തീർന്ന് ആര് വിഷയങ്ങളിൽ പ്രവർത്തിക്കുന്നുവോ അവൻ മൂഢനാകുന്നു. ബുദ്ധിശൂന്യനായ അവന്ന് ബ്രഹ്മാനന്ദരൂപിണിയായ ശ്രീ അത്യന്തം ദുർല്ലഭമാകുന്നു. രാജാവേ, അത് കേൾക്കുവാൻകൂടി അവന്ന് ലഭിക്കുകയില്ല.

ബഹുപ്രകാരങ്ങളും, പ്രയാസപ്പെട്ടുമാത്രം ആചരിക്കാവുന്നവയും, ആ ബ്രഹ്മലക്ഷ്മി പ്രവേശിക്കുന്നതിന്നുള്ള ദ്വാരങ്ങൾ എന്ന് സത്തുകൾ വഴിപോലെ പറയുന്ന സത്യം, ആർജ്ജവം, ലജ്ജ, ദമം, ശൗചം, വിദ്യ എന്നിവ ആറും മാനത്തേയും മോഹത്തേയും തടയുന്നവയാണ്. ജീവികൾക്കു ഹിതവും യഥാർത്ഥഭാഷണവുമായത് സത്യം. നേരെയുള്ളത് (വളവില്ലാത്തത്) ആർജ്ജവം. അധർമ്മം ചെയ്യുന്നതിനുള്ള സങ്കോചം ഹ്രീ. ഹൃദയത്തിന്റെ അടക്കം ദമം. ബാഹ്യേന്ദ്രിയങ്ങളുടെ അടക്കമാണ് ദമമെന്നു ചിലർക്ക് അഭിപ്രായമുണ്ട്. മലിനതയകറ്റുന്നത് ശൗചം. വിദ്യ ബ്രഹ്മവിദ്യ. ഇവയുള്ളവന്ന് മാനവും മോഹവും സംഭവിക്കുകയില്ല."

43. സനത്സുജാതവാക്യം - ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ ബ്രഹ്മജ്ഞനായ മുനേ! മൗനത്തിന്റെ പ്രയോജനം എന്ത്? ലോകപ്രസിദ്ധമായ വാങ്നിയന്ത്രണമോ—മിണ്ടാതെയിരിക്കുന്നതോ—അതോ സ്വസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നതോ ഏതാണ് മൗനം? മൗനത്തിന്റെ ലക്ഷണമെന്താണ്? മൗനംകൊണ്ട് വിദ്വാന് ബ്രഹ്മപദം ലഭിക്കുമോ? മൗനത്തെ ആചരിക്കേണ്ടതെങ്ങനെ?"

സനത്സുജാതൻ പറഞ്ഞു: "രാജാവേ! വേദങ്ങൾക്കും മനസ്സിനും ഈ പരമാത്മാവ് അഗോചരമാകുന്നു. വാക്കുകൊണ്ടു വിവരിക്കുന്നതിനും മനസ്സുകൊണ്ടു സങ്കല്പിക്കുന്നതിനും കഴിയാത്തതാണ് അത്. അതിനാൽ പരമാത്മാവിനെ മൗനം എന്നു പറയുന്നു. യാതൊന്ന് കാരണമായി വേദശബ്ദമുണ്ടായി, അതായത് യാതൊന്നിനെക്കുറിക്കുന്നതിന്ന് വേദമുപയോഗിക്കുന്നു, ജ്യോതിസ്സ്വരൂപമായിരിക്കുന്നതാണ് ആത്മാവ്. ശ്രുതിസ്മൃതിപുരാണങ്ങളിൽ ആത്മാവിനെ അങ്ങനെ ജ്യോതിസ്സ്വരൂപമായിട്ടാണ് പറയുന്നത്. അതിനെ അനുഭവംകൊണ്ടുതന്നെ അറിയണം."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഋഗ്വാദിവേദങ്ങൾ പഠിക്കുന്ന ബ്രാഹ്മണന് പാപകർമ്മംകൊണ്ട് പാപസംബന്ധമുണ്ടാകുമോ? അതോ ഉണ്ടാകയില്ലയോ? വേദാദ്ധ്യയനം പാപനാശകരമോ എന്നറിയണം."

സനത്സുജാതൻ പറഞ്ഞു: "പാപങ്ങൾ ചെയ്തുകൊണ്ട് വേദങ്ങൾ പഠിക്കുന്ന അസമർത്ഥനായ ഇവനെ ഋഗ്വേദമോ, യജുർവ്വേദമോ, സാമവേദമോ പാപത്തിൽനിന്നു രക്ഷിക്കുകയില്ല.

ഋക്ക് തുടങ്ങിയ വേദങ്ങൾ പാപശീലനും, വഞ്ചകനും (ധർമ്മനിഷ്ഠനെന്നു നടിക്കുന്നവൻ), കളവായി പ്രവർത്തിക്കുന്നവനുമായ ഇവനെ സംസാരസമുദ്രത്തിൽനിന്നു കരകയറ്റി രക്ഷിക്കയില്ല. ചിറകു മുളച്ചുവളർന്ന പക്ഷികൾ തങ്ങൾക്കാശ്രയമായ കൂടിനെയെന്നപോലെ വേദങ്ങൾ അവനെ അവസാനകാലത്തു വിട്ടുപിരിയുന്നു. അവകൊണ്ട് മൗനഭാവത്തിൽ അവന്ന് ഐഹികമോ പാരത്രികമോ ആയ യാതൊരു ശ്രേയസ്സും ലഭിക്കുന്നില്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ ബ്രഹ്മജ്ഞനായ മുനേ! വേദങ്ങൾക്കു വേദജ്ഞനായവനെ സംസാരത്തിൽനിന്നു രക്ഷിക്കുന്നതിന്ന് സാമർത്ഥ്യമില്ലെങ്കിൽ ബ്രാഹ്മണർ അനാദികാലം മുതല്ക്കു വേദപാഠം, അർത്ഥവിചാരം എന്നിവ ചെയ്യുന്നതുകൊണ്ട് എന്താണു പ്രയോജനമുള്ളത്? അവ അനർത്ഥഹേതുവാകയാൽ ചെയ്യേണ്ടതില്ലല്ലോ?"

സനത്സുജാതൻ പറഞ്ഞു: "അല്ലയോ മഹാനുഭാവനായ രാജാവേ, ജഗത്ത് ആ പരമാത്മാവിന്റെ നാമരൂപാദിഭേദങ്ങളോടുകൂടി കാണപ്പെടുന്നതാണ്. പരമേശ്വരൻ മായയെ ആശ്രയിച്ചു നാനാപ്രകാരങ്ങളായ നാമങ്ങളേയും രൂപങ്ങളേയും കൈക്കൊള്ളുന്നു എന്നു നിർദ്ദേശിച്ച് ബ്രഹ്മം, നിത്യവും സർവ്വോൽകൃഷ്ടവുമെന്ന് ആ വേദങ്ങൾ പറയുന്നു. അത് ജഗത്തിന്റെ മൂർത്തരൂപത്തിന്ന് വിപരീതമായ സ്വരൂപത്തോടുകൂടിയതെന്നു പറയപ്പെടുന്നു.

കൃച്ഛ്റചാന്ദ്രായണാദി തപസ്സുകൾ ജ്യോതിഷ്ടോമാദി യാഗങ്ങൾ എന്നിവ ഈശ്വരാർപ്പണബുദ്ധിയോടുകൂടി ചെയ്യുന്ന വിദ്വാന് പുണ്യം സംഭവിക്കുന്നു. പുണ്യംകൊണ്ടു പാപം നശിക്കും. പിന്നീട് അവൻ ജ്ഞാനം നിമിത്തം സച്ചിദാനന്ദബ്രഹ്മരൂപനായി പ്രകാശിക്കുന്നു. തപോയാഗാദികൾ ബ്രഹ്മപ്രാപ്തിക്കു വേണ്ടിയാണ് വിധിച്ചിരിക്കുന്നത്.

ബ്രഹ്മജ്ഞനായിരിക്കുന്നവന് ജ്ഞാനംകൊണ്ട് ആത്മപ്രാപ്തിയുണ്ടാകുന്നു. അല്ലെങ്കിൽ ഈശ്വരാർപ്പണമായി കർമ്മമനുഷ്ഠിക്കുന്നതുകൊണ്ട് അവന്റെ പാപം നശിക്കും. എന്നാൽ അവൻ ജ്ഞാനിയാകയില്ല. സ്വർഗ്ഗാദിസുഖം ആഗ്രഹിച്ച് ഈ ലോകത്തിൽ ചെയ്യുന്ന യാഗാദികർമ്മങ്ങളുടെ ഫലം പരലോകത്തിൽ അനുഭവിക്കുന്നു. പിന്നീട് കർമ്മം ശേഷിക്കുന്നതുകൊണ്ട് വീണ്ടും സംസാരമാർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് ഇടയാകുന്നു.

ഈ ലോകത്തിൽ ചെയ്യുന്ന തപസ്സിന്റെ ഫലം പരലോകത്തിൽ അനുഭവിക്കുന്നു. ഇക്കാര്യത്തിൽ വിദ്വാന്മാരുടേയും അവിദ്വാന്മാരുടേയും സ്ഥിതി സമമാണ്. വ്യത്യാസമുള്ളത് ഒരു കാര്യത്തിലാകുന്നു. ബ്രഹ്മജ്ഞന്മാർ സമൃദ്ധമായി (ധാരാളം, വേണ്ടുന്നതിലധികം) തപസ്സുചെയ്യും. അവർക്ക് അധികം ഫലവും കിട്ടുന്നു. ആവശ്യമുള്ളിടത്തോളം മാത്രമേ സംസാരികൾ തപസ്സുചെയ്യുകയുള്ളൂ. അവർക്കു തപസ്സ് കുറവും കർമ്മഫലമനുഭവിക്കേണ്ടത് അധികമായിരിക്കും."

digitized by www.sreyas.in

ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ സനത്സുജാതാ, തപസ്സ് എങ്ങനെയാണ് വിദ്വാന് സമൃദ്ധവും അവിദ്വാന് ഋദ്ധവും ആയിത്തീരുന്നത്? അതെങ്ങനെ ഞങ്ങൾ അറിയും? അങ്ങ് പറഞ്ഞാലും."

സനത്സുജാതൻ പറഞ്ഞു: "നിഷ്കന്മഷമായ ഈ തപസ്സിനെ കേവലം എന്നുപറയുന്നു. ഈ പ്രപഞ്ചത്തിനെല്ലാം കാരണമായത് കേവലം എന്ന് അർത്ഥം.

* കേവലമായിരിക്കുന്ന തപസ്സ് സമൃദ്ധവും ഋദ്ധവുമായിഭവിക്കുന്നു. തപസ്സ് സകല്മഷമാണെങ്കിൽ സമൃദ്ധമായാലും ഋദ്ധമായിത്തീരും.

അല്ലയോ രാജാവേ? അങ്ങ് എന്നോടു ചോദിച്ചതിനെല്ലാം അടിസ്ഥാനം തപസ്സാകുന്നു. വേദജ്ഞന്മാരായവർ തപസ്സുകൊണ്ട് പരലോകത്തിൽ അമൃതത്തെ (മോക്ഷത്തെ) പ്രാപിക്കുന്നു. സർവ്വ സുഖവും തപസ്സുകൊണ്ടു പ്രാപിക്കാവുന്നതാണ്."

ധൃതരാഷ്ട്രൻ പറഞ്ഞു: "നിഷ്കല്മഷമായിരിക്കുന്ന തപസ്സ് കേവലം എന്ന് അങ്ങ് പറഞ്ഞതു ഞാൻ കേട്ടു. അതാണല്ലോ ഗൂഢമായിരിക്കുന്ന സനാതനബ്രഹ്മത്തെ അറിയിക്കുന്നത്. സനത്സുജാതമുനേ! ഇനിയങ്ങ് തപസ്സിന്റെ കല്മഷത്തെക്കുറിച്ചു പറഞ്ഞുതരണം."

സനത്സുജാതൻ പറഞ്ഞു: "രാജാവേ! ക്രോധാദികൾ പന്ത്രണ്ടും തപസ്സിന്റെ ദോഷങ്ങളാകുന്നു. അവതന്നെ കല്മഷങ്ങൾ. അതുപോലെ ഏഴ് നൃശംസങ്ങളും തപസ്സിന്റെ ദോഷങ്ങളാകുന്നു. വേദശാസ്ത്രങ്ങളിൽ വിസ്തരിച്ചു പറഞ്ഞിരിക്കുന്ന ജ്ഞാനം മുതലായ പന്ത്രണ്ടും ഗുണങ്ങളാകുന്നു. ബ്രഹ്മജ്ഞന്മാർക്ക് അവയെപ്പറ്റി അറിവുണ്ട്. അവയെക്കുറിച്ച് വിസ്തരിച്ചു പറയാം, കേട്ടാലും.

ക്രോധം, കാമം, ലോഭം, മോഹം, വിവിത്സ, കൃപയില്ലായ്ക, അസൂയ, മാനം, ദുഃഖം, ആഗ്രഹം, ഈർഷ്യ, ജുഗുപ്സ എന്നിവ പന്ത്രണ്ടും മഹാഗുണവാനായിരിക്കുന്നവൻ ഉപേക്ഷിക്കണം. ആഗ്രഹത്തിന്ന് തടസ്സമുണ്ടാകുമ്പോൾ മനസ്സിലുണ്ടാകുന്നതും, അടിക്കുക മുതലായവയ്ക്കു പ്രേരിപ്പിക്കുന്നതുമായ മനോവികാരമാണ് ക്രോധം. ലോഭം, തന്റെ മുതല് അന്യന്ന് കൊടുക്കാതെയിരിക്കുന്നതും അന്യന്റെ ധനം വേണമെന്ന് ആഗ്രഹിക്കുന്നതും, സ്ത്രീമുതലായ വിഷയങ്ങളിൽ ആഗ്രഹം കാമം. വിഷയസുഖങ്ങൾ അറിയുവാനാഗ്രഹിക്കുന്നത് വിവിത്സാഗുണങ്ങളിൽ ദോഷം ആരോപിക്കുന്നത് അസൂയ. തന്റെ യോഗ്യതയെക്കുറിച്ച് അഭിമാനിക്കുന്നത് മാനം. ഭോഗങ്ങളിൽ ഇച്ഛയുണ്ടാകുന്നത് സ്പൃഹ. അന്യന് ഐശ്വര്യം ഉണ്ടാകുന്നത് സഹിക്കുവാൻ പാടില്ലായ്ക ഈർഷ്യ. പരഗുണങ്ങളെ മറയ്ക്കുവാനുള്ള ആഗ്രഹം ജുഗുപ്സ. ഇവയാണ് തപസ്സിന്റെ കല്മഷങ്ങൾ.

വേടൻ തരംനോക്കി മൃഗങ്ങളെ വധിക്കുന്നു. അല്ലയോ രാജാവേ! അതുപോലെ ഈ ദോഷം ഓരോന്നും മനുഷ്യനിൽ കടന്ന് അവനെ നശിപ്പിക്കുന്നു. ഓരോ ദോഷവും നാശകാരണമാകുന്നു. ഇവയിൽ ഓരോന്നിനും മനുഷ്യനെ നശിപ്പിക്കുവാൻ ശക്തിയുണ്ട്. പിന്നെ ഇവയിൽ പലതും ചേർന്നാൽ പറയണമോ?

കാട്ടിൽ സഞ്ചരിക്കുന്നവനെ തരംനോക്കി സിംഹം ചെന്നായ് മുതലായ മൃഗങ്ങൾ പിടികൂടി തിന്നുന്നു. അതുപോലെ ക്രോധാദിദോഷങ്ങൾ അവസരംനോക്കിനിന്ന് മനുഷ്യനെ പിടിച്ചു നശിപ്പിക്കുന്നു. ജ്ഞാനി, ക്രോധാദികൾക്ക് തന്നിൽ പ്രവേശിക്കുവാൻ ഇടകൊടുക്കരുത്.

ഏഴുവിധം നൃശംസന്മാരെക്കുറിച്ച് പറയാം. വിഷയസുഖത്തിൽ ആസക്തിയുള്ളവൻ, പ്രാണികളെ ദ്രോഹിച്ച് അഭിവൃദ്ധി നേടുന്നവൻ, ദാനം ചെയ്തിട്ട് പിന്നെ സങ്കടപ്പെടുന്നവൻ, അല്പം വല്ലതും ലാഭിക്കുന്നതിന്നുവേണ്ടി അവമാനാദികൾ സഹിക്കുന്നവൻ, ജ്ഞാനമില്ലാത്തവൻ, ഇന്ദ്രിയസുഖങ്ങളെ ശ്ലാഘിക്കുന്നവൻ, അശരണയായ ഭാര്യയെ ദ്രോഹിക്കുന്നവൻ എന്നിവർ ഏഴു പേരും നൃശംസന്മാരാണ്.

ജ്ഞാനം, സത്യം, ദമം, ശ്രുതം, മാത്സര്യമില്ലായ്ക, ലജ്ജ, തിതിക്ഷ, അസൂയയില്ലായ്ക, യാഗം, ദാനം, ധൃതി, ശമം എന്നിവ ബ്രഹ്മജ്ഞാനിക്ക് ഉണ്ടായിരിക്കേണ്ട മഹാവ്രതങ്ങളാണ്. ആത്മതത്ത്വം അറിയുന്നതാണ് ജ്ഞാനം.

ഈ പന്ത്രണ്ടു ഗുണങ്ങളോട് വേർപെടാതെയിരിക്കുന്നവനാരോ അവൻ ലോകം മുഴുവനും തന്റെ അധീനത്തിൽ നിർത്തും. മൂന്നോ, രണ്ടോ, ഒന്നോ ഗുണങ്ങളെവിട്ട് മറ്റുള്ളവയോടു കൂടിയവനാണ് ഒരുവൻ എങ്കിലും അവൻ ക്രമേണ വിശിഷ്ടനായ ജ്ഞാനിയായിത്തീർന്ന് ബ്രഹ്മപദം പ്രാപിക്കുന്നു.

ദമത്തിന്ന് പതിനെട്ടു ദോഷങ്ങളുണ്ട്. അവ പറയുന്നു. ഇവയിൽ ഏതെങ്കിലും ഒന്നുചെയ്താൽ അത് ദമത്തിന്ന് എതിരായിത്തീരും. അനൃതം (കളവുപറയുക), പൈശുനം (അന്യന്റെ ദോഷം പറയുക), തൃഷ്ണ (വിഷയാഗ്രഹം), പ്രാതികൂല്യം (വേണ്ടതിന് വിപരീതമായി ചെയ്യുന്നത്), തമസ്സ് (അജ്ഞാനം), രതി (സ്ത്രീഭോഗത്തിലാഗ്രഹം), ലോകദോഷ (ജനങ്ങൾക്ക് ഉദ്വേഗകരമായി പ്രവർത്തിക്കുന്നത്), അഭിമാനം (താൻ യോഗ്യനെന്നു വിചാരിക്കുക), വിവാദം (കലഹം ഉണ്ടാക്കുക), പ്രാണിപീഡനം (ജീവികളെ വധിക്കുക, ഉപദ്രവിക്കുക), പരിവാദം (അന്യനെക്കുറിച്ച് അപവാദം പറയുക), അതിവാദം (അർത്ഥമില്ലാതെ അധികം പറയുക), പരിതാപം (വെറുതെ സങ്കടപ്പെടുക), അക്ഷമ, അധൃതി (ഇന്ദ്രിയങ്ങളുടെ ചാപല്യം), അസിദ്ധി (ജ്ഞാനവൈരാഗ്യാദിഗുണങ്ങൾ കിട്ടാതെയിരിക്കുക), ഹിംസ (അധർമ്മമായി ജീവികളെ പീഡിപ്പിക്കുക), പാപകൃത്യം (നിഷിദ്ധകർമ്മം ചെയ്യുക) ഇവയാണ് ദമത്തിന്റെ പതിനെട്ടു ദോഷങ്ങൾ. ഇവയോടു വേർപെട്ടിരിക്കാതെ ദമഗുണം ഉണ്ടാവുകയില്ല.

മുമ്പ് അനൃതംമുതൽ ഹിംസവരെ പതിനെട്ടു ദോഷങ്ങൾ ദമത്തിന് ഉണ്ടെന്നു പറഞ്ഞുവല്ലോ. അവയ്ക്കുനേരെ വിപരീതങ്ങളായ പതിനെട്ടു ഗുണങ്ങൾ 'മദ'ത്തെ നശിപ്പിക്കുന്നു. അനൃതത്തിനു വിപരീതം സത്യം. പൈശുനത്തിന് അപൈശുനം. എന്നിങ്ങനെ ദോഷങ്ങൾക്ക് എതിരായി ഗുണങ്ങളെ കണ്ടുകൊള്ളുക.

ആറുവിധം ത്യാഗവും ശ്രേയസ്കരമാണ്. അവയിൽ മൂന്നാമത്തേതു ചെയ്യുന്നതിന് വളരെ പ്രയാസമുണ്ട്. അത് ചെയ്യുന്നതുകൊണ്ട് ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൗതികം എന്ന് മൂന്നുവിധം ദുഃഖവും നശിക്കുന്നു. അതു ചെയ്യുന്നവന് എല്ലാ കാര്യത്തിലും വിജയം ലഭിക്കുന്നതാണ്.

ആറുവിധം ത്യാഗങ്ങളെക്കുറിച്ചു പറയാം. യോഗ്യനായവന്ന് പുത്രനേയും ധനത്തേയും കൊടുക്കുന്നത് ഒന്നാമത്തേത്.

ഇഷ്ടവും പൂർത്തവും രണ്ടാമത്തേത്. ശ്രൗതകർമ്മങ്ങളിൽ ചെയ്യുന്ന ദാനം ഇഷ്ടം. പൂർത്തം സ്മാർത്തകർമ്മങ്ങളിൽ ചെയ്യുന്നത്. ദേവന്മാർക്കു കൊടുക്കുന്നത് ഇഷ്ടം എന്നും പിതൃക്കൾക്കു കൊടുക്കുന്നത് പൂർത്തം എന്നും പറയുന്നു. കാമവും ത്യാഗവും മൂന്നാമത്തേത്. അത് സത്വോത്കർഷം സിദ്ധിച്ചിരിക്കുന്നവർക്കു വിരക്തികൊണ്ട് ഉണ്ടാകുന്നു. ഇപ്രകാരം ഈരണ്ടെണ്ണം ചേർത്താണ് ത്യാഗത്തെ ആറായി പറഞ്ഞിരിക്കുന്നത്. ഇവയിൽ മൂന്നാമത്തേതായ കാമവും ത്യാഗവും (വിരക്തിവന്ന് സ്ത്രീവിഷയത്തേയും ധനത്തേയും ത്യജിക്കുന്നത്) ആണ് ദുഷ്കരം എന്നു പറഞ്ഞത്. ഈ ആറുവിധം ത്യാഗങ്ങളോടുകൂടിയവനു പ്രമാദം ഉണ്ടാവുകയില്ല. അവൻ അപ്രമാദിയായിരിക്കും! അപ്രമാദത്തിന് എട്ടു ഗുണങ്ങളുണ്ട്.

അപ്രമാദത്തിന്റെ എട്ടുഗുണങ്ങളെ പറയാം. സത്യം, ധ്യാനം (മനസ്സ് ശുഭവസ്തുവിനെ ലക്ഷ്യമാക്കി അവിച്ഛിന്നമായി വിചാരിക്കുന്നത്), സമാധാനം (ആത്മശാന്തിയോടുകൂടിയിരിക്കുന്നത്), ചോദ്യം (ഞാനാരെന്നു ചോദിക്കുന്നത്).

* സകാമമെങ്കിലും ശ്രദ്ധാദിയോടുകൂടിയ തപസ്സ് സമൃദ്ധം. ദംഭാദി നിമിത്തം ചെയ്യുന്നതെങ്കിൽ അത് ഋദ്ധം.

digitized by www.sreyas.in

ഇപ്രകാരം ഇവിടെപ്പറഞ്ഞ ദമത്തിന്റെ ദോഷങ്ങളെ വർജ്ജിക്കണം. എന്നാൽ പ്രമാദം ഉണ്ടാവുകയില്ല. ഈ ദോഷങ്ങളുടെ വർജ്ജനമാണ് അപ്രമാദം. അതിന് എട്ടു ഗുണങ്ങളുണ്ട്.

സത്യത്തെ ശ്ലാഘിക്കുന്നു. അല്ലയോ രാജശ്രേഷ്ഠാ! അങ്ങ് സത്യാത്മാവായി ഭവിച്ചാലും. ലോകങ്ങൾ സത്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സത്യം നശിച്ചാൽ ലോകങ്ങളുടെ അടിസ്ഥാനം ഇളകും. അവ സത്യപ്രധാനങ്ങളാകുന്നു. മോക്ഷം സത്യത്തിൽ സ്ഥിതി ചെയ്യുന്നു. സത്യത്തിൽ നിലകൊള്ളുന്ന ആത്മാവിനോട് (മനസ്സിനോട്) കൂടിയവന്നാണ് സത്യാത്മാവ്.

മുമ്പു പറഞ്ഞ ക്രോധാദികളായ ദോഷങ്ങളെ അകറ്റിയിട്ട് (നശിപ്പിച്ച്) തപോനിഷ്ഠം ആചരിക്കണം. പ്രസ്തുത ദോഷങ്ങളിൽ നിന്നു നിവൃത്തിനേടിയിരിക്കുന്നവനാണ് തപസ്സിന് അധികാരി. സത്യംതന്നെ സജ്ജനങ്ങളുടെ ഉൽകൃഷ്ടമായ വ്രതം. അത് ഈശ്വരൻ നിശ്ചയിച്ചിരിക്കുന്ന കാര്യമാണ്.

മുമ്പു പറഞ്ഞ ക്രോധാദികളിൽനിന്നു വേർപെട്ടതും ജ്ഞാനാദികളായ ഗുണങ്ങളോടുകൂടിയതുമായ (കേവല) തപസ്സ് സമൃദ്ധമായി ഭവിക്കുന്നു.

അല്ലയോ വിശിഷ്ടനായ രാജാവേ! അങ്ങു എന്നോട് ചോദിച്ചത് ഏതാണോ അതിന് ഞാൻ ചുരുക്കത്തിൽ സമാധാനം പറയാം. നിഷ്കാമമായി ചെയ്യുന്ന തപസ്സ് എല്ലാ പാപങ്ങളേയും നശിപ്പിക്കും. ജനനം, മരണം ജര എന്നിവയേയും അത് ഇല്ലാതെയാക്കും.

എങ്ങനെയായാൽ പാപം നശിച്ച് സുഖം ഉണ്ടാകുമെന്നു പറയാം. അഞ്ച് ഇന്ദ്രിയങ്ങളിൽനിന്നും (അവയുടെ വികാരങ്ങളിൽനിന്ന്) മനസ്സിൽനിന്നും (മനസ്സിന്റെ വ്യാപാരങ്ങളിൽനിന്ന്) കഴിഞ്ഞവയും വരുവാൻ പോകുന്നവയുമായ കാര്യങ്ങളിൽ നിന്നും വേർപെട്ടിരിക്കുന്നവന്ന് സുഖം ഉണ്ടാകുന്നു. കഴിഞ്ഞുപോയവയും വരുവാനുള്ളവയുമായ കാര്യങ്ങളോർത്ത് സന്തോഷിക്കുകയും ദുഃഖിക്കുകയും അരുത്. അങ്ങനെയുള്ളവൻ സുഖിയാകും.''

ധൃതരാഷ്ട്രൻ പറഞ്ഞു: ''ചില ജനങ്ങൾ പുരാണങ്ങൾ കൂട്ടിച്ചേർത്ത് അഞ്ചു വേദങ്ങൾ പഠിക്കുന്നു. അവർ അധികം മാനിക്കപ്പെടുന്നു. 'ഇതിഹാസപുരാണം ച പഞ്ചമോ വേദ' എന്ന് ശ്രുതിയുണ്ട്. ചിലർ നാലും ചിലർ മൂന്നും വേദങ്ങൾ പഠിക്കുന്നു. പഞ്ചവേദി, ചതുർവ്വേദി, ത്രിവേദി എന്നൊക്കെ അവർക്ക് പേരുകളുമുണ്ട്.

ചിലർ രണ്ടുവേദങ്ങൾ ഉള്ളവരായിട്ടുണ്ട്. ചിലർക്ക് ഒന്നേ ഉണ്ടായിരിക്കുകയുള്ളൂ. മറ്റു ചിലർ വേദങ്ങളെ ഉപേക്ഷിച്ചിരിക്കുന്നവരാണ്. ഇവരിൽ ആർക്കാണ് അധികം ശ്ലാഘ്യത? ആരാണ് ബ്രഹ്മജ്ഞൻ, പറഞ്ഞുതന്നാലും.''

സനത്സുജാതൻ പറഞ്ഞു: ''ഏകവും സച്ചിദാനന്ദമയവും ആയ ബ്രഹ്മത്തെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട് അതിനെ അറിയുന്നതിനാണ് ആ ഋക്ക് മുതലായ വേദങ്ങൾ പലതായുത്ഭവിച്ചത്. അല്ലയോ രാജാവേ, അനേകം പേരിൽ ഒരുവൻ മാത്രമേ സത്യത്തിൽ അടിയുറച്ച് നില്ക്കുന്നുള്ളൂ. വേദങ്ങളുടെ എല്ലാം പരമമായ ലക്ഷ്യം ബ്രഹ്മത്തെ അറിയിക്കുകയാകുന്നു.

സത്യലക്ഷണമായ ബ്രഹ്മത്തിൽനിന്ന് ഭ്രംശിച്ചുപോയവന്ന് സങ്കല്പങ്ങൾ അർത്ഥശൂന്യങ്ങളായിത്തീരുന്നു. സ്വാഭാവികമായ സത്യസങ്കല്പം (പരമാനന്ദം) അവന്ന് സിദ്ധിക്കുന്നില്ല. അപ്പോൾ അവൻ ക്ഷുദ്രസുഖങ്ങളാശിച്ച് ശാശ്വതഫലങ്ങളെത്തരുന്ന യാഗാദികർമ്മങ്ങളെ അധികമായിച്ചെയ്യുന്നു. സത്യമായ ബ്രഹ്മത്തെപ്പറ്റി ശരിയായി അറിയായ്കകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. പരമാത്മാവും ആത്മാവും ഒന്നെന്ന് അറിയാത്തവൻ ആദ്ധ്യാത്മികാദി ദുഃഖത്രയത്തിന്ന് അടിപെട്ട്, മത്സ്യാദികളാൽ എന്നപോലെ, രാഗാദികളാൽ അങ്ങുമിങ്ങുമാകർഷിക്കപ്പെട്ട് മൂഢനായി നശിക്കുന്നു. വിത്താദി ത്യാജ്യവസ്തുക്കളിൽ അവൻ ഭ്രമിക്കുന്നു.

വേദം, പുരാണം മുതലായവ അധികം പഠിച്ചിരിക്കുന്നവനെ ബഹുവാക്കെന്നു പറയണം. അവന് അസംഖ്യം ശബ്ദങ്ങളറിയാം. അത്രമാത്രം അവൻ യഥാർത്ഥജ്ഞാനിയല്ല. സത്യാദിലക്ഷണമായ ബ്രഹ്മത്തിൽനിന്നു തെറ്റിമാറാതെ സച്ചിദാനന്ദാത്മകനായിരിക്കുന്നവനാരോ, അവനെ ബ്രഹ്മജ്ഞനെന്നു ഭവാൻ അറിയണം. പഠിപ്പോ, ശബ്ദപരിചയമോ അല്ല, അനുഭവജ്ഞാനമാണ് ബ്രഹ്മജ്ഞനു വേണ്ടത്.

അല്ലയോ രാജാവേ, വേദങ്ങൾ ആ പരമാത്മവസ്തുവിനെക്കുറിച്ച് സ്വച്ഛന്ദതയാ സ്വതന്ത്രങ്ങളായ പ്രമാണങ്ങളാകുന്നു. അതിനാൽ അവ പഠിച്ച് അറിഞ്ഞ് വേദാന്തശ്രവണമനനാദികൾകൊണ്ട് വേദജ്ഞന്മാർ പരമപദം പ്രാപിച്ച് മുക്തി നേടി. ബ്രഹ്മജ്ഞന്മാർ ബന്ധത്തെ പ്രാപിച്ചില്ല.

ഋഗാദിവേദങ്ങളിൽ ഒന്നും വാക്കുകൾക്ക് അവിഷയീഭൂതനും, ജ്ഞാനസ്വരൂപനുമായ പരമാത്മാവിനെ അറിയുന്നില്ല. ജഡമായ വേദംകൊണ്ട് ജ്ഞാനരൂപമായ പരമാത്മാവ് അറിയപ്പെടുകയില്ല. പ്രപഞ്ചത്തേയും അറിയുന്നില്ല. ജ്ഞാനംകൊണ്ടാണല്ലോ എല്ലാം അറിയുന്നത്. ജ്ഞാനമായ പരമാത്മാവിനെ അറിയുന്നവൻ വേദ്യമായ പ്രപഞ്ചം മുഴുവനും അറിയുന്നു. ആത്മാവിനെക്കുറിച്ചു കാണുകയും, ശ്രവിക്കുകയും, വിചാരിക്കുകയും ചെയ്യുന്നതു കൊണ്ട് എല്ലാം അറിയുവാൻ കഴിയും. ബാഹ്യപ്രപഞ്ചത്തെ അറിയുന്നവൻ സത്യമായ ബ്രഹ്മത്തെ അറിയുന്നില്ല. ഒന്നിനെ (ബ്രഹ്മത്തെ) അറിയുന്നവൻ സർവ്വത്തേയും അറിയുന്നു.

ഋഗാദിവേദങ്ങളെ അറിയുന്നവനും ആത്മജ്ഞാനമില്ലാത്തവനുമായ ഒരുവൻ വേദജ്ഞാനത്തെ ആശ്രയിച്ച് പ്രപഞ്ചത്തെ അറിയുന്നു. വേദങ്ങളും, അവ പഠിച്ചിരിക്കുന്നവരും ആ പരമാത്മാവിനെ അറിയുന്നില്ല. അത് വാക്കുകൾക്കു വിഷയമല്ല. അതാണു കാരണം; വേദങ്ങൾക്കും അതു വിഷയമല്ല. ജ്ഞാനികൾ വളരെ ക്ലേശിച്ച് ലക്ഷണംകൊണ്ട് അതിനെ അറിയുന്നു. അങ്ങനെയാണെങ്കിൽ ഉപനിഷത്പ്രതിപാദ്യമാണ് ബ്രഹ്മമെന്നു പറയുന്നത്. നിരർത്ഥമല്ലേ എന്നു ശങ്കിക്കും. അതിന്നു സമാധാനം പറയാം. ബ്രഹ്മം വേദാദികൾക്ക് ഗോചരമല്ലെങ്കിലും വേദം ബ്രഹ്മപ്രതിപാദകമെന്നും, വേദഗമ്യം മാത്രമാണ് ബ്രഹ്മമെന്നും അറിവുണ്ടാകുമ്പോൾ ബ്രഹ്മജ്ഞാനത്തിന്ന് വേദങ്ങൾ കാരണമാകും.

പ്രതിപദത്തിലുള്ള സൂക്ഷ്മമായ ചന്ദ്രക്കലയെ കാണാത്ത ഒരുത്തനെ 'ആ മരക്കൊമ്പിന്റെ ഇടത്തുഭാഗത്താണ് അല്ലെങ്കിൽ വലത്തുഭാഗത്താണ് ചന്ദ്രൻ' എന്നു കാണിച്ചുകൊടുക്കാറുള്ളതുപോലെ വേദങ്ങൾ അനശ്വരവും, പരമപുരുഷാർത്ഥരൂപവും, ആനന്ദമയവുമായ പരമാത്മാവിന്റെ ജ്ഞാനത്തിന്നു കാരണമാകുന്നതേയുള്ളൂ. വാക്കുകൾക്ക് അവിഷയമായ ആത്മാവിനെപ്പറ്റി അവ സാക്ഷാത്തായി പ്രതിപാദിക്കുന്നില്ല. ഇപ്രകാരമാണ് മുനികൾ പറയുന്നത്.

ഇപ്രകാരം വേദങ്ങൾ ജ്ഞാനസ്വരൂപമായ ബ്രഹ്മത്തെ പ്രതിപാദിക്കുന്നതെങ്ങനെയെന്നറിഞ്ഞ് അത് അന്യന്മാർക്കു വ്യാഖ്യാനിച്ചു കൊടുക്കുന്നവനാണ് സമർത്ഥനായ ബ്രാഹ്മണനെന്ന് ഞാൻ അറിയുന്നു.

ഈ പരമാത്മാവിന്റെ ശത്രുക്കളാണ് വിഷയസുഖങ്ങൾ. അവയെ ഒരിക്കലും അന്വേഷിച്ചു പ്രാപിക്കരുത്. വിഷയലമ്പടത്വം വർജ്ജിക്കണം.

വിഷയങ്ങൾ, ഇന്ദ്രിയങ്ങൾ, ദേഹം, അഹങ്കാരം എന്നിവ യോഗിയുടെ പുറത്തും അകത്തുമുള്ള ശത്രുക്കളാണ്. വിഷയങ്ങളെ അന്വേഷിക്കാത്തവൻ ഉപനിഷദ്വാക്യങ്ങൾകൊണ്ട് പരമാത്മാവിനെ അറിയുന്നു. ഇന്ദ്രിയാദികളായ ശത്രുക്കൾക്ക് കീഴ്പ്പെടാത്തവന് പരമാത്മദർശനം സാധിക്കുന്നു.

ആത്മാവൊഴിച്ച് മറ്റുള്ളവയെല്ലാം ഉപേക്ഷിച്ച് കേവലനായി ആത്മാവിനെ മാത്രം ധ്യാനിക്കണം. വിഷയസുഖത്തെപ്പറ്റി വിചാ

digitized by www.sreyas.in

രിക്കുകയേ അരുത്. അങ്ങനെയുള്ളവന് ബ്രഹ്മത്തിന്റെ ആഭിമുഖ്യമുണ്ടാകും. പിന്നീട് അവന് മഹത്തും പരമവസ്തുവും തമസ്സിന്ന് അപ്പുറത്തുള്ളതുമായ ആത്മാവിനെപ്പറ്റി ബോധം ഉണ്ടാകും. ഒരുവൻ തൂഷ്ണീഭാവം (ഇന്ദ്രിയനിഗ്രഹം)കൊണ്ടാണ് മുനിയായി ഭവിക്കുന്നത്. കാട്ടിൽച്ചെന്ന് താടിനീട്ടി പാർക്കുന്നതുകൊണ്ട് മുനിയാകുകയില്ല. മൗനത്തോടുകൂടിയിരിക്കുന്നവരിൽ (മുനികളിൽ) എല്ലാവരും ഒരുപോലെ ശ്രേഷ്ഠന്മാരല്ല. അവിനാശിയായ പരമാത്മാവ് താൻതന്നെ എന്ന് അറിയുന്നവനാണ് അവരിൽ ശ്രേഷ്ഠൻ.

എല്ലാ ശബ്ദാർത്ഥങ്ങളേയും ശരിയായി വിവേചിച്ച് അറിയുന്നവനെയാണ് വൈയാകരണനെന്നു പറയേണ്ടത്. ഏതാനും ശബ്ദങ്ങളുടെ വ്യുൽപത്തികൊണ്ട് ഒരാൾ വൈയാകരണനാവുകയില്ല. നാമരൂപാത്മകമായ പ്രപഞ്ചം ബ്രഹ്മത്തിൽനിന്നാണ് ഉണ്ടായത്. അതുകൊണ്ട് ബ്രഹ്മമാണ് സാക്ഷാൽ വൈയാകരണൻ. അങ്ങനെ ബ്രഹ്മത്തെപ്പറ്റി അറിയുന്നതിനാൽ ജ്ഞാനിയും വൈയാകരണനാണ്.

ഭൂമി മുതലായ സർവ്വലോകങ്ങളേയും കൺമുമ്പിൽ കാണുവാൻ കഴിയുന്ന മനുഷ്യൻ സർവ്വവസ്തുക്കളിലും പരമാത്മാവിനെ കാണുന്നവനാകുന്നു. അതു മാത്രമല്ല, അവൻ സത്യലക്ഷണമായ ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നവനുമാകും. സർവ്വവും ആത്മത്വേന അറിയുന്നവൻ സർവ്വജ്ഞനായിത്തീരുന്നു. സർവ്വവസ്തുക്കളും ബ്രഹ്മം എന്ന സ്ഥിതിക്ക് അതിനെ ഒന്നിനെ അറിഞ്ഞാൽ സർവ്വവും അറിഞ്ഞവനാകും.

രാജാവേ! ജ്ഞാനം, സത്യം മുതലായി മുമ്പു പറഞ്ഞ പന്ത്രണ്ടു ഗുണങ്ങളിൽ ദൃഢമായി സ്ഥിതിചെയ്യുന്നവൻ ബ്രഹ്മദർശി (ബ്രഹ്മത്തെ കാണുന്നവൻ) ആകുന്നു. ജ്ഞാനംകൊണ്ടു മാത്രം ബ്രഹ്മത്തെ കാണുകയില്ല. വേദാന്തം കേൾക്കുകയും ബ്രഹ്മത്തെ ധ്യാനിക്കുകയും ആദ്യം ചെയ്യണം. പിന്നീട് ബ്രഹ്മജ്ഞാനമുണ്ടാകുന്നു. അല്ലയോ വിദ്വാനായ ധൃതരാഷ്ട്രാ! വേദാന്തവിചാരം ചെയ്യേണ്ടതെങ്ങനെയെന്ന് ഞാൻ അങ്ങയോട് പറയാം."

44. സനത്സുജാതവാക്യം - ധൃതരാഷ്ട്രൻ പറഞ്ഞു: "അല്ലയോ സനത്സുജാതാ! അങ്ങ് വിശിഷ്ടമായ പുരുഷാർത്ഥത്തോടുകൂടിയതും ബ്രഹ്മത്തെ സംബന്ധിക്കുന്നതും നാനാപ്രകാരത്തിലുള്ളതുമായ വാക്ക് പറയുന്നു. അത് ലോകത്തിൽ അത്യന്തം ദുർല്ലഭമാണ്. വേറെയാരും പറയുന്നതല്ല. ഇപ്രകാരമുള്ള വാക്ക് സനൽകുമാരാ! ഇനിയും അങ്ങ് പറഞ്ഞാലും!"

സനത്സുജാതൻ പറഞ്ഞു: "അല്ലയോ രാജാവേ! അങ്ങ് ഏതിനെക്കുറിച്ച് അറിയുവാൻ നിർബ്ബന്ധമായി ചോദിക്കുന്നുവോ ആ ബ്രഹ്മം (ബ്രഹ്മജ്ഞാനം) ദ്രുതഗതിയോടുകൂടി പ്രവർത്തിക്കുന്നവന് കൈവരുന്നതല്ല. സങ്കല്പ വികല്പാത്മകമായ മനസ്സ് വിഷയസുഖങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ആത്മാവിൽ ലയിക്കുമ്പോൾ, നിശ്ചയസ്വഭാവത്തോടുകൂടിയ ബുദ്ധികൊണ്ട് അതിനെ ധ്യാനിക്കണം. ആ ജ്ഞാനം (വിദ്യ) മേലിൽ പറയുന്ന ബ്രഹ്മചര്യംകൊണ്ടാണ് കിട്ടേണ്ടത്.

'സർവ്വവിദ്യകളിലും ആദ്യത്തേതും സത്യവുമായ ആത്മവിദ്യ എനിക്ക് ഉപദേശിക്കണ'മെന്ന് അങ്ങു പറയുന്നു. അത് സംസാരവിമുഖന്മാരായ സജ്ജനങ്ങൾ ബ്രഹ്മചര്യംകൊണ്ട് പ്രാപിക്കുന്നതാണ്. അതിനെ പ്രാപിച്ചാൽ മനുഷ്യാവസ്ഥ (സംസാരം) നശിക്കും. ആ വിദ്യ ആചാര്യന്മാരിലും വൃദ്ധന്മാരിലും സ്ഥിതിചെയ്യുന്നതാണ്. അത് അവരെ സേവിച്ച് അവരുടെ അനുഗ്രഹംകൊണ്ട് ശിഷ്യന്മാർക്ക് നിത്യമായുണ്ടാകുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "(ബ്രഹ്മചര്യംകൊണ്ടുമാത്രമേ ബ്രഹ്മവിദ്യ ഉണ്ടാകുകയുള്ളൂ എന്ന് മഹർഷി പറഞ്ഞപ്പോൾ അതിന്റെ സ്വഭാവം അറിയുന്നതിന് രാജാവ് ചോദിക്കുന്നു) ബ്രഹ്മചര്യംകൊണ്ടാണല്ലോ വിദ്യയെ നേരെ അറിയുവാൻ കഴിയുന്നത്. അല്ലയോ ബ്രഹ്മജ്ഞനായ മുനേ! ഈ ബ്രഹ്മചര്യം എങ്ങനെ ഉണ്ടാകുമെന്ന് അങ്ങ് പറഞ്ഞുതന്നാലും! അതിന്റെ സ്വഭാവം അങ്ങേക്കറിവുണ്ടല്ലോ."

സനത്സുജാതൻ പറഞ്ഞു: "ആചാര്യന്റെ അടുക്കൽ ചെന്ന് 'ഉപാസദനം' മുതലായ ചടങ്ങുകളോടുകൂടി ശിഷ്യനായി ഗുരുശുശ്രൂഷാദികൾ ചെയ്യണം. അങ്ങനെ ചെയ്യുന്നവൻ ഇഹലോകത്തിൽത്തന്നെ ശാസ്ത്രമുണ്ടാക്കുവാൻ നിപുണനായ പണ്ഡിതനായിത്തീരുന്നു. പിന്നീട് ശ്രവണാദികൾകൊണ്ട് പ്രാരബ്ധകർമ്മം നശിക്കുമ്പോൾ അവൻ ദേഹം ഉപേക്ഷിച്ച് സത്യസ്വരൂപനായ പരമാത്മാവിനെ പ്രാപിക്കുന്നു; മുക്തനാകുന്നു.

ബ്രഹ്മത്തിൽത്തന്നെ സ്ഥിരമായി സ്ഥിതിചെയ്യുന്നവൻ ഈ ലോകത്തിലുള്ള എല്ലാ കാമങ്ങളേയും ജയിക്കുന്നു. അവർക്ക് കാമാദികൾ സംഭവിക്കുന്നില്ല. അവർ ദേഹേന്ദ്രിയാദികളിൽനിന്നു വേർപെട്ടതും ജ്ഞാനരൂപവുമായ ആത്മാവിനെ, മുഞ്ജപ്പുല്ലിൽനിന്ന് അതിനകത്തുള്ള ഇഷീകയെ എന്നപോലെ, ധൈര്യത്തോടുകൂടി വേറെ ഗ്രഹിക്കുന്നു.

ആചാര്യന്ന് മാതാപിതാക്കന്മാരേക്കാൾ ശ്രേഷ്ഠതയുണ്ടെന്നു പറയുന്നു. അല്ലയോ രാജാവേ! ഈ മാതാപിതാക്കന്മാർ ശരീരത്തെ ജനിപ്പിക്കുന്നു. അവർ ഈ ശരീരത്തിന്നു കാരണഭൂതന്മാരാണ്. എന്നാൽ, സത്യവും അനശ്വരവും ബ്രഹ്മാത്മകവും (ജ്ഞാനമയം) ആയ യാതൊരു ജന്മമുണ്ടോ, അത് ആചാര്യങ്കൽനിന്നാണ് ലഭിക്കുന്നത്. സ്ഥൂലമായ ശരീരമാണ് മാതാപിതാക്കന്മാരിൽനിന്ന് ഉണ്ടാകുന്നത്. പരമാർത്ഥവും മുക്തിക്കു കാരണവുമായ ജന്മം (ജ്ഞാനം) തരുന്നത് ഗുരുവാകുന്നു.

പരപുരുഷാർത്ഥലാഭം ആചാര്യാധീനമാകകൊണ്ട് ഗുരുവിനെ ബഹുമാനിക്കണമെന്ന് പറയുന്നു. സച്ചിദാനന്ദരൂപമായ് ബ്രഹ്മമാണ് താനെന്ന ബോധം ശിഷ്യന്ന് ഉണ്ടാക്കിക്കൊടുക്കുന്നത് ഗുരുവാകുന്നു. അതുകൊണ്ട് ആചാര്യനെ ദ്രോഹിക്കരുത്. ഗുരുജ്ഞാനപ്രദാനരൂപേണ ചെയ്ത ഉപകാരം അറിഞ്ഞ് ശിഷ്യൻ ഗുരുവിനെ എന്നും ആരാധിക്കണം.

മുമ്പ് പറഞ്ഞവിധം ഭക്തിയോടെ വിശുദ്ധനായിട്ട് ആത്മവിദ്യ പഠിക്കണം. അതു ബ്രഹ്മചര്യവ്രതത്തിന്റെ ആദ്യത്തേ പാദമാകുന്നു. ഭിക്ഷകൊണ്ട് കാലത്തും വൈകുന്നേരവും ആഹാരം കഴിക്കുന്നതു ശിഷ്യവൃത്തിയാണ്. അപ്രകാരമല്ലാതെ ഗുരുവിന്റെ ആഹാരം കഴിക്കരുത്.

* ഗുരുവിനെയെന്നപോലെ, ഗുരുവിന്റെ ഭാര്യയേയും, പുത്രനേയും ഭക്തിയോടുകൂടി പരിചരിക്കണം. ഗുരു, പത്നി, പുത്രൻ എന്നിവരെ സമമായി വിചാരിച്ച് ശിഷ്യൻ ബഹുമാനപൂർവ്വം ശുശ്രൂഷിക്കണം. ഇതു ബ്രഹ്മചര്യവ്രതത്തിന്റെ ദ്വിതീയപാദമാകുന്നു.

ആചാര്യൻ തനിക്ക് ചെയ്ത ഉപകാരം മഹത്താണെന്ന് അറിയണം. 'പരമോൽകൃഷ്ടമായ വേദാർത്ഥം പറഞ്ഞുതന്ന് എന്നെ സച്ചിദാനന്ദരൂപമായ ബ്രഹ്മമായി ജനിപ്പിച്ചത് ഈ ആചാര്യനാകുന്നു.' ഇപ്രകാരം വിചാരിച്ച് ഗുരുവിനെക്കുറിച്ച് സന്തോഷിക്കണം. കൃതാർത്ഥതയും ഉണ്ടാകണം. ഇതു ബ്രഹ്മചര്യത്തിന്റെ തൃതീയപാദമാകുന്നു.

പ്രാണൻ, ധനം, പ്രവൃത്തി, മനസ്സ്, വാക്ക് എന്നിവകൊണ്ട് ആചാര്യന്നു ഹിതം ചെയ്യണം. അത് ബ്രഹ്മചര്യത്തിന്റെ നാലാമത്തെ പാദമാകുന്നു.

നാലുപാദങ്ങളോടുകൂടിയ വിദ്യയെപ്പറ്റി പറയാം. ഗുരുശുശ്രൂഷകൊണ്ട് വിദ്യയുടെ ഒരു പാദം കിട്ടുന്നു. തന്റെ ശ്രമവും ഉത്സാഹവുംകൊണ്ട് രണ്ടാമത്തെ പാദം ഉണ്ടാകും. കാലം

* ശ്രീകൃഷ്ണനും കുചേലനും സാന്ദീപനിമഹർഷിയുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്യുന്ന കാലത്ത് ഒരു ദിവസം ഗുരുപത്നിയുടെ ആജ്ഞയനുസരിച്ച് വിറക് കൊണ്ടുവരുന്നതിന്ന് പോയതും കഷ്ടപ്പെട്ടതുമായ കഥ ഭാഗവതത്തിൽ പ്രതിപാദിക്കുന്നത് ഇവിടെ സ്മരിക്കേണ്ടതാകുന്നു.

digitized by www.sreyas.in

കൊണ്ട് മൂന്നാമത്തെ പാദം ലഭിക്കും. സബ്രഹ്മചാരികളോടു ചേർന്ന് അർത്ഥചിന്തചെയ്യുന്നതുകൊണ്ടും മറ്റും നാലാമത്തെ പാദവും സ്വാധീനമാകും.

വിദ്യ ഗുരുവിന്റെ അടുക്കൽനിന്നു മാത്രം പൂർണ്ണമായി ലഭിക്കുന്ന ഒരു വസ്തുവല്ല. ശിഷ്യന്റെ പരിശ്രമം, സബ്രഹ്മചാരികളുമായി ചെയ്യുന്ന ആലോചന, ബഹുകാലം ചെയ്യുന്ന ഗ്രന്ഥപരിചയം മുതലായവകൊണ്ടേ വിദ്യാഭ്യാസം പൂർത്തിയാകൂ. ഗുരുകുലവാസം ഉപേക്ഷിച്ചാലും വിദ്യാപരിശ്രമം തുടരെ ചെയ്യണം. അപ്രകാരം ദീർഘകാലം കഴിയുമ്പോൾ ഒരുവൻ വിദ്വാനായിത്തീരും. 'കാലേന പാദമാദത്തേ' എന്നത് അർത്ഥവത്തായ ഉപദേശമാണ്. കാലംകൊണ്ടു മാത്രമേ എല്ലാം ശരിപ്പെടുകയുള്ളൂ.

മുമ്പ് പറഞ്ഞ ജ്ഞാനാദികളായ പന്ത്രണ്ടുഗുണങ്ങൾ, സത്യം, ജ്ഞാനം മുതലായ മറ്റംഗങ്ങൾ, അവയെ പാലിക്കുന്നതിന്നുള്ള ശക്തി എന്നിവയെല്ലാം ആചാര്യനുമായുള്ള ചേർച്ചകൊണ്ടു മാത്രമേ ഫലിക്കുകയുള്ളൂ എന്ന് ജ്ഞാനികൾ പറയുന്നു. ബ്രഹ്മംതന്നെ ആത്മാവ് എന്ന് അറിയുമ്പോൾ ഗുരുശുശ്രൂഷാദികളോടുകൂടിയ ബ്രഹ്മചര്യം സഫലമാകുന്നു.

ഈ ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ച് മേന്മനേടിയതുകൊണ്ട് ദേവന്മാർക്കു ദേവത്വം സിദ്ധിച്ചു. ഋഷികൾ മഹാനുഭവന്മാരായതും ഈ ബ്രഹ്മചര്യം കൊണ്ടുതന്നെ.

* ഈ ബ്രഹ്മചര്യംകൊണ്ട് ഗന്ധർവ്വന്മാരും അപ്സരസ്ത്രീകളും സൗന്ദര്യസമ്പത്തോടുകൂടിയവരായിത്തീർന്നു. ദിവ്യമായ രൂപസൗന്ദര്യം സമ്പാദിച്ചു. ലോകത്തെ പ്രകാശിപ്പിക്കുന്നതിന്നുവേണ്ടി ദീപ്തി ആദിത്യന്ന് ഉണ്ടായതും ഈ ബ്രഹ്മചര്യംകൊണ്ടുതന്നെ.

ആഗ്രഹിക്കുന്ന കാര്യത്തിനോടുള്ള ചേർച്ചകൊണ്ട് ചിന്താമണി, കല്പവൃക്ഷം മുതലായവ ജനങ്ങൾക്കു നാനാപ്രകാരങ്ങളായ വസ്തുക്കളെ കൊടുക്കുന്നു. അതുപോലെ ബ്രഹ്മചര്യംകൊണ്ട് ദേവന്മാർ ദേവത്വം, ഋഷികൾ, ഋഷിത്വം ഗന്ധർവ്വന്മാർ രൂപസൗന്ദര്യം ഇങ്ങനെ ഓരോ അവസ്ഥകളെ പ്രാപിച്ചു. ആചാര്യസന്നിധിയെ പ്രാപിച്ച് ബ്രഹ്മചര്യം അനുഷ്ഠിച്ച് പരമപുരുഷാർത്ഥം നേടണം.

ഹേ! ധൃതരാഷ്ട്രാ, കർമ്മമാർഗ്ഗത്തെ ആരാധിക്കുന്നവർക്ക് നശ്വരങ്ങളായ പിതൃലോകം, ദേവലോകം മുതലായവയെ പ്രാപിക്കുവാൻ കഴിയുന്നു. അവർക്ക് കിട്ടുന്ന ലോകത്തിന് ഒരു കാലത്തു നാശമുണ്ട്. താൻതന്നെ ബ്രഹ്മം എന്ന ജ്ഞാനം കൈവന്നിരിക്കുന്നവന്ന് (ജ്ഞാനിക്ക്) ജ്ഞാനംകൊണ്ട് അനശ്വരവും, സ്വയം പ്രകാശിക്കുന്നതും, ആത്മസ്വരൂപവുമായ തേജസ്സ് ലഭിക്കുന്നു. ജ്ഞാനം കൊണ്ടല്ലാതെ, കർമ്മംകൊണ്ട് പൂർണ്ണാനന്ദജ്യോതിർമ്മയമായ തേജസ്സ് ലഭിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ആത്മജ്ഞാനി കാണുന്ന പരമാത്മാവിന്റെ രൂപം എന്ത്? വെളുപ്പ്, ചുവപ്പ്, കറുപ്പ്, കാവി എന്നിവയിൽ ഏതാണ് അതിന്റെ നിറം? അത് എവിടെ പ്രകാശിക്കുന്നു? നാശമില്ലാത്തതും ജരാദികൾ ബാധിക്കാത്തതുമായ ആത്മാവിന്റെ രൂപം തന്നെയെന്താണ്?"

സനത്സുജാതൻ പറഞ്ഞു: "ബ്രഹ്മത്തിന് വെളുപ്പ്, ചുവപ്പ്, കറുപ്പ്, നീല, കാവി എന്നീ നിറങ്ങളിൽ ഒന്നുംതന്നെയില്ല. എന്തെന്നാൽ അത് രൂപമില്ലാത്തതാകുന്നു. അതു ഭൂമിയേയും ആകാശത്തേയും ആശ്രയിച്ചു നില്ക്കുന്നില്ല. പഞ്ചഭൂതാത്മകമായ ദേഹവും അതിന്നില്ല.

ബ്രഹ്മം സർവ്വോത്കൃഷ്ടം. അതിനു രൂപവും നാശവുമില്ല. നക്ഷത്രങ്ങളിലും, മിന്നലിലും, മേഘത്തിലും, വായുവിലും, ദേവതകളിലും, ചന്ദ്രനിലും, സൂര്യനിലും അതിന്റെ രൂപം കാണാവുന്നതല്ല. അത് അവയെ ആശ്രയിച്ചിരിക്കുന്നില്ല.

രാജാവേ! ഋക്ക്, യജുസ്സ്, അഥർവ്വം, നിർമ്മലമായ സാമം എന്നീ വേദങ്ങളിൽ അത് കണ്ടു സ്ഥിതിചെയ്യുന്നില്ല. അവയിൽ തിരഞ്ഞാൽ അത് കിട്ടുകയില്ല. രഥന്തരം ബൃഹദ്രഥം എന്നിങ്ങനെയുള്ള വേദഭാഗങ്ങളിലും അതിന് ഇരുപ്പില്ല. 'ജ്ഞാനം ച സത്യം ച,' 'മഹാവ്രതാ ദ്വാദശബ്രാഹ്മണസ്യാ' എന്ന ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന പന്ത്രണ്ടുഗുണങ്ങളോട് കൂടിയവന്റെ ആത്മാവിൽ അത് നിലകൊള്ളുന്നു. ഘടാദികളെപ്പോലെ ഇതാണ് ബ്രഹ്മമെന്നും, അതിന്റെ രൂപം ഇന്നപ്രകാരമെന്നും പറയാവുന്നതല്ല. ദ്വാദശഗുണങ്ങൾ ശീലിച്ച് ആത്മാവിൽ പരമാത്മാവിനെ സാക്ഷാത്കരിക്കണം.

ബ്രഹ്മത്തിന്റെ സ്വരൂപം പറയാം. ജ്ഞാനാദിഗുണങ്ങളോടുകൂടിയവന്ന് തന്റെ ആത്മാവിൽ കാണുവാൻ കഴിയുന്ന ബ്രഹ്മം സർവ്വത്ര വ്യാപിച്ചിരിക്കുന്നതാണ്. അതുകൊണ്ട് അതിനെ ആർക്കും തടഞ്ഞുനിർത്താവുന്നതല്ല. തമസ്സിന്റെ അപ്പുറത്താണ് അതിന്റെ സ്ഥിതി. അതുള്ളിടത്ത് തമസ്സിരിക്കുന്നതല്ല. ഒടുവിൽ പ്രപഞ്ചം പ്രളയകാലത്ത് അതിൽ എത്തിച്ചേരുന്നു. അത് ചെറിയ വസ്തുക്കളേക്കാൾ ചെറിയതും പർവ്വതാദികളെക്കാൾ വലിയതുമാകുന്നു.

ചെറിയതും വലിയതുമായ വസ്തുക്കളോടുകൂടിയ ലോകം എല്ലാം (പ്രപഞ്ചം സർവ്വം) പ്രകാശമായ രൂപത്തോടെ ബ്രഹ്മത്തിൽ സ്ഥിതിചെയ്ത് ശോഭിക്കുന്നു. ആത്മജ്ഞാനിയായവൻ ജ്ഞാനശക്തികൊണ്ട് അതിനെ മുഴുവൻ കാണുന്നു. അതിനെ പൂർണ്ണമായി അറിയുന്നു. കർമ്മംകൊണ്ട് അത് അറിയാവുന്നതല്ല. ഈ കാണുന്ന ലോകത്തിനെല്ലാം അതാണ് അടിസ്ഥാനം. അതിൽ ലോകങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ തത്ത്വം അറിയുന്നവർ മുക്തന്മാരായിത്തീരുന്നു. അവർ ബ്രഹ്മപദം പ്രാപിക്കുന്നു."

45. സനത്സുജാതവാക്യം - സനത്സുജാതൻ പറഞ്ഞു: "ഏതൊരു ബ്രഹ്മത്തെ ജ്ഞാനയോഗംകൊണ്ട് അറിയുന്നവൻ മരണമില്ലാത്തവനായി ഭവിക്കുന്നുവോ, അജ്ഞാനബന്ധത്തോടുകൂടാത്തതും എല്ലാ വസ്തുക്കളേയും പ്രകാശിപ്പിക്കുന്നതുകൊണ്ടു മഹത്തായ ജ്യോതിസ്സായിരിക്കുന്നതും, സർവ്വത്ര ശോഭിക്കുന്നതും, മഹത്തായ യശസ്സുള്ളതും, ഇന്ദ്രാദിദേവന്മാർ സേവിക്കുന്നതും, സൂര്യനെ പ്രകാശിപ്പിക്കുന്നതും, ഭഗവാനും നിത്യനും ആയ ആ പരമാത്മാവിനെ യോഗികൾ* കാണുന്നു; സാക്ഷാത്കരിക്കുന്നു.

ബ്രഹ്മത്തിൽനിന്ന് ഹിരണ്യഗർഭൻ എന്ന ബ്രഹ്മാവ് ഉണ്ടാകുന്നു. അത് ബ്രഹ്മത്തെ ആശ്രയിച്ച് വിരാട്ടായി വളരുന്നു. ആ ബ്രഹ്മം തേജോമൂർത്തികളായ ആദിത്യാദികളുടെ നടുവിൽ അവയാൽ തപിപ്പിക്കപ്പെടാതെയും പ്രകാശിപ്പിക്കപ്പെടാതെയും തനിയെ ശോഭിക്കുന്നു. മറ്റൊരു തേജസ്സിന്റെയും സാഹായ്യം കൂടാതെ തനിയെ ശോഭിക്കുന്നതാണ് ആ ബ്രഹ്മം. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

---

* ഈ ബ്രഹ്മചര്യാനുഷ്ഠാനംകൊണ്ട് ദിവ്യമായ സൗന്ദര്യമുണ്ടാകുന്നു എന്ന് പറഞ്ഞിരിക്കുന്നത് പ്രകൃതത്തിൽ പ്രത്യേകം, ശ്രദ്ധേയമാകുന്നു. ഓജസ്സ്, തേജസ്സ്, സൗന്ദര്യം എന്നിവയ്ക്കൊക്കെ അടിസ്ഥാനം ബ്രഹ്മചര്യമാണ്. സൗന്ദര്യം എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു ഗുണമാണ്. ജന്മനാ സൗന്ദര്യം ലഭിക്കാത്തവർ കൃത്രിമവസ്തുക്കൾ ഉപയോഗിച്ച് അതു നേടുവാൻ ശ്രമിക്കുന്നു. ഈ സമ്പ്രദായം പഴയകാലം മുതല്ക്കേ ഉണ്ട്. വിവിധരോഗങ്ങൾക്ക് കാരണമാകയാൽ അത് സർവ്വഥാ വർജ്ജിക്കേണ്ടതാണ്.

* യോഗം മനോവൃത്തികളുടെ നിയന്ത്രണം. "യോഗശ്ചിത്തവൃത്തിനിരോധഃ" എന്ന് (പതഞ്ജലിയുടെ) യോഗശാസ്ത്രം. മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ എന്നിവയെ വിക്ഷേപാദിവിഘ്നങ്ങൾ ബാധിക്കാതെ സ്ഥിരമാക്കിവയ്ക്കുന്ന ധാരണയാണ് യോഗം. അത് ഉണ്ടാകുമ്പോൾ പ്രമാദം അകലുന്നു. ചുരുക്കത്തിൽ മനസ്സിന്റെ നിശ്ചലത്വമാണ് യോഗം എന്നു സാരം. (വിവേകചൂഡാമണി).

digitized by www.sreyas.in

പൂർണ്ണത്തിൽനിന്നു പൂർണ്ണത്തെ ഉദ്ധരിക്കുന്നു. പൂർണ്ണം കാലദേശാദികളിൽ അപരിച്ഛിന്നമായ പരമാത്മാവ്. (രണ്ടാമത്തെ പൂർണ്ണത്തിന്ന് ജീവാത്മാവ് എന്ന് അർത്ഥം). പരമാത്മാവിൽ നിന്നും ജീവാത്മാവ് വേർതിരിക്കപ്പെടുന്നു. പൂർണ്ണമായ പരമാത്മാവിൽനിന്നു വേർതിരിച്ചതാകയാൽ ജീവരൂപവും പൂർണ്ണമെന്നു പറയുന്നു. ജീവാത്മരൂപമുള്ള ആ പൂർണ്ണത്തിൽനിന്നു പൂർണ്ണത്തെ ഹരിക്കുന്നു. ദേഹേന്ദ്രാദികളോടുകൂടിയ അവയ്ക്ക് സാക്ഷിയായ, ആത്മരൂപത്തെ ദേഹാദികളിൽനിന്നു വേർതിരിക്കുന്നു. ഒടുവിൽ സച്ചിദാനന്ദാത്മകവും അദ്വിതീയവുമായ ആത്മാവായിത്തീരുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ആകാശത്തിൽ അവകാശവും ഗംഗയിൽ തിരമാലയും എങ്ങനെയോ, അപ്രകാരം ചരങ്ങളും അചരങ്ങളുമായ സർവ്വവസ്തുക്കളും ബ്രഹ്മത്തിൽനിന്നും ഉണ്ടായി. അതിൽ വിലയം പ്രാപിക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ആദ്യം പരമാത്മാവിൽനിന്ന് ജലം ഉണ്ടായി. പിന്നീട് അവയിൽനിന്നു പഞ്ചഭൂതാത്മകങ്ങളായ ദേഹാദികൾ ഉണ്ടായി. പുറമെ കാണുന്ന ശരീരത്തിന്റെ ഹൃദയാകാശത്തിൽ സ്വയം പ്രകാശമാനങ്ങളായ ജീവാത്മപരമാത്മാക്കൾ സ്ഥിതിചെയ്യുന്നു. അനന്തരം പ്രാച്യാദിദിക്കുകളും, ഉപദിക്കുകളും ഉണ്ടായി. രണ്ടു ദേവന്മാരിൽ ഒരുവൻ അനാത്മാവായ ദേഹം ആത്മാവാണെന്നു തെറ്റിദ്ധരിച്ച് ഭൗതികവും കർമ്മാനുസരണം സുഖദുഃഖങ്ങൾ അനുഭവിക്കുന്നതുമായ ദേഹത്തെ ഭരിക്കുന്നു. മറ്റേവൻ സ്വയം പ്രകാശിക്കുന്നു. തന്റെ മായകൊണ്ട് ആത്മാവിനെ പ്രാണികളിൽ പ്രവേശിപ്പിക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

(ആത്മാവിൽനിന്ന് ആകാശവും, ആകാശത്തിൽനിന്നു വായുവും, വായുവിൽനിന്ന് അഗ്നിയും, അഗ്നിയിൽനിന്നു ജലവും, ജലത്തിൽനിന്ന് ഭൂമിയും ഉണ്ടായി. ആത്മാവാണ് സർവ്വഭൂതങ്ങൾക്കും മൂലം.

ഒരു മരത്തിൽ നല്ല ചിറകുകളോടുകൂടിയ രണ്ടു പക്ഷികളിരിക്കുന്നു. അവയിലൊന്നു സ്വാദുള്ള പിപ്പലഫലം ഭക്ഷിക്കുന്നു. മറ്റേത് ഒന്നും തിന്നുന്നില്ല. എന്നാൽ പ്രകാശിക്കുന്നു. ഭാഗവതം ഏകാദശസ്കന്ധം.)

അനശ്വരകർമ്മാവായ പരമേശ്വരന്റെ രഥത്തിന്റെ ചക്രത്തിൽ സ്ഥിതിചെയ്യുന്നവനും കേതുവോടുകൂടിയവനും ദിവ്യനും ജരാമരണാദികളില്ലാത്തവനും ആയ അവനെ അശ്വങ്ങൾ ആകാശത്തിൽ എത്തിക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു, സാക്ഷാത്കരിക്കുന്നു.

(ആത്മാവ് യജമാനൻ, ശരീരം തേര്. ബുദ്ധി തേരാളി. മനസ്സ് കടിഞ്ഞാണ്. ഇന്ദ്രിയങ്ങൾ കുതിരകൾ. അവ പോകുന്ന സ്ഥലം വിഷയം. ആത്മാവ്, ഇന്ദ്രിയം, മനസ്സ് എന്നിവ കൂടിച്ചേർന്ന് വിഷയങ്ങളെ അനുഭവിക്കുന്നു—കഠം.)

പരമാത്മാവായ അത് വേറെ ഒന്നിനോടും തുല്യമല്ല. തത്തുല്യമായ ഒരു വസ്തുവും ഇല്ല.

അതിനെ ആരും കണ്ണുകൊണ്ട് കാണുന്നില്ല. നിശ്ചയരൂപമായ ബുദ്ധികൊണ്ടും, സങ്കല്പവികല്പാത്മകമായ മനസ്സുകൊണ്ടും സാധനഭൂതമായ ഹൃദയംകൊണ്ടും അല്ലാതെ മറ്റുവിധത്തിൽ പരമാത്മാവിന്റെ ഉപലബ്ധി ഭവിക്കുകയില്ല. മനോബുദ്ധികൾ മാത്രം പോരാ, ഹൃദയസ്ഥിതനായ പരമേശ്വരന്റെ അനുഗ്രഹംകൂടി അതിനെ അറിയാൻ വേണം. അങ്ങനെ അറിയുന്നവർ മരണമില്ലാത്തവരായിത്തീരുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ഇന്ദ്രിയവിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തി അനർത്ഥകമെന്നു പറയുന്നു. അഞ്ച് കർമ്മേന്ദ്രിയങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവ എല്ലാവർക്കുമുള്ളതിനാൽ ഓരോന്നിനേയും പൂഗമെന്നു പറയുന്നു. ഈ പന്ത്രണ്ടു പൂഗങ്ങളും എപ്പോഴും ഒഴുകുന്ന ശീലത്തോടുകൂടിയതാകുന്നു. എപ്പോഴും ചലിച്ചുകൊണ്ടിരിക്കും. എന്നാൽ അവ പരമാത്മാവിനാൽ രക്ഷിക്കപ്പെടുന്നവയാണ്. അവയിൽ ഓരോന്നും അതാതിന്നനുസരിച്ചുള്ള വിഷയസുഖത്തെ അനുഭവിക്കുന്നു. ഇങ്ങനെ വിഷയങ്ങളുടെ പിറകെ അതിൽ ആസക്തിയുള്ളവർ പൊയ്ക്കൊണ്ടിരിക്കുന്നു. അവർ ഭയങ്കരമായ സംസാരത്തിൽ എത്തിച്ചേരുന്നു. ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിന്തിരിച്ച് തന്നിൽത്തന്നെ അന്തർമ്മുഖങ്ങളാക്കണം. ആത്മാവ് രക്ഷിക്കുന്ന ഇന്ദ്രിയങ്ങളാണ് വിവിധങ്ങളായ വിഷയസുഖങ്ങൾ അനുഭവിക്കുന്നത്. യോഗികൾ ഭഗവാനായും നിത്യനായുമിരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

വണ്ട് പകുതിമാസം സഞ്ചരിച്ച് അനേകം പുഷ്പങ്ങളിൽ നിന്നു തേൻ സമ്പാദിക്കുന്നു. പിന്നീട് പകുതിമാസം അത് അനുഭവിക്കുന്നു. അതുപോലെ സംസാരികളായ മനുഷ്യർ പൂർവ്വജന്മത്തിൽ കർമ്മം ചെയ്യുകയും പിന്നീട് അടുത്ത ജന്മത്തിൽ ഫലം അനുഭവിക്കുകയും ചെയ്യുന്നു. ഈശ്വരൻ യാഗാദികർമ്മങ്ങൾക്ക് തദനുസരണമായ ഫലം കൊടുക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

'ഭ്രമര' പദത്തിന് 'ഭ്രമണവിഷയത്വാത് സംസാരീ' എന്ന് ശാങ്കരഭാഷ്യം. വണ്ടിനെപ്പോലെ ഭ്രമണം ചെയ്യുന്നതാകയാൽ, ചുറ്റിസഞ്ചരിക്കുകയാൽ, സംസാരി എന്ന് അർത്ഥം. ഈ പദത്തിന് 'ജീവി ഇതസ്തതോ ഭ്രമണശീലഃ' എന്നു ഭാവദീപം; മധു എന്നാൽ കർമ്മഫലം.

ജ്ഞാനമാകുന്ന ചിറകില്ലാത്തവർ ഹിതവും മനോഹരവുമായ ഇലകളുള്ള അശ്വത്ഥവൃക്ഷത്തിൽ ചെന്നുചേർന്നിട്ട് ആ ബ്രാഹ്മണാദിദേഹത്തിൽത്തന്നെ ജ്ഞാനമാകുന്ന ചിറകോടുകൂടിയവരായി യഥാസുഖം മുക്തന്മാരാകുന്നു.

വിദ്വാന്മാർ ചിറകോടുകൂടിയവരും അവിദ്വാന്മാർ ചിറകില്ലാത്തവരുമാണ്. സംസാരത്തിൽ ഉഴലുന്ന ജീവികൾ യദൃച്ഛയാ ബ്രാഹ്മണജന്മം എടുക്കുന്നു. പിന്നീട് തപസ്സ് വേദാന്തശ്രവണം മുതലായവകൊണ്ട് ജ്ഞാനികളായിത്തീരുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

('അശ്വത്ഥം' നാളത്തേക്കു നില്ക്കാത്തത്, നശ്വരം എന്നർത്ഥം. അവിദ്യയാകുന്ന മരം. അപക്ഷങ്ങൾ ഉദ്ഗമനത്തിന്ന് ശക്തിയില്ലാത്ത ജീവന്മാർ 'പ്രപതന്തി' വാസനാനുസരണം അതാതു യോനികളിൽ ചെന്നുവീഴുന്നു എന്ന് ഭാവദീപം. ഈ പദത്തിന്ന് 'പ്രയത്നം കൃത്വാ മുക്താ ഭവന്തി' എന്ന് ശാങ്കരഭാഷ്യം. പ്രയത്നം ചെയ്ത് ജ്ഞാനികളായിട്ടു മുക്തിയെ പ്രാപിക്കുന്നു.

ബുദ്ധി, സ്കന്ദം, ഇന്ദ്രിയം, കോടരം, ഭൂതം, ശാഖ, വിഷയം, പത്രം, ധർമ്മാധർമ്മങ്ങൾ, പുഷ്പം, സുഖദുഃഖങ്ങൾ, ഫലം, അവ്യക്തം, ഉൽപത്തിസ്ഥാനം, ജ്ഞാനഖഡ്ഗംകൊണ്ട് സംസാരവൃക്ഷത്തെ മുറിച്ചുകളഞ്ഞ് മുക്തി നേടണം.)

അപാനനെ പ്രാണനും, പ്രാണനെ മനസ്സും, മനസ്സിനെ ബുദ്ധിയും, ബുദ്ധിയെ ആദിത്യനും, ആദിത്യനെ പരമേശ്വരനും യോഗവിധിയനുസരിച്ച് ഉപസംഹരിക്കുന്നു. മനസ്സിന്റെ അധിദേവത ചന്ദ്രനാകയാൽ ചന്ദ്രപദം മനസ്സിനെ കുറിക്കുന്നു. ബുദ്ധിയുടെ അധിദേവത ആദിത്യൻ. സമാധിയിൽ അപാനനെ പ്രാണനിലും, പ്രാണനെ മനസ്സിലും, മനസ്സിനെ ബുദ്ധിയിലും, ബുദ്ധിയെ പരമാത്മാവിലും ലയിപ്പിച്ച് യോഗികൾ സച്ചിദാനന്ദരൂപമായ ബ്രഹ്മത്തിൽ സ്ഥിതിചെയ്യുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

digitized by www.sreyas.in

(യോഗശാസ്ത്രം: പിൻഭാഗംകൊണ്ട് ഗുദത്തെ ഗ്രഹിക്കുകയും ദന്തങ്ങളെക്കൊണ്ട് ദന്തങ്ങളെ സ്പർശിക്കാതിരിക്കുകയും ചെയ്യുക. അങ്ങനെ ആസനത്തിലുറച്ച് ഇരിക്കണം. പിന്നെ സാവധാനത്തിൽ അപാനവായുവിനെ മേല്പോട്ടു നയിച്ച് അതിനെ പ്രാണനോടു ചേർത്ത് ഒന്നാക്കി ഹൃദയത്തിലെത്തിച്ച് അവിടെ ഉറപ്പിക്കണം. പിന്നെ നിശ്ശേഷ്ടനായിരുന്ന് അതിനെ പരമാത്മാവിൽ ലയിപ്പിക്കണം.)

ഹംസം (പരമാത്മാവ്) ഭൗതികമായ സംസാരത്തിൽനിന്ന് മേല്പോട്ടേക്ക് ഉയരുന്നവനായി ജീവാത്മാവാകുന്ന ഒരു പാദത്തെ എപ്പോഴും ഉദ്ധരിക്കുന്നില്ല. എപ്പോഴും സഞ്ചരിക്കുന്ന ജീവനെന്നു പറയുന്ന പാദത്തെ ഉപസംഹരിക്കുന്നു എങ്കിൽ ജനനമരണരൂപമായ സംസാരം ഉണ്ടാകുന്നില്ല. അതുപോലെ മോക്ഷവും സംഭവിക്കുകയില്ല. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

(പരമാത്മാവിന്ന് സംസാരബന്ധമില്ല. അതു മായയെ ആശ്രയിച്ച് പ്രാണാദികളിൽ പ്രവേശിച്ച് ജീവാത്മാവായി സ്ഥിതി ചെയ്യുന്നു. അതുകൊണ്ടാണ് സംസാരവും മോക്ഷവും ഉണ്ടാകുന്നത്.

സർവ്വഭൂതങ്ങളുടേയും അന്തരാത്മാവായിരിക്കുന്ന പരമേശ്വരൻ ഓരോ രൂപത്തിലും പ്രതിരൂപനായി ഭാവിച്ച് അവിദ്യയേയും അതിന്റെ പാദങ്ങളേയും നശിപ്പിക്കുന്നതുകൊണ്ട് ആത്മാവിന്ന് ഹംസം എന്നുപേർ ഉണ്ടായി. 'ഹന്ത്യവിദ്യാം തത്കാര്യമിതി ഹംസഃ പരമാത്മാ' എന്ന് ശാങ്കരഭാഷ്യം. ബ്രഹ്മത്തിന്റെ ഒരു പാദം ജീവാത്മാവ്. മറ്റു മൂന്നു പാദങ്ങൾ അദ്വിതീയബ്രഹ്മം.

ഹംസത്തെപ്പോലെയിരിക്കുന്നത് ഹംസം. പരമാത്മാവ് ശരീരമാകുന്ന വൃക്ഷത്തിലിരിക്കുന്നതെങ്കിലും അതിനോട് ബന്ധമില്ലാത്തത്. 'സഃ അയമാത്മാ ചതുഷ്പാത്' എന്ന് ശ്രുതി. ആത്മാവിന്ന് നാലു പാദങ്ങളുണ്ട്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നിവയാണ് അവ. ഇവയിൽ തുരീയത്തെ ഉത്ക്ഷേപിക്കുന്നില്ല, പ്രകാശിപ്പിക്കുന്നില്ല. 'തം തുരീയം പാദം ശിവമദ്വൈതം ചതുർത്ഥം മന്യന്തേ സ ആത്മാ സ വിജ്ഞേയഃ' എന്നു ശ്രുതി. നാലാമത്തെ പാദം ആത്മാവാണ്. അതിനെ അറിയേണ്ടതാകുന്നു.)

സർവ്വവസ്തുക്കളുടേയും അന്തർഭാഗത്തിൽ സ്ഥിതിചെയ്യുന്നവനും, പൂർണ്ണനുമായ ആ പരമാത്മാവുതന്നെ ലിംഗശരീരത്തിനോടുള്ള ചേർച്ചകൊണ്ടു പെരുവിരലിനോളം വലുപ്പമുള്ളവനായി എന്നും സംസാരത്തിൽ ഉഴലുന്നു. സർവ്വേശ്വരനും സ്തുത്യനും എല്ലാറ്റിലും പ്രവേശിച്ച് സ്വരൂപമുണ്ടാക്കുന്നവനും, എല്ലാറ്റിന്നും മുമ്പുള്ളവനുമായ ആ പരമാത്മാവിനെ ദേഹംതന്നെ ആത്മാവെന്നു വിചാരിക്കുന്ന മൂഢന്മാർ കാണുന്നില്ല. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

(അംഗുഷ്ഠമാത്രം ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതുകൊണ്ടു പെരുവിരലിനോളം വലിപ്പമുള്ളത്, വലിപ്പം കുറഞ്ഞത്. ഈ പദം ഹൃദയപുണ്ഡരീകമാണ് ധ്യാനസ്ഥലം എന്ന് ഉപദേശിക്കുന്നു. അന്തരാത്മാവ്, പുറമേയും അകത്തുമുള്ള അന്നമയാദികളായ അഞ്ചുകോശങ്ങളുടെ അകത്തുള്ളത്. അന്നം, പ്രാണം, മനോമയം, വിജ്ഞാനം, ആനന്ദം എന്നിവ പഞ്ചകോശങ്ങൾ, ലിംഗശരീരം, പ്രാണമനോബുദ്ധീന്ദ്രിയാദിരൂപത്തോടുകൂടിയത്. ആദ്യം മൂലകാരണം. വിരാജനം പ്രത്യക്ചൈതന്യമായി ശോഭിക്കുന്നത്.)

പാമ്പുകൾ പൊത്തുകളിൽനിന്നു പുറത്തുവന്ന് ജനങ്ങളെ കടിച്ചു വിഷമേല്പിച്ച് വീണ്ടും അവയിൽ ചെന്ന് ഒളിക്കുന്നു. അതുപോലെ ഇന്ദ്രിയങ്ങളാകുന്ന സർപ്പങ്ങൾ ബാധിച്ച് വിഷയസുഖമാകുന്ന വിഷമേല്പിച്ച് മനുഷ്യനെ നശിപ്പിച്ചിട്ട് വീണ്ടും സ്വസ്ഥാനങ്ങളിൽ ചെന്ന് ഒതുങ്ങി ഒളിച്ചിരിക്കുന്നു. വിഷയവിഷം ഏല്ക്കുന്നവർ ഒന്നും അറിയുവാൻ പാടില്ലാത്തവരാകുന്നു. "യഥാ പ്രിയയാ സ്ത്രിയാ സമ്പരിഷ്വക്തഃ" എന്ന് ശ്രുതി. പ്രിയയായ സ്ത്രീയുടെ ആശ്ലേഷത്തിനു വശംഗതനായവൻ വേറെയാതൊന്നും അറിയുന്നില്ല. അതുതന്നെ ഇന്ദ്രിയസർപ്പം കടിച്ചവന്റേയും സ്ഥിതി. ഇന്ദ്രിയങ്ങൾ ഉണ്ടാക്കുന്ന വിഷയവിഷം ബാധിക്കുന്നവർ സംസാരത്തിൽ അകപ്പെടുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

വിവേകബുദ്ധിയില്ലാത്തവൻ ആത്മാവ് തന്നിൽത്തന്നെ ഇരിക്കുന്നു എന്ന് അറിയുന്നില്ല. അതുകൊണ്ട് അവൻ പന്നി, പട്ടി, മുതലായ ജന്മങ്ങളെ പ്രാപിച്ച് സംസാരകൂപത്തിൽ വീണ് ഉഴലുന്നു. സർവ്വവസ്തുക്കളേയും പ്രകാശിപ്പിക്കുന്ന ആത്മസ്വരൂപത്തെ ഉപേക്ഷിച്ച് അവൻ വിഷയങ്ങളെ അനുഭവിക്കുന്നു. അവൻ സാക്ഷാൽ കഴുതതന്നെയാണ്. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ശമദമാദി സാധനകളോടുകൂടിയവരും അങ്ങനെയല്ലാത്തവരും അതിനെ മനുഷ്യരിൽ സമമായി കാണുന്നു. ഇവരിൽ ആദ്യത്തെ തരക്കാർ മോക്ഷത്തിന്നും മറ്റേവർ സംസാരത്തിന്നും പാത്രമാകുന്നു. മുക്തന്മാർ വിഷ്ണുപദം പ്രാപിച്ച് പൂർണ്ണാനന്ദമയമായ ബ്രഹ്മസുഖം അനുഭവിക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ഇഹപരങ്ങളായ രണ്ടു ലോകങ്ങളും ആത്മവിദ്യകൊണ്ട് വ്യാപിച്ചിട്ട് അതുകൊണ്ട് ആഹുതമായിരിക്കുന്ന അഗ്നിഹോത്രവും ആത്മജ്ഞാനത്തിന്റെ ആഭിമുഖ്യത്താൽ ആഹുതമായി ഭവിക്കുന്നു. അഗ്നിഹോത്രാദികളായ സർവ്വകർമ്മങ്ങളും അതുകൊണ്ടു ഫലിക്കുന്നു. തന്മൂലം ആത്മവിദ്യയെ അങ്ങുനിസ്സാരമായിക്കരുതരുത്. ആത്മവിദ്യയിൽ വ്യാപരിക്കുന്നവൻ പരമാത്മാവിനെ ആത്മത്വേന അനുഭവപ്പെടുത്തുന്നു. അതുതന്നെ പ്രജ്ഞാനം. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ഇപ്രകാരം ബ്രഹ്മം (മഹത്ത്) ആയിരിക്കുന്ന ആത്മാവ് ബ്രഹ്മത്തെ തന്നെ സമ്പാദിക്കുന്നു. സമ്പത്തിനേയും തന്നിൽ അടക്കുന്നു. അഗ്നിയെ തന്നിൽ അടക്കുന്നവനും പൂർണ്ണനും ആയ ആത്മാവിനെ ആരാണോ അറിയുന്നത് അവന്റെ ആത്മാവിനു നാശം സംഭവിക്കുന്നില്ല. ബ്രഹ്മജ്ഞാനിയുടെ പ്രാണൻ ഉത്ക്രമിക്കുന്നില്ല. അതു ബ്രഹ്മസ്വരൂപം കൈക്കൊണ്ട് ബ്രഹ്മത്തെത്തന്നെ പ്രാപിക്കുന്നു. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

സച്ചിദാനന്ദമയമായ ബ്രഹ്മമാണ് താനെന്ന് എപ്പോഴും അഭിമാനിക്കണം. അവന്ന് മൃത്യു ഭവിക്കുന്നില്ല. പിന്നെ അമൃതം എവിടെ? മൃത്യു ഉണ്ടാകാതെ അമൃതം സംഭവിക്കയില്ലല്ലോ. അവന്ന് ജരാമരണലക്ഷണമായ സംസാരംതന്നെയില്ല. ഒരു പരമാർത്ഥമായ അടിസ്ഥാനത്തെ ആസ്പദമാക്കിയാണ് സത്യവും അസത്യവും ഉണ്ടെന്നു തോന്നുന്നത്. ഉള്ളതും ഇല്ലാത്തതുമായ വസ്തുവിന്ന് കാരണം ബ്രഹ്മംതന്നെയാണ്. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

അവൻ (പരമാത്മാവ്) ആകാശംമുതൽ ദേഹംവരെയുള്ള ജഗത്തിനെ സൃഷ്ടിച്ചു ഹൃദയത്തിൽ പ്രവേശിച്ച് സ്ഥിതിചെയ്യുന്നു. എന്നാലും അരൂപനായ അവനെ കാണുന്നില്ല. അവൻ ജന്മമില്ലാത്തവനും രാപ്പകൽ സഞ്ചരിക്കുന്നവനും ആകുന്നു. അലസതകൂടാതെ അവനെ ധ്യാനിക്കുന്നവൻ കൃതാർത്ഥനും കവിയുമായി ഭവിക്കുന്നു.

ആ ബ്രഹ്മത്തിൽനിന്നു വായു ഉണ്ടായി. അതിൽത്തന്നെ അത് അപ്രകാരം ലയിക്കുകയും ചെയ്യുന്നു. അതിൽനിന്ന് അഗ്നിയും ചന്ദ്രനും ഉണ്ടായി. അതിൽനിന്ന് പ്രാണനുണ്ടായി.

digitized by www.sreyas.in

അതിൽനിന്നാണ് എല്ലാം ഉണ്ടായത് എന്നറിയണം. ഓരോന്നിനേയും പ്രത്യേകം എടുത്തുപറയുന്നതിന് കഴിയുന്നതല്ല. യോഗികൾ ഭഗവാനായും നിത്യനായും ഇരിക്കുന്ന ആ പരമാത്മാവിനെ കാണുന്നു; സാക്ഷാത്കരിക്കുന്നു.

ലോകങ്ങളെല്ലാം അതിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. അമൃതത്വവും ബ്രഹ്മവും യശസ്സും അതുതന്നെ. അതിൽനിന്നു ജീവികൾ ഉണ്ടായി. അതിൽത്തന്നെ അവ ലയിക്കുകയും ചെയ്യുന്നു.

ജീവേശ്വരന്മാരേയും ആകാശത്തേയും ഭൂമിയേയും ദിക്കുകളേയും മറ്റു ലോകങ്ങളേയും ബ്രഹ്മംതന്നെ ഭരിക്കുന്നു. ആ ബ്രഹ്മത്തിൽനിന്നു ദിക്കുകൾ ഉണ്ടായി. നദികൾ ഒഴുകുന്നു. അതാണ് സമുദ്രത്തെ നിർമ്മിച്ചിരിക്കുന്നത്.

ബ്രഹ്മം അനന്തം എന്നു പറയുന്നു. ഒരുവൻ ആയിരം ആയിരം ചിറകുകൾ സമ്പാദിച്ച് ഉപയോഗിച്ച് മനോവേഗത്തിൽ പറന്നാലും സർവ്വത്തിനും കാരണമായ പരമാത്മാവിന്റെ അവസാനം കാണുകയില്ല. അത്രയ്ക്ക് അനന്തനാണ് പരമാത്മാവ്.

ഈ പരമാത്മാവിന്റെ രൂപം കാണാവുന്നതല്ല. അതു നേത്രഗോചരമല്ല. അങ്ങനെയാണെങ്കിലും അതിനെ യജ്ഞാദികൾ ചെയ്ത് നിർമ്മലമായ മനഃസ്ഥിതിയോടുകൂടിയവർ കാണുന്നു. രജസ്തമസ്സുകൾ നശിച്ച് സത്വൈകമയമായ ഹൃദയത്തോടുകൂടിയ ജ്ഞാനികൾക്ക് അതു മനസ്സുകൊണ്ടു കാണുവാൻ കഴിയും. ഈ പരമാത്മാവിനെ ആത്മാവെന്ന് അറിയുന്നവന്ന് മരണം നേരിടുകയില്ല. അവൻ അമൃതനായിത്തീരുന്നു: രാഗദ്വേഷാദികളില്ലാത്തവനാകുന്നു.

ഏതൊരുത്തൻ സർവ്വവ്യാപിയും സർവ്വജീവികളിലും സ്ഥിതിചെയ്യുന്നവനുമായ പരമാത്മാവിനെ ധ്യാനംകൊണ്ട് സാക്ഷാത്കരിക്കുന്നുവോ അവൻ ദേഹേന്ദ്രിയാദികളാണ് ആത്മാവ് എന്ന് അഭിമാനിക്കുന്നവരെപ്പോലെ ദുഃഖിക്കുന്നതല്ല. ശരീരാത്മാഭിമാനികൾക്കാണ് പുത്രദാരാദികളിലും മറ്റും ദുഃഖം ഉണ്ടാകുന്നത്. ജ്ഞാനി കൃതാർത്ഥനാകുന്നു.

എല്ലാസ്ഥലത്തും ജലം നിറഞ്ഞു വ്യാപിച്ചിരിക്കുന്ന സമയത്ത് ഒരുവന്ന് കിണറുകൊണ്ട് പ്രത്യേകം പ്രയോജനമില്ല. അപ്രകാരം സർവ്വഭൂതങ്ങളിലും ആത്മാവിനെ കാണുന്ന ഒരു ബ്രഹ്മജ്ഞന് വേദങ്ങൾ പ്രതിപാദിക്കുന്ന യജ്ഞാദികർമ്മങ്ങൾ അല്പവും ചെയ്യേണ്ടതായിട്ടില്ല. അതുകൊണ്ട് അവന്ന് ഒന്നും കിട്ടുവാനില്ല. അവ അല്പങ്ങളാണ്. ആത്മദർശനംകൊണ്ട് അവൻ കൃതാർത്ഥനാകുന്നു.

രാജാവേ, ഞാൻ തന്നെയാണ് അങ്ങയുടെ അച്ഛനും അമ്മയും. പിന്നെ പുത്രന്മാരായ ദുര്യോധനാദികളും ഞാൻതന്നെ. എന്തൊക്കെ പ്രാണികൾ ഉണ്ടോ എന്തൊക്കെയില്ലയോ അവയുടെ ആത്മാവ് ഞാൻതന്നെയാകുന്നു.

അല്ലയോ ധൃതരാഷ്ട്രരാജാവേ, ഇന്ദ്രാദികളുടെ വൃദ്ധനായ പിതാമഹൻ ഞാനാകുന്നു. പിതാവായ ഹിരണ്യഗർഭനും ഞാൻ തന്നെ. അനാദിയായ പരമാത്മാവും ഞാനത്രെ. നിങ്ങൾ എല്ലാവരും എന്റെ ആത്മാവിൽ സ്ഥിതിചെയ്യുന്നവരാണ്. എന്നാൽ പരമാർത്ഥത്തിൽ നിങ്ങൾ എന്നിൽ സ്ഥിതിചെയ്യുന്നില്ല. അതുപോലെ ഞാൻ നിങ്ങളിലും സ്ഥിതിചെയ്യുന്നില്ല.

ആത്മാവു തന്നെയാണ് സർവ്വത്തിനും ആശ്രയസ്ഥാനം. ആത്മാവിൽനിന്ന് സർവ്വവും ഉണ്ടായി.

ജഗത്ത് മുഴുവനും ഊടും പാവുംപോലെ അതിൽനിന്ന് സംഭവിച്ചു. ഞാൻ തന്നെ എങ്ങുംനിറഞ്ഞ് ഓതപ്രോതരൂപേണ (ഊടുംപാവുംപോലെ) സ്ഥിതിചെയ്യുന്നു. ജഗത്തിന്റെ ആത്മാവായ ഞാൻ നിങ്ങളുടെ പിതാവാകുന്നു. ജരാമരണങ്ങളില്ലാത്ത സ്വന്തം മഹിമാവിൽ പ്രതിഷ്ഠയോടുകൂടിയവനാണ് ഞാൻ.

ചെറിയവരിൽവെച്ച് ഏറ്റവും ചെറിയവനും, രാഗദ്വേഷാദിസ്പർശമില്ലാത്ത ശോഭനമായ മനസ്സോടുകൂടിയവനും, സർവ്വജീവജാലങ്ങളുടേയും ഹൃദയപത്മത്തിൽ ആത്മത്വേന സ്ഥിതിചെയ്യുന്നവനും ആണ് ഞാൻ. ബ്രഹ്മജ്ഞന്മാരായ സനകസനന്ദനവാമദേവാദി മഹർഷിമാരും സർവ്വജീവികളുടേയും പിതാവായ ആ പരമേശ്വരനെ ഹൃദയപുണ്ഡരീകത്തിൽ സ്ഥിതനായി ആത്മത്വേന അറിയുന്നു.

ഒരു വസ്തുതന്നെ എങ്ങനെ ഏറ്റവും ചെറിയതും ഏറ്റവും വലിയതും ആകും? പറയാം. അങ്ങനെ പറഞ്ഞത് ഒരു ദോഷമല്ല. പരിച്ഛിന്നദേശത്തിൽ മാത്രം ഇരിക്കുന്ന ഒരുവനെ സർവ്വഗതൻ എന്നു പറയുന്നത് ഒരുവിധത്തിലും ചേരുന്നതല്ല. എന്നാൽ സർവ്വഗതനായ ഒരുവൻ എല്ലാ ദിക്കിലും ഉണ്ടാകകൊണ്ട് അവന്ന് ഒരു പരിച്ഛിന്നദേശം വ്യപദേശിക്കുന്നത് സാപേക്ഷകമായി ഭവിക്കാവുന്നതാണ്. എങ്ങനെയെന്നാൽ സമസ്തഭൂലോകാധിപനായ ഒരുവനെ 'അയോദ്ധ്യാധിപതി' എന്നും പറയാവുന്നതാണ്. എന്നാൽപ്പിന്നെ എന്തിനെ അപേക്ഷിച്ചാണ് സർവ്വഗതനായ ഈശ്വരനെ ചെറിയ കുടിലിൽ ഇരിക്കുന്നവനെന്നും നെന്മണിയേക്കാൾ അണീയാനെന്നും പറയുന്നത്? തദ്രൂപേണ ഉപാസിക്കുവാൻ, ധ്യാനിക്കുവാൻ, അല്ലെങ്കിൽ ബുദ്ധികൊണ്ട് ഗ്രഹിക്കാൻവേണ്ടി മാത്രം എന്ന് ഞങ്ങൾ പറയുന്നു. ഇങ്ങനെ അണീയസ്ത്വം മുതലായ ഗുണസമുച്ചയത്തോടുകൂടിയവനായി ഈശ്വരനെ ഹൃദയപുണ്ഡരീകത്തിൽ ധ്യാനിക്കേണ്ടതായി, അല്ലെങ്കിൽ മനസ്സുകൊണ്ടു ദർശിക്കേണ്ടതായി, ഉപദേശിക്കുന്നു. സാളഗ്രാമത്തിൽ വിഷ്ണുവിനെ ധ്യാനിക്കുന്നതുപോലെയാണിത്. ഹൃദയപുണ്ഡരീകത്തിൽ ഈശ്വരനേയും സാളഗ്രാമത്തിൽ ഹരിയേയും ഗ്രഹിക്കുന്നത് ബുദ്ധിജ്ഞാനമാണ്. ഈശ്വരൻ സർവ്വഗതനാണെങ്കിലും ഹൃദയപുണ്ഡരീകത്തിൽ ഉപാസിക്കപ്പെടുമ്പോൾ പ്രസാദിക്കുന്നു.

ബ്രഹ്മത്തിന്റെ അല്പായതനത്വം ആകാശത്തിന്റേതുപോലെയും ആകുന്നു. ആകാശം സർവ്വഗതമാണെങ്കിലും സൂചീരന്ധ്രാദിരൂപേണ വിചാരിക്കപ്പെടുമ്പോൾ അല്ലെങ്കിൽ സൂചീരന്ധ്രാദ്യപേക്ഷാഹേതുവായിട്ട് അതിനെ അല്പനീഡമെന്നും അണീയസ്സെന്നും പറയുന്നതുപോലെയാണ് ബ്രഹ്മവും ബ്രഹ്മത്തിന്റെ അല്പനീഡത്വവും അണീയസ്ത്വവും. നിചായ്യത്വത്തെ അല്ലെങ്കിൽ ഉപാസ്യത്വത്തെ അല്ലെങ്കിൽ ദ്രഷ്ടവ്യത്വത്തെ അപേക്ഷിച്ചുകൊണ്ടുള്ളതാണ്; പാരമാർത്ഥികമല്ല. 'ബ്രഹ്മം അണോരണീയാൻ' എന്ന് ഈ ഭാഗം യുക്തിയുക്തമായി സമർത്ഥിക്കുന്നു. അതിന്റെ മഹീയസ്ത്വത്തിൽ ആർക്കും യാതൊരു സംശയവും ഉണ്ടാകുന്നതല്ലല്ലോ.'' (ബ്രഹ്മസൂത്രം ശാങ്കരഭാഷ്യം)

യാനസന്ധിപർവ്വം

47. സഞ്ജയന്റെ പ്രത്യാഗമനം – വൈശമ്പായനൻ പറഞ്ഞു: "സനത്സുജാതമഹർഷിയും വിദുരനും ചേർന്ന് ഇപ്രകാരം ജ്ഞാനോപദേശങ്ങൾ നല്കി. ധൃതരാഷ്ട്രരാജാവ് ആ ഉപദേശങ്ങളൊക്കെ കേട്ടുകൊണ്ടിരിക്കേ അങ്ങനെ അന്നത്തെ രാത്രിയും കഴിഞ്ഞു.

പിറ്റേദിവസം പ്രഭാതമായി. സഞ്ജയന്റെ ദൗത്യം കൊണ്ട് പാണ്ഡവന്മാരിൽ ഉണ്ടായ പ്രതികരണമെന്തെന്നറിയുവാൻ രാജാക്കന്മാരൊക്കെ സഭയിലേക്കു ചെന്നു. ധർമ്മാനുസരണമായി പാർത്ഥന്മാർ പറഞ്ഞയച്ച മൊഴി സഞ്ജയനിൽനിന്നു കേൾക്കുവാൻ ധൃതരാഷ്ട്രൻ മുതലായവരെല്ലാം രാജസഭയിൽ സന്നിഹിതരായി.

വെള്ളയടിച്ച് വളരെ വിസ്താരത്തിൽ പ്രശോഭിക്കുന്ന സഭാതലത്തിൽ സ്വർണ്ണാലംകൃതമായും ചന്ദ്രകാന്തിപ്രഭയോടു ചേർന്നും ചന്ദനച്ചാർ തളിച്ച് ഹേമദാരുമയങ്ങളായും, ഉരുക്ക് ആനക്കൊമ്പ് എന്നിവയാൽ ചിത്രിതങ്ങളായും വിളങ്ങുന്ന വിചിത്രാസനങ്ങളിൽ അവർ യഥായോഗ്യം ഇരിപ്പുറപ്പിച്ചു.

ഭീഷ്മൻ, ദ്രോണൻ, കൃപൻ, ശല്യൻ, കൃതവർമ്മാവ്, ജയദ്രഥൻ, വികർണ്ണൻ, അശ്വത്ഥാമാവ്, ബാൽഹീകൻ, സോമദത്തൻ, പ്രാജ്ഞനായ വിദുരൻ, മഹാരഥനായ യുയുത്സു എന്നീ ശൂരന്മാരോടും ധൃതരാഷ്ട്രനോടുംകൂടി ശുഭമായ സഭയിലേക്ക് ആദ്യമായി എത്തിച്ചേർന്ന് എല്ലാവരും യഥാസ്ഥാനത്തിരുന്നു.

digitized by www.sreyas.in

ദുശ്ശാസനൻ, ചിത്രസേനൻ, സൗബലനായ ശകുനി, ദുർമ്മുഖൻ, ദുസ്സഹൻ, കർണ്ണൻ, ഉലൂകൻ, വിവിംശതി എന്നിവർ അമർഷിയായ ദുര്യോധനന്റെ പിന്നാലെയായി ദേവന്മാർ ഇന്ദ്രസദസ്സിലേക്കെന്നപോലെ, സഭയിൽ വന്നുകയറി.

പരിഘബാഹുക്കളായ ആ ശൂരരാജാക്കന്മാർ കയറിയപ്പോൾ സിംഹങ്ങൾ കയറിയ മഹാഗഹ്വരംപോലെ ആ രാജസഭ പ്രശോഭിച്ചു. ഓജസ്സുകൂടിയ ആ വില്ലാളിവീരന്മാർ വിചിത്രപീഠങ്ങളിൽ സൂര്യസന്നിഭന്മാരായി ശോഭിച്ചു.

ആ രാജാക്കന്മാരെല്ലാവരും ഇരുന്നതിന്നുശേഷം സഞ്ജയൻ വരുന്നതായി ദ്വാരപാലകൻ സഭയെ അറിയിച്ചു: "പാണ്ഡവന്മാരുടെ അടുത്തുപോയിരുന്ന സഞ്ജയൻ തേരിൽക്കയറി ഇതാ വരുന്നു!" പറഞ്ഞുകഴിയുമ്പോഴേക്കും തേര് നിർത്തി കുണ്ഡലങ്ങൾ കുണുങ്ങുമാറ് സഞ്ജയൻ രഥത്തിൽനിന്നു ചാടിയിറങ്ങി മഹാരഥന്മാർ നിറഞ്ഞ ആ രാജസഭയിലേക്കു പ്രവേശിച്ചു. സഞ്ജയൻ സഭയെ കൈകൂപ്പി.

സഞ്ജയൻ പറഞ്ഞു: "അല്ലയോ കൗരവന്മാരേ, ഞാൻ പാണ്ഡവന്മാരെക്കണ്ട് ഇതാ മടങ്ങിയെത്തിയിരിക്കുന്നു. വയസ്സിന്ന് അനുരൂപമായി എല്ലാ കുരുക്കളേയും പാണ്ഡവന്മാർ മാനിക്കുന്നു. വൃദ്ധന്മാരെ കുമ്പിട്ട് അവർ പൂജിക്കുന്നു. ഇഷ്ടന്മാരേയും, യുവാക്കളേയും, പ്രായത്തിന്നൊത്തവിധം പാണ്ഡവന്മാർ അഭിനന്ദിക്കുന്നു. ധൃതരാഷ്ട്രരാജാവിന്റെ സന്ദേശവാഹകനായി പോയ ഞാൻ പാണ്ഡവന്മാരുടെ അടുത്തുനിന്നു ലഭിച്ച വൃത്താന്തങ്ങൾ നിങ്ങളെ ഗ്രഹിപ്പിക്കാം."

48. അർജ്ജുനവാക്യനിവേദനം - സഞ്ജയൻ അർജ്ജുനന്റെ സന്ദേശം വിവരിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സഞ്ജയാ! രാജമദ്ധ്യത്തിൽവെച്ച്, ഉദാരസത്വനും, യോധാധിനാഥനും ദുഷ്ടനിഗ്രഹതല്പരനും, മാന്യനുമായ ധനഞ്ജയൻ എന്താണു പറഞ്ഞത്? കേൾക്കട്ടെ."

സഞ്ജയൻ പറഞ്ഞു: "യുദ്ധസന്നദ്ധനായ അർജ്ജുനൻ, ധർമ്മരാജാവിന്റെ അനുമതിയോടുകൂടി കേശവൻ കേൾക്കെ, പറഞ്ഞ വാക്യം ദുര്യോധനൻ കേൾക്കേണ്ടതാണ്. അവിടെവെച്ച് സ്വന്തം ബാഹുവീര്യത്തേയും വാസുദേവസഹായത്തേയും പുരസ്കരിച്ച് പോരിന്നൊരുങ്ങിനില്ക്കുന്ന കിരീടി എന്നോട് ഇപ്രകാരം പറഞ്ഞു: 'ഭവാൻ കൗരവസദസ്സിൽച്ചെന്ന് ദുര്യോധനനോട്, ദുർഭാഷണനും ദുഷ്ടബുദ്ധിയുമായ ആ സൂതപുത്രൻ കേൾക്കെ പറയണം. എന്നോട് എന്നും പോരിന്നു സന്നദ്ധനായ, മന്ദബുദ്ധിയും മരണം അടുത്തവനും മൂഢനുമായ അവൻ കേൾക്കുമാറ്, കൗന്തേയന്മാരോട് യുദ്ധത്തിന്നായി വന്നുചേർന്ന മറ്റു രാജാക്കന്മാരും കേൾക്കുമാറ്, അമാത്യന്മാരോടു ചേർന്ന ആ രാജാവ് കേൾക്കുമാറ് എന്റെ വാക്യം കേൾപ്പിക്കുക. ഇന്ദ്രവാക്യം ദേവസമൂഹമെന്നപോലെ, കിരീടിയുടെ വാക്ക് പാണ്ഡവസൃഞ്ജയന്മാരെല്ലാവരും കേൾക്കെ, ഇപ്രകാരം ഗാണ്ഡീവധന്വാവായ അർജ്ജുനൻ പറയുവാൻ തുടങ്ങിയപ്പോൾ അവന്റെ നേത്രങ്ങൾ രക്താംബുജം പോലെ പ്രോജ്ജ്വലിച്ചു. അർജ്ജുനൻ ഇപ്രകാരം തുടർന്നു: എന്റെ വാക്ക് അവരെല്ലാവരും കേൾക്കെ പറഞ്ഞേക്കൂ! യുധിഷ്ഠിരരാജാവിന്റെ രാജ്യം ദുര്യോധനൻ വിട്ടുകൊടുക്കാതിരുന്നാൽ മുമ്പേ ചെയ്തതും അനുഭവിക്കാതെ കിടക്കുന്നതുമായ എന്തോ മഹാപാപത്തിന്റെ ഫലം ധാർത്തരാഷ്ട്രന്മാർക്ക് ഉണ്ടെന്നു വിചാരിക്കേണ്ടിവരും. ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ, കൃഷ്ണൻ, സാത്യകി, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി, യുധിഷ്ഠിരൻ എന്നിവരോട് ദുര്യോധനൻ അപകാരത്തിന്ന് ഒരുങ്ങുകയാണെങ്കിൽ അന്നു കാണാം, ആകാശവും ഭൂമിയും ഒരുപോലെ ദഹിക്കുന്നത്. ഇവരോടെല്ലാം പോരാടി ഇവരെയൊക്കെ പരാജിതരാക്കി പാണ്ഡവധനം കൈക്കലാക്കാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അത് ബുദ്ധിശൂന്യതയാണ്. പാണ്ഡവഹിതത്തിന്നായി അർദ്ധരാജ്യം നല്കാതെ, യുദ്ധത്തിന്നു പുറപ്പെടുകയാണെങ്കിൽ, ധർമ്മചാരിയായ യുധിഷ്ഠിരൻ നാടുകടത്തപ്പെടുകയാൽ കാട്ടിലെ ദുഃഖശയ്യയിൽ കിടന്നു കഴിയേണ്ടിവന്നതിനേക്കാൾ കഠിനദുഃഖകരമായ അനർത്ഥം ധാർത്തരാഷ്ട്രൻ അന്ത്യശയ്യയിൽ അനുഭവിച്ചുകൊണ്ടു മൃതിയടയും. ജ്ഞാനവും, ദമവും, ഹ്രീയും, തപവും, ശൗര്യവും, ധർമ്മത്രാണവും തികഞ്ഞ പാണ്ഡവന്മാരിൽ ദുരാത്മാവായ ദുര്യോധനൻ അന്യായമായി കൈയേറുകയാണു ചെയ്തിരിക്കുന്നത്. സത്യം, വിനയം, അടക്കം, തപസ്സ്, ധർമ്മരക്ഷ എന്നീ ഗുണങ്ങൾ ചേർന്നവനും, സത്യവാദിയും, ക്ഷമാവാനുമായ യുധിഷ്ഠിരരാജാവിനെ കപടവാക്കുകളാൽ വഞ്ചിച്ചിട്ടാണല്ലോ ഇങ്ങനെ ഏറ്റവും ക്ലേശിപ്പിച്ചത്. തീക്ഷ്ണവ്രതനായ പാണ്ഡവജ്യേഷ്ഠൻ തന്നിൽ വളരെക്കാലമായി വളർന്നുകൊണ്ടിരിക്കുന്ന ഘോരമായ ക്രോധത്തെ, തീവ്രമായ സംരംഭത്തോടെ കൗരവന്മാരിൽ എന്നു വിടുന്നുവോ അന്ന് ദുര്യോധനൻ യുദ്ധംകൊണ്ടുള്ള സന്താപം അനുഭവിക്കും.

വേനൽക്കാലത്ത് ഉണങ്ങിക്കിടക്കുന്ന കാട്ടിൽ അണയുന്ന അഗ്നി ആ കാടിനെ കത്തി ദഹിപ്പിക്കുന്നതുപോലെ, ശുദ്ധാത്മാവായ യുധിഷ്ഠിരൻ ധാർത്തരാഷ്ട്രന്റെ സൈന്യത്തെയൊക്കെ തന്റെ നോട്ടംകൊണ്ടുതന്നെ ദഹിപ്പിച്ചുകളയും.

അമർഷണനും ഭീമവേഗനുമായ ഭീമസേനൻ ഗദ കൈയിലേന്തി ക്രോധവിഷം വമിച്ചുകൊണ്ട് രഥത്തിൽ സ്ഥിതിചെയ്ത് എപ്പോൾ നേരിടുമോ, അന്ന് യുദ്ധംകൊണ്ടുള്ള സന്താപം ധാർത്തരാഷ്ട്രൻ അനുഭവിക്കും. പടത്തലയ്ക്കൽ കയറി ചട്ട ധരിച്ച് യുദ്ധാവേശത്താൽ ദുർദ്ദർശനനും പരവീരമർദ്ദനനുമായ ഭീമൻ അന്തകനെപ്പോലെ ശത്രുക്കളെ അടിച്ചുകൊന്നുതുടങ്ങുന്ന സമയത്ത് എന്റെ ഈ വാക്ക് ആ അതിമാനി ഓർക്കും.

ഭീമസേനൻ വധിച്ചുവീഴ്ത്തുന്ന കുന്നുപോലുള്ള ഗജങ്ങൾ അടിയേറ്റു മസ്തകം തകർന്ന്, കുടത്തിൽനിന്ന് ജലം ഒഴുകുന്നപോലെ അവ രക്തംവാർക്കുന്നത് എപ്പോൾ കാണുന്നുവോ, അപ്പോൾ ധാർത്തരാഷ്ട്രൻ ദുഃഖിക്കാതിരിക്കയില്ല.

ഭയങ്കരസിംഹം പശുക്കൂട്ടത്തിൽ എന്നപോലെ ഭീമരൂപനായി ഗദാധരനായ ഭീമൻ നൂറ്റുപേരിൽ കയറി എപ്പോൾ മുടിക്കുവാൻ തുടങ്ങുന്നുവോ, അപ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ദുര്യോധനൻ അനുഭവിക്കും.

ആപത്തിൽ ഭയമില്ലാത്തവനും, കൃതാസ്ത്രനും, എതിർക്കുമ്പോൾ ശത്രുവർഗ്ഗത്തെ പൊടിയാക്കുന്നവനും, ഒറ്റത്തേരിൽ വന്ന് ഗദാഘാതത്താൽ കാലാളുകളേയും തേർനിരകളേയും തകർത്തുവിടുന്നവനുമായ ഭീമൻ ഗജയൂഥത്തെ എപ്പോൾ മുടിക്കുന്നുവോ, മഴുവാൽ കാടെന്നപോലെ ധാർത്തരാഷ്ട്രന്റെ സൈന്യത്തെ എപ്പോൾ വീഴ്ത്തുന്നുവോ, അപ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ദുര്യോധനൻ അനുഭവിക്കും.

പുല്ലുമേഞ്ഞ ഗ്രാമം തീപിടിച്ചാൽ എന്നവിധം ധാർത്തരാഷ്ട്രന്റെ സൈന്യം, ഇടിത്തീയിനാൽ വിള കത്തുന്നതുപോലെ ചിന്നിച്ചിതറി വീരന്മാർ ചത്തും, പേടിച്ചേടിയും, പോരാളിമാർ ഉഴറിപ്പാഞ്ഞുപോയും ഭീമന്റെ ശസ്ത്രാഗ്നിയിൽ എരിയുന്നത് ധാർത്തരാഷ്ട്രൻ എപ്പോൾ കാണുന്നുവോ, അപ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ആ ധാർത്തരാഷ്ട്രൻ അനുഭവിക്കും.

ഭീമനെ പിന്തുടർന്ന്, ചിത്രയോധിയാൽ കൗരവയോദ്ധാക്കളുടെ ശിരസ്സുകൾ അനായാസേന വെട്ടി കുന്നുകൾപോലെ കൂട്ടും! ദീർഘകാലം കാട്ടിലെ ദുഃഖശയ്യയിൽ കിടക്കേണ്ടിവന്ന ആ സുഖോചിതൻ ക്രുദ്ധനായ സർപ്പത്തെപ്പോലെ ശത്രുക്കളിൽ വിഷം വമിക്കും! അപ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ധാർത്തരാഷ്ട്രൻ അനുഭവിക്കും.

ധർമ്മരാജാവിന്റെ ആദേശപ്രകാരം ജീവൻ കളയുവാൻ തയ്യാറായ പാർത്ഥിവയോധന്മാർ, ശുഭ്രരഥങ്ങളിൽ കയറി ധാർത്തരാഷ്ട്രസൈന്യത്തെ പറപ്പിക്കുന്നതു കാണുമ്പോൾ ധാർത്തരാഷ്ട്രൻ പശ്ചാത്തപിക്കാതിരിക്കുകയില്ല.

ശിശുക്കളാണെങ്കിലും മുതിർന്നവരെപ്പോലെ കൃതാസ്ത്രന്മാരായ ആ പഞ്ചശൂരന്മാർ പ്രാണനെ വെടിഞ്ഞ് എതിർത്തു

digitized by www.sreyas.in

കൗരവന്മാരെ ഓടിക്കും. അതു കാണുമ്പോൾ യുദ്ധം കൊണ്ടുള്ള ദുഃഖം ധാർത്തരാഷ്ട്രൻ അനുഭവിക്കും.

അനുകൂലമായ ഗതിയും, നിശ്ശബ്ദമായ അക്ഷവും, ദീർഘമായ തന്തുവും ഇണങ്ങിയ കുതിരകളും ചേർന്ന രഥത്തിൽ കയറി ആതതായിയായ നകുലൻ ശരൗഘങ്ങൾകൊണ്ട് രാജാക്കന്മാരുടെ ശിരസ്സുകൾ അറുത്തുവീഴ്ത്തും. യുദ്ധത്തിൽ ചുറ്റി സഞ്ചരിച്ച് സർവ്വദിക്കിലും പാഞ്ഞുചെന്ന്, മഹാഭയം നല്കുന്ന ആ രഥസ്ഥനായ കൃതാസ്ത്രനെ എപ്പോൾ കാണുന്നുവോ അപ്പോൾ ദുര്യോധനന്ന് യുദ്ധംകൊണ്ടുള്ള സന്താപം അനുഭവപ്പെടും.

ഹ്രീമാനും, നിപുണനും, സത്യവാദിയും സർവ്വധർമ്മജ്ഞനും, ബലവാനുമായ സഹദേവൻ തുമുലമായ യുദ്ധത്തിൽ ശത്രുസൈന്യത്തെ ഊക്കോടെ അടിച്ചുതകർത്തു ക്ഷിപ്രകാരിയായി ശകുനിയോട് നേരിടും. ശൂരന്മാരും, അസ്ത്രജ്ഞന്മാരും, രഥയുദ്ധവിദഗ്ദ്ധന്മാരുമായ ദ്രൗപദേയന്മാർ ഘോരവിഷോഗ്രദർപ്പങ്ങൾപോലെ പാഞ്ഞുവരുന്നതു കാണുമ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ധാർത്തരാഷ്ട്രന്ന് ഉണ്ടാകാതിരിക്കയില്ല.

എപ്പോൾ ശരംകൊണ്ട് അഭിമന്യു മേഘംപോലെ വർഷിച്ച് ശത്രുസംഘം മുടിക്കുന്നുവോ, കൃഷ്ണതുല്യനും കൃതാസ്ത്രനുമായ അവന്റെ പരാക്രമത്തെ എപ്പോൾ കാണുന്നുവോ, അപ്പോൾ യുദ്ധംകൊണ്ടുള്ള സന്താപം ദുര്യോധനൻ അനുഭവിക്കുന്നതു കാണാം. ആ സൗഭദ്രൻ ബാലനാണെങ്കിലും മുതിർന്നവനെപ്പോലെ വീര്യവാനായി ശത്രുപ്പടയിൽ കാലനെപ്പോലെ ചൊടിച്ചുകയറുന്നതു കാണുമ്പോൾ യുദ്ധം കൊണ്ടുള്ള സന്താപം ദുര്യോധനൻ അനുഭവിക്കും.

യുവാക്കളും, ശീഘ്രതരന്മാരും, വിശാരദന്മാരും, സിംഹതുല്യവീരന്മാരുമായ പ്രഭദ്രകന്മാർ ധാർത്തരാഷ്ട്രന്മാരെ സൈന്യത്തോടുകൂടെ വെട്ടിയെറിയുന്നതും വൃദ്ധമഹാരഥനായ ദ്രുപദരാജാവ് ക്രുദ്ധനായി എതിർത്ത് യുവാക്കന്മാരുടെ ശിരസ്സ് ശരങ്ങളാൽ അറുത്തുവീഴ്ത്തുന്നതും ശത്രുനാശനനായ വൃദ്ധവിരാടൻ രഥസ്ഥനായി ആര്യരൂപന്മാരായ മത്സ്യന്മാരോടുകൂടി ശത്രുസൈന്യത്തിൽ പ്രവേശിച്ച്, കൗരവന്മാരെ തകർക്കുന്നതും എപ്പോൾ കാണുന്നുവോ അപ്പോൾ ദുര്യോധനൻ യുദ്ധത്തെ ഓർത്ത് സന്തപിക്കാതിരിക്കയില്ല.

കുരുപ്രവീരനും, സത്തമനുമായ ഭീഷ്മനോട് ചട്ട ധരിച്ചവനായ ശിഖണ്ഡി മഹായുദ്ധത്തിൽ ഏറ്റുമുട്ടി ദിവ്യാസ്ത്രങ്ങളാൽ രഥയൂഥത്തെ മഥിച്ച് യുദ്ധംചെയ്യുമ്പോൾ ധാർത്തരാഷ്ട്രൻ യുദ്ധത്തിന്ന് ആഗ്രഹിച്ചതു ചിന്തിച്ച് ദുഃഖത്തിൽ മുഴുകും!

കൗരവപ്രവീരനായ ഭീഷ്മൻ യുദ്ധത്തിൽ ശിഖണ്ഡിയാൽ ഹതനായാൽ പിന്നെയുണ്ടോ കൗരവസൈന്യങ്ങൾക്ക് ആയുർബ്ബലം! രഥഗുപ്തിമാനായി ശിഖണ്ഡി രഥജാലത്തെ പൊടിയാക്കി രഥികളെ വീഴ്ത്തി ഭീഷ്മനോട് ഇടയുകയും ദ്രോണൻ നല്കിയ ഗൂഢാസ്ത്രം ധരിച്ച് സൃഞ്ജയസൈന്യത്തിന്റെ നേതാവായി ധൃഷ്ടദ്യുമ്നൻ മുമ്പിൽ നില്ക്കുന്നതും, ശത്രുസംഹരനും അപ്രമേയനുമായ ആ സേനാപതി ധാർത്തരാഷ്ട്രന്മാരെ മർദ്ദിച്ച് ദ്രോണനോടെതിർക്കുന്നതും കാണുമ്പോൾ ദുര്യോധനന്നു തപിക്കാതെ കഴിയുകയില്ല.

സേനാപതിയായ ആ മഹാധീരൻ ധാർത്തരാഷ്ട്രസമൂഹത്തെ അമ്പെയ്ത് ഉടച്ച് ദ്രോണന്റെനേർക്കു ശത്രുമർദ്ദനനായ അവൻ ആഞ്ഞടുക്കുമ്പോൾ പോരുകൊണ്ടുള്ള ദുഃഖം എത്രത്തോളം കനത്തതാണെന്ന് ധാർത്തരാഷ്ട്രന്ന് അനുഭവപ്പെടും.

ശ്രീമാനും, ഹ്രീമാനും, മനസ്വിയും, മനീഷിയുമായ മഹാബലനാണ് സോമകസൈന്യത്തിന്റെ നേതാവ്. ഞങ്ങളുടെ മുമ്പിൽ നില്ക്കുന്ന ആ ധീരനെ ശത്രുക്കൾക്കാർക്കും താങ്ങുവാൻ സാധിക്കുകയില്ല. യുദ്ധത്തിൽ അതുല്യനായ വൃഷ്ണിവീരനെ ഞങ്ങൾ സചിവനായി വരിച്ചിട്ടുണ്ടെന്ന് ദുര്യോധനനോടു പറയുക! മഹാമനസ്കനും, ദീർഘബാഹുവും പരമാസ്ത്രവേദിയും നിർദ്ദയനുമാണ് ശൈനേയനായ സാത്യകി. ആ ശിനിശ്രേഷ്ഠൻ, ഞാൻ പറയുന്നവിധത്തിൽ ശത്രുക്കളിൽ ശരങ്ങൾ ചൊരിഞ്ഞ് യോധമുഖ്യന്മാരെ മൂടിമറയ്ക്കും. ആ ദൃഢധന്വാവ് യുദ്ധത്തിൽ ധീരനായി ഇറങ്ങുമ്പോൾ സിംഹത്തിന്റെ ഗന്ധമേറ്റ പശുക്കൾപോലെ ശത്രുക്കൾ സംഭ്രമിക്കും. പർവ്വതങ്ങളെ പിളർക്കുവാനും ലോകങ്ങളെ തകർക്കുവാനും ആ മഹാത്മാവ് ശക്തനാണ്. ആകാശത്തിൽ സൂര്യനെന്നപോലെയാണ് ആ ക്ഷിപ്രഹസ്തനായ കൃതാസ്ത്രൻ പ്രശോഭിക്കുന്നത്. വിസ്മയകരവും. ദുർന്നിരീക്ഷ്യവും സുശിക്ഷിതവുമായ അസ്ത്രയോഗത്താലും, പ്രശസ്തമായ ഗുണയോഗത്താലും കൃഷ്ണനോടു തുല്യനാണ് സാത്യകി. നാലു വെള്ളക്കുതിരകളെപ്പൂട്ടിയ പൊന്മയമായ മാധവരഥത്തിൽ സാത്യകിയെ കാണുമ്പോൾ മന്ദനും അകൃതാത്മാവുമായ ദുര്യോധനൻ സന്തപിക്കും.

ശ്വേതാശ്വങ്ങളോടും ഹേമമണികളോടും ഉഗ്രമായ വാനരകേതുവോടുംകൂടിയ രഥത്തിൽ കേശവനൊന്നിച്ച് എന്നെ ദുര്യോധനൻ കാണും. ഞാൻ ഗാണ്ഡീവത്തെ വളച്ച് ഞാൺ വലിക്കുമ്പോൾ മേഘനിർഘോഷംപോലെ മുഴങ്ങുന്ന മഹാശബ്ദം ദുർമ്മതിയും ദുസ്സഹായനുമായ ധൃതരാഷ്ട്രപുത്രൻ കേട്ട് പരിതപിക്കും. ശരവർഷത്തിന്റെ അന്ധകാരത്തിൽ ശത്രുസൈന്യത്തെ കൂട്ടം തകർന്ന ഗോസമൂഹംപോലെ കാണാം. ശത്രുക്കളുടെ അസ്ഥികൾ തുളഞ്ഞുകയറുന്നവയും മർമ്മങ്ങൾ പിളർക്കുന്നവയുമായ നിശിതശരങ്ങൾ ഗാണ്ഡീവത്തിൽനിന്ന് ഏറ്റവും ഭീമങ്ങളും ഘോരരൂപങ്ങളുമായ മിന്നൽപ്പിണരുകൾമേഘപടലത്തിൽനിന്നെന്നപോലെ പുറപ്പെട്ട് ശത്രുസംഘത്തെ ആയിരക്കണക്കായി ചുട്ടുചാമ്പലാക്കും. അന്യന്മാർ എയ്യുന്ന അമ്പുകളെല്ലാം എന്റെ ശരങ്ങളേറ്റ് പിന്നോട്ടടിച്ച് മുറിഞ്ഞുചിതറുന്നതും ആ മന്ദൻ കാണും.

വൃക്ഷഫലങ്ങളെ പക്ഷികൾ എന്നപോലെ എന്റെ അസ്ത്രങ്ങൾ യുവാക്കന്മാരുടെ ശിരസ്സുകൾ കൂട്ടത്തോടെ വീഴ്ത്തും. രഥങ്ങളിൽനിന്നും ഗജങ്ങളിൽനിന്നും അശ്വങ്ങളിൽനിന്നും എന്റെ അമ്പുകളേറ്റു മരിച്ചുവീഴുന്ന യോദ്ധാക്കളെക്കൊണ്ട് യുദ്ധക്കളം നിറയും. എതിരാളിയുടെ അസ്ത്രമാർഗ്ഗം കാണാതെ, യുദ്ധത്തിൽ എന്തുചെയ്യേണമെന്നറിയാതെ കുഴങ്ങി ധാർത്തരാഷ്ട്രന്മാർ ചത്തൊടുങ്ങുന്നത് എപ്പോൾ ദുര്യോധനൻ കാണുന്നുവോ അപ്പോൾ അവൻ യുദ്ധംകൊണ്ടുണ്ടായ കെടുതി സഹിക്കാൻ വയ്യാതെ ദുഃഖിക്കും.

വായ്തുറന്ന അന്തകനെപ്പോലെ ശരജാലങ്ങൾ കാലാൾപ്പടയിലും രഥസംഘത്തിലും ഞാൻ അവിച്ഛിന്നധാരയായി പ്രയോഗിക്കും. ആ ജ്വലിക്കുന്ന ബാണവർഷംകൊണ്ട് ഞാൻ ശത്രുക്കളെ മുഴുവൻ ഓടിക്കും. എല്ലാ ദിക്കിലും പാഞ്ഞുചെല്ലുന്ന എന്റെ രഥത്തിൽ എങ്ങും പൊടി ഉയർന്ന് വ്യാകുലീഭൂതരായി തേരിൽനിന്ന് വീഴുകയും ഗാണ്ഡീവത്താൽ മുറിപ്പെടുകയും ചെയ്ത് സ്വന്തം സൈന്യം വലയുന്നതു ധാർത്തരാഷ്ട്രൻ കാണുമ്പോൾ പശ്ചാത്തപിക്കാതിരിക്കുകയില്ല.

ദിഗ്ഭ്രമത്താൽ ഉഴലുകയും ശരീരം മുറിപ്പെടുകയും ആനകളും കുതിരകളും യോധന്മാരും രാജാക്കന്മാരും ചത്തുവീഴുകയും വാഹനങ്ങൾ തളരുകയും ദാഹം വളരുകയും ഭയപ്പെട്ട് ഉഴറുകയും ചാകുന്നവരിൽ നിന്ന് ആർത്തസ്വരം പൊങ്ങുകയും കേശം, അസ്ഥി, തലയോട് എന്നിവ കൂട്ടമായി ചിതറുകയും ചെയ്തുകൊണ്ടുള്ള സ്ഥിതിയിൽ ഏറ്റവും ബീഭത്സമായി തന്റെ സൈന്യം എപ്പോൾ ആ മന്ദബുദ്ധി ദർശിക്കുന്നുവോ, അപ്പോൾ അവൻ യുദ്ധംകൊണ്ടുള്ള തന്റെ ദയനീയതയോർത്ത് വ്യസനിക്കും.

രഥത്തിൽ എന്നേയും വാസുദേവനേയും പാഞ്ചജന്യത്തേയും ദേവദത്തത്തേയും ശ്വേതാശ്വങ്ങളേയും അക്ഷയമായ തൂണികളേയും ഒന്നിച്ച് ഒത്തുകാണുമ്പോൾ ആ ധാർത്തരാഷ്ട്രൻ വ്യസനിക്കും.

ശസ്ത്രാഗ്നിയാൽ കൗരവന്മാരെ ദഹിപ്പിച്ച്, ദസ്യുവർഗ്ഗത്തെ കൂട്ടത്തോടെ ദഹിപ്പിച്ച് പ്രളയകാലത്തിലെന്നപോലെ കുരുക്കളെ അഗ്നിയിലിട്ടു ദഹിപ്പിച്ച്, യുഗം മാറ്റുന്നതു കാണുമ്പോൾ സപുത്രനായ ധൃതരാഷ്ട്രൻ വ്യസനിക്കും!

digitized by www.sreyas.in

ഭ്രാതാക്കളും സൈന്യങ്ങളും ഭൃത്യന്മാരും ചേർന്ന സകല ഐശ്വര്യവും നശിച്ച്, ദർപ്പം പോയി, പേടിച്ചു വിറച്ചു ഹതനാകുന്ന സമയത്ത് ആ മന്ദബുദ്ധിയായ ദുര്യോധനൻ വ്യസനിക്കും.

പൂർവ്വാഹ്നത്തിൽ ആചമനവും ജപവും കഴിഞ്ഞു നില്ക്കുന്ന ഒരു വിപ്രൻ ഇപ്രകാരം എന്നോടു പറഞ്ഞു: 'ഹേ. അർജ്ജുനാ, ഭവാനു ശത്രുക്കളോടു ഭയങ്കരമായി യുദ്ധംചെയ്യേണ്ടതുണ്ട്. അതിൽ വജ്രഹസ്തനും ശത്രുനാശനനുമായ ഇന്ദ്രൻ ഭവാന്റെ മുന്നിലും സുഗ്രീവയുക്തമായ രഥത്തിൽ വാസുദേവൻ പിന്നിലും നിന്നു ഭവാനെ രക്ഷിക്കുമാറാകട്ടെ!' ഇങ്ങനെ അദ്ദേഹം എന്നെ അനുഗ്രഹിച്ചു. ഈ യുദ്ധത്തിൽ വാസുദേവനെ സഹായിയായി ഞാൻ മഹേന്ദ്രനിൽനിന്നു വരിച്ചതാണ്. ദസ്യുവധത്തിന്നാണ് എനിക്കു കൃഷ്ണനെ ലഭിച്ചത്. അത് ദൈവഹിതമാണെന്നു ഞാൻ വിശ്വസിക്കുന്നു. കൃഷ്ണൻ യുദ്ധം ചെയ്തില്ലെങ്കിലും അദ്ദേഹം ആർക്ക് വിജയം സങ്കല്പിക്കുന്നുവോ, അവൻ ഇന്ദ്രാദി ദേവന്മാർ ഉൾപ്പെടെ സകല ശത്രുവിനേയും ജയിക്കും. തേജസ്വിയും അത്യന്തശൂരനുമായ കൃഷ്ണനെ യുദ്ധത്തിൽ ജയിക്കാമെന്നു വിചാരിക്കുന്നവൻ കരകാണാസാഗരത്തെ കൈകൊണ്ടു തുഴഞ്ഞുകടക്കുവാൻ ആഗ്രഹിക്കുന്നവനാണ്! മഹത്തായ ശ്വേതശൈലത്തെ കൈകൊണ്ടു തല്ലിത്തകർക്കുവാൻ ശ്രമിക്കുന്നവനാണ്! എന്തായിരിക്കും അതിന്റെ ഫലം? നഖങ്ങളോടുകൂടി അവന്റെ കൈ തകർന്നുപോവുകയായിരിക്കും അതിന്റെ ഫലം! മലയ്ക്ക് യാതൊരു ഹാനിയും അതുകൊണ്ടു ഭവിക്കുകയില്ല! ആ മൂഢൻ കത്തുന്ന തീയ് കൈകൊണ്ടു തല്ലിക്കെടുത്തുവാൻ ശ്രമിക്കും! സൂര്യചന്ദ്രന്മാരെ തടുത്തുനിർത്തുവാൻ നോക്കും! ദേവന്മാരോട് ഏറ്റ് അമൃതം ഹരിക്കുവാനായി അവൻ മുതിർന്നേക്കും. കൃഷ്ണനെ പോരിൽ ജയിക്കുവാൻ കൊതിക്കുന്ന മൂഢൻ ഇതൊക്കെ ചെയ്തേക്കും!

കൃഷ്ണൻ ഏകരഥത്തിൽ ഭോജന്മാരോടെതിർത്തു ജയിച്ച് യശസ്വിനിയായ രുക്മിണിയെ ഭാര്യയാക്കി വേട്ടു. അവൾക്കു പിറന്നവനായ ആ മഹാത്മാവായ രൗഗ്മിണേയൻ ഗാന്ധാരന്മാരെ തകർത്തു. നഗ്നജിത്തിന്റെ സകല പുത്രന്മാരേയും അവൻ ജയിച്ചു. ബന്ധനസ്ഥനായിരുന്ന ദേവാർച്ച്യനായ സുദർശനന്ന് മോചനം നല്കി. അവൻ വാതിൽപ്പലകകൊണ്ട് പാണ്ഡ്യനെ അടിച്ചുകൊന്നു. കലിംഗരെ യുദ്ധത്തിൽ ജയിച്ചു. കാശി ചുട്ടുപൊരിക്കുകയാൽ വളരെക്കാലം അവിടെ രാജാവില്ലാതായി. അജയ്യനാണെന്നു കരുതിയിരുന്ന നിഷാദരാജാവായ ഏകലവ്യനെ, ശൈലംകൊണ്ട് ജംഭനെയെന്നവിധം കൃഷ്ണൻ സംഹരിച്ചതും ദുഷ്ടാത്മാവായ ഉഗ്രസേനപുത്രൻ (കംസൻ) വൃഷ്ണ്യന്ധകന്മാരോടുകൂടി സഭയിൽ കയറിയിരിക്കുന്ന സന്ദർഭത്തിൽ ബലരാമനോടുകൂടെ ചെന്നു കൊന്നുവീഴ്ത്തിയതും ഉഗ്രസേനനു രാജ്യം നല്കിയതും ആകാശത്ത് സൗഭത്തിൽ കയറിവന്ന മായാഭയങ്കരനായ ശാല്വനോടു പോരാടിയതും സൗഭദ്വാരത്തിലൂടെ വിട്ട ശതഘ്നി കൈകൊണ്ടു പിടിച്ചതുമൊക്കെ ചിന്തിക്കുമ്പോൾ ഇന്ന് ഈ ലോകത്ത് അവനോടെതിർക്കുവാൻപോന്നവർ ആരുണ്ട്? ആരുമില്ല!

ഘോരവും അസഹ്യവും ദുർഗ്ഗമവുമായ അസുരപുരമാണല്ലോ പ്രാക്ജ്യോതിഷം. അവിടെ വാണിരുന്ന ഭൂമിപുത്രനായ നരകൻ അദിതിയുടെ ശോഭനമായ മണികുണ്ഡലങ്ങൾ അപഹരിക്കുകയുണ്ടായി. മൃത്യുഭയമില്ലാത്ത ഇന്ദ്രാദിദേവകൾക്കുപോലും അവനെ ജയിക്കുവാൻ കഴിഞ്ഞില്ല. അവർ കൃഷ്ണന്റെ സ്വഭാവവും വിക്രമവും ദുർന്നിവാരമായ അസ്ത്രബലവും കണ്ട് അദ്ദേഹത്തെ ദസ്യുവധത്തിനായി നിയോഗിച്ചു. കാര്യസിദ്ധിക്കായി യത്നിക്കുന്നതിൽ സമർത്ഥനായ വാസുദേവൻ ആ ദുഷ്കരമായ കർമ്മം അംഗീകരിച്ച് അസുരപുരരക്ഷകരായ എഴുന്നൂറുപേരെ കൊന്ന് ലോഹമയമായ പാശങ്ങൾ അറുത്ത് അകത്തു പ്രവേശിച്ചു. മുരനേയും ഓഘനേയും വധിച്ചു. ആ രാക്ഷസരെ കൊന്നതിനുശേഷം മഹാബലനായ നരകനോടെതിർത്തു. കൊടുങ്കാറ്റിൽ വീണ കൊന്നപോലെ ഭൗമൻ കൃഷ്ണനാൽ വീഴ്ത്തപ്പെട്ടു. അങ്ങനെ മുരനേയും നരകനേയും കൊന്ന് മണികുണ്ഡലങ്ങൾ വീണ്ടെടുത്ത് ശ്രീയാലും യശസ്സാലും ലാളിതനായി അപ്രതിമപ്രഭാവനായ കേശവൻ തിരിച്ചുപോന്നു. യുദ്ധത്തിൽ ഭീമകർമ്മം ചെയ്തതുകണ്ട് ഇനി ഏതു യുദ്ധത്തിലും ഒരിക്കലും തളരുന്നതല്ലെന്നും ആകാശത്തിലും ജലത്തിലും സഞ്ചരിക്കുവാൻ കഴിയുമെന്നും ദേഹത്തിൽ ശസ്ത്രങ്ങളേൽക്കുന്നതല്ലെന്നും ദേവന്മാർ കൃഷ്ണനു വരംനല്കി കൃതാർത്ഥനാക്കി.

ഇപ്രകാരം അനന്തവീര്യനും, അപ്രമേയനും, മഹാബലനും ഗുണസമ്പന്നനുമായ വാസുദേവനെയാണ് ദുര്യോധനൻ ജയിക്കുവാൻ വിചാരിക്കുന്നത്. ആ ദുരാത്മാവിന്റെ ഈ വിചാരം തനിക്കറിയാമെങ്കിലും അത് കൃഷ്ണൻ സഹിക്കുന്നത് ഞങ്ങളെ ഓർത്തിട്ടാണ്. എന്നോടും കൃഷ്ണനോടും എതിർത്തു നില്ക്കാവുന്നവരുണ്ടെങ്കിൽ അവർക്കു പാണ്ഡവധനം ഹരിക്കുവാൻ കഴിയും. അതു യുദ്ധമുണ്ടായാൽ അപ്പോൾ കാണാവുന്നതാണ്.

ഭീഷ്മനേയും ദ്രോണനേയും അശ്വത്ഥാമാവിനേയും, കൃപനേയും ധൃതരാഷ്ട്രനേയും നമസ്കരിച്ചിട്ട് രാജ്യത്തിന്നായി ഞാൻ യുദ്ധത്തിൽ ഏർപ്പെടും. പാണ്ഡവന്മാരോടു പൊരുതുന്ന ആ പാപബുദ്ധിയെ കൊല്ലുന്നത് ധർമ്മ്യമായ കർമ്മമാണ്. ആ നൃശംസന്മാർ കള്ളച്ചൂതിൽ തോല്പിക്കുകയാൽ പന്ത്രണ്ടുസംവത്സരം കാട്ടിൽ പാർത്തവരാണ് ഈ രാജപുത്രന്മാർ. വളരെക്കാലം കഷ്ടപ്പെട്ട് കാട്ടിൽ വസിച്ചതിന്നുശേഷം ഒരു വർഷം അജ്ഞാതവാസവും കഴിച്ചു. ആ പാണ്ഡവന്മാർ ജീവനോടുകൂടി ഇരിക്കുന്ന കാലത്തോളം ധാർത്തരാഷ്ട്രന്മാർക്ക് ഇനി സന്തോഷിച്ചിരിക്കുവാൻ സാധിക്കുമോ?

മഹേന്ദ്രൻ തുടങ്ങിയവർതന്നെ സഹായിച്ചാലും അവർ ഞങ്ങളോടു യുദ്ധംചെയ്തു ജയിക്കുമെന്ന് ആഗ്രഹിക്കയേ വേണ്ട. എന്തുകൊണ്ടെന്നാൽ അവരാണ് ജയിക്കുന്നതെങ്കിൽ ധർമ്മത്തേക്കാൾ ശ്രേഷ്ഠം അധർമ്മമാണെന്നു വന്നുകൂടും! സല്ക്കർമ്മങ്ങൾ നിഷ്ഫലങ്ങളാണെന്നും പുരുഷൻ കർമ്മബദ്ധനല്ലെന്നും വന്നുകൂടും. ഞങ്ങൾ പരാജിതരാകുമെങ്കിൽ ഞങ്ങൾ ചെയ്ത കർമ്മങ്ങളൊന്നും വിശിഷ്ടകർമ്മങ്ങളല്ല എന്നു ലോകം വിധിക്കുകയും ചെയ്യും! ദുര്യോധനനെ കൂട്ടത്തോടെ ഹനിക്കുവാൻ ഞാനും വാസുദേവനും ആശിക്കുന്നുമുണ്ട്.

യുധിഷ്ഠിരൻ ചെയ്ത പുണ്യകർമ്മങ്ങൾ പാഴിലാവുകയില്ലെങ്കിൽ, പുണ്യകർമ്മത്തിന്നു ഫലമില്ലാതെ വരികയില്ലെങ്കിൽ, മനുഷ്യർ കർമ്മബദ്ധരാണെങ്കിൽ, ദുര്യോധനന്റെയും ഞങ്ങളുടെയും നടപടിനോക്കിയാൽ ആ ധാർത്തരാഷ്ട്രന്ന് പരാജയമേ ഉണ്ടാവുകയുള്ളു എന്ന് നിശ്ചയിക്കാം. നിങ്ങൾ യുദ്ധത്തിന്നിറങ്ങിയാൽ പിന്നെ, നിങ്ങളിൽ ആരും ബാക്കിയാവില്ലെന്ന് ഞാൻ കൗരവന്മാരോടു തുറന്നു പറഞ്ഞുകൊള്ളുന്നു. യുദ്ധം കൂടാതെ കഴിച്ചാൽ കൗരവന്മാർക്കു ജീവിക്കാം. പോരാടിയാൽ ഒറ്റയെണ്ണം അവശേഷിക്കുകയുമില്ല അവരിൽ. കർണ്ണനോടുകൂടെ ധാർത്തരാഷ്ട്രന്മാരെയെല്ലാം കൊന്ന് കൗരവരാജ്യം മുഴുവൻ ഞാൻ പിടിച്ചടക്കും. നിങ്ങൾക്ക് ഇഷ്ടമേതോ അതു ചെയ്തുകൊള്ളുക. പ്രിയപ്പെട്ട ഭാര്യമാരോടുകൂടി സുഖഭോഗങ്ങളെ അനുഭവിച്ച് ജീവിക്കുവാൻതക്കവണ്ണം എന്തുവേണമോ അത് കൗരവന്മാർ ചിന്തിച്ചുചെയ്തുകൊള്ളട്ടെ!

ജ്യോതിസ്സുകളുടെ ഗതി, നക്ഷത്രയോഗം, ദേവയുക്തമായ രഹസ്യം, ദിവ്യപ്രശ്നം, മൃഗചക്രം, മുഹൂർത്തം ഇവയെല്ലാം അറിയുന്നവരും, ശീലവാന്മാരും, കുലീനരും, വൃദ്ധരും, പഠിച്ചവരുമായ ദ്വിജന്മാർ ഞങ്ങളുടെ സമീപത്ത് അധിവസിക്കുന്നു. അവർ ജ്യോതിഷത്തെ അവലംബിച്ചു മഹാക്ഷയം കുരുസൃഞ്ജയന്മാർക്കു വരുമെന്നും പ്രവചിക്കുന്നു. പാണ്ഡവന്മാർക്ക് വിജയത്തേയും പ്രവചിക്കുന്നു. ശത്രുക്കളെ നിഗ്രഹിച്ചു താൻ സിദ്ധാർത്ഥനാകുമെന്ന് അജാതശത്രു വിചാരിക്കുന്നു. അത് കൃഷ്ണനും തന്റെ ദിവ്യദൃഷ്ടികൊണ്ടു നിസ്സംശയം കാണുന്നുണ്ട്. ഭാവിരൂപം സ്വബുദ്ധിയാൽ ലേശവും പിഴയ്ക്കാതെ കണ്ടുകൊണ്ടിരിക്കുന്നവൻതന്നെയാണ് ഞാനും. യോഗപ്രഭാവം

digitized by www.sreyas.in

ചേർന്ന ദൃഷ്ടി എനിക്കു തിരസ്കൃതമല്ല. യുദ്ധം വന്നുചാടുകയേ വേണ്ടൂ പിന്നെ, ധാർത്തരാഷ്ട്രന്മാർ ഈ ലോകത്തിലില്ല.

പിടിക്കാതെതന്നെ ഗാണ്ഡീവം ജൃംഭിക്കുന്നു. വലിക്കാതെ തന്നെ ഞാൺ വിറകൊള്ളുന്നു. ആവനാഴിവിട്ട് അമ്പുകൾ വീണ്ടും വീണ്ടും ഉയർന്നുവരുന്നു. സർപ്പം സ്വയം ഉറയൂരുന്നതുപോലെ ഉറയിൽനിന്നു വാൾ തനിയെ പുറത്തേക്കു കുതിക്കുന്നു. ധ്വജം ശബ്ദിക്കുന്നു, 'കിരീടീ, നിന്റെ തേര് എന്നാണ് പാടുന്നത്?' എന്ന്.

കുറുക്കന്മാർ ഓരിയിടുന്നു; രാവിൽ ആകാശംവിട്ട് ആശരന്മാർ ചാടിയെത്തുന്നു. വെള്ളക്കുതിരകൾ പൂട്ടിയ രഥം കാണുമ്പോൾ മാനുകൾ, കുറുക്കന്മാർ, മയിലുകൾ, കാക്കകൾ, കൊറ്റികൾ, കോഴികൾ, വ്യാഘ്രങ്ങൾ, പരുന്തുകൾ എന്നിവ കൂട്ടമായി ആ രഥത്തിന്റെ പിന്നാലെ പാഞ്ഞു പറന്നുവരികയും ചെയ്യുന്നു. ഈ നിമിത്തങ്ങൾകൊണ്ട് ഘോരമായ യുദ്ധം സമീപിച്ചിരിക്കുന്നതായി ഞാൻ കാണുന്നു.

എന്നോടെതിർക്കുന്ന രാജയോധന്മാരെയൊക്കെ ബാണം വർഷിച്ച് കാലപുരിയിലേക്ക് അയയ്ക്കുവാൻ ഞാനൊറ്റയ്ക്കുമതി. എന്റെ ബാണങ്ങൾ വേനൽക്ക് കാട്ടിൽ എത്തുന്ന അഗ്നിപോലെയാണ്. സ്തൂണാകർണ്ണം, പാശുപതം, ഇന്ദ്രൻ നല്കിയ മഹാസ്ത്രങ്ങൾ എന്നിവകൊണ്ടു ശത്രുവധത്തിന്ന് ഒരുങ്ങി ഞാൻ പ്രയോഗമാരംഭിച്ചാൽ പിന്നെ ഇവിടെ ആരും ശേഷിക്കുകയില്ല. എല്ലാം ഒടുങ്ങിക്കഴിഞ്ഞേ ഞാൻ അടങ്ങുകയുള്ളു. സഞ്ജയാ, അവനോടു പറഞ്ഞേക്കൂ! ഇന്ദ്രാദിദേവന്മാർ കൂട്ടത്തോടെ എതിർത്തുവന്നാൽപ്പോലും അവരെയെല്ലാം തുലച്ചു വിടുവാൻ കഴിവുള്ളവരോടാണോ ധാർത്തരാഷ്ട്രൻ കലഹത്തിനൊരുങ്ങുന്നത്? ഹേ, ഗാവൽഗണേ, അവന്റെ മൂഢത നോക്കൂ!

വൃദ്ധനായ ഭീഷ്മൻ, ദ്രോണൻ, കൃപൻ, അശ്വത്ഥാമാവ്, ബുദ്ധിശാലിയായ വിദുരൻ എന്നിവർ പറയുന്നതെന്തോ, അതു കേട്ട് അപ്രകാരം നടന്നാൽ കുരുക്കൾക്ക് ആയുസ്സോടുകൂടി ജീവിക്കാം. ഇടഞ്ഞാൽ രക്ഷയുണ്ടാകുകയില്ലെന്നു ധരിക്കട്ടെ." ഇങ്ങനെയാണ് അർജ്ജുനൻ പറഞ്ഞത്.

49. ഭീഷ്മദ്രോണവാക്യം - ഭീഷ്മൻ ദുര്യോധനനോട് ശ്രീകൃഷ്ണാർജ്ജുനന്മാരുടെ മാഹാത്മ്യം പറഞ്ഞുകേൾപ്പിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "ആ രാജാക്കന്മാരെല്ലാം നിരന്നിരിക്കുന്ന സഭയിൽ ഭീഷ്മൻ ദുര്യോധനനോട് ഇപ്രകാരം പറഞ്ഞു:

'ഹേ, ദുര്യോധനാ! അർജ്ജുനവാക്യം സഞ്ജയനിൽനിന്ന് അറിഞ്ഞുവല്ലോ. ഇനി ഞാൻ ഒരു സംഭവത്തെക്കുറിച്ച്, ഉണ്ണിയുടെ അറിവിന്നായി പറഞ്ഞുതരാം.

പണ്ട് ബൃഹസ്പതി, ശുക്രൻ, മഹേന്ദ്രനോടുകൂടെ മരുത്തുക്കൾ, അഗ്നിയോടുകൂടെ വസുക്കൾ, ആദിത്യന്മാർ, സാദ്ധ്യന്മാർ, സപ്തർഷികൾ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ എന്നിവർ ലോകവൃദ്ധപിതാമഹനായ ബ്രഹ്മാവിന്റെ ചുറ്റുംനിന്നു കുമ്പിട്ട് ഉപാസിക്കുന്ന അവസരത്തിൽ തങ്ങളുടെ മനസ്സും തേജസ്സും ഓജസ്സിൽ അടക്കിക്കൊണ്ട് അവരെ അതിക്രമിച്ചു പൂർവ്വദേവന്മാരായ നരനാരായണർഷിമാർ ആ വഴിക്കു കടന്നുപോയി. ഉടനെ ബൃഹസ്പതി ബ്രഹ്മാവിനോടു ചോദിച്ചു: 'ഹേ, പിതാമഹാ, അങ്ങയേയുംകൂടി വണങ്ങാതെ ഈ കടന്നുപോയവർ ആരാണ്?"

ബ്രഹ്മാവ് പറഞ്ഞു: "ആകാശത്തേയും ഭൂമിയേയും ഒരുപോലെ പ്രകാശിപ്പിച്ച് ഏറ്റവും ജ്വലിക്കുന്ന മഹാബലന്മാരായ ഈ തപസ്വികൾ നരനാരായണന്മാരാണ്. ഇവർക്ക് ഏതു ലോകത്തിലും ചെല്ലാം. സ്വന്തം തപസ്സാൽ ഊർജ്ജിതന്മാരും മഹാസത്വപരാക്രമന്മാരുമായ ഇവർ സ്വകർമ്മങ്ങളാൽ ലോകത്തെ ആനന്ദിപ്പിക്കുന്നവരാണ്. ഹേ, വിപ്രാ! ഇവർ പരന്തപന്മാരും മഹാപ്രാജ്ഞന്മാരും ദേവഗന്ധർവ്വപൂജിതന്മാരുമാണ്. ഇവർ അസുരധ്വംസനാർത്ഥം രണ്ടായി പിരിഞ്ഞു നില്ക്കുന്നവരാണ്."

വൈശമ്പായനൻ പറഞ്ഞു: "ബ്രഹ്മാവ് ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ അവർ തപസ്സുചെയ്യുന്നിടത്തേക്കു ശതക്രതു ബൃഹസ്പതിയെ പുരസ്കരിച്ചു സർവ്വദേവന്മാരോടും കൂടി ചെന്നു. അന്ന് മഹാഭയങ്കരമായ ദേവാസുരയുദ്ധം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിൽ ദേവന്മാരെ സഹായിക്കണമെന്ന് ഇന്ദ്രൻ നരനാരായണന്മാരോട് വരപ്രാർത്ഥന ചെയ്തു. അപ്രകാരം ആകാമെന്ന് ആ മഹാത്മാക്കൾ വരം നല്കുകയും ചെയ്തു. അതിന്നുശേഷം അവർ പലപ്രാവശ്യവും ദൈത്യന്മാരെ നശിപ്പിക്കുകയുണ്ടായി. അവരുടെ സാഹായ്യത്താലാണ് ഇന്ദ്രൻ വിജയിയായത്. പരന്തപനായ നരൻ പോരിൽ ഇന്ദ്രന്റെ ശത്രുക്കളായ നൂറായിരത്തിൽപ്പരം പൗലോമകാലകേയന്മാരെ കൊന്നൊടുക്കി. ഇവർ ചുറ്റിക്കൊണ്ടിരിക്കുന്ന രഥത്തിൽ നിന്നുകൊണ്ട് നരൻ, തന്നെ വിഴുങ്ങുവാൻ വന്ന ജംഭനെ തലയറുത്തു വീഴ്ത്തി. കടലിന്റെ അക്കരയിൽച്ചെന്ന് ഹിരണ്യപുരം തകർത്തുകളഞ്ഞു. അറുപതിനായിരം നിവാതകവചകാലകേയന്മാരെ ജയിച്ചു. നാരായണനും ഇപ്രകാരം ബഹുസഹസ്രം ദൈത്യന്മാരെ വധിച്ചിട്ടുണ്ട്.

ആ മഹാവീര്യന്മാരാണ് ഈ വാസുദേവാർജ്ജുനന്മാർ എന്നു ധരിക്കണം. ഇന്ദ്രാദിദേവന്മാരെ ജയിച്ച് അർജ്ജുനൻ അഗ്നിയെ തർപ്പണം ചെയ്തത് ഉണ്ണി ഓർക്കുന്നുണ്ടോ? അർജ്ജുനൻ നരനും കൃഷ്ണൻ നാരായണനുമാണ്. സുരാസുരന്മാർക്കുപോലും അവരെ ജയിക്കുവാൻ കഴിയുകയില്ല. ഒരേ സത്വത്തിന്റെ രണ്ടുപിരിവുകളാണ്. കർമ്മംകൊണ്ട് ഇവർ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു. ഇവരുടെ കർത്തവ്യം യുദ്ധമാണെന്നും, ഇവർ അക്ഷയലോകങ്ങൾ കർമ്മംകൊണ്ടു നേടിയവരാണെന്നും, ഇവർ യുദ്ധകാലത്തിൽ അതാതിടത്തു വീണ്ടും വീണ്ടും വന്ന് പിറക്കുമെന്നും യുദ്ധം ചെയ്യുമെന്നും നാരദൻ പറഞ്ഞുകേട്ടിട്ടുണ്ട്. സനാതനന്മാരും മഹാത്മാക്കളുമായ കൃഷ്ണന്മാർ ഒരേ രഥത്തിൽ സ്ഥിതിചെയ്യുന്നതും, ശംഖ ചക്ര ഗദാധരനായി കൃഷ്ണൻ ശോഭിക്കുന്നതും ഭീമധന്വാവായ അർജ്ജുനൻ അസ്ത്രങ്ങളെടുത്തു പെരുമാറുന്നതും കാണുമ്പോൾ എന്റെ വാക്ക് ഉണ്ണി ഓർക്കാതിരിക്കയില്ല. കൗരവന്മാർക്ക് നാശകാലം സമീപിച്ചിട്ടില്ലെങ്കിൽ, അർത്ഥധർമ്മങ്ങളിൽനിന്നും ഉണ്ണിയുടെ ബുദ്ധി തെറ്റുന്നതല്ല. എന്റെ ഈ വാക്ക് നീ കേൾക്കാതിരുന്നാൽ പിന്നെ പലരും മരിച്ചുപോകുന്നതായി നീ കേൾക്കും. നിന്റെ മതമെന്തോണെന്നു കേൾക്കുവാൻ കുരുക്കളൊക്കെ കാത്തിരിക്കുകയാണ്. നീയാണെങ്കിൽ മൂന്നുപേരുടെ അഭിപ്രായം മാത്രം സ്വീകരിച്ചുകൊണ്ടു നില്ക്കുകയാണ്. രാമൻ ശപിച്ചു വിട്ടവനും, നീചബുദ്ധിയും, സൂതപുത്രനുമായ കർണ്ണന്റെ വാക്ക് നിനക്കു നന്മ ചെയ്യുകയില്ല. പിന്നെ ശകുനിയുടെ കാര്യം പറയുവാനുമില്ല. ക്ഷുദ്രനും പാപിയുമായ ദുശ്ശാസനൻ പറയുന്നതും നീ അനുസരിക്കരുത്."

കർണ്ണൻ പറഞ്ഞു: "ആയുഷ്മാനായ പിതാമഹാ, ഭവാൻ എന്നെപ്പറ്റി ഇപ്രകാരം പറയുന്നതിൽ വ്യസനിക്കുന്നു. ഞാൻ സ്വധർമ്മം തെറ്റിക്കാതെ ക്ഷത്രധർമ്മത്തിൽ നില്ക്കുന്നവനാണ്. എന്നെ നിന്ദിക്കുവാൻ തക്കതായ അപരാധം എന്താണു ഞാൻ ചെയ്തിട്ടുള്ളത്? ധാർത്തരാഷ്ട്രന്മാർ ആരും എന്നിൽ ഒരു കുറ്റവും കാണുന്നില്ല. ധാർത്തരാഷ്ട്രന്മാർക്കു ഞാൻ ഒരിക്കലും ഒരു കുറ്റവും ചെയ്തിട്ടുമില്ല. യുദ്ധത്തിന്നുവരുന്ന സകല പാണ്ഡവന്മാരേയും ഞാൻ വധിക്കും. മുമ്പെ പിണങ്ങിയ സത്തുക്കൾ പിന്നെ എങ്ങനെയാണ് ഇണങ്ങുക? രാജാവായ ധൃതരാഷ്ട്രന്ന് ഞാൻ പ്രിയം ചെയ്യേണ്ടതാണ്. ദുര്യോധനന്നും ഞാൻ പ്രിയം ചെയ്യണം. അദ്ദേഹമാണല്ലോ രാജ്യം ഭരിക്കുന്നത്."

വൈശമ്പായനൻ പറഞ്ഞു: "കർണ്ണൻ പറഞ്ഞതുകേട്ട് ഭീഷ്മൻ ധൃതരാഷ്ട്രരാജാവിനെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:

ഭീഷ്മൻ പറഞ്ഞു: 'ഈ കർണ്ണൻ എപ്പോഴും പറയാറുണ്ട്. 'ഞാൻ പാണ്ഡവന്മാരെയൊക്കെ കൊല്ലും' എന്ന്. മഹാത്മാരായ പാണ്ഡവന്മാരുടെ പതിനാറിലൊരംശത്തിന്നുപോലും യോഗ്യത ഇവനില്ല. ദുഷ്ടന്മാരായ നിന്റെ പുത്രന്മാർക്ക് എല്ലാ ആപത്തും

digitized by www.sreyas.in

വരുത്തിവെക്കുന്നത് ഈ സൂതപുത്രന്റെ പണിയാണെന്ന് നീ ധരിക്കണം. ഇവനെ ആശ്രയിച്ചാണ് നിന്റെ പുത്രനായ ആ വിഡ്ഢി, സുയോധനൻ, വീരന്മാരായ, വൈരിനാശനന്മാരായ, ആ ദേവപുത്രന്മാരെ അവമാനിച്ചത്. പാണ്ഡവന്മാരിൽ ഓരോരുത്തരും മുമ്പു ചെയ്തവിധമുള്ള ദുഷ്കരക്രിയ എന്തെങ്കിലും ഈ പൊങ്ങച്ചം പറയുന്നവൻ മുമ്പു ചെയ്തിട്ടുണ്ടോ? വിരാടനഗരത്തിൽവെച്ച് തന്റെ പ്രിയപ്പെട്ട അനുജനെ അർജ്ജുനൻ കൊല്ലുന്നതു കണ്ടപ്പോൾ ഇവൻ എന്തുചെയ്തു? കുരുക്കളോടൊക്കെ ഏറ്റ് എതിർത്തു ധനഞ്ജയൻ തോല്പിച്ച് വസ്ത്രങ്ങൾ എല്ലാം നേടിയപ്പോൾ ഇവൻ എവിടെപ്പോയിരുന്നു? നാടുവിട്ടു പോയിരുന്നോ? നിന്റെ മക്കളെയൊക്കെ ഘോഷയാത്രയിൽ ഗന്ധർവ്വന്മാർ പിടിച്ചുകെട്ടിക്കൊണ്ടുപോയപ്പോൾ, ഇപ്പോൾ കാളയായി, വൃഷമായി, മുക്രയിട്ട് മദിച്ചുനില്ക്കുന്ന ഇവൻ, ഈ സൂതപുത്രൻ, അന്ന് എവിടെപ്പോയി? എന്നാൽ അപ്പോൾ ഭീമനും, മഹാത്മാവായ പാർത്ഥനും, യമന്മാരും എതിർത്തിട്ടല്ലേ ഗന്ധർവ്വന്മാരെ ജയിച്ചത്? ഇവന്റെ പാഴ്‌വാക്കുകൾ ധർമ്മലോപിയുടെ മേനിവാക്കുകളാണെന്ന് ഇനിയെങ്കിലും ധരിക്കുക." ഭീഷ്മൻ പറഞ്ഞതുകേട്ട് മഹാശയനായ ദ്രോണൻ രാജമദ്ധ്യത്തിൽ ധൃതരാഷ്ട്രനെ മാനിച്ച് ഇപ്രകാരം പറഞ്ഞു:

ദ്രോണൻ പറഞ്ഞു: "ഭാരതശ്രേഷ്ഠനായ ഭീഷ്മൻ പറഞ്ഞതിനെ ഭവാൻ അനുസരിക്കുക. ദ്രവ്യലോഭികൾ പറയുന്ന ഇഷ്ടവാക്കുകൾ കേൾക്കരുത്. യുദ്ധത്തിന്നുമുമ്പെ പാണ്ഡവന്മാരുമായി സന്ധി ചെയ്യുകയാണു വേണ്ടതെന്ന് ഞാൻ കാണുന്നു. അർജ്ജുനൻ പറഞ്ഞ വാക്കുകൾ സഞ്ജയൻ പറഞ്ഞ് ഭവാൻ കേട്ടുവല്ലോ? ആ പറഞ്ഞതൊക്കെ യഥാർത്ഥമാണെന്നും, അതൊക്കെ പറഞ്ഞതുപോലെ ചെയ്യുവാൻ അർജ്ജുനൻ പോന്നവനാണെന്നും എനിക്കറിയാം. മൂന്നുലോകത്തിലും അവനോടു തുല്യനായി ഒരു പോരാളിയും ഇല്ല."

സാരഗർഭമായ ഭീഷ്മന്റേയും ദ്രോണന്റേയും വാക്കുകൾ കേൾക്കാതെ ധൃതരാഷ്ട്രൻ വീണ്ടും സഞ്ജയനോട് പാണ്ഡുപുത്രന്മാരെപ്പറ്റി ചോദിക്കുകയാണു ചെയ്തത്. ഇതു കേട്ടതോടുകൂടി അപ്പോൾത്തന്നെ കുരുക്കൾക്ക് ജീവിതാശ നശിച്ചുപോയി. ഇനി രക്ഷയില്ല എന്ന് തീർച്ചയാക്കി. (കാരണം ഭീഷ്മദ്രോണന്മാരുടെ വാക്യത്തെ കേട്ട് അഭിനന്ദിക്കാതെ ധൃതരാഷ്ട്രൻ, "പിന്നെ പാണ്ഡവന്മാർ എന്തു പറഞ്ഞു?" എന്ന് ആ ഭാഗം മറച്ച് മറ്റുമാർഗ്ഗത്തിലേക്കു കടക്കുകയാണല്ലോ ചെയ്തത്!)

50. സഞ്ജയവാക്യം - സഞ്ജയൻ ഭീമാദികളുടേയും പാണ്ഡവസഹായികളുടേയും പരാക്രമം ധൃതരാഷ്ട്രനെ ഗ്രഹിപ്പിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ സഞ്ജയാ, ഭവാനോട് യുധിഷ്ഠിരൻ എന്താണു പറഞ്ഞത്? വളരെ സൈന്യങ്ങൾ, യുദ്ധം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്ന യുധിഷ്ഠിരന്റെ പ്രീതിക്കായി വന്നുചേർന്നിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മട്ടും മാതിരിയും എങ്ങനെ? ഭ്രാതൃപുത്രന്മാരിൽ എപ്പോഴും യുധിഷ്ഠിരന്റെ ആജ്ഞ കേൾക്കുവാൻ മുഖത്ത് നോക്കിക്കൊണ്ടു നില്ക്കുന്നവർ ആരാണ്? മന്ദബുദ്ധികൾ വല്ലതുമൊക്കെ പറഞ്ഞുകൊടുത്ത് ചൊടിപ്പിച്ചിരിക്കയാണ്! ധർമ്മജ്ഞനും ധർമ്മചാരിയുമായ അദ്ദേഹത്തെ 'യുദ്ധത്തിൽനിന്ന് പിൻമടങ്ങുക'യെന്ന് ഉപദേശിക്കുവാൻ വല്ലവരുമുണ്ടോ?"

സഞ്ജയൻ പറഞ്ഞു: "പാഞ്ചാലന്മാരും പാണ്ഡവന്മാരും ഒന്നിച്ച് എപ്പോഴും യുധിഷ്ഠിരന്റെ മുഖം നോക്കിക്കൊണ്ടു നില്ക്കുന്നു. അവരെയെല്ലാം യുധിഷ്ഠിരനാണ് ശാസിച്ച് നടത്തുന്നത്. പാഞ്ചാലന്മാരുടെയും പാണ്ഡവന്മാരുടേയും രഥസമൂഹങ്ങൾ, അവിടെ വരുന്ന യുധിഷ്ഠിരനെ തിരിഞ്ഞുനിന്ന് അഭിവന്ദിക്കുന്നു. ആകാശത്തിൽ ഉദിച്ചുയരുന്ന ആദിത്യനെപ്പോലെയാണ് പാഞ്ചാലന്മാർക്ക് ദീപ്തതേജസ്വിയായ യുധിഷ്ഠിരന്റെ ദർശനം. കേകയന്മാരും മാത്സ്യന്മാരും ആ തേജോരാശിയെ അഭിനന്ദിക്കുന്നു. ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരും അവരുടെ ക്രീഡാലാലസകളായ പുത്രിമാരും യുധിഷ്ഠിരനെക്കാണുവാൻ എപ്പോഴും വന്നുകൊണ്ടിരിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "പാണ്ഡവന്മാർക്ക് നമ്മോടെതിർക്കുവാൻ ധൃഷ്ടദ്യുമ്നന്റേയും സോമകന്മാരുടേയും സൈന്യങ്ങൾ മാത്രമല്ലേയുള്ളു?"

വൈശമ്പായനൻ പറഞ്ഞു: "കൗരവസദസ്സിൽ ഈ ചോദ്യം, അപ്രതീക്ഷിതമായ ഈ ചോദ്യം, കേട്ടപ്പോൾ സഞ്ജയൻ നീണ്ട ഒരു നെടുവീർപ്പിട്ടു. വീണ്ടും ചിന്താന്ധനായ വിധം നിന്നു. ദുർന്നിമിത്തം കണ്ടു. ദൈവകൃതമായ ആ അശുഭസൂചന സൂതപുത്രന്റെ (സഞ്ജയന്റെ) മനസ്സ് കലക്കി; ബോധക്കേടുണ്ടാക്കി. വിദുരൻ രാജാവിനെ ഉണർത്തിച്ചു: 'രാജാവേ, സഞ്ജയൻ ഇതാ ഭൂമിയിൽ മോഹാലസ്യപ്പെട്ടു കിടക്കുന്നു. അവൻ ചേതനകെട്ട് പ്രജ്ഞവിട്ട് ഒന്നും മിണ്ടാൻവയ്യാതെ കിടക്കുകയാണ്!"

ധൃതരാഷ്ട്രൻ പറഞ്ഞു: "ഈ സഞ്ജയൻ, പാവം! അവൻ ആ മഹാവമ്പന്മാരായ, മഹാരഥന്മാരായ, പാർത്ഥന്മാരെക്കണ്ടു പേടിച്ചിരിക്കണം! അതു തീർച്ചയാണ്. ആ നരവ്യാഘ്രന്മാരെ കണ്ടതോടുകൂടി അവനിൽ ഉദ്വേഗമുണ്ടായിരിക്കും."

വൈശമ്പായനൻ പറഞ്ഞു: "സഞ്ജയൻ അല്പം കഴിഞ്ഞു ബോധമുണർന്ന് എഴുന്നേറ്റു. അല്പം ആശ്വസിച്ചതിനുശേഷം ധൃതരാഷ്ട്രരാജാവിനോടു സഭാന്തരത്തിൽ പറയുവാൻ തുടങ്ങി.

സഞ്ജയൻ പറഞ്ഞു: "മത്സ്യരാജഗൃഹത്തിൽ തടവുപുള്ളികൾ പോലെ പാർത്തിരുന്നവരാകയാൽ ദേഹം മെലിഞ്ഞനിലയിലാണ് ഞാൻ പാണ്ഡവന്മാരെ കണ്ടത്. പാണ്ഡവന്മാരോടുകൂടി നില്ക്കുന്നവർ ആരൊക്കെയാണെന്നു ഞാൻ പറയാം; ഭവാൻ കേട്ടാലും. വീരനായ ധൃഷ്ടദ്യുമ്നനോടുകൂടി പാണ്ഡവന്മാർ നിങ്ങളോടു യുദ്ധത്തിനു സന്നദ്ധരായിരിക്കുന്നു. രോഷം കൊണ്ടോ, ഭയംകൊണ്ടോ ലോഭംകൊണ്ടോ, അർത്ഥകാരണം കൊണ്ടോ, ഹേതുവാദംകൊണ്ടോ ഒരിക്കലും സത്യം വിടാത്ത ധർമ്മാത്മാവും, ധർമ്മത്തിൽ അടിയുറച്ചു നില്ക്കുന്ന ധാർമ്മികനുമായ അജാതശത്രുവിനെ മുൻനിർത്തി പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി നില്ക്കുന്നു.

ലോകത്തിൽ കൈയൂക്കിന് ആരും എതിരില്ലാത്തവനായ, ധനുർദ്ധരൻ, രാജാക്കന്മാരെയൊക്കെ പാട്ടിലാക്കിയ വീരൻ, കാശിമാഗധകലിംഗവംഗന്മാരെയൊക്കെ ജയിച്ച ആ ഭീമനെ പുരസ്കരിച്ചു പാണ്ഡവന്മാർ നിങ്ങളോട് യുദ്ധസന്നദ്ധരായി നില്ക്കുന്നു. നാലു പാണ്ഡവന്മാരും യാതൊരുത്തന്റെ ഭുജശക്തിയാൽ അരക്കില്ലം വിട്ടു രക്ഷപ്പെട്ടുവോ, ഹിഡിംബാശരനേറ്റപ്പോൾ ആര് ആശ്രയമായി ഭവിച്ചുവോ, പാഞ്ചാലിയെ സിന്ധുരാജാവ് അപഹരിച്ചസമയത്തും അവർക്ക് ആശ്രയമായി ആര് നിന്നുവോ, ആ കുന്തീപുത്രനായ വൃകോദരൻ, വാരണാവതമന്ദിരത്തിൽ ആ പാണ്ഡവന്മാരെയൊക്കെ, ഗൃഹം ദഹിക്കുമ്പോൾ വേർപെടുത്തി രക്ഷിച്ച ആ കുന്തീപുത്രനായ വൃകോദരൻ ഉണ്ടല്ലോ, അവനാൽ പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി നില്ക്കുകയാണ്. കൃഷ്ണയുടെ പ്രീതിക്കുവേണ്ടി വിഷമമായ ഗന്ധമാദനപർവ്വതം കയറുകയും ഇടഞ്ഞുവന്നെതിർത്തവരെയൊക്കെ അടക്കി കൊല്ലുകയും ചെയ്തവൻ ഏവനോ, പതിനായിരം ആനയുടെ ഊക്ക് തന്റെ ബാഹുക്കൾക്കുള്ളവൻ ആരോ, ആ ഭീമസേനനാൽ പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി നില്ക്കുകയാണ്.

കൃഷ്ണനോടു ചേർന്ന് അഗ്നിയുടെ തുഷ്ടിക്കുവേണ്ടി വിക്രമിച്ചു ചെന്ന് എതിർത്തുവന്ന പുരന്ദരനെ ജയിക്കുകയും, സാക്ഷാൽ മഹാദേവനും ഉമാപതിയുമായ ശൂലപാണിയെ യുദ്ധത്തിൽ സന്തോഷിപ്പിക്കുകയും, ലോകപാലകന്മാരെയൊക്കെ വശപ്പെടുത്തുകയും ചെയ്ത ആ ധനഞ്ജയനാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായി നില്ക്കുകയാണ്.

മ്ലേച്ഛന്മാർ നിറഞ്ഞ പടിഞ്ഞാറൻ പ്രദേശങ്ങളെ കീഴടക്കിയ വിചിത്രയോധിയും, ദർശനീയനും, വീരധനുർദ്ധരനുമായ നകുലനാലും, അംഗമഗധകലിംഗകാശി രാജാക്കന്മാരെ പോരാടി

digitized by www.sreyas.in

വെന്ന സഹദേവനാലും, പാണ്ഡവന്മാർ നിങ്ങളോട് എതിർക്കുവാൻ ഒരുങ്ങിനില്ക്കുന്നു. അശ്വത്ഥാമാവ്, ധൃഷ്ടകേതു, രുക്മി, പ്രദ്യുമ്നൻ ഇങ്ങനെ നാലു മഹാരഥന്മാർ സഹദേവനു തുല്യരാണ്. ഇങ്ങനെ വീര്യത്താൽ തുല്യശക്തന്മാരായ അഞ്ച് മഹാരഥന്മാരിൽ ഒരുവനായ സഹദേവനോടു സൂക്ഷിച്ചുവേണം യുദ്ധത്തിനടുക്കുവാൻ. നിങ്ങൾക്ക് അവനുമായുള്ള രണം ദുർഘടമുണ്ടാക്കും.

പണ്ട് സതിയായ കാശിരാജകന്യക ഘോരമായ തപസ്സു ചെയ്തു. മദിച്ചവനായ ഭീഷ്മനെ വധിക്കുവാൻ ഇച്ഛിച്ചാണ് അവൾ തപസ്സുചെയ്തത്. അവൾ വിധിവശാൽ പാഞ്ചാലപുത്രനായി, ഒരു പുരുഷനായി, ജനിച്ചു. ഹേ, നരവ്യാഘ്രാ, സ്ത്രീയുടേയും പുരുഷന്റേയും ഗുണദോഷങ്ങളെ അറിഞ്ഞവനായ, കലിംഗന്മാരുമായി പൊരുതിയ യുദ്ധദുർമ്മദനായ ആ പാഞ്ചാല്യനാൽ, അസ്ത്രജ്ഞനായ ശിഖണ്ഡിയാൽ, പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായി നില്ക്കുന്നു. ഭീഷ്മനെ കൊല്ലുന്നതിനുവേണ്ടി യക്ഷൻ പുരുഷനാക്കിവിട്ട അവനാൽ ആ രൗദ്രവില്ലാളിയാൽ, പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി നില്ക്കുകയാണ്.

കേകയന്മാരായ, അഞ്ചു ഭ്രാതാക്കളായ മഹാരഥന്മാർ, ചട്ട ധരിച്ചവരായ ആ ശൂരന്മാരാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായി നില്ക്കുന്നു. ക്ഷിപ്രാസ്ത്രനും, ദീർഘബാഹുവും, ശ്രുതിമാനും, സത്യവിക്രമനും, വൃഷ്ണിവീരനുമായ സാത്യകിയോട് നിങ്ങൾക്കു യുദ്ധം തീർച്ചയായി; മഹാന്മാരായ പാണ്ഡവന്മാർക്ക് കാലേശരണമായവനായ ആ വിരാടരാജാവിനോട് നിങ്ങൾക്കു യുദ്ധം തീർച്ചപ്പെട്ടു. വാരണാസിയിലുള്ള മഹാരഥനായ കാശിരാജാവ് പാണ്ഡവന്മാരുടെ സുഹൃത്താണ്. അവനാൽ പാണ്ഡവന്മാർ യുദ്ധത്തിനു സന്നദ്ധരായിരിക്കുന്നു.

പാഞ്ചാലീപുത്രന്മാർ പോരിൽ ദുർജ്ജയരാണ്. ആശീവിഷോഗ്രരായ അവരാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായിരിക്കുന്നു. വീര്യത്തിൽ കൃഷ്ണസദൃശനും, ദമത്തിൽ ധർമ്മജോപമനുമായ അഭിമന്യുവിനാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായിരിക്കുകയാണ്.

വീര്യത്തിൽ അതുല്യനായ ധൃഷ്ടകേതു കീർത്തിമാനാണ്. ഒരു അക്ഷൗഹിണിസൈന്യത്തോടുകൂടി പാർത്ഥരെ ആശ്രയിച്ച ശിശുപാലപുത്രനായ അവൻ വീരനായ മഹാരഥനാണ്. പോരിൽ ക്രുദ്ധനായ ആ ചേദിരാജാവിനാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായി നില്ക്കുന്നു.

വാനോർക്ക് ഇന്ദ്രൻ എന്നപോലെ പാണ്ഡുപുത്രന്മാർക്ക് ആശ്രയമായിട്ടുള്ള വാസുദേവനാൽ പാണ്ഡവന്മാർ നിങ്ങളോടു യുദ്ധസന്നദ്ധരായി നില്ക്കുകയാണ്.

ചേദിരാജാവിന്റെ സഹജനായ ശരഭൻ, കരകർഷൻ എന്നിവരാൽ പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി നില്ക്കുന്നു. ജരാസന്ധപുത്രനായ സഹദേവൻ, ജയത്സേനൻ എന്നിവർ പോരിൽ അതുല്യമഹാരഥന്മാരായ വീരന്മാരാണ്. അവരെല്ലാം പാണ്ഡവന്മാർക്കുവേണ്ടി നിങ്ങളോടു യുദ്ധത്തിന്നൊരുങ്ങി നില്ക്കുന്നു.

തേജസ്വിയായ ദ്രുപദനും ധാരാളം സൈന്യങ്ങളോടുകൂടി പാണ്ഡവന്മാർക്കുവേണ്ടി ജീവൻകളഞ്ഞും പോരാടുവാൻ തയ്യാറായിരിക്കുന്നു. ഇവരും മറ്റുപലരും കിഴക്കും വടക്കുമുള്ള രാജാക്കന്മാരിൽ പലരും തയ്യാറായിക്കഴിഞ്ഞു. ആയിരമായിരം സഹായികളോടുകൂടിച്ചേർന്ന് യുധിഷ്ഠിരൻ നിങ്ങളോട് എതിർക്കുവാൻ സന്നദ്ധനായി നില്ക്കുകയാണ്.

51. ധൃതരാഷ്ട്രവാക്യം - ഭീമപരാക്രമനായ ഭീമസേനനെ ഭയപ്പെട്ട് ധൃതരാഷ്ട്രൻ വിലപിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ സഞ്ജയാ, ഭവാൻ പറഞ്ഞ ഇവരെല്ലാം മഹോത്സാഹന്മാർതന്നെയാണ്. അവരെല്ലാം ഒരുഭാഗത്തു ചേർന്നു നിന്നാൽ അവരോടൊപ്പം നില്ക്കുന്നതിനു ഭീമൻ ഒരാൾ മതി. ഭീമസേനനെ ചിന്തിച്ചാണ് എനിക്ക് ഏറ്റവുമധികം ഭയം. ക്രുദ്ധനും അമർഷണനുമായ അവനെ വ്യാഘ്രത്തെ മാൻ എന്നവിധം ഞാൻ ഭയപ്പെടുന്നു. ഞാൻ ചുടുനെടുവീർപ്പിട്ട്, സിംഹത്താൽ പശു എന്ന പോലെ, വൃകോദരനാൽ ഭീതനായ ഞാൻ രാത്രി മുഴുവൻ നിദ്രാഹീനനായി കഴിച്ചുകൂട്ടുന്നു. ശക്രതുല്യതേജസ്വിയായ ആ മഹാബാഹുവിനോട് ഇടഞ്ഞുപോരാടുവാൻ മതിയായ ഒരുത്തനേയും ഈ നമ്മുടെ സൈന്യത്തിൽ കാണുന്നില്ല. അമർഷണനും ദൃഢവൈരനുമാണ് കുന്തീപുത്രനായ വൃകോദരൻ. അമർഷഹാസിയാണ്, കളിയായി ചിരിക്കാത്ത കോപഹാസിയാണ്, ആ പാണ്ഡവൻ. കോപോന്മാദിയായ അവൻ യുദ്ധത്തിൽ ഉന്മത്തനെപ്പോലെയാണ്. ആ മഹാരഥന്റെ ഉരംതിരിഞ്ഞ നോട്ടം ഭയങ്കരമാണ്. അവന്റെ അട്ടഹാസം ശത്രുക്കളെ കിടിലംകൊള്ളിക്കും. മഹാവേഗനും, മഹോത്സാഹനും മഹാബാഹുവും മഹാബലനുമായ വൃകോദരൻ മർക്കടമുഷ്ടിക്കാരും മന്ദന്മാരുമായ എന്റെ മക്കളെയൊക്കെ ഗദകൊണ്ടു പ്രഹരിച്ചു കൂട്ടത്തോടെ കൊന്നുകളയും. കുരുശ്രേഷ്ഠനായ അവൻ ദണ്ഡേന്തിയ അന്തകനെപ്പോലെ യുദ്ധത്തിൽ ഗദയുമായി ചുറ്റിനടക്കും. എട്ടു ചുറ്റോടുകൂടി സ്വർണ്ണം കൊണ്ടു കെട്ടിച്ച ആ ഇരുമ്പുഗദ ബ്രഹ്മദണ്ഡെന്നവിധം ഞാൻ മനസ്സുകൊണ്ടു കാണുന്നു. മാൻകൂട്ടത്തിന്നുള്ളിൽ ശക്തനായ സിംഹമെന്നപോലെ എന്റെ സൈന്യത്തിൽ ആ ഭീമപരാക്രമനായ ഭീമൻ സഞ്ചരിക്കും; സംശയമില്ല. എന്റെ മക്കൾക്കൊക്കെ ക്രൂരവിക്രമനായ അവൻ ഒരാൾ മാത്രമാണ് എതിരാളി. ബാല്യത്തിൽത്തന്നെ വലിയ തീറ്റക്കാരനും ശീഘ്രകർമ്മാവുമാണ് അവൻ. ഇതൊക്കെ ഓർക്കുമ്പോൾ എന്റെ മനസ്സു പിടയുകയാണ്. എന്റെ മക്കളായ ദുര്യോധനാദികളെ കുട്ടിക്കാലത്തുതന്നെ ആന മർദ്ദിക്കുംപോലെ അവൻ മർദ്ദിച്ചുവിട്ടിട്ടുണ്ട്. അവന്റെ വീര്യംമൂലം എന്റെ മക്കളൊക്കെ എപ്പോഴും ക്ലേശിക്കുകയാണ്. ഭീമപരാക്രമനായ ആ ഭീമൻ തന്നെയാണ് ഈ വഴക്കിന്നൊക്കെ കാരണം. ആൾ, ആന, കുതിരക്കൂട്ടം എന്നിവ ചേർന്ന മഹാസൈന്യത്തെ ക്രോധമൂർച്ഛിതനായ ആ ഭീമകായൻ വിഴുങ്ങുന്നതുപോലെ ഞാൻ മനസ്സുകൊണ്ടു കാണുന്നു. അസ്ത്രവിദ്യയിൽ ദ്രോണാർജ്ജുനന്മാർക്കു തുല്യനും കർമ്മത്തിൽ വായുവേഗനും ക്രോധത്തിൽ രുദ്രതുല്യനുമായ ഭീമനെ കൊല്ലുവാൻ ആർക്കു കഴിയും! ഹേ സഞ്ജയാ, അമർഷിയും വീരനുമായ ഭീമസേനനെ കൊല്ലുവാൻ കഴിവുള്ളവർ ആരെങ്കിലുമുണ്ടോ നമ്മുടെ ഭാഗത്ത്? പറയൂ! ഇതിന്നുമുമ്പുതന്നെ അവനെ കോപിപ്പിച്ച സന്ദർഭത്തിൽ അവൻ എന്റെ മക്കളെയൊക്കെ കൊന്നുകളയാതിരുന്നതുതന്നെ ഭാഗ്യം. അവൻ മുമ്പെ ശക്തരായ യക്ഷന്മാരേയും രക്ഷസ്സുകളേയും കൂട്ടത്തോടെ മുടിച്ചവനാണ്. അവന്റെ ശക്തി എങ്ങനെയാണു മനുഷ്യൻ താങ്ങുന്നത്?

കുട്ടിക്കാലത്തുപോലും അവൻ എന്റെ പാട്ടിൽ നില്ക്കാത്തവനാണ്. ഇന്ന് എന്റെ ദുഷ്ടസന്താനങ്ങളാൽ സന്തപിക്കപ്പെട്ട ആ പാണ്ഡവനുണ്ടോ എന്നെ അനുസരിക്കുവാൻ പോകുന്നു? ആ ക്രൂരനും രോഷണനുമായ അവൻ ഇനി നാം ഒഴിഞ്ഞാലും മടങ്ങുകയില്ല. പുരികം ചുളിച്ചു തിരിഞ്ഞുനിന്നു നോക്കുന്ന ഭീമനുണ്ടോ അടങ്ങുവാൻ പോകുന്നു!

പനപോലെ ഉയർന്നവനും, ശൂരനും, ഗൗരനും, മഹാശക്തനും, വലുപ്പത്തിൽ പാർത്ഥന്മാരിൽവച്ച് ഒരു വിരൽ പൊക്കം കൂടിയവനും, അശ്വത്തേക്കാൾ വേഗമുള്ളവനും, ആനയേക്കാൾ മഹാബലനും, അവ്യക്തഭാഷിയും, മധുപിംഗലനേത്രനുമായ മദ്ധ്യമപാണ്ഡവൻ മഹാശക്തനാണ്.

ആ പാണ്ഡുപുത്രന്റെ യഥാർത്ഥമായ രൂപഭാവങ്ങൾ ബാല്യത്തിൽത്തന്നെ വ്യാസൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ക്രുദ്ധനായി തേർ, ആന, ആൾ, കുതിര എന്നീ ചതുരംഗസൈന്യങ്ങളെ രൗദ്രപരാക്രമനായ അവൻ പോരിൽ മുടിക്കുന്നതാണ്. അമർഷിയും കോപിഷ്ഠനുമായ ഭീമൻ യോദ്ധാക്കളിൽ ഉത്തമനാണ്. ഞാൻ മുമ്പേ വിരോധം ചെയ്ത് അവമാനിച്ചുവിട്ടവനായ അവൻ വളയാതെ കട്ടിയായ ഇരുമ്പുകൊണ്ടുള്ളതും പൊന്നുകെട്ടിച്ചതും ഒറ്റയടിക്ക് നൂറുപേരെ കൊല്ലുവാൻപോന്നതുമായ അവന്റെ മഹാഗദ താങ്ങുവാൻ എന്റെ മക്കളിൽ ആരുണ്ട്? എല്ലാറ്റിനേയും

digitized by www.sreyas.in

അവൻ തകർത്തുവിടും. അപാരവും ശരവേഗിതവും ഭയങ്കരവുമായ ദുർഗ്ഗമവുമായ ഭീമസേനമഹാസമുദ്രത്തെ തോണികൂടാതെ നീന്തിക്കടക്കാമെന്ന് എന്റെ വിഡ്ഢികളായ പുത്രന്മാർ വിചാരിക്കുന്നുവല്ലോ. ഞാൻ ദുഃഖം മൂലം നിലവിളി കൂട്ടുന്നതൊന്നും പണ്ഡിതമാനികളായ ആ കുട്ടികൾ കേൾക്കുന്നില്ല. മലയിടുക്കിന്റെ സമീപത്തു ചെന്ന് തേൻ കാണുമ്പോൾ കൊതിമൂലം ഇടുക്കിന്റെ അപകടത്തെ ഓർക്കാതെ തേനിന്റെ നേരെ കുതിച്ച് അപകടക്കുണ്ടിലേക്കു വീഴുന്ന മൂഢരെപ്പോലെയാണ് എന്റെ മക്കൾ. സിംഹത്തോടു മല്ലടിക്കുവാൻ ചെല്ലുന്ന മാൻകൂട്ടത്തെപ്പോലെ നരരൂപനായ മൃത്യുവിനോടു പോരിന്നടുക്കുന്നവർ ദൈവചോദിതന്മാർ തന്നെയാണ്; സംശയമില്ല. നാലു നിഷ്കം വലിപ്പമുള്ളതും ആറു ചുറ്റിട്ടതുമായ ഗദയെ ഓങ്ങി ഒരടിയടിച്ചാൽ എന്റെ മക്കൾ അതു താങ്ങുവാൻ ശക്തരാണോ? ഗദചുറ്റി വീശി മത്തേഭമസ്തകങ്ങളുടച്ചും, വരണ്ട ചുണ്ട് ഇടയ്ക്കിടയ്ക്കു നാവുകൊണ്ടു നുണഞ്ഞുനനച്ചും, ചുടു നിശ്വാസം ഇടയ്ക്കിടയ്ക്കു വിട്ടും, ഭൈരവശബ്ദം പുറപ്പെടുവിച്ചും, ആനക്കൂട്ടത്തിൽ കടന്ന് എതിർത്തുവരുന്നവരെയൊക്കെ അടിച്ചുപരത്തിയും, തേർക്കൂട്ടത്തിൽ കടന്ന് വമ്പന്മാരെയൊക്കെ തകർത്തും, എന്റെ സൈന്യത്തിൽ കടന്ന് മാർഗ്ഗം ഉണ്ടാക്കുന്ന ആ മഹാഭുജൻ അഗ്നി ജ്വലിക്കുംപോലെ എതിർത്തുവന്നാൽ എന്റെ കൂട്ടരിൽ പിന്നെ വല്ലവരും അവശേഷിക്കുമോ? എന്റെ സൈന്യത്തെ പിളർന്ന് ആ ഗദാപാണി പ്രളയകാലത്തെ കാണിക്കുമാറ് സംഹാരനൃത്തം തുടങ്ങും; തീർച്ചയാണ്. പൂത്ത വൃക്ഷങ്ങൾ കടപുഴക്കി മറിച്ചിടുന്ന മത്തഹസ്തിപോലെ എന്റെ മക്കളുടെ സൈന്യത്തിൽ കടന്ന് അവൻ സാരഥി, നാഥൻ, സൂതൻ, കൊടി, ഹയം ഇവയൊക്കെ പോരിൽ മുടിച്ചും രഥിസാദിവ്രജത്തെ ചതച്ചും ഗംഗാപ്രവാഹം തീരത്തിൽ നില്ക്കുന്ന വൃക്ഷങ്ങളെയെന്നപോലെ, യുദ്ധത്തിൽ എന്റെ മക്കളുടെ മഹാസൈന്യത്തെ, തകർത്തുവീഴ്ത്തിയും നശിപ്പിക്കും സഞ്ജയാ! ഭീമസേനഭയത്താൽ തീർച്ചയായും എന്റെ മക്കളും ഭൃത്യന്മാരും രാജാക്കളും പത്തുദിക്കിലേക്കും പാഞ്ഞുകളയും. ഒന്നിനേയും അവൻ ബാക്കിവെക്കില്ല.

മുമ്പു കൃഷ്ണനോടുകൂടെ അന്തഃപുരത്തിൽ പ്രവേശിച്ചു വീര്യവാനായ ജരാസന്ധരാജാവിനെ കൊന്നുവീഴ്ത്തിയവനാണ് അവൻ. മഗധരാജാവായ ജരാസന്ധൻ ഈ ഭൂമിയൊക്കെ ജയിച്ച് അധീനമാക്കി തപിപ്പിച്ചവനാണ്. ഭീഷ്മന്റെ പ്രതാപം മൂലം കൗരവന്മാരും, നയംകൊണ്ട് അന്ധകവൃഷ്ണികളും ദൈവാനുകൂല്യത്താൽ അവന്റെ കീഴിലായില്ലെന്നേയുള്ളു. ആ ജരാസന്ധനെ മഹാഭുജനായ ഭീമസേനൻ നിരായുധനായി എതിർത്ത് കൈയൂക്കുകൊണ്ടു വീഴ്ത്തി. ഇതിനേക്കാൾ മഹത്തായ കർമ്മം എന്തുണ്ട്? അങ്ങനെയുള്ള വൃകോദരൻ ദീർഘകാലമായി വർദ്ധിച്ചു തന്നിൽ അടക്കിവെച്ച കോപം സർപ്പത്തെപ്പോലെ അവൻ എന്റെ മക്കളിൽ ഘോരമായി വിടും. ദേവേന്ദ്രൻ വജ്രത്താൽ ദാനവന്മാരെ എന്നപോലെ ഗദാപാണിയായ ഭീമൻ എന്റെ മക്കളെ എല്ലാം കൊന്നുകളയും. ആർക്കും തടുക്കാനോ താങ്ങാനോ ആകാത്ത തീവ്രവേഗപരാക്രമനായ, ആ താമ്രാക്ഷനായ ഭീമൻ നേരെ ചാടിയെത്തുന്നതു ഞാൻ മനസ്സുകൊണ്ടു കാണുന്നു! വില്ലും തേരും ചട്ടയും ഗദയും ഒന്നുംകൂടാതെതന്നെ മുഷ്ടികൊണ്ടുമാത്രം പൊരുതുന്നതായാലും അവനോട് എതിരിടുവാൻ ഇന്നു ലോകത്തിൽ ആരുണ്ട്? എന്നെപ്പോലെതന്നെ ഭീഷ്മൻ, ദ്രോണൻ, കൃപൻ എന്നീ യോഗ്യന്മാർക്കറിയാം ശരിക്കും ആ വീരന്റെ വീര്യം. ആര്യവ്രതം അറിയുന്നവരും, ശത്രുസൈന്യത്തെ മുടിക്കേണ്ടവരും, എന്റെ കൂട്ടരുടെ സൈന്യമുഖത്തിൽ നില്ക്കേണ്ടവരുമായ നരർഷഭന്മാർ അവരാണല്ലോ. എല്ലാറ്റിലും വലുത് ദൈവമാണ്. വിധിയാണ്! വിശേഷാൽ പുരുഷന്ന് എല്ലാറ്റിലും വലുതു വിധിയാണ്! ആ വീരന്മാരുടെ വിജയം ഞാൻ കണ്ടിട്ടും എന്റെ മക്കളെ ഞാൻ യുദ്ധത്തിൽനിന്നു തടുക്കുന്നില്ലല്ലോ! ഭീഷ്മനും ദ്രോണനും കൃപനും പുരാതനമായ ഇന്ദ്രമാർഗ്ഗത്തിലേക്കു ഗമിക്കുന്നവരാണ്. യുദ്ധത്തിൽ പ്രാണൻ കളഞ്ഞും അവർ മർത്ത്യന്റെ മഹത്തായ കീർത്തിയെ സംരക്ഷിക്കും. അവർക്ക് എന്റെ മക്കളും പാണ്ഡവരും തുല്യമാണ്. രണ്ടുകൂട്ടരും ഭീഷ്മന്റെ പൗത്രന്മാരാണ്. ദ്രോണകൃപന്മാർക്കു രണ്ടുകൂട്ടരും ഒരുപോലെ ശിഷ്യന്മാരുമാണ്. ഈ മൂന്നു വൃദ്ധന്മാരും എന്നെ ആശ്രയിച്ച് ഒട്ടൊട്ട് ഇഷ്ടം നേടുന്നവരാകയാൽ ആര്യന്മാരായ അവർ എനിക്കു പ്രത്യുപകാരം ചെയ്യാതിരിക്കുകയില്ല. ക്ഷത്രധർമ്മാനുസരണം ശസ്ത്രം കൈയിലെടുത്തു യുദ്ധം ചെയ്തു മരിക്കുകയാണെങ്കിൽ അതും ശ്ലാഘ്യമാണെന്നാണല്ലോ പറയുന്നത്. പാർത്ഥന്മാരോടു പൊരുതേണ്ടിവരുന്ന എല്ലാവരെക്കുറിച്ചും ഞാൻ ദുഃഖിക്കുന്നു. ആദ്യം വിദുരൻ വായ്‌വിട്ടു നിലവിളിച്ചുപറഞ്ഞ ആപത്ത് ഇപ്പോൾ ഇതാ അടുത്തിരിക്കുന്നു. ഈ ദുഃഖത്തെ തടുക്കുവാൻ തക്ക ജ്ഞാനം എനിക്കില്ല. ജ്ഞാനംകൊണ്ടു തടുക്കുവാൻ കഴിയാത്ത അത്രവലിയ ബലം ഈ ഭാവിദുഃഖത്തിന്നുണ്ട്. ലോകഗതി കണ്ടിട്ടുള്ള ജീവന്മുക്തന്മാരായ ഋഷിമാർ പോലും സുഖത്തിൽ സുഖിക്കുകയും ദുഃഖത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇരിക്കെ രാജ്യത്തിലും ഭാര്യയിലും പുത്രന്മാരിലും പൗത്രന്മാരിലും ബന്ധുക്കളിലും പല വിധത്തിൽ അങ്ങിങ്ങായി പല പല കാര്യങ്ങളിൽ മോഹത്തിൽ മുഴുകി ജീവിക്കുന്ന ഈയുള്ളവരുടെ കഥ പറയേണ്ടതുണ്ടോ? ഈ മഹാസംശയത്തിൽ എനിക്ക് എന്താണ് ശരിയായ ഒരു ഉത്തരം? ഞാൻ ചിന്തിക്കുന്തോറും കുരുക്കൾക്കു നാശമല്ലാതെ മറ്റൊന്നും കാണുന്നില്ല. ചൂതുമുതൽ കുരുക്കൾക്കു മഹാവ്യസനം തുടങ്ങി. വിഡ്ഢി, മന്ദബുദ്ധിയായ ഞാൻ ദുരാഗ്രഹം മൂലം ഐശ്വര്യത്തെ കാമിച്ച് ഈ പാപം ചെയ്തു. കഷ്ടം! ഇതു പാഞ്ഞുകൊണ്ടിരിക്കുന്ന കാലത്തിന്റെ സ്വഭാവമാറ്റമെന്നല്ലാതെ എന്തുപറയട്ടെ! ചക്രത്തിന്റെ നേമി പോലെ തിരിയുകയല്ലാതെ ഇതിൽനിന്നു വിട്ടുപോകുവാൻ ആർക്കു കഴിയും? ഞാൻ എന്തുചെയ്യേണ്ടൂ, എന്തു പറയേണ്ടൂ, എങ്ങോട്ടു പോകേണ്ടൂ സഞ്ജയാ! ഇതാ മന്ദന്മാർ, കാലവശഗരായ കൗരവന്മാർ നശിക്കുന്നു! എന്റെ പുത്രന്മാർ നൂറുപേരും മരിച്ചു. ഞാൻ അവശനായിരിക്കുമ്പോൾ അവരുടെ ഭാര്യമാരുടെ രോദനം കേട്ട് എങ്ങനെ ജീവിക്കും? സഞ്ജയാ, എനിക്കു മരിക്കുവാൻ വല്ല വഴിയും കാണിച്ചുതരൂ!

വേനല്ക്കാലത്തു കത്തിപ്പടരുന്ന അഗ്നി ഉണക്കക്കാടു ചുടുന്നപോലെ ഗദാഹസ്തനായ ഭീമൻ അർജ്ജുനനോടുചേർന്ന് എന്റെ മക്കളെയെല്ലാം കൊന്നൊടുക്കും; തീർച്ചയാണ്!

52. ധൃതരാഷ്ട്രവാക്യം - ധൃതരാഷ്ട്രൻ അർജ്ജുനന്റെ പ്രതാപത്തെപ്പറ്റി പറയുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "അസത്യമായ വാക്ക് ഒരിക്കലും പറയുകയില്ലെന്നു കീർത്തിസമ്പാദിച്ചവനായ അർജ്ജുനൻ, ലോകൈകവീരനായ അർജ്ജുനൻ എന്തുപറയുന്നുവോ, അവൻ അതു പ്രവർത്തിക്കുകതന്നെ ചെയ്യും. എല്ലായ്പോഴും ഞാൻ ചിന്തിച്ചുനോക്കിയിട്ടും ഗാണ്ഡീവിയോടു കിടനില്ക്കാവുന്ന ഒരു വില്ലാളിയെ ഞാൻ കാണുന്നില്ല. അർജ്ജുനൻ ഹൃദയം കീറുന്ന കർണ്ണിനാളീകശരങ്ങൾ എയ്യുമ്പോൾ അവനോടു പോരിൽ എതിരിടുവാൻ കെല്പുള്ളവർ ആരുണ്ട്? നരർഷഭന്മാരായ ദ്രോണകർണ്ണന്മാർ ഗാണ്ഡീവിയോട് എതിർത്തുചെന്നേക്കാം. കൃതാസ്ത്രന്മാരും ശക്തന്മാരും പോരിൽ തോല്ക്കാത്തവരുമാണവർ. എന്നാലും, അവരെക്കൊണ്ട് എനിക്കു വിജയം ഉണ്ടാവുകയെന്ന കാര്യം സംശയത്തിലാണ്. കർണ്ണൻ പ്രമാദിയാണ്, കൈപ്പിഴയുള്ളവനാണ്, അസ്ഥാനത്തിൽ കനിയുന്നവനുമാണ്. ആചാര്യനാകട്ടെ വയോവൃദ്ധനും അർജ്ജുനന്റെ ഗുരുവുമാണ്. എന്നാൽ അർജ്ജുനനാകട്ടെ, ബലവാനും സമർത്ഥനും ദൃഢധന്വാവും ജിതക്ലമനുമായി വർത്തിക്കുന്നു. എത്രയും തുമുലമായ യുദ്ധം നടന്നാലും അർജ്ജുനന്ന് പരാജയമുണ്ടാവുകയില്ല. ശൂരന്മാരും അസ്ത്രജ്ഞന്മാരും മഹായശസ്വികളുമാണു ദ്രോണകർണ്ണാർജ്ജുനന്മാർ മൂന്നുപേരും. എന്നാലും സ്വർഗ്ഗീയൈശ്വര്യങ്ങൾ അർജ്ജുനൻ വേണ്ടെന്നുവെച്ചേക്കാമെങ്കിലും വിജയം ഒരിക്കലും അർജ്ജുനൻ വിടുകയില്ല. ദ്രോണകർണ്ണന്മാരുടെ അഥവാ അർജ്ജുനന്റെയോ വധംകൊണ്ടല്ലാതെ യുദ്ധം അടങ്ങുകയില്ല.

digitized by www.sreyas.in

അർജ്ജുനനെ കൊല്ലാനോ വെല്ലാനോ പോന്നവനായി ഞാൻ ആരേയും കാണുന്നില്ല. എന്റെ മന്ദന്മാരായ മക്കളിൽ അവന്നു വളർന്നിട്ടുള്ള മന്യു എങ്ങനെയാണ് പ്രതിക്രിയകൂടാതെ അടങ്ങുക? അസ്ത്രജ്ഞന്മാർ ലോകത്തിൽ വേറെ പലരുമുണ്ടെങ്കിലും അവർ തോല്ക്കുകയോ ജയിക്കുകയോ ചെയ്യും. എന്നാൽ അർജ്ജുനനെ സംബന്ധിച്ചിടത്തോളം വിജയമല്ലാതെ പരാജയം എന്ന വാക്ക് അവന്റെ ചരിത്രത്തിലില്ല. മുപ്പത്തിമൂന്നുവർഷങ്ങൾക്കു മുമ്പാണ് ഖാണ്ഡവാഗ്നിയെ തർപ്പിച്ചത്. അന്ന് അവൻ ദേവന്മാരെയൊക്കെ ജയിച്ചു. അന്നും അവൻ തോല്മയെ കാണുകയുണ്ടായില്ല. ശീലംകൊണ്ടും വൃത്തംകൊണ്ടും പോരിൽ സമനായ കേശവൻ ആർക്കു സൂതനാകുന്നുവോ അവന്ന്, ഇന്ദ്രനെന്നപോലെ വിജയം ദൃഢമാണ്. ഒറ്റത്തേരിലാണ് ആ കൃഷ്ണന്മാരുടെ നില്പ്. ഗാണ്ഡീവം ഞാണ് കെട്ടിയിരിക്കുന്നു. അങ്ങനെ മൂന്നു തേജസ്സുകളും ഒന്നിച്ചുചേർന്നു എന്നു ഞാൻ കേൾക്കുന്നു! അപ്രകാരം മഹത്തായ വില്ലു വേറെയില്ല, യോധനുമില്ല, സൂതനുമില്ല. ആ യാഥാർത്ഥ്യം ഈ മന്ദബുദ്ധികൾ ധരിക്കുന്നില്ല. അവരൊക്കെ ദുര്യോധനന്റെ അഭിപ്രായം പിൻതാങ്ങി നടക്കുന്നവരാണല്ലോ. ശിരസ്സിൽ ഇടിത്തീവീണാലും ഒരുപക്ഷേ, രക്ഷപെട്ടേക്കാം. ഹേ, സഞ്ജയാ, എന്നാൽ കിരീടി വിട്ട ബാണം ആരേയും ബാക്കിവെക്കുകയില്ല. ശരവർഷം ചൊരിഞ്ഞു തലയറുത്തു കൊന്നുവീഴ്ത്തിക്കൊണ്ട് അർജ്ജുനൻ ഉജ്ജ്വലപ്രഭാവനായി നില്ക്കുന്ന നില്പ് ഞാൻ ഉള്ളുകൊണ്ടു കാണുന്നു. എല്ലായിടത്തും വ്യാപിച്ചുനില്ക്കുന്ന ബാണതേജസ്സ്, കേവലം ഗാണ്ഡീവോത്ഥമായ ആ തേജസ്സ്, എന്റെ പുത്രന്മാരുടെ സേനയെ പോരിൽ ചുട്ട് ചാമ്പലാക്കിക്കളയും.

സവ്യസാചിയുടെ രഥനിർഘോഷം കേട്ടു ഭയപ്പെട്ട് ഭാരതപ്പട ഛിന്നഭിന്നമായി കണ്ടേടത്തേക്ക് ഓടിയൊഴിയുന്നതായി ഞാൻ മനസ്സുകൊണ്ടു കാണുന്നു. എല്ലായിടത്തും വ്യാപിക്കുന്ന അഗ്നി ഇളകുന്ന ജ്വാലയോടുകൂടി ഉണക്കക്കാട് ചുട്ടുദഹിപ്പിക്കുന്നതുപോലെ അവൻ എന്റെ സൈന്യത്തെ ചുട്ടുകളയും.

കൂർത്ത ബാണങ്ങൾ തൂകി വധത്തിന്നൊരുങ്ങി യുദ്ധത്തിൽ പ്രശോഭിക്കുന്ന കിരീടി എല്ലാം മുടിക്കുവാൻ ദൈവം വിട്ടയച്ച അന്തകനെപ്പോലെ അവാര്യനായി ഞാൻ കാണുന്നു. ഭാരതന്മാർ യുദ്ധത്തിൽ കൂട്ടത്തോടെ ചേരുന്ന ദിക്കിൽ പല അനിഷ്ടവൃത്താന്തങ്ങളും ഉടനെ കേൾക്കാനിടവരും. ആ ഭാരതന്മാർക്കു പടത്തലയ്ക്കൽ സർവ്വദിക്കിലും ക്ഷയം വന്നണയുന്നുണ്ട്, തീർച്ചയാണ്!"

53. ധൃതരാഷ്ട്രവാക്യം - ധൃതരാഷ്ട്രൻ പാണ്ഡവന്മാരുമായി സന്ധി ചെയ്യണമെന്ന് കൗരവസഭയിൽ പറയുന്നു - ധൃതരാഷ്ട്രൻ തുടർന്നു: "എപ്രകാരമാണോ പാണ്ഡവന്മാരെല്ലാം ജയാർത്ഥികളായി, വിക്രമികളായി വർത്തിക്കുന്നത് അപ്രകാരംതന്നെയാണ് അവരുടെ ആൾക്കാരും. അവർ വിജയത്തിന്നായി പ്രാണൻ കളയുവാൻപോലും തയ്യാറാണ്. എന്റെ ശത്രുക്കളായി നില്ക്കുന്ന പാഞ്ചാലന്മാർ, കേകയന്മാർ, മാത്സ്യന്മാർ, മാഗധന്മാർ മുതലായ പരാക്രമികളെക്കുറിച്ച് ഭവാൻ പറയുകയുണ്ടല്ലോ. [illegible] ചേർന്ന എല്ലാ ലോകങ്ങളേയും [illegible] കഴിവുള്ളവനും വിശ്വസ്രഷ്ടാവുമായ കൃഷ്ണൻ പാണ്ഡവന്മാരുടെ ജയത്തിന്നുവേണ്ടി ഒരുങ്ങിനില്ക്കുന്നത് പ്രത്യേകിച്ചു ചിന്തിക്കേണ്ടതാണ്. എല്ലാ വിദ്യകളും അർജ്ജുനനിൽനിന്ന് അഭ്യസിച്ചവനായ സാത്യകി വിത്തു വിതയ്ക്കുന്നതുപോലെയാണ് പോരിൽ അസ്ത്രങ്ങൾ തൂകുക. ദ്രുപദപുത്രനും ക്രൂരകാരിയുമായ മഹാരഥൻ ധൃഷ്ടദ്യുമ്നൻ, പരമാസ്ത്രജ്ഞനാണ്. അവൻ എന്റെ സൈന്യത്തിൽ കയറി പോരാടും. യുധിഷ്ഠിരന്റെ കോപത്താലും, ജിഷ്ണുവിന്റെ വിക്രമത്താലും, യമന്മാരാലും, ഭീമനാലും ഞാൻ ആപത്തിൽ പതിക്കുകതന്നെ ചെയ്യും. ഈ മനുഷ്യേന്ദ്രന്മാർ അമാനുഷാസ്ത്രജാലങ്ങൾ വിതയ്ക്കുമ്പോൾ എന്റെ സൈന്യങ്ങൾക്ക് അതു കടക്കുവാൻ കഴികയില്ലെന്ന് ഞാൻ ഇതാ ഉറക്കെ പറഞ്ഞുകൊള്ളുന്നു. ദർശനീയനും ധീരനും സുകൃതപ്രജ്ഞനും ശ്രീമാനും മേധാവിയും ബ്രഹ്മതേജസ്വിയും ധർമ്മാത്മാവുമാണ് യുധിഷ്ഠിരൻ. മിത്രങ്ങളും അമാത്യന്മാരും തികഞ്ഞവനും, യുദ്ധോദ്യുക്തന്മാരോടു ചേർന്നവനും, മഹാരഥനും, വീരന്മാരും ശൂരന്മാരുമായ ഭ്രാതാക്കളോടു ചേർന്നവനും, ധൃതിമാനുമാണ് ആ രാജശ്രേഷ്ഠൻ. മന്ത്രഗുപ്തിയും ധൈര്യവും ആ രാജാവിന് വേണ്ടുവോളമുണ്ട്. വദാന്യനും, അനൃശംസനും, ഹ്രീമാനും, സത്യപരാക്രമനും, പഠിപ്പേറിയ കൃതാത്മാവും, വൃദ്ധസേവകനും, ജിതേന്ദ്രിയനും ഗുണം തികഞ്ഞവനുമായ അവനിൽ പാറ്റ ഹോമാഗ്നിയിലെന്നവിധം കാമിയായ ഈ മന്ദൻ പതിക്കുവാൻ പോകുന്നു. അവാര്യമായി എരിയുന്ന പാണ്ഡവാഗ്നിയിൽ ഇവൻ ചേതനകെട്ട് മരിക്കുവാൻ ഇതാ വീഴുന്നു. ഞാൻ മിഥ്യോപചാരംചെയ്ത ആ രാജാവ് അഗ്നിതുല്യനാണ്. മന്ദന്മാരായ എന്റെ മക്കൾക്ക് അവൻ യുദ്ധത്തിൽ അന്തം വരുത്തിക്കളയും. കുരുക്കന്മാരേ, നിങ്ങൾ പാണ്ഡവന്മാരുമായി യുദ്ധത്തിനു പോകരുത്. അവരുമായി സന്ധി ചെയ്യുകയാണ് നല്ലത്. യുദ്ധംകൊണ്ട് ഈ കുലത്തിന്നു സർവ്വനാശംതന്നെ ഭവിക്കും; തീർച്ചയാണ്. ഇതാണ് എന്റെ മുഖ്യമായ ബുദ്ധി. അയുദ്ധത്തിലാണു ഞാൻ ശാന്തി കാണുന്നത്. നിങ്ങൾക്കും അയുദ്ധമാണ് ഇഷ്ടമെങ്കിൽ നമുക്കു ശമത്തിന്നായി ശ്രമിക്കാം. നാം നിർബ്ബന്ധിച്ചാൽ, ക്ലേശിച്ചു പറഞ്ഞാൽ, യുധിഷ്ഠിരൻ അത് ഉപേക്ഷിക്കുകയില്ല. അധർമ്മമായി, കലഹകാരണം ഉണ്ടാക്കുന്ന എന്നിൽ അവൻ വെറുക്കുന്നുണ്ട്."

54. സഞ്ജയവാക്യം - സഞ്ജയൻ ധൃതരാഷ്ട്രനെ ഉപദേശിക്കുന്നു - സഞ്ജയൻ പറഞ്ഞു: "മഹാരാജാവേ, ഭവാൻ പറഞ്ഞതു യഥാർത്ഥമാണ്. യുദ്ധമുണ്ടായാൽ ഗാണ്ഡീവംകൊണ്ടു ക്ഷത്രിയനാശം നിശ്ചയമാണ്. സവ്യസാചിയുടെ തത്ത്വം ശരിക്ക് അറിഞ്ഞിട്ടും പിന്നേയും ധീരനായ ഭവാൻ എന്തുകൊണ്ടാണ് പുത്രവശഗനാകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഭവാനാണല്ലോ ആദ്യം പാണ്ഡവന്മാരെ ചതിച്ചത്? അവരുടെ ഗുരുവും വലിയച്ഛനുമായ ഭവാൻ സൗഹൃദത്തോടെ നല്ലബുദ്ധി വിചാരിച്ച് ഹിതത്തിൽ നില്ക്കേണ്ടതല്ലേ? ഗുരു ഒരിക്കലും അവരുടെ ഹിതംനോക്കി ചെയ്യുകയല്ലാതെ ദ്രോഹിക്കുവാൻ പാടുണ്ടോ? എന്നാൽ, ദ്യൂതകാലത്ത് പരാജിതന്മാരിൽനിന്ന് 'ഇതു ജയിച്ചു, ഇതു നേടി!' എന്നൊക്കെ കേട്ട സമയത്ത് ഭവാൻ ഒരു ബാലനെപ്പോലെ ചിരിച്ചുകൊണ്ടിരിക്കുകയല്ലേ ചെയ്തത്? പാർത്ഥന്മാരിൽ പരുഷവാക്കു പറയുന്നവരെ തടയുകയുണ്ടായോ? ഒന്നും മിണ്ടാതെ ഇരിക്കുകയല്ലേ ചെയ്തത്? രാജ്യമൊക്കെ ജയിക്കുകയാണെന്നു മാത്രമേ ഭവാൻ കാണുകയുണ്ടായുള്ളൂ. അതിലുള്ള വീഴ്ച ഭവാൻ കാണുകയുണ്ടായില്ല! അച്ഛൻ വഴിക്കുള്ള രാജ്യവും കുരുജാംഗലവും, പിന്നെ ആ വീരന്മാർ വെന്ന രാജ്യങ്ങളൊക്കെയും ഭവാൻ കൈക്കലാക്കി. തങ്ങൾ കൈയൂക്കുകൊണ്ടു നേടിയ ഭൂമിയൊക്കെ പാണ്ഡവന്മാർ ഭവാനു സമർപ്പിച്ചപ്പോൾ അതു ഭവാൻ നേടിയതാണെന്നു വിചാരിക്കുന്നു.

ഗന്ധർവ്വന്മാരാൽ പിടിക്കപ്പെട്ടു നിലയില്ലാത്ത കടലിൽ മുങ്ങിയപ്പോൾ അതിൽനിന്നു ഭവാന്റെ പുത്രന്മാരെ പാർത്ഥൻ കരകേറ്റിവിട്ടു! ചൂതിൽ വഞ്ചിക്കപ്പെട്ട പാണ്ഡവന്മാർ കാടുകേറുമ്പോൾ ഭവാൻ വീണ്ടും വീണ്ടും ബാലനെപ്പോലെ ചിരിക്കയാണല്ലോ ഉണ്ടായത്? വളരെകൂർത്തുമൂർത്ത അമ്പുകൾ അർജ്ജുനൻ തൂകുമ്പോൾ മഹാസമുദ്രംകൂടി വറ്റിപ്പോകും! പിന്നെ, ഈ മാംസയോനികളുടെ കാര്യം എന്തുപറയാൻ! എയ്യുന്നവരിൽവെച്ചു ശ്രേഷ്ഠൻ അർജ്ജുനനാണ്! വില്ലിൽവെച്ച് ഉത്തമമായത് ഗാണ്ഡീവമാണ്! കൃഷ്ണൻ എല്ലാറ്റിലും മുമ്പനാണ്. ആയുധത്തിൽ ശ്രേഷ്ഠമായത് സുദർശനമാണ്. കേതുക്കളിൽവെച്ച് വാനരകേതുവാണ് ശ്രേഷ്ഠം! ഈ പറഞ്ഞതൊക്കെ ചേർന്ന മഹാരഥനാണ് പോരിൽ ശ്വേതവാഹനനായ അർജ്ജുനൻ. അവൻ കാലചക്രംപോലെ നമ്മെ രാജാവേ, നശിപ്പിക്കാതിരിക്കുമോ? ഈ ഭൂമി മുഴുവൻ അർജ്ജുനന്റേതാകയും ചെയ്യും.

digitized by www.sreyas.in

ഭീമാർജ്ജുനന്മാർ ആർക്ക് യോധന്മാരായി ഭവിക്കുന്നുവോ അവനാണ് രാജാവ്. ഭീമൻ കൊന്നു സകലത്തിനേയും മുക്കിക്കളയും. ദുര്യോധനാദികളായ കുരുക്കളൊക്കെ മുടിയും. ഭീമാർജ്ജുനഭയാർത്തന്മാരായ അവർ എങ്ങനെ വിജയം നേടാനാണ്?

ഹേ, രാജാവേ! ഭവാന്റെ മക്കളും പിൻതുണക്കാരായ രാജാക്കന്മാരും അതായത് മത്സ്യപാഞ്ചാലകേകയന്മാർ ഭവാനെ ഇന്ന് ആദരിക്കുന്നില്ല. സാല്വേയശൂരസേനന്മാരൊക്കെ ഭവാനെ നിന്ദിക്കുന്നു. പാർത്ഥന്റെ വീര്യം അറിഞ്ഞവരായ അവരൊക്കെ പാർത്ഥനോടു ചേർന്നുകഴിഞ്ഞു. യുധിഷ്ഠിരനിൽ കൂറോടുകൂടി അവർ ഭവാന്റെ മക്കളോട് ഇടയുകയാണ്. വധത്തിന് അനർഹന്മാരും ധർമ്മയുക്തന്മാരുമായ പാണ്ഡവന്മാരെ ഏറ്റവും ക്ലേശിപ്പിച്ചുവെന്നു മാത്രമല്ല, ഇപ്പോഴും കൂട്ടുകാരോടുചേർന്ന് ദ്വേഷിച്ചുകൊണ്ടിരിക്കുന്ന പാപപുരുഷനെ സർവ്വഉപായങ്ങളും പ്രയോഗിച്ചു ഭവാൻ തടയുകയാണ് വേണ്ടത്. ഭവാൻ വ്യസനിക്കാതിരിക്കുക. ചൂതുകാലത്തു ഞാൻ പറയുകയുണ്ടായി, ധീമാനായ വിദുരനും പറയുകയുണ്ടായി. അന്ന് ഭവാൻ അതൊന്നും അനുസരിക്കാതെ ഇപ്പോൾ പാണ്ഡവന്മാരെക്കുറിച്ചു ചെയ്യുന്ന ഈ വിലാപം നിരർത്ഥകമാണ്; വെറുതെയാണ്. അതുകൊണ്ട് ഒരു പ്രയോജനവുമില്ല."

55. ദുര്യോധനവാക്യം - ഭീമാർജ്ജുനന്മാരെ ഭയപ്പെടേണ്ടതില്ലെന്ന് ദുര്യോധനൻ പറയുന്നു - ദുര്യോധനൻ പറഞ്ഞു: "അല്ലയോ രാജാവേ, ഭവാൻ ഈയുള്ളവനെപ്പറ്റി ഓർത്തു വ്യസനിക്കരുത്. പോരിൽ ശത്രുക്കളെ ജയിക്കുവാൻ പോരുന്ന ശക്തന്മാരാണ് നമ്മൾ. പാർത്ഥന്മാർ കാട്ടിലേക്കു പോയ കാലത്ത് പരരാജ്യങ്ങളെ മർദ്ദിക്കുവാൻ പോരുന്ന മഹാസൈന്യങ്ങളോടുകൂടി മധുസൂദനൻ അവിടെയെത്തിയ വർത്തമാനം ഭവാൻ കേട്ടിട്ടുണ്ടോ? അന്നു കേകയന്മാരും ധൃഷ്ടകേതു, ധൃഷ്ടദ്യുമ്നൻ മുതലായ പല രാജാക്കന്മാരും പാർത്ഥന്മാരെ തുണയ്ക്കുവാൻ അവിടെ ചെല്ലുകയുണ്ടായി. ഇന്ദ്രപ്രസ്ഥത്തിൽനിന്നു വളരെ ദൂരെയല്ലാത്ത ഒരിടത്ത് അവർ സമ്മേളിച്ചു. കുരുക്കളോടുകൂടിയ അങ്ങയെ അവർ അധിക്ഷേപിച്ചു സംസാരിച്ചു. തോലുടുത്തു വസിക്കുന്ന യുധിഷ്ഠിരനെ കൃഷ്ണൻ തുടങ്ങിയവരെല്ലാവരും ഉപാസിച്ചും രാജ്യം ഉടനെ പിടിച്ചടക്കണമെന്നും അവർ പറഞ്ഞു. സഹായികളോടുകൂടിയ ഭവാനെ മുടിക്കുവാനും അവർ തീരുമാനിച്ചു. ഈ വർത്തമാനം കേട്ട ഉടനെ ഞാൻ ഭീഷ്മദ്രോണകൃപന്മാരെ ചെന്നു കണ്ടു. ജ്ഞാതിക്ഷയഭയമോർത്ത് എനിക്കു വലിയ ഭയമുണ്ടായി. ഞാൻ പറഞ്ഞു: 'പാണ്ഡവന്മാർ കരാറുപോലെ നില്ക്കുമെന്നാണ് എന്റെ അഭിപ്രായം. നമ്മളെയൊക്കെ മുടിക്കുവാൻ വാസുദേവൻ ഒരുങ്ങിയിരിക്കുകയാണ്. വിദുരനെ മാത്രം ഒഴിവാക്കും. നമ്മളെയൊക്കെ അവർ വധിക്കും. കുരുക്കളിൽ ഉത്തമനും ധർമ്മവേദിയുമായ ധൃതരാഷ്ട്രരാജാവിനേയും ഒഴിവാക്കിയെന്നു വരാം. കുരുക്കളുടെയൊക്കെ ഏകച്ഛത്രാധിപത്യം യുധിഷ്ഠിരനു നല്കും. അതുകൊണ്ടു നാം ഇനി ഇവിടെ എന്തുചെയ്യണം? ശത്രുക്കൾക്കു കീഴ്പെടുകയോ, ഓടിയൊളിക്കുകയോ, പ്രാണൻ വെടിഞ്ഞും ശത്രുക്കളോടെതിർക്കുകയോ എന്താണു ചെയ്യേണ്ടത്? അവരോട് എതിർക്കാനാണു വിചാരിക്കുന്നതെങ്കിൽ തീർച്ചയായും പരാജയപ്പെടും. രാജാക്കന്മാരൊക്കെ യുധിഷ്ഠിരന്റെ വശത്താണ് നില്ക്കുന്നത്. നമ്മെയാകട്ടെ, നാട്ടുകാരൊക്കെ വെറുക്കുകയും ചെയ്യുന്നു. മിത്രങ്ങളൊക്കെ നമ്മളോട് കോപിച്ചിരിക്കുകയാണ്. എല്ലാ രാജാക്കന്മാരാലും സ്വജനങ്ങളാലും നാം ഇപ്പോൾ ധിക്കൃതരാണ്. ഈ സ്ഥിതിയിൽ നാം കീഴടങ്ങുന്നതിൽ തെറ്റില്ല. സന്ധികൊണ്ട് നമ്മുടെ വംശം ഹാനികൂടാതെ എന്നെന്നും നിലനില്ക്കും. ഞാൻ കാരണം, പ്രജ്ഞാചക്ഷുസ്സായ പിതാവിന് അനന്തമായ ക്ലേശത്തിൽപ്പെട്ടു ദുഃഖിക്കേണ്ടിവരും എന്നോർത്താണ് ഞാൻ ദുഃഖിക്കുന്നത്. എന്റെ പ്രിയത്തിനുവേണ്ടി അച്ഛൻ ചെയ്തതെല്ലാം പാണ്ഡവന്മാരുടെ അപ്രിയത്തിനായി ഭവിച്ചിരിക്കെകൊണ്ട് ആ വൈരത്തിനു പ്രതികാരമായി ശത്രുക്കൾ വംശം മുടിക്കുന്നവിധം അച്ഛനോടു പകവീട്ടും.' വ്യഥപൂണ്ട് ഇപ്രകാരം പറഞ്ഞു ചിന്തയിലാണ്ടുനില്ക്കുന്ന എന്നെക്കണ്ട് ദ്രോണനും ഭീഷ്മനും കൃപനും അശ്വത്ഥാമാവും ഇപ്രകാരം പറഞ്ഞു: 'ശത്രുക്കൾ നമ്മളെ ദ്രോഹിക്കുകയാണെങ്കിൽ അങ്ങനെയാകട്ടെ. നീ ഭയപ്പെടേണ്ട. ശത്രുക്കളൊന്നും യുദ്ധത്തിൽ ഇറങ്ങിനില്ക്കുന്ന നമ്മളോട് പോരാടി ജയിക്കുവാൻ പോന്നവരല്ല. എല്ലാ രാജാക്കന്മാരേയും ജയിക്കുവാൻ ഞങ്ങളോരോരുത്തരും സമർത്ഥരാണ്. ശത്രുക്കൾ ഇടഞ്ഞുവന്നാൽ അവരുടെ ഗർവ്വ് നിശിതമായ ശരങ്ങൾകൊണ്ട് നമുക്കു നശിപ്പിച്ചുകളയാം.' ഇപ്രകാരം അവർ പറഞ്ഞ ആശ്വാസവാക്യം ഇന്നും എന്നിൽ കുടികൊള്ളുന്നുണ്ട്. ഭീഷ്മപിതാമഹൻ മുമ്പ് ഏകനായി സംരംഭത്തോടെ ചെന്ന് എല്ലാ നൃപന്മാരേയും ജയിക്കുകയും അവരിൽ പലരേയും ക്രുദ്ധനായി വധിക്കുകയും ചെയ്തില്ലേ? അന്ന് അവർ ഭയപ്പെട്ട് ഈ ദേവവ്രതനെ ശരണം പ്രാപിക്കുകയല്ലേ ഉണ്ടായത്? ആ ഭീഷ്മൻ നമ്മളോടു ചേർന്നു യുദ്ധം ചെയ്യുവാനും ശത്രുക്കളെ ജയിക്കുവാനും ഏറ്റവും സമർത്ഥനാണല്ലോ. അതുകൊണ്ട് രാജാവേ, ഭവാനു പേടിക്കേണ്ട കാര്യമില്ലല്ലോ.

ഈ ഭൂമി മുഴുവൻ കീഴിലാക്കി അമിതമായ തേജസ്സോടെ വാണിരുന്ന പാണ്ഡവന്മാർക്ക്, ചൂതിൽ പരാജിതരായി കാടുകേറിയ കാലത്തു നമ്മോടെതിർത്താൽക്കൊള്ളാമെന്നുണ്ടായ മോഹംപോലെ ഇനിയും ആഗ്രഹം ജനിച്ചാൽ അതു നമുക്ക് സാരമാക്കേണ്ടതില്ല. നമ്മോടെതിർത്തു ജയിക്കുവാൻ ഇന്ന് അവർ സമർത്ഥരല്ല. വീര്യവും അവരിൽ കുറഞ്ഞിട്ടുണ്ട്. അവർക്ക് ഇപ്പോൾ പക്ഷബലമില്ല. ഇന്നു ഭൂമി മുഴുവൻ നമുക്കധീനമാണ്. സുഖദുഃഖങ്ങളിൽ നമ്മോടു പങ്കുകൊള്ളുവാനായി രാജാക്കന്മാരൊക്കെ ഇവിടെ വന്നിട്ടുണ്ട്. എനിക്കുവേണ്ടി ഈ രാജാക്കന്മാർ അഗ്നിയിലോ വെള്ളത്തിലോ ചാടുവാൻ സന്നദ്ധരാണ്. ഭവാൻ ഉന്മത്തനെപ്പോലെ വെറുതെകിടന്നു വിലപിക്കുന്നതു കേട്ട് അവർ ഹസിക്കുകയാണു ചെയ്യുന്നത്. പരന്മാരുടെ പ്രശംസ കേട്ട് വളരെ ഭയപ്പെട്ട് ഭവാൻ വിലപിക്കുകയാണോ? ഈ മന്നവന്മാരിൽ ഓരോരുത്തരും പാണ്ഡുപുത്രന്മാരോടു പൊരുതുവാൻ 'ഞാൻമതി' 'ഞാൻ മതി' എന്നു വിചാരിക്കുന്നു. അതുകൊണ്ട് ഇനി ഭവാൻ ഭയപ്പെടേണ്ടതില്ല.

എന്റെ ഈ വൻപടയെ വെല്ലുവാൻ ശക്രനുപോലും സാദ്ധ്യമല്ല. അക്ഷയമായ ഈ സൈന്യത്തെ കൊന്നൊടുക്കുവാൻ ബ്രഹ്മാവിന്നുപോലും സാദ്ധ്യമല്ല. യുധിഷ്ഠിരൻ ഇപ്പോൾ എന്താണ് അർത്ഥിക്കുന്നതെന്നു ഭവാൻ അറിയുന്നുണ്ടോ? പുരത്തിലുള്ള ആശയൊക്കെപ്പോയി. ഇപ്പോൾ അഞ്ചു ഗ്രാമം കിട്ടിയാൽ മതിയെന്നാണ്. എന്തേ ഇപ്പോൾ ഇങ്ങനെയായത്? എന്റെ സൈന്യപ്രഭാവങ്ങൾ കണ്ടു പേടിച്ചിട്ടാണ്. പിന്നെ ഭീമസേനൻ മഹാശക്തനാണെന്നാണല്ലോ ഭവാന്റെ വിചാരം. ആ വിചാരം തെറ്റാണ്. ഭവാൻ എന്റെ പ്രഭാവത്തെ അറിയാഞ്ഞിട്ടു പറയുന്നതാണ്. ഗദായുദ്ധത്തിൽ എന്നോടു തുല്യനായി ഇന്നു ലോകത്തിൽ ഒരുത്തനുമില്ല, ആരും ഉണ്ടായിട്ടുമില്ല; മേലിൽ ഉണ്ടാവുകയുമില്ല. അങ്ങനെ സർവ്വകാലാതീതനായി, സർവ്വപോരാളിമാരിലും അതീതനായി, അതുല്യപ്രഭാവനായിട്ടാണ് ഈയുള്ളവൻ വിരാജിക്കുന്നത്।

ഗുരുകുലക്ലിഷ്ടനായി അഭ്യസിച്ചിട്ടാണ് ഞാൻ വിദ്യാപാരംഗതനായത്. അതുകൊണ്ട് ആ ഭീമനെയോ മറ്റാരെയുമോ ഞാൻ ഭയപ്പെടുന്നുമില്ല. 'ഗദയിൽ ദുര്യോധനതുല്യനായി ആരുമില്ലെ'ന്ന് ബലരാമൻ നിസ്സംശയം പറഞ്ഞിട്ടുണ്ട്. ഞാൻ ആ സങ്കർഷണനെ ശിഷ്യത്വത്തോടെ പരിചരിച്ചിട്ടുണ്ട്. യുദ്ധത്തിൽ ബലരാമനോടു തുല്യനും ബലംകൊണ്ട് ലോകത്തിൽവെച്ചു മുമ്പനുമാണ് ഞാൻ. എന്റെ ഗദാപ്രഹരം താങ്ങുവാൻ ഭീമനു സാദ്ധ്യമല്ല. അവൻ സഹിക്കയില്ല. ഞാൻ ക്രോധത്തോടെ ഗദകൊണ്ട് ഒരു അടിവെച്ചുകൊടുത്താൽ ആ പ്രഹരത്തോടുകൂടി അവൻ യമപുരിയിലെത്തും; തീർച്ചയാണ്! ഗദയെടുത്ത ഭീമനെ ഒന്നു കണ്ടുകിട്ടണമെന്ന് എനിക്ക് ഒരു ആഗ്രഹമുണ്ട്. വളരെ നാളായി എന്നിൽ കുടികൊള്ളുന്നതാണ് ഈ ആഗ്രഹം.

digitized by www.sreyas.in

പോരിൽ ഞാനു ഗദകൊണ്ട് ആഞ്ഞ് ആ വൃകോദരനെ ഒരു ഒറ്റ പ്രഹരം വെച്ചുകൊടുത്താൽ ഉടനെ അവൻ തളർന്നു മണ്ണിൽ ചത്തുവീഴും. ഹിമവൽപർവ്വതംപോലും ഗദാഘാതത്താൽ ഞാൻ നൂറായിരം ഖണ്ഡമായി തകർത്തുകളയാം. 'ഗദയിൽ ദുര്യോധനതുല്യനായി ആരുമില്ലെ'ന്ന വിധി ഭീമനും കൃഷ്ണാർജ്ജുനന്മാർക്കും അറിവുള്ളതാണ്. അതുകൊണ്ട് ഭവാൻ ഇനി ഭയപ്പെടരുത്. ഭീമനെ ഞാൻ നിലയ്ക്കുനിർത്തും. രാജാവേ, ഭവാന്റെ മനസ്സു മങ്ങരുത്. ഞാൻ ഭീമനെ കൊന്നുവീഴ്ത്തിക്കഴിഞ്ഞാൽ അർജ്ജുനനെ കൊല്ലുന്നതിന്ന് അവനോടു സമന്മാരും അവനേക്കാൾ ശ്രേഷ്ഠന്മാരുമായ മഹാരഥന്മാർ ഇവിടെ പലരുമുണ്ട്. ഭീഷ്മൻ, ദ്രോണൻ, കൃപൻ, അശ്വത്ഥാമാവ്, കർണ്ണൻ, ഭൂരിശ്രവസ്സ്, പ്രാക്ജ്യോതിഷരാജാവ്, ശല്യൻ, ജയദ്രഥൻ എന്നിവരിൽ ഓരോരുത്തനും പാർത്ഥനെ വധിക്കുവാൻ ശക്തരാണ്. ഇവർ ഒരുമിച്ചു ചേർന്നാൽ ശത്രുക്കളെ മുഴുവനും ഉടനെ നശിപ്പിക്കുന്നതാണ്. പാർത്ഥിവന്മാരൊക്കെച്ചേർന്നാലും ഏകനായ അർജ്ജുനനെ ജയിക്കുവാൻ കഴികയില്ലെന്നു വിചാരിക്കുന്നതിന്ന് ഞാൻ കാരണമൊന്നും കാണുന്നില്ല. ഭീഷ്മനും ദ്രോണനും ദ്രൗണിയും കൃപനും ചേർന്ന് കൂട്ടത്തോടെ ശരങ്ങൾ ചൊരിഞ്ഞാൽ അർജ്ജുനൻ അവശനായി യമലോകം പ്രാപിക്കുകതന്നെ ചെയ്യും. ശന്തനുവിന്നു ഗംഗാദേവിയിൽ ജനിച്ച ഭീഷ്മപിതാമഹൻ ബ്രഹ്മർഷിസമനും ദേവന്മാർക്കുകൂടി ദുസ്സഹനുമാണ്. ഭീഷ്മനെ കൊല്ലുവാൻ ലോകത്തിൽ ആരുണ്ട്? പിതാവിന്റെ പ്രസാദത്താൽ അദ്ദേഹം സ്വച്ഛന്ദമരണനാണ്. ബ്രഹ്മർഷിയായ ഭരദ്വാജന്ന് ദ്രോണത്തിലുണ്ടായ പുത്രനാണ് ദ്രോണൻ. ഗൗതമമഹർഷിക്ക് ശരസ്തംബത്തിൽനിന്നു ജനിച്ച പുത്രനാണ് കൃപാചാര്യൻ. അമക്കാട്ടിൽ ഉണ്ടായ ആ ശ്രീമാൻ അവധ്യനാണ്. ആ ശ്രീമാനോടൊന്നിച്ചാണല്ലോ ദ്രോണന്റെ പത്നിയും ജനിച്ചത്. ഇപ്രകാരം ദ്രോണപുത്രനായ അശ്വത്ഥാമാവിന്റെ മാതാവും പിതാവും അമ്മാവനും അയോനിജരാണ്. അപ്രകാരമുള്ള അശ്വത്ഥാമാവ് അതുല്യവീരനാണ്. അവൻ എന്റെ അധീനത്തിലാണ്. ഇവരെല്ലാം രാജാവേ, ദേവതുല്യന്മാരായ മഹാരഥന്മാരാണ്. ശക്രന്നുപോലും യുദ്ധത്തിൽ വ്യഥയുണ്ടാക്കുന്നവരാണ്. ഇവരിൽ ഓരോരുത്തനോടും അർജ്ജുനൻ കിടനില്ക്കുകയില്ല. ഇവർ ഒത്തുചേർന്നാൽ പാർത്ഥനെ കൊന്നുകളയും. ഭീഷ്മദ്രോണകൃപന്മാരോടു തുല്യനാണ് കർണ്ണനും എന്നാണ് എന്റെ അഭിപ്രായം. 'എന്നോടു തുല്യനാണ് നീ' എന്നു പരശുരാമൻ സമ്മതിച്ചിട്ടുള്ളവനാണ് കർണ്ണൻ. കർണ്ണന്ന് സഹജമായി ശുഭമായ കുണ്ഡലം ഉണ്ടായിരുന്നു. ആ പരന്തപനോട് ഇന്ദ്രൻ ശചീദേവിക്കുവേണ്ടി അത് ഇരന്നുവാങ്ങി അമോഘമായ, ഘോരമായ 'ശക്തി' കൈമാറ്റം ചെയ്തിട്ടാണ് അതു നല്കിയത്. കർണ്ണന്റെ കൈയിൽ ആ വേൽ ഇരിക്കുമ്പോൾ അർജ്ജുനൻ പിന്നെ എങ്ങനെ ജീവിക്കാനാണ്? ഇങ്ങനെ ചിന്തിച്ചുനോക്കു. രാജാവേ, എന്റെ വിജയം കരതലാമലകംപോലെ പ്രത്യക്ഷമാണ്. വ്യക്തമാണ്. ശത്രുക്കളുടെ പരാജയവും അപ്രകാരം വ്യക്തമായിരിക്കുന്നു. ഒറ്റപ്പകൽകൊണ്ടു പത്തുലക്ഷംപേരെ ഭീഷ്മൻ വധിക്കും. ദ്രോണനും ദ്രൗണിയും കൃപനും അദ്ദേഹത്തോടു തുല്യരായ ധനുർദ്ധരന്മാരാണ്. സംശപ്തകക്ഷത്രിയന്മാരും അവരുടെ കൂട്ടുകാരും പറയുന്നു: 'ഞങ്ങൾ അർജ്ജുനനെ കൊല്ലും, അഥവാ അർജ്ജുനൻ ഞങ്ങളെ കൊല്ലും. രണ്ടാലൊന്നു തീർച്ചയാണ്.' ഇവിടെ വന്നിട്ടുള്ള രാജാക്കന്മാരാകട്ടെ, ഓരോരുത്തനും അർജ്ജുനനോടെതിർക്കുവാൻ മുതിർന്നു നില്ക്കുന്നു. ഈ സ്ഥിതിക്ക് ഞങ്ങൾ അർജ്ജുനനേയോ, അതോ അർജ്ജുനൻ ഞങ്ങളേയോ കൊല്ലുക? ഏതാണ് സംഭവിക്കുക? ഭവാൻ ചിന്തിച്ചുനോക്കുക! ഭവാൻ എന്തിന്നു ഭയപ്പെടുന്നു? അസ്ഥാനത്താണ് ഭവാന്റെ ഭയം.

ഭീമസേനൻ ചത്തുവീണാൽ പിന്നെ ശത്രുക്കളിൽ പൊരുതുവാൻ ആരുണ്ട്? ഭവാന് അറിയാമെങ്കിൽ പറയുക. ഭ്രാതാക്കന്മാർ അഞ്ചുപേരും ധൃഷ്ടദ്യുമ്നനും സാത്യകിയുംകൂടി ഏഴു യോധന്മാരാണ് ശത്രുക്കൾക്കുള്ള സാരമായ ബലം. നമ്മൾക്കാണെങ്കിൽ അവരെക്കാളൊക്കെ യോഗ്യരായ ഭീഷ്മൻ, ദ്രോണൻ, കൃപൻ, ദ്രൗണി, വൈകർത്തനനായ കർണ്ണൻ, ബാൽഹീകൻ, സോമദത്തൻ, പ്രാക്ജ്യോതിഷാധിപൻ, ശല്യൻ, അവന്തീശന്മാർ, ജയദ്രഥൻ, ദുശ്ശാസനൻ, ദുർമ്മുഖൻ, ദുസ്സഹൻ, ശ്രുതായുസ്സ്, ചിത്രസേനൻ, പുരുമിത്രൻ, വിവിംശതി, ശലൻ, ഭൂരിശ്രവസ്സ്, വികർണ്ണൻ, ഭവാന്റെ പുത്രന്മാരായ മറ്റുള്ളവർ ഇവരൊക്കെയുണ്ടല്ലോ. പതിനൊന്ന് അക്ഷൗഹിണി സൈന്യവും നമ്മൾക്കു വേണ്ടി തയ്യാറായി നിൽക്കുന്നു. ശത്രുക്കൾക്കാണെങ്കിൽ നമ്മളേക്കാൾ കുറവാണ്. ഏഴ് അക്ഷൗഹിണിയേ ഉള്ളു. ഈ സ്ഥിതിക്ക് നമുക്കു പരാജയമുണ്ടാകുമെന്നു വിചാരിക്കുവാൻ കാരണം എന്താണ്?

ശത്രുക്കളേക്കാൾ എനിക്ക് മൂന്നിലൊരുഭാഗം സൈന്യം കൂടുതലുണ്ട്. ആകെയുള്ള സൈന്യത്തിൽ മൂന്നിൽ രണ്ടുവീതം നമ്മൾക്കുള്ളപ്പോൾ മൂന്നിൽ ഒന്നല്ലേ അവർക്കുള്ളു? അങ്ങനെയുള്ള സൈന്യത്തോട് യുദ്ധം ചെയ്യാമെന്നു ബൃഹസ്പതി വിധിച്ചിട്ടുണ്ട്. ശത്രുസൈന്യത്തിൽ ഗുണക്കുറവു പലതും കാണും. നമ്മുടെ സൈന്യത്തിൽ ഗുണോദയം വളരെയുണ്ടുതാനും. ഇങ്ങനെ എനിക്കുള്ള സൈന്യങ്ങളുടെ മേന്മയും പാണ്ഡവന്മാരുടെ സൈന്യത്തിന്നുള്ള ന്യൂനതയും ഭവാൻ മനസ്സിലാക്കി ഉഴലാതെ, വിഷമിക്കാതെ, ധൈര്യമായി അടങ്ങിയിരിക്കുക!"

ഇപ്രകാരം അച്ഛനെ സാന്ത്വനം ചെയ്തതിന്നുശേഷം ദുര്യോധനൻ പാണ്ഡവന്മാരുടെ കാലോചിതമായ സ്ഥിതിഗതികളെപ്പറ്റി അറിയുവാൻ സഞ്ജയനോടു ചോദിച്ചു.

56. സഞ്ജയവാക്യം - സഞ്ജയൻ ഭീമാർജ്ജുനന്മാരുടെ ധ്വജാശ്വങ്ങളുടെ മേന്മ ദുര്യോധനനെ ഗ്രഹിപ്പിക്കുന്നു. - ദുര്യോധനൻ പറഞ്ഞു: "യുദ്ധത്തിന് ഒരുങ്ങിനില്ക്കുന്ന യുധിഷ്ഠിരൻ ഏഴ് അക്ഷൗഹിണിസൈന്യങ്ങളെ നേടി, കൂട്ടുകാരായ രാജാക്കന്മാരോടുകൂടി എന്താണ് ഇച്ഛിക്കുന്നത്?"

സഞ്ജയൻ പറഞ്ഞു: "യുദ്ധസന്നദ്ധനായ യുധിഷ്ഠിരൻ ഏറ്റവും മോദത്തോടെയാണ് വാഴുന്നത്. ഭീമാർജ്ജുനന്മാർക്കോ, യമന്മാർക്കോ ലേശവും ഭയമില്ല. ദിക്കുകളെയൊക്കെ ശോഭിപ്പിക്കുന്ന ആ ദിവ്യരഥത്തെ മന്ത്രങ്ങൾ ഓർമ്മിപ്പിക്കുവാൻ വേണ്ടി, അസ്ത്രപ്രയോഗത്തെ പരീക്ഷിക്കുവാൻ വേണ്ടി, ബീഭത്സു പൂട്ടി. സന്നദ്ധമായ ആ രഥം മിന്നൽ ചേർന്ന കാർമേഘംപോലെ ഞാൻ കണ്ടു. എല്ലാം ധ്യാനിച്ചതിന്റെ ശേഷം ഹർഷിച്ചുകൊണ്ട് അർജ്ജുനൻ ഇപ്രകാരം പറഞ്ഞു: 'ഹേ സഞ്ജയ, ഈ പൂർവ്വരൂപം ഭവാൻ കണ്ടാലും. ഞങ്ങൾ ജയിക്കും; അതിനുള്ള ലക്ഷണം ഞാൻ കാണുന്നു. ലക്ഷണംകൊണ്ട് അർജ്ജുനൻ പറഞ്ഞ വാക്കു സത്യമായി വരുമെന്നാണ് ഞാൻ വിചാരിക്കുന്നത്."

ദുര്യോധനൻ പറഞ്ഞു: "ചൂതിൽ തോറ്റുതുന്നംപാടി നാടുവിട്ടോടിപ്പോയ പാണ്ഡവന്മാരെപ്പറ്റി ഭവാൻ പ്രശംസിക്കുകയാണ്! അർജ്ജുനന്റെ രഥധ്വജത്തിന്റേയും അശ്വങ്ങളുടേയും സ്ഥിതിയെന്താണെന്നുപറയൂ!"

സഞ്ജയൻ പറഞ്ഞു: "വിശ്വകർമ്മാവ് ഇന്ദ്രനോടും പ്രജാപതിയോടുംകൂടി വിചിത്രമായി നിർമ്മിച്ചതാണ് പാർത്ഥധ്വജം. ചെറുതും വലുതുമായി വിലപിടിച്ചതും ദിവ്യങ്ങളുമായ രൂപങ്ങൾ പലതും ദിവ്യമായയാൽ അതിലിണക്കിയിട്ടുണ്ട്. ഭീമസേനന്റെ ഇഷ്ടത്തിന്നായി വായുനന്ദനനായ ഹനുമാൻ ആത്മരൂപത്തെ അതിൽ വെച്ചിരിക്കുന്നു. ചുറ്റുപാടും, മേലും, കീഴും യോജനദൂരംവരെ ആ ധ്വജം തേജസ്സു പരത്തുന്നു. വിശ്വകർമ്മാവിന്റെ മായയാൽ അതു യാതൊരു വൃക്ഷത്തിലും തടയുകയില്ല. ആകാശത്തിലെ മഴവില്ലുപോലെ അതു പ്രകാശിക്കുന്നു. അതിൽ എന്തെല്ലാം വർണ്ണങ്ങളാണുള്ളതെന്ന് വേർതിരിച്ചറിയുവാൻ വിഷമമാണ്. പല ആകാരങ്ങളിലുള്ള പല രൂപങ്ങളും അതിലുണ്ട്. ഇങ്ങനെ വിചിത്രതേജോവർണ്ണരൂപങ്ങളോടുകൂടിയ ആ ധ്വജത്തിൽനിന്ന് തീയും പുകയും ആകാശത്തിൽ ഉയർന്നുകൊണ്ടിരിക്കുന്നു. ആ ധ്വജം രഥത്തിന്ന് ഒട്ടും ഭാരമാകുന്നില്ല. അതിനു

digitized by www.sreyas.in

മാർഗ്ഗതടസ്സവുമില്ല. വായുവേഗമുള്ള വെള്ളക്കുതിരകളെയാണ് അതിൽ പൂട്ടിയിരിക്കുന്നത്. ആ അശ്വങ്ങൾക്ക് ആകാശത്തിലും ഭൂമിയിലും എവിടേയും തടവില്ലാതെ സഞ്ചരിക്കാം. മുമ്പെ വരം ലഭിക്കുകമൂലം അതിൽ എത്രയെണ്ണത്തിനെ കൊന്നുവിട്ടാലും എപ്പോഴും നൂറെണ്ണം രഥത്തിൽ തികഞ്ഞിരിക്കും. യുധിഷ്ഠിരന്റെ തേരിൽ കെട്ടിയ കുതിരകൾ ആനക്കൊമ്പിന്റെ നിറമാണ്. എല്ലാം തുല്യവീര്യങ്ങളുമാണ്. ഭീമസേനന്റെ തേരിൽ കെട്ടിയ ഋക്ഷാഭ യോടുകൂടിയ അശ്വങ്ങൾ വായുവേഗങ്ങളാണ്. പലനിറത്തിലുള്ളതും, തിത്തിരിപൃഷ്ഠത്തോടുകൂടിയതും, ജ്യേഷ്ഠനായ അർജ്ജുനൻ നല്കിയതുമായ സഹദേവന്റെ തേര് നല്ല മിടുക്കുള്ള കുതിരകളാണു വഹിക്കുന്നത്. മാദ്രീപുത്രനായ നകുലന്ന് ഇന്ദ്രൻ നല്കിയ ഹരിവാഹനങ്ങളാണ് രഥത്തിൽ കെട്ടിയിരിക്കുന്നത്. വേഗത്തിൽ കാറ്റിനോടു തുല്യമായ അവ വൃത്രവൈരിയുടെ വാഹനങ്ങൾക്കു തുല്യമാകുന്നു. വയസ്സുകൊണ്ടും വീര്യംകൊണ്ടും ഇവയ്ക്ക് ഒത്ത, വേഗം കൂടുന്ന ചിത്രരൂപമായ അശ്വജാലം സൗഭദ്രൻ മുതലായവർക്കും ദ്രൗപദീപുത്രന്മാർക്കും ദേവദത്തമായിട്ടുണ്ട്. ആ വാഹനങ്ങൾ പൊരുതുവാൻ തയ്യാറായി നില്ക്കുന്നു.

57. സഞ്ജയവാക്യം - പാണ്ഡവന്മാരുടെ സമരോദ്യോഗം സഞ്ജയൻ വർണ്ണിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "പാണ്ഡവന്മാർക്കുവേണ്ടി എന്റെ പുത്രന്മാരുടെ സൈന്യത്തോടു പൊരുതുവാൻ അവിടെ പ്രീതിയോടെ വന്നുകൊണ്ടിരിക്കുന്നവരിൽ ആരെയെല്ലാം ഭവാൻ കണ്ടു?"

സഞ്ജയൻ പറഞ്ഞു: "വൃഷ്ണ്യന്ധകപ്രവരനായ കൃഷ്ണൻ അവിടെ എത്തിയതായി ഞാൻ കണ്ടു. ചേകിതാനനും, യുയുധാനനും വെവ്വേറെ അക്ഷൗഹിണിയോടുകൂടി പാണ്ഡവന്മാരുടെ അടുത്ത് എത്തിയതായി ഞാൻ കണ്ടു. മഹാരഥന്മാർ എന്നു പേരുകേട്ടവരും, പൗരുഷത്തെ കാണിക്കുന്നവരുമാണ് അവർ. ഒരു അക്ഷൗഹിണിയോടും, പത്തു മക്കളോടും കൂടി പാഞ്ചാലനേയും അവിടെ കണ്ടു. ഉടുപ്പുകൾ അണിഞ്ഞ പടയാളികളാലും, സത്യജിത്ത്, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി എന്നീ വീരന്മാരാലും മാനം വർദ്ധിപ്പിച്ചുകൊണ്ട് ദ്രുപദൻ അവിടെ വന്നെത്തി പ്രശോഭിക്കുന്നു. ശംഖൻ, ഉത്തരൻ എന്നീ രണ്ടു പുത്രന്മാരോടും, മദിരാക്ഷൻ, സൂര്യദത്തൻ എന്നീ ഭ്രാതാക്കളോടും ഒരു അക്ഷൗഹിണി സൈന്യത്തോടുംകൂടി വിരാടൻ യുധിഷ്ഠിരനെ സമാശ്രയിച്ചിരിക്കുന്നു. മാഗധനായ ജരാസന്ധപുത്രൻ, ചേദിരാജാവായ ധൃഷ്ടകേതു, ചുവന്ന കൊടികളോടുകൂടിയ കേകയത്തിലെ പഞ്ചഭ്രാതാക്കൾ എന്നിവരും ഓരോ അക്ഷൗഹിണിയോടുകൂടി വന്നുചേർന്നിട്ടുണ്ട്. പാണ്ഡവന്മാർക്കു വേണ്ടി ധാർത്തരാഷ്ട്രസൈന്യത്തോട് പൊരുതുവാൻ അവിടെ ഇത്രയുംപേർ വന്നുചേർന്നതായി ഞാൻ കണ്ടു.

ദൈവം, മാനുഷം, ഗാന്ധർവ്വം, ആസുരം, മുതലായ എല്ലാവിധ വ്യൂഹങ്ങളും അറിയുന്ന മഹാരഥനായ ധൃഷ്ടദ്യുമ്നനാണ് സേനാമുഖത്തിൽ നില്ക്കുന്നത്. ഭീഷ്മൻ ശിഖണ്ഡിയുടെ ഇരയാണെന്നു നിശ്ചയിച്ചിരിക്കുന്നു. ആ വീരന്നു പിൻതുണയായി മത്സ്യന്മാരോടുകൂടി വിരാടൻ നില്ക്കുന്നതാണ്. യുധിഷ്ഠിരന്ന് ഇരയായിക്കണ്ടിരിക്കുന്നത് മദ്രാധിപനായ ശല്യനാണ്. അവരിരുവരും സമന്മാരല്ലെന്ന് അവിടെ ചിലർ പറയുന്നതായും ഞാൻ കേട്ടു. ഒരുനൂറ് അനുജന്മാരോടും പുത്രന്മാരോടും കൂടിയ ദുര്യോധനനും, കിഴക്കും തെക്കുമുള്ള രാജാക്കന്മാരുമാണ് ഭീമസേനന്റെ ഇര. അർജ്ജുനന്റെ ഏറ്റവും പ്രധാനപ്പെട്ട ഇര വൈകർത്തനനായ കർണ്ണനാണ്. അതിന്നും പുറമേ അശ്വത്ഥാമാവിനേയും, വികർണ്ണനേയും, സിന്ധുരാജാവായ ജയദ്രഥനേയും, ദുർജ്ജയന്മാരായ മറ്റു ശൂരരാജാക്കളേയും അർജ്ജുനൻ ഇരയായി നിശ്ചയിച്ചിട്ടുണ്ട്. കേകയഭ്രാതാക്കളായ അഞ്ചുപേരോടും പൊരുതുവാൻ വരുന്നത് കേകയന്മാർതന്നെയാണ്. മാളവന്മാർ, സാല്വന്മാർ എന്നിവരും ആ അഞ്ചു ഭ്രാതാക്കളുടെ പങ്കിലാണ്.

ത്രിഗർത്തശ്രേഷ്ഠന്മാരും, സംശപ്തകന്മാരും, ദുര്യോധനന്റെ പുത്രന്മാരും, ദുശ്ശാസനകുമാരന്മാരും, ബൃഹൽബലരാജാവും അഭിമന്യുവിന്റെ ഇരയായി നിശ്ചയിച്ചിരിക്കുന്നു. ദ്രൗപദീപുത്രന്മാരോടു ചേർന്ന് ധൃഷ്ടദ്യുമ്നൻ ദ്രോണനോടും, ചേകിതാനൻ സോമദത്തനോടും, സാതൃകി (യുയുധാനൻ) കൃതവർമ്മാവിനോടും പൊരുതുന്നതാണ്. മാദ്രീപുത്രനായ സഹദേവൻ, പോരിലാർക്കുന്ന ആ വിക്രമി, നിന്റെ അമ്മാവനായ ശകുനിയെ ഇരയായി സങ്കല്പിച്ചിരിക്കുന്നു. നകുലന്നുള്ള ഇര ഉലൂകകൗരവ്യരും സാരസ്വതഗണങ്ങളുമാണെന്നു പറയുന്നു. പോരിന്ന് ചെല്ലുന്ന മറ്റു രാജാക്കന്മാരേയും പാണ്ഡവന്മാർ ഓരോരുത്തരും പേർചൊല്ലി ഇന്നിന്നവരാണെന്ന് നിശ്ചയിച്ചുവെച്ചിട്ടുണ്ട്. ഇപ്രകാരം ഇവിടെയുള്ള സൈന്യത്തെ മുഴുവൻ തനിക്കുതനിക്കെന്ന് പാണ്ഡവന്മാർ പകുത്തുവെച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഒട്ടും കാലതാമസം കൂടാതെ പുത്രന്മാരോടുകൂടി ഭവാൻ വേണ്ടുന്ന കാര്യങ്ങളിൽ പ്രവേശിച്ചാലും."

ധൃതരാഷ്ട്രൻ പറഞ്ഞു: "കള്ളച്ചൂതാടുന്നതിന്നുവേണ്ടി തീർന്ന മരമണ്ടന്മാരാണ് എന്റെ മക്കളൊക്കെ. അവർക്കു വേറെ എന്തറിയാം? ഈ മൂഢന്മാരൊക്കെ ബലവാനായ ഭീമന്റെ ഗദാഘാതമേറ്റു ചാവാൻവേണ്ടി പിറന്നവരാണ്. വധത്തിന്നുവേണ്ടി കാലധർമ്മത്തിന്റെ സജ്ജീകരണത്തിന്നു വിധേയരായി രാജാക്കളൊക്കെ കാത്തു നില്ക്കുന്നു. ഹോമാഗ്നിയിൽ പാറ്റകൾ പോലെ ഗാണ്ഡീവാഗ്നിയിൽ വീണ് അവരൊക്കെ പൊരിഞ്ഞു വെണ്ണീറാകും! കൃതവൈരന്മാരും മഹാത്മാക്കളുമായ പാണ്ഡവന്മാർ യുദ്ധത്തിൽ അടിച്ചുതകർക്കുന്ന സൈന്യത്തെ ഉറപ്പിച്ചു നിർത്തുവാൻ ഇവരിൽ ആർക്കു കഴിയും? അവരെല്ലാവരും ശൂരന്മാരായ രഥികളാണ്. പേർ പുകഴ്ന്ന പ്രതാപികളാണ്. തേജസ്സാൽ സൂര്യാഗ്നിതുല്യന്മാരാണ്. യുദ്ധത്തിൽ വിജയിക്കുന്നവരുമാണ്. അവർക്കാണെങ്കിൽ നാഥൻ ധർമ്മജനാണ്. രക്ഷയ്ക്കാണെങ്കിൽ കേശവനുണ്ട്. യോധന്മാരാണെങ്കിൽ വീരന്മാരായ മഹാരഥന്മാർ, അർജ്ജുനനും, ഭീമനും, നകുലനും, സഹദേവനും, ധൃഷ്ടദ്യുമ്നനും, സാത്യകിയും, ദ്രുപദനും, ഭ്രാതാക്കളോടുകൂടിയ ധൃഷ്ടകേതുവും, ഉത്തമൗജസ്സും, യുധാമന്യുവും, ശിഖണ്ഡിയും, ഉത്തരനും, കാശിചേദിപന്മാരും, മത്സ്യന്മാരും, സൃഞ്ജയന്മാരും, വിരാടപുത്രന്മാരും, ബഭ്രുക്കളും, പാഞ്ചാലന്മാരും, പ്രഭദ്രകന്മാരും ആകുന്നു. ഇവരൊക്കെ അതുല്യവീരന്മാരായ രണധീരന്മാരാണ്. ഇവരെ ധിക്കരിച്ച് ഇന്ദ്രന്നുപോലും ഭൂമി നേടുവാൻ കഴികയില്ല. ആ ധീരന്മാർക്കു പർവ്വതങ്ങൾ പോലും പിളർക്കുവാൻ കഴിയും. ഗുണങ്ങളൊക്കെത്തികഞ്ഞ ആ ദിവ്യന്മാരുമായി, ഉഗ്രപ്രതാപന്മാരുമായി എന്റെ ദുഷ്ടസന്താനം പോരിന്നൊരുങ്ങി നില്ക്കുകയാണ്. സഞ്ജയാ! ഞാൻ എന്തു ചെയ്യേണ്ടൂ! എത്ര വിലപിച്ചിട്ടും അവൻ പിന്മാറുന്നില്ലല്ലോ!"

ദുര്യോധനൻ പറഞ്ഞു: "ഞങ്ങൾ രണ്ടുകൂട്ടരും സമജാതീയരാണ്. രണ്ടു കക്ഷികളും ഈ ഭൂമിയിൽത്തന്നെ ജീവിക്കുന്നവരാണ്. പിന്നെ പാണ്ഡവന്മാരിൽത്തന്നെ എന്തുകൊണ്ടാണ് അച്ഛൻ ജയം കാണുന്നത്? പിതാമഹനായ ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ജയദ്രഥൻ, സോമദത്തൻ, അശ്വത്ഥാമാവ് എന്നിവർ ദുർജ്ജയന്മാരും തേജസ്വികളുമായ ധനുർദ്ധരന്മാരല്ലേ? ഇവരെ പോരിൽ ജയിക്കുവാൻ ഇന്ദ്രനോടുകൂടിയ അമരന്മാർക്കും സാധിക്കയില്ല. അച്ഛാ, പിന്നെ പാണ്ഡവന്മാർക്ക് എങ്ങനെ കഴിയും! എനിക്കുവേണ്ടി രാജാക്കന്മാരൊക്കെ പാർത്ഥന്മാരോട് പോരാടുവാൻ സന്നദ്ധരായി നില്ക്കുന്നു. അവരെല്ലാം ശൂരന്മാരും ശസ്ത്രധാരികളുമായ ആര്യന്മാരാണ്. എന്റെ ആൾക്കാരോടു നേരിട്ടു നോക്കുവാൻ പാണ്ഡവന്മാർക്കു കെൽപ്പുണ്ടോ? ഇല്ലതന്നെ! മക്കളോടുകൂടിയ പാണ്ഡവന്മാരുമായി പൊരുതുവാൻതന്നെ ഞാൻ കരുതുന്നു! എന്റെ ഇഷ്ടം നോക്കി നില്ക്കുന്ന രാജാക്കന്മാർ കയറാൽ മാനുകളെ എന്ന പോലെ അവരെ തീർച്ചയായും തടഞ്ഞുനിർത്തും. എന്റെ കൂട്ടർ വലിയ തേർനിരയാലും ശരജാലങ്ങളാലും പാഞ്ചാലരോടൊത്ത പാണ്ഡവന്മാരെ ചെന്ന് ആക്രമിക്കുകതന്നെ ചെയ്യും; എല്ലാറ്റിനേയും തകർത്തുവിടും."

digitized by www.sreyas.in

ധൃതരാഷ്ട്രൻ പറഞ്ഞു: "എന്റെ പുത്രൻ ഭ്രാന്തനെപ്പോലെ ചിലയ്ക്കുന്നത് ഭവാൻ കേട്ടില്ലേ? പോരിൽ ധർമ്മരാജാവായ യുധിഷ്ഠിരനെ ജയിക്കുമത്രേ! ഇവൻ അതിന്നു വെറുതെ മോഹിക്കയാണ്! ധർമ്മജ്ഞന്മാരും, മഹാത്മാക്കളും, മക്കളോടു ചേർന്നവരുമായ പ്രസിദ്ധന്മാരായ പാണ്ഡവന്മാരുടെ ശക്തി ഭീഷ്മന്നറിയാം. അതുകൊണ്ടാണ് ആ മഹാന്മാരുമായി പൊരുതുന്നതിൽ അദ്ദേഹം സമ്മതിക്കാഞ്ഞത്. ഹേ സഞ്ജയാ, ഭവാൻ അവരുടെ ഒരുക്കങ്ങൾ എന്തൊക്കെയാണെന്നു പറയൂ. ഞാൻ കേൾക്കട്ടെ! ആ തേജസ്വികളെ ഹവിസ്സാൽ അഗ്നികളെ എന്നപോലെ ഉദ്ദീപിപ്പിക്കുന്ന തരസ്വി ആരാണ്?"

സഞ്ജയൻ പറഞ്ഞു: "ഹേ ഭാരതാ! അവരെ ഉദ്ദീപിപ്പിക്കുന്ന തരസ്വി ധൃഷ്ടദ്യുമ്നനാണ്. ആ പാഞ്ചാലൻ ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു. 'ഹേ ഭാരതമുഖ്യന്മാരേ, നിങ്ങൾ യുദ്ധം ചെയ്യുവിൻ! യുദ്ധത്തിൽ നിങ്ങൾ ഭയപ്പെടരുത്. ധാർത്തരാഷ്ട്രൻ വിളിച്ചുകൂട്ടിയ രാജാക്കന്മാർ ശസ്ത്രസങ്കുലമായതുമുല യുദ്ധത്തിൽ കൂട്ടുകാരോടുകൂടി എതിർത്തുവരുമ്പോൾ മത്സ്യക്കൂട്ടങ്ങളെ തിമിംഗലമെന്നപോലെ ഞാൻ ഒരുത്തൻ മതി, അവരെയൊക്കെ ഗ്രസിക്കുവാൻ. ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ദ്രൗണി, ശല്യൻ, സുയോധനൻ ഇവരെയൊക്കെയും ഞാൻ സമുദ്രത്തെ കരയെന്നപോലെ തടുക്കാം.' ഇപ്രകാരം ധൃഷ്ടദ്യുമ്നൻ പറഞ്ഞപ്പോൾ ധർമ്മബുദ്ധിയായ യുധിഷ്ഠിരരാജാവു പറഞ്ഞു: 'ഭവാന്റെ വീര്യധൈര്യങ്ങളെയാണ് പാണ്ഡവന്മാരും പാഞ്ചാലന്മാരും അവലംബിക്കുന്നത്. ഞങ്ങളെ ഭവാൻ യുദ്ധത്തിൽ നിന്നു സമുദ്ധരിച്ചാലും. ക്ഷത്രധർമ്മത്തിൽ ഉറച്ചുനില്ക്കുന്ന മഹാബാഹുവാണ് ഭവാനെന്നും കൗരവന്മാരെയൊക്കെ നിഗ്രഹിക്കുവാൻ ഭവാൻ സമർത്ഥനാണെന്നും എനിക്കറിയാം. കൗരവന്മാർ പോരിന്നൊരുങ്ങിവരുന്നതിന്നുമുമ്പായി ഇവിടെ ഞങ്ങളുടെ ശ്രേയസ്സിന്നു വേണ്ടതെന്തോ അത് ഭവാൻ ചെയ്താലും! യുദ്ധത്തിൽ തോറ്റു ശരണംതേടി പായുന്ന ജനങ്ങളുടെ മുമ്പിൽ പൗരുഷത്തോടെ അഭയം നല്കുന്ന ശൂരൻ ഒരു ആയിരം വീരന്മാരേക്കാൾ ശ്രേഷ്ഠനാണ്. ശൂരനും വീരനും വിക്രമിയുമായ ഭവാൻ, യുദ്ധത്തിൽ ഭയാർത്തന്മാരെ പരിത്രാണനംചെയ്യും എന്നുള്ളതിൽ സംശയമില്ല.' ഇപ്രകാരം ധർമ്മശാലിയായ യുധിഷ്ഠിരൻ പറഞ്ഞുകഴിഞ്ഞപ്പോൾ ധൃഷ്ടദ്യുമ്നൻ എന്നോട് ഇപ്രകാരം നിർഭയനായി പറഞ്ഞു: 'ഹേ, സൂതാ! ദുര്യോധനന്റെ യോദ്ധാക്കളായ നാട്ടുകാരോടൊക്കെയും ബാൽഹീകന്മാർ, കൗരവന്മാർ, പ്രാതിപേയന്മാർ എന്നിവരോടും സൂതപുത്രൻ, ദ്രോണൻ, ദ്രൗണി, ജയദ്രഥൻ, ദുശ്ശാസനൻ, വികർണ്ണൻ, ദുര്യോധനൻ, ഭീഷ്മൻ മുതലായവരോടും ഭവാൻ അവിടെ ചെന്നയുടനേ എന്റെ വാക്കായി ഇപ്രകാരം പറയണം: 'യുധിഷ്ഠിരനോട് നിങ്ങൾ നന്നായി നില്ക്കുകയാണ് നിങ്ങൾക്കു നല്ലത്! ദേവഗുപ്തനായ അർജ്ജുനനാൽ നിങ്ങൾ ഹതരാവേണ്ടാ. ധർമ്മരാജാവിന്റെ രാജ്യം ഉടനേ വിട്ടുകൊടുത്ത് ആ പാണ്ഡവവീരനായ പാർത്ഥനോട് ശമത്തിന്നായി അപേക്ഷിക്കുവിൻ! അർജ്ജുനനെപ്പോലെ യോഗ്യനായ ഒരു യോധൻ ഈ ഭൂലോകത്തിൽ ഒരിടത്തും കാണുകയില്ല. അത്രയ്ക്കു സവ്യസാചി ധീരനും സത്യവിക്രമനുമാണ്. ഗാണ്ഡീവിയുടെ ദിവ്യമായ രഥമാകട്ടെ ദേവനിർമ്മിതമാണ്. അങ്ങനെയുള്ള അർജ്ജുനനെ ജയിക്കുവാൻ കഴിയുന്ന മനുഷ്യരാരും ഇന്നില്ല. യുദ്ധവിചാരം നിങ്ങൾ മനസ്സിൽനിന്ന് അകറ്റുവിൻ! "

58. ധൃതരാഷ്ട്രവാക്യം - ധൃതരാഷ്ട്രൻ വീണ്ടും ദുര്യോധനനെ ഉപദേശിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ബാല്യംമുതൽ ബ്രഹ്മചാരിയാണ് ക്ഷത്രവീരനായ ആ പാണ്ഡവൻ! അവനോട് യുദ്ധത്തിന്നാണ് എന്റെ മന്ദന്മാരായ മക്കളുടെ പുറപ്പാട്. ഞാൻ വിലപിച്ചു പറഞ്ഞിട്ടും അവർ പിന്മാറുവാൻ തയ്യാറില്ല. എടോ, ദുര്യോധനാ, നീ പോരിൽനിന്നു പിന്മാറുക. ഏതു നിലയ്ക്കു ചിന്തിച്ചാലും യുദ്ധം ഒരു പ്രശംസാർഹമായ കാര്യമല്ല. നിനക്കു നിന്റെ അമാത്യന്മാരോടുകൂടി ജീവിക്കുവാൻ പകുതിരാജ്യം മതി. പാണ്ഡവന്മാർക്കുള്ളത് യഥോചിതം അവർക്കു കൊടുത്തേക്കൂ! കൗരവന്മാരൊക്കെ അതാണു ധർമ്മമായി കരുതുന്നത്. യോഗ്യന്മാരായ പാണ്ഡവന്മാരുമായി നീ ശമം കൈക്കൊള്ളുകയാണ് ശ്രേയസ്കരമായത്. ഉണ്ണീ, നീ നിന്റെ സൈന്യത്തെത്തന്നെ നന്നായി നോക്കുക. ശമമാണു നല്ലതെന്നു ഞാൻ പറയുമ്പോൾ നീ മൗഢ്യത്താൽ അതു കേൾക്കുന്നില്ല. യുദ്ധംചെയ്യുവാൻ ഞാൻ സമ്മതിക്കയില്ല. ബാൽഹീകനും സമ്മതിക്കയില്ല. ഭീഷ്മനും സമ്മതിക്കയില്ല. ദ്രോണനും സമ്മതിക്കയില്ല. ദ്രൗണിയും സമ്മതിക്കയില്ല. സഞ്ജയനും സമ്മതിക്കയില്ല.സോമദത്തനും, ശല്യനും, കൃപനും, രണം കാംക്ഷിക്കുന്നില്ല. പുരുഷമിത്രൻ, ജയൻ, സത്യവ്രതൻ, ഭൂരിശ്രവസ്സ് ഇവരൊക്കെയാണല്ലോ പരാക്രമികളായ കൗരവന്മാർക്ക് ആശ്രയമായി വിലസുന്നത്. അവരാരും യുദ്ധത്തെ അഭിനന്ദിക്കുന്നില്ല. ഇക്കാര്യം നീ നല്ലപോലെ ചിന്തിച്ചറിയണം. നീ നിന്റെ ഇഷ്ടത്തിന്നു ചെയ്യുകയല്ല നിന്നെക്കൊണ്ടു കർണ്ണൻ ചെയ്യിക്കുകയാണ്. പാപബുദ്ധിയായ ദുശ്ശാസനന്റേയും പിന്നെ ശകുനിയുടേയും പ്രേരണയ്ക്കു നീ വശംവദനായിരിക്കയാണ്. അവർ മൂന്നുപേരുമാണ് നിന്നെ യുദ്ധത്തിലേക്ക് ഇറക്കുന്നത്."

ദുര്യോധനൻ പറഞ്ഞു: "ഭവാനിലും, ദ്രോണനിലും, അശ്വത്ഥാമാവിലും, സഞ്ജയനിലും, ഭീഷ്മനിലും, കാംബോജനിലും, കൃപനിലും, വികർണ്ണനിലും, ബാൽഹീകനിലും, സത്യവ്രതനിലും, പുരുഷമിത്രനിലും, ഭൂരിശ്രവസ്സിലും ഭവാന്റെ ആൾക്കാരായ മറ്റുള്ളവരിലും ആശ്രയിച്ചിട്ടല്ല ഞാൻ യുദ്ധത്തിൽ ഇറങ്ങുന്നത്. അച്ഛാ, ഞാനും കർണ്ണനും ചേർന്ന് രണമാകുന്ന യജ്ഞം ആരംഭിച്ചു യുധിഷ്ഠിരനെ പശുവാക്കിക്കൊണ്ട് ദീക്ഷിച്ചുവരികയാണ് ഇപ്പോൾ. തേരിനെ വേദിയും, വാളിനെ സ്രുവവും (ഹോമത്തിന്നുള്ള ഒരു തരം തവി), ഗദയെ സ്രുക്കും (ഹോമപാത്രം), കവചത്തെ സദസ്സും, ശരത്തെ ദർഭയും, യശസ്സിനെ ഹവിസ്സും ആക്കിക്കൊണ്ടാണ് ഈ യാഗം. ആത്മയജ്ഞത്താൽ അന്തകന്ന് ഇഷ്ടി ചെയ്ത് ശത്രുക്കളെ വധിച്ച് ജയം പ്രാപിച്ച് ഞങ്ങൾ ശ്രീമാന്മാരാകും. ഞാനും കർണ്ണനും ദുശ്ശാസനനും ചേർന്ന് ആ പാണ്ഡവന്മാരെ കൊന്നുകൊള്ളാം. ഞങ്ങൾ മൂന്നുപേരും ചേർന്ന് ആ പാണ്ഡവന്മാരെയെല്ലാം യുദ്ധത്തിൽ വധിച്ച് ഭൂമി പാലിക്കുന്നതാണ്. അഥവാ എന്നെ കൊന്ന് പാണ്ഡവർ ഭൂമിയൊക്കെ അനുഭവിച്ചുകൊള്ളട്ടെ. ധനവും രാജ്യവും ജീവിതവും മറ്റൊക്കെയും എനിക്ക് ഉപേക്ഷിക്കേണ്ടിവന്നാലും ഞാൻ പാണ്ഡവന്മാരുമായി ഒരിക്കലും ഒന്നിച്ച് വാഴുകയെന്നതുണ്ടാവുകയില്ല. കൂർത്ത സൂചിമുനയാൽ കുത്തിയാൽ കാണുന്ന അത്രയും സ്ഥലംപോലും ഞാൻ പാണ്ഡുപുത്രന്മാർക്കു നല്കുകയില്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ! കൗരവന്മാരേ, ഞാൻ നിങ്ങളെയോർത്ത് ദുഃഖിക്കുന്നു. ഈ ദുര്യോധനനെ ഞാൻ തള്ളിക്കളഞ്ഞിരിക്കുന്നു! ഇനി എനിക്ക് അവന്റെ കാര്യമേയില്ല! യമപുരിയിലേക്കു യാത്രയായി നില്ക്കുന്ന ഇവനെ, ഈ മന്ദനെ നിങ്ങൾക്ക് അനുഗമിക്കേണ്ടിവന്നുവല്ലോ എന്നോർത്താണ് ഞാൻ ദുഃഖിക്കുന്നത്! മാൻകൂട്ടത്തിൽ ചാടിവീണ വ്യാഘ്രത്തെപ്പോലെ, യുദ്ധവിദഗ്ദ്ധന്മാരായ പാണ്ഡവന്മാർ പോരിൽ വൻപന്മാരെ തിരഞ്ഞുപിടിച്ച് ആദ്യമാദ്യം കൊന്നുകളയും. ദീർഘബാഹുവായ യുയുധാനൻ മട്ടുമാറി കൗരവസേനയെ കേവലം ഒരു പെണ്ണിനെയെന്നവിധം പിടിച്ചുവലിച്ചിഴച്ച് ഉലയ്ക്കുന്നതായി ഞാൻ മനസ്സുകൊണ്ട് ഇതാ മുമ്പിൽ കാണുന്നു. കൃഷ്ണൻ അർജ്ജുനന്റെ ബലത്തെ സമ്പൂർണ്ണമാക്കീട്ടുണ്ട്. സാത്യകിയാകട്ടെ വിത്തു വിതയ്ക്കുന്നപോലെ അമ്പുകൾ തൂകും. യോധന്മാരുടെ സേനാമുഖത്തിൽ ഭീമൻ വന്നുനില്ക്കും. കോട്ടയെന്നപോലെ അവനെ ആശ്രയിച്ച് സർവ്വരും നിർഭയരായി നില്ക്കും. ഭീമൻ അടിച്ചുകൊന്നുവീഴ്ത്തുകയാൽ മലപോലെയുള്ള ആനകൾ കൊമ്പുകളൊടിഞ്ഞും മസ്തകം തകർന്നും ചോരപുരണ്ടും അവിടവിടെ ചിതറിക്കിടക്കുന്നതു കാണുമ്പോൾ ഭീമപ്രഹരഭീതനായി നില്ക്കുന്ന സമയത്ത് ഇവൻ എന്റെ വാക്കുകളെ ഓർമ്മിക്കും. ആന, തേർ, കുതിരകൾ തുടങ്ങിയ സൈന്യത്തെ ഭീമൻ കൊന്നുമുടിക്കുന്ന സമയത്ത്, തീ കത്തിജ്വലിക്കുന്നവിധം കത്തിക്കാളി നശിക്കുന്ന സമയത്ത്, നീ എന്റെ വാക്കു സ്മരിക്കും.

digitized by www.sreyas.in

പാർത്ഥന്മാരോട് ഇണങ്ങുകയാണു നല്ലത്. അല്ലെങ്കിൽ നിങ്ങൾക്കു വലിയ വിപത്തു നേരിടുകതന്നെ ചെയ്യും. നിങ്ങൾ ഇന്ന് അടങ്ങാതിരുന്നാൽ ഭീമസേനന്റെ ഗദാഘാതമേറ്റു ഹതരായി അടങ്ങേണ്ടിവരും. ഭീമൻ തകർത്തിട്ട കൗരവസൈന്യം വെട്ടിമുറിച്ചിട്ട കാടുപോലെ കിടക്കുന്നതുകാണുമ്പോൾ നീ എന്റെ മൊഴി ഓർക്കും!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരമൊക്കെ രാജാക്കന്മാരോടു പറഞ്ഞിട്ട് ധൃതരാഷ്ട്രരാജാവ് സഞ്ജയനെ വിളിച്ചു വീണ്ടും പാണ്ഡവന്മാരുടെ വൃത്താന്തം അറിയുവാൻ ആഗ്രഹത്തോടെ ചോദിച്ചു."

59. ശ്രീകൃഷ്ണവാക്യകഥനം - സഞ്ജയൻ ധൃതരാഷ്ട്രനോട് കൃഷ്ണൻ പറഞ്ഞയച്ച സന്ദേശം ഉണർത്തിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "മഹാത്മാക്കളായ അർജ്ജുനനും, വാസുദേവനും എന്താണു പറഞ്ഞത്? മഹാപ്രാജ്ഞനായ സഞ്ജയാ, അതു ഭവാൻ പറഞ്ഞാലും. ഭവാന്റെ വാക്കുകൾ കേൾക്കുന്നതിൽ ഞാൻ ശ്രദ്ധാലുവാണ്!"

സഞ്ജയൻ പറഞ്ഞു: "രാജാവേ, ഞാൻ കൃഷ്ണാർജ്ജുനന്മാരെ കണ്ടവിധവും, അവർ പറഞ്ഞ വാക്കുകളും ഭവാനോടു പറയാം.

ഞാൻ കൈകൂപ്പി വിനീതനായി ശുചിയായി കാൽവിരൽ നോക്കിക്കൊണ്ട് ആ നരദേവന്മാരെ കാണുവാനായി അന്തഃപുരത്തിൽച്ചെന്നു. കൃഷ്ണന്മാരും, കൃഷ്ണയും, സത്യഭാമയും വാഴുന്നിടത്ത് അഭിമന്യുവോ നകുലസഹദേവന്മാരോ കടന്നു ചെല്ലുകയില്ല. ചന്ദനം പൂശി, മാല ചാർത്തി, പട്ടുടുത്ത്, ദിവ്യാഭരണങ്ങളണിഞ്ഞ്, മധുവും ആസവവും പാനംചെയ്ത് ഉന്മത്തരായി, വിവിധ രത്നങ്ങൾ പതിച്ച സ്വർണ്ണക്കട്ടിലിൽ വിചിത്രമായ വിരിപ്പിൽ സസുഖം വാഴുന്നതായി ഞാൻ കണ്ടു. കൃഷ്ണന്റെ പാദങ്ങൾ അർജ്ജുനന്റെ മടിയിലും, അർജ്ജുനന്റെ പാദങ്ങൾ കൃഷ്ണസത്യഭാമമാരുടേയും മടിയിലുമാണ് വച്ചിരിക്കുന്നത്. സ്വർണ്ണമയമായ തന്റെ പാദപീഠം എനിക്കായി അർജ്ജുനൻ നീക്കിത്തന്നു. ഞാൻ ആ പീഠം സ്വീകരിച്ച് അതിന്മേൽ കൈകൊണ്ടു തൊടുകമാത്രം ചെയ്ത് നിലത്തിരുന്നു. പാർത്ഥൻ ആ പാദപീഠത്തിൽനിന്നു കാലുകളെടുക്കുന്ന സമയത്ത് ഞാൻ ആ പാദങ്ങളിലെ ഊർദ്ധ്വരേഖകളും ശുഭലക്ഷണങ്ങളും കണ്ടു. ശ്യാമന്മാരും, വന്മരംപോലെ ഉയർന്നവരും, യൗവനയുക്തരും, ഏകാസനസ്ഥരുമായ അവരെ ഇരുവരേയും കണ്ടപ്പോൾ എനിക്ക് വലിയ ഭയമുണ്ടായി. ഇന്ദ്രവിഷ്ണു തുല്യരാണ് അവർ. അത് ഈ മന്ദാത്മാവ് അറിയുന്നില്ല. ദ്രോണരും, ഭീഷ്മരും തുണയുണ്ടെന്ന വിചാരത്താലും, കർണ്ണന്റെ പ്രശംസയാലും, ദുര്യോധനൻ കൃഷ്ണാർജ്ജുനമഹത്വത്തെപ്പറ്റി അറിയുന്നില്ല. ഈ കൃഷ്ണാർജ്ജുനന്മാർ ആജ്ഞാകാരന്മാരായി നില്ക്കുമ്പോൾ ധർമ്മപുത്രന് എല്ലാ മനസ്സങ്കല്പവും സാധിക്കുമെന്ന് അന്ന് എനിക്കുറപ്പുണ്ടായി. അന്നപാനാദിസല്ക്കാരവും പൂജയും ഏറ്റ് ഞാൻ അവിടെ ഇരുന്ന് തലയ്ക്കു കൈകൂപ്പി അവരോട് ഞാൻ സന്ദേശമെന്തെന്നു ചോദിച്ചു. ഞാൺതഴമ്പു ചേർന്ന കൈകൊണ്ടു ശുഭലക്ഷണമായ പാദം തലോടി അർജ്ജുനൻ കൃഷ്ണനെ പ്രേരിപ്പിച്ചു. സർവ്വാഭരണഭൂഷിതനായ ഇന്ദ്രവീര്യോപമൻ ഇന്ദ്രകേതുപോലെ എഴുന്നേറ്റിരുന്ന് എന്നോടു പറഞ്ഞു. ആ വാഗ്മിശ്രേഷ്ഠന്റെ വാക്ക് മൃദുവും സമുചിതവും ആഹ്ലാദകരവുമായിരുന്നു. എങ്കിലും, അതു ധാർത്തരാഷ്ട്രന്മാർക്ക് ദാരുണവും ഭീഷണവുമായിരുന്നു. ശിക്ഷാക്ഷരംചേർന്ന് പൊരുൾ ഓർത്ത് ഉള്ള് ഇളക്കുന്ന കൃഷ്ണന്റെ വാക്കുകൾ ഞാൻ ഇപ്രകാരം കേട്ടു."

കൃഷ്ണൻ പറഞ്ഞു: "എടോ, പ്രാജ്ഞനായ സഞ്ജയാ, ഭവാൻ കൗരവസഭയിൽച്ചെന്ന് മൂത്തവരെ ഞങ്ങളുടെ അഭിവാദ്യവും, പ്രായംകുറഞ്ഞവരെ ഞങ്ങളുടെ കുശലപ്രശ്നവും അറിയിച്ച്, കുരുശ്രേഷ്ഠനായ ഭീഷ്മനും ആചാര്യനായ ദ്രോണനും കേൾക്കെ, ബുദ്ധിമാനായ ധൃതരാഷ്ട്രനെ എന്റെ വാക്ക് അറിയിക്കണം. 'നിങ്ങൾ പുണ്യമായ പല യജ്ഞങ്ങളും ചെയ്തുകൊള്ളുവിൻ! വിപ്രന്മാർക്ക് ദക്ഷിണ നല്കുവിൻ! പുത്രദാരസുഖം അനുഭവിച്ചുകൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ഇതാ അത്യാപത്ത് അടുത്തിരിക്കുന്നു. വിത്തം സൽപാത്രങ്ങളിൽ ദാനം ചെയ്യുവിൻ. യഥാകാമം പുത്രന്മാരെ നേടിക്കൊള്ളുവിൻ. ഇഷ്ടജനങ്ങൾക്ക് ഇഷ്ടം ചെയ്തുകൊള്ളുവിൻ. ധർമ്മരാജാവ് ഇതാ വിജയത്തിന്നായി പുറപ്പെട്ടിരിക്കുന്നു.

പാഞ്ചാലി വസ്ത്രാപഹാരകാലത്ത് ദൂരവാസിയായ എന്നെ 'ഗോവിന്ദാ, ഗോവിന്ദാ രക്ഷിക്കണേ' എന്നു വിളിച്ചുകരഞ്ഞു. ആ കടം എന്റെ മനസ്സിൽനിന്ന് ഒരിക്കലും ഒഴിയാതെ എപ്പോഴും വർദ്ധിച്ചു കുടികൊള്ളുന്നു. തേജോമയവും, ദുരാധർഷവുമായ ഗാണ്ഡീവത്തെ കാർമ്മുകമായി കൈക്കൊണ്ട സവ്യസാചിയോട് ഞാൻ തുണയ്ക്കുന്ന ആ ദുരാധർഷനോട് നിങ്ങൾക്കു വൈരമാണ്! ഞാൻ തുണയ്ക്കുന്ന അർജ്ജുനനോടു പൊരുതുവാൻ വരുന്നവൻ സാക്ഷാൽ ദേവേന്ദ്രനായാലും അവൻ കാലത്തെ കൈയിലെത്താതെ പോകുമോ? കൈകളാൽ ഭൂമിയെ പൊക്കിപ്പിടിക്കുകയോ, സർവ്വപ്രജകളേയും ക്രുദ്ധനായി ദഹിപ്പിക്കുകയോ, സ്വർഗ്ഗത്തിൽനിന്നു ദേവന്മാരെ വീഴ്ത്തുകയോ ചെയ്യാമെങ്കിൽ അവന്നു സവ്യസാചിയെ ജയിക്കാം. ദേവാസുരമനുഷ്യരിലോ നാഗയക്ഷഗന്ധർവ്വരിലോ അർജ്ജുനനോട് എതിർക്കാവുന്നവനായി ആരുമില്ലെന്ന് നിങ്ങൾ അറിയേണ്ടതാണ്. വിരാടനഗരത്തിൽവെച്ചുണ്ടായ ആ കേൾവിപ്പെട്ട പരമാത്ഭുതം നിങ്ങൾ ഓർക്കുന്നില്ലേ? ഏകനായ അർജ്ജുനനോട് നിങ്ങൾ പലരുംകൂടി എതിർത്തിട്ട് ഒടുവിൽ എന്തുണ്ടായി? അതൊന്നും പോരേ പാർത്ഥന്റെ യുദ്ധകുശലതയ്ക്ക് നിദർശനം? അന്നു നിങ്ങളൊക്കെ മുറിവേറ്റ്, നില്ക്കക്കള്ളിയില്ലാതെ, പരാജിതരായി പ്രാണനുംകൊണ്ട് ഓടിയതു പോരേ നിദർശനം?

ബലം, തേജസ്സ്, വീര്യം, ബുദ്ധിവേഗം, ലഘുഹസ്തത, ധൈര്യം, അവിഷാദം എന്നീ ഗുണങ്ങൾ പാർത്ഥനിലല്ലാതെ പൂർണ്ണമായും വിളങ്ങുന്നവനാരുണ്ട്?"

പാർത്ഥൻ ഹർഷിക്കുന്നവിധം, ഇപ്രകാരം ഹൃഷീകേശൻ വാനിൽ കാലവർഷത്തിലെ കാളമേഘം ഗർജ്ജിക്കുന്നവിധം പറഞ്ഞു. കേശവന്റെ പ്രൗഢഗംഭീരമായ വാക്കുകേട്ട് ശ്വേതവാഹനനായ കിരീടി രോമാഞ്ചകഞ്ചുകിതനായി.

60. ധൃതരാഷ്ട്രവിവേചനം - ധൃതരാഷ്ട്രൻ അർജ്ജുനന്റെ അതുല്യവിക്രമത്തെ പറഞ്ഞ് ദുര്യോധനനെ ഉപദേശിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "സഞ്ജയന്റെ വാക്കുകേട്ട് പ്രജ്ഞാദൃഷ്ടിയായ ധൃതരാഷ്ട്രൻ ആ വാക്കിന്റെ ഗുണദോഷങ്ങളെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി. സൂക്ഷ്മമായി ഗുണദോഷങ്ങളെ ധൃതരാഷ്ട്രൻ കണക്കാക്കിത്തുടങ്ങി. മക്കൾക്കു ജയം ഇച്ഛിക്കുന്നവനാണ് ധൃതരാഷ്ട്രൻ എങ്കിലും, തത്ത്വം യഥാശക്തി ചിന്തിച്ചറിഞ്ഞു. ആ ബുദ്ധിമാൻ കാര്യത്തിന്റെ ബലാബലം ശരിയായി തീർച്ചയാക്കി രണ്ടു കക്ഷിയുടെ ശക്തിയും കണക്കാക്കി. പാണ്ഡവന്മാർക്ക് ദൈവികവും മാനുഷികവുമായ ശക്തിയുണ്ടെന്നും കൗരവന്മാർക്ക് മാനുഷികമായ ശക്തിമാത്രമേയുള്ളുവെന്നും കണ്ട് ആ പ്രജ്ഞാചക്ഷുസ്സായ രാജാവ് തന്റെ പുത്രനെ യുദ്ധത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ശ്രമിച്ച്, ദുര്യോധനനോടു പറഞ്ഞു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, ദുര്യോധനാ, എന്റെ മനസ്സിൽനിന്ന് അപജയചിന്ത വിട്ടുമാറുന്നില്ല. പ്രത്യക്ഷമായും ഞാൻ സത്യാവസ്ഥ കാണുന്നു. ഊഹംകൊണ്ടു പറയുകയല്ല. എല്ലാ ഭൂതങ്ങൾക്കും അവരവരുടെ സന്താനങ്ങളിൽ പരമമായ സ്നേഹം ഉണ്ടാവുക സാധാരണമാണ്. അവർക്ക് ഇഷ്ടം ചെയ്യുകയും ശക്തിപോലെ ഹിതമായ കാര്യങ്ങൾ ചെയ്യുകയും സാധാരണമാണ്. അതിന്നും പുറമേ ഉപകാരം ചെയ്യുന്നവർക്ക് അതിലുമധികം നന്മ പകരമായി ചെയ്യുവാൻ ഏതു സജ്ജനവും ഇച്ഛിക്കും. ഖാണ്ഡവത്തിൽവെച്ച് തനിക്കു ചെയ്ത ഉപകാരം സ്മരിച്ച് കൗരവപാണ്ഡവയുദ്ധത്തിൽ അഗ്നിദേവൻ അർജ്ജു

digitized by www.sreyas.in

നന്റെ സാചിവ്യം വഹിക്കും; അതു തീർച്ചയാണ്. ജന്മംകൊണ്ടു പല ദേവന്മാരോടും ബന്ധപ്പെട്ടവരാണ് പാണ്ഡവന്മാർ. അങ്ങനെ ബന്ധമുള്ള ധർമ്മാദ്യന്മാരായ ദേവന്മാർ പുത്രസ്നേഹത്താൽ ദേവന്മാരെയൊക്കെ വിളിച്ചുകൂട്ടി പാണ്ഡവപക്ഷത്തിൽ നിർത്തും. ഭീഷ്മദ്രോണകൃപാദികളിൽനിന്നുള്ള ഭയത്തിൽനിന്ന് പാണ്ഡവന്മാരെ രക്ഷിക്കുവാൻ ദേവന്മാർ ഇടിത്തീപോലുള്ള കോപം കൗരവന്മാരുടെ നേരെ ചൊരിയും. ദേവന്മാരോടു ചേർന്ന് പാർത്ഥന്മാർ ശോഭിക്കുമ്പോൾ ആ വീര്യവാന്മാരായ അസ്ത്രവേദികളെ നോക്കുവാൻപോലും മനുഷ്യന്ന് സാദ്ധ്യമാവുകയില്ല.

ദിവ്യവും ദുരാസദവുമായ ഗാണ്ഡീവമുള്ളവനാണ് അർജ്ജുനൻ. ദിവ്യവും ഉഗ്രവുമായ അമ്പുകൾ ഒടുങ്ങാത്ത ആവനാഴിയുള്ളവനാണ് അവൻ. വാനരധ്വജവും ധൂമംപോലെ നിസ്സംഗമായ ഗതിയുംചേർന്ന് ലോകത്തിൽ എതിരില്ലാത്ത ദിവ്യരഥമുള്ളവനാണ് അർജ്ജുനൻ. ഇടിവെട്ടുംപോലെയുള്ള ആ രഥത്തിന്റെ നിർഘോഷം ശത്രുക്കൾക്കു ഭയങ്കരമാണ്. ഫൽഗുനനാകട്ടെ അമരന്മാരെപ്പോലും യുദ്ധത്തിൽ ജയിച്ച അതിമാനുഷവീര്യനാണെന്ന് രാജാക്കന്മാരൊക്കെ അറിഞ്ഞിട്ടുണ്ട്. അവൻ അഞ്ഞൂറു ശരങ്ങൾ ഒപ്പം പിടിച്ച് കണ്ണടച്ചു മിഴിക്കുന്നതിന്നു മുമ്പേ അവയെല്ലാം എയ്ത് ദൂരെ എത്തിക്കും. ഭീഷ്മൻ, ദ്രോണൻ, കൃപൻ, ദ്രൗണി എന്നിവരും മദ്രേശനായ ശല്യനും മദ്ധ്യസ്ഥന്മാരായ മറ്റു മനുഷ്യരേവരും അർജ്ജുനനെ പ്രശംസിക്കുന്നു. ബാഹുവീര്യത്തിൽ കാർത്തവീര്യനോടും വിക്രമത്തിൽ ഇന്ദ്രോപേന്ദ്രന്മാരോടും തുല്യനായ ആ അരിന്ദമൻ അതിമാനുഷന്മാരായ മന്നവന്മാർക്കുപോലും എതിർക്കുവാനാവാത്തവനായി നില്ക്കുന്നത് ഞാൻ കാണുന്നു. ഒരു ഊക്കിൽ അഞ്ഞൂറു ബാണങ്ങൾ അവൻ എയ്തുവിടും. ആ അതുല്യപരാക്രമൻ ശത്രുപ്പട മുടിക്കുന്നതായി ഞാൻ കൺമുമ്പിൽ കാണുന്നു. ഇങ്ങനെയൊക്കെ ഓരോന്നു ശങ്കിച്ചും ചിന്തിച്ചും മനസ്സിൽക്കണ്ടും ഉറക്കംവരാതെ ഞാൻ ഉഴലുകയാണ്. കുരുക്കൾക്കു ശമം ഉണ്ടാകണമെന്നുള്ള ആഗ്രഹമാണ് എന്നിലുള്ളത്. എന്നാൽ ഇതാ കുരുക്കൾക്ക് ഘോരമായ ക്ഷയം വന്നുകൂടിയിരിക്കുന്നു. ശമം കൊണ്ടല്ലാതെ ഈ കലഹത്തിൽനിന്നു രക്ഷ കിട്ടുവാൻ വേറെ ഒന്നുകൊണ്ടും കഴികയില്ല. എന്റെ പക്ഷത്തിൽ പാർത്ഥന്മാരുമായി ശമം കൈക്കൊള്ളണമെന്നാണ്. നമ്മളേക്കാൾ ശക്തന്മാരായ പാണ്ഡവന്മാരുമായി നാം യുദ്ധത്തിന്നു പോകുന്നത് ആപത്തിന്നാണ്.''

61. ദുര്യോധനവാക്യം - ദുര്യോധനൻ സ്വന്തം യോഗ്യതയെ പ്രശംസിച്ച് അച്ഛന്നു പറഞ്ഞുകൊടുക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "അച്ഛന്റെ ആ വാക്കുകൾ കേട്ട് അമർഷണനായ ദുര്യോധനൻ വലിയ ക്രോധത്തോടെ ഇപ്രകാരം പറഞ്ഞു.''

ദുര്യോധനൻ പറഞ്ഞു: "ദേവന്മാർ പാണ്ഡവന്മാരെ തുണയ്ക്കുമെന്നും അതുകൊണ്ട് അവരെ ജയിക്കുവാൻ ആർക്കും കഴിയുകയില്ലെന്നുമാണല്ലോ ഭവാൻ ഓർക്കുന്നത്. ആ ഭയം വേണ്ടാ. അത് ഭവാന്റെ മനസ്സിൽനിന്നു പോയേ പറ്റൂ. കാമം, ദ്വേഷം, ലോഭം, ദ്രോഹം മുതലായ മാനുഷികഭാവങ്ങളെ ഉപേക്ഷിക്കുകകൊണ്ടാണ് ദേവന്മാർ ദേവന്മാരായത് എന്ന് ദ്വൈപായനനായ വ്യാസനും, തപസ്വിയായ നാരദനും, ജാമദഗ്ന്യനായ രാമനും പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യരെപ്പോലെ കാമക്രോധലോഭദ്വേഷങ്ങളോടുകൂടി ദേവന്മാർ ഒരിക്കലും പ്രവർത്തിക്കുകയില്ല. അഗ്നി, വായു, ധർമ്മൻ, ഇന്ദ്രൻ, അശ്വികൾ എന്നിവർ കാമയോഗത്താൽ പ്രവർത്തിക്കുന്നവരാണെങ്കിൽ പാർത്ഥന്മാർ ഇങ്ങനെ ദുഃഖിക്കേണ്ടിവരികയില്ലായിരുന്നു. അതുകൊണ്ട് ദേവന്മാർ ഇടയുമെന്നോർത്ത് ഭവാൻ ഇനി ഒരിക്കലും ചിന്താവശഗനാകരുത്. ദേവന്മാർ എപ്പോഴും ദൈവികമായ ഭാവങ്ങളെ മാത്രമേ കൈക്കൊള്ളുകയുള്ളു. അഥവാ കാമയോഗത്താൽ ദ്വേഷലോഭങ്ങൾ കാണുകയാണെങ്കിൽ ദേവന്മാരുടെ ദൈവപ്രാധാന്യം ഇല്ലാതാവുകയും ചെയ്യും. (ഏതായാലും എനിക്ക് ആ ദേവന്മാരെ ഭയമില്ല.) ലോകം മുഴുവൻ ചുട്ടു വെണ്ണീറാക്കാൻ ഒരുങ്ങിനില്ക്കുന്നവനായാലും, അഗ്നിദേവൻ, ഞാൻ അഭിമന്ത്രിച്ചാൽ ഉടനെ കെട്ടുപോകും. ദേവന്മാരിലുള്ള ആ മഹാതേജസ്സ് എന്നിൽ വന്നുചേരുന്നത് ഭവാനു കാണാം. ഭൂമിയോ, ഗിരിശിഖരങ്ങളോ പിളരുകയാണെങ്കിൽ, ലോകം കാൺകെത്തന്നെ അത് ഞാൻ മന്ത്രംചൊല്ലി നിർത്തുന്നതാണ്. ചേതനാചേതനങ്ങൾ ചേർന്ന ചരാചരാത്മകമായ ഈ ജഗത്തിന്റെ വിനാശത്തിന്നായി ഉണ്ടായ ഘോരമായ മഹാസ്വനമായി ഞാൻ രൂപാന്തരപ്പെടും.

ശിലാവർഷം, കൊടുങ്കാറ്റ് എന്നിവ ഞാൻ നിത്യവും ലോകം നിറഞ്ഞ ഭൂതാനുകമ്പയാൽ ശമിപ്പിക്കുന്നു. ഞാൻ സ്തംഭിപ്പിച്ചുനിർത്തുന്ന ജലത്തിൽ തേരും കാലാളും നടക്കും. ദേവാസുരമായ പദാർത്ഥങ്ങൾക്കൊക്കെ ഈ ഞാൻ ഒരാൾ മാത്രമാണ് പ്രവർത്തകനായി വർത്തിക്കുന്നത്. അക്ഷൗഹിണികളൊത്ത് ഞാൻ ഏതു കാര്യത്തിന്ന് എവിടേക്കു ചെല്ലുന്നുവോ, ഞാൻ വിചാരിക്കുന്നവിധം അതാതിടങ്ങളിൽ എന്റെ അശ്വങ്ങളൊക്കെയും എപ്പോഴും ചെല്ലും. ഭയം ജനിപ്പിക്കുന്ന ഘോരവ്യാളാദികളൊന്നും എന്റെ രാജ്യത്തില്ല. എന്റെ മന്ത്രംകൊണ്ടു സ്തംഭിച്ചുപോകുന്ന ഘോരജീവികൾ പിന്നെ ഹിംസിക്കുവാൻ ശക്തരാകയില്ല. എന്റെ നാട്ടുകാർക്ക് ഇഷ്ടംപോലെ മേഘം മഴ പെയ്യുന്നുണ്ട്. ഈതിബാധകളൊന്നും ഞാൻ ഭരിക്കുന്ന നാട്ടിലില്ല. നാട്ടുകാർ എല്ലാവരും ധർമ്മിഷ്ഠരാണ്. മരുത്തുക്കളോടു ചേർന്ന് ഇന്ദ്രനും, അശ്വിനികളും, വായുദേവനും, അഗ്നിയും, ധർമ്മനും ഞാൻ ഇടയുന്നവരെ രക്ഷിക്കുവാൻ മുതിരുകയില്ല. എന്റെ ശത്രുകളെ രക്ഷിക്കുവാൻ അവർ പോന്നവരാണെങ്കിൽ പതിമ്മൂന്നുവർഷം പാണ്ഡവന്മാർ വനവാസംചെയ്ത് ദുഃഖിക്കയില്ലായിരുന്നു. ദേവന്മാരും, ഗന്ധർവ്വന്മാരും, സുരന്മാരും, അസുരന്മാരും മറ്റ് ആരുംതന്നെ ഞാൻ ദ്വേഷിക്കുന്നവരെ രക്ഷിക്കുവാൻ ഒരുങ്ങുകയില്ല. ഈ പറഞ്ഞതു സത്യമാണ്. ഞാൻ വിചാരിക്കുന്നതു ശുഭമായാലും അശുഭമായാലും, മിത്രശത്രുക്കളിൽ തെറ്റായി ഭവിക്കാറുമില്ല. ഹേ പരന്തപാ!' 'ഇത് ഉണ്ടാകുന്നതാണെന്നു ഞാൻ പറഞ്ഞാൽ അത് ഉണ്ടാവുകതന്നെ ചെയ്യും. എന്റെ വാക്ക് ഒരിക്കലും അസത്യമായി ഭവിക്കയില്ല. ഇക്കാര്യം ലോകപ്രസിദ്ധമാണ്. എന്റെ ഈ സത്യമാഹാത്മ്യം ലോകവിദിതമാണ്. സത്യവാദിയാണ് ഞാൻ എന്നു ലോകം അറിഞ്ഞിട്ടുണ്ട്. ഞാൻ ഈ പറയുന്നത് ആത്മപ്രശംസയാണെന്നു ധരിക്കരുത്. ഭവാന്റെ ആശ്വാസലബ്ധിക്കുവേണ്ടി സത്യമായ കാര്യം അറിയിക്കുക മാത്രമാണ്. എന്റെ സത്യഭാഷണത്താൽ ഭവാനു ശാന്തി ലഭിക്കട്ടെ! ഉടനെ പാണ്ഡവന്മാരേയും, പാഞ്ചാലന്മാരേയും, മത്സ്യന്മാരേയും, സാത്യകിയേയും കൃഷ്ണനേയും ഈ ദുര്യോധനൻ ജയിച്ചു എന്നുള്ള വർത്തമാനം ഭവാൻ കേൾക്കുന്നതാണ്. പുഴ സമുദ്രത്തിൽ എത്തിക്കഴിയുമ്പോൾ എല്ലാം അതിൽ ഒടുങ്ങുന്നതുപോലെ എന്നോട് എതിർത്തുവരുന്ന അവരുടെ സകലശ്രേയസ്സും നശിച്ച് എന്നിൽ വന്നുചേരും. എന്റെ നേരിട്ടു വന്നാൽ മതി, അതോടുകൂടി അവരെല്ലാം വംശത്തോടുകൂടി നശിച്ചടങ്ങും.

എന്റെ കവിഞ്ഞ ബുദ്ധിയും, കവിഞ്ഞ തേജസ്സും, വലിയ വീര്യവും, മഹത്തായ വിദ്യയും, യോഗവും എല്ലാം അവരേക്കാൾ എത്രയോ മെച്ചപ്പെട്ടതാണ്. പിതാമഹനായ ഭീഷ്മൻ, ദ്രോണൻ, കൃപൻ, ശല്യൻ, ശലൻ ഇവരൊക്കെ അസ്ത്രജ്ഞന്മാരാണ്. അവർക്ക് അറിയാവുന്ന സകല അസ്ത്രവിദ്യയും എനിക്കും അറിയാം.''

ഇപ്രകാരം മകൻ പറഞ്ഞപ്പോൾ അതിന്നുത്തരം പറയാതെ ധൃതരാഷ്ട്രൻ യുദ്ധസന്നദ്ധരായ പാണ്ഡവന്മാരുടെ സ്ഥിതിയെപ്പറ്റി സഞ്ജയനോടു വീണ്ടും ചോദിച്ചു.

62. കർണ്ണഭീഷ്മവാക്യം - കർണ്ണന്റെ ആത്മപ്രശംസയും ഭീഷ്മന്റെ അധിക്ഷേപവും - വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ സഞ്ജയനോടു ചോദിച്ച സമയത്ത്

digitized by www.sreyas.in

അദ്ദേഹത്തെ ഓർക്കാതെ അവഗണിച്ച് കർണ്ണൻ മദ്ധ്യത്തിൽ ചാടിവന്ന് ദുര്യോധനന്നു ഹർഷം ജനിക്കുന്നവിധം കൗരവരോട് ഇപ്രകാരം പറഞ്ഞു."

കർണ്ണൻ പറഞ്ഞു: "ഞാൻ മുമ്പ് മിഥ്യാവാക്കു പറഞ്ഞ് പരശുരാമനിൽനിന്ന് ബ്രഹ്മാസ്ത്രം സമ്പാദിച്ചു. അത് ആ മഹർഷി അറിഞ്ഞപ്പോൾ എന്നെ ശപിച്ചു. 'അവസാനകാലത്തിൽ അസ്ത്രസ്മൃതി ഇല്ലാതാകട്ടെ എന്നാണ് ശപിച്ചത്. മഹാപരാധംമൂലം ഞാൻ ഗുരുവിനാൽ ഇപ്രകാരം ശപ്തനാകേണ്ടിവന്നുവെങ്കിലും ഞാൻ ആ മഹാതേജസ്വിയെ ശുശ്രൂഷയാലും പൗരുഷത്താലും പ്രസാദിപ്പിച്ചു. ആഴിചൂഴുന്ന ഊഴിയെ മുഴുവൻ തന്റെ ഉഗ്രതേജസ്സാൽ ദഹിപ്പിക്കുവാൻ പോന്ന ആ മഹർഷിയുടെ മനസ്സിനെ ഞാൻ പ്രസാദിപ്പിച്ചു! ഇപ്പോൾ എനിക്ക് ആയുസ്സുമുണ്ട്, അസ്ത്രവുമുണ്ട്. അന്ത്യകാലം ആയിട്ടില്ല. അതുകൊണ്ട് യുദ്ധത്തിൽ അവരെയൊക്കെ ജയിക്കേണ്ട ഭാരം നിർവ്വഹിക്കാനുള്ള കെല്പ് എനിക്കുണ്ട്. മുനിപ്രസാദംമൂലം ഞാൻ നിമിഷംകൊണ്ട് പാഞ്ചാലകാരൂഷകമത്സ്യന്മാരേയും, പുത്രന്മാരോടുകൂടിയ പാർത്ഥന്മാരേയും വധിച്ച് ശസ്ത്രംകൊണ്ടു നേടാവുന്ന പുണ്യലോകത്തെ പ്രാപിക്കും. ഭീഷ്മദ്രോണന്മാരും, നരേന്ദ്രമുഖ്യന്മാരും ദുര്യോധനന്റെ സമീപത്തിൽ നില്ക്കട്ടെ. ഞാൻ പ്രധാന സൈന്യത്തോടുകൂടിച്ചെന്ന് പാർത്ഥന്മാരെ വധിക്കുന്നതാണ്. അത് എന്റെ ഭാരമാണ്; അത് എന്റെ കടമയാണ്."

ഇപ്രകാരം പറയുന്ന കർണ്ണനോട് ഭീഷ്മൻ പറഞ്ഞു: "എടോ, കർണ്ണാ! കാലവിപന്നബുദ്ധിയായ നിന്റെ ആത്മപ്രശംസ നിർത്തുക! പ്രധാന സൈന്യത്തെ നീ കൊണ്ടുപോയി അതൊക്കെ നശിപ്പിച്ചാൽ അതോടുകൂടി ധാർത്തരാഷ്ട്രന്മാരുടെ കഥ അവസാനിക്കും. അത്രയ്ക്കൊന്നും നീ ഞെളിയേണ്ട! ഖാണ്ഡവദാഹകാലത്ത് വാസുദേവന്റെ സഹായത്തോടെ അർജ്ജുനൻ ചെയ്ത മഹൽകർമ്മങ്ങളെപ്പറ്റി കേട്ട ഉടനെ നീ ബന്ധുജനങ്ങളോടുകൂടി പാർത്ഥന്മാരിൽ വൈരം ജനിപ്പിക്കാതിരിക്കുവാൻ ശ്രമിക്കേണ്ടതായിരുന്നു. മനസ്സ് അടക്കി ജീവിക്കേണ്ടതായിരുന്നു. ദേവരാജാവായ ഭഗവാൻ മഹേന്ദ്രൻ നിനക്കു സമ്മാനിച്ച വേലിനെ കൃഷ്ണൻ ചക്രം പ്രയോഗിച്ചു തകർത്ത് ഭസ്മമാക്കിക്കളയുന്നത് നിനക്കു കാണാം. യത്നത്തോടുകൂടി മാലകളർപ്പിച്ചു സൂക്ഷിച്ചിരിക്കുന്ന നിന്റെ 'ഉരഗാസ്യ'ബാണം പാണ്ഡുപുത്രന്റെ ശരമേറ്റ് നിന്നോടൊന്നിച്ചു നശിക്കുന്നതാണ്.

എടോ കർണ്ണാ, ഭൗമന്റെ അസ്ത്രങ്ങളെ ഉടച്ചുതകർത്ത ഭൗമഹന്താവായ കൃഷ്ണൻ കിരീടിയെ നിത്യവും കാത്തുവരുന്നു. നിന്റെ കൂട്ടുകാരേയും നിന്നേക്കാൾ ശ്രേഷ്ഠന്മാരായ മറ്റുള്ളവരേയും കലമ്പൽ കൂട്ടുന്ന സകല വായാടികളേയും പടയ്ക്കുള്ളിൽ അയാൾ മുടിച്ചുവിടും."

കർണ്ണൻ പറഞ്ഞു: "ആ വൃഷ്ണിപതി, ഭവാൻ പറയുന്നപോലെയും ഒരുപക്ഷേ, അതിനേക്കാളധികവും മഹാത്മാവാണെന്നത് തീർച്ചയാണ്. എന്നാൽ എന്നോടു പറയുന്ന ഈ പരുഷവാക്ക് എനിക്കു സഹിക്കുവാൻ സാദ്ധ്യമല്ല. ഞാൻ ഇതാ ഈ സഭയിൽ എന്റെ ശസ്ത്രങ്ങൾ വെക്കുന്നു. യുദ്ധത്തിൽ ഭവാൻ ഇനി എന്നെ കാണുന്നതല്ല. ഭവാൻ അടങ്ങിയതിന്നുശേഷം എന്റെ പ്രഭാവം രാജാക്കന്മാരൊക്കെ കണ്ടുകൊള്ളും."

വൈശമ്പായനൻ പറഞ്ഞു: "മഹാധനുർദ്ധരനായ കർണ്ണൻ ഇപ്രകാരം പറഞ്ഞ് സഭാസ്ഥലത്തുനിന്ന് ഇറങ്ങി സ്വഗൃഹത്തിലേക്കു നടന്നു. ഇതു കണ്ടപ്പോൾ ഭീഷ്മൻ ദുര്യോധനനെ നോക്കി ഒരു പുഞ്ചിരിയോടുകൂടി കുരുവീരമദ്ധ്യത്തിൽ ഇപ്രകാരം പറഞ്ഞു."

ഭീഷ്മൻ പറഞ്ഞു: "അമ്പോ! സത്യപ്രതിജ്ഞനാണത്രേ സൂതപുത്രൻ! എന്നിട്ട് എന്തുകൊണ്ട് സ്വന്തം ഭാരം നിർവ്വഹിക്കുന്നില്ല? പടയുടെ മുന്നണിയിൽ ഏറ്റുമുട്ടുന്ന ഭീമനാൽ ശിരസ്സറുത്ത് ഒടുക്കപ്പെടുന്ന മഹാസൈന്യനാശം കാണുവാൻ നിങ്ങൾക്കു കഴിയും. ആവന്ത്യകാലിംഗജയദ്രഥന്മാരും ചേദീശബാൽഹീകന്മാരും കാൺകെ ഞാൻ ദിവസേന പത്തുലക്ഷം ശത്രുയോധന്മാരെ യുദ്ധത്തിൽ വധിച്ചു തള്ളുന്നതും നിങ്ങൾക്കു കാണാം.

അനിന്ദ്യനായ ഭാർഗ്ഗവനോട് വിപ്രനാണെന്നു നുണപറഞ്ഞ് അവൻ അസ്ത്രം സമ്പാദിച്ചു. അസത്യം പറയുകയാൽ പാപിയായിത്തീർന്ന ആ വൈകർത്തനന്റെ തപസ്സും ധർമ്മവും അതോടൊപ്പം നശിച്ചുപോയി."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ഭീഷ്മൻ ദൃഢമായിപ്പറഞ്ഞപ്പോൾ, കർണ്ണൻ സ്വന്തം ശസ്ത്രങ്ങളെ ഉപേക്ഷിച്ചുപോയപ്പോൾ, അല്പബുദ്ധിയായ ദുര്യോധനൻ ഭീഷ്മനോട് ഇപ്രകാരം പറഞ്ഞു."

63. വിദുരവാക്യം - ദുര്യോധനൻ സ്വപക്ഷത്തിന്റെ യോഗ്യതയും വിദുരൻ ക്ഷമയുടെ മഹത്വവും വർണ്ണിക്കുന്നു - ദുര്യോധനൻ പറഞ്ഞു: "ഞങ്ങളും പാണ്ഡവരും മനുഷ്യരിൽ തുല്യജന്മാക്കളല്ലേ? ജന്മംകൊണ്ടും വൃത്തംകൊണ്ടും സമന്മാരല്ലേ? പിന്നെ ഭവാൻ എന്തുകൊണ്ടാണ് പാണ്ഡവന്മാരിൽ മാത്രം ജയം കാണുന്നത്? വയസ്സ്, വീര്യം, പരാക്രമം, പ്രതിഭ, വിദ്യ, അസ്ത്രസമ്പത്ത്, യുദ്ധസാമർത്ഥ്യം, ശീഘ്രത്വം, കൗശലം എന്നിവകൊണ്ട് രണ്ടുകൂട്ടരും സമജാതിക്കാരും രണ്ടുകൂട്ടരും മർത്ത്യയോനിജാതരുമാണ്. എന്നിരിക്കെ ഹേ പിതാമഹാ! ഭവാൻ എങ്ങനെയാണ് പാർത്ഥന്മാരിൽ മാത്രം ജയം കണ്ടത്? ഞാനാണെങ്കിൽ ഭവാനിലും കൃപനിലും ദ്രോണനിലും ബാൽഹീകനിലും മറ്റു രാജാക്കന്മാരിലും ഭാരം ഏല്പിച്ചാണല്ലോ ഉദ്യമിക്കുന്നത്.

ഞാനും കർണ്ണനും ദുശ്ശാസനനുംകൂടി കൂർത്തുമൂർത്ത ശരംകൊണ്ട് അഞ്ചു പാണ്ഡവന്മാരേയും കൊന്നുകളയും. പിന്നെ പലവിധം ദക്ഷിണകളോടുകൂടിയ മഖങ്ങൾകൊണ്ട് ബ്രാഹ്മണരെ തർപ്പിക്കുന്നതാണ്. പശുക്കൾ, അശ്വങ്ങൾ, ധനവൃഷ്ടി ഇവയായിരിക്കും ബ്രാഹ്മണർക്കുള്ള ദക്ഷിണകൾ. കയറാൽ മാനുകളെ കെട്ടിവലിക്കുംപോലെ, വെള്ളത്തിൽ തോണി കെട്ടിവലിക്കുംപോലെ കൈകൊണ്ട് എന്റെ ഭടന്മാർ പാണ്ഡവന്മാരെ കെട്ടിവലിക്കുന്ന സമയത്ത്, തേരും ആനയുംചേർന്ന സൈന്യങ്ങൾ തകർന്ന പാണ്ഡവന്മാർ തങ്ങളുടെ ശത്രുക്കളെക്കാണുന്ന സമയത്ത് ആ പാണ്ഡുപുത്രന്മാരുടെയും വാസുദേവന്റെയും ഗർവ്വ് വിടാതിരിക്കയില്ല."

വിദുരൻ പറഞ്ഞു: "വൃദ്ധന്മാർ കാര്യത്തിന്ന് തീർപ്പുകാണുകയും ശ്രേഷ്ഠമായ ശ്രേയസ്സ് ഉപദേശിക്കുകയും ചെയ്യും. ബ്രാഹ്മണന്നു വിശേഷിച്ചും സനാതനമായ ധർമ്മം ദമമാണ്. ജ്ഞാനം, തപസ്സ്, ദാനം ഇവയോടുചേർന്ന് ആർക്കാണ് ദമവും നില്ക്കുന്നത്, അവന്ന് ദാനവും ക്ഷമയും മുക്തിയും സിദ്ധമാകും. ദമം തേജസ്സിനെ വായ്പിക്കും. പാവനമായ ദാനം ഉത്തമമാണ്. പാപം പോയി വൃദ്ധതേജസ്സായി പുരുഷൻ മുക്തിയെ പ്രാപിക്കുന്നു. ലോകർക്ക് ദാന്തരിൽ, രാക്ഷസരെ എന്നവിധം ഭയമാണ്. അവരെ തടയുവാനായി ബ്രഹ്മാവ് ക്ഷത്രത്തെ സൃഷ്ടിച്ചു. നാലാശ്രമത്തിലും പറയുന്നുണ്ട് ഉത്തമമായ വ്രതം ദമമാണെന്ന്. ദമത്താൽ അഭിവൃദ്ധി ആർക്കുണ്ടോ, അവന്റെ ലക്ഷണം ഞാൻ പറയാം. ധൃതി, ക്ഷമ, അഹിംസ, സത്യം, ആർജ്ജവം, ഇന്ദ്രിയജയം, ധൈര്യം, മൃദുത്വം, ഹ്രീ, അചാപലം, കാർപ്പണ്യം, അസംരംഭം, സന്തോഷം, ശ്രദ്ധ ഇവ ആർക്കുണ്ടോ, അവൻ ദാന്തനായ പുരുഷനാണെന്നു പറയാം. കാമം, ലോഭം, ഗർവ്വ്, മന്യു, നിദ്ര, വികത്ഥനം, ഈർഷ്യ, മാനം, ശോകം ഇവ ദമമുള്ളവർ ശീലിക്കുകയില്ല. അജിഹ്മം (ആർജ്ജവം), അശഠം, ശുദ്ധം ഇവ മൂന്നും ദാന്തന്റെ ലക്ഷണമാണ്. അനീഹനായി അല്പം മാത്രം ഇച്ഛിച്ച് കാമാദികളിൽ ചിന്തചെയ്യാതെ സമുദ്രതുല്യനായിരിക്കുന്ന പുരുഷനാണ് ദമമുള്ളവൻ. സദ്വൃത്തനും സൗശീല്യത്തോടെ ഹൃദയം തെളിഞ്ഞവനും ആത്മജ്ഞാനിയുമായ ബുധൻ ഇഹലോകത്തിൽ മാനത്തോടെ പരലോകത്തേക്കുള്ള പുണ്യം സമ്പാദിക്കും. ആരേയും ഭയപ്പെടാത്തവനും ആരേയും ഭയപ്പെടുത്താത്തവനും ഏവനോ, അവൻ പരിണതപ്രജ്ഞനായ നരോത്തമ

digitized by www.sreyas.in

നാണ്. എല്ലാവർക്കും ഹിതനായി, എല്ലാവർക്കും മിത്രമായിരിക്കുന്ന അവനിൽ ജനങ്ങളാരും വെറുക്കുകയില്ല. സമുദ്രംപോലെ ഗംഭീരനായി, പ്രജ്ഞാതൃപ്തൻ പ്രശാന്തനായി പ്രശോഭിക്കുന്നു. പൂർവ്വന്മാരുടെ കർമ്മം ആചരിച്ച് സജ്ജനക്രമം അനുവർത്തിക്കുന്ന ദാന്തന്മാർ ശമശാലികളായി മോദിക്കുന്നു.

നൈഷ്കർമ്മ്യം സ്വീകരിച്ചിട്ടും ജ്ഞാനദീപ്തൻ ജിതേന്ദ്രിയനാകുന്നു. കാലംനോക്കി ലോകവൃത്തി അനുസരിക്കുന്നവനും ബ്രഹ്മകല്പനാകുന്നു. ആകാശത്തിൽ പക്ഷിഗണം പോയ മാർഗ്ഗം അറിയുവാൻ സാദ്ധ്യമല്ല. അപ്രകാരം ജ്ഞാനതൃപ്തനായ മുനിയുടെ മാർഗ്ഗവും അറിയുവാൻ വിഷമമാണ്. ഗൃഹത്തെ കേവലം ഉപേക്ഷിച്ച് മോക്ഷത്തെ മാത്രം നോക്കുകയാണെങ്കിൽ അവന്ന് തേജോമയമായ ലോകം ആകാശത്തിൽ ശാശ്വതമായും സിദ്ധിക്കുന്നതാണ്.''

64. വിദുരവാക്യം - ജ്ഞാതികൾ തമ്മിൽ പിണങ്ങുന്നത് ശരിയല്ലെന്ന് വിദുരൻ ഉദാഹരണസഹിതം വിവരിക്കുന്നു - വിദുരൻ പറഞ്ഞു: ''പൂർവ്വന്മാർ പറഞ്ഞുകേട്ട ഒരു കഥ ഞാൻ പറയാം. പണ്ട് പക്ഷികളെപ്പിടിച്ച് ഉപജീവിക്കുന്ന ഒരു വേടൻ ഭൂമിയിൽ കയറുകെട്ടി പക്ഷികളെപ്പിടിക്കുവാൻ ഒരു ജാലം ഉണ്ടാക്കിവെച്ചു. ഒപ്പം ചുറ്റിപ്പറക്കുന്ന രണ്ടു പക്ഷികൾ ആ വലയിൽപ്പെട്ടു. ആ പക്ഷികൾ രണ്ടുകയറുംകൊണ്ട് ആകാശത്തിലേക്കുയർന്നു പറന്നു. പക്ഷികൾ കയറുംകൊണ്ട് ആകാശത്തേക്കുയർന്നതുകണ്ട് ആ പക്ഷിപ്പിടിയൻ ബുദ്ധിമങ്ങാതെ അവ പറക്കുന്ന വഴിനോക്കി ഓടി. പക്ഷിയെ ആഗ്രഹിച്ചു ചോടേ ഓടുന്ന വേടനെ കൃതാഗ്നികനായ ഒരു മുനീന്ദ്രൻ തന്റെ ആശ്രമത്തിലിരുന്നു കണ്ടു. ആകാശത്തിൽ പറക്കുന്ന പക്ഷികളെ ഭൂമിയിൽ പിന്തുടരുന്ന വേടനോട് ആ മുനി ഇപ്രകാരം ഒരു ശ്ലോകത്താൽ ചോദിച്ചു:

'അത്ഭുതപ്പെട്ടിടുന്നേൻ നിൻ
ചേഷ്ടിതം കണ്ടു വേട, ഞാൻ.
വിണ്ണിൽപ്പറക്കും പക്ഷിക്കായ്
മന്നിൽപ്പായുന്നു ഹന്ത! നീ.

വേടൻ : 'കയറുംകൊണ്ടു പോകുന്നു
രണ്ടുപക്ഷികളും മുന്നേ,
എപ്പോളവ വിവാദിക്കു-
മപ്പോൾ എൻ പാട്ടിൽ വന്നീടും.'

വിദുരൻ പറഞ്ഞു: ''അങ്ങനെ മരണമടുത്ത പക്ഷികൾ രണ്ടും ബുദ്ധിശൂന്യതകൊണ്ടു പരസ്പരം കലഹിച്ച് ഇടയുകയാൽ നിലത്തുവീണു. നിലത്തു വീണിട്ടും അവിടെനിന്നു ചുണയോടെ കൊത്തുകൂടിക്കൊണ്ടിരിക്കുന്ന മൃത്യുപാശബദ്ധരായ ആ പക്ഷികളെ, അവ അറിയാതെ അരികിൽച്ചെന്ന് ആ വേടൻ പിടിച്ചു.

ഇപ്രകാരം ജ്ഞാതികൾ ധനസംബന്ധമായി പിണങ്ങുകയാണെങ്കിൽ, പരസ്പരം പിണങ്ങി കൊത്തുകൂടുന്ന പക്ഷികളെപ്പോലെ ശത്രുക്കളുടെ കൈയിലകപ്പെട്ടുപോകും. ഒപ്പം ഊണ്, ഒപ്പം ആലാപം, ഒപ്പം ഭാഷണം, ഒപ്പം സമാഗമം ഇതൊക്കെയാണ് ജ്ഞാതികാര്യങ്ങൾ. അല്ലാതെ ജ്ഞാതികൾതമ്മിൽ ഒരിക്കലും വൈരം പാടില്ല. കാലേതന്നെ നല്ല മനസ്സോടുകൂടി വൃദ്ധജനങ്ങളെ സേവിക്കുകയാണെങ്കിൽ സിംഹം കാത്തുരക്ഷിക്കുന്ന വനംപോലെ അവർ അപ്രധൃഷ്യരാകുന്നതാണ്. എപ്പോഴും അർത്ഥത്തെത്തന്നെ നോക്കി വ്യസനം മൂത്തു പാർക്കുകയാണെങ്കിൽ ആ സമ്പത്ത് അവർ ശത്രുക്കൾക്കു നല്കുകയാണുണ്ടാവുക. ജ്ഞാതികൾ തീക്കൊള്ളിപോലെയാണ്. പിരിഞ്ഞാൽ കിടന്നു പുകയും. കൂടിനിന്നാൽ കത്തിജ്ജ്വലിക്കും. ഇനി ഞാൻ വേറെ ഒരു ഉദാഹരണം പറയാം. മലയിൽ ഞാൻ കണ്ടതാണിത്. അതുകേട്ട് ശ്രേയസ്കരമായ വിധത്തിൽ ഹേ ധൃതരാഷ്ട്രാ! ഭവാൻ പ്രവർത്തിച്ചാലും.

നമ്മൾ കാട്ടാളരോടുകൂടി വലിയ മലകയറി. മന്ത്രൗഷധിജ്ഞരായ ദേവകല്പബ്രാഹ്മണർ വസിക്കുന്ന ഇടത്തിലെത്തി. വള്ളിക്കുടിലുകൾ ചേർന്ന ആ ഗന്ധമാദനപർവ്വതത്തിൽ വളരെ ഔഷധികൾ ഉണ്ടായിരുന്നു. സിദ്ധന്മാരും ഗന്ധർവ്വന്മാരും അവിടെ അധിവസിക്കുന്നുണ്ടായിരുന്നു. അവിടെ തേന്മയമായ പൊന്നീച്ചക്കൂടുണ്ടായിരുന്നു. വലിയ ഒരു കുടത്തോളം വലിപ്പമുള്ള ആ തേനീച്ചക്കൂട് ഒരു മരക്കുണ്ടിന്റെ ഇടുക്കിന്റെ വക്കിലായിരുന്നു. സർപ്പങ്ങൾ കാത്തുകൊണ്ടിരിക്കുന്ന അത് കുബേരന്നു വളരെ ഇഷ്ടമുള്ളതുമായിരുന്നു. അതു നേടുന്ന മർത്ത്യൻ അമർത്ത്യത്വം പ്രാപിക്കുന്നതാണ്. കണ്ണില്ലാത്തവന്നു കണ്ണുണ്ടാകും, കിഴവൻ യുവാവാകും, എന്നൊക്കെയാണ് മന്ത്രൗഷധികൾ സാധിക്കുന്ന വിപ്രർ പറയുന്നത്. അതു കണ്ടു കാട്ടാളന്മാർ ആ തേൻകൂട് കൈയിലാക്കുവാൻ ശ്രമിച്ചു. എന്നിട്ടെന്താണു സംഭവിച്ചത്! നേടാൻ ശ്രമിച്ചു കുതിച്ചവരെല്ലാം സർപ്പമുള്ള മലയിടുക്കിൽ വീണു നശിച്ചുപോവുകയാണുണ്ടായത്. ഹേ ധൃതരാഷ്ട്രാ! അപ്രകാരം നിന്റെ മകൻ ഒറ്റയ്ക്ക് ഈ മന്നിടം കിട്ടണമെന്നു കാംക്ഷിച്ച് മൗഢ്യത്താൽ തേൻ കാണുകയും കുണ്ടു കാണാതിരിക്കുകയുമാണ് ചെയ്യുന്നത്.

ദുര്യോധനൻ സവ്യസാചിയുമായി പൊരുതുവാൻ നോക്കുന്നു. എന്നാൽ അവൻ അർജ്ജുനന്റെ തേജസ്സും വിക്രമശക്തിയും കാണുന്നില്ല.

തനിച്ചു തേരേറി ഭൂമിയൊക്കെ ജയിച്ചവനാണ് അർജ്ജുനൻ. നന്നായി എതിർക്കുന്ന ഭീഷ്മദ്രോണാദികൾക്കുപോലും ഭയമുണ്ടാക്കിയവനാണ് അർജ്ജുനൻ! വിരാടപുരിയിൽ അർജ്ജുനനോട് എതിർത്തു തോറ്റു പിന്മടങ്ങിയവരാണ് ഇവർ!

ഭവാൻ എന്തു വിചാരിക്കുന്നു? കാത്തുനില്ക്കുന്ന ആ വീരനെ ഭവാൻ കണ്ടറിയേണ്ടതാണ്. ദ്രുപദനും, മത്സ്യരാജാവും ക്രോധിച്ച് എതിർക്കുന്ന പാർത്ഥനും കൂടി പോരിൽ ലേശവും ബാക്കിവെക്കാതെ കാറ്റേറ്റ അഗ്നികൾപോലെ, എല്ലാം മുടിച്ചുവിടും. ഹേ, ധൃതരാഷ്ട്രാ, ഭവാൻ യുധിഷ്ഠിരരാജാവിനെ വിളിച്ചുവരുത്തി സ്നേഹപൂർവ്വം മടിയിൽവെക്കുക. രണ്ടുപേരും പൊരുതുന്നതായാൽ കൗരവന്മാർക്ക് ഒരിക്കലും ജയം ലഭിക്കുവാൻ പോകുന്നില്ല. തീർച്ചയാണ് ആ കാര്യം!''

65. ധൃതരാഷ്ട്രവാക്യം - ദുര്യോധനനോട് ധൃതരാഷ്ട്രന്റെ ഉൽബോധനം - ധൃതരാഷ്ട്രൻ പറഞ്ഞു: ''ഉണ്ണീ, സുയോധനാ, ഞാൻ നിന്നോടു പറയുന്നതു കേൾക്കുക. നീ വഴിയറിയാത്ത പാന്ഥനെപ്പോലെ തെറ്റായ വഴിക്കു നടക്കുകയാണ്. ലോകധാരികളായ പഞ്ചഭൂതങ്ങളെപ്പോലെയാണ് പഞ്ചപാണ്ഡവന്മാർ. അവരുടെ തേജസ്സോട് പോരാടുവാനാണല്ലോ നീ ഒരുങ്ങിനില്ക്കുന്നത്! പരമധാർമ്മികനായ യുധിഷ്ഠിരനോട് എതിർത്തു പരലോകം പൂകുകയല്ലാതെ ജയിക്കുവാൻ നിനക്കു സാധിക്കയില്ല. ബലത്തിൽ അപ്രതിമനും, യുദ്ധത്തിൽ അന്തകനുമായ ഭീമസേനനെ, കൊടുങ്കാറ്റിനെ വൃക്ഷമെന്നപോലെയാണ് നീ എതിർക്കുന്നത്. മലകളിൽ മഹാമേരുപോലെ ധനുർദ്ധരന്മാരിൽ ഉന്നതനായ ഗാണ്ഡീവിയോടു പൊരുതുവാൻ ബുദ്ധിയുള്ളവർ ആരെങ്കിലും മുതിരുമോ? ദ്രുപദജനായ ധൃഷ്ടദ്യുമ്നൻ എന്തു നാശമാണ് വരുത്തിക്കൂട്ടുക! ഇന്ദ്രൻ വജ്രം എന്നപോലെ ശത്രുമദ്ധ്യത്തിൽ ബാണങ്ങൾ വർഷിക്കുന്നവനാണ് അവൻ. വൃഷ്ണ്യന്ധകശ്രേഷ്ഠനും, അതിദുർദ്ധർഷനുമായ സാത്യകി പാണ്ഡവന്മാർക്ക് ഹിതം ചെയ്യുവാൻവേണ്ടി നിന്റെ സൈന്യത്തെ മുടിച്ചുകളയും. കിടനോക്കുകയാണെങ്കിൽ മൂന്നു ലോകത്തേയും അതിക്രമിച്ചുനില്ക്കുന്ന പുണ്ഡരീകാക്ഷനായ കൃഷ്ണനോട് ബുദ്ധിയുള്ളവർ വല്ലവരും പോരിന്നു നോക്കുമോ? ആ മഹാശയന്റെ യോഗ്യത നീ അറിയുന്നില്ല. ഒരു വശത്ത് ഭാര്യയടക്കമുള്ള ജ്ഞാതിബന്ധുക്കളും, ആത്മാവും ഊഴിയും. മറ്റേത്തട്ടിലോ അർജ്ജുനൻ ഒരുത്തൻ മാത്രം മതി തുല്യതയ്ക്ക്. ആത്മാവ് ദുർദ്ധർഷമാണ്. പാർത്ഥനെവിടെ, അവിടെ കേശവനുണ്ട്. കേശവൻ നില്ക്കുന്നിടത്തുള്ള ബലം താങ്ങുവാൻ ഭൂമിക്കുപോലും വയ്യ!

digitized by www.sreyas.in

ഉണ്ണീ, കാര്യഗൗരവം ധരിച്ചു പറയുന്ന ഇഷ്ടജനങ്ങളുടെ വാക്കുകേൾക്കുക. നിന്റെ വൃദ്ധനായ പിതാമഹനെ, ശാന്തനവനായ ഭീഷ്മനെ, നീ അനുസരിക്കുക. ദ്രോണൻ, കൃപൻ, വികർണ്ണൻ, ബാൽഹീകൻ, ഇവരെയെല്ലാം എന്നെപ്പോലെതന്നെ വിചാരിക്കേണ്ടവരാണ്. ഇവർ പറയുന്നത് ഒരിക്കലും നിന്റെ നാശത്തിന്നാവുകയില്ല. ധർമ്മജ്ഞന്മാരായ അവർ നിന്നിൽ തുല്യസ്നേഹമുള്ളവരാണ്.

മുമ്പ് വിരാടനഗരത്തിൽ തമ്പിമാരോടുകൂടി പശുക്കളെ വിട്ടു പേടിച്ചു നിന്റെ സൈന്യം ചിന്നിയ സംഭവം നീ ഓർക്കുന്നില്ലേ? പിന്നെ ആ നഗരത്തിൽ അർജ്ജുനൻ ഒരുത്തൻ പലരോടുകാണിച്ച അത്ഭുതകർമ്മവും നീ ഓർക്കുന്നില്ലേ? അതു പോരേ അർജ്ജുനന്റെ യോഗ്യതയ്ക്ക് നിദർശനം? അർജ്ജുനൻ ചെയ്തവിധം ചെയ്യുവാൻ പലരുമൊത്തിട്ടും സാദ്ധ്യമായോ? ഹേ, സുയോധനാ! നീ അവരെ ഭ്രാതാക്കളെന്നു വിചാരിച്ച് അവർക്കുള്ളതു നല്കുകയാണു നല്ലത്."

66. സഞ്ജയവാക്യം - സഞ്ജയൻ അർജ്ജുനസന്ദേശം അറിയിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം മഹാമതിയായ ധൃതരാഷ്ട്രൻ ദുര്യോധനനോടു പറഞ്ഞു. പിന്നെ ആ മഹാഭാഗനായ ധൃതരാഷ്ട്രൻ ഇപ്രകാരം സഞ്ജയനോടു ചോദിച്ചു: 'ഹേ സഞ്ജയാ, ഗോവിന്ദൻ പറഞ്ഞു നിർത്തിയതിന്നുശേഷം അർജ്ജുനൻ എന്താണു നിന്നോടു പറഞ്ഞതെന്നു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

സഞ്ജയൻ പറഞ്ഞു: "കൃഷ്ണൻ പറഞ്ഞതു കേട്ടതിന്നുശേഷം ദുർദ്ധർഷനായ ധനഞ്ജയൻ വാസുദേവൻ കേൾക്കെ ഇപ്രകാരം പറഞ്ഞു: 'ഹേ സഞ്ജയാ, പിതാമഹനായ ശാന്തനവൻ, ധൃതരാഷ്ട്രൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ബാൽഹീകരാജാവ്, ദ്രോണപുത്രൻ, സൗമദത്തൻ, ശകുനി, ദുശ്ശാസനൻ, ശലൻ, പുരുമിത്രൻ, വിവിംശതി, വികർണ്ണൻ, ചിത്രസേനൻ, ജയൽസേനൻ, വിന്ദാനുവിന്ദർ, ആവന്ത്യർ, കൗരവനായ ദുർമ്മുഖൻ, സൈന്ധവൻ, ദുസ്സഹൻ, ഭൂരിശ്രവസ്സ്, ഭഗദത്തൻ, ജലസന്ധരാജാവ്, കൗരവാർത്ഥത്തിന്നുവേണ്ടി യുദ്ധത്തിന്ന് എത്തിച്ചേർന്നിട്ടുള്ള മറ്റു രാജാക്കന്മാർ ഇവരെല്ലാം ചാകുവാൻ ഒരുങ്ങി നില്ക്കുന്നവരാണ്. പാണ്ഡവാഗ്നിയിൽ ഹോമിക്കുവാൻ വേണ്ടി കൗരവരാജാവ് അവരെയൊക്കെ വിളിച്ചു വരുത്തിയിരിക്കുകയാണ്.

ന്യായം പോലെ കുശലം, വന്ദനത്തോടുകൂടി ആ കൂട്ടരോട് എന്റെ വാക്കാൽ പറയുക. രാജമദ്ധ്യത്തിൽ ഞാൻ പറഞ്ഞതായി ഇപ്രകാരം പറയുക: "പാപികൾക്ക് ആശ്രയമാണ് ദുര്യോധനൻ. അമർഷണനും ദുർമ്മതിയും രാജപുത്രനുമായ ആ ധാർത്തരാഷ്ട്രൻ പാപിയായ ലുബ്ധനാണ്. അമാത്യന്മാരോടുകൂടിയ അവനോടു ഞാൻ പറയുന്ന ഈ വാക്കുകൾ പറയണം." ഇപ്രകാരം പറഞ്ഞുവെച്ച ധർമ്മാർത്ഥം ചേർന്ന വാക്യം കൃഷ്ണനെ നോക്കി, കടക്കണ്ണു ചുവന്നവനായ പാർത്ഥൻ പറഞ്ഞു: "നീ മനസ്സുവെച്ചു മാന്യനായ കൃഷ്ണന്റെ വാക്കു കേട്ടില്ലേ? അപ്രകാരംതന്നെ എന്റെ വാക്കും, രാജാക്കന്മാരെല്ലാം ഒരുമിച്ചിരിക്കുമ്പോൾ, ആ സഭാമദ്ധ്യത്തിൽവെച്ചു പറയണം.

ശരാഗ്നി ധൂമവും രഥഘോഷവുംചേർന്ന ആ മഹായുദ്ധയാഗത്തിൽ ധനുസ്സാകുന്ന സ്രുവംകൊണ്ടു രക്തം സ്രവിപ്പിച്ചു ഹോമം ചെയ്യിക്കാതിരിക്കുവാൻ ഇനി നിങ്ങൾ നോക്കുകയാണു നല്ലത്. ശത്രുസംഹാരിയായ യുധിഷ്ഠിരന്ന്, വിചാരിച്ച സ്വത്തു തരാതിരിക്കുകയാണെങ്കിൽ കാലാൾ, ഗജം, അശ്വം ഇവയോടുകൂടി യമപുരിയിലേക്കു നിങ്ങളെ ഇവൻ അമ്പുകൊണ്ടു പറഞ്ഞയയ്ക്കും."

പിന്നെ ഞാൻ പാർത്ഥനോടും, കൃഷ്ണനോടും തൊഴുതു യാത്രപറഞ്ഞ്, വേഗത്തിൽ ഇവിടേക്കു പോന്നു. ഹേ സുരോപമദ്യുതേ, ഭവാനെക്കണ്ടു തിടുക്കത്തിൽ കാര്യങ്ങൾ ബോധിപ്പിക്കുവാനാണ് ഞാൻ ബദ്ധപ്പെട്ടു പോന്നത്."

67. വ്യാസനും ഗാന്ധാരിയും സഭയിൽ എത്തുന്നു - വൈശമ്പായനൻ പറഞ്ഞു: "ആ സന്ദേശങ്ങളെ ദുര്യോധനൻ നിസ്സാരമാക്കിത്തള്ളിയപ്പോൾ സഭാവാസികളായ രാജാക്കന്മാരെല്ലാം മൗനത്തോടുകൂടി എഴുന്നേറ്റു. രാജാക്കന്മാരൊക്കെ എഴുന്നേറ്റുപോയപ്പോൾ സഞ്ജയനെ അരികിൽ തനിച്ചു വിളിച്ചു ധൃതരാഷ്ട്രൻ ചോദിച്ചു. മക്കളുടെ പാട്ടിൽ നില്ക്കുന്നവനും മക്കൾക്കു ജയം ലഭിക്കണമെന്ന് അഭിലഷിക്കുന്നവനുമായ ധൃതരാഷ്ട്രൻ തനിക്കും ശത്രുക്കളായ പാണ്ഡവന്മാർക്കും ചേർന്ന നിശ്ചയം എന്താണെന്നാണ് അറിവാൻ ആഗ്രഹിക്കുന്നത്?

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ, ഗാവൽഗണേ, ഞാൻ നിന്നോട് ഒരു കാര്യം യഥാർത്ഥമായി അറിവാനാണു സ്വകാര്യമായി ചോദിക്കുന്നത്. നിനക്കു നമ്മുടെ സൈന്യത്തിന്റെ യോഗ്യതയൊക്കെ അറിയാമല്ലോ. പാണ്ഡവസൈന്യത്തിന്റെ തത്ത്വങ്ങളൊക്കെ ഗ്രഹിച്ചിട്ടാണല്ലോ നീ വരുന്നതും. ഞാൻ ചോദിക്കട്ടെ, ഇവിടെയാണോ വലിപ്പം? അവിടെയാണോ ചെറുപ്പം? നീ സാമർത്ഥ്യനാണല്ലോ! ഇവരിൽ എല്ലാം ദർശിച്ചവനുമാണ്. ധർമ്മാർത്ഥങ്ങളുടെ തീർപ്പു ഗ്രഹിച്ചവനുമാണ്. ഹേ സഞ്ജയാ, ഞാൻ ചോദിക്കുകയാണ്, പറയൂ, രണ്ടു കൂട്ടരും തമ്മിലിടഞ്ഞു യുദ്ധംചെയ്താൽ ഏതു കൂട്ടരാണ് കീഴടങ്ങുക?"

സഞ്ജയൻ പറഞ്ഞു: "ഈ ചോദ്യത്തിനുത്തരം ഞാൻ മറ്റാരും കേൾക്കെ പറയുകയില്ല. കാരണം അങ്ങ് എന്റെ നേരെ അസൂയാലുവാകും. എന്നോട് അസുഖം തോന്നും. അതുകൊണ്ട് ഭവാൻ മഹാവ്രതനായ താതനെ വരുത്തുക. പ്രിയയായ ഗാന്ധാരീദേവിയേയും വരുത്തുക. അസൂയയൊക്കെ അവർ തീർക്കും. ധർമ്മജ്ഞന്മാർ കാര്യത്തിന്റെ തീർപ്പുകാണുന്ന വിദഗ്ദ്ധരാണ്. അവരുടെ സന്നിധിയിൽ അങ്ങയോടു ശങ്കവിട്ട്, കാര്യം ധൈര്യമായി, കൃഷ്ണാർജ്ജുനന്മാരുടെ അഭിപ്രായമൊക്കെ അറിയിക്കാം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സഞ്ജയൻ പറയുകയാൽ ഗാന്ധാരിയും വ്യാസനും അവിടെ എത്തി. ഉടനെ വിദുരനാണ് അവരെ സഭയിലേക്കു കൂട്ടിക്കൊണ്ടുവന്നത്. സഞ്ജയന്റേയും തന്റെ പുത്രനായ ധൃതരാഷ്ട്രന്റെയും അഭിപ്രായം ഗ്രഹിച്ച് മഹാപ്രാജ്ഞനായ വ്യാസമഹർഷി ഇപ്രകാരം പറഞ്ഞു."

വ്യാസൻ പറഞ്ഞു: "ഹേ സഞ്ജയാ, ധൃതരാഷ്ട്രൻ ചോദിക്കുന്ന ചോദ്യത്തിന്ന് ഉത്തരം നീ പറഞ്ഞുകൊടുക്കുക. ഭവാന് അറിവുള്ളവിധം കൃഷ്ണാർജ്ജുനന്മാരുടെ തത്ത്വമൊക്കെ പറഞ്ഞുകൊടുക്കുക."

68. സഞ്ജയവാക്യം - ശ്രീകൃഷ്ണതത്ത്വം സഞ്ജയൻ വിവരിക്കുന്നു - സഞ്ജയൻ പറഞ്ഞു: "വില്ലാളിവീരന്മാരായ കൃഷ്ണാർജ്ജുനന്മാർ ഏറ്റവും പൂജ്യന്മാരാണ്. സർവ്വാത്മസമ്മിതരായ അവർ സ്വേച്ഛയാ അവതാരം പൂണ്ടവരാണ്. പഞ്ചഹസ്തപ്രമാണത്തിൽ വിട്ടതായ ആ ചക്രം മനസ്വിയായ വാസുദേവന്റെ മായയാലാണ് തിരിയുന്നത്. കൗരവന്മാർക്കു നിഗൂഢവും പാണ്ഡവന്മാർക്കു സമ്മതവുമായ ആ ചക്രംകൊണ്ടുതന്നെ സാരാസാരബലം കാണുവാൻ ഭവാനു കഴിയും. തേജഃപുഞ്ജപ്രകാശിതമായ ആ ചക്രംകൊണ്ടു മഹാഘോരന്മാരായ നരകൻ, ശംബരൻ, ചൈദ്യൻ, ബകൻ എന്നിവരെ മഹാബലനായ ഹരി കളിയായി ജയിച്ചു. ഭൂമിയും ആകാശവും സ്വർഗ്ഗവും എല്ലാം പുരുഷോത്തമൻ മനസ്സുകൊണ്ട് ആത്മാവിന്റെ പാട്ടിലാക്കുന്നു.

ഭവാൻ വീണ്ടും വീണ്ടും പാണ്ഡവരെപ്പറ്റി ചോദിക്കുകയാണോ? സാരാസാരബലം പരിശോധിച്ചറിയണമെങ്കിൽ ചുരുക്കമായി ഞാൻ പറയാം. അതു കേട്ടു കാര്യം ഗ്രഹിച്ചുകൊള്ളുക. ഒരു ഭാഗത്തു ജഗത്തു മുഴുവനും നില്ക്കട്ടെ. മറ്റേ ഭാഗത്ത് ജനാർദ്ദനനനും നില്ക്കട്ടെ. എന്നാൽ എല്ലാ ജഗത്തിലും മേലെ സാരംകൊണ്ട് ജനാർദ്ദനനായിരിക്കും. ജനാർദ്ദനൻ മനസ്സുവെച്ചാൽ ജഗത്തുമുഴുവൻ ഭസ്മമാക്കിക്കളയും. എന്നാൽ നേരെ മറിച്ച് ജനാർദ്ദനനെ ഭസ്മമാക്കുവാൻ ലോകങ്ങൾക്കു സാദ്ധ്യമല്ല. സത്യമെവിടെയുണ്ടോ അവിടെ ധർമ്മമുണ്ട്. ഹ്രീ എവിടെയുണ്ടോ അവിടെ ആർജ്ജവമുണ്ട്. എവിടെ ആർജ്ജവമുണ്ടോ

digitized by www.sreyas.in

അവിടെ ഗോവിന്ദനുണ്ട്. ഗോവിന്ദൻ എവിടെയുണ്ടോ അവിടെ ജയമുണ്ട്.

ഭൂമിയും ആകാശവും സ്വർഗ്ഗവും എല്ലാം പുരുഷോത്തമൻ ചേഷ്ടിപ്പിക്കുന്നു. ജനാർദ്ദനന്ന് അത് ഒരു ലീലയാണ്. അവൻ പാണ്ഡവവ്യാജത്താൽ വിശ്വം മോഹിക്കുന്നവിധം ഹേ, ധർമ്മിഷ്ഠാ! നിന്റെ ദുഷ്ടപുത്രന്റെ പീഡനത്തിന്ന് ഇച്ഛിക്കുന്നുണ്ട്.

കാലചക്രം, ജഗച്ചക്രം, യുഗചക്രം എന്നിവയെ ഭഗവാനായ ഹരി നിത്യവും ആത്മയോഗത്താൽ ചുറ്റിക്കുകയാണ്. കാലത്തിന്നും മൃത്യുവിന്നും ചരാചരജഗത്തിന്നും ഈശനായിട്ടുള്ളത് ഏകനായ ഈ ഭഗവാനാണ്. ഞാൻ പറഞ്ഞതു സത്യമാണ്. ജഗത്തിന്ന് ഈശ്വരനാണെങ്കിലും, ഈ മഹായോഗിയായ ഹരി യമനെപ്പോലെ സംഹാരകർമ്മം ചെയ്യുവാൻ തുടങ്ങുകയാണ്. കേശവൻ ഈ മായായോഗംകൊണ്ടു ലോകത്തെ വഞ്ചിക്കുകയാണ്. ആ മഹേശ്വരനെ ശരണംപ്രാപിച്ച മർത്ത്യർക്ക് പിന്നെ മോഹം ഉണ്ടാവുകയില്ല.

69. സഞ്ജയവാക്യം - സഞ്ജയൻ ശ്രീകൃഷ്ണ തത്ത്വം വിവരിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സഞ്ജയാ! നീ മാധവനെ വിശ്വേശ്വരനാണെന്ന് എങ്ങനെ അറിഞ്ഞു? ഞാൻ ഈ തത്ത്വം എന്തുകൊണ്ടാണ് ധരിക്കാഞ്ഞത്? അതിന്നു കാരണമെന്തെന്നു ഭവാൻ പറഞ്ഞാലും."

സഞ്ജയൻ പറഞ്ഞു: "രാജാവേ, അങ്ങയ്ക്ക് വിദ്യ (ജ്ഞാനം) ഇല്ലാത്തതുകൊണ്ടാണ് മാധവനെ വിശ്വേശ്വരനാണെന്നറിയാഞ്ഞത്. ഞാനാണെങ്കിൽ ആ ജ്ഞാനം നേടിയിട്ടുണ്ട്. വിദ്യ കെട്ടവൻ തപസ്സ് അറ്റവനാണ്. വിദ്യയും തപസ്സും അറ്റവന്ന് മുകുന്ദനെ അറിയുവാൻ കഴിയുകയില്ല. വിദ്യകൊണ്ടു ഞാൻ ത്രിയുഗനായ മധുവൈരിയെ അറിയുന്നു. എല്ലാ ഭൂതങ്ങൾക്കും ഉത്ഭവസ്ഥാനമായി എല്ലാറ്റിന്നും അധീശനായി ആ ദേവൻ വിലസുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സഞ്ജയാ! എങ്ങനെയാണ് ഭവാൻ കൃഷ്ണഭക്തനായി ഭവിച്ചത്? എങ്ങനെയാണ് ത്രിയുഗനായ മധുവൈരിയെ അറിയുവാൻതക്കതായ മാർഗ്ഗം അവലംബിച്ചത്?"

സഞ്ജയൻ പറഞ്ഞു: രാജാവേ, "അങ്ങയ്ക്ക് മംഗളം ഭവിക്കട്ടെ! ഞാൻ മായയിൽപ്പെട്ടു പോകുന്നില്ല. പാഴായ ധർമ്മത്തെ അവലംബിക്കുന്നില്ല. ഭക്തികൊണ്ടു ശുദ്ധസ്വഭാവനായി ഞാൻ ശാസ്ത്രത്താൽ കൃഷ്ണനെ കണ്ടുകൊണ്ടിരിക്കുന്നു."

ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സുയോധനാ! സഞ്ജയൻ പറഞ്ഞതു നീ കേട്ടില്ലേ? അവൻ നമുക്കു ഹിതമേ പറയുകയുള്ളു. മകനേ, നീ ഹൃഷികേശനായ കൃഷ്ണനെ ആശ്രയിക്കുക! നീ കൃഷ്ണനെ ശരണംപ്രാപിക്കുക!"

ദുര്യോധനൻ പറഞ്ഞു: "പിതാവേ, ഭഗവാനായ ദേവകീപുത്രൻ ലോകംമുഴുവൻ മുടിക്കുകയാണെങ്കിൽ മുടിക്കട്ടെ! എന്നാലും അർജ്ജുനപ്രിയനായ കൃഷ്ണനെ ഞാൻ ആശ്രയിക്കുകയില്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ, ഗാന്ധാരീ, നിന്റെ പുത്രൻ ഇതാ താഴെവീഴുന്നു! അവൻ ദുർമ്മതിയാണ്; ദുഷ്ടനാണ്; മാനിയാണ്; പരൈശ്വര്യം പൊറുക്കാത്തവനാണ്. അല്ലെങ്കിൽ എന്റെ ഈ സദുപദേശം കേൾക്കാതിരിക്കുമോ?"

ഗാന്ധാരി പറഞ്ഞു: "വൃദ്ധന്മാരുടെ* ശാസന തെറ്റിക്കുന്ന ഐശ്വര്യഭ്രാന്താ! ദുർമ്മതേ, 'കുരുത്തംകെട്ടവനേ!' ഐശ്വര്യം എന്നതു ജീവനും അച്ഛനും അമ്മയുമാണെന്നുള്ള തത്ത്വം നീ വിട്ടുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് എടാ, മൂഢാ! നീ ശത്രുക്കൾക്കു സന്തോഷവും എനിക്കു ദുഃഖവും വളർത്തുകയാണ്! ഭീമന്റെ കൈകൊണ്ട് തല്ലുകിട്ടുന്ന സമയത്ത് നീ അച്ഛന്റെ വാക്ക് ഓർക്കും!"

വ്യാസൻ പറഞ്ഞു: "ഹേ, ധൃതരാഷ്ട്രാ! നീ കൃഷ്ണപ്രിയനായി വർത്തിക്കുക. ദൂതനായ സഞ്ജയൻ ഭവാനെ ശ്രേയസ്സിലേക്ക് എത്തിക്കും. ഈ സഞ്ജയൻ പുരാണപുരുഷനും പരനുമായ മുകുന്ദനെ അറിഞ്ഞവനാണ്. ശ്രദ്ധാപൂർവ്വം അവന്റെ വാക്ക് നീ കേൾക്കുകയാണെങ്കിൽ നിന്നെ ബാധിച്ച വലുതായ ഭയം അവൻ തീർത്തുതരും. എടോ, വൈചിത്ര്യവീര്യാ! മർത്ത്യരൊക്കെ* ക്രോധഹർഷങ്ങളോടുകൂടിയവരാണ്. പലവിധത്തിലുമുള്ള ബന്ധങ്ങളാൽ ബന്ധിക്കപ്പെട്ടവരാണ്. സ്വസ്വത്താൽ പ്രസാദിക്കാത്തവരുമാണ്. യമന്റെ പിടിയിൽപ്പെട്ടിട്ടും അവർ അതു ധരിക്കാതെ കാമംകൊണ്ടു കണ്ണുകാണാതെ കുരുടൻ കൊണ്ടുനടക്കുന്ന കുരുടനെപ്പോലെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഞ്ജയൻ പ്രകാശിപ്പിച്ചു കാണിച്ചുതരുന്ന ആ മാർഗ്ഗമാണ് ശരിയായ മാർഗ്ഗം. ബുദ്ധിമാന്മാർ സഞ്ചരിക്കുന്ന ആ മാർഗ്ഗത്തെ ഭവാൻ ആശ്രയിക്കുക. ആ മാർഗ്ഗം ദർശിച്ചവന്നു മൃത്യു തീരുകയും ചെയ്യും. മഹാന്മാർ അതിൽ ഇടയ്ക്കുവെച്ച് തങ്ങിനില്ക്കുകയില്ല."

ധൃതരാഷ്ട്രൻ പറഞ്ഞു: "എടോ, സഞ്ജയാ! ആ നിർഭയമായ മാർഗ്ഗം നീ എനിക്കു പറഞ്ഞുതരൂ. ആ മാർഗ്ഗത്തിലൂടെ പോയി ഞാൻ ഹരിയെ പ്രാപിച്ചു ശ്രേഷ്ഠമായ ബുദ്ധിയെ നേടട്ടെ!"

സഞ്ജയൻ പറഞ്ഞു: "അകൃതാത്മാവ് ഒരിക്കലും കൃതാത്മാവായ മുകുന്ദനെ അറിയുകയില്ല. ഇന്ദ്രിയനിഗ്രഹം കൂടാതെ ആത്മസാധനോപായമൊന്നുമില്ല. എല്ലാറ്റിലും വ്യാപിക്കുന്ന ഇന്ദ്രിയങ്ങളുടെ കാമിതങ്ങൾ ഉപേക്ഷിക്കുക. അപ്രമാദവും അഹിംസയും കൈക്കൊള്ളുക. ഇവയാണ് ജ്ഞാനത്തിനുള്ള സാധനം. ഇളവില്ലാതെ ഇന്ദ്രിയങ്ങളെ ജയിച്ച്, ബുദ്ധി തെറ്റിപ്പോകാതെ, അടങ്ങി ജീവിക്കുക. ജ്ഞാനം എന്നത് ഇന്ദ്രിയനിഗ്രഹമാണെന്ന് ദ്വിജന്മാർ അറിയുന്നു. ആ ജ്ഞാനമാർഗ്ഗമാണ് ബുദ്ധിമാന്മാർ സ്വീകരിക്കുന്ന മാർഗ്ഗം. ഇന്ദ്രിയങ്ങളെ ജയിക്കാത്തവർക്ക് മുകുന്ദനെ ലഭിക്കുന്നതല്ല. ശാസ്ത്രലാഭത്താലും യോഗത്താലും തത്ത്വത്താലും ഇന്ദ്രിയങ്ങളെ അടക്കിയവൻ പ്രശോഭിക്കുന്നു."

70. സഞ്ജയവാക്യം - ഭഗവാൻ കൃഷ്ണന്റെ നാനാനാമങ്ങളെക്കുറിച്ചുള്ള നിർവ്വചനം - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സഞ്ജയാ! ഞാൻ വീണ്ടും ചോദിക്കുന്നു. ഇനിയും പറഞ്ഞാലും. നാമകർമ്മാർത്ഥങ്ങൾ അറിഞ്ഞുകൊണ്ട് ഞാൻ മുകുന്ദനെ പ്രാപിക്കട്ടെ!"

സഞ്ജയൻ പറഞ്ഞു: "ഹേ, ധൃതരാഷ്ട്രാ! ഞാൻ കൃഷ്ണന്റെ ഉത്തമമായ നാമയാഥാർത്ഥ്യം കേട്ടിരിക്കുന്നു. അതിൽ മുരാന്തകൻ അപ്രമേയനാണെന്നു ഞാൻ മനസ്സിലാക്കുന്നു.

വിശ്വം വസിക്കുന്നവനും വസുവും ദേവയോനിയുമായതുകൊണ്ട് വാസുദേവൻ എന്ന പേർ സിദ്ധിച്ചു. മഹത്ത്വംകൊണ്ട് വിഷ്ണു എന്ന പേർ ലഭിച്ചു. മൗനം, ധ്യാനം, യോഗം ഇവകൊണ്ട് ഹേ രാജാവേ, മാധവൻ എന്നപേർ ഉണ്ടായി. സർവ്വതത്ത്വമയത്വംകൊണ്ട് മധുഹന്താവ് മധുസൂദനനായി. കൃഷിസത്താവാചിശബ്ദമായ ണകാരം തൃപ്തിവാചകമാണ്. അതു ചേർന്നുകാണു

* ഗാന്ധാരി:

ഐശ്വര്യകാമദുഷ്ടാത്മൻ വൃദ്ധാനാം ശാസനാതിഗ
ഐശ്വര്യജീവിതേ ഹിത്വാ പിതരം മാം ച ബാലിശ
വർദ്ധയൻ ദുർഹൃദാം പ്രീതിം മാം ച ശോകേന വർദ്ധയൻ
നിഹതോ ഭീമസേനേന സ്മർത്തസി വചനം പിതുഃ

* വൈചിത്ര്യവീര്യ, പ്രരുഷാഃ ക്രോധഹർഷസമാവൃതാഃ
സിതാ ബഹുവിധൈഃ പാശൈഃ യേന തുഷ്ടാഃ സ്വകൈർദ്ധനൈഃ
യമസ്യ വശമായാന്തി കാമമൂഢാ പുനഃ പുനഃ
അന്ധനേത്രാ യഥൈവാന്ധാ നീയമാനാ സ കർമ്മഭിഃ
ഏഷ ഏകായനഃ പന്ഥാ യേന യാന്തി മനീഷിണഃ
തം ദൃഷ്ട്വാ മൃത്യുമത്യേതി മഹാംസ്തത്ര ന സഞ്ജതി.

digitized by www.sreyas.in

കയാൽ വിഷ്ണു കൃഷ്ണനായി. പരമമായ സ്ഥാനം പുണ്ഡരീകമാണ്. ആ സ്ഥാനം നിത്യവും അവ്യയവും അക്ഷയവുമാണ്. ആ സ്ഥാനം ചേർന്നവനായതുകൊണ്ട് പുണ്ഡരീകാക്ഷനായി. ദസ്യുക്കൾക്ക്, അനാര്യന്മാർക്ക് ഭയമുണ്ടാക്കുന്നവനായതുകൊണ്ട് ജനാർദ്ദനനായി. സത്വത്തെ ഉപേക്ഷിക്കാത്തവനും സത്വം ഉപേക്ഷിക്കാത്തവനുമായതുകൊണ്ട് സാത്വതനായി. വൃഷഭദേവനെ സംബന്ധിക്കുന്നവനാകയാൽ വൃഷഭേഷണനായി. ജനിതാവാൽ ജാതനല്ലായ്കയാൽ അജനായി. പിന്നെ സേനകളെ ജയിക്കുകയാൽ അനീകജിത്തായി. ദേവപ്രകാശകദമത്താൽ വിഭു ദാമോദരനായി. സുഖൈശ്വര്യഹർഷത്താൽ ഹൃഷീകേശനായി. ഭൂമിയും ആകാശവും കൈക്കൊണ്ടവനാകയാൽ മഹാബാഹുവായി. അധോഭാഗക്ഷയം വിട്ടവനായതുകൊണ്ട് അധോക്ഷജനായി. നാരങ്ങൾക്ക് അയനംമൂലം നാരായണനായി. പൂരണം, സദനം ഇവ രണ്ടുംകൊണ്ടു പുരുഷോത്തമനായി. അസത്ത്, സത്ത് എന്നിവയ്ക്കൊക്കെ ഉത്ഭവത്തിന്നും ക്ഷയത്തിന്നും കാരണമായി സർവ്വജ്ഞാനത്തിനാൽ സർവ്വരൂപിയായി അറിയപ്പെടുന്നവനും ഇവൻതന്നെയാണ്.

സത്യത്തിൽ കൃഷ്ണൻ അധിവസിക്കുന്നു. കൃഷ്ണനിൽ സത്യം അധിവസിക്കുന്നു. അതുകൊണ്ട് സത്യാൽ സത്യനായി. ഗോവിന്ദൻ സത്യനാമകനായി ശോഭിക്കുന്നു. വിക്രമത്തിൽ വിഷ്ണുദേവൻ, ജയത്താൽ അവൻ ജിഷ്ണുവാണ്. ശാശ്വതത്വത്താൽ അനന്തൻ, ഗോനിവേദനത്താൽ ഗോവിന്ദൻ. അതത്വത്തെ തത്ത്വമാക്കുകയും വിശ്വത്തെ മയക്കുകയും ചെയ്യുന്നു. ഇപ്രകാരം വർത്തിക്കുന്ന ധർമ്മനിത്യനും, ഭഗവാനുമായ മധുസൂദനൻ ആനൃശംസ്യത്തിന്നായി എഴുന്നള്ളുന്നതാണ്.

71. ധൃതരാഷ്ട്രവാക്യം - ധൃതരാഷ്ട്രൻ കൃഷ്ണദർശനത്തിന്നു കൊതിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ സഞ്ജയാ! കണ്ണുള്ളവരിൽ എനിക്കു കൊതിതോന്നുന്നു. അവർ ഭാഗ്യവാന്മാരാണ്. അവർക്കു കൃഷ്ണനെ അരികെനിന്നു കാണുവാൻ കഴിയുമല്ലോ. നല്ലപോലെ ശരീരം ശോഭിച്ച് ദിക്കും വിദിക്കും വിളങ്ങുമാറ് ഭഗവാനെ അവർക്കു കാണുവാൻ കഴിയുമല്ലോ.

ഭാരതീയർക്ക് അഭ്യർച്ച്യമായും, സൃഞ്ജയന്മാർക്ക് ഇഷ്ടമായും ഐശ്വര്യം അർത്ഥിക്കുന്നവർക്കു ഗ്രാഹ്യമായും ശ്ലാഘ്യമായും, ചാകാൻപോകുന്നവർ കേൾക്കാത്തതായും, ശോഭനമായ വാക്കു പറഞ്ഞുകൊണ്ടു സഞ്ചരിക്കുന്നതു കണ്ണുള്ളവർക്കു കാണാമല്ലോ!

ശോഭിക്കുന്ന ആ സാത്വതവീരൻ യദുക്കൾക്കു ശ്രേഷ്ഠനായ നാഥനാണ്. ശത്രുക്കൾക്കു ക്ഷോഭണനായ നാശകാരിയാണ്. ശത്രുക്കളുടെ കീർത്തി നശിപ്പിക്കുന്നവനുമാണ്.

മഹാത്മാവും ശത്രുജിത്തും വരേണ്യനുമായ ആ കൃഷ്ണനെ കൗരവന്മാർ കാണുന്നതാണ്. നൃശംസത്വം വിട്ട വാക്കു പറഞ്ഞ് എന്റെ ആൾക്കാരെ മയക്കുന്നവിധം ആ വൃഷ്ണിവംശേശനെ അവർ കാണുമാറാകട്ടെ!

സനാതനനും പണ്ഡിതനുമായ മഹർഷി, വാക്കിന്റെ സമുദ്രം, യോഗികൾക്കു കലശം, അരിഷ്ടനേമി, ഗരുഡൻ, സുപർണ്ണൻ, ഹരിപ്രജ, ഈ ഭുവനം ഇവയ്ക്കൊക്കെ ധാമം, ഇങ്ങനെ ദേവൻ ശോഭിക്കുന്നു.

സഹസ്രശീർഷനും, പുരാണപുരുഷനും, അനാദിമദ്ധ്യാന്തനും, കീർത്തിയും, ശുക്ലൈകധാതാവും, അജനും, നിത്യനും പരാൽപരനുമായ ദേവനെ ഞാൻ സർവ്വാത്മനാ ശരണംപ്രാപിക്കുന്നു.

മൂന്നുലോകങ്ങളെ സൃഷ്ടിക്കുന്നവനും, ദേവദൈത്യന്മാരുടെയും നാഗനിശാചരന്മാരുടെയും ജനയിതാവും, നരാധിപന്മാർക്കും വിബുധന്മാർക്കും ഏറ്റവും പ്രധാനനുമായ ഇന്ദ്രാനുജനെ ഞാൻ ആശ്രയിക്കുന്നു."

ഭഗവദ്യാനപർവ്വം

72. യുധിഷ്ഠിരകൃതകൃഷ്ണപ്രേരണം - വൈശമ്പായനൻ പറഞ്ഞു:"സഞ്ജയൻ പോയതിനുശേഷം ധർമ്മരാജാവായ യുധിഷ്ഠിരൻ സാത്വതർഷഭനായ ദാശാർഹനോട് ഇപ്രകാരം പറഞ്ഞു: 'മിത്രവത്സലാ, അമോഘഗർവ്വിതനും, നിർഭയനും, അമാത്യന്മാരോടുകൂടിയവനുമായ ധാർത്തരാഷ്ട്രനോട് യുദ്ധത്തിന്ന് നാം മുതിർന്നിരിക്കുകയാണല്ലോ. ഭവാനെ ആശ്രയിച്ചാണ് ഞങ്ങളുടെ നില. മിത്രങ്ങളാൽ ചെയ്യേണ്ടുന്ന കാലം അടുത്തിരിക്കുന്നു. മാധവാ, ഞങ്ങളുടെ ആപത്ത് ഒഴിക്കുവാൻ ഭവാനെ ഒഴികെ മറ്റാരേയും ഞാൻ കാണുന്നില്ല. ആപത്തിൽ ഭവാൻ വൃഷ്ണികളെ രക്ഷിക്കുന്നവിധം പാർത്ഥന്മാരായ ഞങ്ങളെ രക്ഷിച്ചാലും! ഞങ്ങളും അങ്ങയാൽ പാലിക്കപ്പെടേണ്ടവരാണല്ലോ."

കൃഷ്ണൻ പറഞ്ഞു: "ഹേ, യുധിഷ്ഠിരാ! ഞാൻ ഭവാനുവേണ്ടി ഒരുങ്ങിനില്ക്കുകയാണ്. ഭവാൻ പറയുവാൻ വിചാരിക്കുന്നത് തുറന്നുപറഞ്ഞാലും. അങ്ങയുടെ വാക്കുകളെല്ലാംകേട്ട് അപ്രകാരം ഞാൻ ചെയ്യുന്നതാണ്."

യുധിഷ്ഠിരൻ പറഞ്ഞു: "ഹേ കൃഷ്ണാ! സഞ്ജയൻ വന്ന് ഇവിടെ പറഞ്ഞ സന്ദേശങ്ങളൊക്കെ ഭവാൻ കേട്ടില്ലേ? മക്കളോടുകൂടിയ ധൃതരാഷ്ട്രന്റെ ആഗ്രഹം ഇപ്പോൾ മനസ്സിലായില്ലേ? ധൃതരാഷ്ട്രന്റെ അഭിപ്രായമാണ് സഞ്ജയൻ ഉണർത്തിച്ചത്. പറഞ്ഞത് ഒന്നും മറച്ചുവെക്കാതേയും വ്യത്യാസപ്പെടുത്താതേയും എല്ലാം തുറന്നുപറഞ്ഞിട്ടുണ്ട്. മാറ്റിപ്പറഞ്ഞാൽ അവൻ വദ്ധ്യനാകും. ഞങ്ങൾക്ക് രാജ്യം നല്കാതെ ധൃതരാഷ്ട്രൻ ശമത്തിന്നു ശ്രമിക്കുകയാണ്. ആ ലുബ്ധനായ രാജാവ് പാപമനസ്സോടുകൂടി തനിക്കു ചേരാത്ത കാര്യം വിചാരിക്കുകയാണ്. ഞങ്ങൾ പന്ത്രണ്ടുവർഷം വനവാസംചെയ്തതും ഒരു വർഷം അജ്ഞാതവാസം ചെയ്തതും ധൃതരാഷ്ട്രന്റെ ആജ്ഞപ്രകാരമാണ്. വൃദ്ധനായ ധൃതരാഷ്ട്രരാജാവ് സ്വധർമ്മം നോക്കാതായിരിക്കുന്നു. പുത്രന്മാരുടെ വശത്തായി അദ്ദേഹം ആ മന്ദന്റെ വാക്ക് കേൾക്കുകയാണ്. ദുര്യോധനന്റെ ഹിതം നോക്കുന്നവനായ ആ ലുബ്ധരാജാവ് ഞങ്ങളിൽ വ്യാജം തുടങ്ങുന്നു. തന്നിഷ്ടംപോലെ പ്രവർത്തിക്കുന്നു. എന്റെ ഇഷ്ടജനങ്ങളേയും, പെറ്റമ്മയേയും കൂടി പോറ്റുവാൻ ആകാത്തമട്ടിലുള്ള ഒരു ഗതികേടിൽ ഞാൻ എത്തിയല്ലോ മാധവാ! കാശിരാജാവ്, പാഞ്ചാലരാജാവ്, ചൈദ്യന്മാർ, മത്സ്യന്മാർ, നാഥനായ ഭവാൻ ഇവരൊക്കെ സഹായികളായി നില്ക്കുമ്പോഴും ഞാൻ അഞ്ചുഗ്രാമം മാത്രമാണ് വരിച്ചത്. 'വൃകസ്ഥലാവിസ്ഥലങ്ങൾ, മാകന്ദീ വാരണാവതം, അഞ്ചാമതായി വേറൊന്നും ഹേ, ഗോവിന്ദാ! വരിച്ചു ഞാൻ:

"താതാ, നല്കേണമേയഞ്ചുഗ്രാമമോ നഗരങ്ങളോ
അവിടെപ്പാർത്തീടാം ഞങ്ങൾ ഭാരതന്മാർ നശിക്കൊലാ."

എന്റെ ഈ അഭ്യർത്ഥനപോലും ദുഷ്ടനായ ധാർത്തരാഷ്ട്രൻ സമ്മതിച്ചില്ല. എല്ലാറ്റിന്നും അവകാശം തനിക്കാണെന്ന് അവൻ ഭാവിക്കുന്നു. ഇതില്പരം ദുഃഖമെന്താണ്? കുലീനനായ വൃദ്ധനും, പരദ്രവ്യത്തിൽ ആഗ്രഹം ജനിച്ചാൽ ആ ലോഭം പ്രജ്ഞാനത്തെ നശിപ്പിക്കും. പ്രജ്ഞ നശിച്ചാൽ നാണവും കെട്ടുപോകും. നാണംകെട്ടാൽ ധർമ്മം നശിക്കും. ധർമ്മം കെട്ടാൽ ധനക്ഷയം ബാധിക്കും. ശ്രീ നശിച്ചാൽ പുരുഷൻ കെട്ടവനായി. നിസ്വത്വം മനുഷ്യന്ന് വധമാണ്. ധനമില്ലാത്തവൻ മൃതപ്രായനാണ്. അധമന്മാരെ ജ്ഞാതികളും മിത്രങ്ങളും ബ്രാഹ്മണരും ഉപേക്ഷിക്കും. പൂവും കായും അറ്റ മരത്തെ പക്ഷികൾ ആശ്രയിക്കയില്ലല്ലോ!

പ്രാണൻ ശവത്തിനെ എന്നപോലെ, ജ്ഞാതികൾ നിസ്വനായ എന്നേയും ഭ്രഷ്ടനെപ്പോലെ ഉപേക്ഷിക്കും എന്നുവന്നാൽ അതല്ലേ മരണം!

"ഇതിലും കഷ്ടമെന്തുള്ളു? പണ്ട് ശംബരനോതിനാൻ
ഇന്നേക്കും പുലർവേളയ്ക്കും അഷ്ടിക്ക് ഗതിമുട്ടുകിൽ."

digitized by www.sreyas.in

മുഖ്യമായ ധർമ്മമാണ് ധനം. വിത്തത്തിൽ എല്ലാം നില്ക്കുന്നു. ലോകത്തിൽ ധനികരാണ് ജീവിക്കുന്നവർ. നിർദ്ധനന്മാർ ചത്തവരാണ്. ബലത്താൽ സ്വത്തിൽനിന്നു മർത്ത്യനെ വേർപെടുത്തുന്നവർ ധർമ്മത്തേയും, അർത്ഥത്തേയും, കാമത്തേയും വീഴ്ത്തുന്നു. ഒടുവിൽ തന്നേയും വീഴ്ത്തുന്നു. ഈ നിലയിലെത്തിച്ചേർന്ന ചിലർ ആത്മഹത്യ ചെയ്യാറുണ്ട്. ചിലർ ഗ്രാമം വിട്ടുപോകും, ചിലർ കാടുകയറും, ചിലർ ആത്മാവിനെ നശിപ്പിക്കും, ചിലർ ഭ്രാന്തന്മാരാകും, ചിലർ ശത്രുക്കളുടെ പാട്ടിൽ കുടുങ്ങുന്നു, ചിലർ ദ്രവ്യത്തിന്നുവേണ്ടി ചിലരുടെ ദാസ്യം സ്വീകരിക്കുന്നു. ഈ പുരുഷന്ന് മരണത്തേക്കാൾ ആപത്താണ് വലുത്. ശ്രീവിനാശം ധർമ്മകാമനാശത്തിന്നും കാരണമാകുന്നു. അവന്ന് ധർമ്മ്യം മരണമാകുന്നു. അത് ശാശ്വതസ്ഥാനത്തിലേക്കുള്ള മാർഗ്ഗമാകുന്നു. എവിടേയും എല്ലാ ജീവികൾക്കും ഇത് ഒരിക്കലും തെറ്റുകയില്ല.

ശ്രീയാൽ സുഖിച്ചവന്ന് ശ്രീ നശിക്കുമ്പോഴുണ്ടാകുന്നവിധം അത്രയ്ക്ക് ഉപദ്രവം സ്വതേ നിർദ്ധനന്ന് ഉണ്ടാവുന്നതല്ല. ഇടക്കാലത്ത് സ്വന്തം തെറ്റിനാൽ ധനം നശിച്ചവൻ മഹാവ്യസനത്തിലാണ്ടു പോകും. തന്റെ കുറ്റത്തെപ്പറ്റി ചിന്തിക്കാതെ ഇന്ദ്രാദികളായ ദേവന്മാരെ അവൻ നിന്ദിക്കും. അവനെ അല്പം അടക്കിനിർത്തുവാൻ ലോകത്തിലെ സർവ്വശാസ്ത്രങ്ങൾക്കും കഴിയുകയില്ല. അവൻ ഭൃത്യരിൽ കോപിക്കും; അവൻ ഇഷ്ടജനങ്ങളിൽ അസൂയാലുവാകും. എപ്പോഴും ദുഃഖം ഉണ്ടാകും. അത് എപ്പോഴും വളർന്നുകൊണ്ടിരിക്കും. പിന്നെ അവൻ മോഹാന്ധനാവുകയും ക്രൂരകർമ്മം തുടങ്ങുകയും ചെയ്യും. അവൻ ചെയ്യുന്ന പാപകർമ്മത്താൽ സങ്കരം പുഷ്ടമായി ഭവിക്കും. സങ്കരം നരകത്തിന്നാണ്. പാപത്തിന്റെ അതിർത്തിയാണ് നരകം. ഉണർന്നിരിക്കാഞ്ഞാൽ അവൻ നരകത്തിലെത്തും. അവന്ന് ഉണർച്ചയാണ് പ്രജ്ഞ. പ്രജ്ഞാദൃഷ്ടിക്കു കയറാൻ കഴിയും. പ്രജ്ഞ കിട്ടിയാൽ മർത്ത്യൻ ശാസ്ത്രത്തെ നോക്കും. ശാസ്ത്രനിഷ്ഠൻ ധർമ്മമേല്ക്കും. ഹ്രീ അതിന്ന് ഉത്തമാംഗമാണ്. ഹ്രീമാൻ പാപത്തെ വെറുക്കും; അവന്ന് ശ്രീ വളരും. ഒരുത്തൻ എപ്പോൾ ശ്രീമാനാകുന്നുവോ, അപ്പോൾ അവൻ പുരുഷനായി. ധർമ്മനിത്യൻ, ശാന്തചിത്തൻ, കാര്യയോഗസ്ഥൻ ഇവരാരും അധർമ്മത്തിൽ ബുദ്ധി ചെലുത്തുകയില്ല. പാപത്തിൽ ചെന്നുചാടുകയുമില്ല. നാണംകെട്ട മൂഢൻ ആണും പെണ്ണും അല്ലാത്തവനാണ്. അവൻ ധർമ്മാധികാരിയാകാത്ത ശൂദ്രനെപ്പോലെയാണ്. ഹ്രീമാൻ പിതൃക്കൾക്കും തനിക്കും തൃപ്തിനല്കും. അമൃതത്വം അതിൽനിന്നു ലഭിക്കും. പുണ്യങ്ങളുടെ അതിർത്തിയാണ് അത്. മധുസൂദനാ, ഭവാൻ അത് എന്നിൽ പ്രത്യക്ഷം കാണുകയുണ്ടായില്ലേ. രാജ്യഭ്രംശംപൂണ്ട ഞാൻ ഈ ഇരുപ്പിൽ ഇരിക്കുകയാണ്. ആ ഞങ്ങൾ ഏതു നിലയിലും ശ്രീ വെടിയുവാൻ ന്യായമില്ല. അതിൽ ശ്രമിക്കുന്ന ഞങ്ങൾ മരിക്കുന്നതായാലും അതും നല്ലതാണ്.

എന്റെ മുഖ്യമായ അഭിപ്രായം അവരും ഞങ്ങളും ചേർന്നു കൃതാർത്ഥരായി സമനിലയിൽ ശ്രീയേറ്റ് വാഴണമെന്നാണ്. രൗദ്രകർമ്മങ്ങൾചെയ്തു നശിപ്പിച്ച് ഉയർന്ന നില സമ്പാദിക്കുന്നതിനേക്കാൾ ഭേദമാണിത്. നമ്മൾ കൗരവരെക്കൊന്നാൽ നാടുമുഴുവൻ കൈയിലാക്കാം! വേണ്ട!

കൃഷ്ണാ, ചാർച്ചയില്ലാത്ത നീചരായ ശത്രുക്കളെക്കൂടി കൊല്ലാതിരിക്കുകയാണ് വേണ്ടത്. പിന്നെ ഇത്തരം ജ്ഞാതികളെപ്പറ്റി എന്തുപറയുവാൻ? അധികംപേരും ജ്ഞാതികളാണ്. സഹായികളാണെങ്കിൽ ഗുരുജനങ്ങളാണ്. അവരെ കൊല്ലുകയോ? കഷ്ടം! പോരിൽ എന്താണ് പിന്നെ ശോഭനം!

ക്ഷത്രധർമ്മം കഷ്ടംതന്നെ! നമ്മൾ ക്ഷത്രിയജാതിക്കാരാണല്ലോ. നമ്മുടെ ധർമ്മം നാം ചെയ്യണം. അന്യധർമ്മം ആചരിക്കുവാൻ ചിന്തിക്കുന്നത് നികൃഷ്ടമാണ്. ശൂദ്രൻ ശുശ്രൂഷ ചെയ്യുന്നു. വൈശ്യൻ കച്ചവടം ചെയ്യുന്നു. ക്ഷത്രിയരായ നമ്മൾ വധജീവികളാണ്. യുദ്ധംകൊണ്ടാണ് നമ്മുടെ ജീവിതം. ബ്രാഹ്മണന്റെ ജീവിതം കപാലംകൊണ്ടുള്ളതാണ്. (ദേവന്മാർക്ക് പുരോഡാശം പാകം ചെയ്യുന്ന പാത്രം). ക്ഷത്രം ക്ഷത്രത്തിനെ കൊല്ലുന്നു. മത്സ്യം ജീവിക്കുന്നത് മത്സ്യത്തെത്തന്നെ പിടിച്ചു തിന്നിട്ടാണല്ലോ. നായ നായയെ കൊല്ലുന്നു. ഹേ കൃഷ്ണാ, ധർമ്മഗതിയുടെ ക്രമം നോക്കു! പോരിൽ കലി ബാധിക്കും. നിത്യവും ലോകത്തിൽ തളർച്ച ബാധിച്ചുകൊണ്ടിരിക്കും. പോരിൽ ബലമുള്ളവൻ നീതിമാനാണെന്നു പറയും. യുദ്ധത്തിൽ ജയവും പരാജയവും ഉണ്ടാകും. ജീവികളുടെ ഇച്ഛപോലെയല്ല, ജീവിതവും മരണവും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അകാലത്തിൽ സുഖം കിട്ടുകയില്ല; കാലത്തിൽ ദുഃഖവും കിട്ടുകയില്ല.

ഒരുത്തൻ പലരെ കൊല്ലുന്നു; പലർ ചേർന്ന് ഒരുത്തനെ കൊല്ലുന്നു; ശൂരനെ ഭീരു കൊല്ലുന്നു. കീർത്തിമാനെ കീർത്തി കേൾക്കാത്തവനും കൊല്ലുന്നു. യുദ്ധത്തിൽ ഇരുപേർക്കും ജയം കാണുകയില്ല. ഇരുപേർക്കും പരാജയവും കാണുകയില്ല. പിന്മാറിയാൽ ഇടിവുണ്ടാകും; നാശവും ചെലവും വലുതുപറ്റുകയും ചെയ്യും. യുദ്ധം ആളെ ഹനിക്കുമ്പോൾ അതു പാപമാകുന്നു, ഹതിയേല്ക്കാതെ ഏതൊരുത്തനാണ് യുദ്ധം ചെയ്യുവാൻ കഴിയുക! അല്ലയോ ഹൃഷീകേശാ, മഹാനാശം വരുത്തിവെക്കുന്ന യുദ്ധം ജയിച്ചാലും തോറ്റാലും ശരിതന്നെ! ഒപ്പം തന്നെ! എന്നാൽ തോല്മയെന്നതു മരണത്തെക്കാൾ ഭയങ്കരമാണ്, കനപ്പെട്ടതാണ് എന്നാണ് എന്റെ അഭിപ്രായം. ജയിക്കുന്നവന്നും വല്ലാത്ത നാശം സംഭവിക്കാതിരിക്കയില്ല. യുദ്ധത്തിൽ അവസാനം ഇഷ്ടനെ കൊല്ലും. മറ്റുള്ള ചിലർ അങ്ങനെ അവസാനിക്കും. ബലഹീനരായി, അംഗഹീനരായി, യോദ്ധാക്കൾ കിടന്നു തന്റെ മക്കളേയും ഭ്രാതാക്കളേയും ശത്രുക്കൾ സംഹരിക്കുന്നത് കണ്ടുകൊണ്ടു കിടക്കാനല്ലാതെ അവർക്ക് ഒന്നിനും കഴിയാതെവരും. അവസാനം ജീവിതത്തിൽ വെറുപ്പ് എല്ലാംകൊണ്ടും ഉണ്ടാകും. ഹ്രീമാന്മാരും, ധീമാന്മാരും, കരുണയുള്ളവരുമായ പലരും യുദ്ധത്തിൽ മൃതിയടയും. ഒന്നിനും പോരാത്ത ചിലർ രക്ഷപ്പെടുകയും ചെയ്യും. ശത്രുക്കളെയാണെങ്കിലും വധിച്ചുകഴിഞ്ഞാൽ സങ്കടം തോന്നും. എന്നാൽ ശത്രു അവശേഷിച്ചുനില്ക്കുകയാണെങ്കിൽ അത് ഏറ്റവും വലിയ അപകടമായിത്തീരുകയും ചെയ്യും. ശേഷിച്ച ശത്രു വീണ്ടും ബലംനേടി ശക്തനായി വന്ന് അവശേഷിച്ച അവന്റെ ശത്രുക്കളെ കൊന്നൊടുക്കും; ഒന്നും ബാക്കിവെക്കുകയില്ല. വൈരം തീർക്കുവാൻ അവൻ പാടേ മുടിച്ചുവിടും. ഇപ്രകാരം വൈരം തോറ്റുപോയവൻ വരുത്തിക്കൂട്ടും. പരാജിതൻ ദുഃഖം സഹിച്ചിട്ടു പഴുതുനോക്കി വാഴും. ശാന്തനായ മനുഷ്യൻ ജയത്തേയും പരാജയത്തേയും പറ്റി ചിന്തിക്കാതെ, അവയിലൊന്നും ഇടപെടാതെ, സുഖമായിക്കിടന്നുറങ്ങും. വൈരമുള്ള പുരുഷന്നു വളരെ വിഷമിച്ചേ ഉറക്കം കിട്ടുകയുള്ളു. പാമ്പ് ഇരിക്കുന്ന ഗൃഹത്തിൽ മനസ്സമാധാനത്തോടെ ഉറങ്ങുവാൻ കഴിയുമോ? അതുപോലെ വൈരമുള്ള പുരുഷന്റെ മനസ്സിന്ന് സ്വൈരമുണ്ടാവുകയില്ല. അവൻ പാടേ ശത്രുവിനെ മുടിക്കുന്നവനായി ഭവിക്കും! അപ്പോൾ അവന്റെ കീർത്തിയും നശിക്കും. എല്ലാക്കാലത്തേക്കും എല്ലായിടത്തേക്കും അവന്റെ ദുഷ്കീർത്തി പരക്കുകയും ചെയ്യും. എത്രകാലം അടക്കിനിർത്തിയാലും വൈരങ്ങൾക്കു ശമം സിദ്ധിക്കുന്നതല്ല. കുലത്തിൽ ഒരു ആൺകുഞ്ഞു ബാക്കിയുണ്ടെങ്കിൽ ആളുകളൊക്കെ അവനോടു വൈരത്തെപ്പറ്റി പറയുകയായി. വൈരം വൈരംകൊണ്ടു ശമിക്കയില്ല, കൃഷ്ണാ! ഹവിസ്സുകൊണ്ട് അഗ്നി കെടുകയില്ല; അതു വീണ്ടും ആളിക്കത്തുകയേയുള്ളു.

> വൈരം വൈരത്തിനാലൊട്ടും
> ശമിക്കില്ല ജനാർദ്ദന!
> ഹവിസ്സാലഗ്നിയെപ്പോലെ
> വീണ്ടും വൈരം വളർന്നിടും.

ഒടുവിൽ ഛിദ്രത്തിനാലല്ലാതെ അതു ശമിക്കുകയില്ല. ഛിദ്രം നോക്കുന്നവർക്ക് എന്നും ഇത്തരത്തിൽ ദോഷം സംഭവിക്കുകയും ചെയ്യും. പുരുഷനെ ബാധിക്കുന്ന ശക്തികൂടിയ രോഗം ഹൃദയവ്യഥയാണ്. അതു വിട്ടൊഴിഞ്ഞാൽ സൗഖ്യം മരണത്താലും സിദ്ധിക്കും.

digitized by www.sreyas.in

എന്നാൽ ശത്രുക്കളുടെ മൂലച്ഛേദത്താൽ ഫലനിവൃത്തി വർദ്ധിക്കുന്നു. എന്നാൽ അത് ഏറ്റവും നൃശംസമായിക്കൂടാ. വിട്ടൊഴിഞ്ഞിട്ടും ശമം സിദ്ധിക്കുന്നില്ലെങ്കിൽപ്പിന്നെ അത് വധത്തിലെത്തിക്കും. വിട്ടൊഴിക്കുവാൻ ഇക്കാര്യത്തിൽ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വംശച്ഛേദം വരുത്തുവാനും എനിക്ക് ആഗ്രഹമില്ല. ഈ സന്ദർഭത്തിൽ നമസ്കാരംകൊണ്ടു സാധിക്കുന്ന ശമമാണ് ഉത്തമമായിട്ടുള്ളത്. എല്ലാവിധത്തിലും യുദ്ധംകൂടാതെ കാര്യം നേടുവാൻ ശ്രമിച്ചുനോക്കുകയാണു നല്ലത്. ക്ലീബത്വം ഒരിക്കലും പാടില്ല. സാന്ത്വം തീരെ പറ്റുകയില്ലെന്നുവന്നാൽ യുദ്ധംതന്നെ വേണ്ടിവരും. ക്രൂരകർമ്മം അവസാനക്കൈയായേ എടുക്കാവൂ. നായ്ക്കളുടെ ബഹളംപോലെ മാത്രമേ പണ്ഡിതന്മാർ യുദ്ധത്തിനെ കാണുകയുള്ളു. വാലിളക്കുക, മുരളുക, എതിർമുരളുക, പല്ലിളിച്ചുകാട്ടുക, കുരയ്ക്കുക, പിന്നെ യുദ്ധം തുടരുക ഇതൊക്കെയാണ് നായ്ക്കളുടെ സമ്പ്രദായം. അങ്ങനെ ബലവാനായ നായ എതിരാളിയെ കടിച്ചുവീഴ്ത്തി ശത്രുവിന്റെ മാംസം ഭക്ഷിക്കും. മനുഷ്യരുടെ മട്ടും ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. ഇതൊക്കെ ശക്തിയുള്ളവർ ശക്തിയുള്ളവരിൽ കാണിക്കുന്ന മട്ടാണ്. അനാദരവും വിരോധവും ഉണ്ടാവുക. അതിൽ ദുർബ്ബലൻ താണുപോകും. അച്ഛനും വൃദ്ധനുമായ രാജാവ് എല്ലാവിധത്തിലും മാനിക്കത്തക്കവനാണ്. എന്നാൽ മാന്യനായ ധൃതരാഷ്ട്രൻ പൂജ്യനാകേണ്ടവനല്ലേ, ജനാർദ്ദനാ? പുത്രസ്നേഹം വർദ്ധിച്ചവനായ ആ ധൃതരാഷ്ട്രൻ പുത്രവശഗനായി നില്ക്കുകയാൽ എങ്ങനെ അദ്ദേഹത്തെ നമസ്കരിക്കും? എങ്ങനെ അദ്ദേഹം അതിന്ന് അർഹനാകും? അതിൽ ഭവാൻ എന്തു വിചാരിക്കുന്നു? പിന്നെ കാലാനുരൂപമായി വേണ്ടതു ചെയ്യാം.

അർത്ഥവും ധർമ്മവും ഞങ്ങൾക്ക് ഇല്ലാതാക്കരുതേ, കേശവാ! ഇങ്ങനെയുള്ള അർത്ഥകൃച്ഛ്റാവസരത്തിൽ സംശയനിവാരണത്തിന്നു നീയല്ലാതെ മറ്റ് ആരാണു ഞങ്ങൾക്കുള്ളത്? ഹേ പുരുഷോത്തമാ, മധുസൂദനാ, നീ പ്രിയനും, പ്രിയകരനും, എല്ലാ കർമ്മത്തിന്റേയും ഗതി കണ്ടവനും ആണല്ലോ. ഞങ്ങൾക്ക് നിന്നെപ്പോലെ അറിവു പറഞ്ഞുതരാൻ പറ്റിയ സഖി വേറേയില്ല.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞപ്പോൾ മാധവൻ അതിന്നുത്തരമായി പറഞ്ഞു: 'നിങ്ങൾക്കു രണ്ടു പേർക്കുംവേണ്ടി (ഭവാനും ദുര്യോധനനുംവേണ്ടി), കുരുസഭയിലേക്കു ഞാൻ പോകാം. കാര്യത്തിന്നു വിഘ്നംകൂടാതെ ശമം ലഭിക്കുകയാണെങ്കിൽ വലിയ ഫലമായ പുണ്യം ഞാൻ സാധിച്ചു എന്നും ആകാമല്ലോ. മൃത്യുപാശത്തിൽനിന്ന് രുഷ്ടരായ ഗുരുജനങ്ങളേയും, സഞ്ജയവീരന്മാരേയും, പാണ്ഡവന്മാരേയും, ധാർത്തരാഷ്ട്രന്മാരേയും മാത്രമല്ല, ഈ ലോകത്തെ മുഴുവനുംതന്നെ രക്ഷിച്ചു എന്നും വരാമല്ലോ!''

യുധിഷ്ഠിരൻ പറഞ്ഞു: ''ഭവാന്റെ കൗരവസഭയിലേക്കുള്ള യാത്ര എനിക്ക് അത്ര പിടിക്കുന്നില്ല. നന്നായി നന്മയ്ക്കുവേണ്ടി പറയുന്ന ഭവാന്റെ വാക്കുണ്ടോ സുയോധനൻ കൈക്കൊള്ളുന്നു? ഭൂമിയിലുള്ള രാജാക്കന്മാരിൽ മിക്കവരും ദുര്യോധനന്റെ പാട്ടിലാണു നില്ക്കുന്നത്. അവരുടെ മദ്ധ്യത്തിലേക്കുള്ള ഭവാന്റെ ഈ പോക്ക് എനിക്കു ബോധിക്കുന്നില്ല. അവർ ഭവാനെ ദ്രോഹിക്കുകയാണെങ്കിൽ സർവ്വദേവൈശ്വര്യവും ദ്രവ്യദേവപദമായ സുഖവും ഞങ്ങളെ തൃപ്തിപ്പെടുത്തുകയില്ല.''

കൃഷ്ണൻ പറഞ്ഞു: ''അല്ലയോ മഹാരാജാവേ, ഞാൻ ധാർത്തരാഷ്ട്രന്റെ ദുഷ്ടത അറിഞ്ഞുകൊണ്ടുതന്നെയാണ് പോകാമെന്നു വിചാരിക്കുന്നത്. പിന്നീടു നമ്മെ രാജാക്കന്മാരാരും തന്നെ കുറ്റം പറയുവാൻ വഴിവെക്കരുത്. നാം അങ്ങേയറ്റം ക്ഷമയോടെ പരിശ്രമിച്ച് വിട്ടുവീഴ്ചകൾക്കു സന്നദ്ധരായി ഗതിമുട്ടിയിട്ടാണ് യുദ്ധത്തിന്ന് ഒരുങ്ങിയതെന്ന് എല്ലാവരും അറിയണം. എല്ലാ രാജാക്കന്മാരും ഒന്നിച്ചു ചേർന്നാലും നമ്മളോടു പോരിന്നു നേരിടാൻ പോരാ. അന്യജന്തുക്കളൊക്കെച്ചേർന്ന് സിംഹത്തിനോടിടഞ്ഞാലെന്നവിധമാണ് എനിക്ക് അവരൊക്കെ കൂടി വന്നാൽ. എന്നിൽ അവർ വല്ല അയുക്തവും ചെയ്തുവെങ്കിൽ, ഞാൻ അവിടെവെച്ച് കുരുക്കളെ മുഴുവൻ ഭസ്മമാക്കും. അതു തീർച്ചയാണ്. ഞാൻ അവിടെപ്പോയാൽ ഫലം ഇല്ലാതെ വരില്ല. ഒരു സമയം അർത്ഥലാഭമുണ്ടാകും; അല്ലെങ്കിൽ അപവാദമില്ലായ്മയുണ്ടാകും.''

യുധിഷ്ഠിരൻ പറഞ്ഞു: ''ഭവാന്റെ ഇഷ്ടംപോലെയാകട്ടെ കൃഷ്ണാ! ശുഭം ഭവിക്കട്ടെ. ഭവാൻ കൗരവസഭയിലേക്കു പോയാലും. കൃതാർത്ഥനായി, സ്വസ്തിമാനായി ഭവാൻ മടങ്ങിവന്നു കാണുമാറാകട്ടെ! കുരുനാട്ടിൽച്ചെന്ന്, ഹേ, വിഷ്വക്സേനാ, ഭവാൻ ഭാരതരിൽ എല്ലാവരുംചേർന്ന് അഭിനന്ദിക്കുന്നവിധം ശമം വളർത്തുക. ഭവാൻ ഫൽഗുനന്ന് ഭ്രാതാവും ഇഷ്ടനുമാണ്. എനിക്കാണെങ്കിൽ ഏറ്റവും പ്രിയപ്പെട്ടവനുമാണ്. സൗഹൃദത്താൽ ശങ്ക വിട്ടവനായ ഭവാൻ ഭൂതിക്കുവേണ്ടി സ്വസ്തി നേടിയാലും! ഞങ്ങളേയും, പൗരന്മാരേയും കാര്യവും വേണ്ട വാക്കും അറിഞ്ഞവനായ ഭവാൻ ഹിതം ദുര്യോധനനോടു പറയണേ. ധർമ്മത്തോടൊത്തുതീർത്ത ഹിതം അങ്ങു പറയുക. സാന്ത്വം പ്രയോഗിച്ചുനോക്കുക, പറ്റിയില്ലെങ്കിൽ പിന്നത്തെക്കൈ പ്രയോഗിക്കുക! എല്ലാം ഭവാനറിയാമല്ലോ!''

73. കൃഷ്ണവാക്യം - കൃഷ്ണൻ യുധിഷ്ഠിരനെ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നു - ശ്രീഭഗവാൻ പറഞ്ഞു: ''ഹേ യുധിഷ്ഠിരാ! സഞ്ജയന്റേയും ഭവാന്റേയും വാക്കുകൾ ഞാൻ കേട്ടു. ശത്രുക്കളുടേയും ഭവാന്റേയും അഭിപ്രായവും അറിഞ്ഞു. ഭവാന്റെ ബുദ്ധി ധർമ്മാശ്രിതമായി നില്ക്കുന്നു. അവരുടെ ബുദ്ധിയാണെങ്കിൽ വൈരത്തിൽത്തന്നെ ആശ്രയിച്ചു നില്ക്കുന്നു. യുദ്ധംകൂടാതെ കിട്ടുന്നതാണു ഭവാന് ഏറ്റവും സമ്മതമായിട്ടുള്ളത്. നൈഷ്ഠികബ്രാഹ്മണന്റെ തൊഴിൽ ക്ഷത്രിയന്നു യോജിച്ചതല്ല. എല്ലാ ആശ്രമികളും പറയുന്നത് എന്താണെന്നറിയുമോ? 'ക്ഷത്രിയൻ ഭിക്ഷാടനത്തിന്നു പോകരുത്' എന്നാണ്. യുദ്ധത്തിൽ ജയമുണ്ടാകാം; പരാജയമുണ്ടാകാം. അതു പണ്ടേ തന്നെ ബ്രഹ്മാവ് വിധിച്ചിട്ടുള്ളതാണ്. ക്ഷത്രിയന്റെ സ്വധർമ്മമാണ് ഇത്. കൃപണത്വം ഒരിക്കലും പ്രശംസാർഹമല്ല. കാർപ്പണ്യംകൊണ്ട് ക്ഷത്രിയന്ന് വൃത്തിനേടുവാൻ കഴിയുകയില്ല. വിക്രമിക്കുക! വൈരികളെ കൊല്ലുക! ഹേ, വീരാ! പരന്തപാ! അതിന്നു തയ്യാറായിക്കൊള്ളുക. ധാർത്തരാഷ്ട്രന്മാർ ലുബ്ധരാണ്, ഏറ്റവും പ്രിയപ്പെട്ടവരാണ്, ഏറെക്കാലം ഒന്നിച്ചു വസിച്ചവരാണ്, മിത്രസൈന്യബലാഢ്യന്മാരാണ്. അവർ ഭവാനുമായി സമനിലയ്ക്ക് ഒക്കുന്നവരല്ല. ഭീഷ്മദ്രോണനൃപന്മാർ കൂടെയുള്ളതുകൊണ്ട് മഹാബലന്മാരാണു തങ്ങൾ എന്നു വിചാരിക്കുന്നവരാണ്. അവർക്കു മാർദ്ദവവും ഉപചാരവുമാകാത്ത കാലത്തോളം അവർ ഭവാനുള്ള രാജ്യം ഹരിക്കുകതന്നെ ചെയ്യും. നിങ്ങളിൽ കൃപകൊണ്ടോ, നിങ്ങളുടെ ദൈന്യതയോർത്തോ, ധർമ്മാർത്ഥങ്ങളെ ചിന്തിച്ചോ, ധാർത്തരാഷ്ട്രൻ, ഭവാന്റെ അഭീഷ്ടം നടത്തുകയില്ല. ഇക്കാരണത്താൽ ഭവാൻ കഷ്ടപ്പെട്ട് കൗപീനധാരിയായി കാട്ടിൽ വാണസമയത്തും അവർ ഭവാന്റെ കഷ്ടപ്പാടിൽ അല്പമെങ്കിലും അനുതപിക്കുകയുണ്ടായില്ല. പിതാമഹനായ ഭീഷ്മൻ, ആചാര്യനായ ദ്രോണൻ, പിന്നെ ധീമാനായ വിദുരൻ, സജ്ജനങ്ങളായ വിപ്രന്മാർ, നല്ലവരായ രാജാക്കന്മാർ, നഗരവാസികളെല്ലാം, എല്ലാ കുരുപ്രവരന്മാരും ഇവരൊക്കെ യഥാർത്ഥമായവിധം സത്യാവസ്ഥകണ്ടുകൊണ്ടിരിക്കെ ദാന്തനും, ദാതാവും ഏറ്റവും മൃദുശീലനും, ദാനശീലനും, അനുവ്രതനുമായ ഭവാനെ ചൂതിൽ വഞ്ചിച്ച്, കളവുകാട്ടി, പരാജയപ്പെടുത്തി. ആ നൃശംസൻ തന്റെ കർമ്മത്താൽ നാണിക്കുന്നുണ്ടോ? ഇങ്ങനെ നാണംകെട്ട ശീലാചാരമുള്ളവനിൽ സ്നേഹം ഒരിക്കലും ഭാവിക്കരുതു രാജാവേ! അവരെ കണ്ടേടത്തുവെച്ചു കൊല്ലേണ്ടവരാണ്. പണ്ടേതന്നെ അവരെ നിങ്ങൾ കൊന്നുകളയേണ്ടതായിരുന്നു. അനുജന്മാരോടുകൂടിയ ഭവാനെ അനുചിതമായ വാക്കുകൊണ്ട് അവൻ കുത്തിയില്ലേ? അനുജനോടുകൂടി തന്നത്താൻ വാഴ്ത്തുകയും, ഹർഷിക്കുകയും, ഭവാനെ അധിക്ഷേപിക്കുകയും ചെയ്തില്ലേ? അവർക്ക് ഇന്നത്തെപ്പോലെ സ്വത്ത് അന്നുണ്ടായിരുന്നില്ല. ഇനി അവർക്ക് പേരും, പെരുമയും, ഗോത്രവും ശേഷിക്കുവാൻ പോകുന്നില്ല. ഏറെക്കാലത്തേക്ക് ഇവർക്കു

digitized by www.sreyas.in

പരാഭവം വന്നുകൂടും. പ്രകൃതിയുടെ പ്രചോദനത്താൽ നഷ്ട പ്രകൃതികളായി അവർ എന്നിൽ എത്തിച്ചേരും. അവരുടെ നാശ കാലമായി.

ദുഷ്ടപാപിയായ ദുശ്ശാസനൻ ചൂതുനടന്ന അന്ന് അനാഥ യെപ്പോലെ ദ്രൗപദീദേവിയെ മുടി ചുറ്റിപ്പിടിച്ചു വലിച്ച് രാജാക്ക ന്മാർ ഇരിക്കുന്ന സഭയിൽ കൊണ്ടുവന്നു. ഭീഷ്മദ്രോണന്മാരുടെ കണ്ണിന്നുമുമ്പിൽവെച്ചു പീഡിപ്പിച്ചു. 'പശു പശു' എന്നോതി പരി ഹസിച്ചു. ഭവാൻ തടുത്തതുകൊണ്ട് ഭീമവീര്യന്മാരായ ഭവാന്റെ ഭ്രാതാക്കൾ ധർമ്മപാശക്കെട്ടിനെ മാനിച്ച് അപ്പോൾ പ്രതികാര നടപടികളൊന്നും ചെയ്യുകയുണ്ടായില്ല. ഇത്തരം പ്രവൃത്തികൾ ചെയ്യുകയും പരുഷോക്തികൾ പറയുകയും ചെയ്ത അവർ ഭവാൻ കാടുകയറിയപ്പോൾ ജ്ഞാതിമദ്ധ്യത്തിൽ സന്തോഷിക്കു കയാണുണ്ടായത്.

അന്ന് ആ സഭയിലുണ്ടായിരുന്നവരെല്ലാം തെറ്റു ചെയ്യാത്ത ഭവാനെ കണ്ടു. അവരൊക്കെ കണ്ഠംസ്തംഭിച്ച് ബാഷ്പംപൊ ഴിച്ചു കരഞ്ഞുകൊണ്ട് സഭാമദ്ധ്യത്തിലിരുന്നു. ആ സഭയിലുണ്ടാ യിരുന്ന രാജാക്കന്മാരും, ബ്രാഹ്മണരും ആരുംതന്നെ ദുര്യോധ നന്റെ ആ പ്രവൃത്തിയെ ശ്ലാഘിക്കുകയുണ്ടായില്ല. സഭാവാസി കളൊക്കെ ദുര്യോധനനെ നിന്ദിച്ചു. കുലീനന്മാർക്കു നിന്ദ കേൾക്കുന്നതിൽ ഭേദം വധമാണ്. മരണമാണു ശ്രേഷ്ഠം. വധി ക്കുന്നതിനേക്കാൾ ക്രൂരമായ ദ്രോഹമാണ് കുലീനനിന്ദ! ആ നിന്ദ നാണംകെട്ട് കേട്ട ദുര്യോധനൻ ചത്തവനാണ്. നാട്ടിലുള്ള രാജാ ക്കന്മാരുടേയും സജ്ജനങ്ങളുടേയും നാട്ടുകാരായ മഹാജനങ്ങ ളുടേയുമൊക്കെ നിന്ദയ്ക്കു പാത്രമായി ആ പുരുഷാധമൻ നാണംകെട്ടു ജീവിക്കുന്നു. ഈ നിലയിലുള്ളവന്റെ വധകാര്യം വളരെ എളുപ്പമാണ്. അവന്റെ കഥ ഇത്തിക്കണ്ണി പിടിച്ച്, വേരു കെട്ട വൃക്ഷത്തിന്റേതുപോലെയാണ്. വിഷമുള്ള പാമ്പിനെ തല്ലി ക്കൊല്ലുന്നതുപോലെ ആ ദുഷ്ടനെ അടിച്ചുകൊന്നുകളയണം. ഹേ ശത്രുഘ്നാ, ഈ ദുര്യോധനനെ കൊന്നുകളയുക. രാജാ വേ, ഇക്കാര്യത്തിൽ ഒട്ടും ശങ്കിക്കേണ്ടതില്ല. എല്ലാംകൊണ്ടും ചെയ്യേണ്ടതായ പ്രവൃത്തി അങ്ങയ്ക്ക് ഇതാണ് എന്നെനിക്കു ബോദ്ധ്യമായി. പിതാവിനേയും ഭീഷ്മനേയും നീ ഏറ്റവും വണ ങ്ങേണ്ടതാണ്. ഞാൻ അവിടെ ചെന്ന് എല്ലാവരുടേയും സംശയം തീർത്തുപോരാം. ദുര്യോധനനന്റെ പേരിൽ രണ്ടു പക്ഷമുള്ളവ രുണ്ടാകും. ഞാൻ അവിടെച്ചെന്ന് രാജാക്കന്മാരുടെ സഭാമദ്ധ്യ ത്തിൽവെച്ച് പുരുഷന്മാർക്കുചേർന്ന സൽഗുണങ്ങൾ അങ്ങ യ്ക്കുള്ളതായി എല്ലാം പറയാം. അതോടുകൂടെത്തന്നെ ദുര്യോ ധനന്റെ ദുർഗ്ഗുണങ്ങളെപ്പറ്റിയും പറയാം. ധർമ്മാർത്ഥം ചേർന്ന് ഹിതമായി ഞാൻ അങ്ങയെപ്പറ്റി പറയുമ്പോൾ നാനാരാജ്യങ്ങൾ ഭരിക്കുന്ന രാജാക്കന്മാർ അതൊക്കെ കേട്ട് യുധിഷ്ഠിരൻ ധർമ്മ ശീലനാണെന്നും, സത്യവാദിയാണെന്നും വിശ്വസിക്കുന്നതി ന്നിട വരും. (ഇപ്പോൾ നേരെ മറിച്ചായിരിക്കും അവരെ ധരിപ്പി ച്ചിരിക്കുക.) ദുര്യോധനൻ ദുരാശയാൽ ചെയ്ത കർമ്മങ്ങളൊ ക്കെ അവർ അറിയും. പൗരന്മാരും ജാനപദന്മാരും വൃദ്ധന്മാരും ബാലന്മാരും നാലുവർണ്ണങ്ങളും നില്ക്കുന്നിടത്തുവെച്ചും ഭവാൻ ശമത്തിന്നായി കാംക്ഷിക്കുന്നത് ഞാൻ ഉറപ്പിച്ചുപറയും. ശമം യാചിക്കുന്ന ഭവാന് അധർമ്മം ഒരിക്കലും ബാധിക്കുകയില്ല. ഈ വർത്തമാനം കേൾക്കുമ്പോൾ അവർ കുരുക്കളേയും ധൃതരാഷ്ട്ര നേയും നിന്ദിക്കുന്നതാണ്. ലോകർ അവനെ ഉപേക്ഷിച്ചാൽ പിന്നെ ശേഷിക്കുന്ന കാര്യമെന്താണ്? ദുര്യോധനനെ കെടുത്തി ക്കളഞ്ഞാൽ പിന്നെ ചെയ്യേണ്ടതെന്താണ്? പിന്നെ ഞാൻ പോയി കുരുക്കളോടെല്ലാം ഭവാന്റെ കാര്യം കൈവിടാതെ ശമത്തിന്നായി പ്രയത്നിക്കാം. അവരുടെ മട്ടും മാതിരിയും പ്രവൃത്തിയും നോക്കി അറിയുകയും ചെയ്യാം. കുരുക്കളുടെ തൊഴിലും യുദ്ധ സംബന്ധമായി എല്ലാ സംഗതികളും കേട്ടറിഞ്ഞ് ഭവാന്റെ ജയ ത്തിന്നായി ഞാൻ പോയിവരാം. എല്ലാ വിധത്തിലും ശത്രുക്ക ളോടു യുദ്ധം ചെയ്യണമെന്നാണു ഞാൻ വിചാരിക്കുന്നത്. അതിന്ന് അനുകൂലമായ നിമിത്തങ്ങളേ ഞാൻ എല്ലായിടത്തും കാണുന്നുള്ളു.

മൃഗങ്ങളും പക്ഷികളും അശുഭമായ ഘോരശബ്ദങ്ങൾ പുറ പ്പെടുവിക്കുന്നു. സന്ധ്യാസമയത്ത് ഹവ്യവാഹൻ ആനകളിലും കുതിരകളിലും ഘോരമായ രൂപങ്ങൾ എടുക്കുകയും ഘോരരൂ പങ്ങൾ കാട്ടുകയും ചെയ്യുന്നു. മനുഷ്യലോകക്ഷയകാരിയും ഘോരനുമായ അന്തകൻ ഇങ്ങോട്ടു വന്നുചേരാതിരിക്കുവാൻ ഇനി കാരണം കാണുന്നില്ല. ശസ്ത്രങ്ങൾ, യന്ത്രം, കവചം, രഥ ങ്ങൾ, ആനകൾ, അശ്വങ്ങൾ ഇവയെല്ലാം ഒരുക്കി സൈനിക രെല്ലാം സന്നദ്ധരായി നില്ക്കട്ടെ! തേർ, ആന, കുതിര ഇവകളിൽ വേണ്ടതെല്ലാം യുദ്ധത്തിന്നുവേണ്ടി സജ്ജീകരിച്ചുനിർത്തുക. ദുര്യോധനൻ ജീവനോടെ ഇരിക്കുമ്പോൾ ഭവാന്റെ രാജ്യം ലേശവും വിട്ടുതരുന്നതല്ല. അതു ഭവാനോട് ചൂതിൽ ചതിച്ച് തട്ടി യെടുത്തതല്ലേ? സമൃദ്ധമായ ആ പാണ്ഡവരാജ്യം അവൻ കൈവിടുമെന്ന് ഭവാൻ വിചാരിക്കേണ്ട."

74. ഭീമവാക്യം – ഭീമസേനന്റെ ശാന്തിപ്രസ്താവന–

ഭീമസേനൻ പറഞ്ഞു: "ഏതേതു വിധത്തിലായാൽ പാണ്ഡ വർക്കു ശമം ആകുമോ അതാതുവിധം ഭവാൻ പറഞ്ഞാലും, യുദ്ധത്തിന്റെ കാര്യം പറഞ്ഞ് ഭയപ്പെടുത്താൻ നോക്കരുത്. കൗര വനോട് ഉഗ്രമായി പറയരുത്. സാമം ആചരിച്ചാൽ മതി. അവൻ ഐശ്വര്യമദത്താൽ മത്തനും പാണ്ഡവന്മാരിൽ വൈരവാനുമാ ണ്. ദീർഘദർശിയല്ല. അവൻ ക്രൂരനാണ്. ഗർഹിക്കുന്നവനാണ്. ക്രൂരവിക്രമനാണ്. ദീർഘമായ കോപം അടങ്ങാത്തവനാണ്. പാപശീലനാണ്. ചതിയിൽ താല്പര്യമുള്ളവനാണ്. ചത്താലും കീഴടങ്ങാത്തവനും തന്റെ നിശ്ചയം വിടാതെ പിടിക്കുന്നവനു മാണ്. അത്തരക്കാരുമായി ശമം എളുപ്പമല്ല, പരമദുഷ്കരമാണ്. ഇഷ്ടന്മാർക്കു തെറ്റിനില്ക്കുന്നവനും, ധർമ്മം വിട്ടവനും, വ്യാജ ത്തിൽ മനസ്സുവെച്ചവനും, സുഹൃത്തുക്കൾ പറഞ്ഞാലും കേൾക്കാത്തവനും, മന്യുവിന്റെ അധീനത്തിൽ നില്ക്കുന്നവനും, ദുസ്വഭാവിയും പുല്ലിൽ ഒളിച്ചിരിക്കുന്ന സർപ്പത്തേപ്പോലെ, സ്വഭാവാൽ പാപിയുമാണ് ദുര്യോധനൻ. അവന്റെ സൈന്യവും, ശീലവും, സ്വഭാവവും, ബലവും, പരാക്രമവുമൊക്കെ ഞാൻ പറ യാതെതന്നെ ഭവാന് അറിവുള്ളതാണല്ലോ. കുരുക്കളും മക്കളോ ടുകൂടി അതേവിധത്തിൽ ഞങ്ങളും ഇന്ദ്രജ്യേഷ്ഠന്മാർപോലെ സബാന്ധവരായി മോദത്തോടെ ജീവിക്കുവാൻ ഇടവരുത്തണം. ദുര്യോധനന്റെ ക്രോധംമൂലം ഭാരതരൊക്കെ വേനല്ക്കാലത്ത് അഗ്നി പിടിപെട്ട അടവിപോലെ വെന്തുനശിക്കും! പതിനെട്ടു രാജാക്കൾ പേർകേട്ടവരായിരുന്നു. അവർ ബന്ധുക്കളോടുകൂടി സുഹൃത്തുക്കളുടേയും ജ്ഞാതികളുടേയും വർഗ്ഗം മുടിച്ചവരാ ണ്. തേജസ്സാൽ ജ്വലിക്കുന്ന സമൃദ്ധാസുരന്മാർക്കു ധർമ്മം ക്ഷയി ച്ചപ്പോൾ കലി ബാധിച്ചു. ഹേഹയന്മാർക്ക് ഉദാവർത്തൻ, നീച ന്മാർക്ക് ജനമേജയൻ, താലജംഘർക്ക് ബഹുളൻ, കൃമികൾക്ക് ഉദ്ധതനായ വസു, സുവീരർക്ക് അജവിന്ദു, സുരാഷ്ട്രർക്ക് രുഷർദ്ധികൻ, ബലീഹർക്ക് അർക്കജൻ, ചീനന്മാർക്ക് ധൗതമൂ ലകൻ, വിദേഹന്മാർക്ക് ഹയഗ്രീവൻ, മഹൗജർക്ക് ഹരയൂ, സുന്ദ രവംശർക്ക് ബാഹു, ദീപ്താക്ഷർക്ക് പുരൂരവൻ, ചേദിമത്സ്യ ന്മാർക്ക് സഹജൻ, പ്രവീരർക്ക് വൃഷധ്വജൻ, ചന്ദ്രവത്സർക്ക് വാര ണൻ, മുകുടർക്ക് വിഗാഹനൻ, നന്ദിവേഗന്മാർക്ക് ശമൻ ഇവ രൊക്കെ കുലപാംസനന്മാരാണ്. യുഗാന്തത്തിൽ തങ്ങളുടെ കുല ത്തിൽ പെറ്റുണ്ടായ പുരുഷാധമന്മാരാണ് ഇവർ. കുരുക്കളായ ഞങ്ങളുടെ വംശത്തെ നശിപ്പിക്കുവാൻ യുഗാന്തത്തിൽ പിറന്ന കാലസംഭൂതനായേക്കാം കുലാംഗാരനും ഹീനനും പാപപുരു ഷനുമായ ദുര്യോധനൻ. അതുകൊണ്ട് ഭവാൻ മൃദുവായി, മെല്ലെ, കോപിക്കാതെ, സൗമ്യമായി, ധർമ്മാർത്ഥത്തോടു കൂടിയ ഹിതം അവനോടു പറയുക. ഹേ ഉഗ്രവിക്രമനായ കൃഷ്ണാ, ഉഗ്രം അവ നോടു പറയരുത്. ഹേ, കൃഷ്ണാ! ദുര്യോധനന്റെ കീഴിൽനിന്ന് ഈ ഞങ്ങളൊക്കെ താഴ്ന്നവരായി പിൻതുടർന്നുകൊള്ളാം. എന്നാലും ഭാരതന്മാർ നശിക്കാതിരിക്കട്ടെ!

കുരുക്കളോടു ഞങ്ങൾക്ക് ഔദാസീന്യം വരുന്നവിധം ഭവാൻ പ്രവർത്തിച്ചാലും കുരുവംശം നശിക്കാതിരിക്കട്ടെ! വൃദ്ധ നായ പിതാമഹനോടും സഭ്യരോടും ഹരേ, ഭവാൻ യഥോചിതം

digitized by www.sreyas.in

പറഞ്ഞാലും. ഭ്രാതൃസൗഭ്രാത്രം ഒക്കുമാറാകട്ടെ. സുയോധനൻ ശമിക്കട്ടെ! ഞാൻ ഇപ്രകാരം പറയുന്നു. രാജാവും എന്റെ അഭിപ്രായത്തെ പ്രശംസിക്കുന്നു. അർജ്ജുനന്നും യുദ്ധത്തിൽ ആഗ്രഹമില്ല. അർജ്ജുനന്നു ദയ വളരെ കൂടുതലാണ്."

75. ഭീമോത്തേജകകൃഷ്ണവാക്യം - കൃഷ്ണൻ ഭീമനെ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "ഭീമന്റെ ഈ വാക്കു കേട്ട്, മുമ്പൊരിക്കലും കാണാത്ത മാർദ്ദവംചേർന്ന ഈ വാക്കു കേട്ട്, കൃഷ്ണൻ മന്ദസ്മിതം തൂകി. കുന്നിന്റെ നടുവിൽ ഉറവുപോലെയും, അഗ്നിക്കു ശീതളത്വംപോലെയും, ഭീമനിൽ ഈ സ്വഭാവഭേദം കണ്ടപ്പോൾ രാമാനുജനായ ശാർങ്ഗി ഭീമസേനനെ നോക്കിനിന്നു. കാറ്റ് അഗ്നിയെയെന്നപോലെ വാക്കുകൊണ്ടു ശൗര്യം ജ്വലിപ്പിക്കുന്ന വിധം, കൃപകൊണ്ട് അലിഞ്ഞുനില്ക്കുന്ന വൃകോദരനെ നോക്കി കൃഷ്ണൻ ഇപ്രകാരം പറഞ്ഞു."

ഭഗവാൻ പറഞ്ഞു: "എടോ ഭീമാ, നീ മുമ്പെ യുദ്ധത്തിനെത്തന്നെ പുകഴ്ത്തിപ്പറഞ്ഞിരുന്നുവല്ലൊ. ക്രൂരനായ ധാർത്തരാഷ്ട്രനെ വധിക്കുവാൻ നീ വധത്തിന്നുതന്നെ ഉദ്യുക്തനായിരുന്നുവല്ലൊ. ഉറങ്ങാതെ എപ്പോഴും ഉണർന്നുതന്നെ കിടന്നിരുന്ന നീ, അടങ്ങാതെ എപ്പോഴും ഉഗ്രവാക്കു പറഞ്ഞിരുന്ന നീ, നെടുവീർപ്പിട്ട് അഗ്നിപോലെ കോപം കത്തിജ്ജ്വലിച്ചിരുന്ന നീ, മനസ്സടങ്ങാതെ തീക്കൊള്ളിപോലെ പുകഞ്ഞിരുന്ന നീ, ഭാരാർത്തനായ ദുർബ്ബലനെപ്പോലെ കിതച്ചുകൊണ്ട് കിടന്നിരുന്ന നീ, എന്തേ ഇങ്ങനെയാവാൻ! അന്നു നിന്റെ ഈ ഭാവഭേദങ്ങൾ കണ്ടിരുന്ന ജനങ്ങൾ നീ ഉന്മത്തനാണെന്നു പറഞ്ഞിരുന്നു! മരങ്ങൾ വേരോടെ പറിച്ച് ആനയെപ്പോലെ ഒടിച്ച് ഹേ, ഭീമാ! നീ ഭൂമികുലുക്കി ഓടാറില്ലേ? ഈ ജനങ്ങളെക്കണ്ടാൽ സന്തോഷിക്കുകയോ, വിജനംവിടുകയോ ചെയ്യാതെ, രാവും പകലും ആരേയും അഭിനന്ദിക്കാതെ വാണിരുന്ന നീ, പെട്ടെന്ന് അകാരണമായി ചിരിക്കുകയും, പിന്നെ അപ്രകാരംതന്നെ കരയുകയും, മുട്ടിന്മേൽ തലയുംവെച്ചു കണ്ണുചിമ്മി ഇരിക്കുകയും. പുരികംവളച്ച് പിന്നേയും പിന്നേയും ചുണ്ടുകടിക്കുകയും ചെയ്തുകൊണ്ട് സഹിക്കവയ്യാത്ത കോപത്തോടെ നീ എങ്ങനെയൊക്കെ കാണപ്പെട്ടിരുന്നു! മുൻഭാഗം അഗ്നിസദൃശമായ രശ്മി ചൊരിയുന്നവനായി സൂര്യദേവനെ കാണാം. പിന്നെ അഗ്നി അടങ്ങി ശാന്തനായവിധത്തിൽ ചുറ്റുന്നതായും കാണാം. അങ്ങനെ സത്യം ഞാൻ പറയുന്നു. ആ ദേവന്ന് അതു ചേർന്നതാണ്; അവനിൽ ഒരു തെറ്റുമില്ല. എന്നാൽ നീ എന്താണു പറഞ്ഞത്? 'അമർഷിയായ ദുര്യോധനനെ ഞാൻ ഈ ഗദകൊണ്ട് അടിച്ചുകൊല്ലും' എന്നു ഭ്രാതാക്കന്മാരുടെ മദ്ധ്യത്തിൽവെച്ചു ഗദതൊട്ടുശപഥം ചെയ്തവനാണ്. ഹേ, പരന്തപാ! അങ്ങനെയുള്ള ഭവാനും ഇപ്പോൾ ശാന്തബുദ്ധി ഉദിച്ചിരിക്കുന്നു! അമ്പോ! യുദ്ധംകൊതിക്കുന്നവർക്കു യുദ്ധം വന്നടുക്കുമ്പോൾ മനസ്സ് പിന്മടങ്ങും. ഭീമാ! ഭവാനും യുദ്ധത്തെ ഭയപ്പെടുന്നു! പല ദുർന്നിമിത്തങ്ങളും ഭവാൻ സ്വപ്നപ്രജാഗരത്തിന്റെ ഇടയ്ക്കു കണ്ടിരിക്കാം. അതുകൊണ്ട് ഭയപ്പെട്ടായിരിക്കും ഭവാൻ ശമം ഇച്ഛിക്കുന്നത്. നീ ഷണ്ഡനാണോ? ആണത്തം നശിച്ചുപോയോ? യുദ്ധഭീതനായ നീ കശ്മലപ്പെട്ടിരിക്കയാണ്. അതാണു നിന്റെ മനസ്സ് ഇങ്ങനെ മാറിയത്.' നിന്റെ ഹൃദയം പിടയ്ക്കുന്നുണ്ട്. നിന്റെ മനസ്സ് തളരുന്നുണ്ട്. നിന്റെ തുടകൾ വിറയ്ക്കുന്നുണ്ട്. അതുകൊണ്ടാണു നീ ശമം ഇച്ഛിക്കുന്നത്. മനുഷ്യന്നു ചിത്തം അനിത്യമാണ്. ഹേ പാർത്ഥാ, മർത്ത്യചിത്തം ചലാചലമാണ്. കാറ്റേറ്റു ചിന്നുന്ന ഇലവിന്റെ പഞ്ഞിക്കൂട്ടംപോലെയാണ്. ഗോക്കളുടെ മർത്ത്യഭാഷണംപോലെ ഇപ്പോൾ നിന്റെ ബുദ്ധി പകച്ചിരിക്കയാണ്. തോണിയില്ലാതെ പാണ്ഡവന്മാർ മനസ്സിനെ മുക്കുകയാണ്. എനിക്ക് ഇതു വലിയ ആശ്ചര്യമായിരിക്കുന്നു. പർവ്വതം ഭൂമിയിൽ സഞ്ചരിക്കുകയാണെങ്കിൽപ്പോലും ഞാൻ ഇത്രയ്ക്ക് അത്ഭുതപ്പെടില്ല. ഭീമസേനൻ ശമം ഇച്ഛിക്കുന്നുപോലും! ഭീമസേനന്നു ചേരാത്ത വാക്ക് അവൻ പറഞ്ഞാൽ അത്ഭുതപ്പെടാതിരിക്കുമോ? സ്വകീയമായ കർമ്മവും വലിയ കുലത്തിലെ ജന്മവും ചിന്തിച്ച് ഹേ ഭാരതാ! ഭവാൻ ഉത്ഥാനംചെയ്താലും! വ്യസനിക്കാതിരിക്കുക ഹേ വീരാ, നീ സ്ഥൈര്യത്തോടെ ഇരിക്കുക. ഇങ്ങനെ വാടിത്തളർന്ന ഭാവം നിനക്കു ചേർന്നതല്ല. ഹേ! അരിന്ദമാ, ഓജസ്സുകൊണ്ടു നേടാത്തതൊന്നും ക്ഷത്രിയൻ അനുഭവിക്കുകയില്ല."

76. ഭീമസേനവാക്യം - ഭീമൻ തന്റെ സാമർത്ഥ്യത്തെക്കുറിച്ച് കൃഷ്ണനോടു പ്രസ്താവിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം കൃഷ്ണൻ പറഞ്ഞപ്പോൾ നിത്യമന്യുവും അമർഷണനുമായ ഭീമൻ ചുണയുള്ള കുതിരയെപ്പോലെ കുതിച്ച് ഇപ്രകാരം ഉത്തരം പറഞ്ഞു."

ഭീമസേനൻ പറഞ്ഞു: "മറ്റൊരു കാര്യം ചിന്തിച്ചവനായ എന്നെ ഭവാൻ തെറ്റിദ്ധരിച്ചിരിക്കുന്നു. യുദ്ധത്തിൽ അത്യാശയോടുകൂടിയ സത്യവിക്രമനാണ് ഞാൻ എങ്കിലും, ഹേ ദാശാർഹാ! വളരെനാൾ നാം ഒന്നിച്ചു പാർത്ത് എന്നെ അറിഞ്ഞവനാണല്ലോ ഭവാൻ. കയം ചാടുന്നവനെപ്പോലെ ഭവാൻ എന്നെ അറിയായ്കയാണോ? അതുകൊണ്ടാണ് ചേരാത്ത വാക്കു പറഞ്ഞു ഭവാൻ എന്നെ കുത്തുന്നത്. ഭീമനെ അറിവുള്ള ഒരാൾ, ഭവാനെപ്പോലെ ശരിക്കും എന്നെ അറിയുന്ന ഒരാൾ, എങ്ങനെ ഭവാൻ പറയുന്നതുപോലെ വിപരീതം പറയും? അതുകൊണ്ടു ഞാൻ ഇപ്പോൾ ഈ വാക്കു പറയുന്നു. എന്റെ ഊക്കും പൗരുഷവും പരന്മാരുമായി കിടയറ്റതാണ്. എല്ലാംകൊണ്ടും അയോഗ്യമാണല്ലോ ആത്മപ്രശംസ. അതിവാദാക്ഷേപം ഏറ്റവനായ ഞാൻ എന്റെ ബലത്തെ പറയുകയാണെന്നു വിചാരിച്ചോളൂ; ഈ ലോകർ നില്ക്കുന്ന ആകാശവും ഭൂമിയും ഭവാൻ കാണുക. ഇളകാതെ അടിയറ്റ അന്തമറ്റ വിശ്വത്തിന്ന് അമ്മമാരാണിവർ. പാറപോലിവരെന്നോടു ചൊടിക്കുന്നതായാലും ചരാചരം തിങ്ങുന്ന ഈ ഇള രണ്ടും ഞാൻ കൈകൊണ്ടു താങ്ങും. എന്റെ പരിഘപ്രായമായ കൈകളുടെ ഇട ഭവാനൊന്നു നോക്കൂ! ഇതിൽപ്പെട്ടുപോയാൽ വിട്ടുപോകുന്ന പുരുഷനെ ഞാൻ കാണുന്നില്ല. ഹിമവാനും വൻസമുദ്രവും വലവൈരിയും ഈ മൂന്നുപേരും ഒന്നിച്ചുവന്നാലും ഞാൻ എതിർത്തവനെ രക്ഷിക്കുവാൻ സാധിക്കയില്ല. പോരിന്നു പാണ്ഡവരോട് ഏല്ക്കുന്നവരെയൊക്കെയും ഞാൻ അടിച്ചുവീഴ്ത്തി കാലടിയുടെ ചുവട്ടിലാക്കി കയറിനില്ക്കും. അച്യുതാ! അങ്ങയ്ക്ക് അറിവില്ലാത്തതല്ലല്ലോ എന്റെ വിക്രമം. ഞാൻ പോരിൽ ജയിച്ച് മന്നവരെയൊക്കെ പാട്ടിലാക്കിയതും ഭവാൻ കണ്ടതല്ലേ? ഉദിച്ചുവരുന്ന അർക്കന്റെ ആഭപോലെ എന്നെ ഇപ്പോൾ അറിയുന്നില്ലെങ്കിൽ ബഹുളമായ പോരിന്നിടയ്ക്ക് എന്നെ ജനാർദ്ദനാ, ഭവാൻ അറിയുമാറാകും. പൂതിവ്രണം കുത്തുന്നപോലെ എന്തിനാണ് ഈ പരുഷഭർത്സനം? അറിയുമ്പോലെ പറഞ്ഞ് എന്നെ അറിയുക. അങ്ങ് ഇതിലേറെ എന്നെ കാണും, ബഹുളപ്പോരിൽ ഞാൻ കൊന്നുകൂട്ടുന്ന നാളുകളിൽ ഞാൻ ഒടുക്കുന്ന ഗജതുരഗരഥസാദിസംഘങ്ങളേയും, മർത്ത്യരേയും, കോപത്തോടെ ക്ഷത്രിയമുഖ്യരേയും വധിക്കുമ്പോൾ പരന്മാരെ കർഷിക്കുന്നവനായ എന്നെ ഭവാനും ജനങ്ങളും കാണും! എന്റെ മജ്ജ തളരുന്നില്ല. എന്റെ മനസ്സു വിറയ്ക്കുന്നുമില്ല. ലോകമൊക്കെ ചൊടിച്ച് എതിർത്താലും എനിക്കു ഭയമില്ല.

എന്നാൽ ഈ പറഞ്ഞതു സൗഹൃദംകൊണ്ടു മാത്രമാണ്. കൃപകൊണ്ടു മാത്രമാണ്. ഭാരതന്മാർ നശിക്കരുതെന്നു വിചാരിച്ച് ക്ലേശമൊക്കെ ക്ഷമിക്കുകയാണു ഞാൻ. ഭാരതന്മാർ നശിക്കരുത്."

77. കൃഷ്ണവാക്യം - കൃഷ്ണൻ ഭീമസേനനെ ആശ്വസിപ്പിക്കുന്നു - ഭഗവാൻ പറഞ്ഞു: "ഹേ ഭീമാ, നിന്റെ ഭാവം മനസ്സിലാക്കുവാൻവേണ്ടി ഞാൻ നിന്നോടുള്ള ഇഷ്ടംകൊണ്ട് ഇപ്രകാരം പറഞ്ഞതാണ്. നിന്റെ മാഹാത്മ്യവും ശക്തിയും ഞാൻ അറിയുന്നുണ്ട്. നിന്റെ കർമ്മങ്ങളും അറിയുന്നുണ്ട്. ഞാൻ നിന്നെ നിന്ദിക്കുകയില്ല. എത്രത്തോളം ഗുണം നിന്നിലുണ്ടെന്നു വിചാരിക്കുന്നുവോ, അതിന്റെ ആയിരം ഇരട്ടി ഗുണം നിന്നിൽ ഞാൻ കാണുന്നുണ്ട്. എല്ലാ രാജാക്കന്മാരും

digitized by www.sreyas.in

ബന്ധുക്കളും സുഹൃത്തുക്കളും നിന്നെ വാഴ്ത്തുന്നവിധംതന്നെ നീ ജനിച്ച വംശത്തിനൊത്തവൻതന്നെയാണു നീ.

സന്ദിഗ്ദ്ധമായ ധർമ്മത്തെ അറിയുവാൻ ഞാൻ മോഹിക്കുകയാണ്. ഭീമാ, പൗരുഷംകൊണ്ടോ, ദൈവംകൊണ്ടോ കാര്യസാദ്ധ്യതയെന്നു നിശ്ചയിക്കുവാൻ ജനങ്ങൾക്കു കഴിയുന്നില്ല. മനുഷ്യൻ അർത്ഥസിദ്ധിക്കുവേണ്ടി ഒരു കാര്യത്തിൽ ശ്രമിച്ചു പ്രവർത്തിച്ചാൽ ആ പ്രവൃത്തിതന്നെ അർത്ഥനാശത്തിന്നും ഹേതുവായി ഭവിക്കുന്നു. അതുകൊണ്ട് പൗരുഷക്രിയ സംശയാസ്പദമാകുന്നു. ദോഷജ്ഞന്മാരായ പണ്ഡിതന്മാർ കാണുന്ന കാര്യം കാറ്റിന്റെ ഗതിവേഗംപോലെ ക്ഷണത്തിൽ വേറെ വഴിക്കായി പരിണമിക്കുന്നു! നല്ലപോലെ ചിന്തിച്ചു കൂടിയാലോചന നടത്തി നീതിക്കും ന്യായത്തിനും നിരക്കുന്നതാണെന്നറിഞ്ഞ് ആവിധം പ്രവർത്തിച്ചാൽ ദൈവം ആ കർമ്മത്തെ നിഷ്ഫലമാക്കിത്തീർക്കുന്നതായും കാണുന്നു. പൗരുഷം ദൈവകർമ്മത്തെ നടത്താതെ കെടുക്കുകയും ചെയ്യും. എങ്ങനെയെന്നാൽ ശീതം, ഉഷ്ണം, വർഷം, പൈദാഹങ്ങൾ ഇവയെ മനുഷ്യൻ പൗരുഷം കൊണ്ടാണു ജയിക്കുന്നത്. പ്രാരബ്ധകർമ്മംവിട്ട് പൗരുഷമായ കർമ്മം കൊണ്ടു കാര്യങ്ങൾ സാധിക്കാം. അതിന്നു ശാസ്ത്രവുമുണ്ട്.

കർമ്മംകൂടാതെ ലോകത്തിന്നു ജീവിക്കുവാൻ വിഷമമാണ്. അതുകൊണ്ട് മനുഷ്യൻ പ്രവർത്തിക്കുന്നു. രണ്ടായാലും ഫലം കിട്ടാതിരിക്കയില്ല. ഇപ്രകാരം ബുദ്ധിയുറപ്പിച്ച് കർമ്മത്തിൽ മുതിരുന്ന ആൾ ഫലം സിദ്ധിച്ചില്ലെങ്കിൽ അതുകൊണ്ട് ദുഃഖിക്കുകയില്ല. ഫലം സിദ്ധിച്ചാൽ ഹർഷിക്കുകയുമില്ല. എനിക്കിതിൽ ഉറപ്പു പറയുവാനുണ്ട്. ഫലം തീർത്തുപറയുവാൻ സാധിക്കുകയില്ല. ശത്രുക്കളുമായുള്ള യുദ്ധത്തിൽ പ്രാരബ്ധകർമ്മം തീരുമ്പോൾ, പ്രഭ താനേ കുറഞ്ഞുപോകും. അപ്പോൾ വിഷാദിക്കുകയും വാട്ടമേല്ക്കുകയും ചെയ്യും. അതു മനസ്സിലാക്കിയാണ് ഞാൻ നിന്നോടു പറഞ്ഞത്.

ഞാൻ നാളെ ധൃതരാഷ്ട്രന്റെ അരികിൽ പോയി നിങ്ങളുടെ അർത്ഥം നാശംകൂടാതെ നല്കുന്നതിന്നും ശമം സ്വീകരിക്കുന്നതിന്നും ശ്രമിക്കാം. അവർ ശമിച്ചാൽ എനിക്കു വലിയ യശസ്സുമായല്ലോ. നിങ്ങൾക്ക് ഇഷ്ടം സാധിക്കുകയും അവർക്കു വലിയ നന്മയാവുകയും ചെയ്യും. എന്നാൽ, അതിൽ കുരുക്കൾ മനസ്സു വെക്കാതെ, എന്റെ വാക്കു സ്വീകരിക്കാതെ വന്നാലോ?' പിന്നെ ഘോരമായ യുദ്ധം എന്ന കർമ്മംതന്നെ നടക്കും. എടോ ഭീമസേനാ, ഈ യുദ്ധത്തിൽ ഭാരമെല്ലാം ഭവാനുതന്നെയാണ്. അർജ്ജുനൻ ഭാരം വഹിക്കുന്നു. ഭരിക്കേണ്ടവർ മറ്റവരാണ്. യുദ്ധം നടക്കുകയാണെങ്കിൽ ഞാൻ അർജ്ജുനന്റെ സൂതനാകും. പാർത്ഥന്ന് അതാണാഗ്രഹം. എനിക്കാണെങ്കിൽ യുദ്ധത്തിൽ താൽപര്യമില്ലായ്കയുമില്ല. ഈ നിലയ്ക്കു ഞാൻ നിന്റെ മനഃസ്ഥിതിയിൽ ശങ്കിച്ചു. നിന്റെ പൗരുഷംകെട്ട വാക്കു കേട്ടപ്പോൾ ഞാൻ നിന്നെയൊന്ന് ഇളക്കിനോക്കുകയാണുണ്ടായത്."

78. അർജ്ജുനവാക്യം – അർജ്ജുനൻ തന്റെ അഭിപ്രായം കൃഷ്ണനോടു പറയുന്നു – അർജ്ജുനൻ പറഞ്ഞു: "ഹേ ജനാർദ്ദനാ, യുധിഷ്ഠിരൻ പറയേണ്ടിടത്തോളമൊക്കെപ്പറഞ്ഞു. ഭവാന്റെ വാക്കു കേട്ട് എനിക്ക് ഒരു കാര്യം പറയുവാൻ തോന്നുന്നുണ്ട്. ഭവാൻ ശമം സുകരമായ കാര്യമാണെന്നു വിചാരിക്കുന്നില്ല. ദുര്യോധനന്റെ ലോഭംനിമിത്തമായോ, അവന്റെ ദൈന്യം കണ്ടുകൊണ്ടോ ആയിരിക്കാം ഭവാൻ അങ്ങനെ പറഞ്ഞത്. പുരുഷന്റെ പ്രയത്നം നിഷ്ഫലമാണെന്നും ഭവാൻ വിചാരിക്കുന്നതായി എനിക്കു തോന്നുന്നു. പ്രവൃത്തികൂടാതെ പൗരുഷത്താൽ ഫലോദയമുണ്ടാവുകയില്ല. ഭവാൻ ഈ പറഞ്ഞതു ശരിയാണ് എന്നുതന്നെയല്ല. 'ഇത് അസാദ്ധ്യംതന്നെയാണ്' എന്നു വിചാരിച്ച് ഒരു കാര്യവും ഉപേക്ഷിക്കരുത്. എന്നുതന്നെയല്ല, ഭവാൻ ഈ കടുംക്രിയ ഞങ്ങൾക്ക് ഉടവാണെന്നും ഫലം കിട്ടാത്തവർക്കു കർമ്മനാശം വരുത്തുമെന്നും പറയുന്നു. നന്നായി നടത്തുന്ന കർമ്മത്തിന്നു ഫലം സിദ്ധിക്കാതെവരില്ല. പരന്മാരുമായി ചേർന്നു സുഖം നേടുന്നവിധം ഭവാൻ കാര്യം നടത്തിയാലും. പാണ്ഡവന്മാർക്കും കുരുക്കൾക്കും ഭവാൻ സുഹൃത്താണല്ലോ. പ്രത്യേകിച്ചും ഭവാൻ ഞങ്ങൾക്ക് ഒന്നാമനായ സുഹൃത്താണ്. ദേവാസുരന്മാർക്കു പ്രജാപതി എപ്രകാരമാണോ അപ്രകാരമാണ് ഭവാൻ പാണ്ഡവകൗരവന്മാർക്ക്. ഭവാൻ ഈ രണ്ടുകൂട്ടർക്കും അനാമയം നല്കിയാലും. ഭവാന് അസാദ്ധ്യമല്ല അത്. അങ്ങ് ഞങ്ങൾക്കു ഹിതം ചെയ്താലും. ഇപ്രകാരമായാൽ ഭവാന്റെ കർമ്മം കാര്യമായിത്തീരും. അത് ഈ യാത്രകൊണ്ടു സാധിക്കുകയും ചെയ്യും. ആ ദുരാത്മാവിൽ ഭവാനു വേറെ ആഗ്രഹമുണ്ട്. അതൊക്കെ ഭവാൻ വിചാരിക്കുന്നപോലെതന്നെ സംഭവിക്കും. അവരുമായി ശമം ഞങ്ങൾക്കൊക്കുന്നതാണോ! അതിന്നു ഭവാൻ ആഗ്രഹിക്കുന്നുണ്ടോ? ഭവാന്റെ ഇച്ഛയല്ലാതെ ഇക്കാര്യത്തിൽ ഞങ്ങൾക്കു വേറെ ഒരു ഗുരുവുമില്ല ഉപദേശിക്കുവാൻ. പുത്രന്മാരോടും ബന്ധുക്കളോടുംകൂടിയവനായ ആ ദുഷ്ടൻ വധത്തിന്ന് അനർഹനുമല്ല. ധർമ്മപുത്രനിൽ മഹത്തായ ഐശ്വര്യം കണ്ടു സഹിക്കാൻ സാധിക്കാത്തവനാണ് അവൻ. ധർമ്മിഷ്ഠമായ മാർഗ്ഗമൊന്നും കാണാതെ നൃശംസമായ മാർഗ്ഗത്തെ സ്വീകരിച്ചാണ്, കള്ളച്ചൂതുകളിച്ചാണ്, ഐശ്വര്യം തട്ടിയെടുത്തത്. ക്ഷത്രിയന്മാരിൽ ധനുർദ്ധരനായ മഹാരഥൻ വിളിച്ചാൽ എങ്ങനെ പിൻതിരിക്കും? പ്രാണൻ പോവുകയാണെങ്കിലും വീരന്മാർ മത്സരത്തിന്നു വിളിച്ചാൽ പിന്മാറുകയില്ല. അധർമ്മമായ ഈ മാർഗ്ഗത്താൽ ഞങ്ങളെ ജയിച്ചു കാടുകേറി എന്നുള്ളതുകൊണ്ട് എനിക്കുതന്നെ സുയോധനൻ വദ്ധ്യനായിരിക്കുന്നു. ഹേ കൃഷ്ണാ! മിത്രങ്ങൾക്കുവേണ്ടി ഭവാൻ ഈ ചെയ്യുന്ന കാര്യത്തിൽ യാതൊരത്ഭുതവുമില്ല. മൃദുവായോ, അഥവാ കഠിനമായോ എങ്ങനെയായാലും വേണ്ടില്ല ഈ ക്രിയ ഫലിക്കണം. അതല്ല, അവരെ കൊല്ലുകയാണു വേണ്ടതെന്നുണ്ടെങ്കിൽ അതും ചെയ്യാം. ഭവാന്റെ ഇഷ്ടംപോലെ അതു ക്ഷണത്തിൽ ചെയ്താലും. അതിൽ ആലോചിക്കാനൊന്നുമില്ല. ദ്രൗപദിയെ സഭയിൽ ദുഷ്ടനായ ഇവൻ പരിക്ലേശിപ്പിച്ചത് അതും ഇപ്പോൾ പൊറുക്കുകയാണ്. അവൻ പാണ്ഡവരുമായി ഇണങ്ങിച്ചേരുമെന്നുള്ള വിചാരമേ എനിക്കില്ല. മരുഭൂമിയിലുണ്ടോ വിത്തുവിതച്ചാൽ പിടിക്കുന്നു? ഭവാൻ കണ്ടവിധം യുക്തമായതു ചെയ്തുകൊള്ളുക. അതു പാണ്ഡവന്മാർക്കു തൃപ്തിയാണ്. ഹേ വാർഷ്ണേയാ, മേലിൽ ഞങ്ങൾക്കു വേണ്ടതെന്തെന്നു ഭവാനറിയാമല്ലോ!"

79. ശ്രീകൃഷ്ണന്റെ മറുപടി – ഭഗവാൻ പറഞ്ഞു: "ഹേ, അർജ്ജുനാ, നീ പറയുന്നതുപോലെ ചെയ്യാം. പാണ്ഡവന്മാർക്കും കൗരവന്മാർക്കും അനാമയത്തിന്നായി ഞാൻ ശ്രമിക്കാം. ഹേ, ബീഭത്സോ, രണ്ടു കർമ്മങ്ങളിലും ഞാൻ മനസ്സു വയ്ക്കാം. വളമുള്ളതാണു കൃഷിനിലമെന്നു വയ്ക്കുക. നല്ലപോലെ കണ്ടം ഉഴുതു ശരിപ്പെടുത്തിയാണ് കൃഷി ചെയ്തതെന്നും വിചാരിക്കുക. എന്നാൽ മഴ കിട്ടാഞ്ഞാൽ കൃഷി നേരെയാവുമോ? എങ്ങനെ വിളവുണ്ടാകും? ഈ സന്ദർഭത്തിൽ നാം എന്തുചെയ്യണം? നല്ലപോലെ നനയ്ക്കണം. അതാണു പൗരുഷമെന്നു പറയുന്നത്. ഈ കാര്യത്തിൽ ഉണക്ക് എന്നത് ദൈവകല്പിതവും, നനയ്ക്കൽ എന്നതു പൗരുഷവുമാണ്. പണ്ടുള്ള മഹാത്മാക്കൾ എന്താണു പറഞ്ഞതെന്നറിയുമോ? എല്ലാക്കാര്യങ്ങളും ദൈവപൗരുഷങ്ങൾ ചേർന്നാണു നില്ക്കുന്നതെന്നാണ്. അതുകൊണ്ട് എന്നാൽ കഴിയുന്നവിധം പൗരുഷം ഞാൻ ഇക്കാര്യത്തിൽ ചെയ്യാം. ദൈവമെന്ന കർമ്മം എന്നാൽ കഴികയില്ല ചെയ്യുവാൻ. എന്തുകൊണ്ടെന്നാൽ ധർമ്മത്തേയും ലോകത്തേയും തെറ്റി നടന്നവനാണ് ആ ദുരാശയനായ ദുര്യോധനൻ. അത്തരം കർമ്മത്താൽ അവൻ സന്തപിക്കുന്നുമില്ല. എന്നിട്ടും ദുഷ്ടതകൾ അവന് ഉപദേശിച്ചുകൊടുക്കുവാൻ മന്ത്രിമാർ വേണ്ടുവോളമുണ്ട്. സൂതപുത്രനായ കർണ്ണൻ, ശകുനി, തമ്പിയായ ദുശ്ശാസനൻ ഇവരാണ് ആ ദുർബുദ്ധിക്കുള്ള ഉപദേഷ്ടാക്കൾ. അവൻ രാജ്യം വിട്ടുകൊടുത്ത് ശമം കൈക്കൊള്ളുമെന്നു വിചാരിക്കേണ്ടാ. കൂട്ടത്തോടുകൂടി വധം ഏറ്റാലും ദുര്യോധനൻ

digitized by www.sreyas.in

രാജ്യം വിട്ടുകൊടുത്തുവെന്നുവരില്ല. കീഴടങ്ങിക്കളയാമെന്നു ധർമ്മജനും വിചാരിക്കുന്നില്ല. യാചിച്ചാലും ദുർമ്മതിയായ അവൻ രാജ്യം കൊടുക്കുകയില്ല. ധർമ്മജന്റെ വാക്ക് അവനോടു പറയേണ്ടതായിട്ടില്ല. ഉള്ള കാര്യമൊക്കെ ധർമ്മരാജാവ് ഭവാനോടു പറഞ്ഞുവല്ലോ! അപ്രകാരമൊന്നും ആ മഹാപാപി ചെയ്യുമെന്നു തോന്നുന്നില്ല, ചെയ്തില്ലെങ്കിൽ അവൻ ലോകവദ്ധ്യനായിത്തീരും. എനിക്കും അവൻ വദ്ധ്യനാകും. ലോകർക്കും അവൻ വദ്ധ്യനാകും. ബാല്യത്തിൽത്തന്നെ നിങ്ങളെയൊക്കെ ദ്രോഹിച്ചവനാണ് അവൻ. പിന്നെ നിങ്ങളുടെ നാടും അവൻ അപഹരിച്ചു. നൃശംസനും ദുഷ്മാനസനുമാണ് അവൻ. യുധിഷ്ഠിരന്റെ ഐശ്വര്യം കണ്ട് അടങ്ങാത്ത ദുർമ്മതിയാണവൻ. നിനക്കു വേണ്ടി പല വിധത്തിലും ഞാൻ അവനുമായി തെറ്റിനില്ക്കുന്നു. അവന്റെ പാപമായ ആഗ്രഹം ഞാൻ ഇനി സമ്മതിക്കുവാൻപോകുന്നില്ല. അവന്റെ ദുരാശയം എന്താണെന്നു നീയും എന്നെപ്പോലെതന്നെ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ധർമ്മപുത്രന്നു പ്രിയംചെയ്യുവാൻ തയ്യാറായിനില്ക്കുന്ന എന്നെ, ദുര്യോധനന്റെ ഹിതമെന്തെന്ന് അറിയുന്ന എന്നെ, എന്റെ ഉദ്ദേശമെന്തെന്നു മനസ്സിലാക്കിയതിന്നുശേഷവും ഒന്നും അറിയാത്തമട്ടിൽ ശങ്കിക്കുന്നതെന്താണ്? പരമവും ദിവ്യവുമായ ഒന്നിനെ അനുവർത്തിക്കുന്നവനാണല്ലോ ഭവാൻ. ലോകാചാരപ്രകാരം ഹേ പാർത്ഥാ, ശത്രുക്കളുമായി ശർമ്മം സാധിക്കുമോ? വാക്കാലും പ്രവൃത്തിയാലും ചെയ്യാവുന്നതൊക്കെ ഞാൻ ചെയ്യാം. ശത്രുക്കളുമായി ശമം ഞാൻ ഇച്ഛിക്കുകയില്ല. ഗോഗ്രഹണത്തിങ്കൽ അവൻ പരാജിതനായ കാലത്ത് ശമത്തിനു ശ്രമിച്ചു. അന്ന് അവൻ അതിന്നു വഴങ്ങിയില്ല. ഒരു സംവത്സരം കഴിഞ്ഞ അന്നു ഭീഷ്മൻ ശമത്തിനു യാചിച്ചു. എന്നിട്ടും കാര്യം നടന്നില്ല. നീ വിചാരിച്ചുവച്ച ആ മഹാന്മാർ അവനോടു തോറ്റുപോയില്ലേ? അല്പാല്പമായിട്ടുപോലും ക്ഷണനേരമെങ്കിലും സുയോധനൻ സന്തോഷിക്കുകയുണ്ടായില്ല. അതുകൊണ്ട് എല്ലാവിധത്തിലും ധർമ്മപുത്രന്റെ കല്പന എനിക്കു നിർവ്വഹിക്കുകതന്നെ വേണം. ആ ദുഷ്ടന്റെ പാപകർമ്മത്തെപ്പറ്റി വീണ്ടും ആലോചിക്കുകയും ചെയ്യണം.''

80. നകുലന്റെ അഭിപ്രായം – നകുലൻ പറഞ്ഞു: ''വദാന്യനും ധർമ്മതത്ത്വജ്ഞനുമായ ധർമ്മരാജാവ് പറഞ്ഞതൊക്കെ ഭവാൻ ഗ്രഹിച്ചുവല്ലോ. ഭീമനും രാജാവിന്റെ അഭിപ്രായം അറിഞ്ഞിട്ടാണ് ശമവും തന്റെ കൈയൂക്കും ഭവാനോടു വെളിവാക്കിയത്. അപ്രകാരംതന്നെ അർജ്ജുനൻ പറഞ്ഞവാക്കും ഭവാൻ കേട്ടുവല്ലോ. എല്ലാം മനസ്സിലാക്കി ഭവാൻ കാലോചിതമായതു ചെയ്താലും. അതാതു കാര്യങ്ങളിൽ മതഭേദം കാണുമ്പോൾ അവനവന്റെ യുക്തംപോലെ കാലോചിതമായി ചെയ്യേണ്ടതായി വരും. ഒരു വിധത്തിൽ കണ്ടതായ കാര്യം മറ്റുമാതിരി സംഭവിക്കാം. മനുഷ്യന്റെ മനസ്സ് ഒന്നിലും സ്ഥിരമായി നില്ക്കുകയില്ല. ഞങ്ങൾ കാട്ടിലിരിക്കുമ്പോൾ ഒരുതരം മനോവിചാരം ഉണ്ടായിരുന്നു. കാണാത്തപ്പോൾ മറ്റുപ്രകാരത്തിൽ; കണ്ടപ്പോൾ വേറെ വിധത്തിൽ; ഇങ്ങനെയാണ് ഞങ്ങളുടേയും സ്ഥിതി. ഞങ്ങൾക്ക്, കാട്ടിലായിരുന്നപ്പോൾ രാജ്യത്തിൽ തോന്നിയിരുന്ന ആഗ്രഹം ഇപ്പോൾ തോന്നുന്നില്ല. വനവാസം തീർന്നതറിഞ്ഞ് സുഹൃത്തുക്കൾ ഏഴ് അക്ഷൗഹിണിസൈന്യത്തേയും സജ്ജമാക്കി കൊണ്ടുവന്നു ഞങ്ങളോട് ഇണങ്ങിനില്ക്കുന്നു. ഈ സൈന്യങ്ങളൊക്കെ ഇവിടെ എത്തുവാൻ കാരണം ഭവാന്റെ പ്രസാദംതന്നെയാണ്. അചിന്ത്യ ബലവീര്യന്മാരും യുദ്ധത്തിനു സന്നദ്ധമായി ആയുധമെടുത്തവരുമായി ഇവർ നില്ക്കുന്നതു കാണുമ്പോൾ ഏതു പുരുഷനാണു നടുങ്ങിപ്പോകാത്തത്? ഭവാൻ കുരുമദ്ധ്യത്തിൽ നിർഭയമായി സാന്ത്വനത്തിന്നു ശ്രമിക്കുക; മന്ദനായ ദുര്യോധനൻ പേടിക്കാത്തവിധം പറയണം, യുധിഷ്ഠിരനും, ഭീമനും, അർജ്ജുനനും, സഹദേവനും, ഞാനും ഭവാനും, രാമൻ, യുയുധാനൻ, മഹാവീര്യനായ വിരാടൻ, അദ്ദേഹത്തിന്റെ പുത്രന്മാർ, അമാത്യന്മാരോടുകൂടിയ ദ്രുപദൻ, ധൃഷ്ടദ്യുമ്നൻ, വീര്യവാനായ കാശിരാജാവ്, ചേദിരാജാവ്, ധൃഷ്ടകേതു ഇവരുമായി മാംസരക്താംഗനായ ഏതൊരുത്തൻ എതിർക്കുവാൻ ധൈര്യപ്പെടും? ഭവാന്റെ യാത്ര എല്ലാം സാധിപ്പിക്കും. അതിൽ സംശയില്ല. ധർമ്മരാജാവിന്റെ ഇഷ്ടകാര്യം ഈ യാത്രകൊണ്ട് ശുഭമായി ഭവിക്കും. വിദുരൻ, ഭീഷ്മൻ, ദ്രോണൻ, ബാൽഹീകരാജാവ് എന്നിവർ ഭവാൻ പറഞ്ഞാൽ കാര്യം ഭംഗിയാക്കും. അവർക്കു ഭവാന്റെ ശ്രേയസ്സ് അറിയാം; ഭവാൻ പറഞ്ഞാൽ അത് അവർ തട്ടുകയില്ല. അവർ എല്ലാവരുംകൂടി ധൃതരാഷ്ട്രരാജാവിനെ സമ്മതിപ്പിക്കും. പാപാചാരനും മന്ത്രിമാരോടുകൂടിയവനുമായ ദുര്യോധനനേയും സമ്മതിപ്പിക്കും. കാര്യം കേൾക്കുവാൻ വിദുരനുണ്ടല്ലോ. അങ്ങ് പറയുവാനും ഉണ്ടല്ലോ. ഏതു കാര്യം തെറ്റിയാലും എല്ലാം വഴിക്ക് ആക്കാതെയിരിക്കയില്ലല്ലോ?''

81. സഹദേവസാത്യകീവാക്യം – സഹദേവൻ പറഞ്ഞു: ''രാജാവു പറഞ്ഞത് ഒട്ടേറെ സനാതനമായ ധർമ്മമാണ്. അല്ലയോ അരിന്ദമാ, യുദ്ധംതന്നെ നടത്തുവാൻതക്കവണ്ണം ഭവാൻ കാര്യങ്ങളിൽ പ്രവേശിച്ചാലും. കുരുക്കൾ പാണ്ഡവരുമായി ശമം ഇച്ഛിച്ചുവെന്നും വരാം; എന്നാലും അവരുമായി യുദ്ധത്തിനുള്ള വഴിയാണ് ഉണ്ടാക്കേണ്ടത്. സഭയിൽവച്ച് അത്ര ശോചനീയമായ തരത്തിലല്ലേ കൃഷ്ണയെ ഞങ്ങൾ കണ്ടത്. അത്ര വലിയ അക്രമം പ്രവർത്തിച്ച ദുര്യോധനനെ കൊല്ലാതെ വിടുകയോ? കൊല്ലാതെ എന്റെ കോപം ശമിക്കുകയില്ല. ഹേ കൃഷ്ണാ, ഭീമാർജ്ജുനയുധിഷ്ഠിരന്മാർ ധാർമ്മികരാണെങ്കിലും ധർമ്മംവിട്ട് ദുര്യോധനനുമായി പൊരുതാനാണ് ഞാൻ വിചാരിക്കുന്നത്.''

സാത്യകി പറഞ്ഞു: ''മഹാബാഹോ, മഹാമതിയായ സഹദേവൻ ഉള്ളകാര്യമാണു പറഞ്ഞത്. ദുര്യോധനവധംകൊണ്ടേ എന്റെ കോപത്തിനു ശമം സിദ്ധിക്കുകയുള്ളു. കാട്ടിൽ മരവുരിയും തോലും ഉടുത്തു ദുഃഖിച്ചിരുന്ന പാണ്ഡവന്മാരെ കണ്ടപ്പോൾ അങ്ങു ദുഃഖിച്ചത് ഓർക്കുന്നില്ലേ? എന്നാൽ ശൂരനായ സഹദേവൻ പറഞ്ഞത് എല്ലാ യോദ്ധാക്കൾക്കും സമ്മതമായ കാര്യമാണ്.''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം മനസ്വിയായ യുയുധാനൻ പറഞ്ഞപ്പോൾ യോദ്ധാക്കളുടെ ഇടയിൽനിന്ന് ആർപ്പുവിളിയും സിംഹനാദവും മുഴങ്ങി. അവിടെ സന്നിഹിതരായ എല്ലാ വീരന്മാരും ആ വാക്കിനെ പ്രശംസിച്ചു! വാഴ്ത്തിപ്പറഞ്ഞു! രണോദ്ധതനായ സാത്യകി 'ഭേഷ്! ഭേഷ്!' എന്നു യോധന്മാരുടെ ആഹ്ലാദപ്രകടനങ്ങൾക്കു മറുപടി നല്കി.''

82. ദ്രൗപദീകൃഷ്ണസംവാദം – കൃഷ്ണന്റെ മുമ്പിൽ ദ്രൗപദിയുടെ സങ്കടനിവേദനം – വൈശമ്പായനൻ പറഞ്ഞു: ''ധർമ്മാർത്ഥസഹിതമായി രാജാവ് പറഞ്ഞതിനെ ശ്രദ്ധാപൂർവ്വം കേട്ടിരിക്കുന്ന കൃഷ്ണന്റെ സമീപത്ത് കൃഷ്ണ സങ്കടത്തോടെ ചെന്നു. ദ്രുപദരാജാവിന്റെ പുത്രിയായ ആ കരിവാർമുകിൽവേണി സഹദേവനേയും സാത്യകിയേയും പൂജിച്ച്, ഭീമസേനൻ ശമംപൂണ്ടതു കണ്ട് ബുദ്ധിക്ഷയത്തോടെ കണ്ണുനീർ വാർത്ത് ഇപ്രകാരം കൃഷ്ണനോടു പറഞ്ഞു.''

ദ്രൗപദി പറഞ്ഞു: ''മഹാബാഹോ, ധർമ്മജ്ഞാ, മധുസൂദനാ, മന്ത്രിമാരോടുകൂടിയ ദുര്യോധനൻ ചതിച്ചു പാണ്ഡവന്മാരെ രാജ്യത്തു നിന്ന് ഓടിച്ചു ദുഃഖിപ്പിച്ചതൊക്കെ ഭവാൻ അറിഞ്ഞിരിക്കുന്നു. സഞ്ജയൻ വന്നു ഗൂഢമായി രാജാവിനെക്കണ്ടു മന്ത്രിച്ചതും, ധർമ്മപുത്രൻ പറഞ്ഞ വാക്കുകളും ഭവാൻ അറിഞ്ഞിരിക്കുന്നു. സഞ്ജയനോടു പറഞ്ഞയച്ച വാക്കുകളും ഭവാൻ കേട്ടിരിക്കുന്നു: 'കൃഷ്ണാ! ഞങ്ങൾക്ക് അഞ്ചു ഗ്രാമം, അതായത്, വൃകസ്ഥലാവിസ്ഥലങ്ങൾ, മാകന്ദീ, വാരണാവതം, ഒടുവിൽ അഞ്ചാമത്തേതായി ഏതെങ്കിലും ഒന്നും എന്നു പറയൂ ദുര്യോധനനോട് എന്നു പറഞ്ഞയച്ചു. ഇത്ര കിഴിഞ്ഞു പറഞ്ഞിട്ടും ആ വാക്ക് ദുര്യോധനൻ കേട്ടില്ല. സന്ധിക്കു ശ്രമിക്കുന്ന ശ്രീമാനായ ധർമ്മപുത്രന്നു രാജ്യം കൊടുക്കാതെതന്നെ സന്ധിക്കു തയ്യാറാവുകയാണെന്നുവന്നാൽ അത് ഒരിക്കലും നടത്തിക്കരുതേ കേശവാ! മഹാബാഹോ, ഈ പാണ്ഡവന്മാരും സൃഞ്ജയന്മാരും മതിചൊടിച്ചു വരുന്ന ദുര്യോധനന്റെ സൈന്യത്തെയൊക്കെ തകർത്തുവിടുവാൻ അവരിൽ സാമദാനങ്ങൾ സ്വീക

digitized by www.sreyas.in

രിച്ചതും ചേരാത്തതാണ്. എന്നാൽ, അവരിൽ ലേശവും കാരുണ്യം ഭവാൻ കാണിക്കരുതേ! സാമദാനങ്ങളിൽ ശമിക്കാത്ത അരിവീരന്മാരിൽ ജീവനിൽ ശ്രദ്ധയുള്ളവൻ ദണ്ഡം എന്ന ഉപായം തന്നെ പ്രയോഗിക്കണം. അച്യുതാ, ഭവാൻ ഘോരമായ ദണ്ഡം അവരിൽ ഏല്പിക്കണം. പാണ്ഡുപുത്രന്മാരും, സൃഞ്ജയവീരന്മാരും, ഭവാനുംകൂടി അവരുടെനേരെ ഘോരമായ ദണ്ഡം തന്നെ പ്രയോഗിക്കണം. ഇതു പാർത്ഥന്മാർക്ക് അനുഗുണവും ഭവാനു കീർത്തി വർദ്ധകവുമാണ്. അങ്ങനെ ചെയ്താൽ അതു ക്ഷത്രത്തിന്നു മേന്മയുമാണ്. സുഖാവഹവുമാണ്. ലോഭം കാണിച്ചാൽ ക്ഷത്രിയനെ ക്ഷത്രിയൻ കൊല്ലണം. അക്ഷത്രിയനേയും കൊല്ലണം. അതാണ് സ്വധർമ്മത്തിൽ നില്ക്കുന്ന ക്ഷത്രിയന്റെ ധർമ്മം. ഏതു പാപം ചെയ്താലും ബ്രാഹ്മണനെ മാത്രമേ ഒഴിവാക്കിക്കൂടൂ. വിപ്രൻ എല്ലാ ജാതിക്കും ആചാര്യനും പ്രസൃതാഗ്രഭുക്കുമാണല്ലോ. അവദ്ധ്യന്മാരെ കൊല്ലുന്നപോലെത്തന്നെ വദ്ധ്യന്മാരെ കൊല്ലാതെ വിടുന്നതും പാപമാണെന്നല്ലേ ധർമ്മജ്ഞന്മാർ പറയുന്നത്? ആ പാപം അങ്ങയിൽ ബാധിക്കാതിരിക്കത്തക്കവിധം ഭവാൻ വളരെ ശ്രദ്ധിച്ച് ഈ കാര്യം നിർവ്വഹിക്കണമെന്ന് ഞാനപേക്ഷിക്കുന്നു. പാർത്ഥസൃഞ്ജയദാശാർഹയോധവീരന്മാരോടുകൂടി അതു നിർവ്വഹിക്കേണമെന്നപേക്ഷിക്കുന്നു. ഭവാനോടുള്ള വിശ്വാസത്താൽ ഞാൻ പറഞ്ഞതുതന്നെ വീണ്ടും പറയുകയാണ്.

കേശവാ, ഭവാനൊന്ന് ചിന്തിച്ചുനോക്കൂ. ഇന്ന് ഈ ഭൂമണ്ഡലത്തിൽ അധിവസിക്കുന്ന സ്ത്രീകളിൽ എന്നപ്പോലെ ആരുണ്ട്? ദ്രുപദമഹാരാജാവിന്റെ പുത്രി, യജ്ഞവേദിയിൽനിന്ന് ഉയർന്നുവന്നവൾ, ധൃഷ്ടദ്യുമ്നന്റെ സഹോദരി, ഹേ, കൃഷ്ണാ! ഭവാന്റെ ഇഷ്ടതോഴി, ആജമീഢാന്വയത്തിലേക്കു കെട്ടിച്ചുകൊടുത്തവൾ, മാന്യനായ പാണ്ഡുരാജാവിന്റെ സ്നുഷ, പഞ്ചേന്ദ്രതേജസ്വികളായ പഞ്ചപാണ്ഡവന്മാരുടെ വല്ലഭ. അഞ്ചു വീരന്മാർവഴിക്ക് അഞ്ചു മഹാരഥന്മാരായ മക്കളുടെ വീരമാതാവ്, ഭവാന് അഭിമന്യുവിനെപ്പോലെ ധർമ്മത്താൽ എന്റെ മക്കൾ ഭവാനു വത്സന്മാരാണല്ലോ. അങ്ങനെയുള്ള എന്നെ ആ നരാധമൻ മുടി ചുറ്റിപ്പിടിച്ച് വലിച്ച് സഭയിൽക്കയറ്റി. നിലവിളിക്കുന്ന എന്നെ പാണ്ഡവന്മാർ നോക്കി നില്ക്കെ, ഭവാൻ ജീവിച്ചിരിക്കെ, ഹരേ! സഭയിൽക്കയറ്റി! പാണ്ഡവന്മാരും പാഞ്ചാലന്മാരും വൃഷ്ണികളും ജീവിച്ചിരിക്കെത്തന്നെ ദുഷ്ടന്മാർക്കു ദാസിയായി ഞാൻ സഭയിൽ കയറ്റപ്പെട്ടു. ഞാൻ സഭയിൽകയറിനിന്നു. പാണ്ഡവന്മാർ അമർഷംകൊള്ളാതെ ഏവരും കണ്ടു നില്ക്കെ, എന്നെ 'രക്ഷിക്കണേ! ഗോവിന്ദാ! രക്ഷിക്കണേ ഗോവിന്ദാ!' എന്നു ഞാൻ മനസ്സിൽ വേദനയോടെ വിളിച്ചു നിലവിളിച്ചു. അപ്പോൾ എന്നോടു വിശ്രുതനായ ശ്വശുരൻ പറഞ്ഞു: 'വരം ചോദിക്കൂ പാഞ്ചാലീ, നീ എന്റെ വരത്തിന്ന് അർഹയാണ്' എന്ന്. 'തേരും ആയുധവുമായി പാർത്ഥന്മാർ ദാസ്യം വിടേണ' മെന്ന് ഞാൻ അപേക്ഷിച്ചു. അങ്ങനെ കാട്ടിൽ പാർക്കുന്നതിന്നു വിട്ടുകിട്ടി. ഇങ്ങനെയുള്ള ദുഃഖങ്ങൾ എനിക്കുണ്ടായത് നീ അറിഞ്ഞവനല്ലേ ജനാർദ്ദനാ! ഹേ, പുണ്ഡരീകാക്ഷ! ഭർത്താക്കന്മാരേയും ജ്ഞാതികളേയും മിത്രങ്ങളേയും ഭവാൻ രക്ഷിച്ചാലും! എന്നാലും ഞാൻ ഭീഷ്മർക്കും ധൃതരാഷ്ട്രർക്കും ഒന്നുപോലെ ധർമ്മത്താൽ സ്നുഷയായിരിക്കെ ബലത്താൽ ഞാൻ ദാസിയായിത്തീർന്നു. പാർത്ഥന്റെ ധനുർദ്ധരത്വം നിന്ദ്യംതന്നെ. ഭീമന്റെ ആ മഹാശക്തത നിന്ദ്യംതന്നെ. മുഹൂർത്തസമയമെങ്കിലും ആ സുയോധനൻ ജീവിച്ചിരിക്കുന്നു. അവനെ ഇത്രനാളും ബാക്കിവെച്ചില്ലേ? ഞാൻ അനുഗ്രാഹ്യയാണെങ്കിൽ, എന്നിൽ നീ കൃപയുള്ളവനാണെങ്കിൽ ഹേ കൃഷ്ണാ! ധാർത്തരാഷ്ട്രന്മാരിൽ ഭവാനുള്ള കോപം മുഴുവൻ വിടണം (ലേശം ബാക്കിവെക്കരുത്)."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞു മൃദുവായി ചുരുണ്ടും അഴകുറ്റതും സർവ്വലക്ഷണവും ചേർന്നതും സുഗന്ധമെല്ലാം അണിഞ്ഞ് ഏറ്റവും കറുത്തതും, കൃഷ്ണസർപ്പംപോലെ നീണ്ടതും ശോഭിക്കുന്നതുമായ വാർമുടി ഇടതുകൈകൊണ്ടു താങ്ങിപ്പിടിച്ച് ആ പത്മാക്ഷി പങ്കജാക്ഷന്റെ അരികിലേക്ക് ഗജരാജഗാമിനിയായി നടന്നുചെന്ന് ഇപ്രകാരം പറഞ്ഞു:

'ദുശ്ശാസനൻ തന്റെ കൈകൊണ്ടു പിടിച്ചുവലിച്ച ഈ മുടി നോക്കൂ! ശത്രുക്കളുമായി സന്ധി സംസാരിക്കുവാൻ പോകുന്ന ഭവാൻ ഓരോ കാര്യം പറയുമ്പോഴും ഈ മുടിയെപ്പറ്റി ഓർക്കണേ. കൃഷ്ണാ! ഭീമാർജ്ജുനന്മാർ കൃപണമായ സന്ധിയെപ്പറ്റി ആഗ്രഹിച്ചാലും മഹാരഥന്മാരായ പുത്രന്മാരോടുകൂടിയ എന്റെ അച്ഛൻ വൃദ്ധനാണെങ്കിലും, അദ്ദേഹം അതിന്നു സമ്മതിക്കയില്ല. എതിർക്കുകതന്നെ ചെയ്യും. ഭീമാർജ്ജുനന്മാർ കൃപണമായ ആ സന്ധിയെപ്പറ്റി ആഗ്രഹിച്ചാലും മഹാവീരന്മാരായ എന്റെ പുത്രന്മാർ, അഭിമന്യുവിനെ മുൻനിർത്തി കുരുക്കളോടു പോരാടും. ദുശ്ശാസനന്റെ ആ കറുത്ത ഹസ്തമറ്റ് യുദ്ധഭൂമിയിലെ പൊടിയിൽക്കിടക്കുന്നത് നോക്കിക്കാണുവാൻ എനിക്കു കഴിഞ്ഞില്ലെങ്കിൽ എന്റെ ഹൃദയത്തിന്ന് എന്തു ശാന്തിയാണ് ലഭിക്കുക? പതിമ്മൂന്നു ദീർഘമായ വർഷങ്ങൾ കാത്തിരുന്നു കഴിഞ്ഞുപോയി. കത്തുന്ന തീപോലെ ഉള്ളിൽ ദുഃഖമടക്കി കഴിച്ചുകൂട്ടി. ഇപ്പോൾ ഭീമന്റെ വാക്കാകുന്ന ശല്യം എന്റെ മനസ്സിനെ പീഡിപ്പിക്കയാൽ ഹൃദയം പൊട്ടുന്നു. ഇക്കാലത്ത് ഇവൻ ധർമ്മം നോക്കിയിരിക്കയാണുപോലും.' ഇപ്രകാരം പറഞ്ഞു തൊണ്ടയിടറി കോപം സഹിക്കാതെ ഇടറുന്ന ഒച്ചയോടുകൂടി, ആ പീനായത നിതംബ കൊങ്കകൾ രണ്ടും ഒപ്പം കണ്ണിൽനിന്നൊഴുകുന്ന ചുടുകണ്ണുനീരിൽ കുളിപ്പിച്ച് ഉച്ചത്തിൽ തേങ്ങിക്കരഞ്ഞു. അപ്പോൾ മഹാബാഹുവായ കേശവൻ അവളോടു സാന്ത്വമായി ഇപ്രകാരം പറഞ്ഞു: 'കൃഷ്ണേ, ഭാരതസ്ത്രീകൾ കരയുന്നത് നിനക്കു ക്ഷണത്തിൽ കാണുവാൻ സാധിക്കും. ബന്ധുക്കളും ജ്ഞാതികളും ചത്ത് അവർ ഇപ്രകാരം കരയുന്നതാണ്. ഹേ, ഭാമിനീ! നീ കോപിക്കുകമൂലം അവരുടെ മിത്രസൈന്യങ്ങളും നശിച്ച് ഇത്തരത്തിലുള്ള ദുഃഖത്തിൽ ആർത്തരായി വിലപിക്കുന്നത് ഉടനെ നിനക്കു കാണാം. ഞാനും ഭീമാർജ്ജുനയമന്മാരോടുകൂടി യുധിഷ്ഠിരന്റെ ആജ്ഞപ്രകാരം ദൈവം കല്പിച്ച വിധിയാൽ അവരെ അത്തരത്തിലാക്കും. എന്റെ വാക്ക് അവർ കേൾക്കുന്നില്ലെങ്കിൽ നൂറ്റുപേർ കാലപക്വന്മാരാണെന്നു വിചാരിച്ചുകൊള്ളുക. അവർ മന്നിൽ ചത്തുവീഴും. നായ്ക്കൾക്കും നരികൾക്കും അവർ തീറ്റിയായിത്തീരും. ഹിമാചലം ചലിച്ചെന്നു വരാം. ഭൂമി നൂറു കഷണമായി പിളർന്നുപോയെന്നുവരാം. ആകാശം കൊള്ളിമീനോടുകൂടി ഇടിഞ്ഞുവീണേക്കാം. എന്നാൽ, എന്റെ വാക്ക് ഒരിക്കലും പിഴച്ചുപോവുകയില്ല. കൃഷ്ണേ, ഞാൻ നിന്നോടു സത്യംചെയ്തു പറയുന്നു. നീ കണ്ണുനീരടക്കുക. ശത്രുക്കളെക്കൊന്ന് ലക്ഷ്മിയോടുകൂടി നിനക്കു നിന്റെ കാന്തന്മാരെ കാണാം."

83. ശ്രീകൃഷ്ണപ്രസ്ഥാനം – അർജ്ജുനൻ പറഞ്ഞു: "ഹേ കൃഷ്ണാ, ഭവാൻ ഇന്ന് കുരുക്കൾക്കൊക്കെ മുഖ്യനായ സുഹൃത്താണ്. സംബന്ധിയും ദയിതനെന്നും രണ്ടു കൂട്ടരിലും വ്യത്യാസമില്ലാത്ത തുല്യ സുഹൃത്തുമാണ്. പാണ്ഡവന്മാരുമായി കുരുക്കൾക്കു കുശലം ഭവാൻ ഉണ്ടാക്കണം. ശമം ഉണ്ടാക്കുന്ന കാര്യത്തിൽ കേശവാ, ഭവാൻ സമർത്ഥനും കഴിവുള്ളവനുമാണല്ലോ! ശത്രുസൂദനാ! ഭവാൻ അമർഷിയായ ദുര്യോധനനെ ജ്യേഷ്ഠനോടു ശമമുണ്ടാക്കുവാൻ വേണ്ടതു പറയുക. ധർമ്മാർത്ഥത്തോടുകൂടി ശുഭമായി അനാമയമായി ഭവാൻ പറയുന്നതു കൈക്കൊള്ളാത്ത മൂഢൻ കാലത്തിന്റെ അധീനത്തിൽ പെട്ടുപോവുക തന്നെ ചെയ്യും."

ഭഗവാൻ പറഞ്ഞു: "നമ്മൾക്കു ഹിതമായും കുരുക്കൾക്ക് അനാമയമായുമിരിക്കുന്ന കാര്യം നിർവ്വഹിക്കുവാൻ ഞാൻ ധൃതരാഷ്ട്രരാജാവിന്റെ പാർശ്വത്തിലേക്കു പോവുകയാണ്."

വൈശമ്പായനൻ പറഞ്ഞു: "സൂര്യൻ ഇരുട്ടുവിട്ടു ശുദ്ധമായ ആകാശത്തിൽ വിളങ്ങുമ്പോൾ, മൈത്രം എന്ന മുഹൂർത്തിൽ, സൂര്യനു ശോഭ മൃദുവായിരിക്കുന്ന സമയത്ത് ശരത്തു പോയി മഞ്ഞണിഞ്ഞ കാർത്തികമാസത്തിൽ രേവതീനക്ഷത്രത്തിൽ,

digitized by www.sreyas.in

സുഖമായി സസ്യങ്ങളൊക്കെ വളർന്നുനില്ക്കുന്ന കാലത്ത്, മംഗളരൂപനായ ആ സത്വഗുണാന്വിതൻ, ഇന്ദ്രൻ മുനീന്ദ്രന്മാരുടെ എന്നപോലെ കൂടെ നില്ക്കുന്ന ബ്രാഹ്മണരുടെ മംഗല്യപുണ്യഘോഷം ചേർന്ന നല്ല സത്യോക്തികൾ കേട്ട് * പൗർവ്വാഗ്നികം ചെയ്ത്, കുളികഴിഞ്ഞ് ഏറ്റവും ശുചിയായി അലംകൃതനായി സൂര്യനേയും അഗ്നിയേയും ജനാർദ്ദനൻ ഉപാസിച്ചു. പിന്നെ കാളയുടെ പുറംതൊട്ടു വിപ്രന്മാർക്ക് അഭിവാദനംചെയ്ത്, അഗ്നിയെ വലംവെച്ച്, മുൻവശത്തു മംഗളങ്ങൾ കണ്ട് പാണ്ഡവന്റെ വാക്ക് ഏറ്റു സ്വീകരിച്ചു. പിന്നെ ശിനിപുത്രനായ സാത്യകിയെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'എന്റെ ശംഖും ചക്രവും, ഗദയും തേരിൽ കയറ്റണം. ആവനാഴികളും, വേലും മറ്റ് ആയുധങ്ങളും കയറ്റണം. ദുഷ്ടബുദ്ധികളാണ് ദുര്യോധനനും, കർണ്ണനും, ശകുനിയും. അശക്തനായ ശത്രുവിനേയും ശക്തൻ നിസ്സാരമായിക്കരുതരുത്.' പിന്നെ കേശവന്റെ അഭിപ്രായം അറിഞ്ഞ് കൂടെയുള്ളവർ ആ ഗദാചക്രധരന്റെ തേർ പൂട്ടുവാനായി പാഞ്ഞുപോയി.

ദീപ്തമായ കാലാഗ്നിക്കു തുല്യമായതും, വായുവേഗത്തിൽ പായുന്നതും, സൂര്യചന്ദ്രന്മാരെപ്പോലെ ശോഭിക്കുന്ന രണ്ടു ചക്രമുള്ളതും, ചന്ദ്രൻ, അർദ്ധചന്ദ്രൻ, മത്സ്യങ്ങൾ, മൃഗപക്ഷികൾ, പലതരം പൂക്കൾ, നാനാരത്നങ്ങൾ ഇവകൊണ്ട് മോടിപിടിപ്പിച്ചതും, തരുണസൂര്യപ്രകാശത്തോടുകൂടിയതും, വലിയതും, ഭംഗിയുള്ളതും, സ്വർണ്ണരത്നങ്ങൾ ചേർന്ന പതാകയുള്ളതും, വേണ്ടതെല്ലാം ചേർന്ന് അധൃഷ്യമായതും, പുലിത്തോലുകൊണ്ടു പൊതിഞ്ഞതും, ശത്രുകീർത്തിഹരവും, യാദവന്മാർക്കു സന്തോഷപ്രദവും, അശ്വങ്ങളായ ശൈബ്യം, സുഗ്രീവം, മേഘപുഷ്പം, വലാഹകം എന്നിവയെ നനച്ചു വിലപിടിച്ച കോപ്പുകൾ അണിഞ്ഞ് നുകത്തിൽ കെട്ടിയതും, കൃഷ്ണന്റെ മഹിമാവ് വീണ്ടും വീണ്ടും ഉദ്ദീപിപ്പിക്കുന്നതും, മുഴക്കത്തോടുകൂടിയതും, ഗരുഡധ്വജം ചേർന്നതും, മേരുശൃംഗംപോലെ ഉയർന്നതും, മേഘദുന്ദുഭിസ്വനം ചേർന്നതും, വിമാനംപോലെ കാമഗവുമായ തന്റെ രഥത്തിൽ ശൗരി കയറി. പിന്നെ സാത്യകിയെ യാത്രയ്ക്കായി കൂടെ കയറ്റി.

ആകാശവും ഭൂമിയും രഥഘോഷംകൊണ്ട് മുഴക്കി. ഭഗവാൻ പുറപ്പെട്ട സമയത്തു കാറ്റ് ഒഴിഞ്ഞമട്ടിൽ നില്ക്കുകയും പിന്നെ ശുഭമായി വീശുകയാൽ പൊടിയൊക്കെ അമരുകയും ചെയ്തു. കാര്യത്തിന്നനുകൂലമായവിധം മംഗല്യങ്ങളായ മൃഗപക്ഷികൾ വലംവയ്ക്കുകയും വാസുദേവന്റെ യാത്രയെ പിൻതുടരുകയും ചെയ്തു. മംഗള സൂചകമായ സ്വരങ്ങൾ പുറപ്പെടുവിച്ച് പിന്നാലെ പറന്നുവന്ന് സരസ്സിൽ അധിവസിക്കുന്ന ശതപത്രങ്ങളായ അന്നങ്ങൾ മധുവൈരിയെ പ്രീതിപ്പെടുത്തി. മന്ത്രാഹുതിയാൽ മഹാഹോമഹുതനായ അഗ്നി ജ്വാലാമുഖം വലത്തോട്ടു ചുറ്റി പുകയില്ലാതെ തെളിഞ്ഞു. അപ്പോൾ വസിഷ്ഠൻ, വാമദേവൻ, ഭൂരിദ്യുമ്നൻ, ഗയൻ, ക്രഥൻ, ശുക്രൻ, നാരദൻ, വാല്മീകൻ, വാനോർകൾ, കുശികൻ, ഭൃഗു ഇങ്ങനെ ദേവന്മാരും, ബ്രഹ്മർഷിമാരും യദുസൗഖ്യദനായ കൃഷ്ണനെ, ഇന്ദ്രാനുജനെ ഒന്നിച്ചു വലംവെച്ചു. ഇപ്രകാരം ഈ മഹാഭാഗരായ മഹർഷിഗണങ്ങളും, മറ്റു സജ്ജനങ്ങളും പൂജിച്ചതു കൈക്കൊണ്ട് കൃഷ്ണൻ കുരുപുരത്തിലേക്കായി പുറപ്പെട്ടു പോകുമ്പോൾ യുധിഷ്ഠിരരാജാവു കൃഷ്ണനെ അനുഗമിച്ചു. ഭീമാർജ്ജുനന്മാരും മാദ്രീകുമാരന്മാരും അനുഗമിച്ചു. വിക്രാന്തനായ ചേകിതാനൻ, ചേദിരാജാവായ ധൃഷ്ടകേതു, ദ്രുപദൻ, കാശിരാജാവ്, മഹാരഥനായ ശിഖണ്ഡി, ധൃഷ്ടദ്യുമ്നൻ, പുത്രരോടുകൂടിയ വിരാടൻ, കേകയരാജാവ്, മറ്റു ക്ഷത്രിയന്മാർ എന്നിവരും, ക്ഷത്രിയേന്ദ്രനായ കൃഷ്ണനെ കാര്യസിദ്ധിക്കായി അനുഗമിച്ചു. പിന്നെ രാജാവായ യുധിഷ്ഠിരൻ ഗോവിന്ദനെ പിൻതുടർന്നു. മഹദ്യുതിയായ അദ്ദേഹം ആ രാജാക്കന്മാരുടെ മദ്ധ്യത്തിൽനിന്ന് കൃഷ്ണന്റെ സമീപത്തെത്തി. കാമം, ഭയം, ലാഭം, അർത്ഥസിദ്ധി എന്നിവകൊണ്ടും അന്യായം തുടരാത്തവനും, സ്ഥിരബുദ്ധിയും, അലോലുപനും, ധർമ്മജ്ഞനും, ധൃതിമാനും, നാട്ടിലൊട്ടുക്കു അതുല്യപ്രാജ്ഞനും, സർവ്വജീവികളുടേയും ഈശ്വരനും, ദേവദേവനും, സനാതനനും, ശ്രീവത്സചിഹ്നമുള്ളവനും, സർവ്വഗുണസമ്പൂർണ്ണനുമായ കേശവനെ ഗാഢമായി കെട്ടിപ്പുണർന്ന് കൗന്തേയൻ ഇപ്രകാരം സന്ദേശം ഉണർത്തിക്കുവാൻ തുടങ്ങി.

യുധിഷ്ഠിരൻ പറഞ്ഞു: ''ഭഗവാനേ, കൃഷ്ണാ, ബാല്യം മുതൽ ഞങ്ങളെ വളർത്തി പാലിച്ച ഞങ്ങളുടെ അമ്മ! ഉപവാസവും തപസ്സുംമൂലം തളർന്ന ഞങ്ങളുടെ അമ്മ! സ്വസ്ത്യയനത്തിൽ എന്നും ശ്രദ്ധയോടുകൂടി ദേവതകൾക്കും അതിഥികൾക്കും, ആര്യഗുരുജനങ്ങൾക്കും ശുശ്രൂഷചെയ്ത ഞങ്ങളുടെ അമ്മ, മക്കളിൽ പ്രിയവാത്സല്യവതിയായ ഞങ്ങളുടെ അമ്മ, ദുര്യോധനഭയത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചുപോന്ന, മഹാമൃത്യുഭയത്തിൽ കടലിൽ കപ്പലെന്നപോലെ ഞങ്ങളെ രക്ഷപ്പെടുത്തിയ, ഞങ്ങൾക്കുവേണ്ടി നിത്യം കണ്ണുനീർ പൊഴിച്ചുകൊണ്ടിരിക്കുന്ന അമ്മ, ഒരിക്കലും ദുഃഖത്തിന്ന് അർഹയല്ലാത്ത ഞങ്ങളുടെ അമ്മ, ഇപ്പോഴും കണ്ണുനീർപൊഴിച്ച് ഹസ്തിനപുരത്തിൽ കഴിഞ്ഞുകൂടുകയാണ്. ഞങ്ങളുടെ പ്രാണനായ അമ്മയെ കേശവാ, ജനാർദ്ദനാ! ആശ്വസിപ്പിക്കണേ! പാണ്ഡവന്മാരായ ഞങ്ങളുടെ ഓരോരുത്തരുടേയും പേരു പറഞ്ഞ് അമ്മയെ ആശ്വസിപ്പിക്കണേ! വേട്ടനാൾ മുതൽ ശ്വശുരഗൃഹത്തിൽ ദുഃഖമേ അമ്മയ്ക്കുണ്ടായിട്ടുള്ളൂ. അവമാനം കണ്ട് അനർഹമായ ദുഃഖങ്ങൾ എത്ര അനുഭവിച്ചു! കൃഷ്ണാ, ഞങ്ങളുടെ അമ്മയ്ക്കു ദുഃഖഭയം തീർന്ന കാലം എങ്ങാനും അനുഭവിക്കുവാൻ കഴിയുമോ? ക്ലേശിച്ചുക്ലേശിച്ച് ജീവിച്ച എന്റെ അമ്മയ്ക്കു കുറച്ചുനാളെങ്കിലും സുഖം അനുഭവിക്കുവാൻ എന്നെക്കൊണ്ട് ഇടവരുമോ കൃഷ്ണാ!

കാട്ടിലേക്കു പോകുന്ന ഞങ്ങളെ കണ്ണുനീരൊഴുക്കിക്കൊണ്ട് പാവം പിന്തുടർന്നു. പുത്രവാത്സല്യംമൂലം കരഞ്ഞു പിന്തുടരുന്ന ഞങ്ങളുടെ അമ്മയെ വിട്ടു ഞങ്ങൾ കാട്ടിലേക്കു പോന്നു. അമ്മ ആ ദുഃഖത്താൽ മരിച്ചുപോകുമായിരുന്നു. അമ്മ മരിച്ചില്ല; കാരണം പുത്രസ്നേഹം ഒന്നുകൊണ്ടുമാത്രമാണ്. ദ്വാരകയിൽ സൽകൃതയായ അമ്മ ഇന്നു പുത്രന്മാരെക്കുറിച്ചുള്ള ആധിയാലാർത്തയായി ഹസ്തിനപുരത്തിൽ കഴിഞ്ഞുകൂടുന്നു. ഭവാൻ എന്റെ വാക്കാൽ അമ്മയെ അഭിവാദ്യം ചെയ്യുക.

വൃദ്ധകൗരവരാജാവായ ധൃതരാഷ്ട്രനേയും ഭീഷ്മദ്രോണകൃപന്മാരേയും ബാൽഹീകരാജാവിനേയും സോമദത്തനേയും അശ്വത്ഥാമാവിനേയും, മറ്റു ഭാരതന്മാരേയും എന്റെ വാക്കാൽ അഭിവാദ്യം ചെയ്യുക. പ്രാജ്ഞനായ വിദുരനേയും മധുസൂദനാ, പുല്കണേ!'' ഇപ്രകാരം രാജമദ്ധ്യത്തിൽവെച്ച് കേശവനോടു യുധിഷ്ഠിരൻ പറഞ്ഞു. കൃഷ്ണന്റെ സമ്മതത്തോടുകൂടി യുധിഷ്ഠിരൻ തിരിച്ചു. തന്റെ സഖിയും പുരുഷശ്രേഷ്ഠനും, ശത്രുജിത്തും അപരാജിതനുമായ ദാശാർഹനോടു പിന്നെ അർജ്ജുനൻ പറഞ്ഞു: ''ആദ്യത്തെ നിശ്ചയത്തിൽ ഞങ്ങൾക്കുള്ള അർദ്ധരാജ്യത്തെക്കുറിച്ചുള്ള വാസ്തവസ്ഥിതി രാജാക്കന്മാർക്കൊക്കെ ബോദ്ധ്യമായിട്ടുള്ളതാണ്. തടസ്സം കൂടാതെ മാനിച്ച് നിന്ദകൂടാതെ അതു തരികയാണെങ്കിൽ അത് എനിക്കു തൃപ്തിനല്കും. അതുകൊണ്ട് ദുഃഖം വിട്ടൊഴിയുകയും ചെയ്യും. അതുകൂടാതെ കുശലം വെടിഞ്ഞ് ധാർത്തരാഷ്ട്രൻ മറിച്ചു തുടങ്ങിയാൽ ഞാൻ സർവ്വ ക്ഷത്രിയന്മാർക്കും നാശം വരുത്തിയേ അടങ്ങുകയുള്ളൂ ജനാർദ്ദനാ!''

വൈശമ്പായനൻ പറഞ്ഞു: ''ഇപ്രകാരം അർജ്ജുനൻ പറഞ്ഞപ്പോൾ ഭീമസേനൻ പ്രഹർഷംപൂണ്ടു. വീണ്ടുംവീണ്ടും ഉദിച്ച ക്രോധത്താൽ ഭീമൻ വിറച്ചു. അർജ്ജുനന്റെ വാക്കുകേട്ട് ഹർഷത്തള്ളലാൽ വിറപൂണ്ട് ഭീമസേനൻ ഉച്ചത്തിൽ അലറി. അവന്റെ ആരവംകേട്ട് വീരന്മാരായ ധനുർദ്ധരന്മാർ കിടിലംകൊണ്ടു. ആനകളും കുതിരകളും പേടിച്ച് മലമൂത്രങ്ങൾ വിട്ടു.

ഇങ്ങനെ കേശവനോട് അവർ പറഞ്ഞു നിശ്ചയിച്ച് കൃഷ്ണനെ പൂണർന്ന് സമ്മതംവാങ്ങി അവർ തിരിച്ചു.

* പൂർവ്വാഹ്നത്തെ സംബന്ധിച്ച അഗ്നികർമ്മം.

digitized by www.sreyas.in

രാജാക്കന്മാരൊക്കെ പോയതിന്നുശേഷം ശൈബ്യസുഗ്രീവ വാഹനനായ കൃഷ്ണൻ ഹർഷത്തോടെ യാത്രതുടർന്നു. ദാരുകൻ തെളിച്ച് ഓടിക്കുന്ന ആ കുതിരകൾ ആകാശത്തെ വിഴുങ്ങുന്നവിധം കുതിച്ചുപാഞ്ഞു. കേശവൻ മുനീന്ദ്രരെ മാർഗ്ഗത്തിൽ കണ്ടു. ബ്രഹ്മതേജസ്വികളായ അവർ വഴിയുടെ ഇരുവക്കിലും നിരന്നതായിക്കണ്ടപ്പോൾ രഥം നിർത്തി അതിൽനിന്നു ചാടിയിറങ്ങി, ജനാർദ്ദനൻ യഥാവൃത്തം മുനികളെയൊക്കെ മാനിച്ച് ഇപ്രകാരം പറഞ്ഞു: 'ലോകർക്കു സുഖം തന്നെയല്ലേ? ധർമ്മാനുഷ്ഠാനം നടക്കുന്നില്ലേ? വിപ്രശാസനയിൽ മൂന്നുജാതികളും നില്ക്കുന്നില്ലേ?' ഇങ്ങനെ അവരെ പൂജിച്ചതിന്നുശേഷം കൃഷ്ണൻ തുടർന്നു: 'സിദ്ധരായ ഭവാന്മാർ എങ്ങുനിന്ന് ഇവിടെ എത്തി? ഭവാന്മാരുടെ മാർഗ്ഗം ഏതാണ്? ഭവാന്മാർക്ക് ഈയുള്ളവൻ ചെയ്തുതരേണ്ട കർമ്മം എന്താണെന്ന് അറിയിച്ചാലും. എന്തിനാണ് ഭവാന്മാർ ഈ ഭൂമിയിലേക്ക് ഇറങ്ങിവന്നത്?' ഇതുകേട്ട് ജാമദഗ്ന്യൻ, മധുവൈരിയായ കൃഷ്ണൻ തന്റെ അരികേ എത്തുന്ന സമയത്ത് ഗാഢമായി പുണർന്ന് ഇപ്രകാരം പറഞ്ഞു: 'ഹേ ദാശാർഹാ! പുണ്യവാന്മാരും അറിവുള്ളവരുമായ ദ്വിജേന്ദ്രന്മാരും, ദേവർഷിമാരും, രാജർഷികൾ മാനിക്കുന്ന തപസ്വികളും പുരാതനമായ ദേവാസുരങ്ങൾ കണ്ടിട്ടുള്ളവരാണ്. മഹാമുനേ, ഇപ്പോൾ മുന്നിലുള്ള ക്ഷത്രം ഒക്കെ ഒത്ത് സന്തോഷത്തോടെ കാണുന്നതിന്നും, സത്യസ്വരൂപനും ജനാർദ്ദനനുമായ ഭവാനെ കാണുന്നതിന്നും, കാണേണ്ടതായ ഭയങ്കര കാഴ്ച കാണുന്നതിന്നുംവേണ്ടി ഞങ്ങൾ ഇങ്ങു വന്നതാണ്. ഭവാന്റെ ധർമ്മാധർമ്മങ്ങളിണങ്ങിയ വാക്ക്, കുരുരാജസദസ്സിൽവെച്ചു കേൾക്കുവാൻ ഞങ്ങൾ ഇച്ഛിക്കുന്നു. ഭീഷ്മദ്രോണാദികളും ധീമാനായ വിദുരനും, യാദവശാർദ്ദൂലനായ ഭവാനും, സഭയിൽ ചെന്നുചേരുന്നതാണല്ലോ. ഭവാന്റെയും ആ യോഗ്യന്മാരുടേയും ദിവ്യവും സത്യവും ഹിതവുമായ വാക്യങ്ങൾ കേൾക്കുവാൻ ഞങ്ങൾ ഇച്ഛിക്കുന്നു. ഹേ, ഗോവിന്ദാ, ഞങ്ങൾ ഭവാനെ ഒന്നു പുണരട്ടെ. ഞങ്ങൾ വീണ്ടും ഭവാനോട് ഉണർത്താം. ഹേ വീരാ, ഭവാൻ നിർവിഘ്നം പോയാലും, ഭവാൻ ബലതേജസ്സോടുകൂടി സഭാതലത്തിൽ ദിവ്യാസനത്തിൽ വാണരുളുന്ന സമയത്ത് ഞങ്ങൾ ഭവാനെ ആ സഭാതലത്തിൽവെച്ചു കണ്ടുകൊള്ളാം. നമസ്കാരം!"

84. ശ്രീകൃഷ്ണന്റെ യാത്ര – വൈശമ്പായനൻ പറഞ്ഞു: "ദേവകീപുത്രൻ ഹസ്തിനപുരിയിലേക്കു പോകുമ്പോൾ ശസ്ത്രധാരികളായ പത്തു മഹാരഥന്മാർ ആ മഹാഭുജനെ അകമ്പടി സേവിച്ചു. സാദിവീരന്മാരായ ആയിരം കാലാൾസൈന്യവും അസംഖ്യം ഭോജ്യസൈന്യങ്ങളും ധാരാളം ഭൃത്യന്മാരും അകമ്പടിസേവിച്ചു."

ജനമേജയൻ പറഞ്ഞു: "മധുവൈരിയും മഹാശയനുമായ ദാശാർഹൻ പോയത് ഏതു മട്ടിലാണ്? ആ മഹൗജസ്വി പോകുമ്പോൾ എന്തു നിമിത്തമാണ് ഉണ്ടായത്?"

വൈശമ്പായനൻ പറഞ്ഞു: "ആ മഹാത്മാവ് പോകുമ്പോഴുണ്ടായ നിമിത്തങ്ങളെ, ദൈവവശാൽ ഉണ്ടായ ഉൽപാതങ്ങളെ, ദുർന്നിമിത്തങ്ങളെ, ഞാൻ പറയാം. ഹേ ജനമേജയാ, ഭവാൻ കേട്ടാലും."

കാറില്ലാതെതന്നെ മിന്നലുണ്ടായി. ഭയങ്കരമായി ഇടിവെട്ടി. ഉടനേതന്നെ കാറ്റില്ലാതെ മേഘം മഴചൊരിഞ്ഞു. കിഴക്കോട്ടൊഴുകുന്ന പുഴയിലെ ജലം വിപരീതമായി പടിഞ്ഞാറോട്ടൊഴുകി. ഇങ്ങനെ സിന്ധുനദിയിലും വെള്ളംപൊങ്ങി മേല്പോട്ടേക്ക് ഒഴുകി. ദിക്കുകളൊക്കെ തെറ്റി അറിയാത്തവിധം ജനങ്ങൾ പരിഭ്രമിച്ചു. അഗ്നി സർവ്വദിക്കിലും ആളിക്കത്തുകയും ഭൂമി കുലുങ്ങുകയുംചെയ്തു. ഉദപാനം, കുംഭം ഇവ ജലത്തെ ധാരാളം ഒഴുക്കി. ലോകമൊക്കെ ഇരുട്ടടച്ച വിധമായി. ദിക്കുകളും വിദിക്കുകളും പൊടിമൂടി അറിയാതായി. ഭയങ്കരമായ ശബ്ദങ്ങൾ ആകാശത്തുണ്ടായി. എന്നാൽ ശബ്ദം പുറപ്പെടുന്ന ശരീരം കാണാനുമില്ലായിരുന്നു. ഈ ദുർന്നിമിത്തങ്ങൾ എല്ലാ രാജ്യത്തും ഉണ്ടായി. ഹസ്തിനാപുരത്തിൽ തെക്കുപടിഞ്ഞാറൻ കാറ്റ് അടിച്ചുതകർത്തു. മരക്കൂട്ടങ്ങളെ തകർത്തുമറിക്കുകയും ചരൽ വാരിക്കോരി ഭയങ്കരമായി വർഷിക്കുകയുംചെയ്തു.

എന്നാൽ ഏതേതു ദിക്കിൽ വാർഷ്ണേയൻ എത്തുന്നുവോ അതാതുവഴിക്ക് സുഖമായ കാറ്റു വീശുകയും മാർഗ്ഗം പ്രശോഭനമാക്കുകയും ചെയ്തു. പുഷ്പവർഷവുമുണ്ടായി. ധാരാളം പൊൽത്താരുകൾ മാർഗ്ഗത്തിൽ വർഷിച്ചു. കുശകണ്ടകാദികളില്ലാതെ മാർഗ്ഗം ഭംഗിയായി നിരപ്പായി ശോഭിച്ചു. സ്തോത്രവും പാട്ടുമായി വിപ്രന്മാർ അതാതിടങ്ങളിൽ ചേർന്നു വാസുദേവനെ മധുപർക്കവസുക്കൾകൊണ്ടർച്ചിച്ചു. വഴിമദ്ധ്യേ സ്ത്രീകൾ വന്ന് സർവ്വഭൂതഹിതത്തിന്നായി സുഗന്ധമുള്ള വന്യപുഷ്പങ്ങൾകൊണ്ട് ആ മഹാത്മാവിനെ വർഷിച്ചു. എല്ലാവിധം സസ്യങ്ങൾ തിങ്ങിയതും നല്ല ശാലികൾ നിറഞ്ഞ ഭവനസ്ഥലമുള്ളതുമായ പ്രദേശത്തെത്തി. പരമധർമ്മിഷ്ഠനായ ആ പുരുഷോത്തമൻ സുഖമായി യാത്രചെയ്തു. അവിടെനിന്ന് പിന്നെ വളരെ പശുക്കളെ ചേർത്ത് മനസ്സിനെ സന്തോഷിപ്പിക്കുന്ന ഗ്രാമപ്രദേശത്തെത്തി. പിന്നെ നാനാപുരങ്ങളും രാഷ്ട്രസ്ഥലങ്ങളും കടന്നു. നിത്യവും സംതൃപ്തന്മാരായവരും സന്തോഷത്തോടുകൂടിയവരും ശത്രുപീഡയേല്ക്കാത്തവരും വ്യസനമെന്തെന്ന് അറിഞ്ഞുകൂടാത്തവരും ഭാരതന്മാരാൽ ഭരിക്കപ്പെടുന്നവരുമായ ജനങ്ങൾ വസിക്കുന്ന പ്രദേശങ്ങൾ കൃഷ്ണൻ പിന്നിട്ടു. കൃഷ്ണന്റെ വരവ് അറിഞ്ഞ് പുരവാസികളായ ജനങ്ങൾ ഉപപ്ലാവ്യത്തിൽനിന്ന് ആ മഹാത്മാവിനെ കാണുവാൻ വന്നെത്തി വഴിയിൽ കൂട്ടംകൂടി നിന്നു. കത്തുന്ന അഗ്നിപോലെ പ്രകാശിക്കുന്ന ആ പ്രഭുവിനെ, ദേശാതിഥിയായി എത്തിയ ദാശാർഹനെ, അവർ സസന്തോഷം അർച്ചിച്ചു.

സൂര്യൻ രശ്മികൾ വിട്ട് അംബരം രക്താഭമാക്കിയപ്പോൾ കേശവൻ വൃകപ്രസ്ഥത്തിലെത്തി. ഉടനെ രഥം നിർത്തി തേർവിട്ട് കൃഷ്ണൻ ഇറങ്ങി. യഥാവിധി ശരീരം ശുദ്ധിചെയ്തു. തേർ അഴിച്ച് കുതിരകളെ വിടുവാൻ ആജ്ഞ നല്കിയ ദാരുകൻ കടിഞ്ഞാണഴിച്ച് അശ്വങ്ങളെ വിട്ട് ശാസ്ത്രാനുസരണം ലാളിച്ചു. കൃഷ്ണൻ സന്ധ്യോപാസന ചെയ്തു. അതിന്റെശേഷം ദാരുകനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'ഹേ, ദാരുകാ, നാം, യുധിഷ്ഠിരന്റെ കാര്യത്തിന്നുവേണ്ടി ഇന്നു രാത്രി ഇവിടെ പാർക്കുക.'

ഉടനെ കേശവന്റെ ആഗ്രഹമറിഞ്ഞ് ആൾക്കാർ അന്നു രാത്രി അദ്ദേഹത്തിന്നു താമസിക്കുവാൻ സുഖസൗകര്യങ്ങൾ ഏർപ്പെടുത്തി. അവിടെ ഗ്രാമമുഖ്യന്മാരായ ബ്രാഹ്മണർ കൃഷ്ണന്നു സുഖമായി ഭക്ഷണങ്ങളും പാനീയങ്ങളും തയ്യാറാക്കി. ഹ്രീമാന്മാരും, ആര്യവംശജന്മാരും, ബ്രഹ്മവൃത്തിയിൽ നില്ക്കുന്നവരുമായ മാന്യന്മാർ എത്തി. ശത്രുജിത്തായ ഹൃഷീകേശനെ ആശിസ്സോടും മംഗളങ്ങളോടുംകൂടി യഥാവിധി സൽക്കരിച്ചു. സർവ്വലോകാർച്ചിതനായ ദാശാർഹനെ അർച്ചന ചെയ്തു. ആ മഹാത്മാവിനെ വിചിത്രരത്നാലംകൃതമായ ഗൃഹങ്ങളിലേക്ക് ആനയിച്ചു. കൃഷ്ണൻ അവരുടെ ഗൃഹങ്ങളിൽ പോവുകയും അവരുടെ അർച്ചനയിൽ പ്രീതനായെന്നു സസന്തോഷം പറയുകയും ചെയ്തു. മൃഷ്ടാന്നം ബ്രാഹ്മണർക്കു നല്കി അവരോടുകൂടി ഊണുകഴിച്ച് അന്നു രാത്രി വളരെ സുഖമായി അവിടെ പാർത്തു.

85. കൃഷ്ണന്ന് മാർഗ്ഗത്തിൽ ദുര്യോധനൻ സഭ നിർമ്മിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "ദൂതന്മാർ പറഞ്ഞ് ധൃതരാഷ്ട്രൻ കൃഷ്ണന്റെ വരവ് അറിഞ്ഞു. ഉടനെ മഹാശയന്മാരായ ഭീഷ്മൻ, ദ്രോണൻ, സഞ്ജയൻ, വിദുരൻ മുതൽപേരേയും, മന്ത്രിമാരോടുകൂടിയ ദുര്യോധനനേയും വിളിച്ചുകൂട്ടി ധൃതരാഷ്ട്രൻ ഭീഷ്മനോട് ഇപ്രകാരം പറഞ്ഞു: "അത്ഭുതം! ആശ്ചര്യംതന്നെ! ഹേ കുരുനന്ദനാ! ആബാലവൃദ്ധം, സ്ത്രീലോകമടക്കം സകലരും വീടുതോറും പറയുന്നു, ചിലർ മാനിച്ചു പറയുന്നു; ചിലർ കൂട്ടംകൂടി പറയുന്നു; വേറെ പലരും പല വഴിക്കും, വഴിയമ്പലങ്ങളിലും, സത്രങ്ങളിലും, ആപണങ്ങ

digitized by www.sreyas.in

ളിലും ഇരുന്നു പറയുന്നു, മഹാനായ കൃഷ്ണൻ പാണ്ഡവാർത്ഥത്തിന്നായി ഇങ്ങോട്ടുവരുന്നുണ്ടത്രേ! നമ്മൾക്കു മാന്യനും പൂജാർഹനും ആണല്ലോ മധുസൂദനൻ. അവനിലാണല്ലോ ലോകത്തിന്റെ യാത്ര! ജീവികൾക്ക് അവനാണല്ലോ ഈശ്വരൻ ആ മാധവനിൽ ഓജസ്സും, ധൃതിയും, പ്രജ്ഞയും, വീര്യവും സ്ഥിതിചെയ്യുന്നു. ആ നൃവരനെ നാം പൂജിക്കുക. ശാശ്വതമായ ധർമ്മമാണല്ലോ അവൻ. അദ്ദേഹത്തെ പൂജിച്ചാൽ സുഖം ലഭിക്കും. പൂജിക്കാതിരുന്നാൽ ദുഃഖവും സംഭവിക്കും. ആ അരിന്ദമനായ ദാശാർഹൻ, കൃഷ്ണൻ, ഉപചാരത്താൽ പ്രീതനായിത്തീർന്നാൽ അവനിൽനിന്ന് രാജാക്കന്മാരൊക്കെ സൽപ്പേരിന്നു പാത്രമായിത്തീരും. ഹേ പരന്തപാ! അവനെ പൂജിക്കുവാൻ വേണ്ടതെല്ലാം ഉടനെ ഒരുക്കണം. അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾതോറും ഉടനെ സഭകൾ, സർവ്വകാമങ്ങളായ മന്ദിരങ്ങൾ, അത്ഭുതവേഗത്തിൽ പടുത്തുയർത്തണം. അവന് നിന്നിൽ സന്തോഷം ജനിപ്പിക്കുവാൻ വേണ്ടതൊക്കെ സജ്ജമാക്കണം. ഹേ, ഗാന്ധാരീപുത്രാ! ഹേ, ഭീഷ്മാ! നിങ്ങളുടെയൊക്കെ അഭിപ്രായമെന്താണ്?"

ഇതു കേട്ടു ധൃതരാഷ്ട്രനോട് എല്ലാവരും അദ്ദേഹത്തിന്റെ അഭിപ്രായത്തെ വാഴ്ത്തിപ്പറയുകയും, വേണ്ട കാര്യമാണ് രാജാവു പറഞ്ഞതെന്നു സമ്മതിക്കുകയും ചെയ്തു. അവരുടെ അഭിപ്രായം കേട്ട ഉടനെ ദുര്യോധനരാജാവ് അഴകേറിയ സഭാസ്ഥാനങ്ങൾ അലങ്കരിക്കുവാൻ തുടങ്ങി. ഭംഗിയേറുന്ന സഭകൾ ദേശംതോറും ചെന്ന് വിശിഷ്ടവസ്തുക്കളോടുകൂടി നിർമ്മിച്ചു സജ്ജമാക്കി. പലേ ഗുണങ്ങളോടുകൂടിയ പലതരം വിശിഷ്ടാസനങ്ങൾ, സുന്ദരിമാരായ പെണ്ണുങ്ങൾ, ഭൂഷണങ്ങൾ, സുരഭിലവസ്തുക്കൾ, മൃദുവായ വിശിഷ്ടവസ്ത്രങ്ങൾ, ഹൃദ്യമായ അന്നപാനങ്ങൾ, പലമാതിരി ഭോജ്യങ്ങൾ, സുഗന്ധമേറിയ മാലകൾ. ഇവയൊക്കെ രാജാവ് സജ്ജമാക്കി. വൃകസ്ഥലിയിലെത്തുമ്പോൾ പാർക്കുവാൻ വിശേഷപ്പെട്ട സഭ നാനാരത്നാഢ്യമായി ഭംഗിയായി നിർമ്മിച്ചു. അതിമാനുഷമായി ഇതൊക്കെ തീർപ്പിച്ചതിന്നുശേഷം ധൃതരാഷ്ട്രനെച്ചെന്നുകണ്ടു വിവരം അറിയിച്ചു.

കൃഷ്ണനാകട്ടെ, ആ നല്ല സഭകളും നാനാരത്നങ്ങളോടുകൂടിയ അലംകൃതവസ്തുക്കളും ഒന്നുംതന്നെ നോക്കാതെ കുരുമന്ദിരത്തിലേക്കു നേരെ യാത്രചെയ്തു.

86. ധൃതരാഷ്ട്രവാക്യം – കൃഷ്ണനെ സ്വീകരിക്കുവാൻ വേണ്ട ഒരുക്കം ധൃതരാഷ്ട്രൻ വിദുരനെ അറിയിക്കുന്നു – ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, വിദുരാ, മധുസൂദനൻ ഉപപ്ലാവ്യത്തിൽനിന്നു പോന്ന് വൃകസ്ഥലിയിലെത്തിയതായി ഞാൻ അറിയുന്നു. ഇന്നവിടെ പാർത്ത് നാളെ കാലത്ത് ഇവിടെ എത്തുന്നതാണ്. ആഹുകന്മാ * രുടെ അധിപതിയും, എല്ലാ സാത്വതന്മാരുടെയും നായകനും, മഹാസേനനും, മഹാവീര്യനും മഹാസത്വനുമായ ജനാർദ്ദനൻ പരിപുഷ്ടമായ വൃഷ്ണിരാജ്യത്തിന്ന് നാഥനും ഗോപ്താവുമാണ്. മൂന്നുലോകത്തിന്നും ഭഗവാനും പ്രപിതാമഹനുമാണ് ആ മഹാശയൻ. വൃഷ്ണ്യന്ധകന്മാർ തെളിഞ്ഞ് ഇവന്റെ പ്രജ്ഞയ്ക്കു ചേർന്നു നില്ക്കുന്നു. ആദിത്യവസുരുദ്രന്മാർ ഗുരുവിന്റെ പ്രജ്ഞയെ ആശ്രയിക്കുന്നവിധം അവർ നില്ക്കുന്നു. മഹാത്മാവായ ആ കൃഷ്ണനെ ഇന്നു ഞാൻ ധർമ്മജ്ഞനായ ഭവാൻ കണ്ടു നില്ക്കെ പൂജിക്കുന്നതാണ്. അത് എങ്ങനെയാണെന്നു ഞാൻ പറയാം.

ഒരേ നിറത്തിൽ മെയ്യുള്ളതായ ബാൽഹീകന്മാരുടെ കുതിരകളെ നാലെണ്ണംവീതം പൂട്ടിയ സ്വർണ്ണരഥം പതിനാറെണ്ണം ഞാൻ അവന്നു നല്കുന്നതാണ്. കരിയുടെ തണ്ടുപോലെയുള്ള കൊമ്പുള്ള മദംകൊണ്ട യോധഗജങ്ങളേയും എട്ടെട്ടു ഭൃത്യന്മാരോടുകൂടിയ എട്ടു ഗൃഹങ്ങളും ഞാൻ അവന്നു നല്കും. സ്വർണ്ണത്തിന്റെ നിറംപോലെ മെയ്യഴകുള്ളവരും പ്രസവിക്കാത്തവരുമായ മനോഹരികളായ നൂറു പെണ്ണുങ്ങളേയും അത്രതന്നെ ദാസിമാരേയും ഞാൻ അദ്ദേഹത്തിന്നു നല്കുന്നതാണ്. പാർവ്വതീയന്മാർ നല്കിയ ഏറ്റവും മൃദുവായ കമ്പിളികൾ പതിനെണ്ണായിരം ഞാൻ അവന്നു നല്കുന്നതാണ്. ചീനദേശത്തുനിന്നു വരുത്തിയ ആയിരം കുതിരകളേയും ഞാൻ അവന്നു നല്കും. കേശവൻ അതിന്നൊക്കെ അർഹനാണ്. രാവും പകലും തെളിഞ്ഞുശോഭിക്കുന്ന ഈ വിശിഷ്ടരത്നം ഞാൻ അവന്നു നല്കും. കേശവൻ അതിന്നും അർഹനാണ്. ഒരു പകൽകൊണ്ട് പതിന്നാലു യോജന സഞ്ചരിക്കുന്നതായ 'അശ്വതരീയാന' * മുണ്ടല്ലോ അതും ഞാൻ അവന്നു നല്കുന്നതാണ്. അവന്ന് എത്ര വാഹനങ്ങളുണ്ടോ എത്ര ഭൃത്യന്മാരുണ്ടോ അതിന്റെ എട്ടിരട്ടി 'ഭോജ്യങ്ങൾ' ഞാൻ അവന്നു നല്കും. ദുര്യോധനനൊഴിച്ച് എന്റെ എല്ലാ പുത്രന്മാരും മിന്നുന്നതേരിൽക്കയറി കൃഷ്ണനെ എതിരേല്ക്കുവാൻ പോകട്ടെ. നല്ലപോലെ ആഭരണങ്ങളണിഞ്ഞ സുന്ദരിമാരായ വേശ്യാസ്ത്രീകൾ കാൽനടയായിച്ചെന്ന് മഹാത്മാവായ മുകുന്ദനെ എതിരേല്ക്കട്ടെ! നഗരത്തിൽ കൃഷ്ണനെ കാണുവാനായി കല്യാണിമാരായ പെൺകിടാങ്ങൾ മാറുമറയ്ക്കാതെ ഇറങ്ങട്ടെ! യോഗ്യരായ സ്ത്രീപുരുഷന്മാർ നിരന്നുള്ള നഗരം മാന്യനായ മധുവൈരിയെ ഉദയസൂര്യനെ എന്നപോലെ കണ്ടുകൊള്ളട്ടെ. കൊടി തൂങ്ങുന്നതായ വലിയ ധ്വജങ്ങൾ, ദിക്കുതോറും നാട്ടട്ടെ! മാർഗ്ഗത്തിലെല്ലാം ജലംകൊണ്ടു നനച്ച് പൊടിയൊതുക്കട്ടെ.

പിന്നെ കൃഷ്ണന്നു പാർക്കുവാൻ പറ്റിയത് ദുര്യോധനഗൃഹത്തേക്കാൾ മെച്ചപ്പെട്ട ദുശ്ശാസനഗൃഹമാണ്. ആ രമ്യമന്ദിരം ഉടനെ തുടച്ചുനന്നാക്കി സജ്ജമാക്കണം. ഭംഗിയേറിയ മേടകൊണ്ട് എല്ലാവരിലും ഉപരിയായി അഴകേറുന്ന ഗൃഹം അതാണല്ലോ. ശിവവും രമ്യവുമായ സർവ്വവസ്തുക്കൾ നിറഞ്ഞതും അതാണല്ലോ. എന്റേയും ദുര്യോധനന്റേയും വിലപിടിച്ച വസ്തുക്കളും ധനവുമൊക്കെ അതിലാണല്ലോ വച്ചിരിക്കുന്നത്. ദാശാർഹന്ന് അർഹമായത് ഏതെല്ലാമാണോ അതൊക്കെ യാതൊരു സംശയവുംകൂടാതെ ഞാൻ നല്കും."

87. വിദുരവാക്യം – കൃഷ്ണനെ സമ്മാനങ്ങൾ കൊണ്ട് വശത്താക്കാൻ കഴിയുകയില്ലെന്നു വിദുരൻ പറയുന്നു – വിദുരൻ പറഞ്ഞു: "ഹേ, രാജാവേ, ഭവാൻ മൂന്നു ലോകത്തിനും സമ്മതനും, സത്തമനും, ലോകസംഭാവിതനും, ഏറ്റവും മാനിതനുമാണ്. ഈ നിലയ്ക്ക് ഇപ്രകാരമൊക്കെ പറയുവാൻ തക്ക പ്രായംചെന്നവനും, ശാസ്ത്രത്താലും ചിന്തയാലും സുസ്ഥിരനായ വൃദ്ധനുമാണ് ഭവാൻ. കല്ലിൽ ലേഖപോലേയും, സൂര്യനിൽ ഭാസ്സുപോലേയും, കടലിൽ തിരപോലെയും ഭവാനിൽ ധർമ്മം സ്ഥിതിചെയ്യുന്നതായി നാട്ടുകാർ കരുതുന്നു. എപ്പോഴും ലോകം നന്ദിയോടുകൂടി ഭവാന്റെ ഗുണത്തെപ്പറ്റി ചിന്തിക്കുന്നു. സബാന്ധവനായ ഭവാൻ എപ്പോഴും ഗുണം കാത്തുരക്ഷിക്കുവാനായി യത്നിച്ചാലും ആർജ്ജവം മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. വൃദ്ധനായ ഭവാൻ ബാലചാപല്യം കാണിക്കരുത്. അങ്ങ് പുത്രപൗത്രസുഹൃൽപ്രിയജനങ്ങളെ മൗഢ്യത്തിൽ പെടുത്തരുത്.

ഭവാൻ കൃഷ്ണന്ന് അതിഥിസൽക്കാരംചെയ്യുവാൻ വിലപിടിച്ച പലതുകൊണ്ടും ചിന്തിക്കുന്നില്ലേ? അതും മറ്റു വിലപിടിച്ച വസ്തുക്കളും ഈ ലോകം മുഴുവനുംതന്നെ ദാശാർഹൻ അർഹിക്കുന്നുണ്ട്. ഭവാൻ കൃഷ്ണനിൽ ധർമ്മം ചിന്തിച്ചിട്ടല്ല; അവനിലുള്ള നന്ദിയാലുമല്ല ഇപ്പറഞ്ഞതൊക്കെ കൃഷ്ണന്നു നല്കുവാൻ തയ്യാറായിരിക്കുന്നത്. ഞാൻ സത്യം ചെയ്യുന്നു. ആത്മാവാണ് ഞാൻ ഈ പറഞ്ഞതു സത്യമാണ്. ഇത് ഭവാന്റെ ഇന്ദ്രജാലമാണ്. മിഥ്യയായ കപടമാണ്. ഹേ ഉദാരശീലാ, ഭവാൻ കപടം പുറമേ കാണിക്കാത്തവിധം ഔദാര്യംകൊണ്ട് മൂടിവെക്കുകയാണെന്ന് നിമിത്തംകൊണ്ടും ഞാൻ കണ്ടിരിക്കുന്നു.

പാണ്ഡവന്മാർ അഞ്ചുപേർക്ക് അഞ്ചു ഗ്രാമമല്ലേ അവർ ആഗ്രഹിച്ചുള്ളൂ അത് അവർക്കു നല്കുവാൻ ഭവാൻ തയ്യാറില്ല. ഭവാൻ ശമം സ്വീകരിക്കുന്നില്ല. എന്നിട്ട് മഹാഭുജനായ കൃഷ്ണ

* ആഹുകൻ = ഉഗ്രസേനന്റെ പിതാവ്.

* വേഗമുള്ള വാഹനം.

digitized by www.sreyas.in

നെ സ്വത്തു നല്കി വശീകരിക്കുവാൻ ശ്രമിക്കുകയാണ്. ഈ കൈക്കൂലികൊണ്ട് ഭവാൻ പാണ്ഡവരിൽനിന്നു കൃഷ്ണനെ അകറ്റുവാൻ ശ്രമിക്കുകയാണ്. വിത്തത്താലും, ഉദ്യമത്താലും, ഗർഹണംകൊണ്ടും അവനെ അർജ്ജുനനിൽനിന്നകറ്റുവാൻ അങ്ങയ്ക്കാകട്ടെ, ആർക്കുമാകട്ടെ സാദ്ധ്യമല്ല അതിന്റെ തത്ത്വം ഞാൻ പറഞ്ഞുതരാം. കൃഷ്ണന്റെ മാഹാത്മ്യം എനിക്കറിയാം. അവനിലുള്ള കൂറും എനിക്കറിയാം. കൃഷ്ണന്നു പ്രാണതുല്യനാണ് അർജ്ജുനൻ. അത്യാജ്യനാണ് അർജ്ജുനൻ. പൂർണ്ണകുംഭംകൊണ്ടു കാൽകഴുകൽ, കുശലോക്തി ഇവ രണ്ടുമൊഴികെ മറ്റൊന്നുംതന്നെ കൃഷ്ണൻ ഭവാനിൽനിന്നു സ്വീകരിക്കുകയില്ല. മാന്യനും മഹാബാഹുവുമായ അവന്ന് ഇന്ന് എന്ത് ആതിഥ്യമാണോ അഭീഷ്ടമായിട്ടുള്ളത് അതു ഭവാൻ ചെയ്തുകൊള്ളുക ജനാർദ്ദനൻ മാന്യനാണല്ലോ. ജനാർദ്ദനൻ കുരുപാർശ്വത്തിലേക്കു വരുന്നതു നന്മയെ ഇച്ഛിച്ചാണ്. അവന്ന് എന്താണ് ആവശ്യമെന്നാൽ അതു ചെയ്യുകയാണ് ഭവാൻ വേണ്ടത്. കൃഷ്ണൻ അങ്ങയ്ക്കും, ദുര്യോധനന്നും, പാണ്ഡവന്മാർക്കും ശമം ഇച്ഛിക്കുന്നു. ഹേ രാജാവേ, ഭവാൻ അദ്ദേഹം പറയുന്നതു ചെയ്യുക. ഭവാൻ പിതാവാണ്; അവർ പുത്രന്മാരാണ്. ഭവാൻ വൃദ്ധനാണ്; അവർ കുട്ടികളാണ്. ഭവാൻ അവരിൽ അച്ഛനെപ്പോലെയാവുക; അവർ പുത്രന്മാരെപ്പോലെ നില്ക്കും!"

88. ദുര്യോധനവാക്യം - ദുര്യോധനൻ കൃഷ്ണനെ ആക്ഷേപിച്ചു പറഞ്ഞപ്പോൾ ഭീഷ്മൻ സഭയിൽനിന്നിറങ്ങുന്നു - ദുര്യോധനൻ പറഞ്ഞു: "വിദുരൻ കൃഷ്ണനെപ്പറ്റി പറഞ്ഞത് അച്യുതനെപ്പറ്റിയേടത്തോളം സത്യംതന്നെയാണ്. പാർത്ഥന്മാരിൽ കൂറുള്ളവനായ കൃഷ്ണൻ വശീകരിച്ചാലൊന്നും മാറുന്നവനല്ല. ജനാർദ്ദനനെ സൽക്കരിക്കുവാൻ യുക്തമായതും നല്കേണ്ടതുമായ ധനം പലമട്ടിലും ഭവാൻ കൊടുക്കാൻ പോകുന്നുണ്ടെന്നു പറഞ്ഞല്ലോ. അതൊന്നും കൊടുക്കുവാൻ ഒരിക്കലും വയ്യ. അങ്ങനെ ചെയ്യുന്നതിന്നു ദേശകാലസ്ഥിതിക്ക് ഇപ്പോൾ കേശവൻ അർഹിക്കുന്നില്ല. ഭയപ്പെട്ടു പൂജിക്കുകയാണെന്നു മാധവൻ വിചാരിക്കും. ഏതു ചെയ്താൽ ക്ഷത്രിയന്ന് അവമാനം പറ്റുമോ, അത് ഒരിക്കലും വിദ്വാൻ ചെയ്തുപോകരുതെന്നാണ് എന്റെ അഭിപ്രായം. വിശാലലോചനനായ കൃഷ്ണൻ പൂജ്യൻതന്നെയാണെന്നു ഞാൻ സമ്മതിക്കാം. മൂന്നു ലോകത്തിലും ഉള്ളവർക്കൊക്കെ അത് അറിയാവുന്നതാണുതാനും. അവന്ന് ഒന്നും കൊടുക്കാൻ പാടില്ല. കാലത്തിന്റെ ഗതി അതാണ്. യുദ്ധം തുടങ്ങുവാനാണു പോകുന്നത്. യുദ്ധംകൂടാതെ അടങ്ങുവാൻപോകുന്നില്ല."

വൈശമ്പായനൻ പറഞ്ഞു: "ദുര്യോധനന്റെ വാക്കു കേട്ടപ്പോൾ കുരുപിതാമഹനായ ഭീഷ്മൻ വൈചിത്ര്യവീര്യരാജാവിനോട് ഇപ്രകാരം പറഞ്ഞു: 'ഹേ, രാജാവേ, പൂജിക്കുന്നില്ലെങ്കിലും കൃഷ്ണൻ കോപിക്കുകയില്ല. എന്നാൽ അവനെ നിന്ദിക്കരുത്. ഒരിക്കലും കേശവൻ നിന്ദ്യനല്ല. ഹേ മഹഭുജാ, മനസ്സുകൊണ്ട് കാര്യമായിക്കണ്ടത് എന്തു കാര്യമാണോ അത് എന്ത് ഉപായംകൊണ്ടും മറ്റൊരാൾ മാറ്റുകയില്ല, തീർച്ചയാണ്. ആ മഹാബാഹു എന്തു പറയുന്നുവോ, അതു ശങ്കകൂടാതെ ചെയ്യുകയാണ് വേണ്ടത്. വാസുദേവൻ മുഖേന പാണ്ഡവന്മാരുമായി യോജിക്കുകയാണു നല്ലത്. ധർമ്മാർത്ഥപരമായിട്ടല്ലാതെ ധർമ്മാത്മാവായ ജനാർദ്ദനൻ പറയുകയില്ല. അവനോടു പ്രിയമായ വാക്ക് ബാന്ധവാർച്ചിതനായ ഭവാൻ പറയണം."

ദുര്യോധനൻ പറഞ്ഞു: "രാജാവേ, ഞാൻ ഈ പറയുന്നതിൽ യാതൊരു മാറ്റവും ഉണ്ടാവുകയില്ല. ഞാൻ ഈ കേവലലക്ഷ്മിയെ അവരുമായി ചേർന്ന് അനുഭവിക്കുകയില്ല. ഹേ പിതാമഹാ! ജീവൻ എന്നിൽ നില്ക്കുന്നിടത്തോളം ഞാൻ അതു ചെയ്യുകയില്ല. ഈ മഹത്തായ കാര്യം ഞാൻ തീർച്ചയാക്കിയിട്ടുള്ളതാണ്. അതു ഭവാൻ കേൾക്കുക. പാണ്ഡവന്മാർക്ക് ആശ്രയമായ ഈ കൃഷ്ണനെ ഞാൻ പിടിച്ചുകെട്ടുന്നതാണ്. അവനെ പിടിച്ചു ബന്ധിച്ചാൽ വൃഷ്ണിപുംഗവന്മാരും ഭൂമിയും ഈ പാണ്ഡവന്മാരും ഒക്കെ എന്റെ പാട്ടിലാകും. അവൻ പുലർച്ചയ്ക്ക് ഇവിടെ എത്തും. ജനാർദ്ദനൻ ധരിക്കാതെ അതിന്നുള്ള ഉപായം അപായംകൂടാത്തവിധം ഭവാൻ എനിക്കു പറഞ്ഞുതരണം."

വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണനെപ്പറ്റി ഈ ഘോരമായ വർത്തമാനം അവൻ പറഞ്ഞപ്പോൾ മന്ത്രിമാരോടുകൂടിയ ധൃതരാഷ്ട്രൻ നടുങ്ങിപ്പോയി. വിഷണ്ണനായി. പിന്നെ ദുര്യോധനനോടു ധൃതരാഷ്ട്രൻ പറഞ്ഞു: 'ഹേ ഭൂപാലാ, ഇപ്രകാരം പറയരുത്. ഇതു ശാശ്വതമായ ധർമ്മമല്ല ഹൃഷീകേശൻ ദൂതനാണല്ലോ. നമ്മുടെ ഇഷ്ടനും സംബന്ധിയുമാണ്. കുരുക്കളിൽ ഒരിക്കലും ഒരു അപരാധവും ചെയ്യാത്തവനാണ്. അവൻ എങ്ങനെ തടവിന്ന് അർഹനാകും?"

ഭീഷ്മൻ പറഞ്ഞു: "ഹേ ധൃതരാഷ്ട്രാ, നിന്റെ പുത്രൻ ആസകലം മാറിപ്പോയിരിക്കുന്നു. ജളാശയനായ ഇവൻകാരണം സകല അനർത്ഥങ്ങളും വന്നുകൂടും. സുഹൃജ്ജനങ്ങൾ ഇരക്കുന്നതായാൽ ഇവൻ അർത്ഥം നല്കുകയില്ല. പാപംതന്നെ ഉൽപതിച്ചുകൊണ്ടിരിക്കുന്നു. ഈ പാപം തുടരുന്ന പാപശീലനെ സുഹൃജ്ജനങ്ങളുടെ വാക്കു തള്ളിയിട്ട് കഷ്ടം! നീ പിൻതാങ്ങുകയാണ്. അക്ലിഷ്ടകാരിയായ കൃഷ്ണനോട് ഏറ്റുമുട്ടി ഈ ദുരാശയനായ നിന്റെ പുത്രൻ ഉടനെതന്നെ ഇല്ലാതാകുവാനാണുപോകുന്നത്. നൃശംശനും പാപിയും ദുഷ്ടബുദ്ധിയും അധാർമ്മികനുമായ ഇവൻ അനർത്ഥങ്ങൾ പറയുന്നതു കേൾക്കുവാൻ എനിക്ക് ഒരിക്കലും വയ്യ." ഇപ്രകാരം പറഞ്ഞ് ഭാരതശ്രേഷ്ഠനായ ആ വൃദ്ധൻ, സത്യപരായണനായ ഭീഷ്മൻ, ക്രോധത്തോടെ അവിടെ നിന്ന് എഴുന്നേറ്റു നടന്നു.

89. വിദുരഗൃഹപ്രവേശം - വൈശമ്പായനൻ പറഞ്ഞു: "പ്രഭാതമായപ്പോൾ കൃഷ്ണൻ എഴുന്നേറ്റു. പ്രഭാതത്തിൽ ചെയ്യാറുള്ള ആഹ്നികമായ കർമ്മം കഴിഞ്ഞതിന്നുശേഷം ബ്രാഹ്മണരുടെ അനുജ്ഞവാങ്ങി നഗരത്തിലേക്കായി പുറപ്പെട്ടു. മഹാബലനും മഹാബാഹുവുമായ ഗോവിന്ദൻ പോകുമ്പോൾ സമ്മതത്തോടുകൂടെ അവന്നു തുണയായി വൃകസ്ഥലനിവാസികൾ പുറപ്പെട്ടു.

കൃഷ്ണൻ പുറപ്പെട്ടപ്പോൾ എതിരേല്പിന്നായി ദുര്യോധനൻ ഒഴികെയുള്ള ധാർത്തരാഷ്ട്രന്മാർ അണിഞ്ഞൊരുങ്ങി ഭീഷ്മദ്രോണകൃപാദികളായ ഗുരുജനങ്ങളോടുകൂടി ചെന്നു. വളരെ അധികം പൗരന്മാരും കൃഷ്ണനെ കാണുവാനായി പല വാഹനങ്ങളിൽക്കയറിയും കാൽനടയായും വന്നുകൂടി. വഴിക്ക് അക്ലിഷ്ടകർമ്മാവായ ഭീഷ്മനോടും ദ്രോണനോടും ധാർത്തരാഷ്ട്രന്മാരോടുംചേർന്ന് കൃഷ്ണൻ പുരത്തിലേക്കു കയറി. കൃഷ്ണനെ സൽക്കരിക്കാൻ മോടികൂട്ടിയ ആ പുരത്തിൽ വിശേഷവസ്തുക്കൾ ചിന്നിയമട്ടിൽ രാജവീഥി പ്രശോഭിച്ചു. അന്ന് ആരും തന്നെ വീട്ടിനകത്ത് അടച്ച് ഇരുന്നില്ല. എല്ലാവരും, സ്ത്രീവൃദ്ധബാലകന്മാരൊക്കെയും കൃഷ്ണദർശനകൗതുകം മൂലം വീഥിയിലിറങ്ങി. രാജമാർഗ്ഗങ്ങളിൽ ഭൂമിയിൽ നിന്നിരുന്ന മർത്ത്യന്മാർ വാസുദേവൻ പ്രവേശിക്കുമ്പോൾ വാഴ്ത്തിസ്തുതിച്ചു ശ്രേഷ്ഠകളായ സ്ത്രീകൾ നിറഞ്ഞ രാജമാർഗ്ഗത്തിലുള്ള ഉന്നതഗൃഹങ്ങൾ ഭാരംകൊണ്ട് ഇളകുന്നവിധം കാണപ്പെട്ടു. അപ്രകാരംതന്നെ ജനനിബിഡമായ രാജവീഥികളിൽക്കൂടി ദ്രുതഗതിയിൽ സഞ്ചരിക്കുന്ന രഥാശ്വങ്ങൾക്ക് ജനസാന്ദ്രതമൂലം ഗതിമുട്ടിയ വിധത്തിലായി. ആ ശത്രുകർശനനായ ഭഗവാൻ വെളുത്ത സൗധനിരകൊണ്ടും ശോഭിക്കുന്ന ധൃതരാഷ്ട്രഗൃഹത്തിലേക്കു കയറി. കേശവൻ രാജഗൃഹത്തിൽ മൂന്നു കാവൽസ്ഥാനങ്ങൾ കയറിച്ചെന്ന് വൈചിത്ര്യവീര്യരാജാവിന്റെ അരികിലെത്തി അദ്ദേഹത്തെ കണ്ടു. ദാശാർഹൻ വന്നടുക്കുന്ന സമയത്ത് പ്രജ്ഞാദൃഷ്ടിയും കീർത്തിമാനുമായ രാജാവ് ദ്രോണഭീഷ്മന്മാരോടുകൂടി എഴുന്നേറ്റു. സോമദത്തൻ, കൃപൻ, ബാൽഹീകരാജാവ് എന്നിവരും ആസനംവിട്ട് എഴുന്നേറ്റ് കൃഷ്ണനെ സൽക്കരിച്ചു. കീർത്തിമാനായ ധൃതരാഷ്ട്രരാജാവിന്റെ പാർശ്വത്തിലെത്തിയ കൃഷ്ണൻ ഭീഷ്മനോടുകൂടെ നല്ലവാക്കുകളാൽ രാജാവിനെ

digitized by www.sreyas.in

പൂജിച്ചു. അവരിൽ ധർമ്മക്രമത്തെ ചെയ്തതിന്നുശേഷം മധുസൂദനൻ വയഃക്രമംപോലെ രാജാക്കന്മാരുമായിച്ചേർന്നു സപുത്രനായ ദ്രോണൻ, കീർത്തിമാനായ ബാൽഹീകരാജാവ്, സോമദത്തൻ, കൃപൻ എന്നിവരുമായി ജനാർദ്ദനൻ ചേർന്നു. അവിടെ അലങ്കരിച്ചുവെച്ചിട്ടുള്ളതും ഊർജ്ജിതമായി ശോഭിക്കുന്നതുമായ വലിയ പൊന്മയമായ ആസനത്തിൽ ധൃതരാഷ്ട്രന്റെ വാക്കുകേട്ട് അച്യുതൻ ഇരുന്നു. പിന്നെ ഗോവ്, മധുപർക്കങ്ങൾ, ജലം എന്നിവ മധുവൈരിയിൽ ആചാര്യമര്യാദപോലെ ധൃതരാഷ്ട്രൻ മുതലായവർ സമർപ്പിച്ചു. സൽക്കാരം ഏറ്റതിന്നുശേഷം ഗോവിന്ദൻ കുരുക്കളെ നന്ദിപ്പിച്ചു. ധൃതരാഷ്ട്രൻ സൽക്കരിച്ച പൂജയേറ്റ് കുരുക്കളുടെ മദ്ധ്യത്തിൽ ബന്ധുജനബന്ധം കാണിച്ച് ഗോവിന്ദൻ ആഹ്ലാദത്തോടെ വാണു. പിന്നെ രാജാവിന്റെ സമ്മതംവാങ്ങി അവിടെനിന്നു നടന്നു. ന്യായംപോലെ കുരുസഭയിൽച്ചെന്ന് കുരുക്കളെ കണ്ടതിന്നുശേഷം രമ്യമായ വിദുരഗൃഹത്തിലേക്കു ചെന്നു. വിദുരൻ മംഗളദ്രവ്യങ്ങളുമായിച്ചെന്ന് എതിരേറ്റ്, അഭീഷ്ടംപോലെ ദാശാർഹനായ വാസുദേവനെ പൂജിച്ചു. 'ഹേ പുഷ്കരാക്ഷാ, ഭവാനെ കാണുകയാൽ എന്റെ ഉള്ളിലെ രസം ഞാൻ എങ്ങനെ അറിയിക്കുവാൻ ശക്തനാകും! ഞാൻ എന്തു പറയട്ടെ! ഭവാൻ ദേഹികളുടെ അന്തരാത്മാവുമാണല്ലോ!' ആതിഥ്യം ചെയ്തതിന്നുശേഷം മധുവൈരിയായ ഗോവിന്ദനോട് ധാർമ്മികനായ വിദുരൻ പാണ്ഡവന്മാരുടെയെല്ലാം ക്ഷേമം ചോദിച്ചു. ധർമ്മാർത്ഥനിത്യനായി, സത്തായി, ധീമാനായി, രോഷം ലേശവും ബാധിക്കാത്തവനായി, പ്രീതിയോടുകൂടി പ്രശോഭിക്കുന്ന ബുദ്ധിസത്തമനായ വിദുരൻ കുശലം ചോദിച്ചപ്പോൾ ആ ക്ഷത്താവോടു പാണ്ഡവന്മാരുടെ എല്ലാ ചേഷ്ടിതങ്ങളും വിസ്തരിച്ച് പ്രത്യക്ഷമായിക്കണ്ടവനായ ദാശാർഹൻ പറഞ്ഞു."

90. കൃഷ്ണകുന്തീസംവാദം – വൈശമ്പായനൻ പറഞ്ഞു: "വിദുരനെ കണ്ടതിന്നുശേഷം അപരാഹ്നമായപ്പോൾ മാധവൻ തന്റെ അച്ഛൻപെങ്ങളായ കുന്തിയെ കണ്ടു. സൂര്യതുല്യം പ്രശോഭിക്കുന്ന കൃഷ്ണൻ വന്നെത്തുന്നതു കണ്ട സമയത്ത് അടുത്തു ചെന്ന് കൃഷ്ണന്റെ കഴുത്തിൽ തഴുകിക്കൊണ്ട് തന്റെ പുത്രന്മാരെപ്പറ്റിയോർത്ത് കുന്തി വിലപിച്ചു. സത്വവാന്മാരായ തന്റെ മക്കളുടെ കൂട്ടുകാരനായ മുകുന്ദനെ വളരെ നാളുകൾക്കുശേഷം കൺകുളിരെ കണ്ടു കണ്ണുനീർ വാർത്ത് ആതിത്ഥ്യംചെയ്തു കൃഷ്ണനെ ഇരുത്തിയതിന്നുശേഷം കണ്ണുനീരുനിറഞ്ഞു വല്ലാതെ വാടിയ മുഖത്തോടെ കുന്തി ഇപ്രകാരം സകരുണം പറയുവാൻ തുടങ്ങി: 'ബാല്യം മുതൽ എപ്പോഴും ഗുരുശുശ്രൂഷ ചെയ്തവരും, സമ്മതന്മാരും, തമ്മിൽ ഇഷ്ടത്തോടെ ജീവിക്കുന്ന സമബുദ്ധികളും, ആയ എന്റെ മക്കൾ വഞ്ചനയിൽപ്പെട്ടു രാജ്യഭ്രഷ്ടരായി. ജനമദ്ധ്യത്തിൽ താമസിക്കുവാൻ അർഹരായ അവർ വിജനത്തിൽപ്പോയി താമസിച്ചു. ബ്രഹ്മണ്യന്മാരും, ക്രോധവും ഹർഷവും അടക്കുന്ന സത്യവാദികളും, സുഖപ്രിയം വിട്ടവരും ആയ പാർത്ഥന്മാർ, കേഴുന്ന എന്നേയുംവിട്ടു കാടുകയറി. അതുമൂലം എന്റെ ഹൃദയം തകർന്നുപോയി കൃഷ്ണാ! അനിന്ദ്യരും, അർഹരും, യോഗ്യരുമായ പാണ്ഡവന്മാർ, എന്റെ മക്കൾ, എങ്ങനെ സിംഹവ്യാഘ്രഗജാകീർണ്ണമായ കാട്ടിൽ പാർത്തു! ബാല്യത്തിൽ അച്ഛനില്ലാതെ ഞാൻ ലാളിച്ചു വളർത്തിയവരാണ് എന്റെ മക്കൾ. പിതൃലാളനാസുഖം അനുഭവിക്കാത്തവരാണ്. മാതാവു മുതലായ ഗുരുജനങ്ങളെ കാണാതെ എങ്ങനെ കാട്ടിൽ കഴിച്ചുകൂട്ടി! ശംഖധ്വനി കേട്ടും, ഭേരീരവം കേട്ടും, വേണുമൃദംഗനിനാദം കേട്ടും, ബാല്യംമുതൽ ഉണർന്നെഴുന്നേല്ക്കാറുള്ള എന്റെ മക്കൾ, ആനകളുടെ ചിന്നംവിളിയും, കുതിരകളുടെ ശബ്ദവും, രഥചക്രധ്വനിയുംകേട്ടു രാജഗൃഹത്തിൽ ഉണർന്നിരുന്നവർ, ശംഖഭേരീനിനാദത്താലും, വേണുവീണാസ്വനത്താലും, പുണ്യാഹഘോഷസമ്മിശ്രമായി വിപ്രന്മാർ സൽക്കരിച്ചിരുന്നവർ, വിപ്രന്മാരെ വസ്ത്രരത്നാഭരണാദികൊണ്ട് സൽക്കരിച്ചവർ, യോഗ്യരായ ബ്രാഹ്മണർക്കുള്ള മംഗളോക്തികൾകൊണ്ട് അർച്ചിതന്മാരായും, അർച്ച്യർകളായും വാഴ്ത്തി മേടകളുടെ ഉയർന്നനിലയിൽ ഉണർന്നിരുന്നവർ, തോൽമെത്തകളിൽ ഉറങ്ങിയിരുന്നവർ, എന്റെ മക്കൾ, ക്രൂരരായി മുള്ളൻ പന്നികളുടെ ശബ്ദംകേട്ട് ഉറങ്ങാറുണ്ടാവില്ല, തീർച്ചയാണ്! അവർ അതിന്ന് അനർഹരല്ലേ, ജനാർദ്ദനാ!

എങ്ങനെയാണ് അവർ പ്രഭാതത്തിലുണർന്നിരുന്നതെന്നു നീ അറിയുന്നില്ലേ? മൃദംഗഭേരീനിനാദത്താലും, ശംഖവേണുസ്വനത്താലും, മധുരസ്വരകളായ സ്ത്രീകളുടെ ഗാനനാദത്താലും, വന്ദിമാഗധസൂതന്മാരുടെ സ്തോത്രങ്ങളാലും പതിവായി ഉണർന്നിരുന്നവർ, കാട്ടിൽ ശ്വാപദങ്ങളുടെ നാദത്താൽ എപ്രകാരമാണ് കൃഷ്ണ ഉണരുന്നത്! ഹ്രീമാനും, ദാന്തനും, സത്യധൃതിയും, സർവ്വഭൂതദയാപരനും, കാമക്രോധങ്ങൾ ജയിച്ച് സന്മാർഗ്ഗത്തിൽ നടക്കുന്നവനും മാന്ധാതാവ്, അംബരീഷൻ, യയാതി, നഹുഷൻ, ദിലീപൻ, ഭരതൻ, ഔശീനരൻ, ശിബി എന്നീ പുരാണരാജാക്കന്മാരുടെ ദുർഭരമായ ഭാരം ഏറ്റവനും, ശീലവൃത്തങ്ങൾചേർന്നവനും, ധർമ്മജ്ഞനും, സത്യസംഗരനും, മൂന്നു ലോകത്തിന്നും രാജാവാകുവാൻതക്ക യോഗ്യതയുള്ളവനും, അജാതശത്രുവും, ധർമ്മിഷ്ഠനും, തങ്കപ്പൊന്നിന്റെ നിറത്തോടുകൂടിയവനും, ധർമ്മം, ശ്രുതം, വൃത്തം ഇവകൊണ്ട് കുരുക്കളിൽ ഉയർന്നവനും, പ്രിയദർശനനും, ദീർഘബാഹുവുമായ എന്റെ പുത്രൻ ധർമ്മജൻ എങ്ങനെ ജീവിക്കുന്നു കൃഷ്ണാ!

നാഗായുതപ്രാണനും, വായുവേഗനും, മഹാബലനും, അമർഷിയും, എന്നും ജ്യേഷ്ഠന്ന് ഇഷ്ടംചെയ്യുന്നവനും, പ്രിയങ്കരനും, കീചകന്റെ കുലത്തെ മുടിച്ചവനും, ശൂരനും, ക്രോധവശന്മാരായ ഹിഡും ബകന്മാരെ വധിച്ചവനും, വിക്രമത്തിൽ ശക്രതുല്യനും, ശക്തിയിൽ വായുതുല്യനും ക്രോധത്തിൽ രുദ്രതുല്യനും, യോധരിൽ ഉത്തമനും, ക്രോധം, ശക്തി, അസഹിഷ്ണുത ഇവ ചേർന്ന് പരന്തപനും, ജിതാത്മാവും, കോപിയും, അഗ്രജാജ്ഞയിൽ നില്ക്കുന്നവനും, തേജോനിധിയും, മഹാത്മാവും, മഹൗജസ്സും, ഏറ്റവും ഉന്നതനുമായ ഭീമൻ, ഹേ കൃഷ്ണാ, കാഴ്ചയിൽ ഇപ്പോൾ എങ്ങനെയിരിക്കുന്നു! ഹേ ജനാർദ്ദനാ, എന്നോടു പറയൂ, എന്റെ മകൻ വൃകോദരൻ ഇപ്പോൾ എന്തു മട്ടായിരിക്കും?

ദീർഘബാഹുവായ മദ്ധ്യമപാണ്ഡവൻ എങ്ങനെയിരിക്കുന്നു? ദീർഘബാഹവും ശക്തനുമായ അവൻ ആയിരം കൈകളുള്ള കാർത്തവീര്യാർജ്ജുനനോടും രണ്ടുകൈകൊണ്ടു മത്സരിക്കുവാൻ കെല്പുള്ള എന്റെ പുത്രൻ, അർജ്ജുനൻ എങ്ങനെ? ഒരു ഊക്കിൽ അഞ്ഞൂറു ബാണങ്ങളെ അവൻ എയ്തുവിടും. ഇക്ഷ്വസ്ത്രത്തിൽ അവൻ കാർത്തവീര്യരാജാവിനോടു തുല്യനാണ്. തേജസ്സാൽ അർക്കസദൃശനാണ്. ദമത്തിൽ ഋഷിതുല്യനാണ്. ക്ഷമയാൽ ക്ഷമയ്ക്കു തുല്യനാണ്. വിക്രമത്തിൽ മഹേന്ദ്രതുല്യനാണ്. ദീപ്തമായി പേർപുകഴ്ന്ന അധിരാജ്യങ്ങളെ കൗരവർക്കായി വീര്യത്താൽ എല്ലാ ഉർവ്വീശരിൽനിന്നും ഹരിച്ചവനാണ്. പാണ്ഡവർക്കൊക്കെ ആലംബമായ കൈയൂക്കു ചേർന്നവനാണ്. രഥിശ്രേഷ്ഠനായ സത്യവിക്രമനാണ്. പോരിൽ നേരിട്ടാൽ ഏതൊരുത്തനേയും ഉയിരോടെ മടക്കി അയയ്ക്കാത്തവനാണ്. സർവ്വഭൂതവിജേതാവായ അജേയനാണ്. ജിഷ്ണു വാനവന്മാർക്ക് ഇന്ദ്രൻ എന്നപോലെ പാണ്ഡവന്മാർക്ക് ആശ്രയമാണ്. നിന്റെ ഭ്രാതാവായ തോഴനാണല്ലോ ധനഞ്ജയൻ. ഇന്ന് അവന്റെ കഥ എന്താണു കൃഷ്ണാ!

സർവ്വഭൂതങ്ങളിലും ദയാശാലിയും, ഹ്രീമാനും, അസ്ത്രജ്ഞനും, സുകുമാരനും, മൃദുശീലനും, എനിക്കു ഇഷ്ടനായ ധാർമ്മികനും, മഹേഷ്വാസനും, ശൂരനും, പോരിൽ വിളങ്ങുന്നവനും, യുവാവും, ധർമ്മാർത്ഥദക്ഷനും, ഭ്രാതൃശുശ്രൂഷാതൽപരനും, ശുഭവൃത്തനും, മഹാത്മാവുമായ സഹദേവനെ എപ്പോഴും ഭ്രാതാക്കൾ മാനിക്കുന്നു. ജ്യേഷ്ഠവൃദ്ധികരനും, വീരനും, ഭടോത്തമനും, എന്റെ ഇഷ്ടംനോക്കുന്നവനുമായ ആ മാദ്രീപുത്രന്റെ കഥ എങ്ങനെയാണു കേശവാ!

സുകുമാരനും, ശൂരയുവാവും, അഴകേറിയവനും, വെളിവിൽ നില്ക്കുന്ന എന്റെ പ്രാണനും, സുഖമായി വളർന്നവനുമായ

digitized by www.sreyas.in

എന്റെ ഉണ്ണി, സുഖയോഗ്യനും അദുഃഖാർഹനും മഹാരഥനും ആയ എന്റെ മകൻ നകുലൻ എങ്ങനെയിരിക്കുന്നു? അവന്നു സുഖമല്ലേ? അവനെ ഇനി ഞാൻ കാണുകയില്ലേ? കണ്ണടയ്ക്കുന്ന ഒരു നിമിഷംപോലും അവനെ ഞാൻ വേർപിരിയാത്തവളാണ്. അവൻ പോയതിന്നുശേഷം എനിക്കു മനസ്സിന്ന് തളർച്ചയാണ്. കൃഷ്ണാ! നീ എന്നെയൊന്നു നോക്കൂ!

ജനാർദ്ദനാ! മക്കളേക്കാൾ ഒക്കെ ഇഷ്ടയാണ് എനിക്കു പാഞ്ചാലി. കുലീനയും, തികഞ്ഞ ഗുണസമ്പന്നയും പുത്രലോകത്തെ വിട്ട് ഭർത്തൃലോകത്തെ ആശ്രയിക്കുന്നവളും സത്യവാദിനിയും, ഇഷ്ടരായ പുത്രന്മാരെ വിട്ട് പാണ്ഡവാന്തത്തിൽ നില്ക്കുന്നവളും മഹാഭിജാത്യമുള്ളവളും സർവ്വകാമാതിപൂജിതയും, കല്യാണിയും ഈശ്വരിയുമായ കൃഷ്ണ ഇപ്പോൾ എങ്ങനെ ജീവിക്കുന്നു?

അഞ്ചുഭർത്താക്കന്മാരുള്ള പാഞ്ചാലിക്കു സങ്കടമേറ്റു! പതിന്നാലു കൊല്ലമായില്ലേ കൃഷ്ണാ, അവൾ പുത്രാധിയാൽ വലഞ്ഞു ജീവിക്കുന്നു? അവളെ കണ്ടിട്ട് പതിന്നാലുകൊല്ലമായില്ലേ ഞാൻ! പുണ്യകർമ്മംകൊണ്ട് സുഖം നേടുകയില്ല എന്നുള്ളത് ഇപ്പോൾ തീർച്ചയായി. അല്ലെങ്കിൽ അങ്ങനെയുള്ള ദ്രൗപദി ഇത്തരത്തിലുള്ള ദുഃഖത്തിനു പാത്രമാകുമോ?

കൃഷ്ണയെ സഭയിലിട്ട് വലിച്ചിഴച്ച കാര്യമാലോചിക്കുമ്പോൾ അർജ്ജുനനും, ധർമ്മപുത്രനും, ഭീമനും, യമന്മാരും എനിക്കൊട്ടും പ്രിയമുള്ളവരല്ലാതാകുന്നു. അവളെ സഭയിൽ ആ നിലയിൽ കാണുമാറായില്ലേ? എനിക്ക് ജീവിതത്തിൽ ഇതിനേക്കാൾ വലിയ ദുഃഖമുണ്ടായിട്ടില്ല. തീണ്ടാരിയായിരുന്ന ദ്രൗപദിയെ ശ്വശുരന്മാരുടെ സമീപത്തുവെച്ച് ക്രോധലോഭവശനായ ആ ദുഷ്ടൻ സഭയിൽ പിടിച്ചുകൊണ്ടുവന്നു. ഒറ്റവസ്ത്രം മാത്രമായി നില്ക്കുന്ന അവളെ കൗരവന്മാരൊക്കെ കണ്ടു. അവിടെ ധൃതരാഷ്ട്രനും, ബാൽഹീകരാജാവും, സോമദത്തനും, കൃപനും, കുരുക്കളും വിഷാദിച്ചു. ആ സദസ്സിൽ എല്ലാവരിലുംവച്ച് ഞാൻ വിദുരനെ പൂജിക്കുന്നു. വൃത്തത്താൽ ഒരുവൻ ആര്യനാവുകയില്ല. വിത്തത്താലോ വിദ്യയാലോ ഒരുവൻ ആര്യനാവുകയില്ല. ശൂദ്രനായിപ്പിറന്നവനാണെങ്കിലും ആ മഹാബുദ്ധിമാൻ മഹാത്മാവാണ്. ഗംഭീരമാണ് വിദുരന്റെ ബുദ്ധി! ലോകത്തിൽ എല്ലാറ്റിലുമുപരിയായി നില്ക്കുന്നത് ഒരുവന്റെ ശീലമാണ്. മനുഷ്യവിഭൂഷണം ശീലമാണ്. മറ്റു ഗുണങ്ങൾ നിഷ്ഫലംതന്നെ; ശീലഗുണമില്ലെങ്കിൽ."

വൈശമ്പായനൻ പറഞ്ഞു: "ഗോവിന്ദനെ കണ്ടപ്പോൾ കുന്തി ശോകാർത്തയായും ഹൃഷ്ടയായും തന്നിലുള്ള പലമാതിരി ദുഃഖങ്ങൾ നേരിട്ടു പറഞ്ഞു."

കുന്തി പറഞ്ഞു: "പണ്ടേതന്നെ മൂഢന്മാരായ രാജാക്കന്മാർക്കു ചേർന്നതാണ് ചൂതാട്ടവും നായാട്ടും. അതിൽ താൽപര്യമുള്ളവർക്ക് എങ്ങനെ സുഖം കിട്ടും! കൃഷ്ണാ, എന്നെ ഇന്നു ദഹിപ്പിക്കുകയാണ്, സഭയിൽവെച്ചു കുരുക്കളുടെ സന്നിധിയിൽ ധാർത്തരാഷ്ട്രൻ പരിക്ലേശിപ്പിച്ചു സങ്കടപ്പെട്ടതു ചിന്തിക്കുമ്പോൾ! പുരത്തിൽനിന്ന് ഒഴിപ്പിക്കുക, വിട്ടുപോവുക! എന്നീ പലമാതിരി ദുഃഖങ്ങൾ അറിഞ്ഞവളാണ് ഞാൻ കൃഷ്ണാ! അജ്ഞാതവാസം! കുട്ടികൾക്ക് ഈ വിരോധം, ഇതൊക്കെ മക്കളോടുകൂടിയ എനിക്കു ക്ലേശമാകയില്ലേ കൃഷ്ണാ!

ദുര്യോധനന്റെ ചതിയാൽ പതിന്നാലാമത്തെ ആണ്ടിൽ ദുഃഖത്താൽ സുഖം ഞങ്ങൾക്ക് ആ പുണ്യഫലത്തിന്റെ ഹാനികൊണ്ടു ലഭിക്കും. പാണ്ഡവന്മാരും ധാർത്തരാഷ്ട്രന്മാരും തമ്മിൽ എനിക്കു ഭേദമില്ല. ആ സത്യത്താൽ വൈരിയുമായി യുദ്ധംചെയ്തു നിന്നെ ശ്രീയാർന്ന് ഹതവൈരിയായി പാണ്ഡവന്മാരോടുകൂടി ഞാൻ കാണും. ധർമ്മപരായണരായ എന്റെ പുത്രന്മാർ തോല്ക്കുവാൻ ന്യായമില്ല. എന്റെ ഈ നിലയ്ക്ക് ഞാൻ എന്റെ അച്ഛനെയാണ് ഗർഹിക്കുന്നത്, എന്നെത്തന്നെയോ ദുര്യോധനനെയോ അല്ല. നിന്റെ അച്ഛൻ, ധനികൻ വിത്തം എന്നപോലെയല്ലേ എന്നെ കുന്തിഭോജനു നല്കിയത്? പന്തടിച്ചു കളിച്ചുനടന്നിരുന്ന കുട്ടിക്കാലത്ത് നിന്റെ പിതാമഹൻ എന്നെ മഹാത്മാവും ഇഷ്ടനുമായ കുന്തിഭോജന്നു നല്കിയില്ലേ? ഞാൻ എന്റെ അച്ഛനാലും, ശ്വശുരനാലും തള്ളിവിട്ടവളാണ് കൃഷ്ണാ! ഇത്രയധികം ദുഃഖം അനുഭവിച്ച ഞാൻ ജീവിച്ചിട്ടെനിക്കെന്തു കാര്യം? അർജ്ജുനനെ പ്രസവിച്ചകാലത്ത് ഒരു അശരീരിവാക്ക് ഉണ്ടായി; 'നിന്റെ പുത്രൻ ലോകം ജയിക്കും! കീർത്തി സ്വർഗ്ഗത്തിലും പരത്തും! പോരിൽ കുരുക്കളെ ജയിച്ച് രാജ്യം നേടി ധനഞ്ജയൻ ഭ്രാതാക്കളോടുകൂടി മൂന്നു യാഗം നടത്തും!'

ഈ അശരീരിവാക്കിനെ ഞാൻ നിന്ദിക്കുന്നില്ല. ഞാൻ വിശ്വകർത്താവിനെ തൊഴുന്നു! മഹാനായ കൃഷ്ണന്നായിക്കൊണ്ട്! 'ധർമ്മം' ലോകം ഭരിക്കുകയാണല്ലോ! ധർമ്മം ഉണ്ടെങ്കിൽ പറഞ്ഞപോലെ നീ അതേവിധം കാര്യം എല്ലാം സാധിപ്പിക്കും! എനിക്ക് വൈധവ്യം വന്നു. ദ്രവ്യനാശംവന്നു. വിരോധങ്ങൾ ഉണ്ടായി. അതിൽനിന്നൊക്കെയുണ്ടായ താപം എത്രയുണ്ടോ, അതിനേക്കാൾ എത്ര വലിയ താപമാണ് പുത്രന്മാർ പിരിഞ്ഞുപോയതിൽ! പുത്രവിരഹം എല്ലാ താപത്തേക്കാളും മീതെയാണ്.

ഗാണ്ഡീവപാണിയായി, സർവ്വശസ്ത്രജ്ഞന്മാരിലും മുഖ്യനായി ശോഭിക്കുന്ന അർജ്ജുനനെ ഞാൻ കാണുന്നില്ല. എന്റെ ഹൃദയത്തിന്ന് എങ്ങനെ ശാന്തി ലഭിക്കും? കൊല്ലം പതിന്നാലായില്ലേ എന്റെ പുത്രനായ ധർമ്മപുത്രനെ കണ്ടിട്ട്! ഗോവിന്ദാ! ഫൽഗുനനേയും, യമന്മാരേയും, ഭീമനേയും, കണ്ടിട്ട് പതിന്നാലുവർഷമായില്ലേ!

ജീവനാശംവന്നവർക്കു മനുഷ്യർ ശ്രാദ്ധംചെയ്യുന്നു. കാര്യംകൊണ്ട് അവർ എനിക്ക് ചത്തവരാണ്; അവർക്കു ഞാനും. ധർമ്മനിഷ്ഠനായ യുധിഷ്ഠിരനോടു ഞാൻ പറഞ്ഞതായി പറയുക: 'ഉണ്ണീ, നിന്റെ ധർമ്മം വളരെയേറെ കെട്ടുപോയിരിക്കുന്നു. ധർമ്മം പാഴാക്കാതിരിക്കുക.' വാസുദേവാ, അന്യന്റെ അധീനത്തിൽ ജീവിക്കുന്നവൾ നിന്ദ്യയാണ്. എരന്ന് ഉണ്ടു ജീവിക്കുന്നതിനേക്കാൾ നല്ലത് ഒന്നും കഴിക്കാതെ കിടക്കുന്നതാണ്. ധനഞ്ജയനോടും ഭീമനോടും ഇതു പറഞ്ഞേക്കൂ. 'ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നത് എന്തിനാണോ അതിന്റെ കാലമായി ഇപ്പോൾ. ഈ സമാഗതമായ കാലം ഇപ്പോൾ പഴുതു നഷ്ടപ്പെടുത്തിയാൽ ലോകപൂജിതരും സത്തുക്കളുമായ നിങ്ങൾ നൃശംസംചെയ്തു എന്നുവരും. നിങ്ങൾ നൃശംസം ചെയ്യുകയാണെങ്കിൽ ഞാൻ എന്നെന്നേക്കുമായി ഇഹലോകം ഉപേക്ഷിക്കും. കാലം വന്നണയുമ്പോൾ ഈ ജീവനും വെടിയേണ്ടതാണല്ലോ.' ക്ഷത്രധർമ്മരതന്മാരായ മാദ്രേയന്മാരോടും പറഞ്ഞേക്കൂ: 'വിക്രമംകൊണ്ടു നേടിയ സൗഖ്യങ്ങൾ പ്രാണൻകളഞ്ഞും അനുഭവിക്കുക. ക്ഷത്രധർമ്മോപജീവിക്ക് വിക്രമാർജ്ജിതമായ ധനമാണ് ഉപജീവിക്കുവാൻ വെച്ചിട്ടുള്ളത്. അതുകൊണ്ടേ മനുഷ്യന്റെ മനസ്സിന്നു പ്രീതിയുണ്ടാകയുള്ളു. പിന്നെ സർവ്വശസ്ത്രധരോത്തമനായ അർജ്ജുനനോട് പാഞ്ചാലിയുടെ മാർഗ്ഗത്തെ അവലംബിക്കുവാൻ പറയുക. ഭവാൻ അറികയില്ലേ കൃഷ്ണാ, ഭീമാർജ്ജുനന്മാർ ക്രുദ്ധരായാൽ അന്തകസന്നിഭരാകുമെന്ന്? അവർ വാനവർക്കുകൂടി ശ്രേഷ്ഠമായ ഗതി നല്കുന്നവരാണ്. പാഞ്ചാലി സഭയിൽ കേറിയത് അവർക്ക് ഒരു അവജ്ഞയല്ലേ? ദുശ്ശാസനനും കർണ്ണനും പരുഷോക്തി പറഞ്ഞതും അവർക്ക് അവജ്ഞയല്ലേ? മനസ്വിയായ ഭീമന്റെനേരെ ചെന്ന് സുയോധനൻ കണ്ടുനില്ക്കെ പറഞ്ഞതിന്റെ ഫലം ആ കുരുശ്രേഷ്ഠൻ കണ്ടുകൊള്ളും. വൈരത്തിൽപ്പെട്ട ഭീമൻ പിന്നെ അടങ്ങുകയില്ല. ഭീമന്റെ വൈരം വളരെക്കാലം ചെന്നാലും ശമിക്കുകയില്ല. ശത്രുകർശനനായ അവൻ ആ ശത്രുക്കൂട്ടത്തെ എല്ലാം ശരിപ്പെടുത്തും. ദുഃഖം മാത്രമല്ല, രാജ്യഹരണം, ചൂതിലെ തോൽവി ഇവയൊക്കെ കണക്കുതീർത്തവസാനിപ്പിക്കും. മക്കൾ ദൂരെപ്പോയതും എനിക്കു ദുഃഖകാരണമല്ല. ബൃഹതിശ്യാമയായ പാഞ്ചാലി ഒറ്റവസ്ത്രയായി സഭയിൽ കേറ്റപ്പെട്ട് പരുഷോക്തികൾ കേട്ട കാര്യം ഓർക്കുമ്പോഴാണ് എനിക്കു സഹിക്കാനാവാത്തത്. ഇതിൽപരം ദുഃഖമെന്തുണ്ട്! തീണ്ടാരിയായിരിക്കുന്ന ആ വരാരോഹ, ക്ഷത്രധർമ്മസ്ഥ, അപ്പോൾ സനാഥയായിട്ടും രക്ഷിക്കുവാൻ നാഥനില്ലാത്ത

digitized by www.sreyas.in

വളായി. മക്കളോടുകൂടിയ എനിക്ക് മധുസൂദനാ, നീയാണ് നാഥൻ. ബലവാനായ രാമനും പ്രദ്യുമ്നമഹാരഥനും ഉള്ളപ്പോൾ ഞാൻ ഇപ്രകാരമുള്ള ദുഃഖം സഹിച്ചു ജീവിക്കേണ്ടിവന്നു. അടങ്ങാത്തവനും ദുർദ്ധർഷനുമായ ഭീമൻ ജീവിച്ചിരിക്കെ ഞാൻ ഇങ്ങനെ ദുഃഖിക്കേണ്ടിവന്നു."

വൈശമ്പായനൻ പറഞ്ഞു: "പുത്രദുഃഖത്തിൽ മുഴുകിയ അച്ഛൻ പെങ്ങളെ, അപ്പോൾ കുന്തിയുടെ പുത്രന്മാരുടെ മിത്രമായ ശൗരി ആശ്വസിപ്പിച്ചു."

വാസുദേവൻ പറഞ്ഞു: "കുന്തീ, അച്ഛൻപെങ്ങളേ, ഭവതിയെപ്പോലെ ഏതു സ്ത്രീയാണ് ഇന്നു ലോകത്തിലുള്ളത്? ശൂരരാജാവിന്റെ മകളായിപ്പിറന്ന നീ ആജമീഢാന്വയത്തിലേക്കു വന്നുചേർന്നു! ഒരു കയം വിട്ട് മറ്റൊരു കയത്തിലേക്കെന്നവിധം ഭവതി വലിയ കുലത്തിലെത്തിച്ചേർന്നു. സർവ്വകല്യാണിയും ഈശ്വരിയുമായി ഭർത്താവ് ഭവതിയെ സ്വീകരിച്ച് ആദരിച്ചു. വീരപ്രസുവും വീരപത്നിയുമായ ഭവതി എല്ലാ ഗുണങ്ങളും ഒത്തവളാണ്. ഹേ പ്രാജ്ഞേ, സുഖവും ദുഃഖവും ഭവതി സഹിക്കണേ! ക്രോധം, ഹർഷം, നിദ്ര, മടി, വിശപ്പ്, ദാഹം, മഞ്ഞ്, ചൂട് ഇവയെ ജയിച്ച് പാർത്ഥന്മാർ നിത്യവും വീരസുഖങ്ങളെ കാംക്ഷിക്കുന്നവരായി, ഗ്രാമ്യസുഖത്തെ വിട്ട് നിത്യം വീരസുഖപ്രിയരായി വർത്തിക്കുന്നു. അവർ അല്പംകൊണ്ടു തൃപ്തിപ്പെടുന്നവരല്ല. മഹോത്സാഹരും മഹാബലരുമാണ്. ധീരന്മാർ അവസാനമേ ഉത്തമക്ലേശങ്ങളും അമാനുഷസുഖങ്ങളും അനുഭവിക്കുകയുള്ളൂ. മദ്ധ്യത്തിൽ സുഖിക്കുവാൻ ആഗ്രഹിക്കുന്നവർ ഗ്രാമ്യസുഖപ്രിയന്മാരാണ്. ധീരന്മാർ അന്ത്യത്തിലേ സുഖിക്കുകയുള്ളൂ. മദ്ധ്യത്തിൽ അവർ രമിക്കയില്ല. അന്ത്യപ്രാപ്തിയെ സുഖമാണെന്നു പറയണം. അതിന്നിടയ്ക്ക് ദുഃഖമുണ്ടാകും. കൃഷ്ണയോടുകൂടി പാണ്ഡവന്മാർ ഭവതിയെ അഭിവാദ്യംചെയ്യുന്നു. ആത്മാവിൽ കുശലംപറഞ്ഞ് അനാമയം ഉണർത്തുന്നു. അരോഗരും സിദ്ധാർത്ഥരുമായി ഭവതിക്കു പാണ്ഡവന്മാരെ വേഗത്തിൽ കാണുവാൻ സാധിക്കും. അവർ ശത്രുക്കളെ കൊന്ന് ലക്ഷ്മിയെ നേടി ലോകർക്ക് അധീശരായി ശോഭിക്കുന്നതു ഭവതിക്കു കാണാം." ഇപ്രകാരം ആശ്വസിപ്പിക്കപ്പെട്ട കുന്തി കൃഷ്ണനോട് പുത്രന്മാരെക്കുറിച്ചുള്ള ആധിമൂത്ത് അജ്ഞാനതമസ്സ് അടക്കി, ഇപ്രകാരം ഉത്തരം പറഞ്ഞു.

കുന്തി പറഞ്ഞു: "മഹാബാഹോ, അവർക്കു പഥ്യം എന്താണ് മാധവാ! അതൊക്കെ അറിഞ്ഞു ഭവാൻ ചെയ്തുകൊള്ളുക. ധർമ്മലോഭം വരുത്താതേയും ചതികൂടാതേയും ഭവാൻ ചെയ്തുകൊള്ളുക. നിന്റെ പ്രഭാവവും, സത്യവും, ആഭിജാത്യവും ഞാൻ കണ്ടിട്ടുള്ളവളാണ്. ഭവാന്റെ വ്യവസ്ഥയും, മിത്രരിൽ ആബുദ്ധിയും വിക്രമശക്തിയും എന്റെ കുലത്തിലെ ധർമ്മവും തപസ്സും നീയാണ്. തപസ്സും, സത്യവും, മഹത്ത്വവും നീയാണ്. നീ മഹാബ്രഹ്മമാണ്. ത്രാതാവാണ്. എല്ലാം നിന്നിൽ സ്ഥിതിചെയ്യുന്നു. നീ പറഞ്ഞതെല്ലാം നിന്നിൽ സത്യമായി ഭവിക്കും."

വൈശമ്പായനൻ പറഞ്ഞു: "ഗോവിന്ദൻ കുന്തിയെ വലംവെച്ച് അവിടെനിന്നും യാത്രചെയ്തു ദുര്യോധനഗൃഹത്തിലേക്കു പുറപ്പെട്ടു."

91. കൃഷ്ണനും ദുര്യോധനനും തമ്മിലുള്ള സംവാദം – വൈശമ്പായനൻ പറഞ്ഞു: "ഗോവിന്ദൻ കുന്തിയെ വലംവെച്ചു യാത്രപറഞ്ഞ് ദുര്യോധനന്റെ മണിമാളികയിലേക്കു പോയി. വളരെ ഐശ്വര്യമുള്ളതും, പുരന്ദരന്റെ ഗൃഹംപോലെ പ്രശോഭിക്കുന്നതും, വിചിത്രാസനങ്ങളാൽ മോടികൂട്ടുന്നതുമായ ആ ഗൃഹത്തിലേക്കു ജനാർദ്ദനൻ പ്രവേശിച്ചു. മൂന്നു കാവൽസ്ഥലം കയറി, കാവൽക്കാർ തടയാത്തവനായ കൃഷ്ണൻ, ശുഭ്രഘനച്ഛായയുള്ളതും, ശൈലശൃംഗം പോലെ ഭംഗിയിൽ ഉയർന്നു നില്ക്കുന്നതും, ശ്രീചേർന്നു വിളങ്ങുന്നതുമായ പ്രാസാദത്തിലേക്ക്, ആ കീർത്തിശാലി കയറിച്ചെന്നു.

കൃഷ്ണൻ ചെല്ലുമ്പോൾ അസംഖ്യം രാജാക്കന്മാരും, കുരുവീരന്മാരും ചുറ്റും കൂടിയിരിക്കുന്നതും ദുര്യോധനൻ അവരുടെ മദ്ധ്യത്തിൽ പരമാസനത്തിലിരിക്കുന്നതും ആ മഹാബാഹു കണ്ടു. ദുശ്ശാസനനും കർണ്ണനും ശകുനിയും ദുര്യോധനന്റെ അരികെത്തന്നെ പീഠത്തിൽ വാഴുന്നതും അച്യുതൻ ദർശിച്ചു.

ദാശാർഹൻ വന്നടുക്കുന്ന സമയത്ത് കീർത്തിമാനായ ധാർത്തരാഷ്ട്രൻ അദ്ദേഹത്തെ ബഹുമാനിക്കാനായി മന്ത്രിമാരോടുകൂടി എഴുന്നേറ്റു. മന്ത്രിമാരോടുകൂടിയ ദുര്യോധനനുമായി കേശവൻ ചേർന്നു. വയഃക്രമംപോലെ മറ്റുമന്നവരോടും കേശവൻ ചേർന്നു. അവിടെ സജ്ജമാക്കിയതും, പൊന്മയമായതും, പലമട്ടിലുള്ള വിചിത്രമായ മേൽ വിരിപ്പുള്ളതും, പരിഷ്കൃതവുമായ പീഠത്തിൽ അച്യുതൻ ഇരുന്നു. ജനാർദ്ദനന്നു പശു, മധുപർക്കം, ജലം എന്നിവയും ഗൃഹവും രാജ്യവും ആ കുരുശ്രേഷ്ഠൻ നിവേദിപ്പിച്ചു. പ്രസന്നമായ അർക്കപ്രകാശത്തിൽ വാഴുന്ന ജനാർദ്ദനനെ കുരുക്കന്മാരും മറ്റു രാജാക്കന്മാരും ഉപാസിച്ചു. പിന്നീട് ജയിയായ വാർഷ്ണേയനെ സുയോധനൻ ഊണിന്നായി ക്ഷണിച്ചു. എന്നാൽ അതു കൃഷ്ണൻ ആദരിച്ചില്ല.

പിന്നെ കുരുമദ്ധ്യത്തിൽവെച്ചു കൃഷ്ണനോടു സുയോധനൻ ആദ്യം മൃദുവായും, പിന്നെ ശാഠ്യമായും കൃഷ്ണനെ നോക്കി ഇപ്രകാരം പറഞ്ഞു: "ഈ അന്നപാനങ്ങളും വസ്ത്രങ്ങളും ശയനങ്ങളും അങ്ങയ്ക്കായി കൊണ്ടുവന്നിട്ടും എന്താണ് ഭവാൻ കൈക്കൊള്ളാതിരിക്കുവാൻ കാരണം? ഹേ, ജനാർദ്ദനാ! ഭവാൻ ഇരുകൂട്ടരേയും സഹായിക്കുന്നവനും ഇരുപേരുടേയും സുഖത്തിന്നായി ഉദ്യമിക്കുന്നവനുമല്ലേ? ഹേ, മാധവാ, ഭവാൻ ധൃതരാഷ്ട്രന്നു സംബന്ധിയും ഇഷ്ടനുമല്ലേ? ഹേ, ഗോവിന്ദാ, ഭവാൻ ധർമ്മാർത്ഥതത്ത്വങ്ങളെല്ലാം അറിയുന്നവനുമാണല്ലോ. ഇതിന്റെ കാരണം കേൾക്കുവാൻ ചക്രഗദാധരാ, എനിക്കു മോഹമുണ്ട്."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സുയോധനൻ ചോദിച്ചപ്പോൾ മഹാശയനായ ഗോവിന്ദൻ, രാജീവലോചനൻ, തന്റെ മഹാഭുജം ഉയർത്തിക്കൊണ്ട് പുതുമേഘസ്വനംപോലെ, ഇളവുകൂടാതെ, ഒന്നും വിഴുങ്ങാതെ, പതറാതെ, വ്യക്തമായി യുക്തിക്കുചേർന്നവിധം ഉത്തമമായ വാക്കുകളാൽ രാജാവിനോടു പറഞ്ഞു: 'കൃതാർത്ഥന്മാരായ ദൂതന്മാർ ഉണ്ണുകയും പൂജ കൈക്കൊള്ളുകയും ചെയ്യും. ഹേ ഭാരതാ! കൃതാർത്ഥനാക്കിയതിന്നുശേഷം അമാത്യന്മാരോടുകൂടി എന്നെ പൂജിക്കുക!"

ഇതുകേട്ടു ധാർത്തരാഷ്ട്രൻ കൃഷ്ണനോട് ഉത്തരം പറഞ്ഞു: "ഭവാൻ ഈയുള്ളവരിൽ ഈ അയുക്തം കാണിക്കരുത്. ഭവാൻ കൃതാർത്ഥനാണോ അകൃതാർത്ഥനാണോ എന്നു നോക്കി പൂജിക്കുവാൻ ഒരുപക്ഷേ, ഞങ്ങൾക്കു സാധിച്ചിരിക്കയില്ല. മധുസൂദനാ, ഈ കാരണം ഞാൻ കാണുകയുണ്ടായില്ല; പ്രീതരായി പൂജചെയ്തിട്ടും പൂജ ഏല്ക്കാതിരിക്കുവാൻ തക്കവണ്ണമുള്ള കാരണം ഞങ്ങൾ കാണുകയുണ്ടായില്ല. ഗോവിന്ദാ! ഞങ്ങൾക്കു ഭവാനോട് ഒട്ടും വൈരമില്ല. യുദ്ധവുമില്ല. പൂജ്യനായ ഭവാൻ അതു ചിന്തിച്ച് ഇത്തരത്തിൽ പറയാതിരിക്കണേ!"

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം ദുര്യോധനൻ പറഞ്ഞതുകേട്ട് ജനാർദ്ദനൻ പറഞ്ഞു: 'വാശി, ദ്വേഷം എന്നിവ അർത്ഥം കാരണമായി കാണും. എന്നാൽ കപടം, ലോഭം എന്നിവയാൽ ഞാൻ ധർമ്മം വിടുകയില്ല. പ്രീതിയോടുകൂടിത്തരുന്ന ഭക്ഷണം ഉണ്ണണം. അത് കുഴപ്പമുണ്ടെങ്കിലും ആകാം. എന്നാൽ താങ്കൾക്കാണെങ്കിൽ പ്രീതി ലേശവുമില്ല. എനിക്കു യാതൊരു കുഴപ്പവുമില്ല. വെറുതെ നിങ്ങൾ പാണ്ഡവന്മാരെ ജനനംമുതൽ ദ്വേഷിക്കുവാൻ തുടങ്ങി. അവരാണെങ്കിൽ ഗുണം തികഞ്ഞവരും പ്രിയം നോക്കുന്ന സഹോദരന്മാരുമാണ്. പാണ്ഡവന്മാരിൽ ലേശവും ദ്വേഷം വെറുതെ കാണിക്കുന്നതും നന്നല്ല. പാണ്ഡവന്മാർ ധർമ്മസ്ഥന്മാരാണ്. ആരു പറയും അവർക്കു തെറ്റ്? അവരിലാരാണോ ദ്വേഷി അവൻ എന്റെയും ദ്വേഷിയാണ്. അവരിൽ പ്രിയൻ ആരോ അവൻ എന്റെയും പ്രിയനാണ്. ധർമ്മിഷ്ഠരായ പാണ്ഡവന്മാരോട് ഞാൻ ഏകാത്മാവാണെന്നു നീ ധരിച്ചുകൊള്ളുക. കാമക്രോധമദവശനായി വിരോധിക്കുവാൻ മുതിർന്നവൻ

digitized by www.sreyas.in

ഗുണവാനിൽ ദ്വേഷവാനായ പുരുഷാധമനാണല്ലോ. നന്മചേർന്ന ജ്ഞാതികളെ ലോഭത്തെറ്റാൽ കാണുന്നവൻ അജിതാത്മാവായി ജിതക്രോധനായി ചിരകാലം ശ്രീയോടുകൂടി വാഴുകയില്ല. നേരെ മറിച്ച് ഗുണം ചേർന്ന് ഉള്ളിൽ ഇഷ്ടമുള്ള കൂട്ടരെ പ്രിയം ചെയ്ത് ഇണക്കുന്നവൻ വളരെക്കാലം കീർത്തിമാനായി വാഴും. ദുഷ്ടന്മാരാൽ സജ്ജീകൃതമായ ഈ അന്നമൊന്നും എനിക്കു ഭുജിക്കുവാൻ പറ്റുകയില്ല. ക്ഷത്താവ് ഒരാൾമാത്രം നല്കുന്ന അന്നം ഉണ്ണാമെന്നാണ് എന്റെ നിശ്ചയം." അമർഷിയായ ദുര്യോധനനോട് ഇപ്രകാരം പറഞ്ഞ് ആ മഹാത്മാവ് ഇറങ്ങി. പിന്നെ മഹാബാഹുവായ വാസുദേവൻ മഹാത്മാവായ വിദുരന്റെ ഭവനത്തിൽ പാർക്കുവാനായി അങ്ങോട്ടുനടന്നു. വിദുരന്റെ ഗൃഹത്തിൽ ചെന്ന് അവനെ കണ്ടു. അപ്പോൾ ദ്രോണനും കൃപനും ഭീഷ്മനും കുരുമുഖ്യനായ ബാൽഹീകനും മറ്റുകൗരവന്മാരും മധുവൈരിയായ മാധവവീരനോടു പറഞ്ഞു: 'വാർഷ്ണേയാ! ഭവാന് ഇതാ രത്നഗൃഹങ്ങൾ നിവേദിപ്പിച്ചിരിക്കുന്നു.' ഇതുകേട്ട് തേജസ്വിയായ കൃഷ്ണൻ ആ കൗരവന്മാരോടു പറഞ്ഞു: 'നിങ്ങളൊക്കെ പൊയ്ക്കൊള്ളുവിൻ. നിങ്ങൾ സൽക്കാരമൊക്കെ ചെയ്തിരിക്കുന്നു.'

കുരുക്കൾ പോയപ്പോൾ വിദുരൻ, തോൽക്കാത്തവനായ യദുവീരനെ ശ്രദ്ധയോടുകൂടി സർവ്വകാമങ്ങളാലും പൂജിച്ചു. വിദുരൻ പലമാതിരി അന്നപാനങ്ങൾ ശുചിയായി മഹാത്മാവായ കേശവന്നു നല്കി. അവ സ്വീകരിച്ചു മധുജിത്ത് ആദ്യമായി വിപ്രന്മാരെ തർപ്പിച്ചു. ആദ്യമായി ദ്രവ്യങ്ങളേയും വേദജ്ഞന്മാർക്കായി നല്കി. പിന്നെ കൂട്ടരോടുകൂടി ദേവന്മാർ ഇന്ദ്രനോട് എന്നവിധം ഗുണം ചേരുന്ന ശുദ്ധിയുള്ള അന്നം, വിദുരൻ നല്കിയത് ഭുജിച്ചു."

92. ശ്രീകൃഷ്ണവിദുരസംവാദം - വൈശമ്പായനൻ പറഞ്ഞു: "ഊണുകഴിഞ്ഞ് ആശ്വസിച്ച് ഇരിക്കുന്ന സമയത്ത് രാത്രിയിൽ വിദുരൻ കൃഷ്ണനോടു പറഞ്ഞു. 'കേശവാ, ഭവാന്റെ ഈ പുറപ്പാട് നല്ലമട്ടായി എനിക്കു തോന്നുന്നില്ല. ധർമ്മാർത്ഥം തെറ്റി നടക്കുന്നവനും മന്ദബുദ്ധിയും വാശിക്കാരനുമാണ് അവൻ. മാനം നശിപ്പിക്കുന്നവനും മാനം ഇച്ഛിക്കുന്നവനുമാണ്. വൃദ്ധന്മാരുടെ ആജ്ഞ നിരസിക്കുന്നവനാണ്. ധർമ്മശാസ്ത്രം വിട്ട ആ വിഡ്ഢി ദുഷ്ടനും നിർബ്ബന്ധബുദ്ധിയുമാണ്. ശ്രേയസ്സിന്റെ മാർഗ്ഗംവിട്ടാണ് ആ ധാർത്തരാഷ്ട്രന്റെ നില. കാമിയായ അവന്റെ ഭാവം പ്രാജ്ഞനാണെന്നാണ്. മിത്രഘ്നനും സർവ്വശങ്കിതനുമാണ് അവൻ. സൽപ്രവൃത്തി ചെയ്യാത്തവനും കൃതജ്ഞതയില്ലാത്തവനുമാണ്. ചതിയിലാണ് അവനു താല്പര്യം. മൂഢാത്മാവായ അവൻ അനുഭവത്തിൽനിന്നും പഠിക്കാത്തവനാണ്, ഇന്ദ്രിയങ്ങളെ അടക്കാത്തവനുമാണ്. എന്തും തോന്നുമ്പോലെ ചെയ്യുന്നവനും ഒന്നിലും തീർച്ചയില്ലാത്തവനുമാണ്. ഇപ്രകാരം പിന്നെ വേറേയും ദോഷങ്ങൾ സകലതും തികഞ്ഞവനാണ്. ഭവാൻ ശ്രേയസ്സു പറഞ്ഞുകൊടുത്താലും അവൻ അവയൊന്നും സ്വീകരിക്കുകയില്ല. ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ദ്രോണപുത്രൻ, ജയദ്രഥൻ ഇവർക്കു പണിവർദ്ധിപ്പിക്കുകയല്ലാതെ ശമം അവൻ നോക്കുന്നേയില്ല. കർണ്ണനോടുകൂടിയ ധാർത്തരാഷ്ട്രന്മാർക്ക് ഒരു കാര്യമായ ഉറപ്പു മനസ്സിലുണ്ട്. ഭീഷ്മദ്രോണന്മാരോട് എതിർക്കുവാൻ പാണ്ഡവന്മാർ പോരായെന്ന്. പാർത്ഥിവന്മാരുടെ സൈന്യങ്ങളെയൊക്കെക്കൂടിയ ആ മൂഢൻ താൻ കൃതാർത്ഥനായെന്നു വിചാരിക്കുകയാണ്. കർണ്ണൻ ഒരാൾമാത്രംമതി വൈരികളെയൊക്കെ ജയിക്കുവാനെന്നാണ് അവന്റെ ദൃഢമായ വിശ്വാസം. ദുഷ്ടനായ ധാർത്തരാഷ്ട്രന് ശമം കൈക്കൊള്ളുവാൻ അവൻ സമ്മതിക്കുകയില്ല. ധാർത്തരാഷ്ട്രന്മാർക്കൊക്കെ ഒരേയൊരു ബുദ്ധിയും ജ്ഞാനവുമാണ്. സൗഭ്രാത്രത്തിനു മോഹിച്ചു ശമത്തിനുവേണ്ടി യത്നിച്ചാലും യാതൊരു ഫലവും ഉണ്ടാകുവാൻ പോകുന്നില്ല. 'ഉചിതമായി നാം യാതൊന്നും പാണ്ഡവന്മാർക്ക് നല്കരുത്' എന്നാണ് അവരുടെ ഉറച്ച നയം. പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. നല്ലവാക്കു പറഞ്ഞാലും ചീത്തവാക്കു പറഞ്ഞാലും ഈ കാര്യത്തിൽ ഒപ്പമാണ്. ചെകിടുപൊട്ടന്മാരുടെ മുമ്പിൽ പാട്ടുപാടിയിട്ട് എന്തു കാര്യം? നിരസിക്കുന്നതു മര്യാദകെട്ട മൂഢന്റെ അരികിൽ പ്രാജ്ഞന്മാർ പോകരുത്. ചണ്ഡാലന്മാരോട് ദ്വിജന്റെ വാക്യം പോലെ ഭവാൻ അവരോടു പറയുന്നതു യുക്തമല്ല. ഭവാൻ പറയുന്നതൊന്നും ബലവാനായ ഈ വിഡ്ഢി ചെയ്യുന്നതല്ല. അവനിൽ വെറുതെയാകും ഭവാന്റെ വാക്കുകൾ. ആ പാപികൾ നിരന്നിരിക്കുന്നിടത്തേക്കു ഭവാൻ കയറിച്ചെല്ലുന്നത് എനിക്ക് ഒട്ടും ബോധിക്കുന്നില്ല. അശിഷ്ടരും ദുഷ്ടചിത്തന്മാരും ദുർബ്ബുദ്ധികളുമായ അവരുടെ മദ്ധ്യത്തിൽ ഭവാന്റെ അപ്രിയമായ വാക്ക് ഒക്കുകയില്ല. വൃദ്ധോപാസന ചെയ്യാത്തവനും ശ്രീദർപ്പംകൊണ്ടു വിമോഹിതനും യൗവനത്തള്ളലുള്ളവനും ഗർവ്വിയുമായ അവൻ അങ്ങുപറയുന്ന നന്മയുണ്ടോ കേൾക്കുവാൻ പോകുന്നു! അവനോടു ബലമായി ഊന്നിപ്പറഞ്ഞാൽ അവന് വലുതായ ശങ്കയാണു തോന്നുക. ഭവാന്റെ വാക്കുകേൾക്കുകയില്ല. ഇന്ദ്രനോടുകൂടിയ ദേവന്മാർപോലും ഇതു പോരാടി വാങ്ങുകയില്ല എന്നുള്ള ഉറപ്പ് ആ ധാർത്തരാഷ്ട്രന്മാർക്കുണ്ട്. കാമക്രോധവശന്മാരായി ഈ നിലയിലുള്ള കൂട്ടരിൽ ഭവാന്റെ സമർത്ഥമായ വാക്ക് സമർത്ഥനില വിട്ടതായിത്തീരും.

മന്ദനായ അവൻ ആനപ്പടയും തേരും കുതിരയുമൊക്കെ ച്ചേർന്ന സൈന്യത്തിന്റെ നടുവിൽ വാഴുമ്പോൾ ആ മൂഢനായ ദുര്യോധനൻ പേടിവിട്ട് ഓർക്കുകയാണ്! 'ഈ ഭൂമിയെല്ലാം ഞാൻ ജയിച്ചു കഴിഞ്ഞു' വെന്ന്. ധൃതരാഷ്ട്രപുത്രൻ ആശിക്കുന്നതെന്താണെന്നോ? ഭൂമിയിൽ ശത്രുവില്ലാത്ത മഹാരാജ്യമാണ്. അവനിൽ പിന്നെയുണ്ടോ അല്പമെങ്കിലും ശമം ഫലിക്കുന്നു? ബന്ധപ്പെട്ടതെല്ലാം താൻ നേടിക്കഴിഞ്ഞുവെന്നാണ് അവൻ വിചാരിക്കുന്നത്. ലോകത്തിലെങ്ങുമുള്ള യോധന്മാരെല്ലാം കാലപക്വമായ ദുര്യോധനനുവേണ്ടി, പാണ്ഡവന്മാരോട് എതിർക്കുവാനായി, മിക്കരാജാക്കന്മാരും വന്നുചേർന്നല്ലോ. കൃഷ്ണാ, ഈ വന്ന രാജാക്കന്മാർക്കൊക്കെ പണ്ടേതന്നെ പാണ്ഡവന്മാരോടു വൈരമുണ്ട്. രാജാക്കന്മാരൊക്കെ അവരോടു തോറ്റ് ധനം നഷ്ടപ്പെട്ടവരാണ്. ഭവാനോടുള്ള വെറുപ്പാൽ ദുര്യോധനനോടു ചേർന്ന് കർണ്ണനോടുകൂടി ആ വീരന്മാർ നില്ക്കുകയാണ്. പ്രാണൻ കളഞ്ഞ്, കൗരവന്മാരോടു ചേർന്ന് സന്തോഷത്തള്ളലോടുകൂടി പാർത്ഥന്മാരുമായി പോരടിക്കുവാൻ അവർ സന്നദ്ധരായി നില്ക്കുകയാണ്. അവരുടെ മദ്ധ്യത്തിലേക്കു ഭവാൻ കടന്നുചെല്ലുന്നത് അപകടമാണെന്നാണ് എന്റെ അഭിപ്രായം. ദുഷ്ടന്മാരായ അവർ കൂടിച്ചേർന്നു വസിക്കുന്ന സ്ഥലത്തേക്ക്, ശത്രുമദ്ധ്യത്തിലേക്ക്, ഭവാൻ ചെല്ലുകയോ?

എല്ലാം കൊണ്ടും ദേവന്മാർക്കുപോലും ദുസ്സഹനാണ് ഭവാൻ. ഹേ ശത്രുനാശനാ, ഭവാന്റെ വീര്യബുദ്ധിശക്തികൾ ഞാൻ കാണുന്നുണ്ട്. പാർത്ഥരേക്കാളും കവിഞ്ഞതാണ് ഭവാനിലുള്ള എന്റെ പ്രീതി. ബഹുമാനത്താലും പ്രേമത്താലും ഇഷ്ടത്താലും ഞാൻ പറയുന്നതാണ്. ഹേ, പുഷ്കരാക്ഷാ! ഭവാനെ കണ്ടിട്ട് എനിക്കുണ്ടായിട്ടുള്ള ഈ രസത്തെ ഞാൻ എങ്ങനെ പറയുന്നു! അസാദ്ധ്യമാണ്. വാക്കുകളാൽ പ്രകാശിപ്പിക്കാൻ സാദ്ധ്യമല്ല. ദേഹികൾക്കെല്ലാം ഭവാൻ അന്തരാത്മാവാണല്ലോ."

93. ശ്രീകൃഷ്ണവാക്യം - ശ്രീകൃഷ്ണൻ വിദുരനോട് തന്റെ ഉദ്യമത്തിന്റെ ഔചിത്യം വർണ്ണിക്കുന്നു - ശ്രീകൃഷ്ണൻ പറഞ്ഞു: "ഹേ, വിദുരാ! മഹാപ്രാജ്ഞന്മാർ എപ്രകാരമാണോ പറയുക, വിചക്ഷണന്മാർ എപ്രകാരമാണോ പറയുക, അപ്രകാരമാണ് നീ പറയുന്നത്. അങ്ങനെ നിന്നെപ്പോലെ ചെയ്യുന്നവനാരോ അവൻ ഒരിക്കലും ആക്ഷേപാർഹനായി ഭവിക്കയില്ല. ധർമ്മാർത്ഥത്തോടുകൂടിയതും സത്യമായിട്ടുള്ളതും ഭവാന് അനുരൂപമായിട്ടുള്ള മാതാപിതാക്കൾക്ക് ചേർന്നവിധം നല്ലവാക്കുകളാണ് ഭവാൻ എന്നോടു പറഞ്ഞത്. സത്യവും കാലോചിതവും യുക്തവുമാണ് ഭവാൻ പറഞ്ഞത്. ഹേ, ക്ഷത്താവേ, ഭവാൻ ശ്രദ്ധയോടെ കേൾക്കുക, ഞാൻ വന്നതിന്റെ കാരണം പറയാം.

digitized by www.sreyas.in

ധാർത്തരാഷ്ട്രന്മാരുടെ ദുഷ്ടതയും ക്ഷത്രിയന്മാരുടെ വൈരവും നല്ലപോലെ മനസ്സിലാക്കിത്തന്നെയാണ് ഞാൻ കൗരവന്മാരുടെ അടുത്തേക്ക് ഇപ്പോൾ വന്നത്. ധരിക്കാതെയല്ല, ആന, തേര്, കുതിരക്കൂട്ടം ഇവയോടൊത്ത് മാറിക്കൊണ്ടിരിക്കുന്ന ഈ പാരിടത്തെ മൃത്യുപാശത്തിൽനിന്നു വേർപെടുത്തി സംരക്ഷിക്കുവാൻ കഴിഞ്ഞാൽ അതിൽപ്പരം വലിയ ധർമ്മമില്ലല്ലോ. തന്റെ ശക്തിപോലെ ധർമ്മമായകാര്യം സാധിക്കുന്നതിനുവേണ്ടി പ്രയത്നിച്ചിട്ട് ആ പ്രയത്നം ഫലിക്കാതെവരികയാണെങ്കിലും മനുഷ്യൻ അതിന്റെ പുണ്യം നേടുന്നുണ്ട്. എനിക്ക് അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, മനസ്സിൽ പാപം കരുതിയിട്ട് സൽപ്രവൃത്തി (ധർമ്മം), ചെയ്യാതെ ഒരുത്തൻ പിന്മാറുകയാണെങ്കിൽ അവന് എങ്ങനെ അതിന്റെ ഫലം സിദ്ധിക്കും? സിദ്ധിക്കയില്ല. ഹേ, വിദുരാ! ഞാൻ യാതൊരു വ്യാജവും കൂടാതെ ആത്മാർത്ഥമായിത്തന്നെ ശമത്തിനുവേണ്ടി യത്നിക്കുകയാണ്. യുദ്ധത്തിൽ ചാകുവാനൊരുങ്ങിനില്ക്കുന്ന കുരുസൃഞ്ജയർ തമ്മിൽ ശമം ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ്. കുരുക്കളിൽത്തന്നെ കേവലം ഈ ഘോരമായ ആപത്തുണ്ടായി. അത് കർണ്ണദുര്യോധനന്മാർ ഇളക്കിവിട്ട ആപത്താണ്. അതിൽ അവരെല്ലാവരും ചേരുകയും ചെയ്തിരിക്കുന്നു. വ്യസനത്തിൽ ക്ലേശിക്കുന്ന മിത്രത്തെ ശക്തിയായവിധം സമ്മതിപ്പിച്ചു സംരക്ഷിക്കാത്തവൻ ക്രൂരനാണെന്നേ ബുധന്മാർ പറയൂ! മിത്രത്തെ മുടി ചുറ്റിപ്പിടിച്ച് അകാര്യത്തിൽനിന്നു വലിച്ചുമാറ്റേണ്ട സന്ദർഭം വന്നാൽ അതും ചെയ്യണം. യഥാശക്തി യഥാസമയം പ്രയത്നിക്കുന്നവനെ ആരും കുറ്റംപറയുകയില്ല. ധർമ്മാർത്ഥം ചേർന്നതും ഹിതമായതും തക്കതുമായ നല്ലവാക്കു പറഞ്ഞാൽ അമാത്യന്മാരോടുകൂടിയ ധാർത്തരാഷ്ട്രൻ തീർച്ചയായും കേൾക്കണം. ധാർത്തരാഷ്ട്രർക്കും പാണ്ഡവന്മാർക്കും ഒപ്പം ഹിതമായതുമായ കാര്യത്തിന് ഞാൻ ചതിവിട്ട് യത്നിക്കുകയാണ്. ഹിതത്തിനു യത്നിക്കുന്ന എന്നെ ദുര്യോധനൻ സംശയിച്ചേക്കാം. എന്നാലും, എന്റെ മനസ്സിൽ എന്നെക്കൊണ്ടാവുന്നത് എല്ലാവിധത്തിലും ചെയ്തുനോക്കി എന്നുള്ള കൃതാർത്ഥതയുണ്ടാകുമല്ലോ. ആ സന്തൃപ്തിതന്നെ, എന്റെ കടം തീർന്നു എന്നുള്ള പ്രീതി എന്നിൽ വളർത്തും.

ദായാദികൾ പിണങ്ങുന്ന സമയത്ത് എല്ലാ യത്നത്താലും ആപത്തിൽനിന്നു കാക്കാൻ നോക്കാത്ത മിത്രം മിത്രമല്ല എന്നാണ് ബുധന്മാർ പറയുന്നത്. ഞാൻ അധർമ്മിഷ്ഠനാണ് എന്നു മൂഢന്മാരായ വൈരികൾക്കു പറയുവാനുള്ള വഴിവയ്ക്കരുത്. 'ശക്തനായ കൃഷ്ണൻ രണ്ടുകൂട്ടരുടേയും ബന്ധുവായിനിന്നിട്ടു ക്രുദ്ധരായ കുരുപാണ്ഡവന്മാരെ തടുത്തില്ല' എന്നുള്ള ആക്ഷേപം ഉണ്ടാകുവാൻ പാടില്ല. രണ്ടുകൂട്ടരുടേയും കാര്യസിദ്ധിക്കുവേണ്ടിയാണ് ഞാൻ ഇവിടെ വന്നത്. പ്രയത്നംചെയ്തു മനുഷ്യരിൽ ദുഷ്പേര് ഇല്ലാതാക്കിപ്പോകുവാനാണ് ഞാൻ വന്നത്. ധർമ്മാർത്ഥയുക്തമായി കേടുതട്ടാത്ത, എന്റെ വാക്കുകേൾക്കാത്ത, മൂഢൻ ദൈവത്തിന്റെ പാട്ടിൽ വരികതന്നെ ചെയ്യും.

പാർത്ഥന്മാരുടെ അർത്ഥത്തിനു നാശം വരാതെതന്നെ കുരുക്കളുമായി ശമം ഉണ്ടാക്കിയാൽ ഞാൻ ചെയ്തതു വലിയ പുണ്യമായില്ലേ? കുരുക്കൾക്കു മൃത്യുപാശത്തിൽനിന്നു മോചനവുമായില്ലേ? ധർമ്മാർത്ഥം ചേർന്ന് ഏറ്റവും അഹിംസ്രമായ വിധത്തിൽ ഞാൻ ചൊല്ലുന്നതായ കാവ്യമാകുന്ന നല്ലവാക്യം ശമത്തിനുവേണ്ടി ദുര്യോധനൻ സ്വീകരിക്കയില്ലേ? കൗരവന്മാർ അവിടെ ചെല്ലുന്ന എന്നെ പൂജിക്കുകയില്ലേ?

ഹേ, ക്ഷത്താവേ! അവരെല്ലാവരുംകൂടി എന്നെ അപകടത്തിലാക്കുമെന്നു നീ ഭയപ്പെടേണ്ട. ആ രാജാക്കന്മാർ എല്ലാവരും കൂടിയാൽത്തന്നെ എനിക്ക് ഒരു ഇരയ്ക്കില്ല. ക്രുദ്ധനായ സിംഹത്തിന്റെ മുമ്പിൽ മറ്റു മൃഗങ്ങൾ എന്നപോലെയായിരിക്കും അവരുടെ കഥ.'

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞിട്ടു വൃഷ്ണിപുംഗവനും യദുസൗഖ്യകരനുമായ കൃഷ്ണൻ മൃദുമെത്തയിൽക്കയറിക്കിടന്നു."

94. ശ്രീകൃഷ്ണൻ സഭയിൽ പ്രവേശിക്കുന്നു -

വൈശമ്പായനൻ പറഞ്ഞു: "ആ ബുദ്ധിമാന്മാർ ഇപ്രകാരം പറഞ്ഞുകൊണ്ടു കിടക്കവേ ശിവനക്ഷത്രമായ ആ ദിവസം അങ്ങനെ കഴിഞ്ഞു.

ധർമ്മാർത്ഥകാമങ്ങളോടു ചേർന്നതും, ചിത്രമായ ആശയങ്ങളും ചിത്രമായ പദാക്ഷരങ്ങളും കൂടിയതും മഹാശയനായ വിദുരൻ പറഞ്ഞതുമായ പല നല്ല മൊഴികൾ കേട്ടും ഓജസ്വിയായ കൃഷ്ണൻ പറഞ്ഞ സന്ദർഭോചിതമായ കഥകൾ കേട്ടും സംതൃപ്തിവരാതെ അവർക്ക് ആ രാത്രി അങ്ങനെ അതിവേഗത്തിൽ തീർന്നുപോയി. സ്വരജ്ഞരായ പല സൂതമാഗധന്മാർ ശംഖദുന്ദുഭിഘോഷത്തോടെ മധുവൈരിയെ ഉണർത്തി. സർവ്വസാത്വതപുംഗവനായ ദാശാർഹൻ എഴുന്നേറ്റ് കാലത്തുള്ള ദിനകൃത്യങ്ങൾ കഴിച്ചു. ജലസ്പർശം, ജപം, ഹോമം ഇവയെല്ലാം ചെയ്ത് ഉദിക്കുന്ന ആദിത്യനേയും മാധവൻ സേവിച്ചു.

ഈ സമയത്തു ദുര്യോധനനും സൗബലനായ ശകുനിയും ജപിച്ചുകൊണ്ടു നില്ക്കുന്ന ജയിയും ദാശാർഹനുമായ കൃഷ്ണന്റെ പുരോഭാഗത്തെത്തി നിന്നു. പിന്നെ, ദുര്യോധനൻ കൃഷ്ണനോട് ഇപ്രകാരം പറഞ്ഞു: 'ധൃതരാഷ്ട്രൻ സഭയിലേക്കു പോയിരിക്കുന്നു. ഭീഷ്മൻ തുടങ്ങിയ കൗരവഭൂപാലന്മാരും മറ്റു രാജാക്കന്മാരും ഭവാന്റെ വരവു പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ദേവന്മാർ ഇന്ദ്രനെയെന്നവിധം ഹേ, ഗോവിന്ദാ! ഭവാനെ കൗരവന്മാർ പ്രതീക്ഷിക്കുന്നു.' കൃഷ്ണൻ അവരെ ഭംഗിയായ നല്ല വാക്കുകളാൽ പ്രശംസിച്ചു സന്തോഷിപ്പിച്ചു."

പിന്നെ, സൂര്യൻ തെളിഞ്ഞു വിളങ്ങിയപ്പോൾ ജനാർദ്ദനൻ ബ്രാഹ്മണർക്കായി സ്വർണ്ണം, വസ്ത്രം, പശു, കുതിര എന്നിവയൊക്കെ ദാനംചെയ്തു. അപരാജിതനായ കൃഷ്ണൻ പല രത്നങ്ങൾ നല്കിയതിനു ശേഷം നന്ദിച്ചുവാഴുന്ന സമയത്ത് രഥസാരഥി ചെന്നു വന്ദിച്ച് ഉടനെ മണികിങ്ങിണിയണിഞ്ഞു ശുചിയായി നില്ക്കുന്ന അശ്വങ്ങളെ പൂട്ടിയ തേര് ദാരുകൻ കൊണ്ടുവന്നു നിറുത്തി. വലിയ കാറിന്റെ നിനദം ചേർന്നതും നല്ല രത്നമണിഞ്ഞതുമായ ആ ദിവ്യമായ രഥത്തെ കൊണ്ടുവന്നതായിക്കണ്ട് ആ മഹാശയൻ അഗ്നിയേയും വിപ്രന്മാരെയും വലംവച്ച്, കൗസ്തുഭമണി ചാർത്തി മഹത്തായ ശ്രീയോടെ ജ്വലിച്ച്, ചുറ്റും കുരുക്കളോടുകൂടി നില്ക്കുന്ന കൃഷ്ണൻ, വൃഷ്ണിവീരാഭിരക്ഷിതനായി തേരിൽക്കയറി. സർവ്വയാദവനന്ദനനും, സർവ്വപ്രാണികരനും, സർവ്വബുദ്ധിവരോത്തമനുമായ കൃഷ്ണന്റെ പിറകേ ധർമ്മവിത്തമനായ വിദുരൻ കയറി. വേറെ തേരിൽ ദുര്യോധനനും ശകുനിയും കയറി, പരന്തപനായ കൃഷ്ണനെ പിൻതുടർന്നു. കൃതവർമ്മനും, സാത്യകിയും മറ്റ് വൃഷ്ണിവീരന്മാരും കൃഷ്ണന്റെ പിമ്പേ ആന, തേര് തുരഗഗണങ്ങളോടുകൂടി അകമ്പടിയായിപ്പോയി. പൊന്നണിഞ്ഞു നല്ല കുതിരകളെക്കെട്ടിയ തേരുകൾ പ്രശോഭിച്ചു! ശ്രീമാനും ധീമാനുമായ കൃഷ്ണൻ രാജർഷികൾ സഞ്ചരിക്കുന്ന, അടിച്ചുതളിച്ചു വൃത്തിയാക്കിയ മാർഗ്ഗത്തിലെത്തി.

ദാശാർഹൻ യാത്രയായപ്പോൾ കാഹളങ്ങൾ വിളിച്ച്, ശംഖുകൾ വിളിച്ച്, വാദ്യങ്ങൾ ഘോഷിച്ചു. യുവാക്കളും വിശ്വവീരന്മാരും സിംഹവിക്രമരുമായ അവർ കൃഷ്ണന്റെ തേരിനു ചുറ്റുമായി നടന്നു. ചിത്രവസ്ത്രങ്ങൾ ഉടുത്ത് അസംഖ്യം മറ്റു വീരന്മാരും വാളും കത്തിയുമായി കൃഷ്ണന് അകമ്പടി സേവിച്ചു. അഞ്ഞൂറ് ആനകൾ, അപ്രകാരംതന്നെ ആയിരം നല്ല തേരുകൾ, അപരാജിതനായ ദാശാർഹവീരനെ പിന്തുടർന്നു. കുരുരാജപുരത്തിൽ കൃഷ്ണനെ കാണുവാനായി ബാലന്മാരും, വൃദ്ധന്മാരും, സ്ത്രീകളുമടക്കം സകലരും രാജവീഥിയിലെത്തി. തറയിൽപ്പറ്റിനിന്നും, കയറിനിന്നും, അസംഖ്യം സ്ത്രീകൾ കൂടുന്ന ഭാരത്താൽ ഭവനങ്ങൾ ചലിച്ചുപോയി.

കുരുക്കൾ പൂജിക്കുന്നതേറ്റും നല്ല ചൊല്ലുകൾ കേട്ടും, അവരെ പ്രതിപൂജിച്ചും, മെല്ലെ രഥത്തെ നടത്തി എല്ലാവരേയും കണ്ടു സന്തുഷ്ടനായി കൃഷ്ണൻ യാത്രചെയ്തു. സഭയിൽ

digitized by www.sreyas.in

വന്നുചേർന്ന ഉടനെ കൃഷ്ണന്റെ അനുയായികൾ ശംഖുപോലെ മുഴങ്ങുന്ന കാഹളംകൊണ്ടു ദിക്കുകൾ മുഴക്കി. തേജസ്വിയായ നൃപന്റെ ആ സദസ്സു സമസ്തവും കൃഷ്ണൻ വന്നതു കാണുവാൻ ഒട്ടാകെ ഒന്നിളകി. കൃഷ്ണൻ വന്നെത്തിയ ഉടനെ രാജാക്കന്മാർ ഇടിവെട്ടുന്നതുപോലുള്ള രഥനിർഘോഷം കേട്ട് കോൾമയിർകൊണ്ടു. സഭാദ്വാരത്തിലെത്തിയപ്പോൾ സർവ്വസാത്വതപുംഗവനായ ശൗരി കൈലാസശൃംഗതുല്യമായ തേർവിട്ട് ഇറങ്ങി. പുതുമേഘത്തിനോടു തുല്യമായും, തേജസ്സാൽ ഉജ്ജ്വലിച്ചും, ഇന്ദ്രാലയംപോലുള്ള സഭയിൽ ചെന്നുകയറി. വിദുരൻ, സാത്യകി ഇവർ ചെന്നു കൈപിടിച്ചവനായ ആ മഹാശയൻ അർക്കൻ താരകളെ എന്നവിധം, ശ്രീകൊണ്ടു കുരുക്കളെ ജയിച്ചു.

കൃഷ്ണന്റെ മുമ്പിൽ കർണ്ണൻ, ദുര്യോധനൻ എന്നിവരും, കൃഷ്ണന്റെ പിന്നിലായി കൃതവർമ്മനും വൃഷ്ണികളും, ധൃതരാഷ്ട്രനെ മുമ്പിലാക്കി ഭീഷ്മദ്രോണാദ്യന്മാരും, എല്ലാവരും ആസനംവിട്ടെഴുന്നേറ്റു മുകുന്ദനെ ആദരിച്ചു. ദാശാർഹൻ വന്നുകയറുന്ന സമയത്ത് പ്രജ്ഞാദൃഷ്ടിയായ നരേശ്വരൻ, ദ്രോണഭീഷ്മന്മാരോടുകൂടി എഴുന്നേറ്റു. ജനേശ്വരനായ ധൃതരാഷ്ട്രമഹാരാജാവ് എഴുന്നേറ്റ ഉടനെ ആ രാജസഹസ്രമൊക്കെ ചുറ്റും എഴുന്നേറ്റു. പൊന്നണിഞ്ഞതും, സർവ്വതോഭദ്രമായിട്ടുള്ളതുമായ ആസനം കൃഷ്ണനായി ധൃതരാഷ്ട്രന്റെ ആജ്ഞപ്രകാരം സജ്ജീകരിച്ചിട്ടുണ്ട്. മന്നവന്മാരേയും ഭീഷ്മദ്രോണന്മാരേയും നോക്കി കൃഷ്ണൻ പുഞ്ചിരിക്കൊണ്ടു സംസാരിച്ചു. ആ ധർമ്മമൂർത്തി മറ്റു മന്നവന്മാരോടും ഒപ്പം തന്നെ സംസാരിച്ചു. അവിടെ സഭയിൽ ചെന്ന മുകുന്ദനെ രാജാക്കളും എല്ലാ കൗരവന്മാരും പൂജിച്ചു. ദാശാർഹൻ നൃപമദ്ധ്യത്തിൽനിന്നു മേലോട്ടുനോക്കി. വാനത്തു മാമുനികളെ പരന്തപൻ ദർശിച്ചു. നാരദൻ മുതലായ മാമുനിമാരെ കണ്ട സമയത്തു ശാന്തനവനായ ഭീഷ്മനോട് യദുത്തമനായ കൃഷ്ണൻ പറഞ്ഞു: "രാജാവേ, ഈ രാജസഭ കാണുവാൻ മുനിമാർ വന്നിട്ടുണ്ട്; അവരെ ക്ഷണിക്കുക. ആസനം നല്കി വലുതായ പൂജ ചെയ്യുക. ആ യോഗ്യരിരിക്കാതെ ആരും ഇരുന്നുകൂടാ. ഉടനെതന്നെ ആത്മജ്ഞരായ മുനീന്ദ്രന്മാർക്കും പൂജ നല്കുക."

ഭീഷ്മൻ സഭാദ്വാരത്തിൽ മുനികളെ കണ്ടു. ഉടനെ ഭൃത്യന്മാരോട് ആസനങ്ങൾ കൊണ്ടുവന്നിടുവാൻ ആജ്ഞാപിച്ചു. തുടച്ചു നന്നാക്കി വലിയ ശ്രേഷ്ഠാസനങ്ങൾ, പൊന്മണിമയമായ പല ആസനങ്ങൾ, കൊണ്ടുവന്ന് ചുറ്റും നിരത്തി. അവർ വരാസനങ്ങളെ സ്വീകരിച്ചു പൂജയേറ്റു അതിനുശേഷം കൃഷ്ണൻ വരാസനത്തിൽ ഇരുന്നു. ഉടനെ നരേന്ദ്രന്മാരും യഥാസ്ഥാനമലങ്കരിച്ചു. ദുശ്ശാസനൻ സാത്യകിക്ക് ഉത്തമമായ ആസനം നല്കി. കൃതവർമ്മാവിനു സ്വർണ്ണാസനം വിവിംശതി നല്കി. കർണ്ണനും ദുര്യോധനനും കൃഷ്ണന്റെ അരികത്തായി ഏകാസനത്തിൽ ഇരുന്നു. ഗാന്ധാരരാജാവായ ശകുനി ഗാന്ധാരന്മാരുടെ രക്ഷയിൽ പുത്രന്മാരോടുകൂടെ ഇരുന്നു. വെള്ളത്തോൽ വിരിച്ച രത്നപീഠത്തിൽ മഹാദ്യുതിയായ വിദുരൻ കൃഷ്ണന്റെ പീഠവും തൊട്ടുകൊണ്ട് ഇരുന്നു. വളരെനേരം ദാശാർഹനെ നോക്കിക്കൊണ്ടിരുന്ന രാജാക്കന്മാർ അമൃതിൽ എന്നപോലെ സംതൃപ്തിവരാതെ വീണ്ടും വീണ്ടും കൃഷ്ണനെ നോക്കിക്കൊണ്ടിരുന്നു. കായാമ്പൂ നിറമായ ദേഹത്തിൽ മഞ്ഞപ്പട്ടു ചാർത്തിയ ജനാർദ്ദനൻ പൊന്നിൻ പച്ചക്കല്ലുപോലെ സഭാമദ്ധ്യത്തിൽ വിളങ്ങി. എല്ലാവരും ഗോവിന്ദനിൽത്തന്നെ മനസ്സുവെച്ചു നിശ്ശബ്ദമായി ഇരുന്നു. സഭ പൂർണ്ണനിശ്ശബ്ദമായി. ഒറ്റ സഭാവാസിയും ആ സഭയിൽ ഒന്നും സംസാരിക്കാതെ ഇരുന്നു.

95. ശ്രീകൃഷ്ണവാക്യം – ശ്രീകൃഷ്ണന്റെ പ്രഭാവയുക്തമായ ഭാഷണം – വൈശമ്പായനൻ പറഞ്ഞു: "എല്ലാവരും ഇരുന്നതിനുശേഷം രാജാക്കന്മാർ ആരുംതന്നെ ഒന്നും മിണ്ടാതിരിക്കെ, സുദംഷ്ട്രനും ദുന്ദുഭിസ്വരത്തോടുകൂടിയവനുമായ കൃഷ്ണൻ പറയുവാൻ തുടങ്ങി. വർഷാരംഭക്കാറിനെ എന്നപോലെ സഭാവാസികൾ ശ്രദ്ധാപൂർവ്വം കൃഷ്ണൻ പറയുന്നതിനെ ശ്രദ്ധിച്ചിരിക്കുമ്പോൾ ധൃതരാഷ്ട്രനെ നോക്കി അദ്ദേഹത്തോടായി കൃഷ്ണൻ ഇപ്രകാരം പറയുവാൻ തുടങ്ങി."

ശ്രീഭഗവാൻ പറഞ്ഞു: 'ഹേ, വീരനായ രാജാവേ! കുരുക്കൾക്കും പാണ്ഡവന്മാർക്കും നാശം സംഭവിക്കാതെ ശമമുണ്ടാക്കുവാൻ വേണ്ടി ഭവാനോടു യാചിപ്പാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. രാജാവേ, ഭവാന്റെ നന്മയ്ക്കുവേണ്ടി വേറെ പറയേണ്ടതില്ല. എല്ലാവരുടെ നന്മകളും ഇതിൽ അടങ്ങിയിരിക്കുന്നു. അല്ലയോ അരിന്ദമാ, അറിയേണ്ടുന്നതൊക്കെ അങ്ങേയ്ക്കറിയാമല്ലോ. സർവ്വരാജാക്കന്മാരുടെ വംശത്തെക്കാളും മീതെയാണ് ഈ വംശം. രാജാവേ, ഭവാന്റെ വംശം അറിവും വൃത്തിയും ചേർന്ന് സർവ്വഗുണങ്ങളും തികഞ്ഞതാണ്. കൃപ, അനുകമ്പ, കാരുണ്യം, ആനൃശംസ്യത, ആർജ്ജവം, ക്ഷമ, സത്യം ഇവയെല്ലാം കുരുക്കളിൽ ഇതരന്മാരെയപേക്ഷിച്ച് മെച്ചമാണ്. രാജാവേ, വലുതായ ഈ കുലം ഇപ്രകാരം ഇരിക്കുമ്പോൾ ഭവാൻ കാരണം വിശേഷിച്ചും, അതിന്ന് വിപരീതമായി സംഭവിക്കുവാൻ പാടില്ല. ഹേ, കുരൂത്തമാ, ഭവാനാണല്ലോ കുരുക്കളെയൊക്കെ സംരക്ഷിക്കുന്ന ശ്രേഷ്ഠൻ! താതാ! ബാഹ്യമായും ആഭ്യന്തരമായും മിഥ്യാചാരങ്ങൾ ചെയ്തതിനാൽ ഹേ, കൗരവാ, ഭവാന്റെ പുത്രന്മാരായ ദുര്യോധനാദികൾ ധർമ്മാർത്ഥകർമ്മങ്ങളെയൊക്കെ പുറത്തുനിർത്തി നൃശംസന്മാരെപ്പോലെ പ്രവർത്തിച്ചുവരുന്നു. അശിഷ്ടരായി, മര്യാദവിട്ടവരായി, ലോഭംകൊണ്ടു ബുദ്ധികെട്ടവരായി, മുഖ്യരായ സ്വബന്ധുക്കളിൽ പെരുമാറിവരുന്നത് നരർഷഭനായ ഭവാൻ അറിയുന്നുണ്ടല്ലോ. കുരുക്കളിൽ മുളച്ചുണ്ടായ ഈ ഘോരമായ വിപത്ത് ഭവാൻ തടുക്കുന്നില്ലെങ്കിൽ അതു വളർന്ന് ഈ ലോകംമുഴുവൻ മുടിച്ചുകളയും. കുലനാശത്തിൽ ഭവാന് ആശയില്ലെങ്കിൽ ഈ ആപത്തിനെ ഒതുക്കി നിർത്താം. ശമം അസാദ്ധ്യമല്ല എന്നാണ് എന്റെ പക്ഷം. നിനക്കധീനമായ ശമം എനിക്കും അധീനമാണ്. ഹേ കൗരവ്യാ, ഭവാൻ ഭവാന്റെ മക്കളെ നിലയ്ക്കുനിർത്തുക. മറ്റോരെ ഞാനും നിറുത്താം. ഹേ, രാജേന്ദ്രാ, ഭവാന്റെ ആജ്ഞ ഭവാന്റെ മക്കൾ കേൾക്കണം. ഭവാന്റെ ആജ്ഞപ്രകാരം നില്ക്കുകയാണെങ്കിൽ അത് ഭവാന്റെ മക്കൾക്കു ഹിതമായി ഭവിക്കും; അത് പാണ്ഡവന്മാർക്കും ഹിതമായി ഭവിക്കും. ഞാൻ ശമത്തിന്നായി ഉദ്യമിക്കുമ്പോൾ അതിൽ അടങ്ങാത്ത മക്കളെ ഭവാൻ ശാസിക്കുകയാണെങ്കിൽ അതു രണ്ടുകൂട്ടർക്കും ഹിതമായി ഭവിക്കും. ഭാരതന്മാർ രാജാവേ, ഭവാനെ എല്ലായിടത്തും സഹായിക്കുന്നതാണ്. ധർമ്മാർത്ഥങ്ങളിൽ പാണ്ഡവർക്കുള്ള രക്ഷയിൽ ഭവാൻ നില്ക്കുക. അങ്ങനെ പാണ്ഡവന്മാരുടെ രക്ഷയിൽ നില്ക്കുന്ന ഭവാനെ ജയിക്കുവാൻ ഏതു ഭൂതജാലങ്ങൾ യത്നിച്ചാലും പോരിൽ വെല്ലുവാൻ സാദ്ധ്യമല്ല. ദേവന്മാരോടുകൂടിയ ഇന്ദ്രന്നുകൂടി സാധിക്കയില്ല ഭവാനെ വെല്ലാൻ. പിന്നെ മറ്റു രാജാക്കന്മാരുടെ കഥ പറയുവാനുണ്ടോ?

ഭീഷ്മൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, വിവിംശതി, വികർണ്ണൻ, അശ്വത്ഥാമാവ്, ബാൽഹീകൻ, സോമദത്തൻ, സൈന്ധവൻ, കലിംഗൻ, കാംബോജൻ, സുദക്ഷിണൻ, യുധിഷ്ഠിരൻ, ഭീമസേനൻ, അർജ്ജുനൻ, യമന്മാർ, തേജസ്വിയായ സാത്യകി, യുയുത്സു ഇവരൊക്കെ മഹാരഥന്മാരാണ്. ആരാണ് വിപരീതാത്മാക്കളെങ്കിൽ അവരോട് ഹേ, ഭാരതാ, ഭവാൻ ഏറ്റാലും. ലോകൈശ്വര്യവും ഒട്ടേറെ ശത്രുക്കൾക്ക് അധ്യഷ്യഭാവവും ചേർന്ന അമിത്രഘ്ന, കുരുപാണ്ഡവന്മാർ ചേർന്നാൽ ഭവാനോട് ഏല്ക്കുവാൻ ലോകത്തിൽ ആരുംതന്നെയുണ്ടാവുകയില്ല. അപ്രകാരമുള്ള ഭവാനോട് തങ്ങൾക്കു കിടക്കാരായ രാജാക്കന്മാരും, മേലെയുള്ള രാജാക്കന്മാരും സന്ധിചെയ്യുന്നതാണ്. അങ്ങനെയുള്ള ഭവാൻ പുത്രപൗത്രന്മാരും, പിതൃഭ്രാതൃജനങ്ങളും, ഇഷ്ടരുമൊക്കെ രക്ഷിക്കുമ്പോൾ ചിരകാലം സുഖമായി ജീവിച്ചിരിക്കും. ഇവരെയൊക്കെ മുന്നിൽ നിർത്തി മുമ്പത്തെ മട്ടിൽത്തന്നെ സല്ക്കരിച്ച് ഈ പാർത്ഥട്ടു മുഴുവൻതന്നെ ഭവാൻ ഭുജിക്കും. ഇവരെല്ലാവരും ആ പാണ്ഡുപുത്രന്മാരും ചേർന്ന് മറ്റു വൈരികളെ വെല്ലുക. ഇതൊക്കെ ഭവാന്റെ കാര്യങ്ങളാണ്. അവർ നേടിയ ഭൂമി

digitized by www.sreyas.in

യൊക്കെ ഭവാൻ ഭുജിക്കും; അമാത്യന്മാരോടുകൂടിയ പുത്രന്മാരോട് ഭവാൻ ചേരുകയേ വേണ്ടൂ.

യുദ്ധത്തെപ്പറ്റി ചിന്തിച്ചുനോക്കൂ! അതിൽ ഞാൻ വലുതായ ക്ഷയം കാണുന്നു. രണ്ടുപക്ഷവും നശിച്ചിട്ട് എന്തു ധർമ്മമാണ് നരാധിപാ? പോരിൽ പാണ്ഡവന്മാർ ശക്തന്മാരാണ്. മക്കൾ ചത്തുവീണതിൽനിന്നു ലഭിക്കുന്ന സുഖമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം. പാർത്ഥന്മാർ ക്രൂരന്മാരാണ്. എല്ലാവരും കൃതാർത്ഥന്മാരാണ്, എല്ലാവരും യുദ്ധകാംക്ഷികളുമാണ്. നിന്റെ കൂട്ടരും അപ്രകാരംതന്നെയാണ്. അവരെ വലിയ ഭയത്തിൽ നിന്നും ഭവാൻ കാത്താലും. കൗരവന്മാരും പാണ്ഡവന്മാരും തമ്മിൽ പോർചെയ്ത് ഇരുപങ്കിലേയും പോരാളികൾ വധിക്കപ്പെട്ട് യുദ്ധക്കളത്തിൽ വീണുകിടക്കും. അങ്ങനെ പോരിൽ വീണുകിടക്കുന്ന പാണ്ഡവരേയും കൗരവരേയും നമുക്കു കാണേണ്ടാ എന്നാണ് എന്റെ ആഗ്രഹം. ഇങ്ങനെ പരസ്പരം അവർ വെട്ടി സകലരും മരിക്കുന്നതോടുകൂടിത്തന്നെ വന്നുചേർന്ന രാജാക്കന്മാരും അമർഷവശരായി മുടിയും. സകല പ്രജകളും മുടിയും. രാജാവേ, ലോകത്തെ കാക്കുക, പ്രജകൾ നശിക്കാതെ രക്ഷിക്കുക. ഭവാൻ പ്രകൃതി കൈക്കൊണ്ടാൽ ശേഷം ഹേ, കുരൂത്തമാ, കാണാം! ഹ്രീമാന്മാരായ ശുക്ലോദാരന്മാർ, ആര്യന്മാർ, പുണ്യാഭിജാതികൾ, അന്യോന്യമിത്രർ ഇങ്ങനെയുള്ള അവരെ ഭയത്തിൽ ഭവാൻ കാത്താലും. ശുഭമായി ഇവിടെ വന്നുചേർന്ന ഈ മന്നവന്മാരെല്ലാം ഒത്തുചേർന്ന്, പരസ്പരം ഒന്നിച്ചുണ്ണുകയും കുടിക്കുകയും ചെയ്ത് അവരവരുടെ ഗൃഹങ്ങളിലേക്കു പൊയ്ക്കൊള്ളട്ടെ. നല്ല വസ്ത്രങ്ങളും മാലകളും ധരിച്ച് പൂജയേറ്റ് അമർഷം നീക്കി വൈരം കൈവെടിഞ്ഞ് പരസ്പരം ആശ്ലേഷിച്ചു പിരിയട്ടെ!

പാണ്ഡവന്മാരിൽ അങ്ങയ്ക്കുള്ള ഇഷ്ടം ഈ മരണം അടുത്തനാൾ മുമ്പത്തെ മട്ടിൽത്തന്നെ ഉണ്ടാകട്ടെ! ഹേ, ഭരതർഷഭാ! യോജിക്കുക!

ബാല്യത്തിൽത്തന്നെ അച്ഛൻ മരിച്ചുപോയ അവരെ പോറ്റിയത് ഭവാനല്ലേ? അവരേയും സ്വന്തം മക്കളേയും ന്യായമായി ഭവാൻ പാലിച്ചാലും; നീ കാക്കേണ്ടവരാണ് അവർ. വിശേഷിച്ചും വ്യസനങ്ങളിൽ നീ നോക്കേണ്ടവരാണ്. ധർമ്മവും അർത്ഥവും അങ്ങയ്ക്കു കെട്ടുപോകാതെയിരിക്കട്ടെ! പാണ്ഡവന്മാർ ഭവാനെ അഭിവാദ്യം ചെയ്ത് ഉണർത്തുന്നതു കേട്ടാലും:

'രാജാവേ, ഭവാന്റെ ആജ്ഞയാൽ ഞങ്ങൾ കൂട്ടരോടുകൂടി ദുഃഖങ്ങൾ അനുഭവിച്ചു. ഞങ്ങൾ പന്ത്രണ്ടുവർഷം കാട്ടിൽ കഴിച്ചു. പതിമ്മൂന്നാമത്തെ വർഷം നാട്ടുകാർ അറിയാതെ നാട്ടിലും വസിച്ചു. ഈ കഷ്ടമൊക്കെ ഞങ്ങൾ അനുഭവിച്ചത് അച്ഛൻ കരാറുപോലെ ഞങ്ങളിൽ നില്ക്കും എന്നുള്ള ഉറപ്പിനാലാണ്. ഞങ്ങൾ കരാറ് തെറ്റിച്ചില്ല. ഹേ താതാ, വിപ്രന്മാർക്ക് അതു ബോദ്ധ്യമായിട്ടുണ്ട്. ആ കരാറുപോലെ നില്ക്കുന്ന ഞങ്ങളിൽ അച്ഛൻ കരാറുപോലെ നിന്നാലും! സ്വരാജ്യത്തിന്റെ അംശം സദാ ക്ലിഷ്ടരായ ഞങ്ങൾ ഏല്ക്കട്ടെ രാജാവേ! ധർമ്മാർത്ഥങ്ങൾ അറിഞ്ഞ് അങ്ങുന്ന് ഞങ്ങളെ നന്നായി കാത്താലും! ഭവാന്റെ ഗുരുത്വംനോക്കി ഞങ്ങൾ ഏറെ ക്ലേശം സഹിക്കുകയാണ്. അച്ഛനും അമ്മയുമെന്നപോലെ ഭവാൻ ഞങ്ങളിൽ നിന്നാലും. ഗുരുശിഷ്യന്മാർക്കു ചേർന്ന മുഖ്യമായ വൃത്തി ഭവാനിൽ ഞങ്ങൾ കൈക്കൊള്ളുന്നു. ഭവാൻ അതുപോലെയുള്ള മനോഭാവം ഞങ്ങളിലും കൈക്കൊള്ളുക.

മക്കളായ ഞങ്ങൾ തെറ്റിനടന്നാൽ അച്ഛൻ ഞങ്ങളെ നേരെ നടത്തണം. ഞങ്ങളെ ശരിയായ മാർഗ്ഗത്തിൽ ഭവാൻ നിർത്തുക. ഭവാൻ ധർമ്മത്തിന്റെ മാർഗ്ഗത്തിൽ നില്ക്കുക.' ഭവാന്റെ മക്കൾ ഇതു വലിയ സഭയാണെന്നല്ലേ പറയുന്നത്!

ധർമ്മജ്ഞന്മാർ സഭാവാസികളായി നില്ക്കുമ്പോൾ അയുക്തം പറയുന്നതു ശരിയല്ല. അധർമ്മത്താൽ ധർമ്മവും അസത്യത്താൽ സത്യവും എവിടെ വിദ്ധമാകുന്നുവോ, അവിടെ കണ്ടുനില്ക്കുന്ന സദസ്യർ കെട്ടവരായിത്തീരുന്നു. ഏതു സദസ്സിൽ ധർമ്മത്തിന്ന് അധർമ്മത്താൽ വേധം സംഭവിക്കുന്നുവോ, അവന്റെ ശല്യം ഏതു സദസ്സിൽ തീർക്കുന്നില്ലയോ, അവിടെ സഭ്യർ വിദ്ധന്മാരായി ഭവിക്കുന്നു. അങ്ങനെയുള്ള അധാർമ്മികരെ ധർമ്മം പുഴവക്കിൽ നില്ക്കുന്ന വൃക്ഷങ്ങളെ ഒഴുക്ക് എന്നപോലെ വീഴ്ത്തുന്നതാണ്. ധർമ്മത്തെത്തന്നെ കണ്ടുകൊണ്ടും, ഒന്നും മിണ്ടാതെയിരിക്കുന്നവരുണ്ട്. അവർ ധർമ്മ്യവും ന്യായവുമായ സത്യമാണു വ്യക്തമാക്കേണ്ടത്.

മറ്റെന്തുണ്ട് ഭവാനു പറയുവാൻ, ദാനം ചെയ്യുക എന്നുള്ളതുമാത്രമല്ലാതെ! സഭയിൽ ചുറ്റുമിരിക്കുന്ന രാജാക്കന്മാർ ഇതിന്റെ ന്യായാന്യായത്തെ പറയട്ടെ! ധർമ്മാർത്ഥങ്ങളെ നോക്കി സത്യമാണു ഞാൻ പറഞ്ഞതെങ്കിൽ, മൃത്യുപാശത്തിൽനിന്നു ക്ഷത്രിയന്മാരെ ഭവാൻ വിടർത്തുക. ഹേ ഭാരതശ്രേഷ്ഠാ, ശമിച്ചാലും. മഹാദുഃഖത്തിന്റെ പാട്ടിലാകരുതേ! പിതാവിന്റെ സ്വത്തിന്റെ അംശം അവർക്കുവേണ്ടവണ്ണം നല്കി കൃതാർത്ഥനായി മക്കളോടുകൂടി സുഖമായി ജീവിക്കുക.

അജാതശത്രു ധർമ്മനിഷ്ഠനാണെന്നു ഭവാൻ അറിയുന്നില്ലേ? സപുത്രനായ ഭവാനിൽ അവന്നുള്ള വൃത്തിയേയും അറിയുന്നില്ലേ? തീവെച്ചു ചുട്ടിട്ടും തള്ളിവിട്ടിട്ടും അവർ നിന്നെത്തന്നെ ആശ്രയിക്കുകയാണ്. മക്കളോടൊത്ത് ഭവാൻ അവനെ ഇന്ദ്രപ്രസ്ഥത്തിലേക്കയച്ചു. അവൻ അവിടെപ്പാർത്തിട്ടും, രാജാക്കന്മാരെ കീഴടക്കി, അവരെയെല്ലാം ഭവാന്റെ പാട്ടിലാക്കി. അവർ ഭവാനെ തെറ്റി ഒരിക്കലും നടന്നിട്ടില്ല. അവർ അപ്രകാരം നിന്നിട്ടും അവരുടെ രാഷ്ട്രവും ധനധാന്യങ്ങളും ഹരിക്കുവാൻ വിചാരിച്ച ശകുനിയാൽ വലിയ ഒരു ചതിയിൽ അവരെ കുടുക്കി. ആ അവസ്ഥയിൽപ്പെട്ടിട്ടും സദസ്സിൽ കൃഷ്ണയെ കണ്ടിട്ടും അമേയാത്മാവായ യുധിഷ്ഠിരൻ ക്ഷത്രധർമ്മത്തിൽനിന്നു ചലിക്കുകയുണ്ടായില്ല.

ഞാൻ അങ്ങയ്ക്കും അവർക്കും ശ്രേയസ്സിന്നായി ഇച്ഛിക്കുകയാണ്. ധർമ്മം, അർത്ഥം, സുഖം എന്നിവയെ ഓടിച്ച്, അനർത്ഥത്തെ അർത്ഥമാണെന്നു വിചാരിച്ച്, അർത്ഥം അനർത്ഥമാണെന്നു ഭ്രമിച്ച് ഭവാൻ നാടുമുടിക്കരുത്. ലോഭത്തിൽ ചാടുന്ന പുത്രന്മാരെ ഭവാൻ തടഞ്ഞാലും. അരിന്ദമരായ പാർത്ഥന്മാരാണെങ്കിൽ ശുശ്രൂഷയ്ക്കോ അഥവാ യുദ്ധത്തിന്നോ ഏതിന്നും തയ്യാറായി നില്ക്കുകയാണ്. ഭവാന് ഈ പറഞ്ഞ രണ്ടുകാര്യത്തിൽ ഏറ്റവും താൽപര്യം ഏതിലാണോ അതിൽ ഉറച്ചുനില്ക്കുക!'

വൈശമ്പായനൻ പറഞ്ഞു: "ഭഗവാൻ പറഞ്ഞ ആ വാക്കുകളെ രാജാക്കന്മാരൊക്കെ ഹൃദയംകൊണ്ട് അഭിനന്ദിച്ചു. എന്നാൽ മുന്നോട്ടുവന്ന് പറയുവാനായി ആരും മുതിർന്നില്ല."

96. ദംഭോത്ഭവോപാഖ്യാനം – വൈശമ്പായനൻ പറഞ്ഞു: "മഹാത്മാവായ കേശവൻ പറഞ്ഞവാക്കുകൾ കേട്ട് സ്തംഭിച്ച് രോമാഞ്ചമണിഞ്ഞു സദസ്യരൊക്കെ ഇരുന്നു. 'ഇവരിലാരും ഇതിന്ന് ഉത്തരം പറയുവാൻ നോക്കുന്നില്ലല്ലോ.' എന്നു രാജാക്കന്മാരെല്ലാവരും ഉള്ളുകൊണ്ടു വിചാരിച്ചു. അപ്രകാരം ആ രാജാക്കന്മാരെല്ലാം മിണ്ടാതെ സ്തംഭിച്ചിരിക്കുമ്പോൾ ജാമദഗ്ന്യൻ (പരശുരാമൻ) ആ കുരുസദസ്സിൽ ഇപ്രകാരം പറഞ്ഞു:

'ദൃഷ്ടാന്തത്തോടുകൂടി ഞാൻ ചിലതുപറയാം. നിങ്ങൾ അതു ശങ്കകൂടാതെ കേട്ടാലും. നന്നെന്നു നിങ്ങൾക്കു തോന്നുകയാണെങ്കിൽ അതിലെ നന്മയെ കൈക്കൊള്ളുക.

പണ്ടു സാർവ്വഭൗമനായി ദംഭോത്ഭവൻ എന്ന രാജാധിരാജനുണ്ടായി. എല്ലാ ഭൂമിയും അവൻ കീഴടക്കി ഭരിച്ചു എന്നാണു ഞാൻ കേട്ടിട്ടുള്ളത്.

മഹാരഥനായ അവൻ ദിവസേന പ്രഭാതത്തിൽ എഴുന്നേറ്റ് ബ്രാഹ്മണരോടും ക്ഷത്രിയരോടും ചോദ്യം ചെയ്യും. ഹേ, ബ്രാഹ്മണരേ, ഈ ലോകത്തിൽ എന്നെപ്പോലെയോ, എന്നെക്കാൾ മീതെയായോ പോരിന്നു യോഗ്യരായി ആരെങ്കിലും ഇന്നു ജീവിച്ചിരിപ്പുണ്ടോ? ശൂദ്രനോ, വൈശ്യനോ, ക്ഷത്രിയനോ, വിപ്രനോ

digitized by www.sreyas.in

ഉണ്ടോ ശസ്ത്രം ഏന്തുന്നവനായിട്ട്? ഇപ്രകാരം പറഞ്ഞ് മന്നിൽ ഒട്ടുക്കും രാജാവു സഞ്ചരിച്ചു. ഗർവ്വുകൊണ്ട് ഏറ്റവും മദംകൊണ്ടവനായ അവൻ ഒരാളേയും വകവെച്ചില്ല. വിദ്വാന്മാരും അകൃപണരുമായ വിപ്രന്മാർ, ആരിലും ഭയമില്ലാത്തവർ, ആത്മപ്രശംസ ചെയ്യുന്ന ആ രാജാവിനെ തടുത്തു. അപ്പോൾ തടുത്ത ആ വിപ്രരോട് അവൻ പലപാടു ചോദിച്ചു. അതിമാനിയും ശ്രീമദാന്ധനുമായ അവനോട് തപസ്വികളും മഹാത്മാക്കളും വേദവിശ്വാസികളും ആത്മപ്രശംസകനായ ആ രാജാവിനോട് കത്തുന്ന ക്രോധത്തോടെ പറഞ്ഞു: "വടക്ക് അനേകം പേരെ ജയിച്ചവരായ രണ്ടു പുരുഷോത്തമന്മാരുണ്ട്. അവരോട് ഒരിക്കലും നീ തുല്യനല്ല."

ഇപ്രകാരം ആ ദ്വിജന്മാർ പറഞ്ഞതുകേട്ടപ്പോൾ ആ രാജാവു വീണ്ടും ചോദിച്ചു: "ആ വീരന്മാർ എവിടെ പിറന്നവരാണ്? അവരുടെ തൊഴിലെന്താണ്?" ബ്രാഹ്മണർ പറഞ്ഞു: "നരൻ, നാരായണൻ ഇങ്ങനെ രണ്ടു പുരുഷന്മാർ ഭൂമിയിൽ വന്നിട്ടുണ്ടെന്നു കേൾക്കുന്നു. അവരുമായി രാജാവേ, ഭവാൻ പൊരുതിയാലും. അവർ നരനാരായണർഷികളാണെന്നു കേൾക്കുന്നുണ്ട്. പറഞ്ഞറിയിക്കുവാൻ കഴിയാത്തത്ര ഭയങ്കരമായ തപസ്സ് അവർ ഗന്ധമാദനത്തിൽ ചെയ്യുന്നുണ്ട്." ഇതു കേട്ടപ്പോൾ രാജാവ് ആറംഗങ്ങളോടുകൂടിയ പടയോടുകൂടി ഉടനെ യാത്രയായി. തോൽവി പറ്റാത്ത അവർ അധിവസിക്കുന്ന ഇടംനോക്കി യാത്ര തുടർന്നു. വിഷമവും ഘോരവുമായ ഗന്ധമാദനപർവ്വതത്തിൽ എത്തിയ അവൻ തിരഞ്ഞു കാട്ടിൽ തപസ്സുചെയ്യുന്ന അവരെ കണ്ടെത്തി.

ആ താപസേന്ദ്രന്മാർ പൈദാഹമേറ്റു ഞരമ്പു പൊങ്ങി, മെലിഞ്ഞ് വെയിലും മഞ്ഞും കാറ്റുമേറ്റ് വാടിത്തളർന്ന മട്ടിൽ കണ്ടു. അവൻ അടുത്തുചെന്ന് അവരെ വന്ദിച്ചു കുശലം ചോദിച്ചു. ഫലമൂലങ്ങൾ, പീഠം, വെള്ളം ഇവയാൽ അർച്ചിച്ചതിന്നു ശേഷം ആ രാജാവിനോട് മഹർഷിമാർ ചോദിച്ചു: "ഞങ്ങൾ ഭവാന് എന്തു കാര്യം ചെയ്യണം? പറഞ്ഞാലും!" ഇതുകേട്ട് അവൻ ആദ്യത്തെ സമ്പ്രദായം വിടാതെതന്നെ അവരോടു പറഞ്ഞു: "ഈ ഭൂമിയൊക്കെ എന്റെ ഈ കൈകൊണ്ടു ഞാൻ ജയിച്ച് സകല ശത്രുക്കളേയും ഞാൻ കൊന്നുകളയും. ഇപ്പോൾ നിങ്ങളോടു പൊരുതാനാഗ്രഹിച്ചാണു ഞാൻ ഈ പർവ്വതത്തിൽ വന്നിരിക്കുന്നത്. ഏറെനാളായി കൊതിച്ചിരുന്ന ഈ ആതിഥ്യം നിങ്ങൾ എനിക്കു നല്കണം."

നരനാരായണന്മാർ പറഞ്ഞു: "ഹേ രാജ്യസത്തമാ, ഈ ആശ്രമം ക്രോധലോഭങ്ങൾ വിട്ടതാണ്. ഈ ആശ്രമത്തിൽ യുദ്ധം പാടില്ല. ശസ്ത്രമെവിടെ? അവക്രതയെവിടെ? മറ്റു വല്ലേടവും യുദ്ധത്തിന്നു മാർഗ്ഗമുണ്ടോ എന്നന്വേഷിക്കുക! ധാരാളം രാജാക്കന്മാർ ഭൂമിയിലുണ്ടല്ലോ!"

രാമൻ പറഞ്ഞു: 'ഇപ്രകാരം ആ നരനാരായണന്മാർ പറഞ്ഞപ്പോൾ ദംഭോത്ഭവൻ ആ മുനിമാരെ സാന്ത്വനംചെയ്തു ക്ഷമിപ്പിച്ച് പോരിന്നുതന്നെ നിശ്ചയിച്ച് ആ മുനീന്ദ്രരെ വിളിച്ചു. അപ്പോൾ നരൻ ഇഷീകപ്പുല്ല് ഒരുപിടിയെടുത്തു പറഞ്ഞു: "വരൂ, പോരിന്ന് ആഗ്രഹിക്കുന്ന രാജാവേ, വരൂ, പൊരുതു! ഇനിമേലിൽ നിനക്ക് യുദ്ധക്കൊതിയുണ്ടാവുകയില്ല. അത്തരത്തിൽ നിന്നെ ഞാൻ ആക്കിത്തരും. ശസ്ത്രങ്ങളൊക്കെ എടുത്തോളൂ. പടകൂട്ടിക്കോളൂ."

ദംഭോത്ഭവൻ പറഞ്ഞു: "നമ്മോട് ഈ അസ്ത്രംമതിയെന്നാണു ഭാവമെങ്കിൽ ഹേ താപസാ, ഇതുകൊണ്ടും നിന്നോട് ഏല്ക്കുന്നു. പോരിന്നാശിച്ചാണു ഞാൻ വന്നത്."'

രാമൻ പറഞ്ഞു: 'ഇപ്രകാരം പറഞ്ഞ് ആ രാജാവ് ശരവർഷം തൂകി. ആ മുനിയെ തന്റെ പടയോടുകൂടി ആക്രമിച്ചു. ശത്രുക്കളുടെ ദേഹം പിളർക്കുന്ന അവന്റെ ശരമൊക്കെ നിസ്സാരമാക്കിക്കൊണ്ട് മുനി ഇഷീകപ്പുല്ലുകൊണ്ട് എയ്ത്തുതുടങ്ങി. ഇഷീകപ്പുല്ലുകൊണ്ട് എയ്തിട്ടും തോൽവിപറ്റാത്ത അവൻ പ്രത്യസ്ത്രം വിടാത്തത് ഒരു അത്ഭുതമായിത്തീർന്നു. ആ ദംഭോത്ഭവന്റെ കണ്ണ്, കാത്, മൂക്ക് ഇവയൊക്കെ മായയാൽ ലക്ഷ്യത്തിലെത്തിക്കുന്ന മുനി, ഇഷീകകൊണ്ടുമൂടി. ഇഷീകം തിങ്ങിയതു മൂലം ആകാശം വെണ്മയായിക്കണ്ടപ്പോൾ രാജാവ് മുനിയുടെ കാല്ക്കൽ വീണു: "എനിക്കു സ്വസ്തി" എന്ന് ഉണർത്തി. ഭീതനായി കാല്ക്കൽ വീണ രാജാവിനോടു നരൻ പറഞ്ഞു: "ബ്രഹ്മണ്യനാവുക, ധർമ്മാത്മാവാകുക. ഇനി ഇത്തരത്തിൽ ആകരുത്, ഇപ്രകാരം ആകരുതു രാജാവേ. ക്ഷത്രധർമ്മം നിനയ്ക്കുന്ന വരാരും മനസ്സുകൊണ്ടുപോലും ഏറ്റവും ശത്രുജിതനായ രാജാവായാലുംകൂടി ഗർവ്വാന്ധനായി ആരെയും ഒരിക്കലും നിന്ദിക്കരുത്. താഴ്ന്നവനേയും ശ്രേഷ്ഠനേയും നിന്ദിക്കരുത്. പ്രജ്ഞയാർന്നവനും ലോഭമറ്റവനും ഗർവ്വ് ഒഴിഞ്ഞവനും ആത്മവാനും സൗമ്യനും ദാന്തനും മൃദുശീലനും ക്ഷാന്തനുമായി ഭവാൻ ലോകരെ രക്ഷിക്കുക. ബലാബലം അറിയാതെ ആരേയും ധിക്കരിക്കരുത്. ഞാൻ സമ്മതിക്കുന്നു. സ്വസ്തി! പോയാലും! മേലാൽ ഇപ്രകാരം ചെയ്യരുത്. വേഗത്തിൽ പോയി വിപ്രന്മാരിൽ ഞങ്ങൾ കുശലം അന്വേഷിച്ചതായി പറയുക." രാജാവ് പിന്നെ ആ മഹാത്മാക്കളുടെ കാല്ക്കൽ വന്ദിച്ച് തന്റെ പുരത്തിൽ തിരിച്ചെത്തി ധർമ്മാനുഷ്ഠാനത്തിൽ തൽപരനായി വർത്തിച്ചു.

പണ്ട് ആ നരൻ ചെയ്ത കർമ്മം ഏറ്റവും മഹത്താണ്. അതിലും ഗുണമേറുന്നവനാണ് നാരായണൻ. അതുകൊണ്ട് ഗാണ്ഡീവം വില്ലിൽ എപ്പോൾ അസ്ത്രംതൊടുക്കുന്നുവോ അതിനുമുമ്പായി അർജ്ജുനനുമായി മാനമൊക്കെ നീക്കിവച്ചു തമ്മിൽ ചേരുക.

കാകുദീകം, ശുകം, നാകം, അക്ഷിസന്തർജ്ജനം, സന്താനം, നർത്തകം, ഘോരം, ആസ്യമോദകം ഇങ്ങനെ എട്ടാണ് ശരങ്ങൾ. ഇവയേറ്റാൽ ഏതു മനുഷ്യരും മരിക്കും. കാമം, ക്രോധം, ലോഭം, മോഹം, മദം, മാനം, മാത്സര്യം, അഹങ്കാരം ഇവയിൽ ക്രമേണ പെട്ട് ഉന്മത്തരായി, ബോധം പോയി, കരൾകെട്ടവർ കിടന്നു കറങ്ങും. കിടക്കും, ഉരുളും, ഛർദ്ദിക്കും, എപ്പോഴും മൂത്രം വീഴ്ത്തും, കരയും, ചിരിക്കും. ഇതൊക്കെ അർജ്ജുനനെ കണ്ടാൽ യോദ്ധാക്കൾക്കുണ്ടാകും. നാരായണബന്ധുവായ അർജ്ജുനൻ യുദ്ധത്തിൽ ദുസ്സഹനാണ്. മൂന്നുലോകത്തിലും നോക്കിയാൽ അവനെ ജയിക്കുവാൻ ആരുണ്ട്? കപിദ്ധ്വജനായ ജിഷ്ണുവീരന് പോരിൽ കിടയ്ക്ക് ആരുമില്ല. പാർത്ഥന് അനവധി ഗുണങ്ങളുണ്ട്. ആ ഗുണങ്ങളിൽ മെച്ചംകൂടിയത് കൃഷ്ണനിലാണ്. കൗന്തേയനായ അർജ്ജുനനെ ഭവാൻ വീണ്ടും അറിയും. ഞാൻ പറഞ്ഞ നരനാരായണന്മാരാണ് അർജ്ജുനനും കൃഷ്ണനും. വീരന്മാരായ പുരുഷോത്തമന്മാർ ആരാണെന്നു മനസ്സിലായില്ലേ. ഇതങ്ങുന്ന് അറിയുന്നതായാൽ നന്ന്. ദുശ്ശങ്ക വേണ്ട. സൽബുദ്ധിയോടുകൂടി പാർത്ഥന്മാരോട് ഇണങ്ങുക.

ഛിദ്രം നമുക്ക് ശ്രേയസ്സല്ലെന്നു കാണുന്നുണ്ടെങ്കിൽ ഹേ, ഭാരതശ്രേഷ്ഠാ! ശമിക്കുക. യുദ്ധത്തിന് ഒരുങ്ങരുത്. ലോകത്തിൽ ഏറ്റവും സമ്മതമായിട്ടുള്ളതാണ് നിങ്ങളുടെ വംശം. അത് അങ്ങനെതന്നെ മാറ്റംകൂടാതെ നില്ക്കട്ടെ! ശുഭമാകട്ടെ! സ്വകീയമായ കാര്യം മാത്രം നീ നിനയ്ക്കുക!"

97. മാതലിവരാന്വേഷണം – വൈശമ്പായനൻ പറഞ്ഞു: "ജാമദഗ്ന്യൻ പറഞ്ഞതുകേട്ടപ്പോൾ ഭഗവാനായ കണ്വമഹർഷിയും കുരുസഭയിൽവച്ച് ദുര്യോധനനോടു പറഞ്ഞു."

കണ്വൻ പറഞ്ഞു: "ജഗൽപിതാമഹനും ദേവനുമായ ബ്രഹ്മാവ് അക്ഷയനും അവ്യയനുമാണ്. അപ്രകാരംതന്നെ ഭഗവാന്മാരാണ് നരനാരായണർഷികൾ. ആദിത്യന്മാരിൽവച്ച് സനാതനനായ ഏകൻ വിഷ്ണുവാണല്ലോ. അജയ്യനും അവ്യയനും ശാശ്വതനും പ്രഭുവും ഈശ്വരനുമാണ് അവൻ. നാശമുള്ളവരാണു മറ്റുള്ളവർ. ചന്ദ്രാർക്കന്മാർ, മഹി, ജലം, അഗ്നിവായുക്കൾ, ആകാശം, ഗ്രഹതാരാഗണങ്ങൾ ഇവയൊക്കെയും ലോകക്ഷയത്തിൽ മൂന്നുലോകത്തേയും കൈവിട്ട്, ഏവരും നശിക്കുകയും ഉണ്ടാവുകയും ചെയ്യുന്നു. മുഹൂർത്തമൃത്യുക്കളായ ചില മനുഷ്യരും മൃഗങ്ങളും പക്ഷികളും തിര്യക്യോനികളും മറ്റു ജീവലോകചരങ്ങളും അപ്രകാരംതന്നെ. രാജാക്കന്മാർ ശ്രീ അറ്റ്

digitized by www.sreyas.in

ആയുസ്സ് അറുമ്പോൾ ചെറുപ്പത്തിൽത്തന്നെ പുണ്യപാപങ്ങ ളേൽക്കുവാൻ ചെല്ലും. അതുകൊണ്ട് ഭവാൻ ക്ഷത്രധർമ്മമോർത്തു ശമം ചെയ്യണം. പാരിടം പാണ്ഡവന്മാരും കുരുക്കളും ഭരിക്കട്ടെ! ഞാൻ ബലവാനാണ് എന്ന് സുയോധനാ, നീ വിചാരിക്കരുത്. ബലിഷ്ഠന്മാരിൽ ബലികളെ കാണുന്നുണ്ട്. ബലികളിൽ ബലമായതു ബലമല്ല കൗരവാ! ദേവവിക്രമന്മാരായ പാണ്ഡവന്മാർ ബലിഷ്ഠരല്ലേ? ഇതിന്നുദാഹരണമായി പറയാറുള്ള ഒരു പഴങ്കഥ പറയാം. കന്യകയ്ക്കുവേണ്ടി വരനെ അന്വേഷിച്ച മാതലിയുടെ കഥയാണ്.

ത്രൈലോക്യനാഥന് ഇഷ്ടസാരഥിയായ മാതലിക്ക് അഴകിൽ പേരുകേട്ടവളായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. ദേവരൂപിണിയായ അവളുടെ നാമം ഗുണകേശി എന്നായിരുന്നു. അന്യസ്ത്രീകളേക്കാൾ അവൾ ശ്രീയും ശരീരസൗന്ദര്യവുമുള്ളവളാണ്. അവളുടെ വിവാഹകാലമായപ്പോൾ ഭാര്യയോടുകൂടി മാതലി വരനെ ആലോചന നടത്തി. ലഘുശീലന്മാരും ഉയർന്ന യശസ്വികളും മൃദുസത്വന്മാരുമായ നരന്മാരുടെ കുലത്തിൽ കന്യകയുടെ ഉത്ഭവം മോശംതന്നെ. മാതൃവംശവും പിതൃവംശവും കന്യകയെ കൊടുക്കുന്ന വംശവും ഈ മൂന്നുകുലത്തേയും സത്തുക്കളുടെ കന്യക കഷ്ടത്തിലാക്കുന്നു! ദേവമാനുഷവംശങ്ങൾ രണ്ടും മാനുഷദൃഷ്ടിയിൽ വരനെ തെളിഞ്ഞു കണ്ടില്ല. ഞാൻ ഇറങ്ങിയന്വേഷിച്ചുനോക്കി.

ദേവന്മാരെ, ദൈത്യന്മാരെ, ഗന്ധർവ്വന്മാരെ, മനുഷ്യരെ, മാമുനിമാരെ, ഇവരെയൊക്കെ വരനാക്കാൻ അന്വേഷണം നടത്തിയെങ്കിലും ബോദ്ധ്യപ്പെട്ടില്ല. രാത്രിയിൽ 'സുധർമ്മ' എന്നുപേരായ തന്റെ ഭാര്യയുമൊത്ത് മാതലി മന്ത്രിച്ചു. അങ്ങനെ നാഗലോകത്തു പോകാനായി മാതലി തീരുമാനിച്ചു. ഗുണകേശിക്കു ചേരുന്ന വരനെ ദേവമർത്ത്യരിൽ ആരേയും കാണുകയുണ്ടായില്ല. നാഗങ്ങളിൽ കണ്ടുമുട്ടിയെന്നുവരാം എന്ന് സുധർമ്മയോടു പറഞ്ഞ് കന്യകയെ വലംവച്ചു ശിരസ്സിൽ ഘ്രാണനം ചെയ്ത് മഹീതലത്തിലേക്കിറങ്ങി."

98. മാതലിവരാന്വേഷണം - വരുണലോകം - കണ്വൻ പറഞ്ഞു: "പോകുന്ന വഴിക്ക് നാരദഭഗവാനെ മാതലി യദൃച്ഛയാ കണ്ടുമുട്ടി. ആ ഋഷിപുംഗവൻ വരുണനെ കാണുവാൻ പോവുകയായിരുന്നു. നാരദൻ മാതലിയോട്: 'ഭവാൻ എങ്ങോട്ടു പോകുന്നു? സ്വന്തം കാര്യത്തിനോ അതോ ശക്രന്റെ ശാസന നിർവ്വഹിക്കുവാൻ സൂതകാര്യമായിട്ടോ പുറപ്പെട്ടിരിക്കുന്നത്?'".

ഇപ്രകാരം യാത്രാകാര്യം ചോദിച്ച നാരദനോടു മാതലി തന്റെ യാത്രോദ്ദേശങ്ങളെല്ലാം പറഞ്ഞു. അതു കേട്ടപ്പോൾ മുനി പറഞ്ഞു: "ഹേ മാതലേ, നമുക്ക് ഒന്നിച്ചു പോകാം. ഞാനും വരുണനെക്കാണുവാൻ വാനിൽനിന്ന് ഇറങ്ങിയതാണ്. ഞാൻ ഭൂമിയിൽ എല്ലാം കാണിച്ചുതന്ന് നിന്നോട് എല്ലാം വിവരിച്ചു പറഞ്ഞു തരാം. ഭവാനു വരനെ കണ്ടു തെരഞ്ഞെടുക്കുകയും ചെയ്യാം."

അങ്ങനെ അവർ രണ്ടുപേരും ഭൂമിയിൽ ഇറങ്ങി. മഹാത്മാക്കളായ നാരദനും മാതലിയും ചെന്നു വരുണനെ കണ്ടു. നാരദൻ ദേവർഷിക്കു ചേർന്ന പൂജയേറ്റു. മാതലി മഹേന്ദ്രന്നു ചേർന്ന സല്ക്കാരവും സ്വീകരിച്ചു. രണ്ടുപേരും കാര്യാർത്ഥമായി വന്നതാണെന്നു ജലേശ്വരനോടു പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ സമ്മതത്തോടെ അവർ നാഗലോകത്തു ചുറ്റിനടന്നു. നാരദൻ ഭൂമിയുടെ ഉള്ളിൽ അധിവസിക്കുന്ന എല്ലാ ഭൂതങ്ങളുടേയും തത്ത്വങ്ങൾ സൂതനോടു പറഞ്ഞു.

നാരദൻ പറഞ്ഞു: "ഹേ, സൂതപുത്രാ! ഭവാൻ പുത്രപൗത്രന്മാരോടു കൂടിയ ജലേശനെ കണ്ടുവല്ലോ. സമൃദ്ധവും സർവ്വതോഭദ്രവുമായ ജലേശ്വരന്റെ മന്ദിരം ഭവാൻ കണ്ടാലും. ഗോനാഥനായ വരുണന്റെ മഹാപ്രാജ്ഞനായ പുത്രനാണ് ഈ നില്ക്കുന്നവൻ. പുഷ്കരേക്ഷണനായ ഈ പുഷ്കരൻ വരുണന്റെ ഏറ്റവും പ്രിയപ്പെട്ട പുത്രനാണ്. രൂപവാനും ദർശനീയാംഗനും സോമപുത്രിയുടെ വല്ലഭനുമാണ് ഇവൻ. സോമപുത്രിക്കു ജ്യോൽസ്ന എന്നും കാളി എന്നും പേരുണ്ട്. അവൾ അഴകിൽ രണ്ടാമത്തെ ശ്രീഭഗവതിയാണെന്നു തോന്നും. അവളുടെ കാന്തനാണ് ഈ പുഷ്കരൻ. അദിതിയുടെ ജ്യേഷ്ഠപുത്രനായ ഇവൻ ഏറ്റവും ശ്രേഷ്ഠനായ വരനാണ്.

വരുണന്റെ പൊന്മയമായ ഭവനം ഭവാൻ കണ്ടാലും. സുരന്മാർ ഇതിനെ നേടിയതുകൊണ്ടാണു സുരന്മാരായതുതന്നെ. ഇതു ദൈത്യന്മാരുടെ കൈവശത്തിലായിരുന്നു. ദേവന്മാർ അതു കീഴടക്കിയതാണ്. അവിടെ സർവ്വ ആയുധങ്ങളും ശോഭയോടെ സ്ഥിതിചെയ്യുന്നുണ്ട്. അവയൊക്കെ അക്ഷങ്ങളായിത്തന്നെ നില്ക്കുന്നു. ഒരു കാലത്ത് അവകൊണ്ടു ദേവന്മാർ അസുരന്മാരെ ജയിച്ചിട്ടുള്ളവരാണ്. രാക്ഷസജാത്യങ്ങളായും ദൈത്യജാത്യങ്ങളായും പല ദിവ്യായുധങ്ങൾ, ദൈത്യന്മാർ വിട്ടയച്ചവ ഇവിടെ കാണുന്നുണ്ട്.

ശോഭയോടുകൂടിയ അഗ്നി ഇതാ വരുണഹ്രദത്തിൽ നില്ക്കുന്നു. പുകയറ്റ അഗ്നിയോടുകൂടി വിട്ടയച്ച വൈഷ്ണവചക്രമാണ് ഇത്. ഗാണ്ഡീവ*മയമായ ചാപം, ലോകസംഹാരകല്പിതമായ ചാപം, ഇതാ കാണുന്നു. ഈ ചാപത്തെ നിത്യവും ദേവന്മാർ സംരക്ഷിക്കുന്നു. ഇതാണ് പ്രസിദ്ധമായ ഗാണ്ഡീവം എന്ന വില്ല്. വേണ്ടുന്ന സന്ദർഭങ്ങളിൽ അതാതിന്നനുസരിച്ച ബലം അതു സമാർജ്ജിക്കും. ആയിരം നൂറു പ്രാണബലമുള്ള ഈ ചാപം എപ്പോഴും ദൃഢമായിരിക്കുന്നു. രാജാക്കന്മാർക്ക് ആശരവൃത്തിയിൽ ഈ ചാപം ആശാസ്യന്മാരെക്കൂടി ശാസിക്കുന്നതാണ്. ഭീഷണമായ ഈ ചാപത്തെ ആദ്യമായി ബ്രഹ്മാവു സൃഷ്ടിച്ചതാണ്. രാജാക്കന്മാർക്ക് ഏറ്റവും മഹത്തായിട്ടുള്ളതാണ് ഇത്, എന്ന് ഇന്ദ്രൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ജലരാജാവിന്റെ പുത്രന്മാർ താങ്ങുന്നതായ മഹോദയം ഇതാ ശോഭിക്കുന്നു. ജലേശന്റെ ഉത്തമമായ ഈ ഛത്രം ഛത്രഗൃഹത്തിൽ നില്ക്കുന്നു. ഇതു ചുറ്റും കുളുർജലത്തെ മേഘംപോലെ വർഷിക്കുന്നു. ഛത്രത്തിൽനിന്നു സോമനിർമ്മലമായ ജലം ഊർന്നുവീണുകൊണ്ടിരിക്കുന്നു. മൂടൽ ബാധിച്ചപോലെ, കാഴ്ചകാണാത്ത മട്ടിൽ ഇതു ശോഭിക്കുന്നു. ഇങ്ങനെ അത്ഭുതങ്ങൾ പലതും കാണുവാൻ ഇവിടെയുണ്ട്. അതെല്ലാം കണ്ടുനിന്നാൽ കാര്യത്തിന്നു തടസ്സമുണ്ടായേക്കാം. അതുകൊണ്ടു വൈകാതെ പോകാം."

99. മാതലിവരാന്വേഷണം പാതാളലോകം - നാരദൻ പറഞ്ഞു: "ഇതാണ് നാഗലോകത്തിന്നടുത്തു നില്ക്കുന്ന പാതാളം എന്ന പുരം. ദൈത്യദാനവന്മാരാൽ സേവിതമാണ് ഈ പുരം. വെള്ളത്തള്ളൽകൊണ്ട് ആണ്ടുകിടക്കുന്ന ഈ പുരത്തിൽ ജീവജാലങ്ങൾ സഞ്ചരിക്കുമ്പോൾ ഭയജനകമായ ശബ്ദങ്ങൾ പുറപ്പെടുന്നു. അതിൽ എപ്പോഴും ജലം പാനംചെയ്യുന്ന ആസുരാനലൻ ജ്വലിച്ചുകൊണ്ടിരിക്കുന്നു. ആ അഗ്നി താൻ വ്യാപാരത്താൽ ബദ്ധനായല്ലോ എന്നു വിചാരിച്ച് അടങ്ങി വസിക്കുകയാണ്. ദേവന്മാർ ഹതാരികളായി അമൃത് അവിടെവെച്ചു പാനം ചെയ്തു. അതുകൊണ്ടാണ് സോമന്നു വൃദ്ധിയും ക്ഷയവും ഉണ്ടാകുവാൻ കാരണം. ഇവിടെ ഹയമുഖനായ ആദിത്യൻ കാലേ പർവ്വതങ്ങൾ തോറും വിശ്വം മുഴക്കുന്ന സുവർണ്ണന്റെ വാക്കനുസരിച്ച് ഉയരുന്നു. വേണ്ടുവോളം ജലമൂർത്തികളൊക്കെ അതിൽ പതനംചെയ്യുന്നതുകൊണ്ട് ഈ മാഹാത്മ്യമേറിയ പുരത്തിന്ന് 'പാതാളം' എന്നുപേരുണ്ടായി. ഇതിൽനിന്ന് ഐരാവണൻ ജലം വഹിച്ച് ലോകഹിതത്തിന്നായി കാർമേഘങ്ങളിൽ ചേർക്കുന്നു. എന്നിട്ട് ഇന്ദ്രൻ ആ മേഘങ്ങളെക്കൊണ്ടു കുളുർമ്മയോടെ മഴ പൊഴിപ്പിക്കുന്നു. ഈ പാതാളത്തിൽ എത്രയോ അധികം പലതരം രൂപമുള്ള ജലചാരികളായ തിമിംഗലങ്ങൾ ജലത്തിന്നടിയിൽ സോമപ്രഭ കുടിച്ച് ഇരിക്കുന്നു. ഇതിൽ സൂര്യാംശു തട്ടി പാതാളതലത്തിൽ ആണ്ടുപോയ ജീവികൾ പകൽ ചത്തുപോയാലും രാത്രിയിൽ ജീവിക്കുന്നു. അതിൽ നിത്യവും ഉദി

* ഗാണ്ഡീവമയം = ഗ്രന്ഥിയോടുകൂടിയത്. ഗാണ്ഡീവം എന്ന ചാപം സോമൻ വരുണന്നു നല്കി. വരുണൻ പിന്നെ അഗ്നിക്കു നല്കി. അഗ്നി അർജ്ജുനന്നും നല്കി.

digitized by www.sreyas.in

ക്കുന്ന ചന്ദ്രൻ രശ്മികളാകുന്ന കൈകൾകൊണ്ട് അമൃതു തടവി ദേഹികൾക്കു ജീവൻ കൊടുക്കുകയാണ്. അതിൽ ധർമ്മപരന്മാരായി കാലബന്ധനപീഡിതന്മാരായി ദേവേന്ദ്രൻ ഹരിച്ച ദൈത്യന്മാർ എപ്പോഴും വാഴുന്നു. ഇവിടെ ഭൂതപതിയായ സർവ്വഭൂതമഹേശ്വരൻ സർവ്വഭൂതങ്ങളുടേയും മഹാഭൂതിക്കായി മഹാതപം ആചരിച്ചിട്ടുണ്ട്. വേദാദ്ധ്യയനകർശിതന്മാരായ ഗോവ്രതിവിപ്രന്മാരായ മഹർഷികൾ പ്രാണൻപോയി സ്വർഗ്ഗം പ്രാപിച്ചതിന്നു ശേഷം ഇവിടെ വസിക്കുന്നു. എവിടെയായാലും ഒരാൾ നിത്യവും ആശിക്കുന്ന യശസ്സിനെ മറ്റൊരാൾ തട്ടിക്കൊണ്ടുപോകുന്നതാണ് ഗോവ്രതം. ഐരാവതം, വാമനൻ, കുമുദൻ, അഞ്ജനൻ, സുപ്രതീകൻ, കുലോല്പന്നൻ ഇവരാണ് മഹാഗജങ്ങൾ. നോക്കൂ! ഭവാന്റെ മകൾക്കു പറ്റിയ ഒരു വരൻ ഈ മഹാഗജങ്ങളിൽ ഏതെങ്കിലും ഒന്നു മതിയെങ്കിൽ ഞാൻ ചെന്ന് അവരിൽ ഒരുത്തനെ വരിക്കാം. പ്രണയത്തോടുകൂടി സ്വീകരിക്കാം.

ജലത്തിൽ വച്ചിരിക്കുന്ന ഈ അണ്ഡം നോക്കുക. ഇത് ശ്രീയാൽ ഏറ്റവും ജ്വലിച്ചുകൊണ്ടിരിക്കുന്നു. പ്രജാസൃഷ്ടിമുതൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ അണ്ഡം പൊട്ടുകയോ, ചലിക്കുകയോ ചെയ്യുകയില്ല. ഇതിന്റെ ജാതിസ്വഭാവമെന്തൊണെന്നു കൂടി ഞാൻ പറഞ്ഞുകേട്ടിട്ടില്ല. ഈ അണ്ഡത്തിന്റെ അച്ഛനാരാണ്, അമ്മയാരാണ് എന്നുകൂടി എനിക്കറിയില്ല. എന്നാൽ പ്രളയത്തിൽ ഉയരുന്ന മഹാനലൻ ചരാചരാത്മകമായ ഈ മൂന്നു ലോകവും ചുട്ടെരിച്ചുകളയും."

പിന്നെ നാരദൻ പറഞ്ഞ ആ വാക്കുകേട്ട് മാതലി പറഞ്ഞു: "മഹർഷേ, എന്റെ മകൾക്കു ഭർത്താവാകുവാൻ ഈ ആനകളെയൊന്നും എനിക്കു ബോധിച്ചില്ല. വേറെ എവിടെയെങ്കിലും പോയി വരാന്വേഷണം നടത്തുക. ഇനി വൈകിക്കൂടാ."

100. മാതലിവരാന്വേഷണം - ഹിരണ്യപുരം - നാരദൻ പറഞ്ഞു: "ഹേ മാതലീ, ഇത് അനേകായിരം മായകൾ കാണിക്കുന്ന ദൈത്യന്മാരുടേയും ദാനവന്മാരുടേയും വാസസ്ഥാനമായ ഹിരണ്യപുരമാണ്. ഏറ്റവും പ്രസിദ്ധമായ വലിയ പുരവുമാണ് ഇത്. വളരെ പണിപ്പെട്ട് വിശ്വകർമ്മാവായ മയൻ തന്റെ മനോധർമ്മത്താൽ പാതാളത്തിൽ സൃഷ്ടിച്ചതാണ്.

ഈ പുരിയിൽ പണ്ടേ വരം നേടിയവരും ഓജസികളും മായാസഹസ്രങ്ങൾ കാട്ടുന്നവരും ശൂരന്മാരുമായ ദാനവന്മാർ വസിക്കുകയാണ്. ഇന്ദ്രൻ, യമൻ, ജലേശ്വരൻ, കുബേരൻ ഇവരെക്കൊണ്ടൊന്നും അധീനമാക്കാൻ കഴിയാത്തവരാണ് ഈ ദാനവന്മാർ. വിഷ്ണുപദോത്ഭവരായ കാലകേയാസുരന്മാരായ ഈ അസുരന്മാർ നൈരൃതന്മാരും യാതുധാനന്മാരും ബ്രഹ്മപാദസമുത്ഥരും ഇങ്ങനെ പല വംശക്കാരും അവരിലുണ്ട്. ദംഷ്ട്രയുള്ളവരും ഭീമവേഗന്മാരും വായുവേഗപരാക്രമന്മാരും മായാവീര്യവാന്മാരുമായി പലരും ഇവിടെ വാഴുന്നുണ്ട്. നിത്യവും രണോദ്ധതരായ നിവാതകവചന്മാരും ഇവരിലുണ്ട്. ഇവർക്കു യാതൊരു പദ്രവവും ചെയ്യുവാൻ ഇന്ദ്രനാലും കഴിയുകയില്ല. അക്കാര്യം ഇന്ദ്രന്നറിയുകയുംചെയ്യാം. ഹേ, മാതലേ, പലപാടും ഭവാനും ഭവാന്റെ പുത്രനായ ഗോമുഖനും ശചീശനായ ഇന്ദ്രനും പുത്രന്മാരോടുകൂടി എതിർത്തിട്ട് ഇവരോടു തോറ്റുപോവുകയാണല്ലോ ഉണ്ടായത്.

മാതലേ, ഭവാൻ നോക്കൂ! വെള്ളികൊണ്ടും സ്വർണ്ണം കൊണ്ടും തീർത്ത മനോഹരമായ ഭവനങ്ങൾ വിധിക്കു തക്കതായ കർമ്മത്തോടുചേർന്നു യോജിച്ചുനില്ക്കുന്നു! വൈഡൂര്യരത്നങ്ങൾ വിചിത്രമായി പതിച്ചവയും പവിഴംകൊണ്ടു നിർമ്മിച്ചവയും അർക്കസ്ഫടികംപോലെ ഉറപ്പുള്ളവയും ഉജ്ജ്വലപ്രകാശത്തോടുകൂടിയവയുമായ അവ മന്നുപോലെ പത്മരാഗപ്രഭയോടെ ശോഭിക്കുന്നു. മരങ്ങളുടെ ഛായയിൽ ശിലാപ്രായത്തിലും കാണുന്നു. സൂര്യപ്രഭപോലെയും പത്മരാഗപ്രഭപോലെയും കത്തുന്ന അഗ്നിപോലെയും മണിജാല വിചിത്രങ്ങളായി തിങ്ങിപ്പൊങ്ങിത്തിളങ്ങി പ്രശോഭിക്കുന്നു. ഇവ രൂപത്താലും ദ്രവ്യത്താലും ഇന്നമാതിരിയെന്നു പറയുവാൻ വയ്യാത്ത മാഹാത്മ്യത്തോടെ പ്രകാശിക്കുന്നു. ഗുണങ്ങളാൽ സുസ്നിഗ്ദ്ധങ്ങളായി, പ്രമാണഗുണസമ്പൂർണ്ണമായി പ്രശോഭിതങ്ങളായ ദൈത്യാരാമങ്ങൾ ഭവാൻ കണ്ടുകൊള്ളുക. അപ്രകാരംതന്നെ ശയനാഗാരങ്ങളും കണ്ടുകൊള്ളുക. മഹാർഹങ്ങളായ രത്നങ്ങൾ പതിച്ച പാത്രങ്ങളും ആസനങ്ങളും എത്ര മനോഹരമായി പ്രശോഭിക്കുന്നു!

കാറുപോലെ ഉയർന്നുശോഭിക്കുന്ന പർവ്വതങ്ങളും മനോഹരമായ വെള്ളച്ചാട്ടങ്ങളോടുകൂടിയ ചോലകളും കാമ്യങ്ങളായ പുഷ്പഫലങ്ങളോടുകൂടിയ കാമചാരിദ്രുമങ്ങളും ഇവിടെയുണ്ട്. ഇവയിൽ അധിവസിക്കുന്ന ദൈത്യസുന്ദരന്മാരിൽ ആരെയെങ്കിലും മാതലേ, മകൾക്കു വരനായി പിടിച്ചുവോ? ബോധിച്ചെങ്കിൽ ആകാം. ഇല്ലെങ്കിൽ വേണ്ട. ഭവാനു സമ്മതമാണെങ്കിൽ മറ്റു ഭൂഭാഗത്തേക്കു പോകാം."

ഇപ്രകാരം പറയുന്ന നാരദനോട് മാതലി പറഞ്ഞു: "ഹേ! ദേവർഷേ, ഞാൻ ദേവകൾക്ക് ആർക്കുംതന്നെ അപ്രിയംചെയ്യുകയില്ല. നിത്യവും വൈരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭ്രാതാക്കന്മാരാണ് സുരന്മാരും അസുരന്മാരും. പരപക്ഷച്ചാർച്ചയിൽ ഞാൻ എങ്ങനെ തൃപ്തനാകും? ശത്രുകുല്ത്തിൽ യോഗ്യന്മാരുണ്ടെങ്കിലും അതിൽനിന്നു മകൾക്കു ഭർത്താവുവേണ്ട. വേറെ ഇടത്തേക്കു പോവുക. എത്ര യോഗ്യതയുള്ളവനായാലും വേണ്ട. എനിക്ക് ദൈത്യന്മാരെ കാണുകയേ വേണ്ട. അങ്ങും ഹിംസാത്മകന്മാരായ ദൈത്യന്മാരുടെ ശത്രുവാണെന്നു ഞാൻ വിചാരിക്കുന്നു."

101. മാതലിവരാന്വേഷണം - ഗരുഡലോകം - നാരദൻ പറഞ്ഞു: "ഹേ മാതലേ, ഇവിടെയാണ് നാഗാശനന്മാരായ ഗരുഡന്മാരുടെ ലോകം. വിക്രമംകൊണ്ടും ഗമനംകൊണ്ടും ഭാരമെടുക്കുന്നതുകൊണ്ടും തളരാത്തവരാണ് ഇവർ. ഈ വംശം ആറു ഗരുഡസുതന്മാരാൽ പൂർണ്ണമാണ്. സുമുഖൻ, സുനാമ്മാവ്, സുവർച്ചസ്സ്, സുനേത്രൻ, സുരുക്ക്, സുബലൻ ഇവരൊക്കെയാണ് ആ ആറു പക്ഷിരാജാക്കന്മാർ. വിനതാകുലകർത്താക്കളായ ഇവർ പരപ്പോടെ കുലം വളർത്തി.

പക്ഷിരാജാഭിജാത്യംപൂണ്ട ഇവർ ആയിരവും നൂറും കശ്യപാന്വയജാതന്മാരാണ്. ഇവർ ഭൂതിവാച്ചവരാണ്, ശ്രീവത്സലാഞ്ഛനത്തോടുകൂടിയ ഇവരൊക്കെ ശ്രീയുള്ളവരാണ്. എല്ലാവരും ശ്രീയിൽ ആഗ്രഹിച്ചു ബലത്തെ ധരിക്കുന്നതാണ്. കർമ്മംകൊണ്ട് ഇവർ ക്ഷത്രിയരാണ്. ലേശം ദയയില്ലാതെ പാമ്പുകളെ പിടിച്ചു ഭക്ഷിച്ചുകളയും. ജ്ഞാതികളെ നശിപ്പിക്കുകകാരണം ഇവർ ബ്രാഹ്മണ്യത്തെ നേടുകയുണ്ടായില്ല.

ഇവരുടെ പേർ പറയാം. പ്രാധാന്യമനുസരിച്ചു ക്രമപ്രകാരം ഞാൻ പറയുന്നതു ഭവാൻ കേട്ടാലും. വിഷ്ണു കൈക്കൊണ്ട ഈ വംശം ശ്ലാഘ്യമാകുന്നു. ഇവർക്കു ദൈവതം വിഷ്ണുവാണ്. വിഷ്ണു ഉള്ളിൽ. പരായണം വിഷ്ണുവാണ്. വിഷ്ണു തന്നെ എപ്പോഴും ഗതി. സുവർണ്ണചൂഡൻ, നാഗാശി, ദാരുണൻ, ചണ്ഡതുണ്ഡകൻ, അനിലൻ, അനലൻ, വിശാലാക്ഷൻ, കുണ്ഡലി, പങ്കജിത്ത്, വജ്രൻ, വിഷ്കമ്പൻ, വാമനൻ, വൈനതേയൻ, വാതവേഗൻ, നിശാചാക്ഷുനിമേഷൻ, നിമിഷൻ, ത്രിവാരൻ; സപ്തവാരൻ, വാല്മീകി, ദ്വീപകൻ, ദൈത്യദ്വീപൻ, സരിദ്വീപൻ, സാരസൻ, പത്മകേതനൻ, സുമുഖൻ, ചിത്രകേതു, അനഘൻ, ചിത്രബർഹൻ, മേഘഹൃത്, കുമുദൻ, ദക്ഷൻ, സർപ്പാന്തകൻ, സോമഭോജൻ, ഗുരുഭാരൻ, കപോതൻ, സൂര്യനേത്രൻ, ചിരാന്തകൻ, കുമാരൻ, വിഷ്ണുധർമ്മാവ്, ഹരി, പാരിബർഹൻ, സുസ്വരൻ, മധുപർക്കൻ, ഹേമവർണ്ണൻ, മാലയൻ, മാതരിശ്വാവ്, നിശാകരൻ, ദിവാകരൻ. കീർത്തിപ്രാധാന്യമനുസരിച്ച് ഞാൻ ഗരുഡന്റെ മക്കളെ ഉദ്ദേശിച്ചു പറഞ്ഞതാണ്. ഇവരിൽ ആരെയെങ്കിലും ഭവാന്റെ പുത്രിക്കു വരനായി സ്വീകരിക്കാം. ഇതിലും തൃപ്തിയില്ലെങ്കിൽ വരു! ഇനിയും വരന്മാരെ കാണിച്ചുതരാം. നല്ല വരനെ കിട്ടുന്നതിനുപറ്റിയ ഇടത്തിലേക്കു ഞാൻ ഭവാനെ കൊണ്ടുപോകാം."

digitized by www.sreyas.in

102. മാതലിവരാന്വേഷണം - രസാതലം - നാരദൻ പറഞ്ഞു: "ഏഴാമത്തെ ധരാതലമായ രസാതലത്തിലാണ് നാം ഇപ്പോൾ എത്തിയിരിക്കുന്നത്. ഈ ലോകത്തിലാണ് അമൃതിൽനിന്ന് ഉത്ഭവിച്ച സുരഭി എന്ന പശു വാഴുന്നത്. ഭൂമിയുടെ സത്തിൽനിന്നുണ്ടായ പാൽ അവൾ എപ്പോഴും ചുരത്തും. ആറു രസങ്ങളുടേയും സത്തായ ഉത്തമമായ രസമാണത്. അമൃതിനാൽ തൃപ്തനായി പണ്ടു പിതാമഹൻ അതിന്റെ സാരം പുറത്തേക്കു സംതൃപ്തിയായി, പിതാമഹന്റെ മുഖത്തുനിന്നു പ്രസാദമായി, ഈ സുരഭി ഉത്ഭവിച്ചു. മാന്യയായ ഇവളുടെ ക്ഷീരധാര ഭൂലോകത്തിൽ പതിച്ചപ്പോൾ കയമായി പവിത്രവും വിശ്രുതവുമായ ക്ഷീരസമുദ്രമുണ്ടായി. പൂത്തുനില്ക്കുന്നപോലെ വക്കിൽ നില്ക്കുന്ന നുരയെ പാനം ചെയ്ത് ഫേനനപന്മാരായി മുനീശ്വരന്മാർ വസിക്കുന്നു. അതുകൊണ്ട് ഫേനവന്മാർ എന്ന് ആ ഫേനഭോജികൾക്കു പേരുണ്ടായി. വലിയ തപസ്വികളായ അവരെ ദേവകൾകൂടി ഭയപ്പെടുന്നു.

അവളുടെ ചുറ്റുമായി നാലു പശുക്കളുണ്ട്. ദിക്കുകളൊക്കെ പാലിച്ചുകൊണ്ട് അവർ നാലുദിക്കുകളിലും നില്ക്കുന്നു. സുരൂപയായ സൗരഭിയാണ് കിഴക്കുദിക്കു വഹിക്കുന്നവൾ. ഹംസിക തെക്കേ ദിക്കിനേയും വഹിക്കുന്നു. വരുണന്റെ പടിഞ്ഞാറേ ദിക്കിനെ വഹിക്കുന്നത് സുഭദ്രയാണ്. മഹാനുഭാവയായ അവൾ എപ്പോഴും വിശ്വരൂപിയായി നിലകൊള്ളുന്നു. സർവ്വകാമദുഘാ എന്നറിയപ്പെടുന്ന ധേനു വിത്തേശന്റെ വടക്കുദിക്കു താങ്ങുന്ന ധർമ്മ്യയാണ്. കടലിൽ ഇവരുടെ പയസ്സിനെ മന്ദരപർവ്വതമാകുന്ന കടകോൽകൊണ്ടു കടഞ്ഞ് സുരാസുരന്മാർ വാരുണി, ലക്ഷ്മി, അമൃത് ഇവയെ നേടി. ഉച്ചൈശ്രവസ്സ് എന്ന അശ്വരാജനേയും കൗസ്തുഭം എന്ന രത്നത്തേയും നേടി. സുധാശന്മാർക്കു സുധയേയും, സ്വധാശരിൽ സ്വധ*യേയും അമൃതാശർക്ക് അമൃതും പാലായി സുരഭി നല്കുന്നു. പാതാളവാസികൾ പണ്ട് ഇതിനെക്കുറിച്ച് ഒരു ഗാഥയുണ്ടാക്കി ഗാനം ചെയ്തു.

'ത്രിവിഷ്ടപം നാഗലോകം
സ്വർഗ്ഗലോകമിവറ്റിലും
മെച്ചം കൂട്ടുന്നതാം വാസം
രസാതലനിവാസമാം.'"

103. മാതലിവരാന്വേഷണം - നാഗലോകം - നാരദൻ പറഞ്ഞു: "ഇപ്പോൾ നാം എത്തിനില്ക്കുന്നത് വാസുകി രക്ഷിച്ചുവരുന്ന ഭോഗവതീപുരിയിലാണ്. ഈ പുരി ഇന്ദ്രന്റെ അമരാവതിക്കൊക്കും. ഇതാ, ലോകമുഖ്യനായ ശേഷൻ തപസ്സാലും യോഗത്താലും പ്രഭാവംകൂടിയ ഊഴിയെ താങ്ങിനില്ക്കുന്നു. ശ്വേതാചലംപോലെ ഉയർന്നുനില്ക്കുന്ന ഇവൻ ദിവ്യാഭരണഭൂഷിതനായി, ജ്വാലാജിഹ്വനായി, ആയിരം തലയുള്ളവനായി ശോഭിക്കുന്നതു നീ നോക്കൂ. ഇവിടെ നാനാകാരത്തിലുള്ളവരും നാനാ ഭൂഷണങ്ങളണിഞ്ഞവരും സുരസാസുതന്മാരുമായ നാഗങ്ങൾ വ്യഥകൂടാതെ വസിക്കുന്നു. മണിസ്വസ്തികചക്രങ്ങൾ ധരിച്ചവരും കമണ്ഡലുകലാലംകൃതരും ശക്തിയേറിയവരും സ്വഭാവാൽ ക്രൂരരായവരുമാണ് സംഖ്യയറ്റ അവരെല്ലാം. അവരിൽ ആയിരം തലയുള്ളവരും അഞ്ഞൂറുതലയുള്ളവരുമുണ്ട്. നൂറു തലയുള്ളവരും മൂന്നു പടമുള്ളവരും അവരിലുണ്ട്. പത്തു തലയുള്ളവരും ഏഴു തലയുള്ളവരുമുണ്ട്. മഹാഭോഗരും മഹാകായരും ശൈലങ്ങൾപോലെ ശോഭിക്കുന്നവരും അവരിലുണ്ട്. ഒരേ വംശത്തിൽ ആയിരവും പതിനായിരവും ലക്ഷവും ഇവരിലുണ്ട്. ഇവരിൽ മുഖ്യന്മാരെ ഞാൻ പറയാം: വാസുകി, തക്ഷകൻ, കാർക്കോടകൻ, ധനഞ്ജയൻ, കാളിയൻ, നഹുഷൻ, കംബളൻ, അശ്വതരൻ, മണിനാഗൻ, ബാഹ്യകുണ്ഡൻ, ആപൂരണൻ, ഖഗൻ, വാനവൻ, ഐലപുത്രൻ, കുകുരൻ, കുകുണൻ, ആര്യകൻ, നന്ദകൻ, കലശപോതകൻ, കൈലാസകൻ, പിഞ്ജരകൻ, ഐരാവതൻ, സുവനൻ, ഉദധിവക്ത്രൻ, ശംഖൻ, നന്ദൻ, ഉപനന്ദകൻ, ആപ്തൻ, കോടരകൻ, ശിഖി, നിഷ്ഠൂരകൻ, ഹസ്തിഭദ്രൻ, തിത്തിരി, കുമുദൻ, മാല്യപിണ്ഡകൻ, പത്മൻ, പുണ്ഡരീകൻ, പുഷ്പൻ, മുൽഗരപർണ്ണകൻ, കരവീരൻ, പിഠരകൻ, സംവൃത്തൻ, വൃത്തൻ, പിണ്ഡാരൻ, വില്വപത്രൻ, മൂഷികാദൻ, ഗിരീഷകൻ, ദിലീപൻ, ശംഖശീർഷൻ, ജ്യോതിഷ്കൻ, അപരാജിതൻ, കൗരവ്യൻ, ധൃതരാഷ്ട്രൻ, കുഹരൻ, കൃശകൻ, വിരജൻ, ധാരണൻ, സുബാഹു, മുഖരൻ, ജയൻ, ബധിരൻ, അന്ധൻ, വിശുണ്ഡി, വിരസൻ, സുരസൻ ഇങ്ങനെ ഇവരും മറ്റു പലരും കശ്യപന്റെ പുത്രന്മാരാണ്. ഹേ മാതലേ, ഈ യോഗ്യന്മാരായ സർപ്പങ്ങളിൽ ആരെങ്കിലും പോരേ നിന്റെ മകൾക്കു വരനാകുവാൻ? ഇപ്പോൾ ഭവാൻ പ്രസാദിച്ചോ?"

കണ്വൻ പറഞ്ഞു: "അവ്യഗ്രനായി മാതലി ആ മഹാസർപ്പങ്ങളെ കണ്ണുകൊണ്ട് ഒരു പരിശോധന നടത്തിയതിനുശേഷം നാരദനോടു സന്തോഷത്തോടെ ചോദിച്ചു."

മാതലി പറഞ്ഞു: "കൗരവ്യനായ ആര്യകന്റെ മുമ്പിൽ ഈ നില്ക്കുന്നവൻ ധ്യുതിമാനും ദർശനീയനുമാണ്. ഇവൻ ആരുടെ കുലനന്ദനനാണ്? ഇവന് അമ്മയാരാണ്? അച്ഛൻ ആരാണ്? ഏതു മഹാനായ സർപ്പരാജാവിന്റെ കുലത്തിനു ഹേതുഭൂതനായിട്ടാണ് ഇവൻ നില്ക്കുന്നത്? ഇവനെ എനിക്കു ബോധിച്ചു. ഈ സർപ്പശ്രേഷ്ഠൻ എന്റെ മകൾ ഗുണകേശിക്കു ചേർന്ന ഭർത്താവുതന്നെയാണ്. ഈ ശ്രേഷ്ഠന്റെ ആദരവോടുകൂടിയ പെരുമാറ്റം, ധൈര്യം, വയസ്സ്, രൂപം എന്നിവകൊണ്ടുള്ള ചേർച്ച ഇവയൊക്കെ കാണുമ്പോൾ എനിക്കു ബോധിച്ചിരിക്കുന്നു."

കണ്വൻ പറഞ്ഞു: "സുമുഖനെ കണ്ട് മാതലി പ്രീതനായി എന്നു ബോദ്ധ്യപ്പെട്ടപ്പോൾ അവന്റെ മാഹാത്മ്യം, ജന്മം, കർമ്മം എന്നിവയൊക്കെ നാരദമുനി പറഞ്ഞു കേൾപ്പിച്ചു."

നാരദൻ പറഞ്ഞു: "ഈ നില്ക്കുന്ന സുമുഖൻ എന്നവൻ ഐരാവതകുലത്തിൽ പിറന്ന നാഗേന്ദ്രനാണ്. ആര്യകന്റെ ഏറ്റവും ഇഷ്ടപ്പെട്ട പൗത്രനാണ്. വാമനന്റെ മകളുടെ മകനാണ്. ഇവന്റെ അച്ഛൻ ചികരൻ എന്ന സർപ്പമാണ്. അവൻ ഈയിടെയാണ് ഗരുഡനാൽ കൊല്ലപ്പെട്ടത്."

ഉടനെ മാതലി പ്രീതനായി നാരദനോടു പറഞ്ഞു: "ഹേ താതാ, എനിക്കു ബോധിച്ചു ഈ സർപ്പശ്രേഷ്ഠനെ. ഇവൻതന്നെയാകണം എന്റെ മകളുടെ വരൻ. എന്റെ ജാമാതാവാകാൻ പറ്റിയവൻ തന്നെ. ഇനി ഭവാൻ അതിനായി പ്രയത്നിച്ചാലും. ഞാൻ ഇവനിൽ പ്രീതനായി. ഈ നാഗന്ന് എന്റെ പ്രിയപ്പെട്ട പുത്രിയെ ഞാൻ നല്കുന്നതാണ്."

104. മാതലിവരാന്വേഷണം - നാരദൻ ആര്യകനോടു പറഞ്ഞു: "ഇവൻ ഇന്ദ്രന്റെ ഇഷ്ടസാരഥിയായ മാതലിയാണ്. ശുചിയും ശീലഗുണംചേർന്നവനും തേജസ്സും വീര്യവുമുള്ളവനും ശക്തനുമാണ് ഇവൻ. ഇവൻ ഇന്ദ്രന്ന് മന്ത്രിയും സഖാവും സാരഥിയുമാണ്; പ്രഭാവത്താൽ ഇന്ദ്രനോടും നരനോടും തൊട്ടടുത്തു നില്ക്കുന്നവനാണ്. ആയിരം കുതിരകളെ ചൈത്രമെന്ന രഥത്തിൽ ഇവൻ പൂട്ടി തെളിക്കും. ദേവാസുരയുദ്ധങ്ങളിൽ ഇവൻ ഈ രഥം മനസ്സാൽ തെളിക്കും. ഇവൻ അശ്വങ്ങളാൽ ശത്രുക്കളെ ജയിച്ചാൽ പിന്നെ വാസവൻ തന്റെ കൈകളാൽ കൊന്നുവിടുകയും ചെയ്യുന്നു. മുമ്പ് മാതലി പ്രഹരിച്ചുവിട്ടവനെയാണ് വലാന്തകനായ ഇന്ദ്രൻ പ്രഹരിക്കുക.

ഇവന്നു സുന്ദരിയായ ഒരു മകളുണ്ട്. അഴകുകൊണ്ട് ഇവളോടു കിടപിടിക്കാൻ ലോകത്തിൽ ആരുമില്ല. സത്യശീലഗുണങ്ങൾ ചേർന്ന ഗുണകേശി പ്രസിദ്ധയാണ്. ഇവൻ വളരെ യത്നിച്ച് മൂന്നുലോകത്തിലും തിരഞ്ഞു മകൾക്കു പറ്റിയ ഒരു വരനെ കണ്ടുകിട്ടുവാൻ. ഒടുവിൽ ഇതാ, നിന്റെ പുത്രനായ സുമുഖനെ കണ്ടെത്തിയിരിക്കുന്നു; ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഭവാനും ഈ ബന്ധം യോജിച്ചതായി തോന്നുന്നുണ്ടെങ്കിൽ ഇനി ഒട്ടും വൈകിക്കരുത്. ഹേ ആര്യകാ! ഭവാൻ ഉടനെതന്നെ കന്യാസ്വീകാരത്തിന്നു മനസ്സുവെയ്ക്കുക. വിഷ്ണുഗൃഹത്തിൽ ലക്ഷ്മിപോലെ, അഗ്നിക്കു സ്വാഹപോലെ, നിന്റെ കുലത്തിൽ സുമദ്ധ്യ

* സ്വധ = പിതൃക്കൾക്കുള്ള ദാനം.

digitized by www.sreyas.in

മയായ ഗുണകേശി വാഴട്ടെ! പൗത്രന്നുവേണ്ടി ഭവാൻ ഗുണകേശിയെ ഏറ്റുവാങ്ങിയാലും! ഇന്ദ്രന്നു ശചി എന്നപോലെ സുമുഖന്ന് ഗുണകേശി ചേർന്നവളാണ്. ഇവന്ന് അച്ഛനില്ലാത്തത് ഒരു പോരായ്മയായി ഞങ്ങൾ കാണാതെയല്ല; എങ്കിലും ചെറുക്കന്റെ ഗുണംകണ്ട് ഞങ്ങൾ വരിക്കുകയാണ്. എന്നുതന്നെയല്ല, നിന്നിലും ഐരാവതനിലും ഞങ്ങൾക്കുള്ള ബഹുമാനം ചെറുതല്ല. ശീലം, ശൗചം, ദമം മുതലായ ഗുണങ്ങളിൽ ഈ സുമുഖൻ ഏറ്റവും പ്രാപ്യനാണെന്നറിഞ്ഞ് കന്യാദാനത്തിന്നു നിശ്ചയിച്ചതാണ്. അതുകൊണ്ട് മാതലിക്ക് ഒരു സല്കാരം, ജാമാതാവിനെ നല്കുക എന്ന സല്കാരം, ഭവാനും ചെയ്യേണ്ടതാണ്."

കണ്വൻ പറഞ്ഞു: "ഇതുകേട്ടപ്പോൾ ആര്യകൻ നാരദനോട് ഇപ്രകാരം പറഞ്ഞു."

ആര്യകൻ പറഞ്ഞു: "ഹേ രാജർഷേ! എന്റെ മകൻ മരിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ മകന്റെ മകന്ന് ഒരു മംഗളകാര്യം ആലോചിച്ചു വന്ന ഭവാനോട് ഞാൻ എന്താണു പറയേണ്ടത്? ഗുണകേശിയെ സ്നുഷയായി ലഭിക്കുന്ന കാര്യത്തിൽ ഞാൻ എന്തുചെയ്യണം? ഭവാന്റെ വാക്ക് എനിക്കു ബോധിച്ചില്ലെന്നല്ല ഞാൻ പറയുന്നതിന്റെ സാരം. അങ്ങനെ ധരിക്കരുത്. ഇന്ദ്രന്റെ സഖിയുമായി ഒരു ചാർച്ച ഏതവന്നാണ് രുചിക്കാതിരിക്കുക? കാരണത്തിന്റെ ദൗർബ്ബല്യം ഓർത്തിട്ടാണ് എന്റെ വിഷാദം. ഈ സുമുഖന്റെ ദേഹകൃത്തായ എന്റെ മകൻ, ഗരുഡന്റെ ഭക്ഷണമായതിൽ ഞാൻ ദുഃഖിക്കുകയാണ്. അവനെ തിന്നുപോകുന്ന സമയത്ത് പിന്നെയും വിനതാസുതനായ ഗരുഡൻ ഒരു വാക്കു പറഞ്ഞു. അതോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. 'അടുത്തമാസം ഞാൻ വരാം. അന്നു ഞാൻ സുമുഖനെ തിന്നുന്നതാണ്!' അവൻ അങ്ങനെ പറഞ്ഞാൽ അതു ചെയ്യുന്നവനാണ്. അവൻ ഒരു വാക്കു പറഞ്ഞാൽ അതുപോലെ ചെയ്യും! ആ സുപർണ്ണന്റെ വാക്കു കേട്ടതുമൂലം എന്റെ സകല ഹർഷവും നശിച്ചിരിക്കയാണ്."

കണ്വൻ പറഞ്ഞു: "ഇതുകേട്ടപ്പോൾ മാതലി പറഞ്ഞു: 'ഞാൻ ഇക്കാര്യത്തിൽ ബുദ്ധിവെച്ച് നിന്റെ പുത്രനായ സുമുഖനെ ജാമാതാവായി വരിച്ചിരിക്കുന്നു. എന്നോടും നാരദനോടുമൊന്നിച്ച് ഈ പന്നഗോത്തമൻ സുരേശനായ വാസവനെ ചെന്നു കാണുക ആവശ്യമാണ്. ശേഷം കാര്യംകൊണ്ട് ഇവന്റെ ആയുസ്സു ഞാൻ അറിയുന്നു. ഗരുഡനെ തടുക്കുവാനും ഞാൻ യത്നിക്കുന്നുണ്ട്. സമുഖനും ഞാനും ഒന്നിച്ച് ഇന്ദ്രനെ പോയി കാണും. അങ്ങയ്ക്കു കാര്യസിദ്ധി ശുഭമായി വന്നുകൂടും.'

പിന്നെ ഓജസ്വികളായ അവർ സുമുഖനോടുകൂടി ശ്രീമാനായി വസിക്കുന്ന ദേവരാജാവിനെ ചെന്നുകണ്ടു. അവിടെ ചെല്ലുമ്പോൾ സംഗതിവശാൽ ചതുർഭുജനായ സാക്ഷാൽ വിഷ്ണു അവിടെ എത്തിയിരുന്നു. അവിടെവെച്ച് നാരദൻ മാതലിയെപ്പറ്റി വിഷ്ണുവിനോട് എല്ലാക്കാര്യവും ഉണർത്തിച്ചു."

വൈശമ്പായനൻ പറഞ്ഞു: "ഭുവനേശ്വരനായ ശക്രനോട് വിഷ്ണു അപ്പോൾ കല്പിച്ചു: 'ഹേ ഇന്ദ്രാ, ഭവാൻ ഇവന്ന് ഉടനെ അമൃതം നല്കുക. അങ്ങനെ സുമുഖൻ അമരതുല്യനായി ഭവിക്കട്ടെ. മാതലിക്കും നാരദനും സുമുഖനും നിന്നിൽനിന്ന് ഈ ആഗ്രഹം സാധിക്കട്ടെ!' പുരന്ദരൻ ആ സമയത്ത് ഗരുഡന്റെ വിക്രമത്തെപ്പറ്റി ചിന്തിച്ച് ഇപ്രകാരം പറഞ്ഞു: 'ഭവാന്റെ കൈകൊണ്ടുതന്നെ അവൻ അമൃതം പാനം ചെയ്യട്ടെ!'"

വിഷ്ണു പറഞ്ഞു: "ഭവാൻ സകലചരാചരങ്ങളുമടങ്ങിയ ഈ ലോകത്തിന്നെല്ലാം ഈശ്വരനാണ്. നീ കൊടുത്താൽ അതു കൊടുത്തതില്ലാതാക്കുവാൻ ആർക്കു സാധിക്കും?" വിഷ്ണുവിന്റെ വാക്കുകേട്ട ഉടനെതന്നെ ആ പന്നഗന്ന് വാസവൻ ഉത്തമമായ ആയുസ്സു നല്കി. അമൃതു ദാനംചെയ്യാതെതന്നെ സുമുഖനെ ദേവകല്പനാക്കിത്തീർത്തു. വരം ലഭിച്ചയുടനെ സുമുഖൻ സുമുഖനായിത്തീർന്നു. അനന്തരം വിവാഹവും കഴിഞ്ഞ് സ്വഗൃഹത്തിലേക്കു പോകുകയും ചെയ്തു. നാരദനും ആര്യകനും രസമായി കാര്യം നേടി ശ്രീമാനായ ഇന്ദ്രനെ പൂജിച്ചു പോവുകയും ചെയ്തു.

105. മാതലിവരാന്വേഷണം – ഗരുഡാഹങ്കാരശമനം

– കണ്വൻ പറഞ്ഞു: "അവിടെ നടന്ന കഥകളെല്ലാം നടന്നവിധം തന്നെ മഹാബലനായ ഗരുഡൻ കേട്ടു. ഇന്ദ്രൻ നാഗത്തിന്ന് ആയുസ്സുകൊടുത്തുപോലും! സഹിക്കവയ്യാത്ത കോപം അവനിൽ ജ്വലിച്ചു. ചിറകിന്റെ കാറ്റുകൊണ്ട് മൂന്നുലോകത്തേയും പ്രകമ്പിപ്പിക്കുമാറ് സുപർണ്ണൻ ക്രോധത്തോടെ ചിറകടിച്ചു പറന്ന് ഇന്ദ്രന്റെ സമീപത്തിലെത്തി."

ഗരുഡൻ പറഞ്ഞു: "ഭഗവാനേ, എന്നെ നിന്ദിച്ചുകൊണ്ട് എന്റെ കൊറ്റു മുടക്കുവാൻ എന്താണു കാരണം? ഇച്ഛാനുരൂപമായി പ്രവർത്തിക്കുവാൻ എന്നെ അനുഗ്രഹിച്ചുവിട്ടതിന്നുശേഷം ഇപ്പോൾ അതിന്നു വിപരീതമായി പ്രവർത്തിച്ചതു ശരിയാണോ? ഒരിക്കൽ ഒരു വരം തന്നിട്ട് അതിൽ ഇളക്കംവരുത്തുന്നത് ആർക്കു ചേർന്നതാണ്? സർവ്വഭൂതസ്വഭാവത്തിന്റേയും സർവ്വഭൂതേശനായ വിധി എനിക്കു കല്പിച്ചതായ ആഹാരം തടുക്കുവാൻ അങ്ങ് ആരാണ്? സമയം നിശ്ചയിച്ച് ഞാൻ ആഹാരത്തിന്നു വരിച്ചവനാണ് ഈ സർപ്പം. എനിക്ക് ഏറ്റവും വലിയ സന്താനപരമ്പരയുണ്ട്. അവരെ ഭവാൻ രക്ഷിക്കണം. ഇവനെ കാലേതന്നെ നിശ്ചയിച്ചിരിക്കെ, മറ്റുള്ളവരൊക്കെ അറിഞ്ഞിരിക്കെ, മറ്റൊരുത്തനെ പിടിച്ചുകൊന്നു തിന്നേണ്ടിവന്നു ഗരുഡന്, എന്ന അപവാദത്തിനു പാത്രമാക്കരുത്. അതു ഞാൻ ചെയ്യുകയില്ല. ഈ ഞാൻ പട്ടിണി കിടന്നു ചത്തോളാം. എന്റെ പരിജനങ്ങളും പട്ടിണികിടന്നു ചത്തോളും. ഭൃത്യരും ചത്തോട്ടെ! ഭവാൻ സന്തോഷിക്കുക. ഭവാൻ ഇച്ഛാനുരൂപമായ പ്രവൃത്തികൊണ്ടു കളിക്കുകയാണോ? ഈ മൂന്നു ലോകത്തിനും ഈശ്വരനായ ഞാൻ പരന്മാരുടെ ഭൃത്യനായിത്തീർന്നിരിക്കയാണ്. ഇതു ഞാൻ സഹിക്കുകയില്ല. ഹേ, വൃത്രവലാന്തകാ! ഞാൻ ഇതിന് അർഹനാണോ, ഇത്തരം അവമാനത്തിന്? ഭവാൻ ഇരിക്കുമ്പോൾ, ത്രൈലോക്യരാജ്യമൊക്കെ ഭവാൻ ഭരിച്ചുവരുമ്പോൾ, വിഷ്ണുവാണ് ഇതിന്നൊക്കെ കാരണമെന്ന് ഭവാൻ ഭാവിക്കുന്നത് ശരിയല്ല.

എന്റെ അമ്മ ആരാണെന്ന് ഭവാൻ അറിയുന്നുണ്ടോ? ദക്ഷന്റെ പുത്രിയാണ്. അച്ഛൻ കശ്യപനാണ്. എന്റെ ശക്തി നീ അറിയുമോ? ലോകം മുഴുവൻ ഞാൻ ഏറ്റിക്കൊണ്ടു പോകും തോന്നിയിടത്തേക്ക്. എല്ലാവരേക്കാളും ബലം എനിക്കുണ്ടെന്നുള്ളത് ഞാൻ ഇപ്പോൾ കാട്ടിത്തരാം. ഞാനും ദൈത്യയുദ്ധത്തിൽ ഉത്തമമായ കർമ്മം ചെയ്യാത്തവനല്ല. ഞാൻ ചിലരെയൊക്കെ വധിച്ചിട്ടുമുണ്ട്. ശ്രുതശ്രീ, ശ്രുതസേനൻ, വിവസ്വാൻ, രോചനാമുഖൻ, കാലകാക്ഷൻ, പ്രസ്തുതൻ ഇവരെയൊക്കെ ഹനിച്ചവനാണു ഞാനെന്ന് ഭവാനറിയുമോ? നിന്റെ തമ്പിയുടെ കൊടിത്തുമ്പിൽ വാണ് ശുശ്രൂഷചെയ്യുകയും വഹിക്കുകയും ചെയ്യുകയാൽ നീ എന്നെ നിന്ദിക്കുകയാണോ? അത്രയ്ക്കു വേണ്ടാ! എന്നെപ്പോലെ കനത്ത ഭാരം വഹിക്കുവാൻ ശക്തിയുള്ള ഒരുത്തനെ നീ കാണിച്ചുതരൂ! എന്നെക്കാൾ ബലവാനായ ഒരുത്തൻ ആരുണ്ട് ഈ ത്രിലോകത്തിൽ? എന്നെക്കാൾ ശിഷ്ടനായി ഇഷ്ടരോടൊപ്പം നിന്റെ തമ്പിയെ വഹിക്കുവാൻ കെൽപ്പുള്ള ഒരു മാന്യനെ നീ കാട്ടിത്തരൂ! നീ എന്നെ നിരസിച്ച് എന്റെ അന്നം മുടക്കിവിട്ടതു ചെറിയ കാര്യമല്ല. നീയും ഇവരും കൂടിച്ചേർന്ന് എന്റെ അന്തസ്സനശിപ്പിക്കുവാൻ ചെയ്ത പണിയാണിതെന്ന് ഞാൻ മനസ്സിലാക്കുന്നു. അദിതിക്കു പിറന്നവരൊക്കെ ബലവിക്രമശാലികളാണ്. അവരിൽ എല്ലാവരിലുംവെച്ച് നീ ഏറ്റവും ശക്തനാണെന്ന് എനിക്കറിയാം. ഞാൻ എന്റെ ഒറ്റച്ചിറകിന്റെയറ്റത്ത്, തുമ്പത്ത്, നിന്നെയേറ്റി പറക്കാം. നീ യോഗ്യനാണെന്ന് അഭിമാനിക്കുന്നുണ്ടല്ലോ. വേണമെങ്കിൽ കാണിച്ചുതരാം. എനിക്ക് അതിന്നു ലേശം വിഷമമില്ല. നമുക്ക് ഒരു മറിനോക്കാം. ധീമൻ, ആർക്കാണു ബലമെന്നു ഞാൻ കാട്ടിത്തരാം."

കണ്വൻ പറഞ്ഞു: "ബലപരീക്ഷണത്തിന്നുള്ള ഗരുഡന്റെ ഘോരമായ വെല്ലുവിളികേട്ട് അക്ഷോഭ്യനായ ഗരുഡനെ ക്ഷോഭിപ്പിക്കുമാറ് ചക്രപാണി പറഞ്ഞു: 'എടോ ഗരുഡാ, ദുർബ്ബലനായ നീ ബലവാനാണെന്ന് ഭാവിക്കുന്നു! നിന്റെ മുമ്പിൽവച്ച് ഈ അധികപ്രസംഗം വേണ്ട. ആത്മപ്രശംസ നിർത്തൂ! മൂന്നു ലോകം

ചേർന്നു ശ്രമിച്ചാലും എന്റെ ഈ കൈ ഒന്നു പൊക്കുവാൻ കഴിയുകയില്ല. ഞാൻതന്നെ എന്നെയും നിന്നെയും വഹിക്കുന്നു. (ഗരുഡന്റെ വിചാരം താൻ വിഷ്ണുവിനെ വഹിക്കുന്നവനാണെന്നാണ്.) വീരനായ നീ എന്റെ ഈ വലംകൈ ഒന്നു പൊക്കുക. അതു നിനക്കു താങ്ങാൻ കഴിഞ്ഞാൽ നിന്റെ ഈ വികത്ഥനം സഫലമായിത്തീരും' എന്നു പറഞ്ഞ് ഭഗവാൻ തന്റെ വലംകൈ ഗരുഡന്റെ ചുമലിൽ പതുക്കെ ഒന്നുവച്ചു. ഗരുഡൻ ഭാരം സഹിക്കുവാൻ വയ്യാതെ ക്ഷീണാർത്തനായി മറിഞ്ഞു നിലത്തു വീണു. പർവ്വതങ്ങളോടുകൂടിയുള്ള ഭൂമിയുടെ മുഴുവൻ ഭാരം വിഷ്ണുവിന്റെ ഒരു കൈയ്ക്കുതന്നെയുണ്ടെന്ന് അവന്നു തോന്നി. ബലവത്തരനായ ഭഗവാൻ തന്റെ ബലത്താൽ അവനെ പീഡിപ്പിക്കുവാൻ കരുതിയില്ല. അതുകൊണ്ട് അവന്റെ പ്രാണൻ കളഞ്ഞില്ല. വായ് തുറന്ന്, ദേഹം തളർന്ന്, മോഹിച്ച് ആ ഖഗം വിഹ്വലനായി. ഭാരം സഹിക്കവയ്യായ്കയാൽ അവന്റെ തൂവലൊക്കെ കൊഴിഞ്ഞുവീണു. ഉടനെ വിനതാപുത്രൻ ശിരസ്സുകുനിച്ചു വിഷ്ണുവിനെ വണങ്ങി. വിബുദ്ധിയും വിഹ്വലനും ദീനനുമായ അവൻ ഇങ്ങനെ പറഞ്ഞു: 'ഭഗവാനേ, ലോകഭാരമൊക്കുന്ന ശരീരത്തോടുകൂടിയ ഭവാൻ അയച്ചുവിട്ട കൈതാങ്ങുവാൻ കഴിയാതെ ഞാൻ ഭൂമിയിൽ വീണു ചതഞ്ഞരഞ്ഞുപോയിരിക്കുന്നു. ദേവാ, അല്പബുദ്ധിയായ ഈയുള്ളവൻ വലഞ്ഞിരിക്കുന്നു. എന്നിൽ പൊറുക്കണേ! ബലാഹങ്കാരംകെട്ട് അവശനായ ഇവൻ ഭവാന്റെ കൊടിയിൽ വാഴുന്നവനല്ലേ! ഇവനിൽ പൊറുക്കണേ! ദേവാ! ഭവാന്റെ ഈ മഹത്തായ ബലത്തെ ഞാൻ അറിഞ്ഞിരുന്നില്ല. അതുകൊണ്ടു (ഭവാനെ ചുമക്കുന്ന ഞാൻ) അനന്യസാധാരണമായ ബലം എനിക്കുണ്ടെന്നു വിചാരിച്ചുപോയി."

ഗരുഡന്റെ ദീനരോദനം കേട്ടപ്പോൾ ഭഗവാൻ അവനിൽ പ്രസാദിച്ച് സ്നേഹത്തോടെ പറഞ്ഞു: 'മേലാൽ നീ ഇങ്ങനെ ചെയ്യരുത്.' ദേവൻ പാദാംഗുഷ്ഠം കൊണ്ട് സുമുഖനെ എടുത്ത് ഗരുഡന്റെ മാറിലിട്ടു. ഹേ രാജാവേ, അന്നുമുതൽ ഗരുഡൻ സർപ്പത്തോടുകൂടി വസിച്ചു. ഇപ്രകാരം വിഷ്ണുബലാക്രാന്തനായ ഗരുഡന്റെ സർവ്വഗർവ്വും കെട്ടടങ്ങി. ബലവാനും വിനതാസുതനുമായ താർക്ഷ്യൻ പിന്നെ ബലത്തിൽ അഹങ്കരിച്ചിട്ടില്ല."

കണ്വൻ തുടർന്നു: "അപ്രകാരം ഹേ ഗാന്ധാരീപുത്രാ, വീരന്മാരായ പാണ്ഡവന്മാരുമായി എതിർക്കുന്ന കാലത്തോളം മാത്രമേ നിനക്ക് ആയുസ്സുള്ളൂ. അത്രത്തോളമേ നീ ജീവിച്ചിരിക്കയുള്ളൂ. മഹാബലനും വായുപുത്രനും പ്രഹാരിപ്രവരനുമായ ഭീമൻ, ഇന്ദ്രപുത്രനായ അർജ്ജുനൻ ഇവർ പോരിൽ ആരെയാണു വധിക്കാതെ വിടുക? വിഷ്ണു, വായു, ഇന്ദ്രൻ, യമൻ, അശ്വിനീപുത്രർ ഈ ദേവകളെ നോക്കുവാൻ നീ എന്തുകൊണ്ടു ശക്തനാകും?

അതുകൊണ്ട് നീ ആ പാണ്ഡവരോട് വിരോധം വച്ചുപുലർത്തരുത്. അവരോടു ശമംചെയ്യുക. വാസുദേവൻ മുഖാന്തരം കുലം രക്ഷിക്കുക എന്നുള്ളതാണ് പ്രധാന വിഷയം. എല്ലാം പ്രത്യക്ഷമായി കാണുന്നവനാണ് ഈയുള്ളവൻ. തപോനിധിയായ നാരദനും എല്ലാം കാണുന്നവനാണ്. ഗദാചക്രധരനായ വിഷ്ണുവിന്റെ മാഹാത്മ്യമൊക്കെ നാരദന്നറിയാം."

ഇതു കേട്ടപ്പോൾ നെറ്റിയും പുരികവും ചുളിച്ച് മുഖം വീർപ്പിച്ച് സുയോധൻ കർണ്ണന്റെനേരെ നോക്കി, മുനിമാരെ പരിഹസിക്കുന്നവിധം പൊട്ടിച്ചിരിച്ചു. മഹർഷിയായ കണ്വന്റെ വാക്കിനെ ധിക്കരിച്ച് ആ ദുർമ്മതി തുമ്പിക്കരംപോലെയുള്ള തന്റെ തുടയിൽ കൈകൊണ്ടു തട്ടി ഇപ്രകാരം പറഞ്ഞു: "ദൈവം എന്നെ സൃഷ്ടിച്ചപ്പോൾ എനിക്ക് എന്തുണ്ടാകുമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തിയിട്ടുണ്ട്. അതുപോലെയൊക്കെ വരും. അതു മാറ്റാൻ ഒക്കുമോ? പിന്നെ എന്താണ് നിങ്ങളുടെ ഈ പ്രലാപം കൊണ്ടൊക്കെ കാര്യം?"

106. ഗാലവചരിതം – ജനമേജയൻ പറഞ്ഞു: "അനർത്ഥങ്ങളിൽ ശാഠ്യം പിടിക്കുന്നവനും, പരന്മാരുടെ അർത്ഥത്തിൽ ദുരാഗ്രഹിയും, അനാര്യമായ പ്രവൃത്തിചെയ്യുന്നവനും, ചാകുവാൻതന്നെ ഉറച്ചവനും, ജ്ഞാനികൾക്കു ദുഃഖം വളർത്തുന്നവനും, ബന്ധുജനങ്ങൾക്കു ദുഃഖം ഉണ്ടാക്കുന്നവനും, സുഹൃത്തുക്കൾക്കു ക്ലേശം ഉദിപ്പിക്കുന്നവനും, ശത്രുക്കൾക്കു സന്തോഷം വളർത്തുന്നവനും, ദുർമ്മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവനുമായ അവനെ എന്തുകൊണ്ട് ബന്ധുക്കൾ തടഞ്ഞില്ല? സൗഹൃദത്താൽ സുഹൃത്തും ഇഷ്ടനുമല്ലേ ഭഗവാനും പിതാമഹനും?"

വൈശമ്പായനൻ പറഞ്ഞു: "ഭഗവാനും ഭീഷ്മനും വേണ്ടവിധമൊക്കെ ഉപദേശിച്ചു. പലമാതിരിയൊക്കെ നാരദനും പറഞ്ഞുനോക്കി. അതും ഞാൻ പറയാം. ഭവാൻ കേട്ടാലും."

നാരദൻ പറഞ്ഞു: "പറഞ്ഞാൽ കേൾക്കുന്ന സുഹൃത്തുക്കളും ഹിതം പറയുന്ന ബന്ധുക്കളും ചുരുക്കമാണ്. സുഹൃത്തു നില്ക്കുന്ന ദിക്കിൽ ബന്ധു നില്ക്കുകയില്ല. അതുകൊണ്ട് കുരുനന്ദനാ, ഭവാൻ സുഹൃത്തിന്റെ മൊഴി തട്ടരുത്. ഒരിക്കലും നിർബ്ബന്ധബുദ്ധി പാടില്ല. അതു വളരെ അപകടമാണ്; ദാരുണമാണ്. ഇതിന്ന് ഉദാഹരണമായി പണ്ടുള്ളവർ ഒരു കഥ പറയാറുണ്ട്. അതു ഞാൻ പറയാം. നിർബ്ബന്ധംകൊണ്ട് ഗാലവന്നു വലിയ തോല്മ പറ്റിയതാണ് കഥാവിഷയം.

വിശ്വാമിത്രൻ പണ്ടു തപസ്സുചെയ്യുന്ന കാലത്ത് ആ രാജർഷിയെ പരീക്ഷിക്കുവാനായി വസിഷ്ഠന്റെ രൂപമെടുത്ത് യമധർമ്മൻ ചെന്നു. സപ്തർഷിമാരിൽ ഒരാളാണല്ലോ വസിഷ്ഠൻ. ആ മഹർഷിയുടെ രൂപത്തിൽത്തന്നെ വിശന്നുവലഞ്ഞ മട്ടിൽ കൗശികാശ്രമത്തിലെത്തി. വിശ്വാമിത്രൻ സംഭ്രമിച്ച് ഹവിസ്സു വെച്ചുണ്ടാക്കി. ആ വിശിഷ്ടമായ അന്നം വെച്ചുണ്ടാക്കിവരുന്നതുവരെ നില്ക്കുവാൻ ആ അതിഥി തയ്യാറായില്ല. അവൻ മറ്റു മുനിമാരുടെ ആശ്രമത്തിൽ ചെന്ന് സുഖമായി ഊണുകഴിച്ചു. അപ്പോഴേക്കും വിശ്വാമിത്രൻ ചൂടുള്ള ചോറുവെച്ചുണ്ടാക്കി. ചോറും കറിയും പാത്രത്തിലാക്കി മഹർഷിയെ തെരഞ്ഞുപുറപ്പെട്ടു. വഴിക്ക് വിശ്വാമിത്രനെ ആ പ്രച്ഛന്നവേഷൻ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: 'ഹേ മഹർഷേ! ഭവാൻ തെല്ലിട ഇവിടെ നില്ക്കുക! ഞാൻ ഇപ്പോൾ വരാം,' എന്നു പറഞ്ഞ് ഭഗവാൻ അവിടെനിന്നു പോയി. മഹാദ്യുതിയായ വിശ്വാമിത്രൻ ചൂടുള്ള ആ അന്നപാത്രവും തലയിൽ ചുമന്ന് മഹർഷിയുടെ വരവും കാത്തുനിന്നു. രണ്ടുകൈകൊണ്ടും ചോറു തലയിൽ താങ്ങി ജിതവ്രതനായി, വായുഭക്ഷണനായി തൂണുപോലെ വിശ്വാമിത്രൻ നിന്നു. തന്റെ ഗുരു ഈവിധം നില്ക്കുമ്പോൾ അദ്ദേഹത്തെ ശ്രദ്ധയോടുകൂടി ശിഷ്യനായ ഗാലവൻ ശുശ്രൂഷിച്ചു. മുനിയായ ഗാലവൻ ഗുരുവിനെ വളരെ ഗൗരവത്തോടും ബഹുമാനത്തോടും സ്നേഹത്തോടും ഇഷ്ടത്തോടുമാണ് ശുശ്രൂഷിച്ചത്. അങ്ങനെ ഒരു നൂറ്റാണ്ടു ചെന്നപ്പോൾ വീണ്ടും ധർമ്മൻ വസിഷ്ഠവേഷത്തിൽത്തന്നെ ചോറിന്നായി അവിടെ വിശ്വാമിത്രന്റെ സമീപത്തെത്തി. ബുദ്ധിശാലിയായ വിശ്വാമിത്രമഹർഷി വായുഭക്ഷണനായി ചോറും തലയിലേന്തി നില്ക്കുന്ന നില്പു കണ്ടപ്പോൾ ധർമ്മൻ ആ മഹർഷിയുടെ ശിരസ്സിലിരിക്കുന്ന ചൂടുള്ള ചോറുവാങ്ങി ഉണ്ട് സന്തുഷ്ടനായി ഇപ്രകാരം പറഞ്ഞു: 'ബ്രഹ്മർഷേ, ഞാൻ സന്തുഷ്ടനായി' എന്നുപറഞ്ഞ് അവിടെനിന്നു പോയി. ഉടനെ വിശ്വാമിത്രൻ ക്ഷത്രഭാവം വിട്ട് ബ്രാഹ്മണത്വം നേടി. ധർമ്മന്റെ വാക്കുപ്രകാരം ക്ഷത്രഭാവം വിട്ട് വിശ്വാമിത്രൻ പ്രീതനാവുകയും അന്നുമുതൽ ബ്രഹ്മർഷിയായി ഭവിക്കുകയും ചെയ്തു.

വിശ്വാമിത്രൻ തന്റെ ശിഷ്യനായ ഗാലവന്റെ ശുശ്രൂഷയാലും, ഗുരുഭക്തിയാലും പ്രീതനായി ഇപ്രകാരം പറഞ്ഞു: 'ഉണ്ണീ ഗാലവാ, എന്റെ അനുവാദത്താൽ നീ ഇഷ്ടംപോലെ പൊയ്ക്കൊള്ളുക!' ഇപ്രകാരം ഗുരു പറഞ്ഞപ്പോൾ ഗാലവൻ ദ്യുതിമാനായ കൗശികനോട് നന്ദിയോടെ നല്ലവാക്കാൽ പറഞ്ഞു: 'ഗുരോ, ഭവാന് ഞാൻ എന്തു ദക്ഷിണയാണ് ഗുരുവൃത്തിക്കായി നല്കേണ്ടത്? കർമ്മം ദക്ഷിണയോടുകൂടിയേ സിദ്ധമാവുകയുള്ളൂ! സ്വയം ദക്ഷിണ ചെയ്യുന്നവൻ സ്വർഗ്ഗത്തെ നേടും. സ്വർഗ്ഗത്തിൽ ക്രതുഫലം ശാന്തി ദക്ഷിണയാണെന്നു പറയുന്നു. ഗുരുവിന്നുവേണ്ടി ഞാൻ എന്താണ് കൊണ്ടുവരേണ്ടത്? ഭവാൻ അരുൾ ചെയ്താലും!'

അവന്റെ ശുശ്രൂഷയെപ്പറ്റി അറിയുന്നവനായ ഭഗവാൻ, പല കുറി അവൻ ഇപ്രകാരം ചോദിച്ചപ്പോഴും, ഗുരുദക്ഷിണ കാംക്ഷിക്കാതെ 'പോയാലും! പോയാലും!' എന്നു പറഞ്ഞു. 'പോവുക! പോവുക! ഞാൻ അനുവദിക്കുന്നു,' എന്ന് വിശ്വാമിത്രൻ പലകുറി പറഞ്ഞിട്ടും അപ്രകാരം ചെയ്യാതെ 'എന്താണു തരേണ്ടത്? എന്താണു തരേണ്ടത്?' എന്നു ചോദിച്ച് അവൻ പിന്നെയും നിർബ്ബന്ധബുദ്ധിയായിത്തന്നെ നിന്നു. ഇതു കേട്ട് വിശ്വാമിത്രൻ അല്പം മൃദുവായി കോപിച്ചുപറഞ്ഞു: 'ഒരുകാതു കറുത്ത് ചന്ദ്രവർണ്ണത്തിലുള്ള എണ്ണൂറു കുതിരകളെ എനിക്കു നല്കണം. ഹേ, ഗാലവാ! നീ വൈകാതെ പോവുക."

107. ഗാലവചരിതം – നാരദൻ പറഞ്ഞു: "ധീമാനായ വിശ്വാമിത്രൻ ഇപ്രകാരം പറഞ്ഞുവിട്ട ഗാലവൻ കിടപ്പും ഇരിപ്പും ഊണും വെടിഞ്ഞ് എരിപൊരികൊള്ളുവാൻ തുടങ്ങി. അവൻ വാടിത്തളർന്ന് എല്ലും തൊലിയുമായി ചിന്താശോകാന്ധനായിത്തീർന്നു. വ്യസനാധിക്യത്താലും മന്യുവാലും ദുഃഖിച്ചുദുഃഖിച്ച് ഗാലവൻ ക്ഷീണിച്ചു, സുയോധനാ! 'എവിടെയുണ്ട് എന്നെ സഹായിക്കാൻ പുഷ്ടരായ മിത്രങ്ങൾ? അർത്ഥസഞ്ചയമെവിടെ? തിങ്കൾവെള്ളക്കുതിരകൾ എണ്ണൂറ് എവിടെ? ജീവിതശ്രദ്ധ നശിച്ചു. ഇനി ജീവിച്ചിരുന്നിട്ടെന്തു ഫലം? ഞാൻ കടലിന്റെ കരയിലോ, ലോകത്തിന്റെ അങ്ങേയറ്റത്തോ പോയി ആത്മഹത്യചെയ്തേക്കാം. എന്തിന്നിനി ജീവിച്ചിരിക്കുന്നു? നിർദ്ധനനായ ഞാൻ അകൃതാർത്ഥനാണ്. എല്ലാ ഫലവും ഒഴിഞ്ഞവനാണ്. കടക്കാരനായി ജീവിക്കുമ്പോൾ ജീവിതത്തിൽ ആശയില്ലാതെ എന്തു സുഖം? സുഹൃത്തിന്റെ മുതൽ തിന്ന് കാമങ്ങൾ ഏറ്റുപറഞ്ഞ് അതു ചെയ്യുവാൻ അശക്തനായി ജീവിക്കുന്നവന്ന് മരണമാണ് ആ ജീവിതത്തേക്കാൾ ഭേദം. ചെയ്യാമെന്ന് ഏറ്റുപറഞ്ഞ് ആ കൃത്യം നിർവ്വഹിക്കാതിരിക്കുന്നവന്ന്, പാഴ്‌വാക്കാൽ വെന്തുപോയവന്ന്, ഇഷ്ടാപൂർത്തം നശിക്കും. അസത്യവാനു രൂപമില്ല. അസത്യവാനു സന്തതിയില്ല. അസത്യവാന് ആധിപത്യമില്ല. പിന്നെ എങ്ങനെ അവന്ന് ശുഭമായ ഗതി ലഭിക്കും? കൃതഘ്നന്ന് യശസ്സെവിടെ? നിലയെവിടെ? സുഖമെവിടെ? വിശ്വസിക്കുവാൻ കൊള്ളാത്തവൻ കൃതഘ്നനാണ്. കൃതഘ്നന്ന് നിഷ്കൃതിയില്ല. നിർദ്ധനൻ പാപിയാണ്. അവൻ ജീവിക്കയില്ല. പാപിക്ക് എന്തുണ്ടു തന്ത്രം? പാപി തീരെ നശിക്കും. ഉപകാരം മുടിക്കുന്ന പാപി തീരെ നശിക്കും. പാപി ഏറ്റവും കൃതഘ്നനാണ്. നേരുകെട്ടവൻ കൃപണനാണ്. കാര്യം നേടിയതിന്റെശേഷം ഗുരുവിന്റെ വാക്കു ചെയ്യാതായാൽ ഈ എന്നേക്കാൾ പാപിയും കൃതഘ്നനും കൃപണനുമായി മറ്റാരുണ്ട്? ഈ വിധം ജീവിക്കുന്ന ഞാൻ പണിപ്പെട്ട് പ്രാണനെ ത്യജിക്കുകതന്നെ ചെയ്യും. യാചന ദേവകളോടും ഞാൻ ഒരിക്കലും ചെയ്തിട്ടില്ല. മഖങ്ങളിൽ വാനോരെല്ലാം എന്നെ മാനിക്കാറുണ്ട്. അതുകൊണ്ട് ഞാൻ വിബുധശ്രേഷ്ഠനും ദേവനും ഭുവനനാഥനും, ഗതിയുള്ളവർക്കു ഗതിയുമായ വിഷ്ണുവിനെ ആശ്രയിക്കുന്നു. എല്ലാ ദേവന്മാർക്കും അസുരന്മാർക്കും ഭാവിസുഖത്തിന്ന് ആശ്രയമൂർത്തിയാണല്ലോ ആ ദേവൻ. അവ്യയനും യോഗിയുമായ ആ കൃഷ്ണനെ ഞാൻ ചെന്നുകണ്ടു വണങ്ങട്ടെ.' എന്ന് അവൻ പറഞ്ഞയുടനേ, ഇഷ്ടനും വിനതാസുതനുമായ ഗരുഡൻ ഹൃഷ്ടനായി അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം ഇഷ്ടകാംക്ഷയോടെ പറഞ്ഞു: 'നീ എന്റെ ഇഷ്ടപ്പെട്ട സുഹൃത്താണല്ലോ; സുഹൃത്തുക്കളിൽവെച്ചു പ്രിയപ്പെട്ട സഖിയാണല്ലോ. ഐശ്വര്യമുള്ളപ്പോൾ നിന്റെ ഇഷ്ടം സാധിപ്പിക്കേണ്ടവനാണു ഞാൻ. ഹേ വിപ്രാ! ഇവിടെ ഐശ്വര്യമുണ്ട്. ഞാൻ വിഷ്ണുവിനോടും നിന്റെ കാര്യം മുമ്പേ പറഞ്ഞു. എന്റെ ഇഷ്ടം ആ ദേവൻ കൈയേറ്റിട്ടുണ്ട്. അതുകൊണ്ട് ഭവാൻ എന്റെ കൂടെ വരിക, പോകുക. ഞാൻ ഭവാനെ ലോകത്തിന്റെ മറുകരയ്ക്കു പോലും കൊണ്ടുപോകാം. പോകുക! ഹേ ഗാലവാ! ഇനി വൈകേണ്ടാ.'"

108. ഗാലവചരിതം – സുപർണ്ണൻ പറഞ്ഞു: "ഹേ ഗാലവാ, ജ്ഞാനയോഗവാനായ ദേവൻ ഈ കാര്യം സമ്മതിച്ചിട്ടുണ്ട്. ഇഷ്ടം നിന്നെപ്പറ്റി പറയുകയും ചെയ്തു. ഭവാനെ ഞാൻ ആദ്യമായി എവിടെയാണു കൊണ്ടുപോകേണ്ടത്? കിഴക്കുദിക്കിലോ തെക്കു ദിക്കിലോ പടിഞ്ഞാറുദിക്കിലോ വടക്കുദിക്കിലോ ഏതു ദിക്കിലേക്കാണു കൊണ്ടുപോകേണ്ടത്? ആദ്യം കിഴക്കുദിക്കിലേക്കു പോകാം.

ലോകം തെളിയിക്കുന്ന ആദിത്യഭഗവാൻ ഉയരുന്ന ദിക്ക്, സന്ധ്യാകാലത്ത് സാദ്ധ്യന്മാർ വൻതപം ചെയ്യുന്ന ദിക്ക്, ജഗത്തിലൊക്കെ വ്യാപിക്കുന്ന ചന്ദ്രൻ ആദ്യം വന്നുയരുന്ന ദിക്ക് ധർമ്മത്തിന്റെ ചക്ഷുസ്സുരണ്ടും ഊന്നിപ്രകാശിക്കുന്ന ദിക്ക്, ഹവ്യം ഹോമിച്ചാൽ ലഭിക്കുന്ന ഫലം എല്ലായിടത്തും വ്യാപിക്കുന്ന സ്ഥലം, ദിവസാധ്വാവിന്ന് ഈ കിഴക്കേദിക്കാണല്ലോ ദ്വാരമായി ശോഭിക്കുന്നത്.

പണ്ട് ലോകരെ ദക്ഷപുത്രി പ്രസവിച്ചത് ഇവിടെവച്ചാണ്. അതുകാരണം ദേവലക്ഷ്മി പണ്ട് ഇന്ദ്രനെ അവിടെ വാഴിച്ചു. ദേവകൾ അവിടെവച്ചാണ് ഇന്ദ്രനോടുകൂടി തപിച്ചത്. ഇക്കാരണംകൊണ്ടാണ് ആ ദിക്കിനെ പൂർവ്വദിക്ക് എന്നു പറയുന്നത്. പൂർവ്വകാലത്ത് ദേവന്മാർ പൂർവ്വമായി വരിച്ചതുകൊണ്ട് പൂർവ്വദിക്ക് എന്നപേർ അന്വർത്ഥമായി. സുഖകാംക്ഷയാൽ ദേവകാര്യങ്ങളൊക്കെ പൂർവ്വദിക്കിൽ അനുഷ്ഠിക്കുന്നു. പൂർവ്വകാലത്ത് ദേവന്മാരോട് ഭഗവാനായ വിശ്വഭാവനൻ ഇവിടെവച്ചാണ് ഉപദേശിച്ചത്. ബ്രഹ്മജ്ഞരോട് ഇവിടെവച്ച് സാവിത്രിയും സവിതാവും ഉപദേശിച്ചു. സൂര്യൻ ഇവിടെവച്ച് യജുസ്സുകൾ നല്കി. വരംവാങ്ങി സോമം ഇവിടെവച്ചാണ് ദേവന്മാർ പാനംചെയ്യുന്നത്. ഇവിടെവച്ച് ആത്മബീജോപയോഗം അഗ്നികൾ ചെയ്യുന്നു. ഇവിടെ പാതാളത്തിലേക്കിറങ്ങി വരുണൻ ശ്രീ നേടി. പുരാണനായ വസിഷ്ഠനും ഇവിടെവച്ചാണ് സൂതിപ്രതിഷ്ഠയും പിന്നെ വിനാശവും പ്രകാശിച്ചത്. ഓങ്കാരത്തിന്ന് ഇവിടെ ആയിരം മാർഗ്ഗങ്ങൾ ഉണ്ടാകുന്നു.

ഇവിടെ ധൂമപന്മാരായ ഋഷികൾ ധൂമം പാനംചെയ്യുന്നു. പ്രോക്ഷണംചെയ്ത് അസംഖ്യവരാഹാദികളായ മൃഗങ്ങളെ യജ്ഞഭാഗത്തിന്നായി ശക്രൻ ദൈവതങ്ങളിൽ ഇവിടെയാണു കല്പിച്ചിരിക്കുന്നത്. അഹിതന്മാരെയും കൃതഘ്നന്മാരെയും മർത്ത്യന്മാരെയും ദൈത്യന്മാരെയും ഇവിടെ ഉദിക്കുന്ന എല്ലാവരേയും ക്രോധത്താൽ വിഭാവസു വധിച്ചുവിടുന്നു. ഇതാണ് ത്രിലോകിക്കും സ്വർഗ്ഗത്തിന്നും സുഖത്തിനും ദ്വാരം. ഇതാണ് ആദിദിക്കായ പൂർവ്വം. അവിടെ വേണമെങ്കിൽ ചെന്നെത്താം. ഞാൻ ആരുടെ ചൊൽപ്പടിയിൽ നില്ക്കുന്നുവോ അവന്റെ ഇഷ്ടം ഞാൻ നടത്താം. എന്തുവേണം, എങ്ങോട്ടു പോകണം? ഹേ ഗാലവാ, പറഞ്ഞാലും. ഇനി മറ്റൊരു ദിക്കിനെക്കുറിച്ചു ഞാൻ പറഞ്ഞുതരാം."

109. ഗാലവചരിതം – സുപർണ്ണൻ പറഞ്ഞു: "പണ്ട് വിവസ്വാൻ ഈ ദിക്കിനെ സ്രൗതമായ വിധിയാൽ ഗുരുദക്ഷിണയായി നല്കി. അതുകൊണ്ട് ഈ ദിക്കിന് ദക്ഷിണദിക്ക് എന്നുപേരു വന്നു. ഈ ദിക്ക് മൂന്നു ലോകത്തിന്റേയും പിതൃപക്ഷപ്രതിഷ്ഠയാണ്. ഇവിടെ ഊഷ്മപന്മാരായ ദേവന്മാർ വാഴുന്നതായി കേൾവിയുണ്ട്. വിശ്വേദേവകൾ ഇവിടെയാണ് പിതൃഗണത്തോടുകൂടി വാഴുന്നത്. ലോകംതോറും യജ്ഞഭാഗം ഒപ്പം ഇവിടെ വാങ്ങിക്കുന്നു. ഇത് ധർമ്മത്തിനുള്ള രണ്ടാമത്തെ വാതിലാണെന്നു പറയുന്നു. ലവം, ത്രുടി മുതല്ക്കു കണക്കുകൂട്ടി ഇവിടെവച്ചു കാലത്തെ നിശ്ചയിക്കുന്നു. ദേവർഷികളും പിതൃലോകർഷിമാരും രാജർഷികളും ഇവിടെ വ്യഥകൂടാതെ വസിക്കുന്നു. ധർമ്മവും സത്യവും കർമ്മവും ഒക്കെ തെളിയുന്നത് ഇവിടെയാണ്. അന്തം അണഞ്ഞവർക്കൊക്കെ കർമ്മത്തിന്റെ ഗതിയായിത്തീരുന്നത് ഈ ദിക്കാണ്. എല്ലാവരും അവസാനമായി ചെല്ലേണ്ടതായ ദിക്ക് ഇതാണ്. അബോധംകൊണ്ട് ഉടയുകയാൽ സുഖമായി ഇതിൽ പോവുകയില്ല. ഇവിടെ അനേകായിരം നൈരൃതന്മാർ ഉണ്ട്. അകൃതാത്മാക്കൾക്കു പ്രതികൂലമായ കാഴ്ചയ്ക്കു സൃഷ്ടിക്കപ്പെട്ടവരാണ് അവർ. ഇവിടെ മന്ദാരലതാനികുഞ്ജത്തിലും വിപ്രർഷിമാരുടെ നിലയങ്ങളിലും ഗന്ധർവ്വന്മാർ

ചിന്തയും ബുദ്ധിയും കവരുമാറുള്ള ഗാഥ പാടുന്നു. ഇവിടെ സാമഗാനവും ഗാഥയുമൊക്കെ കേട്ടിട്ട് രൈവതനും ഭാര്യയും മന്ത്രിമാരും നാടുവിട്ടു കാടുകയറി. ഇവിടെ സാവർണ്ണിയും പിന്നെ യവക്രീതന്റെ പുത്രനും സൂര്യൻ തെറ്റാത്തവിധം മര്യാദകല്പിച്ചു. മഹാത്മാവായ പുലസ്ത്യന്റെ പുത്രനായ രാവണരാക്ഷസരാജാവ്, വലിയ തപസ്സുചെയ്ത് 'സുരാവദ്ധ്യത്വം' എന്ന വരം വാങ്ങിയത് ഇവിടെവച്ചാണ്. ഇവിടെ വൃത്തംകൊണ്ട് വൃത്രൻ ഇന്ദ്രശത്രുത്വം നേടി. ഇവിടെ എല്ലാ പ്രാണനും എത്തി പഞ്ചത്വത്തെ പ്രാപിക്കുന്നു.

ഇവിടെ പാപം ചെയ്ത മർത്ത്യരെയൊക്കെ വേവിക്കുന്ന ഇടമാണ്. ഇവിടെയാണ് വിതരണന്മാരുള്ള വൈതരണീനദി. ഇവിടെയാണ് എല്ലാ സുഖത്തിനും അറുതിയായ ഇടം. ദുഃഖത്തിന് അന്തവും ഇവിടെയാണ്. ഇവിടെ അർക്കൻ ആവർത്തിച്ചാണ് സുരസാബുവിനെ ഭരിക്കുന്നതും വാസിഷ്ഠകാഷ്ഠയിൽ ചെന്ന് മഞ്ഞുവീശി വിടുന്നതും.

ഇവിടെ മുമ്പ് ഹേ ഗാലവാ, വലിയ വിശപ്പോടുകൂടിയിരിക്കുമ്പോൾ ചിന്തിച്ച്, പൊരുതിക്കൊണ്ടിരുന്ന വമ്പന്മാരായ ആനയേയും ആമയേയും ഞാൻ കൊണ്ടുപോയി ഭക്ഷിച്ചു. ഇവിടെ ചക്രധനുസ്സ് എന്നുപേരുള്ള സൂര്യജന്റെ പുത്രനായ, സഗരാത്മജതാപനനായ, കപിലമുനി വസിക്കുന്നു. ഇവിടെ സിദ്ധന്മാരായ ശിവാഖ്യന്മാരും വേദപാരഗന്മാരായ വിപ്രന്മാരും വേദമൊക്കെ പഠിച്ച് ഇവിടെ മോക്ഷത്തെ പ്രാപിക്കുന്നു. ഇവിടെയാണ് വാസുകി ഭരിക്കുന്ന ഭോഗവതീപുരി. ഇവിടെ നിര്യാണകാലത്തു വലിയ തപസ്സ് ഭാസ്കരനായാലും കൃഷ്ണവർമ്മാവിനായാലും ചെയ്യേണ്ടിവരുന്നു. ഇതാണു ഗാലവാ, പരിവാര്യമായ അതിലേക്കുള്ള മാർഗ്ഗം. ആ വഴിക്കു വേണമെങ്കിൽ നമുക്കുപോകാം. ഇനി പടിഞ്ഞാറുദിക്കിനെപ്പറ്റി ഞാൻ പറയാം. അതും ഭവാൻ കേട്ടുകൊള്ളുക.

110. ഗാലവചരിതം – സുപർണ്ണൻ പറഞ്ഞു: "ഗോവിന് അധീശനായ വരുണന് ഈ ദിക്ക്, പടിഞ്ഞാറേ ദിക്ക്, ഏറ്റവും ഇഷ്ടമുള്ളതാണ്. ഇവിടെ അർക്കൻ പകലിനു പശ്ചാൽ (ശേഷം) ഗോക്കളെ (രശ്മികളെ) വെടിയുന്നു. പശ്ചിമം എന്ന് ഈ ദിക്കിനു തന്മൂലം പ്രസിദ്ധിയുണ്ടായി. യദോഗണത്തിന്റെ രാജ്യത്ത് ജലം താങ്ങുവാനായി ഭഗവാൻ കശ്യപൻ വരുണനെ അഭിഷേകം ചെയ്തു. ഇവിടെയാണ് വരുണന്റെ ആറു രസങ്ങളും കുടിക്കുകകാരണം യുവാവായി ഭവിക്കുന്ന സോമൻ ശുക്ലപക്ഷത്തിൽ ഇരുൾപോക്കുന്നത്. ഇവിടെ പശ്ചാൽകൃതന്മാരായി, ദൈത്യന്മാർ വായുബദ്ധരായി നിശ്വസിച്ച മഹാവാതപീഡകൊണ്ടു സുപ്തരാകുന്നു. ഇവിടെ ഇഷ്ടനായ സൂര്യനെ പർവ്വതം കൈക്കൊള്ളുന്നു. അസ്തമയവും പശ്ചിമസന്ധ്യയും അപ്പോഴാണ് ഉണ്ടാകുന്നത്. ദിവസാന്ത്യത്തിൽ രാവും നിദ്രയും അപ്പോൾ ഉണ്ടാകുന്നു. അപ്പോൾ ജീവലോകത്തിന്റെ ആയുസ്സു പകുതിയും കവരുന്നു. ഇവിടെ ഗർഭിണിയായി ഉറങ്ങിക്കിടക്കുന്ന ദിതിദേവിയെ ഗർഭമില്ലാത്തവളാക്കിത്തീർത്തു ശക്രൻ. അതിൽനിന്നു മരുത്ഗണങ്ങൾ ഉത്ഭവിച്ചു. ഇവിടെയാണ് ഹിമവാന്റെ മൂലമായ മന്ദരപർവ്വതം. ആയിരം വർഷം ചുറ്റിയാലും അതിന്റെ അതിരു കാണുവാൻ കഴിയുകയില്ല. ഇവിടെ പൊൻകുന്നിന്റേയും പൊൽത്താമരയുടേയും സമുദ്രത്തിന്റേയും അടുത്തുനില്ക്കുന്ന സുരഭി ധാരാളം പാൽ ചുരത്തുന്നു. ഇവിടെ സമുദ്രത്തിന്റെ നടുവിലായി സൂര്യകല്പനും സോമസൂര്യവൈരിയുമായ രാഹുവിന്റെ കബന്ധം കാണാം. അദൃശ്യനും അപ്രമേയനുമായ ഹരിരോമാവ് പാടുന്ന സ്വർണ്ണശിരസ്സിന്റെ ശബ്ദം ഇവിടെ കേൾക്കാം. ഇവിടെയാണ് ഹരിമേധസ്സിന്റെ മകളായ ധ്വജവതി ആകാശത്തിൽ 'നില്ക്കുക, നില്ക്കുക' എന്നു സൂര്യൻ കല്പിക്കുകയാൽ നില്ക്കുന്നതും. ഇവിടെയാണ് വായു, അഗ്നി, ആകാശം, രാവ്, പകൽ എന്നിവ ദുഃഖകരമായ കരസ്പർശം വിടുന്നത്. അതിനുശേഷം സൂര്യന്റെ ഗതി ഒന്നു വിലങ്ങും. എല്ലാ ജ്യോതിസ്സുകളും ഇവിടെയാണ്. സൂര്യബിംബത്തിൽ ഏല്ക്കുന്നത്. ചന്ദ്രനോടുകൂടി ഇരുപത്തെട്ടാം രാത്രിതോറും സഞ്ചരിച്ചു സോമയോഗംപോലെ സൂര്യയോഗം ചെയ്ത് എത്തുന്നതും ഇവിടെയാണ്. ഇവിടെയാണ് ആഴികളുടെ ഉയർച്ചയ്ക്കുവേണ്ടി പുഴകൾക്കുള്ള ഉത്ഭവവും. മൂന്നുലോകത്തിനും ആവശ്യമായ ജലം ഈ വരുണാലയത്തിലുണ്ട്.

ഇവിടെയാണ് പന്നഗരാജാവായ അനന്തൻ സ്ഥിതിചെയ്യുന്നത്. ഇവിടെത്തന്നെയാണ് അനാദ്യന്തനായ വിഷ്ണുവിന്റേയും ഉത്തമസ്ഥാനം. ഇവിടെയാണ് അഗ്നിയുടെ ഇഷ്ടനായ വായുവിന്റെ നിവേശനം. മാരീചനായ കശ്യപമഹാമുനിയുടെ ഇരിപ്പിടവും ഇവിടെയാണ്.

അങ്ങയ്ക്കു പടിഞ്ഞാറൻദിക്കിന്റെ മാർഗ്ഗമാണ് ഞാൻ ചുരുക്കിപ്പറഞ്ഞുതന്നത്. ഹേ ഗാലവാ, ഈ വഴിക്കാണോ പോകേണ്ടത്? ഭവാന് ഇഷ്ടമാണെങ്കിൽ ഈ വഴിക്കു നമുക്കു പോകാം."

111. ഗാലവചരിതം – സുപർണ്ണൻ പറഞ്ഞു: "പാപത്തെ ഉത്തരിപ്പിച്ച് നിഃശ്രേയസം അണയ്ക്കുകയാൽ ഉത്താരണബലം കൊണ്ട് ഉത്തര എന്ന് ആ ദിക്കിന്നു പേരുണ്ടായി. ഉത്തമമായ സ്വർണ്ണജാലങ്ങൾക്ക് ഇതു നിധാനമാണ്. പൂർവ്വപശ്ചിമദിക്കിന്നും മദ്ധ്യമായ സ്വർഗ്ഗമാർഗ്ഗമാണിത്. വിശിഷ്ടയായ ഉത്തരദിക്കിൽ സൗമ്യനല്ലാതെ, ഉള്ളടങ്ങാതെ, ധർമ്മിഷ്ഠരായ ജനങ്ങളില്ല.

ഇവിടെ നാരായണനായ കൃഷ്ണനും ജിഷ്ണുവും ബ്രഹ്മാവും ബദര്യാശ്രമത്തിൽ വസിച്ചു. ഇവിടെ എന്നും ഹിമവൽപൃഷ്ഠത്തിൽ മഹേശ്വരൻ വസിക്കുന്നു. പ്രകൃതിയോടു ചേർന്ന പുരുഷനും പ്രളയാഗ്നി സമപ്രഭനുമാണ് ആ മഹേശ്വരൻ. മുനികൾക്കും ഇന്ദ്രാദിസുരന്മാർക്കും ആ ദേവൻ ദൃശ്യനല്ല. നരനാരായണന്മാർക്കും യക്ഷഗന്ധർവ്വന്മാർക്കും മാത്രമേ ആ ദേവൻ ദൃശ്യനാകുന്നുള്ളു. ഇവിടെ സഹസ്രാക്ഷനും സഹസ്രപദനും അവ്യയനും സഹസ്രശീർഷനുമായ ഒരാളെ മായയാൽ കാണുന്നു.

ഇവിടെയാണ് ചന്ദ്രനെ ദ്വിജരാജാവായി അഭിഷേചിച്ചത്. ആകാശത്തുനിന്നു വീഴുന്ന ഗംഗയെ ശ്രീമഹേശ്വരൻ ഏറ്റ് മർത്ത്യലോകത്തിലേക്ക് ഇറക്കിക്കൊടുത്തത് ഇവിടെയാണ്. ഇവിടെയാണ് പാർവ്വതി ശിവനേ മോഹിച്ചു തപസ്സുചെയ്തത്. ഇവിടെ കാമവും രോഷവും ഉമശൈലവും യക്ഷരാക്ഷസഗന്ധർവ്വപരിഷയ്ക്കു വെളിവായി. കൈലാസത്തിൽ ധനങ്ങൾക്ക് അധിപനായി വൈശ്രവണനെ അഭിഷേചിച്ചു. ഇവിടെയാണ് പ്രസിദ്ധമായ ചൈത്രരഥം എന്ന ഉദ്യാനവും വൈശ്രവണന്റെ ആശ്രമവും. ഇവിടെയാണ് മന്ദരപർവ്വതവും മന്ദാകിനീനദിയും. ഇവിടെയാണു സൗഗന്ധികവനം പാലിക്കുവാൻ രാക്ഷസന്മാർ കാവൽ നില്ക്കുന്നത്.

ശാദ്വലവും കദളീസ്കന്ധവും സന്താനവൃക്ഷങ്ങളും സംയമാസക്തരും സ്വൈരസഞ്ചാരികളായ സിദ്ധവർഗ്ഗവും അവരുടെ കാമഭോഗ്യങ്ങളായ വിമാനങ്ങളും ഇവിടെയാണ് ഗാലവാ! ഇവിടെ സപ്തർഷികളും അരുന്ധതീദേവിയും വസിക്കുന്നു. ഇവിടെയാണ് സ്വാതി നില്ക്കുന്നത്. അവരുടെ ഉദയവും ഇവിടെയാണ്, ഇവിടെ യജ്ഞം ചെയ്യുകകാരണം പിതാമഹൻ സ്ഥിരമായി നില്ക്കുന്നു. ജ്യോതിസ്സുകളും അർക്കേന്ദുക്കളും നിത്യവും ഗംഗാമഹാദ്വാരം രക്ഷിക്കുന്നു. ധാമാഖ്യരായ മഹാത്മാക്കളും സത്യവാദികളായ മുനിമാരും ഉണ്ട്. അവരുടെ ശരിയായ രൂപവും തപസ്സും ഇന്നവിധമെന്ന് അറിയുവാൻ സാദ്ധ്യമല്ല. ഗതാഗതം യജ്ഞപാത്രം, കാമഭോഗ്യങ്ങൾ ഇവ ഏതേതു വിധമാണോ ചെയ്യുന്നത് അതാതിൽ നരൻ തല്പരനായി അതാതുവിധമായി ലയിക്കുന്നു. ഇവിടേക്ക് മുമ്പ് മറ്റാരുംതന്നെ കടന്നു ചെന്നിട്ടില്ല, നരനും നാരായണനുമൊഴികെ.

ഇവിടെ കൈലാസം എന്നു പറയുന്നത് വിത്തേശന്റെ നിവാസസ്ഥാനമാണ്. വിദ്യുൽപ്രഭാഖ്യമാരായി ഇവിടെ പത്ത് അപ്സരസ്സുകൾ ഉണ്ടായി. ഇവിടെ 'വിഷ്ണുപദം', പാദം വെക്കുന്ന വിഷ്ണു തീർത്തതാണ്. ബ്രഹ്മൻ മുപ്പാരുകളും ആക്രമിച്ച കാലത്ത് ഉത്തരദിക്കിലായി മരുത്തൻ എന്ന രാജാവ് ഇവിടെ യജ്ഞം ചെയ്തു. ഇവിടെ ഉശീരബീജത്തിലാണ് പൊന്മയമായ

പൊയ്ക. അത് മഹാത്മാവായ ജീമൂതവിപ്രർഷിക്കുവേണ്ടി ഉദിച്ചതാണ്. സാക്ഷാൽ പുണ്യമായ ഹൈമവതം, നിർമ്മലവും കനകാകാരവുമായ ഹൈമവതം, സർവ്വവും ബ്രാഹ്മണർക്കുവേണ്ടി സ്വന്തമാക്കി, മഹർഷിയായ ജീമൂതൻ ആ ധനം വരിച്ചു. ആ ധനം ദിക്പാലന്മാർ രണ്ടു സന്ധ്യയ്ക്കും ഏന്തി ശോഭിക്കുന്നു. 'ആർക്ക് എന്തു കാര്യം സാധിക്കണം' എന്ന് അവർ ഉച്ചത്തിൽ ചോദിക്കുന്നു. ഇപ്രകാരം വിപ്രഗുണം ചേർന്ന് ഏറ്റവും ഉത്തരമായി 'ഉത്തര' എന്ന കീർത്തിയോടെ സർവ്വകാമത്തിനാലും ഉത്തരയായി ഉത്തരദിക്കു ശോഭിക്കുന്നു. ഈ ദിക്കുകൾ ഞാൻ ഭവാനോടു വിവരിച്ചു പറഞ്ഞു. നാലും ക്രമത്തിൽ ഹേ ഗാലവാ, ഞാൻ അങ്ങയ്ക്കു പറഞ്ഞുതന്നു. ഭവാന് ഇനി എവിടെ പോകാനാണ് ആഗ്രഹം? ഹേ ദ്വിജശ്രേഷ്ഠാ! ഞാൻ സന്നദ്ധനാണ്, ഭവാനെ ദിക്കുകൾ കാട്ടിത്തരുവാൻ. ഹേ, ബ്രാഹ്മണാ! ഭവാൻ എന്റെ പുറത്തുകയറിക്കൊള്ളുക. ഞാൻ ഭൂമി ഒട്ടുക്കും കാണിച്ചുതരാം."

112. ഗാലവചരിതം – ഗാലവൻ പറഞ്ഞു: "ഹേ ഗരുഡാത്മനേ, നാഗശത്രോ, സുപർണ്ണ, വിനതാത്മജാ! കർമ്മത്തിന്റെ നേത്രമുള്ളതായ പൂർവ്വദിക്കിലേക്കുതന്നെ നീ എന്നെ കൊണ്ടുപോയാലും. ആദ്യം പറഞ്ഞുവെച്ച ദിക്കിലേക്കുതന്നെ ആദ്യം പോവുക. അവിടെയാണ് ദേവകളുടെ സാന്നിദ്ധ്യം എന്നല്ലേ ഭവാൻ പറഞ്ഞുവെച്ചത്! ഇവിടെ സത്യത്തേയും ധർമ്മത്തേയും പറ്റി നീ നല്ലപോലെ വർണ്ണിക്കുകയുമുണ്ടായല്ലോ. എല്ലാ ദേവഗണങ്ങളുമായും സംഗമിക്കാൻ എനിക്ക് ആഗ്രഹം തോന്നുന്നു. അരുണാനുജാ! എനിക്കു വീണ്ടും ദേവകളെ കാണുവാൻ ഇച്ഛയുണ്ട്."

നാരദൻ പറഞ്ഞു: "ഇങ്ങനെ ഗാലവൻ പറഞ്ഞപ്പോൾ അവനോട് ഗരുഡൻ തന്റെ പുറത്തു കയറിക്കൊള്ളുവാൻ പറഞ്ഞു."

ഗാലവൻ പറഞ്ഞു: "ഹേ, പന്നഗാശനാ, പറക്കുന്നതായ നിന്റെ രൂപം പൂർവ്വാഹ്നത്തിൽ സഹസ്രാംശുവായ ആദിത്യന്റെ മാതിരി ഞാൻ കാണുന്നു. നിന്റെ വേഗത്തിൽ ചിറകിന്റെ കാറ്റടിയാൽ പിമ്പേ പറക്കുന്ന വൃക്ഷങ്ങളുടെ ഗതി ഞാൻ കാണുന്നുണ്ട്. അവ കൂടെപ്പോരികയാണെന്നു തോന്നുന്നു. കടലും കായലും കാടും മേടും കൂടുന്ന ഈ പാരിടം ഭവാന്റെ ചിറകടിക്കുമ്പോഴുണ്ടാകുന്ന കാറ്റാൽ, നീ പിടിച്ചുവലിക്കുന്നതുപോലെ ശോഭിക്കുന്നുവല്ലോ! മത്സ്യം, പാമ്പ് മുതലായവയോടുകൂടിയ വെള്ളം ആകാശത്തേക്കു നിന്റെ ചിറകടിമൂലമുണ്ടാകുന്ന കൊടുങ്കാറ്റാൽ മേല്പോട്ട് അടിച്ചുകയറ്റുന്നമാതിരി തോന്നുന്നു. തുല്യരൂപത്തിലുള്ളതും തുല്യമുഖത്തോടുകൂടിയതുമായ തിമിംഗലം, ത്ധഷം എന്നിവയേയും, നരന്മാരുടെ മുഖമുള്ള നാഗങ്ങളേയും ഞാൻ ഉന്മഥിതങ്ങളായി കാണുന്നു. വലിയ കടലിന്റെ ആരവത്താൽ ചെകിടു കൊട്ടിയടച്ചമാതിരിയായി. ഒന്നും കേൾക്കുകയും, ഒന്നും കാണുകയും ചെയ്യാത്ത മാതിരിയിലായി ഞാൻ. കാരണമൊന്നും തിരിയുന്നില്ലല്ലോ! ഹേ, ഗരുഡാ, ഒന്നു പതുക്കെപ്പോകൂ! അല്ലെങ്കിൽ വെറുതെ ഭവാൻ ബ്രഹ്മഹത്യാപാപത്തിന്നു പാത്രമാകും. ഹേ ഖഗാ! എനിക്കു സൂര്യനേയും ദിക്കുകളും ആകാശവും ഒന്നും കാണുവാൻ കഴിയുന്നില്ല. ഇരുട്ടുമാത്രമേ കാണുന്നുള്ളു. നിന്റെ ദേഹംകൂടി ഞാൻ കാണുന്നില്ല. ജാത്യരത്നംപോലെ നിന്റെ രണ്ടു കണ്ണുകളും കാണുന്നുണ്ട്. നിന്റേയും എന്റേയും ശരീരം കാണുന്നില്ല. അടിക്കടിക്കു ദേഹത്തിൽനിന്ന് അഗ്നി പുറപ്പെടുന്നതുപോലെ തോന്നുന്നു. നിന്റെ രണ്ടു കണ്ണും കാണുമ്പോൾ അതും കെടുന്നതായി കാണുന്നു. യാത്രയിൽ മഹാവേഗം നീ ചുരുക്കുക. അല്ലെങ്കിൽ എനിക്കു യാത്രചെയ്യേണ്ട; എനിക്ക് ഒന്നും വേണ്ട. വേഗം പിൻതിരിക്കൂ! തിരിക്കൂ. എനിക്കു നിന്റെ വേഗം സഹിക്കാനാവുന്നില്ല. ഗുരുവിനോട് എണ്ണൂറു കുതിരകളെ കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. ഒരു കാതു കറുത്തതും ചന്ദ്രന്റെ നിറത്തിലുള്ളതുമാകണമെന്നും പറഞ്ഞിട്ടുണ്ട്. അവയെ നല്കുവാനായി ഞാൻ മാർഗ്ഗം ഒന്നും കാണുന്നില്ലല്ലോ അണ്ഡജാ! അതുകൊണ്ട് ദേഹത്യാഗം ചെയ്യാൻ തന്നെ ഞാൻ വിചാരിക്കുന്നു. എനിക്ക് ഒട്ടും ധനമില്ല. ഇഷ്ടനായ ധനികനുമില്ല. വളരെയധികം വിത്തം കിട്ടിയാലും സാധിക്കാവുന്ന കാര്യവുമല്ല അത്."

ഇപ്രകാരം ദീനനായി അതുമിതും പറഞ്ഞു കരയുന്ന ഗാലവനോട്, പോകുന്ന സമയത്ത് ഗരുഡൻ ചിരിച്ച് ഇപ്രകാരം മറുപടി പറഞ്ഞു: "മുമ്പേതന്നെ ആത്മത്യാഗത്തിന്നു ചിന്തിക്കുന്നവൻ ബുദ്ധിയില്ലാത്തവനാണ്. കാലനിഷ്ഠംപ്രാപ്യനല്ല. കാലൻ പരമേശ്വരനാണ്. ഭവാൻ ഈ സംഗതി എന്തേ മുൻകൂട്ടി പറയാതിരുന്നത്? ഇതു സാധിക്കുവാൻ വലിയ കൗശലമുണ്ടല്ലോ. ഋഷഭമെന്ന പർവ്വതം ഇതാ കടൽക്കരയിൽ കാണുന്നു. അവിടെ പോയിറങ്ങി വിശ്രമിച്ച് ആഹാരം കഴിച്ചു തിരിച്ചുപോകാമല്ലോ ഗാലവാ!"

113. ഗാലവചരിതം – നാരദൻ പറഞ്ഞു: "ഋഷഭത്തിന്റെ കൊടുമുടിയിൽ ആ ദ്വിജനും പക്ഷിയും ഇറങ്ങി. അവിടെ അധിവസിക്കുന്ന ശാണ്ഡിലി എന്ന ബ്രാഹ്മണതാപസസ്ത്രീയെ കണ്ട് സുപർണ്ണൻ അഭിവാദ്യം ചെയ്തു; ഗാലവൻ അർച്ചനംചെയ്തു. അവൾ സ്വാഗതം പറഞ്ഞു. ആ രണ്ടു മാന്യന്മാരും അവിടെ ആസനങ്ങളിൽ ഇരുന്നു. ബലിമന്ത്രാർച്ചിതയായ അവൾ വെച്ചു നല്കിയ ഭോജനം കഴിച്ച് അവർ രണ്ടുപേരും തളർന്നു നിലത്തു കിടന്ന് ഉറങ്ങിമയങ്ങി.

മുഹൂർത്തസമയം കഴിഞ്ഞപ്പോൾ പോകാൻ ബദ്ധപ്പാടോടുകൂടി സുപർണ്ണൻ ഉണർന്നു. അപ്പോൾ തന്റെ ചിറകൊക്കെ കൊഴിഞ്ഞതായി ഗരുഡൻ കണ്ടു. കാലും തലയും ഒരു മാംസക്കട്ടയും മാത്രമായിരിക്കുന്നു ആ പക്ഷി. അവനെ ഈ നിലയിൽ കണ്ടപ്പോൾ ഗാലവൻ വിഷണ്ണനായി ചോദിച്ചു: 'എടോ സുപർണ്ണാ! എന്താ കഥ? എന്തേ ഇങ്ങനെയായത്? ഇവിടെ വന്നതിന്റെ ഫലമാണോ ഇത്? ഇനി എത്രനാൾ ഇവിടെ പാർക്കണം? ഭവാൻ വല്ല അധർമ്മവും മനസ്സിൽ ചിന്തിച്ചുവോ? ധർമ്മത്തിന്നു തെറ്റായ ചിന്ത എന്താണു നിന്നിൽ ഉണ്ടായത്? പറയൂ! ചെറിയ അധർമ്മമല്ല ഭവാനെ ബാധിച്ചത്!'"

സുപർണ്ണൻ പറഞ്ഞു: "ഹേ, ദ്വിജാ! ഞാൻ പ്രജാപതിയുടെ പാർപ്പിടത്തിൽച്ചെന്ന് ഈ സിദ്ധിയെ ഒന്നു കണ്ടുപോകുവാൻ വിചാരിച്ചു. എവിടെ ദേവനായ മഹാദേവൻ ഉണ്ടോ, എവിടെ സനാതനനായ വിഷ്ണുവുമുണ്ടോ, എവിടെ ധർമ്മം, യജ്ഞം ഇവകളുണ്ടോ അവിടെ ഇവൾ വാഴട്ടെ എന്നു ഞാൻ വിചാരിച്ചു. അങ്ങനെ വിചാരിച്ച ഞാൻ ഭഗവതിയുടെ പ്രസാദത്തിന്നായി ആ ദേവിയുടെ മുമ്പിൽ കൈകൂപ്പി പ്രീതിക്കായി ഇരക്കുന്നു. ശോചിക്കുന്ന മനസ്സുകൊണ്ട് ഇപ്രകാരം ഞാൻ കരുതി. ബഹുമാനത്താൽ ഇങ്ങനെ ഒരു അനിഷ്ടം ഞാൻ ചെയ്തുപോയി. ഞാൻ ചെയ്തതു പുണ്യമായാലും പാപമായാലും മാഹാത്മ്യത്താൽ അങ്ങു ക്ഷമിച്ചാലും."

അവൾ സുപർണ്ണന്റെ പ്രാർത്ഥനകേട്ടു സന്തുഷ്ടയായി ഇപ്രകാരം പറഞ്ഞു: "ഹേ! സുപർണ്ണാ, ഭയപ്പെടേണ്ട, സംഭ്രമിക്കേണ്ടാ. ഹേ! വത്സാ, നീ എന്നെ നിന്ദിച്ചു. ഞാൻ നിന്ദയെ പൊറുക്കുകയില്ല. എന്നെ നിന്ദിക്കുന്ന പാപലോകത്തിൽനിന്നു പ്രഭ്രഷ്ടനാകും. മിക്കവാറും ദുർലക്ഷണം വിട്ടു നിന്ദ്യയല്ലാത്ത ഞാൻ ആചാരം കൈക്കൊണ്ട് ഈ ശ്രേഷ്ഠയായ സിദ്ധിയെ നേടി. ആചാരം ധർമ്മകരമാണ്. ആചാരം ധനകൃത്തുമാണ്. ആചാരത്താൽ ശ്രീ ലഭിക്കും. ആചാരം അലക്ഷണം പോക്കും. ഹേ ആയുഷ്മാനേ! പക്ഷിരാജാവേ! ഭവാൻ യഥേഷ്ടം പൊയ്ക്കൊണ്ടാലും. എന്നെ ഭവാൻ മേലാൽ നിന്ദിക്കരുത്. ഭവാൻ സ്ത്രീകളെ ഒരിക്കലും നിന്ദിക്കരുത്. മുമ്പത്തെപ്പോലെതന്നെ ബലവും വീര്യവുമുള്ളവനായി ഭവിക്കട്ടെ ഭവാൻ!"

അവൾ ഇപ്രകാരം പറഞ്ഞയുടനെ അവന്റെ വിലപ്പെട്ട രണ്ടു പക്ഷങ്ങളും വളർന്നു. ശാണ്ഡിലിയുടെ സമ്മതം വാങ്ങി വന്ന വഴിക്കുതന്നെ പോന്നു. പറഞ്ഞമാതിരിയുള്ള കുതിരകളെ അവിടെ അന്വേഷിച്ചു. എന്നാൽ കണ്ടുകിട്ടുകയുണ്ടായില്ല.

അങ്ങനെ മാർഗ്ഗത്തിൽ നില്ക്കുന്ന ഗാലവനെ ഗുരുവായ കൗശികൻ കണ്ടുമുട്ടി. വാഗ്മിയായ അവൻ വൈനതേയന്റെ

മുമ്പിൽവെച്ച് ഇപ്രകാരം പറഞ്ഞു: "ഹേ! ദ്വിജാ, നീ എനിക്കു തരാമെന്ന് ഏറ്റുപറഞ്ഞുപോയ ആ ധനമില്ലേ, അതു തരേണ്ട കാലമായി. നീ എന്താണു വിചാരിക്കുന്നത്? ഇനിയും ഞാൻ എത്രകാലം കാത്തിരിക്കണം? കാര്യം സാധിക്കേണ്ട മാർഗ്ഗം നീ ചിന്തിച്ചുകൊള്ളുക."

ഗുരുവിന്റെ വാക്കുകേട്ടപ്പോൾ അപാരമായി ദുഃഖിച്ചു നില്ക്കുന്ന ഗാലവനോട് ഗരുഡൻ പറഞ്ഞു: "വിശ്വാമിത്രൻ പറഞ്ഞത് എനിക്കിപ്പോൾ പ്രത്യക്ഷമായി. വരൂ, ഗാലവാ! നമുക്ക് ഒന്നു ഗാഢമായി ആലോചിക്കാം. ഭവാൻ ഗുരുദ്രവ്യമെല്ലാം കൊടുക്കുക തന്നെവേണം; കൊടുക്കാതിരുന്നുകൂടാ."

114. ഗാലവചരിതം – നാരദൻ പറഞ്ഞു: "ദുഃഖത്തിൽ മുഴുകി വലഞ്ഞ ഗാലവനോട് ഖഗോത്തമനായ സുപർണ്ണൻ പറഞ്ഞു: 'ഹേ! ഗാലവാ, മന്നിൽ അഗ്നി നിർമ്മിച്ചതും, വായു ശുദ്ധമാക്കിയതും, ഹിരണ്യമെന്നു പറയപ്പെടുന്നതുമായ വസ്തുവാൽ എല്ലാം ഹിരണ്മയമായിരിക്കുന്നു. ധനം ലോകത്തെ ഭരിക്കുകയും ജീവനെ കൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് ധനം എന്ന് അതിന്നു പേർ സിദ്ധിച്ചു. ഏതു ലോകത്തിനും ആവശ്യമാകയാൽ അതു ത്രിലോകത്തിൽ ശാശ്വതമായി നിലകൊള്ളുന്നു. ധനം പ്രോഷ്ഠപദത്തിൽ ശുക്രവാരത്തിൽ വിത്തേശ്വരനിൽ സ്ഥിതിചെയ്യുന്നു. കുബേരന്റെ നിധി വർദ്ധിപ്പിക്കുവാൻ അഗ്നി ധനത്തെ മനുഷ്യരിൽ അർപ്പിക്കുന്നു. അങ്ങനെ ഭൂഗർഭത്തിൽ അഗ്നിയാൽ ഉണ്ടാക്കപ്പെട്ട ധനം അജൈകപാത്ത്, അഹർബുദ്ധ്നി എന്നിവർ പാലിക്കുന്നു. അവരെ കുബേരനും പാലിക്കുന്നു. ഇപ്രകാരമുള്ള ധനംകൂടാതെ അലബ്ധദ്രവ്യമായ വസ്തുക്കളൊന്നും ലഭിക്കുകയില്ല. ധനംകൂടാതെ ഭവാന് അശ്വങ്ങളെ ലഭിക്കുന്നതല്ല. അതുകൊണ്ട് നൃപർഷിവംശത്തിലെ രാജാവിനോടു ഭവാൻ ചെന്ന് അർത്ഥിക്കുക. പ്രജകൾക്കു ദുഃഖം കൂടാതെ നമ്മൾക്കു വേണ്ടതു നല്കുന്ന രാജാവിനെ ചെന്നു കാണണം.

സോമകുലത്തിൽ എന്റെ സഖിയായി ഒരു രാജാവുണ്ട്. അവന്റെ അരികിൽ പോയാൽ കാര്യം നടക്കും. അവൻ വിഭവമുള്ളവനാണ്. യയാതിയെന്നു പേരായ ആ രാജർഷി സത്യവിക്രമനാണ്. ഭവാൻ ഇരക്കുകയാണെങ്കിൽ ഞാൻ പറഞ്ഞാൽ അവൻ ധനം ഭവാനു നല്കുന്നതാണ്. അവന്റെ കൈയിൽ വിത്തേശന്റെ കൈയിലെന്നപോലെ ധാരാളം ധനമുണ്ട്. ഇങ്ങനെ ധനം സമ്പാദിച്ചു ഭവാൻ ദാനംകൊണ്ടു ഗുരുധനം വീട്ടുക.'

ഇപ്രകാരം അവൻ പറഞ്ഞപ്പോൾ അതു യുക്തം തന്നെ എന്നു ചിന്തിച്ച് യയാതി ഇരിക്കുന്നിടത്ത് അവർ ചെന്നു. അർഘ്യപാദ്യാദിസൽക്കാരംകൊണ്ട് അവൻ അതിഥികളെ സ്വീകരിച്ചു. നല്ല സന്ദർഭത്തിൽ രാജാവിനോടു ഗരുഡൻ ഇപ്രകാരം പറഞ്ഞു: 'ഹേ! നഹുഷപുത്രാ! ഈ ഗാലവൻ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനാണ്. താപസനാണ് ഇവൻ. പതിനായിരം വർഷം വിശ്വാമിത്രന്റെ ശിഷ്യനായി ശുശ്രൂഷിച്ചുവന്നവനാണ്. അവന്റെ സമ്മതത്തോടുകൂടി ഉപകാരംചെയ്യുവാൻ ഈ ശിഷ്യൻ ഗുരുവിനോടു പറഞ്ഞു: 'മഹാഭാഗാ, ഞാൻ കാലേ ദക്ഷിണ നല്കാം' - ഇങ്ങനെ പല പ്രാവശ്യവും ഇവൻ ആവശ്യമില്ലാതെ പറയുകയാൽ മഹർഷി അല്പം കോപിച്ച്, ലഘുവായ വിഭവമാണ് ഉള്ളിൽ ഇവൻ വിചാരിക്കുന്നതെന്നു മനസ്സിലാക്കി, ഇപ്രകാരം പറഞ്ഞു: 'ഒരു കാതു കറുത്തതും ഏറ്റവും ശുഭ്രമായതും ശുദ്ധജന്മമായതും ചന്ദ്രശ്രീയുള്ളതുമായ എണ്ണൂറുകുതിരകളെ നീ കൊണ്ടുവന്നുതരണം. നിനക്ക് ആകുമെങ്കിൽ ഇതു കൊണ്ടുവന്നു തരിക ഗാലവാ!' -ഇങ്ങനെ വിശ്വാമിത്രൻ കോപത്തോടെ പറഞ്ഞപ്പോൾ ഈ ദ്വിജർഷഭൻ വലിയ ദുഃഖത്താൽ തപ്തനായിത്തീർന്നു. കൊടുപ്പാൻ ശക്തനാകായ്കയാൽ ഇവൻ ഭവാനെ വന്നു കണ്ടതാണ്. ഹേ! മഹാഭാഗാ, ഭവാൻ നല്കുന്ന ഭിക്ഷ ഏറ്റ് അല്ലൽകൂടാതെ ഗുരുവിന്റെ കടം വീട്ടി വലിയ തപസ്സിൽ ഇവൻ ഏർപ്പെടും. എന്നാൽ ഇവന്റെ തപസ്സിൽ ഒരു ഭാഗം ഭവാനും തന്നുകൊള്ളും. രാജർഷിയായ ഭവാനെ തപസ്സേന്തുന്നവനായ ഇവൻ സമ്പൂർണ്ണനാക്കും. അശ്വരോമങ്ങൾ എത്രയുണ്ടോ അത്ര അശ്വമേധം ചെയ്താൽ ലഭിക്കുന്ന മഹാലോകങ്ങൾ ഭവാനു ലഭിക്കുന്നതാണ്. വാങ്ങുവാൻ ഇവൻ പാത്രമാണ്. കൊടുക്കുവാൻ ഭവാനും പാത്രമാകുന്നു. ശംഖിൽ പാല് എന്നവിധം ഈ ദാനം ഒത്തുചേരുന്നതാണ്. രാജാവേ, അങ്ങനെ ചെയ്താലും!'"

115. ഗാലവചരിതം – നാരദൻ പറഞ്ഞു: "സുപർണ്ണൻ സത്യമായ വാക്കു പറഞ്ഞപ്പോൾ മനസ്സുവെച്ച് രാജാവു കുറച്ചുനേരം ചിന്തിച്ചിരുന്നു. ആയിരം യജ്ഞം ചെയ്തവനും, ദാതാവും, ദാനപതിയും, പ്രഭുവുമായ യയാതി ഇഷ്ടനായ താർക്ഷ്യനേയും, ദ്വിജനായ ഗാലവനേയും നോക്കി. തപോദൃഷ്ടാന്തമായും ശ്ലാഘ്യമായുമിരിക്കുന്ന ഭിക്ഷ ചോദിച്ചതോർത്ത് രാജാവ് ഇപ്രകാരം പറഞ്ഞു: 'സൂര്യവംശജന്മാരായ രാജാക്കളെയൊക്കെ വിട്ട് എന്റെ അടുത്തേക്കു വന്ന നിങ്ങളുടെ ബുദ്ധിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ഇന്ന് എന്റെ ജന്മം സഫലമായെന്നും, എന്റെ കുലം ഉദ്ധരിക്കപ്പെട്ടുവെന്നും ഞാൻ വിചാരിക്കുന്നു. ഹേ, അനഘാശയനായ താർക്ഷ്യാ! ഭവാൻ എന്റെ രാജ്യത്തേയും ഉദ്ധരിച്ചിരിക്കുന്നു! ഞാൻ പറയുവാൻ പോകുന്നത് സഖേ, ഭവാൻ കേട്ടാലും. ഭവാൻ എന്നെ മുമ്പേ അറിയുന്നവനുമാണല്ലോ. ഞാൻ ഇപ്പോൾ അത്രയ്ക്ക് വിത്തവാനല്ലാതായിരിക്കുന്നു. എന്റെ ധനമൊക്കെ ദാനംചെയ്തു തീർന്നിരിക്കയാണ്. ഖഗേന്ദ്രാ! നിന്റെ വരവ് പാഴിലാക്കുവാനും പാടുള്ളതല്ലല്ലോ. ഈ വിപ്രർഷിയുടെ ആഗ്രഹം ഞാൻ വിഫലമാക്കുകയില്ല. ഈ കാര്യം നേടാൻ പറ്റിയ ഒരു മുതൽ എന്റെ കൈയിലുണ്ട്. അതു ഞാൻ ഇതാ നല്കുന്നു. ഗൃഹത്തിൽ വന്ന് ഇരന്ന് ആശകെട്ടു മടങ്ങിപ്പോയവൻ കുടുംബം കെടുത്തിക്കളയും. ഇതിലും വലുതായി വേറെ പാപമില്ല. ആശ നശിപ്പിക്കുന്നതിൽപരം പാപം വേറെയില്ല. നല്കാതിരുന്നാൽ അർത്ഥം ലഭിക്കാത്ത അർത്ഥി മൃതതുല്യനായിത്തീരും. ഹിതം ചെയ്യാത്തവന്റെ പുത്രപൗത്രവർഗ്ഗം കെട്ടു നശിക്കും. അതുകൊണ്ട് ഞാൻ ഇതാ എന്റെ മകളെ നല്കുന്നു. ഇവൾ നാലു വംശത്തെ നിലനിർത്തും. സുരസ്ത്രീക്കു തുല്യമായ ഇവൾ സർവ്വധർമ്മങ്ങളും ചേർന്നവളാണ്. എന്നും ദേവനരന്മാരും, ദൈത്യന്മാരും കാംക്ഷിക്കുന്ന എന്റെ പുത്രിയെ ഭവാൻ സ്വീകരിക്കുക. ഇവൾക്കു ശുല്ക്ക*മായി രാജാക്കന്മാർ രാജ്യവുംകൂടി നല്കുവാൻ തയ്യാറുണ്ട്. തീർച്ചയായും നല്കുന്നതാണ്. പിന്നെ കാതു കറുത്ത എണ്ണൂറു വാജികളെ കിട്ടുവാനാണോ വിഷമം? അതുകൊണ്ട് ഭവാൻ എന്റെ മാധവിക്കുട്ടിയെ വാങ്ങുക. ഞാനും ദൗഹിത്രനുള്ളവനായി ഭവിക്കട്ടെ! അതെനിക്കും ശ്രേയസ്കരമാണല്ലോ?'

രാജാവു നല്കിയ മാധവിയെന്ന പുത്രിയേയും സ്വീകരിച്ച് ഗാലവൻ പക്ഷിരാജാവിനോടുകൂടി അവിടെനിന്നിറങ്ങി. അശ്വങ്ങൾക്കുള്ള മാർഗ്ഗം ഒത്തു എന്ന് ഗരുഡൻ പറഞ്ഞു. ഗാലവനോടു യാത്ര പറഞ്ഞ് സുപർണ്ണൻ പോയി സ്വഗൃഹത്തിലെത്തി.

പക്ഷിരാജാവു പോയതിന്നുശേഷം കന്യകയോടുകൂടി ഗാലവൻ, മന്നവന്മാരിൽ ധാരാളം ശുല്ക്കം തരുവാൻ കഴിവുള്ളവൻ ആരായിരിക്കും, എന്നു ചിന്തിച്ചുപുറപ്പെട്ടു. അവൻ മനസ്സിൽ ഇക്ഷ്വാകുവംശത്തിലെ ഹര്യശ്വൻ എന്ന രാജാവിനെ ഓർത്തു. അയോദ്ധ്യാരാജാവായ ഹര്യശ്വൻ ചതുരംഗബലാഢ്യനാണ്. ധനധാന്യങ്ങളും ബലവുമുള്ളവനും ഇഷ്ടപൗരന്മാരോടുചേർന്നവനും ദ്വിജന്മാരിൽ ഇഷ്ടമുള്ളവനുമായ ആ രാജാവിനെ ചിന്തിച്ചു. അയോദ്ധ്യയിൽ ചെന്ന് ഹര്യശ്വരാജാവിനെക്കണ്ട്, ഗാലവൻ പറഞ്ഞു: 'രാജാവേ, ഇവൾ എന്റെ കന്യകയാണ്. പ്രസവിച്ചു വംശം വളർത്തുന്നവളാണ്. ശുല്ക്കം തന്ന് ഇവളെ ഭാര്യയാക്കുവാൻ ഭവാൻ വാങ്ങിയാലും. ഭവാനോടു ശുല്ക്കത്തെപ്പറ്റി പറയാം. അതു ഭവാൻ കേട്ടു ധരിച്ചാലും.'"

116. ഗാലവചരിതം – നാരദൻ പറഞ്ഞു: "പ്രജാകാംക്ഷിയായ ഹര്യശ്വരാജാവ് പലപാടു ചിന്തിച്ച് ചുടുന്ന നെടുവീർപ്പോടുകൂടി ഇപ്രകാരം പറഞ്ഞു: 'ഉയർന്നവളും, ഉയർന്ന ആറിൽ സൂക്ഷ്മ

* കന്യകയെക്കൊടുത്തു വാങ്ങുന്ന ധനം.

യായവളും, സൂക്ഷ്മമായ ഏഴിലും മൂന്നിലും ഗംഭീരയും, അഞ്ചിൽ രക്തകാന്തി വഹിക്കുന്നവളുമാണ് ഇവൾ. ബഹുദേവസുരലോകയും, ബഹുഗന്ധർവ്വദർശനയും, മഹാലക്ഷണങ്ങൾ തികഞ്ഞവളുമായ ഈ കന്യക ബഹുപ്രസവമുള്ളവളുമാണ്. സകല ലക്ഷണങ്ങളും തികഞ്ഞ ഇവൾ ചക്രവർത്തിയായ പുത്രനെ പ്രസവിക്കുവാൻ മതിയായവളാണ്. അങ്ങ് എന്റെ വിഭവം മനസ്സിലാക്കി ശുല്ക്കം എന്തു വേണമെന്നു പറഞ്ഞാലും.''

ഗാലവൻ പറഞ്ഞു: "ചന്ദ്രശുഭ്രങ്ങളും, നല്ല മെയ്യുള്ളവയും, ഒരു കാതു കറുത്തിട്ടുള്ളവയുമായ എണ്ണൂറു കുതിരകളെ ഭവാൻ എനിക്കു നല്കുക. എന്നാൽ ഞാൻ ഇവളെ ഭവാനു നല്കാം. ആയതേക്ഷണയായ ഈ ശുഭാംഗി അഗ്നികളെ അരണി എന്നപോലെ തേജസ്വികളായ് പുത്രന്മാരെ പ്രസവിക്കും."

നാരദൻ പറഞ്ഞു: "ഇതുകേട്ട് കാമമോഹിതനായ ഹര്യശ്വരാജർഷി, ദീനനായ വിധത്തിൽ ഗാലവർഷീന്ദ്രനോടു പറഞ്ഞു: 'ഭവാൻ പറഞ്ഞവിധമുള്ള ഇരുനൂറു കുതിരകൾ എന്റെ കൈവശമുണ്ട്. മറ്റുതരത്തിലുള്ള കുതിരകൾ വേണ്ടുവോളമുണ്ട്. ഇവളിൽ ഞാൻ ഒരു പുത്രനെ ജനിപ്പിക്കട്ടെ ഗാലവാ! എന്റെ ഏറ്റവും വലിയ ആഗ്രഹമാണ് ഒരു പുത്രനുണ്ടാവുകയെന്നുള്ളത്. അത് ഇവളിൽനിന്നു സാധിപ്പിക്കുവാൻ ഭവാൻ എന്നെ അനുവദിച്ചാലും.'

രാജാവ് ഇപ്രകാരം പറഞ്ഞതുകേട്ടപ്പോൾ ആ കന്യക ഗാലവനോടു പറഞ്ഞു:

'ഹേ ഗാലവർഷേ! എനിക്കു ബ്രഹ്മവാദിയായ ഒരു ഋഷി ഒരു വരം നല്കിയിട്ടുണ്ട്, 'പ്രസവിക്കുന്തോറും നീ കന്യകയായി ഭവിക്കും' – എന്ന്. ഭവാൻ അശ്വങ്ങളെ വാങ്ങി എന്നെ ഈ രാജാവിന്നു നല്കുക. നാലുരാജാക്കന്മാർ വഴിയായി ഭവാന് എണ്ണൂറ് അശ്വങ്ങൾ തികയും. ആ വഴിക്ക് എനിക്കു നാലു രാജാക്കന്മാരിൽനിന്നു നാലു പുത്രന്മാരും ഉണ്ടാകും. ഗുരുവിന്നു നല്കുവാൻ അർത്ഥത്തിന്നുവേണ്ടി ഭവാൻ ഇപ്രകാരം ചെയ്താലും. ഇങ്ങനെ എനിക്ക് ഒരു ബുദ്ധി തോന്നുന്നു. ഭവാന്റെ അഭിപ്രായമെന്താണ്? ഇപ്രകാരം ആ കന്യക പറഞ്ഞപ്പോൾ ഗാലവമുനി സന്തോഷത്തോടെ ഹര്യശ്വരാജാവിനോടു പറഞ്ഞു: 'രാജാവേ, ഭവാൻ ഈ കന്യകയെ സ്വീകരിച്ചാലും! ശുല്ക്കത്തിൽ നാലിലൊന്നാൽ ഭവാൻ ഇവളിൽ ഒരു പുത്രനെ ജനിപ്പിക്കുക.'

അപ്രകാരം രാജാവ് ആ കന്യകയെ വാങ്ങി ഗാലവനെ ശ്ലാഘിച്ചു. അങ്ങനെ കന്യകയായ മാധവിയെ ഭാര്യയായി നേടിയ രാജാവിന്ന് യഥാകാലം ഒരു പുത്രൻ പിറന്നു. അവൻ വസുമനസ്സ് എന്നു പിന്നീടു വിഖ്യാതനായി. ഭൂമിയിൽ ഏറ്റവും വലിയ വസുമാനായി ആ രാജാവു ശോഭിച്ചു. വസുപ്രതിമനായ വസുമനസ്സ് വസുപ്രദനുമായി ഭവിച്ചു.

പിന്നെ കാലമായപ്പോൾ ധീമാനായ ഗാലവൻ ഹര്യശ്വരാജാവിന്റെ സമീപത്തെത്തി. അദ്ദേഹത്തെ സമീപിച്ചു വന്ദിക്കുന്ന ഹര്യശ്വരാജാവിനോട് ഗാലവൻ പറഞ്ഞു:

'ഹേ രാജാവേ, ഭവാന് അർക്കതുല്യനായ പുത്രനുണ്ടായല്ലോ. ഭിക്ഷയ്ക്കായി മറ്റു രാജാവിനെ കാണുവാൻ എനിക്കു പോകേണ്ട കാലമായി.'

ഹര്യശ്വൻ സത്യവാക്കിൽ നില്ക്കുന്നവനും പൗരുഷമുള്ളവനുമാണ്. കുതിരകളുടെ ദൗർലഭ്യം ഹേതുവായി മാധവിയെ ഗാലവന്ന് മടക്കിയേല്പിച്ചു. ജ്വലിക്കുന്ന രാജലക്ഷ്മിയെ വിട്ട് മാധവി വീണ്ടും കന്യകയായി. ഇച്ഛപോലെ ഗാലവന്റെ പിന്നാലെ പോയി. പോകുമ്പോൾ ഗാലവൻ രാജാവിനോട്, 'കുതിരകൾ ഇപ്പോൾ ഇവിടെ നില്ക്കട്ടെ; ഞാൻ കൊണ്ടുപൊയ്ക്കൊള്ളാം', എന്നു പറഞ്ഞു. അങ്ങനെ ഗാലവൻ കന്യകയോടുകൂടി ദിവോദാസനൃപേന്ദ്രന്റെ അടുത്തേക്കുപോയി."

117. ഗാലവചരിതം – ഗാലവൻ പറഞ്ഞു: "മഹാവീര്യനും കാശിരാജ്യത്തിന്റെ അധിപനും പ്രഭുവും ഭീമസേനപുത്രനുമായ ദിവോദാസരാജാവിന്റെ അടുത്തേക്കു നാം പോവുക. ഭദ്രേ! നീ ദുഃഖിക്കരുത്. പതുക്കെ പോന്നാലും. ആ രാജാവ് ധാർമ്മികനും സംയമിയും സത്യവാനുമാണ്."

നാരദൻ പറഞ്ഞു: "അവനെ ചെന്നുകണ്ട് ആ മുനി സൽക്കാരമൊക്കെ സ്വീകരിച്ചു. ഗാലവൻ സന്തതിക്കായി ആ രാജാവിനെ പ്രേരിപ്പിച്ചു."

ദിവോദാസൻ പറഞ്ഞു: "ഹേ ദ്വിജാ, ഭവാൻ പറഞ്ഞത് ഞാൻ കേട്ടു. ഞാൻ ഈ വർത്തമാനം മുമ്പേതന്നെ കേട്ടിരിക്കുന്നു. അന്നുമുതൽ ഈ കാര്യം ഞാൻ കാത്തിരിക്കുകയാണ്. ഇത് എനിക്ക് ഏറ്റവും മാനമായ കാര്യമാണ്. മറ്റു രാജാക്കളെയൊക്കെ വിട്ട് ഭവാൻ എന്റെ പാർശ്വത്തിൽ വന്നുവല്ലോ. ഇത് വരാനുള്ളതാണെന്നതിൽ സംശയമില്ല. എനിക്കും പറഞ്ഞമാതിരിയുള്ള അശ്വവിഭവം അത്രതന്നേയുള്ളൂ. ഇവളിൽ ഞാനും ഒരു രാജാവിനെ ജനിപ്പിക്കട്ടെ!"

'അപ്രകാരമാകട്ടെ' എന്നു പറഞ്ഞ് ആ കന്യകയെ ദ്വിജശ്രേഷ്ഠൻ രാജാവിനു നല്കി. വിധിപോലെ ആ കന്യകയെ രാജാവു സ്വീകരിച്ചു. അവളിൽ രാജാവ്, പ്രഭാവതിയിൽ അർക്കൻ എന്നപോലെയും, സ്വാഹയിൽ പാവകൻ എന്നപോലെയും, പൗലോമിയിൽ ഇന്ദ്രൻ എന്നപോലെയും രമിച്ചു. ചന്ദ്രൻ രോഹിണിയിലും, യമൻ ധൂമോർണ്ണയിലും, വരുണൻ ഗൗരിയിലും, കുബേരൻ ഋദ്ധിയിലും എന്നപോലെ ദിവോദാസൻ മാധവിയിൽ രമിച്ചു. നാരായണൻ ലക്ഷ്മിയിലും, സമുദ്രം ഗംഗയിലും, രുദ്രൻ രുദ്രാണിയിലും, ബ്രഹ്മം വേദിയിലും, വാസിഷ്ഠൻ അദൃശ്യന്തിയിലും, വസിഷ്ഠൻ സ്വാക്ഷമാലയിലും, ച്യവനൻ സുകന്യയിലും, പുലസ്ത്യൻ സന്ധ്യയിലും, അഗസ്ത്യൻ വൈദർഭിയിലും, സത്യവാൻ സാവിത്രിയിലും എന്നപോലെ അവർ പരസ്പരസ്നേഹബദ്ധരായി ജീവിച്ചു. പോരാ, ഭൃഗു പുലോമയിൽ, കശ്യപൻ ഹേമവതിയിൽ എങ്ങനെയോ അപ്രകാരം അവർ പരസ്പരം ചേർന്നു.

കൗശികൻ ഹൈമവതിയിൽ, ആർച്ചികൻ രേണുകയിൽ, ഗുരു താരയിൽ, ശുക്രൻ ശതപർവ്വയിൽ, ഭൂമിപതി ഭൂമ്യയിൽ, പുരൂരവൻ ഉർവ്വശിയിൽ, ഋചീകൻ സത്യവതിയിൽ, മനു സരസ്വതിയിൽ, ദുഷ്യന്തൻ ശകുന്തളയിൽ, ധർമ്മൻ ധൃതിയിൽ, നാരദൻ സത്യവതിയിൽ, നളൻ ദമയന്തിയിൽ, ജരൽക്കാരു ജരൽക്കാരുവിൽ, പുലസ്ത്യൻ പ്രതീചിയിൽ, ഊർണ്ണായുസ്സ് മേനകയിൽ, തുംബുരു രംഭയിൽ, വാസുകി ശതശീർഷിയിൽ, ധനഞ്ജയൻ കുമാരിയിൽ, ശ്രീരാമൻ വൈദേഹിയിൽ, ജനാർദ്ദനൻ രുക്മിണിയിൽ എന്നപോലെ രമിക്കുന്ന ദിവോദാസരാജാവിന്ന് മാധവി പ്രതർദ്ദനകുമാരനെ ജനിപ്പിച്ചു.

അങ്ങനെ സമയം വന്നപ്പോൾ ഭഗവാൻ ഗാലവൻ ദിവോദാസന്റെ സമീപത്തു വന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഭവാൻ കന്യകയെ തന്നാലും. വാജികൾ ഇവിടെത്തന്നെ നില്ക്കട്ടെ! രാജാവേ, മറ്റൊരു ദിക്കിൽ ഞാൻ ശുല്ക്കത്തിന്നായി പോകട്ടെ!" നേരിൽ നില്ക്കുന്നവനും ധർമ്മബുദ്ധിയുമായ ദിവോദാസൻ കാലമായപ്പോൾ ഗാലവന്ന് ആ കന്യകയെ തിരികെ ഏല്പിച്ചു.

118. ഗാലവചരിതം – നാരദൻ പറഞ്ഞു: "ഇപ്രകാരം ആ ശ്രീയും ഉപേക്ഷിച്ചു കന്യകയായിത്തീർന്ന ആ സുന്ദരി ഗാലവമുനിയുടെ സമീപത്തെത്തി. തന്റെ കാര്യത്തിൽ മനസ്സുവെച്ച് ആലോചിച്ച് ഗാലവൻ ഭോജപുരത്തിൽ പോയി ഉശീനരരാജാവിനെക്കാണുവാൻ ചെന്നു. സത്യവിക്രമനായ ആ ഭൂപനെ കണ്ട് ഗാലവൻ പറഞ്ഞു: 'ഈ കന്യക ഭവാനു രണ്ടു രാജാക്കന്മാരായ പുത്രന്മാരെ ജനിപ്പിക്കും. രാജാവേ, സോമാർക്കതുല്യരായ രണ്ടു മക്കളെ ഇവളിൽ ജനിപ്പിച്ച്, ഭവാൻ ഇഹത്തിലും പരത്തിലും സിദ്ധാർത്ഥനായി ഭവിക്കും. ശുല്ക്കമായി ഭവാൻ എനിക്ക് ഒരു കാതു കറുത്തതും ചന്ദ്രപ്രഭയുള്ളതുമായ നാനൂറ് അശ്വങ്ങളെ നല്കണം. ഈ യത്നം ഗുരുവിന്ന് അർത്ഥം നല്കുവാൻവേണ്ടി മാത്രമാണ്. എനിക്കു ഗുരുദക്ഷിണ നിർവ്വഹിക്കേണ്ട കാര്യത്തിന്നാണ്. മഹാരാജാവേ, ആകാമെങ്കിൽ അധികം ആലോചിക്കാതെ ഉടനെ ഇവളെ സ്വീകരിച്ചാലും. ഭവാൻ അനപത്യനാണല്ലോ.

ഭവാൻ രണ്ടുപുത്രന്മാരെ നേടുക. പുത്രനാകുന്ന പ്ലവത്താൽ ഭവാൻ പിതൃക്കളെ കയറ്റുന്നതോടൊപ്പം ദുർഘടത്തിൽനിന്ന് എന്നേയും കരകയറ്റുക. രാജർഷേ, പുത്രഫലാഢ്യന്മാർ ഒരിക്കലും വാനിൽനിന്നു പതിക്കുന്നതല്ല. അപുത്രന്മാരെപ്പോലെ ഉഗ്രമായ നരകത്തിലും വീഴുന്നതല്ല.' ഇപ്രകാരവും മറ്റും ഗാലവന്റെ വാക്കുകേട്ട് അവനോട് ഉശീനരരാജാവ് മറുപടി പറഞ്ഞു: 'ഹേ, ഗാലവാ, ഭവാൻ പറഞ്ഞ വാക്കൊക്കെ ഞാൻ കേട്ടു. വിധി ബലവാനാണ് വിപ്രാ. എന്റെ മനസ്സ് ഏറ്റവും സജ്ജമാണ്. ഇപ്രകാരമുള്ള അശ്വങ്ങൾ ഇവിടെ ഇരുനൂറെണ്ണമുണ്ട്. മറ്റുമാതിരി കുതിരകൾ ഇവിടെ ധാരാളം കാണും. ഹേ, ഗാലവാ, ഞാൻ ഇവളിൽ ഒരു പുത്രനെ ജനിപ്പിക്കാം. മറ്റു രാജാക്കന്മാർ പോയ മാർഗ്ഗത്തിൽത്തന്നെ ഞാനും പോകാം. ബ്രാഹ്മണശ്രേഷ്ഠാ! വിലയ്ക്കനുസരിച്ചു ഞാൻ ചെയ്തുകൊള്ളാം. പൗരന്മാർക്കും ജാനപദന്മാർക്കും ഉപകാരത്തിന്നാണ്; അല്ലാതെ എനിക്കു ഭോഗത്തിന്നായിട്ടല്ല എന്റെ ധനം. പരലോകഹിതമായ ധനം കാമത്തിന്നു വേണ്ടി ചെലവാക്കുന്ന രാജാവ് ധർമ്മത്തെ പ്രാപിക്കുകയില്ല. യശസ്സും നേടുകയില്ല. തീർച്ചയാണക്കാര്യം. അങ്ങനെ ജീവിക്കുന്നവനായ ഞാൻ കന്യകയെ കൈക്കൊള്ളുന്നു. എനിക്കു ഭവാൻ നല്കിയാലും. ഒരു പുത്രൻ ജനിക്കുവാൻവേണ്ടി മാത്രം ദേവകന്യാഭയായ ഈ കന്യകയെ സ്വീകരിക്കാം.'

ഇപ്രകാരം ആ കന്യകയെപ്പറ്റി ഉശീനരരാജാവു പറഞ്ഞപ്പോൾ ഗാലവൻ സന്തോഷിച്ചു. ഉശീനരനെ വേൾപ്പിച്ചതിന്നു ശേഷം ഗാലവൻ തപസ്സിന്നായി കാട്ടിലേക്കുപോയി. പുണ്യവാൻ ശ്രീയോടു ചേർന്നപോലെ അവളോടുകൂടി ഉശീനരൻ രമിച്ചു. മനോഹരമായ ശൈലകന്ദരഭാഗങ്ങളിലും മനം കുളുർപ്പിക്കുന്ന നദികളുടെ വെള്ളച്ചാട്ടങ്ങളുള്ള സ്ഥലങ്ങളിലും, വിചിത്രോദ്യാനങ്ങളിലും, രുചിരങ്ങളായ വനങ്ങളിലും ഉപവനങ്ങളിലും നല്ല വലിയ മേടകളിലും, പ്രാസാദങ്ങളുടെ അഗ്രസ്ഥലങ്ങളിലും, വാതായനവിമാനസ്ഥാനങ്ങളിലും, ലതാനികുഞ്ജങ്ങളിലും, ഗർഭഗൃഹങ്ങളിലും അവർ കൗതുകത്തോടെ ചേർന്നു രമിച്ചു. അങ്ങനെ യഥാകാലം അവന്നു ബാലാർക്കസമനായ ഒരു പുത്രൻ ജനിച്ചു. ശിബി എന്നു പ്രസിദ്ധനായിത്തീർന്ന രാജാവ് മാധവിയിൽ ഉശീനരരാജാവിന്നുണ്ടായവനാണ്.

കാലമായപ്പോൾ ഗാലവൻ മാധവിയെ രാജാവിന്റെ അടുത്തു ചെന്നു തിരികെ കൂട്ടിക്കൊണ്ടുപോയി. അങ്ങനെ അവർ പോകുന്ന സമയത്ത് മാർഗ്ഗമദ്ധ്യേ സുപർണ്ണനെ കണ്ടുമുട്ടി.''

119. ഗാലവചരിതം – നാരദൻ പറഞ്ഞു: ''രാജാവേ, ദുര്യോധനാ! ഗരുഡൻ ഗാലവനെക്കണ്ടപ്പോൾ ചിരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഭാഗ്യം! കൃതാർത്ഥനായ ഭവാനെ ഞാൻ വീണ്ടും കണ്ടെത്തി.'

ഗരുഡൻ പറഞ്ഞതുകേട്ടപ്പോൾ ഗാലവൻ ഇനിയും കാര്യം നാലിലൊന്നു നിർവ്വഹിക്കേണ്ടതുണ്ടെന്നുള്ള തന്റെ സ്ഥിതിയെപ്പറ്റി അറിയിച്ചു. അപ്പോൾ വാഗ്മിയായ ഗരുഡൻ ഗാലവനോട് ഇപ്രകാരം പറഞ്ഞു: 'ഹേ, ഗാലവാ, ഭവാൻ ബുദ്ധിമുട്ടിയതു മതി. ഭവാന് ഇക്കാര്യം തികയുന്ന കാര്യം നടപ്പില്ല. കന്യകുബ്ജത്തിൽ പണ്ട് ഗാധി തന്റെ സത്യവതി എന്ന പുത്രിയെ ഭാര്യയായി ലഭിക്കുവാൻ ആഗ്രഹിച്ചു വന്ന ഋചീകനോടു പറഞ്ഞു: ''ഒരു കാതു കറുത്ത് ഇന്ദുവർണ്ണമുള്ള ആയിരം കുതിരകളെ എനിക്കു തന്നാലും.'' ഋചീകൻ ഇതുകേട്ട് അപ്രകാരമാകാമെന്നു പറഞ്ഞ് വരുണാലയത്തിൽപ്പോയി. അശ്വതീർത്ഥത്തിൽച്ചെന്ന് അശ്വങ്ങളെ നേടി രാജാവിന്നു കൊണ്ടുപോയിക്കൊടുത്തു. രാജാവ് പുണ്ഡരീകംചെയ്ത് അവയെ വിപ്രന്മാർക്കു ദാനം ചെയ്തു. വേറെ നാനൂറുള്ളവ വിതസ്ത എന്ന നദി കടത്തുന്ന സമയത്ത് ഒഴുക്കിൽപ്പെട്ടു ചത്തുപോകുകയും ചെയ്തു. ഇങ്ങനെയാണ് അത്തരം അശ്വങ്ങളുടെ കഥ. അതുകൊണ്ടാണ് അസാദ്ധ്യമാണ് ഇക്കാര്യമെന്നു ഞാൻ പറഞ്ഞത്. കിട്ടാത്ത വസ്തു എങ്ങനെ കിട്ടാനാണ്? അതുകൊണ്ട് പോരാത്ത ഇരുനൂറ് ഹയങ്ങൾക്കു പകരമായി ഈ പെൺകുട്ടിയെ കൊടുക്കുക. അങ്ങനെ വിശ്വാമിത്രന്ന് അറുനൂറു ഹയങ്ങളും ഈ പെൺകുട്ടിയുമായി കാര്യം നിർവ്വഹിക്കുക. അങ്ങനെയായാൽ ധാർമ്മികനായ നിന്റെ മോഹം തീരുകയും കൃതകൃത്യത നേടുകയും ചെയ്യാം.' അങ്ങനെ തന്നെയാകാമെന്നു പറഞ്ഞ് ഗാലവൻ അശ്വങ്ങളും കന്യകയുമായി വിശ്വാമിത്രന്റെ സമീപത്തെത്തി. 'ഗുരോ, ഭവാൻ കാംക്ഷിച്ചിരിക്കുന്ന അശ്വങ്ങളിൽ അറുനൂറ് ഞാൻ ഇതാ കൊണ്ടുവന്നിരിക്കുന്നു. ബാക്കി ഇരുനൂറിന്നു പകരം ഭവാൻ ഈ കന്യകയെ വാങ്ങിയാലും. രാജർഷിമാർക്ക് ഇവളിൽ ധാർമ്മികരായ മൂന്നു മക്കൾ ജനിച്ചിട്ടുണ്ട്. ഭവാൻ നാലാമത്തെ ഒരു രാജാവിനെ ഇവളിൽ ജനിപ്പിച്ചാലും. ഇങ്ങനെ ഭവാന് എണ്ണൂറ് അശ്വങ്ങൾ തികയട്ടെ! ഭവാന് ഞാൻ കടംവീട്ടി എന്ന കൃതാർത്ഥതയോടെ കാട്ടിൽപ്പോയി തപസ്സുചെയ്യട്ടെ!'

വിശ്വാമിത്രൻ ഗാലവനെ ഗരുഡനോടുചേർന്നു കണ്ടപ്പോൾ, ആ സുന്ദരിയായ കന്യകയെ നോക്കിയതിന്നുശേഷം ഇപ്രകാരം പറഞ്ഞു: 'ഹേ ഗാലവാ, നീ ഇവളെ എന്തേ എനിക്ക് ആദ്യമായി നല്കാതിരുന്നത്? ഇവളിൽ കുലവർദ്ധനരായ നാലു പുത്രന്മാർ എനിക്ക് ഉണ്ടാകുമായിരുന്നില്ലേ? ഗുരുവിന്ന് ഒരു പുത്രലാഭം ഉണ്ടാകുവാൻ വേണ്ടി നിന്റെ ഈ കന്യകയെ കൈക്കൊള്ളുന്നു. അശ്വങ്ങൾ എന്റെ ആശ്രമത്തിന്നു ചുറ്റും സഞ്ചരിക്കട്ടെ!'

മഹാദ്യുതിയായ വിശ്വാമിത്രൻ മാധവിയോടുകൂടി രമിച്ച് അവളിൽ അഷ്ടകൻ എന്നുപേരായ ഒരു പുത്രനെ ജനിപ്പിച്ചു. ആ പുത്രൻ പിറന്നപ്പോൾ വിശ്വാമിത്രമഹർഷി അർത്ഥധർമ്മങ്ങളേയും, പിന്നീട് അശ്വങ്ങളേയും അവനിൽ ചേർത്തു. സോമപത്തനംപോലുള്ള പുരത്തിൽ അഷ്ടകൻ കയറി. പിന്നെ കന്യകയെ ശിഷ്യന്നു തിരികെ ഏല്പിച്ച് കൗശികൻ തപസ്സിന്നായി കാടുകയറി. ഇങ്ങനെ ഗരുഡനോടുകൂടിച്ചെന്ന് ഗാലവൻ ഗുരുദക്ഷിണ ചെയ്തു.

പ്രീതിയോടുകൂടി ഗാലവൻ ആ കന്യകയോടു പറഞ്ഞു: 'ഹേ മാധവീ, നിനക്കു ദാനമതിയും, ശൂരനുമായ മറ്റൊരു പുത്രനുംകൂടി പിറന്നില്ലേ? സത്യധർമ്മസ്ഥനാണ് ഒരുത്തൻ. മറ്റേവൻ ഏറ്റവും യോഗ്യനായ യജ്വാവുമാണ്. വരാരോഹേ, നീ വരു. പുത്രന്മാരാൽ നീ താതനെ ഉദ്ധരിച്ചു. നാലു രാജാക്കളേയും എന്നേയും നീ നരകത്തിൽനിന്ന് ഉദ്ധരിച്ചിരിക്കുന്നു.'

അങ്ങനെ ഗാലവൻ പന്നഗവൈരിയായ ഗരുഡനോടുകൂടി കന്യകയെക്കൊണ്ടുപോയി അച്ഛനായ യയാതിരാജാവിനെ ഏല്പിച്ച് നന്ദി പ്രകാശിപ്പിച്ചു വന്ദനം പറഞ്ഞ് തപസ്സിന്നായി കാട്ടിലേക്കു പോയി.''

120. ഗാലവചരിതം – നാരദൻ പറഞ്ഞു: ''വീണ്ടും മകൾക്കു സ്വയംവരം നടത്തുവാൻ രാജാവ് ഗംഗായമുനകൾ ചേരുന്നിടത്ത് ആശ്രമഭൂമിയിൽ എത്തി. മാധവിയെ തേരിൽക്കയറ്റി പൂമാലയും എടുത്തു പുറപ്പെടുമ്പോൾ പെങ്ങളെ പിൻതുടർന്ന് യദുവും പൂരുവും ആശ്രമത്തിലെത്തി. നാഗന്മാർ, യക്ഷന്മാർ, മർത്ത്യന്മാർ, ഗന്ധർവ്വന്മാർ, മൃഗങ്ങൾ, പക്ഷികൾ, ശൈലങ്ങൾ, ദ്രുമങ്ങൾ, വനൗകസ്സുകൾ എന്നിവരൊക്കെ മഹോത്സവത്തിൽ ഒത്തുകൂടി. നാനാപുരുഷന്മാരും നാനാദേശ്യന്മാരും ഈശ്വരന്മാരും ബ്രഹ്മകല്പരായ മുനിശ്രേഷ്ഠന്മാരും ചേർന്ന ആ വനം പ്രശോഭിച്ചു. വരന്മാരെ തിരിച്ചുകാണിക്കുമ്പോൾ ആ വരവർണ്ണിനി വരന്മാരെയൊക്കെ വിട്ട് വനത്തെ വരനായി വരിച്ചു. തേർവിട്ടിറങ്ങി ബന്ധുക്കളെയൊക്കെ വന്ദിച്ച് ആ കന്യക, യയാതിപുത്രി, വനത്തെ പ്രാപിച്ചു തപസ്സുചെയ്തു. പലതരത്തിലുള്ള ഉപവാസവും പലതരം ദീക്ഷാനിയമങ്ങളും ശീലിച്ച് ആത്മാവിനു ലഘുത്വം ഏകി, മൃഗചര്യയെ ആചരിച്ചു.

വൈഡൂര്യക്കതിരുപോലുള്ള മൃദുവായ പച്ചപ്പുല്ല്, ചവർപ്പും പുളിയും മധുരവുമായ നല്ല ഇളംപുല്ല്, തിന്ന് അവൾ ജീവിച്ചു. പുണ്യമായ പുഴകളിൽ ശുദ്ധിയും സ്വാദുമുള്ള, തെളിഞ്ഞു തണുത്ത ജലം അവൾ കുടിച്ചു. മൃഗരാജാവ്, പുലി എന്നിവ സഞ്ചരിക്കുന്ന കാടുകളിൽ, കാട്ടുതീ കൂടാത്ത ശൂന്യമായ ഗഹനങ്ങളിൽ മാൻപേടപോലെ അവൾ മാൻകൂട്ടത്തോടുകൂടി സഞ്ചരിച്ചു.

അങ്ങനെ അവൾ ഉത്തമമായ ബ്രഹ്മചര്യം അനുഷ്ഠിച്ചു. യയാതിരാജാവ്, പൂർവ്വരാജവൃത്തം അനുഷ്ഠിച്ച് അനേകായിരം വർഷം വാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പൂരുവും യദുവും രണ്ടു വംശകർത്താക്കളായി. ആ സന്തതികൾമൂലം യയാതി പരലോകത്തു വാഴിക്കപ്പെട്ടു.

അങ്ങനെ വാനിൽ മഹീപാലനായ യയാതി വാഴുന്ന കാലത്ത് ഒരു സംഭവമുണ്ടായി. മഹർഷിതുല്യനായ ആ രാജർഷി സ്വർഗ്ഗഫലാന്വിതനായി അനേകായിരം വർഷം സ്വർഗ്ഗസുഖങ്ങൾ അനുഭവിച്ചു വാഴുമ്പോൾ മഹാസമൃദ്ധിയോടുകൂടിയ രാജർഷികളുടെ മദ്ധ്യത്തിൽവെച്ച് ഐശ്വര്യത്തള്ളലോടെ യയാതി അറിവില്ലാത്തവനെപ്പോലെ ദേവർഷിനികരത്തേയും സകല മർത്ത്യരേയും നിന്ദിച്ചു. വലാരിയായ ഇന്ദ്രൻ ഈ വൃത്താന്തമറിഞ്ഞപ്പോൾ ആ രാജർഷികളും ഒക്കെ യയാതി ചീത്തയായിപ്പോയി എന്നുപറഞ്ഞു. എന്നാൽ യയാതിയെ കണ്ടപ്പോൾ ഇന്ദ്രനു വിഷാദമുണ്ടായി. 'ഇതാരാണ്? ഏതു രാജാവിന്റെ പുത്രനാണ്? ഇവൻ എങ്ങനെ സ്വർഗ്ഗത്തിലെത്തി? എന്തു കർമ്മത്താലാണ് ഇവനു സ്വർഗ്ഗത്തിൽ എത്തുവാനുള്ള സിദ്ധി ഉണ്ടായത്? എന്തു മഹാതപസ്സാണ് ഇവൻ ചെയ്തത്? എന്താണ് അറിയുവാൻ മാർഗ്ഗം? ഇനി സ്വർഗ്ഗത്തിൽ ഇവനെപ്പറ്റി അറിവുള്ളവർ ആരാനുമുണ്ടോ?' ഇപ്രകാരം ആലോചിച്ച് സ്വർഗ്ഗത്തിലുള്ളവർ യയാതി രാജാവിന്റെ പൂർവ്വകഥകളെപ്പറ്റി അന്വേഷണം നടത്തി. പല വിമാനപാലൻന്മാർക്കും സ്വർഗ്ഗദ്വാസ്ഥന്മാർക്കും ആസനപാലന്മാർക്കും അവനെപ്പറ്റി ഒന്നും അറിയുകയില്ലെന്നുള്ള വിവരമാണു കിട്ടിയത്. ജ്ഞാനം മറഞ്ഞുപോകയാൽ ആ നൃപനെ ആരും അറിയാതായി. ഒറ്റ മുഹൂർത്തത്താൽ യയാതി ഹതൗജസ്സായി ഭവിച്ചു."

121. ഗാലവചരിതം - നാരദൻ പറഞ്ഞു: "പിന്നെ യയാതി രാജാവ് സ്ഥാനംവിട്ട് ഇളകുകയും പെട്ടെന്ന് ആസനച്യുതനാവുകയും ചെയ്തു. മനസ്സുപിടയുകയും ശോകാഗ്നിയാൽ പരിതപ്തനാവുകയും ചെയ്തു. മാല വാടുകയും ജ്ഞാനം നശിക്കുകയും കിരീടവും തോൾവളയും താനേ വീണുപോവുകയും ചെയ്തു.

ദേഹം ഉലഞ്ഞുതളർന്ന്, അംബരാലങ്കാരങ്ങളൊക്കെ ചിന്നി, ഇങ്ങോട്ടു കാണാത്തവരെ കണ്ടും, കാണാതെ കണ്ടുമായി, ശൂന്യനായി, ശൂന്യമനസ്കനായി മന്നിൽ വീഴുവാൻ തുടങ്ങി. രാജാവു വിചാരിച്ചു: 'ഞാൻ എന്തശുഭമാണ് ഉള്ളിൽ ചിന്തിച്ചത്? എന്തു ധർമ്മദൂഷണമാണു ചിന്തിച്ചത്? സ്ഥാനഭ്രംശം വരുവാൻ തക്കതായി ഞാൻ എന്തു ചെയ്തു?' ആ രാജാക്കളും ആ സിദ്ധന്മാരും അപ്സരസ്സുകളും അവിടെനിന്നു യയാതി ആലംബഹീനനായി വീഴുന്നതു കണ്ടുകൊണ്ടുതന്നെ നിന്നു. അപ്പോഴേക്കും പുണ്യമറ്റവരെ വീഴ്ത്തുന്നവനായ പുരുഷൻ യയാതിയോട് ഇന്ദ്രന്റെ ശാസന വായിച്ചു:

'നീ ഏറ്റവും മദമത്തനാണ്. നീ നിന്ദിക്കാതെ ഒരാളേയും വിട്ടിട്ടില്ല. ഗർവ്വാൽ നിനക്കു സ്വർഗ്ഗഭ്രംശം വന്നിരിക്കുന്നു. സ്വർഗ്ഗത്തിന് ഇനി നീ അർഹനല്ല. പ്രകാശംകെട്ടു നീ പൊയ്ക്കൊള്ളുക. താഴെ വീണുകൊള്ളുക!' എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ നഹുഷപുത്രൻ മൂന്നുപ്രാവശ്യം വിളിച്ചുപറഞ്ഞു: 'ഞാൻ ഭൂമിയിൽ പതിക്കുകയാണെങ്കിൽ സത്തുക്കളുടെ മദ്ധ്യത്തിൽ പതിക്കേണമേ!' പതിക്കുമ്പോൾ യയാതി തന്റെ ഗതിയെപ്പറ്റി ചിന്തിച്ചു. ഇക്കാലത്തു നൈമിഷത്തിൽ നാലു നൃപതിമുഖ്യന്മാരെ രാജാവു ചിന്തിച്ചു. പ്രതർദ്ദനൻ, വസുമനസ്സ്, ശിബി, അഷ്ടകൻ, ഇവർ വാജപേയത്താൽ ഇന്ദ്രനെ തർപ്പിക്കുകയായിരുന്നു. രാജാവ് മുകളിൽനിന്നു നോക്കിക്കണ്ടു. ഇവരുടെ അദ്ധ്വരത്തിൽനിന്നു പുറപ്പെടുന്ന ധൂമം സ്വർഗ്ഗദ്വാരത്തിലോളം എത്തിക്കൊണ്ടിരിക്കുന്നു. യയാതി ആ ധൂമഗന്ധം ശ്വസിച്ചുകൊണ്ടാണ് മന്നിലേക്കു പതിച്ചുകൊണ്ടിരുന്നത്. മന്നിലും വിണ്ണിലും മുട്ടുന്ന നദിപോലെ പുറപ്പെട്ടുകൊണ്ടിരുന്ന ധൂമപ്രവാഹത്തെ ഗംഗയെയെന്നപോലെ ആശ്രയിച്ച് ആ രാജാവു കീഴോട്ടുപോന്നു. ശ്രീമാന്മാരായ തന്റെ ദൗഹിത്രന്മാർ നാലുപേർ അവഭൃഥസ്നാനശുദ്ധാഗ്രണികളാണ്. ലോകപാലോപമന്മാരായ അവരുടെ നടുവിൽ ആ രാജാവു ചെന്നു പതിച്ചു. ഹുതാഗ്നിക്കു തുല്യമായ നാലു രാജസിംഹാഗ്നികളുടെ നടുവിൽ സുകൃതം ക്ഷയിച്ച യയാതി വന്നുവീണു. ശ്രീയാൽ ജ്വലിക്കുന്ന അവനോട് രാജാക്കൾ ചോദിച്ചു: 'അങ്ങ് ആരാണ്? ആരുടെ പുത്രനാണ്? ഏതു ദിക്കിന്, ഏതു പുരിക്ക്, ബന്ധപ്പെട്ടവനാണ്? യക്ഷനാണോ? ദേവനാണോ? ഗന്ധർവ്വനാണോ? രാക്ഷസനാണോ? മർത്ത്യസ്വരൂപനല്ല, തീർച്ചയാണ്! ഭവാൻ എന്താണ് ഇച്ഛിക്കുന്നത്?'"

യയാതി പറഞ്ഞു: "ഞാൻ യയാതി രാജാവാണ്. സുകൃതക്ഷയം മൂലം സ്വർഗ്ഗത്തിൽനിന്നു ഭ്രഷ്ടനായി വീഴുകയാണ്. വീഴുകയാണെങ്കിലും അതു സജ്ജനങ്ങളുടെ മദ്ധ്യത്തിലാകണമെന്നു വിചാരിച്ച് ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ വന്നു വീഴുകയാണ്."

രാജാക്കന്മാർ പറഞ്ഞു: "ഭവാന്റെ ആഗ്രഹം സത്യമായി ഭവിക്കട്ടെ! ഹേ പുരുഷർഷഭ, ഞങ്ങൾക്കുള്ള യജ്ഞഫലവും ധർമ്മവും ഭവാൻ ഉടനെ വാങ്ങിയാലും!"

യയാതി പറഞ്ഞു: "പ്രതിഗ്രഹം വാങ്ങുവാൻ ഞാൻ ബ്രാഹ്മണനല്ല. ഞാൻ ക്ഷത്രിയനാണ്. അന്യരുടെ പുണ്യം നശിപ്പിക്കുവാൻ ഞാൻ കരുതുന്നുമില്ല."

നാരദൻ പറഞ്ഞു: "ഈ സമയത്ത്, മൃഗചര്യയെടുത്ത മാധവി അവിടെയെത്തി. അവളെക്കണ്ടപ്പോൾ രാജാക്കന്മാർ പാദത്തിൽ നമസ്കരിച്ച് ഇപ്രകാരം ഉണർത്തി: 'അമ്മേ, ഭവതി എന്തിനാണു വന്നിരിക്കുന്നത്? ഭവതി കല്പിച്ചാലും! ഭവതിയുടെ കല്പന കേൾക്കേണ്ടവരാണ് ഞങ്ങൾ! തപോധനേ, ഈ ഞങ്ങളെല്ലാം ഭവതിയുടെ മക്കളാണ്.' അവർ ആ പറഞ്ഞ വാക്കു കേട്ട് മാധവി ആനന്ദമഗ്നയായി. അച്ഛനായ യയാതിയുടെ അരികെ ച്ചെന്ന് പാദത്തിൽ കുമ്പിട്ടു തൊഴുതു. തന്റെ മക്കളുടെ ശിരസ്സിൽ കൈവെച്ചുകൊണ്ട് താപസിയായ മാധവി രാജാവിനോടു പറഞ്ഞു: 'ഹേ, രാജേന്ദ്രാ! ഇവർ ഭവാന്റെ ദൗഹിത്രരാണ്; അന്യരല്ല. ഇവർ ഭവാനെ കയറ്റിവിടും. ഞാൻ വേദത്തിൽ കണ്ടിരിക്കുന്നു. ഭവാന്റെ പുത്രിയാണു ഞാൻ. മൃഗചാരിണിയായ മാധവിയാണ്. ഞാനും ധർമ്മം ചെയ്തിട്ടുണ്ട്; ഭവാൻ അതിൽ പകുതിയെടുത്താലും. മർത്ത്യരെല്ലാം സന്തതികളുടെ ഫലം ഏല്ക്കുന്നവരായതുകൊണ്ട്, ഭവാനെപ്പോലെതന്നെ ഇവരും ദൗഹിത്രന്മാരെ ഇച്ഛിക്കുന്നവരായതുകൊണ്ട് അവർ ചെയ്ത പുണ്യത്തിന്റെ ഫലം ഏല്ക്കുന്നതിന്ന് ഭവാന്ന് അർഹതയുണ്ട്.'

ഉടനെ ആ രാജാക്കന്മാരെല്ലാം ശിരസ്സുകുനിച്ച് അമ്മയെ അഭിവാദ്യം ചെയ്തു കൈകൂപ്പി മാതാമഹനോടു പറഞ്ഞു. ഉച്ചത്തിൽ അവരുടെ മധുരസ്വരം പാരിൽ പരന്നു. അതിന്നിടയ്ക്ക് വാനിൽനിന്നു വീണ യയാതിയെ കയറ്റുവാനുള്ള വിമാനവുമായി ദേവകിങ്കരന്മാരെത്തി. അപ്പോഴേക്കും അവിടേക്കെത്തിയ ഗാലവൻ പറഞ്ഞു: 'എന്റെ തപസ്സിന്റെ എട്ടിലൊരു ഭാഗത്താൽ ഭവാൻ സ്വർഗ്ഗത്തിൽ കയറിയാലും!'"

122. ഗാലവചരിതം - യയാതി സ്വർഗ്ഗാരോഹണം - നാരദൻ പറഞ്ഞു: "ആ സത്തുക്കൾ യയാതിയെ അറിഞ്ഞമാത്രയിൽ ആ രാജപുംഗവൻ ഭൂമിയിൽ തൊടാതെതന്നെ സ്വർഗ്ഗത്തിലേക്കു വീണ്ടും ഉയർന്നു. ദിവ്യമായ സ്ഥാനത്തിന്നർഹനായി. ദുഃഖം കൂടാത്തവനായി, യയാതി ശോഭിച്ചു. ദിവ്യമാല്യാംബരം ചാർത്തി, ദിവ്യാഭരണഭൂഷിതനായി ഭവ്യഗന്ധഗുണം ചേർന്നവനായി, ആ രാജാവ് ഭൂമിയിൽ സ്പർശിക്കാതെ നിന്നു. അപ്പോൾ വസുമനസ്സ് ആദ്യമായി ലോകത്തിൽ ദാനംകൊണ്ടു പ്രസിദ്ധി നേടിയ രാജാവിനോട് ഉച്ചത്തിൽ ഉച്ചരിച്ചു: 'സർവ്വവർണ്ണത്തിലും അനിന്ദ്യമായി ഈ ലോകത്തിൽ ഞാൻ സമ്പാദിച്ച സകല പുണ്യവും ഞാൻ ഭവാനു നല്കുന്നു. അതുമായി ഭവാൻ ചേരുമാറാകണമേ! ദാനശീലന്ന് എന്തു ഫലമാണോ, ക്ഷമിക്കുന്നവന്ന് എന്തു ഫലമാണോ, യജ്ഞത്തിന്ന് എന്തു ഫലമാണോ, അതുമായി ഭവാൻ ചേരുമാറാകണേ!'"

പിന്നെ പ്രതർദ്ദനൻ പറഞ്ഞു: "നിത്യവും ധർമ്മമനസ്സായും യുദ്ധസന്നദ്ധനായും ഞാൻ ലോകത്തിൽ ക്ഷത്രവംശോത്തമമായ കീർത്തിയെന്തു നേടിയോ, വീരൻ എന്ന ശബ്ദത്തിന് അർഹമായ ഫലമെന്താണോ, അതുമായി ഭവാൻ ചേരേണമേ."

പിന്നെ ഔശീനരനായ ശിബി മധുരമായി പറഞ്ഞു: "ബാലന്മാരിലും സ്ത്രീകളിലും, വിനോദപരരിലും സംഗരത്തിലും നിപാതത്തിലും ആപത്തിലും ഞാൻ അസത്യം പറയുകയില്ല. ഈ സത്യത്താൽ ഭവാൻ വാനിൽ ഉയരുമാറാകട്ടെ! പ്രാണനും രാജ്യവും കാമസുഖവും ഞാൻ വിട്ടേക്കാം. എന്നാലും ഞാൻ സത്യം വിടുകയില്ല. എന്റെ ഈ സത്യത്താൽ ഭവാൻ സ്വർഗ്ഗം പ്രാപിച്ചാലും! എന്റെ സത്യത്താൽ ധർമ്മനും വഹ്നിദേവനും ശക്രനും പ്രീതനായി. അപ്രകാരമുള്ള എന്റെ സത്യത്താൽ ഭവാൻ വാനിൽ കേറുക!"

ഉടനെ അഷ്ടകരാജർഷി, മാധവീസുതനായ കൗശികൻ, ധർമ്മജ്ഞനും വളരെ യാഗങ്ങൾ ചെയ്തിട്ടുള്ളവനുമായ യയാതിയോടു പറഞ്ഞു: "അനേകം ഗോസവം, പുണ്ഡരീകം മുതലായ യജ്ഞങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. വാജപേയക്രതുവും ഞാൻ ചെയ്തിട്ടുണ്ട്. അവയുടെയെല്ലാം ഫലം ഭവാൻ ഏറ്റാലും! രത്നം, പരിച്ഛദം, വിത്തം ഇവയെ ക്രതുവിൽ ഞാൻ ഉപയോഗിക്കാതെ ബാക്കിവെച്ചിട്ടില്ല. ഈ സത്യത്താൽ ഭവാൻ വാനുകേറിയാലും!" ദൗഹിത്രന്മാർ ആ രാജാവിനോട് എങ്ങനെ പറഞ്ഞുവോ അങ്ങനെ പാർത്തട്ടു വിട്ട് ആ രാജാവ് വിണ്ണിലേക്കുയർന്നു. ഇപ്രകാരം ആ ഭൂപന്മാരൊക്കെച്ചേർന്നു താന്താങ്ങളുടെ സുകൃതങ്ങൾകൊണ്ട്, മഖദാനധർമ്മങ്ങൾകൊണ്ട് വാനിൽനിന്നു കീഴോട്ടുവീണ രാജാവിനെ സ്വർഗ്ഗത്തിലേക്കുതന്നെ കയറ്റി. നാലു രാജവംശത്തിലുണ്ടായ കുലവർദ്ധനന്മാരായ ആ പ്രാജ്ഞന്മാർ മാതാമഹനെ ക്ഷണത്തിൽ വാനിലേക്ക് ഉയർത്തി.

രാജാക്കന്മാർ പറഞ്ഞു: "രാജഗുണം ചേർന്നവരും, ധർമ്മഗുണം തികഞ്ഞവരുമായ ദൗഹിത്രന്മാരാണ് രാജാവേ ഞങ്ങൾ. ഭവാൻ വിണ്ണിലേക്ക് ഉയർന്നാലും!"

123. ഗാലവചരിതം – നാരദൻ പറഞ്ഞു: "ഭൂരിദക്ഷിണന്മാരും സത്തുക്കളുമായ നൃപന്മാർ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയവനായ യയാതി ദൗഹിത്രന്മാരുടെ സമ്മതംമൂലം സ്വർഗ്ഗത്തിൽ വാണു. മണമേറുന്ന നാനാതരം പുഷ്പവർഷങ്ങളാൽ രാജാവ് അഭിഷിക്തനായി. പുണ്യഗന്ധമെഴുന്ന പുണ്യവായു ദേഹത്തിലേറ്റ്, ദൗഹിത്രന്മാരുടെ പുണ്യഫലം സ്വീകരിച്ച് നിശ്ചയിക്കപ്പെട്ട സ്ഥാനത്തെത്തി. സൽക്കർമ്മംകൊണ്ടു പുഷ്ടി പ്രാപിച്ച് വലിയ ലക്ഷ്മിയോടുകൂടി ശോഭിച്ചു. നാനാഗന്ധർവ്വാപ്സരസ്സുകളുടെ സംഗീതങ്ങൾകൊണ്ടും നൃത്താദികൾകൊണ്ടും അഭിപൂജിതനായി. വിണ്ണിൽ പെരുമ്പറയടിച്ച് യയാതിയുടെ ആഗമത്തിൽ ദേവകൾ എതിരേറ്റു. പലവിധത്തിൽ ദേവർഷികളും രാജർഷികളും ചാരണന്മാരും പുകഴ്ത്തി. ഉത്തമമായ അർഘ്യങ്ങളാലും അർച്ചനകളാലും ദേവന്മാർ അദ്ദേഹത്തെ കൊണ്ടാടി സ്വാഗതം ചെയ്തു. അങ്ങനെ ആദരവോടെ സ്വീകരിച്ചിരുത്തി. സ്വർഗ്ഗഫലം നേടി ശാന്തനായി ഭവിച്ചപ്പോൾ വളരെ സംതൃപ്തി ജനിപ്പിക്കത്തക്കവണ്ണം പിതാമഹൻ അവനോടു പറഞ്ഞു: 'ലോക്യമായ കർമ്മത്താൽ നീ നാലുകാലായ ധർമ്മത്തെ ചരിച്ചു. അക്ഷയമായ ഈ വാനിൽ നിനക്ക് അക്ഷയമായ കീർത്തി ലഭിച്ചിട്ടുണ്ട്. പിന്നെ ഭവാൻതന്നെ ഭവാന്റെ പ്രവൃത്തികൊണ്ട് അതിനെ തകർത്തുകളഞ്ഞു. വാനിൽ വാഴുന്നവർക്കെല്ലാം തന്മൂലം മനസ്സ് തമസ്സാൽ മൂടി. ആ ഇരുട്ടിനാൽ നിന്നെ അറിയാതായതുകൊണ്ടാണ് സ്വർഗ്ഗത്തിൽനിന്നു നിന്നെ വീഴ്ത്തിയത്. പിന്നെ ദൗഹിത്രന്മാർ പ്രീതിയാൽ ഭവാനെ കയറ്റിയതുമൂലം ഇവിടെ വീണ്ടും എത്തി. സ്വകർമ്മത്താൽ നേടിയതും ശാശ്വതവും ഉത്തമവും അചലവും ധ്രുവവുമായ പുണ്യം ഭവാനുണ്ട്. അതുകൊണ്ട് അവ്യയമായ സ്ഥാനത്തെ ഭവാൻ വീണ്ടും പ്രാപിച്ചു.'"

യയാതി പറഞ്ഞു: "ഭഗവാനേ, ലോകപിതാമഹാ, എനിക്ക് ഒരു സംശയമുണ്ട്. ഞാൻ അതു ഭഗവാനോടു ചോദിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ സംശയം അങ്ങുന്നു തീർത്തുതരണേ! അനേകായിരം കാലം ഞാൻ പ്രജാസംരക്ഷണത്താൽ പുഷ്ടിപ്പെടുത്തിയതും, അനേകം യജ്ഞങ്ങളാൽ ഞാൻ നേടിയതുമായ മഹത്തായ ഫലം അല്പകാലംകൊണ്ടു ക്ഷയിക്കുവാൻ എന്താണു കാരണം? ഇത്രവേഗം ഞാൻ പുണ്യം ക്ഷയിച്ചു താഴെ വീണു പോകുവാൻ എന്താണു കാരണം? എന്റെ നിത്യലോകങ്ങളൊക്കെ ഭഗവാന് അറിയാവുന്നതാണല്ലോ. അതൊക്കെയും എനിക്കെന്തേ ഇങ്ങനെ നഷ്ടമായിപ്പോകാൻ? മഹാദ്യുതേ, ഭഗവാനേ! അങ്ങ് എന്റെ സംശയം തീർത്തുതരേണമേ!"

പിതാമഹൻ പറഞ്ഞു: "ഹേ! രാജാവേ, നീ അനേകം വർഷം പ്രജാസംരക്ഷണംകൊണ്ടു പുഷ്ടിപ്പെടുത്തിയതും അനേകം യജ്ഞംകൊണ്ടും ദാനംകൊണ്ടും നേടിയെടുത്തതുമായ മഹാഫലം അതിദ്വേഷംമൂലം നശിച്ചതുകൊണ്ടാണ് നീ വീണുപോയത്. അതിമാനത്താൽ രാജർഷേ, സ്വർഗ്ഗസ്ഥന്മാർ നിന്നെ നിരസിച്ചു. മാനത്താലും ബലത്താലും ഹിംസയാലും രാജ്യത്താലും മായയാലും ഈ ശാശ്വതമായ പദം ആർക്കും ലഭിക്കുകയില്ല. തന്നേക്കാൾ താഴെയുള്ളവരേയും മേലെയുള്ളവരേയും മദ്ധ്യമന്മാരേയും നീ നിരസിക്കരുത്; അവഗണിക്കരുത്; നിന്ദിക്കരുത്. ഈ അധഃപതനവും ഉൽഗമനവും പറഞ്ഞ് അന്യരെ കേൾപ്പിക്കുന്ന മനുഷ്യർ എന്തു വിഷമത്തിൽച്ചെന്നു പതിച്ചാലും അതിൽനിന്നൊക്കെ കയറിപ്പോരും. യാതൊരു സംശയവുമില്ല."

നാരദൻ പറഞ്ഞു: "അതിമാനംമൂലം പണ്ടു നഹുഷൻ ഇപ്രകാരം ദോഷം അനുഭവിക്കേണ്ടിവന്നു. നിർബ്ബന്ധംമൂലം ഗാലവനും വളരെ ക്ലേശം അനുഭവിക്കേണ്ടിവന്നു. ഹിതം കാത്തുരക്ഷിക്കുന്നവരായ, ഹിതേച്ഛുക്കളായ, ഇഷ്ടജനങ്ങൾ പറയുന്നതു കേൾക്കണം. നിർബ്ബന്ധബുദ്ധി പാടില്ല. നിർബ്ബന്ധം നാശത്തിന്റെ മൂലമാണ്. അതുകൊണ്ട് ഹേ, ഗാന്ധാരീപുത്രാ! മാനക്രോധങ്ങളെ ഭവാൻ ഉപേക്ഷിക്കുക. ഹേ വീരാ, പാണ്ഡവന്മാരുമായി സന്ധിയാവുക, വാശി കൈവിടുക!

ഹേ രാജാവേ, കൊടുക്കുന്നതിന്റേയും ചെയ്യുന്നതിന്റേയും, തപിക്കുന്നതിന്റേയും ഹോമിക്കുന്നതിന്റേയും ഫലം നശിച്ചുപോവുകയോ ഇടിഞ്ഞുപോവുകയോ ഇല്ല. ആ ഫലം മറ്റാർക്കും പോകുന്നതുമല്ല. ആ ഫലമൊക്കെ ഗുണമായാലും ദോഷമായാലും അതു ചെയ്യുന്നവൻതന്നെ അനുഭവിക്കും.

ബഹുശ്രുതന്മാരും, രോഷം, രാഗം ഇവ വിട്ടവരുമായ പുണ്യവാന്മാരുടെ ഹിതമായ ഈ മഹാഖ്യാനം ഏറ്റവും ഉത്തമമാണ്. ഇതു ശരിയായി ഗ്രഹിച്ച് പലപ്രാവശ്യവും പറഞ്ഞുകേൾപ്പിച്ചാൽ ത്രിവർഗ്ഗങ്ങളെ, ധർമ്മാർത്ഥകാമങ്ങളെ, കാണുന്നവനായി ക്ഷിതിയിൽ അവൻ വാഴുന്നതാണ്."

124. ഭഗവദ്വാക്യം – ധൃതരാഷ്ട്രപ്രേരണയാൽ കൃഷ്ണൻ ദുര്യോധനനെ ഉപദേശിക്കുന്നു – ധൃതരാഷ്ട്രൻ പറഞ്ഞു: "നാരദമഹർഷേ, ഭഗവാനേ, ഭവാൻ പറഞ്ഞതൊക്കെ ശരിയാണ്. അങ്ങ് പറയുന്നതുപോലെ നടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ എനിക്ക് അതിനു സ്വാതന്ത്ര്യമില്ലല്ലോ."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം നാരദനോടു പറഞ്ഞിട്ട് ധൃതരാഷ്ട്രൻ കൃഷ്ണനോടു പറഞ്ഞു: 'സ്വർഗ്ഗ്യവും ലോക്യവും ധർമ്മ്യവും ന്യായവുമാണ് ഭവാൻ എന്നോടു പറഞ്ഞത്. താതാ, ഞാൻ സ്വതന്ത്രനല്ല. പ്രവർത്തിക്കുവാനും എനിക്കു പ്രിയം തോന്നുന്നില്ല. കൃഷ്ണാ! ശാസ്ത്രംനോക്കി നടക്കാത്തവനായ എന്റെ ദുര്യോധനനെ ഭവാൻ സമ്മതിപ്പിക്കുവാൻ നോക്കിയാലും. സുബാഹോ! പുരുഷോത്തമാ! ഭവാൻ അങ്ങനെ ചെയ്താലും. അവൻ നല്ലവർ ചൊല്ലുന്ന മൊഴിയൊന്നും കേൾക്കുന്നില്ല. ഗാന്ധാരിയും വിദുരനും ഭീഷ്മാദികളും ഹിതം നോക്കുന്ന മറ്റ് ഇഷ്ടജനങ്ങളും പറയുന്നതും അവൻ കേൾക്കുന്നില്ല. ജനാർദ്ദനാ, ഭവാൻ ഈ പാപിയും ക്രൂരനും പാപചിത്തനും അബുദ്ധിയുമായ ദുര്യോധനനെ അനുശാസിച്ചാലും. അങ്ങനെ ചെയ്താൽ മഹത്തായ ഒരു സുഹൃദ്കാര്യം ഭവാൻ ചെയ്തുവെന്നുവരുമല്ലോ!"

വൈശമ്പായനൻ തുടർന്നു: "ഉടനെ ദുര്യോധനന്റെ നേരെ തിരിഞ്ഞ് സർവ്വധർമ്മാർത്ഥതത്ത്വജ്ഞനായ ഹരി ഭംഗിയായവിധം ഇപ്രകാരം പറഞ്ഞു:

'ഹേ, കുരുസത്തമാ, ദുര്യോധനാ, ഭവാൻ എന്റെ വാക്കു മനസ്സിരുത്തി കേൾക്കൂ. വിശേഷിച്ചും കൂട്ടുകാരോടുകൂടിയ ഭവാന്റെ ശമത്തിനായി ഞാൻ പറയുന്നു. മഹാപ്രാജ്ഞാ, കുലീനനായ ഭവാൻ നല്ലതായ ആ കാര്യം ചെയ്യണം. പഠിപ്പും വൃത്തിയും ചേർന്നവനും ഗുണങ്ങളെല്ലാം തികഞ്ഞവനുമായ ഭവാന് ഇതു ചേർന്നതല്ല. ഇതൊക്കെ ആർക്കു ചേർന്നതാണെന്നറിയാമോ? ദുഷ്ടന്മാർ, ദുഷ്കുലത്തിൽ പിറന്നവർ, ക്രൂരന്മാർ, നാണംകെട്ടവർ ഇത്തരക്കാർക്കൊക്കെ ചേർന്നതാണ് ഇത്. നീ ഇപ്പോൾ അത്തരത്തിലാണ് ഓർക്കുന്നത്. സദ്വൃത്തി ധർമ്മാർത്ഥങ്ങളോടു ചേർന്നതായി ലോകത്തിൽ കണ്ടുവരുന്നില്ലേ? ദുർജ്ജനങ്ങളുടെ വൃത്തി ഇപ്പറഞ്ഞതിനു കടകവിരുദ്ധമായിരിക്കും. നിന്നിൽ ഈ വിപരീതവൃത്തി ഞാൻ പലപ്പോഴും കാണുന്നു. അധർമ്മഫലമാണ് ഈ ലോകത്തിൽ ഘോരവും പ്രാണഹരവുമായി ഭവിക്കുന്നത്. അനിഷ്ടവും അനിമിത്തവുമായ അതിനെ നീക്കുവാൻ അസാദ്ധ്യമാണ്. അങ്ങനെയുള്ള അനർത്ഥത്തെ വിളിച്ചുവരുത്താതെ ആത്മശ്രേയസ്സിനുവേണ്ടി യത്നിച്ചാലും. ഭ്രാതാക്കൾക്കും ഭൃത്യമിത്രവർഗ്ഗത്തിനും അധർമ്മ്യവും ദുർയശസ്കരവുമായ കർമ്മത്തെ നീ വിട്ടൊഴിക്കൂ! പാണ്ഡവന്മാർ പ്രാജ്ഞരാണ്, ശൂരന്മാരാണ്, മഹോത്സാഹന്മാരാണ്, ബഹുശ്രുതന്മാരാണ്. ഹേ, ഭരതർഷഭാ, ഭവാൻ പാണ്ഡവന്മാരുമായി സന്ധിയാവുക. അത് ധീമാനായ ധൃതരാഷ്ട്രന് ഹിതവും പ്രിയവുമാണ്. പിതാമഹനും ദ്രോണനും മതിമാനായ വിദുരനും കൃപനും സോമദത്തനും ധീമാനായ ബാൽഹീകരാജാവിനും ദ്രൗണിക്കും സഞ്ജയനും വിവിംശതിക്കും വികർണ്ണനും മിക്ക ജ്ഞാതികൾക്കും അവരുടെയൊക്കെ മിത്രങ്ങൾക്കും അത് ഇഷ്ടമാണ്. ശമത്താൽ മിക്കവാറും ലോകത്തിനൊക്കെ സുഖമാണു ഭവിക്കുക. നീ ഹ്രീമാനും, കുലീനനുമാണല്ലോ. ശ്രുതവാനും ക്രൗര്യമറ്റവനുമാണ്. അങ്ങനെയുള്ള ഭവാൻ അച്ഛനമ്മമാരുടെ ശാസനയെ അനുസരിച്ചു നില്ക്കുക. അച്ഛൻ ശാസിക്കുന്നതാണ് ശ്രേയസ്സ് എന്നു സജ്ജനങ്ങൾ വിചാരിക്കുന്നു. ആപത്തിൽ അകപ്പെടുന്ന ദുർമ്മതികൾ അച്ഛൻ പറഞ്ഞതിനെ അപ്പോൾ ഓർക്കാതിരിക്കുകയില്ല. ഹേ, താതാ, പാണ്ഡവന്മാരുമായി സന്ധി നിന്റെ അച്ഛനു സമ്മതമാണ്. അമാത്യന്മാരോടുകൂടി ഭവാനും അതു സമ്മതിക്കൂ! സുഹൃത്തുക്കൾ ചിന്തിച്ചു വിധിക്കുന്ന ഒരു കാര്യം കൈക്കൊള്ളാതിരിക്കുന്നത് കാഞ്ഞിരപ്പഴം തിന്നുന്നവനെപ്പോലെ കിടന്നു വേകുവാനിടയാക്കും. നന്മ പറഞ്ഞുകൊടുക്കുമ്പോൾ അതു മോഹംകൊണ്ടു തള്ളിക്കളയുന്ന ദീർഘസൂത്രക്കാരൻ സകല ധനവും നശിച്ചു പശ്ചാത്തപിക്കേണ്ടിവരും. നന്മ പറഞ്ഞുകൊടുക്കുമ്പോൾ തിന്മയൊക്കെ കൈവിട്ട് അതു സ്വീകരിക്കുന്നവൻ ലോകത്തിൽ ഏറ്റവും അധികം സുഖിക്കുന്നവനാകും. ഇഷ്ടം അർത്ഥിക്കുന്നവൻ പറയുന്ന വാക്കു കേൾക്കാതെ, സഹിക്കവയ്യാത്തവനായി മറിച്ചു ചെയ്യുന്നവൻ ശത്രുക്കളുടെ പിടിയിലായിത്തീരും. ശിഷ്ടന്മാരുടെ അഭിപ്രായം സ്വീകരിക്കാതെ ദുഷ്ടന്മാരുടെ പാട്ടിൽ അവർ പറയുന്നതുമാത്രം കേട്ട് ഏതൊരുത്തൻ ദുഷ്ടന്മാരുടെ കൂടെ നില്ക്കുന്നുവോ, അവൻ ഉടനെതന്നെ ആപത്തിൽപ്പെട്ട് സുഹൃത്തുക്കളുടെ വ്യസനത്തിനു പാത്രമാകും. മുഖ്യന്മാരായ നല്ല മന്ത്രിമാരെവിട്ട് നീചന്മാരുടെ പാട്ടിൽ ഏവൻ നില്ക്കുന്നുവോ ഘോരമായ ആപത്തിന്റെ കുഴിയിൽവീണ് കയറുവാൻ കഴിയാതെ അവൻ കഷ്ടത്തിലാകും. ദുഷ്ടന്മാരെ സേവിക്കുന്നവനും, തെറ്റായി നടക്കുന്നവനും, ശിഷ്ടന്മാരായ ഇഷ്ടന്മാരുടെ വാക്കിനെ ധിക്കരിക്കുന്നവനും, ശത്രുഗ്രാഹിയും, സുഹൃത്ദ്രോഹിയുമായവൻ ഭൂമിക്ക് ആവശ്യമില്ലാത്തവനാണ്. അവൻ ഭൂമിയിൽ വസിക്കുന്നത് ലോകത്തിന് ആപത്തു വരുത്തിക്കൂട്ടും. ഭവാൻ ആ വീരന്മാരുമായി തെറ്റിയിട്ട് അന്യൻ കാക്കുമെന്ന് ഉറപ്പിച്ചിരിക്കയായിരിക്കും. മഹാരഥന്മാരും ഇന്ദ്രാഭന്മാരുമായ ദായാദികളെ വിട്ട് അശിഷ്ടരും മൂഢന്മാരും കാര്യത്തിനു മതിയാകാത്തവരുമായ അന്യന്മാർ രക്ഷിക്കുമെന്ന് നീയല്ലാതെ ഏതൊരു മനുഷ്യനാണ് ഇച്ഛിക്കുക?

നീ ജന്മം മുതൽ എപ്പോഴും പാർത്ഥന്മാരിൽ ദ്രോഹങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ അവർ അല്പംപോലും നിന്നിൽ കോപിക്കുന്നില്ല. കാരണം, പാണ്ഡവന്മാർ ധർമ്മശാലികളാണ്. താതാ, ജന്മംതൊട്ട് ഇന്നേവരെ നിങ്ങൾ ചെയ്ത മിഥ്യോപചാരങ്ങളൊക്കെ സഹിച്ച യശസ്വികളായ പാണ്ഡവന്മാർ നിന്നിൽ നന്മയാണ് ഇപ്പോഴും നിനയ്ക്കുന്നത്. നീയും അപ്രകാരംതന്നെ അവരോടു ചെയ്യണം. മുഖ്യരായ സ്വബന്ധുക്കളിൽ ഈ മന്യു കരുതരുത്. പ്രാജ്ഞന്മാരുടെ വൃത്തി ധർമ്മാർത്ഥകാമങ്ങൾ ചേർന്നതാണ്. ത്രിവർഗ്ഗം മൂന്നും ഒത്തില്ലെങ്കിൽ ധർമ്മത്തേയും മാനവന്മാർ നോക്കും. അതും വിപരീതമായാൽ ധീരൻ ധർമ്മത്തെ നോക്കും. എന്നാൽ കലിയായ ജളൻ മദ്ധ്യമാർത്ഥമായ കാമത്തെ മാത്രമേ നോക്കുകയുള്ളൂ. ഇന്ദ്രിയപ്രാകൃതനായവൻ, ധർമ്മത്തെ ലോഭംകൊണ്ട് ഉപേക്ഷിച്ചു വഴിതെറ്റി കാമാർത്ഥകാംക്ഷിയായി നശിക്കുകതന്നെ ചെയ്യും. ധർമ്മാർത്ഥകാംക്ഷയുള്ളവൻ ആദ്യം ധർമ്മത്തെയാണ് നടത്തേണ്ടത്. ഒരിക്കലും ധർമ്മംവിട്ട് അർത്ഥം നില്ക്കുകയില്ല. അർത്ഥം വിട്ട് കാമവും നില്ക്കുകയില്ല. ത്രിവർഗ്ഗത്തിന് ഉപായം ധർമ്മമാണല്ലോ. ആ വഴിക്ക് ആഗ്രഹിച്ചാൽ ത്രിവർഗ്ഗങ്ങൾ കാട്ടിൽ തീ എന്നപോലെ വർദ്ധിക്കുന്നതാണ്. താതാ, നീ വഴിതെറ്റി മോഹിക്കുകയാണ്. രാജാക്കന്മാരിലൊക്കെ കീർത്തിപ്പെട്ടതാണല്ലോ ദീപ്തമായ രാജാധിരാജത്വം!

നന്മയ്ക്കു നില്ക്കുന്നവരിൽ തെറ്റുചെയ്യുന്നവൻ എങ്ങനെ ആ മഹാപദവിക്കർഹനാകും? അവൻ മഴുവാൽ കാടിനെ എന്ന വിധം തന്നെത്തന്നെ മുടിക്കുകയാണ്. തോൽവി ആർക്കുണ്ടാകണമെന്നു വിചാരിക്കുന്നുവോ അവൻ മതിയെ അറുക്കരുത്. ഗതി തെറ്റാതെയുള്ളവന്നു മതി മംഗളത്തിലേ നേടൂ. ആത്മവാൻ മൂന്നു പാരിലും ആരെയും അവമാനിക്കുകയില്ല. സാധാരണക്കാരനെപ്പോലും അവമാനിക്കുകയില്ല. പിന്നെ പാണ്ഡവന്മാരെപ്പറ്റി പറയുവാനുണ്ടോ? അമർഷത്തിന്റെ പിടിയിൽപ്പെട്ടുപോകുന്നവൻ ഒന്നുംതന്നെ അറിയുകയില്ല. എല്ലാ ശാസ്ത്രപ്രമാണങ്ങളും അവനിൽ അറ്റുപോകുന്നു. ദുഷ്ടസംഗത്തിനേക്കാൾ നല്ലത് പാണ്ഡവരുമായുള്ള സംഗമമാണ്. അവരോട് ഇഷ്ടത്തിൽ നീ നിന്നാൽ സകല കാമവും നേടും. പാണ്ഡവന്മാർ ജയിച്ച ഭൂമി നിനക്കനുഭവിക്കാം. അങ്ങനെയുള്ള പാർത്ഥന്മാരെ തള്ളിക്കളഞ്ഞ് അന്യന്റെ രക്ഷയെ നീ ആഗ്രഹിക്കുന്നു. ദുശ്ശാസനൻ, ദുർവ്വിഷഹൻ, കർണ്ണൻ, ശകുനി എന്നിവരിൽ ഐശ്വര്യം ചേർത്തു ഭൂതിക്കായി നീ ഇച്ഛിക്കുന്നു! ഇവർ അറിവിൽ പോരാത്തവരാണ്. ധർമ്മാർത്ഥകാര്യങ്ങളിലും വിവരമില്ലാത്തവരാണ്. നിന്നോടു ചേർന്ന ഈ രാജാക്കന്മാരും പോരാ, പോരിൽ ക്രോധിച്ചു നില്ക്കുന്ന ഭീമസേനന്റെ മുഖത്തേക്ക് ഒന്നു നോക്കാൻ.

താതാ, ഇപ്പോൾ വന്നുചേർന്നിരിക്കുന്ന നിന്റെ സഹായികളായ രാജാക്കന്മാരുടെ സൈന്യങ്ങളൊക്കെച്ചേർന്നാൽ, ഈ ഭീഷ്മനും ദ്രോണനും ഈ കർണ്ണനും കൃപനും സോമദത്താത്മജനും യൂപകേതുവും ദ്രൗണിയും ജയദ്രഥനും ഇവരൊക്കെ ച്ചേർന്നാലും, ധനഞ്ജയനോട് ഏല്ക്കുവാൻ പോരാ. എല്ലാ ദേവാസുരന്മാരും എല്ലാ ഗന്ധർവ്വമാനുഷന്മാരും ചേർന്നാലും യുദ്ധത്തിൽ അർജ്ജുനനെ ജയിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഹേ ദുര്യോധനാ, നീ യുദ്ധത്തിൽ മനസ്സുവെക്കരുത്.

നീ ഈ വന്നവരിൽ ഒരുത്തനെങ്കിലും ഉണ്ടോ എന്ന് ഒന്നു തിരഞ്ഞുനോക്കൂ; എല്ലാ രാജാക്കന്മാരുടെ സൈന്യത്തിലും തിരഞ്ഞുനോക്കൂ; പാർത്ഥനുമായി പോരാടി കേടുകൂടാതെ തന്റെ വീട്ടിൽ മടങ്ങിയെത്തുവാൻ കെല്പുള്ളവനായിട്ട് ആരെങ്കിലും ഉണ്ടോ എന്ന്!

ഞാൻ ഒന്നു ചോദിക്കട്ടെ, ദുര്യോധനാ! ഈ ജനങ്ങളെയൊക്കെ നശിപ്പിച്ചിട്ട് അങ്ങയ്ക്ക് എന്തുണ്ട്? അവനെ ജയിക്കു

വാൻ പറ്റിയ ഒരുത്തനെ നീ കാണൂ ആദ്യം! ദേവന്മാരെയും ദാന വന്മാരെയും യക്ഷന്മാരെയും അഹിവർഗ്ഗങ്ങളെയും ദൈത്യപും ഗവന്മാരെയും ഖാണ്ഡവത്തിൽ ജയിച്ചവനാണ് അർജ്ജുനൻ എന്നു നിങ്ങൾക്കറിഞ്ഞുകൂടെ? അവനോട് ആരെതിർക്കും? അപ്രകാരംതന്നെ വിരാടപുരിയിൽ വലിയ ഒരു അത്ഭുതം കേൾ ക്കുന്നു. ഒരുത്തൻ പലരുമായി പോരാടിയ മഹാത്ഭുത കഥ! ഈ ഒരു കഥമാത്രം പോരേ ഞാനിപ്പറഞ്ഞതിനു ദൃഷ്ടാന്തം? സാക്ഷാൽ മഹാദേവദത്തനെത്തന്നെ പോരിൽ പ്രീതനാക്കിയ വനാണ് അർജ്ജുനൻ. അജേയനായി, അനാധൃഷ്യനായി, അച്യു തനായി പ്രശോഭിക്കുന്ന ജിഷ്ണുവീരനെ, ഊർജ്ജിതനായ പാർത്ഥനെ, ജയിക്കുവാൻ നീ മോഹിക്കുന്നു! കഷ്ടം!

ഇനി ഒരു കാര്യംകൂടി ഞാൻ പറയാം: ഞാൻ തുണയ്ക്കുന്ന പാർത്ഥനോട് ഇന്ന് ആരാണ് എതിർക്കുവാൻവിചാരിക്കുന്നത്? പോരിൽ നേരിട്ടടുക്കുമ്പോൾ സാക്ഷാൽ ദേവേന്ദ്രന്നുപോലും തടി കിട്ടുമെന്നു തോന്നുന്നുണ്ടോ?

പാർത്ഥനെ വെല്ലുന്നവൻ കൈകൊണ്ടു ഭൂമണ്ഡലം പൊക്കിപ്പിടിക്കും! ക്രുദ്ധനായി പ്രജകളെ ഒക്കെ ചുട്ടുകളയും! വിണ്ണിൽനിന്ന് ദേവന്മാരെ വീഴ്ത്തും! നോക്കൂ, നിന്റെ പുത്രന്മാ രെയും സഹോദരന്മാരെയും ജ്ഞാതികളെയും സംബന്ധിക ളെയും! ഈ ഭരതസത്തമന്മാരെയൊക്കെ ഒന്നു നോക്കൂ! ഇവ രെയൊക്കെ നീ കൊലയ്ക്കുകൊടുക്കുവാൻ പോവുകയല്ലേ? വെറുതെ ഇവരെ കൊല്ലിക്കരുത്. ഇവരൊക്കെ ഭാരതസത്തമന്മാ രാണ്. കൗരവന്മാർ ശേഷിക്കുന്ന ഈ കുലം മുടിയാതെ നില നില്ക്കട്ടെ! ഹേ, ദുര്യോധനാ, നീ കീർത്തികെട്ടു കുലഘ്നനാ യിത്തീരരുത്.

നിങ്ങൾ സൗഹാർദ്ദത്തിൽ പോവുകയാണെങ്കിൽ ആ മഹാ രഥന്മാർ നിന്നെത്തന്നെ യുവരാജാവാക്കി വാഴിക്കും. അച്ഛൻ യുധിഷ്ഠിരനെ മഹാ രാജാവുമാക്കും. ഹേ, താതാ*! താനേ വന്നു യരുന്ന ശ്രീയെ നീ ധിക്കരിക്കരുത്. പാർത്ഥന്മാർക്കു പകുതി രാജ്യം നല്കി മഹാശ്രീയോടുകൂടി നീ വാഴുക. പാർത്ഥന്മാരു മായി സന്ധിചെയ്ത് സുഹൃത്തുക്കളുടെ ചൊല്പടിയിൽനിന്നു മിത്രങ്ങളോടുകൂടി സസന്തോഷം ഭദ്രമായി ഏറെക്കാലം ഭവാൻ ധരയിൽ ജീവിച്ചിരിക്കട്ടെ!'"

125. ഭീഷ്മാദിവാക്യം - ഭീഷ്മദ്രോണവിദുരധൃതരാഷ്ട്രന്മാർ ദുര്യോധനന് ഉപദേശം നല്കുന്നു – വൈശമ്പായനൻ പറഞ്ഞു: "കോപിഷ്ഠനായ ദുര്യോധനനോട് ശാന്ത നവനായ ഭീഷ്മൻ കേശവന്റെ വാക്കു കേട്ട് ഇപ്രകാരം പറഞ്ഞു:

'ഹേ ദുര്യോധനാ, കൃഷ്ണൻ നിന്നോടു പറഞ്ഞല്ലോ സുഹൃജ്ജനങ്ങളുമായി ശമം കൈക്കൊള്ളണമെന്ന്. അതു നീ സ്വീകരിക്കുക. മന്യു*വിന്റെ പിടിയിലാകരുത്. വത്സാ, നീ മാന്യ നായ കേശവന്റെ വാക്ക് കേൾക്കാതിരിക്കുകയാണെങ്കിൽ ശ്രേയസ്സു വന്നുചേരുകയില്ല. സുഖം കിട്ടുകയില്ല. മംഗളം ഭവി ക്കുകയുമില്ല. മഹാഭുജനായ കൃഷ്ണൻ ധർമ്മാർത്ഥസഹിത മായി നിന്നെ ഉപദേശിച്ചു. രാജാവേ, നീ ആ വാക്കു തട്ടരുത്; നാട്ടു കാരെ മുടിക്കരുത്. രാജാക്കളിലൊക്കെ ശോഭിക്കുന്ന ഈ ഭാര തശ്രീയെ ഭവാൻ ധൃതരാഷ്ട്രൻ ജീവിച്ചിരിക്കുമ്പോൾ ദുഷ്ടത മൂലം ഭ്രഷ്ടയാക്കിത്തീർക്കും. മക്കൾ, അനുജന്മാർ, ബന്ധുക്കൾ, മന്ത്രിമാർ ഇവരോടുകൂടി ആത്മാവിന് അഹങ്കാരം ഹേതുവായി നീ ജീവഭ്രംശം വരുത്തും. കേശവന്റേയും അച്ഛന്റേയും മതിമാ നായ വിദുരന്റേയും സത്യമായും അർത്ഥപൂർണ്ണമായുമുള്ള മൊഴി നീ തള്ളിക്കളയുകയാണെങ്കിൽ ഈ പറഞ്ഞതൊക്കെ സംഭവിക്കും. കുലഘ്നനായ ദുഷ്ടപുരുഷനായി, ദുർബുദ്ധി യായി നീ വഴിതെറ്റി സഞ്ചരിക്കരുത്. സങ്കടസമുദ്രത്തിൽ അച്ഛ നമ്മമാരെ താഴ്ത്തരുത്.'

ഉടനെ ദ്രോണൻ ദുര്യോധനനെ നോക്കി, അമർഷവശ നായി ദുര്യോധനൻ നെടുവീർപ്പിട്ടിരിക്കുന്നതായിക്കണ്ട്, ഇങ്ങ നെ പറയുവാൻ തുടങ്ങി: 'ധർമ്മാർത്ഥങ്ങളോടുകൂടിയ വാക്ക് നിന്നോടു കേശവൻ പറഞ്ഞു. അപ്രകാരം തന്നെ ശാന്തനവനായ ഭീഷ്മനും വേണ്ടത് പറഞ്ഞു. അതു ഭവാൻ കേൾക്കണം. പ്രാജ്ഞരും മേധാവിമാരും ദാന്തരും അറിവുള്ളവരുമായ ആ അർത്ഥകാംക്ഷികൾ എന്തു പറഞ്ഞുവോ അതു നീ സ്വീകരിക്കു ക. കൃഷ്ണനും ഭീഷ്മനും എന്തു പറഞ്ഞുവോ അതു നീ അനു ഷ്ഠിക്കുക. ഹേ, പരന്തപാ, നീ ബുദ്ധിമോശം കൊണ്ട് മാധവനെ നിന്ദിക്കരുത്. നിന്റെ കൃത്യത്തിന് ഇവർ ഉത്സാഹമുണ്ടാക്കുന്ന താണ്. രണത്തിൽ വൈരം ശത്രുക്കളുടെ ഗളത്തിലേല്പിക്കുന്ന തല്ല. പ്രജകളേയും മക്കളേയും അനുജന്മാരേയും മുടിക്കുവാൻ സംഗതി വരുത്തരുത്. കൃഷ്ണാർജ്ജുനന്മാരോടുകൂടിയ കൂട്ടർ അജയ്യന്മാരാണെന്ന് നീ ധരിക്കണം. സൗഹൃദത്താൽ കൃഷ്ണ നും ഭീഷ്മനും പറഞ്ഞ സത്യവാക്ക് നീ കൈക്കൊള്ളാതിരിക്കു കയാണെങ്കിൽ നീ പശ്ചാത്താപത്തിനു പാത്രമാകും. ജാമദഗ്ന്യൻ പറഞ്ഞമട്ടിൽ പോരാ, അതിലും മേലെയാണ് അർജ്ജുനന്റെ നില. ദേവകീപുത്രനായ കൃഷ്ണനാണെങ്കിൽ വാനവന്മാർക്കു പോലും താങ്ങാൻ സാധിക്കാത്തവനാണ്. നിന്നോടു മുഖ സ്തുതി പറഞ്ഞിട്ട് എനിക്കു യാതൊരു കാര്യവുമില്ല. അതു കൊണ്ട് ഉള്ള കാര്യം ഞാൻ പറഞ്ഞു. ഇനി നീ നിന്റെ ഇഷ്ട മെന്തോ അതു ചെയ്തുകൊള്ളുക. നിന്നോട് ഞാൻ വീണ്ടും പറ യുന്നില്ല.'"

വൈശമ്പായനൻ തുടർന്നു: "ദ്രോണൻ പറഞ്ഞുകഴിഞ്ഞ ഉടനെ വിദുരൻ അമർഷിയായ ദുര്യോധനനോടു പറഞ്ഞു:

'ഹേ, ദുര്യോധനാ! എനിക്കു നിന്നെക്കുറിച്ചു യാതൊരി ണ്ടലും ഇല്ല. വൃദ്ധരായ നിന്റെ അച്ഛനമ്മമാരെപ്പറ്റിയാണ് എന്റെ വിചാരം. കഷ്ടം! ധൃതരാഷ്ട്രനേയും ഗാന്ധാരിയേയും കാണു മ്പോൾ ഞാൻ ദുഃഖത്തിൽ മുങ്ങിപ്പോകുന്നു. ദുഷ്ടനായ നിന്റെ രക്ഷയിലിരിക്കുന്ന ഇവർ അനാഥരായി ഉഴലുമല്ലോ എന്നു ചിന്തി ച്ചാണ് ഞാൻ ദുഃഖിക്കുന്നത്. മിത്രങ്ങളും അമാത്യന്മാരുമൊക്കെ വധിക്കപ്പെട്ട ഇവർ ചിറകറ്റ പക്ഷികൾപോലെ ഉഴലുന്നത് കാണേ ണ്ടിവരും. ഇവർ ദുഃഖിച്ചു ജീവിക്കേണ്ടിവരുമല്ലോ എന്നു ചിന്തി ച്ചാണ് എന്റെ ദുഃഖം. കുലഘ്നനും പാപിയും നീചനുമായ നിന്നെ തീർത്തുവിട്ട നിന്റെ അച്ഛനമ്മമാർ ദുഃഖിച്ച് ഈ ഭൂമിനീളെ പിച്ചതെണ്ടി നടക്കേണ്ടതായി വന്നുകൂടും.'

വിദുരൻ പറഞ്ഞുകഴിഞ്ഞപ്പോൾ ധൃതരാഷ്ട്രൻ ദുര്യോധ നനോട് അനുജന്മാരും മന്നവന്മാരും ചുറ്റും ചേർന്നിരിക്കെ പറഞ്ഞു:

'ഹേ മകനേ ദുര്യോധനാ! മാന്യനായ അച്ഛന്റെ വാക്ക് നീ ധരിക്കുക! നീ ഒട്ടേറെ ശുഭത്തെ കൈക്കൊള്ളുക. അതു നിനക്കു യോഗക്ഷേമമുണ്ടാക്കും. നാശമുണ്ടാക്കുകയില്ല. അക്ലിഷ്ടകാരി യായ കൃഷ്ണന്റെ വലിയ സഹായത്തോടുകൂടി നമുക്ക് എല്ലാ മന്നവരിലും ഇഷ്ടമായ അഭിപ്രായമുണ്ടാക്കാം. നീ കേശവനോ ടുകൂടി ധർമ്മജനുമായി ചേരുക. ഉടനെ മറ്റുകാര്യങ്ങളും ഭാരത ന്മാർക്കനാമയമായ സ്വസ്ത്യയനവും ചെയ്യുക. ഉണ്ണീ, വാസുദേ വൻ മുഖാന്തരം ശമംപ്രാപിക്കുക. കാലോചിതമായി ചെയ്യേണ്ടത് ഇതാണ്. അതു നീ തെറ്റിക്കരുത്. ശമം യാചിക്കുന്ന കൃഷ്ണ നെ, നിന്റെ നന്മയ്ക്കുവേണ്ടി പറയുമ്പോഴും നീ ധിക്കരിക്കുക യാണെങ്കിൽ തോൽവി പറ്റാതെ വരില്ല.'"

126. ഭീഷ്മദ്രോണവാക്യം - ഭീഷ്മനും ദ്രോണനും ദുര്യോധനനെ വീണ്ടും ഉപദേശിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "ധൃതരാഷ്ട്രൻ പറഞ്ഞതു കേട്ട് വ്യഥയോടെ ഭീഷ്മനും ദ്രോണനും ഉപദേശം വകവെക്കാത്തവനായ ദുര്യോ ധനനോട് ഇപ്രകാരം പറഞ്ഞു: "കൃഷ്ണന്മാർ സജ്ജരാകുന്ന തിന്നുമുമ്പ്, ഗാണ്ഡീവം എടുത്തു പിടിക്കുന്നതിനുമുമ്പ്, ധൗമ്യൻ മേധാഗ്നിയിൽ ശത്രുപ്പട ഹോമിക്കുന്നതിന്നുമുമ്പ്, ലജ്ജാലുവായ മഹാധനുർദ്ധരൻ, യുധിഷ്ഠിരൻ, കോപത്തോടെ സൈന്യത്തെ നോക്കുന്നതിന്നുമുമ്പ് വൈരം ശമിക്കണം. കുന്തീപുത്രനായ ആ ധനുർദ്ധരൻ, ഭീമസേനൻ, സ്വസേനയിൽ

---

* താതൻ = വന്ദനീയൻ, ബഹുമാനിക്കത്തക്കവൻ.

* മന്യു = ദുഃഖം, കോപം, അനർത്ഥം.

ഉറച്ചു നില്ക്കുന്നതായിക്കാണുന്നതിനു മുൻപ് വൈരം ശമിക്കണം. ഗദാപാണിയായ ഭീമസേനൻ സൈന്യം ഹർഷിക്കുന്നവിധം മാർഗ്ഗങ്ങൾ ചുറ്റുന്നതിന്നുമുമ്പായി പാണ്ഡവപുത്രന്മാരുമായി ശമം കൈക്കൊള്ളുക! ഗജയോധികളുടെ ശിരസ്സുകളെ വലിയ മരങ്ങളുടെ കായ്കൾപോലെ, കാലപക്വങ്ങളായ അവയെ വീര ദ്ധ്വംസിനിയായ ഗദകൊണ്ട് ഭീമൻ അടിച്ചുകൊഴിക്കുന്നതിന്നു മുമ്പായി വൈരം ശമിക്കണം. നകുലനും സഹദേവനും ധൃഷ്ട ദ്യുമ്നനും മത്സ്യനും ശിഖണ്ഡിയും ശിശുപാലപുത്രനും ചട്ട യിട്ട്, നക്രങ്ങൾ സമുദ്രത്തിലെന്നപോലെ സൈന്യത്തിൽ ശക്തി യോടെ അസ്ത്രമെയ്തു കേറുന്നതിന്നുമുമ്പായി വൈരം ശമി ക്കണം. രാജാക്കന്മാരുടെ മൃദുവായ ശരീരത്തിലെങ്ങും ഗൃദ്ധ്ര പത്രശരങ്ങൾ കേറുന്നതിന്നുമുമ്പായി വൈരം ശമിക്കണം. ചന്ദനം പൂശിയും ഹാരപ്പതക്കങ്ങൾ അണിഞ്ഞും യോധന്മാരുടെ മാർത്തട്ടിൽ ധ്വനികളുടെ ഇരിമ്പുശരങ്ങൾ ലാക്കുനോക്കി പതി പ്പിക്കുന്നതിന്നുമുമ്പായി വൈരം ശമിക്കണം.

ഹേ ദുര്യോധനാ! തലകുമ്പിട്ടു വന്ദിക്കുന്നവനായ നിന്നെ മന്നവകുഞ്ജരനായ യുധിഷ്ഠിരൻ, ധർമ്മരാജൻ, കൈകൾ കൊണ്ടു പിടിക്കുന്നതു കാണുമാറാകട്ടെ! ധ്വജാങ്കുശപതാകാ ഞ്ചിതമായ ആ മഹാശയന്റെ വലംകൈ ദാക്ഷിണ്യത്തോടെ നിന്റെ ചുമലിൽ ശാന്തിക്കായി വെക്കുമാറാകട്ടെ! രത്നൗഷധി കളും രത്നാംഗുലിയും ചേർന്ന കൈകൊണ്ട് ആ മഹാത്മാവ് ഇരിക്കുന്ന നിന്റെ പുറംതൊട്ടുതലോടുമാറാകട്ടെ! സാലസ്ക ന്ധനും മഹാഭുജനുമായ ഭീമൻ, വൃകോദരൻ, നിന്നെ പുല്കി ശാന്തിക്കായി സാമവാക്കു പറയുമാറാകട്ടെ! രാജാവേ, അർജ്ജു നനും യമന്മാരും നിന്നെ വന്ദിക്കുന്ന സമയത്ത് നീ അവരെ അടു പ്പിച്ച് മൂർദ്ധാവിൽ ഘ്രാണിച്ച് ഇഷ്ടം ചൊല്ലുക. വീരസോദരന്മാ രായ പാർത്ഥന്മാരോട് നീ ചേർന്ന് ശോഭിക്കുന്നതുകണ്ട് രാജാ ക്കന്മാർ ആനന്ദബാഷ്പം പൊഴിക്കുന്നതു കാണുമാറാകട്ടെ! മന്ന വന്മാരുടെ ഗൃഹങ്ങളിൽ സർവ്വസമ്പത്തുകളും തികഞ്ഞ ഘോഷ ങ്ങൾ മുഴങ്ങട്ടെ! ഭ്രാതൃഭാവത്തോടുകൂടി ഭവാൻ ഭൂമിയെ കൈയേ ല്ക്കുക. വിജ്വരനായി ഭവാൻ വിളങ്ങുമാറാകട്ടെ!'"

127. ദുര്യോധനവാക്യം - കൃഷ്ണനോട് ദുര്യോധനന്റെ മറുപടി - വൈശമ്പായനൻ പറഞ്ഞു: 'കുരുസംസ ത്തിൽ ഈ വാക്കുകൾ കേട്ട സുയോധനൻ യശസ്വിയായ വാസു ദേവനോടു പറഞ്ഞു: 'കേശവാ, ഭവാൻ ഇപ്രകാരം പറയുന്നത് ചിന്തിച്ചുനോക്കിയിട്ടു വേണം. നീ എന്താണ് എന്നെത്തന്നെ വിശേഷിച്ചും രൂക്ഷമായി നിന്ദിക്കുവാൻ? പാർത്ഥന്മാരുടെ ഭക്തി വാദത്താൽ പെട്ടെന്ന് ഭവാൻ ഗർഹിക്കുകയാണോ? ഭവാൻ എന്തു ബലാബലത്തെ കണ്ടിട്ടാണ് ഈ പറയുന്നതൊക്കെ? ഭവാനും ക്ഷത്താവും രാജാവും ഈ ഗുരുവും പിതാമഹനും, മറ്റു രാജാക്കന്മാരെയൊക്കെ വിട്ട് എന്നെത്തന്നെ എന്താണ് ഇങ്ങനെ നിന്ദിക്കുവാൻ? ഞാൻ എന്നിൽ ലേശവും ഒരു കുറ്റവും കാണു ന്നില്ല. എന്നിട്ടും രാജാവിനോടുചേർന്ന് എന്നെ നിങ്ങൾ കഠിന മായി ദ്വേഷിക്കുന്നു! കേശവാ, ഞാൻ ഇതിന്നു തക്ക അപരാധ മൊന്നും ചെയ്തതായി എത്ര ചിന്തിച്ചിട്ടും, ചെറിയതായിട്ടുള്ള ഒരു അപരാധംപോലും, കാണുന്നില്ല. ഇഷ്ടന്മാരുമായി ഏറ്റ ചൂതിൽ പാർത്ഥന്മാർ ശകുനിയോടു കളിച്ച് രാജ്യം പണയം വെച്ചു തോറ്റു. അതിൽ എനിക്ക് എന്താണ് തെറ്റ്? പാണ്ഡവന്മാർ ആ കളിയിൽ ദ്രവ്യം നേടിയിരുന്നുവെങ്കിൽ അത് അവർക്കു ലഭി ക്കുമായിരുന്നില്ലേ? ആ ചൂതിൽ ഞങ്ങൾക്കു ലേശവും തെറ്റില്ല. അവർ അജേയരാണെന്ന് ഭവാൻ പറഞ്ഞല്ലോ. ആ അജേയർ തന്നെ ചൂതിൽ തോറ്റ് കാടുകേറി. ജയിച്ച ഞാൻ കുറ്റക്കാരനു മായി! കൊള്ളാം! എന്തു കുറ്റം ചൊല്ലിയാണ് പാർത്ഥർ അശക്ത രായ ശത്രുക്കളോടെതിർക്കുവാൻ ഹൃഷ്ടരായി ശത്രുക്കളെ പ്പോലെ ഒരുങ്ങിയിരിക്കുന്നത്? അവർക്ക് ഞങ്ങൾ എന്തുചെയ്തി ട്ടാണ് ഇപ്പോൾ സൃഞ്ജയന്മാരോടുകൂടി ധാർത്തരാഷ്ട്രനെ കൊല്ലണമെന്നു പറഞ്ഞുപുറപ്പെട്ടിരിക്കുന്നത്? ഉഗ്രമായ കർമ്മ ത്താലും ഉഗ്രമായ വാക്കാലും ഞങ്ങൾ ഭ്രംശിച്ചു പേടിച്ച് ഇന്ദ്ര നെപ്പോലും കുമ്പിടുമെന്നു വിചാരിക്കേണ്ടാ. ആ നിലയിൽ ക്ഷത്രധർമ്മം അനുസരിച്ച് നമ്മെ പോരിൽ ജയിക്കുവാൻ പോന്ന ഒരാളേയും ഞാൻ ഇന്നു കാണുന്നില്ല! ഭീഷ്മദ്രോണകൃപന്മാരും കർണ്ണനും വാനവന്മാർക്കുപോലും അജേയന്മാരാണ്. പിന്നെ പാണ്ഡവരുടെ കാര്യം പറയുവാനുണ്ടോ? സ്വധർമ്മംതന്നെ നോക്കി യുദ്ധത്തിൽ അസ്ത്രമേറ്റു ചത്താലും അതും കേവലം സ്വർഗ്ഗ്യം തന്നെയാണ്. ക്ഷത്രിയരായ നമുക്ക് ഇതും മുഖ്യമായ ധർമ്മമല്ലേ, ജനാർദ്ദനാ! യുദ്ധത്തിൽ ശരതല്പത്തിൽ നാം കിടക്കും എന്നുതന്നെ വന്നാലും, യുദ്ധംവെട്ടി വീരശയനം പ്രാപി ച്ചാലും സന്തോഷമാണ്. എന്നാലും ശത്രുക്കളെ വണങ്ങുമെന്നു വിചാരിക്കേണ്ട. നല്ല കുലത്തിൽ ജനിച്ച ഒരു ക്ഷത്രിയൻ, ക്ഷത്ര ധർമ്മം ആചരിക്കുന്നവൻ, കൊറ്റിന്നു പേടിച്ചെവിടെയെങ്കിലും വണങ്ങുന്നതായി കേട്ടിട്ടുണ്ടോ? ഉദ്യമിക്കണം, വണങ്ങുന്ന പ്രശ്നമേയില്ല. ഉദ്യമംതന്നെയാണ് പൗരുഷം. "മൊട്ടിൽ അല്ലാ തെ പൊട്ടിയെന്നുവന്നാലും വളയുക എന്നതുണ്ടാവില്ല" എന്നുള്ള മാതംഗവചനം ഹിതാർത്ഥികളൊക്കെ കാത്തിരിക്കു കയാണ്. എന്നെപ്പോലുള്ളവർ ധർമ്മത്തെയും ബ്രാഹ്മണരെയും കൂപ്പും. മറ്റുള്ളവരെ ഗണിക്കാതെ ചാകുന്നതുവരെ ക്ഷത്രിയ ധർമ്മം നടത്തുകതന്നെ ചെയ്യും. ഇതാണ് എന്നെന്നും എന്റെ മതം. പണ്ട് എന്റെ അച്ഛൻ എനിക്കുവെച്ച രാജ്യാംശമാണ് അതെ ല്ലാം. അത് ഞാൻ ഒരിക്കലും അന്യന്നു നല്കുകയില്ല. ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം അതിന്നാരും മോഹിച്ചിട്ടു കാര്യ മില്ല. ധൃതരാഷ്ട്രരാജാവു ജീവിച്ചിരിക്കുന്ന കാലത്ത് അസ്ത്രം വെച്ച് ഉപജീവിക്കുന്നവർ അവരോ ഞങ്ങളോ എന്നു കാണാം. പൗരവനായ എനിക്ക് അന്നുതന്ന രാജ്യം മറ്റാർക്കും കൊടുത്തു കൂടാത്തതാണ്. ഞാൻ ജീവിച്ചിരിക്കെ, അജ്ഞാനത്താലോ ഭയ ത്താലോ ബാലനായ ഞാൻ നില്ക്കുമ്പോൾ അതും പാണ്ഡ വന്മാർക്ക് എന്നിൽനിന്നും ലഭിക്കുകയില്ല. മഹാബാഹുവായ ഈ ഞാൻ ജീവിച്ചിരിക്കെ, ഹേ മാധവാ, അതിന്നു പാണ്ഡവന്മാർ മോഹിച്ചിട്ട് ഒരു ഫലവും കിട്ടുവാൻ പോകുന്നില്ല. കൂർത്ത സൂചി ത്തുമ്പുകൊണ്ടു കുത്തിയാൽ കാണുന്നിടത്തോളം ഭൂമിപോലും ഞങ്ങൾ പാണ്ഡവന്മാർക്കു വിട്ടുകൊടുക്കുകയില്ല. ഞാൻ ഈ പറഞ്ഞത് ഉറച്ചകാര്യമാണ്.'"

128. കൃഷ്ണവാക്യം - കൃഷ്ണൻ ഭർത്സിച്ചതുകേട്ട് ദുര്യോധനൻ സഭവിട്ട് ഇറങ്ങിപ്പോകുന്നു - വൈശ മ്പായനൻ പറഞ്ഞു: "ഈ വാക്കു കേട്ടപ്പോൾ കൃഷ്ണൻ ക്രോധ വ്യാകുലദൃഷ്ടിയായി, ചിരിച്ച്, കുരുസംസത്തിൽ, ദുര്യോധന നോട് ഇപ്രകാരം പറഞ്ഞു: 'നീ വീരശയനം നേടും. ഈ മോഹം സാധിക്കും! നീ അമാത്യന്മാരുമൊത്ത് സ്ഥിരമായി നിൽക്കൂ! മഹാരണം വന്നടുത്തു! പാർത്ഥരിൽ തെറ്റു നീ കാണുന്നില്ലെ ന്നാണോ മൂഢാ! നീ കാണുന്നത്? എന്നാൽ ഞാൻ അതൊക്കെ പറയാം നരേന്ദ്രന്മാരേ, നിങ്ങൾ കേട്ടുകൊള്ളുവിൻ!

യോഗ്യന്മാരായ പാണ്ഡവന്മാരുടെ ഐശ്വര്യം കണ്ടു മന സ്സിൽ അസൂയ മൂത്തു ദുഃഖിച്ച് നീയും ശകുനിയും ദ്യൂത ദുർമ്മന്ത്രം ചെയ്തു. ഹേ താതാ, ജ്ഞാനികളായ ആ യോഗ്യ ന്മാർ അജിഹ്മരാണ്. വക്രബുദ്ധി അവർക്കില്ല. സാധുസമ്മതന്മാ രാണ്. ലോകത്തിൽ വക്രബുദ്ധിയായ നീ എങ്ങനെ അന്യായം ചെയ്തു എന്നുള്ളതു പറയാം.

ഹേ പ്രാജ്ഞാ! ചൂതാട്ടം സാധുബുദ്ധിവിനാശനമായിട്ടുള്ള താണ്. ചൂതാട്ടത്തിൽ അസത്തുക്കൾക്കു ഛിദ്രവും വ്യസനവും ഉത്ഭവിക്കും. ഈ ഘോരമായ വ്യസനം നീ ചൂതാട്ടം വഴിക്ക് ഉണ്ടാ ക്കിവെച്ചു. സത്തുക്കളോട് ആലോചനചെയ്യാതെ ദുഷ്ടന്മാരു മായി ഗൂഢാലോചനചെയ്തുറപ്പിച്ചു. ഞാൻ ചോദിക്കട്ടെ! നീയ ല്ലാതെ വേറെ ആരെങ്കിലും ചെയ്യുമോ ഭ്രാതൃഭാര്യാപമാനനം! നീ പറഞ്ഞിട്ടല്ലേ കൃഷ്ണയെ സഭയിൽ കൊണ്ടുവന്നത്? കുലീ നശീലഗുണമുള്ളവളും പാണ്ഡവന്മാർക്ക് പ്രാണനേക്കാൾ മികച്ച ഇഷ്ടമഹിഷിയുമായ അവളെ സഭയിൽ കയറ്റി നീ നിന്ദി ച്ചു. അന്ന് കൗരവസഭയിൽവെച്ചു നിങ്ങൾ ചെയ്ത അന്യായ ങ്ങൾ എല്ലാ കുരുക്കൾക്കും അറിയാം. വീരന്മാരായ പാർത്ഥന്മാർ

അന്നു പോകുമ്പോൾ ദുശ്ശാസനൻ പറഞ്ഞ വാക്കുകളും എല്ലാ കുരുക്കളും കേട്ടിട്ടുള്ളതാണ്. സദ്വൃത്തരും ലോഭമറ്റവരുമായ ധർമ്മചാരികളുടെ നേരേ ബന്ധുജനങ്ങളിൽ നല്ലവർ ആരെങ്കിലും ഇത്തരം അക്രമം ചെയ്യുമോ? ക്രൂരമായി മര്യാദവിട്ട പലതരം പരുഷവാക്കുകൾ നീയും കർണ്ണനും ദുശ്ശാസനനുംകൂടി പറഞ്ഞില്ലേ? അമ്മയോടുകൂടി അവരെ ബാല്യത്തിൽത്തന്നെ ജീവനോടെ ചുടുവാൻ വാരണാവതത്തിൽ നീ പ്രയത്നിച്ചു; ഫലിച്ചില്ലെന്നുമാത്രം. അന്ന് വളരെക്കാലം പാണ്ഡവന്മാർ ഒളിവിൽ ഏകചക്രയിൽ വിപ്രഗൃഹത്തിൽ അമ്മയോടുകൂടി പാർത്തില്ലേ? വിഷംകൊടുത്തും സർപ്പത്തെക്കൊണ്ടു കടിപ്പിച്ചും പാണ്ഡവന്മാരെ നശിപ്പിക്കുവാൻ പല ഉപായങ്ങളും നീ എടുത്തു; അതൊക്കെയും ഫലിക്കാതെ വന്നു. പാണ്ഡവന്മാരിൽ ഈ ബുദ്ധി തന്നെവെച്ചു പ്രവർത്തിച്ചുകൊണ്ടിരുന്ന നീ തെറ്റൊന്നും ചെയ്തിട്ടില്ലെന്നോ? ആലോചിച്ചിട്ടുപോലും കാണുന്നില്ലെന്നോ? യാചിക്കുന്ന ഇവർക്ക് പിതാവിന്റെ അംശം നല്കുകയില്ല, അല്ലേ? നിന്റെ ഐശ്വര്യമൊക്കെ ഭ്രംശിച്ചു നീ വീഴുമ്പോൾ എടോ ദുഷ്ടാ! നീ അതും കൊടുക്കും. ക്രൂരന്മാരുടെ മട്ടിൽ അകാര്യമൊക്കെ പാർത്ഥന്മാരിൽ ചെയ്തിട്ട് മിഥ്യാചാരനും അനാര്യനുമായി നീ അതൊന്നും സമ്മതിക്കാതെ ധർമ്മിഷ്ഠനായി നില്ക്കുന്നു! അച്ഛൻ, അമ്മ, ഭീഷ്മൻ, ദ്രോണൻ, വിദുരൻ ഇവരൊക്കെ 'ശമിക്കൂ' 'ശമിക്കൂ' എന്നു പറഞ്ഞിട്ടും രാജാവേ, നീ ശമിക്കുന്നില്ല! ശമത്താൽ ഉണ്ടാകുന്ന മഹാലാഭം നിനക്കും പാർത്ഥന്നും ഒപ്പമാണ്. അതു ബോധിക്കാത്തത് നിന്റെ ബുദ്ധിയുടെ കേടു തന്നെ! മറ്റെന്തു പറയാനാണ്? സുഹൃത്തിന്റെ ചൊല്ലു കേൾക്കാത്തവന്ന് ഒരിക്കലും സുഖം ലഭിക്കുകയില്ല. ഹേ രാജാവേ, അധർമ്മ്യവും അയശസ്യവുമാണ് നീ ചെയ്യുന്നത്!'"

വൈശമ്പായനൻ പറഞ്ഞു: "അമർഷിയായ ദുര്യോധനനോട് ഇപ്രകാരം കൃഷ്ണൻ പറഞ്ഞപ്പോൾ ദുശ്ശാസനൻ കുരുസദസ്സിൽ ഇപ്രകാരം പറഞ്ഞു:

'രാജാവേ, പാർത്ഥരുമായി ഭവാൻ ഇഷ്ടത്തോടെ സന്ധി ചെയ്യുന്നില്ലെങ്കിൽ നിന്നെ ബന്ധിച്ച് കൗരവന്മാർ കുന്തീപുത്രന്നു നല്കുമത്രേ! ഭീഷ്മനും ദ്രോണനും അച്ഛനുംകൂടി കർണ്ണനേയും ഭവാനേയും എന്നേയും ഇങ്ങനെ മൂന്നുപേരെയാണ് ബന്ധിച്ച് പാണ്ഡവർക്കു നല്കുവാൻ പോകുന്നത്.'"

അനുജന്റെ വാക്കുകേട്ട് ധാർത്തരാഷ്ട്രനായ സുയോധനൻ സർപ്പത്തെപ്പോലെ ചീറ്റി കോപിച്ച് അവിടെനിന്നെഴുന്നേറ്റു നടന്നു. വിദുരൻ, ധൃതരാഷ്ട്രൻ, ബാൽഹീകരാജാവ്, സോമദത്തൻ, കൃപൻ, ഭീഷ്മൻ, ദ്രോണൻ, കൃഷ്ണൻ എന്നിവരെയെല്ലാം ലജ്ജയില്ലാത്തവനും ദുഷ്ടനും അശിഷ്ടനും മാനിയും മര്യാദകെട്ടവനും മാന്യനിന്ദകനുമായ അവൻ നിന്ദിച്ചു സംസാരിച്ചു. ക്രോധത്തോടെ സഭയിൽനിന്ന് എഴുന്നേറ്റുപോകുന്ന ആ മനുജശ്രേഷ്ഠനെ കണ്ട് അനുജന്മാരും മന്ത്രിമാരും മറ്റു രാജാക്കന്മാരും അവന്റെ പിന്നാലെ പോയി.

സഭയിൽ ക്രുദ്ധനായി ഭ്രാതാക്കന്മാരോടുകൂടി ഇറങ്ങിപ്പോകുന്ന ദുര്യോധനനെ നോക്കി ഭീഷ്മൻ പറഞ്ഞു: 'ധർമ്മാർത്ഥങ്ങളെ വിട്ട് കോപവും അഹങ്കാരവും (സംരംഭം) കൊള്ളുന്നവന്റെ വ്യസനത്തിൽ താമസിക്കാതെ ശത്രുക്കൾ ചിരിക്കുന്നതു കാണാറാകും. ഗർവ്വിയും ദുഷ്ടനുമായ ഈ രാജപുത്രൻ, ധാർത്തരാഷ്ട്രൻ, ക്രോധലോഭപരാധീനനായി നാടുമുഴുവൻ കുട്ടിച്ചോറാക്കും! ഈ ക്ഷത്രമൊക്കെ തീർച്ചയായും കാലപക്വമാണ് ജനാർദ്ദനാ! മന്ത്രിമാരോടുകൂടി രാജാക്കന്മാരെല്ലാവരും പിൻതുടർന്നു!' ഭീഷ്മന്റെ ആ വാക്കുകേട്ട് പുഷ്കരേക്ഷണനായ ദാശാർഹൻ, ഭീഷ്മദ്രോണാദ്യന്മാരോടെല്ലാം ഇപ്രകാരം അരുൾചെയ്തു:

'കുരുവൃദ്ധന്മാർക്കെല്ലാം ഇതു വലിയ ഒരു അക്രമമായി. ബലത്താൽ ഈ മൂഢനായ രാജാവിന്ന് ഐശ്വര്യം തടയാതിരുന്നതു വലിയ ആപത്തായി ഭവിച്ചു. ഹേ അരിന്ദമന്മാരേ, കാലോചിതമായി ഒരു കാര്യം ഉടനെ ചെയ്യേണ്ടതുണ്ട്. അതേ ഒരു മാർഗ്ഗമുള്ളൂ. അതു ചെയ്താൽ എല്ലാവർക്കും സുഖം ലഭിക്കുന്നതാണ്. നിങ്ങൾ മനസ്സിരുത്തിക്കേൾക്കുവിൻ. പ്രത്യക്ഷമായി ഒരു സംഭവം ഞാൻ നിങ്ങളോടു പറയാം. ആ ഹിതമായ ഉദാഹരണം നിങ്ങൾക്കു ബോധിക്കുമെങ്കിൽ ചെയ്യാം.

വൃദ്ധനായ ഭോജരാജാവിന്റെ അനാത്മജ്ഞനായ ദുരാശയൻ അച്ഛൻ ജീവിച്ചിരിക്കെ ഐശ്വര്യംനേടി മൃത്യുവിന്റെ അധീനത്തിൽപ്പെട്ടുപോയതു കേട്ടിട്ടില്ലേ? ഉഗ്രസേനാത്മജനായ കംസനെ ബന്ധുക്കൾ ഒക്കെ വെടിഞ്ഞപ്പോൾ ജ്ഞാതികളുടെ ഹിതത്തിന്നായി ഞാൻ അവനെ രണത്തിൽ കൊന്നുകളഞ്ഞു. ആ കംസനെ കുലത്തിന്നുവേണ്ടി ത്യജിച്ച് അന്ധകവൃഷ്ണികളായ എല്ലാ യാദവന്മാരും കൂടിച്ചേർന്നു സുഖിക്കുന്നു. എന്നുതന്നെയല്ല വേറേയും ഉദാഹരണം ഇക്കാര്യത്തിന്നുണ്ട്. ദേവാസുരയുദ്ധത്തിന്ന് ശസ്ത്രമെടുത്തു പരമേഷ്ടിയായ പ്രജാപതി നില്ക്കുമ്പോൾ, ലോകങ്ങൾ രണ്ടു പങ്കായിനിന്ന് പോരാടി നശിക്കുവാൻപോകുന്നതുകണ്ട് സർവ്വസൃഷ്ടികർത്താവായ വിശ്വഭാവനൻ, ഭഗവാൻ ദേവൻ ഇപ്രകാരം ചിന്തിച്ചു: അസുരന്മാരും ദൈത്യന്മാരും ദാനവന്മാരും എല്ലാവരും തോറ്റുപോകും; ആദിത്യവസുരുദ്രന്മാർ ദിവ്യൗകസ്സുകളായി വരും. ദേവാസുരമനുഷ്യരും ഗന്ധർവ്വന്മാരും അഹികളും നിശാചരന്മാരുമൊക്കെ ഈ യുദ്ധത്തിൽ ക്രോധിച്ചു തമ്മിലിടഞ്ഞ് പടവെട്ടി തമ്മിൽ കൊന്നുമുടിക്കും'-ഇപ്രകാരം ചിന്തിച്ചു പരമേഷ്ടിയായ പ്രജാപതി ധർമ്മനോടു പറഞ്ഞു: "ദൈത്യദാനവന്മാരെ കെട്ടി വരുണന്നു നല്കണം." എന്നു കേട്ട ഉടനെ ധർമ്മൻ ബ്രഹ്മദേവന്റെ ആജ്ഞപ്രകാരം ദൈത്യദാനവന്മാരെ കെട്ടി വരുണന്നു നല്കി. ധർമ്മദേവപാശംകൊണ്ടു ജലേശ്വരനായ വരുണൻ ദാനവദൈത്യന്മാരെ കെട്ടി കടലിൽ എപ്പോഴും കാത്തുവരുന്നു. ഇപ്രകാരം ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നീ മൂന്നുപേരെയും കെട്ടി പാണ്ഡവന്മാർക്കു കൊടുക്കുവിൻ. കുലത്തിന്നായി ഏകനെ വിടുക. ഗ്രാമത്തിന്റെ ഗുണത്തിന്നായി കുലവും വിടുക. നാട്ടിന്നായി ഗ്രാമം വിടുക. ആത്മാവിന്നുവേണ്ടി പാരിടവും വിടുക. ഈ ദുര്യോധനനെ കെട്ടി ഹേ, രാജാവേ, പാർത്ഥരുമായിച്ചേരുക. ഭവാൻമൂലം ഹേ ക്ഷത്രിയർഷഭ! ക്ഷത്രിയന്മാർ നശിക്കാതിരിക്കട്ടെ!'"

129. ഗാന്ധാരീവാക്യം - ഗാന്ധാരി ദുര്യോധനന്ന് ഹിതം ഉപദേശിക്കുന്നു - വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണന്റെ വാക്കുകേട്ടു ധൃതരാഷ്ട്രരാജാവ് ധർമ്മജ്ഞനായ വിദുരനോടു സംഭ്രമത്തോടെ പറഞ്ഞു: 'താതാ, ദീർഘദൃക്കായ പ്രാജ്ഞാ, ഭവാൻ പോയി ഗാന്ധാരിയെ ഇങ്ങോട്ടു വരുത്തുക. അവളോടുകൂടി ഈ ദുഷ്ടനോട് ഒന്നു പറഞ്ഞുനോക്കാം. അവൾ ഈ ദുഷ്ടനായ ദുഷ്ടബുദ്ധിക്ക് ശമം ഉണ്ടാക്കുകയാണെങ്കിൽ നമ്മൾ ഇഷ്ടനായ കൃഷ്ണന്റെ ചൊല്പടിക്കു നിൽക്കുന്നു എന്നു വരുമല്ലോ. മോഹത്തിൽപ്പെട്ട ദുർബ്ബുദ്ധിയായ ദുസ്സഹായന്ന് ശമത്തിന്നായി നല്ലവഴി കാണിച്ചുകൊടുക്കുകയില്ലേ. അവൾ നല്ലവാക്ക് അവനോടു പറയും. ദുര്യോധനൻമൂലം ഇപ്പോൾ നമ്മൾക്കൊക്കെ വന്നുപെട്ടിരിക്കുന്ന ഈ മഹാഭയം തീർത്ത് എന്നും ശമത്തിന്നുള്ള മാർഗ്ഗം അവൾ കാണിച്ചുകൊടുക്കും. അവ്യയമായ യോഗക്ഷേമം നമുക്കു നല്കും.'

രാജാവു പറഞ്ഞതുകേട്ടു വിദുരൻ ആ ദീർഘദർശിനിയായ ഗാന്ധാരിയെ ധൃതരാഷ്ട്രാജ്ഞപ്രകാരം ധൃതരാഷ്ട്രസന്നിധിയിൽ കൊണ്ടുവന്നു.

ധൃതരാഷ്ട്രൻ പറഞ്ഞു: 'ഗാന്ധാരീ, ശാസ്യം കേൾക്കാത്ത ദുഷ്ടാത്മാവായ നിന്റെ പുത്രൻ ഐശ്വര്യലോഭംമൂലം ഐശ്വര്യത്തേയും ജീവനേയും നശിപ്പിക്കുവാനാണ് ഉദ്യമിക്കുന്നത്. അശിഷ്ടന്മാരെപ്പോലെ ദുഷ്ടന്മാരോടുചേർന്ന്, മര്യാദകെട്ട്, സുഹൃത്തിന്റെ വാക്കുകേൾക്കാതെ ആ ദുർമ്മതി, മൂഢൻ, സഭവിട്ട് ഇറങ്ങിപ്പോയി.'"

വൈശമ്പായനൻ പറഞ്ഞു: "ഭർത്താവിന്റെ വാക്കുകേട്ടു കീർത്തിമതിയായ ആ രാജപുത്രി, ഗാന്ധാരി, വലുതായ നന്മയോർത്ത് ഇപ്രകാരം പറഞ്ഞു."

ഗാന്ധാരി പറഞ്ഞു: "രാജ്യാർത്ഥിയും അവശനുമായ പുത്രനെ വേഗം വരുത്തുക. ധർമ്മാർത്ഥലോഭിയായ ദുഷ്ടൻ രാജ്യത്തിന്ന് അർഹനായി വരികയില്ല. അവിനീതൻ നേടുവാനും നേടിയാൽ കാക്കുവാനും അർഹനാകയില്ല. ഹേ ധൃതരാഷ്ട്രാ, സുതപ്രിയനായ ഭവാൻതന്നെയാണ് ഗാർഹ്യൻ! അവന്റെ ദുഷ്ട് ഭവാൻ കണ്ടവനാണ്. എന്നിട്ടും അവന്റെ ദുഷ്ടമായ ബുദ്ധിക്ക് ഭവാൻ കൂട്ടുനിന്നു. കാമമന്യുക്കൾകൊണ്ട് ഇവൻ ദുരമൂത്തവനാണ്. രാജാവേ, ബലമായി നിന്നാൽ അവനെ തിരിപ്പിക്കുവാൻ അസാദ്ധ്യമാണ്. മൂഢനും ജളനും ദുസ്സഹായനും ദുരാത്മാവും ലുബ്ധനുമായ അവന്നു രാജ്യം നല്കിയതിന്റെ ഫലമാണ് ഇപ്പോൾ അങ്ങ് അനുഭവിക്കുന്നത്. സ്വജനച്ഛിദ്രം രാജാവു കണ്ട് അടങ്ങിയിരിക്കുവാൻ പാടുണ്ടോ? സ്വജനച്ഛിദ്രമുള്ള അങ്ങയെ ശത്രുക്കൾ പരിഹസിക്കും. സാമഭേദങ്ങളാൽ തീർക്കാവുന്ന ആപത്തിൽ ഏതു രാജാവാണ് സ്വജനങ്ങളിൽ ദണ്ഡം ഏല്പിക്കുവാൻ മുതിരുക?"

വൈശമ്പായനൻ പറഞ്ഞു: "അമർഷിയായ ദുര്യോധനനെ ധൃതരാഷ്ട്രാജ്ഞയാലും അമ്മ പറയുകയാലും വിദുരൻ ചെന്ന് സഭയിലേക്കു കൊണ്ടുവന്നു. അവൻ വീണ്ടും അമ്മ പറയുന്നതു കേൾക്കുന്നതിന്നുവേണ്ടി സഭയിൽ വന്നുകയറി. ക്രോധംകൊണ്ടു കണ്ണുതുടുത്തവനും പാമ്പിനെപ്പോലെ ചീറുന്നവനുമായ ആ ദുർമ്മാർഗ്ഗിയായ പുത്രൻ സഭയിൽ വന്നുകയറിയതറിഞ്ഞ് ഗാന്ധാരി ശമത്തെ ആഗ്രഹിച്ചു. പുത്രനെ നിന്ദിച്ച് ഇപ്രകാരം പറഞ്ഞു:"

ഗാന്ധാരി പറഞ്ഞു: "എടാ ദുര്യോധനാ, എന്റെ പുത്രാ! നീ എന്റെ വാക്കു ധരിക്കൂ! ഹിതം ചിന്തിക്കുന്ന കൂട്ടർക്കും മേലാൽ ഏറ്റവും സുഖപ്രദമായിരിക്കും ഞാൻ പറയുന്നതു കേട്ടാൽ.

ദുര്യോധനാ, ഭാരതസത്തമനായ നിന്റെ അച്ഛൻ പറഞ്ഞില്ലേ; ഭീഷ്മനും ദ്രോണനും കൃപനും ക്ഷത്താവും പറഞ്ഞില്ലേ? ഈ സുഹൃത്തുക്കളുടെ വാക്ക് നീ കേൾക്കുക. അങ്ങനെ നീ ചെയ്താൽ അതു ഭീഷ്മന്നും നിന്റെ അച്ഛന്നും എനിക്കും നന്മ ചെയ്യുകയാണ്. നീ ശമം ചെയ്യുകയാണെങ്കിൽ അത് ദ്രോണാദികളായ കൂട്ടുകാർക്കും നന്മയായി ഭവിക്കും. മഹാപ്രാജ്ഞാ, രാജ്യമെന്നത് സ്വന്തം കാമം പോലെ നേടുവാനും കാക്കുവാനും ഏല്ക്കുവാനും പറ്റുന്നതല്ല. അജിതേന്ദ്രിയൻ വളരെക്കാലമൊന്നും രാജ്യം ഭരിക്കുകയില്ല. ജിതാത്മാവായ മേധാവി ചിരകാലം രാജ്യം പാലിച്ചു വാഴും. അർത്ഥത്തിൽ നിന്നു മർത്ത്യനെ കാമക്രോധങ്ങൾ അകറ്റിക്കളയുന്നു. അതു രണ്ടും ജയിച്ച രാജാവ് ഊഴി ജയിക്കും. ലോകേശ്വരപ്രഭുസ്ഥാനമെന്നത് മഹത്തായിട്ടുള്ളതാണ്. രാജ്യം ഇഷ്ടംപോലെ നേടി ആ സ്ഥാനം രക്ഷിക്കുവാൻ ദുഷ്ടബുദ്ധികൾ മതിയായവരായി ഭവിക്കുകയില്ല. ധർമ്മമഹത്വങ്ങളെ അർത്ഥിക്കുന്നവൻ ഇന്ദ്രിയങ്ങളെ അടക്കണം. ഇന്ദ്രിയങ്ങളെ ജയിച്ചാൽ തീക്കൊള്ളിയിൽ അഗ്നി ജ്വലിക്കുന്നവിധം ബുദ്ധി ജ്വലിക്കും. ഇവയെ പാട്ടിലാക്കുന്നില്ലെങ്കിൽ ഇവതന്നെ മതി മുടിക്കുവാൻ. അസമർത്ഥനായ സൂതനെ മാർഗ്ഗത്തിൽ ദുഷ്ടാശ്വങ്ങൾ എന്നവിധം അടങ്ങാത്ത ഇന്ദ്രിയങ്ങൾ ദുർബുദ്ധിയെ തകർത്തുകളയും. ആത്മാവിനെ ജയിക്കാതെ അമാത്യന്മാരെ ജയിക്കുവാൻ വിചാരിക്കുന്നവൻ, അജിതാമാത്യനായി ശത്രുവിനെ ജയിക്കുവാൻ പുറപ്പെട്ടാൽ കെട്ടുപോവുകയേയുള്ളൂ. ശത്രുവിനെപ്പോലെതന്നെ ആത്മാവിനെ പാട്ടിൽ വരുത്തണം. ആത്മാവിനെ ആദ്യം പാട്ടിലാക്കണം. പിന്നെ അമാത്യാദികളെ പാട്ടിലാക്കണം. എന്നാൽ ജയം സഫലമാകും. ജിതേന്ദ്രിയൻ, ജിതാമാത്യൻ, തെറ്റുചെയ്യുന്നവനെ ശിക്ഷിക്കുന്നവൻ, സൂക്ഷിച്ചു പ്രവർത്തിക്കുന്ന ധീരൻ ഇങ്ങനെയുള്ളവനേ ലക്ഷ്മിക്ക് ആസ്പദമാകൂ. ചെറിയ നൂലുകൊണ്ടു കെട്ടിയുണ്ടാക്കിയ വലിയ വലയിൽപ്പെട്ട മത്സ്യംപോലെ ഉള്ളിൽപ്പെട്ട കാമക്രോധങ്ങൾ ജ്ഞാനത്തെ കേടുവരുത്തും. ഈവക ദോഷങ്ങൾ ഉള്ളവർ വാനുപുകുമ്പോൾ വാനോർ സ്വർഗ്ഗദ്വാരം അടച്ചിടും. താൻതന്നെ തീർത്ത കാമക്രോധങ്ങൾ ഭയപ്പെടുന്ന അസക്തനിൽ ദേവന്മാർ പ്രസാദിക്കയില്ല. കാമം, ക്രോധം, ലോഭം, ദംഭം, ഗർവ്വം ഇവ നന്നായി ജയിക്കുവാൻ അറിയുന്ന രാജാവ് മർത്ത്യരുടെ നാഥനായി ഭവിക്കും.

രാജാവ് എപ്പോഴും ഇന്ദ്രിയങ്ങളെ ജയിക്കുവാൻ ഒരുങ്ങണം. അർത്ഥം ഇച്ഛിക്കുന്നവനും ധർമ്മവും ശത്രുപരാജയവും ആഗ്രഹിക്കുന്നവനും ഇതുകൂടാതെ കഴിയുകയില്ല. കാമവും ക്രോധവും ബാധിച്ചവൻ തെറ്റിദ്ധാരണയ്ക്ക് അടിമയാകും. അവനെ തന്റെ ആൾക്കാരും അന്യജനങ്ങളും സഹായിക്കുകയില്ല. പണ്ഡിതന്മാരും ശൂരന്മാരും ശത്രുസംഹാരികളുമായ പാണ്ഡവന്മാരോട് നീ ഒന്നിച്ചുചേർന്ന് ഉണ്ണീ, സുഖമായി ഭൂമി ഭുജിക്കുക. ശാന്തനവനായ ഭീഷ്മൻ, മഹാരഥനായ ദ്രോണാചാര്യൻ, ഇവർ പറഞ്ഞതു സത്യമാണ്. ഉണ്ണീ, കൃഷ്ണ പാർത്ഥന്മാർ അജേയരാണ്.

ഹേ, മഹാബാഹോ, നീ ശ്ലാഘ്യകൃത്തായ കൃഷ്ണനെ ആശ്രയിക്കുക. കേശവൻ പ്രസാദിച്ച് രണ്ടു പങ്കിന്നും സുഖമായി രക്ഷനല്കും. പ്രാജ്ഞന്മാരും പഠിപ്പുള്ളവരും അർത്ഥം ഗ്രഹിക്കുന്നവരുമായ സുഹൃജ്ജനങ്ങൾ ശാസിക്കുന്നവിധം നില്ക്കാത്തവൻ ശത്രുക്കൾക്ക് രസം നല്കുവാൻ മാത്രം കൊള്ളാം. യുദ്ധത്തിൽ ശുഭവും ധർമ്മാർത്ഥവുമില്ല. പിന്നെ സുഖം എവിടെ? ഉണ്ണീ, ജയം നിത്യമല്ല. അതുകൊണ്ടു നീ യുദ്ധത്തിൽ ഏർപ്പെടരുത്. ഭീഷ്മനും നിന്റെ അച്ഛനും ബാൽഹീകരാജാവും ഛിദ്രം പേടിച്ച് രാജ്യാംശം അവർക്കു നല്കി. ആ ദാനത്തിന്റെ ഫലം നീ ഇപ്പോൾ കാണുന്നില്ലേ? ആ ശൂരന്മാർ പ്രതിബന്ധങ്ങളൊക്കെ തകർത്തുനേടിയ രാജ്യമൊക്കെ ഇപ്പോൾ നീ അനുഭവിക്കുന്നില്ലേ?

ഹേ അരിന്ദമാ, നീ പാണ്ഡവന്മാർക്ക് യഥോചിതം രാജ്യം നല്കുക. അമാത്യന്മാരോടുകൂടി നീ സുഖമായി ഇരിക്കുവാൻ ഇച്ഛിക്കുന്നുണ്ടെങ്കിൽ പകുതി രാജ്യം നല്കുക. പാതിരാജ്യം മതി അമാത്യന്മാരോടുകൂടി നിനക്കു വാഴുവാൻ. സുഹൃത്തുക്കളുടെ വാക്കുകേട്ട് അതിൽ നില്ക്കുക. കീർത്തി സമ്പാദിക്കുക. ധീരാഗ്രണികളും ധീമാന്മാരും ആത്മവാന്മാരും ബുദ്ധിമാന്മാരും ജിതേന്ദ്രിയന്മാരുമായ പാണ്ഡവന്മാരോടു പോരടിച്ചാൽ ഉണ്ണീ, ഇന്നുള്ള സകല സുഖങ്ങളും കെട്ടുപോകും. സുഹൃത്തുക്കളുടെ മന്യു അടക്കിയതിന്നുശേഷം രാജ്യം യഥോചിതം പാലിക്കുക. അവരുടെ അംശം അവർക്കു നല്കുക. പതിമ്മൂന്നുവർഷം ചെയ്ത ഈ വികാരം, കാമക്രോധംകൊണ്ട് വാച്ച ഈ വികാരം, മതി. ഇനി അത് അടക്കുക. പാർത്ഥന്മാർക്കുള്ള മുതൽ നീ നേടാൻ നോക്കിയാൽ അത് ഒരിക്കലും സാധിക്കുകയില്ല. കർണ്ണൻ, ദൃഢക്രോധനനായ നിന്റെ അനുജൻ ദുശ്ശാസനൻ, ഭീഷ്മൻ, ദ്രോണൻ, കൃപൻ, കൃഷ്ണൻ, ഭീമസേനൻ, ധനഞ്ജയൻ, ധൃഷ്ടദ്യുമ്നൻ ഇവരൊക്കെ കോപിച്ചാൽപ്പിന്നെ പ്രജകൾ വല്ലവരും ബാക്കിയുണ്ടാകുമോ?

ഉണ്ണീ, നീ അമർഷത്തിനടിമപ്പെട്ട് കുരുക്കളെ മുടിക്കരുത്. ഈ പാരിടം മുഴുവൻ നീ കാരണം നാശമാക്കരുത്.

എടോ വിഡ്ഢീ, നീ വിചാരിക്കുന്നുണ്ടാകും ഭീഷ്മനും ദ്രോണനും കൃപനും മറ്റും തങ്ങളുടെ സർവ്വശക്തികളുമെടുത്തു പൊരുതുമെന്ന്. അതുണ്ടാകുമെന്നു വിചാരിക്കേണ്ട. ആ ആത്മജ്ഞന്മാർക്കു രാജ്യവും സ്ഥാനവും പ്രസാദവുമൊക്കെ സമമാണ്, നിങ്ങളിലും പാണ്ഡവന്മാരിലും. എന്നാൽ ധർമ്മത്തിന്റെ കാര്യത്തിലോ മെച്ചം അപ്പുറത്താണുതാനും. രാജദണ്ഡഭയം കൊണ്ട് അവർ ദേഹം ത്യജിക്കുവാൻതന്നെ തയ്യാറായാലും അവരാരുംതന്നെ കോപത്തോടെ യുധിഷ്ഠിരനരേന്ദ്രനെ നോക്കാൻപോലും ശക്തരല്ല.

ലോഭംകൊണ്ട് അർത്ഥസമ്പാദ്യം നരന്മാർക്ക് കാണുന്നില്ല. ഉണ്ണീ ഭരതർഷഭാ! ലോഭം കളയുക. ശമം കൈക്കൊള്ളുക."

130. വിദുരവാക്യം – കൃഷ്ണനെ പിടിച്ചുകെട്ടാനുള്ള ദുര്യോധനന്റെ ഗൂഢാലോചന – വൈശമ്പായനൻ പറഞ്ഞു: "സാരവത്തായ മാതാവിന്റെ ഉപദേശം കേൾക്കാതെ വീണ്ടും ക്രോധത്തോടുകൂടി ദുര്യോധനൻ ദുഷ്ടന്മാർ

കൂടിയിരിക്കുന്നിടത്തേക്കു പോന്നു. സഭ വിട്ടിറങ്ങിയതിനു ശേഷം അവൻ അക്ഷക്രിയാചതുരനായ ശകുനിയോട് കൂടിയാലോചന നടത്തി. അപ്രകാരം ദുര്യോധനൻ, കർണ്ണൻ, ശകുനി, ദുശ്ശാസനൻ ഈ നാലുപേരും ചേർന്ന് ഗൂഢാലോചന നടന്നു. 'ഉടനെതന്നെ നമ്മെ ജനാർദ്ദനൻ ധൃതരാഷ്ട്രരാജാവിനോടും ഭീഷ്മനോടും ചേർന്ന് ക്ഷണത്തിൽ പിടിച്ച് ബന്ധിക്കും. ഇപ്പോൾ വേണ്ടത് നമ്മൾതന്നെ ഹൃഷീകേശനെ പിടിക്കണം. പുരുഷനായ ബലിയെ ശക്രൻ എന്നപോലെ ബലമായി ശക്തിയോടെ പിടികൂടണം. കൃഷ്ണനെ പിടിച്ചുകെട്ടിയെന്നു കേട്ടാൽ മനസ്സുകെട്ട് പാണ്ഡവന്മാർ, വിഷപ്പല്ലു പറിച്ച സർപ്പത്തെപ്പോലെ സകല പരിശ്രമങ്ങളും ഉപേക്ഷിച്ചുകളയും. ഈ പാണ്ഡവന്മാർക്കെല്ലാം ഈ മഹാബാഹു ശർമ്മവും ധർമ്മവുമാണ്. വരദനും സാത്വതശ്രേഷ്ഠനുമായ ഇവൻ ബന്ധനത്തിലായാൽ സോമകന്മാരോടുകൂടി പാണ്ഡവന്മാർ യുദ്ധോദ്യമത്തിൽനിന്നു പിന്മാറും. അതുകൊണ്ട് വേഗമേറുന്ന കൃഷ്ണനെ ഇവിടെവച്ച് ധൃതരാഷ്ട്രൻ കരഞ്ഞാലും പിന്മാറാതെ, പിടിച്ചു ബന്ധിക്കണം. പിന്നെ ശത്രുക്കളോട് ഒരു മറി നോക്കാം.'

സഭ ഇങ്ങനെ അനിശ്ചിതാവസ്ഥയിലിരിക്കെ ദുഷ്ടബുദ്ധികളായ ആ പാപികളുടെ പാപചിന്തനം ഇംഗിതജ്ഞനായ കവി. സാത്യകി കണ്ടറിഞ്ഞു. അതു മനസ്സിലാക്കി സാത്യകി കൃതവർമ്മാവിനോടുകൂടി വെളിയിൽ പോന്നു. സാത്യകി വേഗത്തിൽ പടകൂട്ടുവാൻ കൃതവർമ്മാവിനോടു പറഞ്ഞു: 'വേഗം നീ പടകൂട്ടി ചട്ടയിട്ട് സഭാദ്വാരത്തിൽ വരൂ!' അപ്പോഴേക്കും അക്ലിഷ്ടകാരിയായ കൃഷ്ണനോട് ഈ വിവരം ഉണർത്തുവാനായി, സിംഹം ഗുഹയിൽ എന്നപോലെ ആ വീരൻ സഭയിൽ പ്രവേശിച്ചു. മഹാത്മാവായ കൃഷ്ണനോട് ഈ അഭിപ്രായം ഉണർത്തിച്ചു. പിന്നെ ധൃതരാഷ്ട്രനോടും വിദുരനോടും സാത്യകി പുഞ്ചിരിയോടെ പറഞ്ഞു: 'ധർമ്മാർത്ഥകാമങ്ങൾ വിട്ട കർമ്മം, സജ്ജനഗർഹിതമായ കർമ്മം, മൂഢന്മാർ ചെയ്യുവാൻ വിചാരിക്കുന്നു. അതു സാധിക്കയില്ല. പാപന്മാരായ മൂഢന്മാർ കാമമന്യുക്കൾ ഉള്ളിൽ നിറഞ്ഞ് ക്രോധലോഭവശന്മാരായി ഇവിടെ ഇപ്പോൾ ഇളകിക്കൂടും. എന്തിനാണെന്നറിയാമോ? ഈ പങ്കജാക്ഷനെ പിടിച്ചുകെട്ടാൻ! അതിനുള്ള ഗൂഢാലോചന ആ മൂഢന്മാർ നടത്തുന്നു. കത്തുന്ന തീ മുണ്ടുകൊണ്ടു മൂടാൻ നോക്കുന്ന വിഡ്ഢികളായ കുട്ടികളെപ്പോലെ ഈ മൂഢന്മാർ ഒരുങ്ങുന്നു.'

ഇപ്രകാരം സാത്യകി പറഞ്ഞപ്പോൾ ദീർഘദർശിയായ വിദുരൻ, കുരുമദ്ധ്യത്തിൽ മഹാബാഹുവായ ധൃതരാഷ്ട്രനോടു പറഞ്ഞു: 'ഹേ! പരന്തപാ, രാജാവേ! ഭവാന്റെ മക്കളുടെയൊക്കെ കാലം മാറിയിരിക്കുന്നു. അശക്യവും ദുഷ്കീർത്തികരവുമായ കർമ്മത്തിന് അവർ ഉദ്യമിക്കുകയാണ്. ഈ പങ്കജാക്ഷനെ ധിക്കരിച്ച് ബലമായി പിടിക്കുവാൻ നോക്കുന്നു. കൂട്ടരോടുകൂടി ഈ ഇന്ദ്രാനുജനെ ബന്ധിക്കുവാനാണു ശ്രമം. അപ്രധൃഷ്യനും ദുരാധർഷനുമായ ഈ പുരുഷസിംഹനിൽ അണഞ്ഞാൽ തീയിൽ ഇയ്യാംപാറ്റപോലെ ഇവർ ഇല്ലാതാകും. ഈ ജനാർദ്ദനൻ വിചാരിച്ചാൽ തന്റെ നേരെ വരുന്ന ദുർമ്മതികളെയെല്ലാം ക്രുദ്ധനായ സിംഹം ഗജങ്ങളെയെന്നവിധം കൊന്നുമുടിക്കും. എന്നാൽ ഈ ദേഹം നിന്ദ്യമായ പാപം ഒരിക്കലും ചെയ്യുകയില്ല. ധർമ്മം തെറ്റിക്കുകയും ചെയ്യുകയില്ല. അച്യുതനായ കൃഷ്ണൻ പുരുഷോത്തമനാണല്ലോ.' ഇപ്രകാരം വിദുരൻ പറഞ്ഞപ്പോൾ കേശവൻ സുഹൃജ്ജനങ്ങൾ കേട്ടുനില്ക്കേ ധൃതരാഷ്ട്രന്റെ നേരെ തിരിഞ്ഞു പറഞ്ഞു: 'രാജാവേ, ഇവർ കോപിച്ച് എന്നെ നിഗ്രഹിക്കുവാൻ പോകുന്നു. അങ്ങനെയാകട്ടെ! ഇവർ എന്നെ നിഗ്രഹിക്കുക. അല്ലെങ്കിൽ ഞാൻ അവരെ നിഗ്രഹിക്കുക. ഇവ രണ്ടിലൊന്ന് ഇപ്പോൾ നടക്കും. അത് ഭവാനു സമ്മതമല്ലേ? അങ്ങ് ഇപ്പോൾ അതിനു സമ്മതിക്കുക! സംരബ്ധരായ ഇവരെയെല്ലാറ്റിനേയും ഞാൻ വെല്ലുവാൻ മുതിരും; അപ്പോൾ ഇവിടെ ചിലതൊക്കെ സംഭവിക്കും. ആ നിന്ദ്യമായ പാപകർമ്മം ഞാൻ ഒരിക്കലും ചെയ്യുന്നതല്ല. പാണ്ഡവന്മാരുടെ അർത്ഥത്തിൽ ലോഭം മൂലം സ്വാർത്ഥത്തിലേക്ക് നിന്റെ മക്കൾ പോകുകയാണ്. ഇവർ ഇപ്രകാരം ചിന്തിക്കുകയാണെങ്കിൽ ധർമ്മപുത്രൻ കൃതാർത്ഥനായി. ഞാൻ ഇപ്പോൾത്തന്നെ ഇവരെ കൂട്ടത്തോടെ നിഗ്രഹിച്ച് പാർത്ഥർക്കു നല്കാം. എന്നാൽ, അത് കഷ്ടമായിത്തീരും. ഹേ ഭാരതാ! ഞാൻ ഈ നിന്ദ്യകർമ്മം ചെയ്യുവാൻ തുടങ്ങുന്നില്ല. രാജാവേ, എന്നാൽ ഭവാന്റെ മുമ്പിൽവെച്ച്, ഈ ദുര്യോധനൻ ക്രോധത്താലും പാപബുദ്ധിയാലും നിരൂപിച്ചതു ചെയ്യട്ടെ! നിന്റെ പുത്രന്മാരെല്ലാവരുംകൂടി എന്നെ പിടിച്ചുകെട്ടട്ടെ! ഞാൻ സമ്മതിച്ചു.'

ഇതുകേട്ട് വിദുരനോട് ധൃതരാഷ്ട്രൻ പറഞ്ഞു: 'രാജ്യലുബ്ധനും പാപിയുമായ ദുര്യോധനനെ ഇങ്ങോട്ടുകൊണ്ടുവരൂ. മിത്രാമാത്യന്മാരും അനുജഭടന്മാരുംകൂടി ഇവിടെ വരട്ടെ. വേണ്ട വഴിക്കു തിരിച്ചുവിടാൻ എന്നെക്കൊണ്ട് ആകുമോ എന്നൊന്നു നോക്കട്ടെ!'

ദുര്യോധനനെ ആ ഭ്രാതൃരാജഗണങ്ങളോടുകൂടി, മനസ്സില്ലെങ്കിലും, വിദുരൻ രാജസഭയിലേക്കു കൊണ്ടുവന്നു. ധൃതരാഷ്ട്രരാജാവ് ദുര്യോധനനോടു പറഞ്ഞു. കർണ്ണദുശ്ശാസനന്മാരും മന്നവന്മാരും ചുറ്റുംനിന്നു കേട്ടു.

ധൃതരാഷ്ട്രൻ പറഞ്ഞു: 'ക്രൂരനായ മഹാപാപി. ക്ഷുദ്രകർമ്മസഹായികളോടുകൂടി, ദുർബുദ്ധികളോടുകൂടി നീ പാപകർമ്മം ചെയ്യുവാനാണോ പുറപ്പാട്? അസാദ്ധ്യവും ദുഷ്കീർത്തികരവും സജ്ജനഗർഹിതവുമായ ഇത്തരം പ്രവൃത്തിക്ക് നിന്നെപ്പോലുള്ള കുലപാംസനനല്ലാതെ ആരെങ്കിലും ഒരുങ്ങുമോ? കുലം മുടിക്കുവാൻ ജനിച്ച ദ്രോഹിയല്ലാതെ ഒരുങ്ങുമോ? അപ്രധൃഷ്യനും ദുരാധർഷനും (തടുക്കുവാൻ വയ്യാത്തവൻ)ആയ ഈ പങ്കജാക്ഷനെ നീ ദുസ്സഹായികളോടുകൂടി നിഗ്രഹിക്കുവാൻ ഒരുങ്ങുന്നുപോലും! നീ ഇവനെപ്പറ്റി വല്ലതും ഗ്രഹിച്ചിട്ടുണ്ടോ, മൂഢാ! ഇന്ദ്രാദിദേവന്മാർക്കുപോലും ബലത്താൽ ജയിക്കുവാൻ അശക്യനായ കൃഷ്ണനെ പിടിച്ചുകെട്ടുവാൻ ഒരുങ്ങുന്നുപോലും! ചന്ദ്രനെ പിടിക്കുവാൻ കൈനീട്ടുന്ന പൈതലിനെപ്പോലെ വിഡ്ഢിയായ നീ മോഹിക്കുന്നു! ദേവദാനവഗന്ധർവ്വദൈത്യനാഗങ്ങൾക്കുപോലും പോരിൽ താങ്ങുവാൻ കഴിയാത്ത കൃഷ്ണനെ നീ അറിയുമോ? എടോ കുട്ടീ! കാറ്റിനെ കൈകൊണ്ടു പിടിക്കുവാൻ കഴിയുമോ? ചന്ദ്രനെ കൈകൊണ്ട് തൊടുവാനൊക്കുമോ? ഭൂമണ്ഡലം തലയിൽ കേറ്റുവാൻ കഴിയുമോ? എന്നാൽ നിനക്ക് കൃഷ്ണനെ ബലമായി പിടിക്കാം.'

ധൃതരാഷ്ട്രൻ പറഞ്ഞപ്പോൾ വിദുരനും പറഞ്ഞു: 'ഹേ ദുര്യോധനാ, നീ ഇപ്പോൾ എന്റെ വാക്കു കേട്ടുകൊള്ളുക. സൗഭദ്വാരത്തിൽ വെച്ച് ദ്വിവിദൻ എന്ന കപീന്ദ്രൻ വലിയ പാറകൾ വർഷിച്ച് കൃഷ്ണനെ മൂടി. കൃഷ്ണനെ പിടിക്കുവാനായിരുന്നു അവന്റെ മഹാപ്രയത്നം. എന്നിട്ടെന്തുണ്ടായി? പിടിക്കുവാൻ പറ്റിയില്ല. നീയും അപ്രകാരം ബലമായി അവനെ പിടിക്കുവാൻ മോഹിക്കുകയാണ്. പ്രാക്ജ്യോതിഷത്തിൽവെച്ച് ധരകൻ ദൈത്യരോടുകൂടി ശൗരിയെ പിടിക്കുവാൻ നോക്കി, കഴിഞ്ഞില്ല! നീയും ബലമായി പിടിക്കുവാൻതന്നെ മോഹിക്കുന്നു. പോരിൽ ഭൂരിയുഗായുസ്സായ നരകനെ വീഴ്ത്തിയതിന്നുശേഷം ആയിരം കന്യകമാരെ വീണ്ടെടുത്ത് മുറയ്ക്ക് അവരെ വേട്ടവനാണ് ഇവൻ. നിർമ്മോചനത്തിൽ പാശബദ്ധരായ ആറായിരത്തിൽപ്പരം ദൈത്യന്മാർക്ക് പിടിക്കുവാൻ കഴിയാത്ത ഇവനെ നീ പിടിക്കുവാൻ മോഹിക്കുന്നു. ഇവൻ ബാല്യത്തിലേതന്നെ പൂതനയേയും പക്ഷിയേയും വധിച്ച കഥ നീ കേട്ടിട്ടില്ലേ? ഗോവർദ്ധനപർവ്വതത്തെ കൈകൊണ്ടു പൊക്കിപ്പിടിച്ച് ഗോക്കളെ രക്ഷിച്ചു. അരിഷ്ടൻ, ധേനുകൻ, ശക്തരായ ചാണൂരന്മാർ, അശ്വരാജൻ, തെറ്റുചെയ്ത കംസൻ ഇവരൊക്കെ ഇവന്റെ കൈകൊണ്ടു ഹതരായി. ജരാസന്ധൻ, ദന്തവക്ത്രൻ, വീര്യവാനായ ശിശുപാലൻ, ബാണൻ ഇവരൊക്കെ പോരിൽ ഹതരായി. അനവധി രാജാക്കന്മാരും മുടിക്കപ്പെട്ടു. വരുണരാജാവിനേയും അഗ്നിയേയും ഈ മഹാബലൻ പാരിജാതഹരണത്തിൽ ശചീശനേയും ജയിച്ചു. ഏകാർണ്ണവസ്വാപിയായ ഇവൻ മധുകൈടഭന്മാരേയും കൊന്നു. ജന്മാന്തരത്തിൽ ഹയഗ്രീവനെ കൊന്നു. കർത്താവായ ഇവൻ

പൗരുഷത്തിന്നു കാരണമൊന്നും ചെയ്യുകയില്ല. ഈ ശൗരി എന്തെല്ലാം ഇച്ഛിക്കുന്നുവോ, അതൊക്കെ അയത്നമായി ചെയ്യും. ഘോരവീര്യവാനും ഗോവിന്ദനും അച്യുതനും സർപ്പത്തെപ്പോലെ ചൊടിക്കുന്നവനും മാന്യനും തേജസ്വിയുമായ കൃഷ്ണനെ നീ അറിയുന്നില്ല. മഹാഭുജനും ശ്ലാഘ്യകാരിയുമായ കൃഷ്ണനെ നീ ഇളക്കിയാൽ അമാത്യന്മാരോടുകൂടി അഗ്നിയിൽ ഇയ്യാംപാറ്റപോലെ നീ നശിക്കും.'"

131. വിശ്വരൂപദർശനം – വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം വിദുരൻ പറഞ്ഞപ്പോൾ ശത്രുനാശനനായ കേശവൻ ധൃതരാഷ്ട്രപുത്രനായ ദുര്യോധനനോടു പറഞ്ഞു: 'എടോ സുയോധനാ, ഇപ്പോൾ ഞാൻ തനിച്ചേ ഉള്ളു എന്നു വിചാരിച്ചു ദുർബുദ്ധിയായ നീ മോഹിച്ച് എന്നെ അവമാനിച്ചു പിടിക്കുവാൻ വിചാരിക്കുന്നു. ഇവിടെ എന്റെ കൂടെ എല്ലാ പാണ്ഡവന്മാരും വൃഷ്ണ്യന്ധകഗണങ്ങളും ആദിത്യവസുരുദ്രന്മാരും മഹർഷികളും ഉണ്ട്. ഞാൻ തനിച്ചാണെന്നു മൂഢനായ നീ വിചാരിക്കുന്നു.' എന്ന് ഉച്ചത്തിൽ ശത്രുനാശനനായ കേശവൻ ഒന്നുചിരിച്ചു. ആ മഹാത്മാവായ ശൗരി ചിരിക്കുമ്പോൾ മിന്നൽ പ്രകാശമുണ്ടായി. അംഗുഷ്ഠപ്രായരായ ദേവകൾ അനലജ്വാലതൂകി. അവന്റെ നെറ്റിയിൽ ബ്രഹ്മാവു ശോഭിച്ചു. മാറത്ത് രുദ്രൻ വിളങ്ങി. കൈകളിൽ ലോകപാലകന്മാരും വായിൽ അഗ്നിയും ആദിത്യന്മാരും, സാദ്ധ്യരും, വസുക്കളും, അശ്വിനീപുത്രന്മാരും, ഇന്ദ്രനോടുകൂടിയ മരുത്തുക്കളും, വിശ്വേദേവകളും, ഗന്ധർവ്വാശരന്മാരും ഒരേ രൂപത്തിൽ ഉണ്ടായി. രണ്ടു കൈകളിൽനിന്നും സങ്കർഷണധനഞ്ജയന്മാരുണ്ടായി. വലത്തുഭാഗത്ത് പാർത്ഥൻ വില്ലെടുത്തും, ഇടത്തുഭാഗത്ത് ഹലായുധനായ ബലഭദ്രനും കാണപ്പെട്ടു. ഭീമനും യുധിഷ്ഠിരനും പുറത്ത് അശ്വിനീപുത്രന്മാരും പ്രദ്യുമ്നൻ മുതലായ വൃഷ്ണ്യന്ധകന്മാരും അപ്പോൾ കാണുമാറായി. കൃഷ്ണന്റെ മുമ്പിലായി വലിയ ആയുധങ്ങൾ ധരിച്ച യോദ്ധാക്കൾ വിളങ്ങി. ശംഖ്, ചക്രം, ഗദ, ശക്തി, ശാർങ്ഗം, വലിയ കരി, നന്ദകം ഇവയൊക്കെ സമുദ്യുതങ്ങളായി. മറ്റ് ആയുധങ്ങളും കാണുമാറായി. ഇവയൊക്കെ ജ്വലിച്ചുകൊണ്ട് കൃഷ്ണന്റെ കൈകളിൽ വിളങ്ങി. കണ്ണ്, മൂക്ക്, കാത് എന്നിവയിലൊക്കെ ഒരുപോലെ മഹാരൗദ്രമായ പുകയുമായി അഗ്നിജ്വാല ഉയർന്നു. സൂര്യന് അംശുക്കൾപോലെ രോമകൂപങ്ങൾതോറും അഗ്നി ജ്വലിച്ചു. ഇതുകണ്ടു പേടിച്ച് ഉള്ളുഴന്ന് കൗരവന്മാർ ഒപ്പം കണ്ണടച്ചു.

ദ്രോണനും ഭീഷ്മനും വിദുരനും ധൃതരാഷ്ട്രനും മഹാഭാഗനായ സഞ്ജയനും മുനീന്ദ്രന്മാരും ഒഴികെ മറ്റുള്ളവരൊക്കെ കണ്ണടച്ചു. ഭഗവാൻ ജനാർദ്ദനൻ അവർക്ക് ദിവ്യചക്ഷുസ്സു നല്കി. മാധവന്റെ മഹാശ്ചര്യം സഭയിൽ കണ്ടയുടനേ ദേവദുന്ദുഭി ശബ്ദിക്കുകയും പുഷ്പവൃഷ്ടി നടത്തുകയും ചെയ്തു.

ധൃതരാഷ്ട്രൻ പറഞ്ഞു: "പുണ്ഡരീകാക്ഷാ, നീയാണല്ലോ എല്ലാ ലോകങ്ങൾക്കും ഹിതം ചെയ്യുന്നവൻ. അതുകൊണ്ട് ഹേ യാദവശ്രേഷ്ഠാ! ഭവാൻ പ്രസാദിക്കണേ! ഭഗവാനേ, ഞാൻ കണ്ണുകാണാത്തവനാണ്. ഭവാനെ കാണുവാൻ എനിക്കു മോഹമുണ്ട്. മറ്റൊന്നും എനിക്കു കാണേണ്ട."

ഇതുകേട്ട് മഹാബാഹുവായ ജനാർദ്ദനൻ ധൃതരാഷ്ട്രനോടു പറഞ്ഞു: "നിന്റെ കണ്ണു രണ്ടും വീണ്ടും കാണാതെയാകും, കുരുനന്ദനാ!"

ഉടനെ മഹാത്ഭുതമുണ്ടായി! കൃഷ്ണന്റെ വിശ്വരൂപം കാണുവാൻ ധൃതരാഷ്ട്രന്റെ കണ്ണുകൾക്കു കാഴ്ചയുണ്ടായി! ധൃതരാഷ്ട്രന്റെ കണ്ണിന്നു കാഴ്ചവെച്ചതിൽ വിസ്മയിച്ച് രാജാക്കന്മാരും മുനിമാരും മധുവൈരിയെ പുകഴ്ത്തി. ഭൂമിയൊക്കെ കുലുങ്ങി. സാഗരങ്ങളും കുലുങ്ങി. രാജാക്കന്മാരൊക്കെ അത്ഭുതപ്പെട്ടു.

പിന്നെ ആ പുരുഷവ്യാഘ്രൻ വപുസ്സിനെ സംഹരിച്ചു. വിചിത്രദിവ്യാത്ഭുതമായി വലുതായി നില്ക്കുന്ന ശരീരം പിൻവലിച്ചു. കൃതവർമ്മാവിന്റേയും സാത്യകിയുടേയും കൈപിടിച്ച് ഋഷിമാരുടെ സമ്മതത്തോടുകൂടി മധുസൂദനൻ ഇറങ്ങി. അപ്പോൾ നാരദാദികളായ മഹർഷിമാർ മറഞ്ഞുപോയി. ആ കോലാഹലത്തിൽ മഹർഷിമാർ മറഞ്ഞത് ഒരു അത്ഭുതമായി!

കൃഷ്ണൻ പോകുന്നതായിക്കണ്ടപ്പോൾ കൗരവന്മാരും, നരേന്ദ്രന്മാരും ഇന്ദ്രനെ അമരന്മാർ എന്നപോലെ ആ നരവ്യാഘ്രനെ പിൻതുടർന്നു. മഹാത്മാവ് ആ നൃപകുലത്തെ വകവെക്കാതെ പുകയുന്ന അഗ്നിപോലെ പുറത്തേക്കിറങ്ങി.

ഉടനെ വലിയതും, മണികിങ്ങിണി ചാർത്തിയതും, പൊൻജാലചിത്രം ലഘുവായി കാറ്റുപോലെ മുഴങ്ങിയും, ശുഭമായ സൂപസ്കരം വ്യാഘ്രചർമ്മക്നുപ്തമായ വരൂഥി (തേരിനെപ്പൊതിയുന്ന പുലിത്തോല്) ഇട്ടതും, ശൈബ്യസുഗ്രീവങ്ങളെ പൂട്ടിയതുമായ രഥം ദാരുകൻ കൊണ്ടുവന്നു. മഹാരഥനായ കൃതവർമ്മനും, വൃഷ്ണിമുഖ്യനായ സാത്യകിയും തേരിൽക്കയറി. തേരിൽക്കയറാൻ പോകുന്ന അരിന്ദമനായ കൃഷ്ണനോട് ധൃതരാഷ്ട്രരാജാവ് വീണ്ടും ഇപ്രകാരം പറഞ്ഞു: 'ഹേ, ജനാർദ്ദനാ! എന്റെ മക്കൾക്കുള്ള ബലം ഭവാന്റെ കാഴ്ചയിൽ പ്രത്യക്ഷമാണല്ലോ. അങ്ങയ്ക്കു കാണാൻ കഴിയാത്തത് ഒന്നുംതന്നെയില്ലല്ലോ. കുരുക്കൾക്ക് ശമം കാംക്ഷിച്ച് ഞാൻ ഉദ്യമിച്ചതും ഭവാൻ അറിഞ്ഞ് എന്റെ നിലയിൽ ഭവാൻ ശങ്കിക്കാതിരിക്കണേ! കേശവാ, എനിക്ക് പാണ്ഡവന്മാരിൽ യാതൊരു ദുഷ്ടവിചാരവുമില്ല. ഞാൻ ദുര്യോധനനോടു ഹിതം ഉപദേശിച്ചതൊക്കെ ഭവാൻ കേട്ടതുമാണല്ലോ. ഞാൻ സർവ്വാത്മനാ ശമത്തിന്നുദ്യമിച്ചത് കുരുക്കൾ എല്ലാവരും മന്നിലുള്ള സകല മന്നവന്മാരും അറിയുന്നുണ്ട് കേശവാ!"

വൈശമ്പായനൻ പറഞ്ഞു: "മഹാബാഹുവായ ജനാർദ്ദനൻ ധൃതരാഷ്ട്രനോടും, ഭീഷ്മൻ, ദ്രോണൻ, കൃപൻ, ക്ഷത്താവ്, ബാൽഹീകൻ ഇവരോടുമായി പറഞ്ഞു."

കൃഷ്ണൻ പറഞ്ഞു: "നിങ്ങൾ കുരുസദസ്സിൽ നടന്ന സംഭവങ്ങളൊക്കെ കണ്ടുവല്ലോ. അശിഷ്ടന്മാരുടെമാതിരി ആ മന്ദൻ രോഷത്തോടെ ഉദ്യമിച്ചതും നിങ്ങൾ കണ്ടതാണല്ലോ. ധൃതരാഷ്ട്രരാജാവ് പറയുന്നു, താൻ അസ്വതന്ത്രനാണെന്ന്. ഞാൻ നിങ്ങളോടൊക്കെ യാത്ര പറയുന്നു. ഞാൻ ധർമ്മജന്റെ അടുത്തേക്കു പോകട്ടെ!"

യാത്ര പറഞ്ഞ് ശൗരി തേരിൽക്കയറുമ്പോൾ വില്ലാളിവീരന്മാരായ ഭരതർഷഭന്മാർ പിന്തുടർന്നു. ഭീഷ്മൻ, ദ്രോണൻ, കൃപൻ, ക്ഷത്താവ്, ബാൽഹീകൻ, ധൃതരാഷ്ട്രൻ, വികർണ്ണൻ, അശ്വത്ഥാമാവ്, യുയുത്സു എന്നീ മഹാശയന്മാർ കൃഷ്ണനെ അനുഗമിച്ചു യാത്രയയച്ചു. കിങ്ങിണികെട്ടിച്ച വെള്ളത്തേരിൽക്കയറി അവൻ തന്റെ അച്ഛൻപെങ്ങളായ കുന്തിയെക്കാണുവാൻ കൗരവന്മാർ കാൺകെ അവിടെനിന്നുപോയി.

132. കുന്തീവാക്യം – ധർമ്മപുത്രനോടു പറയേണ്ട സന്ദേശം കുന്തി കൃഷ്ണനോടു വിവരിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "കൃഷ്ണൻ കുന്തിയുടെ ഗൃഹത്തിൽച്ചെന്ന് അവളുടെ പാദത്തിൽ വന്ദിച്ചു. കുരുസംസത്തിൽ നടന്ന കഥയൊക്കെ കൃഷ്ണൻ അച്ഛൻപെങ്ങളോടു പറഞ്ഞു.

വാസുദേവൻ പറഞ്ഞു: 'മഹർഷിമാരും ഞാനും യുക്തിയുക്തമായി കൈക്കൊള്ളേണ്ട കാര്യങ്ങളൊക്കെ പറഞ്ഞു. എന്നാൽ ദുര്യോധനൻ അതൊന്നും സ്വീകരിച്ചില്ല. സുയോധനന്റെ വശം നില്ക്കുന്നവരൊക്കെ കാലപക്വങ്ങളാണ്. ഞാൻ ഭവതിയോടു യാത്ര പറയുന്നു. പാർത്ഥന്മാരുടെ അടുത്തേക്കു ഞാൻ പോവുകയാണ്. എന്താണ് ഞാൻ അവിടുത്തെ വാക്കായി, കല്പനയായി, പറയേണ്ടത്? അതു ഭവതി പറഞ്ഞാലും! ഞാൻ അതു കേൾക്കുവാൻ ആഗ്രഹിക്കുന്നു.'

കുന്തി പറഞ്ഞു: 'ധർമ്മാത്മാവായ ധർമ്മപുത്രരാജാവോടു ഞാൻ പറഞ്ഞതായിപ്പറയൂ. ധർമ്മം വല്ലാതെ ക്ഷയിച്ചിരിക്കുന്നു. കാലം പാഴാക്കരുത് ഉണ്ണീ! പാണ്ഡിത്യംകെട്ട മന്ദനായ ശ്രോത്രി

യനെപ്പോലെ അനുപാകത്താൽ ബുദ്ധികെട്ട് ധർമ്മത്തെ നോക്കുകയാണ് നീ. എടോ ധർമ്മപുത്രാ, വിധിയുടെ സൃഷ്ടിപ്രകാരമാണ് നീ ധർമ്മത്തെപ്പറ്റി ചിന്തിക്കേണ്ടത്. ക്ഷത്രിയന്മാർ ബാഹുക്കളിൽനിന്നു ജനിച്ചവരാണ്. അവർ ബാഹുവീര്യംകൊണ്ട് ഉപജീവിക്കണമെന്നാണ് വിധി കല്പിച്ചിട്ടുള്ളത്. പ്രജകളെ രക്ഷിക്കുവാൻ ക്രൂരകർമ്മം ചെയ്യേണ്ടിവരുന്നതും അവനു വിധിച്ചിട്ടുള്ള ധർമ്മമാണ്. അതിൽ യാതൊരു തെറ്റുമില്ല. ഞാൻ അതിനു ദൃഷ്ടാന്തമായി ഒരു കഥ പറയാം. പണ്ടുള്ളവർ പറഞ്ഞുകേട്ടിട്ടുള്ളതാണത്. പണ്ട് വൈശ്രവണൻ രാജർഷിയായ മുചുകുന്ദന് ഈ ഭൂമിയൊക്കെ നല്കി. എന്നാൽ സസന്തോഷം സമ്മാനിച്ച ആ ഭൂമി ആ രാജർഷി സ്വീകരിച്ചില്ല. ആ മഹാശയൻ പറഞ്ഞതെന്താണെന്നു കേൾക്കണോ? "ഞാൻ കൈയൂക്കുകൊണ്ടു നേടുന്ന ഭൂമി മാത്രമേ ഏല്ക്കുകയുള്ളു. സൗജന്യമൊന്നും സ്വീകരിക്കുകയില്ല." ഇതു കേട്ടപ്പോൾ വൈശ്രവണൻ പ്രീതനായി അത്ഭുതപരതന്ത്രനായി നിന്നുപോയി. പിന്നെ മുചുകുന്ദ രാജാവ് തന്റെ കൈയൂക്കുകൊണ്ട് ഭൂമിയൊക്കെ നേടി ക്ഷത്രധർമ്മം തെറ്റാതെ ഭരിച്ചു.

രാജാവ് നന്നായി ഭരിക്കുന്ന നാട്ടിലെ നാട്ടുകാർ ഏതു ധർമ്മം ചെയ്യുന്നുവോ ആ ധർമ്മത്തിന്റെ നാലിൽ ഒരു ഭാഗം രാജാവു നേടുന്നുണ്ട്. രാജാവു ചെയ്യുന്ന കർമ്മം ദേവത്വത്തിനും ആയിത്തീരും. അധർമ്മം രാജാവു ചെയ്താൽ നരകത്തിൽ പതിക്കുകയും ചെയ്യും. ചാതുർവ്വർണ്യത്തിനു നിശ്ചയിക്കപ്പെട്ട ധർമ്മം (ദണ്ഡനീതി) രാജാവു തെറ്റായി ചെയ്താൽ അത് അധർമ്മമായിത്തീരും. രാജാവ് നന്നായി ദണ്ഡനീതി നടത്തുന്നതായാൽ അപ്പോൾ ശ്രേഷ്ഠമായ കൃതയുഗകാലം ലോകത്തിൽ നടക്കും. രാജാവുകാരണമാണോ കാലം, കാലം കാരണമാണോ രാജാവ് എന്നു സംശയിക്കേണ്ടതില്ല. കാലത്തിനു കാരണം രാജാവാണ്. കൃതവും ത്രേതയും ദ്വാപരവും കലിയുമൊക്കെ രാജാവാണ് സൃഷ്ടിക്കുന്നത്. രാജാവ് ഭരണംകൊണ്ടു കൃതമാക്കിയാൽ ലോകം എന്നെന്നും സ്വർഗ്ഗമായിത്തീരും. ത്രേതമാക്കിയാൽ അത്രത്തോളം സ്വർഗ്ഗമാവുകയില്ല. ദ്വാപരത്തെയാണ് രാജാവ് ഭരണംകൊണ്ടു സൃഷ്ടിക്കുന്നതെങ്കിൽ അതിന്നനുസരിച്ച അംശം അതിൽനിന്നു ലഭിക്കും. രാജാവ് ദുഷിച്ച ഭരണംകൊണ്ട് ദുഷിച്ച കലിയാക്കിത്തീർത്താൽ അതിന്റെ ഫലമായി അത്യന്തം പാപത്തെ അനുഭവിക്കുന്നതാണ്. ദുഷ്കർമ്മിയായ അവൻ വളരെക്കാലം നരകത്തിൽതന്നെ കിടക്കും. രാജദോഷം ജനങ്ങളേയും ജനദോഷം രാജാവിനേയും ബാധിക്കും. അതുകൊണ്ട് പിതൃപൈതാമഹന്മാർ അനുഷ്ഠിച്ചുവന്ന രാജധർമ്മങ്ങൾ നീ കാക്കുക. ഇപ്പോൾ നീ നില്ക്കുവാൻ നോക്കുന്നത് രാജർഷിമാർക്കു ചേർന്നതല്ല. വൈക്ലബ്യത്തോടുകൂടി ആനൃശംസ്യത്തിൽ നില്ക്കുന്നവൻ പ്രജാരക്ഷകൊണ്ടു കിട്ടുന്ന ഫലമൊന്നും ഒരിക്കലും നേടുകയില്ല. ഈ ആശിസ്സ് പാണ്ഡുവും ഞാനും പിതാമഹന്മാരാരുംതന്നെ, സ്വമേധകൊണ്ടു നീ നടത്തുന്നവിധം, മുമ്പെ ചെയ്തിട്ടില്ല.

യജ്ഞം, ദാനം, തപം, ശൗര്യം, പ്രജ്ഞ, സന്താനം, മാഹാത്മ്യം, ബലം, ഓജസ്സ് എന്നിവ ഞാൻ നിത്യവും പ്രാർത്ഥിച്ചുകൊണ്ടാണ് കഴിച്ചത്. നിത്യവും സ്വാഹയും, സുധയും നല്കുന്ന മാനുഷദേവതകളാണ് അവർ. പ്രസാദിച്ചാൽ ദീർഘായുസ്സ്, ധനം, സന്താനങ്ങൾ എന്നിവയെ അവർ നല്കും. പിതാക്കൾ ദേവകളോട് അർത്ഥിക്കുന്നതെന്താണെന്ന് അറിയുന്നുണ്ടോ? ദാനം, അദ്ധ്യയനം, യജ്ഞം, പ്രജാസംരക്ഷണം എന്നിവയിലൊക്കെ മക്കൾ അദ്വിതീയരാകണമെന്നാണ്. ധർമ്മാധർമ്മങ്ങളൊക്കെ നീ ജന്മത്താൽ അറിയുന്നുണ്ടല്ലോ. കുലീനന്മാരും പണ്ഡിതന്മാരുമായവർ അവൃത്തിക്ലിഷ്ടരാകാം. വിശന്നുഴന്നു വലയുന്നവർ ശൂരനായ രക്ഷാധികാരിയെ കിട്ടി നന്ദിക്കുന്നതായാൽ അതിലും ധർമ്മമായി മറ്റെന്തുണ്ട്? ദാനത്താൽ ഒരുത്തനെ, ശക്തികൊണ്ട് അന്യനെ, മറ്റൊരുത്തനെ വാക്കുകൊണ്ട് ഇങ്ങനെ ഓരോരുത്തനേയും പാട്ടിൽവെക്കുകയാണ് ധാർമ്മികനായ രാജാവു ചെയ്യേണ്ടത്. ബ്രാഹ്മണൻ ഭിക്ഷയേൽക്കണം. ക്ഷത്രിയൻ ഭൂമി ഭരിക്കണം. വൈശ്യൻ ധനം സമ്പാദിക്കണം. ശൂദ്രൻ ശുശ്രൂഷ ചെയ്യണം. നിഷിദ്ധമായ ഭിക്ഷാടനം ക്ഷത്രിയനായ നിനക്കു ചേർന്നതല്ല. കൃഷിയും നിനക്കു പറ്റിയതല്ല. നീ ക്ഷതത്രാതാവായ ക്ഷത്രിയനാണ്. നീ ബാഹുവീര്യോപജീവിയാണ്. നീ ആജാനേയ*ത്തെ ഓർത്ത് ഭാരം ഏറ്റുവലിക്കുകതന്നെ വേണം. സത്വവും മാനവും സ്വീകരിക്കുക. തന്റെ പൗരുഷം താൻ അറിയുക.

മഹാബാഹോ, പിതൃധനം താഴ്ന്നുപോയത് നീ ഉദ്ധരിക്കുക. സാമം, ഭേദം, ദാനം, ദണ്ഡം, നയം എന്നീ രാജനീതികളെ നീ പ്രയോഗിച്ചു നോക്കുക.

നീ ഒന്നു ചിന്തിച്ചുനോക്കൂ! ഇതിലും അധികം ദുഃഖകരമായി എന്താണു ലോകത്തിലുള്ളത്? ഹീനബാന്ധവയായി, പരന്റെ അന്നവും ഭക്ഷിച്ച്, മിത്രാഭിനന്ദനയായ നിന്റെ അമ്മ, ഇവിടെ ചോറിന്ന് കാത്തുകിടക്കുന്നു എന്നുള്ളതിൽപ്പരം അവമാനകരമായി, ദുഃഖകരമായി എന്തുണ്ട്?

നീ ക്ഷത്രധർമ്മം കൈക്കൊള്ളുക. ശത്രുക്കളുമായി പൊരുതുക! പിതൃക്കൾക്ക് അവമാനം വരുത്തിവെക്കരുത്. അനുജരോടുകൂടിയ നീ പുണ്യംവെടിഞ്ഞ് പാപത്തിന്റെ മാർഗ്ഗത്തിലൂടെ ഗമിക്കരുത്!"

133. വിദുളാപുത്രാനുശാസനം – കുന്തി പറഞ്ഞു: "ഇതിന്ന് ഉദാഹരണമായി നാട്ടുകാർ ഇങ്ങനെ ഒരു പഴങ്കഥ പറയാറുണ്ട്. വിദുളയും പുത്രനുമായുള്ള സംവാദമാണ് അത്. അതു ഞാൻ പറയാം.

വലിയ യശസ്വിനിയും ദുഃഖിതയുമായ വിദുളയെപ്പറ്റി ഇന്നും രാജാക്കന്മാർ പുകഴ്ത്തുന്നുണ്ട്. ശ്രേയസ്സുചേരുന്ന ആ കുലോൽപന്ന ധർമ്മം ചേരുമാറ് തന്റെ പുത്രനോടു ചൊടിച്ചുകൊണ്ടു പറഞ്ഞ ആ വാക്കുകൾ ഞാൻ നിങ്ങളോടു പറയേണ്ടി വന്നിരിക്കുന്നു. സിന്ധുരാജാവായ സഞ്ജയൻ ശത്രുക്കളോടു പോരാടി തോറ്റോടി തന്റെ ഗൃഹത്തിൽ വന്നുകിടക്കുമ്പോൾ രാജമാതാവായ വിദുള ഇപ്രകാരം പറഞ്ഞു:

വിദുള പറഞ്ഞു: 'എടോ ദുഷ്പുത്രാ! നന്ദിപ്പിക്കാത്ത നന്ദനാ! വൈരിസന്തോഷവർദ്ധനാ! നീ എങ്ങനെ ഈ ഭൂമിയിൽ വന്നുചേർന്നു? ഞാനും അച്ഛനുമല്ല നിന്റെ ജന്മത്തിനു ഹേതു. നീ ഞങ്ങൾക്കു രണ്ടുപേർക്കും ഉണ്ടായവനല്ല! നീ എവിടെനിന്നു വന്നുകൂടി? ചുണയില്ലാത്തവനായ നീ, കണക്കിലെടുക്കാൻ പറ്റാത്ത ക്ലീബസാധനമായ നീ, പുരുഷനായി ചാകുന്നതുവരെ നിരാശനായി ശുഭത്തിനുവേണ്ടി ഭാരം ചുമക്കൂ! ആത്മാവമാനനം ചെയ്യരുത്. സ്വല്പംകൊണ്ട് കഴിയാൻ നോക്കരുത്. മനസ്സ് ശുഭമാക്കി ഭയത്തിനെ അടക്കി ജീവിക്കുക. എടോ വിഡ്ഢീ, എഴുന്നേൽക്കൂ! നീ തോറ്റുവന്നു കിടക്കുകയാണോ? വൈരികൾക്കു സന്തോഷവും മിത്രങ്ങൾക്കു ദുഃഖവും നല്കുന്ന നീ എന്തു ചെയ്യുന്നു?

ചെറുപുഴ വേഗത്തിൽ നിറയും, മൂഷികന്റെ കൊച്ചുകൈ നിറയുവാൻ അധികം ജലം വേണ്ട. വിഡ്ഢി അല്പംകൊണ്ടു വേഗം സന്തോഷിക്കും. എടോ വങ്കാ! നീ പാമ്പിന്റെ വിഷപ്പല്ലു പോയി പറിച്ച് അപ്പോൾത്തന്നെ ചാവുകയാണെങ്കിൽ ചാകട്ടെ! ശൂരനായ മനുഷ്യൻ ജീവനിൽ സംശയിച്ചും പരാക്രമം എടുക്കും. ആകാശത്തു ചുറ്റിപ്പറക്കുന്ന പരുന്തിനെപ്പോലെ ശത്രുവിന്റെ പഴുത് നീ നോക്കിക്കാണൂ! തർക്കിച്ചും ശങ്കിച്ചും മൗനംകൊണ്ടും നില്ക്കാതെ വേഗം പോകൂ!

എന്തേ ഇമ്മാതിരി മങ്ങിക്കിടക്കാൻ? വജ്രമേറ്റവനെപ്പോലെ? എടോ വിഡ്ഢീ, എഴുന്നേൽക്കൂ! നീ തോറ്റുകിടക്കുകയാണോ? നീ നിസ്സാരനായി ചാകരുത്! പ്രവൃത്തികൊണ്ടു പേരെടുത്തു മരിക്കണം പുരുഷൻ! നടുക്കു നില്ക്കരുത്! താണു നില്ക്കരുത്! കീഴിൽ നില്ക്കരുത്! നീ ഉന്നതനായിത്തന്നെ

* ആജാനേയം = കുതിരക്കാരന്റെ സംജ്ഞ അറിയുന്ന ഇണങ്ങിയ കുതിര.

നില്ക്കണം! ശത്രുക്കളോട് ആർത്ത് ഏന്തി പോരാടിത്തന്നെ നില്ക്കണം! തിന്ദുക(പനച്ചി)ക്കൊള്ളിപോലെ അല്പസമയമെങ്കിലും ആളിക്കത്തുക. ജീവൻ ഇച്ഛിക്കുന്നവനാണു നീയെങ്കിൽ ഉമിത്തീപോലെ പുകഞ്ഞുകിടക്കരുത്. വളരെനാൾ പുകഞ്ഞു പുകഞ്ഞു കിടക്കുന്നതിനേക്കാൾ ഭേദം അല്പസമയം ആളിക്കത്തലാണ്. ഏതു രാജഗൃഹത്തിലും കർക്കശനായിരിക്കണം രാജാവ്. മൃദുവായി ഭവിക്കരുത്. മനുഷ്യധർമ്മംചെയ്ത് മുഖ്യമായ പോരാട്ടം നടത്തിയവൻ ധർമ്മത്തിന്റെ കടം വീട്ടുകയും ആത്മനിന്ദ ഏല്ക്കാതിരിക്കുകയും ചെയ്യും. നേടിയാലും ഇല്ലെങ്കിലും പണ്ഡിതൻ ദുഃഖിക്കുകയില്ല. ഉടനെതന്നെ യത്നിക്കും. പ്രാണനാശത്തെപ്പറ്റി ബുദ്ധിമാൻ ചിന്തിക്കുകയില്ല. ധർമ്മത്തെ മുൻനിർത്തി യത്നിച്ച് വീര്യപ്പുകഴ്ചയോ നിത്യഗതിയോ ഗമിക്കുക. അല്ലാതെ നീ എന്തിന്നുവേണ്ടി ജീവിക്കുന്നു? നിന്റെ ഇഷ്ടാപൂർത്തവും മറ്റു കീർത്തിയും വിട്ടുപോയതിന്നുശേഷം, ഹേ ക്ലീബാ! സുഖത്തിന്റെ വേരറ്റ നീ എന്തിന്നു ജീവിച്ചിരിക്കുന്നു? ഇടിഞ്ഞുവീഴുന്ന നേരത്തും ശത്രുവിന്റെ കാൽപിടിച്ചു വലിച്ചിടണം. വേരറ്റു വീഴുന്ന നേരത്തും വിഷാദിക്കാതിരിക്കണം. ആജാനേയമായ കുതിരയെപ്പോലെ നീ ഭാരം വലിക്കണം. സത്വവും മാനവും കൈക്കൊള്ളണം. അതാണ് മനുഷ്യന്റെ പൗരുഷം. നീ കാരണം താഴ്ന്നുപോയ കുലത്തെ നീതന്നെ ഉദ്ധരിക്കുവാൻ നോക്കുക! അത്ഭുതാവമാനങ്ങളെപ്പറ്റി ജനങ്ങൾ പറയാതിരിക്കത്തക്കവണ്ണം നീ പ്രവർത്തിക്കുക. ആണും പെണ്ണും കെട്ട മനുഷ്യൻ വളരുന്ന ഒരു വസ്തു മാത്രമാണ്! ദാനം, തപം, സത്യം ഇവയൊക്കെ വെടിഞ്ഞ് വിദ്യയും അർത്ഥസിദ്ധിയും വിട്ടു ജീവിക്കുന്ന മനുഷ്യൻ പെറ്റ മാതാവിന്റെ മലമാണ്! അത്രയേ അവനെക്കുറിച്ചു പറയുവാൻ കാണുന്നുള്ളൂ. പുരുഷൻ എന്നു പറഞ്ഞുകൂടാ. ശ്രുതം, തപസ്സ്, സമ്പത്ത്, വീര്യം എന്നിവകൊണ്ടു മറ്റുള്ളവരെ താഴ്ത്തത്തക്കവിധം പ്രവർത്തിക്കുന്നവൻ ആരോ അവനാണു പുരുഷൻ!

എടോ പുത്രാ! നീ പൊട്ടക്കാപാലികനെപ്പോലെ കൊറ്റിന്ന് ഇച്ഛിക്കുവാൻ അർഹനാണോ? നൃശംസനായി കീർത്തികെട്ടു ദുഃഖിക്കുന്ന നീചന്റെ മാതിരിയാകാമോ? ക്ഷീണിച്ചുകിടക്കുന്ന ഏവനെപ്പറ്റി മറ്റുള്ളവർ പറഞ്ഞുരസിക്കുന്നുവോ, നികൃഷ്ടാസനനും നികൃഷ്ടവസ്ത്രധാരിയുമായിരിക്കുന്ന ഏവനെപ്പറ്റി മറ്റുള്ളവർ നിന്ദിച്ചു പറയുന്നുവോ, ലോഭത്തോടെ അല്പജീവനതൽപരനായി ഏവൻ ജീവിക്കുന്നുവോ അവനെക്കൊണ്ടു ബന്ധുജനങ്ങൾക്കു സുഖം ലഭിക്കുന്നതാണോ?

കൊറ്റിന്നു വഴിയില്ലാതെ നശിക്കുന്നവനും, നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവനും, സർവ്വകാമരസങ്ങളും കെട്ടവനും, സ്ഥാനഭ്രഷ്ടനും, ദരിദ്രനുമായി മംഗളങ്ങൾ ചെയ്യാത്തവനായി കുലവും വംശവും മുടിക്കുന്നവനായി പുത്രൻ എന്നപേരിൽ അറിയപ്പെടുന്ന 'കലി' യായ നിന്നെ എടോ സഞ്ജയാ! ഞാൻ പ്രസവിച്ചുവല്ലോ. അമർഷവും, ഉത്സാഹവും വീര്യവുമില്ലാതെ ശത്രുക്കളെ ചിരിപ്പിക്കുവാൻ മാത്രം പോന്ന ഇത്തരം സന്താനത്തെ ഒരു സ്ത്രീയും ഭൂമിയിൽ പ്രസവിക്കാതിരിക്കട്ടെ! എടോ, പുത്രാ! നീ കിടന്ന് പുകയാതിരിക്കൂ! നീ ശത്രുക്കളിൽ കേറിക്കത്തുക! കേറിക്കൊല്ലുക! ശത്രുവിന്റെ ശിരസ്സിൽ മുഹൂർത്തമോ ക്ഷണനേരമോ കേറി ജ്വലിക്കൂ! ക്ഷമിക്കാതെ അമർഷിയായി ശോഭിക്കൂ! എന്നാൽ, അവൻ പുരുഷനാണെന്നു ഞാൻ പറയും. നേരേമറിച്ച് ശത്രുക്കളിൽ ക്ഷമിച്ച്, അമർഷമേല്ക്കാത്തവനായി വർത്തിക്കുന്നവൻ ആണുമല്ല, പെണ്ണുമല്ല. മനുഷ്യന്റെ അലംഭാവവും തൃപ്തിയും സമ്പത്തിനെ കൊന്നുകളയും. അപ്രകാരംതന്നെ അനുകമ്പയും സമ്പത്തിനെ കൊന്നുകളയും. മടിയും പേടിയുമുള്ള നിസ്പൃഹൻ എങ്ങനെ മഹത്വം നേടും? ഈ നിന്ദ്യമായ പാപങ്ങൾ നീ തന്നത്താനെ ഒഴിവാക്കുക. ഹൃദയത്തെ കാരിരുമ്പാക്കി മാറ്റി സ്വന്തം സമ്പത്തിനെ നേടുക. അങ്ങനെ ശത്രുവിനോട് എതിരിടൂ. അപ്പോൾ നീ പുരുഷനായിത്തീരും. പെണ്ണിനെപ്പോലെ ജീവിക്കുന്നവന്ന് ആത്മാവ് നിഷ്ഫലമാണ്. ശൂരനും ഊർജ്ജിതചിത്തനും സിംഹവിക്രമിയുമായ പുരുഷൻ മരിച്ചാലും അവന്റെ സന്തതികൾക്കു സുഖം ലഭിക്കാതിരിക്കുകയില്ല. തന്റെ പ്രിയസുഖങ്ങളൊക്കെ വിട്ട് ശ്രീ നേടുന്നവൻ ഉടനെതന്നെ അമാത്യന്മാർക്ക് ഏറ്റവും സന്തോഷം നല്കും.'

മകൻ പറഞ്ഞു: "അമ്മേ, എന്നെക്കാണാൻ കഴിയാതെ വന്നാൽ ഈ ലോകമൊക്കെ പിന്നെ, അമ്മയ്ക്ക് എന്തിനാണ്? ഈ ഭൂഷണങ്ങളൊക്കെ എന്തിന്? ഭോഗം എന്തിന്? ജീവൻ എന്തിന്?"

അമ്മ പറഞ്ഞു: 'തീറ്റ അന്വേഷിച്ചു മാത്രം ജീവിക്കുന്നവർക്കുള്ള ലോകം ശത്രുക്കൾ പ്രാപിക്കുമാറാകട്ടെ! അദൃതാത്മാക്കളുടെ ദിവ്യലോകം സുഹൃത്തുക്കൾക്കും ലഭിക്കട്ടെ! ഭൃത്യരില്ലാതെ, അന്യന്റെ അന്നവും കഴിച്ചു ജീവിക്കുന്ന, ദരിദ്രരായി കഴിഞ്ഞുകൂടുന്ന സത്വം കെട്ടവർക്കുള്ള ജീവിതവൃത്തിയെ നീ അനുവർത്തിക്കരുത്. നിന്നെ ആശ്രയിച്ച് അനേകം വിപ്രന്മാരും, മിത്രവർഗ്ഗങ്ങളും, പർജ്ജന്യത്തെ ജീവികൾ എന്നവിധം, ഇന്ദ്രനെ ദേവകൾ എന്നവിധം അനുജീവിക്കട്ടെ! പഴുത്ത ഫലങ്ങൾ നിറഞ്ഞ മാമരത്തെ ജീവികളെന്നപോലെ ആരെ ആശ്രയിച്ച് ഏവരും ആജീവിക്കുന്നുവോ, അവന്ന് ഏറ്റവും സഫലമാണ് ജന്മം. ഏതു ശൂരന്റെ വീര്യം കൊണ്ട് ബാന്ധവന്മാർ സുഖം പ്രാപിക്കുന്നുവോ, ഇന്ദ്രന്റെ വീര്യത്താൽ വാനവരെന്നപോലെ സുഖം പ്രാപിക്കുന്നുവോ, അവന്റെ ജീവിതം ഉത്തമമാണ്. തന്റെ കൈയൂക്കിനെ ആശ്രയിച്ചു പുലരുന്ന പുരുഷൻ പാരിൽ കീർത്തി വളർത്തി പരലോകത്തു സൽഗതിയെ പ്രാപിക്കുന്നതാണ്."

134. വിദുളാപുത്രാനുശാസനം – വിദുള പറഞ്ഞു: "എടോ പുത്രാ! പൗരുഷം നീ ഇപ്രകാരം വിടുവാനാണ് ഭാവമെങ്കിൽ നികൃഷ്ടന്മാർ പോകുന്നവഴിക്ക് ഉടനെ നീ എത്തും. യാതൊരു സംശയവുമില്ല. ശക്തിക്കടുത്ത തേജസ്സുകൊണ്ടു വീര്യം കാണിക്കാത്ത ക്ഷത്രിയൻ ജീവിതകാംക്ഷിയായ 'കള്ള' നാണ് എന്നേ ജനങ്ങൾ അവനെപ്പറ്റി പറയൂ. അർത്ഥം ചേർന്ന ഗുണമുള്ളതായ വാക്ക് നിന്നിൽ ഫലിക്കുകയില്ല. ചാകാൻ പോകുന്നവന്നു നല്ല മരുന്നുകൊണ്ട് എന്തു പ്രയോജനം? സിന്ധുരാജാവായ നിനക്കു തൃപ്തി നല്കുന്ന കൂട്ടുകാരില്ല. ആ വിഡ്ഢികൾ ദൗർബ്ബല്യത്താൽ വ്യസനം കാത്തിരിക്കുകയാണ്. സഹായവൃദ്ധിയുണ്ടാക്കി ഒരുക്കിക്കൂട്ടി നിന്റെ പൗരുഷം കാണാതെയാകുമ്പോൾ മറ്റുള്ളവരും ദുഷ്ടിൽപ്പെട്ടുപോകും. അവരെയൊക്കെ നീ വിളിച്ചുകൂട്ടി ഗിരിദുർഗ്ഗത്തിൽ പോയി വാഴുക! ശത്രുവിന്റെ വ്യസനത്തിന്നുവേണ്ട ലാക്കു നോക്കുക. അവൻ അജരാമരനല്ലെന്ന് ചിന്തിക്കുക. പോരിൽ മാത്രം നീ സഞ്ജയനാണ് (സമ്യക്കാകും വണ്ണം ജയിക്കുന്നവൻ). എന്നാൽ, അത് ഒട്ടും നിന്നിൽ കാണുന്നുമില്ല. നീ അന്വർത്ഥനാമാവാകുക. വ്യർത്ഥനാമകനാകാതിരിക്കുക.

മുമ്പ് ബാലനായ നിന്നെ കണ്ട് ഒരു ദ്വിജൻ നല്ലപോലെ നോക്കിക്കണ്ടതിന്നുശേഷം പറഞ്ഞു: 'ഇവൻ കഷ്ടപ്പെട്ടു വീണ്ടും വൃദ്ധിയെ പ്രാപിക്കും.' ആ വിപ്രന്റെ വാക്കോർത്തുകൊണ്ട് ഞാൻ നിന്റെ വിജയത്തെ പ്രതീക്ഷിക്കുന്നു. അതാണ് ഉണ്ണീ നിന്നോട് ഇപ്രകാരം വീണ്ടും വീണ്ടും പറഞ്ഞത്. ആരുടെ അർത്ഥസമ്പത്തിൽ മറ്റുള്ളവർ തൃപ്തരാകുന്നുവോ നയത്തിൽ അർത്ഥം നോക്കുന്നവനായ അവന്നു തീർച്ചയായും അർത്ഥപ്രാപ്തിയുണ്ടാകും. വൃദ്ധിയോ, ക്ഷയമോ എന്റെ പൂർവ്വന്മാർക്കും ഉണ്ടായിരിക്കും എന്നു നീയും വിചാരിക്കൂ! യുദ്ധശ്രദ്ധ ഉപേക്ഷിക്കാതെ പരിശ്രമിക്കുക.

പണ്ട് ശംബരൻ പറഞ്ഞ ഒരു വാക്യം ഞാൻ പറയാം. 'ഇതിലും കഷ്ടമായ ഒരു അവസ്ഥ മനുഷ്യന്ന് എന്താണുള്ളത്! ഇന്ന് അത്താഴത്തിന്നും നാളെ പുലർച്ചയ്ക്കു പ്രാതലിന്നും വഴി കാണാതിരിക്കുകയാണെങ്കിൽ? ഭർത്താവു മരിച്ചാലും പുത്രൻ മരിച്ചാലും ഉള്ള ദുഃഖം സഹിക്കാം. ഈ ദുഃഖം സഹിക്കുവാൻ സാദ്ധ്യമല്ല. ദാരിദ്ര്യം എന്നു പറയുന്നത് മരണത്തിന്റെ ഒരു വകഭേദമാണ്.'

ഹേ, കുലീനാ! ഞാൻ ഒരു കയംവിട്ട് മറ്റൊരു കയത്തിലേക്കെന്നവിധം നിന്റെ കുലത്തിലേക്കെത്തിയവളാണ്. സർവ്വകല്യാണീശ്വരിയായി ഭർത്താവിനാൽ ആദരിക്കപ്പെട്ടവളാണ് ഞാൻ. മഹാർഹമായ മാല്യങ്ങളും ശുഭ്രമായ വസ്ത്രങ്ങളും ഞാൻ അണിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള എന്നെ സുഹൃജ്ജനങ്ങളുടെ മദ്ധ്യത്തിൽക്കണ്ട് പണ്ട് സുഹൃജ്ജനങ്ങൾ നിന്ദിച്ചിട്ടുണ്ട്. അങ്ങനെയുള്ള അമ്മയായ എന്നേയും നിന്റെ ഭാര്യയേയും ദുഃഖത്തോടുകൂടെ കാണുകയാണെങ്കിൽ നിന്റെ ജീവൻകൊണ്ട് എന്തു ഫലമാണ് സഞ്ജയാ ഉണ്ടാവുക? ദാസന്മാരും ശമ്പളക്കാരും ആചാര്യന്മാരും ഋത്വിക്കുകളും പുരോഹിതന്മാരും ഞാനും കൊറ്റിന്നു മാർഗ്ഗമില്ലാത്തവരായിത്തീർന്നാൽ നിന്റെ ജീവന്നു എന്തു ഫലമാണുള്ളത്? ശ്ലാഘ്യവും യശസ്യവുമായ നിന്റെ കൃത്യങ്ങൾ മുമ്പത്തെ മട്ടിൽ കാണുന്നില്ലെങ്കിൽ പിന്നെ, എന്റെ ഉള്ളിൽ എങ്ങനെ ശാന്തി ലഭിക്കും? വിപ്രൻ വന്നു ഭിക്ഷ യാചിക്കുമ്പോൾ അവനോട് ഇവിടെ ഒന്നും ഇല്ലെന്നു പറഞ്ഞാൽ എന്റെ ഹൃദയം തളർന്നുപോകും! ഞാനും എന്റെ ഭർത്താവും ഒരിക്കലും ഒരു വിപ്രനോടും ഇല്ലെന്നു പറയുകയുണ്ടായിട്ടില്ല. അന്യർ ആശ്രയിക്കേണ്ടവരാണ് നമ്മൾ; അന്യന്മാരുടെ ചൊല്ലുകൾ കേൾക്കാത്തവരാണ് നമ്മൾ; അന്യാശ്രയത്തിൽ എനിക്കു ജീവിക്കേണ്ടതായ ഒരു കാലം വന്നാൽ അന്ന് ഞാൻ എന്റെ ജീവൻ നശിപ്പിച്ചുകളയും. അപാരത്തിൽ ഭവനമാണ് പാരം; അപ്ലവത്തിൽ ഭവനമാണ് പ്ലവം. അസ്ഥാനത്തിങ്കൽ സ്ഥാനം ഉണ്ടാക്കുക! ചത്തവർക്ക് നീ ജീവൻ നല്കുക.

നീ ജീവനിലുള്ള കൊതി എന്നു വിടുന്നുവോ അന്നു നിന്റെ ശത്രുക്കൾ നിനക്കു ജയ്യരാണ്. എന്നിട്ട് ഈ ക്ലീബവൃത്തിയെ നീ കൈക്കൊള്ളുകയാണോ? വെറുപ്പോടുകൂടി ഈ ബുദ്ധികെട്ട കഷ്ടപ്പാടിനെ നീ ഒഴിവാക്കുക. ഒരേയൊരു ശത്രുവിനെ കൊന്നിട്ടും ശൂരന്മാർ വലിയ കീർത്തിയെ പ്രാപിക്കുന്നു. ഇന്ദ്രൻ വൃത്രവധത്തിനാൽ മഹേന്ദ്രൻ എന്ന പ്രസിദ്ധിയെ നേടിയില്ലേ? അങ്ങനെ മഹേന്ദ്രപദത്തെ വാങ്ങി ദേവന്മാരുടെയൊക്കെ അധീശനായില്ലേ?

പേരു കേൾപ്പിച്ച്, പോരിൽ വൈരിയെ വെല്ലുവിളിച്ച് പടത്തലയുടച്ച്, പ്രധാനിയെ വധിച്ച് വീരൻ യുദ്ധത്തിൽ എപ്പോഴാണോ കീർത്തിനേടുന്നത് അപ്പോൾ അവന്റെ ശത്രുക്കൾ നടുങ്ങുകയും വണങ്ങുകയും ചെയ്യും. ജളന്മാർകൂടി ആത്മത്യാഗത്താൽ ദക്ഷരും ശൂരന്മാരുമായിത്തീരും. കാമസമൃദ്ധികൊണ്ട് അവശന്മാർപോലും തൃപ്തരായിത്തീരും. രാജ്യം എന്നത് ഉഗ്രഭ്രംശവത്താണ്; പ്രാണസംശയമുള്ളതാണ്. കൈയിൽക്കിട്ടിയ ശത്രുവിനെ പിന്നെ സജ്ജനങ്ങൾ ബാക്കിവെക്കുകയില്ല. അതു സ്വർഗ്ഗദ്വാരംപോലെയെന്നു പറഞ്ഞാൽപ്പോരാ, അമൃതിനെപ്പോലെയാണെന്നു പറയണം. രാജ്യത്തെ രോധിക്കപ്പെട്ട മാർഗ്ഗംകണ്ട് തീക്കൊള്ളിപോലെ ശത്രുവീരരിൽച്ചെന്നു വീഴുക. ഹേ വീരാ, നീ ശത്രുക്കളെ സംഹരിച്ച് സ്വധർമ്മത്തെ പാലിക്കുക. നിന്നെ കൃപണനായി ശത്രുക്കൾ കാണാതിരിക്കട്ടെ. ശത്രുക്കൾ ഭയത്തെ ഉണ്ടാക്കുന്നതാണ്. എന്റെ കൂട്ടർ ദുഃഖിച്ചും ശത്രുക്കൾ സന്തോഷിച്ചാർത്ത് ചുറ്റും ഞാൻ കാണാതിരിക്കട്ടെ! ദീനനേക്കാൾ ദീനനായി നിന്നെ ഞാൻ കാണാതിരിക്കട്ടെ! നീ പഴയമട്ടിൽത്തന്നെ സൗവീരപ്പെൺകുട്ടികളുമായി ഹർഷത്തോടെ അർത്ഥശ്ലാഘ്യനായി ഞാൻ കാണട്ടെ! അവശനായി സൈന്ധവപ്പെൺകിടാങ്ങളുടെ പാട്ടിൽക്കിടക്കുന്നതു ഞാൻ കാണാതിരിക്കട്ടെ!

നീ യുവാവാണ്, സുന്ദരനാണ്, വിദ്യാസമ്പന്നനാണ്, ഉന്നതകുലജാതനാണ്, യശസ്വിയാണ്, ലോകപ്രഥിതനാണ്. അങ്ങനെയുള്ള നീ ഇത്തരത്തിൽ മാറുകയാണെങ്കിൽ ഭാരംവഹിക്കാൻ ശക്തിയില്ലാത്തവൻ ഭാരംതാങ്ങുംപോലെ അതും മരണംതന്നെയാണ്. പിൻപുറത്തു നീ നടന്നാൽ എന്റെ ഹൃദയത്തിന് ശാന്തി ലഭിക്കുമോ! ഈ വംശത്തിൽ പിറന്നവരാരുംതന്നെ അന്യന്റെ പിന്നാലെ നടന്നിട്ടില്ല. അന്യാനുചരനായി ഉണ്ണീ, നീ ജീവിക്കുവാൻ അർഹനല്ല. നിത്യമായ ക്ഷത്രഹൃദയം അറിഞ്ഞവളാണു ഞാൻ.

പൂർവ്വന്മാരും ശ്രേഷ്ഠന്മാരുമായ പൂർവ്വവൃദ്ധന്മാർ പറഞ്ഞതും, ശാശ്വതവും അവ്യയവുമായി പ്രജാപതി സൃഷ്ടിച്ചതുമായ ആ ക്ഷത്രഹൃദയം ഞാൻ മനസ്സിലാക്കിയിട്ടാണു നിന്നോടു പറയുന്നത്. ക്ഷത്രധർമ്മജ്ഞനായ ക്ഷത്രിയന്നു പിറന്ന പുരുഷൻ കൊറ്റിന്നുവേണ്ടിയും ഭയപ്പെട്ടും മറ്റൊരാളെ വണങ്ങുകയില്ല. അവൻ ഉദ്യമിക്കും; വണങ്ങുന്ന പ്രശ്നമേയില്ല. ഉദ്യമംതന്നെയാണ് പൗരുഷം. മൊട്ടിലല്ലാതെതന്നെ പൊട്ടിയെന്നുവരാം. എന്നാലും വളയുന്നവനല്ല ക്ഷത്രിയൻ. മഹാശയനായ അവൻ മത്തഹസ്തീന്ദ്രനെപ്പോലെ സഞ്ചരിക്കും! ധർമ്മത്തിന്നും ബ്രാഹ്മണർക്കും വണങ്ങും. ഹേ സഞ്ജയാ, മറ്റുള്ളവരെ കീഴടക്കി, ദുഷ്ടന്മാരെ സംഹരിച്ച് സഹായികളോടുകൂടിയോ തനിച്ചോ ജീവനുള്ളകാലത്തോളം പൗരുഷത്തോടെ വാഴണം.

135. വിദുളാപുത്രാനുശാസനം – മകൻ പറഞ്ഞു: "അമ്മേ, കാരിരുമ്പുകൊണ്ടാണോ നിന്റെ ഹൃദയം തീർത്തത്? കൃപയില്ലാത്ത അമ്മേ, വീരധീയുള്ള അമർഷണേ, അമ്പോ! അത്ഭുതം! ക്ഷത്രിയമുറകളന്യനോടെന്നവിധം എന്നോടുപദേശിച്ച് പരമാതാവിനെപ്പോലെ എന്നെ പോരിന്നു നീ അയയ്ക്കുന്നു! തന്റെ ഓമനപ്പുത്രനോട് ഇങ്ങനെ കർക്കശമായി ഭവതി പറയുന്നുവല്ലോ! എന്നെ കാണാതായാൽ അമ്മയ്ക്ക് ഈ മന്നൊക്കെ പിന്നെ എന്തിനാണ്? ഈ ഭൂഷകൾകൊണ്ടൊക്കെ എന്തുകാര്യം? ഭോഗം എന്തിന്? ജീവൻ എന്തിന്? വിശേഷിച്ചും പ്രിയസുതനായ ഈ ഞാൻ പോരിൽ മരിക്കുകയാണെങ്കിൽ!"

അമ്മ പറഞ്ഞു: "ബുധന്മാരുടെ അവസ്ഥയൊക്കെ ധർമ്മാർത്ഥമൂലമാണ്. ഹേ സഞ്ജയാ! ഞാൻ നിന്നെ പ്രേരിപ്പിക്കുന്നതും അതോർത്താണ്. വിക്രമം കാട്ടേണ്ടുന്ന മുഖ്യമായ കാലമാണ് ഇപ്പോൾ. ഈ സന്ദർഭത്തിൽ നീ കാര്യമേല്ക്കാതിരിക്കുകയാണെങ്കിൽ, അനൃശംസതയേല്ക്കുകയാണെങ്കിൽ, നീ എത്രയോ വലിയ നിന്ദാർഹനായിത്തീരും. നിന്നോട് ഇപ്പോൾ വേണ്ടതുപദേശിച്ചില്ലെങ്കിൽ നീ ദുഷ്കീർത്തിക്കു പാത്രമാകും. അല്ലാതെ നിന്നെ ഇപ്പോൾ ഞാൻ ഓമനിച്ചിരുത്തിയാൽ അതിനെ കഴുതസ്നേഹം എന്നാണു പറയുക. നിസ്സാമർത്ഥ്യവും അഹേതുകവുമാണ്. നല്ലവർ നിന്ദിക്കുന്നതും മൂർഖന്മാർ പോകുന്നതുമായ മാർഗ്ഗത്തെ നീ ഉപേക്ഷിക്കുക. പ്രജകൾക്കെല്ലാം ഉള്ളതായ ഈ അവിദ്യ, അജ്ഞാനം–നിനക്കുമുണ്ടെങ്കിൽ സദ്വൃത്തിമൂലം എനിക്ക് നീ ഇഷ്ടനായി ഭവിക്കും. ധർമ്മാർത്ഥഗുണയോഗത്താൽ, മറ്റൊന്നാലല്ല, ദൈവവും മാനുഷവും ചേർന്നു നീ സജ്ജനാചാരത്തോടുകൂടിയവനായിത്തീരും. അവിനീതനായി പുത്രപൗത്രനോടുകൂടി രമിക്കുന്നവനും, ഉത്സാഹമില്ലാത്തവനും ദുർവ്വിനീതനായ ദുരാശയനാണ്. കർമ്മംചെയ്യാതെ നികൃഷ്ടകൃത്യങ്ങൾചെയ്തു ജീവിക്കുന്നവൻ പുത്രനൊത്തു രസിച്ചാലും

അവന്റെ പ്രജാസമ്പത്തു നിഷ്ഫലമാണ്. പുരുഷാധമന്മാർക്ക് ഇഹത്തിലും പരത്തിലും സുഖം കിട്ടുകയില്ല. ഹേ സഞ്ജയാ, യുദ്ധത്തിന്നും ജയത്തിന്നും വേണ്ടിയാണ് ക്ഷത്രിയനെ സൃഷ്ടിച്ചിരിക്കുന്നത്. അവൻ യുദ്ധംചെയ്തു ജയിച്ചാലും മരിച്ചാലും ഇന്ദ്രസാലോക്യത്തെ പ്രാപിക്കുന്നതാണ്. ആ സുഖം, ക്ഷത്രിയൻ ശത്രുവിനെ ജയിച്ചു നേടുന്ന സുഖം, പുണ്യമായ ഇന്ദ്രഗൃഹത്തിൽപ്പോലും സിദ്ധിക്കയില്ല.

മന്യുകൊണ്ട് എരിഞ്ഞ് ധീരനായ പുരുഷൻ, പലപാട് അവമാനങ്ങളേറ്റ്, ശത്രുനാശത്തിന്ന് ഉന്നിയവൻ, ആത്മാവിനെ കളഞ്ഞിട്ടോ, ശത്രുവിനെ കൊന്നുവീഴ്ത്തിയിട്ടോ അല്ലാതെ അവന്നു ശമം എങ്ങനെ സിദ്ധിക്കും? സ്വല്പലാഭത്തെ പ്രാജ്ഞന്മാർ ഇഷ്ടപ്പെടുകയില്ല. ആർക്കാണോ സ്വല്പം പ്രിയമായിട്ടുള്ളത് അത് അപ്രിയമായേ തീരൂ. പ്രിയം ലഭിക്കാത്ത പുരുഷൻ ഒരിക്കലും ശോഭനകാര്യം നേടുകയില്ല. സാഗരത്തിൽച്ചെല്ലുന്ന ഗംഗ പോലെ ഇല്ലാത്ത അവസ്ഥയിലേ അതു ചെന്നെത്തുകയുള്ളു."

മകൻ പറഞ്ഞു: "ഈ ബുദ്ധി നീ പറയരുത്, അമ്മേ! പുത്രനോട് ഒട്ടും പറയരുതേ, ജഡമൂലമായ കാരുണ്യം നീ കാണുക!"

അമ്മ പറഞ്ഞു: "എനിക്കു നിന്നിൽ ധാരാളം നന്ദിയുണ്ട്; നീ ഇന്ന് ഇത്തരത്തിൽ കാണപ്പെട്ടപ്പോൾ. ഈ ചോദ്യം നീ ചോദിച്ചില്ലേ! നിന്നെ ഞാൻ കൂടുതൽ പ്രേരിപ്പിക്കുന്നു. നീ സൈന്ധവന്മാരെയൊക്കെ കൊന്നുവന്നാൽ ഞാൻ നിന്നെ ഏറെ മാനിക്കാം. ആദ്യം നഷ്ടപ്പെട്ടവനായ നീ ജയിക്കുമെന്നാണു ഞാൻ കാണുന്നത്."

മകൻ പറഞ്ഞു: "ഭണ്ഡാരവും സഹായികളുമില്ലാത്ത എനിക്ക് എങ്ങനെ ജയമുണ്ടാകുമെന്നാണ് അമ്മ വിചാരിക്കുന്നത്? ഇത്രയും ഉഗ്രമായ ഒരു അവസ്ഥാന്തരം എനിക്കു പറ്റിയതറിഞ്ഞാൽ എന്നെ പണംകൊണ്ടും സൈന്യംകൊണ്ടും സഹായിക്കുവാൻ ആരുണ്ടാകും? പാപിക്കു സ്വർഗ്ഗത്തിലെന്നപോലെ എനിക്കു രാജ്യത്തിൽ കൊതി നശിച്ചിരിക്കുകയാണ്. ഈ നിലയിലെത്തിയ എനിക്കു കാര്യസാദ്ധ്യത്തിന്നു വല്ല ഉപായവും കാണുന്നുണ്ടെങ്കിൽ പരിണതപ്രജ്ഞയായ അമ്മയോടു ഞാൻ ചോദിക്കുന്നു, വേണ്ട മാർഗ്ഗം ഉപദേശിച്ചു തന്നാലും. അമ്മ കല്പിക്കുന്നവിധം ഞാൻ ചെയ്തുകൊള്ളാം."

അമ്മ പറഞ്ഞു: "ഉണ്ണീ, നീ ആത്മനിന്ദ ചെയ്യാതിരിക്കൂ. മുമ്പുള്ള അസമൃദ്ധിയിൽനിന്ന് സമൃദ്ധിയും സമൃദ്ധിയിൽനിന്ന് അസമൃദ്ധിയും ഉണ്ടാവുക സാധാരണമാണ്. ഇല്ലാത്ത അർത്ഥങ്ങൾ ഉണ്ടാവുകയും ഉണ്ടായതു കെട്ടുപോവുകയും ചെയ്യുക ലോകസ്വഭാവമാണ്. അതിൽ അമർഷംകൊള്ളുന്നത് ബാലിശമാണ്. എല്ലാ ക്രിയയ്ക്കും ഉണ്ട് ഫലത്തിൽ അനിത്യത. ആ അനിത്യതയെ ഗ്രഹിച്ചവർ നേടിയെന്നും വരാം. പ്രയത്നം ചെയ്യുന്നില്ലെങ്കിൽ നേടുകയില്ലെന്നുള്ളതു തീർച്ചയാണ്. അനീഹയ്ക്കുണ്ട് ഒരു നില; ആ കർമ്മത്തിൽ ഫലശൂന്യതയാണ്. ഈഹയ്ക്കു ഗുണം രണ്ടുണ്ട്; അത് ഫലം ഉണ്ടെന്നും ഇല്ലെന്നുമാണ്. എല്ലാ അർത്ഥങ്ങൾക്കും അനിത്യത മുമ്പേതന്നെ കണ്ടിരിക്കുന്നവൻ, വിരുദ്ധപീഡയും ഐശ്വര്യവും വേർപെടുത്തുന്നതാണ്. ഹേ നൃപാത്മജാ! നീ ഉത്സാഹിക്കൂ! ഉണരൂ! വേലയിൽ ഏർപ്പെടൂ! ഉണ്ടാകും എന്നുതന്നെ വിചാരിച്ച് എപ്പോഴും വ്യഥകൂടാതെ പരിശ്രമിക്കുക! മംഗളത്തേയും വിപ്രന്മാരേയും ദേവന്മാരേയും മുൻനിർത്തി പ്രവർത്തിക്കുന്ന പ്രാജ്ഞനായ രാജാവിന്ന് ഉണ്ണീ, തീർച്ചയായും വൃദ്ധി വേഗത്തിൽ ഉണ്ടാകും. കിഴക്കുദിക്കിൽ അർക്കൻ എന്നപോലെ അവനിൽ ശ്രീയും ഉദിച്ചുയരും. ദൃഷ്ടാന്തങ്ങളും ഉപായങ്ങളും വളരെയേറെ പ്രോത്സാഹനങ്ങളും നാട്ടുകാരുടെ സമ്പ്രദായങ്ങളും ഞാൻ നിനക്കു പറഞ്ഞുതന്നു. ഇനി ഞാൻ നിന്റെ പൗരുഷമൊന്നു കാണട്ടെ!

ഇഷ്ടമായ പൗരുഷംകൊണ്ട് നീ അർത്ഥം സമ്പാദിക്കുവാൻ അർഹനാണ്. ക്രുദ്ധരും ലുബ്ധരും പരിക്ഷീണരും ഗർവ്വിഷ്ഠരും നിന്ദിതരും, തിരക്കുള്ളവരും ഇങ്ങനെ പലതരത്തിലുള്ളവരായ ജനങ്ങളെ നീ മനസ്സുവെച്ചു ധരിക്കണം. ഈ വഴിക്കു വലിയ ഒരു കൂട്ടം ജനങ്ങളെ, മേഘങ്ങളെ മഹാവേഗമൊക്കുന്ന കാറ്റുപോലെ നീ ഏല്ക്കേണ്ടിവരും. അവർക്ക് ആദ്യം നല്കുക.

കാലേ ഉണർന്നെഴുന്നേൽക്കുകയും, പ്രിയം പറയുന്നവനാവുകയും ചെയ്യുക. എന്നാൽ നീ അവരുടെ പ്രിയനായി ഭവിക്കും. അവർ നിന്നെ മുമ്പിൽ നിർത്തുകയും ചെയ്യും. ജീവൻ കളഞ്ഞിട്ടും ശത്രു ഏല്ക്കുമെന്ന് അറിയുമ്പോൾ ഗൃഹത്തിൽ വാഴുന്ന സർപ്പത്തെയെന്നപോലെ അവനിൽ പേടിയുണ്ടാകും. വിക്രാന്തനായിക്കണ്ട അവനെ പാട്ടിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ സംസാരിപ്പിച്ച് അടക്കുന്നതായാൽ അതുമതി. സംസാരിച്ച് ആസ്പദം സ്വീകരിച്ചുകഴിഞ്ഞാൽ ധനാഭിവൃദ്ധിയുണ്ടാകും. ധനവാനെ സ്നേഹിതന്മാർ ഭജിക്കുകയും ആശ്രയിക്കുകയും ചെയ്യും. അർത്ഥഭ്രംശത്തിൽ അവരും ബന്ധുവർഗ്ഗവും ത്യജിക്കും. അത്തരം ഗതികേടിലെത്തിയാൽ അവനെ ബന്ധുക്കൾ വിശ്വസിക്കയില്ല. വെറുക്കുകയും ചെയ്യും. വൈരിയെ തുണയാക്കി വിശ്വാസം പൂണ്ടിരിക്കുന്ന പുരുഷൻ രാജ്യം നേടുകയെന്നുള്ളത് ഒരിക്കലും ഉണ്ടാകാത്ത കാര്യമാണ്."

136. വിദുളാപുത്രാനുശാസനം – അമ്മ പറഞ്ഞു: "എന്താപത്തു വന്നാലും രാജാവ് ഭയപ്പെടുവാൻ പാടില്ല. നടുങ്ങിയാലും നടുങ്ങാത്തമട്ടിൽ ധീരനായിത്തന്നെ നില്ക്കണം. നടുങ്ങി അമ്പരന്നപോലെ നില്ക്കരുത്. നടുങ്ങിനില്ക്കുന്ന രാജാവിനെ കണ്ടാൽ എല്ലാവരും നടുങ്ങിപ്പോകും. എല്ലാം തകരാറാവുകയും ചെയ്യും. സൈന്യങ്ങളും നാടും മന്ത്രിമാരും ബുദ്ധിയുമൊക്കെ ഭിന്നിക്കും. ചിലർ ശത്രുവിന്റെ ഭാഗത്തുചേരും. ചിലർ രാജാവിനെ വിട്ടുപോകുകയും ചെയ്യും. ആദ്യം അടിച്ചുതാഴ്ത്തപ്പെട്ട ചില ശത്രുക്കൾ തലപൊക്കി രാജാവിനെ പ്രഹരിക്കുവാൻ നോക്കും. ഇഷ്ടന്മാർ മാത്രം അവനെ വിട്ടുപോയില്ലെന്നുവരാം. കെട്ടിയിട്ട കുട്ടിയുടെ സമീപത്തുനിന്നു വിട്ടുപോകാത്ത പശുവിനെപ്പോലെ ശക്തി കെട്ടിട്ടും, സ്വസ്തിയോർത്ത് അവർ നില്ക്കും. ബന്ധുക്കൾ മരിച്ചാലെന്നപോലെ വിലപിക്കുമ്പോൾ കൂടെ അവരും വിലപിക്കും. മുമ്പേ പൂജിതരായാലും, പിമ്പേ ഇഷ്ടപ്പെട്ടിരിക്കുകയാണെങ്കിലും അത്തരക്കാരുടെ നില ഇതാണ്. ഈ നിലയിലെത്തിയാൽ രാജവ്യസനകാംക്ഷികളായ ജനങ്ങൾ രാജ്യത്തിൽ ആശവെച്ചു പരിശ്രമം തുടരും. അതുകൊണ്ട് നീ നടുങ്ങുകയോ ഉഴലുകയോ ചെയ്യരുത്. നിന്നെ, സുഹൃജ്ജനം വിട്ടുപോയേക്കും. നിന്നിൽ പ്രഭാവവും, ബുദ്ധിവീര്യവും, ഇവ കാണുന്നതിന്നായി, തേജസ്സുയർന്നുകാണുവാനായി ഞാൻ നിന്നെ ആശ്വസിപ്പിക്കുന്നതിന്ന് ഇപ്രകാരം പറഞ്ഞതാണ്. നീ ഇത് ഉള്ളിൽ ധരിച്ചെങ്കിൽ, എന്റെ വാക്യം യോഗ്യമായി തോന്നുന്നുണ്ടെങ്കിൽ, എന്നെ സൗമ്യസ്ഥിതിക്കാക്കി ജയിക്കുവാൻ ഹേ സഞ്ജയാ! നീ എഴുന്നേല്ക്കുക! നമുക്കു ധാരാളം ധനമുണ്ട്. നിനക്ക് അറിവുമുണ്ട്. അതു നല്കുവാൻ അറിയുകയില്ല. പലമാതിരി ഇഷ്ടന്മാർ നിനക്കുണ്ട്. അവർ സുഖദുഃഖങ്ങൾ താങ്ങുന്നവരും പോരിൽ പിൻതിരിയാത്തവരുമാണ്. ഐശ്വര്യം ചിന്തിക്കുന്ന പുരുഷന്ന് അപ്രകാരമുള്ള മന്ത്രിമാർ ഇഷ്ടസിദ്ധിക്ക് ഉദ്ദേശിക്കുന്ന സമയത്ത് സഹായിക്കണം." ഇപ്രകാരം ചിത്രാർത്ഥവർണ്ണപദപൂർണ്ണമായ വാക്കുകൾ വിദുള പറഞ്ഞപ്പോൾ അല്പചേതസ്സായ പുത്രന്റെ തമസ്സൊക്കെ അകന്നുപോയി.

മകൻ പറഞ്ഞു: "ജലത്തോടുകൂടിയ ഭൂമണ്ഡലംതന്നെ ഞാൻ താങ്ങും! കുണ്ടിൽച്ചാടി മരിക്കാം! അതിനൊന്നും എനിക്കു മടിയില്ല. ഭൂതികാണിക്കുന്ന അവിടുന്ന് എനിക്കു വഴി കാണിക്കുകയാണെങ്കിൽ—അമ്മ അരുളുന്ന വാക്ക് ഞാൻ വീണ്ടും വീണ്ടും കേൾക്കുവാൻ ആഗ്രഹിക്കുന്നു." ഇപ്രകാരം പറഞ്ഞു മിണ്ടുവാൻ ശക്തനാകാതെ ഒട്ടുനേരം നിശ്ശബ്ദമായി നിന്ന് കൃച്ഛ്റലബ്ദമായ ബന്ധുസൂക്തം സുധ പാനംചെയ്യുന്ന പോലെ അനുഭവിച്ചു മതിവരാതെ വീണ്ടും അവൻ പറഞ്ഞു: "ഞാൻ ഇതാ ശത്രുനാശത്തിന്നും ജയത്തിന്നുമായി ഉദ്യമിക്കുന്നു!"

കുന്തി പറഞ്ഞു: "പ്രേരിപ്പിക്കപ്പെട്ട അശ്വത്തെപ്പോലെ വാക്കുകളാകുന്ന ശരം ഏറ്റ് ഉണർന്നവനായ അവൻ അമ്മ കല്പിച്ചമാതിരിയൊക്കെച്ചെയ്തു. തേജോവർദ്ധനമായ ഈ ഘോരമായ പ്രോത്സാഹനം ശത്രുവിനാൽ തോല്പിക്കപ്പെട്ട രാജാവിനെ മന്ത്രി കേൾപ്പിക്കണം. 'ജയം' എന്നുപേരുള്ള ഈ ചരിതം ജയിക്കുവാൻ ഉദ്ദേശിച്ച് ഉത്സാഹിക്കുന്നവൻ കേൾക്കേണ്ടതാണ്. എന്നാൽ ഉടനെ ഭൂമി ജയിക്കുകയും ശത്രുവർഗ്ഗത്തെ മർദ്ദിക്കുകയും ചെയ്യും. ഇത് ഗർഭിണികളായ സ്ത്രീകൾ, പുംസവനാന്തരം വീരപുത്രഷന്മാരെ കാംക്ഷിക്കുന്നവർ ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. എന്നാൽ അവർ തീർച്ചയായും വീരനായ പുത്രനെ പ്രസവിക്കും. വിദ്യാശൂരൻ, തപഃശൂരൻ, ദാനശൂരൻ, തപോനിധി, ബ്രഹ്മതേജസ്സുയർന്നവൻ, സാധുസംവാദസമ്മതൻ, അർച്ചിസ്സുള്ളവൻ, ബലമുള്ളവൻ, മഹാഭാഗൻ, മഹാരഥൻ, ധൃതിയുള്ളവൻ, അപ്രധൃഷ്യൻ, ജയിക്കുന്നവൻ, തോല്ക്കാത്തവൻ, ദുഷ്ടന്മാരെ അമർക്കുന്നവൻ, ധർമ്മിഷ്ഠന്മാർക്കു രക്ഷകൻ, സത്യവീരൻ ഇങ്ങനെയുള്ള മഹാനായ പുത്രനെ ഈ കഥ കേട്ടുകൊണ്ടിരിക്കുന്ന സ്ത്രീ പ്രസവിക്കും."

137. കുന്തീവാക്യം – പാണ്ഡവന്മാർക്കുള്ള കുന്തീസന്ദേശം – കുന്തി പറഞ്ഞു: "കൃഷ്ണാ, നീ അർജ്ജുനനോടു ഞാൻ പറഞ്ഞതായിപ്പറയണം, നിന്നെ പ്രസവിച്ച ദിവസം ആശ്രമത്തിൽ സ്ത്രീകൾ എന്റെ ചുറ്റും കൂടിയിരിക്കുന്ന സമയത്ത്, ആകാശത്തിൽനിന്ന് ദിവ്യമായ ഒരു വാക്ക് ഭംഗിയായി കേൾക്കുകയുണ്ടായി. 'കുന്തീ, നിന്റെ ഈ പുത്രൻ ഇന്ദ്രതുല്യനായിത്തീരും. ഇവൻ പോരിന്നുവരുന്ന സകലകുരുക്കളേയും വെല്ലുന്നതാണ്. ഭീമസേനന്റെ സഹായത്തോടുകൂടി ലോകം മുഴുവൻ ഇളക്കും. ഇവൻ പാരിടം മുഴുവൻ ജയിക്കും; ഇവന്റെ കീർത്തി സുരലോകത്തും എത്തുന്നതാണ്. വാസുദേവന്റെ സഹായത്തോടുകൂടി കൗരവന്മാരെ ഒക്കെ ജയിച്ച് നശിച്ചുപോയ പൈതൃകാംശം വീണ്ടും നേടിയെടുക്കും. ശ്രീമാനായ ഇവൻ ഭ്രാതാക്കന്മാരോടുകൂടി മൂന്ന് അശ്വമേധം നടത്തും. ആ സത്യസന്ധനും ബലശാലിയും ദുരാസദനും ബീഭത്സുവുമായ ജിഷ്ണു ഏതുനിലയിലുള്ളവനാണെന്ന് ഹേ, അച്യുതാ! നീ അറിയുന്നുണ്ടല്ലോ. ആ ആകാശഭാഷിതം അപ്രകാരംതന്നെ സംഭവിക്കട്ടെ! ഹേ, വാർഷ്ണേയാ, കുലനന്ദനാ! ധർമ്മമുണ്ടെങ്കിൽ അതു സത്യമായിത്തീരും. നിശ്ചയമാണ്. അപ്രകാരം നീ എല്ലാം സാധിപ്പിക്കും. ആ പറഞ്ഞ വാക്കിനെ ഞാൻ കുറ്റം പറയുകയല്ല. ആ മഹാധർമ്മത്തെ ഞാൻ തൊഴുന്നു. ധർമ്മം ലോകരെ താങ്ങുന്നു, ഇത് അർജ്ജുനനോടു പറയണം. വൃകോദരൻ നിത്യോദ്യുക്തനാണ്. അവനോടും പറയണം ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നത് എന്തിനാണെന്ന്. അതിന്റെ കാലം ഇപ്പോൾ ആയി എന്നും പറയുക. വൈരത്തിൽ അകപ്പെട്ട പുരുഷർഷഭന്മാർ കേഴുകയില്ല. ഭീമമതിയായ അവന്ന് എല്ലാം അറിയാം. അടങ്ങുന്നവനല്ല. അവൻ ശത്രുക്കളെ മുടിച്ചേ അടങ്ങുകയുള്ളൂ. സർവ്വധർമ്മത്തിന്റെയും സാരം അറിഞ്ഞവളും മാന്യയും പാണ്ഡുരാജാവിന്റെ സ്നുഷയും കല്യാണിയും കീർത്തിമതിയുമായ കൃഷ്ണയോടും ഹേ കൃഷ്ണാ! നീ പറയുക. 'മഹാഭാഗേ, കുലീനേ, കീർത്തിശാലിനീ, നീ എന്റെ മക്കളിലൊക്കെ തുല്യമായി സ്നേഹത്തോടെ വർത്തിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.' ക്ഷത്രധർമ്മസ്ഥരായ മാദ്രീപുത്രന്മാരോടും ഭവാൻ പറയുക. 'ജീവനേക്കാൾ നിങ്ങൾ വിക്രമംകൊണ്ടു വെന്ന സൗഖ്യത്തെ കൊതിക്കുവിൻ! വിക്രമാർജ്ജിതമായ വസ്തുക്കൾ ക്ഷത്രധർമ്മസ്ഥനായ മനുഷ്യന്ന് ഏറ്റവും മനസ്സുഖം നല്കും! സർവ്വധർമ്മസമൃദ്ധരായ നിങ്ങൾ കണ്ടുനില്ക്കയല്ലേ പരുഷവാക്കുകൾ കൃഷ്ണയോട് അവർ പറഞ്ഞത്? അത് ആർക്ക് സഹിക്കുവാൻ കഴിയും?'

രാജ്യഹരണം ദുഃഖമല്ല. ചൂതിൽ തോൽവിപറ്റി എന്നുള്ളതിലും ദുഃഖമില്ല. മക്കൾ കാട്ടിൽപ്പോയതിലും എനിക്കു ദുഃഖമില്ല. ബൃഹതീശ്യാമയായ ദ്രൗപദി സഭയിൽ കേണുകൊണ്ട് പരുഷോക്തികൾ കേട്ടുനില്ക്കേണ്ടിവന്നില്ലേ? അതിലാണ് എനിക്ക് ഏറ്റവും വലിയ ദുഃഖം. തീണ്ടാരിയായിരിക്കെ ആ സുന്ദരാംഗി, ക്ഷത്രധർമ്മസ്ഥയായ പാർഷതി, സനാഥയായ അവൾ, നാഥനില്ലാത്തമട്ടിൽനിന്ന് വിലപിച്ചു! മഹാബാഹോ, സർവ്വശസ്ത്രധരന്മാരിൽ മുഖ്യനായി ശൂരനായിരിക്കുന്ന അർജ്ജുനനോടു ഞാൻ പറഞ്ഞതായി പറയുക: 'പാഞ്ചാലിയുടെ മാർഗ്ഗത്തെ അവലംബിക്കൂ!' എന്ന്. കൃഷ്ണാ, ഭവാൻ അറിയുകയില്ലേ കോപംപൂണ്ടവരും, കാലാന്തകോപമരുമായ ഭീമാർജ്ജുനന്മാരുടെ വിക്രമം? അവർ ഇടഞ്ഞുവന്നാൽ വാനോർക്കുപോലും അന്ത്യമായ ഗതി നല്കും!

പാഞ്ചാലി സഭകേറിയ കാര്യം അവർക്കറിവുള്ളതാണ്. ദുശ്ശാസനൻ ഭീമനോട് കടുത്ത വാക്കുകൾ പറഞ്ഞതും അറിവുള്ളതാണ്. കുരുവീരന്മാർ കാണേ പറഞ്ഞ ആ വാക്കുകളെ ഞാൻ ഇപ്പോൾ ഒന്ന് ഓർമ്മപ്പെടുത്തുകയാണ്. കൃഷ്ണാ! ഭവാൻ പാഞ്ചാലിയോടൊപ്പം പാർത്ഥന്മാരോടു കുശലം പറയുക. അവരോടെല്ലാവരോടും എന്റെ കുശലം ഒന്നുകൂടിപ്പറയുക. വഴിക്കു ഭവാന് സുഖമുണ്ടാകട്ടെ! നീ എന്റെ മക്കളെ വേണ്ടവിധം കാത്തുകൊണ്ടാലും.'

വൈശമ്പായനൻ പറഞ്ഞു: "അഭിവാദ്യം ചെയ്ത് കുന്തിയെ വലംവെച്ച് മഹാബാഹുവും സിംഹവിക്രമനുമായ കേശവൻ ഇറങ്ങി. പിന്നെ ഭീഷ്മമുഖ്യരായ കുരുക്കളെ പറഞ്ഞുവിട്ടു. കർണ്ണനെ തേരിൽക്കയറ്റി സാത്യകിയോടുകൂടി പോന്നു. ദാശാർഹൻ പോയതിന്നുശേഷം കൗരവന്മാർ തമ്മിൽ ഒന്നിച്ചുചേർന്ന് കേശവനിൽ കണ്ടതായ, അത്ഭുതാശ്ചര്യങ്ങളെക്കുറിച്ചു സംസാരിച്ചു. ഭൂമിയൊക്കെ മോഹിച്ചുപോയെന്നും, എല്ലാം മൃത്യുപാശത്തിൽപ്പെട്ടുപോയെന്നും, ദുര്യോധനന്റെ മൗഢ്യംമൂലം സകലതും നശിച്ചുപോയെന്നും, എല്ലാം അസ്തമിച്ചുവെന്നും അവർ പറഞ്ഞു. പിന്നെ ആ പുരുഷോത്തമൻ പുരംവിട്ട് ഇറങ്ങി കർണ്ണനോടുകൂടി വളരെനേരം സംസാരിച്ചു. രാധേയനെ വിട്ടയച്ചതിന്നുശേഷം വളരെവേഗത്തിൽ കുതിരകളെ ഓടിച്ചു. വ്യോമം വിഴുങ്ങുന്നവിധം ദാരുകൻ വാജികളെ വിട്ടു. മനോമാരുതവേഗത്തിൽ ആ കുതിരകൾ കുതിച്ചുപാഞ്ഞു. പറക്കുന്ന പരുന്തിനെപ്പോലെ അശ്വങ്ങൾ ഒട്ടേറെവഴി പോന്ന്, ശാർ‌ഗ്ഗിയേയും വഹിച്ച്, ഉപപ്ലാവ്യത്തിലേക്കുപോയി.

138. ഭീഷ്മദ്രോണവാക്യം – ഭീഷ്മനും ദ്രോണനും ദുര്യോധനനെ ഗുണദോഷിക്കുന്നു – വൈശമ്പായനൻ പറഞ്ഞു: "കുന്തി പറഞ്ഞതുകേട്ട് ഭീഷ്മദ്രോണന്മാർ അനുസരണമില്ലാത്ത ദുര്യോധനനെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

'ഹേ, മഹാവ്യാഘ്രാ, കുന്തി കൃഷ്ണന്റെയടുത്തു പൊരുൾ

ചേർന്ന മുഖ്യധർമ്മം, ഉഗ്രമായ വാക്യത്തിൽ പറഞ്ഞത് നീ അറിഞ്ഞുവോ? കൃഷ്ണന്റെ സമ്മതത്തോടുകൂടി അതു കൗന്തേയന്മാർ ചെയ്യും. അവർ രാജ്യം കിട്ടാതെ അല്പംപോലും അടങ്ങുവാൻ പോകുന്നില്ല. നീ കുഴക്കിയവരായ പാണ്ഡവന്മാർ ധർമ്മത്താൽ ബദ്ധരായതുകൊണ്ടാണ് കൃഷ്ണനെ സഭയിൽ കയറ്റിയതു കണ്ടപ്പോഴും നിന്റെ നേരെ പൊറുത്തത്. കൃതാസ്ത്രനായ അർജ്ജുനനേയും തീർപ്പുണ്ടാക്കുവാൻ സമർത്ഥനായ ഭീമസേനനേയും ഗാണ്ഡീവമെന്ന വില്ലും അപ്രകാരമുള്ള ആവനാഴിയും തേരും ധ്വജവും ബലവീര്യവാന്മാരായ മാദ്രീപുത്രന്മാരേയും സഹായിയായി കൃഷ്ണനേയും നേടിയ യുധിഷ്ഠിരൻ അടങ്ങുകയില്ല.

ഹേ, മഹാബാഹോ! ധീമാനായ അർജ്ജുനൻ മുമ്പെ വിരാടപുരിയിൽവെച്ചു നമ്മെയെല്ലാവരേയും ജയിച്ചതു നീ കണ്ടതല്ലേ? പോരിൽ ക്രൗര്യമുള്ള ദൈത്യന്മാരേയും നിവാതകവചസംഘത്തേയും രൗദ്രമായ അസ്ത്രമെടുത്ത് നരകേതനനായ അർജ്ജുനൻ ചുട്ടുകളഞ്ഞില്ലേ? ഈ കർണ്ണാദ്യന്മാരേയും ചട്ടയിട്ട് തേരിലിരുന്ന നിന്നേയും ഘോഷയാത്രയിൽ ഗന്ധർവ്വന്മാരുടെ കൈയിൽനിന്നു വിടുർത്തതും പോരേ നിദർശനം? ഭ്രാതാക്കളായ പാണ്ഡവരുമായി ശമമാണ് നിനക്കു നല്ലത്. മരണത്തിന്റെ വായിൽപ്പെട്ടുപോയ ലോകത്തെ നീ രക്ഷിക്കുക. ജ്യേഷ്ഠഭ്രാതാവും ധർമ്മിഷ്ഠനും മൃദുഭാഷിയും കവിവത്സലനുമായ ആ നരവ്യാഘ്രനെ നീ പോയി നിശ്ശങ്കം കാണുക. വില്ലുവെച്ച്, ശാന്തബ്ഭ്രൂകുടിയായി ശ്രീമാനായ ഭവാൻ പോയി കാണുകയാണെങ്കിൽ ഈ കുലത്തിന്നു രക്ഷയായി; ശാന്തിയായി. അമാത്യരോടുകൂടി ആ രാജപുത്രനെച്ചെന്നു പുല്കുക. രാജാവിനെ പ്രായത്തിന്നനുസരിച്ച് യഥാക്രമം കുമ്പിടുകയും ചെയ്യുക. അഭിവാദ്യം ചെയ്ത നിന്നെ ഭീമപൂർവ്വജനായ യുധിഷ്ഠിരൻ, കുന്തീപുത്രന്മാരിൽ ജ്യേഷ്ഠൻ, സൗഹാർദ്ദത്താൽ സ്വീകരിക്കുമാറാകട്ടെ! നീണ്ടുരുണ്ട കൈയുള്ളവനും, സിംഹസ്കന്ധനും, മഹാഭുജനും, യോധാഗ്രണിയുമായ ഭീമൻ നിന്നെ കൈകളാൽ പുല്കുമാറാകട്ടെ!

കംബുകണ്ഠനും കമലലോചനനും ഗുഡാകേശനും ആയ ധനഞ്ജയൻ നിന്നെ നമസ്കരിക്കുമാറാകട്ടെ."

വീരന്മാരായ ആശ്വനേയന്മാർ, ലോകത്തിലേക്ക് അതുല്യസുന്ദരന്മാർ, ഗുരുവിനെപ്പോലെ നിന്നെ പൂജിച്ചു സ്വീകരിക്കുമാറാകട്ടെ! ദാശാർഹാദികളായ രാജാക്കന്മാർ ഇതൊക്കെക്കണ്ട് ആനന്ദാശ്രുപൊഴിക്കുമാറാകട്ടെ! മാനം വെടിഞ്ഞ് ഭ്രാതാക്കന്മാരുമായി ചേരൂ! പിന്നെ ഭ്രാതാക്കളോടുകൂടി രാജ്യം മുഴുവൻ കാത്തുകൊള്ളുക. രാജാവേ, യുദ്ധം വേണ്ടാ സുഹൃജ്ജനങ്ങൾ തടുത്തുപറയുന്ന നല്ലവാക്ക് നീ കേൾക്കുക! യുദ്ധത്തിൽ സർവ്വക്ഷത്രിയരും നശിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഗ്രഹങ്ങളൊക്കെ പിഴച്ചുനില്ക്കുന്നതായിക്കാണുന്നു. നിമിത്തം മോശം! മൃഗപക്ഷികളൊക്കെ ഉഗ്രങ്ങളായിക്കാണുന്നു. ക്ഷത്രനാശത്തിന്നുപറ്റിയ സകല ദുർന്നിമിത്തങ്ങളും കാണുന്നുണ്ട്. കൊള്ളിമീൻ എരിഞ്ഞുവീഴുന്നു. നിന്റെ സൈന്യങ്ങൾ ബാധയേല്ക്കുന്നുണ്ട്. വാഹനങ്ങൾ (ആനകളും കുതിരകളും) സന്തോഷിക്കുന്നില്ല. അവ അകാരണമായി വ്യസനിച്ചു കരയുന്നു. കഴുകന്മാർ നിന്റെ സൈന്യത്തിന്റെ മുകളിലായി ചുറ്റിപ്പറക്കുന്നു. നഗരവും രാജധാനിയും മുമ്പത്തെപ്പോലെ ശോഭിക്കുന്നില്ല; മ്ലാനമായിക്കാണുന്നു. ജ്വലിക്കുന്ന ദിക്കിൽനിന്നു കുറുക്കൻ ഓരിയിടുന്നു. നന്മ ചിന്തിക്കുന്ന അച്ഛനും അമ്മയും ഞങ്ങളും പറയുന്ന വാക്കുകൾ നീ കേൾക്കുക. മഹാബാഹോ, ശമവും യുദ്ധവും ഇവ രണ്ടും നിന്റെ ഇഷ്ടത്തിലാണു നില്ക്കുന്നത്. ഹേ, ശത്രുകർശനാ! കൂറുള്ളവർ പറയുന്ന വാക്ക് നീ കേൾക്കുന്നില്ലെങ്കിൽ പാർത്ഥബാണങ്ങളാൽ ആർത്തരായ സൈന്യത്തെക്കാണുമ്പോൾ നീ ദുഃഖത്തിന്നു പാത്രമാകും. പോരിൽ ശക്തനായ ഭീമസേനൻ ഘോരമായി ആർക്കുന്ന ഘോഷവും, ഗാണ്ഡീവത്തിന്റെ നാദവും കേട്ടാൽ അപ്പോൾ എന്റെ മൊഴി ഭവാൻ ഓർക്കും. ഞാൻ പറയുന്ന ഈ വാക്ക് നിനക്കു പ്രിയം നല്കുന്നില്ലെങ്കിലും ഇതു സത്യമായി വരുമ്പോൾ നീ ഓർക്കാതിരിക്കയില്ല."

139. ഭീഷ്മദ്രോണവാക്യം – വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മദ്രോണന്മാർ ഇപ്രകാരം പറഞ്ഞതുകേട്ടു ദുര്യോധനന്റെ മനസ്സു ക്ഷീണിച്ചു. അവൻ മുഖംതാഴ്ത്തി ദൃഷ്ടിചെരിച്ചു പുരികം ചുളിച്ച് ഒന്നുംമിണ്ടാതെ നിന്നു. ബുദ്ധിക്ഷയം ബാധിച്ച അവനെ ആ നരപുംഗവന്മാർ പരസ്പരം നോക്കി വീണ്ടും പറയുവാൻ തുടങ്ങി."

ഭീഷ്മൻ പറഞ്ഞു: "എന്നെ ശുശ്രൂഷിക്കുന്നവനും, എന്നിൽ ഈർഷ്യയില്ലാത്തവനും ബ്രഹ്മണ്യനും, സത്യവാദിയും ആയ പാർത്ഥനെ ഞാൻ ചെന്ന് എതിർത്തുകൊള്ളാം. ഇതില്പരം ഒരു ദുഃഖം എനിക്കെന്തുണ്ട്?"

ദ്രോണൻ പറഞ്ഞു: "എന്റെ ഉണ്ണിയായ അശ്വത്ഥാമാവിനേക്കാൾ എന്നിൽ കൂടുതൽ ബഹുമാനവും, വണക്കവും കപികേതനനായ അർജ്ജുനനിൽ ഉണ്ട്. പുത്രനേക്കാൾ പ്രിയപ്പെട്ട ആ പാർത്ഥനോടു ക്ഷത്രധർമ്മം എടുത്ത ഞാൻ ഏറ്റ് എതിർത്തുകൊള്ളാം! ഈ ക്ഷത്രജീവിതം നിന്ദ്യംതന്നെ! അവന് കിടനില്ക്കുന്ന വില്ലാളികളാരും ഇന്നില്ല. എന്റെ പ്രസാദത്താൽ മറ്റു ധനുർദ്ധരന്മാരിൽവെച്ചു ശ്രേഷ്ഠനാണ് അർജ്ജുനൻ. മിത്രദ്രോഹിയായ ശഠൻ, ദുഷ്ടനും നാസ്തികനും നേരുകെട്ടവനുമാണ്. യജ്ഞത്തിൽ മൂർഖനെപ്പോലെ അവൻ സജ്ജനങ്ങളുടെ പൂജ ഏല്ക്കുകയില്ല. പാപശീലന്മാർ എത്ര തടുത്താലും പാപം മാത്രമേ ചെയ്യുവാനൊരുങ്ങുകയുള്ളൂ. ശുഭാത്മാക്കാൾ എപ്പോഴും ശുഭംതന്നെ ചെയ്യും. പാപന്മാർ എത്ര പ്രേരിപ്പിച്ചാലും അവർ അശുഭം ചെയ്യുകയില്ല. മിഥ്യോപചാരങ്ങൾ അവരോടു ചെയ്താലും അവർ പ്രിയത്തോടുകൂടിയേ പാർക്കുകയുള്ളൂ. ഹേ, ഭരതർഷഭാ! അഹിതങ്ങൾ നിനക്കു ദോഷമാണ്. കുരുവൃദ്ധനായ ഭീഷ്മനും, വിദുരനും ഞാനും നിന്നോടു പറഞ്ഞു; വാസുദേവനും വേണ്ടതൊക്കെ ഉപദേശിച്ചു; എന്നിട്ടും നീ നന്മയെ സ്വീകരിക്കുന്നില്ല. തനിക്കു ബലമുണ്ട് എന്നു വിചാരിച്ചു. വർഷകാലത്ത് മുതലകളും മകരങ്ങളും ചേർന്ന ഘോരമായ ഗംഗയെപ്പോലെ കുതിച്ചുകയറുന്നു! അന്യന്റെ വസ്ത്രംകൊണ്ട് ഉടുക്കുവാൻ നോക്കുന്നവനെപ്പോലെയാണ് നിന്റെ പുറപ്പാട്. ത്യക്തമായ മാല്യം എടുത്തു നില്ക്കുന്നവനെപ്പോലെയാണു നീ യുധിഷ്ഠിരന്റെ ശ്രീ നേടി നില്ക്കുന്നത്. ആയുധങ്ങളെടുത്ത അനുജന്മാരും കൃഷ്ണനും ചേർന്ന പാർത്ഥനെ ജയിക്കുവാൻ, കാട്ടിൽ വാഴുന്നവനാണ് അവനെങ്കിലും, നാടുവാണരുളുന്ന ഏതു രാജാവിന്നു കഴിയും? ആരുടെ ആജ്ഞയ്ക്കു കീഴിൽ രാജാക്കന്മാർപോലും കിങ്കരന്മാരായി നില്ക്കുന്നുവോ, ആ വിത്തേശന്റെ മുമ്പിലും യുധിഷ്ഠിരൻ ആദരണീയനായി ശോഭിക്കുന്നു! കുബേരഭവനത്തിൽച്ചെന്നു രത്നങ്ങൾ നേടി പുഷ്ടിപ്പെടുത്തിയ രാജ്യത്തെ പാണ്ഡവന്മാർ ഇച്ഛിക്കുന്നു. ദാനം, ഹോമം, അദ്ധ്യയനം എന്നിവ അനുഷ്ഠിച്ചു. വിപ്രന്മാർക്കു വിത്തവും നല്കി. ഞങ്ങൾക്കാണെങ്കിൽ ധാരാളം പ്രായവുമായി; ആയുസ്സും അവസാനിക്കാറായി. ഞങ്ങൾ ഈ യുദ്ധത്തിൽ മരിച്ചാലും കൃതകൃത്യരാകും. നിന്റെ കഥയോ? ഒന്നു ചിന്തിച്ചു നോക്കൂ! സുഖവും, രാജ്യവും, ഇഷ്ടന്മാരും, സകലധനങ്ങളും

വെടിഞ്ഞു പാണ്ഡവന്മാരോടു പടവെട്ടി സങ്കടപ്പെടുവാനല്ലേ പോകുന്നത്?"

തപോഘോരവ്രതം അനുഷ്ഠിച്ച സത്യവാദിനിയായ പാർഷതി അവന്നു ജയം ആശിക്കുമ്പോൾ പാർത്ഥനെ എങ്ങനെ ജയിക്കുവാൻ കഴിയും? മന്ത്രിയായി കൃഷ്ണനുള്ളപ്പോൾ, സർവ്വ ശസ്ത്രജ്ഞനായ അർജ്ജുനൻ തുണയുള്ളപ്പോൾ, പാർത്ഥനെ എങ്ങനെ വെല്ലുവാൻ കഴിയും? ജിതേന്ദ്രിയന്മാരും ധൃതിമാന്മാരും ആയ വിപ്രന്മാർ സഹായിക്കുമ്പോൾ തപസ്വികളായ ആ വീരപാർത്ഥന്മാരെ എങ്ങനെ നീ ജയിക്കും? ഞാൻ വീണ്ടും പറയുന്നു, ഭൂതിയിച്ഛിക്കുന്ന സുഹൃജ്ജനം, ദുഃഖാബ്ധിയിൽ തങ്ങളുടെ സുഹൃത്ത് താഴ്ന്നുപോകുമ്പോൾ എന്താണു ചെയ്യുക? രക്ഷിക്കയല്ലേ! അതുകൊണ്ടു ഞാൻ പറയുകയാണ് നീ അടങ്ങൂ സുയോധനാ! ആ വീരന്മാരുമായി നീ പോരിന്നു പോകേണ്ട; ഞാനാണു പറയുന്നത്. നീ കുരുക്കളുടെ വൃദ്ധിക്കുവേണ്ടി അടങ്ങുക! പുത്രന്മാരോടും, അമാത്യന്മാരോടും, സൈന്യങ്ങളോടും കൂടി നീ തോറ്റ് അമ്പേണ്ടാ.

140. ശ്രീകൃഷ്ണവാക്യം - കർണ്ണനെ കൃഷ്ണൻ പ്രബോധിപ്പിക്കുന്നു - ധൃതരാഷ്ട്രൻ പറഞ്ഞു: "ഹേ, സഞ്ജയാ! രാജപുത്രന്മാരാൽ ചുറ്റപ്പെട്ട വാസുദേവൻ കർണ്ണനെ വിളിച്ചു തേരിൽക്കയറ്റി പോവുകയുണ്ടായല്ലോ. അമേയനായ ആ അരിസൂദനൻ രാധേയനോട് എന്താണു പറഞ്ഞത്? ആ സൂതപുത്രനോട് എന്തൊക്കെ സാന്ത്വമാണു പറഞ്ഞത്? കാളമേഘസ്വനനായ കൃഷ്ണൻ കർണ്ണനോടു പറഞ്ഞതു മൃദുവായിട്ടോ തീക്ഷ്ണമായിട്ടോ? എന്താണെന്നെന്നോടു പറഞ്ഞാലും!"

സഞ്ജയൻ പറഞ്ഞു: "ക്രമത്തിൽ തീക്ഷ്ണമായും പിന്നെ മൃദുവായുമാണ് സംസാരിച്ചത്. പ്രിയമായും, സത്യധർമ്മാനുസൃതമായും, ഹിതമായും, സ്വീകാര്യമായും, ഉള്ള വാക്കുകൾ ആ അമേയശക്തിയായ ഗോവിന്ദൻ കർണ്ണനോടു പറഞ്ഞു. എന്തൊക്കെയാണ് പറഞ്ഞതെന്നു ഞാൻ പറയാം; ഭവാൻ കേട്ടാലും!"

വാസുദേവൻ പറഞ്ഞു: "ഹേ, രാധേയാ! നീ വേദപാരഗന്മാരായ വിപ്രന്മാരെ ഉപാസിച്ചു. അസൂയവിട്ട നിയമിയായ നീ തത്ത്വാർത്ഥങ്ങളൊക്കെ കേട്ടിട്ടുണ്ടല്ലോ.എടോ കർണ്ണാ, നീ വേദവാദങ്ങളൊക്കെ മുമ്പേതന്നെ ഗ്രഹിച്ചിട്ടുള്ളവനാണ്. നീ സൂക്ഷ്മമായ ധർമ്മശാസ്ത്രത്തിൽ അറിവുള്ളവനുമാണ്. കന്യകയിൽ ജനിച്ചവർ രണ്ടുതരക്കാരുണ്ട്. ഒന്നു കാനീനൻ; രണ്ടു സഹോഢൻ. സഹോഢൻ വിവാഹകാലത്തു ഗർഭിണിയായിരുന്നവളുടെ പുത്രനാണ്. ഇവരുടെയൊക്കെ അച്ഛനായിക്കരുതേണ്ടത് ആ മാതാവിനെ വേട്ട പുരുഷനെയാണ്. ഇങ്ങനെയാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. കർണ്ണാ, നീ അങ്ങനെയുള്ള ഒരുത്തനാണ്. ധർമ്മാനുസരണം ചിന്തിക്കുമ്പോൾ പാണ്ഡുവിന്റെ പുത്രനാണ്. ധർമ്മശാസ്ത്രാശയപ്രകാരം നീ എന്റെ കൂടെ പോരൂ! നീ രാജാവാകും. നിന്റെ അച്ഛന്റെ പങ്കിലാണ് പാർത്ഥന്മാർ. അമ്മയുടെ പങ്കിലാണ് വൃഷ്ണികൾ. ഹേ പുരുഷർഷഭാ, ഈ രണ്ടു പങ്കും നീ മനസ്സിൽ കണ്ടു ചിന്തിച്ച് അറിയുക. എന്നോടുകൂടി അവിടെച്ചെന്നെത്തുന്ന നിന്നെ, യുധിഷ്ഠിരന്റെ അഗ്രജനായ കൗന്തേയനാണെന്നു പാണ്ഡവന്മാർ ഉടനെ അറിയട്ടെ! നിന്റെ പാദം ഭ്രാതാക്കന്മാരായ അഞ്ചു പാണ്ഡവന്മാരും പിടിക്കും. പാഞ്ചാലീപുത്രന്മാർ അഞ്ചുപേരും, അപരാജിതനായ അഭിമന്യുവും പിടിക്കും. പാണ്ഡവന്മാർക്കുവേണ്ടി യുദ്ധത്തിന്നു വന്നു ചേർന്നിട്ടുള്ള സകല രാജാക്കന്മാരും അവരുടെ പുത്രന്മാരും നിന്റെ പാദത്തിൽ കുമ്പിടും. നിന്റെ പാദം സകല വൃഷ്ണ്യന്ധകജനങ്ങളും പിടിക്കും. അങ്ങയുടെ അഭിഷേകത്തിന്നായി പൊൻകുടവും, വെള്ളിക്കുടവും, മൺകുടവും, മരുന്നുകളും, സർവ്വബീജങ്ങളും, ചെടികളും, രത്നങ്ങൾ മുതലായവയുമൊക്കെ രാജാക്കന്മാരും കന്യകമാരും ഏറ്റട്ടെ! ആറാമത്തെ ഊഴത്തിൽ പാഞ്ചാലി ഭവാനോടും ചേരുന്നതാണ്. നിനക്ക് അഗ്ന്യാഹുതി ധൗമ്യമുനി കഴിക്കട്ടെ! നാലുവേദങ്ങളും അറിയുന്ന ദ്വിജന്മാർ ഭവാനെ അഭിഷേചിക്കട്ടെ! ബ്രഹ്മകർമ്മത്തിൽ നില്ക്കുന്നവരായ പാണ്ഡവന്മാരുടെ പുരോഹിതനും, പുരുഷശ്രേഷ്ഠരും, അഞ്ചു സഹോദരന്മാരായ പാണ്ഡവന്മാരും, പാഞ്ചാലീപുത്രന്മാരായ അഞ്ചുപേരും, പാഞ്ചാലന്മാരും ചേദികളും, ഞാനും ഹേ രാജാവേ, ഭവാനെ രാജാവായി അഭിഷേചനം ചെയ്യും. ഭവാന്റെ യൗവരാജ്യം ധർമ്മരാജാവായ യുധിഷ്ഠിരൻ ഏല്ക്കട്ടെ! വെൺചാമരം എടുത്തു ധർമ്മിഷ്ഠനും, സംശിതവ്രതനുമായ യുധിഷ്ഠിരൻ ഭവാന്റെ തേരിൽ പിന്നിൽ കയറിനിന്നു വീശട്ടെ! മഹാബലനായ ഭീമസേനൻ വെൺകൊറ്റക്കുടയെടുത്ത് അഭിഷേകകർമ്മം കഴിഞ്ഞ ഭവാന്റെ ശിരസ്സിന്നുപരിയായി ചൂടി നില്ക്കും! കിങ്ങിണിനിര ശബ്ദിക്കുന്നതും, പുലിത്തോലു പൊതിഞ്ഞതും, ശ്വേതാശ്വങ്ങൾ കെട്ടിയതുമായ തേര് ധനഞ്ജയൻ നടത്തും. അഭിമന്യു ഭവാന്റെ സമീപത്ത് എപ്പോഴും പെരുമാറും. സഹദേവനും, നകുലനും പാഞ്ചാലീപുത്രന്മാർ അഞ്ചുപേരും, പാഞ്ചാലന്മാരും മഹാരഥനായ ശിഖണ്ഡിയും, ഈ ഞാനും ഭവാനെ പിന്തുടരും. എല്ലാ വൃഷ്ണ്യന്ധകന്മാരും ഭവാനെ പിന്തുടരുന്നതാണ്. ദാശാർഹരും, ദശാർണ്ണരും ഭവാന്റെ ഭടന്മാരാകും. മഹാബാഹോ! ഭവാൻ ഭ്രാതാക്കളായ പാണ്ഡവന്മാരോടുകൂടി രാജ്യം വാണാലും! ജപഹോമങ്ങളും, നാനാമംഗളങ്ങളും ചേർന്നു ഭവാന്റെ അകമ്പടി സേവിക്കട്ടെ! ദ്രാവിഡന്മാരും, കുന്തളന്മാരും, അന്ധതാലചരന്മാരും, ചൂചുപന്മാരും, രേണുപന്മാരും ഭവാന് അകമ്പടി നില്ക്കട്ടെ! ഭവാനെ പലവിധത്തിൽ സൂതമാഗധന്മാർ സ്തുതിക്കട്ടെ! സുഷേണന്റെ വിജയം പാണ്ഡവന്മാർ ഘോഷിക്കട്ടെ! നക്ഷത്രങ്ങളോടുകൂടിയ ചന്ദ്രനെപ്പോലെ പാണ്ഡവന്മാരോടുകൂടി ഭവൻ രാജ്യത്തെ രക്ഷിക്കുക. കുന്തിക്കും പ്രീതിയുണ്ടാകട്ടെ! ഇന്നു ഭ്രാതാക്കളായ പാണ്ഡവരോടുകൂടിച്ചേർന്നു ഭവാന്റെ സൗഭ്രാത്രം വിജയിക്കട്ടെ.

141. കർണ്ണൻ കൃഷ്ണനോടു പറയുന്ന മറുപടി - കർണ്ണൻ പറഞ്ഞു: "ഹേ, വാർഷ്ണേയാ! ഭവാൻ തീർച്ചയായും സൗഹൃദത്താലും, സൗഖ്യത്താലും, പ്രണയത്താലും എന്റെ നന്മയിലുള്ള താൽപര്യത്താലുമാണ് ഇപ്രകാരം പറഞ്ഞതെന്നു ഞാൻ ധരിക്കുന്നു. ഇതൊക്കെ ഞാൻ ശരിക്കും അറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. ധർമ്മശാസ്ത്രാശയം നോക്കുമ്പോൾ ഞാൻ ധർമ്മത്താൽ പാണ്ഡുപുത്രനാണെന്നുള്ളതും ഭവാൻ അറിയുന്നപ്രകാരംതന്നെ ഞാൻ അറിയുന്നുണ്ട്.

എന്നെ കന്യക ഗർഭം ധരിച്ചത് അർക്കനിൽനിന്നാണെന്നും ആ അർക്കന്റെ വാക്കുപ്രകാരം എന്നെ പ്രസവിച്ച ഉടനെ മാതാവ് ഉപേക്ഷിച്ചു എന്ന കഥയും ഞാൻ അറിയുന്നുണ്ട്.

ഹേ, കൃഷ്ണാ! ഞാൻ അങ്ങനെയുണ്ടായവനാണ്. ധർമ്മത്താൽ ഞാൻ പാണ്ഡുപുത്രനാണ്. കുന്തി എന്നെ കുശലംകൂടാതെ കൈവെടിയുകയാണല്ലോ ചെയ്തത്. എന്നെ അതിരഥൻ എന്ന സൂതൻ കണ്ടെടുത്തു ഗൃഹത്തിൽ കൊണ്ടുപോയി സൗഹൃദത്താൽ രാധയ്ക്കുനല്കി. എന്നിൽ സ്നേഹംമൂലം രാധയുടെ മുല ഉടനെ ചുരന്നുപോലും! അവൾ എന്റെ മലമൂത്രങ്ങൾ എടുത്തു. അവൾ എന്നെ അങ്ങനെ കഷ്ടപ്പെട്ടു വളർത്തി. അവൾക്ക് പിണ്ഡം നല്കാതെ ധർമ്മശാസ്ത്രജ്ഞനും, ധർമ്മശാസ്ത്രം കേൾക്കുവാൻ ഇഷ്ടപ്പെടുന്നവനുമായ എന്നെപ്പോലെയുള്ളവൻ ഇരിക്കുമോ? സൂതനായ അതിരഥൻ എന്നെ പുത്രനായിക്കാണുന്നു. അവനെ ഞാൻ സൗഹൃദത്താൽ അച്ഛനായും

കരുതുന്നു. മാധവാ, അവൻ എന്റെ ജാതകർമ്മാദികളൊക്കെ പുത്രപ്രീതിയോടുകൂടി, ശാസ്ത്രവിധി അനുസരിച്ച് ചെയ്യിച്ചു. വിപ്രന്മാരെ വരുത്തി വസുഷേണൻ എന്ന് എനിക്കു പേരും ഇട്ടു. അവനോട് ഇണങ്ങി ജീവിച്ചു. വിവാഹംചെയ്തു ഭാര്യമാരെ നേടി. എനിക്കു പുത്രപൗത്രന്മാരുമുണ്ടായി. അവരിൽ കാമബന്ധത്തോടൊത്ത് എന്നിൽ ഉണ്ടായ ആ സൗഹൃദം ഭൂമി മുഴുവൻകൊണ്ടും വളരെ പൊന്നിൻകുന്നുകൾകൊണ്ടും ഹർഷഭയദ്വേഷാദികൾകൊണ്ടും ഞാൻ പാഴാക്കിക്കളയുകയില്ല. ഹരേ, ഞാൻ ദുര്യോധനനെ ആശ്രയിച്ചു. ധൃതരാഷ്ട്രഗൃഹത്തിൽ പതിമ്മൂന്നു സംവത്സരം നിഷ്കണ്ടകമായി രാജ്യം ഭുജിച്ചു. സൂതന്മാരോടുചേർന്ന് കുലധർമ്മം അനുസരിച്ചു വിവാഹാദികൾ നടത്തിച്ചു. ദുര്യോധനൻ എന്നെ അവലംബിച്ച് ശസ്ത്രസമുദ്യമങ്ങൾ ചെയ്തു; പാണ്ഡുപുത്രന്മാരുമായി വൈരവും നേടി. അത് ദ്വൈരഥത്തിൽ സവ്യസാചിയുമായി എതിർക്കുന്നതിന്നുവേണ്ടിയാണ്. എതിരാളിയായി അവൻ എന്നെയാണ് വരിച്ചത്. വധം, ബന്ധം, ഭയം, ലോഭം എന്നിവയാൽ ധീമാനായ ധാർത്തരാഷ്ട്രന്ന് ഞാൻ നേരുകേടു ചെയ്യുന്നതല്ല. സവ്യസാചിയോടു ഞാൻ ദ്വൈരഥം ചെയ്യുന്നതല്ലെങ്കിൽ ഹൃഷീകേശാ, എനിക്ക് അകീർത്തിയാണുണ്ടാവുക. ആ അകീർത്തി എനിക്കും പാർത്ഥനും സമമാണുതാനും.

ഹേ, മധുസൂദനാ! ഭവാൻ തീർച്ചയായും എന്റെ ഹിതത്തിന്നാണു പറഞ്ഞതെന്നെനിക്കറിയാം. ഭവാന്റെ പാട്ടിലാണ് പാണ്ഡവന്മാർ. അതുകൊണ്ടു ഭവാൻ പറഞ്ഞാൽ അതുപോലെയൊക്കെ അവർ ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ഈ രഹസ്യമന്ത്രം ഭവാൻ മറച്ചുവെക്കണം. ആരോടും പറയരുത്. അതാണു നല്ലത് എന്നു ഞാൻ വിചാരിക്കുന്നു. കുന്തിയുടെ പ്രഥമപുത്രനാണു ഞാൻ എന്നു യുധിഷ്ഠിരൻ അറിയരുത്. ആരും അറിയരുത്.അറിഞ്ഞുകഴിഞ്ഞാൽ ജിതേന്ദ്രിയനായ ആ ധർമ്മരാജാവ് രാജ്യം കൈയേൽക്കുകയില്ല. മഹത്തായ ഈ രാജ്യം പിന്നെ എനിക്കു കിട്ടിയാൽ അതു ഞാൻ ദുര്യോധനന്നു നല്കുന്നതാണ്. ധർമ്മാത്മാവായ യുധിഷ്ഠിരൻ എല്ലാ കാലത്തേക്കും രാജാവായിത്തന്നെ ഭവിക്കട്ടെ! ഏതൊരു രാജാവിന്ന് ഹൃഷീകേശൻ നേതാവാകുന്നുവോ, പാർത്ഥൻ യോദ്ധാവാകുന്നുവോ, ഭീമസേനൻ രഥിയാകുന്നുവോ, രാഷ്ട്രവും ഭൂമിയുമൊക്കെ ആ രാജാവിന്നുള്ളതാണ്. സഹദേവനും നകുലനും ദ്രൗപദേയന്മാരും ധൃഷ്ടദ്യുമ്നനും സാത്യകിയും യുധാമന്യുവും ഉത്തമൗജസ്സും പാർഷതനും ആർക്ക് സഹായികളായി നില്ക്കുന്നുവോ, ആ രാജാവിന്നുള്ളതാണ് രാഷ്ട്രവും ഭൂമിയുമെല്ലാം. രഥികളായ യുധാമന്യുവും ഉത്തമൗജസ്സും പാർഷതനായ സത്യധർമ്മനും ചേകിതാനനും ചൈദ്യനും ശിഖണ്ഡിയും ഇന്ദ്രഗോപാഭരായ കേകയഭ്രാതാക്കളും ഇന്ദ്രായുധാഭനും ഭീമസേനന്റെ അമ്മാവനുമായ കുന്തീഭോജനും സേനജിത്തും ശംഖനും ഇങ്ങനെ വളരെയധികം ക്ഷത്രിയപ്രഭുക്കന്മാരെ വരുത്തിയിട്ടുണ്ടല്ലോ. രാജാക്കന്മാരിൽ ഏറ്റവും പ്രസിദ്ധന്മാരും പ്രശസ്തമായ രാജ്യവും നിങ്ങൾക്ക് ഒത്തുചേർന്നിരിക്കുന്നു. ധാർത്തരാഷ്ട്രന്ന് ഇവിടെ വെച്ചു ശസ്ത്രയജ്ഞം നടക്കുവാൻ പോകുന്നു. ഈ യജ്ഞത്തെപ്പറ്റി പൂർണ്ണമായി അറിയുന്നവനാണല്ലോ ഭവാൻ. അങ്ങെയാണല്ലോ കൃഷ്ണാ ഈ യജ്ഞത്തിൽ അദ്ധ്വരം ചെയ്യുവാൻ പോകുന്നത്. ഹോതാവ് ബീഭത്സുവാണ്. കപികേതനൻ അതിന്നു സന്നദ്ധനായി നില്ക്കുന്നു. സ്രുക്ക് ഗാണ്ഡീവമാണ്. ആജ്യം പുമാന്മാരുടെ വീര്യമാണ്. സവ്യസാചി പ്രയുക്തമായ ഐന്ദ്രം, പാശുപതം, ബ്രാഹ്മം, സ്തൂണാകർണ്ണം എന്നിവ മന്ത്രങ്ങളായി ഭവിക്കും. അച്ഛനെ പിൻതുടരുന്നവനും വിക്രമത്തിൽ അച്ഛനെ അതിശയിക്കുന്നവനുമായ സൗഭദ്രൻ, ഗീതം ഭംഗിയായി സ്തോത്രം ചെയ്യും. ആനപ്പട മുടിച്ച് ആർക്കുന്ന മഹാബലനായ ഭീമൻ ഇവിടെ ഉൽഗ്ഗാതാവും പ്രസ്തോതാവുമാണ്. ധർമ്മശീലനായ യുധിഷ്ഠിരരാജാവ് ഇതിൽ എന്നും ജപഹോമങ്ങളോടുകൂടിയ ബ്രഹ്മനായി സ്ഥിതിചെയ്യും. ശംഖനാദങ്ങൾ, മുരജഭേരീനാദങ്ങൾ, ഉൽകൃഷ്ടമായ സിംഹനാദം ഇവ ആഹ്വാനങ്ങളാകും. മഹാവീര്യവാന്മാരായ മാദ്രീപുത്രന്മാർ നല്ലപോലെ ശാമിത്രം ചെയ്യും (ബലിമൃഗങ്ങളെ അറക്കും) ചിത്രധ്വജങ്ങളോടുകൂടി വിളങ്ങുന്ന രഥപംക്തികൾ ഈ യജ്ഞത്തിലെ യൂപങ്ങളായി നില്ക്കും. കർണ്ണി, നാളീകം, നാരാചം, വത്സദന്തം ഇവ തവികളാകും. തോമരം സോമപാത്രങ്ങളാകും. ധനുസ്സുകൾ പവിത്രങ്ങളാകും. വാളുകൾ കലാപങ്ങളും ശിരസ്സുകൾ പുരോഡാശങ്ങളുമാകും. ആ യജ്ഞത്തിൽ ഹേ കൃഷ്ണാ, രക്തം ഹവിസ്സായും ഭവിക്കും. വേല്, ഗദ എന്നിവ ഇദ്ധ്മങ്ങളായ പരിധികളാകും. ദ്രോണശിഷ്യന്മാരും കൃപശിഷ്യന്മാരും സദസ്യരാകും. ഗാണ്ഡീവിയും ദ്രോണദ്രൗണിമാരും മറ്റുരഥികളും പ്രയോഗിക്കുന്ന ബാണങ്ങൾ പരിസ്തോമങ്ങളാകും. പ്രതിപ്രാസ്ഥാനികമായ കർമ്മം ഇവിടെ സാത്യകി ചെയ്യും. ഇവിടെ ധാർത്തരാഷ്ട്രനാണ് ദീക്ഷിതൻ. അവന്റെ ഭാര്യയാകുന്നതു സൈന്യമാണ്. മഹാബലനായ ഘടോൽക്കചൻ ചെയ്യുന്ന കുശാമിത്രമാണ് യജ്ഞകർമ്മം നടത്തുമ്പോൾ അതിര്. ഈ യജ്ഞത്തിലെ ദക്ഷിണയാകുന്നത് വൈതാനകർമ്മത്തിൽ അഗ്നിയിൽനിന്നുയരുന്ന പ്രതാപവാനായ ധൃഷ്ടദ്യുമ്നനാണ്.

ഹേ കൃഷ്ണാ, ഞാൻ പാണ്ഡവരോടു കടുത്ത വാക്കുകൾ പറഞ്ഞു. അത് ധാർത്തരാഷ്ട്രന്റെ സേവയ്ക്കുവേണ്ടി പറഞ്ഞതാണ്. അത് ഓർക്കുമ്പോൾ ഇന്നും എന്റെ മനസ്സു തപിക്കുന്നു. ഞാൻ അത്യധികം ഖേദിക്കുന്നു.

കൃഷ്ണാ, എന്നെ അർജ്ജുനൻ കൊന്നതായി എപ്പോൾ ഭവാൻ കാണുന്നുവോ, അപ്പോൾ ഈ യജ്ഞത്തിന്ന് പുനഃശ്ചയനമായി. ആർക്കുന്ന ദുശ്ശാസനന്റെ രക്തം പാണ്ഡവൻ എപ്പോൾ കുടിച്ച് ആർക്കുന്നുവോ, അപ്പോൾ അതു സൂയവും ആകും. ദ്രോണനേയും ഭീഷ്മനേയും എപ്പോൾ പാഞ്ചാല്യർ വീഴ്ത്തുന്നുവോ, അപ്പോൾ യജ്ഞാവസാനവുമായി എന്നു വിചാരിക്കാം. മഹാബലനായ ഭീമൻ എപ്പോൾ ദുര്യോധനനെ വീഴ്ത്തുന്നുവോ, അപ്പോൾ മാധവാ! ധാർത്തരാഷ്ട്രന്റെ യജ്ഞവും അവസാനിക്കും. ധാർത്തരാഷ്ട്രസ്നുഷകളും പ്രസ്നുഷകളും ഒപ്പം പതിപുത്രന്മാർ മരിച്ച് അനാഥമട്ടിൽ കേഴും ജനാർദ്ദനാ! ഗാന്ധാരിയോടുകൂടി അവർ കഴുക്കളുടേയും കുറുനരികളുടേയും കുരരങ്ങളുടേയും മദ്ധ്യത്തിൽ ഇരുന്നു വിലപിക്കും. അത് യജ്ഞത്തിന്റെ അവഭൃതവുമായിത്തീരും. വയോവിദ്യാവൃദ്ധന്മാരായ ക്ഷത്രിയന്മാർ ഹേ കേശവാ, ഭവാൻമൂലം മരണമേല്ക്കാതിരിക്കണമെന്ന് ഞാൻ ഭവാനോടു പറയുന്നു.

ശസ്ത്രമേറ്റു മരിക്കുകയാണെങ്കിൽ അങ്ങനെയാകട്ടെ! വർദ്ധിച്ച ഈ ക്ഷത്രിയമണ്ഡലം മൂന്നുലോകത്തിലും പുണ്യമായ കുരുക്ഷേത്രത്തിൽവെച്ച് അവസാനിക്കട്ടെ! അങ്ങനെയായാൽ ഹേ, പുണ്ഡരീകാക്ഷാ, ഭവാന്റെ അഭീഷ്ടം നിറവേറുമല്ലോ. വാർഷ്ണേയാ, ക്ഷത്രിയന്മാരൊക്കെ സ്വർഗ്ഗം കയറുമാറാകട്ടെയെന്നു ഞാൻ ആശംസിക്കുന്നു. കുന്നും, പുഴകളും പാരിൽ നില്ക്കുന്ന കാലത്തോളം കീർത്തികൊണ്ടുള്ള ആ പേരു നിത്യമായി നിലനില്ക്കും! ബ്രാഹ്മണർ മഹാഭാരതയുദ്ധത്തിന്റെ കഥ ഭൂമിയിൽ എന്നെന്നും പ്രകീർത്തിക്കും. എതിർപോർചെയ്ത ക്ഷത്രിയന്മാർക്ക് യശോധനം അർഹിക്കുന്നതാണ് ഈ കഥ. കേശവാ, കൗന്തേയനെ രണത്തിനായി ഭവാൻ എന്റെ സമീപത്തെത്തിക്കുക. നമ്മുടെ മന്ത്രം പുറത്തുവിടരുത്. ആ ചരിത്രം

ഗോപ്യമായിത്തന്നെ ഇരിക്കട്ടെ.

142. ഭഗവദ്വാക്യം – സഞ്ജയൻ പറഞ്ഞു: "കർണ്ണന്റെ വാക്കു കേട്ടു ശത്രുനാശനനായ കേശവൻ കുലുങ്ങിച്ചിരിച്ചു. പിന്നെ മന്ദസ്മിതത്തോടെ ഇപ്രകാരം പറഞ്ഞു."

ഭഗവാൻ പറഞ്ഞു: "രാജ്യസംപ്രാപ്തിക്കുവേണ്ട കൗശലങ്ങൾ ഞാൻ പറഞ്ഞുതന്നിട്ടും അതു നീ സ്വീകരിക്കുകയില്ലെന്നോ? ഞാൻ തരുന്ന ഭൂമി രക്ഷിക്കുവാൻ നീ ഇച്ഛിക്കുന്നില്ലെന്നോ? യുദ്ധത്തിലേർപ്പെട്ടാൽ പാണ്ഡവന്മാർക്കു ജയം തീർച്ചയാണ്. അതിൽ എനിക്കു യാതൊരു സംശയവുമില്ല. ഉയർന്നുനില്ക്കുന്ന ഉഗ്രമായ വാനരചിഹ്നത്തോടുകൂടിയ ജയദ്ധ്വജം പാണ്ഡവന്നുണ്ട്. അത് വിശ്വകർമ്മാവു സൃഷ്ടിച്ചിട്ടുള്ളതാണ്. ശക്രന്റെ കൊടിയോടു തുല്യമായിട്ടുള്ളതുമാണ്. ദിവ്യവും ഭയങ്കരവുമായ ഭൂതങ്ങൾ ആ കൊടിയിൽ അധിവസിക്കുന്നു. അതു ശൈലങ്ങളിലോ വൃക്ഷങ്ങളിലോ തടയാത്തതുമാണ്. മേലോട്ടും വിലങ്ങനേയും യോജനമാത്രരൂപത്തിൽ ഉയർന്നു പാവകകാന്തി ചിന്തി ധനഞ്ജയന്റെ ആ ധ്വജം ശോഭിക്കുന്നു.

ഹേ കർണ്ണാ, എപ്പോൾ സാരഥിയായ കൃഷ്ണനോടു ചേർന്ന ശ്വേതാശ്വൻ, അഗ്നിവായുക്കൾ ഉണ്ടാക്കുംവിധം ഐന്ദ്രാസ്ത്രം വിടുന്നുവോ ഇടിവെട്ടുന്ന ശബ്ദംപോലെ ഗാണ്ഡീവദ്ധ്വനി മുഴക്കുന്നുവോ അപ്പോൾ കാലത്തിന്റെ കഥയൊക്കെ കഴിഞ്ഞതുതന്നെ! പിന്നെ കൃതയുമില്ല, ത്രേതയുമില്ല, ദ്വാപരയുമില്ല!

കുന്തീപുത്രനായ, യുധിഷ്ഠിരൻ, തപോധനങ്ങളോടുകൂടിയ ധർമ്മരാജാവ്, ജപഹോമനിരതനായ പാണ്ഡവൻ, യുദ്ധത്തിൽ സൂര്യനെപ്പോലെ ദുർദ്ധർഷനായി സ്വന്തം സൈന്യത്തെ ഭരിച്ചു ശത്രുസൈന്യത്തെ തപിപ്പിക്കുന്നതായി എപ്പോൾ കാണുന്നുവോ, അപ്പോൾ തീർന്നുകാലങ്ങളൊക്കെ. പിന്നെ കൃതയുമില്ല, ത്രേതയുമില്ല, ദ്വാപരയുമില്ല.

എപ്പോൾ ദുശ്ശാസനന്റെ രുധിരം കുടിച്ച് ആർത്തു തുള്ളി മത്തഗജേന്ദ്രനെപ്പോലെ എതിർഗജത്തെ ജയിച്ച് മഹാബലനായ ഭീമസേനനെ യുദ്ധത്തിൽ കാണുന്നുവോ, അപ്പോൾ കാലത്തിന്റെ കഥ കഴിഞ്ഞതുതന്നെ. പിന്നെ ത്രേതയുമില്ല, കൃതയുമില്ല, ദ്വാപരയുമില്ല!

എപ്പോൾ യുദ്ധത്തിൽ ദ്രോണനേയും ഭീഷ്മനേയും കൃപനേയും ദുര്യോധനനേയും ജയദ്രഥനേയും പോരിന്ന് പാഞ്ഞേല്ക്കുമ്പോൾ സവ്യസാചി തടുക്കുന്നതായി കാണുന്നുവോ, അപ്പോൾ കാലത്തിന്റെ കഥ തീർന്നതുതന്നെ പിന്നെ കൃതയുമില്ല, ത്രേതയുമില്ല, ദ്വാപരയുമില്ല!

എപ്പോൾ യുദ്ധത്തിൽ മഹാബലരായ മാദ്രീപുത്രന്മാർ ഗജങ്ങളെപ്പോലെ ധാർത്തരാഷ്ട്രപ്പടയെ മഥിക്കുന്നതും, ജൃംഭിക്കുന്ന അസ്ത്രവർഷംകൊണ്ട് ശത്രുവീരന്മാരെ വെല്ലുന്നതും കാണുന്നുവോ, അപ്പോൾ തീർന്നു കാലത്തിന്റെ കഥയൊക്കെ. പിന്നെ കൃതയുമില്ല, ത്രേതയുമില്ല, ദ്വാപരയുമില്ല!

ഹേ, കർണ്ണാ, നീ പോയി ഭീഷ്മനോടും, ദ്രോണനോടും, ഗൗതമനോടും പറഞ്ഞേക്കൂ, ഇതു നല്ല മാസമാണ്. വളരെ നെല്ലും, വിറകുമുള്ള കാലമാണ്. സർവ്വസസ്യങ്ങളും വാച്ചു കായ്ച്ചുനില്ക്കുന്നു. ഈച്ചകൾ കുറവുള്ള കാലമാണ്. ചെളിയൊക്കെ പോയി, കലങ്ങൽ നീങ്ങി, വെള്ളം തെളിഞ്ഞു. തണുപ്പും, ചൂടും ഇല്ലാത്ത നല്ല സുഖമുള്ള കാലാവസ്ഥയാണ്. ഏഴു ദിവസം കഴിഞ്ഞാൽ അമാവാസ്യമായി. അന്നു യുദ്ധത്തിന്ന് ഒരുങ്ങാം. ശക്രനാണ് അന്നത്തെ നാളിന്റെ ദൈവതം. ഇപ്രകാരം യുദ്ധത്തിന്നുവന്ന രാജാക്കളോടൊക്കെ നീ പറയണം. നിങ്ങൾക്കൊക്കെ എന്താണ് ഇഷ്ടമെങ്കിൽ അതൊക്കെ ഞാൻ സാധിപ്പിച്ചുതരാം. ദുര്യോധനന്റെ പങ്കിൽച്ചേർന്ന രാജാക്കന്മാരും, രാജപുത്രന്മാരും എല്ലാം ശസ്ത്രംകൊണ്ടു മരിക്കും; മുഖ്യമായ ഗതി നേടുകയും ചെയ്യും.

143. കൃഷ്ണകർണ്ണസംവാദം – സഞ്ജയൻ പറഞ്ഞു: "കേശവന്റെ ശുഭമായ ഈ വാക്കുകൾ കർണ്ണൻ മനസ്സിരുത്തിക്കേട്ട് മധുജിത്തായ ആ മഹാശയനെ ബഹുമാനിച്ച് ഇപ്രകാരം പറഞ്ഞു: 'അല്ലയോ മഹാഭുജാ, ഭവാൻ എല്ലാകാര്യവും അറിഞ്ഞുകൊണ്ടുതന്നെ എന്തിനാണ് എന്നെ ഇങ്ങനെ മിരട്ടുന്നത്? ഈ ഭൂമിക്ക് ഇപ്പോൾ വന്നുചേർന്ന നാശത്തിന്നൊക്കെ നിമിത്തം ഞാനും, ശകുനിയും ദുശ്ശാസനനും, ദുര്യോധനരാജാവും ആണുപോലും!

കൃഷ്ണാ, ഒരു കാര്യം സംശയംകൂടാതെ ഞാൻ പറയുന്നു. ചോരചേറാകുന്നവിധം അത്ര ഭയങ്കരമായ യുദ്ധം കുരുക്കളും പാണ്ഡവന്മാരും തമ്മിൽ ഇതാ അടുത്തിരിക്കുന്നു. ദുര്യോധനന്റെ അധീനത്തിൽ നില്ക്കുന്ന സകല രാജാക്കന്മാരും, രാജപുത്രന്മാരും പോരിൽ ശസ്ത്രാഗ്നിയിൽ വെന്തു വെണ്ണീറായി കാലപുരിയിലേക്കു ഗമിക്കുകതന്നെചെയ്യും. പല ഘോരദുഃസ്വപ്നവും ഞാൻ കാണുന്നുണ്ട്. ഘോരങ്ങളായ ദുർന്നിമിത്തങ്ങളും, ഘോരങ്ങളായ ഉൽപ്പാതങ്ങളും കാണുന്നുണ്ട്. ലക്ഷണംകൊണ്ട് അതിലൊക്കെ ദുര്യോധനന്നു പരാജയവും, ധർമ്മപുത്രന്നു വിജയവുമാണു ഞാൻ കാണുന്നത്. അങ്ങനെ പറയുവാൻ തക്കവിധം അത്ര രോമാഞ്ചജനകമാണ് ഇപ്പോഴത്തെ ഗ്രഹനില. ഇപ്പോൾ തീക്ഷ്ണവും മഹാദ്യുതിയുമായ രോഹിണീനക്ഷത്രത്തെ ശനിഗ്രഹം ലോകത്തെ അപകടത്തിലാക്കത്തക്കവിധം പീഡിപ്പിക്കുന്നു. ചൊവ്വാഗ്രഹം തൃക്കേട്ടനക്ഷത്രത്തിൽ മുഖം കാണിച്ച് അനിഴത്തെ മിത്രനാശം വരുത്തുന്നവിധം നോക്കിക്കൊണ്ടുനില്ക്കുന്നു. കുരുക്കൾക്കു തീർച്ചയായും മഹാഭയം വന്നടുത്തിരിക്കുന്നു. ഹേ, വാർഷ്ണേയാ, വിശേഷിച്ചും ചിത്രയെ ഗ്രഹം പീഡിപ്പിച്ചിരിക്കുന്നു. ചന്ദ്രന്റെ ചിഹ്നവും മങ്ങിയിരിക്കുന്നു. രാഹു സൂര്യന്റെ നേരെ പായുന്നു. ഇടിയോടുകൂടി ചലിക്കുന്നവിധം കൊള്ളിമീൻ ആകാശത്തിൽ ചാടുന്നു. ആനകൾ അകാരണമായി പിടയുകയും, കുതിരകൾ നിന്നു കണ്ണുനീർ പൊഴിക്കുകയും ചെയ്യുന്നു. ആ ജീവികളൊന്നും പുല്ലും വെള്ളവും ആഗ്രഹിക്കുന്നില്ല. ഇങ്ങനെയുള്ള ദുർന്നിമിത്തങ്ങൾ കണ്ടാൽ ആപത്തടുത്തു എന്നുള്ളതിനു സംശയമില്ല. ഭക്ഷണം അല്പമേ കഴിക്കുന്നുള്ളുവെങ്കിലും കുതിരകൾക്കും ആനകൾക്കും മനുഷ്യർക്കുമൊക്കെ മലം ധാരാളമായി ഉണ്ടാകുന്നു. കേശവാ! ഈ ദുർന്നിമിത്തങ്ങളൊക്കെ ധാർത്തരാഷ്ട്രന്റെ സൈന്യത്തിലാണു കാണുന്നത്. വിദ്വാന്മാരുടെ അഭിപ്രായം അതു പരാജയത്തിന്റെ ലക്ഷണമാണെന്നാണ്. എന്നാൽ പാണ്ഡവപക്ഷത്തിൽ ഇങ്ങനെയുള്ള ദുർന്നിമിത്തങ്ങൾ കാണപ്പെടുന്നില്ല. അവിടെ വാഹനങ്ങളൊക്കെ സന്തോഷിച്ചു നില്ക്കുന്നു. അവർക്ക് എപ്പോഴും മൃഗങ്ങൾ വലത്തോട്ട് ഒഴിയുന്നതായിട്ടാണു കാണുന്നത്. അത് ജയത്തിന്റെ ലക്ഷണമാണ്. ധാർത്തരാഷ്ട്രന്മാർക്ക് മൃഗം ഇടത്തോട്ട് ഒഴിയുന്നതായി കാണുന്നു. അശരീരോക്തികളും കേൾക്കുന്നു. അതൊക്കെ അശുഭമാണു കുറിക്കുന്നത്. മയിലും പുണ്യപക്ഷിയായ അരയന്നവും സാരസവും ചാതകങ്ങളും ജീവഞ്ജീവങ്ങളും പാർത്ഥന്മാരുടെ പിന്നാലെ പറക്കുന്നതായി കാണുന്നു. കഴുകുകളും പെരുംപന്തുകളും കൊക്കുകളും ചെന്നായ്ക്കളും യാതുധാനന്മാരും ഈച്ചക്കൂട്ടങ്ങളും കുരുക്കൾ സഞ്ചരിക്കുന്നിടത്തൊക്കെ അനുഗമിക്കുന്നു. ധാർത്തരാഷ്ട്രന്റെ

സൈന്യത്തിലെ ഭേരികൾക്ക് ഒച്ചയില്ല. പാണ്ഡവന്മാരുടെ പെരുമ്പറകൾ അടിക്കാതെ തന്നെ ശബ്ദിക്കുന്നു. ജലാശയങ്ങൾ ഗോവൃക്ഷങ്ങൾപോലെ ശബ്ദിക്കുന്നു. ധാർത്തരാഷ്ട്രന്റെ സൈന്യത്തിൽ ഈ ചിഹ്നങ്ങളൊക്കെ തോൽമയുടെ ലക്ഷണങ്ങളാണ്. മാധവാ, ദേവൻ മാംസരക്തങ്ങൾ വർഷിക്കുന്നു. ഗന്ധർവ്വനഗരം (മൃഗതൃഷ്ണ) അരികെ മിന്നിക്കാണുന്നു. കിടങ്ങും കോട്ടയും കെട്ടും നല്ല കമാനവും ചേർന്ന് കറുത്ത പരിഘം സൂര്യബിംബത്തെ മൂടിനില്ക്കുന്നു. ഉദയം, അസ്തമനം, രണ്ടു സന്ധ്യകൾ ഇവയൊക്കെ വലിയ ഭയത്തെ സൂചിപ്പിക്കുന്നു. കുറുക്കന്മാർ ഉഗ്രമായി കൂട്ടംകൂടി ഓരിയിടുന്നു. ഇതും പരാജയത്തിന്റെ ലക്ഷണങ്ങളാണ്. ഒറ്റച്ചിറകുള്ളവ, ഒറ്റക്കാലുള്ളവ, ഒറ്റക്കണ്ണുള്ളവ, ഇങ്ങനെയുള്ള പക്ഷികൾ അശുഭ ശബ്ദമുണ്ടാക്കുന്നു. ഇതുതോല്മയുടെ ലക്ഷണമാണ്. കാലുചുരുണ്ടും, കഴുത്തു കറുത്തും, കണ്ടാൽ പേടിതോന്നുന്ന പക്ഷികൾ സന്ധ്യയ്ക്ക് അഭിമുഖമായി പറക്കുന്നതായി കാണുന്നു. ഇതു തോൽമയുടെ ലക്ഷണമാണ്. വിപ്രദ്രോഹം, ഗുരുദ്രോഹം, കൂറുള്ള ഭൃത്യരിൽ ദ്രോഹം ഇതൊക്കെ ഇവിടെ ധാരാളം നടക്കുന്നുണ്ട്. ഇതു തോൽമയുടെ ലക്ഷണങ്ങളാണ്. കിഴക്ക് ചോര നിറത്തിലും, തെക്ക് ശസ്ത്രനിറത്തിലും, പടിഞ്ഞാറ് ആമപാത്ര (വേവിക്കാത്ത മൺകലം) ത്തിന്റെ നിറത്തിലും വടക്ക് ശംഖുനിറത്തിലും ഇങ്ങനെയുള്ള നിറങ്ങളിൽ ദിക്കൊക്കെ ജ്വലിച്ച് ധാർത്തരാഷ്ട്രന്ന് ഇത്തരം ഉൽപാതങ്ങളാൽ മഹാഭയം കാണിക്കുന്നു.

ഹേ അച്യുതാ! ഞാൻ സ്വപ്നാന്തത്തിൽ, ആയിരം കാൽമണ്ഡപം സഹോദരന്മാരോടുകൂടി യുധിഷ്ഠിരൻ കയറുന്നതായിക്കണ്ടു. അവരെല്ലാവരും വെള്ളത്തലപ്പാവും, വെള്ളവസ്ത്രവുമായി വെളുത്ത പീഠങ്ങളിൽ ഇരിക്കുന്നതായും ഞാൻ കണ്ടു. അങ്ങയേയും ഞാൻ സ്വപ്നാന്തത്തിൽ കണ്ടു. അങ്ങു ചോരയിൽക്കുളിച്ചു കുടൽമാലയണിഞ്ഞു ചുറ്റും ലോകങ്ങളോടുകൂടിയും ഞാൻ കണ്ടു. അസ്ഥിക്കൂട്ടത്തിൽക്കയറി ഓജസ്സോടുകൂടി യുധിഷ്ഠിരൻ ഇരിക്കുന്നതും, നെയ്പ്പായസം പൊൻപാത്രത്തിലെടുത്തു കുടിച്ചു ഹർഷംകൊള്ളുന്നതും, യുധിഷ്ഠിരൻ ലോകം മുഴുവൻ വിഴുങ്ങുമാറ് ഇരിക്കുന്നതും ഞാൻ കണ്ടു. ഭവാൻ നല്കിയ ഈ ഭൂമി അദ്ദേഹം ഭരിക്കുകതന്നെ ചെയ്യും. ഭീമകർമ്മാവായ വൃകോദരൻ, നരവ്യാഘ്രൻ, ഉയർന്ന ഒരു കുന്നിൻമുകളിൽക്കയറി ഗദയുയർത്തി ഭൂമിയെ വിഴുങ്ങുംവിധം നില്ക്കുന്നതായും ഞാൻ കണ്ടു. ഞങ്ങളെയൊക്കെ അവർ പോരിൽ മുടിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഹേ, ഹൃഷീകേശാ, ഭവാനറിയാമല്ലോ, എവിടെ ധർമ്മമുണ്ടോ, അവിടെ ജയമുണ്ട്!

വെളുത്ത ആനയുടെ പുറത്തുകയറി ഗാണ്ഡീവധരനായ അർജ്ജുനൻ ഭവാനോടുകൂടെ മഹത്തായ ശ്രീയോടുകൂടി വിളങ്ങുന്നതായി ഞാൻ കണ്ടു. നിങ്ങൾ എല്ലാവരും ദുര്യോധനാദികളായ രാജാക്കളെയെല്ലാം വധിക്കുകതന്നെ ചെയ്യും.

നകുലനും സഹദേവനും മഹാരഥനായ യുയുധാനനും, വെൺകേയൂരവും തനുത്രാണവും (ചട്ട) ഇട്ട് ശുക്ലമാല്യാംബരാഢ്യന്മാരായി വെള്ളത്തലപ്പാവുമണിഞ്ഞ് മുഖ്യമായ നരവാഹനത്തിൽക്കയറി ഈ മൂന്നുപേരും, നില്ക്കുന്നതായും ഞാൻ സ്വപ്നാന്ത്യത്തിൽ കണ്ടു.

ഇനി ധാർത്തരാഷ്ട്രന്റെ സൈന്യത്തിൽ ഞാൻ സ്വപ്നത്തിൽ കണ്ടതും പറയാം. അശ്വത്ഥാമാവും കൃപനും കൃതവർമ്മാവും മറ്റു രാജാക്കന്മാരും രക്തവർണ്ണത്തിലുള്ള തലപ്പാവു ധരിച്ചു നില്ക്കുന്നതും, ഒട്ടകങ്ങളെപ്പൂട്ടിയ തേരിൽക്കയറിയ മഹാരഥന്മാരായ ഭീഷ്മദ്രോണന്മാരെയും ഞാൻ കണ്ടും. അവരെല്ലാം എന്നോടും ദുര്യോധനനോടുംകൂടി അഗസ്ത്യമഹർഷി അരുളുന്ന ദിക്കിലേക്കുനോക്കി പോകുന്നതായും കണ്ടു. ഈ നിമിത്തങ്ങൾ കണ്ടപ്പോൾ ഞാൻ തീർച്ചയാക്കി, ഞങ്ങളൊക്കെ കാലപുരിയിലേക്കു പോകുവാൻ അടുത്തിരിക്കുന്നുവെന്ന്. ഞാനും, മറ്റു രാജാക്കന്മാരും, എല്ലാ ക്ഷത്രമണ്ഡലവും ഗാണ്ഡീവാഗ്നിയിൽക്കയറി ദഹിച്ചുപോകുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല."

കൃഷ്ണൻ പറഞ്ഞു: "ഹേ, കർണ്ണാ! എന്റെ വാക്ക് നിന്റെ ഉള്ളിൽ കടക്കാത്തതുകൊണ്ടു ഭൂമിക്കു നാശം അടുത്തു എന്നുള്ളതു തീർച്ചയായി. എല്ലാ ജീവികൾക്കും നാശത്തിന്നുള്ള കാലം സമാഗതമാകുമ്പോൾ അനയം നയമായിത്തോന്നുകയും ബോധം ഉള്ളിൽനിന്ന് ഒഴിഞ്ഞുപോവുകയും ചെയ്യും."

കർണ്ണൻ പറഞ്ഞു: "വീരന്മാരായ ക്ഷത്രിയന്മാർ വെട്ടിമരിക്കുന്ന ഈ മഹായുദ്ധം കടന്നുജീവനോടെ ഞങ്ങൾ ഭവാനെ കാണുകയില്ലേ? അല്ലെങ്കിൽ സ്വർഗ്ഗത്തിൽവെച്ചു നമ്മൾക്കു തമ്മിൽ കാണാൻ കഴിയും. ഹേ, അനഘാശയാ, കൃഷ്ണാ, ഞാൻ ഇനി ഭവാനോട് അവിടെവെച്ചു ചേർന്നുകൊള്ളാം."

സഞ്ജയൻ പറഞ്ഞു: "കർണ്ണൻ ഇപ്രകാരം പറഞ്ഞു കൃഷ്ണനെ ഗാഢമായി പുണർന്നു. കേശവൻ വിട്ടയച്ചതിന്നു ശേഷം കർണ്ണൻ തേർത്തടത്തിൽനിന്നിറങ്ങി. തന്റെ പൊന്നണിഞ്ഞ തേരിൽക്കയറി രാധേയൻ ഞങ്ങളോടുകൂടി ദീനമാനസനായി തിരിച്ചുപോന്നു. പിന്നെ സാത്യകിയോടുകൂടി കേശവൻ വേഗത്തിൽ സ്ഥലംവിട്ടു. പോകുമ്പോൾ കൃഷ്ണൻ 'വേഗത്തിൽ പോവുക! പോവുക! എന്നു സൂതനോടു പറഞ്ഞു."

144. കുന്തീകർണ്ണസമാഗമം – വൈശമ്പായനൻ പറഞ്ഞു: "കുരുസംസത്തിൽ കാര്യംനേടാതെ കൃഷ്ണൻ പാണ്ഡവന്മാരുടെ അടുത്തു മടങ്ങിയെത്തി. വിദുരൻ കുന്തിയുടെ അടുത്തു ചെന്നു ദുഃഖത്തോടെ ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "ആയുഷ്മാന്മാരായ പുത്രന്മാരുള്ളവളേ, എന്റെ സമാധാനകാംക്ഷ നീ അറിയുന്നുണ്ടല്ലോ. ഞാൻ കഴിയുന്ന ശ്രമമൊക്കെ ചെയ്തു. യുദ്ധംകൊണ്ടുണ്ടാകുവാൻ പോകുന്ന ദോഷങ്ങളെപ്പറ്റി വിലപിച്ചു പറഞ്ഞിട്ടും സുയോധനൻ എന്റെ വാക്ക് അനുസരിക്കുന്നില്ല. യുധിഷ്ഠിരരാജാവാകട്ടെ, ചേദിപാഞ്ചാലകേകയന്മാരുടെ സഹായമുണ്ടായിട്ടും, ഭീമൻ, അർജ്ജുനൻ, യമന്മാർ, ശ്രീമാനായ കൃഷ്ണൻ, സാത്യകി എന്നിവരോടുകൂടി ഉപപ്ലാവ്യത്തിൽ വിജയത്തിൽ ഉറപ്പോടുകൂടിയവനായിട്ടും, ബലവാനായിരുന്നിട്ടും, ദുർബ്ബലന്റെ മാതിരി ജ്ഞാതിസൗഹാർദ്ദംതന്നെ കാംക്ഷിക്കുന്നു. ധൃതരാഷ്ട്രരാജാവാണെങ്കിൽ ഇപ്പോഴും ശമം കാംക്ഷിക്കുന്നില്ല. പുത്രഗർവ്വംകൊണ്ടു മത്തനായി വിത്തമാർഗ്ഗത്തിൽത്തന്നെയാണു നില്ക്കുന്നത്. കർണ്ണൻ, ദുശ്ശാസനൻ, ശകുനി, ജയദ്രഥൻ ഇവരുടെയൊക്കെ ദുഷ്ടതകൊണ്ടു യുദ്ധം ഉണ്ടാവുകതന്നെ ചെയ്യും. അധർമ്മത്താൽ ഈ വികൃതി ധർമ്മമായിക്കരുതി ആരാണോ ചെയ്യുന്നത് അവർക്ക് 'ധർമ്മം' അതിന്റെ ഫലം കാട്ടിക്കൊടുക്കും. കുരുക്കൾ ഈ ബലമായ ധർമ്മം ചെയ്യുമ്പോൾ ആരും ദുഃഖിക്കയില്ല. സന്ധി ഉണ്ടാക്കാതെ, ഗോവിന്ദൻ പറയുകയാണെങ്കിൽ പാർത്ഥന്മാർ യുദ്ധത്തിന്നു തയ്യാറാകും. പിന്നെ കുരുക്കൾക്കു വീരന്മാർ മുടിയുന്ന ആപത്തു വന്നുകൂടുകയും ചെയ്യും. ഈ കാര്യങ്ങൾ ചിന്തിച്ചു രാവുംപകലും എനിക്ക് ഉറക്കം വരുന്നില്ല."

അർത്ഥകാംക്ഷിയായ വിദുരൻ ഇപ്രകാരം പറഞ്ഞപ്പോൾ കുന്തി ദുഃഖിച്ചു നെടുവീർപ്പിട്ട് ഇപ്രകാരം ചിന്തിച്ചു. "അർത്ഥം

ചീത്തയാണ്. അതു കാരണമാണ് ഈ ജ്ഞാതിജനങ്ങളുമായുള്ള പോരാട്ടവും വധവും. സുഹൃത്തുക്കൾക്കും ഈ പോരിൽ പരാഭവം പറ്റാതെവരികയില്ല. പാണ്ഡവന്മാരും ചേദിനാട്ടുകാരും പാഞ്ചാലന്മാരും യദുക്കളും, ഭാരതന്മാരോടു പൊരുതും. ഇതിൽപരം ദുഃഖം എന്തുണ്ട്? പോരിൽ തീർച്ചയായും ദോഷം ഞാൻ കാണുന്നുണ്ട്. പോരിൽ തോല്മയും ഉണ്ടാകും. ദരിദ്രൻ ചാവുകതന്നെ ചെയ്യും. ജ്ഞാതിക്ഷയം കൊണ്ടുള്ള വിജയം വിജയമായും ഭവിക്കയില്ല. ഈ വിചാരംകൊണ്ട് എന്റെ മനസ്സു സങ്കടപ്പെടുന്നു. മുത്തച്ഛനായ ഭീഷ്മൻ യോദ്ധാക്കളിൽ ശ്രേഷ്ഠനും ഗുരുവുമാണ്. കർണ്ണനും ദുര്യോധനന്നുവേണ്ടി എന്നിൽ ഭയം ജനിപ്പിക്കുന്നു. ദ്രോണാചാര്യൻ ശിഷ്യന്മാരോടു കൂടി പൊരുതും. എന്നാൽ പിതാമഹൻ പാണ്ഡവന്മാരിൽ സ്നേഹം കാണിക്കാതിരിക്കുമോ? ഒരാൾ അന്ധമായി ധാർത്തരാഷ്ട്രനെ മൂഢമായി സേവിക്കുന്നുണ്ട്. അവൻ പാണ്ഡുപുത്രരെ ദ്വേഷിക്കുന്നു. വളരെ അനർത്ഥമുണ്ടാക്കുന്ന അവൻ ശക്തനാണ്. പാണ്ഡവരോടു നിത്യസ്പർദ്ധയുള്ള അവനെപ്പറ്റി, ആ കർണ്ണനെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം ചുട്ടുപൊള്ളുന്നു. ഞാൻ കർണ്ണന്റെ ഉള്ള് പാണ്ഡവന്മാർക്കുവേണ്ടി ഇളക്കുവാൻ പ്രാർത്ഥിക്കുന്നു! പണ്ടു ദുർവ്വാസാവിനെ ഞാൻ പ്രസാദിപ്പിച്ചു. അന്ന് ആ മുനി എനിക്കു വരം നല്കി. വളർത്തച്ഛനായ കുന്തിഭോജന്റെ ഗൃഹത്തിൽ വാഴുമ്പോൾ എനിക്ക് 'മന്ത്രാഹ്വാനവരം' ആ മഹർഷിപുംഗവൻ തന്നു. സ്ത്രീത്വം, ബാലത്വം എന്നിവയാൽ വീണ്ടും ആലോചിച്ച് വിശ്വസ്തയായ ധാത്രിയോടുകൂടി അന്തഃപുരത്തിൽ വ്യസനത്തോടുകൂടി, പലതും ചിന്തിച്ച് വിശ്വസ്തയായ ധാത്രിയോടും തോഴിമാരോടുംകൂടെ വസിച്ചു. അങ്ങനെ വസിക്കുമ്പോൾ അച്ഛനു ദോഷംകൂടാതേയും ചാരിത്രം കാത്തുസൂക്ഷിച്ചും എന്തുചെയ്താൽ ശുഭമാകുമോ അങ്ങനെ കുറ്റം പറ്റാത്തമാതിരി ചിന്തിച്ചും, ആ ബ്രാഹ്മണന്റെ കൈയിൽനിന്നു വരം ഗ്രഹിച്ചും, അദ്ദേഹത്തെ നമസ്കരിച്ചു പറഞ്ഞയച്ചു. ഇങ്ങനെ ഞാൻ ആ മന്ത്രം നേടി. കന്യയായി നില്ക്കുമ്പോൾ ബാല്യസഹജമായ കൗതുകത്താൽ സൂര്യനെ ആവാഹിച്ചു വരുത്തി ആ ദേവനുമായി ചേർന്നു. അന്നു കാനീനനായി പിറന്ന ആ പൈതലിനെ പുത്രനെപ്പോലെ ഭദ്രമായി രക്ഷിച്ച ഞാൻ ഭ്രാതൃഹിതത്തിന്നുവേണ്ടി പത്ഥ്യം പറഞ്ഞാൽ ചെയ്യാതിരിക്കുമോ?" ഇങ്ങനെ വിചാരിച്ചു കുന്തി ഉത്തമമായ തന്റെ ആഗ്രഹം സാധിപ്പിക്കുവാൻ, കാര്യമായി ഒരുങ്ങി, ഗംഗാതീരത്തേക്കു നടന്നു. ദയാലുവും സത്യപരനുമായ ആ പുത്രന്റെ വേദാദ്ധ്യയനശബ്ദം കേട്ടുകൊണ്ട് പൃഥ മന്ദം നടന്നു ഗംഗാതീരത്തെത്തി. കിഴക്കോട്ടുനോക്കി കൈപൊക്കി നില്ക്കുന്ന മകന്റെ പിന്നിൽ ചെന്നുനിന്നു. ജപം നിർത്തുന്ന സന്ദർഭംനോക്കി 'കാര്യസാദ്ധ്യ'ത്തെ ഓർത്തുനോക്കി ആ തപസ്വിനി നിന്നു. കർണ്ണന്റെ വസ്ത്രത്തിന്റെ നിഴൽസ്ഥലത്ത് സൂര്യാതപമേറ്റ് അവൾ നിന്നു. കൗരവ്യപത്നിയായ ആ വാർഷ്ണേയി പത്മിനിപോലെ വാടിത്തളർന്നു. യതവ്രതനായ കർണ്ണൻ സൂര്യാതപത്തിൽ ചുട്ടുകൊണ്ടു ജപിച്ചുനില്ക്കെ കണ്ണുതുറന്ന് ഒന്നുനോക്കി. കുന്തിയെ കണ്ട ഉടനെ ഉത്തമോചിതമായവിധം കുമ്പിട്ടു തൊഴുത് ആദരവോടെ തേജസ്വിയും മാനിയും ധർമ്മിഷ്ഠനും, ഉത്തമനും സൂര്യാത്മജനുമായ വൃഷൻ, മന്ദസ്മിതത്തോടെ കൈകൂപ്പി വിനയപൂർവ്വം പറഞ്ഞു.

145. കുന്തീകർണ്ണസമാഗമം – കർണ്ണൻ പറഞ്ഞു: "രാധേയനായ ആതിരഥിയാണു ഞാൻ. കർണ്ണനാണ്! ഭവതിയുടെ പാദത്തിൽ ഞാൻ ഇതാ നമസ്കരിക്കുന്നു. അവിടുന്ന് എന്തിനായിട്ടാണു വന്നത്? ഞാൻ എന്തുചെയ്യണമെന്നു പറഞ്ഞാലും!"

കുന്തി പറഞ്ഞു: "മകനേ, നീ കൗന്തേയനാണ്; രാധേയനല്ല. നീ ആതിരഥിയല്ല. നീ സൂതവംശജനല്ല. എന്റെ വാക്ക് നീ വിശ്വസിക്കുക. കാനീനനാണ്, നീ എന്റെ പ്രഥമപുത്രനാണ്; എന്റെ ഉദരത്തിൽ ജന്മമെടുത്തവനാണ്; കുന്തിഭോജഗൃഹത്തിൽവെച്ച് ഞാൻ നിന്നെ വയറ്റിൽ എടുത്തവനാണ്; മകനേ നീ പാർത്ഥനാണ്. ലോകംമുഴുവൻ പ്രകാശിപ്പിക്കുന്ന തപനനായ ഈ വിരോചനദേവനാണ് നിന്നെ എന്നിൽ ജനിപ്പിച്ചത്. ശസ്ത്രജ്ഞമുഖ്യനായ നിന്റെ അച്ഛൻ സാക്ഷാൽ സൂര്യഭഗവാനാണ്. ചട്ടയിട്ടവനും, കുണ്ഡലമണിഞ്ഞവനും, ശ്രീവിളങ്ങുന്നവനും, ദുർദ്ധർഷനുമായ നീ എന്റെ അച്ഛന്റെ ഗൃഹത്തിൽവെച്ചാണു ജനിച്ചത്. നീ നിന്റെ അനുജന്മാരെ അറിയാതെയാണ് മോഹത്താൽ ധാർത്തരാഷ്ട്രനെ സേവിക്കുന്നത്. ഉണ്ണീ, ഇതു നിനക്ക് ഒട്ടും ചേർന്നതല്ല. നരന്മാർക്ക് ഇതാണു ധർമ്മഫലം. ഉണ്ണീ, ധർമ്മനിശ്ചയം ഇതാണ്. പിതൃക്കളും, പ്രസവിച്ച മാതാവും സന്തോഷിക്കണം എന്നുള്ളതാണ്. അർജ്ജുനൻ മുമ്പെ നേടിയതും, ലോഭത്താൽ ദുഷ്ടന്മാർ ഹരിച്ചതുമായ യുധിഷ്ഠിരശ്രീയെ നീ ധാർത്തരാഷ്ട്രന്മാരെ ജയിച്ച് കൈക്കൊണ്ടാലും! ഇന്നു കൗരവ്യർ കർണ്ണനും അർജ്ജുനനും തമ്മിൽ ചേരുന്നതു കാണട്ടെ! സൗഭ്രാത്രനിലയിൽ നിങ്ങളെ രണ്ടുപേരേയും കണ്ട് ദുഷ്ടരായ അവർ താഴട്ടെ! കർണ്ണാർജ്ജുനന്മാർ രാമകൃഷ്ണന്മാർ എന്നപോലെ സഹോദരസ്നേഹത്തോടെ നില്ക്കുന്നതു നിങ്ങളുടെ അമ്മയായ ഞാൻ കാണട്ടെ! ഹൃദയം ഒന്നായി ഇണങ്ങിയ നിങ്ങൾക്ക് ഊഴിയിൽ ദുർല്ലഭമായി എന്തുണ്ട്? ഹേ, കർണ്ണാ! നീ തീർച്ചയായും അഞ്ചു സോദരന്മാരോടുകൂടി ശോഭിക്കും. യാഗവേദിയിൽ വാനോരോടു ചേർന്നുനില്ക്കുന്ന ബ്രഹ്മദേവനെപ്പോലെ നീ ശോഭിക്കും! ശ്രേഷ്ഠബന്ധുക്കളിൽ ജ്യേഷ്ഠനും സർവ്വഗുണങ്ങളും തികഞ്ഞവനുമായ നിനക്ക് 'സൂതപുത്രൻ' എന്ന പേരു ചേർന്നതല്ല ഉണ്ണീ! നീ വീര്യവാനായ പാർത്ഥനാണ്."

146. കുന്തീകർണ്ണസമാഗമം – വൈശമ്പായനൻ പറഞ്ഞു: ഉടനെ സൂര്യനിൽനിന്നും കർണ്ണൻ ഇപ്രകാരം വാക്കുകേട്ടു, അച്ഛനെപ്പോലെ അർക്കനും കുന്തിയുടെ അഭിപ്രായംപോലെതന്നെ പറഞ്ഞു: "കുന്തി പറഞ്ഞതു സത്യമാണ്. കർണ്ണാ, നീ അമ്മയുടെ മൊഴി പൂർണ്ണമായി അനുസരിക്കുക. അങ്ങനെ ചെയ്താൽ നിനക്കു ശ്രേയസ്സുണ്ടാകും."

വൈശമ്പായനൻ പറഞ്ഞു: എന്ന് അമ്മയും, അച്ഛനായ സൂര്യനും പറഞ്ഞെങ്കിലും സത്യധൃതിമാനായ കർണ്ണന്റെ മനസ്സ് ഇളകിയില്ല.

കർണ്ണൻ പറഞ്ഞു: "ക്ഷത്രിയേ, ഭവതി പറഞ്ഞ വാക്കിൽ ഞാൻ ശ്രദ്ധവെക്കുന്നില്ല. ഭവതിയുടെ ആജ്ഞ ചെയ്യുന്നതായാൽ എന്റെ ധർമ്മത്തിന്റെ മാർഗ്ഗം ഭ്രംശിച്ചുപോകും. എനിക്കു മഹാനാശം സംഭവിക്കുന്ന വിധത്തിലുള്ള ദോഷമാണല്ലോ ഭവതി എനിക്കു ചെയ്തത്. അമ്മേ, ഭവതി എന്നെ ഉപേക്ഷിച്ചത് എന്റെ യശസ്സിന്നും കീർത്തിക്കും നാശമാണു ചെയ്തത്. ഞാൻ ക്ഷത്രജാതനാണെങ്കിലും ക്ഷത്രിയന്ന് ഏൽക്കേണ്ട സൽക്രിയകളൊന്നും എനിക്കു ലഭിച്ചില്ല. ഭവതി ചെയ്തതുപോലെ ഇതിലും വലിയ അഹിതം ശത്രുക്കൾപോലും ചെയ്യുമോ? ക്രിയാകാലത്തിൽ എന്നോടു കരുണകാണിക്കാതെ സംസ്കാരസമയം തെറ്റിച്ച് ഇന്നാണല്ലോ എന്നോട് ഈ വർത്തമാനം അറിയിക്കുന്നത്. അമ്മയെപ്പോലെ എനിക്കു വേണ്ട ഹിതങ്ങൾ നീ ചെയ്തതുമില്ല. അങ്ങനെയുള്ള ഭവതി ഇപ്പോൾ സ്വന്തം ഹിതംമാത്രം മുൻനിർത്തി, ഇപ്രകാരം പറയുവാൻ വരികയാണല്ലോ ചെയ്തിരിക്കുന്നത്. കൃഷ്ണനോടു ചേർന്നുനില്ക്കുന്ന അർജ്ജുനനെ ഭയപ്പെടാത്തവർ ആരുണ്ട്? ഈ ഞാൻ അവരോടുകൂടി ഈ സന്ദർഭത്തിൽച്ചേർന്നാൽ ജനങ്ങൾ എന്തുപറയും? 'കർണ്ണൻ ഭയ

പ്പെട്ടു കൃഷ്ണാർജ്ജുനന്മാരോടു ചേർന്നു' എന്ന്. ആദ്യം ഭ്രാതാവാണെന്നറിയാതെ യുദ്ധകാലത്തുമാത്രം അറിഞ്ഞ ആ പങ്കിൽ ചേർന്നാൽ ക്ഷത്രിയന്മാരൊക്കെ എന്തു പറയും? അമ്മ ഒന്നു ചിന്തിച്ചുനോക്കൂ! എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ചുതന്ന് സുഖം പോലെ എന്നെ ആദരിച്ചു സ്നേഹിച്ചുനടന്ന ധാർത്തരാഷ്ട്രന്മാരുടെ ആഗ്രഹങ്ങളെ ഞാൻ എങ്ങനെ പാഴാക്കും? ശത്രുക്കളുമായി വൈരമുണ്ടാക്കി എന്നെ അവർ സേവിക്കുന്നു. വസുക്കൾ ഇന്ദ്രനെയെന്നവിധം അവർ എന്നെ നിത്യവും നമിക്കുന്നുമുണ്ട്. എന്റെ പ്രാണനാൽ ശത്രുക്കളോടെതിർക്കുവാൻ ശക്തരാണെന്നും അവർ കരുതുന്നുണ്ട്. അവരുടെ ആശ ഞാൻ എങ്ങനെ അറുക്കും? ഞാനാകുന്ന പ്ലവത്താൽ ദുർദ്ധർഷമായ പോരു കടക്കുവാൻ മുതിർന്നവരെ, അപാരത്തിൽ മറുകരപറ്റുവാൻ ആഗ്രഹിച്ചിരിക്കുന്ന അവരെ, ഞാൻ ത്യജിക്കുന്നതു ശരിയാണോ? ഇതാ ധാർത്തരാഷ്ട്രസേവകന്മാർക്കുള്ള കാലം അടുത്തിരിക്കുന്നു! പ്രാണനെപ്പോലും തൃണവൽഗണിച്ച് അതിൽ ഞാൻ ഇറങ്ങേണ്ട ഘട്ടമാണിത്. കൃതാർത്ഥരായി പോറ്റിയവർ സന്ദർഭം വരുമ്പോൾ ഉപകാരം ചിന്തിക്കാതെ തെറ്റിപ്പോകുന്ന ചഞ്ചലസ്വഭാവികൾ ദുഷ്ടരാണ്. രാജദ്രോഹികളായി സ്വാമിയുടെ ചോറിന്റെ നന്ദി മുടിക്കുന്ന പാപികൾക്ക് ഇഹവും പരവും കിട്ടുകയില്ല. തീർച്ചയാണ്! ഞാൻ ധാർത്തരാഷ്ട്രന്മാർക്കുവേണ്ടി ഭവതിയുടെ മക്കളോട് എതിർക്കുന്നതാണ്. എന്റെ സകല ബലവും വീര്യവും ഞാൻ അതിൽ കാണിക്കുകയും ചെയ്യും. ഞാൻ അമ്മയോട് അനൃതം പറയുകയില്ല. സൽപ്പുമാന്മാർക്കു ചേർന്ന ആനൃശംസ്യവും വൃത്തിയും കാത്ത് അർത്ഥം സാധിക്കുന്നതായാലും ഞാൻ ഭവതി പറഞ്ഞവിധം ചെയ്യുകയില്ല. ഭവതി എന്നിൽ ചെയ്ത ഈ പ്രയത്നവും പാഴിലായിവരികയില്ല. പോരിൽ അർജ്ജുനനെക്കൂടാതെ അമ്മയുടെ മറ്റുമക്കളെ ആരേയും, കൊല്ലുവാൻ സന്ദർഭം ലഭിച്ചാലും, ഞാൻ കൊല്ലുകയില്ല. ധർമ്മപുത്രനേയും, ഭീമനേയും, യമന്മാരേയും കൊല്ലാൻ സന്ദർഭം ഒത്താലും കൊല്ലുകയില്ലെന്ന് ഉറപ്പുതരുന്നു. യുധിഷ്ഠിരബലത്തിൽ അർജ്ജുനനുമായി ഞാൻ ഏറ്റുമുട്ടും. പോരിൽ അർജ്ജുനനെക്കൊന്നാൽ എന്റെ ജന്മം സഫലമായി. അല്ലെങ്കിൽ സവ്യസാചി എന്നെ വധിച്ച് യശസ്വിയായെന്നും വരാം. അമ്മേ! ഭവതിയുടെ അഞ്ചുമക്കൾ ഒരിക്കലും മരിക്കുകയില്ല. പാർത്ഥൻ മരിച്ചാൽ അവർ സകർണ്ണന്മാരായ പാണ്ഡവന്മാരാകും. ഞാൻ മരിച്ചാൽ അർജ്ജുനാന്വിതരായ പാണ്ഡവന്മാർ തന്നെ!"

ഇപ്രകാരം കർണ്ണൻ പറഞ്ഞതുകേട്ടു കുന്തി ദുഃഖത്താൽ വിറച്ചു. ധീരനായി, നിശ്ചലനായി, നില്ക്കുന്ന തന്റെ പുത്രനെ, കർണ്ണനെ ഗാഢമായി കെട്ടിപ്പിടിച്ചു പറഞ്ഞു: "കർണ്ണാ! നീ പറഞ്ഞപോലെ വരും! കുരുക്കളൊക്കെ നശിക്കും! അങ്ങനെതന്നെ എല്ലാം സംഭവിക്കും, ദൈവം ബലമുള്ളതല്ലേ! കർണ്ണാ, യുദ്ധത്തിൽ നാലുസഹോദരന്മാർക്കും അഭയം നല്കിയെന്നു നീ ധരിക്കണം! അനാമയം! സ്വസ്തി!" എന്നു കുന്തി കർണ്ണനോടു പറഞ്ഞു.

"ആട്ടെ! അപ്രകാരംതന്നെ" എന്നു കർണ്ണൻ കുന്തിയോടു മറുപടി പറഞ്ഞു. അവർ രണ്ടുപേരും പിരിഞ്ഞു.

147. ഭഗവദ്വാക്യം – വൈശമ്പായനൻ പറഞ്ഞു: "ഹസ്തിനാപുരം വിട്ടു കൃഷ്ണൻ ഉപപ്ലാവ്യത്തിലെത്തി. ഹസ്തിനാപുരത്തിൽ നടന്ന സംഭവങ്ങളൊക്കെ അച്യുതൻ പാർത്ഥരോടു പറഞ്ഞു. ഏറെ സമയം നേരമ്പോക്കുകൾ പറഞ്ഞ് ആലോചിച്ചതിന്നുശേഷം തളർച്ച തീർക്കുവാൻ ശൗരി തന്റെ ഗൃഹത്തിലേക്കു പോയി. വിരാടൻ മുതലായ മന്നവന്മാരെയൊക്കെ വിട്ടയച്ചതിന്നുശേഷം, സൂര്യാസ്തമനം കഴിഞ്ഞ്, പാണ്ഡവന്മാർ അഞ്ചുപേരും സന്ധ്യാവന്ദനം ചെയ്തു. പിന്നെ കൃഷ്ണനെ വരുത്തി, കാര്യാലോചനയിൽ പ്രവേശിച്ചു.

യുധിഷ്ഠിരൻ പറഞ്ഞു: "ഭഗവാൻ ഹസ്തിനാപുരത്തു ചെന്നു സഭയിൽവെച്ചു ധാർത്തരാഷ്ട്രനോട് എന്തൊക്കെയാണു പറഞ്ഞത്. എല്ലാം കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

വാസുദേവൻ പറഞ്ഞു: "ഞാൻ നാഗപുരിയിൽച്ചെന്നു സഭയിൽ ധാർത്തരാഷ്ട്രനെക്കണ്ട് തത്ഥ്യവും ഹിതവും പത്ഥ്യവുമായ കാര്യങ്ങൾ സംസാരിച്ചു. എന്നാൽ ദുർമ്മതിയായ അവൻ അതൊന്നും കൈക്കൊള്ളുകയുണ്ടായില്ല."

യുധിഷ്ഠിരൻ പറഞ്ഞു: "അവൻ ദുർവ്വാശിയോടുകൂടി നില്ക്കുമ്പോൾ കുരുവൃദ്ധനായ പിതാമഹൻ അമർഷിയായ ദുര്യോധനനോട് എന്താണു കല്പിച്ചത്? ഗുരുവായ ദ്രോണൻ എന്തു പറഞ്ഞു? ഗാന്ധാരിയും ധൃതരാഷ്ട്രനും എന്തു പറഞ്ഞു? ഞങ്ങളുടെ ഇളയച്ഛനും, ധർമ്മവിത്തമനുമായ വിദുരൻ പുത്രശോകാർത്തനായി എന്താണു ധാർത്തരാഷ്ട്രനോടു പറഞ്ഞത്? എന്നുമാത്രമല്ല സഭയിൽ കൂടിയിരിക്കുന്ന എല്ലാ മന്നവന്മാരും എന്തൊക്കെയാണു പറഞ്ഞത്. അതൊക്കെ ശരിക്ക് അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. അവിടെവെച്ചു ഭവാൻ പറഞ്ഞതും, കുരുമുഖ്യന്മാർ പറഞ്ഞതും കാമലോഭാന്ധനായ ദുര്യോധനന്ന്, പ്രജ്ഞാമാനിയായ ആ മന്ദബുദ്ധിക്ക്, അപ്രിയമായിത്തോന്നാം. അതൊക്കെ കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവർ പറഞ്ഞതും കേൾക്കുവാൻ ആഗ്രഹിക്കുന്നു. കാലം തെറ്റാതെ വേണ്ടതൊക്കെ ഭവാൻ ചെയ്യണം. അങ്ങയല്ലാതെ ഞങ്ങൾക്കു വേറെ ആശ്രയമില്ലല്ലോ? അങ്ങ് ഞങ്ങൾക്കു ഗുരുവുമാണ്."

വാസുദേവൻ പറഞ്ഞു: "രാജാവേ, കുരുമദ്ധ്യത്തിൽ സഭയിൽവെച്ചു ദുര്യോധനരാജാവിനോടു പറഞ്ഞതു ഞാൻ പറയാം. ഞാൻ വാക്കുകൾ പറഞ്ഞുകഴിഞ്ഞപ്പോൾ ധൃതരാഷ്ട്രപുത്രൻ പൊട്ടിച്ചിരിച്ചു. അപ്പോൾ ക്രോധിച്ചു ഭീഷ്മൻ പറഞ്ഞു: 'എടോ ദുര്യോധനാ, നീ ധരിക്കൂ! കുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ഞാൻ പറഞ്ഞതു കേൾക്കൂ. അതുകേട്ടു കുലഹിതമായ കാര്യം ചെയ്യുക! എന്റെ അച്ഛനായ ശന്തനു ലോകത്തിൽ പ്രസിദ്ധി സമ്പാദിച്ച രാജാവായിരുന്നു. അവന്റെ ഏകപുത്രനാണ് ഞാൻ. പുത്രന്മാരിൽ ഉത്തമനാണ് ഞാനെന്നുതോന്നിയാലും എന്റെ അച്ഛന്നു രണ്ടാമതായി ഒരു പുത്രൻ കൂടെ ഉണ്ടാകണമെന്ന് ആഗ്രഹമുണ്ടായി. അതെങ്ങനെയുണ്ടാകും? ഏകപുത്രത്വം അപുത്രത്വമാണെന്നു മനീഷികൾ പറയുന്നു. കുലച്ഛേദം വരാതിരിക്കുവാനും യശസ്സു വർദ്ധിപ്പിക്കുവാനുംവേണ്ടി ഞാൻ സത്യവതിയമ്മയെ അച്ഛന്നുവേണ്ടി കൂട്ടിക്കൊണ്ടുവന്നു. എന്റെ അച്ഛന്നു വേണ്ടിയും കുലത്തിന്നുവേണ്ടിയും ഉഗ്രമായ ഒരു ശപഥം ചെയ്തിട്ടാണ് ആ സംഭവം നടത്തിയത്. ആ രാജാവ് ഊർദ്ധ്വരേതസ്സായി (ഇന്ദ്രിയനിഗ്രഹം ചെയ്തവനായി)ത്തീർന്നു. നീ ഈ ചരിത്രമൊക്കെ അറിയുന്നവനാണ്. അങ്ങനെ സത്യം രക്ഷിച്ചു ഞാൻ ഇവിടെ സസന്തോഷം പാർക്കുകയാണ്.

അവർക്കു മഹാബാഹുവും ശ്രീമാനും കുരുകുലോദ്വഹനുമായി വിചിത്രവീര്യൻ എന്റെ അനുജനായി പിറന്നു. അച്ഛൻ മരിച്ചതിന്നുശേഷം ഞാൻ അവന്നു രാജ്യം നല്കി. വിചിത്രവീര്യരാജാവിന്നു ഭൃത്യനായി ഞാൻ കീഴിൽനിന്നു. അവന്നുവേണ്ടി അവന്നു ചേർന്ന ഭാര്യമാരെ ബലമായി കൊണ്ടുവന്നു കൊടുത്തു. സ്വയംവരത്തിന്നെത്തിയ രാജാക്കന്മാരെയൊക്കെ ജയിച്ചിട്ടാണ് കൊണ്ടുവന്നതെന്നും നീ കേട്ടിരിക്കും. പിന്നെ രാമനുമായി പോരിൽ ഞാൻ ദ്വന്ദ്വയുദ്ധം നടത്തി. രാമനെ പേടിച്ചു പൗരന്മാർ

വിചിത്രവീര്യരാജാവിനെ മറ്റൊരിടത്തേക്കു മാറ്റി. ഭാര്യമാരിൽ അതിസക്തികാരണം അവന്നു ക്ഷയരോഗം ബാധിച്ചു. രാജാവില്ലാത്ത രാജ്യത്ത് ഇന്ദ്രൻ വർഷിക്കാതായി. വിശന്നുഴന്ന നാട്ടുകാർ എന്റെ പാർശ്വത്തിലെത്തി.

പ്രജകൾ ഇപ്രകാരം പറഞ്ഞു: 'പ്രജകളൊക്കെ ക്ഷീണിച്ചിരിക്കുന്നു. ഭവാൻ രാജാവാകണം. ഈതിബാധകൾ നീക്കിയാലും. നാട്ടുകാരൊക്കെ ഘോരമായ വ്യാധിയിൽപ്പെട്ടു വളരെ ക്ഷയിച്ചിരിക്കുന്നു. ഭവാൻ രക്ഷിക്കണം. വ്യാധി മാറ്റിയാലും! ധർമ്മത്താൽ പ്രജകളെ രക്ഷിച്ചാലും. ഭവാൻ ജീവിച്ചിരിക്കുമ്പോൾ നാട് ഇങ്ങനെ മുടിയുവാൻ വിടരുത്.'

ഈ പ്രാർത്ഥന കേട്ടപ്പോഴും എന്റെ മനസ്സിളകിയില്ല. ഞാൻ സത്യം രക്ഷിച്ചു സമൃദ്ധിയെ കാത്തിരിക്കുകയായിരുന്നു. പിന്നെ പൗരന്മാരും, ശുഭയായ എന്റെ മാതാവ് കാളിയും, പുരോഹിതാചാര്യജനങ്ങളും, വിപ്രന്മാരും എന്റെ അടുത്തുവന്നു രാജാവാകുവാൻ വ്യസനത്തോടെ അഭ്യർത്ഥിച്ചു. 'പ്രതീപരാജാവ് (ശന്തനുവിന്റെ പിതാവ്) സംരക്ഷിച്ച ഈ രാജ്യം ഭവാനിൽ വന്നു ചേർന്നിട്ട് ഇപ്പോൾ നശിക്കുവാൻ പോകുന്നു. ഭവാൻ ഞങ്ങൾക്കു നന്മയ്ക്കായി രാജാവാകണേ!' ഇപ്രകാരം അവർ പറഞ്ഞപ്പോൾ ദുഃഖത്തോടെ ഞാൻ തൊഴുത് അവിടെവെച്ചു പിതൃഗൗരവം മൂലം എന്റെ സത്യത്തെപ്പറ്റി പറഞ്ഞു. ഊർദ്ധ്വരേതസ്സായ രാജാവിനുവേണ്ടിയല്ല, ഈ കുലത്തിനുവേണ്ടിയാണ് പറയുന്നതെന്നും നീ മൂലമാണു ഞാൻ ഈ കുലത്തിലെത്തിയതെന്നും അങ്ങനെയുള്ള എന്നിൽ നീ ഈ ഭാരം കയറ്റിവെയ്ക്കരുത് എന്നും അമ്മ പറഞ്ഞു. ഇപ്രകാരം അമ്മ പറഞ്ഞപ്പോൾ ഞാൻ തൊഴുത് അമ്മയെ പ്രസാദിപ്പിച്ചു പറഞ്ഞു: 'അമ്മേ, ഞാൻ ശന്തനുവിന്റെ പുത്രനാണ്. കുരുവംശത്തെ വഹിക്കുന്നവനാണ്. ഞാൻ സത്യത്തെ പാഴിലാക്കുകയില്ല എന്നു ദുര്യോധനാ! ഞാൻ വീണ്ടും പറഞ്ഞു. വിശേഷിച്ചും അമ്മയ്ക്കുവേണ്ടിയാണു ഞാൻ ഇങ്ങനെ ഒരു സത്യം ചെയ്യുവാൻ സന്നദ്ധനായതും. പുത്രവത്സലേ, ഞാൻ ഭവതിക്കു പ്രേഷ്യനും ദാസനുമാണ്, എന്നുപറഞ്ഞു ഞാൻ അമ്മയേയും നാട്ടുകാരേയും ബോദ്ധ്യപ്പെടുത്തി. പിന്നെ ഭ്രാതൃദയിതകളിൽ വ്യാസമുനീന്ദ്രനെ പ്രസാദിപ്പിച്ചു. അമ്മയുടെ ആഗ്രഹപ്രകാരം മൂന്നുപുത്രന്മാരെ ഉത്ഭവിപ്പിച്ചു. അന്ധനായ നിന്റെ അച്ഛൻ കരണക്ഷയംമൂലം രാജാവായില്ല. മഹാത്മാവും, വിശ്വവിശ്രുതനുമായ പാണ്ഡു രാജാവായി. അവൻ രാജാവായപ്പോൾ അവന്റെ പുത്രന്മാർ പിതൃദായാംശഭാഗികളായി ത്തീർന്നു. അവരുമായി നീ കലഹിക്കരുത്. ഉണ്ണീ, പകുതിരാജ്യം അവർക്കു നല്കുക! ഞാൻ ജീവിച്ചിരിക്കെ മറ്റാരും രാജ്യം ഭരിക്കാൻ അവകാശികളല്ല. ഇതിന്റെയെല്ലാം അധികാരി ഞാനാണ്. എന്റെ വാക്ക് നീ നിരസിക്കരുത്. ഞാൻ നിങ്ങളിൽ ശമം കാംക്ഷിക്കുന്നവനാണ്. എനിക്കു നിന്നിലും അവരിലും യാതൊരു ഭേദബുദ്ധിയുമില്ല. നിന്റെ അച്ഛനും അമ്മയ്ക്കും വിദുരനും ഇതുതന്നെയാണു മതം. വൃദ്ധന്മാർ പറയുന്നതു കേൾക്കണം. എന്റെ വാക്കിൽ നീ സംശയിക്കരുത്. നീ ലോകത്തെ മുഴുവനും, തന്നേയും മുടിക്കരുത്."

148. കൃഷ്ണവാക്യം - വാസുദേവൻ പറഞ്ഞു: "ഭീഷ്മൻ പറഞ്ഞുനിർത്തിയപ്പോൾ വാക്യവിചക്ഷണനായ ദ്രോണൻ സഭാമദ്ധ്യത്തിൽവെച്ചു ദുര്യോധനനോടു പറഞ്ഞു."

ദ്രോണൻ പറഞ്ഞു: "എങ്ങനെ പ്രതീപജനായ ശന്തനു ഈ കുലത്തിന്നുവേണ്ടി നിന്നുവോ, എങ്ങനെ ദേവവ്രതനായ ഭീഷ്മനും ഈ കുലത്തിനുവേണ്ടി നിന്നുവോ, അങ്ങനെതന്നെ സത്യസന്ധനും ജിതേന്ദ്രിയനും ധർമ്മബുദ്ധിയും സുവ്രതനും ശ്രദ്ധാലുവും കുരുരാജനുമായ പാണ്ഡുരാജാവും നിന്നു. വംശവർദ്ധനനായ അദ്ദേഹം തന്റെ ജ്യേഷ്ഠനായ ധൃതരാഷ്ട്രന്നും അനുജനായ വിദുരന്നും വേണ്ടുവോളം രാജ്യം നല്കി. വീഴ്ചയില്ലാത്ത ഇവനെ സിംഹാസനത്തിലിരുത്തി ഭാര്യമാരോടുകൂടി രാജാവു വനവാസത്തിന്നുപോയി. താഴ്ന്നുനിന്നു നരവ്യാഘ്രനായ വിദുരൻ വിനയത്തോടെ പ്രേഷ്യനെപ്പോലെ വെൺചാമരം വീശിയും മറ്റും സേവിച്ചു. പിന്നെ പ്രജകളൊക്കെ ധൃതരാഷ്ട്രനെ പാണ്ഡുവിനെപ്പോലെ വിധിപ്രകാരം സ്വീകരിച്ച് ആദരിച്ചു. നാട് ധൃതരാഷ്ട്രന്നും വിദുരന്നും നല്കിയശേഷം പരപുരഞ്ജയനായ പാണ്ഡു മന്നിലെല്ലാടവും ചുറ്റിസഞ്ചരിച്ചു. സ്വത്ത് ഏല്ക്കുവാനും കൊടുക്കുവാനും ഭൃത്യരെ നോക്കുവാനും എല്ലാം ഭരിക്കുവാനും അന്ധനായ ധൃതരാഷ്ട്രനെ സഹായിക്കുവാൻ സത്യസംഗരനായ വിദുരൻ കൂടെ ഉണ്ടായിരുന്നു. തേജസ്സേറുന്ന ഭീഷ്മൻ എല്ലാം നോക്കിപ്പാലിച്ചു. മഹാത്മാവായ വിദുരൻ എപ്പോഴും സേവ ചെയ്തുകൊണ്ടുനിന്നു. ധൃതരാഷ്ട്രൻ സിംഹാസനത്തിൽ ഇരുന്നു രാജ്യഭരണം നടത്തി. അവന്റെ കുലജനായ നീ കുലച്ഛിദ്രം തുടങ്ങുകയാണോ? ഭ്രാതാക്കളോടുകൂടി സുഖങ്ങളൊക്കെ നീ അനുഭവിക്കൂ രാജാവേ! പേടികൊണ്ടോ, ദുരകൊണ്ടോ അല്ല ഞാൻ പറയുന്നത്. നിന്നിൽനിന്നു ജീവനോപായം ഞാൻ ഇച്ഛിക്കുന്നുമില്ല. ഭീഷ്മൻ തന്നതാണ് ഇപ്പോഴും ഞാൻ അനുഭവിക്കുന്നത്. ഭീഷ്മൻ എവിടെയുണ്ടോ അവിടെ ദ്രോണനുമുണ്ട്. അതുകൊണ്ടു നീ ഭീഷ്മൻ പറയുന്നതു ചെയ്യുക. ഹേ അരികർശനാ, പാണ്ഡവന്മാർക്കു പകുതി രാജ്യം നീ നല്കുക! ആചാര്യത്വം നിന്നിലും അവരിലും എനിക്കു തുല്യമാണ്. എനിക്ക് അശ്വത്ഥാമാവ് എപ്രകാരമോ, അപ്രകാരംതന്നെയാണ് പാർത്ഥനും. എന്തിനധികം പറയുന്നു, എവിടെ ധർമ്മമുണ്ടോ, അവിടെ ജയമുണ്ട്."

വാസുദേവൻ പറഞ്ഞു: "തേജസ്സേറിയ ദ്രോണൻ ഇപ്രകാരം പറഞ്ഞുനിർത്തിയപ്പോൾ അതിധാർമ്മികനും, സത്യസംഗരനുമായ വിദുരൻ പിതാവിന്റെ മുഖത്ത് ഒന്നു നോക്കിയതിനു ശേഷം തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു."

വിദുരൻ പറഞ്ഞു: "ഹേ ദേവവ്രതാ! ഞാൻ പറയുന്ന വാക്കുകൾ ഭവാൻ കേട്ടാലും. നശിച്ച കൗരവകുലത്തെ വീണ്ടും ഉദ്ധരിച്ചവനാണല്ലോ ഭവാൻ. ഞാൻ വിലപിച്ചുപറയുന്ന വാക്കുകേട്ടിട്ടും ഭവാൻ എന്താണ് അതിൽ ഉദാസീനനാകുന്നത്? ഈ ദുര്യോധനൻ ആരാണ് ഈ കുലത്തിന്? ഇവൻ കുലപാംസനനാണ്. അനാര്യനും, അറിവില്ലാത്തവനും ലോഭംകൊണ്ട് ഉള്ളുകെട്ടവനുമാണ്. ലോഭാന്ധനായ ഇവന്റെ മതി ഭവാൻ പിന്തുടരുകയാണോ? ധർമ്മാർത്ഥദർശിയായ അച്ഛൻ പറഞ്ഞതും തള്ളിക്കളഞ്ഞവനാണ് ഇവൻ. ദുര്യോധനൻ ചെയ്ത കർമ്മംകൊണ്ട് ഈ കൗരവന്മാർ അവസാനിക്കും. അവർക്കു നാശമേല്ക്കാത്തവിധം ഭവാൻ ചെയ്താലും. ധൃതരാഷ്ട്രനേയും എന്നേയും മുമ്പേ തന്നെ ചിത്രത്തിൽ ചിത്രകാരൻ എന്നവിധം ഇരുത്തുകയല്ലേ ഭവാൻ ചെയ്യുന്നത്? പ്രജേശൻ പ്രജകളെ സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നതുപോലെയാണ് ഭവാന്റെ പ്രവൃത്തി. കുലക്ഷയം കണ്ടുംകൊണ്ട് ഉപേക്ഷ കാണിക്കരുതേ! അതോ നാശമടുത്തപ്പോൾ ഭവാന്റെ ബുദ്ധി നശിച്ചുപോയോ? അങ്ങ് എന്നോടും ധൃതരാഷ്ട്രനോടുംകൂടി കാടുകയറുക. വനവാസമാണ് ഇനി നല്ലത്. ഈ ചതിയനും ദുഷ്ടനുമായ ധാർത്തരാഷ്ട്രനെ പിടിച്ചുകെട്ടിയിട്ടു പാണ്ഡവന്മാർക്കു രാജ്യം ഏല്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഹേ, നരവ്യാഘ്രാ! പ്രസാദിച്ചാലും! വലുതായ ലോകക്ഷയം ഞാൻ കാണുന്നു! പാണ്ഡവന്മാർക്കും കൗരവന്മാർക്കും തേജസ്വികളായ മറ്റു രാജാക്കന്മാർക്കും ഒക്കെ മഹാക്ഷയം അടുത്തിരിക്കുന്നതായി ഞാൻ

കാണുന്നു.'' ഇപ്രകാരം പറഞ്ഞ് വിദുരൻ മനസ്സു മങ്ങി അടങ്ങി, ധ്യാനനിമഗ്നനായി വീണ്ടും നെടുവീർപ്പിട്ടു.

ഉടനെ സുബലപുത്രിയായ ഗാന്ധാരി അന്വയനാശത്തിൽ ഭയപ്പെട്ട് പാപിയായ തന്റെ പുത്രനോട്, രാജാക്കന്മാർ കേൾക്കെ, കോപത്തോടെ പറയുവാൻ തുടങ്ങി: "രാജാക്കന്മാരും സഭയിൽ സന്നിഹിതരായിരിക്കുന്ന മന്ത്രിമാരും ബ്രഹ്മർഷിമാരും മറ്റു സദസ്യരും ഞാൻ പറയുന്നതു കേൾക്കുക. പാപയായ നീ അമാത്യന്മാരോടുകൂടി ചെയ്ത കുറ്റങ്ങൾ ഞാൻ പറയുന്നു. എടോ, ദുര്യോധനാ! നമ്മുടെ വംശധർമ്മം വയസ്സിൽ മൂത്തവൻ നാടു വാഴുക എന്നതാണ്. എടാ ദുഷ്ടാ, നീ അനീതിചെയ്തു വംശം നശിപ്പിക്കുവാനാണോ പുറപ്പാട്? രാജ്യം വാഴുന്നവൻ ധൃതരാഷ്ട്രനാണ്. അച്ഛൻ ബുദ്ധിമാനാണ്. മന്ത്രി വിദുരനാണ്. അവൻ ദീർഘദർശിയുമാണ്. ഈ രാജാവും മന്ത്രിയും ഇവിടെ രാജ്യം ഭരിക്കുമ്പോൾ അവരെ ധിക്കരിച്ചു നീ എന്തു ന്യായത്തിന്മേലാണ് രാജാവായി നടിക്കുന്നത്? രാജാവും ഈ വിദുരനും ഭീഷ്മനുമുള്ളപ്പോൾ നിങ്ങളൊക്കെ സ്വതന്ത്രന്മാരല്ല, പരതന്ത്രരാണ്. ഭീഷ്മനാണെങ്കിൽ ധർമ്മജ്ഞത്വം മൂലം രാജ്യം കാംക്ഷിക്കുന്നില്ല. രാജ്യത്തെപ്പറ്റി പിന്നെ ചിന്തിക്കുകയാണെങ്കിൽ ഈ കാണപ്പെട്ടതൊക്കെ പാണ്ഡവന്മാർക്ക് അവകാശപ്പെട്ടതാണ്. പൈതാമഹമായ പുത്രപൗത്രക്രമം, നടപടിക്രമം, നോക്കുമ്പോൾ നിങ്ങൾക്കാർക്കും അവകാശപ്പെട്ടതല്ല ഈ രാജ്യം. സ്വധർമ്മത്താൽ നാടു രക്ഷിച്ചുവാഴേണ്ടവർ മാത്രമാണു നിങ്ങൾ. മഹാവ്രതനായ ഭീഷ്മന്റെ അനുവാദത്തോടുകൂടി രാജാവും വിദുരനും ചേർന്നുപറയുന്ന വാക്കുകേട്ട് അതുപോലെ ദീർഘകാലം ചെയ്യുക. അതാണ് സുഹൃത്തുക്കളുടെ ധർമ്മം. ന്യായപ്രകാരം കൗരവന്മാരുടെ രാജ്യം ഭരിക്കുവാൻ അവകാശി യുധിഷ്ഠിരനാണ്. ഭീഷ്മൻ മുമ്പേ വാഴിച്ച രാജാവ് ധൃതരാഷ്ട്രനാണ്. അദ്ദേഹം പറയുന്നത് അനുസരിക്കുക മാത്രമാണ് നിന്റെ കടമ. അദ്ദേഹം യുധിഷ്ഠിരൻ ഭരിക്കണമെന്നു പറയുമ്പോൾ അതിനെ ധിക്കരിക്കുവാനുള്ള അവകാശം നിനക്കില്ല.''

149. ധൃതരാഷ്ട്രവാക്യകഥനം - വാസുദേവൻ പറഞ്ഞു: "ഗാന്ധാരി ഇങ്ങനെ പറഞ്ഞപ്പോൾ ധൃതരാഷ്ട്രരാജാവ് രാജമദ്ധ്യത്തിൽവെച്ച് ഇപ്രകാരം പറഞ്ഞു.

'മകനേ, ദുര്യോധനാ, നീ ഞാൻ പറയുന്നതു കേൾക്കൂ! പിതാവാണ് പറയുന്നത്. പിതൃഗൗരവത്തെ തികച്ചും നീ മാനിച്ചു ചെയ്യുക. എന്നാൽ നിനക്കു ശുഭം സിദ്ധിക്കും. ആദ്യത്തെ പ്രജേശ്വരൻ സോമനാണ്. അദ്ദേഹമാണ് കുരുവംശത്തിന്റെ കർത്താവ്. സോമനിൽ നിന്ന് ആറാമത്തെ രാജാവാണ് നഹുഷാത്മജനായ യയാതി. ആ രാജാവിന്നു രാജർഷിമാരായി അഞ്ചുപുത്രന്മാർ ഉണ്ടായി. തേജസ്വികളായ അവരിൽ പ്രഭുവായി ഭവിച്ചത് യദുവാണ്. ആ അഞ്ചുമക്കളിൽ ഇളയവനായ പൂരുവാണ് നമ്മുടെ വംശത്തിന്റെ കർത്താവ്. അവൻ വൃഷപർവ്വാവിന്റെ പുത്രിയായ ശർമ്മിഷ്ഠയുടെ പുത്രനാണ്. യദു ദേവയാനിയുടെ പുത്രനാണ്. തേജസ്വിയായ ശുക്രമഹർഷിയുടെ പുത്രിയാണ് ദേവയാനി. അവൾ പ്രസവിച്ചുണ്ടായ പുത്രനാണ് യദു. അവൻ ബലവാനും വീര്യവാനുമായിരുന്നു. അവനിൽനിന്നാണ് യാദവവംശം ഉണ്ടായത്. ഗർവ്വിഷ്ഠനായ അവൻ ക്ഷത്രിയരെ ഒക്കെ നിന്ദിച്ചു. പ്രബലനായ അവൻ ബലദർപ്പവിമോഹിതനായി ഭ്രാതാക്കന്മാരെ ധിക്കരിച്ചു. ഭൂമിയുടെ നാലതിരിന്റെ ഉള്ളിൽ അവൻ മഹാബലവാനായി നിന്നു. രാജാക്കന്മാരെയൊക്കെ കീഴടക്കി ഹസ്തിനാപുരിയിൽ വാണു. ആ പുത്രനെ അവന്റെ അച്ഛനായ യയാതി രാജ്യത്തുനിന്നു പുറത്താക്കുകയും ശപിക്കുകയും ചെയ്തു. അവനോടു ചേർന്നുനിന്ന അവന്റെ അനുജന്മാരേയും അച്ഛൻ കോപിച്ചു ശപിച്ചു. എന്നാൽ ഇളയപുത്രനായ പൂരുമാത്രം അച്ഛന്റെ ഇഷ്ടം നോക്കി അനുസരണത്തോടെ നിന്നു. തനിക്കു വിധേയനായി നിന്ന പൂരുവിനോട് അച്ഛനു തൃപ്തിയും സന്തോഷവും തോന്നി. യയാതി തന്റെ ഇളയപുത്രനായ പൂരുവിനെ രാജാവാക്കി വാഴിച്ചു. ഇങ്ങനെയാണ് നമ്മുടെ വംശത്തിന്റെ പൂർവ്വചരിത്രം. അച്ഛനെ അനുസരിക്കാത്ത പുത്രന്മാർക്ക് അച്ഛൻ രാജ്യം നല്കുകയില്ല. അതിന്ന് ആ പുത്രൻ അർഹിക്കുന്നുമില്ല. ആ പാരമ്പര്യമുറ അനുസരിച്ച്, ആചാരമര്യാദയനുസരിച്ച്, ഗർവ്വിഷ്ഠനായ നിനക്കും രാജ്യത്തിന്ന് അവകാശം ലഭിക്കുകയില്ല. ജ്യേഷ്ഠനാണെന്നുവന്നാലും അവന്നു രാജ്യം ലഭിക്കുകയില്ല. വൃദ്ധന്മാരെ ഭജിക്കുകയാണെങ്കിൽ ഇളയവനും നാടുവാഴും. സർവ്വധർമ്മജ്ഞനായ എന്റെ അച്ഛന്റെ പിതാമഹൻ, പ്രതീപരാജാവ്, മൂന്നുലോകത്തിലും പേരുകേട്ടവനായിരുന്നു. അദ്ദേഹത്തിന്നു മൂന്നുപുത്രന്മാരുണ്ടായിരുന്നു. ദേവാപി, ബാൽഹീകൻ, ശന്തനു ഇവരായിരുന്നു ആ മൂന്നുപേർ. അതിൽ മൂന്നാമനായ ശന്തനുവാണ് എന്റെ പിതാമഹൻ. ദേവാപി തേജസ്വിയായിരുന്നെങ്കിലും ത്വക്രോഗിയായിരുന്നു. അവൻ ധാർമ്മികനും സത്യസന്ധനും സർവ്വഭൂതഹിതകാരിയും, അച്ഛനും ബ്രാഹ്മണർക്കും വിധേയനും, ഭ്രാതൃപ്രിയനുമായിരുന്നു. കാലമായപ്പോൾ വൃദ്ധനായ രാജാവ് ദേവാപിയെ ശാസ്ത്രാനുസരണം രാജാവായി അഭിഷേകംചെയ്യുവാൻ ഒരുങ്ങി. എല്ലാ ഒരുക്കങ്ങളും ചെയ്തു കഴിഞ്ഞപ്പോൾ സംഭവം തകരാറിലായി. അഭിഷേകം നടത്തുവാൻ ബ്രാഹ്മണശ്രേഷ്ഠന്മാർ സമ്മതിച്ചില്ല. എല്ലാ ഗുണങ്ങളും തികഞ്ഞവനാണെങ്കിലും അവൻ ത്വക്ദോഷദുഷിതനാകയാൽ ദേവകൾ കൊണ്ടാടുകയില്ലെന്നായിരുന്നു തടസ്സവാദം. രാജാവ് ദുഃഖിതനായി. വിവരം ഗ്രഹിച്ച ദേവാപി രാജ്യം വേണ്ടെന്നുവച്ചു കാടുകയറി. ശോകാർത്തനായ ബാൽഹീകൻ രാജ്യംവിട്ട് പിതൃഭ്രാതാക്കളെ വെടിഞ്ഞ് മാതുലഗൃഹത്തിലേക്കും പോയി. ബാൽഹീകന്റെ സമ്മതത്തോടുകൂടി പുഷ്ടമായ രാജ്യത്തെ ശന്തനു നേടി. അച്ഛൻ മരിച്ചതിന്നുശേഷം രാജ്യം പരിപാലിച്ചു. അപ്രകാരമാണ് എനിക്കും സംഭവിച്ചത്. അംഗഹീനനാണ് ജ്യേഷ്ഠനെന്നുവച്ച് അനുജനായ പാണ്ഡു എന്നെവിട്ടു രാജാവായി വാണു. അങ്ങനെ പാരമ്പര്യവും നടപടിക്രമവുമനുസരിച്ചു ഞാൻ രാജ്യത്തിന്ന് അർഹനല്ല; അവകാശിയുമല്ല. പിന്നെ എങ്ങനെയാണ് നീ അവകാശിയാവുക? അവകാശമില്ലാത്തതിനെ നീ കാംക്ഷിക്കുന്നത് എങ്ങനെ നീതിയാകും? രാജാവല്ലാത്തവന്റെ പുത്രനാണു നീ, നീ ന്യായപ്രകാരം ആരുടേയും സ്വാമിയല്ല. ഈ നിലയ്ക്കു നിന്റെ ആഗ്രഹം ശരിയല്ല. പരസ്വത്തിൽ കൊതിക്കരുത്. യുധിഷ്ഠിരൻ രാജാവിന്റെ പുത്രനാണ്; മഹാത്മാവാണ്. ന്യായപ്രകാരം ഈ രാജ്യം മുഴുവൻ അവന്ന് അഖണ്ഡമായിത്തന്നെ അവകാശപ്പെട്ടതാണ്. അവൻതന്നെയാണ് ശരിക്കു കൗരവവംശത്തിന്റെ നാഥൻ. രക്ഷിക്കുവാൻ തക്ക മഹാനുഭാവനുമാണ് അവൻ. അവൻ സത്യസന്ധനാണ്, അപ്രമത്തനാണ്, ബന്ധുക്കളെ അനുസരിക്കുന്ന സൽസ്വഭാവിയാണ്, ജനങ്ങൾക്ക് ഇഷ്ടനാണ്, സജ്ജനങ്ങളിൽ അനുകമ്പയുള്ളവനാണ്, ജിതേന്ദ്രിയനാണ്, സജ്ജനങ്ങളുടെ നാഥനുമാണ്. ക്ഷമ, തിതിക്ഷ, ദമം, ആർജ്ജവം, സത്യവ്രതം, അപ്രമാദം, ഭൂതദയ ഈവക രാജഗുണങ്ങളൊക്കെ യുധിഷ്ഠിരനിൽ പൂർണ്ണമായും ശോഭിക്കുന്നുണ്ട്. നീയാണെങ്കിൽ രാജാവിന്റെ പുത്രനല്ല, അനാര്യശീലനാണ്, ലോഭിയാണ്, ബാന്ധവന്മാരിൽ ദുഷ്ടതയുള്ളവനാണ്, അങ്ങനെയുള്ളവനല്ലേ നീ? ഏതു നിലയ്ക്കും നീ രാജ്യം അർഹിക്കുന്നില്ല. അന്യന്മാർക്കു മര്യാദപ്രകാരം അവകാശപ്പെട്ട രാജ്യം ദുർവ്വിനീതനായ നീ ഹരിക്കുവാൻനോക്കിയാൽ അത് എങ്ങനെ കിട്ടാനാണ്? അതുകൊണ്ട് ഞാൻ പറയുന്നു, നീ പകുതി രാജ്യം പരിച്ഛദവാഹനങ്ങളോടുകൂടി പാണ്ഡവന്മാർക്കു കൊ

ടുക്കൂ! രാജ്യം ഞാൻ നിനക്കു തന്നേക്കാം. അങ്ങനെ ചെയ്താൽ സോദരന്മാരോടുകൂടി ദീർഘായുഷ്മാനായി നിനക്കു ജീവിക്കാം. അല്ലെങ്കിൽ നിന്റെ ആയുസ്സ് ഇതോടെ അവസാനിക്കും."

150. കൃഷ്ണവാക്യം – വാസുദേവൻ പറഞ്ഞു: "ഭീഷ്മനും ദ്രോണനും വിദുരനും ഗാന്ധാരിയും ധൃതരാഷ്ട്രനുമൊക്കെ ഇപ്രകാരം പറഞ്ഞിട്ടും അവയൊന്നും ആ ജളൻ സ്വീകരിച്ചില്ല. ക്രോധംകൊണ്ടു ചുവന്ന കണ്ണുകളോടുകൂടി അവൻ അവിടെ നിന്ന് എഴുന്നേറ്റുപോയി. പ്രാണൻ കളയുവാനൊരുങ്ങിയ രാജാക്കന്മാരും അവന്റെകൂടെ പോയി. ബുദ്ധിശൂന്യരായ രാജാക്കന്മാരോട് കുരുക്ഷേത്രത്തിൽ പ്രവേശിക്കണമെന്നും അന്നു പൂയം നക്ഷത്രമാണെന്നും, ഉടനെ പോകണമെന്നും ദുര്യോധനൻ കല്പനകൊടുത്തു. ഉടനെതന്നെ കാലചോദിതരായ രാജാക്കന്മാർ സൈന്യങ്ങളോടുകൂടി ഇറങ്ങി. ഭീഷ്മനെ സേനാനായകനാക്കി നിശ്ചയിച്ചു. പതിനൊന്ന് അക്ഷൗഹിണി കൗരവന്മാരുടെ പങ്കിൽ നിന്നു. അവരുടെ മുമ്പിലായി താലകേതനനായ ഭീഷ്മൻ ശോഭിച്ചു. ഇനി കാലോചിതം എന്തോ അതു യുധിഷ്ഠിരാ! ഭവാൻ ചെയ്താലും. ഭീഷ്മനും ദ്രോണനും വിദുരനും ഗാന്ധാരിയും ധൃതരാഷ്ട്രനും എന്റെ മുമ്പിൽവെച്ചു പറഞ്ഞതൊക്കെ ഞാൻ പറഞ്ഞു. കുരുസഭയിൽ ഇപ്രകാരമൊക്കെ നടന്നു.

സാമം ഞാൻ ആദ്യം പറഞ്ഞു. സൗഭ്രാത്രകാംക്ഷയാലും, ഈ വംശം കലഹിക്കാതിരിക്കുവാനും, പ്രജാവൃദ്ധി വരാനുമാണ് സാമം ഞാൻ പറഞ്ഞുനോക്കിയത്. സാമം കൈക്കൊള്ളാതായപ്പോൾ ഭേദം പ്രയോഗിച്ചുനോക്കി. ദേവമാനുഷസമ്മിശ്രമായ കർമ്മവും കീർത്തനവും ചെയ്തുനോക്കിയിട്ടും ദുര്യോധനൻ ആ സാമത്തെ തള്ളിക്കളഞ്ഞപ്പോഴേ ഭേദം പ്രയോഗിച്ചുള്ളൂ. അവിടെ ഒത്തുചേർന്ന നരേന്ദ്രന്മാരെ ഭേദിപ്പിക്കുവാൻ അത്ഭുതവും, ഏറെ ദാരുണവുമായ അമാനുഷകർമ്മം ഞാൻ കാണിച്ചു. രാജാക്കന്മാരെ നിരസിച്ചും, കുരുരാജാവിനെ തൃണവൽഗണിച്ചും, കർണ്ണനേയും ശകുനിയേയും ഭയപ്പെടുത്തിയും ഭേദം പ്രയോഗിച്ചു. ദ്യൂതം മുതൽ ധാർത്തരാഷ്ട്രന്മാരെ നിന്ദിച്ചും, രാജാക്കന്മാരെ ഭേദിപ്പിച്ചും, വാക്കുകൊണ്ടും മന്ത്രംകൊണ്ടും വീണ്ടുംവീണ്ടും യത്നിച്ചുനോക്കി. പിന്നെ സാമത്തോടുചേർന്ന ദാനം പറഞ്ഞുനോക്കി. കൗരവരിൽ അഭേദത്തോടും കാര്യയോഗത്തോടും ധൃതരാഷ്ട്രന്മാരുടെ കീഴിൽ താഴ്മയോടെ പാണ്ഡവന്മാർ നില്ക്കുമെന്നും, രാജ്യം നല്കിയാൽ അവർ ഭീഷ്മനും വിദുരനും ഭവാനും പറഞ്ഞതുപോലെ നില്ക്കുമെന്നും പറഞ്ഞു. പിന്നെ രാജ്യം മുഴുവൻ ദുര്യോധനൻതന്നെ എടുത്തുകൊള്ളട്ടെയെന്നും, അഞ്ചുദേശം നല്കിയാൽ തൃപ്തിപ്പെട്ടുകൊള്ളുമെന്നും, 'നിന്റെ അച്ഛന് അവരേയും പാലിക്കേണ്ട ചുമതലയില്ലേ?' എന്നും പറഞ്ഞുനോക്കി. ഒന്നിന്നും അവൻ വഴിപ്പെട്ടില്ല. നാലാമത്തെ ഉപായം ദണ്ഡമാണ്. ഇനി അതു ഭവാൻ ചെയ്താലും. ദുഷ്ടന്മാരിൽ മറ്റൊന്നും നടക്കുകയില്ല. അവർ നശിക്കുവാൻവേണ്ടി കുരുക്ഷേത്രത്തിലേക്കു പുറപ്പെട്ടു കഴിഞ്ഞു. കുരുസംസത്തിൽ നടന്നതുമുഴുവൻ ഞാൻ പറഞ്ഞുകഴിഞ്ഞു. ഹേ, പാണ്ഡവാ! അവർ പടവെട്ടാതെ ഭവാനു രാജ്യം തരികയെന്ന പ്രശ്നമേയില്ല. ചാവാൻ അടുത്ത അവർ എല്ലാവരും നാശത്തിന്നു കാരണക്കാരായി നില്ക്കുകയാണ്!"

സൈന്യനിര്യാണപർവ്വം

151. കുരുക്ഷേത്രപ്രവേശം – വൈശമ്പായനൻ പറഞ്ഞു: "ധർമ്മരാജാവായ യുധിഷ്ഠിരൻ തന്റെ സഹോദരന്മാരോട്, ജനാർദ്ദനൻ പറഞ്ഞ വാക്കുകൾ കേട്ട്, അദ്ദേഹത്തിന്റെ മുമ്പിൽവച്ച് ഇപ്രകാരം പറഞ്ഞു: "കുരുസംസത്തിൽവച്ച് ഉണ്ടായ വൃത്താന്തങ്ങളൊക്കെ നിങ്ങൾ കേട്ടില്ലേ? അദ്ദേഹം പറഞ്ഞതൊക്കെ നിങ്ങൾ ധരിച്ചില്ലേ? ഇനി ഒട്ടും വൈകേണ്ടതില്ല. സൈന്യങ്ങളെയൊക്കെ ഭാഗിച്ചു നേതൃത്വം നല്കുക. ഏഴ് അക്ഷൗഹിണി വിജയത്തെ കാംക്ഷിച്ചു സന്നദ്ധരായി നില്ക്കുന്നുണ്ടല്ലോ. ഓരോ അക്ഷൗഹിണിക്കും വേണ്ട നാഥന്മാർ ആരൊക്കെയാണെന്നും നിർണ്ണയിക്കുവിൻ. ദ്രുപദൻ, വിരാടൻ, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി, ചേകിതാനൻ, സാത്യകി, ഭീമസേനൻ എന്നീ ഏഴുപേരുമാകട്ടെ സേനാനായകന്മാർ. ഇവർ അതുല്യവീരന്മാരും പ്രാണൻ കളയുവാൻ സന്നദ്ധരുമാണ്. ഇവരെല്ലാം വേദജ്ഞന്മാരും, ശൂരന്മാരും, വ്രതനിഷ്ഠന്മാരും, ഹ്രീമാന്മാരും, നീതിജ്ഞന്മാരും, യുദ്ധകോവിദന്മാരും, ഇഷ്വസ്ത്രദക്ഷന്മാരും സർവാസ്ത്രയോധികളുമാണ്. ഏഴ് അക്ഷൗഹിണിയുടെയും സർവ്വസൈന്യാധിപത്യം വഹിക്കുവാനുള്ള കഴിവുള്ളവരാണ് ഓരോരുത്തരും. എടോ, സഹദേവാ, ഞാൻ ഒന്നു ചോദിക്കുന്നു. ശരാർച്ചിസ്സാകുന്ന അഗ്നിക്കു തുല്യനായ ഭീഷ്മനോട് പോരിൽ ഏല്ക്കുവാൻ തക്ക ഒരുത്തനെ നീ പറയൂ. നിന്റെ അഭിപ്രായത്തിൽ സർവ്വസൈന്യാധിപത്യം ആർക്കാണ് നല്കേണ്ടതെന്നു പറയൂ!"

സഹദേവൻ പറഞ്ഞു: "നമ്മുടെ ബന്ധുവും, നമ്മുടെ ദുഃഖത്തിൽ പങ്കാളിയും, നമ്മുടെ ഭാഗം നമുക്കു കിട്ടുവാൻ നാം ആശ്രയിച്ച ധാർമ്മികനും, യുദ്ധദുർമ്മദനുമായ വിരാടരാജാവ് പോരിൽ ഭീഷ്മനേയും മറ്റു മഹാരഥന്മാരേയും താങ്ങുവാൻ കെല്പുള്ളവനാണെന്നാണ് എന്റെ അഭിപ്രായം."

വൈശമ്പായനൻ പറഞ്ഞു: "ഇപ്രകാരം സഹദേവൻ പറഞ്ഞപ്പോൾ നകുലൻ പറഞ്ഞു: "വയസ്സ്, ശാസ്ത്രം, ധീരത, കുലം, വൻപ് ഇവയൊക്കെ ചേർന്നവനും, ഹ്രീമാനും, ശ്രീമാനും, ബലവാനും സർവ്വശാസ്ത്രവിചക്ഷണനും, ദുർദ്ധർഷനും, സത്യസംഗരനും, ദ്രോണനോടും ഭീഷ്മനോടും അസ്ത്രംകൊണ്ടു മത്സരിക്കുവാൻ കഴിവുള്ളവനും, ശ്ലാഘ്യരായ രാജകുലങ്ങൾക്കു മുൻപന്തിയിൽ നില്ക്കുന്നവനും, നൂറുകൊമ്പുകളുള്ള മഹാവൃക്ഷംപോലെ അനവധി പുത്രപൗത്രന്മാരോടുകൂടിയവനും, ഭാര്യയോടുകൂടി ഘോരമായ തപസ്സു ചെയ്തവനും രോഷംകൊണ്ട് ദ്രോണനെ പോരിൽ കൊല്ലുവാൻ സന്നദ്ധനായി നില്ക്കുന്നവനും, അച്ഛനെപ്പോലെ നമ്മളെ സമാശ്വസിപ്പിക്കുന്നവനും, നമ്മുടെ ശ്വശുരനുമായ ദ്രുപദരാജാവാണ് നമ്മുടെ സർവ്വസൈന്യാധിപത്യം വഹിക്കേണ്ടത്. ദ്രോണഭീഷ്മന്മാരെ ഈ രാജർഷഭൻ താങ്ങുമെന്നാണ് എന്റെ അഭിപ്രായം. ദിവ്യാസ്ത്രജ്ഞനായ ആ രാജാവ് ദ്രോണന്റെ സഖിയായ രാജാവാണല്ലോ." മാദ്രേയന്മാർ ഇപ്രകാരം പറഞ്ഞപ്പോൾ, കുരുനന്ദനനും ഇന്ദ്രാഭനും ഇന്ദ്രപുത്രനുമായ അർജ്ജുനൻ ഇപ്രകാരം പറഞ്ഞു: "രാജാവേ, എന്റെ അഭിപ്രായം മറ്റൊന്നാണ്. തപസ്സിന്റെ പ്രാഭവംകൊണ്ടും, ഋഷിമാരുടെ സന്തുഷ്ടികൊണ്ടും ജനിച്ചവനും, ദിവ്യപുരുഷനും, അഗ്നിജ്വാലാവർണ്ണനും, മഹാഭുജനും, വില്ലും വാളും ചട്ടയുമായി തേരിൽക്കയറി സന്നദ്ധനായിനില്ക്കുന്നവനും, ദിവ്യാശ്വങ്ങളോടുകൂടി തീക്കുണ്ഡത്തിൽ പിറന്നവനും മുഴങ്ങുന്ന മഴക്കാറുപോലെ തേരിന്റെ ശബ്ദം മുഴക്കുന്ന വീര്യവാനും, സിംഹഗാത്രനും, മഹാവീരനും, സിംഹതുല്യപരാക്രമനും, സിംഹോരസ്കനും, സിംഹാരവം മുഴക്കുന്നവനും, മഹാപ്രഭനും, സുദംഷ്ട്രനും, സുഭ്രുവും, സുബാഹുവും, സുമുഖനും, മഹാനും, സുജത്രുവും, സുവിശാലാക്ഷനും, സുപാദനും, സുപ്രതിഷ്ഠിതനും, എല്ലാ ശസ്ത്രങ്ങൾക്കും അഭേദ്യനും, മത്തമാതംഗസന്നിഭനും, ദ്രോണവധത്തിന്നായി പിറന്നവനും, സത്യവാദിയും ജിതേന്ദ്രിയനും ആയ ധൃഷ്ടദ്യുമ്നൻ ഭീഷ്മൻ എയ്യുന്ന ശരങ്ങളെ താങ്ങുവാൻ

സമർത്ഥനാണ്. ഭീഷ്മന്റെ ശരങ്ങളാകട്ടെ വജ്രത്തിന്നും ഇടിത്തീയിന്നും തുല്യവും വിഷമുള്ള സർപ്പത്തെപ്പോലെ ഉഗ്രവും, യമദൂതനെപ്പോലെ ശക്തിയായി ചെന്നുപതിക്കുന്നതും, രാമനെ പോരിൽ തടുത്തവയും, അശനിപോലെ ഉഗ്രവുമാണ്. അങ്ങനെയുള്ള ഭീഷ്മാസ്ത്രങ്ങൾ തടുക്കുവാൻ കഴിവുള്ളവനായി, ആ മഹാവ്രതനോടേൽക്കുവാൻ ശക്തനായി, ധൃഷ്ടദ്യുമ്നനല്ലാതെ മറ്റാരുമില്ലെന്നാണ് എന്റെ അഭിപ്രായം. വേറെ ഒരു മഹാപുരുഷനേയും ഞാൻ കാണുന്നില്ല. ക്ഷിപ്രഹസ്തനും, ചിത്രയോധിയും, അഭേദ്യകവചനും, ഗജയൂഥപസന്നിഭനുമായ ധൃഷ്ടദ്യുമ്നൻ സർവ്വസൈന്യാധിപത്യം ഏൽക്കണമെന്നാണ് എന്റെ അഭിപ്രായം.''

ഭീമസേനൻ പറഞ്ഞു: "ദ്രുപദാത്മജനായ ശിഖണ്ഡി ഭീഷ്മനെ വധിക്കുവാൻ പിറന്നവനാണെന്നു സിദ്ധന്മാരോടു തുല്യരായ മഹർഷിമാർ പറയുന്നുണ്ട്. യുദ്ധമദ്ധ്യത്തിൽ അവൻ ദിവ്യാസ്ത്രം പെരുമാറുകയാണെങ്കിൽ മഹാത്മാവായ രാമനെപ്പോലെ നേരെനിന്നു നോക്കുവാൻ പോലും കഴിയുകയില്ല. അത്ര അധൃഷ്യമായ പ്രതാപമുള്ളവനാണ് ശിഖണ്ഡി. അവനെ പോരിൽ വെല്ലുവാൻ കെൽപ്പുള്ള ആരേയും ഞാൻ കാണുന്നില്ല. മഹാരഥനായ ഭീഷ്മനെ ദ്വൈരഥത്തിൽ മറ്റാരും കൊല്ലുകയില്ല. അതിന്നുള്ള കഴിവു ശിഖണ്ഡിക്കു മാത്രമേയുള്ളു. അതുകൊണ്ട് ശിഖണ്ഡി സേനാനിയാകണമെന്നാണ് എന്റെ അഭിപ്രായം.''

യുധിഷ്ഠിരൻ പറഞ്ഞു: "താതാ, ലോകത്തിലുള്ള എല്ലാറ്റിന്റേയും ബലാബലങ്ങളേയും, സാരങ്ങളേയും അറിയുന്നവനും, എല്ലാ ധർമ്മജ്ഞന്മാരുടെ മതവും അറിയുന്നവനുമാണല്ലോ ഹരി! ദാശാർഹനായ കൃഷ്ണൻ ആരേയാണ് നിർദ്ദേശിക്കുന്നതെങ്കിൽ അവൻ സേനാപതിയാകട്ടെ! കൃതാസ്ത്രനായാലും, അകൃതാസ്ത്രനായാലും, വൃദ്ധനായാലും, യുവാവായാലും, ഈ സേനാനിയാണ് നമ്മൾ ജയിക്കുവാനും തോല്ക്കുവാനും മൂലമായിത്തീരുക! ഇവനിൽ നമ്മുടെ എല്ലാവരുടേയും പ്രാണനും, നാടും, ഭാവവും, അഭാവവും, സുഖവും, അസുഖവും, ധാതാവും, വിധാതാവും, സിദ്ധിയും എല്ലാം നില്ക്കുന്നു. അതുകൊണ്ട് സേനാനിയെ നിശ്ചയിക്കുന്ന കാര്യം സർവ്വപ്രധാനമാണ്. ദാശാർഹനായ കൃഷ്ണൻ ആരെ സേനാനിയായി നിശ്ചയിക്കുന്നുവോ, അവൻ സേനാപതിയാകട്ടെ. വാഗ്മിയായ കൃഷ്ണൻ പറയട്ടെ. ഇപ്പോൾ രാത്രിയായല്ലോ. കൃഷ്ണൻ പറയുന്ന സേനാപതിയേയും വെച്ചു നാളെ പ്രഭാതത്തിൽ ശസ്ത്രാധിവാസം ചെയ്തു മംഗളാചരണത്തിന്നുശേഷം പോർക്കളത്തിലേക്കുപോകണം.''

വൈശമ്പായനൻ പറഞ്ഞു: "ധീമാനായ ധർമ്മരാജാവിന്റെ വാക്കുകേട്ടപ്പോൾ ധനഞ്ജയനെ നോക്കി കൃഷ്ണൻ പറഞ്ഞു: "രാജാവേ, നിങ്ങൾ പറഞ്ഞവരെല്ലാം എനിക്കു സമ്മതന്മാരാണ്. എല്ലാവരും വിക്രാന്തയോധികളാണ്. ഭവാന്റെ സൈന്യങ്ങളെ നയിക്കുവാൻ സമർത്ഥരുമാണ്. ശത്രുവിനെ ബാധിക്കുന്നതിന്നു മതിയായവരുമാണ്. യുദ്ധത്തിൽ ഇവർ ഇന്ദ്രന്നുപോലും ഭയമുണ്ടാക്കുന്നവരാണ്. പിന്നെ, ലുബ്ധരും, ദുഷ്ടരുമായ ധാർത്തരാഷ്ട്രന്മാരെക്കുറിച്ചു പറയുവാനുണ്ടോ! മഹാബാഹോ, ഞാനും വല്ലാതെ യത്നിച്ചുനോക്കി ഭവാന്റെ പ്രിയത്തിന്നുവേണ്ടി. എന്നിട്ടും ശമം നടന്നില്ല. ഇപ്പോൾ ധർമ്മത്തിന്നുവേണ്ട കടപ്പാടുമുഴുവൻ നിർവ്വഹിച്ചു. ആരും ഇനി നമ്മെ കുറ്റം പറയുകയില്ല. ധാർത്തരാഷ്ട്രൻ കേവലം വിവരമില്ലാത്ത ബാലനാണ്. എന്നാൽ അവന്റെ ഭാവമോ, താൻ കൃതാസ്ത്രനാണെന്നാണ്. താൻ മഹാശക്തനാണെന്നും വിചാരിക്കുന്നുണ്ട്. ഭവാൻ പടകൂട്ടിയാലും, അവരെയൊക്കെ വധിച്ചുവിടേണ്ടവരാണ്. ഈ ധാർത്തരാഷ്ട്രൻ അർജ്ജുനനെക്കണ്ടാൽ മുമ്പിൽ നില്ക്കുവാൻ ധൈര്യപ്പെടുകയില്ല. ക്രുദ്ധനായ ഭീമനേയും, യമന്മാരേയും, യുയുധാനനോടു ചേർന്ന കോപിയായ പാർഷതനേയും, അഭിമന്യുദ്രൗപദേയന്മാർ, മത്സ്യപാഞ്ചാലന്മാർ ഇവരെയൊന്നും കണ്ടാൽ നേരെ നില്ക്കുവാൻ ധൈര്യം ദുര്യോധനനുണ്ടാവുകയില്ല. അത്യുഗ്രന്മാരായ അക്ഷൗഹിണീശന്മാരേയും, മറ്റു മന്നവന്മാരേയും കണ്ടാൽ നേരെ നില്ക്കുവാൻ ദുര്യോധനൻ ധൈര്യപ്പെടുകയില്ല. നമ്മുടെ സൈന്യം ദുഷ്പ്രധർഷവും ദുരാസദവുമാണ്. അവർ ധാർത്തരാഷ്ട്രന്റെ സൈന്യത്തെ മുഴുവൻ തീർച്ചയായും മുടിക്കും. സേനാപതിയാകേണ്ടതു ധൃഷ്ടദ്യുമ്നനാണ് എന്നാണ് രാജാവേ, എന്റെ അഭിപ്രായം.''

വൈശമ്പായനൻ പറഞ്ഞു: കൃഷ്ണൻ ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ ആ നരോത്തമന്മാരെല്ലാം സന്തോഷിച്ചു. അവരെല്ലാം ഹർഷാരവം മുഴക്കി. എല്ലാവരും പടയൊരുക്കുന്നതിന്നായി ഉത്സാഹിച്ചു. സൈന്യങ്ങൾ വേഗത്തിൽ പായുവാൻ തുടങ്ങിയപ്പോൾ ഗജങ്ങളുടേയും അശ്വങ്ങളുടേയും ശബ്ദഘോഷങ്ങളും, നേമിനിർഘോഷവും ശംഖുഭേരി എന്നിവയുടെ ശബ്ദവും മറ്റുമായി സർവ്വദിക്കിലും ഇരമ്പമുണ്ടായി. കോളിളക്കത്തിൽ ഉഗ്രമായി ആർക്കുന്ന തിരമാലകൾ ചേർന്ന കടലെന്നപോലെ തേര്, കാലാൾ, ആന എന്നിവയുടെ അണികൾ മുന്നിൽ നിരന്ന് ആ സേനാസമുദ്രം പ്രശോഭിച്ചു. അങ്ങുമിങ്ങും പാഞ്ഞും തമ്മിൽ വിളിച്ചും, ദേഹത്തിൽ ചട്ടയണിഞ്ഞും പാണ്ഡവന്മാർ, പടകൂട്ടി ദുർദ്ധർഷയായ ഗംഗയുടെ പ്രവാഹംപോലെ സൈന്യവാഹിനി നീങ്ങുന്നതായി കണ്ടു. പടത്തലയ്ക്കലായി ഭീമനും, മാദ്രീപുത്രന്മാരും സൗഭദ്രനും, ദ്രൗപദേയന്മാരും, ധൃഷ്ടദ്യുമ്നനും, പ്രഭദ്രകന്മാരും, പാഞ്ചാലന്മാരും ഭീമനെ മുന്നിലാക്കി ഇറങ്ങി. അപ്പോൾ അമാവാസിയിൽ കടൽ എന്നപോലെ കോളിളക്കത്തിന്റെ ശബ്ദം മുഴങ്ങി. യാത്ര പുറപ്പെടുമ്പോൾ ഉണ്ടായ ഹർഷാരവംമൂലം ആകാശം മുഴങ്ങി. പ്രഹൃഷ്ടരായി ചട്ടയിട്ട ആൾക്കാർ ശത്രുപ്പട പിളർക്കുവാൻ വെമ്പൽകൊണ്ടു. അവരുടെ നടുവിലായി യുധിഷ്ഠിരരാജാവ് യാത്രചെയ്തു.

വണ്ടികളും വാണിഭക്കാരും വേശ്യമാരും യാത്രാവണ്ടികളും കൂട്ടമായി അവരുടെ പിറകെ സഞ്ചരിച്ചു. ഭണ്ഡാരം, യന്ത്രങ്ങൾ, ശസ്ത്രങ്ങൾ, വൈദ്യന്മാർ, കാഴ്ചയ്ക്കുള്ള വസ്തുക്കൾ, ചെറിയ ദുർബ്ബലസാധനങ്ങളും, പരിചാരകന്മാരും, ഒക്കെക്കൂട്ടി രാജാവു യാത്രയായി.

ഉപപ്ലാവ്യത്തിൽ സത്യവാദിനിയായ പാഞ്ചാലി ദാസീദാസന്മാരോടും സഖിമാരോടുംകൂടി കാര്യങ്ങൾ ഏർപ്പാടുചെയ്തു. സ്ഥിരമായ ജംഗമഗുല്മങ്ങളാൽ മൂലസംരക്ഷണംചെയ്യുന്ന പാണ്ഡവന്മാർ വലിയ സൈന്യവിഭാഗങ്ങളോടുകൂടി പുറപ്പെടുമ്പോൾ ബ്രാഹ്മണർക്കു സ്വർണ്ണം, പശു എന്നിവകൾ ദാനം ചെയ്ത് അവരുടെ അനുഗ്രഹാശിസ്സുകൾ വാങ്ങി. അവരുടെ പ്രകീർത്തനങ്ങൾ കേട്ടു പുറപ്പെട്ടു. കേകയന്മാർ, ധൃഷ്ടകേതു, അഭിഭൂവ്, കാശ്യപുത്രൻ, ശ്രേണീമാൻ, വസുദാനൻ, അപരാജിതനായ ശിഖണ്ഡി ഇവരൊക്കെ സന്തോഷത്തോടെ ചട്ടയണിഞ്ഞു ശസ്ത്രങ്ങൾ എടുത്ത് യുധിഷ്ഠിരരാജാവിനെ പിൻതുടർന്നു. പിൻഭാഗത്തു വിരാടനും, സോമകിയും, യാജ്ഞസേനിയും, സുധർമ്മാവ്, കുന്തിഭോജൻ, ധൃഷ്ടദ്യുമ്നന്റെ മക്കൾ, പതിനായിരം രഥങ്ങളും, അതിൽ അഞ്ചിരട്ടി കുതിരകളും, അതിൽ നൂറിരട്ടി കാലാളുകളും അറുപതിനായിരം ആനകളും യാത്രപുറപ്പെട്ടു. ചേകിതാനൻ, അനാധൃഷ്ടി, ശൈനേയൻ, ധൃഷ്ടകേതു ഇവരൊക്കെ കൃഷ്ണാർജ്ജുനന്മാർക്കു ചുറ്റുമായി യാത്രചെ

യ്തു. അവർ കുരുക്ഷേത്രത്തിലെത്തിയശേഷം പടകൂട്ടി. പാണ്ഡവന്മാർ ആർക്കുന്ന കാളകൾപോലെ ചുണയോടെ കാണപ്പെട്ടു.

ശത്രുകർശനരായ അവർ കുരുക്ഷേത്രത്തിലെത്തി ശംഖനാദം മുഴക്കി. അപ്രകാരംതന്നെ കൃഷ്ണാർജ്ജുനന്മാരും ശംഖുവിളിച്ചു. ഇടിവെട്ടുന്നപോലെയുള്ള പാഞ്ചജന്യത്തിന്റെ മഹാരവം കേട്ടു സൈന്യങ്ങളൊക്കെ ഹർഷതുന്ദിലരായി. ശംഖഭേരീരവങ്ങളോടു ചേർന്ന വീരന്മാരുടെ സിംഹനാദം ആകാശവും സമുദ്രവും ഭൂമിയും ആകെയൊന്ന് ഇട്ടുകുലുക്കി.

152. ശിബിരാദി നിർമ്മാണം – വൈശമ്പായനൻ പറഞ്ഞു: "യുധിഷ്ഠിരരാജാവു സൈന്യങ്ങളെ ധാരാളം പുല്ലും വിറകുമുള്ള സമവും സ്നിഗ്ദ്ധവുമായ സ്ഥലത്തു നിറുത്തി. ദേവതായതനങ്ങളും ശ്മശാനങ്ങളും മുനിമാരുടെ ആശ്രമങ്ങളും തീർത്ഥസ്ഥലങ്ങളും ഒഴിവാക്കി. മധുരവും, അനൂഷരവും, ശുചിയും പുണ്യവുമായ ഭൂമിയിൽ രാജാവായ യുധിഷ്ഠിരൻ സൈന്യങ്ങളെ പാർപ്പിച്ചു.

പിന്നെ സുഖിയും വിശ്രാന്തവാഹനനുമായ കേശവൻ പാർത്ഥനോടും നൂറും ആയിരവും ഭൂപന്മാരോടും കൂടിച്ചേർന്നു സ്ഥലം നോക്കിക്കാണുവാൻ ഇറങ്ങി. ധാർത്തരാഷ്ട്രന്മാരുടെ ഗുല്മപ്പടകളെ ഓടിച്ചു സ്ഥലം ഒഴിച്ചു ചുറ്റും നടന്നു നോക്കി. പടവീടുണ്ടാക്കുവാൻ ധൃഷ്ടദ്യുമ്നൻ അളവുകഴിപ്പിച്ചു. കുരുക്ഷേത്രത്തിൽ പുണ്യയായ ഹിരണ്വതീനദിയുടെ തീരത്തു നല്ല തണ്ണീർ കിട്ടുവാൻ സൗകര്യമുള്ളതും പാറയും ചേറുമില്ലാത്തതുമായ നല്ല സ്ഥലം നോക്കി കേശവൻ കിടങ്ങു കോരിച്ചു. അവിടെ കാവലിന്നു ഭടന്മാരേയും നിറുത്തി. യോഗ്യന്മാരായ പാണ്ഡവന്മാർക്കുള്ള പടവീട് എപ്രകാരമാണോ അപ്രകാരം തന്നെ മറ്റു രാജാക്കന്മാർക്കും കേശവൻ പണിചെയ്യിച്ചു. ധാരാളം വിറകുകൂട്ടി. ഭക്ഷ്യങ്ങളും ഭോജ്യങ്ങളും പാനങ്ങളും ധാരാളമായി സംഭരിച്ചു. രാജാക്കന്മാർക്കൊക്കെ വലിയ പടവീടുകളും വെവ്വേറെ തീർപ്പിച്ചു. തട്ടുമാടങ്ങളും കെട്ടിയുണ്ടാക്കി. ധാരാളം ശില്പികളെ ശമ്പളക്കാരായി നിശ്ചയിച്ചു. എല്ലാ ഉപകരണങ്ങളോടുംകൂടിയ ശാസ്ത്രജ്ഞന്മാരായ വൈദ്യസംഘത്തെയും വരുത്തി. ഞാണ്, വില്ല്, ചട്ട, ശസ്ത്രങ്ങൾ, നെയ്യ്, തേൻ എന്നിവയും, ധാരാളമായി ചെഞ്ചല്യപ്പശപ്പൊടികളും കൂട്ടി. വെള്ളവും, പുല്ലും, ഉമിത്തീയുമൊക്കെ ദ്വാരങ്ങൾതോറും യുധിഷ്ഠിരൻ സംഭരിച്ചു. മഹായന്ത്രങ്ങളും, നാരാചങ്ങളും വെണ്മഴുവും, തോമരവും, വില്ലും ചട്ടകളും, ആവനാഴികളും, ഋഷ്ടികളും കുന്നുപോലെ കൂട്ടി. മുള്ളുള്ള ഇരുമ്പുചട്ടകൾ കെട്ടിനിർത്തിയ ആനകൾ, കുന്നുകൾപോലെ നൂറും ആയിരവും, കാണപ്പെട്ടു. പാണ്ഡവന്മാർക്കു ധാരാളം മിത്രങ്ങൾ ബലവാഹനങ്ങളോടുകൂടി സഹായത്തിന്നായി എത്തിക്കൊണ്ടിരുന്നു. പാണ്ഡവന്മാരുടെ വിജയത്തിന്നായി ബ്രഹ്മചര്യം അനുഷ്ഠിച്ചവരും, സോമപാനംചെയ്യുന്നവരും, ദാക്ഷിണ്യമുള്ളവരുമായ രാജാക്കന്മാർ വന്നുകൊണ്ടിരുന്നു.

153. ദുര്യോധനസൈന്യസജ്ജീകരണം – ജനമേജയൻ പറഞ്ഞു: "യുധിഷ്ഠിരൻ പടയുമായി പോരിന്നു വന്നു കുരുക്ഷേത്രത്തിൽ വാസുദേവന്റെ രക്ഷയിൽ പാർക്കുമ്പോൾ, മക്കളോടുകൂടിയ വിരാടനേയും, ദ്രുപദനേയും, കേകയന്മാരേയും, വൃഷ്ണികളേയും, മറ്റ് അനേകം രാജാക്കന്മാരേയും യുധിഷ്ഠിരനോടുകൂടി കണ്ടപ്പോൾ, വാനോരുടെ മദ്ധ്യത്തിൽ ഇന്ദ്രനെന്നപോലെ ആ മഹാശക്തന്മാരുടെ മദ്ധ്യത്തിൽ യുധിഷ്ഠിരൻ ശോഭിക്കുന്നതു കണ്ടപ്പോൾ, ദുര്യോധനൻ എന്താണു ചെയ്തത്? അവന്റെ സംരംഭങ്ങൾ എങ്ങനെയൊക്കെയായിരുന്നു എന്നു വിസ്തിരിച്ചു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ വലിയ സംഭ്രമത്തിൽ കുരുക്ഷേത്രം എങ്ങനെ കാണപ്പെട്ടു? ഇന്ദ്രനോടുകൂടിയ സുരന്മരെപ്പോലും ദുഃഖിപ്പിക്കുവാൻ പോന്നവരാണല്ലോ പാണ്ഡവന്മാരും, വാസുദേവനും, വിരാടനും, ദ്രുപദനും, ധൃഷ്ടദ്യുമ്നനും, ശിഖണ്ഡിയും! വാനോർക്കുപോലും ദുസ്സഹനാണല്ലോ വീരനായ യുധാമന്യു. ഇവരുടെ ചേഷ്ടിതങ്ങളൊക്കെ വിസ്തരിച്ചു കേൾക്കുവാൻ മോഹമുണ്ട്. മഹാമുനേ! പറഞ്ഞാലും."

വൈശമ്പായനൻ പറഞ്ഞു: കൃഷ്ണൻ ഹസ്തിനാപുരത്തിൽനിന്നു പോയതിനുശേഷം ദുര്യോധനരാജാവ് അപ്പോൾത്തന്നെ കർണ്ണനോടും ദുശ്ശാസനനോടും ശകുനിയോടും ഇപ്രകാരം പറഞ്ഞു: "കാര്യം ഫലിക്കാതെ പാർത്ഥന്മാരുടെ അടുക്കലേക്കു കൃഷ്ണൻ പോയി. അവൻ ഈ നമ്മളെയൊക്കെ കോപംകൊണ്ടു ദഹിപ്പിച്ചുകളയും; യാതൊരു സംശയവുമില്ല. കൃഷ്ണന് ഇഷ്ടം പാണ്ഡവന്മാരും ഞാനുമായി യുദ്ധം നടക്കണമെന്നാണ്. ഭീമസേനാർജ്ജുനന്മാരും ദാശാർഹന്റെ അഭിപ്രായത്തിൽത്തന്നെയാണ് നില്ക്കുന്നത്. അജാതശത്രുവാണെങ്കിൽ മിക്കവാറും ഭീമന്റെ പാട്ടിലാണുതാനും. ഞാൻ മുമ്പേ സോദരന്മാരോടുകൂടി അവനെ ഉപദ്രവിച്ചിട്ടുമുണ്ടല്ലോ. പിന്നെ വിരാടനും ദ്രുപദനും എന്നോടു പകയുള്ളവരാണ്. അവർ സേനാനായകന്മാരാണ്; കൃഷ്ണന്റെ പാട്ടിലുമാണ്. ഈ യുദ്ധം ബഹളമാകും, രോമഹർഷണമായിത്തീരും. അതുകൊണ്ട് മടികൂടാതെ എന്റെ പടയ്ക്കുള്ള കോപ്പുകളൊക്കെ ഒരുക്കുക. കുരുക്ഷേത്രത്തിൽ കൈനിലകൾ പണിയിക്കുക! വേണ്ടുവോളം വികാസത്തിൽ പണിയിക്കണം. ശത്രുക്കൾക്കു പിടിക്കുവാൻ പറ്റാത്തമാതിരിയാക്കണം. നദീതീരത്തു കക്ഷ്യകളോടുകൂടി നൂറും ആയിരവും പടക്കൊട്ടിലുകൾ തീർപ്പിക്കണം. സമാനമായ മാർഗ്ഗം തടയാതെ ഉയർത്തിക്കെട്ടണം. പലേ ആയുധങ്ങളും കൊടിയും കൊടിമരവും ചേർന്ന കൈനിലകൾ ഭംഗിയായി പണിയണം. നഗരം, കോട്ട, നിരത്ത് ഇവയെല്ലാം അവിടെ നിർമ്മിക്കണം. ഉടനെ ഇന്നോ നാളേയോ ഭേരികൊട്ടി അറിയിക്കണം." ദുര്യോധനൻ പറഞ്ഞതു കേട്ട് അവരെല്ലാവരും അപ്രകാരംതന്നെ പിറ്റേന്നാൾ ദ്രുതഗതിയിൽ എല്ലാം പണിതീർപ്പിച്ചു. സന്തോഷത്തോടുകൂടി രാജാക്കന്മാർക്കു പാർക്കുവാൻ പറ്റിയ എല്ലാ ഉപകരണങ്ങളും പടകുടീരത്തിൽ തയ്യാർചെയ്തു. രാജശാസനംകേട്ട് അവരെല്ലാം അമർഷത്തോടെ എഴുന്നേറ്റ് ഇരിമ്പുലക്കപോലുള്ള കൈകൾ മെല്ലെ തലോടി. അകിലും ചന്ദനവും അരച്ചു പൂശിയതും, സ്വർണ്ണകേയൂരങ്ങൾ ഇട്ടതും താമരപ്പൂവെക്കുന്നതുമായ കൈയിൽ തലപ്പാവും എടുത്ത്, അന്തരീയോത്തരീയങ്ങളായ ഭൂഷണങ്ങളുമണിഞ്ഞ്, തേരും തേരാളികളും, അശ്വങ്ങളും അശ്വകോവിദന്മാരും, ആനപ്പുറത്ത് ഇരുന്നു ശീലിച്ചവരും, ആനകളും, പൊന്നണിഞ്ഞു വിചിത്രങ്ങളായ ചട്ടകൾ അണിഞ്ഞു. പലമാതിരി ശസ്ത്രങ്ങളും തയ്യാറാക്കി. കാലാൾപ്പടയും, നാനാവിധം ശസ്ത്രങ്ങളും, വിചിത്രാഭരണങ്ങളും, അസംഖ്യം യോദ്ധാക്കൾ ധരിച്ചു. പ്രഹൃഷ്ടരായ പുരുഷന്മാരോടുകൂടി മഹോത്സവത്തിലെന്നപോലെ ധാർത്തരാഷ്ട്രന്റെ നഗരം ഇളകിത്തുടങ്ങി. ആൾക്കൂട്ടമാകുന്ന ചുഴിയോടും, ആന, തേര്, അശ്വം എന്നിവയാകുന്ന ത്ധഷത്തോടും, ശംഖഭേരീരവമാകുന്ന രവത്തോടും, കോശരത്നചയത്തോടും, കോപ്പുചട്ടകളാകുന്ന തിരയോടും, നല്ല ശസ്ത്രങ്ങളാകുന്ന നുരയോടും, തട്ടുമാടമാകുന്ന കുന്നുകളോടും, പുണ്യമാർഗ്ഗമാകുന്ന ഹ്രദത്തോടും, കുരുരാജസൈന്യമാകുന്ന മഹാസമുദ്രം ചന്ദ്രോദയത്തിൽ അലയടിച്ച് ഏറ്റം കൊള്ളുന്ന കടൽ എന്നപോലെ അവിടെ കാണപ്പെട്ടു.

154. യുധിഷ്ഠിരാർജ്ജുനസംവാദം – വൈശമ്പായനൻ

പറഞ്ഞു: വാസുദേവൻ പറഞ്ഞതു കേട്ടപ്പോൾ യുധിഷ്ഠിരൻ വീണ്ടും വീണ്ടും ചിന്തിച്ചു കൃഷ്ണനോടും ചോദിച്ചു: "ഭവാൻ എന്താണ് ഇപ്രകാരം പറഞ്ഞത്? ഇപ്പോൾ ഞങ്ങൾ എന്തു ചെയ്യണം? എന്തു ചെയ്താലാണ് ധർമ്മത്തിനു ദോഷംപറ്റാതിരിക്കുക. അതാണല്ലോ ചെയ്യേണ്ടത്. ദുര്യോധനന്റെയും കർണ്ണന്റെയും ശകുനിയുടെയും അനുജന്മാരോടുകൂടിയ എന്റെയും അഭിപ്രായങ്ങളൊക്കെ ഭവാൻ അറിഞ്ഞുകഴിഞ്ഞല്ലോ. എന്നുതന്നെയല്ല വിദുരന്റെയും ഭീഷ്മന്റെയും കുന്തിയുടെയും അഭിപ്രായം വിപുലപ്രജ്ഞനായ ഭവാൻ കേട്ടുവല്ലോ. ഈ അഭിപ്രായങ്ങളിൽക്കൂടി ഭവാൻ ബുദ്ധിയോടിച്ചു വീണ്ടും യുക്തമായതിനെ ചിന്തിച്ച് ശങ്കകൂടാതെ പറഞ്ഞാലും." ധർമ്മാർത്ഥയുക്തമായ ധർമ്മരാജാവിന്റെ വചനം കേട്ട് മേഘഭേരീധീരനാദനായ കൃഷ്ണൻ പറഞ്ഞു.

കൃഷ്ണൻ പറഞ്ഞു: "ധർമ്മാർത്ഥത്തോടുകൂടി ഹിതമായ വാക്കുകൾ ഞാൻ ആ വഞ്ചകനോടു പറഞ്ഞുനോക്കി. അതൊന്നും അവന്റെ ഹൃദയത്തിൽ പ്രവേശിച്ചില്ല. ദുർബ്ബുദ്ധിയായ അവൻ ഭീഷ്മന്റെയും വിദുരന്റെയും എന്റെയും നല്ലവാക്കുകൾ തട്ടിക്കളഞ്ഞു. അവൻ ധർമ്മമാകട്ടെ, യശസ്സാകട്ടെ ചിന്തിക്കുന്നില്ല. കർണ്ണനെ ആശ്രയിക്കുകകൊണ്ട് അവൻ എല്ലാം ജയിച്ചതായിട്ടാണു കാണുന്നത്. എന്നെ പിടിച്ചുകെട്ടിയിടുവാൻ സുയോധനൻ കല്പിച്ചു. ദുഷ്ടാത്മാവായ ആ പാപിക്ക് ആ മോഹം നടന്നില്ല. വിദുരനെ ഒഴിച്ച് എല്ലാവരും പിൻതുണ നിന്നു. സൗബലേയനായ ശകുനി, കർണ്ണൻ, ദുശ്ശാസനൻ ഇവരൊക്കെക്കൂടിയാണ് എന്നെ പിടിച്ചുകെട്ടുവാൻ ഗൂഢാലോചന നടത്തിയത്. അമർഷിയായ ആ മൂഢനോട് നിന്നെപ്പറ്റി ദുരുക്തികൾ പലതും പറഞ്ഞു. കൗരവർ ആ പറഞ്ഞതൊക്കെ വീണ്ടും എടുത്തുപറഞ്ഞിട്ട് എന്തു കാര്യം? ചുരുക്കത്തിൽ പറയുകയാണെങ്കിൽ ആ ദുഷ്ടൻ ഭവാനോടു നന്മയിൽ നില്ക്കുകയില്ല എന്നു തീരുമാനിക്കപ്പെട്ടു. ഭവാന്റെ സൈന്യത്തിലുള്ള സകല രാജാക്കന്മാരിലും അമംഗളവും പാപവും വരുത്തിവെക്കുവാൻ അവൻ ഉറച്ചുനില്ക്കുകയാണ്. അതുകൊണ്ട് ഇനി ശമത്തിനെപ്പറ്റി ചിന്തിക്കാതെ യുദ്ധത്തിലേക്കുതന്നെ മനസ്സുവെച്ചു തീർച്ചപ്പെടുത്തുക. ഇനി കൗരവന്മാരോടു വേണ്ടത് യുദ്ധം മാത്രമാണ്."

വൈശമ്പായനൻ പറഞ്ഞു: വാസുദേവന്റെ ആ വാക്കു കേട്ട് രാജാക്കന്മാരെല്ലാം ഒന്നുംമിണ്ടാതെ യുധിഷ്ഠിരന്റെ മുഖത്തേക്കു നോക്കി. യുധിഷ്ഠിരൻ രാജാക്കന്മാരുടെ അഭിപ്രായമറിഞ്ഞ് പടകൂട്ടുവാൻ ഭീമാർജ്ജുനയമന്മാരോടുകൂടി തീർച്ചപ്പെടുത്തി. ഉടനെ പാണ്ഡവന്മാരുടെ പട ഉത്സാഹത്തോടെ കോലാഹലംകൂട്ടി. പടകൂട്ടുവാനുള്ള കല്പന കിട്ടിയപ്പോൾ സൈന്യങ്ങൾ ഏറ്റവും ഹർഷംപൂണ്ടു.

അവദ്ധ്യന്മാരെ വധിക്കേണ്ടിവരുമല്ലോ എന്നുള്ള ചിന്തകൊണ്ട് നെടുവീർപ്പിട്ടു. ധർമ്മരാജാവായ യുധിഷ്ഠിരൻ ഭീമാർജ്ജുനന്മാരെ നോക്കി ഇപ്രകാരം പറഞ്ഞു:

"ഞാൻ എന്തിന് ഇങ്ങനെ ദുഃഖിച്ച് വനവാസംചെയ്തു? യുദ്ധം കൂടാതെ കഴിക്കാനാണല്ലോ ദീർഘമായ ഈ കാലം മുഴുവൻ ക്ലേശങ്ങൾ സഹിച്ചു കാട്ടിൽ ജീവിച്ചത്. എന്നിട്ടും നമ്മൾക്ക് ആ ഘോരമായ അനർത്ഥം വന്നുചേർന്നു! അതിനുവേണ്ടി അഹർന്നിശം യത്നം ചെയ്തിട്ടും നമ്മൾക്ക് ആ യത്നം പാഴിലായിപ്പോയി. യത്നിക്കാതെയിരുന്നിട്ടും നമ്മൾക്കു വലിയ കലിയാണു ബാധിച്ചത്. അവദ്ധ്യന്മാരോട് എങ്ങനെ നേരിട്ടു യുദ്ധം ചെയ്യും? കുരുവൃദ്ധന്മാരെ കൊന്നിട്ടു കിട്ടുന്ന ജയം എങ്ങനെ ജയമാകും?"

ധർമ്മരാജാവ് ഇപ്രകാരം പറഞ്ഞതു കേട്ട് പരന്തപനായ സവ്യസാചി വാസുദേവൻ പറഞ്ഞതായ വാക്ക് ജ്യേഷ്ഠനോടു പറഞ്ഞു: "വിദുരനും അമ്മയും പറഞ്ഞ വാക്കുകൾ കൃഷ്ണൻ പറഞ്ഞു. അതൊക്കെയും രാജാവേ അങ്ങു കേട്ടുവല്ലോ. അധർമ്മമൊന്നും അവർ പറയുകയില്ലെന്ന് എനിക്കു നല്ല ഉറപ്പുണ്ട്. കുന്തീപുത്രനായ ഭവാൻ യുദ്ധത്തെപ്പറ്റി മടുക്കരുത്. യുദ്ധം കൂടാതെകഴിക്കാൻ വിചാരിക്കുന്നതു ശരിയല്ല." സവ്യസാചി ഇപ്രകാരം പറഞ്ഞപ്പോൾ കൃഷ്ണൻ ചിരിച്ചു പറഞ്ഞു: "ഈ പറഞ്ഞതൊക്കെ സത്യമാണ്."

ഉടനെ പോരിന്നായി നിശ്ചയിച്ചു സൈന്യങ്ങളോടുകൂടി പാണ്ഡവന്മാർ ആ രാത്രി സൗഖ്യമായി പാർത്തു.

155. ദുര്യോധനസൈന്യവിഭാഗം – വൈശമ്പായനൻ പറഞ്ഞു: "ആ രാത്രി കഴിഞ്ഞതിനുശേഷം ദുര്യോധനൻ പതിനൊന്ന് അക്ഷൗഹിണിയെ വിഭജിച്ച്: തേര്, ആന, ആൾ, കുതിര എന്നിവയെ സാരം, മദ്ധ്യം, ലഘു എന്നിങ്ങനെ മൂന്നുതരത്തിൽ എല്ലാ സൈന്യത്തിലും രാജാവു നോക്കി മനസ്സിലാക്കി. എല്ലാറ്റിലും വകുപ്പുകളായിത്തിരിച്ച് ഒരുക്കങ്ങൾ കൂട്ടി.

അനുകർഷങ്ങൾ, തൂണീരം, വരൂഥം, ചാട്ടുകുന്തം (തോമരം), ഉപാസംഗം (ആവനാഴി), ശക്തികൾ, നിഷംഗം (ആവനാഴി), ഋഷ്ടി (ഇരുവശത്തും മുനയുള്ള വാൾ), ധ്വജം, കൊടിക്കൂറ, വില്ലിൽ എയ്യുന്ന തോമരം, വിചിത്രമായ രജ്ജുക്കളോടുകൂടിയ പാശം, മേൽവിരിപ്പുകൾ, തലചുറ്റിവിടുന്ന യന്ത്രം, എണ്ണ, ശർക്കര, വെള്ളമണൽ, പാമ്പിൻകുടങ്ങൾ, പയൻമരത്തിന്റെ പശപ്പൊടി, മണികെട്ടിയ പരിചകൾ, അയോഗുഡം (ഇരുമ്പുണ്ട), ജലോപലം, ചീറ്റുന്ന ഭിണ്ഡിപാലം, തേൻ പുരട്ടിയ മുൽഗരം, കാണ്ഡദണ്ഡങ്ങൾ, കരികൾ, വിഷംപുരട്ടി ഊട്ടിയ തോമരം, മുള്ളൻചട്ടകൾ, വാശീവൃക്ഷാദനങ്ങൾ, ഋഷ്ടി, ശൃംഗം, പ്രാസം, പലതരം ആയുധങ്ങൾ, നല്ല വെണ്മഴു, തുമ്പ, എണ്ണ, നെയ്യ്, തേൻ ഈ പറഞ്ഞവ എടുത്തവരും, പൊൻകോപ്പണിഞ്ഞവരും, നാനാരത്നവിഭൂഷിതന്മാരും, അഗ്നിപോലെ ഉജ്ജ്വലിക്കുന്ന ചിത്രയോധന്മാരും, ചട്ടയിട്ടശൂരന്മാരും, ശസ്ത്രത്തിൽ അഭ്യാസബലമുള്ളവരും, കുലീനരായ അശ്വജാതിജ്ഞന്മാരും, സാരഥ്യത്തിൽ നിപുണന്മാരും, അരിഷ്ടകക്ഷാബന്ധാഢ്യന്മാരും, ധ്വജങ്ങൾ, പതാകകൾ എന്നിവ കെട്ടുന്നതിൽ സമർത്ഥന്മാരും, ബദ്ധാഭരണനിര്യൂഹന്മാരും, ബദ്ധചർമ്മാസിപട്ടസന്മാരും, മുഖ്യന്മാരായ തേരാളികളും, ഹയവേദികളും, നാലു കുതിരളെപ്പൂട്ടിയ തേരുള്ളവരും ഉത്തമാശ്വാഢ്യന്മാരും, ഋഷ്ടി, പ്രാസം എന്നിവയോടുകൂടിയവരും, നൂറു വില്ലുകൾ ഉള്ളവരും, ഇങ്ങനെ ദുര്യോധനന്റെ പടയിൽ വളരെയേറെ വിചക്ഷണന്മാർ സന്നദ്ധരായി നിന്നു. നഗരംപോലെ ശോഭിക്കുന്നവയും, ശത്രുദുർദ്ധർഷണങ്ങളുമായ ധാരാളം പൊന്നണിഞ്ഞ രഥങ്ങൾ നിരന്നു. തേരുകൾക്കൊപ്പം ചട്ടയിട്ട് അണിഞ്ഞ ആനകളും നിന്നു. ഏഴ് ആനകളോടൊത്ത് രത്നാഢ്യമായ അദ്രികൾപോലെ ആനകൾ ശോഭിച്ചു. ഓരോ ആനയ്ക്കും രണ്ടു തോട്ടിക്കാരും, രണ്ടു വില്ലാളികളും, രണ്ടു വാൾക്കാരും, വേലും, ശൂലവും എടുത്തിട്ടുള്ള ഒരാളും ഇങ്ങനെ ചട്ടയിട്ട് ആയുധമണിഞ്ഞ ആനപ്പട കൗരവന്റെ പങ്കിൽ പ്രശോഭിച്ചു.

ചട്ടയിട്ടും കോപ്പണിഞ്ഞും കൊടിനാട്ടിയുമുള്ള കുതിരക്കാർ കേറിയ കുതിരകൾ പതിനായിരം ശബ്ദിച്ചു. മുൻകാലേറുകൂടാത്ത സ്വർണ്ണക്കോപ്പണിഞ്ഞ കുതിരകൾ അശ്വാരോഹകന്മാരുടെ അധീനത്തിൽ നൂറായിരം നിന്നു.

നാനാരൂപാകൃതിയോടുകൂടി നാനാകവചധാരികൾ,

ശസ്ത്രധരന്മാരായ കാലാൾസൈന്യം, പൊന്മാല ചാർത്തി പ്രശോഭിച്ചു.

ഒരു തേരിന്ന് പത്താനകൾ. ഒരാനയ്ക്ക് പത്തു കുതിരകൾ, ഒരു കുതിരയ്ക്ക് പത്തു കാലാളുകൾ, ഇങ്ങനെ കാലാളുകളെ കാക്കുന്നവരായി നിരന്നു.

ഒരു തേരിന്ന് അമ്പതു കൊമ്പന്മാർ, ഒരു കൊമ്പന്ന് അഞ്ഞൂറു കുതിരകൾ, കുതിരയ്ക്ക് മുപ്പത്തഞ്ച് ഭിന്നസന്ധാന കരന്മാരായ പുരുഷന്മാർ.

ഒരു സേനയ്ക്ക് അഞ്ഞൂറാനകൾ, അത്രതന്നെ തേരുകൾ. പത്തു സേന ചേർന്നാൽ ഒരു പൃതന, പത്തു പൃതന ചേർന്നാൽ ഒരു വാഹിനി, അങ്ങനെ പത്തു വാഹിനി ചേർന്നാൽ ഒരു സേന. പൃതന, ധ്വജിനി, ചമു ഇവ ഓരോന്നും പത്തിരട്ടിച്ചതാണ്. പര്യായംകൊണ്ട് അക്ഷൗഹിണിക്കു വരൂഥിനി എന്നും പറയുന്നു.

ഇങ്ങനെ ധീമാനായ കൗരവനായകൻ പടകൂട്ടി പതിനൊന്ന് അക്ഷൗഹിണി സജ്ജമാക്കി നിർത്തി. എന്നാൽ പാണ്ഡവന്മാർക്ക് ഏഴ് അക്ഷൗഹിണി മാത്രമാണ് ബലം. കൗരവന്മാർക്കു പതിനൊന്നാണ്. അഞ്ചു നരന്മാർ ചേർന്ന അമ്പതു സംഘത്തെ പത്തിയെന്നു പറയുന്നു. മുപ്പതു സേനാമുഖം ചേർന്നാൽ ഗുൽമമെന്നു പറയുന്നു. മൂന്നു ഗുൽമം ഒരു ഗണം, അങ്ങനെയുള്ള ഗണം പതിനായിരം ദുര്യോധനസൈന്യത്തിൽ ശസ്ത്രപാണികളായി നിന്നു. ബുദ്ധിയേറിയ ശൂരന്മാരെ ദുര്യോധനരാജാവ് നോക്കിക്കണ്ടു സേനാപതികളാക്കി നിശ്ചയിച്ചു. വെവ്വേറെ അക്ഷൗഹിണികൾ നടത്തുവാൻ നരമുഖ്യന്മാരെ മുൻപേതന്നെ ഏർപ്പെടുത്തി രാജാവ് മറ്റു മന്നവന്മാരോടു പറഞ്ഞു. കൃപൻ, ദ്രോണൻ, ശല്യൻ സിന്ധുരാജാവായ ജയദ്രഥൻ, സുദക്ഷിണൻ എന്ന കാംബോജൻ, ഹാർദ്ദിക്യൻ, ദ്രൗണി, കർണ്ണൻ, യൂപകേതനൻ, ശകുനി, ബാൽഹീകൻ–' ഇങ്ങനെ പതിനൊന്ന് അക്ഷൗഹിണിക്കു നായകന്മാരായി പതിനൊന്നു മഹാരഥന്മാരെ നിയമിച്ചു. അവർക്ക് നിത്യവും വേണ്ട സമയങ്ങളിൽ പരസ്യമായി വേണ്ടവിധത്തിൽ ബഹുമാനങ്ങൾ നല്കി.

ഇങ്ങനെ നിശ്ചയങ്ങൾ ചെയ്ത് എല്ലാ മഹാരഥന്മാരും അവരുടെ പരിചാരകന്മാരും രാജസേനകളും രാജപ്രീതി വരുത്തുവാൻ നിലകൊണ്ടു.

156. ഭീഷ്മസേനാപതിത്വം – വൈശമ്പായനൻ പറഞ്ഞു: ദുര്യോധനൻ ശാന്തനവനായ ഭീഷ്മനെ തൊഴുത്, മറ്റു മന്നവന്മാരോടുകൂടിച്ചേർന്ന് ഇപ്രകാരം പറഞ്ഞു: "സേനാനായകനില്ലെങ്കിൽ എത്ര വലിയ സേനയും ചിന്നിച്ചിതറും, പോരിൽ ഉറുമ്പിൽകൂട്ടംപോലെയാകും. രണ്ടുപേർക്ക് ഒരുകാലത്തും ഒരേ ബുദ്ധി ഉണ്ടാകുവാൻ വിഷമമാണ്. പടനായകന്മാർ രണ്ടുപേരായാൽ ശൗര്യത്തിൽ പരസ്പരം മത്സരവുമുണ്ടാകും. പണ്ട് വീരന്മാരായ ഹേഹയേന്ദ്രന്മാരുമായി വിപ്രന്മാർ ദർഭപ്പുല്ല് എടുത്തു നേരിട്ട് എതിർത്തുവത്രെ അവർക്ക് തുണയായി വൈശ്യരും, ശൂദ്രന്മാരും നിന്നു. ഒരു ഭാഗത്തു മൂന്നുജാതിക്കാർ, മറുഭാഗത്ത് രാജാക്കന്മാർ. പിന്നെ പോരിൽ മൂന്നുജാതിക്കാരും രാജാക്കന്മാരോടു തോറ്റ് ഓടിക്കളഞ്ഞു. പിന്നേയും യുദ്ധംവെട്ടി. ഒരിടത്തു വളരെ ബലമുണ്ടെങ്കിലും ബലംകുറഞ്ഞ ക്ഷത്രിയന്മാർ തന്നെ ജയിക്കുന്നതായിക്കണ്ടു. അപ്പോൾ ആ ക്ഷത്രിയന്മാരോടു വിപ്രന്മാർ അതിന്നുള്ള കാരണമെന്തെന്നു ചോദിച്ചു. ധർമ്മജ്ഞന്മാരായ അവരോടു ക്ഷത്രിയന്മാർ പറഞ്ഞു. ഞങ്ങൾ പോരിൽ ബുദ്ധി കൂടിയ ഒരുത്തന്റെ ചൊല്പടിപോലെ നില്ക്കുകയാണ്. എന്നാൽ നിങ്ങളൊക്കെ വെവ്വേറെ അവരവർക്കു ബോധിച്ചമാതിരിയാണു നിന്നു പൊരുതുന്നത്. ഇതു കേട്ടപ്പോൾ ബ്രാഹ്മണർ ഒരു ബുദ്ധിമാനായ വിപ്രനെ സേനാപതിയാക്കി. നയവാനും ശൂരനുമായ അവന്റെ നേതൃത്വത്തിൽ നിന്നു പൊരുതിയപ്പോൾ രാജാക്കന്മാർ തോറ്റുപോയി. ഇപ്രകാരം കുശലനും, ശൂരനും, ഹിതാർത്ഥിയും, ഗതകല്മഷനുമായ ഒരു സേനാപതിയുള്ളവർ പോരിൽ രിപുക്കളെ ജയിക്കും. ഭവാൻ എനിക്കു ശുക്രനെപ്പോലെ ഹിതകാംക്ഷിയാണ്. ഇളകാത്തവനും ധാർമ്മികനുമാകണം എന്റെ പടനായകൻ. രശ്മിയുള്ളവർക്കു സൂര്യൻ എന്നപോലേയും, ചെടികൾക്കു ചന്ദ്രൻ എന്നപോലേയും, യക്ഷന്മാർക്കും വിത്തേശൻ എന്നപോലേയും, മലകൾക്കു മേരുപോലേയും, ഖഗങ്ങൾക്കു ഗരുഡൻപോലേയും, വാനവർക്കു സുബ്രഹ്മണ്യൻപോലേയും, വസുക്കൾക്ക് അഗ്നിപോലേയും, ഭവാൻ സംരക്ഷിക്കുന്ന ഞങ്ങൾ ഇന്ദ്രൻ കാക്കുന്ന വാനവന്മാർപോലെയാണ്. ഞങ്ങൾ ദേവന്മാരാൽപ്പോലും അപരാജിതന്മാരായി ഭവിക്കും. അതിൽ ഞങ്ങൾക്ക് ഒട്ടും സംശയമില്ല. സ്കന്ദൻ വാനോർക്ക് എന്നപോലെ ഭവാൻ ഞങ്ങളുടെ മുമ്പേ നടക്കുക. കാളയെ പശുക്കൾ എന്നപോലെ ഞങ്ങൾ അങ്ങയെ പിൻതുടരാം."

ഭീഷ്മൻ പറഞ്ഞു: "ഹേ, മഹാബാഹോ! നീ പറഞ്ഞ ഒരു കാര്യം ശരിയാണ്. എനിക്കു നിങ്ങളെപ്പോലെതന്നെയാണ് പാണ്ഡവന്മാർ. എന്നുമാത്രമല്ല അവർക്ക് ഞാൻ ശ്രേയസ്സിന്നു വേണ്ടി ആശംസിക്കുകയുംവേണം. നിനക്കുവേണ്ടി പൊരുതുകയുംവേണം. ഇതാണ് ഞാൻ കരുതിയിട്ടുള്ളത്. എനിക്കു കിടയായി ഈ ഭൂമിയിൽ ഒരു യോധനേയും ഞാൻ കാണുന്നില്ല. നരവ്യാഘ്രനായ പൃഥാപുത്രൻ, അർജ്ജുനൻ, മാത്രമല്ലാതെ വേറെ ആരേയും കാണുന്നില്ല. അവൻ പലമാതിരി ദിവ്യാസ്ത്രങ്ങൾ അറിയുന്ന ബുദ്ധിമാനാണ്. ഒരുകാലത്തും അവൻ വെളിവായി എന്റെ നേരിട്ടുനിന്നു പൊരുതുകയില്ല. ദേവാസുരന്മാരോടുകൂടി സകല മർത്ത്യരേയും ക്ഷണംകൊണ്ട് ഇല്ലാതാക്കുവാനുള്ള കഴിവ് അവന്നുണ്ട്. ഞാനും ശസ്ത്രബലംകൊണ്ട് അപ്രകാരം ചെയ്യാം. എന്നാൽ പാണ്ഡവന്മാരെ നശിപ്പിക്കുവാൻ എനിക്കു പാടില്ല. അത് എനിക്കു വയ്യ. യോദ്ധാക്കളെ പതിനായിരംവീതം ഞാൻ എയ്തു കൊന്നുകളയാം. അങ്ങനെയുള്ള നാശം ഞാൻ അവർക്കു ചെയ്യാം. എതിർക്കുമ്പോൾ ആദ്യം അവർ എന്നെ കൊല്ലാതിരുന്നാൽ ഇങ്ങനെ ഒരു സഹായം ഞാൻ നിനക്കു ചെയ്യാം. പിന്നെ വേറെ ഒരു കരാറുകൂടി എനിക്കു സേനാപതിയാകണമെങ്കിൽ ചെയ്യേണ്ടതുണ്ട്. അതിനിഷ്ടമുണ്ടെങ്കിൽ, അപ്രകാരം സമ്മതിച്ചാൽ, ഞാൻ സൈന്യാധിപത്യം ഏറ്റെടുക്കാം. ആദ്യം ഞാനോ അല്ലെങ്കിൽ കർണ്ണനോ നേതാവായി പൊരുതട്ടെ. കർണ്ണൻ സൈന്യാധിപനാകുവാൻ തിരക്കുകയാണല്ലൊ."

കർണ്ണൻ പറഞ്ഞു: "ഹേ രാജാവേ, ഭീഷ്മൻ ജീവിച്ചിരിക്കുന്ന കാലത്തു ഞാൻ പൊരുതുന്നതല്ല. ഗാംഗേയൻ വീണതിന്നുശേഷം ഞാൻ ഗാണ്ഡീവിയോട് എതിർത്തുകൊള്ളാം."

വൈശമ്പായനൻ പറഞ്ഞു: "ധാർത്തരാഷ്ട്രൻ ഭീഷ്മനെ സേനാപതിയാക്കി. ഭീഷ്മൻ അഭിഷേകം കൈക്കൊണ്ടു പ്രശോഭിച്ചു. ശംഖും, പെരുമ്പറകളും നൂറായിരം മുഴങ്ങി. രാജശാസന അനുസരിച്ചു വാദ്യക്കാർ സേനാനായകാഭിഷേകം ഉൽഘോഷിച്ചു. പലമട്ടിൽ സിംഹനാദങ്ങളും, വാഹനങ്ങളായ ആനകളുടേയും, കുതിരകളുടേയും, ഒട്ടകം, കഴുത മുതലായവയുടേയും ശബ്ദങ്ങളും മുഴങ്ങി. കാറ്റുകൂടാതെ ആകാശത്തുനിന്ന് രക്തം വർഷിച്ചു. ഇടിയും ഭൂകമ്പവും, അതോടൊപ്പം ആനകളുടെ ചിന്നംവിളിയും ഉണ്ടായി. ഈ അപശബ്ദങ്ങൾ ഉണ്ടായപ്പോൾ യോധന്മാരുടെ മനസ്സു മങ്ങി. അശരീരിവാക്കുകൾ കേട്ടു. കൊള്ളിമീൻ ആകാശത്തിൽ ചാടി. ഭയപ്പെടുത്തുന്നവിധം അഗ്നി വായിൽ ആളി ജ്വലിക്കുന്നവിധം കുറുക്കന്മാർ ഓരിയിട്ടു.

ഇപ്രകാരമുള്ള ദുർന്നിമിത്തങ്ങൾ ഭീഷ്മനെ സേനാപതിയാക്കി അഭിഷേകംചെയ്ത മുഹൂർത്തത്തിൽ ഉണ്ടായി. വേറേയും പല ദുർന്നിമിത്തങ്ങളും അപ്പോൾ കണ്ടു.

ഭീഷ്മനെ അഭിഷേകംചെയ്തു ഗോവും ഹിരണ്യവും ബ്രാഹ്മണർക്കു ദാനംചെയ്തു ആശീർവ്വാദങ്ങൾ കൈക്കൊണ്ടു. അങ്ങനെ ഭീഷ്മൻ യോധന്മാരോടുകൂടി ഇറങ്ങി. ദുര്യോധനൻ ഭീഷ്മനെ മുമ്പിൽ നടത്തി സോദരന്മാരോടു ചേർന്ന് മഹാസൈന്യങ്ങളോടുകൂടി കുരുക്ഷേത്രത്തിലെത്തി. കുരുക്ഷേത്രം. കർണ്ണനോടുകൂടി സുയോധനൻ ചുറ്റിനടന്നു കണ്ടു. പടവീടു കെട്ടുവാൻ സമഭൂമിയിൽ അളപ്പിച്ചു. പുല്ലും വിറകും ധാരാളമുള്ള സമഭൂമിയിൽ മധുരമായ ആനൂപപ്രദേശത്തു പണിതീർത്ത പടവീടുകൾ ഹസ്തിനാപുരിപോലെ പ്രശോഭിച്ചു.

157. ബലരാമൻ തീർത്ഥയാത്രയ്ക്കൊരുങ്ങുന്നു – ജനമേജയൻ പറഞ്ഞു: "മഹാത്മാവായ ഗംഗാപുത്രൻ ശസ്ത്രധരോത്തമനാണ്. ഭാരതന്മാർക്ക് പിതാമഹനാണ്. രാജാക്കന്മാർക്കൊക്കെ ധ്വജോപമനാണ്. ബുദ്ധികൊണ്ട് ബൃഹസ്പതി സദൃശനാണ്. ക്ഷമകൊണ്ടു ക്ഷമയോടു തുല്യനാണ്. മഹാസമുദ്രംപോലെ ഗംഭീരനാണ്. ഹിമാലയംപോലെ സുസ്ഥിരനാണ്. പ്രജാപതിക്കു തുല്യം ഉദാരനാണ്. തേജസ്സുകൊണ്ട് അർക്കസന്നിഭനാണ്. ശത്രുക്കളെ ശരവർഷംകൊണ്ടു ശക്രൻ എന്നപോലെ മുടിക്കുന്നവനാണ്. രോമാഞ്ചം അഞ്ചുമാറ് ഘോരമായ യുദ്ധയജ്ഞം തുടങ്ങുമ്പോൾ യുധിഷ്ഠിരൻ ചിരമായ ദീക്ഷയിലാണെന്നു കേട്ടപ്പോൾ മഹാബാഹുവായ ഭീമനും ശസ്ത്രജ്ഞന്മാരിൽ ഉത്തമനായ അർജ്ജുനനും എന്താണു പറഞ്ഞത്? പിന്നെ കൃഷ്ണനും എന്താണു പറഞ്ഞത്?"

വൈശമ്പായനൻ പറഞ്ഞു: ആപദ്ധർമ്മാർത്ഥചതുരനും, മഹാമതിയുമായ യുധിഷ്ഠിരൻ, സോദരന്മാരേയും ശാശ്വതനായ കൃഷ്ണനേയും വരുത്തി. സാന്ത്വമായവിധം വാഗ്മിയായ രാജാവ് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ പടകളെ നോക്കിക്കൊള്ളുവിൻ. ചട്ടയിട്ടു നില്ക്കുവിൻ. പിതാമഹനുമായിട്ടാണ് നിങ്ങൾക്ക് ആദ്യം യുദ്ധമുണ്ടാകുവാൻപോകുന്നത്. അതുകൊണ്ട് ഏഴു സൈന്യത്തിലും പടനായകന്മാരായി വെക്കേണ്ടവരെ നിശ്ചയിക്കുവിൻ."

കൃഷ്ണൻ പറഞ്ഞു: "കാലം വന്നടുത്തപ്പോൾ ഭവാൻ പറയേണ്ട കാര്യം പറഞ്ഞു. എനിക്കു ബോദ്ധ്യമായി. ഏഴു സേനയിലും ഭവാൻ സേനാപതികളെ നിശ്ചയിച്ചാലും. ഏഴുപേർ ആരൊക്കെയാകണമെന്നു ഞാൻ പറയാം. ദ്രുപദൻ, സാത്യകി, വിരാടൻ, ധൃഷ്ടദ്യുമ്നൻ, ധൃഷ്ടകേതു, ശിഖണ്ഡി, മാഗധനായ സഹദേവൻ ഈ ഏഴുപേർ മഹായോഗ്യന്മാരാണ്. പോരിൽ ഏല്ക്കുന്ന മഹാവീരന്മാരാണ്. അവരെ വരുത്തുക." അങ്ങനെ കൃഷ്ണന്റെ അഭിപ്രായമനുസരിച്ചു ധർമ്മപുത്രൻ അവരെ മുറയ്ക്കു സേനാപതികളാക്കി അഭിഷേചിച്ചു. പിന്നെ ധൃഷ്ടദ്യുമ്നനെ വീണ്ടും സർവ്വസേനാപതിയുമാക്കി അഭിഷേചിച്ചു. അവൻ ദ്രോണനെ കൊല്ലുവാൻ തീയിൽനിന്നു പൊങ്ങിയവനാണ്. എല്ലാക്കൂട്ടത്തോടും ഒത്തുള്ള രാജാക്കളായ അവർക്കു സേനാപതിസ്ഥാനം ധനഞ്ജയന്നു നല്കി. അർജ്ജുനനും നായകനായി അശ്വങ്ങൾക്കു സൂതനായി ബലഭദ്രാനുജനായ സാക്ഷാൽ കൃഷ്ണൻ പ്രശോഭിച്ചു.

മഹാനാശകരമായ യുദ്ധം വന്നടുത്തതു കണ്ട് ഉടനെ ഹലായുധൻ, അക്രൂരാദികൾ, ഗദൻ, സാംബൻ, ഉദ്ധവാദ്യന്മാർ, പ്രദ്യുമ്നാഹുകന്മാരായ സൂതന്മാർ, ചാരുദേഷ്ണൻ തുടങ്ങിയവർ ഇങ്ങനെ ബലോല്ക്കടരായ ആ പുരുഷവ്യാഘ്രന്മാരോടുകൂടി ദേവന്മാരോടുകൂടിയ ഇന്ദ്രനെപ്പോലെ അവിടെ കയറിവന്നു. കൈലാസസന്നിഭനും നീലപ്പട്ടുടുത്തവനും സിംഹപ്രൗഢഗതിയുമായ ബലഭദ്രന്റെ കണ്ണുകൾ മദംകൊണ്ടു ചുവന്നിരുന്നു. ആ മഹാനെ കണ്ട ഉടനെ യുധിഷ്ഠിരനും കൃഷ്ണനും ഭീമനും അർജ്ജുനനും മറ്റു രാജാക്കന്മാരും എഴുന്നേറ്റു. വന്നു ചേർന്ന അതിഥിയെ ആദരവോടുകൂടി അവർ എല്ലാവരും പൂജിച്ചു. ധർമ്മരാജാവ് ഹലിയുടെ കൈകൾ പിടിച്ചു. വാസുദേവൻ മുതലായവർ അഭിവാദനംചെയ്തു. ബലരാമൻ ഉടനെ ദ്രുപദനേയും വിരാടനേയും വന്ദിച്ചു. പിന്നെ യുധിഷ്ഠിരനോടുകൂടെ ഇരുന്നു. രാജാക്കളൊക്കെ ഇരുന്നു. രാജാക്കന്മാരൊക്കെ ഇരുന്നതിനുശേഷം വാസുദേവന്റെ നേരെ കണ്ണെറിഞ്ഞുകൊണ്ട്, രോഹിണീപുത്രൻ ധർമ്മരാജാവിനോടു പറയുവാൻതുടങ്ങി:

"മഹാരൗദ്രവും ഘോരവുമായ പുരുഷക്ഷയം ഇതാ അടുത്തിരിക്കുന്നു. ഇതു വിധിവൈഭവംതന്നെ! യാതൊരു സംശയവുമില്ല. അതു തെറ്റിനില്ക്കുവാൻ അസാദ്ധ്യമാണ്. എന്നാൽ യുദ്ധം തീർന്നു കയറി ഇഷ്ടരോടു ചേർന്നു നിങ്ങളെ അരോഗരായും അക്ഷതഗാത്രരായും കാണുവാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഭൂമിയിലുള്ള രാജാക്കന്മാരൊക്കെ കാലപക്വങ്ങളാണ്, അതും തീർച്ചപ്പെട്ട കാര്യമാണ്! മാംസവും ചോരയും ചളിപ്പെടുന്ന മഹായുദ്ധം തീർച്ചയായും ഇവിടെ നടക്കും. ഞാൻ ഈ കൃഷ്ണനോടു വീണ്ടും വീണ്ടും സ്വകാര്യമായും പറഞ്ഞു: 'ഹേ, മധുസൂദനാ! നീ നമ്മുടെ ബന്ധുക്കളിൽ തുല്യനില പാലിക്കണം. നമുക്കു പാണ്ഡവന്മാരെപ്പോലെയാണ് ദുര്യോധനരാജാവും. മാനമായ സഹായം അവനും ചെയ്യും!' എന്നു വീണ്ടുംവീണ്ടും പറഞ്ഞു. അങ്ങയ്ക്കുവേണ്ടി കൃഷ്ണൻ ഞാൻ പറഞ്ഞതു കേട്ടില്ല. സർവ്വാത്മനാ കൃഷ്ണനോടു ചേർന്നിണങ്ങുന്ന അർജ്ജുനനെ നോക്കി അദ്ദേഹം തുടർന്നു: 'പാണ്ഡവന്മാർക്കു ജയം തീർച്ചയായും ഉണ്ടാകുമെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അത്രയ്ക്കു വാശിയുണ്ട് വാസുദേവന്. കൃഷ്ണനെ വിട്ടു ലോകത്തെ കാണുവാനും എനിക്കു ശക്തിയില്ല. അതുകൊണ്ടു കേശവന്റെ ഇഷ്ടത്തിനു ഞാനും നില്ക്കുന്നു. എന്റെ ശിഷ്യന്മാരായ രണ്ടുപേരും വീരന്മാരാണ്. ഗദായുദ്ധത്തിൽ വിദഗ്ദ്ധന്മാരുമാണ്. എനിക്ക് എന്റെ രണ്ടു ശിഷ്യന്മാരായ ഭീമദുര്യോധനന്മാരിൽ സ്നേഹം തുല്യമാണ്. അതുകൊണ്ട് ഞാൻ ഇപ്പോൾ സരസ്വതീതീർത്ഥയാത്രയ്ക്കു പോവുകയാണ്. കൗരവന്മാർ നശിക്കുന്നതു നോക്കിക്കൊണ്ട് ഇവിടെ വെറുതെ ഇരിക്കുവാൻ പ്രയാസമാണ്."

എന്നു പറഞ്ഞു മഹാബാഹുവായ ബലഭദ്രൻ പാണ്ഡവന്മാരോടു യാത്ര പറഞ്ഞ് അവരുടെ അനുവാദം വാങ്ങി, അനുനയനംചെയ്തു കൃഷ്ണനെ മടക്കിപ്പറഞ്ഞയച്ച്, തീർത്ഥയാത്രയ്ക്കു പറപ്പെട്ടു.

158. രുക്മി നിഷേധിക്കപ്പെടുന്നു – വൈശമ്പായനൻ പറഞ്ഞു: ഇങ്ങനെ കൗരവന്മാരും പാണ്ഡവന്മാരും സൈന്യങ്ങളെ സജ്ജമാക്കിക്കൊണ്ടിരിക്കെ ഒരു സംഭവമുണ്ടായി. മഹാത്മാവായ ഭീഷ്മകരാജാവിന്റെ പുത്രൻ പാണ്ഡവന്മാരുടെ അടുത്തേക്കു പുറപ്പെട്ടു. ഹിരണ്യരോമാവായ സാക്ഷാൽ ദേവേന്ദ്രന്റെ സുഹൃത്താണ് ഭീഷ്മകരാജാവ്. യശസ്വിയായ ദാക്ഷിണാത്യാധിപനാണ് ആ ഭോജരാജാവ്. അദ്ദേഹത്തിന്റെ വീരനായ പുത്രൻ രുക്മി സത്യസങ്കല്പനായി ഗന്ധമാദനത്തിൽ ചെന്നു സാക്ഷാൽ കിമ്പുരുഷന്റെ ശിഷ്യനായി നാലുപാദങ്ങളോടുകൂടിയ ധനുർവ്വേദം അഭ്യസിച്ചു. ഗാണ്ഡീവതുല്യമായ തേജസ്സുള്ളതും ശാർങ്ഗത്തിന്നൊത്ത ദിവ്യലക്ഷണമുള്ളതുമായ ഐന്ദ്രം എന്ന വില്ലു നേടി. ദേവന്മാർക്കു പ്രധാനമായ മൂന്നു വില്ലുകളാണ്,

ഗാണ്ഡീവം, വാരുണം, ഐന്ദ്രം. ഇവ വിജയകരമായ ദിവ്യ കാർമ്മുകങ്ങളാണ്. ദിവ്യതേജോമയമായ ശാർങ്ഗം വൈഷ്ണവമായ വില്ലാണ്. ശത്രുസേനാഭീഷണമായ അതും കൃഷ്ണൻ എടുത്തതാണ്. ഗാണ്ഡീവം അഗ്നിയോടു ഖാണ്ഡവത്തിൽ അർജ്ജുനൻ വാങ്ങി. ദ്രുമങ്കൽനിന്നു തേജസ്വിയായ രുക്മി 'വിജയം' എന്നുകൂടി പേരുള്ള ഐന്ദ്രാസ്ത്രം നേടി. മുരനെ കൊന്ന് ശക്തിമാനായ കൃഷ്ണൻ മുരപാശങ്ങൾ അറുത്ത് ഭൗമനായ നരകനെ സംഹരിച്ചു കുണ്ഡലങ്ങൾ ഹരിച്ചു. പതിനായിരം നാരിമാരേയും പല രത്നങ്ങളും നേടി മുഖ്യമായ ശാർങ്ഗവും നേടി ഹൃഷീകേശൻ തിരിച്ചു. രുക്മിയാണെങ്കിൽ മേഘാരാവമുള്ള വിജയം എന്ന വില്ലു നേടിയവനാണ്.

അങ്ങനെ മൂന്നു മഹാദിവ്യമായ അസ്ത്രങ്ങളിൽ ഒന്നായ വിജയം എന്ന വില്ലുമായി ലോകത്തെ വിറപ്പിക്കുമാറ് പടയെ നടത്തി പാണ്ഡവന്മാരുടെ സമീപത്തെത്തി. ധീമാനായ കൃഷ്ണൻ സഹോദരിയായ രുഗ്മിണിയെ അപഹരിച്ചതു കയ്യൂക്കിന്റെ ഗർവ്വുകൊണ്ടു പൊറുക്കാത്തവനാണ് അതിവീര്യവാനായ ഈ രുക്മി. അവൻ കൃഷ്ണനെ കൊല്ലാതെ കുണ്ഡിനത്തിൽ കയറുകയില്ലെന്നു സത്യംചെയ്തു. സർവ്വശസ്ത്രധരശ്രേഷ്ഠനായ വാർഷ്ണേയനോട് എതിർത്തവനാണ്. മഹാവേഗമായ ചതുരംഗസേനയോടുകൂടി തടംതല്ലിത്തകർക്കുന്ന ഗംഗപോലെ യോഗീശയനായ കൃഷ്ണനോട് എതിർത്തു. കൃഷ്ണൻ അവനെ തോല്പിച്ചുവിടുകയാൽ ലജ്ജിച്ചു കുണ്ഡിനത്തിൽ പിന്നെ കയറാതെ ജീവിക്കുന്ന ധീരനാണ്. പോരിൽ കൃഷ്ണൻ ജയിച്ച ശത്രുമർദ്ദനനായ അവൻ ഭോജകുടം എന്ന ഒരു പുരം സൃഷ്ടിച്ച് അതിൽ പാർക്കുകയാണ്. ധാരാളം ഗജങ്ങളും അശ്വങ്ങളും ചേർന്ന മഹാസൈന്യത്തോടുകൂടി അവൻ ഭോജകുടത്തിൽ പ്രതാപിയായി വാഴുകയാണ്. ആ ഭോജരാജാവ് ഒരു അക്ഷൗഹിണി സൈന്യത്തോടുകൂടി പാണ്ഡവന്റെ സമീപത്തെത്തി. ചട്ട, വില്ല്, വാള്, കൈയുറ, ആവനാഴി ഇവ ധരിച്ച് ആദിത്യവർണ്ണമുള്ള കൊടിയോടുകൂടി ആ മഹാസൈന്യത്തിൽ വന്നു കയറി പാണ്ഡവന്മാരെ അറിയിച്ചു. കൃഷ്ണന്റെ ഇഷ്ടം വിചാരിച്ച്, അവനെ എതിരേറ്റ്, ധർമ്മപുത്രൻ പൂജിച്ചു. വേണ്ടപോലെ പാർത്ഥൻ പൂജിച്ച്, നല്ലപോലെ പരിചരിച്ച അവൻ സൈന്യത്തോടുകൂടി അന്ന് അവിടെ വിശ്രമിച്ചു. വീരന്മാരായ ജനങ്ങളുടെ മുമ്പിൽവെച്ച് അർജ്ജുനനോട് ഇപ്രകാരം പറഞ്ഞു: "അല്ലയോ പാണ്ഡവാ, ഭവാൻ ഭയപ്പെടേണ്ട, പോരിൽ സഹായിക്കുവാൻ തയ്യാറുണ്ട്. നിനക്കു ഞാൻ ശത്രുമദ്ധ്യത്തിൽ അസഹ്യമായ സാഹ്യം നല്കുന്നതാണ്. എന്നോടൊപ്പം വിക്രമത്തിന് ഒരാളേയും ഞാൻ കാണുന്നില്ല. പോരിൽ ഞാൻ ഒരു ഭാഗം മുഴുവൻ ഒറ്റയ്ക്ക് കൊന്നുതരാം. അല്ലെങ്കിൽ ഞാൻ ഒരു കാര്യം ചെയ്യാം. ഈ രാജാക്കളൊക്കെ ഇവിടെ നില്ക്കട്ടെ! ഞാൻ ഒറ്റയ്ക്കു സകലരേയും ജയിച്ചു ഭൂമി വീണ്ടെടുത്ത് അങ്ങയ്ക്കു നല്കാം." ഇപ്രകാരം അവൻ അർജ്ജുനനോട്, കൃഷ്ണനും ധർമ്മപുത്രനും മറ്റുള്ള രാജാക്കന്മാരും കേട്ടുനില്ക്കെ പറഞ്ഞു. ഈ ആത്മപ്രശംസ കേട്ടപ്പോൾ അർജ്ജുനൻ കൃഷ്ണന്റേയും യുധിഷ്ഠിരന്റേയും നേരെ കണ്ണു വിട്ടു ചിരിച്ചു. സഖിയുടെ ഭാവത്തിൽ പറഞ്ഞു: "കുരുവംശത്തിൽ പിറന്നവനും വിശേഷിച്ചും പാണ്ഡുവിന്റെ പുത്രനും ദ്രോണാചാര്യന്റെ ശിഷ്യനാണെന്നു പേരുള്ളവനും, വാസുദേവൻ സഹായിക്കുന്നവനും, ഗാണ്ഡീവം കൈയിലുള്ളവനുമായ എനിക്ക് പേടിയുണ്ടെന്ന് എങ്ങനെ ഞാൻ പറയും? ഘോഷയാത്രയിൽ ശക്തരായ ഗന്ധർവ്വന്മാരോടെതിർത്ത അന്ന്, എനിക്ക് വീരനായ ഏതു സഖിയാണു സഹായിച്ചത്? അപ്രകാരം ഭീഷണമായി ദേവദൈത്യരോട് ഒത്തുചേർന്നു പൊരുതുന്നകാലത്ത് ഖാണ്ഡവത്തിൽ ഏതു വീരസഖാവാണ് എനിക്കു സഹായിച്ചത്? നിവാതകവചന്മാരോടും കാലകേയന്മാരോടും യുദ്ധത്തിൽ ഞാൻ അവിടെവെച്ചു പൊരുതുമ്പോൾ എന്നെ ഏതു വീരസഖിയാണ് തുണച്ചത്? അപ്രകാരംതന്നെ വിരാടപുരിയിൽ കുരുക്കളോട് എതിർത്ത അന്നു ഞാൻ പലരുമായി പൊരുതുമ്പോൾ എന്നെ ആരാണ് സഹായിച്ചത്? പോരിൽ ശിവനെ സേവിച്ചു. ഇന്ദ്രനേയും അന്തകനേയും ധനേശ്വരനേയും വരുണനേയും അഗ്നിയേയും ദ്രോണനേയും കൃപനേയും മാധവനേയും ഞാൻ സേവിച്ചു. ദൃഢവും തേജോമയവും ദിവ്യവുമായ ഗാണ്ഡീവംവില്ലെടുത്തു നില്ക്കുന്ന ഞാൻ, അമ്പ് ഒരിക്കലും ഒടുങ്ങാത്തവനായ ഞാൻ, ദിവ്യാസ്ത്രങ്ങൾ ധരിക്കുന്നവനായ ഞാൻ, ദുഷ്കീർത്തിയുണ്ടാക്കുന്നവിധം പേടിക്കുന്നുണ്ടെന്ന് എങ്ങനെ പറയും? ഹേ, നരവ്യാഘ്രാ! നേരിട്ടു വജ്രപാണിയോടാണ് ഞാൻ പോരാടേണ്ടിവന്നതെന്നു വിചാരിക്കൂ. എന്നാലും മഹാബാഹോ, ഞാൻ ഭയപ്പെടുകയില്ല. എന്നെ തുണയ്ക്കുവാൻ ആരും വേണ്ടാ. യഥേഷ്ടം മറ്റിടത്തേക്കു ഭവാനു പോകാം. യോഗംപോലെ നില്ക്കുകയും ചെയ്യാം."

ഇതു കേട്ടപ്പോൾ അവിടെ പിന്നെ ഒരു നിമിഷംപോലും നില്ക്കാതെ രുക്മി തന്റെ കടൽപോലെയുള്ള മഹാസൈന്യത്തേയും കൊണ്ടു തിരിച്ചുപോയി. പാണ്ഡവന്മാരെ വിട്ട് അവൻ നേരെ ചെന്നത് ദുര്യോധനന്റെ സമീപത്തേക്കാണ്. അപ്രകാരം ദുര്യോധനനേയും കണ്ടു സംസാരിച്ചു. ശൂരാഭിമാനിയായ ദുര്യോധനനും 'പാണ്ഡവന്മാർ ഉപേക്ഷിച്ച രുക്മി' യെ സ്വീകരിച്ചില്ല.

ഇങ്ങനെ മഹാവീരന്മാരായ രണ്ടുപേരാണ് ഈ മഹായുദ്ധത്തിൽനിന്ന് ഒഴിവായിനിന്നത്. ഒന്ന് വാർഷ്ണേയനായ ബലഭദ്രൻ, രണ്ടാമതു രുക്മി. രാമൻ തീർത്ഥയാത്രയ്ക്കു പോയി. രുക്മി പിൻമടക്കപ്പെട്ടു. അവർ പോയതിന്നുശേഷം പാണ്ഡവന്മാർ കാര്യാലോചനചെയ്യുവാൻ ചേർന്ന് ഇരിപ്പായി. രാജാക്കന്മാർ കലർന്ന ധർമ്മരാജാവിന്റെ ആ സഭ താരങ്ങളോടും, ചന്ദ്രനോടുംകൂടിയ ആകാശം പോലെ ശോഭിച്ചു!

159. ധൃതരാഷ്ട്രസഞ്ജയസംവാദം – ജനമേജയൻ പറഞ്ഞു: ഇപ്രകാരം കുരുക്ഷേത്രത്തിൽ വ്യൂഹം കെട്ടി നില്ക്കുമ്പോൾ കൗരവന്മാർ എന്തുചെയ്തു?

വൈശമ്പായനൻ പറഞ്ഞു: ഇപ്രകാരം അവർ വ്യൂഹംകെട്ടി ഒരുങ്ങിനില്ക്കുമ്പോൾ ധൃതരാഷ്ട്രൻ സഞ്ജയനോടു പറഞ്ഞു: "എടോ സഞ്ജയാ, നീ ഇവിടെ വരൂ! ഒന്നും വിടാതെ എല്ലാം എന്നോടു പറയൂ! എന്തൊക്കെയാണ് കൗരവന്മാരുടേയും പാണ്ഡവന്മാരുടേയും കൂടാരത്തിലെ വൃത്താന്തങ്ങൾ? ദൈവം തന്നെ വലുത്! പൗരുഷം നിഷ്പ്രയോജനംതന്നെ! നാശം വരുത്തിക്കൂട്ടുന്ന യുദ്ധത്തിന്റെ ദോഷങ്ങളൊക്കെ അറിയുന്നവനായ ഞാൻ വഞ്ചകനും ദുർബുദ്ധിയും കള്ളച്ചൂതാട്ടക്കാരനുമായ എന്റെ പുത്രനെ തടുക്കാൻ ശക്തനായില്ലല്ലോ! സ്വന്തം ഹിതം ചെയ്യുവാനും ശക്തനായില്ല! ദോഷങ്ങൾ കണ്ടറിഞ്ഞ എന്റെ ബുദ്ധി ഹേ, സാരഥേ! ദുര്യോധനനിൽച്ചെന്നെത്തുമ്പോൾ പിന്നേയും പിൻതിരിയുകയാണു ചെയ്യുന്നത്. ഇതൊക്കെ നോക്കുമ്പോൾ സഞ്ജയാ! വരാനുള്ളതു വഴിയിൽ തങ്ങില്ല. ക്ഷത്രധർമ്മംപോലെ നടക്കട്ടെ, പോരിൽ മരിക്കുന്നതായാൽ അതു മാനമാണല്ലോ!"

സഞ്ജയൻ പറഞ്ഞു: "ഹേ, രാജാവേ! ഈ ആക്ഷേപമൊക്കെ അങ്ങയ്ക്ക് ഉള്ളതാണ്. ദുര്യോധനനെപ്പറ്റി ഭവാൻ പറഞ്ഞ ആക്ഷേപങ്ങളില്ലേ അതൊക്കെ അങ്ങയ്ക്കുള്ളതാണ്. എന്തിന്നു ദുര്യോധനനിൽ ഈ ആക്ഷേപവും അപരാധവുമൊക്കെ വെച്ചുകെട്ടുന്നു. രാജാവേ, ഞാൻ പറയുന്നതു മുഴുവൻ ഭവാൻ കേട്ടറിഞ്ഞാലും. തന്റെ ദുഷ്പ്രവൃത്തികൊണ്ടു ദോഷം

നേടുന്ന പുരുഷൻ കാലത്തേയും, ദേവകളേയും ഒട്ടും കുറ്റപ്പെടുത്തരുത്. രാജാവേ, മനുഷ്യരിൽ നിന്ദ്യകർമ്മങ്ങൾ ചെയ്യുന്നവൻ ആരായാലും വേണ്ടില്ല, ആ നികൃഷ്ടനെ സർവ മനുഷ്യനും ഏതു ലോകത്തുവച്ചായാലും വേണ്ടില്ല, കണ്ടേടത്തുവെച്ചു കൊല്ലണം. ഹേ, രാജാവേ! നീയാണ് ഭയങ്കരചതിയനും കൊല പാതകിയും. ദുര്യോധനനല്ല. എന്തുകൊണ്ടെന്നു പറയാം. നിന്നെ കാത്തിട്ടാണ് ചൂതിൽ അമാത്യന്മാരോടുകൂടി ദുര്യോധനൻ ചെയ്ത ചതിയും ദ്രോഹങ്ങളുമൊക്കെ പാണ്ഡവന്മാർ സഹിച്ചത്. അതിന്റെ ഫലമൊക്കെ ഭവാന് ഇരുന്നു കേൾക്കാം.

അശ്വങ്ങൾക്കും ഗജങ്ങൾക്കും തേജസ്വികളായ നൃപന്മാർക്കും പോരിൽ വന്ന നാശങ്ങളൊക്കെ കേൾക്കുവാൻ തയ്യാറെടുത്തുകൊള്ളുക. സ്ഥൈര്യത്തോടെ രാജാവേ, ലോകർക്കൊക്കെ ക്ഷയോദയം മഹായുദ്ധത്തിൽ ഉണ്ടായ കഥ നീ ഇവിടെ ഇരുന്നു കേൾക്കുക. ശുഭാശുഭങ്ങൾ ചെയ്യുന്ന ആൾ പുരുഷനല്ല. നമ്മളല്ല. അത് അജ്ഞാതനായ ഒരാൾ അസ്വതന്ത്രനായ മർത്ത്യനെ പാവയെപ്പോലെ ചെയ്യിപ്പിക്കുകയാണ്. ചിലത് ഈശ്വരകല്പനവഴിക്ക്, ചിലത് യദൃച്ഛയാൽ, ചിലത് പൂർവ്വകർമ്മഫലത്താൽ, ഇങ്ങനെ മൂന്നുമാതിരിയാണ് കർമ്മങ്ങൾ കാണുന്നത്. എങ്കിലും നീ അനർത്ഥത്തിൽപ്പെട്ടവനാണ്. സ്ഥിരമായി ഇരുന്നു കേട്ടോളൂ!''

ഉലൂകദൂതാഗമനപർവ്വം*

160. ദുര്യോധനവാക്യം – സഞ്ജയൻ പറഞ്ഞു: ഹിരണ്വതീനദിയുടെ തീരത്ത് മഹാത്മാക്കളായ പാർത്ഥന്മാർ കൈനിലകളിൽ യുദ്ധസന്നാഹങ്ങൾകൂട്ടി വാഴുമ്പോൾ കൗരവന്മാർ അതെല്ലാം കണ്ട് ദുര്യോധനനൃപനും രാജാക്കന്മാരെക്കൂട്ടി കൈനിലകളിൽ സൈന്യങ്ങളെ വേണ്ടവിധം പാർപ്പിച്ച്, കാവല്ക്കാരെ നിറുത്തി.

പിന്നെ കർണ്ണദുശ്ശാസനന്മാരേയും ശകുനിയേയും വരുത്തി ദുര്യോധനൻ മന്ത്രാലോചന നടത്തി. അവരുടെ ആലോചനയും സംഭാഷണങ്ങളും കഴിഞ്ഞതിന്നുശേഷം ഉലൂകനെ രഹസ്യമായി വിളിച്ച് ഇപ്രകാരം പറഞ്ഞു: ''ഹേ ഉലൂകാ, കൈതവ്യാ, പാണ്ഡവ സോമകന്മാരുടെ സന്നിധിയിൽപ്പോയി കൃഷ്ണൻ കേട്ടിരിക്കെ, നീ എന്റെ വാക്കാൽ ഇങ്ങനെ പറയുക: 'ഇതാ വളരെക്കാലമായി കാത്തിരുന്ന യുദ്ധം വന്നുചേർന്നു! ലോകഭയങ്കരമായ കുരുപാണ്ഡവയുദ്ധം ഇതാ നടക്കുവാൻപോകുന്നു! ഇവിടെ സഞ്ജയൻ വന്ന് നിങ്ങൾ പറഞ്ഞയച്ച കുറെ മേനിവാക്കുകളൊക്കെ പറഞ്ഞു. കൃഷ്ണൻ സഹായിയാണെന്നുള്ള നിങ്ങളുടെ ഗർജ്ജിതം ഞാൻ കുരുമദ്ധ്യത്തിൽവെച്ചു കേട്ടു. എടോ കൗന്തേയാ, അതിന്നുള്ള കാലമായിരിക്കുന്നു. നിങ്ങൾ സത്യംചെയ്തപോലെയൊക്കെ ഒന്നു നടത്തിക്കാണട്ടെ!'

കുന്തീപുത്രന്മാരിൽ ജ്യേഷ്ഠനായ യുധിഷ്ഠിരനോട് എന്റെ വാക്കായിട്ട് ഇതു പറയണം: ''ഭ്രാതാക്കളും, സോമകന്മാരും, കേകയന്മാരും ചേർന്നു സഹായിക്കുന്ന നീ ധർമ്മിഷ്ഠനാണെന്നു പറഞ്ഞു നിന്നിട്ട് ഇപ്പോൾ ഈ അധർമ്മത്തിനാണോ ഇറങ്ങിയിരിക്കുന്നത്? നൃശംസനെപ്പോലെ നീ ഇപ്പോൾ ലോകനാശത്തിന്നല്ലേ കരുതുന്നത്. ജീവികൾക്ക് അഭയം നല്കുന്നവനാണ് നീ എന്നാണ് എന്റെ അഭിപ്രായം. പണ്ട് രാജ്യം ദേവന്മാർ ഹരിച്ച കാലത്ത് പ്രഹ്ലാദൻ പറഞ്ഞ വാക്കുകൾ നിന്നെക്കുറിച്ച് അർത്ഥവത്താണ്. 'വാനോർകളേ, ധ്വജംപോലെ ഉയർന്ന ഈ ധർമ്മചിഹ്നം ആർക്കു ചേർന്നതാണ്. പുറത്തു ധർമ്മചിഹ്നവും, ഒളിവിൽ പാപവും ചേർന്നവനെ പൂച്ചസന്ന്യാസി എന്നാണു പറയുക. നിന്നോടു ഞാൻ ആ കഥ പറഞ്ഞുതരാം. ഈ കഥ പണ്ടു നാരദൻ എന്റെ അച്ഛനോടു പറഞ്ഞതാണ്. (ധൃതരാഷ്ട്രനെപ്പറ്റിയാകാം നാരദൻ പറഞ്ഞത്. സ്വ.)

ദുഷ്ടനായ ഒരു മാർജ്ജാരൻ കർമ്മങ്ങളൊക്കെ ഒഴിവാക്കി ഗംഗാതീരത്തു കൈപൊക്കി ഭജിച്ചുനിന്നു. ലോകരൊക്കെ വിശ്വസിക്കുവാൻ മനഃശുദ്ധിയെടുത്ത അവൻ 'ഞാൻ ധർമ്മം ചെയ്യുന്നേൻ' എന്നു ജീവജാലങ്ങളോടൊക്കെ പറഞ്ഞു. ഇങ്ങനെ വളരെക്കാലം നിന്നപ്പോൾ പക്ഷികൾ അവനെ വിശ്വസിച്ച് അവ അടുത്തു ചെന്ന് വാഴ്ത്തി സ്തുതിച്ചു. പക്ഷികൾ കൂട്ടമായി ആ പക്ഷിഭോക്താവിനെ പുകഴ്ത്തുവാൻ തുടങ്ങി. അപ്പോൾ പൂച്ചയ്ക്കു തോന്നി താൻ കാര്യം നേടിയെന്നും തപസ്സിന്റെ പുണ്യം സിദ്ധിച്ചുവെന്നും.

പിന്നെ കുറേനാൾ കഴിഞ്ഞപ്പോൾ മൂഷികന്മാരും അവന്റെ അടുത്ത് വന്നുകൂടി. ആ മാർജ്ജാരനെ ബ്രഹ്മവ്രതാചാരത്തോടെ കണ്ടു. വലിയ കാര്യസാദ്ധ്യത്തിന്നായി നോക്കിയ അവരെ അവൻ വഞ്ചിച്ചു. ആ മൂഷികന്മാർ ആലോചിച്ചു. ഒരു ബുദ്ധി അവർക്കു തോന്നി. 'ഞങ്ങൾക്ക് ഇവൻ അമ്മാവനായി; ഇവൻ ആബാലവൃദ്ധം എല്ലാവരേയും രക്ഷിക്കട്ടെ!' എന്നു പറഞ്ഞുറച്ച് അവർ പൂച്ചയുടെ സമീപത്തുചെന്നു പറഞ്ഞു: 'ഭവാന്റെ പ്രസാദത്താൽ സൗഖ്യത്തോടുകൂടിവാഴുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഭവാൻ ഞങ്ങൾക്ക് ഉറ്റവനാണ്. ഭവാൻ ഞങ്ങൾക്ക് ഇഷ്ടനാണ്. ഞങ്ങൾ എല്ലാവരുംകൂടി ഇതാ വന്നു ഭവാനെ ശരണംപ്രാപിക്കുന്നു. ഭവാൻ നിത്യവും ധർമ്മപരനാണ്. ഭവാൻ ധർമ്മത്തിൽ നില്ക്കുന്നവനാണ്. ഹേ പ്രാജ്ഞാ, ഭവാൻ ഞങ്ങളെ ഇന്ദ്രൻ വാനോരെയെന്നവിധം രക്ഷിച്ചാലും.' ഇപ്രകാരം മൂഷികന്മാരൊക്കെ പറഞ്ഞപ്പോൾ ആ മൂഷികന്മാരോട് ആ മൂഷികാന്തകൻ പറഞ്ഞു: 'രണ്ടുംകൂടി എനിക്കു നടത്തുവാൻ കഴിയുകയില്ല. തപസ്സുചെയ്യലും, രക്ഷിക്കലും. നിങ്ങൾ ഹിതം പറയുമ്പോൾ നിശ്ചയമായും ഞാൻ അതു ചെയ്യേണ്ടതാണ്. നിങ്ങൾ എന്നും എന്റെ വാക്കിനെ പാലിച്ചുകൊള്ളണം. നിയമസ്ഥനായി തപസ്സുചെയ്തു തളർന്നുനില്ക്കുന്ന ഞാൻ ആലോചിച്ചിട്ട് നടക്കുവാൻ ലേശവും ശക്തികാണുന്നില്ല. എന്നെ ഉണ്ണികൾ നിത്യവും പുഴവക്കിൽ കൂട്ടിക്കൊണ്ടുപോകണം.' മൂഷികന്മാർ പൂച്ചയുടെ കല്പന ശിരസാവഹിച്ച് ആബാലവൃദ്ധം തങ്ങളെ ആ പൂച്ചയ്ക്ക് ഏല്പിച്ചു.

ഇങ്ങനെ കാര്യം സുഖമായപ്പോൾ ആ പാപിയും ദുർബ്ബുദ്ധിയുമായ പൂച്ച മൂഷികന്മാരെ സൗകര്യംപോലെ തിന്നുവാൻ തുടങ്ങി. മെലിഞ്ഞ പൂച്ച തടിച്ചു. ദേഹം നല്ല ഉറച്ചമാതിരിയായി.

ദിവസം ചെല്ലുന്തോറും എലികളുടെ എണ്ണം കുറയുവാൻ തുടങ്ങി. അത്രയ്ക്കത്രയ്ക്കു പൂച്ച തടിക്കുവാനും തുടങ്ങി. തേജസ്സും ബലവും മാർജ്ജാരന്നു വർദ്ധിച്ചു. ഇങ്ങനെയിരിക്കെ മൂഷികന്മാർ രഹസ്യമായി ആലോചന നടത്തി. 'അമ്മാവൻ ദിവസേന തടിച്ചുതടിച്ചു വരുന്നു. നമ്മൾ ദിവസേന ക്ഷയിച്ചു ക്ഷയിച്ചും വരുന്നു.' അപ്പോൾ അവരിൽ ബുദ്ധിമാനായ ഡിണ്ഡികൻ എന്നു പേരായ മൂഷികൻ മൂഷികസദസ്സിൽ ഇപ്രകാരം പറഞ്ഞു: 'നിങ്ങളൊക്കെ പുഴവക്കത്തേക്കു പോകുമ്പോൾ ഞാൻ പ്രത്യേക ശ്രദ്ധയോടെ അമ്മാവന്റെ പിന്നാലെ വരാം.' 'ഭേഷ്! കൊള്ളാം! എന്ന് അവർ മറുപടി പറഞ്ഞു. ഡിണ്ഡികൻ പറഞ്ഞപോലെതന്നെ ചെയ്തു. മാർജ്ജാരൻ ഈ ഗൂഢാലോചനയൊന്നും അറിഞ്ഞില്ല. അവൻ ഡിണ്ഡികനെ പിടിച്ചു തിന്നു. ഉടനെ അവരെല്ലാം വീണ്ടും ഒത്തുകൂടി മന്ത്രിച്ചു. അതിൽ കോകിലൻ എന്നു പേരായ വൃദ്ധനായ ഒരു മൂഷികൻ ജ്ഞാതിമദ്ധ്യത്തിൽവെച്ചു മുറയ്ക്ക് ഇപ്രകാരം പറഞ്ഞു: 'ഈ അമ്മാവൻ

* ശകുനിയുടെ പുത്രനാണ് ഉലൂകൻ

ധർമ്മാർത്ഥിയല്ല. ഇവൻ പറഞ്ഞതൊക്കെ ചതിയാണ്. ഇവൻ ഫലമൂലങ്ങൾ ഭക്ഷിക്കുന്നവനാണെങ്കിൽ ഇവന്റെ മലത്തിൽ എന്താണ് ഇങ്ങനെ രോമങ്ങൾ കാണുവാൻ? ഇവന്റെ ദേഹം എന്താണ് ഇങ്ങനെ തടിക്കുവാൻ? തപസ്സുചെയ്താൽ തടിക്കുന്നതെങ്ങനെ? പിന്നെ ഇവനെ ആശ്രയിച്ച എലികളൊക്കെ എന്താണ് ഇങ്ങനെ ദിവസേന ക്ഷയിക്കുന്നത്? ഇന്നേക്ക് ഏഴെട്ടുദിവസമായി ഡിണ്ഡികനെ കാണാതായിട്ട്.' ഇതുകേട്ട് ആ മൂഷികന്മാരൊക്കെ പാഞ്ഞോടിക്കളഞ്ഞു. ദുഷ്ടനായ മാർജ്ജാരനും വന്നവഴിക്കുതന്നെ പോയി. അപ്രകാരം ഹേ, ദുർബ്ബുദ്ധേ, നീയും പൂച്ചസ്സന്യാസം സ്വീകരിച്ചവനാണ്. നീ ജ്ഞാതികളിൽ പെരുമാറുന്നത് ആ പൂച്ച എലികളിൽ എന്ന വിധമാണ്. നിന്റെ വാക്ക് ഒരുവിധവും പ്രവൃത്തി മറ്റൊരു വിധവുമാണ്. നിനക്കു വേദവും ശമവുമൊക്കെ ലോകരെ ചതിക്കുവാൻവേണ്ടി മാത്രമാണ്. ഈ വഞ്ചനയൊക്കെ വിട്ട് നീ ക്ഷത്രധർമ്മത്തിൽനിന്ന് കാര്യമൊക്കെ ചെയ്യുക. ഹേ നരർഷഭാ! നീ ധർമ്മിഷ്ഠനാണല്ലോ? കൈയൂക്കുകൊണ്ടു ഭൂമി നേടി ബ്രാഹ്മണർക്കും പിതൃക്കൾക്കും യഥോചിതം ദാനം ചെയ്യുക. ഏറെക്കാലമായി ഉഴന്ന നിന്റെ മാതാവിന്റെ ഹിതത്തിന്നുവേണ്ടി വിജയം നേടി അവളുടെ കണ്ണുനീർ തുടച്ചു മാനിയായി ജീവിക്കുക. നീ അഞ്ചു ഗ്രാമം ചോദിച്ചു. കിണഞ്ഞുനോക്കി. ഞാൻ അതും നല്കിയില്ല. എങ്ങനെയാണ് പടവെട്ടേണ്ടതെന്നും എങ്ങനെയാണ് പാർത്ഥരെ ചൊടിപ്പിക്കേണ്ടതെന്നും എനിക്കറിയാം. നീ മൂലം ദുഷ്ടിൽപ്പെട്ടുപോയ വിദുരനെ ഇവിടെനിന്ന് ഓടിച്ചതും അരക്കില്ലം ചുട്ടതുമൊക്കെ ഒന്നു ചിന്തിച്ചു നീ ആണായി നില്ക്കുക. കൃഷ്ണൻ കുരുസഭയിലേക്കു വരുമ്പോൾ നീ പറഞ്ഞില്ലേ, 'രാജാവേ, ഇതാ ഞാൻ ശമത്തിന്നും രണത്തിന്നും തയ്യാറായി നില്ക്കുന്നു' എന്ന്? എന്നാൽ ഇതാ ആ രണത്തിന്നു സമയമായിരിക്കുന്നു. ഈ പോരിന്നു വേണ്ടിത്തന്നെയാണ് ഞാൻ ഇതൊക്കെ ചെയ്തത്. മനസ്സിലായോ? പോരിനേക്കാൾ വലുതായ ലാഭം എന്തുണ്ട് ക്ഷത്രിയന്ന്? ക്ഷത്രിയവംശത്തിൽ ജനിച്ചവനും ഭൂമിയിൽ പേർ കേട്ടവനുമാണല്ലോ ഭവാൻ! ദ്രോണരുടേയും കൃപരുടേയും കൈയിൽനിന്ന് അസ്ത്രവിദ്യ പഠിച്ചവനല്ലേ നീ. കൃഷ്ണനെ ആശ്രയിച്ചവനായ നീ സ്വജാതിക്കാരനും തുല്യബലനുമാണല്ലോ.

പാണ്ഡവന്മാരുടെ അരികെത്തന്നെ ഇരിക്കുന്ന കൃഷ്ണനോടും നീ പറയുക. 'എടോ കൃഷ്ണാ! നീ സഭയിൽ മായാബലംകൊണ്ടു ചില രൂപമൊക്കെ കാണിച്ചുവല്ലോ. ആ മായാരൂപം വീണ്ടും ഒന്നെടുത്ത് അർജ്ജുനനോടുകൂടി എന്നോട് ഒന്ന് എതിർക്കുക. ഇന്ദ്രജാലം, മായ, ഘോരമായ കൃത്യാഭൂതപ്രേരണ മുതലായവ പോരിൽ ശസ്ത്രം എടുക്കുന്നവൻ കോപിച്ചുവരുന്നതുവരെ മാത്രമേ നിലനില്ക്കുകയുള്ളൂ. ഈ വേഷമൊന്നും നമ്മോട് എടുക്കേണ്ട. എനിക്കും ഒരു കൂട്ടമൊക്കെ അറിയാം. എനിക്കും മായകൊണ്ട് ആകാശത്തും വായുവിലുമൊക്കെ പോകുവാൻ കഴിയും. ഞാൻ പാതാളത്തിലും പോകാം, ഇന്ദ്രപുരിയിലും പോകാം. പലതരം രൂപങ്ങളേയും ഞാൻ എന്റെ ദേഹത്തിൽ കാണിച്ചുതരാം. ഈവക വേഷം കാണിച്ചാൽ ഞാൻ ഭയപ്പെട്ടു യുദ്ധത്തിൽനിന്നു പിന്മാറുമെന്നാണ് വിചാരം! പാവം! ശത്രു പേടിപ്പിച്ചാൽ പേടിച്ചുപോകും ദുര്യോധനൻ എന്നു വിചാരിക്കേണ്ട. ധാതാവാണ് ജീവജാലങ്ങളെയൊക്കെ തന്റെ പാട്ടിൽ വെക്കുന്നത്. ഹേ, വാർഷ്ണേയാ, നീ പറഞ്ഞില്ലേ, 'ഞാൻ ധാർത്തരാഷ്ട്രന്മാരെയൊക്കെ സംഗരത്തിൽ വധിപ്പിച്ചു പാണ്ഡവന്മാർക്കു രാജ്യം കൊടുക്കുമെന്ന്?' നീ ഈ പറഞ്ഞ വാക്കുകൾ സഞ്ജയൻ എന്നെ കേൾപ്പിച്ചു. 'ഞാൻ തുണയ്ക്കുന്ന സവ്യസാചിയോടു നിങ്ങൾക്കു വൈരമാണ്' എന്നു നീ പറഞ്ഞു. ശരി. അങ്ങനെതന്നെയാണ്! അങ്ങനെ പറഞ്ഞയച്ചവനായ നീ സത്യത്തോടുകൂടി, പാണ്ഡുപുത്രന്മാർക്കുവേണ്ടി, വിക്രമത്തോടുകൂടി, ഒരുങ്ങിനിന്നു പൊരുതുക. ഞങ്ങളൊന്നു കാണട്ടെ! നീ ആണായി നിൽക്കൂ! ശത്രുവിനെ അറിഞ്ഞു ശുദ്ധമായ പൗരുഷത്തോടുകൂടി ശത്രുവിന്നു ദുഃഖം വളർത്തുന്നവൻ ആരോ അവനാണ് ജീവിക്കുന്ന പുരുഷൻ. അങ്ങനെ ചെയ്താൽ നിന്റെ പേർ കൃഷ്ണാ, ലോകത്തിൽ പ്രസിദ്ധമാകും! ഇന്നു നാം അറിയപ്പെടുന്നുണ്ട്. ഇവിടെ കൊമ്പുള്ള ഷണ്ഡന്മാരേയും അറിയുന്നുണ്ട്. എന്നെപ്പോലുള്ള രാജാവ് ഒരിക്കലും നിന്നോടു ചേരുവാൻ അർഹനല്ല. നിന്നോടു പോരിന്ന് എതിർക്കുവാൻതന്നെ എനിക്കു ലജ്ജയുണ്ട്; വിശേഷാൽ കംസദാസനാണു' നീ. ഊശാന്താടിയും പെരുവയറനും വിഡ്ഢിയും മടയനുമായവനോട്, ആ മോശക്കാരനായ ഭീമനോട്, എടോ ഉലൂകാ, വേഗം ചെന്ന് ഇപ്രകാരം പറയൂ: 'എടോ പാർത്ഥാ, നീ വിരാടപുരിയിൽ അടുക്കളപ്പണിക്കാരനായി വല്ലവൻ എന്ന പേരിൽ കഴിഞ്ഞുകൂടിയില്ലേ, അത് ആരുടെ പൗരുഷംകൊണ്ടാണെന്ന് അറിയാമോ? ഈയുള്ളവന്റെ യോഗ്യതയാണ് ആ കണ്ടത്! സഭയിൽ നീ പണ്ടു സത്യംചെയ്തു പറഞ്ഞില്ലേ, അതു പാഴാക്കരുത്. നീ ശക്തനാണെങ്കിൽ ദുശ്ശാസനന്റെ രക്തംകുടിക്കുന്നതു ഞാൻ ഒന്നു കാണട്ടെ! എടോ കൗന്തേയാ, നീ പറയാറില്ലേ 'ഞാൻ ധാർത്തരാഷ്ട്രന്മാരെ പോരിൽ ഇടിച്ചുകൊല്ലു' മെന്ന്? എന്നാൽ അതിന്ന് ഇതാ കാലമായിരിക്കുന്നു! നീ ഭക്ഷ്യഭോജ്യപേയങ്ങളെ വിഴുങ്ങുന്നതിൽ ഒന്നാമനാണ്. യുദ്ധം എവിടെ? തീറ്റിയെവിടെ? പെരുവയറാ നീ പോരിന്നു വന്നുനിൽക്കൂ! നീ ഗദയും തഴുകി ചത്തുകിടക്കുന്നത്, അപ്പോൾ കാണാം. സഭയിൽ നീ ചെയ്ത ഗർജ്ജിതം നിഷ്ഫലം തന്നെ!

ഹേ, ഉലൂകാ! നീ നകുലനോട് എന്റെ വാക്കായി പറയുക. നീ സ്ഥിരമായി നിന്നു പൊരുതുക! നിന്റെ പൗരുഷം ഒന്നു കാണട്ടെ! യുധിഷ്ഠിരനിലുള്ള നിന്റെ കൂറും, എന്നിലുള്ള വൈരവും മുറയ്ക്ക് ഇപ്പോൾ നീ സ്മരിക്കുക! നീ സഹദേവനോടും രാജമദ്ധ്യത്തിൽവെച്ച് എന്റെ വാക്കാൽ പറയുക. ഹേ, പാണ്ഡവാ! നീ കിണഞ്ഞു പൊരുതുക. കഴിഞ്ഞ ക്ലേശങ്ങളെ ചിന്തിച്ചുതന്നെ പൊരുതുക.

വിരാടദ്രുപദന്മാരോടു ഞാൻ പറഞ്ഞതായി പറയുക. ഗുണവാന്മാരായ ഭൃത്യന്മാർ ഇങ്ങനെയുള്ള അരചന്മാരെ മുമ്പു കണ്ടിട്ടില്ല. പ്രഭുക്കന്മാരായ ഭൃത്യരേയും ബ്രഹ്മസൃഷ്ടിമുതല്ക്കുതന്നെ കണ്ടിട്ടില്ല. അശ്ലാഘ്യനായ രാജാവ് നിങ്ങൾക്കുണ്ടായി. എന്നാൽ ആ നിങ്ങൾ എല്ലാവരുംകൂടി എന്നെ കൊല്ലുന്നതിന്നുവേണ്ടി, തങ്ങൾക്കായും പാണ്ഡവന്മാർക്കായും ഇറങ്ങി എന്നോടു പൊരുതുവിൻ. പാഞ്ചാലപുത്രനായ ധൃഷ്ടദ്യുമ്നനോടും എന്റെ വാക്കാൽ പറയുക. എടോ ധൃഷ്ടദ്യുമ്നാ, നിനക്കു സമയമായിരിക്കുന്നു. നീ ആ കാര്യം നേടുക. പോരിൽ ദ്രോണനോടേല്ക്കുമ്പോൾ അറിയാം നിന്റെ മുഖ്യമായ ഹിതം. നല്ല സുഹൃത്തായിത്തന്നെ നീ പൊരുതുക. ദുഷ്കരമായ ക്രിയ നീ ചെയ്യുക. എടോ ഉലൂകാ, ശിഖണ്ഡിയോടും ഞാൻ പറഞ്ഞതായി പറയുക. പെണ്ണാണെന്നു വിചാരിച്ച് കൗരവൻ നിന്നെ കൊല്ലുകയില്ല. വില്ലാളിമുഖ്യനായ ഭീഷ്മൻ നിന്നെ കൊല്ലുകയില്ല. നിർഭയമായി നീ പൊരുതിക്കൊള്ളുക. നീ കിണഞ്ഞു പോരാടുക. നിന്റെ പൗരുഷം കാണാമല്ലോ എന്നു പറഞ്ഞു ദുര്യോധനൻ ഉറക്കെ ചിരിച്ച് ഉലൂകനോടു വീണ്ടും പറയുവാൻ തുടങ്ങി; എടോ ഉലൂകാ, കൃഷ്ണൻ കേൾക്കുമാറു നീ പിന്നെ അർജ്ജുനനോടു പറയൂ. നീ ഞങ്ങളെ ജയിച്ചു ഭൂമി രക്ഷിക്കുക. അല്ലെങ്കിൽ ഞങ്ങൾ തോല്പിച്ചിട്ടു യുദ്ധഭൂമിയിൽ ചത്തുകിടക്കുക. നാടൊഴിപ്പിച്ച ക്ലേശവും കാട്ടിലെ പാർപ്പും കൃഷ്ണാപരിക്ലേശവും ഇതൊക്കെ നീ ഓർത്ത് ആണായി നില്ക്കുക! ക്ഷത്രിയസ്ത്രീ പെറ്റതിന്റെ ഫലം നിനക്ക് അടുത്തു. ബലം, വീര്യം, ശൗര്യം,

അസ്ത്രലാഘവം, പൗരുഷം ഇതൊക്കെ കാട്ടി നീ ആണാണെങ്കിൽ പകവീട്ടുക! പരിക്ലേശപ്പെട്ടു ദുഃഖിച്ചു വളരെ നാൾ പാർത്തവന്ന് ഐശ്വര്യം ലഭിക്കാതെവന്നാൽ ഹൃദയം പൊട്ടുകയില്ലേ? കുലീനനായി, ശൂരനായി, പരദ്രവ്യകാംക്ഷയില്ലാത്തവനായി ഇരിക്കുന്ന ഒരുത്തന്നു രാജ്യം ശത്രു അടക്കുന്നതുകൊണ്ട് ഉള്ളു കാളിയില്ലെന്നുവരും. നീ അന്നു പറഞ്ഞ ആ വാക്ക് ഇന്നു കർമ്മം കൊണ്ടു നടത്തുക! ചെയ്യാതെ മേനിപറയുന്നവനെ സത്തുക്കൾ വിഡ്ഢിയാണെന്നേ പറയുകയുള്ളു. ശത്രുക്കളുടെ പാട്ടിലുള്ള പാർപ്പും രാജ്യവും നീ വീണ്ടെടുക്കുക. ഈ രണ്ടു കാര്യങ്ങളും നിനക്കു പൗരുഷമുണ്ടെങ്കിൽ ചെയ്യുക.

നിങ്ങളെ ചൂതിൽ തോല്പിച്ചു എന്നു മാത്രമല്ല സഭയിൽ കൃഷ്ണയെ കയറ്റുകയും ചെയ്തു. നിങ്ങൾ ആണുങ്ങളാണെങ്കിൽ ഇതിൽ അമർഷം കൊള്ളേണ്ടതാണ്. പന്ത്രണ്ടുവർഷം വീടുവിട്ടു കാട്ടിൽ ഞാൻ പാർപ്പിച്ച നീ പിന്നെ ഒരുകൊല്ലം വിരാടന്റെ ദാസനെയും പാർത്തു. നാട്ടിൽനിന്നും ഓടിച്ച ക്ലേശം, കാട്ടിലെ പാർപ്പ്, കൃഷ്ണയെ പരിക്ലേശിപ്പിച്ചത്, ഇതൊക്കെ ചിന്തിച്ചു നീ ആണായി നില്ക്കുക! അപ്രിയോക്തികൾ ആവർത്തിച്ചാവർത്തിച്ച് പറയുന്ന ശത്രുവിൽ നീ അമർഷം കാണിക്കുക! അമർഷംതന്നെയാണ് പൗരുഷം! ക്രോധം, ബലം, വീര്യം, ജ്ഞാനം, ദിവ്യാസ്ത്രലാഘവം, ഇതൊക്കെ നീ കാണിക്കെടോ പാർത്ഥാ. പോരിൽവന്ന് ആണായി നില്ക്കെടോ. നാളെ കേശവനോടുകൂടിവന്ന്, ശസ്ത്രപൂജചെയ്തു ചളികെട്ടാത്ത കുരുക്ഷേത്രത്തിൽ വന്ന് സൈന്യങ്ങളോടുകൂടി നിന്ന്, പോരുചെയ്യുവാൻ വരൂ! പോരിൽ ഭീഷ്മനോടു ഏല്ക്കാതെ എന്തിനാണ് ഈ മേനി പറച്ചിലൊക്കെ? ഗന്ധമാദനം കയറാൻ മുതിരുന്ന വിഡ്ഢിയെപ്പോലെ നീ എന്തിനാണ് ഈ വമ്പൊക്കെപ്പറയുന്നത്? വാക്കു കുറയ്ക്കുക! പ്രവൃത്തി നടത്തുക ആണാണെങ്കിൽ! പോരിൽ ദുർദ്ധർഷനായ കർണ്ണനേയും ശക്തനായ ശല്യനേയും ശക്രസമനായ ദ്രോണനേയും ജയിക്കാതെ രാജ്യത്തിന്നു കൊതിച്ചിട്ടു ഫലമുണ്ടോ?

ബ്രഹ്മവേദത്തിന്റെയും ധനുർവ്വേദത്തിന്റെയും ഉള്ളറിയുന്നവനാണ് ഗുരു. പോരിൽ ധുര്യനും അവിക്ഷോഭ്യനും പടയിൽക്കേറുന്ന അച്യുതനുമാണ് അദ്ദേഹം. തേജസ്വിയായ ആ ദ്രോണനെ ജയിക്കാമെന്ന മോഹം വെറുതെയാണ്. മേരുവിനെ കാറ്റു മർദ്ദിച്ചതായി ഞാൻ കേട്ടിട്ടില്ല. കാറ്റു മേരുവിനെ ഏറ്റിയെന്നുവരാം, ആകാശം ഇടിഞ്ഞുവീണേക്കാം, യുഗവും മാറിവന്നേക്കാം. എന്നാലേ നീ പറഞ്ഞ കാര്യം നടക്കുവാൻപോകുന്നുള്ളു. ജീവനിൽ കൊതിയുള്ള മനുഷ്യൻ അദ്ദേഹത്തോടു പോരിൽ ഏറ്റു ജീവനോടെ സ്വഗൃഹത്തിൽ മടങ്ങിയെത്താമെന്നു മോഹിക്കേണ്ടാ. ഈ രണ്ടുപേരോടും മത്സരിച്ചു ദാരുണമായ അസ്ത്രം ഏല്ക്കുന്നവൻ ഭൂമിയിൽ കാൽകുത്തി ജയിച്ചു മടങ്ങുവാൻ മോഹിക്കേണ്ടാ. കിണറ്റിൽ വാഴുന്ന തവളയെപ്പോലെ നീ ഈ നരരാജന്റെ സൈന്യത്തെ വെല്ലുവാൻ മോഹിക്കുന്നു. ദേവസൈന്യത്തോടൊത്തതും ദേവതുല്യന്മാരായ രാജാക്കന്മാർ പാലിക്കുന്നതും ദുർദ്ധർഷവുമായ സൈന്യത്തെ ജയിക്കാമെന്നു മോഹിക്കുകയാണ് നീ. പ്രതീച്യരും, പ്രാച്യരും, ദാക്ഷിണാത്യരും, ഉദീച്യരും, കാബോജശകന്മാരും, മത്സ്യസാല്വരും, കുരുക്കളും, മദ്ധ്യദേശ്യരും, മ്ലേച്ഛരും, പുളിന്ദരും, ദ്രാവിഡരും, ആന്ധ്രക്കാരും, കാഞ്ച്യരും ചേർന്ന നാനാജനൗഘത്തോടുകൂടിയതും മഹത്തായ ഗംഗാപ്രവാഹം പോലെ ദുഷ്പ്രധൃഷ്യവുമായ സൈന്യത്തെയും ആനപ്പടയ്ക്കു നടുവിൽ നില്ക്കുന്ന എന്നേയും നീ എതിർത്ത് ജയിക്കുമെന്നോ വിഡ്ഢീ! മരമണ്ടാ!

അമ്പൊടുങ്ങാത്ത നിന്റെ ആവനാഴിയും, അഗ്നി തന്ന തേരും, നിന്റെ ദിവ്യമായ ധ്വജവുമൊക്കെ ഞങ്ങൾ അറിയും. മേനി പറയാതെ പോരാടുക! എന്തിനീ മേനിപറച്ചിൽ? പരിശ്രമത്താൽ സിദ്ധിയുണ്ടാകും; മേനികൊണ്ട് ഒന്നും സാധിക്കയില്ല. മേനി പറയുന്നതുകൊണ്ട് മാത്രം കാര്യം നടക്കുമെങ്കിൽ കാര്യം നടക്കാത്തവർ വല്ലവരും ലോകത്തിലുണ്ടാകുമോ? എടോ ധനഞ്ജയാ! വാക്കുകൊണ്ടു ശൗര്യം പറയുവാൻ സാധിക്കാത്തവരായി ലോകത്തിൽ വല്ലവരുമുണ്ടോ?

നിന്റെ സഹായിയായ കൃഷ്ണന്റെ യോഗ്യത ഞാൻ അറിയുന്നുണ്ട്. നിന്റെ പനപോലത്തെ ഗാണ്ഡീവത്തിന്റെ യോഗ്യതയും എനിക്കറിയാം. നിന്നോടു തുല്യനായ യോദ്ധാവില്ലെന്നും എനിക്കറിയാം ഇതൊക്കെ അറിഞ്ഞിട്ടും നിന്റെ രാജ്യം ഞാൻ കൈയിലാക്കി! മനസ്സിലായോ? നിന്റെ യോഗ്യതകൊണ്ടും പ്രയത്നംകൊണ്ടും യാതൊരു കാര്യവുമില്ല. ബ്രഹ്മാവുതന്നെ മനസ്സുവെക്കണം കാര്യം നേടണമെങ്കിൽ. പതിമ്മൂന്നു കൊല്ലം നീ കരഞ്ഞുകരഞ്ഞു നടന്നു. നിന്റെ രാജ്യം ഞാൻ ആണായിട്ടു ഭരിച്ചു. ഇനിയും എനിക്കു കഴിയും നിന്റെ സകല ബന്ധുക്കളോടുംകൂടി നിന്നെ കൊന്നു ശാസിക്കുവാൻ നിന്റെ ഗാണ്ഡീവമെവിടെയായിരുന്നു. നിന്നെ ഞാൻ ചൂതിൽ ജയിച്ചു ദാസനാക്കിയപ്പോൾ? അന്ന് ആ ഭീമന്റെ ബലവും എവിടെപ്പോയിരുന്നു? ഗദയേന്തിയ ഭീമനാലും, ഗാണ്ഡീവമെടുത്ത പാർത്ഥനാലും അന്നു വിടുതി കിട്ടിയോ? കൃഷ്ണയാൽ മാത്രമല്ലേ നിങ്ങൾക്കു വിടുതി കിട്ടിയത്. ആ പാഞ്ചാലിയല്ലേ മഹാവീരന്മാരായ നിങ്ങളെ ദാസ്യത്തിൽനിന്ന് വിമുക്തരാക്കിയത്? നിങ്ങൾ അമാനുഷമായ നിലയിൽ ദാസ്യകർമ്മത്തിൽ നില്ക്കുകയല്ലേ ആയിരുന്നത്? 'നിങ്ങൾ പതിരെള്ള്' എന്നു ഞാൻ പറഞ്ഞു. അതു സത്യമാണുതാനും. വിരാടപുരിയിൽ പാർത്ഥൻ പെണ്ണിനെപ്പോലെ മുടി കെട്ടിവെച്ച് ആടിപ്പാടി നടന്നില്ലേ? ഭീമൻ വിരാടന്റെ അടുക്കളയിൽ പണിയെടുത്തു കുഴങ്ങിയില്ലേ? ഇതൊക്കെ ഈയുള്ളവന്റെ പൗരുഷമാണ്. ഇങ്ങനെയാണ് ക്ഷത്രിയൻ ക്ഷത്രിയനെ ശിക്ഷിക്കുക. മുടി കെട്ടിവെപ്പിച്ച് ആണും പെണ്ണുമല്ലാത്തവനാക്കി കന്യകമാരെ നൃത്തം പഠിപ്പിക്കുവാൻ വേഷംകെട്ടിച്ചു നിന്നെ ആടിച്ചില്ലേ? ഇങ്ങനെയാണ് എന്നോടു കളിച്ചാൽ!

വാസുദേവനെ പേടിച്ചും നിന്നെ പേടിച്ചും ഞാൻ രാജ്യം വിട്ടുതരുമെന്നു വിചാരിക്കേണ്ടാ. നീ കേശവനോടുകൂടി യുദ്ധംചെയ്തുകൊള്ളുക! മായ മാത്രമല്ല, ഇന്ദ്രജാലവും ഘോര മായ കൃത്യാപ്രയോഗവും പോരിൽ ശസ്ത്രമെടുത്തവന് എതിർ കോപം വളർത്താൻ കൊള്ളാം. ആയിരം വാസുദേവന്മാരും, നൂറ് അർജ്ജുനന്മാരും അമോഘബാണനായ എന്നോട് ഏറ്റാൽ കണ്ട ദിക്കിലേക്കു പ്രാണനുംകൊണ്ട് ഓടിക്കളയും. ഭീഷ്മനുമായി എതിർത്ത് മലയിൽ തലതല്ലിത്തകർക്കുക. വളരെ അഗാധമായ പുരുഷസമുദ്രം കൈകൊണ്ടു തുഴഞ്ഞു കടക്കുക!

ശാരദ്വതനാകുന്ന വലിയ മത്സ്യവും, വിവിംശതിയാകുന്ന മഹാസർപ്പവും, ബൃഹത്ബലനാകുന്ന കോളലയും, സോമദത്തനാകുന്ന ത്ഡക്ഷേന്ദ്രനും, ഭീഷ്മനാകുന്ന വെള്ളത്തള്ളലും, ദ്രോണനാകുന്ന ഗ്രാഹവുംകൊണ്ട് അതിഭീമമായി കർണ്ണശല്യന്മാരാകുന്ന ത്ഡഷംചുറ്റി കാംബോജബഡവാഗ്നിയോടും യുയുത്സുവാകുന്ന ജലത്തോടുംകൂടി ഭഗദത്തനാകുന്ന കൊടുങ്കാറ്റടിക്കുന്ന ശ്രുതായുഹാർദ്ദിക്യമഹാസമുദ്രത്തിൽ ഇറങ്ങുകയാണ് നീ. ദുശ്ശാസനനാകുന്ന ഒഴുക്കും, ശലശല്യരാകുന്ന മത്സ്യവും, സുഷേണനും, ചിത്രായുധനുമാകുന്ന നാഗനക്രങ്ങളും, ജയദ്രഥനാകുന്ന അദ്രിയും, പുരുമിത്രനാകുന്ന ആഴവും, ദുർമ്മർഷണനാകുന്ന വെള്ളവും, ശകുനിയാകുന്ന കുണ്ടുംചേർന്ന് ശസ്ത്രൗഘങ്ങളാകുന്ന ഒഴുക്കോടുകൂടി അക്ഷയമായി കോളടിക്കുന്ന ആ സമുദ്രത്തിൽക്കടന്ന് ഉള്ളുതളർന്ന്, മനസ്സു മങ്ങി, ബന്ധുക്കളൊക്കെ മുങ്ങിത്തുടിച്ചു ചാകുമ്പോൾ നിന്റെ മനസ്സ്

വല്ലാതെ പരിതപിക്കുന്നതാണ്. അപ്പോൾ നിന്റെ മനസ്സ് ആകാശത്തിൽനിന്നെന്നപോലെ, ക്ഷണത്തിൽ മഹീപ്രശാസനത്താൽ ശമിച്ചു. മഹാദുർല്ലഭമായ രാജ്യം തപോഹീനന്നു സ്വർഗ്ഗം എന്നപോലെ നേടാം."

161. ഉലൂകവാക്യം - സഞ്ജയൻ പറഞ്ഞു: "കൈതവ്യനായ ഉലൂകൻ പാണ്ഡവന്മാരുടെ പടവീട്ടിൽച്ചെന്ന് അവരെക്കണ്ട് യുധിഷ്ഠിരനോടു പറഞ്ഞു: 'രാജാവേ, ഭവാൻ ദൂതവാക്യത്തെപ്പറ്റി അറിയുന്നവനാണല്ലോ. ദുര്യോധനൻ പറഞ്ഞയച്ചമാതിരി ഞാൻ ഭവാനോടു പറയുന്നു. അതുകേട്ട് ഭവാൻ എന്നിൽ ക്രോധിക്കാതിരിക്കണേ!"

യുധിഷ്ഠിരൻ പറഞ്ഞു: "എടോ ഉലൂകാ, നീ പേടിക്കേണ്ട. ഭയപ്പെടാതെ പറയുക. ദൂരദൃഷ്ടിയില്ലാത്ത ആ ധാർത്തരാഷ്ട്രൻ, ആ ലോഭി പറയുന്നതു കേൾക്കട്ടെ."

അവൻ തേജസ്വികളായ പാണ്ഡവന്മാരുടേയും സൃഞ്ജയന്മാരുടേയും മാധവന്റേയും മക്കളോടുകൂടിയ ദ്രുപദന്റേയും വിരാടന്റേയും മറ്റു രാജാക്കന്മാരുടേയും മദ്ധ്യത്തിൽവെച്ച് ഇപ്രകാരം പറഞ്ഞു.

ഉലൂകൻ പറഞ്ഞു: "മഹാശയനായ ധൃതരാഷ്ട്രരാജാവ് ഇപ്രകാരം ഭവാനോടു പറയുന്നു. കുരുവീരന്മാർ കേൾക്കെയാണ് അദ്ദേഹം എന്നോടു പറഞ്ഞത്. അതു ഭവാൻ കേട്ടാലും. 'ചൂതിൽ നിന്നെ ജയിക്കുകയും കൃഷ്ണയെ ഞാൻ സഭയിൽ കയറ്റുകയുംചെയ്തു. നീ ആണാണെങ്കിൽ, ചുണയുള്ള പുരുഷനാണെങ്കിൽ അതിൽ അമർഷം കൊള്ളേണ്ടതാണ്. പന്ത്രണ്ടുകൊല്ലം വീടുവിട്ട് കാട്ടിൽ താമസിച്ച നീ, ഒരു കൊല്ലം പിന്നെ വിരാടന്റെ ദാസനായും പാർത്തു. അമർഷവും, രാജ്യഹരണവും, വനവാസവും, കൃഷ്ണാപരിക്ലേശവുമൊക്കെ ചിന്തിച്ച് നീ ആണായി നിൽക്കു! അശക്തനായ ഭീമൻ ശപിച്ചല്ലോ ദുശ്ശാസനന്റെ രക്തം കുടിക്കുമെന്ന്. അങ്ങനെയാകാം. ശക്തനാണെങ്കിൽ അവൻ ദുശ്ശാസനന്റെ രക്തം കുടിക്കട്ടെ! ശസ്ത്രാദിപൂജചെയ്ത്, ചളികെട്ടാത്ത കരുക്ഷേത്രത്തിൽനിന്ന് അശ്വങ്ങളോടും യോദ്ധാക്കളോടും ചേർന്നുനിന്ന്, കേശവന്റെ സഹായത്തോടുകൂടി നാളെ പോരിന്ന് ഒരുങ്ങിവരിക! പോരിൽ ഭീഷ്മനോട് ഏല്ക്കാതെ എന്തിനീ മേനിയൊക്കെ പറയുന്നു! ഗന്ധമാദനം കയറുവാൻ മുതിരുന്ന വിഡ്ഢിയെപ്പോലെ വമ്പുപറഞ്ഞതുകൊണ്ടു കാര്യമില്ല. മേനിപറച്ചിലൊക്കെ നിർത്തി ആണായി നീ നില്ക്കുക! ദുർദ്ധർഷനായ കർണ്ണനേയും, ശക്തനായ ശല്യനേയും, ശചീപതിസമനായ ദ്രോണനേയും പോരിൽ ജയിക്കാതെ രാജ്യം കിട്ടണമെന്നു നീ ആഗ്രഹിച്ചുവല്ലോ! ബ്രഹ്മവേദവും, ധനുർവ്വേദവും ഗാഢമായി അറിയുന്ന ഗുരുവിനെ, തേജസ്വിയായ ദ്രോണനെ, യുദ്ധത്തിൽ ജയിക്കാമെന്നു വെറുതെ മോഹിക്കയാണ്. മേരുവിനെ കാറ്റ് മർദ്ദിച്ചതായി ഞാൻ കേട്ടിട്ടില്ല. കാറ്റ് മേരുവിനെ പൊക്കിയെന്നുവരാം. ആകാശം ഭൂമിയിൽ ഇടിഞ്ഞുവീണെന്നു വരാം, യുഗക്രമം മാറിയെന്നുവരാം. എന്നാൽ നീ പറഞ്ഞതൊക്കെ ഒക്കും. ഈ ശത്രുജിത്തിനോടെതിർത്ത് ജീവനിൽ കൊതിയുള്ള ഒരുത്തൻ ആന, കുതിര മുതലായ സൈന്യങ്ങളോടുകൂടി സുഖമായി ഗൃഹത്തിലെത്തുമോ ഭീഷ്മദ്രോണന്മാരോടെതിർത്തിട്ട്? അവർ വിടുന്ന ദാരുണമായ ശരങ്ങളേറ്റ് കാൽ നിലത്തൂന്നുന്ന ഏതൊരുത്തൻ പോരിൽ ജീവനോടെ മടങ്ങും?

കിണറ്റിൽ വാഴുന്ന തവളയെപ്പോലെ നീ ഈ രാജസൈന്യങ്ങളെപ്പറ്റി ചിന്തിക്കുകയാണ്. ദേവന്മാർതന്നെ പോരിന്നുവന്നാലും ജയിക്കുവാൻ കഴിയാത്തതും, ദേവതുല്യരായ രാജാക്കന്മാർ പാലിക്കുന്നതും, കിഴക്കും, തെക്കും, പടിഞ്ഞാറും, വടക്കും, കാംബോജരും, ശകന്മാരും, ഖഗന്മാരും, മത്സ്യരോടൊത്ത സാല്വന്മാരും, കുരുമദ്ധ്യദേശ്യന്മാരും, മ്ലേച്ഛന്മാരും, പുളിന്ദന്മാരും, ദ്രമിഡന്മാരും, ആന്ധ്രാക്കാരും, കാഞ്ച്യന്മാരും ഇങ്ങനെ പല ജനസമൂഹവും ചേർന്നു തടിച്ച പടയിൽ, ഗംഗാപ്രവാഹംപോലെ ദുഷ്പ്രധർഷമായ പടയിൽ, ആനക്കൂട്ടത്തിന്റെ ഉള്ളിൽ നില്ക്കുന്ന എന്നെ എടോ ജളാ, മന്ദബുദ്ധേ, മരമണ്ടാ, നീ എതിർക്കുമെന്നോ?' ഇപ്രകാരം ഉലൂകൻ രാജാവായ യുധിഷ്ഠിരനോടു പറഞ്ഞതിന്നുശേഷം അർജ്ജുനന്റെ നേരെ തിരിഞ്ഞ് ഇപ്രകാരം തുടർന്നു: 'മേനിപറയാതെ യുദ്ധംചെയ്യൂ! എന്താണു മേനികൊണ്ടു കാര്യം? പരിശ്രമംകൊണ്ടു കാര്യം സാധിച്ചതായി കേട്ടിട്ടുണ്ട്. മേനിവാക്കു പറഞ്ഞു കാര്യം ആരും നേടിയതായി ഞാൻ കേട്ടിട്ടില്ല! പൊങ്ങച്ചം പറഞ്ഞതുകൊണ്ട് കാര്യങ്ങൾ നടക്കുമെങ്കിൽ ആരാണ് സിദ്ധാർത്ഥന്മാരാകാതിരിക്കുക? മേനി പറയുവാൻ കഴിയാത്തവർ ലോകത്തിൽ വല്ലവരുമുണ്ടോ?

നിന്റെ സഹായിയായ കൃഷ്ണനെ ഞാൻ അറിഞ്ഞിട്ടുണ്ട്. പനപോലെ ഉയർന്ന നിന്റെ ഗാണ്ഡീവത്തേയും എനിക്കറിയാം. നിന്നോടു തുല്യനായ യോദ്ധാവ് വേറെ ഇല്ലെന്നും ഞാൻ അറിയുന്നുണ്ട്. ഇതൊക്കെ അറിഞ്ഞിട്ടുതന്നെയാണ് നിന്റെ രാജ്യം ഞാൻ ഹരിച്ചത്. നീ വിചാരിക്കുന്നു, ഇതൊക്കെയുണ്ടെങ്കിൽ ലോകം മുഴുവൻ പിടിച്ചടക്കാമെന്ന്. പരിശ്രമംകൊണ്ട് എല്ലാം മനുഷ്യൻ നേടുകയില്ല. അതും വെറും വിഡ്ഢിത്തമാണ്. ബ്രഹ്മാവ് മനസ്സുവച്ചാലേ വേണ്ടതൊക്കെ പുരുഷന്നു നേടുവാൻ കഴിയൂ. നീ പതിമ്മൂന്നു കൊല്ലം കരഞ്ഞു കാട്ടിൽക്കിടന്നു. ആ കാലമൊക്കെ ശ്രീമാനായി ഞാൻ നാടുവാണു. ഇനിയും എനിക്കു കഴിവുണ്ട് നിന്നെ ബന്ധുക്കളോടുകൂടെ ഹനിച്ചു ശാസിക്കുവാൻ. അത് ഞാൻ ചെയ്യും!

ഞാൻ നിന്നെ ചൂതിൽ ജയിച്ചു ദാസനാക്കിയപ്പോൾ നിന്റെ ഗാണ്ഡീവം ഏത് അടുപ്പിലായിരുന്നു? എടോ, ഫൽഗുനാ! അന്ന് ആ ഭീമന്റെ ബലവും എവിടേക്കു പോയിരുന്നു? ഗദയെടുത്ത ഭീമനാലും ഗാണ്ഡീവമെടുത്ത പാർത്ഥനാലും അന്നു വിടുതി കിട്ടിയോ? പിന്നെ ആയുധങ്ങളുടെ വമ്പു പറഞ്ഞതു മതി! അന്നു നിങ്ങളെ രക്ഷിച്ചതാരാണ്? കൃഷ്ണ മാത്രമല്ലേ നിങ്ങളെ കരകയറ്റിയത്? ദാസ്യത്തിൽപ്പെട്ട നിങ്ങളെ രക്ഷിക്കുവാൻ ഒരു പെണ്ണു വേണ്ടിവന്നു! നിങ്ങൾ അമാനുഷമായനിലയിൽ ദാസ്യത്തിൽപ്പെട്ടു നില്ക്കുമ്പോൾ നിങ്ങളെ ദാസ്യത്തിൽനിന്നു കയറ്റിവിടുവാൻ ഒരു പെണ്ണു വേണ്ടിവന്നു! "പതിരായ എള്ളുകൾ" എന്നു ഞാൻ നിങ്ങളെപ്പറ്റി പറഞ്ഞു. അതിൽ എന്താണ് തെറ്റ്? നിങ്ങൾ പതിരെള്ളുകൾ തന്നെ! വിരാടപുരിയിൽ അർജ്ജുനൻ പെണ്ണിന്റെ മാതിരി മുടികെട്ടിവച്ചു നടനത്തിന്നു നടന്നുപോലും! വിരാടന്റെ അടുക്കളയിൽ അടുക്കളപ്പണിയെടുത്ത് ഭീമൻ കുഴങ്ങിയില്ലേ? ഇതൊക്കെയാണ് ഈയുള്ളവന്റെ പൗരുഷം! ഇങ്ങനെയുള്ള ശിക്ഷ ക്ഷത്രിയന്മാർ ക്ഷത്രിയന്മാർക്കു കൊടുക്കും! മുടികെട്ടി ഷണ്ഡനായിട്ടു കന്യകയെ ആടിച്ചില്ലേ? വാസുദേവനെപ്പേടിച്ചും, നിന്നെപ്പേടിച്ചും അർജ്ജുനാ! ഞാൻ രാജ്യം തരുമെന്നു മോഹിക്കേണ്ട. ഞാൻ രാജ്യം തരില്ല. നീ നിന്റെ കേശവനോടു കൂടി യുദ്ധക്കളത്തിലിറങ്ങുക!

മായയല്ല, ഇന്ദ്രജാലമല്ല, ഘോരകൃത്യാപ്രയോഗംതന്നെയെടുത്താലും, അതൊക്കെ എന്തിന്നു പറ്റും? പോരിൽ ശസ്ത്രമെടുത്ത ശത്രുവിൽ കോപം വളർത്തുവാൻമാത്രം കൊള്ളാം. ആയിരം വാസുദേവന്മാരും, നൂറ് അർജ്ജുനന്മാരും ഒരുമിച്ചുവന്നാലും ഞാൻ എന്റെ അമോഘമായ ബാണം എടുക്കുമ്പോൾ പ്രാണനുംകൊണ്ട് അവർ കണ്ടദിക്കിലേക്ക് ഓടിപ്പാഞ്ഞുകളയും!

നീ ഭീഷ്മനുമായി എതിർക്കൂ! മലയിൽ നിന്റെ തല തല്ലി ത്തകർക്കൂ! മഹാപുരുഷന്മാരാകുന്ന ഈ സൈന്യസമുദ്രം കൈകൊണ്ടു തുഴഞ്ഞു കടക്കുന്നതു ഞാനൊന്നു കാണട്ടെ!

ശാരദ്വതമഹാമത്സ്യവും, വിവിംശതി മഹാഹിയും, ബൃഹ ത്ബലക്കോളലയും, സൗമദത്തിജ്ത്ഡഷേന്ദ്രനും, ഭീഷ്മത്തള്ള ലുമായി ഏന്തുന്ന ദ്രോണഗ്രാഹത്താൽ അതിഭീഷണമായി കർ ണ്ണശല്യത്ഡഷങ്ങൾ ചുറ്റുന്ന കാംബോജബഡവാഗ്നിയുള്ള സൈന്യസമുദ്രം നീകടക്കുന്നതു ഞാനൊന്നു കാണട്ടെ!

ദുശ്ശാസനനായ ഒഴുക്കും, ശലശല്യരാകുന്ന സ്രാവുകളും, സുഷേണൻ, ചിത്രായുധൻ മുതലായ നാഗനക്രങ്ങളും, ദുർമ്മർഷണനാകുന്ന ജലവും ശകുനിയാകുന്ന കുണ്ടും ചേർന്ന ശസ്ത്രൗഘമാകുന്ന ഓഘത്തോടുകൂടിയ അക്ഷയസമുദ്രത്തിൽ കടന്ന് അതിൽ വീണ് ഉള്ളുമയങ്ങി, ആ അഗാധനദിയിൽ ബന്ധു ക്കളോടുകൂടി മുങ്ങിത്തുടിക്കുമ്പോൾ നിന്റെ മനസ്സു വല്ലാതെ പരിതപിക്കുന്നതു കാണാം. അപ്പോൾ നിന്റെ മനസ്സ് ആകാശ ത്തുനിന്നെന്നപോലെ മഹീപ്രശാസനത്താൽ ശമിച്ചു സുദുർല്ല ഭമായ രാജ്യം തപോഹീനന്നു സ്വർഗ്ഗമെന്നപോലെ നേടാം."

162. കൃഷ്ണാദിവാക്യം - ദുര്യോധനന്നുള്ള പ്രതി സന്ദേശം – സഞ്ജയൻ പറഞ്ഞു: "ഉലൂകൻ പിന്നെ അർജ്ജു നനോടു പറഞ്ഞു. ആ വാക്കുകൾ ക്രുദ്ധനായ പാമ്പിനെ സൂചി കൊണ്ട് കുത്തുന്നവിധത്തിലായിരുന്നു. അവന്റെ ആ വാക്കുകൾ കേട്ടു പാണ്ഡവൻ നല്ലപോലെ കോപിച്ചു. മുമ്പേതന്നെ ക്രോധ ത്തോടുകൂടിയവനാണെങ്കിലും കൈതവ്യന്റെ ധർഷണത്താൽ പാണ്ഡവന്മാർ വല്ലാതെ ക്രുദ്ധരായിത്തീർന്നു. പീഠങ്ങളിൽ നിന്ന് എഴുന്നേറ്റ് അവർ കൈകൾ ചുറ്റും കുടഞ്ഞു ക്രുദ്ധരായ സർപ്പങ്ങൾപോലെ അന്യോന്യം നോക്കി. തല താഴ്ത്തി ഭീമസേ നൻ കൃഷ്ണന്റെനേരെ പാമ്പിനെപ്പോലെ ചീറി! അതിലോഹി തമായ കണ്ണുകൾകൊണ്ടു നോക്കി. ക്രോധത്തോടെ ആ വായു പുത്രൻ ഏറ്റവും ദുഃഖിതനായി നില്ക്കുന്നതുകണ്ട് ദാശാർഹൻ പുഞ്ചിരികൊണ്ട് ഉലൂകനോടു പറഞ്ഞു: 'എടോ, കൈതവ്യാ, നീ വേഗത്തിൽ ഇവിടെനിന്നു പോകൂ. ആ സുയോധനനോടു പറ യൂ. നിന്റെ അഭിപ്രായംപോലെതന്നെ എല്ലാം നടക്കുമെന്നു പറ യൂ. ഇപ്രകാരം പറഞ്ഞ് മഹാബാഹുവായ കൃഷ്ണൻ മഹാപ്രാ ജ്ഞനായ ധർമ്മപുത്രനെ നോക്കി. അപ്പോൾ അരികെ ഇരി ക്കുന്ന സൃഞ്ജയന്മാരുടേയും, മാധവന്റേയും മക്കളോടുകൂടിയ വിരാടന്റേയും, പാർഷതന്റേയും, മറ്റു രാജാക്കന്മാരുടേയും മദ്ധ്യ ത്തിൽവെച്ച് ഉലൂകൻ അർജ്ജുനനോട് ആ വാക്കുകൾ വീണ്ടും പറഞ്ഞു. ക്രുദ്ധനായ പാമ്പിനെപ്പോലെ വാക്യസൂചിയാൽ കുത്തുന്ന നിലയിൽ കൃഷ്ണാദ്യന്മാരായ എല്ലാവരോടും പറ ഞ്ഞയച്ചമാതിരിതന്നെ അവൻ പറഞ്ഞു. ഉലൂകന്റെ ക്രൂരമായ ആ ദുഷ്ടഭാഷിതം കേട്ടു പാർത്ഥന്മാരെല്ലാവരും ക്ഷോഭിക്കുകയും നെറ്റിത്തടം തുടയ്ക്കുകയുംചെയ്തു. പാർത്ഥന്റെ ആ മട്ടു കണ്ട പ്പോൾ ആ സദസ്സു പൊറുത്തില്ല. പാണ്ഡവന്മാരെല്ലാം വല്ലാതെ ഇളകിക്കഴിഞ്ഞു. മഹാന്മാരായ കൃഷ്ണാർജ്ജുനന്മാരെ നന്ദിച്ച തുകേട്ടപ്പോൾ ആ നരവ്യാഘ്രന്മാർ കോപക്കലികൊണ്ടു. ധൃഷ്ട ദ്യുമ്നൻ, ശിഖണ്ഡി, യുയുധാനൻ, കേകയഭ്രാതാക്കൾ അഞ്ചു പേർ, ഘടോൽക്കചനിശാചരൻ, ദ്രൗപദേയന്മാർ, അഭിമന്യു, ധൃഷ്ടകേതു, വീരനായ ഭീമൻ, മാദ്രേയന്മാർ മുതലായവരെല്ലാം ക്രോധരക്താക്ഷന്മാരായി പീഠംവിട്ട് എഴുന്നേറ്റു. മുത്തുക്കുല യുള്ള തോൾവളകളും, വളയുമിട്ടും രക്തചന്ദനവും, ചന്ദനവും പൂശിയ കൈകൾ ഉയർത്തി, പല്ലിറുമ്മി നാവിനാൽ ചുണ്ടു നക്കി നനച്ച് അസ്വസ്ഥരായി നിന്നു. അവരുടെ ഹൃദയം അറിഞ്ഞ് ഭീമൻ ചാടിയെഴുന്നേറ്റു കത്തിജ്ജ്വലിക്കുന്ന കോപത്തോടെ കണ്ണു രണ്ടും ഉരുട്ടി, പല്ലിറുമ്മിക്കടിച്ചു കൈകൾ തമ്മിൽ തിരുമ്മി ക്കൊണ്ട് ഉലൂകനോടു പറഞ്ഞു: 'അശക്തരെപ്പോലെയുള്ള ഞങ്ങൾക്ക് ഉത്സാഹകാരണമായ നിന്റെ വാക്ക് ഹേ, മൂർഖാ! ഞാൻ കേട്ടു. ദുര്യോധനൻ പറഞ്ഞയച്ച ആ വാക്കു ഞാൻ കേട്ടു. എടോ, വിഡ്ഢീ, ഞാൻ പറയുന്ന ദുരാസദമായ വാക്കും നീ കേട്ടുകൊൾക. ക്ഷത്രിയന്മാരുടെ നടുവിൽവെച്ചു നീ ദുര്യോധ നനോടു പറയണം. കർണ്ണനും ദുഷ്ടനായ നിന്റെ അച്ഛനും കേൾക്കുവാനാണ് പറയുന്നത്. ജ്യേഷ്ഠഭ്രാതാവിന്റെ ഇഷ്ടം ചിന്തിച്ചു നിത്യവും ഈ ഞാൻ നിന്റെ തെറ്റു പൊറുത്തു. നീ അതു മാനിക്കുന്നില്ല. ശമം ചിന്തിച്ചു മുകുന്ദനെ കുരുമദ്ധ്യത്തി ലേക്കു വിട്ടു. കുലത്തിന്റെ ഹിതം ചിന്തിച്ചാണ് ധീമാനായ ധർമ്മ പുത്രൻ വിട്ടത്. കാലചോദിതനായ നീയാണെങ്കിൽ കാലപുരി യിലേക്കു യാത്രയായി നില്ക്കുന്നവനാണ്. നീ പോരിന്നു വന്ന് ഞങ്ങളോട് ഏല്ക്കുക; അതു നാളെത്തന്നെ നടക്കട്ടെ! അനുജ ന്മാരോടുകൂടി നിന്നെ വധിക്കുമെന്നുള്ളത് ഞാൻ സത്യംചെയ്തി ട്ടുള്ളതാണ്. അതും അങ്ങനെതന്നെയാകും ദുഷ്ടാ! അതിൽ ലേശവും സംശയം വേണ്ട. കരയെ കടൽ കയറിക്കടന്നേക്കാം. പർവ്വതങ്ങൾ തകർന്നുപോയേക്കാം. എന്നാൽ, ഞാൻ പറഞ്ഞ വാക്ക് ഒരിക്കലും പാഴിലായി വരികയില്ല. നിന്റെ സഹായി യമ നോ, കുബേരനോ, സാക്ഷാൽ രുദ്രൻതന്നെയോ ആയിക്കൊ ള്ളട്ടെ! സത്യംപാണ്ഡവന്മാർ ചെയ്തിട്ടുണ്ടെങ്കിൽ അവർ അതു നടത്തുകതന്നെ ചെയ്യും. ദുശ്ശാസനന്റെ രുധിരം ഇഷ്ടംപോലെ ഞാൻ കുടിക്കുകതന്നെ ചെയ്യും. അതിൽ ചൊടിച്ച് എന്നെ എതി രിട്ട് ഏല്ക്കുന്ന ക്ഷത്രിയൻ ഏവനായാലും ഭീഷ്മന്റെ മുമ്പിൽവെ ച്ചുതന്നെ ഞാൻ അവനെ കൊന്നുകളയും. ഞാൻ ക്ഷത്രിയസദ സ്സിൽവെച്ചു പറഞ്ഞ വാക്കുകൾ സത്യമാണ് എന്നു ഞാൻ കാണിച്ചുതരാം. എന്റെ ആത്മാവാണ് ഇതു സത്യമാണ്.' ഭീമ സേനൻ പറഞ്ഞതു കേട്ടപ്പോൾ അമർഷിയായ സഹദേവനും ചൊടിച്ചു കണ്ണുചുവത്തി ഇപ്രകാരം പറഞ്ഞു: 'ഗർവ്വോടുകൂടി ശൂരനെപ്പോലെ പടയാളികളുടെ നടുവിൽവെച്ചു ഞാൻ പറയു ന്നതും ദുഷ്ടാ, നീ കേൾക്കുക! നിന്റെ അച്ഛനോടു പറയുവാ നാണ് ഞാൻ പറയുന്നത്. കുരുക്കളോടു ഞങ്ങൾക്കു കലഹമു ണ്ടാവുകയില്ലായിരുന്നു. തീർച്ചയാണ്; നിന്നോടു ധൃതരാഷ്ട്രന്ന് ചാർച്ചയില്ലായിരുന്നുവെങ്കിൽ! ലോകം മുടിക്കുവാനും, ധൃതരാ ഷ്ട്രന്റെ വംശം മുടിക്കുവാനും, സ്വന്തം കുലത്തിന്റെ ഹാനി ക്കുംവേണ്ടി വൈരപുരുഷനായി നീ തീർന്നു. ഞങ്ങൾക്കു ജന്മം തൊട്ട് നിന്റെ അച്ഛൻ ശകുനി എന്ന ആ പാപപുരുഷൻ ക്രൂരങ്ങ ളായ അഹിതങ്ങൾ പതിവായി ചെയ്യുവാൻ ഇച്ഛിച്ചിരിക്കുകയാ ണ്. കടന്നെത്താൻ കുഴങ്ങുന്ന വൈരപ്പക ഞാൻ നികത്തും. ഞാൻ ആദ്യംതന്നെ ശകുനി കാൺകെ നിന്നെ വധിക്കും; പിന്നെ ശകുനിയേയും കൊല്ലും, ധന്വികൾ കാൺകെ അതു നടക്കും!'

ഭീമനും സഹദേവനും പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അർജ്ജുനനും ഭീമനെ നോക്കി മന്ദസ്മിതത്തോടെ പറഞ്ഞു: 'ഭീ മാ, നിന്നോടു പകയുള്ളവരൊന്നും ഭൂമിയിൽ ശേഷിച്ചുനില്ക്കു കയില്ല. ഗൃഹത്തിൽ സുഖിക്കുന്ന ആ മന്ദന്മാർ കാലൻ വീശിയ വലയിൽ കുടുങ്ങിയിരിക്കുകയാണ്. ഉലൂകനോട് പരുഷം പറ യരുതേ! പറഞ്ഞുവിട്ട വാക്കു പറയുന്ന ദൂതന്മാർ കുറ്റക്കാരല്ല. ഭീമവീര്യനായ ഭീമനോട് ഇപ്രകാരം പറഞ്ഞതിന്നുശേഷം ആ മഹാഭുജൻ ധൃഷ്ടദ്യുമ്നാദ്യരായ ഇഷ്ടവീരന്മാരോടു പറഞ്ഞു: 'നിങ്ങൾ ആ ദുഷ്ടനായ ധാർത്തരാഷ്ട്രന്റെ മൊഴി കേട്ടുവല്ലോ. കൃഷ്ണനേയും അവൻ നിന്ദിച്ചിരിക്കുന്നു. പിന്നെ, വിശേഷിച്ച് എന്നേയും. ഞങ്ങളുടെ നന്മയ്ക്ക് ഉത്സാഹിക്കുന്ന നിങ്ങൾ കേട്ടു ചൊടിച്ചുപോയിരിക്കും. വാസുദേവന്റെ പ്രസാദത്താലും, സർവ്വ ക്ഷത്രിയമന്നവന്മാരേയും ഞാൻ വകവയ്ക്കുന്നില്ല. നിങ്ങളുടെ സമ്മതത്തോടുകൂടി ഈ വാക്കിന്റെ ഉത്തരം, ദുര്യോധനനോടു പറയുവാൻ, ഉലൂകന് ഞാൻ കൊടുക്കാം. ഈ വാക്കിന്റെ ഉത്തരം

നാളെ പടത്തലയ്ക്കൽവെച്ചു ഗാണ്ഡീവംകൊണ്ടു പറയാം. മൊഴികൊണ്ടുള്ള ഉത്തരം ക്ലീബന്മാർക്കുള്ളതാണ്."

സഞ്ജയൻ തുടർന്നു: 'പാർത്ഥന്റെ മൊഴികേട്ടപ്പോൾ നൃപന്മാരെല്ലാം അഭിനന്ദിച്ചു പ്രശംസിച്ചു. ഇപ്രകാരമുള്ള വാക്യോപചാരത്താൽ നരേശ്വരന്മാർ വിസ്മയിച്ച് അവനെ സമ്മതിപ്പിച്ചു. ഞായംപോലെയും, വയഃക്രമം അനുസരിച്ചും, അങ്ങോട്ടു ചൊല്ലേണ്ടതായ വാക്ക് ധർമ്മരാജാവു പറഞ്ഞു.

സഞ്ജയൻ ധൃതരാഷ്ട്രനോടു തുടർന്നു: 'ആത്മാഭിമാനി! ഡംഭം ഉള്ളവൻ ഉത്തമനായി ഭവിക്കയില്ല. അതിന്ന് ഉത്തരം നിന്റെ ശുശ്രൂഷയ്ക്ക് നില്ക്കുന്നവനായ ഞാൻ പറയാം. ഭരതശ്രേഷ്ഠാ! ധൃതരാഷ്ട്രാ, ദുര്യോധനൻ ഊർജ്ജിതമായി പറഞ്ഞയച്ച വാക്യങ്ങൾക്കു മറുപടി ധർമ്മപുത്രൻ സാമത്തോടുകൂടിയാണ് പറഞ്ഞത്. തുടുത്ത കണ്ണുമായി സർപ്പത്തെപ്പോലെ ചീറ്റുന്ന അവൻ ക്രോധംകൊണ്ടു ഹരിക്കുന്നവിധം ചുണ്ടു നക്കി നനച്ചു ഭ്രാതാക്കന്മാരിലും, കൃഷ്ണനിലും കണ്ണുവിട്ടുകൊണ്ടു തന്റെ ദീർഘമായ ബാഹുക്കൾ പൊക്കി ഉലൂകനോടു പറഞ്ഞു: 'ഉലൂകാ, നീ പോയിട്ടു കൃതഘ്നനും, പാപപുരുഷനും, കുലം കെടുക്കുന്ന ദുർബ്ബുദ്ധിയുമായ ദുര്യോധനനോടു പറയൂ! എപ്പോഴും നീ പാണ്ഡവന്മാരിൽ ചതിചെയ്യുന്നു. പരവീര്യംകൊണ്ടു വിക്രമിച്ചു ശത്രുക്കളോട് ഏല്ക്കുന്നവൻ ഖലനാണ്. നിർഭയമായി പറഞ്ഞ വാക്കു നടപ്പിലാക്കുന്ന ക്ഷത്രിയനാണ് പുരുഷൻ. പാപിയായ ക്ഷത്രിയനാണ് നീ. നമ്മെ പോരിന്നു വിളിച്ചു മാന്യരായ അമാത്യന്മാരെ മുന്നിൽ നിർത്തി പൊരുതരുത് കുലാധമാ! തന്റെ വീര്യവും, തന്റെ ഭൃത്യന്മാരുടെ വീര്യവും അവലംബിച്ചു പാർത്ഥന്മാരെ പോരിന്നു വിളിക്കുക! അങ്ങനെ നീ ക്ഷത്രിയനാവുക! പരവീര്യത്തെ ആശ്രയിച്ചു പരന്മാരെ പോരിന്നു വിളിക്കുന്നവൻ തന്നെക്കൊണ്ടു നേടുവാൻകഴിയാത്ത, ശക്തികെട്ട ക്ലീബനാണ്. നീയാണെങ്കിൽ പരന്മാരുടെ വീര്യത്തെ ആശ്രയിച്ചു മാനം നേടുകയാണ്. ഇങ്ങനെ അശക്തനായ നീ എന്താണ്, എന്തിനാണ് എന്നോടേറ്റ് എതിർക്കുവാൻ ഭാവിക്കുന്നത്?"

കൃഷ്ണൻ പറഞ്ഞു: "എടോ ഉലൂകാ, ഇനി നീ എന്റെ വാക്കും ദുര്യോധനനോടു പറയണം. നാളെ വന്ന് ഏറ്റ് എതിർക്കുക! ദുർമ്മതേ, അപ്പോൾ എല്ലാം പ്രത്യക്ഷത്തിൽ കാണാം! എടോ മൂഢാ, നീ ഓർക്കുന്നുണ്ടാകും ജനാർദ്ദനൻ പൊരുതുകയില്ലെന്ന്. പാർത്ഥന്റെ സാരഥിയാണല്ലോ എന്നു വിചാരിച്ച് നീ ഭയപ്പെടുന്നില്ലായിരിക്കും! അവസാനകാലത്ത് ഇതു പറ്റുമെന്നു വിചാരിക്കേണ്ട. മന്നവന്മാരെയൊക്കെ ഞാൻ ക്രോധംകൊണ്ട് ഉണക്കപ്പുല്ലിനെ അഗ്നിയെന്നവിധം ചുട്ടു ചാമ്പലാക്കിക്കളയും. യുധിഷ്ഠിരന്റെ കല്പനപ്രകാരം ഏറ്റവും യോഗ്യനും ജിതാത്മാവുമായ അർജ്ജുനന് യുദ്ധത്തിൽ ഞാൻ സാരഥ്യം കൈയേറ്റതാണ്. നീ മൂന്നു ലോകത്തിലും പാഞ്ഞുകയറിയാലും, പാതാളത്തിൽപ്പോയാലും അതാതിടത്തൊക്കെ ഞാൻ അർജ്ജുനന്റെ രഥം നാളെ പുലർച്ചയിൽ കൊണ്ടെത്തിക്കും. ഭീമസേനന്റെ ആ വാക്കു പാഴായിപ്പോകുമെന്നു നീ വിചാരിക്കുന്നു. ദുശ്ശാസനന്റെ രുധിരം കുടിച്ചു എന്നുതന്നെ നീ ധരിച്ചുകൊള്ളുക. നിന്നെ അർജ്ജുനനും, ധർമ്മരാജാവായ യുധിഷ്ഠിരനും, ഭീമനും, യമന്മാരും നോക്കുകയില്ല. അധികപ്രസംഗം പറയുന്ന മൂർഖനെ ആരും ഗണിക്കുകയില്ല."

163. ഉലൂകൻ മടങ്ങിപ്പോകുന്നു – സഞ്ജയൻ പറഞ്ഞു: ദുര്യോധനന്റെ വാക്കു കേട്ടു ചുവന്ന കണ്ണുകളോടുകൂടി ആ കൗരവ്യനെ കൃഷ്ണൻ നോക്കി. അപ്പോൾ അർജ്ജുനൻ കേശവന്റെ മുഖത്തു നോക്കി ദീർഘമായ തന്റെ കൈ ഉയർത്തി ഉലൂകനോടു പറഞ്ഞു:

"തന്റെ വീര്യത്തെ ആശ്രയിച്ചു ശത്രുക്കളെ പോരിന്നു വിളിച്ചു നിർഭയമായി പൊരുതുന്നവൻ ഏവനോ അവനാണു പുരുഷൻ! പരന്റെ വീര്യം കണ്ടു പരന്മാരെ പോരിന്നു വിളിക്കുന്നവൻ അശക്തനായ ക്ഷത്രബന്ധുവാണ്. അവൻ ലോകത്തിൽ പുരുഷാധമനാണ്. നീ പരന്മാരുടെ വീര്യംകൊണ്ടു തന്റെ വീര്യത്തെ ചിന്തിക്കുന്നവനാണ്. നികൃഷ്ടപുരുഷനും മൂഢനുമായ നീ വിജ്ഞനാണെന്നു ധരിക്കുന്നു! ജിതേന്ദ്രിയനും ഹിതമതിയും, സർവ്വമന്നവന്മാരിലുംവെച്ചു വൃദ്ധനും പ്രാജ്ഞനുമായ ആ മഹാത്മാവിനെ മരണത്തിന്നു ദീക്ഷയെടുപ്പിച്ച് ഇപ്രകാരം മേനിപറയുകയാണോ? ഹേ, ദുർബുദ്ധേ, നിന്റെ ഉള്ളു ഞങ്ങൾ അറിഞ്ഞു. കുലപാംസനാ! നീ വിചാരിക്കുന്നുണ്ടാകും പാണ്ഡവന്മാർ കരുണകൊണ്ടു ഭീഷ്മരെ കൊല്ലുകയില്ലെന്ന്. ആ മഹാനുഭാവന്റെ വീര്യം കണ്ടിട്ടാണല്ലോ ധാർത്തരാഷ്ട്രാ! നീ വമ്പുപറയുന്നത്? ധനുർദ്ധരന്മാരൊക്കെ കാൺകെ ആദ്യമായിത്തന്നെ ആ ഭീഷ്മനെ വധിക്കുന്നതാണ്. എടോ കൈതവ്യാ, നീ ഭാരതന്മാരുടെ പാർശ്വത്തിൽച്ചെന്നു ദുര്യോധനനോടു പറയണം, അർജ്ജുനൻ പറഞ്ഞു, ഇന്നു രാത്രി അവസാനിച്ചാൽ യുദ്ധം തുടങ്ങുമെന്ന്. ഊർജ്ജിതാശയനായ ഭീഷ്മൻ കുരുക്കൾക്കു സന്തോഷത്തിന്നുവേണ്ടി പറഞ്ഞു, താൻ സൃഞ്ജയസാല്വസൈന്യങ്ങളെയൊക്കെ കൊല്ലാമെന്ന്. അങ്ങനെ പറഞ്ഞതുമൂലം അതു തന്റെ ഭാരമായി ആ സത്യസന്ധൻ വിചാരിക്കുന്നുണ്ടാകാം. പിന്നെ അദ്ദേഹം പറഞ്ഞിരിക്കാം, 'ദ്രോണർ കൂടാതെതന്നെ ഈ ശത്രുലോകത്തെ മുഴുവൻ ഞാൻ കൊല്ലും; നിനക്ക് ഇനി പാണ്ഡവന്മാരെ ഭയപ്പെടേണ്ടതില്ല' എന്ന്. അതു വിചാരിച്ചു നീ രാജ്യം കൈയിലായി എന്നും പാണ്ഡവന്മാരൊക്കെ ആപത്തിലായെന്നും വിചാരിക്കുന്നു. ഗർവ്വിഷ്ഠനായ നിനക്കു വന്നേറ്റതായ അനർത്ഥം ഒന്നും അറിയുന്നില്ല. എന്നാൽ ഞാൻ, നിന്റെ ഭടന്മാർ കണ്ടുനില്ക്കെത്തന്നെ ആ കുരുവൃദ്ധനെ ആദ്യമായി വധിക്കുന്നതാണ്. സൂര്യോദയത്തിൽ പടകൂട്ടി രഥധ്വജാഢ്യനായ നീ ആ സത്യവാനെ രക്ഷിക്കുക. ഞാൻ നിങ്ങൾ കാൺകെ നിങ്ങളുടെ ആ വൻസമുദ്രത്തിൽ ദ്വീപായി നില്ക്കുന്ന ആ ഭീഷ്മനെ തേരിൽനിന്ന് എയ്തു വീഴ്ത്തുന്നതാണ്. നാളെ പ്രഭാതമായാൽ എന്റെ അസ്ത്രം ദേഹത്തിൽ തറച്ചു പിതാമഹനെ ദുര്യോധനൻ കാണുമ്പോൾ മേനിവാക്കിന്റെ അർത്ഥം അറിയും. സഭയിൽ ഭീമസേനൻ ക്രോധത്താൽ ചെയ്ത പ്രതിജ്ഞയും, കാഴ്ചയിൽ മുണ്ടനും, നിന്റെ അനുജനും, അധർമ്മിഷ്ഠനും, നിത്യവൈരിയും, പാപബുദ്ധിയും, നൃശംസനുമായ ദുശ്ശാസനൻ ഭീമന്റെ ശപഥം സത്യമാകുമോ എന്നതു നിനക്ക് അതുകൊണ്ടുതന്നെ അനുമാനിക്കുവാൻ സാധിക്കും. അഭിമാനം, ഗർവ്വ്, കോപം, പൗരുഷം എന്നിവയ്ക്കും, നൃശംസതയ്ക്കും, മൂർച്ചയ്ക്കും, ധർമ്മവിദ്വേഷണത്തിനും, അധർമ്മമായ ദുർവ്വാക്കുകൾക്കും, വൃദ്ധാതിക്രമണത്തിനും, കാഴ്ചയ്ക്കും, സർവ്വസേനയ്ക്കും മുറ്റുന്ന അപനയത്തിനും, തീവ്രമായ ഫലം ഉടനെതന്നെ സുയോധനാ, നിനക്കു കാണാറാകും. കൃഷ്ണൻ തുണയ്ക്കുന്ന ഈ ഞാൻ ക്രോധിച്ച് എതിർത്താൽ, എടോ നരാധമാ, പിന്നെ ജീവനിൽ കൊതിയും രാജ്യകാംക്ഷയുമൊക്കെ എങ്ങനെയാകും? ഭീഷ്മദ്രോണന്മാർ ശമിച്ചാൽ സൂതപുത്രൻ പതിച്ചാൽ പിന്നെ നിന്റെ ജീവനെവിടെ, നാടെവിടെ, പുത്രന്മാരെവിടെ? എല്ലാറ്റിലും നീ നിരാശനായിത്തീരും, ഭ്രാതാക്കളും മക്കളുമൊക്കെ ചത്തുകെട്ടു സുയോധനൻ ഭീമന്റെ തല്ലുകൊള്ളുമ്പോൾ എല്ലാ ദുഷ്കൃതങ്ങളും ചിന്തിക്കും. എടോ കൈതവ്യാ, ഞാൻ ഇനി രണ്ടാമതും ഒരു സത്യം ചെയ്യുന്നില്ല. സത്യമായി പറഞ്ഞതൊക്കെ സത്യമായിത്തന്നെ വരും."

പിന്നെ ധർമ്മരാജാവും ഉലൂകനോടു പറഞ്ഞു: "എടോ ഉലൂകാ, നീ പോയി ദുര്യോധനനോടു ഞാൻ പറഞ്ഞതായിപ്പറയു

ക. സ്വവൃത്തംകൊണ്ട് എന്റെ വൃത്തം നേടാൻ നീ നോക്കേണ്ട. രണ്ടിന്നും അന്തരം കാണും സുനൃതവും അനൃതവും എന്ന മട്ടിൽ. എടോ സുയോധനാ, ഞാൻ ഉറുമ്പിന്നും പുഴുവിന്നുംകൂടി ദോഷം മനസ്സിൽ വിചാരിക്കുന്നില്ല. പിന്നെയുണ്ടോ ജ്ഞാതിവധത്തെപ്പറ്റി അല്പമെങ്കിലും നിനയ്ക്കുന്നു! അതിന്നുവേണ്ടിയാണ് ഉണ്ണീ ഞാൻ അഞ്ചു ഗ്രാമത്തിന്നു നിന്നോടു യാചിച്ചത്. ദുർബുദ്ധേ, നിന്റെ പരമസങ്കടം കാണാതിരിക്കുവാൻ എനിക്കു കഴിയുമോ? നീ കാമാവിഷ്ടനായി, മൂഢനായി മേനി പറയുന്നു. വാസുദേവന്റെ ഹിതമായ വാക്കും നീ കൈക്കൊള്ളുന്നില്ല. എന്തിനധികം പറയുന്നു! നീ ബന്ധുക്കളോടുകൂടി യുദ്ധംചെയ്തുകൊള്ളുക. എനിക്കു വിപ്രിയംചെയ്ത കൗരവനോടു ഇതു പറഞ്ഞേക്കൂ! കേട്ടില്ലേ, പൊരുൾ ഗ്രഹിച്ചില്ലേ, നിന്റെ മതം പോലെ അതു ഭവിക്കട്ടെ!"

ഭീമസേനൻ വീണ്ടും രാജപുത്രനോടു പറഞ്ഞു: "എടോ ഉലൂകാ, എന്റെ ഈ വാക്കുകൾ ആ ദുഷ്ടനും, പാപബുദ്ധിയും, ശഠനും, ചതിയനും, പാപിയുമായ ദുര്യോധനനോടു പറയൂ. നരാധമാ, കഴുകിന്റെ വയറ്റിലോ അല്ലെങ്കിൽ ഹസ്തിനപുരത്തിലോ പാർക്കണം. സഭാമദ്ധ്യത്തിൽ ഞാൻ ചെയ്ത സത്യം ഞാൻ നിർവ്വഹിക്കും. എന്റെ വാക്കു സത്യമാണ്! സത്യമാണ്! സത്യമാണ്! ദുശ്ശാസനന്റെ രുധിരം ഞാൻ അവനെ പോരിൽ കൊന്നു കുടിക്കും. നിന്റെ അനുജന്മാരെയൊക്കെ കൊന്ന ഞാൻ നിന്റെ തുട അടിച്ചുടയ്ക്കും. എടോ സുയോധനാ, എല്ലാ ധാർത്തരാഷ്ട്രന്മാർക്കും ഞാൻ മൃത്യുവാണെന്നു ധരിക്കൂ! എല്ലാ രാജപുത്രന്മാർക്കും അഭിമന്യു മൃത്യുവാണ്. അതിൽ സംശയം വേണ്ട. കർമ്മംകൊണ്ടു ഞാൻ തുഷ്ടിയാക്കാം. വീണ്ടും എന്റെ മൊഴി നീ കേൾക്കുക. ദുര്യോധനാനുജന്മാരോടുകൂടി ദുര്യോധനാ! നിന്നെ വധിച്ചു ധർമ്മജൻ കണ്ടുനില്ക്കെ ഞാൻ നിന്റെ തലയ്ക്കു കാലുവെയ്ക്കും.

പിന്നെ നകുലൻ ഇപ്രകാരം പറഞ്ഞു: "രാജാവേ, ധാർത്തരാഷ്ട്രനായ ദുര്യോധനനോട് ഉലൂകാ, നീ പോയിപ്പറയൂ. നീ എല്ലാ വാക്കുകളും ശരിക്കു കേട്ടില്ലേ? നീ എന്നോടു പറഞ്ഞ വിധമൊക്കെ ചെയ്യുന്നതാണ്."

സഹദേവനും അർത്ഥപൂർണ്ണമായ വാക്കു പറഞ്ഞു: "എടോ ദുര്യോധനാ, നിന്റെ ഈ ദുർബുദ്ധി പാഴായിത്തീരും. മഹാരാജാവേ, പുത്രന്മാരോടും ജ്ഞാതികളോടും ബന്ധുക്കളോടുംകൂടി നീ ദുഃഖിക്കും! നീ ഇപ്പോൾ സന്തോഷിച്ചു മേനിപറയുന്നതുകൊണ്ടു ക്ലേശമാണ് വരാൻ പോകുന്നത്."

വൃദ്ധരായ മത്സ്യദ്രുപദന്മാരും ഉലൂകനോടു പറഞ്ഞു: "സാധുവിന്നു ദാസ്യമേല്ക്കാമെന്നാണല്ലോ നിത്യമായ ആശയം. അദാസരോ ദാസരോ എന്നുള്ളതു പൗരുഷംപോലെയാണ്."

പിന്നെ ശിഖണ്ഡിയും ഉലൂകനോടു പറഞ്ഞു: "എപ്പോഴും പാപംതന്നെ ചിന്തിച്ചിരിക്കുന്ന രാജാവിനോടു പറയുക. പോരിൽ അത്യുഗ്രമായ കർമ്മം ഞാൻ ചെയ്യുന്നതു നീ കാണുക! ആരുടെ വീര്യം കൈയിലാക്കിയിട്ടാണ് നീ പടയിൽ വിജയംകാണുന്നത്, ആ നിന്റെ പിതാമഹനെ ഞാൻ തേരിൽനിന്നു വീഴ്ത്തും. എന്നെ ധാതാവു സൃഷ്ടിച്ചത് ഭീഷ്മനെ കൊല്ലുവാനാണ്. ആ ഞാൻ ഈ ഭീഷ്മനെ ധനുർദ്ധരന്മാർ കാൺകെ കൊല്ലും."

ധൃഷ്ടദ്യുമ്നനും ഉലൂകനോടു പറഞ്ഞു: "രാജപുത്രനായ ദുര്യോധനനോട് എന്റെ മൊഴികൾ ചെന്നു പറയൂ, ദ്രോണനെ ബന്ധുഗണത്തോടു ചേർന്നുനിന്നു ഞാൻ കൊല്ലുന്നതാണ്. മഹത്തായ പൂർവ്വചരിതം എനിക്കും ചെയ്യേണ്ടതുണ്ടല്ലോ. അന്യൻ ചെയ്യാത്തവിധം ഞാൻ ആ കാര്യം നിർവ്വഹിക്കും."

ധർമ്മരാജാവ് കരുണയോടെ വീണ്ടും അവനോടു പറഞ്ഞു:

"രാജാവേ, ഞാൻ ഒരിക്കലും ജ്ഞാതിവധം കാമിക്കുന്നില്ല. ദുർബുദ്ധേ, നിന്റെ ദോഷംകൊണ്ടാണ് ഇതൊക്കെ സംഭവിക്കുവാൻ പോകുന്നത്. മഹത്തായ പൂർവ്വചരിതം ഞാനും ചെയ്യേണ്ടതാണ്. എടോ, ഉലൂകതാതാ! ഭവാനു സമ്മതമാണെങ്കിൽ വേഗം പോയാലും. ഭവാൻ എവിടെ പാർത്താലും ഭദ്രം ഭവിക്കട്ടെ! ഞങ്ങൾ നിന്റെ ബന്ധുക്കളാണല്ലോ!"

ഉലൂകൻ ധർമ്മരാജാവിനോടു യാത്രപറഞ്ഞ് അവിടെനിന്നിറങ്ങി. ദുര്യോധനന്റെ അടുത്തേക്കു നടന്നു. ഈ വാക്കുകളൊക്കെ യത്നത്താൽ കിതവനായ ഉലൂകൻ മനസ്സിൽ ദൃഢമായി ധരിച്ചു. എല്ലാവരോടും സമ്മതം വാങ്ങി വന്നവഴിക്കു തിരിച്ച ഉലൂകൻ, അമർഷിയായ ദുര്യോധനനെ ചെന്നു കണ്ടു. അർജ്ജുനന്റെ സന്ദേശം പറഞ്ഞമാതിരിതന്നെ പറഞ്ഞറിയിച്ചു. കൃഷ്ണന്റേയും, ഭീമസേനന്റേയും, ധർമ്മരാജാവിന്റേയും പൗരുഷം അറിയിച്ചു. നകുലന്റെയും, വിരാടന്റെയും, ദ്രുപദന്റെയും, സഹദേവന്റെയും, ധൃഷ്ടദ്യുമ്നന്റെയും, ശിഖണ്ഡിയുടെയും, കൃഷ്ണാർജ്ജുനന്മാരുടെയും വാക്കുകൾ അവർ പറഞ്ഞപ്രകാരംതന്നെ എല്ലാം യഥാക്രമം പറഞ്ഞു.

ഉലൂകന്റെ ആ വാക്കുകേട്ട് ഭരതർഷഭനായ ദുര്യോധനൻ കർണ്ണനോടും ദുശ്ശാസനനോടും ശകുനിയോടും സുഹൃത്സൈന്യങ്ങളോടും കല്പിച്ചു: 'എല്ലാവരും പുലരുന്നതിന്നു മുമ്പായി പടകൂട്ടി നില്ക്കണം.'

ഉടനെ കർണ്ണൻ ദൂതനെ വിട്ടു. ദൂതന്മാർ തേരിലേറി ചുറ്റി. ചിലർ ഒട്ടകത്തേരിലും മറ്റു ചിലർ കുതിരപ്പുറത്തും കയറി കർണ്ണന്റെ കല്പനപ്രകാരം സൈന്യങ്ങളുടെ കൂടാരങ്ങളിലേക്ക് ഉദയത്തിന്നുമുമ്പ് പടകൂട്ടുവാനുള്ള കല്പന അറിയിക്കുവാൻ വേഗത്തിൽ പാഞ്ഞുപോയി.

164. സേനാപതിനിയോഗം – സഞ്ജയൻ പറഞ്ഞു: "ഉലൂകൻ വന്നു പറഞ്ഞതുകേട്ട് യുധിഷ്ഠിര രാജാവ് ധൃഷ്ടദ്യുമ്നനെ നേതാവാക്കി പടകൂട്ടി. കാലാൾ, തേര്, ആന, കുതിര ഇവ കൂടിക്കലർന്ന് നാലംഗങ്ങൾചേർന്ന് ഉഗ്രവും, ഭൂമിപോലെ ഇളകാത്തതും, ഭീമൻ കാക്കുന്നതും, അർജ്ജുനാദ്യരായ വീരന്മാർ ചേർന്നതുമായ സൈന്യപ്പരപ്പ് ധൃഷ്ടദ്യുമ്നന്റെ നേതൃത്വത്തിൽ നിശ്ചലമായ സമുദ്രംപോലെ ശോഭിച്ചു. ആ സൈന്യത്തിന്റെ മുൻഭാഗത്തായി പാഞ്ചാല്യനായ ധൃഷ്ടദ്യുമ്നൻ, യുദ്ധദുർമ്മദനായ ദ്രോണകാംക്ഷി പെരുമ്പട നടത്തി. ബലോത്സാഹാനുരൂപം അദ്ദേഹം തേരാളിമാരെ നിയമിച്ചു.

സൂതപുത്രന്ന് അർജ്ജുനനെ, ദുര്യോധനന്നു ഭീമനെ, ശല്യർക്കു ചൈദ്യനെ, കൃപന്ന് ഉത്തമൗജസ്സിനെ, ദ്രോണജന്ന് നകുലനെ, കൃതവർമ്മന്ന് ശൈബ്യനെ, സിന്ധുരാജന്ന് സാത്യകിയെ, ഭീഷ്മന്ന് ശിഖണ്ഡിയെ ഇങ്ങനെ ഓരോരുത്തനെ പ്രതിയോഗികളായി കല്പിച്ച് സേനാമുഖത്തിൽ നിയമിച്ചു. ശകുനിക്ക് മാദ്രിജനെ, ശലന്ന് ചേകിതാനനെ, ത്രിഗർത്തന്മാർക്ക് പാഞ്ചാലീപുത്രന്മാർ അഞ്ചുപേരെ ഇങ്ങനേയും ഓരോരുത്തനെ നിശ്ചയിച്ചു. വൃഷസേനന്ന് അഭിമന്യുവിനെ, മറ്റു മന്നവന്മാർക്കും ആ വീരനെത്തന്നെ നിയമിച്ചു. അർജ്ജുനനേക്കാൾ പോരിൽ അവൻ പോരുമെന്നും അവൻ വിചാരിച്ചു. പോരാളിമാരെ ഒന്നിച്ചും തിരിച്ചും വിഭജിച്ചു. അതിന്നുശേഷം ജ്വാലാവർണ്ണനായ വില്ലാളിവീരൻ, ധൃഷ്ടദ്യുമ്നൻ, ദ്രോണനെ അംശമായി വിചാരിച്ചുവെച്ചു.

ഇങ്ങനെ മഹേഷ്വാസനും സേനാപതിയും സർവ്വശക്തനുമായ ധൃഷ്ടദ്യുമ്നൻ അണികൾ ഉറപ്പിച്ചു യുദ്ധത്തിന്നായി.

പാണ്ഡവന്മാരുടെ ഉദ്ദേശമനുസരിച്ച്, വിജയപ്രാർത്ഥനയോടു കൂടി പടകൂട്ടി."

രഥാതിരഥസംഖ്യാനപർവ്വം

165. കൗരവരഥാതിരഥസംഖ്യ – ധൃതരാഷ്ട്രൻ പറഞ്ഞു: "പോരിൽ ഭീഷ്മനെ അർജ്ജുനൻ വധിക്കുന്നതാണെന്നു സത്യം ചെയ്തതിന്നുശേഷം എന്റെ മന്ദന്മാരായ ദുര്യോധനാദിസന്താനങ്ങൾ എന്തുചെയ്തു? പോരിൽ എന്റെ അച്ഛനായ ഭീഷ്മൻ ഹതനായെന്നുതന്നെ ഞാൻ കരുതുന്നു. വാസുദേവൻ സഹായിക്കുന്ന അർജ്ജുനൻ വിചാരിച്ചാൽ അതിന്ന് ഒട്ടും വിഷമമില്ല. അമിതപ്രാജ്ഞനായ പാർത്ഥൻ പറഞ്ഞ വാക്കുകേട്ടപ്പോൾ വില്ലാളികളിൽ ഉത്തമനായ ഭീഷ്മൻ എന്തുപറഞ്ഞു? മഹാബുദ്ധിമാനും മഹാപരാക്രമിയുമായ ഭീഷ്മൻ കുരുക്കളുടെ സേനാനായകത്വം വഹിച്ചതിന്നുശേഷം എന്താണ് ചെയ്തത്?"

വൈശമ്പായനൻ പറഞ്ഞു: "പിന്നെ കുരുവൃദ്ധനായ ഭീഷ്മൻ പറഞ്ഞതെല്ലാം ഒന്നും വിടാതെ സഞ്ജയൻ ധൃതരാഷ്ട്രനോടു പറഞ്ഞു.

സഞ്ജയൻ പറഞ്ഞു: 'രാജാവേ, ശാന്തനവനായ ഭീഷ്മൻ സേനാപതിത്വം കൈയേറ്റു ദുര്യോധനനോട് അവന്റെ മനസ്സ സന്തോഷിക്കുന്നവിധം ഇങ്ങനെ പറഞ്ഞു. ഞാൻ സർവ്വശക്തനായ ദേവസേനാനിയായ സുബ്രഹ്മണ്യനെ പൂജിച്ചു നമസ്കരിച്ചു നിന്റെ സേനാനിയായി നില്ക്കാം. അതിൽ സംശയം വേണ്ടാ. സേനാകർമ്മം എനിക്കറിയാം. പലമാതിരി വ്യൂഹങ്ങൾ ചമയ്ക്കുവാനും എനിക്കറിയാം. ഭൃത്യന്മാരെക്കൊണ്ടു വേണ്ടമാതിരി വേല ചെയ്യിക്കുവാനും യാത്ര, യാനം, യുദ്ധം, ഉപശയം എന്നിവയും ബൃഹസ്പതിയെപ്പോലെ എനിക്കുമറിയാം. ദേവം, മാനുഷം, ഗാന്ധർവ്വം എന്നിങ്ങനെയുള്ള വ്യൂഹാരംഭക്രമങ്ങളുൾക്കൊണ്ടും ഞാൻ പാണ്ഡവന്മാരെ മയക്കിവിടാം; നീ വ്യസനിക്കേണ്ടാ. ഈ ഞാൻ നിന്റെ പട രക്ഷിച്ച് ശാസ്ത്രീയമായി യുദ്ധം നടത്താം. നീ മനസ്സിലെ ജ്വരം കളയൂ!"

ദുര്യോധനൻ പറഞ്ഞു: "മഹാബാഹോ, ദേവാസുരന്മാർ ഒന്നിച്ചുകൂടിയാലും ഇനി എനിക്കു ഭയമില്ല. ഞാൻ ഈ പറയുന്നതു സത്യമാണ്. പിന്നെയുണ്ടോ ദുർദ്ധർഷനായ അങ്ങ് സേനാനിയായിരിക്കുമ്പോൾ! നരവ്യാഘ്രനായ ദ്രോണനും പോരിനെ കൊണ്ടാടിക്കൊണ്ടു നില്ക്കുമ്പോൾ! ഇങ്ങനെ രണ്ടു മഹാത്മാക്കൾ എന്നെ സഹായിക്കുവാനുണ്ടെങ്കിൽ എന്റെ വിജയം തീർച്ചപ്പെട്ടതുതന്നെ! അല്ലയോ കുരുശ്രേഷ്ഠാ! ദേവേന്ദ്രന്റെ നാടുതന്നെ പിടിക്കണമെന്നു വിചാരിച്ചാൽ എനിക്ക് അതും സാധിക്കും! ശത്രുക്കളുടേയും നമ്മുടേയും രഥസംഖ്യ മുഴുവനും, അതുപോലെതന്നെ അതിരഥന്മാരുടെ സംഖ്യയും അങ്ങു പറഞ്ഞു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരമായ ആത്മതത്ത്വബോധത്തിൽ പിതാമഹൻ പടുവാണല്ലോ. ഈ നില്ക്കുന്ന രാജാക്കളോടുകൂടി അങ്ങയുടെ അഭിപ്രായം കേൾക്കുവാൻ ഞാൻ ആഗ്രഹിച്ചു നില്ക്കുന്നു."

ഭീഷ്മൻ പറഞ്ഞു: "ഹേ, ഗാന്ധാരീപുത്രാ! നമ്മുടെ പടയിലെ രഥസംഖ്യ കേൾക്കുക. രഥികന്മാരുടെയും അതിരഥന്മാരുടെയും സംഖ്യ പറയാം. നിന്റെ സൈന്യത്തിൽ മുഖ്യരായ രഥികൾ ആയിരവും പതിനായിരം അർബ്ബുദവുമുണ്ട്.

ആദ്യമായി രഥോദാരന്മാർ നിന്റെ സോദരന്മാരാണ്. ദുശ്ശാസനാദ്യരായ നൂറു സഹോദരന്മാരോടുകൂടിയ നീ, നിങ്ങൾ എല്ലാവരും കൃതായുധന്മാരാണ്, കുത്തിക്കീറുവാൻ പഠിച്ചവരാണ്. തേർത്തട്ട്, ആനപ്പുറം, ഖൾഗം, ചർമ്മം, പ്രാസം, ഗദ എന്നിവയിൽ യന്താക്കളാണ്, സമർത്ഥന്മാരാണ്, പ്രകർത്താക്കളാണ്, കൃതാസ്ത്രരാണ്, ഭാരം ഏല്ക്കുന്നവരാണ്. വില്ലിലും അമ്പിലും ദ്രോണനും, കൃപന്നും ശിഷ്യരുമാണ്. ഇവർ പോരിൽ ഉഗ്രമദന്മാരായ പാഞ്ചാലവീരന്മാരെ കൊല്ലുവാൻപോന്നവരാണ്. പാണ്ഡവന്മാർ തെറ്റുചെയ്ത ധൃതരാഷ്ട്രജന്മാർ ധീരന്മാരാണ്. അപ്രകാരം ഭാരതേന്ദ്രാ, ഞാൻ നിന്റെ പടയുടെയെല്ലാം നായകനുമാണ്. പാർത്ഥന്മാരെ ധിക്കരിച്ചു ശത്രുക്കളെ ഞാൻ മുടിക്കും. എന്റെ ഗുണങ്ങളെപ്പറ്റി ഞാൻതന്നെ പറയുന്നതു പാടില്ലാത്തതാണെന്ന് നിനക്ക് അറിയാമല്ലോ.

പിന്നെ കൃതവർമ്മാവ് അതിരഥനാണ്. ആ ഭോജൻ ശസ്ത്രധരന്മാരിൽ ഉത്തമനാണ്. അവൻ യുദ്ധത്തിൽ നിനക്കുവേണ്ട കാര്യസിദ്ധിചെയ്യുവാൻ പ്രാപ്തിയുള്ളവനാണ്. ശസ്ത്രജ്ഞന്മാർക്ക് അനാധൃഷ്യനും, ദൂരേയ്ക്കെയ്യുവാൻ കഴിയുന്ന ദൃഢായുധനുമായ അവൻ ഇന്ദ്രൻ ദാനവരെയെന്നവിധം ശത്രുസൈന്യത്തെ മുടിച്ചുവിടും.

പിന്നെ മാദ്രേശനായ ശല്യൻ വില്ലാളികളിൽ അതിരഥനാണെന്നാണ് എന്റെ അഭിപ്രായം. യുദ്ധംതോറും കൃഷ്ണനോടു നിത്യവും മത്സരിക്കുന്നവനാണ്. മരുമക്കളെ വിട്ടു നിന്നോടു ചേർന്ന ആ അതിരഥൻ, മഹാരഥന്മാരായ പാണ്ഡവന്മാരുമായി ഏല്ക്കുന്നതാണ്. കടൽത്തിരയ്ക്കു തുല്യമായ അമ്പെയ്തു ശത്രുവർഗ്ഗത്തെ മുക്കുന്ന ഭൂരിശ്രവസ്സ് അസ്ത്രപടുവാണ്. നിനക്കു ഹിതനായ സുഹൃത്താണ്. വില്ലാളിയായ സൗമദത്തി രഥാതിരഥയൂഥപനാണ്, ശത്രുക്കൾക്കു വലിയ ബലക്ഷയം വരുത്തുവാൻ കെല്പുള്ളവനാണ് അവൻ. സിന്ധുരാജാവായ ജയദ്രഥൻ ദ്വിഗുണനായ രഥിയാണെന്നാണ് എന്റെ അഭിപ്രായം. പടയിൽ വീരനായി പൊരുതുന്ന അവൻ വിക്രമിയായ രഥോത്തമനാണ്. ദ്രൗപദീഹരണത്തിൽ പാർത്ഥന്മാർ പിടിച്ച് അവനെ കശക്കിവിട്ടിട്ടുണ്ടല്ലോ. ആ ക്ലേശത്തെ ചിന്തിച്ച് ശത്രുനാശനനായ അവൻ നല്ലമാതിരി പൊരുതുന്നതാണ്. ഇവൻ ഘോരമായ തപസ്സുചെയ്തു പാണ്ഡവരോടു പകവീട്ടുവാൻ സുദുർല്ലഭമായ വരം നേടിയിട്ടുണ്ട്. ആ വൈരം ചിന്തിച്ച് നരവ്യാഘ്രനായ അവൻ പ്രിയപ്പെട്ട പ്രാണനെക്കളഞ്ഞും പാർത്ഥനോട് ഏൽക്കുന്നതാണ്."

166. കൗരവരഥാതിരഥസംഖ്യ – ഭീഷ്മൻ പറഞ്ഞു: "കാംബോജരാജാവായ സുദക്ഷിണൻ ഏകഗുണനായ രഥിയാണെന്നാണ് എന്റെ പക്ഷം. നിന്റെ കാര്യസിദ്ധിക്കായി അവൻ ശത്രുക്കളോട് ധീരമായി പോരാടും. അവൻ ഇന്ദ്രതുല്യം വിക്രമിക്കുന്നതായി നിങ്ങൾക്കു കാണാം. ഇവന്റെ രഥവംശത്തിൽ ശക്തന്മാരായ യോദ്ധാക്കൾ, ശലഭംകണക്കേ എതിർക്കുന്ന കാംബോജന്മാർ, വേറെഅനവധിയുണ്ട്. മാഹിഷ്മതീനാഥനായ നീലനും, നീലവർമ്മാവും നിന്റെ രഥികളാണ്. അവർ രഥവംശത്തോടുകൂടി ശത്രുക്കളെ മുടിക്കും. പണ്ട് സഹദേവൻ വൈരമുണ്ടാക്കിത്തീർത്ത നീലവർമ്മാവ് രാജാവേ, നിനക്കുവേണ്ടി നിത്യവും പൊരുതുവാൻ സന്നദ്ധനാണ്. അവന്ത്യന്മാരായ വിന്ദനും, അനുവിന്ദനും, രഥസത്തമന്മാരാണെന്നു സർവ്വസമ്മതമാണ്. രഥസത്തമന്മാരായ അവർ പോരിൽ സമർത്ഥന്മാരും, ദൃഢവീര്യപരാക്രമരുമാണ്. ഇവർ ശത്രുസൈന്യത്തെ മുടിപ്പിക്കുന്ന പുരുഷവ്യാഘ്രന്മാരാണ്. ഇവർ ഗദ, പ്രാസം, തോമരം, അസ്ത്രം, വാൾ എന്നിവ വേണ്ടപോലെ പ്രയോഗിക്കുവാൻ സമർത്ഥരാണ്. യുദ്ധാർത്ഥികളായ ഇവർ പടയിൽക്കടന്നു കളിക്കുന്ന യൂഥപോപമന്മാരാണ്. അവർ യൂഥത്തിൽ അസ്ത്രവുമേന്തി ചരിക്കും. ത്രിഗർത്തഭ്രാതാക്കൾ അഞ്ചും രഥോദാരന്മാരാണെന്നാണ് എന്റെ അഭിപ്രായം. വിരാടനഗരത്തിൽവെച്ച് ഇവരിൽ പാർത്ഥൻ വൈരം വളർത്തി. തിരതല്ലുന്ന ഗംഗയിൽ വലിയ തിമിംഗലങ്ങൾ എന്നപോലെ പാർത്ഥവാഹ്നിയെ പോരിൽ ഇവർ കലക്കിമറി

ക്കും. സത്യരഥൻ തുടങ്ങിയ ഇവർ അഞ്ചു പേരും തേരാളിമാരാണ്. മുമ്പേ ചെയ്തത് ഓർമ്മവെച്ച് ഇവർ പോരിൽ പൊരുതുന്നതാണ്. പാണ്ഡുപുത്രനായ അർജ്ജുനൻ ദിഗ്ജയത്തിൽ അവരോട് അപരാധം ചെയ്കയാൽ അവർ പാർത്ഥന്മാരുടെ മഹാരഥന്മാരോട് ഏറ്റ്, ക്ഷത്രിയന്മാരിൽ ഭാരം വഹിക്കുന്ന നേതാക്കന്മാരെ ആ മഹാരഥന്മാർ കൊന്നുകളയും.

നിന്റെ പുത്രനായ ലക്ഷ്മണനും, ദുശ്ശാസനകുമാരനും ഇവർ രണ്ടുപേരും പോരിൽ പിൻമാറാത്ത പുരുഷവ്യാഘ്രന്മാരാണ്. ചെറുപ്പക്കാരും, ശക്തന്മാരും, സുന്ദരന്മാരും, രാജകുമാരന്മാരുമായ അവർ യുദ്ധകാര്യത്തിൽ വിശേഷജ്ഞരും, എല്ലാം നോക്കി നടക്കുന്നവരുമാണ്. ഇവർ കുരുശാർദ്ദൂലന്മാരായ രഥികളാണ്. എന്റെ അഭിപ്രായത്തിൽ ഇവർ രഥസത്തമന്മാരാണ്, ക്ഷത്രധർമ്മം ചേർന്ന ഈ വീരന്മാർ മഹത്തായ കാര്യം നടത്തുന്നവരാണ്, ദണ്ഡധാരൻ ഒരു രഥിയാണ്. നിനക്കുവേണ്ടി ആ പട കാക്കുന്ന പോരാളി പൊരുതും. കോസലരാജാവായ ബൃഹത്ബലൻ രഥസത്തമനാണ്. മഹാവിക്രമിയായ അവൻ ഒരു രഥിയാണ്. തന്റെ ബന്ധുക്കൾക്കു സന്തോഷം വളർത്തുമാറ് അവൻ വീറോടെ പൊരുതും. അവൻ ധാർത്തരാഷ്ട്രന്മാർക്കു ഹിതംചെയ്യുന്ന വികടായുധനായ വില്ലാളിയാണ്. ശാരദ്വതനായ കൃപൻ രഥയൂഥപയൂഥപനാണ്. തന്റെ പ്രാണനെ വെടിഞ്ഞും അവൻ ശത്രുസംഘത്തെ ചുട്ടുകളയും. മഹർഷിയായ, ശരദ്വാൻ എന്നു പേരായ, ഗൗതമന്നു ശരസ്തംബത്തിൽനിന്നു (ശരൽപ്പുൽക്കാട്), കാർത്തികേയൻ ജനിച്ചപോലെ ഇവൻ ജനിച്ചു. പലതരത്തിലുള്ള ആയുധങ്ങളും വില്ലും ഉള്ളവൻ, പടയാളിയായ ഇവൻ, പോരിൽ ദഹിപ്പിച്ചു സൈന്യത്തിൽ അഗ്നിപോലെ ചുറ്റും."

167. കൗരവരഥാതിരഥസംഖ്യ – ഭീഷ്മൻ പറഞ്ഞു: "നിന്റെ അമ്മാവനായ ശകുനി ഒരു ഒറ്റ രഥിയാണ്. പാർത്ഥരിൽ വൈരം ജനിപ്പിച്ച അവൻ നന്നായി പോരാടും. അതിൽ ശങ്കിക്കേണ്ടതില്ല. പോരിൽ അതുല്യനായ അവൻ ദുർദ്ധർഷനാണ്. പലവിധം ആയുധങ്ങളും പ്രയോഗിക്കുവാൻ സമർത്ഥനായ അവൻ വായുവേഗത്തിൽ പറന്നു പയറ്റും.

മഹേഷ്വാസനായ ദ്രോണപുത്രൻ എല്ലാ ധനുർദ്ധരന്മാരേക്കാളും മേലേയാണ്. സമരത്തിൽ ചിത്രയോധിയും സുദൃഢാസ്ത്രനും മഹാരഥനുമാണ് ഇവൻ. അർജ്ജുനന്റെ എന്നപോലെ ഇവന്റേയും ശരങ്ങൾ ഒന്നിനൊന്നു തൊട്ടുതൊട്ടു പോകും. ഞാൻ വിചാരിച്ചാൽ ഇവന്റെ യോഗ്യത പറഞ്ഞറിയിക്കുവാൻ കഴിയുകയില്ല. അചിന്ത്യമായ മഹത്വമാണ് ഇവന്നുള്ളത്. ഇവൻ വിചാരിച്ചാൽ മൂന്നു ലോകവും ചുട്ടെരിക്കും. തേജസ്സും ക്രോധവും ഋഷിക്കു ചേർന്ന തപസ്സും ഇവന്നുണ്ട്. ഈ മഹാശയൻ ദ്രോണാനുഗ്രഹമുള്ളവനും ദിവ്യാസ്ത്രസമ്പന്നനുമാണ്. ഈ ഗുണങ്ങളൊക്കെയുണ്ടെങ്കിലും ഈ മഹാരഥനു വലിയ ഒരു ദോഷമുണ്ട്. അതുകൊണ്ട് ഞാൻ ഇവനെ രഥാതിരഥയോഗത്തിൽ കൂട്ടുകയില്ല. ആ ദോഷമെന്താണെന്നു പറയാം. ജീവനിൽ കൊതി ഇവന്നു വളരെയുണ്ട്. ആയുഷ്മാനാണ്. ബ്രാഹ്മണനുമാണല്ലോ. ഈ ദോഷം ഒഴികെ മറ്റു ഗുണങ്ങൾകൊണ്ട് ഇവൻ അതുല്യപ്രഭാവനാണ്. 'രണ്ടു സൈന്യത്തിലും ഇവന്ന് കിടനില്ക്കുന്നവൻ ഇല്ലെന്നു പറയാം. ഒറ്റത്തേരാൽ ഇവൻ ദേവന്മാരുടെ സേനയെപ്പോലും തകർത്തുവിടും. ശൗര്യം മൂർത്തിമത്തായ ഇവൻ സിംഹനാദംകൊണ്ട് പർവ്വതത്തെപ്പോലും പിളർക്കും. അസംഖ്യം ഗുണങ്ങൾ ചേർന്ന ഈ വീരൻ കടുത്ത സാഹസങ്ങൾ ചെയ്യും. ദണ്ഡപാണിയെപ്പോലെ ഇവൻ അസഹ്യനാണ്. യമനെപ്പോലെ ഇവൻ സൈന്യത്തിൽ ചുറ്റും. ക്രോധത്തിൽ കല്പാന്താഗ്നിക്കു തുല്യനാണ്; സിംഹകണ്ഠനാണ്; മഹാദ്യുതിയാണ്! ഇവൻ ഭാരതയുദ്ധത്തിൽ പിൻ പുറത്തെ മുഴുവൻ ഒടുക്കും. തേജസ്വിയായ അവന്റെ പിതാവ് വൃദ്ധനാണെങ്കിലും യുവജനോചിതനാണ്. അവൻ പോരിൽ വലിയ ക്രിയ ചെയ്യുമെന്നുള്ളതിൽ സംശയമില്ല. അസ്ത്രവേഗമാകുന്ന കൊടുങ്കാറ്റുണ്ടാക്കി പടയാകുന്ന കാട്ടിൽ ഉയർന്ന് ഏന്തി ഒരുങ്ങിയ അവൻ പാണ്ഡവപ്പടയെ ചുട്ടുദഹിപ്പിക്കും. രഥയൂഥപയൂഥന്മാരിൽവച്ച് നരപുംഗവനായ യൂഥപനാണ് ദ്രോണൻ. ഭരദ്വാജപുത്രനായ ഇവൻ നിന്റെ ഹിതത്തിനായി വലിയ ക്രിയ നടത്തും. എല്ലാ രാജഗണത്തിനും ആചാര്യനായ ദ്രോണൻ വൃദ്ധനാണ്. സൃഞ്ജയന്മാരെ കൂട്ടത്തോടെ ഇവൻ കൊല്ലും. എന്നാൽ ഇവൻ ഫൽഗുനനിൽ വലിയ സ്നേഹം ഉള്ളവനാണ്. വില്ലാളിയായ ഇവൻ തെറ്റുചെയ്യാത്ത അർജ്ജുനനെ ഏതു കാര്യത്തിലും ഗുണപ്രൗഢി കണ്ട് ദീപ്തമായ ഗുരുത്വം നോക്കിക്കൊല്ലുകയില്ല. ഇവൻ എപ്പോഴും വീരനായ പാർത്ഥന്റെ ഗുണത്തിൽ അഭിമാനംകൊള്ളും. 'എന്റെ ശിഷ്യനായ അർജ്ജുനന് സമം ഒരു വില്ലാളി മൂന്നു ലോകത്തിലുമില്ല' എന്ന്. ഭരദ്വാജൻ തന്റെ പുത്രനായ അശ്വത്ഥാമാവിനേക്കാൾ മേലെയായിട്ടാണ് പാർത്ഥനെ കാണുന്നത്. ഒറ്റത്തേരാൽ ഈ മഹാൻ ദേവന്മാരേയും ഗന്ധർവ്വന്മാരേയും മർത്ത്യരേയും സംഹരിച്ചുകളയും. എല്ലാവരും ഒന്നിച്ച് ആർത്തുവന്നു കേറട്ടെ. സകലത്തിനേയും പ്രതാപവാനായ ദ്രോണാചാര്യൻ ദിവ്യാസ്ത്രംകൊണ്ട് ഒടുക്കിക്കളയും.

നൃപശാർദ്ദൂലനായ പൗരവൻ നിന്റെ ഒരു മഹാരഥനാണ്. ശത്രുവീരരഥികളുടെ അന്തകനാണ് ഇവൻ എന്നുള്ളതിന്നു സംശയമില്ല. തന്റെ വലിയ പടയോടൊത്തു വന്നുചേർന്ന ഇവൻ ശത്രുപ്പടയെ തപിപ്പിക്കും. ഉണങ്ങിയ പുൽക്കാട് അഗ്നിയെയെന്നപോലെ ഇവൻ പാഞ്ചാലവീരന്മാരെ സംഹരിക്കും. സത്യശ്രവസ്സ് മഹാബലനായ രഥിയാണെന്നാണ് എന്റെ അഭിപ്രായം. രാജാവേ, നിന്റെ ശത്രുവിന്റെ സൈന്യത്തിൽ ഇവൻ യമനെപ്പോലെ ചുറ്റും. ഇവന്റെ യോദ്ധാക്കൾ വിചിത്രകവചന്മാരും വിചിത്രായുധന്മാരുമാണ്. അവർ നിന്റെ വൈരികളെ ജയിച്ച് അടരിൽ സഞ്ചരിക്കും. രഥിശ്രേഷ്ഠനായ കർണ്ണപുത്രൻ, വൃഷസേനൻ, മഹാരഥനാണ്. ബലവാനായ ഇവൻ നിന്റെ ശത്രുവിന്റെ സൈന്യത്തെ ചുട്ടെരിച്ചുകളയും.

തേജസ്വിയായ ജലസന്ധൻ നിന്റെ ഒര രഥിയാണ്. ശത്രുനാശനനായ ആ മാധവൻ പോരിൽ പ്രാണൻ കളയും. ആനപ്പുറത്തു കയറി വിരുതനായ ഇവൻ രണത്തിൽ പോരാടും. തേരിൽ കയറി ഇവൻ ശത്രുപ്പട മുടിക്കും. ഇവൻ രഥിയാണെന്നുള്ളതു ബോദ്ധ്യമായ കാര്യമാണ്. പോരിൽ ഇവൻ തന്റെ പടയോടുകൂടി പ്രാണൻ കളയുവാനും സന്നദ്ധനാണ്. വിക്രമിച്ചു കയറുന്ന ഇവൻ, രണാങ്കണത്തിൽ ചിത്രയോധിയാണ്. ഇവൻ നിർഭയനായി നിന്റെ ശത്രുസൈന്യത്തിൽക്കടന്നു പടവെട്ടും. പോരിൽ പിൻതിരിയാത്ത ബാൽഹീകൻ അതിരഥനാണ്. ഇവൻ പോരിൽ അന്തകസന്നിഭനാണെന്ന് എനിക്കു ബോദ്ധ്യമായിട്ടുണ്ട്. പടയിൽക്കേറിയാൽ ഒരിക്കലും ഇവൻ പിൻതിരിക്കുകയില്ല. കാറ്റുപോലെ ഇവൻ ശത്രുക്കളെയൊക്കെ യുദ്ധത്തിൽ കൊന്നുവീഴ്ത്തും. ശത്രുരഥാന്തകനായ സത്യവാൻ നിന്റെ സേനാപതികളിൽ മഹാരഥനാണ്. പോരിൽ ഇവൻ അത്ഭുതകർമ്മാവായ രഥിയാണ്. ഇവന്നു സമരം കണ്ടാൽ ഒരിക്കലും ഭയം ഉണ്ടാവുകയില്ല. ഇവൻ തേരിൽ നിന്നു യുദ്ധംചെയ്യുന്ന മഹാരഥന്മാരിൽ ചിരിച്ചുകൊണ്ടു യുദ്ധംചെയ്തു കയറും. പുരുഷോചിതമായ നല്ല കർമ്മം ചെയ്ത് വിക്രമിച്ച് വൈരികളിൽ കയറും. അങ്ങയ്ക്കു കേമനായ ഈ പുരുഷോത്തമൻ അക്രമത്തിൽ അത്ഭുതങ്ങൾ ചെയ്യും.

ആലംബുഷൻ എന്ന രാക്ഷസേന്ദ്രൻ ഉഗ്രകാരിയായ മഹാരഥനാണ്. അവൻ പൂർവ്വവൈരം വിചാരിച്ച് നിന്റെ വൈരികളെ

കൊല്ലും. ഇവൻ രാക്ഷസസൈന്യത്തിൽ എല്ലാവരിലുംവെച്ചു ശ്രേഷ്ഠനാണ്.

പ്രാക്ജ്യോതിഷരാജാവായ ഭഗദത്തൻ വീരനും പ്രതാപവാനും ആണ്. ആനത്തോട്ടിക്കാരിൽ ഇവൻ ഏറ്റവും യോഗ്യനാണ്. പണ്ട് ഇവനുമായി ഗാണ്ഡീവി യുദ്ധംചെയ്യേണ്ടിവന്നു. വളരെ നാൾ രണ്ടുപേരും തനിക്കു വിജയം, തനിക്കു വിജയം എന്നവിധത്തിൽ യുദ്ധംചെയ്തു. പിന്നെ സഖാവായ ഇന്ദ്രനെ ചിന്തിച്ച് ഇന്ദ്രപുത്രനുമായി ധന്യനായ അവൻ ഒരു കരാറു ചെയ്തു പിൻവാങ്ങി. ആനപ്പുറത്തു കയറിയിരുന്ന് പോരുനടത്തുന്നതിൽ ഇവൻ അതുല്യനാണ്. ദേവേന്ദ്രനെപ്പോലെ ഇവൻ തന്റെ ഐരാവതത്തിന്റെ പുറത്തു കയറി സഞ്ചരിക്കും.''

168. ഭീഷ്മകർണ്ണസംവാദം – ഭീഷ്മൻ പറഞ്ഞു: ''അചലനും വൃഷകനും രണ്ടു ഭ്രാതാക്കളാണ്, അവർ രണ്ടുപേരും ദുർദ്ധർഷരായ രണ്ടു മഹാരഥന്മാരാണ്. അവർ നിന്റെ ശത്രുക്കളെ മുടിച്ചുകളയും. ബലവാന്മാരായ ആ നരവ്യാഘ്രന്മാർ ചുണകൂടിയ പ്രഹാരികളാണ്. ചെറുപ്പക്കാരായ ഇവർ അഴകേറിയ ഗാന്ധാരന്മാരാണ്. മഹാബലവാന്മാരുമാണ്.

നിനക്ക് എന്നും തോഴനും ഇഷ്ടനും സമകർക്കശനും പാർത്ഥന്മാരുമായി പൊരുതാൻ നിന്നെ എപ്പോഴും ഉത്സാഹിപ്പിക്കുന്നവനുമായ ഈ വൈകർത്തനനായ കർണ്ണൻ നീചനും ക്രൂരനും മേനിവാക്കു പറയുന്നവനുമാണ്. നിന്റെ മന്ത്രിയും നേതാവും ബന്ധുമാനിയും എന്നും ഉയർന്നുനില്ക്കുന്നവനുമായ അവൻ രഥിയല്ല! കർണ്ണൻ യുദ്ധക്കളത്തിൽ അതിരഥനല്ല!

സഹജമായി തനിക്കുണ്ടായിരുന്ന ചട്ട അവൻ കളഞ്ഞുകുളിച്ചു. ബുദ്ധികെട്ടവനാണ് അവൻ. എപ്പോഴും ആരിലും ഘൃണയുള്ള അവൻ അവന്റെ സഹജമായ ദിവ്യകുണ്ഡലങ്ങളും കളഞ്ഞു. രാമന്റെ ശാപത്താലും ഭൂദേവന്റെ വാക്കാലും കരണപ്രക്ഷയത്താലും അവൻ അർദ്ധരഥനായേ ഞാൻ കാണുന്നുള്ളു. ഇവൻ അർജ്ജുനനോട് ഏറ്റാൽ ജീവനുംകൊണ്ടു പോരികയില്ല.'' ഭീഷ്മൻ ഇപ്രകാരം പറഞ്ഞ ഉടനെ അതു കേട്ടുനില്ക്കുന്ന ദ്രോണൻ ഇപ്രകാരം പറഞ്ഞു: ''ഭവാൻ പറഞ്ഞതു വാസ്തവമാണ്. ഈ പറഞ്ഞതിൽ യാതൊരു തെറ്റുമില്ല. അഭിമാനിയായ ഇവൻ രണംതോറും പിൻവാങ്ങുന്നതായിട്ടാണു ഞാൻ കണ്ടിട്ടുള്ളത്. ഒന്നിൽ ഉറച്ചുനില്ക്കാതെ പതറിപ്പോകുന്ന ഇവൻ അർദ്ധരഥിയാണെന്നാണ് എന്റേയും അഭിപ്രായം.''

ഭീഷ്മദ്രോണന്മാരുടെ വാക്കുകൾ കർണ്ണന്നു സഹിച്ചില്ല. തന്റെ മുമ്പിൽവെച്ചു തന്നെ നിന്ദിച്ചുപറഞ്ഞ ഗുരുജനങ്ങളുടെ നേരെ ക്രോധത്തോടെ കണ്ണുരുട്ടി വാക്യദോഷംകൊണ്ടു വൃഷമെന്നപോലെ (കാളയെപ്പോലെ) കുത്തി വേദനിപ്പിക്കുമാറ് രാധേയനായ വൃഷൻ ഭീഷ്മനോടു പറഞ്ഞു: ''കുറ്റം ഒന്നുമില്ലെങ്കിലും പിതാമഹൻ എന്നെ അടിക്കടി വാക്ശരംകൊണ്ട് അറുക്കുന്നു. അതൊക്കെ ഞാൻ ദുര്യോധനന്നുവേണ്ടി പൊറുക്കുകയാണ്. അങ്ങ് എന്നെ വെറും വിഡ്ഢിയെപ്പോലെ മന്ദനാണെന്നു വിചാരിക്കുന്നു. 'നീ അർദ്ധരഥനാണ്' എന്നു ശങ്കകൂടാതെ അങ്ങു പറഞ്ഞാൽ, സർവ്വലോകർക്കും ഹിതനായ ഗാംഗേയൻ പൊളി പറയുകയില്ല എന്നു വിചാരിച്ച് അതു വിശ്വസിക്കും. കുരുക്കളുടെ ഹിതത്തിന്ന് യത്നിക്കുന്ന രാജാവായ സുയോധനൻ അതിന്റെ പരമാർത്ഥം അറിയുന്നില്ല. ഉദാരകർമ്മാക്കളും സമശീർഷന്മാരുമായ രാജാക്കന്മാർ ഇരിക്കുന്ന ഈ സദസ്സിൽ ആരാണു പോരിൽ ഛിദ്രമുണ്ടാക്കുവാൻ തേജോവധംചെയ്യുന്നതെന്നു പറയട്ടെ! ഗുണദ്വേഷത്താൽ ഭവാൻ എന്നെ ദ്രോഹിക്കയാണോ? പരമാർത്ഥം പറഞ്ഞാൽ ഞാനല്ല അർദ്ധരഥൻ, ഈ പറഞ്ഞവൻതന്നെയാണ് (ഭീഷ്മനാണ് അർദ്ധരഥൻ). പ്രായാധിക്യം, നര, സമ്പത്ത്, ബന്ധുക്കൾ ഇവകൊണ്ടു മഹാരഥത്വം ഈ രാജാവിന്നു കൊടുക്കുവാൻ പാടില്ല. ബലംകൊണ്ടാണെങ്കിൽ സ്ഥാനം ബ്രാഹ്മണനാണ്. ധനംകൊണ്ടാണെങ്കിൽ സ്ഥാനം വൈശ്യനാണ്. വയസ്സുകൊണ്ടാണെങ്കിൽ സ്ഥാനം ശൂദ്രനാണ്. ഈ വയസ്സൻ ഈ വകയിലൊന്നുംപെട്ടവനല്ല. ഒന്നിലും ഒരു സ്ഥാനവും ഇല്ലാത്തവനാണ്. രഥാതിരഥസംഖ്യ വായിൽത്തോന്നിയമാതിരിയൊക്കെ പറഞ്ഞോളൂ. കാമദ്വേഷങ്ങൾ ഉള്ള ഭവാൻ മൗഢ്യംകൊണ്ടു പലതും പറയും. അതു നടക്കട്ടെ! ഹേ ദുര്യോധനാ, മഹാബാഹോ! ഭവാൻ നല്ലപോലെ കരുതിക്കോളൂ! നിന്നെ ദ്വേഷിക്കുന്ന ഈ ഭീഷ്മനെ വിശ്വസിക്കരുത് ഇവൻ ദുഷ്ടനാണ്. ത്യാജ്യനാണ്. സൈന്യത്തിന്നുള്ളിൽ ഛിദ്രമുണ്ടാക്കാനാണ് ഈ മനുഷ്യന്റെ ശ്രമം. സൈന്യം ഭേദിച്ചുപോയാൽ പിന്നെ കൂട്ടിച്ചേർക്കുവാൻ വിഷമമുണ്ടാകും. പടയിൽ ഭിന്നിച്ചാൽ പിന്നെ നാട്ടുകാരുടെ കഥയെന്താകും? ഈ യോധന്മാർതന്നെ രണ്ടു പങ്കായാൽ യുദ്ധത്തിൽ എന്താകും ഫലം? അല്ലെങ്കിൽ ഈ അല്പൻ എന്നെ പരസ്യമായി തേജോവധംചെയ്യുവാൻ ഒരുങ്ങുമോ? രഥവിജ്ഞാനം എവിടെ? അല്പബുദ്ധിയായ ഭീഷ്മനെവിടെ? പാണ്ഡവന്മാരുടെ പട ഞാൻ നേരെ നിന്നു തടുക്കുന്നുണ്ട്. അമോഘബാണനായ ഞാൻ ചെന്നാൽ പാണ്ഡവന്മാരും പാഞ്ചാലന്മാരുമൊക്കെ പാഞ്ഞുപോകുന്നതു നിങ്ങൾക്കു കാണാം. അവർ പുലിയെക്കണ്ട കാളകൾപോലെ പത്തുദിക്കിലും പാഞ്ഞുപൊയ്ക്കളയും. ഘോരവിമർദ്ദമായ യുദ്ധമെവിടെ? മന്ത്രസംസാരങ്ങളെവിടെ? മന്ദബുദ്ധിയും കിഴവനും കാലന്റെ കല്പന കൈപ്പറ്റിയവനുമായ ഭീഷ്മനെവിടെ? നിത്യവും താൻ മേലെയെന്ന ഈ കിഴവൻ തിരക്കുകയാണ്. നിഷ്ഫലദർശനനായ ഇവൻ മറ്റ് ആരേയും ഗണിക്കുന്നുമില്ല! ശാസ്ത്രങ്ങളിൽ പറയുന്നത്, വൃദ്ധന്മാർ പറയുന്നതു കേൾക്കണമെന്നാണ്. എന്നാൽ അതിവൃദ്ധന്മാർ പറയുന്നതിനെ ആരും കണക്കിലെടുക്കരുത്. അവർ വീണ്ടും കിടാങ്ങളായിത്തീർന്നിരിക്കയാണ്. അതിവൃദ്ധൻ ബാലന്നു തുല്യനാണ്. ഈ ഞാൻ ഒറ്റയ്ക്കു പാണ്ഡവസേനയെ മുഴുവൻ മുടിക്കാം. എന്നാൽ ഹേ, രാജാവേ, അതിന്റെ പേരൊക്കെ ഭീഷ്മനാണു കിട്ടുക. രാജാവേ, ഭവാൻ ഭീഷ്മന്നു സേനാപതിത്വം നല്കിയില്ലേ? പേരൊക്കെ സേനാപതിക്കാണല്ലോ? യോധന്മാർക്ക് ഒരിക്കലും പേരു കിട്ടുകയില്ല. രാജാവേ, ഈ ഭീഷ്മൻ സേനാപതിയായിരിക്കുന്നിടത്തോളം ഞാൻ യുദ്ധം ചെയ്യുകയില്ല. ഭീഷ്മൻ വീണാൽ ഞാൻ സർവ്വമഹാരഥന്മാരോടും എതിർത്തുകൊള്ളാം.''

ഭീഷ്മൻ പറഞ്ഞു: ''കടലുപോലുള്ള ഈ ഭാരമൊക്കെ ഞാൻ വഹിക്കുന്നു. വളരെക്കാലം ധാർത്തരാഷ്ട്രന്മാർക്കു വന്നുചേരുമെന്നു പ്രതീക്ഷിച്ചിരുന്ന ഈ യുദ്ധകാലം, കുളുർമെയ്കൊള്ളുന്ന ദീപ്തമായ ആ കാലം, വന്നടുത്തപ്പോൾ തമ്മിൽ ഛിദ്രം നമുക്കു ചേർന്നതല്ല. ഹേ, സൂതപുത്രാ! ഞാൻ ഇപ്പോൾ നിന്റെ നേരെ തിരിഞ്ഞ് ഈ വൃദ്ധനായ ഞാൻ ശിശുവായ നിന്റെ യുദ്ധത്തിനും ജീവനുമുള്ള ആഗ്രഹം തീർക്കുവാൻ വിചാരിക്കുന്നില്ല. ജാമദഗ്ന്യനായ രാമൻ മഹാസ്ത്രങ്ങൾ അയച്ചിട്ടും എനിക്ക് ഒട്ടും ദുഃഖമുണ്ടാക്കിയില്ല. പിന്നെ നീ വിചാരിച്ചാൽ എന്നോടെന്തെടുക്കും? തന്റെ ശക്തി താൻതന്നെ പറയുന്നത് ആരും പ്രശംസിക്കുകയില്ല. എന്നാലും സന്തപ്തനായ ഞാൻ നിന്നോടു പറയുന്നു '' എടാ നീചാ, കുലപാസനാ, നീ കേൾക്കു.

കാശിരാജാവിന്റെ മക്കളുടെ സ്വയംവരത്തിന്നു ക്ഷത്രിയന്മാരെല്ലാം ഒത്തുചേർന്നിരുന്നു. ഞാൻ ഒറ്റത്തേരാലെ സകലക്ഷത്രിയന്മാരേയും ജയിച്ചു കന്യകമാരെ കൊണ്ടുപോന്നു. ഇപ്രകാരമുള്ള രാജാക്കന്മാർ ആയിരമുണ്ടായിരുന്നു. അവരേയും, അതിൽ ശ്രേഷ്ഠന്മാരേയും ഞാൻ ഒറ്റയ്ക്കു പോരിൽ പടയോ

ടുകൂടി ഓടിച്ചു. നീ അതു കേട്ടിട്ടുണ്ടോ? വൈരവിത്തായ നീകാരണം കുരുക്കൾക്കു വലിയ സങ്കടം ബാധിച്ചു. നാശത്തിന്നായി വന്നുകൂടി. നീ യത്നിച്ച് ആണായി നിൽക്കൂ! നിത്യവും നീ മത്സരിക്കുന്നവരായ പാണ്ഡവന്മാരോടു പടവെട്ടൂ! ഈ യുദ്ധം കഴിഞ്ഞിട്ട് ഞാൻ നിന്നെ പിന്നെ കണ്ടോളാം!"

പ്രതാപവാനായ ധാർത്തരാഷ്ട്രൻ ഭീഷ്മനോടു പറഞ്ഞു: "ഹേ, ഗാംഗേയാ, എന്നെ നോക്കൂ! കാര്യം വലുതാണ്! ഭവാൻ നിഷ്കർഷിച്ച് എനിക്കു വേണ്ട നന്മ ചിന്തിച്ചാലും! നിങ്ങൾ രണ്ടുപേരും എനിക്കു വേണ്ടി മഹത്തായ കർമ്മങ്ങൾ ചെയ്യും. അതു തീർച്ചയാണ്. ഇനി ശത്രുക്കളുടെ രഥമുഖ്യന്മാരെപ്പറ്റി കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെയുള്ള അതിരഥന്മാരേയും രഥയൂഥപന്മാരേയും പറ്റി പറഞ്ഞാലും.

ശത്രുക്കളുടെ ബലാബലത്തെപ്പറ്റി അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. നേരം പ്രഭാതമായാൽ പിന്നെ മഹായുദ്ധം ആരംഭിക്കുകയാണല്ലോ."

169. പാണ്ഡവരഥാതിരഥസംഖ്യ – ഭീഷ്മൻ പറഞ്ഞു: "ഭവാന്റെ രഥാതിരഥസംഖ്യാനം ഞാൻ പറഞ്ഞു. ഇനി പാണ്ഡവസൈന്യത്തിലെ രഥികളെയും അർദ്ധരഥികളെയും ഞാൻ പറയാം. പാണ്ഡവസൈന്യത്തെപ്പറ്റി കേൾക്കാൻ കൗതുകമുണ്ടെങ്കിൽ പറയാം.

രഥോദാരനും കുന്തീനന്ദനനുമായ യുധിഷ്ഠിരരാജാവ് അഗ്നിപോലെ സംഗരത്തിൽ സഞ്ചരിക്കും. അതിൽ സംശയമില്ല. രാജാവേ, വൃകോദരൻ എട്ടിരട്ടിച്ച രഥിയാണ്. ഗദ, അമ്പ് എന്നിവയാൽ പോരിൽ അവന്നു കിടയായി ആരുമില്ല. പതിനായിരം ആനയ്ക്കുള്ള ശക്തി അവന്നുണ്ട്. മാനിയായ അവൻ തേജസ്സുകൊണ്ടു മർത്ത്യനല്ലെന്നുതന്നെ പറയാം. മാദ്രേയന്മാർ രണ്ടുപേരും രഥികളാണ്. രണ്ടുപേരും പുരുഷർഷഭന്മാരാണ്. രൂപംകൊണ്ട് ആശ്വിനേയാഭന്മാരായ അവർ തേജസ്വികളാണ്. ഇവർ പടത്തലയ്ക്കൽ എത്തുമ്പോൾ ഉത്തമമായ ക്ലേശത്തെ ഓർത്ത് രുദ്രനെപ്പോലെ ചുറ്റും. അതിൽ യാതൊരു സംശയവുമില്ല. എല്ലാവരും മഹാത്മാക്കളാണ്. ദാരുസ്തംഭംപോലെ ഉയർന്നവരാണ്. അളന്നുനോക്കിയാൽ അവർ അന്യരേക്കാൾ ഒരു ചാൺ പൊക്കം കൂടിയവരാണെന്നു കാണാം. എല്ലാവരും സിംഹകായന്മാരും മഹാബലരുമാണ്. പാണ്ഡവന്മാരൊക്കെ ബ്രഹ്മചര്യം അനുഷ്ഠിച്ചവരും തപസ്വികളുമാണ്. ഹ്രീചേർന്ന പുരുഷവ്യാഘ്രരാണ്. വ്യാഘ്രത്തെപ്പോലെ ബലോല്ക്കടന്മാരുമാണ്. വേഗം, പ്രഹാരം, സമ്മർദ്ദം ഇവയിലെല്ലാം അവർ അമാനുഷശക്തിമാന്മാരാണ്. ഉണ്ണീ, ഭാരതദിഗ്ജയത്തിൽ എല്ലാ രാജാക്കന്മാരേയും ജയിച്ചവരാണ് ഇവർ. ഇവരുടെ ആയുധങ്ങളും ബാണങ്ങളും ഗദകളും ആരും താങ്ങുകയില്ല. വില്ലിൽ ഞാണുകെട്ടാനും മതിയായവരില്ല. അവരുടെ വമ്പിച്ച ഗദയെടുക്കുവാനും യുദ്ധത്തിൽ അമ്പെയ്യുവാനും ഊക്കുകാണിക്കുവാനും ലക്ഷ്യം ഭേദിക്കുവാനും ഞെരിക്കലിനും ഇടിക്കും ആയുധം പൊക്കുവാനും തക്ക ശക്തിയും സാമർത്ഥ്യവുമുള്ളവർ ഇല്ല. ചെറുപ്പത്തിൽത്തന്നെ അവർ നിങ്ങളേക്കാൾ മെച്ചപ്പെട്ടവരായിരുന്നുവെന്ന് ഉണ്ണിക്കറിവുണ്ടല്ലോ. ഈ സൈന്യത്തിൽ കടന്നുനോക്കിയാൽ അറിയാം എല്ലാവരും ബലശാലികളാണെന്ന്. അവരോട് ഏല്ക്കുന്നവരെയെല്ലാം അവർ മുടിച്ചുകളയും. ഒറ്റയ്ക്ക് അവർ ഓരോരുത്തനും എല്ലാ രാജാക്കന്മാരേയും മുടിച്ചുകളയും. രാജസൂയത്തിൽ നടന്ന സംഭവങ്ങളൊക്കെ രാജാവേ, നീ കണ്ടതാണല്ലോ.

പാഞ്ചാലിയുടെ പരിക്ലേശവും ചൂതിൽ പറഞ്ഞ പരുഷവാക്കുകളും ഓർത്ത് അവർ യുദ്ധത്തിൽ രുദ്രനെപ്പോലെ ചുറ്റും. രക്തനേത്രനായ ഫൽഗുനൻ നാരായണനോടുകൂടിയാൽ പിന്നെ രണ്ടു സൈന്യത്തിൽ നോക്കിയാലും അത്ര യോഗ്യനായ ഒരു രഥിയെ കാണുന്നില്ല. ദേവന്മാരിലാകട്ടെ, ഉരഗഗണങ്ങളിലാകട്ടെ, മുമ്പ് ഉണ്ടായിട്ടില്ല. യക്ഷരക്ഷസ്സുകളിലും ഉണ്ടായിട്ടില്ല. പിന്നെ മനുഷ്യരിൽ പറയുവാനുണ്ടോ? അർജ്ജുനന്റെ രഥംപോലെ ഇങ്ങനെ ഒരു രഥവും ഉണ്ടായിട്ടില്ല. ഉണ്ടാകുമെന്നും വിചാരിക്കുവാൻപോലും വയ്യ! വാസുദേവനാണ് സൂതൻ! യോദ്ധാവ് ധനഞ്ജയനാണ്! വില്ലു ദിവ്യമായ ഗാണ്ഡീവമാണ്! വാജികൾ വായുവേഗങ്ങളാണ്. ദിവ്യ കവചമാകട്ടെ, ഭേദിക്കാൻ സാധിക്കാത്തതാണ്. ആവനാഴികൾ അമ്പ് ഒടുങ്ങാത്തവയാണ്. അസ്ത്രസമൂഹങ്ങളാണെങ്കിൽ മാഹേന്ദ്രം, രൗദ്രം, കൗബേരം, യാമ്യം, വാരുണം എന്നിവയാണ്. ഗദയാണെങ്കിൽ അത്യുഗ്രമായി കണ്ടാൽ ഭയം തോന്നിക്കും. വജ്രാദികളാണ് മുഖ്യമായ ആയുധങ്ങൾ. ഹിരണ്യപുരത്തിൽച്ചെന്ന് അസംഖ്യം ദാനവേന്ദ്രന്മാരെ അവൻ ഒറ്റത്തേരാൽ ജയിച്ചവനാണ്. അത്തരത്തിലുള്ള രഥിയാരുണ്ട് ലോകത്തിൽ? സംരംഭംപൂണ്ട സത്യവിക്രമനായ അവൻ സ്വസൈന്യം കാത്തുകൊണ്ട് നിന്റെ സൈന്യത്തെ മുടിക്കും. ഈ അർജ്ജുനനോട് ഏല്ക്കുവാൻ രണ്ടാൾ മാത്രമേ ശക്തരായിട്ടുള്ളു. ഞാനും ദ്രോണാചാര്യനുമാണ് ആ രണ്ടുപേർ. പിന്നെ മൂന്നാമത് ഒരു രഥി ഈ രണ്ടു സൈന്യത്തിലും ഇല്ല. ശരവർഷം തുടങ്ങുമ്പോൾ കൊടുങ്കാറ്റിൽ ഇളകുന്ന മഴക്കാറുപോലെ വാസുദേവനോടു ചേർന്ന കുന്തീപുത്രൻ സന്നദ്ധനായി നില്ക്കുന്നതു കാണാം. പാർത്ഥൻ യുവാവാണ്. ചതുരനാണ്. ഈ ഞങ്ങൾ രണ്ടുപേരുമോ, വൃദ്ധരാണല്ലോ?"

വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മൻ പറഞ്ഞ വാക്കു കേട്ടപ്പോൾ മന്നവന്മാരുടെ പൊന്നിൻതോൾവളകൾ അണിഞ്ഞതും, ചന്ദനംതേച്ചതുമായ കൈകൾ ഒന്നയഞ്ഞു. പണ്ടുണ്ടായതോരോന്നോർത്ത് അവരുടെ ഹൃദയം നടുങ്ങി. പാണ്ഡവന്മാരുടെ സാമർത്ഥ്യം പ്രത്യക്ഷം കണ്ടമാതിരി അവർക്കു തോന്നി."

170. പാണ്ഡവരഥാതിരഥസംഖ്യ – ഭീഷ്മൻ പറഞ്ഞു: "മഹാരാജാവേ, പാഞ്ചാലീപുത്രന്മാർ അഞ്ചുപേരും മഹാരഥന്മാരാണ്. പാഞ്ചാലപുത്രനും ഉത്തരനും രഥോദാരന്മാരാണെന്നാണ് എന്റെ അഭിപ്രായം. മഹാബാഹുവായ അഭിമന്യു രഥയൂഥപന്മാരിൽ യൂഥപനാണ്. ശത്രുനാശനനായ അവൻ പോരിൽ അർജ്ജുനനും കൃഷ്ണനും തുല്യനാണ്. ലഘ്വസ്ത്രനും ചിത്രയോധിയും, ധീരനും ഏറ്റവും ദൃഢവ്രതനുമായ അവൻ പിതാവിന്റെ പരിക്ലേശമോർത്ത് വിക്രമിക്കും. ശൈനേയനായ മാധവൻ ശൂരനാണ്; രഥയൂഥപയൂഥപനാണ്. വൃഷ്ണിവീരശ്രേഷ്ഠനായ ഇവൻ അമർഷിയും ഭയം ലേശമില്ലാത്തവനുമാണ്; ഉത്തമൗജസ്സും രഥോദാരനാണെന്നാണ് എന്റെ അഭിപ്രായം വീരനായ യുധാമന്യുവും രഥോദാരനാണ്. ഇവർക്ക് അസംഖ്യം ആനയും തേരും അശ്വങ്ങളും ഉണ്ട്. ഉടൽ പോക്കുമാറ് അവർ പൊരുതും; അവർ കൗന്തേയന്ന് ഇഷ്ടം കാംക്ഷിക്കുന്നവരാണ്. ഹേ, രാജേന്ദ്രാ! നിന്റെ സൈന്യത്തിൽ ചാടിവീണ് അവർ തീയും കാറ്റുംപോലെ തമ്മിൽ ഒത്തുചേർന്നു ദഹിപ്പിക്കും. വിരാടനും ദ്രുപദനും വൃദ്ധരാണെങ്കിലും അവർ പോരിൽ അജേയരാണ്. മഹാരഥന്മാരായ ആ മഹാവീര്യന്മാർ പുരുഷർഷഭന്മാരാണ്. വയസ്സു മൂത്താലും അവർ ക്ഷത്രധർമ്മത്തിൽത്തന്നെ വിടാതെ നില്ക്കുന്നവരാണ്. വീരമാർഗ്ഗമണഞ്ഞ് അവർ ശക്തിയോടുകൂടി പ്രയത്നിക്കും. അവർ പാണ്ഡവന്മാരുമായി ചാർച്ചകൊണ്ടും വീര്യബലസമ്പത്തുകൊണ്ടും സ്നേഹവീര്യക്കെട്ടുപെട്ട ആര്യന്മാരും വില്ലാളിമാരുമാണ്. കാരണംകൊണ്ട് അവരൊക്കെ മർത്ത്യന്മാരുമാണ്. എല്ലാവരും മഹാബാഹുക്കളുമാണ്. ഹേ, കുരുപുംഗവാ, ശൂരന്മാരും ചില സന്ദർഭങ്ങളിൽ കാതരന്മാരാകാം. ഒരേ നിലയിലുള്ള അവർ ദൃഢധന്വികളാണ്. പ്രാണൻകളഞ്ഞും അവർ ഊക്കോടെ

ഏറ്റ് എതിർക്കും. വെവ്വേറെ അക്ഷൗഹിണികൾ ഒത്തുകൂടി ആ മഹാരഥന്മാർ ചാർച്ചയെ കാത്ത് സാഹസകർമ്മം ചെയ്യും! മഹാധനുർദ്ധരന്മാരായ അവർ വീരന്മാരാണ്. അവർ പ്രാണൻ കളഞ്ഞും പടവെട്ടി വിശ്വാസം കാത്ത് കടുംക്രിയ നടത്താതിരിക്കുകയില്ല."

171. പാണ്ഡവരഥാതിരഥസംഖ്യ - ഭീഷ്മൻ പറഞ്ഞു: "പാഞ്ചാലരാജാവിന്റെ പുത്രനായ ശിഖണ്ഡി പരപുരഞ്ജയനാണ്. അവൻ രഥിമുഖ്യനാണെന്നു സർവ്വസമ്മതനാണ്. അവൻ നിന്റെ സേനയിൽക്കടന്ന്, മുമ്പത്തെ നിലയെക്കാൾ കൂടുതൽ സാമർത്ഥ്യത്തോടെ കീർത്തി പരക്കുമാറ് മഹാധീരതയോടെ പൊരുതുന്നതാണ്. ഇവന്റെ സൈന്യം വളരെ പാഞ്ചാലന്മാരും പ്രഭദ്രകന്മാരും ചേർന്നതാണ്. ഇവൻ ആ രഥവംശംകൊണ്ടു കടുംക്രിയകൾ നടത്തും.

ധൃഷ്ടദ്യുമ്നൻ സർവ്വസേനാനിയാണ്. ആ കാര്യം നമുക്കു ബോദ്ധ്യമാണ്. മഹാരഥനായ ദ്രോണശിഷ്യനാണ്. ഇവൻ പോരിൽ ശത്രുക്കളെ മുടിച്ച് പ്രളയത്തിൽ ക്രുദ്ധനായ ഭഗവാൻ ശൂലി എന്നവിധം പൊരുതും. രണപ്രിയന്മാരായ മഹാജനങ്ങൾ ഇവന്റെ തേരും പടക്കൂട്ടവും ദേവസൈന്യംപോലെ യുദ്ധത്തിൽ അലയടിക്കുന്ന സമുദ്രതുല്യമാണെന്നു പുകഴ്ത്തുന്നു. ക്ഷത്രധർമ്മാവും ബാല്യത്താൽ ശീലം കുറഞ്ഞവനുമായ ധൃഷ്ടദ്യുമ്നപുത്രൻ അർദ്ധരഥനാണെന്നാണ് എന്റെ മതം. ചേദിരാജാവായ ശൂരൻ, ശിശുപാലപുത്രൻ, മഹാരഥനാണ്. പാർത്ഥരുമായി ചാർച്ചയുള്ള ധൃഷ്ടകേതു മഹാധനുർദ്ധരനാണ്. ഈ ചേദിരാജാവായ ശൂരൻ, മകനോടുകൂടി മഹാരാജാക്കന്മാർക്കു ചേർന്ന സാഹസക്രിയ നടത്തും. ക്ഷത്രധർമ്മരതനും അരിപുരഞ്ജയനുമായ ക്ഷത്രദേവൻ രാജാവേ, ബോദ്ധ്യപ്പെട്ട രഥോത്തമനാണ്. ജയന്തനും, അമിതായുസ്സും സത്യജിത്തും മഹാരഥന്മാരാണ്. ഉണ്ണീ, അവർ പോരിൽ ക്രോധിച്ചു ഗജവീരന്മാരെപ്പോലെ പൊരുതും. അജനും ഭോജനും വിക്രമികളാണ്; അവർ പാണ്ഡവരുടെ മഹാരഥന്മാരാണ്. അവർ ശക്തന്മാരും ശക്തിയും സാമർത്ഥ്യവുമുള്ളവരും ശീഘ്രാസ്ത്രന്മാരും ചിത്രയോദ്ധാക്കളും ദക്ഷന്മാരും ദൃഢവിക്രമികളുമാണ്. കേകയന്മാരായ അഞ്ചുപേരും ദൃഢവിക്രമികളായ ഭ്രാതാക്കന്മാരാണ്. രഥോദാരന്മാരായ അവർ എല്ലാവരും രോഹിതധ്വജന്മാരാണ്! കാശികനും സുകുമാരനും നീലനും സൂര്യദത്തനും ശംഖനും മദിരാശ്വനും രഥോദാരന്മാരും സർവ്വശസ്ത്രജ്ഞന്മാരും യുദ്ധസന്നദ്ധരുമായ മഹാത്മാക്കളാണ്. വൃദ്ധക്ഷേമാത്മജൻ മഹാരഥനാണെന്നാണ് എന്റെ അഭിപ്രായം. ചിത്രായുധരാജാവും മഹാരഥനാണ്. അവൻ പോരിൽ പ്രകാശിക്കുന്നവനും പാർത്ഥരിൽ കൂറുകൂടിയവനുമാണ്. ചേകിതാനനും സത്യധൃതിയും പാണ്ഡവന്മാരുടെ മഹാരഥരാണ്. പുരുഷവ്യാഘ്രരായ ഇവർ രണ്ടുപേരും രഥോദ്യരന്മാരാണെന്നാണ് എന്റെ മതം. വ്യാഘ്രദത്തനും ചന്ദ്രസേനനും അപ്രകാരംതന്നെ. എന്റെ അഭിപ്രായത്തിൽ അവർ പാണ്ഡവന്മാരുടെ രഥോദാരന്മാരാണ്. സേനാബിന്ദുവും, ക്രോധഹന്താവും, വാസുദേവസദൃശന്മാരും ഭീമസദൃശന്മാരുമാണ്. അവർ വിക്രമം കാട്ടി പോരിൽ നിന്റെ പടയോടു പൊരുതുവാൻപോകുന്ന മഹാരഥന്മാരാണ്. ഞാൻ, ദ്രോണൻ, കൃപൻ എന്നീ മൂന്നുപേരും നീ കരുതുന്നമാതിരിതന്നെ ഓർക്കുക. സമരശ്ലാഘി എന്നവനും രഥസത്തമനാണ്. കാശ്യൻ മഹാശീഘ്രാസ്ത്രനാണ്. ആ നരോത്തമൻ ശ്ലാഘ്യനാണ്. ശത്രുപുരഞ്ജയൻ ഏകഗുണനായ രഥിയാണ്. പോരിൽ വിഘ്രാന്തനായ സത്യജിത്ത് ദ്രുപദപുത്രനും രണശ്ലാഘിയുമായ യുവാവാണ്. എട്ടിരട്ടിച്ച രഥിയായ അവൻ ധൃഷ്ടദ്യുമ്നസദൃശനും ശ്രേഷ്ഠനുമായ അതിരഥനാണ്. പാണ്ഡവന്മാർക്ക് യശസ്സിന്നുവേണ്ടി അവൻ സാഹസക്രിയ നടത്താതിരിക്കുകയില്ല.

പാണ്ഡവന്മാരിൽ കൂറുള്ളവനും ശൂരനുമായി വേറെ ഒരു മഹാരഥനെപ്പറയാം. അത് മഹാവീരനായ പാണ്ഡ്യരാജനാണ്. പാണ്ഡവന്മാരുടെ ഏതു ഭാരവും അവൻ കൈയേൽക്കും. ദൃഢധന്വാവ് മഹാധനുർദ്ധരനാണ്; പാണ്ഡവന്മാരുടെ മഹാരഥനാണ്. ശ്രേണീമാനും വസുദാനരാജാവും പരപുരഞ്ജയന്മാരായ മഹാരഥന്മാരാണ്."

172. പാണ്ഡവരഥാതിരഥസംഖ്യ - ഭീഷ്മൻ പറഞ്ഞു: "രോചമാനൻ പാണ്ഡവന്മാരുടെ മഹാരഥനാണ്. അവൻ അമരനെപ്പോലെ ശത്രുക്കളോടു പൊരുതും. പുരുജിത്ത് എന്ന കുന്തീഭോജൻ മഹാധനുർദ്ധരനും മഹാബലനുമാണ്. ഭീമസേനന്റെ അമ്മാവനായ അവൻ അതിരഥനാണെന്നാണ് എന്റെ അഭിപ്രായം. ഈ വീരനായ വില്ലാളിവിദഗ്ദ്ധൻ സമർത്ഥനാണ്. ശക്തനായ വിചിത്രയോധി രഥിപുംഗവനാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അവൻ ഇന്ദ്രൻ ദൈത്യരോടെന്നവിധം ശത്രുക്കളോട് ഏറ്റെതിർക്കും. അവന്റെ പടയാളികളെല്ലാം പോരിൽ വിദഗ്ദ്ധന്മാരാണ്. വീരനായ ആ മഹാരഥൻ മരുമകന്നുവേണ്ടി സാഹസങ്ങൾ കാണിക്കാതിരിക്കയില്ല. പാണ്ഡവരിൽ അത്ര പ്രിയം അവനുണ്ട്. ഭീമസേനപുത്രനായ ഹിഡിംബി രാക്ഷസേശ്വരനായ മഹാരഥനാണ്. രണപ്രിയനും മായാവിയുമായ അവൻ പോരിൽ ശക്തിയായി പൊരുതും. അവന്റെ പാട്ടിൽ വീരന്മാരായ രാക്ഷസർ മന്ത്രിമാരായി നില്ക്കുന്നു. ഇവരും മറ്റു പലരും നാനാരാജ്യത്തിന്നും അധീശ്വരന്മാരാണ്. വാസുദേവൻ തുടങ്ങിയ ഇവരെല്ലാം പാണ്ഡവന്മാരുടെ സഹായത്തിന്നു വന്നുചേർന്നിരിക്കയാണ്. ഇവരൊക്കെയാണു മുഖ്യന്മാർ - യോഗ്യനായ പാണ്ഡവന്റെ രഥികളുടേയും അർദ്ധരഥികളുടേയും സംഖ്യ ഞാൻ പറഞ്ഞു. പ്രഭോ! ഇവർ കിരീടി ഭരിക്കുന്ന ഭീമമായ ധർമ്മജപ്പടയെ നടത്തും. ജയം കാംക്ഷിക്കുന്നവരും മായാവികളുമായ അവരോടു ഞാൻ ജയം കാംക്ഷിച്ചു പൊരുതാം. പോരിൽ മരിക്കുകയും ചെയ്യാം.

ചക്രവും ഗാണ്ഡീവവും കൈയിലുള്ള കൃഷ്ണനും അർജ്ജുനനും സന്ധ്യയ്ക്ക് അർക്കേന്ദുക്കൾപോലെ ഒത്തിണങ്ങുന്ന രഥോത്തമന്മാരാണ്. രഥോദാരന്മാരായ പാണ്ഡുപുത്രന്റെ യോധന്മാരെ അവർ പടയോടൊത്ത് എതിർത്താലും, ഞാൻ പടത്തലയ്ക്കൽ നിന്ന് എതിർക്കുന്നതാണ്.

രാജാവേ, ഭവാന്റെയും ശത്രുക്കളുടെയും ഭാഗത്തുള്ള രഥാതിരഥാഗ്ര്യന്മാരേയും അർദ്ധരഥികളേയും ഞാൻ പറഞ്ഞുകഴിഞ്ഞു.

അർജ്ജുനൻ, കൃഷ്ണൻ എന്നിവരെ മാത്രമല്ല മറ്റു രാജാക്കന്മാരേയും ഞാൻ തടുക്കാം. എന്നാൽ അതിപ്രധാനമായ ഒരു കാര്യം എനിക്കു പറയേണ്ടതുണ്ട്; അതും ഭവാൻ കേട്ടാലും.

ഞാൻ പാഞ്ചാല്യനായ ശിഖണ്ഡിയെ കൊല്ലുകയില്ല. അവൻ ബാണമെടുത്തുകണ്ടാലും എന്നോട് എതിർത്തുവന്നാലും ഞാൻ കൊല്ലുന്നതല്ല. എന്നെപ്പറ്റി ലോകർക്കൊക്കെ അറിയാം. എന്റെ അച്ഛന്റെ ഇഷ്ടം സാധിപ്പിക്കുവാൻവേണ്ടി കൈവശംവന്ന രാജ്യത്തെ ഉപേക്ഷിച്ച് ബ്രഹ്മചര്യം സ്വീകരിച്ചവനാണു ഞാൻ. എന്നിട്ടു ഞാൻ ചിത്രാംഗദനെ കുരുരാജാവാക്കി അഭിഷേചനംചെയ്തു. യുവരാജാവായി ചിത്രാംഗദനേയും അഭിഷേചിച്ചു. ലോകത്തിലുള്ള മന്നവന്മാരെയൊക്കെ ഞാൻ എന്റെ ദേവവ്രതത്വം അറിയിച്ചു. ഞാൻ സ്ത്രീകളെ വധിക്കുകയില്ല. മുമ്പു പെണ്ണായിരുന്നവനേയും ഞാൻ കൊല്ലുകയില്ല. ശിഖണ്ഡി പണ്ട് പെണ്ണായിരുന്നു എന്ന കഥ ഭവാനും കേട്ടിരിക്കാം. പിന്നെ പെണ്ണ് ആണായി വന്നവനാണ് അവൻ. ഞാൻ ഒരിക്കലും അവനെ എതിർക്കുന്നതല്ല. മറ്റു സകല രാജാക്കന്മാരേയും പോരിൽ

എന്നോട് എതിർത്തുവന്നാൽ ഞാൻ കൊന്നുകളയാം. എന്നാൽ രാജാവേ, ഞാൻ കുന്തീകുമാരന്മാരെ കൊല്ലുന്നതല്ല."

അംബോപാഖ്യാനപർവ്വം

173. കന്യാഹരണം – ഭീഷ്മൻ കന്യകമാരെ അപഹരിച്ച കഥ – ദുര്യോധനൻ പറഞ്ഞു: "ഹേ, ഭാരതശ്രേഷ്ഠാ, എന്തു കാരണത്താലാണ് ഭവാൻ ശിഖണ്ഡിയെ കൊല്ലുകയില്ലെന്നു പറയുന്നത്? അവൻ ബാണമെടുത്തുകണ്ടാലും, ഇങ്ങോട്ട് എതിർത്തുവന്നാലും കൊല്ലുന്നതല്ലെന്നു പറയുന്നത്? 'ഞാൻ പാഞ്ചാലസോമകുലം മുടിക്കും' എന്ന് മുമ്പു ഭവാൻ പറയുകയുണ്ടായല്ലോ. പിന്നെ എന്താണ് ഭവാൻ ഇപ്രകാരം പറയുന്നതെന്നു വ്യക്തമാക്കിയാൽ കൊള്ളാം."

ഭീഷ്മൻ പറഞ്ഞു: "ദുര്യോധനാ, നീ മന്നവന്മാരോടുകൂടി ഈ കഥ കേൾക്കുക. പോരിൽ ശിഖണ്ഡിയെ കണ്ടാൽ ഞാൻ കൊല്ലുന്നതല്ല എന്നു പറഞ്ഞത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാം.

എന്റെ അച്ഛൻ, ലോകത്തിൽ പേരുകേട്ട ധർമ്മിഷ്ഠനായ ശന്തനു രാജാവ്, കാലഗതിയടഞ്ഞപ്പോൾ ഞാൻ സത്യം രക്ഷിക്കുന്നതിന് രാജാവാകാതെ, അനുജനായ ചിത്രാംഗദനെ രാജാവാക്കി അഭിഷേകംചെയ്തു. അവൻ മരിച്ചപ്പോൾ സത്യവതിയുടെ സമ്മതത്തോടുകൂടി ഞാൻ വിചിത്രവീര്യനെ മുറപ്രകാരം രാജാവാക്കി. ധർമ്മിഷ്ഠനായ വിചിത്രവീര്യൻ എന്റെ ഹിതം അനുസരിച്ച് രാജ്യം ഭരിച്ചു. ഉണ്ണീ, അവന്നു വേളികഴിപ്പിക്കുവാൻ അനുകൂലമായ കുലത്തിൽനിന്നുതന്നെ വേണമെന്നു ഞാൻ വിചാരിച്ചു.

അങ്ങനെയിരിക്കുമ്പോൾ കാശിരാജാവിന്റെ പുത്രിമാരായ മൂന്നു കന്യകമാരുടെ സ്വയംവരമുണ്ടെന്ന് അറിഞ്ഞു. എല്ലാ രാജാക്കന്മാർക്കും ക്ഷണവും ലഭിച്ചു. അഴകേറുന്ന ആ പെൺകുട്ടികൾ അംബ, അംബിക, അംബാലിക എന്നിവരായിരുന്നു. അംബ മൂത്തവളും, പിന്നെ അംബികയും, ഇളയവൾ അംബാലികയുമാണ്. സ്വയംവരവൃത്താന്തം കേട്ടയുടനെ ഞാൻ ഒറ്റത്തേരാൽ കാശിരാജപുരിയിൽ ചെന്നു. അണിഞ്ഞൊരുങ്ങി വിവാഹപ്പന്തലിൽ ഇറങ്ങിനില്ക്കുന്ന ആ കന്യകമാരെ ഞാൻ കണ്ടു. ക്ഷണിച്ചുവന്ന രാജാക്കന്മാരേയും കണ്ടു. ആ രാജാക്കന്മാരെയെല്ലാം പോരിന്നു വിളിച്ചുകൊണ്ട് ഞാൻ ആ കന്യകമാരെ വീര്യശുല്ക്കകളാണെന്നു കണ്ട് തേരിൽ കയറ്റി. അവിടെ കൂടിനില്ക്കുന്ന രാജാക്കന്മാരെ നോക്കി ഞാൻ ഇങ്ങനെ പറഞ്ഞു: 'ഹേ, രാജാക്കന്മാരെ ശാന്തനവനായ ഭീഷ്മൻ ഇതാ കന്യാഹരണംചെയ്യുന്നു. വിടുവിക്കുവാൻ രാജാക്കന്മാരായ നിങ്ങൾ എല്ലാവരും പ്രയത്നിക്കുവിൻ! നിങ്ങൾ എല്ലാവരും നോക്കിനില്ക്കെ ഞാൻ ഇതാ ബലാൽ കന്യകമാരെ ഹരിക്കുന്നു.' ഉടനെ രാജാക്കന്മാർ ആയുധവുമേന്തി എല്ലാവരും എഴുന്നേറ്റു. 'പടകൂട്ടുവിൻ' എന്നു ക്രോധത്തോടെ അവർ സൂതന്മാരോടു കല്പിച്ചു. ആനയും കുതിരയും തേരുകളുമൊക്കെ സജ്ജമാക്കി രാജാക്കന്മാർ ആയുധങ്ങളുയർത്തി എല്ലവരുംചേർന്ന് എന്നോടെതിർത്തു. തേരുകളും, കുതിരകളും, ആനകളുമായി അവർ എന്നെ വളഞ്ഞു. ശരവർഷം കൊണ്ട് ഞാൻ അവരെയൊക്കെ ചുറ്റും തടുത്തു. സുരേന്ദ്രൻ ദൈത്യരെയെന്നവിധം ഞാൻ ആ രാജേന്ദ്രന്മാരെയൊക്കെ പിന്മടക്കി. ഞാൻ ചിരിച്ചുകൊണ്ട് ദീപ്തമായ അസ്ത്രങ്ങൾ എയ്ത് ആർത്ത് എതിർത്തുകൊണ്ടിരുന്ന അവരുടെ വിചിത്രമായ ഹേമദ്ധ്വജങ്ങളെല്ലാം അറുത്തു വീഴ്ത്തി. ഓരോ അമ്പുകൊണ്ട് ഓരോ ധ്വജവും വീഴ്ത്തി. അവരുടെ ആന, കുതിര, ആയുധങ്ങൾ, സൂതന്മാർ മുതലായവരെ വീഴ്ത്തി. എന്റെ കൈവേഗം കണ്ടു രാജാക്കന്മാരൊക്കെ പിന്മാറുകയും തേറ്റു പാഞ്ഞുപോവുകയും ചെയ്തു. രാജാക്കന്മാരെയൊക്കെ ജയിച്ചതിന്നുശേഷം ഞാൻ കന്യകമാരേയുംകൊണ്ട് ഹസ്തിനാപുരത്തേക്കു പോന്നു. പിന്നെ ഞാൻ സത്യവതിയമ്മയുടെ അടുത്തുചെന്നു കന്യകമാരെ അമ്മയെ ഏല്പിച്ച് ഞാൻ ചെയ്ത സാഹസകൃത്യങ്ങളെ ഉണർത്തിച്ചു. ഈ കന്യകമാർ അനുജനായ വിചിത്രവീര്യന്നു വേണ്ടി നേടിയതാണെന്ന് അറിയിക്കുകയും ചെയ്തു."

174. അംബയുടെ അപേക്ഷ – ഭീഷ്മൻ പറഞ്ഞു: "ദുര്യോധനാ, പിന്നെ ഞാൻ ദാശേയിയായ വീരമാതാവിനെ കുമ്പിട്ട് ഇപ്രകാരം പറഞ്ഞു: 'രാജാക്കന്മാരെയൊക്കെ പോരിൽ ജയിച്ച് കാശിരാജാവിന്റെ ഈ പെൺകിടാങ്ങളെ അനുജനായ വിചിത്രവീര്യന്നുവേണ്ടി വീര്യശുല്ക്കത്തോടെ ഹരിച്ചതാണ്.' ഞാൻ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അമ്മ എന്നെ തഴുകി മൂർദ്ധാവിൽ ഘ്രാണിച്ച് കണ്ണുനീർ പൊഴിച്ച് നന്ദിയോടെ പറഞ്ഞു: ഉണ്ണീ, നീ ഭാഗ്യത്താൽ ജയിച്ചു!'

സത്യവതിയുടെ സമ്മതത്തോടുകൂടി വിവാഹം അടുത്ത ദിവസം നടത്തുവാൻ തീരുമാനിച്ചു. അന്ന് കാശിരാജാവിന്റെ മൂത്തമകൾ അംബ ലജ്ജയോടുകൂടി എന്നോടു പറഞ്ഞു: ഭീഷ്മാ, ഭവാൻ ധർമ്മജ്ഞനാണല്ലോ. എല്ലാ ശാസ്ത്രവും ഭവാൻ ഗ്രഹിച്ചിട്ടുണ്ടല്ലോ. ധർമ്മ്യമായ എന്റെ മൊഴി നീ കേട്ടു വേണ്ടതു ചെയ്യണേ! ഞാൻ മുമ്പെതന്നെ മനസ്സുകൊണ്ട് ശാല്വരാജാവിനെ വരിച്ചു. അവൻ എന്നെയും വരിച്ചു. ഈ വർത്തമാനം ഞാൻ മുമ്പെ അച്ഛനെ അറിയിക്കുകയുണ്ടായില്ല. അന്യനിൽ കാമമുള്ള എന്നെ, രാജധർമ്മത്തെ കവിഞ്ഞ്, വിശേഷിച്ചും കൗരവനായ ഭവാൻ, ഗൃഹത്തിൽ വാഴിക്കുന്നത് ഉചിതമാണോ? ഈ കാര്യം പരിഗണിച്ച്, ഹേ മഹാബാഹോ, എന്താണ് ഉചിതമായിട്ടുള്ളതെന്നുവെച്ചാൽ അത് അങ്ങു ചെയ്താലും! എന്നെ ശാല്വരാജാവു കാത്തിരിക്കുന്നുണ്ട്. കുരുരാജാവേ, ഭവാൻ എനിക്കു സമ്മതം തന്നാലും. മഹാബാഹോ! ഭവാൻ എന്നിൽ കരുണ കാണിച്ചാലും. ധർമ്മവിത്തമാ, വീരാ, ഭവാൻ സത്യവ്രതനാണ് എന്നു ലോകത്തിലൊക്കെ പുകഴ്ത്തുന്നതായി ഞാൻ കേൾക്കുന്നു."

175. ശൈഖാവത്യാംബാസംവാദം – ഭീഷ്മൻ പറഞ്ഞു: "ഞാൻ ഗന്ധവതിയായ സത്യവതിയേയും ഋത്വിക്കുകളേയും പുരോഹിതന്മാരേയും വേണ്ടവണ്ണം സമ്മതിപ്പിച്ചതിന്നുശേഷം മൂത്ത കന്യകയായ അംബയ്ക്കു പോകുവാൻ സമ്മതം നല്കി. അങ്ങനെ സമ്മതം ലഭിച്ച അംബ ശാല്വേശന്റെ പുരിയിലേക്കു പോയി. ചുറ്റും വൃദ്ധരായ ദ്വിജന്മാരോടും പിന്നെ ധാത്രിയോടും കൂടി അവൾ വഴിയൊക്കെ പിന്നിട്ട് രാജാവിന്റെ അടുത്തു ചെന്നു. അവൾ ശാല്വരാജാവിന്റെ സന്നിധിയിലെത്തി ഇപ്രകാരം ഉണർത്തിച്ചു:

'മഹാബാഹോ, മഹാമതേ, ഞാൻ ഭവാനെ ചിന്തിച്ചു വന്നിരിക്കുന്നു.' ശാല്വരാജാവ് പുഞ്ചിരിയോടെ അവളോടു പറഞ്ഞു: 'എടോ വരവർണ്ണിനീ! ഞാൻ നിന്നെ ഭാര്യയാക്കുന്നതല്ല. നീ അന്യനാൽ ഹരിക്കപ്പെട്ടവളാണ്. ഭദ്രേ, നീ വീണ്ടും ഭീഷ്മന്റെ അടുത്തേക്കുതന്നെ പൊയ്ക്കോളു! ഭീഷ്മൻ ബലമായി നേടിയ നിന്നെ ഞാൻ ഇച്ഛിക്കുന്നില്ല. നീ ഭീഷ്മൻ ജയിച്ചു പിടിച്ചവളാണ്. അപ്പോൾ നീ അവനിൽ പ്രീതി ജനിച്ചവളാണ്. പോരിൽ സകലരാജാക്കന്മാരേയും ജയിച്ച് പരാമർശിച്ചപ്പോൾ നീ അതിൽ സന്തുഷ്ടയായി. ഹേ വരവർണ്ണിനി, അന്യൻ കൈയേറ്റ കന്യകയെ ഞാൻ ഭാര്യയാക്കുന്നതല്ല. എന്നെപ്പോലെയുള്ള ഒരു രാജാവ് മറ്റാൻ ഏറ്റ ഒരു പെണ്ണിനെ വീട്ടിൽ കയറ്റുമോ? പെണ്ണിനെപ്പറ്റി ജ്ഞാനമുള്ളവനും അന്യർക്കു ധർമ്മം ഉപദേശിക്കുന്നവനുമായ ഞാൻ? ഭദ്രേ, നീ യഥേഷ്ടം പോകൂ! നിനക്കു കാലം തെറ്റേണ്ടാ.

വേഗം പൊയ്ക്കോളൂ.'

അംബ ശാല്വന്റെ വാക്കു കേട്ടപ്പോൾ കാമബാണ പീഡിതയായി ഇങ്ങനെ പറഞ്ഞു: 'രാജാവേ, ഇങ്ങനെ പറയരുതേ! ഭവാൻ വിചാരിക്കുന്നപോലെയല്ല കാര്യം. ഭീഷ്മൻ എന്നെ പ്രീതിയോടെ ഹരിച്ചതല്ല. ഞാൻ ഭീഷ്മന്റെ വിക്രമങ്ങളിൽ പ്രീതിപ്പെടുന്നുമില്ല. രാജാക്കന്മാരെയൊക്കെ ഓടിച്ചതിന്നുശേഷം ഞാൻ കേഴുന്ന സമയത്താണു ഹരിച്ചത്. ഹേ ശാല്വാ! എന്നെ കൈക്കൊണ്ടാലും. കുറ്റമറ്റവളും ഭവാനിൽ കൂറുള്ളവളുമായ ഈ ബാലയെ ഭവാൻ സ്വീകരിച്ചാലും. ഭക്തത്യാഗത്തെ ഒരു ധർമ്മത്തിലും പുകഴ്ത്തുന്നതായി ഞാൻ കണ്ടിട്ടില്ല. പോരിൽ തോല്ക്കാത്തവനായ ഗംഗാപുത്രനോട് ഞാൻ എന്റെ വൃത്താന്തം ഉണർത്തിച്ചു. അവന്റെ സമ്മതത്തോടുകൂടിയാണ് ഞാൻ ഇങ്ങോട്ടു പോന്നത്. മഹാബാഹുവായ ഭീഷ്മൻ എന്നെ ഇച്ഛിച്ചിട്ടില്ല. രാജാവേ, ഭീഷ്മന്റെ ഉദ്യമം അനുജന്നാണെന്നുള്ളതും ഞാൻ കേട്ടു. അംബികയേയും അംബാലികയേയും ഭീഷ്മൻ അവന്റെ അനുജനായ വിചിത്രവീര്യന്നു നല്കി. ഹേ, ശാല്വേശ, ഭവാനെവിട്ട് അന്യനായ വരനെ ഞാൻ ഒരിക്കലും ഓർത്തിട്ടില്ല. ഹേ പുരുഷവ്യാഘ്രാ! മൂർദ്ധാവാണു ഞാൻ പറഞ്ഞതു സത്യമാണ്. നിന്റെ മുമ്പിൽ വന്നു നില്ക്കുന്ന ഈ ഞാൻ അന്യപൂർവ്വയുമല്ല. രാജാവേ, ശാല്വാ, ഞാനീപ്പറഞ്ഞത് ആത്മാവാണു സത്യമാണ്. വിശാലാക്ഷാ, സ്വയം വന്ന ഈ കന്യകയെ ഭവാൻ സ്വീകരിച്ചാലും. അന്യൻ ഏല്ക്കാത്തവളും ഭവാന്റെ പ്രിയം കാത്തിരിക്കുന്നവളുമായ ഈ കന്യകയെ ഉപേക്ഷിക്കരുതേ!'

ഇങ്ങനെയൊക്കെ ദുഃഖാർത്തയായി പറയുന്ന കാശിരാജപുത്രിയെ ശാല്വരാജാവ് പാമ്പ് പഴയ ഉറയെന്നപോലെ ഉപേക്ഷിച്ചു. അവൾ പലതരത്തിലും ഇരന്നുപറഞ്ഞു. എന്നിട്ടും ആ രാജാവ് ആ കന്യകയിൽ ലേശവും ശ്രദ്ധിക്കുകയുണ്ടായില്ല. അംബ മന്യുവോടുകൂടി കണ്ണുനീർവാർത്ത് ഇടറുന്ന കണ്ഠത്തോടെ ഇപ്രകാരം പറഞ്ഞു: 'നീ ഉപേക്ഷിച്ച ഞാൻ എവിടേക്കു പോകണം രാജാവേ? അവിടെ എനിക്കു ഗതിയുണ്ടാകട്ടെ! സജ്ജനം സത്യംപോലെയാണല്ലോ.'

ഇപ്രകാരം സങ്കടപ്പെട്ട് വിലപിക്കുന്ന കന്യകയെ ശാല്വരാജാവ് ഉപേക്ഷിക്കുകതന്നെ ചെയ്തു.

'പോകൂ! പോകൂ!' എന്ന് അവളോടു പിന്നേയും ശാല്വൻ പറഞ്ഞു: 'ഞാൻ ഭീഷ്മനെ ഭയപ്പെടുന്നു. സുന്ദരീ, നീ ഭീഷ്മന്റെ സ്വത്താണ്.' ആ ദീർഘദർശിയായ ശാല്വൻ ഇങ്ങനെ പറഞ്ഞപ്പോൾ അംബ കുരരിയെപ്പോലെ വായവിട്ടു വിലപിച്ച് ശാല്വന്റെ പുരം വിട്ടിറങ്ങി."

ഭീഷ്മൻ തുടർന്നു: "പുരം വിട്ട് ഇറങ്ങുമ്പോൾ അവൾ ദുഃഖത്തോടെ ഓർത്തു: 'എന്നേക്കാൾ വിഷമത്തിൽപ്പെട്ട ഒരു പെണ്ണ് ഊഴിയിലില്ല. എനിക്കു ബന്ധുക്കളില്ലാതായി. ശാല്വനും എന്നെ ഉപേക്ഷിച്ചു. ഞാൻ വീണ്ടും ഹസ്തിനാപുരിയിൽ കയറുവാൻ ശക്തയാകുന്നില്ല. ശാല്വൻ കാരണമായിട്ട് ഭീഷ്മൻ സമ്മതിച്ചപ്പോൾ ഞാൻ എന്നെയോ, ദുഷ്പ്രധർഷനായ ഭീഷ്മനെയോ, മൗഢ്യത്താൽ എനിക്കു സ്വയംവരം നിശ്ചയിച്ച അച്ഛനെയോ ആരെയാണു ഞാൻ നിന്ദിക്കേണ്ടത്! ഈ ദോഷമൊക്കെ ഞാൻ വരുത്തിക്കൂട്ടിയതാണ്. ഭയങ്കരമായ യുദ്ധം നടക്കുന്ന സമയത്ത് ഭീഷ്മന്റെ തേരിൽനിന്നു ചാടി എനിക്കു ശാല്വനെപ്പോയി വരിക്കാമായിരുന്നു. അതു ചെയ്യാഞ്ഞതിന്റെ ഫലമാണ് ഞാൻ മൂഢയെപ്പോലെ ദുഃഖിച്ചുഴലേണ്ടി വന്നത്. ഭീഷ്മൻ നിന്ദ്യൻതന്നെ! മൂഢനായ എന്റെ അച്ഛനും നിന്ദ്യൻതന്നെ! അല്ലെങ്കിൽ വീര്യശുല്ക്കത്താൽ വേശ്യപ്പെണ്ണിനെപ്പോലെ കണ്ടവർക്കു പിടിച്ചുകൊണ്ടുപോകുവാൻപാകത്തിന്ന് എന്നെ വിട്ടില്ലേ! ഈ ശാല്വരാജാവും നിന്ദ്യൻതന്നെ! ദൈവവും നിന്ദ്യൻതന്നെ! അവരുടെ ദുർന്നയത്താലാണല്ലോ ഞാൻ ഇമ്മാതിരി ആപത്തിൽ ചെന്ന് വീണത്! എല്ലാംകൊണ്ടും തങ്ങളുടെ ഭാഗ്യം പോലെയാണ് മനുഷ്യന്റെ നില. ഈ ആപത്തിന്നൊക്കെ കാരണം ഭീഷ്മനാണ്. ഞാൻ ഇതിന്നു ഭീഷ്മനോടു പകരംവീട്ടാതിരിക്കുമോ? തീർച്ചയായും എനിക്കു ദുഃഖമുണ്ടാക്കിയവൻ അവനല്ലാതെ മറ്റാരുമല്ല. ഞാൻ തപസ്സുകൊണ്ടോ പോരിനാലോ പകരംവീട്ടും! ഏതു രാജാവിന്നു കഴിയും ഭീഷ്മനെ പോരിൽ ജയിക്കുവാൻ?' എന്നു വിചാരിച്ച് അവൾ നഗരം വിട്ടു നടന്നു. മഹാത്മാരായ മഹർഷിമാർ താമസിക്കുന്ന ഒരു പുണ്യാശ്രമത്തിൽ ചെന്നു. അന്നു രാത്രി അവൾ താപസന്മാരോടുകൂടി അവിടെ പാർത്തു. തനിക്കു വന്നുചേർന്ന ആപത്തിനെപ്പറ്റിയൊക്കെ അവരോട് ആ ശുചിസ്മിത വിസ്തരിച്ചു പറഞ്ഞു. തന്നെ ഭീഷ്മൻ ഹരിച്ചതും ശാല്വൻ ഉപേക്ഷിച്ചതുമൊക്കെ സവിസ്തരം പറഞ്ഞു. ഈ വർത്തമാനങ്ങളൊക്കെ ശൈഖാവത്യൻ എന്നു പേരായ സംശിതവ്രതനായ ഒരു ബ്രാഹ്മണൻ കേട്ടു. തപോവൃദ്ധനും വേദാന്താഗമദേശികനുമായ അദ്ദേഹം സന്തപ്തയായ അവളിൽ കരുണയോടെ നോക്കി. ശ്രൗതസ്മാർത്തജ്ഞനായ ആ യോഗി സതിയായ ആ ബാലയോടു പറഞ്ഞു: 'ഭദ്രേ, തപസ്വികളായ ഞങ്ങൾ ഈ നിലയിലെത്തിയ നിന്നിൽ എന്തുചെയ്യേണ്ടു! മഹാഭാഗേ, ആശ്രമത്തിൽ വാഴുന്ന മഹാത്മാക്കളായ താപസികന്മാരല്ലേ ഇവർ?"

അവൾ ഇതു കേട്ടപ്പോൾ താപസികനോടു പറഞ്ഞു: 'മഹർഷേ, സന്ന്യസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു! ഞാൻ ഉഗ്രമായി തപസ്സുചെയ്യാം. മൂഢയായ ഞാൻ പൂർവ്വജന്മങ്ങളിൽ കഠിനമായ പാപം ചെയ്തിരിക്കണം. അതിന്റെയൊക്കെ ഫലമാണ് ഇത്. മുനീശ്വരാ! ഞാൻ വീണ്ടും സ്വജനങ്ങളുടെ പാർശ്വത്തിൽ പോകുവാൻ വിചാരിക്കുന്നില്ല. ഞാൻ തള്ളിവിട്ടവളും നന്ദികെട്ടവളും ശാല്വരാജാവിനാൽ ഉപേക്ഷിക്കപ്പെട്ടവളുമാണ്. ഭവാന്മാർ പറഞ്ഞതരുന്നമാതിരി ഞാൻ തപസ്സുചെയ്തുകൊള്ളാം. ദേവസന്നിഭന്മാരായ നിങ്ങൾ എന്നിൽ കനിയണേ!' അവൾ ഇപ്രകാരം അഭ്യർത്ഥിച്ചപ്പോൾ ദുഃഖിതയായ അവളെ ദൃഷ്ടാന്തമായി ആഗമയുക്തികൾ പറഞ്ഞ് ആ യോഗിവര്യൻ ആശ്വസിപ്പിച്ചു. വിപ്രരോടുകൂടി അവളെ സാന്ത്വനംചെയ്ത് ആ കന്യകയെ അവിടെ പാർപ്പിച്ചു."

176. ഹോത്രവാഹനാംബാസംവാദം – ഭീഷ്മൻ പറഞ്ഞു: "പിന്നെ ആ താപസന്മാരെല്ലാവരും ആ കന്യകയുടെ കാര്യത്തിൽ എന്താണു ചെയ്യേണ്ടതെന്ന് ആലോചനയായി. ചില താപസന്മാർ അവളെ അച്ഛന്റെ ഗൃഹത്തിലേക്ക് അയയ്ക്കണമെന്ന് അഭിപ്രായപ്പെട്ടു. ചില തപസ്വികൾ എന്നെ ശകാരിക്കുവാൻ വിചാരിച്ചു. ചിലർ അവളെ ശാല്വന്റെ അരികിലേക്കു കൂട്ടിക്കൊണ്ടുപോകണമെന്ന് അഭിപ്രായപ്പെട്ടു. അതു പാടില്ലെന്നും ഉപേക്ഷിച്ച പെണ്ണിനെ കെട്ടിയേല്പിക്കുന്നതു ശരിയല്ലെന്നും വേറെ ചില താപസന്മാർ പറഞ്ഞു. സംശിതവ്രതരായ താപസന്മാർ അവളോടു ചോദിച്ചു: 'ഭദ്രേ, കാര്യം ഈ നിലയിലിരിക്കയാൽ ഇനി ഞങ്ങൾ എന്തുചെയ്യേണ്ടു!' വീണ്ടും അവർ അവളോടു പറഞ്ഞു: 'ഭദ്രേ, നീ സന്ന്യസിക്കേണ്ട. ഞങ്ങളുടെ ഹിതമായ മൊഴി നീ കേൾക്കൂ! നീ ഇവിടെനിന്ന് അച്ഛന്റെ ഗൃഹത്തിലേക്കു പോകുക. നിന്റെ അച്ഛനായ കാശിരാജാവ് നിനക്കു വേണ്ടതൊക്കെ ചെയ്യും. എടോ, കല്യാണീ! നീ സർവ്വഗുണസമ്പന്നയാണ്. നീ അച്ഛന്റെ ഗൃഹത്തിൽപ്പോയി പാർക്കുക. മറ്റു വല്ലേടവും പാർക്കുന്നതിനേക്കാൾ പിതൃഗൃഹമാണു നല്ലത്. അച്ഛനെപ്പോലെയാകുമോ മറ്റുള്ളവരെ ആശ്രയിക്കുന്നത്? ഒരു പെണ്ണിന്ന് ആശ്രയം ഭർത്താവോ പിതാവോ ആണ്. ഹേ, വരവർണ്ണിനീ!

ഞാൻ പറയുന്നതു കേൾക്കൂ! സമാധാനമുള്ളവൾക്ക് ആശ്രയം കാന്തനാണ്. വിഷമസ്ഥയ്ക്ക് ആശ്രയം അച്ഛനാണ്. ഭദ്രേ, ആശ്രമത്തിൽ പാർക്കുകയാണെങ്കിൽ വളരെ ദോഷങ്ങളും ക്ലേശങ്ങളും അനുഭവിക്കുന്നതിന്ന് ഇടയാകും. വിശേഷിച്ചും നീ ഓമനയായ രാജപുത്രിയല്ലേ? അച്ഛന്റെ ഗൃഹത്തിലാണെങ്കിൽ വിഷമമൊന്നും അനുഭവിക്കാതെ ജീവിക്കാം.' എന്നാൽ, വേറെ ചില താപസികന്മാർ ആ കന്യകയോടു പറഞ്ഞു: 'നീ തനിയേ വലിയ കാട്ടിൽ, നിർജ്ജനമായ വനത്തിൽ പാർക്കുന്നതു കണ്ടാൽ രാജാക്കന്മാർ നിന്നെ ആഗ്രഹിക്കും. അതു നീ ചിന്തിക്കേണ്ടാ.'

അംബ പറഞ്ഞു: 'അച്ഛന്റെ ഗൃഹമായ കാശിയിലേക്ക് ഇനി ഞാൻ മടങ്ങുകയില്ല. അവിടെ ചെന്നാൽ ബന്ധുക്കൾ എന്നെ അവമാനിക്കും. അത് എനിക്കു ചിന്തിക്കാൻവയ്യ. ബാല്യത്തിൽ നിങ്ങൾ പറഞ്ഞമാതിരി പിതൃഗൃഹത്തിൽ വസിച്ചു. ഇനി അതു വയ്യ! ഞാൻ അച്ഛന്റെ അടുത്തേക്കു മടങ്ങുകയില്ല. ഞാൻ നിങ്ങളോടു മംഗളം പറയുന്നു. ഞാൻ തപസ്വിജനങ്ങളുടെ രക്ഷയിൽ തപസ്സു ചെയ്യുവാനാണ് വിചാരിക്കുന്നത്. പരലോകത്തിൽ എനിക്ക് ഇത്തരത്തിൽ സങ്കടം വരാതിരിക്കട്ടെ! ദുർഭഗയായ ഞാൻ തപസ്സു ചെയ്യട്ടെ!"

ഭീഷ്മൻ പറഞ്ഞു: "ഇങ്ങനെ താപസന്മാർ ഓരോന്നു വിചാരിച്ചിരിക്കുമ്പോൾ ആ കാട്ടിൽ ഹോത്രവാഹനൻ എന്ന ഒരു രാജർഷിവന്നുചേർന്നു. ആ താപസന്മാരെല്ലാം ആ രാജാവിനെ പൂജിച്ചു സ്വാഗതം, പീഠം, ഉദകം, പൂജ ഇവകൊണ്ട് ആദരിച്ചു ബഹുമാനിച്ചു. അവിടെ ആ രാജാവു വിശ്രമിക്കുമ്പോൾ താപസികന്മാർ ഈ കന്യകയുടെ പ്രശ്നം എടുത്തുപറഞ്ഞു. കാശിരാജാവിന്റെ പുത്രിയായ അംബയുടെ വൃത്താന്തംകേട്ട് ആ രാജർഷി ഏറ്റവും ഉദ്വിഗ്നനായിത്തീർന്നു. അവൾ ഈ വൃത്താന്തം പറഞ്ഞതു കേട്ടും, അവളെ നേരെ നോക്കിക്കണ്ടും രാജർഷിയായ ഹോത്രവാഹനൻ (അവളുടെ അമ്മയുടെ അച്ഛൻ) വിറച്ചുകൊണ്ട് എഴുന്നേറ്റ് അവളെ അങ്കത്തിൽ കയറ്റിയിരുത്തി സമാശ്വസിപ്പിച്ചു. അവൻ തന്റെ മകളുടെ പുത്രിയോട് ആദ്യംമുതല്ക്കുള്ള വൃത്താന്തങ്ങൾ ചോദിച്ചറിഞ്ഞു. അവൾ ഉണ്ടായ വിവരം അദ്ദേഹത്തോടു പറഞ്ഞു. അവൾ പറഞ്ഞതു കേട്ട് ആ രാജാവു ദുഃഖശോകാർത്തനായിത്തീർന്നു. ആ തപസ്വി കാര്യം മനസ്സിൽ ചിന്തിച്ചുവെച്ചു. ആർത്തയായ അവളോട് ആർത്തനായ ആ വൃദ്ധൻ വിറച്ചുകൊണ്ടു പറഞ്ഞു: 'വത്സേ, നീ താതന്റെ ഗൃഹത്തിൽ പോകേണ്ടാ. ഞാൻ നിന്റെ അമ്മയുടെ അച്ഛനാണ്. പിന്നെ ഞാൻ നിന്റെ ദുഃഖമൊക്കെത്തീർത്തുതരാം. നീ ഞാൻ പറയുന്നതു കേൾക്കൂ! നീ ദുഃഖിച്ചതു മതി. നീ ദുഃഖിച്ചു ദേഹം ഇനി ക്ഷീണിപ്പിക്കരുത്. ഇപ്പോൾത്തന്നെ വല്ലാതെ മെലിഞ്ഞിരിക്കുന്നു. നീ ഉടനെ ജാമദഗ്ന്യനായ രാമന്റെ സന്നിധിയിലേക്കു പോകണം. രാമൻ നിന്റെ കഠിനമായ ഈ ശോകത്തെ തീർത്തുതരും. അവൻ പറഞ്ഞതു ഭീഷ്മൻ കേട്ടില്ലെങ്കിൽ അവനെ യുദ്ധത്തിൽ രാമൻ കൊന്നുകളയും. അഗ്നിതേജസ്വിയായ ഭാർഗ്ഗവന്റെ സമീപത്തേക്കു പോകുക. ആ തപോധനൻ നിന്നെ നല്ലവഴിയിലേക്കു നയിക്കുന്നതാണ്.' ഇതു കേട്ട് അവൾ ബാഷ്പംപൊഴിച്ചു തന്റെ മാതാമഹനോടു പറഞ്ഞു: 'ഞാൻ അങ്ങയുടെ പാദത്തിൽ ശീർഷം കുനിച്ചു നമസ്കരിക്കുന്നു. ഞാനിതാ, അങ്ങയുടെ ആജ്ഞ സ്വീകരിച്ച് ആ മഹർഷിയെക്കാണുവാൻ പോകുന്നു. അദ്ദേഹത്തെ ഞാൻ ഇപ്പോൾ ചെന്നാൽ കാണുമോ? അദ്ദേഹം എന്റെ തീവ്രമായ ദുഃഖം തീർക്കാതിരിക്കുമോ? ഞാൻ ഏതുവഴിക്കാണ് പോകേണ്ടത് അദ്ദേഹത്തെക്കാണുവാൻ?'

ഹോത്രവാഹനൻ പറഞ്ഞു: 'ഭദ്രേ, ആ കാണുന്ന വനത്തിലാണ്, മാഹേന്ദ്രമലയിലാണ് അദ്ദേഹത്തിന്റെ ആശ്രമം. അവിടെ സത്യസന്ധനും, അതിശക്തനും, വേദജ്ഞരോടും മുനിമാരോടും ചേർന്നവനുമായ രാമൻ അപ്സരസ്സുകളോടുകൂടി തപസ്സുചെയ്തു വാഴുന്നുണ്ട്. അവിടേക്ക് നീ പോകുക. അവിടെച്ചെന്നാൽ നിനക്കു ശുഭം ലഭിക്കും. ഞാൻ പറഞ്ഞയച്ചതായി നീ ആ താപസികനോടു പറയൂ! ഭദ്രേ, നീ കരുതുന്ന കാര്യം അദ്ദേഹത്തോട് ഉണർത്തിക്കൂ! എന്റെ പേരുപറഞ്ഞാൽ നീ കരുതുന്ന കാര്യം അദ്ദേഹം നിവൃത്തിച്ചു തരും. വത്സേ, രാമൻ എന്റെ ഇഷ്ടസഖിയും സുഹൃത്തുമാണ്. ജമദഗ്നിപുത്രനായ ആ വീരൻ ശസ്ത്രജ്ഞന്മാരിൽ ഉത്തമനാണ്." ഇപ്രകാരം ആ രാജർഷി തന്റെ മകളുടെ പുത്രിയോടു പറയുന്ന സമയത്ത് രാമന്റെ ഇഷ്ടാനുചരനായ അകൃതവ്രണൻ കയറിവന്നു. ഉടനെ ആ മുനിമാരെല്ലാം എഴുന്നേറ്റ് അദ്ദേഹത്തെ സ്വീകരിച്ചു. വയോവൃദ്ധനായ സൃഞ്ജയൻ, ഹോത്രവാഹനൻ അദ്ദേഹത്തെ സ്വാഗതം ചെയ്തു. ആ അതിഥിയെ സ്വീകരിച്ചതിന്നുശേഷം ആ വനവാസികൾ ആ അതിഥിയുടെ ചുറ്റുമിരുന്ന് ഭംഗിയേറിയ വന്യദിവ്യകഥകൾ ഓരോന്നു പറയുവാൻ തുടങ്ങി. ഹേ, രാജശ്രേഷ്ഠാ! പ്രീതിയോടും ഹർഷത്തോടുംകൂടിയിരിക്കുമ്പോൾ രാമമുനിയെപ്പറ്റി അവർ അകൃതവ്രണനോടു ചോദിച്ചു: "ഇപ്പോൾ ഹേ, മഹാബാഹോ! ജാമദഗ്ന്യമഹർഷി എവിടെയാണ്! അദ്ദേഹത്തെ ഒന്നു കാണുവാൻ തരപ്പെടുമോ?"

അകൃതവ്രണൻ പറഞ്ഞു: "മഹാബാഹോ! ഭവാനെത്തന്നെ പലപ്പോഴും രാമൻ കീർത്തിക്കുന്നതു ഞാൻ കേൾക്കാറുണ്ട്. 'രാജർഷിയായ സൃഞ്ജയൻ എന്റെ ഇഷ്ടനാണ് എന്നും മറ്റും. നാളെ കാലത്തു രാമൻ ഇവിടെ വരുന്നതാണെന്ന് എനിക്കറിയാം. ഭവാനെ കാണുവാൻ രാമൻ ഇവിടെ വരുമ്പോൾ ഭവാന് കാണാമല്ലോ. പിന്നെ, ഞാൻ ഒരു കാര്യം ചോദിക്കട്ടെ! ഈ കന്യക എന്തിന്നു കാട്ടിൽ വന്നു. ഇവൾ ആരുടെ പുത്രിയാണ്? ഭവാനുമായി ബന്ധമെന്താണ്? അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ഹോത്രവാഹനൻ പറഞ്ഞു: "ഇവൾ എന്റെ മകളുടെ പുത്രിയാണ്. കാശിരാജാവിന്റെ ഇഷ്ടപുത്രിയാണ്. ഇവൾ സ്വയംവരത്തിൽ രണ്ട് അനുജത്തിമാരോടുകൂടി നിന്നു. അംബ എന്നാണ് ഇവളുടെ പേര്. കാശിരാജാവിന്റെ മൂത്തമകളാണ് ഇവൾ. അംബികയും അംബാലികയും ഇളയ കന്യകമാരാണ്.

മന്നിൽ വാഴുന്ന മന്നവന്മാരൊക്കെ കാശിരാജാവിന്റെ പുരിയിൽ വന്നെത്തി. കന്യകയെ ലഭിക്കുന്നതിന്നുവേണ്ടി വന്ന അവരുടെ മഹോത്സവം അന്നുതന്നെ അവസാനിച്ചു. മഹാവീരനും ശന്തനു പുത്രനുമായ ഭീഷ്മൻ എല്ലാ രാജാക്കന്മാരേയും ധിക്കരിച്ച് മൂന്നു കന്യകമാരെയും ഹരിച്ചു. രാജാക്കന്മാരെയൊക്കെ അതിതേജസ്വിയായ ഭീഷ്മൻ ജയിച്ച് മൂന്നു കന്യകമാരേയും കൊണ്ട് ഹസ്തിനാപുരിയിലെത്തി. അതിനുശേഷം ദാശേയി (മുക്കുവത്തിപ്പെണ്ണ്) യോടു വിവാഹ വിവരം ഉണർത്തിച്ചു. വിചിത്രവീര്യന്നായി വിവാഹം നിശ്ചയിച്ചു. ആ വേളിക്കുള്ള ഒരുക്കത്തെ കണ്ടപ്പോൾ ഈ കന്യക മന്ത്രിമാരുടെ മദ്ധ്യത്തിൽവെച്ചു ഭീഷ്മനോടു പറഞ്ഞു: 'വീരനായ ശാല്വരാജാവിനെ ഞാൻ ഭർത്താവായി മനസ്സുകൊണ്ട് വരിച്ചു. അന്യനിൽ അനുരക്തയായ എന്നെ ഭവാൻ അനുജന്നായി നല്കരുതേ.'

ഇവളുടെ ആ വാക്കു കേട്ടപ്പോൾ ഭീഷ്മൻ മന്ത്രിമാരോടുകൂടി ആലോചിച്ചു തീർപ്പുണ്ടാക്കി. സത്യവതിയുടെ സമ്മതത്തോടുകൂടി വിട്ടുകൊടുത്തു. അവിടെനിന്നു വിട്ടുകിട്ടിയ ഇവൾ ഭീഷ്മന്റെ അനുവാദത്തോടുകൂടി അവിടെനിന്നു പോയി. സൗഭനാഥനായ ശാല്വന്റെ സമീപത്തു ചെന്ന് നന്ദിയോടുകൂടി, കാലം ചിന്തിച്ച് ഇപ്രകാരം പറഞ്ഞു: 'ഭീഷ്മൻ എന്നെ വിട്ടുതന്നു. നരർഷഭാ! ഭവാൻ എന്നിൽ ധർമ്മം നടത്തിയാലും. ഞാൻ ഭവാനെ മുമ്പേതന്നെ മനസ്സുകൊണ്ടു ഭർത്താവായി വരിച്ചിരിക്കു

ന്നു.' ചാരിത്രത്തിൽ ശങ്കിച്ച് ശാല്വൻ ഇവളെ കൈക്കൊണ്ടില്ല. അവൾ അങ്ങനെ നിരാശയോടെ തപോവനത്തിൽ എത്തിച്ചേർന്നിരിക്കയാണ്, തപസ്സിൽ ശ്രദ്ധിക്കയാണ്. ഇവിടെ വച്ചാണ് ഞാൻ ഇവളെ കണ്ടുമുട്ടുന്നത്. വംശം ചോദിച്ചറിഞ്ഞപ്പോളാണ് കാര്യം ഗ്രഹിച്ചത്. ഇവൾ തനിക്കു നേരിട്ട സങ്കടത്തിന്നു കാരണമായിക്കാണുന്നത് ഭീഷ്മനെയാണ്."

അംബ പറഞ്ഞു: "ഭഗവാനേ, രാജർഷി പറഞ്ഞ വിധം എല്ലാം സത്യമാണ്. എന്റെ അമ്മയുടെ അച്ഛനാണ് ഈ ഹോത്രവാഹനനായ സൃഞ്ജയൻ. തപോധനാ! എനിക്ക് എന്റെ അച്ഛന്റെ അരികിലേക്കു മടങ്ങിപ്പോകുവാനും തോന്നുന്നില്ല. അവമാനഭയവും ലജ്ജയും എന്നെ തടയുന്നു. എന്നോട് ഭഗവാൻ രാമൻ എന്തു കല്പിക്കുന്നുവോ അതു ഞാൻ ചെയ്തുകൊള്ളാം. തക്കതായ കാര്യം അദ്ദേഹം നിർദ്ദേശിക്കുമെന്നാണ് എന്റെ അഭിപ്രായം."

177. രാമാംബാസംവാദം – അകൃതവ്രണൻ പറഞ്ഞു: "ഭവതിക്ക് ഇങ്ങനെ രണ്ടു ഭാഗത്തുനിന്നും ദുഃഖങ്ങൾ വന്നുചേർന്നു. ഇതിൽ ആരോടാണ് നീ പ്രതിക്രിയ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്? ഹേ അബലയായ കുട്ടീ, നീ തത്ത്വം എന്നോടു പറഞ്ഞാലും! നിന്റെ ആഗ്രഹം സൗഭേശനായ ശാല്വനോടു കല്പിക്കണോ? രാമൻ നിന്റെ ഹിതത്തിന്നായി കല്പിക്കുന്നതാണ്. അതോ നിനക്കുവേണ്ടി രാമൻ ഗാംഗേയനായ ഭീഷ്മനെ പോരിൽ ജയിക്കണോ? നിനക്കുവേണ്ടി രാമൻ അതും ചെയ്യും. സൃഞ്ജയൻ പറഞ്ഞതും നിന്റെ വാക്കും ഞാൻ കേട്ടുവല്ലോ. നിനക്ക് എന്താണാവശ്യമെങ്കിൽ നീ അതിനെപ്പറ്റി ചിന്തിക്കുക."

അംബ പറഞ്ഞു: "ഭഗവാനേ, എന്റെ മനസ്സ് എങ്ങനെയാണെന്നറിയാതെയാണ് ഭീഷ്മൻ എന്നെ ഹരിച്ചത്. ശാല്വനിൽ ഞാൻ അനുരക്തയാണെന്ന് ഭീഷ്മൻ അറികയില്ലല്ലോ. അതോർത്ത് യഥാന്യായം ഭവാൻതന്നെ ചിന്തിച്ചു വേണ്ടതെന്തെന്ന് അറിഞ്ഞ് ആ കാര്യം നടത്തിത്തരിക. കുരുവ്യാഘ്രനായ ഭീഷ്മനിലോ, ശാല്വരാജാവിലോ, അതോ രണ്ടുപേരിലുമോ മഹർഷേ, ഭവാൻ വേണ്ടത് എന്താണെന്നറിഞ്ഞ് യുക്തിപൂർവ്വം ചെയ്തുതന്നാലും. നടന്നവിധം എന്റെ ദുഃഖകാരണം ഞാൻ ഭവാനോടു പറഞ്ഞുവല്ലോ. ഭവാൻ ഇക്കാര്യത്തിൽ യുക്തമായതു ചെയ്താലും!"

അകൃതവ്രണൻ പറഞ്ഞു: "വരവർണ്ണിനീ, ശുഭേ, നീ പറഞ്ഞതു നിനക്കു ചേർന്നതുതന്നെ! ധർമ്മമാണു നീ പറഞ്ഞത്. എന്നാൽ ഞാൻ പറയുന്നതു നീ കേൾക്കൂ! ഭീഷ്മൻ നിന്നെ ഹസ്തിനപുരിയിൽ കയറ്റിയില്ലായിരുന്നെങ്കിൽ രാമൻ ഒരു വാക്കു പറഞ്ഞാൽമതി ഭീരുവായ ശാല്വൻ നിന്നെ തലയിലേറ്റിയേനെ. അവൻ നിന്നെ ജയിച്ചുപിടിച്ചു എന്നു കേട്ടപ്പോൾ ശാല്വന്നു നിന്നിൽ സംശയം വന്നുചേർന്നു. സുമദ്ധ്യമേ, നീ അന്യനാൽ ഹരിക്കപ്പെട്ടില്ലേ! ഭീഷ്മൻ പൗരുഷത്തിൽ ഗർവ്വുള്ളവനും വിജയമദമുള്ളവനുമാണ്. അതുകൊണ്ട് നീ ഭീഷ്മനിലാണു പ്രതികാരം ചെയ്യേണ്ടത്!"

അംബ പറഞ്ഞു: "എപ്പോഴും എന്റെ ഉള്ളിലെ വിചാരം ഇതുതന്നെയാണ്. പോരിൽ ഭീഷ്മനെ വധിപ്പിക്കണം എന്നാണ് നിത്യവും എന്റെ വിചാരം. ഭീഷ്മനോ ശാല്വനോ ആരാണു ഭവാന്റെ ദൃഷ്ടിയിൽ ദോഷം ചെയ്തത് എങ്കിൽ, ആരുമൂലമാണ് ഞാൻ ഇവിടെ കണ്ണീരുംകൈയുമായി ജീവിക്കുന്നതെങ്കിൽ, അവന്ന് ഭവാൻ ശിക്ഷ നല്കണം!"

ഭീഷ്മൻ പറഞ്ഞു: "അവർ ഇപ്രകാരം പറഞ്ഞിരിക്കെ അന്നത്തെ പകൽ അവസാനിച്ചു. ഭാരതശ്രേഷ്ഠാ, സുഖവും ശീതളവുമായ കാറ്റു വീശി അന്നത്തെ രാത്രിയും കഴിഞ്ഞു. പ്രഭാതമായപ്പോൾ തേജസ്സാൽ ഉജ്ജ്വലിക്കുന്നവനും, ജടാചീരധരന്മാരായ ശിഷ്യഗണത്തോടുകൂടിയവനും, വില്ലും വാളും മഴുവും ധരിച്ചവനും, രജസ്സ് അറ്റവനുമായ ജാമദഗ്ന്യൻ വരുന്നു! ആ മഹർഷിവര്യൻ സൃഞ്ജയന്റെ സമീപത്തെത്തി. അവനെക്കണ്ട് മുനിമാരും, തപസ്വിയായ രാജാവും, ആ സാധുവായ കന്യകയും തൊഴുതുനിന്നു. അവർ മധുപർക്കങ്ങളാൽ ഭാർഗ്ഗവനെ പൂജിച്ചു. മുറയ്ക്കു പൂജ കൈക്കൊണ്ട് അവരോടുകൂടി മഹർഷി ഇരുന്നു. പിന്നെ ജാമദഗ്ന്യനും സൃഞ്ജയനുംകൂടി കഴിഞ്ഞ കഥകളോരോന്നും പറഞ്ഞ് അങ്ങനെ രസത്തോടെ ഇരുന്നു. അങ്ങനെ കഥകൾ പറഞ്ഞുകഴിഞ്ഞ സമയത്ത് രാജർഷി ശക്തനായ ഭാർഗ്ഗവരാമനെ നോക്കി മധുരമായി അർത്ഥത്തോടുകൂടിയ വാക്കു പറഞ്ഞു: 'ഇവൾ എന്റെ മകളുടെ പുത്രിയാണ്. കാശിരാജാവിന്റെ നന്ദിനിയാണ്. കാര്യജ്ഞനായ ഭവാൻ ഇവളുടെ കഥയൊന്നു മനസ്സിരുത്തി കേൾക്കണം.'

'ആകട്ടെ കുട്ടീ, പറയൂ' എന്ന് രാമൻതന്നെ അവളോടു നേരിട്ടു പറഞ്ഞു. കത്തിക്കാളുന്ന അഗ്നിയോടു തുല്യനായ രാമന്റെ ശുഭമായ പാദങ്ങളിൽ ശിരസ്സു കുനിച്ചു തൊഴുതുതാമരപോലുള്ള കൈകൾകൊണ്ടു പാദങ്ങളിൽ തൊട്ട് മുമ്പിൽ നിന്നു. അവൾ സങ്കടംപൂണ്ടു കണ്ണുനീർ കണ്ണിൽ നിറഞ്ഞ് രാമനെ ശരണം പ്രാപിച്ചു."

രാമൻ പറഞ്ഞു: "ഹേ, രാജനന്ദിനി, നീ എനിക്ക് ഈ സൃഞ്ജയൻ എന്നപോലെതന്നെയാണ്. നിന്റെ വാക്കു ഞാൻ നടത്താം."

അംബ പറഞ്ഞു: "ഭഗവാനേ, സുവ്രതനായ അങ്ങയെ ഞാൻ ശരണംപ്രാപിക്കുന്നു. ദുഃഖപങ്കമായ സമുദ്രത്തിൽ താഴ്ന്നുപോയ എന്നെ ഭവാൻ കയറ്റിവിടേണമേ!"

ഭീഷ്മൻ പറഞ്ഞു: "രാമൻ അവളുടെ അഴകും, യൗവനയുക്തമായ ദേഹവും, സൗകുമാര്യത്തിന്റെ തികവും കണ്ട് അത്ഭുതത്തോടെ നോക്കി ചിന്തിച്ചിരുന്നുപോയി. എന്താണ് അവൾ പറയുവാൻ പോകുന്നതെന്ന് ചിന്തിച്ചു രാമൻ കൃപയിൽ കുളിച്ച് അങ്ങനെയിരുന്നു. 'പറയൂ മകളേ!' എന്നു രാമൻ പറഞ്ഞപ്പോൾ ആ ശുചിസ്മിത നടന്നവിധം എല്ലാം ഒന്നും വിടാതെ ഭാർഗ്ഗവനോടു പറഞ്ഞു. ജാമദഗ്ന്യൻ രാജപുത്രിയുടെ മൊഴികേട്ടു. ആ വരാരോഹയോട് കാര്യത്തിന്റെ തീർപ്പു മനസ്സിൽ ഉറച്ച് ഇങ്ങനെ പറഞ്ഞു.

രാമൻ പറഞ്ഞു: 'എടോ, ഭാമിനീ, ഞാൻ ഭീഷ്മന്റെ അടുത്തേക്കയയ്ക്കാം. എന്റെ വാക്കുകേട്ടാൽ അവൻ അതനുസരിക്കും. ഞാൻ പറഞ്ഞ വാക്കു ഗാംഗേയൻ കേട്ടില്ലെങ്കിൽ, ഞാൻ എന്റെ ശസ്ത്രതേജസ്സാൽ അവനെ അമാത്യന്മാരോടൊപ്പം ചുട്ടെരിക്കും. അങ്ങനെയല്ലാതെ ശാല്വനെയാണ് നിനക്കു വേണ്ടതെങ്കിൽ അങ്ങനെയാകാം. ഞാൻ ശാല്വനോടു പറയാം. അവനുമായി കാര്യം കൂട്ടിയോജിപ്പിക്കാം.'

അംബ പറഞ്ഞു: 'മഹാത്മാവേ, ഭീഷ്മൻ എന്നെ വിട്ടയച്ചു. ഹേ, ഭൃഗുനന്ദനാ! ഞാൻ ശാല്വരാജാവിനെ കാമിക്കുന്നുണ്ടെന്ന് പറഞ്ഞതുകൊണ്ടാണ് അദ്ദേഹം എന്നെ വിട്ടയച്ചത്. പിന്നെ ആ സൗഭന്റെ അരികെച്ചെന്നു ഞാൻ പറയാൻ പാടില്ലാത്തവിധം താണുകേണപേക്ഷിച്ചു. അവൻ ചാരിത്ര്യശങ്കമൂലം എന്നെ സ്വീകരിക്കുകയുണ്ടായില്ല. ഭവാൻ സ്വബുദ്ധികൊണ്ടു ചിന്തിച്ചു തക്കതായ നടപടി എന്താണെന്ന് ഉറപ്പിച്ചാലും. എന്റെ ഈ ദുഃഖത്തിന്നൊക്കെ കാരണം മഹാവ്രതനായ ഭീഷ്മനാണ്. അവൻ അപ്പോൾ എന്നെ ബലമായി പിടിച്ചു പാട്ടിലാക്കുകകാരണത്താൽ

ഈ മഹാവ്യസനമൊക്കെ ഞാൻ അനുഭവിക്കേണ്ടിവന്നു. ഭവാൻ ഭീഷ്മനെ കൊല്ലണം. അവനാണ് എന്നെ ഇമ്മട്ടിലാക്കിയത്. ഞാൻ ഏറ്റ അപ്രിയങ്ങളൊക്കെ ഭവാൻ അറിഞ്ഞുചെയ്യണേ! ആ ഭീഷ്മൻ ലുബ്ധനും, നീചനും, ജിതകാശിയുമാണ്. ഹേ ഭാർഗ്ഗവാ, അവനിൽ ഭവാൻ പ്രതിക്രിയ ചെയ്താലും. ആ ഭാരതൻ എന്നെ പീഡിപ്പിച്ചപ്പോൾ എന്റെ മനസ്സിലുണ്ടായ സങ്കല്പം ഇതാണ്. ആ മഹാവ്രതനെ കൊല്ലുകയെന്നുള്ളതാണ്. അതുകൊണ്ട് എന്റെ ഈ ആഗ്രഹം അനഘാശയനായ ഭവാൻ സാധിപ്പിക്കണം. ഹേ, വീരാ, ഭവാൻ ഭീഷ്മനെ ഇന്ദ്രൻ വൃത്രനെ എന്നവിധം സംഹരിച്ചാലും."

178. കുരുക്ഷേത്രാവതരണം - ഭീഷ്മൻ പറഞ്ഞു: "'ഭീഷ്മനെ കൊന്നാലും' എന്നു പറഞ്ഞു പിന്നെയും കരഞ്ഞു കൊണ്ടു നില്ക്കുന്ന ആ കന്യകയോടു ഭാർഗ്ഗവൻ പറഞ്ഞു: 'കന്യകേ, ഞാൻ വിപ്രകാര്യത്തിന്നല്ലാതെ ശസ്ത്രമെടുക്കുകയില്ല എന്ന് ഒരു നിശ്ചയമുണ്ട് എനിക്ക്. ഇപ്പോൾ ഞാൻ എന്തു ചെയ്യും? വരവർണ്ണിനീ, ഈ നിലയ്ക്കു ഞാൻ എന്തുചെയ്യേണ്ടു? കേവലം വാക്കാൽ ഭീഷ്മനും, ശാല്വനും എനിക്കു പാട്ടിലാകും. എടോ, അനവദ്യാംഗീ, അതു ഞാൻ ചെയ്യാം. നീ ദുഃഖിക്കാതിരിക്കുക! വിപ്രകല്പനകൂടാതെ ശസ്ത്രമെടുക്കില്ലല്ലോ ഞാൻ. ഭാമിനീ, ഞാൻ എന്തുവേണം?'

അംബ പറഞ്ഞു: 'ഭഗവാൻ എന്റെ ദുഃഖത്തെ വേരറുത്തു വിടണം. ആ ദുഃഖം ഭീഷ്മൻമൂലം ഉണ്ടായതാണ്. അവനെ ഉടനെ വധിക്കണം.'

രാമൻ പറഞ്ഞു: 'കാശികന്യേ, നീ പറയു, ഞാൻ പറഞ്ഞാൽ ഭീഷ്മൻ നിന്റെ രണ്ടു കാലും അവന്റെ ശിരസ്സിൽ വയ്ക്കുന്നതാണ്. വന്ദിക്കേണ്ടവനാണ് അവൻ. എന്നാലും അവൻ അങ്ങനെ ചെയ്യും!'

അംബ പറഞ്ഞു: 'ഭഗവാനേ, രാമാ! അസുരനെപ്പോലെ അലറുന്നവനായ ആ ഭീഷ്മനെ ഉടനെ കൊല്ലൂ! പോരിൽ വേഗം ചെന്ന് എതിർത്ത് അവന്റെ കഥകഴിക്കൂ! ഭവാൻ എനിക്കു പ്രിയം ചെയ്യുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ ചെയ്യുക! അങ്ങ് എന്നോടു പ്രതിജ്ഞചെയ്തതല്ലേ? അതു സത്യമാക്കൂ!'

ഭീഷ്മൻ പറഞ്ഞു: 'എടോ ദുര്യോധനാ, ഇപ്രകാരം അംബയും രാമനും തമ്മിൽ പറയുമ്പോൾ മഹർഷിയും ധർമ്മജ്ഞനുമായ അകൃതവ്രണൻ ഇടയ്ക്കു കടന്നു പറഞ്ഞു: 'മഹാബാഹോ, ശരണംപ്രാപിച്ച കന്യകയെ ത്യജിക്കരുത്. രാമാ, പോരിന്നു വിളിച്ച ഭീഷ്മൻ നിന്നോടു എതിർക്കുകയാണെങ്കിൽ "ഞാൻ മടങ്ങി" എന്ന് അവൻ പറയണം. അല്ലെങ്കിൽ ഭവാൻ പറയുന്നതുപോലെ കേൾക്കണം. അങ്ങനെയായാൽ കന്യകയുടെ കാര്യം സാധിച്ചെന്നു പറയാം. ഭവാന്റെ വാക്കു സത്യമായെന്നും പറയാം. ഇപ്രകാരമല്ലേ മഹാമുനേ, ഭവാന്റെ പ്രതിജ്ഞയും? ക്ഷത്രവർഗ്ഗം മുടിച്ചിട്ടു വിപ്രരോട് ഏറ്റുപറഞ്ഞതും എന്താണ്? ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇവരിൽ ആരു പോരിലേറ്റാലും ബ്രഹ്മവിത്തായാലും അവനെ കൊല്ലുമെന്നല്ലേ? പേടിച്ചു ശരണം പ്രാപിച്ച ലോകരെ ജീവനുള്ളകാലത്തു ഞാൻ ഒരിക്കലും ത്യജിക്കുകയില്ല. പോരിൽ ഏല്ക്കുന്ന ക്ഷത്രവർഗ്ഗം നിശ്ശേഷം ജയിക്കുന്നവനായാലും, എത്ര ഉജ്ജ്വലിക്കുന്നവനായാലും അവനെ കൊല്ലും എന്നല്ലേ ഭവാൻ പറഞ്ഞത്, രാമാ! അപ്രകാരം വിജയിയാണ് ഭീഷ്മൻ! കുരുകുലോദ്വഹനാണ്. അവനുമായി ഭവാൻ ചെന്നേറ്റു പൊരുതിയാലും.'

രാമൻ പറഞ്ഞു: 'ഹേ മഹാമുനേ, ഞാൻ ഓർക്കുന്നുണ്ട് മുമ്പു ചെയ്ത സത്യം. സാമംകൊണ്ടു സാധിക്കുമെങ്കിൽ കാശികന്യയുടെ ഉള്ളിലുള്ള കാര്യം ശ്രമിച്ചുനോക്കാം. ഞാൻ ഈ കന്യകയേയുംകൊണ്ട് അവന്റെ അരികിലേക്കു ചെല്ലാം. രണശ്ലാഘിയായ ഭീഷ്മൻ ഞാൻ പറയുന്നതു കേട്ടില്ലെങ്കിൽ ധിക്കരിച്ചു നില്ക്കുന്ന അവനെ കൊല്ലണമെന്നു ഞാൻ ഉറച്ചിരിക്കയാണ്. ദേഹികളുടെ ശരീരത്തിൽ ഞാൻ എയ്യുന്ന അമ്പുകൾ അവർ താങ്ങുകയില്ല. ഞാൻ മുമ്പു രാജാക്കളുമായി ഏറ്റ കാലത്ത് അതൊക്കെ ഭവാൻ കണ്ടിട്ടുള്ളതല്ലേ?' എന്നു പറഞ്ഞു തപോനിധിയായ രാമൻ ബ്രാഹ്മണരോടുകൂടി യാത്രയ്ക്കായി എഴുന്നേറ്റു. അന്നത്തെ രാത്രി അവിടെ പാർത്ത് ജപഹോമങ്ങൾ ചെയ്ത് എന്നെ വധിക്കുന്നതിന്ന് അവിടെനിന്ന് ഇറങ്ങി. രാമൻ ഉടനെ ബ്രഹ്മജ്ഞരുമൊത്തു കന്യകയേയുംകൊണ്ട് കുരുക്ഷേത്രത്തിൽ വന്നെത്തി. സരസ്വതീക്ഷേത്രത്തിൽ മഹാത്മാക്കളായ ആ താപസന്മാരും പരശുരാമനും പാർപ്പുറപ്പിച്ചു."

ഭീഷ്മൻ പറഞ്ഞു: "കുരുക്ഷേത്രത്തിൽ പാർത്തു മൂന്നാം ദിവസം എന്റെ അരികിലേക്ക് അദ്ദേഹം ദൂതനെ വിട്ടു. 'ഞാൻ ഇവിടെ വന്നിരിക്കുന്നു. രാജാവേ, ഭവാൻ എന്റെ ഇഷ്ടം സാധിപ്പിച്ചാലും' എന്ന്. രാജ്യാതിർത്തിക്കുള്ളിൽ ആ ശക്തൻ വന്നതായി അറിഞ്ഞപ്പോൾ തേജസ്വിയായ ആ പ്രഭുവിനെ ഞാൻ ചെന്നു എതിരേറ്റു. പശുവിനെ മുമ്പിൽ നടത്തി ബ്രാഹ്മണമുഖ്യന്മാരും, ഋത്വിക്കുകളും, പുരോഹിതന്മാരും മറ്റും ചേർന്നാണ് ഞാൻ ആ മഹാവ്രതനെ അഭിവാദ്യംചെയ്തത്. ഞാൻ വന്നതായിക്കണ്ടപ്പോൾ പ്രതാപവാനായ പരശുരാമൻ ആ പൂജ കൈക്കൊണ്ട് ഇങ്ങനെ കല്പിച്ചു.' "

രാമൻ പറഞ്ഞു: "ഹേ ഭീഷ്മാ! അകാമനായ നീ എന്തു വിചാരിച്ചിട്ടാണ് ഈ കാശിരാജപുത്രിയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോന്നത്. പിന്നെ വിട്ടയച്ചതും? യശസ്വിനിയായ ഈ കന്യക നീമൂലം ധർമ്മഭ്രംശത്തിലായിരിക്കുന്നു. നീ ബലമായി പിടിച്ച ഈ പെണ്ണിനെ പിന്നെ ഏതൊരുത്തനാണു സ്വീകരിക്കുക? ഹേ, ഭാരതാ! നീ കൊണ്ടുപോയതുകാരണം ശാല്വൻ ഉപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു നീ എന്റെ വാക്കുകേട്ട് അവളെ കൈക്കൊള്ളുക. ഹേ, രാജപുത്രാ! ഈ രാജപുത്രി സ്വധർമ്മം നേടട്ടെ! രാജാക്കൾക്കു നീ ഈ ചെയ്ത ഗർഹണം യോജിച്ചതല്ല. വിമനസ്സായ അവനെ ചിന്തിച്ചാണ് ഞാനീ പറഞ്ഞത്."

ഭീഷ്മൻ പറഞ്ഞു: "ഞാൻ ഒരിക്കലും എന്റെ അനുജന്ന് ഇവളെ കൊടുക്കുകയില്ല. 'ഞാൻ ശാല്വനെ കാമിക്കുന്നു' എന്നു ഇവൾ എന്നോടു പറഞ്ഞു ഭാർഗ്ഗവാ! ഞാൻ ഉടനെ സമ്മതിച്ചു വിട്ടിട്ടാണ് ഇവൾ ശാല്വപുരത്തേക്കു പോയത്. ഭയം, ക്രോധം, ദ്രവ്യലോഭം, കാമം ഇവകൊണ്ട് ക്ഷത്രധർമ്മം വിടുകയില്ലെന്ന് എനിക്കൊരു ദൃഢമായ വ്രതമുണ്ട്.' ഞാൻ ഇപ്രകാരം പറഞ്ഞപ്പോൾ രാമൻ ക്രോധവ്യാകുലനേത്രനായി പറഞ്ഞു."

രാമൻ പറഞ്ഞു: "ഹേ, നരപുംഗവാ! നീ ഇപ്പോൾ ഞാൻ പറയുന്ന വാക്ക് കേൾക്കുകയില്ലെങ്കിൽ അമാത്യന്മാരോടു ചേർന്ന നിന്നെ ഞാൻ കൊന്നുകളയും.' രാമൻ ഇപ്രകാരം വാശിയോടെ പറഞ്ഞു. ഇതു കേട്ടപ്പോൾ ഞാൻ ഇഷ്ടമായ വാക്കുകൾകൊണ്ട് ഭാർഗ്ഗവനോട് യാചിച്ചു. എന്നാൽ അദ്ദേഹം ശമിക്കുകയുണ്ടായില്ല. ഞാൻ ആ ഗുരുവിന്റെ മുമ്പിൽ തലകുനിച്ചു കൈകൂപ്പി ചോദിച്ചു: 'ഭഗവാനേ, ഭവാൻ എന്നോട് പൊരുതണമെന്നു ചിന്തിക്കുവാൻ എന്താണു കാരണം? ബാല്യത്തിൽ എനിക്ക് ഇഷ്വസ്ത്രങ്ങൾ നാലു ജാതിയും ഭവാൻ ഉപദേശിച്ചു തന്നു. ഭാർഗ്ഗവാ! ഞാൻ ഭവാന്റെ ശിഷ്യനല്ലേ?' ഞാൻ നല്ലവാക്കു പറഞ്ഞപ്പോൾ അദ്ദേഹം ചൊടിച്ചു രക്താക്ഷനായി ഇങ്ങനെ ചോദിച്ചു: 'നീ എന്നെ ഗുരുവാണെന്ന് അറിഞ്ഞിട്ടും എന്റെ വാക്കു കേൾക്കുന്നില്ല, അല്ലേ? എന്റെ പ്രീതിക്കുവേണ്ടി ഈ

കാശിരാജപുത്രിയെ നീ കൈക്കൊള്ളുക! അതാണ് നല്ലത്. അല്ലെങ്കിൽ നിനക്ക് ഒരിക്കലും ശമം ഉണ്ടാകുവാൻ പോകുന്നില്ലെന്ന് ധരിച്ചോളൂ. ഈ നില്ക്കുന്ന കന്യകയെ നീ കൊണ്ടുപോകൂ! മഹാബാഹോ, നീ അവളുടെ കുലത്തെ രക്ഷിക്കുക. നീ ഭ്രംശിപ്പിക്കുകകാരണം ഇവൾ ഭർത്താവിനെ ലഭിക്കാത്തമട്ടിലായിത്തീർന്നു.' "

ഇപ്രകാരം പറയുന്ന ആ പരപുരഞ്ജയനായ രാമനോടു ഞാൻ പറഞ്ഞു: "അങ്ങ് പറയുന്ന കാര്യം നടപ്പിലാവുകയില്ല. ബ്രഹ്മർഷേ എന്തിനാണീ ശ്രമം? ഹേ, ജാമദഗ്ന്യാ, ഭവാനിൽ പണ്ടുള്ള ഗൗരവത്തെ ചിന്തിച്ചു ഞാൻ ഭവാനെ പ്രസാദിപ്പിക്കുന്നു. സ്വാമീ, ഞാൻ ഇവളെ മുമ്പു വിട്ടവളാണ്. പരാനുരക്തയായ പെൺപാമ്പിനെപ്പോലെയുള്ള ഇവളെ ഞാൻ എന്റെ ഗൃഹത്തിൽ വാഴിക്കണമെന്നാണോ ഭവാൻ പറയുന്നത്? സ്ത്രീദോഷം ബഹുദുർഘടമാണ്. ഇന്ദ്രൻ വന്നു ഭയപ്പെടുത്തിയാലും ഞാൻ ധർമ്മം വിടുമെന്നു ഭവാൻ ധരിക്കരുത്. ഭവാൻ പ്രസാദിക്കുന്നില്ലെങ്കിൽ വേണ്ട. ഭവാൻ എന്താണ് എന്നെ ചെയ്യുവാൻ വിചാരിക്കുന്നതെങ്കിൽ ചെയ്തോളൂ! ഹേ, വിശുദ്ധാശയാ! ഞാൻ പുരാണത്തിൽ ഇങ്ങനെ പറയുന്നതു കേട്ടിട്ടുണ്ട്. മഹാത്മാവായ മരുത്തന്റെ ഒരു പാട്ടാണത്.

'കാര്യാകാര്യങ്ങളോർക്കാതെ ദുർമ്മാർഗ്ഗത്തിൽച്ചരിപ്പവൻ

ഗർവ്വിഷ്ഠൻ ഗുരുവായാലും പരിത്യാഗത്തിനർഹനാം.'

ഭവാനെ ഗുരുവാണെന്നു വിചാരിച്ച് വളരെ നന്ദിയോടുകൂടി ഞാൻ മാനിച്ചു. ഗുരുവൃത്തിയെ അങ്ങു ധരിക്കുന്നില്ലെങ്കിൽ ഞാൻ അങ്ങയോടു പോരിന്നു തയ്യാറാണ്. ഗുരുവിനെ പോരിൽ കൊല്ലരുത്. വിശേഷിച്ചും ബ്രാഹ്മണനെ കൊല്ലുവാൻ പാടില്ല. വിശേഷിച്ചും ഭവാൻ തപോവൃദ്ധനുമാണല്ലോ എന്നു വിചാരിച്ചു ഞാൻ ഭവാനിൽ ക്ഷമിച്ചതാണ്. ബ്രാഹ്മണൻ ക്ഷത്രിയന്റെ രൂപത്തിൽ ശസ്ത്രമെടുത്തുകണ്ടാൽ പോരിൽ ചൊടിച്ചുവിടാതെ പോരാടുമ്പോൾ വധിക്കാമെന്നുണ്ട്. അങ്ങനെ വധിച്ചാൽ അവന്ന് ബ്രഹ്മഹത്യ എന്ന പാപം ബാധിക്കുന്നതല്ല എന്നാണ് ധർമ്മശാസ്ത്രം പറയുന്നത്. ഹേ, തപോധനാ! ഞാൻ ക്ഷത്രധർമ്മത്തിൽ നില്ക്കുന്ന ക്ഷത്രിയനാണ്. ആര് ആരിൽ ഏതു നിലയിൽ ഇങ്ങോട്ടു പെരുമാറുന്നുവോ, ആ നിലയിൽ ത്തന്നെ അങ്ങോട്ടും പെരുമാറുന്നവൻ അധർമ്മത്തിൽ വീഴുകയില്ല. അവന്ന് അശ്രേയസ്സും ബാധിക്കയില്ല. അർത്ഥധർമ്മങ്ങളിൽ ദക്ഷനും ദേശകാലങ്ങളെ അറിഞ്ഞവനും അർത്ഥസംശയമുള്ള സന്ദർഭങ്ങളിൽ ന്യായമായി തോന്നുന്നതു ചെയ്യണം. അതുകൊണ്ട് ഹേ, രാമാ! ഞാൻ ഭവാനോട് പോരാടുന്നതാണ്. ഭവാൻ എന്റെ ബാഹുവീര്യത്തോടു കൂടിയ അമാനുഷവിക്രമം കണ്ടാലും. ഈ നിലയ്ക്ക് എന്തുചെയ്യുവാൻ എനിക്കു കഴിയുമോ, അതു ഞാൻ കുരുക്ഷേത്രത്തിൽവെച്ച് ചെയ്യുന്നുണ്ട്. ഞാൻ ഭവാനോട് യഥേഷ്ടം ദ്വന്ദ്വയുദ്ധത്തിന്ന് ഒരുങ്ങുന്നു. ഭവാൻ തയ്യാറായിക്കൊള്ളുക! എവിടെവെച്ചു ഭവാൻ എന്റെ ബാണങ്ങൾ ഏറ്റ് വധിക്കപ്പെട്ടു ശസ്ത്രശുദ്ധങ്ങളായ ലോകങ്ങൾ പ്രാപിക്കുമോ, അവിടേക്ക്, ആ കുരുക്ഷേത്രത്തിലേക്ക്, ഭവാൻ നടന്നാലും. ഞാൻ ഭവാനോട് രണത്തിന്ന് അവിടേക്ക് എത്തുന്നതാണ്. രാമാ, ഭവാൻ എവിടെവെച്ച് പണ്ട് ഭവാന്റെ പിതാവിന് ഉദകക്രിയ നടത്തിയോ, അവിടെവെച്ച് ഞാൻ ഭവാനെ വധിച്ച് പിതൃശൗചം നടത്തുന്നതാണ്. ഹേ, യുദ്ധദുർമ്മദം, ഉടനെതന്നെ അവിടെവന്ന് എന്നോട് ഏൽക്കുക. ഹേ, ബ്രാഹ്മണാധമാ, ഭവാന്റെ ആ പഴയ ഗർവ്വ് ഞാൻ അവിടെവെച്ച് അവസാനിപ്പിക്കുന്നതാണ്. ഭവാൻ പലപ്പോഴും മേനിപറയാറുണ്ടല്ലോ! വർഷത്തിൽ പലപ്രാവശ്യം ഞാൻ ക്ഷത്രിയന്മാരെ ഒടുക്കിയവനാണെന്ന്. അതിന്നുള്ള സമാധാനം ഞാൻ പറയാം. ഭവാൻ കേൾക്കൂ! അന്നു ഭീഷ്മൻ ജനിച്ചിട്ടില്ലായിരുന്നു. എന്നോട് സമാനനായ ഒരു ക്ഷത്രിയനും അന്നുണ്ടായിട്ടില്ലായിരുന്നു. തേജസ്സൊക്കെ പിന്നീടാണുണ്ടായത്. അന്നു പുൽക്കൂട്ടത്തിൽ നീ അഗ്നിയായിരുന്നു. അതുകൊണ്ട് അന്നു നീ കത്തിജ്ജ്വലിച്ചു. ഇന്ന് അതു നടക്കുകയില്ലെന്നു മനസ്സിലാകട്ടെ! നിന്റെ ആ യുദ്ധഗർവ്വും, മോഹവും തീർക്കുവാനായി ഒരു ഭീഷ്മൻ പിറന്നു! പരപുരഞ്ജയനായ ആ ഭീഷ്മനോട് ഒന്നു പൊരുതിനൊക്കൂ! ഇതോടുകൂടി നിന്റെ ആ ഗർവ്വമൊക്കെ അസ്തമിപ്പിച്ചുതരാം."

ഭീഷ്മൻ പറഞ്ഞു: "എടോ, ദുര്യോധനാ, അപ്പോൾ രാമൻ ചിരിച്ചുകൊണ്ട് എന്നോട് പറഞ്ഞു: 'കൊള്ളാം, നിന്റെ മോഹം തെറ്റില്ല. എന്നോടു യുദ്ധത്തിന്നു വിചാരിക്കുന്നതു കൊള്ളാം! നമുക്ക് കുരുക്ഷേത്രത്തിലേക്കു പോകാം. നിന്നെ ഞാൻ അവിടെ അമ്പുകൊണ്ടു മൂടി കൊന്നിട്ടിരിക്കുന്നതും, കഴുക്കളും പരുന്തുകളും കൊത്തിവലിക്കുന്നതും നിന്റെ അമ്മയായ ജാഹ്നവി കാണട്ടെ! ഞാൻ കൊന്നിട്ടിരിക്കുന്ന നിന്നെ, സിദ്ധചാരണന്മാർ സേവിക്കുന്ന നിന്റെ അമ്മ കണ്ടു കേഴട്ടെ! അതിന്ന് അനർഹയാണല്ലോ പുണ്യയായ ഭാഗീരഥീനദി. യുദ്ധക്കൊതിയനായ നിന്നെ പെറ്റ ആ മാന്യ അതിന്ന് അനർഹയാണല്ലോ. എന്നോടുവന്ന് ഏല്ക്കുക ഭീഷ്മാ! യുദ്ധമാണല്ലോ നിനക്കു വേണ്ടത്. രഥാദികളൊക്കെ ഒരുക്കിക്കോളൂ!' ഇപ്രകാരം പറയുന്ന പരപുരഞ്ജയനായ രാമനോട്, ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സു കുനിച്ചു നമസ്കരിച്ച് 'അങ്ങനെയാകട്ടെ' എന്നു മറുപടി പറഞ്ഞു.

ഇങ്ങനെ പറഞ്ഞു രാമൻ യുദ്ധത്തിന്നായി കുരുക്ഷേത്രത്തിലേക്കു പോയി. ഞാനും ഗൃഹത്തിൽച്ചെന്ന് ഈ സംഭവങ്ങളൊക്കെ സത്യവതിയമ്മയോടു പറഞ്ഞു. പിന്നെ സ്വസ്ത്യയനം ചെയ്തു അമ്മയെ വന്ദിച്ച് അമ്മയുടെ അനുഗ്രഹം വാങ്ങി പോന്ന ഞാൻ ദ്വിജന്മാരാൽ സ്വസ്തിപുണ്യാഹം ചൊല്ലിച്ചു വെള്ളത്തേരിൽക്കയറി. വെള്ളക്കുതിരകളെ പൂട്ടിയതും, നല്ല അംഗചക്രങ്ങളുള്ളതും, പുലിത്തോലുകൊണ്ട് പൊതിഞ്ഞതും, മഹാസ്ത്രങ്ങളോടുകൂടിയതും, വേണ്ടതായ സകല സാമഗ്രികളോടു ചേർന്നതും, കുലീനനും, വീരനും, അശ്വശാസ്ത്രവിശാരദനും, വിശിഷ്ടനും, പല വിദ്യകളും അറിയുന്നവനും സൂതൻ വാറുപിടിച്ചിട്ടുള്ളതുമായ രഥത്തിൽ ഞാൻ കയറി. മെയ്ക്കൊതുങ്ങുന്ന നല്ല വെള്ള ചട്ടയിട്ടു മുറുക്കി, വെള്ള വില്ലും കൈയിൽപ്പിടിച്ചു നല്ല വെൺചാമരങ്ങൾ വീശുമാറും തലയ്ക്കുമീതെ നല്ല വെള്ളക്കുടയുമായി, വെള്ളവസ്ത്രം ധരിച്ച് വെള്ളത്തലപ്പാവും, വെള്ളമെയ്ക്കോപ്പുമായി, ജയാശീർവ്വാദങ്ങൾ കേട്ടുകൊണ്ട് ഞാൻ ഹസ്തിനാപുരിയിൽനിന്നു പുറപ്പെട്ടു. പടക്കളമായ കുരുക്ഷേത്രത്തിലേക്കു പാഞ്ഞു. പടക്കളത്തിലേക്കു സൂതൻ ഓടിക്കുന്ന ഹയങ്ങൾ എന്നേയുംകൊണ്ട് മനോവായുജവത്തോടു പാഞ്ഞു. ഞാനും, പ്രതാപനിധിയായ രാമനും കുരുക്ഷേത്രത്തിലെത്തി. പരസ്പരം പരാക്രമികളായ ഞങ്ങൾ യുദ്ധസന്നദ്ധരായി.

തപസ്വിയായ രാമന്റെ മുമ്പിൽ ചെന്നുനിന്നു ഞാൻ മുഖ്യമായ ശംഖ് എടുത്ത് ഊക്കിൽ വിളിച്ചു. ഉടനെ രാജാവേ, ആ ദിവ്യമായ സമരം കാണുവാൻ ദ്വിജന്മാരും കാട്ടിലുള്ള മുനിമുഖ്യന്മാരും ഇന്ദ്രാദികളായ സുരവൃന്ദവും വന്നുചേർന്നു. അപ്പോൾ അങ്ങുമിങ്ങും ദിവ്യങ്ങളായ മാല്യങ്ങൾ ചുറ്റും കാണുമാറായി. ദിവ്യമായ വാദ്യഘോഷങ്ങൾ കേട്ടു. മേഘവൃന്ദങ്ങൾ നിരന്നു.

അപ്പോൾ ഭാർഗ്ഗവന്റെ ഇഷ്ടന്മാരായ താപസികന്മാർ കാഴ്ചക്കാരായി പോർക്കളത്തിന്റെ ചുറ്റും നിരന്നുനിന്നു. അപ്പോൾ എന്റെ അമ്മയായ ഗംഗാദേവി സ്ത്രീരൂപമെടുത്തു വന്ന്

എന്നോടു പറഞ്ഞു: 'എടോ രാജാവേ, നീ എന്താണ് ഈ ചെയ്യുവാൻപോകുന്നത്? ജാമദഗ്ന്യനോടു ഞാൻ വീണ്ടുംപോയി അപേക്ഷിക്കാം ശിഷ്യനായ ഭീഷ്മനോടു പൊരുതരുതെന്ന്. ഉണ്ണീ, നീ വിപ്രനോട് ഇപ്രകാരം നിർബ്ബന്ധം കാട്ടരുത്. ജാമദഗ്ന്യനോടു പോരിൽ ഏല്ക്കുന്നതു ഗർഹ്യമാണ്. ക്ഷത്രിയഘ്നനും രുദ്രതുല്യവിക്രമനുമായ ജാമദഗ്ന്യനെ ഉണ്ണീ, നീ അറിയുകയില്ലെന്നോ! എന്താണീ സാഹസത്തിന് ഒരുങ്ങുന്നത്?"

ഇപ്രകാരം പറഞ്ഞപ്പോൾ ഞാൻ അമ്മയുടെ പാദത്തിൽ കുമ്പിട്ട്, അമ്മയോടു കാശിരാജധാനിയിലെ സ്വയംവരത്തിലുണ്ടായ കഥയൊക്കെ പറഞ്ഞു. ഞാൻ ആദ്യമേതന്നെ രാമനോടു പറഞ്ഞതും കാശിരാജാവിന്റെ മകൾ ആദ്യം ചെയ്ത സംഗതിയും അറിയിച്ചു. അപ്പോൾ മഹാനദിയായ എന്റെ അമ്മ രാമന്റെ അടുത്തു ചെന്നു. ആ ഭാർഗ്ഗവമുനിയെ ക്ഷമിപ്പിച്ചു. ശിഷ്യനായ ഭീഷ്മനോടു ഭവാൻ പൊരുതരുത് എന്നു പറഞ്ഞു. ഇങ്ങനെ യാചിക്കുന്ന അവളോടു ഭാർഗ്ഗവൻ പറഞ്ഞത്: 'ഭീഷ്മൻ എന്റെ ഇഷ്ടം ചെയ്യാത്തതുകൊണ്ടാണു ഞാൻ യുദ്ധത്തിനൊരുങ്ങിയത്, ഭീഷ്മനെ യുദ്ധത്തിൽനിന്നു നീ മാറ്റുകയാണ് ഇപ്പോൾ വേണ്ടത്."

വൈശമ്പായനൻ പറഞ്ഞു: "വീണ്ടും ഗംഗ സുതസ്നേഹം മൂലം ഭീഷ്മന്റെ സമീപത്തെത്തി. അവൾ പറഞ്ഞതു ക്രോധരൂക്ഷേക്ഷണനായ ഭീഷ്മൻ ചെയ്തില്ല. അപ്പോൾ ഭൃഗുശ്രേഷ്ഠനായ തപോനിധികുരുക്ഷേത്രത്തിലിറങ്ങി നില്ക്കുന്നതു കണ്ടു. ആ ദ്വിജസത്തമൻ ഭീഷ്മനെ പോരിന്നു വിളിച്ചു."

179. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "പോരിന്ന് ഒരുങ്ങിനില്ക്കുന്ന അവനോട് ഞാൻ പുഞ്ചിരിയോടെ പറഞ്ഞു: 'ഭൂമിയിൽ നില്ക്കുന്ന ഭവാനോടു ഞാൻ തേരിൽനിന്നു യുദ്ധംചെയ്യുകയില്ല. ഹേ വീരാ, ഭവാൻ തേരിൽ കയറുക. ഒരു ചട്ട കെട്ടുക. പോരിൽ എന്നോടെതിർക്കുവാൻ മോഹമുണ്ടെങ്കിൽ അതു ചെയ്യണം.' ഇതു കേട്ട് രാമൻ ചിരിച്ച് ആ പോർക്കളത്തിൽ നിന്നു പറഞ്ഞു: 'എനിക്ക് തേരു ഭൂമിയാണ് ഭീഷ്മാ! ഹയോപമമായ നാലു വേദങ്ങളാണ് കുതിരകൾ. സൂതൻ വായുവാണ്. വേദമാതാക്കളാണ് ചട്ട. അവരാൽ രക്ഷിതനായി ഞാൻ പൊരുതുന്നതാണു കുരുനന്ദനാ!' ഹേ ഗാന്ധാരീപുത്രാ! ഇപ്രകാരം പറഞ്ഞു സത്യവിക്രമനായ രാമൻ വളരെയേറെ അസ്ത്രങ്ങളാൽ എല്ലായിടവും രോധിച്ചു. പിന്നെ ഞാൻ കണ്ടതു ജാമദഗ്ന്യൻ തേർത്തടത്തിൽ നില്ക്കുന്നതായിട്ടാണ്. സകല ആയുധങ്ങളോടുംകൂടിയ ആ തേർ അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു! മനോനിർമ്മിതവും പുണ്യനഗരാകാരവുമായ അതിൽ, ദിവ്യവാജികളെ പൂട്ടിയതും പൊന്നാണിഞ്ഞതുമായ ആ ദിവ്യരഥത്തിൽ മഹാബാഹോ! സോമ സൂര്യചിഹ്നമായ ചട്ടയണിഞ്ഞ്, വില്ലേന്തി, തൂണിയിട്ട്, 'മുട്ടുമ്പുറ' യണിഞ്ഞു പോരിന്നു തയ്യാറായി നിന്നു പ്രശോഭിക്കുന്ന അവന്ന് അകൃതവ്രണൻ സാരഥ്യം വഹിക്കുന്നു. ആ അകൃതവ്രണൻ വേദജ്ഞനും ഭാർഗ്ഗവന്ന് ഏറ്റവും ഇഷ്ടപ്പെട്ട സഖിയുമാണ്. ഭാർഗ്ഗവൻ എന്നെ വീണ്ടും വീണ്ടും പോരിന്നു വിളിച്ചു ഹർഷം വർദ്ധിപ്പിച്ചു.

ഉദിച്ചുവരുന്ന സൂര്യനെപ്പോലെ അപ്രധൃഷ്യനും മഹാബലനുമായ ആ ക്ഷത്രാരിയായ രാമൻ ഒറ്റയ്ക്ക് ഏറ്റപ്പോൾ ഞാനും ഒറ്റയ്ക്കുതന്നെ എതിർത്തു. ആദ്യമായി മൂന്ന് അമ്പുപാടകലെയായി ഞാൻ അശ്വങ്ങളെ നിറുത്തി. രഥത്തിൽനിന്നിറങ്ങി വില്ലു വെച്ചു പാദത്താൽ നടന്നുചെന്ന് ആ മുനിമുഖ്യനെ എതിരേറ്റു. ആ ഗുരുവര്യനായ രാമനെ പൂജിക്കുവാൻ അടുത്തു ചെന്നു. അഭിവാദ്യംചെയ്തു മുഖ്യമായ വാക്കുകൾ ഞാൻ ഉച്ചരിച്ചു: 'രാമാ, ഞാൻ അങ്ങയോടു പോരിൽ പൊരുതുവാൻ പോവുകയാണ്. ഞാൻ അങ്ങയോടു സമനല്ല. അങ്ങ് ഉത്തമനായ എന്റെ ഗുരുവാണ്. ധാർമ്മികനായ അങ്ങയോടു ഞാൻ അഭ്യർത്ഥിക്കുന്നു. പ്രഭോ! അങ്ങ് എനിക്കു ജയം ആശംസിച്ചാലും.'

രാമൻ പറഞ്ഞു: 'എടോ കുരുശ്രേഷ്ഠാ! ഭൂമിക്കു കാംക്ഷിക്കുന്ന ഏവനും ഇപ്രകാരംതന്നെയാണു ചെയ്യേണ്ടത്. മഹാഭുജാ! വിശിഷ്ടന്മാരോടു എതിർക്കുന്നവർക്ക് ഇതുതന്നെയാണു ധർമ്മം! മഹാദ്യുതേ, നീ ഇപ്രകാരം ഈ സന്ദർഭത്തിൽ എന്റെ അടുത്തു വന്നിരുന്നില്ലെങ്കിൽ ഞാൻ ശപിച്ചേനേ! നീ കരുതലോടുകൂടിത്തന്നെ ധൈര്യത്തോടുകൂടി പൊരുതിക്കൊള്ളുക! ജയാശിസ്സുകൾ ഞാൻ ഇപ്പോൾ നിനക്കു നല്കുന്നില്ല. ഞാൻ ജയത്തിൽ ഉദ്യമിക്കുന്നവനാണല്ലോ. നീ ധർമ്മമായി പോരാടുക. നിന്റെ ഈ നടപടിയിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു!'

പിന്നെ ഞാൻ ആ മഹാനെ കുപ്പി തേരിൽ ക്ഷണത്തിൽ കയറി പൊന്നണിഞ്ഞ ശംഖെടുത്തു പോർക്കളം മുഴങ്ങുമാറ് ഊതി. ഞാനും രാമനും തമ്മിൽ പോരാടി. യുദ്ധം വളരെദിവസം നീണ്ടുനിന്നു. ജയാശയോടെ യുദ്ധം നടന്നു. സമപ്പോരിൽ കങ്കപത്രശരം അവൻ മുമ്പേ എയ്തു തേച്ചു മൂർച്ചകൂട്ടിയ ശരങ്ങൾ അമ്പതും അറുപതും നൂറും ഒമ്പതും എയ്തു. ആ ശരപ്രയോഗം കാരണം എന്റെ നാല് അശ്വങ്ങളും സൂതനും നിരുദ്ധരായി. ചട്ടയിട്ട ഞാൻ അങ്ങനെതന്നെ നിന്നു പോയി. ഞാൻ ദേവന്മാരേയും വിശേഷാൽ വിപ്രന്മാരേയും വണങ്ങി, പോരിൽ സന്നദ്ധനായി നില്ക്കുന്ന അവനോട് ചിരിച്ചുംകൊണ്ടു പറഞ്ഞു: 'ഞാൻ ഗുരുത്വത്തെ മാനിക്കുന്നു! മര്യാദകെട്ട ഭവാനേയും വന്ദിക്കുന്നു. ധർമ്മസംഗ്രഹസമ്പത്തായി നിന്റെ മെയ്യിൽ കുടികൊള്ളുന്ന വേദങ്ങളേയും ബ്രാഹ്മണ്യത്തേയും വലിയ തപസ്സിനേയും ഹേ ബ്രാഹ്മണാ, ഞാൻ ശരങ്ങളാൽ ആക്രമിക്കുന്നില്ല. പ്രഹാരത്തിൽ ഭവാൻ ക്ഷത്രധർമ്മത്തെ ആശ്രയിക്കുന്നവനാണല്ലോ. ബ്രാഹ്മണൻ ശസ്ത്രങ്ങൾ എടുത്താൽ ക്ഷത്രിയത്വം പ്രാപിച്ചവനായി. ഭവാൻ ക്ഷത്രിയനായ എന്റെ വില്ലിന്റെ വീര്യവും എന്റെ കൈയൂക്കും കണ്ടുകൊള്ളുക. ഇതാ ഭവാന്റെ വില്ല്. ഹേ വീരാ, എന്റെ മഹാസ്ത്രംകൊണ്ട് ഞാൻ മുറിക്കുന്നു. അതിന്നായി ഞാൻ തീക്ഷ്ണമായ ഭല്ലം അയയ്ക്കുന്നു!' എന്നു പറഞ്ഞ് അവന്റെ വില്ലിന്റെ തല മുറിച്ചു ഞാൻ ഊഴിയിൽ വീഴ്ത്തി. പിന്നെ കങ്കപത്രങ്ങളുള്ള അമ്പുകളെ ജാമദഗ്ന്യന്റെനേരെ നോക്കി അസംഖ്യം ഞാൻ എയ്തു. ഊക്കോടെ ചെന്ന് അവന്റെ ദേഹത്തിൽ തറച്ച് അവ പാമ്പുകൾപോലെ കയറി. അവ ചലിച്ചു. രക്തം ചാടിച്ചു. ദേഹത്തിൽനിന്നു ചോരയൊലിച്ചു. ധാതുക്കൾ ഒഴുകുന്ന മേരുപർവ്വതംപോലെ രാമൻ രണഭൂമിയിൽ ശോഭിച്ചു. വസന്തകാലത്തിൽ ചുവന്ന തളിരുകൊണ്ടു പ്രശോഭിക്കുന്ന അശോകവൃക്ഷംപോലെയും, പുഷ്പിച്ചുനില്ക്കുന്ന മുരുക്കുപോലെയും ഭാർഗ്ഗവൻ പ്രശോഭിച്ചു. ഉടനെ ക്രോധത്തോടുകൂടി രാമൻ മറ്റൊരു വില്ലെടുത്ത് കടയ്ക്കു പൊന്നുകെട്ടിച്ചതായ നിശിതാസ്ത്രങ്ങൾ തൂകി. മർമ്മം കീറുന്ന രൗദ്രമായ ആ അസ്ത്രങ്ങൾ എന്നിൽ അസംഖ്യം വന്നേറ്റു. സർപ്പതുല്യവും അഗ്നിതുല്യവും വിഷതുല്യവുമായ ആ ശരങ്ങൾ എന്നെ ഊക്കോടെ പ്രകമ്പിപ്പിച്ചു. ആത്മാവിനെ ഉറപ്പിച്ചു വീണ്ടും ആ സംഗരത്തിൽ ഞാൻ രാമന്റെ നേരെ നൂറുകണക്കിന്നു ശരങ്ങളെ വിട്ടു. അഗ്നിതുല്യവും അർക്കതുല്യവും ജ്വലിക്കുന്ന ആ ശരങ്ങൾ ഏറ്റു രാമൻ വേദനിച്ചു മയങ്ങിപ്പോയി. ആത്മാവിനെ ഉറപ്പിച്ചു പിന്നെ ഞാൻ കൃപയോടെ തന്നെത്താൻ പറഞ്ഞു: 'ഈ ക്ഷാത്രവും ഈ യുദ്ധവും നികൃഷ്ടംതന്നെ!' പല പ്രാവശ്യവും ഞാൻ പലതരത്തിലും ശോകതപ്തനായി പറഞ്ഞുപോയി. ക്ഷത്രധർമ്മത്തിൽ നിന്നുകൊണ്ടു ഞാൻ ഈ മഹാപാപം ചെയ്തല്ലോ എന്നോർത്ത് അത്യധികം ശോകം എനിക്കുണ്ടായി. ഗുരുവും ദ്വിജനും ധാർമ്മികനുമായ

മഹാത്മാവിനെ ഞാൻ ശരമെയ്തു ആർത്തിപ്പെടുത്തിയല്ലോ എന്ന ഖേദം എന്നെ വിഷമിപ്പിച്ചു. പിന്നെ ഞാൻ അന്ന് ജാമദഗ്ന്യന്റെനേരെ ശരം പ്രയോഗിച്ചില്ല. അപ്പോഴേക്കും, അതുവരെ തന്റെ ഉഗ്രമായ കരങ്ങളാകുന്ന ശരങ്ങളാൽ ലോകത്തെ ഉഗ്രമായി തപിപ്പിച്ചുകൊണ്ടിരുന്ന സഹസ്രാംശുവായ അർക്കൻ അസ്തമിച്ചു. അന്നത്തെ യുദ്ധവും അവസാനിച്ചു."

180. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "പിന്നെ കുശലനും സമ്മതനുമായ സൂതൻ തന്റെയും അശ്വങ്ങളുടെയും എന്റെയും ദേഹത്തിലേറ്റു തറച്ചുനില്ക്കുന്ന ശരങ്ങളെയൊക്കെ പറിച്ചെടുത്തു. കുതിരകളെ കുളിപ്പിച്ചു കെട്ടി തണ്ണീരു കൊടുത്തു. ഞങ്ങൾ കുളിച്ചു വാജികളെ വിശ്രമിപ്പിച്ചു.

സൂര്യോദയമായപ്പോൾ കുതിരകളെ രഥത്തിൽപ്പൂട്ടി വീണ്ടും യുദ്ധം തുടങ്ങി. ഞാൻ ചട്ടയിട്ടു തേരിൽ വന്നതു കണ്ട് ഉടനെ പ്രതാപവാനായ രാമനും രഥം സജ്ജമാക്കി. പോരിന്നു സന്നദ്ധനായി രാമൻ വന്നതു കണ്ടു ഞാൻ വില്ലുവെച്ചു തേരിൽ നിന്നിറങ്ങി. അഭിവാദ്യംചെയ്തു വീണ്ടും തേരിൽക്കയറി. പോരിന്നായി ജാമദഗ്ന്യന്റെ മുമ്പിൽ നിർഭയം ചെന്ന് ഏറ്റു. ഞാൻ ഭയങ്കരമായ ശരവർഷം തുടങ്ങി. രാമനും എന്നിൽ ശരവർഷം തുടർന്നു. ജാമദഗ്ന്യൻ ചൊടിച്ചുവിടുന്ന മൂർച്ചയേറിയ ശരങ്ങൾ വായ് എരിയുന്ന സർപ്പങ്ങൾ എന്നവിധം എന്റെ ദേഹത്തിൽ പാഞ്ഞുകയറി. ഞാൻ അപ്പോൾ തീക്ഷ്ണമായ അസംഖ്യം ഭല്ലങ്ങളെ ക്ഷണത്തിൽ എയ്ത് അവയെ ആകാശത്തിൽവെച്ചു തന്നെ ഖണ്ഡിച്ചു വീഴ്ത്തി. പിന്നെ അവൻ എന്റെനേരെ ദിവ്യാസ്ത്രങ്ങൾ വിട്ടു. അവയെ ഞാൻ ദിവ്യാസ്ത്രങ്ങളാൽത്തന്നെ തടുത്തു. അസ്ത്രപ്രയോഗം മെച്ചപ്പെടുത്തുവാൻ അപ്പോൾ ആകാശത്ത് അഭിനന്ദനഘോഷങ്ങൾ ഉയർന്നു.

പിന്നെ ഞാൻ രാമന്റെനേരെ വായവ്യാസ്ത്രം വിട്ടു. അത് രാമൻ ഗുഹ്യകാസ്ത്രംകൊണ്ടു തടഞ്ഞു. പിന്നെ ഞാൻ ആഗ്നേയാസ്ത്രം ജപിച്ച് അങ്ങോട്ടു വിട്ടു. അതും രാമൻ വാരുണാസ്ത്രംകൊണ്ടു തടഞ്ഞു. ഇങ്ങനെ രാമൻ വിടുന്ന ദിവ്യാസ്ത്രങ്ങളെ ഓരോന്നോരോന്നായി ഞാൻ തടഞ്ഞു. തേജസ്വിയായ രാമൻ എന്റെ ദിവ്യാസ്ത്രങ്ങളേയും അപ്രകാരംതന്നെ തടുത്തു. പ്രതാപവാനായ രാമൻ എന്നെ ഇടത്താക്കി ചൊടിച്ച് എന്റെ മാറിൽ ഒരു ശരം വിട്ടു. അത് ഏറ്റയുടനെ ഞാൻ തേർത്തട്ടിൽ ഇരുന്നുപോയി. ഉടനെ ഞാൻ മയങ്ങി. ബോധരഹിതനായ എന്നെ സൂതൻ അവിടെനിന്നു കൊണ്ടുപോയി. രാമബാണങ്ങൾ ഏറ്റ ഞാൻ വല്ലാതെ തളർന്നുപോയി. ശരങ്ങൾ ഏറ്റു മോഹാലസ്യപ്പെട്ടു പിന്മാറുന്നതു കണ്ടപ്പോൾ രാമന്റെ ആൾക്കാർ അകൃതവ്രണൻ മുതലായവരും കാശിരാജകന്യകയും ഹർഷത്തോടെ ആർത്തുവിളിച്ചു. ആ സന്തോഷശബ്ദങ്ങളാൽ ആകാശം മാറ്റൊലിക്കൊണ്ടു. അല്പം കഴിഞ്ഞു ബോധംവന്നപ്പോൾ ഞാൻ സൂതനോടു പറഞ്ഞു: 'എടോ സൂതാ! രാമന്റെ അടുത്തേക്കു തേർ നടത്തുക. എന്റെ ക്ഷീണമൊക്കെ തീർന്നു. ഞാൻ ഇതാ സജ്ജനായിരിക്കുന്നു.' ഉടനെ അശ്വങ്ങൾ സന്തോഷിച്ചു തുള്ളുന്നവിധം സൂതൻ അവയെ രാമന്റെനേരെ വായുവേഗത്തിൽ ഓടിച്ചു.

പിന്നെ രാമനോട് എതിർത്തു ഞാൻ ബാണങ്ങൾ വർഷിക്കുവാൻ തുടങ്ങി. സംരബ്ധനായ അവനെ ജയിക്കുവാൻ സംരംഭത്തോടു കൂടിത്തന്നെ ഞാൻ ശരങ്ങൾ വർഷിച്ചു. രാമൻനേരെ വരുന്ന ശരങ്ങളെയൊക്കെ ശരങ്ങൾകൊണ്ടു നുറുക്കിവിട്ടു. ഞാൻ എയ്യുന്ന നൂറും ആയിരവും ശരങ്ങൾ രാമബാണമേറ്റു രണ്ടായി മുറിഞ്ഞുവീഴുവാൻ തുടങ്ങി. പിന്നെ ഞാൻ കാലനോടു തുല്യമായി ദിവ്യവും ദീപ്രവുമായ ഒരു ബാണം രാമനെ കൊല്ലുവാനായി വിട്ടു. അതു ചെന്നുതറച്ച ഉടനെ രാമൻ മോഹിച്ചു യുദ്ധക്കളത്തിൽ കമിഴ്ന്നടിച്ചു വീണു. രാമൻ വീണതു കണ്ടതോടുകൂടി ഹാ! ഹാ! എന്നുള്ള ആർത്തനാദം അവിടെയെങ്ങും ഉണ്ടായി. സൂര്യൻ ഭൂമിയിൽ വീണാലെന്നവിധം ലോകരൊക്കെ നടുങ്ങിപ്പോയി. ഉടനെ അവന്റെ പാർശ്വത്തിലേക്ക് എല്ലാവരും പാഞ്ഞുചെന്നു. തപസ്വിമാരും കാശിരാജപുത്രിയും ചുറ്റുംനിന്നു വിഷമിച്ചു. അവരെല്ലാവരുംകൂടി അവനെ മെല്ലെ താങ്ങി വെള്ളം തളിച്ചു ജയാശിസ്സുകൾ നല്കി സമാശ്വസിപ്പിച്ചു. രാമൻ മെല്ലെ എഴുന്നേറ്റ് വിഹ്വലമായ വാക്കുകൾ പറഞ്ഞു. "എടോ ഭീഷ്മാ! നില്ക്കുക! നിന്റെ കഥ കഴിഞ്ഞു." എന്നു പറഞ്ഞ് അവൻ അമ്പ് വില്ലിൽ തൊടുത്തുവിട്ടു. ആ ശരം വന്ന് എന്റെ ഇടത്തുവശം തുളഞ്ഞുകയറി. ആ ശരമേറ്റ ഉടനെ മഹാവൃക്ഷം കുലുങ്ങുന്ന പോലെ ഞാൻ ഒന്നു കുലുങ്ങി. ശീഘ്രമായ അസ്ത്രശക്തിയാൽ ഭാർഗ്ഗവൻ അശ്വങ്ങളെ കൊന്നുവീഴ്ത്തി. എന്നിൽ യഥേഷ്ടം രോമഹർഷകങ്ങളായ ശരങ്ങളെ വർഷിച്ചു. ഞാനും ഉടനെ തക്കതായ ശീഘ്രാസ്ത്രപ്രയോഗത്താൽ അവയെ തടുത്തു. അങ്ങനെ നിരന്തരം രണ്ടുപേരും ശരങ്ങൾ പ്രയോഗിച്ചപ്പോൾ അമ്പുകൾ ഞങ്ങളുടെ മദ്ധ്യത്തിൽ പരസ്പരം രോധിച്ചുകൊണ്ടുനിന്നു. അങ്ങനെ ഞങ്ങളുടെ ശരങ്ങൾകൊണ്ട് ആകാശം മൂടി സൂര്യൻ പ്രകാശിക്കുന്നില്ലെന്ന് എനിക്കുതോന്നി. അമ്പുകൾകൊണ്ട് ആകാശം അത്രയ്ക്കു മറഞ്ഞു കാണപ്പെട്ടു. മേഘം കൊണ്ടു തടഞ്ഞമാതിരി കാറ്റും ഇല്ലാതായി. അപ്പോൾ കാറ്റ് ഒന്ന് ഇളകുകയും സൂര്യൻ ശോഭിക്കുകയും ശരങ്ങൾ പരസ്പരം കൂട്ടിമുട്ടുകയും ചെയ്യുകയാൽ അഗ്നി പുറപ്പെടുകയും താനേ ഉണ്ടായ അഗ്നിയാൽ ശരങ്ങൾ കത്തിയെരിയുകയുംചെയ്തു. അവ ചാരമായി നിലത്തു ചിതറി. അപ്പോൾ നൂറായിരവും പിന്നെ പ്രയുതവും അർബ്ബുദവും അയുതവും ഖർവ്വവും നിഖർവ്വവും സംഖ്യയോളം ശരങ്ങൾ രാമൻ എന്റെ നേരെ പ്രയോഗിച്ചു. ഉടനെ അവയെയെല്ലാം ഞാൻ പാമ്പുപോലുള്ള ഉഗ്രശരങ്ങൾകൊണ്ട് അറുത്തു പർവ്വതം വീഴ്ത്തുന്നപോലെ വീഴ്ത്തി. ഇങ്ങനെ ഭയങ്കരമായ ഒരു പോരാട്ടം നടന്നു. സന്ധ്യയായപ്പോൾ എന്റെ ഗുരു പോരിൽ നിന്നു പിന്മാറി."

181. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "പിന്നേയും ഞാൻ രാമനോട് അതിദാരുണമായി ഏറ്റു. പിറ്റേന്നാൾ ബഹളമായ പോരു നടന്നു. ദിവ്യാസ്ത്രജ്ഞനായ ആ മഹാശൂരൻ അസംഖ്യം ദിവ്യാസ്ത്രങ്ങളെ ദിവസം തോറും പ്രയോഗിച്ചു. ആ ധർമ്മശീലൻ പ്രയോഗിച്ച സകല ദിവ്യാസ്ത്രങ്ങളും ഞാൻ പ്രത്യസ്ത്രംകൊണ്ടു പ്രാണൻകളഞ്ഞും നശിപ്പിച്ചു. പലപാട് അസ്ത്രം. അസ്ത്രംകൊണ്ടു ലയിക്കുവാൻ തുടങ്ങിയപ്പോൾ ആ തേജസ്വി പ്രാണൻകളഞ്ഞും ക്രോധിച്ചു പോരാടി.

ഉടനെ രാമൻ ഘോരാകാരമായ വേൽ ചാട്ടി അകാലത്തിൽ കത്തിജ്ജ്വലിക്കുന്ന കൊള്ളിമീൻ എന്നപോലെ ഈ ലോകം മുഴുവനും പെട്ടെന്നു ദീപ്തമാക്കി. യുഗാന്തസൂര്യന്റെ കാന്തിയോടുകൂടി അടുക്കുന്ന ആ വേൽ ഞാൻ തീക്ഷ്ണമായ ശരംകൊണ്ടു മുന്നായി അറുത്തു ഭൂമിയിൽ വീഴ്ത്തി. ഉടനെ പുണ്യമായ ഗന്ധം വഹിച്ചു കുളുർമാരുതൻ വീശി. ആ വേൽ മൂന്നായി മുറിഞ്ഞു ചിന്നിയപ്പോൾ രാമൻ ഉഗ്രമായ പന്ത്രണ്ടു ശക്തി പ്രയോഗിച്ചു. അവയുടെ രൂപം ഇന്നവിധത്തിലാണെന്നു പറയുവാൻതന്നെ ഞെരുക്കം. അത്ര തേജസ്സും ലാഘവവും അതിന്നുണ്ടായിരുന്നു. ഞാൻ അതു കണ്ടപ്പോൾ പരിഭ്രമിച്ചുപോയി. ദിക്കെങ്ങും കൊള്ളിമീൻ എന്നപോലെ പല മട്ടിൽ അഗ്നി പ്രകാശംപരത്തി. ലോകക്ഷയത്തിൽ ദ്വാദശാർക്കന്മാർ ഉദിച്ച മട്ടിൽ ഉജ്ജ്വലിച്ചു. ഉടനെ ഞാൻ ദൃഢമായി നോക്കിനിന്നു ശരജാലങ്ങൾ വിട്ടു. ആ പന്ത്രണ്ടു വേലും തുലച്ചുവിട്ടു. അപ്പോൾ മഹാത്മാവായ ജാമദഗ്ന്യൻ പൊന്നണിഞ്ഞ ഉഗ്രമായ വേലുകൾ വിട്ടു. വിചിത്രമായ

അവയും ജ്വലിക്കുന്ന ഉൽക്കകൾപോലെ പ്രശോഭിച്ചു. അതൊക്കെ ഞാൻ പരിചകൊണ്ടു തടുത്തു വാൾകൊണ്ടു വെട്ടിവീഴ്ത്തി. പിന്നെ ദിവ്യമായ അസ്ത്രങ്ങൾ രാമന്റെ ദിവ്യാശ്വങ്ങളുടെ ദേഹത്തിലും സൂതന്റെ മെയ്യിലും പ്രയോഗിച്ചു. തോൽ ഊരിയ പാമ്പുപോലെയുള്ള വിചിത്രമായ വേലൊക്കെ ഞാൻ അറുത്തു തള്ളിയതായിക്കണ്ടപ്പോൾ മഹാത്മാവായ ആ ഹേഹയാധീശ ശത്രു എന്റെനേരെ ക്രോധത്തോടുകൂടി ദിവ്യാസ്ത്രം അയച്ചു. ഇയ്യാം പാറ്റക്കൂട്ടം എന്നപോലെ ശരജാലങ്ങൾ പുറപ്പെട്ട് അവന്റെ ദേഹം, അശ്വങ്ങൾ, സൂതൻ ഇവയൊക്കെ മൂടി. ശരങ്ങൾ വന്നു കൊണ്ടപ്പോൾ എന്റെ തേരും കുതിരകളും സാരഥിയും നുകവും രഥത്തിന്റെ ഈഷ, അക്ഷം, ചക്രം എന്നിവയുമൊക്കെ അറ്റുപോയി.

ആ ബാണവർഷം നിന്നതിന്നുശേഷം ഞാൻ ഗുരുവിന്റെ ബാണവർഷത്തെ എതിർത്ത് ഒരു ബാണവർഷം ഞാനും പൊഴിച്ചു. എന്റെ ശരങ്ങളേറ്റു ദേഹം മുറിപ്പെട്ട ആ ബ്രഹ്മരാശി നില്ക്കാത്ത രക്തപ്രവാഹത്തിൽ മുഴുകി.

രാമൻ ഇത്തരത്തിൽ ബാണമേറ്റു തപിക്കുകയും, ഞാനും ധാരാളം ശരങ്ങൾ ഏറ്റു കുഴങ്ങുകയും ചെയ്യുകയാൽ ഞങ്ങൾ അന്നത്തെ യുദ്ധം നിർത്തി. അസ്താദ്രിയിൽ സൂര്യദേവൻ ഗമിക്കുകയും ചെയ്തു."

182. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "പിന്നെ പുലർച്ചയായപ്പോൾ, സൂര്യൻ പ്രകാശം ചൊരിയുവാൻ തുടങ്ങിയ സമയത്തു വീണ്ടും യുദ്ധം തുടങ്ങി. ആയോഗ്രണിയായ രാമൻ ആകാശമണ്ഡലത്തിൽ ഉയർന്നു കുന്നിൽ മേഘം വർഷിക്കുന്നവിധം യുദ്ധം തുടർന്നു. എന്റെ ഇഷ്ടനായ സൂതൻ ശരവർഷം ഏല്ക്കുകയാൽ തേർത്തട്ടു വിട്ട് ഓടിക്കളഞ്ഞു. അപ്പോൾ എന്റെ ഹൃദയം കിടിലംകൊണ്ട് എന്റെ സൂതൻ അത്യധികം ദുഃഖിച്ച് അമ്പേറ്റു ഭൂമിയിൽ വീണു മോഹാലസ്യപ്പെട്ടു. രാമബാണാർത്തനായ സൂതൻ അതോടുകൂടി മൃതിയടയുകയും ചെയ്തു. ഒരു മുഹൂർത്തംകൊണ്ടു ഞാനും ഭയപ്പെട്ടുപോയി. ആ സൂതൻ മരിച്ചസമയം ശരം വർഷിച്ചുകൊണ്ടു നില്ക്കുന്ന ഞാൻ നോക്കാതെ നില്ക്കുമ്പോൾ രാമൻ മൃത്യുസമമായ ശരം എന്റെനേരെ എയ്തു. ആ ശരം എന്റെ കൈകളുടെ നടുവിൽ ഏറ്റു ഞാനും ആ ശരവും ഒപ്പം ഭൂമിയിൽ പതിച്ചു. ഞാൻ മരിച്ചുപോയെന്നു വിചാരിച്ച് രാമൻ ഹർഷത്തോടെ മേഘം അലറുന്നമാതിരി ഉച്ചത്തിൽ അലറി. രാമന്റെ കൂട്ടുകാരും ഹർഷാരവും മുഴക്കി. അപ്പോൾ എന്റെ കൂടെ വന്നു നില്ക്കുന്നവരായ കൗരവന്മാരും യുദ്ധം കാണുവാൻ വന്നു നില്ക്കുന്ന മഹാജനങ്ങളും ഞാൻ വീണതു കണ്ടു വല്ലാതെ വ്യസനിച്ചു.

ഞാൻ വീണ ഉടനെ സൂര്യാഗ്നിതുല്യന്മാരായ എട്ടു വിപ്രന്മാർ എന്നെ ചുറ്റി കൈകൊണ്ടു താങ്ങി ആ യുദ്ധക്കളത്തിൽ നില്ക്കുന്നതായി ഞാൻ കണ്ടു.

ആ വിപ്രന്മാർ സംരക്ഷിക്കുന്ന ഞാൻ ഭൂമി തൊടാതെയാണു നില്ക്കുന്നത്. ബന്ധുക്കളെപ്പോലെ അവർ എന്നെ ആകാശത്തിൽ ഏന്തിനിന്നു. ശ്വസിക്കുന്നവിധം ആകാശത്തിൽ അംബുശീകരങ്ങൾ ഏറ്റു ഞാൻ നില്ക്കെ ആ വിപ്രന്മാർ എന്നെ താങ്ങി നിന്നു കൊണ്ടു പറഞ്ഞു: 'ഭവാൻ ഭയപ്പെടേണ്ട. സ്വസ്തി ഭവിക്കട്ടെ!' എന്നു വീണ്ടും പറഞ്ഞു. അവർ പറയുന്ന വാക്കുകേട്ടു തൃപ്തിയോടുകൂടി എഴുന്നേറ്റു തേരിൽ ഇരിക്കുമ്പോൾ സരിൽപ്രവരയായ അമ്മയെ ഞാൻ കണ്ടു.

എന്റെ അമ്മ പടയിൽ എന്റെ ഹയങ്ങളേയും പിടിച്ചിരുന്നു. ഉടനെ അമ്മയോടൊപ്പം ഞാൻ എന്റെ പിതാവിനേയും കണ്ടു. ഞാൻ എന്റെ മാതാപിതാക്കന്മാരുടെ പാദങ്ങളിൽ നമസ്കരിച്ചു തേരിൽ വീണ്ടും കയറി.

അമ്മ തേരും അശ്വവും ഉപസ്കരവും ഒത്ത എന്നെ രക്ഷിച്ചു. ഞാൻ വീണ്ടും അമ്മയെ കൈതൊഴുതു വിട്ടയച്ചു. പിന്നെ ഞാൻ തന്നെ വായുവേഗങ്ങളായ കുതിരകളെ നടത്തി. പകൽ ഏറെ ചെന്ന ആ സമയത്ത് ജാമദഗ്ന്യനുമായി പൊരുതി. ഹേ, ദുര്യോധനാ! അപ്പോൾ ഞാൻ വേഗവും ശക്തിയും കൂടിയ ശരങ്ങൾ രാമന്റെ ഹൃദയം കീറിപ്പിളർക്കുമാറു വിട്ടു. ആ ശരം ഏറ്റ ഉടനെ രാമൻ വില്ലും വിട്ടു മുട്ടുകുത്തി ബോധംകെട്ടു നിലത്തു വീണു. ഉദാരനായ രാമൻ ഭൂമിയിൽ വീണപ്പോൾ എല്ലായിടത്തും ഭയങ്കരമായ കാറ്റു വീശുകയും ആകാശത്തുനിന്നു രക്തം വർഷിക്കുകയും ചെയ്തു. ഇടിയും മിന്നലും ഉണ്ടാവുകയും കൊള്ളിമീൻചാടുകയും ചെയ്തു. ഉടനെ ദീപ്തനായ അർക്കനെ ചെന്നു രാഹു ഗ്രസിച്ചു. കൊടുങ്കാറ്റു രൂക്ഷമായി അടിക്കുകയും ധരാതലം നടുങ്ങുകയും ചെയ്തു. വലിയ രസത്തോടെ കഴുക്കളും കങ്കങ്ങളും വലാകകളും അവിടെ ചുറ്റിപ്പറന്നെത്തി. ദിക്കുകൾ കത്തിക്കാളി. അവിടെനിന്നു കുറുക്കന്മാർ ഓരിയിട്ടു. അടിക്കാതെതന്നെ പെരുമ്പറകൾ പടുഘോഷങ്ങളുണ്ടാക്കി. ഇങ്ങനെ ഭീഷണമായ ഉൽപ്പാതങ്ങൾ മഹാത്മാവായ രാമൻ മോഹിച്ചു ഭൂമിയിൽ പതിച്ചപ്പോൾ ഉണ്ടായി.

ഉടനെതന്നെ രാമൻ പിടഞ്ഞെഴുന്നേറ്റ് എന്നോട് എതിർത്തു. അവൻ വല്ലാതെ ക്രോധംകൊണ്ട് ആ സമയത്തു മൂർച്ഛിച്ചിരിക്കുന്നതായി ഞാൻ കണ്ടു. കോപംപൂണ്ട മഹാഭുജനായ ഭാർഗ്ഗവൻ ശക്തി കൂടിയ ഒരു ശരം കൈയിലെടുത്ത് എന്റെനേരെ പ്രയോഗിക്കുവാൻ ഭാവിക്കുമ്പോൾ പെട്ടെന്നു കനിവേറിയ മഹർഷിമാർ കാലാനലോഗ്രമായ ആ ബാണത്തെ 'അരുത്' എന്നു പറഞ്ഞു തടഞ്ഞപ്പോൾ ഭാർഗ്ഗവൻ ആ ശരത്തെ പിൻവലിച്ചു.

സൂര്യൻ ഏറ്റവും മനോഹരമായ മരീചിമണ്ഡലത്തോടുകൂടി നിഗൂഢമായി ധൂളികൾക്കുള്ളിൽ അസ്തമിച്ചു. കുളുർകാറ്റടിക്കുന്ന രാത്രി വന്നുചേർന്നു. ഉടനെ ഞങ്ങൾ രണ്ടുപേരും യുദ്ധം നിർത്തി.

ഇപ്രകാരം അന്നു പുലർന്നപ്പോൾ ആ ഘോരമായ യുദ്ധം അവസാനിച്ചു. ഇരുപത്തിമൂന്നു ദിവസം യുദ്ധം നടന്നു."

183. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "ഹേ, രാജേന്ദ്രാ! പിന്നെ രാത്രിയായപ്പോൾ ഞാൻ ശിരസ്സുകൊണ്ടു ബ്രാഹ്മണരേയും പിതൃക്കളേയും എല്ലാ ദേവന്മാരേയും നക്തഞ്ചരനിരകളേയും നമിച്ചു. തനിച്ചു മെത്തയിൽ കയറിക്കിടന്നു വിചാരിച്ചു: 'ജാമദഗ്ന്യനോടു ഞാൻ ചെയ്തുവരുന്ന ഈ യുദ്ധം ഭയങ്കരം തന്നെ! വളരെ ദിവസങ്ങളായല്ലോ നടക്കുന്നു. ഇതിന്ന് ഈ നിലയ്ക്ക് ഒരു അന്ത്യവും കാണുന്നില്ല. ശക്തനായ ജാമദഗ്ന്യനെ പോരിൽ ജയിക്കുവാൻ ഞാൻ ശക്തനല്ലെന്നാണു വന്നിരിക്കുന്നത്. പ്രതാപിയായ ജാമദഗ്ന്യനെ വെല്ലുവാൻ ഞാൻ ശക്തനാണെങ്കിൽ ദൈവതങ്ങൾ ഇന്നു രാത്രി എനിക്കു കാണുമാറാകണം!' ഇങ്ങനെ ഞാൻ വലത്തോട്ടു തിരിഞ്ഞു കിടന്നുറങ്ങി. തേർത്തട്ടിൽനിന്നു ഞാൻ വീണപ്പോൾ താങ്ങിപ്പിടിച്ചവരും, എന്നോടു ഭയപ്പെടേണ്ടെന്നു പറഞ്ഞവരുമായ ആ ബ്രാഹ്മണർ പ്രഭാതത്തിൽ നിദ്രയിൽ എന്റെ മുമ്പിൽ വന്നു. അവർ എന്റെ ചുറ്റുമായി നിന്നു പറഞ്ഞ വർത്തമാനം നീ കേൾക്കൂ: 'ഹേ, ഗാംഗേയാ, എഴുന്നേൽക്കൂ! ഭയപ്പെടേണ്ട. ഞങ്ങൾ നിന്നെ രക്ഷിച്ചു. ഞങ്ങളുടെ ഉടലാണു നീ. നിന്നെ ഒരിക്കലും പോരിൽ ജാമദഗ്ന്യൻ ജയിക്കുകയില്ല. നീ രാമനെ പോരിൽ ജയിക്കും. ഇഷ്ടമായ ഈ ദിവ്യാസ്ത്രം നീ പോരു നടക്കുമ്പോൾ ഓർക്കുന്നതാണ്. ഇതു നിനക്കു മുജ്ജന്മത്തിൽ അറിവുള്ളതാണ്. പ്രജാപ

ത്യവും വിശ്വകൃതവുമായ 'പ്രസ്വാപം' എന്ന അസ്ത്രമാണ് ഇത്. ഈ ദിവ്യാസ്ത്രങ്ങൾ രാമന്ന് അറിയുകയില്ല. രാമന്ന് എന്നല്ല ലോകത്തിൽ മറ്റാർക്കും അറിയുകയില്ല. ഭരതർഷഭാ! അതു നീ ഓർക്കണം; ഉടനെ തൊടുക്കുകയും വേണം. എന്നാൽ എല്ലാം നിനക്ക് അധീനമാകും. അതുകൊണ്ടു വീര്യവാന്മാരെയൊക്കെ ഭവാനു വെല്ലുവാൻ കഴിയും. ആ മഹാസ്ത്രംകൊണ്ടു രാമൻ നശിക്കുകയില്ല; നിനക്കാണെങ്കിൽ യാതൊരു ദോഷവും ഉണ്ടാവുകയില്ല. നിന്റെ ബാണത്തിന്റെ ബലംകൊണ്ടു ജാമദഗ്ന്യൻ ഉറങ്ങിപ്പോകും. ഉടനെ അവനെ ജയിച്ചു സംബോധനാഖ്യാനപ്രിയാസ്ത്രംകൊണ്ടു യുദ്ധത്തിൽ അവനെ എഴുന്നേല്പിക്കണം. നീ പുലർച്ചയ്ക്കു തേരിൽക്കയറി ഇപ്രകാരം ചെയ്തുകൊള്ളുക. ഉറങ്ങിയവനും ചത്തവനും ശരിയാണെന്നു നാം ഓർക്കുന്നു. രാമൻ ഒരുകാലത്തും മരിക്കുവാൻ വയ്യ. അതുകൊണ്ട് നീ തക്കതായ 'പ്രസ്വാപാസ്ത്രം അയയ്ക്കുക' എന്നു പറഞ്ഞ് ആ വിപ്രവരന്മാർ മറഞ്ഞു. ഇവർ എട്ടുപേരും തുല്യരൂപന്മാരും കാന്തിശാലികളുമായിരുന്നു."

184. രാമഭീഷ്മയുദ്ധം - അന്യോന്യബ്രഹ്മാസ്ത്രപ്രയോഗം – ഭീഷ്മൻ പറഞ്ഞു: "ദുര്യോധനാ! പിന്നെ രാത്രി കഴിഞ്ഞപ്പോൾ ഞാൻ ഉണർന്നു. സ്വപ്നവൃത്താന്തമാലോചിച്ച് എനിക്കു വളരെ സന്തോഷം തോന്നി. എന്റെ വിഷാദമൊക്കെ നീങ്ങി. പിന്നീട് ഭയങ്കരമായ യുദ്ധം തുടങ്ങി. ആ യുദ്ധം തുമുലവും സർവജീവികൾക്കും രോമാഞ്ചമുണ്ടാക്കുന്നതും അത്ഭുതകരവുമായിരുന്നു. പിന്നെ ശരവർഷം ഭാർഗ്ഗവൻ എന്നിൽ ചൊരിഞ്ഞു. ഉടനെ ഞാൻ ആ ശരങ്ങളെ ശരജാലംകൊണ്ടു തന്നെ തടുത്തു. പിന്നെ തലേദിവസത്തെ കോപംകൊണ്ടു ദൃഢമായി ചൊടിച്ച് ആ തപോധനൻ എന്റെനേരെ വേൽ ചാട്ടി. ഇടിത്തീപോലുള്ളതും, കാലദണ്ഡം പോലെ ഉഗ്രമായതും, പോരിൽ തീപോലെ എരിഞ്ഞ് എല്ലായിടത്തും ലേഖനംചെയ്തു ചുറ്റുന്നതും, ധൂമകേതുപോലെയുള്ളതുമായ ആ വേൽ എന്റെ കഴുത്തിന്റെ കീഴെല്ലിൽ ചെന്നു തറച്ചു. ഉടനെ മലയിൽനിന്നു ധാതുച്ചോല ഒലിക്കുന്നതുപോലെ എന്റെ കഴുത്തിൽ നിന്നു രക്തം പ്രവഹിക്കുവാൻ തുടങ്ങി. ഉടനെ ഞാൻ രാമനിൽ ക്രോധത്തോടെ സർപ്പവിഷതുല്യമായ മാരകബാണം എയ്തു. ആ ബാണം നെറ്റിത്തടത്തിൽ തറച്ച ആ ദ്വിജസത്തമൻ ശൃംഗമുള്ള അദ്രിപോലെ ശോഭിച്ചു. അവൻ ഉടനെ തിരിഞ്ഞു കാലാന്തകസമമായ ഒരു ശരം വില്ലുകുലച്ചു തൊടുത്തു. അതു കഠോരവും ശത്രുനാശനവുമായിരുന്നു. ചീറ്റുന്ന പാമ്പുപോലെ അതു പാഞ്ഞുവന്ന് എന്റെ മാറിൽ കൊണ്ടു. ഉടനെ രക്തം പ്രവഹിച്ചു ഞാൻ നിലത്തു വീണു. വീണ്ടും സ്വബോധം വന്നപ്പോൾ ഞാൻ ധീമാനായ ജാമദഗ്ന്യനിൽ ഇടിത്തീപോലെ വിലസുന്ന ഒരു വേൽ ചാട്ടി. അത് ആ ദ്വിജശ്രേഷ്ഠന്റെ ബാഹുമദ്ധ്യത്തിൽ ചെന്നു കൊണ്ടു. അവൻ ദേഹം വിറച്ചു തളർന്നുപോയി. സഖിയായ വിപ്രൻ, അകൃതവ്രണൻ, അവനെ തഴുകി ശുഭമായ വാക്കുകൊണ്ട് ആശ്വസിപ്പിച്ചു. അല്പം ആശ്വസിച്ചതിന്നുശേഷം ക്രോധാമർഷത്തോടെ ഭാർഗ്ഗവൻ ബ്രഹ്മാസ്ത്രമെടുത്ത് പ്രയോഗിച്ചു. അതിനെ തടയുവാൻ ഉത്തമമായിട്ടുള്ളത് ബ്രഹ്മാസ്ത്രം തന്നെയാണല്ലോ. ഞാൻ ബ്രഹ്മാസ്ത്രംതന്നെ പ്രയോഗിച്ചു. അതു പ്രളയാഗ്നിപോലെ ആളിജ്ജ്വലിച്ചു. ബ്രഹ്മാസ്ത്രം രണ്ടും ഒന്നായി കൂട്ടിമുട്ടി. അവ രണ്ടും എന്നിലും രാമനിലും എത്താതെ ഇടയ്ക്ക് കൂട്ടിമുട്ടി ജ്വലിച്ചു. അപ്പോൾ നഭസ്സിൽ ഭയങ്കരമായ തേജസ്സുണ്ടായി ഭൂമണ്ഡലം മുഴുവനും നടുങ്ങി. ഋഷീന്ദ്രന്മാരും ഗന്ധർവന്മാരും ദേവന്മാരും അസ്ത്രത്തിന്റെ തേജസ്സാൽ പീഡിതരായി. കാടും മേടും പെടുന്ന ഭൂമി ആകെ ഒന്നു കുലുങ്ങി. ജീവജാലങ്ങളെല്ലാം വിഷാദിച്ചു സംഭ്രമിച്ചു. ആകാശം എരിയുവാനും, പത്തുദിക്കും പുകയുവാനും തുടങ്ങി. ആകാശചാരികൾക്ക് അന്തരീക്ഷത്തിൽ നില്ക്കുവാൻ കഴിയാതായി. ദേവദൈത്യാശരന്മാരോടുകൂടിയ ലോകം മുഴുവൻ പരിഭ്രമിച്ച് ഹാ! ഹാ! എന്ന് ആർക്കുവാൻ തുടങ്ങി. ഇതാണു തക്കസമയമെന്നു ചിന്തിച്ചു ഞാൻ ഉടനെതന്നെ, ആ ബ്രഹ്മജ്ഞന്മാർ പറഞ്ഞതോർത്ത്, എയ്യുവാൻ നോക്കി. ആശ്ചര്യംതന്നെ! അപ്പോൾ എന്റെ ഉള്ളിൽ അസ്ത്രവിദ്യ തെളിവായി വന്നു."

185. രാമഭീഷ്മയുദ്ധം – ഭീഷ്മൻ പറഞ്ഞു: "ഉടനെ ആകാശത്തു കളകളഘോഷം ഉണ്ടായി. ഹേ കൗരവനന്ദനാ! ഇങ്ങനെ ഒരു ശബ്ദം ആകാശത്തുനിന്നു വന്നു: 'ഹേ ഭീഷ്മാ! ഭവാൻ പ്രസ്വാപാസ്ത്രം വിടരുതേ!' ഞാൻ പ്രസ്വാപാസ്ത്രം തൊടുക്കുകയും ചെയ്തു. ഉടനെ എന്റെ മുമ്പിൽ നാരദൻ പ്രത്യക്ഷനായി: 'ഹേ, കൗരവ്യാ, നീ നോക്കൂ! ആകാശത്തിൽ ദേവകൾ വന്നു നില്ക്കുന്നു. അവർ നിന്നെ തടുക്കുന്നു. പ്രസ്വാപാസ്ത്രം അയയ്ക്കരുതെന്ന് നിന്നോടു പറയുന്നു. രാമൻ തപസ്വിയും ബ്രഹ്മണ്യനുമാണ്; ബ്രാഹ്മണനാണ്; നിന്റെ ഗുരുവുമാണ്. അവന്നു നീ ഒരിക്കലും അവമാനം വരുത്തിവെക്കരുത്.' ഇപ്രകാരം നാരദൻ എന്നോടു പറഞ്ഞപ്പോൾ ഞാൻ ആകാശത്തിലേക്കു നോക്കി. അവിടെ എന്റെ ആ എട്ടു ബ്രാഹ്മണരേയും കണ്ടു. അവർ എന്നോടു മെല്ലെ പുഞ്ചിരിയോടെ പറഞ്ഞു: 'ഹേ, ഭാരതശ്രേഷ്ഠാ നാരദൻ പറഞ്ഞതുപോലെ ചെയ്യൂ! അതു ലോകർക്കു ശ്രേയസ്സിനാണത്രെ! അങ്ങനെ ചെയ്യുക!' ഞാൻ ഉടനെ പ്രസ്വാപാസ്ത്രത്തെ പിൻവലിച്ചു. ആ യുദ്ധത്തിന്റെ ക്രമം പോലെ ഞാൻ ബ്രഹ്മാസ്ത്രത്തെ ജ്വലിപ്പിച്ചു.

ഭീഷ്മൻ പ്രസ്വാപാസ്ത്രം പിൻവലിച്ചതു കണ്ടപ്പോൾ രാമൻ ഏറ്റവും സന്തുഷ്ടനായി. "മന്ദബുദ്ധിയായ ഞാൻ ഭീഷ്മനാൽ ജിതനായി," എന്ന് അദ്ദേഹം പറഞ്ഞു. ആ സമയത്തു ജാമദഗ്ന്യൻ തന്റെ അച്ഛനേയും അച്ഛന്റെ അച്ഛനേയും കണ്ടു. ചുറ്റും നിന്ന് അവർ അദ്ദേഹത്തോടു സാന്ത്വനപൂർവ്വം പറഞ്ഞു.

പിതൃക്കൾ പറഞ്ഞു: "ഉണ്ണീ, മേലിൽ നീ ഇപ്രകാരം സാഹസം ചെയ്യരുത്. ഭീഷ്മന്റെനേരെ സമരം, വിശേഷാൽ ക്ഷത്രിയന്റെ നേരെ സമരം പാടില്ല. ക്ഷത്രിയന്റെ ധർമ്മമാണു യുദ്ധം. ഹേ, ഭാർഗ്ഗവാ! സ്വാദ്ധ്യായവും വ്രതവും മറ്റുമാണ് ബ്രാഹ്മണരുടെ ശ്രേഷ്ഠമായ ധനം. ഈ സംഗതി മുമ്പു മറ്റൊരു കാര്യത്തിൽ ഞങ്ങൾ ഭവാനോടു പറഞ്ഞിട്ടുള്ളതാണ്. ശസ്ത്രധാരണം അത്യുഗ്രമാണ്. നീ വേണ്ടാത്ത കാര്യത്തിലാണ് ഇപ്പോൾ ഇടപെട്ടതും. അത്ര മാത്രം മതി. ഇനി ഭീഷ്മനുമായി പടയ്ക്കൊരുങ്ങരുത്. അതുകൊണ്ടു നീ കുഴങ്ങും. മഹാബാഹോ! രണത്തിൽനിന്നു പിന്മാറുക. ഇത്രയൊക്കെ മതി. നിനക്കു നന്മ വരും. നീ ഈ വില്ല് എടുക്കൂ! ദുർദ്ധർഷ, ഈ വില്ലു വിട്ടേക്കൂ! ഭാർഗ്ഗവാ! പോയി തപസ്സുചെയ്യൂ!"

എല്ലാ ദേവന്മാരും ശാന്തനവനായ ഭീഷ്മനേയും തടഞ്ഞ് യുദ്ധത്തിൽനിന്നു പിന്മാറുകയെന്നു പറഞ്ഞു. ഗുരുവായ രാമനോടു പൊരുതരുതെന്നും പറഞ്ഞു: "രാമനെ യുദ്ധത്തിൽ നീ ജയിക്കുവാൻ വിചാരിക്കരുത്. ബ്രാഹ്മണന്ന് ഈ യുദ്ധത്തിൽ നീ മാനംചെയ്യൂ! രാമനെ പോരിൽ നീ ജയിക്കുവാൻ പാടില്ല. ഞങ്ങൾ നിന്റെ ഗുരുക്കന്മാരാണ്. അതുകൊണ്ടു നിന്നെ ഞങ്ങൾ തടുക്കുകയാണ്. ഭീഷ്മൻ വസുക്കളിൽ ഒരുവനാണ്. ഭാഗ്യത്താൽ ഉണ്ണീ, നീ ജീവിച്ചു. യശോനിധിയായ ശന്തനുപുത്രൻ വസുവാകുന്നു. ഭാർഗ്ഗവാ, നീ എങ്ങനെ അവനോടു ജയിക്കും? പിൻവലിക്കൂ യുദ്ധം! ഇപ്പോൾ ഭീഷ്മന്റെ കാലം അവസാനിക്കാറായിട്ടില്ല. പാണ്ഡവശ്രേഷ്ഠനും ശക്തനും ശക്രനന്ദനനുമായി പ്രജാപതി, നരനായ സനാതനപൂർവ്വദേവൻ, മൂന്നു പാരിലും സവ്യസാ

ചിയെന്നു പേർകേട്ട പോരാളിയായി ജനിക്കും. വീര്യവാനും സ്വയംഭൂകല്പിതനുമായ അവൻ യഥാകാലം പിറക്കും. അവൻ ഭീഷ്മന്റെ അന്തകനായി ഭവിക്കും. നീ ഇപ്പോൾ പരിശ്രമിച്ചിട്ട് യാതൊരു ഫലവും കിട്ടുവാൻപോകുന്നില്ല.''

ഭീഷ്മൻ പറഞ്ഞു: ''ഇപ്രകാരം പിതൃക്കൾ പറഞ്ഞപ്പോൾ രാമൻ അവരോടു പറഞ്ഞു: 'പോരിൽ ഞാൻ പിൻവലിക്കുന്നതല്ലെന്ന് എനിക്ക് ഒരു മഹാവ്രതമുണ്ട്. ഞാൻ ഒരിക്കലും പടത്തലയ്ക്കൽനിന്നു പിന്മാറാത്തവനാണ്. പിതൃക്കളേ, നിങ്ങൾ ഗാംഗേയനെ പിന്തിരിപ്പിക്കുവിൻ.' ഈ മഹായുദ്ധത്തിൽനിന്ന് ഞാൻ ഒരിക്കലും പിൻമാറുന്ന പ്രശ്നമേയില്ല. പിന്നെ ഋചീകൻ മുതലായ താപസന്മാർ നാരദനോടുകൂടെ എന്റെ അടുത്തേക്കു വന്നു: 'ഉണ്ണീ, പോരിൽ നിന്ന് ഒഴിക്കൂ! ദ്വിജമുഖ്യനെ മാനിക്കൂ!' ഇപ്രകാരം പറയുന്ന അവരോടു ഞാൻ ക്ഷത്രധർമ്മ വ്യവസ്ഥയനുസരിച്ച് ഇപ്രകാരം പറഞ്ഞു: 'പോരിൽ ഞാൻ മുഖംതിരിച്ചു പിന്നിൽനിന്ന് അമ്പേറ്റ് ഒഴിക്കുന്നവിധം ഒരിക്കലും കഴിക്കുകയില്ല. ലോഭം, കാർപ്പണ്യം, ഭയം, ദുര ഇവയാൽ ഞാൻ ശാശ്വതമായ ധർമ്മം വിടുകയില്ല. ഇത് എന്റെ വ്രതമാണ്.' ഞാൻ ഇങ്ങനെ പറഞ്ഞപ്പോൾ ആ മഹർഷിമാരെല്ലാവരും എന്റെ അമ്മയായ ഭാഗീരഥിയോടുകൂടി പോർക്കളത്തിൽ ഇറങ്ങി നിന്നു. ഞാൻ ദൃഢനിശ്ചയത്തോടുകൂടി വില്ലും അമ്പും ധരിച്ച് യുദ്ധസന്നദ്ധനായി നിന്നു. അപ്പോൾ യുദ്ധസന്നദ്ധനായ ഭാർഗ്ഗവനോട് അവർ എല്ലാവരുംകൂടി ഇപ്രകാരം പറഞ്ഞു: 'വിപ്രന്മാരുടെ ഹൃദയം വെണ്ണയാണ്. ഹേ രാമാ, ഭൃഗുനന്ദനാ, ശമിക്കൂ! ദ്വിജോത്തമാ, ഭവാൻ യുദ്ധം നിറുത്തി മടങ്ങുക!' എന്നു പറഞ്ഞ് അവർ ഏകോപിച്ച് ഭാർഗ്ഗവനെ തടഞ്ഞു. അങ്ങനെ പിതൃക്കൾ ഭാർഗ്ഗവനെക്കൊണ്ടു ശസ്ത്രം വെപ്പിച്ചു. പിന്നെയും ഞാൻ ആ എട്ടു ബ്രാഹ്മണരെ ഉദിച്ചുപൊങ്ങുന്ന അഷ്ടഗ്രഹങ്ങൾപോലെ ശോഭ വീശുന്നവരായി ദർശിച്ചു. ഞാൻ യുദ്ധത്തിന്നുതന്നെ മുതിർന്നു നില്ക്കുന്നതായി കണ്ട് അവർ എന്നോടു സസ്നേഹം പറഞ്ഞു:

'മഹാബാഹോ! ഭവാൻ ലോകഹിതത്തിന്നുവേണ്ടി ഗുരുവായ രാമന്റെ സമീപത്തേക്കു ചെല്ലൂ.' രാമൻ തിരിച്ചുപോയതു കണ്ട് ബന്ധുജനങ്ങളുടെ വാക്കുപ്രകാരം ലോകങ്ങളുടെ ഹിതം നോക്കി ആ വാക്കിനെ കൈക്കൊണ്ട് മുറിവേറ്റ ഞാൻ രാമന്റെ മുമ്പിൽച്ചെന്നു വന്ദിച്ചു. തപോനിധിയായ രാമൻ ചിരിച്ച് പ്രേമത്തോടെ ഇപ്രകാരം പറഞ്ഞു: 'നിന്നെപ്പോലെ ഈ ലോകത്തിൽ ഭൂമിവാഴുന്ന ക്ഷത്രിയന്മാർ ഇല്ല. ഭീഷ്മാ! നീ പോയാലും! പോരിൽ നീ എന്നെ സന്തുഷ്ടനാക്കി.' പിന്നെ ഭാർഗ്ഗവൻ ആ കന്യകയെ എന്റെ മുമ്പിലേക്കു വിളിച്ച് ആ മഹാത്മാക്കളുടെ നടുവിൽവെച്ച് ദീനമായ വാക്കുകളാൽ ഇപ്രകാരം പറഞ്ഞു.

186. അംബയുടെ തപസ്സ് – രാമൻ പറഞ്ഞു: 'ലോകങ്ങളൊക്കെ പ്രത്യക്ഷമായി, വ്യക്തമായി കാണുമാറ് ഞാൻ യഥാശക്തി പൗരുഷത്തോടുകൂടി യുദ്ധം ചെയ്തു. ശസ്ത്രജ്ഞന്മാരിൽ മുമ്പനായ ഭീഷ്മനെ ജയിക്കുവാൻ ഞാൻ ശക്തനായില്ല. ഉത്തമാസ്ത്രങ്ങൾ പ്രയോഗിച്ചിട്ടും അവനെ ജയിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഇതാണ് എന്റെ പരമമായ ശക്തി. ഇതാണ് എന്റെ പരമമായ ബലം. ഭദ്രേ! നീ യഥേഷ്ടം പോയാലും. ഞാൻ നിനക്ക് എന്തൊന്നാണു ചെയ്യേണ്ടത്? നീ ഭീഷ്മനെച്ചെന്ന് ആശ്രയിക്കുക. വേറെ ഗതിയൊന്നും നിനക്കു ഞാൻ കാണുന്നില്ല. ഇപ്പോൾ മഹാസ്ത്രങ്ങൾ വിട്ട് ഭീഷ്മൻ എന്നെ ജയിച്ചിരിക്കുന്നു' എന്നു പറഞ്ഞ് മഹാശയനായ രാമൻ നിശ്വസിച്ചു. ഇതു കേട്ട് അടങ്ങി ആ കന്യക ഭാർഗ്ഗവനോടു പറഞ്ഞു: 'ഭഗവാനേ, ഭവാൻ പറഞ്ഞവിധം സത്യമാണ് ഇക്കാര്യം. മഹാശയനായ ഭീഷ്മൻ ദേവകൾക്കുകൂടി അജേയനാണ്. ഭവാൻ എന്റെ കാര്യത്തിൽ യഥാശക്തി ഉത്സാഹം ചെയ്തു. എന്റെ കാര്യത്തിൽ ഭവാൻ ഉപേക്ഷകാണിച്ചില്ലെന്ന് എനിക്കറിയാം. ഭവാനു പോരിൽ വീര്യം അവാര്യമാണെങ്കിലും, പലമട്ട് അസ്ത്രജാലങ്ങളുണ്ടെങ്കിലും, പോരിൽ മെച്ചമെടുക്കുവാൻ പറ്റുകയില്ലെന്നു ബോദ്ധ്യമായി. ഞാൻ ഈ ഭീഷ്മന്റെ അരികിൽപ്പോയി ഒരിക്കലും ഇരക്കുവാൻ വിചാരിക്കുന്നില്ല. പോരിൽ ഭീഷ്മനെ ഞാൻതന്നെ വീഴ്ത്തും. അതിന്ന് എവിടെച്ചെന്ന് ആശ്രയിച്ചാൽ സാധിക്കുമോ ഞാൻ അവിടേക്കു പോവുകയാണ് ഭാർഗ്ഗവാ!' എന്നു പറഞ്ഞ് ആ കന്യക രോഷവ്യാകുലദൃഷ്ടിയായി എന്നെ കൊല്ലുവാനുള്ള വിചാരത്തോടുകൂടി തപസ്സുചെയ്യുവാൻ പോയി. പിന്നെ രാമൻ മുനിമാരോടുകൂടി എന്നോടു യാത്രപറഞ്ഞ് മഹേന്ദ്രപർവ്വതത്തിലേക്കും പോയി. പിന്നെ വിപ്രന്മാരുടെ സ്തുതികൾ കേട്ടുകൊണ്ട് ഞാൻ തേരിൽക്കയറി ഹസ്തിനാപുരത്തേക്കു പോന്നു. പുരിയിൽ വന്നു സത്യവതിയെക്കണ്ട് നടന്ന കഥയൊക്കെ പറഞ്ഞു. അവൾ എന്നെ അഭിനന്ദിച്ചു.

പിന്നെ ഞാൻ പ്രാജ്ഞന്മാരായ ചാരന്മാരെ കന്യകയുടെ വൃത്താന്തം ഗ്രഹിക്കുവാൻ വിട്ടു. നാളുതോറും അവളുടെ പോക്കും വാക്കും പ്രവൃത്തിയുമൊക്കെ അറിഞ്ഞ് ആ വൃത്താന്തമെല്ലാം അവർ എന്നെ അറിയിച്ചു.

തപസ്സുചെയ്യുവാൻ ഉറച്ച് ആ കന്യക കാട്ടിലേക്കു പോയി. ഇതു കേട്ടു ഞാൻ നടുങ്ങി. എന്റെ മനസ്സു മങ്ങിപ്പോയി. ഉണ്ണീ ദുര്യോധനാ! വീര്യംകൊണ്ട് മറ്റൊരു ക്ഷത്രിയനും എന്നെ പോരിൽ ജയിക്കുകയില്ല. തപോവ്രതമുള്ളവനും ബ്രഹ്മജ്ഞാനികളിൽ ശ്രേഷ്ഠനുമായവനൊഴികെ ക്ഷത്രിയന്മാർക്കാർക്കും എന്നെ ജയിക്കുവാൻ സാധിക്കുകയില്ല. ഈ വൃത്താന്തം ഞാൻ നാരദനോടും വ്യാസനോടും പറഞ്ഞു. അവർ എന്നോട് ഇങ്ങനെയാണ് അപ്പോൾ പറഞ്ഞത്: 'ഭീഷ്മാ, നീ കാശികന്യകയെപ്പറ്റി വിഷാദിക്കേണ്ട. ദൈവത്തെ പൗരുഷംകൊണ്ടു ലംഘിക്കുന്നവനായി ആരുണ്ട്?

ആ കന്യക തപോവനത്തിൽച്ചെന്ന് യമുനാതടത്തിൽ അമാനുഷമായ തപസ്സാരംഭിച്ചു. ഭക്ഷണംകൂടാതെ രൂക്ഷയും കൃശയുമായി മുടി ചെടകെട്ടി ചേറുപുരണ്ട് ആറുമാസം വായുഭക്ഷണമായി അവൾ തൂണുപോലെ നിന്ന് കഠിനമായ തപസ്സുചെയ്തു. പിന്നെ ഒരു സംവത്സരം യമുനാനദിയിൽ ഇറങ്ങിനിന്ന് ആഹാരം ഇല്ലാതെ തപസ്സു ചെയ്തു. പിന്നെ ഒരു വർഷം കൊഴിഞ്ഞുവീണ ഇല ഭക്ഷിച്ച് തപസ്സു ചെയ്തു. കടുകോപയായ അവൾ പാദാംഗുഷ്ഠം മാത്രം ഊന്നിനിന്നു തപസ്സുചെയ്തു. ഇങ്ങനെ അവൾ ഭൂമിയും ദ്യോവും ചുടുന്നവിധം പന്ത്രണ്ടു സംവത്സരം തപസ്സുചെയ്തു. ജ്ഞാതികൾ അവളെ ആ കടുത്ത തപസ്സിൽനിന്നു നിവർത്തിപ്പിക്കുവാൻ ശ്രമിച്ചിട്ടും അവൾ സമ്മതിച്ചില്ല. പിന്നെ അവൾ സിദ്ധചാരണന്മാർ വസിക്കുന്ന വത്സരാജ്യത്തു ചെന്നു. അവിടെ പുണ്യശീലരും മഹാത്മാക്കളുമായ താപസികന്മാരുടെ ഒരാശ്രമമുണ്ട്. അവൾ അവിടെച്ചെന്ന് അവിടെനിന്നു പുണ്യതീർത്ഥങ്ങളിലേക്കു ചെന്ന് സ്നാനംചെയ്തു. ഇങ്ങനെ യഥാകാമം സഞ്ചരിച്ചു കാശികന്യക നാളുകൾ കഴിച്ചു. പിന്നെ നന്ദാശ്രമത്തിലും, പിന്നെ ശുഭമായ ഉലൂകാശ്രമത്തിലും, പിന്നെ വനാശ്രമത്തിലും, ബ്രഹ്മസ്ഥാനത്തും, പ്രയാഗയിലും, ദേവയജന ദേവാരണ്യങ്ങളിലും, ഭോഗവതിയിൽ കൗശികന്റെ ആര്യാശ്രമത്തിലും, മാണ്ഡവ്യാശ്രമത്തിലും, ദിലീപാശ്രമത്തിലും, രാമപദത്തിലും, പൈലഗർഗ്ഗാശ്രമത്തിലും അവൾ യഥാകാമം ചുറ്റി. അവിടെ ചെന്നു ദേഹശുദ്ധിവരുത്തി ദുഷ്കരമായ വ്രതങ്ങൾ നേടി. അവളോട് എന്റെ അമ്മയായ ഗംഗാദേവി പറഞ്ഞു: 'ഭദ്രേ, നീ എന്തിനാണ് ഇങ്ങനെ ക്ലേശിക്കുന്നത്? സത്യം എന്നോടു പറയൂ!' അപ്പോൾ അവൾ കൈകൂപ്പി എന്റെ അമ്മയോടു പറഞ്ഞു: 'ചാരുലോചനേ, പോരിൽ ഭീഷ്മൻ

രാമനെ ജയിച്ചുവല്ലോ. അസ്ത്രമെടുത്ത അവനെ വെല്ലുവാൻ ഏതു മന്നവന്നും കഴിയും? ഞാൻ ഭീഷ്മവധത്തിന്നായി കടുത്ത തപസ്സുചെയ്യുകയാണ്. ദേവീ ഞാൻ മന്നിൽ ഇങ്ങനെ വ്രതങ്ങളെടുത്തു സഞ്ചരിക്കുന്നത് ആ മന്നവനെ വധിക്കുവാനാണ്. ഇതാണ് ഞാൻ വ്രതംകൊണ്ടുദ്ദേശിക്കുന്നത്. അത് എനിക്കു ദേവി സാധിപ്പിക്കണം.'

അപ്പോൾ ഗംഗാദേവി പറഞ്ഞു: 'ഭാമിനീ, നീ ജിഹ്മം * ആണു ചെയ്തത്. അബലേ, നിന്റെ ഈ ആഗ്രഹം സാധിക്കുക അത്ര എളുപ്പമല്ല. കാശിരാജപുത്രീ, ഭീഷ്മവധത്തിന്നു നീ വ്രതമെടുക്കുകയാണെങ്കിൽ വ്രതത്തിൽനിന്നുതന്നെ നീ ജീവനെ ത്യജിക്കും. നീ വർഷക്കാലത്തു ജലം നിറഞ്ഞ കുടിലയായ പുഴയായിത്തീരും. എട്ടു മാസവും വെള്ളമുള്ളതായറിയുകയില്ല. വർഷത്തിൽ ഉഗ്രഗ്രാഹങ്ങളോടുകൂടി എല്ലാവരേയും ആ പുഴ ഭയപ്പെടുത്തുകയും ചെയ്യും. അങ്ങനെയാകും നീ.' ഇങ്ങനെ എന്റെ അമ്മ അവളോടു ചിരിച്ചുകൊണ്ടു പറഞ്ഞു. അവൾ അതു കേട്ടു ക്ഷുഭിതയായി. പിന്നെ അവൾ എട്ടും പത്തും മാസം ജലപാനം പോലുമില്ലാതെ, തീർത്ഥലോഭത്താൽ ആ വരവർണ്ണിനി, വത്സഭൂമിയിൽ വീണ്ടും പാഞ്ഞും സഞ്ചരിച്ചു. അങ്ങനെ ആ കാശിരാജപുത്രി വത്സഭൂമിയിൽ 'അംബ' എന്ന പുഴയായി പ്രവഹിച്ചു. വർഷക്കാലത്ത് ആ നദി ഉഗ്രമായ നക്രങ്ങളോടുകൂടി ഭയങ്കരിയായി വളഞ്ഞുപുളഞ്ഞ് ദുർജ്ജലപൂർണ്ണയായി ഒഴുകുവാൻ തുടങ്ങി. അവൾ അങ്ങനെ തന്റെ തപസ്സിന്റെ ഫലമായി ദേഹത്തിന്റെ അർദ്ധഭാഗംകൊണ്ട് വത്സരാജ്യത്തു പുഴയായും മറ്റേ അർദ്ധഭാഗംകൊണ്ട് കന്യകയായും ജനിച്ചു."

187. അംബ അഗ്നിയിൽ പ്രവേശിക്കുന്നു – ഭീഷ്മൻ പറഞ്ഞു: "പിന്നേയും തപസ്സിന്നുതന്നെ തീർച്ചപ്പെടുത്തിയ അവളെ താപസന്മാർ തടഞ്ഞുകൊണ്ട് എന്തു കാര്യത്തിനാണ് ഈ തപസ്സെന്നു ചോദിച്ചു. ആ വൃദ്ധരായ താപസന്മാരോട് അവൾ മറുപടി പറഞ്ഞു: 'ഭീഷ്മൻ എന്നെ ധിക്കരിച്ചു. എന്റെ പതിധർമ്മത്തെയും നശിപ്പിച്ചു. വിപ്രന്മാരേ, എന്റെ തപസ്സിന്റെ ഉദ്ദേശം അവനെ കൊല്ലുകയെന്നുള്ളതാണ്. അല്ലാതെ പരലോകശ്രേയസ്സിന്നുവേണ്ടിയല്ല. ഭീഷ്മനെ കൊന്ന് എനിക്കു ശാന്തി കൊള്ളണം എന്നാണ് എന്റെ നിശ്ചയം. അവൻകാരണം ഞാൻ നിത്യമായ ദുഃഖത്തിൽ ആണ്ടുപോയിരിക്കുന്നു. പതിലോകഭ്രഷ്ടയായ ഞാൻ ആണും പെണ്ണുംകെട്ടവളായിത്തീർന്നു. ഗാംഗേയനെ വധിക്കാതെ ഞാൻ പിന്മാറുകയില്ല മുനീന്ദ്രന്മാരേ! ഇതാണ് എന്റെ സങ്കല്പം. എന്റെ ആഗ്രഹം ഞാൻ നിങ്ങളോടു പറഞ്ഞു. പെണ്ണായതിൽ ഞാൻ വെറുക്കുന്നു. ഞാൻ ആണാകുവാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെ ആണായി ഭീഷ്മനിൽ പകവീട്ടുന്നതാണ് ഞാൻ. എന്നെ നിങ്ങൾ തടയരുത്.' അങ്ങനെ അവൾ തപസ്സാരംഭിച്ചപ്പോൾ ശൂലപാണി ആ തപോധനന്മാരുടെ മദ്ധ്യത്തിൽ അവളുടെ മുമ്പിൽ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. 'കന്യേ, ഞാൻ പ്രസാദിക്കുന്നു. വരം ആവശ്യപ്പെട്ടുകൊള്ളുക' എന്നു ശൂലപാണി പറഞ്ഞപ്പോൾ, 'എനിക്കു ഭീഷ്മനെ ഹനിക്കണം' എന്ന് അവൾ വരം ചോദിച്ചു. 'നീ ഭീഷ്മനെ ഹനിക്കും' എന്ന് ഈശ്വരൻ അവളോടു പറഞ്ഞു. ആ കന്യക രുദ്രനോടു പിന്നെയും ചോദിച്ചു: 'പെണ്ണായ എനിക്ക് ഹേ, ദേവ, യുദ്ധത്തിൽ എങ്ങനെ ജയം സിദ്ധിക്കും? സ്ത്രീയായതുകൊണ്ട് ഉമാപതേ, എന്റെ മനസ്സു ശാന്തമല്ലേ? അങ്ങനെയുള്ള ഞാൻ എങ്ങനെ ഭീഷ്മനെ കൊല്ലും? ഭൂതേശനായ ഭവാൻ ഏറ്റുപറയുകയും ചെയ്തു ഞാൻ ഭീഷ്മനെ കൊല്ലുമെന്ന്. അതു സത്യമാകുമാറ് ഹേ, വൃഷഭദ്ധ്വജാ! വേണ്ടതു ചെയ്തുതന്നാലും. പോരിൽ ഏല്ക്കുന്ന ആ ശാന്തനവനെ എനിക്കു കൊല്ലണം!' ഇപ്രകാരം ആ കന്യക പറഞ്ഞപ്പോൾ വൃഷഭദ്ധ്വജനായ മഹാദേവൻ പറഞ്ഞു: 'എന്റെ വാക്ക് ഒരിക്കലും വെറുതെയാവുകയില്ല ഭദ്രേ! ഞാൻ പറഞ്ഞത് സത്യമാകും. പോരിൽ നീ ഭീഷ്മനെ വധിക്കും. നിനക്കു പുരുഷത്വം ലഭിക്കുകയുംചെയ്യും. ദേഹാന്തരത്തെ നീ പ്രാപിച്ചാലും. ഈ കാര്യങ്ങളൊക്കെ നിന്റെ ഓർമ്മയിൽ ഉണ്ടാവുകയും ചെയ്യും. ദ്രുപദാന്വയത്തിൽ ജനിക്കുന്ന നീ മഹാരഥനായിത്തീരുന്നതാണ്. ആ മഹാരഥൻ ശീഘ്രാസ്ത്രനായും ചിത്രയോധിയായും ബഹുസമ്മതനായും ഭവിക്കും. ഒട്ടുകാലം കഴിഞ്ഞതിന്നു ശേഷം നീ ആണായിത്തീരും' എന്നു പറഞ്ഞ് മഹാദേവനായ കപർദ്ദി, വൃഷഭദ്ധ്വജഭഗവാൻ, വിപ്രന്മാർ കാൺകെ മറഞ്ഞുപോയി. അനിന്ദിതയായ അവൾ ആ മാമുനിശ്രേഷ്ഠന്മാർ കണ്ടുനില്ക്കെത്തന്നെ കാട്ടിൽ പോയി വിറകു കൊണ്ടുവന്നു കൂട്ടി വലിയ ഒരു ചുടലയുണ്ടാക്കി, അതിൽ തീ കൊളുത്തി. തീ കത്തുന്നസമയത്ത്, ദുര്യോധനാ! തീക്ഷ്ണമായ കോപത്തോടെ 'ഭീഷ്മഹിംസയ്ക്കായി' എന്നു പറഞ്ഞ് അഗ്നിയിൽച്ചാടി. അങ്ങനെ യമുനാതീരത്തിൽ സ്വയം ചുടലകൂട്ടി അതിൽച്ചാടി കാശിരാജപുത്രിയായ അംബ ആത്മഹത്യചെയ്തു."

188. ശിഖണ്ഡിയുടെ ഉത്പത്തി – ദുര്യോധനൻ പറഞ്ഞു: "ഗംഗാപുത്രാ, പിതാമഹാ! എങ്ങനെയാണ് കന്യയായ ശിഖണ്ഡി പിന്നെ ആണായിത്തീർന്നത്? അത് എന്നോടു വിശദമായി പറഞ്ഞാലും!"

ഭീഷ്മൻ പറഞ്ഞു: "ഹേ, രാജാവേ, ദ്രുപദരാജാവിന്റെ ഇഷ്ടമഹിഷി അപുത്രയായിത്തീർന്നു. അവൾ ഒന്നു പ്രസവിച്ചുകാണുവാൻ ദ്രുപദരാജാവു മഹേശനെ പ്രസാദിപ്പിച്ചു. എന്നെ കൊല്ലുന്നതിന്നുവേണ്ടിയാണ് അദ്ദേഹം തപസ്സുചെയ്തത്. ശിവൻ അവന്റെ മുമ്പിൽ പ്രത്യക്ഷനായി. ദ്രുപദൻ പറഞ്ഞു: 'ഭഗവാനേ, ഭീഷ്മവധത്തിന്നായി ഒരു പുത്രനുണ്ടാകേണമെന്ന് ഇച്ഛിക്കുന്നു. കന്യയാകാതെ പുത്രൻതന്നെ ഉണ്ടാകേണമേ!' ദ്രുപദന്റെ അപേക്ഷകേട്ടു മഹേശ്വരൻ പറഞ്ഞു: 'രാജാവേ, നിനക്ക് ഒരു 'സ്ത്രീപുമാൻ' ഉണ്ടാകും. ഭവാൻ പോയാലും! ഞാൻ പറഞ്ഞതു മറിച്ചു വരികയില്ല.' രാജാവു ദുഃഖിതനായി നഗരത്തിലേക്കു മടങ്ങി. അന്തഃപുരത്തിൽക്കടന്ന് തന്റെ ഭാര്യയോടു പറഞ്ഞു: 'ഞാൻ നന്നേ പ്രയത്നിച്ച് മഹാദേവനെ പ്രത്യക്ഷനാക്കി. മഹാദേവൻ എന്നോടു പറഞ്ഞു: കന്യകയായ ഒരു പുരുഷൻ നിനക്കുണ്ടാകട്ടെ! ഞാൻ ഈ അനുഗ്രഹം കേട്ടപ്പോൾ വീണ്ടും വീണ്ടും ചോദിച്ചു. അപ്പോൾ മഹേശ്വരൻ പറഞ്ഞു: ഇതു യോഗമാണ്, വരുവാനുള്ളത് മറിച്ചു വരികയില്ല.'

മനസ്വിനിയായ രാജ്ഞി പിന്നെ ശ്രദ്ധയോടുകൂടി ഋതുകാലത്ത് ദ്രുപദരാജാവിനോടു ചേർന്നു. വിധി കണ്ട കർമ്മപ്രകാരവും നാരദൻ പറഞ്ഞവിധത്തിലും അവൾ ഗർഭംധരിച്ചു. പുത്രനുണ്ടാകേണമെന്ന ആഗ്രഹത്തോടെ രാജാവു സല്ക്കർമ്മങ്ങൾ ചെയ്തു. ദ്രുപദൻ ഭാര്യയെ യഥോചിതം പരിചരിച്ചു. അവൾ മോഹിച്ച ശുഭകർമ്മങ്ങളൊക്കെ അനുഷ്ഠിച്ചു. അങ്ങനെ രാജ്ഞി യഥാകാലം സുന്ദരിയായ ഒരു പെൺകുട്ടിയെ പ്രസവിച്ചു. പുത്രനെ ആഗ്രഹിച്ചു പുത്രിയുണ്ടായപ്പോൾ ആ വൃത്താന്തം രഹസ്യമായിവച്ച് രാജാവിന്നു പുത്രൻ ജനിച്ചതായി വിളംബരംചെയ്തു. പിന്നെ ദ്രുപദൻ ആ കാര്യം ഗോപ്യമായിവച്ച് പുത്രനുണ്ടായാൽ ചെയ്യേണ്ടതായ കർമ്മങ്ങളൊക്കെ ചെയ്യിച്ചു. ഈ രഹസ്യം ദ്രുപദരാജന്റെ ഭാര്യയും പുറത്തുവിടാതെ സൂക്ഷിച്ചു. പ്രയത്നങ്ങൾചെയ്തു പുത്രനാണെന്നുതന്നെ എല്ലാവരേയും ധരിപ്പിച്ചു. അങ്ങനെ കുട്ടിയുടെ അച്ഛനും അമ്മയുമൊഴികെ എല്ലാവരും ആ കുട്ടി പുരുഷനാണെന്നുതന്നെ ധരിച്ചുവന്നു. തേജസ്വിയായ മഹാദേവന്റെ വാക്കിൽ ശ്രദ്ധയോടെ മറ്റുള്ളവ

* ജിഹ്മം = ക്രമക്കേട്

രിൽനിന്ന് കുട്ടിയെ മറച്ചുവച്ച് പുത്രനാണെന്നമട്ടിൽ ദിവസങ്ങൾ കഴിച്ചു. ജാതകകർമ്മങ്ങളൊക്കെ ചെയ്യിപ്പിച്ചു. പുത്രന്നു ശിഖണ്ഡി എന്നു പേരും ഇട്ടു. ഞാൻ ഒരാൾമാത്രം ചാരൻമുഖേനയും നാരദന്റെ വാക്കു മുഖേനയും ദേവന്മാരുടെ വാക്കുകളിൽനിന്നും അംബയുടെ തപസ്സിന്റെ രഹസ്യം കാലേതന്നെ ഗ്രഹിച്ചിരുന്നു."

189. ഹിരണ്യവർമ്മദൂതാഗമനം - ശിഖണ്ഡി പെണ്ണാണെന്ന് അറിഞ്ഞ് ശ്വശുരൻ കോപിക്കുന്നു - ഭീഷ്മൻ പറഞ്ഞു: "തന്റെ പുത്രിയായ ശിഖണ്ഡിക്കു വേണ്ടതൊക്കെ പാർഷതൻ പ്രയത്നത്തോടെ നിർവ്വഹിച്ചു. ലേഖ്യം മുതലായവയും ശില്പവിദ്യകളുമൊക്കെ അഭ്യസിപ്പിച്ചു. അമ്പ്, വില്ല് എന്നിവയിൽ ദ്രോണന്റെ ശിഷ്യനുമായിത്തീർന്നു. ശിഖണ്ഡിക്കു യുവത്വം വന്നപ്പോൾ പുത്രനായി വളർത്തിക്കൊണ്ടുവരുന്ന അവന് ഒരു ഭാര്യ വേണമല്ലോ എന്നു വിചാരിച്ചു രാജാവിന്നു ചിന്തയായി. തന്റെ ഭാര്യയുമായി കൂടിയാലോചന നടത്തി.

ദ്രുപദൻ പറഞ്ഞു: 'എന്നെ ദുഃഖിപ്പിക്കുന്നവിധം ഈ കന്യക യൗവനയുക്തയായിരിക്കുന്നു. ശൂലി കല്പിക്കുകകാരണം ഇവളുടെ ആകാരം മറച്ചുവച്ചിരിക്കയാണല്ലോ?'

ഭാര്യ പറഞ്ഞു: 'മഹാദേവൻ പറഞ്ഞത് ഒരിക്കലും മറിച്ചുവരികയില്ല. മൂന്നുലോകവും സൃഷ്ടിച്ച ദേവൻ അസത്യം പറയുകയില്ല. അതിൽ എനിക്കു നല്ല വിശ്വാസമുണ്ട്. അതുകൊണ്ടു ഞാൻ ഒരു കാര്യം പറയാം. ഭവാൻ അതു ചെയ്യുക. ഇവന്നു വേണ്ടവിധം ഒരു വിവാഹം ഇപ്പോൾ നടത്തണം. മഹേശ്വരന്റെ വാക്കു വിശ്വസിച്ചു നാം അതിൽ ഏർപ്പെടുകയാണു വേണ്ടത്.' അങ്ങനെ രാജാവും രാജ്ഞിയും അതിൽ തീർപ്പുകല്പിച്ചു. പിന്നെ ദ്രുപദരാജാവ് കുലശ്രേഷ്ഠതനോക്കി ദശാർണ്ണരാജാവിന്റെ പുത്രിയെ ശിഖണ്ഡിയുടെ ഭാര്യയാക്കുവാൻ വരിച്ചു. ഹിരണ്യവർമ്മൻ എന്ന ദശാർണ്ണരാജാവ് ശിഖണ്ഡിക്കായി തന്റെ പുത്രിയെ നല്കി.

ദശാർണ്ണരാജാവാണെങ്കിൽ അത്യന്തദുർജ്ജയനാണ്. മഹാനായ ആ ഹിരണ്യവർമ്മൻ ദുർദ്ധർഷനും മഹാസേനനും മഹാശയനുമാണ്. വിവാഹംകഴിഞ്ഞകാലത്ത് ആ കന്യകയും ശിഖണ്ഡിയെന്ന കന്യകയും യൗവനവതികളായി. ശിഖണ്ഡി ഭാര്യയോടുകൂടി കാമ്പില്യപുരിയിലെത്തി. കുറച്ചുദിവസങ്ങൾക്കുള്ളിൽ ആ കന്യകയ്ക്കു മനസ്സിലായി തന്റെ വരൻ ഒരു പെണ്ണാണെന്ന്. ഹിരണ്യവർമ്മപുത്രി ശിഖണ്ഡിനിയെ അറിഞ്ഞപ്പോൾ ധാത്രിമാരോടും സഖികളോടും തനിക്കു വന്നുകൂടിയ സ്ഥിതിയെപ്പറ്റി ലജ്ജയോടെ അറിയിച്ചു. പാഞ്ചാലപുത്രൻ പുത്രനല്ല പുത്രിയാണെന്നും അവൻ ശിഖണ്ഡിയല്ല ശിഖണ്ഡിനിയാണെന്നും രഹസ്യമായി അറിയിച്ചു. ഉടനെ ദശാർണ്ണത്തുള്ള ധാത്രിമാരോടും ദാസിമാരോടും സംഗതിയുടെ പരമാർത്ഥം അറിയുവാൻ രാജാവ് ഏർപ്പാടുചെയ്തു. ദശാർണ്ണനോടു ദാസിമാർ നടന്ന ചതിയൊക്കെ പറഞ്ഞു. ശിഖണ്ഡി ആണിന്റെമട്ടിൽ രാജധാനിയിൽ കളിച്ചു സന്തോഷത്തോടെ സ്ത്രീഭാവം വെളിപ്പെടുത്താതെ നടക്കുകയാണെന്ന് രാജാവ് കുറച്ചുദിവസങ്ങൾക്കുള്ളിൽ ഗ്രഹിച്ചു. വൃത്താന്തം അറിഞ്ഞ് ഹിരണ്യവർമ്മൻ കോപംകൊണ്ട് ആർത്തനായിത്തീർന്നു. ഉടനെതന്നെ ദശാർണ്ണരാജാവ് തീവ്രമായ കോപത്തോടെ ദ്രുപദന്റെ ഗൃഹത്തിലേക്കു ദൂതനെ പറഞ്ഞയച്ചു. ഹിരണ്യവർണ്ണന്റെ ദൂതൻ ദ്രുപദന്റെ സമീപത്തു വന്ന് ആളുകളെ അകറ്റി രഹസ്യമായി രാജാവിനോടു പറഞ്ഞു: 'രാജാവേ, ദശാർണ്ണരാജാവു ഭവാനോട് അവമാനപ്രകുപിതനായി ഇങ്ങനെ പറയുന്നു: ഹേ രാജാവേ, ഭവാൻ എന്നെ വഞ്ചിച്ചിരിക്കുന്നു. എന്റെ കന്യകയെ ഭവാന്റെ കന്യകയ്ക്കുവേണ്ടി അർത്ഥിച്ചത് നിന്റെ ദുഷ്ടമായ വിചാരംകൊണ്ടല്ലേ? നിന്റെ ഈ മൂഢതയ്ക്കു തക്ക പ്രതിഫലം, ആ വഞ്ചനയ്ക്കുതക്ക പ്രതിഫലം, ഉടനെതന്നെ നീ ഏല്ക്കുന്നതാണ്. ദുർമ്മതേ! വഞ്ചകാ! ഞാൻ നിന്നെ മന്ത്രിമാരോടും ഭൃത്യന്മാരോടുംകൂടി വേണ്ടമട്ടിലാക്കുവാൻ വിചാരിക്കുന്നു. നീ ഉറച്ചിരിക്കൂ!"

190. ദ്രുപദപ്രശ്നം - ദ്രുപദനും ഭാര്യയും കൂടിയാലോചിക്കുന്നു - ഭീഷ്മൻ പറഞ്ഞു: "ദൂതൻ ഇപ്രകാരം പറഞ്ഞപ്പോൾ ദ്രുപദൻ പിടിക്കപ്പെട്ട കള്ളനെപ്പോലെയായി. രാജാവിന്റെ വായിൽനിന്ന് ഒച്ചപൊങ്ങിയില്ല. തന്റെ ചാർച്ചക്കാരനുമായി പിണങ്ങാതെ ഇണങ്ങിനില്ക്കുവാൻ അവൻ പലമട്ടു ശ്രമിച്ചുനോക്കി. 'ഈ പറഞ്ഞതൊന്നും ശരിയല്ല' എന്നു ഭംഗിവാക്കു ചൊല്ലുന്ന ദൂതന്മാരെ രാജാവ് അയച്ചു. ദശാർണ്ണരാജാവ് സംഗതിയൊക്കെ ധരിച്ചു. പാഞ്ചാലന്റെ സന്തതി പെണ്ണാണെന്നു തന്നെ ധരിച്ച്, വഴക്കിന്നു തന്നെ തീരുമാനിച്ചു. ഓജസ്വികളായ മിത്രങ്ങൾക്ക് ആളെ വിട്ടു. ധാത്രികൾ പറഞ്ഞവിധം പുത്രിയിൽ ചെയ്ത അപരാധം അവരെയൊക്കെ അറിയിച്ചു. പിന്നെ പടയൊരുക്കി ദ്രുപദന്റെനേരെ യുദ്ധത്തിന്നുതന്നെ തീരുമാനിച്ചു. മന്ത്രിമാരോടുകൂടി ആലോചന നടത്തി ഹിരണ്യവർമ്മൻ ദ്രുപദനോടു യുദ്ധത്തിനുതന്നെ നിശ്ചയം ചെയ്തു. 'ശിഖണ്ഡി കന്യകയാണെന്നുവന്നാൽ പാഞ്ചാലരാജാവിനെ പിടിച്ചുകെട്ടി കാരാഗൃഹത്തിലിടണം. പാഞ്ചാലനാട്ടിൽ വേറെ ഒരു രാജാവിനെ നമുക്കു നിശ്ചയിക്കുകയുംവേണം.' എന്നു തീരുമാനിച്ചു. സംഭവം ശരിയാണെന്നുതന്നെ ധരിച്ച് ദ്രുപദന്റെ അടുത്തേക്കു ദൂതനെ വിട്ടു, 'നിന്നെ ഞങ്ങൾ കൊല്ലുവാൻ തീർച്ചയാക്കി. അതുകൊണ്ട് കരുതി ഇരിക്കൂ!' എന്ന്.

സ്വഭാവത്താൽ ഭീരുവും കുറ്റംചെയ്തവനുമായ ആ രാജാവ് ഭയങ്കരമായി പേടിച്ചുവിറച്ചു. ദൂതന്മാരെ ദശാർണ്ണന്റെ അരികിലേക്കു വിട്ടു; എല്ലാം മിഥ്യാവാദമാണെന്നു പറയുവാൻ.

പിന്നെ രഹസ്യമായി തന്റെ ഭാര്യയെ ചെന്നു കണ്ടു ദ്രുപദൻ പറഞ്ഞു. രാജാവ് അപ്പോൾ ഭയങ്കരമായി പേടിച്ചു വിറയ്ക്കുന്നുണ്ടായിരുന്നു, 'രാജ്ഞീ, മഹാബലനായ നമ്മുടെ ബന്ധു എന്നോടു ക്രോധത്തോടെ എതിർക്കുന്നു. ഹിരണ്യവർമ്മരാജാവു വലിയ പടയോടുകൂടി പുറപ്പെട്ടിരിക്കുന്നു, കന്യകയെപ്പറ്റി ആക്ഷേപം പറഞ്ഞു. മൂഢനായ അവൻ വന്ന് എതിർത്താൽ നാമെന്തുചെയ്യും? നിന്റെ പുത്രനായ ശിഖണ്ഡി കന്യകയാണെന്നുള്ള ശങ്കയാലാണ് പുറപ്പാട്. അവൻ മിത്രങ്ങളോടും സേനാജനങ്ങളോടും കൂടെ, 'ചതിച്ചു' എന്നു പറഞ്ഞിട്ടാണ് പുറപ്പെട്ടിരിക്കുന്നത്. മുടിക്കുമെന്നാണ് പറയുന്നത്. സുശ്രോണീ, ഇക്കാര്യത്തിൽ വേണ്ടതും വേണ്ടാത്തതുമെന്തെന്നു നീ ചിന്തിച്ചു പറയുക. ശുഭമായി നീ പറയുന്നതു ഞാൻ ചെയ്യുന്നതാണ്. ഞാനും ശിഖണ്ഡിനിയും സംശയത്തിൽപ്പെട്ടിരിക്കുന്നു. രാജ്ഞീ, നീയും കഷ്ടപ്പാടിലായി. എല്ലാവരുടെയും മോചനത്തിന്നുവേണ്ടിയാണ് ഞാനീപ്പറയുന്നത്. നീ നിന്റെ അഭിപ്രായം പറയുക. ശുചിസ്മിതേ, നീ പറയുന്നതു ഞാൻ അനുസരിക്കാം. എടോ, ശിഖണ്ഡിനീ, നീയും ഭയപ്പെടേണ്ട. സത്യം ചിന്തിച്ചു വേണ്ടതു ചെയ്യുന്നതാണ്. കൃപയാൽ നീ പുത്രധർമ്മം അനുഷ്ഠിച്ചതിൽ ദശാർണ്ണരാജാവിനെ വഞ്ചിച്ചിരിക്കയാണ്. അതുകൊണ്ട് മഹാഭാഗേ, എന്താണ് ഇനി നാം ചെയ്യേണ്ടത്?' ഇങ്ങനെ കാര്യം അറിഞ്ഞ് രാജാവു പരബോദ്ധ്യത്തിന്നായി നേരിട്ടു ചോദിച്ചപ്പോൾ രാജ്ഞി രാജാവിനോടു പറഞ്ഞു."

191. സ്ഥൂണാകർണ്ണസമാഗമം - ഭീഷ്മൻ പറഞ്ഞു: "ഉടനെ ശിഖണ്ഡിയുടെ അമ്മ ശരിയായ തത്ത്വം രാജാവിനോടു പറഞ്ഞു: 'പുത്രനില്ലാത്ത ഞാൻ സപത്നീ ജനങ്ങളെ ഭയപ്പെട്ടു

ശിഖണ്ഡിനിപ്പെൺകിടാവിനെ ആണാണെന്നു പറഞ്ഞു. അവിടുന്നു എന്റെ അഭിപ്രായത്തെ നന്ദിയോടെ അനുവദിച്ചില്ലല്ലോ. പുത്രനായാൽ ചെയ്യേണ്ട കർമ്മമൊക്കെ കന്യകയ്ക്കു ചെയ്യുകയുംചെയ്തു. ഭാര്യയായി ദശാർണ്ണപുത്രിയെ വേൾക്കുകയും ചെയ്തു. ദേവവാക്യത്തിന്റെ പൊരുൾ ധരിച്ചാണ് ഞാൻ ഇതു പറഞ്ഞതും. ആദ്യം കന്യകയായാലും പിന്നെ ആണാകുമല്ലോ എന്നു ചിന്തിക്കുകയുംചെയ്തു.

ഇപ്രകാരം രാജ്ഞി പറഞ്ഞതു കേട്ടപ്പോൾ ദ്രുപദനായ യജ്ഞസേനൻ യാഥാർത്ഥ്യം മന്ത്രിമാരോടും പറഞ്ഞു കാര്യാലോചനചെയ്തു. പ്രജകളുടെ രക്ഷയ്ക്ക് എന്തു വേണമെന്നും, കാര്യങ്ങളൊക്കെ അപകടനിലയിലാണിരിക്കുന്നതെന്നും ദശാർണ്ണരാജാവുമായുള്ള ചാർച്ചയും വഞ്ചനയും അറിഞ്ഞു ശരിയായ തീർപ്പു കല്പിക്കുവാനും മന്ത്രിമാരോടു രാജാവു പറഞ്ഞു.

നഗരം സ്വതവേ ഗുപ്തമാണ്. ആപൽക്കാലത്ത്, അലംകൃതമായ ആ നഗരം, ഏറ്റവും കരുതലോടെ രക്ഷിക്കുവാൻ തയ്യാറായി.

രാജാവു ഭാര്യയോടുകൂടി കടുത്ത വ്യസനത്തിൽപ്പെട്ടു. ദശാർണ്ണരാജാവുമായുള്ള വൈരം അപകടമാണെന്നുതന്നെ ധരിച്ചു. ബന്ധുജനങ്ങളുമായി വലിയ യുദ്ധം കൂടാതെകഴിക്കുവാൻ എന്താണു വഴി എന്നു വിചാരിച്ചു ദേവതകളെ അർച്ചിക്കുന്നതിൽ അവർ ഏർപ്പെട്ടു. ആ രാജാവു ഭക്തിയോടെ ദേവനെ അർച്ചിക്കുന്നതായി കണ്ടു. രാജ്ഞി അടുത്തു ചെന്നു രാജാവിനോടു പറഞ്ഞു: 'ദേവവിശ്വാസം സത്യമായ കാര്യമാണ്. സജ്ജനസമ്മതവുമാണ്. ദുഃഖത്തിൽപ്പെട്ടാൽ പിന്നെ പറയുകയുംവേണ്ട. ഗുരുപൂജയേ ശരണമുള്ളു! ദൈവതങ്ങളെയൊക്കെ ഭൂരിദക്ഷിണം പൂജിക്കുക. ദശാർണ്ണനെ ശമിപ്പിക്കുവാൻ അഗ്നിയെ ആഹുതി ചെയ്യുക. യുദ്ധം കൂടാതെകഴിക്കുവാൻ മനസ്സുകൊണ്ടു ഗാഢമായി ദേവന്മാരെ ഭജിക്കുക. ദേവതാനുഗ്രഹത്താൽ അതൊക്കെ സാദ്ധ്യമാകും. അങ്ങു മന്ത്രിമാരുമായി ആലോചിച്ചില്ലേ? ഈ പുരത്തിന്റെ രക്ഷയ്ക്കു വേണ്ടതു ഭവാൻ ചെയ്താലും. ദൈവം പൗരുഷത്തോടു ചേർന്നാൽ ഏതു കാര്യവും സാധിക്കും. പരസ്പരം തെറ്റിനിന്നാൽ ദൈവവുമില്ല. അതുകൊണ്ട് മന്ത്രിമാരോടുകൂടി പുരത്തെ രക്ഷിച്ചു ദൈവങ്ങളെ യഥേഷ്ടം അർപ്പിക്കുക!'

അവർ ഇങ്ങനെ പരസ്പരം ദുഃഖത്തോടെപറയുന്നതു കേട്ടപ്പോൾ ശിഖണ്ഡിനിപ്പെൺകുട്ടി ലജ്ജിച്ചു തപോവൃത്തി ധ്യാനിച്ച് ഇങ്ങനെ വിചാരിച്ചു: 'ഞാൻ കാരണമാണല്ലോ ഇവർ ഇങ്ങനെ ദുഃഖിക്കുന്നത്.' അവൾ അപാരമായി ദുഃഖിച്ചു. പ്രാണത്യാഗത്തിന്നു തീരുമാനിച്ചു. അങ്ങനെ അവൾ നഗരം വിട്ടു ഗഹനമായ കാട്ടിലേക്ക് ഓടിപ്പോയ്ക്കളഞ്ഞു. കാട്ടിൽ ഋദ്ധിമാനായ സ്ഥൂണാകർണ്ണൻ എന്നു പേരായ യക്ഷൻ താമസിക്കുന്ന ഇടത്തിലേക്കു കടന്നുചെന്നു. അവനെ പേടിച്ചു ജനങ്ങൾ ആ കാട്ടിൽ കയറാറില്ല. അവിടെ സ്ഥൂണഭവനം കുമ്മായംതേച്ചു ശോഭിക്കുന്നതായി ശിഖണ്ഡിനി കണ്ടു. രാമച്ചം ഇട്ടു പുകയ്ക്കുന്നതും കമാനമായ കോട്ട കെട്ടിയതുമാണ് അവന്റെ ഭവനം. ദ്രുപദാത്മജയായ ശിഖണ്ഡി അതിൽ പ്രവേശിച്ചു. ആഹാരമില്ലാതെ കുറെ ദിവസം കിടക്കുകയാൽ അവളുടെ ഉടൽ ക്ഷീണിച്ചു. അന്ന് അവൾ ദയാവാനായ സ്ഥൂണാകർണ്ണനെ കണ്ടു. 'എന്തിനാണ് നിന്റെ ഒരുക്കം? പറയൂ! ഞാൻ സാധിപ്പിച്ചു തരാം വൈകാതെ. പറയൂ!' 'യക്ഷാ, കാര്യം അസാദ്ധ്യമാണ്! ഭവാനെക്കൊണ്ടാവുകയില്ല.' ഇതു കേട്ടപ്പോൾ ആ ഗുഹ്യകൻ പറഞ്ഞു: 'സാധിപ്പിച്ചുതരാം! തരുവാൻ ആകാത്തതും ഞാൻ തരാം! നീ നിന്റെ മനോഗതം പറയൂ!' ശിഖണ്ഡി ഉടനെ എല്ലാ കാര്യവും വിശദമായി ഒന്നും വിടാതെ, യക്ഷപ്രധാനനായ സ്ഥൂണാകർണ്ണനോടു പറഞ്ഞു.

ശിഖണ്ഡി പറഞ്ഞു: 'പുത്രനില്ലാത്ത എന്റെ അച്ഛൻ ഉടനെ നശിക്കുവാൻപോകുന്നു. അവനോടു ദശാർണ്ണൻ ക്രോധത്തോടെ യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്നു. ആ ദശാർണ്ണനാകട്ടെ, മഹാബലനും മഹോത്സാഹനും സുവർണ്ണകവചനുമായ രാജാവാണ്. യക്ഷാ! ഭവാൻ എന്നെ രക്ഷിക്കണേ! എന്റെ അച്ഛനേയും അമ്മയേയും രക്ഷിക്കണേ! ഭവാൻ എന്റെ ദുഃഖം ശമിപ്പിക്കാമെന്ന് ഏറ്റുപറഞ്ഞില്ലേ! ഭവാന്റെ പ്രസാദത്താൽ ഞാൻ പുരുഷനായി ഭവിക്കണേ! ആ രാജാവ് എന്റെ നഗരിക്ക് എത്തുന്നതിന്നുമുമ്പു മഹായക്ഷാ, ഭവാൻ എന്നിൽ പ്രസാദിച്ചാലും!'

192. ശിഖണ്ഡി പുരുഷനാകുന്നു – ഭീഷ്മൻ പറഞ്ഞു: "ശിഖണ്ഡി പറഞ്ഞ വർത്തമാനം ദൈവപീഡിതനായ ആ യക്ഷൻ മനസ്സുവെച്ചു കേട്ടു. അവൻ പറഞ്ഞു: 'ഭദ്രേ! നിന്റെ ഇഷ്ടം പോലെ ഞാൻ ചെയ്യാം. കുറച്ചുനാളേക്കു നിന്റെ ആഗ്രഹം നടക്കട്ടെ! ഞാൻ എന്റെ പുരുഷത്വം നിനക്കു തരാം. നിന്റെ സ്ത്രീത്വം എനിക്കുതന്നേക്കൂ! കാലം വന്നാൽ നീ എന്റെ അടുത്തു വന്ന് എന്റെ പുരുഷത്വം എനിക്കു തിരികെ തരണം. അതിന്നു മുടക്കംവരരുത്. സത്യം ചെയ്യണം. ഞാൻ പ്രഭുവും സങ്കല്പത്താൽ കാര്യം സാധിക്കുന്നവനും, കാമചാരിയായ നഭശ്ചരനുമാണ്. എന്റെ പ്രസാദത്താൽ നീ നിന്റെ പുരത്തേയും, അച്ഛനമ്മ മുതലായ ബന്ധുജനങ്ങളേയും രക്ഷിക്കൂ!' ഇങ്ങനെ എന്റെ ദുഃഖത്തിന്നുവേണ്ടി ദുര്യോധനാ! ആ യക്ഷൻ അവളിൽ കനിഞ്ഞു.

യക്ഷൻ തന്റെ പുരുഷത്വം അവൾക്കു നല്കാമെന്നു പറഞ്ഞപ്പോൾ ശിഖണ്ഡിനി സന്തോഷിച്ചു. ശിഖണ്ഡിനി പറഞ്ഞു: 'ഭഗവാനേ, നിശാചരാ! ഭവാനു പുംസ്ത്വം തിരിച്ചുതരാം. കുറച്ചു കാലം എന്റെ സ്ത്രീത്വം ഭവാൻ ധരിച്ചാലും. ദശാർണ്ണരാജാവായ ഹിരണ്യവർമ്മാവു പോയതിന്നുശേഷം ഞാൻ വീണ്ടും കന്യകയാകാം; ഭവാൻ പുരുഷനുമാകും."

ഭീഷ്മൻ പറഞ്ഞു: "എന്നു പറഞ്ഞ് അവർതമ്മിൽ കരാറു ചെയ്തു. സ്ത്രീത്വപുംസ്ത്വങ്ങൾ തമ്മിൽ കൈമാറി. സ്ഥൂണയക്ഷൻ സ്ത്രീലിംഗം സ്വീകരിക്കുകയും ശിഖണ്ഡി ദീപ്തമായ യക്ഷരൂപത്തെ സ്വീകരിക്കുകയും ചെയ്തു. ശിഖണ്ഡി പുംസ്ത്വം സ്വീകരിച്ച് ഹൃഷ്ടനായി പിതാവായ പാഞ്ചാലരാജാവിന്റെ സമീപത്തെത്തി. നടന്ന വൃത്താന്തങ്ങളെല്ലാം അച്ഛനോടു പറഞ്ഞു. ഇതു കേട്ടപ്പോൾ ദ്രുപദൻ അതിരറ്റു സന്തോഷിച്ചു. ഉടനെ ഭാര്യയെ വിളിച്ചു വിവരം അറിയിക്കുകയും മഹേശ്വരൻ പറഞ്ഞ വാക്കിനെ സ്മരിക്കുകയുംചെയ്തു. ഉടനെ ദൂതനെ വിളിച്ചു ദശാർണ്ണന്റെ അരികിലേക്കു വിട്ടു. 'എന്റെ മകൻ ആണാണ്; ഭവാൻ പരിശോധിച്ചോളൂ!' ഈ വർത്തമാനം അറിഞ്ഞ ഉടനെ ദശാർണ്ണൻ ദുഃഖശോകങ്ങളോടെ പാഞ്ചാലരാജാവിന്റെനേരെ എതിർക്കുകയാണുണ്ടായത്. പിന്നെ പില്യത്തിലെത്തി ദശാർണ്ണരാജാവു സല്ക്കാരപൂർവ്വം ബ്രഹ്മജ്ഞനായ ദൂതനെ പറഞ്ഞു വിട്ടു. 'ഹേ, ദൂതാ, നീ പോയി എന്റെ വാക്കാൽ മൂഢനായ ദ്രുപദനോടു പറയൂ! എന്റെ കന്യകയെ നിന്റെ കന്യകയ്ക്കായിട്ടല്ലേ വരിച്ചത്? ദുർമ്മതേ! ആ ഗർവ്വിന്റെ ഫലം ഞാൻ ഇന്നുതന്നെ കാണിച്ചുതരാം.' എന്നു പറഞ്ഞുകേട്ട ഉടനെ ബ്രാഹ്മണൻ ദശാർണ്ണന്റെ സന്ദേശവുമായി നഗരത്തിലേക്കു ചെന്നു. പുരത്തിലെത്തി, ദ്രുപദന്റെ അടുത്തു പുരോഹിതൻ ചെന്നു. അവനെ പാഞ്ചാലരാജാവു ശിഖണ്ഡിയോടുകൂടി പൂജിച്ച് ഗോവും അർഘ്യവും എത്തിച്ചു. ആ പൂജ അവൻ സ്വീകരിച്ചില്ല എന്നു തന്നെയല്ല, ഈ വാക്കുകൾ വീരനായ ഹിരണ്യവർമ്മരാജാവ് കല്പിച്ചപ്രകാരംതന്നെ പറയുകയുംചെയ്തു: 'അധമാചാരാ, നീ എന്നെ നിന്റെ പുത്രിയെക്കൊണ്ടു ചതിച്ചില്ലേ, ദുഷ്ടാ! ആ പാപംചെയ്തതിന്റെ ഫലം നീ ഏല്ക്കുക. പടത്തലയ്ക്കൽ നീ യുദ്ധത്തിന്നു തയ്യാറാവുക. അമാത്യപുത്രബന്ധുക്കൾസ

ഹിതം നിന്നെ ഞാൻ നാമാവശേഷമാക്കും.' രാജാവിന്റെ അധിക്ഷേപംകലർന്ന ഈ വാക്കുകൾ മന്ത്രിമാരുടെ മദ്ധ്യത്തിൽവെച്ചു പറഞ്ഞപ്പോൾ ദ്രുപദൻ പ്രണയത്താൽ വണങ്ങുകയാണുണ്ടായത്. ബ്രാഹ്മണാ, ഭവാൻ ചാർച്ചക്കാരന്റെ വാക്കുകൾ കേട്ടുവല്ലോ. അതിന്ന് ഉത്തരമായി ഞാൻ അയയ്ക്കുന്ന ദൂതൻ രാജാവിനോടു പറയും. പിന്നെ ദ്രുപദൻ വേദജ്ഞനായ വിപ്രനെ വിളിച്ച് ദൂതനായി അയച്ചു. ആ ദശാർണ്ണക്ഷിതിപനെ അപ്പോൾത്തന്നെ ദൂതൻ ചെന്നു കണ്ടു. രാജാവു പറഞ്ഞുവിട്ട വാക്ക് ഉണർത്തിച്ചു: 'വെളിവായി ഭവാൻ പരിശോധിച്ചുനോക്കുക. എന്റെ പുത്രൻ കുമാരൻതന്നെയാണ്. ആരോ ഏഷണി പറഞ്ഞതിനെ ഭവാൻ ശ്രദ്ധിക്കരുത്.'

ഉടനെ രാജാവു ദ്രുപദന്റെ വാക്കുകേട്ടു പരിശോധനയ്ക്ക് ശ്രേഷ്ഠകളും സുന്ദരിമാരുമായ പെണ്ണുങ്ങളെ, ശിഖണ്ഡി ആണോ പെണ്ണോ എന്നു ശങ്കവിട്ട് നല്ലപോലെ പരിശോധിക്കുവാൻ പറഞ്ഞയച്ചു. ആ കൂട്ടർ പോയി ശരിയായ പരിശോധന നടത്തി തത്ത്വമെല്ലാം ഗ്രഹിച്ചു രാജാവിനോടു മറുപടി പറഞ്ഞു: 'രാജാവേ, ഞങ്ങൾ നല്ലപോലെ പരിശോധിച്ചു. ശിഖണ്ഡി ആണുതന്നെയാണ്. സംശയിക്കേണ്ട.' പരീക്ഷണങ്ങൾ എല്ലാം കഴിഞ്ഞതിന്നുശേഷം രാജാവു പ്രീതിയോടെ സംബന്ധിയെ കണ്ടു സമ്മതിച്ചു വാണു. ശിഖണ്ഡിയിൽ സന്തോഷിച്ച് ശ്വശുരൻ ധാരാളം ധനം നല്കുകയും ചെയ്തു. അസംഖ്യം ആനകളേയും കുതിരകളേയും പശുക്കളേയും ദാസികളേയും നല്കി. തന്റെ പുത്രിയെ ആക്ഷേപിക്കുകയും, തെറ്റിദ്ധാരണ നീങ്ങിയതിൽ സന്തോഷിക്കുകയും ചെയ്തു. അങ്ങനെ ദശാർണ്ണരാജാവു പോയി. ശിഖണ്ഡി ഹർഷത്തോടെ വാണു. അങ്ങനെ കുറച്ചു കാലം കഴിഞ്ഞപ്പോൾ നരവാഹനനായ കുബേരൻ ലോകസഞ്ചാരംചെയ്ത് സ്ഥൂണന്റെ ഗൃഹത്തിലെത്തി. ആ ഗൃഹത്തിന്റെ ഉപരിഭാഗത്തു വന്നു കുബേരൻ ഒന്നു നോക്കി. അങ്ങനെ നരവാഹനൻ അങ്ങു കയറിച്ചെന്നു. ആ ഗൃഹം വിചിത്രമാല്യങ്ങളണിഞ്ഞും രാമച്ചഗന്ധം കലർന്നും വിതാനങ്ങളാൽ അലങ്കരിച്ചും ധൂമങ്ങളാൽ അർച്ചിതമായും, ധ്വജങ്ങളോടും പാതകകളോടും ചേർന്നതുമായി പ്രശോഭിക്കുന്നത് ആ യക്ഷരാജാവു ദർശിച്ചു. ധാരാളം ഭക്ഷ്യങ്ങളും, അന്നപേയങ്ങളും ആ ഗൃഹത്തിൽ കാണപ്പെട്ടു. അവന്റെ ആ സ്ഥലം മനോഹരമായി അലങ്കരിച്ചതായി കണ്ട് യക്ഷൻ അത്ഭുതപ്പെട്ടു. മണികളും രത്നങ്ങളും സ്വർണ്ണമാലകളും നിരത്തിവെച്ചിരിക്കുന്നു. പലതരം പുഷ്പങ്ങളുടെ സൗരഭ്യം അവിടെ വീശുന്നു. എല്ലായിടവും തുടച്ചു വൃത്തിയാക്കപ്പെട്ടിരിക്കുന്നു. ഇതൊക്കെക്കണ്ട് ആനന്ദത്തോടെ ആ യക്ഷരാജാവ് ഭൃത്യന്മാരായ യക്ഷന്മാരോടു ചോദിച്ചു: 'ഈ സ്ഥൂണഗൃഹം നല്ലമാതിരി അലങ്കരിച്ചിരിക്കുന്നു. എന്നാൽ ആ ജളൻ എന്താണ് ഞാൻ ഇവിടെ വന്നിട്ടും എന്റെ മുമ്പിൽ വരാഞ്ഞത്? ഞാൻ ഇവിടെ വന്നുനില്ക്കുന്നതറിഞ്ഞിട്ടും എന്റെ മുമ്പിലേക്കു വരാഞ്ഞതുകൊണ്ട് അവന്നു തക്കതായ ശിക്ഷ കൊടുക്കണമെന്ന് എനിക്കു തോന്നുന്നു.'

യക്ഷന്മാർ പറഞ്ഞു: 'രാജാവേ, ദ്രുപദരാജാവിന്നു ശിഖണ്ഡിനി എന്നു പേരായി ഒരു മകൾ ഉണ്ടായി. അവൾക്ക് ഒരു കാര്യത്തിന്നായി അവൻ അവന്റെ പുംസ്ത്വം നല്കി. സ്ത്രീത്വം പകരം വാങ്ങി. ഇപ്പോൾ അദ്ദേഹം ഒരംഗനയായി ഇരിപ്പാണ്. സ്ത്രീരൂപംമൂലം നാണിച്ചിട്ട് അവൻ ഭവാന്റെ മുമ്പിൽ വരാതിരിക്കുകയാണ്. സ്ഥൂണൻ മുമ്പിൽ വരാതിരിക്കുവാൻ ഇവരെ കാരണമൊന്നുമില്ല. ചോദിച്ചറിഞ്ഞ് ന്യായമായതു ചെയ്താലും. വിമാനം ഇവിടെ നില്ക്കട്ടെ.'

യക്ഷൻ പറഞ്ഞ വാക്കുകേട്ട് 'വരുത്തുക യക്ഷനെ!' എന്നു യക്ഷരാജാവു കല്പിച്ചു. 'അവനെ ഞാൻ കൊന്നുകളയും' എന്നു യക്ഷരാജാവ് പറയുകയുംചെയ്തു. യക്ഷരാജാവ് വിളിച്ചപ്പോൾ അവൻ രാജാവിന്റെ മുമ്പിൽ സ്ത്രീരൂപത്തോടെ മന്ദം മന്ദം നാണിച്ചുവന്നു നിന്നു. ഈ വേഷം കണ്ടപ്പോൾ കോപിച്ചു രാജാവ് അവനെ ശപിച്ചു: 'ഇപ്രകാരംതന്നെ ഈ പാപിക്ക് സ്ത്രീത്വം നിലനില്ക്കട്ടെ, യക്ഷന്മാരെ!'

മാന്യനായ ആ യക്ഷരാജാവ് കോപത്തോടെ പറഞ്ഞു. 'യക്ഷന്മാരെ ധിക്കരിച്ച് ശിഖണ്ഡിക്കു പുരുഷത്വം നല്കി. ഈ പാപബുദ്ധി സ്ത്രീത്വം കൈയേറ്റില്ലേ! ഈ തെറ്റായ പ്രവൃത്തി നീ ചെയ്തതുകൊണ്ട് എടോ ദുഷ്ടബുദ്ധീ, ഇന്നുമുതൽ നീ പെണ്ണുതന്നെ! അവൻ ആണുമാകട്ടെ! ഈ ശാപം കേട്ടപ്പോൾ ആ യക്ഷന്മാർ യക്ഷരാജാവിനെ പ്രസാദിപ്പിച്ചു. 'സ്ഥൂണന്നു ശാപമോക്ഷം കൊടുക്കണേ! അവന്റെ നേരെ ക്ഷമിക്കണേ!' എന്നു വീണ്ടുംവീണ്ടും പറഞ്ഞു. ഉടനെ യക്ഷരാജാവ് അനുചരന്മാരോടു പറഞ്ഞു. എല്ലാ യക്ഷന്മാരോടും ശാപമോക്ഷം അറിയിക്കുവാൻ പറഞ്ഞു. 'ശിഖണ്ഡി ചത്തതിന്നുശേഷം ഇവൻ സ്വന്തമായ രൂപം നേടും; അന്നു മഹാശയനായ സ്ഥൂണൻ നിരുദ്വേഗനായി ഭവിക്കും.' എന്നു പറഞ്ഞു ഭഗവാനായ യക്ഷൻ പൂജയേറ്റു നിമേഷപരന്മാരായ മറ്റുള്ളവരോടുകൂടി പോയി. സ്ഥൂണൻ ശാപത്തിൽ അകപ്പെട്ട് അവിടെത്തന്നെ വസിച്ചു.

ശപഥംപോലെ ശിഖണ്ഡി പറഞ്ഞ സമയത്തു സ്ഥൂണന്റെ അരികിലെത്തി, 'ഭഗവാനേ, ശിഖണ്ഡി ഇതാ എത്തിയിരിക്കുന്നു' എന്ന് ഉണർത്തിച്ചു. 'സ്ഥൂണനായ ഞാൻ പ്രീതനായിരിക്കുന്നു' എന്ന് അവനോട് യക്ഷൻ പറഞ്ഞു. സത്യംപോലെ ശിഖണ്ഡി എത്തിയതുകണ്ടു രാജപുത്രനായ ശിഖണ്ഡിയോടു നടന്ന കഥയൊക്കെ ആ ഗുഹ്യകൻ പറഞ്ഞുകേൾപ്പിച്ചു.

യക്ഷൻ പറഞ്ഞു: 'രാജപുത്രാ! ഭവാൻമൂലം എന്നെ കുബേരൻ ശപിച്ചു. ഭവാൻ ഇഷ്ടംപോലെ പോയി രാജ്യം ഭരിച്ച് യഥാസുഖം വാണാലും. വിധി മുമ്പെതന്നെ നിശ്ചയിച്ച ഈ കാര്യം മാറ്റുവാൻ ആർക്കു കഴിയും? അല്ലെങ്കിൽ നീ ഇവിടെ വന്നുപോയതും ഉടനെ പൗലസ്ത്യൻ വന്നതും അവിചാരിതമല്ലേ?'

ഭീഷ്മൻ പറഞ്ഞു: "ശിഖണ്ഡി ആ സ്ഥൂണയക്ഷൻ പറഞ്ഞതു കേട്ടു തിരിച്ചുപോന്ന് വളരെ സന്തോഷത്തോടെ പുരിയിൽ പ്രവേശിച്ചു. പിന്നെ അവൻ വിപ്രരേയും ദേവകളേയും ചൈത്യങ്ങളേയും തീർത്ഥങ്ങളേയും വിലയേറുന്ന ഗന്ധങ്ങളും മാല്യങ്ങളുമായി പൂജിച്ചു. ദ്രുപദൻ കാര്യം സാധിച്ച് ശിഖണ്ഡിയെന്ന പുത്രനോടുകൂടി വളരെ സന്തോഷത്തോടെ ബന്ധുജനസമേതനായി പാർത്തു. ഇങ്ങനെ മുമ്പു പെണ്ണായിരുന്ന ശിഖണ്ഡിയെ ദ്രോണാചാര്യന്നു ശിഷ്യനായി നൽകി. അങ്ങനെ ആ നൃപനന്ദനൻ പാദം നാലായ ധനുർവ്വേദം പഠിച്ചു. ദുര്യോധനാ! നിങ്ങളോടുകൂടി, ധൃഷ്ടദ്യുമ്നനും ഇങ്ങനെയാണു പഠിച്ചത്. ഉണ്ണീ, ഞാൻ ദ്രുപദരാജാവിന്റെ അടുത്തേക്കയച്ച ചാരന്മാർ രാജധാനിയിൽ ജഡന്മാരും, അന്ധന്മാരും, ബധിരന്മാരുമായി പാർത്തിരുന്നു. അവരിൽനിന്നാണ് ഞാൻ ഈ സംഭവങ്ങളെല്ലാം അറിഞ്ഞത്. അവർ യഥാകാലം എല്ലാ സംഭവങ്ങളും ഹസ്തിനാപുരത്തുവന്ന് എന്നെ ഉണർത്തിച്ചിരുന്നു.

ഇപ്രകാരം പെണ്ണായിപ്പിറന്ന് പിന്നെ ആണായവനാണ് ദ്രുപദാത്മജനായ ശിഖണ്ഡി. അങ്ങനെ ഇപ്പോൾ അവൻ യോഗ്യനായ ഒരു മഹാരഥനായി. കാശിരാജാവിന്റെ മൂത്ത പുത്രിയായ അംബ എന്ന കീർത്തിമതി ദ്രുപദന്റെ പുത്രിയായി വീണ്ടും പിറന്നതാണ് ശിഖണ്ഡി.

വില്ലുമായി എത്തുന്ന ഇവനെ ഞാൻ ഒരു ക്ഷണംപോലും നോക്കുകയില്ല. അവന്റെ നേരെ പ്രഹരിക്കുകയുമില്ല. എന്റെ ഈ വ്രതം വിശ്വവിശ്രുതമാണ്. ഞാൻ പെണ്ണിലും, പെണ്ണായിരുന്നവനിലും, പെണ്ണിന്റെ പേരുള്ളവനിലും പെണ്ണിന്റെ രൂപമുള്ളവനിലും ഒരിക്കലും ശരം അയയ്ക്കുകയില്ല. ഈ കാരണത്താൽ ഞാൻ ശിഖണ്ഡിയെ ഹനിക്കുന്നതല്ല. ഉണ്ണീ, ശിഖണ്ഡിയുടെ ജന്മതത്വം ഞാൻ ഗ്രഹിച്ചിരിക്കുന്നു. പോരിൽ എന്നെ കൊല്ലുവാൻ വന്നാലും ഞാൻ ഈ ശിഖണ്ഡിയെ കൊല്ലുകയില്ലെന്നുള്ളത് ഉറച്ച കാര്യമാണ്.

ഭീഷ്മൻ സ്ത്രീവധം ചെയ്തു എന്നു കേട്ടാൽ സജ്ജനങ്ങൾ നിന്ദിക്കും. അതുകൊണ്ട് ഇവനെ, പോരിൽ ഏല്ക്കുന്നതായാലും, ഞാൻ വധിക്കുകയില്ല."

വൈശമ്പായനൻ പറഞ്ഞു: "ഭീഷ്മൻ പറഞ്ഞതു കേട്ട് കൗരവ്യനായ ദുര്യോധനൻ അപ്പോൾ അല്പസമയം ധ്യാനിച്ചു നിന്നതിന്നു ശേഷം 'ഭീഷ്മന്ന് ഇതൊക്കെ ചേർന്നതുതന്നെ' എന്നു തന്നെത്താൻ പറഞ്ഞു."

193. ഭീഷ്മാദിശക്തികഥനം – സഞ്ജയൻ പറഞ്ഞു: അന്നത്തെ രാത്രി അങ്ങനെ തീർന്നു. നേരം പ്രഭാതമായപ്പോൾ, ഹേ ധൃതരാഷ്ട്രാ! നിന്റെ പുത്രൻ പിതാമഹനോട് ഇപ്രകാരം ചോദിച്ചു:

"ഹേ! ഗാംഗേയാ, പിതാമഹാ! പാണ്ഡുപുത്രന്റെ ഈ സജ്ജമായ സൈന്യമുണ്ടല്ലോ; ആനയും, ആളും, അശ്വവും, മഹാരഥന്മാരുമൊക്കെ ചേർന്ന ആ സൈന്യം! ഭീമാർജ്ജുനപ്രഭൃതികളും മഹാബലന്മാരായ ധൃഷ്ടദ്യുമ്നാദികളും ഭരിക്കുന്ന ആ സൈന്യം! എതിർക്കാനും തടുക്കുവാനും വാനവന്മാർക്കു പോലും വയ്യാത്തവിധം കടൽപോലെ അക്ഷോഭ്യമായി പരന്നു കാണുന്ന ആ സൈന്യം! മഹാരണത്തിൽ ഭവാൻ അവ എത്ര കാലംകൊണ്ട് ഒടുക്കും? വില്ലാളിവീരനായ ദ്രോണാചാര്യൻ എത്രനാൾകൊണ്ട് ഒടുക്കും. ശക്തനായ കൃപൻ എത്രനാൾ കൊണ്ട് ഒടുക്കും? രണത്തെ വാഴ്ത്തുന്ന കർണ്ണൻ എത്രനാൾ കൊണ്ട് ഒടുക്കും? ദ്വിജേന്ദ്രനായ അശ്വത്ഥാമാവ് എത്രകാലം കൊണ്ട് ഒടുക്കും? നിങ്ങളൊക്കെ എന്റെ സൈന്യത്തിൽ ദിവ്യാസ്ത്രപ്രൗഢിയുള്ളവരാണല്ലൊ! ഇതു ശരിയായി കേട്ടാൽ ക്കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്; കൗതുകമുണ്ട്. വളരെ നാളായി എന്റെ ഉള്ളിലുള്ള ഒരു ആഗ്രഹമാണ് ഞാൻ ഈ പറഞ്ഞത്. മഹാബാഹോ ഭവാൻ അതു പറഞ്ഞുതരണേ!"

ഭീഷ്മൻ പറഞ്ഞു: "ഹേ, കുരുശ്രേഷ്ഠനായ രാജാവേ, ശത്രുക്കളുടെ ബലാബലം അറിയുവാൻ ആഗ്രഹിക്കുന്നത് യുദ്ധസന്നദ്ധനായ ഒരു രാജാവിന്ന് ചേർന്നതുതന്നെയാണ്. ഞാൻ അതിൽ സന്തോഷിക്കുന്നു. രാജാവേ, നീ കേൾക്കൂ, എനിക്കുള്ള പരമാവധി ബലം ഞാൻ പറയാം. എന്റെ കൈകൾക്കുള്ള ബലവും, ശസ്ത്രങ്ങളുടെ വീര്യവുമാണ് ഞാൻ പറയുന്നത്. മര്യാദയുദ്ധമാണ് ചെയ്യേണ്ടത്. മായാവികൾ മായായുദ്ധം ചെയ്യും എന്നാണല്ലൊ ധർമ്മനിശ്ചയം. അങ്ങനെ ഞാൻ പോരാടി ദിവസം തോറും കാലത്തും വൈകുന്നേരവുമായി പതിനായിരം യോധന്മാരേയും, ആയിരം രഥിവീരന്മാരേയും കൊല്ലാം. ഇതു സമ്മതമായ കാര്യമാണ്. ഈ നിശ്ചയംപോലെ എന്നും ഞാൻ ഉത്സാഹത്തോടെ ഒരുങ്ങിനിന്നാൽ മഹാസ്ത്രംകൊണ്ട് നൂറും ആയിരവും കൊന്നുവിടാം. ഇങ്ങനെ ഞാൻ ഒറ്റയ്ക്ക് ഉത്സാഹിച്ചാൽ പാണ്ഡവപ്പട മുഴുവൻ ഒരു മാസംകൊണ്ട് പോരാടി ഒടുക്കാം."

സഞ്ജയൻ പറഞ്ഞു: ഭീഷ്മന്റെ വാക്കു കേട്ടതിന്നുശേഷം ദുര്യോധനൻ അംഗിരോമുഖ്യനായ ദ്രോണനോടു ചോദിച്ചു: "ആചാര്യാ! ഭവാൻ വിചാരിച്ചാൽ എത്രകാലംകൊണ്ട് ഈ പാണ്ഡവപ്പടയെ മുടിക്കാം!" ഈ ചോദ്യം കേട്ടപ്പോൾ ദ്രോണാചാര്യൻ ചിരിച്ച് ഉത്തരം പറഞ്ഞു. "ഞാൻ ഇപ്പോൾ വൃദ്ധനായില്ലേ? എന്റെ പ്രാണചേഷ്ടകളൊക്കെ മന്ദിച്ചു. എന്നാലും ശസ്ത്രാഗ്നികൊണ്ട് ഞാൻ പാണ്ഡവസൈന്യത്തെ, ശാന്തനവനായ ഭീഷ്മനെപ്പോലെത്തന്നെ ഒരുമാസംകൊണ്ട് മുടിച്ചുവിടാമെന്നാണ് എന്റെ അഭിപ്രായം. ഇതാണ് എന്റെ പരമമായ ശക്തി. ഇതാണ് എന്റെ പരമമായ ബലം. ശാരദ്വതനായ കൃപൻ രണ്ടുമാസംകൊണ്ട് ഒടുക്കാമെന്നു പറഞ്ഞു. ദ്രൗണി പത്തുദിവസംകൊണ്ട് ഒടുക്കാമെന്ന് ഏറ്റുപറഞ്ഞു. കർണ്ണൻ പറഞ്ഞു അഞ്ചുദിവസംകൊണ്ട് ഒടുക്കാമെന്ന്. സൂതപുത്രന്റെ വാക്കു കേട്ടപ്പോൾ ഭീഷ്മൻ പൊട്ടിച്ചിരിച്ച് ഇപ്രകാരം പറഞ്ഞു: "അമ്പും വില്ലും ശംഖുമായി മഹായുദ്ധത്തിൽ പൊരുതുന്നസമയത്ത് ആ വലിയ തേരിൽക്കയറി കൃഷ്ണനോടുകൂടി പാർത്ഥനെ അടുത്തു കാണാത്തതുകൊണ്ടാണു കർണ്ണാ, നീ ഈ വീമ്പിളക്കുന്നത്. യഥേഷ്ടം എന്തും ആർക്കാണു പറഞ്ഞുകൂടാത്തത്? ഇതും ഇതിലപ്പുറവും പറയാം."

194. അർജ്ജുനവാക്യം – വൈശമ്പായനൻ പറഞ്ഞു: ഈ വൃത്താന്തമറിഞ്ഞ യുധിഷ്ഠിരൻ അനുജന്മാരെയൊക്കെ അരികിൽ വിളിച്ച് ഇങ്ങനെ പറഞ്ഞു:

യുധിഷ്ഠിരൻ പറഞ്ഞു: "ധാർത്തരാഷ്ട്രപ്പടയിൽ നിൽക്കുന്ന എന്റെ ചാരന്മാരില്ലേ! അവർ എന്റെ അടുത്ത് ഇന്നലെ രാത്രി ധാർത്തരാഷ്ട്രപ്പാളയത്തിൽ നടന്ന സംഭവങ്ങളൊക്കെ എന്നോടു പറഞ്ഞു. മഹാവ്രതനായ ഭീഷ്മനോട് സുയോധനൻ ചോദിച്ചുവത്രേ 'പ്രഭോ! എത്ര കാലംകൊണ്ട് ഭവാനു പാണ്ഡവപ്പടയെ ഒടുക്കുവാൻ കഴിയും?' അതിന്നു മറുപടി പറഞ്ഞത് 'ഒരു മാസംകൊണ്ട് ഒടുക്കാം' എന്നാണ്. ദ്രോണനും ഏറ്റുപറഞ്ഞു. ഒരു മാസംകൊണ്ടു താൻ തനിച്ചു പാണ്ഡവപ്പടയെ ഒടുക്കാമെന്ന്. അതിൽ ഇരട്ടികാലംകൊണ്ട് ഒടുക്കാമെന്ന് കൃപനും സമ്മതിച്ചു എന്ന് ഞാൻ കേൾക്കുന്നു. ദ്രോണപുത്രന്ന് പത്തുദിവസം മതിയത്രെ! ഇങ്ങനെ കുരുക്കളുടെ സന്നിധിയിൽവെച്ച് ഓരോരുത്തരും ഏറ്റുപറഞ്ഞതു കേട്ട് കർണ്ണൻ പറഞ്ഞുവത്രെ. പാണ്ഡവസൈന്യത്തെ മുഴുവൻ താൻ ഒറ്റയ്ക്ക് അഞ്ചുദിവസം കൊണ്ട് ഒടുക്കാമെന്ന്. ഹേ, അർജ്ജുനാ! അവർ ഇങ്ങനെയൊക്കെ പറഞ്ഞതായി കേട്ടപ്പോൾ എന്റെ ഉള്ളിൽ ഒരു ആശ! ഹേ, അർജ്ജുനാ! നിനക്ക് എത്രകാലം വേണം ശത്രുക്കളുടെ സൈന്യം മുടിക്കുവാൻ?"

ഇപ്രകാരം രാജാവു ചോദിച്ചപ്പോൾ ഗുഡാകേശനായ ധനഞ്ജയൻ വാസുദേവന്റെ നേരെ ഒന്നു കണ്ണെറിഞ്ഞ് ഇങ്ങനെ പറഞ്ഞു: "അവരൊക്കെ കൃതാസ്ത്രന്മാരും മഹാന്മാരും ചിത്രയോധികളുമാണ്. അവർ ഈ പറഞ്ഞ കാലംകൊണ്ട് നിസ്സംശയമായും മുടിക്കും. അവർ പറഞ്ഞതൊക്കെ ശരിയാണ്. അങ്ങ് മനസ്താപപ്പെടേണ്ട. ഞാൻ സത്യമായ കാര്യമാണു പറയുന്നത്. വാസുദേവൻ തുണയുണ്ടെങ്കിൽ ഞാൻ ഒറ്റത്തേരാൽ വാനോർസഹിതമായ മൂന്നു ലോകവും സകല ചരാചരങ്ങളും ഭൂതവും ഭവ്യവും ഭവിഷ്യത്തും മുടിക്കുവാൻ ഒറ്റനിമിഷം മതി എന്നാണ് എന്റെ അഭിപ്രായം, ഇതാ പശുപതി തന്ന ഘോരമായ അസ്ത്രം. അത് എന്റെ കൈവശമുണ്ട്. കൈരാതദ്വന്ദ്വയുദ്ധത്തിൽ ലഭിച്ചത് എന്റെ കൈവശമുണ്ട് പ്രളയത്തിൽ വിശ്വത്തെ സംഹരിക്കുന്ന പശുപതി എയ്യുന്ന അസ്ത്രം എന്റെ കൈവശമുണ്ട്. ആ രഹസ്യായുധത്തെപ്പറ്റി ഗാംഗേയനും ദ്രോണനും കൃപനും അറിയുകയില്ല. ദ്രോണപുത്രനും അറിയുകയില്ല. പിന്നെ സൂതപുത്രന്റെ കാര്യം പറയണോ? എന്നാൽ ജനങ്ങളെ ദിവ്യാസ്ത്രം കൊണ്ടു കൊല്ലരുത്. (ഇന്നത്തെ അണുബോംബുപ്രയോഗം ശരിയല്ലെന്നു ലോകം സമ്മതിക്കുന്നു. സ്വ.) മര്യാദപ്പോരിൽ നമുക്കു ശത്രുക്കളെ സംഹരിച്ചുവിടാം. അപ്രകാരം അതിന്നു പറ്റിയവരാണ് ഭവാന്റെ സൈന്യത്തിലെ മഹാരഥന്മാർ. എല്ലാവരും ദിവ്യാസ്ത്ര വിജ്ഞന്മാരാണ്. എല്ലാവരും യുദ്ധകാംക്ഷികളാണ്. ധനുർവ്വേദാന്തത്തിൽ അവഭൃതസ്നാനം കഴിച്ചവരാണ്. എല്ലാവരും അപരാജിതന്മാരുമാണ്. ദേവസൈന്യം എതിർത്തുവന്നാലും അവരെ മുടിച്ചുവിടുവാൻ കെല്പുള്ളവരാണ്. ശിഖണ്ഡി, യുയുധാനൻ, ധൃഷ്ടദ്യുമ്നൻ, ഭീമൻ, യമന്മാർ, യുധാമന്യു, ഉത്തമൗജസ്സ് എന്നിവരെല്ലാം. വിരാടദ്രുപദന്മാരും ഭീഷ്മദ്രോണതുല്യരെന്നെയാണ് രണത്തിൽ. ശംഖൻ, ഘടോൽക്കചൻ, അവന്റെ പുത്രനായ അഞ്ജനപർവ്വാവ് എന്നിവരും മഹാബലന്മാരായ പരാക്രമികളാണ്. ശൈനേയനാണെങ്കിൽ നമ്മുടെ സഹായിയായ രണകോവിദനാണ്. അഭിമന്യു മഹാശക്തനാണ്. പാഞ്ചാലീപുത്രന്മാർ അഞ്ചുപേരും ശക്തന്മാരാണ്. അങ്ങുന്നും മൂന്നു ലോകവും മുടിക്കുവാൻപോന്ന ശക്തിയുള്ളവനാണല്ലോ. ശക്രതുല്യദ്യുതേ! ഭവാൻ ആരെ ക്രോധദൃഷ്ടിയാൽ നോക്കുന്നുവോ അവന്റെ കഥ അപ്പോൾ അവസാനിക്കില്ലേ? അങ്ങയെപ്പറ്റി എനിക്കറിയാം."

195. കൗരവസൈന്യങ്ങളുടെ പുറപ്പാട് – വൈശമ്പായനൻ പറഞ്ഞു: നേരം പ്രഭാതമായപ്പോൾ ദുര്യോധനൻ സൈന്യങ്ങൾക്കു കല്പന നല്കി: "പാണ്ഡവസൈന്യത്തെ എതിർത്തു മുടിക്കുവിൻ!"

എല്ലാവരും കുളിച്ച് ശുക്ലമാല്യാംബരാഢ്യരായി ശസ്ത്രങ്ങൾ ധരിച്ച്, അഗ്നിയെ ഹോമിച്ച് സ്വസ്തി ചെയ്തു. എല്ലാവരും ബ്രഹ്മവിത്തമന്മാരും, ശൂരന്മാരും, ഇഷ്ടം സാധിപ്പിക്കുന്നവരും, രണലക്ഷണന്മാരുമാണ്. പരലോകങ്ങളെ പോരിൽ നേടുവാൻ നോക്കുന്ന മഹാബലന്മാരുമാണ്. എല്ലാവരും ഏകാഗ്രചിത്തന്മാരും, പരസ്പരം ശ്രദ്ധാലുക്കളുമാണ്. വിന്ദാനുവിന്ദർ, അവന്ത്യന്മാർ, കേകയന്മാർ, ബാൽഹീകന്മാർ ഇവരൊക്കെ ദ്രോണാചാര്യന്റെ പിന്നിൽ അണിനിരന്നു.

അശ്വത്ഥാമാവ്, ഗാംഗേയൻ, സിന്ധുരാജനായ ജയദ്രഥൻ, ദാക്ഷിണാത്യർ, പ്രതീച്യന്മാർ, പാർവ്വതീയന്മാരായ രാജാക്കന്മാർ, ഗാന്ധാരരാജാവായ ശകുനി, പ്രാച്യരും ഉദീച്യരുമായ എല്ലാവരും, ശകന്മാർ, കൈരാതന്മാർ, യവനന്മാർ, ശിബിമാർ, വസാതികൾ, അവരവരുടെ പടകളോടുകൂടി മഹാരഥന്നു ചുറ്റുമായി നിന്നു. ഈ മഹാരഥന്മാരൊക്കെ രണ്ടാമത്തെ സൈന്യവകുപ്പിൽ നിന്നു.

സൈന്യത്തോടുകൂടി കൃതവർമ്മാവ്, വൻതേരാളിയായ ത്രിഗർത്തൻ, സോദരന്മാരാൽ ചുറ്റപ്പെട്ട ദുര്യോധനരാജാവ്, ശലൻ, യൂപദ്ധ്വജൻ, ശല്യൻ, കോസലേന്ദ്രൻ, ബൃഹദ്രഥൻ -' ഇവർ ധാർത്തരാഷ്ട്രനോടുകൂടി പിന്നിൽ പുറപ്പെട്ടു. ധാർത്തരാഷ്ട്രന്മാരായ മഹാബലന്മാർ ചെന്ന് ന്യായംപോലെ ചട്ടയിട്ടു കുരുക്ഷേത്രത്തിൽ പിൻപുറത്തു നില്പുറപ്പിച്ചു.

ദുര്യോധനൻ കൈനിലയുണ്ടാക്കിച്ചു. അലങ്കരിക്കപ്പെട്ട ആ കൈനില കണ്ടാൽ രണ്ടാമത്തെ ഹസ്തിനാപുരിയാണെന്നു തോന്നും. പുരത്തിനും കൈനിലയ്ക്കും യാതൊരു ഭേദവും തോന്നുകയില്ല. ഹേ, രാജേന്ദ്രാ! അവിടെയുള്ള പൗരന്മാർ കുശലികളായി ശോഭിച്ചു. അപ്രകാരമുള്ള ദുർഗ്ഗങ്ങൾ മറ്റു മന്നവന്മാർക്കും തീർപ്പിച്ചു. അങ്ങനെ നൂറും ആയിരവും രാജകീയ കൈനിലകൾ ഉയർന്നു. അഞ്ചുയോജന വിസ്താരം പോർക്കളത്തട്ട് ഒഴിച്ചിട്ട് മറ്റുഭാഗങ്ങളിൽ പണിചെയ്തുയർത്തിയ മനോഹരകുടീരങ്ങളിൽ രാജാക്കന്മാർ വാണു. അവിടെ ഭൂപാലന്മാരായ അവർ യഥോത്സാഹം യഥാബലം ദ്രവ്യപൂർണ്ണമായ കൈനിലകളിൽ പ്രവേശിച്ചു.

സൈന്യങ്ങളോടുകൂടിയ യോഗ്യന്മാർക്ക് ദുര്യോധനരാജാവ് ഉത്തമമായ ഭക്ഷ്യവും ഭോജ്യവും നല്കി. മറ്റ് ആൾക്കാർക്കും നല്കി. മനുഷ്യർ, ആന, കുതിര, ശില്പി, ജനങ്ങൾ, മറ്റ് അനുചരന്മാർ, സൂതമാഗധവന്ദികൾ, കച്ചവടക്കാർ, വേശ്യകൾ, കാഴ്ചക്കാരായി വന്നുചേർന്ന മഹാജനങ്ങൾ ഈ സകല കൂട്ടരേയും കൗരവൻ നല്ല പോലെ സംരക്ഷിച്ചു.

196. പാണ്ഡവസൈന്യങ്ങളുടെ പുറപ്പാട് - വൈശമ്പായനൻ പറഞ്ഞു: ഇപ്രകാരം യുധിഷ്ഠിരരാജാവ് ധൃഷ്ടദ്യുമ്നാദ്യന്മാരായ വീരന്മാരെ പ്രേരിപ്പിച്ചു. ചേദികാശികുരൂഷന്മാർക്ക് നേതാവായി ദൃഢവിക്രമനും ശത്രുഹന്താവും സേനാധിപനുമായ ധൃഷ്ടകേതുവിനെ നിയമിച്ചു. വിരാടൻ, ദ്രുപദൻ, ശിഖണ്ഡി, യുയുധാനൻ, പാഞ്ചാല്യർ, ഉത്തമൗജസ്, യുധാമന്യു എന്നിവരെയും നിശ്ചയിച്ചു. ആ ശൂരന്മാരെല്ലാം ചിത്രവർമ്മാക്കളും മിന്നുന്ന കുണ്ഡലങ്ങളോടുകൂടിയവരുമാണ്. യാഗശാലയിൽ നെയ്യു വീഴ്ത്തുമ്പോൾ കത്തിക്കാളുന്ന അഗ്നികൾപോലെ ആ വില്ലാളിവീരന്മാർ ഉജ്ജ്വലിക്കുന്ന ഗൃഹങ്ങളുടെ ധാടിയോടെ പ്രശോഭിച്ചു.

പിന്നെ യഥായോഗ്യം സൈന്യത്തെ പൂജിച്ചതിന്നുശേഷം ആ പടയോടുകൂടിയ മഹാന്മാർക്കൊക്കെ നാഥനായ യുധിഷ്ഠിരൻ ആ സൈന്യങ്ങൾക്കു പുറപ്പെടുവാനുള്ള കല്പന നല്കി. എല്ലാവർക്കും ഉത്തമമായ ആഹാരങ്ങൾ നല്കി. ഭൃത്യന്മാർ, ആന, കുതിര, ശില്പികൾ ഇവർക്കും സുഖമായ ഭോജ്യങ്ങൾ നല്കി. അഭിമന്യു, ബൃഹന്തൻ, പാഞ്ചാലീപുത്രന്മാർ അഞ്ചുപേർ, ധൃഷ്ടദ്യുമ്നാദ്യന്മാർ ഇവരെ പാണ്ഡവൻ അയച്ചു. ഭീമനേയും സാത്യകിയേയും അർജ്ജുനനേയും രണ്ടാംപടവകുപ്പിലേക്കു വിട്ടു. സാമാനം കയറ്റുന്നവർ, നടക്കുന്ന കൂട്ടർ, ഓടുന്ന കൂട്ടർ' - ഇങ്ങനെ പലരുടേയും ശബ്ദകോലാഹലംകൊണ്ട് കുരുക്ഷേത്രം മുഖരിതമായി.

പിന്നെ പിൻപുറത്തായി വിരാടൻ, ദ്രുപദൻ എന്നിവരോടു കൂടി മറ്റു മന്നവന്മാരുമായി രാജാവ് എഴുന്നെള്ളി. ധൃഷ്ടദ്യുമ്നന്റെ സൈന്യാധിപത്യത്തിന്നു കീഴിലുള്ള വില്ലാളികളോടു ചേർന്ന ആ മഹാസൈന്യം കരകവിഞ്ഞൊഴുകുന്ന ഭാഗീരഥി പോലെ ശോഭിച്ചു.

പിന്നെ സൈന്യങ്ങളെ കൂട്ടിച്ചേർത്ത്, ധാർത്തരാഷ്ട്രന്മാരുടെ സങ്കല്പങ്ങളെ തകർക്കുന്നവിധം, നടത്തി. ദ്രൗപദീനന്ദനന്മാരേയും അഭിമന്യുവിനേയും മാദ്രീപുത്രന്മാരേയും പ്രഭദ്രകന്മാരേയും പതിനായിരം കുതിരകളും രണ്ടായിരം ആനകളും പതിനായിരം കാലാളുകളും അഞ്ഞൂറു രഥങ്ങളും മുന്നണിയിൽ നില്ക്കുന്ന ഭീമസേനന്നു നല്കി. അത് ദുർദ്ധർഷമായ ഒരു ബലം തന്നെ. വീരന്മാരും ഗദാചാപധരന്മാരും യോഗ്യരുമായ ജയസേനാദികളേയും നടുവിൽ മത്സ്യനേയും യുധാമന്യു, ഉത്തമൗജസ്സ് എന്നീ പാഞ്ചാലവീരന്മാരേയും പിൻതുടർന്ന് നടുവിലായി കൃഷ്ണാർജ്ജുനന്മാർ ശോഭിച്ചു. എല്ലാവരും യുദ്ധക്കലികൊണ്ടു. അതിൽ ഇരുപതിനായിരം ശൂരന്മാരുടെ സംരക്ഷണത്തിൽ അയ്യായിരം കൊമ്പനാനകളും തേർക്കൂട്ടങ്ങളും ഗദ, വാൾ, വില്ല് ഇവയോടുകൂടിയ പദാദികൾ അസംഖ്യം മുൻഭാഗത്തും അസംഖ്യം പിൻഭാഗത്തുമായി ആ പടക്കടലിന്റെ നടുവിൽ എവിടെയാണോ യുധിഷ്ഠിരൻ നില്ക്കുന്നത്, അവിടെത്തന്നെ മിക്ക രാജാക്കന്മാരും നിന്നു.

ആയിരക്കണക്കിന്ന് ആനകളും പതിനായിരക്കണക്കിന്ന് കുതിരകളും ആയിരക്കണക്കിന്ന് തേരുകളും വളരെയേറെ കാലാളുകളും ചേർന്ന സ്വന്തം പടയുമായി ചേകിതാനൻ പോയി. ചേദിജനങ്ങളുടെ നേതാവായ ധൃഷ്ടകേതുവും വില്ലാളിയും വൃഷ്ണിപ്രവരനുമായ മഹാരഥൻ സാത്യകിയും നൂറായിരം തേരുകളോടുകൂടി രഥാരൂഢനായി. തേരാളിവീരന്മാരായ ക്ഷത്രദേവനും ബ്രഹ്മദേവനും നടുഭാഗം കാത്തു. പിൻപുറം കണ്ടുപോയി. വണ്ടികൾ, വാണിഭം, വേശ്യാസംഘം, വാഹനങ്ങൾ, കാളകൾ, ആയിരം ആനകൾ, പതിനായിരം കുതിരകൾ ഇവയൊക്കെ നടന്നു. കൃശന്മാരും ദുർബ്ബലരും ബാലരും സ്ത്രീജനങ്ങളും ഭണ്ഡാരവണ്ടികളും പത്തായങ്ങളും ആനപ്പടയും കൂടിച്ചേർന്ന് മെല്ലെ യുധിഷ്ഠിരനും പോയി.

സത്യധൃതി, സൗചിത്തി എന്നീ രണ്ടുദുർമ്മദന്മാരും ശ്രേണിമാൻ, വസുദാനൻ, കാശ്യനന്ദനൻ എന്നിവരും ഇവർക്ക് പതിനായിരം തേരുകളും അനുയായികളും പൊന്നിൻമണിയണിഞ്ഞ പത്തുകോടി കുതിരകളും മദംപൊട്ടി ഇളകുന്നവയും കാറുപോലെ ശോഭിക്കുന്നവയും വലിയ കൊമ്പുകൊണ്ട് പൊരുതുന്നവയുമായ പത്തുലക്ഷം കൊമ്പനാനകളും വേറെ അറുപതിനായിരം കൊമ്പനാനകളും ഇവയൊക്കെ ചേർന്നതാണ് യുദ്ധത്തിൽ യുധിഷ്ഠിരന്റെ സേനകൾ.

മഴപെയ്യുന്ന കാർമേഘംപോലെ മദംപൊട്ടുന്ന മുഖത്തോടുകൂടിയ ആ ഗജങ്ങൾ, സഞ്ചരിക്കുന്ന കുന്നുകൾപോലെ യുധിഷ്ഠിരരാജാവിനെ പിൻതുടർന്നു. ഇങ്ങനെയൊക്കെയാണ് ബുദ്ധിമാനായ യുധിഷ്ഠിരന്റെ കടുത്ത പട. ഈ പടകൾ ചേർന്നാണ് ദുര്യോധനനോട് എതിർത്തത്.

പിന്നെ വേറെ ജനങ്ങൾ നൂറും ആയിരവും പതിനായിരവും ആർത്തിറങ്ങി. അവരുടെ പെരുംപടകൾ അസംഖ്യമായിരുന്നു. അതിൽ അനേകായിരം ഭേരികളും പതിനായിരം ശംഖങ്ങളും അനേകായിരം ഹൃഷ്ടരായ യോദ്ധാക്കൾ ഉച്ചത്തിൽ മുഴക്കി.

വ്യാസമഹാഭാരതം

വിദ്വാൻ കെ. പ്രകാശം

1,25,000 ശ്ലോകങ്ങളുള്ള വേദവ്യാസന്റെ 'ശ്രീമഹാഭാരത'ത്തിന് ഇദം പ്രഥമമായി മലയാളത്തിലുണ്ടായ സമ്പൂർണ്ണ ഗദ്യവിവർത്തനമാണ് വിദ്വാൻ കെ. പ്രകാശത്തിന്റെ 'വ്യാസമഹാഭാരതം'.

18 പർവ്വങ്ങൾക്കു പുറമെ ഹരിവംശപർവ്വം, വിഷ്ണുപർവ്വം, ഭവിഷ്യൽ പർവ്വം എന്നിവ അനുബന്ധമായും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ആറു തലമുറയിൽപ്പെട്ട കുരുക്ഷേത്രവംശജരായ ക്ഷത്രിയരുടെ കഥകളിലൂടെ ധർമ്മാധർമ്മനീതികളും, ഭാരതീയ സാംസ്കാരിക പൈതൃകവും, ഇന്ത്യയുടെ ശാശ്വതങ്ങളായ സനാതനമൂല്യങ്ങളും നിർദ്ധാരണം ചെയ്യുന്നുണ്ട്. മാറിമാറിവരുന്ന കാലഘട്ടങ്ങൾ ഓരോന്നിന്റേയും പ്രതിച്ഛായകൾ ഒരു കണ്ണാടിയിലെന്നപോലെ പ്രതിഫലിക്കുന്ന 'മഹാഭാരതം' കാലത്തിന്റെ സമസ്തവെല്ലുവിളികളെയും അതിജീവിക്കുന്ന കലാശില്പമാണ്. 3 വാല്യങ്ങളായി വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരിക്കുന്ന മഹത്തായ ഈ സാംസ്കാരിക പരമ്പരയിലെ പ്രഥമവാല്യമാണിത്.

3 വാല്യം വരുന്ന ഒരു സെറ്റിന് വില - 1800.00.

1-ാം വാല്യം - വില 600.00

വിദ്യാർത്ഥിമിത്രം, കോട്ടയം.